നീയില്ല ജീവിതം
നീയില്ല ജീവിതം
it's Romantic story
Mubashira MSKH
Mubashira MSKH

നീയില്ലാ ജീവിതം

രചന :: മുബശ്ശിറ mskh

FINAL

APPROVED

©VIPINPKD

ഇത് ഞാനെഴുതുന്ന രണ്ടാമത്തെ കഥയാണ് നീയില്ലാ ജീവിതം

കഥയുടെ പേര് കേൾക്കുമ്പൊ തന്നെ മനസ്സിലായല്ലൊ ഇതൊരു പ്രണയകഥയാണെന്ന്.എന്ന് കരുതി ഇതിൽ പ്രണയം മാത്രമല്ലട്ടൊ ഉള്ളത്.ഇത്തിരി വിരഹവും ഇത്തിരി ആക്ഷനും ഒത്തിരി സ്നേഹവും നിറഞ്ഞ കഥയാണിത്.യുക്തിക്ക് നിരക്കാത്ത പല സംഭവങ്ങളും ഇതില് കാണും.

അതൊക്കെ എൻറെ അറിവില്ലായ്മയാണെന്ന് കരുതി ക്ഷമിക്കുക.

എൻറെ ആദ്യ കഥക്ക് കിട്ടിയ പ്രോത്സാഹനം ഈ കഥക്കും കിട്ടുമെന്ന പ്രതീക്ഷയോടെ ഞാൻ അങ്ങട്ട് തൊടങ്ങാൻ പോവാട്ടോ

ഭാഗം.1

എല്ലാവരുടെ ജീവിതത്തിലും കാണും ഒരു ഹീറോയും ഹീറോയിനും അത് സ്വാഭാവികമായും നമ്മള് തന്നെ ആയിരിക്കും .അതുപോലെ ഈ കഥയിലെ

നായിക ഞാനാണ് .എൻറെ പേര് ഫെബി.മുഴുവൻ പേര് ആയിഷാ ഫെബി,പക്ഷെ അങ്ങനെ വിളിച്ചാ എനിക്ക് ദേഷ്യം വരും .അതോണ്ട് നിങ്ങള് എന്നെ ഫെബി എന്ന് വിളിച്ചാ മതി ω .എൻറെ വല്ലിമ്മയാണ് ј 8 ഇൻക്ക് ആയിഷാ എന്ന് പേരിട്ടത്,ഉമ്മ അതിൻറെ കൂടെ ഫെബി എന്ന് കൂടി ചേർത്തു.പക്ഷെ,ഉപ്പാൻറെ വീട്ടിലെ എല്ലാവരും എന്നെ ആയിച്ചുമ്മു,ആയിച്ചുട്ടി,ആയിച്ചാത്ത ഇങ്ങനെയൊക്കെയാ വിളിക്കാ ч .ആദ്യമൊക്കെ അത് കേൾക്കുമ്പോ എനിക്കും ഒരു രസായിരുന്നു ɭ .പിന്നെ പിന്നെ അതൊരു കളിയാക്കലായി മാറി ϟ .അതോട് കൂടി ആ പേര് വെറുത്തു പോയി.അതോണ്ട് ആര് പേര് ചോദിച്ചാലും ഫെബി എന്ന് മാത്രമേ പറയാറുള്ളൂ ψ നിങ്ങളും അങ്ങനെ പറഞ്ഞാ മതിട്ടോ

ഇനി ഞാനെൻറെ ഫാമിലിയെ പരിചയപ്പെടുത്താം.അബൂബക്കർ ഫൌസിയാ ദമ്പതികളുടെ മൂത്തപുത്രി .അതോണ്ട് കൊറച്ച് വാശിയും കുറുമ്പും കൂടുതലാണ്ട്ടോ π .ഒരു സാധാരണ മിഡിൽ ക്ലാസ് ഫാമിലിയാണ് ഞങ്ങളുടേത്.ഞങ്ങളെല്ലാവരും തറവാട്ടിലാണ് താമസിക്കുന്നത്.കൂടെ രണ്ട് മൂത്താപ്പമാര്,ഒരു

ആപ്പ,പിന്നെ അവരുടെ ഫാമിലിയും വല്ലിമ്മയും.പറഞ്ഞ് വന്നാൽ ഒരു വലിയ ചെറിയ കുടുംബം ∪ .

ഈ കഥ എൻറെ കഥ ആയതോണ്ട് തന്നെ എൻറെ ചെറുപ്പം തൊട്ടേ പറഞ്ഞ് തുടങ്ങാം ⍵ .

എനിക്ക് ഏകദേശം ഒരു രണ്ട് വയസ്സ് പ്രായം കാണും,എന്ന് വെച്ചാ കുറുമ്പത്തരം കയ്യിൽ വെച്ച് കൊണ്ട് നടക്കുന്ന പ്രായം π .ഉപ്പാക്ക് സ്വന്തമായിട്ട് ഒരു പലചരക്ക് കടയുണ്ട്.കടയടച്ച് വീട്ടിലെത്താൻ രാത്രിയാകും.ഉപ്പ വരുമ്പൊ എന്നും മിഠായി കൊണ്ട് വരുമായിരുന്നു.എനിക്ക് മാത്രല്ലട്ടോ മൂത്താപ്പാരെ മക്കൾക്കൊക്കെ കൊണ്ട് വരും.

പതിവ് പോലെ ഉപ്പ രാത്രി മിഠായിയും കൊണ്ട് വരുന്നതും കാത്ത് ഞങ്ങളിരിക്കായിരുന്നു Ђ .വല്ലിമ്മയാണെൻകിലോ നല്ല മാപ്പിളപ്പാട്ടും പാടി ദേഹത്തൊക്കെ ഓയിൽമെൻറ് തേക്കാണ് ꟳ .

"എന്തിനാ വല്ലിമ്മാ ഇത് മേത്ത് തേക്കുന്നേ?" Ψ എന്ന് ഞാൻ ചോദിച്ചപ്പൊ പല്ലില്ലാത്ത മോണ കാട്ടി വല്ലിമ്മ ചിരിച്ച് കൊണ്ട് പറഞ്ഞു.

"ഇത് വെൾക്കാൻ വേണ്ടി തേക്കാണ് ⍵ "

"എന്നാ ഇൻക്കും തേക്കണം"

"അൻക്ക് അല്ലെൻകിലെ നെറം ഉണ്ടല്ലോ ഇനി അൻക്ക് മദാമ ആകണോ?" ∪

"വെല്ലിമയും നെറമുണ്ടല്ലോ പിന്നെന്തിനാ ഇത് തേക്കണേ?"⌧

" എടീ പൊട്ടക്കാളി ആയിച്ചാത്ത ,അന്നെ പറ്റിക്കാൻ വേണ്ടി വല്ലിമ്മ വെറുതെ പറഞ്ഞതാ..അത് മുറിക്ക് തേക്കുന്നതാ" σ

എന്ന് പറഞ്ഞോണ്ട് എൻറെ തലക്കിട്ട് കുഞ്ഞു ഒരു വീക്ക് തന്നു.(എൻറെ മൂത്താപ്പാൻറെ മോനാണ് കുഞ്ഞു.എന്നേക്കാൾ ഒരു 5 വയസ് കൂടുതൽ കാണും)

പക്ഷേ,അവൻ പറഞ്ഞതൊന്നും ഞാൻ ചെവി കൊണ്ടില്ല.അല്ലെൻകിലും എൻറെ ഒരു സ്വഭാവാണ് ചെയ്യരുതെന്ന് പറഞ്ഞാ അതേ ചെയ്യൂ ψ .അതിനൊക്കെ ഉമ്മാൻറെ അടുത്ത് നിന്ന് വയറ് നിറച്ച് കിട്ടാറുമുണ്ട്ട്ടോ π

അപ്പൊഴുണ്ട് ഉപ്പ കടേന്ന് വരുന്നു.ഉപ്പ വന്നപാടെ കയ്യിലുണ്ടായിരുന്ന കവറും കൊണ്ട് അടുക്കളയിലേക്ക്

പോയി.പിന്നാലെ ഞങ്ങളും ω .

ഉമ്മാക്ക് അപ്പൊ എൻറെ അനിയനെ വയറ്റിലുണ്ടായിരുന്നു.അതോണ്ട് ഉമ്മ റെസ്റ്റെടുക്കാൻ വേണ്ടി റൂമിൽ പോയി.ഉപ്പാൻറെ കയ്യീന്ന് മിഠായി കിട്ടിയപ്പൊ ഞാനും റൂമിലേക്ക് പോയി Լ .

അപ്പോഴാണ് ഞാനത് ശ്രദ്ധിച്ചത്,വല്ലിമ്മാൻറെ റൂമിലാരും ഇല്ല⊠ .വല്ലിമ്മയും മൂത്താപ്പാരും ഉപ്പയും സിറ്റൗട്ടിലിരുന്ന് എന്തോ കാര്യമായ ചർച്ചയിലാണ്.

ഞാൻ പയ്യെ വല്ലിമ്മാൻറെ റൂമില് കേറി ആ ഓയിൽമെൻറ് എടുത്തു⊠ .എന്നിട്ട് ദേഹത്ത് ഫുള്ള് തേച്ചു ɵ .അതിൻറെ മണം കൊണ്ട് കൊറച്ചെടുത്ത് തിന്നും നോക്കി⊠ .ഈ....വൃത്തിക്കെട്ട ചൊയ(രുചി) F .അത് അപ്പൊ തന്നെ തുപ്പി കളഞ്ഞു.അപ്പോഴുണ്ട് കുഞ്ഞൂൻറെ ഉമ്മ അതായത് മൂത്തമ്മ അങ്ങോട്ട് വന്നത്.

എന്നെ കണ്ടതും മൂത്തമ്മ വിളിച്ച് കൂവാൻ തുടങ്ങി.

"ഉമ്മാ ങ്ങളെ ഓൽമെൻറിതാ ഈ പെണ്ണ് മേത്ത് തേക്ക്ണ്" 0

കേട്ടപാതി കേക്കാത്തപാതി എല്ലാവരും അടുത്ത സെക്കൻ്റ് തന്നെ റൂമില് ഹാജറായി.

എല്ലാരും കൂടി എന്നെ നോക്കി ചിരിക്കാൻ തുടങ്ങി ρ .ഒരാളൊഴിച്ച് എൻ്റെ പൊന്നാര ഉമ്മ ϙ .കണ്ടപാടെ എൻ്റെ കയ്ക്ക് നോക്കി ഒരടി തന്നു.പിന്നെ അങ്ങോട്ട് എവിടെയൊക്കെയോ കിട്ടി.മേല് മുഴുവൻ വേദനായതോണ്ട് എങ്ങോട്ടൊക്കെയാ തല്ലിയതെന്ന് ഒരു പിടുത്തവും കിട്ടുന്നില്ല.നല്ല അഡാറ് തല്ലായിരുന്നു.കരഞ്ഞ് കരഞ്ഞ് എൻ്റെ ഊപ്പാട് വരെ കലങ്ങി ϭ .

എല്ലാരും ഉമ്മാനെ ചീത്ത പറഞ്ഞു എന്നെ തല്ലിയിട്ട്.എന്നിട്ടും ഉമ്മ അടങ്ങിയില്ല. ഉമ്മ എന്നെ കുളിപ്പിക്കാനായിട്ട് പൈപ്പിൻ്റെ ചോട്ടിലേക്ക് കൊണ്ട് പോയി.നന്നായി സോപ്പിട്ട് പതപ്പിക്കുന്നുമുണ്ട് ഇടക്ക് ഓരോ നുള്ളും കിട്ടുന്നുണ്ട് ϣ .

അവസാനം കുളിപ്പിച്ച് കൊണ്ടുള്ള പീഡനം കഴിഞ്ഞപ്പൊ നേരെ കൊണ്ട് പോയി ഉറക്കാൻ.അപ്പോഴും പാവം ഞാൻ തേങ്ങി കൊണ്ടിരിക്കായിരുന്നു ϣ .

എത്ര തല്ലിയാലും ചീത്ത പറഞ്ഞാലും അവസാനം കെട്ടിപിടിച്ച് ഒരുമ്മ തന്നാൽ തീരാവുന്ന പ്രശ്നമേ ഉണ്ടായുള്ളൂ...അവസാനം ഉമ്മ അത് തന്നെ പ്രയോഗിച്ചു.എന്നെ കെട്ടിപിടിച്ച് ഒരുപാട് ഉമ്മ തന്നു ϙ .

കൂടെ ഒരു കൊട്ട കണക്കിന് ഉപദേശവും.അന്ന് നമ്മെക്കൊക്കെ എന്ത് ഉപദേശം?എന്നാ ഉമ്മ ഇനി തല്ലോ എന്ന് പേടിച്ച് എല്ലാ ത്തിനും മൂളി കൊടുത്തു.

കുറച്ച് കഴിഞ്ഞപ്പൊ എൻറെ തേങ്ങല് കൂടാൻ തുടങ്ങി.എൻറെ തല തലയണയിൽ നിന്നും തെന്നി പോയി.ഉമ്മ അത് കണ്ട് പേടിച്ച് നിലവിളിച്ചു.

പാവം എല്ലാവരും എൻറെ അവസ്ഥ കണ്ടിട്ട് കെടന്ന് നെട്ടോട്ടം ഓടാൻ തുടങ്ങി.എല്ലാവരും കരച്ചിലിൻറെ വക്കോളം എത്തിയിരുന്നു.എൻറെ നല്ല നേരത്തിന് അന്ന് ഹർത്താലായിരുന്നു σ .

ഉപ്പ റോഡിലേക്ക് ഇറങ്ങി പല വണ്ടിക്കും കൈ കാണിച്ചു.പക്ഷെ,ഒരുത്തനും വണ്ടി നിർത്തിയില്ല.

അവസാനം ഉപ്പാൻറെ സുഹൃത്ത് ഖാദറാക്ക ബൈക്കില് പോകുന്നത് കണ്ട് വിളിച്ചു.എന്നിട്ട് നമ്മളേയും കൊണ്ട് ഒരു പാച്ചിലായിരുന്നു ആശുപത്രീക്ക്.

അവിടെ എത്തി ഡോക്ടറെ കണ്ടു എന്നിട്ട് ഉപ്പാനോട് ഒരു ഡയലോഗും അങ്ങട്ട് കാച്ചി.

"ഒരു 5 മിനിറ്റ് വൈകിയിരുന്നെൻകിൽ കുഞ്ഞിൻറെ ജീവനത് ആപത്തായേനെ" എന്ന്. ഉപ്പ പടച്ചോനോടും ഖാദറാക്കാനോടും നന്ദി പറഞ്ഞു.എല്ലാരും വിചാരിച്ചത് ഉമ്മ എന്നെ തല്ലിയതോണ്ടാണ് ഇങ്ങനെ ആയതെന്നാ.പക്ഷെ സംഭവം ആ ഓൽമെൻറിൻറെ റിയാക്ഷനായിരുന്നു.അതിൻറെ ഗ്യാസ് തലച്ചോറിലേക്ക് എത്താനായിരുന്നത്രേ അതാണ് കാരണം.എന്ന് വെച്ചാ ഒരു ചെറിയ അപസ്മാരം.അതിന് ശേഷം ഇതുവരെ എന്നെ കരയിപ്പിക്കുന്ന തരത്തിലാരും എന്നെ നോവിച്ചിട്ടില്ല. ω

പാവങ്ങൾ ,പേടിച്ചിട്ടാണ്ട്ടോ Ћ .എപ്പോഴാ വീണ്ടും എനിക്ക് ഇളക്കം വരാ എന്ന് പറയാൻ പറ്റില്ല,അതോണ്ടാ. σ

പിന്നീട് ഒരു മൂന്ന് വർഷത്തിന് ശേഷമാണ് ഞങ്ങൾ മാറി താമസിക്കുന്നതും ഞാൻ സ്കൂളിലേക്ക് ചേർന്നതും അവിടെ വെച്ച് നസിയെ പരിചയപ്പെടുന്നതും അവളെ എനിക്ക് നഷ്ടമാകുന്നതും('എൻറെ കളികൂട്ടുകാരീ നസി' എന്ന

കഥയിൽ ഞാൻ അത് വിശദീകരിച്ചിട്ടുണ്ട്). Y

നാല് വർഷങ്ങൾക്ക് ശേഷം ഞങ്ങൾ തിരിച്ച് നാട്ടിലേക്ക് തന്നെ വന്നു.ഈ നാല് വർഷങ്ങൾക്കിടയിൽ നാടാകെ മാറിയ പോലെ എനിക്ക് തോന്നി.മൂത്താപ്പമാരൊക്കെ മാറി താമസിച്ചു.രണ്ടാമത്തെ മൂത്താപ്പാക്ക് തറവാടും അതിനടുത്തുള്ള പറമ്പ് ആപ്പാക്കും കിട്ടി.അവിടെ ഒരു വീടും വെച്ച് തുടങ്ങിയിരുന്നു.ആപ്പ ദുബായിലാണ്.കൊല്ലത്തിൽ ഒരു തവണ വരും,അന്ന് ഞങ്ങൾക്ക് പൂരമായിരിക്കും ω .തറവാടിൻ്റെ അടുത്തുള്ള വേറൊരു പറമ്പിൽ ഞങ്ങൾക്കും വീട് പണിയാൻ തുടങ്ങിയിരുന്നു î .ഞങ്ങളെല്ലാവരും തറവാട്ടിലായിരുന്നു നിന്നത്.

എൻ്റെ നാലാം ക്ലാസ് പഠനം എനിക്ക് അവിടെ വെച്ച് പൂർത്തിയാക്കാൻ കഴിയാത്തതോണ്ട് ഹസി(രണ്ടാമത്തെ മൂത്താപ്പാൻ്റെ മകൾ)പഠിക്കുന്ന സ്കൂളിൽ തന്നെ അവളുടെ കൂടെ നാലാം ക്ലാസിൽ എന്നെ ചേർത്തി⌧ .അടുത്ത വർഷം ഞാൻ പൊയ്ക്കോളാം എന്ന് പറഞ്ഞിട്ടും ഉമ്മ കേട്ടില്ല.എന്നെ

അക്കൊല്ലം തന്നെ ചേർത്തി. ϔ ക്ലാസ് തുടങ്ങി പകുതി ആയതോണ്ട് തന്നെ അഡ്മിഷൻ കിട്ടാൻ വൈകിയിരുന്നു.

അപ്പോഴേക്കും ഹസി അവളുടെ ക്ലാസ് മൊത്തം ഞാൻ വരുന്നത് പറഞ്ഞിരുന്നു Γ́ .ഹസിക്ക് ഭയൻകര സന്തോഷംആയിട്ടുണ്ട് ഞാൻ അവളുടെ കൂടെ ഒരേ ക്ലാസിൽ പഠിക്കുന്നത് കൊണ്ട്.കാരണം ഞങ്ങളത്രക്ക് കട്ട ചൻക്സാണ്. ϙ

എനിക്ക് സത്യം പറഞ്ഞാൽ ഇപ്പൊ സ്കൂളിൽ പോകാൻ ഭയൻകര മടിയും ഉണ്ട് Ѫ ,താൽപര്യവും ഇല്ല ϶ .എൻറെ മനസ്സ് ഇപ്പോഴും പഴയ സ്കൂളിലും കൂട്ടുകാരിലും
നസിയിലുമായിരുന്നു ϒ .പക്ഷെ,അതൊന്നും ആർക്കും ഒരു വിഷയവും ആയിരുന്നില്ല.

ഇന്നാണ് പുതിയ സ്കൂളിലേക്കുള്ള എൻറെ ആദ്യ ദിനം.ഹസി എൻറെ കൂടെ തന്നെയുണ്ട്.വീട്ടിൽ നിന്ന് ഇത്തിരി ദൂരമേ സ്കൂളിലെക്ക് ഉണ്ടായീരുന്നുള്ളൂ.

ഹസി എൻറെ കയ്യും പിടിച്ച് കൊണ്ട് സ്കൂളിൻറെ പടി കടന്നു.ക്ലാസിലെ അവളുടെ ബെസ്റ്റ് ഫ്രണ്ട്സിനെ

കുറിച്ചൊക്കെ അവളോരോന്ന് പറയുന്നുണ്ട്.

അപ്പോഴാണ് ഞാൻ സ്കൂൾ ശ്രദ്ധിക്കുന്നത്.ഞാൻ പഠിച്ച സ്കൂളിനേക്കാൾ വലുതാണ് ഈ സ്കൂൾ.വലിയ ഗ്രൗണ്ട്,വലിയ പൂന്തോട്ടം,ഒരുപാട് തണൽ മരങ്ങൾ ഇതൊക്കെ കണ്ടപ്പൊ അറിയാതെ തന്നെ എൻ്റെ മുഖത്ത് പുഞ്ചിരി വിടർന്നു ω .ഗ്രൗണ്ടിലും വരാന്തയിലും നിന്നിരുന്ന കുട്ടികളൊക്കെ എന്നെ ഏതോ അന്യഗ്രഹ ജീവിയെ പോലെ നോക്കി നിക്കാണ് χ .അത് പിന്നെ അങ്ങനെ അല്ലേ വരൂ നമ്മള് മുടിഞ്ഞ ഗ്ലാമറല്ലേ ₣ അപ്പൊ പിന്നെ അവരെ പറഞ്ഞിട്ടും കാര്യമില്ല π .

ഹസി എന്നേയും കൊണ്ട് വരാന്തയിലേക്ക് കേറി.കുറച്ച് നടന്നപ്പൊ ഹസി എൻ്റെ കൈ വിട്ടിട്ട് ഒരോട്ടമാണ് അവസാനത്തെ ക്ലാസിലേക്ക് ῤ 8 ♀.അവള് പോയ ക്ലാസ് ഏതാന്ന് കണ്ടതോണ്ട് അതാണെൻ്റെ ക്ലാസെന്ന് മനസ്സിലായി φ .ഞാൻ പതിയെ നടന്ന് ക്ലാസിനടുത്തെത്തി കാലെടുത്ത് വെച്ചതും... ψ

0y 8 "ഡിഷൂം" V̀ 8

(തുടരും)

ഭാഗം.2

0y 8 ഡിഷ്യൂം v̀ 8

ക്ലാസിലേക്ക് കാലെടുത്ത് വെച്ചില്ല അതിനു മുന്നെ ഞാൻ നിലം പതിച്ചിരുന്നു.കയ്യും കാലുമൊക്കെ ഭയൻകര വേദന ψ .ഭാഗ്യത്തിന് ബാഗ് തോളിൽ ഉണ്ടായിരുന്നത് കൊണ്ട് തലക്ക് ഒന്നും പറ്റിയില്ല ü .കണ്ണ് തുറന്ന് നോക്കിയപ്പൊ ഒരുത്തൻ എൻറെ മേലിൽ വീണ് കിടക്കാണ് ੫ .ഞങ്ങൾ രണ്ടാളും കൂട്ടിയിടിച്ച ശബ്ദം കേട്ട് ഹസിയും കൂട്ടരും വരാന്തയിലേക്ക് ഓടി വന്നു ῤ 8 ♀.അവൻ അപ്പോഴേക്കും എണീറ്റിരുന്നു.ഹസി എന്നെ പിടിച്ച് എഴുന്നേൽപിച്ചു.എനിക്ക് കരച്ചിൽ വന്ന് ഇങ്ങെത്തിയിരുന്നു ɰ .ഹസി അവനെ തറപ്പിച്ച് നോക്കി കൊണ്ട് ചീത്ത പറയാൻ തുടങ്ങി.

"ഡാ ജാസിഫേ...അൻറെ കളി കൊറ്ച്ച് കൂടുന്നുണ്ട്ട്ടാ. ੫ ഇവളിൻറെ ആപ്പാൻറെ മോളാ.ഞാന് ഇത് ോളെ ഇപ്പാനോട് പോയി പറയും.കണ്ടോ" ੫

ഹസി നല്ല കലിപ്പിലായിരുന്നു അത് പറഞ്ഞത്.പക്ഷെ അവനുണ്ടോ ഇതൊക്കെ ഏൽക്കുന്നു ώ .അവൻ ഹസിയെ നോക്കി " പോടീ ചൂലേ" എന്നും പറഞ്ഞ് കൂടെയുണ്ടായിരുന്ന ഒരുത്തനിട്ട് ഒരടിയും ɲ 8 കൊടുത്തിട്ട് അവനൊരു ഓട്ടമായിരുന്നു ǭ 8 ơ.ഞാൻ തിരിച്ച് ക്ലാസിൽ കേറാൻ നേരമുണ്ട് ചക്ക വീണ പോലെയൊരു ശബ്ദം 'പ്ധോം'▯ .എന്താ അതെന്ന് അറിയാൻ വേണ്ടി തിരിഞ്ഞ് നോക്കിയപ്പൊ ഇവിടെ നിന്ന് ഷൈൻ ചെയ്ത് പോയവൻ വരാന്തയിൽ വീണ് കിടക്കുന്നു.പോരേ പൂരം σ .അവൻ വീണ് കിടക്കുന്നത് കണ്ടാൽ ആർക്കും ഒരു സഹതാപം തോന്നും,അമ്മാതിരി വീഴ്ച്ച അല്ലായിരുന്നോ വീണത്.പക്ഷെ ഞങ്ങളെയൊക്കെ ചിരിപ്പിച്ചത് അവൻറെ മുഖത്തെ ഭാവങ്ങളായിരുന്നു ᑌ .നവ രസങ്ങളും മിന്നി മറയുകയായിരുന്നു അവൻറെ മുഖത്ത് ρ ρ .

"ഓന് അങ്ങനെ തന്നെ വേണം.ഒരു ജാതി സാധനാ ഓന്.വികൃതി കൊത്തി ജാസിഫ്" π

കൂടെ ഉണ്ടായിരുന്നവരും ഹസി പറഞ്ഞതിനോട് യോജിച്ചു.അപ്പൊ തന്നെ എനിക്ക് അവനെ കുറിച്ച് ഏകദേശം മനസ്സിലായി.ഞങ്ങള് ക്ലാസിലേക്ക് കേറി.ഹസി എനിക്ക് അവളുടെ എല്ലാ കൂട്ടുകാരേയും പരിജയപ്പെടുത്തി തന്നു ʕ ʕ .(അവരെയൊക്കെ നമുക്ക് വഴിയേ പരിജയപ്പെടാം ψ)

ക്ലാസിൽ കേറിയിരിക്കാനുള്ള ഫസ്റ്റ് ബെല്ല് കേട്ടപ്പോഴാ എനിക്ക് ഇരിക്കാനുള്ള സീറ്റ് ഞാൻ നോക്കിയത് ⊠ .എല്ലാ ബെഞ്ചിലും ഫുൾ കുട്ടികളായിരുന്നു.ഒരു ബെഞ്ചില് മാത്രം മൂന്ന് കുട്ടികളാണുള്ളത്.ഹസി എന്നോട് ആ സീറ്റിൽ പോയി ഇരിക്കാൻ പറഞ്ഞു.ആ ബെഞ്ചിൽ എന്നെ പോലെ പുതുതായി വന്ന മറ്റൊരു കുട്ടി കൂടിയുണ്ടായിരുന്നു.കരിമഷിയിട്ട കണ്ണുകളും ι വെളുത്തു തുടുത്ത കവിളുകളും തോളറ്റമുള്ള കാർകൂന്തലും ഉള്ള ഒരു സുന്ദരി പെണ്ണ്.ആരെയും ആകർഷിക്കുന്ന സ്വഭാവമായിരുന്നു അവളുടേത് F .ഞങ്ങൾക്ക് രണ്ട് പേർക്കും അധികം കൂട്ടുകാരൊന്നും ഇല്ലാത്തത് കൊണ്ട് ഞങ്ങള് പെട്ടെന്ന് തന്നെ നല്ല കൂട്ടായി ʕ .ശൊ...അവളുടെ പേര് ഞാൻ പറഞ്ഞില്ലല്ലോ? Ђ

"അശ്വതി"...നമുക്ക് അവളെ അച്ചു എന്ന് വിളിക്കാം.ഞങ്ങള് നല്ല കൂട്ടായപ്പൊ ഹസിയും കൂട്ടരും

ഞങ്ങളേയും അവരുടെ ഗ്യാങ്ങിൽ കൂട്ടി.പിന്നെ അവിടന്നങ്ങോട്ട് ഫുൾ അടിച്ച് പൊളിയായിരുന്നു ലൈഫ്.അവധിക്ക് സ്കൂള് പൂട്ടുന്നതൊന്നും ഞങ്ങൾക്ക് തീരെ ഇഷ്ടമല്ലായിരുന്നു.കുറച്ച് കാലങ്ങൾക്കുള്ളിൽ തന്നെ ഞങ്ങളെല്ലാവരോടും കൂട്ടായി മാറിയിരുന്നു ω .എന്തിനേറെ പറയുന്നു വികൃതി കൊത്തി ജാസിഫ് അടക്കം ഞങ്ങളോട് നല്ല കൂട്ടായി.പതിയെ ഞാനെൻറെ പഴയ സ്കൂളിനേയും കൂട്ടുകാരേയും മറന്നു തുടങ്ങി.പക്ഷെ,ക്ഷണിക്കാതെ എത്തുന്ന അതിഥിയെ പോലെ നസിയുടെ ഓർമ്മകൾ എന്നെ അലട്ടി കൊണ്ടിരുന്നു.

കാലങ്ങൾ ശരവേഗത്തിൽ കുതിച്ച് പോയി കൊണ്ടിരുന്നു.ഞങ്ങൾ ഏഴിലാണിപ്പൊ പഠിക്കുന്നത്.ഇതിനിടയിൽ ഞങ്ങൾക്ക് തറവാടിന് തൊട്ടടുത്തായിട്ട് ഒരു പുതിയ വീടുണ്ടാക്കി.മുകളിൽ ഒറ്റ മുറിയുള്ള ഒരു കൊച്ചു ഇരുനില വീട് î .നല്ല ഭംഗിയുള്ള റൂമായിരുന്നു മുകളിലുള്ളത്.അതോണ്ട് തന്നെ ഉമ്മാനോടൊക്കെ കെഞ്ചിയിട്ടാണ് ആ റൂം എനിക്ക് തന്നത്.ഒരു ചെറിയ കിളിവാതിലുമുണ്ട് റൂമിന്.പോരാത്തതിന് ബാൽക്കണിയിലേക്കുള്ള ഒരു വാതിലും എൻറെ റൂമിനുണ്ടായിരുന്നു.എനിക്ക് എൻറെ

വീട് നന്നായിട്ട് അങ്ങ് ഇഷ്ടായി ϙ . ആയിടക്കാണ് സ്കൂളിന് തൊട്ടടുത്ത് ഒരു ഗിറ്റാർ സ്കൂൾ തുടങ്ങുന്നത് Ǣ .സ്കൂളിൽ നിന്ന് പോകുമ്പോഴും വരുമ്പോഴും അവിടന്ന് ഗിറ്റാറിൻറെ നല്ല ശബ്ദം Ǣ കേൾക്കാമായിരുന്നു.അത് കേട്ടപ്പൊ മുതൽ തുടങ്ങിയതാ ഉപ്പാൻറെ പിന്നാലെ നടക്കൽ.എങ്ങനെയെൻകിലും ഗിറ്റാർ പഠിക്കണം അത് മാത്രം ആയിരുന്നു എൻറെ ചിന്ത.അതിന് വേണ്ടി കരഞ്ഞു നോക്കി ɣ ,പട്ടിണി വരെ കിടന്നു നോക്കി ∊ , പക്ഷെ പണ്ട് മുതലേ എനിക്ക് വിശപ്പിൻറെ അസുഖമുള്ളത് കൊണ്ട് ആ പരീക്ഷണം അപ്പോ തന്നെ അവസാനിപ്പിച്ചു ω .ഒരുപാട് നാളത്തെ പരിശ്രമത്തിനൊടുവിൽ ഉപ്പ സമ്മതിച്ചു l .പക്ഷെ ഒരു നിബന്ധന വെച്ചു.വെക്കേഷൻ ടൈമിൽ പോയാൽ മതിയെന്ന്▯ .ഉപ്പ എന്തായാലും പോകാൻ സമ്മതിച്ചല്ലൊ അതോണ്ട് ഞാനും സമ്മതിച്ചു ▯ .അങ്ങനെ വെക്കേഷന് വേണ്ടി കാത്തിരിക്കുമ്പോഴാണ് ക്രിസ്മസ് എക്സാം വരുന്നത് ട്ട് .പഠിപ്പൊന്നും അധികം മണ്ടയിൽ കേറില്ലെൻകിലും അത്യാവശ്യം നല്ലോണം പഠിക്കുന്ന ടീമായിരുന്നു ഞങ്ങൾ▯ .അങ്ങനെ എല്ലാ എക്സാമും നല്ലോണം തകർത്തെഴുതി.ഇന്ന് അവസാനത്തെ എക്സാമാണ് ഹിന്ദി.'ഹിന്ദി ഹമാരാ രാഷ്ട്ര ഭാഷ' ആയതോണ്ട്

അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല.പരീക്ഷയൊക്കെ പെട്ടെന്ന് തന്നെ എഴുതി തീർന്നിരുന്നു.ഞാനും ഹസിയും പിന്നെ ഞങ്ങളെ കൂട്ടത്തിൽ റേഡിയോ ജോക്കി എന്നറിയപ്പെടുന്ന ഹറഫയുമാണ് ഒപ്പം ഇരുന്നത്.(ഇവളെ എന്തിനാ റേഡിയോ ജോക്കി എന്ന് വിളിക്കുന്നതെന്ന് വഴിയേ മനസ്സിലായിക്കോളും F)

എക്സാം നേരത്തെ എഴുതി തീർന്നെൻകിലും ബെല്ലടിക്കാതെ വിടില്ല.അതോണ്ട് ഞങ്ങള് മൂന്നാളും കൂടി ഭയൻകര കത്തിയടിയായിരുന്നു.പക്ഷേ ഞങ്ങളേക്കാൾ വലിയ കത്തി പിറകിൽ നിന്ന് കേൾക്കുന്നുണ്ടായീരുന്നു.വേറാരുമല്ല സാക്ഷാൽ ജാസിഫ് തന്നെ ώ .അവൻറെ കത്തിയടി കേട്ടാൽ പെറ്റ തള്ള പോലും സഹിക്കില്ല.അമ്മാതിരി കത്തി.കത്തിയാണെൻകിലും അത് കേട്ടിരിക്കാൻ നല്ല രസമുള്ളത് കൊണ്ട് ഞങ്ങൾ തിരിഞ്ഞിരുന്നു ω .ടീച്ചറിതൊക്കെ കാണുന്നുണ്ടെൻകിലും അതും മൈൻറ് ചെയ്യുന്നില്ലായിരുന്നു.ഇങ്ങനെ അവൻറെ കത്തിയടിയും കേട്ട് നിൽക്കുമ്പോഴാണ് അവൻറെ ഒരു കത്തി എനിക്ക് നേരെ തിരിഞ്ഞത് j .അതും ഞാൻ ഒട്ടും പ്രതീക്ഷിക്കാതെ ∈ ..

(തുടരും)

ഭാഗം.3

അവൻ്റെ കത്തിയടിയും കേട്ടിരിക്കുമ്പോഴാണ് അവൻ്റെ ഒരു കത്തി എനിക്ക് നേരെ പാഞ്ഞു വന്നത്.അതും ഞാൻ ഒട്ടും പ്രതീക്ഷിക്കാതെ...

അവൻ്റെ കത്തിയടിക്കിടയിൽ അവനേതോ ഒരാളെ ഇഷ്ടമാണെന്ന് അവൻ്റെ വായീന്ന് അറിയാതെ വീണു പോയി.ഞങ്ങളല്ലേ ആൾക്കാര് ύ അവനൊരു സ്വസ്ഥതയും കൊടുക്കാതെ അവനെ ചോദിച്ച് ചോദിച്ച് ശല്യപ്പെടുത്തി.ഒടുവിൽ അതാരാണെന്ന് അവൻ പറയാമെന്ന് സമ്മതിച്ചു.ഞങ്ങളെല്ലാവരും ആകാംശയൊടെ ഏതാണ് ആ ഹതഭാഗ്യ എന്നറിയാൻ കാത് കൂർപ്പിച്ച് ഇരുന്നു. τ

"അത്ര പെട്ടെന്നൊന്നും അതാരാണെന്ന് ഞാൻ പറയൂല.വേണേൽ ക്ലൂ തരാ. ψ "

"ഓ...ക്ലൂ എൻകീ ക്ലൂ.ഒന്ന് പറ" ч

ഹറഫ കൊറച്ച് കലിപ്പോടെയാണ് പറഞ്ഞത്.

" ഓളെ ഞാന് ആദ്യായിട്ട് കാണുന്നത് നമ്മള് നാലിൽ പഠിക്കുമ്പോളാ.വന്നപാടെ ഓൾക്ക് ഞാൻ കൊടുത്ത സ്വീകരണം വേറാരും ഓൾക്ക് കൊടുത്തിട്ടുണ്ടാവൂല." π

അത് കേട്ടപ്പൊ തന്നെ അത് ഞാനാണോ എന്ന് തോന്നി പോയി.അങ്ങനെ തോന്നാനും കാരണമുണ്ടല്ലോ. F സ്വിച്ചിട്ട പോലെ ഞാൻ വേഗം തിരിഞ്ഞിരുന്നു.എന്നിട്ട് ഉത്തര കടലാസെടുത്ത് വായിക്കാൻ തുടങ്ങി İ   8   ♀ ഹസിക്ക് അപ്പൊ തന്നെ മനസ്സിലായി അത് ഞാനാണെന്ന്.അമ്മാതിരി നോട്ടവും ചിരിയുമായിരുന്നു അവൾക്ക്.അ

ഞാനതൊന്നും മൈൻറ് ചെയ്യാതെ പേപ്പറിൽ നോക്കിയിരുന്നു.എന്നിട്ടും ഹസിയും ഹററഫയും അവനെ വെറുതെ വിടാൻ ഒരുക്കമെല്ലായിരുന്നു. അതാരാണെന്ന് അവൻറെ വായീന്ന് കേൾക്കാൻ വേണ്ടി അവനോട് ഓരോന്ന് ചോദിച്ച് കൊണ്ടിരുന്നു.ചോദിച്ച് ശല്യം ചെയ്തപ്പൊ അത് ഞാനാണെന്ന് അവൻ പറഞ്ഞു.ഞാനാകെ ശശിയായ പോലെ തോന്നി.ഹസി ആദ്യമേ പ്രതീക്ഷിച്ച

ഉത്തരമായതോണ്ട് അവളെ മുഖത്ത് വല്യ മാറ്റമൊന്നും ഉണ്ടായില്ല.പക്ഷെ ഹറഫ വായയും പൊളിച്ച് എന്നേയും അവനേയും മാറി മാറി നോക്കാണ്.അവൻറെ വായീന്ന് ഇത് കേക്കേണ്ട താമസം,റേഡിയോ ജോക്കി എന്നറിയപ്പെടുന്ന ഹറഫ അവളുടെ ധർമ്മം കൃത്യമായി നിർവ്വഹിച്ചു.സ്കൂൾ മൊത്തം ഈ വാർത്ത കാട്ടുതീ പോലെ പടർന്നു.കാണുന്നവരൊക്കെ കൂടി ഞങ്ങളെ കളിയാക്കാൻ തുടങ്ങി.എന്നെ കാണുന്നവരൊക്കെ ജാസിഫേ എന്നും അവനെ ഫെബീ എന്നും വിളിക്കാൻ തുടങ്ങി.അതൊക്കെ കേക്കുമ്പോ അവൻ അതൊരു ചിരിയിലൊതുക്കി. എനിക്ക് അവനെ കാണുമ്പോഴേ കൊല്ലാനുള്ള ദേഷ്യം വരും.കളിയാക്കൽ സഹിക്കാതെ വന്നപ്പൊ സ്കൂളിൽ പോക്ക് നിർത്താൻ തീരുമാനിച്ചു.തീരുമാനിച്ചാൽ മാത്രം പോരല്ലോ നടപ്പിലാക്കുകയും വേണ്ടേ? സ്കൂൾ മാറാൻ വേണ്ടി ഉമ്മാൻറെ കാലു വരെ പിടിച്ചു.നോ രക്ഷ.യു.പി സ്കൂളായതോണ്ട് ഇക്കൊല്ലം കൂടി സഹിച്ചാൽ മതിയല്ലോ എന്നതായിരുന്നു ഒരു ഏക ആശ്വാസം.കളിയാക്കലുകളൊക്കെ ഒരു ചെവിയിൽ കൂടി കേട്ട് മറു ചെവിയിലൂടെ വിട്ടു.അവസാനം കാത്ത് കാത്ത് ഞങ്ങളെ ആ അദ്ധ്യായന വർഷത്തിന് തിരശീലയിട്ടു.ഒരുപാട് കരച്ചിലും പിഴിച്ചിലുമൊക്കെയായി സെൻറോഫ്

സീനാക്കി.വിരമിക്കലിൻറെ ഭാഗമായി കൂട്ടുകാരുടെ ഓർമ്മ കുറിപ്പുകൾ ഓട്ടോഗ്രാഫിൽ പകർത്തി.കൂടെ പഠിച്ച എല്ലാവർക്കും ഓട്ടോഗ്രാഫിൽ എഴുതാൻ കൊടുത്തു.ഇനി ഒരേയൊരാൾ മാത്രമേ ബാക്കിയുള്ളൂ.ജാസിഫ്. ഓട്ടോഗ്രാഫുമായി ഞാൻ അവൻറെ അടുത്തെക്ക് ചെന്നു.കൊടുക്കണോ വേണ്ടയോ എന്ന ചിന്തയിൽ ഞാനവിടെ കെടന്ന് വട്ടം കറങ്ങി.ഒടുവിൽ അവൻ തന്നെ എൻറെ അടുത്തേക്ക് വന്നു.എന്നിട്ട് അവൻറെ ഓട്ടോഗ്രാഫ് എനിക്ക് നേരെ നീട്ടി.ഞാനത് വാങ്ങി എൻറേത് കൊടുത്തു. അവന് വേണ്ടി എൻറെ മനസ്സിൽ വന്ന വാക്കുകൾ "All the best jasif.നല്ലൊരു ഭാവി ഉണ്ടായിരിക്കട്ടെ" എന്ന് മാത്രമായിരുന്നു.അതെഴുതി വെച്ചിട്ട് ഓട്ടോഗ്രാഫ് തിരിച്ച് കൊടുക്കാൻ വേണ്ടി ചെന്നപ്പൊ അവൻ പൊരിഞ്ഞ എഴുത്തിലായിരുന്നു.

"പടച്ചോനേ പ്രേമ ലേഖനമൊന്നും ആയിരിക്കരുതേ.."

കുറച്ച് കഴിഞ്ഞപ്പൊ അവൻ എൻറെ അടുത്തേക്ക് വന്നു.എല്ലാവരും അവരവരുടേതായ ലോകത്തായത് കൊണ്ട് ആരും ഞങ്ങളെ ശ്രദ്ധിക്കുന്നില്ല.ജാസിഫ് എനിക്ക് ഓട്ടോഗ്രാഫ് തിരിച്ചു തന്നിട്ട് എന്നോട് സംസാരിച്ചു.

"ഫെബീ..ഇന്നത്തോട് കൂടി നമ്മുടെ ക്ലാസുകളൊക്കെ കഴിഞ്ഞു.സ്കൂളിനെ കുറിച്ച് ഓർക്കുമ്പോൾ അയവിറക്കാൻ വേണ്ടി ഒരുപാട് നല്ല ഓർമ്മകൾ സമ്മാനിക്കാൻ അൻക്ക് കഴിഞ്ഞിട്ടുണ്ട്.ഇപ്പൊ ഞാൻ നിൻറെ മുൻപില് നിൽക്കുന്നത് തന്നെ നിന്നോട് ഒരു കാര്യം പറയാനാ."

യാ റബ്ബീ...ഇനിയെന്താണാവോ ഇവന് പറയാനുള്ളത്?

"I am really sorry febi..അറിഞ്ഞും അറിയാതെയും ഞാൻ കാരണം നീ കൂട്ടുകാരെ മുൻപിലൊക്കെ നാണം കെട്ടില്ലേ? സത്യം പറഞ്ഞാൽ ഞാൻ ചുമ്മാ എടുത്ത് കാച്ചിയതാ എനിക്ക് അന്നെ ഇഷ്ടാണെന്ന്.അല്ലാതെ എനിക്ക് അന്നോട് അങ്ങനെയൊന്നും ഇല്ലട്ടൊ.അന്നെ ഒന്ന് വട്ടം കറക്കാൻ വേണ്ടി പറഞ്ഞതേന്നു."

"എന്ത്..? നീ വെറുതെ പറഞ്ഞതാണെന്നോ? അപ്പൊ എന്നെ അൻക്ക് ഇഷ്ടമല്ലേ?"

നല്ല ഉച്ചത്തിലായിരുന്നു ഞാനത് പറഞ്ഞത്.ഇത്രേം കാലം എനിക്കിട്ട് പണിതതല്ലേ,ഇന്ന് എൻ്റെ വക നിനക്കിട്ട് ഞാനൊരു പണി തരും. എൻ്റെ ശബ്ദം കേട്ട് അത് വരെ അവരവരുടെ ലോകത്തായിരുന്നവരൊക്കെ ഞങ്ങൾക്ക് ചുറ്റും കൂടി.

"എന്താ ഫെബീ..എന്താ കാര്യം? എന്താടാ ജാസിഫേ?"

എല്ലാവരും കൂടി ഞങ്ങളോട് ചോദിക്കാൻ തുടങ്ങി.ഒന്നുമില്ല എന്ന് പറഞ്ഞ് ജാസിഫ് അവരെയൊക്കെ പറഞ്ഞയക്കാൻ നോക്കി.പക്ഷെ ആരും അവിടന്ന് പോയില്ല.എനിക്ക് അവൻ്റെ മുഖം കണ്ടപ്പൊ ചിരി വന്നു.ഞാൻ ഹസിയോടായി തിരിഞ്ഞ് അവളോട് പറഞ്ഞു.

"ഹസീ...ദേ ഈ ജാസിഫ് ഇപ്പൊ പറയാ എന്നെ ഇഷ്ടമല്ലാന്ന്...അന്ന് അവൻ വെറുതെ പറഞ്ഞതാണെന്ന്.ഞാൻ ഓനെ സ്നേഹിച്ചതൊക്കെ അപ്പൊ വെറുതെയായില്ലെ ഹസീ...ഞാനിനി എന്താ ചെയ്യാ?"

അതും പറഞ്ഞ് കൊണ്ട് ഞാൻ ഹസിൻറെ തോളിലേക്ക് ചാഞ്ഞിട്ട് കണ്ണിൽ വിരലിട്ട് കരയാൻ നോക്കി.ഏകദേശം കുറച്ചൊക്കെ കണ്ണീര് വന്നു.എല്ലാവരും ജാസിഫിനെ കുറ്റക്കാരനെ പോലെ നോക്കാണ്.എനിക്കാണെൻകിലോ ചിരി വന്ന് ഇങ്ങെത്തിയിരുന്നു.

"എന്നാലും ജാസിഫേ ഇങ്ങനെയൊക്കെ ഓൾക്ക് ആശ കൊടുത്ത് പറ്റിക്കരുതായിരുന്നു."

"അല്ലെൻകിൽ തന്നെ നീ പറയുന്നതൊന്നും വിശ്വസിക്കാൻ പാടില്ല,വിശ്വസിച്ച ഇവളാ മണ്ടി."

"എന്താ ജാസിഫേ അൻറെ കഥ,നീ ഇങ്ങനെ ചെയ്യുമെന്ന് ഞങ്ങള് കരുതിയില്ല."

ഇങ്ങനെ ഓരോന്ന് എല്ലാവരും പറഞ്ഞു തുടങ്ങി.പാവം ചെക്കൻ,അവനെന്താ പറയേണ്ടതെന്ന് അറിയാതെ പകച്ചു നിന്നു.എല്ലാവരും പറഞ്ഞ് പറഞ്ഞ് അവസാനം

കളി കാര്യമാകാൻ തുടങ്ങി.ടീച്ചറോട് പോയി പറയാനൊക്കെ ഓരോരുത്തർ തുനിഞ്ഞു.സീൻ കോൺട്രയാകും എന്ന് കണ്ടപ്പൊ ഹസി മെല്ലെ എന്നോട് പറഞ്ഞു.

"മതി പെണ്ണെ അഭിനയിച്ചത്.ആ ചെക്കനിപ്പൊ കരയും.എണീക്കടി പെണ്ണേ.." അപ്പോഴാണ് ഞാൻ ഹസിൻറെ തോളിൽ നിന്നും എഴുന്നേറ്റത്.എല്ലാവരുടേയും നോട്ടം കണ്ടപ്പോൾ അറിയാതെ തന്നെ ചിരി പൊട്ടി വന്നു.ഞാൻ ജാസിഫിനെ നോക്കി ചിരിക്കാൻ തുടങ്ങി. പൊട്ടന് അപ്പോഴാ സമാധാനം ആയത്.

"ഇത്രയും കാലം നീ കാരണം ഇവരെ മുൻപിൽ ഞാനെത്ര തവണ നാണം കെട്ടെന്നറിയോ? അതോണ്ട് നിനക്കിട്ട് ഒരു പണി തരാമെന്ന് കരുതി അത്ര ഉള്ളൂ..ഇപ്പോൾ നീയും ഹാപ്പി ഞാനും ഹാപ്പി. ഇനി എല്ലാവരും പിരിഞ്ഞു പോയേ.."

അത് വരെ സീരിയസിൽ മുഖം വെച്ചവരൊക്കെ ചിരിക്കാൻ തുടങ്ങി.എന്തോ മനസ്സിന് അപ്പോഴാ

സമാധാനം ആയത്. അവനിട്ട് ഒരു പണി കൊടുക്കാൻ പറ്റിയല്ലോ.എനിക്ക് വാശി കേറിയാൽ പിന്നെ വിചാരിച്ചത് നടത്താതെ ഉറക്കം വരില്ല.എന്തായാലും അതോട് കൂടി അവൻ്റെ ശല്യം തീർന്നല്ലോ എന്നതായിരുന്നു ഏക ആശ്വാസം.അച്ചുവിനെ പിരിഞ്ഞു പോകുന്നത് ആലോചിച്ചാണ് എൻ്റെ സൻകടം.അന്ന് നാലിൽ നിന്ന് കിട്ടിയ കൂട്ടാ,ഇതുവരെ എൻ്റെ കൂടെയുണ്ടായിരുന്നു.ഇനിയങ്ങോട്ട് ഞങ്ങളെല്ലാവരും ഓരോ വഴിക്ക്.

എല്ലാവരോടും യാത്ര പറഞ്ഞ് കരച്ചിലും പിഴിച്ചിലുമൊക്കെ ആയി വീട്ടിലേക്ക് പോകാൻ നിൽക്കുമ്പോൾ ജാസിഫ് എൻ്റെ മുൻപിൽ വന്ന് നിന്നു.

'ഇവനിനി എന്തിനുള്ള പുറപ്പാടാ.'

ചിരിച്ച് കൊണ്ട് കഴുത്ത് അറക്കുന്ന ജന്തു ആയതോണ്ട് അവൻ്റെ ചിരിയിലെന്തോ പന്തികേടുള്ള പോലെ തോന്നി.തോന്നല് വെറുതെ ആയില്ല, നശൂലം പിടിച്ച ജന്തു എൻ്റെ മുഖത്ത് കളർ പൊടി ഇട്ടിട്ട് ഒരോട്ടമായിരുന്നു.ബാഗ് അവിടെ നിലത്ത് ഇട്ടിട്ട് കയ്യിൽ

കുറച്ച് മണ്ണും വാരി ഞാനും അവൻറെ പിന്നാലെ ഓടി.പണ്ടാറക്കാലൻ നിൽക്കണ്ടേ എന്നെ ആ ഗ്രൗണ്ട് മൊത്തം ഓടിച്ചു.അവസാനം ശ്രമം ഉപേക്ഷിച്ച് മുഖം കഴുകാൻ പൈപ്പിൻറെ അടുത്തേക്ക് ചെന്നു.കളർ പൊടി ഒക്കെ ഒഴുകി പോകുന്നത് കണ്ടപ്പോൾ നമ്മളെ തലമണ്ടയിൽ നല്ലൊരു ഐഡിയ ഉദിച്ചു.പിന്നെ ഒന്നും നോക്കിയില്ല.വാട്ടർ ബോട്ടിലെടുത്ത് അതിൽ മണ്ണ് നിറച്ചിട്ട് വെള്ളം ഒഴിച്ച് നല്ലോണം കുലുക്കി വെച്ചു.ഇതൊക്കെ കണ്ടോണ്ട് നിന്ന ഹസിക്ക് ഞാനിത് എന്തിനുള്ള പുറപ്പാടാണെന്ന് മനസ്സിലായില്ല.

"എടീ ഫെബീ ഈ ചെളി വെള്ളം കൊണ്ട് നീയെന്ത് കോപ്പാ ചെയ്യാൻ പോകുന്നത്?"

"ഇത് ആ ജാസിഫിനിട്ട് ഉള്ളൊരു പണിയാ.പക്ഷേ ഇത് നടപ്പിലാക്കാൻ ഇൻക്ക് അൻറെ ഒരു ഹെൽപ്പ് വേണം.വേറെയൊന്നും ചെയ്യേണ്ട ഞാൻ പറയുന്ന സ്ഥലത്ത് ഓനെയൊന്ന് എത്തിച്ചാ മതി."

"അത് ഞാനേറ്റു."

ഹസിയോട് അവനെ കൊണ്ട് വരേണ്ട സ്ഥലം പറഞ്ഞ് കൊടുത്ത് ഞാനവിടെ കാത്തിരിക്കാൻ തുടങ്ങി.

ഹസി അവളെ ഏൽപ്പിച്ച പണി കൃത്യമായി ചെയ്തു.ജാസിഫ് വന്നപ്പാടെ ഒളിച്ചിരുന്ന ഞാൻ പുറത്ത് വന്നിട്ട് അവൻറെ തലയിൽ കൂടി ചെളി വെള്ളം ഒഴിച്ചു.

"ഡീ....." എന്ന് പറഞ്ഞ് അലറി കൊണ്ട് ആ പിരാന്തൻ ഞങ്ങളുടെ നേരെ തിരിഞ്ഞു.

"എടീ ഹസീന കൊരങ്ങത്തീ...ടീച്ചർ വിളിക്കുന്നുണ്ടെന്ന് പറഞ്ഞ് എന്നെ ഇങ്ങോട്ട് കൊണ്ട് വന്നത് ഇതിനേന്നുലേ...അൻക്ക് ഞാൻ തരാടീ.."

ചെക്കൻ ഭയൻകര കലിപ്പില് ഞങ്ങളെ പിന്നാലെ പാഞ്ഞ് വന്നു. ബാഗ് എടുത്തിട്ട് ഞാനും ഹസിയും ജീവനും കൊണ്ട് ഒരോട്ടമായിരുന്നു.വീട്ടിൽ എത്തിയപ്പോഴാ സമാധാനമായത്.ഞാനും ഹസിയും പരസ്പരം മുഖത്തോട് മുഖം നോക്കി ഒരുപാട് ചിരിച്ചു. പക്ഷേ ആ ചിരിക്ക് അധികം ആയുസ്സ് ഇല്ലായിരുന്നു. ഞങ്ങളുടെ മുൻപിൽ നിൽക്കുന്ന ആ രൂപത്തെ കണ്ട്

ഞാനും ഹസിയും ഒന്ന് അമ്പരന്നു.

(തുടരും)

ഭാഗം. 4

ഞാനും ഹസിയും പരസ്പരം മുഖത്തോട് മുഖം നോക്കി ഒരുപാട് ചിരിച്ചു.പക്ഷേ ആ ചിരിക്ക് അധികം ആയുസ്സ് ഇല്ലായിരുന്നു.ഞങ്ങളുടെ മുൻപിൽ നിൽക്കുന്ന ആ രൂപത്തെ കണ്ട് ഞാനും ഹസിയും ഒന്ന് അമ്പരന്നു.

"ഉമ്മാ..."

ഞാൻ അറിയാതെ തന്നെ എൻ്റെ ചുണ്ട് മൊഴിഞ്ഞു.അപ്പോഴുണ്ട് ആ പണ്ടാറക്കാലൻ ജാസിഫ് എൻ്റെ വീടിൻ്റെ മുൻപിൽ വന്ന് നിക്കുന്നു.

"ഡീ...ഫെബീ...അൻക്ക് ഞാൻ വെച്ചിട്ടുണ്ട് എടീ..

എന്നെൻകിലും ഒരിക്കെ നിന്നെ ഇൻറെ കയ്യീ കിട്ടും.അപ്പൊ തരാടീ."

ഉമ്മയുണ്ട് അടുത്ത് എന്ന് പോലും വക വെക്കാതെ ഞാൻ തിരിഞ്ഞീട്ട് അവനോട് പറഞ്ഞു.

"നീ പോടാ കൊരങ്ങാ...ഇജ്ജ് ഒലത്തും.ധൈര്യം ഉണ്ടെൻകിൽ ഇങ്ങോട്ട് കേറി വാടാ...പോടാ... പോ...പോയി തരത്തിൽ കളി."

ഒരു ലോഡ് പുച്ഛം അവന് നേരെ എറിഞ്ഞിട്ട് നമ്മള് തിരിഞ്ഞു.നമ്മളെ പുന്നാര ഉമ്മ നമ്മളെ തന്നെ ഫോക്കസ് ചെയ്ത് നിൽക്കാണ്.

എൻറെ ഉമ്മാനെ കണ്ടതും ഹസി വേഗം തടി തപ്പി.

"ഫെബീ ഞാൻ പോവാണ്ട്ടാ അപ്പോ ശരി ഓൾ ദി ബെസ്റ്റ്. കുഞ്ഞാമാ ഞാൻ പോയി."

അതും പറഞ്ഞോണ്ട് പെണ്ണ് അവളെ വീട്ടിലേക്ക്

ഒരോട്ടമായിരുന്നു. ഉമ്മ അവളെയൊന്നും കാര്യമാക്കിയതേ ഇല്ല.നോട്ടം നമ്മളെയായിരുന്നു.നമ്മളൊരു നല്ല പുഞ്ചിരി ഉമ്മാൻറെ നേരെ വീശി.പക്ഷേ ഉമ്മാൻറെ നോട്ടം തിരിച്ച് കൊടുൻകാറ്റ് പോലെ എന്നിലേക്ക് ആഞ്ഞ് വീശി.ഇതാണ് വീട് റോഡ് സൈഡിലായാൽ ഉള്ള കുഴപ്പം. ആ അലവലാതി അതോണ്ടല്ലേ എന്നെ കണ്ടത്. ഇനി പറഞ്ഞിട്ട് കാര്യമില്ല, ഉമ്മാൻറെ കയ്യീന്ന് കിട്ടുന്നതെന്താണോ അത് വാങ്ങാ.

"ഏതാടീ ഓന്?"

നമ്മള് പ്രതീക്ഷിച്ച ചോദ്യം ആയോണ്ട് ഉത്തരം കയ്യിൽ ഉണ്ടായിരുന്നു.

"അതോ..അതൊരു പിരാന്തനാ ഉമ്മാ.. കണ്ടാ തന്നെ അറിഞ്ഞൂടേ അത് പിരാന്തൻ ആണെന്ന്."

ചിരി വിടാതെ തന്നെ നമ്മളതിന് മറുപടി നൽകി. ഉമ്മ നമ്മളെ ഉമ്മ ആയതോണ്ട് തന്നെ അടുത്ത ഡയലോഗ്

നമ്മക്കിട്ട് കുത്തുന്നതാകുമെന്ന് പ്രതീക്ഷിച്ചു.അതു പോലെ തന്നെ നടന്നു.

"പിരാന്തനാണോ,അതോ ഇജ്ജെജാക്കെ കൂടി പിരാന്തൻ ആക്കിയതാണോ?"

"ശൊ..ഈ ഉമ്മാൻറെ ഒരു കാര്യം.ഇങ്ങള് ഇങ്ങട്ട് വന്നാണി ഫൗസിയാത്താ നമ്മക്ക് വെശന്നിട്ട് വെയ്യാ..വല്ലോം തരീന്നേ.ഇങ്ങളിൻറെ മുത്തുമണിയല്ലേ..."

"ഓ...മതി മതി സോപ്പിട്ടത് പോയി കുളിച്ച് വാ ഞാൻ കാപ്പി എടുക്കാ"

"ഹാവൂ..അങ്ങനെ ആ സോപ്പിലത് അങ്ങ് തീർന്നു.ഇനി നമ്മളെ വിശപ്പിനുള്ളത് നോക്കട്ടെ.

ഉമ്മാ സിനുവും ഷാദിയും എവിടെ?"

"ഓരവിടെ കളിക്കാണ്.അൻറെ റൂമിലുണ്ടാകും."

"ഇൻറെ റൂമിലോ? എന്നാ പിന്നെ അതൊക്കെ കൂടി വലിച്ച് വാരിയിട്ട് റൂമ് നശിപ്പിച്ചിട്ടുണ്ടാകും."

ഞാൻ വേഗം റൂമിലേക്ക് ഓടി.ആ ഞാൻ പറയാൻ വിട്ട് പോയി,എനിക്ക് ഒരു അനിയനും അനിയത്തിയും ഉണ്ട്. ഇർഷാദ്(ഷാദി) നാലിൽ പഠിക്കാണ്, മുഹ്സിന(സിനു) ഇവള് രണ്ടിലും.ഷാദിയും ഞാനും കട്ട് ചൻക്സാ,എന്നാ ഞാനും സിനുവും നേരിട്ട് കണ്ടാ കീരീം പാമ്പുമാണ്.ഉമ്മയാണെൻകിലോ എപ്പോഴും അവളെ സൈഡ്,ഉപ്പ മാത്രേ എൻറെ കൂടെ നിക്കാറുള്ളൂ.അതും ഇടക്ക്.അതെന്താന്ന് വഴിയേ മനസ്സിലാകും.പറഞ്ഞ് പറഞ്ഞ് നമ്മള് കഥേന്ന് പോന്നുലേ.എന്നാ വരി തിരിച്ച് കഥേക്ക് തന്നെ വരാ.

അങ്ങനെ ഞാൻ പാഞ്ഞ് ചെന്ന് റൂമ് തുറന്നപ്പൊ വിചാരിച്ച പോലെ തന്നെ എൻറെ റൂം രണ്ട് പേരും കൂടി തല കീഴായ് മറിച്ച് വെച്ചിരിക്കുന്നു.എനിക്ക് എൻറെ പേരു വിരല് മുതലങ്ങ് എരിഞ്ഞ് കേറീലേ.ഞാനങ്ങ് അലറാൻ തുടങ്ങി. "ഉമ്മാാാ◌ാ..... ഈ രണ്ടണ്ണത്തേയും ഇവടന്ന് കൊണ്ട്

പോയ്ക്കോളി,ഇല്ലേൽ ഞാനെന്താ ചെയ്യാന്ന് ഇൻക്ക് തന്നെ അറീല.

ഇറങ്ങി പോടാ ഷാദി .."

എൻ്റെ അലർച്ചയിൽ തന്നെ രണ്ട് പേരും നന്നായി പേടിച്ചിട്ടുണ്ട്.ഷാദി അപ്പൊ തന്നെ സ്ഥലം കാലിയാക്കി.പക്ഷേ നമ്മളെ പുന്നാര അനിയത്തി എന്നെ തന്നെ നോക്കി നിൽക്കാ.

"എന്താടീ..കൂമത്തിയെ പോലെ നോക്കുന്നത്.ഇറങ്ങി പ്പോടീീീീ...."

നമ്മളെ അനിയത്തി ആയോണ്ട് പറയല്ലട്ടോ,ഇവൾക്ക് മാത്രമേ എന്നെ ഒരു വിലയും ഇല്ലാത്തതുള്ളൂ.എന്നെ നോക്കി കൊഞ്ഞനം കുത്തിയിട്ട് അവള് അവിടന്ന് ഒരു ഓട്ടമായിരുന്നു. അപ്പോഴാ കുറച്ച് സമാധാനം ആയത്.പക്ഷേ, റൂമിൻ്റെ കോലം കണ്ടപ്പൊ ഉള്ള സമാധാനവും പോയി. അതൊക്കെ ശരിയാക്കി വെച്ചിട്ട് ഞാൻ പോയി കുളിച്ച് വന്നു. അപ്പോഴും അവറ്റകള് മുട്ടൻ വഴക്കാണ്. അത് കണ്ടപ്പൊ അതിലേറെ ദേഷ്യം

വന്നു. പിന്നെ ഒന്നും നോക്കിയില്ല രണ്ടിനും നല്ലോണം എൻ്റെ കയ്യീന്ന് കിട്ടി.പിന്നെ നടന്നതൊക്കെ ആലോചിച്ചപ്പൊ തല്ലേണ്ടായിരുന്നു എന്ന് തോന്നി. അവരെ തല്ലിയതിന് ഉമ്മാൻ്റെ കയ്യീന്ന് എനിക്കും കിട്ടി ഒരെണ്ണം.അധികം വേദന ഇല്ലാത്തോണ്ട് നമ്മളത് കാര്യമാക്കിയില്ല. കാപ്പിയും കുടിച്ച് ഞാൻ സിറ്റൗട്ടിൽ ഇരിക്കുമ്പോഴാണ് ഉപ്പ വരുന്നത്.വന്നപ്പാടെ ഓടി ചെന്ന് ഉപ്പാനോട് ആവശ്യപ്പെട്ടത് ഒന്നേ ഒന്നാണ്.ഗിറ്റാർ പഠിക്കണം.

ആദ്യം ഉപ്പ ഒഴിഞ്ഞു മാറിയെൻകിലും എന്നെ കൊണ്ട് പോയി ചേർത്തി. ഉപ്പാൻ്റെ കയ്യിൽ കാശ് ഇല്ലാഞ്ഞിട്ട് കൂടി ഉപ്പ എൻ്റെ സന്തോഷത്തിന് വേണ്ടി എന്നെ അവിടെ ചേർത്തി. വെക്കേഷൻ ടൈം ആയതോണ്ട് തന്നെ കുട്ടികൾ ഒരുപാട് ഉണ്ടായിരുന്നു. ഗിറ്റാർ വേണം എന്ന് ആ സാർ പറഞ്ഞപ്പൊ ഉപ്പ എന്നെ ഒരു നോട്ടമായിരുന്നു.ഞാനും ഒന്ന് ചിരിച്ച് കൊടുത്തു. അന്ന് എന്തായാലും എനിക്ക് വേണ്ടി ഉപ്പ ഒരുപാട് കാശ് ചെലവാക്കിയിരുന്നു. എന്നാലും എനിക്ക് ഗിറ്റാർ പഠിക്കാൻ പറ്റിയ ത്രില്ലിൽ ആയിരുന്നു ഞാൻ.

വൈകാതെ തന്നെ ഉപ്പ എനിക്ക് ഗിറ്റാർ വാങ്ങി തന്നു.

അതും കൊണ്ട് പിറ്റേന്ന് മുതൽ ക്ലാസിനും പോയി

തുടങ്ങി. നല്ല സൂപ്പർ ക്ലാസായിരുന്നു കിട്ടിയത്. ഇതിനിടക്ക് ഞാൻ എൻറെ ഓട്ടോഗ്രാഫ് വായിക്കാൻ ഇടയായി. അതിൽ ജാസിഫ് എഴുതിയ വാക്കുകൾ എൻറെ ഓർമ്മകളിലേക്ക് വന്നു.

"Dear febi,

അറിഞ്ഞോ അറിയാതെയോ ഞാൻ കാരണം നീ നാണം കെട്ടതിന് കണക്കില്ല. അന്നത്തെ ഒരു രസത്തിന് ഞാൻ ചുമ്മാ പറഞ്ഞതാണ് നിന്നെ ഇഷ്ടമാണെന്ന്.ഞാൻ നിന്നെ എൻറെ നല്ലൊരു ഫ്രണ്ട് ആയിട്ടാണ് കാണുന്നത്. ഈയൊരു ദിവസത്തോട് കൂടി നമ്മളൊക്കെ പല വഴിക്ക് ആവുകയാണ്.പക്ഷേ ഇവിടം കൊണ്ട് ഒന്നും നമ്മുടെ ഫ്രണ്ട് ഷിപ്പ് അവസാനിക്കുന്നില്ല. ഇനി ഭാവിയിൽ നിനക്ക് വല്ല ജോലിയും വേണമെൻകിൽ മടിക്കാതെ എന്നോട് വന്ന് ചോദിക്കാം.നിനക്ക് തരാനായിട്ട് എന്നും എൻറെ കയ്യിൽ ജോലി കാണും. ഞാൻ ചെയ്തയൊന്നും മനസ്സിൽ വെച്ചേക്കരുത്. നന്നായി പഠിച്ച് എൻറെ കമ്പനിയിൽ തന്നെ ജോലി വാങ്ങാൻ പറ്റട്ടെ എന്ന് ആശംസിക്കുന്നു.

All the best...

By

Your boss Jasif "

എന്തൊരു ജാഡയാണെന്ന് നോക്കണേ ഈ തെണ്ടിക്ക്.അവൻറെ കമ്പനിയിൽ അവനെനിക്ക് ജോലി തരുമെന്ന്. ഇത് അന്ന് തന്നെ വായിച്ചിരുന്നെൻകിൽ അവനിട്ട് രണ്ട് കൊടുക്കാമായിരുന്നു.

ഇപ്പൊ നിങ്ങൾക്ക് തോന്നുന്നുണ്ടാകും ഇവനാണ് എൻറെ ഹീറോ എന്ന്. എന്നാൽ പിച്ചർ അബി ബാക്കി ഹേ ഭായ്...എൻറെ ഹീറോയുടെ എൻട്രിക്ക് സമയമായിട്ടില്ല.പക്ഷെ, അതിന് മുൻപ് എൻറെ അച്ചുവിൻറെ ഹീറോയെ പറ്റി പറയാം. ഇല്ലെൻകില് കഥ മുൻപോട്ട് പോകില്ല.

ഇപ്പോൾ ഞങ്ങൾ പഠിക്കുന്നത് +2 വിൽ ആണ്ടോ.

(തുടരും)

ഭാഗം.5

ഇപ്പോൾ ഞങ്ങൾ പഠിക്കുന്നത് +2വിൽ ആണ്ട്ടോ.

അന്ന് നാലിൽ നിന്ന് കിട്ടിയ കൂട്ടായിരുന്നു അച്ചു. അതിപ്പോഴും ഒരു കേടുപാടും കൂടാതെ നില നിന്ന് പോകുന്നു.

ഇതിനിടക്ക് എൻ്റെ ജീവിതത്തിൽ ഒരുപാട് പ്രതിസന്ധികൾ എനിക്ക് നേരിടേണ്ടി വന്നിരുന്നു.എൻ്റെ വല്ലിമ്മാൻ്റെ മരണം, ഉപ്പാക്ക് ബിസിനസിൽ വന്ന തകർച്ച,ഇതിനേക്കാൾ ഉപരി എൻ്റെ ഹൃദയം ഭേദിക്കുന്ന ഞാൻ മറക്കാൻ ആഗ്രഹിക്കുന്ന പല സംഭവങ്ങളും ഈയിടക്ക് നടന്നു.

അതിൽ നിന്നൊക്കെ എനിക്ക് മുക്തി നേടി തന്നത് എൻ്റെ കൂട്ടുകാർ തന്നെയായിരുന്നു.+2 ജീവിതം അതിൻ്റെ പര്യവസാനത്തിലേക്ക് കടക്കുമ്പോഴാണ് ഞങ്ങളെ ബാച്ചിന് വയനാട്ടിലേക്ക് ഒരു വൺഡേ ടൂർ പ്ലാൻ ചെയ്തത്. അത് അറിഞ്ഞത് മുതൽ ഹസിയും

അച്ചുവും നല്ല എക്സൈറ്റ് മെൻറിലാണ്.ടൂറിങ് പേര് കൊടുക്കാൻ വേണ്ടി ആദ്യം പാഞ്ഞ് ചെന്നതും അവരായിരുന്നു.പക്ഷേ ഞാൻ അതിൽ നിന്നൊക്കെ മാറി നിൽക്കാൻ കൊതിച്ചു.അതോണ്ട് ടൂറിന് ഞാൻ പേര് കൊടുത്തില്ല.എന്താണെന്നറിയില്ല പൊട്ടി കരയാനൊക്കെ തോന്നി പോകാണ്.അച്ചുവും ഹസിയും പേര് കൊടുത്ത് വരുന്നത് കണ്ടപ്പൊ ഞാൻ ക്ലാസിലേക്ക് കേറി. ഡെസ്കിൽ തല വെച്ച് കിടന്നു.

"ഫെബീ..എന്താടാ എന്ത് പറ്റി? തല വേദനിക്കുന്നുണ്ടോ?"

ഹസി എൻറെ അടുത്ത് വന്നിരുന്ന് തലയിൽ തലോടി.

"ഏയ്...ഒന്നൂല്യാ.ഞാൻ ചുമ്മ കിടന്നു എന്നേയുള്ളൂ."

"ചുമ്മാ എന്തിനാ കിടക്കുന്നത്? ഇങ്ങനെ ചുമ്മാ കിടക്കുന്നരാരും നിന്നെ പോലെ കണ്ണും നിറച്ച് ഇരിക്കില്ല. എന്താ ടീ ഫെബീ ഇത്? എല്ലാം കഴിഞ്ഞ് പോയ കാര്യങ്ങൾ അല്ലേ? നീ അതിനെ കുറിച്ച് ഓർത്ത്

വിഷമിച്ചൂന്ന് കരുതി സംഭവിച്ചതൊന്നും നമുക്ക് തടുക്കാൻ പറ്റില്ലല്ലോ."

അച്ചു എൻറെ കണ്ണീര് തുടച്ച് കൊണ്ട് പുഞ്ചിരിച്ചു.

"ആ..അതൊക്കെ പോട്ടെ നീയറിഞ്ഞില്ലേ നമ്മുടെ ടൂറിനെ പറ്റി. ഞാനും ഹസിയും പേര് കൊടുത്തിട്ടുണ്ട്.കൂട്ടത്തിൽ നിൻറെ പേരും കൊടുത്തു."

"എൻറെ പേരെന്തിനാ കൊടുത്ത്? എനിക്ക് ടൂർ വരാനൊന്നും ഒരു മൂഡില്ല."

"ആ മൂഡൊക്കെ വരുത്താൻ ഞങ്ങൾക്ക് അറിയാം നീ വന്ന് മതി."

"എടീ അച്ചു..നീ പറയുന്ന പോലെ ഒന്നും അല്ല കാര്യങ്ങൾ. ഒന്നാമതേ ഉപ്പ നിൽക്കക്കളി ഇല്ലാതെ നിക്കാ.അതിന് ഇടക്ക് ടൂറെന്നും പറഞ്ഞ് ചെന്നാലും

മതി എന്നെ ആട്ടി പായിക്കും."

"അതോർത്ത് ഇജ്ജ് ബേജാറാകണ്ട ആപ്പാനോട്
ഞാൻ പറഞ്ഞ് സമ്മതിപ്പിച്ചോളാം."

"കേട്ടല്ലോ? ആ കാര്യം ഹസി ഏറ്റു.ഇനി ഒരു പ്രശ്നവും
ഇല്ല.നീയൊന്ന് വന്നാ മതി. സത്യം പറഞ്ഞാ
ഞങ്ങൾക്ക് സഹിക്കണില്ലടി അൻറെ ഈ കോലം
കണ്ടിട്ട്...

ഞങ്ങൾക്ക് ഞങ്ങളെ ഫെബിയെ തിരിച്ച് വേണം
അതിന് നീ ടൂറിന് വന്നേ പറ്റൂ."

"അതെന്നെ ..ക്ലാസിലെ എല്ലാരും വരുന്നുണ്ട് അതോണ്ട്
ഇജ്ജും വേണം .ഇനിയും ഇജ്ജ് വരുന്നില്ലാന്നാണ്
തീരുമാനമെൻകില് ഞങ്ങളും പോകൂല. ഒരുപാട്
പോകാൻ കൊതിച്ച നമ്മളെ ഈ സ്കൂളിലെ ലാസ്റ്റ്
ടൂറാണ്.ഇജ്ജ് വരുന്നില്ലേൽ ഞങ്ങളും പോകൂല."

"അതെന്നെ ..അൻക്ക് പോകാൻ താല്പര്യം
ഇല്ലാത്തോട്ത്തേക്ക് ഞങ്ങൾക്കും പോകണ്ട. ഇജ്ജ്

കാരണം ഞങ്ങൾക്ക് പോകാൻ പറ്റാത്തതിൽ വിഷമമൊന്നുല്യ. എന്നാലും ഞങ്ങൾ കുറേ കൊതിച്ചതേന്നു ഈ ടൂർ.അൻക്ക് വേണ്ടൻകിൽ പിന്നെ ഞങ്ങക്കെന്തിനാ?"

അവരുടെ രണ്ട് പേരുടേയും ഡയലോഗ് കേട്ടപ്പൊ തന്നെ നമ്മളെ വീഴ്ത്താനുള്ളത് ആണെന്ന് മനസ്സിലായി.

"മതി രണ്ടാളും ഡ്രാമ കളിച്ചത്.ഇപ്പൊ ഞാനെന്താ വേണ്ടേ ടൂറിന് വരണം അത്രെലെയുള്ളൂ.

വരാം...പോരേ."

അത് പറഞ്ഞ് തീരും മുന്നേ അച്ചുവും ഹസിയും കൂടി എന്നെ കെട്ടിപ്പിടിച്ച് ആർത്ത് ഉല്ലസിച്ചിരുന്നു.

"ബട്ട് വൺ കണ്ടീഷൻ"

അത് പറഞ്ഞതും കെട്ടിപ്പിടിത്തം അവസാനിപ്പിച്ച് രണ്ടും എൻറെ മുഖത്തേക്ക് നോക്കി എന്താ പറയാൻ പോപുന്നതെന്ന് ശ്രദ്ധിച്ചിരുന്നു.

"എന്നെ കൊണ്ടുണ്ടാകുന്ന ശല്യങ്ങൾ സഹിക്കാൻ പറ്റുമെന്നും ഞാനെന്ത് ചെയ്താലും അതിനെ സപ്പോർട്ട് ചെയ്യുമെന്നും സമ്മതിച്ചാ ഞാൻ വരാം."

അവര് രണ്ട് പേരും പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് എൻറെ നേരെ തിരിഞ്ഞു.

""ഡബിൾ ഓക്കെ""

രണ്ടും കൂടി അലറി കൊണ്ട് വീണ്ടും വന്ന് കെട്ടിപ്പിടിച്ചു. അവരുടെ സ്നേഹം കൊണ്ടുള്ള വീർപ്പ് മുട്ടിക്കലും അവരുടെ സന്തോഷവും എൻറെ വിഷമത്തെ കുറച്ചു.

പിന്നെ അവിടന്ന് ടൂറിന് വേണ്ടി കാത്തിരിപ്പായിരുന്നു ഞങ്ങൾ. ഹസി പറഞ്ഞ വാക്ക് പാലിച്ചു.ഉപ്പാനോട്

പറഞ്ഞ് ടൂറിനുള്ള സമ്മതമൊക്കെ വാങ്ങി.

ഉപ്പ ടൂറിനുള്ള കാശ് എനിക്ക് നേരെ നീട്ടിയപ്പോ ഞാൻ ഞെട്ടി പോയി.കാരണം, സാധാരണ ഉപ്പാനോട് ടൂറിന് കാശ് ചോദിച്ചാൽ കടിച്ച് കീറാൻ വരുന്ന ആളാണ്. പക്ഷേ ഇന്നിപ്പോ അതല്ല അവസ്ഥ. സ്കൂളിൽ എത്തിയാൽ എല്ലാവരുടേയും ചർച്ച ടൂറിനെ പറ്റിയാകും, ഹസിയും അച്ചുവും കൂടി ഒരു സ്വസ്ഥത തരില്ല.ടൂറിന് അങ്ങനെ ചെയ്യണം,ഇങ്ങനെ ചെയ്യണം എന്നൊക്കെ പറഞ്ഞോണ്ടിരിക്കും.ഞാൻ എല്ലാത്തിനും മൂളി കൊടുക്കും.

അങ്ങനെ കാത്ത് കാത്തിട്ട് ഞങ്ങളുടെ ടൂറിൻ്റെ ദിവസം വന്നെത്തി.

പുലർച്ചെ നാലരക്ക് തന്നെ ബസ് പുറപ്പെടും എന്നുള്ളത് കൊണ്ട് നേരത്തെ എണീക്കണം.ഉപ്പയാണ് എന്നെ എഴുന്നേൽപ്പിച്ചത് അതും മൂന്ന് മണിക്ക്.

"എന്തിനാ ഉപ്പാ ഇത്രേം നേരത്തെ വിളിച്ചത്.ഇൻ്റെ

ഒറക്കം പോയി."

"പൊന്നു മോള് എണീറ്റ് കുളിച്ച് ഒരുങ്ങി വരാനൊക്കെ ഒരുപാട് നേരമാകും.അതോണ്ടാ ഇപ്പോൾ തന്നെ വിളിച്ചത് വേഗം പോയി കുളിച്ച് മാറ്റി വാ."

ഉപ്പ എൻ്റെ തലയിൽ തലോടി കൊണ്ട് താഴേക്ക് പോയി. എൻ്റെ മുഖത്തെ വിശാദഭാവം മാറാനാകും ഉപ്പ ഇല്ലാത്ത കാശ് കൊടുത്ത് എന്നെ ടൂറിന് പറഞ്ഞ വിടുന്നത്. ഞാൻ എണീറ്റ് ജനലിൻ്റെ കർട്ടൻ മാറ്റിയപ്പൊ ഹസിൻ്റെ വീട്ടിൽ വെളിച്ചം കണ്ടു അവളും ഈ നേരത്ത് തന്നെയാണ് എണീറ്റത്.വേഗം കുളിച്ച് മാറ്റിയൊരുങ്ങി താഴേക്ക് ഇറങ്ങി.ഉമ്മ അടുപ്പത്ത് എന്തോ പിടിപ്പത് പണിയിലാ. ഷാദിയും സിനുവും നല്ല ഉറക്കത്തിലും. എനിക്ക് ഒരു ഹോബിയുണ്ട്,എൻ്റെ ഉറക്കം കളഞ്ഞിട്ട് വേറെ ആരെൻകിലും ഉറങ്ങുന്നത് കണ്ടാൽ എനിക്ക് സഹിക്കില്ല. ഞാൻ അവരുടെ റൂമിലേക്ക് ചെന്ന് പുതപ്പ് മാറ്റിയിട്ട് ഫാനിൻ്റെ സ്വിച്ച് ഓഫാക്കി,ലൈറ്റിൻ്റെ സ്വിച്ചിട്ടു. വിചാരിച്ച പോലെ തന്നെ ആദ്യം കണ്ണ് തുറന്നത് ഷാദിയാണ്.സിനു ഉറക്ക പിരാന്തത്തി ആയോണ്ട് വെള്ളം എടുത്തു മുഖത്തൊഴിച്ചു.

"ഉമ്മാാാാാ....ഈ താത്ത ഒറങ്ങാൻ സമ്മതിക്ക്ണില്ല."

"ഞാൻ വയനാട്ടിലേക്ക് പോകാ.അപ്പൊ നിങ്ങള് ഇവിടെ കിടന്ന് ഉറങ്ങിയാ അതെങ്ങനെ ശരിയാകും."

"ഇജ്ജ് പോകുന്നതിന് ഞങ്ങളെ എണീപ്പിക്കണോ.അൻക്ക് പോയാ പോരേ.."

അവള് വമ്പൻ കലിപ്പിലായിരുന്നു.അവള് പുതപ്പെടുത്ത് തലയിൽ കൂടിയിട്ട് വീണ്ടും കിടന്നു.ഞാൻ പുതപ്പ് വീണ്ടും ഊരി.

"ഒന്ന് പോയി തരോ ശല്യം."

"ശല്യം അൻറെ മറ്റോന്.എണീറ്റ് പോടി..."

"താത്ത ഓളെ കളിക്ക് നിക്കണ്ട.പോകാൻ നോക്കി."

"ടൂർ പോകല്ലേ,അപ്പൊ അൻക്കൊക്കെ എന്തെൻകിലും വാങ്ങാമെന്ന് കരുതി. എന്തായാലും ഓൾക്ക് ഇനി ഒന്നും വേണമെന്ന് തോന്നുന്നില്ല. അതോണ്ട് ഇജ്ജ് പറ ഷാദി അൻക്ക് എന്താ വേണ്ടത്?"

ഇത് കേട്ടതും സ്വിച്ചിട്ട പോലെ സിനു ഒരു എണീക്കലായിരുന്നു.

"താത്താ...പോയില്ലലേ? ഞാൻ ഒരു തമാശ പറഞ്ഞപ്പൊ താത്ത വിശ്വസിച്ചു അല്ലേ? ഇൻക്ക് അറിയാ വിശ്വസിച്ചു എന്ന്."

അവള് ഒരു വളിഞ്ഞ ചിരിയും കൊണ്ട് എൻറെ പിന്നാലെ വന്നു.ഞാൻ അവളെ മൈൻറ് ചെയ്യാനെ പോയില്ല. അപ്പോഴേക്കും ഉമ്മ ഒരു പാത്രവും കൊണ്ട് ഹാളിലേക്ക് വന്നു.

"ഫെബീ ഇത് കൊറച്ച് വടയാ.ഹസിക്കും അച്ചുവിനും കൊടുക്കോണ്ടി.ന്നാ.. അൻക്ക് കാപ്പി."

"എന്തിനാ ഉമ്മ ങ്ങളിപ്പൊ ഇതൊക്കെ ഉണ്ടാക്കാൻ നിന്നത്."

"അതൊന്നും സാരല്യ മറക്കാതെ ഇതൊക്കെ അവർക്കും കൂടി കൊടുത്തോണ്ടി .ഒറ്റക്ക് തിന്നാൻ നിക്കണ്ട."

"ആ ..ആലോചിക്കട്ടെ."

അപ്പോഴേക്കും ഹസി വന്നിരുന്നു.ഞാൻ ഉമ്മ തന്നതൊക്കെ ബാഗിലാക്കി കാപ്പി ഒറ്റ വലിക്ക് കുടിച്ചു.നേരം ഇപ്പോഴും ഇരുട്ടായിരുന്നു.പുറത്തേക്ക് ഇറങ്ങിയപ്പൊ സിനു എന്നെ നോക്കി ഒന്ന് ചിരിച്ചു.ഞാൻ ഓളെ കാണാത്ത പോലെ ഷാദിയോടും ഉമ്മാനോടും യാത്ര പറഞ്ഞിറങ്ങി.മൂത്തമ്മയും ജസിയുമൊക്കെ (ഹസിൻറെ താത്ത) അവിടന്ന് നോക്കി നിൽപ്പുണ്ടായിരുന്നു. ഞാനും ഹസിയും ഉപ്പയും

മൂത്താപ്പയും കൂടി നടക്കാൻ തുടങ്ങി. വീട്ടിൽ നിന്ന് അധികം ഒന്നും സ്കൂളിലേക്ക് ദൂരമില്ല.നടന്നാൽ ഒരു 15 മിനിറ്റ് കൊണ്ട് എത്തും.പക്ഷേ കൂടെ ഞങ്ങളെ ഉപ്പമാരും കൂടെയുള്ളത് കൊണ്ട് ഇപ്പൊ തന്നെ അവിടെ എത്തലുണ്ടാവില്ലാന്ന് ഞങ്ങൾക്ക് ഉറപ്പായിരുന്നു. നേരം വെളുക്കാത്തതോണ്ട് റോഡിൽ അധികം വണ്ടികളൊന്നും ഇല്ല.റോഡിൻറെ നടുക്ക് കൂടിയാ ഞങ്ങള് നടന്നത്.

"ഉപ്പാ രണ്ട് കയ്യും വീശി നടന്നൂടി.ആ വയറൊന്ന് കൊറയട്ടെ.എന്തായാലും ഡൈലി എണീറ്റ് നടക്കാൻ പോകുന്നതല്ലേ ഇന്നത് കുറച്ചു കൂടി നേരത്തെ ആയെന്ന് കരുതിയാ മതി."

ഉപ്പ ഒരു പുഞ്ചിരി തന്നു.ഉപ്പാക്ക് കൊളസ്ട്രോൾ ഒക്കെ കുറച്ച് ഓവറാ അതോണ്ട് ഡോക്ടറാ പറഞ്ഞത് ഡൈലി നടക്കാൻ പോകണമെന്ന്.അന്നൊക്കെ നടക്കുമായിരുന്നു.പിന്നെ കുറച്ചു ദിവസമായി അതും ഇല്ല. ഇനിയൊക്കെ ഒന്നിൽ നിന്നും തുടങ്ങണം.

ഞങ്ങളോരോന്ന് സംസാരിച്ച് സംസാരിച്ച് സ്കൂളിൽ

എത്തിയത് അറിഞ്ഞില്ല.അവിടെ എല്ലാവരും നേരത്തെ എത്തിയിരുന്നു.

ഞങ്ങളെ സ്കൂളിൽ ആക്കിയിട്ട് മൂത്താപ്പയും ഉപ്പയും വീട്ടിലേക്ക് മടങ്ങി.ഞങ്ങള് അച്ചുവിനെ തേടി നടക്കായിരുന്നു.അവളെപ്പോഴോ അവിടെ എത്തിയിരുന്നു. ഞങ്ങളെ കണ്ടതും അവളോടി അടുത്തേക്ക് വന്നു.

"എവിടെയായിരുന്നു രണ്ടാളും? ഞാൻ എപ്പൊ എത്തി എന്നറിയോ?"

"ഹൊ...ഇൻറെ അച്ചൂ ഞങ്ങള് വന്നില്ലേ? പിന്നെയെന്താ?"

"ഉം...അതോണ്ട് ഞാനൊന്നും പറയുന്നില്ല.വാ നമുക്ക് ബസിന് അടുത്തേക്ക് പോകാം."

അച്ചു ഞങ്ങളെ ബസിൻറെ അടുത്തേക്ക് വലിച്ച്

കൊണ്ട് പോയി.

ടീച്ചേഴ്സ് ഒക്കെ ഓരോരോ നിർദേശങ്ങൾ ഞങ്ങൾക്ക് തന്നോണ്ട് നിക്കാ.അതൊക്കെ ആര് ശ്രദ്ധിക്കാനാ?

ഞാനും ഹസിയും അച്ചുവും ആരാ വിൻഡോ സീറ്റിലിരിക്കായെന്ന് തർക്കിച്ച് നിക്കാണ്.ഒടുക്കം ഞങ്ങൾ ഒരു തീരുമാനത്തിൽ എത്തി. ഓരോ സ്ഥലത്ത് എത്തി ഇറങ്ങുമ്പോ പിന്നെ അടുത്ത ആളാണ് വിൻഡോ സീറ്റിൽ ഇരിക്കാ.

അങ്ങനെ ഫസ്റ്റ് ഞങ്ങളെ തന്നെ ബസിൽ കേറ്റി.പുറകിലെ സീറ്റൊക്കെ ബോയ്സിൻറെ കുത്തക ആയോണ്ട് ഞങ്ങള് അധികം പുറകോട്ട് പോയില്ല.

അവരെ പേടിച്ചിട്ടൊന്നും അല്ലാട്ടോ.തിരക്ക് കൂടാനുള്ള സ്റ്റാമിന ഇല്ലാത്തോണ്ടാ.നല്ലോണം ഉറക്കം വരുന്നുണ്ട്.

ഞാൻ വിൻഡോ സീറ്റിൽ പോയി ഇരുന്നു.പിന്നെ അച്ചുവും ഹസിയും കൂടെ ഇരുന്നു. ഈ ബസിൽ മുഴുവൻ ഞങ്ങളെ ക്ലാസിലെ കുട്ടികൾ ആയോണ്ട് ഒരു റിലാക്സേഷനൊക്കെ ഉണ്ട്.

അങ്ങനെ ഗേൾസൊക്കെ കേറി കഴിഞ്ഞപ്പോ പിന്നെ ബോയ്സിൻ്റെ ഊഴമായിരുന്നു.അവൻമാരൊക്കെ കേറുന്നതും നോക്കിയിരിക്കുമ്പോഴാണ് ഞാൻ ഞങ്ങളെ ക്ലാസിലെ അരുണിനെ ശ്രദ്ധിക്കുന്നത്.

അരുൺ. അവനെ പറ്റി പറയുകയാണെൻകിൽ എന്താ പറയാ. ക്ലാസിലെ എന്നല്ല സ്കൂളിലെ തന്നെ മൊഞ്ചന്മാരിൽ ഒരുവൻ.പിന്നെ ഇവനും അച്ചുവും തമ്മിൽ ഒരു പഴയ കണക്ഷനുണ്ട്.നിങ്ങൾ വിചാരിക്കുന്ന പോലെയുള്ള കണക്ഷൻ അല്ലട്ടോ.

ഞങ്ങൾ എട്ടിൽ പഠിക്കുമ്പൊ അരുണിന് അവളോട് ഒരു ഇഷ്ടമുണ്ടെന്ന് അവൻ്റെ ഫ്രണ്ട് ഞങ്ങളോട് പറഞ്ഞിരുന്നു.അന്ന് അച്ചു അവനോട് പറഞ്ഞത് 'എനിക്ക് വേറെയൊരാളെ ഇഷ്ടാണ്.അതോണ്ട് അരുണിനോട് വേറെ പെണ്ണിനെ നോക്കാൻ പറ' എന്നായിരുന്നു. അന്ന് അവള് വെറുതേ പറഞ്ഞതാണെന്ന് വേറെ ആരെക്കാളും എനിക്ക് നന്നായിട്ട് അറിയുന്നത് കൊണ്ട് അത് വലിയ കാര്യമാക്കിയില്ല.പക്ഷേ അതിന് ശേഷം ഇതുവരെ

അരുണിൻറെ പേരും മറ്റൊരുത്തിയുടെ പേരും ചേർത്ത് ആരും ഗോസിപ്പിന് ഇറങ്ങി ഞങ്ങളാരും കേട്ടിട്ടില്ല. ഇന്നിപ്പൊ ഞാനിത് പറയാനും കാരണമുണ്ട്.അരുൺ ബസിൽ കേറിയപ്പൊ ആദ്യം നോക്കിയത് അച്ചുവിനെയാണ്.അതിന് ശേഷാ അവൻ സീറ്റിലേക്ക് പോയത്.ക്ലാസിലും ഇത് തന്നെയാണ് അവസ്ഥ.അച്ചു ഇതൊന്നും കാണുന്നില്ലെൻകിലും ഞാനതൊക്കെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അരുണിൻറെ മനസ്സിൽ എന്തായാലും അച്ചു ഉണ്ടെന്ന് എനിക്ക് ഉറപ്പായിരുന്നു.പക്ഷേ, അച്ചുവിന്റെ മനസ്സിൽ എന്തായിരിക്കും എന്നായിരുന്നു എൻറെ ചിന്ത.

ഞാൻ ചിന്തിച്ചു കൂട്ടുന്നതിനിടയിൽ ബസ് എടുത്തതും പെട്രോൾ പമ്പിൽ നിർത്തിയതും ഞാനറിഞ്ഞില്ല.

എന്നെ ചിന്തകളിൽ നിന്ന് എണീപ്പിച്ചത് അച്ചുവായിരുന്നു.

"എടീ ഫെബീ...നീയിതെന്താ ചിന്തിച്ച് കൂട്ടുന്നത്?"

ചോദിക്കണ്ടാന്ന് വിചാരിച്ചതായിരുന്നു അവളെന്തായാലും ചോദിച്ചതല്ലേ പറഞ്ഞേക്കാം.

"അച്ചൂ...ഞാൻ നിന്നോട് ഒരു കാര്യം ചോദിച്ചാൽ സത്യം പറയോ?"

"ഇതിലെന്താ ഇത്ര സംശയം? നീ ചോദിക്ക് ഞാൻ പറയാം."

"നിനക്ക് അരുണിനെ ഇഷ്ടമാണോ?"

(തുടരും)

ഭാഗം.6

"നിനക്ക് അരുണിനെ ഇഷ്ടമാണോ?"

പ്രതീക്ഷിച്ച പോലെ തന്നെ ഒരു ഞെട്ടലായിരുന്നു അവളുടെ പ്രതികരണം.ഹസിയും ഞങ്ങളെ മിഴിച്ച് നോക്കി നിൽക്കാണ്.

"അച്ചു നീ എന്താ ഒന്നും മിണ്ടാത്തേ?"

"എന്താ ഫെബീ ഇജ്ജ് എന്നുമില്ലാത്തൊരു ചോദ്യം?"

"ഞാൻ ചോദിച്ചതിന് ഇജ്ജ് ആദ്യം മറുപടി താ.എന്നിട്ട് പറഞ്ഞ് തരാ. നിനക്ക് അരുണിനെ ഇഷ്ടമാണോ?"

"ഫെബീ...അവന് എന്നെ ഇഷ്ടമല്ല.അന്ന് കുട്ടികള് വെറുതെ പറഞ്ഞുണ്ടാക്കിയതാ.അല്ലാതെ അവന് എന്നെ ഇഷ്ടമല്ലടാ.."

പെണ്ണ് ചിണുങ്ങി കൊണ്ട് പറഞ്ഞു.

"അച്ചു ഞാൻ നിന്നോട് അരുണിന് നിന്നെ ഇഷ്ടമാണോ എന്നല്ല ചോദിച്ചത്.നിനക്ക് അവനെ ഇഷ്ടാണോ എന്നാ."

"ഫെബീ..ഞാൻ പറഞ്ഞല്ലൊ അവനെന്നെ ഇഷ്ടല്ലാന്ന്."

ചോദിക്കുമ്പൊ ചോദിക്കുമ്പൊ അവളത് തന്നെ പറഞ്ഞോണ്ടിരുന്നു.സ്വാഭാവികമായും ഏതൊരാളും ചെയ്യുന്ന പോലെ ഞാനും ചെയ്തു.അച്ചുവിനോട് ദേഷ്യപ്പെട്ടു.

"അച്ചു..ഞാൻ നിന്നോട് അവസാനമായിട്ട് ചോദിക്കാ ..നിനക്ക് അവനെ ഇഷ്ടമാണോ അല്ലയോ?"

ഇരമ്പി വന്ന ദേഷ്യം കടിച്ച് പിടിച്ച് കൊണ്ട് അവളോട് വീണ്ടും ചോദിച്ചു.

"ഫെബീ..അവനെന്നെ ഇഷ്ടമല്ല ഫെബീ..."

അതും പറഞ്ഞ് പെണ്ണ് കരച്ചിലിൻറെ വക്കോളമെത്തി.ഇതോടെ അവളുടെ മനസ്സിൽ അരുണുണ്ടെന്ന് ഞാൻ ഉറപ്പിച്ചു.ഇനി ഇവളെങ്ങാനും അവനെ ഇഷ്ടമാണെന്ന് പറഞ്ഞിട്ട് അവനാ ഇഷ്ടം

ഇവളോടില്ലെൻകിൽ അത് അവൾക്ക് താങ്ങാൻ കഴിയില്ല.എന്ന് കരുതി ഇവളെ വെറുതെ വിടാൻ പറ്റോ? അവളുടെ വായിൽ നിന്ന് തന്നെ എനിക്കത് കേക്കണം.അതെൻറെ വാശിയാ. വാശി കേറി കഴിഞ്ഞാ പിന്നെ മനസ്സിൽ വിചാരിച്ചത് നടത്താതെ ഉറക്കം വരില്ല.പറഞ്ഞു പറഞ്ഞു നമ്മള് കഥേന്ന് പോന്നുലേ.വരീ..നമുക്ക് തിരിച്ചു പോകാ.

"അച്ചൂ..നിന്നോട് അവസാനമായിട്ട് ചോദിക്കാ അൻക്ക് അവനെ ഇഷ്ടാണോ അല്ലയോ?"

"അവന് എന്നെ ഇഷ്ടല്ലാ ഫെബീ.."

"ചോദിച്ചതിന് മാത്രം ഉത്തരം തന്നാൽ മതി.അല്ലാതെ എക്സ്ട്രാ ഉത്തരം വേണ്ടാ.."

നമ്മള് നല്ല കട്ട കലിപ്പില് സീറ്റിൽ നിന്നും എണീറ്റ് അച്ചുവിനോട് നല്ല ഉച്ചത്തിൽ തന്നെ കയർത്തു.ഇത് കണ്ടതും എല്ലാവരുടേയും നോട്ടം ഞങ്ങളിലേക്കായി.എല്ലാരും കഥ അറിയാതെ ആട്ടം

കാണുന്ന പോലെ നോക്കി നിന്നു.

അപ്പോഴേക്കും അച്ചു എൻറെ കയ്യിൽ പിടിച്ച് വലിച്ച് സീറ്റിൽ ഇരുത്തിയിരുന്നു.

"എൻറെ ഫെബീ..നിനക്ക് എന്താ ഭ്രാന്ത് പിടിച്ചോ? എല്ലാവരും നോക്കുന്നത് കണ്ടില്ലെ?"

"എന്നാല് പൊന്നു മോളെന്നെ കൂടുതൽ ഭ്രാന്ത് പിടിപ്പിക്കാതെ പറഞ്ഞോ.നിനക്ക് അരുണിനെ ഇഷ്ടമാണോ അല്ലയോ?"

അവള് ഒന്നും മിണ്ടാതെ തല താഴ്ത്തിയിരുന്നു.

"നീയിപ്പൊ പറയുന്നോ അതോ ഞാൻ എല്ലാവരുടേയും മുൻപിൽ വെച്ച് ചോദിക്കണോ?"

"വേണ്ട ഞാൻ പറയാ.

എനിക്ക് അവനെ ഇഷ്ടാണ്.പക്ഷേ അവന് എന്നെ ഇഷ്ടമല്ല ഫെബീ..."

അവളുടെ ഈ മറുപടി എനിക്കെന്തോ അളവില്ലാ സന്തോഷം നൽകി. ഞാൻ അവളെ ഒന്ന് കളിപ്പിക്കാൻ തന്നെ തീരുമാനിച്ചു.

"എന്തോ..എങ്ങനെ..ഞാൻ കേട്ടില്ല.ഇഷടല്ലാന്നോ?"

അവളുടെ മുഖത്ത് പെട്ടെന്ന് ദേഷ്യം വന്നു.

"ഇഷ്ടമാണെന്ന്."

"ഇത് നേരത്തെ പറഞ്ഞിരുന്നെൻകിൽ എൻറെ എനർജി വെറുതെ വേസ്റ്റാവില്ലായിരുന്നല്ലൊ....ഉം... അപ്പൊ ശരി ഞാനൊന്ന് ഉറങ്ങട്ടെ നല്ല ഉറക്കം വരുന്നുണ്ട്"

"ഫെബീ...നീയെന്താ ചെയ്യാൻ പോകുന്നത്?"

"ഞാനെന്ത് ചെയ്യാനാ? നിനക്ക് അരുണിനെ ഇഷ്ടമാണോ എന്നറിയണം എന്ന് തോന്നി,ചോദിച്ചു. അത്രേയുള്ളൂ."

"അപ്പൊ...അപ്പൊ ഇജ്ജ് ഇത് ഓനോട് പോയി പറയില്ലേ?"

"ഞാനെന്തിനാ പറയുന്നേ? എനിക്ക് അതിൻറെ ആവശ്യം എന്താ? പോരാത്തതിന് നീ തന്നെയല്ലേ പറഞ്ഞേ ഓന് അന്നെ ഇഷ്ടല്ലാന്ന്.ഇനി ഇതിൽ കൂടുതൽ ഞാനെന്ത് പറയാനാ?"

എൻറെ മറുപടി അവളിൽ നിരാശ പടർത്തിയെന്ന് മുഖഭാവത്തിൽ നിന്ന് തന്നെ മനസ്സിൽ ആയി.ഞാനത് ശ്രദ്ധിക്കാതെ ചിരി അടക്കി പിടിച്ച് കണ്ണടച്ചു.എപ്പോഴാ ഉറങ്ങിയതെന്ന് എനിക്ക് അറിയില്ല.കണ്ണ് തുറന്ന് നോക്കിയപ്പോഴും അച്ചു ടെൻഷനടിച്ചിരിക്കാണ്.

"എന്താടീ അച്ചൂ..അൻക്ക് ഉറക്കക്ഷീണമൊന്നും ഇല്ലേ? ഇപ്പോഴും അതും ആലോചിച്ച് നിക്കാണോ? എടീ പൊട്ടക്കാളീ..ഞാനത് അവനോട് പറയാൻ പോകുന്നില്ല.പോരേ? ഇനിയെൻകിലും ഒന്ന് ചിരിക്കടീ.."

എൻ്റെ മറുപടി കേട്ടന്നോണം അവളൊന്ന് ഇളിച്ചു കാണിച്ചു തന്നു.

അവളുടെ ചിരിയിൽ അധികം സംതൃപ്തി ഉള്ള പോലെ എനിക്ക് തോന്നിയില്ല.കാരണം അറിയാവുന്നത് കൊണ്ട് ഞാനത് കാര്യം ആക്കിയില്ല.

സമയം നോക്കിയപ്പൊ 8 മണിയോട് അടുത്തിരുന്നു. ബസ് ഒരു ഹോട്ടലിന് മുന്നിൽ നിർത്തിയിട്ട് ഞങ്ങളോട് ഇറങ്ങാൻ പറഞ്ഞു.ഞാനും അച്ചുവും ഹസിയും കൂടി ആദ്യം തന്നെ ഇറങ്ങി. ഭക്ഷണം കഴിച്ചിട്ട് ആദ്യം കേറിയതും ഞങ്ങളായിരുന്നു.

അപ്പോഴുണ്ട് അരുൺ ഒറ്റക്ക് പുറകിലിരിക്കുന്നത് കണ്ടത്.അച്ചു വിൻഡോ സീറ്റിൽ ആയതോണ്ട് പുറത്തേക്ക് നോക്കിയിരിക്കായിരുന്നു.

"അരുണേ നീ ചായ കുടിച്ചില്ലേ?"

എൻറെ ചോദ്യം കേട്ടപ്പൊ അച്ചു എന്നെയൊന്ന് നോക്കിയിട്ട് പുറകോട്ട് തിരിഞ്ഞു.അരുണിനെ കണ്ടപ്പൊ അവള് വേഗം സീറ്റിലേക്ക് പമ്മിയിരുന്നു.

"ഇല്ല ഫെബീ എനിക്ക് വിശപ്പില്ല അതാ.."

"ഓഹോ..."

ഞാൻ എൻറെ ബാഗ് തുറന്ന് ഉമ്മ കൊടുത്തയച്ച വട എടുത്ത് അരുണിൻറെ അടുത്തേക്ക് ചെന്നു.

"ഞാൻ തന്നാൽ കഴിക്കോ ആവോ? എൻറെ ഉമ്മ ഉണ്ടാക്കിയതാ.."

"വേണ്ട ഫെബീ.. തൻറെ ഉമ്മ നിങ്ങൾക്ക് വേണ്ടി

ഉണ്ടാക്കിയതല്ലേ നിങ്ങൾ കഴിച്ചു."

"എൻറെ മാഷേ താൻ കഴിച്ചെന്ന് കരുതി ഞങ്ങളൊന്നും വിചാരിക്കാൻ പോണില്ല.പിന്നെ ഉമ്മ പ്രത്യേകം പറഞ്ഞിട്ടുണ്ട് ഒറ്റക്ക് കഴിക്കാതെ എല്ലാവർക്കും കൊടുക്കണമെന്ന്.താനെടുത്തോ."

അരുണൊന്ന് പുഞ്ചിരിച്ച് കൊണ്ട് ഒരു വടയെടുത്തു കഴിച്ചു.

"പിന്നെ അരുൺ ..എനിക്ക് തന്നോട് ഒരു കാര്യം പറയാനുണ്ടായിരുന്നു."

"അതിനു മുന്നേ എനിക്ക് തന്നോട് ഒരു കാര്യം പറയാനുണ്ട്."

അതിപ്പൊ എന്താണാവോ എന്ന രീതിയിൽ ഞാനവനെയൊന്ന് നോക്കി.

"ഒരു രണ്ട് വട കൂടി തരാവോ? നോ നല്ല ടേസ്റ്റ്."

ഒരു വളിഞ്ഞ ചിരിയും പാസാക്കി അവൻ എൻറെ നേരെ കൈ നീട്ടി. അതുവരെ അടക്കി പിടിച്ചു നിന്ന ചിരി അവൻറെ ചിരി കണ്ടപ്പൊ പൊട്ടി വന്നു. ഞാനതിൽ നിന്നും ഒരു നാലഞ്ചെണ്ണം എടുത്ത് അവന് കൊടുത്തു.

"തനിക്ക് എന്തോ പറയാനുണ്ടെന്ന് പറഞ്ഞിട്ട്.."

"പറയാം. പക്ഷേ ഇപ്പൊ അല്ല കുറച്ച് കഴിഞ്ഞിട്ട്."

അതും പറഞ്ഞ് ഞാൻ സീറ്റിലേക്ക് പോയി ഇരുന്നു.ഇപ്പൊ പറയാതിരുന്നത് എല്ലാവരും ബസിൽ കേറി കൊണ്ടിരിക്കായിരുന്നു.ഇപ്പൊ ചോദിച്ചാ ശരിയാവില്ല.

ഞാൻ ഹസിക്കും അച്ചുവിനും ആ പാത്രം നീട്ടി. രണ്ടും കൂടി അപ്പൊ തന്നെ അറ്റക്കിങ് ആരംഭിച്ചു.എൻറെ

ഉമ്മാൻറെ ഫുഡ് എന്ന് വെച്ചാ ജീവ നാ രണ്ടിനും.

വട കിട്ടിയപ്പൊ അവളുടെ നിരാശ കുറച്ച് കുറഞ്ഞിട്ടുണ്ട്.ബസെടുത്ത് ആദ്യം നിർത്തിയത് എടക്കൽ ഗുഹയിൽ വെച്ചാണ്.

"ചരിത്ര സ്മാരകങ്ങൾ ഒരുപാടുള്ള സ്ഥലമാണ് എടക്കൽ ഗുഹ." എന്ന് ഹിസ്റ്ററി സാർ പുരാണം പറഞ്ഞോണ്ടിരിക്കുമ്പോഴും ഞാനും അച്ചുവും മത്സരമായിരുന്നു.ആരാദ്യം അവിടെ എത്തുമെന്ന്.

നിങ്ങളോട് മത്സരിക്കാൻ ഞാനില്ലേ എന്ന് പറഞ്ഞ് ഹസി അവിടെ തന്നെ നിന്നു.ഞാനും അച്ചുവും കൂടി ഓട്ടമായിരുന്നു അങ്ങോട്ട്. ഓടിയോടി ക്ഷീണിക്കുമ്പൊ അവിടെ ഇരിക്കും.എന്നിട്ട് വരുന്നവരേയും പോകുന്നവരേയും വായിനോക്കും.കൂടെയുള്ളവര് അടുത്തെത്താൻ ആകുമ്പൊ വീണ്ടും ഓടും.അങ്ങനെ ഞങ്ങൾ രണ്ടാളും ആദ്യം അവിടെ എത്തി. അതിൻറെ അകമൊക്കെ ഒന്ന് ചുറ്റി അടിച്ച ശേഷം ഞങ്ങൾ വേഗം ഇറങ്ങി വന്നു.

കാരണം ഞങ്ങളേയും കാത്ത് അവിടെയുള്ള ഓരോ കടയിലെ ഐറ്റംസും കാത്തിരിക്കാണ്. ഞാനും അച്ചുവും ആദ്യം കണ്ട കടയിൽ കേറി.

"കേറി വാ കേറി വാ,നല്ല ഹോമെയ്ഡ് ചോക്ലേറ്റ് ഉണ്ട്. മോളേ ഇതൊന്ന് ടേസ്റ്റ് ചെയ്ത് നോക്കിയേ. അസ്സൽ ചോക്ലേറ്റ് ആണ്."

"നോക്കട്ടെ..ഛീ..ഇത് പോരാ..അതുനോക്കട്ടെ."

എന്നും പറഞ്ഞു എല്ലാ കടകളിൽ നിന്നും ടേസ്റ്റ് നോക്കി നോക്കി ഞങ്ങളൊരുപാട് ഐറ്റംസ് അകത്താക്കുമ്പോഴാണ് ഒരു കടയിലേക്ക് എൻറെ കണ്ണ് പാഞ്ഞ് ചെന്നത്.

"അരുൺ"

എൻറെ ശബ്ദം കേട്ട് അച്ചു അരുണിനെ നോക്കി.അവനെ കണ്ടതും അവളെൻറെ കയ്യിൽ പിടി

മുറുക്കി. ഞാൻ അരുണിൻ്റെ അടുത്തേക്ക് ചെല്ലാൻ നിന്നപ്പൊ അവളെൻ്റെ കയ്യിലെ പിടി ഒന്ന് കൂടി മുറുക്കി.

"ഫെബീ..നീയിതെങ്ങോട്ടാ പോകുന്നത്?"

"വാടീ..നമുക്ക് ആ കടയിലേക്ക് പോകാം.നമ്മൾ അങ്ങോട്ടു പോയിട്ടില്ലല്ലോ.വാാാ.."

"ഞാനൊന്നും ഇല്ല, നീയങ്ങ് തനിയെ പോയാ മതി."

"ഓകെ.. ഞാൻ പൊയ്ക്കോളാ."

അപ്പോഴേക്കും അച്ചു എൻ്റെ കൈ വിട്ടിട്ട് ഏതോ ഒരാൾക്കൂട്ടത്തിലേക്ക് ഓടിയിരുന്നു. ഇത് തന്നെ പറ്റിയ സന്ദർഭം.ഞാൻ അരുണിൻ്റെ അടുത്തേക്ക് ചെന്നു.

"അരുൺ..."

"എന്താ ഫെബീ.."

(തുടരും)

ഭാഗം.7

"അരുൺ"

"എന്താ ഫെബീ"

"അത്..എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ടെന്ന് പറഞ്ഞില്ലായിരുന്നോ?"

"ഉം ...പറ,"

ഞാൻ തിരിഞ്ഞു നോക്കിയപ്പൊ അച്ചു 'വേണ്ട ടീ പ്ലീസ്'

എന്ന് രണ്ട് കയ്യും കൂപ്പി പറഞ്ഞു.ഞാനൊന്ന് പുഞ്ചിരിച്ചിട്ട് അരുണിനെ നോക്കി.

"അത് അരുൺ..അവൾക്ക് നിന്നെ ഇഷ്ടാ."

"ആർക്ക്?"

"അവൾക്ക് അച്ചുവിന്."

"നീയെന്താ ഫെബീ എന്നെ കളിയാക്കാ?"

"എടാ ഞാൻ നിന്നെ കളിയാക്കിരതൊന്നുമല്ല ,കാര്യം പറഞ്ഞതാ.അവൾക്ക് നിന്നെ ഭയൻകര ഇഷ്ടാ.നിന്നോട് പറയാനുള്ള പേടി കൊണ്ടാ അവളെന്നോട് പറഞ്ഞത്."

ഞാൻ പറയുന്നത് കേട്ട് നിന്നു എന്നല്ലാതെ അരുൺ ഒന്നും മിണ്ടിയില്ല.

"ഫെബീ..നീ എന്നെ വെറുതെ പൊട്ടൻ കളിപ്പിക്കല്ലല്ലോ?"

"എടാ ഞാൻ പറഞ്ഞത് സത്യാ..നീ ഇന്ന് രാവിലെ എൻറെ കയ്യിൽ നിന്ന് വാങ്ങി കഴിച്ച വടയാണേ,അതുണ്ടാക്കിയ എൻറുമ്മയാണേ,വടക്ക് വേണ്ടി മാവ് കൊണ്ട് വന്ന എൻറുപ്പയാണേ സത്യം."

എൻറെ സത്യം പറച്ചില് കേട്ടിട്ടാണോ അതോ അച്ചുവിന് അവനെ ഇഷ്ടമാണെന്ന് കേട്ടിട്ടാണോ എന്നറിയില്ല പുള്ളിക്കാരൻ ഭയൻകര ഹാപ്പിയാണ്. അവൻറെ മുഖത്ത് നിന്ന് തന്നെ അച്ചുവിനോടുള്ള ഇഷ്ടം എനിക്ക് മനസ്സിലാക്കാൻ പറ്റിയിരുന്നു.അതുകൊണ്ട് അവൻറെ തീരുമാനം എന്താണെന്ന് കേൾക്കാൻ നിന്നില്ല.ഞാൻ തിരിച്ച് നടന്നു.പക്ഷേ അതിനിടക്ക് അച്ചുവിനെ കാണാതായി.ഈ പെണ്ണ് ഇതെവിടെ പോയിയെന്ന് ചിന്തിക്കുമ്പോഴാ എൻറെ പുറത്ത് ഒരടി വന്നു വീഴുന്നത്.

"ആ...എന്താടീ അച്ചു.എൻറെ പുറം പൊളിഞ്ഞു."

"നിൻറെ പുറം പൊളിക്കല്ലാ വേണ്ടത്,നിന്നെയുണ്ടല്ലോ."

പെണ്ണ് എൻറെ കൊങ്ങക്ക് പിടിച്ചു. അവളുടെ കയ്യ് തട്ടി മാറ്റിയിട്ട് ഞാൻ ചിരിച്ച് കൊണ്ട് അവിടന്ന് ഓടി.പിന്നാലെ അവളും ഓടി വന്നു.

"ഡീ..ഫെബീ നിക്കടീ അവിടെ."

പറഞ്ഞു തീരുന്നതിന് മുന്നേ ഞാൻ അവിടെ നിന്നു. ഓടി വന്നതിൻറെ കിതപ്പ് മാറ്റിയിട്ട് അവള് വീണ്ടും എന്നോട് ചൂടായി.

ഞാൻ അവിടെയുള്ള മതിലിൽ ചാരിയിരുന്നു.

"നീയെന്ത് പണിയാ ഫെബീ ചെയ്തത്? ഇനി ഞാൻ എങ്ങനെ അവൻറെ മുഖത്ത് നോക്കും?"

"സാധാരണ എല്ലാവരേയും നീ എങ്ങനെ നോക്കാറ് അതു പോലെ നോക്കണം."

"ഡീ..തമാശ കള.ഞാൻ സീരിയസാ.."

"ആ..അത് തന്നെയാ ഞാൻ അവനോടും പറഞ്ഞത്.നീ സീരിയസായിട്ടാ അവനെ ഇഷ്ടാണെന്ന് പറഞ്ഞതെന്ന്."

"ഓ......എന്നെയങ്ങ് കൊല്ല്."

അച്ചു സ്വയം തലക്കടിച്ചിട്ട് പറഞ്ഞു. ഞാൻ അവളെ നോക്കി നന്നായി ചിരിച്ച് കൊടുത്തു.

അപ്പോഴുണ്ട് ഹസി വരുന്നു.

"എവിടെ ആയിരുന്നു നിങ്ങള് രണ്ടും ഞാനെത്ര തിരഞ്ഞെന്നറിയോ?

ഇവൾക്കെന്താ ഭ്രാന്തായോ ഇങ്ങനെ ചിരിക്കുന്നു?"

"ആ...ഭ്രാന്താ ഓൾക്ക്.അതിലേറെ ഭ്രാന്താ ഇപ്പോ

ഇൻക്ക്.?"

"എന്താ ഫെബീ ഇവള് ഇങ്ങനെ കെടന്ന് തിളക്കുന്നേ?"

ഞാൻ ഹസിയോട് നടന്നതൊക്കെ വള്ളി പുള്ളി വിടാതെ പറഞ്ഞു.എല്ലാം കേട്ട് കഴിഞ്ഞപ്പൊ ഹസിയും എൻ്റെ കൂടെ നിന്നു.

"ഹസീ..അപ്പൊ നീയും ഇവളെ കൂടെ കൂടിയോ?"

"എൻ്റെ അച്ചൂ..നിൻ്റെ പ്രശ്നം എന്താ ഇപ്പോൾ? ഞാൻ അരുണിനോട് പറഞ്ഞതാണോ പ്രശ്നം? എന്നാലത് ഇപ്പൊ തന്നെ തിരുത്തിയേക്കാം."

ഞാൻ തിരിച്ച് നടക്കാൻ തുനിഞ്ഞപ്പൊ അച്ചു എന്നെ തടഞ്ഞു.

"അതിനി തിരുത്താനൊന്നും പോകണ്ടാ."

"പിന്നെ എന്താ അൻറെ പ്രശ്നം?"

"പ്രശ്നം... പ്രശ്നൊന്നുമില്ല.പക്ഷേ,ഒരു ചടപ്പ്."

"ഒരു ചടപ്പും വേണ്ട.അവന് നിന്നെ ഇപ്പോഴും ഇഷ്ടാ."

"ഓൻ അന്നോട് അങ്ങനെ പറഞ്ഞോ?"

"പ..പറഞ്ഞോന്ന് ചോദിച്ചാ.. പറഞ്ഞു, പറഞ്ഞു."

"എന്താ പറഞ്ഞേ?"

"അന്നെ ഇഷ്ടാണെന്ന്"

അത് പറഞ്ഞപ്പൊ പെണ്ണിൻറെ മുഖത്തെ ഒരു സന്തോഷം കാണണം. പടച്ചോനേ അവനങ്ങനെ

പറഞ്ഞിട്ടില്ലാന്ന് അറിഞ്ഞാ ഇവളെൻറെ മയ്യിത്ത് എടുക്കും.

അങ്ങനെ അവിടന്ന് ചില അല്ലറ ചില്ലറ ഷോപ്പിംഗ് ഒക്കെ നടത്തി ഞങ്ങള് ബസിൻറെ അടുത്തേക്ക് നടന്നു.

"അച്ചൂ..ഇത്രയൊക്കെ ചെയ്ത് തന്ന എനിക്ക് ചെലവ് ചെയ്യണട്ടോ?"

"പിന്നെ നിങ്ങൾക്ക് അല്ലാതെ വേറെ ആർക്കാ ഞാൻ ചെലവ് ചെയ്യാ.പക്ഷേ ഒരപേക്ഷയേ ഉള്ളൂ മുടിപ്പിക്കരുത്."

അവള് പറയുന്നതും കേട്ട് ചിരിച്ച് നടന്ന് ബസിനടുത്ത് എത്തിയപ്പൊ ഒരാള് ഞങ്ങളെ ഇടയിൽ കൂടി ഞങ്ങളെ തെറിപ്പിച്ചിട്ട് ഒരൊറ്റ ഓട്ടം.ഓട്ടത്തിനിടയിൽ അയാള് പിറകോട്ട് നോക്കുന്നുണ്ട്.

"ഡോ...തനിക്ക് കണ്ണ് കണ്ടൂടേ."

എന്ന് വിളിച്ച് കൂവി നാക്ക് വായിലിട്ടില്ല,അപ്പോഴേക്കും വേറൊരുത്തൻ എന്നെ ഇടിച്ചിട്ടിട്ട് തിരിഞ്ഞു നോക്കാതെ മറ്റവൻറെ പിന്നാലെയോടി. അച്ചുവും ഹസിയും കൂടി എന്നെ എണീപ്പിച്ചു.

"കണ്ടാലെന്തൊരു മാന്യൻ..ഒരുത്തിയെ ഇടിച്ചിട്ടിട്ട് തിരിഞ്ഞു നോക്കാതെ പോകുന്നത് കണ്ടില്ലേ."

അച്ചു കട്ട കലിപ്പില് അയാളെ നോക്കി പറഞ്ഞു. ഞാൻ അപ്പോഴും ഷോക്കടിച്ച പോലെ നിൽക്കാണ്.

"ഡീ...ഫെബീ... കാറ്റു പോയോ പടച്ചോനേ.ഡീ..പെണ്ണേ.."

"ആ..എൻ..എന്താ?"

"നീയിതേതു ലോകത്താ? അങ്ങോട്ട് നോക്കി നിക്കാതെ വന്ന് ബസിൽ കേറാൻ നോക്ക്."

അച്ചു എൻറെ കൈ പിടിച്ച് ബസിൽ കൊണ്ട് പോയി ഇരുത്തി.വിൻഡോ സീറ്റിൽ ഇരുന്നത് ഹസിയാണ്,രണ്ടാളുടെ നടുക്ക് ഞാനും.

"ഫെബീ.. അൻക്ക് എന്താ പറ്റിയേ? നെഞ്ച് വേദനിക്കുന്നുണ്ടോ, അതാണോ ഇപ്പോഴും നെഞ്ചില് കൈ വെച്ചിരിക്കുന്നെ."

"അതല്ല ഹസീ..അയാള് വന്ന് ഇടിച്ചപ്പോ.."

"എന്താടീ..ഇടിച്ചപ്പൊ വല്ല സ്പാർക്കും വന്നോ?"

അച്ചുവും ഹസിയും ഭയൻകര ചിരി.അതോണ്ട് ഞാനൊന്നും മിണ്ടിയില്ല. അയാള് ഇടിച്ചപ്പൊ എൻറെ ഹാർട്ട് ബീറ്റ് ഞാനറിഞ്ഞു എന്നെങ്ങാനും ഇവറ്റകളോട് പറഞ്ഞാ നമ്മളെ ആക്കി കൊല്ലും.അതോണ്ട് തൽക്കാലം ആരും അറിയണ്ട.

"വല്യ ആലോചനയിലാണല്ലോ,എന്താ സംഭവം?"

അച്ചു എന്നോട് ചുമ്മാ ചൊറിയാൻ വന്നു. എനിക്ക് ദേഷ്യം വന്ന് രണ്ട് കൊടുക്കാൻ നിന്നപ്പൊ അരുൺ കേറി വരുന്നത് കണ്ടു. ഇവൾക്കിട്ട് ഒരു ഡോസ് കൊടുക്കാൻ ഞാൻ തീരുമാനിച്ചു.

"അച്ചൂ നീ എണീറ്റേ"

"എന്തിന്?"

"നീ എണീക്ക് പറയാം."

അവള് എണീറ്റതും അവളെ ഒരു തള്ള് തള്ളി.കൃത്യം അരുണിൻറെ ദേഹത്ത് തന്നെ വീണു.അപ്രതീക്ഷിത വീഴ്ച്ച ആയതോണ്ട് അരുണിന് ബാലൻസ് കിട്ടിയില്ല.മലർന്നടിച്ച് ഒരു വീഴ്ച്ചയായിരുന്നു.എല്ലാരും കൂടി അവരെ കളിയാക്കി കൊന്നു.അച്ചുവിനെ കണ്ടാലെ അറിയാം അവൾക്ക് എന്നെ കൊല്ലാനുള്ള

ദേഷ്യം ഉണ്ടെന്ന്.

ഞാനൊന്നും അറിയാത്ത മട്ടിൽ അവിടെ ഇരുന്നു.

അരുണിനെ നോക്കി സൈക്കിളിൽ നിന്ന് വീണ ചിരിയും ചിരിച്ചോണ്ട് അവള് സീറ്റിൽ ഇരുന്നു. അരുൺ മുടി കൈ കൊണ്ട് വാർന്നിട്ട് ഒന്നും നടക്കാത്ത പോലെ പോയി. അച്ചു ആണെൻകിൽ ചമ്മി ഒരു പരുവത്തിൽ ആയിട്ടുണ്ട്.തലയിൽ കൈവെച്ച് ഛെ..എന്ന് പറഞ്ഞോണ്ടിരുന്നു.

"എന്താ അച്ചൂ ഇടിച്ചപ്പൊ സ്പാർക്ക് ഉണ്ടായോ?"

എന്ന എൻറെ ചോദ്യത്തിന് തലയും താഴ്ത്തി അവളിരുന്നു.ഞാനും ഹസിയും ഭയൻകര ചിരി ആയിരുന്നു.

ഇതിനിടക്ക് അച്ചുവിനെ നോക്കി ഞങ്ങളെ ക്ലാസിലെ തല്ലി പൊളി ടീം മെമ്പറായ ഫരീദ കളിയാക്കി ചിരിക്കുന്നു.

ഞങ്ങളെ ചൻകിനെ വേറെയൊരുത്തി കളിയാക്കി ചിരിക്കുന്നത് കണ്ടാ നമുക്ക് സഹിക്കോ? അതോണ്ട് നല്ല മാന്യമായ രീതിയിൽ തന്നെ അവളോട് പറഞ്ഞു.

"ന്താടീ..ഇജ്ജ് ഇത്ര മാത്രം കിണിക്കാൻ ഇവിടെ ഉണ്ടായേ? അൻറെ കെട്ട്യോൻ പെറ്റോ? ഹൗ...എന്തൊരു ചിരിയാണോ...കാണാൻ വല്യ ചേലല്ലേ,മോന്ത കണ്ടാലും മതി."

"എന്താടീ അൻക്ക് ഞാൻ ചിരിക്കുന്നതിന്.അൻറെ ചെലവിലല്ലല്ലോ ഞാൻ ചിരിക്കുന്നത്.എനിക്ക് ചിരി വന്നാ ഞാൻ ഇനിയും ചിരിക്കും."

"ചിരിച്ചോ..പക്ഷേ ചിരിക്കുന്നതിന് മുൻപ് അൻറെ മോന്ത കണ്ണാടിയില് നോക്കുന്നത് നന്നായിരിക്കും.അപ്പൊ പിന്നെ താനെ ചിരി നിന്നോളും."

"ഡീ.."

വാക്ക് തർക്കം ഒടുക്കം കയ്യാൻകളിയിലെത്തി.ഞാൻ അവളെ തള്ളലും അവളെന്നെ തള്ളലും ഹസിയും അച്ചുവും എന്നെ പിടിച്ച് മാറ്റലും അങ്ങനെ സീൻ കോൺട്രയായി.ചെക്കൻമാരൊക്കെ അന്തം വിട്ട് ഇരിക്കാ.അതിനിടക്ക് ഷംനാദ് അത് വീഡിയോയും എടുക്കുന്നുണ്ട്. ടീച്ചേഴ്സ് ഒക്കെ അപ്പോഴാണ് കേറി വരുന്നത്. അവര് വന്നപ്പൊ നമ്മള് ഡീസൻറായി പോയി സീറ്റിൽ ഇരുന്നു.

"എന്താ ഇവിടെ ഒരു ബഹളം.ഒരു മാതിരി ചന്ത പിള്ളേരെ പോലെ."

ആരും ഒന്നും മിണ്ടിയില്ല.അച്ചുവും ഹസിയും എൻറെ തോളത്ത് തല ചായ്ച്ച് കെടന്നു.ഞാൻ വേഗം ഹെഡ്സെറ്റ് എടുത്ത് ചെവിയിൽ തിരുകി പാട്ടും പാടിയിരുന്നു. കുറച്ചു കഴിഞ്ഞ് ബസ് പുറപ്പെട്ടു.

ഒരു സ്വസ്ഥതയും തരാതെ അച്ചു തോണ്ടി കൊണ്ടിരുന്നപ്പോഴാ കണ്ണ് തുറന്നത്.

"എന്താടീ..മനുഷ്യനെ നേരാം വണ്ണം പാട്ട് കേൾക്കാൻ പോലും സമ്മതിക്കില്ലേ?"

അച്ചു ഹെഡ്സെറ്റിൻറെ പിൻ എനിക്ക് നേരെ വെച്ചു.

"കുത്തി വെച്ചിട്ട് പോലും ഇല്ല.എന്നിട്ടാ ഓളെ ഒലക്കീലൊരു പാട്ട്."

പറ്റിയ അമളി മനസ്സിൽ ആയപ്പൊ അച്ചുവിനെ ഒന്ന് ഇക്കിളിയാക്കി.പിന്നെ രണ്ട് സൈഡിൽ നിന്നും നമ്മളെ ഇക്കിളിയാക്കി ഒരു പരുവാക്കി.

അങ്ങനെ കളിയും ചിരിയും ആട്ടവും പാട്ടുമൊക്കെയായി ഞങ്ങളാ ദിവസം അടിച്ചു പൊളിച്ചു.ഇടക്കിടക്ക് അച്ചുവും അരുണും കണ്ട് മുട്ടിയെൻകിലും രണ്ടിനും മുഖത്തേക്ക് നോക്കാൻ മടി.അവരുടെ മുഖം കാണുമ്പൊ എനിക്കും ഹസിക്കും ചിരി കൺട്രോൾ ചെയ്യാൻ പറ്റുന്നില്ല. അത്രക്ക് ചമ്മലുണ്ട് രണ്ടിൻറെ മുഖത്തും.

അങ്ങനെ അവസാനമായി ഞങ്ങള് പോയത് പൂക്കോട് തടാകത്തിലേക്കാണ്. സമയം ആറ് മണി കഴിഞ്ഞിരുന്നു ഞങ്ങൾ അവിടെ എത്തിയപ്പൊ.അതോണ്ട് തന്നെ പെട്ടെന്ന് ചുറ്റിയടിച്ച് വരണമെന്നാ ടീച്ചേഴ്സിൻറെ ഓഡർ. ഞാനും ഹസിയും അച്ചുവും കൂടി അവിടന്ന് ഓരോ ഐസ്ക്രീമും വാങ്ങി അത് കഴിച്ചോണ്ട് അതിലൂടെ നടന്നു. അതിനിടക്ക് അച്ചു ഓരോ സെൽഫിയൊക്കെ എടുക്കുന്നുണ്ട്.

"ദെ...ഫെബീ നീയും ഫരീദയും ബസിൽ വെച്ച് കാട്ടി കൂട്ടിയതൊക്കെ ആ ഷംനാദ് ഗ്രൂപ്പിൽ ഇട്ടേക്കുന്നു."

"ങേ.. എവടെ?"

ഞാൻ അച്ചുവിന്റെ കയ്യിൽ നിന്ന് ഫോൺ വാങ്ങി നോക്കി.ശരിയാ ..ഞങ്ങളെ പ്രകടനങ്ങളൊക്കെ നല്ല വ്യക്തമായി തന്നെ അതിലുണ്ട്.

"തൃപ്തിയായി മകളെ തൃപ്തിയായി.ഈ കാണിച്ച് കൂട്ടിയതൊക്കെ ആ രക്തയക്ഷസ് നമ്മളെ ടീച്ചർ

കണ്ടാൽ ഞങ്ങള് രണ്ട് പേരും പെട്ടത് തന്നെ. എന്തായാലും ഇത്രയും വലിയ ഉപകാരം ചെയ്ത ആ മഹാനെ കാണാതെ പറ്റില്ലല്ലോ .എവിടെ ആ ഇബ്ലീസ് ഷംനാദ്?"

ഞാനും ഹസിയും അച്ചുവും അവനേയും തപ്പിയിറങ്ങി.അപ്പോഴുണ്ട് അരുണും അവനും കൂടി നടന്ന് പോകുന്നു.രണ്ടും നല്ല കട്ട ചൻക്സാ.അച്ചുവിനേയും അരുണിനേയും പരസ്പരം മിണ്ടിക്കാൻ

ഇത് തന്നെയാ പറ്റിയ സന്ദർഭം എന്ന് ഞാൻ കണക്കു കൂട്ടി.

"എടീ അച്ചൂ..നിനക്ക് വേണ്ടി ഞാൻ അരുണിനെ നിനക്ക് മുന്നിൽ ഒറ്റക്ക് നിർത്തി തരാ.നിൻറെ സംശയമൊക്കെ ഇവിടെ വെച്ച് തീർത്തിട്ട് പോയാ മതി."

"അ..അതെന്തിനാ? ഇൻക്ക് സംശയമൊന്നും ഇല്ല.അതൊന്നും വേണ്ട."

"നിനക്ക് പേടിയാണല്ലേ..അവനോട് സംസാരിക്കാൻ."

"എനിക്കൊരു പേടിയും ഇല്ല ,അല്ലൻകിൽ തന്നെ ഞാൻ എന്തിനാ പേടിക്കുന്നത് "

"ഓ...അപ്പൊ നിനക്ക് പേടിയില്ല."

"ഇല്ല."

"എന്നാ പോ..പോയി അവനോട് സംസാരിക്ക്.നിൻറെ ഇഷ്ടം നേരിട്ട് പോയി പറ."

"അതിനെന്താ ഇപ്പൊ തന്നെ പോകാം."

അവള് അവരെ നേരെ തിരിഞ്ഞ് നടന്നു. പതിയെ അതിൻറെ സ്പീഡ് കുറഞ്ഞു.അവള് തിരിഞ്ഞ് ഞങ്ങളെ ഒന്ന് ദയനീയമായി നോക്കി. ഞാനും

ഹസിയും ചിരിച്ച് കൊണ്ട് അവളുടെ അടുത്തേക്ക് ചെന്നു.

"എന്താടീ...പോയി പറയുന്നില്ലേ ..പേടിയാണല്ലേ?"

"പേടിയൊന്നും അല്ല.അവൻറെ കൂടെ ഷംനാദ് ഉണ്ട്. ഇത്തരം കാര്യങ്ങൾ ഒക്കെ പറയുമ്പൊ അതിൻറേതായ ഒരു പ്രൈവസി വേണം."

"ഓ...അപ്പൊ അതാണോ കാര്യം. ഇപ്പോ നിനക്ക് പ്രൈവസി വേണം അല്ലേ? അത് ഞാനേറ്റു.നീ വാ."

അച്ചുവിന്റെ കയ്യും പിടിച്ച് ഞാൻ അരുണിൻറെ അടുത്ത് എത്തി.

ഷംനാദും അവനും ഞങ്ങളെ കണ്ടിട്ടും മൈൻറ് ചെയ്യാതെ അവരുടെ സംസാരത്തിൽ മുഴുകിയിരിക്കാ. ഞാൻ ഷംനാദിൻറെ തോളിലൊന്ന് തട്ടി വിളിച്ചു.

"ഹലോ..സാറിങ്ങ് വന്നാട്ടെ.ഞങ്ങൾക്ക് കുറച്ച്

പറയാനുണ്ടായിരുന്നു."

"അത് ഇവിടെ നിന്ന് പറഞ്ഞ് മതി.എങ്ങോട്ടും വരാനൊന്നും എന്നെ കിട്ടില്ല."

"ഡാ..മര്യാദക്ക് വിളിച്ചാ നിനക്ക് വരാൻ പറ്റില്ലേടാ #&@₹%.."

"ഹാ..ഇങ്ങനെ വിളിക്ക് എന്നാലല്ലേ ഞാൻ വരൂ."

അച്ചുവിനേയും അരുണിനേയും അവിടെ നിർത്തിയിട്ട് ഞങ്ങള് ഒരല്പം മാറി നിന്നു.

"എന്താ ഫെബീ നിനക്ക് പറയാനുള്ളത്?"

ഒന്നും അറിയാത്ത പോലെയുള്ള അവൻറെ ചോദ്യം കേട്ടപ്പൊ ഒന്ന് കൊടുക്കാനാ തോന്നിയത്.

"നിനക്ക് അറിയില്ലാലെ ഞാൻ എന്തിനാ വിളിച്ചതെന്ന്."

എൻ്റെ കണ്ണുരുട്ടൽ കണ്ടപ്പൊ തന്നെ അവന് കാര്യം പിടികിട്ടിയിട്ടുണ്ട്.

അതോണ്ട് ഒരു വളിഞ്ഞ ഇളിയായിരുന്നു അവൻ്റെ മുഖത്ത്.

"എന്തിനാടാ നീയിത് വീഡിയോ എടുത്ത് ഗ്രൂപ്പിൽ ഇട്ടത്?"

"നന്നായിട്ടില്ലേ...എങ്ങനെയുണ്ട്,എവിടെ എന്ത് നടന്നാലും എൻ്റെ ക്യാമറ കണ്ണുകൾ അതൊക്കെ ഒപ്പിയെടുക്കും."

"എന്നാലേ ഇത്തരത്തിലുള്ള ഒപ്പിയെടുക്കൽ പൊന്നു മോനങ്ങ് നിർത്തിയേക്ക് ഇല്ലെൻകില് ഒപ്പിയെടുക്കാൻ പിന്നെ കണ്ണ് ഉണ്ടായെന്ന് വരില്ല"

എൻ്റെ കലിപ്പൻ ഡയലോഗ് ശരിക്കും

ഏറ്റിട്ടുണ്ട്.അവൻ നല്ല അനുസരണയോടെ ഒന്ന് തലയാട്ടി.സംഭവം ആളൊരു പാവം തന്നെയാ.പക്ഷേ എന്താ ഇടക്ക് ഇതുപോലെ ഓരോന്ന് കാട്ടികൂട്ടും.

"നീയിതെങ്ങോട്ടാടാ"

"അരുണിൻറെ അടുത്തേക്ക്."

"എന്നാല് നീയിപ്പൊ തല്ക്കാലം പോകണ്ട."

"അതെന്താ പോയാല്?"

"നിന്നോട് പോകണ്ട എന്നല്ലേ പറഞ്ഞത്."

"അതെന്താ ഞാൻ പോയാല്?"

"ഷംനാദേ..."

"ഫെബീ..ഞാനെന്താ ഇപ്പൊ പറഞ്ഞത്? ഞാനെന്താ ഇപ്പൊ പറഞ്ഞത്."

"ഡാ..ഡാ..മതിയാക്ക്,മതി അഭിനയിച്ച് ഫലിപ്പിച്ചത്."

"മതിയോ? എന്നാ മതി. അല്ല ടീ പെണ്ണേ നീയെന്തിനാ എന്നെ ഇവിടെ പിടിച്ചു വെച്ചിരിക്കുന്നേ?"

ഞാൻ ഷംനാദിന് അച്ചുവിനേയും അരുണിനേയും കാണിച്ച് കൊടുത്തു.

"അവർക്ക് രണ്ട് പേർക്കും എന്താ പണി."

ഷംനാദിനോട് നടന്നതൊക്കെ പറഞ്ഞു കൊടുത്തു.

"ഓഹോ.. എന്നിട്ട് എന്താ അവരൊന്നും മിണ്ടാത്തത്?"

"അവര് മിണ്ടിക്കോളും.എന്താ നടക്കാൻ പോകുന്നതെന്ന് നമുക്ക് നോക്കാം."

ഹസി അത് പറഞ്ഞപ്പൊ ഷംനാദ് അവളെ ഒന്ന് അടിമുടി നോക്കി.

"ഓ..മിണ്ടാ പൂച്ചയും കലം ഒടക്കോ? നിനക്ക് അപ്പൊ വായിൽ നാക്ക് ഒക്കെ ഉണ്ട് ലേ?"

ഹസി ദേഷ്യത്തില് അവനോട് എന്തോ പറയാൻ നിന്നപ്പോഴേക്കും ഞാൻ ഇടയിൽ കേറി.

"ഓ...ഇനി നിങ്ങളെ ഒരു വഴക്കിൻ്റെ കുറവേ ഉണ്ടായിരുന്നുള്ളൂ.ബാക്കി ഒക്കെ ആയി.മിണ്ടാതിരുന്ന് അവരെന്താ പറയുന്നതെന്ന് കേൾക്ക്."

"അതിന് അവള് വാ തുറക്കണ്ടേ? ഇവളെ ഞാനിന്ന്..."

എന്ന് പറഞ്ഞ് ഹസി ഒരു കല്ലെടുത്ത് അച്ചുവിനെ

എറിഞ്ഞു. ഏർ കൊണ്ട വേദനയിൽ അച്ചു ഞങ്ങളെ ഒന്ന് നോക്കി.പറയെടി എന്ന് ആംഗ്യം കാണിച്ചപ്പോ അവൾ അരുണിന് നേരെ തിരിഞ്ഞു.

"അരുൺ...ഫെബി നിന്നോടെല്ലാം പറഞ്ഞില്ലേ? എന്താ നിന്റെ അഭിപ്രായം?"

അരുൺ ഒന്നും അറിയാത്ത പോലെ അവളെ നോക്കി നെറ്റി ചുളിച്ചു.

"ഫെബി എന്ത് പറഞ്ഞൂന്ന നീ പറയുന്നേ? ഓ..നിനക്ക് എന്നെ ഇഷ്ടമാണെന്ന് പറഞ്ഞതാണോ,അതിന് ഞാൻ ഫെബിയോട് അപ്പോ തന്നെ പറഞ്ഞതാണല്ലോഎനിക്ക് വേറെ പെൺകുട്ടിയെ ഇഷ്ടമാണെന്ന്,അവൾ നിന്നോട് ഒന്നും പറഞ്ഞില്ലേ?"

ഒരു ഞെട്ടലോടെ അച്ചു അവനെ നോക്കി.അച്ചു മാത്രം അല്ല ,ഞങ്ങളും അവന്റെ മറുപടി കേട്ട് പകച്ചു നിന്ന് പോയി.

അച്ചു ഏതാണ്ട് കരച്ചിലിന്റെ വക്കോളമെത്തിയിട്ടുണ്ട്. അവള് അരുണിന്റെ മുമ്പിൽ നിന്ന് വിറക്കാൻ തുടങ്ങി.

"അ.. അപ്... അപ്പോ എന്നെ ഇഷ്ടാ...ഇഷ്ടാണെന്ന് ഫെബിയോട് പറഞ്ഞതോ?"

വിക്കി വിക്കി പെണ്ണ് എങ്ങനെയൊക്കെയോ പറഞ്ഞൊപ്പിച്ചു.

"ഞാൻ അങ്ങനെ പറഞ്ഞോ? പറഞ്ഞോ ഫെബി?"

അവൻ എന്റെ നേരെ തിരിഞ്ഞ് എന്നോട് ചോദിച്ചു.

പകച്ചു പണ്ടാരമടങ്ങി ഞാൻ ഒരേ നിൽപ്പായിരുന്നു.അച്ചു എന്നെ തന്നെ നോക്കി നിൽക്കാണ്.ഞാൻ എന്ത് പറയുമെന്ന് അറിയാതെ അരുണിനെ ഒന്ന് നോക്കി.

'യാ റബ്ബീ...ഇവൻ അപ്പോ ഇവളെ ഇഷ്ടമല്ലേ? പടച്ചോനെ ഞാനിനി എന്ത് പറയും അച്ചുവിനോട്.'

"പറ ഫെബി..ഞാനങ്ങനെ വല്ലതും നിന്നോട് പറഞ്ഞോ?"

ഇവനെന്നെ കൊലക്ക് കൊടുക്കുന്ന ലക്ഷണമുണ്ട്.

ഞാൻ അച്ചുവിനെ നോക്കി ഇല്ല എന്ന് തലയാട്ടി.അപ്പോഴേക്കും അവളുടെ കണ്ണ് നിറഞ്ഞൊഴുകിയിരുന്നു.എനിക്കെന്തോ അത് കണ്ടപ്പോ സഹിക്കാൻ പറ്റിയില്ല.അരുണിനോട് രണ്ട് വർത്താനം പറയാനായി അവന്റെ മുഖത്ത് നോക്കിയപ്പോ ചെക്കൻ നമ്മളെ നോക്കി ഒന്ന് പുഞ്ചിരിച്ചിട്ട് ചുമ്മാ എന്ന് കണ്ണാടിച്ച് കാണിച്ചു.

അപ്പോഴാ നമ്മൾക്ക് ശ്വാസം നേരെ വീണത്.അവൻ വെറുതെ അവളെ ഇട്ട് കളിപ്പിച്ചതായിരുന്നു.പാവം അച്ചു ഇതൊന്നും അറിയാതെ തലയും താഴ്ത്തി കണ്ണീർ വാർക്കാണ്.

അരുൺ അച്ചുവിന്റെ അടുത്തേക്ക് നടന്നു.

"എന്നാലും അശ്വതി,തന്റെ ഇഷ്ടം കുറച്ച് മുന്നേ

അറിയിച്ചുചിരുന്നെങ്കിൽ നമുക്ക് എന്തെങ്കിലും പരിഹാരം കാണാമായിരുന്നു. ഇതിപ്പോ അവളെന്റെ മനസ്സിൽ കയറി കൂടുകയും ചെയ്തു....

താൻ വിഷമിക്കാതെ ഞാൻ വേണെങ്കിൽ തന്നെ കെട്ടിക്കോളാം. അപ്പോ പ്രശ്നം സോൾവാവില്ലേ?"

കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീർ തുടച്ച് അച്ചു അവനെ നോക്കി.

"അതിന്റെയൊന്നും ആവശ്യമില്ല.ഞാൻ....ങേ..."

ഞങ്ങൾ അരുൺ പറഞ്ഞത് കേട്ട് വണ്ടറടിച്ച് നിക്കാ. അച്ചുവിന് അപ്പോഴും ഒന്നും മനസ്സിലായിട്ടില്ല.

"ങേ...എന്താ..എന്താ പറഞ്ഞെ?"

"നീയെന്ന കുരിശിനെ ഇനി ആജീവന കാലം ചുമന്നോളാമെന്ന്."

അരുൺ ഒരു കള്ളച്ചിരിയോടെ അത് പറഞ്ഞപ്പോ ചിരിക്കണോ കരയണോ എന്നറിയാൻ പറ്റാത്ത അവസ്ഥയിൽ ആയിരുന്നു അച്ചു.ഞാനും ഹസിയും ഷംനാദും കൂടി അവിടന്ന് അവരെ രണ്ട് പേരെയും കൂക്കി വിളിച്ചു.അച്ചു ചിരിച്ച് തലക്ക് താങ്ങ് കൊടുത്ത് ഞങ്ങളെ നോക്കി നിന്നു. അരുണാണെങ്കിലോ കണ്ണിമ വെട്ടാതെ അവളെ നോക്കി നിക്കാ. സ്വാഭാവികമായും നമുക്ക് ഒരു ചെറിയ കണ്ണ് കടിയൊക്കെ കാണില്ലേ,അതോണ്ട് രണ്ടിന്റെയും നടുക്ക് കേറി ഞാൻ അങ്ങനെ നിന്നു.

അച്ചു എന്റെ മുഖത്തേക്ക് നോക്കുന്നത് പോലുമില്ല.നാണം കൊണ്ടേ...

"എല്ലാവരും വേഗം തിരിച്ച് ബസിൽ പോയി ഇരിക്കണം.വേഗം ചെല്ല്."

രക്ഷസി വന്ന് ഞങ്ങളെ അവിടന്ന് ബസിലേക്ക് ഓടിച്ചു.ഞങ്ങൾ കേറിയതിന് ശേഷാ അരുൺ കേറിയത്.അച്ചുവിനെ ഒന്ന് നേരാംവണ്ണം നോക്കി അവൻ അവളുടെ അടുത്ത് കൂടി സീറ്റിൽ പോയി ഇരുന്നു.ഞാനും ഹസിയും അത് കണ്ടിട്ട്

ചൊമച്ചോണ്ടിരുന്നു.അവരെ കളിയാക്കാണെന്ന് മനസ്സിലായപ്പോ അച്ചു പേഴ്സ് കൊണ്ട് ഞങ്ങളെ തലക്കടിച്ചു.ഞങ്ങൾ അവളെ കളിയാക്കി കൊണ്ടേ ഇരുന്നു.

ബസിൽ പാട്ട് വെച്ചപ്പോ ഞാനും ഹസിയും എണീറ്റ് ചാടി കളിയ്ക്കാൻ തുടങ്ങി. അരുൺ ശ്രദ്ധിക്കുമെന്ന് അറിയാവുന്നതോണ്ട് അച്ചു ഒന്ന് ഡീസെന്റകാൻ നോക്കി.നമ്മൾ ഓളെ വെറുതെ വിടോ? സീറ്റിന്ന് വലിച്ചെണീപ്പിച്ച് അവളെ കൊണ്ട് ഡാൻസ് കളിപ്പിച്ചു.അരുണും അവളും ഇടക്കിടക്ക് കണ്ണോണ്ട് കഥകളൊക്കെ പറയുന്നത് ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

അങ്ങനെ പ്രതീക്ഷിച്ചതിനെക്കാൾ ഗംഭീരമായി ഞങ്ങളുടെ ടൂർ അവസാനിച്ചു.

ദിനങ്ങളൊക്കെ മിനുറ്റുകളുടെ വേഗത്തിൽ പോയി കൊണ്ടിരുന്നു.അതിന് അനുസരിച്ച് അവരുടെ പ്രേമവും വളർന്നു കൊണ്ടിരുന്നു. അങ്ങനെ ഞങ്ങളെ +2 ജീവിതം അവസാനിച്ചു. അച്ചുവിനും എനിക്കും ഒരേ

കോളേജിൽ അഡ്മിഷൻ കിട്ടി. ഹസി ഡിഗ്രി എന്നെ കൊണ്ട് പറ്റില്ലെന്ന് പറഞ്ഞ് TTC ക്ക് പോയി.അരുണും ഞങ്ങളെ കോളേജിൽ കൊടുത്തെങ്കിലും അവന് കിട്ടിയില്ല.അതിന്റെ വിഷമം അച്ചുവിന് നന്നായിട്ട് ഉണ്ടായിരുന്നു.

അങ്ങനെ കോളേജ് തുറക്കുന്നതിന്റെ തലേന്ന് ഞങ്ങളെ ഫ്രണ്ട് ഷെറിന്റെ കല്യാണ റിസപ്ഷൻ ആയിരുന്നു.ഒരുപാട് നാളുകൾക്ക് ശേഷം ഫ്രണ്ട്സിനെയൊക്കെ കാണാമല്ലോ എന്ന സന്തോഷത്തിൽ ആ ദിവസത്തിന് വേണ്ടി കാത്തിരിക്കാണ്.

ഇന്നാണ് ഞങ്ങളെ ഷെറിന്റെ കല്യാണ റിസപ്ഷൻ.

(തുടരും)

ഭാഗം.8

ഇന്നാണ് ഞങ്ങളെ ഷെറിന്റെ കല്യാണ റിസപ്ഷൻ.

രാവിലെ മുതൽ തുടങ്ങിയതാ ഈ കണ്ണാടിന്റെ മുമ്പിൽ നിന്നിട്ടുള്ള കോപ്രായം.

"എവടെ? ഇതൊരു നടക്ക് പോകുന്ന ലക്ഷണമില്ല."

എന്തിനെ പറ്റി പറയാണെന്നാവും ചിന്തിക്കുന്നെ.ഞാൻ നേരം രണ്ട് മണിക്കൂറായി ഈ തട്ടമൊന്ന് ചുറ്റാൻ ശ്രമിക്കുന്നു.സാധാരണ എനിക്ക് ഈ പതിവ് ഇല്ലാത്തതാണ്.ഇന്ന് പിന്നെ എണീറ്റപ്പോ തൊട്ട് ചുറ്റിയിടാൻ ഒരു പൂതി.ആ പൂതി പൊറത്ത് എടുത്ത് ചാടിയതാ. എവടെ ഇത് നമ്മളെ കൊണ്ട് പറ്റൂലാ.

"ഇത് ചുറ്റാൻ വേണ്ടി ഞാൻ പെടുന്ന പാട് എനിക്കെ അറിയൂ.അതിനിടക്ക് ആരാ വാതിൽ പൊളിക്കുന്നത്?"

വാതിലിലെ മുട്ട് കേട്ട് തുറന്ന് നോക്കിയപ്പോ നമ്മളെ

പുന്നാര അനിയത്തിയാണ്.

"എന്താടി അനക്ക് വേണ്ടേ?"

"കൊറേ നേരായല്ലോ വാതിലും അടച്ചോണ്ട് ഇതിനകത്ത് കുത്തിയിരിക്കുന്നു. കാറ്റ് പോയോന്ന് അറിയാൻ വേണ്ടി വന്നതാ."

"കാറ്റ് പോയാൽ നീ വന്ന വീർപ്പിച്ച് തരോ? ഇവിടെ നിന്ന് ചെലക്കാതെ ഉമ്മാനെ പോയി സഹായിക്കടി."

അതും പറഞ്ഞ് ഞാൻ വാതിൽ അടക്കാൻ നിന്നപ്പോ അവള് തടുത്തു.

"ഞാൻ ചെലക്കുന്നതൊക്കെ അവിടെ നിക്കട്ടെ. അന്റെ ഫോൺ കൊറേ നേരായി ചെലച്ചോണ്ടിരിക്കുന്നു."

"അച്ചു ആയിരിക്കും, നീ വേഗം പോയി ഫോൺ

എടുത്തോണ്ട് വാ."

"ഇന്നാ പിടിച്ചോ അന്റെ ഫോൺ."

അവളെന്റെ കയ്യിലേക്ക് ഫോൺ നീട്ടി.

"അപ്പോ ഇതും കയ്യിൽ വെച്ചോണ്ടിരുന്നിട്ടണല്ലേ നീ എന്നോട് ചെലക്കുന്നത്."

അവളുടെ കാത് പിടിച്ച് തിരിച്ച് ഞാൻ പറഞ്ഞു. അപ്പോ തന്നെ അച്ചുവിന്റെ മുഖം സ്ക്രീനിൽ തെളിഞ്ഞു. ഫോൺ എടുക്കാൻ വേണ്ടി അവളുടെ ചെവിയിൽ നിന്ന് പിടി വിട്ടപ്പോ 'നീ പോടീ ആയിച്ചാമേ'

എന്ന് പറഞ്ഞ് പെണ്ണോടി കളഞ്ഞു.അവളുടെ പിന്നാലെ ഓടി നടക്കാനുള്ള ടൈം ഇല്ലാത്തൊണ്ട് ഫോൺ വേഗം അറ്റൻഡ് ചെയ്തു.

"എടി ഫെബി..നീയതെവിടെ പോയി കെടക്കാ? എത്ര നേരായന്നറിയോ ഞാൻ അന്റെ വീടിന്റെ മുന്നിൽ

നിക്കാൻ തുടങ്ങിയിട്ട്.ഒന്ന് വേഗം വാ പെണ്ണേ.."

അച്ചു നല്ല കലിപ്പിലാണ്.

"എടി നീ ഇങ്ങോട്ട് കേറിപ്പോരെ. എന്തിനാ അവിടെ നിക്കുന്നേ?"

"വീട്ടിൽ കേറാനൊന്നും ടൈമില്ല.ഇപ്പോ സമയം എത്ര ആയെന്നാ വിചാരം ? 11 മണി ആകാറായി."

"11 മണിയോ?"

ഞാൻ അപ്പോഴാ സമയം നോക്കുന്നത്.തലയിൽ കൈ വെച്ചിട്ട് അച്ചുവിനോട് ഇപ്പോ വരാം എന്ന് പറഞ്ഞ് എന്നും തട്ടമിടുന്ന പോലെ ഇട്ടിട്ട് നമ്മളെ ഗിറ്റാറും എടുത്തോണ്ട് താഴേക്ക് ഇറങ്ങി.

"ഉമ്മാ ഞാൻ പോയി."

"എങ്ങോട്ടാടി ഒന്നും തിന്നാതേം കുടിക്കാതേം?"

"ഹൈ.. ഇന്റുമ്മാ..ഇപ്പോ തന്നെ ഒരുപാട് വൈകി.ഞാൻ അവിടുന്ന് കഴിച്ചോളാ."

"പിന്നെ ആർക്ക് വേണ്ടീട്ടാ ഞാൻ ഇത് ഉണ്ടാക്കിയെ? മര്യാദക്ക് ഇത് തിന്നിട്ട് ഇജ്ജ് പോയാ മതി."

"ഉമ്മ..അച്ചു പുറത്ത് കാത്തു നിക്കുന്നുണ്ട്."

"എന്നാ ഓളെ ഇങ്ങോട്ട് വിളിക്ക്.ഓളെ അവിടെ നിർത്തിയേക്കാ."

"ഉമ്മ ഇപ്പോ തന്നെ കൊറേ വൈകി.ഞങ്ങളെ എല്ലാരും അവിടെ കാത്ത് നിക്കാണ്."

"നേരത്തും കാലത്തും വേഗം അന്റെ പണി

തീർക്കണേന്നു....."

"ഞാൻ തിന്നോളാം ങ്ങളിനി തൊടങ്ങല്ലി"

നമ്മള് നല്ല പ്രതീക്ഷയോടെ ടേബിളിലുള്ള പാത്രം തുറന്ന് നോക്കിയപ്പോ 'ദോശ'.

"ഹയ്... ഇന്റുമ്മാ..നിങ്ങക്ക് ഈ ദോശയല്ലാതെ വേറെ ഒന്നും ഉണ്ടാക്കാൻ അറീലെ? എപ്പോ നോക്കിയാലും ദോശ..ദോശ...ദോശ...ഭയങ്കര വെറുപ്പിക്കലൊട്ടോ ഇത്."

"എന്നാ പിന്നെ അനക്ക് വേണ്ടത് എന്താന്ന് വെച്ചാ ഇജ്ജ് തന്നെ അങ്ങട്ട് ഉണ്ടാക്കി തിന്നോ. അപ്പോ പിന്നെ പ്രശ്നം ഇല്ലല്ലോ.ഇക്ക് പറ്റുന്നതെ ഞാൻ ഉണ്ടാക്കൂ. അനക്ക് വേണേൽ ഇജ്ജ് ഉണ്ടാക്കിക്കോ.

അതിന് എണീറ്റ് വരാൻ തന്നെ നേരം ഉച്ച ആവില്ലേ.എന്നിട്ടോ വന്ന് കൈ കഴുകി വന്ന് ഇരിക്കും.എന്നിട്ട് ഉമ്മാ കാപ്പി,ഉമ്മാ ചോറ് ഇങ്ങനെ പറഞ്ഞാ മതിയല്ലോ,ഞാൻ വേണ്ടേ എല്ലാ പണിയും എടുക്കാൻ.എന്നാ വന്ന് ഒരു കൈ സഹായം ചെയ്യാ

അതില്ല.എന്നിട്ട് ഉണ്ടാക്കി കൊടുക്കുന്നതിനോ കുറ്റം.ആ വാപ്പാന്റെ മോളല്ലേ അപ്പോ ആ സ്വഭാവല്ലേ കാണൂ.

പൊന്നാര ഫെബിയെ ഇജ്ജ് പെണ്ണാണ്.ആരാന്റെ വീട്ടിൽ പോകേണ്ടവൾ. അതോണ്ട് ഇനി മുതൽ അടുക്കള ഭരണം നാളെ മുതൽ ഞാൻ അന്നേ ഏല്പിച്ചിരിക്കാ.കേട്ടോ?"

നമ്മള് അപ്പോഴേക്കും രണ്ട് ദോശ അകത്താക്കിയിട്ട് കൈ കഴുകി വന്നിരുന്നു.

"ഇജ്ജ് ഞാൻ പറയുന്നത് വല്ലതും കേട്ടായിരുന്നോ?

നാളെ മുതൽ ഇജ്ജാണ് ഭക്ഷണം ഉണ്ടാക്കുന്നതെന്ന്."

"പക്ഷേ അതെങ്ങനെ ശേരിയാകും ഉമ്മാ. നാളെയല്ലേ ഞങ്ങൾക്ക് കോളേജ് തുറക്കുന്നത്.ഇവിടെ ഞാൻ ഫുഡ് ഉണ്ടാക്കാൻ നിന്നാലെ ക്ലാസിന് ഇങ്ങള് പോകോ?"

അതിന് മറുപടി പറയാനായി ഉമ്മ നാക്ക് ചലിച്ചപ്പോഴേക്കും നമ്മൾ ഇടയിൽ കേറി പറഞ്ഞു.

"എന്റെ പൊന്നുമ്മാ..അവിടെ പോയിട്ട് ഞാൻ ഇങ്ങോട്ട് തന്നെ അല്ലെ വരാ. അതോണ്ട് ബാക്കി അപ്പോ പറഞ്ഞാ മതി.ഇപ്പോ ഞാൻ പോകാണ്.ആ അച്ചു അവിടെ നിന്ന് കയറ് പൊട്ടിക്കുന്നുണ്ട്.അപ്പോ ശെരി ഞാൻ പോയി..."

എന്ന് വിളിച്ച് കൂവി കൂവികൊണ്ട് ഞാൻ റോഡിലേക്ക് നടന്നു.

"നാല് മണി ആവുമ്പോഴേക്ക് വന്നോണ്ടി.ഇനി ഇന്നെ കൊണ്ട് വിളിപ്പിക്കാൻ നിക്കണ്ടാ."

"ആ...ഓക്കേ"

ഗേറ്റ് തുറന്ന് റോഡിൽ നോക്കിയപ്പോ അച്ചു അവളുടെ സ്കൂട്ടിയും കൊണ്ട് അവിടെ നില്പുറച്ചിരുന്നു.

ഞാൻ എന്റെ ഗിറ്റാറിന്റെ ബാഗ് തോളിലൂടെ ഇട്ടിട്ട് അവളുടെ അടുത്തേക്ക് ഓടി.

"എവടെ ആയിരുന്നു പെണ്ണെ ഇജ്ജ്? ഞാൻ എത്ര നേരായി ഇവിടെ നിക്കാൻ തുടങ്ങിയിട്ട് എന്നറിയോ?"

"സോറി അച്ചൂ... നീ വണ്ടിയെടുക്ക് വേഗം."

"അല്ലാ... അപ്പോ ഹസി ഇല്ലേ?"

"ഓള് ഓളെ ഉമ്മൻറ്റോടെയാണ്. ഓള് അവിടന്ന് വരുമെന്ന വിളിച്ചപ്പോ പറഞ്ഞത്."

"ഉം..അല്ലാ ഫെബി നീയെന്താ ഇത്രക്ക് ലേറ്റ് ആയേ? സാധാരണ നീയായിരിക്കും എന്നെ കാത്തിരിക്കാർ, പിന്നെന്താ അത് നേരെ തല തിരിഞ്ഞേ?"

"ഒന്നും പറയണ്ട മോളേ... ഞാൻ ഒരു അറ്റകൈ

പ്രയോഗം നടത്തി നോക്കിയതാ.പക്ഷേ നടന്നില്ല."

"അതെന്ത് പ്രയോഗാ അറ്റകൈ പ്രയോഗം?"

അവളുടെ ചോദ്യത്തിന് ഒരു അവിഞ്ഞ ചിരി പാസ്സാക്കി കൊണ്ട് ഞാൻ പറഞ്ഞു.

"അത് ഞാനൊന്ന് തട്ടം ചുറ്റിയിടാൻ നോക്കിയതാ."

പെട്ടെന്ന് അച്ചു ബ്രേക്കിട്ടു,എന്നിട്ട് എന്നെ നോക്കി.പിന്നെ ഒരു ചിരിയായിരുന്നു പെണ്ണ്.

"എന്റെ ഫെബി...അറിയാവുന്ന പണിക്ക് പോയ പോരെ..ഹ ..ഹ..ഹ."

"അതൊണ്ടല്ലേ ആ പരീക്ഷണം വേണ്ടെന്ന് വെച്ചത്.നീ കിണിക്കാൻ നിക്കാണ്ട് വണ്ടി എടുക്ക് പെണ്ണെ."

അവളുടെ പുറത്ത് ഒരു തല്ല് കൊടുത്തിട്ട് അവളോട് വണ്ടി വിടാൻ പറഞ്ഞു.

"ഉം..അല്ലാ ഫെബി നീയെന്താ ഇത്രക്ക് ലേറ്റ് ആയേ? സാധാരണ നീയായിരിക്കും എന്നെ കാത്തിരിക്കാർ, പിന്നെന്താ അത് നേരെ തല തിരിഞ്ഞേ?"

"ഒന്നും പറയണ്ട മോളേ... ഞാൻ ഒരു അറ്റകൈ പ്രയോഗം നടത്തി നോക്കിയതാ.പക്ഷേ നടന്നില്ല."

"അതെന്ത് പ്രയോഗാ അറ്റകൈ പ്രയോഗം?"

അവളുടെ ചോദ്യത്തിന് ഒരു അവിഞ്ഞ ചിരി പാസ്സാക്കി കൊണ്ട് ഞാൻ പറഞ്ഞു.

"അത് ഞാനൊന്ന് തട്ടം ചുറ്റിയിടാൻ നോക്കിയതാ."

പെട്ടെന്ന് അച്ചു ബ്രേക്കിട്ടു,എന്നിട്ട് എന്നെ നോക്കി.പിന്നെ ഒരു ചിരിയായിരുന്നു പെണ്ണ്.

"എന്റെ ഫെബി...അറിയാവുന്ന പണിക്ക് പോയ പോരെ..ഹ ..ഹ..ഹ."

"അതൊണ്ടല്ലേ ആ പരീക്ഷണം വേണ്ടെന്ന് വെച്ചത്.നീ കിണിക്കാൻ നിക്കാണ്ട് വണ്ടി എടുക്ക് പെണ്ണേ."

അവളുടെ പുറത്ത് ഒരു തല്ല് കൊടുത്തിട്ട് അവളോട് വണ്ടി വിടാൻ പറഞ്ഞു.

"അച്ചൂ... അരുൺ ഉണ്ടാവില്ലേ?"

"ഇല്ലടി...അരുണിന്റെ കുടുംബത്തിൽ ഇന്ന് ഒരു ഫങ്ഷനുണ്ട്. അത് ഒഴിവാക്കാൻ പറ്റില്ലത്രേ.ഇന്നലെ രാത്രി വിളിച്ചപ്പോൾ പറഞ്ഞിരുന്നു."

"ഓഹോ..നിങ്ങൾക്ക് പിന്നെ എന്നും രാത്രി ഉള്ളതാണല്ലോ അല്ലേ ഈ രാത്രി വിളി.ഉം...നടക്കട്ടെ..നിന്റെ വീട്ടിൽ പിടിക്കാതെ

നോക്കിക്കോ."

ഞാനൊരു കള്ളച്ചിരിയോടെ അവളോട് പറഞ്ഞു.

"കരിനാക്ക് വളച്ചൊന്നും പറയാതെടി. ഇങ്ങനെയൊക്കെ തട്ടിയും മുട്ടിയും ജീവിച്ചു പൊയ്ക്കോട്ടെ..."

പിന്നെ കൊറച്ചു നേരത്തിന് ചിരിയായിരുന്നു ഞങ്ങൾക്ക്.

"ആ ഫെബി..നിന്നോട് ഞാൻ ഒരു കാര്യം പറയാൻ മറന്നു."

അവള് വണ്ടി സൈഡിലേക്ക് ഒതുക്കി ഫോൺ എടുത്തിട്ട് എനിക്ക് നേരെ നീട്ടി.എന്നിട്ട് വണ്ടിയെടുത്തു.

"എന്താടി അച്ചു.?"

"നീയതില് ഗാലറി തുറക്ക് അതിലൊരു ഫോട്ടോ കാണും.അയാളെ നിനക്ക് അറിയോന്ന് നോക്കിയേ?"

ഗാലറി തുറന്നപ്പോ ഒരാളുടെ ഫോട്ടോ ആയിരുന്നു അത്.

അയാളെ എവിടെയോ കണ്ട പോലെ എനിക്ക് തോന്നി.

"അച്ചൂ...ഇയാള്... ഇയാളെ നമ്മള് എവിടെയോ വെച്ച് കണ്ടിട്ടില്ലേ?"

"ആ..ഇനിക്കും ആ ഡൗട്ടുണ്ട്,അതല്ലേ അനക്ക് കാണിച്ച് തന്നത്.ഇയാളെ എവിടെയോ വെച്ച് കണ്ടിട്ടുണ്ടെന്ന് തോന്നി.പക്ഷേ എവിടെയാണെന്ന് ഓർമ്മയില്ല."

"അല്ലാ... ഇപ്പോ ഇതെന്താ സംഭവം? ഇയാളെ ഫോട്ടോ അനക്ക് എവിടെന്നാ?"

"വാട്സപ്പിൽ നിന്ന് കിട്ടിയതാ. രണ്ട് മാസമായി ഇയാളെ കാണുന്നില്ലെന്നു.ഇന്നലെ വൈകിട്ട് ഇയാളെ ബോഡി ചീഞ്ഞളിഞ്ഞ് കടലിന്ന് കിട്ടിയെന്ന്."

അച്ചു അത് പറഞ്ഞപ്പോ ഞാനൊന്ന് ഞെട്ടി എന്നിട്ട് ആ ഫോട്ടോ ഒന്ന് കൂടി നോക്കി.

അതെ..ഇത് അയാള് തന്നെ.. എന്റെ മനസ്സ് മന്ത്രിച്ചു.

"അച്ചൂ...ഇത് അയാളാ... അന്ന് ടൂറിന് നമ്മളെ ഇടിച്ചിട്ടിട്ട് പോയില്ലേ... അയാള്..."

അത് പറഞ്ഞപ്പോ അച്ചു വണ്ടി നിർത്തി എന്റെ കയ്യിന്ന് ഫോൺ വാങ്ങി നോക്കി.

"ആ...ശെരിയാ... അപ്പോ ഇയാളെ കൊന്നത് ആരായിരിക്കും? അന്ന് ഇയാളെ പിന്തുടർന്ന് ഓടിയ ആളായിരിക്കോ?"

അച്ചുവിന്റെ ആ ചോദ്യം എന്റെ മനസ്സിലും

ഉണ്ടായിരുന്നു.

"നമ്മളെന്തിനാ ആവശ്യമില്ലാത്ത കാര്യത്തിൽ ഇടപെടുന്നത്.നീ വണ്ടിയെടുക്ക് അതൊക്കെ പൊലീസുകാർ കണ്ടെത്തിക്കോളും."

പിന്നെ ഞങ്ങൾ ഒന്നും മിണ്ടിയില്ല.എന്റെ ചിന്ത മുഴുവൻ അയാളിലായിരുന്നു. ആരായിരിക്കും അയാളെ കൊന്നത്? ഇനി അച്ചു പറഞ്ഞപോലെ എന്നെ ഇടിച്ച അയാളവോ? പക്ഷേ, അയാളെ മുഖം കണ്ടില്ലല്ലോ.

അല്ലെങ്കിൽ തന്നെ ഞാൻ എന്തിനാ ആവശ്യം ഇല്ലാത്ത കാര്യം നോക്കുന്നത്.അവര് രണ്ടാളും ആരായാലും നമുക്കെന്താ?

"ഫെബി..നീയെന്താ ആലോചിക്കുന്നെ?"

"ഞാൻ...ഞാൻ ഏത് പാട്ട് പാടുമെന്ന് ആലോചിച്ചതാ."

ഹൊ ഞാൻ പറഞ്ഞില്ലല്ലോ അല്ലേ? നമ്മളിപ്പോ

കൊറച്ചു ഡിമാന്റുള്ള ആളാ.

എന്റെ പാട്ടിന് ഒരുപാട് ഫാന്സുണ്ട്ട്ടോ, ഫ്രണ്ട്സിന്റെ റിലേറ്റിവ്സിന്റെ ഒക്കെ പരിപാടിക്ക് പാട്ട് പാടാലാ നമ്മളെ പണി.ഇതിപ്പോ ഷെറി നിർബന്ധിച്ചത് കൊണ്ടാ പാടാമെന്ന് സമ്മതിച്ചത്.

"ഓഹോ..എന്നിട്ട് ഏതാ പാടാൻ പോകുന്നത്?"

"അതൊക്കെ പാടുമ്പോ കേട്ടാൽ മതിട്ടോ."

"ഉം...നീ ജെസിന്റെ കല്യാണത്തിന് കാട്ടിക്കൂട്ടിയ പോലെ ചെയ്യല്ലേട്ടാ. ഇവര് കൊറച്ചു റിച്ച് ടീമാ. നമ്മളെ സ്ഥിരം അലമ്പൻ പരിപാടിയൊന്നും ഇവിടെ നടക്കില്ല.

മന്ത്രിമാരും വിഐപികളും ഉണ്ടാകും."

"എനിക്ക് അറിയാ..ഞാൻ കാണാത്ത വിഐപികളും മന്ത്രിമാരൊന്നും അല്ലല്ലോ?"

"ഇത് തന്നെ നീ അപ്പോഴും പറയണേ?"

"എന്നാലും അവള് നമ്മളോടൊന്നും ഇങ്ങനെ ഒരു ഇഷ്ടമുള്ള കാര്യം പറഞ്ഞില്ലല്ലോ? അതും ഒരു പണക്കാരനെ. പ്രേമം എന്ന് പറയുന്ന സാധനം മനസ്സിൽ കൂടി കേറിയാൽ പിന്നെ ജാതിയെന്നോ മതമെന്നോ പാവപ്പെട്ടവനെന്നോ പണക്കാരാണെന്നോ ഒന്നുംനോക്കില്ല.അല്ലെടി അച്ചൂ.."

"ഉം.."

എന്ന് അമർത്തി മൂളിയെന്നല്ലാതെ അവളൊന്നും മിണ്ടിയില്ല.

സംസാരിച്ചു സംസാരിച്ചു ഓഡിറ്റോറിയത്തിൽ എത്തിയത് അറിഞ്ഞില്ല.പാർക്കിങ്ങിലേക്ക് വണ്ടി വിട്ടപ്പോ അവിടെ ഒരു മൊട്ടുസൂചി ഇടാൻ പോലും സ്ഥലമില്ല.

അവിടത്തെ സെക്യൂരിറ്റി വണ്ടികളൊക്കെ ഓഡിറ്റോറിയത്തിന്റെ ഓപ്പോസിറ്റുള്ള പറമ്പിലേക്ക്

വിടുന്നുണ്ട്.നമ്മള് അപ്പോ തന്നെ വണ്ടിയിൽ നിന്ന് ചാടിയെണീറ്റു.കാരണം, വണ്ടി പാർക്ക് ചെയ്തിട്ട് തിരിച്ച് ഇങ്ങോട്ട് വരണമെങ്കിൽ റോഡ് ക്രോസ് ചെയ്യണം.അതും NH ബൈപ്പാസ്. നമ്മക്ക് പിന്നെ ഈ റോഡ് ക്രോസ് ചെയ്യുന്ന പരിപാടി പണ്ടേ ഇഷ്ടല്ല. പ്രേതേകിച് അച്ചുവിന്റെ കൂടെ.വാണം വിട്ട പോലെ ഒരു പോക്കാണ് പെണ്ണ്. കൂടെ ഉള്ളവരെ ഒന്നും അവള് തിരിഞ്ഞ് നോക്കില്ല.

അവള് വണ്ടി പാർക്ക് ചെയ്തിട്ട് തിരിച്ചു വന്നു.ഞങ്ങൾ ഓഡിറ്റോറിയത്തിന്റെ വാതിൽ കടന്നതും എല്ലാവരുടെ നോട്ടവും ഞങ്ങളിലേക്ക് ആയിരുന്നു. പരിപാടി തുടങ്ങിയിട്ടുണ്ട്.ഞങ്ങൾ ആദ്യം തന്നെ ഓഡിറ്റോറിയത്തിന്റെ മുക്കും മൂലയും കണ്ണോടിച്ചു.വിചാരിച്ച പോലെ തന്നെ നമ്മളെ ഗാങ് ഫുള്ള് ബാക്കിൽ സീറ്റോറപ്പിച്ചിട്ടുണ്ട്.

ഞാനും അച്ചുവും അവരുടെ അടുത്തേക്ക് നടന്നു.ഹസിയൊക്കെ നേരത്തെ എത്തിയിരുന്നു.എന്റെ കയ്യിന്ന് ഗിറ്റാർ വാങ്ങിയിട്ട് അതിൽ കളിക്കലാണ് ചിലർക്ക് പണി. ഞങ്ങളെ ഒച്ചപ്പാട് കേട്ട് എല്ലാരും ഞങ്ങളെ ശ്രദിക്കാൻ തുടങ്ങി.

അപ്പോഴാ ഞാൻ ശെരിക്കും അവിടെ ഉള്ളവരെ നോക്കുന്നത്.അവരെ കണ്ടതും ഞെഞ്ചിലൂടെ എന്തോ ഒന്ന് പാഞ്ഞു പോയി.

(തുടരും)

ഭാഗം.9

ഞങ്ങളെ ഒച്ചപ്പാട് കേട്ട് അവിടെ ഉള്ളവരെല്ലാം ഞങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങി.അപ്പോഴാ ഞാൻ അവരെ ശെരിക്കും നോക്കുന്നത്.അവരെ കണ്ടതും എന്റെ നെഞ്ചിലൂടെ എന്തോ പാഞ്ഞു പോയി.

ആ ഓഡിറ്റോറിയം മുഴുവൻ ആളുകളെ കൊണ്ട് നിറഞ്ഞിരുന്നു.ആദ്യമായിട്ടാണ് ഇത്രേം ആൾക്കൂട്ടത്തെ ഒരുമിച്ച് കാണുന്നത്.കണ്ടാലേ അറിയാം റിച്ച് ടീമിണെന്ന്. മുമ്പിലെ സീറ്റ് സോഫയാണ്,അതിൽ ഇരിക്കുന്നവരൊക്കെ കോട്ടിട്ടവരും കദർ ഇട്ടവരും. വിഐപി ടീമാണെന്ന് അതോടെ മനസ്സിൽ ആയി.

പോരാത്തതിന് അവിടെയുള്ള മൊഞ്ചത്തികളെ

കാണണം,കണ്ണ് തള്ളി പോകും.അല്ലെങ്കിലെ സൗന്ദര്യം ഉണ്ടെങ്കിലും അത് ഒന്ന് കൂടെ എടുത്ത് കാണിക്കാനായി പുട്ടി അടിച്ച് കുത്തുന്ന തരത്തിൽ ലിപ്സ്റ്റിക് ഇട്ടിട്ട് നിക്കുന്ന ഒരു ടീം, ഇതൊന്നും പോരാഞ്ഞ് ജാഡക്ക് കയ്യും കാലും വെച്ച സൈസ് വേറെ ടീമും. അവരുടെ ഒരു ജാഡ കാണണം പടച്ചോനെ...മുക്കിലിട്ട് ചവിട്ടികൂട്ടാൻ തോന്നും. പക്ഷേ ഞാൻ ശ്രദ്ധിച്ചത് അവരെയല്ല. സ്റ്റേജിൽ നിക്കുന്ന യുവ മിഥുനങ്ങളെയാണ്. Sainu weds sherin എന്ന് വേണ്ടക്കക്ഷെരത്തിൽ സ്റ്റേജിൽ എഴുതി വെച്ചിട്ടുണ്ട്.ഷെറിയും സൈനുവും അവിടെ നിക്കാണ്. വരുന്നവർ വരുന്നവർ അവരുടെ കൂടെ നിന്ന് ഫോട്ടോ ഒക്കെ എടുക്കുന്നുണ്ട്.ഞാനും അച്ചുവും അവിടെ ഇരുന്ന് വരുന്നവർക്ക് മാർക്കിടാണ്.

"ആ കുട്ടിനെ കാണാൻ കൊള്ളാമല്ലേ അച്ചു?"

"ഛീ.. ഓളെ മോന്ത കണ്ടാലും മതി പുട്ടി അടിച്ച് വന്നിരിക്കാ. ബാക്കി ഉള്ളവരുടെ ഉറക്കം കളയാൻ.ഞാൻ ഓൾക് പത്തിൽ മൂന്ന് മാർക്ക് കൊടുക്കും."

"ഏയ്...ഇക്ക് അങ്ങനെ തോന്നീല അതോണ്ട് ഞാൻ ഒരു ഏഴ് മാർക്ക് കൊടുക്കുന്നു."

"ദേ..ഡി അടുത്തത് കേറി വരുന്ന ടീമിനെ നോക്ക്..വെള്ളപ്പാറ്റകൾ...ഇവളുമാരെ ഒക്കെ പെണ്ണ് കാണാൻ ചെല്ലുമ്പോ ഒരു ബക്കറ്റ് വെള്ളം കൂടി കൊണ്ട് പോണം.അത് ഒഴിച്ച് ആ പുട്ടിയൊക്കെ ഒന്ന് കഴുകി കളഞ്ഞാൽ കാണാം അവറ്റകളുടെ ഒറിജിനൽ രൂപം."

ഞാനും അച്ചുവും അത് പറഞ്ഞു ഒരുപാട് ചിരിച്ചു. പക്ഷെ,പിന്നീട് സ്റ്റേജിലേക്ക് നോക്കിയപ്പോ ഞങ്ങളെ രണ്ട് പേരുടെയും ചിരി നിന്നു. കാരണം അമ്മാതിരി കാഴ്ചയാണ് ഞങ്ങൾ കണ്ടത്.

"അച്ചു...ഇവൾക്ക് എത്ര മാർക്കിടാം?"

അവളുടെ മുഖത്ത് നിന്ന് കണ്ണെടുക്കാതെ തന്നെ ഞാൻഅച്ചുവിനോട് ചോദിച്ചു.

"ഇവൾക്കൊക്കെ കണ്ണും പൂട്ടി പത്തിൽ നൂറ് കൊടുക്കാം. എന്ത് ഭംഗിയാലേ ഓളെ കാണാൻ."

"സത്യം."

ഞാനും അച്ചുവും അവളെ തന്നെ നോക്കി നിന്നു.ഞങ്ങൾ മാത്രം അല്ല.അവിടെ ഉണ്ടായിരുന്നവരൊക്കെ അവളെ നോക്കി നിൽക്കാ..

സാധാരണ ഒരു പെണ്ണിനെ സംബന്ധിച്ചിടത്തോളം മറ്റൊരു പെണ്ണിനെ കുറിച്ച് പുകഴ്ത്തി പറയാറ് കുറവാണ്. ഇനി അഥവാ അങ്ങനെ ആരെങ്കിലും പുകഴ്ത്താണെങ്കിൽ ആ പെണ്ണിനെ കാണാൻ എന്ത് ഭംഗിയാണെന്ന് ഒന്ന് ചിന്തിച്ചു നോക്കിയേ? അവള് അവിടന്ന് ഇറങ്ങി പോകുന്ന വരെ ഞങ്ങളെ കണ്ണ് അവളിൽ ആയിരുന്നു. പിന്നീട് പലരും വന്ന് പോയി കൊണ്ടിരുന്നു. ഷെറി അപ്പോയാണ് ഞങ്ങളെ ശ്രദ്ധിക്കുന്നത്. ഞങ്ങളെ കണ്ടതും പെണ്ണിന്റെ മുഖത്ത് 1000 വാട്ടിന്റെ ബൾബ് കത്തിയ പോലെ പ്രകാശിച്ചു.

സൈനുവിനോട് ഇപ്പോ വരാമെന്ന് പറഞ്ഞ് അവൾ ഞങ്ങളെ അടുത്തേക്ക് വന്നു.

"ഫെബി,അച്ചു,ഹസി,നിങ്ങളൊക്കെ എപ്പോ വന്നു?"

"ഞങ്ങൾ വന്നിട്ട് ഒരു മണിക്കൂറായി. ഇവളുമാർ വന്നിട്ട് അര മണിക്കൂർ ആയതേ ഉള്ളൂ."

ഷംനാദ് ഇടയിൽ കേറി പറഞ്ഞു.

"ആഹാ...അപ്പോ എല്ലാരും ഉണ്ടല്ലോ? എന്നിട്ടാണോ ഇവിടെ വന്ന് ഇരിക്കുന്നെ? വാ നമുക്ക് പോയി ഫോട്ടോ എടുക്കാം വാ.."

ഷെറി എന്റെ കൈ പിടിച്ചു വലിച്ചു.

"ഇപ്പോ വേണ്ട,ഫുഡ് കഴിച്ചിട്ട് വന്ന് ഫോട്ടോ എടുത്തോളാം. നീ ഇപ്പോ അങ്ങോട്ട് ചെല്ല്. എല്ലാരും

നിന്നെയാ നോക്കുന്നത്.ചെല്ല്."

"അതെന്നെ..ഷെറി നീ ചെല്ല് ഞങ്ങൾ ഫുഡ് കഴിച്ചിട്ട് വന്നോളാം."

അച്ചുവും എന്നെ അനുകൂലിച്ചു.

"എന്നാ വേഗം ഫുഡ് കഴിച്ചിട്ട് വന്നോണം. ആ..പിന്നെ ഫെബി...ഓർമ്മയുണ്ടല്ലോ നീ എനിക്ക് വാക്ക് തന്നതാ എന്റെ കല്യാണത്തിന് നിന്റെ വക ഒരു പാട്ട്. ഞാൻ എല്ലാം പറഞ്ഞ് സെറ്റാക്കിയിട്ടുണ്ട്.ഇനി നീ വന്ന് പാടിയാൽ മാത്രം മതി. നിന്നെ വിശ്വസിച്ചാ ഞാൻ ഈ പരിപാടിക്ക് നിന്നത്.തകർത്തേക്കണേ?"

"അതിനെ കുറിച്ച്നീ ആലോചിച്ച് ടെൻഷൻ ആകണ്ട. അത് നമ്മളെ ഫെബി ഏറ്റതാ.. അല്ലെടി."

ഹസിന്റെ മറുപടിക്ക് ഞാൻ ഒന്ന് മൂളി കൊടുത്തു.

ഷെറി ഒരു പുഞ്ചിരി നൽകി കൊണ്ട് സ്റ്റേജിലേക്ക്

പോയി.

എന്റെ നോട്ടം മുഴുവൻ അവിടെ ഉണ്ടായിരുന്ന ഓർക്കസ്ട്രെയിലേക്കും പിന്നെ അവിടെ കൂടി നിന്നവരിലേക്കും ആയിരുന്നു.

ഓർക്കസ്ട്രക്കാർ നല്ല തകർപ്പൻ ആയിട്ട് തന്നെ അവരുടെ പരിപാടി അവതരിപ്പിക്കുന്നുണ്ട്. എനിക്ക് ആകെ പേടിയാകാൻ തുടങ്ങി. അച്ചു എന്നെ കുലുക്കി വിളിച്ചപ്പോഴാ ഞാൻ ചിന്തകളിൽ നിന്ന് ഉണർന്നത്.

"എടി ഫെബി...നീ ഇതേത് ലോകത്താ?

ഓർക്കസ്ട്ര ടീം കലാക്കിയല്ലേ? പക്ഷെ ആ പെണ്ണിന്റെ ശബ്ദം പോരാ. നീ പാടിയാൽ പൊളിക്കും.

എടി...ഞാൻ പറയുന്നത് വല്ലതും നീ കേൾക്കുന്നുണ്ടോ? ഡീ.."

അച്ചു എന്നെ വീണ്ടും പിടിച്ചു കുലുക്കി.

"ആ... അച്ചു..എനിക്ക് പറ്റില്ല.വാ നമുക്ക് തിരിച്ച് വീട്ടിൽ പോകാം."

"എന്തിന്? അതിനിപ്പോ എന്താ ഇവിടെ ഉണ്ടായേ?"

"അച്ചു..ഇത്രേം ആൾക്കാരെ മുന്നിൽ... എനിക്ക് എന്തോ പാടാൻ ഒരു പേടി,നമുക്ക് മുങ്ങിയലോ?"

അത് വരെ സൈലന്റ് മോഡിൽ ഉണ്ടായിരുന്നവരൊക്കെ പെട്ടെന്ന് ആക്റ്റീവ് ആയി.

"ദേ..നോക്ക് ഫെബി ഞങ്ങൾ ഈ പരിപാടിക്ക് വന്നത് തന്നെ നിന്റെ പാട്ട് കേൾക്കാനാ.. എന്നിട്ടിപ്പൊ നീ മുങ്ങാൻ പോകണോ?"

അർഷാദ് ആണ് അത് പറഞ്ഞത്.

നമ്മൾ പറയാൻ വിട്ട് പോയിട്ടാ. ക്ലാസിൽ നിന്ന് 6 ബോയ്‌സും 7 ഗേൾസുമാണ് ഇങ്ങോട്ട് വന്നിട്ടുള്ളത്. അതിലെ ഒരുത്തനാണ് ഇവൻ. അവന്റെ ഡയലോഗ് തീർന്നപ്പോ പിന്നെ അടുത്ത ആള് തുടങ്ങി.

"നീയെന്തിനാ ഫെബി പേടിക്കുന്നത്? നീ ആദ്യയിട്ട് പാടൊന്നും അല്ലല്ലോ? പിന്നെ എന്താ?"

"എനിക്ക് അറീല..

എന്തോ ഒരു ടെൻഷൻ. ആദ്യയിട്ടാ ഇത്രെയും വലിയ ഒരു ഫങ്ഷനിൽ പാടാൻ പോകുന്നത്.അതോർക്കുമ്പോ..നമുക്ക് മുങ്ങിയലോ?"

"എന്തോ..?എങ്ങനെ..? കൊഞ്ചല്ലേ പെണ്ണേ...നീ വന്നിട്ടുണ്ടെങ്കിൽ നിന്റെ പ്രോഗ്രാം അവതരിപ്പിച്ചിട്ടെ നമ്മള് ഇവിടുന്ന് പോകൂ.."

"അതെ...പോരാത്തതിന് ഇത്രേം ആൾക്കാരെ മുന്നിൽ പാടി തുടങ്ങിയാലല്ലേ ഇതിനേക്കാൾ വലിയ ആൾക്കൂട്ടത്തിൽ നിനക്ക് പാടാൻ പറ്റൂ."

"ഹസി പറഞ്ഞതിലും കാര്യമുണ്ട്.ഞങ്ങൾക്ക് എല്ലാവർക്കും നീ പാടണമെന്നാ ആഗ്രഹം."

"പോരാത്തതിന് ഷെറിക്ക് നീ കൊടുത്ത വാക്ക് ഓർമ്മയില്ലേ? എന്നിട്ടും എന്താ ഫെബി നീ ഇങ്ങനെ?"

"ഒന്നും ഇല്ലെങ്കിലും ആ പെണ്ണിന് കൊടുത്ത വാക്ക് ഓർത്തെങ്കിലും അനക്ക് പാടിക്കൂടെ?"

"ഇനി ആരും ഓളോട് ഒന്നും പറയാൻ നിക്കണ്ടാ.എന്താന്ന് വെച്ചാ ഓള് ചെയ്യട്ടെ."

എല്ലാരും കൂടി നമ്മളെ അങ് പറഞ്ഞു പറഞ്ഞ് സമ്മതിപ്പിച്ചു.

"എന്റെ പൊന്നോ....ഞാൻ പാടിക്കോളാമെ..
നിങ്ങളെ വർത്താനം സാഹിക്കുന്നതിലും ഭേദം ഇപ്പോ തന്നെ പോയി പാടുന്നതാ."

"അങ്ങനെ വഴിക്ക് വാ മോളെ അന്നെ കൊണ്ട് പാടിപ്പിക്കാനുള്ള വിദ്യ ഒക്കെ ഞങ്ങൾക്കറിയാട്ടോ."

ഒരു പുഞ്ചിരിയോടെ അച്ചു എന്റെ കവിളിൽ പിച്ചി കൊണ്ട് പറഞ്ഞു.

അങ്ങനെ റിസപ്ഷൻ പൊടി പൊടിച്ചോണ്ടിരിക്കുമ്പോഴാ വയറ്റിന്ന് കോഴി കൂവുന്നത്. പിന്നെ ഒരു പാച്ചിൽ ആയിരുന്നു ഡൈനിങ് ഹാളിലേക്ക്.

വമ്പൻ ടീമായൊണ്ട് മൂക്ക് മുട്ടെ കഴിക്കാൻ ഉണ്ടാകല്ലോ എന്ന് ആലോചിച്ചപ്പോഴാ സമാധാനം ആയത്. അപ്പോഴുണ്ട് ഷംനാദ് ഓടി കിതച്ചു കൊണ്ട് ഞങ്ങളെ മുമ്പിൽ നിൽക്കുന്നു.

"എന്താടാ ഷംനാദെ, അന്നെ ആരെങ്കിലും ഓടിചോ? ഇങ്ങനെ വരുന്നു?"

"അവി... അവിടെ.."

"ഡൈനിങ് ഹാളിലെക്ക് കൈ ചൂണ്ടിക്കാട്ടി അവൻ കിതച്ചു.

"പടച്ചോനെ..അവിടെ ചോറ് തീർന്നാ? ഇനി ഇപ്പോ എന്താ ചെയ്യാ?"

ഹസി ഒന്ന് ആത്മഗതം കൊണ്ടു.

"ഓ..അതല്ല,മിണ്ടാ പൂച്ചെ, ബൊഫേയാണ് ഉള്ളത്."

"ബൊഫെയോ? അതിന്താ സാധാനം? ഞാൻ ഇതുവരെ തിന്നിട്ടില്ലല്ലോ?"

അച്ചു ആണ് അത് പറഞ്ഞത്.സത്യം പറഞ്ഞാൽ നമുക്കും മനസ്സിൽ ആയിട്ടില്ലട്ട ഈ ബൊഫെ എന്താന്ന്. ഷംനാദ് പറഞ്ഞു കേറി ചെല്ല് അപ്പോ മനസ്സിലാകുമെന്ന്. നല്ല വെറൈറ്റി ഡിഷാകും എന്ന് കരുതി ഞങ്ങൾ അങ്ങോട്ട് ചെന്നു.

പക്ഷെ,നടന്ന് തിന്നുന്ന ഏർപ്പാടായിരുന്നു ഈ ബൊഫെ എന്ന് പറയുന്നതെന്ന് നമ്മൾക്കു അപ്പോഴാ മനസ്സിൽ ആയത്.ജീവിതത്തിൽ ആദ്യയിട്ടാ ബൊഫെ

ട്രൈ ചെയ്യുന്നത്.

നമ്മൾക്ക് പിന്നെ പണ്ടേ ഈ കയ്യിട്ട് വാരി തിന്ന് ശീലാമില്ലാത്തൊണ്ട് രണ്ട് പ്ലേറ്റ് ബിരിയാണിയും,ഒരു ഐസ്ക്രീമും, ഒരു പോപ്കോണും,പിന്നെ മൂന്ന് ഗുലാബ് ജാമും കഴിച്ചിട്ടുള്ളൂ. എന്റെ തീറ്റി കണ്ടിട്ട് ഞാൻ തടിച്ചി ആണെന്ന് കരുതരുത്ട്ടാ..നമ്മൾ എത്ര തിന്നാലും അത് തടിയിൽ കാണൂല.അതോണ്ട് നമ്മളൊരു സ്ലിം ബ്യൂട്ടിയാണ്ട്ടാ.

അങ്ങനെ വയറ് ഫുള്ളാക്കി ഞങ്ങൾ തിരിച്ചു വന്നിരുന്നു. ഷെറിയും സൈനുവും അപ്പോഴും ഫോട്ടോക്ക് പോസ് ചെയ്ത് നിക്കാണ്.

"ഇതാണല്ലേ ഈ പുതിയപ്പളന്റെയും പുതിയെണ്ണിന്റെയും അവസ്ഥ. രാവിലെ മുതൽ ഈ നിൽപ് തന്നെ തുടരണം. ഞാനും അരുണും അങ്ങനെ ആകില്ല. ഞങ്ങൾ ഇരുന്നിട്ടെ ഫോട്ടോ എടുക്കാൻ സമ്മതിക്കൂ."

അച്ചു പറയുന്നത് കേട്ട് ചിരിച്ചോണ്ട് സ്റ്റേജിലേക്ക് നോക്കിയപ്പോഴാ നമ്മള് ആ കാഴ്ച കാണുന്നത്.

സൈനുവിനെയും ഷെറിയേയും ഒരു കൂട്ടം മൊഞ്ചന്മാർ പൊതിഞ്ഞ് നിൽക്കുന്നു. ആ കാഴ്ച കണ്ടപ്പോ നമ്മളെ ഉള്ളിലെ കോഴി അറിയാതെ ഒന്ന് തല പൊക്കി. ആ മൊഞ്ചന്മാരെയും നോക്കി വെള്ളമിറക്കുമ്പോഴാ നമ്മളെ കണ്ണ് ഒരു മൊഞ്ചനിൽ പതിഞ്ഞത്. നല്ല കറുത്ത കട്ടിയുള്ള താടി വെച്ച ആ മൊഞ്ചനെ എത്ര നേരം ഞാൻഅങ്ങനെ നോക്കി നിന്നു എന്നറീല.

"ഫെബി...ആ താടിക്കാരനെ കാണാൻ എന്ത് മൊഞ്ചാലെ?"

ആരാ ഇപ്പോ ഇത് പറയുന്നെന്ന് കരുതി നോക്കിയപ്പോ അച്ചുവാണ്.

"ഏത്..ഏത് മൊഞ്ചൻ? അവിടെ ഉള്ളവരൊക്കെ മൊഞ്ചന്മാരല്ലേ?"

"എടി..ആ ബ്ലൂ കളർ ഷർട്ട് ഇൻഷയ്ഡ് ചെയ്ത ആ താടിക്കാരൻ."

ബെസ്റ്റ്..നമ്മള് നോട്ടമിട്ട ആളെ തന്നെയാ അച്ചു കാണിച്ച് തന്നത്. അപ്പോ നമ്മളെ കണ്ണിന് മാത്രം അല്ല എല്ലാരെ കണ്ണിലും ഓൻ മൊഞ്ചനാണ്. അതോണ്ട് നമ്മൾ അധികം വായി നോക്കാൻ നിന്നില്ല.

"എടി...കൊള്ളാല്ലേ ചെക്കനെ കാണാൻ?"

"ആ... വല്യ കൊഴപ്പല്യാന്നേ ഉള്ളു. എന്താ അരുണിനോട് ഒഴിഞ്ഞു പോകാൻ പറഞ്ഞിട്ട് നിനക്ക് ഓനെ നോക്കണോ?"

അതിന് ഒരു ദഹിപ്പിക്കുന്ന നോട്ടമായിരുന്നു അവളുടെ മറുപടി. അത് കണ്ടപ്പോ തന്നെ നമ്മള് മുഖം തിരിച്ചു. അത്രക്ക് ഭയാനകമായിരുന്നു അവളുടെ നോട്ടം.

"അരുണിനെ കണ്ടുമുട്ടുന്നതിന് മുന്പാണ് ഞാൻ

ഓനെ കണ്ടതെങ്കിൽ എന്തായാലും നോക്കിയേനെ...പിന്നെ ഇജ്ജ് വല്ലാതെ തുള്ളണ്ട.. ഞാൻ ഓനെ അനക്ക് കാണിച്ച് തന്നത് ഇക്ക് വേണ്ടിയല്ല, അനക്ക് വേണ്ടിയാ."

അവളത് പറഞ്ഞതും അടി കിട്ടിയ പോലെ ഞാൻ അവളെ നോക്കി.

"ഇജ്ജ് നോക്കിയെന്ന് കരുതി ഞാൻ പേടിക്കില്ല. ഞാൻ കാര്യമായിട്ടാ പറഞ്ഞത്. ഓനും ഇജ്ജും നല്ല മാച്ചായിരിക്കും. ഓന് ഇജ്ജ് ചേരില്ലെങ്കിലും അഡ്ജസ്റ് ചെയ്യാ."

അവളൊരു കള്ളച്ചിരിയോടെ അത് പറഞ്ഞപ്പോ കയ്യിലുണ്ടായിരുന്ന പേഴ്സ് എടുത്ത് അവളുടെ തലക്ക് ഒരെണ്ണം കൊടുത്തു.

"അച്ചൂ...കഴിയുമെങ്കിൽ ഇന്റെ ഈ കയ്യകലത്തിൽ നിന്ന് മാറി നിന്നോ..എപ്പോഴാ അത് അന്റെ മോന്തയിൽ പതിക്കാന്ന് പറയാൻ പറ്റൂല."

നമ്മള് കൊറച്ചു കലിപ്പ് മോഡിൽ തന്നെ പറഞ്ഞു. അവള് വേഗം തിരിഞ്ഞിരുന്നിട്ട് ഓരോന്ന് പിറുപിറുത്തു.

"ഓൾക്ക് പ്രേമം ഇഷ്ടാ ..പക്ഷേ, പ്രേമിക്കുന്നത് ഇഷ്ടല്ല. ഓനെ ഓള് വായിനോക്കുന്നത് കണ്ടിട്ട് തന്നെയാ അങ്ങനെ പറഞ്ഞത്. എന്നിട്ട് ഇപ്പോ ഓള് പറയാ ഓളെ കയ്യ് ഇന്റെ മോന്തയിൽ പതിയുമെന്ന്. ഓ.. പിന്നെ ഇങ്ങോട്ട് വാ ഞാൻ നിന്ന് തരാ.."

"ഇവക്കിതെന്താ പിരാന്തായോ?"

അച്ചുവിന്റെ പിച്ചും പേയും കേട്ട് ഹസി ചോദിച്ചു.

"ആ..ഡീ.. ഇക്ക് പിരാന്താ.. അതിന്റെ ഒരു കൊറവേ ഉണ്ടായിരുന്നുള്ളൂ..ഇപ്പോ അതും ആയി."

അച്ചുവിന്റെ പറച്ചിലും മുഖത്തെ ഭാവവും കണ്ട് ഞങ്ങൾ ഇരുന്ന് ഒരുപാട് ചിരിച്ചു.

കൊറച്ചു കഴിഞ്ഞപോ അച്ചു എണീറ്റു.

"ചിരി തീർന്നോ? എന്നാൽ പോയി ഫോട്ടോ എടുക്കായിരുന്നു.ഷെറി വിളിക്കുന്നുണ്ട്."

നോക്കുമ്പോ മൊഞ്ചന്മാരൊക്കെ സ്ഥലം കാലിയാക്കിയിട്ടുണ്ട്. ഷെറി ഞങ്ങളെ നോക്കി "വാ..."എന്ന് വിളിച്ചു.

ഞങ്ങൾ എണീറ്റു വേഗം സ്റ്റേജിൽ കേറി ഫോട്ടോക്ക് പോസ് ചെയ്തോണ്ട് നിന്നു.

അപ്പോഴുണ്ട് ആ മൊഞ്ചൻ നേരത്തെ ഞങ്ങൾ കണ്ട മൊഞ്ചത്തിനോട് വർത്താനം പറയുന്നു. ആ കാഴ്ച കണ്ടപ്പോ ചെറുതായിട്ട് ഉള്ള് നീറിയോ? ഏയ്..അല്ലെങ്കിലും നമ്മൾക്കെന്താ ഓൻ സംസാരിക്കുന്നതിന്? ഓന് ആരാ ഇന്റെ? അല്ല പിന്നെ...

ഞാൻ അത് അപ്പോ തന്നെ അച്ചുവിന് കാണിച്ച്

കൊടുത്തു.

"ശോ...ഓള് അപ്പോഴേക്കും ഓനെ വളച്ചോ? ഛെ..കഷ്ടായി പോയി."

അച്ചു പതിയെ എന്റെ കാതിൽ പറഞ്ഞു.

"നിൽപ് കണ്ടിട്ട് അന്റെ മൊഞ്ചനാണ് ഓളെ വീഴ്ത്തിയതെന്ന് തോന്നുന്നു."

ഞാൻ ഒരു പരിഹാസ ചിരിയോടെ അവളോട് പറഞ്ഞു.

"ഇജ്ജ് പോടീ...ഇന്റെ മൊഞ്ചൻ അങ്ങനെ ചെയ്യില്ല. ഇക്ക് ഉറപ്പാ..കണ്ടില്ലേ ഓൾടെ ഒരു അവിഞ്ഞ ചിരി.ഉറപ്പാ...ഓളാ ഇന്റെ കാക്കൂനെ വളച്ചത്."

"കാക്കുവോ?"

ഞാൻ ഒരു ഞെട്ടലോടെ ഓളെ നോക്കി.

"ആ... അന്റെ കെട്ട്യോൻ ഇന്റെ കാക്കുവല്ലേ?"

"ഡീ...ആൾക്കാരുണ്ടെന്നൊന്നും നോക്കില്ല.ഒരു ചവിട്ട് തന്നാലുണ്ടല്ലോ.

ഇജ്ജ് അസൂയപെട്ടിട്ട് ഒരു കാര്യവും ഇല്ല. ഓര് നല്ല മാച്ചാണ്."

"ഞാൻ ഒന്നും പറഞ്ഞിട്ടില്ല ഇജ്ജൊന്നും കേട്ടിട്ടും ഇല്ല."

എന്ന് പറഞ്ഞ് ഓള് സ്വയം വായക്ക് സിപ് ഇട്ടു. അത് കണ്ടപ്പോ എനിക്ക് ചിരി അടക്കാൻ പറ്റിയില്ല. എങ്ങനെ ഒക്കെയോ ഫോട്ടോക്ക് പോസ് ഒക്കെ ചെയ്ത് അവിടന്ന് ഇറങ്ങിയപ്പോ എന്റെ കയ്യിലാരോ പിടിത്തമിട്ടിട്ടുണ്ട്. തിരിഞ്ഞു നോക്കിയപ്പോ ഷെറിയാണ്.

"ഇജ്ജ് ഇതെങ്ങോട്ടാ ഫെബി പായുന്നെ? അന്റെ പാട്ട്...

മറന്നോ?"

നമ്മക്ക് അപ്പോഴാ വന്ന കാര്യം തന്നെ ഓർമ്മ വന്നത്.

"ഏയ്... ഞാൻ മറന്നിട്ടൊന്നും ഇല്ല. അത് ..അത് പിന്നെ ഇന്റെ ഗിറ്റാർ എടുത്തില്ല. അതെടുക്കാൻ..."

ബാക്കി പറഞ്ഞു മുഴുവൻ ആകുന്നതിന് മുന്നെ ഹസി എന്റെ നേർക്ക് ഗിറ്റാർ നീട്ടി.

"ഇപ്പോ ഗിറ്റാർ കിട്ടിയില്ലേ ഇനി പാടുന്നതിന് കൊഴപ്പല്യല്ലോ?"

ഷെറിക്ക് ഒരു ചിരി കൊടുത്തിട്ട് നമ്മള് ഹസിയെ ഒന്ന് നോക്കി. എനിക്ക് അപ്പോ അവളുടെ ചട്ടി തലയെടുത്ത് ഫുട്ബോൾ കളിക്കാനാ തോന്നിയത്. അവളോടുള്ള ദേഷ്യം കടിച്ചമർത്തി ഞാൻ അവിടെ ഉള്ളവരെ ഒന്ന് നോക്കി.

"ഇത് ഇന്റെ ഏറ്റവും അടുത്ത സുഹൃത്താണ് ഫെബി. ഞങ്ങളെ സ്കൂളിലെ റോക്ക് സ്റ്റാറാണെന്ന് തന്നെ പറയാം. കാരണം, അത്രക്ക് നന്നായിട്ട് പാടാനുള്ള കഴിവ് പടച്ചോൻ കനിഞ്ഞ് അവൾക്ക് കിട്ടീക്കണ്......"

ഈ പെണ്ണ് ഷെറിക്കെന്താ പിരാന്തോ റബ്ബേ...ഇവള് എന്തിനാ ഇതൊക്കെ ഇവടെ പരീണത്...ആരെങ്കിലും ആ പെണ്ണിന്റെ കയ്യിന്ന് ആ മൈക്ക് വാങ്ങ് ചെങ്ങായിമാരെ...

ഇവളിങ്ങനെ നമ്മളെ പുകഴ്ത്തിയിട്ട് അവസാനം ഒന്നും പാടാൻ പറ്റീലെങ്കിൽ ഓളും നാണം കെടും കൂടെ നമ്മളും നാണം കെടും. ഇന്റെ പ്രാർത്ഥന പടച്ചോൻ കേട്ടതോണ്ടാകും ഓളെ പുകഴ്ത്തൽ നിന്നു. പക്ഷേങ്കിൽ നമ്മളെ പേടി നിന്നില്ല, അത് ഹൈ സ്പീഡിൽ കുതിച്ചുയർന്നു.

സർവ്വ ശക്തനായ തമ്പുരാനേ കാത്തോളണേന്ന് മനസ്സുരുകി പ്രാർത്ഥിച്ചു.

അപ്പോഴേക്കും ഓർക്കസ്ട്ര ടീമിലെ ഒരു ചേട്ടൻ ഇന്റെ മുമ്പിൽ ഒരു മൈക്ക് സ്റ്റാൻഡും ഒരു കസേരയും ഇട്ട്

തന്നു.

'എന്തിനാപോ ഇത് മാത്രം ആക്കിയെ? ഒരു പായും തലേണയും കൂടി തന്നൂടെന്നോ? ഇവടെ കിടന്ന് പാടായിരുന്നു.'

നമ്മള് മൈന്റിൽ അതാണ് ചിന്തിച്ചതെങ്കിലും പുറമെ ഒരു ചിരി നൽകി കൊണ്ട് നമ്മള് അവിടെ ഇരുന്നു.

ചുമ്മാ എല്ലാരേയും ഒന്ന് കണ്ണോടിച്ചപ്പോ എല്ലാ പഹായന്മാരും നമ്മളെ ഫോക്കസ് ചെയ്തോണ്ട് നിക്കാ.ആ മൊഞ്ചനും നോക്കുന്നുണ്ട്ട്ട. നമ്മളെ ഗാങ്ങ് ചിരിച്ചോണ്ട് ഓൾ ദി ബെസ്റ്റ് ഒക്കെ പറഞ്ഞു. അവറ്റകളുടെ മോന്ത കണ്ടപ്പോ ചിരിയാണ് വരുന്നത്. അതോണ്ട് ആരുടെയും മുഖത്ത് നോക്കാതെ കണ്ണും അടച്ച് ഞാൻ പാടി.

എങ്ങും നിശബ്ദത...

ഓഡിറ്റോറിയത്തിന്റെ ചുവരിൽ തട്ടി എന്റെ സ്വരം എനിക്ക് തന്നെ എക്കോ പോലെ കേൾക്കായിരുന്നു.

ഇടക്ക് എപ്പോഴോ ഓർക്കസ്ട്ര ടീമും എന്റെ കൂടെ

കൂടിയിട്ടുണ്ട്. പാട്ട് പാടി പകുതി ആയിട്ടും ഒരു ഒച്ചയും കേൾക്കാതോണ്ട് നമ്മളെ പാട്ട് കേട്ട് എല്ലാരും സ്ഥലം വിട്ടൊന്ന് കരുതി കണ്ണ് തുറന്നപ്പോ എല്ലാരും പാട്ടിൽ മുഴുകി ഇരിക്കാ.

ഇവര് കൊറച്ചു ഡീസന്റ് പാർട്ടികൾ ആയോണ്ട് നമ്മളെ സ്ഥിരം കച്ചറ പരിപാടി ഒന്നും ഇല്ലെന്നു.ഒരു നല്ല ഹിന്ദി മെലഡിയാണ് നമ്മള് കാച്ചിയത്.

അവസാനം പാട്ട് പാടി കഴിഞ്ഞപോ എല്ലാരും ഒന്നടങ്കം കയ്യടിച്ചു. പടചോനെ അപ്പോഴാ നമ്മക്ക് ശ്വാസം നേരെ വീണത്. ഷെറി നമ്മളെ വാരി പുണർന്നിട്ട് കവിളത്ത് ഒരു മുത്തം തന്നു.

"പൊളിചു മോളെ...ഉഷാറായ്ക്ക്ണ്. ഒന്നും കൂടി പാടായിരുന്നു."

'ഇതെങ്ങനെ പാടീതെന്ന് ഇനിക്കെ അറിയൂ.അപ്പോഴാ ഓളെ ഒരെണ്ണം കൂടി.'

നമ്മള് മനസ്സിൽ പറഞ്ഞതാട്ടോ. അതിന് ഓൾക്ക് മറുപടി കൊടുക്കുന്നതിന് മുന്നേ സൈനു നമ്മക്ക് കൈ തന്നു.എന്നിട്ട് എന്തൊക്കെയോ ഇംഗ്ലീഷിൽ പറഞ്ഞു. നമ്മക്ക് പിന്നെ പണ്ടേ ഇംഗ്ലീഷിനോടും ഇംഗ്ലീഷ്കാരന്മാരോടും മോഹബ്ബത് ആയോണ്ട് താങ്ക്സ് പറഞ്ഞ് നമ്മള് വേഗം അവിടന്ന് സ്കൂട്ടായി. അവിടെ ഉണ്ടായിരുന്ന വെള്ളപ്പാറ്റകളും മൊഞ്ചന്മാരും നമ്മളെ അടുത്തേക്ക് വന്നു. പക്ഷേങ്കിൽ അതില് ആ താടിക്കാരൻ ഇല്ലെന്നു.ചെലപ്പോ നമ്മളെ പാട്ട് കേട്ടിട്ട് മൂപ്പര് സ്ഥലം വിട്ടതാണോ? പടച്ചോൻക്ക് അറിയാ. എല്ലാരും കയ്യൊക്കെ തന്നു,പരിചയപ്പെട്ടു, വേഗം അക്കൂട്ടത്തിൽ നിന്ന് പുറത്ത് ചാടിയപ്പോഴുണ്ട് ആ മൊഞ്ചത്തി നമ്മളെ ഒരു പരിഹാസത്തോടെ നോക്കി ചിരിക്കുന്നു.

നമ്മളത് വക വെക്കാതെ നമ്മളെ ഗ്യാങ്ങിന്റെ അടുത്തേക്ക് ചെന്നു. എല്ലാരും കൂടി നമ്മളെ ചക്കരമ്മല് ഈച്ച പൊതിയുന്ന പോലെ പൊതിഞ്ഞു. എന്നിട്ട് കൈ തരലും കെട്ടി പിടിത്തവും സെൽഫി എടുക്കലുമായിട്ട് ഭയങ്കര കലപില.

കൊറച്ചു നേരം അവരോട് സംസാരിച്ചിരുന്ന്

ക്ലോക്കിലേക്ക് നോക്കിയപ്പോ സമയം4 മണി കഴിഞ്ഞു. വീട്ടിൽ ഇരിക്കുന്ന ഉമ്മ ചൂലും എടുത്തോണ്ട് ഭദ്രകാളിയെ പോലെ ഉറഞ്ഞു തുള്ളുന്നത് ഓർമ്മ വന്നപ്പോ എല്ലാരോടും നമ്മളൊരു ബൈ പറഞ്ഞ് അച്ചുവിനെയും വലിച്ചോണ്ട് അവിടന്ന് ഇറങ്ങി. ഹസി ഇന്നും ഓളെ ഉമ്മാന്റെ വീട്ടിലേക്കാണെന്ന് പറഞ്ഞോണ്ട് ഞങ്ങൾ വേഗം ഇറങ്ങി.

പെട്ടെന്ന് സഡൻ ബ്രേക്കിട്ട് നമ്മള് അവിടെ നിന്നു. കാരണം എന്തേത്താ? സ്കൂട്ടി അപ്പൊറത്തെ പറമ്പിലല്ലേ.

"എന്താടി ഇവിടെ തന്നെ നിക്കുന്നേ? ഇപ്പോ അനക്ക് പോകാൻ ധൃതി ഇല്ലേ?"

"ഞാൻ ഇല്ല.ഇജ്ജ് അങ്ങോട്ട് പോയി വണ്ടി എടുത്ത് വന്നാ മതി."

നമ്മളൊരു നല്ല നൈസായിട്ടുള്ള ചിരി അങ്ങ് പാസാക്കി. പക്ഷേങ്കിൽ അച്ചു കൊറച്ചു ഹാർഡായിരുന്നു.

"എന്താ പോന്നു മോള് പറഞ്ഞത്? ഞാൻ കേട്ടില്ല.

ഞാൻ ഇവടെന്ന്റോഡ് മുറിച്ച് കടന്നിട്ട് വണ്ടിയുമായി തിരിച്ചു ഇങ്ങോട്ട് തന്നെ വന്നിട്ട് അന്നേയും എടുത്തോണ്ട് വീണ്ടും അങ്ങോട്ട് തന്നെ പോകണം അല്ലെ?

ചെലക്കാണ്ട് മര്യാദക്ക് ഇന്റെ പിന്നാലെ വന്നോ അതാ അനക്ക് നല്ലത്. ഞാൻ തിരിച്ച് ഇങ്ങോട്ട് വരുമെന്ന് ഇജ്ജ് കരുതണ്ട ഫെബിയെ..."

"അച്ചു...പ്ലീസ് ടി.. അനക്ക് അറീലെ ഇക്ക് റോഡ് ക്രോസ്സ്ചെയ്യാൻ പേടിയാണെന്ന്. പ്ലീസ് എടി .."

അച്ചുവിനോട് ഞാൻ കെഞ്ചി ,പക്ഷേ അവളത് കേട്ട ഭാവം നടിച്ചില്ല.

"ഇജ്ജ് വരുന്നുണ്ടേൽ വാ..ഇല്ലെങ്കിൽ ഇവിടെ നിന്നോ."

അതും പറഞ്ഞ് അച്ചു സീബ്ര ലൈനിൽ കൂടി സിമ്പിൾ

ആയിട്ട് കടന്നു പോയി. ഓപ്പോസിറ്റ് എത്തിയപ്പോ അവള് വാ എന്ന് ആംഗ്യം കാണിച്ചു. ഹൈവേ ആയോണ്ട് രണ്ട് റോഡ് കടക്കണം, അതാണ് പേടി.ഒരിക്കൽ നമ്മളെ ഒരു വണ്ടി ഇടിക്കാൻ നിന്നതെന്നു. അന്ന് തലനാരിഴക്കാ രക്ഷപ്പെട്ടത്.പിന്നെ അതിന് ശേഷം റോഡ് ക്രോസ്ചെയ്യാൻ ഭയങ്കര പേടിയാ. പറഞ്ഞ് പറഞ്ഞു നമ്മള് കഥേന്ന് പോന്നു.

ഒടുക്കം പേടിച്ച് പേടിച്ച് നമ്മള് ഒരു റോഡ് ക്രോസ് ചെയ്തു. ഇനി ഒരെണ്ണം കൂടി ബാക്കിയുണ്ട്.അച്ചു "വേഗം വാ..നേരത്തെ കടന്ന പോലെ വന്ന മതി പേടിക്കണ്ട" എന്നൊക്കെ വിളിച്ചു കൂവുന്നുണ്ട്. അവൾക്ക് അവിടെ നിന്ന് കൂവിയാൽ പോരെ..നമ്മളല്ലെ കടക്കാനുള്ളത്. അങ്ങനെ വീണ്ടും നമ്മള് പേടിച്ച് പടച്ചോനെ കാത്തോണെന്നും പറഞ്ഞ് അതും കടന്നു.

"ഹാവൂ..." എന്ന് നേടുവീർപ്പിടാൻ പോലും എനിക്ക് സമയം കിട്ടിയില്ല അപ്പോഴേക്കും എന്നെ ഒരു കാർ വന്ന് കാലിൽ ഇടിച്ചു. ഞാൻ ഉരുണ്ട് ഉരുണ്ട് ഒരു കല്ലിൽ ചെന്ന് തലയിടിച്ചു.

(തുടരും)

ഭാഗം.10

"ഹാവൂ.."എന്ന് നേടുവീർപ്പിടാൻ പോലും എനിക്ക് സമയം കിട്ടിയില്ല.അപ്പോഴേക്കും എന്നെ ഒരു കാർ വന്ന് കാലിൽ ഇടിച്ചിരുന്നു.ഞാൻ ഉരുണ്ട് ഉരുണ്ട് ഒരു കല്ലിൽ പോയി തലയിടിച്ചു.

"ഫെബീ...."

അച്ചു നിലവിളിച്ചു കൊണ്ട് എന്റെ അടുത്തേക്ക് ഓടി വന്ന് എന്നെ എഴുന്നേൽപ്പിച്ചു. കാൽ ചെറുതായിട്ട് വേദന എടുക്കുന്നുണ്ട്. അതോണ്ട് നില്ക്കാൻ പറ്റുന്നില്ല. നെറ്റിയിൽ നിന്നും ചോര പൊടിയുന്നുണ്ട്. എന്നെ അവള് അവിടെ ഉള്ള മതിലിൽ ചാരി നിർത്തി. എന്നിട്ട് ആ കാറിന്റെ വിൻഡോ ഗ്ലാസിൽ അടിച്ചു.

"ഇറങ്ങി വാടോ ഇങ്ങോട്ട്.തനിക്ക് ഇറങ്ങാൻ വല്ല

ബുദ്ധിമുട്ടും ഉണ്ടോ?"

കട്ട കലിപ്പിൽ അച്ചു വീണ്ടും ഗ്ലാസിൽ തട്ടി വിളിച്ചു. ഞാൻ അപ്പോഴേക്കും എന്റെ കാൽ കൊടഞ്ഞ് ഉഴിഞ്ഞു. അപ്പോ കൊറച്ചു ആശ്വാസം കിട്ടി. കാരണം ഒന്ന് ചെറുതായിട്ട് മുട്ടിയിട്ടുള്ളൂ. പക്ഷെ അയാളെ അങ്ങനെ വെറുതെ വിടാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ലെന്നു.

ഞാൻ ആ കാറിന്റെ അടുത്തേക്ക് ചെന്നു.

കാറിൽ നിന്നും ഇറങ്ങി വന്ന ആളെ കണ്ട് ഞാനും അച്ചുവും പരസ്പരം നോക്കി നിന്നു.

'എന്നെ കാറിടിപ്പിക്കാനാണോ പടച്ചോനെ ഓന് വേഗം അവിടന്ന് വന്നത്?'

ആരാ ആളെന്ന് മനസ്സിൽ ആയില്ലേ? നിങ്ങൾ ഉദ്ദേശിച്ച ആള് തന്നെ. ആ താടിക്കാരൻ മൊഞ്ചൻ.

അച്ചു അവനെ കണ്ടപ്പോ തന്നെ എന്റെ കാതിൽ

മൊഴിഞ്ഞു.

"ഫെബീ..ഇത് വലിയ പ്രശ്നം ആക്കണ്ടേ വിട്ടേക്ക്."

ഓൾക്ക് അത് പറഞ്ഞാ മതി, ഇടിച്ചത് എന്നെയാ. അതോണ്ട് ഞാൻ അത് വെറുതെ വിടാൻ ഉദ്ദേശിച്ചിട്ടില്ല.

അച്ചുവിനെ തള്ളി മാറ്റിയിട്ട് ഞാൻ അവന്റെ മുന്നിൽ നിന്നു.

"തനിക്കെന്താടോ കണ്ണ് കണ്ടൂടെ? റോഡിലൂടെയാ വണ്ടി വിടേണ്ടത് അല്ലാതെ മനുഷ്യന്മാരുടെ നെഞ്ചത്തു കൂടിയല്ല. തനിക്കൊക്കെ ആരാടോ ലൈസെൻസ് തന്നത്?

ഈ പാട്ടവണ്ടി റോഡിലേക്ക് ഇറക്കുമ്പോ വീട്ടിൽ ഉള്ളവരോട് പറഞ്ഞിട്ട് തന്നെയാണോ ഇറങ്ങി തിരിച്ചത്.

തനിക്ക് എന്താടോ നാവില്ലേ? അതോ വായിൽ എന്താ കൊഴുക്കട്ടയാണോ?

ഇത്രയൊക്കെ പറഞ്ഞിട്ടും ഒന്നും തനിക്കെന്താടോ ഒന്നും പറയാനില്ലേ?"

അപ്പോഴേക്കും ഏകദേശം ആളുകളൊക്കെ കൂടി. പക്ഷേ അച്ചു അവരെ അവിടന്ന് പറഞ്ഞു വിട്ടു. സത്യം പറഞ്ഞാൽ പിന്നീട് അങ്ങോട്ട് ഞാൻ അവനെ പറഞ്ഞതൊക്കെ കേട്ടാൽ നിങ്ങൾക്ക് വരെ ദേഷ്യം വരും.അതോണ്ട് ഞാൻ അത് പറയുന്നില്ല. അതൊക്കെ കേട്ടോണ്ട് നിന്നു എന്നല്ലാതെ അവൻ കമാന്ന് ഒരക്ഷരം മിണ്ടിയില്ല. അവന്റെ നിൽപ് കണ്ടപ്പോ ദേഷ്യം അതിലേറെ ഇരട്ടിയായി.

അവിടെ കിടന്ന ഒരു മുട്ടൻ കല്ലെടുത് അവന്റെ കാറിന്റെ ചില്ലിലേക്ക് എറിഞ്ഞു. ഗ്ലാസ് പൊട്ടിയില്ല പകരം കല്ല് പീസ് പീസായി.

"താനും തന്റെ ഒരു കാറും."

ഒരു ചാവിട്ടങ്ങ് കൊടുത്തു കാറിന്. എന്റെ കാല് പോയത് മിച്ചം. അവന് ഒരു കുലുക്കവും ഇല്ല. അത് കണ്ടപ്പോ അതിലേറെ ദേഷ്യം വന്നു.

"ടോ... താൻ ഒരു മനുഷ്യൻ തന്നെയാണോ ഇടിച്ചിട്ടത്തിന് ഒരു സോറി എങ്കിലും പറഞ്ഞാലെന്താ? അറ്റ്ലീസ്റ്റ്, എന്താ പറ്റിയത് എന്നെങ്കിലും തനിക്ക് ചോദിച്ചൂടെ?...

തനെന്താടോ പൊട്ടനാണോ? സംസാരിക്കില്ലേ?

അച്ചൂ....അയാളോട് പോകാൻ പറ. ഇല്ലെങ്കിൽ കണ്ട്രോൾ തെറ്റി ഞാൻ വല്ലതും വിളിച്ചു പറയും."

കലിപ്പിൽ അച്ചുവിനോട് അത് പറയുമ്പോ അവളും ഒന്ന് പേടിച്ചിരുന്നു.

"എന്തിനാ മാഷേ വെറുതെ ഇവളുടെ വായിൽ ഇരിക്കുന്നത് വെറുതെ കേക്കാൻ നിക്കുന്നത്. ഒരു സോറി അല്ലെ അവള് ചോദിച്ചത് അത് പറഞ്ഞിട്ട് പൊയ്ക്കൂടേ?"

"എനിക്ക് ഇയാളെ സോറി ഒന്നും കേക്കണ്ട. അയാളോട് പോകാൻ പറ. ആ മോന്ത കാണുമ്പോ തന്നെ ദേഷ്യം വരുന്നുണ്ട്."

അച്ചൂ എന്റെ മുഖത്തേക്ക് നോക്കി എന്നിട്ട് അടുത്തേക്ക് വന്നു.

"ഫെബീ... ചോര വരുന്നു. വാ നമുക്ക് ഹോസ്പിറ്റലിൽ പോകാം."

"ഹോസ്പിറ്റലിൽ ഒന്നും പോകണ്ട അച്ചൂ...അത് മാറിക്കോളും. I am fine."

അപ്പോഴേക്കും എന്റെ നേരെ ഒരു വെള്ള കർചീഫ് നീണ്ടു വന്നു. നോക്കുമ്പോ നമ്മളെ മൊഞ്ചനാണ് അത്. അവനെ ദഹിപ്പിക്കുന്ന ഒരു നോട്ടം നോക്കിയിട്ട് ഞാൻ അത് തട്ടിപ്പറിച്ച് വാങ്ങി. എന്നിട്ട് ചോര ഒപ്പിയെടുത്തിട്ട് മുറിഞ്ഞ ഭാഗത്ത് അത് വെച്ചു.

"ഇനിയും താൻ എന്ത് കണ്ടോണ്ട് നിക്കാടോ? ഈ പാട്ടവണ്ടിയും എടുത്തോണ്ട് എന്റെ കണ്മുന്പിൽ നിന്ന് പോടോ.....പോകാൻ...."

ഞാൻ അവനോട് അലറി. ഒരു പുഞ്ചിരി തന്നിട്ട് അവൻ കാറും എടുത്തോണ്ട് ഒരു പോക്കങ് പോയി.

"ഫെബീ... അനക്ക് കൊഴപ്പല്യല്ലോ?"

"ഏയ്..ഒന്നും ഇല്ലടി... ചെറുതായിട്ട് മുറിഞ്ഞിട്ടുണ്ട് അത് മാറിക്കോളും. നീ വേഗം വണ്ടി എടുക്കാൻ നോക്ക്. ഇപ്പോ തന്നെ ഒരുപാട് വൈകി. വീട്ടിൽ ചെന്നാൽ ചീത്ത ഉറപ്പാ."

"അപ്പോ ഇജ്ജ് ഈ കോലത്തിൽ വീട്ടിൽ ചെന്ന് കേറിയാൽ ചീത്ത കേൾക്കില്ലേ?"

"അത് സത്യാവസ്ഥ അറിയുമ്പോ ശെരിയായിക്കോളും."

അച്ചു പിന്നെ ഒന്നും മിണ്ടാതെ വണ്ടിയെടുത്തു. കുറച്ച് സമയം ഞങ്ങൾ ഒന്നും മിണ്ടിയില്ല.

"ഫെബീ..."

"ഉം...."

"എന്നാലും ഇജ്ജ് ഇന്റെ കാക്കൂനോട് അങ്ങനെ ഒന്നും കനപ്പിച്ച് പറയുണ്ടായിരുന്നു."

"ഇജ്ജ് ഒന്ന് വണ്ടി നിർത്തിക്കെ. ഞാൻ ഓട്ടോക്ക് പൊയ്ക്കോളാം. നിർത്ത്..."

"സോറി മുത്തേ... ഞാൻ വെറുതെ അന്നെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ലേ, വിട്ട് കള... ഓനെന്റെ ആരുമല്ല. പോരെ?"

"ഉം ... ഇനി എന്തെങ്കിലും അവനെ പറ്റി

പറഞ്ഞാലുണ്ടല്ലോ ...ഞാൻ ഇതിൽ നിന്ന് ചാടും. പറഞ്ഞില്ലെന്ന് വേണ്ട."

പിന്നെ അച്ചു ഒന്നും മിണ്ടിയില്ല. എനിക്ക് ആണെങ്കിലോ അതൊക്കെ കൂടി ആലോചിച്ചിട്ട് തലക്ക് പിരാന്ത് പിടിച്ച് നിക്കാണ്.

'ആദ്യം കണ്ടപ്പോ അവനോട് തോന്നിയ അട്രാക്ഷൻ പോലും പോയി, ഇപ്പോ നല്ല ദേഷ്യം ആണ് വരുന്നത്. എന്റെ പുതിയ ഗൗൺ... my favorite, അവൻ കാരണം ഇതും നാശായി. തെണ്ടി...അവന് ഒരു സോറി പറഞ്ഞാലെന്താ? എന്നാ ഞാൻ അത്രക്കൊന്നും പറയില്ലായിരുന്നു. ഇനി അവൻ വല്ല ഊമയും ആണോ പടച്ചോനെ... യാ റബ്ബീ .... അങ്ങനെ വല്ലതും ആണെങ്കിൽ ഞാൻ പറഞ്ഞത് പൊറുത്ത് തരണേ...'

ഇങ്ങനെ ഓരോന്ന് ചിന്തിച്ച് നിക്കുമ്പോഴാ അച്ചു ഒന്നും മിണ്ടാത്തത് ശ്രദ്ധയിൽ പെട്ടത്.

"അച്ചൂ...അനക്ക് എന്നോട് ദേഷ്യം ഉണ്ടോടാ?"

"എന്തിന് ഫെബീ...അനക്ക് അല്ലെ എന്നോട് ദേഷ്യം ഉണ്ടാവേണ്ടത്? അന്നെ സപ്പോർട്ട് ചെയ്യുന്നതിന് പകരം ഓനെ സപ്പോർട്ട് ചെയ്തതിന്.

സോറിടാ... അനക്ക് അത് വിഷമായിട്ടുണ്ടെന്ന് ഇക്ക് അറിയാ.."

"ഏയ്..അത് സാരല്യ... ഇജ്ജ് അറിഞ്ഞോണ്ട് പറഞ്ഞതൊന്നും അല്ലല്ലോ? അതൊക്കെ പോട്ടെ...നാളെ അല്ലെ നമ്മളെ കോളേജ് ലൈഫ് തുടങ്ങുന്നത്. ഇജ്ജ് വല്ലതും പ്ലാൻ ചെയ്തിട്ടുണ്ടോ?"

"എന്ത് പ്ലാൻ ചെയ്യാനാ? ഇക്ക് കോളേജിലേക്കൊന്നും വരാൻ ഒരു താൽപ്പര്യവുമില്ല."

"അതെന്തോണ്ടാ താല്പര്യം ഇല്ലാത്തതെന്ന് ഇൻക്ക് അറിയാ...

അരുൺ ഇല്ലാത്തത് കൊണ്ടല്ലേ? ഓൻ ഇല്ലെങ്കിൽ

എന്താ അനക്ക് ഞാനില്ലെ പെണ്ണെ കൂടെ?

പിന്നെ അരുൺ...എങ്ങോട്ടും പോകില്ലല്ലോ ഇവിടെ ഒക്കെ തന്നെ കാണില്ലേ? പിന്നെ എന്താ?"

"ഉം...ഇജ്ജ് കൂടെ ഉള്ളതോണ്ടാ കോളേജിൽ പോകാൻ തോന്നുന്നത് തന്നെ."

അപ്പോഴേക്കും ഞങ്ങൾ എന്റെ വീട്ടിൽ എത്തിയിരുന്നു.

"അപ്പോ ശരി. മറക്കണ്ടേ നാളെ നമ്മളെ കോളേജ്..."

"ഇന്നത്തെ പോലെ ഇനി ലേറ്റ് ആകാൻ നിക്കണ്ടാ. ഒഴിവുള്ളപ്പൊ തട്ടമൊക്കെ ചുറ്റിയാൽ മതി."

"പോടീ പെണ്ണെ..."

"ആ... പിന്നെ നാളെ എന്റെ അച്ഛനോ മാമനോ ആയിരിക്കും നമ്മളെ കോളേജിൽ കൊണ്ട് പോകാ. So,

പെട്ടെന്ന് മാറ്റി നിന്നോണ്ടി."

"ഓക്കേ..സാർ."

അങ്ങനെ അച്ചുവിനെ യാത്ര അയച്ച് നമ്മള് ഗേറ്റ് തുറന്ന് മുറ്റത്തേക്ക് നടക്കുമ്പോ പൂമുഖത്ത് തന്നെ നമ്മളെ ഫൗസിയാത്ത ഇരിക്കുന്നുണ്ട്.

എന്റെ ഞൊണ്ടി ഞൊണ്ടിയുള്ള നടത്തം കണ്ടിട്ട് നമ്മളെ നോക്കിക്കൊണ്ട് നിക്കാണ് പുന്നാര ഉമ്മച്ചി. ഒരു ചിരി പാസ്സാക്കി കൊണ്ട് അകത്തേക്ക് കടന്നപ്പോഴും ഉമ്മ ഒന്നും ചോദിക്കരുതെ എന്നായിരുന്നു പ്രാർത്ഥന. എന്താ ഉണ്ടായതെന്ന് എങ്ങാനും ഉമ്മനോട് പറഞ്ഞാൽ പിന്നെ കാറിടിച്ചവനെ പ്രാകി കൊണ്ട് കൊല്ലും. പക്ഷെ ഉമ്മ എന്നെ കയ്യോടെ പിടിച്ചു.

"ഫെബിയെ...എന്താ ഇജ്ജ് ഞൊണ്ടി നടക്കുന്നെ, അന്റെ ഡ്രസ്സ് ഒക്കെ ചളി ആയിട്ടുണ്ടല്ലോ. പോയ പോലെ അല്ലല്ലോ അന്റെ വരവ്. എന്താടി ഉണ്ടായേ...?"

"അത് ഉമ്മച്ചി.."

"ഞാൻ പറഞ്ഞ് തരാ ഉമ്മച്ചിയേ എന്താ ഉണ്ടായതെന്ന്."

സിനുവാണ്. ഇവളെ ആരാ ഇപ്പോ ഇങ്ങോട്ട് വിളിച്ചത്. അല്ല ഇവളിപ്പോ എന്താ പറയാൻ പോകുന്നത്.

ഞാൻ അവളെ നെറ്റി ചുളിച്ചു കൊണ്ട് ഒരു സംശയത്തോടെ ഓളെന്താ പറയാൻ പോകുന്നതെന്ന് നോക്കി.

"എന്റെ ബലമായ സംശയം, താത്താന്റെ പാട്ട് കേട്ടിട്ട് സഹിക്കാൻ വയ്യാതെ അവിടെ ഉള്ളവരൊക്കെ കൂടി എടുത്ത് ചവിട്ടി കൂട്ടിയതാവുമെന്നാ."

ഓളെ സംശയം കേട്ടപ്പോ പെരുവിരൽ മുതലങ് ദേഷ്യം അരിച്ചു കേറി. ഓൾക്ക് പണ്ടേ എന്റെ പാട്ടിനോടൊക്കെ ഒരു തരം പുച്ഛമാണ്. എന്നെയും എന്റെ പാട്ടിനേയും

ആരും പുകഴ്ത്തുന്നതും ഓൾക്ക് കണ്ടൂടാ.

ഓളെ സംശയം കേട്ടിട്ട് ഒന്ന് പൊട്ടിക്കാനായിട്ട് കയ്യുയർത്തിയപ്പോ ഉമ്മ എന്നെ ഒരു തിരിക്കലായിരുന്നു. എന്നിട്ട് ഒരു ചോദ്യവും.

"ഓള് പറഞ്ഞത് ശെരിയാണോടി... തല്ല് വാങ്ങി കൊണ്ടാണോ അന്റെ വരവ്."

ഞാൻ സിനുവിനെ ഒന്ന് രൂക്ഷമായി നോക്കി. ഓള് വാ പൊത്തി ഭയങ്കര ചിരിയാണ്. ഞാൻ ഉമ്മാന്റെ മുഖത്തേക്ക് നോക്കി.

"ഉമ്മാ.. ങക്കെന്താ പിരാന്താണോ ഓള് പറയുന്നതും കേട്ട് ഇന്നോട് ചൂടാവാൻ. ഇങ്ങക്ക് തോന്നുന്നുണ്ടോ ഇന്റെ പാട്ട് കൊളമാകുമെന്ന്."

"അപ്പോ പിന്നെ താത്താന്റെ നെറ്റിയിൽ എങ്ങനെ മുറിയായിന്ന് ചോയ്ക്ക് ഉമ്മാ.."

'ഓ...ഈ കഴുതനെ ഞാൻ ഇന്ന് കൊല്ലും. ഒരു തല നേരാക്കി വരുമ്പോ അവള് അടുത്ത തലയും കൊണ്ട് വരാ... എനിക്ക് എന്ത്വെച്ചിട്ട് ഇതുപോലെ കൊറേ മാരണങ്ങളെ എന്തിനാ പടച്ചോനെ ഇങ്ങോട്ട് പറഞ്ഞയച്ചത്?'

അത് കേൾക്കേണ്ട താമസം ഉമ്മ എണീറ്റ് വന്ന് എന്റെ തട്ടം ഊരി. ഞാൻ മുടി കൊണ്ട് മറച്ചു വെച്ചെങ്കിലും നെറ്റിയിൽ നിന്ന് ചോര വരുന്നുണ്ട്.

"എന്താ ഫെബീ ഇതൊക്കെ? എങ്ങനെ അന്റെ നെറ്റി പൊട്ടിയെ? നല്ലോണം ചോര വരുന്നുണ്ടല്ലോ."

"ഹയ്... എന്റുമ്മാ...അതൊന്നും ഇല്ല. അത്.... അത് ഞാൻ ഒരു കല്ല് തട്ടി വീണതാ... അപ്പോ വേറെ കല്ലിൽ ചെന്ന് തലയിടിച്ചു."

എനിക്ക് എന്തോ അപ്പോ ആ കള്ളം പറയാനാ തോന്നിയത്. സത്യം പറഞ്ഞാൽ ഉമ്മ പിന്നെ എന്നെ

എങ്ങോട്ടും വിടില്ല. പോരാത്തതിന് ഇത് വലിയ പ്രശ്നമാക്കും. ഞങ്ങൾക്ക് എന്തെങ്കിലും പറ്റിയാൽ സഹിക്കില്ല ഉമ്മാക്കും ഉപ്പാക്കും,അതോണ്ട് ഈ കള്ളം അങ്ങനെ തന്നെ നിന്നോട്ടെ.

"ഞാൻ വിശ്വസിക്കില്ല, ഉമ്മാ ഓള് നൊണ പറയാ.. ങ്ങള് വിശ്വസിക്കല്ലിട്ടാ."

"ഇജ്ജ്ജൊന്ന് പൊയ്ക്കാ സിനോ...ഇന്റെ കയ്യിന്ന് ആയിരിക്കും അനക്ക് കിട്ടാ.."

ഉമ്മ ഓളെ നേരെ കയ്യോങ്ങിയപ്പോ ഓള് ഓടി. ഞാൻ ഉമ്മാനെ കെട്ടിപിടിച്ച് അങ്ങനെ നിന്നു.

"ഇങ്ങക്ക് പിന്നെ ഇന്നേ കണ്ണെടുത്താ കണ്ടൂടല്ലോ, മൂത്ത മോളെ പുന്നരിക്കാനല്ലേ ങ്ങക്ക് അറിയൂ."

ഓള് അത് പറഞ്ഞ് അങ്ങോട്ട് വന്നപ്പോ നമ്മൾ ഉമ്മാനെ കെട്ടി പിടിച്ചൊരു മുത്തം നൽകി. അത്

കണ്ടപ്പോ പെണ്ണിന് പിന്നെ അവിടെ നിൽപ്പ് ഉറച്ചില്ല. രണ്ടടി ചവിട്ടിയിട്ട് ഓള് റൂമിലേക്ക് പോയി.

"ഫെബീ...മോള് പോയി കുളിച്ച് ഈ ഡ്രസ്സ് ഒക്കെ ഒന്ന് മാറ്. ഞാൻ മരുന്ന് കൊണ്ട് വരാ.."

"ശരി ഉമ്മാ."

അങ്ങനെ നമ്മള് വേഗം റൂമില് പോയി ബാഗ് കട്ടിലിലേക്ക് ഇട്ടിട്ട് വേഗം കുളിച്ച് നിസ്കരിച്ചു. കുളി കഴിഞ്ഞ് വന്നപ്പോ തന്നെ നെറ്റിയിലെ ചോര ഒക്കെ പോയിരുന്നു. എല്ലാം കൂടി ചോര തീർന്നു എന്നാ തോന്നുന്നേ. ഞാൻ കട്ടിലിലേക്ക് അങ് ചാഞ്ഞു കിടന്നു. കാറിന്റെ ഇടി കിട്ടിയതോണ്ടാണോ അതോ ആ മൊഞ്ചനെ തെറി പറഞ്ഞിട്ടാണോ എന്നറീല പെട്ടെന്ന് തന്നെ ഉറങ്ങി പോയി. തലയിലാരോ തലോടുന്നത് പോലെ തോന്നിയപ്പോഴാ കണ്ണ് തുറന്നത്. നോക്കുമ്പോ നമ്മളെ പുന്നാര ഉമ്മച്ചിയാണ്. കണ്ണൊക്കെ നിറച്ചിട്ട് നമ്മളെയും നോക്കി നിക്കാണ് പുള്ളിക്കാരി.

"എന്തെ ഉമ്മ കരയണേ? എന്തെന്നോ?"

"നോക്കിയും കണ്ടും നടന്നൂടെ ഫെബിയെ അനക്ക്."

"അതിന് ഇന്റുമ്മച്ചിയെ ഇൻക്ക് ഒന്നും പറ്റീല്ലല്ലോ? കണ്ടില്ലേ ഇൻക്ക് ഒരു കൊഴപ്പവും ഇല്ല."

നമ്മള് നല്ല പുഞ്ചിരി സമ്മാനിച്ച് ഉമ്മച്ചിനെ വാരി പുണർന്നു.

"ഇന്നാ... ഇത് മുറിമ്മല് വെച്ചിട്ട് ഈ ബാന്റേജ് ഇട്ടാളെ."

"ഇൻക്ക് വയ്യ ഉമ്മച്ചിയേ...ങ്ങള് തന്നെ വെച്ച് തരി.."

നമ്മള് ചിണുങ്ങി കൊണ്ട് പറഞ്ഞു.

"ഈ പെണ്ണിന്റെ ഒരു കാര്യം.."

എന്ന് പറഞ്ഞ് പഞ്ഞിയിൽ ഡെറ്റോൾ ഒഴിച്ചിട്ട് ഉമ്മ അത് നെറ്റിയിൽ വെച്ചു.

പടച്ചോനെ...സ്വർഗം വരെ നമ്മള് കണ്ടു.

"ആ...ഉമ്മാചിയെ പതുക്കെ...വേദന ആവുന്നുണ്ട്.."

"കൊറച്ചു വേദന ആവുന്നത് നല്ലതാ...എന്നാലേ നോക്കിയും കണ്ടും നടക്കൂ..."

'ഉം...എന്നാലെ ആ താടിക്കാരനെ ഇനി എന്റെ കയ്യിൽ കിട്ടിയാൽ അവന് ഞാൻ ഇതിന്റെ ഇരട്ടി വേദന കൊടുക്കും. അപ്പോഴേ അവൻ നോക്കിയും കണ്ടും വണ്ടി ഓടിക്കൂ..'

"എന്ത് ആലോചിച്ച് നിക്കാ ഇജ്ജ്?"

"അത്... ഉമ്മാ.. ഷാദി എവടെ ഓനെ ഞാൻ കണ്ടില്ലല്ലോ?"

"ഉം...ഇപ്പന്നാരെ പാടത്തെ കളിയും കഴിഞ്ഞ് കേറി വന്നിട്ടുള്ളൂ. കുളിക്കാൻ പോയതാ.."

"ഹലോ മൈ ഡിയർ ഇത്താ...ഞാൻ വന്നു."

"ഓ പൊന്നുമോൻ വന്നോ? ഇവിടെ ഒരുത്തി വീണ് ചാകാൻ കിടന്നിട്ട് നീ വന്ന് നോക്കിയോഡാ...ആകപ്പാടെ ഉള്ള ഒരു ആങ്ങള ,അതും തല തെറിച്ച ഒന്ന്. ഇജ്ജോന്ന് പോയി തരോ ഷാദിയെ?"

നമ്മള് ഓനോട് ചൂടായി.

"ഓ..ഇനി രണ്ടാളും തുടങ്ങികൂടി ഒരേ തല്ല്."

"ഇത് ഞങ്ങൾ ആങ്ങളയും പെങ്ങളും തമ്മിലുള്ള പ്രശ്നമാണ്. ഇതിൽ ഉമ്മച്ചി ഇടപെടേണ്ട.അതിങ്ങട്ട് തരി ഞാൻ വെച്ചോളാം ബാന്റേജ്.ഇങ്ങള് പോയി ഇൻക്ക് ചായ എടുത്ത് വെക്കി."

"ഇനി ഇവടെ കിടന്ന് രണ്ടും കൂടി തല്ലുണ്ടാക്കിയിട്ട് ഇന്നേ വിളിക്കട്ടെ, അപ്പോ പറഞ്ഞ് തരാ ബാക്കി."

ഉമ്മ അവിടെന്ന് പോയപ്പോ ഷാദിയും പിന്നാലെ പോയിട്ട് ഡോറടച്ചിട്ട് എന്റെ അടുത്ത് വന്നു.

"എങ്ങനെ ഉണ്ടെന്നു താത്താ ചെക്കനെ കാണാൻ കൊള്ളാമോ?"

"കൊള്ളാമോ എന്ന് ചോയിച്ചാൽ... ആ തരക്കേടില്ലാത്ത മൊഞ്ചും ലുക്കൊക്കെ ഉണ്ട്. പക്ഷെ, ഓനെ കാണുമ്പോഴേ എനിക്ക് കലി വരും...

അല്ലാ...ഇജ്ജ് ഇതിപ്പോ ആരെ പറ്റിയാ

ചോയ്ക്കണെത്?"

നമ്മക്ക് അപ്പോഴാ ശെരിക്ക് ബോധം വന്നത്.

'പടച്ചോനെ... ഓൻ ആരെ പറ്റിയാ പറയുന്നതെന്ന് പോലും ചോയ്ക്കാതെ ഞാൻ എന്തൊക്കെയാ വിളിച്ച് കൂവിയത്?'

(തുടരും)

ഭാഗം.11

'പടച്ചോനെ...ഓന് ആരെ പറ്റിയാ പറയുന്നതെന്ന് പോലും ചോയ്ക്കാതെ ഞാൻ ഇത് എന്തൊക്കെയാ വിളിച്ചു കൂവിയത്?'

"ഇജ്ജ്....ഇജ്ജ് ആരെ പറ്റിയ ഷാദി ചോയിച്ചത്?"

നമ്മള് ഒരു ചെറിയ സംശയത്തോടെ ഓനെ നോക്കി.

ഓന് നമ്മക്ക് ഒരു പുഞ്ചിരി തന്നു.

"ഇപ്പോ ങ്ങൾ ആരെ പറ്റിയാ പറഞ്ഞോണ്ടിരുന്നത് ആ ആളെ പറ്റി."

ഓന്റെ മറുപടി നമ്മക്ക് പിന്നെയും സംശയം പടർത്തി.

"ഇജ്ജ് എന്തൊക്കെയാടാ പറയുന്നത് ഇൻക്ക് ഒന്നും മനസ്സിൽ ആവണില്ല."

"ഇന്റെ താത്താ...ങ്ങള് ഇനി ഇന്നോട് ഒന്നും മറച്ച് വെച്ചിട്ട് ഒരു കാര്യവും ഇല്ല. ഇന്നോട്അച്ചു ചേച്ചി എല്ലാം പറഞ്ഞു."

"ങേ..അച്ചുവോ? അച്ചു എന്ത് പറഞ്ഞെന്നാ ഇജ്ജ് പറയുന്നേ?"

അവനോട് കൊറച്ചു ദേഷ്യത്തോടെയാണ് ഞാൻ അത് ചോയിച്ചത്. കാരണം, ആ പെണ്ണ് എന്തൊക്കെയാ ഇവനോട് പറഞ്ഞിട്ടുണ്ടാവാ എന്ന് അറീല്ലല്ലോ.

"കൂൾ താത്താ കൂൾ...ഇങ്ങള് ഇങ്ങനെ ചൂടാവുന്നത് കാണുമ്പോ തന്നെ മനസ്സിൽ ആകുന്നുണ്ട് ചേച്ചി പറഞ്ഞതൊക്കെ ശരിയാണെന്ന്."

ചെക്കൻ വീണ്ടും ഓരോന്ന് പറഞ്ഞ് നമ്മളെ കൂടുതൽ ദേഷ്യം പിടിപ്പിക്കാണ്.

"ഷാദി..... ഇജ്ജ് ഇന്റെ കയ്യിന്ന് തല്ല് വാങ്ങാൻ നിക്കാതെ ഓളെന്താ പറഞ്ഞത് എന്ന്പറയുന്നുണ്ടോ?"

"അതിപ്പോ ഞാൻ ആ കാര്യം പറഞ്ഞാലും ഇങ്ങള് തല്ലും.അത് ഇന്നോട് ചേച്ചി അപ്പോഴേ പറഞ്ഞതാ.."

"ഷാദി............."

ഞാൻ ഓനെ ദേഷ്യത്തോടെ ഒന്ന് നോക്കി. ഓന് അപ്പോ തന്നെ ബെഡിന്ന് എണീറ്റു.

"ഞാൻ പറഞ്ഞ് തുടങ്ങല്ലേ? ങ്ങള് അപ്പോത്തിന് ചൂടായലോ?"

അവൻ അത് പറഞ്ഞപ്പോ ഞാൻകൊറച്ചു തണുക്കാൻ നോക്കി. എന്നിട്ട് ഓനെ ഒന്ന് നോക്കി.

"ഇനി പറ എന്താ ഓള് പറഞ്ഞത്?"

"അത്...അത് ഇല്ലേ...അന്റെ താത്ത ഒരു മൊഞ്ചനെ വല വീശി പിടിച്ചിട്ടുണ്ട്. മിക്കവാറും അത് അന്റെ അളിയൻ ആകാനാവും ചാൻസ്. പിന്നെ ഇജ്ജ് ഇത് ഓളോട് പറയുമ്പോ കൊറച്ച് വിട്ട് നിൽക്കുന്നത് നന്നായിരിക്കും. കാരണം, പിന്നീട് എന്ത് വേണേലും സംഭവിക്കാമെന്ന്."

ഷാദി അത് പറഞ്ഞ് തീർന്നില്ല അപ്പോഴേക്കും തലയണ കൊണ്ട് അവനൊരു ഏറ് കിട്ടിയിരുന്നു. ഞാൻ അച്ചൂ....എന്ന് അലറി കൊണ്ട് ഇരുന്നു. ഷാദി അപ്പോ തന്നെ സ്ഥലം കാലിയാക്കാൻ നോക്കി. നമ്മള് വീടോ..?

"ഡാ...ഷാദി നിക്കടാ അവിടെ... ഇങ്ങോട്ട് വാടാ.."

നല്ല അനുസരണയുള്ള കുട്ടിയായി ഷാദി അടുത്ത് വന്ന് ഇരുന്നു.

"താത്താ പ്ലീസ് തല്ലരുത്. അച്ചു ചേച്ചി അങ്ങനെ പറഞ്ഞപ്പോ അതൊന്ന് ചോയ്ക്കണമെന്ന് തോന്നി. സോറി."

"ആ പിശാചിന് ഞാൻ നാളെ കൊടുത്തോളാം. ഇജ്ജ് എവിടെന്ന ഓളെ കണ്ടേ?"

"അത് ഞാൻ കളി കയ്ഞ്ഞ് വരുമ്പോ അച്ചു ചേച്ചി സ്കൂട്ടിയിൽ വരുന്നത് കണ്ടു. അപ്പോ എന്നെ കണ്ടപ്പോ

വണ്ടി നിർത്തി. അപ്പോ പറഞ്ഞതാ.."

ഞാൻ ഒന്ന് ഇരുത്തി മൂളി കൊണ്ട് മനസ്സിൽ അച്ചൂനെ ഒരുപാട് പ്രാകി. ഇടക്കിടക്ക് ഷാദി നമ്മളെ മുഖത്ത് നോക്കി ഒരു കള്ളച്ചിരി ഒക്കെ തരുന്നുണ്ട്.

"എന്താടാ അനക്കൊരു ചിരി.."

"ഏയ്...ഒന്നുല്യാ.. നല്ല വേദന ഉണ്ടോ?"

"ഇല്ലടാ... കാറിടിച്ച് കെടക്കുമ്പോ നല്ല സുഖാ...."

അത് കേട്ടതും ഷാദി എന്നെ ഒരു നോട്ടമായിരുന്നു.

'പടച്ചോനെ വടി കൊടുത്ത് അടി വാങ്ങിയ സ്ഥിതി ആയല്ലോ.... ഈ പൊട്ടൻ ഒന്നും കേട്ടിട്ടുണ്ടാവരുതെ പടച്ചോനെ...'

"താത്ത എന്താ ഇപ്പോ പറഞ്ഞെ? കാറിടിച്ചെന്നോ? സിനു എന്നോട് പറഞ്ഞത് കല്ല് തട്ടി വീണു എന്നാണല്ലോ?"

'പടച്ചോനെ...പെട്ട്. ഇനി ഞാൻ ഈ പൊട്ടനോട് എന്താ പറയാ റബ്ബേ...'

ഓന് എന്ത് മറുപടി കൊടുക്കുമെന്ന് ആലോചിച്ച് നിന്നപ്പോഴേക്കും ചെക്കൻ ഉമ്മച്ചിയേന്ന് വിളിച്ചു കൂവാൻ തുടങ്ങി. അപ്പോ തന്നെ അവന്റെ വായ പൊത്തി.

"എടാ തെണ്ടി ഷാദി ഒച്ചവെച്ച് ഇത് ഉമ്മാനെ കൂടി അറിയിക്കല്ലേ പ്ലീസ്..."

"അപ്പോ താത്താനെ ശെരിക്കും കാറിടിച്ചതാണോ? എങ്ങനെ?"

അങ്ങനെ നടന്നതൊക്കെ ഓന് നമ്മള് വള്ളി പുള്ളി

വിടാതെ പറഞ്ഞു കൊടുത്തു.

രാമായണം മൊത്തം പറഞ്ഞു കൊടുത്തിട്ട് സീതന്റെ ആരാ രാമൻ എന്ന് ചോയിച്ച പോലെ നമ്മളോട് ഓനും ചോയ്ച്ചു.

"അപ്പോ ങ്ങളെ ആരാ കാറിടിച്ചേ?"

"അന്റെ കേട്ട്യോള്..."

അരിശം മൂത്ത് പറഞ്ഞു പോയതാ, അപ്പോഴതാ ഓന്റെ വായെന്ന് ഓരോ സത്യം പുറത്ത് വരുന്നു.

"ആര് സഫ്നയോ? ഓൾക്ക് നേരാംവണ്ണം നടക്കാൻ തന്നെ അറീല എന്നിട്ടല്ലേ കാറോടിക്കാ.."

ഓന് ഒരു പുച്ഛത്തോടെ അത് പറഞ്ഞപ്പോ നമ്മള് അന്തം വിട്ട കുന്തം പോലെ ഓനെയും നോക്കിയിരിക്കാ.

"ഹലോ...താത്താ... കാറ്റ് പോയോ? കൂയ്..."

ഓൻ നമ്മളെ ഒന്ന് പിടിച്ച് കുലുക്കിയപ്പോഴാ ഞാൻ സ്വബോധത്തേക്ക് വന്നത്.

"സഫ്നയോ? അതാരാടാ? ഏതവളാടാ ഓള്?"

"അതൊക്കെ പറയാൻ കൂടി അല്ലെ പൊന്ന് താത്ത ഞാൻ ഇങ്ങോട്ട് വന്നത്. അതിന് മുൻപ് ങ്ങളെ കാറിടിച്ചത് ആരാന്ന് പറ."

"വേറെ ആരാ, ഇത്രേം നേരം ഒരുത്തനെ പറ്റി പറഞ്ഞില്ലേ ഓൻ തന്നെ."

നമ്മള് കൊറച്ച് ദേഷ്യത്തോടെ അത് പറഞ്ഞു.

"ഓ...അപ്പോ ഹീറോയുടെ എൻട്രി കാറിടിച്ച് ആണല്ലേ?"

"ഇജ്ജത് വിട് ഷാദി...എന്നിട്ട് ഈ സഫ്ന ആരാന്ന് പറ."

അത് പറഞ്ഞപ്പോ ചെക്കന്റെ മുഖത്ത് വല്ലാത്തൊരു നാണമൊക്കെ വരുന്നുണ്ട്. ഓന്റെ മുഖത്തെ ഭാവം കണ്ടിട്ട് നമ്മള് അന്താളിച്ച് നിക്കാണ്. എന്നിട്ട് ഓന് പറഞ്ഞു തുടങ്ങി.

"സഫ്ന...ഇന്ന് പുതിയതായി ക്ലാസ്സിൽ വന്ന കുട്ടിയാ..."

(ആ...പറയാൻ വിട്ട് പോയി ഷാദി ഇപ്പോ 10ലാണ് പഠിക്കുന്നത്. സിനു 8ലും. ഷാദി നമ്മളെ പോലെ ഗവൺമെന്റ് സ്കൂളിലാ പഠിക്കുന്നത്. പക്ഷെ, സിനുവിന് ഇംഗ്ലീഷ് മീഡിയത്തിൽ തന്നെ പോണം. അങ്ങനെ ഓളെ വാശി പുറത്ത് ഉപ്പ ഓളെ അങ്ങനെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർത്തി. ഇനി നമ്മക്ക് കഥയിലേക്ക് തന്നെ വരാ...)

"പുതിയതായി വന്ന കുട്ടിയാ...സമ്മതിച്ചു. ഓളെ എങ്ങനെ അപ്പോഴേക്കും അനക്ക് ഇഷ്ടയെ..?"

"ഓ...ഇന്റെ താത്താ ഞാൻ പറഞ്ഞ് വരല്ലേ, ങ്ങളെന്തിനാ തോക്കിൽ കേറി വെടി വെക്കുന്നെ?"

"ഓ...എന്നാ വെടി വെക്കുന്നില്ല. പകരം ഇജ്ജ് എനിക്ക് ഒരു ഉപകാരം ചെയ്ത് താ... ഇന്റെ കാലൊന്ന് തിരുമ്മി താ..ഭയങ്കര വേദന."

നമ്മള് എന്നിട്ട് രണ്ട് കാലും എടുത്ത് ഓന്റെ മടിയിൽ വെച്ചു. ഓൻ ഇന്നെ ഒരു ദഹിപ്പിക്കുന്ന നോട്ടം നോക്കിയിട്ട് അവൻ കാലമർത്തി.

എനിക്ക് ആണെങ്കിൽ അപ്പോ ഓന്റെ മോന്ത കണ്ടപ്പോ ചിരി വന്നു.

"ആ...ന്നിട്ട് സഫ്ന...ബാക്കി പറ."

അപ്പോ ചെക്കന്റെ മുഖം വീണ്ടും മാറി ഒരു പുഞ്ചിരി വന്നു.ഞാൻ ഷാദിയെ തന്നെ കണ്ണിമ വെട്ടാതെ നോക്കി നിന്നു. നമ്മളെ പുന്നാര അനിയന് ഇങ്ങനെ

ഉള്ള ഭാവങ്ങളൊക്കെ പ്രകടിപ്പിക്കാൻ അറിയുമെന്ന് ഞാൻ അപ്പോഴാ അറിഞ്ഞത്.

"സഫ്ന...ഓള് കേറി വന്നത് ക്ലാസിലേക്ക് അല്ല താത്താ...ഇന്റെ ഖൽബിലേക്കാ..."

"അതെന്താ ഓള് ക്ലാസ്സാണെന്ന് കരുതി അന്റെ ഖല്ബിലാണോ കേറിയത്..?"

"ഇന്റെ താത്ത ങ്ങള് ഇന്നെ ഒന്ന് പറയാൻ സമ്മയ്ക്കോ?"

"ഓക്കേ..ഇജ്ജ് പറഞ്ഞോ നമ്മൾ ഒന്നും പറയുന്നില്ല."

അതും പറഞ്ഞ് ഞാൻ ഓനെ നോക്കി.

"ജംഷിനെയും കൂട്ടി ക്ലാസ്സിന്ന് പുറത്ത് ഇറങ്ങിയത് മാത്രം ഇൻക്ക് ഓർമ്മയുണ്ട്. കണ്ണ് തുറന്നപ്പോ ഒരു

മൊഞ്ചത്തി നമ്മളെ മേത്ത് കെടക്കാ...പടച്ചോനെ...അപ്പോ എനിക്ക് ഉണ്ടായ ഫീൽ പറഞ്ഞറിയിക്കാൻ പറ്റില്ല."

ഓന് ഇത് പറഞ്ഞപ്പോ നമ്മൾ ഒരു നിമിഷം നമ്മളെ ഫ്ലാഷ് ബാക്കിലേക്ക് ഒന്ന് പോയി.കാരണം ഇതുപോലെ ഒരു കൂട്ടിമുട്ടലിലാ ഞാനും ജാസിഫും പരിചയപ്പെട്ടത്. അത് ഓർത്തപ്പോ വീണ്ടും എനിക്ക് ചിരി വന്നു. ചിരി കൺട്രോൾ ചെയ്ത് ഷാദിയെ നോക്കി.

"ഓളെ നോട്ടം എന്റെ നേർക്ക് പതിഞ്ഞപ്പോ ......"

"അടി വയറ്റിൽ മഞ്ഞു വീണ പോലത്തെ സുഖം ഉണ്ടായല്ലേ?"

ഓൻ അല്ലാന്ന് തലയാട്ടി, എന്നിട്ട് നെഞ്ചിൽ രണ്ട് കയ്യും വെച്ച് കണ്ണടച്ചു.

"ഇന്റെ നെഞ്ചിലാ മഞ്ഞു വീണ പോലത്തെ സുഖം

ഉണ്ടായത്."

എന്ന് പറഞ്ഞ് ചെക്കൻ ബെഡിലേക്ക് അങ്ങ് ചാഞ്ഞു. ഇപ്പോ ഓനെ കണ്ട കഞ്ചവാണെന്ന് തോന്നും. അങ്ങനെ ഉള്ള ഫീലിലാ ചെക്കനിപ്പോ. മിക്കവാറും ഒരു ഡ്യൂയറ്റിനുള്ള സ്കോപ് ഒക്കെ കാണുന്നുണ്ട്.

അതോണ്ട് ഞാൻ ഷാദിയെ ഒന്ന് ചവിട്ടി.

"ഡാ...ഇവിടെ കിടന്ന് ഇങ്ങനെ ഷോ കാണിക്കുന്നുണ്ടല്ലോ നീയിത് ഓളോട് പറഞ്ഞോ?"

ഷാദി അപ്പോ തന്നെ ബെഡിന്ന് എണീറ്റു.

"ഇന്ന് കണ്ടിട്ട് ഉള്ളൂ.നേരാംവണ്ണം പരിജയപ്പെട്ടിട്ട് പോലും ഇല്ല. അപ്പോഴേക്കും ഇഷ്ടം പറയാന്ന് പറഞ്ഞാ മോശല്ലേ..?"

"എടാ...ഈ മോശത്തരം മനസ്സിൽ വെച്ച് കൊണ്ട് നടന്നോ ഓളെ വേറെ ആമ്പിള്ളേർ കൊണ്ട് പോകും."

"ഏയ്...അത്ര പെട്ടെന്ന് ഓളെ അങ്ങനെ ആരും കൊണ്ട് പോവാൻ ഈ ഷാദി സമ്മതിക്കില്ല. സമയം ആവട്ടെ പറയണം."

"അല്ല.. ഓളെ കാണാൻ എങ്ങനെ എന്നേക്കാൾ മൊഞ്ചത്തി ആണോ?"

"അന്റെ അത്ര നിറം ഇല്ലെങ്കിലും ഓള് കാണാൻ അന്നെക്കാൾ മൊഞ്ചാ..."

"ഓ...സഫ്ന വന്നപ്പോ നമ്മൾ പൊറത്തല്ലേ?"

അത് പറഞ്ഞപ്പോ ഓന് ഇന്റെ അടുത്ത് വന്ന് ഇന്നെ കെട്ടിപിടിച്ചു.

"എന്റെ പൊന്നിത്താ... ങ്ങളെ അത്ര മൊഞ്ച് ഈ ലോകത്ത് വേറെ ആർക്കാ ഉള്ളത്?

പിന്നെ ഇന്റെ മൊഞ്ചത്തിന്റെ കൈപിടിച്ച് ഓളെ പെരേക്ക് വിളിച്ചു കൊണ്ട് വരാൻ ഇൻക്ക് താത്ത അല്ലെ ഉള്ളു."

ചെക്കൻ ഒരു കള്ളച്ചിരിയും പാസാക്കി നമ്മളെ കുപ്പീലാക്കാൻ നോക്കാണ്. നമ്മള് വിടോ? കൊടുത്തില്ലേ ഒരെണ്ണം.

"പ്ഭാ.....മൊട്ടേന്ന് വിരിഞ്ഞില്ല ചെക്കന് അപ്പോഴേക്കും കല്യാണം വരെ എത്തി...അനക്ക് ഞാൻ തരാടാ...

ഇത് ഇപ്പോ തന്നെ ഞാൻ ഉമ്മനോട് പറയും."

"ഉമ്മാനോട് പറഞ്ഞാലേ അനക്ക് കാർ തട്ടിയതാണെന്ന് ഞാൻ പറയും..അത് വേണോ?"

ചെക്കൻ നമ്മള് വിചാരിച്ച മൊതലല്ല, കൈ വിട്ട്

പോയിരിക്കുന്നു. അതോണ്ട് നമ്മള് സൂക്ഷിക്കണം.

ഓനെ നോക്കി ഒന്ന് പുഞ്ചിരിച്ചിട്ട് വേണ്ടന്ന് തലയാട്ടി. ചെക്കൻ നമ്മളെ നോക്കി ചിരിച്ചിട്ട് ഒരു പോക്കങ്ങ് പോയി.

ഞാനൊന്ന് ദീർഘശ്വാസം വിട്ടിട്ട് ബെഡിലേക്ക് കിടന്നു. ഷാദി പറഞ്ഞത് ഒക്കെ ഓർത്ത് ഞാൻ ചിരിച്ചു. തിരിഞ്ഞു കിടന്നപ്പോഴാ ഞാൻ ഇന്റെ ഗിറ്റാർ ബാഗ് ശ്രദ്ധിച്ചത്.

ഞാൻ അതെടുത്ത് ഷെൽഫിൽ വെച്ചപ്പോ എന്തോ ഒന്ന് താഴെ വീണു. നോക്കിയപ്പോ ആ മൊഞ്ചൻ തന്ന കർചീഫാണ്. ഞാൻ അതെടുത്തു മണത്തു നോക്കി. ചോരയുടെയും അത്തറിന്റെയും ഒരു കൂടി കലർന്ന മണം. എനിക്കെന്തോ ആ മണം വല്ലാതെ ഇഷ്ടപ്പെട്ടു. ഞാൻ അത് വീണ്ടും വീണ്ടും മണത്തു.

എന്നിട്ട് അത് കഴുകി അതിലെ ചോര കളഞ്ഞ് ഉണക്കാനിട്ടു.

എന്നിട്ട് നമ്മള് വീണ്ടും വന്ന് ഒന്ന് കിടന്നു.സമയം7 മണി ആയിട്ടുള്ളു. ഭയങ്കര ക്ഷീണം, അതോണ്ട് കണ്ണടച്ചപ്പോ തന്നെ ഉറങ്ങി പോയി.

ആ മൊഞ്ചൻ എന്നെ കാറിടിച്ചത് സ്വപ്നം കണ്ടാണ് ഞാൻ ഞെട്ടി എണീറ്റത്.

'പടച്ചോനെ...ഈ പഹയൻ മനുഷ്യനെ ഉറങ്ങാനും സമ്മതിക്കില്ലേ?'

എന്ന് പ്രാകി സമയം നോക്കിയപ്പോ 8.30.

"യാ റബ്ബീ....ഇപ്പോ ഒന്ന് കണ്ണടച്ചിട്ടുള്ളൂ, അപ്പോഴേക്കും 8.30... ഇന്റെ ഇശാഹ്.."

നമ്മള് വേഗം എണീറ്റ് ഫ്രഷായി നിസ്കരിച്ചിട്ട് താഴേക്ക് ഇറങ്ങി.

'ഉപ്പാന്റെ ശബ്ദം കേക്കുന്നുണ്ട്.മൂപ്പര് ഇന്ന് നേരത്തെ വന്നോ? സാധാരണ ഉപ്പ വരാൻ ഒരു 9 മണിയൊക്കെ ആവും. ഇന്ന് ഇതെന്താ നേരത്തെ?'

ഞാൻ വരുന്നത് കണ്ടപ്പോ അത് വരെ ചർച്ചയിൽ ആയിരുന്നവർ പെട്ടെന്ന് സൈലെന്റായി. എന്നിട്ട് എന്നെ ഒന്ന് മൈന്റ് പോലും ചെയ്യാതെ ടിവിയിൽ നോക്കി ഇരിക്കാ നാലും.

ഇനി നമ്മള് വന്നത് ഇവരാരും കണ്ടിട്ടില്ലെന്ന് കരുതി ഒന്ന് ചൊമച്ച് നോക്കി. നോ രക്ഷ.

ഇടക്ക് ഷാദി എന്നെ നോക്കുന്നുണ്ട്.

'പടച്ചോനെ... ചെക്കൻ ഇനി ഞാൻ പറഞ്ഞത് വല്ലതും ഇവരോട് പറഞ്ഞു കാണോ? അങ്ങനെ വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ ഇന്ന് ഓന്റെ അന്ത്യം ആയിരിക്കും.'

വരുന്നത് വരട്ടെ എന്ന് കരുതി ഞാൻ ഉപ്പാന്റെ അടുത്ത്ചെന്ന് സലാം പറഞ്ഞു. സലാം മടക്കിയെങ്കിലും നമ്മളെ കാര്യം ആയ മൈന്റില്ല. സാധാരണ ഇങ്ങനെ ഉണ്ടാവാറില്ല, പിന്നെ ഇപ്പോ എന്താ ഉണ്ടായത്?

ഞാൻ മനപ്പൂർവ്വം സിനുവിന്റെ തലക്കിട്ട് ഒന്ന് കൊടുത്തു. കാരണം ഒന്നും ഉണ്ടായിട്ടല്ല. ഇവരെ പ്രതികരണം അറിയാൻ വേണ്ടി ആയിരുന്നു.

ഓളെ തലക്കിട്ട് ഒന്ന് കൊടുത്തതിന് ഓളെ വായെന്ന് വന്ന മറുപടി കേട്ട് ഞാൻ ഞെട്ടി.

(നിങ്ങൾ വിചാരിക്കുന്ന പോലെ ഓള് തെറിയൊന്നും അല്ലട്ടാ പറഞ്ഞത്. പകല് പോലെ ഉള്ള സത്യം.)

(തുടരും)

ഭാഗം.12

ഓളെ തലക്കിട്ട് ഒന്ന് കൊടുത്തതിന് ഓളെ വായെന്ന് വന്ന മറുപടി കേട്ട് ഞാൻ ഞെട്ടി.

ഓള് അത് പറഞ്ഞതും എല്ലാരെ നോട്ടം എന്നിലേക്കായി. ഒരു മാതിരി ക്രിമിനൽസിനെ നോക്കുന്ന പോലെയാ ഓരോരുത്തരുടെ നോട്ടം.

ഓളെന്താ പറഞ്ഞത് എന്നല്ലേ ഇങ്ങള് ആലോചിക്കുന്നെ. പറഞ്ഞു തരാ.

"അന്റെ വീഡിയോ വൈറലായി എന്ന് കരുതി ഇജ്ജ് ഇന്റെ തലേൽ കേറി നിരങ്ങേണ്ട."

ഓള് പറഞ്ഞത് കേട്ട് കണ്ണും തള്ളി നിക്കാ ഞാൻ.

"വൈ...വൈറലാവെ? എന്തൊക്കെയാടി ഇജ്ജ് പറയുന്നത്?

ഉമ്മ ഇവളെന്താ പറയുന്നത്?"

ഉമ്മ എന്നോട് ഒന്നും മിണ്ടിയില്ല. എന്നിട്ട് ഉപ്പാന്റെ ഫോൺ എനിക്ക് നേരെ നീട്ടി. ഒരു വിറയലോടെ ഞാൻ ഫോൺ വാങ്ങി നോക്കി.

പടച്ചോനെ....അത് കണ്ടപ്പോ ഉണ്ടായ ടെൻഷൻ ഒക്കെ എങ്ങോട്ടോ അലിഞ്ഞു പോയി.

നമ്മള് ഇന്ന് ഷെറിന്റെ റിസപ്ഷന് പാടിയില്ലേ, അതാരോ വിഡിയോ എടുത്ത് നെറ്റിൽ ഇട്ടതാ. അത് വൈറലായ കാര്യമാ പെണ്ണ് പറഞ്ഞത്.

'ശോ...എന്നാലും ഒരു നിമിഷം എന്തൊക്കെയാ ചിന്തിച്ചു കൂട്ടിയത്?'

അല്ല... വൈറലായി എന്ന് പറഞ്ഞപ്പോ നിങ്ങളും വല്ലതും ചിന്തിച്ചു കൂടിയോ? ഇല്ലല്ലോ?

"ഹൊ... ഇതാണോ...? ഇതിപ്പോ എവിടെന്ന ഉപ്പാക്ക് കിട്ടിയേ?"

"വാട്സപ്പിൽ നിന്ന്..എല്ലാ ഗ്രൂപ്പിലും ഉണ്ട്. എന്റെ ഫ്രണ്ട്സും എനിക്ക് അയച്ചു തന്നീന്നു. ഇത് അന്റെ താത്ത അല്ലെ എന്ന് ചോയിചിട്ട്."

ഷാദി എഴുന്നേറ്റു വന്ന് ഇത് പറഞ്ഞപ്പോ നമ്മക്ക് കൊറച്ചു ജാഡ കൂടിയൊന്ന് ഒരു ഡൗട്. ഡൗട്ടുള്ളൂ കൂടിയിട്ടില്ല.

"ഇതിനാണോ എല്ലാരും മുഖം വീർപ്പിച്ച് നിൽക്കുന്നെ?"

"ഏയ്...ഞങ്ങൾ വെറുതെ അന്നെ ഒന്ന് പേടിപ്പിക്കാൻ വേണ്ടി ചെയ്തതാ."

ഉപ്പയാണ് അത് പറഞ്ഞത്. നമ്മള് ഉപ്പാനെ നോക്കി ഒന്ന് പുഞ്ചിരി തൂകി.

"കടേൽ വരുന്നോരൊക്കെ അബൂ ഇത് അന്റെ മോളല്ലേ ഈ പാടുന്നത്, ഉഷാറായ്ക്കണ് എന്നൊക്കെ

പറഞ്ഞപ്പോ നമ്മളും വിചാരിച്ചില്ല ഇജ്ജ് ഇത്രേ നന്നായ് പാടുമെന്ന്."

അത് കേട്ടപ്പോ ഞാൻ തുള്ളി ചാടി.

"എന്താ ചെയ്യാ ഉപ്പാ... എല്ലാരും കൂടി ഇന്നോട് പാട് പാടെന്ന് പറഞ്ഞ് ശല്യം ചെയ്തപ്പോൾ നമ്മളൊന്ന് പാടി നോക്കിയതല്ലേ? ഇത് അപ്പോഴേക്കും ഇത്രക്ക് വൈറലാവുമെന്ന് ഞാൻ കരുതിയോ?"

"ഉം....വല്ലാണ്ട് ജാഡ കാണിച്ച് അവസാനം വയറിലായിട്ട് വന്നേക്കരുത്."

"ഡി...നശൂലം പിടിച്ച ജന്തു...ഞാൻ നന്നായി കാണുന്നത് അനക്ക് പിടിക്കുന്നില്ലല്ലേ....എടി...കൊരങ്ങത്തി ഇജ്ജ് നാളെ നേരം വെളുപ്പിക്കൂലടി. അതിന് ഞാൻ സമ്മതിക്കൂലാ."

എന്ന് പറഞ്ഞ് ഞാൻ ഓളെ പൊതിരെ തല്ലി. കൊറച്ചു

എനിക്കും കിട്ടി. പക്ഷെ അതിനേക്കാൾ പതിനായിരം ഇരട്ടി ഓൾക്ക് ഞാൻതിരിച്ചും കൊടുത്തു. അവസാനം ഉമ്മ വടിയും കൊണ്ട് വന്ന് രണ്ടാൾക്കും തല്ല് കിട്ടി. ഇപ്പോ സമാസമം.

"അനക്ക് അസൂയ അല്ലെടി...ഇന്റെ അത്ര പാടാൻ ഉള്ള കഴിവ് അനക്ക് ഇല്ലാത്തതിന്റെ അസൂയ.."

"ഓ...പിന്നെ അസൂയ പെടാൻ പറ്റിയ ഒരു മുതല്.

അന്റെ പാട്ട് കേട്ടവർക്ക് ഒന്നും പാട്ട് ആസ്വദിക്കാൻ അറീല.അതാ അന്റെ പാട്ടിനൊക്കെ കേറി ഓര് പ്രോത്സാഹിപ്പിക്കുന്നത്."

"അത് ഇജ്ജ് ആ പരിപാടി നേരിട്ട് കാണാഞ്ഞിട്ട് അനക്ക് തോന്നാണ് മോളെ......

ഞാൻ പാടി കഴിഞ്ഞപ്പോ എല്ലാരും എന്ത് കയ്യടിയാണെന്ന് അറിയാമോ?"

"നല്ല കയ്യടി തന്നെയാണ് അനക്ക് കിട്ടിയതെന്ന് ഇജ്ജ്

ഇന്ന് വന്നപ്പോ ഉള്ള കോലം കണ്ട് മനസ്സിൽ ആയി. അങ്ങനെ കിട്ടിയതല്ലേ അന്റെ നെറ്റത്ത് ഈ ബാന്റേജ്."

"എടി.....അന്നെ ഞാൻ ഇന്ന് കൊല്ലുമേടി കുട്ടിപിശാചെ..."

ഞാൻ ഓളെ പിന്നാലെ ഓടി. ഓള് വേഗം റൂമിൽ പോയി വാതിലടച്ചു. ഇല്ലെങ്കിൽ കാണായിരുന്നു എന്റെ തനി കൊണം.

ഓള് പറഞ്ഞപ്പോഴാ ഉപ്പ നമ്മളെ നെറ്റത്തെ ബാന്റേജ് കാണുന്നത്. പിന്നെ എന്നോട് ചോദ്യം ചെയ്യലായിരുന്നു ഉപ്പാന്റെ പണി.

ഉമ്മാനോട് പറഞ്ഞ മറുപടി തന്നെ നമ്മള് കൊടുത്തിട്ട് ചോറ് കഴിക്കാൻ ഇരുന്നു. ഷാദി നമ്മളെ ഒന്ന് അപ്പോ ഇടംകണ്ണിട്ട് നോക്കുന്നുണ്ട്. നമ്മള് ഓന് ഒന്ന് കണ്ണിറുക്കി കാണിച്ച് കൊടുത്തു.

പിന്നെ അങ്ങോട്ട് ഞാൻ എണീറ്റു പോകുന്നത് വരെ ഉപ്പാന്റെ ഉപദേശം ആയിരുന്നു. പണ്ട് മുതലേ ഉപദേശം കേട്ട് മടുത്ത സ്ഥിതിക്ക് ഇനി ഞാൻ കൂടി അത് പറഞ്ഞ് നിങ്ങളെ ബോറടിപ്പിക്കുന്നില്ല.

നാളെ കോളേജ് തുറക്കുന്നത് കൊണ്ട് അതിന്റെ പേരിലും കിട്ടി ഒരു ലോഡ് ഉപദേശം.

"ആരോടും തല്ലിന് പോകരുത്...കോളേജ് കേറിയിറങ്ങാൻ എന്നെ കിട്ടൂല."

ഉപ്പ ഇത് പറയാനും കാരണം ഉണ്ട്ട്ടാ... അത് നമ്മള് പിന്നെ പറഞ്ഞു തരാ. ഞാൻ എല്ലാത്തിനും ഒന്ന് മൂളി കൊടുത്തു. എന്നിട്ട് വേഗം ചോറ് തിന്നിട്ട് റൂമിലേക്ക് പോയി.

അപ്പോഴുണ്ട് നമ്മളെ ഫോൺ ഹലാക്കിലെ നൊലോളി.

എടുത്ത് നോക്കിയപ്പോ അച്ചു ആണ്.

ഫോൺ എടുക്കാൻ വൈകിയതിന് ഓളെ

അടുത്തുന്നും കിട്ടി വയറ് നിറച്ച്.

നമ്മളെ വീഡിയോ കണ്ടിട്ട് വിളിച്ചതാണ് മൂപ്പത്തി. ഓളോട് കൊറച്ചു നേരം സംസാരിച്ച് നാളത്തെ കോളേജിലെ കാര്യം പറയുമ്പോഴാ ഓള് പറയുന്നത് അരുൺ വിളിക്കുന്നുണ്ട് നാളെ കാണാമെന്ന്. നമ്മളും ഓക്കേ പറഞ്ഞ് ഫോൺ കട്ടാക്കി കിടന്നു.

ചുമ്മാ വാട്സപ്പ് തുറന്ന് നോക്കിയപ്പോ ഒരു ലോഡ് മെസേജ്. ഇതുവരെ നമ്മളെ മൈന്റ് ചെയ്യാത്തവരൊക്കെ മെസേജ് അയച്ചിട്ടുണ്ട്. പോരാത്തതിന് ഫാമിലി,ഫ്രണ്ട്സ്,സ്കൂൾ അങ്ങനെ എല്ല ഗ്രൂപ്പിലും നമ്മളാണ് താരം.

കൊറച്ചു നേരം ഓരോരോടൊക്കെ ചാറ്റിയിട്ട് നമ്മള് നെറ്റ് ഓഫാക്കി കിടന്നു. അപ്പോഴും എന്റെ ചിന്ത ആരാ അതെടുത്ത് നെറ്റിൽ ഇട്ടതെന്നാ...

ആരായാലും എന്താ ഇവർക്ക് കൊറച്ച് നേരത്തെ ഇതൊക്കെ ചെയ്യായിരുന്നു. ഫേമസ് ആകാൻ

വൈകിയ പോലെ.

അങ്ങനെ നമ്മള് നല്ല ഹാപ്പി ആയിട്ട് നല്ല സുഖത്തോടെ കിടന്ന് ഉറങ്ങി. പെട്ടെന്ന് വീണ്ടും ആ കാർ വന്ന് എന്നെ ഇടിക്കുന്നത്സ്വപ്നം കണ്ട് പല തവണ ഞെട്ടി എണീറ്റു. ഒടുക്കം നേരം വെളുത്തപ്പോഴാ ആശ്വാസമായത്.

സമയം ഇപ്പോ 5 മണി. ഉപ്പാനെ വിളിച്ച് ഉണർത്തിയിട്ട് ജോഗിങ്ങിന് പോകാനുള്ളതാ...

എന്നും ഉള്ളതാട്ടോ ഈ ശീലം. നമ്മള് ആദ്യമേ ഫ്രഷായി നിസ്കരിച്ച് വരും. എന്നിട്ട് ഉപ്പാനെ എണീപ്പിച്ചിട്ട് നടക്കാൻ പോകും. പള്ളിയിൽ എത്തുമ്പോ ഉപ്പ പോയി നിസ്കരിച്ചിട്ട് വരും. അതുവരെ നമ്മള് പൊറത്ത് നിക്കും. എന്നിട്ട് വീണ്ടും നടക്കാൻ പോകും. ഏകദേശം ഒരു 2 കിലോമീറ്റർ ഉപ്പാനെ നടത്തിക്കും. കൂടെ ഞാൻ പോകുന്നത് എന്തിനാന്ന് വെച്ചാ ഉപ്പാനെ നടത്തിക്കാനാ...

കൂടെ ആരും ഇല്ലെങ്കിൽ ഉപ്പ കള്ളക്കളി കളിക്കും. നടക്കാൻ എന്ന് പറഞ്ഞ് നിസ്കരിച്ചിട്ട് അടുത്തുള്ള

ഹോട്ടലിൽ നിന്ന് മൂക്ക് മുട്ടെ കഴിച്ചിട്ട് വരും. ഒരിക്കൽ നമ്മൾ കയ്യോടെ പിടിച്ചതാണെ...

അങ്ങനെ എന്നത്തേയും പോലെ ഉപ്പാനെ ഉന്തി എഴുന്നേല്പിച്ചിട്ട് നമ്മള് നടക്കാൻ തുടങ്ങി. ഇന്നലെ പറഞ്ഞ കാര്യങ്ങൾ മാത്രേ ഉപ്പാക്ക് പറയാൻ ഉണ്ടായിരുന്നുള്ളു. കോളേജിൽ തല്ലുണ്ടാക്കി വരരുതെന്ന്. അല്ലാതെ പോയി നന്നായി പഠിച്ചു വാ എന്നല്ല. അങ്ങനെ പള്ളിയിൽ എത്താനായപ്പോ....

"ഉപ്പാ ഇങ്ങള് പോയി നിസ്കരിച്ചിട്ട് ഒരു റൗണ്ട് കൂടി ഓടിയിട്ട് വന്നാ മതി. അച്ചു ഇന്ന് നേരത്തെ വരുമെന്ന് പറഞ്ഞീന്നു. അതോണ്ട് ഞാൻ തിരിച്ചു പോവാ..."

അത് പറഞ്ഞപ്പോ ഉപ്പാന്റെ മുഖത്ത് ഒരു തെളിച്ചം. കാര്യം പിടി കിട്ടിയതോണ്ട് ഉപ്പനോട് ഞാൻ പറഞ്ഞു.

"ഇങ്ങള് വല്ലാണ്ട് സന്തോഷിക്കണ്ട, ഇങ്ങളെങ്ങാനും ആ രണ്ട് കിലോമീറ്റർ നടക്കാതെ വന്നു എന്നെങ്ങാനും നമ്മള് അറിഞ്ഞാൽ.... പിന്നെ നാളെ മുതൽ2 എന്നത് 4

ആക്കും.അത് വേണോ?"

ഒരു കൊച്ചുകുട്ടിയെ പോലെ ഉപ്പ വേണ്ടാന്ന് പറഞ്ഞ് അനുസരിക്കുന്നത് കണ്ടപ്പോ പാവം തോന്നി. ആർക്ക് കിട്ടും ഇതുപോലെ ഒരു ഉപ്പാനെ എനിക്ക് അല്ലാതെ. അങ്ങനെ ഉപ്പ പള്ളിയിൽ കേറാൻ നേരം ഞാൻ ഉപ്പാനെ പിന്നെയും വിളിച്ചു.

ഇനി ഇപ്പോ എന്താ എന്ന രീതിയിൽ മൂപ്പരെന്നെ നോക്കി.

"ആ...പിന്നെ നടക്കാൻ പോകാതെ ഇങ്ങളെങ്ങാനും കോയാക്കാൻറെ കടീന്ന് വല്ലതും വാങ്ങി കഴിച്ചു എന്നെങ്ങാനും നമ്മള് അറിഞ്ഞാൽ....പിന്നെ നമ്മള് ഈ റൂട്ട് അങ്ങ് മാറ്റും..പിന്നെ ആ പറമ്പിലൂടെ ആകും നടത്തം. പോരാത്തതിന് കോയാക്കാനോട് ഞാൻ പറഞ്ഞോളാം ഇങ്ങള് അങ്ങോട്ട് ചെന്നാൽ ഒന്നും കൊടുക്കണ്ടാന്ന്. അതോണ്ട് ഇനി കോയാക്ക ഇങ്ങളെ അങ്ങോട്ട് കേറ്റൂല... മൂപ്പർക്ക് നമ്മളെ പേടിയാ."

പേടിയൊന്നും അല്ലട്ടാ... എന്നോട് ഭയങ്കര സ്നേഹാ..

കോയാക്കാൻറെ മോളെ നമ്മള് ഒരു വട്ടം രക്ഷിച്ചീന്നു. അതിന്റെ കടപ്പാടാ...

അതൊക്കെ പറയാൻ നിന്നാൽ ഒരുപാടുണ്ട്.അതൊക്കെ ഞാൻ പിന്നെ വിശദായിട്ട് പറഞ്ഞ് തരണ്ട്. ഇപ്പോ തീരെ സമയം ഇല്ല. അച്ചു നേരത്തെ വരുമെന്നാ പറഞ്ഞത്.

ഞാൻ വേഗം തിരിച്ച് വീട്ടിൽ ചെന്ന് കുളിച്ച് പച്ച ചുരിദാറും ഇട്ട് കണ്ണാടിന്റെ മുമ്പിൽ നിന്നപ്പോ നമ്മക്ക് തന്നെ നമ്മളോട് മോഹബ്ബത്ത് തോന്നി. അച്ചു പറഞ്ഞതാ എന്നോട് ഇത് ഇടാൻ. ഓൾക്ക് ഭയങ്കര ഇഷ്ടാ ഞാൻ ഈ ചുരിദാർ ഇടുന്നത്.

അങ്ങനെ കണ്ണാടിന്റെ മുമ്പിൽ നിന്നുള്ള നമ്മളെ ഒരുക്കമൊക്കെ കഴിഞ്ഞ് ഒന്ന് കൂടി കണ്ണാടിയിൽ നോക്കിയപ്പോഴാ നമ്മള് അത് ശ്രദ്ധിച്ചത്. നമ്മളെ നെറ്റത്തെ ബാന്റേജ് ഒഴിച്ച് വേറെ ഒരു കുറവും നമ്മക്ക് ഇല്ല. ആ മൊഞ്ചൻ തെണ്ടിയെ ഒരുപാട് പ്രാകി കൊണ്ട് ബാഗും എടുത്ത് താഴേക്ക് ഇറങ്ങിയപ്പോഴാ ഫോൺ

എടുക്കാൻ മറന്നത്. വീണ്ടും തിരികെ പോയി ഫോൺ എടുത്ത് വന്നപ്പോ നമ്മളെ മൊഞ്ചൻറെ കർച്ചീഫുണ്ട് നമ്മളെ നോക്കി ചിരിക്കുന്നു.

അത് കണ്ടപ്പോ ഓനോട് ഉള്ള ദേഷ്യം അതിലേറെ ഇരട്ടിയായി. വേഗം ചെന്ന് അതെടുത്തു. എന്നിട്ട് നിലത്തിട്ട് ഒരുപാട് ചവിട്ടി കൂട്ടി.

അപ്പോഴുണ്ട് ഉമ്മ താഴെന്ന് വിളിച്ചു കൂവുന്നു. നമ്മളെ കർചീഫ് അലക്കാൻ മറന്നു.അതോണ്ട് അവിടെ കണ്ട വെള്ള കർചീഫ് എടുത്ത് പോകാൻ.

നമ്മള് പകച്ചു പണ്ഡാരമടങ്ങി നിലത്ത് കിടക്കുന്ന കാരച്ചീഫിനെ ദയനീയമായി ഒന്ന് നോക്കി. നമ്മക്ക് ആണെങ്കിൽ കർചീഫ് ഇല്ലാതെ എങ്ങോട്ടും പോകുന്നത് ഇഷ്ടല്ല. ചൂടല്ലേ, അപ്പോ വിയർപ്പ് തുടക്കാനാ. എപ്പോഴും കയ്യിൽ കൊണ്ട് നടക്കില്ലെങ്കിലും എന്റെ ബാഗിൽ ഉണ്ടാകും.

അങ്ങനെ നമ്മള് നിലത്ത് കിടക്കുന്ന മൊഞ്ചന്റെ

കർചീഫ് എടുത്ത് താഴേക്കിറങ്ങി.

ഉപ്പ അപ്പോഴേക്കും ജോഗ്ഗിങ് കഴിഞ്ഞ് വന്നിരുന്നു. മൂപ്പര് സിറ്റ് ഔട്ടിൽ ഇരുന്ന് പത്രം വായിക്കാണ്.

സിനുവും ഷാദിയും സ്കൂളിൽ പോകാൻ ഒരുങ്ങാ.

ഞാൻ അടുക്കളയിൽ ചെന്നിട്ട് ഉമ്മാനെ സഹായിക്കാമെന്ന് കരുതി സിനുവിനും ഷാദിക്കും കൊണ്ട് പോകാനുള്ള ചോറ് പാത്രത്തിലാക്കി.

"ഫെബീ...ഇജ്ജ് അത് അവിടെ വെച്ചിട്ട് പോയി കാപ്പി കുടിക്ക്, ടേബിളിൽ എടുത്ത് വെച്ചിട്ടുണ്ട്."

"ആഹാ...ഇത് നല്ല കൂത്ത്. അടുക്കളയിലേക്ക് സഹായിക്കാൻ വന്നാലും കുറ്റം വന്നില്ലേലും കുറ്റം."

"ചെലക്കാണ്ട് ഈ ചായ കൊണ്ട് പോയി ഉപ്പാക്ക് കൊടുക്ക്. എന്നിട്ട് പോയി കാപ്പി കുടിച്ച് പോകാൻ നോക്ക്."

നമ്മള് ചായയും വാങ്ങി ഉപ്പാക്ക് കൊണ്ട് പോയി കൊടുത്തു. ചായ ഞാൻ നീട്ടുന്നത് കണ്ടപ്പോ പത്രത്തിൽ നിന്നും കണ്ണെടുത്ത് ഉപ്പ എന്നെ അടിമുടി ഒന്ന് നോക്കി.

"അല്ലാ ഇതാരപ്പോ? നന്നായിട്ട് മിനുങ്ങീക്കണെല്ലോ, ഇജ്ജ് എന്താ കല്യാണത്തിന് പോകാ."

അതും പറഞ്ഞ് മൂപ്പര് നമ്മളെ നോക്കി ആക്കി ചിരി. തിരിച്ചു മറുപടിയായി ഒരു ലോഡ് പുച്ഛമെറിഞ്ഞ് തിരിഞ്ഞു നടക്കാൻ ഒരുങ്ങിയപ്പോ നമ്മളെ കാലിൽ പത്രം കുടുങ്ങി. നമ്മക്ക് പിന്നെ പത്രവായന പണ്ടേ ഇല്ലാത്തതോണ്ട് അതെടുത്ത് തിരിച്ച് ഷെൽഫിൽ വെക്കുമ്പോ ഞാൻ കണ്ടു.അച്ചു ഇന്നലെ ഫോണിൽ കാണിച്ച് തന്ന അയാളെ ഫോട്ടോ.

ഇന്നലത്തെ പത്രമാണ്.ഞാൻ അതെടുത്ത് വായിച്ചു. ഞെട്ടിക്കുന്ന കാര്യങ്ങളാണ് അയാളെ കുറിച്ച് എഴുതി വെച്ചിരിക്കുന്നത്. അയാളൊരു നൊട്ടോറിയസ് ക്രിമിനൽ ആണ്. ഓരോ നാട്ടിലും ഓരോ ജോലി. ആ

ജോലി വഴി പലതരം മോഷണം,പീഡനം,കൊലപാതകം ഇങ്ങനെ നിരവധി കേസുകൾ അയാളെ പേരിലുണ്ട്. അതൊക്കെ കൂടി കണ്ടപ്പോ തന്നെ നമ്മളെ വയറ് നിറഞ്ഞു.

എന്നാലും ഉമ്മ രാവിലെ കഷ്ടപ്പെട്ട് ഉണ്ടാക്കിയതല്ലെന്ന് കരുതി രണ്ട് കുറ്റി പുട്ടും കടലയും അകത്താക്കി. അല്ലാതെ വിശന്നിട്ട് അല്ലട്ടാ.

അങ്ങനെ നമ്മള് ഉപ്പനോടും ഉമ്മനോടും സലാം പറഞ്ഞ് റോഡിലേക്കിറങ്ങി. സമയം7.15 ആയിട്ടുണ്ട്. ഇന്നലെ വിളിച്ചപ്പോൾ ഓള് പറഞ്ഞതാ 7 മണി ആകുമ്പോഴേക്ക് മാറ്റി നിക്കാൻ. സമയംഏഴെ കാലായി. ഓളെ കാണുന്നില്ല.

കൊറച്ചു കഴിഞ്ഞപ്പോ സിനുവിന്റെ സ്കൂൾ ബസ് പോകുന്നത് കണ്ടു.അതിൽ ഉള്ള അവറ്റകൾക്കൊക്കെ സിനുവിന്റെ അതെ സ്വഭാവാ. ചുമ്മാ ചൊറിയാൻ വരും. നമ്മള് അച്ചുവിനെ കാത്ത് നിക്കുമ്പോ അവറ്റകൾ കൂക്കി വിളിക്കും.

അതിനിടക്ക് സിനുവും കൂടെ കൂടും എന്നിട്ട് നമ്മളെ

നാറ്റിക്കും.

പക്ഷെ ഇന്ന് പതിവിലും വിപരീതമായിട്ടാണ് കാര്യങ്ങൾ നടന്നത്. ഓളെ ബസ് കണ്ടപ്പോ തന്നെ ഒരു കൂക്കി വിളി പ്രതീക്ഷിച്ച എന്നെ ഞെട്ടിച്ച് കൊണ്ട് സിനുവിന്റെ ബെസ്റ്റ് ഫ്രണ്ടായ വായാടി നയന നമ്മളോട്.

"ഇത്താ....പാട്ട് ഞങ്ങൾ കണ്ടു. അടിപൊളി ആയിട്ടുണ്ട്."

ഇതും കേട്ട് കൊണ്ട് ആണ് സിനു വരുന്നത്. ഓളെ മുമ്പിൽ ഒന്ന് ഷൈൻ ചെയ്യാൻ കിട്ടിയ അവസരം ഞാൻ നന്നായി മുതലാക്കാൻ തന്നെ തീരുമാനിച്ചു.

"എന്ത് നയനാ...

ഞാൻ കേട്ടില്ല."

ഓളെ കേൾപ്പിക്കാൻ വേണ്ടിയാ ഞാൻ അങ്ങനെ ചോയിച്ചത് എന്ന് ഓൾക്ക് മനസ്സിൽ ആയിട്ടുണ്ട്.

അതോണ്ട് തന്നെ നമ്മളെ ദഹിപ്പിക്കുന്ന ഒരു നോട്ടത്തോടെയാണ് പെണ്ണ് ബസിൽ കേറിയത്. ബസിൽ ഉള്ളവരൊക്കെ കൂടി ഒപ്പം ആയിരുന്നു പിന്നീട് പറഞ്ഞത്. നമ്മളെ പാട്ട് സൂപ്പർ ആയിട്ടുണ്ടെന്ന്. അവരോട് tnx പറഞ്ഞ് തിരിഞ്ഞപ്പോഴുണ്ട് അച്ചുവിന്റെ അച്ഛന്റെ കാർ വരുന്നു.

വന്നപ്പോ തന്നെ നമ്മളോട് ഒരു സോറി പറഞ്ഞിട്ട് കേറാൻ പറഞ്ഞു. എണീക്കാൻ ലേറ്റായതോണ്ടാ വരാൻ വൈകിയതെന്ന്. നമ്മള് ഒന്ന് തല കുലുക്കി.

അവളുടെ അച്ഛനെ കൂടാതെ മാമനും ഉണ്ടായിരുന്നു കൂടെ.

മാമന്റെ കട കോളേജിൽ പോകുന്ന വഴിക്കാണ്.കടയുടെ ഉൽഘാടനത്തിന് ഞാനും പോയിരുന്നു. പക്ഷെ കോളേജ് ഇതുവരെ ഞങ്ങൾരണ്ടാളും കണ്ടിട്ട് ഇല്ല.

അങ്ങനെ ഞാനും അച്ചുവും നല്ല എക്സൈറ്മെന്റിൽ ഇരിക്കുമ്പോഴാ അച്ചുവിന്റെ അച്ഛന്റെ വക ഉപദേശം. അത് കേട്ടതും ഓള് തലയിൽ കൈ വെച്ച് 'തൊടങ്ങി'

എന്ന് പറഞ്ഞ് നമ്മളെ ഒരു നോട്ടം. എന്നിട്ട് എന്നോട് പതുക്കെ പറഞ്ഞു.

"ഇന്നലെ മുതൽ കേൾക്കാൻ തുടങ്ങിയതാ ഫെബീ സഹിക്കാൻ വയ്യ. ഇജ്ജ് എന്നെ ഒന്ന് കൊന്ന് തരോ?"

ഓളെ വർത്താനം കേട്ട് നമ്മള് ചിരി കണ്ട്രോൾ ചെയ്യാൻ നോക്കി. പറ്റുന്നില്ലെന്ന് കണ്ടപ്പോ കർചീഫ് എടുത്ത് വായ പൊത്തി ഒരുപാട് ചിരിച്ചു. എന്റെ കയ്യിൽ ആ കർചീഫ് കണ്ടതും അച്ചു എന്റെ കയ്യിന്ന് അത് തട്ടി പറിച്ചു.

"ഇത് എന്റെ കാക്കൂന്റെ കർചീഫ്അല്ലെ? അപ്പോ നമ്മളെ മൊഞ്ചനെ മറന്നിട്ടില്ലലെ..കൊച്ചുകള്ളി."

എന്ന് പറഞ്ഞ് പെണ്ണ് നമ്മളെ ഇക്കിളി ആക്കി. എനിക്ക് പറയാനുള്ളത് ഓള് കേൾക്കാൻ കൂട്ടാക്കിയതെ ഇല്ല.

ഞങ്ങളെ ശബ്ദം കേട്ട് അച്ഛൻ ഞങ്ങളെ നോക്കി.

"എന്താ ഫെബീ...ഓള് വല്ല വികൃതിയും കാണിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഒന്നും നോക്കണ്ട തിരിച്ചു കൊടുത്തേക്ക്."

ഓളെ അച്ഛൻ അങ്ങനെ പറഞ്ഞപ്പോ ഞാൻ ഓളെ നോക്കി ചിരിച്ചു.

"ആ....പിന്നെ ഫെബീ...സ്കൂളിൽ വെച്ചുണ്ടായ പോലെ വല്ല തല്ലും ഉണ്ടായാൽ ഒന്നും നോക്കണ്ടാ തിരിച്ച് കോടുത്തോ, അങ്ങനെ ഉള്ളവന്മാർക്ക് അതാണ് കൊടുക്കേണ്ടത്.

പിന്നെ അതിന്റെ പേരിൽ വീട്ടിൽ നിന്ന് പേരെൻസിനെ വിളിച്ച് കൊണ്ട് വരാൻ പറഞ്ഞാൽ എന്നെ വിളിച്ചാൽ മതി. ഇല്ലെങ്കിൽ അന്നത്തെ പോലെ വല്ല ഏടാകൂടവും ഉണ്ടാകും. കേട്ടോ?"

"ഓക്കേ അച്ഛാ..."

"അത് ശരി എനിക്ക് മാത്രം കൊട്ടക്കണക്കിന് ഉപദേശവും ഓൾക്ക് തല്ലാനുള്ള ലൈസൻസും. ഇത് എവിടത്തെ ന്യായം?"

അച്ചു കലി തുള്ളികൊണ്ട് അച്ഛനോട് ചോദിച്ചു.

"അച്ചൂ...ഉപദേശം കൊടുക്കുന്നത് നന്നാക്കാനാ, നിനക്ക് ഉപദേശം തന്നത് അതോണ്ടാ.

പിന്നെ ഫെബിക്ക് അതിന്റെ ആവശ്യമില്ല ഓള് അല്ലെങ്കിലെ നല്ല കുട്ടിയാ."

ഞാൻ അച്ചുവിനെ നോക്കി കണ്ണിറുക്കി, ഓള് കൊഞ്ഞലം കാട്ടിയിട്ട് മുഖം തിരിച്ചു. അത് കണ്ടപ്പോ എനിക്ക് അതിലേറെ ചിരി വന്നു.

"ആ....പിന്നെ രണ്ട് പേരോടും കൂടി പറയാണ്. നമ്മളെ ഇവടെന്ന് കോളേജിലേക്ക് എപ്പോഴും ബസ് ഇല്ലാത്തത് ആണ്. ആകെ ഒരൊറ്റ ബസേ അങ്ങോട്ട് ഉള്ളൂ. ആ ബസ് തന്നെ തിരിച്ച് ഇങ്ങോട്ട് വരലും പോക്കും. രാവിലെ 7.40 നുള്ള ബസിലാണ് പോകേണ്ടത്.

ഏകദേശം ഒരു മണിക്കൂർ യാത്ര. കോളേജ് പടി ഇറങ്ങിയിട്ട് പിന്നെ ഉള്ളിലേക്ക് ഒരു റോഡാ. ഒരു കിലോമീറ്റർ ഉണ്ട് കോളേജിലേക്ക് ബസ് ഇറങ്ങിയിട്ട് നടക്കാൻ. മനസ്സിൽ ആയോ?"

ഞങ്ങൾ ഒന്ന് മൂളി കൊടുത്തു.

"പിന്നെ ഇന്ന് ആദ്യ ദിവസം ആയോണ്ട് ഉച്ചക്ക് വിടാൻ സാധ്യത ഉണ്ട്.ഉച്ചക്ക്1.45 നാണ് ബസുള്ളത്. ക്ലാസ് ഒരു മണിക്ക് കഴിയും. സമയം ഉണ്ടെന്ന് കരുതി തെണ്ടി തിരിഞ്ഞ് എങ്ങും പോകാതെ ബസ് സ്റ്റോപ്പിൽ ഇരുന്നോണ്ടി രണ്ടും."

അതിനും ഞങ്ങൾ രണ്ട് പേരും ഒന്ന് മൂളി കൊടുത്തു.

"വൈകിട്ട് 4.45 നാണ് ബസ്, അത് മിസ്സാക്കിയാൽ പിന്നെ 7 മണിക്കാണ് ബസുള്ളത്. അതോണ്ട് ടൈമിന് അനുസരിച്ച് എല്ലാം ചെയ്തോണ്ടി. കേട്ടല്ലോ രണ്ടും."

"ഉം...."

അങ്ങനെ അച്ഛന്റെ ഉപദേശവും നിർദ്ദേശവും കഴിഞ്ഞപ്പോ ദേ അടുത്ത ആള് തുടങ്ങി..

മാമൻ.

ഞാനും അച്ചുവും പരസ്പരം മുഖത്തോട് മുഖം നോക്കി ചിരിച്ചു.

"റാഗിങ്ങ് ഒക്കെ ഉണ്ടാകുമെന്ന് ഉറപ്പാ. കഴിയുന്നതും സീനിയേഴ്സിനെ അനുസരിക്കുന്നത് ആകും നല്ലത്. ഇനി റാഗിങ്ങിനെ ചൊല്ലി അവിടെ വല്ല പ്രശ്നവും ഉണ്ടാവുകയാണെങ്കിൽ പ്രിൻസിയോട് കംപ്ലൈന്റ് ചെയ്യോണ്ടി. ഞാൻ പറഞ്ഞതാണെന്ന് പറഞ്ഞാൽ പ്രിൻസിക്ക് അത് എതിർക്കാൻ കഴിയില്ല."

മാമന്റെ ഈ ഡയലോഗ് കേട്ട് നമ്മള് അണ്ടി പോയ അണ്ണാനെ പോലെ ഇരിക്കാണ്. അപ്പോ അച്ചു എന്റെ അടുത്തേക്ക് നീങ്ങി ഇരുന്നിട്ട് മെല്ലെ പറഞ്ഞു.

"മാമൻ പറഞ്ഞത് ശരിയാ...മാമൻ പറഞ്ഞാൽ പ്രിൻസിക്ക് അത് തടയാൻ പറ്റില്ല. ആ പ്രിൻസിയെ തല്ലിയതിനാ മാമനെ കോളേജിൽ നിന്ന് പുറത്താക്കിയത്.

അതോണ്ട് പൊന്നു മോളെ ഇയാള്പറയുന്നതും കേട്ട് ഇയാളെ പേര് എങ്ങാനും പ്രിൻസിനോട് പോയി പറഞ്ഞാൽ നമ്മളെ സീറ്റ് കീറും."

ഞാനും അച്ചുവും അതും പറഞ്ഞ് ഒരുപാട് ചിരിച്ചു.

"എന്താ ഇത്ര മാത്രം ചിരിക്കാൻ?"

"ഒന്നൂല്യ മാമാ... മാമനെ എന്തിനാ കോളേജിൽ നിന്ന് പുറത്താക്കിയതെന്ന് ഞാൻ ഫെബിക്ക് പറഞ്ഞു കൊടുക്കായിരുന്നു."

അത് പറഞ്ഞപ്പോ എല്ലാരും കൂടി ചിരിക്കാൻ തുടങ്ങി.

അപ്പോഴേക്കും ഞങ്ങൾ കോളേജിൽ എത്താറായിരുന്നു.

"മക്കളെ....ആ കാണുന്നതാണ് ബസ് സ്റ്റോപ്പ്. അവിടന്ന് ബസ് ഇറങ്ങിയിട്ട് ഈ വഴിയേയാണ് കോളേജിൽ പോകാ. 7.40 നുള്ള ബസ് പിടിച്ചാൽ 8.40 ന് മുൻപ് ഇവടെ എത്താം. പിന്നെ നിങ്ങളെ നടത്തിന്റെ സ്പീഡ് അനുസരിച്ച് ഇരിക്കും കോളേജിൽ എപ്പോ എത്തുമെന്ന്."

"എന്തിനാ അച്ഛാ അത്രക്ക് ഒക്കെ ബുദ്ധിമുട്ടുന്നത്, ഞാൻഎന്റെ സ്കൂട്ടി എടുത്താൽ പോരെ.അപ്പോ പ്രശ്നം ഇല്ലല്ലോ."

അതും പറഞ്ഞ് ഞങ്ങൾ കാറിൽ നിന്ന് ഇറങ്ങി.

"അങ്ങനെ ഇപ്പോ അച്ഛന്റെ പൊന്ന് മോള് വണ്ടി കൊണ്ട് കോളേജിലേക്ക് വരാൻ ആയിട്ടില്ല. അതിനുള്ള സമയം ആകുമ്പോ അച്ഛൻ തരാം. കേട്ടോ? അത് വരെ അന്റെ വണ്ടിന്റെ കീ എന്റെ കയ്യിൽ ഇരിക്കും.

ഇനി ഇവടെ നിന്ന് ചിണുങ്ങാൻ നിക്കാണ്ട് പോകാൻ നോക്ക് അച്ചു."

ഓള് അച്ഛന്റെ കവിൾ പിച്ചി. അച്ഛനും മാമനും ഞങ്ങൾക്ക് ഒരു all the best പറഞ്ഞ് യാത്രയായി.

തിരിഞ്ഞു നിന്ന് കോളേജിന്റെ ഭംഗി ആസ്വദിച്ച ഞങ്ങൾ ഒരു നിമിഷം ഞെട്ടിയിട്ട് പരസ്പരം നോക്കി. കോളേജിനെ കണ്ട് അന്തം വിട്ട് നിൽക്കാ ഞങ്ങൾ.

"ഫെബീ...നമ്മള് കോളേജ് മാറിയാണോ വന്നത്?"

"എനിക്കും ആ സംശയം ഉണ്ട് അച്ചൂ."

"ഈ കോളേജ് കണ്ടാൽ ആരെങ്കിലും പറയോ ഗവൺമെന്റ് കോളേജ് ആണെന്ന്."

"സത്യം... ആരും പറയില്ല."

കാരണം,ഞങ്ങളെ കോൺസെപ്ടിൽ കോളേജ് എന്ന് പറയുന്നത് ഓടിട്ട ക്ലാസ് മുറികൾ ആയിരുന്നു. കാലം പോയ പോക്കേ...

ഞങ്ങളെ മുമ്പിൽ ഇപ്പോ നിക്കുന്നത് പടുകൂറ്റൻ ബില്ടിങ്ങുകളാണ്.

നാല് നിലയുള്ള ഒരുപാട് ബിൽഡിങ്ങുകൾക്ക് നടുക്കാണിപ്പോ ഞങ്ങൾ നില്ക്കുന്നത്.

"ഫെബീ...ഇതിൽ എവിടെയാ നമ്മളെ ക്ലാസെന്ന് കണ്ട് പിടിക്കാൻ തന്നെ ഒരു ദിവസം എടുക്കും. നേരത്തെ വന്നത് നന്നായി."

ഞങ്ങൾ അങ്ങനെ ഞങ്ങളെ ക്ലാസും തിരഞ്ഞ് ഗ്രൗണ്ടിലൂടെ നടന്നു.

"ഹലോ....പച്ചക്കിളീസ്.... ഇവടെ ...ഇവടെ കമോൺ..."

ഗ്രൗണ്ടിന്റെ ഒരു മൂലയിൽ നിന്നും ഒരു അബശബ്ദം കേട്ടാണ് തിരിഞ്ഞു നോക്കിയത്. നോക്കുമ്പോ നമ്മളെയാണ് പുള്ളിക്കാരന്മാർ വിളിക്കുന്നത്. അപ്പോഴാ ഞാൻ എന്റെയും അച്ചുവിന്റെയും ഡ്രസ്സ്‌ ശ്രദ്ധിച്ചത്. രണ്ടാളും പച്ച.

"നമ്മളെയാ ഫെബീ അവര് വിളിക്കുന്നത്."

"വാ എന്തായാലും അവര് വിളിച്ചത് അല്ലെ. നമുക്ക് അവരോട് ക്ലാസ് എവിടെയാന്ന് ചോദിക്കാം."

"ഫെബീ...അവര് നമ്മളെ വിളിക്കുന്നത് ക്ലാസ് പറഞ്ഞു തരാനല്ല. റാഗിങ്ങിനാ.."

"അതിനെന്താ? നമ്മള് അതൊക്കെ പ്രതീക്ഷിച്ചല്ലേ ഇങ്ങോട്ട് വന്നത്.

എന്താ അച്ചു...അനക്ക് പേടിയുണ്ടോ?"

"ഏയ്...പേടിയൊന്നും ഇല്ല. എന്നാലും....."

"ആ എന്നാലും എനിക്കും ഉണ്ട്. പുറത്ത് കാണിക്കണ്ട...നീ വാ.."

ഞങ്ങൾ അവരുടെ അടുത്തേക്ക് നടന്നു.

"വിളിച്ചാൽ എന്താടി രണ്ടാൾക്കും വരാനിത്ര മടി...

എന്താടി നിന്റെ പേര്?"

"അശ്വതി."

"നീയോ?"

"ആ..ഫെബി"

"ആ ഫെബിയോ? അതെന്ത് ഫെബീ?"

അവന്മാർ പരസ്പരം മുഖത്തോട് മുഖം നോക്കി ചിരിച്ചു.

"ആ ഫെബീ അല്ല ആയിഷ ഫെബീ."

"പിന്നെ എന്താടി നിനക്കിത് ആദ്യം ചോദിച്ചപ്പോ പറഞ്ഞാൽ?"

"ഇപ്പോ പറയാമെന്ന് കരുതി അപ്പോ പറഞ്ഞില്ല."

എന്റെ സംസാരം കേട്ട് അച്ചുവിന്ചിരി വന്നു.

"പൊന്ന് മോളധികം ഓവർ സ്മാർട്ട് ആകാൻ നോക്കല്ലേ."

ഇതാരപ്പോ പൊറകേന്ന്. ഞാനും അച്ചുവും ഒന്ന്

തിരിഞ്ഞു നോക്കി.

മുമ്പിൽ നിൽക്കുന്ന ആളെ കണ്ട് നമ്മള് പരിസരം മറന്ന് അയാളെ നോക്കി നിന്നു.

(തുടരും)

ഭാഗം.13

"പൊന്ന് മോളധികം ഓവർ സ്മാർട്ടാകാൻ നോക്കല്ലേ"

ഇതാരപ്പോ പൊറകേന്ന് കമന്റ് പറയുന്നതെന്ന് കരുതി ഞാനും അച്ചുവും തിരിഞ്ഞു നോക്കി.

മുമ്പിൽ നിൽക്കുന്ന ആളെ കണ്ട് നമ്മള് പരിസരം മറന്ന് അയാളെ നോക്കി നിന്നു.

നിങ്ങൾ കരുതുന്ന പോലെ നമ്മളെ താടിക്കാരൻ

മൊഞ്ചനൊന്നും അല്ലട്ടാ മുന്നിൽ നിൽക്കുന്നത്. പിന്നെ അത് ആരാന്ന് ചോയിച്ചാ അതിപ്പോ നമ്മക്കും അറീല. പക്ഷെ, ആള് ലുക്കനാ.. താടി ഇല്ലെങ്കിലും നല്ല കട്ടി മീശയുള്ള ഹെവി മൊഞ്ചൻ.

"ഡി...നീയെന്താ സ്വപ്നം കാണാ?"

മീശക്കാരന്റെ ചോദ്യം കേട്ടപ്പോഴാ നമ്മക്ക് ബോധം വന്നത്. പിന്നെ നമ്മള് ആസ്ഥാന കോഴികൾ ആയോണ്ട് ഇത്പോലെ പലരെയും വായിനോക്കി നിക്കും. ബട്ട്, അതൊന്നും ലവ് അല്ലട്ടാ.

"ഡി...നിന്നോടാ ചോയിചത് നിന്റെ നാക്ക് ഇറങ്ങി പോയോ?"

നമ്മള് ഇല്ലാന്ന് തോള് പൊക്കി കണ്ണിറുക്കി കാണിച്ചു. ചെക്കൻ കലിപ്പനാ...so, സൂക്ഷിക്കണം.

"എന്താടി നിന്റെ പേര്?"

കലിപ്പന് നമ്മളെ പെരുത്ത് ഇഷ്ടായിന്നാ തോന്നുന്നത്. ചോദ്യം നമ്മളോടാ.

"ആയിഷ ഫെബി"

"ആയിഷ ഫെബീ....ഹും... ഫെബീ എന്ന് അന്റെ കെട്ട്യോന്റെ പേരാ?"

അതും പറഞ്ഞ് അവന്മാർ നമ്മക്ക് ഇട്ടൊന്ന് താങ്ങി. അത് എനിക്ക് തീരെ പിടിച്ചില്ല.

"അല്ല....എന്റെ പേര് തന്നെയാ."

എന്റെ മറുപടി കേട്ടപ്പോ തന്നെ അച്ചുവിന് ഇവടെ എന്തെങ്കിലും നടക്കും എന്ന് തോന്നി.

"നീ ഒരാളല്ലേ ഉള്ളൂ. നിനക്ക് എന്തിനാ രണ്ട് പേര്?"

ഒരു ഈനാംപേച്ചിയെ പോലെയുള്ള ഒരുത്തന്റെ വക.

"നിങ്ങൾ ഒരാളല്ലേ ഉള്ളൂ.എന്നിട്ട് നിങ്ങൾക്ക് രണ്ട് പേരില്ലേ? മുഹമ്മദ് എന്ന് നിങ്ങളെ പേരും മറ്റേ പേര് നിങ്ങളെ കെട്ട്യോളെ പേരാണോ?"

ഇതും കൂടി കേട്ടപ്പോ എല്ലാം ആയി. അവന്മാരൊക്കെ ഇരുന്നിടത്ത് നിന്ന് എണീറ്റു. സീൻ കോൺട്രായാകും എന്ന് കണ്ടപ്പോ നമ്മള് വേഗം കളം മാറി ചവിട്ടി.

"എന്നോക്കെ എനിക്ക് വേണെങ്കിൽ ചോയ്ക്കായിരുന്നു. പക്ഷെ ഞാൻ അങ്ങനെ ചോയ്ക്കില്ല. ഇപ്പോ നിങ്ങളെ പ്രശ്നം എന്താ എന്റെ പേരല്ലേ? നിങ്ങള് വേണെങ്കിൽ നമ്മളെ ഫെബി എന്ന് വിളിച്ചോളി."

എന്റെ മറുപടി കേട്ട് അച്ചു വായ തുറന്ന് നിക്കാ. അവന്മാരാണെങ്കിൽ നമ്മളെ നോക്കി നിക്കാ.

"നീയാള് കൊള്ളാല്ലോ, കോളേജിലേക്ക് കാലെടുത്ത് കുത്തിയില്ല. അപ്പോഴേക്കും സീനിയേഴ്സിന്റെ തലയിൽ കേറി നിരങ്ങാൻ തൊടങ്ങിയല്ലേ. നിനക്ക് എന്താടി ഒരു എല്ല്കൂടുതൽ ഉണ്ടോ?"

കലിപ്പ്...കട്ട കലിപ്പ് എന്ന് ബാഗ്രൗണ്ട് മ്യൂസിക് ഇടാൻ പറ്റിയ സന്ദർഭം. അവന്റെ നില്പും ചോദ്യവും കണ്ടപ്പോ ചെറുതായൊന്ന് പകച്ചെങ്കിലും വിട്ട് കൊടുക്കാൻ പറ്റോ? വിട്ട് കൊടുത്താൽ പെണ്ണുങ്ങളെ മാനം പോയില്ലേ. അതോണ്ട് പകച്ച് നിൽക്കാതെ കലിപ്പന് അതേ നാണയത്തിൽ തിരിച്ച് മറുപടി കൊടുത്തു.

"നിങ്ങളെ വാരിയെല്ലിൽ നിന്നാണല്ലോ നമ്മളെ പടച്ചത്. അപ്പൊ സ്വാഭാവികമായും നിങ്ങളേക്കാൾ ഒരെല്ല് കൂടുതൽ കാണുമായിരിക്കും"

നമ്മളത് പറഞ്ഞതും അവന്മാര് പരസ്പരം മുഖത്തോട് മുഖം നോക്കി. അവരെ കണ്ടാൽ തന്നെ അറിയാം ഇപ്പൊ ഇവിടെ എന്തെങ്കിലും ഒക്കെ നടക്കുമെന്ന്.

പടച്ചോനേ കാത്തോണേ....

"പൊന്നു മോളേ...അൻറെ വെളച്ചിലും കൊണ്ട് ഇറങ്ങിയാലുണ്ടല്ലോ പിന്നെ നീ ഈ കോളേജിൽ നേരാംവണ്ണം പഠിക്കില്ല. നിൻറെ ഓവർ സ്മാർട്ട് നെസ് കൊറക്കാൻ പറ്റോന്ന് ഞാനൊന്ന് നോക്കട്ടെ."

അതും പറഞ്ഞ് കലിപ്പൻ നമ്മളെ അടുത്തേക്ക് വരാൻ തുടങ്ങി. അച്ചു എൻറെ കയ്യ് മുറുകെ പിടിച്ചിട്ടുണ്ട്. ഞാൻ ഓളെ നോക്കി ഒന്ന് കണ്ണടിച്ച് കാണിച്ച് കൊടുത്തു. ഓൾക്ക് ധൈര്യം വരാനാ നമ്മൾ അങ്ങനെ ചെയ്തത്. അച്ചുവിന്റെ കോൺഫിഡൻസ് പോയാ പിന്നെ നമ്മളെ ഗതി അതോ ഗതി. കലിപ്പൻ അപ്പോഴേക്കും നമ്മളെ മുന്നിൽ എത്തിയിട്ടുണ്ട്.

കലിപ്പൻറെ പറച്ചിൽ കേട്ട് ഉള്ള ധൈര്യം ഒക്കെ എങ്ങോട്ടോ ചോർന്ന് പോയി.

എന്താ ഉണ്ടായേ എന്നല്ലെ ചിന്തിക്കുന്നത്.

വന്ന പാടെ കലിപ്പൻ നമ്മളെ കയ്യിലേക്കാ

നോക്കിയത് ,എന്നിട്ട് അച്ചുവിനോട് ഒരു ഡയലോഗും.

"നീ അവളെ കൈ വിട്ടിട്ട് ദെ അവിടെ പോയി ഇരുന്നോ. ഇവൾക്ക് ഞങ്ങൾ ആരാന്ന് ശരിക്ക് പറഞ്ഞു കൊടുത്തിട്ട് ഇവളെ അങ്ങോട്ട് വിടാം. നീ പോ.."

എന്ന് പറഞ്ഞ് കലിപ്പൻ നമ്മളെ ഒരു നോട്ടം. അച്ചു മനസ്സില്ലാ മനസ്സോടെ എൻ്റെ കയ്യ് വിട്ടിട്ട് ഒരു മരത്തിന്റെ ചോട്ടിൽ പോയി ഇരുന്നു. പിന്നെ അങ്ങോട്ടു നമ്മളെ മനസ് പെരുമ്പറ കൊട്ടായിരുന്നു.അച്ചു ഉള്ള ധൈര്യത്തിലാ ഇവൻമാരോട് ഡയലോഗ് കാച്ചിയത്. ഓള് പോയപ്പൊ നമ്മളെ ധൈര്യവും കൂടെ പോയി.

'പടച്ചോനേ... ഇവൻമാരിനി എന്തിനുള്ള പൊറപ്പാടാണെന്ന് അറീലല്ലോ...വേണ്ടാത്ത കാര്യങ്ങളിൽ എടുത്ത് ചാടുന്നത് അൻ്റെ പണ്ടെയുള്ള പണിയല്ലേ? എന്ത് വന്നാലും അനുഭവിച്ചോ ഫെബീ...'

നമ്മള് സ്വയം പറഞ്ഞതാണ്ട്ടൊ. ഇപ്പൊ ചെറുതായിട്ട് പേടിയൊക്കെ തോന്നുന്നുണ്ട്. പക്ഷേ അത്ര പെട്ടെന്ന്

തോറ്റ് കൊടുക്കുന്നവളല്ല ഈ ആയിഷ ഫെബീ.അവസാനം വരെ പൊരുതി കൊണ്ടിരിക്കും. വർത്താനം കേട്ടാൽ യുദ്ധത്തിന് പോകാണെന്ന് തോന്നും. മിക്കവാറും ഒരു യുദ്ധത്തിനുള്ള വകയുണ്ട്.

നമ്മള് ഉള്ള ധൈര്യം ഒക്കെ സംഭരിച്ച് കുപ്പിയിലാക്കി അവൻമാര് പറയുന്നതെന്താണെന്ന് കാതോർത്ത് നിന്നു.

"സിയാദേ...ഇവക്കിട്ട് എന്ത് പണി കൊടുക്കാനാ പ്ലാൻ?"

സിയാദ് അതാണ് നമ്മളെ കലിപ്പൻറെ പേര്.

"നിങ്ങള് തന്നെ പറ ഇവളെന്ത് ചെയ്യണമെന്ന്. അവള് അത്പോലെ ചെയ്തോളും. അല്ലെടീ..."

കലിപ്പൻറെ ഒച്ച ഉയർന്നു. എന്തായാലും ഇവൻമാര് എന്നെ വെറുതെ വിടാനുള്ള ലക്ഷണമൊന്നും കാണുന്നില്ല. അതോണ്ട് നമ്മക്കും ഒരു കളി

കളിക്കാം.ഞാൻ ചിലതൊക്കെ മനസ്സിൽ കണക്ക് കൂട്ടിയിരുന്നു.

"ഇവള് ഒരു പാട്ട് പാടട്ടേ...പാടാനറിയോന്ന് നോക്കട്ടെ."

"അത് വേണ്ട,ഇവളെ കണ്ടാലെ അറിയാം നല്ല നർത്തകി ആണെന്ന്. അതോണ്ട് ഇവള് ഒരു ക്ലാസിക് കളിക്കട്ടെ."

"ഏയ് ബ്രേക്ക് ഡാൻസാ ഇവക്ക് നല്ലത്. ബെല്ലും ബ്രേക്കുമില്ലാത്ത നാക്കല്ലെ അപ്പൊ ബ്രേക്ക് ഡാൻസ് പൊളിക്കും."

അതും പറഞ്ഞ് നാലെണ്ണവും നല്ല കൊലച്ചിരി.

അവൻമാരൊക്കെ കൂടി നമ്മളെ വാരാണ്. അത്ര പെട്ടെന്ന് ഞാൻ തളരില്ല.

അപ്പോഴാ ഞാൻ അത് ശ്രദ്ധിച്ചത്.കലിപ്പൻ നമ്മളെ പൊറകിലൂടെ പോയ ഏതോ ഒരാളെ നോക്കി

പല്ലിറുമ്പുന്നു. അതാരാപ്പാ അതെന്ന് കരുതി നമ്മളൊന്ന് തിരിയാൻ നിന്നപ്പോഴേക്കും കലിപ്പൻറെ അടുത്ത ഓഡർ.

"എന്ത് നോക്കിക്കോണ്ട് നിക്കാടീ....

ഇവര് പറഞ്ഞത് നീ കേട്ടില്ലേ? അതുപോലെ ചെയ്തിട്ട് നീ ഇവിടുന്ന് പോയാ മതി."

"ചെയ്തില്ലെങ്കിലോ?"

നമ്മള് കയ്യും കെട്ടി ഓരെ നോക്കി ചോദിച്ചു.

"ചെയ്തില്ലെങ്കിൽ നീ പിന്നെ ഈ കോളേജിൽ പഠിക്കില്ല."

"അതിനാരാപ്പൊ പഠിക്കാൻ വന്നേ?"

"പിന്നെ എന്തിനാടി നീ രാവിലെ തന്നെ കെട്ടിയൊരുങ്ങി

ഇങ്ങോട്ട് വന്നത്?"

ഈനാമ്പേച്ചിയാണ്.

"വായി നോക്കാൻ."

നമ്മളെ മറുപടി ഓര് ഒട്ടും പ്രതീക്ഷിച്ചിട്ടില്ല.നമ്മളെ നോക്കി നിൽക്കാൻ.

"എന്ത്.....?"

കലിപ്പൻ കണ്ണും തള്ളി നമ്മളെ ഒരു നോട്ടം.

"വായി നോക്കാൻ. ഇത്രയും നാളും സ്കൂളിലെ തെണ്ടി ചെക്കൻമാരെ വായിനോക്കി മടുത്തു. ഇനിയെങ്കിലും നിങ്ങളെ പോലെ ഉള്ള ചുള്ളന്മാരെ വായിനോക്കാലോ എന്ന് കരുതിയാ ഇങ്ങോട്ട് വന്നത്."

"അത് ശരി, അപ്പൊ പഠിക്കാൻ അല്ല ഇങ്ങോട്ട് കേറി

വന്നത്. വായിനോട്ടത്തിന് ആണല്ലേ? നിൻറെ വായിനോട്ടത്തിനുള്ള പണി ഞാൻ തരാം."

'യാ റബ്ബീീീ......മോങ്ങാനിരിക്കുന്ന നായൻറെ തലേല് തേങ്ങ വീണു എന്ന് പറഞ്ഞ അവസ്ഥ ആയല്ലോ. ഇവനിനി എന്താ ചെയ്യാൻ പോകുന്നത്?

എന്ത് തന്നെ ആയാലും ഫെബീ...അത് നിൻറെ നല്ലതിനല്ല.അതോണ്ട് എന്ത് വില കൊടുത്തും അത് തടയാൻ നോക്ക്.'

അപ്പോഴേക്കും കലിപ്പൻ ഏതോ ഒരുത്തനെ വിളിക്കാൻ നിന്നു.

"ൻറെ പൊന്ന് സിയാദ്ക്കാ....അറിയാണ്ട് പറഞ്ഞു പോയതാണ് നിങ്ങള് ക്ഷമി...പ്ലീസ് ഇതും പറഞ്ഞ് നമ്മളെ നാണം കെടുത്തരുത്."

നമ്മള് രണ്ട് കയ്യും കൂപ്പി കൊണ്ട് അവനോട് അപേക്ഷിച്ചു. ഇതും നമ്മളൊരു പ്ലാനാണ്,ഇവൻമാരെ കുപ്പിയിലാക്കാനുള്ള പ്ലാൻ.

നമ്മള് അവൻമാരോട് കെഞ്ചുന്നത് കണ്ടപ്പൊ അവൻമാര് ഭയൻകര ചിരി. എന്തോ നിധി കിട്ടിയ പോലത്തെ ഒടുക്കത്തെ ചിരി.

"എന്താ പൊന്നു മോള് പറഞ്ഞത് ...ഞാൻ കേട്ടില്ല."

കലിപ്പൻ നമ്മളെ ചൂടാക്കാൻ നോക്കാണ്.

"സിയാദ്ക്കാ...ഞാൻ ചുമ്മാ പറഞ്ഞതാ അങ്ങനെ ഒക്കെ. സത്യായിട്ടും ഞാൻ പഠിക്കാൻ തന്നെയാ വന്നത്. ഞാൻ ഇപ്പൊ എന്താ വേണ്ടത് ബ്രേക്ക് ഡാൻസ് കളിക്കണം.അത്ര അല്ലെയുള്ളൂ.

ചെയ്യാം...പക്ഷേ അതിന് മുമ്പ് എനിക്ക് പറയാനുള്ളത് നിങ്ങള് കേൾക്കണം."

ഒരു നിമിഷം അവര് പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് എന്നോട് പറയാൻ പറഞ്ഞു.

'പടച്ചോനേ.. ഗ്രീൻ സിഗ്നൽ കിട്ടി.മിന്നിച്ചേക്കണേ..'

"ആദ്യം തന്നെ എനിക്ക് നിങ്ങളോട് സോറിയാണ് പറയാനുള്ളത്. ഞാൻ നിങ്ങൾക്ക് hurt ആകുന്ന വിധത്തിൽ സംസാരിച്ചതിന്.

ഞാൻ അങ്ങനെ സംസാരിക്കാനും ഒരു കാരണം ഉണ്ട്"

അതെന്താ എന്ന രീതിയിൽ അവൻമാരെന്നെ നോക്കി.

"നിങ്ങളോട് കൂട്ടുകൂടാനാ അങ്ങനെ ഒക്കെ പറഞ്ഞത്."

"ഞങ്ങളോട് നീയെന്തിനാ കൂട്ടാവുന്നത്?"

പെട്ടെന്ന് കലിപ്പൻ ഇങ്ങനെ ഒരു ചോദ്യം ചോയ്ച്ചപ്പൊ എന്താ പറയേണ്ടതെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല. അവസാനം എന്തൊക്കെയോ തട്ടി കൂട്ടി നമ്മള് പറഞ്ഞ്

ഒപ്പിച്ചു.

"അത്....അതിപ്പൊ...അതെന്ത് ചോദ്യാ സിയാദ്ക്കാ ങ്ങള് ചോദിക്കുന്നത്.നിങ്ങളോട് കമ്പനിയായാൽ പിന്നെ ഞങ്ങൾക്ക് എന്താ പേടിക്കാനുള്ളത്?

മറ്റുള്ളവരുടെ റാഗിങ്ങിൽ നിന്നും നിങ്ങള് നാലു പേരും ഞങ്ങളെ രക്ഷിക്കില്ലേ? ഞങ്ങൾക്ക്

കോളേജിൽ എന്തെങ്കിലും പ്രശ്നം വന്നാൽ നിങ്ങള് ഞങ്ങളെ കൂടെ നിക്കില്ലേ?"

"ബെസ്റ്റ്... ഇവിടെ ഞങ്ങളെ തന്നെ ആരെങ്കിലും രക്ഷിച്ചെൻകിൽ എന്ന് കരുതി നിക്കാ.."

പൊറകീന്ന് ഏതോ ഒരുത്തൻറെ കമൻറാ. അത് കേട്ടപ്പൊ നമ്മക്ക് ചിരി വന്നു.

സിയാദ്ക്കാ ഓനെ ഒന്ന് നോക്കിയിട്ട് എന്നോട് ചോദിച്ചു.

"നീയിപ്പൊ പറഞ്ഞു വരുന്നതെന്താ?"

"പറഞ്ഞു വന്നത് ഇത്രേയുള്ളൂ...ഞങ്ങള് രണ്ട് വായാടികളേയും നിയന്ത്രിക്കാൻ ഞങ്ങൾക്ക് ബ്രദറിനെ വേണം.

നിങ്ങൾക്ക് സമ്മതമാണോ? സമ്മതമാണെൻകിൽ കൈ താ.."

"എനിക്ക് സമ്മതാ പെങ്ങളെ നിന്നെ പോലെയൊരു വായാടിൻ്റെ ആങ്ങളയാകാൻ.എൻ്റെ പേര് അൻസാർ."

അതും പറഞ്ഞ് ഈനാമ്പേച്ചി നമ്മക്ക് കൈ തന്നു. അത് കണ്ടപ്പൊ കൂടെ ഉണ്ടായിരുന്ന മറ്റവരും നമ്മളെ പെങ്ങളാക്കി. പക്ഷേ, കലിപ്പൻ മാത്രം ഒന്നും പറഞ്ഞില്ല.

ഞാൻ അവൻമാരെ പരിചയപ്പെടുന്നത് കണ്ടപ്പൊ അച്ചു ഓടി ഞങ്ങളെ അടുത്തേക്ക് വന്നു.

"അച്ചു...ഇവരാണ് നമ്മളെ പുതിയ ബ്രദേഴ്സ്. ഇത്

അൻസാർക്ക,അത് മിഥുനേട്ടൻ,അത് ജോണച്ചായൻ,പിന്നെ ഇത്...."

എന്ന് പറഞ്ഞ് ഞാൻ സിയാദ്ക്കാനെ ഒന്ന് നോക്കി.മൂപ്പര് നമ്മളെ മുഖത്തേക്ക് നോക്കുന്നത് പോലും ഇല്ല.

"സിയാദ്ക്കാ ഇങ്ങക്ക് ഇപ്പോഴും നമ്മളോട് ദേഷ്യം ആണോ? നമ്മളൊരു ബ്രേക്ക് ഡാൻസ് കളിച്ചാൽ ഇങ്ങനെ പിണക്കം മാറോ?"

എന്ന് പറഞ്ഞ് പുള്ളിക്കാരനെ ഒന്ന് നോക്കിയപ്പൊ ചെങ്ങായി നമ്മളെ നോക്കി ചിരിക്കാണ്. അത് കണ്ടപ്പൊ ആശ്വാസമായി.

"ഫ്രണ്ട്സ്...?"

നമ്മള് ഒരു കയ്യങ്ങ് നീട്ടി ചോദിച്ചപ്പൊ ഒരു പുഞ്ചിരിയോടെ നമ്മക്ക് തിരിച്ചും കൈ തന്നു.

"അത് ശരി...ഞങ്ങളെ ഒക്കെ അൻറെ ആങ്ങളയാക്കിയിട്ട് ഓനെ മാത്രം നീ ഫ്രണ്ട് ആക്കിയല്ലെ?

മോളേ ഫെബീ...വേണ്ടട്ടോ ചെക്കന് ആദ്യമേ വേറൊരു പെണ്ണുണ്ട്."

"ഷെ....കാര്യം പറ അൻസാർക്കാ..അപ്പൊ മിസ്സ് ആയി അല്ലേ? ആട്ടേ...കക്ഷി എവിടെ? ഞാനും ഒന്ന് കാണട്ടെ എൻറെ നാത്തൂൻ ആക്കാൻ പറ്റോന്ന്.."

"ആള് ഞങ്ങളെ ക്ലാസിലുള്ള കുട്ടി തന്നെയാണ്. പേര് ഷഹല."

"ഓഹോ... ഷഹല..ഉം...നമ്മക്ക് പരിചയപ്പെടുത്തി തരോ ഇൻറെ നാത്തൂനെ?"

"അതൊക്കെ സമയാവുമ്പൊ ആങ്ങളമാര് കാണിച്ച് തരാ, പെങ്ങമ്മാരിപ്പൊ ക്ലാസിലോട്ട് നെല്ല്."

സിയാദ്ക്ക വേഗം ഞങ്ങളെ അവിടന്ന് പറഞ്ഞയക്കാൻ നോക്കി.

"അതിന് ഞങ്ങൾക്ക് ക്ലാസ് എവിടെ ആണെന്ന് അറിയില്ലല്ലോ?"

"അല്ലാ...പറഞ്ഞ പോലെ നിങ്ങളേതാ കോഴ്സ്?"

അൻസാർക്ക അത് ചോദിച്ചപ്പോഴാ നമ്മള് തന്നെ അതോർത്തത്. പരിചയപ്പെട്ട് ആങ്ങളമാരാക്കിയിട്ടും ഇവരേതാ ക്ലാസ് ഏതാ കോഴ്സ് എന്ന് ഇതുവരെ ഞങ്ങൾ ചോദിച്ചിട്ടില്ല.

"ഞങ്ങൾ BBA ആണ്."

അച്ചുവാണ് മറുപടി പറഞ്ഞത്.

"അത് കൊള്ളാല്ലോ...ഞങ്ങളെ ജൂനിയേഴ്സ് തന്നെ ആണല്ലേ അപ്പൊ നിങ്ങള്...

ഞങ്ങള് 3rd year സ്റ്റുഡന്റ്സാണ്."

"അത് പൊളിച്ച് സിയാദ്ക്കാ...അപ്പൊ പിന്നെ എന്തെങ്കിലും ആവശ്യം വന്നാൽ കൂടെ നിങ്ങള് ഉണ്ടാവല്ലോ."

"പിന്നെ ഉണ്ടാവാതെ എവിടെ പോവാൻ."

ഒരു വളിഞ്ഞ ചിരിയോടെ അൻസാർക്ക അത് പറഞ്ഞപ്പൊ ഞങ്ങൾ ചിരിച്ചു.

"അല്ലാ...ഞങ്ങളെ ക്ലാസ് എവിടെയാ സിയാദ്ക്കാ?"

നമ്മളേക്കാൾ വേഗത്തിൽ അച്ചു അവരോട് കൂട്ടായ പോലെ ആണ് പെണ്ണിൻ്റെ ചോദ്യം.

"നിങ്ങളെ ക്ലാസ് ദാ ആ കാണുന്ന ബിൽഡിങ്ങിലെ മൂന്നാമത്തെ ഫ്ലോറ്."

"അപ്പൊ ശരിയെന്നാ...പിന്നെ കാണാം. ഞങ്ങള് ക്ലാസിലേക്ക് പോകട്ടെട്ടോ ബ്രദേഴ്സ്..."

"ഓക്കെ പെങ്ങൾസ്."

എന്ന് പറഞ്ഞ് നാലും കൈ വീശി യാത്ര അയച്ചു.

"ഹോ...ഇപ്പോഴാ ഒരു സമാധാനം ആയത്. ഒരു മഴ പെയ്ത് തോർന്ന പ്രതീതി. അല്ലടീ അച്ചു."

പെണ്ണ് കണ്ണും മിഴിച്ച് നമ്മളേയും നോക്കി നടക്കാണ്.

"എന്താടീ നീയെന്നെ ആദ്യായിട്ട് കാണാണോ? ഇങ്ങനെ നോക്കാൻ."

"സത്യത്തിൽ ഇജ്ജ് ആരാ ഫെബീ...ഒരൊറ്റ നിമിഷം കൊണ്ട് ഇജ്ജ് അവൻമാരെയൊക്കെ നമ്മളെ ബ്രദേഴ്സ് ആക്കിയല്ലോ"

"അച്ചൂ..നീയെന്താ എന്നെ കുറിച്ച് വിചാരിച്ച് വെച്ചേക്കുന്നത്? ഈ ഫെബീ ഒന്ന് മനസ്സിൽ വിചാരിച്ചാൽ അത് നടത്താതെ പോകില്ലാന്ന് അറിയില്ലെ നിനക്ക്."

"പിന്നെ ഒരുപാട് അറിയാം.

ഇനിയുമുണ്ടോ ഇതുപോലെ വല്ലതും അറിയിക്കാൻ?"

"പിന്നില്ലാതെ...ഇവിടന്ന് അങ്ങോട്ടു നീ അറിയാൻ കെടക്കല്ലേ.."

"എങ്ങനെ....എന്തോ?"

"പഴശ്ശിയുടെ യുദ്ധം കമ്പനി

കാണാനിരിക്കുന്നതേയുള്ളൂ...

Just wait and see.."

"ഓ...ആയിക്കോട്ടെ തമ്പ്രാ..."

അച്ചുവും ഞാനും അങ്ങനെ കളിച്ചും ചിരിച്ചും മൂന്നാമത്തെ ഫ്ലോറിൽ എത്തി.

"ഹൊ... ഇൻറെ ഫെബീ....ഈ പതിനെട്ടാം പടി കേറിയിറങ്ങുമ്പോഴേക്കും നമ്മളൊരു പരുവം ആകല്ലൊ?"

"ഇവൻമാർക്കൊക്കെ ഇവിടെ ഒരു ലിഫ്റ്റ് വെച്ചൂടേ, സ്റ്റെപ്പ് കേറി കേറി മനുഷ്യൻറെ ഊപ്പാട് ഇളകി."

"എന്തായാലും ഇവിടെ എത്തിയില്ലേ..വാ ക്ലാസിലേക്ക് പോകാം."

ഞാനും അച്ചുവും ഞങ്ങളെ ക്ലാസിൽ എത്തി. അധികം കുട്ടികൾ ഒന്നും വന്നിട്ടില്ല. പക്ഷേ ഗേൾസിൻറെ ഭാഗത്ത് എല്ലാവരും എത്തിയ പോലെ ഞങ്ങൾക്ക് തോന്നി. കാരണം എന്തെത്താ?

ബേക്ക് ബെഞ്ചും അതിൻറെ മുന്നിലെ രണ്ട് ബെഞ്ചും ആദ്യമേ കയ്യടക്കി വെച്ചിട്ടുണ്ട്. ഇനി ആകെ ഒഴിവുള്ളത് മുന്നിലെ ബെഞ്ചാണ്. പണ്ട് മുതലേ ബേക്ക് ബെഞ്ചേഴ്സ് എന്നറിയപ്പെട്ടിരുന്ന ഞങ്ങള് എങ്ങനെ മുന്നിൽ ഇരിക്കും.

അതോണ്ട് ഞാനും അച്ചുവും കൂടി ബോയ്സിൻറെ സൈഡിലെ ബാക്ക് ബെഞ്ചിലേക്ക് പോയി ഇരുന്നു. ആകെ ആറ് ബോയ്സ് മാത്രമേ വന്നിട്ടുള്ളൂ.അവരെ ആണെങ്കിൽ മുന്നിലെ രണ്ട് ബെഞ്ചിലുമാണ് ഇരുത്തം. അതോണ്ട് ഞങ്ങൾക്ക് ബാക്ക് ബെഞ്ച് കിട്ടുകയും ചെയ്തു.

കുറച്ച് കഴിഞ്ഞപ്പൊ ഓരോരുത്തരായി വന്ന് കൊണ്ടിരുന്നു. വന്നവരൊക്കെ മുന്നിലെ ബെഞ്ചിലുമാണ് ഇരുത്തം.അങ്ങനെ മുന്നിലെ ബെഞ്ച് നിറഞ്ഞപ്പൊ മനസ്സിന് ഒരു ആശ്വാസം കിട്ടി.

"Excuse me...can I sit here.?"

ആരാപ്പൊ ഈ ഇംഗ്ലീഷ്കാരി എന്ന് കരുതി നോക്കിയപ്പൊ ഒരുത്തി ഞങ്ങളെ നോക്കി നിക്കാ.

"അതിനെന്താ ഇരുന്നോളൂ.."

എന്ന് പറഞ്ഞ് ഞാൻ നീങ്ങിയിരുന്നു.കൂടെ അച്ചുവും നീങ്ങി. അങ്ങനെ നമ്മള് അരൂലായി.

"ഹായ്...എൻറെ പേര് നസീബ.എല്ലാവരും എന്നെ നസി എന്ന് വിളിക്കും."

ആള് കൊള്ളാല്ലോ? വായാടിയാണ്.നമ്മക്ക് പറ്റിയ കൂട്ട്.

"എൻറെ പേര് ആയിഷ ഫെബീ.ഫെബീ എന്ന് വിളിച്ചാ മതി."

"ഞാൻ അശ്വതി. എന്നെ അച്ചു എന്ന് വിളിച്ചാൽ മതി."

ഞങ്ങൾ മൂന്ന് പേരും വായാടികൾ ആയോണ്ട് പെട്ടെന്നു തന്നെ കൂട്ടായി.

ഇതിനിടക്ക് ഞങ്ങളുടെ കൂടെ വേറെ രണ്ട് പേരും കൂടി കൂടി. സൻഹ എന്ന സനയും, പിന്നെ ഷംനയും.

സന ഒരു മിണ്ടാപൂച്ചയാണ്.ആവശ്യത്തിന് മാത്രമേ സംസാരിക്കൂ.അതും മാന്യമായിട്ട്. പിന്നെ ഷംനയുടെ കാര്യം പറയേ വേണ്ട.24 മണിക്കൂറിലും പെണ്ണ് ഫോണിലാ. ഷംനൻറെ കല്യാണം ഉറപ്പിച്ചതാണ്,ചെക്കൻ അബുദാബിയിലാ. പുള്ളിക്കാരന് അവിടെ കാര്യായിട്ട് ഒരു പണിയും ഇല്ലെന്നാ തോന്നുന്നത്.അതാ പെണ്ണ് 24 മണിക്കൂറും ഫോണിൽ. സനയും ഷംനയും കസിൻസാണ് അതിലുപരി ബെസ്റ്റ് ഫ്രണ്ട്സും. കോളേജിൽ ഫോൺ അലോഡാണ്.പക്ഷേ ക്ലാസ് ടൈമിൽ പറ്റില്ല. അതാണ് ആ ഫോണിൻറെ ഏക ഒരാശ്വാസം.

ഫസ്റ്റ് ബെല്ലടിച്ചു.ക്ലാസിലെക്ക് എല്ലാവരും കേറി.ഞങ്ങൾ എല്ലാവരോടും പെട്ടെന്ന് കൂട്ടായി.പ്രത്യേകിച്ച് ബോയ്സിനോട്.

അവരുടെ സൈഡിലെ ബാക്ക് ബെഞ്ചിൽ ഇരുന്നതിന് ഒരു ചെറിയ വാക്ക് വാദം നടന്നു ഒടുവിൽ അവര് ഞങ്ങളോട് കൂട്ടായി.

ആദ്യം തന്നെ കേറി വന്നത് ഒരു ചുള്ളൻ സാറാണ്.പേര് റാഷിദ്. സുന്ദരൻ,അതും പോരാഞ്ഞ് ബാച്ചിലർ. ഇതിൽ കൂടുതൽ എന്ത് വേണം ഞങ്ങൾക്ക് ക്ലാസിലിരിക്കാൻ.ഇംഗ്ലീഷാണ് സാറിൻറെ വിഷയം.റാഷിസാർ തന്നെയാണ് ഞങ്ങളുടെ ക്ലാസ് സാറും.അതുകൂടി കേട്ടപ്പൊ നമ്മക്ക് പെരുത്ത് സന്തോഷായി.

ഓം ശാന്തി ഓശാനയിൽ വിനീത് വരുമ്പോ ക്ലാസിലുള്ളവരൊക്കെ എങ്ങനെ ആയിരുന്നോ ഇരുന്നത് അതുപോലെ ആയിരുന്നു ഞങ്ങള് ക്ലാസിൽ.

സാറ് ഞങ്ങളെ പരിചയപ്പെട്ടതിന് ശേഷം പ്യൂൺ വിളിച്ചപ്പൊ സാറ് പോയി. പിന്നെ ഞങ്ങള് സാറിനെ

പറ്റിയായിരുന്നു. ചർച്ച മുഴുവൻ.

"എടീ..ഈ കോളേജിനെ കുറിച്ച് അറിയുന്ന ആരെങ്കിലും നിങ്ങളെ പരിചയത്തിലുണ്ടോ?" നമ്മളാ ചോദിച്ചത്.

"ഉണ്ടല്ലോ."

"ആരാടി നസി അത്?" അച്ചുവാണ് ചോദിച്ചത്.

"വേറെ ആരാ ഞാൻ തന്നെ."

"നിയോ?" ഞങ്ങൾ നാലു പേരും ഒരു സംശയത്തോടെ നസിയെ നോക്കി.

"ആ...അതെ ഞാൻ തന്നെ. നിങ്ങൾക്ക് എന്താ അറിയേണ്ടതെന്ന് പറ. അത് ഞാൻ പറഞ്ഞു തരാം."

ഞങ്ങൾ ഇവളിതെന്താ പറയാ എന്ന് കരുതി ഓളെ നോക്കി.

"എന്നാ ഞാൻ ചോദിക്കട്ടെ, ഇതൊരു ഗവൺമെന്റ് കോളേജ് ആണ്. പക്ഷേ ഇവിടത്തെ സൗകര്യങ്ങളും കോളേജിൻറെ കോലവും കണ്ടാൽ ഇതൊരു ഗവൺമെന്റ് കോളേജ് ആണ് എന്ന് ആരും പറയില്ല. അത്രക്ക് മാറ്റം എങ്ങനെ കോളേജിന് വന്നു."

നമ്മളെ ചോദ്യം കേട്ടിട്ട് അച്ചു അടക്കം കിളി പോയി നിക്കാണ്. പക്ഷേ ഞങ്ങൾ ഒട്ടും പ്രതീക്ഷിക്കാതെയാണ് നസി മറുപടി തന്നത്.

"ഇത്രയുള്ളൂ...സിമ്പിൾ കൊസ്റ്റ്യൻ... ഈ കോളേജ് ഇങ്ങനെ മാറാൻ ഒരേയൊരു കാരണമേയുള്ളൂ. അത് ആദിൽക്കയാണ്."

"ആദിൽക്കയോ? അതാരാ? അവനും കോളേജും തമ്മിലെന്താ ബന്ധം?"

നമ്മള് ഓളോട് തുരുതുരേന്ന് ചോദിക്കാന് തുടങ്ങി.

"ആദിൽക്ക....നമ്മളെ കോളേജിൻറെ റിയൽ നമ്പർ വൺ ഹീറോ."

"വൺ മിനിറ്റ്, വൺ മിനിറ്റ്...പറയാൻ വരട്ടെ."

നസിയെ പറയാൻ സമ്മതിക്കാതെ അച്ചു ഇടയിൽ കേറി.

"എന്താടീ അച്ചൂ...അവള് പറയുന്നതിനിടക്ക് അൻക്ക് എന്താ പറ്റിയേ?"

"അല്ലാ ഫെബീ...അറിയാൻ പാടില്ലാത്തോണ്ട് ചോദിക്കാ .ഈ നാട്ടിലെ ഹീറോസിൻറെ പേരൊക്കെ ആദിൽ എന്നാണോ? എന്തോന്നാ നസീ ഇത്. എല്ലാ കഥയിലും വായിച്ച് മടുത്ത പേരാ അത്. ഇനിയെങ്കിലും ഒന്ന് മാറ്റി പിടി."

അച്ചു പറയുന്നതും കേട്ട് ഞങ്ങൾ മൂന്ന് പേരും ഭയങ്കര ചിരി.നസി ആണെങ്കിൽ അണ്ടി പോയ അണ്ണാനെ പോലെ വായ തുറന്നിരിക്കാ.

"എടി അച്ചൂ...അവന് പേരിട്ടത് ഞാനല്ല.എന്നോട് മാറ്റാൻ പറഞ്ഞിട്ട്.

ഉള്ള പേരല്ലെ പറയാൻ പറ്റൂ..അല്ലാ പിന്നെ."

"നീ ഓള് പറയുന്നത് കാര്യം ആക്കണ്ട നസീ...നീ പറഞ്ഞോ?"

നമ്മള് ചിരി അടക്കി പിടിച്ച് അവളോട് പറഞ്ഞു. അവള് അച്ചുവിനെ നോക്കിയിട്ട് ബാക്കി പറയാൻ തുടങ്ങി.

അപ്പോഴാണ് ഭൂമി വരെ പിളർന്നു പോകുന്ന ശബ്ദത്തിൽ ഒരു ബുള്ളറ്റ് കോമ്പോണ്ടിലേക്ക് വന്നത്. നസി അപ്പൊ തന്നെ ചാടിയെണീറ്റു.

"ആദിൽക്ക വന്നു."

ഇവളിതെന്താ പറയുന്നത് മനസ്സിൽ ആകാതെ ഞങ്ങള് അവളെ നോക്കി.

"എടീ..വേണമെങ്കിൽ പോര് ആദിൽക്കാനെ കാണിച്ച് തരാം.വാ..."

"അത് ആദിൽക്കയാണെന്ന് നിനക്ക് എന്താ ഇത്രക്ക് ഉറപ്പ്?"

ഷംനയുടെ ചോദ്യത്തെ ഞങ്ങളും അനുകൂലിച്ചു.

"ഈ കോളേജ് ക്യാമ്പസിൽ ആദിൽക്ക മാത്രമേ ബുള്ളറ്റ് കൊണ്ട് വരൂ. വേറെ ആരെങ്കിലും ബുള്ളറ്റ് കൊണ്ട് വന്നാൽ ബുള്ളറ്റ് മാത്രമേ ഈ കോളേജിൽ കാണൂ."

"അതെന്താ അങ്ങനെ?"

"അതാണ് ആദിൽക്കാൻ്റെ പവർ."

"ഓഹോ എന്നാലാ മൊതലിനെയൊന്ന് കാണണല്ലോ?"

ഞങ്ങൾ അഞ്ച് പേരും ക്ലാസിൽ നിന്ന് വരാന്തയിലേക്ക് പോയി. എന്നിട്ട് അവിടന്ന് ഗ്രൗണ്ടിലേക്ക് നോക്കി നിന്നു.

"എവിടെ ടീ ആദിൽക്കാ...?"

നമ്മക്ക് എന്തോ ആരാ ആളെന്ന് അറിയാഞ്ഞിട്ട് ഇരിക്കപ്പൊറുതിയില്ല.

"ദെ...അതാ ബുള്ളറ്റിൽ ഇരിക്കുന്നു ആദിൽക്ക..."

ഞങ്ങള് എല്ലാരും നസി ചൂണ്ടി കാണിച്ച ഭാഗത്തേക്ക് നോക്കി.

(തുടരും)

ഭാഗം.14

"ദേ...അതാ ബുള്ളറ്റിൽ ഇരിക്കുന്നു ആദിൽക്ക."

നസി ചൂണ്ടി കാണിച്ച ഭാഗത്തേക്ക് ഞങ്ങൾ നോക്കി. പക്ഷേ പുള്ളിക്കാരൻ്റെ മുഖം കാണാൻ പറ്റിയില്ല. ഒരു വലിയ ചട്ടി തലയിൽ കമിഴ്ത്തിയാണ് ആദിൽക്ക ഇരിക്കുന്നത്. ചട്ടി എന്ന് വെച്ചാ ഹെൽമറ്റ്.നമ്മളതിനെ ചട്ടി എന്നാ വിളിക്കുന്നത്.

"എവിടെ ബുള്ളറ്റ്? ഞാൻ ആ ജിപ്സി മാത്രേ കാണുന്നുള്ളൂ. അതിലിരിക്കുന്ന ആ നാല് പേരിലാണോ ആദിൽക്ക ഉള്ളത്?"

അച്ചുവിൻ്റെ വകയാണ്.നമ്മള് അല്ലെങ്കിൽ തന്നെ ആദിൽക്കാൻ്റെ മുഖം കാണാൻ പറ്റാത്ത വിശമത്തിൽ നിൽക്കുമ്പൊ ഓള് ബുള്ളറ്റ് തന്നെ കാണുന്നില്ല.

"ദെ..പെണ്ണേ ആ ജിപ്സിൻറെ പുറകിൽ..."

എന്ന് പറഞ്ഞ് നമ്മൾ ഓൾക്ക് ചൂണ്ടി കാണിച്ച് കൊടുത്തപ്പൊ ദേ പോണു നമ്മളെ കയ്യിന്ന് മൊഞ്ചൻറെ കർച്ചീഫ് താഴേക്ക്. അതും കൃത്യം ചെന്ന് വീണതോ? ചട്ടി ഊരി മാറ്റിയ ആദിൽക്കാൻറെ തലയിൽ.

ആദിൽക്ക അതെടുത്ത് മുകളിലേയ്ക്ക് നോക്കി.അപ്പൊ തന്നെ ഞങ്ങള് അഞ്ച് പേരും ഒപ്പം കുനിഞ്ഞു. അച്ചു ആണെങ്കിലോ നമ്മളോട് കട്ടകലിപ്പില്.

"എടീ ദുഷ്ടേ...നീയെൻറെ കാക്കൂൻറെ കർച്ചീഫ് താഴേക്ക് കളഞ്ഞല്ലേ.."

"നിൻറെ ഒരു കാക്കൂ...നീയെന്നെ കൊണ്ട് ഒന്നും പറയിപ്പിക്കണ്ട അച്ചു. ഞാൻ മനപ്പൂർവ്വം താഴേക്ക് ഇട്ടതല്ലല്ലോ..കൈ സ്ലിപ്പായതല്ലെ."

"കാക്കുവോ...അതാരാ?"

"അതാരാന്ന് ചോദിച്ചാൽ ഒരുപാടുണ്ട് നസി അയാളെ പറ്റി പറയാൻ. അല്ലെടീ ഫെബീ?"

ഓള് നമ്മളെ നോക്കി ചിരിച്ചോണ്ട് ഇരിക്കാ.

"പോടീ ചൂലേ..."

അതും പറഞ്ഞ് ഞങ്ങൾ എണീറ്റ് താഴോട്ട് നോക്കിയപ്പൊ അവരൊക്കെ അവിടന്ന് സ്ഥലം വിട്ടിരുന്നു.

"ഇനി ഇവിടെ നിന്നിട്ട് വല്യ കാര്യമൊന്നുമില്ല. വാ ക്ലാസിലേക്ക് പോകാം."

ഞങ്ങൾ ക്ലാസിൽ പോയി ഇരുന്നു.അപ്പോഴാ

ഷംനൻ്റെ വക അടുത്ത ചോദ്യം.

"ഫെബീ...നിന്നെ ഞാൻ ഇതിന് മുമ്പ് എവിടെയോ കണ്ടിട്ടുണ്ടല്ലോ."

"എവിടെ വെച്ച്?"

"ഞാൻ പറഞ്ഞു തരാ എവിടെ വെച്ചാണെന്ന്. ഫോണിലായിരിക്കും. കാരണം ഇവളിപ്പൊ ഫേമസ് അല്ലെ?"

അച്ചു നമ്മളെ പറ്റി അങ്ങനെ പറഞ്ഞപ്പൊ ശൊ..എന്തോ ഒരു ഇത്. ഇനി നിങ്ങളതിന് ജാഡ എന്നാണ് പറയുന്നതെൻകിൽ അത് തന്നെ ആകും.

"ഓ...ആ ഗിറ്റാറും വെച്ച് പാടുന്ന ഒന്ന്... അത് നീയായിരുന്നോ?"

"എവിടെ ഷംന? ഞാൻ കണ്ടിട്ടില്ല."

സന വിശമത്തോടെ അത് പറഞ്ഞപ്പൊ ഷംന അവളുടെ ഫോൺ എടുത്തു.

"ഞാൻ കാണിച്ച് തരാ.എൻ്റെ കയ്യിൽ ഉണ്ട്."

ഷംന ആ വീഡിയോ ഓണാക്കി.നല്ല ഉച്ചത്തിൽ ആയിരുന്നു അതിൻ്റെ ശബ്ദം. അത് കേട്ടപ്പൊ പലരും വന്ന് ഷംനയെ പൊതിഞ്ഞു. എന്നിട്ട് ഫോണിനേയും നമ്മളെയും മാറി മാറി നോക്കാണ് എല്ലാരും.

ഹൊ...പിന്നെ ആകെ കൂടി ഒരു ജഗപൊക ആയിരുന്നു. എല്ലാരും കൂടി നമ്മളോട് പാടാൻ പറയലും, പരിചയപ്പെടലും ഒക്കെ കൂടി കലപില.

അവസാനം നമ്മള് പറഞ്ഞു. പിന്നെ ഒരിക്കൽ എന്തായാലും പാടി തരാമെന്ന്. അങ്ങനെ ആ വീഡിയോ കൊണ്ട് നമ്മക്ക് ക്ലാസിൽ എന്തായാലും ഒരു

മതിപ്പൊക്കെ വന്നിട്ടുണ്ട്.

ശൊ...എനിക്ക് വയ്യ..ഞാനിനി ഇവിടെ കെടന്ന് ഒരു വിലസ് വിലസും.

"ഇത് എന്ന് പാടിയതാ ഫെബീ?" നസിയാണ്.

"ഇത് ഇന്നലെ ഞങ്ങളെ ഫ്രണ്ടിൻറെ റിസപ്ഷന് പോയപ്പൊ പാടിയതാ.അപ്പൊ അതാരോ എടുത്ത് നെറ്റിലിട്ടു."

"ഉം...സംഭവം എന്തായാലും ജോറായിട്ടുണ്ട്."

"നന്നായിട്ടുണ്ട് ഫെബീ...സൂപ്പർ ആയിട്ടുണ്ട്."

ഓരോരോടൊക്കെ താൻക്സും പറഞ്ഞ് നമ്മള് വെടിക്കെട്ട് തുടങ്ങുമ്പോഴാ സനൻറെ അടുത്ത ചോദ്യം.

"ഇതെന്താ ഫെബീ അൻറെ നെറ്റിയിൽ?"

അപ്പോഴാ നമ്മള് തന്നെ അത് ശ്രദ്ധിച്ചത്.ബാൻറേജ് കാണാതിരിക്കാൻ വേണ്ടി നമ്മള് മുടി കൊണ്ട് മറച്ചതേന്നു. പക്ഷേ, ഇപ്പൊ അത് എല്ലാർക്കും നന്നായി കാണാം.

"അ..അത്...അത് ഞാൻ കാല് സ്ലിപ്പായി വീണതാ.."

"ശരിയാ..പക്ഷേ കാറിടിച്ചാണെന്ന് മാത്രം."

അച്ചു അതും പറഞ്ഞ് നമ്മളെ ഇടംകണ്ണിട്ട് നോക്കി ചിരിക്കാ തെണ്ടി.

പിന്നെ ഒന്നും പറയാതെ തന്നെ നിങ്ങൾക്ക് ഊഹിക്കാലോ എന്തായിരിക്കും നടന്നിട്ട് ഉണ്ടാവാന്ന്.

ഓള് ഇന്നലെ ഉണ്ടായ സംഭവങ്ങളൊക്കെ അതേ പടി ഓരോട് പറഞ്ഞു. ഓരാണെൻകിലോ അത് കേട്ടപ്പൊ മുതല് നമ്മളെ ഒരു നോട്ടവും ചിരിയും.

"ഓഹോ അപ്പൊ അതാണല്ലെ അൻറെ കാക്കൂ....ഉം..."

നാലും കൂടി ഒപ്പം ഇരുന്ന് മൂളാൻ തുടങ്ങി. നമ്മക്ക് ആണെങ്കിലോ അച്ചുവിനെ കൊല്ലാനുള്ള ദേഷ്യവുമുണ്ട്.

കുറച്ച് കഴിഞ്ഞപ്പൊ അവറ്റകളത് വിട്ടു.ഇപ്പോൾ ആദിൽക്കയാണ് വിഷയം.

നസി വീണ്ടും ആദിൽക്കയെ കുറിച്ച് പറയാൻ തുടങ്ങി.

"ആദിൽക്ക ജനിച്ചതും വളർന്നതും ഒക്കെ ദുബായിലാണ്. കോടീശ്വരപുത്രൻ.

ആദിൽക്കാക്ക് ഉമ്മയും ഒരനിയനും മാത്രമേയുള്ളൂ. പറയത്തക്ക ബന്ധുക്കളായിട്ട് ഒരു അമ്മോനും പിന്നെ അവരുടെ രണ്ടു മക്കളുമാണുള്ളത്.

ആദിൽക്കാൻറെ ഉപ്പ ദുബായിൽ വെച്ച് ഒരു അപകടത്തിൽ മരിച്ചതാ. പിന്നെ അവിടെ ആദിൽക്ക നിന്നിട്ടില്ല. ഫാമിലിയേയും കൂട്ടി തിരിച്ച് ഇങ്ങോട്ട് തന്നെ

പോന്നു. അവർക്ക് ഇവിടെയും ദുബായിലുമായിട്ട് ഒരുപാട് ബിസിനസുകളുണ്ട്. ദുബായിലെ കാര്യങ്ങളൊക്കെ ആദിൽക്കാൻറെ അമ്മോനാണ് നോക്കുന്നത്....."

"അല്ല നസി നിനക്ക് ഇതൊക്കെ എങ്ങനെ അറിയാം? നീയും ഞങ്ങളെ പോലെ ഇവിടെ പുതിയതായി വന്നതല്ലെ? പിന്നെ നിനക്ക് എവിടെന്നാ ഇത്രയധികം ഡീറ്റയിൽസ്?"

നസി പറഞ്ഞു കൊണ്ടിരുന്നതിൻറെ ഇടയിൽ കേറി നമ്മള് ചോദിച്ചു.

ഓള് ഒരു പുഞ്ചിരി തൂകി കൊണ്ട് പറഞ്ഞു.

"എൻറെ ഇത്ത ഈ കോളേജിലാ പഠിച്ചത്.അവള് പറഞ്ഞാണ് എനിക്ക് ഇതൊക്കെ അറിയുന്നത്. അവളും ഇവിടെ ആദിൽക്കാൻറെ ക്ലാസിലായിരുന്നു. മൂന്ന് മാസം മുൻപ് ഓളെ കല്യാണം ആയിരുന്നു. അപ്പൊ ആദിൽക്കയും ആദിൽക്കാൻറെ ഗ്യാങ്ങും മൊത്തം ഉണ്ടായിരുന്നു. ഞങ്ങള് അന്ന് ശരിക്കും

അടിച്ച് പൊളിച്ചു."

നസി തുള്ളിച്ചാടി കൊണ്ട് പറഞ്ഞു.

"അപ്പൊ ഈ ആദിൽക്കാക്ക് ലൗവ്വറൊന്നും ഇല്ലേ?"

അച്ചുവിൻ ആധി അതായിരുന്നു.

"ഏയ്.....അതിനൊന്നും ആദിൽക്കാനെ കിട്ടൂല. പുള്ളി ഡീസൻറാ...

എത്ര പേര് പുറകെ നടന്നിട്ടുണ്ട് എന്നറിയോ? ഇൻറെ ഇത്തക്ക് അടക്കം ആദിൽക്കാനോട് മൊഹബ്ബത്ത് ആയിരുന്നു. ഇങ്ങനെ ഒരുപാട് പേർക്ക് ആദിൽക്കാനോട് മൊഹബ്ബത്ത് ഉണ്ടെങ്കിലും അതാരും പുറത്ത് പറയാറുമില്ല,കാണിക്കാറുമില്ല."

അച്ചു അപ്പൊ എൻറെ കാതിൽ മെല്ലെ പറഞ്ഞു.

"ഭാഗ്യം... ആരോടും പ്രേമം ഇല്ല. അതോണ്ട് ഒരു ചാൻസൊക്കെയുണ്ട് ഫെബീ..."

ഓള് എന്ത് ഉദ്ദേശത്തിലാ അത് പറഞ്ഞതെന്ന് നല്ല ബോധം ഉള്ളതോണ്ട് നമ്മള് ഓളെ ഒന്ന് നോക്കുക മാത്രേ ചെയ്തിട്ടുള്ളൂ. അപ്പൊ തന്നെ ഓള് മുഖം തിരിച്ച് നസിയെ നോക്കി.

നമ്മള് ഓള് കാണാതെ ഉള്ളിലിരുന്ന് ചിരിച്ചു.

"അപ്പൊ നിനക്ക് തോന്നിയിട്ടില്ലേ നസീ ആദിൽക്കാനോട് മൊഹബ്ബത്ത്?"

നമ്മളെ ചോദ്യം കേട്ടപ്പൊ പെണ്ണ് ചുറ്റും ഒന്ന് കണ്ണോടിച്ചു.

"പതുക്കെ പറയടീ.. ആരെങ്കിലും കേട്ടാൽ എന്താ ഉണ്ടാവാ എന്ന് പറയാൻ പറ്റില്ല."

അത് പറഞ്ഞപ്പൊ നസിൻറെ മുഖത്ത് ഒരു പേടി ഞാൻ

കണ്ടു.

'ഇവളെന്തിനാ അത് ചോദിച്ചപ്പൊ ഇത്രക്ക് പേടിച്ചത്? അപ്പൊ അതിന് പിന്നിൽ എന്തോ ഉണ്ട്. അവളോട് തന്നെ ചോദിക്കാം.'

നമ്മളത് ഓളോട് ചോദിക്കാൻ നിന്നതും അച്ചു ഇടക്ക് കേറി ചോദിച്ചു.

"അപ്പൊ നിനക്കും ഇഷ്ടാണോ?"

"ഇഷ്ടം... ആയിരുന്നു. ഇപ്പോ ഇല്ല.ഇപ്പൊ എനിക്ക് ആദിൽക്ക എൻറെ സ്വന്തം ഇക്കാനെ പോലെയാ."

"അതെന്താ നസീ അനക്ക് വേറെ വല്ല ഇഷ്ടവും ആരോടെൻകിലും ഉണ്ടോ?"

ഷംന അത് ചോദിച്ചപ്പൊ പെണ്ണിൻറെ മുഖത്ത് ഒരു നാണവും ചിരിയും.

"ഈ വായാടിക്ക് ഇങ്ങനെ ഒക്കെ നാണിക്കാൻ അറിയോ ൻറെ കൃഷ്ണാ.."

അച്ചു അവളെ നോക്കി കളിയാക്കി. നസി അവളെ കയ്യിൽ ഒരു തല്ല് കൊടുത്തു.

"ഉം.....ഇപ്പൊ മനസ്സിലായി.ഏത് കക്ഷി? ഇവിടെയുള്ളതാണോ?"

"ഉം...ആദിൽക്കാൻറെ ഫ്രണ്ടാ.അന്ന് ഇത്താൻറെ കല്യാണത്തിന് വന്നപ്പൊ പരിചയപ്പെട്ടതാ.
പേര് അൻവർ."

"ഓഹോ....അപ്പൊ അങ്ങനെയാണ് കാര്യങ്ങളെ കിടപ്പ്.
വെറുതെ അല്ല നീ ആദിൽക്കാനെ ബ്രദറാക്കിയത്.
ആട്ടേ...ഞങ്ങൾക്ക് പരിചയപ്പെടുത്തി തരോ അൻറെ അൻവർക്കാനെ?"

നമ്മള് ചോദിക്കേണ്ട താമസം പെണ്ണ് പറയാൻ തുടങ്ങി.

"അൻവർക്കാനെ നിങ്ങള് കണ്ടിട്ടുണ്ടാകും.പക്ഷേ ശ്രദ്ധിച്ചിട്ടുണ്ടാവില്ല."

ഞങ്ങള് നാല് പേരും ഒരു സംശയത്തോടെ ഓളെ നോക്കുന്നത് കണ്ടപ്പൊ ഓള് തന്നെ പറഞ്ഞു.

"നേരത്തെ നമ്മള് ആദിൽക്കാനെ കാണാൻ വേണ്ടി ചെന്നപ്പൊ ഒരു ജിപ്‌സി കണ്ടില്ലേ?
അതിലുണ്ടായിരുന്നു."

"അതില് നാല് പേരില്ലായിരുന്നോ? അതിലേതാ?"

"അതിൽ മുന്നിൽ ഡ്രൈവിങ് സീറ്റിൽ ഉണ്ടായിരുന്നത് നിയാസ്‌ക്ക,അതിന്റെ തൊട്ടടുത്ത് ഇരുന്നത് ഇൻറെ ചെക്കൻ. ബാക്കിലുള്ളവര് സിദ്ധാർത്ഥേട്ടനും ആകാശേട്ടനും."

"ഛെ...നിനക്കിത് ആദ്യമേ പറഞ്ഞൂടേന്നോ..എന്നാ പിന്നെ അവരെ ശരിക്ക് പരിചയപ്പെടായിരുന്നു."

അച്ചു അവളുടെ വിഷമം അറിയിച്ചു.നമ്മള് അപ്പോഴും ഇവളെന്തിനാ പേടിച്ചതെന്ന് ആലോചിക്കാണ്.

"നസീ..അപ്പൊ പറഞ്ഞു വരുമ്പൊ ആദിൽക്കാക്ക് പ്രേമമൊന്നും ഇല്ല. അതോണ്ട് ഞങ്ങൾക്ക് ഒക്കെ ഒരു ചാൻസുണ്ടല്ലേ?"

നമ്മളെ ചോദ്യം കേട്ട് അച്ചു ഞെട്ടി തിരിഞ്ഞ് ഒരു നോട്ടം. നമ്മള് ഓളെ കണ്ണടിച്ച് കാണിച്ചിട്ട് ചുമ്മാ എന്ന് പറഞ്ഞു.

"ചാൻസൊക്കെയുണ്ട്.പക്ഷേ ഈ പേരും പറഞ്ഞ് നീ ആദിൽക്കാൻറെ മുൻപിലൊന്നും ചെന്ന് പെടണ്ടാ."

"അതെന്താ പുള്ളിക്കാരൻ നമ്മളെ പിടിച്ച് വിഴുങ്ങോ?"

"ആദിൽക്ക ഒന്നും ചെയ്യില്ല.മൂപ്പരതൊക്കെ ചിരിച്ച് തള്ളും."

"പിന്നെ എന്താ പ്രോബ്ലം? നീ ധൈര്യായിട്ട് പോയി ആദിൽക്കാനെ പ്രപ്പോസ് ചെയ്തോ ഫെബീ...ബാക്കി ഒക്കെ നമുക്ക് വരുന്നിടത്ത് വെച്ച് കാണാം."

ഞാൻ അച്ചുവിനെ നോക്കി ചിരിച്ചിട്ട് ഓളെ കാതിൽ മെല്ലെ പറഞ്ഞു.

"അൻറെ കെട്ട്യോൻറെ കുട്ട്യാളെ തള്ളയോട് പോയി പറയടീ പ്രപ്പോസ് ചെയ്യാൻ."

നമ്മള് പറഞ്ഞതെന്താന്ന് ആലോചിച്ച് കണക്ക് കൂട്ടി കൊണ്ട് അച്ചു ഇരുന്നു.

"പ്രപ്പോസ് ചെയ്താ പിന്നെ ഇവളീ കോളേജിൽ ഉണ്ടാവില്ല. ചിലപ്പോ ഈ ലോകത്തും."

നസി പറയുന്നത് കേട്ട് ഞങ്ങള് നാല് പേരും തരിച്ച് നിന്ന് പോയി. ഞങ്ങൾ നാലു പേരും പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് നസിയെ നോക്കി.

"അതെന്താ നീ അങ്ങനെ പറഞ്ഞത്?"

നസി എന്തോ ഒന്ന് പറയാൻ തുടങ്ങിയപ്പോഴേക്കും ക്ലാസിലേക്ക് ഒരു സാറാ കേറി വന്നു.

"ഓ...ഇയാൾക്ക് കേറി വരാൻ കണ്ട നേരം."

അച്ചുവാണ് അത് പറഞ്ഞത് എങ്കിലും ഞങ്ങളുടെ നാലു പേരുടെ മനസ്സിലും അത് തന്നെ ആയിരുന്നു.

അനിൽ കുമാർ അതാണ് അയാളെ പേര്.ബിസിനസാണ് വിഷയം. അയാള് വന്ന് എല്ലാരേയും പരിചയപ്പെട്ടു.ഇയാളൊന്ന് വേഗം ഇവിടുന്ന് പോയിരുന്നെൻകിൽ എന്ന് ക്ലാസ് ഒന്നടന്കം

പ്രാത്ഥിച്ച് കാണും.

കാരണം അയാള് വന്ന ഉടനെ തന്നെ ക്ലാസെടുക്കാൻ തുടങ്ങിയിരുന്നു. പോരാത്തതിന് ഒന്ന് നിന്ന് തിരിയാനോ, ഒരു കോട്ടുവാ വിടാൻ പോലും അയാള് സമ്മതിക്കുന്നില്ല. ഭയങ്കര സ്ട്രിക്റ്റ്.

ഞങ്ങൾ അയാൾക്ക് അപ്പൊ തന്നെ ഒരു ഇരട്ട പേരും ഇട്ടു.

കാലകേയൻ....

കാരണം അയാളെന്താ പറയുന്നതെന്ന് ദൈവം തമ്പുരാൻ പോയിട്ട് അയാൾക്ക് തന്നെ അറിയോ എന്നറീല.

അതും പോരാഞ്ഞ് മൂപ്പര് വായ തുറക്കുമ്പോ കൊട ചൂടണം. അമ്മാതിരി മഴയാണ്. ഇതിൽ പെട്ട് പോയത് മുന്നിലിരിക്കുന്ന കുട്ടികളാ. ഞങ്ങൾക്ക് അവരുടെ മുഖഭാവം കാണുമ്പോ ചിരി അടക്കാനേ പറ്റുന്നില്ല.

ഒടുവിൽ ഇൻറർബെല്ലടിച്ചപ്പോഴാ ഒരാശ്വാസം ആയത്. അയാള് ക്ലാസിൽ നിന്ന് ഇറങ്ങിയതും ക്ലാസ് ഒന്നടന്കം "ഹാവൂ സമാധാനായി" എന്ന് പറഞ്ഞു.

ഞങ്ങള് അപ്പൊ തന്നെ പുറത്തേക്ക് ഇറങ്ങി. ഞങ്ങളെ ക്ലാസിന് രണ്ട് ഡോറാണുള്ളത്. ഒന്ന് വലതും മറ്റേത് ഇടതും.രണ്ടിനും നല്ല നീളവും വീതിയുമുള്ള വരാന്തയുമുണ്ട്.

"നമുക്ക് കാൻറീനിൽ പോയാലോ, നല്ല വിശപ്പ്,"

നമ്മളെ ചോദ്യം കേട്ട് അച്ചു ഒരു നോട്ടം.

"ഇന്ന് എത്ര ദോശ തിന്നു?"

"ഇന്ന് ദോശ അല്ലേന്നു. പുട്ടേന്നു."

"ഉം...പുട്ടെൻകിൽ പുട്ട്. എത്ര തിന്നു?"

"രണ്ടു കുറ്റി."

നമ്മള് പറയുന്നത് കേട്ട് അച്ചൂന് ഭാവന വിത്യാസമൊന്നും ഇല്ലേന്നു. പക്ഷേ ബാക്കി മൂന്നും നമ്മളെ കണ്ണും മിഴിച്ച് നോക്കാ.

"രണ്ടു കുറ്റിയോ?"

മൂന്നും ഒരേ സ്വരത്തില് ചോദിച്ചപ്പൊ നമ്മളൊരു ചിരിയങ്ങ് പാസാക്കി.

"ഇതൊക്കെ എങ്ങോട്ടാ ഫെബീ പോകുന്നത്? അന്നെ കണ്ടാലാരും പറയൂല ഇത്രയൊക്കെ കഴിക്കുമെന്ന്. കണ്ടാൽ തോന്നും വീട്ടിൽ പട്ടിണിയാണെന്ന് അത്രക്ക് ഒന്നും ഇല്ലെങ്കിലും നീ മെലിഞ്ഞിട്ടാണല്ലൊ?"

"അവളുടെ വയറ്റിൽ കൊക്കപ്പുഴു ഒക്കെ വാടക്ക് താമസിക്കുന്നുണ്ട്.അല്ലെ ഫെബീ..."

"ഒന്നു പോടി പെണ്ണേ..."

ഞാൻ അച്ചുവിന് ഒരടി കൊടുത്തു.

"അല്ല ഫെബീ...സാധാരണ വല്ല ടെൻഷനും ഉണ്ടാവുമ്പോഴല്ലേ നീ മൂക്ക് മുട്ടെ കഴിക്കാറ്.ഇന്ന് എന്താ നിനക്ക് അതിന് മാത്രം ടെൻഷൻ?"

"അത്...കോളേജ് തുറക്കല്ലേ..അപ്പൊ അതിൻറെ ടെൻഷൻ.."

"ടെൻഷൻ കേറിയാൽ നഖം കടിക്കുന്നവരെയൊക്കെ ഞാൻ കണ്ടിട്ടുണ്ട്.ആദ്യായിട്ടാ ഫുഡ് കഴിക്കുന്ന ആളെ കാണുന്നത്."

ഷംന നമ്മക്കിട്ടൊന്ന് താങ്ങിയതാ,കൂടെ മറ്റു മൂന്നാളുമുണ്ട്.

അച്ചു ആണെങ്കിൽ നമ്മളെ ചരിത്രം മുഴുവൻ പറയാതിരിക്കൂല എന്ന് ദൃഢ പ്രതിഞ്ജ ചെയ്ത പോലെ

അവരോട് നമ്മളെ ലീലാവിലാസങ്ങളൊക്കെ വിളമ്പാനിരുന്നു.

"ഫെബിക്ക് ടെൻഷനിടിച്ചാൽ അത് പെട്ടെന്ന് നമ്മക്ക് മനസ്സിൽ ആക്കാൻ പറ്റും.ഒന്ന് തീറ്റ കൊണ്ട്,രണ്ട് വിരലിലെ മോതിരം തിരിച്ച് കൊണ്ട് ഇരിക്കുന്നതും കണ്ടാ മനസ്സിൽ ആകും പുള്ളിക്കാരൻ ഫോമിലാണെന്ന്."

പെണ്ണ് നമ്മളെയിട്ട് കൊച്ചാക്കാണ് ഓരെ മുന്നിൽ വെച്ചിട്ട്. നമ്മക്കും കിട്ടും ഒരവസരം അന്ന് ഇതിൻറെ പലിശ സഹിതം അനക്ക് നമ്മള് തന്ന് വീട്ടുമെടീ...എന്ന് മനസ്സിൽ കരുതി നമ്മള് വരാന്തയിൽ നിന്നിട്ട് ഗ്രൗണ്ടിലേക്കും നോക്കി നിന്നു.

പെട്ടെന്നാണ് നമ്മക്ക് ലൈബ്രറിൻറെ ഓർമ്മ വന്നത്. നമ്മള് ഒരു ചെറിയ വായനക്കാരിയാണ്. പുസ്തകങ്ങളെന്ന് വെച്ചാ ജീവനാ നമ്മക്ക്.

"നസീ...ഇവിടെ ലൈബ്രറി എവിടെയാ ഉള്ളത്?"

"എൻറെ ഫെബീ...വിശന്നാല് ലൈബ്രേറിയിലേക്കല്ല പോകേണ്ടത് കാൻറീനിലേക്കാ."

"പോടി പെണ്ണേ...നിങ്ങളുടെ വർത്തമാനം കേട്ടപ്പൊ തന്നെ നമ്മളെ വയറ് നിറഞ്ഞു. ഇനി കാൻറീനിലേക്കും കൂടി പോകാൻ വയ്യ. നീ പറ നസീ ലൈബ്രേറി എവിടെ?"

"ലൈബ്രേറി നമ്മളെ ഫ്ലോറിൽ തന്നയാ ഉള്ളത്. വാ ഞാൻ കാണിച്ച് തരാം."

നസി ഞങ്ങളേയും കൊണ്ട് വലത് ഭാഗത്തെ വരാന്തയിലേക്ക് പോയി.

"ദേ... അതാണ് പി.ജി ഡിപ്പാർട്ട്മെന്റ്. നമ്മളെ ക്ലാസിന് നേരെയുള്ള ക്ലാസ് കണ്ടോ? അതാണ് ആദിൽക്കാൻറെ ക്ലാസ്."

"നിന്നോട് ഞാൻ അവരെ ക്ലാസല്ല ചോദിച്ചത് ലൈബ്രേറി

ആണ്."

"എൻറെ ഫെബീ..ഞാൻ പറയല്ലെ...നീ ഇടയിൽ കേറല്ലെ പെണ്ണേ..."

"ഉം എന്നാ പറ."

"അവരെ ഡിപ്പാർട്ട്മെന്റിനേയും നമ്മളെ ഡിപ്പാർട്ട്മെന്റിനേയും യോചിപ്പിക്കുന്ന ഒരേയൊരു ബിൽഡിങ്ങാണ് ആ കാണുന്നത്."

ശരിയാണ് അവള് പറഞ്ഞത്.ഞങ്ങളും അപ്പോഴാ അത് ശ്രദ്ദിച്ചത്. അവരുടെ ബ്ലോക്കിൻറെ ഭാഗത്തേക്ക് ഞങ്ങൾക്ക് പ്രവേശനം ഇല്ല.അതുപോലെ തിരിച്ചും. എന്നാൽ ഈ രണ്ട് ബ്ലോക്കിനെയും ഒന്നാക്കുന്ന തരത്തിൽ രണ്ടു ക്ലാസ് മാറി ഒരു ബിൽഡിങ്ങും ഉണ്ട്.

"ഈ ബിൽഡിങ്ങിലാണ് ലൈബ്രറി ഉള്ളത്. അതും നമ്മളെ ഫ്ലോറില്. രണ്ടാമത്തെ ഫ്ലോറില് ഓഫീസ്

റൂമാണ്.ആദ്യത്തെ ഫ്ലോറില് സ്റ്റോറൂമും. ഇതിന് മുകളിലെ ഫ്ലോറില് ഒരു ഒഴിഞ്ഞ ക്ലാസാണ്.അവിടെ വെച്ച് പല മീറ്റിങ്ങുകളും പ്രാക്ടീസുകളും സ്പെഷ്യൽ ക്ലാസുമൊക്കെ ഉണ്ടാവാ...."

"പറഞ്ഞു തീർന്നോ? എന്നാ പിന്നെ ലൈബ്രറിയിലേക്ക് പോകാം."

നമ്മളതും പറഞ്ഞ് ലൈബ്രറി ലക്ഷ്യമാക്കി നടന്നു. ലൈബ്രറിയിൽ അങ്ങനെ അധികം കുട്ടികൾ ഇല്ലേന്നു.

ഞങ്ങള് ലൈബ്രറിൻ്റെ വലിപ്പം കണ്ട് ഞെട്ടി നിൽക്കാണ്. ഒരു നീണ്ട വലിയ ഹാള്. ഒരുപാട് ബുക്ക്സ്, അതും ഓരോ ഡിപ്പാർട്ട്മെന്റിനും വെവ്വേറെ സെക്ഷനുകളിൽ ആയിട്ട് ഒരുപാട് ബുക്ക്സ്.

ഞങ്ങള് ലൈബ്രറിൻ്റെ ഇൻച്ചാർജായ രാജേഷ് സാറുമായി സംസാരിച്ചു. ഞങ്ങള് അഞ്ച് പേരും ലൈബ്രറിൻ്റെ അംഗത്വം അവിടന്ന് കരസ്ഥമാക്കിയിട്ട് ബുക്ക്സ് തപ്പി ഇറങ്ങിയപ്പോഴാ നമ്മളെ കണ്ണ്

ലൈബ്രറിയിലെ നോട്ടീസ് ബോർഡിൽ പതിഞ്ഞത്.

(തുടരും)

ഭാഗം. 15

ഞങ്ങൾ അഞ്ചു പേരും കൂടി ബുക്സ് നോക്കി നടക്കുമ്പോഴാണ് ഞാൻ നോട്ടീസ് ബോർഡിലെ കാഴ്ച കാണുന്നത്.

എന്താണ് അതിൽ എഴുതി വെച്ചിരിക്കുന്നതെന്ന് പടച്ചോനാണെ നേര് നമ്മക്ക് ഒന്നും മനസ്സിലായില്ല. ബുക്ക് നോക്കാതെ നോട്ടീസ് ബോർഡും നോക്കി നിക്കുന്ന എൻ്റെ അടുത്തേക്ക് അവര് നാല് പേരും വന്നു.

എൻ്റെ നോട്ടം കണ്ട് അവരുടെ നോട്ടവും നോട്ടീസ് ബോർഡിൽ പതിച്ചു. ഒന്നും മനസ്സിലാകാതെ ഞങ്ങൾ

അഞ്ച് പേരും അത് നോക്കി നിക്കുന്നത് കണ്ട് രാജേഷ് സാറ് ഞങ്ങളുടെ അടുത്തേക്ക് വന്നു.

"ഇതെന്താ സാർ സംഭവം? നോക്കിയിട്ട് ഒന്നും മനസ്സിൽ ആകുന്നില്ല."

"ഇത് MBA ഫൈനലിയറിൽ പഠിക്കുന്ന ആദിൽ നിർമ്മിച്ച ചോദ്യമാണ്.

ഇതിൻറെ മുകളിൽ കൊടുത്തിരിക്കുന്നതാണ് ചോദ്യം. അതിന് താഴെ കൊടുത്തിരിക്കുന്ന പാരഗ്രാഫിലുണ്ട് ആ ചോദ്യത്തിനുള്ള ക്ലൂ. ഒരുപാട് കുട്ടികൾ ട്രൈ ചെയ്തതാണ്.പക്ഷേ ആർക്കും കണ്ടെത്താൻ പറ്റിയിട്ടില്ല.

നിങ്ങള് ന്യൂ സ്റ്റുഡൻ്റ്സ് അല്ലെ? നിങ്ങളൊന്ന് ട്രൈ ചെയ്ത് നോക്ക്. ഇതിൻറെ റിസൾട്ട് നിങ്ങളെ Freshers day യുടെ അന്നാണ് അനൗൺസ് ചെയ്യാ."

അതും പറഞ്ഞ് സാറ് സീറ്റിൽ പോയി ഇരുന്നു.

"ഫെബീ...നമുക്കൊന്ന് പഴറ്റി നോക്കിയാലോ? ഒന്ന് ട്രൈ ചെയ്യുന്നതിൽ തെറ്റില്ലല്ലോ."

"അപ്പൊ ഒരു കൈ നോക്കാലേ? എന്നാ വാ?"

ഞങ്ങൾ അഞ്ച് പേരും കൂടി ആ ചോദ്യവും പാരഗ്രാഫും മാറി മാറി വായിച്ചു നോക്കി.നോ രക്ഷ.

ഒരു രചയിതാവിൻറെ പേര് കൊടുത്തിട്ടുണ്ട്. അയാളുടെ ഒരു രചിച്ച ഒരു പുസ്തകത്തിൻറെ പേരാണ് കണ്ടത്തേണ്ടത്.

പാരഗ്രാഫിൽ അതിനുള്ള ക്ലൂ ഉണ്ട്. പക്ഷേ എത്ര നോക്കിയിട്ടും അത് മനസ്സിലാകുന്നില്ല.

"എടീ...അയാളൊരുപാട് പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. നമുക്ക് ഓരോരുത്തർക്കും ഓരോന്ന്

ഇതിൽ നിന്ന് എടുത്ത് എഴുതിയിട്ട് ഈ പെട്ടിയിലിട്ടാലോ? ആർക്കാ ലക്കടിക്കാന്ന് നോക്കാം."

ഷംന അപ്പോഴേക്കും ഗൂഗിളിൽ സേർച്ച് ചെയ്ത് നോക്കല് കഴിഞ്ഞിട്ടുണ്ട്. അവളെ തലക്ക് അപ്പൊ തന്നെ അച്ചു ഒരു മേട്ടം കൊടുത്തു.

"എടീ പെണ്ണേ...ഉത്തരം കണ്ടെത്തിയാൽ മാത്രം പോര, അതെങ്ങനെയാ കണ്ടെത്തിയതെന്നും വേണം.നോക്ക് താഴെ എഴുതി വെച്ചിരിക്കുന്നത്."

"സോറി....ഞാൻ കണ്ടില്ല."

അതും പറഞ്ഞ് അവള് തല തടവി കൊണ്ട് ഒരു ഇളിയങ്ങ് പാസാക്കി.

ഏറെയുള്ള നിരീക്ഷണത്തിനൊടുവിൽ നമ്മളെ തലയിൽ പെട്ടെന്ന് ഒരു ലൈറ്റ് കത്തി.

അപ്പൊ തന്നെ ഒരു പേനയും പേപ്പറുമെടുത്ത് നമ്മള്

കുത്തി കുറിക്കാൻ തുടങ്ങി.

"ഫെബീ നീയിതെന്താ എഴുതുന്നത്? ഉത്തരം കിട്ടിയോ?"

"എടീ അച്ചൂ...നീയാ പാരഗ്രാഫിലെ കാപിറ്റൽ ലെറ്റേഴ്സ് ഒക്കെ ശ്രദ്ധിച്ചോ? അതൊക്കെ കൂടി കാണുമ്പോ അവ തമ്മിൽ എന്തോ കണക്ഷൻ ഉള്ള പോലെ തോന്നുന്നു.

ഞാനിത് എഴുതി കഴിഞ്ഞിട്ട് പറഞ്ഞു തരാ."

നമ്മള് എന്നിട്ട് അതിലെ ഓരോ കാപിറ്റൽ ലെറ്റേഴ്സ് ഒക്കെ കൂട്ടി ചേർത്തപ്പൊ ഒരു വേർഡ് കിട്ടി.

ഞാൻ എഴുതുന്നതും നോക്കി നിന്ന നാല് പേരും ആ വേർഡ് കണ്ടപ്പൊ ഒരുമിച്ച് പറഞ്ഞു.

""CHEMISTRY""

"കെമിസ്ട്രിയോ? അതൊരു സിനിമൻറെ പേരല്ലെ

പിന്നെ എങ്ങനെ ബുക്കിൻറെ പേരാകും? പോരാത്തതിന് ഇത് അവര് വെറുതെ നമ്മളെ വട്ട് പിടിപ്പിക്കാനായി ചെയ്യുന്നതാവും. വാ ഫെബീ നമുക്ക് ക്ലാസിൽ പോകാം."

"എടീ അച്ചു..ഇത് അതിൻറെ ഉത്തരം അല്ല.ഉത്തരത്തിലേക്ക് ഉള്ള ക്ലൂവാണ്."

"ഇനിയിപ്പൊ ഇത് ക്ലൂവാണെന്ന് തന്നെ ഇരിക്കട്ടെ, ഈ ക്ലൂ വെച്ച് എങ്ങനെ ഉത്തരം കണ്ടെത്താ?"

"അച്ചു നിനക്ക് ഈ പാരഗ്രാഫ് കാണുമ്പോ എന്താ തോന്നുന്നത്?"

"എനിക്ക് ഒരു കുന്തവും തോന്നുന്നില്ല."

"അല്ലെങ്കിലും തലേൽ ആൾ താമസം ഇല്ലാത്ത നിന്നോടൊക്കെ ചോദിച്ച എന്നെ പറഞ്ഞാ മതി.."

അച്ചു ഒരു ലോഡ് പുച്ഛത്തോടെ നമ്മളെ നോക്കി ഇളിച്ചു.

"എനിക്ക് കിട്ടി പോയി...."

സന ഇത് പറയേണ്ട താമസം ഞങ്ങള് അവളെ തന്നെ നോക്കി.

"ഞാൻ പറയാം, പക്ഷേ ശരിയായില്ലെൻകിൽ ഇന്നെ ഒന്നും പറയരുത്."

"ഇല്ല മുത്തേ...ഇജ്ജ് പറ."

"എനിക്ക് ഈ പാരഗ്രാഫ് കാണുമ്പോ ഒരു ഷെൽഫായിട്ടാ തോന്നുന്നത്."

"കറക്ട് മോളേ...പടച്ചോന് സ്തുതി ഇവളെ തലയിൽ എൻകിലും ആൾ താമസം കൊടുത്തതിന്."

"ശരിയാലേ...ഒരു ഷെൽഫ് പോലെ തന്നെ ഉണ്ട്."

"പൂരം കഴിഞ്ഞിട്ടാണോ മൂന്നും വെടി പൊട്ടിക്കുന്നത്? മിണ്ടാതെ അടുത്ത ക്ലൂ എവിടെ എന്ന് നോക്ക്"

നമ്മളെ വർത്താനം കേട്ട് നാലും പൊരിഞ്ഞ തേടലിലാണ്. അവസാനം നമ്മള് തന്നെ അടുത്ത ക്ലൂ കണ്ടെത്തി.

രണ്ടു നമ്പറുകൾ അതില് വരുന്നുണ്ട്.മൂന്നും നാലും.അതും കൂടി നമ്മള് പേപ്പറിൽ എഴുതി വെച്ച് നോക്കിയപ്പൊ നമ്മളെ തലയില് പടച്ചോൻ ഒരു തവണ കൂടി ലൈറ്റ് കത്തിച്ചു.

ഉത്തരം ഏതാണ്ട് കിട്ടിയെന്ന് മനസ്സിലായപ്പൊ പിന്നെ ഒന്നും നോക്കിയില്ല.ഒരു കൂക്കി വിളിയായിരുന്നു.

"യുറേക്കാ....I got it....yes, yes I got it.."

"Silence..."

രാജേഷ് സാറ് വൈലൻറായി സൈലൻ്റ് പറഞ്ഞപ്പോഴാ ലൈബ്രറിയിലാണ് ഉള്ളതെന്ന ബോധം വന്നത്.

സാറിനോട് അപ്പൊ തന്നെ ഒരു പാസാക്കിയപ്പൊ സാറ് നമ്മക്ക് തിരിച്ച് ഒരു പുഞ്ചിരി തന്നു.

"എന്താടീ ഫെബീ...ഉത്തരം കിട്ടിയോ പറ."

നാലും കൂടി നമ്മളെ വളഞ്ഞിട്ട് ചോദ്യം ചെയ്യാണ്.നമ്മള് അവർക്ക് ഒരു ഫ്ലൈയിംഗ് കിസ്സും കൊടുത്ത് സാറിൻറെ അടുത്തേക്ക് ചെന്നു.

"സാർ... ഈ കെമിസ്ട്രി സെക്ഷൻ എവിടെയാ?"

"ദേ...ആ കാണുന്ന നാലാമത്തെ സെക്ഷനാ."

"ഓക്കെ സാർ."

നമ്മള് അതും പറഞ്ഞ് നാലെണ്ണത്തിനേയും വലിച്ച് കൊണ്ട് കെമിസ്ട്രി സെക്ഷനിലേക്ക് കൊണ്ട് പോയി.

"എന്താടി ഫെബീ...നിനക്ക് ഉത്തരം കിട്ടിയോ?"

"ദേ..മോളെ ഇപ്പൊ കിട്ടും."

എന്ന് പറഞ്ഞ് നമ്മള് ഷെൽഫ് എണ്ണാണ്.

"ഡീ...നീ ഇതിൻറെ കണക്കെടുക്കാൻ വന്നതാണോ?"

"അതല്ല അച്ചു...നമ്മള് കണ്ടെത്തിയ ക്ലൂ ഒന്ന് ഓർത്ത് നോക്കിക്കേ..."

"ആദ്യം നമ്മള് കെമിസ്ട്രി എന്ന് കണ്ടെത്തി.പിന്നെ ഒരു ഷെൽഫും."

"ഉം...ശരിയാ. പിന്നെ ഞാൻ കണ്ടെത്തിയത് എന്താന്ന് അറിയോ?

രണ്ട് നമ്പറുകൾ. മൂന്നും നാലും.ഇതൊക്കെ കൂടി ഒന്ന് കൂട്ടി വായിച്ച് നോക്ക് വല്ലതും മനസ്സിൽ ആയോ?"

അച്ചു താടിയിൽ കയ്യും വെച്ചോണ്ട് പൊരിഞ്ഞ ചിന്തയിലാ.

"ബെസ്റ്റ്.. നല്ല ആളോടാ ഞാൻ ചോദിച്ചത്.

നിങ്ങൾക്ക് എങ്കിലും കിട്ടിയോ?"

എവടെ കിട്ടാൻ നാലിൻ്റെയും നോട്ടം കണ്ടാലെ അറിയാം ഒന്നും പിടി കിട്ടിയിട്ടില്ലാന്ന്.ഇനി നമ്മള് തന്നെ പറയുകയല്ലാതെ വേറെ നിവർത്തി ഇല്ല.

"എടീ ബുദ്ധൂസുകളെ..

ഇപ്പോഴും പിടി കിട്ടിയില്ലേ?

കെമിസ്ട്രി സെക്ഷനിലെ മൂന്നാമത്തെ ഷെൽഫിലെ നാലാമത്തെ തട്ടില് കാണും ആ ബുക്ക്.

ഇപ്പോഴെൻകിലും മനസ്സിലായോ നാലിനും.."

നാലും ഒപ്പം "ആ...മനസ്സിലായി" എന്ന് പറഞ്ഞ് ആ ബുക്ക് തേടാൻ തുടങ്ങി.

കെമിസ്ട്രി സെക്ഷനിലെ മൂന്നാമത്തെ ഷെൽഫ് ഞങ്ങൾ കണ്ടെത്തി. അപ്പോഴാ അടുത്ത കൺഫ്യൂഷൻ.

"ഫെബീ...താഴത്തെ തട്ടിൽ നിന്നാണോ മുകളിലത്തെ തട്ടിൽ നിന്നാണ് നാലാമത്തേത്?"

"അങ്ങനെ ചോദിച്ചാ... ഒരു കാര്യം ചെയ്യ് ഒരാൾ മുകളിന്നും വേറെ ഒരാള് താഴേന്നും നോക്ക്."

"ഫെബീ..അതിന് ഇതില് എത്രാമത്തേതാ ആ ബുക്ക്?"

"ശരിയാണല്ലോ,പറഞ്ഞ പോലെ ഇതില് എത്രാമത്തേതാ ബുക്ക്?"

നസിയും അച്ചുവും ഒരേ പോലെ ചോദിച്ചത് കണ്ടപ്പൊ നമ്മക്കും സംശയം വരാതിരുന്നില്ല. നമ്മള് ആ പേപ്പറ് ഒന്നും കൂടി നോക്കി.എന്നിട്ട് രണ്ടും കൽപിച്ച് പറഞ്ഞു.

"ഒന്നെൻകിൽ 34, അല്ലെങ്കിൽ 7.

എന്തായാലും ഒരാള് മാത്രം വിചാരിച്ചാ പെട്ടെന്ന് അത് കണ്ടെത്താൻ പറ്റില്ല.അതോണ്ട് നമുക്ക് അഞ്ചെണ്ണത്തിനും കൂടി നോക്കാം."

നമ്മള് പറഞ്ഞു തീരുന്നതിന് മുന്നേ നാലും സേർച്ചിങ് തുടങ്ങിയിരുന്നു. നമ്മള് അവര് കാട്ടി കൂട്ടുന്നതും നോക്കി അവിടെ നിന്നു. മിക്കവാറും അവര് കണ്ടെത്തുന്ന ലക്ഷണം ഉണ്ട്.

ഒടുക്കം മുകളിലെ നാലാമത്തെ നിലയിലെ ഏഴാമത്തെ ബുക്കാണ് അയാളുടെ ബുക്ക്.

ഞങ്ങള് അഞ്ച് പേരും കൂടി തുള്ളിച്ചാടി കൊണ്ട് ആ ബുക്കിൻറെ പേര് എഴുതി.

"അല്ല ഫെബീ..ആരെ പേരാ എഴുതാ? നീയല്ലെ കണ്ടെത്തിയത്,അതോണ്ട് നിൻറെ പേര് എഴുതിക്കോ."

"അതേയ്....ഇത് ഞാൻ ഒറ്റക്ക് ഒന്നും അല്ലല്ലോ കണ്ടെത്തിയത്,നിങ്ങളും അല്ലേ? അതോണ്ട് എഴുതാണെൻകിൽ നമ്മുടെ അഞ്ച് പേരുടേയും പേര് എഴുതും."

നമ്മള് അതും പറഞ്ഞ് ഉത്തരത്തിന് താഴേ

' 1st year BBA students

FANSS...'

എന്ന് എഴുതി വെച്ചു.

"ഫാൻസോ? അതാരാ?"

"നമ്മള്."

"നമ്മളോ? അതെങ്ങനെ?"

"നമ്മുടെ ഓരോരുത്തരുടേയും പേരിൻറെ ആദ്യത്തെ അക്ഷരം കൊണ്ട് ഞാൻ ഉണ്ടാക്കിയ പേരാ..

എങ്ങനെയുണ്ട്?"

"നീയിതൊക്കെ എപ്പൊ ഉണ്ടാക്കി?"

"നിങ്ങള് നാലും കൂടി ഇരുന്ന് ബുക്ക് പരതിയില്ലെ,അപ്പൊ കണ്ടെത്തിയതാ."

"ശൊ...എന്നാലും എൻ്റെ ഫെബീ...കാഞ്ഞ ബുദ്ധിയാണല്ലോ പെണ്ണേ അനക്ക്.

സൂക്ഷിച്ച് വെയിൽ കൊള്ളിക്കാതെ നോക്കിക്കോ അൻ്റെ തല."

നാലും കൂടി നമ്മളെ ആക്കി ചിരിക്കാ.അങ്ങനെ പെട്ടിയിൽ അതൊക്കെ ഇട്ടിട്ട് ക്ലാസിലേക്ക് ചെന്നപ്പൊ ഒരു ടീച്ചർ വന്നിട്ടുണ്ട്.

അപ്പോഴാ ഞങ്ങള് ബെല്ലടിച്ച കാര്യം ഓർത്തത്.

ഫസ്റ്റ് ഡേ ആയോണ്ട് വേഗം ക്ലാസില് കയറ്റി. ടീച്ചർ എല്ലാരേയും പരിചയപ്പെട്ട് കഴിഞ്ഞതാണ്.ഇനി ഞങ്ങളാണ് ബാക്കി.

അങ്ങനെ ഷംനൻ്റെ അടുത്ത് നിന്ന് പരിചയപ്പെടല് തുടങ്ങി. പിന്നെ സന,നസി,അച്ചു.അവസാനം നമ്മള് പരിചയപ്പെടുത്താനായി എണീറ്റപ്പൊ ടീച്ചർ നമ്മളെ ഒരു നോട്ടം.

'ഇതെന്താ പടച്ചോനേ ഈ പെണ്ണുംപിള്ള നമ്മളെ ഇങ്ങനെ നോക്കുന്നേ? നോട്ടം കണ്ടാൽ ഇതിൻറെ എന്തോ നമ്മള് എടുത്ത പോലെ ഉണ്ടല്ലോ? ആവോ..വരുന്നിടത്ത് വെച്ച് കാണാം.'

അങ്ങനെ മനസ്സിൽ വിചാരിച്ച് നമ്മള് നമ്മളെ പറ്റി പറഞ്ഞ് ഇരുന്നപ്പോഴും അത് നമ്മളെ തന്നെ നോക്കാണ്.

"ഇയാളെ ഞാൻ എവിടെയോ കണ്ടിട്ടുണ്ടല്ലോ,"

ടീച്ചർ അതും പറഞ്ഞ് നമ്മളെ അടുത്തേക്ക് വന്നു.അപ്പോഴേക്കും ഓരോരുത്തര് വിളിച്ച് കൂവാൻ തുടങ്ങി നമ്മളെ പാട്ട് നെറ്റില് വൈറലായത്. ടീച്ചറും നമ്മളെ അങ്ങനെ തന്നെയാണ് കണ്ടിട്ടുള്ളത്.

'യാ..റബ്ബീ.. വന്ന് വന്ന് എവിടെ ഒക്കെ ചെന്നാവോ നമ്മളെ പാട്ട്. ഇതിപ്പൊ ഒരു കുരിശായല്ലോ'

എന്നിട്ട് എല്ലാരും കൂടി ടീച്ചറെ നിർബന്ധിപ്പിച്ച് നമ്മളെ പാടിക്കാൻ നോക്കാ. കൂട്ടിന് ഇൻറെ നാല് കുരാമി

ഫ്രണ്ട്സും.

ഒടുക്കം സഹികെട്ട് നമ്മള് ഒരു പാട്ടങ്ങ് പാടി കൊടുത്തു. കേട്ട് കഴിഞ്ഞപ്പൊ എല്ലാരും കയ്യടിച്ചു.ബോയ്സില് ചിലർ വിസിലും അടിച്ചു. അത് കേട്ട് ടീച്ചർ ഒച്ചപ്പാട് ഉണ്ടാക്കാതിരിക്കാൻ പറഞ്ഞു.

എന്നിട്ട് നമ്മളോട് കോളേജിലെ പ്രോഗ്രാമിനൊക്കെ പങ്കെടുക്കണമെന്ന് പറഞ്ഞ് നമ്മളെ സീറ്റിലിരുത്തി.

നമ്മള് വീണ്ടും ക്ലാസിലെ സ്റ്റാറായി.ടീച്ചറെ നിങ്ങള് പരിചയപ്പെട്ടില്ലല്ലോ? പേര് മീനാക്ഷി. ഞങ്ങളെ മീനുക്കുട്ടി ടീച്ചർ. ഒരു പാവം പിടിച്ച ടീച്ചറാണ് മീനുക്കുട്ടി. അതോണ്ട് തന്നെ ഞങ്ങൾക്ക് എല്ലാർക്കും മീനുക്കുട്ടിയെ പെരുത്ത് ഇഷ്ടായി.ബെല്ലടിച്ചപ്പൊ ടീച്ചർ നാളെ കാണാം എന്ന് പറഞ്ഞു പോയി.

കുറച്ച് കഴിഞ്ഞ് അടുത്ത പിരീഡ് ആ കാലകേയൻ കേറി വന്നു. പാവം മുന്നിൽ ഇരുന്ന കുട്ടികള്.അവരാകെ പെട്ട അവസ്ഥയാണ്.അയാളെ

ക്ലാസിൽ ആണെങ്കിലോ അയാളെ മുഖത്ത് തന്നെ നോക്കി ഇരിക്കണെത്രേ.

ഭാഗ്യത്തിന് ഞങ്ങള് രക്ഷപ്പെട്ടു ഇല്ലെങ്കിൽ ഞങ്ങള് പെട്ടേനെ.

അയാള് വീണ്ടും ക്ലാസ് എടുത്ത് വെറുപ്പിക്കുമ്പോ അച്ചു എന്തോ വരച്ചോണ്ടിരിക്കാ.

നോക്കുമ്പോ ഒരു കാർട്ടൂണാണ്.അതും കാലകേയനെ അതേപടി വരച്ച് വെച്ചേക്കുന്നു.കൂടെ മുന്നിലെ കുട്ടികള് കുട ചൂടിയിരിക്കുന്നതും പിന്നെ ഒരു ഡയലോഗും.

"മഴ മഴാ...കുട കുടാ...മഴ വന്നാൽ കാലൻ കുടാ...."

അത് കണ്ടപ്പോൾ ഞങ്ങൾ അഞ്ചെണ്ണത്തിനും ചിരി കൺട്രോൾ ചെയ്യാൻ പറ്റുന്നില്ല. എങ്ങനെ ഒക്കെയോ ചിരി അടക്കി പിടിച്ച് കൊണ്ട് നിന്നപ്പൊ അച്ചു അതാ

വേറെ ഒന്ന് കൊണ്ട് വന്നിരിക്കുന്നു.

അയാള് സംസാരിക്കുന്ന അതേ പോലെ കളിയാക്കി സംസാരിച്ചിട്ട് പെണ്ണ് ഞങ്ങളെ ചിരിപ്പിച്ച് കൊല്ലാണ്.

ബോയ്സിൻറെ തല കൊണ്ട് ഞങ്ങളെ അയാൾക്ക് കാണാൻ പറ്റുന്നില്ലേന്നു. അതാണ് ഏക ആശ്വാസം.

അവസാനം ബെല്ലടിച്ചപ്പൊ വീട്ടിൽ പോകാൻ പറഞ്ഞ് അയാള് പോയതും പിടിച്ചു നിർത്തിയ ചിരി പെട്ടെന്ന് പുറത്ത് ചാടി. ഞങ്ങളെ ചിരി കണ്ട് ക്ലാസ് മൊത്തം ചിരിച്ചു.

അങ്ങനെ ഇന്നത്തെ ഞങ്ങളെ കോളേജിലെ ആദ്യത്തെ ദിവസം അടിച്ചു പൊളിച്ച സന്തോഷത്തിൽ ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. നസിയും സനയും ഷംനയും ഹോസ്റ്റലിലാണ് താമസിക്കുന്നത്.അതും ഒരേ റൂമില്.

കോളേജിന് തൊട്ടടുത്ത് തന്നെ ഹോസ്റ്റൽ ആയോണ്ട് അവരെ യാത്ര അയച്ചിട്ടാണ് ഞങ്ങൾ പോന്നത്.

ഞാനും അച്ചുവും ഓരോന്ന് പറഞ്ഞ് നടന്നു നടന്ന് ബസ് സ്റ്റോപ്പിൽ എത്തി. ഒരു കിലോമീറ്റർ ഒന്നും ഞങ്ങൾക്ക് പുത്തരി അല്ലേന്നു. അതോണ്ട് പത്ത് മിനിറ്റിൽ എത്തി.പക്ഷേ പെട്ടെന്ന് തന്നെ നമ്മളെ കാല് ബ്രേക്കിട്ടു.

എന്തേത്താ കാരണം?

റോഡ് ക്രോസ് ചെയ്ത് വേണം ബസ് സ്റ്റോപ്പിൽ എത്താൻ. നമ്മള് അച്ചുവിനെ ഒരു നോട്ടമായിരുന്നു. നോട്ടത്തിൻറെ ഗൗരവം ഓൾക്ക് മനസ്സിൽ ആയോണ്ട് നമ്മളെ കയ്യും പിടിച്ചാണ് ഓള് നടന്നത്.

"എൻറെ അച്ചൂ...ഇത് ഇജ്ജ് ഇന്നലെ തന്നെ ചെയ്തിരുന്നു എങ്കിൽ എൻറെ നെറ്റിയിൽ ഈ ബാൻറേജിൻറെ ആവശ്യം ഇല്ലേന്നു."

"അതോണ്ട് ഇപ്പൊ എന്താ ഉണ്ടായേ, ഇൻക്കൊരു കാക്കൂനെ കിട്ടിയില്ലേ?"

അതും പറഞ്ഞ് പെണ്ണ് ഭയങ്കര ചിരി. നമ്മള് ഓളെ തലക്കിട്ട് രണ്ടു മേട്ടം കൊടുത്തിട്ട് മിണ്ടാതിക്കാൻ പറഞ്ഞു. അപ്പോഴാ നമ്മള് ബസ് സ്റ്റോപ്പ് ശ്രദ്ധിച്ചത്.

നോക്കുമ്പോ ബസ് സ്റ്റോപ്പിൽ നിറയെ പെൺപ്പട. അതും സ്റ്റോപ്പ് നിറഞ്ഞ് കവിഞ്ഞിരുന്നു.ബസ് സ്റ്റോപ്പിൻറെ എതിർ വശത്ത് കോളേജിലേക്ക് പോകുന്ന റോഡിന് അടുത്തായിട്ടുള്ള കടയുടെ മുന്നിൽ മൊത്തം പൂവാലൻമാര്.ചിലര് കോളേജിലെ പിള്ളേരും ചിലര് വേറെ വായി നോക്കികളുമാണ്.

എന്തൊക്കെ തന്നെ പറഞ്ഞാലും അവൻമാരെ കാണാൻ ലുക്ക് ഉണ്ടെങ്കിലും വായിനോക്കികളെ വായിനോക്കുന്ന ശീലം നമുക്ക് പണ്ടേ ഇല്ല. അതോണ്ട് ആ ഭാഗത്തേക്ക് ഞങ്ങൾ അധികം ഫോക്കസ് കൊടുത്തില്ല. അവൻമാര് ആണെങ്കിൽ ചൂളം വിളിയും ശൂ...ശൂ...വിളിയും തുടർന്ന് കൊണ്ടേ ഇരുന്നു.

ആദ്യത്തെ ബസിൽ തന്നെ ഭൂരിഭാഗവും പിള്ളേര് കേറി പോയിരുന്നു.

രണ്ടാമത്തെ ട്രിപ്പ് വന്നപ്പൊ പൂർണ്ണമായി.

ഇപ്പൊ ആകെപ്പാടെ ഞാനും അച്ചുവും പിന്നെ ഒരു ഇത്തയും രണ്ട് ചേച്ചിമാരുമാണ് ഉള്ളത്.

ആ രണ്ട് ചേച്ചിമാരും എന്തൊക്കയോ പറഞ്ഞ് ചിരിക്കുന്നുണ്ട്. ഞാനും അച്ചുവും കൂടി സ്റ്റോപ്പിൽ പോയി ഇരുന്നു.

ആ ഇത്ത ഇവിടെയൊന്നും അല്ല.ബസ് വരുന്നതും നോക്കി നിക്കാണ്.

ഞാൻ ഇത്താനെ തോണ്ടിയിട്ട് ഇരിക്കാൻ സീറ്റ് കൊടുത്തു. നല്ല ഭംഗിയുണ്ട് ഇത്താനെ കാണാൻ.

എനിക്കും അച്ചുവിനും ആണെങ്കിലോ ആ ഇത്താനെ പരിചയപ്പെടാൻ തോന്നാണ്.അങ്ങനെ നമ്മള് തന്നെ തുടങ്ങി വെച്ചു.

"ഹായ് ഇത്ത.. ഞാൻ ഫെബി.."

"ഞാൻ അശ്വതി."

ഞങ്ങള് രണ്ടു പേരും ഇത്താക്ക് കൈ കൊടുത്തു.

"എൻറെ പേര് ശാഹിന. നിങ്ങളെ ഇതിന് മുൻപ് ഇവിടെ കണ്ടിട്ടില്ലല്ലൊ, പുതിയ അഡ്മിഷനാണോ?"

"ആ...ഞങ്ങള് ഇന്ന് വന്നതേയുള്ളു. ബിബിഎ ക്ക്."

"ആഹാ...കൊള്ളാല്ലോ... അപ്പൊ നമ്മളെ ജൂനിയർ ആണല്ലേ?
ഞാൻ ഫൈനൽ ഇയർ എംബിഎ."

"അപ്പൊ..ആദിൽക്കാൻറെ ക്ലാസിലാണോ ശാഹിത്ത പഠിക്കുന്നത്?" അച്ചുവിന്റെ ചോദ്യം കേട്ട് നമ്മള് ഓളെ നോക്കി.പെണ്ണ് തുള്ളിച്ചാടാണ് അതും പറഞ്ഞ്.

"അതുശരി അപ്പൊ വന്നപ്പാടെ ആദിയെ കുറിച്ചൊക്കെ അറിഞ്ഞു അല്ലേ?"

അപ്പോഴുണ്ട് നേരത്തെ കണ്ട പൂവാലൻമാര് ശൂ...ശൂ...വിളിച്ച് കളിക്കുന്നു.

നമ്മള് അങ്ങോട്ട് മൈൻറാക്കാതെ ശാഹിത്താനെയും നോക്കി ഇരുന്നു.

"ഈ രണ്ടു ചേച്ചിമാരും ഇത്താൻറെ ക്ലാസിലാണോ?"

"ഏയ് അല്ല....അവര് സെക്കൻറിയേഴ്സാ. ഒരേ ബസിലാണ് പോക്കും വരവുമൊക്കെ. കണ്ടാൽ ചിരിക്കും അല്ലാതെ വേറെ പരിചയമൊന്നും ഇല്ല."

അങ്ങനെ ഞങ്ങള് ശാഹിത്താനേയും ഞങ്ങളേയും ഫാമിലിയേയും കുറിച്ച് ഒരുപാട് സംസാരിച്ചു. ശാഹിത്താൻറെ വീട് ഞങ്ങൾ പോകുന്ന റൂട്ടിലാണ്.എന്ന് വെച്ചാ ഒരേ ബസില്. അതോണ്ട് ഇനി

ഞങ്ങക്ക് എന്നും ഒരുമിച്ച് ബസില് വരാൻ പറ്റും.

കുറച്ച് കഴിഞ്ഞപ്പൊ ആ പൂവാലൻമാര് ഓരോന്ന് വിളിച്ച് കൂവാൻ തുടങ്ങി. അധികവും നമ്മക്കിട്ടാണ് പണി.

"ഇതെന്തൊരു ശല്യമാണ് ഫെബീ...ഇവൻമാരെ നമുക്ക് ഓടിച്ചാലോ?"

"അതിൻറെ ആവശ്യമില്ല,ഇവരെ ഓടിക്കാനുള്ള ആളിപ്പൊ എത്തും."

ശാഹിത്ത എന്താ പറഞ്ഞതെന്ന് മനസ്സിൽ ആകാതെ ഞാനും അച്ചുവും പരസ്പരം മുഖത്തോട് മുഖം നോക്കി.

ദേ വരുന്നു വീണ്ടും ഭൂമി കുലുക്കി മറിച്ച് കൊണ്ട് ആ ബുള്ളറിൻറെ ശബ്ദം.

അത് കേൾക്കേണ്ട താമസം ദേ പോകുന്നു വാണം വിട്ട പോലെ അവൻമാര്. അത് കണ്ടപ്പൊ ഞങ്ങൾക്ക് ചിരിയാണ് വന്നത്.

ബുള്ളറ്റിൻറെ ശബ്ദം ഞങ്ങളുടെ അടുത്ത് എത്താറായിരിക്കുന്നു. ഞാനും അച്ചുവും കോളേജിൻറെ റോഡിലേക്ക് കണ്ണും നട്ടിരുന്നു.

ഒടുവിൽ പ്രതീക്ഷകൾക്ക് വിരാമമിട്ട് കൊണ്ട് ഞങ്ങള് കണ്ടു ആദിൽക്ക ബുള്ളറ്റിൽ വരുന്നത്. കൂടെ ജിപ്സിയിൽ ആദിൽക്കാൻറെ ഗ്യാങ്ങും.ഒരൊറ്റ തവണയെ നേരിട്ട് ആദിൽക്കാനെ കണ്ടിട്ടുള്ളു. അതും മിന്നായം പോലെ.അതിൽ തന്നെ ഞാനും അച്ചുവും അന്തം വിട്ട കുന്തം പോലെ ആയി.

(തുടരും)

ഭാഗം. 16

ഒരൊറ്റ തവണയെ നേരിട്ട് ആദിൽക്കാനെ അടുത്ത് നിന്ന് കണ്ടിട്ടുള്ളു. അതും മിന്നായം പോലെ. അതിൽ തന്നെ ഞാനും അച്ചുവും അന്തം വിട്ട കുന്തം പോലെ ആയി.

"ഇതെന്ത് സാധനാന്ന് നോക്ക് ഫെബീ...നമ്മള് ഇവിടെ കുറച്ച് പേര് അങ്ങേരെ നോക്കി കാത്തിരിക്കുന്നത് പോലും വക വെക്കാതെ അങ്ങേര് പോയത് കണ്ടോ?"

"എടീ അച്ചു...അതിന് ആദ്യം.അങ്ങേരെ തലേന്ന് ആ ചട്ടി ഊരി മാറ്റിയാലല്ലെ നമ്മളെ കാണാൻ പറ്റൂ...

ഇത് എന്തിനാണാവോ ആ ചട്ടി എപ്പോഴും തലയിൽ കൊണ്ട് നടക്കുന്നത്?

ഇനി അതിൽ എങ്ങാനും തല ഒട്ടിച്ച് വെച്ചാതാണോ? അതോ ഇനി അങ്ങേർക്ക് തലയില്ലേ?"

നമ്മളെ വർത്താനം കേട്ട് ചിരിക്കാണ് ശാഹിത്ത. ശാഹിത്താൻറെ ചിരി കാണാൻ തന്നെ ഒരു പ്രത്യേക മൊഞ്ചാണ്.

"ശാഹിത്താ....അങ്ങര് പെണ്ണുങ്ങളെ ഒന്നും നോക്കാറില്ലാന്ന് പറഞ്ഞ് കേട്ടു. ശരിയാണോ?"

"അങ്ങനെ ചോദിച്ചാൽ നിങ്ങള് എന്താ ഉദ്ദേശിച്ചത്?"

"ഫെബീ എന്താ ഉദ്ദേശിച്ചതെന്ന് വെച്ചാല് ആദിൽക്കാക്ക് ലൈൻ ഒന്നും ഇല്ലേന്നാ? അല്ലേടി ഫെബീ..?"

"ആ അങ്ങനേയും പറയാം.."

എന്ന് പറഞ്ഞ് നമ്മളൊന്ന് ചിരിച്ചു. ശാഹിത്ത പക്ഷേ ഒന്നും മിണ്ടിയില്ല. പുള്ളിക്കാരി വേറെ എന്തോ കാര്യമായ ചിന്തയിലാണ്.

അച്ചു ശാഹിത്താനെ പിടിച്ചു കുലുക്കിയപ്പോഴാ സ്വബോധത്തിലേക്ക് വന്നത്.

"എന്താ ശാഹിത്ത ആദിൽക്കാനെ പറ്റി പറഞ്ഞപ്പൊ ഇത്ര ചിന്ത? ഇനി പുള്ളിക്കാരൻ നിങ്ങളെ

ഖൽബിലുണ്ടോ?"

ശാഹിത്താൻറെ മനസ്സിലിരുപ്പ് അറിയാൻ വേണ്ടിയാ നമ്മള് അങ്ങനെ ചോദിച്ചത്. ചോദ്യം കേട്ട് ശാഹിത്ത ഒന്ന് ചിരിച്ചിട്ട് കയ്യിലെ ഫോൺ ഞങ്ങൾക്ക് നേരെ നീട്ടി.

അതിൽ ശാഹിത്തയും വേറെ ഒരാളും നിന്നിട്ടുള്ള ഫോട്ടോ ആയിരുന്നു. രണ്ടു പേരുടേയും നില്പും വേഷവും കണ്ടാലെ അറിയാം കല്ല്യാണ ഫോട്ടോ ആണെന്ന്.

"ഇത് ശാഹിത്താൻറെ ഹസ്ബൻറ് ആണോ? അപ്പൊ ഇങ്ങളെ കല്യാണം കഴിഞ്ഞോ?"

"ഏയ്...കല്യാണം ഒന്നും കഴിഞ്ഞിട്ടില്ല,എൻകേജ്മെൻറ് കഴിഞ്ഞു. ഇക്ക ദുബായിലാ...

ആദിയുടെ ഉപ്പാൻറെ കമ്പനിയിലാണ് വർക്ക് ചെയ്യുന്നത്. ആദി വഴി വന്ന പ്രപ്പോസലാണ്.പെട്ടെന്ന് ആദിയെ പറ്റി ചോദിച്ചപ്പൊ ഇക്കാനെയാ ഓർമ്മ വന്നത്."

അത് പറഞ്ഞപ്പൊ ശാഹിത്താൻറെ മുഖത്ത് ഒരല്പം നാണം വന്നെൻകിലും പെട്ടെന്ന് തന്നെ അത് മാഞ്ഞ് പോയി.

"ശാഹിത്ത ഇക്കാനെ നല്ലോണം മിസ്സ് ചെയ്യുന്നുണ്ടല്ലേ? ആ മുഖം കണ്ടാൽ തന്നെ അറിയാം."

അച്ചുവിന്റെ കൗതുകത്തോടെയുള്ള ചോദ്യം കേട്ട് ശാഹിത്ത ഒന്ന് പുഞ്ചിരിച്ചിട്ട് പറഞ്ഞു.

"ചെറുതായിട്ട് മിസ് ഒക്കെ ചെയ്യുന്നുണ്ട്. പിന്നെ എന്നും വിളിക്കലും ചാറ്റിങ്ങും ഒക്കെ ഉള്ളത് കൊണ്ട് കൊഴപ്പല്യ."

"അപ്പൊ ഞങ്ങളെയും വിളിക്കില്ലെ നിങ്ങളെ കല്യാണത്തിന്? ഇത്രയും പരിചയപ്പെട്ട സ്ഥിതിക്ക് ചുമ്മാ ഒരു ബിരിയാണി വേസ്റ്റാക്കണ്ടല്ലൊ!"

നമ്മളെ പല്ലിളിച്ചുള്ള ചോദ്യം കേട്ട് രണ്ട് പേരും ചിരീച്ചു.

"എൻറെ ഫെബീ..നിനക്ക് എപ്പോഴും ഈ തീറ്റയുടെ വിചാരം മാത്രം ഉള്ളൂലേ? എന്നിട്ടോ അതൊന്നും ഇവളെ തടിയിൽ കാണുകയും ഇല്ല."

"അതല്ലേടി നല്ലത്.അതോണ്ട് എത്ര വേണമെങ്കിലും എനിക്ക് കഴിക്കാം.തടി കൂടുമെന്ന പേടിയേ ഇല്ല.പക്ഷേ നീ അങ്ങനെ അല്ലല്ലൊ...ബിരിയാണിയിലെ കിസ്മിസ് തിന്നാൽ പോലും തടി കൂടുന്ന ആളല്ലെ?"

നമ്മളെ ഓളിട്ട് താങ്ങിയപ്പൊ നമ്മളും തിരിച്ച് അങ്ങോട്ട് താങ്ങി.ഇപ്പൊ മനസ്സിന് ഒരു സുഖമുണ്ട്.

"ഇക്ക ഇപ്രാവശ്യം വരുന്നുണ്ട്. അതോണ്ട് ഈ അടുത്ത കാലത്ത് തന്നെ കല്യാണം ഉണ്ടാകും. എന്തായാലും നിങ്ങളെ രണ്ട് പേരേയും വിളിക്കാതിരിക്കില്ല.

നിങ്ങളോട് എനിക്ക് എന്തോ ഒരടുപ്പം തോന്നുന്നുണ്ട്."

"" സേം പിച്ച്...ഞങ്ങൾക്കും തോന്നുന്നുണ്ട്.""

എന്ന് പറഞ്ഞ് ഞങ്ങൾ ശാഹിത്താനെ പിച്ചി. പിച്ചിയ ഭാഗത്ത് തടവി കൊണ്ട് ഞങ്ങൾക്ക് രണ്ട് പേർക്കും തലക്ക് ഓരോ മേട്ടവും തന്നു.

ആദ്യായിട്ടാണ് ഒരു മുൻ പരിചയവും ഇല്ലാത്ത ആളോട് ഞങ്ങള് പെട്ടെന്ന് കൂട്ടാവുന്നത്. ശാഹിത്താനെ കുറിച്ച് കൂടുതൽ അറിയുമ്പോഴും സംസാരിക്കുമ്പോഴും എനിക്കും അച്ചുവിനും ശാഹിത്താനെ പോലെ ഉള്ള ഒരു ഇത്താനെ കിട്ടിയിരുന്നുവെൻകിൽ എന്ന് ആഗ്രഹിച്ചു പോയി.

പെട്ടെന്നാണ് ഞങ്ങളെ മുന്നിലേക്ക് ഒരു ബസ് വന്ന് നിന്നത്. ശാഹിത്ത എണീറ്റിട്ട് ഞങ്ങളോട് ഇതാണ് നമ്മളെ ബസ് കേറാൻ പറഞ്ഞു.

അധികം ആൾ തിരക്കൊന്നുമില്ലാത്ത ബസാണ്.അതോണ്ട് ഇരിക്കാൻ സീറ്റ് ഒക്കെ ഉണ്ടായിരുന്നു.

ഞാനും അച്ചുവും ആദ്യം തന്നെ ചാടി കേറിയിട്ട് സീറ്റ് പിടിച്ചു. പിന്നെ ആ രണ്ട് ചേച്ചിമാരും ശാഹിത്തയും കേറി.

ആ രണ്ടു മൂദേവികളും കൂടി ശാഹിത്ത ഇരിക്കാൻ നിന്ന സീറ്റിൽ കേറിയിരുന്നു.

അധികം ആളുകൾ ഇല്ലാത്തോണ്ട് ബാക്കിലെ ലോങ്സീറ്റ് ഒഴിവായിരുന്നു.ശാഹിത്ത അവിടെ പോയി ഒറ്റക്ക് ഇരിക്കുന്നത് കണ്ടപ്പൊ എനിക്കും അച്ചുവിനും അത് സഹിച്ചില്ല. ഞങ്ങൾ അപ്പൊ തന്നെ എണീറ്റ് ശാഹിത്താൻറെ ഇടവും വലവുമായിട്ട് ഇരുന്നു. ഞങ്ങൾ കൂടെ ഇരുന്നപ്പൊ ഒരതിശയത്തോടെ നോക്കാണ് പുള്ളിക്കാരി.

"നിങ്ങള് അവിടെ ഇരുന്നതല്ലെ? പിന്നെ എന്തിനാ എണീറ്റ് വന്നത്?"

"ഞങ്ങക്ക് എന്തോ ഇങ്ങളെ തനിച്ചാക്കി പോരാൻ

തോന്നുന്നില്ല."

നമ്മളൊരു നല്ല പുഞ്ചിരി ആയിട്ട് ഇത്താനോട് ഒന്ന് കൂടി ചേർന്ന് ഇരുന്നു.

"ശാഹിത്ത എന്നും ഒറ്റാക്കാണോ വരവും പോക്കും?"

"ആര് പറഞ്ഞു ഞാൻ ഒറ്റക്കാണെന്ന്? ബസിൽ ഇത്രയും ആൾക്കാരില്ലെ അച്ചു....പിന്നെ എങ്ങനെ ഒറ്റക്ക് ആവാ?"

ഒരു കള്ളച്ചിരിയോടെ ഇത്ത അത് പറഞ്ഞപ്പൊ എനിക്കും അച്ചുവിന്റെ അതേ സംശയം വന്നു.

"തമാശ വിട് ശാഹിത്ത... സത്യം പറയി, കോളേജിലേക്ക് ഇത്രയും കാലം ഒറ്റക്ക് പോയപ്പൊ ഇങ്ങക്ക് പേടി ഇല്ലേന്നോ? കാരണം അധികം ആരും നമ്മളെ വൂട്ടിൽ നിന്ന് ഈ കോളേജിലേക്ക് വരവില്ല, പിന്നെ ആ രണ്ട് പേരാണെൻകിലോ വന്നിട്ട് രണ്ട് കൊല്ലം പോലും

ആയില്ല. പക്ഷേ ഇങ്ങള് അങ്ങനെ അല്ലല്ലോ...

ഡിഗ്രിയും പിജിയുമായിട്ട് അഞ്ച് വർഷത്തോളം ഒറ്റക്കല്ലേ പോയത്? അപ്പൊ പേടി ഇല്ലേന്നോ?"

"പേടി ഇല്ലേന്ന് ചോദിച്ചാൽ ഇല്ല. പക്ഷേ പേടി ഉണ്ടായിരുന്നോ എന്ന് ചോദിച്ചാൽ ഉണ്ടായിരുന്നു."

ഞാനും അച്ചുവും അണ്ടി പോയ അണ്ണാനെ പോലെ ഇത്താനെ നോക്കുന്നത് കണ്ടിട്ട് ഒരു ചിരിയായിരുന്നു. മൂപ്പത്തിക്ക് മനസ്സിൽ ആയിട്ടുണ്ട് ഞങ്ങക്ക് ഒന്നും മനസ്സിൽ ആയിട്ടില്ലാന്ന്.

അതോണ്ട് ഇത്ത തന്നെ പറഞ്ഞു തുടങ്ങി.

"എനിക്ക് ആദ്യമൊക്കെ ഒറ്റക്ക് വരാൻ പേടി ആയിരുന്നു. അതും ഇത്രയും ദൂരേക്ക്. ആദ്യം എൻറെ ഫാമിലി ഒക്കെ എതിർത്തിരുന്നു ഇത്ര ദൂരേക്ക് എന്നെ ഒറ്റക്ക് പഠിപ്പിക്കാൻ വിടുന്നതിന്. പിന്നെ ഗവൺമെന്റ് കോളേജിൽ ഞാൻ ആഗ്രഹിച്ച കോഴ്സിന് തന്നെ സീറ്റ് കിട്ടിയപ്പൊ എല്ലാരുടേയും കാല് പിടിച്ചിട്ടാണ് എന്നെ വിട്ടത്.

നല്ല ലോങ് ആയതോണ്ടും നമ്മളെ അങ്ങോട്ട് അധികം ബസ് ഒന്നും ഇല്ലാത്തോണ്ടും ഉപ്പ എന്നെ ഹോസ്റ്റലിൽ ചേർത്തു. ഒരാഴ്ച പോലും തികച്ച് ഞാൻ ഹോസ്റ്റലിൽ നിന്നില്ല.അതിന് മുന്നേ അവിടന്ന് ചാടി. കാരണം ഞങ്ങളെ സീനിയേഴ്സിനെ കൊണ്ടുള്ള ഉപദ്രവം അത്രക്ക് കഠിനമായിരുന്നു.

കോളേജിൽ കമ്പ്ലൈൻറ് കൊടുത്താൽ അത് കൂടുതൽ പ്രോബ്ലം ആകുമെന്ന് കരുതി അന്ന് ഞങ്ങളത് ചെയ്തില്ല. പക്ഷേ, ആദി വന്നതോടെ കോളേജ് ആകെ മാറി പോയി. അവൻറെ നേതൃത്വത്തിൽ തന്നെ ഹോസ്റ്റലിൻറെ കാര്യത്തിൽ ഒരു തീരുമാനം ആയി.

അങ്ങനെ പ്രശ്നങ്ങളൊക്കെ ഒഴിഞ്ഞെൻകിലും ഇനി കൊന്നാലും ശരി ഹോസ്റ്റലിൻറെ പടി ഞാൻ ചവിട്ടില്ലാന്ന് ഉപ്പാനോട് തീർത്ത് പറഞ്ഞു. നമ്മളെ വാശി കൊണ്ട് ഉപ്പ വീട്ടിൽ നിന്ന് തന്നെ കോളേജിൽ പോയാ മതിയെന്ന് പറഞ്ഞു.

എന്നിട്ടും നമ്മളെ പേടി മാറിയിട്ടില്ലേന്നു.കാരണം,എൻറെ നാട്ടിന്ന് ഞാൻ

ഒറ്റക്കാണ് ഇങ്ങോട്ട് ഉള്ളത്. അതോണ്ട് തന്നെ ബസിൽ വരാൻ നല്ല പേടി ആയിരുന്നു. കോളേജിലെ വേറെയും കുട്ടികൾ ഉണ്ടെങ്കിലും നമ്മളെ ക്ലാസിന്ന് ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പിന്നെ പിന്നെ ആ പേടിയും അങ്ങ് പോയി.കാരണം ആദിയുടെ കണ്ണുകളെന്നും ഞങ്ങളെ കൂടെ ഉണ്ട്. അതോണ്ട് ഒരു പേടിയും ഇല്ല."

അത് കേട്ടപ്പൊ ഞാനും അച്ചുവും ബസിൻറെ മൂക്കും മൂലയും ഒന്ന് കണ്ണോടിച്ചു.പക്ഷേ അവിടെയൊന്നും ഇത്ത പറഞ്ഞ പോലെ ഞങ്ങള് ആരുടേയും കണ്ണ് കണ്ടില്ല.

"എവിടെ ആദിൽക്കാ? ഞങ്ങള് കണ്ടില്ലല്ലോ"

അച്ചുവിന്റെ ചോദ്യം കേട്ട് ശാഹിത്ത ഞങ്ങളെ നോക്കി ചിരിക്കാൻ തുടങ്ങി.

"ഇങ്ങള് എന്തിനാ ശാഹിത്ത ഇങ്ങനെ ചിരിക്കുന്നേ? ഇങ്ങളെ ചിരി കാണാൻ നല്ല ചേലാന്ന് ഞങ്ങള് പറഞ്ഞോണ്ടാണോ? എന്നാ കേട്ടോളീ ഇങ്ങളെ ചിരി കാണാൻ അഞ്ച് കായിക്ക് ഇല്ല...ഇങ്ങള് ഇളിക്കാതെ കാര്യം പറയിന്നോ."

"ഫെബീ... ഇജ്ജ് ഈ ബസിൻറെ പേര് ശ്രദ്ധിച്ചോ?"

നമ്മള് അപ്പൊ തന്നെ ആ ബസിൻറെ പേര് പരതാൻ തുടങ്ങി.

"ആ...ഇപ്പൊ കണ്ടു.

' ASK Travels'."

നമ്മളതും പറഞ്ഞ് ഇത്താനെ തന്നെ നോക്കി. അച്ചുവും ഇത്ത പറയുന്നതും നോക്കി ശ്രദ്ധിച്ചിരിക്കാണ്.

"ഉം....അതിൻറെ മുഴുവൻ പേര് എന്താന്ന് അറിയോ?"

"അത് ശരി...അപ്പൊ ഇങ്ങക്ക് അറീലേ? പറച്ചില് കേട്ടപ്പൊ ഞാൻ കരുതി ഇങ്ങക്ക് അറിയുമെന്ന്.ഇങ്ങക്ക് അറീലെൻകിൽ പിന്നെ ഞങ്ങക്ക് എങ്ങനെ അറിയാനാ?"

അച്ചുവിന്റെ പറച്ചില് കേട്ട് ശാഹിത്ത വീണ്ടും ചിരിക്കാൻ തുടങ്ങി.

'പുള്ളിക്കാരിൻറെ ചിരി കാണാൻ കൊള്ളാമെന്ന് പറഞ്ഞതും കുടുങ്ങിയോ റബ്ബേ.. ഈ പെണ്ണിപ്പൊ അതില് പിടിച്ച് കേറിയിരിക്കാ...

നമ്മക്ക് ആണെങ്കിലോ അത് എന്താന്ന് അറിയാഞ്ഞിട്ട് ഒരു ഇരിക്ക പൊറുതിയും കിട്ടുന്നില്ല.'

ഒടുക്കം മൂപ്പത്തി ചിരി നിർത്തി അതിൻറെ ഫുൾഫോം പറഞ്ഞത് കേട്ടപ്പൊ ഞങ്ങള് അന്തം വിട്ടു.

"ആദിൽ സാഹിബ് കരീം....കരീം സാഹിബിൻറെ മൂത്ത പുത്രനായ ആദിൽ സാഹിബ് കരീമിൻറെ ബസാണ് ഇത്."

"എന്ന് വെച്ചാ ആദിൽക്കാൻറെ..?"

നമ്മള് ഒരു സംശയത്തോടെ ഇത്താനെ നോക്കി.

"അതെ. ആദിയുടെ ബസാണിത്. ഈ റൂട്ടിൽ കൂടി കോളേജ് ബസോ,മറ്റു ബസുകളോ പോകാത്തത് കൊണ്ട് ആദി ഇറക്കിയ ബസാണിത്. അതോണ്ട് ആർക്കും ഒരു പേടിയും കൂടാതെ ഏത് നട്ടപ്പാതിരാക്ക് വേണേലും ഒറ്റക്ക് ഇതിൽ യാത്ര ചെയ്യാം. കൂടെ ആദിയുടെ ഒരു സംരക്ഷണം ഉള്ള പോലെയാ ഇതില് കേറുമ്പൊ തോന്നാ."

'അപ്പൊ നമ്മള് കരുതിയ പോലെ പുള്ളിക്കാരൻ അത്ര ചില്ലറക്കാരനല്ല. അതോണ്ട് ആ മൊതലിനെ എന്തായാലും പരിചയപ്പെട്ടേ പറ്റൂ'

നമ്മള് മനസ്സിൽ കരുതിയതാണ്ട്ടോ.

പക്ഷേ അച്ചു നമ്മളെ മനസ് വായിച്ചറിഞ്ഞ പോലെ ഒരു ചോദ്യം ആയിരുന്നു.

"അപ്പൊ വിചാരിച്ച പോലെ അല്ല.ആദിൽക്ക അത്ര ചില്ലറക്കാരനൊന്നും അല്ലല്ലേ?

ഇതിപ്പൊ പറഞ്ഞ പോലെ കേട്ടറിവിനേക്കാൾ വലുതാണല്ലൊ ആദിൽക്ക എന്ന സത്യം."

"നിങ്ങളെന്താ അതിന് മാത്രം ആദിയെ കുറിച്ച് അറിഞ്ഞത്?"

നസി പറഞ്ഞതൊക്കെ ഞങ്ങള് ഇത്താനോട് പറഞ്ഞു.

"നസീബ എന്ന് പറയുമ്പൊ നസീമാൻറെ അനിയത്തിയാണോ?"

"അതൊന്നും ഞങ്ങക്ക് അറീല.ഓൾക്കൊരു താത്തയുണ്ട്. മൂന്നാല് മാസം മുൻപ് ഓളെ താത്താൻറെ കല്യാണം ആയിരുന്നു."

നമ്മളത് പറഞ്ഞ് തീരുന്നതിന് മുന്നേ അച്ചു

എടുത്തടിച്ച പോലെ പറഞ്ഞു.

"ആദിൽക്കാൻറെ ഫ്രണ്ട് അൻവർക്കയുമായി ഓള്
മുടിഞ്ഞ പ്രേമത്തിലാണ്."

ഞാൻ അച്ചുവിനെ ഒന്ന് നോക്കീയിട്ട് തലയാട്ടി. അപ്പൊ
തന്നെ ഇത്ത പറഞ്ഞു.

"ഓളെ തന്നെയാ ഞാൻ ഉദ്ദേശിച്ചത്. ഓളെ താത്ത
നസീമയും ഞാനും കട്ട ചൻക്സായിരുന്നു.കല്യാണം
കഴിഞ്ഞ് പെണ്ണ് പോയപ്പൊ കോളേജ് ആകെ
ബോറടിച്ചു. ഓളും നിങ്ങളെ പോലെ തന്നെ വല്യ
സംസാരപ്രിയയാ...

നസീബയും ആ കാര്യത്തിൽ അത്ര മോശമല്ലാന്നാ
ഞാൻ കേട്ടത്."

"പിന്നെ.....പറയാനുണ്ടോ പെണ്ണ് നല്ല
വായാടിയാ.ഞങ്ങക്ക് പറ്റിയ കൂട്ട്."

പിന്നെ കുറച്ചു നേരം ഞങ്ങള് അവരെ പറ്റി ആയിരുന്നു സംസാരം.

നസിൻറെ താത്താൻറെ പ്രേമത്തെ കുറിച്ചും അത് വീട്ടിൽ പിടിച്ചപ്പോഴുള്ള ഗുലുമാലിനെ കുറിച്ചും പിന്നെ അവരുടെ കല്യാണത്തെ കുറിച്ചും.

പെട്ടെന്നാണ് ശാഹിത്ത പുറത്തേക്ക് കൈ ചൂണ്ടിയിട്ട് ഒരു വീട് കാണിച്ച് തന്നത്. വീടാണെന്ന് പറയാൻ പറ്റില്ല,ഒരു കൊട്ടാരമായിരുന്നു അത്.

"അതാണ് ആദിയുടെ വീട്."

"ഇത് വീടോ? കണ്ടിട്ട് കൊട്ടാരം പോലെയുണ്ട് അല്ലേ ഫെബീ..."

നമ്മളൊന്ന് മൂളി കൊടുത്തു.

ആദിൽക്കാൻറെ വീടിന്റെ മുൻപിൽ തന്നെ ഹാഷ് നിറത്തിലുള്ള ആദിൽക്കാൻറെ ബുള്ളറ്റും പിന്നെ

ജിപ്സിയും കിടപ്പുണ്ട്. മെയിൻ ഗേറ്റിന് മുൻപിൽ രണ്ട് സെക്യൂരിറ്റികളുണ്ട്. മുറ്റത്ത് ജിപ്സിയും ബുള്ളറ്റും കൂടാതെ വേറെ രണ്ട് കാണും കിടപ്പുണ്ട്. ഗേറ്റിൻറെ നീളം കൊണ്ട് കാൽനട യാത്രക്കാർക്കും മറ്റുള്ളവർക്കും ഒന്നും വീട് കാണാൻ പറ്റില്ല.ഞങ്ങൾ പിന്നെ ബസിൽ ആയതോണ്ട് അതൊക്കെ കണ്ടു.

അങ്ങനെ ആദിൽക്കാൻറെ വീട് കണ്ട് കണ്ണ് മഞ്ഞളിച്ച് നിന്നപ്പോഴാ ഞങ്ങളോട് ശാഹിത്ത ചോദിച്ചത്.

"നിങ്ങക്ക് പ്രേമം ഒന്നും ഇല്ലേ? ഇല്ലാന്ന് പറഞ്ഞാൽ ഞാൻ വിശ്വസിക്കില്ല.കാരണം നിങ്ങളെ രണ്ട് പേരെയും കണ്ടാൽ ആർക്കായാലും ഒന്ന് കേറി കൊത്താൻ തോന്നും. അങ്ങനെ വല്ലതും കൊത്തിട്ടുണ്ടോ?"

നമ്മള് അപ്പൊ തന്നെ അച്ചുവിന്റെയും അരുണിൻറെയും കഥ ഇത്താനോട് പറഞ്ഞു. അത് പറഞ്ഞപ്പൊ പെണ്ണിന് ഇത്തിരി ചടപ്പൊക്കെ ഉണ്ടായിരുന്നു. എന്നാലും അരുണിനെ പറ്റി പറഞ്ഞപ്പൊ പെണ്ണിന് നൂറ് നാവാ.

അങ്ങനെ ഓളെ കഥ കേട്ട് കഴിഞ്ഞപ്പൊ ശാഹിത്ത നമ്മളോടൊരു ചോദ്യം.

"അൻക്ക് പ്രേമം ഒന്നും ഇല്ലേ ഫെബീ..."

"ഈ പ്രേമമൊന്നും നമ്മക്ക് സെറ്റാവില്ല ശാഹിത്താ...നമ്മളതൊക്കെ പയറ്റിയത് തന്നെയാ പക്ഷേ അതൊന്നും അത്രക്ക് ക്ലച്ച് പിടിച്ചില്ല. പിന്നെ നമ്മള് ആ ഭാഗത്തേക്കേ തിരിഞ്ഞ് നോക്കിയിട്ടില്ല."

നമ്മളത് പറഞ്ഞ് തീരുന്നതിന് മുന്നേ അച്ചു ഇടക്ക് കേറി വന്നു.

"അതൊക്കെ ഇവള് ചുമ്മാ പറയാ...ഇന്നലെ ഞങ്ങളെ ഫ്രണ്ടിൻറെ കല്യാണ റിസപ്ഷന് ഇവളൊരാളെ നോട്ടം ഇട്ടിരുന്നു..."

എന്ന് പറഞ്ഞ് പെണ്ണ് ഉണ്ടായ കഥയൊക്കെ പറഞ്ഞു.

ശാഹിത്ത അതൊക്കെ കേട്ട് രസിച്ച് നമ്മളെ നോക്കി ചിരിക്കാണ്.എന്നിട്ട് ഒരു ചോദ്യവും.

"ഇവള് പറഞ്ഞത് നേരാണോ ഫെബീ...നിനക്ക് ആ മൊഞ്ചനോട് അങ്ങനെ വല്ല താൽപര്യവുമുണ്ടോ?"

ഇടംകണ്ണിട്ട് ഇത്ത അത് ചോദിച്ചപ്പൊ എൻറെ മനസ്സിലേക്ക് ആ താടിക്കാരൻ മൊഞ്ചൻറെ മുഖം ഓടിയെത്തി.

അവനോട് എനിക്ക് പ്രത്യേകിച്ച് താൽപര്യം ഒന്നും ഇല്ലെങ്കിലും ഓനെ കുറിച്ച് ഓർക്കുമ്പൊ ചിന്തയൊക്കെ കാട് കേറി ചെല്ലുന്നു.ഇടക്ക് അവൻറെ കാറ് വന്ന് ഇടിക്കുന്നത് ഓർമ്മ വരുമ്പൊ പെട്ടെന്ന് ദേഷ്യവും വരുന്നുണ്ട്.

"ഹലോ...ഫെബീ...താനിതേത് ലോകത്താ? ഓനെ കുറിച്ച് ചോദിച്ചപ്പോഴേക്കും താൻ ഫ്ലാറ്റായോ?"

"ഞാൻ പറഞ്ഞില്ലെ ശാഹിത്ത...ഓൾക്ക് ഇൻറെ കാക്കൂനോട് എന്തോ ഒരു താല്പര്യം ഉണ്ടെന്ന്. ഇപ്പൊ എന്തായി? മൂപ്പരെ കാര്യം പറഞ്ഞപ്പൊ തന്നെ ഓള് 'ഡിം'.."

അതും പറഞ്ഞ് രണ്ടും കൂടി നമ്മളെ അങ്ങട്ട് കൊച്ചാക്കി.

"അങ്ങനെ പ്രത്യേകിച്ച് താൽപര്യം ഒന്നും ഇല്ല. പക്ഷേ, ഓനെ കുറിച്ച് ഓർക്കുമ്പൊ എന്തൊക്കെയോ ഒരു ഫീലാണ്...

ഞങ്ങൾ തമ്മിൽ എന്തോ ബന്ധം ഉള്ള പോലെ...അവൻറെ അടുത്ത് എനിക്ക് വേണ്ടപ്പെട്ട എന്തോ...എന്തോ ഉള്ള പോലെയൊക്കെ തോന്നാ..."

നമ്മളെ വർത്താനം കേട്ട് അച്ചു ഷോക്കടിച്ച് നിക്കാ. കാരണം ഓളോട് പോലും ഇതുവരെ പറയാത്ത കാര്യങ്ങൾ അല്ലെ നമ്മള് പറഞ്ഞത്. അച്ചു നമ്മളെ നോക്കി ഇരുന്നു എന്നല്ലാതെ ഒന്നും മിണ്ടിയില്ല.

ശാഹിത്ത ആണെങ്കിലോ അച്ചുവിനെ പോലെ തന്നെ അത് എനിക്ക് ഓനോടുള്ള പ്രേമമാണെന്ന് വരുത്തി തീർക്കാ. അവസാനം ശാഹിത്ത ഇറങ്ങേണ്ട സ്റ്റോപ്പ് അടുത്തു.

"അപ്പൊ ശരി മക്കളെ..നാളെ രാവിലെ കാണാം. എന്തായാലും നമ്മള് ഒരുമിച്ച് ആകും പോക്കുണ്ടാവാ."

"ഉം..ശരി.ഇത്താൻറെ വീട് ഇവിടുന്ന് കാണോ?"

"ദാ..ആ നീല പെയിൻറടിച്ച വീടാണ് എൻറേത്.

പറഞ്ഞു നിക്കാൻ സമയമില്ല ഞാൻ പോവാണ്ടോ ഫെബീ....

എടീ അച്ചു..ഞാൻ പോവാ... ബൈ..നാളെ കാണാം."

ഇത്ത പോകുന്നതും നോക്കി നമ്മള് പുറത്തേക്ക് നോക്കുമ്പോഴും ഇവിടൊരുത്തി നമ്മളെ തന്നെ നോക്കി ഇരിക്കാണ്.

എന്താ കാര്യം എന്ന് അന്വേഷിച്ചപ്പൊ തന്നെ ഓളെ കയ്യീന്ന് നമ്മക്ക് പള്ള നെറച്ചോം കിട്ടി.

"എന്തിനാടി അച്ചൂ..നീ കാര്യമില്ലാതെ നമ്മളെ തല്ലുന്നെ?"

"കാര്യം ഇല്ല അല്ലേ? ഞാൻ കാക്കൂനെ പറ്റി അന്നോട് പറയുമ്പൊ ഇത് വരെ നീ എന്നോട് ചൂടായത് അല്ലാതെ ഈ കാര്യം എന്നോട് പറഞ്ഞിട്ടുണ്ടോ?

ഇന്ന് കണ്ട ശാഹിത്താനോട് വരെ നീ അത് പറഞ്ഞു. പതിനൊന്ന് കൊല്ലായി അൻറെ നിഴല് പോലെ കൂടെ നടക്കുന്ന ...."

"പതിനൊന്നില്ലാ...പത്തൊള്ളൂ..." നമ്മള് ഇടക്ക് കേറി പറഞ്ഞപ്പൊ പെണ്ണ് പല്ലിറുമ്പി.

"ഓ...പത്തെൻകിൽ പത്ത്.ആ പത്തു കൊല്ലമായിട്ട് അൻറെ നിഴലു പോലെ കൂടെ നടക്കുന്ന എന്നോട് നീ

പറഞ്ഞിരുന്നോ കാക്കൂനെ കണ്ടപ്പൊ നിനക്ക് തോന്നിയ ഫീലിങ്സിനെ കുറിച്ച്."

എന്ന് പറഞ്ഞ് പെണ്ണ് കലിപ്പില് മുഖം തിരിച്ച് കളഞ്ഞു. നമ്മള് ഓളെ മുഖം തിരിച്ച് പിടിച്ചിട്ട് സോറി പറഞ്ഞു.

"സോറി മുത്തേ....അറിയാതെ അല്ല മനഃപ്പൂർവ്വം തന്നെയാ ഞാൻ അന്നോടിത് മറച്ച് വെച്ചത്. അല്ലാതെ തന്നെ നീ ആ കോന്തനെ പറ്റി.."

അത് പറഞ്ഞപ്പൊ ഓള് മൂളി കൊണ്ട് നമ്മളെയൊരു നോട്ടം. ഓനെ കോന്തൻ എന്ന് വിളിച്ചത് ഓൾക്ക് പറ്റിയിട്ടില്ല. അപ്പൊ തന്നെ അത് തിരുത്തി കൊടുത്തു.

"ഓ..സോറി.

അൻറെ കാക്കൂനെ പറ്റി... പോരെ?"

എന്ന് ചോദിച്ചപ്പൊ ഓളൊന്ന് ചിരിച്ചോണ്ട് മൂളി.

നമ്മള് വീണ്ടും അത് പറഞ്ഞു തുടങ്ങി.

"അല്ലെങ്കിൽ തന്നെ നീ അൻറെ കാക്കൂനെ പറ്റി പറയുമ്പൊ നമ്മളെ ഒരു കളിയാക്കലാണ്. ഇനി ഇത് കൂടി ഞാൻ നിന്നോട് പറഞ്ഞിരുന്നെൻകിലോ? നീയൊക്കെ കൂടി എന്നെ കൊന്ന് തിന്ന് കാണില്ലേ?"

അത് പറഞ്ഞപ്പൊ ഓള് പൊട്ടിച്ചിരിച്ചു. അത് കണ്ട് ആളുകളൊക്കെ ഞങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങി. ഞങ്ങൾ ഇറങ്ങാനുള്ള സ്റ്റോപ്പ് എത്തിയതോണ്ട് ഞാൻ അച്ചുവിനേയും പിടിച്ച് ബസിന്ന് ഇറങ്ങി. അവള് അപ്പോഴും നമ്മളെ നോക്കി ചിരിക്കാണ്. അത് കണ്ടപ്പൊ ഒരു ചവിട്ട് കൊടുക്കാനാ തോന്നിയത്.

"എന്തിനാടീ നീ ഇങ്ങനെ ചിരിക്കുന്നത്? അതിന് മാത്രം ഞാനെന്താ പറഞ്ഞേ?"

ഓള് ചിരി അടക്കി പിടിച്ച് കൊണ്ട് നമ്മളോട് പറഞ്ഞു.

"സോറി ഫെബീ..

നിന്നെ വെറുതെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടിയാ ആ താടിക്കാരൻറെ കാര്യം ഇടക്കിടക്ക് പറഞ്ഞത്. അൻറെ

ദേഷ്യം കാണാൻ ഒരു പ്രത്യേക മൊഞ്ചാണ് മുത്തേ... അതല്ലെ ഇടക്ക് അത് തന്നെ പറയുന്നത്."

ഞാനൊന്ന് നല്ലോണം മൂളി കൊടുത്തു.

"ഇന്ന് മുതൽ ഞാനിനി അന്നേ ആ താടിക്കാരൻ്റെ കാര്യവും പറഞ്ഞ് കളിയാക്കില്ല,പോരാത്തതിന് കാക്കൂ എന്ന പദവി ഞാൻ അവനിൽ നിന്ന് തിരിച്ച് വാങ്ങിയിരിക്കുന്നു.ഇനി ഓൻ ഇൻ്റെ കാക്കു അല്ല."

"സത്യം........?"

നമ്മള് ഓളെ ഒരു പ്രതീക്ഷയോടെ നോക്കി.

"സത്യം...

പകരം നമ്മളാ പദവി ആദിൽക്കാനെ ഏൽപ്പിച്ചിരിക്കാ. ഇനി മുതൽ എൻ്റെ കാക്കൂ ആദിൽക്കയാണ്."

പെണ്ണ് അതും പറഞ്ഞ് നമ്മളെ നോക്കി ചിരിക്കാണ്. നമ്മള് അപ്പൊ തന്നെ ഓളെ നടുപ്പൊറം നോക്കി ഒരെണ്ണം കൊടുത്തു. എത്ര കൊടുത്തിട്ടും ഒരു തൃപ്തി വരാത്തോണ്ട് ഓളെ ഓടിച്ചിട്ട് തല്ലാണ്.

ഓള് അപ്പോഴേക്കും വീട്ടിലേക്ക് ഓടി പോയി. അച്ചുവിന്റെ വീട് ബസ് സ്റ്റോപ്പിൽ നിന്ന് തൊട്ടടുത്ത് ആയോണ്ട് ഓള് രക്ഷപ്പെട്ടു. ബാക്കി എന്തായാലും കോളേജിൽ വെച്ച് കൊടുക്കാമെന്ന് നമ്മള് കണക്ക് കൂട്ടിയിട്ട് വീട്ടിലേക്ക് നടന്നു.

മനസ് ഇപ്പോഴും ശാന്തമല്ല, ശാഹിത്ത ആദിൽക്കാനെ കുറിച്ച് പറഞ്ഞതാണ് മനസ് മുഴുവൻ. ആദിൽക്കാനെ കുറിച്ച് ഓർക്കുമ്പൊ എന്തോ ഒരു ബഹുമാനമൊക്കെ തോന്നാണ്. അങ്ങനെ ആ പൊരിവെയിലത്ത് നടന്ന് വിയർത്തപ്പോഴാ കർച്ചീഫിനെ കുറിച്ച് ഓർത്തത്. അതും ഇപ്പൊ ആദിൽക്കാൻറെ കയ്യിലാ.

നമ്മള് വേഗം കുടയും തുറന്ന് ഷാളിൽ വിയർപ്പ് ഒപ്പി നടന്നു.

അപ്പൊഴുണ്ട് ഒരുത്തൻ ബൈക്കില് നമ്മളേയും നോക്കി സൈറ്റടിച്ചിട്ട് പോകുന്നു. ഇത് പോലെ ഒരുപാട് ഞരമ്പുകളെ കണ്ടിട്ടുള്ളതോണ്ട് അത് കാര്യമാക്കിയില്ല.

പിന്നെയും അവൻ തിരിച്ച് വന്നിട്ട് എന്താ പേര്? ഏത് കോളേജിലാ? എന്നൊക്കെ ചോദിച്ചു. അതും ബൈക്കില് പോയി കൊണ്ടിരിക്കുമ്പൊ തന്നെ.

അവൻറെ സംസാരവും നോട്ടവും കണ്ടപ്പൊ പെരുവിരൽ മുതലങ്ങ് എരിഞ്ഞ് കേറിയതാ...

പിന്നെ പ്ലസ് വണ്ണിൽ വെച്ചുണ്ടായ സംഭവത്തിന് ശേഷം നമ്മള് ആണുങ്ങളെ തല്ലാൻ നിന്നിട്ടില്ല. അതിനുള്ള സാഹചര്യം വന്നിട്ടില്ല എന്നതാണ് സത്യം. പക്ഷേ ഇവർ മിക്കവാറും എൻറെ കയ്യീന്ന് വാങ്ങിച്ചിട്ടേ പോകൊള്ളു.

പെട്ടെന്ന് അവൻ എൻറെ മുൻപിൽ ബൈക്ക് നിർത്തി. ഞാൻ അത് മറികടന്ന് പോകാൻ നിന്നപ്പൊ അവൻ അവിടെയും വഴി മറച്ചു.

'ഇവനെന്തായാലും എൻറെ കയീന്ന് വാങ്ങിച്ചേ പോകൂ.'

"വഴീന്ന് മാറടോ,എനിക്ക് പോണം."

"എവിടെയാ പോകേണ്ടതെന്ന് പറഞ്ഞാ മതി ഞാൻ കൊണ്ട് വിട്ടോളാം."

"എനിക്കിപ്പൊ തൽക്കാലം തൻറെ ആവശ്യമില്ല.ഞാൻ നടന്ന് പൊയ്ക്കോളാം.."

നമ്മള് നല്ല കലിപ്പില് തന്നെ ഓനോട് പറഞ്ഞു.

"ഹാ....അങ്ങനെ പറയല്ലെ കരളേ...എങ്ങോട്ടാ പോവേണ്ടതെന്ന് പറഞ്ഞാ മതി ഞാൻ കൊണ്ട് വിടാം..."

എന്ന് പറഞ്ഞ് ഓനെൻറെ കയ്യിൽ കേറി പിടിച്ചതും അവൻറെ കരണകുറ്റി പൊകഞ്ഞതും ഒപ്പമായിരുന്നു.

"ഡീ......" എന്ന് അലറി കൊണ്ട് അവൻ എൻ്റെ നേർക്ക് വന്നപ്പൊ ഒരു തെല്ല് പോലും പേടിക്കാതെ ബാഗിൽ നിന്നും ഞാൻ എൻ്റെ പേന കത്തിയെടുത്ത് അവന് നേരെ ചൂണ്ടി.

"എന്തടാ... എന്താ അനക്കൊരു എളക്കം...?

ഒറ്റക്ക് പോകുന്ന പെൺകുട്ടികൾക്കൊക്കെ ലിഫ്റ്റ് കൊടുക്കാൻ നീയാരാടാ ലിഫ്റ്റ് മാനോ?

അങ്ങനെ നിന്നെ പോലെ ഉള്ളവൻമാര് വിളിക്കുമ്പൊ തന്നെ കൂടെ ചെല്ലുന്ന പെമ്പിള്ളേര് നിൻ്റെ വീട്ടിൽ കാണുമായിരിക്കും,എന്ന് കരുതി എല്ലാരെയും ഒരു പോലെ കാണണ്ട.

കേട്ടോടാ നായെ..."

നമ്മളെ ഡയലോഗ് അവന് നന്നായി കൊണ്ടിട്ടുണ്ട് നമ്മളെ കൊല്ലാനുള്ള ദേഷ്യവും ആ നോട്ടത്തിൽ കാണാം.

അപ്പോഴാണ് ഇതും കണ്ടോണ്ട് മൂത്താപ്പാൻ്റെ (ഹസിൻ്റെ ഉപ്പ) വരവ്. നമ്മളെ കണ്ടപ്പൊ തന്നെ

കാറീന്ന് ചാടിയേണിറ്റിട്ട് എൻ്റെ അടുത്തേക്ക് വന്നു.

"എന്താ ഫെബീ നീയിവിടെ നിക്കുന്നെ? ഏതാ ഇവൻ?"

നടന്നതൊക്കെ അതുപോലെ തന്നെ നമ്മള് മൂത്താപ്പാനോട് പറഞ്ഞു. പിന്നെ പറയണ്ടലൊ പൂരം.

പണിയെടുത്ത് തഴമ്പിച്ച കൈ കൊണ്ട് ഓൻ്റെ ചെകിടത്ത് നോക്കി രണ്ടെണ്ണം കൊടുത്തപ്പൊ ഓൻ്റെ കണ്ണീന്ന് പൊന്നീച്ച പാറുന്നത് എനിക്ക് കാണായിരുന്നു. ഞാൻ മൂത്താപ്പാനെ പിടിച്ചു മാറ്റി കൊണ്ട് കാറിനടുത്തേക്ക് ചെന്നു. തിരിഞ്ഞു അവനെ ഒന്ന് നോക്കിയപ്പൊ ചുണ്ട് പൊട്ടി ചോര ഒലിക്കുന്നുണ്ട്.

മേലിൽ ഇവിടെ കണ്ട് പോകരുതെന്ന് താക്കീതും കൊടുത്തിട്ട് മൂത്താപ്പ വണ്ടിയെടുത്തു.

"നീയെന്താ ഈ നേരത്ത് ഇവിടെ? എവിടന്ന് വരാ?"

"ഞാൻ കോളേജ് വിട്ട് വരെന്നു. അപ്പോഴാ അവൻ

വന്നത്..."

"ഉം...നീ ഞാൻ വരുന്നതിന് മുന്നേ അവനൊന്ന് പൊട്ടിച്ചിരുന്നു അല്ലേ ഗാന്ധാരി..."

നമ്മളൊരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് ഒന്ന് മൂളി കൊടുത്തു.

"വെറുതെ അല്ല അവൻറെ മോന്ത കടന്നല് കുത്തിയ പോലെ....

നീ ഓനെ എന്തെങ്കിലും ചെയ്ത് അത് അൻക്ക് പ്രശ്നം ആകണ്ടാന്ന് കരുതിയാ ഓനെ തല്ലിയത്.അപ്പൊ ഇജ്ജ് അതിന് മുന്നേ ഓന് കൊടുക്കല് കഴിഞ്ഞിരുന്നുലേ...

അബൂനെ ഞാനൊന്ന് കാണട്ടെ. ഓനോട് അന്നെ പറ്റി നമ്മക്ക് ചെലത് പറയാനുണ്ട്."

ഞാൻ ഞെട്ടി തരിച്ച് മൂത്താപ്പാനെ നോക്കിയിട്ട് കെഞ്ചി.

"പ്ലീസ്...മൂത്താപ്പാ...ഇങ്ങളിത് ഉപ്പാനോട് പറയരുത്. എന്നോട് ഉപ്പ പ്രത്യേകം പറഞ്ഞതാ തല്ലിന് പോകരുതെന്ന്. അതോണ്ട് പറയണ്ട മൂത്താപ്പാ...അത് ഉപ്പാക്ക് വിശമാകും."

"പിന്നെ ഓനോട് പറയാതെ ഇരിക്കാൻ പറ്റോ?

അന്നേ ഇങ്ങനെ അഴിച്ച് വിട്ടിട്ട് ഒന്ന് മൂക്കിൽ കയറിടാൻ ആരെങ്കിലും വേണ്ടേ?

അതിന് അൻറെ വാപ്പാനോട് ചോദിച്ചേ പറ്റൂ."

"നമ്മളെ മൂക്കിൽ കയറിടാൻ മാത്രം ഈ ഭൂമിയിൽ പടച്ചോൻ ആരേയും സൃഷ്ടിച്ചിട്ടില്ല. ഇനി അഥവാ അങ്ങനെ ആരെങ്കിലും ഉണ്ടെങ്കിൽ തന്നെ നമ്മളെ സ്വഭാവം പിടിക്കാതെ ഇട്ടേച്ച് പോവേം ചെയ്യും."

"എന്നാല് അങ്ങനെ ഇട്ടേച്ച് പോകാത്ത ഒരാളുണ്ട്.

ഫൈസൽ...

എന്താ ഓൻ നല്ല ചെക്കൻ അല്ലേ?"

"നല്ല ചെക്കനൊക്കെ തന്നെയാണ്, അതോണ്ട് ഇൻക്ക് വേണ്ട...

എന്തിനാ വെറുതെ അതിൻറെ ജീവിതം കൂടി കൊളം തോണ്ടുന്നത്?"

"ആ...അതും ശരിയാ..ആ ചെക്കൻ എൻകിലും പോയി രക്ഷപ്പെടട്ട.."

അതും പറഞ്ഞ് മൂത്താപ്പ നമ്മളെ ഇട്ട് താങ്ങിയിട്ട് ഭയങ്കര ചിരി. നമ്മളും അത് വരവ് വെച്ചിരിക്കുന്നു എന്ന അർത്ഥത്തിൽ ഒന്ന് ചിരിച്ച് കൊടുത്തു.

അപ്പോഴാ ഞാൻ ഫൈസൽക്കാനെ കുറിച്ച് ഓർത്തത്.

എൻറെ അമ്മായിൻറെ മോൻ താഹിറിൻറെ ബെസ്റ്റ് ഫ്രണ്ട് ആണ് മൂപ്പര്. ഞങ്ങൾ ആണെങ്കിലോ ചെറുപ്പം തൊട്ടേ കട്ട ചൻക്സും. മൂപ്പർക്ക് ആണെങ്കിലോ

നമ്മളോട് ഭയങ്കര മൊഹബ്ബത്തും.

കാണാൻ അത്ര തരക്കേടില്ലാത്ത മൊഞ്ചും നല്ല പാവം പിടിച്ച സ്വഭാവവും ഉള്ള ഫൈസൽക്കാക്ക് ഇഷ്ടായതോ പൊട്ടി തെറിയായ നമ്മളെ..

ആദ്യം ഒക്കെ നമ്മള് കരുതി ചെക്കൻ വെറുതെ പറയുന്നതാവുമെന്ന്. അതോണ്ട് നമ്മളത് കാര്യം ആക്കീല. പിന്നെയാ മനസ്സിൽ ആയത് ചെക്കൻ കാര്യത്തിലാണെന്ന്.അത് അറിഞ്ഞത് മുതൽ മൂപ്പരോട് എനിക്ക് എന്തോ ഭയങ്കര ഒരു വെറുപ്പായിരുന്നു.

കാരണം എന്താന്ന് ചോദിച്ചാൽ നമ്മക്ക് അറീല. ഫൈസൽക്കാനെ ഒഴിവാക്കാൻ ആണെങ്കിൽ ഒരു കാരണവും നമ്മള് കാണുന്നുമില്ല. പക്ഷേ, ഇൻക്ക് എന്തോ ഫൈസൽക്കാക്ക് നമ്മളോട് അങ്ങനെ ഒരു താൽപര്യം ഉണ്ടെന്ന് അറിഞ്ഞത് മുതൽ മൂപ്പരെ കാണുന്നത് തന്നെ കലിയാണ്. താഹി ആണെങ്കിൽ നമ്മളെ കാണുമ്പോ ഓനെ പറ്റി തന്നെ പറയാൻ കാണൂ. അവരെ കളിയാക്കൽ കാരണം,ഫൈസൽക്കാൻറെ പെങ്ങളും ഇൻറെ ബെസ്റ്റ് ഫ്രണ്ടുമായ ഫസീലാൻറെ കല്യാണത്തിന് വരെ നമ്മള് പോയില്ല.

പോയാ പിന്നെ നമ്മളെ മൂട്ടീന്ന് അങ്ങേര് മാറൂല...

അന്ന് തലവേദന എന്ന് പറഞ്ഞ് നമ്മള് പോയില്ല. അതിന് ശേഷം ഇതുവരെ ഫസി നമ്മളോട് മിണ്ടിയിട്ടില്ല. ഓൾക്ക് വിശേഷം ഉണ്ടെന്ന് അറിഞ്ഞിട്ട് കൂടി നമ്മള് ഓളെ കാണാൻ പോകാത്തതിന് എല്ലാരും നമ്മളോട് പിണക്കത്തിലാണ്.

അങ്ങനെ നമ്മള് ഓളെ കുറിച്ച് ചിന്തിച്ചോണ്ട് ഇരിക്കുമ്പോഴാ പെട്ടെന്ന് നമ്മളെ തലേല് ഒരു കൊട്ട് വീണത്. നോക്കുമ്പോ ഹസിയാണ്.

"ഇജ്ജ് ഇതാരെ സ്വപ്നം കണ്ടോണ്ടിരിക്കാടീ...ഇറങ്ങാനൊന്നും ഉദ്ദേശമില്ലേ?"

അപ്പോഴാ നമ്മളത് ശ്രദ്ധിച്ചത്.വീട്ടിൽ എത്തിയിട്ട് ഒരുപാട് നേരമായിട്ടുണ്ട്.മൂത്താപ്പ കാറീന്ന് എണീറ്റ് പോയിട്ട് സിറ്റൗട്ടിലിരുന്ന് നമ്മളെ ആക്കി ചിരിക്കാ. നമ്മള് വേഗം കാറീന്ന് എണീറ്റ് വീട്ടിലേക്ക് ഒരോട്ടമായിരുന്നു. അവിടെ നിന്നാലേ പിന്നെ

തൊലിയുരിഞ്ഞ് പോകും,അമ്മാതിരി ആക്കലാകും.

നമ്മള് വേഗം റൂമിലേക്ക് കേറി ഫ്രഷായി നിസ്കരിച്ചിട്ട് താഴോട്ട് ഇറങ്ങി. താഴെ ഉമ്മാനോട് കോളേജിലെ വിശേഷങ്ങളൊക്കെ പറഞ്ഞോണ്ടിരിക്കുമ്പോഴാ ഹസി കേറി വന്നത്.പിന്നെ ഓളോട് കുറച്ച് നേരം കത്തിയടിച്ച് നിക്കുമ്പൊ ഓള് നമ്മളോട് താടിക്കാരനെ കുറിച്ച് ചോദിച്ചു. അച്ചു അതൊക്കെ അപ്പൊ തന്നെ ഓളോട് പറഞ്ഞ് കഴിഞ്ഞിരുന്നു.

അങ്ങനെ ഇന്നത്തെ ദിവസത്തിൽ ഒരു തീരുമാനം ആയി. ഉപ്പാനോട് മൂത്താപ്പ ഉച്ചക്ക് ഉണ്ടായ സംഭവമൊക്കെ പറഞ്ഞീന്നു. പക്ഷേ മൂപ്പര് നമ്മളോട് ഒന്നും അതിനെ പറ്റി പറഞ്ഞില്ല.

അങ്ങനെ എന്നത്തേയും പോലെ പിറ്റേന്ന് ഉപ്പാനേയും കൊണ്ട് ജോഗിങ് ഒക്കെ പോയിട്ട് വേഗം തിരിച്ച് വന്ന് മാറ്റി കോളേജിലേക്ക് പുറപ്പെട്ടു.

അച്ചു ആദ്യം തന്നെ സ്റ്റോപ്പിൽ എത്തിയിരുന്നു. കൃത്യം

7.40 ആയപ്പൊ നമ്മളെ ASK Travels ലാൻഡായി.

നമ്മള് ഇന്നലെ ഇരുന്ന പോലെ തന്നെ ബാക്കിലെ ലോങ് സീറ്റ് പിടിച്ചു. എന്നിട്ട് ശാഹിത്ത വന്നപ്പോ മൂപ്പത്തിയെ പിടിച്ച് ഞങ്ങളെ കൂടെ തന്നെ ഇരുത്തി.

കോളേജ് എത്തുന്നത് വരെ ഞാനും അച്ചുവും ശാഹിത്താക്ക് ഒരു സ്വസ്ഥതയും കൊടുത്തിട്ടില്ല. ബസ് ഇറങ്ങി നടക്കുമ്പോഴും ഇത് തന്നെ ആയിരുന്നു അവസ്ഥ. ഞങ്ങളെ കുറിച്ച് എന്താണാവോ ഇത്ത വിചാരിച്ചിട്ടുണ്ടാവാ?

കോളേജിൽ എത്തിയപ്പൊ ശാഹിത്ത ഇത്താൻറെ ബ്ലോക്കിലേക്ക് പോയി.ഞങ്ങൾ ഞങ്ങളെ ക്ലാസ് ലക്ഷ്യം ആക്കിയും.

അങ്ങനെ ഗ്രൗണ്ടിലൂടെ നടക്കുമ്പോഴാ പെട്ടെന്ന് ഞങ്ങളെ മുൻപിൽ ഒരു ബൈക്ക് വട്ടം ചാടി നിന്നത്.ഞാനും അച്ചുവും ഇതാരാപ്പൊ എന്ന് അറിയാതെ അയാളെ നോക്കി കൊണ്ട് നിന്നു.

ബൈക്കില് നിന്നും ഹെൽമറ്റ് ഊരി മുന്നിലേക്ക് വന്ന രൂപത്തെ കണ്ട് നമ്മളൊന്ന് ഞെട്ടി.

(തുടരും)

ഭാഗം.17

ഗ്രൗണ്ടിലൂടെ ക്ലാസ്സ് ലക്ഷ്യമാക്കി നടക്കുമ്പോഴാ പെട്ടെന്ന് നമ്മളെ മുൻപിൽ ഒരു ബൈക്ക് വട്ടം ചാടി നിന്നത്.ഞാനും അച്ചുവും ഇതാരപ്പോ എന്നറിയാതെ അയാളെ നോക്കി നിന്നു. ബൈക്കിൽ നിന്നും ഇറങ്ങി ഹെല്മറ്റ് ഊരി മുന്നിലേക്ക് വന്ന രൂപത്തെ കണ്ട് നമ്മള് ഞെട്ടി.

"എന്താടീ...എന്നെ കണ്ടപ്പൊ നീ പേടിച്ച് പോയോ?

എന്നെ നീ ഇവിടെ ഒട്ടും പ്രതീക്ഷിച്ചില്ല അല്ലേ?"

അച്ചു എൻറെ കൈ പിടിച്ച് എന്നോട് പതുക്കെ ചോദിച്ചു.

"ഫെബീ...ഇവനേതാ? നിനക്ക് ഇവനെ അറിയോ?"

ഞാൻ അവൾക്ക് മറുപടിയൊന്നും കൊടുത്തില്ല.പകരം മുന്നിൽ നിൽക്കുന്ന ആളെ രൂക്ഷമായി നോക്കി നിന്നു.

"എന്താടീ നിൻ്റെ നാവിറങ്ങി പോയോ? ഇന്നലെ ഭയങ്കര ഷോ ആയിരുന്നല്ലോ നീയും നിൻ്റെ മറ്റവനും കൂടി. ആളെ വെച്ച് തല്ലിയാൽ ഞാൻ അടങ്ങുമെന്ന് നീ വിചാരിച്ചോ?

നിൻ്റെ മറ്റവനോട് പറഞ്ഞേക്ക് എന്നെങ്കിലും അവനെ എൻ്റെ കയ്യിൽ കിട്ടിയാൽ വെച്ചേക്കില്ലാന്ന്..."

"അനാവശ്യം പറയുന്നോടാ ₹#@%... നീ ആരാന്നാടാ നിൻ്റെ വിചാരം. നിൻ്റെ തന്തേടെ പ്രായം കാണില്ലടാ അങ്ങേർക്ക്..എന്നിട്ട് എൻ്റെ മൂത്താപ്പാനെ പറ്റി അനാവശ്യം പറയാ .."

നമ്മളും വിട്ട് കൊടുത്തില്ല എൻ്റെ വായീന്നും അവൻ

ശരിക്കും കേട്ടു.അച്ചു ആണെങ്കിൽ നമ്മളോട് മിണ്ടാതിരിക്കാൻ പറയാണ്.അവൾക്ക് അറീലല്ലോ ഞങ്ങൾ തമ്മിൽ ഉള്ള പ്രശ്നം. അറിഞ്ഞാല് പിന്നെ ഇവിടെ ഇതിനേക്കാൾ വലിയ പൂരപ്പാട്ടാകും നടക്കാ.

"അതിന് ആരാടീ ആ കെഴവനെ പറ്റി പറഞ്ഞത്?

അതിനു ശേഷം വേറെ ഒരുത്തൻ വന്നിരുന്നു..എന്നിട്ട് എന്നെ തല്ലി പരുവമാക്കിയിട്ടാ നിൻറെ മറ്റവൻ പോയത്."

'ഇവനിതാരെ പറ്റിയാ പറയുന്നത് പടച്ചോനേ...' നമ്മള് അതും ആലോചിച്ച് തല പുണ്ണാക്കായിരുന്നു.

അവൻറെ മുഖത്ത് തല്ല് കൊണ്ട് ചീർത്ത പാടുണ്ട്.അതും പോരാഞ്ഞ് അവിടേയും ഇവിടേയുമൊക്കെ ആയിട്ട് കല്ലിച്ച് നിക്കുന്നു. 'അപ്പൊ അവന് വേറെ എവിടെന്നോ നല്ല കണക്കിന് കിട്ടിയിട്ടുണ്ട്. അത് നമ്മള് ഏർപ്പാടാക്കിയതാണ് എന്നാവും വിചാരിച്ചത്. എന്തായാലും അത് അങ്ങനെ തന്നെ ഇരിക്കട്ടെ' അതും വിചാരിച്ച് നമ്മള് ചിരിച്ചു.

"എന്താടീ... നിനക്ക് എൻറെ മോന്ത കണ്ടിട്ട് ചിരി വരുന്നുണ്ടോ? സീനിയേഴ്സിനെ തൊട്ട് കളിച്ചാൽ എന്താ ഉണ്ടാകാൻ പോകുന്നെന്ന് നീ അറിയാൻ പോകുന്നതേയുള്ളൂ."

അതും പറഞ്ഞോണ്ട് അവൻ എൻറെ അടുത്തേക്ക് വന്നു. എല്ലാവരും ഞങ്ങളെ നോക്കി നിൽക്കാണ്. അതിനിടക്ക് സനയും ഷംനയും നസിയും ഞങ്ങളെ കണ്ട് അടുത്തേക്ക് വന്നു. ഇപ്പൊ ഇവിടെ എന്ത് വേണേലും സംഭവിക്കാം എന്ന മട്ടിലാണ് പലരുടേയും നോട്ടം. പക്ഷേ, എനിക്ക് എന്തോ പേടിയല്ല പകരം ചിരിയാ വന്നത്. അവൻറെ ആ ചളുങ്ങിയ മോന്ത കാണുമ്പൊ അതിലേറെ ചിരി വരാണ്.ചിരിയൊക്കെ കൺട്രോൾ ചെയ്ത് ഞാൻ അവനോട് ചോദിച്ചു.

"അതിന് ഞാൻ സീനിയേഴ്സിനെ ആരേയും തൊടാൻ വന്നില്ലല്ലൊ? ഞാൻ ഒരു പൂൂ...വാലനെയാ തല്ലിയത്."

അത് പറഞ്ഞപ്പൊ നമ്മളെ ഗ്യാങും അവിടെ കൂടി നിന്നവരും കൂടി അവനെ നോക്കി ചിരിക്കാൻ തുടങ്ങി. അവരെയൊക്കെ അവൻ ഒരു അമർഷത്തോടെ

നോക്കി. എന്നിട്ട് എൻറെ നേരെ അലറി കൊണ്ട് വന്നു.

"ഡീ......"

"നിക്ക് നിക്ക് നിക്ക്."

നമ്മള് രണ്ടു കയ്യും അവന് നേരെ വെച്ച് സ്റ്റോപ്പ് പറഞ്ഞു. അവൻ എന്താ എന്ന ഭാവത്തിൽ നമ്മളെ നോക്കി.

"ഇന്നലെ കിട്ടിയ അടി പോരാഞ്ഞിട്ടാണോ ഇപ്പൊ വീണ്ടും വന്നത്?"

അത് കേട്ടപ്പൊ അവൻ കവിളിൽ കൈ വെച്ചു. നമ്മളൊന്ന് ചിരിച്ചു.

"ഇന്നലെ ഞാൻ നിന്നെ തല്ലിയത് നമ്മള് മാത്രമേ അറിഞ്ഞിട്ടുള്ളൂ.ഇനി ഇവിടന്നും ആ സീൻ എന്നെ

കൊണ്ട് വെറുതെ ക്രിയേറ്റ് ചെയ്യിക്കരുത്...

എനിക്ക് വയ്യ ഇനി അതിൻറെ പേരും പറഞ്ഞ് ഫേമസ് ആവാൻ. അതോണ്ട് മോൻ വന്ന വഴിക്ക് തന്നെ വിടുന്നതാവും നല്ലത്...ചെല്ല്,ചെല്ല്..പോ,പോ.."

അതും പറഞ്ഞ് നമ്മള് തിരിഞ്ഞ് നടക്കാരൊങ്ങിയപ്പൊ അവൻ എൻറെ കയ്യിൽ പിടിത്തമിട്ടു.

"കയ്യീന്ന് വിടടാ..."

നമ്മള് കൈ വിടുവിക്കാൻ ശ്രമം നടത്തി. പക്ഷേ, കഴിഞ്ഞില്ല.

' ഇനി കാത്തിരുന്നിട്ട് നേരമില്ല.ഇവൻ എന്നെ കോളേജിലെ സ്റ്റാറാക്കാതെ അടങ്ങില്ല.'

ഞാൻ ആഞ്ഞ് കൈ വീശി എങ്കിലും അവൻറെ മുഖത്ത് അത് പതിച്ചില്ല. അവനാ കയ്യും അവൻറെ കയ്യിൽ ഒതുക്കി.

"നീയെന്താ ടീ എന്നെ കുറിച്ച് വിചാരിച്ച് വെച്ചേക്കുന്നത്.

നീ തല്ലുന്നതും നോക്കി കവിള് കാണിച്ച് നിക്കാണെന്നോ?"

അപ്പോഴേക്കും അവൻ്റെ കൂടെ വേറെ രണ്ട് പേര് വന്നു. അച്ചുവും നസിയും സനയും ഷംനയും ഒക്കെ എൻ്റെ കൈ വിടുവിക്കാൻ അവൻ്റെ കൈ മാന്തി പൊളിക്കുന്നുണ്ട്. അതിനനുസരിച്ച് അവൻ്റെ നഖം എൻ്റെ കയ്യിലേക്ക് ആഴ്ന്നിറങ്ങുന്നുണ്ട്. അച്ചുവിനേയും സനയേയും ഷംനയേയും നസിയേയുമൊക്കെ അവൻ്റെ കൂടെ ഉള്ളവൻമാര് പിടിച്ചു തള്ളി.

"അവര് തമ്മിലുള്ള പ്രശ്നം അവര് തന്നെ തീർക്കട്ടെ.നിങ്ങള് അതിൽ ഇടപെടണ്ട...എടാ അനസേ...നീ പൊളിക്കടാ..."

അവൻ്റെ കൂട്ടത്തിൽ നിന്നുള്ള ഒരാളാണ് അത് പറഞ്ഞത്.

അവൻ്റെ മുഖം എൻ്റെ നേർക്ക് വന്ന് കൊണ്ടിരുന്നു. പക്ഷേ അപ്പോഴും എൻ്റെ മനസ് പതറിയില്ല.ഒരു തെല്ല് പോലും പേടിച്ചില്ല.

അച്ചു എൻ്റെ മുഖത്ത് നോക്കി അവനെ വെറുതെ വിടരുതെന്ന് പറഞ്ഞു.

"അച്ചൂ...വാ..അവനെ പിടിച്ച് മാറ്റാം.ഇല്ലെങ്കിൽ ഫെബീ......"

വാക്കുകൾ പൂർണ്ണമാക്കാൻ കഴിയാതെ നസി പതറി.അവരൊക്കെ കരച്ചിലിന് വക്കോളമെത്തിയിട്ടുണ്ട്.പക്ഷേ അച്ചുവിൻ്റെ മുഖത്ത് അതല്ലായിരുന്നു.

'ഇനി മൂന്നാം മുറ പ്രയോഗിക്കാതെ ഇവൻ്റെ കയ്യീന്ന് രക്ഷയില്ല.'

അവൻ്റെ നിശ്വാസം എൻ്റെ കവിളുകളിലേക്ക് പടരുന്ന പോലെ തോന്നിയതും കാല് മടക്കി ഒരു തൊഴിയായിരുന്നു അവൻ്റെ അടിനാവിക്ക്.

"ഗോാാാാാാാാൾ...."

അച്ചു ആർത്തു അട്ടഹസിച്ച് എൻറെ അടുത്തേക്ക് ഓടി വന്നു. പിന്നാലെ അവരും.

കിട്ടിയ തൊഴിയുടെ ആഘാതം കൊണ്ട് ആണോ എന്നറീല,അവൻ അപ്പൊ തന്നെ ഫ്ലാറ്റ്.

അവൻ പിടിച്ചതിൻറെ പാട് നല്ലോണം കയ്യിൽ ഉണ്ട്. കയ്യൊന്ന് കുടഞ്ഞ് അവനെ നോക്കിയപ്പൊ ബോധം ഇല്ല.

"ഫെബീ...

പുലിവാലായെന്നാ തോന്നുന്നത്.അന്ന് സ്കൂളിൽ നിന്ന് സസ്പെൻഷൻ കിട്ടിയ പോലെ ഇവിടന്നും കിട്ടോ?"

മെല്ലെ അച്ചു എൻറെ കാതിൽ പറഞ്ഞപ്പൊ അവളെ ഒന്ന് രൂക്ഷമായി നോക്കിയിട്ട് അവനെ ഒന്ന് നോക്കി.

'യാ റബ്ബീീീീ......'

അറിയാതെ തന്നെ മനസ്സിൽ നമ്മള് അങ്ങനെ വിളിച്ച് പോയി. അന്നത്തെ ജഗപൊക ഒക്കെ ഓർത്തപ്പൊ

പിന്നെ ഒന്നും നോക്കിയില്ല,

ബാഗ് തുറന്ന് വെള്ളം എടുത്ത് അവൻറെ മുഖത്ത് കുടഞ്ഞു.അവൻ ഞെട്ടി കണ്ണ് തുറന്നു.

'ഭാഗ്യം ചത്തിട്ടില്ല,ജീവനുണ്ട്...ഹൊ ആശ്വാസമായി.'

നമ്മളൊന്ന് നന്നായി നെടു വീർപ്പിട്ടു.അവനെ പിടിച്ച് എഴുന്നേൽപ്പിക്കാൻ നോക്കിയപ്പൊ അവൻറെ വാലുകളെ ഒന്ന് നോക്കി.രണ്ടും ഫീസടിച്ച പോലെ ഒരു നിൽപ്പാണ് നമ്മളെ നോക്കിയിട്ട്.

"എന്തോന്ന് നോക്കി നിക്കാടൊ? പിടിച്ചൊന്ന് എഴുന്നേൽപ്പിക്കാൻ നോക്ക്..."

നമ്മള് അവൻമാരെയൊന്ന് കണ്ണുരുട്ടിയപ്പോഴേക്കും പേടിച്ച് വേഗം അവനെ ഇരുത്തി.നമ്മള്

കയ്യിൽ ഉണ്ടായിരുന്ന വെള്ളം അവന് നേരെ നീട്ടി.അത് മുഴുവൻ അവൻ മടക്ക് മടക്ക് എന്ന് വാങ്ങി കുടിച്ചു.

കണ്ട് നിന്ന പലരും എനിക്ക് വട്ടാണോ എന്ന് കരുതി

കാണും.അങ്ങനെ ഉള്ള നോട്ടമാണ് പലരുടേയും. ചില ഗേൾസ് അവനെ നോക്കി ചിരിക്കുന്നുണ്ട്.എനിക്കും ഓൻ്റെ മുഖം കണ്ടിട്ട് ചിരി വന്നു. അച്ചുവും ഏതാണ്ട് ആ അവസ്ഥയിലാ.നസിക്കും സനക്കും ഷംനക്കും ആണെങ്കിൽ ഇവിടെ എന്താ നടന്നതെന്ന് വരെ നിശ്ചയമില്ല.

അവൻ്റെ ഫ്രണ്ട്സ് ഒക്കെ കൂടി അവനെ താങ്ങി പിടിച്ച് നിർത്താൻ നോക്കി.പക്ഷേ പാവത്തിന് നിൽക്കാൻ പറ്റുന്നില്ല.

'എന്തെങ്കിലും ഒക്കെ ഇവനോട് ഇപ്പൊ പറയണല്ലോ,എന്താ പറയാ...?' എന്ന് ചിന്തിച്ച് കൂട്ടി അവസാനം ഒരു ഡയലോഗ് മനസ്സിൽ വന്നു.

"ഇത് നീ ചോദിച്ച് വാങ്ങിയതാ.നിന്നോട് അപ്പോഴേ പറഞ്ഞതല്ലെ എൻ്റെ കയ്യീന്ന് വാങ്ങാൻ നിക്കണ്ടാന്ന്.

ഊപ്സ്.....സോറി നീ എൻ്റെ കയ്യീന്ന് അല്ലല്ലൊാലേ വാങ്ങിയത്,കാലിൽ നിന്നാണല്ലൊ..."

അതും പറഞ്ഞ് ഞങ്ങൾ അഞ്ച് പേരും അവിടന്ന് ചിരിച്ച് കൊണ്ട് നടന്ന് നീങ്ങി. പെട്ടെന്ന് ഞാൻ നിന്നിട്ട് തിരിഞ്ഞ് നോക്കിയിട്ട് അച്ചുവിനോട് പറഞ്ഞു.

"ഇപ്പൊ വരാവേ..."

അവര് നമ്മളെ തന്നെ നോക്കി നിന്നു.

"ഇവൾക്ക് കൊടുത്തതൊന്നും പോരേ..ഇനിയും എന്തിനാ വന്നത്?"

അവൻമാരിൽ ഒരുത്തൻ മെല്ലെ പറഞ്ഞതാ.പക്ഷേ അത് നമ്മള് കേട്ടു.

"ഞാന് കൊടുക്കാൻ വന്നതല്ല,തിരിച്ച് വാങ്ങാൻ വന്നതാ."

അവൻമാര് എൻറെ മുഖത്തേക്ക് ഒരു സംശയത്തോടെ നോക്കി.നമ്മളെ ഗ്യാങിൻറെ അവസ്ഥയും അത് തന്നെ ആയിരുന്നു.

ഞാൻ അപ്പൊ തന്നെ എൻറെ വാട്ടർ ബോട്ടിൽ അവൻറെ കയ്യീന്ന് തട്ടി പറിച്ച് വാങ്ങി.

"ഇത്...എൻറേതല്ല എൻറെ അനിയത്തി കുട്ടി പിശാചിൻറേതാ..ഇതും കൊണ്ട് വീട്ടിൽ ചെന്നില്ലെൻകില് അവളെന്നോട് വയലൻറാവും,അവളെന്നോട് വയലൻറായാൽ ഉമ്മ എന്നെ ചീത്ത പറയും,ഉമ്മ എന്നെ ചീത്ത പറഞ്ഞാൽ എൻറെ അനിയനത് ചോദിക്കാന് ചെല്ലും, അങ്ങനെ ഓൻ ചോദിക്കാന് പോയാൽ ഉമ്മ ഓനെ തല്ലും,ഉമ്മ ഓനെ തല്ലിയാൽ ഉപ്പ അത് ചോദിക്കാൻ ചെല്ലും, പിന്നെ രണ്ടും കൂടി വഴക്കായി തല്ലായി...എന്തിനാ വെറുതെ ഒരു കുടുംബം കൊളം തോണ്ടുന്നത്? അതോണ്ട് നമ്മളിത് എടുക്കാണ്.."

അതും പറഞ്ഞ് നമ്മള് ഒരു നല്ല ചിരിയങ്ങ് പാസാക്കി.അവൻമാര് വായും തുറന്ന് നമ്മളെ തന്നെ നോക്കി നിന്നു. നമ്മള് ഒരുത്തനോട് വായ അടക്കാൻ പറഞ്ഞിട്ട് തിരിഞ്ഞ് സ്ലോ മോഷനിൽ നടന്നു. അപ്പോഴാ നമ്മളെ ടീംസിൻറെ കൂടെ നിൽക്കുന്നവരെ കണ്ടത്.അവരേ കണ്ടപ്പൊ നടത്തത്തിന് സ്പീഡ് കൂടി.

"അല്ലാ...ആരിത് നമ്മളെ ബ്രദേഴ്സ് അല്ലെ ഈ വന്നിരിക്കുന്നെ...

സുഖല്ലെ സിയാദ്ക്കാ?"

നമ്മളൊരു പുഞ്ചിരി തൂകി കൊണ്ട് സിയാദ്ക്കാനോട് ചോദിച്ചു.പക്ഷേ പുള്ളിക്കാരൻ കലിപ്പിലാണ്.അത് നോട്ടത്തിൽ നിന്ന് തന്നെ മനസ്സിലായി.

"എന്താ സിയാദ്ക്കാ പ്രശ്നം? എന്താ മോന്ത കടന്നല് കുത്തിയ പോലെ? കാര്യം പറി." നമ്മളതും പറഞ്ഞ് സിയാദ്ക്കാൻ്റെ അടുത്തേക്ക് നടന്നു.

"നീയും അവനും തമ്മിൽ എന്താടീ ബന്ധം?"

അനസിനെ ചൂണ്ടി കാണിച്ച് സിയാദ്ക്ക എന്നോട് ചോദിച്ചു.

"ഒരു ബന്ധവും ഇല്ല."

"ഇല്ലേ...?" നല്ല കലിപ്പിലാണ് ആള്.

"ഇല്ലാന്നെ..." മൂപ്പരെ തണുപ്പിക്കാൻ വേണ്ടി നമ്മളൊന്ന് ചിരിച്ച് കൊണ്ട് പറഞ്ഞു.പക്ഷേ, അങ്ങേര് അപ്പോഴും കട്ട കലിപ്പില്.

"പിന്നെ നീ അവൻ വീണ് കിടന്നപ്പൊ വെള്ളം എടുത്തു കൊടുത്തതോ? അവനോട് ഇപ്പൊ തനിച്ച് പോയി നീ സംസാരിച്ചതോ?"

കലിപ്പൻ പറയുന്നത് കേട്ട് നമ്മള് ഭയങ്കര ചിരി...അവളുമാരും നമ്മക്ക് സപ്പോർട്ട് എന്നോണം ചിരിച്ചു.

കലിപ്പന് അപ്പൊ അതിലേറെ കലിപ്പ് കേറി.

"ചിരിക്കാൻ നിക്കാണ്ട് കാര്യം പറയടീ..." നമ്മക്ക് അപ്പോഴും ചിരി കൺട്രോൾ ചെയ്യാൻ പറ്റുന്നില്ലേന്നു.

പക്ഷേ, സിയാദ്ക്ക പിന്നീട് പറയുന്നത് കേട്ട് നമ്മളെ ചിരി താനെ മങ്ങി.

"അവനെ കുറിച്ച് എന്ത് അറിഞ്ഞിട്ടാടീ നീ അവനോട് ചിരിച്ച് രസിച്ച് സംസാരിച്ചത്?

എന്നാല് നീ ഒന്ന് കേട്ടോ..ഞാനും അവനും നിൻറെ പേരും പറഞ്ഞ് ഒരു ബെറ്റ് വെച്ചിരുന്നു.

അവന് ഇന്നലെ തന്നെ നിന്നെ കണ്ടങ്ങ് ബോധിച്ചു അത്ര... അതോണ്ട് നിന്നെ വളക്കാൻ സഹായിക്കണമെന്ന്.

ഇന്നലെ നിന്നോട് എനിക്ക് ഒരു സോഫ്റ്റ് കോർണർ ഉണ്ടായതോണ്ടും നീ ഞങ്ങളെ നിൻറെ ബ്രദേഴ്സ് ആക്കിയതോണ്ടും അവനോട് ഞങ്ങള് വാക്ക് തർക്കം ഉണ്ടായി. അതിനു അവൻ ഞങ്ങളോട് വെല്ലുവിളിച്ചായിരുന്നു ഇറങ്ങി പോയത് നിന്നെ വളക്കുമെന്ന്.

പക്ഷേ നീ അങ്ങനെ ഒന്നും അതില് വീണ് പോവില്ലാന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു.അതോണ്ട് അവൻറെ വാക്കിനെ ഞാൻ മുഖവുരക്ക് എടുത്തില്ല.

പക്ഷേ, ഇന്ന് ഞങ്ങൾ കണ്ട കാഴ്ച്ച... അവനെ എണീപ്പിക്കാൻ സഹായിക്കലും വെള്ളം കൊടുക്കലും കളിയും ചിരിയും...ഇതൊക്കെ പോരേ അവൻ പറഞ്ഞത് ചെയ്തുവെന്ന്..."

സിയാദ്ക്കാൻറെ വാക്കുകൾ ഇടറുന്ന പോലെ എനിക്ക് തോന്നി.അൻസാർക്ക സിയാദ്ക്കാനെ പിടിച്ച് കൊണ്ട് പോകാൻ നോക്കുന്നുണ്ട്.

"സിയാദേ നീ വാടാ...അവളെ എങ്ങനെ ആണെങ്കിലും നമുക്ക് എന്താ നീ വാടാ.."

"വിടടാ എന്നെ...എനിക്കിന്ന് ഇവളോട് കുറച്ച് സംസാരിക്കണം."

സിയാദ്ക്ക അൻസാർക്കാൻറെ കൈ വിടുവിച്ച് എൻറെ നേരെ വന്നു.

"സിയാദ്ക്കാ ഇൻക്ക് പറയാനുള്ളത് ഒന്ന് കേൾക്കി...ആച്ചോലി എന്താ ഉണ്ടായതെന്ന് വെച്ചാ........."

"എനിക്ക് നിൻറെ ന്യായീകരണങ്ങളൊന്നും കേൾക്കണ്ട.

എല്ലാം കണ്ടത് പോലെ ആവില്ലല്ലൊ കേൾക്കുന്നത്.

എന്നാലും നീ ഇങ്ങനെ ചെയ്യുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല ഫെബീ....ഇന്നലത്തെ നിൻറെ പെർഫോമൻസ് കണ്ടപ്പൊ തന്നെ ആണുങ്ങളെ വീഴ്ത്താൻ കഴിയുന്നവളാണെന്ന് തോന്നിയിരുന്നു.പക്ഷേ അത് പോലെ വീണുപോകുന്ന ₹#%@%₹# ഒരുത്തിയാണെന്ന് ഞാൻ കരുതിയില്ല. നിനക്കൊക്കെ അല്ലെങ്കിലും ആ പണിയേ ചേരൂ...അതിന് ഇറങ്ങിക്കോ എന്നാ പിന്നെ കാശ് വേഗം ഉണ്ടാക്കാം."

സിയാദ്ക്ക അതും കൂടി പറഞ്ഞപ്പൊ ഞാൻ തകർന്നു പോയി.കണ്ണീര് പിടിച്ചു നിർത്താൻ എനിക്ക് കഴിയാതെ ആയി. സിയാദ്ക്കാനെ എല്ലാരും കൂടി പിടിച്ച് കൊണ്ട് പോയി. ഇല്ലെങ്കിൽ എന്നെ തല്ലുമത്ര. അച്ചുവും നസിയുമൊക്കെ ഉണ്ടായതെന്താണെന്ന് പറയാൻ ശ്രമിച്ചു എന്കിലും സിയാദ്ക്കയും കൂട്ടരും അത് കേൾക്കാൻ കൂട്ടാക്കാതെ നടന്നകന്നു.

മറ്റാരെൻകിലും ആയിരുന്നെൻകിൽ ഇതിനുള്ള മറുപടി എൻറെ ചെരുപ്പ് കൊടുത്തേനെ...പക്ഷേ,

സിയാദ്ക്കാനോട് എന്തോ എനിക്കതിന് കഴിഞ്ഞില്ല. എല്ലാരെ മുൻപിൽ വെച്ചും സിയാദ്ക്ക അങ്ങനെ പറഞ്ഞപ്പൊ സഹിക്കുന്നില്ല എനിക്ക്...

"ഫെബീ...നീ കരയല്ലെടി...അവൻമാരോട് പോയി പണി നോക്കാൻ പറ. നീ ഇങ്ങനെ ഒന്നും ആയിരുന്നില്ലല്ലോ... നിൻറെ ഗട്സൊക്കെ എവിടെ പോയി?"

"നിനക്ക് അവനിട്ട് ഒന്ന് കൊടുത്തൂടായിരുന്നോ?"

അച്ചുവിൻറെയും നസിൻറേയും സംസാരം കേട്ട് അണപൊട്ടി ഒഴുകിയ കണ്ണീര് തുടച്ച് കൊണ്ട് ഞാൻ പറഞ്ഞു.

"കൊടുക്കാൻ അറിയാഞ്ഞിട്ടല്ല ഈ ഫെബിക്ക്...

പക്ഷേ, മനസ്സിൽ എവിടെയോ ഒരു കാക്കാൻറെ സ്ഥാനം കൊടുത്തു പോയി.

പിന്നെ... ഒന്നും അറിഞ്ഞോണ്ട് പറഞ്ഞതല്ലല്ലോ,അവനുമായിട്ട് നിക്കുന്നത് കണ്ട് ദേഷ്യം കൊണ്ട് പറഞ്ഞതല്ലെ....

അത് സാരല്യ..."

"എൻറെ കൃഷ്ണാ...ഞാൻ എന്താ ഈ കേക്കുന്നത്? ഇതെൻറെ ഫെബീ തന്നെ ആണോ? നിനക്ക് ഇത്രക്ക് ബോധമൊക്കെ എപ്പൊ വന്നെടി.."

അച്ചു അതും പറഞ്ഞ് നമ്മളെ തോളിൽ കൂടി കയ്യിട്ടു.എന്നിട്ട് ചിരിച്ചോണ്ട് പറഞ്ഞു.

"നിന്നെ ഇപ്പൊ കരയിപ്പിച്ച മഹാനുണ്ടല്ലൊ അവനെ ഞങ്ങൾ അങ്ങനെ വെറുതെ വിടുമെന്ന് കരുതണ്ട.എന്തായാലും ഇന്ന് തന്നെ ഓൻ സത്യാവസ്ഥ അറിയുമല്ലൊ അപ്പൊ എന്താ വേണ്ടതെന്ന് എനിക്കറിയാം."

"ദേ എൻറെ കാക്കൂനെ വല്ലതും ചെയ്താലുണ്ടല്ലൊ..."

"ഹോ...അപ്പോഴേക്കും നീ ഓനെ കാക്കു ആക്കിയോ ഫെബീ." ഷംനയാണ്.

"നിനക്ക് ഇതിന് എങ്ങനെ സാധിക്കുന്നു പെണ്ണേ ഇങ്ങനെ പറയാൻ? അതും ഓൻ അത്രക്കൊക്കെ പറഞ്ഞിട്ടും." സനയാണ്.

"എന്തായാലും സത്യാവസ്ഥ അറിഞ്ഞോണ്ട് വരുമല്ലൊ അപ്പൊ കൊടുക്കുന്നുണ്ട് നിങ്ങളെയൊക്കെ പേരും പറഞ്ഞോണ്ട് നല്ല പണി...ഓക്കെ? അതുവരെ നമുക്ക് വെയിറ്റ് ചെയ്യാം."

നമ്മളത് പറഞ്ഞപ്പൊ അച്ചു പറഞ്ഞു.

"ഇവിടെ നിന്ന് വെയിറ്റ് ചെയ്യേണ്ടവർക്ക് ഇവിടെ നിക്കാം.ഞാൻ ക്ലാസിലേക്ക് പോകാണ്."

അച്ചുവിന്റെ പിന്നാലെ ഞങ്ങളും നടന്നു.ക്ലാസിൽ എത്തിയപ്പൊ അധികം ആരും എത്തിയിട്ടില്ല.

ബെല്ലടിച്ചിട്ടേ എത്തത്തുള്ളൂ എന്ന് ശപദം എടുത്തവരെ പോലെയാ ഓരെ കാര്യം.

നമ്മള് ബെഞ്ചിലിരുന്ന് ജനലിലൂടെ പുറത്തേക്ക് നോക്കി. ഇപ്പോഴും സിയാദ്ക്ക പറഞ്ഞതാണ് മനസ്സിൽ മുഴുവൻ.

'എന്നാലും ആ പൊട്ടന് ഇത്തിരി എന്കിലും കോമൺസെൻസില്ലെ? ഞാൻ ആ കോന്തനൊക്കെ വളയുമെന്ന് എന്നാലും ചിന്തിക്കാൻ പാടുണ്ടൊ? അതും പോരാഞ്ഞ് എന്തൊക്കെയാ വിളിച്ച് കൂവിയത്..

ഉം..ഇങ്ങോട്ട് വരട്ടെ അപ്പൊ കൊടുക്കുന്നുണ്ട് ഞാൻ.'

"ഫെബീ...നീയിപ്പോഴും അതും ഓർത്ത് ഇരിക്കാണോ? വിട്ടു കള പെണ്ണേ അൻറെ കാക്കുവല്ലേ?"

അതും പറഞ്ഞ് അച്ചു നമ്മളെ കവിളത്ത് ഒരു മുത്തം തന്നു. നമ്മള് തിരിച്ച് ഓൾക്ക് നല്ലൊരു പുഞ്ചിരിയും കൊടുത്തു.

"അല്ല ഫെബീ...നീയും ആ ചെക്കനും തമ്മിൽ എന്താ പ്രശ്നം?"

നമ്മള് ഓളോട് ഇന്നലെ ഉണ്ടായ കാര്യങ്ങളൊക്കെ പറഞ്ഞു കൊടുത്തു. എല്ലാം കേട്ട് കഴിഞ്ഞപ്പൊ അവള്മാര് പറയാ കൊടുത്തത് കുറഞ്ഞ് പോയെന്ന്.ഞങ്ങളതും പറഞ്ഞ് ചിരിച്ചു.

പെട്ടെന്ന് ഭൂമി കുലുക്കി മറിച്ച് കൊണ്ട് ആദിൽക്കാൻറെ ബുള്ളറ്റ് ലാൻഡ് ആയത് നമ്മളറിഞ്ഞു.അത് കേൾക്കേണ്ട താമസം ക്ലാസിലെ പാതി മുക്കാല് ഗേൾസും എണീറ്റ് വരാന്തയിലേക്ക് ഓടി. കൂടെ അച്ചുവും,പക്ഷേ നമ്മള് സീറ്റിൽ നിന്ന് എണീക്കാത്തത് കണ്ടപ്പൊ അച്ചുവും എൻറെ അടുത്ത് വന്നിരുന്നു.

"എന്തേ അൻറെ കാക്കൂനെ കാണാൻ പോയില്ലേ?" നമ്മളൊന്ന് ആക്കി ചോദിച്ചു.

"എന്നേക്കാൾ നീയല്ലെ അങ്ങേരെ കാണാൻ പോകണ്ടത്.നിനക്ക് കാണാതെ എനിക്കും കാണണ്ടാ..."

"എന്നാ വാ നമുക്കും പോയി ആ മുതലിനെ കാണാം."

അതും പറഞ്ഞ് സീറ്റിന്ന് എണീറ്റില്ല അപ്പോഴേക്കും പോയവരൊക്കെ തിരിച്ചും വന്നു, ബെല്ലും അടിച്ചു.

ഞങ്ങൾ രണ്ടാളും ഒരു മാതിരി പ്ലിംഗസ്യ ആയ പോലെയായി.അത് മുഖത്ത് കാണിക്കാതിരിക്കാൻ രണ്ടാളും ശ്രമിച്ചുനോക്കിയെങ്കിലും പരസ്പരം നോക്കുമ്പോൾ തന്നെ ചിരി പൊട്ടി വന്നു.

ഞങ്ങളുടെ ചിരി കണ്ടിട്ട് കാര്യം പിടി കിട്ടാതെ മറ്റു മൂന്നു പേരും ഞങ്ങളെ നോക്കി നിക്കാണ്...

അങ്ങനെ ഫസ്റ്റ് പിരീഡ് തന്നെ നമ്മളെ റാഷി സാർ വന്ന് ക്ലാസെടുത്തു.ഞാനും അച്ചുവും ഇടക്കിടക്ക് മുഖത്ത് നോക്കുമ്പോ നേരത്തെ പ്ലിംഗസ്യ ആയ കാര്യം ഓർത്ത് ചിരിക്കും.മറ്റു മൂന്ന് പേരും ആണെങ്കിൽ

ഞങ്ങളെ ചിരി കണ്ടിട്ട് അവരും ചിരിക്കും. സാറ് ക്ലാസ് എടുക്കുന്നതൊന്നും ഞങ്ങള് അഞ്ചും ശ്രദ്ധിക്കുന്നില്ല.

അച്ചു ഇന്നലത്തെ പോലെ എന്തോ കുത്തി വരക്കാണ്. നോക്കുമ്പോ ഇന്ന് ഞങ്ങൾ പ്ലിംഗിയതാണ് വിഷയം. അതും കൂടി കണ്ടപ്പൊ ശരിക്കും പൊട്ടിച്ചിരിച്ചു.

"എന്താ അവിടെ? ബാക്ക് ബെഞ്ച്... ദി ലാസ്റ്റ് വൺ ..വാട്ട് ഹാപ്പൻ?"

ബെസ്റ്റ് പുള്ളിക്കാരൻ നമ്മളെ പൊക്കി. ഞാൻ അച്ചുവിനെ പ്രാകി കൊണ്ട് എണീറ്റു.

സാർ വീണ്ടും ചോദ്യം ആവർത്തച്ചപ്പൊ ഒന്നുല്യാന്ന് പറഞ്ഞു. അങ്ങേര് അപ്പൊ നമ്മളെ അവിടെ നിർത്തിച്ചു.

നാലും കൂടി നമ്മളെ മുഖത്ത് നോക്കി ചിരിക്കാണ് പണ്ടാറങ്ങൾ. ഞാൻ അപ്പൊ തന്നെ അച്ചൂന് ഒരു ചവിട്ട്

കൊടുത്തു. അവളത് നസിക്കും, നസി അത് സനക്കും ,സന അത് ഷംനക്കും കൊടുത്തു.

ഹലാക്കിൻറെ അവുലും കഞ്ഞി എന്ന് പറഞ്ഞ അവസ്ഥയായിരുന്നു പിന്നീട് എൻറേത്.ആ ഷംന പെണ്ണ് കിട്ടിയത് അതുപോലെ സനക്കും,സന അത് നസിക്കും,നസി അത് അച്ചുവിനും,ഓളത് നമ്മക്കും തന്നു.ഓർക്കാപുറത്ത് കിട്ടിയ ചവിട്ടായതോണ്ട് നമ്മളെ ഒച്ച ഒരല്പം കൂടി പോയോന്ന് ഒരു സംശയം.

സംശയമല്ല കൂടിയിട്ടുണ്ട്.എല്ലാവരും നമ്മളെ നോക്കി ഒരു ചിരി ആണ്. കൂട്ടത്തിൽ ഈ നാലെണ്ണവും.

"എന്താടോ തൻറെ പ്രശ്നം? മര്യാദക്ക് ക്ലാസെടുക്കാനും സമ്മതിക്കില്ലേ? ക്ലാസ് തുടങ്ങിയ അന്ന് തന്നെ പുറത്ത് പോയി നിൽക്കണോ?"

സാറ് പറയുന്നത് കേട്ട് നാലും വായ പൊത്തിപിടിച്ച് ചിരിക്കാണ്.

ശരിയാക്കി തരാം.

"സാർ അശ്വതി എൻറെ കാലിൽ ചവിട്ടി." നമ്മള് ചിണുങ്ങി കൊണ്ട് അവളെ ചൂണ്ടിക്കാട്ടി.

അവള് ഞാനൊന്നും ചെയ്തില്ല എന്ന് തലയാട്ടി നസിയെ ചൂണ്ടിക്കാട്ടി, നസി അതുപോലെ സനയേയും,സന ഷംനയേയും ചൂണ്ടി. ഷംന തിരിച്ച് സനയെയും സന നസിയേയും നസി അച്ചുവിനേയും അച്ചു നമ്മളേയും ചൂണ്ടി.

പോരേ പൂരം...ക്ലാസ് മൊത്തം ഭയങ്കര ചിരി. സാറിനും ചിരി വന്നിട്ടുണ്ട്. സാറ് ചിരി പുറത്ത് കാണിക്കാതെ നമ്മളെ നോക്കി ചിരിച്ച നാലെണ്ണത്തേയും നമ്മളെ കൂടെ നിർത്തിച്ചു.

"ഇനി ഇതുപോലെ വല്ല ശബ്ദവും ഉണ്ടാക്കിയാൽ അഞ്ചിനേയും എടുത്ത് വെളിയിൽ കളയും."

അതും പറഞ്ഞ് സാറ് തിരിഞ്ഞു നിന്ന് ബോർഡിൽ എന്തോ എഴുതി കൊണ്ടിരുന്നു. ഞാൻ അവരെ നാലിനേയും മാറി മാറി നോക്കി അങ്ങനെ തന്നെ

വേണം എന്ന് പറഞ്ഞ് ചിരിച്ചു.

നാലും ഒരേ പോലെ നമ്മളെ നോക്കി കണ്ണുരുട്ടി.നമ്മള് ശബ്ദം പുറത്ത് വരാത്ത രീതിയിൽ പൊട്ടിച്ചിരിച്ചു.

"ആയിഷ ഫെബീ..."

മൂപ്പര് നമ്മളെ പേര് പറഞ്ഞിട്ട് ആളെ തിരയാണ്.

നമ്മള് അപ്പൊ തന്നെ കൈ പൊക്കി.

"ഓ..താനായിരുന്നോ? തന്നെ പ്രിൻസിപ്പൽ വിളിക്കുന്നുണ്ട്.ചെല്ല്..."

അത് കേട്ടപ്പൊ എല്ലാരും നമ്മളെ ഒരു നോട്ടം.അപ്പോഴാ അച്ചുവിന്റെ വക ശബ്ദം താഴ്ത്തി കൊണ്ട് ഒരു നിർദേശം.

"മിക്കവാറും നീ ഇന്ന് രാവിലെ കാണിച്ച് കൂട്ടിയത് അവര് കംപ്ലെൻറ് ചെയ്ത് കാണും.അതിനാകും

വിളിക്കുന്നത്.ക്ലാസ് തുടങ്ങിയില്ല അതിന് മുന്നേ വന്നു സസ്പെൻഷൻ.അപ്പൊ ഇനി കുറച്ച് ദിവസത്തിന് നമ്മള് ഫെബിയെ കാണില്ല." അതും പറഞ്ഞ് നാലും പുറമേ ചിരിച്ചു എന്കിലും എനിക്കറിയാം എന്നേക്കാൾ ടെൻഷനുണ്ട് അവർക്കെന്ന്.

"നീ പറഞ്ഞിട്ടല്ലെടീ ഭദ്രകാളി അവനെ ഞാൻ തല്ലിയത്." നമ്മളത് പറഞ്ഞ് തീരും മുന്നെ സാറ് നമ്മളോട് പറഞ്ഞു.

"എന്താ താൻ പോകുന്നില്ലേ? അതോ ഇനി പ്രിൻസിപ്പലിനെ ഇങ്ങോട്ട് വിളിപ്പിക്കണോ?"

അത് കേട്ട് നാലും വീണ്ടും ചിരിക്കാൻ തുടങ്ങി. എനിക്ക് ആണെങ്കിൽ അയാളെ പറച്ചില് കേട്ടിട്ട് ചിരി ഒന്നും വന്നില്ല.

"അതല്ല സാർ,ഇവര് പറയാ ഇവർക്കും പ്രിൻസിപ്പലിനെ കാണണം.ഇതുവരെ ആ സാധനത്തിനെ കണ്ടിട്ടില്ലാന്ന്."

നമ്മള് പറയുന്നത് കേട്ട് നാലിൻറെയും കണ്ണ് പുറത്ത്

ചാടാനായിട്ടുണ്ട്.

"അവർക്ക് പ്രിൻസിപ്പലിനെ ഞാൻ കാണിച്ചു കൊടുത്തോളാം താൻ ചെല്ല്..."

നമ്മള് ഓരെയൊക്കെ നോക്കി കണ്ണിറുക്കി ചിരിച്ചിട്ട് പുറത്തേക്കിറങ്ങി പ്യൂണിൻ്റെ പിന്നാലെ ഓഫീസ് ലക്ഷ്യമാക്കി നടന്നു. എന്തിനാ വിളിപ്പിച്ചതെന്ന് അറിയാതെ.

(തുടരും)

ഭാഗം.18

ക്ലാസിൽ നിന്നും പുറത്തേക്കിറങ്ങിയ നമ്മള് പ്യൂണിൻ്റെ പിന്നാലെ നടക്കാൻ തുടങ്ങി. എന്തിനാവും പ്രിൻസിപ്പൽ വിളിച്ചതെന്ന് അറിയാതെ.

'ഇനി അച്ചു പറഞ്ഞ പോലെ അവൻമാര് കംപ്ലൈൻ്റ്

ചെയ്തതാവോ?

ഏയ്...അവൻമാര് അങ്ങനെ ചെയ്യില്ല,കാരണം തെറ്റ് അവരെ ഭാഗത്താണ്.

പിന്നെ എന്തിനാവും എന്നെ വിളിപ്പിച്ചത്?

ഇയാളോട് ചോദിച്ച് നോക്കിയാലോ?'

അങ്ങനെ നമ്മള് ആ പ്യൂണിൻറെ പിന്നാലെ നടന്ന് ചോദിച്ചു എന്തിനാ വിളിപ്പിച്ചതെന്ന്.

നമ്മളൊരു സാധനം കൂടെ ഉള്ള പോലെ അല്ല അയാളെ പെരുമാറ്റം. നമ്മളെ ഒന്ന് നോക്കുന്നത് പോലും ഇല്ല. എനിക്ക് ആണെങ്കിൽ ദേഷ്യം വന്ന് ഇങ്ങെത്തിയിരുന്നു. അയാൾക്കിട്ട് ഒന്ന് കൊടുത്താലോ എന്ന് വരെ ചിന്തിച്ചു.പിന്നെ നമ്മളെ ഉപ്പാൻറെ പ്രായം കാണും അയാൾക്ക്,അതോണ്ട് വെറുതെ വിട്ടു.

'പടച്ചോനേ... ഇയാളൊന്നും മിണ്ടുന്നില്ലല്ലോ...

ഇനി നമ്മളെ കൊല്ലാൻ എങ്ങാനും കൊണ്ട് പോകാണോ?'

പെട്ടെന്ന് അയാൾ ലൈബ്രറിയുടെ മുന്നിൽ നിന്നു.എന്നിട്ട് നമ്മളോട് അകത്തേക്ക് കയറാൻ പറഞ്ഞു.

നമ്മള് അയാളെ ഒന്ന് അടിമുടി നോക്കിയിട്ട് ലൈബ്രറിയിലേക്ക് കാലെടുത്ത് വെച്ചതും ആരോ എൻറെ കയ്യിൽ പിടിച്ച് വലിച്ചു. നമ്മള് നേരെ ഒരു മേശയിൽ പോയി തട്ടി നിന്നു.

ദേഷ്യം കൊണ്ട് എൻറെ പെരുവിരല് മുതലങ്ങ് എരിഞ്ഞ് കേറി. അതാരായാലും ഇന്നോൻറെ മയ്യിത്താണെന്ന് കണക്ക് കൂട്ടി തിരിഞ്ഞ് നോക്കിയപ്പൊ സിയാദ്ക്കയും അൻസാർക്കയും നമ്മളെ നോക്കി നിൽക്കാണ്. എരിഞ്ഞ് കേറി വന്ന ദേഷ്യം എങ്ങോട്ടാ ഇറങ്ങി പോയതെന്ന് പടച്ചോൻ അറിയാ.

സിയാദ്ക്ക നമ്മളെ മുഖത്തേക്ക് നോക്കുന്നില്ല,തല താഴ്ത്തി നിൽക്കാ. അപ്പൊ തന്നെ കാര്യം മനസ്സിൽ ആയി. സത്യാവസ്ഥ അറിഞ്ഞോണ്ട് ഉള്ള വരവാ.

അൻസാർക്ക പ്യൂണിൻറെ കയ്യിൽ എന്തോ ചുരുട്ടി കൂട്ടി കൊടുത്തു. അയാൾക്ക് കിട്ടേണ്ടത് കിട്ടിയപ്പൊ അയാള് പോയി.

നമ്മള് അവിടന്ന് ഒരു മാഗസിനും എടുത്ത് ഒരു ബെഞ്ചിൽ ഇരുന്നു. ഫസ്റ്റ് പിരീഡ് ആയതോണ്ട് ആകും രാജേഷ് സാറ് അടക്കം ആരും ലൈബ്രറിയിൽ ഇല്ലേന്നു.

അൻസാർക്ക മെല്ലെ സോപ്പിട്ടോണ്ട് എൻറെ അടുത്ത് വന്നിരുന്നു. നമ്മളത് മൈൻറ് ചെയ്യാതെ ആ മാഗസിൻറെ ഓരോ പേജും മറിച്ചോണ്ടിരുന്നു.

"ഫെബീ....നീ ഞങ്ങളോട് പിണക്കാണോടാ...

സോറി മുത്തേ...പെട്ടെന്ന് നിന്നെ അവൻറെ കൂടെ കണ്ടപ്പോ ഞങ്ങക്ക് സഹിച്ചില്ല. അതാ രാവിലെ അങ്ങനെയൊക്കെ..."

അൻസാർക്ക ഇത് പറയുമ്പോഴും നമ്മള് സിയാദ്ക്കാനെ നോക്കായിരുന്നു. പുള്ളിക്കാരൻ

നമ്മളെ മുഖത്തേക്ക് നോക്കുന്നതേ ഇല്ല. ഇപ്പോഴും തല താഴ്ത്തി നിൽക്കാ.

എനിക്കെന്തോ സിയാദ്ക്ക തല താഴ്ത്തി നിൽക്കുന്നത് കണ്ടപ്പൊ അതിലേറെ ദേഷ്യം വന്നു.

"എനിക്ക് ക്ലാസിൽ പോകണം.ഒരുപാട് പഠിക്കാനുണ്ട്.ക്ലാസ് കട്ട് ചെയ്ത് ഇവിടെ വന്നിരിക്കാൻ എന്നെ കിട്ടില്ല."

നമ്മളെ പറച്ചില് കേട്ടിട്ട് അൻസാർക്ക നല്ല ചിരി.

"എന്തിനാ എൻ്റെ ഫെബീ നീ ഇങ്ങനെ പൊള്ള് പറയുന്നത്? ക്ലാസിലേക്ക് പോയിട്ട് അൻക്ക് പ്രത്യേകിച്ച് പണിയൊന്നും ഇല്ലല്ലൊ? ക്ലാസ് എടുക്കുമ്പൊ സംസാരിച്ചിട്ട് സാറ് നിന്നെ എണീപ്പിച്ച് നിർത്തിയത് ഞങ്ങൾ കണ്ടതാ. അതാ നിന്നെ ഇങ്ങോട്ട് വിളിപ്പിച്ചത്."

അത് കേട്ടപ്പൊ നമ്മള് ചെറുതായി ഒന്ന്

നാറിയെൻകിലും അത് മൈൻറാക്കിയില്ല.

"അത് പിന്നെ... പഠിക്കുന്ന പിള്ളേരെ എല്ലാരും ശ്രദ്ധിക്കാൻ വേണ്ടിയാ എണീപ്പിച്ച് നിർത്തുന്നത്.അല്ലാതെ ക്ലാസ് ശ്രദ്ധിക്കാഞ്ഞിട്ടല്ല."

നമ്മളെ മറുപടി കേട്ട് അൻസാർക്ക ഒന്ന് നീട്ടി മൂളി. നമ്മള് അപ്പോ തന്നെ മുഖം തിരിച്ചു. അപ്പോഴും സിയാദ്ക്ക തല താഴ്ത്തി നിൽക്കാ.ആ നിൽപ് കണ്ടപ്പൊ ഒരൊറ്റ വീക്ക് വെച്ച് കൊടുക്കാനാ തോന്നിയത്.അതോണ്ട് ക്ലാസിലേക്ക് പോകാൻ തീരുമാനിച്ചു.

നമ്മള് അവിടന്ന് എണീറ്റ് ക്ലാസിലേക്ക് പോകാൻ നിന്നപ്പൊ സിയാദ്ക്ക എൻറെ കയ്യിൽ പിടിച്ചു. എന്നിട്ട് നമ്മളെ മുഖത്തേക്ക് നോക്കാതെ തല താഴ്ത്തി കൊണ്ട് സോറി പറഞ്ഞു.

ഞാൻ ഒന്നും തിരിച്ച് മറുപടി പറയാതെ സിയാദ്ക്കാനെ തന്നെ നോക്കി.

നമ്മള് മിണ്ടാത്തത് കണ്ടപ്പൊ ചെക്കൻ നമ്മളെ മുഖത്തേക്ക് നോക്കി.

"സോറി പെണ്ണേ...കാര്യം അറിയാതെ ഞാൻ അന്നോട് ഒരിക്കലും അങ്ങനെ പറയാൻ പാടില്ലായിരുന്നു...

എൻ്റെ തെറ്റ് തന്നെയാ...അതിനു ഞാനെന്ത് പ്രായശ്ചിത്തം വേണേലും ചെയ്യാം.

പക്ഷേ നീ ഞങ്ങളോട് മിണ്ടാതിരിക്കരുത് പ്ലീസ്..... അറ്റ്ലീസ്റ്റ് ഒരു തെറിയെൻകിലും വിളിക്ക്...

പക്ഷേ,ഞങ്ങളോട് മിണ്ടാതിരിക്കല്ലെ.."

സിയാദ്ക്കാൻ്റെ ഈ ഭാവം കണ്ടപ്പൊ ശരിക്കും നമ്മള് ഞെട്ടി. ഇതുവരെ കലിപ്പിൽ അല്ലാതെ മൂപ്പരെ കണ്ടിട്ടില്ല. പക്ഷേ ഇപ്പൊ ആകെ മുഖമൊക്കെ വാടി കലിപ്പൊക്കെ പോയി കരച്ചിലിന് വക്കോളം എത്തിയ പോലെ തോന്നി.

എനിക്കത് കാണാൻ തീരെ താല്പര്യം

ഇല്ല.സിയാദ്ക്കാൻറെ കലിപ്പ് തന്നെയാണ് മൂപ്പർക്ക് മേച്ച്.

ഇനി നമ്മള് ഇവിടെ നിന്നാല് സീൻ കോൺട്രയാകുമെന്ന് തോന്നി. സിയാദ്ക്കാൻറെ കയ്യിൽ നിന്ന് നമ്മളെ കൈ വിടുവിപ്പിച്ചിട്ട് ലൈബ്രറി വിട്ട് ഇറങ്ങി. രണ്ടടി മുന്നോട്ട് നടന്നിട്ട് തിരിഞ്ഞ് നോക്കിയപ്പൊ രണ്ടും നമ്മളെ നോക്കി നിൽക്കാണ്.

"ഇൻറ്റർവെല്ലിന് ഞങ്ങൾ കാൻറീനിൽ കാണും, എന്ത് ഉണ്ടെങ്കിലും അപ്പൊ സംസാരിക്കാം."

നമ്മളതും പറഞ്ഞ് ക്ലാസിലേക്ക് നടന്നു. ക്ലാസിലേക്ക് നടക്കുമ്പോഴും എൻറെ ചിന്ത സിയാദ്ക്കാനെ കുറിച്ച് ആയിരുന്നു.

'മൂപ്പർക്ക് എന്താ എന്നോട് മാത്രം ഒരു അനുകമ്പ? ഞാൻ മിണ്ടാതെ പോകുന്നതിന് സിയാദ്ക്ക എന്തിനാ വിഷമിക്കുന്നത്?

പരിചയപ്പെട്ടിട്ട് രണ്ട് ദിവസം പോലും

ആയില്ല.അപ്പോഴേക്കും സിയാദ്ക്ക എന്നോട് മാത്രം എങ്ങനെ ഇത്രക്ക് അടുപ്പം കൂടിയത്?

എൻ്റെ കാര്യത്തിൽ ഒക്കെ എന്തിനാ സിയാദ്ക്ക ഇടപെടുന്നത്?'

ഇങ്ങനെ ഉത്തരം കിട്ടാത്ത ഒരുപാട് ചോദ്യങ്ങളുമായി നടന്നു നടന്ന് ക്ലാസിൽ എത്തിയത് നമ്മള് അറിഞ്ഞില്ല.

ക്ലാസിൽ സാറ് ഇല്ലെന്നു.അതോണ്ട് കേറി ചെന്നപ്പൊ തന്നെ പലരിൽ നിന്നും ചോദ്യം ഉയർന്നു.എന്തിനാ പ്രിൻസിപ്പൽ വിളിച്ചതെന്ന്.

ഒന്നുല്യാന്ന് പറഞ്ഞ് നമ്മള് സീറ്റിൽ പോയി ഇരുന്നു.

"എന്താ ഫെബീ...

എന്തിനാ പ്രിൻസിപ്പൽ വിളിപ്പിച്ചത്? നിൻ്റെ മുഖം ഒക്കെ വാടിയല്ലൊ.എന്താടീ ആ പ്രിൻസി രാവിലെ ഉണ്ടായ സംഭവം അറിഞ്ഞോ? എടീ വായ തുറന്ന് നീ എന്തെങ്കിലും പറയുന്നുണ്ടോ?"

നാല് പേരും മാറി മാറി ചോദ്യം ചെയ്യാണ്.ഇവരെ ഒന്ന് കളിപ്പിക്കാമെന്ന് എനിക്ക് തോന്നി.

ബാഗ് തുറന്നിട്ട് ബുക്കൊക്കെ എടുത്ത് വെച്ചു.എന്നിട്ട് ബാഗ് തോളിലിട്ടിട്ട് എണീറ്റു.

"ഫെബീ...നീയീ ബാഗൊക്കെ എടുത്തോണ്ട് എങ്ങോട്ട് പോവാ?"

"ഞാൻ പോവാ അച്ചൂ...എന്നോട് പ്രിൻസിപ്പൽ രണ്ടാഴ്ച വീട്ടിൽ പോയി ഇരിക്കാൻ പറഞ്ഞു. ഇപ്പൊ നാലിനും തൃപ്തി ആയല്ലൊ എന്നെ സസ്പെൻറ് ചെയ്തപ്പൊ?"

നമ്മള് കുറച്ച് വിഷാദമൊക്കെ മുഖത്ത് വരുത്തി അവരെ നോക്കി.

"എടീ ഫെബീ...ഞങ്ങള് അപ്പൊ നിന്നെ വെറുതെ

ചൂടാക്കാൻ പറഞ്ഞതല്ലേ? അപ്പോഴേക്കും അങ്ങര് അനക്ക് സസ്പെൻഷൻ തരുമെന്ന് ഞങ്ങള് കരുതിയോ?"

അവരും ഏകദേശം ചിണുങ്ങി കൊണ്ട് കരയാൻ ആയ പോലെ ആയിരുന്നു. നമ്മക്ക് ചിരി വന്നെങ്കിലും അത് പുറത്ത് കാണിക്കാതെ പിടിച്ച് വെച്ചു.

"ആ...ഇനി പറഞ്ഞിട്ടൊന്നും ഒരു കാര്യവുമില്ല.എന്തായാലും ഞാൻ പോവാണ്. ഇനി രണ്ടാഴ്ച കഴിഞ്ഞ് കാണാം. നിങ്ങള് പൊളിക്ക്."

എന്ന് പറഞ്ഞ് നമ്മള് ക്ലാസിൽ നിന്ന് നടന്നു.പോകല്ലെ ഫെബീ എന്നൊക്കെ ആരൊക്കെയോ വിളിച്ച് കൂവുന്നുണ്ട്.അച്ചു ആണെങ്കിൽ ഭയങ്കര കരച്ചിലും. നമ്മള് ആണെങ്കിൽ ഭയങ്കര ചിരിയും.

ക്ലാസിൽ നിന്നും ഇറങ്ങി വരാന്തയിലൂടെ അങ്ങനെ നമ്മള് നടന്നു.

"ദേണ്ടാ.... കാലകേയൻ വരുന്നു കൊട

ചൂടിക്കോാാാ..."

എന്ന് പറഞ്ഞ് നമ്മളൊരു പാച്ചിലായിരുന്നു തിരിച്ച് ക്ലാസിലേക്ക്.നമ്മളെ തിരിച്ചുള്ള ഓട്ടം കണ്ടിട്ട് നാലും അന്തം വിട്ട് നിൽക്കാ. വേഗം സീറ്റിൽ പോയി ഇരുന്നിട്ട് ബുക്കൊക്കെ എടുത്ത് തുറന്ന് വെച്ചു. അപ്പോഴും നാലും നമ്മളെ നോക്കി നിൽക്കാണ്.

അച്ചു കണ്ണൊക്കെ തുടച്ചിട്ട് നമ്മളെ അടിമുടിയൊന്ന് നോക്കി.

"നീയെന്താ പോയില്ലേ ഫെബീ..."

"നിനക്കെന്താ ഞാൻ പോകാഞ്ഞിട്ട് വിഷമായോ?"

അപ്പോഴേക്കും കാലകേയൻ ക്ലാസിൽ കേറി വന്നു. നമ്മള് എണീറ്റ് നിന്നു എങ്കിലും ബാക്കി നാലെണ്ണവും സീറ്റിൽ നിന്ന് അനങ്ങിയിട്ടില്ല. അയാളത് കണ്ടു.ഞാൻ നാലെണ്ണത്തിനോടും എണീക്കാൻ പറഞ്ഞു.നാലും

നമ്മളെ നോക്കി ഇരിക്കാണ്,ക്ലാസില് അയാള് വന്നതൊന്നും അറിഞ്ഞിട്ടില്ല.

അയാള് ഞങ്ങളെ എല്ലാവരേയും ഇരുത്തിച്ചു.പക്ഷേ നമ്മളെ നാലെണ്ണത്തേയും എണീപ്പിച്ച് നിർത്തിയിട്ട് അയാള് ക്ലാസെടുത്തു.

നമ്മള് നാലെണ്ണത്തേയും നോക്കി ചിരിച്ചോണ്ട് ഇരുന്നു. നാലിനും നമ്മളെ എന്തിനാ പ്രിൻസി വിളിപ്പിച്ചതെന്ന് അറിയണം.അതിൻറെ തൊരയുണ്ട്.

അച്ചു നമ്മളോട് പ്രിൻസി എന്തിനാ വിളിച്ചതെന്ന് ചോദിച്ചു. നമ്മളത് ഒരു പേപ്പറിൽ നടന്നതൊക്കെ എഴുതി കൊടുത്തു. അത് വായിച്ച് കഴിഞ്ഞപ്പൊ നാലും നമ്മളെ ഒരു നോട്ടമാണ്. നമ്മളുമൊന്ന് ചിരിച്ച് കൊടുത്തു. അവളപ്പൊ തന്നെ കയ്യിൽ കിട്ടിയ ബുക്ക് എടുത്ത് നമ്മളെ തലക്ക് അടിച്ചു.

ശബ്ദം കേട്ട് കാലകേയൻ അവരെ ഒരു നോട്ടം. എന്നിട്ട് എന്തൊക്കെയോ അയാള് വിളിച്ചു കൂവി. ഷംന മുഖം

അവളുടെ കർച്ചീഫ് കൊണ്ട് പൊത്തിയാണ് നിന്നത്.അത്രക്ക് മഴയാണ്.അയാള് പറഞ്ഞത് നമ്മക്കൊന്നും മനസ്സിൽ ആയില്ലെന്കിലും അവരുടെ നാല് പേരുടേയും രൂക്ഷമായിട്ടുള്ള നോട്ടം കണ്ടപ്പൊ ചിരി വന്നു.പ്രത്യേകിച്ച് ഷംനൻറെ മുഖം.

അയാൾ വീണ്ടും ക്ലാസ് എടുക്കാൻ തുടങ്ങി. ഇപ്രാവശ്യം നമ്മളായിരുന്നു കാർട്ടൂൺ വരച്ചത്. നാലിനേയും പിടിച്ച് നിർത്തിയിട്ട് കുട ചൂടി നിൽക്കുന്നതാണ് രംഗം.അച്ചുവിന്റെ അത്രക്ക് ഒന്നും ഇല്ലെങ്കിലും കുറച്ചൊക്കെ നന്നാക്കി വരച്ചിട്ടുണ്ട്. അത് ഞാൻ നാലെണ്ണത്തിനും അപ്പൊ തന്നെ കാണിച്ച് കൊടുത്തു. അതുവരെ മോന്ത ഗൗരവത്തിൽ വെച്ച നാലും ചിരിക്കാൻ തുടങ്ങി. അതും സൈലൻറായി കിടക്കുന്ന ക്ലാസിൽ.പോരേ പൂരം...

അയാള് വീണ്ടും നാലെണ്ണത്തിനേയും എന്തൊക്കെയോ പറഞ്ഞു. പാവം ഷംന അവളുടെ കാര്യമാണ് കഷ്ടത്തിലായത്.പെണ്ണ് ആകെ പെട്ട അവസ്ഥയിലാണ്.നമ്മളോ..നാലിനേയും നോക്കി ചിരിക്കലും.

പക്ഷേ, പണി വാങ്ങാൻ മാത്രമല്ല അത് തിരിച്ച് കൊടുക്കാനും അറിയുമെന്ന് നമ്മളെ ചൻക്സ് അപ്പൊ തന്നെ തെളിയിച്ചു. നമ്മക്കും കിട്ടി പണി പാലും വെള്ളത്തിൽ.

അച്ചു അയാൾക്ക് നമ്മള് വരച്ചതാണെന്നും പറഞ്ഞ് ആ കാർട്ടൂൺ കാണിച്ച് കൊടുത്തു.

"മര്യാദക്ക് ക്ലാസിൽ ശ്രദ്ധിക്കാൻ പറ്റില്ല.ചിത്രം വരച്ച് കളിക്കാ..എന്നാ പിന്നെ അതെന്കിലും ഒന്ന് നേരാംവണ്ണം ചെയ്തിട്ടുണ്ടോ അതും ഇല്ല........"

ഇങ്ങനെ എന്തോക്കെയോ അങ്ങേര് വിളിച്ച് പറഞ്ഞു. ഇത് തന്നെ നമ്മളെങ്ങനെ മനസ്സിലാക്കിയതെന്ന് പടച്ചോനെ അറിയൂ.

അയാള് നമ്മളെ കുരാമീസിനെ അവിടെ ഇരുത്തി .പകരം നമ്മളെ നിർത്തിച്ചു. എല്ലാരും നമ്മളെ നോക്കി ഭയങ്കര ചിരി. നമ്മളും തിരിച്ച് നല്ലൊരു

ചിരിയങ്ങ് പാസാക്കി.

ഭാഗ്യത്തിന് കുറച്ച് നേരേ നിൽക്കേണ്ടി വന്നുള്ളൂ...അപ്പോഴേക്കും ബെല്ലടിച്ചു. അയാള് ഇറങ്ങി പോയതും നാലും കൂടി നമ്മളെ പുറത്ത് തബല വായിക്കാൻ തുടങ്ങി. അവസാനം എന്തൊക്കെയോ പറഞ്ഞ് നമ്മള് പ്രോബ്ലം സോൾവാക്കി.

"എന്നാ വാ നമുക്ക് കാൻറീനിൽ പോകാം.അവൻമാര് അവിടെ എത്തി കാണും."

അച്ചു പറഞ്ഞപ്പോഴാ നമ്മള് തന്നെ ആ കാര്യം ഓർക്കുന്നത്. പിന്നെ ഒന്നും നോക്കിയില്ല, ഞങ്ങൾ അഞ്ചും കൂടി കാൻറീനിലേക്ക് നടന്നു.

കാൻറീനിൽ എത്തിയപ്പൊ കാൻറീൻ കാലിയായി കിടക്കാണ്. അകത്ത് ആരുമില്ല.

"എടീ നസീ..

കാൻറീൻ ഇനി ഇവിടെനിന്ന് എങ്ങാനും മാറ്റിയിട്ടുണ്ടോ?"

"ഇല്ല ടീ...ഇത് തന്നെയാ കാൻറീൻ.എനിക്കൊറപ്പാ."

"എന്നിട്ട് ഇവിടെ ഒറ്റ ഒന്നിനേയും കാണുന്നില്ലല്ലോ."

"ഫെബീ എനിക്കെന്തോ പേടിയാകുന്നു.നമുക്ക് ക്ലാസിലേക്ക് തിരിച്ച് പോയാലോ?"

"നീയെന്തിനാ സനാ ഇങ്ങനെ പേടിക്കുന്നെ..ഞങ്ങളില്ലെ നിൻറെ കൂടെ?"

"ഹലോ...പഞ്ചവരേ...ഞങ്ങളിവിടെയുണ്ട്..."

ശബ്ദം കേട്ട് തിരിഞ്ഞ് നോക്കിയപ്പൊ സിയാദ്ക്കയും അൻസാർക്കയും മിഥുനേട്ടനും ജോണച്ചായനും ഒരു ടേബിളിന് ചുറ്റും ഇരിക്കുന്നുണ്ട്.

കുറച്ച് കഴിഞ്ഞപ്പൊ ഓരോരുത്തര് കാൻറീനിലേക്ക് കേറി വരാൻ തുടങ്ങി. അപ്പൊ അവൻമാര് ഞങ്ങളോട് അങ്ങോട്ട് അവരുടെ അടുത്ത് വന്നിരിക്കാൻ പറഞ്ഞു. നമ്മളത് മൈൻറാക്കാതെ അവിടെയുണ്ടായിരുന്ന ഒരു സീറ്റിൽ ഇരുന്നു.കൂടെ നമ്മളെ കുരാമീസും.

അതു കണ്ടപ്പൊ നാലും കൂടി ഞങ്ങളെ അടുത്ത് വന്നു. സിയാദ്ക്ക എൻറേയും അച്ചുവിൻറേയും നടുക്ക് ഒരു കസേരയിട്ടിരുന്നു.

"ഹായ് അശ്വതി.." സിയാദ്ക്ക അച്ചുവിനോട് ഹായ് പറഞ്ഞു. പെണ്ണ് അപ്പൊ തന്നെ മുഖം തിരിച്ച് കളഞ്ഞു.

ഞങ്ങൾ അഞ്ച് പേരും അവരെ മൈൻറാക്കാതെ ഞങ്ങളെ ഓരോ കാര്യങ്ങളിൽ ഏർപ്പെട്ടു. ഞാനും അച്ചുവും ഞങ്ങളെ പഴയ ജോലി തന്നെ വീണ്ടും തുടങ്ങി. മാർക്കിടൽ.

"എടീ അച്ചു...ആ ബ്ലാക്ക് കളർ ഷർട്ടിട്ട അവനെ

കണ്ടോ? എന്നാ ഗ്ലാമറാലേ?"

"കറക്ട് ഫെബീ..പോരാത്തതിന് സിക്സ് പാക്കും. ഞാൻ ഓന് ഒരു 8 കൊടുക്കുന്നു."

"ഏയ് അത്രക്കൊന്നുമില്ല.ഞാൻ 6 കൊടുക്കൊള്ളൂ."

ഞങ്ങളെ സംസാരം കേട്ടിട്ട് ഞങ്ങളെ ഇടയിൽ ഇരിക്കുന്ന ആൾക്ക് കലിപ്പ് കൂടുന്നുണ്ടെന്ന് നമ്മക്ക് തോന്നി. തോന്നിയതല്ല,കൂടിയിട്ടുണ്ട്. ടേബിളിലേക്ക് ആഞ്ഞൊരു അടിയാണ് കലിപ്പൻ.

നമ്മള് ചെറുതായിട്ട് ഒന്ന് പേടിച്ചൂട്ടോ,കലിപ്പൻറെ ന്യൂ വെർഷൻ കണ്ടപ്പൊ. പക്ഷേ അത് പുറത്ത് കാണിച്ചില്ല. നമ്മള് പുറമേ ചിരിക്കാ ആയിരുന്നു.

കലിപ്പൻ വീണ്ടും ശാന്തനായിട്ട് സിയാദ്ക്ക ആയി മാറി.

"ഫെബീ.....സോറി....ഞാൻ പെട്ടെന്നുള്ള അപ്പോഴത്തെ

ദേഷ്യത്തിന് ...

എന്തൊക്കെയോ വിളിച്ചു കൂവി....

അത് എനിക്ക് അന്നോടുള്ള ഇഷ്ടം കൊണ്ടാ...

നിന്നെ ഞാൻ എൻറെ സ്വന്തം പെങ്ങളായി കണ്ടതോണ്ടാ അപ്പോ......"

സിയാദ്ക്ക പറയാൻ വാക്കുകൾ കിട്ടാതെ പരതുന്നത് നമ്മള് നോക്കി നിന്നു. മൂപ്പര് കരയാനായി വെമ്പൽ കൊള്ളുന്ന പോലെ തോന്നി.

പക്ഷേ നമ്മളൊന്നും തിരിച്ച് മിണ്ടിയില്ല.

"ഫെബീ...സോറി....ഒരായിരം വട്ടം സോറി....

നിനക്ക് എന്നോട് ഇപ്പോഴും ദേഷ്യം ആണെങ്കിൽ നിൻറെ ദേഷ്യം തീരുന്ന വരെ തല്ലിക്കോ...ഞാൻ കൊണ്ടോളാം."

നമ്മള് അപ്പോഴും ഒന്നും മിണ്ടാതെ തല തിരിച്ചു.അൻസാർക്കയും മിഥുനേട്ടനും ജോണച്ചായനും നമ്മളോട് എന്തോ പറയാൻ തുടങ്ങി

എങ്കിലും സിയാദ്ക്ക അവരെ തടഞ്ഞു.

എന്നിട്ട് മൂപ്പര് തന്നെ പറയാൻ തുടങ്ങി.

"ഫെബീ...പ്ലീസ്....നീയെന്തെൻകിലും ഒന്ന് പറയ്.....ഇന്ന് നിന്നോട് അങ്ങനെ പെരുമാറിയതിന് നീ എന്ത് പറഞ്ഞാലും ഞാനത് ചെയ്യാം. പക്ഷേ നീ ഞങ്ങളോട് പിണങ്ങി പോകരുത്."

അത് പറഞ്ഞപ്പൊ ഞാൻ നമ്മളെ കുരാമീസിനെ ഒന്ന് നോക്കി.നാലും ചിരിച്ചോണ്ട് നീ ചോദിക്കടി എന്ന് ആംഗ്യം കാണിച്ചു.

"എന്ത് പറഞ്ഞാലും ചെയ്യോ?"

നമ്മളെ ചോദ്യം കേട്ടപ്പൊ നാലും പകച്ചു എങ്കിലും സിയാദ്ക്ക നമ്മളെ തന്നെ നോക്കി നിന്നു.

"നീ എന്ത് പറഞ്ഞാലും ചെയ്യാം.വേണെന്കിൽ ഈ ജീവൻ വരെ തരും."

അത് കേട്ടപ്പൊ ഞങ്ങൾ അഞ്ചിൻറേയും കണ്ണ് തള്ളി പോയി.പകച്ചു പോയി ഞങ്ങളെ കൗമാരം.

"ജീവനോ...ജീവനൊന്നും ഞങ്ങൾക്ക് വേണ്ട."

"പിന്നെ എന്താ എൻറെ പെങ്ങക്ക് വേണ്ടത്? പറയ് ഈ ആങ്ങളമാരോട്"

അൻസാർക്ക ഈ ഡയലോഗ് കാച്ചിയപ്പൊ ഞങ്ങൾ അഞ്ചും ഒന്ന് സൈലൻറായിട്ട് നാലെണ്ണത്തേയും ഒന്ന് നോക്കി.

"നിങ്ങളൊക്കെ എന്ത് ആങ്ങളമാരാ? ഇവിടെ വന്നിരുന്നിട്ട് എത്ര നേരമായി.ഇതുവരെ എന്തെങ്കിലും വേണോ,എന്തെങ്കിലും കഴിച്ചോന്നോ നിങ്ങള് ചോദിച്ചോ? ഒരു ഒലക്കീമലെ സോറിയും കൊണ്ട് വന്നിരിക്കുന്നു. അത് പുഴുങ്ങി തിന്നാൽ വിശപ്പ് മാറോ?"

പെട്ടെന്നുള്ള നമ്മളെ ഡയലോഗ് കേട്ടിട്ട് അന്തം വിട്ട്

നിൽക്കാണ് നാലും. പിന്നെ ഒരു ചിരിയുടെ പൂരമായിരുന്നു ഞങ്ങൾ എല്ലാരും കൂടി. കലിപ്പൻ്റെ മുഖത്തെ ചിരി കണ്ടപ്പൊ നമ്മക്ക് അതിലേറെ സന്തോഷായി.

"ഹൊ...എന്നാലും എൻ്റെ ഫെബീ...നീ ഞങ്ങളെ അങ്ങ് പേടിപ്പിച്ച് കളഞ്ഞല്ലൊ...

ഞാൻ കരുതി ഇന്നിവൻ നിന്നോട് പറഞ്ഞതിന് നീ എല്ലാരെ മുൻപിൽ വെച്ച് നിൻ്റെ കാല് പിടിച്ച് മാപ്പ് പറയിപ്പിക്കുമെന്നാ.."

"എന്തിന് അൻസാർക്ക? അതിൻ്റെ ആവശ്യമെന്താ? നിങ്ങളൊക്കെ ഞങ്ങളെ ബ്രദേഴ്സ് ആണെന്നല്ലെ പറഞ്ഞത്...അപ്പൊ കാക്കമാര് എന്തെങ്കിലും ഒക്കെ പറഞ്ഞൂന്ന് കരുതി എന്തിനാ മാപ്പൊക്കെ ചോദിക്കുന്നത്?"

"അപ്പൊ നിനക്ക് എന്നോട് ഒട്ടും ദേഷ്യമില്ലേ ഫെബീ?"

"എന്തിനാ കാക്കൂ ഞാൻ ഇങ്ങളോട് ദേഷ്യം

പിടിക്കുന്നത്? അറിഞ്ഞോണ്ട് ഒന്നും അല്ലല്ലോ നിങ്ങൾ അങ്ങനെ പറഞ്ഞത്.അതോണ്ട് അതൊക്കെ ഞാൻ അപ്പോഴേ വിട്ടു. പിന്നെ പെട്ടെന്ന് ഇങ്ങള് അങ്ങനെ ഒക്കെ പറഞ്ഞപ്പൊ വിഷമൊക്കെ ആയി...അത് പിന്നെ ഒരു ഐസ്ക്രീം വാങ്ങി തന്നാൽ തീരുന്ന പ്രശ്നേ ഉള്ളൂ...അല്ലെടീ.."

നമ്മള് നാലിനേയും ഒന്ന് നോക്കി. നാലും ഒപ്പം "പിന്നല്ലാതെ" എന്നും കൂടി പറഞ്ഞപ്പോഴേക്കും അൻസാർക്ക സീറ്റിൽ നിന്ന് എണീറ്റിട്ട് ഓർഡറെടുക്കാൻ തുടങ്ങി.

"എനിക്ക് ചോക്ലേറ്റ് ഫ്ലേവർ മതി."

നമ്മളാദ്യമേ ബുക്ക് ചെയ്തു.

"ഓഹോ...അപ്പൊ ബാക്കി നാലെണ്ണത്തിനും എന്താ വേണ്ടേ?"

അവരും അവർക്ക് വേണ്ടത് പറഞ്ഞു.അൻസാർക്ക അപ്പൊ തന്നെ അതൊക്കെ വാങ്ങാൻ പോയി.ഞങ്ങൾ

അപ്പൊ നല്ല കത്തി ആയിരുന്നു.

സിയാദ്ക്ക ആണെങ്കിലോ നമ്മളെ മുഖത്തേക്ക് നോക്കി കൊണ്ട് ഇരിക്കാ...

മൂപ്പരെ നോട്ടം കണ്ടാലെ അറിയാം ഇവിടെ ഒന്നുമല്ല കക്ഷിയെന്ന്. നമ്മള് മൂപ്പരെ കണ്ണിന് നേരെ കൈ കാണിച്ചു നോക്കി, നോ റെസ്പോൺസ്.

ഒടുക്കം മൂപ്പരെ ആ കട്ടി മീശ പിടിച്ച് ഒരു വലിയങ്ങ് വലിച്ചു. മൂപ്പര് "ആ...ഹ്" എന്ന് വിളിച്ചു കൂവി.

"എടീ സിയാാാ....നിന്നെ ഞാനുണ്ടല്ലൊ...."

വേദന കൊണ്ട് സിയാദ്ക്ക നമ്മളെ നേരെ കയ്യോങ്ങി കൊണ്ട് അങ്ങനെ പറഞ്ഞപ്പൊ ഞങ്ങളെല്ലാരും ഒന്ന് ഞെട്ടി.

പെട്ടെന്ന് സ്വബോധത്തിലേക്ക് വന്ന പോലെ എന്നെ ഒന്ന് നല്ലോണം നോക്കി. എന്നിട്ട് ആർക്കും മുഖം കൊടുക്കാതെ അവിടന്ന് എണീറ്റ് പോയി.

സിയാദ്ക്കാൻറെ കണ്ണ് നിറയുന്നത് ഞങ്ങള് കണ്ടു.

ആരാ സിയാ? അതാണ് നമ്മളെ മനസ്സിൽ ഓടി കൊണ്ട് ഇരുന്ന ചോദ്യം. ഞാൻ മിഥുനേട്ടനോടും ജോണച്ചായനോടും അത് ചോദിച്ചു.

"ആരാ സിയാ? പെട്ടെന്ന് എന്താ അവളെ പേരും പറഞ്ഞ് സിയാദ്ക്ക വിഷമിച്ച് ഇറങ്ങി പോയത്?"

എൻറെ ചോദ്യത്തിന് അവര് രണ്ടു പേരും ഒന്നും പറഞ്ഞില്ല. പകരം തലയും താഴ്ത്തി നിന്നു.

"ഹലോ പെങ്ങൾസ്...നിങ്ങള് പറഞ്ഞ ഐസ്ക്രീമൊക്കെ വന്നിട്ടുണ്ട്. വേഗം ഇതൊക്കെ കഴിച്ചിട്ട് ക്ലാസിൽ പോകാൻ നോക്ക്...."

അൻസാർക്ക അപ്പോഴാണ് ഞങ്ങളെ മുഖം ശ്രദ്ധിക്കുന്നത്.

"എന്താ ഫെബീ..

എന്താ പ്രശ്നം? സിയാദ് എവിടെ പോയി? നിങ്ങൾ വീണ്ടും പിണങ്ങിയോ?"

ഞങ്ങളാരും ഒന്നും മിണ്ടിയില്ല. പക്ഷേ മിണ്ടാതിരുന്നിട്ട് കാര്യമില്ലല്ലൊ അതാരാണെന്ന് അറിഞ്ഞല്ലെ പറ്റൂ.

"ആരാ സിയാ?"

നമ്മളെ ചോദ്യം കേട്ടപ്പൊ അൻസാർക്ക പതറുന്നത് ഞാൻ ശ്രദ്ധിച്ചു.

"സിയാ....അത്..."

"പറ അൻസാർക്ക ആരാ ഈ സിയാ...അവളെ പേര് പറഞ്ഞ് വിഷമിച്ചോണ്ട് എന്തിനാ സിയാദ്ക്ക ഇറങ്ങി പോയത്? പറ.."

"സിയാ...ഞങ്ങളെ പെങ്ങളായിരുന്നു. ഞങ്ങളെ സിയാദിൻറെ ഒരേയൊരു പെങ്ങൾ..."

"ഹൊ...അതാണോ? അതങ്ങ് പറഞ്ഞാൽ പോരെ? അതിനെന്തിനാ വിഷമിച്ചോണ്ട് തല താഴ്ത്തി നിൽക്കുന്നത്? എന്നിട്ട് സിയ എവിടെയാ ഇപ്പോ?"

"അവള്.....അവളിപ്പൊ...."

അവര് മൂന്നിൻറേയും മുഖം മാറി കണ്ണ് നിറയുന്നത് കണ്ടപ്പൊ തന്നെ എന്തോ പ്രശ്നം ഉണ്ടെന്ന് മനസ്സിലായി.

നമ്മളെ മുഖത്തെ ചിരിയും കളിയും പെട്ടെന്ന് മാറി ടെൻഷൻ കൂടി വന്നു.

"പറ അൻസാർക്ക ..സിയക്ക് എന്താ പറ്റിയേ? അവളിപ്പൊ എവിടെയാ?"

"അവളിപ്പൊ ഞങ്ങളെ കൂടെയില്ല ഫെബീ.....പടച്ചോൻ ഓളെ നേരത്തെ അങ്ങ് വിളിച്ചു."

പെട്ടെന്ന് നെഞ്ചിനകത്ത് ഒരു ഇടിമിന്നൽ ഏറ്റ പോലെ

എനിക്ക് തോന്നി.

അൻസാർക്ക പിന്നീട് പറയുന്ന ഓരോ കാര്യങ്ങളും കേൾക്കുന്നത് അനുസരിച്ച് അനങ്ങാൻ കഴിയാത്ത പോലെ എനിക്ക് തോന്നി.

"സിയാന...ഞങ്ങളെ സിയ മോള്...ഏകദേശം നിൻറെയൊക്കെ പ്രായമേ അവൾക്കും കാണൂ.

ഞങ്ങളെ ഒരേയൊരു പെങ്ങൾ.നേരിട്ട് ഇതുവരെ കാണാൻ പറ്റിയില്ലെൻകിലും ഇവരും മനസ്സിൽ കൊണ്ട് നടക്കുന്നുണ്ട് പെങ്ങളായിട്ട് അവളെ.

നിന്നെ പോലെ തന്നെ ഒരു വായാടി പെണ്ണ്,ആരോടും പെട്ടെന്ന് കൂട്ടാവുന്ന സ്വഭാവം. അവളും സിയാദും എപ്പോഴും പൊരിഞ്ഞ അടിയായിരിക്കും.എപ്പോഴും ജയിക്കലും അവളായിരിക്കും.

എന്നേയും സിയാദിനേയും ഇവിടെ ഡിഗ്രിക്ക് ചേർക്കാൻ തന്നെ കാരണം അവളായിരുന്നു. +2 കഴിഞ്ഞ് ചില സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒക്കെ വന്നപ്പൊ സിയാദിനെ ഓൻറെ ഉപ്പ ദുബായിലേക്ക്

പറഞ്ഞയച്ചു. ഓൻ്റെ ഉപ്പ വർക്ക് ചെയ്യുന്ന കമ്പനിയിൽ തന്നെ. അതോടെ ഞാനും പഠിപ്പ് നിർത്തി, ഓരോ പണിക്ക് പോയി.

രണ്ടു കൊല്ലത്തിന് ശേഷം സിയാദ് നാട്ടിലേക്ക് വരുന്നുണ്ടെന്ന വാർത്ത കേട്ടു. സിയക്ക് ആണെങ്കിലോ ഞങ്ങൾ വീണ്ടും നിർത്തി വെച്ച പഠിപ്പ് തുടങ്ങണമെന്ന് ഒരേ വാശി. ഒടുവിൽ അവളെ നിർബന്ധത്തിന് വഴങ്ങി ഞങ്ങൾ ചേരാൻ തീരുമാനിച്ചു.

അങ്ങനെ അവളുടെ പിറന്നാൾ ദിവസം സിയാദിനെ ഏർപ്പോർട്ടിൽ നിന്ന് കൊണ്ട് വരാൻ അവളും ഞങ്ങളെ ഫ്രണ്ടും കൂടി പോയി. അവൻ വരുന്നതോണ്ടും സിയൻ്റെ പിറന്നാൾ ആയതോണ്ടും ഞങ്ങൾക്ക് ഒരുപാട് പണിയുണ്ടായിരുന്നു.അതോണ്ട് ഏർപ്പോർട്ടിലേക്ക് പോകാൻ പറ്റിയില്ല.

ഏർപ്പോർട്ടിലേക്ക് അവര് പോയിരുന്ന കാറ് ആക്സിഡൻറായി അവള്........."

ബാക്കി അൻസാർക്ക പറയുന്നതിന് മുന്നേ ഞാൻ കയ്യുയർത്തി. ഞാൻ അറിയാതെ തന്നെ എൻറെ കണ്ണ് നിറഞ്ഞൊഴുകി. എൻറെ കുരാമീസിൻറെ അവസ്ഥയും അത് തന്നെ ആയിരുന്നു.

വിഷമം കടിച്ച് പിടിച്ച് കൊണ്ട് അൻസാർക്ക പറഞ്ഞു തുടങ്ങി.

"അവള് പോയതിന് ശേഷം സന്തോഷം എന്നത് എന്താന്ന് ഞങ്ങൾ അറിഞ്ഞിട്ടില്ല. അവളെ വേർപാടിൽ മനം നൊന്ത് ഉമ്മാക്ക് സമനില തെറ്റി. ആരെ കണ്ടാലും സിയയാണെന്ന് കരുതി അവരെ വിളിച്ചോണ്ട് വരും. പെട്ടെന്ന് അത് സിയ അല്ലെന്ന് ബോധം വരുമ്പോൾ അവരെ ഉപദ്രവിക്കും. എന്നിട്ട് വാവിട്ട് കരയും.

ഉമ്മാൻറെ ഉപദ്രവം കൂടി കൂടി വന്നപ്പൊ എല്ലാരും ചേർന്ന് അതിനെ റൂമില് പൂട്ടിയിട്ടു. സിയാദ് അല്ലാതെ മറ്റാരെങ്കിലും റൂമിൽ കേറിയാൽ അവരെയൊക്കെ തല്ലി ആട്ടിപായിക്കും. ഇതെല്ലാം കണ്ടോണ്ട് നിൽക്കാനുള്ള ത്രാണി ഇല്ലാത്തോണ്ടാകും കുറച്ച് നാള് കഴിഞ്ഞ് ഓൻറെ ഉപ്പയും...."

ഇതൊക്കെ കേട്ട് നിക്കാനോ പറഞ്ഞ് തരാനോ ഞങ്ങൾക്ക് ആർക്കും കഴിയുന്നില്ല. ഇതൊക്കെ കൂടി കേട്ടപ്പൊ പൊട്ടി കരയല്ലാതെ എനിക്ക് വേറെ മാർഗ്ഗം ഇല്ലായിരുന്നു.

"നിനക്ക് അറിയോ ഫെബീ...സിയൻ്റെ ആഗ്രഹമായിരുന്നു ഞങ്ങളെ തുടർ പഠനം എന്നത് കൊണ്ട് മാത്രമാണ് ഞങ്ങൾ കോളേജിൽ വന്നത്. ഇവിടുന്ന് കിട്ടിയ കൂട്ടാണ് ഇവര്. കേട്ടറിവുള്ളു എൻകിലും ഇവർക്കും അവള് പ്രിയപ്പെട്ടവരായി.

വീട്ടിലെ ഉമ്മാൻ്റെ കാര്യങ്ങൾ ഓർത്ത് വിഷമം വരുമെൻകിലും കോളേജിൽ എത്തുമ്പൊ അതൊക്കെ മറക്കും.

ഇന്നലെ നിന്നെ പരിചയപ്പെട്ടൊ ഞങ്ങൾക്ക് ഞങ്ങളെ സിയയെ തിരിച്ച് കിട്ടിയ പോലെയാണ് തോന്നിയത്. അതാണ് നിന്നോട് പെട്ടെന്ന് ഞങ്ങൾ കൂട്ടായതും. നിന്നെ ഞങ്ങളെ സിയ ആയിട്ടാണ് കാണുന്നത്. അതോണ്ടാ ഇന്ന് പെട്ടെന്ന് നിന്നെ അവൻ്റെ കൂടെ കണ്ടപ്പൊ കൺട്രോൾ തെറ്റിയത്...."

അൻസാർക്ക പറഞ്ഞ് നിർത്തിയപ്പോഴും ഞങ്ങൾക്കിടയിൽ മൗനം തളം കെട്ടി നിന്നു. പക്ഷേ എനിക്ക് അപ്പൊ സിയാദ്ക്കാനെ കാണണമെന്ന് തോന്നി.

"അൻസാർക്ക ഇൻക്ക് സിയാദ്ക്കാനെ കാണണം.ഇപ്പൊ തന്നെ..."

"അവനിപ്പൊ ലൈബ്രറിയിൽ ഏതെങ്കിലും ഒരു മൂലക്ക് പോയി ഒറ്റക്കിരുന്ന് കരയുന്നുണ്ടാകും."

"എന്നാ, ഞാൻ ലൈബ്രറിയിലേക്ക് പോകാ....

അച്ചു നിങ്ങൾ നാല് പേരും ക്ലാസിൽ പൊയ്ക്കോ....സിയാദ്ക്കാനെ കാണാതെ ഞാൻ ഇനി എങ്ങോട്ടും ഇല്ല."

"ഇല്ല ഫെബീ...സിയാദ്ക്കാനെ കാണാതെ ഞങ്ങളും ക്ലാസിൽ കേറില്ല. ഞങ്ങക്കും കാണണം

സിയാദ്ക്കാനെ...."

ഞങ്ങൾ ഏഴ് പേരും കൂടി ലൈബ്രറിയിലേക്ക് ചെന്നു. അൻസാർക്ക പറഞ്ഞ പോലെ ഒരു മൂലയിൽ ഇരുന്ന് കരയാണ് സിയാദ്ക്ക.

'യാ റബ്ബീീീീ....ആ കലിപ്പനാണോ ഇങ്ങനെ കണ്ണ് കലങ്ങി ഇരിക്കുന്നത്? സഹിക്കാൻ പറ്റുന്നില്ലല്ലോ പടച്ചോനെ എനിക്ക്.'

നമ്മള് സിയാദ്ക്കാൻറെ അടുത്ത് പോയി ഇരുന്നു. മൂപ്പര് നമ്മള് വന്നത് അറഞ്ഞിട്ടില്ല.ഏതോ ഘാഡമായ ചിന്തയിലാണ്. സിയയാകും വിഷയം എന്ന് അറിയുന്നതോണ്ട് അത് മാറ്റി പിടിക്കണം.

"എൻറെ ഉമ്മ എപ്പോഴും പറയാറുണ്ട് എനിക്ക് ഒരു കാക്ക ഇല്ലാത്തതിൻറെ എല്ലാ കുറവുകളും എൻറെ കുരുത്തക്കേടിൽ കാണുന്നുണ്ടെന്ന്."

നമ്മളെ ശബ്ദം കേട്ടപ്പൊ മൂപ്പര് കണ്ണ് തുടച്ചിട്ട് എന്നെ നോക്കി ഒന്ന് ചിരിച്ചു.

"ഉം എന്നിട്ട്..?" സിയാദ്ക്ക ഒന്ന് മൂളി കൊണ്ട് ബാക്കി പറയാൻ പറഞ്ഞപ്പൊ നമ്മള് നല്ല ഹാപ്പിയായി. മൂപ്പര് ബാക്കി പറയാൻ പറഞ്ഞപ്പോഴാ എന്താ ഇനി പറയാന്ന് ചിന്തിച്ചത്. കാരണം നമ്മളോട് നമ്മളെ ഉമ്മ അങ്ങനെ ഒന്നും ഇക്കാലം വരെ പറഞ്ഞിട്ടില്ല. എന്തായാലും പറഞ്ഞ് തുടങ്ങിയില്ലേ? ഇനി മുഴുവനാക്കിയല്ലേ പറ്റൂ...

"എന്നിട്ട്....ഉമ്മ അങ്ങനെ പറയുമ്പൊ നമ്മള് പറയും അതിപ്പൊ ആലോചിച്ചിട്ട് കാര്യം ഇല്ലെന്നു ഒരു പത്തിരുപത് കൊല്ലം മുൻപ് ആലോചിക്കാണെൻകിൽ നടന്നേനേ എന്ന്..."

നമ്മളത് പറഞ്ഞപ്പൊ സിയാദ്ക്ക ചിരിക്കുന്ന കണ്ടു.അപ്പൊ മനസ്സിൽ ഒരു ആശ്വാസം കിട്ടി.

"അത് പറയുമ്പോൾ ഉമ്മ നമ്മളെ പിന്നാലെ ഓടി വരും തല്ലാൻ...."

നമ്മളെ വർത്താനം കേട്ട് ചിരിച്ച് കൊണ്ട് തന്നെ സിയാദ്ക്ക നമ്മളോട് ചോദിച്ചു.

"എന്തിനാ ഫെബീ നീ വെറുതെ ഉമ്മാനെ ഇങ്ങനെ ദേഷ്യം പിടിപ്പിക്കുന്നേ? നീ കുരുത്തക്കേടിനൊക്കെ നിന്ന് കൊടുത്തിട്ടല്ലെ...പറഞ്ഞ പോലെ നീ എന്തിനാ ഇങ്ങനെ ഓരോ പ്രശ്നത്തിലും ചെന്ന് ചാടുന്നത്?"

"നമ്മള് ചെന്ന് ചാടുന്നതല്ല കാക്കൂ...നമ്മളെ തേടി വരുന്നതാ....

നമ്മള് എവിടെയുണ്ടോ അവിടെ ഒരു ഗുലുമാൽ ഒറപ്പായും ഉണ്ടാകും.അത് നമ്മളെ രാശിയാ..."

നമ്മള് നല്ലൊരു പുഞ്ചിരി നൽകി സിയാദ്ക്കാനോട് പറഞ്ഞു. മൂപ്പര് ഒരു കഥ കേൾക്കുന്ന പോലെ നമ്മള് പറയുന്നതും കേട്ടിരിക്കാ...കൂടെ നമ്മളെ കുരാമീസും ഉണ്ട്ട്ടാ....

"ഇങ്ങനെ ഓരോ ഗുലുമാലില് ചെന്ന് ചാടും ചെയ്യും അതിനൊക്കെ നമ്മക്ക് നല്ലോണം കിട്ടും ചെയ്യും.

കണ്ടോ....? ഇതും അതുപോലെ കിട്ടിയ റിവാർഡാ...."

നമ്മളെ നെറ്റിയിലെ ബാൻറേജ് മൂപ്പർക്ക് കാട്ടി കൊടുത്ത് പറഞ്ഞു.

"ഇതെന്താ പറ്റിയേ?"

"ഒന്നും പറയണ്ട സിയാദ്ക്ക..

അത് വലിയ ഒരു കഥയാണ്..."

എന്നും പറഞ്ഞോണ്ട് അച്ചു വീണ്ടും നമ്മളെ വെറുപ്പിച്ചു. അത് കേട്ടപ്പൊ സിയാദ്ക്ക നമ്മളെ ഒന്ന് ഇടം കണ്ണിട്ട് നോക്കി.അതിൻറെ അർത്ഥം എന്താന്ന് എനിക്കിപ്പോഴും മനസ്സിലായിട്ടില്ല.

മൂപ്പര് അച്ചുവിനേയും വിളിച്ചോണ്ട് പോയി വേറെ എന്തോക്കെയോ ചോദിക്കുന്നുണ്ട്.ഇടക്ക് നമ്മളെ രണ്ടും നോക്കി ചിരിക്കുന്നുണ്ട്.

'പടച്ചോനേ....ആ പെണ്ണ് എന്തൊക്കെ ആണോ ഇനി കാക്കൂനോട് പറഞ്ഞ് കൊടുക്കാ?'

കുറച്ചു കഴിഞ്ഞപ്പൊ രണ്ടും ചിരിച്ചോണ്ട് ഞങ്ങളെ അടുത്തേക്ക് വന്നു.

"അപ്പൊ നീയാണല്ലെ ആ ഗിറ്റാറും വെച്ച് പാടുന്ന ആള്...

എടാ...അൻസി....അൻക്ക് ഓർമ്മയില്ലടാ അന്ന് ഗ്രൂപ്പില് നമുക്ക് ഒരു പാട്ട് കിട്ടിയത്...

അത് നമ്മളെ പുന്നാര പെങ്ങളാ...."

"ഓഹോാ◌ാാാ◌ാാ...

..............അപ്പൊ ആ പാട്ടുകാരി ഇവളാണല്ലേ?"

രണ്ടും കൂടി എന്തോ അർത്ഥം വെച്ച് സംസാരിക്കുന്ന പോലെ നമ്മക്ക് തോന്നി.

' ഈ അച്ചു ഇനി വേറെ എന്തെങ്കിലും പറഞ്ഞ് കാണോ?

ഏയ്....എന്ത് പറയാൻ...അതിന് മാത്രം എന്താ ഉള്ളത് പറയാൻ?'

"അപ്പൊ നമ്മളെ പുന്നാര പെങ്ങള് നമുക്ക് വേണ്ടി ഇനിയൊരു ഗാനം ആലപിക്കുന്നതാണ്..." സിയാദ്ക്കയാണ് പറഞ്ഞത്.

അപ്പൊ തന്നെ അടുത്ത അനൗൺസറും വന്നു.അൻസാർക്ക.

"അടുത്തതായി ഒരു ശോകഗാനം അവതരിപ്പിക്കാൻ വടക്കുംതല ശാന്തയെ ക്ഷമിക്കണം.... വടക്കുംതല ശാന്തക്ക് പകരം ആയിഷ ഫെബീ ഒരു ഗാനം ആലപിക്കുന്നതാണ്."

അൻസാർക്ക അത് പറഞ്ഞു തീർന്നില്ല അതിനു മുന്നേ നമ്മളെ കയ്യ് മൂപ്പരെ നടുംപൊറം പൊളിച്ചിരുന്നു.

എല്ലാരും കൂടി ഭയന്കര ചിരിയാണ് .രാജേഷ് സാറ് ഇന്ന് ലീവായോണ്ട് ലൈബ്രറി കാലി ആയിരുന്നു. അതോണ്ട് ഞങ്ങളെ കോപ്രായങ്ങള് ആരും

കാണുന്നില്ല.

"ഫെബീ...നീയൊരു പാട്ട് പാട്..."

"ആ...ഇപ്പൊ തന്നെ...ഞങ്ങക്ക് വേണ്ടി. ഒരു പാട്ട്.... അതും അന്ന് നീ പാടിയില്ലെ...എന്ന് വെച്ചാ വീഡിയോയിൽ പാടിയ ആ പാട്ട്...അത് പാട്..."

ഏഴെണ്ണവും ഒരു സ്വസ്ഥതയും തരാതെ പാടാൻ പറഞ്ഞപ്പൊ നമ്മളാ പാട്ടങ്ങ് പാടി കൊടുത്തു. പാട്ട് കേട്ട് അവരൊക്കെ നമ്മളെ വമ്പൻ പുകഴ്ത്തല്.

"ഫെബീ...അസ്സലായിട്ടുണ്ട്. ഇൻറെ പെങ്ങളാവുമ്പൊ പിന്നെ പാട്ടൊക്കെ ഉഷാറാവല്ലൊ."

"ആ.......പിന്നെ....ആവും ആവും ..

എന്നാല് എൻറെ ഈ പുന്നാര ആങ്ങള ഞങ്ങക്ക് വേണ്ടി ഒരു പാട്ട് പാടിയേ.."

അൻസാർക്കക്ക് ഇട്ട് നമ്മള് നല്ല പണി തന്നെ അങ്ങ് കൊടുത്തു. മൂപ്പര് അപ്പൊ വേഗം തടി കയിച്ചിലാക്കാൻ നോക്കാണ്.

"ഞാൻ പാടിയേനെ....പക്ഷേ, ഇന്ന് ഞാൻ സാധനം ചെയ്യാൻ മറന്നു പോയി.."

"ഓ.....

സാധനം അല്ല പൊട്ടൻ കാക്കാ....സാധകം. ആദ്യം പറയാൻ പഠിക്ക് എന്നിട്ട് പാടാം."

അച്ചുവിന്റെ ഡയലോഗ് കേട്ട് മൂപ്പര് പ്ലിംഗസ്യ ആയി. ഞങ്ങൾ അപ്പൊ തന്നെ മൂപ്പർക്ക് സാധനമെന്ന് വിളിപ്പേര് കൊടുത്തു. അതും പറഞ്ഞ് ഞങ്ങള് മൂപ്പരെ കളിയാക്കി കൊന്നു.

പെട്ടെന്ന് കാക്കു എൻറെ കൈ പിടിച്ചോണ്ട് ജനലിൻറെ അങ്ങോട്ട് കൊണ്ട് പോയി.

"ആ....കാക്കൂ...വേദന ആവുന്നുണ്ട് കയ്യീന്ന് വിടി..."

അത് പറഞ്ഞപ്പൊ പെട്ടെന്ന് നമ്മളെ കൈവിട്ടിട്ട് കയ്യിലേക്ക് നോക്കി.

"എന്താ ഫെബീ...എന്താ കയ്യിൽ? നിൻറെ കയ്യിൽ എങ്ങനെ ഈ പാട് വന്നത്?"

"അത് രാവിലെ അനസ് കൈപിടിച്ചപ്പൊ അവൻറെ നഖം കൊണ്ടതാ..."

"ആ പന്നിനെ ഇന്ന് ഞാൻ....." കാക്കു നല്ല കലിപ്പില് അവിടന്ന് പോകാൻ നിന്നപ്പൊ നമ്മള് തടുത്തു.

"ഇൻറെ കാക്കൂ..

ഇങ്ങളത് പ്രശ്നം ഒന്നും ആക്കണ്ട.ഓനുള്ളതൊക്കെ നമ്മള് അപ്പോ തന്നെ കൊടുത്തതാ....

പിന്നെ വേദന ഒന്നും ഇല്ല.ഞാൻ ചുമ്മാ ഇങ്ങളെ ഒന്ന്

ടെസ്റ്റ് ചെയ്തതല്ലേ?"

അതും പറഞ്ഞ് നമ്മളൊന്ന് കണ്ണിറുക്കി കാണിച്ച് കൊടുത്തു

.

കാക്കു നല്ല അസ്സലൊരു പുഞ്ചിരിയും സമ്മാനിച്ച് കൊണ്ട് എൻ്റെ കയ്യിലേക്ക് ഒരു ബോക്സ് നീട്ടി തന്നു.

ഇതെന്താപ്പൊ സാധനം എന്നറിയാതെ ഞാൻ മൂപ്പരെ മുഖത്തേക്ക് നോക്കി.

"ഇതെന്താ കാക്കൂ ...?"

"ഇത് ഞാൻ എൻ്റെ സിയക്ക് വേണ്ടി അവളുടെ പിറന്നാൾക്ക് വാങ്ങിച്ചതാ...

പക്ഷേ, ഇത് ഓൾക്ക് കൊടുക്കാനുള്ള ഭാഗ്യം പടച്ചോൻ ഇൻക്ക് തന്നില്ല."

കാക്കൂൻറെ കണ്ണ് നിറയുന്നത് ഞാനപ്പൊ കണ്ടു.നമ്മള് ശ്രദ്ധിക്കുന്നുണ്ടെന്ന് കണ്ടപ്പൊ പെട്ടെന്ന് കണ്ണ് തുടച്ചു.

എന്നിട്ട് എന്നോട് അതെടുത്ത് നോക്കാൻ പറഞ്ഞു.നമ്മളത് തുറന്ന് നോക്കിയതും അറിയാതെ എൻറെ കണ്ണ് നിറഞ്ഞു പോയി.

(തുടരും)

_ഭാഗം. 19_

കാക്കു എന്നോട് അത് തുറന്ന് നോക്കാൻ പറഞ്ഞു. നമ്മളത് തുറന്ന് നോക്കിയതും അറിയാതെ കണ്ണ് നിറഞ്ഞ് പോയി.

ഏറെ കാലമായി ഉപ്പാൻറെ പുറകെ നടന്ന് ചോദിക്കുന്നതാണ് കറുപ്പ് മുത്ത് പതിച്ച ഒരു വെള്ളി കൊലുസ്. അതാണ് ഇപ്പൊ എൻറെ കയ്യിൽ ഉള്ളത്.

കാക്കൂനോട് ഇത് എനിക്ക് തരോ എന്ന് ചോദിക്കാന് തോന്നി. പിന്നെ വേണ്ടന്ന് വെച്ചു.

"നല്ല ഭംഗിയുണ്ട് ഇത് കാണാൻ. കുറെ നാളായി ഉപ്പാനോട് പറയുന്നു ഇത് പോലെ ഒരെണ്ണം വാങ്ങി തരാൻ. എന്തായാലും ഇനി ഉപ്പാനോട് വാങ്ങി തരാൻ പറയണം."

"അതെന്താ ഫെബീ...ഞാൻ നിനക്ക് ഇത് തന്നത് ഇഷ്ടായില്ലേ?

അതോ ഇനി ഞാൻ തരുന്നതൊന്നും താൻ വാങ്ങില്ലേ?"

അത് പറഞ്ഞ് മൂപ്പരെ മുഖം വാടി. അപ്പോഴേക്കും എല്ലാ കുരാമീസും നമ്മളെ ചുറ്റും കൂടി നിന്നിട്ടുണ്ട്.

"ഏയ്....അങ്ങനെ ഒന്നുല്യ കാക്കൂ...കാക്കു എന്ത് തന്നാലും ഞാൻ വാങ്ങും. പക്ഷേ, ഇത്....ഇത് ഇങ്ങള് സിയക്ക് വേണ്ടി വാങ്ങിയതല്ലെ......."

ബാക്കി എന്നെ കൊണ്ട് മുഴുമിക്കാൻ സമ്മതിക്കാതെ അൻസിക്ക (അൻസാർക്ക) ഇടയിൽ കേറി പറഞ്ഞു.

"ഇപ്പൊ നീയാണ് ഞങ്ങളെ സിയ. അതോണ്ട് നീയതങ്ങ് വാങ്ങിയേക്ക്."

"അതെ ഫെബീ....അൻറെ കാക്കു സ്നേഹത്തോടെ തരുന്നതല്ലെ, വാങ്ങിച്ചോ."

എല്ലാവരും നമ്മളോട് വാങ്ങാൻ പറഞ്ഞ് നിർബന്ധിക്കാണ്. ഇനി ഇവരൊന്നും പറഞ്ഞില്ല എങ്കിലും ഞാൻ അത് വാങ്ങുമെന്ന് ഉറപ്പിച്ചതാ.

നമ്മളത് വാങ്ങിച്ചിട്ട് അപ്പൊ തന്നെ ഇട്ട് നോക്കി. നല്ല ഭംഗിയുണ്ടായിരുന്നു അതെൻറെ കാലിന്. അതും കറക്ട് അളവിൽ. നമ്മക്കെന്തോ പറഞ്ഞറിയിക്കാൻ പറ്റാത്ത അത്രക്ക് സന്തോഷമുണ്ട്. എല്ലാവരും നമ്മളെ കാലില് നോക്കിയിട്ട് ഓരോരോ അഭിപ്രായങ്ങള് പറയാൻ തുടങ്ങി. നമ്മള് കാക്കൂനെ നോക്കിയപ്പോ മൂപ്പരെ മുഖത്തും പെരുത്ത് സന്തോഷം കാണാം.

"ഇന്നലെ നിന്നെ പരിചയപ്പെട്ടപ്പോഴോ നിനക്കിത് തരണമെന്ന് വിചാരിച്ചതാ. ഇന്ന് രാവിലെ നിനക്കിത് തരാൻ വന്നപ്പോഴാ ആ പ്രശ്നം ഉണ്ടായത്........

എന്തായാലും ഈ കലിപ്പൻ സിയാദിൻറെ പെങ്ങള് ഒരിക്കലും മോശമല്ലാന്ന് തെളിയിച്ചു. അതിനു നമ്മളെ പുന്നാര പെങ്ങക്ക് ഒരു ഷൈക്ക് ഹാൻഡ്."

കാക്കൂ നമ്മക്ക് കൈ തന്നു. ശരിക്കും പറഞ്ഞാ നമ്മളും ആഗ്രഹിച്ചിട്ടുണ്ട് ഇതുപോലെ ഒരു കാക്കൂനെ കിട്ടാൻ. നമ്മളെ വിശമങ്ങളൊക്കെ പറയാനും എല്ലാ പ്രതിസന്ധികളിലും എൻറെ കൂടെ നിന്ന് അത് തരണം ചെയ്യാനും ഒരു കാക്കു ഇല്ലാത്തതിൻറെ കുറവ് എന്നിൽ നിന്നും മാഞ്ഞ് പോയത് ഞാനറിയുന്നു. ഇപ്പൊ എനിക്ക് ഒന്നല്ല നാല് കാക്കുമാര് ഉണ്ട്. അതും ജീവന് തുല്യം സ്നേഹിക്കാൻ കഴിവുള്ള ചങ്ക് പറിച്ച് തരുന്ന കാക്കുമാര്.

"ഡീ ഫെബീ.....നീ ഇവിടെ ഒന്നും അല്ലെ?"

കാക്കു നമ്മളെ കയ്യിൽ ഒരു പിച്ച് തന്നപ്പോഴാ ഞെട്ടിയത്.

"എന്താടീ പെണ്ണേ അച്ചുവിൻറെ കാക്കൂനെ ഓർത്ത് നിൽക്കാണോ?"

പിച്ചിയ ഭാഗത്ത് തടവി കൊണ്ട് നമ്മള് കാക്കൂനെ ഒന്ന് നോക്കിയിട്ട് അച്ചുവിനെ ഒന്ന് രൂക്ഷമായി നോക്കി.

എല്ലാവരും കൂടി നമ്മളെ നോക്കി കൈ കൊട്ടി ചിരിക്കാണ്. ഞാൻ അപ്പൊ തന്നെ അച്ചുവിനൊരു തല്ല് കൊടുത്തു. അപ്പൊ മൂപ്പര് പറയാണ്.

"നീ പറ ഫെബീ...നിനക്ക് ആ താടിക്കാരൻ മൊഞ്ചനെ വേണോ? എന്തുണ്ടെങ്കിലും അത് തുറന്ന് പറഞ്ഞേക്ക് നമ്മള് നിൻറെ ആഗ്രഹം സാധിച്ച് തരും. നീ പറ....നിനക്ക് ആ താടിക്കാരനെ ഇഷ്ടാണോ?"

എല്ലാവരും കൂടി നമ്മളെ തന്നെ ഉറ്റ് നോക്കി കൊണ്ട് നിൽക്കാണ്. നമ്മളെന്താ പറയാൻ പോകുന്നതെന്ന് അറിയാൻ. എന്തായാലും ഇന്നത്തോടെ ആ താടിക്കാരൻറെ കാര്യത്തിൽ നമ്മക്കും ഒരു തീരുമാനം

എടുക്കണം. ഇനി ഈ കളിയാക്കല് ഉണ്ടാവാൻ പാടില്ല.

"എന്നാല് എൻറെ ബ്രദേഴ്സ് ഒന്ന് കേട്ടോളീ.....ഈ ഫെബീ ഈ ലോകത്ത് ഏറ്റവും കൂടുതൽ വെറുക്കുന്നത് അയാളെയാണ്. എനിക്ക് ഒരിക്കലും അയാളെ ഇഷ്ടപ്പെടാൻ കഴിയില്ല...."

"അതിന് മാത്രം അവനെന്താ ഫെബീ നിന്നോട് ചെയ്തത്? കാറിലിച്ചിട്ട് സോറി പറയാഞ്ഞതാണോ? അതിന് പകരം നീ പറഞ്ഞതിനൊന്നും കയ്യും കണക്കും ഇല്ലല്ലോ? നീ അത്രയൊക്കെ പറഞ്ഞിട്ടും അവനൊന്നും നിന്നോട് തിരിച്ച് പറഞ്ഞിട്ടില്ലെങ്കിൽ അവന് നിന്നെ എത്ര ഇഷ്ടായിരിക്കും? ഞാനൊക്കെ ആയിരുന്നെങ്കിൽ നിൻറെ കരണം പുകഞ്ഞേനേ?"

കാക്കു അങ്ങനെ പറഞ്ഞപ്പൊ നമ്മള് അറിയാതെ കവിളത്ത് കൈ വെച്ചു. അത് കണ്ടപ്പൊ എല്ലാവരും കൂടി ഹലാക്കിലെ ചിരി. പക്ഷേ എനിക്ക് അത് വിശമായി. ഞാൻ അവിടന്ന് മാറി ഒരു ബെഞ്ചിൽ പോയി ഇരുന്നു.

അത് കണ്ടപ്പൊ ബാക്കി കുരാമീസും പിന്നാലെ വന്ന് നമ്മളെ അടുത്ത് ഇരുന്നു. ഞാൻ അവർക്ക് മുഖം കൊടുത്തില്ല. അത്രക്ക് ഉള്ളില് സങ്കടം ഉണ്ട്.

"ഡാ.......ഫെബീ...

നീ അപ്പോഴേക്കും പിണങ്ങിയോ? നിന്നെ ചുമ്മാ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ലെടാ..."

"ഇന്നെവരെ നേരിട്ട് കണ്ടിട്ടില്ലാത്ത നിങ്ങക്കൊക്കെ കൂറ് അവനോട്. നമ്മളെന്ത് പറഞ്ഞാലും അതൊന്നും ആർക്കും മൈൻഡില്ല. എനിക്ക് ആ താടിക്കാരൻ കോന്തനെ ഇഷ്ടമല്ലാ....."

നമ്മളെ അലർച്ച കണ്ട് ബ്ലഡി കോളേജ് വാസീസ് ഭയങ്കര ചിരി. അത് കണ്ട് ദേഷ്യം മൂത്ത് നമ്മള് അവിടന്ന് എണീറ്റ് പോകാൻ നിന്നു. അപ്പോഴേക്കും എല്ലാരും കൂടി തടഞ്ഞ് നമ്മളെ അവിടെ ഇരുത്തി.

"എൻറെ ഫെബീ...നീയിങ്ങനെ ഒരു പൊട്ടി പെണ്ണായല്ലൊ, ആ കോന്തനോട് പോയി ചാകാൻ പറ.

നിനക്ക് നമ്മള് നല്ല ഒരു മൊഞ്ചനെ കൊണ്ട് തരും. അല്ലെടാ അൻസീ...."

"പിന്നെ അല്ലാതെ..."

"പക്ഷേ ഇപ്പൊ നീ അതിനെ കുറിച്ച് ഒന്നും ചിന്തിക്കണ്ട. നന്നായി പഠിച്ച് നല്ല മാർക്കൊക്കെ വാങ്ങി വാ അപ്പൊ കാക്കു കൊണ്ട് തരും അവനേക്കാൾ നല്ല മൊഞ്ചനെ.

അത് വരെ ഇവളെ ആരും അവൻറെ പേരും പറഞ്ഞ് കളിയാക്കരുത്ട്ടാ. പ്രത്യേകിച്ചും അച്ചുവിനോട്."

"ഇല്ല സിയാദ്ക്ക ഇനി ഞങ്ങൾ ആരും ആ താടിക്കാരൻറെ പേരും പറഞ്ഞ് ഇവളെ കളിയാക്കില്ല."

അതും പറഞ്ഞ് അച്ചു നമ്മളെ നോക്കി ഒരു ഇളി. അതിലെന്തോ ഒരു ഉൾക്കുത്തില്ലേന്നൊരു ഡൗട്ട്.

"ഉം കേട്ടല്ലൊ ഇനി നിന്നെ ആരും കളിയാക്കില്ല. ഇനി അങ്ങനെ ആരെങ്കിലും കളിയാക്കാണെങ്കിൽ എന്നോട് പറഞ്ഞാ മതി അവരെ കാര്യം ഞാനേറ്റു.

ഇനിയെങ്കിലും ഒന്ന് ചിരിക്കടീ...ചിരിക്ക്."

മൂപ്പര് നമ്മളെ മുഖത്തേക്ക് നോക്കി ചിരിക്കാൻ പറഞ്ഞപ്പൊ നമ്മളും ഒന്ന് ചിരിച്ച് കൊടുത്തു.

ഉച്ചക്ക് കാൻറീനിൽ വെച്ച് കാണാമെന്ന് പറഞ്ഞ് ഞങ്ങൾ പിരിഞ്ഞു. അപ്പോഴും നാലെണ്ണവും അവിടെ തന്നെ ഇരിക്കാണ്. ഞാൻ നടക്കുമ്പൊ കൊലുസ് കിലുങ്ങുന്ന ശബ്ദം ഒക്കെ കേൾക്കുന്നുണ്ട്. ഞങ്ങൾ അങ്ങനെ ഇന്ന് നടന്ന കാര്യങ്ങളൊക്കെ പറഞ്ഞ് ക്ലാസിലേക്ക് നടന്നു. ക്ലാസില് എത്തിയപ്പോഴോ മീനുക്കുട്ടി ക്ലാസിലുണ്ട്. ഞങ്ങളെ കണ്ടതും മൂപ്പത്തി ഞങ്ങളെ അടുത്തേക്ക് വന്നു.

"എവിടെ ആയിരുന്നു നിങ്ങള് അഞ്ചു പേരും ഇത്രയും നേരം?"

"അത് ഞങ്ങൾ ലൈബ്രറിയില്....."

"എപ്പോഴും നിങ്ങൾ അഞ്ച് പേരും ലൈബ്രറിയിലാണല്ലൊ എന്താ അത്രക്ക് ഇഷ്ടാണോ ബുക്ക്സ്?"

"അതെ ടീച്ചർ.... ഞങ്ങൾക്ക് ഭയങ്കര ഇഷ്ടാ ബുക്ക്സ്... അല്ലെടീ..."

നമ്മള് അവറ്റകളെ നോക്കി ,അവര് വേണോ വേണ്ടയോ എന്ന രീതിയിൽ തലയാട്ടി.

"എന്നിട്ട് നിങ്ങളെ കയ്യിൽ ബുക്ക്സ് ഒന്നും ഇല്ലല്ലോ?"

'പടച്ചോനേ....പെട്ട്. എന്തെങ്കിലും ഒക്കെ തട്ടി വിട് ഫെബീ...'

അവറ്റകളും നമ്മളെ നോക്കാണ്.

"അ...അത്...ബുക്സ്.... ഇന്നലെ എടുത്ത ബുക്ക്സ് തിരിച്ച് വെക്കാൻ പോയതാ. അപ്പൊ കുറച്ച് ബുക്ക്സ് നോക്കി നിന്നപ്പൊ ബെല്ലടിച്ചത് അറിഞ്ഞില്ല." നമ്മള്

നല്ല ഒരു ചിരിയങ്ങ് പാസാക്കി പറഞ്ഞു.

"ഉം......ഇനി മേലിൽ ഇങ്ങനെ ലേറ്റാവരുത്....ഗെറ്റ് ഇൻ..."

ഞങ്ങൾ വേഗം സീറ്റിൽ പോയി ഇരുന്നു. എല്ലാവരുടെയും നോട്ടം ഞങ്ങളിലേക്കാണ്. അത് പിന്നെ അങ്ങനെ അല്ലേ വരൂ...വന്നിട്ട് രണ്ട് ദിവസം തികച്ചില്ല അതിന് മുന്നേ ഫേമസായില്ലെ?

പാട്ട് പാടി കൊണ്ടും ക്ലാസില് എണീറ്റ് നിന്നിട്ടുമൊക്കെ എത്ര പെട്ടെന്നാ എല്ലാവരുടേയും ശ്രദ്ധ പിടിച്ച് പറ്റിയത്.

അങ്ങനെ മീനുക്കുട്ടി ക്ലാസ് എടുക്കാൻ തുടങ്ങി. മലയാളമാണ് വിഷയം. ഞങ്ങളെ ക്ലാസിലെ ഏറ്റവും വലിയ പ്രത്യേകത എന്താന്ന് വെച്ചാൽ ഞങ്ങൾ എല്ലാവരും മലയാളീസാണ്. എന്ന് വെച്ചാ ഞങ്ങളുടെ സെക്കൻഡ് ലാംഗ്വേജ് മലയാളം ആണെന്ന്.

മീനുക്കുട്ടി നല്ല സൂപ്പറായിട്ട് തന്നെ ക്ലാസെടുക്കുന്നുണ്ട്. കുചേലഗതി അതാണ് പാഠം. മീനുക്കുട്ടി കവിതയും

വായിച്ച് അതിൻറെ കഥയൊക്കെ ഞങ്ങൾക്ക് വിശദീകരിച്ച് തന്നു. ബെല്ലടിച്ചപ്പൊ അടുത്ത ക്ലാസ് നാളെ എന്നും പറഞ്ഞ് ടീച്ചർ പോയി.

ഇനി അടുത്ത മാരണം ആരാണാവോ എന്ന് ചിന്തിച്ച് ഇരിക്കുമ്പോഴാ നസി പറയുന്നത്.

"നാളെയാണ് നമ്മളെ Freshers day...മക്കളെ....എന്തായാലും നമുക്ക് പണി കിട്ടുമെന്ന് ഉറപ്പാ..."

"എന്തിനാടി പേടിക്കുന്നത് നമുക്ക് നാല് ആങ്ങളമാരില്ലേ? അവൻമാര് എല്ലാം നോക്കിക്കോളും."

നമ്മള് കൂളായിട്ട് പറഞ്ഞു.

"എന്നാലേ...അവര് മാത്രമല്ല, പി.ജിക്കാരും ഉണ്ടാകും. അവരാകും മെയിനായിട്ട് എല്ലാത്തിനും മുന്നിൽ ഉണ്ടാകാ."

"അത് കലക്കി. അപ്പൊ പിന്നെ റാഗിങ്ങിൻറെ വേറെ വെർഷനും കാണാം..."

നമ്മള് നല്ല എക്സൈറ്റ്മെൻറില് തുള്ളിച്ചാടി.

"ഇവൾക്ക് റാഗിങ്,റാഗിങ് എന്നല്ലാതെ വേറെയൊരു ചിന്തയുമില്ലേ അച്ചൂ..." ഷംനയാണ്.

"അത് നല്ലൊരു റാഗിങ് കിട്ടുമ്പൊ പഠിച്ചോളും." സന നമ്മക്കിട്ടൊന്ന് താങ്ങി. പെണ്ണിപ്പൊ വന്നപ്പൊ ഉണ്ടായ പോലെ അല്ലട്ടൊ, ഞങ്ങളെ ഒപ്പത്തിനൊപ്പം സംസാരിക്കാൻ പഠിച്ച് തുടങ്ങുന്നുണ്ട്.

"ഉം....മിക്കവാറും നല്ല എട്ടിൻറെ പണി തന്നെ റാഗിങ്ങായി കിട്ടുമ്പൊ പഠിച്ചോളും." അച്ചുവാണ്.

"നമ്മളെ നേരാംവണ്ണം റാഗ് ചെയ്യാനൊന്നും ഈ കോളേജിൽ ആരുമില്ല മുത്തേ...

ഇപ്പൊ തന്നെ നമ്മള് എത്ര റാഗിങ് കണ്ടു. എന്നിട്ട് വല്ലതും നടന്നോ?"

നമ്മളെ സംസാരത്തിന് അവറ്റകളൊക്കെ കൂടി തലയാട്ടി കൊണ്ട് ഒന്ന് മൂളി തന്നു.

അപ്പൊ തന്നെ ഞങ്ങളെ ക്ലാസിലേക്ക് അടുത്ത ആള് കേറി വന്നു. ഷറഫുദ്ധീൻ എന്ന ഒരു ആജാനബാഹു. അയാളെ കണ്ടാൽ തന്നെ മനുഷ്യന് പേടിയാകും. അപ്പൊ തന്നെ നമ്മള് അയാൾക്ക് ഭീമൻ രഘു എന്ന് പേരിട്ടു. ഇയാള് ആണെങ്കിൽ കാലകേയനേക്കാൾ എടങ്ങാറ് പിടിച്ച ജന്തു ആണ്.

കാലകേയനേക്കാൾ ദേഷ്യക്കാരനാ. ആരും അയാളെ ക്ലാസിൽ അയാള് പറയാതെ ബുക്ക് തുറക്കാൻ പാടില്ല, അതിലേക്ക് നോക്കാൻ പാടില്ല, തിരിയാൻ പാടില്ല, തുമ്മാൻ പാടില്ല....ഇങ്ങനെ നൂറ് കൂട്ടം നിബന്ധനകൾ. ചെയ്തു പോയാലോ ഒരൊറ്റ അലർച്ച ആയിരിക്കും.

""".....ഗെറ്റ് ഔട്ട്....."""

അങ്ങനെ ഒരുത്തനെ പിടിച്ച് അപ്പൊ തന്നെ

പുറത്താക്കി. അവനും ഞങ്ങളെ പോലെ തന്നെയാ. എല്ലാ ടീച്ചർക്കും ഭയങ്കര ഇഷ്ടാ. അതോണ്ട് അവൻറെ സ്ഥാനം എപ്പോഴും ഒന്നെങ്കിൽ ബെഞ്ചിന് മുകളിലാവും അല്ലെങ്കിൽ ക്ലാസിന് പുറത്താകും.

പുള്ളിക്കാരനെ പരിചയപ്പെട്ടില്ലല്ലൊ. അവൻറെ പേര് ഷാമിൽ...ഞങ്ങള് ഓനെ ഷാലൂന്ന് വിളിക്കും.

ഭീമൻറെ ക്ലാസിൽ ശ്വാസം അടക്കി പിടിച്ച് കേക്കുമ്പോഴാണ് ഷാലുവിൻറെ വക നല്ലൊരു നീട്ടി തുമ്മൽ. അത് കേട്ടതും ക്ലാസ് ഒന്നടങ്കം ഭയങ്കര ചിരി. അത് പോരേ ഭീമനെ ചൂട് പിടിപ്പിക്കാൻ. അയാളപ്പൊ തന്നെ അവനെ പുറത്താക്കി. അവനാണെങ്കിലോ എന്തോ വല്യ നിധി കിട്ടിയ സന്തോഷത്തിൽ തുള്ളിച്ചാടി കൊണ്ട് വേഗം ഇറങ്ങി പോയി.

അങ്ങനെ ഭീമൻറെ ക്ലാസ് പെട്ടെന്ന് കഴിയാൻ വേണ്ടി എല്ലാരും ഭയങ്കര പ്രാർത്ഥനയിലാണ്. ഇപ്രാവശ്യം അച്ചു അവളെ ബുക്കും പേനയും തൊട്ടിട്ടേ ഇല്ല. അല്ലെങ്കിൽ ഇപ്പൊ ഒരു കാർട്ടൂണിനുള്ള സ്കോപ് ഉണ്ടായിരുന്നു.

ഞങ്ങളെ പ്രാർത്ഥന പടച്ചോൻ കേട്ടു. ഉച്ചക്കുള്ള ലഞ്ച് ബ്രേക്കടിച്ചു. അയാള് ഇറങ്ങി പോയപ്പൊ പടച്ചോന് സ്തുതി പറഞ്ഞിട്ട് ഞങ്ങൾ കൈ കഴുകി വന്ന് ഫുഡ് കഴിച്ചു.

ഫുഡടിയൊക്കെ കഴിഞ്ഞപ്പോഴാ ഉച്ചക്ക് കാൻറീനിൽ വെച്ച് കാണാമെന്ന് ബ്രദേഴ്സിനോട് പറഞ്ഞത് ഓർമ്മ വന്നത്. പിന്നെ അപ്പൊ തന്നെ ഒരു പാച്ചിലായിരുന്നു കാൻറീനിലേക്ക്.

ഗ്രൗണ്ടിൻറെ അങ്ങ് അറ്റത്തായിട്ടാണ് കാൻറീനുള്ളത്. ഞങ്ങൾ കാൻറീൻ ലക്ഷ്യമാക്കി നടക്കുമ്പോഴാണ് പെട്ടെന്ന് ആരോ പൊറകീന്ന് വിളിച്ചത്.

"ഹലോ...ഫൈവ് ഫിങ്കേഴ്സ്...എങ്ങോട്ടാ ഇത്ര ധൃതിയിൽ? ഞങ്ങളെ കൂടിയൊന്ന് മൈൻറ് ചെയ്ത് പോ?"

"ഫൈവ് ഫിങ്കേഴ്സോ?" നമ്മള് അപ്പോഴാ അവൻ പറഞ്ഞത് ശ്രദ്ധിച്ചത്. ഞങ്ങൾ അഞ്ച് പേരെയും ഒപ്പം

വിളിച്ചതാണ്. എന്തായാലും പേര് കലക്കി.

"വാ...ഫെബീ നമുക്ക് അവരുടെ അടുത്തേക്ക് പോകാം."

നസി ഇതും പറഞ്ഞോണ്ട് നമ്മളെ കൈ പിടിച്ച് വലിക്കാണ്. ഞങ്ങള് നാലും ഓളെ ഒന്ന് അടിമുടി നോക്കി. അപ്പൊ ഓള് ചിരിച്ചോണ്ട് പറയാണ്.

"അത് അൻവർക്കയും കൂട്ടരും ആണ്. അതോണ്ട് പേടിക്കണ്ട അവരൊന്നും ചെയ്യില്ല."

ഞങ്ങൾ നാലും കൂടി നല്ല ഒന്നൊന്നര മൂളലുമായിട്ട് അവരുടെ അടുത്തേക്ക് നടന്നു.

അവര് അഞ്ച് പേരും കൂടി മാവിൻ്റെ ചോട്ടിലെ തറയിൽ ഇരിക്കാണ്. ഒരാള് മാത്രം തലയിൽ കൂടി നമ്മളെ ഛെ.. നമ്മളെയല്ല ആ താടിക്കാരൻ്റെ കർച്ചീഫും മുഖത്ത് ഇട്ടിട്ട് വേറെ ഒരുത്തൻ്റെ മടിയിൽ

തല വെച്ച് കിടക്കാണ്.

ഭാഗ്യത്തിന് ഇന്ന് അങ്ങേരെ തലയിൽ ചട്ടിയില്ല. പകരം താടിക്കാരൻറെ കർച്ചീഫുണ്ട്. ഇയാളെന്തിനാ അത് തലയിൽ വെച്ചത്. അതോണ്ട് നേരാം

വണ്ണം മോന്തയും കാണുന്നില്ല. ആരെ പറ്റിയാ പറയുന്നതെന്ന് മനസ്സിലായില്ലേ?

ആ...ആള് തന്നെ...

സാക്ഷാൽ ആദിൽ സാഹിബ് കരീം.

'ഇത്രക്ക് അടുത്ത് നിന്ന് കാണാൻ പറ്റിയെങ്കിലും ഇങ്ങേരെ മോന്ത എന്താ പടച്ചോനേ കാണാൻ പറ്റാത്തേ?'

നമ്മള് മനസ്സിൽ കരുതിയതാണ്ടൊ.

"ഹലോ....താനേത് ലോകത്താ? ചോദിച്ചത് കേട്ടില്ലേ? തൻറെ പേരെന്താന്ന്?" നിയാസ്ക്കയാണ് ചോദിച്ചത്.

"ആയിഷാ ഫെബി."

നമ്മള് പെട്ടെന്ന് ആദിൽക്കാനിൽ നിന്നും കണ്ണെടുത്തോണ്ട് നിയാസ്ക്കാനെ നോക്കി.

മൂപ്പര് എന്നേയും ആദിൽക്കാനേയും മാറി മാറി നോക്കുന്നുണ്ട്.

"നിന്നെ നമ്മള് എവിടെയോ കണ്ടിട്ടുണ്ടല്ലോ?

നീയല്ലെ ഇപ്പൊ കുറച്ച് ദിവസായിട്ട് ഈ വാട്ട്സപ്പിൽ ഒക്കെ തരംഗ മായി മാറി കൊണ്ടിരിക്കുന്ന ആ പാട്ടുകാരി?"

നമ്മള് നല്ല പുഞ്ചിരിയോടെ അതേന്ന് തലയാട്ടി. മൂപ്പര് അപ്പൊ തന്നെ ആദിൽക്കാൻറെ കാലിലൊരു തോണ്ടൽ തോണ്ടി.

"എടാ ആദി...

ആരാ വന്നിരിക്കുന്നതെന്ന് നോക്കടാ... നമ്മളെ വാട്സപ്പ് തരംഗം ശ്രേയാഘോഷാൽ..."

"നിയാസേ...വെറുതെ എൻറെ കയ്യീന്ന് വാങ്ങാൻ നിക്കാതെ പൊയ്ക്കോ അതാ നല്ലത്."

ആദിൽക്ക അത് പറഞ്ഞപ്പൊ ഞങ്ങൾ ചിരിച്ചു. നിയാസ്ക്ക ചെറുതായിട്ട് ചമ്മിയെങ്കിലും അത് പുറത്ത് കാണാതിരിക്കാൻ ഞങ്ങളെ ഒന്ന് കണ്ണുരുട്ടി നോക്കി. ഞങ്ങൾ അപ്പൊ തന്നെ സൈലൻറായി. എന്നിട്ട് മൂപ്പര് വീണ്ടും നമ്മളെ അടുത്തേക്ക് വന്നു.

"ഇതെന്താടീ ആ പാട്ടിന് കിട്ടിയ റിവാഡാണോ?" നമ്മളെ നെറ്റിയിലേക്കാ മൂപ്പരെ നോട്ടം. ഞാൻ നമ്മളെ കുരാമീസിനെ ഒന്ന് നോക്കി. അവറ്റകള് ചിരിക്കണോ വേണ്ടയോ എന്ന രീതിയിൽ നിൽക്കാ. നമ്മള് അപ്പൊ തന്നെ നമ്മളെ പരിപാടിയങ്ങ് തുടങ്ങി.
വായിട്ടലക്കലേ....

"ഹൊ.....അത് വല്യ ഒരു കഥയാണ് നിയാസ്ക്കാ...

ഒരു എരണം കെട്ട ജന്തു കണ്ണും മൂക്കും ഇല്ലാതെ അവൻറെ ഒരു പാട്ട കാറും കൊണ്ട് ഇറങ്ങിയിരിക്കുന്നു.

അതും നമ്മളെ നെഞ്ചത്ത് കൂടി.

ഇൻറെ ഉമ്മാൻറെ പ്രാർത്ഥന കൊണ്ടാവും ഭാഗ്യത്തിന് ഒന്ന് ചെറുതായേ തട്ടിയിട്ടുള്ളൂ.

നമ്മള് ആണെങ്കിലോ ആ പാട്ടവണ്ടി ഇടിച്ചപ്പൊ തന്നെ ഉരുണ്ടുരുണ്ട് ഒരു കല്ലിൽ ചെന്ന് തലയങ്ങ് മുട്ടി.

പാവം,നമ്മളെ കാറിടിച്ചതല്ലേ ഒന്ന് എണീപ്പിക്കാം,സോറി പറയാം എന്നൊക്കെ വിചാരിച്ചാ നമ്മള് നിന്നത്. അപ്പൊ അവൻ നമ്മളെ നോക്കി നിന്നു എന്നല്ലാതെ ഒരു കൈ സഹായം പോലും ചെയ്തില്ല. അത് പോട്ടേന്ന് വെക്കാം. പക്ഷേ, ഇടിച്ചിട്ടതിന് സോറി എങ്കിലും പറയണ്ടേ? അങ്ങേര് അതും പറഞ്ഞില്ല.

അല്ല നിയാസ്ക്ക പറ..ഇടിച്ചിട്ടതിന് സോറി പറയണ്ടെ? അവനതും ചെയ്തില്ല. അപ്പൊ ഞാനെന്താ ചെയ്യേണ്ടത്?"

"ഇടിച്ചിട്ടതിന് സോറിയും പറയാതെ നിന്നാൽ ഒന്നും നോക്കാതെ നാലഞ്ച് തെറിയങ്ങ് കാച്ചി വിടണം. പറ്റുമെങ്കിൽ ഒന്ന് പൊട്ടിക്കുകയും വേണം."

"ആണല്ലോ? അങ്ങനെ അല്ലേ ചെയ്യേണ്ടത്?

പക്ഷേ, നമ്മള് അങ്ങനെ ഒന്നും ചെയ്തില്ലട്ടൊ...കാരണം അതെൻറെ സംസ്കാരം അല്ല.

അതോണ്ട് നല്ല മാന്യമായ രീതിയിൽ തന്നെ ഞാൻ അങ്ങേരോട് പറഞ്ഞു.

'നോക്കിയും കണ്ട്മൊക്കെ വണ്ടിയെടുക്കണ്ടെ സാറേ....ഞാനിപ്പൊ ചത്തേനേന്ന്.'

അത് പറഞ്ഞപ്പൊ ആ ബലാലെന്താ പറഞ്ഞതെന്ന് അറിയോ?

' എൻറെ കാറിന് വല്ലതും പറ്റിയോന്ന്?' പകച്ച് പോയില്ലെ നമ്മള്.

ഇങ്ങനെ ഒക്കെ ഒരുത്തൻ പറഞ്ഞാൽ ആരായാലും അവിടെയൊരു പൂരപ്പാട്ട് പാടില്ലേ?

പക്ഷേ, നമ്മളത് ചെയ്തില്ല. കാരണം അത് നമ്മളെ സംസ്കാരമല്ല.

അതോണ്ട് വീണ്ടും നല്ല മാന്യമായ രീതിയിൽ നമ്മള് അങ്ങോട്ട് ഒരു സോറി പറഞ്ഞു. നമ്മളെ ആ

തെണ്ടിൻറെ കാറിടിച്ചതിന്. എന്നിട്ട് ഞങ്ങൾ പോരാന്നേരം ആ കണ്ണ് പൊട്ടൻ പറയാണ് മേലിൽ ഇനി അവൻറെ കൺമുന്നിൽ വന്ന് പോകരുതെന്ന്...

ഞാനൊരു പാവമായതോണ്ട് ആ കോന്തനെ ഒന്നും പറഞ്ഞില്ല. ഇതെങ്ങാനും വേറെ വല്ലോരും ആയിരുന്നെങ്കിലോ?"

നമ്മള് നമ്മളെ കുരാമീസിനെ ഒക്കെ ഒന്ന് ഇടംകണ്ണിട്ട് നോക്കി. നാലും വായയും തുറന്ന് ഫീസടിച്ച് പോയ പോലെയാണ് നിൽപ്. അമ്മാതിരി വമ്പൻ തള്ളല്ലേ തള്ളിയത്. നമ്മള് ഓരെ നോക്കി ഒന്ന് കണ്ണിറുക്കി.

നിയാസ്ക്ക ആണെങ്കിൽ കട്ട സപ്പോട്ടുമായിട്ട് മൂളി തരുന്നുണ്ട്.

"എന്നാലും താൻ ചെയ്തത് ഒട്ടും ശരിയായില്ല. അവൻറെയൊക്കെ മുഖം അടിച്ച് പൊളിക്കണായിരുന്നു. മിനിമം ഒരു തെറിയെങ്കിലും വിളിക്കണായിരുന്നു."

"ഇല്ല നിയാസ്ക്ക അതൊന്നും നമ്മളെ സംസ്കാരത്തിന് ചേർന്നതല്ലാന്ന് പറഞ്ഞ് നമ്മള് അന്നുണ്ടായ സീനൊന്ന് ഓർത്ത് ചിരിച്ച് പോയി.

" ഉം.....എന്നാ അങ്ങനെ ആയിക്കോട്ടെ...

എന്താടീ നിൻറെ പേര്? "

"അശ്വതി."

"അശ്വതി ഏതാ ക്ലാസ്?" പൊറകീന്ന് ഒരുത്തൻ ചോദിച്ചതാ.

"ഞാൻ ഇവിടെ നിൽക്കല്ലെ ഞാൻ ചോദിച്ചോളാം....

അശ്വതി ഏതാ ക്ലാസ്?" നിയാസ്ക്ക അവനോട് അങ്ങനെ പറഞ്ഞിട്ട് അച്ചുവിന്റെ നേരെ തിരിഞ്ഞു.

"BBA first year"

"അത് കൊള്ളാല്ലോ. ഞങ്ങൾ MBA final year."

"അറിയാം..." നമ്മളത് പറഞ്ഞപ്പൊ മൂപ്പര് നമ്മളെ അടുത്തേക്ക് വന്നു.

"എങ്ങനെ അറിയാം?"

"നിങ്ങളെ ക്ലാസിലെ ശാഹിന ഇത്താൻറെ കട്ട ചങ്കാണ് ഞങ്ങൾ. ഇത്ത പറഞ്ഞ് അറിയാം."

"ഓഹോ...അപ്പൊ നിനക്ക് ഞങ്ങളെ എല്ലാരേയും അറിയോ?"

"അറിയോന്ന് ചോദിച്ചാൽ പേരറിയാം. വേറെ ഒന്നും അറീല."

"എന്നാല് ഞങ്ങളെ പേരൊക്കെ പറഞ്ഞേ കേക്കട്ടേ."

"ഇങ്ങള് നിയാസ്,ഇത് അൻവർ, അത് സിദ്ധാർത്ഥ്,ഇത് ആകാശ്...ശരിയല്ലേ?"

നമ്മള് നല്ല പുഞ്ചിരി തൂകി കൊണ്ട് മൂപ്പരെ നോക്കി.

"ഉം........ശരിയാ... അപ്പൊ ഇവൻറെ പേരോ?" ആദിൽക്കാനെ ചൂണ്ടിക്കാട്ടി നമ്മളോട് ചോദിച്ചു.

"അതിപ്പൊ ആർക്കാ അറിയാത്തെ ആദിൽക്ക."

"നിന്നോടിതൊക്കെ ശാഹിന പറഞ്ഞതാണോ?"

"ഏയ്....ദേ ഇവള് പറഞ്ഞതാ." നമ്മള് നസിയെ കാണിച്ച് കൊടുത്തു.

"ഈ കുരുപ്പിനെ നമ്മള് എവിടെയോ കണ്ടിട്ടുണ്ടല്ലോ?"

"ഡാ...നിയാസേ....ഓളെ നീയങ്ങ് വെറുതെ വിട്ടേക്ക്. ഓളെ റാഗ് ചെയ്യാന് നമ്മളൊരുത്തൻ ഇവിടെയുണ്ട്."

അൻവർക്ക അത് പറഞ്ഞപ്പൊ നിയാസ്ക്ക ഓളേ അടിമുടിയൊന്ന് നോക്കിയിട്ട് ഓളേ അൻവർക്കാൻറെ അടുത്തേക്ക് വിട്ടു. രണ്ടും കൂടി അവിടന്ന് എണീറ്റ് കുറച്ച് മാറി നിന്ന് സൊള്ളാൻ തുടങ്ങി.

"ഇനി ഇതുപോലെ വേറെ ആർക്കെങ്കിലും ഉണ്ടോ വല്ല കണക്ഷനും ...ഉണ്ടോ അശ്വതി?"

നിയാസ്ക്ക അച്ചുവിന്റെ നേരെ തിരിഞ്ഞ് ചോദിച്ചു. അവള് അപ്പൊ തന്നെ ഉണ്ടെന്ന് തലയാട്ടി.

"എടാ സിദ്ധുവേ.... ഇവള് ആദ്യമേ ബുക്ക് ചെയ്തതാ...

അതോണ്ട് നീ നിൻറെ രമ്യനെ തന്നെ കെട്ടിപ്പിടിച്ച് നിന്നോ .." അതും പറഞ്ഞ് മൂപ്പര് പൊരിഞ്ഞ ചിരി. കൂടെ ഞങ്ങളുമങ്ങ് കൂടി.

"ഇനി വേറെ ആരാ ഇതില് ബുക്കിങ്ങായവര്?"

അപ്പൊ തന്നെ ഷംന കൈ പൊക്കിയിട്ട് പറഞ്ഞു.

"ഞാൻ."

"ഓഹോ...അപ്പൊ നീയും ബുക്കിംങ്ങായതാണോ? എത്ര കൊല്ലായി പ്രേമം തുടങ്ങിയിട്ട്?"

"പ്രേമല്ല, എങ്കേജ്മെൻറ് കഴിഞ്ഞതാണ്." ഷംന ഇത്തിരി വിറച്ചാണ് പറഞ്ഞത്.

"ഓഹോ....അപ്പൊ കല്യാണം എന്നാ? ഞങ്ങളെ ഒക്കെ വിളിക്കില്ലേ?"

അവളൊന്ന് നാണിച്ചിട്ട് തല താഴ്ത്തി നിന്നു. നിയാസ്ക്കാൻറെ നോട്ടം പിന്നെ എൻറേയും

സനൻറേയും നേരെ ആയിരുന്നു.

"അപ്പൊ നിങ്ങൾക്ക് രണ്ടു പേർക്കും ആ സൂക്കേടില്ലേ? ഈ പ്രേമവും കല്യാണവുമൊന്നും?"

ഞങ്ങൾ രണ്ട് പേരും പരസ്പരം മുഖത്തോട് മുഖം നോക്കി. എന്നിട്ട് ഒപ്പം കണ്ണിറുക്കിയിട്ട് തോള് പൊന്തിച്ചിട്ട് ഇല്ലാന്ന് കാണിച്ചു.

"അതേതായാലും നന്നായി. നിങ്ങളെ കൊണ്ട് എനിക്ക് ഒരു കാര്യം ഉണ്ടായിരുന്നു."

ഞങ്ങൾ പരസ്പരം മുഖത്തേക്ക് നോക്കിയിട്ട് നിയാസ്ക്കാനെ നോക്കി. മൂപ്പര് പറയുന്നത് കേട്ടപ്പൊ അറിയാതെ എനിക്ക് ചിരി വന്നു.

"നിങ്ങൾ രണ്ടു പേരും കൂടി ഞങ്ങളെ ആദിയെ ഒന്ന് പ്രപ്പോസ് ചെയ്യണം."

'പ്ഫൂ... ...ഇതൊള്ളൂ..ഇതൊക്കെ നമ്മക്ക് ജുജൂബി.....' നമ്മള് മനസ്സിൽ പറഞ്ഞതാട്ടോ.

പക്ഷേ അത് പുറത്ത് കാണിക്കാൻ പാടില്ലല്ലോ.

"പ്രപ്പോസ് ചെയ്യേ.... ഞങ്ങളോ?" നമ്മള് നെഞ്ചിൽ കയ്യും വെച്ച് ചുമ്മ ഒരു ബിൽഡപ്പ് അങ്ങ് കൊടുത്തു.

സനൻറെ മുഖമാണെങ്കിലോ ആകെ വിളറി വെളുത്തിട്ടുണ്ട്. ഓള് നമ്മളെ നോക്കിയിട്ട് ഓള് പറയൂലാന്ന് തലയാട്ടി. നമ്മക്ക് ചിരി വന്നു ഓളേ കണ്ടപ്പൊ.

"അതിനെന്തിനാടീ നീ ഇത്രക്ക് ഞെട്ടുന്നേ? അന്നോട് ഓനെ കെട്ടാനൊന്നും അല്ലല്ലോ പറഞ്ഞത്. ഓനെ പ്രപ്പോസ് ചെയ്യാൻ അല്ലേ?"

"നമ്മള് ഇതുവരെ ആരേയും പ്രപ്പോസ് ചെയ്തിട്ടില്ല. അതോണ്ട് അതെങ്ങനെ ചെയ്യാന്ന് നമ്മക്ക് അറീല." അച്ചു അപ്പൊ നമ്മളെ ഒരു നോട്ടമായിരുന്നു. നമ്മള് ഓളെ നേരെയൊന്ന് കണ്ണിറുക്കിയിട്ട് നിയാസ്ക്കാനെ

നോക്കി.

സത്യായിട്ടും നമ്മള് ആരേയും ഇതുവരെ പ്രപ്പോസ് ചെയ്തിട്ടില്ലട്ടാ. നമ്മളെ പലരും ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ ആ സാഹസത്തിന് നമ്മള് മുതിർന്നിട്ടില്ല. സത്യം.....

"എന്നാ പിന്നെ ഇവള് ചെയ്യണ്ട നീ ചെയ്താൽ മതി." നിയാസ്ക്ക സനയെ ചൂണ്ടി കൊണ്ട് പറഞ്ഞപ്പൊ നമ്മളും ഒന്ന് മൂളി കൊടുത്തു.

പിന്നെയാ കാര്യം പിടിക്കിട്ടിയത് മൂപ്പര് ഓളോടല്ല നമ്മളോടാണ് അത് പറഞ്ഞതെന്ന്. അത് കേട്ടപ്പൊ തന്നെ സന നല്ല ഹാപ്പി. നമ്മളോ ഹലാക്കിൻറെ അവുലും കഞ്ഞി എന്ന് പറഞ്ഞ അവസ്ഥയിലും.

"ങേ... എൻ....എന്താ പറഞ്ഞേ? ഞാനോ?"

"ആ...നീ തന്നെ അല്ലാതെ വേറെ ആരാ?"

"അതിന്...ഇൻക്ക് പ്രപ്പോസ് ഒന്നും ചെയ്ത് ശീലമില്ല."

"അതൊന്നും സാരല്യ..ഇങ്ങനെയൊക്കെ പറഞ്ഞിട്ടല്ലേ ശീലമാക്കാ...

നീ വേറൊന്നും പറയണ്ട ഒരു 'I love you' പറഞ്ഞിട്ട് തിരിഞ്ഞ് നോക്കാതെ പോയാ മതി."

മൂപ്പരത് പറഞ്ഞപ്പൊ മുതല് നെഞ്ച് പെരുമ്പറ മുഴക്കാൻ തുടങ്ങി. നസി അപ്പോഴേക്കും സൊള്ളി കഴിഞ്ഞിട്ട് വന്നിരുന്നു. നമ്മളെ കുരാമീസൊക്കെ കൂടി പറ ഫെബീ.... പറയ് എന്ന് പറഞ്ഞ് ശല്യം ചെയ്തു. അച്ചു നല്ലൊരു ചിരി പാസാക്കിയിട്ട് എൻറെ അടുത്തേക്ക് വന്നിട്ട് കാതിൽ പറഞ്ഞു.

"ഫെബീ....രോഗി ഇച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും നല്ല ശുദ്ധമായ മിൽമ പാലാ...നീ അതോണ്ട് വേഗം പോയി പറയ് പെണ്ണേ..." നമ്മള് അച്ചുവിനിട്ട് ഒന്ന് കൊടുക്കാൻ ഓങ്ങിയെങ്കിലും പിന്നെ അത് വേണ്ടാന്ന് വെച്ചു.

അങ്ങനെ നമ്മളെ കുരാമീസിനെയൊക്കെ ഒന്നൂടി നോക്കിയിട്ട് നമ്മള് മൂപ്പരെ അടുത്തേക്ക് ചെന്നു. ആദിൽക്കാൻറെ അടുത്തേക്ക്.

ഇവിടെ ഉണ്ടായ സംഭവങ്ങൾ ഒന്നും ഇങ്ങേര് അറിഞ്ഞിട്ടില്ലെന്നാ തോന്നുന്നത്. കാരണം, ഇതുവരെ മൂപ്പര് കിടന്നിടത്ത് നിന്ന് ഒന്നനങ്ങിയിട്ട് പോലുമില്ല. മൂപ്പര് നല്ല ഉറക്കമൊയിരിക്കും. അതാലോചിച്ചപ്പൊ ഒരാശ്വാസം തോന്നി.

നമ്മള് ഇപ്പൊ നിൽക്കുന്നത് മൂപ്പരെ തൊട്ടടുത്താണ്ട്ടാ. നമ്മക്ക് വല്യ ടെൻഷനൊന്നും ഇല്ലെങ്കിലും നമ്മളെ ഈ ഹാർട്ട് ബീറ്റുണ്ടല്ലൊ അത് ചുമ്മാ കിടന്ന് പട പടാ പട പടാന്ന് മിടിക്കുന്നുണ്ട്. എന്ത് കാര്യത്തിനാണാവോ പടച്ചോന് അറിയാം.

നമ്മള് മൂപ്പരേയും അവരേയും മാറി മാറി നോക്കി നിന്നു.

"അവിടെ നിന്ന് പരുങ്ങാതെ I love you പറയടീ..."

ആരാന്നല്ലെ? നമ്മളെ കട്ടചങ്കും കൂടെ കൊണ്ട്

നടക്കുന്ന ശത്രുവുമായ ഇൻ്റെ പൊന്നാര അച്ചു.

നമ്മളെ ഓളേയൊന്ന് കണ്ണുരുട്ടി .

"അതിനു ഇങ്ങേരെ മുഖമൊന്ന് കാണണ്ടേ?" നമ്മള് നമ്മളെ രോധനം ആദ്യം തന്നെ പറഞ്ഞു. അപ്പൊ നിയാസ്ക്കാൻ്റെ വക.

"നീയിപ്പൊ ഓൻ്റെ മോന്തയൊന്നും കാണണമെന്നില്ല. ഒരു I love you പറഞ്ഞിട്ട് പൊയ്ക്കോ."

നമ്മളൊന്ന് മൂളി കൊണ്ട് വീണ്ടും മൂപ്പരെ നേരെ തിരിഞ്ഞു.

'ഇങ്ങേരെ മുഖത്ത് നിന്ന് താടിക്കാരൻ്റെ കർച്ചീഫും വാങ്ങി ഓടിയാലോ? അല്ലെങ്കിൽ അത് വേണ്ട.ഓടിയാൽ തന്നെ ഏതറ്റം വരെ ഓടാനാ?.....അതും ശരിയാ....

എൻ്റെ ഫെബീ...ഒരു I love you അല്ലേ? അതും പറഞ്ഞ് പോയിട്ടേയിറ്...'

അങ്ങനെ നമ്മള് തന്നെ നമ്മക്ക് കുറേ കോൺഫിഡൻസ്മൊക്കെ കൊടുത്തിട്ട് ഒരു ദീർഘശ്വാസം വിട്ടു. നമ്മള് എന്നിട്ട് അതങ്ങ് പറഞ്ഞു.

"I.....love......you....."

അതും പറഞ്ഞ് നമ്മള് അപ്പൊ തന്നെ തിരിഞ്ഞു നടന്നു. കൂടെ നമ്മളെ നാല് കുരാമീസും ഉണ്ട്ട്ടോ.

"ഛെ...ഇവരെ പറ്റി നസി പറയുന്നതൊക്കെ കേട്ടപ്പൊ നമ്മള് കരുതി ഇവൻമാര് കിടുവാണെന്ന്. മിനിമം നമ്മളെ കരയിപ്പിച്ചിട്ടേ വിടൂ എന്ന്. ഇതിപ്പൊ രണ്ടാം ക്ലാസിലെ പിള്ളേരെ റാഗ് ചെയ്യുന്ന പോലെ..."

നമ്മളതും പറഞ്ഞ് ഭയങ്കര ചിരി ആയിരുന്നു. കൂടെ അച്ചുവും കൂടി.

"ഒന്നവിടെ നിന്നെ...." പുറകീന്ന് അങ്ങനൊരു വിളി ഞങ്ങളാരും പ്രതീക്ഷിച്ചിട്ടില്ലേന്നു.

"എടീ ഫെബീ.....നീ പറഞ്ഞത് അവൻമാര് കേട്ടെന്നാ തോന്നുന്നത്. നിനക്ക് നിൻറെ വായ വെച്ച് ഒന്ന് മിണ്ടാതെ ഇരുന്നൂടേ? എന്ത് വന്നാലും നീ തന്നെ അനുഭവിച്ചു."

എന്നും പറഞ്ഞ് അച്ചു നമ്മളെ നേരെ ഗുണ്ടങ്ങ് ഇട്ടിട്ട് നാലെണ്ണവും ഒന്ന് തിരിഞ്ഞു നോക്കി.

നമ്മളാണെങ്കിൽ പെട്ട് പോയോ എന്ന് ചിന്തിച്ചോണ്ട് തലയും താഴ്ത്തി തിരിഞ്ഞു നിന്നു.

നമ്മളെ മുൻപിൽ അപ്പൊ വെളുത്ത ഷൂയിട്ട രണ്ടു കാലുകളാണ് നമ്മള് കണ്ടത്. ഒരു രണ്ടടി ദൂരമേ ഞങ്ങൾക്കിടയിലുള്ളൂ. അതോണ്ട് പെട്ടെന്ന് തന്നെ നമ്മള് മുഖം ഉയർത്തി.

മുൻപിൽ നിൽക്കുന്ന ആളെ കണ്ട് അറിയാതെ നമ്മള് രണ്ടടി ബാക്കിലേക്ക് നീങ്ങി. ഞാനും അച്ചുവും ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരാളാണ് മുൻപിൽ നിൽക്കുന്നത്. അയാളെ കണ്ടപ്പൊ അച്ചുവിന്റെ

ചുണ്ടുകൾ അനങ്ങി.

"കാക്കൂ...."

(തുടരും)

_ഭാഗം. 20_

മുൻപിൽ നിൽക്കുന്ന ആളെ കണ്ട് അറിയാതെ നമ്മള് രണ്ടടി ബാക്കിലേക്ക് നീങ്ങി. ഞാനും അച്ചുവും ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരാളാണ് മുൻപിൽ നിൽക്കുന്നത്. അയാളെ കണ്ടപ്പൊ അച്ചുവിന്റെ ചുണ്ടുകൾ അനങ്ങി. അവളുടെ ശബ്ദം എൻറെ കാതുകളിൽ മുഴങ്ങി കേട്ടു.

"കാക്കൂ...."

അതെ...അവൻ തന്നെ. രണ്ടു ദിവസം മുൻപ് നമ്മളെ കാറിടിച്ച ആ താടിക്കാരൻ മൊഞ്ചൻ. ഇവനെന്താ

ഇവിടെ എന്നൊരു നിമിഷം ചിന്തിച്ചെങ്കിലും ആ ചോദ്യത്തിന് അവിടെ പ്രസക്തി ഇല്ലായിരുന്നു. കാരണം, അവനാണ് ആദിൽക്ക എന്ന് നമ്മക്ക് അപ്പോഴാ ഓടിയത്.

ഇനി ഇത് അവൻ തന്നെ ആണോ? അതോ നമ്മളിനി വല്ല സ്വപ്നവും കാണാണോ എന്ന് കരുതി നമ്മളെ ഞാൻ തന്നെ ഒന്ന് നുള്ളി നോക്കി. വേദനിക്കുന്നുണ്ട് അപ്പൊ സ്വപ്നമല്ല.

നമ്മള് അച്ചുവിന്റെ മുഖത്തേക്ക് നോക്കി. അവള് ഇപ്പോഴും വണ്ടറടിച്ച് നിൽക്കാണ്. ബാക്കി മൂന്നെണ്ണവും ഇവിടെ ഇനി എന്താ നടക്കാൻ പോകുന്നതെന്ന് നോക്കാണ്.

'എന്തൊക്കെ ആയിരുന്നു ഫെബീ വിളിച്ച് കൂടിയത്? വല്ല ബോധവുമുണ്ടോ? പടച്ചോനേ നമ്മള് പറഞ്ഞതൊക്കെ കേട്ടിട്ട് നമ്മളെ ക്രൂശിക്കാൻ വന്നതാണോ?

യാ റബ്ബീീീീ.....എൻറെ വിധി. എല്ലാം അനുഭവിച്ചോ ഫെബീ നീ ആയിട്ട് വിളിച്ച് വരുത്തിയതല്ലേ?'

ഇതൊക്കെ നമ്മള് സ്വയം പറഞ്ഞതാണ്ട്ടോ.

ആ മൊഞ്ചൻ താടിക്കാരൻ അതായത് ആദിൽക്ക നമ്മളെ മുഖത്ത് നിന്ന് കണ്ണെടുക്കാതെ നോക്കി നിൽക്കാണ്. എന്തായാലും പെട്ടു. അപ്പൊ ഇത് കൂടുതൽ നാറ്റക്കേസ് ആക്കാതെ ഒതുക്കുന്നതാകും നല്ലതെന്ന് നമ്മക്ക് തോന്നി.

അതോണ്ട് ഒന്നും നോക്കീല, നമ്മള് ആദിൽക്കാനെ നോക്കി ഒന്ന് പുഞ്ചിരിച്ചു. അത് പുഞ്ചിരിയാണോ, അതോ ചമ്മി പോയതിൻ്റെ ഭാവമാണോ എന്ന് നമ്മളെ മുഖം കാണുന്നവർക്ക് മനസ്സിൽ ആയേനേ.

പക്ഷേ, നമ്മളെ പുഞ്ചിരിക്കൊന്നും അങ്ങേരിൽ നിന്ന് ഒരു പ്രതികരണവുമില്ല. ഇപ്പോഴും നമ്മളെ നോക്കി നിക്കാണ്. നമ്മള് അപ്പൊ അച്ചുവിനെ ഒന്ന് ദയനീയമായി ഒന്ന് നോക്കി. അവളാണെങ്കിൽ നമ്മളെ അവസ്ഥ നന്നായിട്ട് മുതലാക്കുന്നുണ്ട്. വായ പൊത്തി കൊണ്ട് വമ്പൻ ചിരിയാണ് ബലാല്. ഒരു ചവിട്ട് കൊടുക്കാൻ തോന്നി പോയി നമ്മക്ക്. ഓളെ ചിരി കണ്ട് ബാക്കി മൂന്നെണ്ണവും എന്താന്ന് ചോദിച്ച് ചെന്നു.

അവരെ കാതിൽ അവളെന്തോ ഓതി കൊടുത്തു. അത് കേട്ടതും അവള്മാര് ഞെട്ടിയിട്ട് നമ്മളെ ഒരു നോട്ടം. എന്നിട്ട് ആ അച്ചുവിന്റെ കൂടെ കൂടി അവറ്റകളും നമ്മളെ കളിയാക്കി ചിരിക്കാണ്.

അതൊക്കെ കൂടി കണ്ടപ്പൊ നമ്മളെ കൺട്രോൾ അറിയാതെ കൈ വിട്ട് പോയി. അത് നമ്മളെ മുൻപിൽ നിൽക്കുന്ന ആളെ നേർക്ക് അറിയാതെ പൊട്ടി വന്നു.

"താൻ കുറേ നേരായല്ലോ എന്നെ നോക്കാൻ തുടങ്ങിയിട്ട്. താനെന്താ എന്നെ ഇതിനു മുൻപ് കണ്ടിട്ടില്ലേ?"

നമ്മളെ ദേഷ്യവും ചൂടുള്ള ചോദ്യവും കേട്ട് നമ്മളെ കുരാമീസ് ഞെട്ടി. പക്ഷേ, ഇപ്പോഴും ഈ കോന്തന് ഒരു മാറ്റവുമില്ല. നമ്മളെ തന്നെ നോക്കി നിക്കാ.

അച്ചു എൻറെ കയ്യിൽ പിടിച്ചിട്ട് പതുക്കെ പറഞ്ഞു.

"നീയിത് എന്ത് ഭാവിച്ചാ ഫെബീ...എന്തിനാ വെറുതെ ആദിൽക്കാനോട് ചൂടാവുന്നേ?"

'പറഞ്ഞ പോലെ നമ്മള് എന്തിനാ ഇപ്പൊ ഇങ്ങേരോട് ചൂടായത്? ആകെ കൂടി പിരാന്തായല്ലൊ റബ്ബേ.....' നമ്മള് സ്വയം പറഞ്ഞതാട്ടൊ.

നമ്മള് മൂപ്പരോട് ചൂടായത് കണ്ടപ്പൊ നിയാസ്ക്കയും കൂട്ടരും ഞങ്ങളെ അടുത്തേക്ക് വന്നു.

"എന്താടാ ആദി...

എന്താ പ്രശ്നം? നിനക്കിവളെ നേരത്തെ അറിയോ?" നിയാസ്ക്ക ഇങ്ങനെ ഓരോന്ന് ചോദിച്ച് നമ്മളെ അടുത്തേക്ക് വരാൻ നിന്നപ്പൊ ആദിൽക്ക തടുത്തു. അപ്പൊ നിയാസ്ക്ക പുറകോട്ട് തന്നെ പോയി.

ഗ്രൗണ്ടിൽ ഇപ്പൊ ഏകദേശം ആള് കൂടിയിട്ടുണ്ട്. രാവിലത്തെ നമ്മളെ പെർഫോമൻസ് കണ്ട് നിന്നവരാണ് പലരും. അവരുടെ നോട്ടവും നമ്മളിലേക്കാണ്. ഇതിപ്പൊ ഒരുമാതിരി നെല്ലിക്കയെ

കുറിച്ച് പറഞ്ഞ അവസ്ഥ ആയല്ലൊ. കയ്ച്ചിട്ട് ഇറക്കാനും വയ്യ,മധുരിച്ചിട്ട് തുപ്പാനും വയ്യ. വരുന്നിടത്ത് വെച്ച് കാണാം.

'ഇങ്ങേരെന്താ ഒന്നും മിണ്ടാത്തേ? ഇനി ഊമയാണോ? ഏയ്...അല്ല, നേരത്തെ നിയാസ്ക്കാനോട് സംസാരിച്ചില്ലേ? നമ്മളെ കാണുമ്പൊ മാത്രം എന്താ ഇങ്ങേരെ നാവ് ഇറങ്ങി പോവുന്നുണ്ടോ പടച്ചോനേ...'

"നേരത്തെ എന്താ നീ പറഞ്ഞേ?"

ശബ്ദം കേട്ട് നമ്മള് ആളെ മുഖത്തേക്കൊന്ന് നോക്കി.

'അപ്പൊ നമ്മളെ കാണുമ്പൊ ഊമയാകുന്നതല്ല. അതല്ല, ഇങ്ങേരിത് ഏത് കാര്യാ പടച്ചോനേ ചോദിക്കുന്നത്? നമ്മള് നേരത്തെ തള്ളിവിട്ടതിനെ കുറിച്ചാണോ? അതോ ഇപ്പൊ ചൂടായതിനെ പറ്റിയാണോ?'

"ഹലോ....തന്നോടാ ചോദിച്ചത്. എന്താ നേരത്തെ അവിടെ നിന്ന് വിളിച്ച് കൂവിയതെന്ന്?"

' യാ റബ്ബീ.... നേരത്തെ തള്ളി വിട്ട വിടൽസിനെ കുറിച്ചാ മൂപ്പര് ചോദിക്കുന്നത്. തൃപ്തിയായി... എന്തായാലും ഇവരെ മുന്നിൽ നാണം കെടുമെന്ന് ഉറപ്പായി മോളേ...അതോണ്ട് എന്താന്ന് വെച്ചാ പറയാൻ നോക്ക്..'

നമ്മള് ഒരു സെക്കന്റ് കണ്ണുമടച്ച് ഒരു ദീർഘശ്വാസവും വിട്ട് കണ്ണ് തുറന്നപ്പൊ ആദിൽക്ക എൻറെ തൊട്ട് മുന്നിലാണ് നിൽക്കുന്നത് . ഒരു അടി ദൂരമേ ഞങ്ങൾ തമ്മിൽ ഇപ്പൊ ഉള്ളൂ...

അവൻറെ ആ നോട്ടം,ചുണ്ടിൽ വിരിയുന്ന ചിരി ഇതൊക്കെ കൂടി കണ്ടപ്പൊ തന്നെ നമ്മളെ ശ്വാസവും നെഞ്ചിടിപ്പും ചെന്നൈ എക്സ്പ്രസ്സിനേക്കാൾ വേഗത്തിൽ കുതിക്കാൻ തുടങ്ങി.

നമ്മള് അപ്പൊ തന്നെ വീണ്ടും രണ്ടടി പുറകോട്ട് പോയി. നമ്മളെ പോക്കും ഓൻറെ നിൽപും കണ്ടിട്ട് കുരാമീസ് ഹലാക്കിലെ ചിരിയാണ്. നിയാസ്ക്കയും കൂട്ടരും ഇപ്പോഴും അന്തം വിട്ട് നിക്കാണ്. എന്ത് കാര്യത്തിനാണാവോ?

" ഹലോ ...തന്നോടാ ചോദിച്ചത്..ചെവി കേക്കില്ലേ? ഊമയാണോ?"

ഓൻറെ ഒലക്കീമലെ ഒരു ചോദ്യം. അച്ചു അവിടെ നിന്നിട്ടും കിടന്നിട്ടുമൊക്കെ ചിരിക്കാണ്. 'അങ്ങനെ അങ്ങ് വിട്ട് കൊടുക്കാൻ പറ്റില്ലല്ലോ...കാരണം ഞാൻ ഫെബിയാണ്. പക്ഷേ ഇവൻറെ മുന്നിൽ എന്താ പടച്ചോനേ എൻറെ പത്തി താഴുന്നത്?'

"പറയടീ..." എന്ന് പറഞ്ഞ് മൂപ്പര് ഒരു സ്റ്റെപ്പ് മുന്നോട്ട് വെച്ചു. നമ്മള് പുറകോട്ടും. അതിവനെ പേടിച്ചിട്ടൊന്നും അല്ലട്ടൊ? നമ്മളെ ശരീരത്തിന് ഓൻറെ സാമീപ്യം താങ്ങാത്തോണ്ടാ...

നമ്മള് അങ്ങനെ പറഞ്ഞതിന് ഇങ്ങളെന്തിനാ ചിരിക്കുന്നേ? ഇങ്ങള് വിചാരിച്ച പോലെ നമ്മക്കോനെ......പേടിയാണ് ...ഇപ്പൊ കുറച്ച് പേടിണ്ട്. പണ്ടാറക്കാലൻ ഇപ്പൊ വീണ്ടും നമ്മളെ അടുത്താണ്. അതോണ്ട് സമ്മതിച്ചു. ഓനെ പേടിയാണ്.

"പറയടീ പെണ്ണേ..."

"അ..അ...അത്...അതന്ന്.... ഷെറി....കല്യാണം.... റിസപ്ഷൻ.....കഴിഞ്ഞ്....ഇയാള്." അപ്പൊ മൂപ്പര് നമ്മളെ ഒരു നോട്ടം. നമ്മളപ്പൊ തന്നെ അത് തിരുത്തി. പേടിച്ചിട്ടൊന്നുമല്ലട്ടോ, ഓ..സമ്മതിച്ചു പേടിച്ചിട്ട് തന്നെയാ..

"ഇയാള്....അല്ല...

ആദിൽക്ക.....കാറ്...ഇടിച്ച്....ഉരുണ്ട്....കല്ല്....ദേഷ്യം... ചീത്ത...."

നമ്മള് കയ്യോണ്ടും കാലോണ്ടും ഓരോരോ ആംഗ്യങ്ങള് കാണിച്ചിട്ടും പറഞ്ഞിട്ടും അതങ്ങ് മുഴുവനാക്കി. പെട്ടെന്ന് നമ്മളെ നോക്കി മൂപ്പര് ഹലാക്കിലെ ചിരി... കുറച്ച് കഴിഞ്ഞപ്പൊ ബാക്കിയുള്ളവരും ഒപ്പം കൂടി. നമ്മളെ കുരാമീസിനെ പറ്റി പിന്നെ പറയണ്ടല്ലൊ,

അവറ്റകള് നമ്മക്ക് സപ്പോട്ടായിട്ട് കുറെ നേരായി ചിരിക്കുന്നു. അത് കുറച്ച് കൂടി ഉയർന്നു. ഇപ്പൊ ഫുൾ നമ്മളെ കളിയാക്കി ചിരിക്കാണ്. പാവം ഞാൻ.... ഒന്നും മിണ്ടാതെ എല്ലാത്തിനേയും ഒന്ന് നോക്കി നിന്നു. കുറച്ച്

കഴിഞ്ഞപ്പൊ മൂപ്പര് നമ്മളെ നോക്കി ചോദിച്ചു.

"എന്ത് മാങ്ങാത്തൊലിയാടി നീ പറയുന്നത്? ഇപ്പൊ നിൻറെ നാക്കൊക്കെ എങ്ങോട്ടാ പോയേ? നീ വിഴുങ്ങിയോ?"

മൂപ്പര് നമ്മളെ കണ്ണിലേക്ക് നോക്കി കൊണ്ട് നിക്കാണ്. നമ്മളാണെങ്കിൽ ആ എന്നും ഇല്ലാന്നും തലയാട്ടുന്നുണ്ട്.

"എന്തേ അൻറെ വായേല് കൊഴുക്കട്ടയാണോ? എന്തേലും വായ തുറന്ന് മിണ്ടടീ.."

നമ്മളന്ന് ഓൻക്കിട്ട് കാച്ചിയ ഡയലോഗ് ഓനിപ്പൊ നമ്മക്ക് നേരെ തുടുത്ത് വിടാണ്.

'എന്താ പടച്ചോനേ ഇവനെതിരെ ഇൻറെ നാവ് ചലിക്കാത്തേ? എന്തേലും ചെയ്യ് ഫെബീ....'

"എനിക്ക്... നാവൊക്കെയുണ്ട്...തനിക്കിപ്പൊ എന്താ അറിയണ്ടേ?" നമ്മള് ഉള്ള ധൈര്യമൊക്കെ വെച്ച് അങ്ങ് ഒപ്പിച്ച് പറഞ്ഞു.

"ഓഹോ...അപ്പൊ അങ്ങനെ ആണോ? എന്നാല് എന്നോട് പറ.."

നമ്മള് കണ്ണും തള്ളി കൊണ്ട് മൂപ്പരെ ഒരു നോട്ടം നോക്കി.

"എ..എന്തോന്ന്?"

"നേരത്തെ നീയിങ്ങോട്ട് വരുന്നതിന് മുന്നേ എന്താണോ പറഞ്ഞത്..അത്." നമ്മളെ നോക്കി ചിരിച്ചോണ്ട് മൂപ്പരത് പറഞ്ഞപ്പൊ ഒരു ഇടി മിന്നൽ എൻറെ നെഞ്ചത്ത് കൂടി പാഞ്ഞ് പോയ ഫീല്.

പലരും പറഞ്ഞ് കേട്ടിട്ടുണ്ടെങ്കിലും നമ്മളന്ന് അതൊക്കെ ബഡായിയെന്ന് പറഞ്ഞ് തള്ളിയ

കാര്യമാണ് ഇപ്പൊ എൻ്റെ നെഞ്ചത്ത് കൂടി പാഞ്ഞ് പോയത്. ആദ്യായിട്ടാണ് ഇങ്ങനെ ഒരു ഫീല് ഉണ്ടാവുന്നത്. അതോണ്ട് ഷോക്കടിച്ച പോലെ ആയിരുന്നു നമ്മളെ നിൽപ്.

"ഡീ...കാറ്റ് പോയോ?" ആദിൽക്ക എൻ്റെ കണ്ണിന് നേരെ കൈ കാണിച്ചു. അപ്പോഴാ ഷോക്കിൽ നിന്ന് വേർപ്പെട്ടത്.

"അപ്പോഴേ ഇനി അധികം നീട്ടി അത് ലേറ്റാക്കണ്ട. അതോണ്ട് നീയത് പറഞ്ഞേക്ക്. ഇനി നിനക്ക് പറയാൻ ഭാവമില്ലെങ്കിൽ നമ്മളത് പറയിപ്പിക്കാം."

അതും പറഞ്ഞോണ്ട് അങ്ങേര് വീണ്ടും നമ്മളെ അടുത്തേക്ക് വന്നു. നമ്മള് അതുപോലെ പുറകോട്ടും. ഇപ്പൊ എല്ലാവരുടെയും ചിരിയൊക്കെ പോയിട്ടുണ്ട്, പകരം ഭയങ്കര ആകാംഷയാണ് മുഖത്ത്.

നമ്മള് ആണെങ്കിൽ ഇപ്പോഴും നടക്കാണ്. പെട്ടെന്ന് ആദിൽക്ക നിന്നു. അപ്പൊ നമ്മളും നിന്നു.

നോക്കുമ്പൊ ഗ്രൗണ്ടിൻ്റെ ഒത്തനടുക്കാണ് നമ്മള് നിൽക്കുന്നത്. അതോണ്ട് പലരും ക്ലാസിൽ നിന്നും ഗ്രൗണ്ടിൽ നിന്നുമൊക്കെ നമ്മളെ നോക്കാണ്.

"താൻ പറയുന്നോ, അതോ ഞാൻ പറയിപ്പിക്കണോ?" മൂപ്പര് ഒരു കള്ളച്ചിരിയും കൊണ്ട് വീണ്ടും നമ്മളെ അടുത്തേക്ക് വരാൻ നിന്നു.

"വേണ്ട..ഞാൻ പറയാം..." നമ്മളതും പറഞ്ഞ് നമ്മളെ കുരാമീസിനെ നോക്കി. ഒരാളൊഴികെ ബാക്കി മൂന്നും പറയ് എന്ന് പറയുന്നുണ്ട്. നസി മാത്രം വേണ്ടടീ എന്ന് തലയാട്ടി. ഇവിടെ ഒരുത്തൻ ആണെങ്കിലോ നമ്മളെ ഭീഷണിപ്പെടുത്താ.

"നീ പറയുന്നുണ്ടോ? അതോ...?"

"വേണ്ട ...ഞാൻ പറഞ്ഞോളാം..."

"എന്നാല് പറ. വേഗം വേണം."

"ഐ........ഐ.....ഐ...."

"കൊറേ നേരായല്ലൊ താൻ ഐ പറയുന്നു. ബാക്കി പറ. ഇല്ലെങ്കിൽ...." അവൻ ഒന്നു കൂടി മുന്നിലേക്ക് വന്നു. സർവ്വ ശക്തനായ തമ്പുരാനെ മനസ്സിൽ വിചാരിച്ച് നമ്മള് പറഞ്ഞു.

"ഐ ലൗ യു..."

"എന്ത് കേട്ടില്ലാ...കുറച്ച് കൂടി ഉറക്കെ പറ." നമ്മള് ഓനെ ഒന്ന് തുറുക്കനെ നോക്കി.

'ഓന് പറഞ്ഞ് കൊടുത്തതും പോരാ..ഇനി ഉറക്കെ പറയണത്രേ..എന്നാ ഒരു മൈക്ക് കൊണ്ട് താ ഞാൻ നോ നാട് നീളെ പറഞ്ഞു നടക്കാം.'

"എന്തേ പറയുന്നില്ലേ?"

"ഇല്ലെങ്കിൽ നീയെന്താ എന്നെ മൂക്കിൽ വലിച്ച് കേറ്റോ?" നമ്മള് മെല്ലെ പറഞ്ഞതാട്ടോ.

"ങേ..എന്താ പറഞ്ഞേ..കേട്ടില്ല."

"ഐ ലൗ യു പറഞ്ഞതാ.."

'കോന്തൻ,വശളൻ,ഹിമാറ്,ബലാൽ' മനസ്സിൽ ചിന്തിച്ചതാ.

"എന്നാലെ...നല്ല ഉറക്കെ എൻറെ കാതിൽ മുഴങ്ങി കേൾക്കുന്ന ഉച്ചത്തിൽ ഒന്ന് പറഞ്ഞേ...ഞാനൊന്ന് കേക്കട്ടേ." ഓൻറെ പറച്ചില് കേട്ട് നമ്മളൊന്ന് ചുറ്റും കണ്ണോടിച്ചു.

എല്ലാവരും നമ്മളെ നോക്കി നിൽക്കാണ്. നമ്മള് ഒരു സ്റ്റെപ്പ് മുന്നോട്ട് വെച്ചിട്ട് ആദിൽക്കാനോട് പറഞ്ഞു.

"കാതിൽ മുഴങ്ങി കേട്ടാ പോരേ? അതിനെന്തിനാ ഉറക്കെ പറയുന്നെ? ഞാൻ നിങ്ങളെ കാതിൽ പറഞ്ഞു തരാ."

"അത് വേണ്ട. അപ്പൊ ഈ നിൽക്കുന്നവരൊക്കെ നമ്മളെ കുറിച്ച് തെറ്റി ധരിക്കും. അതോണ്ട് നീ ഉറക്കെ പറഞ്ഞാ മതി."

ഓൻറെ മോന്ത നോക്കി ഒരെണ്ണം പൊട്ടിക്കാൻ നമ്മളെ കയ്യങ്ങ് തരിച്ചെങ്കിലും കയ്യ് പൊന്തുന്നില്ല. ഭയങ്കര കനം. അതോണ്ട് ഈ പണ്ടാറക്കാലൻറെ കയ്യീന്ന് രക്ഷപ്പെടാൻ നമ്മളത് കുറച്ച് ഉറക്കെ തന്നെ വിളിച്ചു കൂവി.

"ഐ ലൗ യു...."

ഡ്രാക്കുള....

ഓന് അതും തൃപ്തി പോരത്രേ.ഇനിയും ഒച്ച വേണമെന്ന്. നമ്മള് വീണ്ടും ഒന്ന് കൂടി ഒച്ച കൂട്ടി .ഇപ്പൊ ഗ്രൗണ്ടിലെ മൊത്തം പിള്ളേർക്കും കേൾക്കാം. അവരൊക്കെ വായയും തുറന്ന് നോക്കാണ്. ആ

അവസ്ഥയിൽ തന്നെയാണ് നിയാസ്ക്കയും കൂട്ടരും. നമ്മളെ നസി ഒഴിച്ച് ബാക്കി മൂന്നും കട്ട സപ്പോർട്ട്. നസി വേണ്ടാന്നും.

"കുറച്ച് കൂടി നല്ല ഉച്ചത്തിൽ..."

' ഇത്ര ഒക്കെ ഓൻ്റെ അടുത്ത് നിന്ന് പറഞ്ഞിട്ടും പഹയന് ചെവി കേൾക്കില്ലേ. ഒച്ചയെടുത്ത് നമ്മളെ ശബ്ദം പോയി. ഇത് ഒരുമാതിരി വന്ദനത്തിലെ സീൻ പോലെ ആയല്ലോ പടച്ചോനേ...ഇനി അതിൽ കാണുന്ന പോലെ ഇവനെയെങ്ങാനും കെട്ടിപ്പിടിച്ച് ഐ ലൗ യു പറയാൻ പറയോ...എന്നാല് ഇന്നോൻ്റെ അവസാനം നമ്മളെ കയ്യോണ്ടാകും.'

"പറയെടീ...ഈ കോളേജ് മൊത്തം നീ പറയുന്നത് കേൾക്കണം അത്രക്ക് ഉച്ചത്തിൽ പറ."

'എവിടെ പോയി കിടക്കാ കാക്കുമാരേ? കാക്കൂ...എന്നെ ഇവിടെയിട്ട് ഇതാ ഇവൻ പുഴുങ്ങുന്നു. ഓടി വായോ...'

നമ്മള് മനസ്സിൽ കുറേ പറഞ്ഞെങ്കിലും അവൻമാരെ പൊടി പോലും ഗ്രൗണ്ടിൽ കാണാനില്ല. അതോണ്ട് ഇവൻ പറഞ്ഞത് പറയുന്നത് തന്നെയാ നല്ലതെന്ന് തോന്നി.

പിന്നെ ഒന്നും നോക്കീല, ഈ പണ്ടാറക്കാലനോടും നമ്മളെ ബ്രദേഴ്സിനോടുമുള്ള ദേഷ്യം നമ്മള് ആ ഐ ലൗ യു വിൽ തീർത്തു.

ശ്വാസം അടക്കി പിടിച്ച് കണ്ണടച്ച് കയ്യോണ്ട് ചെവി പൊത്തിയിട്ട് ആർത്തു വിളിച്ചു.

ഐ....ലൗ...യൂ.......

ഇപ്പൊ കോളേജ് മാത്രമല്ല,ഈ ഭൂലോകം മൊത്തം കേട്ട് കാണും അമ്മാതിരി ഒച്ചയിലാ നമ്മളത് പറഞ്ഞത്.

കണ്ണ് തുറന്ന് നോക്കിയപ്പോ ആ കാലമാടൻ മാത്രം കണ്ണും അടച്ച് ഒരു പുഞ്ചിരി തൂകി നിൽക്കാണ്. നമ്മളെ കുരാമീസാണെങ്കിലോ നമ്മളെ പോലെ കാത് പൊത്തി നിൽക്കാ. നിയാസ്ക്കയും കൂട്ടരും ഇപ്പോഴും അതു പോലെ വായയും തുറന്ന് നിൽപുണ്ട്.

നമ്മളെ ശബ്ദം കേട്ട് ഗ്രൗണ്ടിൽ നിൽക്കുന്നവരും വരാന്തയിലുള്ളവരും ഒക്കെ നമ്മളെ നോക്കി നിൽക്കാണ്. ഉടുതുണിയില്ലാതെ നിൽക്കുന്ന ഒരു അവസ്ഥയായിരുന്നു നമ്മക്ക് അപ്പൊ.

ചെറുതായിട്ട് വിഷമവും ഒരുപാട് ദേഷ്യവും കൊണ്ട് ഞാൻ അവനെ നോക്കി. കണ്ണ് തുറന്നിട്ട് അവൻ ചുറ്റുമൊന്ന് കണ്ണോടിച്ചു. എന്നിട്ട് നമ്മളെ നോക്കി ഒന്ന് ചിരിച്ചു.

"മതി....ഞാൻ പ്രതീക്ഷിച്ചതിനേക്കാൾ ശബ്ദമൊക്കെയുണ്ട്.എല്ലാവരും ഇപ്പൊ കേട്ടിട്ടുണ്ടാവും.

ഇനി നീ ക്ലാസിൽ പൊയ്ക്കോട്ടൊ.."

അതും പറഞ്ഞ് ഓൻ തിരിഞ്ഞ് നടന്നു. എനിക്ക് ഓനെ കൊല്ലാനുള്ള ദേഷ്യം അപ്പൊ മുതൽ തുടങ്ങി. നമ്മളെ കുരാമീസ് നമ്മളെ അടുത്തേക്ക് വന്നു. അവര് എന്തൊക്കെയോ പറയുന്നുണ്ട്. എന്തായാലും നമ്മളെ കളിയാക്കുന്ന വല്ലതും ആയിരിക്കും.

നമ്മളെ നോട്ടം അപ്പോഴും അവനെയാണ്. അവനെ ചുട്ടെരിക്കാൻ മാത്രമുള്ള കനല് എൻറെ നോട്ടത്തിന് ഉണ്ടായിരുന്നു.

പെട്ടെന്ന് അവൻ തിരിച്ച് നമ്മളെ അടുത്തേക്ക് തന്നെ വന്നു. എന്നിട്ട് ഓൻറെ നെറ്റിയിൽ ഒന്ന് ചൊറിഞ്ഞു.

"നിൻറെ പേരെന്താ?"

അവൻറെ ചോദ്യത്തിന് എൻറെ നോട്ടമായിരുന്നു മറുപടി.

"ഇങ്ങനെ നോക്കല്ലെ പെണ്ണേ....കൺട്രോള് തെറ്റി

ഞാൻ വല്ലതും ചെയ്ത് പോകും."

ഓൻ്റെ പറച്ചില് കേട്ടപ്പൊ തന്നെ നമ്മള് മുഖം തിരിച്ചു. ഓനൊരു കള്ളച്ചിരിയുമായി വീണ്ടും ചോദിച്ചു.

"എന്താടോ തൻ്റെ പേര്?" നമ്മളൊന്നും മിണ്ടാതെ വേറെ എങ്ങോട്ടോ നോക്കി നിന്നു.

"പറയടീ......എന്താടി അൻ്റെ പേര്?"

ഇതുവരെ ശാന്തമായ ആള് പെട്ടെന്ന് കാതിൽ വന്ന് ഒച്ച വെച്ചാ ആരും പേടിക്കില്ലെ? അങ്ങനെ നമ്മളും ചെറുതായൊന്ന് പേടിച്ചു. ഞാൻ മാത്രമല്ല നമ്മളെ കുരാമീസും.

അച്ചു നമ്മളെ പേര് പറയാൻ നിന്നപ്പൊ അങ്ങേര് തടുത്തു.

"ഞാൻ ഇവളെ പേരല്ലേ ചോദിച്ചത്. അത് അവള് തന്നെ പറയട്ടെ. പറയടീ.."

"ആ...ആയിഷ...ആയിഷ ഫെബീ.."

നമ്മള് ഓൻറെ മുന്നിൽ ശരിക്കും പേടിച്ച് വിറച്ചുട്ടാ... ഇതെങ്ങാനും ഇൻറെ കാർണോര് കണ്ടാല് അപ്പൊ തന്നെ എന്നെ പിടിച്ച് ഇവനെ ഏൽപ്പിക്കും. അത്രക്ക് നമ്മള് പേടിച്ചു.

നമ്മളെ പേര് പറഞ്ഞപ്പൊ മൂപ്പര് കൂളായി ..എന്നിട്ട് എന്നെ നോക്കി ചിരിച്ചു.

"ആയിഷ ഫെബീ....ഫെബീ വേണ്ട ആയിഷ മതി...

ആയിഷാക്ക് എന്തിനാ ഒരു വാല്? അതോണ്ട് ഞാൻ ആയിഷാ എന്ന് വിളിക്കൊള്ളൂ."

പെട്ടെന്ന് ഓൻ അങ്ങനെ പറഞ്ഞപ്പൊ അങ്ങനെ എന്നെ വിളിക്കരുതെന്ന് പറയണം എന്നുണ്ടായിരുന്നു. പക്ഷേ ഒച്ച പൊന്തിയില്ല. കാരണമെന്താ? ആ പഹയൻ ഇപ്പൊ നമ്മളെ തൊട്ട് മുന്നിൽ ആണ് നിൽക്കുന്നത്. നെഞ്ചിടിപ്പും ശ്വാസവുമൊക്കെ അതിൻറെ വഴിക്ക് കുതിച്ച് ഉയരുന്നുണ്ട്.

ഈ സന്ദർഭത്തിൽ അൻറെ ബാപ്പ അല്ലേടീ ഇന്ത്യൻ പ്രസിഡന്റ് എന്ന് ചോദിച്ചാൽ പോലും നമ്മള് സമ്മതിച്ച് കൊടുക്കും.

"എന്താ ആയിഷാ.. ഞാനങ്ങനെ വിളിച്ചോട്ടെ.." എന്ന് ചോദിച്ചപ്പൊ തന്നെ നമ്മള് മൂളി കൊടുത്തു. നമ്മളെ മൂളല് കേട്ടപ്പൊ ഓൻ കുറച്ച് അകന്ന് നിന്നു. നമ്മളെ കുരാമീസ് നമ്മളെ മൂളല് കേട്ട് അന്തം വിട്ട് നിൽക്കാണ്.

നമ്മള് എല്ലാം സമ്മതിച്ച് കൊടുത്തിട്ടും പഹയൻ ഇവിടുന്ന് പോണില്ല. നമ്മളെ ഖൽബാണെങ്കിലോ ഓനോട് പോവല്ലേന്ന് പറയുന്ന പോലെ നമ്മക്ക് തോന്നാ..

ആകെ കൂടി തലക്ക് പിരാന്ത് പിടിക്കാണ് നമ്മക്ക്. നിങ്ങക്കോ?

വീണ്ടും ഓൻ പോവാനൊരുങ്ങി എങ്കിലും തിരിച്ച് പിന്നേയും നമ്മളെ അടുത്തേക്ക് തന്നെ വന്നു.

' ഇനിയെന്ത് ഹലാക്കാണാവോ പടച്ചോനേ....

ഈ ചെയ്ത്താൻറെ കയ്യീന്ന് നമ്മളെ രക്ഷിക്കണേ..'

"ആ പിന്നെ... ഞാൻ വന്നത് എന്തിനാന്ന് വെച്ചാല്...

നീ നേരത്തെ എന്നോട് പറഞ്ഞ ആ മൂന്ന് വാക്കില്ലേ, അതിനി എന്നോടല്ലാതെ വേറെ ആരോടും പറയണ്ട. ഞാൻ പറഞ്ഞിട്ടല്ലാതെ വേറെ ഒരുത്തൻറെ വായേന്നും നീ കേൾക്കാനും നിക്കണ്ട."

ഓനെ ഒരു സംശയത്തോടെ ഞങ്ങൾ അഞ്ച് പേരും കൂടി ഉറ്റു നോക്കി. ഓൻറെ പറച്ചിൽ അവസാനം എവിടെ ചെന്ന് നിൽക്കുമെന്ന് അറിയാൻ.

"കേട്ടല്ലൊ...നിൻറെ വായേന്ന് അത് കേൾക്കാനുള്ള ഒരേയൊരു അവകാശം എനിക്കാണ്.

കാരണം........."

ഓനെ തന്നെ കണ്ണിമ വെട്ടാതെ നമ്മള് നോക്കി നിന്നു.

"കാരണം, 'ഐ ലൗ യു'...

നീയെൻറെ പെണ്ണാ...ഈ ആദിലിൻറെ പെണ്ണ്. നിൻറെ പിന്നാലെ ഒരുത്തനും ഇനി നടക്കാൻ പാടില്ല. അതിനാ നിൻറെ നാവിൽ നിന്ന് തന്നെ എന്നെ ഇഷ്ടാണെന്ന് പറയിപ്പിച്ചത്.

ഈ കോളേജിലെ ഒരുത്തനും ഇനി നിൻറെ മുഖത്ത് പോലും നോക്കില്ല. കാരണം, നീ ഈ ആദിലിൻറെ പെണ്ണാ...."

അവൻറെ ഡയലോഗ് കേട്ട് നമ്മളെ തലയൊക്കെ കൂടി കറങ്ങാൻ തുടങ്ങി. കണ്ണിലൊക്കെ ഇരുട്ട് കേറി .ആ കോന്തൻറെ മുഖമല്ലാതെ ഒന്നും കാണുന്നില്ല. അവൻറെ ശബ്ദം അല്ലാതെ വേറെ ഒന്നും ഞാൻ കേക്കുന്നില്ല. വീഴാൻ പോകുന്ന പോലെ തോന്നി. അപ്പോഴേക്കും അച്ചു എന്നെ പിടിച്ചു.

നമ്മള് ഒന്ന് കൂടി ആ കോന്തനെ നോക്കി. ഓൻ ചിരിച്ചോണ്ട്

"ഇക്ക പോയിട്ട് പിന്നെ വരാട്ടൊ ഐശൂ...ബെല്ലടിച്ചു, ഇവിടെ നിന്ന് കറങ്ങാതെ വേഗം ക്ലാസിൽ പോ..." എന്ന് പറഞ്ഞ് ഓനൊരു പോക്കങ്ങ് പോയി.

ഞാനും നമ്മളെ കുരാമീസും കാറ്റ് പോയ ബലൂൺ കണക്കെ അവിടെ തന്നെ നിന്നു.

പെട്ടെന്നാണ് നമ്മക്ക് നസിൻറെ ഓർമ്മ വന്നത്. കാരണം ഓനെ കുറെ പൊക്കി പൊക്കി ആകാശം വരെ കൊണ്ട് പോയ ആളല്ലേ..

ഞാനും അച്ചുവും സനയും ഷംനയും നസിയെ ഒപ്പം തിരിഞ്ഞ് നോക്കി. ഓള് ഞാനൊന്നും ചെയ്തില്ലേ,ഞാനൊന്നും അറിഞ്ഞില്ലേ എന്ന മട്ടിൽ തലയാട്ടി കൊണ്ട് ഒരൊറ്റ ഓട്ടമായിരുന്നു. പിന്നാലെ ഞങ്ങൾ നാല് പേരും ഓടി.

ഇന്ന് ഓളെ നമ്മളെ കയ്യിൽ കിട്ടിയാ ഓളെ മയ്യിത്ത് ആകും എന്ന് കണക്ക് കൂട്ടി പിന്നാലെ ഓടി.

…………………

ഹലോ...ഞാൻ ആരാന്ന് മനസ്സിൽ ആയില്ലേ? ഞാൻ തന്നെ നമ്മളെ കഥയിലെ നായകൻ ആദിൽ.

നമ്മളിപ്പൊ നമ്മളെ ചങ്ക്സിൻറെ അടുത്താണ്ടോ നിൽക്കുന്നത്. നാലിൻറെയും ഫീസടിച്ച് പോയെന്നാ തോന്നുന്നത്.

"ഡാ...നിയാസേ...സിദ്ധൂ.... എടാ പൊട്ടൻമാരെ എന്ത് നോക്കി നിൽക്കാ? വാ ക്ലാസിൽ പോകാം."

"ഏതാടാ അവള് ? നിനക്കിവളെ നേരത്തെ പരിചയമുണ്ടോ?"

നിയാസിൻറെ ചോദ്യം കേട്ട് നമ്മളൊന്ന് ചിരിച്ചോണ്ട് മരച്ചോട്ടിൽ പോയി ഇരുന്നു.

"പറയടാ ആദി ..നിനക്ക് അവളെ അറിയോ?"

"എൻ്റെ പൊന്ന് ഭായീ...ഇവിടെ വന്നിരിക്ക് നിങ്ങള്..

ഞാൻ പറയാം."

നല്ല അനുസരണയുള്ളോരെ പോലെ നാലും എൻ്റെ അടുത്ത് വന്നിരുന്നു.

"മിനിഞ്ഞാന്ന് ഞാനും എൻ്റെ ഫ്രണ്ടും കൂടി ഒരു ഫ്രണ്ടിൻ്റെ കല്യാണ റിസപ്ഷന് പോയെന്ന് പറഞ്ഞില്ലേന്നോ? സൈനുവിൻ്റേയും ഷെറിൻ്റേയും?

അവിടെ വെച്ചാ ഞാൻ അവളെ ആദ്യം കാണുന്നത്.

ആദ്യ കാഴ്ചയിൽ തന്നെ എൻ്റെ മനസ് പിടിച്ചു കുലുക്കാൻ പറ്റുന്ന തരത്തിൽ എന്തോ ഒരു ആകർഷണം എനിക്ക് അവളോട് തോന്നി. സൈനുവിൻ്റെ വൈഫിൻ്റെ ഫ്രണ്ടാണ് അവളെന്ന് ഷെറി പറഞ്ഞപ്പോഴാ ഞാൻ അറിയുന്നത്. അവളുടെ മധുരമൂറുന്ന ശബ്ദവും പവിഴം പൊഴിക്കുന്ന ചിരിയുമായിട്ട് അവള് എൻ്റെ മുന്നിൽ നിന്നപ്പോഴുണ്ടല്ലോ ."

"എന്താ ചുറ്റുള്ളതൊന്നും അനക്ക് കാണാൻ പറ്റുന്നില്ലേ?" സിദ്ധുവാണ്.

"എനിക്ക് എന്നെ തന്നെ കാണുന്നില്ലേന്നു." നമ്മള് ഒരു ചെറിയ ചിരിയോടെ പറഞ്ഞു.

"എടാ കള്ളപ്പന്നീ...എന്നിട്ട് ഞങ്ങളോട് ഇത് വരെ അതിനെ പറ്റി ഒരു വാക്കുപോലും നീ പറഞ്ഞില്ലല്ലോ?" നിയാസാണ്.

"എടാ അവളെ നിങ്ങൾക്ക് പരിചയപ്പെടുത്തി തരാൻ വേണ്ടിയല്ലേ അവള് പാടിയത് ഞാൻ നമ്മളെ ഗ്രൂപ്പീലിട്ടത്. നിന്നോടൊക്കെ കൂടി പറയാൻ നിന്നപ്പോഴേക്കും നീയൊക്കെ കൂടി അതെടുത്ത് കോളേജ് ഗ്രൂപ്പിലിട്ടില്ലെ?"

"അതിന് ആദ്യമേ വായ തുറന്ന് പറയണായിരുന്നു. നീയെന്താ അതിട്ടപ്പൊ പറഞ്ഞത്? ഈ പാട്ട് എങ്ങനെ ഉണ്ടെന്ന്...അത് കേട്ടപ്പൊ ഞങ്ങൾ വിചാരിച്ചോ നീ

അവളെ കുറിച്ചാണ് ചോദിച്ചതെന്ന്." അൻവർ കുറച്ച് കലിപ്പിലാ.

"ശരിയാണ്....അത് ആദ്യമേ പറയണായിരുന്നു. ആ വീഡിയോ അങ്ങ് ഹിറ്റായപ്പൊ അവൾക്ക് കുറച്ച് ജാഡയും കൂടിയിട്ടുണ്ടാകും. അത് എന്തായാലും ഇന്നത്തോട് കൂടി കുറഞ്ഞ് കാണും."

"അപ്പൊ നീ അഹങ്കാരം കുറക്കാൻ വേണ്ടിയാണോ അങ്ങനെ ഒക്കെ പറഞ്ഞത്? അപ്പൊ നിനക്ക് അവളെ ഇഷ്ടല്ലേ?" ആകാശാണ്. അവനാണത് ചോദിച്ചതെങ്കിലും നാലിൻറേയും മുഖത്ത് ആ സംശയമുണ്ട്.

"നിങ്ങൾക്ക് ഇപ്പോഴും മനസ്സിലായില്ലേ എനിക്ക് അവളെ ഇഷ്ടാണെന്ന്....അന്ന് അവളെ അവിടെ വെച്ച് കണ്ടപ്പോഴേ ഈ ആദി ഉറപ്പിച്ചതാ ഇനി അവളെ ഒരിക്കൽ കൂടി കണ്ടാൽ പിന്നെ ഒരുത്തനും അവളെ വിട്ട് കൊടുക്കില്ലാന്ന്."

"എന്നിട്ട് നീ അവളെ കാണുന്നത് ഇന്നാണോ?" അൻവറിൻ്റെ ചോദ്യത്തിന് ചിരിച്ചോണ്ട് അല്ലാന്ന് തലയാട്ടി.

"പിന്നെ നീ എവിടെന്നാ നീ അവളെ കണ്ടത്?" അക്കുവാണ്.(ആകാശ്).

"അന്ന് തന്നെ... ഓഡിറ്റോറിയത്തിന് മുന്നിൽ വെച്ച്."

"അതെന്ത് വർത്താനാടാ..." സിദ്ധു തല ചൊറിഞ്ഞു.

"അവളെ പാട്ടും കേട്ട് നിൽക്കുമ്പോഴാ ഒരു സ്വസ്ഥതയും തരാതെ സൽമ ഓരോന്ന് പറഞ്ഞ് പുറകെ കൂടിയത്. എൻ്റെ പെണ്ണിന്റെ പാട്ട് കലക്കി എന്ന് പറഞ്ഞ് ഒരു ഷൈക്ക് ഹാൻ്റ് പോലും എനിക്ക് കൊടുക്കാൻ പറ്റിയില്ല. ആ സൽമയെ കൊണ്ട്

അതിനു മുന്നേ ഞങ്ങൾ അവിടന്ന് ഇറങ്ങി. എൻ്റെ കാറ് പാർക്കിങ്ങിൽ നിന്ന് എടുത്ത് വരുമ്പോഴാ ഞാൻ അവളെ വീണ്ടും കണ്ടത്. കണ്ടു എന്ന് പറയാൻ പറ്റില്ല. സത്യം പറഞ്ഞാൽ ഞാൻ കണ്ടില്ലായിരുന്നു. അതോണ്ട്

എൻ്റെ കാറ് ആരെയോ ചെന്നിടിച്ചു."

"നിർത്ത്...നിർത്ത്... നിർത്ത്....വൺ മിനിറ്റ്. ഇവൻ പറയുന്നതും അവള് പറഞ്ഞതും വെച്ച് നോക്കുമ്പോൾ.....അവളെ ഇടിച്ചിട്ടത് നീയാണല്ലെ..?"

നിസൂൻ്റെ(നിയാസ്) ചോദ്യത്തിന് നമ്മള് ഒന്ന് തലയാട്ടി.

"അപ്പൊ നീ അവളെ ഇടിച്ചിട്ടിട്ട് ഒരു സോറി പോലും പറഞ്ഞില്ലേ? ഇത് ഞാൻ വിശ്വസിക്കില്ല. നീ സോറി പറയാതെ എന്തായാലും പോയിട്ടുണ്ടാവില്ല" അനുവാണ് (അൻവർ).

"അവള് പറഞ്ഞത് ശരിയാ... ഞാൻ അവൾക്ക് എന്തെങ്കിലും പറ്റിയോന്നോ സോറീന്നോ ഒന്നും പറഞ്ഞിട്ടില്ല. ഞാൻ അവളെ തന്നെ നോക്കി നിൽക്കേന്നു. എനിക്ക് ഒന്നും പറയാൻ അപ്പൊ കിട്ടിയില്ല. അവളെൻ്റേതാണെന്ന് ഞാനപ്പൊ തീരുമാനിച്ചതാ."

"അപ്പൊ അവള് പറഞ്ഞതൊക്കെ സത്യാണോ? നീ അവക്ക് എന്തേലും പറ്റിയോ എന്ന് ചോദിക്കുന്നതിന് പകരം നിൻറെ കാറിന് എന്തേലും പറ്റിയോ എന്ന് ചോദിച്ചോ?"

"എടാ അക്കൂ...അതൊക്കെ അവള് ഇറക്കിയ ബഡായി അല്ലേ? ഞാൻ എൻറെ കാറ് പോയിട്ട് അവൾക്ക് എന്തേലും പറ്റിയോ എന്ന് വരെ ചോദിച്ചിട്ടില്ല. സത്യം പറഞ്ഞാൽ കമാന്ന് ഒരക്ഷരം ഞാൻ അവളോട് മിണ്ടിയിട്ടില്ല."

"എന്തൊരു തള്ളാടാ അൻറെ പെണ്ണ്...

അതൊക്കെ പോട്ടേ... നിനക്ക് അപ്പൊ അവളങ്ങനെ ഒക്കെ പറയുന്നത് കേട്ടപ്പൊ തന്നെ നിന്നെ കുറിച്ചാണ് പറയുന്നതെന്ന് മനസ്സിലായില്ലേ?"

നിസുവാണ്.

"ഉം....മനസ്സിലായി...അവളേതറ്റം വരെ പോകുമെന്ന് നോക്കിയതല്ലെ?"

"അപ്പൊ അവളീ കോളേജിലാണെന്ന് നിനക്കറിയായിരുന്നോ?" സിദ്ധുവാണ്.

"അറിയായിരുന്നു. പക്ഷേ, അത് അവള് തന്നെയാണോ,അതോ ഇനി വേറെ വല്ലവരുമാണോന്ന് സംശയം ഉണ്ടായിരുന്നു."

"ഇവൻ പറയുന്നതൊന്നും എനിക്ക് മനസ്സിലാകുന്നില്ല."

അനു തലയും ചൊറിഞ്ഞോണ്ട് നമ്മളെ നോക്കി. നമ്മള് ഒരു ചിരിയോടെ കാര്യം പറഞ്ഞു.

"എടാ.....ഇന്നലെ നമ്മള് വന്നിറങ്ങിയപ്പൊ തന്നെ എൻ്റെ തലയിലേക്ക് ഒരു കർച്ചീഫ് വന്ന് വീണത് ഓർമ്മയുണ്ടോ?

അത് ഞാൻ അവൾക്ക് കൊടുത്തതായിരുന്നു. ഇന്നലെ അതെൻ്റെ കയ്യിൽ കിട്ടിയപ്പൊ തന്നെ ഞാൻ ഉറപ്പിച്ചു അവളീ കോളേജിൽ ഉണ്ടെന്ന്."

"എടാ തെണ്ടി അവളെ കാണാനാണോ ഇത് കിട്ടിയപ്പൊ

തന്നെ ഞങ്ങളേയും കൊണ്ട് ഉള്ള ഫ്ലോർ മൊത്തംനീ ഓടിച്ചത്? എന്നിട്ട് അവളെ കണ്ടതുമില്ല പ്രിൻസി നമ്മളെ പൊക്കുകയും ചെയ്തു." നിസുവാണ്.

"സോറിയെടാ...പെട്ടെന്ന് ഉള്ള ആവേശത്തിന് അവളെ കാണാനുള്ള കൊതി കൊണ്ട് അറിയാണ്ട് കേറി പോയതാ...

എന്തായാലും കറങ്ങി തിരിഞ്ഞ് പടച്ചോൻ അവസാനം അവളെ എൻ്റെ മുന്നിൽ തന്നെ കൊണ്ടെത്തിച്ചില്ലടാ ...

ഇനിയാണ് ഈ ആദിയുടെ കളി. അവളെ ഞാൻ സ്നേഹിച്ച് സ്നേഹിച്ച് എൻ്റെ സ്നേഹ വലയിൽ വീഴ്ത്തും മോനേ..."

"ഡാ ആദി.....അത് വേണോ? നീ അവളെ പുറകെ നടക്കുന്നത് എങ്ങാനും സൽമ അറിഞ്ഞാൽ...."

"അവള് അറിയട്ടെ നിസൂ...എന്നാലെങ്കിലും അവള് മനസ്സിലാക്കട്ടെ ഈ ആദിയുടെ മനസ്സിൽ അവൾക്ക് സ്ഥാനമില്ലാന്ന്."

"എടാ...അതൊക്കെ അവളെ തലയിൽ കേറുമെന്ന് നിനക്ക് തോന്നുന്നുണ്ടോ?

She madly love with you....

നിന്നെ കിട്ടാൻ വേണ്ടി അവളെങ്ങാനും നിൻറെ പെണ്ണിനെ.?"

"നോാാ....." ബാക്കി അവനെ കൊണ്ട് മുഴുമിക്കാൻ ഞാൻ സമ്മതിച്ചില്ല.

"ഇല്ല...അവളൊന്നും ചെയ്യില്ല...ഇനി അഥവാ അവള് വല്ലതും ചെയ്താലും അതിൽ നിന്ന് രക്ഷപ്പെടേണ്ട വിദ്യയും തൻറേടവും എൻറെ പെണ്ണിനുണ്ടെന്നാണ് എൻറെ വിശ്വാസം. അതോണ്ട് അതൊക്കെ അവള് മാനേജ് ചെയ്തോളും."

....

"പിന്നെ.....എൻറെ പട്ടി മാനേജ് ചെയ്യും. എനിക്കൊന്നും വയ്യ കണ്ണിക്കണ്ട പെമ്പിള്ളേരോടൊക്കെ തല്ല് കൂടാൻ.

പിന്നെ.. നീ ഒരു കാര്യം മനസ്സിലാക്കിക്കോ ഞാനവനെ ഇഷ്ടപ്പെട്ടിട്ടില്ല. ഇനി ഇഷ്ടപ്പെടുകയുമില്ല. അതോണ്ട് സൽമ എന്നെ ബാധിക്കുന്ന പ്രശ്നമല്ല."

"എൻറെ ഫെബീ...നീയിങ്ങനെ പറഞ്ഞു എന്ന് കരുതി നിനക്ക് അതിൽ നിന്ന് ഊരി പോകാൻ പറ്റില്ല. കാരണം ആദിൽക്ക നിന്നെ എത്രത്തോളം സ്നേഹിക്കുന്നോ അത്രത്തോളം വെല്ലുവിളിയാണ് സൽമ."

നസി ഇത് പറഞ്ഞപ്പോഴേക്കും നമ്മളെ കുരാമീസിന് പേടിയാകാൻ തുടങ്ങി. എനിക്ക് പേടി ഇല്ലെങ്കിലും ഒരു ഉൾഭയം ഉണ്ടോ എന്ന് സംശയമില്ലാതില്ലാതില്ലാ.....

"ഇതിപ്പൊ ഫെബീ നന്നായി പെട്ടല്ലോ?"

"ഫെബീ മാത്രമല്ല സന...ഇവളെ കൂടെ നിൽക്കുന്ന നമ്മളും പെട്ടതാ...ആ സൽമക്ക് പിരാന്ത് ഇളകിയാ എന്താ ചെയ്യാന്ന് പറയാൻ പറ്റില്ല."

നസി അത് പറഞ്ഞപ്പൊ എൻറെ മനസ് വല്ലാതെ നൊന്തു.

"എന്താ നസീ...നിനക്ക് പേടിയുണ്ടോ? ഇവളെ സൗഹൃദം വേണ്ടായിരുന്നു എന്ന് നിനക്ക് തോന്നുന്നുണ്ടോ?"

"ഇല്ല അച്ചൂ..ഞാൻ അങ്ങനെ അല്ല പറഞ്ഞത്....."

"എന്നാലെ...എനിക്ക് നല്ലോണം തോന്നുന്നുണ്ട് ഇവളെ കൂട്ട് വേണ്ടായിരുന്നു എന്ന്."

അച്ചു നമ്മളെ താങ്ങിയിട്ട് എന്നെ നോക്കി ചിരിച്ചു. ഞാൻ നല്ല അസ്സല് നുള്ളും തിരിച്ച് കൊടുത്തു.

അവളെന്നെ കെട്ടി പിടിച്ച് ചോദിച്ചു.

"നിനക്ക് പേടിയുണ്ടോടാ..."

"നീയൊക്കെ എൻറെ കൂടെയുള്ളപ്പൊ ഞാനെന്തിനാ

പേടിക്കുന്നത്?"

അച്ചു എൻറെ കവിളത്തൊരു മുത്തം തന്നിട്ട് ബാക്കി മുന്നെണ്ണത്തേയും നോക്കി പറഞ്ഞു.

"ഇവള് ആദിൽക്കാനെ സ്നേഹിച്ചിട്ടില്ല.അതോണ്ട് സൽമൻറെ ഭാഗത്ത് നിന്ന് എന്ത് വന്നാലും അത് നേരിടാൻ ഞങ്ങൾ ഒരുക്കമാണ്. നിങ്ങൾക്ക് ഞങ്ങളെ കൂടെ കൂടണമെങ്കിൽ കൂടാം. ഇനി പേടിയാണെങ്കിൽ നിങ്ങൾക്ക് മൂന്ന് പേർക്കും നിങ്ങളെ വഴി നോക്കി പോവാം."

അച്ചു അത് പറഞ്ഞു തീരുന്നതിന് മുന്നേ നസിയെന്നെ കെട്ടിപ്പിടിച്ചിരുന്നു.

"വെറും രണ്ട് ദിവസത്തെ പരിചയമേ നമ്മൾ തമ്മിൽ ഉള്ളെങ്കിലും നിങ്ങളെ വിട്ട് പോകാൻ ഞങ്ങളാരും ഒരുക്കമല്ല. ആ സൽമയോട് പോയി ചാകാൻ പറ. ഞങ്ങൾ നിന്നെ വിട്ട് എങ്ങും പോവില്ല."

നസി അതും പറഞ്ഞ് കരഞ്ഞു. സനയും ഷംനയും അവളെ കൂടെ കൂടി എന്നെ കെട്ടിപ്പിടിച്ചു.

"ഓഹോ അപ്പൊ നമ്മള് പുറത്തായോ? എനിക്കും വേണം ഇച്ചിരി സ്നേഹം" എന്ന് പറഞ്ഞ് അച്ചുവും ഞങ്ങളെ ഇടയിൽ കേറി. ഇവരെ സ്നേഹം കൊണ്ടുള്ള വീർപ്പ് മുട്ടിക്കല് കണ്ടപ്പൊ അറിയാതെ എൻറെ കണ്ണ് നിറഞ്ഞു.

ഞങ്ങൾ അഞ്ച് പേരും ക്ലാസിൻറെ വരാന്തയിൽ നിന്നാണ്ട്ടോ ഈ സ്നേഹ പ്രകടനം. ക്ലാസിൽ കേറാനുള്ള ബെല്ല് അടിച്ചെങ്കിലും ആരും വന്നിട്ടില്ല.

"ആരാടീ ഈ ആയിഷാ ഫെബീ?"

ഞങ്ങളെ ക്ലാസിലേക്ക് നോക്കിയാണ് അത് ചോദിച്ചത്. അവര് മൂന്ന് ഗേൾസായിരുന്നു. നമ്മളെ അന്വേഷിച്ച് വന്നതോണ്ട് ആരാ ആളെന്ന് നോക്കിയപ്പൊ ഞാനും അച്ചുവും ഞെട്ടി.

ഓഡിറ്റോറിയത്തിൽ വെച്ച് കണ്ട മൊഞ്ചത്തി. അവളെ കണ്ടപ്പൊ നസി ഞങ്ങളോട് പറഞ്ഞു അതാണ് സൽമയെന്ന്.

പകച്ചു പോയി ഞാനും അച്ചുവും.

'ഇവളെ പോലെ ഒരുത്തി പിന്നാലെ നടന്നിട്ടും ആദിൽക്കാക്ക് എന്താ പിരാന്താണോ എന്നെ ഇഷ്ടാണെന്ന് പറയാൻ? ആ...എൻറെ കഷ്ടകാലം.'

ഞാൻ അവരുടെ അടുത്തേക്ക് ചെന്നു.

"ഞാനാണ് ആയിഷ ഫെബീ...."

[ഇവിടം മുതൽ സൽമയും ആദിലിൻറെ ആയിഷയും തമ്മിൽ കൊമ്പ് കോർക്കാണ്. ആര് ജയിക്കുമെന്ന് കാത്തിരുന്നു കാണാം.]

(തുടരും)

_ഭാഗം.21_

ഞാൻ അവരുടെ അടുത്തേക്ക് ചെന്നിട്ട് പറഞ്ഞു.

"ഞാനാണ് ആയിഷ ഫെബി..."

എൻറെ ശബ്ദം കേട്ടപ്പോ അവര് ഞങ്ങളെ തിരിഞ്ഞ് നോക്കി. സൽമയുടെ കൂടെയുള്ള ആ രണ്ടെണ്ണത്തിനേയും ഞങ്ങൾ ഓഡിറ്റോറിയത്തിൽ വെച്ച് കണ്ടിട്ടുണ്ട്. അവര് മൂന്ന് പേരും നമ്മളെ ഒന്ന് അടിമുടി നോക്കി.

എന്നിട്ട് സൽമ എൻറെ അടുത്തേക്ക് വന്നു.

" ഓഹോ..അപ്പോ നീയാണല്ലെ ആയിഷ ഫെബി...

ആണുങ്ങളെ വളക്കാൻ നീ ബഹുകേമിയാണല്ലെ. അതോണ്ടല്ലെ വന്ന ഉടനെ എൻറെ ആദിയെ നീ പോക്കറ്റിലാക്കിയത്. നിന്നെ അന്ന് ഓഡിറ്റോറിയത്തിൽ വെച്ച് കണ്ടപ്പോഴേ ഞാൻ

നോട്ടമിട്ടതാ... അന്ന് തന്നെ തുടങ്ങിയതാണല്ലോ നീ വശീകരിക്കൽ...."

ബാക്കി അവളെ കൊണ്ട് പറയിപ്പിക്കാൻ അവസരം കൊടുക്കാതെ നമ്മള് അവൾക്ക് നേരെ നിർത്താൻ കൈ ഉയർത്തി. എന്നിട്ട് അവളേയും കൂടെ വന്ന രണ്ട് വാലിനേയും സൂക്ഷിച്ച് നോക്കി.

"നീ ഇതെങ്ങോട്ടാ ബെല്ലും ബ്രേക്കുമില്ലാതെ പോകുന്നത്? ഇപ്പൊ നിൻറെ പ്രശ്നം എന്താ? ഞാൻ ആണുങ്ങളെ വശീകരിക്കാൻ കേമിയാണെന്ന് സമ്മതിക്കണോ? ഓക്കേ... സമ്മതിച്ചു.

ഇനിയെന്താ നിങ്ങളെ പ്രശ്നം? ഓ...ആദിൽക്ക. അങ്ങേരല്ലെ പ്രശ്നം? എന്നാലെ എൻറെ പൊന്ന് ഇത്താത്തമാരേ കേട്ടോളീ ഞാനും അവനും തമ്മിൽ യാതൊരു വിധ ബന്ധവുമില്ല, ഇനിയൊട്ടും ഉണ്ടാവാനും പോണില്ല. പിന്നെ പോക്കറ്റിലാക്കിയ കാര്യം.....

ആദിൽക്കാനെ പോക്കറ്റിലിടാൻ മാത്രം വലിപ്പമുള്ള പോക്കറ്റൊന്നും ഇപ്പൊ എൻറെ കയ്യിൽ ഇല്ല. ഭാവിയിൽ ഉണ്ടാക്കാനും പോണില്ല. പക്ഷേ , എന്നെ

നിർബന്ധിച്ചാൽ ഞാൻ ചെലപ്പൊ തയ്ച്ച് പോകും, ആദിൽക്കാൻറെ വലിപ്പത്തിൽ ഉള്ള ഒരു പോക്കറ്റ്... "

നമ്മളെ ഡയലോഗിന് കട്ട സപ്പോർട്ട് ആയിട്ട് നമ്മളെ കുരാമീസ് ചിരിച്ച് തരുന്നുണ്ട്. എന്നാൽ സൽമയുടെ മുഖത്ത് ഇപ്പൊ കത്തി ജ്വലിക്കുന്ന തീഗോളമാണ് കണ്ണിൽ കാണുന്നത്. അവളെൻറെ നേരെ ശബ്ദം ഉയർത്തി കൊണ്ട് കൈ ആഞ്ഞു വീശി വന്നു.

പക്ഷേ അതെൻറെ മുഖത്ത് പതിക്കുന്നതിന് മുന്നേ കൂടെ ഉണ്ടായിരുന്നവർ അവളെ തടുത്തു.

"സൽമാ..വാ പോകാം ആദ്യം തന്നെ ഇവളോട് ഒടക്കാൻ നിക്കണ്ട. ഇവള് വേറെ എങ്ങോട്ടും പോവില്ലല്ലൊ, നമ്മളെ കയ്യിൽ ഒരിക്കെ ഇവളെ കിട്ടും അന്ന് നമുക്ക് കൊടുക്കാം.നീ വാ..ആ പ്രിൻസി നോക്കുന്നുണ്ട്..."

സൽമ അവളുടെ കയ്യ് തട്ടി മാറ്റി.

"നീ രക്ഷപ്പെട്ടെന്ന് കരുതണ്ട, ഈ കോളേജിൽ ഞാൻ

ഉള്ളിടത്തോളം കാലം നിനക്ക് ഇവിടെ സ്വസ്ഥതയോടെ പഠിക്കാൻ പറ്റില്ല. അതിന് ഞാൻ അനുവദിക്കില്ല. അവസാനമായിട്ട് നിനക്ക് ഞാൻ ഒരു മാസം കൂടി കാലാവധി തരാം അതിനുള്ളിൽ നീ ഈ കോളേജിൽ നിന്ന് പോയിരിക്കണം.

ഇല്ലെങ്കിൽ ഇപ്പൊ കണ്ട പോലെ ഒന്നും ആയിരിക്കില്ല ഉണ്ടാവാ... നീ അപ്പൊ ശരിക്ക് അറിയും ഈ സൽമ ആരാണെന്ന്.

കുഞ്ഞുനാള് തൊട്ടേ മനസ്സിൽ കൊണ്ട് നടക്കാൻ തുടങ്ങിയതാ എൻറെ ആദിയെ...അതോണ്ട് അവനെ ആർക്കും വിട്ട് തരില്ല.

മര്യാദക്ക് ഈ കോളേജിൽ നിന്നും പൊയ്ക്കോ, ഇല്ലെങ്കിൽ നിന്നെ ഈ ഭൂലോകത്ത് നിന്ന് തന്നെ പറഞ്ഞയക്കും.

ഈ സൽമയെ കുറിച്ച് നിനക്ക് ശരിക്ക് അറിയില്ല മോളേ...

ഇനി നിനക്ക് വല്ല സംശയവുമുണ്ടെങ്കിൽ ബ്രദേഴ്സ്

ആയിട്ട് കൊണ്ട് നടക്കുന്നില്ലേ നാലെണ്ണത്തിനെ, അവരോട് ചോദിച്ചാൽ മതി അവര് പറഞ്ഞ് തരും ഞാനാരാണെന്ന്."

അതും പറഞ്ഞ് അവര് മൂന്ന് പേരും മൂട്ടിലെ പൊടിയും തട്ടി പോയി. അവളെ ഡയലോഗ് കേട്ടപ്പൊ ഒന്നും വേണ്ടായിരുന്നു എന്ന് തോന്നി.

'ഞങ്ങളെ ബ്രദേഴ്സിനെ എങ്ങനെ ഇവൾക്കറിയാം? ഞങ്ങൾ അവരോട് കൂട്ടുള്ളത് അത്ര പെട്ടെന്ന് ഒന്നും ആരും അറിയാൻ സാധ്യതയില്ല. പിന്നെ എങ്ങനെ ഇവൾക്ക് അവരെ പറ്റി ഡീറ്റയിൽസ് കിട്ടി? ഒരു മാസത്തിനുള്ളിൽ ഇവിടുന്ന് പോയില്ലേൽ ഇവളിനി നമ്മളെ തട്ടോ? എന്നാ പിന്നെ അതൊന്ന് അറിയണല്ലൊ.'

പെട്ടെന്ന് നമ്മളെ തോളിൽ ഒരു കൈ വന്ന് തട്ടിയപ്പൊ അറിയാതെ ഞെട്ടി തരിച്ച് തിരിഞ്ഞു. നോക്കുമ്പൊ നമ്മളെ അച്ചുവാണ്. പെണ്ണിന്റെ മുഖത്ത് ചെറുതായി ഒരു പേടിയുള്ള പോലെ തോന്നി. ബാക്കി മൂന്നിൻറേയും മുഖവും അതുപോലെ തന്നെ ആയിരുന്നു. നമ്മള് ഓരേ

നോക്കി ഒന്ന് കണ്ണിറുക്കി.

"ഇതൊക്കെ അവളെ ഒരു നമ്പറല്ലെ...നമ്മളെ പേടിപ്പിക്കാൻ...നമ്മളെ കുറിച്ച് അവൾക്ക് എല്ലാം അറിയാമെന്ന് നമുക്ക് മനസ്സിലായാ നമ്മള് പേടിക്കില്ലേ . അതിന് പറഞ്ഞതാവും.നിങ്ങള് വാ ക്ലാസിൽ പോകാം."

"ഫെബീ...നീ ഇവിടുന്ന് ഒരു മാസത്തിനുള്ളിൽ പോയില്ലെങ്കിൽ അവള് നിന്നെ വല്ലതും ചെയ്യോ?" ഷംനയാണ്. അവള് നന്നായി പേടിച്ചിട്ടുണ്ട്.

"ഓ...പിന്നെ... അവളെ പേടിച്ച് ഇവള് മാളത്തിൽ ഒളിക്കണമെന്നാണോ നീ പറയുന്നത് ഷംനാ....അവളെ ഓല പാമ്പിലൊന്നും നമ്മള് വീഴാൻ നിക്കണ്ട. അവള് എന്താ ചെയ്യാന്ന് നമുക്ക് കാണാം."

ആരാ ഈ ഡയലോഗ് കായ് ചായ തെ നാ നാ വും നിങ്ങള് കരുതുന്നതല്ലേ? വേറെ ആരാ നമ്മളെ മിണ്ടാ പൂച്ച സന. സൽമൻ്റെ ഡയലോഗിനേക്കാൾ ഇവളെ ഡയലോഗിനാ ഞങ്ങള് വായയും തുറന്ന് നിന്നത്.

അവളെ തന്നെ ഞങ്ങള് നാലും നോക്കുന്നത് കണ്ടിട്ട് അവളെന്തേ എന്ന് പുരികം പൊക്കി കാണിച്ചു. നമ്മള് ഒന്നുല്ല്യേന്ന് കണ്ണിറുക്കീ കൊടുത്തു.

"എന്നാലും ഫെബീ...അവളെങ്ങനെ നമ്മളെ ബ്രദേഴ്സിനെ കുറിച്ച് അറിഞ്ഞു." അച്ചുവാണ്.

"അവര് ഒരേ ക്ലാസിലല്ലെ അപ്പൊ സ്വാഭാവികമായും അറിയാൻ ചാൻസുണ്ട് അത്രയുള്ളൂ. നിങ്ങൾ വാ ക്ലാസിൽ പോകാം."

നസി സിമ്പിളായിട്ട് അതും പറഞ്ഞോണ്ട് ക്ലാസിൽ കേറി. കൂടെ ഞങ്ങളും. ഇപ്പൊ അവർക്കാർക്കും അവളെ ഒരു പേടിയും ഇല്ല. എന്തും നേരിടാൻ അവര് തയ്യാറായിരുന്നു.

ക്ലാസിൽ ആരും ഇതുവരെ വന്നിട്ടില്ല. അതോണ്ട് തന്നെ നമ്മള് നല്ല ഹാപ്പി ആയിട്ട് സൽമയേയും ആദിൽക്കാനേയും മറന്ന് കളിക്കാൻ തുടങ്ങി.

…………………

' പടച്ചോനേ സൽമൻ്റെ കുതന്ത്രങ്ങളിൽ നിന്നും എൻ്റെ പെണ്ണിനെ കാത്തോണേ..' നമ്മളെ പ്രാർത്ഥന ഇപ്പൊ അത് മാത്രേ ഉള്ളൂ. കാരണം അവള് നിസാരക്കാരിയല്ല. എന്തും ചെയ്യാൻ മടിയില്ലാത്ത ഒരു ജന്തുവാണത്. അവളൊക്കെ എൻ്റെ മുറപ്പെണ്ണായി തലയിൽ വന്ന് പെടുകയും ചെയ്തു.

"എടാ ആദി....നീയറിഞ്ഞോ?"

ക്ലാസിലേക്ക് ഓടി കിതച്ചോണ്ട് നിസു വന്നിത് ചോദിച്ചപ്പൊ നമ്മളെ കൺട്രോള് പോയി ഒരു വീക്ക് കൊടുത്തു.

"എന്താന്ന് വെച്ചാ കാര്യം പറയടാ....എന്നാലല്ലേ അറിയൂ.. "

"എടാ നിൻറെ ആയിഷയും സൽമയും നേർക്ക് നേര് യുദ്ധം പ്രഖ്യാപിച്ചുവെന്ന്. താഴെ അവളുടെ ക്ലാസിലെ ഒരുത്തൻ പറഞ്ഞതാ. സൽമ ഭീക്ഷണി മുഴക്കിയിട്ടാ പോയത്. പക്ഷേ അൻറെ പെണ്ണിന് അതൊന്നും ഏറ്റിട്ടില്ലാന്നാ കേട്ടത്."

നിസു ഇത് പറഞ്ഞതും ബെഞ്ചിൽ നിന്ന് ചാടി എണീറ്റ് നമ്മളെ ചങ്കിനെ കെട്ടിപിടിച്ച് ഓനെ തുരുതുരേന്ന് ഉമ്മ വെച്ചു.

"എടാ പന്നി വിടടാ...ഞാൻ അൻറെ ആയിഷയല്ല നിയാസാണ്. എല്ലാരും ശ്രദ്ധിക്കുന്നുണ്ട് വിടടാ..."

അവൻ നമ്മളെ പിടിച്ച് തള്ളി. ഇല്ലേല് കാണായിരുന്നു ഓനെ ഞാൻ ഉമ്മ വെച്ച് കൊന്നേനെ...

നമ്മക്കിപ്പൊ നമ്മളെ പെണ്ണിനെ കാണാൻ തോന്നുന്നുണ്ട്...

"എടാ നിസൂ ..എനിക്കുപ്പൊ അവളെ കാണണടാ...വാ നമുക്ക് അവരെ ബ്ലോക്കിലേക്ക് പോകാം."

"എന്തിന്? നീയിപ്പൊ എനിക്ക് തന്നത് അവൾക്ക് കൊടുക്കാനാണെങ്കിൽ നീ തനിയെ പോയാ മതി. ഞാനൊന്നുല്യ ഓളെ അടുത്തേക്ക് പ്രത്യേകിച്ച് നിൻറെ കൂടെ .."

"അതെന്താടാ എൻറെ പ്രേമത്തിനൊന്നും നിങ്ങള് സപ്പോർട്ട് ചെയ്യില്ലേ?"

നമ്മളെ ചോദ്യം കേട്ടപ്പൊ നിസു നമ്മളെ തോളിൽ കൈ വെച്ചിട്ട് പറഞ്ഞു.

"എടാ ആദി...നിനക്ക് അവളെ കുറിച്ച് ശരിക്ക് അറിയില്ല. മീശ വെക്കാത്ത ആൺക്കുട്ടിയാടാ അവള്..."

നിസു പറയുന്നത് കേട്ട് ഓനെ നമ്മള് ഞെട്ടി തിരിഞ്ഞ് നോക്കി.

'പടച്ചോനേ നമ്മള് ഉദ്ദേശിച്ചതാവോ ഈ പന്നി

പറഞ്ഞത്. ആവരുതെ..' എന്ന് പടച്ചോനോട് മനസ്സുരുകി പ്രാർത്ഥിച്ചിട്ട് നമ്മള് ഓനോട് എന്താ ഓൻ ഉദ്ദേശിച്ചതെന്ന് ചോദിച്ചു.

അവൻ പറയുന്നത് കേട്ടപ്പോഴാ കുറച്ച് ആശ്വാസം ആയത്. അവളിന്ന് ഏതോ ഒരുത്തൻ്റെ മർമ്മം കലക്കിയതാണ് അവൻ പറഞ്ഞത്.

"ഹൊ...ഇതാണോ? ഞാൻ കരുതി....."

"നീയെന്താ കരുതിയേ....?"

"ഞാനൊന്നും കരുതിയില്ല. അല്ലാ നീയിപ്പൊ ഈ പറഞ്ഞതും ഞാൻ അവളെ കാണാൻ പോകുന്നതും തമ്മിൽ എന്താടാ ബന്ധം?"

"എടാ ആദി...നീയിപ്പൊ അവളുടെ അടുത്തേക്ക് പോയിട്ട് എനിക്ക് തന്ന പോലെ വല്ലതും അവൾക്ക് കൊടുത്താൽ ചിലപ്പൊ അവള് നിൻ്റെതും കലക്കും.

അതോണ്ട് ഇപ്പൊ നീ എന്തായാലും പോകണ്ട...

എന്തായാലും നിൻറെ സെലക്ഷൻ തെറ്റിയിട്ടില്ല, മിക്കവാറും ഇവള് സൽമയെ കുറെ വെള്ളം കുടിപ്പിക്കും."

അവനത് പറഞ്ഞപ്പൊ എൻറെ കൺട്രോള് പിന്നെയും പോയി. ഞാൻ അവനെ കെട്ടിപ്പിടിച്ച് വീണ്ടും ഉമ്മ കൊടുത്തു. അവനപ്പൊ തന്നെ ഒരു തള്ളായിരുന്നു. എന്നിട്ടൊരു ഡയലോഗും.

"ഇതിലും ഭേദം നിൻറെ പെണ്ണാടാ...അവളാവുമ്പൊ പേടിപ്പിക്കൊള്ളൂ, പക്ഷേ നീ ഇക്കണെക്കിന് പോയാൽ എന്നെ പീഡിപ്പിക്കും. "

ഓൻറെ ഡയലോഗ് കേട്ട് ക്ലാസ് മൊത്തം ചിരിയാണ്. കൂട്ടത്തിൽ നമ്മളും കൂടി. ക്ലാസിലെ എല്ലാവരും നമ്മളെ കട്ട ചങ്ക്സാണ് അതോണ്ട് തന്നെ നമ്മളെ എല്ലാ കാര്യങ്ങൾക്കും കട്ട സപ്പോർട്ടും.

ക്ലാസിലെ എല്ലാവരും അറിഞ്ഞിട്ടുണ്ട് എൻറെ പ്രേമത്തിൻറെ കാര്യം.

ഒരുത്തൻ ഒഴികെ...

'സാലിം'...

എൻറെ ഉമ്മാൻറെ ആങ്ങളയുടെ ഒരേയൊരു മോൻ. കുറച്ച് കൂടി വ്യക്തമായി പറഞ്ഞാൽ സൽമയുടെ മൂത്ത ആങ്ങള. ഇവർക്ക് രണ്ടാൾക്കും ഉമ്മയില്ല. അതോണ്ട് നമ്മളെ ഉമ്മാൻറെ നിർബന്ധം കാരണം അവരെ ഞങ്ങളെ വീട്ടിലേക്ക് താമസിപ്പിച്ചു.

അവനെ പറ്റി പറയാണെങ്കിൽ ഈ കോളേജിൽ എനിക്കുള്ള ആകെ വെല്ലുവിളി ഇവനാണ്. ഇവനും ഞാനും നേരിട്ട് കാണുമ്പൊ ഏറ്റ് മുട്ടാത്ത സാഹചര്യങ്ങളില്ല. പെങ്ങളെ പോലെ തന്നെ ആഗ്രഹിച്ചത് സ്വന്തമാക്കാൻ എന്തും ചെയ്യുന്ന ഒരു ചെറ്റ.

കോളേജിൽ വെച്ച് ഞങ്ങൾ കീരിയും പാമ്പും ആണെങ്കിലും വീട്ടിൽ എത്തിയാൽ മിണ്ടാറില്ല. അത്

അവനെ പേടിച്ചിട്ടല്ല,എൻ്റെ ഉമ്മാക്ക് വേണ്ടിയാണ്. കാരണം ഞങ്ങൾ തമ്മിൽ ഉള്ള പ്രശ്നം ഉമ്മ അറിഞ്ഞാൽ പിന്നെ താങ്ങാൻ പറ്റില്ല. അതോണ്ടാ അവരെ വെച്ച് പൊറുപ്പിച്ചിരിക്കുന്നത്. അല്ലെങ്കിൽ എന്നോ രണ്ടിനേയും പിടിച്ച് പുറത്താക്കിയേനെ.

ഇപ്പൊ അവനെവിടെ എന്നാകും നിങ്ങളെ ചിന്തയല്ലേ? മലേഷ്യയിൽ സുഖിച്ച് വാഴാൻ പോയതായിരുന്നു. ഇന്ന് ലാൻഡ് ചെയ്യും. അപ്പൊ നാളെ മുതൽ ആ മാരണത്തേയും സഹിക്കണം.

ഇവർക്കിടയിൽ ഞാനെൻ്റെ പെണ്ണിനെ എങ്ങനെ എൻ്റേതാക്കും പടച്ചോനേ... എല്ലാം കാത്തിരുന്ന് കാണാം.

....

നമ്മളെ മനസ് ഇപ്പോഴും ശാന്തമല്ല. ആദിൽക്കയും സൽമയുമാണ് മനസ്സിൽ. ഒരുത്തൻ സ്നേഹിച്ച് കൊല്ലാനും വേറെ ഒരുത്തി അവനെ സ്നേഹിച്ചാൽ

കൊല്ലാനും. ഈ രണ്ടെണ്ണത്തിനും നടുക്ക് നമ്മള് ശരിക്കും പെട്ടല്ലൊ റബ്ബേ...

സൽമയെ എങ്ങനെ എങ്കിലും ഒതുക്കാമെന്ന് കരുതാം. പക്ഷേ, ആദിൽക്ക അങ്ങനെ അല്ലല്ലൊ. അവൻറെ നിഴൽ വട്ടം കാണുമ്പോഴേ ചങ്കിനകത്ത് താളവും തകിട തകിട മേളവും ഒക്കെ കൂടി ഒപ്പാ വരാ. എന്താ റബ്ബേ എല്ലാവരെ മുൻപിലും പുലിക്കുട്ടി ആയ ഞാൻ ഇവൻറെ മുന്നിൽ മാത്രം പൂച്ചക്കുട്ടി ആയത്.

അന്ന് അവനെന്നെ കാറിടിച്ചപ്പോഴൊന്നും നമ്മക്ക് ഈ വക ടെൻഷനോ പേടിയോ ഒന്നുമില്ലല്ലൊ... അവൻറെ വായ തുറന്നതാണ് എല്ലാ പ്രശ്നത്തിനും കാരണം. അവൻറെ നാക്ക് ചലിച്ചപ്പൊ നമ്മളെ മുട്ട് കൂട്ടിയിടിക്കാൻ തുടങ്ങി.

ഇതിങ്ങനെ പോയാൽ ശരിയാവില്ല ഫെബീ...be strong...അവൻറെ മുന്നിലിനി പതരരരര്...ച്ചെ , പതറരരരരുത്..പുല്ല് പറയാനും പറ്റുന്നില്ലല്ലൊ? തോൽക്കരുത്...അത് മതി...

അതെ ഇനി അവൻ്റെ മുന്നിൽ എൻ്റെ പത്തി താഴാൻ ഞാൻ സമ്മതിക്കില്ല. ഇനി അതിനിടക്ക് ആ സൽമ വല്ല പ്രശ്നവും ഉണ്ടാക്കോ? അവളെ പേടി ഇല്ലെങ്കിലും അവളെ ഭീക്ഷണിയിൽ സൂക്ഷിക്കണെമെന്ന് തോന്നുന്നുണ്ട്. ആ...എല്ലാം വരുന്നിടത്ത് വെച്ച് കാണാം.

നമ്മളോരോന്ന് ചിന്തിച്ച് കൂട്ടി, കൂട്ടി ബ്രേക്ക് ടൈം ആയതൊന്നും നമ്മള് അറിഞ്ഞില്ല.

"വാ ഫെബീ നമുക്ക് കാൻ്റീനിൽ പോകാം." അച്ചു എൻ്റെ കൈ പിടിച്ച് വലിച്ചു.

"ഞാനില്ല അച്ചു..എനിക്ക് ഒരു മൂഡില്ല. നിങ്ങള് പൊക്കോ?"

"നിൻ്റെ മൂഡില്ലാത്ത കാരണമൊക്കെ ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട്. ആദിൽക്കാനെ കണ്ടാലോ എന്ന് കരുതിയല്ലെ നീ വരാത്തേ?"

അച്ചു ഇത് പറഞ്ഞത് കേട്ടപ്പൊ തന്നെ നമ്മളെ ചന്തിക്ക് ചൂട് തട്ടിയ പോലെ എണീറ്റ് ഒരു പോക്കായിരുന്നു കാൻറീനിലേക്ക്.

നാലും എൻറെ പുറകെ തന്നെ കൂടിയിട്ടുണ്ട്. നമ്മള് മൈൻറ് ചെയ്യാതെ കാൻറീനിൽ എത്തി. തിരിഞ്ഞ് നോക്കിയപ്പൊ നാലിനേയും കാണുന്നില്ല.

കാൻറീനിൽ ഉള്ളവരൊക്കെ കൂടി നമ്മളെ തന്നെ കണ്ണും മിഴിച്ച് നോക്കി നിക്കാണ്.

നമ്മളപ്പൊ തന്നെ അവിടന്നിറങ്ങി അവരെ തപ്പി നടന്നു. അപ്പോഴുണ്ട് ഒരു മൂലയിൽ നാലെണ്ണവും കൂടി ഏതോ ഒരുത്തനോട് സംസാരിക്കുന്നു.

ഈ ഏതോ ഒരുത്തൻ ആ കാലമാടൻ ആദിലാണോ എന്നൊരു ഡൗട്ടുണ്ട്. അത് അവരെ അടുത്ത് എത്തിയപ്പൊ ക്ലിയറായി. അവൻ തന്നെയാണ്.

നാലും കൂടി അവനോട് ഭയങ്കര കളിയും ചിരിയും തമാശയൊക്കെയാണ്. കൂടെ അവൻറെ വാനരപ്പടകളുമുണ്ട്. നമ്മള് അവരെ അടുത്ത് എത്തിയത് പോലും അറിഞ്ഞിട്ടില്ല. ഇനി അറിഞ്ഞിട്ടും അറിയാത്ത പോലെ ഭാവിക്കാണോ ആവോ?

നമ്മള് രണ്ടും കൽപ്പിച്ച് അച്ചുവിനെ വിളിച്ചു. പെണ്ണിനാണ് അവനെ കണ്ടപ്പൊ കൂടുതൽ ഇളക്കം.

"ഡീ അച്ചൂ....വാ ക്ലാസിൽ പോകാം. ഇപ്പൊ ബെല്ലടിക്കും."

"ബെല്ലടിച്ചില്ലല്ലോ ഫെബീ...അടിക്കട്ടെ എന്നിട്ട് പോകാം."

അവളെ മറുപടി കേട്ടപ്പൊ ഒന്ന് കൊടുക്കാനാ തോന്നിയത്.

അവള് എന്തോ കയ്യിൽ കുത്തി കുറിക്കാണ്. നമ്മള് ഓളെ കയ്യും പിടിച്ചോണ്ട് നടക്കാൻ ഒരുങ്ങിയപ്പൊ ആദിൽക്ക എൻറെ കയ്യിൽ പിടിക്കാൻ നിന്നു.

അപ്പോഴേക്കും നിയാസ്ക്ക ഇടയിൽ കേറി വേണ്ടാന്ന് തലയാട്ടി. നമ്മള് ഓരെയൊക്കെ ഒന്ന് രൂക്ഷമായി നോക്കിയിട്ട് അവരേയും കൊണ്ട് ക്ലാസിലേക്ക് പോയി.

ക്ലാസിൽ എത്തിയപ്പൊ മുതൽ നാലിനോടും നമ്മള് മാറി മാറി ചോദിച്ച് നോക്കി അവനെന്താ പറഞ്ഞതെന്ന്. നാലും ഒന്ന് വായ തുറക്കുന്നത് പോലുമില്ല. അവൻ വിലക്കിയതാവും. അല്ലെങ്കിലും അവനെന്ത് പറഞ്ഞാലും എനിക്കെന്താ? ഞാനെന്തിനാ വെറുതെ ബിപി കൂട്ടുന്നത്. അല്ല പിന്നെ ..

നമ്മളെ ചോദ്യം ചെയ്യല് നിന്നപ്പൊ നാലും നോർമലായി. അവനെ ഇതുവരെ കണ്ടിട്ട് പോലുമില്ല എന്ന കാട്ടികൂട്ടലാ നാലിൻറേയും. പിന്നെ ഞാനും അത് ചോദിക്കാന്   പോയില്ല.

അങ്ങനെ ഓരോ ടീച്ചേഴ്സും മാറി മാറി വന്ന് വെറുപ്പിച്ചിട്ട് ഇന്നത്തെ ദിവസം അങ്ങോട്ട് പൂർത്തിയാക്കി.

ഞങ്ങൾ അഞ്ച് പേരും കൂടി കോളേജ് വിട്ട് അപ്പൊ തന്നെ ഇറങ്ങി. അവര് മൂന്നിനേയും ഹോസ്റ്റലിലാക്കി ഞാനും അച്ചുവും നടന്നു.

അപ്പോഴാണ് പുറകിൽ നിന്നും ഞങ്ങളെ ആരോ വിളിച്ചത്. വേറെ ആരുമല്ല ഞങ്ങളെ പുന്നാര ശാഹിത്തയാണ്. അങ്ങനെ ഞങ്ങള് മൂന്ന് പേരും കൂടി ഓരോന്ന് സംസാരിച്ച് ബസ് സ്റ്റോപ്പിൽ എത്താനായി.

ഇന്ന് നമ്മള് നല്ലോണം സേഫായിട്ടാണ് റോഡ് ക്രോസ് ചെയ്തത്. അച്ചുവിൻറെയും ശാഹിത്താൻറേയും നടുക്ക് അവരെ കൈ പിടിച്ചായിരുന്നു നടത്തം.

സ്റ്റോപ്പിൽ എത്തിയപ്പൊ അവിടെയുള്ള പെൺപടകളൊക്കെ നമ്മളെയൊരു നോട്ടം. എന്നിട്ട് അവിടന്ന് എണീറ്റ് തന്നു നമ്മക്ക് ഇരിക്കാൻ.

അത്രക്ക് ബഹുമാനമൊന്നും നമ്മക്ക് വേണ്ടാത്തോണ്ട് നമ്മളിരുന്നില്ല. പകരം അച്ചുവും ശാഹിത്തയും ഇരുന്നു.

എന്നിട്ട് നമ്മളേയും പിടിച്ച് ഇരുത്തി.

എന്താ സംഭവമെന്ന് അറിയാതെ മിഴിച്ച് നോക്കുന്നുണ്ട് ശാഹിത്ത ഞങ്ങളെ. ശാഹിത്ത എന്തോ പറഞ്ഞ് തുടങ്ങിയപ്പോഴാണ് ഞങ്ങളെ നേരെ നിൽക്കുന്ന പൂവാലൻമാരിൽ ഒരുത്തൻ വിളിച്ചു കൂവിയത്.

"എടാ അത് ആദിൻ്റെ പെണ്ണാ... ഇനി ഇവിടെ നിക്കണ്ട വേഗം വണ്ടി വിടാൻ നോക്ക്..."

ഏതോ യക്ഷിയെ കണ്ട് പേടിച്ച പോലെ അവൻമാര് നമ്മളെ നോക്കിയിട്ട് ഒരൊന്നൊന്നര പാച്ചിലായിരുന്നു.

ഞാനും അച്ചുവും അന്തം വിട്ട് പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് ഒരു ചിരിയായിരുന്നു.

"അപ്പൊ നീയാണോ ആയിഷ? നിൻ്റെ പേര് ഫെബീ എന്നല്ലെ എന്നോട് പറഞ്ഞത്?"

ശാഹിത്താൻ്റെ ചോദ്യം കേട്ടപ്പൊ തന്നെ നമ്മക്ക് മനസ്സിലായി അത് കറങ്ങി തിരിഞ്ഞ് ആദിൽക്കാൻ്റെ

അടുത്തേ ചെന്നെത്തൊള്ളൂന്ന്. അതോണ്ട് നമ്മള് സൈലൻറായി.

"അവളെ ഞങ്ങൾ വിളിക്കുന്ന വിളിപ്പേരാ ഫെബീന്ന്. മുഴുവൻ പേര് ആയിഷ ഫെബീ എന്നാ."

അച്ചുവിന്റെ മറുപടിക്ക് ശാഹിത്ത ഒന്ന് നീീീട്ടി മൂളി. ആ മൂളലിലെന്തോ ഒരു പന്തികേടില്ലേ?

അച്ചുവാണെങ്കിൽ ഇന്ന് രാവിലെ ഉണ്ടായ സംഭവങ്ങൾ മുതൽ എല്ലാം ഇത്താക്ക് വിവരിച്ച് കൊടുക്കാണ്. അപ്പോഴേക്കും സ്റ്റോപ്പ് കാലിയായിരുന്നു.

നമ്മക്ക് ആണെങ്കിലോ ക്ലാസിലിരുന്ന് ഉറങ്ങിയതിൻറെ ക്ഷീണം കൊണ്ട് കണ്ണ് അറിയാതെ ഒന്ന് ചിമ്മി പോയി.

പെട്ടെന്ന് കാത് തുളപ്പിക്കുന്ന തരത്തിൽ ബുള്ളറ്റിൻറെ ശബ്ദം കേട്ടപ്പൊ ഞെട്ടി തരിച്ച് ഒരു എണീക്കലായിരുന്നു നമ്മള്.

നമ്മളെ നിർത്തം കണ്ടിട്ട് ഇവിടെ രണ്ടെണ്ണവും പൊരിഞ്ഞ ചിരി. ഇത് വരെ ബുള്ളറ്റിനേയും താടിക്കാരനേയും മനസ്സിൽ ഏറ്റീ നടന്ന നമ്മക്ക് ഇപ്പൊ ഇത് രണ്ടും വെറുത്തു പോയി.

ആദിൽക്ക ഞങ്ങളെ തൊട്ടടുത്ത് എത്താറായിട്ടുണ്ട്. ഒടുവിൽ എത്തി. ഭാഗ്യത്തിന് മൂപ്പരെ തലയിൽ ചട്ടിയുണ്ട് അതോണ്ട് നമ്മളെ കാണാൻ വഴിയില്ലാന്ന് ആശ്വസിച്ചെങ്കിലും അതൊന്നും ഒന്നുമല്ലായിരുന്നു.

മൂപ്പര് നമ്മളെ കണ്ടിട്ടുണ്ട്, അതോണ്ട് ഞങ്ങളെ അടുത്തേക്ക് ആണ് വരവ്. കൂടെ നിയാസ്ക്കയും കൂട്ടരും. അവരെ കണ്ട ഉടനെ അച്ചു എണീറ്റു.

"ഹായ് കാക്കൂ..."

"ഹായ് അച്ചൂ..."

'കാക്കുവോ? അച്ചുവോ? ഇതൊക്കെ എപ്പൊ

സംഭവിച്ചൂ?'

നമ്മള് രണ്ടിനേയും കണ്ണും മിഴിച്ച് നോക്കി നിന്നു.

"എന്താ ആദി നീ ഈ വഴിക്കൊക്കെ? സാധാരണ ഇങ്ങോട്ടൊന്നും വരവില്ലല്ലോ!"

ശാഹിത്ത നമ്മളെ ഇടം കണ്ണിട്ട് നോക്കി കൊണ്ടാണ് ചോദിക്കുന്നത്. നമ്മള് നോക്കിയപ്പൊ എല്ലാരെ നോട്ടവും നമ്മളെയാണ്. നമ്മള് അപ്പൊ തന്നെ മുഖം തിരിച്ചു. എന്നിട്ട് ബസ് വരുന്നതും നോക്കി നിന്നു.

ആദിൽക്കയും അച്ചുവും കൂടി പൊരിഞ്ഞ കത്തിയാണ്. ഇടക്ക് ഓൻ്റെ ടീമും ശാഹിത്തയും കൂടുന്നുണ്ട്. ഇപ്പൊ നമ്മള് ആരായി...?

ആ അതെന്നെ.

നമ്മള് വാച്ചില് ടൈം നോക്കിയപ്പൊ ഇനിയും ഉണ്ട് ബസ് വരാൻ നേരം. നമ്മളാകെ പോസ്റ്റായി സീറ്റിൽ ഇരുന്നു.

കുറച്ച് കഴിഞ്ഞപ്പൊ ആരോ നമ്മളെ കൂടെ ഇരിക്കുന്ന പോലെ തോന്നി. നോക്കിയപ്പൊ ആദിൽക്ക. പകച്ച് പോയില്ലെ നമ്മള്.

അപ്പൊ തന്നെ എണീറ്റ് നമ്മള് അവിടെ നിന്നു. അപ്പൊ മൂപ്പരെ വക ഒരു ഡയലോഗ്.

"ഇപ്പൊ തന്നെ ഒന്നും ബഹുമാനമൊന്നും വേണ്ട.അതൊക്കെ കല്യാണം കഴിഞ്ഞിട്ട് മതി. നീ ഇവിടെ വന്ന് ഇരുന്നോ പെണ്ണേ.."

എന്ന് പറഞ്ഞ് മൂപ്പര് എൻറെ തട്ടം പിടിച്ച് വലിച്ചു. നിയാസ്ക്ക അപ്പൊ തന്നെ ആദിൽക്കാൻറെ കയ്യ് തട്ടി മാറ്റി. എന്നിട്ട് നമ്മളെ നോക്കി ഒന്ന് ചിരിച്ചു. നമ്മളൊരു ലോഡ് പുച്ഛവും വിതറി കൊണ്ട് മുഖം തിരിച്ചു. ഭാഗ്യം ബസ് വരുന്നുണ്ട്.

"ശാഹിനാ, അച്ചൂ....നമ്മളെ പെണ്ണിനെ നല്ലോണം നോക്കിക്കോണേ?"

"പിന്നെ പറയാനുണ്ടോ,ഇനി മുതൽ അതല്ലെ എൻറെ ഡ്യൂട്ടി കാക്കൂ..."

അച്ചു അതും പറഞ്ഞ് നമ്മളെ ഒരു നോട്ടം. നമ്മള് അപ്പൊ തന്നെ അവളെ ഒന്ന് തുറുക്കനെ നോക്കി കണ്ണുരുട്ടി.

ബസ് വന്ന് നിന്നപ്പൊ തന്നെ ആദ്യം നമ്മളാ കേറിയത്.എന്നിട്ട് ഞങ്ങളെ സ്ഥിരം സീറ്റിൽ പോയി ഇരുന്നു. വേഗം ഇവിടുന്ന് ഒന്ന് പോയാ മതിയേന്നു എന്ന് തോന്നി.

ഞങ്ങള് എല്ലാരും കേറിയിട്ടും ബസ് എടുക്കുന്നത് കാണുന്നില്ല.

"എൻറെ പുന്നാര ഫെബീ...കാക്കൂനെ ഒന്ന് നോക്കി കൊടുത്തേക്ക്. ഇല്ലെങ്കിൽ ഇവിടുന്ന് വണ്ടി പോകില്ല."

അച്ചു പറയുന്നത് എന്താന്ന് മനസ്സിലാകാതെ നമ്മള്

പുറത്തേക്ക് നോക്കിയപ്പോഴുണ്ട് മൂപ്പര് നമ്മളെ നോക്കി ചിരിക്കുന്നു. നമ്മള് അപ്പൊ തന്നെ മുഖം തിരിച്ചു. എന്നിട്ടും വണ്ടിയെടുക്കുന്നില്ലേന്നു.

യാത്രക്കാരും കണ്ടക്ടർ ചേട്ടനും നമ്മളെ നോക്കി നിൽക്കാ. ഇപ്രാവശ്യം ശാഹിത്തയാണ് പറഞ്ഞത്.

"പുന്നാര ഫെബീ..ഇപ്പൊ തന്നെ ലേറ്റാണ് നീ അവനെ ഒന്ന് നോക്കി ചിരിച്ചേക്ക്."

"അതെ ഫെബീ...ഇനിയും ലേറ്റായാൽ വീട്ടിൽ എത്താൻ വൈകും. ഒന്ന് നോക്കി ചിരിച്ചേക്ക്."

രണ്ടും കൂടി നമ്മളെ സ്വസ്ഥത കളഞ്ഞപ്പൊ പുറത്തേക്ക് തലയിട്ട് ഓനെ നോക്കി ഒന്ന് പല്ലിളിച്ചു. അപ്പൊ തന്നെ ബസ് പുറപ്പെട്ടു.

ഇവിടെ രണ്ടും ഭയങ്കര ചിരിയാണ് നമ്മളെ നോക്കി. നമ്മള് ഓരേ മൈൻറ് ചെയ്യാതെ പുറത്ത്തേക്ക്

നോക്കി നിന്നു.

ബസ് എടുത്തപ്പൊ മുതൽ മനസ്സിൽ എന്തോ ഒരു വല്ലായിക. അവിടന്ന് പോകാൻ മനസ് സമ്മതിക്കുന്നില്ല. തിരിച്ച് അങ്ങോട്ട് തന്നെ പോകാൻ തോന്നാണ്. അച്ചുവും ശാഹിത്തയും എന്തൊക്കെയോ പറഞ്ഞ് ചിരിക്കുന്നുണ്ട്. മിക്കവാറും നമ്മള് തന്നെ ആയിരിക്കും വിഷയം.

കുറച്ച് കഴിഞ്ഞപ്പോ അച്ചു എൻ്റെ അടുത്തേക്ക് നീങ്ങി വന്നു. ഇതത്ര പന്തിയല്ലല്ലൊ എന്ന് നമ്മക്ക് തോന്നി.

"ഫെബീ.....നാളെ ആദിൽക്കാൻ്റെ വക എനിക്കൊരു സർപ്രൈസുണ്ടത്ര. അത് കണ്ടാൽ ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടുമത്രേ...അതെന്താവും?"

"അതെന്നോട് ചോദിച്ചിട്ട് എനിക്ക് എങ്ങനെ അറിയാനാ?"

നമ്മള് ഇത്തിരി കടുപ്പിച്ചാണത് പറഞ്ഞത്.അത്

ഓൾക്ക് വിഷമായി കാണുമെന്ന് കരുതി സമാധാനിപ്പിക്കാൻ നോക്കുമ്പോ അവള് വായ പൊത്തി ചിരിക്കാണ് തെണ്ടി. കൂട്ടിന് ശാഹിത്തയും.

കുറച്ചു കഴിഞ്ഞപ്പൊ പെണ്ണ് വീണ്ടും തോണ്ടി കൊണ്ട് നമ്മളെ അടുത്തേക്ക് വന്നു.

"എന്നാലും അതെന്താകും ഫെബീ.?"

"അൻറെ കെട്ട്യോൻ അരുൺ. ഒന്ന് എണീറ്റ് പോകോ?"

ബസിലുള്ളവരൊക്കെ നമ്മളെ ഒരു നോട്ടം. അച്ചുവും ശാഹിത്തയും വീണ്ടും ചിരിച്ച് ഇരിക്കാ.

അപ്പോഴാ നമ്മള് തന്നെ നമ്മളോട് ചോദിച്ചത്.

"എന്തായിരിക്കും അച്ചുവിനെ കാത്തിരിക്കുന്ന ആ സർപ്രൈസ്?"

(തുടരും)

_ഭാഗം. 22_

"എന്തായിരിക്കും അച്ചുവിനെ കാത്തിരിക്കുന്ന ആ സർപ്രൈസ്?"

നമ്മളെ മനസ്സിൽ അതൊരു ചോദ്യചിഹനമായി മാറി. എന്നാലും അതെന്ത് സർപ്രൈസാ? ആ...കണ്ടറിയാം.

നമ്മളെ മനസ്സിൽ ഇപ്പോഴും ഉച്ചക്ക് നടന്ന സംഭവങ്ങളാണ് ഓടി കൊണ്ടിരിക്കുന്നത്. എന്തൊക്കയാ നടന്നതെന്ന് ഇപ്പോഴും ഒരു എത്തും പിടിയും കിട്ടുന്നില്ല. ആദിൽക്ക,സൽമ ഇവരാണ് ഇപ്പോ ചിന്തയിൽ മുഴുവനും.

ആലോചനക്കിടയിൽ ശാഹിത്ത ഇറങ്ങി പോയതൊന്നും നമ്മള് അറിഞ്ഞില്ല. എന്തിനേറെ പറയുന്നു നമ്മളെ സ്റ്റോപ്പ് വന്നത് വരെ നമ്മൾ

അറിഞ്ഞില്ല.

"ഡീ ഫെബീ നീ ഇറങ്ങുന്നില്ലേ? അതോ കാക്കൂൻറെ അടുത്തേക്ക് പോകാണോ?"

അച്ചു തലക്ക് ഒരു മേട്ടം തന്നപ്പോഴാ നമ്മള് പുറത്തേക്ക് നോക്കിയത്. പിന്നെ ഒന്നും നോക്കിയില്ല ഒരു ചാട്ടമായിരുന്നു ബസീന്ന്. അത് എന്തിനേന്നു എന്ന് എനിക്ക് ഇപ്പോഴും മനസ്സിലാകുന്നില്ല. കണ്ടക്ടർ ചേട്ടനും ബസിലുണ്ടായിരുന്നവരുമൊക്കെ നമ്മളെ ചാട്ടം കണ്ട് അന്തം വിട്ട് നിൽക്കാണ്. ഒരുമാതിരി ഒളിമ്പിക്സിന് ലോങ് ജമ്പിന് ചാടുന്നപോലെ അല്ലെ നമ്മള് ചാടിയത് .പിന്നെ നോക്കാതിരിക്കോ? നമ്മളെ ചാട്ടത്തിന് പിന്നാലെ അച്ചു ഇറങ്ങിയതും ബസ് പുറപ്പെട്ടു.

"നിനക്കെന്താടി പിരാന്തായോ? നിർത്തിയിട്ട ബസീന്ന് നീയെന്തിനാ ചാടിയത്?"

നമ്മള് പിന്നെ പണ്ടേ അച്ചുവിനോട് ഒന്നും മറച്ച് വെച്ച്

ശീലമില്ലാത്തോണ്ട് എന്താ കാരണമെന്ന് പറഞ്ഞു കൊടുത്തു.

പിന്നെ പറയണ്ടല്ലൊ പണ്ടാറക്കാലത്തി ഹലാക്കിലെ ചിരി.

നമ്മളെന്താപ്പൊ ഓളോട് പറഞ്ഞതെന്ന് കേക്കണ്ടേ?

"അത് എടീ...നീ പെട്ടെന്ന് ഇറങ്ങുന്നില്ലേ അതോ ആദിൽക്കാൻറെ അടുത്തേക്ക് പോകാണോ എന്ന് ചോദിച്ചില്ലെ.

പെട്ടെന്ന് ഓൻറെ പേര് കേട്ടപ്പൊ അറിയാതെ ചാടിയതാ...ഛെ നാണക്കേടായല്ലെ?"

അത് പറഞ്ഞ് തീരുന്നതിന് മുന്നേ അവള് ചിരിക്കാൻ തുടങ്ങീക്കണ്. ഇനി ഇത് ഈയടുത്ത കാലത്തൊന്നും നിക്കല്ലെന്ന് മനസ്സിലായപ്പൊ നമ്മള് നടന്നു. അപ്പൊ പിന്നാലെ അവളും കൂടി.

"എന്നാലും എൻറെ ഫെബീ...അൻറെ കഥ

ആലോചിക്കുമ്പോ നമ്മക്ക് ചിരി ഏതൊക്കെ വഴീകൂടിയാ വരുന്നതെന്ന് പറയാൻ പറ്റുന്നില്ല. നീ ഞങ്ങളെ പഴയ ഫെബീ തന്നെയാണോ?

എന്നാലും നമ്മള് കാക്കൂനെ സമ്മതിച്ചിരിക്കുന്നു. നിന്നെ വെറും ഒരൊറ്റ നിമിഷം കൊണ്ട് ഒരു പൂച്ചക്കുട്ടി ആക്കിയില്ലേ?"

അച്ചുവിൻറെ ചിരിയും ഡയലോഗും കേട്ട് നമ്മക്ക് കലിപ്പ് കേറി വന്നു.

"ഡീ....വല്ലാണ്ട് നീ അവനെ പൊക്കണ്ട. ഈ ഫെബീ എന്നും പുലിക്കുട്ടി ആയിരിക്കും. പിന്നെ.... ഇന്ന്.. ഇന്ന് അവനെ പ്രതീക്ഷിക്കാതെ കണ്ടപ്പൊ ചെറുതായൊന്ന് പകച്ചു പോയി എന്നത് നേരാ...അതിന് ഞാൻ അവൻറെ മുന്നിൽ തോറ്റു പോയെന്ന് അർത്ഥമില്ല....

ഇന്നത്തെ പതർച്ച, അത് ഇന്നത്തോടെ തീർന്നു. നാളെ മുതൽ നീ കണ്ടോ ഈ ഫെബിയുടെ പുതിയ കളികൾ. അതിൽ അവൻ വീഴേം ചെയ്യും എന്നെ വേണ്ടായേ എന്ന് പറഞ്ഞ് ഓടുകയും ചെയ്യും."

"എനിക്കെന്തോ ഒട്ടും പ്രതീക്ഷയില്ല നിൻറെ കാര്യത്തിൽ.

മിക്കവാറും നമ്മളെ കാക്കു നിന്നേയും കൊണ്ടേ പോകു മോളേ..."

"നമുക്ക് കാണാം..."

"ഉം...കാണാം.."

അങ്ങനെ വെല്ലുവിളി ഒക്കെ മുഴക്കി നമ്മള് വീട്ടിലേക്ക് നടന്നെങ്കിലും ആ കോന്തനെ കുറിച്ച് ഓർക്കുമ്പൊ തന്നെ ആകെ ഒരു അങ്കലാപ്പാണ്.

'എന്തായാലും ഇനി ഇത് വെറുതെ വിട്ടാൽ പറ്റില്ല. അവൻറെ മുന്നിൽ നമ്മളിനി മുട്ട് മടക്കില്ല. അത് നമ്മള് തീരുമാനിച്ചു കഴിഞ്ഞു. ഞാൻ എന്നും ഫെബീ മാത്രമായിരിക്കും. ഒരിക്കലും ഇനി ആയിഷയാകില്ല. ഈ ഫെബിൻറെ പേടിച്ച് വിറച്ച മുഖമല്ലേ അവൻ കണ്ടിട്ടുള്ളു. അതിനി അവൻ കാണില്ല.'

ഇങ്ങനെ ഓരോ ദൃഢപ്രതിജ്ഞ ഒക്കെ എടുത്ത് നമ്മള് വീട്ടിൽ എത്തീക്കണ്ട്ടൊ. നമ്മള് ആദ്യം തന്നെ ചെന്നത് നമ്മളെ ഉമ്മച്ചിൻറെ അടുത്തേക്കാ.

"ഓ..ഇജ്ജ് വന്നോ? അന്നെ കാണാതായപ്പൊ വിളിക്കാൻ നിക്കേന്നു. ഇത്രക്ക് ഒക്കെ നേരം വൈകോ ഇജ്ജിനി?"

"ആ ഉമ്മച്ചിയേ...ഒരു ബസല്ലേയുള്ളൂ അതാ ലേറ്റാകുന്നത്."

"ഇനി ഇജ്ജ് ഇത് പോലെ ലേറ്റാവാണെങ്കിൽ ബസ് സ്റ്റോപ്പിൽ എത്തണീന് മുന്നേ ഇങ്ങോട്ട് വിളിച്ചോണ്ടി. ഞാൻ ഷാദിനെ അങ്ങോട്ട് വിടണ്ട്. എന്നാല് പിന്നെ ഓൻറെ ഒപ്പം വന്നാ പോരേ.."

"ഇൻറെ പൊന്നു ഫൗസിയാത്താ...നമ്മള് നേരം ആറു മണി ആയപ്പോഴേക്കും എത്തീലേ ...പിന്നെ എന്തിനാ പേടിക്കുന്നേ? പിന്നെ ഇനി എന്നും ഈ ടൈമിൽ തന്നെ

വീട്ടിൽ എത്തിയിരിക്കും വാക്ക്..."

നമ്മള് ഉമ്മാനെ കെട്ടിപ്പിടിച്ച് കവിളിലൊരുമ്മ കൊടുത്തു.

"ഉം...മതി മതി സ്നേഹപ്രകടനം. ഇന്ന് എന്തൊക്കെ കോളേജിലെ വിശേഷം? ആദ്യം പോയി കുളിച്ച് നിസ്കരിക്ക് എന്നിട്ട് പറയാം."

നമ്മള് ഓക്കേന്നും പറഞ്ഞ് ബാഗും എടുത്തോണ്ട് റൂമിലേക്ക് ഓടി. പെട്ടെന്ന് നമ്മളെ ഉമ്മ പുറകീന്നൊരു വിളി.

"ഫെബിയേ...ഇജ്ജ് അവിടൊന്ന് നിന്നാ."

"എന്താ ഉമ്മച്ചിയേ?"

"എന്താടീ ഇജ്ജ് നടക്കുമ്പൊ ഒരു കിലുക്കം? ഇങ്ങട്ട് വന്നാ നോക്കട്ടെ.."

നമ്മക്ക് അപ്പോഴാ നമ്മളെ കാക്കു തന്ന കൊലുസ് നമ്മളെ കാലിലുള്ള കാര്യം ഓർമ്മ വന്നത്. ഉമ്മാനോട് ഇന്നലെ തന്നെ കോളേജിൽ ഉണ്ടായ സംഭവങ്ങൾ ഒക്കെ വള്ളി പുള്ളി വിടാതെ പറഞ്ഞു കൊടുത്തീന്നു. ആദിൽക്കാനെ കുറിച്ച് അടക്കം. അതോണ്ട് നമ്മള് ഉമ്മച്ചിനോട് പറഞ്ഞു.

"അതൊക്കെ ഒരു ലോഡ് പറയാനുണ്ട് മോളേ...അതിവിടെ പറഞ്ഞോണ്ട് നിന്നാല് ശരിയാവില്ല. അതോണ്ട് നമ്മളൊന്ന് ഫ്രഷായി വന്നിട്ട് എല്ലാം വിശദമായി പറഞ്ഞു തരാം."

നമ്മളതും പറഞ്ഞ് റൂമിലേക്ക് പോയി കുളിച്ച് നിസ്കരിച്ച് താഴോട്ട് ഇറങ്ങാൻ നിന്നപ്പൊ മഗ്രിബ് കൊടുത്തു. പിന്നെ അതും നിസ്കരിച്ച് താഴോട്ട് വന്നപ്പൊ ഹസിയും ഉമ്മയും കൂടി നല്ല കത്തിയടിയിലാണ്.

നമ്മളും കൂടി അവരുടെ കൂടെയങ്ങ് ആ പരിപാടിയിൽ പങ്കെടുത്തു. അപ്പോഴാ ഹസിൻറെ ചോദ്യം.

"ഇജ്ജ് പുതിയ കൊലുസ് വാങ്ങിയോ? നടക്കുമ്പോ കിലുക്കണ്ടല്ലാ?"

"ഇത് നമ്മള് വാങ്ങിയതല്ല, ഇൻക്ക് ഇൻറെ കാക്കു തന്നതാ."

നമ്മളെ വർത്താനം കേട്ട് ഹസിക്കും ഉമ്മാക്കും ഒന്നും മനസ്സിലായിട്ടില്ല. അപ്പൊ തന്നെ വന്നു ഉമ്മാൻറെ അടുത്ത് നിന്നും ചോദ്യം.

" അതേതാടീ ഞങ്ങള് അറിയാത്തൊരു കാക്കു അനക്ക്? " അത് ചോദിക്കുമ്പൊ ഉമ്മാൻറെ മുഖത്ത് ഒരു ഗൗരവം ഉണ്ടായിരുന്നു.

"ഉമ്മാ ഇങ്ങളോട് ഞാൻ ഇന്നലെ പറഞ്ഞീലേന്നോ റാഗിങ്ങിനിടയിൽ ഇൻക്ക് നാല് ബ്രദേഴ്സിനെ കിട്ടിയെന്ന്...അതിലെ കലിപ്പനില്ലെ സിയാദ്ക്ക മൂപ്പര് തന്നതാ."

"അവനെന്തിനാ അനക്ക് ഇത് തരുന്നേ? ഫെബീ എന്തോ എവിടെയോ ഒരു സ്പെല്ലിങ് മിസ്റ്റേക്കുണ്ടല്ലോ." ഹസിൻറെ വകയാണ് ഇപ്പൊ കേട്ടത്.

"ഒരു സ്പെല്ലിങ് മിസ്റ്റേക്കുമില്ല മോളേ...കാര്യം അറിയുമ്പൊ നിങ്ങളെ മിസ്സണ്ടർ സ്റ്റാൻറിങ് മാറിക്കോളും." എന്ന് പറഞ്ഞ് നമ്മള് സിയാദ്ക്കാനേയും സിയയേയും പറ്റി പറഞ്ഞു.

ഇതിനിടയിൽ സിനു മുഖം വീർപ്പിച്ച് വന്ന് ഞങ്ങളെ കൂടെ ഇരുന്നിരുന്നു. ഷാദി പിന്നെ ഈ വഴിക്ക് ഇപ്പോഴൊന്നും വരവ് കാണില്ല. കളി കഴിഞ്ഞ് വന്നിട്ട് കുളി കഴിഞ്ഞ് ഓൻ പള്ളിക്കക്ക് പോയിരുന്നു.

അങ്ങനെ നമ്മള് പറയുന്നത് കേട്ടപ്പൊ മൂന്ന് പേരുടേയും മുഖം മാറിയിട്ടുണ്ട്. ഉമ്മാൻറെ കണ്ണ് ഏകദേശം നിറഞ്ഞിരുന്നു.

"ഫെബീ...ഇജ്ജ് ഒരു ദിവസം ഓരെയൊക്കെ കൂട്ടി

ഇങ്ങട്ട് വരോണ്ടി. അൻറെ അടുത്ത് സിയാദിൻറെ നമ്പറുണ്ടോ?"

അപ്പോഴാ നമ്മള് നമ്പറിൻറെ കാര്യം ഓർത്തത്. തലയിൽ കയ്യും വെച്ചോണ്ട് നമ്മള് പറഞ്ഞു.

"ഇല്ലുമ്മാ...വാങ്ങാൻ മറന്ന് പോയി ,നാളെ കൊണ്ട് തരാം."

ഉമ്മയൊന്ന് തലയാട്ടി. അപ്പൊ ഹസി നമ്മളെ കാതിൽ പറയാണ്,.

"ഫെബീ...സിയാദ്ക്കാനെ എനിക്കും പരിചയപ്പെടുത്തി തരണം."

നമ്മള് ഓളെ ഒന്ന് അടിമുടി നോക്കിയിട്ട് പറഞ്ഞു.

"എടീ പെണ്ണേ ഈ പരിപ്പ് ആ കലത്തില്

വേവൂലാ...മൂപ്പർക്ക് ആദ്യമേ പരിപ്പൊക്കെ വെന്തതാ...വേണേൽ ഞാനനക്ക് വേറെ ആളെ സെറ്റാക്കി തരണ്ട്ട്ടാ."

അത് പറഞ്ഞപ്പൊ ഹസി നമ്മളെ പൊറം പൊളിച്ചു. കാരണം ഓള് ആ ഉദ്ദേശത്തിലല്ല അത് പറഞ്ഞത്.

അങ്ങനെ നമ്മള് കുറച്ച് നേരം നമ്മളെ ബ്രദേഴ്സിനെ പറ്റി പറയുമ്പോഴാണ് നമ്മളെ ഉമ്മാൻറെ അടുത്ത ചോദ്യം.

"ഇജ്ജ് ഇന്നലെ ഏതോ ഒരുത്തനെ വഴിയില് വെച്ച് തല്ലീന്ന് കേട്ടല്ലൊ."

നമ്മള് അപ്പൊ തന്നെ ഹസിനെ ഒരു നോട്ടമായിരുന്നു. പെണ്ണ് ആണെങ്കിൽ അപ്പൊ തന്നെ മേപ്പോട്ട് നോക്കി നിന്നു. അപ്പൊ തന്നെ ആരാ ചോർത്തി കൊടുത്തതെന്ന് മനസ്സിലായി.

നമ്മളൊന്നും പറയാൻ നിന്നില്ല. ഇനി അതിന് നിന്നാൽ ഉമ്മാൻറെ കയ്യീന്നും കിട്ടും ഉപദേശം. നമ്മള് പറയാതെ

തന്നെ ഉമ്മാൻറെ അടുത്ത് നിന്ന് അപ്പൊ തന്നെ കേട്ടു.

"ഫെബിയേ അനക്ക് ഈ വഴീകൂടി പോകുന്നോരോട് തല്ല് കൂടിയില്ലെങ്കിൽ എന്താ പെണ്ണേ ഉറക്കം വരൂലേ?"

"എൻറുമ്മാ ഇങ്ങളിത് എന്ത് അറിഞ്ഞിട്ടാ ഈ പറയണത്? ഓനെൻറെ കയ്യിൽ പിടിച്ചതോണ്ട ഞാൻ ഓനെ തല്ലിയത്. ഓനെന്നല്ല ആരായാലും ഇൻറെ സമ്മതമില്ലാതെ ഇൻറെ കയ്യിൽ പിടിച്ചാൽ ഞാൻ തല്ലും."

നമ്മള് കുറച്ച് കലിപ്പിലാണത് പറഞ്ഞത്.

"ഫെബീ...അൻറെ നല്ലീനല്ലെ ഞാൻ പറയണത്. ഓനിനി ഏതെലും ആൾക്കാരെ കൂട്ടി വന്നാലോ? ഇജ്ജ് ഒറ്റക്കല്ലെ ആ വഴീന്ന് ഇങ്ങട്ട്ള്ളത്. അൻക്ക് എന്തേലും പറ്റിയാലോ?" നമ്മളെ ഉമ്മ നമ്മളെ വീക്കനെസിൽ തന്നെ കേറി പിടിച്ചു. മൂപ്പത്തിയങ്ങ് കരഞ്ഞു.

നമ്മള് അപ്പൊ തന്നെ എണീറ്റ് നമ്മളെ ഉമ്മച്ചിൻറെ കണ്ണൊക്കെ തുടച്ച് കൊടുത്തു.

"എൻറുമ്മച്ചിയേ..

ഓനെ ഓർത്ത് ഇങ്ങളെന്തിനാ ഇങ്ങനെ ബേജാറാകണ്ട. ഓനുള്ളതൊക്കെ നമ്മള് കോളേജിൽ നിന്ന് കൊടുത്തിട്ടുണ്ട്. അതോണ്ട് ഓനിനി വാലും പൊക്കി കൊണ്ട് വരില്ല."

"കോളേജീന്നോ?"

മൂന്നാളും ഒപ്പം നമ്മളോടിത് ചോദിച്ചപ്പൊ നമ്മളൊന്ന് ചിരിച്ച് പോയി. എന്നിട്ട് ഉണ്ടായതൊക്കെ നമ്മള് അതുപോലെ പറഞ്ഞു കൊടുത്തു.

എല്ലാം കേട്ട് കഴിഞ്ഞപ്പൊ രണ്ടും മൂക്കത്ത് വിരലും വെച്ചോണ്ട് ഒരു നോട്ടം. സിനു ആണെങ്കിൽ ഇതൊന്നും ഇൻക്കൊരു പുത്തരിയല്ല എന്ന ഭാവത്തിൽ നിൽക്കാണ്.

"കുഞ്ഞാമാ...ഇവള് പെണ്ണ് തന്നെ ആണോ? ഓളെ

കയ്യിലിരുപ്പ് വെച്ച് നോക്കുമ്പോ ഇങ്ങക്ക് ആണായിട്ട് ജനിക്കേണ്ടവളായിരുന്നു." നമ്മള് ഹസിനെ ഒന്ന് നോക്കി ചിരിച്ചു.

"അൻക്ക് ഇനി അവിടന്നും സസ്പെൻഷൻ വാങ്ങാതെ ഉറക്കം വരില്ലെ ഫെബി..."

"ഇല്ലടീ... വരില്ല. നമ്മള് കേറി ചെല്ലുന്ന എല്ലായിടത്തും നമ്മക്ക് സസ്പെൻഷൻ കിട്ടണം. അത് നമ്മക്കൊരു വെയിറ്റല്ലെ....

ഇജ്ജൊന്ന് പോടീ...അൻറെ പറച്ചില് കേട്ടാ തോന്നും ഓനെ നമ്മള് റാഗ് ചെയ്തതാണെന്ന്.

ഓൻ ഇൻറെ കയ്യിൽ കേറി പിടിച്ചതിനാ ഞാൻ ഓനെ തല്ലിയത്. വേണ്ടി വന്നാൽ അന്നേയും നമ്മള് തല്ലും."

നമ്മളതും പറഞ്ഞ് ഹസിക്ക് ഒരു അടി കൊടുത്തു. അവളവിടെ തടവി കൊണ്ട് നമ്മളെ കയ്യിലേക്ക് നോക്കി.

"ഇതെന്താടീ പാട്?"

"അത് ആ പട്ടീ കയ്യിൽ പിടിച്ചപ്പൊ നഖം കൊണ്ടതാ."

"ഒന്ന് മോന്തയടക്കി കൊടുത്തൂടേന്നോ അനക്ക്."

ഹസിൻ്റെ പറച്ചില് കേട്ട് നമ്മള് ഓളെ ഒന്ന് അടിമുടി നോക്കിയിട്ട് ഒച്ച വെച്ചു.

"പിന്നെയെന്ത് തേങ്ങയാടീ അന്നോട് ഇത്രയും നേരം നമ്മള് പറഞ്ഞത്?"

"ആണല്ലേ?"

"അല്ലെടീ പെണ്ണ്."

ഹസി ഒരു അവിഞ്ഞ ചിരിയും പാസാക്കി കൊണ്ട് അവിടന്ന് മുങ്ങാൻ നിന്നു. നമ്മള് വിടോ? കയ്യോടെ

പിടിച്ചിട്ട് ഓളെ അവിടെ നിർത്തിച്ചു. കാരണം നമ്മക്ക് ഓളോട് ഒരുപാട് പറയാനുണ്ട്.

………………

പള്ളിക്കല് നിന്ന് വന്നിട്ട് നമ്മള് നേരെ നമ്മളെ ഉമ്മിൻറെ അടുത്തേക്ക് ചെന്നു. മൂപ്പത്തി ഖുർആൻ ഓതേന്നു. നമ്മളെ കണ്ടപ്പൊ ഓത്ത് നിർത്തി. നമ്മള് ഉമ്മിൻറെ അടുത്തേക്ക് പോയി മടിയിൽ തല വെച്ച് കിടന്നു.

"എന്താ ആദീ ...പതിവില്ലാതെ ഈ നേരത്ത് ഇങ്ങോട്ട്? അൻറെ മുഖത്ത് ഒരു തെളിച്ചമൊക്കെ കാണുന്നുണ്ടല്ലൊ.എന്താടാ കാര്യം?"

നമ്മള് ഉമ്മിനോട് ഇതുവരെ ഒന്നും മറച്ച് വെച്ചിട്ടില്ല. അതോണ്ട് ആയിഷാൻറെ കാര്യം ഞാൻ ഉമ്മിനോട് പറഞ്ഞു.

നമ്മക്ക് അനുകൂലമായിട്ടുള്ള ഒരു മറുപടിയല്ല ഉമ്മിൻറെ അടുത്ത് നിന്ന് കിട്ടിയത്.

"ആ ബന്ധം നമുക്ക് വേണ്ട ആദി...ഇജ്ജ് ഓളെയങ്ങ് മറന്നേക്ക്. അൻറെ പഠിപ്പ് കഴിഞ്ഞിട്ട് അൻറേം സൽമൻറേം നിശ്ചയം നടത്താന്ന് ഞാൻ ഇൻറെ ഇക്കാക്കാക്ക് വാക്ക് കൊടുത്തതാ. അതോണ്ട് ഇജ്ജ് ആ പെണ്ണിനെ മറന്നാളെ."

ഉമ്മിൻറെ വായീന്ന് ഇങ്ങനെയൊരു മറുപടി പ്രതീക്ഷിച്ചല്ല നമ്മളത് പറഞ്ഞത്. അതോണ്ട് എനിക്ക് എൻറെ സകല നിയന്ത്രണങ്ങളും നഷ്ടപ്പെട്ടു. ടേബിളിലുണ്ടായിരുന്ന സാധനങ്ങളൊക്കെ തട്ടിയിട്ടിട്ട് ഉമ്മിനോട് ഒച്ച വെച്ചു.

"ആരോട് ചോദിച്ചിട്ടാ ഇങ്ങള് വാക്ക് കൊടുത്തത്? ഞാൻ പറഞ്ഞോ എനിക്ക് ഓളെ ഇഷ്ടാണെന്ന്? എൻറെ കല്യാണ കാര്യം തീരുമാനിക്കാനുള്ള അവകാശം എനിക്കുണ്ട്. അതോണ്ട് ആരെ കെട്ടണം കെട്ടണ്ടാന്നും എനിക്ക് അറിയാം."

അതും പറഞ്ഞ് നമ്മള് റൂമിൽ നിന്ന് ഇറങ്ങി. ഒരു

നിമിഷം അവിടെ നിന്നിട്ട് തിരിച്ച് ഉമ്മിനെ നോക്കി. പാവം കണ്ണ് നിറഞ്ഞിട്ടുണ്ട്. ഞാൻ ഉമ്മിൻ്റെ അടുത്ത് അടുത്ത് ചെന്ന് കണ്ണ് തുടച്ചു.

"ഉമ്മീ.....ഇങ്ങക്ക് അറിയാഞ്ഞിട്ടാണ് ഇൻക്ക് ഒരിക്കലും സൽമനെ സ്നേഹിക്കാൻ പറ്റില്ല. കാരണം എന്താന്ന് പറഞ്ഞാലൊന്നും ഇങ്ങക്ക് അത് മനസ്സിലാവില്ല ഉമ്മീ...."

നമ്മള് ഉമ്മിൻ്റെ അടുത്ത് നിന്ന് എണീറ്റ് പോകാൻ ഒരുങ്ങി. ഉമ്മി അപ്പൊ നമ്മളെ കയ്യിൽ പിടിച്ചു.

"ആദി...അവള് പാവാ... കുഞ്ഞു നാള് മുതലേ അന്നെ മനസ്സിൽ കൊണ്ട് നടക്കാ. ഓൾക്ക് നീയെന്ന് വെച്ചാ ജീവനാടാ..."

"ഉമ്മീ...ഈ ആദിൻ്റെ ജീവിതത്തിൽ ഒരു പെണ്ണുണ്ടെങ്കിൽ അത് ആയിഷ ആയിരിക്കും. ഇനി അവളെ എനിക്ക് കിട്ടിയില്ലെങ്കിലും ഞാൻ ഒരിക്കലും സൽമനെ സ്വീകരിക്കില്ല. അത് ഈ ആദി

തീരുമാനിച്ചതാ..."

നമ്മള് ഉമ്മിൻ്റെ കയ്യ് വിടുവിച്ചിട്ട് റൂമിന് പുറത്തേക്കിറങ്ങി. ഞങ്ങൾ പറയുന്നതെല്ലാം കേട്ട് കൊണ്ട് കണ്ണും നിറച്ച് ഒരാള് എൻ്റെ മുന്നിൽ നിൽപ്പുണ്ടായിരുന്നു. സൽമ.....

ഞാൻ അവൾക്ക് മുഖം കൊടുക്കാതെ പോകാൻ നിന്നപ്പൊ അവളെൻ്റെ കയ്യിൽ പിടിച്ചു.

"എന്നോട് എന്തിനാ ആദി നിനക്ക് ഇത്ര ദേഷ്യം? അതിന് മാത്രം ഞാനെന്ത് തെറ്റാ നിന്നോട് ചെയ്തത്?"

കള്ളകണ്ണീരും കൊണ്ട് അവളിത് പറഞ്ഞപ്പൊ മോന്ത അടക്കി ഒന്ന് പൊട്ടിക്കാൻ കൈ തരിച്ചെങ്കിലും ദേഷ്യം കൺട്രോൾ ചെയ്ത് അവളുടെ കയ്യ് വിടുവിച്ച് ഞാൻ നടന്നു.

അവള് ചോദ്യം ആവർത്തിച്ച് കൊണ്ട് നമ്മളെ പിന്നാലെ വന്നു. നമ്മള് വേഗം റൂമിലേക്ക് പോകാൻ നിന്നെങ്കിലും

അവളപ്പോഴേക്കും വന്ന് വാതിലിൽ കൈ വെച്ചു.

"വഴീന്ന് മാറെടീ..."

"ഇല്ല ആദി...എൻ്റെ ചോദ്യത്തിന് ഉത്തരം നൽകാതെ ഞാൻ പോകാൻ സമ്മതിക്കില്ല."

"എൻ്റെ റൂമിലേക്ക് കേറാൻ എനിക്ക് ആരുടേയും സമ്മതം വേണ്ട. മാറി നിക്കടീ ശവമേ..."

എന്ന് പറഞ്ഞ് അവളെ തള്ളി.

"എനിക്കറിയാം നീ എന്തിനാ എന്നെ ഒഴിവാക്കുന്നതെന്ന്. ആ തേവിടിച്ചി പെണ്ണിനെ മനസ്സിൽ വെച്ചോണ്ടല്ലെ. എന്നാൽ നിങ്ങൾ തമ്മിൽ ഒന്നിക്കാൻ ഈ സൽമ ജീവിച്ചിരിക്കുന്നടത്തോളം കാലം അതിന് സമ്മതിക്കില്ല. അതിന് ഇനി അവളെ കൊല്ലേണ്ടി വന്നാലും..."

അവള് എൻ്റെ മുന്നിൽ നിന്ന് അങ്ങനെ പറഞ്ഞപ്പൊ

പിന്നെ ഒന്നും നോക്കീല ഒന്ന് കൊടുത്തു ഓളെ മോന്തക്ക്.

തല്ല് കിട്ടിയിട്ടും അവള് കരയല്ല ചെയ്തത്, പകരം ചിരിക്കായിരുന്നു.

"അതേടീ....ആയിഷ എൻ്റെ മനസ്സിൽ ഉള്ളത് കൊണ്ട് തന്നെയാ നിന്നെ ഞാൻ മൈൻറ് ചെയ്യാത്തത്. എനിക്ക് ഒരു പെണ്ണ് ഉണ്ടെങ്കിൽ അത് അവള് മാത്രം ആയിരിക്കും. അവള് മാത്രം..."

നമ്മളതും പറഞ്ഞ് തിരിഞ്ഞപ്പോഴുണ്ട് ഏതോ ഒരു അലവലാതിൻ്റെ ശബ്ദം കേൾക്കുന്നു. തിരിഞ്ഞ് നോക്കിയ നമ്മക്ക് തെറ്റിയില്ല അത് അവൻ തന്നെ സാലിം.

"ഹലോ ഗായ്സ്...

ഞാൻ തിരിച്ചു വന്നു...."

അവനെ കണ്ടപ്പൊ ഇതുവരെ പിടിച്ചു വെച്ചിരുന്ന

കരച്ചിൽ സൽമ പുറത്ത് വിട്ടു. ഇക്കാക്കാ എന്ന് വിളിച്ച് അവള് അവൻറെ അടുത്തേക്ക് ഓടി അവനെ കെട്ടി പിടിച്ച് കരയാൻ തുടങ്ങി.

അവരുടെ നാടകം കണ്ട് നിൽക്കാൻ താല്പര്യം ഇല്ലാത്തോണ്ട് ഞാൻ റൂമിലേക്ക് പോയി.

കുറച്ച് കഴിഞ്ഞപ്പൊ ആരോ വാതില് മുട്ടുന്ന ശബ്ദം കേട്ട് നമ്മള് തുറന്നപ്പൊ സാലിമാണ്.

"എന്താ അളിയാ...അളിയൻറെ ആകെപ്പാടെയുള്ള ഒരു അളിയൻ വന്നിട്ട് മൈൻറ് ചെയ്യാതെ പോകുന്നത് ശരിയാണോ അളിയാ..."

അവൻറെ അളിയാ എന്ന വിളി എന്നെ കുറച്ചൊന്നുമല്ല ദേഷ്യം പിടിപ്പിച്ചത്. അതോണ്ട് തന്നെ നമ്മളെ കൈ അവൻറെ കോളറിൽ പിടി മുറുക്കി.

"ആരാടാ നിൻറെ അളിയൻ..."

"പിന്നെ എൻ്റെ പെങ്ങളെ കെട്ടാൻ പോകുന്ന നിന്നെ ഞാൻ അളിയാ എന്നല്ലാതെ വേറെ എന്താ അളിയാ വിളിക്കാ..."

എന്ന് പറഞ്ഞ് അവനെൻ്റെ കൈ വിടുവിച്ചു.

"ഡാ....മര്യാദക്ക് സംസാരിക്കണം...ഞാൻ നിൻ്റെ അളിയനുമല്ല ഇനി അതൊരിക്കലും ആവുകയുമില്ല."

നമ്മള് അവന് നേരെ കൈ ചൂണ്ടി കൊണ്ട് പറഞ്ഞു.

"ഹാ....ഇങ്ങനെ ചൂടാവല്ലെ അളിയാ...

എൻ്റെ പെങ്ങളെ കരയിപ്പിച്ചിട്ട് നീ മനസ്സിൽ കൊണ്ട് നടക്കുന്നവളുമായിട്ട് സുഖിച്ച് ജീവിക്കാമെന്ന് നീ സ്വപ്നത്തിൽ പോലും കരുതണ്ട. അതിന് എന്താ വേണ്ടതെന്നും ഞാനെന്താ ചെയ്യാൻ പോകാ എന്നും ഞാൻ പറയാതെ തന്നെ അളിയന് അറിയാലോ? അതോണ്ട് വെറുതെ ആ പെണ്ണിൻ്റെ ജീവിതം വെച്ച് കളിക്കാൻ നിക്കാണ്ട് എൻ്റെ പെങ്ങളേയും കെട്ടി സുഖായിട്ട് ജീവിക്കാൻ നോക്ക്."

നമ്മള് അവൻറെ കോളറിന് പിടിച്ച് അവൻറെ മോന്തയടക്കി ഒന്ന് കൊടുത്തു. പിന്നെ കുറച്ച് നേരത്തിന് ഞങ്ങളെ തല്ലായിരുന്നു അവിടെ നടന്നത്.

സൽമ ഞങ്ങളെ പിടിച്ച് മാറ്റാൻ നോക്കിയെങ്കിലും അവൾക്കതിന് കഴിഞ്ഞില്ല. ഞങ്ങളെ ശബ്ദം കേട്ട് ഉമ്മി റൂമീന്ന് പുറത്ത് വന്നു.

"എന്താ ഇവിടെ രണ്ടും കൂടി കാണിച്ച് കൂട്ടുന്നത്?"

ഉമ്മിയെ കണ്ടപ്പൊ സാലിമെന്നെ കെട്ടി പിടിച്ചു. എന്നിട്ട്

"ഒന്നുല്യ അമ്മായി..കുറച്ച് ആയില്ലെ ഞങ്ങൾ തമ്മിൽ കണ്ടിട്ട് അതോണ്ട് ആദി നമ്മളെയൊന്ന് സ്നേഹിച്ചതാ..." അവനതും പറഞ്ഞ് എന്നെ ഒന്ന് നോക്കി.

പിന്നെ നമ്മള് അവിടെ നിന്നില്ല. വേഗം റൂമില് പോയി വാതിലടച്ചു. ഇല്ലെങ്കിൽ എനിക്ക് ഓനെ കൊല്ലേണ്ടി

വന്നേനെ. ഇതിവിടെ എപ്പോഴും പതിവാണ്. ഉമ്മിയുടെ മുന്നിൽ മാത്രം ഞങ്ങൾ ഒരു ദേഷ്യവും പുറത്ത് എടുക്കാറില്ല.

നമ്മള് കട്ടിലിലേക്ക് ചാഞ്ഞിട്ട് നമ്മളെ പെണ്ണിനെ ഓർത്തു കിടന്നു.

'അവളറിയുന്നില്ലല്ലോ പടച്ചോനേ... അവളെ പേരും പറഞ്ഞ് ഞാൻ ഇവിടെ നടത്തുന്ന യുദ്ധങ്ങളൊന്നും.

അവളിപ്പൊ അവിടെ എന്തെടുക്കായിരിക്കും? അച്ചുവിനെ ഒന്ന് വിളിച്ച് നോക്കാം.'

അച്ചു നമ്മക്ക് ഓളെ നമ്പർ തന്നിരുന്നു. പക്ഷേ നമ്മളെ പെണ്ണിന്റെ നമ്പർ കിട്ടിയിട്ടില്ല. അത് അവളുടെ അടുത്ത് നിന്ന് വാങ്ങാനാ അച്ചുവിന്റെ നമ്പർ വാങ്ങിച്ചത്.

നമ്മള് ഫോണെടുത്ത് അപ്പൊ തന്നെ അച്ചുവിന് വിളിച്ചു. ആദ്യത്തെ ബെല്ലില് തന്നെ അവള് ഫോണെടുത്തു.

"ഹലോ...അച്ചൂ....ഇത് ഞാനാ ആദിൽ..."

"മനസ്സിലായി കാക്കൂ...ഞാൻ അങ്ങോട്ട് വിളിക്കാൻ ഫോൺ എടുക്കായിരുന്നു. ഫെബിൻറെ നമ്പറിനല്ലേ വിളിച്ചത്? അത് ഞാൻ വാട്സപ്പിൽ വിട്ടിട്ടുണ്ട്."

"ശൊ...നീയെൻറെ മുത്താണ് അച്ചൂട്ടീ.."

"ഉം....വല്ലാണ്ട് സോപ്പിണ്ടൊന്നും വേണ്ടാ... നമ്മക്ക് തരാന്ന് പറഞ്ഞ സർപ്രൈസ് എന്തായി?"

"അതൊക്കെ എപ്പോഴോ റെഡിയാണ്. നാളെ കോളേജിൽ വെച്ച് ആ സർപ്രൈസ് കിട്ടുമ്പൊ നീ അന്തം വിടും."

"അതെന്ത് സർപ്രൈസാ കാക്കൂ...ഒരു ക്ലൂ താ..."

"അതൊക്കെ നീ നാളെ അറിഞ്ഞാൽ മതി. ഞാനിപ്പൊ എൻറെ പെണ്ണിനൊന്ന് വിളിക്കട്ടെട്ടാ..."

"ഉം...വിളിക്കുന്നതൊക്കെ കൊള്ളാം. അവളോട് കുറച്ച് മയത്തിലൊക്കെ സംസാരിച്ചാൽ മതി. ഇല്ലെങ്കിൽ നാളെ ഇൻറെ ശവമാകും ഇങ്ങക്ക് കാണേണ്ടി വരാ. ഇങ്ങക്ക് നമ്പർ തന്നത് ഞാനാണെന്ന് ഓൾക്ക് എന്തായാലും ഉറപ്പായിരിക്കും. അതോണ്ട് ഒന്ന് സൂക്ഷിച്ചോണേ.."

"ഉം.....ശരി...ഓക്കെ... ഗുഡ് നൈറ്റ്..."

നമ്മള് വേഗം വാട്സപ്പ് തുറന്ന് നോക്കി. ഫെബീ എന്ന പേരിൽ സേവ് ചെയ്ത അവളെ നമ്പർ നമ്മളെ ഫോണിൽ തെളിഞ്ഞു വന്നു.

....

"അപ്പൊ അച്ചു പറഞ്ഞ അവളെ കാക്കുവും നിൻറെ

സൂപ്പർ സീനിയർ ആദിലും ഒന്നാണല്ലേ?"

നമ്മളൊന്ന് മൂളി കൊടുത്തു. പിന്നെ അങ്ങട്ട് തൊടങ്ങീലെ പെണ്ണിന്റെ ചിരി.

"അതെന്തായാലും എനിക്ക് ഇഷ്ടായി ഫെബീ...ഹി...ഹി... ഹി... നിന്നെ തളച്ചിടാൻ ഈ ഭൂമിയിൽ ആരുമില്ലെ പടച്ചോനേ എന്ന് ഞങ്ങൾ ചിന്തിച്ചിരുന്നു.ഇപ്പൊ എന്തായാലും അതിനൊരാളെ കിട്ടിയില്ലെ...ഞാനിത് എല്ലാവരോടും ഒന്ന് പറഞ്ഞിട്ട് വരാം.."

എന്ന് പറഞ്ഞ് ഹസി റൂമീന്ന് ഓടി. പിന്നാലെ നമ്മളും. അവള് ഹാളിൽ എത്തിയപ്പൊ എല്ലാരും ചോറ് കഴിക്കാൻ ഇരിക്കായിരുന്നു.

"നിങ്ങള് വന്നോ? നിങ്ങളെ വിളിക്കാൻ നിൽക്കേന്നു. ഹസി വന്നിരിക്ക്."

നമ്മളെ ഉമ്മ ഞങ്ങളെ വിളിച്ച് ഇരുത്തി. എല്ലാവരും ഉണ്ട്ട്ടാ..

ഹസി എൻറെ മുഖത്ത് നോക്കിയിട്ട് പറയട്ടേന്ന് ആംഗ്യം കാണിച്ചു. പറഞ്ഞാൽ കൊന്നു കളയുമെന്ന് നമ്മള് ഓളോടും ആംഗ്യം കാട്ടി. അവളൊന്ന് ചിരിച്ചിട്ട് തലയാട്ടി.

ഞങ്ങൾ ചോറ് തിന്നുന്നതിനിടക്ക് നമ്മൾ സിനൂനെ ഒന്ന് നോക്കി. ഓള് സൈലൻ്റായിരുന്നു. സാധാരണ നമ്മളോട് തല്ല് കൂടാൻ വരുന്ന സൈസ് സാധനാ..

ഇപ്പൊ നമ്മളെ പോയിട്ട് ആരേയും മൈൻറ് ചെയ്യാതെ ചോറിലെന്തോ വീണ പോലെ അത് നീക്കി കൊണ്ടിരുന്നു.

"എന്താടീ ചോറിൽ വല്ലതും കളഞ്ഞ് പോയോ? കുറേ നേരായല്ലോ ചെകഞ്ഞോണ്ടിരിക്കുന്നു. എന്താ കാര്യം?"

നമ്മള് ഒരു തല്ലിനുള്ള വക പ്രതീക്ഷിച്ചാണ് ഓളോട് അത് പറഞ്ഞത്. പക്ഷേ ഓളെ പ്രതികരണം എന്നെ ശരിക്കും ഞെട്ടിച്ച് കളഞ്ഞു. അവള് മറുത്തൊന്നും

പറയാതെ അവിടന്ന് എണീറ്റ് പോയി.

ഞാൻ ഷാദിൻറെ മുഖത്തേക്ക് നോക്കി എന്താ കാര്യമെന്ന് ചോദിച്ചു. അവനൊന്നും അറീലത്രെ.

"ഉമ്മാ...ഓൾക്കെന്താ പറ്റിയേ? ഒന്നും തിന്നാതെ പോയല്ലോ? ഇങ്ങള് ഓളെ തല്ലീയോ?"

"ഞാൻ ഓളെ ഒന്നും ചെയ്തിട്ടില്ല. ഓള് സ്കൂൾ വിട്ട് വന്നപ്പൊ മുതല് ഇങ്ങനേണ്. കാര്യം ചോദിച്ചപ്പൊ തല വേദന ആണെന്ന് പറഞ്ഞ് പോയി കിടന്നു."

'അവളെ തല വേദനയിലെന്തോ ഒരു പന്തികേടുണ്ടല്ലൊ...ഓളെ ഇനി ആരേലും സ്കൂളിൽ നിന്ന് തല്ലിയോ?

ആ......എന്തെലും ആകട്ടെ...ചെലപ്പൊ തലവേദന തന്നെയാകും.'

നമ്മള് ഓളെ ചാപ്റ്റർ വിട്ടിട്ട് തീറ്റയിൽ

കോൺസൺട്രേഷൻ ചെലുത്തി.

അപ്പോഴാണ് നമ്മളെ ഉപ്പാൻറെ ചോദ്യം.

"എങ്ങനെ ഉണ്ട് ഫെബീ കോളേജ് ഒക്കെ? അടുത്ത തല്ലിനുള്ള വകയൊക്കെ ഉണ്ടോ?"

നമ്മള് അപ്പൊ തന്നെ തീറ്റ നിർത്തി ഉമ്മാനേയും ഹസിനേയും ഒന്ന് നോക്കി. രണ്ടും തലയാട്ടി ചിരിക്കാണ്.

"ഏയ്.....അങ്ങനെ തല്ലിനുള്ള വക ഒന്നും ഈ ഫെബീ ഉണ്ടാക്കില്ല ഉപ്പാ..

പിന്നെ കോളേജ് ഒക്കെ സൂപ്പറാണ്. നല്ല ടീച്ചേഴ്സ്, നല്ല സീനിയേഴ്സ്... സത്യം പറഞ്ഞാൽ എനിക്ക് നന്നായിട്ട് ഇഷ്ടായി."

'എവടെ ഇഷ്ടായി. ആദ്യം തോന്നിയ ഇഷ്ടം വരെ ഇപ്പൊ ആവിയായി. ഇന്നത്തോടെ കോളേജ് പോക്ക് വരെ വെറുത്ത് പോയി.'

"അല്ല ഫെബീ...ഇജ്ജ് ഇന്ന് ആദിലിനെ കണ്ടീന്നോ? ഓനെ കാണാൻ വേണ്ടി കുറെ നടന്നതല്ലെ?"

ഉമ്മച്ചിൻറെ ചോദ്യം കേട്ടതും ചോറ് നമ്മളെ മണ്ടേൽ കേറിയിട്ട് ഒരൊറ്റ തുപ്പലായിരുന്നു. നേരെ ഷാദിൻറെ മുഖത്തേക്ക്. നമ്മക്ക് ആണെങ്കിൽ തരിപ്പിൽ പോയിട്ട് ശ്വാസം കിട്ടല്ല. ഹസി വായ പൊത്തി വമ്പൻ ചിരിയാണ്.

ഉമ്മ എണീറ്റ് വന്ന് എൻറെ മണ്ടക്ക് അടിച്ചിട്ട് വെള്ളം തന്നു. അപ്പൊ കുറച്ച് ആശ്വാസം കിട്ടി.

ഷാദിൻറെ മുഖത്തേക്ക് നോക്കിയപ്പൊ അവനെന്നെ പല്ലിറുമ്പി കൊണ്ട് നോക്കാണ്. നമ്മക്ക് ഓൻറെ മോന്ത കണ്ടപ്പൊ ചിരി വന്നു. അതോണ്ട് വേഗം അവിടന്ന് സ്കൂട്ടായി റൂമിലേക്ക് പോയി.

നമ്മള് പിന്നെ വീട്ടിലെ ആൺക്കുട്ടി ആയോണ്ട് പാത്രം മോറാനൊന്നും നമ്മളെ കിട്ടില്ല. അതോണ്ട് അതൊന്നും നമ്മളെ ഡിക്ഷ്ണറിയിലില്ല.

കുറച്ച് കഴിഞ്ഞപ്പൊ ഹസി റൂമിലേക്ക് കേറി വന്നു. എന്നിട്ട് പോത്ത് ഭയങ്കര ചിരി. എന്നിട്ട് നമ്മളെ കളിയാക്കാണ് ആദിൽക്കാൻറെ പേരും പറഞ്ഞ്.

നമ്മളത് മൈൻറ് ചെയ്യാതെ സബ്ബിൽ ചെറിയ ശബ്ദത്തിൽ പാട്ട് ഇട്ടിട്ട് ഡാൻസ് കളിക്കാൻ തുടങ്ങി. ഹസി വേഗം കട്ടിലിൽ കേറി കിടന്നു. നമ്മളെ പേടിച്ചിട്ടാ എന്താന്നല്ലേ...കണ്ടോളീ....

ഞാൻ ഹസിൻറെ കാല് പിടിച്ച് വലിച്ച് കട്ടിലിൽ നിന്ന് താഴെയിട്ടു.

"ഹൗ...ഇൻറെ ചന്തി പോയെടീ ബലാലേ..."

നമ്മള് ഓള് പറയുന്നത് കേക്കാതെ ഓളെ അവിടന്ന് പിടിച്ച് എണീപ്പിച്ചു. ഓള് ഊരക്ക് കയ്യും കൊടുത്ത് എണീറ്റതും നമ്മള് ഓളെ കയ്യ് പിടിച്ച് എൻറെ അടുത്തേക്ക് വലിച്ചിട്ടു. എന്നിട്ട് ഓളെ ഒരു കയ്യ് പിടിച്ചിട്ട് എൻറെ മറ്റേ കൈ ഓളെ അരയില് പിടിച്ചിട്ട് കപ്പിൾ ഡാൻസ് തുടങ്ങി.

ഹസിയെ ഒതുക്കാനായിട്ട് നമ്മള് എപ്പോഴും ചെയ്യുന്ന പണിയാണിത്. ഓൾക്ക് ആണെങ്കിൽ ഇത് കണ്ണെടുത്താ കണ്ടൂടാ..

ഇപ്പൊ കണ്ടില്ലെ നമ്മളെ കളിയാക്കലൊക്കെ നിർത്തിയത്.

ഞാൻ എന്നിലേക്ക് അടുപ്പിക്കലും ഓളെ തള്ളലുമൊക്കെ ആയിട്ട് ഡാൻസ് പൊളിച്ചോണ്ട് നിക്കുമ്പോഴാ ഫോൺ ബെല്ലടിച്ചത്.

നോക്കിയപ്പൊ അറിയാത്ത നമ്പറാണ്. ഞാൻ ഹസിയോട് സബ് ഓഫാക്കാൻ പറഞ്ഞപ്പൊ സ്വർഗം കിട്ടിയ പോലെ ആയിരുന്നു. വേഗം ഓഫാക്കിയിട്ട് ഓള് മൂടി പുതച്ച് കിടന്നു.

നമ്മളത് കണ്ട് ചിരിച്ചോണ്ട് കോൾ അറ്റൻറ് ചെയ്തു.

"ഹലോ..."

മറുതലയിൽ നിന്നും ഒരു റെസ്പോൺസും വന്നില്ല. കുറെ നേരം ഹലോ പറഞ്ഞു മടുത്തപ്പൊ ഫോൺ വെച്ചിട്ട് നമ്മള് കിടന്നു.

കുറച്ച് കഴിഞ്ഞപ്പൊ ആ നമ്പറിൽ നിന്ന് തന്നെ വീണ്ടും കോൾ വന്നു.

"ഹലോ....ആരാ....കുറേ നേരായല്ലൊ താൻ തുടങ്ങിയിട്ട്. എന്താടാ നീ കളിക്കാ.."

"ആരാടീ ഫെബീ..."

"ആ...ഏതോ ഒരു തെണ്ടി..

എന്താടാ നിനക്ക് നാക്കില്ലെ... എന്നാ പിന്നെ വെച്ചിട്ട് പോടാ..."

എന്ന് പറഞ്ഞ് ഫോൺ കാതിൽ നിന്ന് എടുത്തതും "ഡീ.." എന്നൊരു ശബ്ദം കേട്ട് നമ്മള് വീണ്ടും ഫോൺ

കാതിലേക്ക് അടുപ്പിച്ചു.

"ഡീ...ന്നോ? നീയേതാടാ തെണ്ടീ എന്നെ എടീ പോടീ വിളിക്കാൻ....

അതൊക്കെ നിൻറെ മറ്റോളെ പോയി വിളിച്ചാൽ മതി..."

"ഞാൻ എൻറെ മറ്റോളെ തന്നെയാ വിളിച്ചത്...നിനക്ക് അതിന് വല്ല കൊഴപ്പവുമുണ്ടോ?

ഇത് ഞാനാടി അൻറെ ആദിൽക്ക."

ആദിൽക്കയാണെന്ന് കേട്ടതും ഞെട്ടി തരിച്ച് നമ്മള് പെട്ടെന്ന് എണീറ്റു.

"എന്താടീ ഫെബീ അറ്റാക്കാണോ?"

"അല്ലെടീ അർബുദം."

നമ്മള് ഫോൺ പൊത്തി കൊണ്ട് ഓളോട് പറഞ്ഞു ആദിൽക്കയൊണെന്ന്. അപ്പൊ ഓള് സ്പീക്കറിലിടാൻ പറഞ്ഞു. നമ്മളത് സ്പീക്കറിലിട്ടു.

ആദി: "ഹലോ...എന്താടീ ഞാനാണെന്ന് അറിഞ്ഞപ്പൊ അൻറെ ശബ്ദം പോയോ?"

അത് കേട്ടപ്പൊ എനിക്ക് ദേഷ്യം വന്നു.

നമ്മള്: "നീയാണെന്ന് അറിഞ്ഞിട്ട് ശബ്ദം പോകാൻ നീയാരാ? എനിക്ക് നിന്നോട് സംസാരിക്കേണ്ട യാതൊരു ആവശ്യവുമില്ല."

ആദി: " ഡീ..ഡീ....ഉച്ചക്ക് ഉള്ള പേടിയും ബഹുമാനവുമൊന്നും കാണുന്നില്ലല്ലൊ...വേണ്ടട്ടാ...മര്യാദക്ക് എന്നെ ഇക്കാന്ന് വിളിച്ചോണ്ടി.."

നമ്മള്: "

പ്ർർ...ഹി....ഹി....ഹി ....ഇക്കാന്നോ....ഹി....ഹി....അന്നെയോ?..

.ഉം നടന്നത് തന്നെ... മോന് ചെല്ല് ...ചെന്ന് ഉറങ്ങാൻ നോക്ക്. ഇല്ലേൽ എൻറെ വായീലുള്ളതൊക്കെ കേക്കേണ്ടി വരും."

ആദി: "നിൻറെ വായീന്ന് കേൾക്കാൻ തന്നയാടീ നിന്നെ വിളിച്ചത്...മര്യാദക്ക് എന്നെ ഇക്കാന്ന് വിള്ച്ചോ?"

നമ്മള്: "എൻറെ പട്ടി വിളിക്കും.."

ആദി: "അൻറെ പട്ടിയെ കൊണ്ട് ഒക്കെ നമുക്ക് പിന്നെ വിളിപ്പിക്കാം. ഇപ്പൊ നീ വിളിച്ചാൽ മതി."

നമ്മള്: "ഇല്ലെങ്കിൽ നീയെന്താടാ ചെയ്യാ.."

ആദി: " എടാന്നാ....അൻക്ക് എന്താ ചെയ്യാന്ന് അറിയണല്ലെ നാളെ നീ വാടി കോളേജിലേക്ക് അപ്പൊ മനസ്സിലാകും ഞാൻ എന്താ ചെയ്യാന്ന്."

ഓൻ്റെ മറുപടി കേട്ട് ഹസി എന്നെയൊരു നോട്ടം. അത് കേട്ടപ്പൊ നമ്മളും ഒന്ന് ചെറുതായി പേടിച്ചെങ്കിലും ഹസി ഉള്ളതോണ്ട് നമ്മള് ധൈര്യം സംഭരിച്ചു.

നമ്മള്: "ഓ..പിന്നെ.. നീ ഒലത്തും....എന്താ ഉണ്ടാകാൻ പോണതെന്ന് നമുക്ക് നാളെ കാണാം...."

അതും പറഞ്ഞ് നമ്മള് ഫോൺ കട്ടാക്കി. ഇല്ലേൽ നമ്മള് എന്തേലും വിളിച്ച് കൂവും. അവൻ വീണ്ടും വിളിക്കുന്നുണ്ട് ഞാൻ ഫോൺ കട്ടാക്കിയിട്ട് സൈലൻ്റാക്കി.

നമ്മളും ചിലതൊക്കെ മനസ്സിൽ കണക്ക് കൂട്ടി വെച്ചിട്ടുണ്ട്. എന്തായാലും ഓൻ്റെ മുന്നിൽ ഇനി തോറ്റ് കൊടുക്കുന്ന പ്രശ്നമേയില്ല.

പെട്ടെന്ന് ഹസി എൻ്റെ തലക്കൊരു മേട്ടം തന്നു.

"എന്താടീ...വേദന ആവുന്നുണ്ട്ട്ടാ..."

"വേദന ആവണം അതിനല്ലെ തല്ലിയത്...നീ എന്തിനാ വെറുതെ ഓനോട് പ്രശ്നത്തിന് പോണത്? ഓൻ അന്നോട് ഇക്കാന്ന് വിളിക്കാനല്ലെ പറഞ്ഞിട്ടുള്ളൂ..അത് പറഞ്ഞാ പോരേന്നാ..."

"അതിന് ഇപ്പൊ ഇവടെ എന്താ ഉണ്ടായേ?"

"ഒന്നും ഉണ്ടായിട്ടില്ല ഉണ്ടാവാൻ പോകുന്നതല്ലെ ഉള്ളൂ...നാളെ കോളേജിൽ നിന്ന് അവൻറെ കയ്യീന്ന് കിട്ടുന്നതും വാങ്ങിച്ച് പോര്. മിക്കവാറും എല്ലാരെ മുൻപിൽ വെച്ചും നിനക്ക് ഒരു കിസ്സ് കിട്ടാൻ ചാൻസുണ്ട്."

ഹസി അത് പറഞ്ഞ് ചിരിച്ചോണ്ട് കിടന്നു. നമ്മള് ഓൾക്കൊരു ചവിട്ടങ്ങ് കൊടുത്തു.

'പടച്ചോനേ...

ഇവള് പറഞ്ഞ പോലെ ഇനി അവനെങ്ങാനും......

ഏയ്...ആദിൽക്ക അങ്ങനെ ഒന്നും ചെയ്യൂല. ഇനി എങ്ങാനും നമ്മളോടുള്ള ദേഷ്യത്തിന്...

പടച്ചോനേ വേണ്ടാത്ത ചിന്തകളൊന്നും മനസ്സിൽ തോന്നിപ്പിക്കല്ലെ...ഉള്ള കൂടപ്പിറപ്പും കൂടി പൊടിയും തട്ടി പോകും. ഞാൻ ഉദ്ദേശിച്ചത് ഉറക്കം.

ആ...എന്തായാലും വരാനുള്ളത് വഴീല് തങ്ങില്ലല്ലൊ..

എന്ത് വന്നാലും നേരിടാം.

നമ്മളതും ചിന്തിച്ച് അങ്ങട്ട് കിടന്നുറങ്ങി. ആരോ വാതിലിൽ മുട്ടുന്ന ശബ്ദം കേട്ടാണ് നമ്മള് എണീറ്റത്.

നേരം നോക്കുമ്പൊ മൂന്ന് മണിയോട് അടുത്തിട്ടുണ്ട്. ഈ നേരത്ത് ഇതിപ്പൊ ആരാന്ന് പ്രാകി കൊണ്ട് വാതിൽ തുറന്നു നോക്കിയപ്പൊ ഷാദിയാണ്. ചെക്കൻ വാതിൽ മുട്ടിയിട്ട് നിന്ന് ഉറങ്ങാണ്.

"എന്താടാ അൻക്ക് ഉറക്കമൊന്നുല്യേ?"

കൊട്ടാവി ഇട്ടോണ്ട് നമ്മള് ഉറക്കപ്പിച്ചിൽ ഓനോട് ചോദിച്ചു.

ഓൻറെ ഫോൺ ഇൻക്ക് നേരെ നീട്ടിയിട്ട് അൻക്കാണ് ഫോണെന്ന് പറഞ്ഞ് ചെക്കൻ പോയി.

നമ്മള് ഫോൺ വാങ്ങി കാതിൽ വെച്ചു.

നമ്മള് ഹലോ എന്ന് പറയാനുള്ള സാവകാശം പോലും തരാതെ അപ്പുറത്ത് നിന്ന് ഭയങ്കര ചീത്തവിളി.

ഇതാരാപ്പൊ ഇതെന്ന് കരുതി നമ്പർ നോക്കിയപ്പൊ നമ്മളെ ഉറക്കമൊക്കെ പമ്പ കടന്നു.ആദിൽക്ക.

ആദി: "എൻറെ ഉറക്കം കളഞ്ഞിട്ട് നീ ഫോൺ സൈലൻറാക്കി സുഖിച്ച് ഉറങ്ങാമെന്ന് കരുതിയല്ല.."

അപ്പോഴാ നമ്മള് നമ്മളെ ഫോൺ നോക്കിയത്. ഫോൺ കണ്ടതും നമ്മള് ഞെട്ടി. 106 മിസ്കോൾസ്.

'പടച്ചോനേ ഈ ചെക്കന് ഉറക്കമില്ലന്നോ?

പിരാന്തന്മാരെ പോലെ എത്ര മിസ്കോളാ...ഇവന് ശരിക്കും പിരാന്താണ് ഫെബീ.

.ബി കേർ ഫുൾ.'

ആദി: " എടീ...മര്യാദക്ക് എന്നെ ഇക്കാന്ന് വിളിച്ചോ.. ഇല്ലെങ്കിൽ... "

നമ്മള്: "ഇല്ലെങ്കിൽ ഇയാളെന്താ ചെയ്യാ? പാതിരാത്രി പെൺപിള്ളേർക്ക് വിളിച്ചിട്ട് ഇക്കാന്ന് വിളിക്കണത്രെ. ഇക്കാന്ന് വിളിക്കാൻ കൂടെ തന്നെ ഒരുത്തിയെ കൊണ്ട് നടക്കുന്നില്ലെ സൽമ..ഓളോട് പോയി പറ."

എന്ന് പറഞ്ഞ് നമ്മള് ഫോൺ കട്ടാക്കി കിടന്നു. പിന്നെയും ഷാദിൻറെ ഫോൺ ബെല്ലടിച്ചു. ഇപ്രാവശ്യം എനിക്ക് ശരിക്കും ദേഷ്യം വന്നു. കാരണം,ഞാൻ വേറെ എന്തും സഹിക്കും, പക്ഷെ എൻറെ ഉറക്കം എങ്ങാനും കളഞ്ഞാൽ പിന്നെ നമ്മള് വെറുതെ ഇരിക്കില്ല.

നമ്മള്: "എന്താടാ അൻറെ വിചാരം? മനുഷ്യനെ ഒന്ന് ഉറങ്ങാനും സമ്മതിക്കില്ലേ?"

ആദി: "നീ ഉറങ്ങിക്കോ..

പക്ഷേ അതിന് മുൻപ് എന്നെ ഇക്കാന്ന് വിളിച്ചിട്ട് ഉറങ്ങിക്കോ?"

നമ്മള് കട്ട കലിപ്പിൽ: " ഇല്ലെങ്കിൽ താനെന്താടോ ചെയ്യാ...ഒന്ന് ഉറങ്ങാനും സമ്മതിക്കില്ലേ താൻ.ഞാൻ ഫോൺ വെക്കാ.."

ആദി: "നീ ഫോൺ വെച്ചാൽ പിന്നെ ഞാൻ അടുത്തത് വിളിക്കാൻ പോകുന്നത് അൻറെ ഉപ്പാനെയാകും."

അത് കേട്ടപ്പൊ നമ്മള് ഞെട്ടി.

ആദി: " എൻറെ അടുത്ത് നിൻറെ ഉപ്പാൻറേയും ഉമ്മാൻറെയും എന്തിനേറെ പറയുന്നു നിൻറെ കൂടെ കിടക്കുന്ന ഹസിൻറെ നമ്പർ വരെ എൻറെ കയ്യിൽ ഉണ്ട്.

ഈ രാത്രി ഇറങ്ങി കിടക്കുന്ന അവരെ വെറുതെ

എണീപ്പിക്കണോ?"

അവൻറെ ഓരോ ഡയലോഗും നമ്മളെ ആകെ കൂടി അമാന്താക്കി...പിരാന്താക്കീന്ന്.

നമ്മള് ഇത്തിരി വിറയലോടെ: "ഞാൻ... ഞാനിപ്പൊ എന്താ വേണ്ടേ?"

പൊട്ടിച്ചിരിച്ച് കൊണ്ട് ആദി: "ഞാൻ പറഞ്ഞില്ലെ നിന്നോട് എന്താ വേണ്ടതെന്ന്...നീ എന്നെ ഇക്കാന്ന് വിളിക്കണം.."

നമ്മള്: "ഇക്കാന്നോ...വേണേൽ ആദിൽക്കാ എന്ന് വിളിക്കാം."

അവനൊന്ന് മൂളി തന്നു. നമ്മള് ഹസി ഉറങ്ങിയോ എന്ന് നോക്കിയിട്ട് പറഞ്ഞു.

നമ്മള്: "ആദിൽക്ക"

ആദി: "എന്തോന്നാടീ ഇത്..ഇങ്ങനെയല്ല ...കുറച്ച് സോഫ്റ്റില് പറ..."

ശൊ ഈ മാരണം ഒന്ന് തലേന്ന് ഒഴിഞ്ഞ് പോകാൻ എന്തൊക്കെ ചെയ്യണം പടച്ചോനേ...

നമ്മള്: "ആദിൽക്കാ...."

ആദി: "ഹൗ....കൊണ്ടുട്ടാ മോളേ..

നന്നായിട്ട് നമ്മളെ ഉള്ളിൽ കൊണ്ടു. ഇനി അതേ ഫീലിൽ നമ്മളോടൊരു ഐ ലൗ യു കൂടി പറ ഐഷൂ..."

നമ്മളൊന്ന് ഞെട്ടിയിട്ട് കുറച്ച് കനത്തിൽ പറഞ്ഞു: "അതൊന്നും എന്നെ കൊണ്ട് പറ്റില്ല. ഇക്കാന്ന് വിളിക്കാൻ പറഞ്ഞു. ഞാൻ ആദിൽക്കാന്ന് വിളിച്ചു.അതോടെ എല്ലാം കഴിഞ്ഞു."

ആദി: "അതോടെ എല്ലാം തീർന്നേനെ ഞാൻ ആദ്യം തന്നെ ചോദിച്ചത് പറഞ്ഞീന്നെങ്കിൽ. ഇതിപ്പൊ നിന്നെ കൊണ്ട് എങ്ങനെയാ പറയിപ്പിച്ചതെന്ന് എനിക്കല്ലെ അറിയൂ... അതോണ്ട് ഇക്കാൻറെ ഐഷൂ അധികം ബലം പിടിക്കാതെ അ തെങ്ങ് പറഞ്ഞേക്ക്.ഇല്ലെങ്കിൽ നമ്മള് ഉപ്പാക്ക് വിളിക്കും."

'പടച്ചോനേ.....ഇതൊരു കുരിശായല്ലൊ...വിചാരിച്ചതിനേക്കാൾ ആള് ആന നാറിയാണ്. ആദ്യം തന്നെ ഇക്കാന്ന് വിളിച്ച് തടി ഊരിയാൽ മതിയായിരുന്നു.'

ആദി: "നീ പറയുന്നില്ലേ.."

നമ്മള് ഞെട്ടിക്കൊണ്ട്: "പറ...പറയാണ്...

ഐ ലൗ യു ആദിൽക്കാ..."

ആദി: "ഒരു തവണ കൂടി..."

ശല്യം...ഒഴിഞ്ഞ് പോകാൻ ഇതല്ലാതെ എന്താ ചെയ്യാ?

നമ്മള്: "ഐ ലൗ യു ആദിൽക്കാ.."

ആദി: "ഹൊ...ഇൻറെ ഐഷൂ....അൻറെ നാവീന്ന് ഇത് തന്നെ കേൾക്കാൻ തോന്നാണ്. അതോണ്ട് ഒരു തവണ കൂടി."

'കള്ളപ്പന്നി... ഒരു തവണ കൂടി, ഒരു തവണ കൂടി എന്ന് പറഞ്ഞ് നമ്മളെ കൊണ്ട് നേരം വെളുപ്പിച്ചു. എപ്പോഴാ ഉറങ്ങി പോയതെന്നറീല.

പെട്ടെന്ന് ആരോ എൻറെ മുഖത്തേക്ക് വെള്ളം ഒഴിച്ചു.

ഞെട്ടി എണീറ്റിട്ട് നമ്മള് അലറി.

"ഐ ലൗ യു ആദിൽക്കാ..."

കണ്ണ് തുറന്ന് നോക്കുമ്പോ ഹസി നമ്മളെ നോക്കി കൊണ്ട് ചിരിക്കുന്നു.

"എന്താടീ...നീയിപ്പൊ പറഞ്ഞത്?"

"ഐ ലൗ യു ആദിൽക്കാന്ന്.."

"ങെ..?"

"ഹെ..ഒന്നുല്യ...എത്ര ആയി നേരം?"

"ഓ...നിനക്ക് ഇപ്പോഴാണോ ബോധം വന്നത്? നോക്ക് സമയം ആറരയായി."

"ആറരയോ?"

പിന്നെ ഒരു പാച്ചിലായിരുന്നു നമ്മള്....ബ്രഷ് എടുക്കണോ സോപ്പെടുക്കണോ എന്നറിയാത്ത ഒരു അവസ്ഥ. അവസാനം എന്തൊക്കെയോ കാട്ടി കൂട്ടി വേഗം മാറ്റി ഒരുങ്ങി വാച്ചിൽ നോക്കിയപ്പൊ ടൈം 7.15. പിന്നെ ഒന്നും നോക്കീല വേഗം അടുക്കളയിലേക്ക് ഓടിയിട്ട് രണ്ടു ചപ്പാത്തി റോൾ ചെയ്തെടുത്ത് ഉമ്മാനോട് സലാം പറഞ്ഞ് വീട്ടിൽ നിന്ന് ഇറങ്ങി ഓടി.

പോകുന്ന വഴിക്ക് ചപ്പാത്തി ഫുള്ളാക്കിയിട്ട് ഒരു പാച്ചിലായിരുന്നു. ഭാഗ്യത്തിന് ബസ് വന്നിട്ടില്ല.

അച്ചു ആണെങ്കിലോ നമ്മളെ മൈൻറും ചെയ്യുന്നില്ല. അവള് അവിടെ തല താഴ്ത്തി നിൽക്കാണ്.

ഞാൻ ഓളെ അടുത്ത് ചെന്ന് മുഖമുയർത്തി നോക്കിയപ്പൊ പെണ്ണ് കരയാണ്.

എന്താടീ കാര്യം എന്ന് ചോദിച്ചപ്പൊ അവള് എന്നെ കെട്ടിപ്പിടിച്ച് കരയാൻ തുടങ്ങി. എന്താ കാര്യം എന്നറിയാതെ ഞാൻ ഒരു നിമിഷം പകച്ചു.

(തുടരും)

ഭാഗം.23

എന്താടീ കാര്യമെന്ന് ചോദിച്ചപ്പൊ അവളെന്നെ കെട്ടിപ്പിടിച്ച് കരയാൻ തുടങ്ങി. എന്താ കാര്യമെന്ന് അറിയാതെ ഞാൻ ഒരു നിമിഷം പകച്ച് നിന്നു.

"എന്താ അച്ചൂ....എന്താ ഉണ്ടായേ..

? വീട്ടില് നിങ്ങളെ കാര്യം പിടിച്ചോ?"

അത് ചോദിച്ചപ്പൊ അവള് കരച്ചില് നിർത്തി നമ്മളെ തുറിച്ച് നോക്കി. നമ്മളൊരു അവിഞ്ഞ ചിരിയും പാസാക്കി കൊണ്ട് വീണ്ടും ചോദിച്ചു.

"പിന്നെ എന്താടീ കാര്യം....

നീ മോങ്ങാതെ പറയുന്നുണ്ടോ?"

അവള് കണ്ണ് തുടച്ച് തലയും താഴ്ത്തി പറഞ്ഞു.

"അരുൺ....."

"അരുണിനെന്താ? പറയടീ.....എന്താ അവന് പറ്റിയെ?"

"അവൻ.....അവന് തൃശൂരിൽ ജോലി കിട്ടി. അവനങ്ങോട്ട് പോവാണെന്ന്..."

"ഹൊ....ഇതായിരുന്നോ? ഞാൻ കരുതി എനിക്ക് കാൻസറാണ് ചേട്ടാ...അങ്ങനെ വല്ലതും ആണോന്ന്."

നമ്മളതും പറഞ്ഞ് ഓളെ കളിയാക്കി ചിരിച്ചു. പക്ഷേ,ഓളെ മുഖത്ത് അപ്പോഴും നമ്മള് തെളിച്ചം കണ്ടില്ല.

"എടീ അച്ചൂ...അവൻ ജോലിക്ക് പോയതല്ലെ അതിനെന്തിനാ കരയുന്നേ? അവൻ പോയതോണ്ടാണോ?"

"അതല്ല ഫെബീ....അവൻറെ മുറപ്പെണ്ണിന് ഓനെ ഇഷ്ടാണെന്ന്...."

"അതിപ്പൊ വല്യ കാര്യാണോ? എനിക്കും അരുണിനെ ഇഷ്ടാണല്ലോ.."

"അതല്ല ഫെബീ.....ആ പെണ്ണ് അവനെ കിട്ടിയില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്ന്..."

"പിരാന്തത്തീ....

അവള് പോയി ചാവട്ടെ...അതിന് നീയെന്തിനാ കരയണേ...."

"അതല്ല ഫെബീ....അവള് അങ്ങനെ പറഞ്ഞോണ്ട് അരുൺ ഓളെ കെട്ടാൻ തീരുമാനിച്ചു. എന്നോട് ഓനെ

മറക്കാൻ പറഞ്ഞിട്ട് ഓൻ എന്നെ ബ്ലോക്ക് ആക്കി പോയീ....."

അവളതും പറഞ്ഞോണ്ട് ടാപ്പ് വീണ്ടും തുറന്ന് വിട്ടു. നമ്മക്ക് ആണെങ്കിൽ ഓളെ കരച്ചില് കണ്ടിട്ട് ചിരിയാ വന്നത്. പക്ഷെ,ചിരിക്കാൻ പറ്റില്ലല്ലോ...ഫ്രണ്ടല്ലേ...അതോണ്ട് ചിരിയൊക്കെ കൺട്രോൾ ചെയ്ത് വെച്ചിട്ട് നമ്മള് ഓളെ ആശ്വസിപ്പിക്കാൻ നോക്കി.

അപ്പോഴേക്കും ബസ് വന്നു. അവള് കർച്ചീഫിൽ മൂക്ക് പിഴിഞ്ഞ് സീറ്റിലിരുന്നു.

കണ്ടക്ടർ ചേട്ടൻ നമ്മളെ കണ്ടപ്പോ ഒന്ന് ചിരിച്ചു. അധികം ഭാരമില്ലാത്ത പണി ആയോണ്ട് തിരിച്ച് നമ്മളും ഒന്ന് ചിരിച്ച് കൊടുത്തു.ഇന്നലത്തെ നമ്മളെ ചാട്ടം കണ്ടിട്ടാവും മൂപ്പര് ചിരിച്ചത്.

നമ്മള് വീണ്ടും അച്ചുവിൻറെ അടുത്തേക്ക് തിരിഞ്ഞിട്ട് പറഞ്ഞു.

"എടീ...അരുൺ നിന്നെ ചുമ്മാ പറ്റിച്ചതാവും എനിക്ക് ഉറപ്പാ..."

"അതല്ല ഫെബീ....ഇത് അവൻ കാര്യായിട്ട് തന്നെയാ പറഞ്ഞത്.ഞാൻ ഒരുപാട് തവണ അവന് വിളിച്ചു നോക്കി. അവൻ പക്ഷേ, കോൾ എടുത്തില."

"അത് ചെലപ്പൊ അവൻ ബിസി ആയോണ്ടാകും ഫോൺ എടുക്കാഞ്ഞത്.."

"അതല്ല ഫെബീ..."

"ഏതല്ല ഫെബീ...കുറെ നേരയല്ലൊ അതല്ല ഫെബീ, ഇതല്ല ഫെബീ എന്ന് പറയുന്നു ..പിന്നെ ഏതാടീ ഫെബീ..."

അവള് പറയുന്നത് മുഴുവനാക്കാൻ സമ്മതിക്കാതെ ഞാൻ ഇടക്ക് കേറി അവളോട് ചൂടായി..

അല്ല പിന്നെ ആർക്കായാലും ദേഷ്യം പിടിക്കൂലേ...

അപ്പൊ അവള് എന്നെ തുറുക്കനെ നോക്കിയിട്ട് മുഖം തിരിച്ചു. നമ്മളും വിട്ട് കൊടുത്തില്ല,ഞാനും മുഖം തിരിച്ചു.

കുറച്ച് കഴിഞ്ഞപ്പൊ ശാഹിത്ത കേറി വന്നിട്ട് ഒരു ചിരിയായിരുന്നു. ഞങ്ങള് പിണങ്ങി ഇരിക്കുന്നത് കാണുമ്പൊ ഇത്താക്കെന്താ ചിരിയാണോ വരുന്നത്? ഞങ്ങള് രണ്ട് പേരും ഇത്താൻ്റെ മുഖത്തേക്ക് നോക്കി. സീറ്റുണ്ടായിട്ടും ഇരിക്കാതെ ഞങ്ങളിരിക്കുന്ന സീറ്റിൻ്റെ മുകളിലേക്കാ പുള്ളിക്കാരിൻ്റെ നോട്ടം.

ഞാനും അച്ചുവും എന്താന്ന് അറിയാൻ വേണ്ടി മുകളിലേക്ക് നോക്കിയപ്പൊ ഞെട്ടി പോയി.

""I love you Aishu ϙ

ഇക്കാൻ്റെ ഐഷൂന് ഒരായിരം ചക്കരയുമ്മ ϙ ϙ ""

എന്ന് വെണ്ടക്കാ അക്ഷരത്തിൽ എഴുതി വെച്ചിരിക്കുന്നു.

അത് കണ്ടതും അച്ചു കരച്ചില് നിർത്തി ചിരിക്കാൻ തുടങ്ങി. എനിക്കാണെങ്കിൽ അവറ്റകളെയൊക്കെ കണ്ടപ്പൊ ദേഷ്യം വന്നു. ബസിൽ ഉള്ളവരൊക്കെ ഇവരെ ചിരി കണ്ടിട്ട് നോക്കിയിരിക്കാ..

ഞാൻ തലയില് കൈ വെച്ചോണ്ട് ആ കൊരങ്ങനെ ഒരുപാട് പ്രാകി കൊണ്ട് അവിടെ ഇരുന്നു. അപ്പോഴാ നമ്മക്ക് ആ കണ്ടക്ടർ ചിരിച്ചതിൻറെ കാര്യം പിടി കിട്ടിയത്. അപ്പൊ തന്നെ നമ്മള് അങ്ങേരെ നോക്കി കണ്ണുരുട്ടി. അങ്ങേര് ചിരിച്ചോണ്ട് ടിക്കറ്റ് വാങ്ങി കൊണ്ടിരുന്നു.

എൻറെ തൊലി ഉരിയുന്ന പോലെ തോന്നി. എനിക്ക് ആദിൽക്കാനോട് ഇപ്പൊ വെറുപ്പ് കൂടി വന്നു.

'ഇത് ഞാനെന്തായാലും സഹിക്കില്ല. ഇതിന് പകരം വീട്ടിയിരിക്കും.

ഇതിന് ഞാൻ പകരം വീട്ടിയില്ലെങ്കിൽ എൻറെ പേര് ആയിഷ ഫെബിയല്ല.'

നമ്മളങ്ങനെ ദൃഢപ്രതിജ്ഞയും എടുത്ത് പുറത്തേക്ക് നോക്കിയിരുന്നു. അച്ചു ശാഹിത്താനോട് അരുണിൻറെ കാര്യം പറഞ്ഞ് വിഷമിക്കുന്നുണ്ട്. ശാഹിത്ത നമ്മള് പറഞ്ഞ പോലെ ഒരുപാട് ഡയലോഗും അവളോട് കാച്ചുന്നുണ്ട്. പക്ഷെ അതൊന്നും ഓളെ തലയില് കേറുന്നില്ല.

അങ്ങനെ ഞങ്ങള് കോളേജ് പടി ഇറങ്ങിയിട്ട് കോളേജിലേക്ക് നടക്കാൻ തുടങ്ങി. നടത്തത്തിലുട നീളം നമ്മള് മൗനമായിരുന്നു. ആ കോന്തന് എന്ത് പണി കൊടുക്കുമെന്നായിരുന്നു എൻറെ ചിന്ത.

"നീയെന്താ ഫെബീ ആദിയെ ഓർത്ത് നടക്കാണോ? ഇന്ന് രണ്ട് വായാടികളും സൈലൻറാണല്ലോ?"

"ഞാനേ ആ കോന്തന് കൊടുക്കാൻ വേണ്ടി ഒരു പ്ലാൻ ആലോചിക്കായിരുന്നു."

"ആർക്ക്? ആദിക്കോ?"

"ആ കോദിക്ക് തന്നെ...

അവൻ കാരണം ഇന്നലെ എൻറെ ഉറക്കം പോയി, ഇന്ന് ഞാൻ എല്ലാവരെ മുൻപിൽ വെച്ചും നാണം കെട്ടു.

ഇതിനൊന്നും ഞാൻ പകരം വീട്ടില്ലെന്നാണോ വിചാരിച്ചത്. ഇതിനൊക്കെ കൂടി അവനൊരു വമ്പൻ പണി ഞാൻ കൊടുത്തിരിക്കും."

"ഉം...നടന്നത് തന്നെ..അത് ആദിയാ മോളേ...നിൻറെ ഒരു പണിയിലും അവൻ വീഴില്ല."

"ശാഹിത്താ...ഇങ്ങളിൻറെ ചെവിയിൽ നുള്ളിക്കോളീ...അവനിട്ട് ഞാൻ പണി കൊടുത്തിരിക്കും. ആ പണി കിട്ടിയാൽ പിന്നെ അവനെന്നെ തിരിഞ്ഞ് നോക്കല് പോലും ഉണ്ടാവില്ല. അവൻ ആദിയാണെങ്കിലേ ഞാൻ ഫെബിയാ."

"അവസാനം നിൻറെ പണി നിനക്കൊരു കെണിയാവാതെ നോക്കിക്കോ.."

അച്ചു ഇടക്ക് കേറി ഇത് പറഞ്ഞപ്പൊ ഞങ്ങള് അവളെ നോക്കി. അവളൊന്നും പറയാത്ത പോലെ നടന്നു കൊണ്ടിരുന്നു. അച്ചു പറഞ്ഞത് കേട്ടപ്പൊ ഒരു വീക്ക് കൊടുക്കാൻ തോന്നിയെങ്കിലും അവള് പറഞ്ഞതില് കാര്യം ഉള്ളോണ്ട് അവന് പണി കൊടുക്കുമ്പൊ നമ്മക്ക് പ്രശ്നം വരാത്ത രീതിയിലുള്ള പണിയാവണമെന്ന് ഉറപ്പിച്ചു.

അങ്ങനെ നടന്ന് നടന്ന് ഞങ്ങള് കോളേജിലെത്തി. ഓഡിറ്റോറിയത്തിൽ വെച്ച് കാണാമെന്ന് പറഞ്ഞ് ശാഹിത്ത പോയി.

അപ്പോഴാ ഇന്ന് Freshers day ആണെന്ന ഓർമ്മ വന്നത്.

അച്ചു ഇപ്പോഴും അരുണിൻറെ കാര്യവും ആലോചിച്ചിട്ട് നിരാശാ കാമുകി ആയിട്ട് നടക്കാണ്. അവളെ ഒന്ന് ഉൻമേഷിപ്പിക്കാൻ വേണ്ടി എന്താ ചെയ്യാന്ന് കരുതി നോക്കുമ്പോഴാ നമ്മളെ ബ്രദേഴ്സ് വരുന്ന

ജൂനിയേഴ്സിനെയൊക്കെ റാഗ് ചെയ്യുന്നത് കണ്ടത്. അവരെ കണ്ടപ്പൊ ഞാൻ അച്ചുവിനേയും വലിച്ചോണ്ട് അവരുടെ അടുത്തേക്ക് പോകാനൊരുങ്ങി.

അവള് വരുന്നില്ലാന്ന് പറഞ്ഞപ്പൊ നമ്മള് ബാഗ് അവൾക്ക് കൊടുത്തു. അവളതും വാങ്ങി ക്ലാസിലേക്ക് പോയി.

നമ്മള് നേരെ ബ്രദേഴ്സിനെ ലക്ഷ്യമാക്കി നടന്നു. നമ്മളെ കണ്ടപ്പൊ അവൻമാര് ജൂനിയേഴ്സിനെയൊക്കെ പറഞ്ഞ് വിട്ടു. എന്നിട്ട് നമ്മളെ ഗൗരവത്തിലൊരു നോട്ടം.

" എന്താടീ നീയിന്നലെ ഉച്ചക്ക് കാൻറീനിൽ വരാഞ്ഞെ? നിങ്ങളെ കാത്ത് ഞങ്ങള് എത്ര നേരം കാൻറീനിൽ ഇരുന്നെന്ന് അറിയോ?"

അൻസിക്ക അത് പറഞ്ഞപ്പൊ എനിക്ക് ഇന്നലെ ഉച്ചക്ക് നടന്നതൊക്കെ കൂടി മനസിൽ കേറി വന്നു. നമ്മള് തൊണ്ട കാറി വിളിച്ച് കൂവിയതൊന്നും അപ്പൊ ഈ പൊട്ടൻമാര് അറിഞ്ഞിട്ടില്ല.

എനിക്ക് ആണെങ്കിൽ അതൊക്കെ കൂടി ആലോചിച്ചിട്ട് ദേഷ്യം എരിഞ്ഞ് കേറി.അത് അവൻമാരെ തൊടുത്ത് വിട്ടു.

"അപ്പൊ നിങ്ങളൊന്നും അറിഞ്ഞില്ല അല്ലേ? ഈ കോളേജില് ഇനി അറിയാൻ നിങ്ങള് മാത്രേ ഉണ്ടാകൂ...

എന്തൊക്കെ വീരവാദങ്ങളായിരുന്നു....ഏത് ആപത്തിൽ നിന്നും ഡിങ്കനെ പോലെ പറന്ന് രക്ഷപ്പെടുത്തുമെന്നൊക്കെ പറഞ്ഞിട്ട് നിങ്ങള് നാലെണ്ണത്തിൽ ഒരുത്തനെ പോലും അപ്പൊ കണ്ടില്ലല്ലൊ."

"നീയെന്ത് തേങ്ങയാ ഫെബീ പറയുന്നേ...ഒന്ന് തെളിച്ച് പറ..."

നമ്മള് ഇന്നലെ നടന്നതൊക്കെ വള്ളിപ്പുള്ളി വിടാതെ അവൻമാർക്ക് പറഞ്ഞ് കൊടുത്തു. എല്ലാം കേട്ട് കഴിഞ്ഞപ്പൊ അവൻമാര് കോന്തനോട് ചോദിക്കാൻ ചെല്ലുമെന്നാ നമ്മള് കരുതിയത്. പക്ഷെ നടന്നതോ...

നാല് കണ്ട്രി ഫെലോസും കൂടി നമ്മളെ നോക്കി ചിരിക്കാ...

"അപ്പൊ ആ ആയിഷ നീയാണല്ലേ?"ജോണച്ചായനാണ്.

" ഞങ്ങളിതൊക്കെ അപ്പൊ തന്നെ അറഞ്ഞിരുന്നു. പക്ഷെ,അത് നീയാവുമെന്ന് കരുതീല." മിഥുനേട്ടനാണ്.

"എന്നാലും എൻറെ ഫെബീ...നീ അവൻറെ മുന്നില് പേടിച്ച് വിറച്ചില്ലെ? അയ്യേ ...." അൻസിക്ക മൂക്കത്ത് വിരല് വെച്ച് നമ്മളെ നോക്കി ചിരിച്ചു. നമ്മളപ്പൊ തന്നെ കൈ മടക്കി മൂപ്പരെ വയറ്റിലൊരു കുത്ത് കൊടുത്തു.

"എടീ...എന്നെ കുത്തിയ നേരം കൊണ്ട് നിനക്ക് അവനെ കുത്തിയിരുന്നേൽ ഇന്നിപ്പൊ ഈ കളിയാക്കല് ഉണ്ടാവോ?"

വയറും തടവി കൊണ്ട് അൻസിക്ക പറയുന്നത് കേട്ട്

നമ്മള് ചിരിച്ചു. എന്നിട്ട് കാക്കൂൻ്റെ അടുത്തേക്ക് ചെന്നു.

"ഇനി ഇങ്ങൾക്കൊന്നും പറയാനില്ലേ?"

"സൽമ വന്നില്ലെ നിന്നെ തേടി?"

കാക്കു അത് ചോദിച്ചപ്പൊ മൂന്നിൻ്റെയും ചിരി മാഞ്ഞു. എന്നിട്ട് നമ്മളേയും നോക്കി നിന്നു. നമ്മള് ഇന്നലെ ഓള് കാണാൻ വന്നതും ഭീഷണിപ്പെടുത്തിയതുമൊക്കെ പറഞ്ഞപ്പൊ കാക്കൂൻ്റെ മുഖം മാറി.

"നീ സൂക്ഷിക്കണം ഫെബീ...അവള് നിസാരക്കാരിയല്ല. കഴിവതും നീ അവളെ കണ്ണിൽ പെടാതെ നടന്നോണ്ടു. മനസ്സിലായോ?"

കാക്കു അത് പറഞ്ഞപ്പൊ നമ്മള് ബാക്കി മൂന്നിൻ്റേയും മുഖത്തേക്ക് നോക്കി. നാല് പേരുടേയും മുഖത്ത് ഒരു ഭീതി നിഴലിക്കുന്നുണ്ട്.

'അൻറെ കലിപ്പൻ കാക്കു തന്നെ നിന്നോട് ഇങ്ങനെയൊക്കെ പറയണെങ്കിൽ അവള് നീ വിചാരിച്ച ആളല്ല ഫെബീ...എന്ന് കരുതി നീ ഇവൻമാരെ പോലെ പേടിത്തൂറികൾ ആവരുത്. അതിന് നീ സൽമയെ കുറിച്ച് ഒന്നും അറിയണ്ട, അവളെ കുറിച്ച് അറിഞ്ഞാലല്ലെ അവളെ കുറിച്ച് പേടിക്കേണ്ടതുള്ളൂ. അതോണ്ട് അവളെ കാര്യം വിട്ടേക്ക്.'

നമ്മളങ്ങനെ സ്വയം ഉറച്ച തീരുമാനങ്ങളൊക്കെ എടുത്തിട്ട് പാർക്കിങ്ങിലേക്ക് നോക്കിയപ്പോഴുണ്ട് അരുൺ ബൈക്ക് പാർക്ക് ചെയ്തിട്ട് വരുന്നു.

നമ്മളപ്പൊ തന്നെ നമ്മളെ ബ്രദേഴ്സിന് അവനെ കാണിച്ച് കൊടുത്തു.

"ദേ..ആ ബ്ലാക്ക് ഷർട്ടിട്ട ചെക്കനില്ലെ...അവനെ ഒരു 5 മിനിറ്റ് എന്തെങ്കിലും പറഞ്ഞ് പിടിച്ച് വെക്ക്...ഒരു 5 മിനിറ്റ്....ഞാനിപ്പൊ വരാം .."

എന്ന് പറഞ്ഞ് ഒരോട്ടമായിരുന്നു ക്ലാസിലേക്ക്. സ്റ്റെപ്പൊക്കെ കേറി കേറി മനുഷ്യൻറെ ഊപ്പാട് വരെ കലങ്ങി. ഒടുക്കം ഓടി കെതച്ചോണ്ട് നമ്മള് ക്ലാസിലെത്തിയപ്പൊ നാലും അരുണിൻറെ ചർച്ചയിലാണ്. നമ്മള് കെതച്ച് കെതച്ച് അച്ചുവിൻറെ അടുത്തെത്തി.

"അ...അച്ചൂ...വാ....താഴെ ഒരാളെ....

പരിചയപ്പെടുത്തി തരാ...വാ..."

എന്ന് പറഞ്ഞ് നമ്മള് ഓളെ പിടിച്ച് വലിച്ചു കൊണ്ട് നടന്നു. പിന്നാലെ ബാക്കി മൂന്നെണ്ണവും വരുന്നുണ്ട്. അച്ചു എന്താ സംഭവം എന്നൊക്കെ നമ്മളോട് ചോദിക്കൂന്നുണ്ട്. പറയാമെന്ന് മാത്രം മറുപടി നൽകി കൊണ്ട് നമ്മള് ഗ്രൗണ്ടിലേക്ക് നടന്നു.

ഗ്രൗണ്ടിൽ എത്തിയപ്പൊ അവൻമാര് ഇരുന്ന സ്ഥലത്ത് ഒരു പൂട പോലുമില്ല. അവിടെ ഫുൾ കണ്ണോടിച്ച് നോക്കി.അരുണുമില്ല,അവൻമാരും ഇല്ല.

"ഇവൻമാരിത് എവിടെ പോയി?"

എന്ന് സ്വയം ചോദിച്ച് കൊണ്ട് നമ്മള് അവിടെയൊക്കെ ഒന്ന് കൂടി നോക്കി.

"എന്താടീ ഫെബീ..നീ ഗ്രൗണ്ട് കാണിക്കാനാണോ ഞങ്ങളെ ഇങ്ങോട്ട് കൊണ്ട് വന്നത്?

നിനക്ക് ഇന്നലെ കണ്ടതൊന്നും പോരെ?"

എന്ന് പറഞ്ഞ് അച്ചു തിരിച്ച് പോകാനൊരുങ്ങി.

"അച്ചു...."

ഞങ്ങൾ അഞ്ചു പേരും ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി. ആ കോന്തനും കൂട്ടരും ആണ്.

"നിനക്ക് നിൻറെ സർപ്രൈസ് വേണ്ടേ അച്ചൂ..."

എന്ന് പറഞ്ഞ് ആദിൽക്ക ചിരിച്ചോണ്ട് സൈഡിലേക്ക്

മാറി നിന്നു. മൂപ്പരെ പുറകിൽ നിൽക്കുന്ന ആളെ കണ്ട് ഞാനും അച്ചുവും ഞെട്ടി.

'അരുൺ....

അവനും ആദിൽക്കയും തമ്മിൽ എന്താ ബന്ധം? ഇവനെങ്ങനെ ഇവിടെയെത്തി?'

ഇങ്ങനെ ഒരുപാട് ചോദ്യങ്ങൾ ഒറ്റ സെക്കൻ്ററിൽ എൻ്റെ മനസ്സിലൂടെ കടന്ന് പോയി.

അച്ചു ഇപ്പോഴും അവനെ കണ്ട ഷോക്കില് നിൽക്കാണ്. അരുൺ അവളെ നോക്കി ചിരിച്ച് കണ്ണിറുക്കിയിട്ട് അടുത്തേക്ക് വന്നു.

"സോറി അച്ചു...നിനക്കൊരു സർപ്രൈസ് ആയിക്കോട്ടേന്ന് കരുതിയാ നിന്നോട് പറയാഞ്ഞത്. സോറീ..."

അച്ചു അത് കേൾക്കേണ്ട താമസം, ഗ്രൗണ്ടിൽ നിന്ന്

ചരല് വാരിയിട്ട് അവനെ എറിയാൻ തുടങ്ങി.

ഞങ്ങൾ എല്ലാവരും കൂടി പൊരിഞ്ഞ ചിരിയായിരുന്നു.

"എടീ..അച്ചു...എറിയല്ലെ...ടീ.. എല്ലാവരും നോക്കുന്നു..."

"നീ തൃശൂർ പോകാണല്ലേ....നിൻറെ മുറപ്പെണ്ണിനേയും കെട്ടി സുഖായിട്ട് ജീവിക്കാൻ പോകാണല്ലേ....അതോണ്ട് ഞാൻ ഒഴിഞ്ഞു തരണം അല്ലെടാ....."

അവള് വീണ്ടും ചരല് വാരി അവനെ എറിഞ്ഞു. അവൻ അപ്പോഴേക്കും അവളുടെ രണ്ട് കയ്യും പിടിച്ചു വെച്ചു.

"സോറി....അച്ചു....ഇതൊക്കെ ആദിൽക്ക പറഞ്ഞോണ്ടാ ഞാൻ അങ്ങനെ പറഞ്ഞത്..."

അത് കേട്ടപ്പൊ അച്ചു ആദിൽക്കാനെ നോക്കി.

"എന്നാലും എന്നോടിത് വേണ്ടായിരുന്നു കാക്കൂ...

ഇങ്ങക്ക് വേണ്ടി ഞാൻ ഫെബിൻറെ നമ്പർ വരെ തന്നില്ലേ?

അതും പോരാഞ്ഞ് നട്ടപ്പാതിരാക്ക് ഷാദിൻറെ നമ്പർ വരെ ഇങ്ങള് ചോദിച്ചപ്പൊ തന്നില്ലെ?"

അച്ചു പറയുന്നതും കേട്ട് വായ തുറന്നു നിക്കാണ് നമ്മള്. ബാക്കി മൂന്നെണ്ണവും നമ്മളെ ഒരു നോട്ടമായിരുന്നു.

' എടീ..തെണ്ടി അച്ചു....അപ്പൊ നീയാണല്ലെ എൻറെ ഉറക്കം പോകാനുള്ള കാരണക്കാരി. എനിക്ക് അപ്പോഴേ സംശയമുണ്ടേന്നു നീയായിരിക്കും കൊടുത്തതെന്ന്. ഇന്ന് അരുണിൻറെ പേരും പറഞ്ഞ് നീ വിഷമിച്ചിരിക്കുന്നത് കണ്ടിട്ടാ ഞാനൊന്നും ചോദിക്കാഞ്ഞത്. നിനക്ക് ഞാൻ തരാടീ കൊരങ്ങത്തീ...ക്ലാസിലൊന്ന് എത്തിക്കോട്ടെ...'

"അച്ചൂ.... നമ്മള് പ്രതീക്ഷിക്കാത്ത നേരത്ത് പ്രതീക്ഷിക്കാത്തത് കിട്ടുമ്പോഴല്ലെ അത് സർപ്രൈസ് ആകാ... അപ്പൊ ആ സർപ്രൈസിന് വേണ്ടി ചില

അല്ലറ ചില്ലറ വേലത്തരങ്ങളൊക്കെ ഇറക്കിയെന്ന് കരുതി കൊഴപ്പൊന്നുല്യാ.

എന്തായാലും നിനക്ക് സർപ്രൈസ് ഇഷ്ടായില്ലെ?"

അവള് അരുണിൻറെ മുഖത്തേക്ക് നോക്കി.അവൻ അവളെ നോക്കി ചിരിച്ചപ്പൊ വയറിനൊരു കുത്ത് കൊടുത്തിട്ട് ആദിൽക്കാനോട് ഇഷ്ടായി എന്ന് പറഞ്ഞു.

"അത് കേട്ടാ മതി .." എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെയൊരു നോട്ടം. നമ്മള് അങ്ങോട്ട് നോക്കാൻ നിന്നില്ല. നോക്കിയാല് ചിലപ്പോ ഞാൻ വല്ലതും വിളിച്ച് കൂവും അത്രക്ക് ദേഷ്യമുണ്ട് അവനോട്.

"ഫെബീ...അനക്ക് സുഖല്ലേടാ...ഒരുപാട് നാളായീലേ കണ്ടിട്ട്."

"ഇനിയിപ്പൊ എന്നും കാണാലോ?"

നമ്മള് ഓനെ നോക്കി ചിരിച്ചോണ്ട് പറഞ്ഞു.

"അച്ചൂ...നമ്മളെ ക്ലാസ് എവിടെയാ?"

അരുൺ അതും ചോദിച്ചോണ്ട് അവളേയും കൊണ്ട് ഗ്രൗണ്ടിലൂടെ പോവുന്നതും നോക്കി ഞങ്ങൾ അവിടെ നിന്നു.

പെട്ടെന്ന് നസി നമ്മളെ തോണ്ടി കൊണ്ട് ചോദിച്ചു.

"ഹലോ...പോകണ്ടേ ഇവിടെ നിക്കാ? ഞങ്ങൾക്ക് നിന്നോട് ഒരുപാട് ചോദിക്കാനുണ്ട് വാ..."

എന്തൊക്കെയോ അർത്ഥം വെച്ചോണ്ട് മൂന്നും നമ്മളെ നോക്കി ചിരിച്ചിട്ട് വലിച്ചോണ്ട് നടന്നു.

അപ്പോഴാണ് ആ കോന്തൻ പുറകീന്ന് വിളിച്ചത്.

"ഇക്കാൻറെ ഐഷു ഒന്നവിടെ നിന്നെ..."

നമ്മളത് മൈൻറ് ചെയ്യാതെ നടന്നുവെങ്കിലും നമ്മളെ മൂന്ന് കുരാമീസും അവിടെ നിന്നിരുന്നു. അവനെ തിരിഞ്ഞു നോക്കാതെ മൂന്നിനേയും വലിച്ച് കൊണ്ട് നമ്മള് നടന്നു.

"ഡീ....ആയിഷ....നീ അവിടെ നിൽക്കുന്നോ അതോ ഞാൻ ഉപ്പാക്ക് വിളിക്കണോ?"

കാലമാടൻ...നല്ല ഉച്ചത്തിൽ ആയിരുന്നു അത് ചോദിച്ചത്. ആദ്യമേ നാണം കെട്ടതോണ്ട് ഇപ്പൊ അതൊന്നും പുത്തരിയല്ലാതെ ആയിരിക്കുന്നു. അതോണ്ട് മൈൻറ് ചെയ്യാതെ പോകാമെന്ന് കരുതിയെങ്കിലും അവൻ പറഞ്ഞ വാക്കുകൾ എന്നെ അവിടെ പിടിച്ച് നിർത്തി.

അവൻ ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് വന്നു. എന്നിട്ട് നമ്മളെ കുരാമീസിനോട് പറഞ്ഞു.

"നിങ്ങള് പൊയ്ക്കോ...ഇവളങ്ങ് വന്നോളും.

നിങ്ങളും പൊയ്ക്കോടാ...ഓഡിറ്റോറിയത്തിൽ ഒരുപാട്

പണിയുള്ളതല്ലെ? നിങ്ങള് ചെല്ല് ഞാൻ വന്നോളാം..."

അവരൊക്കെ കൂടി തലയാട്ടി ചിരിച്ചോണ്ട് അവിടന്ന് നടന്നു. നിയാസ്ക്ക മാത്രം തിരിച്ച് വന്നിട്ട് ആദിൽക്കാനോടായിട്ട് പറഞ്ഞു.

"മോനേ ആദി....ആവേശമൊന്നും വേണ്ട...ഞാനിന്നലെ പറഞ്ഞതൊന്നും മറന്നിട്ടില്ലല്ലോ?"

"ചെലക്കാൻ നിക്കാണ്ട് പോടാ..."

ആദിൽക്ക നമ്മളെ മുഖത്ത് നിന്ന് കണ്ണെടുക്കാതെ തന്നെ നിയാസ്ക്കാനെ തള്ളി പറഞ്ഞയച്ചു.

എന്നിട്ട് നമ്മളെ നേർക്ക് വന്നു. ഇപ്രാവശ്യം പുറകോട്ട് പോകാനോ അവനെ പേടിച്ചോടാനോ നമ്മളെ കിട്ടില്ലാന്ന് ഉറപ്പിച്ച് അവിടെ തന്നെ നിന്നു.

എൻറെ അടുത്തേക്ക് വരുന്തോറും മൂപ്പരെ മുഖത്തെ

ഭാവങ്ങളൊക്കെ മാറാൻ തുടങ്ങി. ഇപ്പൊ അങ്ങേര് നമ്മളെ മുൻപിൽ വന്നിട്ട് മൂക്കത്ത് വിരലും വെച്ചോണ്ട് നിൽക്കാണ്.

"പടച്ചോനേ.....നമ്മളെ കാണുമ്പൊ തന്നെ പേടിച്ച് പിറകോട്ട് പോയിരുന്ന പെണ്ണാ... ഇപ്പൊ ഇതാ നിന്ന സ്ഥലത്ത് നിന്നും ഒരടി പോലും അനങ്ങുന്നില്ല.

നീയൊന്ന് മാറിക്കേ വല്ല പശയിലുമാണോ കേറി നിക്കുന്നതെന്ന് നോക്കട്ടെ.."

എന്ന് പറഞ്ഞ് കോന്തൻ ചിരിക്കാൻ തുടങ്ങി. നമ്മക്ക് ആണെങ്കിൽ ഓൻറെ ഒടുക്കത്തെ ചിരി കാണുമ്പൊ ഉള്ള ദേഷ്യം ഒന്ന് കൂടി ഇരട്ടിയാവാണ്.നമ്മള് സ്വയം കൺട്രോൾ ചെയ്തിട്ട് അവനെ നോക്കി.

"താൻ തന്നെ പറയാ... എന്നിട്ട് താൻ തന്നെ ചിരിക്കാ...ഇതിലെന്താ ഇപ്പൊ ഇത്രക്ക് കോമഡി? കൂടെ ചിരിക്കാൻ രണ്ട് പേരെ കൊണ്ട് വന്നൂടേന്നോ.."

നമ്മളൊന്ന് പുച്ഛത്തോടെ മൂപ്പരെ നോക്കി പറഞ്ഞു.

അപ്പൊ ഓൻറെ മുഖത്ത് നിന്ന് ചിരി മാഞ്ഞു.പകരം ഒരു പുഞ്ചിരി വിടർന്നു.

'യാ റബ്ബീീീീ.....ഈ കോന്തൻ പുഞ്ചിരിക്കുമ്പൊ എന്ത് ഭംഗിയാ.....

ഫെബീ ഇതുപോലെ പലതും കാണും എന്ന് കരുതി നീയതിലൊന്നും വീണ് പോകരുത്. വേഗം മുഖം തിരിക്ക് ..'

നമ്മളപ്പൊ തന്നെ മുഖം തിരിച്ചിട്ട് എങ്ങോട്ടോ നോക്കി നിന്നു.

"ഐഷൂ...വാ നമുക്ക് കുറച്ചു മാറി നിന്ന് സംസാരിക്കാം."

"തന്നത്താനങ്ങ് പോയി സംസാരിച്ചാൽ മതി. ഈ ഫെബിയെ അതിനു കിട്ടുമെന്ന് കരുതണ്ട."

"ശരി...എന്നാ വേണ്ട ഞാൻ ഉപ്പാക്ക് വിളിച്ചോളാം.

ഇതല്ലെ നിൻറെ ഉപ്പാൻറെ നമ്പർ?"

എന്ന് പറഞ്ഞ് അവൻറെ ഫോൺ എനിക്ക് നേരെ പിടിച്ചു. ഉപ്പാൻറെ നമ്പർ കണ്ടതും നമ്മളൊന്ന് പകച്ചു. അവൻ അപ്പോഴേക്കും അതിലേക്ക് കോൾ ചെയ്തു.

നമ്മള് ഫോൺ അവൻറെ കയ്യീന്ന് പിടിച്ചു വാങ്ങിയതും ഉപ്പ കോൾ അറ്റൻറ് ചെയ്തതും ഒപ്പായിരുന്നു.നമ്മളത് അപ്പൊ തന്നെ കട്ടാക്കിയിട്ട് ഒരു ദീർഘശ്വാസവും വിട്ടിട്ട് അവൻറെ ഫോണിലേക്ക് നോക്കി.

അവൻറെ ഫോണിലെ വാൾപേപ്പർ കണ്ട് നമ്മളെ കണ്ണ് രണ്ടും തള്ളി.

ഷെറിൻറെ കല്യാണ റിസപ്ഷന് നമ്മള് പാട്ട് പാടുന്ന ഫോട്ടോ. അത് എഡിറ്റ് ചെയ്തിട്ട് അവൻ എൻറെ അടുത്ത് ഇരുന്ന് എന്നെ നോക്കുന്നത് പോലെ ആക്കി വെച്ചിരിക്കുന്നു.

നമ്മളപ്പൊ തന്നെ ഗാലറിയിൽ ചെന്ന് നോക്കിയപ്പൊ

ഇതുപോലെ ഒരുപാട് ഉണ്ടാക്കി വെച്ചിരിക്കുന്നു. നമ്മളതൊക്കെ അപ്പൊ തന്നെ അത് ഡിലീറ്റാക്കാൻ നോക്കിയെങ്കിലും കോന്തൻ അപ്പോഴേക്കും ഫോൺ തട്ടി പറിച്ച് വാങ്ങിയിരുന്നു.

എനിക്ക് ദേഷ്യം ഏതൊക്കെ വഴീകൂടിയാ വരുന്നതെന്ന് പറയാൻ പറ്റുന്നില്ല.

"എൻറെ ഫോട്ടോസൊക്കെ അതിൽ നിന്ന് മര്യാദക്ക് ഡിലീറ്റാക്കിക്കോ."

നമ്മള് നല്ല കട്ട കലിപ്പില് അവനോട് വിരല് ചൂണ്ടി കൊണ്ട് പറഞ്ഞു. മൂപ്പര് നമ്മളെ കലിപ്പൊന്നും വക വെക്കുന്നില്ല. എന്നെ നോക്കി പുഞ്ചിരിച്ചോണ്ട് നിക്കാണ്.

'പടച്ചോനേ....ഈ കോന്തൻ ചിരിച്ചപ്പൊ നമ്മളെ ദേഷ്യമൊക്കെ ചോർന്ന് പോകാണല്ലൊ....പടച്ചോനേ.... ഇവനോട് ചിരിക്കല്ലേന്ന് പറ...നമ്മളെ കൺട്രോൽ പോകുന്നു.'

നമ്മള് വേഗം മുഖം തിരിച്ച് കളഞ്ഞു ഇല്ലേലിപ്പൊ കാണായിരുന്നു.....'എന്തായാലും ഇവനുമായിട്ട് എനിക്കെന്തോ ബന്ധമുണ്ടെന്നുള്ളത് നമ്മള് ഉറപ്പിച്ചു. പക്ഷേ അതൊരിക്കലും പ്രേമമല്ലാന്നും ഉറപ്പാ...പിന്നെ എന്താ? എന്തോ ഒന്നുണ്ട്..'

"ഡീ...ഞാൻ പറഞ്ഞത് കേട്ടോ?

നീയേത് ലോകത്താ?"

നമ്മൾ അപ്പൊ മൂപ്പരെ മുഖത്തേക്ക് നോക്കി. എന്നിട്ട് എന്താ എന്ന ഭാവത്തിൽ നോക്കി.

"എന്നെ ഇനി മുതൽ ആദിൽക്കാന്ന് വിളിച്ചാൽ ഞാനിത് ഡിലീറ്റ് ചെയ്യാം."

നമ്മളൊരു പ്രതീക്ഷയോടെ മൂപ്പരെ നോക്കി ചോദിച്ചു.

"ഉറപ്പാ...."

"ഉറപ്പ്..."

"എന്നാലിനി എനിക്കോ എൻറെ വീട്ടിൽ ഉള്ളവർക്കോ ആർക്കും നിങ്ങള് വിളിക്കരുത്. എന്നാ വിളിക്കാം."

"അതെങ്ങനെ ശരിയാകും?

എന്നാല് ഒരു കാര്യം കൂടി ചെയ്യ്."

അതിനിപ്പൊ എന്താന്നുള്ള രീതിയിൽ നമ്മള് മൂപ്പരെയൊന്ന് നോക്കി.

"ഡൈലി മോണിങ് എനിക്ക് വിളിച്ച് എന്നെ വിഷ് ചെയ്ത് ഒരു ഐ ലൗ യു പറഞ്ഞിട്ടെ എണീക്കാവൂ...എന്താ സമ്മതാണോ? എന്നാ ഞാൻ വിളിക്കില്ല.

പക്ഷേ, നീ വിളിക്കുന്നതെങ്ങാനും കണ്ടിലെങ്കിൽ അപ്പൊ നിൻറെ ഉപ്പാക്ക് കോൾ പോകും....

എന്ത് പറയുന്നു? സമ്മതാണോ?"

നമ്മള് ഓൻ്റെ ഓഫറും കേട്ട് ഫീസ് പോയി നിൽക്കാണ്. 'നമ്മളെ ഉപ്പാനെ തന്നെ എണീപ്പിക്കാൻ   വിളിച്ച് വിളിച്ച് മടുക്കും.അപ്പോഴാ അടുത്ത ആള് വന്നിരിക്കുന്നത്. ഞാനെന്താ പടച്ചോനേ ചെയ്യാ..'

"എന്ത് തീരുമാനിച്ചു ഐഷൂ.....നീ എനിക്ക് വിളിക്കുന്നോ അതോ ഞാൻ ഉപ്പാക്ക്....."

"ഞാൻ വിളിച്ചോളാം..."

അവൻ പറഞ്ഞ് തീരുന്നതിന് മുന്നേ നമ്മള് പറഞ്ഞു.

"ഗുഡ്...അപ്പൊ ഇനി മുതലുള്ള ഓരോ മോണിങ്ങും നിൻ്റെ കോളും കാത്ത് ഞാനിരിക്കും."

അതും പറഞ്ഞ് അവൻ നടന്ന് നീങ്ങിയപ്പോഴാ നമ്മക്ക്

ഫോട്ടോയുടെ ഓർമ്മ വന്നത്. അപ്പൊ തന്നെ തിരിഞ്ഞു അങ്ങേരെ നോക്കി.

"എൻറെ ഫോട്ടോ ഡിലീറ്റ് ചെയ്യ്..."

"അതിന് നീ എന്നെ ആദിൽക്കാന്ന് വിളിച്ചില്ലല്ലൊ?"

"ആദിൽക്ക പ്ലീസ്..

ആ ഫോട്ടോസ് ഡിലീറ്റാക്ക്..."

കാര്യം കാണാൻ കഴുത കാലും പിടിക്കണമെന്നാണല്ലൊ പ്രമാണം. അതോണ്ടാ അങ്ങനെ വിളിച്ചത്.അതിപ്പൊ എൻറെ ആവശ്യല്ലെ....

നമ്മളെ കെഞ്ചി കൊണ്ടുള്ള വിളി കേട്ടിട്ടാകും മൂപ്പര് എൻറെ അടുത്തേക്ക് വന്നു.

"എൻറെ ഐഷൂ...നീയിത് വിളിക്കുന്നത് ജീവിതകാലം

മുഴുവൻ കേൾക്കാൻ കൊതിയാവാ...പക്ഷേ, ഞാൻ ഈ ഫോട്ടോസ് എന്ത് വന്നാലും ഡിലീറ്റ് ആക്കില്ല ഐഷൂ...അതോണ്ട് മോള് കാര്യം കാണാൻ കഴുത കാല് പിടിക്കണ്ട..."

എന്ന് പറഞ്ഞ് അവൻ തിരിഞ്ഞതും ഓൻ്റെ കയ്യീന്ന് ഫോൺ തട്ടി പറിച്ച് വാങ്ങിയിട്ട് ഒരൊറ്റ ഏറായിരുന്നു.

ദേ ചിന്നി ചിതറി കിടക്കുന്നു അവൻ്റെ ആപ്പിൾ. അല്ലാ പിന്നെ ഈ ഫെബിയോടാ അവൻ്റെ കളി.

നമ്മള് അവനെ നോക്കിയപ്പൊ അവൻ്റെ ആപ്പിൾ പോയ വിഷമം കാണുന്നില്ല. പക്ഷേ, ഫോട്ടോ പോയ ദേഷ്യം കാണുന്നുണ്ട്.

അങ്ങേര് ഡീ എന്ന് പറഞ്ഞ് എൻ്റെ അടുത്തേക്ക് വന്നു.

"നീ പോടാ കോന്തൻ ആദിലേ..."

എന്ന് പറഞ്ഞ് നമ്മള് വേഗം ക്ലാസിലേക്കോടി. പിന്നാലെ അവനുമുണ്ട്. ഭാഗ്യത്തിന് ഞങ്ങളെ ബ്ലോക്കിൽ എത്തിയതോണ്ട് അവൻ അവിടെ നിന്നു.

"നിന്നെ ഞാൻ എടുത്തോളാമെടീ...നീ വാ അങ്ങോട്ട് നിനക്ക് നല്ലൊരു പണി കാത്തിരുപ്പുണ്ട്."

"ഓ...ആയിക്കോട്ടെ കോന്താ." എന്ന് പറഞ്ഞ് നമ്മള് ക്ലാസിൽ കേറി.

എന്നിട്ട് വെള്ളം എടുത്ത് മടക്ക് മടക്കെന്ന് കുടിച്ച് തീർത്തു.

അച്ചുവും അരുണും കൂടി പുറത്ത് വരാന്തയിൽ നിന്ന് സൊള്ളാണ്. ഇവിടെ മൂന്നു പേരും കൂടി നമ്മളെ വളഞ്ഞിട്ടിട്ട് ഭയങ്കര ചോദ്യം ചെയ്യലിലാണ്.

അവർക്ക് ഇന്നലെ എന്നെ ആദിൽക്ക വിളിച്ചിരുന്നോ

എന്നറിയണം,ഇപ്പൊ അവിടെ വെച്ച് ഉണ്ടായേന്ന് അറിയണം,ഞാൻ എന്തിനാ ഇപ്പൊ ഇങ്ങനെ പാഞ്ഞ് വന്നതെന്നും അറിയണം.

ഒരു സ്വസ്ഥതയും തരാതെ മൂന്നും കൂടി നമ്മളെ വളഞ്ഞപ്പൊ എല്ലാ കാര്യവും നമ്മള് പറഞ്ഞു കൊടുത്തു.

അപ്പോഴുണ്ട് ഒരു അനൗൺസ്മെൻറ് വരുന്നു. എല്ലാ ഫസ്റ്റിയേഴ്സിനോടും ഓഡിറ്റോറിയത്തിലേക്ക് ചെല്ലാൻ.

എന്തായാലും ഇപ്പൊ തന്നെ കേറി ചെല്ലാൻ നമ്മളെ കൊണ്ട് പറ്റത്തില്ലായിരുന്നു. അത്രക്ക് വിയർത്ത് കുളിച്ചിട്ടുണ്ട്. അതോണ്ട് നമ്മള് കുറച്ച് നേരം ഫാനിൻറെ ചോട്ടിലങ്ങനെ നിന്നു.

അരുണും ശാലുവും അപ്പോഴേക്കും കൂട്ടായിട്ടുണ്ട്. അവര് രണ്ട് പേരും കൂടി ഒരുമിച്ചാണ് പോയത്.

ഇപ്പൊ ക്ലാസില് ഞങ്ങൾ അഞ്ചു പേരും മാത്രേ ഉള്ളൂ. അതോണ്ട് അച്ചുവിന് കൊടുക്കാനുള്ളതൊക്കെ പലിശ സഹിതം കൊടുത്തു. എന്നിട്ട് അവളോട് ഇന്നലെ രാത്രി അവനെന്നെ ഉറങ്ങാൻ സമ്മതിക്കാത്തതൊക്കെ പറഞ്ഞു. എല്ലാം കേട്ടപ്പൊ നാലും കൂടി പൊരിഞ്ഞ ചിരി. അത് പിന്നെ സ്ഥിരമുള്ളതല്ലെ.

അങ്ങനെ ഞങ്ങൾ ക്ലാസിൽ നിന്ന് ഇറങ്ങി ഓഡിറ്റോറിയത്തിലേക്ക് നടന്നു. നമ്മളെ കാത്തിരിക്കുന്ന പണി എന്താണെന്ന് അറിയാതെ....

(തുടരും)

_ഭാഗം. 24_

ഞങ്ങൾ അഞ്ചു പേരും കൂടി ക്ലാസിൽ നിന്ന് ഇറങ്ങി ഓഡിറ്റോറിയം ലക്ഷ്യമാക്കി നടന്നു. നമ്മളെ കാത്തിരിക്കുന്ന പണി എന്താണെന്ന് അറിയാതെ....

നമ്മള് ഓഡിറ്റോറിയത്തിൽ എത്തിയപ്പോഴേക്കും പരിപാടി തുടങ്ങിയിരുന്നു. എല്ലാ ഫസ്റ്റിയേഴ്സിനെ കൊണ്ടും ഓഡിറ്റോറിയം നിറഞ്ഞിട്ടുണ്ട്. നമ്മളെ സീനിയേഴ്സ് ഒക്കെ ഞങ്ങളെ ചുറ്റും കൂടി നിൽക്കാണ്.

ഞങ്ങൾ അഞ്ചു പേരും വരുന്നത് കണ്ട് ചിലര് ഞങ്ങളെ നോക്കാൻ തുടങ്ങി. രണ്ട് ഇത്താത്തമാര് വന്നിട്ട് ഞങ്ങൾക്ക് സീറ്റ് കാണിച്ചു തന്നു. നമ്മള് പിന്നെ ബാക്ക് ബെഞ്ചേഴ്സ് ആയോണ്ട് ഇവിടെ കിട്ടിയതും ബാക്ക് സീറ്റ്. ഞങ്ങൾ അഞ്ചു പേരും കൂടി അവിടെ പോയി ഇരുന്നു.

ഇപ്പോ പ്രിൻസിൻറെ കത്തിയടിയാണ് നടന്നോണ്ടിരിക്കുന്നത്. കുറെ വേണ്ടാത്ത ഉപദേശങ്ങളും കോളേജിൻറെ ഡിസിപ്ലിനും ഇതാണ് മൂപ്പരെ വിഷയം.

ഇന്നലത്തെ ഉറക്കക്ഷീണം നല്ലോണം ഉള്ളതോണ്ട് നമ്മളൊന്ന് ചെറുതായി മയങ്ങി പോയി. അച്ചുവിന്റെ തോളിൽ തല ചായ്ച്ചാണ് നമ്മള് കിടന്നത്.

" എന്താടി നിനക്ക് ഇന്നലെ ഉറക്കം ഇല്ലേന്നോ? ഇപ്പൊ ഉറങ്ങുന്നേ?"

അച്ചുവിന്റെ ചോദ്യം കേട്ട് നമ്മള് ഓളെയൊന്ന് തുറുക്കനെ നോക്കി. ഓൾക്ക് നമ്മളെ നോട്ടം കണ്ടപ്പോഴാ ഇന്നലത്തെ കാര്യം ഓർമ്മ വന്നത്. ഓള് അപ്പൊ തന്നെ ഒരു സോറി പാസാക്കി. ഓളെ സോറി കേട്ട് നമ്മള് ഒന്ന് ചിരിച്ച് കൊടുത്തു.

അങ്ങനെ പ്രിൻസിൻറെ കത്തിയടി കഴിഞ്ഞപ്പോഴുണ്ട് നമ്മളെ കോന്തൻ സ്റ്റേജിലേക്ക് കേറി പോകുന്നു. എന്നിട്ട് അവിടെ ഇരുന്ന ഏതോ സാറിനോട് എന്തോ കാതില് പറഞ്ഞു. അയാളത് അടുത്തിരിക്കുന്ന ആളോട് പറഞ്ഞു. അയാള് എണീറ്റ് വന്ന് മൈക്ക് എടുത്തു.

"യൂണിയന്റെ നേതൃത്വത്തിൽ നടത്തിയ ലൈബ്രറി ക്വിസ് കോമ്പറ്റീഷനിലെ വിജയിയെ കണ്ടെത്തിയിട്ടുണ്ട്. അതിലെ വിജയി ആരാണെന്ന് അനൗൺസ് ചെയ്യാൻ

വേണ്ടി നമ്മുടെ കോളേജിൻറെ എല്ലാമെല്ലാമായ കോളേജ് ചെയർമാനും അതിലുപരി ലൈബ്രറി ക്വിസിൻറെ നിർമ്മാതാവുമായ MBA final year student ആദിലിനെ ക്ഷണിക്കുന്നു."

അങ്ങേരെ പറച്ചില് കേട്ട് നമ്മള് ഞെട്ടി ഇരിക്കാണ്. 'കോളേജ് ചെയർമാനാണോ ലവൻ? എന്നിട്ടാരും പറഞ്ഞില്ലല്ലോ?'

നമ്മള് നസിയോട് ഇതിനെ കുറിച്ച് ചോദിച്ചപ്പൊ അവൾക്കൊന്നും അറീലത്രെ. അവളും അത് അപ്പോഴാ അറിയുന്നത്.

നമ്മളെ കോന്തൻ മൈക്കിൻറെ അടുത്തേക്ക് വന്നപ്പൊ ഓഡിറ്റോറിയം മൊത്തം കയ്യടികളുടെ ആരവമാണ്. സത്യം പറഞ്ഞാൽ ചെവി പൊട്ടി പോയി.

എങ്ങനെ പൊട്ടാതിരിക്കും കൂടെ ഇരിക്കുന്ന നാലും കൂടി ഓനെ കയ്യടിച്ച് ഒച്ച വെക്കല്ലെ..

നമ്മള് അപ്പോ തന്നെ നാലിൻറേയും കയ്യിന് തല്ലിയിട്ട് കയ്യ് കെട്ടി വെക്കാൻ പറഞ്ഞു.

നല്ല ആൾക്കാരോടാ നമ്മളത് പറഞ്ഞത്. അച്ചു അപ്പൊ തന്നെ കയ്യഴിച്ച് അവന് വേണ്ടി കയ്യടിച്ചു. അത് കണ്ടപ്പൊ ബാക്കി മൂന്നിൻറേയും സ്ഥിതിയും അത് തന്നെ. നമ്മള് മാത്രം ഉള്ളൂ ഇപ്പൊ ഓന് വേണ്ടി കയ്യടിക്കാത്തത്. നമ്മള് കയ്യും കെട്ടി മോന്തയും വീർപ്പിച്ച് ഓഡിറ്റോറിയത്തിൻറെ ജനലിലൂടെ പുറത്തേക്ക് നോക്കി ഇരുന്നു. അല്ല പിന്നെ ഓന് വേണ്ടി ഇൻറെ പട്ടി കയ്യടിക്കും.

" പ്രിയപ്പെട്ട എൻറെ എല്ലാ സുഹൃത്തുക്കൾക്കും ഞങ്ങളെ കലാലയത്തിലേക്ക് സ്വാഗതം. ഒരു സ്വാഗത പ്രസംഗത്തിന് വേണ്ടി വന്നതല്ല ഞാൻ... "

"എന്നാ പിന്നെ ഇറങ്ങി പൊയ്ക്കൂടെ..." നമ്മള് പതുക്കെ പറഞ്ഞതാട്ടൊ.പക്ഷേ, നമ്മളെ കുരാമീസ് അത് കേട്ടിട്ടുണ്ട്. നാലും നമ്മളെ നോക്കി കൊണ്ട് ശൂ..പറഞ്ഞു. നമ്മള് അവരെ നോക്കി ഒന്ന് പുച്ഛിച്ചിട്ട് മുഖം തിരിച്ചു.

"ഇന്നേവരെ ആരെ കൊണ്ടും ഉത്തരം കണ്ടെത്താൻ കഴിയാതെ പോയ ഒരു ചോദ്യമാണ് ഇട്ടിരുന്നത്.അതിൻറെ ശരിയുത്തരം ഉണ്ടായിരുന്നത് ഒരേ ഒരു പേപ്പറിലാണ്. ശരിയുത്തരം നൽകിയ വിജയികളെ ഞാൻ അനൗൺസ് ചെയ്യാണ്."

അവനതും പറഞ്ഞ് ഒരു പേപ്പർ പോക്കറ്റിൽ നിന്നു എടുത്തു.

'ഓ....പിന്നെ... ഇപ്പൊ വിളിക്കും...ഹും..' നമ്മക്ക് അപ്പോഴും പുച്ഛമായിരുന്നു അവനോട്.

"എടീ ഫെബീ....നമുക്കായിരിക്കോ കിട്ടിയത്? പക്ഷേ, അതിൽ നമ്മളെ പേരല്ലല്ലൊ നമ്മള് കൊടുത്തത്? പിന്നെ ആദിൽക്ക എങ്ങനെ വിളിക്കാ?"

അച്ചു അവളെ ഒടുക്കത്തെ ചോദ്യവും കൊണ്ട് നമ്മളെ നേർക്ക് വന്നു.

"നമ്മളാണ് അതിൻറെ ശരിയുത്തരം കണ്ടെത്തിയവർ.അതോണ്ട് നമ്മള് തന്നെ ആകും വിജയികൾ. അവനെങ്ങനെയാ അനൗൺസ് ചെയ്യാന്ന് നമുക്ക് കാണാം..."

നമ്മക്ക് ഉറപ്പാണ് ശരിയുത്തരം നൽകിയത് ഞങ്ങൾ ആണെന്ന്. ഓനെങ്ങനെ വിജയികളെ അനൗൺസ് ചെയ്യാ? ഫാൻസ് എന്ന് വിളിച്ചിട്ടോ? നമ്മക്ക് ആണെങ്കിൽ അത് ആലോചിച്ചിട്ട് ചിരി വരാണ്.

"വിജയികൾ.....

ഫസ്റ്റ് ഇയർ ബിബിഎ സ്റ്റുഡന്റ്സ്

ഷംന,സൻഹ,നസീബ,അശ്വതി...... ആൻഡ്....... ആൻഡ്....ആയിഷ ഫെബി...."

കള്ള ബടുവ...ഒരു കള്ളച്ചിരിയോടെ നമ്മളെ നോക്കി കൊണ്ട് അനൗൺസ് ചെയ്തു. അവൻ ഞങ്ങളെ പേര് വിളിച്ചത് കേട്ട് അന്തം വിട്ട് നിൽക്കാണ് ഞങ്ങൾ അഞ്ചും. ഞാൻ അപ്പൊ തന്നെ അച്ചുവിനെ നോക്കിയിട്ട് നീയാണോ പറഞ്ഞതെന്ന് കണ്ണോണ്ട്

കാണിച്ചു. അവളല്ലാന്ന് ഞെട്ടി തരിച്ച് തലയാട്ടീ. നമ്മളപ്പോ ബാക്കി മൂന്നിനെയും നോക്കി. അവരും അല്ലാന്ന് തലയാട്ടി. അപ്പോഴുണ്ട് നാലും കൂടി നമ്മളെ ഒരു സംശയത്തോടെ നോക്കുന്നു. അപ്പൊ നമ്മളും തലയാട്ടി നമ്മളല്ലാന്ന്.

ഞങ്ങളെ പേര് വിളിച്ചപ്പൊ തന്നെ എല്ലാരും ഞങ്ങൾ അഞ്ചിനേയും നോക്കി കയ്യടിക്കാണ്. എന്നിട്ട് ഞങ്ങളോട് എണീറ്റ് ചെല്ലാൻ പറഞ്ഞു.

ഷംന സനൻറെ കയ്യും സന നസിൻറെ കയ്യും നസി അച്ചൂൻറെ കയ്യും അച്ചു നമ്മളെ കയ്യും പിടിച്ച് മാല പോലെ എണീറ്റ് നടന്നു. സ്റ്റേജിൽ കേറിയപ്പൊ നമ്മള് അച്ചുവിന്റെ കയ്യ് വിടുവിച്ചു.

നമ്മളെ മനസ്സിൽ ഇപ്പോഴും ചിന്ത ഇവനെങ്ങനെ ഞങ്ങളാണതെന്ന് മനസ്സിലായേ എന്നായിരുന്നു. നമ്മളതും ചിന്തിച്ച് ഓൻറെ മുഖത്തേക്ക് നോക്കിയപ്പൊ കള്ള ഹിമാറ് നമ്മക്ക് സൈറ്റടിച്ച് കാണിച്ച് തന്നു. അപ്പൊ തന്നെ നമ്മളെ ചിന്ത ഒക്കെ എങ്ങോട്ടോ പമ്പകടന്നു. പകരം നമ്മള് ഓനെ നോക്കി കണ്ണുരുട്ടി.

ഓൻ നമ്മളെ നോക്കി ഒന്ന് പുഞ്ചിരി തൂകി. അപ്പൊ നമ്മളെ കണ്ണുരുട്ടലും എങ്ങോട്ടോ ഇറങ്ങി പോയി.

'ഹൗ....ഇൻറെ റബ്ബേ വല്ലാത്തൊരു സാധനം...'

പ്രിൻസിയാണ് സമ്മാനധാനം. ഞങ്ങൾ അഞ്ചു പേർക്കും അഞ്ച് സമ്മാനമാണ്. ഷംന,സന,നസി,അച്ചു നാല് പേരും സമ്മാനം വാങ്ങിച്ച് സ്റ്റേജിൽ നിന്ന് ഇറങ്ങി. നമ്മള് മാത്രാണ് ഇനി ഉള്ളത്. നോക്കുമ്പോ നമ്മക്ക് ഉള്ള സമ്മാനം ആ കോന്തൻ കയ്യിൽ പിടിച്ചിട്ട് എന്നെ നോക്കി ചിരിക്കാണ്.

ഓനത് പ്രിൻസിക്ക് കൊടുത്തു. പ്രിൻസി അത് നമ്മക്കും തന്നു. ഓൻറെ ചിരിയിലെന്തോ പന്തികേടുള്ള പോലെ തോന്നിയതോണ്ട് മടിച്ച് മടിച്ചാണ് നമ്മളത് വാങ്ങിച്ചത്.

അതും വാങ്ങി ഞങ്ങൾ അഞ്ചു പേരും കൂടി വേഗം സീറ്റിൽ പോയി ഇരുന്നു. ഇനി ഇത് വല്ല ബോംബുമാണോ എന്ന് കരുതി നമ്മളത് വേഗം അച്ചൂൻറെ മടിയിൽ വെച്ചു.

"എന്താടീ നിനക്കിത് വേണ്ടേ?"

അവളത് എൻറെ നേരെ നീട്ടി കൊണ്ട് ചോദിച്ചു.

"നമ്മക്ക് ഈ ഗിഫ്റ്റിൻറെയൊന്നും ആവശ്യമില്ല. അതോണ്ട് നീ വെച്ചോ."

അത് തലേന്ന് ഒഴിഞ്ഞ് പോയ ആശ്വാസത്തിൽ നമ്മളിരുന്നു.പക്ഷേ അച്ചു അത് തിരിച്ച് നമ്മളെ മടിയിലേക്ക് തന്നെ വെച്ചു.

"എന്ന് കരുതി നിൻറെ ഗിഫ്റ്റ് ഞങ്ങൾക്കാർക്കും വേണ്ട. ഇത് നീ തന്നെ അങ്ങ് വെച്ചാ മതി."

ഓളത് പറഞ്ഞപ്പൊ അതെടുത്ത് എറിയാൻ തോന്നിയെങ്കിലും അതിലെന്തായിരിക്കും എന്ന ആകാംശ കൊണ്ട് അത് കയ്യിൽ തന്നെ വെച്ചു.

കുറച്ച് കഴിഞ്ഞപ്പൊ ടീച്ചേഴ്സും പ്രിൻസിയുമൊക്കെ

ഇനി നിങ്ങളെ പരിപാടി നടക്കട്ടേന്ന് പറഞ്ഞ് പോയി. നല്ല ബെസ്റ്റ് ടീച്ചേഴ്സ്... ഇങ്ങനെ പോയാ ഞങ്ങളൊക്കെ എങ്ങനെ നന്നാവാനാ?

അവര് ഇറങ്ങി പോയപ്പൊ അവിടെ അത് വരെ സൈലൻറായി നിന്ന സീനിയേഴ്സ് ഒക്കെ കൂടി കലപില കൂടാൻ തുടങ്ങി. ഞങ്ങൾ എല്ലാരും അന്തം വിട്ട് അവരെ നോക്കി ഇരുന്നു.

അപ്പോഴുണ്ട് നമ്മളെ ബ്രദേഴ്സും വേറെ കുറച്ച് പേരും കൂടി സ്റ്റേജില് കേറിയിട്ട് അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. എന്തിനാണാവോ?

കുറച്ച് കഴിഞ്ഞപ്പൊ ആ കോന്തൻ മൈക്ക് എടുത്തു. എന്നിട്ട് എല്ലാവരോടും എല്ലാം ഓക്കെയല്ലേന്ന് ചോദിച്ചു. അപ്പൊ എല്ലാരും സൈലൻറായിട്ട് ഒരു മൂലക്കൽ പോയി നിന്നു.

നിങ്ങൾ വിചാരിക്കുന്നു പോലെ അങ്ങനെ ഫുൾ സീനിയേഴ്സും ഇല്ലട്ടൊ..ഓരോ ക്ലാസിൽ നിന്നും കുറച്ച്

പേര് മാത്രം.

എന്ന് വെച്ചാ ഏകദേശം ഒരു 60പേര് കാണും.

നമ്മക്ക് എന്തോ ഒന്നിനും ഒരു താൽപര്യം തോന്നല്ല. അതോണ്ട് നമ്മള് അവിടെ കൂടി നിന്നവരിലൊക്കെ ചുമ്മാ കണ്ണോടിച്ചു. അപ്പോഴുണ്ട് സൽമ നമ്മളേയും നോക്കി കണ്ണുരുട്ടുന്നു. നമ്മള് ഓളെ നോക്കി ഒന്ന് പല്ലിളിച്ചിട്ട് വേറെ ഭാഗത്തേക്ക് മുഖം തിരിച്ചു.

നമ്മളെ കോന്തൻ എന്തോക്കെയോ മൈക്കിലൂടെ പറയുന്നുണ്ട്.നമ്മളതൊന്നും ശ്രദ്ധിക്കുന്നേയില്ല. ഓൻറെ സംസാരം കേട്ടോണ്ട് നമ്മളെ കുരാമീസിൻറെ വായീന്ന് ആണെങ്കിലോ തേനൊലിക്കാണ്. അവറ്റകളുടെ ആത്മാർത്ഥത കണ്ടപ്പൊ ഒരൊറ്റ ചവിട്ട് കൊടുക്കാനാ തോന്നിയത്.

ഇടക്കിടക്ക് ഓൻ പറയുന്ന വിടൽസിനൊക്കെ എല്ലാരും കൂടി പൊരിഞ്ഞ കയ്യടിയും ചിരിയുമാണ്. അവറ്റകളുടെ ചിരി കണ്ടപ്പൊ അറിയാതെ നമ്മളും ചിരിച്ച് പോയി.

പക്ഷേ,ഒരു ചെറിയ ടൈമിങ് മിസ്റ്റേക്ക്.എല്ലാവരും ചിരിച്ചതിന് ശേഷാ നമ്മള് ചിരിച്ചത്. അതോണ്ട് നമ്മളെ ചിരിൻറെ വോളിയം അൽപ്പം കൂടി പോയോന്ന് ഒരു സംശയം. സംശയം അല്ല കൂടിയിട്ടുണ്ട്. എല്ലാവരുടെ നോട്ടവും ഇപ്പൊ നമ്മളിലേക്കാണ് ഇൻക്ലൂഡിങ് ആ കോന്തൻ അടക്കം.

"പലരുടേയും മെമ്മറി വൈകിയേ പ്രവർത്തിക്കൂ. അതോണ്ട് ഞാൻ പറഞ്ഞ കാര്യം ഇപ്പോഴാ പലരുടേയും തലയിൽ ക്ലിക്കാക്കുന്നത്."

ആ കോന്തൻ അതും പറഞ്ഞ് എല്ലാരെ മുൻപിൽ വെച്ചും നമ്മളെ നാണം കെടുത്തി. നമ്മളെ കുരാമീസടക്കം എല്ലാരും കൂടി നമ്മളെ നോക്കി ചിരിക്കാൻ തുടങ്ങി. ഇവരും അവൻറെ കൂടെ കൂടി ചിരിച്ചപ്പൊ നമ്മളെ മനസ്സിൽ എവിടെയോ നൊന്തു. സങ്കടവും ദേഷ്യവും എല്ലാം കൂടി എനിക്ക് പിരാന്ത് പിടിക്കുന്ന പോലെ തോന്നി.

ഇനിയും ഇവിടെ നിന്നാൽ ഞാൻ വല്ല കടുങ്കയ്യും

ചെയ്തു പോകുമെന്ന് തോന്നിയതോണ്ട് എണീറ്റ് പോകാൻ നിന്നു. അപ്പോഴേക്കും അച്ചു എന്നെ പിടിച്ച് ഇരുത്തി.

"എന്താ ഫെബീ...നീ ഇത്രയുള്ളൂ....കാക്കൂൻറെ മുന്നിൽ നീ ഇത്ര പെട്ടെന്ന് തോറ്റ് കൊടുക്കാണോ? നീ അങ്ങനെ തോൽവി സമ്മതിച്ച് കൊടുക്കരുത്. പകരം കാക്കൂനിട്ടും ഓരോ പണി കൊടുത്തൂട്.എന്നാലല്ലേ കളി ഒന്നൂടി ഉഷാറാകൊള്ളൂ..."

നമ്മള് അച്ചൂൻറെ വർത്താനം കേട്ടിട്ട് ഓളെ തന്നെ നോക്കി ഇരിക്കാണ്. ഇവളിപ്പൊ അവൻറെ സൈഡാണോ,അതോ നമ്മളെ സൈഡാണോ എന്നായിരുന്നു മനസ്സിൽ ഓടി കൊണ്ടിരുന്നത്.

അച്ചു പറഞ്ഞതിലും കാര്യമുണ്ടെന്ന് നമ്മക്ക് തോന്നി. അത്ര പെട്ടെന്ന് ഒന്നും തോറ്റ് കൊടുക്കാൻ പാടില്ലല്ലോ...അതോണ്ട് നമ്മൾ അവനോടുള്ള ദേഷ്യം കടിച്ച് പിടിച്ച് അവിടെ തന്നെ ഇരുന്നു. അവൻ വീണ്ടും എന്തൊക്കെയോ പറയുന്നുണ്ട്. എല്ലാരും അവനിൽ മുഴുകി ഇരിക്കാണ്.

അപ്പോഴാ നമ്മള് ശാഹിത്താനെ കണ്ടത്. മൂപ്പത്തി നമ്മളെ നോക്കി ചിരിക്കാണ്. നമ്മള് അപ്പൊ തന്നെ ഇത്താനെ അടുത്തേക്ക് വിളിച്ചിട്ട് നമ്മളെ അടുത്തുള്ള സീറ്റിൽ ഇരുത്തി.

നമ്മള് നമ്മളെ കുരാമീസിന് ശാഹിത്താനെ പരിചയപ്പെടുത്തി. ശാഹിത്ത എല്ലാരോടും ഹായ് പറഞ്ഞ് അവിടന്ന് എണീക്കാൻ നിന്നു.

പക്ഷേ, നമ്മള് മൂപ്പത്തിനെ അവിടെ തന്നെ പിടിച്ചിരുത്തിയിട്ട് ഇന്ന് രാവിലെ അരുൺ വന്ന കാര്യവും, കോന്തൻറെ ഫോൺ എറിഞ്ഞ കാര്യമൊക്കെ പറഞ്ഞു. അത് കേട്ടപ്പൊ ശാഹിത്ത അവിടെ തന്നെ ഇരുന്നു. എന്നിട്ട് ഞങ്ങൾ രണ്ടാളും കൂടി അതൊക്കെ പറഞ്ഞ് ചിരിച്ചോണ്ട് ഇരുന്നു.

"ശാഹിനാ... സംസാരിക്കാനാണെങ്കിൽ ആ സാധനത്തിനെയും എടുത്തോണ്ട് പുറത്തേക്ക് പൊയ്ക്കോ..."

പെട്ടെന്ന് ആ കോന്തൻ അങ്ങനെ വിളിച്ച് കൂവിയപ്പൊ ശാഹിത്ത വേഗം എണീറ്റ് നിന്നു. എല്ലാരും കൂടി വീണ്ടും നമ്മളെ നോക്കി ചിരിച്ചു.

അവനോട് രണ്ട് വർത്താനം പറയാൻ നാക്ക് ചൊറിഞ്ഞു വന്നു. അപ്പോഴേക്കും അച്ചു നമ്മളെ വായ പൊത്തി.

"കൺട്രോൾ ചെയ്യ് ഫെബീ...കാക്കൂനിട്ട് പണി കൊടുക്കാൻ അവസരം വരും."

നമ്മള് അപ്പൊ തന്നെ അച്ചൂൻറെ കയ്യിൽ കടിച്ചു. അവള് അലറി കൊണ്ട് കയ്യെടുത്തു. ഇപ്രാവശ്യം അച്ചു ആയിരുന്നു നാണം കെട്ടത്. നമ്മള് ഓളെ നോക്കി നല്ലോണം കളിയാക്കി ചിരിച്ചു. പക്ഷേ, ആ കോന്തൻ അതിനൊന്നും ഒന്നും പറഞ്ഞില്ല. പകരം ചിരിക്കേന്നു.

'ഫെബീ....ഇവൻ മനപ്പൂർവ്വം നിന്നെ നാണം കെടുത്താൻ വേണ്ടി കച്ചകെട്ടി ഇറങ്ങിയിരിക്കാണ്.

ഞാൻ മാത്രമാണ് അവൻ്റെ ലക്ഷ്യം. അതോണ്ട് ഇനിയും അവൻ്റെ കളിയാക്കലുകൾ നീ മുഖവുരക്ക് എടുക്കാതെ തിരിച്ച് അവനിട്ടും പണി കൊടുക്കാൻ നോക്ക്.'

അവൻ്റെ ഒലക്കീമലെ വർത്താനം കഴിഞ്ഞപ്പൊ ഓരോ ഗെയിമുകൾ ആരംഭിച്ചു.

ഒരു ബോക്സിൽ കുറേ ടാസ്ക് എഴുതി വെച്ചിട്ടുണ്ട്. അവര് വിളിക്കുന്നവര് വന്നിട്ട് അവർക്കൊരു ഗെയിം കൊടുക്കും അതിൽ തോൽക്കുന്നവര് ടാസ്ക് ചെയ്യണം.

ഇതൊക്കെ നമ്മളൊരുപാട് കണ്ടിട്ടുള്ളോണ്ട് അത്ര വല്യ താൽപര്യം ഒന്നും നമ്മക്ക് തോന്നീല.പക്ഷേ, അവര് വിളിച്ച ആളുകളെ പേര് കേട്ടപ്പോ താൽപര്യമൊക്കെ എവിടന്നോ കൂടി.

ആരൊക്കെ ഉള്ളതെന്ന് അറിയണ്ടേ? നമ്മളെ ടീമീന്ന് അച്ചുവും സനയും ആണ് അതിലുള്ളത്. ആ കോന്തൻ

ഒരു പണി വെച്ചിട്ടുണ്ടെന്ന് പറഞ്ഞപ്പൊ നമ്മളെ പേരും പ്രതീക്ഷിച്ചു. പക്ഷേ അതുണ്ടായില്ല.

നമ്മളെ രണ്ട് കുരാമീസിനേയും ഞങ്ങൾ തള്ളി പറഞ്ഞയച്ചു. അവരടക്കം 20 കുട്ടികളാണ് ഗെയിമിനുള്ളത്.

അച്ചുവിൻറെയും സനൻറേയും മുഖം കാണുമ്പൊ ചിരിയാണ് വരുന്നത്. ഞങ്ങൾ മൂന്ന് പേരും കൂടി രണ്ടാളേയും നോക്കി നന്നായി കളിയാക്കി കൊണ്ടിരുന്നു.

അങ്ങനെ ഗെയിം തുടങ്ങി. അവരെ 20 പേരെയും റൗണ്ടിൽ നിർത്തിച്ചു. അതിൻറെ നടുക്ക് നിയാസ്ക്ക കേറി നിന്നു. എന്നിട്ട് ഒരു സ്മൈലി ബോൾ അവരിലൊരാൾക്ക് കൊടുത്തിട്ട് പറഞ്ഞു.

"ഞാൻ ഒരു കാര്യം പറയും.ഉദാഹരണത്തിന് പഴങ്ങൾ എന്ന് പറഞ്ഞു. അപ്പൊ ഈ ബോള് കയ്യിൽ ഇരിക്കുന്ന ആള് ഒരു പഴത്തിന്റെ പേര് പറഞ്ഞിട്ട് അത് അടുത്ത

ആൾക്ക് എറിയണം.അടുത്ത ആള് അത് കേച്ച് ചെയ്തിട്ട് ഒരു പഴത്തിന്റെ പേര് പറഞ്ഞ് അടുത്ത ആൾക്ക് കൊടുക്കണം. ആരാണോ കേച്ച് ചെയ്യാത്തത്,അല്ലെങ്കിൽ ആരാണോ പറയാത്തത് അയാളെ ഗെയിമിൽ നിന്ന് ഔട്ടാകും. അപ്പൊ ടാസ്ക് ചെയ്യേണ്ടി വരും."

നിയാസ്ക്ക ഗെയിമിനെ കുറിച്ച് പറഞ്ഞതും ഞങ്ങക്ക് എല്ലാർക്കും ആകാംശ കൂടി. ഞങ്ങൾ മൂന്ന് പേരും കൂടി നമ്മളെ രണ്ടെണ്ണത്തിനെയും കൂക്കി വിളിച്ചു.

"അച്ചൂ...സനാ... ടാസ്ക് കംപ്ലീറ്റ് ചെയ്ത് വേഗം വരണേ......."

നമ്മളെ പറച്ചിൽ കേട്ട് എല്ലാവരും കൂടി ചിരിക്കാൻ തുടങ്ങി. അച്ചുവും സനയും കൂടി പോടീന്ന് വിളിച്ചോണ്ട് റൗണ്ടിൽ നിന്നു.

അങ്ങനെ കളി തുടങ്ങി. ഫസ്റ്റിലെ റൗണ്ട് തന്നെ നമ്മളെ സന ഔട്ടായി.അവള് പേടിച്ച് പേടിച്ച് ബോക്സിൽ

നിന്നും ഒരു ലോട്ട് എടുത്തു. അത് തുറന്നു നോക്കിയപ്പോ പെണ്ണിന്റെ കണ്ണ് രണ്ടും തള്ളി നിന്നു.

നിയാസ്ക്ക അത് അവളുടെ കയ്യീന്ന് വാങ്ങിയിട്ട് അത് വായിച്ചു.

"ഇപ്പൊ ഇവിടെ നടന്ന ഗെയിമിൻറെ അവതാരക ആയിരുന്നെങ്കിൽ എങ്ങനെ ഈ ഗെയിമിനെ കുറിച്ച് പറഞ്ഞ് കൊടുക്കും? അപ്പൊ എൻറെ ജോലി ഇയാള് ഏറ്റെടുക്കാണ് എല്ലാവരും ഒന്ന് കയ്യടിച്ച് പ്രോത്സാഹിപ്പിച്ചേ..." അത് കേട്ടതും ഷംന ഞങ്ങളോട് പറഞ്ഞു.

"നല്ല ബെസ്റ്റ് ടാസ്ക്..ഇതുവരെ മൈക്ക് പോലും നേരാംവണ്ണം പിടിക്കാൻ അറിയാത്ത പെണ്ണാ."

സന ഞങ്ങളെയൊക്കെ ഒന്ന് ദയനീയമായി നോക്കി. നമ്മള് അവളെ നോക്കി കണ്ണടച്ചിട്ട് എല്ലാം ശരിയാകും, നീ പൊളിക്കെന്ന് ആംഗ്യം കാട്ടി ഒരു ഓൾ ദി ബെസ്റ്റ് പറഞ്ഞു. അവള് കണ്ണടച്ച് ഒരു ദീർഘശ്വാസം വിട്ടു.

അവളെന്താവും പറയാ എന്ന ടെൻഷനിൽ ഞങ്ങൾ അവളെ തന്നെ ഉറ്റു നോക്കി. ഞങ്ങളെയെല്ലാവരേയും ഞെട്ടിച്ച് കൊണ്ട് അവള് നിയാസ്ക്കാനേക്കാളും നന്നായിട്ട് അത് ചെയ്തു.

ഞങ്ങൾ മൂന്നാളും കൂടി എണീറ്റ് നിന്ന് കയ്യടിച്ചു. കൂട്ടത്തിൽ നമ്മളൊരു വിസിലും അങ്ങട്ട് കാച്ചി. അത് കേട്ടപ്പൊ നമ്മളെ എല്ലാരും ഒരു നോട്ടം.

"എന്താ പെണ്ണുങ്ങൾ വിസിലടിച്ചാ പുളിക്കോ" എന്ന് ചോദിച്ചു. അപ്പോഴേക്കും സന ഞങ്ങളെ അടുത്തേക്ക് വന്നിരുന്നു.

"ഡാ നിസൂ....ആ മൈക്ക് അവൾക്ക് കൊടുത്തിട്ട് നീയിങ്ങോട്ട് പോര്" എന്ന് പറഞ്ഞ് സിദ്ധുവേട്ടൻ മൂപ്പരെ കളിയാക്കി.

മൂപ്പരതൊന്നും കണക്കിലെടുക്കാതെ വീണ്ടും ഗെയിം തുടർന്നു. ഇപ്രാവശ്യം നമുക്ക് വീണത് നമ്മളെ

അച്ചൂനായിരുന്നു. അവൾക്ക് കിട്ടിയ ടാസ്ക് കേട്ടിട്ട് ഞങ്ങൾ നാലും കൂടി ചിരിച്ച് ചിരിച്ച് ചത്തു.

നിയാസ്ക്ക അതെടുത്ത് വായിച്ചു.

"പ്രേമത്തിലെ സോങ്ങായ 'അവള് വേണ്ട്രാ ഇവള് വേണ്ട്രാ' എന്ന സോങ് ഇവിടെയുള്ള ആരെയെങ്കിലും നോക്കി പാടുക."

അത് കേട്ടതും അച്ചു നമ്മളെയും അരുണിനെയും ഒരു നോട്ടം. ഞങ്ങളേക്കാൾ പൊരിഞ്ഞ ചിരിയിലാണ് അരുൺ. അവൻ നിന്നിട്ടും ഇരുന്നിട്ടും കെടന്നിട്ടുമൊക്കെ വമ്പൻ ചിരി.

അവള് ഓനെ തുറുക്കനെ നോക്കിയിട്ട് സ്റ്റേജിൽ നിന്ന് ഇറങ്ങി. എന്നിട്ട് നേരെ നമ്മളെ കോന്തൻറെ മുന്നിൽ ചെന്ന് നിന്നു. അത് കണ്ടപ്പൊ ഒരു സെക്കന്റ് ചിരി നിന്നെങ്കിലും അത് പെട്ടെന്ന് ഒരു പൊട്ടിച്ചിരിയായി മാറി.

ഓള് കോന്തനോട് നമ്മളെയും സൽമയേയും ചൂണ്ടി കൊണ്ട് പാടി തുടങ്ങി.

"അവള് വേണ്ട ഇവള് വേണ്ട ഈ കാണുന്ന പെമ്പിള്ളേരൊന്നും വേണ്ടാ..."

അവളെ പാട്ട് കേട്ടിട്ട് പടച്ചോനേ ഞങ്ങൾ എല്ലാരും കൂടി ചിരിച്ച് ചിരിച്ച് കണ്ണീന്ന് വെള്ളം വന്നു.

അവളെ പാട്ടിന് അനുസരിച്ച് ആ കോന്തൻ തലയാട്ടി ചിരിക്കാണ്. അത് കാണുമ്പൊ അതിലേറെ ചിരിയാണ് വരുന്നത്.

ഇത്രയൊക്കെ കോമഡി നടന്നിട്ടും ഓഡിറ്റോറിയം മൊത്തം ചിരിയിലാണ്ടിട്ടും ചിരിക്കാതെ നമ്മളെ രൂക്ഷമായി നോക്കി കൊണ്ട് സൽമയും കൂട്ടരും അവിടന്ന് ഇറങ്ങി പോയി.

അച്ചൂൻ്റെ പാട്ട് കഴിഞ്ഞു അവള് സീറ്റില് വന്നിരുന്നപ്പൊ നമ്മള് അവളെ കെട്ടി പിടിച്ച് ഒരുപാട് ചിരിച്ചു.

അങ്ങനെ അത് കഴിഞ്ഞ് വീണ്ടും ഗെയിം തുടർന്നു. ഓരോരുത്തരുടെ ടാസ്ക് ചെയ്യുന്നത് കാണുമ്പൊ ചിരിച്ച് ചത്തു പോയി.അവസാനം ഒരു ബിഎ സ്റ്റുഡൻറ് മാത്രം ബാക്കി ആയി. അയാളെ വിജയിയായി പ്രഖ്യാപിച്ച് ഗിഫ്റ്റ് ഒക്കെ കൊടുത്തു വിട്ടു.

അപ്പോഴുണ്ട് നമ്മളെ ബ്രദേഴ്സ് ഓരോ വലിയ തളികയും കൊണ്ട് വരുന്നു. നമ്മളെ അടുത്ത് എത്തിയപ്പൊ കാക്കു നമ്മളെ നേരെ തളിക നീട്ടി. നമ്മള് അതീന്ന് ഒരു ഗ്ലാസ് എടുത്തു.

"എന്താ പേര്? നാണിക്കാതെ പറഞ്ഞോളൂന്നെ..." നമ്മളെ ചോദ്യം കേട്ട് കുരാമീസ് ഭയങ്കര ചിരി.

കാക്കു നമ്മളെ തലക്കിട്ട് ഒന്ന് തന്നിട്ട്

"പേരിട്ടിട്ടില്ല.ഇടുമ്പൊ വിളിക്കാട്ടാ.." എന്ന് പറഞ്ഞ് അച്ചൂന് നേരെ നീട്ടി.

"വിളിക്കണേ.." എന്ന് പറഞ്ഞ് നമ്മളത് കുടിച്ചതും അപ്പോ തന്നെ പുറത്തേക്ക് തുപ്പി.

നമ്മള് തുപ്പിയത് കണ്ടിട്ട് എല്ലാരും കൂടി നമ്മളെ അടുത്തേക്ക് വന്നു.

"എന്താടി ഫെബീ...എന്താ ഉണ്ടായേ?" കാക്കു നമ്മളെ അടുത്തേക്ക് വന്നിട്ട് ചോദിച്ചു.

നമ്മള് ആ ഗ്ലാസ് തിരിച്ച് ആ തളികയില് വെച്ചിട്ട് കാക്കൂനെ തുറുക്കനെ നോക്കി.

"ഒരു ചായയും കൊണ്ട് വന്നിരിക്കുന്നു. എനിക്ക് ചായ ഇഷ്ടല്ല.കാപ്പി ആണെന്ന് കരുതി കുടിച്ചതാ അപ്പൊ പാൽ ചായ...

ഇൻക്കൊന്നും വേണ്ട കൊണ്ട് പോ..." നമ്മളെ പറച്ചില് കേട്ടിട്ട് എല്ലാരും ഒന്ന് ആശ്വസിച്ചിട്ട് എൻറെ നേരെ തിരിഞ്ഞു.

"ഒരൊറ്റ ചവിട്ട് തന്നാലുണ്ടല്ലൊ ..ഞാൻ കരുതി ചായേല് വല്ലതും ഉണ്ടോന്ന്. ..ആ സൽമ അവിടെ ചുറ്റി

പറ്റി നിൽപുണ്ടെന്നു. ഞാൻ കരുതി അവള് വല്ലതും ചേർത്തോന്ന്....

മനുഷ്യനെ പേടിപ്പിക്കാനായിട്ട് ജന്തു.." കാക്കു കാല് മടക്കി കൊണ്ട് നമ്മളോട് കലിപ്പായി.

"ഞാനാണോ ഓളാണോ ജന്തു?" നമ്മളെ ചോദ്യം കേട്ട് കുരാമീസ് ഭയങ്കര ചിരി. അപ്പൊ മൂപ്പരും ചിരിച്ചോണ്ട് 'നീ തന്നെയാടി ജന്തു' എന്ന് പറഞ്ഞ് അവിടന്ന് പോയി.

ഞങ്ങൾ അഞ്ചും കൂടി അത് പറഞ്ഞ് ചിരിക്കുമ്പോഴുണ്ട് ആ കോന്തൻ നമ്മളെ നോക്കി പുഞ്ചിരി തൂകുന്നു. ഓൻറെ പുഞ്ചിരി കാണുമ്പോഴേ നമ്മളെ കൺട്രോൽ പോകാണ്. എന്തിനുള്ള കൺട്രോൽ ആണെന്ന് ചോദിച്ചാൽ പടച്ചോനാണേ നേര് നമ്മക്ക് പിടുത്തം കിട്ടുന്നില്ല.

അപ്പോഴേക്കും അടുത്ത ഗെയിമും കൊണ്ട് നമ്മളെ ബ്രദേഴ്സ് സ്റ്റേജിൽ കേറിയിരുന്നു.

ജൂനിയർ V/S സീനിയർ അതാണ് ഗെയിമിൻറെ പേര്.

മൂന്ന് ബോക്സ് കാക്കൂൻറെ കയ്യിൽ ഉണ്ട്.

ഒരു ബോക്സില് ജൂനിയേഴ്സിൻറെ പേരും വേറെ ഒന്നിൽ സീനിയേഴ്സിൻറെ പേരും മറ്റൊന്നില് അവർക്കുള്ള ടാസ്കുമാണ്.

ആദ്യം തന്നെ കാക്കു ജൂനിയേഴ്സിൻറെ ബോക്സിൽ നിന്ന് ഒരു പേപ്പർ എടുത്തു. ബിഎ ക്ക് പഠിക്കുന്ന അഖിലയെയാണ് കിട്ടിയത്.

അവളെ കൊണ്ട് അടുത്ത ബോക്സിൽ നിന്നും ലോട്ട് എടുപ്പിച്ചു. അതിൽ വന്ന പേര് നമ്മളെ ജോണച്ചായൻറേത് ആയിരുന്നു. അടുത്ത ബോക്സിൽ നിന്നും അവർക്കുള്ള ടാസ്കുമെടുത്തിട്ട് ഓള് മേൽപ്പോട്ട് നോക്കാൻ തുടങ്ങി.

"ഭാര്യയും ഭർത്താവും ആയിട്ട് അഭിനയിക്കാ...അതാണിവരെ ടാസ്ക്.ജോണേ... അഭിനയാണ്ട്ടാ..." കാക്കു അച്ചായനിട്ട് നല്ലോണം താങ്ങി.

മടിച്ച് മടിച്ച് രണ്ടും കൂടി അവിടെ വെച്ച് കാട്ടി കൂട്ടിയ കോപ്രായങ്ങള് കണ്ട് ഞങ്ങൾ ഭയങ്കര ചിരി ആയിരുന്നു.

പക്ഷേ, അടുത്ത ജൂനിയറെ വിളിച്ചപ്പൊ നമ്മളെ ചിരിയങ്ങ് മാഞ്ഞ് പോയി.

"ആയിഷ ഫെബീ.." കാക്കു നമ്മളെ പേര് വിളിച്ചതും പള്ളീക്കൂടി ഒരു കാളലങ് പോയി. നമ്മളെ കുരാമീസ് ഒക്കെ കൂടി നമ്മളെ ഉന്തി തള്ളി പറഞ്ഞയച്ചു.

എന്തും നേരിടാൻ തയ്യാറായി കൊണ്ട് നമ്മള് സ്റ്റേജിൽ കേറി. നമ്മളെ ബ്രദേഴ്സ് ഉണ്ടാക്കിയ ഗെയിം ആയോണ്ട് ഒരു റിലാക്സേഷനൊക്കെ ഉണ്ട്.

കാക്കു നമ്മളെ നേരെ ഒരു ബോക്സ് നീട്ടിയിട്ട് അതീന്ന് ഒന്നെടുക്കാൻ പറഞ്ഞു.

നമ്മളത് നല്ലോണം കുലുക്കിയിട്ട് അതീന്ന് ഒന്നെടുത്ത് തുറന്നു നോക്കിയതും നമ്മള് ഞെട്ടി തിരിഞ്ഞ് ആ കോന്തനെ നോക്കി.

കാക്കു നമ്മളെ കയ്യീന്ന് അത് വാങ്ങിയിട്ട് വിളിച്ചു കൂവി "ആദിൽ സാഹിബ് കരീമെന്ന്".

അത് കേൾക്കേണ്ട താമസം എല്ലാവരും കൂടി കയ്യടിക്കലും കൂക്കലുമൊക്കെ ആയിട്ട് നമ്മളെ തൊലി ഉരിച്ചു.നമ്മളെ കോന്തൻ ആണെങ്കിലോ ഒരു ഭാവ മാറ്റവും ഇല്ലാതെ കേറി വന്നു.

കാക്കു അപ്പൊ തന്നെ അടുത്ത ബോക്സ് നമുക്ക് നേരെ നീട്ടി. എന്തും നേരിടാൻ തയ്യാറായി കൊണ്ട് നമ്മള് വീണ്ടും മനസ് ദൃഢമാക്കി അതീന്ന് ലോട്ടെടുത്ത് തുറന്ന് നോക്കി.

അത് കണ്ടതും നമ്മളെ തല കറങ്ങാൻ തുടങ്ങി.

(തുടരും)

_ഭാഗം. 25_

എന്തും നേരിടാൻ തയ്യാറായി കൊണ്ട് നമ്മള് അടുത്ത ബോക്സിൽ നിന്നും ലോട്ടെടുത്ത് തുറന്നു നോക്കി.

അത് കണ്ടതും നമ്മളെ തല കറങ്ങാൻ തുടങ്ങി. ഞാൻ കണ്ണും തിരുമ്മി ഒരു തവണ കൂടി അത് വായിച്ചു. അതും പോരാഞ്ഞ് അതെടുത്ത് തിരിച്ചും മറിച്ചും നോക്കി.

അത് കണ്ടപ്പോ ചിരിക്കണോ കരയണോ എന്നറിയാൻ പറ്റാത്ത ഒരു അവസ്ഥയിൽ നമ്മള് നമ്മളെ കുരാമീസിനെ നോക്കി. അവര് എന്താ എന്നൊക്കെ ചോദിക്കുന്നുണ്ട്. നമ്മക്ക് ആണെങ്കിൽ ശബ്ദം പുറത്ത് വരണില്ല.

പെട്ടെന്ന് കാക്കു അത് നമ്മളെ കയ്യീന്ന് വാങ്ങിയിട്ട്

പൊരിഞ്ഞ ചിരി.

എന്താ സംഭവം എന്നറിയാതെ നമ്മളെ കുരാമീസ് നമ്മളെ നോക്കി നിക്കാ. നമ്മളോ?? മോങ്ങാനിരുന്ന നായേടെ മണ്ടേല് തേങ്ങ വീണ അവസ്ഥയിൽ തൊള്ള തുറന്ന് നിൽക്കാണ്.

"സീനിയറിനെ ജൂനിയർ പ്രപ്പോസ് ചെയ്യുക...." അതും പറഞ്ഞ് മൂപ്പര് വായ പൊത്തി ഭയങ്കര ചിരി.

നമ്മളെ കുരാമീസിൻറെ കാര്യം പിന്നെ പറയണ്ടല്ലോ ,അവറ്റകൾ കയ്യടിച്ച് ഹലാക്കിലെ ചിരി. നമ്മക്ക് ആണെങ്കിൽ ആ കോന്തൻറെ മുഖത്തേക്ക് നോക്കാനേ തോന്നല്ല. എന്നാലും നമ്മള് മൂപ്പരെയൊന്ന് ഇടംകണ്ണിട്ട് നോക്കി. അപ്പോ ഓൻ നമ്മളെ നോക്കി പുരികം പൊക്കി കളിക്കാണ്.

അതും പോരാഞ്ഞ് ഓൻറെ ഒലക്കീമലെ പുഞ്ചിരിയും.

എല്ലാം കൂടി ഹലാക്കിലെ അവുലും കഞ്ഞി ആയി പോയി. നമ്മക്ക് ആണെങ്കിൽ പെട്ടെന്ന് ചിരി വന്നു.

എന്തിനാണോ????

ഇന്നലെ ഓനെ പ്രപ്പോസ് ചെയ്ത കാര്യം ഓർത്തിട്ട്. 'ഇന്നലെ ഓനെ പ്രപ്പോസ് ചെയ്തതിൻറെ ക്ഷീണം ഇപ്പോഴും മാറിയിട്ടില്ല. അപ്പോഴാ അടുത്തത്....

എന്തായാലും ഇറങ്ങി പോയില്ലേ ചെയതല്ലേ പറ്റൂ...എന്നാലും ഇവൻറെ പേര് തന്നെ എങ്ങനെ നമ്മക്ക് കിട്ടി? അതും ഈ ടാസ്ക് തന്നെ നമ്മക്ക് വന്നും ചെയ്തു... അപ്പൊ ഇതിലെന്തോ കള്ളകളി ഉണ്ടല്ലോ....

ഇനി നമ്മളെ കാക്കു ഓൻറെ സൈഡാണോ? ഏയ് അതുണ്ടാവൂല,ഉണ്ടെങ്കിൽ നമ്മള് ആദ്യമേ അറിയും.പിന്നെ എങ്ങനെ?'

നമ്മളെ ചിന്ത കാട് കേറി ചെന്നപ്പോഴാ കാക്കു നമ്മളെ നേരെ ഒരു ചുവന്ന റോസ് നീട്ടിയത്. നമ്മളത് വാങ്ങിച്ചിട്ട് ഒന്ന് ചിരിച്ചു.

"ഇത് നിനക്ക് തന്നതല്ല,ആദിലിനെ പ്രപ്പോസ് ചെയ്യുമ്പോ കൊടുക്കാനുള്ളതാ.." കാക്കു അങ്ങനെ പറഞ്ഞപ്പൊ ഒന്ന് പുച്ഛിച്ചിട്ട് മുഖം തിരിച്ചു.

എല്ലാവരും കൂടി നമ്മളോട് പ്രപ്പോസ് ചെയ്യ് ചെയ്യെന്ന് പറഞ്ഞ് കലപില കൂടി. അതിനിടക്ക് അച്ചൂൻ്റെ വക ഒരു കമൻ്റും...

"ചക്കരേ.... ഞങ്ങളെ മാനം കളയല്ലേടാ..."

നമ്മളൊന്ന് ചിരിച്ചിട്ട് ആയിക്കോട്ടേന്നും പറഞ്ഞ് കോന്തനെ നോക്കി.

ഓനെ കാണുമ്പൊ എന്തിനാ വന്നതെന്ന് വരെ മറന്നു പോയി.അതോണ്ട് കണ്ണടച്ച് പടച്ചോനോട് ധൈര്യം തരാൻ വേണ്ടി മനമുരുകി പ്രാർത്ഥിച്ചു. പരീക്ഷക്ക് ജയിക്കാൻ പോലും നമ്മള് ഇത്രക്ക് പ്രാർത്ഥിച്ച് കാണില്ല.

അവസാനം പ്രാർത്ഥന ഫലം കണ്ടു ഇച്ചിരി ധൈര്യമൊക്കെ കൂടി. നീ നട്ടെല്ലുള്ള ആൺക്കുട്ടി ആണെടീന്ന് സ്വയം ആത്മബലം നൽകി കണ്ണ് തുറന്നു.

പഹയൻ നമ്മളെ നോക്കി ചിരിച്ച് നിൽക്കാണ്. അവൻ്റെ ചിരിയിൽ ഇനി നമ്മള് വീഴില്ലാന്ന് ദൃഢപ്രതിജ്ഞ ചെയ്തു.

എന്നിട്ട് എല്ലാരേ നോക്കി ഒന്ന് ചിരിച്ചിട്ട് നമ്മളെ കോന്തൻ്റെ അടുത്തേക്ക് ചെന്നു.

"എല്ലാരും കണ്ടോണേ....നമ്മളീ ചേട്ടനെ പ്രപ്പോസ് ചെയ്യാൻ പോകാ ." എന്ന് പറഞ്ഞ് നമ്മള് ഓനെ നോക്കി.

ഓൻ നീയെന്താ ചെയ്യാന്ന് ഒന്ന് കാണണമെന്ന മട്ടില് കൈ കെട്ടി നിന്നു.

ഇപ്പൊ എല്ലാരും സൈലൻ്റാണ്. ഈ സൈലന്റ്

നമ്മളെ പേടി ചെറുതായിട്ട് കൂട്ടുന്നുണ്ടോന്ന് സംശയം.

നമ്മള് രണ്ടും കൽപ്പിച്ച് മൂപ്പരെ മുഖത്തേക്ക് നോക്കി തന്നെ പറഞ്ഞു തുടങ്ങി.

"എനിക്കെന്താ ആദിൽക്കാനോട് പറയേണ്ടതെന്ന് സത്യായിട്ടും അറീല.... "

"അറീലെങ്കിൽ പിന്നെ പറയാൻ നിക്കണ്ട പെങ്ങളെ ഇങ്ങ് പോര്..." നമ്മളെ അൻസിക്കാൻറെ കമൻറാണ്. നമ്മള് മൂപ്പരെ നോക്കി ചവിട്ടാൻ നിന്നു.

"എൻറെ കോൺസൺട്രേഷൻ കളയല്ലെ...നിങ്ങൾ കരുതുന്ന പോലെ അത്ര എളുപ്പം അല്ല ഈ പ്രപ്പോസ് ചെയ്യല്.....അതോണ്ട് കീപ് സൈലെൻസ്..."

നമ്മളത് പറഞ്ഞപ്പൊ എല്ലാവരും കൂടി ഒരു ഓ.....മൂളി.

നമ്മള് വീണ്ടും കോന്തനെ നോക്കി ഡയലോഗ് തുടർന്നു.

"എനിക്കെന്താ ഇങ്ങളോട് പറയേണ്ടതെന്ന് അറിയില്ല ആദിൽക്ക....ഇങ്ങളെ സാമിപ്യം,ആ ചിരി, പിന്നെ ഒന്നും അറിയാത്ത പോലെയുള്ള ഈ നോട്ടം ഇതൊക്കെ എന്നും എൻറെ കൂടെ ഉണ്ടാവണമെന്ന് കൊതിച്ച് പോവാ...

ചുറ്റി വളച്ചൊന്നും ഞാൻ പറയുന്നില്ല,സ്ട്രൈറ്റായിട്ട് കാര്യത്തീലേക്ക് വരാം.....

ഞാൻ ഇങ്ങളെ ഒരുപാട് ഒരുപാട് സ്നേഹിക്കുന്നു...

ഇങ്ങളോടുള്ള സൗഹൃദം എപ്പോഴാ പ്രണയമായതെന്ന് എനിക്കറിയില്ല.

പക്ഷേ,ഒന്നറിയാം..

* ? നീയില്ലാ ജീവിതം ? * ഓർക്കാൻ പോലും കഴിയില്ല.
Because

I LOVE YOU "

നമ്മളതും പറഞ്ഞ് മൂപ്പരെ നേരെ റോസ് നീട്ടി. നമ്മളെ കോന്തൻ അന്തം വിട്ട് നമ്മളെ തന്നെ കണ്ണിമ വെട്ടാതെ നോക്കി നിൽക്കാണ്.

നമ്മള് അപ്പൊ എല്ലാവരേയും ഒന്ന് കണ്ണോടിച്ച് നോക്കി. ഫീസ് അടിച്ച് പോയ പോലെയാ അവരെ നിൽപ്.

നമ്മളെ കുരാമീസിൻറെ കണ്ണാണെങ്കിൽ ഇപ്പൊ പുറത്തേക്ക് ചാടുമെന്ന അവസ്ഥയിലാണ്. പെട്ടെന്ന് അച്ചു എണീറ്റ് നിന്നിട്ട് വിളിച്ചു കൂവി.

"ചക്കരേ...നീ ഞങ്ങളെ മാനം കാത്തെടാ...."

അപ്പോഴാ നമ്മളെ കോന്തന് ബോധം വന്നത്. നമ്മള് മൂപ്പരെ നോക്കിയിട്ട് ഒന്ന് സൈറ്റടിച്ച് റോസ് നീട്ടി. എൻറെ മുഖത്ത് നിന്നും കണ്ണെടുക്കാതെ ഒരു പുഞ്ചിരി തൂകി കൊണ്ട് അവനതിൽ കൈ വെച്ചു. കൂടെ നമ്മളെ കയ്യും അതിൽ അകപ്പെട്ടു.

ഈ കാലമാടൻ ആണെങ്കിൽ നമ്മളെ കൈ വിടുന്നതും ഇല്ല. അപ്പോഴേക്കും കാക്കു അവൻ്റെ കൈ തട്ടി. ഇല്ലേൽ ഇപ്പൊ കാണായിരുന്നു.

കാക്കു നല്ല കലിപ്പിൽ തന്നെ കോന്തനെ നോക്കുന്നുണ്ട്. നമ്മളെ കൈ പിടിച്ചത് കാക്കൂന് ഇഷ്ടായിട്ടില്ല. നമ്മക്ക് അത് കണ്ടപ്പൊ പെരുത്ത് സന്തോഷായി.

കാക്കു എന്നോട് ഇത്തിരി ഗൗരവത്തിൽ പോകാൻ പറഞ്ഞു. നമ്മളെ പ്രപ്പോസൽ കണ്ടിട്ട് ഇപ്പോഴും കയ്യടിക്കാണ് എല്ലാവരും.

നമ്മള് വേഗം സ്റ്റേജിൽ നിന്ന് ഇറങ്ങി നമ്മളെ കുരാമീസിൻ്റെ അടുത്തേക്ക് ചെന്നു. അവരൊക്കെ കൂടി നമ്മളെ അങ്ങോട്ട് പ്രോത്സാഹിപ്പിച്ചു.

"ഫെബീ ...കലക്കി മോളേ...നീ ഇങ്ങെയൊക്കെ റൊമാൻ്റിക്കായി പ്രപ്പോസ് ചെയ്യുമെന്ന് നമ്മളിത് വരെ അറിഞ്ഞില്ലട്ടോ?"

അച്ചുവാണ്.

"എന്നാലും എൻറെ ഫെബീ...നീയത് പറയുമ്പൊ എന്ത് ഫീലാന്ന് അറിയോ? ആദിൽക്ക എങ്ങനെ കൺട്രോൾ ചെയ്ത് നിന്നോ ആവോ?"

ഷംനയാണ്.

"എന്തായാലും നിങ്ങള് രണ്ട് പേരും നല്ല പെർഫെക്ട് ജോഡികളാ...നീ ശരിക്ക് പ്രപ്പോസ് ചെയ്ത പോലെയാ ഞങ്ങൾക്ക് തോന്നിയത്." സനയാണ്.

"ഭാഗ്യത്തിന് ആ സൽമ ഇവിടെ ഇല്ല. ഉണ്ടായിരുന്നെങ്കിൽ ഇന്നീ പരിപാടി കൊളമായേനെ..." നസിയാണ്.

"ഓ...തുടങ്ങി ഒരു സൽമ.....നിനക്ക് അവളെ പറ്റി അല്ലാതെ വേറെ ആരെ പറ്റിയും പറയാനില്ലെ? ഡീ..ഫെബീ....നീ ഞങ്ങൾ പറയുന്നതൊന്നും കേൾക്കുന്നില്ലേ?"

അച്ചു നമ്മളെ പിടിച്ച് കുലുക്കിയപ്പോഴാ ചിന്തയിൽ നിന്ന് ഉണർന്നത്.

"എന്താടീ ഫെബീ...കാക്കൂനോട് ഇഷ്ടാണെന്ന് പറഞ്ഞപ്പോഴേക്കും കാറ്റ് പോയോ?"

"ങെ....ഒന്നുല്ല്യ.."

'ഇവരോട് പറയണോ? വേണ്ട..അറിഞ്ഞാൽ നമ്മളെ കളിയാക്കി കൊല്ലും. ആ കോന്തൻ നമ്മളെ തൊട്ടപ്പൊ നമ്മളെ ഖൽബിലെന്തോ പോലെ തോന്നി എന്നെങ്ങാനും പറഞ്ഞാൽ നമ്മളെ കൊന്ന് തിന്നും..അതോണ്ട് അറിയണ്ട.....'

"ഡീ...ഫെബീ...നീയെന്ത് കണ്ടോണ്ടിരിക്കാ? പരിപാടി കഴിഞ്ഞു വാ പോകാം.."

അച്ചു നമ്മളെ പിടിച്ച് എണീപ്പിച്ചപ്പോഴാ ഓഡിറ്റോറിയം കാലിയായി കിടക്കുന്നത് ശ്രദ്ധിച്ചത്. എല്ലാവരും

പോയിട്ടുണ്ട് ഞങ്ങൾ മാത്രമേ ബാക്കിയുള്ളൂ....

ചിന്തകളെയൊക്കെ അവിടെ തന്നെ കുഴിച്ച് മൂടിയിട്ട് നമ്മള് അവിടന്ന് നടന്നു. അച്ചു നമ്മളെ കയ്യിലേക്ക് നമ്മളെ ഗിഫ്റ്റും ഓളെ ഗിഫ്റ്റും തന്നിട്ട് ഇപ്പൊ വരാമെന്ന് പറഞ്ഞ് അരുണിൻറെ കൂടെ പോയി. ഞങ്ങൾ നാലും തലയാട്ടി കൊണ്ട് നടന്നു.

സമയം ലഞ്ച് ബ്രേക്ക് ആകുന്നുള്ളു. ഗ്രൗണ്ടിൽ തന്നെ കോന്തനും കൂട്ടരും നിൽപുണ്ട്. നമ്മക്ക് എന്തോ ഓനോട് ഒരു വെറുപ്പ് തോന്നി പോയി. ഓൻ നമ്മള് കൊടുത്ത റോസും കയ്യിൽ പിടിച്ച് അതിനെ ഉമ്മ വെച്ച് കളിക്കാ... അപ്പൊ പിന്നെ വെറുപ്പ് തോന്നില്ലേ? നമ്മളത് മൈൻറ് ചെയ്യാതെ വേഗം ക്ലാസിലേക്ക് നടന്നു.

....

ഹലോ....നമ്മളെ അറിയോ? എവടെ നിങ്ങക്ക് ഓള് പറയുന്നത് കേട്ടാൽ പോരെ നമ്മളെ ഒന്നും വേണ്ടല്ലൊ...

ഉം.... എനിക്കറിയാ നിങ്ങൾക്ക് എന്നെ ഇഷ്ടാണെന്ന്..പക്ഷേ, നമ്മളെ ഐഷൂന് നമ്മളോട് അതൊന്നും ഇല്ലെന്നാ തോന്നുന്നത്...ഉണ്ടെങ്കിൽ അവളെന്നെ തിരിഞ്ഞു നോക്കാതെ പോവില്ലല്ലോ? അതോണ്ട് നമ്മള് ഓളെ ഒന്ന് വിളിക്കട്ടെട്ടോ...

"ആയിഷാ......" നമ്മളെ വിളി കേട്ട് അവള് തിരിഞ്ഞു നോക്കി.

നമ്മളപ്പൊ തന്നെ ഓളെ നമ്മളെ അടുത്തേക്ക് വിളിച്ചു. ഓള് ഓളെ കൂടെയുള്ളവരെ ഒന്ന് നോക്കിയിട്ട് നമ്മളെ അടുത്തേക്ക് വന്നു.

"എന്താ കാര്യം?" പെണ്ണിത്തിരി ഗൗരവത്തിലാ...നമ്മള് കയ്യിൽ പിടിച്ചത് ഇഷ്ടായി കാണില്ല.

"പെണ്ണേ....നീ നമ്മളെ പ്രപ്പോസ് ചെയ്തപ്പൊ ഉണ്ടല്ലോ എനിക്കുണ്ടായ ഫീല് പറഞ്ഞറിയിക്കാൻ പറ്റുന്നില്ല."

"എന്നാലെ പറയാൻ പറ്റാത്ത കാര്യം കൂടുതൽ പറഞ്ഞ് പെരുപ്പിക്കണ്ട.." അവളതും പറഞ്ഞ് നമ്മളെ നോക്കി പുച്ഛിച്ചിട്ട് തിരിഞ്ഞു നടന്നു.

"ഐഷൂ...മോണിങ്ങിൽ വിളിക്കാൻ മറക്കല്ലേ...ഞാൻ കാത്തിരിക്കും...."

അത് കേട്ടപ്പൊ പെണ്ണ് കലിപ്പിൽ നമ്മളെ ഒരു നോട്ടം നോക്കിയിട്ട്

"വിളിക്കില്ലെട തെണ്ടി.." എന്ന് പറഞ്ഞ് ഓടി കളഞ്ഞു.

ഇല്ലെങ്കിൽ ഓള് ഈ തെണ്ടിൻറെ തനി കൊണം അറിഞ്ഞേനെ...

നമ്മളെ ചങ്ക്സ് ഓള് പറഞ്ഞത് കേട്ട് നമ്മളെ കളിയാക്കി കൊണ്ടിരിക്കാ...

നമ്മളതൊന്നും മൈൻറ് ചെയ്യാതെ അവള് തന്ന

റോസും കയ്യിൽ പിടിച്ച് ഓള് പറഞ്ഞ ഓരോ കാര്യവും ഓർത്ത് ഇരുന്നു.

"ആദി...ഞാൻ കേട്ടതൊക്കെ സത്യാണോ?"

ആരോ നമ്മളെ മുൻപിൽ നിന്നിട്ട് കൊരച്ച് ചാടുന്നത് കണ്ടപ്പോഴാ ആളെ നോക്കിയത്.

സൽമയാണ്...

ഓളെ വക വെക്കാതെ നമ്മള് വീണ്ടും ആ റോസിലേക്ക് തന്നെ നോക്കി ഇരുന്നു.

"ആദി...നീ പറ..ഞാൻ കേട്ടതൊക്കെ നേരാണോന്ന്?"

"അതിന് നീയെന്താ കേട്ടതെന്ന് ഞാൻ എങ്ങനെ അറിയാനാ?" നമ്മള് കലിപ്പിൽ ഓളെ നേരെ തിരിഞ്ഞിട്ട് ചോദിച്ചു.

അവളൊന്ന് പതറിയെങ്കിലും വീണ്ടും എൻറെ അടുത്തേക്ക് വന്നു.

"ആ പെണ്ണ് നിന്നെ എല്ലാവരെ മുൻപിൽ വെച്ചും പൂ തന്ന് പ്രപ്പോസ് ചെയ്തെന്ന് പറഞ്ഞത് നേരാണോ?"

"അതെ...നേരാണ്..അവള് ഇന്ന് മാത്രല്ല ഇനിയെന്നും എന്നെ പ്രപ്പോസ് ചെയ്യാൻ പോകാ....ഓൾക്ക് പ്രപ്പോസ് ചെയ്യേണ്ടത് എങ്ങനെ ആണെന്ന് അറിയില്ലത്രെ...അപ്പൊ അത് ഓള് പഠിക്കുന്ന വരെ എന്നെ പ്രപ്പോസ് ചെയ്തോണ്ടിരിക്കും... ഇനിയെന്താ നിനക്ക് അറിയേണ്ടത്?"

നമ്മളെ പറച്ചിൽ അവൾക്ക് ദഹിച്ചിട്ടില്ല. കണ്ണൊക്കെ ചുവന്ന് നിറയുന്നുണ്ട്. പക്ഷേ, അതൊന്നും കണ്ടിട്ട് ഈ ആദിൻറെ മനസ് അലിയില്ല. കാരണം, നമ്മള് ഐഷൂനെ മാത്രേ സ്നേഹിച്ചിട്ടുള്ളൂ.. ഇനിയെന്നും സ്നേഹിക്കുകയുമുള്ളൂ...

"നീയെന്താ ആദി എൻറെ സ്നേഹം ഇപ്പോഴും

മനസ്സിലാക്കാത്തത്? എൻറെ സ്നേഹത്തിന് ഒരു പുല്ല് വില പോലുമില്ലേ?"

"പുല്ലിന് പോലും വിലയുണ്ടടീ...പക്ഷേ ഈ ആദിലിന് മുന്നിൽ നിൻറെ സ്നേഹത്തിന് ഒരു വിലയും ഇല്ല,ഇനി ഉണ്ടാകാനും പോണില്ല..."

നമ്മളതും പറഞ്ഞ് അവൻമാരേയും കൂട്ടി അവിടന്ന് പോകാനൊരുങ്ങിയപ്പോ അവള് തടഞ്ഞു.

"നിൻറെ മനസ്സിൽ എന്നോട് ഒരു സ്ഥാനവും ഇല്ലേ?"

കരഞ്ഞ് കലങ്ങിയ കണ്ണുകളുമായി അവളെന്നെ നോക്കി.

"ഉണ്ട്.....ഒരു പട്ടിൻറെ സ്ഥാനം... നീ അതേ അർഹിക്കുന്നുള്ളൂ...നിനക്ക് ആ സ്ഥാനമെങ്കിലും കിട്ടിയല്ലോന്ന് കരുതി ആശ്വസിക്ക്..."

പെട്ടെന്ന് അവളുടെ കരച്ചിൽ നിന്നു.പകരം

രൗദ്രഭാവത്തോടെ എന്നെ നോക്കി.

"അവസാനമായിട്ട് ചോദിക്കാണ് നിനക്കെന്നെ സ്നേഹിക്കാൻ പറ്റോ ഇല്ലയോ?" അവളുടെ ശബ്ദത്തിനൊക്കെ നല്ല കാഠിന്യം ഉള്ള പോലെ തോന്നി.

അവളുടെ നോട്ടത്തിന് ഏതൊരു ആളെയും മുൾമുനയിൽ നിർത്തിക്കാനുള്ള കഴിവുണ്ട്.

പക്ഷേ, നമ്മള് അവളെ രൗദ്രഭാവമൊന്നും കണ്ടിട്ട് പേടിച്ചില്ല. പക്ഷേ നമ്മളെ ഗ്യാങ് പേടിച്ചിട്ടുണ്ട്...

അതോണ്ട് ഇവളെ അധിക നേരം ഇവിടെ നിർത്താൻ ഉദ്ദേശിച്ചിട്ടില്ല. അപ്പോ നല്ല മയത്തിൽ തന്നെ നമ്മള്

മറുപടി കൊടുത്തു.

"ഇല്ലാ...പറ്റില്ലാ....നിന്നെ എന്നല്ല ഐഷൂനെ അല്ലാതെ വേറെ ആരെയും സ്നേഹിക്കാൻ ഈ ആദിലിനെ കൊണ്ട് പറ്റില്ല...."

ഞാനത് പറഞ്ഞു തീരും മുന്നേ അവളെൻറെ കയ്യിൽ നിന്നും ആ റോസ് തട്ടി പറിച്ച് വാങ്ങിയിട്ട് അത് നിലത്തിട്ട് ചവിട്ടിയരച്ചു.

"എന്നാല് ഇതുപോലെ അവളും എൻറെ കാൽ കീഴിൽ ചതഞ്ഞരയും.."

അവളത് പറഞ്ഞ് തീരും മുന്നേ കൺട്രോൾ തെറ്റി ഞാനവളുടെ കരണം പുകച്ചിരുന്നു.

ഗ്രൗണ്ടിൽ ഉണ്ടായിരുന്നവർ ഒക്കെ ഞങ്ങളെ നോക്കി ഞെട്ടി തരിച്ച് നിന്നു.

നിസുവും എല്ലാരും കൂടി എന്നെ പിടിച്ച് മാറ്റി.

തല്ല് കൊണ്ടിട്ടും അവളെന്നെ ഒരു പുച്ഛഭാവത്തോടെ നോക്കി ചിരിച്ചു. അവളുടെ ചിരി കണ്ടപ്പൊ ഒരെണ്ണം കൂടി കൊടുക്കാൻ വേണ്ടി നമ്മളെ കൈ തരിച്ചുവെങ്കിലും എല്ലാവരും ചേർന്ന് എന്നെ അവിടെന്ന് കൊണ്ട് പോയി.

"നിനക്കെന്താടാ ആദി ഭ്രാന്താണോ?

ഇതിൻറെ പേരിൽ ഇനി ഒന്നും അറിയാത്ത

ആ പാവം പെണ്ണിൻറെ ജീവൻ വെച്ചാവും അവള് കളിക്കാ.....

നീ പഴയതൊക്കെ ഇത്ര പെട്ടെന്ന് മറന്നു പോയോ? പാവാണെടാ ആയിഷ അതിൻറെ ജീവൻ വെച്ചിട്ടുള്ള ഒരു കളിയും വേണ്ട..."

"അതിന്...

ഞാനെൻറെ പെണ്ണിനെ മറന്നിട്ട് അവളെ സ്നേഹിക്കണമെന്നാണോ പറയുന്നേ?"

"എടാ ആദി നിസു ആ അർത്ഥത്തിലല്ല അത് പറഞ്ഞത്...

നീ സൽമയെന്ന ചാപ്റ്റർ ക്ലോസ് ചെയ്യാനാണ്. അവള് എന്ത് പറഞ്ഞാലും അത് മുഖവുരക്ക് എടുക്കണ്ടെന്നാ പറഞ്ഞത്. ഇല്ലെങ്കിൽ ഇതിൻറെ ഒക്കെ ഭവിഷത്ത് നിൻറെ പെണ്ണായിരിക്കും അനുഭവിക്കേണ്ടി വരാ..."

അവര് പറഞ്ഞതൊക്കെ ശരിയാണെന്ന് എനിക്കും തോന്നി അതോണ്ട് ഞാൻ ഒന്നും മിണ്ടിയില്ല.

....
....

"എനിക്ക് നോക്കിയേ ഒരു മഗ് ആണ് കിട്ടിയത്..." ഷംനയാണ്.

"എനിക്കും അത് തന്നെയാ കിട്ടിയത്.."

സനയാണ്.

"എനിക്കും..." നസിയാണ്.

"എനിക്കും...ഇതെന്താ ഒരേ മഗ്? അയ്യേ... ഞാൻ കുറച്ച് കൂടുതൽ പ്രതീക്ഷിച്ചു." അച്ചു അവളുടെ രോധനം പറഞ്ഞു.

"എടീ അച്ചു ഇതിൽ വെള്ളം ഒഴിച്ചാൽ ഇതിൽ ഫോട്ടോ കാണും." നസിയാണ് പറഞ്ഞത്.

അവള് അതിലേക്ക് വെള്ളം ഒഴിച്ച് നോക്കി ഒരു പിണ്ണാക്കും തെളിഞ്ഞ് വന്നില്ല. എല്ലാവരും കൂടി അവളെ കളിയാക്കാൻ തുടങ്ങി.

"ഫെബീ..നീ നിൻറേത് തുറന്ന് നോക്ക് അതിലാവും എന്തെങ്കിലും കാര്യായിട്ട് ഉണ്ടാവാ..." നാലും കൂടി അതും പറഞ്ഞ് നമ്മളെ ഉറ്റു നോക്കി.

എൻറെ ചിന്ത അപ്പൊ ഈ ഗിഫ്റ്റിൽ അല്ലേന്നു...അവനെങ്ങനെ അത് ഞങ്ങളാണെന്ന് മനസ്സിലായി? അതാണ് നമ്മളെ ചിന്ത.

"ഫെബീ...പൊളിച്ച് നോക്കടീ..."

നാലും കൂടി ഒരു സ്വസ്ഥതയും തരാതെ കാതില് മൂളി കൊണ്ടിരുന്നു.

നമ്മള് ആ ഗിഫ്റ്റ് അടിമുടി ഒന്ന് നോക്കിയിട്ട് അതിലെ റാപ്പെർ കീറി. ഇവളുമാരെ കയ്യിൽ ഉണ്ടായിരുന്ന അതുപോലെ ഒരു ബോക്സ്. അത് തുറക്കാൻ വേണ്ടി അതിൽ കൈ വെച്ചതും ഒരു അനൗൺസ്മെൻറ് വന്നു.

"ഫസ്റ്റ് ഇയർ സ്റ്റുഡന്റ്സിന് ഉച്ചക്ക് ശേഷം ക്ലാസ് ഉണ്ടായിരിക്കുന്നതല്ല...."

അത് കേട്ടപ്പൊ തന്നെ ഞാനും അച്ചുവും ടൈം നോക്കി.

1.20....

"ഇപ്പൊ പോയാലേ 40 നുള്ള ബസ് കിട്ടൊള്ളൂ...അതോണ്ട് ഞങ്ങൾ പോയിട്ടാ...ഇനി രണ്ടു ദിവസം കഴിഞ്ഞു കാണാട്ടാ.." എല്ലാവരോടും യാത്ര പറഞ്ഞ് ഞാനും അച്ചുവും കോളേജിൽ നിന്ന് ഒരു ഓട്ടമായിരുന്നു ബസ് സ്റ്റോപ്പിലേക്ക്.

ഭാഗ്യത്തിന് ഞങ്ങൾ വന്നപ്പൊ ബസ് എത്തിയിട്ടില്ല.

അതോണ്ട് ഞങ്ങൾ അവിടെ ഇരുന്നു.

"ഫെബീ...എന്നാലും കാക്കൂന് എങ്ങനെ ആയിരിക്കും നമ്മളാണതെന്ന് മനസ്സിലായത്?"

"അത് തന്നെയാടി ഞാനും ആലോചിക്കുന്നത്...എന്നാലും എങ്ങനെ അവന് മനസ്സിലായി?"

അപ്പോഴേക്കും ബസ് വന്നു.ഞങ്ങൾ അതിൽ കേറി. ബസിലെഴുതി വെച്ച വാചകം ഇപ്പോഴും അവിടെ തന്നെ ഉണ്ട്. അത് കണ്ടപ്പൊ അവനോട് വീണ്ടും ദേഷ്യം വന്നു. അതിനിട്ട് ഒരു കുത്ത് കൊടുത്തിട്ട് സീറ്റിലിരുന്നു.

ഞങ്ങൾ അപ്പോഴും അവന് അതെങ്ങനെ മനസ്സിലായെന്ന് ആലോചിച്ച് തല പുണ്ണാക്കി.ചിന്തയിൽ മുഴുകിയതോണ്ട് പെട്ടെന്ന് തന്നെ ഞങ്ങൾ നാട്ടിലെത്തിയ പോലെ തോന്നി.

ഞാനും അച്ചുവും ഇനി തിങ്കൾ കാണാമെന്ന് പറഞ്ഞു പിരിഞ്ഞു.വീട്ടിൽ എത്തിയിട്ടും എൻറെ ചിന്ത അത് മാത്രമായിരുന്നു.

ഉമ്മാനോട് കോളേജിലെ വിശേഷങ്ങളൊക്കെ പറയുമ്പൊ ഇടക്ക് ആ കോന്തൻറെ വിഷയം അറിയാതെ വായീന്ന് വീണു പോകും. ഉമ്മാനോട് ഓനെ പ്രപ്പോസ് ചെയ്ത കാര്യം ഒന്നും പറഞ്ഞിട്ടില്ല. പറഞ്ഞാലുണ്ടാകുന്ന പുകില് പിന്നെ ഇതൊന്നും ആവില്ല.

പക്ഷേ ക്വിസിൽ ഞങ്ങളാണ് വിന്നേഴ്സ് എന്ന് അവനെങ്ങനെയാകും കണ്ടെത്തിയതെന്ന് ഉമ്മാനോട് അഭിപ്രായം ചോദിച്ചു.

"ഇജ്ജ് ഒക്കെ കൂടി ഓൻറെ പിന്നാലെ നടക്കുന്നില്ലെ, അപ്പൊ അതേ പോലെ നിങ്ങളെ പിന്നാലെയും ഓൻറെ കണ്ണുണ്ടാവും അങ്ങനെ അറിഞ്ഞതാവും. അല്ല പിന്നെ... അന്നോടൊക്കെ വേറെ എന്താ പറയാ?"

മൂപ്പത്തി പറയുന്നത് കേട്ടപ്പൊ ചോദിക്കേണ്ടില്ലേന്നു എന്ന് തോന്നി പോയി....ഹൗ ബല്ലാത്ത ജാതി..ഉമ്മ നമ്മളെ ഉമ്മ തന്നെ ഇപ്പൊ ഒറപ്പായി.

എന്നാലും ഉമ്മ പറഞ്ഞത് പൂർണ്ണമായും തള്ളി കളയാനും തോന്നിയില്ല. ചിലപ്പൊ ലൈബ്രറിയിലെ ക്യാമറ വഴി കണ്ടതാണെങ്കിലോ? അതിന് ലൈബ്രറിയില് ക്യാമറ ഉണ്ടോ? ആവോ...എന്തായാലും ഇപ്പൊ എന്താ നമ്മക്ക് കിട്ടേണ്ടത് കിട്ടിയില്ലെ...

അപ്പോഴാ നമ്മക്ക് ആ ഗിഫ്റ്റ് ഓർമ്മ വന്നത്. വേഗം റൂമിൽ ചെന്നിട്ട് ബാഗ് തുറന്ന് അതെടുത്തു.

എന്തായിരിക്കും ഇതില് എന്ന ചോദ്യം നമ്മളെ മനസ്സിൽ ഓടി കൊണ്ടിരുന്നു. തുറക്കണോ വേണ്ടയോ എന്നോലോചിച്ച് അവസാനം തുറന്ന് നോക്കാൻ തീരുമാനിച്ചു.

മടിച്ച് മടിച്ച് അത് തുറക്കാൻ വേണ്ടി അതിൽ കൈ വെച്ചതും പെട്ടെന്ന് നമ്മളെ ഫോൺ ബെല്ലടിച്ചു.

അപ്രതീക്ഷിതമായ ഒരു ഫോൺ കോളായോണ്ട് നമ്മള് ചെറുതായൊന്ന് പേടിച്ചു.

നോക്കുമ്പൊ ആ കോന്തനാണ് വിളിക്കുന്നത്.

'അവൻ്റെ ഫോൺ നമ്മള് എറിഞ്ഞ് പൊട്ടിച്ചതല്ലെ പിന്നെ എങ്ങനെ....? അവൻ കോടീശ്വരൻ അല്ലെ ഫെബീ ...ഒരു ഫോണിനാണോ പഞ്ഞം.'

നമ്മള് കോൾ അറ്റൻഡ് ചെയ്തു.

നമ്മള്: "ഹലോ..."

ആദി: "ഹലോ ഐഷൂ....സുഖല്ലേ?"

നമ്മള്: " ഇൻ്റെ സുഖവിവരം തിരക്കാനാണോ ഇപ്പൊ വിളിച്ചത്? "

ആദി: "ഇൻ്റെ ഐഷൂനെ ഞാനിനി രണ്ട് ദിവസം

കഴിഞ്ഞതല്ലേ കാണൂ...അതോർത്തപ്പോ ഒരു സമാധാനവും ഇല്ല."

"എനിക്ക് അത് ആലോചിക്കുമ്പോഴാ ഇത്തിരി സമാധാനം കിട്ടുന്നത്."

ആദി: "ഐഷു ഇപ്പൊ വല്ലതും പറഞ്ഞോ?"

നമ്മള്: " എന്തിനാ വിളിച്ചതെന്ന് ചോദിച്ചതാ...."

ആദി: " അതിന് ഇപ്പൊ പ്രത്യേകിച്ച് വല്ല കാരണവും വേണോ നിന്നെ വിളിക്കാൻ...അല്ലാ നീ ഞാൻ തന്ന ഗിഫ്റ്റ് തുറന്നു നോക്കിയോ?"

നമ്മള്: "ആ...തുറന്നു...."

ആദി: " കള്ളം... പച്ച കള്ളം...നീയത് തുറന്നു നോക്കിയിട്ടുണ്ടെങ്കിൽ എനിക്ക്

വിളിക്കേണ്ടതാണ്...കാരണം ആ ഗിഫ്റ്റ് കണ്ടാൽ നീ ശരിക്കും ഞെട്ടും."

നമ്മള്: " ഓഹോ...അതിലെന്താ ബോംബാണോ ഇത്രക്ക് ഞെട്ടാൻ.."

ആദി: "അതേലോ.... ഒരു ടൈം ബോംബ്..."

എന്ന് പറഞ്ഞ് ചിരിച്ചോണ്ട് കോന്തൻ ഫോൺ കട്ടാക്കി.

ഓനത് പറഞ്ഞപ്പൊ തൊട്ട് അത് തുറക്കാൻ പേടിയായി...ഇനി അവൻ പറഞ്ഞ പോലെ അതൊരു ടൈം ബോംബ് ആണെങ്കിലോ?

പക്ഷേ ഇത് തുറക്കാതെ പറ്റില്ലല്ലോ...എന്തായാലും തുറക്കണ്ടെ...

അവസാനം പടച്ചോനേ കാത്തോളീന്ന് പറഞ്ഞ് നമ്മളത് തുറന്ന് നോക്കിയതും അവൻ പറഞ്ഞ പോലെ തന്നെ

നമ്മള് ഞെട്ടി.

"ടൈം ബോംബ്..."

(തുടരും)

.

_ഭാഗം. 26_

അവസാനം പടച്ചോനേ നമ്മളെ കാത്തോളീന്ന് പറഞ്ഞ് തുറന്ന് നോക്കിയതും അവൻ പറഞ്ഞ പോലെ തന്നെ നമ്മള് ഞെട്ടി.

"ടൈം ബോംബ്...ഛെ...... ടൈം പീസ്...."

അതും നമ്മള് ഗിറ്റാർ പിടിച്ച് പാട്ട് പാടുന്ന ഫോട്ടോ വെച്ച

ഒരു അടിപൊളി ടൈം പീസ്. എനിക്കത് വല്ലാതങ്ങ് ഇഷ്ടപ്പെട്ടു.

അപ്പോഴാണ് നമ്മളെ ആദിൽക്ക വീണ്ടും വിളിക്കുന്നത്....എന്തിനാ നിങ്ങള് ചിരിക്കുന്നേ? ഓ...കോന്തൻ മാറി പെട്ടെന്ന് ആദിൽക്കാന്ന് പറഞ്ഞതോണ്ടാണോ? അവനോടുള്ള ദേഷ്യം ഒന്നും കുറഞ്ഞിട്ടില്ലെങ്കിലും ഇച്ചിരി ഇഷ്ടം ഒക്കെ ഉണ്ട്...എന്ന് കരുതി നിങ്ങൾ കരുതുന്ന പോലെ പ്രേമമൊന്നും അല്ലട്ടാ...വേറെ എന്തോ ഒരിഷ്ടം...

നമ്മള് മൂപ്പരെ കോൾ അറ്റൻഡ് ചെയ്തു. എന്നിട്ട് കുറച്ച് മയത്തിലൊക്കെ അങ്ങ് സംസാരിച്ചു. ചുമ്മാ ....വെറുതെ...

നമ്മള്: "ഹലോ..."

ആദി: "ഹലോ...ഐഷൂ....നമ്മളെ ഗിഫ്റ്റ് തുറന്നു നോക്കിയോ? ഇഷ്ടായോ അനക്ക്?"

നമ്മളൊന്ന് മൂളി കൊടുത്തു. അപ്പൊ മൂപ്പര് ഞെട്ടി തരിച്ച് കൊണ്ട് വീണ്ടും ചോദിച്ചു.

ആദി: "ങേ.... ഇഷ്ടായോ? സത്യം പറ..."

നമ്മള്: "ആ....ഇഷ്ടായി..."

നമ്മളതും കയ്യിൽ പിടിച്ച് അതിലേക്ക് തന്നെ നോക്കി കൊണ്ട് മറുപടി കൊടുത്തു.

ആദി: "ഹാവൂ....ഇപ്പോഴാ ഒരു സമാധാനമായേ...അൻക്ക് ഞാൻ തന്ന ഗിഫ്റ്റ് ഇഷ്ടാവോന്ന് കരുതി ടെൻഷനടിച്ച് ഇരിക്കായിരുന്നു."

നമ്മളൊന്ന് മൂളി കൊടുത്തു. അപ്പോഴാ നമ്മക്ക് അരുണിൻറെ കാര്യം ഓർമ്മ വന്നത്.

നമ്മള്: " ഞാൻ ഇങ്ങളോട് ഒരു കാര്യം ചോയിക്കട്ടേ?"

ആദി: " നീ ചോദിക്ക് ഖൽബേ...."

'ഓ......ഈ ഖൽബേ വിളി കേക്കുമ്പോ തന്നെ ഫൈസൽക്കാനെ ആണ് ഓർമ്മ വരുന്നത്... ഇതിലും ഭേദം ഐഷൂ ആണ്.'

ആദി: "ഹലോ...പോയോ ...നീ ചോദിക്കുന്നില്ലേ?"

നമ്മള്: " ആ....ഇങ്ങളും അരുണും തമ്മിൽ എങ്ങനെ പരിചയം? "

ആദി: " ഇതായിരുന്നോ അൻക്ക് ചോദിക്കാന് ഉള്ളത്? ഞാൻ കരുതി......... "

നമ്മള് ഇച്ചിരി ഗൗരവത്തില്: "എന്ത് കരുതി...?"

ആദി: " അതൊന്നുല്യാ.....അത് വിട്... അല്ലാ അപ്പൊ

നിന്നോട് അച്ചു ഒന്നും പറഞ്ഞില്ലേ?"

നമ്മള്: "ഇല്ലാ...ഞാൻ ചോദിക്കാന് വിട്ട് പോയി..."

ആദി: "ഓ.....അവൻറെ ഏട്ടനും ഞാനും ഫ്രെണ്ട്സാ..അപ്പോ അവൻ പറഞ്ഞിരുന്നു അരുണിന് കോളേജിൽ അഡ്മിഷൻ ശരിയാക്കി കൊടുക്കാൻ. പിന്നെ ഇന്നലെ അച്ചൂനോട് സംസാരിച്ചപ്പോഴാ അറിഞ്ഞത് അരുണും അവളും തമ്മിലുള്ള റിലേഷൻ...അപ്പൊ പിന്നെ അവൾക്കൊരു സർപ്രൈസ് ആയിക്കോട്ടേന്ന് ഞാനും കരുതി..."

നമ്മളതിനും ഒന്ന് മൂളി കൊടുത്തു. പെട്ടെന്നാണ് നമ്മക്ക് മറ്റൊന്ന് ഓർമ്മ വന്നത്. ഞങ്ങളാണ് ഫാൻസ് എന്ന് എങ്ങനെ മൂപ്പര് കണ്ടെത്തിയെന്ന്..അപ്പൊ തന്നെ നമ്മളത് ചോദിച്ചു.

ആദി: "ഈ ചോദ്യമാണ് ഞാൻ ആദ്യം നിന്നിൽ നിന്നും പ്രതീക്ഷിച്ചത്...എന്തായാലും നീയിത് എന്നോട് ചോദിക്കുമെന്ന് എനിക്ക് ഉറപ്പേന്നു.."

നമ്മള്: " ഓഹോ... എന്നാ പറ...എങ്ങനെ കണ്ടെത്തിയേ?"

ആദി: " ഇല്ല മോളേ...ആ കാര്യം നീ അറിയണ്ടട്ടോ...

എന്തായാലും എനിക്ക് സമാധാനായി. നീ എന്നോട് മിണ്ടിയല്ലൊ...ഞാൻ കരുതി നിന്നെ ഓഡിറ്റോറിയത്തിൽ വെച്ച് നാണം കെടുത്തിയതിനും നിൻറെ കയ്യിൽ പിടിച്ചതിനും നീ നമ്മളോട് ഇനി മിണ്ടില്ല ദേഷ്യമായിരിക്കുമെന്ന്..."

നമ്മള്: "അതിന് ആരു പറഞ്ഞു എനിക്ക് നിങ്ങളോട് ദേഷ്യം ഇല്ലാന്ന്...എൻറെ ഉപ്പാനെ ഓർത്തിട്ടാ ഞാൻ നിങ്ങളോട് വഴക്കിന് വരാഞ്ഞത്.

ഞാൻ ഉപ്പാക്ക് വാക്ക് കൊടുത്തതാ ഇനി ഒരു പ്രശ്നത്തിനും ഞാനായിട്ട് പോകില്ലാന്ന്...

എന്ന് കരുതി നിന്നെ ഞാൻ വെറുതെ വിടുമെന്ന് കരുതണ്ടടാ കോന്താ...എന്നെ നാണം കെടുത്തിയതിനും എന്നെ ശല്യം ചെയ്യുന്നതിനുമായി

ഒക്കെ കൂടി ഒരു പണി നിനക്ക് ഞാൻ തന്നിരിക്കും...നീ കാത്തിരുന്നോ..."

ആദി കലിപ്പിൽ: "ഡീ....ബഹുമാനം..

ബഹുമാനം....നിങ്ങൾ എന്നൊക്കെ വിളിച്ചത് ഇപ്പൊ നീയെന്നൊക്കെ ആയല്ലേ....മര്യാദക്ക് സംസാരിച്ചോ? ഇല്ലെങ്കിൽ ഉണ്ടല്ലോ..."

നല്ല കട്ട കലിപ്പിൽ നമ്മള്: " ഇല്ലെങ്കിൽ നീ എന്താടാ ചെയ്യാ? കൂടി പോയാ എൻ്റെ ഉപ്പാക്ക് വിളിക്കും..അത്രയല്ലേയുള്ളൂ...നീ വിളിക്കെടാ...എൻ്റെ ഉപ്പാക്ക് മറ്റാരേക്കാളും നന്നായിട്ട് എന്നെ മനസ്സിൽ ആക്കാൻ പറ്റും. അതോണ്ട് നീ എന്ത് പറഞ്ഞാലും അത് ഉപ്പ കാര്യമാക്കില്ല."

ആദി: "ഓഹോ...നിനക്ക് അപ്പൊ അത്രക്ക് ഉറപ്പാലേ നിൻ്റെ ഉപ്പ നിൻ്റെ കൂടെ നിൽക്കൂന്ന്..."

നമ്മള് പുച്ഛത്തോടെ: "അതേടാ... എനിക്ക് നല്ല ഉറപ്പാ...അതോണ്ട് ഇനി ആ പേരും പറഞ്ഞ് എന്നെ

നിൻറെ വരുതിയിൽ കൊണ്ട് വരാമെന്ന് നീ സ്വപ്നത്തിൽ പോലും കരുതണ്ട..."

ആദി: "ഡീ...ഡീ...ഡീ...ആയിഷാ...നിൻറെ എടാ പോടാ വിളി കുറച്ച് കൂടുന്നുണ്ട്ട്ടാ...മര്യാദക്ക് എന്നോട് സംസാരിച്ചോ..."

നമ്മള്: "ഇല്ലെങ്കിൽ താനെന്താ എന്നെ മൂക്കിൽ വലിച്ച് കേറ്റോ?"

ആദി കട്ട കലിപ്പിൽ: "അതേടീ... വലിച്ച് കേറ്റും...നിനക്ക് കാണണോ?"

നമ്മളും നല്ല കട്ടക്ക്: "ആടാ...കാണണം...വല്ലാതെ വീരവാദം മുഴക്കല്ലെ...ഈ ഫെബിൻറെ തനി കൊണം നീ അറിയും..."

ആദി: "അതറിയാൻ ഞാൻ വരുന്നുണ്ട് കാത്തിരുന്നോ..."

നമ്മള്: "കാത്തിരിക്കാൻ കുടെ ഒരുത്തിയുണ്ടല്ലൊ സൽമ...അവളോട് പറഞ്ഞാൽ മതി..ഈ ഫെബിയെ അതിനു കിട്ടില്ല..."

ആദി: "ഡീ....സൽമൻറെ കാര്യം എങ്ങാനും മിണ്ടിയാലുണ്ടല്ലോ..."

നമ്മള്: "മിണ്ടിയാലെന്താ ചെയ്യാ? ഞാൻ ഇനിയും പറയും സൽമ...സൽമ...സൽമ .."

ആദി: "ഇനി നീ സൽമയെ കുറിച്ച് വല്ലതും മിണ്ടിയാലുണ്ടല്ലൊ നിൻറെ ചുണ്ട് ഞാനങ്ങ് കടിച്ച് പറിക്കും ..കേട്ടോടീ..."

അവനത് പറഞ്ഞതും അവനോടുള്ള ദേഷ്യം ഇരട്ടിയായി എൻറെ ഉള്ളിൽ തിളച്ച് മറിഞ്ഞു.

നമ്മള് ഉഗ്ര രൂപിണിയായി അലറി: "പോടാ

പട്ടി...തെണ്ടി...ചെറ്റേ....₹%&#%@₹%....."

അതും പറഞ്ഞ് നമ്മള് കട്ട് ചെയ്ത് ഫോൺ ബെഡിലേക്ക് എറിഞ്ഞു. കയ്യിൽ ഇരിക്കുന്ന ടൈം പീസ് കണ്ടപ്പൊ അതിലേറെ ദേഷ്യം വന്നു. നമ്മളതെടുത്ത് വാതിലിന് നേരെ എറിഞ്ഞതും ഷാദി വന്നതും ഒപ്പായിരുന്നു.

"ക്യാച്ച്....ജസ്റ്റ് മിസ്...ഇല്ലെങ്കിൽ ഇപ്പൊ നമ്മളെ നെറ്റിയിലും ഒരു ബാൻറേജ് വന്നേനെ..."

ഷാദി അതെടുത്ത് ടേബിളിൽ വെച്ചു.അതില് നമ്മളെ ഫോട്ടോ കണ്ടപ്പൊ അത് ഒന്ന് കൂടി എടുത്ത് നോക്കിയിട്ട് വീണ്ടും അവിടെ തന്നെ വെച്ചു. എന്നിട്ട് നമ്മളെ നേരെ തിരിഞ്ഞ് ഒന്ന് ചിരിച്ചു.

"ഇതേതാ പുതിയ ടൈംപീസ്? അതും അൻറെ ഫോട്ടോ ഒക്കെ വെച്ചിട്ടുള്ളത്...പുതിയത് വാങ്ങിയതാണോ? എന്നിട്ട് എന്തിനാ അതെറിഞ്ഞേ?"

നമ്മളൊന്നും ഷാദിക്ക് മറുപടി കൊടുക്കാതെ ബെഡിലേക്ക് ഇരുന്നു. മനസ്സിൽ മുഴുവൻ ഇപ്പൊ ആ കോന്തനോടുള്ള വെറുപ്പാണ്. നിങ്ങള് നോക്കണ്ട...ഓൻ കോന്തൻ തന്നെയാ...കോന്തൻ തെണ്ടി...ഇനി ഓനെ ഇൻറെ പട്ടി വിളിക്കും ആദിൽക്കാന്ന്...അല്ല പിന്നെ... ക്ഷമക്കുമില്ലെ ഒരതിര്..നിങ്ങള് പറ...

"എന്താ താത്താ ഒന്നും മിണ്ടാത്തേ...കാര്യം പറ..."

"ഷാദി നീ പോയേ... എനിക്ക് കുറച്ച് മനസ്സമാധാനം വേണം.."

നമ്മള് ഓനോട് കുറച്ച് കലിപ്പിൽ പറഞ്ഞു. ഷാദി ചിരിച്ചോണ്ട് നമ്മളെ അടുത്ത് വന്നിരുന്നു.

"ഇൻറെ ഇത്തൂസ് ഇന്ന് നല്ല കലിപ്പിലാണല്ലോ..

എന്താ കാര്യം?

ഇജ്ജ് വീണ്ടും ആ താടിക്കാരൻ മൊഞ്ചനെ കണ്ടോ?"

അവനതും ചോദിച്ചോണ്ട് നമ്മളെ നോക്കി ചിരിച്ചു. ഇവനറിയില്ല നമ്മള് ആ തെണ്ടിനെ കോളേജിൽ വെച്ച് കണ്ടതൊന്നും...അത് പറയാനതിന് ഇവനെ കിട്ടിയിട്ട് വേണ്ടേ...

പക്ഷേ, ഓനിപ്പൊ പറഞ്ഞ കോമഡി ഒരുമാതിരി അസ്ഥാനത്തെ കോമഡി ആയി പോയി. അതോണ്ട് കൺട്രോൾ തെറ്റി നമ്മള് ആ ടൈംപീസ് എടുത്ത് അവന് നേരെ എറിയാൻ നിന്നു.

അപ്പോഴേക്കും ഷാദി പേടിച്ച് എണീറ്റിട്ട് കൈ കൂപ്പി നിന്നു.

"അള്ളോ....താത്താ...മാണ്ടാ...എറിയല്ലീ ....പ്ലീസ് ...ഞാനൊന്നും ഓനെ പറ്റി ഇനി ചോയിക്കൂലാ....പ്ലീസ്..എറിയല്ലീ..."

കണ്ണുമടച്ച് കൈ കൂപ്പി പേടിച്ച് നമ്മളെ മുൻപിൽ നിന്ന് ഷാദി വിറക്കുന്നത് കണ്ടപ്പൊ അറിയാതെ നമ്മള്

ചിരിച്ച് പോയി. നമ്മളെ ചിരി കേട്ട് ഓൻ ഇടംകണ്ണിട്ട് നോക്കിയിട്ട് 'ഹാവൂ...' എന്ന് നെഞ്ചത്ത് കൈ വെച്ചു. എന്നിട്ട് നമ്മളെ അടുത്തേക്ക് വന്ന് കയ്യീന്ന് ആ ടൈംപീസ് വാങ്ങി ടേബിളിൽ വെച്ചു.

"ഇത് ഇവിടെ ഇരിക്കട്ടെ...അതാ നമ്മക്ക് സേഫ്.... ഇനി നമ്മളെ ഇത്തൂസ് പറ എന്നതാ പ്രശ്നം?"

നമ്മളൊന്ന് നെടുവീർപ്പിട്ടിട്ട് ഇതുവരെ കോളേജിൽ വെച്ച് നടന്ന സകലതും അവനോട് പറഞ്ഞു. ഒരു കഥ കേട്ടിരിക്കുന്ന പോലെ ഷാദി താടിക്ക് കയ്യും വെച്ച് നമ്മളെ നോക്കി.

"എന്നിട്ട്.......?"

"എന്നിട്ട് ഒലക്ക...അത്രേ ഉള്ളൂ...ഇജ്ജെന്താ കഥ കേക്കാണോ? എന്നിട്ട് എന്നിട്ടെന്ന് പറയാൻ..."

"അപ്പൊ ഈ ടൈംപീസ് തന്നത് ആ

താടിക്കാരനാണല്ലേ?

അപ്പൊ അവനോടുള്ള ദേഷ്യമാണ് നമ്മളെ ഇത്തൂസിൻറെ കലിപ്പിന് കാരണമല്ലേ...?

ഇത് ഇങ്ങനെ വെറുതെ വിട്ടാൽ പറ്റില്ലല്ലോ ഇത്തൂസേ....എപ്പോഴും ഓൻ മാത്രം ഗോളടിച്ചിട്ട് കാര്യമില്ലല്ലൊ ഇടക്ക് നമ്മക്കും അടിക്കണ്ടേ?"

"അതിന് ഓന് എതിരെ എറിയാൻ പന്ത് കിട്ടണ്ടടാ...കിട്ടുന്ന പന്തൊക്കെ ഗോൾ പോസ്റ്റില് എത്തുമ്പോഴേക്കും തിരിച്ച് നമ്മളെ പോസ്റ്റിലേക്ക് ഗോൾ പോവാ..."

"ഇൻറെ ഇത്തൂസ് വിഷമിക്കാതെ ഇരിക്ക്...ഓനിട്ട് നമുക്ക് നല്ല അസ്സല് പണി തന്നെ കൊടുക്കാം...ഞാനൊന്ന് പ്ലാൻ ചെയ്യട്ടെ..."

ഓനതും പറഞ്ഞ് എന്തൊക്കെയോ കണക്ക് കൂട്ടി കൊണ്ട് അവിടന്ന് എണീറ്റു. പെട്ടെന്ന് ഓൻ തിരിഞ്ഞ് നമ്മളെ നോക്കിയപ്പൊ ഒരു പ്രതീക്ഷയോടെ നമ്മള്

കണ്ണും നട്ടിരുന്നു.

"എന്താടാ ഷാദി...അവനെ പൂട്ടാൻ വല്ല ഐഡിയയും കിട്ടിയോ?"

"അതല്ല....ഞാനിപ്പോഴാ ഇങ്ങോട്ട് വന്നതിൻറെ കാര്യം ഓർത്തത്...

നാളെ ഞങ്ങളെ ടൂർണമെൻ്റുണ്ട് മലപ്പുറത്ത് വെച്ചിട്ട് ഇത്തൂസ് മറക്കരുത് എനിക്ക് വാക്ക് തന്നതാ കളി കാണാൻ വരാന്ന്..."

"ഇല്ലട പൊട്ടാ... അൻറെ കളി കാണാൻ ഗ്യാലറിയിൽ മുന്നിൽ തന്നെ നമ്മളുണ്ടാവും.അൻറെ ഓരോ ഗോളിനും ഓരോ വിസിലും അടിച്ചോണ്ട്..."

"നമ്മക്കത് കേട്ടാ മതി ഇത്തൂസേ..."

എന്ന് പറഞ്ഞ് ചെക്കൻ നമ്മളെ കവിളിൽ പിച്ചി കൊണ്ട് ഓടി.

കാൽപന്തെന്ന് പറഞ്ഞാൽ ജീവനാ ഷാദിക്ക്...നമ്മളെ നാട്ടില് അറിയപ്പെടുന്ന ഒരു കളിക്കാരനാണ് ഓൻ. കൂട്ടുകാർക്കിടയിലെ റൊണാൾഡോ..

അവൻറെ ടീമിലെ ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരനും ഓനാണ്. ഓൻറെ കാൽപന്തിനോടുള്ള മൊഹബത്ത് കണ്ട് നമ്മളെ പിന്നാലെയും പെൺകുട്ട്യോള് നടന്നിരുന്നു ഷാദിനോട് കൂട്ട് കൂടാൻ. നമ്മളെ ചെക്കൻ അവർക്കൊന്നും പിടി കൊടുക്കാതെ പിടിയിലായത് സഫ്നൻറെ മുന്നിലും...

ആലോചിക്കുമ്പൊ തന്നെ ചിരിയാണ് വരുന്നത്. അവൻറെ പ്രേമം ഏത് വരെ പോകുമെന്ന് ഓർത്തിട്ട്...

ഇനി നാളെ ഓനെ മലപ്പുറം വരെ കൊണ്ടെത്തിക്കേണ്ട ചുമതല നമ്മക്കാണ്. വീട്ടിൽ ഓൻറെ ഈ കാൽപന്ത് കളിക്ക് കൂട്ട് നിൽക്കുന്ന ഒരേയൊരാള് നമ്മളാണ്...ഉപ്പാക്ക് ആണെങ്കിൽ ഓൻ ബൂട്ടില് തൊടുന്നത് പോലും ഇഷ്ടല്ല.

"പത്താം ക്ലാസാണ്... കറങ്ങി തിരിഞ്ഞ് നടക്കാതെ മര്യാദക്ക് പഠിച്ചോ... ഓൻറൊരു ഫുട്ബോള്...."

എന്നൊരു ഡയലോഗും കാച്ചി കൊണ്ട് ഉപ്പ ഓൻറെ സ്വപ്നത്തിൽ ഒക്കെ മണ്ണ് വാരിയിട്ടു. പാടത്തും പറമ്പിലുമൊക്കെ ഓൻ കളിക്കുന്നത് കാണാനും പ്രോത്സാഹിപ്പിക്കാനും ചെല്ലുമെങ്കിലും ഓനെ ഒരൊറ്റ ടൂർണമെൻ്റിനും ഉപ്പ വിട്ടിട്ടില്ല.

രണ്ട് തവണയാണ് അവന് പോകാനുള്ള അവസരം ഉപ്പ നഷ്ടമാക്കിയത്. അതിൻറെ ഒരു ചെറിയ പിണക്കവും പരിഭവവുമൊക്കെ ഉപ്പാനോട് ഓനുണ്ട്.

ഇത് മൂന്നാമത്തെ ടൂർണമെൻ്റ് ആണ്. ഇതിൽ അവനെ പങ്കെടുപ്പിക്കാമെന്ന് ഞാൻ വാക്ക് കൊടുത്തതേന്നു. ഇനി നാളെ ഒരു കള്ളവും പറഞ്ഞോണ്ട് ഇവനേയും കൊണ്ട് മുങ്ങണം. ഉമ്മാനോട് പിന്നെ സത്യം പറഞ്ഞാലും കൊഴപ്പല്യാ...ഉപ്പാനോട് പറയണ്ടാന്ന് പറഞ്ഞാൽ പിന്നെ ഉമ്മ പറയില്ല.

അതോണ്ട് ഇനി വല്യ തടസങ്ങളൊന്നും ഇല്ല. ഉപ്പ രാവിലെ തന്നെ കടേല് പോകും. പിന്നെ രാത്രിയാകും

വരാൻ. വൈകുന്നേരം ആകുമ്പോഴേക്കും തിരിച്ചെത്തുമെന്നാ ഓൻ പറഞ്ഞത്. അതോണ്ട് ഉപ്പ അറിയോ എന്നുള്ള ടെൻഷനും ഇല്ല.

നമ്മളൊരു നെടുവീർപ്പിട്ടിട്ട് കട്ടിലിലേക്ക് ചാഞ്ഞു.

ഷാദിനോട് എല്ലാം തുറന്നു പറഞ്ഞപ്പൊ ഒരു മനസ്സമാധാനമുണ്ട്. അതോണ്ട് കണ്ണടച്ചപ്പൊ തന്നെ നമ്മളൊന്ന് മയങ്ങി. എന്നിട്ട് ഇന്നലത്തെ ഉറക്ക ക്ഷീണം മൊത്തം തീർത്തു.

....

"എടാ ആദി...ഇന്ന് നൈറ്റ് എന്താ പരിപാടി? നമുക്ക് സെക്കന്റ്ഷോക്ക് പോയാലോ?"

"ഇല്ലെടാ അനു...എനിക്കിന്ന് നൈറ്റ് വേറെയൊരു പരിപാടിയുണ്ട്."

"ഞങ്ങൾ അറിയാത്ത എന്ത് പരിപാടിയാടാ അത്?"

"അതൊക്കെ ഉണ്ട് മോനേ..."

നമ്മളെ പറച്ചില് കേട്ടിട്ട് അവൻമാരൊന്ന് നീട്ടി മൂളി.

"ആദി...നീ അവൾക്ക് വിളിച്ചീന്നോ? അവളെന്ത് പറഞ്ഞു ഗിഫ്റ്റ് ഇഷ്ടായോ?"

സിദ്ധൂൻറെ ചോദ്യം കേട്ടപ്പൊ ഒന്ന് മൂളി കൊടുത്തു എന്നല്ലാതെ നമ്മള് വേറൊന്നും മിണ്ടിയില്ല. അവള് പറഞ്ഞതെങ്ങാനും ഇവൻമാരോട് പറഞ്ഞാൽ പിന്നെ നമ്മളെ തോലുരിക്കുന്ന തരത്തിൽ ആകും കളിയാക്കല്.

"അല്ലെട ആദി .. ഇത് വല്ലതും നടക്കോ? അവള് നിന്നെ ഇഷ്ടപ്പെടുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം അത്രക്ക് നീ അവളെ ശല്യം ചെയ്തിട്ടുണ്ട്,അതും ഈ രണ്ട് ദിവസത്തിനുള്ളിൽ."

"അക്കു പറഞ്ഞതിലും കാര്യമുണ്ട്. നീ അവളെ എല്ലാരെ മുൻപിൽ വെച്ചും നാണം കെടുത്തിയതിന് കയ്യും കണക്കുമില്ല. ഇനിയും അവള് നിൻറെ അടുത്തേക്ക് വരോ? എനിക്ക് പ്രതീക്ഷയില്ല."

"എടാ അനു...നിങ്ങൾക്കൊന്നും പ്രതീക്ഷയില്ലെങ്കിലും എനിക്ക് നല്ല പ്രതീക്ഷയുണ്ട് എന്നെങ്കിലും ഒരിക്കൽ അവളെൻറെ സ്നേഹം മനസ്സിലാക്കി എൻറെ ബീവിയായി കൂടെയുണ്ടാകുമെന്ന്."

"ആ എന്നെങ്കിലും ഒരിക്കൽ എന്നാണെന്നാ ഞങ്ങൾക്ക് അറിയേണ്ടത്."

"അതിന് ഇനിയും ടൈം കിടക്കല്ലേ അക്കൂ...അത് വരെ അവളെയിട്ട് ഇങ്ങനെ വട്ടം കറക്കുന്നതിലും ഒരു സുഖമൊക്കെയുണ്ട്."

"ആ സുഖവും കെട്ടി പിടിച്ച് ഇരുന്നോ അവളെ വേറെ ആമ്പിള്ളേരും കൊണ്ട് പോകും."

"ഇല്ല മോനേ സിദ്ധൂ... അവളെ കൊണ്ട് പോകാൻ മാത്രം നട്ടെല്ലും ചങ്കുറപ്പുമുള്ള ഒരുത്തനും ജനിച്ചിട്ടില്ല. അങ്ങനെ ഒരാൾ ഉണ്ടെങ്കിൽ അത് ഈ ആദിൽ സാഹിബ് കരീമായിരിക്കും."

"എടാ ആദി...അത് പിന്നെ ഞങ്ങൾക്കറിയില്ലേ...നിന്നെ വെറുതെ ചൂട് പിടിപ്പിക്കാൻ വേണ്ടി ഞങ്ങൾ ചുമ്മാ തട്ടി വിട്ടതല്ലേ..."

അനുവാണ്.

"അതെന്നെ...

ആദി ...സൽമ കാരണം നീ ഒരിക്കലും പ്രേമിക്കില്ലേ , മറ്റൊരു പെണ്ണിനേയും നിൻറെ ജീവിതത്തിലേക്ക് ക്ഷണിക്കില്ലേ എന്നൊക്കെ ഞങ്ങൾ ഒരുപാട് ആശങ്കപ്പെട്ടിട്ടുണ്ട്.

ഇപ്പോഴാ സത്യം പറഞ്ഞാൽ ഞങ്ങൾക്ക് സമാധാനമായത്. നീ നിനക്ക് ശരിയായതിനെ തെരെഞ്ഞെടുത്തല്ലോ എന്നോർത്ത്." അക്കുവാണ്.

"അതേടാ ആദി...അവള് നിൻറെ ബീവിയാകുന്നത് വരെ എന്തിനും ഏതിനും കട്ടക്ക് ഞങ്ങൾ എന്തായാലും കാണും." സിദ്ധുവാണ്.

നൻപണ്ടാ...എന്ന് പറഞ്ഞ് ഞങ്ങൾ കെട്ടി പിടിച്ചു.

നിങ്ങളിതാരെയാ നോക്കുന്നത്? നിസൂനെയാണോ? കോളേജ് വിട്ടിട്ട് അരമണിക്കൂറായി .ഇപ്പോ വരാന്ന് പറഞ്ഞിട്ട് പോയതാ ഇതുവരെ കാണുന്നില്ല.

നിങ്ങള് കരുതുന്ന പോലെ ഏതെങ്കിലും പെണ്ണുങ്ങളെ വായിനോക്കാൻ പോയതാവില്ലട്ടോ..വേറെ എന്തിനെങ്കിലും പോയതാവും. അതെന്താ എനിക്കിത്ര ഉറപ്പെന്നാവും നിങ്ങള് കരുതുന്നത്.

നമ്മളെ നിസൂന് ഒരു ഫ്ലാഷ് ബാക്കുണ്ട്.നല്ല കട്ട തേപ്പ് നൈസായിട്ട് കിട്ടിയ മൊതലാണ്. അതിനു ശേഷം ഒരുത്തിൻറെയും പിന്നാലെ പോയ ചരിത്രം ഉണ്ടായിട്ടില്ല. അതൊക്കെ വിശദായിട്ട് ഞാൻ പിന്നെ പറഞ്ഞു തരാട്ടോ അവൻ വരുന്നുണ്ട്...

"എവിടെ ആയിരുന്നെടാ നീ ഇത്രയും നേരം...എത്ര നേരായി ഞങ്ങൾ ഇവിടെ കാത്തിരിക്കുന്നെന്ന് അറിയാവോ?"

നമ്മള് തൊണ്ട കാറി അവനോട് ഒച്ച വെച്ചിട്ടും അവൻ ഫോണിൽ തോണ്ടിയിരിക്കാ.

"എടാ ആദി....കിട്ടി അളിയാ....." എന്ന് പറഞ്ഞ് നിസു ഞങ്ങളെ നേരെ അവൻറെ ഫോൺ നീട്ടി.

അത് കണ്ടതും പരിസരം മറന്ന് നമ്മള് നിസൂനെ കെട്ടി പിടിച്ച് ഒരുമ്മ കൊടുത്തു. അവനപ്പൊ തന്നെ നമ്മളെ ഒരു തള്ളായിരുന്നു.

"ഇതാടാ പട്ടി ഞാൻ നിനക്കൊരു ഉപകാരവും ചെയ്യാത്തേ... അവൻറെ ഒരു ഒലക്കീമലെ ഉമ്മ..."

അതും പറഞ്ഞ് നിസു ഒന്ന് നീട്ടി തുപ്പി. പക്ഷേ, അവനെന്തൊക്കെ പറഞ്ഞാലും എനിക്ക് കൺട്രോൾ ചെയ്യാൻ പറ്റണ്ടെ..അമ്മാതിരി ഐറ്റമല്ലെ അവൻ കൊണ്ട് വന്നത്.

"താങ്ക്സെടാ ചക്കരേ...ഇതൊന്ന് നമ്മള് അവൾക്ക് വിളിച്ച് പറയട്ടെട്ടോ...."

"ഉം...വിളിക്കുന്നതൊക്കെ കൊള്ളാം.പക്ഷേ ഇത് കണ്ടിട്ട് നാളെ തന്നെ അവള് പെട്ടിയും കിടക്കയും എടുത്ത് നിൻറെ വീട്ടിലേക്ക് വരാതെ നോക്കിക്കോ .."

നമ്മള് അവൾക്ക് ഡയൽ ചെയ്തിട്ട് ഫോൺ കാതില് വെച്ചിട്ട് പറഞ്ഞു.

"അവളിനി ഇപ്പൊ തന്നെ പെട്ടിയും കിടക്കയും എടുത്തോണ്ട് പോന്നാൽ അത്രയും സന്തോഷം... അവളെ സ്വീകരിക്കാൻ ഈ ആദി വീടിന്റെ മുന്നിൽ കാത്ത് നിൽക്കും.

ബെല്ലടിക്കുന്നുണ്ട് അവളെടുക്കുന്നില്ല. അതോണ്ട് ഇത് അവൾക്കൊന്ന് അയക്കട്ടെട്ടോ..."

അവൻമാരൊക്കെ കൂടി ഒന്ന് നീട്ടി മൂളി. നമ്മള് ഓരോട് അതെടുത്ത് ഗ്രൂപ്പിലും സ്റ്റാറ്റസും വെക്കാൻ പറഞ്ഞു.

'പെണ്ണേ....നിനക്കുള്ള അടുത്ത പണിയും കൊണ്ടിതാ ഞാൻ വന്നിരിക്കുന്നു.'

••

നമ്മളെ ഫോൺ ഒരു സ്വസ്ഥതയും തരാതെ കെടന്ന് കാറുന്നത് കേട്ടാണ് നമ്മള് ഉറക്കമുളർന്നത്.കണ്ണും തിരുമ്മി ഒരു കൊട്ടാവിയും ഇട്ടോണ്ട് ക്ലോക്കിലേക്ക് നോക്കിയപ്പോ സമയം 8.15....

"പടച്ചോനേ ഇൻറെ മഗ്രിബും ഇശാഹും..." എന്ന് പറഞ്ഞ് നെഞ്ചത്ത് കൈ വെച്ചിട്ട് എണീറ്റപ്പൊ ഫോൺ വീണ്ടും കെടന്ന് കാറുന്നു.

നമ്മള് ഉറങ്ങിയപ്പോ ആരും വന്ന് ഉണർത്താത്ത ദേഷ്യം

നല്ലോണം നമ്മക്ക് ഉണ്ട്. അതും പോരാഞ്ഞ് വിളിക്കുന്ന ആളെ കണ്ടപ്പൊ അതിലേറെ ദേഷ്യം ഇരട്ടിച്ചു.

"ഇവന് കേട്ടതൊന്നും പോരേ.....ശരിയാക്കി തരാടാ..."

ആദി: "ഡീ... നീ എവിടെ പോയി കെടക്കേണ്ണെടി...എത്ര നേരായി ഞാൻ വിളിക്കുന്നു..."

നമ്മള്: "നിന്നോട് ഞാൻ പറഞ്ഞോ എന്നെ വിളിക്കാൻ..."

ആദി: "നീ പറഞ്ഞിട്ട് വേണ്ട ഈ ആദിക്ക് നിന്നെ വിളിക്കാൻ...എനിക്ക് എപ്പൊ തോന്നുന്നോ അപ്പൊ ഞാൻ നിനക്ക് വിളിക്കും....അപ്പൊ എന്നോട് സംസാരിച്ചിരിക്കണം."

നമ്മള്: "താനാരാന്നാ തൻ്റെ വിചാരം? എന്നെ ഒരു കാലത്തും സ്വസ്ഥതയോടെ ജീവിക്കാൻ

സമ്മതിക്കില്ലാന്ന് കച്ച കെട്ടി ഇറങ്ങിയതാണോ? എന്തിനാ ഇങ്ങനെ വെറുതെ എൻറെ വായേലുള്ളതൊക്കെ കേൾക്കാൻ നിക്കുന്നെ... വെച്ചിട്ട് പൊയ്ക്കൂടെ..."

ആദി: "പറഞ്ഞ് കഴിഞ്ഞോ.... എന്നാല് ഇനി ഐഷു മോള് വാട്സപ്പൊന്ന് തുറന്ന് നോക്കിക്കേ...നിനക്ക് ഒരു ആൽബം വന്നിട്ടുണ്ട്... ലേറ്റസ്റ്റാ..."

നമ്മള്: "ഓ....ആയിക്കോട്ടേ..."

അതും പറഞ്ഞ് നമ്മള് ഫോൺ കട്ടാക്കി.

" ഓ പിന്നെ..അവൻ പറഞ്ഞെന്ന് കരുതി നമ്മള് തുറന്നു നോക്കാൻ പോവല്ലേ...എനിക്ക് വേറെ പണിയുണ്ട്..."

നമ്മള് എണീറ്റ് ഫ്രഷായി വേഗം നിസ്കരിച്ചിട്ട് താഴേക്ക് പോകാൻ ഒരുങ്ങിയതും നമ്മളെ ഫോൺ കെടന്ന് ചെലക്കാൻ തുടങ്ങി.

നോക്കുമ്പൊ ആ കോന്തൻ തന്നെ...

"ഇവനിതെന്തിൻറെ കേടാ പടച്ചോനേ..."

നമ്മള്: "ഹലോ...എന്താ നിനക്ക് വേണ്ടത്? കുറേ നേരാല്ലോ തുടങ്ങിയിട്ട്..."

ആദി: "എത്ര നേരമായെടി നിന്നോട് ഒന്ന് വാട്സപ്പിൽ കേറാൻ പറഞ്ഞിട്ട്...

നിനക്ക് എന്താ അത് കേൾക്കാൻ ഇത്ര മടി...വാട്സപ്പിൽ കേറെടി...." എന്ന് പറഞ്ഞ് ചെക്കൻ കലിപ്പായി കൊണ്ട് ഫോൺ കട്ടാക്കി.

"തെണ്ടി....നല്ല പഞ്ച് ഡയലോഗ് മനസ്സിൽ വന്നതേന്നു അപ്പോഴേക്കും ഫോൺ വെച്ചു...

അതിനു മാത്രം എന്ത് കാന്തകല്ലാ ഉള്ളത്? ആ....ഒന്ന് തുറന്നു നോക്കി കളയാം..."

നമ്മള് അങ്ങനെ വാട്സപ്പ് തുറന്ന് നോക്കിയപ്പോ മെസേജിൻറെ ചാകര. അധികവും സ്കൂളിലെ ഗ്രൂപ്പിൽ

നിന്ന്. നമ്മള് വേഗം ആ കോന്തൻറേത് തുറന്നു നോക്കി. ഒരു വീഡിയോ കിടന്ന് കറങ്ങുന്നുണ്ട്. അതിൻറെ താഴെ ഒരു ലോഡ് മെസേജും.

"എവിടെ പോയി കിടക്കാടി...

വേഗം അത് തുറന്നു നോക്ക്....

ഡീ..ആയിഷ....

ഡീ...ഡീ...ഡീ....." ഇങ്ങനെ ഒരുപാട് ഡീയും...

"ഇത്ര മാത്രം ധൃതി കൂട്ടാൻ ഓൻറെ സൽമൻറെ വീഡിയോ ആണോ ഇത്....അല്ല പിന്നെ."

അവസാനം കറങ്ങി കറങ്ങി ഒരു പരുവമായപ്പൊ വീഡിയോ ഡൗൺലോഡായി. അത് തുറന്നു നോക്കിയതും നമ്മളെ കണ്ണ് രണ്ടും പുറത്തേക്ക് തള്ളി നിന്നു.

ഓനെ നമ്മള് പ്രപ്പോസ് ചെയ്യുന്നത് മെർസലിലെ 'നീ താനേ നീ താനേ...'എന്ന പാട്ട് ബാഗ്രൗണ്ട് മ്യൂസിക്

ആക്കി ഇട്ടിട്ട് ഒരു വീഡിയോ. നമ്മള് അത് കണ്ടതും ബെഡിലേക്ക് ഒരു മറിയലായിരുന്നു.

നമ്മള് എത്ര നേരം കണ്ണും തുറന്ന് അങ്ങനെ കെടന്നു എന്നറീല. ഇപ്പോഴും നമ്മളെ ഷോക്ക് വിട്ട് മാറിയിട്ടില്ല. പെട്ടെന്ന് ഒരു വാട്സപ്പ് കോൾ വന്നപ്പോഴാ ഞെട്ടി എണീറ്റത്. നോക്കുമ്പോ ആ കോന്തൻ...

എരിഞ്ഞ് കേറിയ ദേഷ്യം കടിച്ച് പിടിച്ച് കൊണ്ട് കോൾ കട്ടാക്കി അവന് മെസേജ് അയച്ചു.

നമ്മള്: "ഡാ ....എന്താടാ ഈ കാണിച്ച് വെച്ചേക്കുന്നത്..ഇതെങ്ങാനും നീ വേറെ ആർക്കെങ്കിലും വിട്ട് കൊടുത്താലുണ്ടല്ലോ...."

ആദി കോന്തൻ പൊട്ടി ചിരിക്കുന്ന സ്മൈലീസ് വിട്ടു.എന്നിട്ട് എന്തോ കാര്യമായിട്ട് ടൈപ്പി കൊണ്ടിരിന്നു.

ആദി: "ഇത് കാണുന്ന അവസാനത്തെ ആള്

നീയായിരിക്കും...സംശയമുണ്ടെങ്കിൽ ഒന്ന് ചെക്ക് ചെയ്ത് നോക്ക്..."

നമ്മളപ്പൊ തന്നെ നമ്മള് കുരാമീസ് മാത്രമുള്ള ഗ്രൂപ്പില് കേറി. നോക്കുമ്പോൾ അവറ്റകള് നാലും അതിൻറെ ചർച്ചയിലാ...നമ്മളെ ഓൺലൈനിൽ കണ്ടപ്പൊ നാലും കൂടി നമ്മളെ വളഞ്ഞു.

അച്ചു: "എടീ ഫെബീ...നീ കണ്ടോ നിങ്ങളെ പ്രപ്പോസ് വീഡിയോ? എന്ത് സൂപ്പറാക്കിയിട്ടാ അത് എഡിറ്റ് ചെയ്ത് വെച്ചിരിക്കുന്നത്...പൊളിച്ചു മോളേ.."

ഷംന: " ആ...അതെന്നെ...ഞാൻ ഇക്കാക്കും കസിൻസിനുമൊക്കെ അയച്ചിട്ടുണ്ട്. അവർക്കൊക്കെ അത് നല്ലോണം ഇഷ്ടായി..."

നസി: "എൻറെ ഫെബീ...പറയാൻ വാക്കുകളില്ല മുത്തേ... നിൻറെ റൊമാൻറികായിട്ടുള്ള ആ നോട്ടവും ഡയലോഗും കൂടെ ആ പാട്ടും കൂടി ചേർന്നപ്പൊ കിടു ആയിട്ടുണ്ട്..."

സന: "ഫെബീ...അവസാനം നീയാ പൂവ് കൊടുക്കുന്ന സീനില്ലേ...അതിൽ ആദിൽക്ക നിൻറെ കയ്യിൽ പിടിച്ച് നിന്നെ നോക്കുമ്പൊ എന്താ പറയാ മുത്തേ വാക്കുകളില്ല..."

നമ്മള് ആണെങ്കിൽ അവറ്റകളുടെ അഭിനന്ദനങ്ങൾ കേട്ട് കട്ട കലിപ്പിൽ: "നാല് പേരും ഒന്ന് നിർത്തുന്നുണ്ടോ...ഒരു ഒലക്കീമലെ റൊമാൻറിക്...ഈ ഫെബിയെ അതിനൊന്നും കിട്ടില്ല....മര്യാദക്ക് നാലെണ്ണവും ആ വീഡിയോ ഡിലീറ്റാക്കിക്കോ."

അച്ചു: "ഫെബീ..അതിനി ഞങ്ങൾ ഡിലീറ്റ് ആക്കിയിട്ടും വല്യ കാര്യമൊന്നുല്യാ...ഇതിനി കാണാൻ ബാക്കി ആരുമില്ല."

നസി: "ഇത് കിട്ടിയപ്പൊ തന്നെ ഞങ്ങൾ ഇത് സ്റ്റാറ്റസ് ആക്കി....അതിനി കാണാൻ ബാക്കി ആരുമില്ലെടീ..."

അവറ്റകളുടെ പറച്ചില് കേട്ട് നമ്മളെ തലയിൽ ഒരു

മിന്നലേറ്റു. അപ്പൊ തന്നെ നമ്മള് സ്റ്റാറ്റസ് എടുത്തു നോക്കി. ഭൂരിഭാഗവും അതാണ് സ്റ്റാറ്റസ് ആക്കി വെച്ചിട്ടുള്ളത്...

അത് കണ്ടപ്പൊ നമ്മളെ കയ്യും കാലും വിറക്കാൻ തുടങ്ങി. ഹസി അടക്കം അതാണ് സ്റ്റാറ്റസ്. ഹസിയും അത് തന്നെ സ്റ്റാറ്റസ് ആക്കി വെച്ചത് കണ്ടപ്പൊ നമ്മളെ ഉള്ള ബോധം കൂടി പോയി....

പെട്ടെന്ന് തന്നെ അവളോട് സ്റ്റാറ്റസ് മാറ്റാൻ പറഞ്ഞു. ഇല്ലെങ്കിൽ ഞങ്ങളെ ഫാമിലി മൊത്തം ഇത് കാണും. അവളോട് ഒഴിവാക്കാൻ പറഞ്ഞപ്പൊ അവള് പറയാ ഓളിത് ഞങ്ങളെ ഫാമിലി ഗ്രൂപ്പിൽ ഇട്ടിട്ടുണ്ട് ഇനി കാണാൻ ആരും ബാക്കിയില്ലാന്ന്...

എല്ലാം കൂടി നമ്മളെ തലയിൽ പിരാന്ത് കേറി കൊണ്ടിരുന്നു. ആ കോന്തൻ ആദിക്ക് അപ്പൊ തന്നെ നല്ല പച്ച മലയാളം വോയിസ് വിട്ടു. അത് നിങ്ങൾ കേൾക്കണ്ട,കേട്ടാ പിന്നെ ദഹിക്കില്ല. അത്രയൊക്കെ കണ്ണ് പൊട്ടുന്ന തെറി പറഞ്ഞിട്ടും ഉമ്മ വെക്കുന്ന സ്മൈലി അയച്ച് കളിക്കാ പന്നി....

എരിഞ്ഞ് കേറിയില്ലെ നമ്മക്ക് ദേഷ്യം...ഇപ്പൊ ഓനെ നമ്മളെ കയ്യിൽ കിട്ടിയാൽ വെട്ടി നുറുക്കി പട്ടിക്കിട്ട് കൊടുത്തേനെ...അത്രക്ക് ദേഷ്യം ഉള്ളില് ആളി കത്തുന്നുണ്ട്...

പക്ഷേ അതൊക്കെ കൺട്രോൾ ചെയ്ത് അവനോട് കനപ്പിച്ച് തന്നെ ചോദിച്ചു.

നമ്മള്: "നിനക്കെന്താടാ വേണ്ടത്...എന്തിനാ ഇങ്ങനെ ശല്യം ചെയ്യുന്നത്? നീ കാരണം ആ വീഡിയോ ഇനി കാണാൻ ആരും ബാക്കിയില്ല...ഇതിനു മാത്രം എന്നെ നാണം കെടുത്താൻ നിന്നോട് ഞാൻ എന്ത് തെറ്റാടാ ചെയ്തത്?"

ആദി: "നീയെന്നെ സ്നേഹിക്കുന്നില്ല അതാ നീ ചെയ്യുന്ന തെറ്റ്... നീയെന്നെ ഇഷ്ടാണെന്ന് പറഞ്ഞ് നോക്ക് പിന്നെ ഈ ശല്യം ചെയ്യല് ഒരിക്കലും ഉണ്ടാകില്ല....പക്ഷേ നീ ഇപ്പൊ തന്നെ ഇഷ്ടമൊന്നും പറയരുത്...ഞാൻ കളി തുടങ്ങിയിട്ടല്ലെ ഉള്ളൂ...അപ്പോഴേക്കും നീ ഇഷ്ടം പറഞ്ഞ് ഇത് പെട്ടെന്ന് ക്ലൈമാക്സിലേക്ക് കൊണ്ട് വരാൻ നോക്കരുത്...അപ്പൊ കണ്ടോണ്ടിരിക്കുന്നവർക്ക്

ബോറടിക്കും...അതോണ്ട് ഇപ്പൊ തന്നെ ഒന്നും എന്നോട് ഇഷ്ടാണെന്ന് പറയരുത് പ്ലീസ്.."

നമ്മള് കട്ട കലിപ്പിൽ: "നിന്നോട് ഞാൻ ഇഷ്ടം പറയുംന്ന് നീ സ്വപ്നത്തിൽ പോലും വിചാരിക്കണ്ട...ഈ ഫെബിക്ക് ജീവനുള്ളിടത്തോളം കാലം നീയായിരിക്കും എൻറെ ശത്രു...അതോണ്ട് നിൻറെ സ്നേഹത്തിന് വേണ്ടി പിന്നാലെ നടക്കുമെന്ന് നീ കരുതണ്ട..."

ആദി: "ഇതാണ്... ഇതാണ് എനിക്ക് വേണ്ടത്...നീ ഈ വാശിയോടെ എൻറെ എതിരെ നിന്നാലല്ലെ എനിക്കും ഒരു ത്രില്ല് ഉണ്ടാകൊള്ളൂ..."

അവൻറെ ഡയലോഗ് കേട്ടിട്ട് നമ്മള് കൺട്രോൾ വിട്ട് അലറി പോയി.

ആദി: "പിന്നെ... രാത്രി ഉറങ്ങുന്നതിന് മുൻപ് ഒന്ന് വിളിക്കണേ..."

നമ്മള്: "എൻറെ പട്ടി വിളിക്കുമെടാ തെണ്ടി നിനക്ക്..."

ആദി: "ഐഷൂ...നീ തന്നെ നിൻറെ പട്ടി ആകരുത്...എനിക്കുറപ്പാ ഇക്കാൻറെ ഐഷൂ ഇക്കാനെ എന്തായാലും വിളിക്കുമെന്ന്.."

അതിന് ചെവി അടിച്ച് പോകുന്ന തരത്തിലുള്ള തെറിയായിരുന്നു നമ്മളെ നാക്കീന്ന് വന്നത്...അത് വോയിസ് വിട്ടിട്ട് ഓനെ ബ്ലോക്ക് ആക്കി വേഗം നെറ്റ് ഓഫാക്കി ഫോൺ ബെഡിലേക്ക് ഇട്ടു. ഇപ്പൊ ആ സാധനം തൊടുന്നത് തന്നെ അലർജിയായി.

ഫോണിൽ നിന്നും കണ്ണെടുത്തിട്ട് വാതിലിൻറെ അടുത്തേക്ക് നോക്കിയപ്പോഴുണ്ട് അഞ്ച് തല മാത്രം കാണുന്നു.

ഉപ്പ,ഉമ്മ,ഷാദി,സിനു,പൂസീമാ (നമ്മളെ പൂച്ചക്കുട്ടി ആണ്ട്ടോ. ഓളും ഞാനും ഭയങ്കര കമ്പനി ആണ്.വെളുത്ത് തുടുത്ത പഞ്ഞിക്കെട്ട് പോലെയുള്ള ഓളെ കണ്ടാൽ തന്നെ ആരും നോക്കി പോവും. നമ്മളെ കണ്ടാൽ പിന്നെ അടുത്ത് നിന്ന് പോകൂല.അത്രക്ക് നമ്മളെ ഇഷ്ടാ.) അഞ്ചും കൂടി

കണ്ണും മിഴിച്ച് നമ്മളെ നോക്കി നിൽക്കാണ്.

'നമ്മളെ നേരത്തെ അലർച്ച കേട്ടിട്ട് വന്നതാകും. അപ്പൊ എന്തായാലും നമ്മള് ഓനെ തെറിൻ്റെ അഭിഷേകം ചെയ്തതൊക്കെ ഇവര് കേട്ട് കാണും.ഉറപ്പാ..'

നമ്മള് അവരെ നോക്കി ഒന്ന് പല്ലിളിച്ചിട്ട് പൂസിമാനെ എടുക്കാൻ പോയി. പെണ്ണ് നമ്മളെ കണ്ടപ്പൊ തന്നെ ഓടി അടുത്ത് വരുമെന്ന് പ്രതീക്ഷിച്ച് നിന്നപ്പൊ അവള് വേഗം ഓടി സിനൂൻ്റെ അടുത്തേക്ക്. സാധാരണ സിനൂനെ മൈൻഡ് ചെയ്യാത്ത ആളാ ഇപ്പൊ ഇതാ ഓളെ മൂട്ടില് പോയി നിൽക്കുന്നു.

"കണ്ടാ....അൻ്റെ വർത്താനം കേട്ടിട്ട് പാവം ആ മിണ്ടാപ്രാണി വരെ പേടിച്ചു...ഇജ്ജാരോടാ ഇത്രക്ക് തൊണ്ട കാറി തെറി വിളിച്ചത്...നാട്ടേര് മൊത്തം കേട്ടിട്ടുണ്ടാവും അമ്മാതിരി ഒച്ച അല്ലേന്നാ.."

എന്ന് പറഞ്ഞ് ഉമ്മ ഇൻ്റെ ചിറിക്ക് ഒരു കുത്ത് തന്നു.

നമ്മള് അവിടെ തടവി കൊണ്ട് ബാക്കി നാലിനേയും

നോക്കി. ഉപ്പയും ഷാദിയും തൊള്ള പൊത്തി കുലുങ്ങി ചിരിക്കാണ്. സിനൂൻറെ മുഖത്ത് വല്യ തെളിച്ചമൊന്നും ഇല്ലെങ്കിലും അവളും നന്നായിട്ട് ചിരിക്കുന്നുണ്ട്. നമ്മളെ പൂസിമ ആണെങ്കിലോ ഇപ്പൊ നമ്മളെ സോപ്പിടാൻ വന്നിരിക്കാ കാലില് തടവി കൊണ്ട്.

"പൊയ്ക്കോ അവിടന്ന് ഓളൊരു സോപ്പിങ്...നമ്മള് അടുത്തേക്ക് വന്നപ്പൊ വമ്പൻ ഓട്ടായിരുന്നല്ലൊ..പിന്നെ എന്തിനാ ഇപ്പൊ വന്നേ?"

പൂസിമ നമ്മളെ ഒന്ന് ദയനീയമായി നോക്കിയിട്ട് 'ഞ്യാവൂ...ഞ്യാവൂ...' ന്ന് പറയുന്നുണ്ട്. അത് കണ്ടപ്പോ പാവം തോന്നി. നമ്മള് കൈ കാണിച്ചപ്പൊ തന്നെ ഓള് ഓടി വന്നു.

ഉമ്മ എന്തൊക്കെയോ കെടന്ന് കൂവുന്നുണ്ട് നമ്മളതൊന്നും മൈൻറ് ആക്കാതെ പൂസിമാനേയും എടുത്തോണ്ട് താഴേക്ക് പോയി.

പൂസീമാക്ക് ചോറ് കൊടുത്തിട്ട് നമ്മളും കൈ കഴുകി

വന്നിരുന്നു. എന്നിട്ട് എല്ലാവരേയും ഒന്ന് നോക്കി. എല്ലാവരും മൊത്തത്തിൽ ഒരു സൈലൻറ്. നമ്മളെ ഇടംകണ്ണിട്ട് ഇടക്കിടക്ക് നാലും നോക്കുന്നുണ്ട്. ഞാനും ഇതെന്താ ഇപ്പോ കഥാന്ന് കരുതി അവരെ തന്നെ നോക്കി.

പെട്ടെന്ന് നമ്മളെ പുന്നാര ഉപ്പ നമ്മളെ നോക്കി ഒരു ചിരി ആയിരുന്നു. അത് കണ്ടപ്പൊ ബാക്കി മൂന്നും ഉപ്പാനെ സപ്പോർട്ട് ചെയ്തോണ്ട് ചിരിച്ചു. നമ്മള് തൊള്ളയും തുറന്ന് അവരെ തന്നെ നോക്കി ഇരുന്നു.

"ആരോടേന്നു ഫെബിയേ...നീ ഇത്രക്ക് കലിപ്പ്?"

ഉപ്പാൻറെ ചോദ്യം കേട്ടപ്പൊ നമ്മള് ഷാദിനെ ഒന്ന് നോക്കി. ഓൻ താടിയില് തടവി കൊണ്ട് ആണോന്ന് തലയാട്ടി.നമ്മളും ആ എന്ന രീതിയിൽ ഒന്ന് തലയാട്ടി. അത് കണ്ടതും ഷാദി ചിരി കൺട്രോൽ ചെയ്യാൻ വേണ്ടി കഷ്ടപ്പെടുന്നുണ്ട്.അവനെയൊന്ന് രൂക്ഷമായി നോക്കി കൊണ്ട് നമ്മള് ചോറ് തിന്നു.

കുറച്ചു കഴിഞ്ഞപ്പൊ ഷാദി നമ്മളെ ചവിട്ടിയിട്ട് ഉപ്പാനോട് ചോദിക്കെന്ന് കണ്ണോണ്ട് ആംഗ്യം

കാണിച്ചു.നമ്മള് ഓനെ നോക്കി ഒന്ന് തലയാട്ടി.

"ഉപ്പാ... നാളെ മലപ്പുറത്ത് വെച്ചിട്ട് SSLCക്കാർക്ക് ഒരു Improvement class നടക്കുന്നുണ്ട്...

എൻ്റെ ഫ്രണ്ടിൻ്റെ കാക്കയാണ് ആ പ്രോഗ്രാം നടത്തുന്നത്. അപ്പോ ഓളിന്നോട് ചോയ്ച്ചീന്നു അൻ്റെ പരിചയത്തിൽ ഏതെങ്കിലും പത്താം ക്ലാസുകാർ ഉണ്ടെങ്കിൽ പറയാൻ. അപ്പൊ ഞാൻ ഷാദിനെ പറഞ്ഞു കൊടുത്തു. നല്ല ക്ലാസാണെന്നാ പറഞ്ഞ് കേട്ടത്..അതിന് പോയി ആ ക്ലാസ് അറ്റൻഡ് ചെയ്താല് ഫുൾ A+ ഉറപ്പായിട്ടും കിട്ടുമെന്നാ അവള് പറഞ്ഞത്. പക്ഷേ, ഷാദി അതിന് പോകില്ലത്രെ."

നമ്മളെ വർത്താനം കേട്ടതും ചെക്കൻ്റെ തല മണ്ടേല് ചോറ് കേറി ഓൻ നമ്മളെ നേരേ തുപ്പാൻ നിന്നതും നമ്മള് ഓനെ ഒരു നോട്ടമായിരുന്നു. ഓനത് അപ്പോ തന്നെ സിനൂൻ്റെ നേർക്ക് തുപ്പി.

ഉമ്മ അപ്പോഴേക്കും ഓൻ്റെ നെഞ്ചൊക്കെ തടവി തലക്ക് നാലഞ്ച് മേട്ടവും കൊടുത്ത് വെള്ളം കുടിപ്പിച്ചു. സിനൂൻ്റെ കാര്യം പിന്നെ പറയണ്ടല്ലൊ പെണ്ണ് എണീറ്റ്

വന്ന് ഓളെ കയ്യിലെ വെള്ളം ഷാദിൻറെ മുഖത്തേക്ക് ഒഴിച്ചു.

പിന്നെ ഓനും ഓളും കൂടി മരണ തല്ലായിരുന്നു.അവസാനം ഉമ്മാൻറെ കയ്യീന്ന് രണ്ടാൾക്കും കിട്ടിയപ്പൊ രണ്ടും അടങ്ങി. സിനു മോന്തയും വീർപ്പിച്ചോണ്ട് എണീറ്റ് പോയി.

നമ്മളും ഉപ്പയും കൂടി പൊരിഞ്ഞ ചിരിയിലാണ്.

ഉപ്പ പെട്ടെന്ന് ഷാദിനെ നോക്കി പറഞ്ഞു.

"നാളെ നീയാ ക്ലാസിന് പൊയ്ക്കോണ്ടി.ഫെബീ കൂടെ വന്നോളും."

അത് കേട്ടപ്പൊ ഷാദി നമ്മളെ ഒരു നോട്ടം.നമ്മള് അപ്പൊ തന്നെ ഓനെ നോക്കിയിട്ട് ഇല്ലാന്ന് തലയാട്ടി. ഓനത് മനസ്സിൽ ആയില്ല.വീണ്ടും നമ്മളോനോട് തലയാട്ടിയിട്ട് ഉപ്പാനോട് പറയാൻ കണ്ണോണ്ട് ആംഗ്യം കാട്ടി. എവിടെന്നോ വെളിവ് വന്ന പോലെ ഷാദി വേഗം ഉപ്പാനോട് പറഞ്ഞു.

"അത് പറ്റില്ല ഉപ്പാ... നാളെ എനിക്ക് ഒരു സ്ഥലം വരെ പോകാനുണ്ട്."

"കണ്ണിക്കണ്ട പാടത്തും പറമ്പിലും കളിക്കാനല്ലെ ഇജ്ജ് പോണേ....അങ്ങനെ ഇപ്പൊ നാളെ ഇജ്ജ് കളിക്കാൻ പോണ്ട. നാളെ ഓളെ കൂടെ മലപ്പൊറത്ത്ക്ക് പോയിട്ട് ആ പരിപാടീല് ചേരാൻ നോക്ക്."

ഉപ്പാൻറെ ഡയലോഗ് കേട്ട് നമ്മള് ഷാദിനെ ഒന്ന് നോക്കി പുരികം പൊക്കി കാണിച്ചു. ഓനും ഒരു കള്ളച്ചിരിയും പാസാക്കി കൊണ്ട് തലയാട്ടി.

"ആ...പിന്നെ ഉപ്പാ.. നാളെ പോകുമ്പൊ നമ്മള് ഇങ്ങളെ വണ്ടി എട്ക്കുന്നുണ്ട്ട്ടാ...ഇങ്ങള് നാളെ ഒരീസം നടന്ന് കടേല് പോയാ മതി..." നമ്മളെ വർത്താനം കേട്ടിട്ട് ഉപ്പ അതെന്തിനാന്ന് ചോദിച്ചു.

"അല്ലാ... ആ ക്ലാസ് കഴിയാൻ വൈകുന്നേരം ആകും.അപ്പൊ ആ നേരത്ത് ബസിൽ കേറി ഇവടെ എത്തുമ്പോത്തിന് ഇരുട്ടാകും. വണ്ടി ഉണ്ടാവുമ്പൊ

പിന്നെ അതിൻ്റെ ആവശ്യം വരൂലല്ലോ.."

നമ്മളെ ഒന്ന് നോക്കിയിട്ട് ഉപ്പ ഒന്ന് മൂളി തന്നു. നമ്മക്കും ഷാദിക്കും അത് പെരുത്ത് സന്തോഷം ആയെങ്കിലും ഉപ്പാനോട് കള്ളം പറഞ്ഞ് പോകുന്നതിനെ കുറിച്ച് ഓർക്കുമ്പൊ ഉള്ളില് നല്ല സങ്കടം തോന്നി. ഉപ്പാനോട് കള്ളം പറഞ്ഞതിന് പടച്ചോനോട് മനസ്സോണ്ട് ഒരുപാട് പൊറുത്ത് തരാൻ പറഞ്ഞു.

അങ്ങനെ നമ്മള് ഫുഡടിയൊക്കെ കഴിഞ്ഞ് റൂമിലേക്ക് പോയി. ലൈറ്റ് ഓഫാക്കിയിട്ട് സീറോ ബൾബിട്ട് (നമ്മക്ക് ഇത്തിരി ഇരുട്ട് പേടിയാണ്ടോ അതിനാ സീറോ ബൾബിട്ടത്.) തിരിഞ്ഞതും എൻ്റെ കണ്ണ് നേരെ ചെന്ന് പതിച്ചത് ആ ടൈംപീസിലായിരുന്നു. അത് കണ്ടതും നമ്മള് ഞെട്ടി തരിച്ച് ലൈറ്റിടാൻ നോക്കി.സീറോ ബൾബിൻ്റെ സ്വിച്ചിലാണ് നമ്മളെ കൈ ചെന്ന് പതിച്ചത്. അപ്പൊ റൂം മൊത്തം ഇരുട്ടായി. പക്ഷേ ആ ടൈം പീസിൽ നിന്നും ഒരു ലൈറ്റ് വരുന്നുണ്ടേന്നു.

ആ ഇരുട്ടത്ത് നന്നായി പ്രകാശിക്കുന്ന ആ ടൈം പീസ്

കണ്ടതും നമ്മളെ പള്ളീക്കൂടി ഒരു കാളലങ്ങ് പോയി.

"ആദി..." നമ്മളെ ചുണ്ട് അറിയാതെ തന്നെ അവൻറെ പേര് മൊഴിഞ്ഞു. ഇപ്പൊ ആ ടൈം പീസില് കാണുന്നത് നമ്മളെ മുഖമല്ല ആ കോന്തൻറെ മുഖമാണ്.

നമ്മള് വേഗം ലൈറ്റിട്ട് നോക്കി. അപ്പൊ നമ്മളെ ഫോട്ടോ. ഇനി തോന്നിയതാവോന്ന് കരുതി ഒരു തവണ കൂടി ലൈറ്റ് ഓഫാക്കി.അപ്പൊ ദെ വീണ്ടും അവൻറെ മുഖം.നമ്മള് പിന്നെയും ലൈറ്റ് ഇട്ടിട്ടും ഓഫാക്കിയിട്ടും നോക്കി കൊണ്ടിരുന്നു. ലൈറ്റ് ഇടുമ്പൊ നമ്മളെ ഫോട്ടോയും ലൈറ്റ് ഓഫാക്കുമ്പൊ ആ കോന്തൻറെ മുഖവുമാണ് തെളിയുന്നത്.

ഓൻറെ തിരുമോന്ത കണ്ടപ്പൊ തന്നെ നമ്മക്ക് ഹലാക്കിലെ ദേഷ്യം വന്നു. അതെടുത്തിട്ട് നമ്മള് കോന്തന് വിളിച്ചു.

ഫോൺ കയ്യിൽ തന്നെ വെച്ചിരിക്കാന്നാ തോന്നുന്നത് ആദ്യത്തെ അടിക്ക് തന്നെ ഓൻ ഫോണെടുത്തു.

ആദി: "എന്താ ഐഷു വിളിക്കാൻ വൈകിയേ...ഞാൻ എത്ര നേരായി കാത്തിരിക്കാന്ന് അറിയോ? ഞാനപ്പോഴേ പറഞ്ഞില്ലെ ഇക്കാൻറെ ഐഷു നമ്മളെ വിളിക്കുമെന്ന്.."

നമ്മള് കട്ട കലിപ്പിൽ: "അന്നോട് കൊഞ്ചി കൊഴയാനല്ല ഞാനിപ്പൊ വിളിച്ചത്..."

ആദി: "അറിയാ... ടൈം പീസ് കണ്ടിട്ടല്ലേ?

അൻക്ക് ഇരുട്ട് ഭയങ്കര പേടിയാണെന്ന് അച്ചു പറഞ്ഞീന്നു. അതോണ്ടാ നമ്മള് അതിലങ്ങനെ ഒരു സെറ്റപ്പ് ഉണ്ടാക്കി വെച്ചത്. എങ്ങനെ ഉണ്ട് പൊളിച്ചീലേ."

നമ്മള്: "ഇല്ലടാ...പൊളിയാൻ പോകുന്നതേയുള്ളൂ കേട്ടോ..."

എന്ന് പറഞ്ഞ് നമ്മള് എറിഞ്ഞ് പൊട്ടിച്ചു. പൊട്ടിയെന്ന്

നമ്മക്ക് തോന്നീതാണ്...അതിനൊരു കുഴപ്പവും പറ്റിയിട്ടില്ല. അത് കണ്ടപ്പൊ നമ്മളൊന്ന് അന്ധാളിച്ചു നിന്നു. എന്നിട്ട് അതെടുത്ത് വീണ്ടും വീണ്ടും എറിഞ്ഞു കൊണ്ടിരുന്നു.

പക്ഷേ,അത് പൊട്ടല് പോയിട്ട് ഒരു വിള്ളല് പോലും അതില് വന്നില്ല.

ഇതെറിയുന്ന ശബ്ദം കേട്ട് എല്ലാവരും വന്ന് വാതില് മുട്ടി ആകെ സീനായി. നമ്മളത് വേഗം കട്ടിലിൻറെ അടിയിലേക്കിട്ടു. എന്നിട്ട് വാതില് തുറന്നു.

"എന്താടി ഇജ്ജ് എറിഞ്ഞ് പൊട്ടിക്കുന്നത് ഫെബിയേ....അൻറെ കെട്ട്യോൻറോട്ന്ന് കൊടന്ന മൊതലൊന്നുവല്ല ഇവടെള്ളത്..എന്താടീ ഇജ്ജ് എറിഞ്ഞത്..."

ഉമ്മച്ചി നമ്മളേക്കാൾ കട്ട കലിപ്പിൽ റൂമിലേക്ക് കേറി വന്നു. എന്നിട്ട് അവിടെയൊക്കെ ഒന്ന് കണ്ണോടിച്ചിട്ട് നമ്മളെ മൂപ്പത്തി ദഹിപ്പിക്കുന്ന ഒരു നോട്ടം.

'യാ ഹൗല വലാ...' പകച്ച് പണ്ടാറടങ്ങി പോയി നമ്മള്. എന്തെങ്കിലും പറഞ്ഞ് ഇവരെ പറഞ്ഞയക്കണ്ടേ...എന്താ പറയാന്ന് നമ്മള് ആലോചിച്ച് നിന്നപ്പൊ മൂപ്പത്തി പിന്നേയും നമ്മളോട് ചോദിച്ചു.

"സത്യം പറയെടി പെണ്ണേ ഇജ്ജ് ഇപ്പൊ എന്താ എറിഞ്ഞത്?"

"അ...അതുമ്മാ...അതൊന്നുല്യാ....ഒന്നുല്യമ്മാ...അത് ഇങ്ങക്ക് വെറുതെ തോന്നിയതാകും...അല്ലെടാ ഷാദി.."

നമ്മള് വേഗം ഷാദിനെ നോക്കി ഒന്ന് കണ്ണുരുട്ടി.ചെക്കൻ അപ്പൊ തന്നെ പറഞ്ഞു.

"അതെന്നെ ഉമ്മാ... ഇങ്ങക്ക് വെറുതെ തോന്നിയതാകും."

"ഇജ്ജ് തന്നെ അല്ലെടാ ഷാദിയേ പറഞ്ഞത്

താത്താൻറെ റൂമീന്ന് എന്തോ എറിയണ സൗണ്ട് കേക്ക്ണ്ട്ന്ന്...ന്നട്ടിപ്പൊ ഓൻ പറയാ തോന്നീതാവുംന്ന്...ചെലക്കാൻ നിക്കാണ്ട് പൊയ്ക്കോ അവുട്ന്ന്..."

നമ്മള് ഷാദിനെ തുറുക്കനെ നോക്കി. ഓൻ ഒരു അവിഞ്ഞ ചിരിയും കൊണ്ട് റൂമീന്ന് പോയി.

"ഇനി അൻറെ റൂമീന്ന് എങ്ങാനും വല്ല സൗണ്ടും കേക്കട്ടെ...അൻക്ക് ഞാനപ്പൊ അതിൻറെ ബാക്കി പറഞ്ഞ് തരാ..."

ഉമ്മ ഒരു ഭീക്ഷണി മുഴക്കി കൊണ്ട് റൂമീന്ന് പോയി. സിനു നമ്മളെ നോക്കി ആക്കി ചിരിച്ചിട്ട് ഓളും ഉമ്മാൻറെ പിന്നാലെ പോയി. ഉപ്പച്ചി ഉമ്മാനെ കൊഞ്ഞനം കാട്ടിയിട്ട് നമ്മളെ അടുത്തേക്ക് വന്നു.

"എന്താ ഫെബിയേ...എന്താ അൻക്ക് പറ്റിയേ? ഇജ്ജ് എന്തോ എടുത്ത് എറിഞ്ഞീന്നു. അതിൻറെ ഒച്ച നമ്മളും കേട്ടതാ... എന്താടി അത്?"

ഉപ്പ ഉമ്മാനെ പോലെ ഉറഞ്ഞ് തുള്ളി കൊണ്ടല്ല അത് പറഞ്ഞത്.അതോണ്ട് ഉപ്പാക്ക് നമ്മളത് കട്ടിലിൻറെ ചോട്ടീന്ന് എടുത്ത് കാണിച്ചു കൊടുത്തു.

"ഇത് കൊള്ളാലോ? എവുട്ന്നാ അൻക്കിത്?" ഉപ്പ അത് തിരിച്ചും മറിച്ചും നോക്കി കൊണ്ട് നമ്മളോട് ചോദിച്ചു.

അത് ക്വിസിന് കിട്ടിയ സമ്മാനാണെന്ന് മാത്രം നമ്മള് പറഞ്ഞു.

"പിന്നെ എന്തിനാ ഇജ്ജ് ഇത് എറിഞ്ഞേ...?"

"അ...അത്...ഇത് പൊട്ടോന്ന് നോക്കാൻ വേണ്ടി എറിഞ്ഞതാ.."

"പൊട്ടോന്ന് നോക്കല് എറിഞ്ഞിട്ടാണോടീ.."

എന്ന് പറഞ്ഞ് അപ്പൊ തന്നെ ഉപ്പച്ചി നമ്മളെ കാത് തിരിച്ച് പൊന്നാക്കി.

എന്നിട്ട് അതെടുത്ത് ടേബിളിൽ വെച്ചിട്ട് 'ഇനി എറിഞ്ഞാലുണ്ടല്ലൊ നമ്മളേക്കാരം വടി എടുക്കാന്ന്' പറഞ്ഞ് മൂപ്പര് പോയി.

നമ്മളപ്പൊ തന്നെ ആ ടൈം പീസിലേക്ക് നോക്കി. അത് കാണുമ്പോ തന്നെ ദേഷ്യം വന്നു. നമ്മള് അതെടുത്ത് വീണ്ടും എറിഞ്ഞു.

"എന്താ ഫെബീ അവുടെ പിന്നീം ഒരു ഒച്ചാ..." ഉപ്പച്ചി കെടന്ന് കാറി വിളിച്ചു.

"ഒന്നുല്യ ഉപ്പച്ചിയേ...നമ്മളൊറങ്ങീ..." എന്ന് പറഞ്ഞ് വേഗം ലൈറ്റ് ഓഫാക്കി കിടന്നു.

അപ്പോഴുണ്ട് എവിടെ നിന്നോ ഒരു ചിരി കേൾക്കുന്നു. നോക്കുമ്പൊ ഫോണീന്നാണ്...അപ്പോഴാ നമ്മക്ക് തന്നെ ഓർമ്മ വന്നത് ഇത്രയും നേരം നമ്മള് ഫോൺ ഓഫാക്കാതെയാണ് നിന്നതെന്ന്. നമ്മള് സ്വയം നമ്മളെ

തലക്ക് തന്നെ അടിച്ചിട്ട് ഫോൺ എടുത്ത് കാതില് വെച്ചു.

കള്ളപ്പന്നി ഇപ്പോഴും ഹലാക്കിലെ ചിരിയാണ്...അത് കേട്ടപ്പൊ അവനോടുള്ള ദേഷ്യം എത്രത്തോളം കൂടിയെന്ന് നമ്മക്ക് തന്നെ അറീല.

നമ്മള്: "നിർത്തെട തെണ്ടി...അൻറെ ഒലക്കീമലെ ഒരു ചിരി. നിന്നെ എന്ന് കണ്ട് മുട്ടിയോ അന്ന് തുടങ്ങിയതാ എനിക്ക് കണ്ടകശനി..."

ആദി: "കണ്ടകശനി കൊണ്ടേ പോകൂ മോളേ....ഹി...ഹി... ഹി..."

നമ്മള്: "ഇക്കണക്കിന് പോയാൽ നീ ഉറപ്പായിട്ടും എൻറെ കയ്യീന്ന് കൊണ്ടേ പോകൂ....

ഇപ്രാവശ്യത്തേക്ക് ഞാൻ ക്ഷമിച്ചിരിക്കുന്നു...ഇനി മേലാൽ എന്നെ വിളിക്കുകയോ കോളേജിൽ വെച്ച്

ശല്യം ചെയ്യുകയോ ചെയ്താൽ അനസിന് വന്ന ഗതി ആയിരിക്കും നിനക്കും... കേട്ടോടാ...."

ആദി: "ഓഹോ...ഭീഷണിയാണോ?"

നമ്മള്: "ആ...അതെ ഭീഷണിയാണ്..."

ആദി: "ഇക്കാൻറെ ഐഷു മോള് ഇപ്പൊ കുറച്ച് കലിപ്പിലായോണ്ട് ഞാൻ ഫോൺ വെക്കാണ്... ദേഷ്യം ഒക്കെ മാറീട്ട് നാളെ രാവിലെ വിളിക്കണേ...എനിക്കറിയാ എൻറെ ഐഷു വിളിക്കുമെന്ന്..."

നമ്മള് നല്ല കട്ട കലിപ്പിൽ: "ഞാൻ ആരുടേയും ഐഷുവുമല്ല ആയിഷയുമല്ല...അതോണ്ട് നാളെ രാവിലെ നിൻറെ സൽമയോട് വിളിക്കാൻ പറ."

ആദി കലിപ്പിൽ: "ഡീ...നിന്നോട് ഞാൻ പറഞ്ഞു സൽമയെ പറ്റി മിണ്ടി പോകരുതെന്ന്...ഇനി എങ്ങാനും

അവളെ കുറിച്ച് വല്ലതും മിണ്ടിയാൽ അറിയാലോ ഞാനെന്താ ചെയ്യാന്ന്..."

നമ്മള് അതിലേറെ കലിപ്പിൽ: "ഞാൻ ഇനിയും വിളിക്കുമെടാ തെണ്ടി.... സൽമ...സൽമ...സൽമ..."

എന്ന് പറഞ്ഞ് നമ്മള് വേഗം ഫോൺ കട്ടാക്കി....

ഉള്ളിൽ അവനോടുള്ള ദേഷ്യം നുരഞ്ഞ് പൊങ്ങി കൊണ്ടിരുന്നു. അവൻ വീണ്ടും വിളിക്കുന്നുണ്ട്.ഫോൺ എടുത്ത് ഒരേറ് കൊടുക്കാൻ നിന്നപ്പോഴാ നമ്മള് ആറ്റ് നോറ്റ് വാങ്ങിയ ഫോണാണെന്ന് ഓർമ്മ വന്നത്. അതോണ്ട് ഫോൺ എറിഞ്ഞില്ല. പകരം സൈലൻറാക്കിയിട്ട് ബെഡിലേക്ക് വീണു.

കണ്ണടക്കുമ്പൊ തന്നെ ആ തെണ്ടിയെയാണ് ഓർമ്മ വരുന്നത്. നിങ്ങൾ നോക്കണ്ടെ ഓന് കോന്തൻ എന്ന പേരിനേക്കാൾ ചേർച്ച തെണ്ടി എന്നാണ്.

നമ്മള് ഇന്ന് നടന്ന പുകിലൊക്കെ കൂടി ആലോചിച്ച് തിരിഞ്ഞും മറിഞ്ഞുമൊക്കെ കിടന്ന് എപ്പോഴോ ഉറങ്ങി

പോയി. പെട്ടെന്ന് ആരുടേയോ കയ്യ് എൻറെ മേലിൽ തൊട്ട പോലെ തോന്നിയപ്പോഴാണ് എണീറ്റത്. കണ്ണ് തുറന്നു നോക്കുമ്പൊ നമ്മളെ കൂടെ കിടക്കുന്ന ആളെ കണ്ട് നമ്മളെ തൊണ്ട വരണ്ടു.കയ്യും കാലും വിറച്ചു, എൻറെ നെഞ്ചിടിപ്പും ശ്വാസവും എൻറെ കൺട്രോൾ വിട്ട് കൊണ്ട് കുതിച്ചുയർന്നു. പെട്ടെന്ന് നമ്മള് അവിടന്ന് എണീറ്റു.

"ആ...ആ...ആദി..."

(തുടരും)

ഭാഗം. 27

"ആ...ആ...ആദി..."

അത് മാത്രമേ എൻറെ തൊണ്ടക്കുഴിയിൽ നിന്നും വന്നുള്ളൂ.ഇത് ആദി തന്നെ ആണോ? അതോ തനിക്ക് തോന്നാണോ എന്ന് നമ്മള് ഒരു നിമിഷം ചിന്തിച്ചു.

പെട്ടെന്ന് അവൻറെ സംസാരം എൻറെ

കാതുകളിലേക്ക് തുളഞ്ഞു കേറി.

"എന്താടി നീയെന്നെ ആദ്യായിട്ട് കാണാണോ? അല്ലാ നീയിങ്ങനെ നമ്മളെ നോക്കുന്നതോണ്ട് ചോദിച്ചതാ..."

അതും പറഞ്ഞ് അവൻ ബെഡിൽ നിന്നും എണീറ്റ് എൻ്റെ നേരെ വന്നു. അവൻ്റെ മുഖത്തെ പുഞ്ചിരിക്ക് ഇപ്പോ നമ്മളെ വീഴ്ത്താനുള്ള വൈശ്യതയില്ല.

പകരം മറ്റെന്തോ ദുരിദേശമാണ് കാണുന്നത്.

അവൻ പതിയെ പതിയെ എൻ്റെ അടുത്തേക്ക് വന്ന് കൊണ്ടിരുന്നു.അതിനനുസരിച്ച് നമ്മള് പുറകോട്ട് നീങ്ങി.

"നിൻ്റെ ശബ്ദം ഒക്കെ എവിടെ പോയി ഐഷൂ...സൽമ..സൽമ..സൽമാന്ന് വിളിച്ച് കൂവിയിരുന്നല്ലോ..എന്തേ ഇപ്പൊ വിളിക്കുന്നില്ലേ....അതോ നമ്മളെ അപ്രത്യക്ഷമായി കണ്ടപ്പൊ നീ പേടിച്ച് നാക്ക് വിഴുങ്ങിയോ?"

'ഇവൻ പറഞ്ഞ പോലെ എൻറെ ശബ്ദം ...പടച്ചോനേ.. ഒന്ന് ഒച്ച വെക്കാൻ പോലും പറ്റണില്ലല്ലോ...എൻറെ ചുണ്ട് ചലിക്കുന്നുണ്ടെങ്കിലും ശബ്ദം വരുന്നില്ലല്ലോ പടച്ചോനേ...'

അവൻ ഇപ്പോഴും എൻറെ നേർക്ക് നടന്ന് അടുക്കാണ്. അവസാനം നമ്മള് ചുമരിൽ തട്ടി നിന്നു. ഇനി പിന്നോട്ട് പോകണെങ്കിൽ ചുമര് കുത്തി പൊളിക്കേണ്ടി വരും.അപ്പോഴേക്കും അവനെൻറെ അടുത്ത് എത്തിയിരുന്നു. അവൻറെ കൈകൾ രണ്ടും എനിക്ക് ഒരു വലയം തീർത്തു. എനിക്കിനി ഇവിടന്ന് അനങ്ങാൻ പറ്റില്ല, കാരണം രണ്ടു ഭാഗത്തും അവൻറെ കയ്യാണ്. നമ്മളിങ്ങനെ മിണ്ടാതിരുന്നാൽ ശരിയാവില്ലാന്ന് തോന്നി. കഴിയുന്ന പരമാവധി ശ്രമിച്ചിട്ടും ശബ്ദം ഉയരുന്നില്ല.

അവനെൻറെ നേർക്ക് വന്നു കൊണ്ടിരുന്നു.

"എന്താ ഐഷൂ...നീ നമ്മളെ കണ്ട് പേടിച്ചോ?" അവനതും ചോദിച്ചോണ്ട് ഒരു കള്ളച്ചിരിയുമായി അവൻറെ മുഖം എന്നിലേക്കടിപ്പിച്ചു.

നമ്മക്കിപ്പോ നേരാംവണ്ണം ശ്വാസം വിടാൻ പോലും പറ്റാത്ത അവസ്ഥയിലായി.അവൻ പതിയെ എൻറെ ചെവിക്കരികിലേക്ക് മുഖം ചേർത്ത് കാതിൽ പറഞ്ഞു.

"ഇപ്പൊ നീ വിളിക്കുന്നില്ലേ സൽമാന്ന്..." അതും പറഞ്ഞോണ്ട് അവൻ നമ്മളിൽ നിന്നും അകന്ന് നിന്നു.

"നീ....നീ....നീ...എങ്.... എങ്ങ..."

വാക്കുകൾ പൂർണ്ണമാക്കാൻ പറ്റാതെ ഞാൻ അവന് മുന്നിൽ പേടിച്ച് വിയർത്ത് കുളിച്ചു.

"ഞാൻ... ഞാൻ.. എങ്ങനെ ഇവിടെ എത്തിയെന്നാണോ ചോദിച്ചത്?"

നമ്മള് അതേന്ന് തല കുലുക്കി. പെട്ടെന്ന് അവൻ ചിരിക്കാൻ തുടങ്ങി. അതും ഒരു കൊലച്ചിരി...

എന്നിട്ട് അവൻ ബെഡിലേക്ക് ഇരുന്നു.

"വാ....ഇവിടെ വന്നിരിക്ക്..." അവൻ നമ്മളെ മാടി വിളിച്ചോണ്ട് ഇരിക്കാൻ പറഞ്ഞു.

നമ്മക്ക് ആണെങ്കിൽ നിന്ന സ്ഥലത്ത് നിന്ന് ഒന്നനങ്ങാൻ പോലും പറ്റുന്നില്ലേന്നു.പെട്ടെന്ന് അവൻ കലിപ്പനായിട്ട് നമ്മളോട് ഒച്ച വെച്ചു.

"ഇരിക്കടി ഇവിടെ..." അത് കേൾക്കേണ്ട താമസം ഉണ്ണിയേട്ടൻ ഫസ്റ്റ് എന്ന പോലെ നമ്മള് പാഞ്ഞ് ചെന്നിരുന്നു. കാരണം, നമ്മള് അത്രക്ക് ഓൻ്റെ മുന്നിൽ പേടിച്ച് വിറച്ചിട്ടുണ്ട്. അവനോട് നേരത്തെ വീമ്പെളക്കിയ വീരവാദങ്ങളോ ആ ദേഷ്യമോ ഒന്നും ഇപ്പൊ നമ്മളെ ഉള്ളിലില്ല. ഇപ്പൊ അവനോട് ഒരു പേടിയാണ്.

നമ്മള് ഓൻ്റെ മുന്നിൽ പേടിച്ച് തല താഴ്ത്തിയാണ് ഇരുന്നത്. അവൻ എൻ്റെ നേരെ അഭിമുഖമായി ഇരുന്നിട്ട് എൻ്റെ മുഖം പിടിച്ചുയർത്തി.എന്നിട്ട് നമ്മളെ കണ്ണിലേക്ക് തന്നെ നോക്കി ഇരുന്നു.

നമ്മള് അറിയാതെ തന്നെ നമ്മളെ കണ്ണ് എന്തിനെന്നില്ലാതെ നിറഞ്ഞൊഴുകുന്നുണ്ട്.

"അയ്യേ.... ഇൻറെ ഐഷൂ കരയാണോ? നീ പേടിച്ച് പോയോ? നിന്നെ ഒന്ന് പേടിപ്പിക്കാൻ വേണ്ടി അല്ലെ കഷ്ടപ്പെട്ട് നിൻറെ വീട് കണ്ട് പിടിച്ച് വന്നത്. എന്തായാലും നീ പേടിച്ചല്ലൊ സന്തോഷായി."

അവനതും പറഞ്ഞോണ്ട് എൻറെ കണ്ണീര് തുടച്ചു. അപ്പൊ തന്നെ എവിടെന്നോ കിട്ടിയ ധൈര്യം പോലെ അവൻറെ കൈ തട്ടിയിട്ട് അവനെ രൂക്ഷമായി ഒന്ന് നോക്കി. എന്നിട്ട് അവിടന്ന് എണീറ്റിട്ട് അവനോട് കയർത്തു.

"നീ ഇവിടുന്ന് പോ..

ഇല്ലെങ്കിൽ...

ഇല്ലെങ്കിൽ ഞാൻ ഇപ്പൊ ഒച്ച വെച്ച് ആളെ കൂട്ടും."

എൻറെ ഭീഷണിയിൽ അവൻ പേടിക്കുമെന്ന് കരുതിയ

എനിക്ക് തെറ്റി. അവൻ എന്നെ നോക്കി പൊട്ടിച്ചിരിക്കാണ്.ഒന്നും മനസ്സിൽ ആകാതെ നമ്മള് ഓനെ കണ്ണും മിഴിച്ച് നോക്കി നിന്നു.

"ഓ....അപ്പോ നീ ഒച്ച വെച്ച് ആളെ കൂട്ടും അല്ലേ..?

എന്നാ ഒച്ച വെക്കടീ...അടഞ്ഞ് കിടക്കുന്ന റൂം അതിൽ നമ്മൾ രണ്ടു പേരും മാത്രം. നീയാണ് എന്നെ വിളിച്ചു വരുത്തിയതെന്ന് ഞാൻ പറഞ്ഞാൽ...."

അവനൊരു കള്ളച്ചിരിയോടെ ഇത് പറഞ്ഞപ്പൊ എൻ്റെ തല കറങ്ങുന്ന പോലെ തോന്നി. കയ്യും കാലും കുഴഞ്ഞ് പോവാണ്. ഞാൻ പതിയെ ചുമരിൽ താങ്ങി നിന്നു.അവൻ എൻ്റെ നേരെ വന്നു.

"എൻ്റെ ഐഷൂ.,.ഞാൻ ചുമ്മാ പറഞ്ഞതല്ലേ...ഞാൻ അങ്ങനെ പറയോ?

പക്ഷേ, ഞാൻ പറഞ്ഞത് അനുസരിച്ചില്ലെങ്കിൽ നീ ആളെ കൂട്ടണ്ട..

പകരം ഞാൻ ആളെ കൂട്ടിക്കോളാം."

അവൻറെ സംസാരം എൻറെ ഉള്ളിലെ തീ ആളി പടർത്തി. അവനെ എൻറെ നോട്ടം കൊണ്ട് ദഹിപ്പിക്കാൻ നോക്കി. പക്ഷേ പറ്റുന്നില്ല... എനിക്കിനി ഒരടി പോലും മുന്നോട്ട് വെക്കാൻ വയ്യ.അത്രക്ക് ബലം പിടിച്ചിട്ടുണ്ട് കയ്യ്. എങ്ങനെ എങ്കിലും വാതിലിനടുത്ത് വരെ എത്തണം അതായിരുന്നു എൻറെ ചിന്ത മുഴുവൻ.

കഴിയും വിധം അവിടന്ന് വാതിലിൻറെ അടുത്തേക്ക് ഓടിയെങ്കിലും അവനെൻറെ കയ്യിൽ പിടിച്ച് അവനിലേക്ക് അടുപ്പിച്ചിരുന്നു.

"അത്ര പെട്ടെന്ന് ഈ ആദിൻറെ കയ്യീന്ന് രക്ഷപ്പെടാമെന്ന് കരുതിയോ നീ? എന്നാ എനിക്കതൊന്ന് കാണണം."

അവനതും പറഞ്ഞ് എൻറെ മുഖത്തിന്റെ നേരെ അവൻറെ മുഖം അടുപ്പിച്ച് എൻറെ അധരങ്ങൾ കീഴ്പ്പെടുത്തി.അപ്പോഴേക്കും സർവ്വ ശക്തിയും

എടുത്തോണ്ട് അവനെ ആഞ്ഞ് തള്ളിയിട്ട് അലറി വിളിച്ചു.

"ഉമ്മാാാാാാാാാാാാാാ............."

"ഫെബിയേ...ഫെബിയേ.... വാതില് തുറക്കടീ...ഫെബിയേ....പടച്ചോനേ... ഇൻറെ പെണ്ണിനെന്താ പറ്റിയേ? ഇങ്ങളൊന്ന് വിളിച്ചു നോക്കി..."

"ഫെബിയേ..ഫെബിയേ...വാതില് തൊറക്കെ ഇജ്ജ്..."

വാതിൽ മുട്ടുന്ന ശബ്ദം കേട്ടാണ് നമ്മള് കണ്ണ് തുറന്നത്.നോക്കുമ്പൊ നമ്മള് കട്ടിലിൽ ഇരിക്കാണ്. നമ്മളെ കണ്ണ് റൂമിൻറെ ഓരോ കോണിലേക്കും പതിച്ചു. കട്ടിലിൻറെ ചോട്ടിൽ വരെ നോക്കി.

"ആ...ആദി എവിടെ? ഛെ.... സ്വപ്നായിരുന്നോ?"

"ഫെബിയേ ഇജ്ജ് വാതില് തുറക്കണ്ണ്ട്ടാ..അതോ

ചവുട്ടി തുറക്കണോ?"

"പടച്ചോനേ ആ തെണ്ടി കാരണം എനിക്ക് എപ്പോഴും പണിയാണല്ലോ.."

നമ്മള് പുതപ്പ് മാറ്റി ബെഡീന്ന് എണീറ്റ് പോയി വാതിൽ തുറന്നു. ഉമ്മയും ഉപ്പയും കൂടി എന്താ കാര്യമെന്ന് ചോദിക്കുന്നുണ്ട്.നമ്മളതൊന്നും മിണ്ടാതെ തല താഴ്ത്തി കൊണ്ട് പറഞ്ഞു.

"അത്....അത് നമ്മളൊരു സ്വപ്നം കണ്ടതാ ..."

അത് കേക്കേണ്ട താമസം ഉമ്മ നമ്മളെ കയ്യിൽ പിച്ചി തോലെടുത്തു.എന്നിട്ടൊരു ഡയലോഗും.

"കൊച്ചു വെളുപ്പാം കാലത്താണോടീ അൻറെ ഒലക്കീമലെ സ്വപ്നം കാണല്. അൻക്ക് കണ്ടാൽ പോരേ എന്തിനാ ബാക്കി ഉള്ളോരെ ഉറക്കം കൂടി കളയണ മാതിരി വിളിച്ച് കൂവുന്നത് "

നമ്മള് ഉമ്മച്ചി പിച്ചിയ ഭാഗത്ത് തടവി കൊണ്ട് ദയനീയമായി ഉപ്പച്ചിനെ നോക്കി. മൂപ്പര് ചിരി കൺട്രോൽ ചെയ്ത് ഉമ്മാനെ നോക്കി.

"ഫൗസിയേ....ഇജ്ജ് പോ...ഓളോട് നമ്മള് ചോയിച്ചോളാ..ഇജ്ജ് പോയി ഉറങ്ങിക്കാ..."

"ഇങ്ങള് ബാപ്പേം മോളും പിന്നെ ഒറ്റക്കെട്ടല്ലേ...ഇങ്ങളാണ് ഈ പെണ്ണിനെ ഇങ്ങനെ വശളാക്കണത്.."

ഉമ്മ എന്തൊക്കെയോ പിറുപിറുത്തോണ്ട് പോയി. ഉപ്പച്ചി നമ്മളെ നോക്കിക്കൊണ്ട് പിന്നേം ചോദിച്ചു.

"എന്താ ഫെബിയേ...എന്താ ഉണ്ടായി?"

നമ്മള് ഉപ്പച്ചിനെ കെട്ടി പിടിച്ച് കുറച്ച് നേരം നിന്നു.ഉപ്പച്ചി എൻ്റെ തലയിൽ തലോടി.

"എന്താ മോളേ...എന്തേ ഉണ്ടായേ? ഇജ്ജ് നല്ലോണം പേടിച്ചിട്ടുണ്ടല്ലോ...എന്താ ഇജ്ജ് കണ്ടത്?"

ഉപ്പച്ചിയിൽ നിന്നും മുഖമുയർത്തി നമ്മള് ഉപ്പച്ചിനെ നോക്കി. അറിയാതെ നമ്മളെ കണ്ണ് നിറഞ്ഞു.

"എന്തിനാ ഇജ്ജ് കരയണേ...ഉമ്മ അന്നേ പിച്ചിയതിനാണോ?"

നമ്മള് അല്ലാന്ന് തലയാട്ടി.

"പിന്നെ എന്താടി പെണ്ണേ.... ഇജ്ജ് എന്താ കണ്ടത്?"

ഉപ്പച്ചി അത് ചോദിച്ചപ്പൊ ആ തെണ്ടി റൂമിലേക്ക് വന്നതൊക്കെ ഓർമ്മ വന്നു.

"ഇജ്ജെന്താ കണ്ടത്?" ഉപ്പച്ചി പെട്ടെന്ന് ചോദിച്ചപ്പോ

നമ്മള് ഞെട്ടി ചിന്തയിൽ നിന്ന് ഉണർന്നു.

"അ...അത്...അതൊരു ചെകുത്താനെ കണ്ടതാ..."

അത് പറഞ്ഞതും ഉപ്പച്ചി പൊരിഞ്ഞ ചിരി. നമ്മള് തൊള്ളേം തുറന്ന് മൂപ്പരെ തന്നെ നോക്കി നിന്നു.

"ഇൻറെ ഫെബിയേ...അന്നെ കണ്ടിട്ട് ആ ചെയ്ത്താൻ പേടിച്ചിട്ടുണ്ടാവും...എന്നിട്ട് ഇജ്ജ് ചെയ്ത്താനെ കണ്ട് പേടിച്ചൂന്ന്...നല്ല കഥയായി..."

മൂപ്പരതും പറഞ്ഞ് ചിരിച്ചോണ്ട് താഴേക്കിറങ്ങി പോയി. നമ്മള് ഇപ്പോഴും ഉപ്പച്ചി പറയുന്നത് കേട്ട് തൊള്ളേം തുറന്ന് നോക്കി നിൽക്കാണ്.

"അത് ശരി...നമ്മക്ക് ആരെയും പേടിക്കാൻ പാടില്ലേ? എല്ലാവരും എന്താ എന്നെ കണ്ടാണോ പേടിക്കേണ്ടത്...അത് കൊള്ളാലോ.."

നമ്മള് വാതില് അടക്കാതെ ചാരി വെച്ചിട്ട് വീണ്ടും വന്ന് കിടന്നു. സമയം നോക്കുമ്പൊ 3 അര കഴിഞ്ഞിട്ടുണ്ട്.

"പടച്ചോനേ...വെളുപ്പാകാലത്ത് കാണുന്ന സ്വപ്നം ഫലിക്കുമെന്നാ...ഇനി അവനെങ്ങാനും...

ഛെ...എന്തൊക്കെയാടീ നീ ചിന്തിച്ച് കൂട്ടുന്നേ...അതൊന്നും ഉണ്ടാകില്ല...കെടന്ന് ഉറങ്ങാൻ നോക്ക്...

പക്ഷേ, ഉറക്കം വരണ്ടേ...കണ്ണടച്ചാൽ ആ തെണ്ടിയാണ് കൺമുന്നിൽ....എന്താ പടച്ചോനേ നമ്മള് ചെയ്യാ?

അപ്പോ ഓൻ വന്നില്ലേ... പക്ഷേ വന്ന പോലെ ആണല്ലോ തോന്നുന്നത്...

എന്ത് പൊട്ടത്തരാ ഫെബീ നീ പറയുന്നേ...അവൻ എവിടെ കിടക്കുന്നു നീ എവിടെ കിടക്കുന്നു..... അതൊക്കെ വെറും സ്വപ്നം മാത്രമാണ്.

എന്നാലും... വേണ്ടാ... അവനെ കുറിച്ച് ഒന്നും ആലോചിക്കാൻ നിക്കണ്ട അല്ലെങ്കിൽ തന്നെ ഉറക്കം

പോയി ഇരിക്കാ... അതോണ്ട് കൂടുതൽ ഒന്നും ചിന്തിച്ചു കൂട്ടണ്ട..."

നമ്മള് നമ്മളോട് തന്നെ ഓരോന്ന് പിച്ചും പേയും പറഞ്ഞു കിടന്നു. എത്ര തിരിഞ്ഞും മറിഞ്ഞും കമിഴ്ന്നും മലർന്നും കിടന്നിട്ടും ഉറക്കം വന്നില്ല. എങ്ങോട്ട് തിരിഞ്ഞാലും അവൻ്റെ മുഖമാണ്. ഒടുക്കം തലയിൽ കൂടി പുതപ്പിട്ട് കണ്ണുമടച്ച് കുറെ സ്വലാത്തൊക്കെ ചൊല്ലി ചൊല്ലി നമ്മളും ഉറങ്ങി.

പെട്ടെന്ന് ആ കോന്തൻ്റെ ശബ്ദം കേട്ടാണ് നമ്മള് ഞെട്ടി എണീറ്റത്. പടച്ചോനേ...

"വീണ്ടും സ്വപ്നമോ?" എന്ന് കരുതി വേഗം ബെഡീന്ന് എണീറ്റു. സ്വപ്നമല്ല...ശരിക്കും അവൻ്റെ ശബ്ദം കേൾക്കുന്നുണ്ട്...

നമ്മള് എല്ലാ സ്ഥലത്ത് അരിച്ച് പെറുക്കി നോക്കി. പക്ഷേ, കണ്ടില്ല.ഇനി തോന്നിയതാവോ എന്ന് കരുതി നിന്നതും വീണ്ടും അവൻ്റെ ശബ്ദം...

"ഗുഡ് മോണിങ് ഐഷൂ...ഐ ലൗ യു ഐഷൂ..."

ഇത് തന്നെ വീണ്ടും വീണ്ടും കേൾക്കാണ്. അപ്പോഴാ നിലത്ത് കിടക്കുന്ന ടൈം പീസ് നമ്മള് ശ്രദ്ധിച്ചത്.അതിൽ നിന്നാണ് ശബ്ദം കേൾക്കുന്നത്.

നമ്മളത് അപ്പൊ തന്നെ എടുത്ത് ഓഫാക്കാൻ നോക്കി. അതിന് സ്വിച്ചോ ബാറ്ററിയോ ഈ വക സാധനങ്ങൾ ഒന്നും ഇല്ല.

നമ്മളത് കുറേ തിരിച്ചും മറിച്ചും നോക്കി. നോ രക്ഷ...അത് ഓഫാകുന്ന ഒരു ലക്ഷണവും കണ്ടില്ല.അവസാനം അതെടുത്ത് എറിയാൻ നിന്നപ്പോഴാ ഇന്നലത്തെ കാര്യം ഓർമ്മ വന്നത്. ഇനി ഇത് ഓഫാക്കാൻ എന്താ ചെയ്യാ റബ്ബേ...

അതാണെങ്കിലോ നിർത്താതെ പല്ലവി പാടി കൊണ്ടിരിക്കാണ്. ഒടുക്കം സഹിക്കെട്ട് ആ കോന്തന് വിളിക്കാൻ തീരുമാനിച്ചു.ആ ടൈം പീസ് ബെഡിലേക്ക് ഇട്ടിട്ട് അതിന് മുകളിൽ തലയണ വെച്ചിട്ട് നമ്മളതിൽ കേറി ഇരുന്നു. ഇപ്പൊ ശബ്ദം കുറഞ്ഞിട്ടുണ്ട്. വേഗം

ഫോണെടുത്ത് അവനെ വിളിച്ചു. ഇന്നലത്തെ പോലെ തന്നെ ഫസ്റ്റ് റിങ്ങിന് ഫോൺ എടുത്തു.

നമ്മള് കലിപ്പിൽ: "ഈ ടൈം പീസ് എങ്ങനെ ഓഫാക്കാ...?"

അവന് സംസാരിക്കാൻ ഇട വരുത്താതെ നമ്മള് ചോദിച്ചു.

ആദി: "എനിക്ക് അറിയായിരുന്നു ഇൻറെ ഐഷൂ എന്നെ വിളിക്കുമെന്ന്.."

നമ്മള് കലിപ്പിൽ: "ഇതെങ്ങനെ ഓഫാക്കാന്ന് പറ.."

ആദി: "എന്നെ രാവിലെ വിളിക്കുമ്പോ എന്ത് ചെയ്യണമെന്നാ പറഞ്ഞിരുന്നത്? മറന്നു പോയോ? അത് പറ എന്നാൽ പറയാം..."

നുരഞ്ഞ് പൊങ്ങിയ ദേഷ്യം കടിച്ച് പിടിച്ചോണ്ട് നമ്മള്: "ഗുഡ്.. മോണിങ്... ആദിൽക്കാ..."

ആദി: "ഹൊ.... നീയെന്നെ കടിച്ച് പറിക്കുന്ന പോലെ ഉണ്ടല്ലോ അൻറെ ഗുഡ് മോണിങ്...

അങ്ങനെ അല്ല ഐഷൂ പറയാ... ഞാൻ നിനക്ക് പറഞ്ഞ് തന്നില്ലേ ആ ടൈം പീസില്...അതു പോലെ റിലാക്സായിട്ട് പറ."

അവൻറെ വർത്താനം കേട്ടിട്ട് എൻറെ കൈ തരിച്ച് വന്നെങ്കിലും ആവശ്യം നമ്മളുടേത് ആയോണ്ട് റിലാക്സായി നമ്മള്: "ഗുഡ് മോണിങ് ആദിൽക്കാ..."

ആദി: "ആ...അതെ ഫീലില് ഒരു ഐ ലൗ യു കൂടി പറഞ്ഞേ..."

അത് കേട്ടപ്പൊ ഫോണെടുത്ത് എറിയാൻ തോന്നി.പക്ഷേ ആവശ്യം നമ്മളുടേത് ആയില്ലെ അതോണ്ട് നമ്മള്: " ഐ ലൗ യു ആദിൽക്ക..."

ആദി: "ആഹാ ..അപ്പൊ നമ്മള് പറയുന്നത് അനുസരിക്കാനൊക്കെ അറിയാം..അല്ലേ?"

നമ്മള്: "ഞാൻ പറഞ്ഞില്ലെ...ഇനിയെങ്കിലും പറ എങ്ങനെയാ ഇത് ഓഫാക്കാ..."

ആദി: "അത്... പറയണോ?"

നമ്മള് ഓനോട് കെഞ്ചി: "പറ...പ്ലീസ്..."

ആദി: "ഹൈ.. ഇൻറെ ഐഷൂ നീ ഇക്കണെക്കിന് പോയാൽ കരയല്ലോ...അൻറെ വീറും വാശിയുമൊക്കെ ഇപ്പൊ എവിടെ പോയി?"

'ഇതൊന്ന് ഓഫാകട്ടെടാ തെണ്ടി...നിനക്ക് അപ്പൊ പറഞ്ഞ് തരാ എവിടെ പോയെന്ന്...'

ആദി: "ഉം...എന്തായാലും നീ ഇനി ചോദിച്ചിട്ട്

ഞാനൊന്നും പറഞ്ഞില്ലെന്ന്
വേണ്ട...അതെടുക്ക്...എടുത്തോ?"

നമ്മളതെടുത്തിട്ട് ഒന്ന് മൂളി.

ആദി: "അതില് നിൻറെ മുഖത്ത് ഒരു രണ്ടു തവണ തൊട്...അപ്പൊ നിൽക്കും."

നമ്മളത് കേൾക്കേണ്ട താമസം അപ്പൊ തന്നെ തൊട്ടില്ല...പകരം ഞെക്കി. പറഞ്ഞ പോലെ അത് നിന്നു. ഹാവൂന്ന് നെടുവീർപ്പിട്ട് അവനോട് രണ്ട് പറയാൻ നാക്ക് ചൊറിഞ്ഞു വന്നു. അപ്പോഴേക്കും

ആദി: "ഇപ്പൊ നീ പൂരപ്പാട്ട് തുടങ്ങുമെന്നറിയാം അതോണ്ട് ഞാൻ വെക്കാണ്. ലൗ യു ഐഷൂ..." എന്ന് പറഞ്ഞ് വെച്ചു.

ഇല്ലെങ്കിൽ കേൾക്കായിരുന്നു ഇന്നലത്തെ ബാക്കി.നമ്മള് ക്ലോക്കിൽ ടൈം നോക്കിയപ്പൊ നമ്മള്

എന്നും എണീക്കുന്ന ടൈം തന്നെ. അപ്പോഴാ നമ്മളെ ഫോണിൽ അലാറം അടിക്കുന്നത്.അത് ഓഫാക്കിയിട്ട് വേഗം ഫ്രഷായി നിസ്കരിച്ച് താഴേക്ക് പോയി.

ഉപ്പാനെ എണീപ്പിച്ച് ജോഗിങ്ങൊക്കെ പോയി തിരിച്ച് വന്നു. ഇതുവരെ നമ്മളെ മനസ് ശാന്തമായിട്ടില്ല.ആ തെണ്ടിയാണ് മനസ്സിൽ മുഴുവൻ.

വീട്ടിലെത്തിയപ്പൊ ഷാദി റെഡിയായി നിൽപ്പുണ്ട്.

'ഇവനിതെങ്ങോട്ടാ ഇത്ര നേരത്തേ മാറ്റിയൊരുങ്ങീട്ട്... 11മണിക്ക് അല്ലേ പ്രോഗ്രാം...'

"നീയിതെങ്ങോട്ടാടാ ഇത്ര നേരത്തെ?"

"താത്ത മറന്നോ മലപ്പുറത്തേക്ക് പോണ്ടേ?"

"അതിന് അത് 11 മണിക്കല്ലേ?"

അപ്പൊ ഷാദി ഉപ്പ കാണാതെ നമ്മളോട് പ്രാക്ടീസ് എന്ന് ആംഗ്യം കാണിച്ചു. നമ്മക്കും അപ്പോഴാ ആ കാര്യം ഓർമ്മ വന്നത്.

അതോണ്ട് വേഗം ഫ്രഷായി റെഡി ആയിട്ട് ഉമ്മാൻറെ ദോശയും തിന്ന് ഉപ്പാൻറെ വണ്ടിൻറെ കീയും എടുത്ത് ഇറങ്ങിയപ്പൊ നമ്മളെ ഉമ്മാൻറെ വക ഒരു ആക്കല് ചോദ്യം.

"ഇജ്ജ് ഇന്നലെ കണ്ട് പേടിച്ച ആ ചെയ്ത്താൻറെ അഡ്രസ് ഉണ്ടെങ്കിൽ തന്നാളെ...ഒരാളെ എങ്കിലും ഇജ്ജ് പേടിക്കുന്നുണ്ടല്ലൊ എന്നാ അതിന് തന്നെ അന്നെ ഏൽപ്പിക്കാ എന്തേ?"

നമ്മളെ ഉമ്മാൻറെ വളിച്ച കോമഡി കേട്ട് ഷാദിയും സിനുവും പൊരിഞ്ഞ ചിരി. ഉപ്പ കടേല് പോകാൻ വേണ്ടി മാറ്റി ഒരുങ്ങി വന്നതോ ഹലാക്കിലെ ചിരിയും കൊണ്ട്.

നമ്മള് ഉമ്മാനെ നോക്കി ഒന്ന് പുച്ഛിച്ചിട്ട് മുഖം തിരിച്ചു.

എന്നിട്ട് ആ ഷാദിൻറെ കയ്യും പിടിച്ച് വലിച്ച് കൊണ്ട് പുറത്തേക്ക് നടന്നു.

"ഇന്നാ ഫെബിയേ ചെലവിന് വെച്ചോ.." എന്ന് പറഞ്ഞ് ഉപ്പച്ചി നമ്മക്ക് 2000 ൻറെ ഒരു പെടക്കണ നോട്ട് എടുത്ത് തന്നു.

നമ്മളതും വാങ്ങി ഷാദിനെ ഒന്ന് നോക്കി ചിരിച്ചിട്ട് നമ്മളെ ഫാക്സീനോൻറെ അടുത്തേക്ക് നടന്നപ്പോഴുണ്ട് പൊറകേന്ന് ഒരു അപശബ്ദം കേൾക്കുന്നു. ആരാന്ന് കരുതി തിരിഞ്ഞ് നോക്കിയപ്പൊ ഹസിയും ജസിയും നമ്മളെ നോക്കി ചിരിച്ചോണ്ട് നിക്കാ...

അവറ്റകളുടെ ചിരി കണ്ടപ്പോഴേ നമ്മക്ക് കാര്യം പിടി കിട്ടി.ആ പ്രപ്പോസിങ് വീഡിയോയാണ് വിഷയം.

"നീയില്ലാത്ത ജീവിതം എനിക്ക് ഉപ്പില്ലാത്ത കഞ്ഞി പോലെയാണ് ആദിൽക്കാ..ബികോസ് ഐ ലൗ യു..."

ഹസി അതും പറഞ്ഞ് ഹലാക്കിലെ ചിരി.

ഉമ്മയും ഉപ്പയും ഷാദിയും സിനുവുമൊക്കെ എന്താ സംഭവമെന്ന് അറിയാതെ അവരേയും നമ്മളേയും മാറി മാറി നോക്കി. നമ്മളൊരു അവിഞ്ഞ ചിരിയും പാസാക്കി കൊണ്ട് ഒരു കല്ലെടുത്ത് ഹസിനെ എറിഞ്ഞു. പക്ഷേ ഓൾക്കത് കൊണ്ടില്ല.

ഇനി ഇവിടെ നിന്നാൽ ശരിയാവൂലാന്ന് തോന്നിയതോണ്ട് വേഗം വണ്ടീല് കേറി.

"ഇന്ന് കൊച്ച് വെളുപ്പാൻ കാലത്ത് ആരോ ഇവിടന്ന് കൂവുന്നത് കേട്ടല്ലോ കുഞ്ഞാമാ..." ജസിയാണ്.

"അത് ഫെബീ ഒരു ചെയ്ത്താനെ കണ്ട് പേടിച്ച് ഈളിയിട്ടതാ..." ഉമ്മച്ചിൻറെ പറച്ചില് കേട്ട് എല്ലാവരും പൊരിഞ്ഞ ചിരി.

"ആ...ചെയ്ത്താനോട് എന്നും ഉറക്കത്തിൽ വരാൻ

പറയോ? അലാറം വെക്കാതിരിക്കാനാ.." ഹസി വീണ്ടും നമ്മക്കിട്ട് താങ്ങി.എല്ലാവരും നല്ല കട്ട സപ്പോർട്ടായിട്ട് ചിരിച്ചു കൊടുത്തു.

ഇപ്രാവശ്യവും നമ്മള് കല്ലെടുത്ത് എറിഞ്ഞു. കൃത്യം അവൾക്ക് തന്നെ കൊള്ളുകയും ചെയ്തു.എന്നിട്ട് പോടീ എന്ന് വിളിച്ചു കൂവി ഷാദിയോട് വേഗം കേറാൻ പറഞ്ഞിട്ട് ഓനേയും കൊണ്ട് അവിടന്ന് പോയി.

ഇല്ലെങ്കിൽ എല്ലാവരും കൂടി നമ്മളെ പുഴുങ്ങിയേനേ...ഷാദി എൻറെ പുറകിൽ ഇരുന്ന് വായപ്പൊത്തി ചിരിക്കുന്നത് നമ്മള് കണ്ണാടിയിൽ കൂടി കാണുന്നുണ്ട്. അത് കണ്ടപ്പൊ അറിയാതെ നമ്മളും ഒന്ന് ചിരിച്ചു.

"ഇത്തൂസേ... നമ്മള് ഒരു കാര്യം ചോയിച്ചാൽ സത്യം പറയോ?"

"ഇജ്ജ് ആദ്യം ചോയിക്ക് എന്നിട്ട് സത്യം പറയണോന്ന് നോക്കാം.."

"ഇൻ്റെ ഇത്തൂസ് സ്വപ്നത്തിൽ കണ്ട് പേടിച്ച ചെയ്ത്താൻ ആ താടിക്കാരനല്ലേ?"

ഓൻ കണ്ണാടിയിൽ കൂടി നമ്മളെ നോക്കി അത് ചോദിച്ചപ്പൊ ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് ഒന്ന് മൂളി കൊടുത്തു.

മൂളിയത് മുതൽ ഓൻ തുടങ്ങി ചിരിക്കാൻ.ഓൻ്റെ ചിരി കണ്ട് കൺട്രോൾ പോയി. നമ്മള് വണ്ടി സൈഡിലേക്ക് ഒതുക്കിയിട്ട് ഓനെ ഇറക്കി.

"ഇത്തൂസിൻ്റെ പുന്നാര അനിയൻ ഒറ്റക്ക് മലപ്പുറത്തേക്ക് പോയാ മതി..ഞാൻ തിരിച്ച് പോകാ.."

"പെണങ്ങല്ലെ ഇത്തൂസേ... ഞാൻ ഇനി ഓനെ പറ്റി ഒന്നും ചോയിച്ച് കളിയാക്കൂല...പ്ലീസ് ചതിക്കല്ലേ...ഇൻ്റെ മുത്തല്ലെ,പൊന്നല്ലെ..പ്ലീസ് ..."

ഓൻ്റെ കെഞ്ചല് കണ്ടപ്പൊ ഒന്ന് ചിരിച്ചിട്ട് ഓനോട് വണ്ടീല് കേറാൻ പറഞ്ഞു. പിന്നെ ഷാദി ഓനെ കുറിച്ച് ഒന്നും മിണ്ടിയില്ല.കുറച്ച് കഴിഞ്ഞപ്പൊ ഓൻ വേറൊരു ഡൗട്ടും കൊണ്ട് വന്നു.

"അല്ല ഇത്തൂസേ...ഹസിത്ത ഒരു പ്രപ്പോസലിൻ്റെ ഡയലോഗ് പറഞ്ഞപ്പൊ എന്തിനാ ഇങ്ങള് ഓളെ എറിഞ്ഞേ?"

നമ്മള് ഷാദിനോട് ഇന്നലെ ഓനെ പ്രപ്പോസ് ചെയ്ത കാര്യം പറഞ്ഞെങ്കിലും വീഡിയോ എടുത്ത് അതെല്ലാരും കണ്ടത് ഇവൻ അറിഞ്ഞിട്ടില്ല.

"ഛെ...എൻ്റെ നെറ്റ് തീരാൻ കണ്ട നേരം..എനിക്ക് കാണാൻ പറ്റിയില്ലല്ലോ..."

ഓനത് പറഞ്ഞപ്പൊ നമ്മള് ഓനെ ഒന്ന് നോക്കി. അപ്പൊ ഓൻ വേഗം കളം മാറ്റി ചവിട്ടി.

"അല്ലാ....ആ...കോന്തൻ ആരാന്ന് കാണാനാ....

ഇൻറെ ഇത്തൂസ് വിഷമിക്കണ്ട..ഞാൻ നമ്മടെ എല്ലാ ടീമിനോടും ഓനെ പറ്റി പറഞ്ഞിട്ടുണ്ട്.അവരൊക്കെ കൂടി ഇന്ന് ഒരു നല്ല ബെസ്റ്റ് ഐഡിയ പറഞ്ഞ് തരാന്ന് പറഞ്ഞിട്ടുണ്ട്.

ഇത്തൂസ് ധൈര്യമായി നിക്ക് ഇന്ന് ഓനെ നമ്മള് പൂട്ടിയിരിക്കും."

എന്തോ ഷാദി അത് പറഞ്ഞത് മുതൽ നമ്മക്ക് കുറച്ച് പ്രതീക്ഷയൊക്കെ കൂടിയിട്ടുണ്ട്. അതോണ്ട് ഓനെ കുറിച്ചുള്ള ടെൻഷന് അൽപ്പം ശമനവുമുണ്ട്.

അങ്ങനെ ഞങ്ങൾ മലപ്പുറത്ത് ഇവരെ ടൂർണമെന്റ് നടക്കുന്ന ഗ്രൗണ്ടിൽ എത്തി. ഷാദിനെ കണ്ടതും അവൻമാരൊക്കെ കൂടി ഓനെ പൊതിഞ്ഞു.

"ഷാദീ...നീ വന്നോ? നീ ലേറ്റായപ്പൊ കരുതി ഇപ്രാവശ്യവും അന്നെ ഉപ്പ വിട്ടീലേന്ന്.."

"ഷാഹിക്കാ...അതിൻറെ ഫുൾ ക്രെഡിറ്റും ഇൻറെ മൊഞ്ചത്തി ഇത്തൂസിനുള്ളതാ...എന്തൊക്കെ വിടൽസ് വിട്ടിട്ടാ ഞങ്ങളെ വിട്ടതെന്നറിയോ?"

ഷാദി നമ്മളെ തോളില് കയ്യിട്ടോണ്ട് ഓരോട് പറഞ്ഞു.

"ആ...ഫെബിയേ..

അൻറെ കോളേജിലെ വിശേഷങ്ങളൊക്കെ ഇവൻ ഞങ്ങളോട് പറഞ്ഞു. ഇജ്ജ് നോക്കിക്കോ ഈ ടൂർണമെന്റിൽ ഇപ്രാവശ്യം നമുക്ക് കപ്പ് അടിക്കാണെങ്കിൽ ഓനെ പൂട്ടാനുള്ള ഒരുഗ്രൻ ഐഡിയ പറഞ്ഞ് തരും..."

"ഓ...അപ്പൊ നമ്മക്ക് ഐഡിയ കിട്ടലുണ്ടാവില്ലലേ ഷാഹിക്കാ...രണ്ട് തവണയും ഗപ്പൊന്നും കിട്ടാതെ തിരിച്ച് പോന്ന ടീമല്ലേ നിങ്ങള്..."

"എന്നാലെ ഇപ്രാവശ്യം കപ്പ് ഞങ്ങളെ ടീമാവും കൊണ്ട് പോവാ..

അല്ലെടാ ഷാദീ..."

"പിന്നെ അല്ലാതെ...ഇത്തൂസേ...അവിടെ പോയി ഇരുന്നോ കളി തുടങ്ങുമ്പൊ സ്റ്റേഡിയത്തിലേക്ക് പോകാം..."

നമ്മള് ഓരെയൊക്കെ ഒന്ന് നോക്കി ചിരിച്ചിട്ട് അവിടെ ഒരു സ്റ്റെപ്പിൽ പോയി ഇരുന്നു. കുറച്ച് കഴിഞ്ഞപ്പൊ തന്നെ നമ്മക്ക് ബോറടിക്കാൻ തുടങ്ങി. നമ്മള് ചുമ്മാ ഫോൺ തുറന്ന് കുറച്ച് നേരം ഗെയിം കളിച്ചോണ്ടിരുന്നു. വാട്സപ്പൊന്നും ഇപ്പൊ തുറക്കാനേ തോന്നല്ല...കുറച്ച് കഴിഞ്ഞപ്പൊ അതും ബോറടിച്ചു.

പിന്നെ നമ്മള് നമ്മളെ സ്ഥിരം പരിപാടിയങ്ങ് തുടങ്ങി.വായിനോട്ടം...

നല്ല ചുള്ളനും കുള്ളനും മൊഞ്ചനും ചൊങ്കനുമൊക്കെ ആയി ഫുൾ കളറാണ് ഗ്രൗണ്ട്. നമ്മളെ നോട്ടം കണ്ടിട്ട് ഒരുത്തൻ നമ്മളെ മുന്നിൽ മെയിനാവുന്നുണ്ട്. തല കുത്തി ചാട്ടവും നിർത്തവും ഓൻറെ മസില് പെരുപ്പിക്കലും അങ്ങനെ ഒക്കെ ചില കോപ്രായങ്ങള് കാട്ടി കൂട്ടുന്നുണ്ട്.

നമ്മളാണെങ്കിൽ ഓൻറെ കോപ്രായം കണ്ടിട്ട് ചിരിച്ച് ചിരിച്ച് ചാകാനായിരുന്നു. അപ്പോഴാണ് നമ്മള് ആ കൂട്ടത്തിൽ നമ്മളെ കോന്തനെ കണ്ടത്. കണ്ണ് തിരുമ്മി നോക്കിയപ്പൊ അത് വേറെ ആരോ ആണ്. നമ്മള് തന്നെ സ്വയം തലക്കൊരു മേട്ടം കൊടുത്തു. അല്ലാ പിന്നെ..ഓൻറെ ചിന്ത മാത്രേ ഉള്ളൂ എപ്പൊ നോക്കിയാലും.

അങ്ങനെ ചിന്തിച്ച് ഗ്രൗണ്ടിലേക്ക് നോക്കിയപ്പൊ ദേ നിൽക്കുന്നു റെഫറിയുടെ വേഷത്തിൽ ആ കോന്തൻ. അപ്പോഴും നമ്മള് കണ്ണ് തിരുമ്മി നോക്കി.അപ്പൊ ഏതോ ഒരാളാണ്.

പിന്നെ അതിലൂടെ കടല വിൽക്കുന്ന ഒരു പയ്യനെ കണ്ടു.നോക്കുമ്പോ അതും ആ കോന്തൻ.

'പടച്ചോനേ... എവിടെ നോക്കിയാലും ആ കോന്തൻറെ മുഖാണല്ലോ..

ഇതിലും ഭേദം എന്നെ ഇങ്ങക്ക് അങ്ങോട്ട് വിളിക്കലേന്നു...പടച്ചോനേ... പ്ലീസ് ഇനിയും ആ

കോന്തനെ എൻ്റെ കൺമുന്നിലേക്ക് കൊണ്ട് തരല്ലേ...ഈ രണ്ട് ദിവസമെങ്കിലും ഒന്ന് സ്വസ്ഥതയോടെ ഇരിക്കാനാ....'

"ആരെ വായി നോക്കി ഇരിക്കാടീ നീ..."

ശബ്ദം കേട്ട് ആ ഭാഗത്തേക്ക് തിരിഞ്ഞ് നോക്കിയതും നമ്മള് ഞെട്ടി. ഒരിക്കലും പ്രതീക്ഷിക്കാത്ത ആളാണ് മുന്നിൽ നിൽക്കുന്നത് ..

[ആരായിരിക്കും ᛘ]

(തുടരും)

ഭാഗം. 28

"ആരെ വായി നോക്കി ഇരിക്കാടീ നീ...."

ശബ്ദം കേട്ട് ആ ഭാഗത്തേക്ക് തിരിഞ്ഞ് നോക്കിയതും നമ്മള് ഞെട്ടി. നമ്മള് ഒട്ടും പ്രതീക്ഷിക്കാത്ത ആളാണ് മുന്നിൽ നിൽക്കുന്നത്. ഒരു സെക്കന്റ് നമ്മള് അന്ധാളിച്ച് നിന്നെങ്കിലും അവളെ കണ്ടപ്പൊ ഓടി പോയി കെട്ടി പിടിച്ചു.

"സനാ.....നീയെന്താ ഇവിടെ? നീ ഹോസ്റ്റലിൽ അല്ലേന്നോ? പിന്നെ എങ്ങനെ ഇവിടെ എത്തി? ഇതാരാ നിൻറെ കൂടെ ഉള്ളത്?"

"എൻറെ ഫെബീ...നീ ആദ്യം നിർത്തി നിർത്തി ചോദിക്ക് ..എന്നാലല്ലേ മറുപടി തരാൻ പറ്റൂ..."

"ഓ....ശരി മുത്തേ...വാ നമുക്ക് അവിടെ പോയി ഇരിക്കാം.."

ഞങ്ങള് മൂന്ന് പേരും കൂടി സ്റ്റെപ്പില് പോയി ഇരുന്നു.

"സത്യം പറയാലോ...ബോറടിച്ച് ചാവാനായിരുന്നു.ഭാഗ്യം നീ വന്നത്...അല്ലാ നീ എങ്ങനെ ഇവിടെ എത്തി? അത് പറ ആദ്യം...ഇന്നലെ നൈറ്റ് വരെ നീ ഹോസ്റ്റലിൽ ഉണ്ടായിരുന്നല്ലോ.."

"ഇന്ന് ഇൻറെ ഇക്കാക്കാൻറെ ടൂർണമെന്റ് ഉണ്ട്. മൂപ്പരോട് ഞാൻ ആദ്യം തന്നെ പറഞ്ഞ് വെച്ചതാ ഇപ്രാവശ്യം എന്നേയും കൊണ്ട് പോവണമെന്ന്. അങ്ങനെ ഇന്ന് രാവിലെ തന്നെ മൂപ്പര് എന്നെ ഇങ്ങോട്ട് കൊണ്ട് വന്നു. നാളെ തിരിച്ച് പോകണം."

"അല്ലാ അപ്പൊ ഷംനയോ?"

"അവളും നസിയും ഹോസ്റ്റലിൽ തന്നെയാ...അല്ലാ നീയെന്താ ഇവിടെ?

ആദിൽക്ക വരാന്ന് പറഞ്ഞീന്നോ?"

ഓളത് പറഞ്ഞതും നമ്മക്ക് ഇന്നലെ നൈറ്റ് കണ്ട സ്വപ്നാണ് ഓർമ്മ വന്നത്. അത് ആലോചിച്ചപ്പൊ തന്നെ ഒന്ന് ഞെട്ടിയിട്ട് ഓളെ തുറുക്കനെ നോക്കി. ഓള് നമ്മളെ നോക്കി കിണിച്ചോണ്ട് സോറി പറഞ്ഞു.

പിന്നെ നമ്മളതൊന്നും ഓളോട് പറയാൻ നിന്നില്ല. ഉള്ള മൂഡും പോയി.

"ഡീ...ഫെബീ നീ എന്നോട് തെറ്റിയോ? സോറിയെടീ...നിന്നോട് ആദിൽക്കാനെ പറ്റി പറയുമ്പൊ നിൻറെ മുഖത്ത് ഉണ്ടാകുന്ന എക്സ്പ്രഷൻ കാണാൻ ഒരു പ്രത്യേക മൊഞ്ചാണ് മോളേ..."

നമ്മക്ക് ഓള് പറഞ്ഞത് ഇച്ചിരി സുഖിച്ചെങ്കിലും നമ്മള് തൊള്ളേം തുറന്ന് ഓളെ തന്നെ കണ്ണും മിഴിച്ച് നോക്കി ഇരിക്കേന്നു.

"എന്താടി നീ എന്നെ ആദ്യായിട്ട് കാണാണോ? ഇങ്ങനെ കണ്ണെടുക്കാതെ നോക്കി ഇരിക്കുന്നു?"

"നമ്മളിങ്ങനെ ഓരോന്ന് ആലോചിക്കേന്നു.ഈ

മനുഷ്യൻമാരെ ഒക്കെ കാര്യമേ..മൂന്ന് ദിവസം മുൻപ് വരെ എന്ത് പാവായിരുന്നു,വായേല് വെരല് വെച്ചാ പോലും കടിക്കാത്ത കുട്ടി,മിണ്ടാ പൂച്ച..

എന്നിട്ട് ഇപ്പോഴോ? വായേല് വെരല് വെച്ചില്ലെങ്കിലും നീ തന്നെ വായില് വെച്ച് കടിച്ചോളും.അത്രക്ക് മാറി പോയിട്ടുണ്ട്. ഈ മിണ്ടാ പൂച്ച കലമൊടക്കുമെന്ന് പറയുന്നത് ഇതിനെയാണല്ലേ?"

"എന്നെ ഇങ്ങനെ മാറ്റിയത് നിങ്ങള് നാലാളും കൂടിയാ അത് മറക്കണ്ട...സത്യം പറഞ്ഞാൽ ഇന്ന് വീട്ടിൽ എത്തിയപ്പൊ ഇൻറെ ഉമ്മ വരെ ഞെട്ടി പോയി നമ്മളെ മാറ്റം കണ്ടിട്ട്...അത് മാത്രല്ല നിങ്ങളെ ഇടയിൽ പിടിച്ച് നിൽക്കണെങ്കിൽ മിണ്ടാതെ പറ്റില്ലല്ലോ മോളേ.."

അത് പറഞ്ഞോണ്ട് ഞങ്ങൾ ചിരിച്ചു.

"അല്ലാ നീയെന്താ ഫെബീ ഇവിടെ? നീ അത് പറഞ്ഞില്ല."

"ഞാൻ എൻറെ അനിയനേയും കൊണ്ട് വന്നതാ

മോളേ...അതിനെ പറ്റി പറയാതിരിക്കാ ഭേദം...ഉപ്പാനോട് കള്ളം പറഞ്ഞിട്ടാ ഇങ്ങോട്ട് വന്നത്.ഈ മാച്ചിലെങ്ങാനും തോൽക്കട്ടെ അപ്പൊ അവനെ ശരിയാക്കും..."

"നിൻറെ അനിയനോ എവിടെ?"

"ദേ...ആ എട്ടാം നമ്പർ ജേഴ്സി കണ്ടോ അത്..."

"അത് ഷാദിയല്ലേ..അവൻ നിൻറെ അനിയനാണോ?"

നമ്മളൊന്ന് ഞെട്ടി തിരിഞ്ഞ് സനനെ നോക്കി.

"അതെ...നിനക്കെങ്ങനെ ഓനെ അറിയാം.."

നമ്മള് ഓളെ ഒരു സംശയത്തോടെ നോക്കി.

"ആ പതിനൊന്നാം നമ്പർ ജേഴ്സി ഇട്ട ആളാണ് ഇൻറെ

ഇക്കാക്ക ഷാഹിദ്. ഇക്കാക്കാൻ്റെ കൂടെ ഇടക്കിടക്ക് ഓൻ വീട്ടിലേക്ക് വരാറുണ്ട്. അങ്ങനെ അറിയാം"

നമ്മള് ഓള് പറയുന്നതും കേട്ട് മൂക്കത്ത് വിരല് വെച്ചോണ്ട് ചിരിച്ചു. എന്നിട്ട് ഓളെ നോക്കി.

"എന്നിട്ടും നമ്മള് പരിചയപ്പെട്ടത് മൂന്ന് ദിവസം മുന്നേ...ഇൻക്ക് അറീലേന്നുട്ടാ നീ ഷാഹിക്കാൻ്റെ പെങ്ങളാണെന്ന്. മൂപ്പർക്ക് രണ്ട് പെങ്ങന്മാരുണ്ടെന്ന് അറിയാം.പക്ഷേ അത് നീയാവുമെന്ന് നമ്മള് സ്വപ്നത്തിൽ പോലും ചിന്തിച്ചില്ല..."

"നീ ഷാദിൻ്റെ താത്തയാണെന്ന് ഇൻക്കും അറീലേന്നു.ഇവള് ഷാദിൻ്റെ ക്ലാസിലാ പഠിക്കുന്നത്."

അപ്പോഴാ നമ്മള് സനൻ്റെ കൂടെയുള്ള മൊഞ്ചത്തിക്കുട്ടിനെ കണ്ടത്.നല്ല അടക്കവും ഒതുക്കവുമുള്ള ഒരു ഉമ്മച്ചിക്കുട്ടി.സന ആദ്യമായി ക്ലാസിലേക്ക് വന്ന അതേ കോലം.ഇനി ഇവളെ പോലെ മിണ്ടാതിരുന്നിട്ട് കലമൊടക്കുന്ന സാധനാണോ?

"സനയേക്കാൾ മൊഞ്ചുണ്ടല്ലോ നിന്നെ കാണാൻ..എന്താ പേര്?"

നമ്മളെ ചോദ്യത്തിന് ഒരു പുഞ്ചിരി തൂകി കൊണ്ട് അവൾ പേര് പറഞ്ഞു.

"സഫ്ന..."

"സഫ്ന.....ണ്ടേ....എന്താ പേര് പറഞ്ഞേ?"

നമ്മള് ഓളെ വീണ്ടും ഒന്ന് നോക്കി. അവള് ആണെങ്കിൽ നമ്മളെ ചോദ്യം കേട്ട് ഞെട്ടീക്ക്ണ്.

"സഫ്ന.."

അവള് പറയുന്നത് കേട്ടപ്പൊ എനിക്കെന്താ ചെയ്യേണ്ടതെന്ന് അറീലേന്നു. നമ്മള് അവിടന്ന് എണീറ്റിട്ട് ചിരി കൺട്രോൾ ചെയ്യാൻ വേണ്ടി വായ പൊത്തിയിട്ട് അങ്ങോട്ടും ഇങ്ങോട്ടും നടന്നു.

നമ്മളെ കാട്ടി കൂട്ടല് കണ്ടിട്ട് ഫീസ് പോയ പോലെ രണ്ടെണ്ണം ഇരിക്കുന്ന കാര്യം വരെ നമ്മള് മറന്നു പോയി. പെട്ടെന്ന് സന എണീറ്റ് വന്ന് നമ്മളെ പിടിച്ച് നിർത്തി.

"എന്താടി പെണ്ണേ അൻക്ക് പിരാന്തായോ? അതോ ഇനി ചങ്ങലക്കിടണോ?"

"ഒന്ന് മാറി നിക്കടി..

ഞാൻ ഇൻറെ നാത്തൂൻറെ അടുത്തേക്ക് പോകട്ടെ..."

അതും പറഞ്ഞ് നമ്മള് സനനെ തള്ളി സഫ്നൻറെ അടുത്ത് പോയി ഇരുന്നു. സന ആണെങ്കിൽ നാത്തൂനോന്ന് പറഞ്ഞ് ചിന്തിച്ച് നിൽക്കാണ്.

"സഫ്ന...അൻക്ക് ഷാദിയെ പരിചയമുണ്ടോ?"

"ആ...എട്ടില് പഠിക്കുമ്പൊ തൊട്ട് ഓനെ അറിയാ.. പക്ഷേ, ഇത് വരെ പരിചയപ്പെട്ടിട്ടില്ല."

അത് കേട്ടപ്പൊ നമ്മളൊന്ന് സംശയിച്ചു.കാരണം ഓൻ്റെ സഫ്ന പുതിയതായി വന്ന കുട്ടി ആണെന്നല്ലേ പറഞ്ഞത്.

"അൻ്റെ ക്ലാസില് വേറെ സഫ്നയുണ്ടോ?"

"ഇല്ല.."

"പിന്നെ എന്താ ഷാദി അങ്ങനെ പറഞ്ഞത്?"

"ഷാദി എന്നെ കുറിച്ച് ഇത്താനോട് പറയലുണ്ടോ? എന്താ പറയല്?"

അവളത് ചോദിക്കുമ്പൊ അവളെ കണ്ണിലൊരു തിളക്കം നമ്മള് കണ്ടു.അതിലെവിടെയോ ഷാദിനോട് ഒരു മൊഹബ്ബത്ത് ഒളിഞ്ഞിരിപ്പുള്ള പോലെ നമ്മക്ക് തോന്നി.

"ഓൻ...പറയാറുണ്ടോന്ന് ചോദിച്ചാ... ഒരിക്കൽ പറഞ്ഞീന്നു ഞങ്ങളെ ക്ലാസിലേക്ക് ഇന്നൊരു പുതിയ കുട്ടി വന്നു. വന്നപാടെ ഓളും ഞാനും കൂടി കൂട്ടി മുട്ടീന്ന്...അത് നീ തന്നെയാണോ?"

പെണ്ണ് തലയും താഴ്ത്തി തലക്ക് താങ്ങും കൊടുത്തോണ്ട് നമ്മളെ മുഖത്ത് നോക്കാതെ തലയാട്ടി. അത് കണ്ടപ്പൊ നമ്മക്ക് ചിരി കൺട്രോൾ ചെയ്യാൻ പറ്റീല. നമ്മള് നല്ലോണം പൊട്ടി ചിരിച്ചു പോയി. നമ്മളെ ചിരി കണ്ടിട്ട് സഫ്നക്കൊന്നും മനസ്സിലായിട്ടില്ല. സനക്ക് പിന്നെ തുടക്കം തൊട്ടേ ഒന്നും ഓടിയിട്ടില്ല.

"എന്തിനാടീ നീയിങ്ങനെ കെടന്ന് ചിരിക്കുന്നേ? അതിന് മാത്രം ഇവിടെ ഇപ്പൊ എന്താ ഉണ്ടായേ?"

സനൻറെ ചോദ്യം കേട്ടപ്പൊ ചിരി കൺട്രോൾ ചെയ്ത് നമ്മള് സഫ്നനെ നോക്കി.

"നീ ഷാദിനെ നിൻറെ വീട്ടിൽ വെച്ചൊന്നും ഇതിന് മുന്നേ കണ്ടിട്ടില്ലേ?"

ഓള് ഇല്ലാന്ന് തോള് പൊക്കി കാണിച്ചു.

"ഓൻ നിന്നോട് ക്ലാസിൽ നിന്ന് വല്ലതും സംസാരിക്കാറുണ്ടോ?"

"ഓൻറെ ഫ്രണ്ട്സിനോട് സംസാരിക്കാറുണ്ട്...പക്ഷേ, ഷാദിനോട് ഇതുവരെ മിണ്ടാൻ പറ്റിയിട്ടില്ല."

അത് പറഞ്ഞപ്പൊ ഓളെ മുഖത്ത് ഒരു ചെറിയ വിഷമം നമ്മള് കണ്ടു.

"അതെന്താ പറ്റാത്തത്?" നമ്മള് അല്ലട്ടോ സനയാണ് ഓളോട് ചോദിച്ചത്.

"ഓനെ കാണുമ്പോ ഞാൻ ചിരിക്കാറുണ്ട്.പകരം ഒന്ന് ചിരിക്കപോലും ചെയ്യാതെ എൻറെ മുന്നിൽ നിന്ന് പെട്ടെന്ന് ഓടും.ഒന്ന് സംസാരിക്കാന്ന് വെച്ചാലോ എന്നെ കാണുമ്പോഴേ മുഖം തിരിക്കും. എൻറെ

ഫ്രണ്ട്സിനോടൊക്കെ ഓൻ സംസാരിക്കാറുണ്ട്.പക്ഷേ ഇന്നോട് മാത്രം മിണ്ടൂല...അന്ന് ഓൻറെ മേല് വീണിട്ടാവുമെന്ന് കരുതി ഞാൻ ഓനോട് സോറി പറയാൻ വേണ്ടി ചെന്നപ്പോഴും ഇന്നെ മൈൻഡ് ചെയതീല. ശരിക്കും ജാഡ പിടിച്ച സാധനം.."

ഓളെ വർത്താനം കേട്ടിട്ട് നമ്മക്ക് ചിരിയാണ് വന്നത്.നമ്മള് കുറച്ച് കൂടി ഓളെ അടുത്തേക്ക് നീങ്ങി ഇരുന്നിട്ട് ഓളെ തോളിലൂടെ കയ്യിട്ടു.

"എന്നാല് ഓൻറെ ജാഡ നമ്മക്ക് ഇന്നത്തോടെ തീർക്കാം...അൻക്ക് ഓനോട് കമ്പനി കൂടാൻ നമ്മള് അവസരം തരാം എന്തേ?"

ഓള് നമ്മളെ നോക്കി ഒന്ന് പുഞ്ചിരി തൂകി കൊണ്ട് തലയാട്ടി. സനക്ക് ഇപ്പോഴും ഒന്നും മനസ്സിലായിട്ടില്ല. ഓള് തലയും ചൊറിഞ്ഞോണ്ട് ഞങ്ങളെ നോക്കി ഇരുന്നു.

നമ്മളപ്പൊ തന്നെ ഷാദിനെ വിളിച്ചു.നമ്മളെ വിളി കേട്ട്

ഓൻ തിരിഞ്ഞ് നോക്കിയതും ഓൻ്റെ കിളി പറന്നു പോകുന്നത് നമ്മള് ശ്രദ്ധിച്ചു.ഷാഹിക്ക ഞങ്ങളെ മൂന്നിനേയും ഒപ്പം കണ്ടപ്പൊ ഷാദിൻ്റെ തോളില് കയ്യിട്ടോണ്ട് അവനേയും കൂട്ടി വന്നു.

"നിങ്ങള് മൂന്നാളും അപ്പോഴേക്കും കൂട്ടായോ? ഫെബീ ഇതെൻ്റെ മൂത്ത പെങ്ങൾ....."

"സന. അറിയാം...ഞങ്ങൾ രണ്ടാളും കട്ട ചങ്ക്സാ.."

ഷാഹിക്കാനെ മുഴുമിക്കാൻ സമ്മതിക്കാതെ നമ്മള് ഇടക്ക് കേറി.

"ഓഹോ....വെറുതെ അല്ല അൻ്റെ കൂടെയൊക്കെ നടന്നിട്ടാണല്ലെ ഓൾക്ക് കുറച്ച് ഉഷാറൊക്കെ കൂടിയത്..എന്താ ഇജ്ജ് അതിന് മാത്രം ഓൾക്ക് കലക്കി കൊടുത്തത്..."

"ബൂസ്റ്റ്...അതല്ലെ ഉന്മേഷത്തിനൊക്കെ ബെസ്റ്റ്.."

നമ്മള് ഒന്ന് കണ്ണിറുക്കി കൊണ്ട് പറഞ്ഞു. ഷാദി നമ്മളെ മുഖത്തേക്ക് നോക്കുന്നത് പോലുമില്ല.ഇവിടെ ഒരാളാണെങ്കിലോ ഓൻറെ മുഖത്ത് നിന്ന് കണ്ണെടുക്കുന്നുമില്ല. അതോണ്ട് ഇവരെ ഒന്ന് മിണ്ടിക്കാൻ തന്നെ നമ്മള് തീരുമാനിച്ചു.

"ഷാദീ....അൻക്ക് എതിരെ ഒരു പരാതി കിട്ടിയിട്ടുണ്ട്. പരാതിക്കാരി ഈ ഇരിക്കുന്ന ആളാണ് സഫ്ന...നീ ഇവളെ മൈൻഡ് ചെയ്യുന്നില്ല,ചിരിക്കുന്നില്ല,സംസാരിക്കുന്നില്ല ജാഡയാണ് എന്നൊക്കെയാണ് പരാതി."

നമ്മളെ വർത്താനം കേട്ടിട്ട് അന്തം വിട്ട് ഷാദി ഓളെ നോക്കി. ഓള് ഓനെ നോക്കി ഒന്ന് ചിരിച്ച് കൊടുത്തു.

"അതെന്താടാ ഷാദീ നീ ഓളെ മൈൻഡ് ചെയ്യാത്തേ? ഇജ്ജ് അൻറെ ക്ലാസില് ഉള്ളോരോട് മാത്രേ സംസാരിക്കൂ...ഇൻറെ പെങ്ങളോട് മിണ്ടൂലേ?"

അത് കേട്ടപ്പൊ ചെക്കൻ്റെ കിളി വീണ്ടും പറന്നു പോയി. ഓന് അറിയില്ലല്ലോ ഷാഹിക്കാൻ്റെ പെങ്ങളാണ് സഫ്നാന്ന്.അറിയുമെങ്കിൽ ഓൻ എന്നോ നമ്മളോട് പറഞ്ഞേനെ. ഇവള് ഓനെ എട്ടാം ക്ലാസ് മുതലേ കണ്ടിട്ടുണ്ട്. ഇവിടെ ഒരുത്തൻ അവളെ കാണുന്നതോ കുറച്ച് ദിവസം മുൻപ്....നല്ല കഥ...നമ്മക്ക് അറിയാതെ ചിരി വന്നു.

"ഇക്കാക്കാ...ഇവര് രണ്ടാളും ഒരേ ക്ലാസിലാ പഠിക്കുന്നത്." സനയാണ്.

"ഓഹോ....എന്നിട്ടാണോ ഷാദീ ഇജ്ജ് ഓളെ മൈൻഡ് ചെയ്യാത്തേ?"

ഷാഹിക്കാൻ്റെ വർത്താനം കേട്ട് ഷാദി ഓളെ നോക്കി ഒന്ന് ചിരിച്ചു. അപ്പൊ ഓളും അതേ പോലെ ഓനെ നോക്കി ചിരിച്ചു. അപ്പൊ തന്നെ മാച്ച് തുടങ്ങാനായിയെന്ന് അനൗൺസ് ചെയ്തു. ഞാൻ ഷാദിനെ അപ്പൊ തന്നെ വലിച്ചിട്ട് കുറച്ച് മാറി നിന്നു.

"എന്താടാ ഇജ്ജ് ഓളെ മൈൻഡ് ചെയ്യാത്തേ? ഓൾക്ക് അത് എത്ര വിഷമമുണ്ടെന്ന് അറിയോ?"

"ഓളങ്ങനെ പറഞ്ഞോ?"

"ആ...ഓളെ സംസാരത്തിൽ നിന്ന് നമ്മക്ക് അങ്ങനെ തോന്നി. ദേ പിന്നെ ഒരു കാര്യം. എനിക്ക് ഓളെ പെരുത്ത് ഇഷ്ടായി.

ഓൾക്ക് അന്നോട് ഒരു സോഫ്റ്റ് കോണർ ഉണ്ടെങ്കിലും ഈ മാച്ചോട് കൂടി ഓളെ നീ ഒന്ന് കൂടി ഇമ്പ്രസ് ചെയ്യിക്കണം മനസ്സിലായോ?"

"അത് പിന്നെ പറയണോ...ഓള് വന്നതല്ലേ അപ്പൊ നമ്മളിന്ന് പൊളിക്കും.

ഓളെ മേലിലേക്ക് വീണതോണ്ട് ഓൾക്ക് ഇന്നോട് ദേഷ്യം ആവുമെന്ന് കരുതിയാ ഓളെ കാണുമ്പൊ മുഖം തിരിച്ചതൊക്കെ..പക്ഷേ, ഓളെ ഇവിടെ വെച്ച് കണ്ടപ്പൊ..ഓ..ഇൻറെ ഇത്തൂസേ..."

എന്ന് പറഞ്ഞ് ചെക്കൻ നമ്മളെ കവിളത്ത് ഒരുമ്മ തന്നിട്ട് ഷാഹിക്കാൻറെ അടുത്തേക്ക് ഓടി. എന്നിട്ട് ഞങ്ങൾക്കുള്ള ടിക്കറ്റും കൊണ്ട് ഷാദി വന്നു.

എല്ലാവർക്കും നീ തന്നെ കൊടുത്താ മതിയെന്ന് നമ്മള് പറഞ്ഞിട്ട് സനനെയും കൂട്ടി ഒരല്പം മാറി നിന്നു. എന്നിട്ട് ഓളോട് ഷാദിക്ക് സഫ്നനെ ഇഷ്ടാണെന്ന് നമ്മള് പറഞ്ഞപ്പൊ പെണ്ണ് ഒന്ന് ഞെട്ടിയിട്ട് ചിരിച്ചു.ഓള് നമ്മളേക്കാൾ പെരുത്ത് സന്തോഷായി.ഞങ്ങൾ രണ്ടാളും കൂടി ഓൻ ഓൾക്ക് ടിക്കറ്റ് കൊടുക്കുന്നതും നോക്കി നിന്നു. അവര് രണ്ടാളും ചിരിച്ചോണ്ട് തന്നെ നിക്കാണ്.

ഞങ്ങൾ രണ്ടാളും അവരെ അടുത്ത് എത്തിയപ്പൊ ഷാദി പെട്ടെന്ന് ഓൾക്ക് ടിക്കറ്റ് കൊടുത്തിട്ട് പോയി. എന്നിട്ട് തിരിഞ്ഞു നോക്കി കൊണ്ട് ഒന്ന് ചിരിച്ചു. ഞങ്ങൾ രണ്ടാളും തലയാട്ടി കൊണ്ട് ചിരിക്കാൻ തുടങ്ങി. സഫ്ന ആണെങ്കിലോ ആകെ ഒരു ചമ്മിയ അവസ്ഥയിലും.

അങ്ങനെ ഞങ്ങളെ ഗ്യാലറിയിലെത്തി ഷാദിയോട്

പറഞ്ഞ പോലെ തന്നെ മുൻപിൽ ഇരുന്നു. ഞങ്ങൾക്ക് മൂന്ന് പേർക്കും നല്ലോണം ടെൻഷനുണ്ട്.ഒന്നാമത്തേത് ഇത് ഷാദിൻ്റെ ഫസ്റ്റ് കളിയാണ്.രണ്ടാമത്തേത് ഇവരെ എതിർ ടീമിനോട് കളിച്ചാണ് കഴിഞ്ഞ രണ്ട് മാച്ചിലും ഇവര് പൊട്ടിയത്. അതോണ്ട് നല്ലോണം ടെൻഷനുണ്ടായിരുന്നു.

അങ്ങനെ ഫസ്റ്റ് വിസിൽ മുഴങ്ങിയപ്പൊ മാച്ച് തുടങ്ങി. ഞങ്ങൾ മൂന്ന് പേരും ശ്വാസം അടക്കി പിടിച്ചോണ്ടാണ് കളി കാണുന്നത്. രണ്ട് തവണ ഷാദി ഗോൾ പോസ്റ്റിലേക്ക് അടിച്ചെങ്കിലും ജസ്റ്റ് മിസ്സില് പോയി.

അങ്ങനെ ഫസ്റ്റ് ഗോൾ നമ്മളെ എതിർ ടീം അടിച്ചു.അതില് തലക്ക് താങ്ങും കൊടുത്ത് ഞങ്ങൾ മൂന്നും ഇരുന്നു.

'പടച്ചോനേ... ഈ മാച്ചില് നമ്മളെ ടീം തന്നെ ജയിക്കണേ...ഒരുപാട് കഷ്ടപ്പെട്ടിട്ടാ ഷാദിനെ സെലക്ട് ചെയ്തത് തന്നെ... അതോണ്ട് പടച്ചോനേ ഇവരെ പ്രാർത്ഥന ഒന്നും ഇജ്ജ് കാണാതെ പോവല്ലേ...ഇപ്രാവശ്യം കപ്പ് നമ്മക്ക്

അടിക്കണേ...ആമീൻ..'

എന്നൊക്കെ പ്രാർത്ഥിച്ചോണ്ട് നമ്മള് കളിയിലേക്ക് ശ്രദ്ധ ചെലുത്തി.ഇവരിത് അങ്ങോട്ടും ഇങ്ങോട്ടും കൊണ്ട് പോകുന്നുണ്ടെന്നല്ലാതെ ഗോളടിക്കുന്നില്ല.

ഒടുവിൽ അടുത്ത ഗോൾ....

അതും അവര് തന്നെ അടിച്ചു.എതിർ ടീം ആർത്ത് അട്ടഹസിക്കുന്നുണ്ട്. നമ്മള് ഷാദിനെ ഒന്ന് നോക്കി കണ്ണിറുക്കി എല്ലാം ശരിയാകും എന്ന് കാണിച്ച് ഒരു ഓൾ ദി ബെസ്റ്റ് പറഞ്ഞു. അത് കണ്ടപ്പൊ സന എൻറെ കയ്യിൽ പിടിച്ച് പറഞ്ഞു.

"എനിക്ക് ഉറപ്പാ ഫെബീ ഈ മാർച്ചിൽ നമ്മള് ജയിക്കുമെന്ന്...കാരണം നീ കൊടുക്കുന്ന ഈ ആത്മബലമുണ്ടല്ലോ അത് ആർക്കും എന്തും നേടി കൊടുക്കും. അങ്ങനെ അല്ലേ ഞാൻ ഇന്നലെ മൈക്ക് പിടിച്ച് അവതാരിക ആയത്."

അവളുടെ മറുപടി കേട്ടിട്ട് നമ്മളൊന്ന് ചിരിച്ച് മുഖം

തിരിച്ചപ്പൊ കളിക്കാരേക്കാൾ ടെൻഷനടിച്ചിരിക്കുന്ന ഒരാളെ നമ്മള് കണ്ടു.

ആദി....അതേ അത് അവൻ തന്നെ.. ഇനി നമ്മക്ക് നേരത്തെ പോലെ തോന്നിയതാണോന്ന് കരുതി കണ്ണ് തിരുമ്മി നോക്കി. അവൻ തന്നെയാണ്.അവനെന്താ ഇവിടെ എന്ന് ചിന്തിച്ചെങ്കിലും കളി കാണാൻ ആർക്കും വന്നൂടേ എന്ന് നമ്മളോട് തന്നെ ചോദിച്ചു.

"എടീ...ഫെബീ..ആദിൽക്ക അല്ലെടീ അത്...മൂപ്പരെന്താ ഇവിടെ?"

"എന്താ കളി കാണാൻ വന്നൂടേ?"

നമ്മള് സനനോട് കലിപ്പായി.ഓള് ചിരിച്ചോണ്ട് തലയാട്ടി. നമ്മള് ആണെങ്കിൽ ആ കോന്തൻറെ കണ്ണിൽ പെടാതിരിക്കാൻ വേണ്ടി മുഖം ഷാളോണ്ട് മറച്ചാണ് ഇരുന്നത്.ഇവിടുന്ന് ഇപ്പൊ എങ്ങനേലും തടി കൈച്ചിലാക്കിയാ മതീന്നാ നമ്മളെ ചിന്ത. നമ്മളെ മുഖം മറച്ചുള്ള ഇരുത്തം കണ്ടിട്ട് സന പൊരിഞ്ഞ

ചിരിയാണ്.സഫ്ന ആണെങ്കിലോ ആകെ ടെൻഷനടിച്ച് കളി കണ്ടോണ്ട് ഇരിക്കാണ്.

നമ്മക്ക് ആണെങ്കിൽ കളിയും ശ്രദ്ധിക്കാൻ വയ്യ.ഇവിടെ നേരാംവണ്ണം ഇരിക്കാനും വയ്യ.

ഒടുവിൽ ഞങ്ങളുടെ കാത്തിരിപ്പിനൊക്കെ വിരാമമിട്ട് കൊണ്ട് ഹാഫ് ടൈമാവാൻ രണ്ട് നിമിഷം മാത്രം ബാക്കി നിൽക്കേ ഷാദിൻറെ കാലിൽ നിന്നും തൊടുത്തുയർന്നു ഒരു അത്യുഗ്രൻ ഗോൾ.

അത് കണ്ടതും പരിസരം മറന്ന് ഞങ്ങള് മൂന്ന് പേരും ചാടി എണീറ്റ് അലറി കൊണ്ട് കെട്ടി പിടിച്ചു. എന്നിട്ട് ഷാദിനെ നോക്കി ഫ്ലൈയിംഗ് കിസ്സ് കൊടുത്തു. ഓൻ എന്നോട് വിസിൽ എന്ന് ആംഗ്യം കാട്ടി. അവൻറെ മാച്ചിന് വേണ്ടി രണ്ട് മാസമായി കഷ്ടപ്പെട്ട് പഠിച്ചതാണ്. അതോണ്ട് ഒരു തവണയല്ല മൂന്നാല് പ്രാവശ്യം നിർത്താതെ നമ്മള് വിസിലടിച്ച് ചാടി കളിച്ചു.

അപ്പൊ സന നമ്മളെ കൈ പിടിച്ചോണ്ട് ആ

കോന്തൻറെ ഭാഗത്തേക്ക് ചൂണ്ടി കാണിച്ചു. നമ്മള് നോക്കുമ്പൊ ആ തെണ്ടി മൂക്കത്ത് വിരലും വെച്ചോണ്ട് നമ്മളെ നോക്കി ചിരിക്കാണ്.അത് കണ്ടപ്പൊ നമ്മളൊന്ന് ഡീസൻറാവാൻ നോക്കി. അല്ലെങ്കിലും നമ്മളിപ്പൊ എന്തിനാ ഓൻറെ മുൻപിൽ ഡീസൻറാവുന്നേന്ന് ചിന്തിച്ചപ്പൊ പിന്നെ ആ കോന്തനെ മൈൻറാക്കാതെ നമ്മള് വീണ്ടും വിസിലടിച്ചു.

അങ്ങനെ ഹാഫ് ടൈമിനുള്ള വിസിലടിച്ചു. കളിക്കാരൊക്കെ വിശ്രമിക്കാൻ വേണ്ടി പോയി.ഞങ്ങൾ മൂന്ന് പേരും കൂടി ഷാദിൻറെ ഗോളിനെ കുറിച്ച് പറഞ്ഞോണ്ട് അവിടെ ഇരുന്നു.

വാട്സപ്പിൽ കേറിയിട്ട് നമ്മളെ കുരാമീസിൻറെ ഗ്രൂപ്പിൽ കേറിയിട്ട് ഞാനും സനയും കൂടി വോയിസ് വിട്ടു. ഞങ്ങൾ രണ്ടാളും ഒരുമിച്ചാണെന്ന് അറിഞ്ഞപ്പൊ എങ്ങനെ എവിടെ എപ്പൊ എന്തിന് എന്നൊക്കെ അവർക്കറിയണം.നമ്മളതൊക്കെ അവരോട് പറയുമ്പോഴുണ്ട് സന നമ്മളെ തോണ്ടുന്നു. എന്താന്ന് കാര്യം ചോദിച്ചപ്പൊ ഓള് ആ കോന്തനെ ചൂണ്ടിക്കാട്ടി. ഓനെ കാണാൻ തീരെ താൽപര്യം ഇല്ലാത്തോണ്ട് നമ്മള്

ആ ഭാഗത്തേക്കേ ശ്രദ്ധിച്ചില്ല.

സത്യം പറഞ്ഞാൽ ഓനെ കാണുമ്പൊ സ്വപ്നം കണ്ടതാ ഓർമ്മ വരുന്നത്. അത് ഓർക്കുമ്പൊ തന്നെ അറിയാതെ ഉമ്മാാാാ്ാന്ന് വിളിച്ച് കൂവാൻ തോന്നാ....അപ്പൊ ഓനെ നോക്കാൻ തോന്നോ? ഇങ്ങള് പറ...അല്ല പിന്നെ...

ഓൻ വിഐപി സീറ്റിലാണ് ഇരിക്കുന്നത്.ഇവൻ വിചാരിച്ച ലോക കപ്പ് വരെ നേരിട്ട് കാണാൻ പറ്റിയ ടീമാ... പിന്നെ എന്തിനാ നമ്മളെ ഈ കൊച്ച് കളി കാണാൻ ഓൻ വന്നു? ആ...എന്തിനേലും ആകട്ടെ നമ്മക്ക് എന്താ....

ശൂന്യമായി കിടക്കുന്ന ഗ്രൗണ്ടും നോക്കി നമ്മള് അവിടെ ഇരുന്നു.എന്നാലും എത്ര കൺട്രോൾ ചെയ്തിട്ടും അറിയാതെ നമ്മളെ കണ്ണ് ആ കോന്തൻറെ നേരെ പോകുന്നുണ്ട്.ഓൻ ആണെങ്കിൽ നമ്മളെ തന്നെ നോക്കി ഇരിക്കാണ്.അതോണ്ട് അങ്ങോട്ട് തീരെ നോക്കാൻ തോന്നീല.ഓൻറെ കൂടെ നിയാസ്ക്കാനേയും നമ്മള് കണ്ടു.സന ആണെങ്കിൽ

ഓനെയും നമ്മളേയും മാറി മാറി നോക്കി ചിരിക്കാണ്. പെട്ടെന്ന് സന സീറ്റീന്ന് എണീറ്റിട്ട് നമ്മളെ ഒരു ഫോട്ടോ എടുത്ത് ഗ്രൂപ്പിലിട്ടു.എന്നിട്ടൊരു അടി കുറിപ്പും.

"വെയിലത്ത് ആളി കത്തുന്ന കാമുകി...എസിയിൽ കുളിര് കൊള്ളുന്ന കാമുകൻ. അപ്പോഴാ നമ്മള് ആ ഫോട്ടോ ശരിക്ക് ശ്രദ്ധിച്ചത്.നമ്മളെ മാത്രല്ല ദൂരെ ആ കോന്തൻറെ മുഖവും വരുന്ന തരത്തിലാ ഓള് ഫോട്ടോ എടുത്തത്.

നമ്മള് അപ്പൊ തന്നെ സനൻറെ പൊറം പൊളിച്ചു. ആ ഗ്യാപ്പില് സഫ്നയും സനക്കൊന്ന് കൊടുത്തു. പിന്നെ രണ്ടും കൂടി തല്ലേന്നു.ഒടുക്കം നമ്മള് എണീറ്റ് രണ്ടിൻറേയും നടുക്കിരുന്നു.അപ്പൊ പ്രശ്നം സോൾവായി.

....

"എടാ ആദി...അത് അവളല്ലെ അൻറെ

ആയിഷ...അലളെന്താ ഇവിടെ?"

"എന്താ ഓൾക്ക് കളി കാണാൻ വന്നൂടെ?"

"സത്യം പറ ആദി...നിങ്ങൾ രണ്ട് പേരും കൂടി പ്ലാൻ ചെയ്ത് വന്നതല്ലെ ഇങ്ങോട്ട്..."

"സത്യം പറയാലോ നിസു...ഓളെ ഇന്ന് ഇങ്ങോട്ട് കൊണ്ട് വരണമെന്ന് ഞാൻ കരുതീന്നു.പക്ഷേ ഓൾക്ക് നമ്മളോടുള്ള ദേഷ്യം കാരണം വരില്ലാന്ന് അറിയുന്നതോണ്ട് അവളെ വിളിക്കാഞ്ഞതാ...

എന്നിട്ടിപ്പൊ നീ കണ്ടോ പടച്ചോൻ ഓളെ വീണ്ടും എൻറെ കൺമുന്നിൽ കൊണ്ടെത്തിച്ചത്.

.എന്ത് കൊണ്ടാ?"

"എന്ത് കൊണ്ടാ?"

"എൻറെ സ്നേഹം സത്യം ആയതോണ്ട്...കണ്ടോ വൈകാതെ അവളെന്നെ ഇഷ്ടാണെന്ന് പറയും."

"ഉം....പറയും പറയും....ഞാൻ കേട്ടിടത്തോളം അവൾക്ക് ഈ പ്രേമത്തോട് വല്യ താൽപര്യം ഇല്ലാത്ത ആളാ... പിന്നെ എങ്ങനെ ഓള് അന്നേ പ്രേമിക്കും?"

നമ്മള് നിസൂനെ നോക്കി ചിരിച്ചിട്ട് ഓൻറെ തോളിൽ കയ്യിട്ടു.

"എടാ...നിസൂ...അവളെ കൊണ്ട് എല്ലാരെ മുൻപിൽ വെച്ചും ഐ ലൗ യു പറയിപ്പിച്ച എനിക്കാണോ ഇനി ഓളെ കൊണ്ട് എന്നെ പ്രേമിപ്പിക്കാൻ പാട്.....അല്ലാ...അതൊരു പാടാണ്.

.എന്നാലും നമ്മള് അത് നടത്തും മോനേ നിസു.."

അപ്പോഴേക്കും സെക്കന്റ് ഹാഫ് തുടങ്ങിയിരുന്നു.ഇപ്രാവശ്യം നമുക്ക് തന്നെ കപ്പ ലഭിക്കുമെന്ന് നമ്മക്ക് പ്രതീക്ഷ കൂടി വരുന്നുണ്ട്. അതിന് ഒരേയൊരു കാരണക്കാരൻ ഇർഷാദ്...

അവൻറെ ഓരോ മൂവ്മെൻ്റും ഞങ്ങൾക്ക് പ്രതീക്ഷ കൂട്ടി തരുന്നുണ്ട്.

അങ്ങനെ പ്രതീക്ഷ ഒട്ടും കുറക്കാതെ തന്നെ എതിർ ടീമിൻറെ ഗോൾ പോസ്റ്റിലേക്ക് ഇർഷാദിൻറെ അടുത്ത ഗോളും ഉതിർന്നു. അത് കാണേണ്ട താമസം നമ്മളെ പെണ്ണ് ചാടി എണീറ്റ് "ഷാദി" എന്ന് അലറി കൊണ്ട് വിസിലടിക്കാണ്.

ഇതെന്ത് ജന്മമാ പടച്ചോനേ...ഇവളെങ്ങനെ ഇവിടെ എത്തി? ഇർഷാദും ഓളും തമ്മിൽ എന്താ ബന്ധം എന്ന് ചിന്തിച്ച് നമ്മളും കൊടുത്തു ഓനൊരു വിസിൽ.

അങ്ങനെ വീണ്ടും കളി പുരോഗമിച്ചു.ഇനി കളി അവസാനിക്കാൻ വെറും മിനിറ്റുകൾ മാത്രം ബാക്കി.അങ്ങനെ ഫൈനൽ വിസിൽ മുഴങ്ങുന്നതിന് തൊട്ട് മുൻപ് ഞങ്ങളെ എല്ലാവരേയും ഭീതിയിലാഴ്ത്തി കൊണ്ട് ഒടുക്കം ഇർഷാദ് തന്നെ വീണ്ടും ഗോളടിച്ചു. അപ്പൊ തന്നെ ഫൈനൽ വിസിലും മുഴങ്ങി.

ഞാനും നിസുവും സന്തോഷം കൊണ്ട് കെട്ടി പിടിച്ച് ഓനൊരു ഉമ്മ കൊടുത്തു. ഓൻ അപ്പൊ തന്നെ നമ്മളെ തള്ളി.

"നിന്നോട് ഒരായിരം തവണ പറഞ്ഞിട്ടില്ലേടാ എന്നെ ഉമ്മ വെക്കല്ലേന്ന് ..."

എന്ന് പറഞ്ഞ് ചെക്കൻ കലിപ്പായി.നമ്മള് ചിരിച്ചോണ്ട് നമ്മളെ പെണ്ണിനെ നോക്കിയപ്പൊ ഓളെ പൊടി പോലും കാണാനില്ല. അപ്പോഴുണ്ട് ഗ്രൗണ്ടിൽ ഇർഷാദിനെയും കെട്ടി പിടിച്ച് ഓള് നിക്കുന്നു. എന്നിട്ട് എല്ലാവരും ചേർന്ന് ഫോട്ടോ ഒക്കെ എടുക്കുന്നുണ്ട്.അവര് അവിടെ കെടന്ന് വിജയം ആഘോഷിക്കുന്നത് നമ്മള് അവിടെ നിന്ന് കൺ കുളിരെ കണ്ടു നിന്നു.

……

"എടാ ഷാദി...നീയെൻറെ മാനം കാത്തല്ലോടാ ചക്കരേ...."

എന്ന് പറഞ്ഞ് ഓൻ്റെ കവിളത്ത് ഒരു മുത്തം കൊടുത്തു.

"ഇതിൻ്റെ എല്ലാ ക്രെഡിറ്റും ഇൻ്റെ ഇത്തൂസിനുള്ളതല്ലേ..."

എന്ന് പറഞ്ഞ് ചെക്കൻ ജേഴ്സി ഊരി ചാടി കളിക്കാൻ തുടങ്ങി. സഫ്ന ഓൻ്റെ അടുത്തേക്ക് വന്നിട്ട് ഓന് നേരെ കൈ നീട്ടി കൺഗ്രാറ്റ്സ് പറഞ്ഞു. ചെക്കൻ ആണെങ്കിൽ കൈ കൊടുക്കണോ വേണ്ടയോ എന്ന രീതിയിൽ നിൽക്കാണ്. നമ്മള് ഓനെ ഒന്ന് തട്ടിയപ്പൊ ഓനൊന്ന് പുഞ്ചിരി തൂകി കൊണ്ട് അവൾക്ക് കൈ കൊടുത്തു.

അപ്പോഴേക്കും ഓരോരുത്തർ ഓനെ പൊക്കി എടുത്തോണ്ട് കൊണ്ട് പോകുന്നുണ്ട്.നമ്മക്ക് ആണെങ്കിൽ സന്തോഷം അടക്കാൻ പറ്റുന്നില്ലെന്നു.അതോണ്ട് അപ്പൊ തന്നെ ഉമ്മാക്കും ഹസിക്കുമൊക്കെ വിളിച്ച് പറഞ്ഞു. അവർക്കൊക്കെ പെരുത്ത് സന്തോഷം ആയിട്ടുണ്ട്.

അങ്ങനെ നമ്മളെ ടീമിന് ഗപ്പ് കൊടുക്കുന്ന ചടങ്ങ് ആരംഭിച്ചു. ബെസ്റ്റ് പ്ലയറായിട്ട് നമ്മളെ ഷാദി തെരെഞ്ഞെടുത്തു. ഒടുക്കം എല്ലാവരും കൂടി ആർത്ത് കൂവി കൊണ്ട് വിന്നർകപ്പും ഏറ്റു വാങ്ങി.

അപ്പോൾ തന്നെ നമ്മളെ ഫോൺ ബെല്ലടിച്ചു നോക്കുമ്പോ ഉപ്പച്ചിയാണ്.

"പടച്ചോനേ.. ഇനി എല്ലാം അറിഞ്ഞോണ്ടുള്ള വിളിയാണോ? ആവരുതേ..."

എന്ന് പ്രാർത്ഥിച്ചു അവിടന്ന് മാറി നമ്മള് ഫോണെടുത്തു. ക്ലാസ് കഴിഞ്ഞോ എന്നറിയാൻ വേണ്ടി വിളിച്ചതാണ്. ഭാഗ്യം ഒന്നും അറിഞ്ഞിട്ടില്ല. ഒന്ന് നെടുവീർപ്പിട്ടിട്ട് തിരിഞ്ഞു നോക്കിയപ്പൊ ഷാദിയും കോന്തനും സംസാരിക്കുന്നു.

നമ്മള് നടന്ന് അവരെ അടുത്ത് എത്തിയപ്പൊ ഷാദി നമ്മളെ വിളിച്ച് അവർക്ക് പരിചയപ്പെടുത്തി കൊടുത്തു.

"ആദിൽക്ക ഇതാണ് എൻ്റെ ഇത്തൂസ്... ഇത്തൂസ് കാരണമാണ് എനിക്ക് ഈ മാച്ചിൽ പങ്കെടുക്കാൻ പറ്റിയത്.."

അപ്പൊ തന്നെ നിയാസ്ക്ക ഹലോ അളിയാന്ന് പറഞ്ഞ് ഷാദിനെ കെട്ടി പിടിച്ചു. ആ കോന്തൻ അവനെ പിടിച്ച് വലിച്ചു.

"സോറി എൻ്റെ അളിയനല്ല..ഇവൻ്റെ അളിയൻ.." എന്ന് തിരുത്തി കൊണ്ട് നിയാസ്ക്ക അത് പറഞ്ഞതും ഷാദി നമ്മളെ ഒരു നോട്ടം.

(തുടരും)

ഭാഗം. 29

"സോറി എൻ്റെ അളിയനല്ല...ഇവൻ്റെ അളിയൻ..." എന്ന് തിരുത്തി കൊണ്ട് നിയാസ്ക്ക അത് പറഞ്ഞപ്പൊ

ഷാദി നമ്മളെ ഒരു നോട്ടം.

പക്ഷേ നമ്മളത് വക വെക്കാതെ വേറെ എങ്ങോട്ടോ നോക്കി നിന്നു. ഷാദി നമ്മളിൽ നിന്നും നോട്ടം മാറ്റിയിട്ട് ആ കോന്തനെ നമ്മക്ക് പരിചയപ്പെടുത്തി തന്നു.

"ഇത്തൂസേ... ഇത് ആദിൽക്ക... ഞങ്ങളെ ടീമിന്റെ സ്പോൺസറാണ്. പിന്നെ ആദിൽക്ക ഇതെൻ്റെ ഇത്തൂസ് ആയിഷ ഫെബി.."

ഇവരെ ടീമിന്റെ സ്പോൺസറാണ് ഈ കോന്തൻ എന്നറിഞ്ഞപ്പൊ നമ്മളൊന്ന് ഞെട്ടി ഓനെ തിരിഞ്ഞു നോക്കി.

ഓൻ നമ്മളെ നേരെ കൈ തന്നിട്ട് ഹലോ പറഞ്ഞു. ഓൻ്റെ മോന്ത കാണുമ്പൊ തന്നെ ഇന്നലെ കണ്ടതാ ഓർമ്മ വരുന്നത്.അതോണ്ട് നമ്മക്ക് നല്ലോണം ദേഷ്യവും വരുന്നുണ്ട്.

നമ്മള് ഓൻ നീട്ടിയ കയ്യിലേക്ക് നോക്കിയിട്ട് ഓനെ നോക്കി പല്ലിറുമ്പി മുഖം തിരിച്ചു.

അപ്പൊ ഓൻ കൈ പിൻവലിച്ചിട്ട് ചിരിച്ചു.

"എന്താ ഇർഷാദേ അൻറെ ഇത്തൂസിൻറെ മുഖത്ത് ഒരു ഗൗരവം? ഞങ്ങൾ വന്നത് എന്തോ പറ്റാത്ത പോലെ..."

നമ്മള് ആ കോന്തനെ ഒന്ന് നോക്കി കണ്ണുരുട്ടി. തെണ്ടി നമ്മളെ നോക്കി സൈറ്റടിച്ചു.നമ്മള് അപ്പോ തന്നെ മുഖം തിരിച്ചു.

"അതൊന്നും പറയണ്ട ആദിൽക്കാ... ഇത്തൂസിനെ കോളേജിൽ വെച്ച് ഒരുത്തൻ നന്നായി ശല്യം ചെയ്യുന്നുണ്ട്.അതിൻറെ ഗൗരവമാ മുഖത്ത്..."

ഷാദി അത് പറഞ്ഞപ്പൊ നമ്മള് ഞെട്ടി തിരിഞ്ഞ് ഷാദിനെ നോക്കിയിട്ട് വേണ്ടാന്ന് തലയാട്ടി. ആ കോന്തൻ ആണെങ്കിൽ "ഓഹോ അതാരാ ആള്....ഓനെന്താ ചെയ്തേ"ന്ന്...

ഓൻറെ വർത്താനം കേട്ട് നമ്മള് ഓനെ തുറുക്കനെ നോക്കി. ഓൻ തലയിൽ കൊണ്ട് നിയാസ്ക്കാനെ നോക്കി.

" ആ തെണ്ടി കാരണം ഇപ്പൊ എൻറെ ഇത്തൂസിന് നേരാം വണ്ണം ഉറങ്ങാൻ പോലും പറ്റുന്നില്ല...ഇന്നലെ തന്നെ ഉറക്കത്തിൽ പേടിച്ച് നിലവിളിച്ചു......."

എന്ന് പറഞ്ഞ് ഷാദി അങ്ങട്ട് തൊടങ്ങീലേ...നമ്മള് ആണെങ്കിൽ ഷാദിനെ പല്ലിറുമ്പി കൊണ്ട് "ഷാദീ.....വേണ്ടാ....." എന്ന് ദേഷ്യത്തോടേ പറഞ്ഞു. ഓൻ അതൊന്നും ചെവി കൊള്ളാതെ നമ്മള് കോന്തനെ പറ്റി പറഞ്ഞതൊക്കെ പറഞ്ഞു കൊടുത്തു.

നമ്മള് ആണെങ്കിൽ നാണം കെട്ടിട്ട് തലക്ക് കയ്യും കൊടുത്തിട്ട് എങ്ങോട്ടോ നോക്കി നിന്നു. ഷാദിൻറെ വർത്താനം കേട്ടിട്ട് ആ കോന്തനെ നോക്കിയപ്പൊ ഓൻ നമ്മളെ നോക്കി ചിരിച്ച് തലയാട്ടാണ്. നിയാസ്ക്കയും സനയും നമ്മളെ നോക്കി പൊരിഞ്ഞ ചിരിയാണ്.

അങ്ങനെ ഒടുക്കം നമ്മള് പറഞ്ഞതൊക്കെ പറഞ്ഞീന് ശേഷം ഷാദിൻറെ വക ഒരു ചോദ്യം...

"ഇങ്ങനെ ഒക്കെ ചെയ്ത ഓനെ എന്താ വേണ്ടേ ആദിൽക്ക..

ഓനിട്ട് നല്ല അഡാറ് പണി കൊടുക്കണം.ഇങ്ങളെടുത്ത് വല്ല ഐഡിയയുമുണ്ടോ?"

ബെസ്റ്റ് ...ഓനിട്ട് പണി കൊടുക്കാൻ ഓനോട് തന്നെ ഐഡിയ ചോദിക്കുന്നു... അത് കണ്ടപ്പൊ നമ്മള് അറിയാതെ പൊട്ടിച്ചിരിച്ചു പോയി. നമ്മള് മാത്രല്ല, സനയും നിയാസ്ക്കയും നല്ല ഹലാക്കിലെ ചിരിയാണ്.

ഷാദി ആണെങ്കിൽ ഒന്നും മനസ്സിലാകാതെ ഞങ്ങളെ നോക്കി നിൽക്കാണ്. ആ കോന്തൻറെ കാര്യം പിന്നെ പറയണ്ടല്ലോ...ഓൻ ഞങ്ങളെ എല്ലാരേയും മാറി മാറി നോക്കി നിൽക്കാണ്.

നിയാസ്ക്കാൻ്റെ ചിരി കണ്ടിട്ട് കോന്തൻ മൂപ്പരെ തോളിൽ കൂടി കയ്യിട്ടിട്ട് അവനിലേക്ക് അടുപ്പിച്ച് കാതിൽ എന്തോ പറഞ്ഞു. അപ്പൊ നിയാസ്ക്ക ചിരി നിർത്തി. വല്ല തെറിയുമാകും പറഞ്ഞതെന്ന് അപ്പൊ തന്നെ ഊഹിക്കാമായിരുന്നു. കോന്തൻ ഷാദിനെ നോക്കിയിട്ട് ഒന്ന് ചിരിച്ചു.

"ഇതില് ഞാനിപ്പൊ എന്ത് ഐഡിയ പറയാനാ..?

നിൻ്റെ ഇത്തൂസിനോട് അവനെ ഇഷ്ടാണെന്ന് സമ്മതിച്ച് കൊടുക്കാൻ പറ...അപ്പൊ പ്രശ്നം തീർന്നില്ലേ.."

കോന്തൻ്റെ വർത്താനം കേട്ടിട്ട് നമ്മളെ നാക്ക് ചൊറിഞ്ഞു വന്നു.നമ്മള് ഓനെ രൂക്ഷമായി ഒന്ന് നോക്കി കൊണ്ട് രണ്ട് പറയാൻ വേണ്ടി വായ തുറന്നതും ഷാദി അപ്പോഴേക്കും അടുത്ത ഡയലോഗ് കാച്ചിയിരുന്നു.

"ഏയ്.....അതൊരിക്കലും നടക്കില്ല... എൻ്റെ ഇത്തൂസ് ഒരിക്കലും ഓനെ സ്നേഹിക്കില്ല...ഇനി അഥവാ സ്നേഹിച്ചാലും ഞാനതിന് സമ്മതിക്കില്ല...അവന്

കൊടുക്കാൻ വേണ്ടി നല്ലൊരു ഉഗ്രൻ പരിപാടി ഞങ്ങൾ പ്ലാൻ ചെയ്തിട്ടുണ്ട്..."

ഷാദിൻ്റെ സംസാരം കേട്ട് കോന്തൻ ഞങ്ങളെ ഒരു നോട്ടം.

"ഓഹോ....അതെന്താണാവോ?"

കോന്തന് മറുപടി കൊടുക്കാൻ വേണ്ടി ഷാദി തുനിഞ്ഞപ്പോഴേക്കും നമ്മള് ഓനെ വലിച്ചു.

"എടാ...തെണ്ടി...പൊട്ടൻ ഷാദീ...നീയിപ്പൊ ഇതൊക്കെ ആരോടാ പറയുന്നതെന്ന് അറിയോ?"

"ആ...ആദിൽക്കാനോട്..

ഞങ്ങളെ സ്പോനസറോട്..."

"അൻ്റെ സ്പോൺസറെ പറ്റിയാ നീ ഇത് വരെ ഇവിടെ

കിടന്ന് വിളിച്ചു കൂവിയത്."

നമ്മള് പറഞ്ഞത് മനസ്സിലാകാതെ പൊട്ടൻ നമ്മളെ ഒരു നോട്ടം.

"എടാ പൊട്ടാ.... എന്നെ ശല്യം ചെയ്യുന്ന കോന്തനാണ് അൻറെ മുന്നിൽ നിൽക്കുന്നത്.മനസ്സിലായോ?"

ഷാദിൻറെ കിളി വീണ്ടും പറന്നു പോകുന്നത് നമ്മള് കണ്ടു.ഓൻ അപ്പൊ തന്നെ ആ കോന്തനെ നോക്കി കൊണ്ട് ഒന്ന് ചിരിച്ചിട്ട് ഇപ്പൊ വരാവേ ന്ന് പറഞ്ഞ് അവിടെന്ന് മുങ്ങി. ഓൻറെ പോക്ക് കണ്ട് നമ്മള് ചിരി കൺട്രോൾ ചെയ്യാൻ പാട് പെട്ടു.

പെട്ടെന്ന് നമ്മളെ കാതിൻറെ അവിടെ വന്നിട്ട് ആ കോന്തൻ "ട്ടോ" ഒച്ച വെച്ചു. നമ്മള് പേടിച്ച് പിന്നിലേക്ക് മാറി പോയി.ഓൻറെ മോന്ത കണ്ടപ്പൊ ദേഷ്യം ഏതൊക്കെ വഴീന്നാ വരുന്നതെന്ന് പറയാൻ പറ്റുന്നില്ല. ഇനി ഇവിടെ നിന്നാൽ നമ്മള് വല്ലതും ചെയ്തു പോകുമെന്ന് തോന്നിയതോണ്ട് വേഗം അവിടന്ന്

പോകാനൊരുങ്ങി.

അപ്പോഴേക്കും ആ കോന്തൻ നമ്മളെ കയ്യിൽ പിടിച്ച് ഓൻറെ അടുത്തേക്ക് വലിച്ചു. നമ്മളെ നെഞ്ചിൽ കൂടി ഒരു മിന്നൽ പാഞ്ഞു പോയി. ഇന്നലെ കണ്ട സ്വപ്നത്തിൽ ഓനെന്നെ വലിച്ച് അവനിലേക്ക് അടുപ്പിച്ചതാണ് നമ്മക്ക് ഓർമ്മ വന്നത്. അതോണ്ട് അപ്പൊ തന്നെ ഓൻറെ കൈ വിടുവിച്ചിട്ട് നമ്മള് പിന്നിലേക്ക് മാറി.

സനയും നിയാസ്ക്കയും അന്തം വിട്ട് ഞങ്ങളെ നോക്കി നിൽക്കാണ്.നമ്മള് വേഗം സനയേയും കൊണ്ട് അവിടന്ന് പോയി.

....

"എടാ ആദി...നിനക്കിപ്പൊ ഒരെണ്ണം പൊട്ടുമെന്നാ ഞാൻ കരുതിയത്. പക്ഷേ, അവള് നിന്നെ കണ്ട് പേടിച്ച് മുഖം പോലും തരാതെ ആണല്ലോ പോയത്...

സത്യം പറയെടാ ആദി...നീ അവളെ വല്ലതും ചെയ്തോ?"

"പോടാ തെണ്ടി...ഞാൻ അവളെ ഒന്നും ചെയ്തിട്ടൊന്നുമില്ല..."

"പിന്നെ എന്താടാ ഓൾക്ക് പെട്ടെന്ന് ഒരു മനം മാറ്റം?"

"അതാ ഞാനും ആലോചിക്കുന്നത് നിസൂ...

അവളോട് അടുത്ത യുദ്ധത്തിന് വേണ്ടിയാ ഞാൻ അവളെ കയ്യിൽ പിടിച്ചത്..

പക്ഷെ, അവളെ ഈ മാറ്റം.... അതെന്നെ ശരിക്കും ഞെട്ടിച്ചെടാ നിസൂ.."

"എടാ ആദി....അവൾക്ക് ഇനി നിന്നെ ഇഷ്ടാണോ? അതോണ്ട് തന്നെ ആകും നീ അവളെ കയ്യിൽ പിടിച്ചിട്ടും അവള് പ്രതികരിക്കാഞ്ഞത്...എനിക്ക് ഉറപ്പാ മോനേ...അവള് നിൻറെ വലയില് വീണു.."

"നിസൂ...അത് നിനക്ക് അവളെ ശരിക്ക് അറിയാഞ്ഞിട്ട് പറയാ... ഞാൻ മനസ്സിലാക്കിയിടത്തോളം ഐഷൂ ഒരിക്കലും എൻ്റെ സ്നേഹം ഇത്ര പെട്ടെന്ന് അംഗീകരിക്കില്ല..

ഇപ്പൊ അവള് പ്രതികരിക്കാഞ്ഞത് പോലും ചെലപ്പൊ ഇവിടെ വെച്ച് ഒരു സീൻ ക്രിയേറ്റ് ചെയ്യണ്ടാന്ന് കരുതിയിട്ടാകും."

"ഓഹോ....ഈ കുറച്ച് ദിവസം കൊണ്ട് നീ അവളെ കുറിച്ച് ഇത്രയൊക്കെ മനസ്സിലാക്കിയോ?"

നമ്മളൊന്ന് പുഞ്ചിരിച്ച് കൊണ്ട് നിസൂനെ നോക്കി.

"എടാ നിസൂ...നമ്മള് കാണുന്ന പോലെ ഈ പൊട്ടി തെറിയൊന്നുമല്ല അവള്....ഇതൊക്കെ അവളുടെ ഒരു മുഖം മൂടിയാ...

ആ മുഖം മൂടിക്ക് പുറകിൽ എന്തോ ഒളിഞ്ഞിരിപ്പുണ്ടെന്ന് എനിക്ക് ഉറപ്പാ.."

"ഉം...എന്നാലേ ഡോറയേയും കൂട്ടി പൊയ്ക്കോ അത് കണ്ട് പിടിക്കാൻ..

നിന്ന് ചെലക്കാണ്ട് വാടാ..."

നിസു നമ്മളെയും വലിച്ചോണ്ട് ഗ്രൗണ്ടിൽ കൂടി നടന്നു.

'എന്നാലും എന്ത് കൊണ്ടാവും ഞാൻ അവളെ കയ്യിൽ കേറി പിടിച്ചിട്ടും അവള് ഒന്നും പറയാതെ പോയത്?'

....

'എന്ത് കൊണ്ടാ പടച്ചോനേ ആ കോന്തൻ നമ്മളെ കയ്യിൽ പിടിച്ചപ്പൊ നമ്മളതൊന്നും ചെയ്യാഞ്ഞത്?

സാധാരണ ആരെങ്കിലും എൻറെ കയ്യിൽ കേറി പിടിച്ചാൽ മുഖമടക്കി ഒന്ന് പൊട്ടിക്കാറാ പതിവ്...

പക്ഷേ, അവന് നേരെ എന്ത് കൊണ്ടാ എൻറെ കയ്യ് പൊന്താഞ്ഞത്?

ഇനി ഇന്നലെ കണ്ട സ്വപ്നം കൊണ്ട് പേടിച്ച് അവനെതിരെ കൈ പൊന്താഞ്ഞതാണോ?

കയ്യ് പൊങ്ങിയില്ലെങ്കിൽ എന്താ എനിക്ക് നാക്കില്ലേന്നോ? എന്നിട്ടുമെന്താ മറുത്തൊരു വാക്ക് പോലും പറയാഞ്ഞത്?

എന്താ എനിക്ക് പെട്ടെന്ന് സംഭവിച്ചത് റബ്ബേ... അവൻ്റെ സാമിപ്യമാണ് ഞാൻ ഈ ലോകത്ത് ഏറ്റവും കൂടുതൽ വെറുക്കുന്നത്.പക്ഷേ, അവൻ്റെ സാമിപ്യം ഞാൻ അതിലേറെ കൊതിക്കുന്നുമുണ്ട്....

എന്താ ഇതിനൊക്കെ അർത്ഥം? ആലോചിക്കുമ്പൊ തന്നെ പിരാന്ത് പിടിക്കാണ്...

ഇനി അവനോട് എനിക്ക്....നോ....പാടില്ല.... അങ്ങനെ ഒന്നും ഉണ്ടാവില്ല...കഴിവതും ഇനി അവന്റെ മുന്നിൽ ചെന്ന് പെടാതെ നോക്കണം...അവനുമായിട്ട് ഇനി ഒരു ബന്ധവും ഉണ്ടാകാൻ പാടില്ല...

അതെ...ഞാൻ തീരുമാനിച്ച് കഴിഞ്ഞു. അവന്റെ മുന്നിൽ ഇനി ചെന്ന് പെടരുത്...'

"ഡീ...നീയിതെന്ത് ആലോചിച്ച് നടക്കാ?"

പെട്ടെന്ന് സന നമ്മളെ കുലുക്കി കൊണ്ട് ചോദിച്ചപ്പൊ നമ്മള് ചിന്തയിൽ നിന്ന് ഞെട്ടി ഉണർന്നു.

"അത്..അതൊന്നുല്യാ.."

"ഉം....എനിക്കൊന്നും മനസ്സിലാകുന്നില്ലാന്ന് നീ കരുതണ്ട.."

"നിനക്ക് എന്ത് മനസ്സിലായെന്നാ പറയുന്നേ?"

"നിനക്കിപ്പൊ ആദിൽക്കാനോട് ചെറുതായിട്ട് പ്രണയം തുളുമ്പുന്നില്ലേന്നൊരു...."

നമ്മള് അപ്പോഴേക്കും ഓളെ ദഹിപ്പിക്കുന്ന ഒരു നോട്ടം നോക്കി.

"അല്ലാ...സംശയമെന്നെ പറഞ്ഞിട്ടുള്ളൂ...പിന്നെ ആർക്കായാലും സംശയമുണ്ടാവില്ലേ?

ആ അനസ് നിൻറെ കയ്യിൽ കേറി പിടിച്ചപ്പൊ എന്തൊക്കെ ആയിരുന്നു നീ ചെയ്തത്? പക്ഷേ ,ഇപ്പൊ ആദിൽക്ക നിന്നെ പിടിച്ചപ്പൊ ഒരു റിയാക്ഷനും ഇല്ലാതെ ഒന്നും പറയാതെ പോന്നു.

ഇതിൽ നിന്നും എന്താ പിന്നെ മനസ്സിലാക്കാ?"

"ദെ...സനാ...നീയും അച്ചുവിനെ പോലെ തുടങ്ങിയാലുണ്ടല്ലോ ഒരു വീക്കങ്ങ് വെച്ച് തരും...എനിക്ക് അവനോട് ഒരു തേങ്ങയും ഇല്ല...ഇനി ഉണ്ടാവാനും പോണില്ല...

അതോണ്ട് അവനെ പറ്റി ഇനിയൊന്നും മിണ്ടരുത്..."

നമ്മള് നല്ല കലിപ്പിൽ തന്നെ അവളെ നോക്കി പറഞ്ഞു. അവള് വിഷമിക്കുമെന്ന് കരുതിയ എനിക്ക് തെറ്റി. അവള് അച്ചുവിനെ പോലെ തന്നെ വായ പൊത്തി ഭയങ്കര ചിരിയാണ്.

അല്ലെങ്കിലും പോത്തിൻറെ ചെവിയിൽ വേദവും സംസ്കൃതവുമൊന്നും ഓതിയിട്ട് കാര്യമില്ലല്ലൊ...ഇപ്പൊ ഒടുക്കം ഇവളും പോത്തായി.നമ്മളെ കുരാമീസില് കുറച്ചെങ്കിലും കാര്യ ഗൗരവം ഉണ്ടായിരുന്നത് ഇവൾക്കായിരുന്നു.ഇപ്പൊ ഇവളും അവരെ പോലെ തന്നെ ആയി മാറി.

നമ്മള് ഓളെ ചിരി വക വെക്കാതെ ഷാദിനെ തപ്പി നടന്നു. ചെക്കൻ അപ്പൊ മുങ്ങിയതാണ് പിന്നെ കണ്ടിട്ടില്ല.

ഓനെ കണ്ടെത്തിയിട്ട് വേണം വീട്ടിലേക്ക് പോകാൻ...വിശന്നിട്ട് വയ്യ.ഓനെ തിരഞ്ഞ് ഗ്രൗണ്ട് മൊത്തം നടക്കുമ്പോഴാണ് നമ്മളെ മുന്നിലേക്ക് വീണ്ടും ആ കോന്തൻ വന്നത്.

നമ്മളപ്പൊ തന്നെ മുഖം തിരിച്ച് വേഗം നടന്നു. നമ്മളെ പിന്നാലെ ഐഷൂന്ന് വിളിച്ച് ഓനും വരുന്നുണ്ട്.

"ഫെബീ..നിന്നെയല്ലെ ആദിൽക്ക വിളിക്കുന്നത്...ഒന്ന് തിരിഞ്ഞു നോക്കിയിട്ട് എന്താ കാര്യമെന്ന് ചോദിച്ച് നോക്ക്."

"എന്നാ നീ തന്നെ ചോദിച്ചോ..."

എന്ന് പറഞ്ഞ് നമ്മള് അവിടന്ന് വേഗം നടന്നു. അപ്പോഴുണ്ട് ഷാദിയും ടീമും ഫോട്ടോക്ക് പോസ് ചെയ്ത് നിൽക്കുന്നു. അത് കണ്ടപ്പൊ അവനെ നോക്കി നമ്മള് അവിടെ നിന്നു.

കുറച്ച് കഴിഞ്ഞപ്പോ ആ കോന്തനും നമ്മളെ അടുത്ത് എത്തിയിരുന്നു. എന്നിട്ട് നമ്മളെ നോക്കി ചിരിച്ചിട്ട് എന്നോട് സോറി പറഞ്ഞു.

നമ്മള് ഓനെ മൈൻഡ് ചെയ്യാതെ ഷാദിൻറെ

അടുത്തേക്ക് വേഗം പോയി.എന്നിട്ട് ഓൻറെ കൈ പിടിച്ച് വലിച്ചു.

"ഷാദി വാ പോകാം... എനിക്ക് വിശക്കുന്നുണ്ട്...നീ വരുന്നുണ്ടോ.."

"ഇത്തൂസേ... ഇപ്പൊ തന്നെ പോകാണോ? രണ്ട് മണിയല്ലേ ആയിട്ടുള്ളൂ...പിന്നെ ഇന്ന് ആദിൽക്കാൻറെ വക ചെലവുണ്ട്.അതോണ്ട് അത് കഴിഞ്ഞിട്ട് പോകാം."

അവനത് പറഞ്ഞ് തീരും മുന്നേ ആ കോന്തൻ എൻറെ അടുത്ത് എത്തിയത് നമുക്ക് തോന്നി. അതോണ്ട് അവൻ കേൾക്കാൻ എന്ന പോലെ ഉച്ചത്തിൽ തന്നെ മറുപടി കൊടുത്തു.

"കണ്ണിക്കണ്ടവരുടെ ട്രീറ്റ് വാങ്ങി കഴിക്കാനാണ് അൻക്ക് താൽപര്യമെങ്കിൽ നിനക്ക് ഇവിടെ നിൽക്കാം...ഞാൻ പോകാ ..." എന്ന് കുറച്ച് കലിപ്പിൽ തന്നെ നമ്മള് പറഞ്ഞു.

"ഇത്തൂസേ പ്ലീസ്...

പ്ലീസ് ...ഈയൊരു പ്രാവശ്യം കൂടി പ്ലീസ് ...എനിക്ക് വേണ്ടി നമുക്ക് ട്രീറ്റിന് പോകാം..."

അവനെന്നോട് കെഞ്ചിയപ്പോ പാവം തോന്നി സമ്മതിക്കാൻ നിന്നെങ്കിലും ആ കോന്തനെ കണ്ടപ്പൊ മനസ് മാറി.

"ഷാദി...നീ വരുന്നുണ്ടെങ്കിൽ വാ...ഇല്ലെങ്കിൽ ഇവിടെ തന്നെ നിന്നോ...ഞാൻ പോവാ.."

നമ്മള് അതും പറഞ്ഞ് വണ്ടിൻറെ അടുത്തേക്ക് നടന്നു നീങ്ങി.

"ഇത്തൂസേ.. പോകല്ലേ ഞാനും വരുന്നു...ബാഗ് എടുത്തിട്ട് വരാം.."

എന്ന് ഷാദി വിളിച്ച് കൂവുന്നുണ്ട്.നമ്മള് വണ്ടിയിൽ കേറി ഇരുന്ന് ആ കോന്തനെ നോക്കി. ഓൻറെ മുഖത്ത്

ഇപ്പൊ ആ പഴയ പുഞ്ചിരി ഇല്ല.പകരം എന്നെ മനസ്സിലാക്കാൻ പറ്റാത്ത ഒരു നോട്ടമാണ് അവനിലുള്ളത്.

....

....

'എന്താ പടച്ചോനേ ഈ പെണ്ണിനെ എനിക്ക് മനസ്സിലാക്കാൻ പറ്റാത്തത്? അവളുടെ ഒരു ജാഡ കാണുമ്പൊ ഒന്ന് മോന്തയടക്കി പൊട്ടിക്കാനാ തോന്നുന്നത് ..

അല്ലാ...അവളിത്ര മാത്രം ജാഡ കാണിക്കാൻ ഞാൻ ഓളെ എന്തെങ്കിലും ചെയ്തോ? നിങ്ങള് പറ...അവളെന്നോട് മിണ്ടാതെ പോകാൻ മാത്രം ഞാൻ എന്തെങ്കിലും ഓളെ ചെയ്തോ?'

"ഡാ...ഇവിടെ നിന്ന് അവളെ നോക്കി വെള്ളമിറക്കിയിട്ട് ഒരു കാര്യവുമില്ല.ചെന്ന് അവളോട് സോറി പറഞ്ഞ് ട്രീറ്റിന് ക്ഷണിക്കാൻ നോക്ക്.."

നിസൂൻറെ ഉപദേശം എനിക്ക് തീരെ പിടിച്ചില്ല.അതോണ്ട് ഓനെ നോക്കി കണ്ണുരുട്ടി.

"ഞാൻ എന്തിനാടാ കോപ്പേ ഓളെ കാല് പിടിച്ച് ക്ഷമ ചോദിക്കുന്നെ....അതിന് ഞാൻ എന്താ ചെയ്തേ?

ഒടുക്കത്തെ ജാഡയാണ് ഓൾക്ക്.ഓളെ കാണാൻ കൊള്ളാമെന്ന ഹുങ്കും പിന്നാലെ നടക്കാൻ എന്നെ പോലെ ഒരുപാട് പേരുണ്ടെന്ന അഹങ്കാരവും ഒക്കെയുണ്ടല്ലൊ അതാണ് ഓളെ ജാഡക്ക് കാരണം....

ഓളെ ഒക്കെ എൻറെ കയ്യിൽ കിട്ടട്ടെ അപ്പോ തീർത്ത് കൊടുക്കും ഓളെ ജാഡയും അഹങ്കാരവും എല്ലാം..."

നിസു അപ്പോഴേക്കും എന്നെ തോണ്ടി കൊണ്ട് നിർത്താൻ പറഞ്ഞു.

"എന്താടാ ..എനിക്ക് പറയാനുള്ളത് മുഴുവൻ കേൾക്കാൻ അന്നെ കൊണ്ട് പറ്റില്ലേ?"

"എടാ..അതല്ലാ ...ഇർഷാദ്..."

"ഇർഷാദോ..?"

നമ്മള് നെറ്റി ചുളിച്ചോണ്ട് തിരിഞ്ഞ് നോക്കിയപ്പൊ ഇർഷാദ് ഞങ്ങളെ നോക്കി നിൽക്കാണ്. അവനെ കണ്ടതും എന്താ ഇപ്പൊ നമ്മള് പറഞ്ഞതണെന്ന് വരെ മറന്നു പോയി.

അവൻ ഞങ്ങളെ നേരെ വന്നിട്ട് ഒന്ന് പുഞ്ചിരി തൂകി.

"ആദിൽക്ക കരുതുന്ന പോലെ എൻറെ ഇത്തൂസ് വല്യ ജാഡക്കാരിയൊന്നും അല്ല. പുറമേ അങ്ങനെ ഒക്കെ തോന്നുമെങ്കിലും എൻറെ ഇത്തൂസ് പാവാണ്...

പിന്നെ ആദിൽക്ക കുറച്ച് നേരത്തെ പറഞ്ഞ ഈ അഹങ്കാരവും ഹുങ്കുമൊക്കെ ഉണ്ടല്ലോ അത് ഇല്ലെങ്കിൽ ചിലപ്പൊ ഞങ്ങൾക്ക് ഞങ്ങളെ

ഇത്തൂസിനെ പഴയ പോലെ കിട്ടില്ലായിരുന്നു..."

അവൻ പറയുന്നതൊന്നും മനസ്സിലാവാതെ അവനെ തന്നെ ഞങ്ങൾ നോക്കി നിന്നു.

"ഡാ ഷാദീ...നീ വരുന്നുണ്ടോ അതോ അവരെ കൂടെ പോകാണോ?"

ഐഷു അവിടന്ന് വിളിച്ച് കൂവി. ഷാദി അവളെ നോക്കി ഇപ്പൊ വരാമെന്ന് പറഞ്ഞ് ഞങ്ങളെ നേരെ തിരിഞ്ഞു.

"ആദിൽക്ക എന്നോട് ക്ഷമിക്കണം... ഇങ്ങളാണ് ഇത്തൂസിൻറെ പുറകെ നടക്കുന്നതെന്ന് അറിയാതെയാണ് അപ്പൊ അങ്ങനെ ഒക്കെ പറഞ്ഞത്...

എൻറെ ഇത്തൂസ് എന്നും ഹാപ്പിയായിട്ട് ഇരിക്കണം എനിക്ക് അത്രേയുള്ളൂ...

അപ്പൊ ശരി... ഇനി പിന്നീട് എപ്പോഴെങ്കിലും കാണാം."

എന്ന് പറഞ്ഞ് അവൻ ഞങ്ങൾക്ക് കൈ തന്നു.ഞാൻ അവൻ്റെ കയ്യിൽ പിടിച്ചിട്ട് ഓനോട് പറഞ്ഞു.

"എനിക്ക് നിൻ്റെ ഇത്തൂസിനെ ജീവനാടാ... അവളെ ജീവിതകാലം മുഴുവൻ ഹാപ്പി ആയിട്ട് വെച്ചോളാം...അവളെ എനിക്ക് തന്നൂടെ..."

ഷാദി എൻ്റെ കൈ വിടുവിച്ച് നമ്മളെ നോക്കി പുഞ്ചിരിച്ചു.

"എൻ്റെ ഇത്തൂസ് ഒരാളുടെ ജീവിതത്തിലും ഭാരമാകാൻ ആഗ്രഹിക്കാത്തോളാ...അതോണ്ട് ഇതിനൊരു മറുപടി നൽകാൻ എനിക്ക് പറ്റില്ല. അതൊക്കെ ഇത്തൂസിൻ്റെ തീരുമാനാണ്...

ആദിൽക്ക ഓളെ ആത്മാർത്ഥായിട്ടാണ് സ്നേഹിക്കുന്നതെങ്കിൽ വൈകി ആണെങ്കിലും

എൻ്റെ ഇത്തൂസ് ഇങ്ങളുടേതാകും."

അതും പറഞ്ഞ് ഷാദി നടന്നകന്നപ്പോഴും ഉത്തരം കിട്ടാത്ത ഒരുപാട് ചോദ്യങ്ങൾ എൻ്റെ മനസ്സിൽ ഓടി കൊണ്ടിരുന്നു.

....

"കുറെ നേരായല്ലോ അവനോട് വാചകടിക്കുന്നു.എന്താ കാര്യം?"

"ഏയ്...അത് പ്രത്യേകിച്ച് ഒന്നുമില്ല ഇത്തൂസേ...
മാച്ചിനെ കുറിച്ച് പറഞ്ഞതാ...

പോവാം...."

ഷാദി വണ്ടിയിൽ കേറി ഇരുന്നു. എനിക്ക് എന്തോ അവൻ്റെ മറുപടിയിൽ ഒരു തൃപ്തി പോരെന്ന് തോന്നി.

നമ്മള് ചട്ടിയെടുത്ഹ് തലയിൽ കമിഴ്ത്തിയിട്ട് വണ്ടി സ്റ്റാർട്ടാക്കി. അപ്പോഴേക്കും സന ഞങ്ങളെ അടുത്തേക്ക് ഓടി വന്നു. കൂടെ സഫ്നയുമുണ്ട്ട്ടോ...

അവര് രണ്ടാളും കൂടി ട്രീറ്റ് കഴിഞ്ഞ് പോകാമെന്ന് പറഞ്ഞ് ഒരുപാട് നിർബന്ധിച്ചു. പെട്ടെന്ന് വീട്ടിൽ ചെല്ലണമെന്ന് പറഞ്ഞിട്ട് സനയോട് കോളേജിൽ വെച്ച് കാണാമെന്ന് പറഞ്ഞു. ഞാൻ ഷാദിൻറെ മുഖത്തേക്ക് നോക്കിയിട്ട് സഫ്നനെ കാണിച്ചു. ഓൻ അവളോട് ചിരിച്ചോണ്ട് ബൈ പറഞ്ഞിട്ട് അവളെ തന്നെ നോക്കി ഇരുന്നു.

നമ്മള് അവരോടും ഓൻറെ ടീമിനോടും ഒരു സോറി പറഞ്ഞിട്ട് വണ്ടി എടുത്തു.

അവിടന്ന് പോന്നിട്ട് ഇതുവരെ ഷാദി എന്നോടൊന്നും മിണ്ടിയിട്ടില്ല. ആദ്യായിട്ട് മലപ്പുറം കാണുന്ന പോലെ ഓൻ പുറത്തേക്ക് നോക്കി ഇരിക്കാണ്.

"ഷാദീ...നിനക്കെന്നോട് ദേഷ്യം ഉണ്ടോടാ?"

"എന്തിന് ഇത്തൂസേ..?"

"ഞാൻ കാരണം നിനക്ക് ട്രീറ്റ് നഷ്ടമായി, സഫ്നയുമായിട്ട് ഇരിക്കാനും സംസാരിക്കാനും ഞാനായിട്ട് അവസരം ഇല്ലാതായി...ഇതിനൊന്നും നിനക്ക് എന്നോട് ദേഷ്യം ഇല്ലേടാ.."

"അതാണോ ഇപ്പൊ ഇത്ര വല്യ കാര്യം...ട്രീറ്റ് ഒക്കെ നമ്മള് കുറേ കണ്ടതാ, ഇനിയും എത്ര വരാൻ കിടക്കുന്നു...

പിന്നെ സഫ്ന...ഓളെ ഇനി എന്നും സ്കൂളിൽ വെച്ച് കാണുമ്പൊ മിണ്ടിക്കൂടെ...പിന്നെ എന്തിനാ ഞാൻ ഇത്തൂസിനോട് ദേഷ്യം പിടിക്കുന്നെ?"

"എടാ ഷാദി എന്നാലും ഞാൻ കാരണം...."

"അതെ ഇത്തൂസ് കാരണാ എനിക്കിന്ന് ഈ മാച്ചിൽ പങ്കെടുക്കാൻ പറ്റിയതും വിജയിക്കാൻ

പറ്റിയതും...എനിക്ക് ഇതിൽ കൂടുതൽ ഒരു സന്തോഷവും ഒരു ട്രീറ്റിൽ നിന്നും കിട്ടൂല ഇത്തൂസേ.."

ഷാദിക്ക് ഉള്ളിൽ നല്ല സങ്കടമുണ്ടെന്ന് എനിക്ക് അറിയാം.പക്ഷേ അത് എനിക്ക് വിഷമാകാതിരിക്കാൻ വേണ്ടി അവനത് മറച്ച് വെച്ച് എന്നെ വിട്ട് കൊടുക്കാതെ സംസാരിക്കുന്നത് കേട്ടപ്പൊ അറിയാതെ എൻറെ കണ്ണ് നിറഞ്ഞു പോയി.

"അയ്യോ......എൻറെ ഇത്തൂസ് കരയുന്നെ.... അങ്ങനെ തന്നെ നിക്ക് ഞാൻ ഒരു ഫോട്ടോ എടുത്ത് എല്ലാവർക്കും വിടട്ടെ.."

സൈഡ് മിററിലൂടെ എന്നെ നോക്കി ഷാദി അത് പറഞ്ഞപ്പൊ നമ്മളൊന്ന് ചിരിച്ചു. എന്നിട്ട് ഒരു റെസ്റ്റോറന്റിലിറങ്ങി അവിടന്ന് മൂക്ക് മുട്ടെ കഴിച്ചിട്ട് കാശ് കൊടുക്കാൻ വേണ്ടി ചെന്നു.

"ബില്ലടച്ചു..."

കൗൺടറിലിരിക്കുന്ന ആള് അങ്ങനെ പറഞ്ഞപ്പൊ ഞാനും ഷാദിയും ഞെട്ടിയിട്ട് പരസ്പരം മുഖത്തോട് മുഖം നോക്കി നിന്നു.

"ആര് അടച്ചു?"

"ഞാനടച്ചു."

ശബ്ദം കേട്ട് തിരിഞ്ഞ് നോക്കിയപ്പൊ പ്രതീക്ഷിച്ച ആള് തന്നെ... ആ കോന്തൻ. നമ്മളപ്പൊ തന്നെ മുഖം തിരിച്ചിട്ട് ആ കൗൺടറിൽ ഉള്ള ആളുടെ നേരെ കാശ് നീട്ടി...

"ഞങ്ങൾക്ക് ആരുടേയും ഔദാര്യമൊന്നും വേണ്ട. ദാ കാശ്..

വാടാ ഷാദി.."

ഞാൻ അവനേയും വലിച്ചോണ്ട് അവിടന്ന് ഇറങ്ങി.

"ഇത്തൂസേ ബാലൻസ് വാങ്ങിച്ചില്ല..."

"അത് അവൻ പുഴുങ്ങി തിന്നോട്ടെ...നീ കേറ്..."

"അപ്പൊ ഉപ്പാനോട് എന്ത് പറയും? ഉപ്പ ചോദിക്കില്ലേ ബാക്കി എവിടേന്ന്?"

ഷാദി അത് പറഞ്ഞപ്പോഴാ നമ്മളും അതിനെ കുറിച്ച് ആലോചിച്ചത്. എൻ്റെ ഉപ്പ ചോര നീരാക്കി ഉണ്ടാക്കിയ കാശാണ്. അതിനൊരു വിലയും കൊടുക്കാതെ കാശ് കൊടുത്തത് എനിക്ക് മോശമായി തോന്നി.

അപ്പൊ തന്നെ അവിടേക്ക് ഓടിയിട്ട് ബാലൻസ് ചോദിച്ചു.

"അത് ബില്ലടച്ച ആള് തന്നെ വാങ്ങിച്ചല്ലോ...ദെ ഇപ്പൊ ഇറങ്ങി പോയിട്ടുള്ളൂ.."

അയാള് പറയുന്നത് കേട്ടപ്പൊ തലക്ക് പിരാന്ത് പിടിക്കുന്ന പോലെ തോന്നി. വേഗം അവിടന്ന് ഇറങ്ങിയിട്ട് ആ കോന്തൻറെ പിന്നാലെ ഓടി. അവനപ്പോഴേക്കും അവൻറെ കാറിൽ കേറി സ്ഥലം വിട്ടിരുന്നു.

ഷാദി നമ്മളെ കാട്ടി കൂട്ടല് കണ്ടിട്ട് നിന്ന് ചിരിക്കാണ്. അവൻറെ തലക്കൊരു മേട്ടം കൊടുത്തിട്ട് ആ തെണ്ടിയെ ഒരുപാട് പ്രാകി കൊണ്ട് വീട്ടിലേക്ക് പോയി.

വീട്ടിൽ എത്തിയപ്പൊ എല്ലാവരും കൂടി ഷാദിനെ പൊതിഞ്ഞു. ഓനോട് കപ്പ് കാണിച്ച് തരാൻ പറഞ്ഞപ്പൊ ഓനെന്നെ ദയനീയമായി ഒന്ന് നോക്കി.

കപ്പ് അവൻ കൊണ്ട് വന്നാൽ ഉപ്പ അത് കണ്ട് പ്രശ്നമാക്കിയാലോന്ന് കരുതി അത് ക്ലബ്ബിൽ വെച്ചു. ഞങ്ങളെ വീട്ടിലെ ഷെൽഫിൽ ഇരിക്കേണ്ടത് ഇപ്പൊ ആ ക്ലബിൽ ഇരിക്കുന്നു.

അവർക്കൊക്കെ ഉപ്പാൻറെ സ്വഭാവം

അറിയുന്നതോണ്ട് കൂടുതൽ ഒന്നും ചോദിച്ചില്ല. ഉമ്മ മുത്തൂന് ഇഷ്ടപ്പെട്ട പലഹാരങ്ങൾ ഒക്കെ ഉണ്ടാക്കി വെച്ചിട്ടുണ്ട്.

ഷാദി ഓൻറെ കളിയെ കുറിച്ചും ഗോളിനെ കുറിച്ചുമൊക്കെ അവരോട് പറഞ്ഞ് ഓരോന്ന് അകത്താക്കുന്നുണ്ട്.

നമ്മളും കുറച്ച് അകത്താക്കിയിട്ട് റൂമിലേക്ക് പോയി.ഫ്രഷായി നിസ്കരിച്ചിട്ട് ഒന്ന് കിടന്നു.

ഉറങ്ങാനല്ല,മറിച്ച് പഴയതൊക്കെ ഓർമ്മകളിൽ നിന്ന് പൊടി തട്ടിയെടുക്കാൻ.

നമ്മളെ ചിന്ത ആ കോന്തനിൽ മാത്രാണ്.എന്ത് കൊണ്ട് ഈ ചോദ്യമാണ് എൻറെ മനസ്സിൽ...

എന്തുകൊണ്ടാ ആ കോന്തൻ എൻറെ കയ്യിൽ പിടിച്ചപ്പൊ അവനെ ഒരു നോട്ടം കൊണ്ട് പോലും

പ്രതികരിക്കാഞ്ഞത്?

പെട്ടെന്ന് എൻ്റെ ചിന്തകളിൽ നിന്നും ഞെട്ടി ഉണർന്നത് ഷാദി വിളിക്കുന്നത് കേട്ടാണ്. വാതിൽ തുറന്നപ്പൊ തന്നെ അവനെന്നെ കെട്ടി പിടിച്ചു.എന്നിട്ട് കയ്യിൽ ഇരിക്കുന്ന പൊതി എനിക്ക് നേരെ നീട്ടി.

"താങ്ക്സ് ഇത്തൂസേ... കുറെ നാളായിട്ട് ആഗ്രഹിക്കുന്നതാ ഒരു പുതിയ ബൂട്ടിന് വേണ്ടി....ഇൻ്റെ ഇത്തൂസ് എനിക്ക് വാങ്ങി തന്നല്ലൊ ...താങ്ക്യൂ..."

എന്ന് പറഞ്ഞ് അവൻ എന്നെ ഉമ്മ വെച്ചിട്ട് താഴേക്ക് പോയി. അവനെന്താ ഇപ്പൊ പറഞ്ഞിട്ട് പോയതെന്ന് ചിന്തിച്ചോണ്ട് നമ്മള് മേപ്പോട്ട് നോക്കി നിന്നു.

"ഇവനിതെന്താ പറയുന്നത് പടച്ചോനേ... ഞാൻ ഓന് ബൂട്ട് വാങ്ങി കൊടുത്തെന്നോ? എപ്പോ? ഇവിടെ ഉപ്പാനോട് എന്ത് പറയുമെന്ന് ആലോചിക്കുമ്പോഴാ ഓൻ്റെ ഒരു ബൂട്ട്... എന്നാലും ബൂട്ട് ആര് വാങ്ങി?"

(തുടരും)

ഭാഗം. 30

"ഇവനിതെന്താ പറയുന്നത് പടച്ചോനേ....ഞാൻ ഓന് ബൂട്ട് വാങ്ങി കൊടുത്തെന്നോ? എപ്പോ? ഇവിടെ ഉപ്പാനോട് കാശിനെ കുറിച്ച് എന്ത് പറയുമെന്ന് ആലോചിക്കുമ്പോഴാ ഓൻറെ ഒരു ബൂട്ട്......

എന്നാലും ആരാവും വാങ്ങിയത്?

ഉപ്പച്ചി ആകോ? ഏയ് ഉപ്പച്ചി ആവില്ല....

പിന്നെ ഇപ്പൊ ആരാ? ആ...ആരേലും ആവട്ടെ...അത് മാത്രം ചിന്തിച്ച് നടക്കലല്ല ഇൻക്ക് പണി...അല്ല പിന്നെ..."

നമ്മള് ഓരോന്ന് പിറുപിറുത്തോണ്ട് താഴേക്ക് ഇറങ്ങി.

ഷാദി ഫ്രഷായി കിടന്നിട്ടുണ്ട്. ഉമ്മയും മൂത്തമ്മയും ഭയങ്കര കത്തിയടിയിലാണ്.

സിനൂനെ പിന്നെ ആ വഴിക്കേ മഷിയിട്ട് നോക്കിയിട്ടും കണ്ടില്ല.നമ്മള് അപ്പൊ തന്നെ ഹസിൻറോടെ പോയി. അവിടെ രണ്ടു പേരും കൂടി നമ്മളെ കളിയാക്കി കൊന്നോണ്ടിരിക്കാണ്. രാവിലെ കിട്ടിയതിൻറെയും കൊടുത്തതിൻറെയും ബാക്കി നമ്മള് അപ്പൊ തന്നെ തിരിച്ചു കൊടുത്തു.

എന്നിട്ട് ഹസിയേയും കൊണ്ട് ചുമ്മാ പുറത്തേക്കിറങ്ങി.

അവളോട് ഇന്നലെ കോളേജിൽ വെച്ച് നടന്നതും ഇന്ന് ഗ്രൗണ്ടിൽ വെച്ച് ഉണ്ടായതുമൊക്കെ വള്ളി പുള്ളി വിടാതെ പറഞ്ഞു കൊടുത്തു.

"അപ്പൊ ഒരു പ്രേമത്തിനുള്ള വകുപ്പുണ്ടല്ലേ?"

നമ്മള് അപ്പൊ തന്നെ ഹസിയെ ഒന്ന് തുറുക്കനെ നോക്കി.

"ഓ...സോറി ..നിൻറെ ഡിക്ഷ്ണറിയിൽ പിന്നെ ഈ പ്രേമമൊന്നും പറഞ്ഞിട്ടില്ലല്ലോലേ...അതൊക്കെ നീ പണ്ടേ ക്ലോസ് ചെയ്ത പരിപാടിയല്ലേ..."

"ഡീ...അൻറെ പരിഹാസം കേക്കാനല്ല ഇതൊക്കെ നിന്നോട് പറഞ്ഞത്....അവനെ പൂട്ടാനൊരു ഉഗ്രൻ ഐഡിയക്ക് വേണ്ടിയാ..."

"പൂട്ടാൻ മണിച്ചിത്രത്താഴ് മതിയോ അതോ പഴയ പൂട്ട് മതിയോ?"

"നിന്നോടൊക്കെ ഒരു കാര്യം ചോദിക്കുമ്പോ.....

നിനക്ക് ഞാൻ തരാടീ...."

നമ്മള് അവിടെ കിടന്ന ഒരു മുട്ടൻ വടിയും എടുത്ത് തല്ലാൻ ഓങ്ങിയതും അവളൊരു ഓട്ടം. നമ്മള് അങ്ങനെ വിട്ട് കൊടുക്കോ? നമ്മളും അവളെ പിന്നാലെ ഓടിയിട്ട് ആ വടി കൊണ്ട് ഒരു ഏറ്

കൊടുത്തു. കൃത്യം കാലിൽ തന്നെ കൊണ്ടതോണ്ട് അവളൊരു വീഴ്ച്ചയായിരുന്നു.

അവള് വീണതും നമ്മള് ഹാപ്പിയായി. അവളെ പിടിച്ച് എഴുന്നേൽപ്പിച്ചപ്പൊ തെണ്ടി ആ വടി കൊണ്ട് നമ്മളെ തല്ലി.

"പടച്ചോനേ നമ്മളെ കാത്തോളീ...".ന്ന് പറഞ്ഞ് നമ്മളവിടെന്ന് ജീവനും കൊണ്ട് ഒരോട്ടമായിരുന്നു വീട്ടിലേക്ക്.

നമ്മളെ ഓട്ടം കണ്ടിട്ടും പിന്നാലെ ഹസി ഞൊണ്ടി വരുന്നത് കണ്ടിട്ടും എല്ലാവരും കൂടി പൊരിഞ്ഞ ചിരിയിലാണ്. നമ്മള് വേഗം ഓടി പോന്നത് കൊണ്ട് നമ്മളെ തടി രക്ഷപ്പെട്ടൂന്ന് പറഞ്ഞാ മതിയല്ലൊ....

....

'പടച്ചോനേ..... ഈ പെണ്ണുങ്ങളെ മനസ് മനസ്സിലാക്കാൻ പറ്റുന്ന വല്ല മെഷീനുമുണ്ടോ ആവോ..?

എത്ര ആയിട്ടും ഐഷൂൻറെ കാരക്ടർ പിടികിട്ടുന്നില്ല...അതിലുപരി എനിക്കിപ്പോ എന്നെ തന്നെ മനസ്സിലാക്കാൻ പറ്റുന്നില്ല...

അവളെ പോലെ എത്ര പേരന്ന് ഓഡിറ്റോറിയത്തിൽ ഉണ്ടായിരുന്നു.പക്ഷേ, കണ്ട മാത്രയിൽ എൻറെ മനസ് പിടിച്ച് കുലുക്കാൻ കഴിഞ്ഞത് അവൾക്ക് മാത്രാണ്...

ഇത് പ്രണയമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. പക്ഷേ, ആ വെളിവ് ഇപ്പോഴും അവൾക്ക് വന്നിട്ടില്ലല്ലോ പടച്ചോനേ...

ഇനി ഷാദി പറഞ്ഞ പോലെ നമ്മളെ സ്നേഹം എത്ര വൈകി ആണെങ്കിലും അവള് തിരിച്ചറിയല്ലൊ അത് വരെ കാത്തിരിക്കാം...

പക്ഷെ,അതിന് വേണ്ടി എത്ര കാത്തിരിക്കണോ എന്തോ...എത്ര കാത്തിരിന്നാലും ഒടുക്കം ആ മാരണത്തെ എൻറെ തലയിൽ തന്നെ ഇട്ട് തരണേ

പടച്ചോനേ...

ഇപ്പൊ അവളെന്തെടുക്കാവും....?

ഒന്ന് വിളിച്ച് നോക്കിയാലോ...

വേണ്ട...അവള് നമ്മളോട് ദേഷ്യത്തിലാവും....

എന്നാലും ഒന്ന് വിളിച്ച് നോക്കി കളയാമല്ലേ...?'

നമ്മള് അപ്പൊ തന്നെ അവൾക്ക് വിളിച്ച് നോക്കി. ഒരുപാട് തവണ റിങ് ചെയ്തെങ്കിലും ഫോൺ എടുത്തില്ല.

"ഇനി അവള് മനപ്പൂർവ്വം എടുക്കാത്തതാണോ? ഏയ്...അവള് വേറെ വല്ല തെരക്കിലുമാകും.അതോണ്ട് പിന്നെ വിളിക്കാം..."

നമ്മള് ഫോൺ ബെഡിലേക്ക് ഇട്ടിട്ട് ഇന്നലത്തെ അവളെ പ്രപ്പോസിങ് ഓർത്ത് കിടന്നു. അവളാ ഓരോ ഡയലോഗും പറയുമ്പോഴും എൻറെ മനസ്സിനത് സത്യായിട്ടാ കേട്ടത്. അവളുടെ കാപ്പി നിറത്തിലുള്ള

കണ്ണും ചെറി പഴം പോലെയുള്ള ചുണ്ടും....ശൊ ഓർക്കുമ്പൊ തന്നെ കൺട്രോൾ പോകുന്നു....

"എൻറെ പെണ്ണേ....നിൻറെ സ്നേഹത്തിനായ് ഞാനിനി എത്ര കാലം കാത്തിരിക്കണം?"

"എൻറെ സ്നേഹത്തിന് വേണ്ടി നീ കാത്തിരിക്കണ്ട ആദി...

അതെന്നും നിനക്ക് വേണ്ടി എന്നിലുണ്ടാകും."

ശബ്ദം കേട്ട് പെട്ടെന്ന് എണീറ്റ് നോക്കിയപ്പൊ സൽമ വാതിലും ചാരി നിൽപ്പുണ്ട്.

"എൻറെ സ്നേഹത്തിന് വേണ്ടി നീ ഇത്ര മാത്രം കൊതിക്കുന്നുണ്ടെന്ന് ഞാൻ അറിഞ്ഞില്ല ആദി..."

അവളതും പറഞ്ഞ് റൂമിലേക്ക് കേറി വന്നു.

"ആരോട് ചോദിച്ചിട്ടാടീ നീ എൻറെ റൂമിലേക്ക് കേറി വന്നത്?"

നമ്മള് നല്ല കട്ട കലിപ്പിൽ തന്നെ അവളോട് ഒച്ച വെച്ചു. അവള് കാത് പൊത്തി കൊണ്ട് യാതൊരു ഭാവ വ്യത്യാസവും ഇല്ലാതെ നിന്നു.

"പതുക്കെ, പതുക്കെ... എന്തിനാ ഇങ്ങനെ കിടന്ന് ഒച്ച വെക്കുന്നേ? ഇവിടെ നമ്മള് രണ്ട് പേര് മാത്രം അല്ലേയുള്ളൂ....പിന്നെ എന്തിനാ ഇത്രേക്ക് ശബ്ദം?"

"ഇവിടെ നിന്ന് വാചകമടിക്കാതെ ഇറങ്ങി പോടീ....

നിന്നോട് പല തവണ ഞാൻ പറഞ്ഞിട്ടുണ്ട് എൻറെ അനുവാദമില്ലാതെ എൻറെ റൂമിൽ കേറി പോകരുതെന്ന്...

ഇനി മേലാൽ എൻറെ റൂമിലേക്ക് എങ്ങാനും നീ കേറിയാൽ...."

അവളൊരു പുച്ഛത്തോടെ എന്നെ നോക്കി ചിരിച്ചു.

"അത് കൊള്ളാലോ ആദി...കുറച്ച് കാലം കൂടി കഴിഞ്ഞാലേ ഇത് നമ്മളെ റൂമാ... അതോണ്ട് എനിക്ക് ഇങ്ങോട്ട് കേറി വരാൻ ആരുടേയും അനുവാദം വേണ്ട."

അവളുടെ ഡയലോഗ് കേട്ടതും സമനില തെറ്റി ഞാനവളെ അവിടന്ന് തള്ളി. അവള് നേരെ ടേബിളിൽ ചെന്ന് വീണു. എന്നിട്ടും അവള് യാതൊരു ഭാവ വ്യത്യാസവും ഇല്ലാതെ എന്നെ നോക്കി ചിരിച്ചു.

"നിൻറെ ഈ കരസ്പർശം ഏൽക്കാൻ ഞാൻ എന്ത് മാത്രം കൊതിക്കുന്നുണ്ടെന്ന് അറിയോ? ആട്ടിയോടിക്കാനാണെങ്കിലും നീ എന്നെ തൊടുമ്പോൾ ഞാൻ എന്നെ തന്നെ മറന്ന് പോകാണ് ആദി..."

അവളുടെ നോട്ടവും സംസാരവും എനിക്ക് എന്നോട് തന്നെ വെറുപ്പുളവാക്കി. അവളോട് എത്ര കയർത്തിട്ടും ഒച്ച വെച്ചിട്ടും ആ ബലാലിന് ഒരു കുലുക്കവും ഉണ്ടായിരുന്നില്ല. അവള് ചിരിച്ചോണ്ട് എല്ലാം കേട്ട് നിന്നു.

ഇനി ഇവളോട് പറഞ്ഞിട്ട് കാര്യമില്ലാന്ന് തോന്നിയതോണ്ട് നമ്മള് റൂമീന്ന് പോകാൻ ഒരുങ്ങി.അപ്പോഴാണ് അവളെ നോട്ടം ടേബിളിലെ ഫോട്ടോയിലേക്ക് പതിഞ്ഞത് ഞാൻ ശ്രദ്ധിച്ചത്. അവളത് കണ്ടതും നമ്മളെയൊന്ന് രൂക്ഷമായി നോക്കിയിട്ട് അത് കയ്യിലെടുത്തു.

ഐഷുവും ഞാനും കൂടി ഒപ്പമുള്ള ഒരു എഡിറ്റ് ചെയ്ത ഫോട്ടോ ആയിരുന്നു അത്. അത് കണ്ടതും അവളുടെ മുഖത്ത് ദേഷ്യം ആളി കത്തി,അത് അവളുടെ കണ്ണിലൂടെ ഒഴുകി വന്ന കണ്ണീരിനെ പോലും ആവിയാക്കി.

അവളെന്നേയും ആ ഫോട്ടോയും മാറി മാറി നോക്കി കൊണ്ട് അതെടുത്ത് തറയിൽ എറിഞ്ഞു. പക്ഷേ, അത് പൊട്ടിയില്ല.പകരം അതിൽ നിന്നും ഐഷൂൻറെ വോയിസ് വന്നു.

"ഐ ലൗ യു ആദിൽക്ക..." എന്ന്. ഇന്നലെ പുലരുവോളം അവളെ ഉറങ്ങാൻ സമ്മതിക്കാതെ അവളെ കൊണ്ട് പറയിപ്പിച്ചത്.

സൽമ അതെറിഞ്ഞിട്ടും പൊട്ടാതിരുന്നതും ഐഷൂൻറെ വോയിസ് അതിൽ നിന്ന് കേട്ടതും അവൾക്കൊരു ഷോക്കായി. അവളെന്നെ ഉറ്റു നോക്കി കൊണ്ട് അതെടുത്ത് വീണ്ടും എറിഞ്ഞു.

ഞാനവളെ തടുക്കാൻ നിൽക്കാതെ പുഞ്ചിരിച്ചോണ്ട് അവിടെ തന്നെ നിന്നു. അവളത് പല തവണ വീണ്ടും വീണ്ടും എറിഞ്ഞ് കൊണ്ടിരുന്നു. അതിനനുസരിച്ച് ഐഷൂൻറെ വോയിസ് റൂമിലാകെ മുഴങ്ങി.

അത് കേട്ടപ്പൊ ഒരു ഭ്രാന്തിയെ പോലേ അവള് കാത് പൊത്തി അലറി. അത്രക്ക് ഹൈ വോൾട്ടിൽ അവള് അലറിയിട്ടും എൻറെ കാതിൽ കേട്ടത് ഐഷൂൻറെ ശബ്ദം മാത്രാണ്.

അലറി വിളിച്ചതോണ്ടോ അതെറിഞ്ഞ് മടുത്തതോണ്ടോ എന്തോ അവളവിടെ ഇരുന്ന് കരയാൻ തുടങ്ങി.

നമ്മള് ഫോട്ടോ എടുത്ത് അതിൻറെ വോയിസ് ഓഫാക്കി.എന്നിട്ട് സൽമക്ക് അരികിലേക്ക് നടന്നു.

"നീയിത് എത്ര എറിഞ്ഞ് പൊട്ടിക്കാൻ നോക്കിയാലും ഇതിനൊന്നും സംഭവിക്കില്ല. അതുപോലെ തന്നയാണെടീ എനിക്ക് എൻറെ ഐഷൂനോടുള്ള സ്നേഹവും.നീ എത്രയൊക്കെ ശ്രമിച്ചാലും എനിക്ക് അവളോടുള്ള സ്നേഹം കൂടുകയല്ലാതെ ഒരു തരി പോലും കുറയില്ലടീ...

അതോണ്ട് ഞങ്ങൾക്കിടയിലേക്ക് നീ വലിഞ്ഞ് കേറി വരാൻ നോക്കണ്ട..."

അപ്പോഴേക്കും അവളെ അലർച്ച കേട്ടിട്ട് ഉമ്മിയും സാലിമും ഓടി വന്നു. ഉമ്മി സൽമൻറെ അടുത്തിരുന്നിട്ട് എന്നെ നോക്കി.

"എന്താടാ ആദി ഇവിടെ പ്രശ്നം? സൽമ മോൾക്ക് എന്താ പറ്റിയേ?"

ഉമ്മി അവളോട് കാണിക്കുന്ന അളവറ്റ സ്നേഹം

അവളൊരിക്കലും അർഹിക്കാത്തതാണെന്ന് എനിക്ക് വിളിച്ച് പറയാൻ തോന്നി. പക്ഷെ,ഉമ്മിക്ക് അതൊന്നും മനസ്സിലാകില്ല.

"ആദി നിന്നോടാ ചോദിച്ചത്...എന്താ ഇവിടെ ഉണ്ടായതെന്ന്..."

ഞാനൊന്നും മിണ്ടാതെ മൗനത്തെ കൂട്ട് പിടിച്ചു. സാലിം എൻറെ കയ്യിലെ ഫോട്ടോ എൻറെ അടുത്ത് നിന്ന് പിടിച്ച് വാങ്ങിച്ചു. എന്നിട്ട് അതിലേക്ക് തന്നെ രൂക്ഷമായി നോക്കി കൊണ്ട് അത് ഉമ്മിക്ക് നേരെ നീട്ടി.

ഉമ്മി അത് വാങ്ങി നോക്കിയിട്ട് എൻറെ അടുത്തേക്ക് വന്നു.

"എന്താടാ ആദി ഇതൊക്കെ? ആരാ ഇവള്? ഇവളും നീയും തമ്മിൽ എന്താ ബന്ധം?"

ഉമ്മി എൻറെ നേരെ കലി തുള്ളി കൊണ്ട് ചോദ്യം വീണ്ടും ആവർത്തിച്ച് കൊണ്ടിരുന്നു.

സഹികെട്ട് ഞാൻ ഉമ്മിൻ്റെ നേരെ കുരച്ച് ചാടി.

"ഞാൻ കെട്ടാൻ പോകുന്ന പെണ്ണാ ഇവള്. ആയിഷ ഫെബീ....ഇനി ഇതിൽ കൂടുതൽ വല്ലതും ഇങ്ങക്ക് കേക്കണോ?"

പറഞ്ഞ് തീരുന്നതിന് മുന്നേ തന്നെ ഉമ്മിയുടെ കൈ എൻ്റെ മുഖത്ത് പതിഞ്ഞിരുന്നു. ആദ്യമായിട്ടാണ് ഉമ്മി എന്നെ തല്ലുന്നത് അതും ഇവരെ മുന്നിൽ വെച്ച്. സൽമ വേഗം എണീറ്റ് ഉമ്മിനെ അവിടന്ന് കൊണ്ട് പോകാൻ നോക്കി.

"ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം ഇജ്ജ് മനസ്സിൽ വിചാരിക്കുന്ന കാര്യം നടക്കില്ല ആദി....

അൻ്റെ ജീവിതത്തിൽ ഒരു പെണ്ണുണ്ടെങ്കിൽ അത് സൽമ മാത്രായിരിക്കും..അതില് യാതൊരു മാറ്റവുല്യാ..."

ഉമ്മിയുടെ ഓരോ വാക്കുകളും ഉമ്മിയുടെ തല്ലിനേക്കാൾ എൻ്റെ മനസ്സിനെ മുറിവേൽപ്പിച്ചു.

സൽമൻ്റെ മുഖത്ത് ഇപ്പോൾ ഒരു പുച്ഛം കലർന്ന ചിരിയാണ്. ഉമ്മി അവളുടെ കൂടെ ഉള്ളതോണ്ട് ഞാൻ മനസ്സിൽ കൊണ്ട് നടക്കുന്ന മോഹം നടക്കില്ലെന്ന വിശ്വാസം അതാണ് അവളുടെ പുച്ഛത്തിലുള്ളത്.

ഇനിയും ഇവിടെ നിന്നിട്ട് അർത്ഥമുണ്ടെന്ന് തോന്നുന്നില്ല. അതോണ്ട് റൂമിൽ നിന്ന് ഇറങ്ങി കാറെടുത്ത് കൊണ്ട് എങ്ങോട്ടെന്നില്ലാതെ പോയി....മനസ്സമാധാനം കിട്ടുന്ന വരെ എങ്ങോട്ടെങ്കിലും പോകാ അതാണ് ലക്ഷ്യം.

ഉമ്മിയുടെ ഓരോ വാക്കുകളും സൽമയോടുള്ള ദേഷ്യം എന്നിൽ കൂടുതൽ വളർത്തി. അവളുടെ ശല്യപ്പെടുത്തലുകളെ കുറിച്ച് ആലോചിച്ചപ്പൊ അവളെ കൊല്ലാനുള്ള ദേഷ്യാണ് വന്നത്.

അപ്പോഴാണ് ഞാൻ ഐഷൂനെ കുറിച്ച് ചിന്തിച്ചത്.

'എനിക്ക് സൽമയുടെ സ്നേഹം എത്രക്ക് വെറുപ്പാണോ അതുപോലെ തന്നെ ആയിരിക്കില്ലെ ഐഷൂന് എന്നോടുള്ള വെറുപ്പും....?

അല്ല ആദി....നീ ഐഷൂനോട് ഒരു തെറ്റും ഇതുവരെ ചെയ്തിട്ടില്ല. അതോണ്ട് സൽമൻറെ സ്നേഹവും നിൻറെ സ്നേഹവും ഒരു ത്രാസിൽ തൂക്കരുത്. സൽമ നിന്നോട് ചെയ്ത കാര്യങ്ങൾ ഒന്നും പൊറുക്കാൻ പോലും കഴിയാത്ത തെറ്റുകളാ....അതോണ്ട് നീ അവളെ മറന്നേക്ക്...പകരം ഐഷുവിന് നിൻറെ സ്നേഹം മനസ്സിലാക്കി കൊടുക്ക്....

അതെ...സൽമയെന്ന ചാപ്റ്റർ ഇനിയൊരിക്കലും എൻറെ ജീവിതത്തിൽ റീയോപ്പൺ ചെയ്യാൻ ആഗ്രഹിക്കാത്തതാണ്.....

അതോണ്ട് സൽമയെ കുറിച്ച് ഓർക്കാതെ എൻറെ ഐഷൂനെ കുറിച്ച് മാത്രം മതി ചിന്ത....

പിന്നെ ഉമ്മി....പതിയെ ഉമ്മിയേയും കാര്യങ്ങൾ ബോധ്യപ്പെടുത്തിയിട്ട് ഉമ്മിയുടെ സമ്മതത്തോടെ തന്നെ എൻറെ ഐഷൂനെ എനിക്ക് സ്വന്തമാക്കണം....

പക്ഷേ, ഇതിനേക്കാളൊക്കെ ഉപരി ഏറ്റവും വലിയ

പ്രശ്നം എന്താന്ന് വെച്ചാൽ....എൻറെ പെണ്ണിന്റെ മനസ്സിൽ കേറി കൂടുകയെന്നതാണ്...

അതിനി എന്നാണാവോ നടക്കാ....?'

ചിന്തകൾക്കൊക്കെ വിരാമമിട്ട് കൊണ്ട് ഞാൻ എത്തിയത് ക്ലബിലേക്കാണ്. സാധാരണ ഞാൻ ഇങ്ങോട്ട് വരാറേ ഇല്ലാത്തതാ...ഇന്ന് പിന്നെ മാച്ചിൽ ജയിച്ചതോണ്ടും അറിയാതെ ഇവിടം വരെ വന്നതോണ്ടും ക്ലബിൽ കേറാൻ തീരുമാനിച്ചു.

ഞാനങ്ങോട്ട് കേറിയതും അവിടന്ന് ഇറങ്ങി വന്ന ആളുമായി നമ്മള് കൂട്ടി മുട്ടി.നമ്മള് സോറി പറഞ്ഞ് തിരിഞ്ഞ് നടന്നപ്പോഴാണ് അയാളെ എവിടെയോ കണ്ട് മറന്ന പോലെ തോന്നിയത്.

അപ്പൊ തന്നെ അയാളെ തിരിഞ്ഞ് നോക്കിയെങ്കിലും അപ്പോഴേക്കും ഒരോട്ടോയിൽ കേറി അയാള് പോയിരുന്നു.

"അല്ലാ ആരിത് ആദിയോ?

വാ...വാ..കേറി വാ.."

"ഷാഹിക്കാ....ഇപ്പൊ ഇവിടന്ന് ഇറങ്ങി പോയില്ലെ അതാരാ?"

"അവരെ ആദി അറിയോ?"

"അറിയോന്ന് ചോദിച്ചാൽ എവിടെയോ വെച്ച് കണ്ട് മറന്ന മുഖം പോലെ തോന്നി... അതാ ഞാൻ .."

"ഓ...അത് നമ്മളെ ഷാദിൻ്റെ ഉപ്പയാ..."

"ഓ........ങേ...???

ഷാദിയുടെ ഉപ്പയോ?"

"ആ..."

'ഓഹോ ചുമ്മാതല്ല എവിടെയോ കണ്ട പോലെ തോന്നിയത്...നമ്മളെ ഭാവി അമ്മായിയപ്പനല്ലെ ആ പോകുന്നത്...'

"അല്ല ഷാഹിക്കാ...മൂപ്പരെന്താ ഈ നേരത്ത് ഇവിടെ?"

"അതൊക്കെ പറയാം... നീ ആദ്യം അകത്തേക്ക് വാ..."

••

"ഇത്ര നേരായിട്ടും ഉപ്പാനെ കാണുന്നില്ലല്ലോ ഉമ്മാ....

സാധാരണ കടയടച്ച് ഏഴര ആവുമ്പോഴേക്കും എത്തുന്നതാ....ഇന്നെന്താ ഇത്ര ലേറ്റ്?"

"ഇജ്ജൊന്ന് വിളിച്ച് നോക്ക് ഫെബിയേ..."

"വിളിച്ചു നോക്കി..

ബിസിയാക്കാണ്..."

നമ്മളത് പറഞ്ഞ് തീരും മുന്നേ ഗേറ്റിനടുത്ത് ഒരു ഓട്ടോ വന്ന് നിന്നു.അതിൽ നിന്നും ഉപ്പച്ചി ഇറങ്ങി വരുന്നത് കണ്ടപ്പോഴാ സമാധാനം ആയത്. പക്ഷേ, നമ്മള് ഇത്തിരി കലിപ്പിൽ ആയിരുന്നുട്ടൊ നിന്നത്. ഉപ്പ സിറ്റൗട്ടിലേക്ക് കേറിയില്ല അതിനു മുന്നേ നമ്മള് ചോദ്യം ചെയ്യല് ആരംഭിച്ചു.

"എവുടേന്നു ഇങ്ങള് ഇത്രേം നേരം? ഫോൺ വിളിച്ചാ ഇങ്ങക്കൊന്ന് എടുത്താലെന്താ?"

നമ്മളെ ചോദ്യത്തിന് മറുപടി എന്നോണം ഉപ്പച്ചി നമ്മളെ ഒന്ന് രൂക്ഷമായി നോക്കി. ആ നോട്ടത്തിൽ തന്നെ വ്യക്താണ് ഉപ്പച്ചി എല്ലാം അറിഞ്ഞെന്ന്.

ഉപ്പച്ചി ഹാളിലേക്ക് വന്നിട്ട് സോഫയിലിരുന്നു. എൻ്റെ മുഖത്തെ പരിഭ്രമം കണ്ട് ഷാദി നമ്മളെ നോക്കി എന്താന്ന് ആംഗ്യം കാട്ടി. നമ്മള് ഓനെ നോക്കിയിട്ട്

കഴുത്ത് വെട്ടുന്നത് കാണിച്ചു. അവനും അപ്പൊ തന്നെ കാര്യം പിടി കിട്ടിയിരുന്നു. അവൻ മെല്ലെ അരിച്ചരിച്ച് എൻറെ പിറകിൽ വന്ന് നിന്നു.

ഞാൻ ഷാദിയോട് മുങ്ങിയാലോന്ന് സ്വകാര്യായിട്ട് ചോദിച്ചു. ഓൻ അപ്പൊ തന്നെ തലയാട്ടി. ഞങ്ങൾ രണ്ട് പേരും കൂടി തിരിഞ്ഞ് നടക്കാൻ ഒരുങ്ങിയതും ഉപ്പച്ചി വിളിച്ചു.

"എങ്ങനെണ്ടായിരുന്നു മക്കളെ മലപ്പുറത്തെ ക്ലാസ്.."

ഞാൻ ഷാദിനോട് പറയാൻ പറഞ്ഞു. ഓൻ എന്നെ ഉപ്പച്ചിൻറെ നേരെ തള്ളി കൊണ്ട് എന്നോട് പറയാൻ പറഞ്ഞു. നമ്മള് ചിരിക്കാണോ കരയാണോ എന്ന് പറയാൻ പറ്റാത്ത അവസ്ഥയിലാണ് ഉപ്പച്ചിൻറെ മുന്നിൽ നിന്നത്.

"അ...അ...അതിപ്പൊ ക്ലാസെങ്ങനേന്നു ചോയിച്ചാൽ നന്നായിരുന്നൂലേടാ.."

ഓനും ശരിയാണെന്ന രീതിയിൽ തലയാട്ടി കൊണ്ട് വീണ്ടും നമ്മളെ പിറകിൽ നിന്നു. നമ്മള് വിടോ?

ഓൻറെ തോളിൽ കൂടി കയ്യിട്ടിട്ട് നമ്മളെ ഒപ്പം തന്നെ നിർത്തിച്ചു.എന്നിട്ട് ഓൻറെ കാതിൽ പതുക്കെ പറഞ്ഞു.

"അങ്ങനെ ഇപ്പൊ ഇജ്ജ് മുങ്ങാൻ നോക്കണ്ട...കേക്കുന്നത് കിട്ടുന്നതും നമ്മളൊരുമിച്ച് വാങ്ങും..."

ഉപ്പച്ചി ഞങ്ങളെ തന്നെ രൂക്ഷമായി നോക്കി കൊണ്ട് ഉമ്മാൻറെ അടുത്ത് സാധനങ്ങളെ കവർ കൊടുത്തു.

"നിങ്ങള് പോയ ക്ലാസിലെ സാറിൻറെ കോച്ചിങ് സെൻററിലേക്ക് ഞാൻ പോയിരുന്നു. അവിടന്ന് ഇന്നത്തെ അൻറെ പഠിപ്പിനോടുള്ള ആരവം എത്രണ്ടെന്നും അറിഞ്ഞു..."

അതും കൂടി കേട്ടപ്പോ ഉറപ്പായി ഉപ്പച്ചി എല്ലാം അറിഞ്ഞെന്ന്.എല്ലാവരും നല്ല സൈലൻറായിരുന്നു. നമ്മളും ഷാദിയും തലയും താഴ്ത്തി കൊണ്ട് നിന്നു.

"ഷാദീ....നീ അറിഞ്ഞാ....നമ്മള് പെട്ടു..."

നമ്മള് ഷാദിൻറെ കാതിൽ പതുക്കെ പറഞ്ഞു. ഓൻറെ അടുത്ത് നിന്ന് ഒരു പ്രതികരണവും കാണാത്തോണ്ട് ഓനെ നോക്കിയപ്പൊ ഓൻ കണ്ണും പൂട്ടി സ്വലാത്ത് ചൊല്ലാണ്. നമ്മള് ആണെങ്കിൽ എന്തും വരുന്നിടത്ത് വെച്ച് കാണാമെന്ന് കരുതി ഉപ്പച്ചിനെ തന്നെ നോക്കി നിന്നു.

ഉപ്പച്ചി ഒരു വലിയ കവറും കയ്യില് പിടിച്ച് നമ്മളേയും ഷാദിനേയും മാറി മാറി നോക്കാണ്. പെട്ടെന്ന് നിശബ്ദതയെ കീറി മുറിച്ചോണ്ട് ഉപ്പച്ചി ഒച്ച വെച്ചു.

"ഷാദി ഇങ്ങട്ട് വാടാ..."

കേൾക്കേണ്ട താമസം നമ്മള് ഓൻറെ തോളീന്ന് കയ്യെടുത്തിട്ട് ഉപ്പച്ചിൻറെ മുന്നിലേക്ക് ഓനെ തള്ളി. ഷാദി ഒന്ന് ഞെട്ടി തിരിഞ്ഞ് നമ്മളെ നോക്കി പല്ലിറുമ്പി. നമ്മള് ഓനെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് മേപ്പോട്ട് നോക്കി നിന്നു.

ഷാദി പേടിച്ച് പേടിച്ച് ഉപ്പച്ചിൻറെ അടുത്തേക്ക് നടന്നു.ഞാനും ഉമ്മയും സിനുവും കൂടി ഉപ്പച്ചിനെ തന്നെ നോക്കി നിന്നു. ഷാദി ആണെങ്കിൽ തല താഴ്ത്തി അവിടെ നിന്നു.

ഉപ്പച്ചി ആ കവറ് തുറന്ന് ഒരു സാധനമെടുത്ത് ഷാദിക്ക് നേരെ നീട്ടി. അത് കണ്ടതും ഞങ്ങൾ എല്ലാവരും കൂടി ഉപ്പാനെ തന്നെ നോക്കി നിന്നു.

ഷാദി ആണെങ്കിൽ തൊള്ളേം തുറന്ന് ഉപ്പച്ചി തന്നതിനെ നോക്കി നിൽക്കാണ്.

"ഇത് ആ ക്ലബില് പൊടി പിടിച്ച് കിടക്കേണ്ടതല്ല...ഇവിടെ നമ്മളെ ഷെൽഫില് വെക്കേണ്ടതാണ്."

ഉപ്പച്ചി അത് പറഞ്ഞതും ഷാദി ഉപ്പാനെ കെട്ടി പിടിച്ച് കരഞ്ഞു. അത് കണ്ടപ്പൊ അറിയാതെ നമ്മളെ കണ്ണീന്നും ആനന്ദ കണ്ണീര് വന്നു.

ഇങ്ങക്ക് മനസ്സിലായില്ലെ ചങ്ങായിമാരെ ഉപ്പച്ചി എന്താ കൊണ്ട് വന്നതെന്ന്.

അതെ....ടൂർണമെന്റിൽ അവർക്കടിച്ച കപ്പ്...അതാണ് ഉപ്പച്ചി ഓന് കൊടുത്തത്.

ഉപ്പച്ചി ഷാദിൻറെ തലയിൽ തലോടി കൊണ്ട് ഓൻറെ നെറുകയിൽ ഉമ്മ വെച്ചു.

"ഷാദിയേ...അന്നെ ഞാൻ ഇതുവരെ ഒരു കളിക്കും വിടാഞ്ഞത് അന്നോട് സ്നേഹം ഇല്ലാഞ്ഞിട്ടല്ല...

പഠിക്കുന്ന പ്രായത്തിൽ പഠിപ്പിനേക്കാൾ മുൻഗണന ഇജ്ജ് കളിക്ക് കൊടുത്തതോണ്ടാണ്. അൻറെ പ്രായത്തിൽ ഞാനും അന്നെ പോലെ തന്നെ കളിച്ച് നടന്നതോണ്ടാ നല്ലൊരു ജോലി പോലും കിട്ടാതെ തെണ്ടി തിരിഞ്ഞീന്നത്...

അതുപോലെ ഒരു അവസ്ഥ അൻക്കും വരരുതെന്ന് തോന്നി. അതിനാണ് അന്നെ വിടാഞ്ഞത്."

ഉപ്പച്ചി ഫുട്ബോൾ കളിച്ച് നടന്നീന്നുവെന്ന് കേട്ടപ്പൊ തന്നെ നമ്മളെ കിളി പോയി. ഉപ്പച്ചി നമ്മളെ നോക്കി കൊണ്ട് അടുത്തേക്ക് വിളിച്ചു.

ഇനി നമ്മക്കും വല്ലതും താരാനാവുമെന്ന് കരുതി നമ്മളും ഉപ്പച്ചിൻറെ അടുത്ത് പോയി ഇരുന്നു.ചെന്നപാടെ നമ്മളെ ചെവി പിടിച്ച് തിരിച്ചു.

"നേരാംവണ്ണം ഒരു നൊണ പോലും പറയാൻ പറ്റാത്തോര് ആ പണിക്ക് പോവരുത്ട്ടാ..."

"ആ....ഉപ്പച്ചിയേ...വേദനാവുണ്ട്...വിടീ....ഇനി പറയൂലാ...."

നമ്മളെ കരച്ചില് കണ്ടിട്ട് എല്ലാവരും കൂടി ഭയങ്കര ചിരി. കൂടെ ഷാദിയും കൂടിയപ്പൊ നമ്മള് ഓൻറെ

തലക്കൊന്ന് കൊടുത്തു.ഉപ്പച്ചി സിനൂനെ നോക്കി.

"ഇനി അൻക്ക് എന്തേലും വേണോടീ..."

"ഇൻക്കൊന്നും വേണ്ടേ...ഓർക്ക് കിട്ടിയത് കണ്ടപ്പൊ തന്നെ വയറ് നിറഞ്ഞു."

സിനു അത് പറഞ്ഞതും എല്ലാവരും ചിരിച്ചു.അപ്പോഴും സിനൂൻറെ മുഖത്ത് പഴയ തെളിച്ചം ഇല്ലേന്നു. ഇവക്കിതെന്താ പറ്റിയേന്ന് ചിന്തിക്കുമ്പോഴാ ഷാദി ട്രോഫി എടുത്ത് ഷെൽഫില് വെച്ചത്. ഞങ്ങളതും നോക്കി ഉപ്പാനോട് ചേർന്ന് ഇരുന്നു.

"ഈ കപ്പ് ഞാൻ കൊണ്ട് വന്നെന്ന് കരുതി അന്നെ ഞാനിനി കളിക്കാൻ വിടുമെന്ന് ഇജ്ജ് കരുതണ്ട ഷാദിയേ...."

അത് കേട്ടപ്പൊ ഞങ്ങൾ ഉപ്പച്ചിനെ നോക്കി. ഷാദി നമ്മളെ ദയനീയമായി ഒന്ന് നോക്കി.

"ഇനി മുതൽ കളിക്ക് ഒപ്പം തന്നെ പതിപ്പും കൊണ്ട് പൊയ്ക്കോളാന്ന് സമ്മയിച്ചാൽ അൻക്ക് കളിക്ക് പോകാം.."

ഓനപ്പൊ തന്നെ സമ്മതിച്ചു.

"വെറുതെ സമ്മയിച്ചിട്ട് കാര്യല്യാ...പരീക്ഷീല് നല്ല മാർക്കും വാങ്ങണം.ഇല്ലെങ്കിൽ അപ്പൊ കളി നിർത്തും."

ഉപ്പച്ചിൻ്റെ ആ വാക്കിനും ഓൻ സമ്മതം അറിയിച്ചു. നമ്മക്ക് അപ്പോഴും ഒരു സംശയം മാത്രം നിഴലിച്ചു.

"ഉപ്പച്ചിയേ...ഇങ്ങള് എങ്ങനെ അറിഞ്ഞത് ഞങ്ങൾ ടൂർണമെന്റിനാ പോയതെന്ന്? ഉമ്മ പറഞ്ഞോ?"

"ഉമ്മയൊന്നുമല്ല...ഇന്നോട് വേറെ ഓരാള് പറഞ്ഞതാ..."

"ആര്?"

"ആ...അവര് നാളെ ഇങ്ങോട്ട് വരുന്നുണ്ട് അപ്പൊ മനസ്സിലായിക്കോളും ആരാന്ന്..."

ഉപ്പച്ചി അത് പറഞ്ഞപ്പൊ എവിടെയോ എന്തോ ഒരു സ്പെല്ലിങ് മിസ്റ്റേക്ക്....

'ഇനി ആ കോന്തൻ എങ്ങാനുമാണോ?

ഏയ്....അവനായിരിക്കില്ല....അവനെങ്ങനെ അറിയാനാ? പിന്നെ ആരാ...?

ആ....ആരായാലും നാളെ വരുമെന്നല്ലെ പറഞ്ഞത് നോക്കാം.അപ്പൊ കാണാം...'

അങ്ങനെ ഞങ്ങൾ എല്ലാവരും കൂടി ഷാദിൻ്റെ മാച്ചിനെ കുറിച്ച് സംസാരിച്ച് ഫുഡ് കഴിച്ചു.അവൻ്റെ മുഖത്തെ സന്തോഷം ഇപ്പോഴാണ് ശരിക്ക് കാണുന്നത്. 'അവൻ്റെ ബൂട്ട് വാങ്ങിയത് ഉപ്പയാണോ?'

"ഉപ്പച്ചി ഇങ്ങളാണോ ഓൻക്ക് ബൂട്ട് വാങ്ങി കൊടുത്തത്?"

ഒരു പുഞ്ചിരിയാണ് ഉപ്പാൻറെ മറുപടി. അത് കണ്ടപ്പൊ ഞാനും ഷാദിയും അന്തം വിട്ട് നോക്കി നിന്നു.

"പക്ഷേ, ഉപ്പച്ചീ...ഞങ്ങൾ പോയി വന്ന വരെ ഇങ്ങള് വന്നിട്ടില്ലല്ലൊ...പിന്നെ എപ്പൊ ബൂട്ട് വാങ്ങി വെച്ചു?"

ഉപ്പച്ചി ഞങ്ങളെ നോക്കി ഒന്ന് ചിരിച്ചു.

"അതിന് ഞാനത് ഇന്നല്ലല്ലോ വെച്ചത്...ഇന്നലെ എടുത്ത് വെച്ചതാ ഇന്ന് പോകുമ്പൊ ഓനതെടുത്ത് ഇട്ടോട്ടേന്ന് കരുതി. പക്ഷേ, ഈ പൊട്ടൻ ഇപ്പോഴാ അത് കണ്ടത്."

അത് കേട്ടപ്പൊ ഷാദിൻറെ കിളി വീണ്ടും പറന്നു പോയി. ഓൻറെ ഇരുത്തം കണ്ടിട്ട് ഞങ്ങൾ എല്ലാവരും കൂടി പൊരിഞ്ഞ ചിരി പാസാക്കി.

അങ്ങനെ നമ്മള് ഫുഡടിയൊക്കെ കഴിഞ്ഞ് റൂമിലേക്ക് പോയി കിടന്നു. ഉപ്പച്ചിൻ്റെ മനസ് മാറിയപ്പൊ ഒരു മനസ്സമാധാനം ഒക്കെ ഉണ്ട്. അതോണ്ട് നല്ല ഹാപ്പി ആയിട്ട് തന്നെ നമ്മള് ഉറങ്ങി.

പെട്ടെന്ന് ഫോൺ ചെലക്കുന്നത് കേട്ടാണ് നമ്മള് എണീറ്റത്. നോക്കുമ്പോ ആ കോന്തനാണ്. ഒരു സമാധാനവും തരാത്ത ജന്തുവെന്ന് മനസ്സിൽ പ്രാകി കൊണ്ട് ഫോൺ കട്ടാക്കി. അപ്പൊ ഇതിന് മുന്നേ അവൻ ഒരുപാട് തവണ വിളിച്ചിട്ടുണ്ട്.

"ഇനി വല്ല അത്യാവശ്യത്തിനുമാണോ വിളിക്കുന്നത്...എന്ത് അത്യാവശ്യം?

അല്ലാ എൻ്റെ കാശ്..."

നമ്മക്ക് അപ്പോഴാ കാശിനെ കുറിച്ച് ഓർമ്മ വന്നത്. അതോണ്ട് അവൻ പിന്നെ വിളിച്ചപ്പൊ തന്നെ നമ്മള് കോളെടുത്തു.

നമ്മള് എന്തെങ്കിലും പറഞ്ഞ് തുടങ്ങുന്നതിന് മുന്നേ തന്നെ ആ കോന്തൻ ഇങ്ങോട്ട് പറയാൻ തുടങ്ങിയിരുന്നു.

ആദി: "ഡീ...നിനക്ക് എന്നോട് ഇപ്പോഴും പിണക്കമൊണോ?

സോറി ഞാൻ ഇനി അങ്ങനെ ഒന്നും എൻറെ ഐഷൂനോട് ചെയ്യില്ല..."

നമ്മള്: "ഞാൻ ആരുടേയും ഐഷുവും ആയിഷയുമൊന്നുമല്ല....കേട്ടല്ലൊ ..ഇനി മേലിൽ എൻറെ പിറകെ ഐഷൂന്ന് വിളിച്ച് നടന്നേക്കരുത്...പറഞ്ഞില്ലെന്ന് വേണ്ട...."

ആദി: "ഓഹോ...അപ്പൊ ഇപ്പോഴും ഇക്കാനോടുള്ള പിണക്കം മാറിയില്ലേ ഐഷൂ..."

അവൻറെ ഡയലോഗ് കേട്ടപ്പൊ അവനോട് പറയാൻ വന്നത് വരെ മറന്നോണ്ട് നമ്മളെ വായീലെ നല്ല ഭാഷ മൊത്തം അവൻ കേട്ടു. എന്നിട്ടും കള്ളപ്പന്നി

ചിരിക്കാണ്.

ആദി: "ഐഷൂ നീ ഇങ്ങനെ ഒക്കെ പറയുന്നുണ്ടെങ്കിലും നമ്മക്ക് അറിയാ നിനക്ക് നമ്മളോട് അടങ്ങാത്ത മൊഹബ്ബത്ത് ആണെന്ന്. അതോണ്ടല്ലേ ഞാനിന്ന് നിൻറെ കയ്യിൽ പിടിച്ചപ്പൊ നീ എതിർക്കാഞ്ഞത്...എന്ന് കരുതി ഇപ്പൊ തന്നെ നമ്മളോട് ഇഷ്ടാണെന്ന് പറഞ്ഞേക്കല്ലേ..."

അവൻറെ സംസാരം കേട്ടപ്പൊ എനിക്ക് എന്നോട് തന്നെ വെറുപ്പ് തോന്നി. ആ തെണ്ടിയോട് പറഞ്ഞ് നടന്നിട്ട് കാര്യമില്ലാത്തോണ്ട് നമ്മള് ഫോൺ കട്ടാക്കി ഓനെ റിജക്ട് ലിസ്റ്റിലിട്ടു. എന്നിട്ട് കിടന്നു പക്ഷേ നമ്മളെ കൂടപ്പിറപ്പ് കൂട്ടിന് വന്നില്ല....

"എൻറെ ഉറക്കമേ...നീ എവിടെ പോയി കിടക്കാ... നിനക്ക് വേണ്ടി ഞാൻ കാത്തിരിക്കാണ്..."

എവടെ ...ഉറക്കം പോയിട്ട് ഒരു മയക്കം പോലും വന്നിട്ടില്ല. എങ്ങോട്ട് തിരിഞ്ഞാലും ആ കോന്തനാണ്.

ഒടുവിൽ എപ്പോഴോ തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരം വെളുപ്പിച്ചു.

"ഗുഡ് മോണിങ് ഐഷൂ... ഐ ലൗ യു ഐഷൂ...." എന്ന പല്ലവി കേട്ടാണ് ഞെട്ടി എണീറ്റത്. അപ്പോഴാ ഇങ്ങനെ ഒരു സാധനത്തെ കൊണ്ട് പോയി കളയാഞ്ഞത് ഓർമ്മ വന്നത്.

അത് ഓഫാക്കിയിട്ട് ഫ്രഷായി നിസ്കരിച്ച് ആ കുന്ത്രാണ്ടവും എടുത്തോണ്ട് നമ്മള് താഴേക്ക് ഇറങ്ങി. ഇത് ജോഗിങ് പോകുമ്പോൾ എവിടേലും കളയണം അതായിരുന്നു ലക്ഷ്യം.

അങ്ങനെ താഴേക്ക് ഇറങ്ങി വന്നിട്ട് ഉപ്പാനെ റൂമില് നോക്കിയപ്പൊ കണ്ടില്ല. ഉമ്മാനോട് ഉപ്പ എവിടേന്ന് ചോദിച്ചപ്പൊ അവിടെണ്ടാവും എന്നാണ് മറുപടി.

നമ്മള് വാതില് തുറന്ന് മുറ്റത്തേക്ക് ഇറങ്ങിയതും ഉപ്പച്ചിൻറെ ശബ്ദം കേട്ട് തിരിഞ്ഞ് നോക്കി. കാണുന്നത് സ്വപ്നമാണോ യാഥാർത്ഥ്യമാണോ എന്ന് തിരിച്ചറിയാതെ നമ്മള് പകച്ച് നിന്നു.

(തുടരും)

ഭാഗം. 31

നമ്മള് വാതില് തുറന്ന് പുറത്തേക്ക് ഇറങ്ങിയതും ഉപ്പച്ചിൻ്റെ ശബ്ദം കേട്ട് തിരിഞ്ഞ് നോക്കി.കാണുന്നത് സ്വപ്നമാണോ യാഥാർത്ഥ്യമാണോ എന്ന് തിരിച്ചറിയാതെ നമ്മള് പകച്ച് നിന്നു.

ഉപ്പയും ഷാദിയും ജേഴ്സിയും ഇട്ട് കയ്യിൽ ഫുട്ബോളും പിടിച്ചോണ്ട് നിൽക്കുന്നു.

"നിങ്ങൾ രണ്ടു പേരും കൂടി ഇതെങ്ങോട്ടാ രാവിലെ തന്നെ... ഫുട്ബോൾ കളിക്കാനോ?"

എന്ന് ചോദിച്ച് നമ്മള് രണ്ടിനേയും നോക്കി പൊരിഞ്ഞ ചിരി ആയിരുന്നു. ഉപ്പയും ഷാദിയും നമ്മളെ ചിരി

കണ്ടിട്ട് ഒന്ന് രൂക്ഷമായി നോക്കി.

"ഇനി മുതൽ രാവിലെ ഞങ്ങൾ ഫുട്ബോൾ കളിക്കാനാണ് പോകുന്നത്...അതോണ്ട് രാവിലെ ഉള്ള നടത്തം കാൻസൽ....

ഇനി മുതല് എനിക്ക് അൻറെ ആവശ്യമില്ല മോളേ...ഇന്ന് മുതൽ ഞാനും ഷാദിയും കൂടി പോകാണ് മോണിങ്വാക്കിന് പകരം മോണിങ് പ്ലയിങ്...

വാടാ ഷാദി...."

ഉപ്പയും ഷാദിയും കൂടി നമ്മളെ പുച്ഛത്തോടെ നോക്കി കൊണ്ട് പോകുന്നതും നോക്കി നമ്മള് തൊള്ളേം തുറന്ന് നിന്നു.

"അല്ലാ...ഇതങ്ങനെ വിട്ടാൽ പറ്റില്ലല്ലോ...രണ്ടും കൂടി എന്താ കാട്ടി കൂട്ടാൻ പോണതെന്ന് ഇൻക്കൊന്ന് അറിയണം..."

നമ്മളും അവരെ പിന്നാലെ വെച്ച് പിടിച്ചു. വീടിൻറെ

കുറച്ച് അപ്പുറത്തായി ഷാദി സ്ഥിരം കളിക്കാൻ പോകുന്ന ഒരു പറമ്പുണ്ട് അങ്ങോട്ടാണ് രണ്ടും കൂടി പോയത്.

ഇവരെന്താ കാണിക്കാൻ പോകുന്നതെന്ന് ഇൻക്കൊന്ന് കാണണം. നമ്മള് അവിടെയുള്ള ഒരു മരത്തിൽ കേറിയിരുന്നു. മരത്തിന്റെ മണ്ടയിലല്ലട്ടോ...വീണ് കിടക്കുന്ന മരത്തിലാണ്.

ഷാദിനേയും ഉപ്പാനേയും കൂടാതെ വേറൊരു ടീമും അവിടെ കളിക്കുന്നുണ്ടായിരുന്നു. ഷാദിക്ക് പരിചയമുള്ള ടീമായതോണ്ട് അവര് രണ്ട് ടീമായി കളിക്കാൻ തുടങ്ങി.

അവരെ കളി കണ്ടിട്ട് ഇൻറെ കണ്ണിൽ കൂടി പൊന്നീച്ച പാറി.സോറി അവരെ കളി കണ്ടിട്ടല്ല നമ്മളെ ഉപ്പച്ചിൻറെ കളി കണ്ടിട്ട്. ഈ വയസാങ്കാലത്തും ഓടി കളിക്കുന്ന ഉപ്പച്ചിനെ കണ്ട് നമ്മളെ താടിക്ക് കയ്യും കൊടുത്ത് അവിടെ നോക്കി ഇരുന്നു.

പെട്ടെന്ന് ആരോ നമ്മളെ തലക്ക് അടിച്ചപ്പോഴാ കളീന്ന് കണ്ണെടുത്തത്. നോക്കുമ്പൊ ഹസിയാണ്.

"നീയെങ്ങനെയാടീ ഇവിടെ എത്തിയേ?"

"നീ പമ്മി പതുങ്ങി കൊണ്ട് ആപ്പാൻറേം ഷാദിൻറേം പിന്നാലെ വരുന്നത് കണ്ടു.അപ്പൊ ഞാനും അൻറെ പിന്നാലെ കൂടി."

"എന്നാലിങ്ങ് വാ...ഇവിടെ ഇരിക്ക്...അങ്ങോട്ട് നോക്ക് അൻറേ ആപ്പാൻറെ കളി..."

നമ്മള് ഉപ്പച്ചിനെ ചൂണ്ടി കൊണ്ട് അവൾക്ക് കാണിച്ച് കൊടുത്തു. കുറച്ച് നേരം മുൻപ് വരെ നമ്മളെ എങ്ങനെയാണോ ഇരുന്നത് അതുപോലെ ആയിരുന്നു ഹസിൻറെ ഇരുത്തം. അപ്പൊ തന്നെ നമ്മളും കൊടുത്തു ഓളെ തലക്കിട്ട് ഒരെണ്ണം. എന്നിട്ട് ഞങ്ങൾ രണ്ടാളും കൂടി അവരെ ഒക്കെ കയ്യടിച്ച് പ്രോത്സാഹിപ്പിച്ചു.

കുറച്ച് കഴിഞ്ഞപ്പൊ ഞാനും ഹസിയും കൂടി അവിടന്ന് പോകാൻ വേണ്ടി എണീറ്റപ്പോഴുണ്ട് നമ്മളെ മടീന്ന് ആ ടൈം പീസ് വീഴുന്നു. ഹസി അതെടുത്തിട്ട് നമ്മളെ നേരെ തിരിഞ്ഞു ചോദിച്ചു.

"ഇത് കൊള്ളാലോ ഫെബീ....അവൻ ഇത്രക്ക് റൊമാൻറിക് ആയിരുന്നോ? അല്ലാ നീയെന്തിനാ ഇതിങ്ങോട്ട് കൊണ്ടാണ് വന്നത്?

എപ്പോഴും അവൻ കൂടെ ഉണ്ടാവാൻ വേണ്ടി എടുത്ത് നടക്കാണല്ലേ..."

അതും പറഞ്ഞ് ഹസി ഭയങ്കര ചിരി. ഓളെ ഒലക്കീമലെ ചോദ്യവും ചിരിയും കണ്ടപ്പൊ നമ്മക്ക് ദേഷ്യം വന്നു. അവളെ കയ്യീന്ന് ആ ടൈം പീസ് പിടിച്ച് വാങ്ങിയിട്ട് ഒരു ഏറ് കൊടുത്തു. നേരെ ചെന്ന് വീണത് ചെളിവെള്ളത്തിൽ...

നമ്മള് ഹസിനോട് ചൂടായിട്ട് എന്തൊക്കയോ വിളിച്ച് കൂവുന്നുണ്ട്. അവളതൊന്നും മൈൻഡാക്കാതെ നമ്മള് എറിഞ്ഞ ടൈം പീസിലേക്കാണ് നോട്ടം. ഓളെ നോട്ടം കണ്ടപ്പൊ നമ്മളും അങ്ങോട്ട് നോക്കി.

ആ ടൈം പീസിലുള്ള നമ്മളെ ഫോട്ടോ അലിഞ്ഞ് പോകുന്നു. നമ്മള് അന്തം വിട്ട് കൊണ്ട് അതിനെ തന്നെ നോക്കി നിന്നു. പൂർണ്ണമായും ആ ടൈം പീസ് നശിച്ചെന്ന് അതിൻറെ കോലം കണ്ടപ്പൊ മനസ്സിലായി. നമ്മള് ഹസിനെ കെട്ടി പിടിച്ച് ഒരു മുത്തം കൊടുത്തു. ഓള് അന്തം വിട്ട് നമ്മളെ നോക്കി.

"എടീ ആ ടൈം പീസ് വെള്ളത്തിൽ വീണപ്പൊ അൻറെ ഫോട്ടോ പോയി...

അത് കേട് വന്നെന്നാ തോന്നുന്നത്."

"എനിക്കും ഇപ്പോഴാ ഒരു സമാധാനം ആയത്. ഈ പണ്ടാറം ഒന്ന് തലേന്ന് ഒഴിവാക്കാൻ എന്തൊക്കെ ചിന്തിച്ചെന്ന് അറിയോ.....

എറിഞ്ഞാൽ പോലും പൊട്ടാത്ത സാധനാണ്. ഇപ്പോഴാ ഒരു ആശ്വാസം ആയത്. ഇത് കാരണം രണ്ടു ദിവസായി നേരാം വണ്ണം ഒന്ന് ഉറങ്ങിയിട്ട്...

ഇനി സമാധാനത്തോടെ പോയി കിടക്കാം....

വാ പോകാം...."

നമ്മക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷം ആയിരുന്നു അത് തലേന്ന് ഒഴിഞ്ഞു പോയപ്പൊ....അതോണ്ട് തുള്ളിച്ചാടി കൊണ്ടാണ് വീട്ടിലെ എത്തിയത്. ഹസി ആണെങ്കിൽ നമ്മക്ക് പിരാന്തായോ എന്ന രീതിയിൽ നോക്കി കൊണ്ട് പിന്നാലെ വരുന്നുണ്ട്.

വീട്ടിൽ എത്തിയപ്പൊ തന്നെ നമ്മള് റൂമിലേക്ക് പോയി. വാതിൽ തുറന്നതും ഒരു ഫ്രഷ്നെസ് ഫീൽ വന്നു. അവൻറെ ഓർമ്മപ്പെടുത്തലുകൾക്ക് വിരാമമിട്ടിരിക്കുന്നു. ഇനി സമാധാനം മാത്രം എന്ന് നെടുവീർപ്പിട്ടോണ്ട് നമ്മള് ബെഡിലേക്ക് കിടന്നു.

അപ്പൊ തന്നെ നമ്മളെ ഫോൺ റിങ് ചെയ്തു. അറിയാത്ത നമ്പറായതോണ്ട് ആ കോന്തൻ ആയിരിക്കുമെന്ന് ഊഹിച്ചു. അതോണ്ട് എടുക്കാൻ നിന്നില്ല. നമ്മള് ഫോൺ അവിടെ വെച്ചിട്ട് താഴേക്ക് പോയി.

താഴെ സിനു സോഫയിലിരുന്ന് താടിക്ക് കയ്യും വെച്ച് എന്തോ പൊരിഞ്ഞ ചിന്തയിൽ എങ്ങോട്ടോ നോക്കി ഇരിക്കാണ്.

'ഇവൾക്കിതെന്താ പറ്റിയേ? മൂന്നാല് ദിവസായിട്ട് ഇവള് ഇങ്ങനെ ആണല്ലോ...ഇനി വല്ല പ്രേമത്തിലും ചെന്ന് ചാടിയോ?

ഏയ്...അതാവില്ല...അല്ലെങ്കിൽ തന്നെ ഇവളെയൊക്കെ ആര് പ്രേമിക്കാനാ..ഇത് വേറെ എന്തോ ആണ്....ചോദിക്കണോ? വേണ്ട എന്നിട്ട് വേണം അതിൻറെ പേരിൽ ഇനി തല്ല് കൂടാൻ... അവളായി അവളെ പാടായി...'

നമ്മള് അതും ചിന്തിച്ച് സിറ്റൗട്ടിലേക്ക് പോയി പത്രമെടുത്ത് വന്ന് സോഫയിലിരുന്നു. സാധാരണ ഈ പരിപാടി നമ്മക്ക് ഇല്ലാത്തതാണ്. പിന്നെ ഇന്നലെ ഷാദിൻറെ മാച്ചല്ലേന്നോ....അപ്പൊ ഓൻറെ ഫോട്ടോ ഉണ്ടോയെന്ന് നോക്കിയതാ...

വിചാരിച്ച പോലെ തന്നെ അവരെ ഫോട്ടോയും

എന്തിനേറെ പറയുന്നു നമ്മള് അവിടന്ന് അവനെ കെട്ടി പിടിച്ച് നിൽക്കുന്നതുമൊക്കെ പത്രത്തിൽ ഉണ്ട്. ഞാൻ അത് എടുത്തോണ്ട് അടുക്കളയിലേക്ക് പോയി ഉമ്മച്ചിക്കത് കാണിച്ച് കൊടുത്തു. കുറച്ച് കഴിഞ്ഞപ്പൊ ഷാദിയും ഉപ്പയും കൂടി വന്നു. അവര് വന്ന ഉടനെ തന്നെ നമ്മള് പത്രമെടുത്ത് കാണിച്ചു. ഉപ്പച്ചി അതെടുത്ത് അതില് എഴുതി വെച്ചിരിക്കുന്നതൊക്കെ അവിടെ ഇരുന്ന് വായിക്കാൻ തുടങ്ങി.

നമ്മള് വേഗം കാപ്പിയൊക്കെ കുടിച്ച് എല്ലാവരോടും ഇത് പറയാനായി മോളിലേക്ക് ചെന്നപ്പൊ സിനു ബാൽക്കണിയിൽ ഇരിക്കുന്നുണ്ട്. ഏകാന്തതയിലേക്ക് കണ്ണും നട്ടിരുന്ന് എന്തോ ചിന്തിച്ച് കൂട്ടാണ്.

ഇടക്ക് തലക്ക് താങ്ങ് കൊടുത്ത് ഇരിക്കും,ഇടക്ക് തലക്ക് ഒരു മേട്ടം കൊടുക്കും ഇങ്ങനെ ഓരോന്ന് അവള് കാട്ടി കൂട്ടുന്നതും നോക്കി നമ്മള് അവിടെ കുറച്ച് നേരം നിന്നു.

"ഡീ......ആരെ സ്വപ്നം കണ്ടോണ്ട് ഇരിക്കാടീ...."

നമ്മളത് പറഞ്ഞപ്പൊ അവളെ മുഖത്ത് ദേഷ്യവും അതിലുപരി സങ്കടവും മിന്നി മറിയുന്നുണ്ട്.

"ഹൗ....ഇജ്ജ് ഇങ്ങനെ നോക്കി പേടിപ്പിക്കാതെ കാര്യം പറയടീ....ചിലപ്പൊ എനിക്ക് അന്നെ സഹായിക്കാൻ പറ്റിയാലോ...."

നമ്മളെ ചോദ്യം കേട്ട് അവള് നമ്മളെ നോക്കി. എന്നിട്ട് നമ്മളെ അടുത്തേക്ക് വന്നു.

"താത്ത ഇന്നെ ഹെൽപ് ചെയ്യോ?"

'പടച്ചോനേ... പറഞ്ഞതും കുടുങ്ങിയാ...ആ സാരല്യാ ഇവൾക്കെന്താ പറയാനുള്ളതെന്ന് കേൾക്കാം...'

"ഇന്നെ കൊണ്ട് പറ്റുന്നതാണെങ്കിൽ ഞാൻ സഹായിക്കാം...ആദ്യം നീ കാര്യം പറ..."

അതും പറഞ്ഞ് നമ്മള് ഓളെ നോക്കിയപ്പൊ പെണ്ണ്

ഹലാക്കിലെ കരച്ചിൽ... ആദ്യായിട്ടാ സിനു ഇങ്ങനെ കരയുന്നത് കാണുന്നത്. ഓളെ കരച്ചിൽ കണ്ടപ്പൊ നമ്മക്ക് ആകെ ബേജാറായീലേ...നമ്മള് ഓളെ തോളില് കൈ വെച്ചിട്ട് എന്താന്ന് ചോദിച്ചപ്പോഴേക്കും പെണ്ണ് നമ്മളെ കെട്ടി പിടിച്ച് കരഞ്ഞു.

അതോടെ വേറൊരു കാര്യവും നമ്മക്ക് മനസ്സിലായി. പ്രശ്നം ഇത്തിരി ഗുരുതരമാണ്. അതാ ഇവളിങ്ങനെ കരയുന്നത്. നമ്മള് ഓളേയും കൊണ്ട് റൂമിലേക്ക് പോയി. എന്നിട്ട് ഡോറ് ലോക്കാക്കിയിട്ട് അവളെ അടുത്ത് ഇരുന്നു.

"എന്താടി ....എന്താ കാര്യം? നീ ഇങ്ങനെ കരയാൻ മാത്രം ഇവിടെ എന്താ ഉണ്ടായേ?"

"അത്.....അത്...."

അവള് തല താഴ്ത്തി തേങ്ങി കൊണ്ട് ബാക്കി പൂർണ്ണമാക്കാൻ നോക്കി.

"മോങ്ങാതെ കാര്യം പറ സിനൂ....എന്നാലല്ലേ എന്താ ചെയ്യേണ്ടതെന്ന് അറിയൂ...."

നമ്മള് ഇത്തിരി കലിപ്പിൽ ആയിരുന്നു അത് പറഞ്ഞത്. അതോണ്ട് ഓള് കണ്ണ് തുടച്ചിട്ട് എൻ്റെ മുഖത്തേക്ക് നോക്കി.

"അത്....നയന ഇല്ലേ?"

"നയന ഉണ്ടല്ലോ....അവൾക്കെന്താ?"

(സിനൂൻ്റെ ബെസ്റ്റ് ഫ്രണ്ട്സിലെ ഒരാളാണ് നയന. അതിലുപരി നമ്മളെ അച്ചൂൻ്റെ അനിയത്തി കൂടിയാണ് കക്ഷി.)

"അവൾക്കൊന്നും ഇല്ല്യാ...."

"പിന്നെ എന്താടി ചക്ക പോത്തേ നിന്ന് കിണുങ്ങുന്നത്.....കാര്യം പറ."

"അത്....ഞങ്ങളെ സ്കൂളിൽ+1ന് പഠിക്കുന്ന ഒരു ഏട്ടന് അവളെ ഇഷ്ടാണ്...."

"അത്രെയുള്ളൂ കാര്യം.... കാണാൻ കൊള്ളാവുന്ന പെമ്പിള്ളേരെ പിന്നാലെ ആമ്പിള്ളേര് നടക്കും.അതിന് നീയെന്തിനാ മോങ്ങുന്നേ? നിൻറെ പിന്നാലെ ആരും നടക്കാഞ്ഞിട്ടാണോ?"

നമ്മളത് പറഞ്ഞ് തീരുന്നതിന് മുന്നേ ഓള് നമ്മളെ തലയണ കൊണ്ട് തല്ലാൻ തുടങ്ങി. നമ്മള് ഓളെ കയ്യ് പിടിച്ച് വെച്ചിട്ട് സുല്ലിട്ട് ചിരിക്കാണ്. നമ്മളെ ചിരി കണ്ടപ്പൊ കണ്ണീരിന് കൂടെ അവളും ചിരിച്ചു.

"പിന്നെ എന്താടീ പ്രോബ്ലം..."

[ഇനി കുറച്ച് നേരത്തിന് നിങ്ങളോട് കഥ പറയാൻ പോകുന്നത് സിനുവാണ്. അവളെ ഫ്ലാഷ് ബാക്ക് അവള് പറയുന്നത് അല്ലേ നല്ലത്...]

xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

ഇന്ന് താത്താനെ നയനയൊക്കെ കൂടി ചേർന്ന് പുഴ്ത്തുന്നത് കണ്ടിട്ട് കലിപ്പിലാണ് ബസിൽ കേറിയത്. കേറിയപ്പൊ മുതൽ ഒരു സ്വസ്ഥതയും തരാതെ താത്താൻ്റെ പാട്ടിനെ കുറിച്ച് തന്നെ പൊക്കി പറയാണ് എല്ലാവരും. അത് കേട്ടപ്പൊ നമ്മക്ക് ആണെങ്കിൽ കലിപ്പ് കൂടി. എല്ലാരോടും ഒന്ന് മിണ്ടാതിരിക്കാൻ പറഞ്ഞിട്ട് പുറത്തേക്ക് നോക്കി ഇരുന്നു.

നയന നമ്മളെ പിണക്കം മാറ്റാൻ വേണ്ടി സോപ്പിടാനൊക്കെ നോക്കി. നമ്മള് ചെറുതായിട്ടൊന്ന് പതയുകയും ചെയ്തു.

താത്താൻ്റെ പാട്ടിനെ കുറിച്ച് ഓള് കുറെ കുറ്റം പറയാൻ തുടങ്ങി. അത് കേട്ടപ്പൊ നമ്മള് ഹാപ്പി ആയി.

അങ്ങനെ നമ്മള് സ്കൂളിൽ എത്തി ബസിൽ നിന്ന് ഇറങ്ങിയപ്പോഴുണ്ട് ഗ്രൗണ്ടിൽ ഞങ്ങളേയും നോക്കി +1ലെ ഏട്ടൻമാര് നിൽക്കുന്നു.

ഈയിടെയായി അതിലെ ശരത്തേട്ടൻ നയനൻ്റെ പിറകെയാണെന്ന് നമ്മക്ക് അറിയാ...അവൾക്കും...

അതോണ്ട് സ്ഥിരം കാണുന്ന കാഴ്ച ആയതോണ്ട് ഞങ്ങൾ മൈൻഡ് ചെയ്യാതെ ക്ലാസിലേക്ക് നടന്നു. അവർക്ക് ഞങ്ങളെ ബ്ലോക്കിലേക്ക് പ്രവേശനമില്ലാത്തോണ്ട് ഗ്രൗണ്ടിൽ വെച്ചാണ് അവരധികവും ഞങ്ങളെ കാണാറ്.

"നയന...ഒന്ന് അവിടെ നിന്നെ..." ശരത്തേട്ടനാണ്.

ഞാനും നയനയും കൂടി തിരിഞ്ഞു നിന്നു. ശരത്തേട്ടൻ ഞങ്ങളെ അടുത്തേക്ക് വന്നു.

"നയന....എന്തായി ഞാൻ പറഞ്ഞ കാര്യം?"

ശരത്തേട്ടൻ അത് ചോദിച്ചപ്പൊ ഓള് നമ്മളെയൊന്ന് ദയനീയമായി നോക്കി.

"അവൾക്ക് ഇഷ്ടല്ലാന്ന് പല തവണ പറഞ്ഞതല്ലേ ശരത്തേട്ടാ...പിന്നെ എന്തിനാ ഇങ്ങനെ പിന്നാലെ നടക്കുന്നേ?"

നമ്മളാണ്ടോ അത് പറഞ്ഞത്.നമ്മള് പറഞ്ഞ് തീർന്നപ്പൊ തന്നെ ശരത്തേട്ടൻറെ പുറകീന്ന് ആരോ പറഞ്ഞു.

"അത് നീയല്ല പറയേണ്ടത്...നയനയാണ്.."

ശരത്തേട്ടൻറെ ഫ്രണ്ട്സിൽ ഒരാളാണ്. പേരൊന്നും അറിയില്ലെങ്കിലും ആളെ എന്നും കാണാറുണ്ട്.

"നയനൻറെ അഭിപ്രായാണ് ഞാൻ പറഞ്ഞത്."

"എന്നാലത് നീയല്ല അവള് പറയട്ടെ...

പറ നയന...നിനക്ക് ശരത്തിനെ ഇഷ്ടല്ലേ..."

അവന് അവളോട് ചോദിക്കുന്നതിനിടയിൽ കേറി നമ്മള് പറഞ്ഞു.

"അവളോടിനി ചോദിച്ചാലും അവളും ഇല്ലാന്നെ പറയൂ..."

"ഓ....നിനക്ക് അത്രക്ക് ഉറപ്പാ അവള് നോ പറയൊള്ളൂന്ന്..."

"ആ....അതേ ഉറപ്പാ അവള് നോ പറയുള്ളൂ...."

"എന്നാലെ നീയൊരു കാര്യം ഓർമ്മയിൽ വെച്ചോ...ഇന്ന് ബുധൻ...വെള്ളിയാഴ്ചക്ക് ഉള്ളിൽ ഇവള് ഇവനോട് ഇഷ്ടാണെന്ന് പറഞ്ഞിരിക്കും..."

"ഓ...പിന്നെ... അവളിപ്പോ പറയും ഇഷ്ടാണെന്ന്... അവള് എങ്ങാനും അങ്ങനെ പറഞ്ഞാൽ താൻ പറയുന്ന എന്തും ഞാൻ ചെയ്യും..."

"ഉറപ്പാണല്ലോ...എന്നാല് നീയിനി ഞാൻ പറയുന്നത് അനുസരിക്കാൻ വേണ്ടി കാത്തിരുന്നോ...നാളെ തന്നെ ഇവളിവനെ ഇഷ്ടാണെന്ന് പറഞ്ഞിരിക്കും..."

"ആ...കാണാം..."

"ഉം..കാണാം.."

അങ്ങനെ വെല്ലുവിളി ഒക്കെ മുഴക്കി കൊണ്ട് ഞങ്ങൾ ക്ലാസിലേക്ക് പോയി.

"എന്തിനാ സിനൂ നീ അവൻമാരോട് വെറുതെ ബെറ്റ് വെക്കാനൊക്കെ പോയത്..."

"നിൻറെ പറച്ചില് കേട്ടാൽ തോന്നും നിനക്ക് ശരത്തേട്ടനെ ഇഷ്ടാണെന്ന്... അങ്ങനെ വല്ലതും ഉണ്ടോടീ..."

"എനിക്ക് ശരത്തേട്ടനെ ഇഷ്ടാണ്. പക്ഷേ അത് പറയാൻ പേടിയാ..."

നയനൻറെ വായേന്ന് അങ്ങനെ കേട്ടപ്പൊ ഇടി വെട്ടിയ പോലെ നമ്മള് നിന്നു. എന്നിട്ട് തലക്ക് താങ്ങും കൊടുത്ത് സീറ്റിലിരുന്നു.

"എടീ....നീയെന്താ എന്നോടിത് നേരത്തെ പറയാഞ്ഞത്?

പറഞ്ഞിരുന്നേൽ ഞാൻ അവൻമാരോട് അങ്ങനെ പറയില്ലായിരുന്നല്ലൊ...ദുഷ്ടേ...

കണ്ടോ ഞാനിത് അച്ചു ചേച്ചിയോട് പറയും..."

"എടീ സിനൂ...ചതിക്കല്ലെടീ...ഇതെങ്ങാനും ചേച്ചി അറിഞ്ഞാൽ...എനിക്കത് ആലോചിക്കാൻ പോലും വയ്യ..."

"എന്നാലേ...നിനക്ക് ശരത്തേട്ടനെ ഇഷ്ടാണെന്ന് നമ്മള് രണ്ടു പേരും മാത്രം അല്ലാതെ വേറെ ആരും

അറിയാനും പാടില്ല. നീയതൊട്ടും ശരത്തേട്ടനെ അറിയിക്കാനും പാടില്ല...സമ്മതിച്ചോ?"

അവള് തല താഴ്ത്തി കൊണ്ട് സമ്മതിച്ചു. പക്ഷേ നമ്മക്ക് ആണെങ്കിൽ അപ്പൊ മുതൽ ടെൻഷൻ കേറി. ഇനി ഇവളെങ്ങാനും അവരോടിത് പോയി പറഞ്ഞാൽ അവര് പറയുന്നത് ഞാൻ അനുസരിക്കേണ്ടി വരും. പടച്ചോനേ അങ്ങനെ ഒരു ഇട വരുത്തരുതേ...

"ഡീ സിനൂ....നിന്നോട് ഞാൻ ഒരു കാര്യം ചോദിക്കട്ടെ? തിങ്കളാഴ്ച ഞാൻ ശരത്തേട്ടനോട് ഇഷ്ടാണെന്ന് പറയുന്നതിൽ അൻക്ക് വിരോധമുണ്ടോ..."

നമ്മള് അവളെയൊന്ന് രൂക്ഷമായി നോക്കി കൊണ്ട് കയ്യിൽ കിട്ടിയ ബുക്കെടുത്ത് അവളെ തല്ലാൻ തുടങ്ങി.

"മൊട്ടേന്ന് വിരിഞ്ഞിട്ടില്ല...അപ്പോഴാ അവളൊരു പ്രേമം..

കണ്ടോ നയനേ...നീയെങ്ങാനും അവനോട്

ഇഷ്ടാണെന്ന് പറഞ്ഞാൽ ഞാൻ ഉറപ്പായിട്ടും അച്ചു ചേച്ചിയോട് പറയും."

"വേണ്ട സിനൂ....പ്ലീസ്.. ഞാൻ ചുമ്മാ പറഞ്ഞതാ..."

"ഉം...അങ്ങനെ ആണെങ്കിൽ നിനക്ക് കൊള്ളാം..."

നമ്മള് ഓൾക്കൊരു താക്കീതും കൊടുത്തിട്ട് ബുക്ക് തുറന്നു.

പിന്നീട് വൈകുന്നേരം വരെ അവള് എന്നോട് ഒന്നും മിണ്ടാൻ വന്നില്ല. ഞാനൊട്ട് പോവാനും നിന്നില്ല.

അങ്ങനെ സ്കൂൾ വിട്ടതും നയന ക്ലാസിൽ നിന്ന് ഇറങ്ങി ഓടി. ഇവളിതെങ്ങോട്ടാ ബെല്ലടിച്ചയുടനെ എന്ന് കരുതി നമ്മളും പിന്നാലെ പോയി.

അപ്പോഴുണ്ട് ഗ്രൗണ്ടിൽ വെച്ച് ശരത്തേട്ടനും അവളും സംസാരിക്കുന്നു. അത് കണ്ടപ്പൊ നമ്മള് ഞെട്ടി പോയി. ശരത്തേട്ടൻ ഒരു റോസ് അവളെ നേരെ നീട്ടിയപ്പൊ

അവള് ചുറ്റും ഒന്ന് കണ്ണോടിച്ച് അത് വാങ്ങി.

അതും കൂടി കണ്ടപ്പൊ നമ്മളെ തലേല് ഇടുത്തീ വീണ പോലെ ആയി.നമ്മള് വേഗം അവര് കാണാതെ ബസിൽ കേറിയിരുന്നു.

കുറച്ച് കഴിഞ്ഞ് നയന ചിരിച്ചോണ്ട് നമ്മളെ അടുത്ത് വന്നിരുന്നു. അവളെ കണ്ടപ്പൊ തന്നെ മോന്തയടക്കി ഒന്ന് കൊടുക്കാൻ തോന്നി.

"എന്നതായിരുന്നു നീയും ശരത്തേട്ടനും കൂടി ഒരു സംസാരം?"

നമ്മളെ ചോദ്യത്തിന് ചെറുതായി പതറി കൊണ്ട് അവള് മറുപടി തന്നു.

"അത്... ഞാൻ... ശരത്തേട്ടനോട് ഇഷ്ടാണെന്ന് പറഞ്ഞു സിനൂ..."

അവള് എൻറെ മുഖത്ത് നോക്കാതെ അത് പറഞ്ഞപ്പൊ നമ്മള് ഷോക്കായി.

"ഞാൻ ഇത് അച്ചു ചേച്ചിയോട് പറയും എന്ന് പറഞ്ഞിട്ട് പോലും നിനക്ക് പേടിയില്ലേ?"

"ചേച്ചി ഇതറിഞ്ഞാലും ആരോടും പറയില്ല. കാരണം ചേച്ചിക്ക് ഒരാളെ ഇഷ്ടാണെന്ന് എനിക്ക് അറിയാ...അതോണ്ട് ചേച്ചി ഇതാരോടെങ്കിലും പറഞ്ഞാൽ ഞാൻ ഓളെ കാര്യവും പറയും.."

നയന പറയുന്നതും കേട്ട് നമ്മള് ഫ്യൂസടിച്ച് പോയ ബൾബ് കണക്കെ അവളെ നോക്കി ഇരുന്നു.നല്ല ചേച്ചിയും അനിയത്തിയും...

"ആ...പിന്നെ അന്നോട് ശരത്തേട്ടൻ ഒരു കാര്യം പറയാൻ പറഞ്ഞു...

നീ ബെറ്റ് വെച്ചതില് തോറ്റതോണ്ട് നാളെ അവര്

പറയുന്നത് നീ ചെയ്യണമെന്ന്...സോറി ഡീ....എനിക്ക് വേറെ വഴി ഇല്ലാത്തോണ്ടാ ഞാൻ ഇപ്പൊ തന്നെ ശരത്തേട്ടനോട് ഇഷ്ടാണെന്ന് പറഞ്ഞത്........."

ഇങ്ങനെ എന്തൊക്കെയോ അവള് പറഞ്ഞു. പക്ഷേ നമ്മളെ കാതിൽ ഒന്ന് മാത്രേ കേട്ടുള്ളൂ....

നാളെ അവൻമാര് പറയുന്നത് ഞാൻ ചെയ്യണമെന്ന്...

ഞാൻ അപ്പൊ തന്നെ നയനയോട് വഴക്ക് കൂടി തെറ്റി പിരിഞ്ഞു. വീട്ടിൽ എത്തിയിട്ടൊന്നും എനിക്ക് ഒരു സമാധാനവും ഇല്ലെന്നു....കാരണം നാളെ അവൻമാര് എന്ത് പണിയാ തരാന്ന് അറീലല്ലോ...

നയന പല തവണ ഉമ്മാൻറെ ഫോണിലേക്ക് വിളിച്ചു. പക്ഷേ ഞാൻ എടുത്തില്ല. അത്രക്ക് ദേഷ്യം അവളോട് ഉണ്ട്.

അവൻമാരെ പേടിച്ചിട്ട് പിന്നെ നമ്മള് സ്കൂളിൽ

പോയിട്ടില്ല....നാളെ തിങ്കളാണ്.അവൻമാരെ പേടിച്ച് സ്കൂളിലേക്ക് പോകാതിരിക്കുന്നതും മണ്ടത്തരമാണ്.

അവൻമാരെ കയ്യീന്ന് എങ്ങനെ രക്ഷപ്പെടുമെന്ന് ആലോചിച്ച് നിൽക്കുമ്പോഴാണ് താത്ത വന്നത്...

××××××××××××××××××××××××××××××××××

സിനു ഓളെ ഫ്ലാഷ് ബാക്ക് പറഞ്ഞു തീർന്നതും നമ്മക്ക് ചിരി വന്നില്ലേ... നമ്മള് ഇരുന്നിട്ടും കിടന്നിട്ടും ഉരുണ്ടിട്ടുമൊക്കെ ഭയങ്കര ചിരി ആയിരുന്നു. ഓളെ മുഖത്തേക്ക് നോക്കുമ്പൊ അതിലേറെ ചിരി വരാണ്.

നമ്മളെ ചിരി കേട്ടിട്ട് കട്ടിലിനടിയിൽ കിടക്കുന്ന പൂസീമ വരെ എണീറ്റ് വന്നു. എന്നിട്ട് ഓള് നമ്മളെ മടിയിൽ ഇരുന്നു.

സിനു ആണെങ്കിൽ നമ്മളെ ചിരി കണ്ടിട്ട് മോന്ത വീർപ്പിച്ച് നിൽക്കാണ്. ഓള് തലയണ കൊണ്ട് നമ്മളെ

വീണ്ടും തല്ലി.

"ഇങ്ങനെ കെടന്ന് കിണിക്കാൻ മാത്രം ഞാൻ എന്താ പറഞ്ഞേ?

ഞാൻ പ്രശ്നത്തിൽ ചാടിയത് അൻക്ക് സന്തോഷാണല്ലേ.."

"പിന്നെ...ആരായാലും ചിരിച്ച് പോകില്ലേ...

ഹ...ഹ...ഹ...ഇജ്ജ് എന്നെ എത്ര തവണ കളിയാക്കി ചിരിച്ചിട്ടുണ്ട്...ഇപ്പോഴാ എനിക്ക് ഒരു അവസരം വന്നത്....ഹ....ഹ...ഹ...എനിക്ക് സന്തോഷായി മോളേ...."

നമ്മളെ കളിയാക്കല് സിനൂന് നല്ലോണം വിഷമായി. ഓള് വീണ്ടും ഇരുന്ന് മോങ്ങാൻ തുടങ്ങി.

"എടീ...നീ കരയല്ലേ...ഇത്രക്ക് ചീപ്പായ കാര്യത്തിനൊക്കെ പോയി ആരെങ്കിലും കരയോ...അതും ഒരു ചീള് നരുന്തിനെ

പേടിച്ചിട്ട്.....അയ്യോ..

ഷേം...ഷേം...നീയാ കണ്ണ് തുടക്ക്...എന്താ വേണ്ടതെന്ന് ഞാൻ പറഞ്ഞ് തരാ..."

സിനു കണ്ണ് തുടച്ച് എന്നെ തന്നെ നോക്കി ഇരുന്നു. ഇനി എന്താ ഇവളോട് പറയാ എന്ന് നമ്മളും ചിന്തിച്ചിരുന്നു.

നമ്മള് പൂസീമാനെ ബെഡിൽ ഇരുത്തിയിട്ട് അവിടന്ന് എണീറ്റു. എന്ത് പറയുമെന്ന് ചിന്തിച്ച് അങ്ങോട്ടുമിങ്ങോട്ടും നടന്നു. എത്ര ആലോചിച്ച് നോക്കിയിട്ടും ഇവളോട് നമ്മള് എന്ത് പറയുമെന്ന് കിട്ടിയില്ല. നമ്മളെ നടത്തം കണ്ടിട്ട് പൂസീമയും സിനുവും നമ്മളെ തന്നെ നോക്കി ഇരിക്കാണ്.

ഒടുവിൽ എന്തെങ്കിലും പറഞ്ഞ് ഓളെ പറഞ്ഞയക്കാൻ തീരുമാനിച്ചു.

"ഒരു ഐഡിയ കിട്ടി...അത് നടപ്പിലാകണെങ്കിൽ നിൻറെ ഈ പേടിയൊക്കെ മാറണം..."

അവള് തല കുലുക്കി സമ്മതിച്ച് കൊണ്ട് നമ്മള് പറയുന്നതും കേട്ട് അവള് ഇരുന്നു. ഒരു സില്ലി മാറ്റർ മാത്രേ അവൾക്ക് പറഞ്ഞ് കൊടുത്തിട്ടുള്ളൂ.

"യാതൊരു പേടിയും കൂടാതെ വളരെ ബോൾഡായിട്ട് തന്നെ അവൻമാരെ മുന്നിൽ നിൽക്കണം. അവര് ഇങ്ങോട്ട് പറയുന്നതിന് മുന്നേ തന്നെ അവരോട് പറയണം...

'നിങ്ങൾ പറയുന്ന എന്തും ചെയ്യാമെന്ന് പറഞ്ഞെങ്കിലും എനിക്ക് ശരിയെന്നത് മാത്രേ ഞാൻ ചെയ്യൂ'ന്ന്...അങ്ങനെ പറഞ്ഞ് കഴിഞ്ഞാൽ പിന്നെ അവൻമാര് എന്ത് പറഞ്ഞാലും നിനക്ക് ശരി എന്ന് തോന്നാണെങ്കിൽ ചെയ്തോ...സോ സിമ്പിൾ..."

നമ്മളൊരു പുഞ്ചിരി തൂകി കൊണ്ട് ഇത് പറഞ്ഞു തീർന്നതും സിനു ഓടി വന്ന് നമ്മളെ കെട്ടി പിടിച്ചു. എന്നിട്ട് കവിളിലൊരു മുത്തം തന്നിട്ട് "താങ്ക്സ് ഇത്തൂസേ" എന്ന് പറഞ്ഞ് ഓള് തുള്ളിച്ചാടി കൊണ്ട് പോയി.

നമ്മള് ഷോക്കടിച്ച പോലെ ബെഡിലിരുന്നു.

നോക്കുമ്പൊ പൂസീമയും അന്തം വിട്ട് നമ്മളെ നോക്കി ഇരിക്കാണ്.നമ്മള് ഓളെ എടുത്ത് മടിയിൽ വെച്ചു.

"ഇവളിങ്ങനെ കിടന്ന് തുള്ളാൻ മാത്രം ഞാനെന്താ പറഞ്ഞേ പൂസീമാ..."

"ങ്യാവൂ...."

"പക്ഷേ എന്തൊക്കെ പറഞ്ഞാലും അവളെ മുഖത്തെ പഴയ തെളിച്ചം കണ്ടപ്പൊ ഒരു സന്തോഷം ഒക്കെയുണ്ട്...അല്ലേ?"

"ങ്യാവൂ..."

"എന്ത് പറഞ്ഞാലും ഒരു ങ്യാവൂ...നിനക്ക് വേറെ ഒന്നും പറയാനില്ലെടീ.."

"ങ്യാവൂ..."

നമ്മള് ചിരിച്ചോണ്ട് പൂസീമാനെ കെട്ടിപിടിച്ച് ഒരു ഉമ്മ കൊടുത്തു.

"നമ്മള് പറഞ്ഞതും കേട്ട് പോയിട്ട് അവസാനം ഓള് സ്കൂളീന്ന് പണി വാങ്ങീ വരോ?"

"ഞ്യാവൂ..."

"ഉം...നിനക്കും ആ ഡൗട്ടുണ്ടല്ലേ...എനിക്കുമുണ്ട്...എന്തായി തീരുമെന്ന് നാളെ കാണാം അല്ലേ..."

പൂസീമ അതിനും ഒന്ന് സമ്മതം മൂളി.അങ്ങനെ സിനൂൻ്റെ മുഖത്ത് പഴയ തെളിച്ചം വന്നു. പക്ഷേ നമ്മൾതോ? ഇപ്പോഴും പഴയ പോലെ തന്നെ...

അതിന് കാരണക്കാരനോ...ആദിൽ കരീം സാഹിബ്...

ഓനെ ഓർത്തപ്പൊ തന്നെ ദേഷ്യം കൂടി വന്നു. കയ്യിൽ ഉണ്ടായിരുന്ന പൂസീമാനോടായിരുന്നു ആ ദേഷ്യം മൊത്തം തീർത്തത്. നമ്മള് ഓളെ പിടിച്ച് ഞെക്കിയമർത്തി. പെട്ടെന്ന് ഓള് ഒച്ച വെച്ചപ്പോഴാ നമ്മള് ഓളെ പിടിച്ച് അമർത്തിയത് ഓർമ്മ വന്നത്. അപ്പൊ തന്നെ പൂസീമാനെ തലോടിയിട്ട് ഉമ്മയൊക്കെ കൊടുത്ത് വിട്ടു.

"പടച്ചോനേ...ആ കോന്തൻ കാരണം ഇൻറെ പൂസീമാനെ ഞാനിപ്പൊ ഞെക്കി കൊന്നേനെ...അവൻ കാരണം ഒരു സ്വസ്ഥതയും ഇല്ലല്ലൊ പടച്ചോനേ...

എന്ത് വന്നാലും ശരി അവനുമായിട്ട് ഇനി യാതൊരു വിധ കോൺടാക്റ്റോ കമ്പനിയോ ഇനി ഉണ്ടാകരുത്...ഉണ്ടാവില്ല...അത് ഞാൻ തീരുമാനിച്ചു കഴിഞ്ഞു.

....

ഇന്നലെ ഉമ്മിനോട് വഴക്കിട്ടതിന് ശേഷം ഇതുവരെ വീട്ടിലേക്ക് പോയിട്ടില്ല. ഇതിനിടക്ക് പല തവണ സൽമയും സാലിമും ഉമ്മിയും വിളിച്ചെങ്കിലും ഫോൺ എടുത്തില്ല.

പിന്നെ നിസു വിളിച്ചപ്പോഴാ ഫോൺ എടുത്തത്. ഉമ്മി എനിക്ക് വേണ്ടി കാത്തിരിക്കാണ് അതോണ്ട് വീട്ടിലേക്ക് വേഗം ചെല്ലാൻ. അവനോട് ഓക്കേ പറഞ്ഞെങ്കിലും വീട്ടിലേക്ക് പോകാനോ ഉമ്മിനെ കാണാനോ എനിക്ക് പറ്റില്ല. അത്രക്ക് എന്നെ വിഷമിപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞതൊക്കെ ചിന്തിച്ച് കൂട്ടി വീട്ടിലേക്ക് തന്നെ മടങ്ങി. എന്നെ കാത്ത് ഉമ്മി ഹാളിൽ തന്നെ ഉണ്ടായിരുന്നു. എന്നെ കണ്ടതും എൻറെ അടുത്തേക്ക് ഉമ്മി ഓടി വന്നു.

പക്ഷേ, നമ്മളത് മൈൻഡ് ചെയ്യാതെ വേഗം റൂമിലേക്ക് പോയി വാതിലടച്ചു. ഉമ്മി കരഞ്ഞ് കൊണ്ട് വാതിൽ തുറക്കാൻ പറയുന്നുണ്ടെങ്കിലും ഞാൻ അത് കേട്ട ഭാവം നടിച്ചില്ല.

ഞാൻ അനുഭവിച്ച വേദന എന്താണെന്ന് അറിയാതെ ഉമ്മി വീണ്ടും സ്നേഹം കൊണ്ട് വരുമ്പൊ സഹിക്കുന്നില്ല. ഉമ്മിക്ക് എന്നേക്കാൾ സ്നേഹം സൽമയോടാണ്. എന്നാൽ അവളതിന് ഒരിക്കലും അർഹയല്ല. അവളുടെ തനി സ്വഭാവം എനിക്കല്ലാതെ മറ്റാർക്കും അറിയില്ല. അത് ഉമ്മി അറിഞ്ഞാൽ ചങ്ക് പൊട്ടി ചാവും.

പഴയതൊക്കെ മറക്കാൻ തുടങ്ങിയതാ...പക്ഷേ വീണ്ടും ഓർമിപ്പിക്കാനായി കൂടെ ഇവരുണ്ടാകുമ്പൊ അത്ര പെട്ടെന്ന് മറക്കാൻ പറ്റില്ലല്ലോ...

ഓരോന്ന് ചിന്തിച്ച് കൊണ്ട് ജനലിൻറെ അടുത്തേക്ക് നടന്ന് പുറത്തേക്ക് നോക്കുമ്പോഴാണ് ഞാനത് കണ്ടത്. സൽമ എൻറേയും ഐഷൂൻറേയും ഫോട്ടോ എടുത്ത് പെട്രോൾ ഒഴിക്കുന്നു.

"ഡീ.....സൽമാ..."

എൻറെ ശബ്ദം കേട്ട് അവള് ഞെട്ടി തിരിഞ്ഞ് മോളിലേക്ക് നോക്കി .എന്നെ കണ്ടതും ചിരിച്ചോണ്ട് തീപ്പെട്ടി ഉരസി.

ഞാൻ വേഗം വാതില് തുറന്ന് താഴേക്ക് ഓടി.അവള് ഞാൻ വരുന്നത് കണ്ടതും അത് കത്തിച്ചു.

"എറിഞ്ഞാൽ പൊട്ടില്ലെന്നല്ലേ പറഞ്ഞത് ..അതോണ്ടാ കത്തിച്ചത്...."

അവളുടെ മുഖത്ത് ഒരു പ്രതികാരത്തിൻറെ തീ ആളി കത്തുന്നുണ്ട്. അവളെ മുഖമടക്കി ഒന്ന് കൊടുത്തിട്ട് ഞാനത് കെടുത്താൻ വേണ്ടി ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല.

"ഇപ്പോഴും വൈകിയിട്ടില്ല ആദീ...അവളെ മറന്നിട്ട് എന്നെ സ്വീകരിക്കാമെന്ന് സമ്മതിച്ചേക്ക്....

ഇല്ലെങ്കിൽ ഇത് കത്തി ചാമ്പലായ പോലെ വൈകാതെ

അവളും ചാമ്പലാവും..."

അവള് പറഞ്ഞു തീരുന്നതിന് മുന്നേ അവളെ മോന്തയടക്കി രണ്ടെണ്ണം എൻറെ കയ്യീന്ന് അവൾക്ക് കിട്ടി. എന്നിട്ട് അവളുടെ കഴുത്ത് പിടിച്ച് ഞെരിച്ചു.

"എൻറെ ഐഷൂനെ ചാമ്പലാക്കാൻ നിന്നെ ഞാൻ ബാക്കി വെച്ചിട്ട് വേണ്ടേ..."

എന്ന് പറഞ്ഞ് ഒന്ന് കൂടി പിടി മുറുക്കി. ഇത് കണ്ടോണ്ട് സാലിമും ഉമ്മിയും ഓടി വന്ന് എന്നെ പിടിച്ച് മാറ്റി. അവള് ഉമ്മിനെ കെട്ടി പിടിച്ച് ശ്വാസത്തിന് വേണ്ടി ചുമച്ചു.

സാലിമെന്നെ പിടിച്ചു തള്ളി. കൺട്രോൾ തെറ്റി ഞാൻ അവനെ തല്ലി. ഞാൻ തല്ലിയത് കൊണ്ട് നിന്നുവെന്നല്ലാതെ അവൻ എതിർത്ത് ഒരു വാക്ക് പോലും മിണ്ടിയില്ല. പകരം എൻറെ ഉമ്മിൻറെ കൈ വീണ്ടും എൻറെ മുഖത്ത് പതിഞ്ഞു.

അപ്പോഴാണ് ഞാൻ ശരിക്കും സ്വബോധം വീണ്ടെടുത്തത്. ഉമ്മി എൻറെ കവിളിൽ തലോടി കൊണ്ട് കെട്ടി പിടിച്ചു.

"എന്തിനാ ആദി...നീ...എന്തിനാ എന്നെ കൊണ്ട് നീ ഈ കടുങ്കൈ ചെയ്യിക്കുന്നത്..."

ഉമ്മിക്കൊരു മറുപടിയും നൽകാതെ ഞാൻ റൂമിലേക്ക് ഓടി വാതിലടച്ചു. ഉള്ളിൽ നുരഞ്ഞു പൊന്തിയ ദേഷ്യം റൂമിലുള്ള സാധനങ്ങളോട് തീർത്തു.
ഉള്ളിലുണ്ടായിരുന്ന സങ്കടം കരഞ്ഞ് കൊണ്ട് തീർത്തു.

' ഐഷു....എല്ലാത്തിനും കാരണക്കാരി നീയൊരുത്തി മാത്രാണ്...ഞാനിന്ന് അനുഭവിച്ച സങ്കടങ്ങളെല്ലാത്തിനും ഇവരോട് ഞാൻ പകരം വീട്ടിയിരിക്കും നിന്നെ വെച്ച്...നിന്നെ കെട്ടി കൊണ്ട് വന്ന് ഇവിടെ അധിക പറ്റായി നിൽക്കുന്ന രണ്ടിനേയും അടിച്ച് പുറത്താക്കും....

അങ്ങനെ ആയിരിക്കും എൻറെ പ്രതികാരം...ഇന്ന്

നിൻറെ ഫോട്ടോ അവള് കത്തിച്ചു.നാളെ നിന്നേയും അവള് കത്തിക്കുമെന്നാ പറയുന്നത്....ഈ ആദി ജീവനോടെ ഉള്ള കാലം വരെ നിനക്കൊന്നും സംഭവിക്കില്ല...സംഭവിക്കാൻ അനുവദിക്കില്ല...'

....

ഇന്നലെ രാത്രിയാണ് കുറച്ച് മനസ്സമാധാനത്തോടെ ഉറങ്ങിയത്. ആ കോന്തൻറെ ഫോൺ കോൾസില്ല,മെസേജില്ല,ടൈം പീസും ഇല്ല. അതോണ്ട് നല്ല സുഖായിട്ട് കിടന്ന് ഉറങ്ങി. ഉപ്പാക്ക് ഇപ്പൊ രാവിലെ എണീറ്റ് നടത്തം ഇല്ലാത്തോണ്ട് ഇന്ന് എണീക്കാനും വൈകി.

കോളേജിലേക്ക് പോകണല്ലോന്ന് ഓർക്കുമ്പൊ വീണ്ടും കിടക്കാൻ തോന്നാണ്...

അങ്ങനെ മനസ്സില്ലാ മനസ്സോടെ നമ്മള് വേഗം ഫ്രഷായി നിസ്കരിച്ച് മാറ്റിയൊരുങ്ങി.നമ്മളെ നെറ്റിയിലെ മുറിവ് മാറിയെങ്കിലും അതിൻറെ പാട് ഇപ്പോഴും ഉണ്ട്. അത് കാണുമ്പൊ ആ കോന്തനെ വീണ്ടും ഓർമ്മ

വരും.ഓൻറെ ചാപ്റ്റർ ക്ലോസ് ആക്കിയതോണ്ട് അത് കാര്യാക്കാതെ താഴേക്ക് പോയി.

സിനു ഇന്ന് നല്ല ഹാപ്പിയിലാണ്. നമ്മള് പറഞ്ഞ് കൊടുത്തത് കേട്ടിട്ടുള്ള കോൺഫിഡൻസിലാണ് ഈ ഹാപ്പി. ഇന്ന് എന്താ ഉണ്ടാകാൻ പോകുന്നതെന്ന് ഓള് സ്കൂൾ വിട്ട് വരുമ്പൊ അറിയാം.

"ഡീ സിനൂ....നിന്നെ ഒരു പ്രത്യേക കാര്യം ഓർമ്മിക്കാണ്.എന്ത് വന്നാലും ശരി നീ നയനയോട് ഇന്ന് മിണ്ടാനെ പാടില്ല...എന്നാലെ അവള് പഠിക്കൂ..."

"ഞാൻ അത് ആദ്യമേ തീരുമാനിച്ച് കഴിഞ്ഞതാ ഇത്തൂസേ... അവളെ ഇനി ഞാൻ തിരിഞ്ഞ് നോക്കില്ല. താങ്ക്സ് ഇത്തൂസേ...താങ്ക്യൂ സോ മച്ച്.."

എന്ന് പറഞ്ഞ് ഓള് നമ്മളെ വന്ന് കെട്ടി പിടിച്ചു. ഇത് കണ്ടോണ്ട് കേറി വന്ന ഉപ്പച്ചിയും ഷാദിയും കൂടി അന്തം വിട്ട് നിക്കാണ്. അപ്പൊ തന്നെ ഉമ്മച്ചി തിന്നാനുള്ളതും കൊണ്ട് വന്നപ്പൊ ഞങ്ങളെ കണ്ട് മൂപ്പത്തിയും

അതുപോലെയായി.

"ഇൻ്റെ പടച്ചോനേ... ഞാനിതെന്താ ഈ കാണുന്നേ... ഇന്ത്യയും പാകിസ്താനും ഒന്നായോ? ഇതെപ്പൊ?"

ഉമ്മച്ചിൻ്റെ ഡയലോഗ് കേട്ടാണ് സിനു നമ്മളെ വിട്ടത്. ഞങ്ങൾ രണ്ടാളും കൂടി എല്ലാരേയും ഒന്ന് നോക്കി പുളിങ്ങ തിന്ന ചിരി പാസാക്കി. സിനു ഇവിടെ ഒന്നും നടന്നിട്ടില്ലാ എന്ന ഭാവത്തിൽ പുട്ട് ഇരുന്ന് കേറ്റി കൊണ്ടിരിക്കാണ്. കൂടെ നമ്മളും കൂടി.അപ്പോഴാണ് സിനൂൻ്റെ ഒടുക്കത്തെ സംശയം.

"ഉമ്മച്ചിയേ...ഇങ്ങള് നേരത്തെ ഇന്ത്യ-പാകിസ്ഥാൻ എന്ന് പറഞ്ഞില്ലേ...അതിൽ ഇന്ത്യ എന്ന് ഉദ്ദേശിച്ചത് ആരേയാ?"

"വേറെ ആരെയാ എന്നെ...അല്ലേ ഉമ്മച്ചി..."

"ഓ...പിന്നെ... ഇന്ത്യ ആകാൻ പറ്റിയ ഒരു മോന്ത

കണ്ടില്ലേ?"

"എന്താടീ ഈ മോന്തക്ക് കുഴപ്പം? അൻറെ മോന്ത കണ്ടാൽ ഒരു പാകിസ്താനി ലുക്കുണ്ട്...അന്നേ അവിടന്ന് ഞങ്ങൾ ദത്ത് എടുത്തതാടീ."

"നിന്നെയാടീ പാകിസ്താനീന്ന് ദത്തെടുത്തത്...അൻറെ ആ മുടിൻറെ നിറവും വെള്ളപ്പാറ്റയെ പോലുള്ള മോന്തയും കണ്ടാൽ തന്നെ അറിയാ നീയാ പാകിസ്താനീന്ന്..."

"അൻറെ കെട്ട്യോൻറെ കുട്ട്യാളെ തള്ളയാടീ പാകിസ്താനി..."

ഞാനും സിനുവും കൂടി ഒരു ഇന്ത്യ-പാക് യുദ്ധം തന്നെ തുടങ്ങി വെച്ചു. ഉപ്പച്ചിയും ഷാദിയും പൊരിഞ്ഞ ചിരിയാണ്. ഉമ്മച്ചിയാണെങ്കിൽ പറഞ്ഞതും കുടുങ്ങിയോ റബ്ബേ എന്ന നിലയിൽ നിൽക്കാണ്.പൂസീമ ആണെങ്കിൽ ഞങ്ങളെ രണ്ടാളേയും നോക്കി ഇരിക്കാണ്. ഒടുക്കം ഞങ്ങളെ

ശബ്ദം ഉയർന്ന് കയ്യാങ്കളിയിൽ എത്തിയപ്പൊ ഷാദി ഒച്ച വെച്ചു.

"ഒന്ന് നിർത്തോ..."

ഞാനും സിനുവും അത് കേട്ടപ്പൊ ഒന്ന് ശാന്തമായി. എന്നിട്ട് പരസ്പരം നോക്കി പുച്ഛിച്ചിട്ട് മുഖം തിരിച്ചു.

"എൻറെ ഉമ്മച്ചിയേ...ഇങ്ങളെന്തിനാ വെറുതെ ഇവരെ ഇടയിൽ കേറി കമൻറ് പറഞ്ഞത്.ഇപ്പൊ കണ്ടില്ലേ രണ്ടും കൂടി യുദ്ധം നടത്തിയത്...ഞാൻ ഒച്ച വെച്ചിട്ടില്ലേന്നെങ്കിൽ ഇന്ത്യ-പാക് വിഭജനം പോലെ നഷ്ടം മാത്രം ബാക്കി ആയേനെ..."

ഷാദിൻറെ സംസാരം കേട്ട് ഞാനും സിനുവും ചിരി കൺട്രോൽ ചെയ്യാൻ പാട് പെട്ടു. ഉമ്മച്ചി കവിളത്ത് കയ്യും വെച്ചോണ്ട് ഷാദിനോട് പറഞ്ഞു.

"അതിന് നമ്മളറിഞ്ഞോ ഇവറ്റകള് രണ്ടും ഇപ്പോഴും

കീരിയും പാമ്പുമാണെന്ന്..."

"ഉമ്മച്ചിയേ...ഇങ്ങളിപ്പൊ കീരിയെന്ന് ഉദ്ദേശിച്ചത് ഇന്നെയല്ലേ..."

സിനു വീണ്ടും അടുത്ത തല്ലിനുള്ള വകയുണ്ടാക്കി.

"പോടീ...പോത്തേ... ഉമ്മച്ചി കീരിയെന്ന് ഉദ്ദേശിച്ചത് എന്നെയാ...നീയാടീ പാമ്പ്..."

ഞാനും സിനുവും വീണ്ടും തല്ല് കൂടി .ഇത് കണ്ട് നമ്മളെ ഉപ്പച്ചി ഹലാക്കിലെ ചിരിയാണ്. ഉമ്മച്ചി ദേഷ്യത്തോടെ അടുക്കളയിലേക്ക് പോകുന്നത് കണ്ടപ്പോ തന്നെ നമ്മക്ക് മനസ്സിലായി ഇപ്പൊ വരും വടി കൊണ്ടെന്ന്. അതോണ്ട് സിനൂനെ നോക്കി കണ്ണിറുക്കിയിട്ട് നമ്മള് വേഗം ബാഗും കൊണ്ട് പുറത്തേക്കിറങ്ങി.

ഉമ്മച്ചി വന്ന് സിനൂനെ തല്ലുന്നത് കേട്ട് നമ്മള് ചിരിച്ചോണ്ട് വേഗം തടി തപ്പി.

പെട്ടെന്ന് പൊറകീന്ന് നമ്മളെ ഉപ്പച്ചി വിളിച്ച് ചോദിച്ചു.

"ഫെബീ...ഇന്നലെ തന്ന കാശിൻ്റെ ബാക്കീ എവിടെ?"

സഡൻ ബ്രേക്കിട്ട പോലെ നമ്മളവിടെ നിന്നു.
ഉപ്പച്ചിനോട് എന്ത് പറയുമെന്ന് ആലോചിച്ച് തിരിഞ്ഞു നിന്നു.

(തുടരും)

ഭാഗം. 32

ഉപ്പച്ചിൻറെ ചോദ്യം കേട്ട് സഡൻ ബ്രേക്കിട്ട പോലെ നമ്മളവിടെ നിന്നു. ഉപ്പച്ചിനോട് എന്ത് പറയുമെന്ന് ആലോചിച്ച് തിരിഞ്ഞു നിന്നു. ഷാദി നമ്മളെ നോക്കിയിട്ട് എന്താ പറയാ എന്ന് ആംഗ്യം കാട്ടി.

"അ...അ..അത്...അതെൻറെ കയ്യിലുണ്ട് ഉപ്പച്ചിയേ...ഇങ്ങക്ക് വേണോ?"

എന്ന് പറഞ്ഞ് നമ്മള് ബാഗ് തുറക്കുന്ന പോലെ കാണിച്ചു.

"വേണ്ട...വേണ്ട..അൻറെ കയ്യിൽ തന്നെ വെച്ചോ... ഇനി കോളേജിലെ വല്ല ആവശ്യത്തിനും വേണ്ടീ വരും... "

നമ്മളൊന്ന് ചിരിച്ചോണ്ട് തലയാട്ടിയിട്ട് അവീടന്ന് ഓടി.

"ഓള് നടക്കുമ്പൊ ഒരു കിലുക്കം കേക്കുന്നില്ലേ.."

ഉപ്പച്ചി ചോദിക്കുന്നതിന് ഉമ്മച്ചി മറുപടി കൊടുക്കുന്നതൊക്കെ നമ്മള് ശ്രദ്ധിച്ചു.

റോഡിലേക്ക് എത്തിയപ്പോഴാ ശ്വാസം നേരേ വീണത്..ഇനി എങ്ങനേലും ആ കോന്തൻ്റെ കയ്യീന്ന് ആ കാശ് വാങ്ങണം. അതിന് എന്താ ചെയ്യാന്ന് ആലോചിച്ചോണ്ട് നമ്മള് ബസ് സ്റ്റോപ്പിലേക്ക് നടന്നു.

അച്ചു നമ്മളെ കണ്ടപ്പൊ ഹായ് ഒക്കെ പറയുന്നുണ്ട്. പക്ഷേ നമ്മള് ഗാഢമായ ചിന്തയിലായതോണ്ട് അവളെ മൈൻഡ് ചെയ്യാതെ അവിടെ ഇരുന്നു.

"ഡീ...സ്വപ്ന സഞ്ചാരി മതി സ്വപ്നം കണ്ടത്.. കാക്കൂനെ നേരിട്ട് കാണുമ്പൊ എല്ലാം ശരിയാകും."

ഓളത് പറഞ്ഞപ്പൊ നമ്മള് ഓളെ കയ്യിൽ നുള്ളി. എന്നിട്ട് മാച്ചിൻ്റെ അന്ന് നടന്നതൊക്കെ ഓളോട് പറഞ്ഞു. അപ്പൊ തന്നെ ബസ് വന്നു. ആ ബസ് കണ്ടപ്പൊ ഉള്ള ദേഷ്യം കൂടി.

ബസിൽ കേറിയപ്പൊ തന്നെ കണ്ടക്ടർ ചേട്ടൻ നമ്മളെ നോക്കി ചിരിച്ചു. നമ്മള് കനപ്പിച്ചൊരു നോട്ടം നോക്കിയിട്ട് സീറ്റിലേക്ക് തിരിഞ്ഞപ്പൊ

" I am sorry Aishu... ϙ " എന്ന് എഴുതി വെച്ചിരിക്കുന്നു.

അച്ചു അത് കണ്ടപ്പൊ വായ പൊത്തി ചിരിച്ചു.നമ്മള് ഓളെ നോക്കി കണ്ണുരുട്ടിയപ്പൊ ഓള് ആ ചിരി വിഴുങ്ങിയിട്ട് സീറ്റിലിരുന്നു. നമ്മള് അതൊന്നും കാര്യാക്കാതെ ഒരു ദീർഘ ശ്വാസം വിട്ടിട്ട് സീറ്റിലിരുന്നു.

"അല്ലാ ഫെബീ...കാക്കു എന്തിനാ നിന്നോട് സോറി പറയുന്നേ? അതിന് മാത്രം എന്താ ഉണ്ടായേ?"

"അവനെന്തിനാ സോറി പറഞ്ഞതെന്ന് എനിക്ക് എങ്ങനെ അറിയാനാ? നീ തന്നെ അങ്ങ് ചോദിച്ച് നോക്ക്.. അൻറെ കാക്കു അല്ലേ?"

"അതിനു നീയിങ്ങനെ ചൂടാകണോ ..ഇൻറെ പൊന്നോ..."

അച്ചു കുറച്ച് നേരത്തിന് സൈലൻ്റായിട്ട് വീണ്ടും ചോദ്യം കൊണ്ട് വന്നു.

"കാക്കു നിനക്ക് തന്ന ഗിഫ്റ്റ് എന്തേന്നു?"

ഓളെ ചോദ്യം കേട്ടതും നമ്മക്ക് അന്നത്തെ രാത്രി പെട്ടെന്ന് ഓർമ്മ വന്നു.ആ ടൈം പീസ്, അവൻ്റെ ഫോട്ടോ, അവൻ്റെ ശബ്ദം പിന്നെ ആ സ്വപ്നം... അതോർത്തപ്പൊ നമ്മള് അറിയാതെ ഉമ്മാാാന്ന് അലറി.

എല്ലാവരും നമ്മളെ തിരിഞ്ഞ് നോക്കി. നമ്മള് വേഗം തല തിരിച്ച് പുറത്തേക്ക് നോക്കി ഇരുന്നു. അച്ചു അവരെ നോക്കിയിട്ട് ഒന്നുല്യാന്ന് പറഞ്ഞു.

എന്നിട്ട് നമ്മളെ തോണ്ടി കൊണ്ട് മുഖം ഓളെ നേരെ പിടിച്ചു.

"എന്താടി പെണ്ണേ അൻക്ക്.... അന്നോട് ഞാൻ കാക്കു എന്താ തന്നേന്നല്ലേ ചോദിച്ചത് അതിന് നീയെന്തിനാ ഉമ്മാനെ വിളിക്കണേ...അതിൽ വല്ല ബോംബുമായിരുന്നോ....പറയടീ .."

അച്ചുവിനോട് ഇതുവരെ ഒന്നും മറച്ച് വെച്ചിട്ടില്ലെങ്കിലും ആ സ്വപ്നത്തിൻറെ കാര്യം അവളിൽ നിന്നും മറച്ച് വെക്കാൻ നമ്മള് തീരുമാനിച്ചു.

അതോണ്ട് ആ സ്വപ്നത്തിൻറെ ഭാഗം മാത്രം കട്ട് ചെയ്ത് ടൈം പീസിൻറെ കാര്യം മാത്രം പറഞ്ഞു.

എല്ലാം കേട്ട് കഴിഞ്ഞപ്പൊ ഓള് വീണ്ടും ചോദ്യം കൊണ്ട് വന്നു.

"അല്ലാ...ഇതിലിപ്പൊ നീയെന്തിനാ ഉമ്മാാാന്ന് അലറിയത്. ആ ടൈം പീസ് കണ്ടിട്ടോ?"

"ടൈം....ടൈം പീസ് കണ്ടിട്ടൊന്നുമല്ല....അ....അത്...പെട്ടെന്ന് ആ കോന്തൻറെ ഫോട്ടോ കണ്ടപ്പൊ അറിയാതെ

അലറിയതാ..."

"അതിന് നീയെന്തിനാ ഇപ്പൊ അലറിയത്?"

"അ..അത്..അതോർമ്മ വന്നപ്പൊ അലറിയതാ..

എന്തൊക്കെ ചോദ്യമാ നീ ചോദിക്കുന്നേ...ഓനെന്താ തന്നതെന്ന് അറിഞ്ഞില്ലേ ഇനിയെങ്കിലും ഒന്ന് മിണ്ടാതിരി..."

"മോളേ ഫെബീ....എന്തൊക്കെയോ ചീഞ്ഞ് നാറുന്നുണ്ടല്ലോ...മര്യാദക്ക് സത്യം പറഞ്ഞോ..

നീ വേറെ എന്തിനോ അല്ലേ ഒച്ച വെച്ചത്...പറഞ്ഞോ...ഇല്ലെങ്കിൽ പിന്നെ എന്നോട് മിണ്ടാൻ വരണ്ട..."

ഓളെ ഒടുക്കത്തെ പിടി വാശി കാരണം കളിയാക്കരുതെന്ന് സത്യം ചെയ്യിച്ചിട്ട് നമ്മള് ഓളോട് ആ സ്വപ്നത്തെ കുറിച്ച് പറഞ്ഞു. നമ്മള് വിചാരിച്ച പോലെ തന്നെ ഒരു പൊട്ടിച്ചിരിയാണ് ഓളെ

പ്രതികരണം.

ഓളെ ചിരി കണ്ടിട്ട് ബസിൽ ഉള്ളവരൊക്കെ ഞങ്ങളെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു. നമ്മള് ഓളോട് മിണ്ടാതിരിക്കാൻ പറഞ്ഞപ്പൊ പെണ്ണ് നമ്മളെ മുഖത്തേക്ക് നോക്കി അതിലേറെ ചിരി.

നമ്മള് അപ്പൊ തന്നെ ഓളെ വായ പൊത്തി കൊണ്ട് എല്ലാവരേയും ഒന്ന് നോക്കി ചിരിച്ചു .എന്നിട്ട് ഓളെ കയ്യിലെ തൊലി പോരുന്ന വിധത്തിൽ ഓളെ നുള്ളി പരുവാക്കി.നുള്ള് കിട്ടിയ ഭാഗത്ത് തടവി കൊണ്ട് നമ്മളെ നോക്കി ഓള് വായ പൊത്തി വീണ്ടും ചിരി.

നമ്മള് തലക്ക് താങ്ങും കൊടുത്ത് തല താഴ്ത്തി അവിടെ ഇരുന്നു. കുറച്ച് കഴിഞ്ഞപ്പൊ ശാഹിത്ത കേറി വന്നു.

"ഇതെന്താ ആദി നിന്നോട് സോറിയൊക്കെ ചോദിക്കുന്നു...എന്താ കാര്യം? ഇവളെന്തിനാ ഇങ്ങനെ ചിരിക്കണേ...?"

നമ്മളതൊന്നും ശാഹിത്താനോട് മിണ്ടിയില്ല. അച്ചു ശാഹിത്താനെ പിടിച്ച് ഇരുത്തിയിട്ട് നമ്മളെ നോക്കി വീണ്ടും ചിരിക്കാണ്.

പടച്ചോനേ ഇതൊക്കെ കൂടി കാണുമ്പൊ ബസീന്ന് എടുത്ത് ചാടാൻ തോന്നാണ്. അച്ചു ചിരി കൺട്രോൾ ചെയ്തോണ്ട് എങ്ങനെയൊക്കെയോ കഷ്ടപ്പെട്ട് ശാഹിത്താനോട് നടന്നതൊക്കെ പറയാൻ നോക്കുന്നുണ്ട്.

ഓളെ ചിരി കൊണ്ട് ശാഹിത്താക്ക് ഓള് പറയുന്നത് ഒന്നും മനസ്സിലായിട്ടില്ല. ഒടുക്കം കോളേജ് പടി എത്തിയപ്പോഴാണ് ഓള് ചിരി കൺട്രോൾ ചെയ്ത് പറഞ്ഞ് തുടങ്ങിയത്.

ബസ് നിർത്തിയപ്പൊ തന്നെ വാണം വിട്ട പോലെ ഒരു പോക്കായിരുന്നു നമ്മള്. പിന്നാലെ അവര് രണ്ടാളും കൂടി ചിരിച്ചോണ്ട് വരുന്നുണ്ട്. അച്ചു ഓടി വന്നിട്ട് എന്നെ അവിടെ പിടിച്ച് നിർത്തി.

എന്നിട്ട് ഓള് എൻ്റെ മുഖത്ത് നോക്കി വീണ്ടും ചിരിച്ചു. അപ്പോഴേക്കും ശാഹിത്തയും നമ്മളെ അടുത്തേക്ക് വന്നിരുന്നു.

"എന്നാലും എൻ്റെ ഫെബീ...നീ കാക്കൂനെ സ്വപ്നത്തിൽ കണ്ട്.... ഹ...ഹ...ഹ..പേടിച്ചില്ലേ....

എനിക്കത് ഓർക്കുമ്പൊ തന്നെ ചിരി വരാണ്..."

"ഞാൻ നിന്നോട് പറഞ്ഞതല്ലേ അതിൻ്റെ പേരിൽ എന്നെ കളിയാക്കരുതെന്ന്..

അപ്പൊ എൻ്റെ വാക്കിന് ഒരു വിലയും ഇല്ലല്ലേ..."

"എടീ കളിയാക്കിയതല്ല...കാര്യം പറഞ്ഞതാ..."

എന്ന് പറഞ്ഞ് ഓള് വീണ്ടും ഭയങ്കര ചിരി. കൂട്ടിന് ശാഹിത്തയും.

"അല്ല ഫെബീ...ഇതിനു മാത്രം ആദിയെന്താ സ്വപ്നത്തിൽ നിന്നെ ചെയ്തേ...."

ശാഹിത്താൻറെ ഒലക്കീമലെ ചോദ്യം കേട്ട് നമ്മള് കണ്ണടച്ചിട്ട് ആ സ്വപ്നം മറക്കാൻ സ്വയം മനസ്സിനോട് പറഞ്ഞു. പെട്ടെന്ന് അച്ചു എൻറെ തോളില് കൈ വെച്ചപ്പോ നമ്മള് അറിയാതെ വീണ്ടും അലറി. അത് കണ്ടപ്പൊ അച്ചു വീണ്ടും ചിരിക്കാൻ തുടങ്ങി.

"സത്യം പറ ഫെബീ...സ്വപ്നത്തിൽ നീയും കാക്കുവും....ഉം....ഉം....ഡക.... ഡക ...ഡക.....നടന്നോ?"

"ഛീ...പോടി വൃത്തികെട്ടവളെ....ഇനി എന്നോട് മിണ്ടാൻ വന്നേക്കരുത്..."

നമ്മള് ഓളെ കൈ തട്ടി മാറ്റിയിട്ട് അവിടന്ന് സ്പീഡിൽ നടന്നു.

"പെണങ്ങല്ലെടീ...ഞാൻ ഒരു തമാശ പറഞ്ഞതാ...അവിടെ നിൽക്കെടീ..."

"പോകല്ലേ ഫെബീ...ഞങ്ങളും വരുന്നു... അവിടെ നിൽക്ക്.."

രണ്ടും കൂടി കെടന്ന് കാറി കൊണ്ട് നമ്മളെ പിന്നാലെ വന്നു. അച്ചു വീണ്ടും ഓടി വന്ന് നമ്മളെ അവിടെ പിടിച്ച് വെച്ചു. നമ്മള് നല്ല കട്ട കലിപ്പിൽ ആയിരുന്നു, അതോണ്ട് അച്ചൂൻ്റെ കയ്യീന്ന് കുതറി മാറാൻ നോക്കി. പക്ഷേ അപ്പോഴേക്കും ശാഹിത്തയും വന്ന് നമ്മളെ പിടിച്ച് വെച്ചിരുന്നു.

"ഫെബീ...നീ പിണങ്ങല്ലെടാ...ഞങ്ങൾ ഒരു തമാശ പറഞ്ഞതല്ലേ?"

"ആണോ...നല്ല ഉഗ്രൻ തമാശ കേട്ടോ....ഇനി ഞാനെന്താ വേണ്ടേ?

ചിരിക്കണോ...ഹ...ഹ...ഹ...മതിയോ? വിടടീ പോത്തേ..."

നമ്മള് രണ്ടിൻറെ കയ്യീന്നും രക്ഷപ്പെട്ടിട്ട് ഒരോട്ടമായിരുന്നു കോളേജിലേക്ക്. ഗേറ്റ് കടന്ന് ഗ്രൗണ്ടിൽ എത്തിയതും ചെന്ന് പെട്ടതോ ഇനി ഒരിക്കലും കാണാൻ ആഗ്രഹിക്കാത്ത ആ കോന്തൻറെ മുന്നിൽ.

ഓനെ കണ്ടപ്പൊ തന്നെ ഓൻ കാണാതെ മുങ്ങാൻ നോക്കിയെങ്കിലും നടന്നില്ല.നമ്മള് മുങ്ങാൻ പോയതും ഓനെൻറെ മുന്നിൽ എത്തിയിരുന്നു.

"ഹായ് ഐഷൂ...എന്താ ഇക്കാനെ കണ്ടിട്ട് ഒരു മൈൻഡില്ലാതെ പോകുന്നേ... എന്നോട് ഇപ്പോഴും പിണക്കാണോ?"

ഓനുള്ള മറുപടി കൊടുക്കാൻ വേണ്ടി നമ്മളെ നാവ് ചലിച്ച് തുടങ്ങിയപ്പോഴേക്കും അച്ചുവും ശാഹിത്തയും നമ്മളെ അടുത്ത് എത്തിയിരുന്നു.

"അത് പിണക്കമൊന്നുമല്ല
കാക്കൂ...അവളെ....ഇങ്ങളെ..."

എന്ന് പറഞ്ഞ് ഓള് ബാക്കി പറയാൻ നിന്നപ്പോഴേക്കും നമ്മള് ഓളെ കാലിൽ ചവിട്ടി കണ്ണുരുട്ടി. അപ്പൊ തന്നെ ഓള് വായ പൊത്തി കൊണ്ട് തലയാട്ടി. നമ്മള് എന്നിട്ട് ശാഹിത്താനോട് വേഗം ക്ലാസിൽ പോകാൻ ആംഗ്യം കാണിച്ചു. മൂപ്പത്തിയും തലയാട്ടി കൊണ്ട് ഓരെ ബ്ലോക്കിലേക്ക് കിണിച്ച് കൊണ്ട് പോയി.

നമ്മള് അവിടന്ന് അച്ചൂൻറെ കയ്യും പിടിച്ചോണ്ട് പോവാനൊരുങ്ങിയപ്പോ ആ കോന്തൻ വീണ്ടും മുന്നിൽ വന്ന് നിന്നു. നമ്മള് കനപ്പിച്ചൊരു നോട്ടം നോക്കി എന്നല്ലാതെ ഒന്നും മിണ്ടാൻ നിന്നില്ല.

"നീയിങ്ങനെ നോക്കി പേടിപ്പിക്കല്ലേടീ....ഞാനൊരു സോറി പറയാൻ വേണ്ടി വിളിച്ചതല്ലേ..."

ഞാൻ അവനെ സംശയത്തോടെ നോക്കുന്നത്

കണ്ടിട്ടാകും കാരണവും ഓൻ തന്നെ പറഞ്ഞത്.

"നിൻറെ അനുവാദമില്ലാതെ നിൻറെ കയ്യിൽ കേറി പിടിച്ചതിന് സോറി....നിന്നെ ഇഷ്ടാണെന്ന് പറഞ്ഞ് പുറകെ നടന്നതിന് സോറി....ഞാൻ കാരണം നിൻറെ ഉറക്കം നഷ്ടപ്പെട്ടതിന് വീണ്ടും സോറി.."

കോന്തൻറെ ഏറ്റുപറച്ചിലുകളും സോറിയും കേട്ടപ്പൊ ഞാൻ ശരിക്കും ഷോക്കായി...ഇപ്പൊ ഇങ്ങനെ ഒരു തുറന്നു പറച്ചിലിൻറെ കാര്യമെന്താന്ന് അറിയാതെ നമ്മള് ഓനെ തന്നെ നോക്കി നിന്നു.

ഓൻ നിയാസ്ക്കാൻറെ കയ്യീന്ന് ഒരു കവർ വാങ്ങിയിട്ട് എൻറെ അടുത്തേക്ക് വന്നു. എന്നിട്ട് ഒരു പുഞ്ചിരി തൂകി കൊണ്ട് ആ കവർ എനിക്ക് നേരെ നീട്ടി. എന്താ നടക്കുന്നതെന്ന് അറിയാതെ നമ്മള് ഓനെ തന്നെ മിഴിച്ച് നോക്കി നിന്നു.

'പടച്ചോനേ... ഈ കോന്തന് പെട്ടെന്ന് എവിടെന്നാ ഇത്രക്ക് ബോധം വന്നത്... അപ്പൊ ഇവനിനി എൻറെ

പിന്നാലെ നടക്കില്ലേ...ഇവന് എന്നെ ഇഷ്ടമല്ലേ...

സൂപ്പർ ഫെബീ...സന്തോഷിക്ക് ഇതല്ലേ നീ ആഗ്രഹിച്ചത്...

പക്ഷേ എന്ത് കൊണ്ടാ എനിക്ക് സന്തോഷിക്കാൻ പറ്റാത്തത്...

മനസ്സിൽ എന്തോ ഒരു കല്ല് കേറ്റി വെച്ച പോലെ എന്താ ഒരു ഭാരം....

എനിക്ക് എന്താ പറ്റിയേ?'

എൻറെ ചിന്തകൾക്കൊക്കെ വിരാമമിട്ട് കൊണ്ട് അച്ചു നമ്മളെ പിടിച്ച് കുലുക്കി. പെട്ടെന്ന് നമ്മള് സ്വബോധം വീണ്ടെടുത്ത് അച്ചൂനെ ഒന്ന് നോക്കി. ഓള് ആ കവർ കാണിച്ചിട്ട് വാങ്ങാൻ പറഞ്ഞു.

പക്ഷേ നമ്മളെ കയ്യ് പൊന്തുന്നില്ലേന്നു.

"വാങ്ങടോ....താനിത് വാങ്ങിച്ചിട്ട് വേണം എനിക്ക് ക്ലാസിൽ പോകാൻ...

ഓ....ഇതിലെന്താകും എന്ന് കരുതിയാണോ ഇങ്ങനെ നിക്കുന്നേ?

എന്തായാലും ഇത് നിനക്ക് വേണ്ടി വാങ്ങിയതല്ല...

ഞാൻ ഇത് ഷാദിക്ക് വേണ്ടി വാങ്ങിയതാ...

താൻ കാരണം അവന് എൻറെ ട്രീറ്റോ കിട്ടിയില്ല,പകരം ഇതെങ്കിലും ഒന്ന് വാങ്ങടോ...."

പുഞ്ചിരി തൂകി കൊണ്ട് ആദി ഇങ്ങനെ ഒക്കെ പറഞ്ഞപ്പൊ നമ്മള് അറിയാതെ തന്നെ അത് വാങ്ങി.ഓനോടുള്ള ദേഷ്യം ഇത്ര പെട്ടെന്ന് എങ്ങോട്ടാ പോയതെന്ന് എനിക്ക് അറിയില്ല. ഇപ്പൊ നമ്മക്ക് ഓനോട് ആ പഴയ കൊലവെറിയില്ല.അതോണ്ട് കോന്തൻ എന്ന് വിളിക്കാൻ തോന്നുന്നില്ല.

ആ കവറ് തന്നിട്ട് അവൻ ഷർട്ടിൻറെ പോക്കറ്റിൽ നിന്നും 2000 രൂപ എടുത്ത് എനിക്ക് നേരെ നീട്ടി.

"ദാ...തൻറെ ഉപ്പ ചോര നീരാക്കി ഉണ്ടാക്കിയ കാശ്...വാങ്ങിച്ചോ...."

ഓനത് എനിക്ക് നേരെ നീട്ടിയപ്പൊ ഷോക്കിൻറെ മേൽ ഷോക്ക് കിട്ടിയ പോലെ തോന്നി.

നമ്മളത് വാങ്ങുന്നത് കാണാഞ്ഞിട്ട് ഓൻ കാശെടുത്ത് എൻറെ കയ്യിൽ വെച്ച് തന്നു.ആദിക്ക് പെട്ടെന്ന് എന്താ പറ്റിയതെന്ന് ആലോചിച്ച് നമ്മള് ഓനെ തന്നെ നോക്കി നിന്നു.

"ആരുടേയും ഔദാര്യമില്ലാതെ ആർക്കും ഈ ലോകത്ത് ജീവിക്കാൻ പറ്റില്ല...

ഇപ്പൊ തന്നെ നമ്മളൊക്കെ ജീവിക്കുന്നത് പടച്ചോൻറെ ഔദാര്യം കൊണ്ടല്ലേ...

അതോണ്ട് ആരുടേയും ഔദാര്യത്തില്ല ജീവിക്കുന്നതെന്ന അഹങ്കാരം ഉണ്ടാകാൻ പാടില്ല.

പിന്നെ... ഇത് എൻറെ ഔദാര്യമായിട്ടൊന്നും കണക്കാക്കണ്ട...അത് ഞാൻ നിങ്ങൾക്ക് തന്ന

ട്രീറ്റാണ്.ട്രീറ്റിന് ആരും കാശ് തരില്ല... അതോണ്ടാ തിരിച്ച് തന്നത്...

പോട്ടേ....."

എന്ന് പറഞ്ഞ് ഓൻ തിരിഞ്ഞ് നടന്നു. ഓൻ്റെ ഓരോ വാക്കിൽ നിന്നും വ്യക്തമാണ് ഞാൻ ഓനെ എന്ത് മാത്രം വാക്കുകൾ കൊണ്ട് വേദനിപ്പിച്ചുവെന്ന്.

അവനെ വിളിച്ച് ഒരു സോറി പറയാൻ എൻ്റെ മനസ് വല്ലാതെ വെമ്പൽ കൊണ്ടു.

എൻ്റെ മനസ് വായിച്ചെന്ന പോലെ ആദി തിരിച്ച് ഞങ്ങളെ അടുത്തേക്ക് തന്നെ വന്നു. എന്നിട്ട് അവൻ്റെ മുഖത്തെ പുഞ്ചിരി കൈ വിടാതെ തന്നെ നമ്മളോട് പറഞ്ഞു.

"ഞാൻ തന്നോട് മാപ്പ് പറഞ്ഞെന്നോ,തൻ്റെ കാശ് തിരിച്ച് തന്നെന്നോ കരുതി....."

അതുവരെ കുറച്ചകലെ നിന്ന ആദി അതും പറഞ്ഞ്

നമ്മളെ അടുത്തേക്ക് വന്നു. എന്നിട്ട് കാതിൽ മൊഴിഞ്ഞു.

"എന്നോട് ഇപ്പൊ തന്നെ ഇഷ്ടാണെന്ന് പറഞ്ഞേക്കല്ലേ...അതിന് ഇനിയും സമയമുണ്ട്..."

അതും പറഞ്ഞ് ആ കോന്തൻ നമ്മളെ നോക്കി സൈറ്റടിച്ചു.ഇതുവരെ എവിടെയോ ചുറ്റി കറങ്ങാൻ പോയ നമ്മളെ ദേഷ്യം ഒക്കെ കൂടി പതിമടങ്ങായി കൂടി. ഓനെ കൊല്ലാനുള്ള ദേഷ്യം നുരഞ്ഞ് പൊന്തി.

നമ്മളെ നോട്ടം കണ്ടപ്പൊ ആ കോന്തൻ നിന്ന് ചിരിക്കാൻ തുടങ്ങി. എന്നിട്ട് നമ്മളെ നോക്കി "ഐ ലൗ യു ഐഷൂ..." എന്ന് വിളിച്ച് കൂവി കൊണ്ട് അവൻ നടന്നു നീങ്ങി.

നമ്മളപ്പൊ തന്നെ ഒരു കല്ലെടുത്തിട്ട് ആ കോന്തന് നേരെ എറിഞ്ഞു. പക്ഷേ കൊണ്ടില്ല... അതിന് മുന്നേ ആ തെണ്ടി മാറി കളഞ്ഞു.

ഓൻ നമ്മളെ നോക്കി കൊണ്ട് ഒരു ഫ്ലൈയിംഗ് കിസ് തന്നു.നമ്മള് അപ്പൊ തന്നെ

"പോടാ തെണ്ടി...." എന്ന് അലറി.

ഇനി നമ്മള് അവിടെ നിന്നാൽ പൂരപ്പാട്ട് തുടങ്ങും എന്നറിയുന്നോണ്ട് അച്ചു നമ്മളെ അവിടന്ന് ചിരിച്ചോണ്ട് ക്ലാസിലേക്ക് വലിച്ച് കൊണ്ട് പോയി.

"വിടടീ എന്നെ... ഇന്ന് രണ്ടിലൊന്ന് അറിയണം...അവൻ ജീവിച്ചിരിക്കണോ അതോ ഞാൻ ജീവിച്ചിരിക്കണോന്ന്....

നീ വിട് അച്ചൂ....ഇന്നവനെ ഞാൻ കൊല്ലാതെ വിടില്ല.."

അച്ചു നമ്മളെ നോക്കി ചിരിച്ചോണ്ട് ക്ലാസിലേക്ക് വലിച്ചു കൊണ്ട് പോയി. നമ്മളെ കൊണ്ട് വരുന്ന കോലം കണ്ടിട്ട് ബാക്കി മൂന്നും ഓടി വന്നു.

ഞാൻ അച്ചൂൻ്റെ കയ്യിൽ നിന്ന് കുതറി മാറിയിട്ട് സീറ്റിൽ പോയി ഇരുന്നു. അച്ചൂൻ്റെ ചിരി ഇപ്പോഴും

നിന്നിട്ടില്ല,പെണ്ണ് നമ്മളെ നോക്കി ഹലാക്കിലെ ചിരിയാണ്.

ബാക്കി മൂന്നും എന്താ കാര്യം എന്ന് ചോദിച്ചപ്പൊ ഓള് ഫുള്ള് കാര്യങ്ങളും അവർക്ക് മുന്നിൽ വിതറി. നമ്മള് ഡെസ്കില് തല വെച്ച് കിടന്നു.

'ആ തെണ്ടി എന്തൊക്കെയാ പറഞ്ഞത്? പറച്ചില് കേട്ടപ്പൊ ഞാനും കരുതി കോന്തൻ നന്നായോന്ന്...

പിന്നെ അല്ലെ മനസ്സിലായത് ഇനി ചെയ്യാൻ പോകുന്നതിനുള്ള പരിപാടിക്കുള്ള അനുവാദം ചോദിക്കലാണ് ഈ ഏറ്റുപറച്ചിലെന്ന്...

തെണ്ടി കോന്തൻ... ഒരു നിമിഷത്തേക്കെങ്കിലും അവനെ നല്ലവൻ എന്ന് കരുതിയ എനിക്ക് തെറ്റിയല്ലോ പടച്ചോനേ.... ഇനി എന്തൊക്കെയാണാവോ എന്നെ കാത്തിരിക്കുന്നത്?

ഇനി എന്തൊക്കെയാണാവോ ഞാൻ കാണാൻ പോകുന്നത്...'

നമ്മള് സ്വയം ഓരോന്ന് ചിന്തിച്ച് കൂട്ടി കൊണ്ട് അങ്ങനെ കിടന്നു. പെട്ടെന്ന് അച്ചു വന്ന് എന്നെ ഇക്കിളിയാക്കിയപ്പൊ ഞെട്ടി എണീറ്റു. എന്നിട്ട് അവളെ നല്ല ദേഷ്യത്തോടെ നോക്കി പേടിപ്പിച്ചു.

തുറുക്കനെയുള്ള നോട്ടത്തിന് കൂടെ നമ്മളെ കണ്ണും നിറഞ്ഞൊഴുകുന്നത് നമ്മള് അറിഞ്ഞില്ല.പക്ഷേ അത് കണ്ട് നിന്ന നമ്മളെ കുരാമീസിൻറെ മുഖമാകെ മാറി, പകരം ഒരു വിഷമം നിഴലിച്ചു.

"ഫെബീ നീ കരയാണോ?"

അച്ചുവിന്റെ ശബ്ദം ഇടറുന്ന പോലെ തോന്നി. ഓള് നമ്മളെ കണ്ണീര് തുടച്ചപ്പൊ ഓളെ കൈ തട്ടി മാറ്റി.

"നീയെന്നെ തൊടണ്ട അച്ചൂ....നിങ്ങക്കൊക്കെ മുന്നിൽ ഞാൻ വെറുമൊരു കോമാളിയല്ലേ....

എപ്പൊ നോക്കിയാലും കളിയാക്കി ചിരിക്കാൻ പറ്റിയ ഒരു കോമാളി..."

നമ്മളെ ആ ഡയലോഗും കണ്ണീരും കൂടി ആയപ്പൊ നാലിനും അത് നല്ലോണം വിഷമായി.പക്ഷേ എനിക്കത് കണ്ടപ്പൊ സന്തോഷാണ് തോന്നിയത്. ഇന്നത്തോടെ ഇവരെ കളിയാക്കലിന് ഒരന്ത്യം കുറിക്കാൻ നമ്മള് തീരുമാനിച്ചു.

"ഫെബീ...ഇതൊക്കെ ഒരു തമാശയല്ലേടാ...നീയത് കാര്യാക്കിയോ?"

"വേണ്ട അച്ചു....നിങ്ങൾ ഇനി ഒന്നും പറഞ്ഞ് എൻറെ അടുത്തേക്ക് വരണ്ട...

എനിക്ക് എല്ലാം മനസ്സിലായി...നിങ്ങൾക്ക് എന്നേക്കാൾ വലുത് അവനാണെന്ന്....

നിങ്ങൾ എല്ലാവരും അവൻറെ കൂടെയാണെന്ന്..."

"അങ്ങനെയൊന്നുമില്ല ഫെബീ....ഞങ്ങൾക്ക് നീ കഴിഞ്ഞിട്ടേ ആരുമുള്ളൂ...."

"വേണ്ട നസീ....എന്നെ ബോധ്യപ്പെടുത്താനായിട്ട് ആരും കള്ളമൊന്നും പറയാൻ നിക്കണ്ട...

ഇന്നത്തോടെ എല്ലാം തീർന്നു...ഇനി ഫാൻസിൽ ഈ ഫെബി ഉണ്ടാകില്ല."

നമ്മളതും പറഞ്ഞ് അവിടന്ന് എണീറ്റ് പോകാൻ നിന്നപ്പൊ നാലും കൂടി നമ്മളെ അവിടെ പിടിച്ച് ഇരുത്തി. എന്നിട്ട് നമ്മളെ ബോധിപ്പിക്കാൻ എന്തൊക്കെയോ നാലും കൂടി പറഞ്ഞോണ്ടിരുന്നു. മറ്റാരേക്കാളും നന്നായിട്ട് നമ്മക്ക് അറിയാ ഇവർക്ക് നമ്മളെ എത്ര ഇഷ്ടാണെന്ന്. പക്ഷേ ഇവരെ കളിയാക്കലും ആ കോന്തനെ സപ്പോർട്ട് ചെയ്യുന്നതും നിർത്തണെങ്കിൽ എനിക്ക് ഇതല്ലാതെ വേറെ മാർഗമില്ല.

"ഫെബീ...നീ ആദ്യം ഞങ്ങൾ പറയുന്നത് കേക്ക്....ഞങ്ങക്ക് നീ കഴിഞ്ഞിട്ടേ ആരുമുള്ളൂ....നിന്നെ കളിയാക്കിയതൊക്കെ നീയും ആസ്വദിക്കുന്നുണ്ടെന്ന് കരുതിയാ ഞങ്ങൾ ഇങ്ങനെ ഒക്കെ ചെയ്യുന്നത്...നീയതൊന്നും കാര്യമാക്കല്ലേടാ..." ഷംനയാണ്.

"അതേ...നീയിതൊക്കെ കളിയായി കാണുമെന്നേ ഞങ്ങൾ കരുതിയുള്ളൂ...നിനക്ക് ഇത് ഇത്രക്ക് വിഷമം നൽകുന്നതാണെന്ന് ഞങ്ങക്ക് അറീലേന്നു...

നീ ഞങ്ങളോട് ക്ഷമിക്കടാ...ഇനി അങ്ങനെ ഒന്നും ഉണ്ടാകില്ല...." നസിയാണ്.

"നീ പറ ഫെബീ ഞങ്ങളെന്താ ചെയ്യേണ്ടത്... നീ പറയുന്ന പോലെ തന്നെ ചെയ്തോളാം...പക്ഷേ നീ ഇല്ലെങ്കിൽ പിന്നെ ഞങ്ങൾ ഇല്ലെടീ...

നീ പറ ഞങ്ങൾ എന്താ വേണ്ടത്?" സനയാണ്.

ഞാൻ കണ്ണ് തുടച്ച് നാലിനേയും ഒന്ന് നോക്കി. എന്നിട്ട് അവരുടെ നേരെ കൈ നീട്ടി കൊണ്ട് പറഞ്ഞു.

"എന്നാൽ എനിക്ക് വാക്ക് താ....

എന്നെ ഇനി അവൻറെ പേരും പറഞ്ഞ് കളിയാക്കില്ലാന്നും അവനുമായി യാതൊരു വിധ

ബന്ധവും ഉണ്ടാവില്ലാന്നും അവനെ കണ്ടാൽ കണ്ട പരിചയം പോലും കാണിക്കില്ലാന്നും വാക്ക് താ...നാല് പേരും വാക്ക് താ.."

നാല് പേരും നമ്മളെ ഉറ്റു നോക്കി കൊണ്ട് പരസ്പരം മുഖത്തേക്ക് നോക്കിയിട്ട് എൻറെ കയ്യിലേക്ക് നോക്കി.

ആദ്യം സനയായിരുന്നു കൈ വെച്ചത്.പിന്നെ ഷംനയും നസിയും അവസാനം മനസ്സില്ലാ മനസ്സോടെ അച്ചുവും കൈ വെച്ചു. എന്നിട്ട് നാല് പേരും കൂടി ഒരുമിച്ച് സമ്മതം പറഞ്ഞു.

അവരുടെ സമ്മതം കേട്ടപ്പൊ ഈ ഭൂലോകം മൊത്തം എൻറെ കാൽ കീഴിൽ വന്നതിനേക്കാൾ സന്തോഷം തോന്നി. ഞാൻ അവരെ നാലിനേയും കെട്ടി പിടിച്ചു.

അപ്പൊ തന്നെ അരുൺ ക്ലാസിലേക്ക് വന്നു. ഓനെ കണ്ടപ്പൊ തന്നെ അച്ചു ഞങ്ങളെ നോക്കി ഇളിച്ചു. ഞങ്ങൾ നാലും തലയാട്ടി കൊണ്ട് ഓളോട് പോകാൻ പറഞ്ഞു.

അരുണും അച്ചുവും കൂടി വരാന്തയിലേക്ക് കുറുകാൻ പോയി. ഞങ്ങൾ നാല് പേരും സീറ്റിലിരുന്നു ഓരോരോ വിശേഷങ്ങൾ പറഞ്ഞു. ഞാനും സനയും കൂടി മാച്ചിൻറെ അന്നത്തെ കാര്യം അവരോട് പറഞ്ഞു.പ്രത്യേകിച്ച് ഷാദിൻറേയും സഫ്നൻറേയും കാര്യം. അവർക്ക് ഞങ്ങളേക്കാൾ കേക്കാൻ ഭയങ്കര തൊര. സന സഫ്നയെ കുറിച്ചും ഞാൻ ഷാദിനെ കുറിച്ചും പരസ്പരം പറയുന്നത് കേട്ട് ബാക്കി രണ്ടും ഇരുന്നു.

അങ്ങനെ ഫസ്റ്റ് ബെല്ലടിച്ചപ്പൊ ഞങ്ങളെ ചുള്ളൻ റാഷിസാർ ക്ലാസിലേക്ക് വന്നു.സാർ ക്ലാസിലേക്ക് വന്നതും അച്ചുവും അരുണും വേഗം ക്ലാസിൽ കേറി ഇരുന്നു.

സാറ് വന്നപ്പൊ തന്നെ ക്ലാസ് സൈലൻറായി.എന്നിട്ട് സാറ് പറയുന്നതും കേട്ട് താടിക്ക് കയ്യും കൊടുത്ത് ഞങ്ങൾ എല്ലാവരും സാറിനെ തന്നെ നോക്കി ഇരുന്നു.

ക്ലാസ് ലീഡറിനെ തെരെഞ്ഞെടുക്കണമെന്ന് സാറ് പറഞ്ഞപ്പൊ അത് കേൾക്കേണ്ട താമസം നമ്മളെ

കുരാമീസ് എണീറ്റ് നിന്ന് നമ്മളെ പേരങ്ങ് വിളിച്ച് കൂവി. ഞാൻ പറ്റില്ലാന്ന് നമ്മളെ കുരാമീസിനോട് തീർത്ത് പറഞ്ഞു. പെട്ടെന്ന് റാഷിസാർ നമ്മളെ വിളിച്ചു.

"എന്താടോ ആയിഷ ഫെബീ തനിക്ക് ലീഡറാവുന്നതിന് സമ്മതല്ലേ?"

"സാറ് ഇങ്ങനെ ഒക്കെ ചോദിച്ചാൽ നോ എന്ന് എങ്ങനെ പറയാനാ സാറേ...അതോണ്ട് എനിക്ക് സമ്മതാ..."

നമ്മള് കുരാമീസിനെ നോക്കി കണ്ണിറുക്കി . അവര് തലയാട്ടി ചിരിച്ചു. നമ്മള് ലീഡറാകുന്നതിന് ക്ലാസ് മൊത്തം പൂർണ്ണ പിന്തുണയാണ്. അതോണ്ട് നമ്മള് ക്ലാസ് ലീഡറായി.

അങ്ങനെ സാറിൻ്റെ പിരീഡ് കഴിഞ്ഞ് സാറ് പോയപ്പൊ നാലും കൂടി നമ്മളെ ഒരു നോട്ടം. നമ്മളും എന്താന്ന് കരുതി ഓരേ നോക്കി പുരികം പൊക്കി.

"എന്താ മോളേ നിനക്ക് റാഷിസാറിനെ കാണുമ്പൊ ഒരിളക്കം...."

അച്ചൂൻറെ ചോദ്യം കേട്ട് നമ്മള് തലക്കിട്ട് ഒരു കൊട്ട് കൊടുത്തു. അപ്പൊ അടുത്ത ആള് തുടങ്ങി.

"നിനക്ക് സാറിനോട് ഒന്നും ഇല്ലെങ്കിലും സാറിന് നിന്നോട് എന്തോ ഉണ്ട് മോളേ..." നസിയാണ്. ഓൾക്കും കിട്ടി എൻറെ കയ്യീന്ന് ഒരെണ്ണം.

"ഇതുവരെ ആ കോന്തൻറെ പേരും പറഞ്ഞായിരുന്നു കളിയാക്കൽ...ഇപ്പൊ വന്ന് വന്ന് സാറിനെ പോലും വെറുതെ വിടില്ലെ?"

നമ്മളെ വർത്താനം കേട്ട് നാലും കൂടി കിണിക്കാൻ തുടങ്ങി.

"എൻറെ ഫെബീ...അങ്ങേരെ ആ നോട്ടവും ചിരിയും സംസാരവുമൊക്കെ ഒന്ന് റീവൈൻഡ് ചെയ്ത്

നോക്കിയേ...

പ്രണയം തുടിക്കുന്നില്ലേ?" ഷംനയാണ്.

"പ്രണയമല്ലെടീ...ഒലക്ക...പടച്ചോനേ അതൊരു കുരിശാകോ?"

നമ്മള് ഷംനൻറെ തലക്ക് ഒന്ന് കൊടുത്തിട്ട് സ്വയം ആത്മഗതം കൊണ്ടു.അപ്പൊ അടുത്ത ആള് തുടങ്ങി.സന...

"എന്ത് കുരിശ്? സാറിനെന്താ ഒരു കുറവ്? നല്ല ഹൈറ്റില്ലേ,വെയിറ്റില്ലേ...അതും പോരാഞ്ഞ് വൈറ്റല്ലേ...

നല്ല സ്വഭാവം, നല്ല ശമ്പളം, ചുള്ളൻ, നന്നായി പഠിച്ചിട്ടുണ്ട്...ഇതിൽ കൂടുതൽ എന്ത് വേണം?

ഞാനാണ് നിൻറെ സ്ഥാനത്ത് എങ്കിൽ കണ്ണും പൂട്ടി ഓക്കേ പറഞ്ഞേനേ..."

"എന്നാ പോയി കെട്ടിക്കോടീ അത്രക്ക്

നല്ലതാണെങ്കിൽ...

എൻ്റെ പടച്ചോനേ... ഇവറ്റകള് ഒരു കാലത്തും സ്വസ്ഥത തരില്ലേ...

എന്താടീ അച്ചൂ ഇനി നിനക്കൊന്നും പറയാനില്ലേ?"

"പറയാനൊക്കെയുണ്ട് പറഞ്ഞാൽ നീ കടിച്ച് കീറാൻ വന്നാലോ?

എന്നാലും സാരല്ല...ഞാൻ എൻ്റെ അഭിപ്രായം പറയാം...

നിനക്ക് സാറിനേക്കാൾ മാച്ച് ഇൻ്റെ കാക്കു തന്നെയാ.."

ബാക്കി മൂന്നും അവള് പറഞ്ഞതിനോട് യോജിച്ചു. നമ്മള് ദേഷ്യം കൊണ്ട് പല്ലിറുമ്പി അച്ചൂൻ്റെ നേരെ കയ്യുയർത്തിയതും കാലകേയൻ ക്ലാസിലേക്ക് വന്നു.

നമ്മള് കുരാമീസിനെ നോക്കി പുച്ഛിച്ചിട്ട് മുഖം തിരിച്ചു.

അയാള് വന്നയുടനെ തുടങ്ങി ക്ലാസ് എടുക്കൽ. ഞങ്ങക്ക് ആകെ പിരാന്ത് പിടിക്കുന്ന പോലെ തോന്നി.

അയാള് എന്തൊക്കെയോ ബോർഡില് കുത്തി കുറിക്കാൻ തുടങ്ങി. ഞങ്ങൾ അതും നോക്കി കണ്ണും മിഴിച്ച് ഇരുന്നു.

പെട്ടെന്ന് ഒരു ഇളം തെന്നൽ എന്റെ മുഖത്തേക്ക് വീശി. അതിൻറെ സുഖാനുഭൂതിയിൽ നമ്മള് നമ്മളെ തന്നെ മറന്ന് ജനലിന് നേരെ മുഖം തിരിച്ചു. കണ്ണ് തുറന്നു നോക്കിയപ്പൊ കണ്ട കാഴ്ച കണ്ട് നമ്മളെ കണ്ണ് തള്ളി പോയി.

(തുടരും)

ഭാഗം. 33

പെട്ടെന്ന് ഒരു ഇളം തെന്നൽ നമ്മളെ മുഖത്തേക്ക്

വീശി.അതിൻറെ സുഖാനുഭൂതിയിൽ നമ്മള് നമ്മളെ തന്നെ മറന്ന് ജനലിന് നേരെ മുഖം തിരിച്ചു.കണ്ണ് തുറന്നു നോക്കിയപ്പൊ കണ്ട കാഴ്ച കണ്ട് നമ്മളെ കണ്ണ് തള്ളി പോയി.

തൊട്ടടുത്ത ബ്ലോക്കില് നമ്മളെ നേരെയുള്ള ക്ലാസിലാണ് ആ കോന്തൻറെ ക്ലാസ്, അതും നമ്മള് ഇരിക്കുന്ന പോലെ ജനലിനടുത്ത്...

ആ കോന്തനെ കണ്ടതും നമ്മളെ ഓൻ കാണാതിരിക്കാൻ വേണ്ടി നമ്മള് മുന്നിലേക്കും പിന്നിലേക്കുമൊക്കെ തള്ളി ഇരുന്നു. പക്ഷേ എത്ര ശ്രമിച്ചിട്ടും ആ കോന്തനെ നമ്മക്ക് കാണുന്നുണ്ട്.

ഭാഗ്യത്തിന് ആ കോന്തൻ ഇങ്ങോട്ട് നോക്കുന്നില്ല.നോക്കിയാൽ നമ്മളെ ഓൻ കാണുമെന്ന് ഉറപ്പാണ്. അതോണ്ട് നമ്മള് അച്ചൂൻറെ ഭാഗത്തേക്ക് ചെരിഞ്ഞിട്ട് തട്ടം കൊണ്ട് മുഖം മറച്ചിരുന്നു.

നമ്മളെ ഇരുത്തം കണ്ടിട്ട് അച്ചു എന്താന്ന് ആംഗ്യം കാട്ടി.

നമ്മള് നേരെ ജനലിൻ്റെ അങ്ങോട്ട് ചൂണ്ടി.അവിടെ ഓനെ കണ്ടതും ഓള് ചിരിച്ചോണ്ട് ബാക്കി മൂന്നിനും കാണിച്ച് കൊടുത്തു. അവറ്റകള് നാലും കൂടി ചിരിക്്്ാൻ തുടങ്ങിയപ്പൊ നമ്മള് ഓരെ ഒന്ന് നോക്കി. അപ്പൊ തന്നെ അവര് ബോർഡിൽ കാലകേയൻ എഴുതി വെച്ചത് നോട്ടിലേക്ക് പകർത്തി കൊണ്ടിരുന്നു.

എത്ര ആയിട്ടും നമ്മക്ക് അവിടെ മനസ്സമാധാനത്തോടെ ഇരുന്ന് എഴുതാൻ പറ്റുന്നില്ല. ഇടക്കിടക്ക് അറിയാതെ കണ്ണ് ജനലിൻ്റെ അടുത്തേക്ക് പോകാണ്.ഭാഗ്യത്തിന് ആ കോന്തൻ ഭയങ്കര എഴുത്തിൽ ആയോണ്ട് ശ്രദ്ധിക്കുന്നില്ല.അതോണ്ട് നമ്മക്കും സമാധാനത്തോടെ എഴുതാൻ പറ്റി.

കുറച്ച് കഴിഞ്ഞപ്പൊ ചുമ്മാ നമ്മള് അങ്ങോട്ട് നോക്കിയപ്പൊ ആ കോന്തൻ നമ്മളെ നോക്കി കൊണ്ട് താടിക്ക് കയ്യും വെച്ച് ഇരിക്കാണ്. നമ്മള് അപ്പൊ തന്നെ മുഖം തിരിച്ചിട്ട് അച്ചൂനെ നോക്കി. ഓള് ചിരി കൺട്രോൾ ചെയ്യാൻ പാട് പെടാണ്.

പെട്ടെന്ന് ആ കോന്തൻ "ഐഷൂ....ഐ ലൗ യു....." എന്ന് വിളിച്ച് കൂവി. ഞങ്ങളെ ക്ലാസിലെ നമ്മളും സാറും ഒഴിച്ച് ബാക്കി ഉള്ളവരൊക്കെ ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി. നമ്മള് മാത്രം അത് കാര്യാക്കാതെ പൊരിഞ്ഞ എഴുത്തിൽ ആയിരുന്നു.

നമ്മളെ കുരാമീസ് ഭയങ്കര ചിരിയാണ്.അവര് മാത്രല്ല ക്ലാസ് അടക്കം... കാലകേയന് പിന്നെ ഒരു പോളിസിയുണ്ട്.

ക്ലാസിന് പുറത്ത് വെച്ച് എന്ത് നടന്നാലും അയാൾക്ക് അതൊരു പ്രശ്നമല്ല.പക്ഷേ, ക്ലാസിൽ നിന്ന് വല്ല ശബ്ദവും വന്നാൽ അപ്പൊ അയാള് വൈലൻറാകും.

ഇവറ്റകളെ ചിരി കണ്ടപ്പൊ അയാള് അവരോട് സൈലൻറ് പറഞ്ഞു. അപ്പൊ എല്ലാവരും മിണ്ടാതിരുന്നു. നമ്മള് അതൊന്നും കാര്യാക്കാതെ എന്തൊക്കെയോ നോട്ടില് എഴുതി കൊണ്ടിരുന്നു.

ക്ലാസ് മൊത്തം സൈലൻറ് ആയിട്ടും ആ

പണ്ടാറക്കാലൻ ഒരു കൂസലുമില്ലാതെ അവിടന്ന് വിളിച്ച് കൂടുന്നുണ്ട്. നമ്മക്ക് ആണെങ്കിൽ ദേഷ്യം വന്നിട്ട് ഒരു ഇരിക്ക പൊറുതി ഇല്ലേന്നു.

"ഐഷൂ....ഇക്കാനോട് പിണക്കാണോ?

ചക്കരേ....

ഐ ലൗ യു..

ഉമ്...മ്മാാാാ....ഐഷൂ...."

അവനോടുള്ള ദേഷ്യം എത്ര പെട്ടെന്ന് കൂടിയെന്നറിയില്ല...മിക്കവൊറും ഇപ്പൊ അവനെ കയ്യിൽ കിട്ടിയാൽ കുത്തി കൊടലെടുക്കും. പക്ഷേ, നമ്മള് കണ്ണടച്ച് ഒരു ദീർഘ ശ്വാസം വിട്ടപ്പൊ കുറച്ച് ആശ്വാസം കിട്ടി. എന്നിട്ടും ആ കോന്തൻ പല്ലവി നിർത്തിയിട്ടില്ല.

'ഫെബീ....റിലാക്സ്...അവനേതോ ഒരു പട്ടിയാണെന്ന് കരുതിയാ മതി...പട്ടികള് കുരക്കുന്നത് നീ കാര്യാക്കണ്ട..

പിന്നെ നീ ഫെബിയാണ് ഐഷു അല്ല...അതോണ്ട് ആ തെണ്ടി പറയുന്നതിന് ചെവി കൊടുക്കേണ്ട...'

നമ്മള് സ്വയം നമ്മളെ മനസ്സിനെ കൺട്രോൾ ചെയ്ത് വെച്ചു. പക്ഷേ പെട്ടെന്നായിരുന്നു നമ്മളെ കൺട്രോൾ വിട്ടത്.അതും ആ കോന്തനെ കൊണ്ട്...

"ഐഷൂ....ഞാൻ ഇങ്ങനെ ഒക്കെ പറഞ്ഞെന്ന് കരുതി എന്നോട് ഇപ്പൊ തന്നെ ഇഷ്ടാണെന്ന് പറഞ്ഞേക്കല്ലേ..."

ഇതും കൂടി ആയപ്പൊ കൺട്രോൾ തെറ്റി നമ്മള് ഓനെ നോക്കി അലറി.

"നീ പോടാ മരപ്പട്ടീീീീ....."

ആ വിളിയിൽ തന്നെ നമ്മക്ക് ഓനോടുള്ള ദേഷ്യം വ്യക്തമായിരുന്നു. ആ കോന്തനെ തെറി വിളിച്ചിട്ടും തെണ്ടി ഭയങ്കര ചിരി. അപ്പോഴാ നമ്മള് നമ്മളെ മുന്നിൽ നിൽക്കുന്ന കാലകേയനെ കണ്ടത്. അങ്ങേരെ കണ്ടപ്പോഴാ അയാളെ ഓർമ്മ വന്നത്.

നമ്മള് അങ്ങേരെ നോക്കി ഒന്ന് നൈസായിട്ട് ചിരിച്ച് കൊടുത്തു. പക്ഷേ മൂപ്പര് നമ്മളെ നോക്കി കണ്ണുരുട്ടിയിട്ട് ഒരു അട്ടഹാസം ആയിരുന്നു.

"ഗെറ്റൗട്ട്..."

നമ്മള് അയാളെ അലർച്ച കേട്ട അപ്പൊ തന്നെ ക്ലാസീന്ന് പുറത്തേക്കിറങ്ങി.

നമ്മളെ നോക്കി കൊണ്ട് ആ പണ്ടാറക്കാലൻ ഹലാക്കിലെ ചിരിയാണ്.

നമ്മള് ഓനെ മൈൻഡ് ചെയ്യാതെ തൂണിൻറെ മറവില് നിന്നു. പിന്നെ ഓൻറെ ഒച്ചയൊന്നും കേക്കാത്തോണ്ട് നോക്കിയപ്പൊ ഓനെ അവിടെ കാണുന്നില്ലേന്നു.

നമ്മളൊന്ന് നെടുവീർപ്പിട്ടിട്ട് ജനലിൻറെ അങ്ങോട്ട് നീങ്ങി നിന്നു. എന്നിട്ട് അച്ചൂനെ നോക്കി കൊഞ്ഞലം കുത്തി.

ഓള് നമ്മളെ ഭാഗത്തേക്ക് നോക്കാതിരിക്കാൻ വേണ്ടി ഒരുപാട് കഷ്ടപ്പെടുന്നുണ്ട്. നമ്മള് ഓളെ ശൂ... ശൂ...ന്ന് വിളിച്ച് ശല്യം ചെയ്തോണ്ടിരുന്നു. നമ്മളെ കുരാമീസിന് ചിരി വന്ന് വായ പൊത്തി പിടിച്ചിരിക്കാണ്. നമ്മളാണെങ്കിൽ ഒറ്റക്ക് നിന്ന് ബോറടിച്ചോണ്ട് അച്ചൂന് ഒരു സ്വസ്ഥതയും കൊടുക്കുന്നില്ല.

സഹികെട്ടപ്പൊ ഓള് എന്തോ ഒന്ന് എഴുതിയിട്ട് എനിക്ക് ഇട്ട് തന്നു.

"പോടീ തെണ്ടി ചിരിപ്പിക്കാതെ...ആ കാലകേയൻ നോക്കുന്നുണ്ട്...

ആഹാ... നിനക്ക് ഞാൻ തരാ...ഡീ അച്ചൂ...തെണ്ടി നിൻറെ കെട്ടയോനാടി.."

എന്ന് നമ്മള് അത് വായിച്ചിട്ട് ഓൾക്ക് മറുപടി കൊടുത്തു. ഓള് അങ്ങനെ പറഞ്ഞാൽ വൈലൻറാകുമെന്ന് നമ്മക്ക് അറിയാ.

വിചാരിച്ച പോലെ തന്നെ ഓള് നമ്മളെ നോക്കി കൊണ്ട് "നീ പോടീ ഭദ്രകാളി..." എന്ന് പറഞ്ഞ് തിരിഞ്ഞതും സാറ് ഓളോട് ഗെറ്റൗട്ട് പറഞ്ഞതും ഒപ്പായിരുന്നു. അച്ചു സാറിനോട് താങ്ക്യൂ പറഞ്ഞിട്ട് ക്ലാസീന്ന് ഇറങ്ങി.

നമ്മള് ഓളെ നോക്കി ഹലാക്കിലെ ചിരി ആയിരുന്നു. പുറത്തിറങ്ങിയ പാടെ ഓള് നമ്മളെ ഒരുപാട് നുള്ളി പരുവാക്കി.

"നിനക്ക് എന്താടീ ഞങ്ങൾ പഠിക്കുന്നത് കണ്ടിട്ട് കണ്ണില് പിടിക്കുന്നില്ലേ...നിന്നെ കൊണ്ട് ക്ലാസും പോയി..."

"നിൻറെ പറച്ചില് കേട്ടാൽ തോന്നും നീ ഇപ്പൊ തന്നെ പഠിച്ച് ഡിഗ്രി നേടുമെന്ന്...

നീയൊക്കെ പഠിക്കാൻ താൽപര്യം കാണിക്കേ.,,.എന്നാലേ കാക്ക മലർന്ന് പറക്കും.."

അതിന് അച്ചു വളിഞ്ഞ ചിരി പാസാക്കി തന്നു. എന്നിട്ട്

പുറത്തേക്ക് നോക്കി നിന്നു.

"ആ...എന്തായാലും ക്ലാസില് ഇരിക്കുന്നതിനേക്കാൾ സമാധാനണ്ട് ഇവിടെ നിൽക്കുന്നതിൽ..."

"എന്നാലേ നമ്മക്ക് അവളുമാരെ കൂടി വിളിക്കാം...അവർക്കും കിട്ടട്ടേ കുറച്ച് സമാധാനം."

ഞങ്ങൾ ചിരിച്ചോണ്ട് വീണ്ടും ജനലിൻറെ അടുത്തേക്ക് നീങ്ങി നിന്നു. എന്നിട്ട് ഓരോരോ കോപ്രായങ്ങള് കാട്ടി കൂട്ടാൻ തുടങ്ങി.

ഒടുവിൽ സഹികെട്ടപ്പൊ നസി എണീറ്റിട്ട് സാറിനോട് പറഞ്ഞു.

"സാറേ പുറത്ത് നിന്ന് ഭയങ്കര ശബ്ദം അതോണ്ട് ജനല് അടക്കട്ടേന്ന്"... അയാള് ഓക്കെ പറഞ്ഞതും ഓള് ഞങ്ങളെ നോക്കി കൊഞ്ഞലം കാട്ടിയിട്ട് ജനല് അടച്ചു.

ഞാനും അച്ചുവും പരസ്പരം നോക്കി കൊണ്ട് പൊട്ടി ചിരിച്ചു.

" അച്ചൂ..എത്ര നേരെന്ന് വെച്ചാ ഇവിടെ ഇങ്ങനെ നിൽക്കാ?

അതോണ്ട് നമുക്ക് ലൈബ്രറിയിൽ പോയാലോ?"

"അതിന് ആ കാലകേയൻ സമ്മതിക്കോ?"

"അയാളെ സമ്മതം ആർക്ക് വേണം? നീ വരുന്നുണ്ടേൽ വാ..."

"എന്നാലും ഫെബീ.

.നമുക്ക് അയാളോട് ചോദിച്ച് പോയാലോ?"

"ഓ.....ഇങ്ങനെ ഒരു പെണ്ണ്.... ഉം നടക്ക്.."

അങ്ങനെ ഞാനും അച്ചുവും കൂടി വാതിലിൻറെ അടുത്തേക്ക് പോയീ.അയാള് മഴ പെയ്യിച്ച് കൊണ്ടുള്ള തിരക്കിലായിരുന്നു.

"എക്സ്ക്യൂസ് മീ സാർ....വൺ മിനിറ്റ്..."

എന്ന് പറഞ്ഞ് ഓള് അങ്ങേരെ വിളിച്ചു. അങ്ങേര് അടുത്ത് എത്തിയപ്പൊ അച്ചു നമ്മളെ അങ്ങേരെ മുന്നിലേക്ക് തള്ളി. നമ്മള് അങ്ങേരെ നോക്കി ഒന്ന് ഇളിച്ച് കാണിച്ചു.

"ഉം....എന്താ?"

"അത്...സാറ് എന്തായാലും ഈ പിരീഡ് മൊത്തം ഞങ്ങളെ പുറത്ത് നിർത്താനല്ലേ പ്ലാൻ?

അതോണ്ട് ഞങ്ങള് ലൈബ്രേറിയിൽ പൊയ്ക്കോട്ടെ സാർ?

ഇവിടെ നിൽക്കുന്നതിനേക്കാൾ ഭേദം അതല്ലേ സാർ..."

നമ്മളെ വർത്താനം കേട്ട് അങ്ങേര് ഞങ്ങള് രണ്ടിനേയും രൂക്ഷമായി നോക്കി.

"ഗെറ്റ് ലോസ്റ്റ്..."

അങ്ങേരെ അലർച്ച കേട്ടതും നമ്മള് അച്ചൂൻ്റെ കൈ പിടിച്ച് അവിടന്ന് പോകാൻ നിന്നു. അച്ചു നമ്മളെ കൈ വിടുവിച്ച് അങ്ങേരെ അടുത്തേക്ക് ചെന്നിട്ട് "താങ്ക്യൂ സാർ" എന്ന് പറഞ്ഞ് നമ്മളേയും കൊണ്ട് ലൈബ്രറിയിലേക്ക് ഒരോട്ടമായിരുന്നു.

ലൈബ്രറിയിൽ എത്തിയതും ഞാനും അച്ചുവും ചിരിക്കാൻ തുടങ്ങി. അപ്പൊ തന്നെ രാജേഷ് സാർ ശൂ..

പറഞ്ഞു. ഞങ്ങള് ചിരി കൺട്രോൾ ചെയ്ത് ബുക്ക്സ് എടുക്കാൻ തുടങ്ങി.

അപ്പോഴാണ് അച്ചു നമ്മളെ നോട്ടീസ് ബോർഡിൻ്റെ

അടുത്തേക്ക് വലിച്ചോണ്ട് പോയത്.

"എന്താടീ പെണ്ണേ...മര്യാദക്ക് ഒരു ബുക്ക് എടുക്കാൻ പോലും സമ്മതിക്കില്ലേ?"

"ബുക്ക് ഒക്കെ നമുക്ക് പിന്നെ എടുക്കാ... ഇപ്പൊ നീ ഇത് നോക്കിയേ..."

അച്ചു നോട്ടീസ് ബോർഡിലേക്ക് ചൂണ്ടിക്കാട്ടി. എന്ത് ഒലക്കയാ ഇനി അതിലുള്ളതെന്ന് കരുതി നമ്മളും നോട്ടീസിലേക്ക് കണ്ണ് പായിച്ചു.

"ഇത് നിങ്ങൾക്കുള്ളതാണ് ഫോൻസ്...

നിങ്ങൾ തേടി കൊണ്ടിരിക്കുന്നതിൻറെ ഉത്തരം ഇതിലുണ്ട്..."

എന്നിട്ട് ഒരു പാരഗ്രാഫ് തന്നിരിക്കുന്നു. ഞാനും അച്ചുവും പരസ്പരം മുഖത്തേക്ക് നോക്കി.

"ഫെബീ...ഇത് എന്തിൻ്റെ കാര്യാ കാക്കു പറയുന്നേ?"

"അവനെന്തിൻ്റെ കാര്യാ പറയുന്നതെന്ന് എനിക്ക് എങ്ങനെ അറിയാനാ?

എനിക്ക് തോന്നുന്നത് നമ്മളാണ് ഫാൻസ് എന്ന് അവൻ കണ്ടെത്തിയില്ലേ..അത് എങ്ങനെയാണെന്നാവും.."

"കറക്ട്...എന്നാ വാ നമുക്ക് നോക്കാം."

"ഞാൻ ഇല്ല...നീ തന്നെ അങ്ങ് നോക്ക്.എനിക്ക് അത് അറീയേണ്ട ആവശ്യമില്ല...."

നമ്മളൊരു പുച്ഛത്തോടെ അത് പറഞ്ഞെങ്കിലും അത് അറിയാനുള്ള തൊര നമ്മക്ക് ഉണ്ട്. അതോണ്ട് തന്നെ അച്ചു നിർബന്ധിപ്പിച്ചപ്പൊ അത് കണ്ടെത്താൻ ഞങ്ങൾ തീരുമാനിച്ചു.

രാജേഷ് സാറിൻറെ കണ്ണ് വെട്ടിച്ച് നമ്മള് ആ പേപ്പർ നോട്ടീസ് ബോർഡിൽ നിന്നും എടുത്തു. എന്നിട്ട് അതിലെ ഓരോ വരിയും നല്ല സൂഷ്മമായി വായിച്ചു. അന്ന് ഞങ്ങൾ ആ ഉത്തരം എങ്ങനെ ആണോ കണ്ടെത്തിയത് അതുപോലെ തന്നെ അതിലെ ഓരോ വാക്കുകളും നമ്പറും വെച്ച് കണ്ടെത്തി.

"ഫെബീ...ഇത് അന്ന് നമ്മള് കണ്ടെത്തിയ പോലെ തന്നെ ആണ് ഇതും കിട്ടിയത്. അപ്പൊ ആ ബുക്കില് കാണും എങ്ങനെയാ കാക്കു നമ്മളെ കണ്ടെത്തിയതെന്ന്."

നമ്മളും അതേ എന്ന രീതിയിൽ അച്ചുവിനെ നോക്കി തലയാട്ടി. അപ്പോഴേക്കും ബ്രേക്ക് ടൈം ആയി.അതോണ്ട് ബാക്കി മൂന്നും അപ്പൊ തന്നെ ലൈബ്രറിയിൽ ഹാജറായി.

അവരോടും അതിനെ കുറിച്ച് പറഞ്ഞു. എന്നിട്ട് ഞങ്ങൾ ആ ബുക്ക് കണ്ടെത്തി. അതിൽ നിന്നും ഒരു പേപ്പർ ആണ് കിട്ടിയത്. നമ്മള് അത് തുറന്ന് വായിച്ചു.

"ഹായ് ഫാൻസ്,

എനിക്ക് അറിയായിരുന്നു നിങ്ങൾ ഇത് എന്തായാലും കണ്ടെത്തുമെന്ന്.അതോണ്ട് തന്നെയാണ് ഞാൻ ഇങ്ങനെ ഒരു സെറ്റപ്പ് ഒരുക്കിയത്.

ഷംന,സൻഹ,നസീബ,അശ്വതി പിന്നെ എൻറെ എല്ലായെല്ലാമായ ഐഷു....."

നമ്മളത് വായിച്ചപ്പൊ തന്നെ നാലും ചിരി തുടങ്ങി. നമ്മള് അവരെ തുറുക്കനെ നോക്കിയപ്പൊ ഒന്നും നടക്കാത്ത പോലെ നാലും നാല് ദിക്കിലേക്ക് നോക്കി നിന്നു. നമ്മള് ദേഷ്യം കൺട്രോൾ ചെയ്ത് ബാക്കി വായിച്ചു.

"......നിങ്ങൾ അഞ്ച് പേരുമാണ് ഫാൻസ് എന്ന് കണ്ട് പിടിക്കാൻ എനിക്ക് ഒരുപാട് ഒന്നും തല പുകക്കേണ്ടി വന്നില്ല. കാരണം നിങ്ങൾ അറിയാതെ തന്നെ നിങ്ങൾ എനിക്ക് വേണ്ടി ഒരു ക്ലൂ അതിൽ വെച്ചിരുന്നു...."

നമ്മള് അന്തം വിട്ട് നാലിനേയും ഒന്ന്

നോക്കി.അവറ്റകളും അതേ റിയാക്ഷനിൽ നമ്മളെ തിരിച്ച് നോക്കി.

"ക്ലൂവോ? എന്ത് ക്ലൂ?" അച്ചുവാണ്.

"നീ ബാക്കി വായിക്ക് ഫെബീ അപ്പൊ അറിയാലോ..." സനയാണ്.

നമ്മളൊന്ന് തല കുലുക്കിയിട്ട് ബാക്കി വായിച്ചു.

"......നിങ്ങൾ ശ്രദ്ധിക്കാതെ പോയതും ഞാൻ ശ്രദ്ധിച്ചതുമായ ഒരു ക്ലൂ.

ഉത്തരം എഴുതിയ ശേഷം നിങ്ങൾ എഴുതിയ വാക്ക്...

നിങ്ങളെ ക്ലാസ്...."

അത് വായിച്ചപ്പോഴാ നമ്മക്ക് തന്നെ മനസ്സിലായത് അമളി പറ്റിയത്. നമ്മള് സ്വയം തലക്കൊന്ന്

കൊടുത്തിട്ട് ബാക്കി വായിച്ചു.

".....നിങ്ങളെ ക്ലാസ് ഏതാണെന്ന് എഴുതിയത് കൊണ്ടാണ് എനിക്ക് നിങ്ങളാണ് ഫാൻസ് എന്ന് കണ്ടെത്താൻ കഴിഞ്ഞത്.

അന്വേഷിച്ച് നോക്കിയപ്പൊ നിങ്ങളെ ക്ലാസിൽ നിന്നും ലൈബ്രറിയിലേക്ക് പോയിരുന്ന ടീം നിങ്ങൾ അഞ്ച് പേരുമാണ്. മാത്രമല്ല,നിങ്ങളെ ക്ലാസ് അറ്റൻഡൻസ് രെജിസ്റ്ററിൽ നോക്കിയപ്പൊ നിങ്ങൾ അഞ്ച് പേരുടേതുമല്ലാതെ മറ്റാരുടേയും പേരുകളും ഫാൻസുമായി കണക്ട് ചെയ്യാൻ പറ്റിയില്ല.

അതോണ്ട് പെട്ടെന്ന് തന്നെ കണ്ടെത്തി. നിങ്ങളെ ക്ലാസ് വെളിപ്പെടുത്തിയിട്ടില്ലെങ്കിൽ ഞാൻ കുറച്ച് വെള്ളം കുടിച്ചേനേ...

എന്തായാലും നിങ്ങൾ അഞ്ച് പേരെയും സമ്മതിച്ചിരിക്കുന്നു. ചുരുങ്ങിയ ടൈം കൊണ്ട് അതിൻറെ ഉത്തരം കണ്ടെത്താൻ ഇത്തിരിയൊക്കെ തലക്ക് ഉള്ളിൽ ആൾ താമസം വേണം. നിങ്ങൾക്ക് അതൊക്കെയുണ്ടെന്ന് അറിഞ്ഞത് ഇപ്പോഴാ...അപ്പൊ

ഓക്കേ ഗായ്സ് ഇതുപോലെ വീണ്ടും ഓരോ തരികിടകളുമായി ഞാൻ വരാം ഉത്തരം തരാൻ നിങ്ങൾ കാണുമെന്ന് കരുതുന്നു.

എന്ന് എൻറെ ഐഷൂൻറെ സ്വന്തം ആദി...."

അത് വായിച്ച് തീരേണ്ട താമസം നമ്മള് അതെടുത്ത് കീറി കളഞ്ഞു. നമ്മളെ കുരാമീസിന് ചിരി വന്നിട്ടുണ്ടെന്ന് അവറ്റകളെ മോന്ത കണ്ടാൽ തന്നെ അറിയാം. പക്ഷേ നമ്മള് എന്ത് പറയുമെന്ന് കരുതി മിണ്ടാതെ നിക്കാണ്.

"എന്തേ നിങ്ങൾക്ക് നാലിനും ഇപ്പൊ ഒന്നും പറയാനില്ലേ? അവൻ നമ്മളെ വെറും വിഢികളായിട്ടാണ് കണ്ടിരുന്നതെന്നാ അവൻ പറഞ്ഞതിന് അർത്ഥം....

ഇനിയും നിങ്ങൾക്ക് അവനെ സപ്പോർട്ട് ചെയ്യാൻ തോന്നുന്നുണ്ടോ?"

"അതിന് കാക്കു അതില് അങ്ങനെ ഒക്കെ പറഞ്ഞോ?"

അച്ചൂൻറെ ചോദ്യം കേട്ടപ്പൊ നമ്മള് ഓളെ ദഹിപ്പിക്കുന്ന ഒരു നോട്ടം നോക്കി.

"പിന്നെ അവനെന്താടി പറഞ്ഞത്...നിങ്ങളെ തലേല് ആൾ താമസം ഉള്ള കാര്യം അവനറിഞ്ഞില്ല പോലും... അപ്പൊ അതിൻറെ അർത്ഥം എന്താ നമ്മള് വിഢികളാണെന്നല്ലേ? അല്ലേ....അല്ലേന്ന്?"

"സൈലൻസ്..."

നമ്മളെ ശബ്ദം കൂടിയപ്പൊ രാജേഷ് സാർ ഇടയിൽ കേറി പറഞ്ഞു. നമ്മള് ഒരു സോറി പറഞ്ഞിട്ട് അവരേയും കൊണ്ട് ക്ലാസിലേക്ക് നടന്നു.

"ഫെബീ പറഞ്ഞതും കാര്യാ...ആദിൽക്ക നമ്മളെ വെറും വിഢികളായിട്ടാണ് കണ്ടത്. അതോണ്ടല്ലേ അങ്ങനെ ഒക്കെ പറഞ്ഞത്..."

നസി ഇത് പറഞ്ഞതും എല്ലാവരും തല കുലുക്കി സമ്മതിച്ചു. അച്ചു അടക്കം.

നമ്മക്ക് അതൊക്കെ കൂടി കണ്ടിട്ട് ചിരി കൺട്രോൾ ചെയ്യാൻ പറ്റുന്നില്ല. അങ്ങനെ അവനെ ഇനി ഇവര് സപ്പോർട്ട് ചെയ്ത് സംസാരിക്കില്ല എന്ന കാര്യത്തിൽ ഒരു തീരുമാനമായി.

"എടീ നസീ... കാക്കു ആ അർത്ഥത്തിൽ ആവില്ല അത് പറഞ്ഞത്. നമ്മള് ഇത്രക്ക് സ്മാർട്ടാകുമെന്ന് പ്രതീക്ഷിച്ചില്ല എന്നാകും..."

അച്ചു ഓനെ വീണ്ടും സപ്പോർട്ട് ചെയ്ത് സംസാരീച്ചപ്പൊ നമ്മക്ക് കലിപ്പ് കേറി വന്നു. പക്ഷേ നമ്മളെ മുന്നേ അച്ചൂനോട് ബാക്കി മൂന്നും കുരച്ച് ചാടിയിരുന്നു. അവര് മൂന്നു പേരും കൂടി അച്ചൂനെ പറഞ്ഞ് തിരുത്തി.അതോടെ അച്ചുവും ആ ശ്രമം നിർത്തി.

നമ്മള് നല്ല ഫുൾ ഹാപ്പിയിൽ തുള്ളിച്ചാടി കൊണ്ട് ക്ലാസിൽ കേറി ഇരുന്നു. ഞങ്ങൾ അഞ്ചു പേരും കൂടി ക്ലാസ് ഏതാണെന്ന് അതില് എഴുതി വെച്ചത് പറഞ്ഞ് നമ്മളെ കുറ്റപ്പെടുത്തി. കാരണം നമ്മള് അല്ലേ ക്ലാസും പേരുമൊക്കെ എഴുതിയത്. അതോണ്ട് നാല് പേരും പറയുന്നത് കേട്ടോണ്ടിരുന്നു.

കുറച്ച് കഴിഞ്ഞപ്പൊ നമ്മളെ മീനുക്കുട്ടി ക്ലാസിൽ വന്നു. ഞങ്ങളെ എല്ലാവരുടേയും ഫേവറിറ്റ് ടീച്ചറാണ് മീനുക്കുട്ടി. അതോണ്ട് ടീച്ചറെ ക്ലാസ് ഞങ്ങൾക്ക് ഒരുപാട് ഇഷ്ടാണ്.

ടീച്ചർ ക്ലാസ് എടുത്തോണ്ടിരുന്നപ്പൊ ഇടക്കിടക്ക് നമ്മളെ കണ്ണ് ജനലിൻറെ അങ്ങോട്ട് പോകുന്നുണ്ട്. എത്ര കൺട്രോൽ ചെയ്തിട്ടും അങ്ങോട്ട് നോക്കാതിരിക്കാൻ തോന്നുന്നില്ല. ഭാഗ്യത്തിന് ആ കോന്തനെ അവിടെയൊന്നും കാണുന്നില്ലേന്നു.

ഓൻ എവിടെ പോയെന്ന് ചിന്തിച്ചെങ്കിലും ഓൻ എവിടെ പോയാലും നമ്മക്ക് എന്താന്ന് ചിന്തിച്ചപ്പൊ ഒരു ആശ്വാസം കിട്ടി.

അങ്ങനെ ആ പിരീഡ് കഴിഞ്ഞ് ടീച്ചർ പോയി.പിന്നെ ഭീമൻ രഘു വന്നു.അങ്ങേര് ഇത്തവണ അരുണിനേയും ഷാമിലിനേയും ഒപ്പം ക്ലാസീന്ന് പുറത്താക്കി.രണ്ട് പേരും സ്വർഗ്ഗം കിട്ടിയ പോലെ തുള്ളി കൊണ്ട് ഞങ്ങൾ കാൻറീനിൽ കാണുമെന്ന് ഞങ്ങളോട് പറഞ്ഞിട്ട് പോയി. ഞങ്ങൾ ആ ഭീമൻ രഘുവിൻറെ ക്ലാസിൽ ഒരു പ്രതിമ കണക്കെ ഇരുന്ന് കൊടുത്തു. കാരണം ഇങ്ങേര് നമ്മളെ കാലകേയനേക്കാൾ ഭീകരനാണ്. ഇങ്ങേരെ മുഖത്ത് ഞങ്ങൾ ആരും ഇത് വരെ ഒരു പുഞ്ചിരി പോലും കണ്ടിട്ടില്ല.അത്രക്ക് സ്ട്രിക്ട്.

അങ്ങനെ അങ്ങേരെ പട്ടാള ക്യാമ്പ് പഠനം കഴിഞ്ഞപ്പൊ ഒന്ന് റിലാക്സായി. ഞങ്ങൾ അഞ്ചു പേരും കൂടി അപ്പൊ തന്നെ കാൻറീനിലേക്ക് വെച്ച് പിടിച്ചു.

കാലകേയനേയും ഭീമൻ രഘുവിനേയും തമ്മിൽ താരതമ്യം ചെയ്താണ് ഞങ്ങൾ കാൻറീനിലേക്ക് നടന്നത്. പെട്ടെന്ന് ഞങ്ങളെ മുന്നിലേക്ക് അഞ്ച് പേർ വന്നു. സഡൻ ബ്രേക്കിട്ട പോലെ ഞങ്ങൾ അവിടെ നിന്നു.

ഇതുവരെ കാണാത്ത പുതുമുഖങ്ങൾ,പക്ഷേ അവറ്റകളുടെ നിൽപ് കണ്ടാലറിയാം കോളേജിന് ഇവര് പഴകിയ മുഖങ്ങളാണെന്ന്. അവൻമാര് ഓരോരുത്തരും ഞങ്ങൾ അഞ്ചു പേരെയും മാറി മാറി അടിമുടി നോക്കി കൊണ്ടിരുന്നു. സ്വാഭാവികമായും ഏതൊരു ആൾക്കും തോന്നുന്ന പോലെ ഞങ്ങൾക്കും അവരെ നോട്ടം ഒരു അരോചകമായി തോന്നി.

നമ്മള് അത് കാര്യാക്കാതെ നമ്മളെ കുരാമീസിനോട് നടക്കാൻ പറഞ്ഞു. അവൻമാര് വീണ്ടും ഞങ്ങളെ തടഞ്ഞു.

അതിലെ ഒരുത്തൻ നമ്മളെ നേരെ വന്നു.

"നീ ഫോട്ടോയിൽ കാണുന്നതിനേക്കാൾ സുന്ദരിയാണല്ലോ..നിൻറെ പിറകെ മണപ്പിച്ച് നടത്താനുള്ള സൗന്ദര്യം ഒക്കെയുണ്ട്..."

അവൻറെ ഓരോ വാക്കുകളും നമ്മക്ക് ദേഷ്യം

വരുത്തി.നമ്മള് ഇച്ചിരി കലിപ്പിൽ പറഞ്ഞു.

"മാറി നിൽക്ക്...ഞങ്ങൾക്ക് പോകണം.."

"അതിനെന്താ പോകാലോ...നിങ്ങൾ നാല് പേരും പൊയ്ക്കോ...എനിക്ക് ആവശ്യം ഇവളെയാണ് ..."

അവൻ നമ്മളെ നേരെ ചൂണ്ടി കൊണ്ട് പറഞ്ഞപ്പൊ അവനുള്ളിൽ ഒരു പക നമ്മള് കണ്ടു. പക്ഷേ ഇവനാരാന്ന് പോലും നമ്മക്ക് അറീല,പിന്നെ എന്താ ഇവന് നമ്മളോട് ഇത്ര പകയെന്ന് നമ്മള് ചിന്തിച്ചു.

അവര് നമ്മളെ കുരാമീസിനെ അവിടന്ന് ആട്ടി പായിക്കാൻ നോക്കി. നമ്മള് അവരോട് പോകാൻ പറഞ്ഞു. അവര് മനസ്സില്ലാ മനസോടെ അവിടന്ന് പോയി.

അവര് പോയതും ഇവൻമാരെ മുന്നിൽ നിൽക്കാൻ ഒരു പേടി കൂടി തുടങ്ങി. ഗ്രൗണ്ടിൽ വെച്ചാണ് ഇവൻമാര്

തടഞ്ഞ് വെച്ചത്. അതോണ്ട് നമ്മളെ സ്ഥിരം കാഴ്ചക്കാര് തന്നെയാണ് കാണികൾ. ഇവൻമാര് ആരാ? ഇവരെ ഉദ്ദേശം എന്താ ഇതൊക്കെ ആലോചിച്ച് കൂട്ടായിരുന്നു നമ്മള്.

"ആയിഷ ഫെബീ...

കളത്തിങ്കൽ അബൂബക്കർ ഫൗസിയ ദമ്പതികളുടെ മൂത്ത പുത്രി.ഒരു അനിയൻ ഇർഷാദ്, പത്താം ക്ലാസിൽ ഒരു ഗവ സ്കൂളിൽ പഠിക്കുന്നു. ഒരു അനിയത്തി മുഹ്സിന, എട്ടാം ക്ലാസിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്നു. ഉപ്പാക്ക് ഒരു പല ചരക്ക് കടയുണ്ട്.അന്നന്നത്തെ വക കഴിഞ്ഞ് പോകുന്ന ഒരു മിഡിൽ ക്ലാസ് ഫാമിലി.... ആം ഐ റൈറ്റ്?"

അവൻ പറയുന്ന ഡീറ്റൈൽസ് കേട്ട് ഞെട്ടി നിൽക്കാണ് നമ്മള്. നമ്മളെ കുറിച്ച് ഒക്കെ എല്ലാം അറിയുന്ന ആളാണ് ഇവൻ.ഇവനാരാ? എന്നെ കുറിച്ച് എങ്ങനെ ഇവനറിയാം?

"നിന്നെ കുറിച്ച് പറഞ്ഞതൊക്കെ കേട്ട് ഷോക്കായോ? എനിക്ക് നിന്നെ കുറിച്ച് എല്ലാം അറിയാം. നിൻറെ പൂർവ്വ കാല ചരിത്രം വരെ."

അവനത് പറഞ്ഞപ്പൊ നമ്മളെ നെഞ്ചിൽ ഒരു ഇടി വെട്ടിയ പോലെ തോന്നി പോയി.

"വെറും മിഡിൽ ക്ലാസായ നീ എൻറെ അനിയത്തിക്ക് എതിരെ മത്സരിക്കാൻ നിൽക്കുന്നു."

നമ്മളൊന്നും മനസ്സിലാകാതെ അവനെ തന്നെ നോക്കി നിന്നു.

"മനസ്സിലായില്ലേ ഞാനെന്താ പറയുന്നതെന്ന്...

ഞാൻ ആദിയുടെ അളിയനാണ്.നിനക്ക് മനസ്സിലാകുന്ന പോലെ പറഞ്ഞാൽ സൽമൻറെ ഒരേയൊരു ബ്രദർ സാലിം."

'ഓഹോ...അവളെ ബ്രദറാണോ...നമ്മളും കരുതി ഏതാ ഈ അലവലാതിയെന്ന്. നമ്മളെ കുറിച്ച് ഇത്രക്കൊക്കെ അറിഞ്ഞ് വെച്ചിട്ടുണ്ടെങ്കിൽ വെറുതെ ആയിരിക്കില്ല ഈ കൂടിക്കാഴ്ച. അവള് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി,ഇവനിനി എന്താ പറയാൻ പോകുന്നത്?'

"നീ കാരണം എൻറെ പെങ്ങൾക്ക് ആദിയിൽ നിന്നും ഏൽക്കേണ്ടി വരുന്ന പീഡനങ്ങൾക്ക് കയ്യും കണക്കുമില്ല.

നിന്നെ പോലെ ഒരു മിഡിൽ ക്ലാസിന് ആദിയെ പോലെ ഒരുത്തനെ സ്വപ്നം പോലും കാണാനുള്ള യോഗ്യതയില്ല. ആ നീ...എൻറെ പെങ്ങളെ ജീവിതം തകർക്കാനായി അവർക്കിടയിലേക്ക് വന്നു."

"എസ്ക്യൂസ് മീ... ഞാൻ ആരുടേയും ജീവിതത്തിൻറെ ഇടയിലേക്ക് വന്നിട്ടില്ല...നിങ്ങൾ കരുതുന്ന പോലെ ഞാനും അവനും തമ്മിൽ യാതൊരു വിധ ബന്ധവുമില്ല.."

നമ്മളതും പറഞ്ഞ് പോകാൻ ഒരുങ്ങിയപ്പൊ അവൻ മുന്നിൽ വന്ന് നിന്നു.

"നിങ്ങൾ തമ്മിൽ യാതൊരു വിധ ബന്ധവുമില്ലാന്ന് പറഞ്ഞാൽ അത് കണ്ണും പൂട്ടി വിശ്വസിക്കുന്ന ഒരു മണ്ടനല്ല ഞാൻ.

നിങ്ങൾ തമ്മിൽ ഒരു ബന്ധവും ഇല്ലെങ്കിൽ പിന്നെ നിൻറെ ഫോട്ടോ എങ്ങനെ അവൻറെ അടുത്ത് വന്നു?"

"അതൊന്നും എനിക്കറീല...ഞാൻ പറഞ്ഞത് സത്യാണ്. അവനും ഞാനും തമ്മിൽ ഒരു ബന്ധവുമില്ല."

"ഓഹോ.....അപ്പൊ ഇതും നീയായിരിക്കില്ലലേ.."

നമ്മള് ആ കോന്തനെ പ്രപ്പോസ് ചെയ്ത വീഡിയോ അവൻ എനിക്ക് കാണിച്ച് തന്നു.

"ഇത് ഫ്രഷേഴ്സ് ഡേക്ക് ഞങ്ങക്ക് കിട്ടിയ ടാസ്ക്

ആയിരുന്നു. അതൊരു ഗെയിം മാത്രാണ്. അല്ലാതെ വേറെ ഒന്നും ഇല്ല."

"ഹ.....ഹ....ഹ....

ഗെയിം.... അതെങ്ങനെ നിനക്ക് അവനെ തന്നെ പാർട്ണറായി കിട്ടി? അവൻ മാത്രായിരുന്നോ അവിടെ ഉണ്ടായിരുന്ന ഒരേയൊരാൾ....ഗെയിം തന്നെ ആയിരുന്നു..

നീ പ്ലാൻ ചെയ്ത ഗെയിം..."

'ഫെബീ...ഇവൻമാര് മനപ്പൂർവ്വം പ്രശ്നത്തിന് വരാണ്.അതോണ്ട് നീയെന്ത് പറഞ്ഞിട്ടും കാര്യമില്ല. അതോണ്ട് സമ്മതിച്ച് കൊടുത്തേക്ക്. ബാക്കി വരുന്നിടത്ത് വെച്ച് കാണാം.'

"അതെ... എൻ്റെ ഗെയിം ആയിരുന്നു അവനെ തന്നെ വിളിച്ചത്. ഇനി എന്താ തനിക്ക് അറിയേണ്ടത്?

ഞാനും അവനും തമ്മിൽ എന്താ ബന്ധമെന്നോ? താൻ

ഉദ്ദേശിച്ചത് തന്നെ.

ഞങ്ങൾ തമ്മിൽ മുടിഞ്ഞ പ്രേമത്തിലാ...ഇനി തനിക്ക് വല്ലതും അറിയണോ?"

"ഡീ....സൂക്ഷിച്ച്.... സൂക്ഷിച്ച് എന്നോട് സംസാരിക്കണം. ഞാൻ ആരാന്ന് നിനക്ക് ശരിക്ക് അറീല. ഞാൻ വിചാരിച്ചാൽ ഇപ്പൊ ഈ നിമിഷം നിന്നെ ഇവിടെ വെച്ച് മാനം കെടുത്താനും എനിക്ക് പറ്റും. കാണണോ......"

എന്ന് പറഞ്ഞ് അവൻ എൻറെ നേരെ വന്നു,നമ്മള് പേടിച്ചെങ്കിലും അത് മുഖത്ത് കാണിക്കാതെ അവിടെ തന്നെ നിന്നു.

അവൻ എൻറെ അടുത്ത് എത്തിയതും എൻറെ നേരെ അവൻറെ കൈ നീണ്ടു. അവൻറെ കൈ തട്ടി മാറ്റാൻ നിന്നപ്പോഴേക്കും എൻറേയും അവൻറേയും ഇടയിലേക്ക് ആരോ വന്ന് നിന്നു.

അവന് മുഖാന്തരമായി നിന്നതോണ്ട് ആളെ നമ്മള് കണ്ടില്ല. അപ്പോഴേക്കും നമ്മളെ കുരാമീസ് ഓടി നമ്മളെ അടുത്തേക്ക് വന്നിരുന്നു.

നമ്മളെ മുന്നിൽ നിൽക്കുന്ന ആള് സാലിമിനെ പിടിച്ച് തള്ളി. എന്നിട്ട് നമ്മളെ തിരിഞ്ഞ് നോക്കി കൊണ്ട് പറഞ്ഞു.

"ഫെബീ...നീ ക്ലാസിൽ പോ...."

"കാക്കു... ഇങ്ങള് ഇവിടെ..."

"നിന്നോട് ക്ലാസിൽ പോകാനല്ലെ പറഞ്ഞത്...അച്ചൂ...ഇവളെ വിളിച്ചോണ്ട് പോ.."

അച്ചു നമ്മളെ കൈ പിടിച്ച് കൊണ്ട് പോകാൻ നോക്കി. നമ്മള് ഓളെ കൈ തട്ടി മാറ്റി.

"ഞാൻ പോകില്ല..കാക്കു വരാതെ ഞാൻ

പോകില്ല...കാക്കു വാ നമുക്ക് പോകാ..."

നമ്മള് കാക്കൂൻറെ കൈ പിടിച്ച് വലിച്ചു.അപ്പോഴേക്കും സാലിം കാക്കൂൻറെ മുഖത്ത് അടിച്ചിരുന്നു. അത് കണ്ടപ്പൊ അറിയാതെ നമ്മള് കൈ വിട്ട് വായ പൊത്തി നിന്നു.

എന്നിട്ട് കാക്കൂൻറെ അടുത്തേക്ക് ചെന്നു.

"കാക്കൂ....അവനെ വെറുതെ വിടരുത്. അങ്ങനെ ഇപ്പൊ നമ്മളെ കാക്കൂനെ തല്ലി ആരും ഷൈൻ ചെയ്യേണ്ട... കിട്ടിയത് തിരിച്ച് ഡബിളായി കൊടുത്തേക്ക്."

"ഹ.....ഹ....ഹ... ഇവൻ നിൻറെ കാക്കുവോ?

ഹ....ഹ...ഹ....എടാ സിയാദേ നിൻറെ പെങ്ങൾ വടിയായതല്ലേ? പിന്നെ ഇവളേത് വകയിലാടാ നിന്നെ കാക്കു എന്ന് വിളിക്കുന്നേ...

ഇനി പുറമേ കാക്കൂ എന്ന് വിളിച്ച് നടന്നിട്ട് ഉള്ളില് മറ്റേ

ബിസിനസാണോ?

ഹ....ഹ...ഹ..."

അവൻറെ ചിരി മുഴുമിപ്പിക്കാനുള്ള അവസരം കാക്കു അവന് കൊടുത്തില്ല.അതിന് മുന്നേ അവൻറെ മുഖത്ത് കാക്കൂൻറെ കൈ പതിഞ്ഞു. അത് കണ്ടപ്പൊ നമ്മള് നല്ലൊരു വിസിലും അടിച്ചു.

സാലിമും കൂട്ടരും കട്ട കലിപ്പിൽ കാക്കൂനെ തല്ലാൻ പാഞ്ഞ് വന്നു. അപ്പോഴേക്കും നമ്മളെ ബാക്കി ബ്രദേഴ്സും അവിടെ എത്തി.

പിന്നെ അങ്ങോട്ട് അവര് തമ്മിൽ പൊരിഞ്ഞ അടിയായിരുന്നു.ആദ്യം അതൊക്കെ കണ്ടപ്പൊ ഒരു ആവേശം തോന്നിയെങ്കിലും അവൻമാര് നമ്മളെ ബ്രദേഴ്സിനിട്ട് തല്ല് കൊടുക്കുന്നത് കണ്ടപ്പൊ നമ്മളെ ഉള്ള് നീറി.

ഞങ്ങൾ അഞ്ചു പേരും കൂടി ഞങ്ങളെ ബ്രദേഴ്സിനെ അവിടന്ന് പിടിച്ച് കൊണ്ട് പോകാൻ നോക്കിയെങ്കിലും

പറ്റിയില്ല. സാലിമും കൂട്ടരും ഞങ്ങളെ ബ്രദേഴ്സിനെ തല്ലി പരുവാക്കാണ്. ഇനിയും ഇത് കണ്ടോണ്ട് നിൽക്കാൻ പറ്റാത്തോണ്ട് നമ്മള് നേരെ പ്രിൻസിൻറെ അടുത്തേക്ക് ഓടി.

അയാളോട് ഗ്രൗണ്ടിൽ തല്ല് കൂടുന്ന കാര്യം പറഞ്ഞപ്പൊ ചാടി എണീറ്റു. എന്നിട്ട് ഗ്രൗണ്ടിലേക്ക് നടന്നു. പ്രിൻസിയോട് ആര് ആരൊക്കെ തമ്മിലാ എന്തിനാ തല്ല് എന്നൊക്കെ നടത്തത്തിനിടയിൽ പറഞ്ഞു കൊടുത്തു.

ഗ്രൗണ്ടിൽ എത്തിയപ്പൊ കണ്ട കാഴ്ച കണ്ട് നമ്മള് ഞെട്ടി. നമ്മളെ കുരാമീസ് നമ്മളെ നോക്കി അന്തം വിട്ട് വായ തുറന്ന് നിന്നു. എന്താ സംഭവിച്ചതെന്ന് അറിയാതെ നമ്മള് ഗ്രൗണ്ട് മൊത്തം ഒന്ന് കണ്ണോടിച്ചു.

(തുടരും)

_ഭാഗം.34_

ഗ്രൗണ്ടിൽ എത്തിയപ്പൊ കണ്ട കാഴ്ച കണ്ട് നമ്മള് ഞെട്ടി. നമ്മളെ കുരാമീസ് ആണെങ്കിൽ അന്തം വിട്ട് വായ തുറന്നു നിക്കാണ്. എന്താ സംഭവിച്ചതെന്ന് അറിയാതെ നമ്മള് ഗ്രൗണ്ട് മൊത്തം ഒന്ന് കണ്ണോടിച്ചു.

"താൻ അല്ലേ പറഞ്ഞത് ഇവിടെ തല്ല് നടക്കാണെന്ന്...എന്നിട്ട് എവിടെ?"

നമ്മളും ആകെ അന്തം വിട്ട് ഗ്രൗണ്ട് മൊത്തം ഒന്ന് പരതി നോക്കി. അവിടെയൊന്നും ആരേയും കാണുന്നില്ല. നമ്മളെ ബ്രദേഴ്സിനേയും കാണാനില്ല.ആ സാലിമിനേയും കൂട്ടരേയും കാണുന്നില്ല.

നമ്മള് കുരാമീസിനോട് എവിടേന്ന് ആംഗ്യം കാട്ടി. അവര് പരസ്പരം മുഖത്തേക്ക് നോക്കി നിന്നെന്നല്ലാതെ ഒന്നും മിണ്ടിയില്ല.

പ്രിൻസി നമ്മളോട് ചൂടായി കൊണ്ട് ഒരു വാണിങ്ങും തന്നിട്ട് അങ്ങേര് പോയി.

നമ്മള് കുരാമീസിൻ്റെ അടുത്തേക്ക് പോയി അവരോട് കാര്യം തിരക്കി.

"എടീ...കാക്കു എവിടെ? നമ്മളെ ബ്രദേഴ്സ് ഒക്കെ എവിടെ പോയി?"

നമ്മള് അച്ചൂനെ പിടിച്ച് കുലുക്കി.നാലും അപ്പോഴും ഒരു ഷോക്കിലാണ്.

"എടീ...നിങ്ങളോടാ ചോദിച്ചത്....അപ്പോഴേക്കും അവരെങ്ങോട്ടാ പോയത്? പറ..."

"അ...അത്...സിയാദ്ക്കയും സാലിമും തല്ല്...."

"ഞങ്ങൾ ഇവിടെയുണ്ട് ഫെബീ..."

അച്ചു എന്തോ നമ്മളോട് പറയാൻ നിന്നപ്പോഴേക്കും കാക്കുവും കൂട്ടരും ഞങ്ങളെ അടുത്ത് എത്തിയിരുന്നു.

"കാക്കൂ...നിങ്ങൾക്കൊന്നും പറ്റീലല്ലോ...

അവനെവിടെ? ആ സാലിം...."

"നീ അവനെ കാണാനാണോ വന്നത്? അതോ ഞങ്ങളെ കാണാനോ?"

"കാക്കൂ....ഇങ്ങനെ ചൂടാവല്ലേ....ഞാൻ അവനെ ഇവിടെ ഒന്നും കാണാത്തോണ്ട് ചോദിച്ചതല്ലേ..."

"ഉം.....അവൻമാർക്ക് കിട്ടേണ്ടത് കിട്ടിയപ്പൊ അവര് പോയി...."

അൻസിക്ക അങ്ങനെ പറഞ്ഞപ്പൊ നമ്മക്ക് ഒന്നും മനസ്സിലായില്ല. കാരണം,ഇവരല്ലെ അവൻമാരെ കയ്യീന്ന് വാങ്ങി കൂട്ടിയത്.ഇനി ചെലപ്പൊ നമ്മള് പോയ ഗ്യാപ്പിൽ

ഇവൻമാരിട്ട് ശരിക്ക് പെരുമാറി കാണും. നമ്മക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷം വന്നു.

നമ്മള് കാക്കൂൻറെ കയ്യും പിടിച്ചോണ്ട് കാൻറീനിലേക്ക് നടന്നു. എന്നിട്ട് നമ്മളെ വക ബ്രദേഴ്സിനും കുരാമീസിനും ചെലവ് കൊടുത്തു.

"ഇതൊക്കെ എന്തിനാ ഫെബീ...ഞങ്ങൾ നിന്നോട് ചോദിച്ചോ ഇതൊക്കെ..."

"എൻറെ കാക്കൂ...ഇത് ഞാൻ എൻറെ ബ്രദേഴ്സിനും ഫ്രണ്ട്സിനും വാങ്ങി തന്നതല്ലേ...എന്താ നിങ്ങള് കഴിക്കില്ലേ?"

"ഫെബീ...എന്നാലും ഇതൊക്കെ വാങ്ങി തരാൻ മാത്രം ഇവിടെ ഇപ്പൊ എന്താ ഉണ്ടായേ?"

"അച്ചൂ....ഒന്നൂല്ലെങ്കിലും നമ്മളെ ബ്രദേഴ്സ് അപ്പൊ വന്നില്ലെങ്കിൽ അടുത്ത സസ്പെൻഷനുള്ള വക ഞാൻ

ഉണ്ടാക്കിയേനേ...

അവൻമാരെ കയ്യീന്ന് ഇങ്ങള് രക്ഷപ്പെടുത്തിയി,പോരാത്തതിന് അവൻമാരെ തല്ലി ഓടിച്ചില്ലേ...അതിൻറെ സന്തോഷത്തിന് എൻറെ വകയാണിത്..."

നമ്മളെ മുഖത്തേക്ക് അവര് നോക്കിയിട്ട് പരസ്പരം മുഖത്തേക്ക് നോക്കി നിന്നു. നമ്മള് ഇവറ്റകൾക്കെന്താ പറ്റിയേ എന്ന നിലയിൽ അവരെ തന്നെ നോക്കി നിന്നു.

ഒടുവിൽ കൊടുത്തതൊക്കെ കാലിയാക്കിയിട്ട് എല്ലാവരും ഒന്ന് ചിരിച്ചോണ്ട് എണീറ്റ് പോയി. നമ്മളെ കുരാമീസ് നമ്മളെ നോക്കി കൊണ്ട് ഒരു ചിരി പാസാക്കി തന്നു. എന്നിട്ട് നമ്മളേയും കൊണ്ട് ക്ലാസിലേക്ക് പോയി.

"നിങ്ങൾ ഒക്കെ എന്താ സൈലന്റായേ?

ഞാൻ കുറെ നേരായി ശ്രദ്ധിക്കുന്നു.

പ്രിൻസിയെ വിളിക്കാൻ പോയി വന്നതിന് ശേഷം നിങ്ങൾ നാല് പേരും ഇങ്ങനെയാണ്...

എന്താ സംഭവം?

ഞാൻ പോയതിന് ശേഷം അവിടെ എന്താ ഉണ്ടായത്? ആ സാലിമും കൂട്ടരും എങ്ങോട്ടാ പോയത്..."

നാല് പേരും ഒരു കള്ള നോട്ടത്തോടെ പരസ്പരം മുഖത്തേക്ക് നോക്കി. എന്നിട്ട് നമ്മളോട് പറഞ്ഞു തുടങ്ങി.

"നീ...നീ പോയതിന് ശേഷം സിയാദ്ക്ക അവരിലൊരുത്തനെ ചവിട്ടി താഴെയിട്ടു." അച്ചുവാണ്.

"ആ....എന്നിട്ട് സിയാദ്ക്കയും അൻസിക്കയും കൂടി ആ സാലിമിനെ പിടിച്ച് വെച്ചു." നസിയാണ്.

"എന്നിട്ട് ജോണച്ചായൻ അവൻ്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തു."

ഷംനയാണ്.

"അപ്പോഴേക്കും നീ പ്രിൻസിയെ വിളിച്ച് കൊണ്ട് വരുന്നുണ്ടെന്ന് ആരോ പറഞ്ഞപ്പൊ അവൻമാരൊക്കെ കൂടി അവിടന്ന് ഓടി രക്ഷപ്പെട്ടു. കൂടെ നമ്മളെ ബ്രദേഴ്സും ഓടി പോയി... അല്ലേ...?"

സന അതും പറഞ്ഞ് ബാക്കി മൂന്നിനേയും നോക്കി.അവരും അതേ എന്ന രീതിയിൽ തലയാട്ടി. നമ്മക്ക് പക്ഷേ അവര് പറഞ്ഞതിനോട് അത്ര വിശ്വാസം വന്നില്ല. എന്നാലും ഇവർക്ക് നമ്മളോട് കള്ളം പറയേണ്ട ആവശ്യമില്ലല്ലോ എന്നാലോചിച്ചപ്പൊ നമ്മള് അവര് പറഞ്ഞത് വിശ്വസിച്ചു.

അങ്ങനെ ക്ലാസൊക്കെ അതിൻറെ വഴിക്ക് മുറ പോലെ നടന്നു. ഞങ്ങൾ എല്ലാവരും നന്നായി ഉറങ്ങി കൊണ്ട് ക്ലാസിൽ ഇരുന്നു.

ഇടക്ക് എപ്പോഴോ ആ കോന്തൻറെ ക്ലാസിലേക്ക് കണ്ണ് പോയെങ്കിലും അവിടെ അവനെ കണ്ടില്ല.അവനെ കാണാഞ്ഞപ്പൊ മനസ്സിൽ എന്തെന്നില്ലാത്ത സന്തോഷം...

'അവൻ കാരണാണ് ഇന്ന് ഞങ്ങളെ ബ്രദേഴ്സിന് ആ സാലിമിൻറെ കയ്യിൽ നിന്ന് തല്ല് കിട്ടിയത്....അവനും അവൻറെ ഒരു സൽമയും...

ആ കോന്തൻ വന്ന് വന്ന് കോളേജിലേക്ക് നമ്മളെ കയറ്റാൻ സമ്മതിക്കാത്ത വകയുണ്ടാക്കുന്ന ലക്ഷണമൊക്കെ ഉണ്ട്. ആ കോന്തൻ... അവനിട്ട് എന്തേലും ക്വട്ടേഷൻ കൊടുത്താലോ?

അവനെ കൊണ്ട് ഒരു ഇരിക്കപൊറുതിയില്ല....ഉം വരട്ടെ...അവനിട്ട് ഒരു പണി കൊടുക്കാൻ നമ്മക്കും കിട്ടും അവസരം...അന്ന് കൊടുക്കാം.'

നമ്മളങ്ങനെ ഓരോന്ന് ചിന്തിച്ച് ഇരുന്ന് ടൈം പോയതറിഞ്ഞില്ല. കോളേജ് വിട്ടപ്പൊ തന്നെ ഞങ്ങൾ ക്ലാസീന്ന് ഇറങ്ങി നടന്നു.

എല്ലാവരും പഴയ പോലെ കളിയും ചിരിയും തമാശകളുമൊക്കെ പറഞ്ഞോണ്ട് അവര് മൂന്നിനേയും

ഹോസ്റ്റലിലാക്കി. അപ്പൊ തന്നെ നമ്മളെ ശാഹിത്ത അവിടെ ലാൻഡ് ചെയ്തു.

ശാഹിത്ത രാവിലത്തെ കാര്യവും പറഞ്ഞ് നമ്മളെ നോക്കി ചിരിക്കാണ്.കൂടെ അച്ചുവും കൂടിയെങ്കിലും നമ്മളെ നോട്ടം കണ്ടപ്പൊ സൈലന്റായി.

"അല്ല ഫെബീ...ഇന്ന് ഉച്ചക്ക് സാലിമും കൂട്ടരും നിന്നെ പിടിച്ച് വെച്ച് തല്ലൊക്കെ ഉണ്ടായെന്ന് കേട്ടല്ലോ..."

"ആ...സൽമൻറേയും പിന്നെ ആ കോന്തൻറേയും കാര്യം പറഞ്ഞോണ്ട് ചുമ്മാ എന്നോട് ചൊറിയാൻ വരാ... അപ്പോഴേക്കും ഞങ്ങളെ ബ്രദേഴ്സ് വന്നു എന്നിട്ട് അവൻമാരെ ഒക്കെ തല്ലി പായിച്ചു."

"നിങ്ങളെ ബ്രദേഴ്സ് എന്ന് പറയുമ്പൊ 3rd years ൽ ഉള്ളവരോ?"

നമ്മള് ശാഹിത്താനെ നോക്കി അതേന്ന് തലയാട്ടി. ഇത്ത നെറ്റി ചുളിച്ചോണ്ട് നമ്മളേയും അച്ചൂനേയും ഒന്ന് നോക്കി.

"നീ കണ്ടോ തല്ലി പായിക്കുന്നത്?"

"ഞാൻ കണ്ടില്ല...ഇവളുമാര് പറഞ്ഞു."

ശാഹിത്ത അപ്പൊ തന്നെ അച്ചൂനെ ഒന്ന് നോക്കി. ഓള് ഇത്താക്ക് പല്ലിളിച്ച് കാണിച്ച് കൊടുത്തു. നമ്മള് എന്താ കാര്യമെന്ന് ഇത്താനോട് ചോദിച്ചപ്പൊ ചിരിച്ചോണ്ട് ഒന്നുമില്ലാന്ന് പറഞ്ഞു. അവര് എന്നിൽ നിന്നും എന്തോ മറച്ച് വെക്കുന്ന പോലെ നമ്മക്ക് തോന്നി.

"ആ...പിന്നെ ഞാൻ ഒരു കാര്യം പറയാൻ മറന്നു.ഇനി കുറച്ച് ദിവസം ഞാൻ കോളേജിലേക്ക് ഇല്ലട്ടൊ....ഫാമിലിയിൽ ഒരു കല്യാണമുണ്ട് എറണാകുളത്ത് വെച്ചിട്ട്...അതോണ്ട് ഈ ആഴ്ച ഞാൻ ലീവാകും.."

"അതാ... ശാഹിത്ത ഇല്ലെങ്കിൽ പിന്നെ ഞങ്ങൾക്ക് ബസിൽ വരാൻ ഒരു ഉശാറുണ്ടാകില്ല...അതോണ്ട് ശാഹിത്ത പോകണ്ട.."

അച്ചൂൻ്റെ പറച്ചില് കേട്ട് നമ്മളും ഇത്തയും ചിരിക്കാൻ തുടങ്ങി.

"എൻ്റെ അച്ചൂ...കുറച്ചൊക്കെ മയത്തില് തള്ള്.. ഞാൻ ഒരാഴ്ചയെ ലീവൊള്ളൂ..."

അച്ചു പല്ലിളിച്ച് കാണിച്ച് ശാഹിത്താനെ നോക്കി. ഇത്താൻ്റെ കസിൻ്റെ കല്യാണമാണ്. ഇത്ത ഇല്ലെങ്കിൽ പിന്നെ അച്ചു പറഞ്ഞപോലെ ബസില് വരാൻ ഒരു താൽപര്യവും ഉണ്ടാകില്ല. ഞാനും അച്ചു പറഞ്ഞത് ഇത്താനോട് പറഞ്ഞു. ഇത്ത ഞങ്ങളെ കളിയാക്കി ചിരിച്ചു. നമ്മളും ഒന്ന് ചിരിച്ച് കൊടുത്തു.

ബസ് സ്റ്റോപ്പിൽ എത്തിയപ്പൊ അവിടെ നിന്നിരുന്നവരൊക്കെ നമ്മളെ നോക്കി ഓരോന്ന് അടക്കം പറയാൻ തുടങ്ങി. നമ്മള് ശ്രദ്ധിക്കുന്നുണ്ടെന്ന് കാണുമ്പൊ അവര് സൈലൻ്റാകും. നമ്മള് അവരെ കാര്യാക്കാതെ ഇത്താനോടും അച്ചൂനോടും സംസാരിക്കാൻ തുടങ്ങി.

"ഫെബീ...എന്തായാലും ശാഹിത്ത ഒരാഴ്ച ലീവല്ലേ? നമുക്ക് എൻ്റെ സ്കൂട്ടി എടുത്താലോ?"

"ബെസ്റ്റ്....നിന്നെ അതിന് അച്ഛൻ വണ്ടി എടുക്കാൻ സമ്മതിച്ചിട്ട് വേണ്ടേ..."

"എടീ....അച്ഛൻ ഇവിടെ ഇല്ല...ഒരു വർക്കിൻ്റെ ആവശ്യത്തിന് ഹൈദരാബാദ് പോയതാ... രണ്ടാഴ്ച കഴിഞ്ഞേ വരൂ..."

"അച്ചൂ...വേണ്ടട്ടോ അച്ഛൻ അറിഞ്ഞാൽ പ്രശ്നാകും..."

"ഒരു പ്രശ്നവും ഇല്ല. അച്ഛനോട് ആരും ഒന്നും പറയില്ല. അമ്മയോട് ഞാൻ പറഞ്ഞ് സമ്മതിപ്പിച്ചോളാം."

"അപ്പൊ നയന പറഞ്ഞാലോ?"

"അവള് പറയില്ല..അവളും ഞാനും ഇപ്പൊ കട്ട ചങ്ക്സാണ്. ഓളും ഇപ്പോ അരുണിൻറെ കാര്യത്തിന് നമ്മക്ക് നല്ല സപ്പോർട്ടാ.."

അച്ചു അത് പറഞ്ഞപ്പോഴാ നമ്മക്ക് സിനു പറഞ്ഞ കാര്യം ഓർമ്മ വന്നത്. അതോർത്തപ്പൊ നമ്മള് അറിയാതെ ചിരിച്ച് പോയി.

നമ്മളെ ചിരി കണ്ടപ്പൊ അച്ചൂനും ഇത്താക്കും എന്താ കാര്യം എന്നറിയണം. നമ്മള് അപ്പൊ തന്നെ സിനു പറഞ്ഞതൊക്കെ അവരോട് പറഞ്ഞു.

എല്ലാം കേട്ട് കഴിഞ്ഞപ്പൊ അച്ചൂന് ദേഷ്യം വന്നു.

"ഓഹോ...അപ്പൊ ഇതാണല്ലെ ഓള് എൻറെ കാര്യത്തിന് ഇത്ര സപ്പോർട്ട് തരുന്നത്...ഓൾക്ക് ഞാൻ വെച്ചിട്ടുണ്ട്."

"എടീ അച്ചൂ..എടുത്ത് ചാടി ഒന്നിനും നിക്കണ്ട..ചെലപ്പൊ ഓള് നിനക്ക് പാരയാകും."

"അതേ...ഇത്ത പറയുന്നതിലും കാര്യമുണ്ട്..നീ ഇതൊക്കെ അറിഞ്ഞ പോലെ ഭാവിക്കണ്ട. ഓള് ചിലപ്പൊ പിടിക്കപ്പെട്ടു എന്ന് തോന്നിയാൽ നിന്നേ ബ്ലാക്ക് മെയിൽ ചെയ്യും. അതോണ്ട് നീ ഒന്നും അറിഞ്ഞിട്ടില്ല..അങ്ങനെ നടന്നാൽ മതി. ആ ശരത്തിനെ കുറിച്ച് ഒന്ന് അന്വേഷിക്കാൻ പറഞ്ഞേക്ക് അരുണിനോട്. എന്നിട്ട് എന്താന്ന് വെച്ചാൽ തീരുമാനിക്കാം..."

അച്ചു ഒന്ന് മൂളി കൊണ്ട് നയനയെ പറ്റി പറയാൻ തുടങ്ങി. അവളെ ഒരുപാട് ചീത്ത വിളിച്ച് പ്രാകി കൊണ്ടിരുന്നു.

നമ്മളും ഇത്തയും കൂടി ഓളെ പ്രാക്ക് കേട്ട് പൊരിഞ്ഞ ചിരി ആയിരുന്നു.

അങ്ങനെ ഞങ്ങളെ ബസ് വന്നു. ഞങ്ങൾ അതില് കേറി ഇരുന്നു. ആ കോന്തനെ കണ്ടില്ലല്ലോന്ന് നമ്മള് ഒന്ന് ചിന്തിച്ചു പോയി. കാരണം സാധാരണ ആ ബുള്ളറ്റിൽ കേറി പോകേണ്ട ടൈം കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും കാണാത്തോണ്ട് എന്തോ മനസ്സിന്....ഒരു

ആശ്വാസം.

"ഇന്ന് കാക്കൂനെ കണ്ടില്ലല്ലോ എവിടെ പോയി?"

നമ്മള് അച്ചൂനെ ഒന്ന് നോക്കി, പെണ്ണ് അപ്പോ തന്നെ നമ്മളെ നോക്കി സോറി പറഞ്ഞു.

ആ കോന്തൻ ഉച്ചക്ക് പോയെന്ന് ഇത്ത പറഞ്ഞു. ഞങ്ങൾ ഒന്നും മിണ്ടിയില്ല. അങ്ങനെ ഇത്താൻറെ സ്റ്റോപ്പ് വന്നപ്പൊ അടുത്ത ആഴ്ച കാണാമെന്ന് പറഞ്ഞ് ഇത്ത പോയി.

"ഫെബീ...നയന കാരണം സിനൂന് വല്ല പ്രശ്നവും ഉണ്ടാകോ? അങ്ങനെ വല്ലതും ഉണ്ടായാൽ അവളെ ഞാൻ ശരിയാക്കും നീ നോക്കിക്കോ..."

"അച്ചൂ...അതിന് മാത്രം ഒന്നും സംഭവിക്കില്ല. അവള് എൻറെ അനിയത്തിയാ അതോണ്ട് അതൊക്കെ അവൾക്ക് സർവ്വ സാധാരണായിരിക്കും....അതൊക്കെ

അവള് ഈസി ആയിട്ട് കൈ കാര്യം ചെയ്യും എനിക്ക് ഉറപ്പാ.."

നമ്മള് പറഞ്ഞതിനോട് അച്ചുവും യോജിച്ചെങ്കിലും എന്താകും സംഭവിച്ചിട്ടുണ്ടാവാന്ന് ആലോചിക്കുമ്പൊ നമ്മക്ക് ചെറിയ ടെൻഷനൊക്കെ ഉണ്ടായി.

അങ്ങനെ ഞങ്ങൾ നാട്ടിലെത്തി അച്ചു നാളെ നമ്മളെ വീട്ടിൽ വന്ന് പിക് ചെയ്തോളാമെന്ന് പറഞ്ഞ് പിരിഞ്ഞു.

നമ്മള് വീട്ടിൽ എത്തിയപ്പൊ തന്നെ സിനൂനെ ആയിരുന്നു അന്വേഷിച്ചത്. ഓള് കുളിക്കാണെന്ന് ഉമ്മച്ചി പറഞ്ഞപ്പൊ നമ്മളും റൂമില് പോയി ഫ്രഷായി നിസ്കരിച്ചിട്ട് താഴേക്ക് വന്നു.

എന്നിട്ട് ഉമ്മച്ചിൻറെ അടുത്തേക്ക് ചെന്നപ്പോഴുണ്ട് സിനു അവിടെ നിന്ന് തുള്ളിച്ചാടി കൊണ്ട് സ്കൂൾ വിശേഷങ്ങൾ പറയുന്നു. നമ്മളെ കണ്ടപാടെ ഓള് നോക്കി കണ്ണിറുക്കീ കാണിച്ചു.

ഓളെ മുഖത്തെ സന്തോഷം കണ്ടപ്പൊ തന്നെ

സ്കൂളിൽ വല്യ പ്രോബ്ലമൊന്നും ഉണ്ടായിട്ടില്ലാന്ന് മനസ്സിലായി.

അതോണ്ട് നമ്മള് ഉമ്മച്ചിനോട് നമ്മളെ കോളേജിലെ വിശേഷങ്ങൾ പറഞ്ഞു കൊടുത്തു. ആ കോന്തൻ എങ്ങനെയാ ഞങ്ങളാണ് ഫാൻസ് എന്ന് കണ്ടെത്തിയതെന്നും,കാക്കു എന്നെ റാഗ് ചെയ്ത ഒരു ടീമിനെ തല്ലിയെന്നും പറഞ്ഞ് കൊടുത്തു.

അങ്ങനെ അല്ലേ പറയാൻ പറ്റൂ...

അപ്പൊ തന്നെ ഉമ്മച്ചി കാക്കൂൻറെ നമ്പർ ചോദിച്ചു. ഇന്ന് കാൻറീനിൽ വെച്ച് നമ്മളെ ബ്രദേഴ്സിൻറെ നമ്പർ ഒക്കെ നമ്മള് വാങ്ങിയിരുന്നു.അതോണ്ട് കാക്കൂന് നമ്മള് വിളിച്ചിട്ട് ഉമ്മാക്ക് ഫോൺ കൊടുത്തു.

എത്ര നേരം ഉമ്മച്ചി സംസാരിച്ചെന്ന് അറീല. നമ്മള് ഫോൺ ചോദിച്ചിട്ട് മൂപ്പത്തി കേട്ട ഭാവം പോലും നടിച്ചില്ല. കാക്കൂനോട് ഭയങ്കര സംസാരാണ്. ഇടക്ക് നമ്മക്കിട്ടും ഉമ്മച്ചി താങ്ങുന്നുണ്ട്.

നമ്മളെ എല്ലാ കുരുത്തക്കേടൊളും ഉമ്മച്ചി കാക്കൂനോട് വിളമ്പി. നമ്മള് ഉമ്മച്ചീനെ തടഞ്ഞെങ്കിലും മൂപ്പത്തി എല്ലാം പറഞ്ഞിരുന്നു. നമ്മളെ നല്ലോണം ശ്രദ്ധിക്കണം,വല്ല കുരുത്തക്കേടും കാണിച്ചാൽ ഒന്ന് കൊടുത്തോണ്ടി എന്നൊക്കെ പറയുന്നുണ്ട്.

ഈയടുത്ത കാലത്തൊന്നും ഇനി ഫോൺ തിരിച്ച് കിട്ടില്ലാന്ന് മനസ്സിലായപ്പൊ നമ്മള് സിനൂനെയും കൊണ്ട് റൂമിലേക്ക് പോയി.

"എന്തായെടീ കാര്യങ്ങൾ? അവൻമാര് എന്താ നിന്നോട് പറഞ്ഞത്?

പറ...."

നമ്മള് അത് അറിയാനുള്ള ആകാംശയിൽ ഓളോട് ചോദിച്ചോണ്ടിരുന്നു. ഓളാണെങ്കിലോ നല്ല റിലാക്സായിട്ട് പൂസീമാനെ എടുത്ത് തലോടി കൊണ്ടിരുന്നു. നമ്മള് അപ്പൊ തന്നെ ഓളെ കയ്യീന്ന് പൂസീമാനെ വാങ്ങിയിട്ട് ഓളോട് എന്താ ഉണ്ടായതെന്ന് പറയാൻ പറഞ്ഞു. ഓള് നമ്മളെ നോക്കി ഒന്ന് ചിരിച്ചിട്ട് പറഞ്ഞു തുടങ്ങി.

xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

താത്ത പറഞ്ഞ വിശ്വാസത്തിൻ്റെ പുറത്താണ് ഇന്ന് സ്കൂളിലേക്ക് പുറപ്പെട്ടത്. ബസ് വന്നപ്പൊ നമ്മള് കേറി സീറ്റിൽ ഇരുന്നു. നയന നമ്മളോട് രണ്ട് ദിവസം എന്താ വരാഞ്ഞതെന്ന് ചോദിക്കുന്നുണ്ട് നമ്മള് ഓളെ മൈൻഡ് ചെയ്യാതെ പുറത്തേക്ക് നോക്കി ഇരുന്നു.

"സിനു നീ എന്നോട് തെറ്റിയോ?

സോറി എടീ എനിക്ക് അപ്പൊ ശരത്തേട്ടനോട് എൻ്റെ ഇഷ്ടം തുറന്ന് പറയല്ലാതെ വേറെ വഴി ഇല്ലേന്നു....

സോറി.....അന്ന് ശരത്തേട്ടൻ്റെ ഒരു ഫ്രണ്ട് ഇൻ്റർവെല്ലിന് എന്നെ കാണാൻ വന്നിരുന്നു. ഇന്ന് ഞാൻ ശരത്തേട്ടനോട് എൻ്റെ തീരുമാനം പറഞ്ഞില്ലെങ്കിൽ പിന്നെ ശരത്തേട്ടൻ എന്നെ ഇഷ്ടാണെന്ന് പറഞ്ഞ് പിറകെ വരില്ലെന്നും എൻ്റെ കൺമുന്നിലേക്ക് വരെ വരില്ലാന്നും പറഞ്ഞു. ശരത്തേട്ടനെ ഇഷ്ടാണെങ്കിൽ വൈകിട്ട് ബെല്ലടിച്ച

ഉടനെ ഗ്രൗണ്ടിലേക്ക് ചെല്ലാൻ പറഞ്ഞു ഞാൻ അതോണ്ടാ പോയത്..

സിനൂ...സോറി...നീ എന്നോട് ക്ഷമിക്കെടീ...

സിനൂ...നീ എന്നോട് എന്തെങ്കിലുമൊക്കെ പറയ്....എന്നെ വേണേൽ നീ തല്ലിക്കോ...പക്ഷേ എന്നോട് മിണ്ടാതിരിക്കല്ലെടാ പ്ലീസ്..."

നയന അതും പറഞ്ഞ് കരയാൻ തുടങ്ങി. അത് കണ്ടപ്പൊ നമ്മളെ മനസ് അലിഞ്ഞെങ്കിലും ഇവള് കാരണം അവൻമാരെ കയ്യീന്ന് കിട്ടാൻ പോകുന്ന പണിയെ കുറിച്ച് ആലോചിച്ചപ്പൊ ഒന്നും മിണ്ടാൻ തോന്നിയില്ല.

ഓള് നമ്മളോട് മിണ്ടാൻ ഒരുപാട് പറയുന്നുണ്ട്. നമ്മളതൊന്നും ചെവി കൊള്ളാതെ പുറത്തേക്ക് നോക്കി ഇരുന്നു.

സ്കൂളിൽ എത്തിയപ്പൊ മുതൽ നമ്മക്ക് ഉണ്ടായിരുന്ന ധൈര്യമൊക്കെ ചോർന്ന് പോയി. അവൻമാരെ കണ്ണിൽ പെടാതെ ക്ലാസിലേക്ക് പോകാൻ നിന്നെങ്കിലും അവര് ഗ്രൗണ്ടിൽ തന്നെ ഉണ്ടായിരുന്നു.

എന്തായാലും വരുന്നിടത്ത് വെച്ച് കാണാമെന്ന് മനസ്സിൽ ഉറപ്പിച്ചിട്ട് നമ്മള് അവൻമാരെ അടുത്തേക്ക് നടന്നു. കൂടെ നയനയുമുണ്ട്.

"നിന്നെ രണ്ട് ദിവസം കാണാതിരുന്നപ്പൊ ഞങ്ങൾ കരുതി നീ ഞങ്ങളെ പേടിച്ച് ഇനി സ്കൂളിൽ വരില്ലേന്ന്..."

അതും പറഞ്ഞ് നമ്മളോട് ബെറ്റ് വെച്ച തെണ്ടി ചിരിച്ചു.

"നിങ്ങളെ പേടിച്ച് സ്കൂളിൽ വരാതിരിക്കാൻ മാത്രം അത്രക്ക് വലിയ പുള്ളികളായിട്ടൊന്നും ഇൻക്ക് തോന്നിയിട്ടില്ല.

ഞാൻ രണ്ട് ദിവസം ലീവാക്കിയത് നിങ്ങളെ പേടിച്ചിട്ടൊന്നുമല്ല..എനിക്ക് എൻറേതായ പല കാരണങ്ങളും ഉണ്ടായിരുന്നു. അതൊന്നും നിങ്ങളെ ബോധിപ്പിക്കേണ്ട ആവശ്യം എനിക്കില്ല....എന്താ പറയാനുള്ളതെന്ന് വെച്ചാ പറ എനിക്ക് ക്ലാസിൽ പോകണം..."

നമ്മള് ഇത്തിരി കലിപ്പിൽ പറഞ്ഞു. അപ്പൊ ആ തെണ്ടി നമ്മളെ നോക്കി ചിരിച്ചോണ്ട് പറഞ്ഞു.

"ഞാൻ പറയുന്ന എന്തും ചെയ്യാമെന്ന് പറഞ്ഞത് നീ മറന്നിട്ടില്ലല്ലോ?"

"അങ്ങനെ പറഞ്ഞെന്ന് കരുതി നിങ്ങൾ പറയുന്ന എന്തും ചെയ്യാൻ എന്നെ കിട്ടില്ല. എനിക്ക് ശരിയെന്ന് തോന്നുന്നതേ ഞാൻ ചെയ്യൂ..."

നമ്മള് എടുത്തടിച്ച പോലെ അപ്പൊ തന്നെ അങ്ങനെ പറഞ്ഞു.

"ഓഹോ....അങ്ങനെ ആണെങ്കിൽ അങ്ങനെ...

നീയെന്തിനാ ചെയ്യേണ്ടതെന്ന് വെച്ചാൽ നിൻറെ ക്ലാസിൽ പഠിക്കുന്ന ഒരു ദിയ ഇല്ലേ? അവളെ കുറിച്ചുള്ള ഫുൾ ഡീറ്റൈൽസും ഒപ്പിച്ച് തരണം എന്തേ?"

അവൻറെ പറച്ചില് കേട്ടപ്പൊ നമ്മക്ക് പൊട്ടി ചിരിക്കാനാ തോന്നിയത്. വല്യ ആന കാര്യം പറയുമെന്ന് കരുതിയപ്പൊ ചേന കാര്യം കൊണ്ട് വന്നിരിക്കുന്നു.

"എന്തേ പറ്റില്ലേ... അതോ ഇനി വേറെ വല്ല പണിയും തരണോ?"

"വേണ്ട...ഞാൻ തരാം...അതിന് മുൻപ് ഇതെന്തിനാണെന്ന് പറയാൻ പറ്റോ?"

"പിന്നെന്താ പറയാലോ...ഇവനെൻ്റെ ഫ്രണ്ടാ ഇവന് ദിയ അങ്ങ് കണ്ടപ്പൊ തന്നെ ഇഷ്ടായി അപ്പൊ ഓളെ ഡീറ്റൈൽസ് നീ കണ്ടെത്തി തരണം എന്തേ?"

നമ്മള് ആ തെണ്ടിൻ്റെ കൂടെയുള്ള ഒരുത്തനെ നോക്കി. ഓൻ കണ്ണും മിഴിച്ച് ആ തെണ്ടിനെ നോക്കാണ്.

"എടാ ആഷീ..അത്.."

ആ തെണ്ടിൻ്റെ കൂടെയുള്ള ഒരുത്തൻ എന്തോ പറയാൻ നിന്നപ്പോഴേക്കും ഓൻ ഇടയിൽ കേറി നമ്മളോട് ചോദിച്ചു.

"ഇന്ന് വൈകുന്നേരത്തിനുള്ളിൽ കിട്ടണം എന്തേ പറ്റില്ലേ?"

നമ്മള് ഒന്ന് തലയാട്ടി കൊണ്ട് ക്ലാസിലേക്ക് നടന്നു. കൂടെ നയനയും വന്നു.

"സിനൂ....നീ ആഷിക്ക പറഞ്ഞ പോലെ ദിയനെ കുറിച്ച് അവരോട് പറയാൻ പോകാണോ?"

നമ്മള് നയന പറയുന്നത് ഒന്നും കേൾക്കാത്ത മട്ടിൽ ക്ലാസിലേക്ക് കേറി ഇരുന്നു.നയന നമ്മളെ പിന്നാലെ നടന്നു സോറി പറഞ്ഞോണ്ടിരുന്നു. നമ്മള് ഓളെ മൈൻഡ് പോലും ആക്കാതെ ദിയയെ തപ്പി ഇറങ്ങി.

"സിനൂ ഞാൻ കാരണല്ലെ നിനക്ക് ദിയനെ കുറിച്ചുള്ള ഡീറ്റൈൽസ് കണ്ടെത്തേണ്ടി വരുന്നത്. അതോണ്ട് നിനക്ക് പകരം ഞാൻ കണ്ടെത്തിക്കോളാം നീയെന്നോട് ഒന്ന് മിണ്ടിയാൽ മതി."

നയന ദയനീയമായി നമ്മളെ നോക്കി കൊണ്ട് പറഞ്ഞപ്പൊ നമ്മള് ഓളെ മോന്ത കണ്ട് ചിരിക്കാൻ തുടങ്ങി. നയനക്കും അപ്പോഴാ ഒരു ആശ്വാസം ആയത്.എനിക്ക് ഓളോട് ഉണ്ടായിരുന്ന ദേഷ്യവും പിണക്കവുമൊക്കെ ഓളെ തല്ലി നമ്മള് തീർത്തു.

അങ്ങനെ ഞങ്ങൾ രണ്ടാളും കൂടി ദിയനെ കുറിച്ചുള്ള ഡീറ്റൈൽസ് കളക്ട് ചെയ്യാൻ തുടങ്ങി.

ദിയ ഞങ്ങളെ ക്ലാസിൽ ആണെങ്കിലും ഞങ്ങൾ തമ്മിൽ അധികം പരിചയം ഇല്ലായിരുന്നു. അതോണ്ട് അവളോട് ആദ്യം തന്നെ ഞങ്ങൾ പരിചയപ്പെട്ടു. എന്നിട്ട് ഒരു ഫ്രണ്ടെന്ന നിലയിലേക്ക് ഞങ്ങളെ സംസാരം നീണ്ടു.

അവളെ കുറിച്ച് മനസ്സിലാക്കുന്നതിനിടയിൽ ഞങ്ങൾ കട്ട ചങ്ക്സായി മാറിയിരുന്നു.

നയന അവളെ കുറിച്ചുള്ള ഡീറ്റൈൽസ് ഒക്കെ ഒരു പേപ്പറിൽ എഴുതിയിട്ട് നമ്മക്ക് തന്നു. നമ്മളത് അപ്പൊ തന്നെ അത് കീറി.

"സിനൂ...നീയെന്തിനാ ഈ കാണിച്ചത്...ഇനി ആഷിക്കാക്ക് എന്ത് കൊടുക്കും."

"എടീ നയനേ...നീ ഒരു കാര്യം മനസ്സിലാക്കണം ദിയ ഇപ്പൊ നമ്മളെ ക്ലാസിലെ ഒരു കുട്ടി മാത്രല്ല.നമ്മളെ ഫ്രണ്ട് കൂടിയാണ്. അവൾക്ക് ഈ പ്രേമത്തിലൊന്നും യാതൊരു താൽപര്യവും ഇല്ല. അതോണ്ട് അറിഞ്ഞോണ്ട് ഓളെ ഒരു കുരുക്കിൽ ചാടിക്കാൻ ഞാൻ ഒരുക്കമല്ല.."

"അപ്പൊ നീ ആഷിക്കാക്ക് എന്ത് എടുത്ത് കൊടുക്കാനാ പ്ലാൻ? നീയെന്താ അവരോട് പറയാൻ പോകുന്നത്?"

"അതൊക്കെ നീ കണ്ടോ.. ഞാൻ എന്താ ചെയ്യാൻ പോകുന്നതെന്ന് ."

അങ്ങനെ വൈകിട്ട് സ്കൂൾ വിട്ടപ്പൊ നമ്മള് ദിയയേയും കൂട്ടി അവൻമാരെ അടുത്തേക്ക് നടന്നു. ദിയയെ നമ്മളെ കൂടെ കണ്ടപ്പൊ അവനമാര് ചെറുതായൊന്ന് പതറി.

"ഇതാ നിങ്ങൾ പറഞ്ഞ ദിയ..

നിങ്ങൾക്ക് എന്താ അറിയേണ്ടതെന്ന് വെച്ചാൽ ചോദിച്ചേക്ക്..."

ദിയ നമ്മളെ ഒരു സംശയത്തോടെ നോക്കി കൊണ്ട് അവൻമാരെ നേരെ തിരിഞ്ഞു.

"എന്താ ആഷിക്കാ? എന്ത് കാര്യാ നിങ്ങൾക്ക് അറിയേണ്ടത്?"

ദിയ ആഷിക്കാനോട് അങ്ങനെ ചോദിക്കുന്നത് കേട്ടപ്പൊ നമ്മളൊന്ന് ഞെട്ടി.

"ദിയാ നിനക്ക് ഇവരെ അറിയോ?"

"ആ...അറിയാതെ പിന്നെ... ഇത് എൻറെ ഇക്കാക്കയാണ് ദിൽഷാദ്. ഇത് ഇക്കാക്കാൻറെ ഫ്രണ്ട്സ് ശരത്തേട്ടൻ, ആഷിക്ക."

ദിയ പറയുന്നത് കേട്ട് നമ്മള് ഞെട്ടി പോയി. അപ്പൊ

അവൻമാര് നമ്മളെ ഇട്ട് കളിപ്പിക്കാണെന്ന് മനസ്സിലായി. നമ്മള് അവൻമാരെ ഒക്കെ ഒന്ന് തുറുക്കനെ നോക്കി കൊണ്ട് തിരിച്ച് ബസിലേക്ക് പോയി.

അവൻമാര് ദിയയോട് എന്തൊക്കെയോ പറയുന്നുണ്ട്. അവളും തിരിച്ച് അവൻമാരോട് എന്തൊക്കെയോ പറഞ്ഞ് ചൂടായി കൊണ്ട് അവളെ ബസിൽ കേറി പോയി. അവൻമാര് പരസ്പരം അവരെ തന്നെ കുറ്റപ്പെടുത്തി കൊണ്ട് നമ്മളെ ഒരു നോട്ടം. നമ്മള് അവൻമാരോട് നോക്കി നല്ലോണം ചിരിച്ച് കൊടുത്തു.

വീട്ടിൽ എത്തുന്ന വരെ ഞാനും നയനയും കൂടി അത് പറഞ്ഞ് ചിരീച്ചു. അവൻമാരെ ശല്യം ഒഴിഞ്ഞ് പോയ നിർവൃതിയിൽ നമ്മള് വീട്ടിലേക്ക് പോയി.

××××××××××××××××××××××××××××××××××××

സിനു ഇത് പറഞ്ഞു തീർന്നപ്പൊ തന്നെ നമ്മള് ഓളെ കളിയാക്കാൻ തുടങ്ങി.

"അയ്യേ.....ഇത്രക്ക് ചീള് കേസിനെ പേടിച്ചല്ലെ നീ രണ്ട് ദിവസം സ്കൂളിൽ പോകാതിരുന്നത്...അയ്യേ..."

"അൻക്ക് കളിയാക്കിയാൽ മതിയല്ലോ..ഞാൻ അല്ലേ അവരെ മുന്നിലേക്ക് പോയത്. ആ ..എന്തായാലും അതങ്ങ് തീർന്നല്ലോ അതാ ഒരു സമാധാനം....."

"സമാധാനിക്കാൻ വരട്ടെ മോളേ..

മിക്കവാറും ഇനിയാവും അവൻറെ ശല്യം കൂടി വരിക."

"ആയിക്കോട്ടെ....എനിക്ക് ഇപ്പൊ അവൻമാരെ ഒരു തരി പോലും പേടിയില്ല.അതോണ്ട് എന്തും നേരിടാൻ ഞാൻ തയ്യാറാ..."

"അല്ല സിനൂ...എനിക്കൊരു ഡൗട്ട്... ദിയ ദിൽഷാദിൻറെ അനിയത്തി ആണെന്ന് അവന് അറിയില്ലെ? പിന്നെ എന്തിനാ നിന്നോട് അവളെ പറ്റി ഡീറ്റൈൽസ് ചോദിച്ചത്?

അപ്പൊ എന്തോ ഉണ്ടല്ലോ മോളേ...ഇനി ആ ആഷിക്ക് നിന്നെ ഇഷ്ടാണോ?"

നമ്മളത് പറയേണ്ട താമസം ഓള് നമ്മളെ തലയണ കൊണ്ട് അടിക്കാൻ തുടങ്ങി. നമ്മള് വേഗം അവിടന്ന് പൂസീമാനെയും കൊണ്ട് താഴേക്ക് ഓടി. എന്നിട്ട് ഉമ്മാൻറേ മറവിൽ നിന്നിട്ട് ഓളെ കൊഞ്ഞലം കുത്തി.

ഓള് നമ്മളെ തല്ലാൻ വന്നപ്പോ ഉമ്മച്ചിൻറെ കയ്യീന്ന് ഓൾക്ക് നല്ലോണം കിട്ടി. നമ്മളാ ഗ്യാപ്പില് ഫോണും എടുത്തോണ്ട് റൂമിലേക്ക് ഓടി വാതിലടച്ചു.

എന്നിട്ട് നെറ്റ് ഓണാക്കി വാട്സപ്പിൽ കേറി. നമ്മള് അങ്ങനെ ഇങ്ങനെ ഒന്നും അധികം വാട്സപ്പിൽ കേറാറില്ലാത്തോണ്ട് മെസേജിൻറെ ചാകര ആയിരുന്നു.

നമ്മള് ഒരു പുതിയ ഗ്രൂപ്പ് തുടങ്ങിയിട്ട് അതിൽ നമ്മളെ ബ്രദേഴ്സിനേയും കുരാമീസിനേയും അതിൽ ആഡ് ചെയ്തു. എന്നിട്ട് വമ്പൻ ചാറ്റിങ്ങായിരുന്നു ഞങ്ങൾ.

കാക്കു ഉമ്മച്ചി പറഞ്ഞതൊക്കെ റെക്കോഡാക്കി ഗ്രൂപ്പിലിട്ടു. എന്നിട്ട് എല്ലാവരും കൂടി നമ്മളെ പൊങ്കാല ഇടാൻ തുടങ്ങി. നമ്മക്ക് ആണെങ്കിൽ ഉമ്മച്ചി കാക്കൂനോട് പറഞ്ഞതൊക്കെ കൂടി കേട്ടിട്ട് ചിരി വരാണ്. നമ്മളെ നല്ലോണം കുരാമീസും ബ്രദേഴ്സും കൂടി കളിയാക്കി.

കാക്കു: "ഫെബീ...ഇനി നീ കോളേജിൽ എന്ത് ചെയ്താലും സൂക്ഷിച്ച് ചെയ്തോ.അൻറെ ഫുൾ ചുമതലയും അൻറെ ഉമ്മ ഞങ്ങളെയാണ് ഏൽപ്പിച്ച് വെച്ചിരിക്കുന്നത്. സോ ബി കേർഫുൾ"

നമ്മള് അതിനെന്താ ആയിക്കോട്ടേന്നും മറുപടി കൊടുത്തു. ഞങ്ങൾ എല്ലാവരും ഒരുപാട് നേരം ചാറ്റ് ചെയ്തു.

കുറച്ച് കഴിഞ്ഞപ്പൊ നമ്മളെ ഫോണിലേക്ക് ഇന്നലെ വന്ന നമ്പറിൽ നിന്നും കോൾ വന്നു. നമ്മള് വേണോ വേണ്ടയോ എന്ന രീതിയിൽ അറ്റൻഡ് ചെയ്തു.

മറുഭാഗത്ത് നിന്നും ആ കോന്തൻറെ "ഹലോ ഐഷു".. എന്ന വിളി കേട്ടപ്പൊ തന്നെ നമ്മള് കോള് കട്ടാക്കി. അല്ലാ പിന്നെ ഓനോട് എൻറെ പട്ടി സംസാരിക്കും.

നമ്മള് ആ നമ്പറും റിജക്ടിലിട്ടിട്ട് നെറ്റ് ഓഫാക്കി ഫോൺ ബെഡിലേക്കിട്ടു. അപ്പോഴാ നമ്മക്ക് ആ കോന്തൻ ഷാദിക്ക് വേണ്ടി തന്ന കവർ ഓർമ്മ വന്നത്. നമ്മളത് ബാഗീന്ന് എടുത്തിട്ട് താഴേക്ക് ഇറങ്ങി.

ഉപ്പച്ചി കടേന്ന് വന്നിട്ടുണ്ട്. ഷാദി ഒക്കെ ഉപ്പച്ചിനോട് ഭയങ്കര കത്തിയാണ്. നമ്മള് അവരെ അടുത്തേക്ക് ചെന്നിട്ട് ആ കവറ് അവന് നേരെ നീട്ടി.

" ഇതെന്താ?"

"ആവോ...എനിക്കറീല...നിൻറെ സ്പോൺസറ് നിനക്ക് തരാൻ പറഞ്ഞതാ.."

നമ്മള് വല്യ താൽപര്യം ഒന്നും ഇല്ലാത്ത പോലെ ഓനോട് പറഞ്ഞു.

"ആര് ആദിൽക്കയോ?"

"ആ...ആ കോദിൽക്ക തന്നെ.."

ഉപ്പച്ചി നമ്മളെ അടുത്ത് നിന്ന് അത് വാങ്ങി തുറന്നു നോക്കി. ഷാദിക്ക് അടിപൊളി ഒരു ഷർട്ടും പാൻറും പിന്നെ ഒരു വാച്ചും. അതിൻറെ ഒക്കെ വില കണ്ടപ്പൊ നമ്മളെ കണ്ണ് തള്ളി പോയി. ഏകദേശം ഒരു പതിനായിരത്തിൻറെ അടുത്ത് കാണും.

ഷാദി അത് കയ്യിൽ കിട്ടിയപ്പൊ പിന്നെ നിലത്തൊന്നും അല്ലേന്നു. തുള്ളിച്ചാടി കൊണ്ട് ആ കോന്തനെ പൊക്കി പറയാൻ തുടങ്ങി.

നമ്മക്ക് അതൊക്കെ കൂടി കേട്ടപ്പൊ ദേഷ്യം എരിഞ്ഞ് കേറാൻ തുടങ്ങി. ഇനി ഇവിടെ നിന്നാൽ മിക്കവാറും

ഇവൻ്റെ തല അടിച്ച് പൊളിക്കേണ്ടി വരുമെന്ന് തോന്നിയതോണ്ട് നമ്മള് വേഗം റൂമിലേക്ക് പോകാൻ നിന്നു.

അപ്പോഴുണ്ട് ഉമ്മച്ചി നമ്മളെ നോക്കി കൊണ്ട് ഒരു ചോദ്യം.

"ഇവനീ പറയണ ആദിലിനെയാണോ ഫെബിയേ നീ കോളേജിൽ വെച്ച് കണ്ട ആദിൽ..."

നമ്മള് ഷാദിയെ തിരിഞ്ഞ് നോക്കി കൊണ്ട് ഉമ്മച്ചിനോട് ഒന്ന് മൂളി. ഷാദി നമ്മളെ മുഖത്തേക്ക് നോക്കാതെ വായ പൊത്തി കൊണ്ട് ആ ഷർട്ട് നോക്കിയിരുന്നു.

"അപ്പൊ അൻ്റെ ടൂർണമെൻ്റിൻ്റെ സ്പോൻസറ് ഫെബിൻ്റെ കോളേജില് പഠിക്കുന്നതാണോ?"

"ടൂർണമെൻ്റിൻ്റെ സ്പോൺസർ മാത്രല്ല ഉപ്പച്ചിയേ

ഞങ്ങളെ ടീമിന്റെയും സ്പോൺസറാണ്. പാവം ഇക്കയാണ്. നല്ല സ്വഭാവാണ് അതിന്...."

അവനത് മുഴുമിപ്പിക്കുന്നതിന് മുന്നേ നമ്മള് ഓനെ നോക്കി കണ്ണുരുട്ടിയിരുന്നു. അപ്പോഴേക്കും ഷാദി വേഗം വിഷയം മാറ്റി.

"ഉപ്പച്ചിയേ...ഞങ്ങൾ ടൂർണമെന്റിന് പോയ കാര്യം ആരാ പറഞ്ഞതെന്ന് ഇങ്ങള് ഇപ്പോഴും പറഞ്ഞില്ലല്ലോ.."

നമ്മക്കും അപ്പോഴാ ആ കാര്യം ഓർമ്മ വന്നത്.

"അതെന്നെ...ഇങ്ങളല്ലേ പറഞ്ഞത് ആ ആള് ഇന്നലെ വരുമെന്ന്. എന്നിട്ട് ആരും വന്നില്ലല്ലോ.."

(തുടരും)

ഭാഗം. 35

"അപ്പൊ നിനക്ക് ഇഷ്ടല്ലേ?" നസിയാണ്.

"ഞാൻ അങ്ങനെ പറഞ്ഞോ?"

"പിന്നെ എന്താ നീ പറയുന്നെ?"

നമ്മളെ ചോദ്യം കേട്ടപ്പൊ പെണ്ണ് നിന്ന് വിറക്കാൻ തുടങ്ങി. ഞങ്ങൾ നാല് പേരും കൂടി ഓളെ കളിയാക്കി കൊണ്ട് വീണ്ടും വീണ്ടും ചോദിച്ചോണ്ടിരുന്നു.

ഒടുക്കം ഓള് ഇഷ്ടാണെന്ന് സമ്മതിച്ചു.പിന്നെ പറയണ്ടല്ലൊ... ഞങ്ങൾ എല്ലാവരും കൂടി ഓളെ ഇട്ട് പൊരിക്കാൻ തുടങ്ങി. സനക്ക് നാണം കൊണ്ട് ഞങ്ങളെ മുഖത്തൊന്നും നോക്കാൻ വയ്യ.

ഈ പിരീഡ് ആരും ക്ലാസിൽ വന്നിട്ടില്ലാന്ന് ഞങ്ങളെ അപ്പോഴാ ശ്രദ്ധിച്ചത്.പെട്ടെന്ന് ഒന്ന് ബെല്ലടിച്ച് കിട്ടാൻ പ്രാർത്ഥിക്കായിരുന്നു നമ്മള്.

ബെല്ലടിച്ചതും നമ്മളൊരു ഓട്ടമായിരുന്നു സ്റ്റാഫ് റൂമിലേക്ക്. പിന്നാലെ സന ഒഴിച്ച് ബാക്കി മൂന്ന് പേരും ഉണ്ട്.

ഞങ്ങളെ കണ്ടതും റാഷിസാർ ഒരു കള്ളച്ചിരിയോടെ ഞങ്ങളെ അടുത്തേക്ക് വന്നു.

സാറിനോട് സനക്ക് സാറിനെ ഇഷ്ടാണെന്ന് പറഞ്ഞപ്പൊ എൻറെ സാറേ....ഞങ്ങളെ സാറിൻറെ മുഖത്തൊരു സന്തോഷം കാണണം...ഞങ്ങൾക്ക് നാലിനും അത് കണ്ടപ്പൊ ചിരിയാണ് വന്നത്.

സാറ് പേഴ്സിൽ നിന്ന് ഒരു അഞ്ഞൂറ് രൂപ ഞങ്ങൾക്ക് നേരെ നീട്ടി കൊണ്ട് വേണ്ടതെന്താന്ന് വെച്ചാൽ വാങ്ങി കഴിച്ചോന്ന് പറഞ്ഞു. നമ്മള് കേൾക്കേണ്ട താമസം അത് വാങ്ങി കൊണ്ട് സാറിനെ നോക്കി ചിരിച്ചിട്ട് ക്ലാസിലേക്ക് പോയി. എന്നിട്ട് സനക്ക് ആ അഞ്ഞൂറ് രൂപ കാണിച്ച് കൊടുത്തു.

"ടെണ്ടടേ...ഇത് കണ്ടോ നീ...റാഷിസാറിൻറെ ചെലവാണ് മോളേ.."

"എടീ ദുഷ്ടകളേ അപ്പോഴേക്കും സാറിനെ പിഴിയാനും തുടങ്ങിയോ?"

"കണ്ടോ ഓള് ഇപ്പൊ തന്നെ അധികാരം പിടിക്കാൻ തുടങ്ങി... ഇത് ഞങ്ങൾ ചോദിച്ചതൊന്നുമല്ല...സാറ് തന്നതാ.." ഷംനയാണ്.

അത് കേട്ടപ്പൊ ഓള് തല താഴ്ത്തി ചിരിച്ചു.

"ഇതില് അഞ്ഞൂറുണ്ട് നമ്മള് അഞ്ച് പേരും. ഓരോരുത്തർക്കും നൂറ് രൂപ വീതം. അല്ലെങ്കിൽ വേണ്ട... ഇവളെ എന്തിനാ കണക്കില് കൂട്ടുന്നേ?

ഓൾക്ക് ഇത് ഇഷ്ടായിട്ടില്ലല്ലോ അതോണ്ടാ നമുക്കിത് നാലായിട്ട് ഭാഗിക്കാം.. "

"അയ്യടി മനമേ... പൂതിണ്ടായിരുന്നോ? ഇൻറെ റാഷിസാറിൻറെ ചെലവ് ഇൻക്കും വേണം...അത്

അങ്ങനെ ഇപ്പൊ നിങ്ങള് മുണുങ്ങണ്ട..."

ഞങ്ങൾ നാല് പേരും കൂടി ഓളെ നോക്കി കൊണ്ട് "ഓ......" എന്ന് മൂളി കളിയാക്കി ചിരിച്ചു. ഉച്ചക്ക് കാൻറീനിൽ പോകാമെന്ന് തീരുമാനിച്ച് ഞങ്ങൾ ക്ലാസിലിരുന്നു.

അങ്ങനെ അടുത്ത പിരീഡ് വന്നത് കാലകേയൻ ആയിരുന്നു. അങ്ങേര് വന്ന പാടെ നമ്മളേയും അച്ചൂനേയും ഒരു നോട്ടമായിരുന്നു. ഇന്നലത്തെ ഗെറ്റൗട്ടിൻറെ നോട്ടമാണെന്ന് മനസ്സിലായോണ്ട് ഞങ്ങൾ കുറച്ച് ഡീസൻറിൽ ഇരുന്നു. അയാളെ ക്ലാസ് ശ്രദ്ധിച്ചോണ്ടിരിക്കുമ്പോഴാണ് ആരോ ശൂ...ശൂ...പറഞ്ഞ് കളിക്കുന്നത് കേട്ടത്.

നമ്മളും നമ്മളെ കുരാമീസും കൂടി കാലകേയൻ കാണാതെ ജനലിലൂടെ പുറത്തേക്ക് നോക്കി. ആ കോന്തനും കൂട്ടരും ഞങ്ങളെ നോക്കി കൊണ്ട് അവിടെ നിന്ന് കൈ കാണിച്ചു. നമ്മള് അപ്പൊ തന്നെ മുഖം തിരിച്ച് ഇരുന്നു.

ഈ കാലകേയൻറെ പിരീഡ് തന്നെ അവൻ വന്നതോണ്ട് ഒരു ഗെറ്റൗട്ട് ഉറപ്പാണെന്ന് മനസ്സിലായി അതോണ്ട് നമ്മള് അപ്പൊ തന്നെ ജനല് അടച്ചിട്ടു.

ഓനെ കാണുമ്പൊ ഇതുവരെ ഇല്ലാത്ത ഒരു ദേഷ്യവും പകയും എവിടെന്നാ വരുന്നതെന്നെ അറിയില്ല. ജനല് അടച്ചപ്പൊ എന്തായാലും കുറച്ച് ആശ്വാസം കിട്ടി. പക്ഷേ നമ്മളെ കുരാമീസിനെ കൊണ്ട് ഉള്ള ആശ്വാസം പോലും പോയി. എന്താ ഉണ്ടായതെന്ന് നിങ്ങക്ക് ഊഹിക്കാലോ?

അങ്ങനെ മൂപ്പര് എന്തൊക്കെയോ ക്ലാസെടുത്ത് പോയി. പിന്നെ വന്നത് അനിതയാണ്. ഇതിൻറെ ക്ലാസില് പിന്നെ എന്ത് ചെയ്താലും നോ പ്രോബ്ലം.അത് പാഠം എടുക്കുന്നുണ്ടാകും വേണ്ടവർക്ക് ശ്രദ്ധിക്കാം.അങ്ങനത്തെ പോളിസിയാണ് മൂപ്പത്തിൻറേത്. അതോണ്ട് ഞങ്ങൾ അഞ്ചു പേരും വമ്പൻ ഉറക്കായിരുന്നു അതിൻറെ ക്ലാസിൽ.

ലഞ്ച് ബ്രേക്കായപ്പോഴാ ഞങ്ങൾ എണീറ്റത്. പിന്നെ ഒന്നും നോക്കിയില്ല കാൻറീനിലേക്കൊരു

പോക്കായിരുന്നു ഞങ്ങൾ. കാൻറീനിൽ എത്തി ഞങ്ങൾ എല്ലാവരും വേണ്ടത് ഓഡർ ചെയ്തു. എന്നിട്ട് അതൊക്കെ നല്ലോണം കേറ്റി വയർ ഫുള്ളാക്കി. ഒടുക്കം തീറ്റ കഴിഞ്ഞപ്പൊ ഓരോ ഐസ്ക്രീമും നുണഞ്ഞോണ്ടിരിക്കുമ്പോഴാ ആ കോന്തൻ പ്രത്യക്ഷപ്പെട്ടത്.

ഓൻ ഞങ്ങളെ കണ്ടപ്പൊ തന്നെ ഹായ് പറഞ്ഞ് എൻറേയും അച്ചൂൻറേയും ഇടക്ക് ഒരു കസേരയിട്ട് ഇരുന്നു. നമ്മള് കുരാമീസിനെയൊക്കെ ഒന്ന് തുറുക്കനെ നോക്കി. നമ്മളെ നോട്ടത്തിൻറെ ഗൗരവം മനസ്സിലായോണ്ട് നാല് പേരും ഓനെ മൈൻഡ് ചെയ്തില്ല.

.

....

"ഹായ് അച്ചൂ...എന്തുണ്ട് വിശേഷം? അരുൺ എവിടെ

പോയി?"

നമ്മളെ ചോദ്യത്തിന് ഒന്നും ഒരു പ്രതികരണവും അവളിൽ നിന്നുണ്ടായില്ല. നമ്മളെ ഒന്ന് നോക്കുന്നത് പോലുമില്ല. അവള് മാത്രല്ല ബാക്കി നാലും കണക്കാ...

എല്ലാം നമ്മളെ പെണ്ണിൻറെ പണിയാകുമെന്ന് നമ്മക്ക് അപ്പൊ തന്നെ മനസ്സിലായി. അതോണ്ട് നമ്മള് ഓളെ തന്നെ നോക്കി ഇരുന്നു.

നമ്മള് ഓളെ നോക്കി ഇരിക്കുന്നത് കാണാത്ത പോലെ ആയിരുന്നു ഓളെ റിയാക്ഷൻ.

"എന്താ ഐഷൂ...ഇക്കാനോട് നിനക്ക് ഇപ്പോഴും പിണക്കം മാറിയില്ലേ?

നീയെന്താ ഞാൻ വിളിച്ചിട്ട് ഫോൺ എടുക്കാഞ്ഞത്?"

നമ്മളിങ്ങനെ ഓരോന്ന് ഓളോട് ചോദിച്ചോണ്ടിരുന്നു. ഓളതൊന്നും കേക്കാത്ത മട്ടിൽ ഐസ്ക്രീം കേറ്റി

കൊണ്ടിരിക്കാ.

"നോക്കട്ടേ ഐസ്ക്രീം ടേസ്റ്റുണ്ടോന്ന്..."

എന്ന് പറഞ്ഞ് നമ്മള് ഓളെ കയ്യീന്ന് ഐസ്ക്രീം തട്ടി പറിച്ച് വാങ്ങി. അവളിപ്പൊ കൊരച്ച് ചാടി വരുമെന്ന് കരുതിയ നമ്മക്ക് തെറ്റി. ഓള് നമ്മളെ നോക്കുക പോലും ചെയ്യാതെ മിനറൽ വാട്ടർ എടുത്ത് കുടിക്കാണ്.

എന്തായാലും ഇവളെ ഇങ്ങനെ വിടാൻ നമ്മള് ഉദ്ദേശിച്ചിട്ടില്ല.ഓളെ കൊണ്ട് നമ്മളെ രണ്ടു പറയിപ്പിക്കാതെ ഞാൻ അടങ്ങില്ല. അതോണ്ട് ഓള് വെള്ളം കുടിക്കുമ്പോ മനപ്പൂർവ്വം ഓളെ കയ്യീന്ന് വെള്ളം തട്ടി. അത് ഓളെ ദേഹത്ത് കൂടി പോയി.

അത് കണ്ട് അച്ചുവും കൂട്ടരും ഞെട്ടി തരിച്ച് സീറ്റീന്ന് എണീറ്റു. ഓളിപ്പൊ ചീറ്റപ്പുലി ആയിട്ട് നമ്മളെ കടിച്ച് കീറാൻ വരുമെന്ന് പ്രതീക്ഷിച്ച് നമ്മള് ഇരുന്നു.

പക്ഷേ അവിടേയും നമ്മളെ കണക്ക് കൂട്ടലുകൾ തെറ്റിച്ച് കൊണ്ടായിരുന്നു ഓളെ റിയാക്ഷൻ.

ഓള് നല്ല കൂളായിട്ട് ആ വെള്ളവും എടുത്തോണ്ട് കാശ് കൊടുത്ത് ഓളെ ഫ്രണ്ട്സിനേയും കൂട്ടി കാൻറീനിൽ നിന്ന് ഇറങ്ങി. നമ്മള് ഓളെ ഭാവമാറ്റം കണ്ട് ഷോക്കായിട്ട് അവിടെ ഇരുന്നു.

'എന്താ ഓൾക്ക് പറ്റിയത്? നമ്മളെ കൊന്ന് കൊലവിളിക്കുമെന്ന് പ്രതീക്ഷിച്ചിട്ട് ഒന്നും നടക്കാത്ത പോലെ ആണല്ലോ അവളെ ഭാവം..

എന്തായാലും ഓളെ അങ്ങനെ വെറുതെ വിടാൻ നമ്മക്ക് ഉദ്ദേശമില്ല. നിന്നെ കൊണ്ട് നമ്മളിന്ന് എന്തെങ്കിലും ഒക്കെ പറയിപ്പിക്കും. ഈ ആദിയോടാണോ നിൻറെ കളി...നിന്നെ എന്ത് പറഞ്ഞാ ദേഷ്യം പിടിപ്പിക്കേണ്ടതെന്ന് നമ്മക്ക് നന്നായിട്ട് അറിയാം.'

നമ്മള് അവരെ പിന്നാലെ അപ്പൊ തന്നെ കാൻറീനിൽ നിന്ന് ഇറങ്ങി. എന്നിട്ട് വിളിച്ച് കൂവി.

"ഐഷൂ...ഞാൻ ഇങ്ങനെയൊക്കെ ശല്യം ചെയ്തെന്ന്

കരുതി നീ മിണ്ടാതെ പോയിട്ട് ഒടുക്കം എന്നോട് ഇപ്പൊ തന്നെ ഇഷ്ടാണെന്ന് പറഞ്ഞേക്കല്ലേ?"

വിചാരിച്ച പോലെ തന്നെ നമ്മളെ ഡയലോഗ് ഏറ്റു.ഓള് അവിടെ നിന്നിട്ട് തിരിച്ച് ഒറ്റക്ക് നമ്മളെ അടുത്തേക്ക് വന്നു.

എന്തും സംഭവിക്കാമെന്ന മട്ടിൽ നമ്മളും കാൻറീനിൻറെ പരിസരത്തുണ്ടായിരുന്നവരും ഞങ്ങളെ തന്നെ നോക്കി നിന്നു. വാക്ക് കൊണ്ട് ഒരു വാൾപ്പയറ്റായിരുന്നു നമ്മള് ഉദ്ദേശിച്ചത് പക്ഷേ ഓള് നമ്മളെ കുളിപ്പിക്കായിരുന്നു ചെയ്തത്.

മനസ്സിലായില്ലേ?

ഓളെ കയ്യിൽ ഉണ്ടായിരുന്ന ആ വെള്ളം എടുത്ത് ഓള് നമ്മളെ തലേൽ കൂടി മുഴുവൻ അങ്ങ് കമിഴ്ത്തി.

"എനിക്ക് ഇഷ്ടമില്ലാത്ത ഒന്നും കയ്യിൽ വെച്ച് ശീലമില്ല. നീ എന്നെ നനപ്പിച്ചതോണ്ടാ ഞാൻ നിന്നെ ഇപ്പൊ കുളിപ്പിച്ചത്. ഇനി മേലാൽ എന്നെ ശല്യം ചെയ്താൽ

കുളിപ്പിച്ച് കിടത്താനും ഞാൻ മടിക്കില്ല."

എന്ന് പറഞ്ഞ് ഓള് പോകാൻ നിന്നതും നമ്മള് വിടോ? ഓളെ കയ്യിൽ പിടിച്ച് നമ്മളെ അടുത്തേക്ക് വലിച്ചു.

അപ്രതീക്ഷിത തിരിച്ചടി ആയോണ്ട് ഓള് ചെറുതായൊന്ന് പേടിച്ചിട്ടുണ്ട്. നമ്മള് ഓളെ മുഖത്തേക്ക് വരത്തക്ക വിധം തല കുടഞ്ഞു.

നമ്മളെ മുടിയിൽ നിന്ന് ഉറ്റി വീണ വെള്ളം ഓളെ മുഖത്തേക്ക് ആയപ്പൊ ഓള് കണ്ണടച്ച് പിടിച്ചു. നമ്മള് ഓളെ ഒന്ന് കൂടി നമ്മളിലേക്ക് അടുപ്പിച്ചതും പെണ്ണ് പെട്ടെന്ന് കണ്ണ് തുറന്ന് നമ്മളെ കാലിനൊരു ചവിട്ടാണ്.

നമ്മള് അപ്പൊ തന്നെ ഓളെ കയ്യീന്ന് വിട്ട് കാല് കുടഞ്ഞു. പകരം ഓളെ അരയിൽ കൂടി നമ്മളെ കയ്യ് പോയി ഓളെ ഒന്ന് കൂടി നമ്മളെ അടുത്തേക്ക് വലിച്ച് അടുപ്പിച്ചു.

ഓളെ കാപ്പിക്കുരു പോലത്തെ കണ്ണ് പുറത്തേക്ക് തള്ളി കൊണ്ട് നമ്മളെ തന്നെ നോക്കി നിന്നു. പെട്ടെന്ന് പെണ്ണ് ഭദ്രകാളിയെ പോലെ ഉറഞ്ഞ് തുള്ളി കൊണ്ട് നമ്മളെ പിടിച്ച് ഒരു തള്ളായിരുന്നു .

ചുമ്മാ പറയല്ലട്ടോ കണ്ടാൽ ഒരു ഈർക്കിളി ആണെങ്കിലും ഓൾക്ക് നല്ല ശക്തിയുണ്ട്.ഓളെ തള്ളലില് നമ്മള് നാലഞ്ച് അടി പുറകേട്ട് പോയി. ഭാഗ്യത്തിന് വീണില്ല, വീണിരുന്നെങ്കിൽ ഉള്ള മാനം കൂടി പോയേനേ...

പക്ഷേ ഇതൊന്നുമല്ല രസം. നമ്മളെ തള്ളിയിട്ട് ഇവിടെ ഒരുത്തി നെഞ്ചത്ത് കയ്യും വെച്ച് നമ്മളെ ഏതോ അന്യഗ്രഹ ജീവിയെ പോലെ നോക്കി നിൽക്കാണ്. ഓളെ നോട്ടം കണ്ടപ്പൊ നമ്മളൊന്ന് ചെറുതായി പതറി പോയി.കാരണം അത്രക്ക് രൂക്ഷവുമായിരുന്നു ഓളെ നോട്ടം.

പെട്ടെന്ന് എവിടെന്നോ തെളിവ് വന്ന പോലെ ഓള് വീണ്ടും നമ്മളെ അടുത്തേക്ക് പാഞ്ഞടുത്തു. എന്നിട്ട് വീണ്ടും ഓള് നമ്മളെ പിടിച്ച് തള്ളി. നമ്മള് നാലഞ്ച് അടി

വീണ്ടും പുറകിലേക്ക് പോയി. ഇവക്കെന്താ ഭ്രാന്തോ എന്ന് ചിന്തിച്ചോണ്ട് നമ്മള് ഓളെ നോക്കിയപ്പൊ പെണ്ണ് വീണ്ടും നെഞ്ചത്ത് കയ്യും വെച്ച് നിൽക്കാണ്.

പെട്ടെന്ന് ഓള് നമ്മളെ നേരെ വിരല് ചൂണ്ടി കൊണ്ട് ഒരു ചെറിയ പതർച്ചയോടെ പറഞ്ഞു.

"നീ....നീ.....നീയല്ലേ...നീയല്ലേ അന്ന് വയനാട്ടീന്ന് അയാളെ പിന്തുടർന്ന് ഓടിയത്? അത്...നീയല്ലേ?"

ഓളെ ശബ്ദം ഉറച്ച് കൊണ്ട് ഓള് പറയുന്നത് കേട്ട് നമ്മള് ഒരു നിമിഷം പകച്ച് പോയി.

'ഇവൾക്കെങ്ങനെ അതിനെ കുറിച്ച് അറിയാം? ഞാൻ അയാളെ പിന്തുടർന്ന് ഓടിയത് ഇവളെങ്ങനെ അറിഞ്ഞു? ഇവളെന്തിനാ എന്നോടിപ്പൊ അതിനെ കുറിച്ച് ചോദിച്ചത്?'

"അതെന്നെ...ഇങ്ങളല്ലേ പറഞ്ഞത് ആ ആള് ഇന്നലെ വരുമെന്ന്.. എന്നിട്ട് ആരും വന്നില്ലല്ലോ.."

"ആ....ഓന് ഇന്നലെ വരാൻ പറ്റീല.പിന്നെ ഒരിക്കൽ വരാന്ന് പറഞ്ഞു."

"ആര്...?"

ഉമ്മച്ചിൻ്റെ ചോദ്യം കേട്ടപ്പൊ തന്നെ അതാരാ ആളെന്ന് ഉപ്പച്ചി പറഞ്ഞു. ഫൈസൽക്ക....

മൂപ്പരെ കൊണ്ട് നമ്മള് തോറ്റു. എന്നാലും മൂപ്പരെ കൊണ്ടാണ് ഉപ്പച്ചിൻ്റെ മനസ് മാറിയതെന്ന് ഉപ്പച്ചി പറഞ്ഞപ്പൊ ഫൈസൽക്കാനോടുള്ള സിമ്പതി നമ്മക്ക് കൂടി. അല്ലെങ്കിലും നമ്മക്ക് മൂപ്പരോട് വല്യ ദേഷ്യം ഒന്നും ഇല്ലട്ടൊ. പക്ഷേ, എന്താന്ന് വെച്ചാ മൂപ്പര് നമ്മളെ എപ്പൊ കണ്ടാലും ആൾക്കൂട്ടത്തിന് ഇടയിൽ

ആണെങ്കിൽ പോലും നമ്മളെ നോക്കി "ഇൻറെ ഖൽബേ..." എന്നൊരു വിളിയാണ്. അത് കേക്കുമ്പൊ തന്നെ മൂപ്പരോടുള്ള സിമ്പതിയും സ്നേഹവുമൊക്കെ പമ്പ കടക്കും.

ഞങ്ങളെ കുടുംബത്തിലെ എല്ലാവർക്കും ഭയങ്കര ഇഷ്ടാണ് ഫൈസൽക്കാനെ. നമ്മക്ക് ഒഴിച്ച്. നമ്മക്കും ഇഷ്ടാണ്. പക്ഷേ, ഫൈസൽക്ക നമ്മളെ കാണുന്ന ഇഷ്ടമല്ലാന്ന് മാത്രം.

ഫൈസൽക്കയാണ് ഉപ്പച്ചിനോട് ടൂർണമെന്റിനെ കുറിച്ച് പറഞ്ഞതെന്ന് കേട്ടപ്പോ തന്നെ നമ്മള് വേഗം സ്കൂട്ടായി. ഇനി അവിടെ നിന്നാലേ എല്ലാവരും കൂടി ഫൈസൽക്കാക്ക് നമ്മളെ കെട്ടിച്ച് കൊടുക്കുന്ന കാര്യം എടുത്തിടും.അതോണ്ടാ വേഗം റൂമിലേക്ക് പോയത്.

നമ്മള് റൂമിലേക്ക് കേറി വാതിലടച്ച് ഫ്രഷായി നിസ്കരിച്ചിട്ട് കിടന്നു. കിടന്നെങ്കിലും നമ്മളെ കൂടപ്പിറപ്പിന് നമ്മളെ അടുത്തേക്ക് വരാനൊരു മടി. ഒരുപാട് തിരിഞ്ഞും മറിഞ്ഞും കിടന്ന് നോക്കി. നോ രക്ഷ.

മനസ് ഭയങ്കര അസ്വസ്ഥതയിലാണ്. ചിന്ത മുഴുവൻ ആ കോന്തനെ പറ്റിയും സൽമയെ പറ്റിയുമാണ്. അവര് തമ്മിൽ എങ്ങനെ എങ്കിലും ഒന്നിപ്പിക്കണം.എന്നാ പിന്നെ ആ രണ്ടിൻറേയും ശല്യം കാണില്ലല്ലോ...

അല്ലെങ്കിൽ വേണ്ട ഞാൻ എന്തിനാ അവരെ ഒന്നിപ്പിക്കുന്നേ? അതിൻറെ ആവശ്യമെന്താ? എന്നാലും ആ കോന്തനും അവൾക്കുമിട്ട് ഒരു പണി കൊടുക്കണം.അത് നമ്മള് കണക്ക് കൂട്ടി കൊണ്ട് എപ്പോഴോ ഉറങ്ങി പോയി.

രാവിലെ ഫോണിലെ അലാറം കേട്ടാണ് പിന്നെ എണീറ്റത്.ഇപ്പൊ മോണിങ് വോക്ക് ഒന്നും ഇല്ലാത്തോണ്ട് ലേറ്റായാണ് എണീക്കാറ്. അതോണ്ട് വേഗം നമ്മളെ സ്ഥിരം പരിപാടിയൊക്കെ കഴിച്ചിട്ട് താഴേക്ക് ഇറങ്ങി.

അപ്പോഴുണ്ട് ഉപ്പച്ചി വീണ് കാലും ഒടിഞ്ഞോണ്ട് വരുന്നു.നമ്മക്ക് അത് കണ്ടപ്പൊ സഹിച്ചില്ല എന്നാലും നമ്മള് ഉപ്പച്ചിനെ നോക്കി ഒന്ന് ചിരിച്ചു.

"എന്തൊക്കെ വീരവാദങ്ങളാ മുഴക്കിയത്..

ഇനി മുതൽ എനിക്ക് നിൻറെ ആവശ്യമില്ല ഷാദിൻറെ കൂടെ കളിക്കാൻ പോകാണല്ലേ...ഇപ്പൊ കളിൻറെ പൂതി മാറീലെ?"

നമ്മളെ വർത്താനം കേട്ടിട്ട് ഉപ്പച്ചി ഒന്നും മിണ്ടിയില്ല. ഉമ്മച്ചി നമ്മക്കുള്ള കാപ്പിയും കൊണ്ട് വന്നിട്ട് ഉപ്പാനെ ഇട്ട് വാരുന്നുണ്ട്.

"വയസാങ്കാലത്ത് ചെറിയ കുട്ട്യാളെ ഒപ്പം കളിക്കാൻ പോയതല്ലേ, ചെറുപ്പക്കാരൻ ആണെന്നാ വിചാരം...എന്തായാലും ഇനി അടങ്ങി പെരീല് ഇരിക്കല്ലൊ സമാധാനായി."

ഉമ്മച്ചി ഇങ്ങനെ ഓരോന്ന് പറയാൻ തുടങ്ങി.ഇടക്ക് ഷാദിക്കിട്ട് ഓരോ കിഴുക്കും കൊടുക്കുന്നുണ്ട്.നമ്മളതൊക്കെ കണ്ട് ചിരിച്ചോണ്ട് കാപ്പി അകത്താക്കി.

അപ്പോഴേക്കും അച്ചു നമ്മളെ വീട്ടിൽ ഹാജറായി.നമ്മള് എല്ലാരോടും യാത്ര പറഞ്ഞ് അച്ചൂൻറെ വണ്ടിയിൽ കേറി പോയി.

ഉപ്പച്ചി വീണതും ആ കോന്തൻ ഷാദിക്ക് വാങ്ങിച്ച് കൊടുത്തതെന്താന്നും സിനൂൻറെ സ്കൂൾ വിശേഷങ്ങളുമൊക്കെ അച്ചൂനോട് പറഞ്ഞു. ഓള് നയനൻറെ കാര്യവും അവളെ ശരത്തിൻറെ കാര്യം അരുണിനോട് പറഞ്ഞതും നമ്മളോട് പറഞ്ഞു.

ഞങ്ങൾ അവരെ കാര്യം സംസാരിച്ച് കോളേജിൽ എത്തിയതറിഞ്ഞില്ല. ഞങ്ങൾ സ്കൂട്ടിയിൽ വരുന്നത് കണ്ട് നമ്മളെ മൂന്ന് കുരാമീസും ഞങ്ങളെ അടുത്തേക്ക് ഓടി വന്നു.

ഞങ്ങൾ അവരോടൊക്കെ ഓരോന്ന് സംസാരിച്ച് ക്ലാസിലേക്ക് നടന്നു. ക്ലാസില് അരുണിനെ കണ്ടതും അച്ചു അവൻറെ അടുത്തേക്ക് പോയി.

അരുൺ ചെറിയ ചമ്മലോടെയാണ് അച്ചൂൻറെ

മുന്നിൽ നിന്നത്. എന്താ കാര്യമെന്ന് അറിയാൻ നമ്മളും അവരെ അടുത്തേക്ക് പോയി.

"എന്തായി അരുൺ...നീ ആ ശരത്തിനെ കുറിച്ച് അന്വേഷിച്ചോ?"

അവൻ ചെറിയ ചടപ്പോടെ ഒന്ന് തലയാട്ടി. അവനാരാന്ന് അച്ചു ചോദിച്ചപ്പൊ മടിച്ച് മടിച്ച് അവൻ മറുപടി കൊടുത്തു.

"എൻറെ അനിയനാണ് ശരത്ത്. അവനാണ് നയന സ്നേഹിക്കുന്നയാൾ.ഞാൻ അവനോട് ചോദിച്ചിരുന്നു.അവനത് സമ്മതിച്ച് തന്നു.."

അരുൺ പറയുന്നത് കേട്ട് അച്ചൂൻറെ കിളി പോയി. ഞങ്ങൾ നാല് പേരും കൂടി അവരെ നോക്കി പൊരിഞ്ഞ ചിരിയായിരുന്നു. അച്ചു ബാഗ് വെച്ചിട്ട് അരുണിനേയും കൂട്ടി കൊണ്ട് വരാന്തയിലേക്ക് പോയി അവിടെ നിന്ന് സംസാരിച്ചു.

കുറച്ച് കഴിഞ്ഞപ്പൊ രണ്ടാളും കൂടി വന്നു .ഞങ്ങൾ നാല് പേരും കൂടി അവരെ കളിയാക്കി കൊണ്ടിരുന്നു. അച്ചുവും അരുണും തല താഴ്ത്തി ചിരിച്ചോണ്ട് സീറ്റിലിരുന്നു.

അങ്ങനെ അവരെ കാര്യം ചർച്ച ചെയ്തോണ്ടിരിക്കുമ്പോഴാണ് നമ്മളെ റാഷിസാർ കേറി വന്നത്. മൂപ്പര് വന്നപ്പൊ മുതൽ നമ്മളെ നോക്കി ചിരിച്ചു. നമ്മളും തിരിച്ച് മൂപ്പർക്ക് ഒരു ചിരി പാസാക്കി. ഞങ്ങളെ രണ്ട് പേരെയും നമ്മളെ കുരാമീസ് മാറി മാറി നോക്കി കൊണ്ട് തലയാട്ടി ചിരിക്കാൻ തുടങ്ങി. നമ്മളത് കാര്യാക്കാതെ ക്ലാസ് ശ്രദ്ധിച്ചോണ്ടിരുന്നു.

ക്ലാസ് എടുക്കുമ്പൊ ഇടക്കിടക്ക് റാഷിസാർ നമ്മളെ നോക്കി ചിരിക്കുന്നുണ്ട്. അത് കണ്ടപ്പൊ നമ്മളെ കുരാമീസ് നമ്മളോട് പറയുന്ന പോലെ മൂപ്പർക്ക് നമ്മളോട് എന്തോ ഉണ്ടെന്നൊരു തോന്നൽ. ഇവറ്റകളാണെങ്കിലോ സാറിന് നമ്മളോട് എന്തോ ഉണ്ടെന്ന് പറയാൻ തുടങ്ങി.

എങ്ങനെ എങ്കിലും സാറിൻ്റെ പിരീഡ് കഴിഞ്ഞ്

കിട്ടിയാ മതിയായിരുന്നു എന്നായി നമ്മളെ പ്രാർത്ഥന.അപ്പൊ തന്നെ പിരീഡ് കഴിഞ്ഞ് സാറ് പോകാനൊരുങ്ങി. എന്നിട്ട് നമ്മളെ ഒന്ന് നോക്കി കൊണ്ട് പറഞ്ഞു.

"ഫെബീ....വൺ മിനിറ്റ്.. താനൊന്ന് വന്നേ ."

സാറ് അതും പറഞ്ഞ് വരാന്തയിലേക്ക് പോയി. നമ്മള് കുരാമീസിനെ നോക്കി കോളറ് പൊക്കുന്ന പോലെ കാണിച്ച് കണ്ണിറുക്കിയിട്ട് സാറിൻറെ പിന്നാലെ പോയി.

സത്യം പറഞ്ഞാൽ അവളുമാരെ മുന്നിൽ ഷൈൻ ചെയ്യാനാ അങ്ങനെ ഒക്കെ ചെയ്തത്.സാറെന്തിനാകും വിളിച്ചതെന്ന് ആലോചിച്ചിട്ട് നമ്മള് ടെൻഷനായി.

"സാർ എന്തിനാ വിളിപ്പിച്ചത്?"

"അത്...താനെന്നെ തെറ്റി ധരിക്കരുത്. താൻ എനിക്കൊരു ഹെൽപ് ചെയ്യണം."

നമ്മള് സാറിനെ തന്നെ ഉറ്റുനോക്കി കൊണ്ടിരുന്നു.

"ഹെൽപോ?എന്ത് ഹെൽപ്?"

"അത്...എനിക്ക് സൻഹയെ ഒരുപാട് ഇഷ്ടാണ്.കല്യാണം കഴിച്ചാൽ കൊള്ളാമെന്നുണ്ട്. ഞാൻ അവളുടെ ഇക്കാനോട് സംസാരിച്ചിരുന്നു.അവർക്കൊന്നും യാതൊരു എതിർപ്പുമില്ല.പക്ഷേ സൻഹൻറെ മനസ്സിൽ എന്താണെന്ന് അറിയില്ലല്ലോ..ഷാഹിദാണ് പറഞ്ഞത് തന്നോട് പറഞ്ഞാൽ താൻ അവളോട് ചോദിച്ചോളുമെന്ന്...താൻ സൻഹയോടൊന്ന് ചോദിക്കോ?"

നമ്മള് സാറ് പറയുന്നത് കേട്ട് ഒരു ചിരി ആയിരുന്നു. സാറ് നമ്മളെ ചിരി കണ്ടിട്ട് ആകെ വശളായി.അത് കണ്ടപ്പൊ നമ്മള് ചിരി കൺട്രോൽ ചെയ്തിട്ട് സാറിനോട് പറഞ്ഞു.

"എൻറെ സാറെ...സാറിനിത് ഓളോട് ചോദിച്ചാൽ പോരെ...അവരൊക്കെ വിചാരിച്ച് വെച്ചേക്കുന്നത് സാറിന് എന്നോട് എന്തോ ഉണ്ടെന്നാ...

അത് വിട്...സാറെ അവൾക്ക് സാറിനെ ഇഷ്ടാ..ഇന്നലെ കൂടി ഓള് പറഞ്ഞിട്ടുള്ളൂ...എന്നാലും ഒന്ന് ഉറപ്പിക്കാനായി ഞാൻ അവളോട് ചോദിക്കാം...

എല്ലാം ഓക്കേ ആയാൽ സാറ് ചെലവ് ചെയ്യണം.."

"അതൊക്കെ വേണ്ട പോലെ ചെയ്തോളാം..താനാദ്യം ഓളെ മനസ്സിലെന്താണെന്ന് അറിഞ്ഞ് വെക്ക്.."

"അതോർത്ത് സാറ് ടെൻഷനാകണ്ട ഇന്ന് വൈകുന്നേരത്തിനുള്ളിൽ ഓളെ തീരുമാനം സാറിനെ അറിയിച്ചിരിക്കും."

എന്ന് പറഞ്ഞ് നമ്മള് ക്ലാസിൽ കേറി ഇരുന്നു. നമ്മളെ കണ്ടതും കുരാമീസ് ചോദ്യം കൊണ്ട് വീർപ്പ് മുട്ടിച്ചു.

"എടീ ഫെബീ സാറെന്തിനാ നിന്നെ വിളിച്ചത്?" നസിയാണ്.

"നിന്നെ സാറ് പ്രപ്പോസ് ചെയ്യാനല്ലേ വിളിപ്പിച്ചത്?"

സനൻറെ ചോദ്യം കേട്ടപ്പൊ നമ്മള് ചിരിച്ചോണ്ട് ആണെന്നും അല്ലെന്നും തലയാട്ടി.

"പ്രപ്പോസിന് തന്നെയാ വിളിച്ചത്.പക്ഷേ എന്നെയല്ല നിന്നെ.."

എന്ന് നമ്മള് പൊട്ടി ചിരിച്ചോണ്ട് സനയോട് പറഞ്ഞപ്പൊ ഓളെ കിളി പോയത് നമ്മള് കണ്ടു.

"സാറിന് നിന്നെ ഭയങ്കര ഇഷ്ടാണെന്ന്... കല്യാണം കഴിക്കാനാണ് ആഗ്രഹം... നിൻറെ ഷാഹിക്കാനോട് സംസാരിച്ചിട്ടുണ്ട് മൂപ്പർക്ക് പൂർണ്ണ സമ്മതാണ്. നിൻറെ തീരുമാനം അറിയാൻ വേണ്ടിയാ സാറ് നമ്മളോട് ചോദിച്ചതെന്ന്.."

നമ്മളതും പറഞ്ഞ് ഓളെ നോക്കി ചിരിക്കാൻ തുടങ്ങി. കൂടെ നമ്മളെ ബാക്കി കുരാമീസും.

"നിനക്ക് സാറിനെ ഇഷ്ടല്ലേടീ..."

"അതെന്ത് ചോദ്യാ ഫെബീ...ഇന്നലെ ഓള് പറയുന്നത് നീയും കേട്ടതല്ലേ സാറിനെ പോലെ ഒരാളെ കിട്ടിയാൽ കണ്ണും പൂട്ടി ഓക്കെ പറയുമെന്ന്....എന്തിനാ ഇപ്പൊ സാറിനെ പോലെ ഒരാള് സാറിനെ തന്നെ എടുത്തോ സനേ.."

ഷംന അതും പറഞ്ഞോണ്ട് സനയെ ഒന്ന് കുലുക്കി. സ്വപ്നത്തിൽ എന്ന പോലെ പെട്ടെന്ന് ഓള് ഞെട്ടി ഞങ്ങളെ നോക്കി.

"നീ പറയെടീ നിനക്ക് സാറിനെ ഇഷ്ടല്ലേ?"അച്ചുവാണ്.

" ഒന്ന് പോകുന്നുണ്ടോ നാലും... ഇവള് വെറുതെ

ഓരോന്ന് പറഞ്ഞെന്ന് കരുതി നിങ്ങളും അതിന് കൂട്ട് നിൽക്കാ? ഇവള് ചുമ്മാ പറഞ്ഞതാകും അല്ലെടീ..."

"ഞാൻ കാര്യം പറഞ്ഞതാണ് സാറിന് നിന്നെ ഭയങ്കര ഇഷ്ടാണ്. സംശയം ഉണ്ടെങ്കിൽ ഷാഹിക്കാക്ക് വിളിച്ച് നോക്കാം."

"വേണ്ട...എനിക്ക് സംശയമില്ല."

"അപ്പൊ നിനക്ക് സാറിനെ ഇഷ്ടാണല്ലെ?"

അച്ചു ഒരു കള്ളച്ചിരിയോടെ ഓളോട് ചോദിച്ചു.

"ഞാൻ പറഞ്ഞോ ഇഷ്ടാണെന്ന്..."

"അപ്പൊ നിനക്ക് ഇഷ്ടല്ലേ?" നസിയാണ്.

"ഞാൻ അങ്ങനെ പറഞ്ഞോ?"

"പിന്നെ എന്താ നീ പറയുന്നെ?"

നമ്മളെ ചോദ്യം കേട്ടപ്പൊ പെണ്ണ് നിന്ന് വിറക്കാൻ തുടങ്ങി. ഞങ്ങൾ നാല് പേരും കൂടി ഓളെ കളിയാക്കി കൊണ്ട് വീണ്ടും വീണ്ടും ചോദിച്ചോണ്ടിരുന്നു.

ഒടുക്കം ഓള് ഇഷ്ടാണെന്ന് സമ്മതിച്ചു.പിന്നെ പറയണ്ടല്ലൊ... ഞങ്ങൾ എല്ലാവരും കൂടി ഓളെ ഇട്ട് പൊരിക്കാൻ തുടങ്ങി. സനക്ക് നാണം കൊണ്ട് ഞങ്ങളെ മുഖത്തൊന്നും നോക്കാൻ വയ്യ.

ഈ പിരീഡ് ആരും ക്ലാസിൽ വന്നിട്ടില്ലാന്ന് ഞങ്ങളെ അപ്പോഴാ ശ്രദ്ധിച്ചത്.പെട്ടെന്ന് ഒന്ന് ബെല്ലടിച്ച് കിട്ടാൻ പ്രാർത്ഥിക്കായിരുന്നു നമ്മള്.

ബെല്ലടിച്ചതും നമ്മളൊരു ഓട്ടമായിരുന്നു സ്റ്റാഫ് റൂമിലേക്ക്. പിന്നാലെ സന ഒഴിച്ച് ബാക്കി മൂന്ന് പേരും ഉണ്ട്.

ഞങ്ങളെ കണ്ടതും റാഷിസാർ ഒരു കള്ളച്ചിരിയോടെ ഞങ്ങളെ അടുത്തേക്ക് വന്നു.

സാറിനോട് സനക്ക് സാറിനെ ഇഷ്ടാണെന്ന് പറഞ്ഞപ്പൊ എൻറെ സാറേ....ഞങ്ങളെ സാറിൻറെ മുഖത്തൊരു സന്തോഷം കാണണം...ഞങ്ങൾക്ക് നാലിനും അത് കണ്ടപ്പൊ ചിരിയാണ് വന്നത്.

സാറ് പേഴ്സിൽ നിന്ന് ഒരു അഞ്ഞൂറ് രൂപ ഞങ്ങൾക്ക് നേരെ നീട്ടി കൊണ്ട് വേണ്ടതെന്താന്ന് വെച്ചാൽ വാങ്ങി കഴിച്ചോന്ന് പറഞ്ഞു. നമ്മള് കേൾക്കേണ്ട താമസം അത് വാങ്ങി കൊണ്ട് സാറിനെ നോക്കി ചിരിച്ചിട്ട് ക്ലാസിലേക്ക് പോയി. എന്നിട്ട് സനക്ക് ആ അഞ്ഞൂറ് രൂപ കാണിച്ച് കൊടുത്തു.

"ടെണ്ടടേ...ഇത് കണ്ടോ നീ...റാഷിസാറിൻറെ ചെലവാണ് മോളേ.."

"എടീ ദുഷ്ടകളേ അപ്പോഴേക്കും സാറിനെ പിഴിയാനും തുടങ്ങിയോ?"

"കണ്ടോ ഓള് ഇപ്പൊ തന്നെ അധികാരം പിടിക്കാൻ തുടങ്ങി... ഇത് ഞങ്ങൾ ചോദിച്ചതൊന്നുമല്ല...സാറ് തന്നതാ.." ഷംനയാണ്.

അത് കേട്ടപ്പൊ ഓള് തല താഴ്ത്തി ചിരിച്ചു.

"ഇതില് അഞ്ഞൂറുണ്ട് നമ്മള് അഞ്ച് പേരും. ഓരോരുത്തർക്കും നൂറ് രൂപ വീതം. അല്ലെങ്കിൽ വേണ്ട... ഇവളെ എന്തിനാ കണക്കില് കൂട്ടുന്നേ?

ഓൾക്ക് ഇത് ഇഷ്ടായിട്ടില്ലല്ലോ അതോണ്ടാ നമുക്കിത് നാലായിട്ട് ഭാഗിക്കാം.. "

"അയ്യടി മനമേ... പൂതിണ്ടായിരുന്നോ? ഇൻറെ റാഷിസാറിൻറെ ചെലവ് ഇൻക്കും വേണം...അത് അങ്ങനെ ഇപ്പൊ നിങ്ങള് മുണുങ്ങണ്ട..."

ഞങ്ങൾ നാല് പേരും കൂടി ഓളെ നോക്കി കൊണ്ട്

"ഓ......" എന്ന് മൂളി കളിയാക്കി ചിരിച്ചു. ഉച്ചക്ക് കാൻറീനിൽ പോകാമെന്ന് തീരുമാനിച്ച് ഞങ്ങൾ ക്ലാസിലിരുന്നു.

അങ്ങനെ അടുത്ത പിരീഡ് വന്നത് കാലകേയൻ ആയിരുന്നു. അങ്ങേര് വന്ന പാടെ നമ്മളേയും അച്ചൂനേയും ഒരു നോട്ടമായിരുന്നു. ഇന്നലത്തെ ഗെറ്റൗട്ടിൻറെ നോട്ടമാണെന്ന് മനസ്സിലായോണ്ട് ഞങ്ങൾ കുറച്ച് ഡീസൻറിൽ ഇരുന്നു. അയാളെ ക്ലാസ് ശ്രദ്ധിച്ചോണ്ടിരിക്കുമ്പോഴാണ് ആരോ ശൂ...ശൂ...പറഞ്ഞ് കളിക്കുന്നത് കേട്ടത്.

നമ്മളും നമ്മളെ കുരാമീസും കൂടി കാലകേയൻ കാണാതെ ജനലിലൂടെ പുറത്തേക്ക് നോക്കി. ആ കോന്തനും കൂട്ടരും ഞങ്ങളെ നോക്കി കൊണ്ട് അവിടെ നിന്ന് കൈ കാണിച്ചു. നമ്മള് അപ്പൊ തന്നെ മുഖം തിരിച്ച് ഇരുന്നു.

ഈ കാലകേയൻറെ പിരീഡ് തന്നെ അവൻ വന്നതോണ്ട് ഒരു ഗെറ്റൗട്ട് ഉറപ്പാണെന്ന് മനസ്സിലായി അതോണ്ട് നമ്മള് അപ്പൊ തന്നെ ജനല് അടച്ചിട്ടു.

ഓനെ കാണുമ്പൊ ഇതുവരെ ഇല്ലാത്ത ഒരു ദേഷ്യവും പകയും എവിടെന്നാ വരുന്നതെന്നെ അറിയില്ല. ജനല് അടച്ചപ്പൊ എന്തായാലും കുറച്ച് ആശ്വാസം കിട്ടി. പക്ഷേ നമ്മളെ കുരാമീസിനെ കൊണ്ട് ഉള്ള ആശ്വാസം പോലും പോയി. എന്താ ഉണ്ടായതെന്ന് നിങ്ങക്ക് ഊഹിക്കാലോ?

അങ്ങനെ മൂപ്പര് എന്തൊക്കെയോ ക്ലാസെടുത്ത് പോയി. പിന്നെ വന്നത് അനിതയാണ്. ഇതിൻറെ ക്ലാസില് പിന്നെ എന്ത് ചെയ്താലും നോ പ്രോബ്ലം.അത് പാഠം എടുക്കുന്നുണ്ടാകും വേണ്ടവർക്ക് ശ്രദ്ധിക്കാം.അങ്ങനത്തെ പോളിസിയാണ് മൂപ്പത്തിൻറേത്. അതോണ്ട് ഞങ്ങൾ അഞ്ചു പേരും വമ്പൻ ഉറക്കായിരുന്നു അതിൻറെ ക്ലാസിൽ.

ലഞ്ച് ബ്രേക്കായപ്പോഴാ ഞങ്ങൾ എണീറ്റത്. പിന്നെ ഒന്നും നോക്കിയില്ല കാൻറീനിലേക്കൊരു പോക്കായിരുന്നു ഞങ്ങൾ. കാൻറീനിൽ എത്തി ഞങ്ങൾ എല്ലാവരും വേണ്ടത് ഓഡർ ചെയ്തു. എന്നിട്ട് അതൊക്കെ നല്ലോണം കേറ്റി വയർ ഫുള്ളാക്കി.

ഒടുക്കം തീറ്റ കഴിഞ്ഞപ്പൊ ഓരോ ഐസ്ക്രീമും നുണഞ്ഞോണ്ടിരിക്കുമ്പോഴാ ആ കോന്തൻ പ്രത്യക്ഷപ്പെട്ടത്.

ഓൻ ഞങ്ങളെ കണ്ടപ്പൊ തന്നെ ഹായ് പറഞ്ഞ് എൻറേയും അച്ചൂൻറേയും ഇടക്ക് ഒരു കസേരയിട്ട് ഇരുന്നു. നമ്മള് കുരാമീസിനെയൊക്കെ ഒന്ന് തുറുക്കനെ നോക്കി. നമ്മളെ നോട്ടത്തിൻറെ ഗൗരവം മനസ്സിലായോണ്ട് നാല് പേരും ഓനെ മൈൻഡ് ചെയ്തില്ല.

....
....

"ഹായ് അച്ചൂ...എന്തുണ്ട് വിശേഷം? അരുൺ എവിടെ പോയി?"

നമ്മളെ ചോദ്യത്തിന് ഒന്നും ഒരു പ്രതികരണവും അവളിൽ നിന്നുണ്ടായില്ല. നമ്മളെ ഒന്ന് നോക്കുന്നത് പോലുമില്ല. അവള് മാത്രല്ല ബാക്കി നാലും കണക്കാ...

എല്ലാം നമ്മളെ പെണ്ണിൻ്റെ പണിയാകുമെന്ന് നമ്മക്ക് അപ്പൊ തന്നെ മനസ്സിലായി. അതോണ്ട് നമ്മള് ഓളെ തന്നെ നോക്കി ഇരുന്നു.

നമ്മള് ഓളെ നോക്കി ഇരിക്കുന്നത് കാണാത്ത പോലെ ആയിരുന്നു ഓളെ റിയാക്ഷൻ.

"എന്താ ഐഷൂ...ഇക്കാനോട് നിനക്ക് ഇപ്പോഴും പിണക്കം മാറിയില്ലേ?

നീയെന്താ ഞാൻ വിളിച്ചിട്ട് ഫോൺ എടുക്കാഞ്ഞത്?"

നമ്മളിങ്ങനെ ഓരോന്ന് ഓളോട് ചോദിച്ചോണ്ടിരുന്നു. ഓളതൊന്നും കേക്കാത്ത മട്ടിൽ ഐസ്ക്രീം കേറ്റി കൊണ്ടിരിക്കാ.

"നോക്കട്ടേ ഐസ്ക്രീം ടേസ്റ്റുണ്ടോന്ന്..."

എന്ന് പറഞ്ഞ് നമ്മള് ഓളെ കയ്യീന്ന് ഐസ്ക്രീം തട്ടി

പറിച്ച് വാങ്ങി. അവളിപ്പൊ കൊരച്ച് ചാടി വരുമെന്ന് കരുതിയ നമ്മക്ക് തെറ്റി. ഓള് നമ്മളെ നോക്കുക പോലും ചെയ്യാതെ മിനറൽ വാട്ടർ എടുത്ത് കുടിക്കാണ്.

എന്തായാലും ഇവളെ ഇങ്ങനെ വിടാൻ നമ്മള് ഉദ്ദേശിച്ചിട്ടില്ല.ഓളെ കൊണ്ട് നമ്മളെ രണ്ടു പറയിപ്പിക്കാതെ ഞാൻ അടങ്ങില്ല. അതോണ്ട് ഓള് വെള്ളം കുടിക്കുമ്പോ മനപ്പൂർവ്വം ഓളെ കയ്യീന്ന് വെള്ളം തട്ടി. അത് ഓളെ ദേഹത്ത് കൂടി പോയി.

അത് കണ്ട് അച്ചുവും കൂട്ടരും ഞെട്ടി തരിച്ച് സീറ്റീന്ന് എണീറ്റു. ഓളിപ്പൊ ചീറ്റപ്പുലി ആയിട്ട് നമ്മളെ കടിച്ച് കീറാൻ വരുമെന്ന് പ്രതീക്ഷിച്ച് നമ്മള് ഇരുന്നു.

പക്ഷേ അവിടേയും നമ്മളെ കണക്ക് കൂട്ടലുകൾ തെറ്റിച്ച് കൊണ്ടായിരുന്നു ഓളെ റിയാക്ഷൻ.

ഓള് നല്ല കൂളായിട്ട് ആ വെള്ളവും എടുത്തോണ്ട് കാശ് കൊടുത്ത് ഓളെ ഫ്രണ്ട്സിനേയും കൂട്ടി കാൻറീനിൽ നിന്ന് ഇറങ്ങി. നമ്മള് ഓളെ ഭാവമാറ്റം കണ്ട് ഷോക്കായിട്ട് അവിടെ ഇരുന്നു.

'എന്താ ഓൾക്ക് പറ്റിയത്? നമ്മളെ കൊന്ന് കൊലവിളിക്കുമെന്ന് പ്രതീക്ഷിച്ചിട്ട് ഒന്നും നടക്കാത്ത പോലെ ആണല്ലോ അവളെ ഭാവം..

എന്തായാലും ഓളെ അങ്ങനെ വെറുതെ വിടാൻ നമ്മക്ക് ഉദ്ദേശമില്ല. നിന്നെ കൊണ്ട് നമ്മളിന്ന് എന്തെങ്കിലും ഒക്കെ പറയിപ്പിക്കും. ഈ ആദിയോടാണോ നിൻറെ കളി...നിന്നെ എന്ത് പറഞ്ഞാ ദേഷ്യം പിടിപ്പിക്കേണ്ടതെന്ന് നമ്മക്ക് നന്നായിട്ട് അറിയാം.'

നമ്മള് അവരെ പിന്നാലെ അപ്പൊ തന്നെ കാൻറീനിൽ നിന്ന് ഇറങ്ങി. എന്നിട്ട് വിളിച്ച് കൂവി.

"ഐഷൂ...ഞാൻ ഇങ്ങനെയൊക്കെ ശല്യം ചെയ്തെന്ന് കരുതി നീ മിണ്ടാതെ പോയിട്ട് ഒടുക്കം എന്നോട് ഇപ്പൊ തന്നെ ഇഷ്ടാണെന്ന് പറഞ്ഞേക്കല്ലേ?"

വിചാരിച്ച പോലെ തന്നെ നമ്മളെ ഡയലോഗ് ഏറ്റു.ഓള് അവിടെ നിന്നിട്ട് തിരിച്ച് ഒറ്റക്ക് നമ്മളെ അടുത്തേക്ക്

വന്നു.

എന്തും സംഭവിക്കാമെന്ന മട്ടിൽ നമ്മളും കാൻറീനിൻറെ പരിസരത്തുണ്ടായിരുന്നവരും ഞങ്ങളെ തന്നെ നോക്കി നിന്നു. വാക്ക് കൊണ്ട് ഒരു വാൾപ്പയറ്റായിരുന്നു നമ്മള് ഉദ്ദേശിച്ചത് പക്ഷേ ഓള് നമ്മളെ കുളിപ്പിക്കായിരുന്നു ചെയ്തത്.

മനസ്സിലായില്ലേ?

ഓളെ കയ്യിൽ ഉണ്ടായിരുന്ന ആ വെള്ളം എടുത്ത് ഓള് നമ്മളെ തലേൽ കൂടി മുഴുവൻ അങ്ങ് കമിഴ്ത്തി.

"എനിക്ക് ഇഷ്ടമില്ലാത്ത ഒന്നും കയ്യിൽ വെച്ച് ശീലമില്ല. നീ എന്നെ നനപ്പിച്ചതോണ്ടാ ഞാൻ നിന്നെ ഇപ്പൊ കുളിപ്പിച്ചത്. ഇനി മേലാൽ എന്നെ ശല്യം ചെയ്താൽ കുളിപ്പിച്ച് കിടത്താനും ഞാൻ മടിക്കില്ല."

എന്ന് പറഞ്ഞ് ഓള് പോകാൻ നിന്നതും നമ്മള് വിടോ? ഓളെ കയ്യിൽ പിടിച്ച് നമ്മളെ അടുത്തേക്ക് വലിച്ചു.

അപ്രതീക്ഷിത തിരിച്ചടി ആയോണ്ട് ഓള് ചെറുതായൊന്ന് പേടിച്ചിട്ടുണ്ട്. നമ്മള് ഓളെ മുഖത്തേക്ക് വരത്തക്ക വിധം തല കുടഞ്ഞു.

നമ്മളെ മുടിയിൽ നിന്ന് ഉറ്റി വീണ വെള്ളം ഓളെ മുഖത്തേക്ക് ആയപ്പൊ ഓള് കണ്ണടച്ച് പിടിച്ചു. നമ്മള് ഓളെ ഒന്ന് കൂടി നമ്മളിലേക്ക് അടുപ്പിച്ചതും പെണ്ണ് പെട്ടെന്ന് കണ്ണ് തുറന്ന് നമ്മളെ കാലിനൊരു ചവിട്ടാണ്.

നമ്മള് അപ്പൊ തന്നെ ഓളെ കയ്യീന്ന് വിട്ട് കാല് കുടഞ്ഞു. പകരം ഓളെ അരയിൽ കൂടി നമ്മളെ കയ്യ് പോയി ഓളെ ഒന്ന് കൂടി നമ്മളെ അടുത്തേക്ക് വലിച്ച് അടുപ്പിച്ചു.

ഓളെ കാപ്പിക്കുരു പോലത്തെ കണ്ണ് പുറത്തേക്ക് തള്ളി കൊണ്ട് നമ്മളെ തന്നെ നോക്കി നിന്നു. പെട്ടെന്ന് പെണ്ണ് ഭദ്രകാളിയെ പോലെ ഉറഞ്ഞ് തുള്ളി കൊണ്ട് നമ്മളെ പിടിച്ച് ഒരു തള്ളായിരുന്നു .

ചുമ്മാ പറയല്ലട്ടോ കണ്ടാൽ ഒരു ഈർക്കിളി ആണെങ്കിലും ഓൾക്ക് നല്ല ശക്തിയുണ്ട്.ഓളെ തള്ളലില് നമ്മള് നാലഞ്ച് അടി പുറകേട്ട് പോയി. ഭാഗ്യത്തിന് വീണില്ല, വീണിരുന്നെങ്കിൽ ഉള്ള മാനം കൂടി പോയേനേ...

പക്ഷേ ഇതൊന്നുമല്ല രസം. നമ്മളെ തള്ളിയിട്ട് ഇവിടെ ഒരുത്തി നെഞ്ചത്ത് കയ്യും വെച്ച് നമ്മളെ ഏതോ അന്യഗ്രഹ ജീവിയെ പോലെ നോക്കി നിൽക്കാണ്. ഓളെ നോട്ടം കണ്ടപ്പൊ നമ്മളൊന്ന് ചെറുതായി പതറി പോയി.കാരണം അത്രക്ക് രൂക്ഷവുമായിരുന്നു ഓളെ നോട്ടം.

പെട്ടെന്ന് എവിടെന്നോ തെളിവ് വന്ന പോലെ ഓള് വീണ്ടും നമ്മളെ അടുത്തേക്ക് പാഞ്ഞടുത്തു. എന്നിട്ട് വീണ്ടും ഓള് നമ്മളെ പിടിച്ച് തള്ളി. നമ്മള് നാലഞ്ച് അടി വീണ്ടും പുറകിലേക്ക് പോയി. ഇവക്കെന്താ ഭ്രാന്തോ എന്ന് ചിന്തിച്ചോണ്ട് നമ്മള് ഓളെ നോക്കിയപ്പൊ പെണ്ണ് വീണ്ടും നെഞ്ചത്ത് കയ്യും വെച്ച് നിൽക്കാണ്.

പെട്ടെന്ന് ഓള് നമ്മളെ നേരെ വിരല് ചൂണ്ടി കൊണ്ട് ഒരു

ചെറിയ പതർച്ചയോടെ പറഞ്ഞു.

"നീ....നീ.....നീയല്ലേ...നീയല്ലേ അന്ന് വയനാട്ടീന്ന് അയാളെ പിന്തുടർന്ന് ഓടിയത്? അത്...നീയല്ലേ?"

ഓളെ ശബ്ദം ഉറച്ച് കൊണ്ട് ഓള് പറയുന്നത് കേട്ട് നമ്മള് ഒരു നിമിഷം പകച്ച് പോയി.

'ഇവൾക്കെങ്ങനെ അതിനെ കുറിച്ച് അറിയാം? ഞാൻ അയാളെ പിന്തുടർന്ന് ഓടിയത് ഇവളെങ്ങനെ അറിഞ്ഞു? ഇവളെന്തിനാ എന്നോടിപ്പൊ അതിനെ കുറിച്ച് ചോദിച്ചത്?'

(തുടരും)

ഭാഗം. 36

'ഇവൾക്കെങ്ങനെ അതിനെ കുറിച്ച് അറിയാം? ഞാൻ അയാളെ പിന്തുടർന്ന് ഓടിയത് ഇവളെങ്ങനെ അറിഞ്ഞു? ഇവളെന്തിനാ എന്നോടിപ്പൊ അതിനെ കുറിച്ച് ചോദിച്ചത്?'

നമ്മള് അവളെ തന്നെ നോക്കി കൊണ്ട് നിന്നു.അവളെ മുഖത്ത് ഒരു ഭീതി നിഴലിക്കുന്ന പോലെ തോന്നി.

"നീ തന്നെ അല്ലേ അത്?....അല്ലേ....എനിക്ക് അറിയാം അത് നീ തന്നെയാ ....അപ്പോ അയാള് മരിക്കാനും കാരണം നീയല്ലേ?"

"ഫെബീ...നീയെന്ത് ഭ്രാന്താ വിളിച്ച് കൂവുന്നത്? വാ നമുക്ക് പോകാം.."

അച്ചു അവളേയും കൊണ്ട് അവിടെന്ന് പോകാനൊരുങ്ങി.അപ്പോഴും ഐഷു നമ്മളെ തന്നെ രൂക്ഷമായി നോക്കാണ്.

'അവള് എന്നെ തെറ്റിധരിച്ചിരിക്കുന്നു, അവൾക്ക് എന്നിൽ വന്ന തെറ്റിദ്ധാരണ എനിക്ക് മാറ്റണം. എന്നാലും ഞാൻ എൻ്റെ ഫ്രണ്ട്സിനോട് വരെ മറച്ച് വെച്ച കാര്യം ഇവളെങ്ങനെ അറിഞ്ഞു? കണ്ടുപിടിക്കണം.എൻ്റെ എല്ലാ സംശയങ്ങൾക്കുമുള്ള മറുപടി അവളുടെ അടുത്ത് നിന്ന് തന്നെ എനിക്ക് അറിയണം.'

"ഡാ ആദി അവളെന്തൊക്കെയാ ഈ പറയുന്നത്? നീയെപ്പോഴാ വയനാട്ടിലേക്ക് ഞങ്ങൾ അറിയാതെ പോയത്?"

"അ...അത് അവള് വേറെ ആരെയോ കണ്ടിട്ട് ഞാൻ ആണെന്ന് തെറ്റിദ്ധരിച്ചതാകും. അല്ലെങ്കിൽ നിങ്ങൾ തന്നെ പറ.എനിക്ക് എന്താ വയനാട്ടിൽ പോകേണ്ട ആവശ്യം? ഞാനാരെ ഓടിക്കാനാ?"

നിസ്സൂൻ്റെ ചോദ്യത്തിന് എൻ്റെ കയ്യിൽ ഇതേ ഉണ്ടായിരുന്നുള്ളൂ മറുപടി ആയി. കാരണം ഇവരൊന്നും

ഒന്നും അറിയരുതെന്ന് എനിക്ക് നിർബന്ധമുണ്ട്.

"ഹാ....ഞങ്ങളും കരുതി നീയെന്നാ വയനാട്ടിലേക്കൊക്കെ പോയതെന്ന്...അതും ഒരുത്തനെ പിന്തുടർന്നിട്ടേ....നല്ല കഥ..."

എല്ലാവരും അതങ്ങനെ പറഞ്ഞ് ചിരിച്ച് തള്ളിയെങ്കിലും എൻ്റെ ഉള്ളിൽ ഇപ്പോഴും നീറി പുകയാണ്.

....

"ഫെബീ...നിനക്കെന്താ ഭ്രാന്തോ? കാക്കു ആരെ ഓടിച്ചെന്നാ നീ പറയുന്നത്? അതും വയനാട്ടിൽ വെച്ച്..."

നമ്മള് അച്ചൂനെ പിടിച്ച് ഓളെ മുഖത്തേക്ക് നോക്കി കൊണ്ട് പറഞ്ഞു.

"അച്ചൂ...നിനക്കോർമ്മയില്ലേ? അന്ന് നമ്മൾ സ്കൂളിൽ നിന്ന് വയനാട്ടിലേക്ക് ടൂർ പോയപ്പൊ എടക്കൽ ഗുഹയിൽ വെച്ച് ഒരാള് നമ്മളെ ഇടിച്ചിട്ട് പോയത്..."

"ഹാ.....പക്ഷേ, അയാള് മരിച്ച് പോയില്ലേ? അയാളും കാക്കുവും തമ്മിൽ എന്താടി ബന്ധം?"

"അയാളും അവനും തമ്മിൽ എന്താ ബന്ധമെന്നൊന്നും എനിക്കറീല. പക്ഷേ അന്ന് അയാളെ പിന്തുടർന്ന് ഓടിയത് അവനാണെന്ന് എനിക്ക് അറിയാം."

"നിങ്ങൾ രണ്ട് പേരും കൂടി ഇതെന്തൊക്കെയാ പറയുന്നത്? ഞങ്ങൾക്കൊന്നും മനസ്സിലാകുന്നില്ല."

അച്ചു നസിയോട് നിക്കെന്ന് ആംഗ്യം കാണിച്ചിട്ട് എൻറെ നേരെ തിരിഞ്ഞു.

"അന്ന് കാക്കുവാണ് അയാളെ പിന്നാലെ ഓടിയതെന്ന് നിനക്ക് എങ്ങനെ അറിയാം? നീ കണ്ടോ കാക്കൂൻറെ

മുഖം? ഇല്ലല്ലോ?

അന്ന് അയാളെ പിന്നാലെ ഓടിയ ആള് നിന്നെ ഇടിച്ചിട്ടിട്ട് ഒന്ന് തിരിഞ്ഞു പോലും നോക്കാതെയാ പോയത്...ഞങ്ങൾ പോലും അയാളെ മുഖം കണ്ടിട്ടില്ല. പിന്നെ നിയെങ്ങനെ ഇത്രക്ക് ഉറപ്പിച്ച് പറയുന്നു അത് കാക്കുവാണെന്ന്?"

അച്ചുവിന്റെ ചോദ്യത്തിന് മുന്നിൽ എന്ത് പറയുമെന്ന് അറിയാതെ ഞാൻ ഒന്ന് പകച്ചു പോയി. പക്ഷേ അന്ന് ഉണ്ടായതെല്ലാം ഞാൻ അച്ചൂനോട് പറയാൻ തീരുമാനിച്ചു.

"അന്ന്...അവനെന്നെ ഇടിച്ചിട്ടിട്ട് ഓടിയപ്പൊ.... എൻറെ ഹൃദയത്തിന്റെ തുടിപ്പ് ഉയർന്നു.... എൻറെ ഹൃദയം പുറത്തേക്ക് ചാടുന്ന പോലെ എനിക്ക് തോന്നി. അതാണ് അന്ന ഞാൻ നെഞ്ചിൽ കൈ വെച്ച് ഇരുന്നത്.

ഇന്നിപ്പൊ താഴെ വെച്ച് അവനെ ഞാൻ തള്ളി മാറ്റിയപ്പൊ എൻറെ ഹൃദയം വീണ്ടും അതുപോലെ

തുടിച്ചു..."

"എൻറെ ഫെബീ...എന്ത് പൊട്ടത്തരാ നീയീ പറയുന്നത്? ഹൃദയം തുടിച്ചെന്ന് കരുതി അത് കാക്കു ആകണമെന്നുണ്ടോ?"

"അച്ചൂ ഞാൻ പറഞ്ഞത് സത്യാണ്. എനിക്ക് തോന്നിയതാണോ എന്ന് സംശയം വന്നതോണ്ടാ അവനെ വീണ്ടും പിടിച്ച് തള്ളിയത്. അതോടെ അവനാണ് അതെന്ന് എനിക്ക് ഉറപ്പായി."

നമ്മള് പറഞ്ഞത് അച്ചുവിന് മാത്രല്ല ബാക്കി മൂന്നിനും ദഹിച്ചിട്ടില്ല. അച്ചു മുടിയൊക്കെ പിച്ചി കൊണ്ട് നമ്മളെ ഒന്ന് നോക്കി നെടുവീർപ്പിട്ടു.

"ഉം.....ഓക്കേ സമ്മതിച്ചു.അന്ന് അയാളെ പിന്നാലെ ഓടിയത് കാക്കുവാണ്. പക്ഷേ നീയെന്തിനാ അയാള് മരിച്ച കുറ്റവും കൂടി കാക്കൂൻറെ തലയിൽ കെട്ടി വെക്കുന്നേ?

അയാളെ മരണവും കാക്കുവും തമ്മിൽ എങ്ങനെ ബന്ധം ഉണ്ടാകാനാ? നമുക്ക് അറിയാത്ത ഒരു കാര്യത്തെ കുറിച്ച് ഇങ്ങനെ ഒന്നും പറയാൻ പാടില്ല ഫെബീ..."

"എനിക്കതൊന്നും അറീല അച്ചൂ...എന്നാലും എൻറെ മനസ് പറയുന്നു അയാളെ മരണത്തിൽ ഇവനെന്തോ പങ്കുണ്ടെന്ന്..."

"എന്നാ പോയി കേസ് കൊടുക്ക് കാക്കൂൻറെ പേരില് എന്നിട്ട് പോലീസിനോട് അന്വേഷിക്കാൻ പറ...

അല്ലെങ്കിൽ വേണ്ട നീ തന്നെ അന്വേഷിച്ച് കണ്ടെത്ത്... ചെല്ല്...

അല്ല പിന്നെ... നീ തന്നെ അല്ലേ ഫെബീ പറയാറുള്ളത് നമുക്ക് നമ്മുടെ കാര്യം മാത്രം നോക്കിയാൽ മതീന്ന്...എന്നിട്ട് ഇപ്പൊ നീ തന്നെ മറ്റുള്ളോരെ കാര്യത്തിൽ ഇടപെടാണോ? അയാളെ മരണത്തിനു പിറകിലെ രഹസ്യം കണ്ടെത്താൻ ഇവിടെ പോലീസുണ്ട് അതോണ്ടാ നീ ഇനി സിഐഡി പണിക്കൊന്നും ഇറങ്ങണ്ട ..."

അച്ചൂൻറെ സംസാരമൊക്കെ കേട്ട് നമ്മള് ഫ്യൂസ് പോയ ബൾബ് പോലെ ഓളെ തന്നെ നോക്കി നിന്നു.

"ഡീ അച്ചൂ.. നീയിങ്ങനെ ഉറഞ്ഞു തുള്ളാൻ മാത്രം ഞാൻ എന്തായിപ്പൊ പറഞ്ഞെ? എൻറെ ഒരു സംശയം പറഞ്ഞതല്ലേ?"

"ഇത് പക്ഷേ വല്ലാത്ത സംശയം ആയി പോയി ഫെബീ...കാക്കു ആണ് അയാളെ മരണത്തിനു പിന്നിൽ എങ്കിൽ അത് പോലീസ് കണ്ടെത്തട്ടെ...അതിന് നീയെന്തിനാ ചുമ്മാ കാക്കൂനെ പ്രതിയാക്കുന്നെ?

പോരാത്തതിന് ആ ചത്ത ആള് വല്യ പുണ്യാളനൊന്നുമല്ല,ഒരു ക്രിമിനലാണ്. അതോണ്ട് പോലീസ് തന്നെ അയാളെ കേസ് ക്ലോസ് ചെയ്തെന്നാ കേട്ടത്. അതോണ്ട് നീ അയാൾക്ക് വേണ്ടി അധികം വാദിക്കണ്ട.

അയാള് മരിച്ചത് എങ്ങനെ ആയാലും നമുക്കെന്താ?

അതൊന്നും നമ്മളെ ബാധിക്കുന്ന പ്രശ്നമല്ല അതോണ്ടാ അതൊക്കെ വിട്ടേക്ക്."

"എൻ്റെ പൊന്നോ..

നമിച്ച്....

ഞാൻ ഒന്നും പറഞ്ഞിട്ടുമില്ല നീയൊന്നും കേട്ടിട്ടുമില്ല പോരേ?"

നമ്മള് അച്ചൂൻ്റെ നേരെ രണ്ട് കയ്യും കൂപ്പി നിന്നു. ഓള് ചിരിച്ചോണ്ട് നമ്മളെ കൈ പിടിച്ച് താഴ്ത്തി.

"പോരാ....നീയൊരു കാര്യം കൂടി ചെയ്യണം."

നമ്മള് ഓളെ ഒരു സംശയത്തോടെ നോക്കി.

"നീ കാരണം കാക്കു എല്ലാരെ മുൻപിൽ വെച്ചും ഒരു കുറ്റക്കാരനെ പോലെ നിൽക്കേണ്ടി വന്നില്ലേ? അതോണ്ടാ നീയൊരു സോറി പറയണം."

"പ്ഭാ.....സോറി പറയാനോ ഞാനോ? അതും ആ കോന്തനോടല്ലേ?

എൻറെ പട്ടി പറയും ഓനോട് സോറി.

അല്ലെങ്കിൽ തന്നെ ഞാൻ എന്തിനാ ഓനോട് സോറി പറയുന്നെ? അതിന് ഞാൻ എന്താ ചെയ്തേ?"

"നീ കാക്കൂനെ എല്ലാരെ മുൻപിൽ വെച്ചും നാണം കെടുത്തിയില്ലേ...."

"അതു ശരി....ഇത്രേം കാലം ഓനൊക്കെ കൂടി എന്നെയിട്ട് നാണം കെടുത്തിയതൊന്നും നീ കണ്ടില്ല, പകരം ഇന്ന് ഓന് ചെറുതായൊന്ന് നാണം കെട്ടപ്പൊ അതിന് ഞാൻ സോറി പറയണമല്ലേ...കൊള്ളാമെടീ..."

നമ്മള് അച്ചൂൻറെ മുന്നിൽ ഉറഞ്ഞു തുള്ളി. അച്ചു ഒരു വളിച്ച ചിരി പാസാക്കി കൊണ്ട് പറഞ്ഞു.

"സോറി...ഞാൻ ആ കാര്യം മറന്നു പോയി..."

"നിൻറെ മറവി ഞാനിന്ന് മാറ്റി തരാടീ തെണ്ടി..."

എന്ന് പറഞ്ഞ് നമ്മള് ഓളെ തല്ലാൻ ചെന്നതും പെണ്ണ് ഒരോട്ടമായിരുന്നു. ക്ലാസ് മൊത്തം ഓള് നമ്മളെ ഇട്ട് ഓടിച്ചു. ഒടുക്കം നമ്മളെ കുരാമീസ് തന്നെ നമ്മക്ക് ഓളെ പിടിച്ച് തന്നു. ഓളെ കയ്യിൽ കിട്ടിയതും കണക്കിന് ഓള് നമ്മളെ കയ്യീന്ന് വാങ്ങി കൂട്ടി.

എന്നിട്ട് ഓളെ കൊണ്ട് വീണ്ടും നമ്മള് സത്യം ചെയ്യിപ്പിച്ചിട്ട് ഓളെ കെട്ടി പിടിച്ചു. അച്ചു അന്ന് വയനാട്ടിൽ വെച്ച് ഉണ്ടായതൊക്കെ നമ്മളെ കുരാമീസിനോട് പറഞ്ഞ് കൊടുത്തു.

നമ്മക്ക് അപ്പോഴും ഒരു മനസ്സമാധാനം ഇല്ലേന്നു.അയാളും ആ കോന്തനുമാണ് ഇപ്പൊ മനസ്സിൽ.

'എനിക്ക് ഇപ്പോഴും ഒന്നും മനസ്സിലാകുന്നില്ല. ആ കോന്തനാണ് അയാളെ പിന്നാലെ ഓടിയത്. അപ്പൊ അയാളെ മരണത്തിനു പിന്നിൽ അവൻ തന്നെ ആയിരിക്കില്ലേ?

അല്ലെങ്കിൽ തന്നെ ഞാൻ എന്തിനാ ഇപ്പൊ അതൊക്കെ ആലോചിക്കുന്നത്? അയാളെ മരണത്തിനു പിന്നിൽ ആരായാലും എനിക്കെന്താ?

വേണ്ട ഫെബീ ആവശ്യമില്ലാത്ത കാര്യത്തിൽ ഇടപെടണ്ട....പ്രത്യേകിച്ച് ആ കോന്തൻറെ കാര്യത്തിൽ....

അതോണ്ട് ആ കാര്യം അങ്ങ് ഓർമ്മയിൽ നിന്ന് ഒഴിവാക്കിയേക്ക്. ലീവിറ്റ്....'

നമ്മള് അതെല്ലാം മൈൻഡിൽ നിന്നും ഡിലീറ്റ് ചെയ്ത് പഴയ പോലെ തന്നെ കളിയും ചിരിയും തമാശയുമൊക്കെ ആയി ഹാപ്പി ആയിട്ട് ഇരുന്നു.

കോളേജ് വിട്ടപ്പൊ തന്നെ ഞങ്ങൾ വേഗം ഇറങ്ങി.

ബസിന് അല്ലാത്തതോണ്ട് ഒരു റിലാക്സേഷനൊക്കെയുണ്ട്.

ഞങ്ങൾ രണ്ടാളും കൂടി നമ്മളെ മൂന്നു കുരാമീസിനോടും യാത്ര പറഞ്ഞ് വണ്ടിയെടുത്തു പോയി.

വീട്ടിൽ എത്തുന്ന വരെ അച്ചൂനോട് നയനൻറേയും ശരത്തിൻറേയും കാര്യമായിരുന്നു ഞങ്ങൾ സംസാരിച്ചത്.

പിന്നീട് രണ്ട് ദിവസത്തോളം ആ കോന്തൻറെ കണ്ണിൽ പെടാതെ കോളേജിലേക്ക് പോക്കും വരവുമായി. അച്ചൂൻറെ കയ്യിൽ വണ്ടി ഉണ്ടായതോണ്ട് നേരത്തിനും കാലത്തിനും പെട്ടെന്ന് വീട്ടിലെത്താൻ പറ്റി. ഈ രണ്ട് ദിവസവും ആ കോന്തൻ നമ്മളെ പിന്നാലെ നടന്ന് എന്തൊക്കെയോ ബോധിപ്പിക്കാൻ നോക്കി. പക്ഷേ നമ്മള് ഓന് പിടി കൊടുക്കാതെ പല തവണ ഓൻറെ കയ്യിൽ നിന്നും രക്ഷപ്പെട്ടു. ക്ലാസെടുക്കുമ്പോ ഓന് നമ്മളോട് എന്തൊക്കെയോ പറയാനുണ്ടെന്നൊക്കെ വിളിച്ച് കൂവും. അതൊന്നും നമ്മക്ക് കേൾക്കാൻ

താല്പര്യം ഇല്ലാത്തോണ്ട് ജനല് അടച്ചിട്ടാണ് ക്ലാസിൽ ഇരിക്കാറ്. ഇങ്ങനെ ഒക്കെ ചെയ്ത് ഓൻറെ മാത്രല്ല സൽമൻറെ കണ്ണിൽ പെടാതെ വരെ നമ്മള് മുങ്ങി നടന്നു.

അങ്ങനെയിരിക്കെ പതിവ് പോലെ ഞങ്ങൾ രണ്ടാളും കോളേജിലേക്ക് വന്നു. അപ്പോഴുണ്ട് നമ്മളെ മൂന്ന് കുരാമീസും കൂടി എന്തൊക്കെയോ പറഞ്ഞ് ചിരിക്കുന്നു.

കാര്യം അന്വേഷിച്ചപ്പൊ ഞങ്ങൾക്കും അത് സന്തോഷായി. സനൻറെ എങ്കേജ്മെൻറ് ഫിക്സ് ചെയ്തു ഞങ്ങളെ റാഷിസാറുമായിട്ട്.അടുത്ത മാസമാണ് എങ്കേജ്മെൻറ്.ഇനിയും രണ്ടാഴ്ചയുണ്ട് എങ്കേജ്മെൻറിന്. ഞങ്ങൾ അപ്പൊ തന്നെ ഓളോട് ചെലവ് ചോദിച്ചു. കേൾക്കേണ്ട താമസം ഓള് ബാഗ് തുറന്ന് ഒരു മിഠായി ബോക്സ് ഞങ്ങൾക്ക് നേരെ നീട്ടി.

"നിങ്ങളൊക്കെ എന്തായാലും ചെലവ് ചോദിക്കുമെന്ന് അറിയാം. അതോണ്ടാ ഷാഹിക്കാനെ കൊണ്ട് ഇത് വാങ്ങിപ്പിച്ചത്."

"എടീ ഗള്ളീ...

നീയപ്പൊ ഫുൾ പ്ലാൻഡ് ആണല്ലേ?"

അച്ചു അതും പറഞ്ഞോണ്ട് ആ ബോക്സ് തുറന്നു. ഞങ്ങൾ എല്ലാവരും കൂടി അത് കയ്യിട്ട് വാരി കുറെ മിഠായി തിന്നു.

റാഷിസാർ ഓളെ പെണ്ണ് കാണാൻ വന്നപ്പോഴുണ്ടായ എക്സ്പീരിയൻസൊക്കെ പറയാണ് സന. അതൊക്കെ കേട്ട് ഞങ്ങൾ നാല് പേരും പൊരിഞ്ഞ ചിരി ആയിരുന്നു.

ഞങ്ങൾ അഞ്ചു പേർക്കും മാത്രേ ഇങ്ങനെ ഒരു സംഭവം അറിയൊള്ളു.അതോണ്ട് മറ്റു കുട്ടികളെ അറിയിക്കാതെയാണ് ഞങ്ങൾ ഇരുന്നത്.

അങ്ങനെ ഫസ്റ്റ് പിരീഡ് തന്നെ റാഷിസാർ കേറി വന്നു. സാറിനെ കണ്ടപ്പൊ തന്നെ ഞങ്ങള് നാല് പേർക്കും ചിരി വന്നു. സനക്ക് ആണെങ്കിൽ സാറിൻറെ മുഖത്ത് നോക്കാൻ വരെ മടി. ഓള് തലയും താഴ്ത്തി കൊണ്ട്

ഇരിക്കുന്നത് കണ്ടപ്പൊ ഞങ്ങൾക്ക് അതിലേറെ ചിരി വന്നു. സാറിന് ചെറിയ ഒരു ചമ്മലുള്ള പോലെ ഞങ്ങൾക്ക് തോന്നി.അതോണ്ട് തന്നെ സാറ് ഞങ്ങളെ ഭാഗത്തെക്ക് നോക്കുന്നത് പോലുമില്ല.

സാറ് പ്രസൻറെടുക്കുമ്പൊ സനൻറെ പേര് പറഞ്ഞപ്പൊ ഓളെ കൊണ്ട് ഞങ്ങൾ പ്രസൻറ് പറയിക്കാൻ സമ്മതിപ്പിക്കാതെ ഓളെ വായ പൊത്തി പിടിച്ചു.

സാറ് രണ്ട് മൂന്നു തവണ ഓളെ പേര് വിളിച്ചു,ഞങ്ങൾ സനൻറെ വായ പൊത്തി പിടിച്ചിട്ട് ചിരിക്കാണ്.,കുട്ടികളൊക്കെ ഞങ്ങളെ തന്നെ നോക്കുന്നുണ്ട്. ലാസ്റ്റ് സാറ് ഞങ്ങളെ ഭാഗത്തേക്ക് നോക്കിയതും ഞങ്ങൾ ഓളെ വിട്ടതും ഒപ്പായിരുന്നു.

ഓള് അപ്പൊ തന്നെ എണീറ്റ് നിന്ന് വിളിച്ച് കൂവി "പ്രസൻറ് സാർ..." എന്ന്. ഓളെ സൗണ്ട് കേട്ട് എല്ലാവരും കൂടി ഓളെ നോക്കി ചിരിക്കാൻ തുടങ്ങി. കൂട്ടത്തിൽ ഞങ്ങളും പൊരിഞ്ഞ ചിരിയാണ്.

അവളാകെ ചമ്മിയ അവസ്ഥയിൽ സാറിനേയും എല്ലാരേയും ഒന്ന് നോക്കി. സാറിന് ചിരി വന്നിട്ടുണ്ട് പക്ഷേ അത് പുറമെ കാണിക്കാതെ ഓളോട് ഇരിക്കാൻ പറഞ്ഞു. ഞങ്ങൾ നാല് പേരും കൂടി ഓളെ നോക്കി കളിയാക്കി ചിരിച്ചു. ഓള് തല താഴ്ത്തി കൊണ്ട് അതിലേറെ ചിരിയാണ്.

റാഷിസാർ അതൊന്നും കാര്യമാക്കാതെ ക്ലാസെടുക്കാൻ തുടങ്ങി. അതിനിടയിൽ അച്ചു സാറിനെതിരെ ഒരു ബോംബ് എറിഞ്ഞു.

"സാറിൻ്റെ എങ്കേജ്മെൻ്റ് ഫിക്സ് ചെയ്തു എന്നൊരു ന്യൂസ് കേട്ടല്ലോ സാറേ ശരിയാണോ?"

അത് കേട്ടപ്പോ തന്നെ സന അച്ചൂനെ വലിച്ച് സീറ്റില് ഇരുത്തി. എല്ലാവരും സാറിനെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു. സാറ് എല്ലാവരേയും ഒന്ന് നോക്കി ചിരിച്ചിട്ട് സനയെ നോക്കി. ഓള് തലക്ക് താങ്ങും കൊടുത്ത് ചമ്മി ഇരിക്കാണ്.ഞങ്ങൾ ആണെങ്കിൽ ഇവരെ രണ്ട് പേരുടേയും മുഖഭാവം കണ്ടിട്ട് വായ പൊത്തി പൊരിഞ്ഞ ചിരിയാണ്.

പിന്നെ ഓരോരോ സൈഡിൽ നിന്നും സാറിന് നേരെ ചോദ്യങ്ങൾ വന്നു.

"സാറിൻറെ എങ്കേജ്മെൻറ് ഫിക്സ് ചെയ്തോ? എപ്പോ?"

"എന്നാലും ഞങ്ങളോട് ഈ കൊലച്ചതി വേണ്ടായിരുന്നു സാറേ...."

"സാറിൻറെ വുഡ്ബി എന്ത് ചെയ്യുന്നു?"

"എന്നാ സാറേ കല്യാണം?"

ഇങ്ങനെ ഓരോ ചോദ്യങ്ങളും സാറിനോട് പലരും ചോദിച്ചു. സാറ് എല്ലാവരേയും ഒന്ന് നോക്കിയിട്ട് ചിരിച്ചു.

"കല്യാണം.... ഇപ്പൊ തന്നെ ഇല്ല. എൻറെ വുഡ്ബി

നിങ്ങളെ പോലെ ഡിഗ്രി പഠിക്കാണ്. എന്ന് അവള് ഡിഗ്രി കമ്പ്ലീറ്റാക്കുന്നോ അന്ന് ഞങ്ങളെ കല്യാണം..."

സാറിത് ഓളെ നോക്കിയാണ് പറഞ്ഞത്. ഞങ്ങൾ നാല് പേരും ഓളെ നോക്കി ഭയങ്കര ചിരിയാണ്. സാറ് ഇത്രയൊക്കെ പറഞ്ഞപ്പൊ അവർക്ക് ഓളെ പേര് അറിയണം, ഓള് പഠിക്കുന്ന കോളേജ് അറിയണം,ഓളെ ഫോട്ടോ കാണണം.

അച്ചു അപ്പൊ തന്നെ എണീറ്റ് നിന്ന് പറഞ്ഞു.

"ഫോട്ടോ ഒക്കെ എന്തിനാ ഓളെ നേരിട്ട് കണ്ടാ പോരേ?"

എല്ലാവരും അച്ചുവിനെ ഒരു നോട്ടം ആയിരുന്നു. സന ഓളോട് വേണ്ടാന്ന് തലയാട്ടി. അപ്പൊ തന്നെ ഓള് കളം മാറ്റി ചവിട്ടി.

"നേരിട്ട് കണ്ടാ പോരേന്ന് വെച്ചാ....... ആ. ...കല്യാണത്തിന് കണ്ടൂടേ? പിന്നെ എന്തിനാ ഒരു ഫോട്ടോ അല്ലെ സാറേ?"

സാറ് അതേ എന്ന് തലയാട്ടി. അപ്പൊ തന്നെ ബെല്ലടിച്ചതോണ്ട് സാറ് നാളെ കാണാമെന്ന് പറഞ്ഞ് മുങ്ങി. സാറ് പോയതും സന അച്ചൂൻറെ പുറത്ത് തബല കൊട്ടി. ഞങ്ങൾ അതൊക്കെ കൂടി കണ്ടിട്ട് പൊരിഞ്ഞ ചിരി ആയിരുന്നു.

പെട്ടെന്ന് ഒരു ഇളം തെന്നൽ നമ്മളെ മുഖത്തേക്ക് വീശി. നമ്മള് ജനലിൻറെ അങ്ങോട്ട് നോക്കിയപ്പൊ ആ കോന്തൻ നമ്മളെ നോക്കി കൈ കാണിച്ചു. നമ്മള് അപ്പൊ തന്നെ എണീറ്റ് ആ ജനലടച്ചിട്ടു. അത് കണ്ടപ്പൊ അച്ചു നമ്മളെ തോളിൽ കൈ വെച്ചു.

"എന്താടീ ഫെബീ...നീയെന്താ കാക്കൂന് പറയാനുള്ളത് കേൾക്കാൻ ഒരു അവസരം കൊടുക്കാത്തത്?"

"ഞാൻ എന്തിനാ അവൻ പറയുന്നത് കേക്കുന്നത്? എനിക്ക് അതിൻറെ ആവശ്യമെന്താ?

അല്ലെങ്കിൽ തന്നെ അവനെ കണ്ണെടുത്താ

കണ്ടൂടാ...അപ്പോഴാ അവൻ പറയുന്നത് കേൾക്കാൻ നിക്കുന്നത്...

ഇപ്പൊ ഈ കഴിഞ്ഞ രണ്ട് മൂന്ന് ദിവസാണ് എനിക്ക് കുറച്ചെങ്കിലും സമാധാനം കിട്ടുന്നത്... ഇനി അവൻ്റെ മുന്നിൽ ചാടിയിട്ട് ഉള്ള മനസ്സമാധാനം കളയാൻ ഞാൻ ഒരുക്കമല്ല...."

"ഹോ...എൻ്റെ ഫെബീ...ഞാൻ നിന്നോട് ഒന്നും പറഞ്ഞിട്ടില്ല പൊന്നോ...നിർത്തിക്കാളെ.."

നമ്മളൊന്ന് ഓൾക്ക് ചിരിച്ച് കൊടുത്തു. കുറച്ച് കഴിഞ്ഞപ്പൊ നമ്മളെ ഭീമൻ രഘു കേറി വന്നു. ഇങ്ങേരേ പിരീഡ് പ്രതിമ കണക്കെ ഇരിക്കണെല്ലോന്ന് ഓർത്ത് ഞങ്ങൾ എല്ലാവരും ഒന്ന് ആത്മഗതം കൊണ്ടു.

ഇന്ന് എന്താണാവോ അങ്ങേര് പഴയ കലിപ്പ് മോഡിലൊന്നുമല്ല,എന്ന് കരുതി പൂർണ്ണമായും കലിപ്പ് പോയിട്ടില്ല.അതോണ്ട് ഷാമിലൊക്കെ ഇന്ന് ക്ലാസിൽ തന്നെ ആയിരുന്നു.

അങ്ങേര് ക്ലാസ് എടുത്തോണ്ടിരിക്കുമ്പോഴാണ് നമ്മളെ മീനുക്കുട്ടി കേറി വന്നത്.സാറിനോട് എന്തേക്കെയോ സംസാരിച്ചിട്ട് നമ്മളെ ഒരു നോട്ടം.

"ആയിഷ ഫെബീ...കമോൺ...വരുമ്പോൾ മലയാളം നോട്ടും ഒരു പെന്നും എടുത്തോ .."

നമ്മളത് കേൾക്കേണ്ട താമസം പെട്ടെന്ന് ചാടി എണീറ്റ് ബുക്കും പെന്നുമെടുത്ത് ടീച്ചറെ പിന്നാലെ പോയി. പോകുമ്പോൾ നമ്മളെ കുരാമീസിനെ നോക്കി ഫ്ലൈയിംഗ് കിസും ബൈയും പറഞ്ഞ് നമ്മള് നടന്നു.

ടീച്ചർ നമ്മളെ ലൈബ്രറിൻറെ മുകളിൽ ഉള്ള ക്ലാസിലേക്കാണ് കൊണ്ട് പോയത്. ലൈബ്രറിൻറെ അതേ വലിപ്പമുള്ള ഒരു വലിയ ക്ലാസ് റൂം. പക്ഷേ, ഞങ്ങൾ രണ്ടാളും അല്ലാതെ വേറെ ആരും അവിടെ ഇല്ലേന്നു.

"ഫെബീ...ഞാൻ അടുത്ത ഒരാഴ്ച

ലീവായിരിക്കും.ഹസ്ബൻറ് വന്നിട്ടുണ്ട്. അതോണ്ട് എൻറെ പിരീഡ് താൻ വേണം ക്ലാസ് എടുക്കാൻ."

"ക്ലാസെടുക്കേ? ഞാനോ?"

"ഞാൻ ക്ലാസെന്ന് ഉദ്ദേശിച്ചത് ഞാൻ തരുന്ന നോട്ട് അവർക്ക് വായിച്ചു കൊടുക്കണം,അത് അവരെ കൊണ്ട് എഴുതിപ്പിക്കണം.അത്രേയുള്ളൂ..."

നമ്മളൊന്ന് പുഞ്ചിരിച്ചിട്ട് തലയാട്ടി. ടീച്ചർ എനിക്ക് നോട്ട് തന്നു.

"താനിത് ഇപ്പൊ തന്നെ എഴുതിയെടുത്തോ..എനിക്ക് ഈ നോട്ട് ആവശ്യമുണ്ട്. ഇത് എഴുതാനാ ഞാൻ ഇപ്പൊ തന്നെ വിളിച്ചത്."

നമ്മള് ആ ബുക്ക് മറിച്ചു നോക്കിയപ്പൊ പത്ത് പന്ത്രണ്ട് പേജുണ്ട് എഴുതാൻ. ഇതൊക്കെ ഇപ്പൊ തന്നെ എഴുതി എടുക്കണെല്ലോന്ന് ആലോചിച്ചപ്പൊ ക്ലാസിലേക്ക് തന്നെ

തിരിച്ച് പോകാനാ തോന്നിയത്.

"എന്തേടോ എഴുതാൻ പറ്റില്ലേ?"

"ഏയ്..അങ്ങനെ ഒന്നുല്യ ടീച്ചറെ...ഞാൻ എഴുതി തുടങ്ങി."

എന്ന് പറഞ്ഞ് നമ്മള് അവിടെയുള്ള ഒരു ബെഞ്ചിലിരുന്ന് എഴുതാൻ തുടങ്ങി. ടീച്ചറും നമ്മളെ അടുത്ത് വന്ന് ഇരുന്ന് പരീക്ഷ പേപ്പർ നോക്കി മാർക്കിടാണ്.

നമ്മള് നല്ല പൊരിഞ്ഞ എഴുത്ത് തുടർന്നോണ്ടിരിക്കുമ്പോഴാണ് ഞങ്ങളെ അടുത്തേക്ക് ഒരാൾ വന്നത്.

"മേ ഐ കമിൻ മേം..."

എവിടെയോ കേട്ട് നല്ല പരിചയമുള്ള ശബ്ദം. നമ്മള്

മെല്ലെ തല ഉയർത്തി നോക്കി ആളെ കണ്ടതും തല താഴ്ത്തി നമ്മള് വീണ്ടും എഴുതാൻ തുടങ്ങി.

"ആ..ആദി കമിൻ...

ഇത് നിങ്ങൾക്കുള്ള നോട്ട്സാണ്. താനിത് ഇപ്പൊ ഇവിടെ ഇരുന്ന് ഇത് കംപ്ലീറ്റ് ചെയ്തിട്ട് അടുത്ത ആഴ്ച എല്ലാവർക്കും ഈ നോട്ട്സ് കൊടുക്കണം. ഞാൻ ഇപ്പൊ വരാം. രണ്ട് പേരും നോട്ട് കമ്പ്ലീറ്റ് ചെയ്യ്..."

എന്ന് പറഞ്ഞ് മീനുക്കുട്ടി എണീറ്റ് പോയതും നമ്മളെ നെഞ്ചിൽ കൂടി ഒരു കൊള്ളിയാൻ മിന്നീലേ...

നമ്മള് ടീച്ചർ പോകുന്നതും നോക്കി കൊണ്ട് അവിടെ ഇരുന്നു. എന്നിട്ട് ആ കോന്തനെ നോക്കി.ഓൻ നമ്മളെ നോക്കി പുരികം പൊക്കി പുഞ്ചിരി തൂകി കൊണ്ട് നമ്മളെ എതിരിൽ വന്നിരുന്നു.

നമ്മള് ഓനെ മൈൻഡ് ചെയ്യാതെ നോട്ട് എഴുതാൻ

തുടങ്ങി.

"ഐഷൂ...ഞാൻ പറയുന്നത് ഒന്ന് കേൾക്കാൻ പോലും താനെന്താ കൂട്ടാക്കാത്തത്?

ഈ രണ്ട് ദിവസവും നിൻറെ പിന്നാലെ നടന്ന് എത്ര തവണ എനിക്ക് പറയാനുള്ളത് ശ്രമിച്ചു? പക്ഷേ നീ അതൊന്നും ചെവി കൊണ്ടില്ലല്ലോ?

അതോണ്ട് ഇന്ന് എനിക്ക് പറയാനുള്ളത് മുഴുവൻ കേട്ടിട്ട് നീ ഇവിടന്ന് പോയാൽ മതി....

എടീ നിന്നോടാടീ ഞാനീ പറയുന്നത്. അവൾടെ ഒരു എഴുത്ത്.."

എന്ന് പറഞ്ഞ് ഓൻ ടീച്ചറെ നോട്ട് എടുത്തു .നമ്മള് കലിപ്പിൽ ഓനോട് പറഞ്ഞു.

"ആ നോട്ടിങ്ങ് താ... എനിക്ക് എഴുതണം..."

"എഴുതാം...

എനിക്ക് പറയാനുള്ളത് കേട്ടിട്ട് എത്ര വേണേലും നിനക്ക് എഴുതാം..."

"എനിക്കൊന്നും കേൾക്കണ്ടെങ്കിലോ?"

"കേൾക്കണം...

കേട്ടേ പറ്റൂ..."

എന്ന് പറഞ്ഞ് ആ കോന്തൻ ഡെസ്കില് ആഞ്ഞടിച്ചിട്ട് അവിടന്ന് എണീറ്റ് നിന്നു. നമ്മളും എണീറ്റ് ഓൻറെ അടുത്തേക്ക് ചെന്നിട്ട് ആ നോട്ട് തട്ടി പറിക്കാൻ നോക്കി. എത്ര തവണ ട്രൈ ചെയ്തിട്ടും ഓൻറെ കയ്യീന്ന് നോട്ട് വാങ്ങാൻ പറ്റിയില്ല.

"ആ നോട്ടിങ്ങ് താ... തരാനല്ലെ പറഞ്ഞത്..."

"എനിക്ക് പറയാനുള്ളത് ആദ്യം കേൾക്ക് എന്നിട്ട് തരാം..."

നമ്മള് ഓനെ രൂക്ഷമായി നോക്കി കൊണ്ട് ഒന്ന് നെടുവീർപ്പിട്ടു.

"ഓക്കേ...എന്താന്ന് വെച്ചാ പറഞ്ഞ് തൊലക്ക്..."

ഓൻ നമ്മളെ നോക്കി ഒന്ന് പുഞ്ചിരിച്ചു. ഈ പുഞ്ചിരി കണ്ട് നമ്മള് ഓൻ്റെ വലയില് വീണു പോകോന്ന് തോന്നിയതോണ്ട് വേഗം മുഖം തിരിച്ചു.

ആ കോന്തൻ മെല്ലെ നമ്മളെ അടുത്തേക്ക് നടന്നടുക്കാൻ തുടങ്ങി. ഓൻ അടുത്ത് എത്തിയതും ഓൻ്റെ കയ്യീന്ന് ആ നോട്ട് തട്ടി പറിച്ച് വാങ്ങിയിട്ട് നമ്മള് തിരിഞ്ഞതും ഓന് എൻ്റെ കയ്യിൽ പിടിച്ച് വലിച്ച് ഓൻ്റെ നെഞ്ചോട് ചേർത്തതും ഒപ്പായിരുന്നു.

ഒരു സെക്കന്റ് എന്താ ഇവിടെ സംഭവിച്ചതെന്ന്

അറിയാതെ നമ്മള് അങ്ങനെ പകച്ച് നിന്നു. പെട്ടെന്ന് എവിടെന്നോ ഒരു വെളിവ് കിട്ടിയ പോലെ ഓനെ പിടിച്ച് ഒരു തള്ളായിരുന്നു നമ്മള്. ഓൻ രണ്ടടി പിറകോട്ട് വേച്ച് പോയി,നമ്മളോ നെഞ്ചിൽ കയ്യും വെച്ച് ഓനെ നോക്കി നിന്നു.

ആ കോന്തൻ വീണ്ടും ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് നടന്നടുത്തു. നമ്മള് അതിനനുസരിച്ച് പിറകോട്ട് നടക്കാനും തുടങ്ങി. നടന്ന് നടന്ന് നമ്മള് ചുമരിൽ തട്ടി നിന്നു. ആ കോന്തൻ രണ്ട് കയ്യും ചുമരിൽ കുത്തി കൊണ്ട് നമ്മളെ ഓൻറെ കരവലയത്തിലാക്കി. നമ്മളെ മനസ്സിലേക്ക് അപ്പൊ തന്നെ ഓടി വന്നത് ആ സ്വപ്നായിരുന്നു.

നമ്മള് രണ്ട് കണ്ണും പൂട്ടി നമ്മളെ മനസ്സിനോട് അതൊക്കെ മറന്ന് കളയാൻ പറഞ്ഞ് കൊണ്ട് ഒന്ന് നെടുവീർപ്പിട്ടു. കണ്ണ് തുറന്നതും ആ കോന്തൻ നമ്മളെ മുഖത്തേക്ക് ഒരു കൗതുകത്തോടെ നോക്കി നിൽക്കുന്നതാണ് കണ്ടത്. നമ്മള് ഓനെ ഒന്ന് രൂക്ഷമായി നോക്കി കൊണ്ട് മാറി നിൽക്കാൻ പറഞ്ഞു.

"മാറാം...എനിക്ക് പറയാനുള്ളത് കേട്ടിട്ട്..."

"എന്താന്ന് വെച്ചാ ഒന്ന് പറ.."

"നീ ചൂടാവല്ലെ ഐഷൂ...നീ ചൂടായാൽ എൻറെ കൺട്രോൾ മൊത്തം പോകും.."

നമ്മള് ഓൻറെ മുഖത്ത് നിന്നും കണ്ണെടുത്തിട്ട് തല തിരിച്ച് നിന്നു.

"എനിക്ക് പറയാനുള്ളത് ഒരു കാര്യം മാത്രേയുള്ളൂ....

നീ എന്നെ തെറ്റിദ്ധരിച്ചതാണ് ഐഷൂ...ഞാനും അയാളെ മരണവും തമ്മിൽ യാതൊരു ബന്ധവുമില്ല...

അന്ന് അയാളെ പിന്നാലെ ഓടിയെന്നുള്ളത് നേരാ...പക്ഷേ, അന്ന് എനിക്ക് അയാളെ പിടിക്കാൻ കഴിഞ്ഞില്ല അതിനു മുന്നേ അയാള് രക്ഷപ്പെട്ടിരുന്നു.

ഞാൻ എന്തിനാ അയാളെ പിന്തുടർന്ന് ഓടിയതെന്ന് നിന്നോട് പറയാൻ സമയമായിട്ടില്ല ഐഷൂ....അന്ന് നിന്നോട് മാത്രല്ല എൻറെ ഫ്രണ്ട്സിനോടും എല്ലാവരോടും ഞാനത് പറയും...

ഇപ്പൊ നീ ഞാൻ പറഞ്ഞത് വിശ്വസിക്കണം."

നമ്മള് ഓൻറെ മുഖത്ത് നോക്കാതെ വേറെ എങ്ങോട്ടോ നോക്കി നിൽക്കേണ്ണു. പെട്ടെന്ന് ഓൻ നമ്മളെ കവിളിൽ പിടിച്ചിട്ട് ഓൻറെ നേരം മുഖം തിരിച്ചു.

" ഇപ്പോഴും നീ എന്നെ വിശ്വസിക്കുന്നില്ലേ?

നീ തന്നെ ഒന്ന് ആലോചിച്ച് നോക്ക്....അന്ന് അയാളെ ഞാൻ പിന്നാലെ ഓടിയിട്ട് ആറേഴ് മാസം കഴിഞ്ഞു.പക്ഷേ അയാളെ കാണാതായിട്ട് രണ്ട് മാസമേ ആയിട്ടുള്ളൂ...പിന്നെ ഞാൻ എങ്ങനെ അയാളെ മരണത്തിനു കാരണക്കാരനാകും?"

നമ്മള് ഓൻ്റെ കൈ തട്ടി മാറ്റിയിട്ട് ഓനെ തന്നെ നോക്കി നിന്നു. ഓനും നമ്മളെ അതുപോലെ തന്നെ നോക്കി നിന്നു.

"നിന്നോടിപ്പോ ഞാൻ ചോദിച്ചോ അയാളെ മരണത്തിനു പിന്നിൽ നീയാണോന്ന് ഇല്ലല്ലോ?

അയാളെ ആര് കൊന്നാലും എനിക്കെന്താ?

പി... പിന്നെ...അന്ന് അയാളെ പിന്നാലെ ഓടിയത് താനാണെന്ന് അറിഞ്ഞപ്പൊ അയാളെ മരണത്തിനു പിന്നിലും നീയാണെന്ന് കരുതി പോയി..അതിലിപ്പൊ എൻ്റെ തെറ്റ് ഒന്നുമില്ലല്ലോ...

എന്തായാലും താനല്ല അത് ചെയ്തതെന്ന് ഞാൻ വിശ്വസിച്ചു.ഇനിയെങ്കിലും എന്നെ ഒന്ന് വെറുതെ വിട് പ്ലീസ്..."

ഓൻ്റെ മുന്നിൽ രണ്ട് കയ്യും കൂപ്പി നിന്ന് നമ്മള് ഓനോട് പറഞ്ഞ് തിരിഞ്ഞതും ഓൻ നമ്മളെ കയ്യിൽ പിടിച്ച് വീണ്ടും അവനിലേക്ക് അടുപ്പിച്ചു.

"ഹാ ...അങ്ങനെയങ്ങ് പോയാലോ....

നിൻ്റെ സംശയങ്ങളൊക്കെ ഞാൻ മാറ്റി തന്നില്ലേ? ഇനി എൻ്റെ സംശയങ്ങൾ കൂടി ക്ലിയറാക്കിയിട്ട് നീ പോയാ മതി..."

നമ്മള് ഓൻ്റെ കയ്യീന്ന് നമ്മളെ കൈ വിടുവിച്ചിട്ട് ഓൻ്റെ മുഖത്തേക്ക് സംശയത്തോടെ നോക്കി.

"എന്ത് സംശയം...?"

നമ്മള് നെറ്റി ചുളിച്ചു.

"ഞാനാണ് അയാളെ പിന്നാലെ ഓടിയതെന്ന് നിനക്ക് എങ്ങനെ മനസ്സിലായി?"

'ഓൻറെ ഒരു ഒടുക്കത്തെ സംശയം... എന്ത് ഒലക്കൻറെ മൂടാ നമ്മള് ഓനോട് പറയാ? ഓൻ നമ്മളെ ഇടിച്ചിട്ടിട്ട് ഓടിയപ്പൊ നമ്മളെ ഹാർട്ട്ബീറ്റ് നമ്മള് അറിഞ്ഞൂന്നോ?

എന്നാ പിന്നെ നമ്മളെ കുരാമീസ് കളിയാക്കിയതിനേക്കാൾ വലുതായിരിക്കും ഇവൻ നമ്മളെ കളിയാക്കിയാലുണ്ടാവാ ...ഇനി ഇപ്പൊ എന്താ ചെയ്യാ? എന്ത് പറഞ്ഞ് നമ്മള് തടി തപ്പും?'

"ഹലോ...ഇത്രക്ക് ഗാഢമായി ചിന്തിക്കാൻ മാത്രം ഞാനൊന്നും ചോദിച്ചില്ലല്ലോ...

താനെങ്ങനെ അത് ഞാൻ ആണെന്ന് അറിഞ്ഞു...അത് മാത്രം പറഞ്ഞാ മതി.."

"അ ....അത്...അത് ഞാൻ നിങ്ങളെ മുഖം കണ്ടിരുന്നു അങ്ങനെ അറിയാ..."

"കള്ളം...പച്ചക്കള്ളം... നീ അന്ന് എൻറെ മുഖം കണ്ടീന്നെങ്കിൽ നീയെന്നെ ആദ്യം കണ്ട് മുട്ടിയ അന്ന് തന്നെ എന്നോട് അതിനെ കുറിച്ച് നീ ചോദിച്ചേനേ....

അതോണ്ട് നീ എന്നെ കണ്ടിട്ടില്ല എന്നത് എനിക്ക് നൂറ് ശതമാനവും ഉറപ്പാ...പിന്നെ എങ്ങനെ നിനക്ക് മനസ്സിലായി അത് ഞാനാണെന്ന്?

പറ...ഉം...പറയ് ഐഷൂ..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ അടുത്തേക്ക് വരാൻ തുടങ്ങി. പെട്ട് പോയെന്ന് മനസ്സിലായോണ്ട് ഓനോട് എല്ലാം പറയാൻ നമ്മള് തീരുമാനിച്ചു.

"പറയാം.... ഞാൻ പറയാം.... പോരേ...

അന്ന് താൻ എന്നെ ഇടിച്ചിട്ടിട്ട് ഓടിയപ്പൊ....."

"ഇടിച്ചിട്ടിട്ട് ഓടിയപ്പൊ..?"

"ഓടിയപ്പൊ എൻറെ..."

"ഉം നിൻറെ ..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ അടുത്തേക്ക് ഒന്ന് കൂടി ചേർന്ന് വന്നപ്പോ നമ്മള് ഓനെ പിടിച്ച് തള്ളി. അപ്പൊ തന്നെ നെഞ്ചിൽ കയ്യും വെച്ച് നിന്നു.

അത് കണ്ടപ്പൊ ആ കോന്തൻ നമ്മളെ നോക്കി ചിരിച്ചോണ്ട് ഓൻറെ അടുത്ത ഡൗട്ടും കൊണ്ട് വന്നു.

"നിന്നോട് അന്ന് കാൻറീന് മുന്നിൽ വെച്ച് തന്നെ ചോദിക്കണമെന്ന് കരുതിയതാ...നീയെന്തിനാ എന്നെ തള്ളിയിട്ട് നെഞ്ചിൽ കയ്യും വെച്ച് നിക്കുന്നേ?

നിൻറെ ഹൃദയം എന്താ പുറത്തേക്ക് ചാടുന്നുണ്ടോ?"

നമ്മള് അപ്പൊ തന്നെ ഓനെ നോക്കി കൊണ്ട് അതേന്ന് തലയാട്ടി. അത് കണ്ടപ്പൊ ഓൻ നമ്മളെ ഒരു സംശയത്തോടെ നോക്കി.

"വാട്ട്? താൻ എന്നെ പിടിച്ച് തള്ളുമ്പൊ തൻറെ ഹൃദയം

പുറത്തേക്ക് ചാടുന്ന പോലെ തോന്നുന്നുണ്ടെന്നോ?"

നമ്മള് വീണ്ടും ഒന്ന് മൂളി കൊണ്ട് തലയാട്ടി. അത് കാണേണ്ട താമസം ആ കോന്തൻ നമ്മളെ നോക്കി ഹലാക്കിലെ ചിരി ആയിരുന്നു. ഓൻറെ ചിരി കണ്ടപ്പൊ മോന്തയടക്കി ഒന്ന് കൊടുക്കാൻ തോന്നിയതാണ്,പിന്നെ ആലോചിച്ചപ്പൊ വേണ്ടെന്ന് വെച്ചു. നമ്മള് ബുക്ക് എടുത്തിട്ട് അവിടന്ന് പോകാൻ നിന്നപ്പൊ ഓൻ നമ്മളെ മുന്നിൽ വന്ന് നിന്നു.

"താൻ കാര്യായിട്ട് പറഞ്ഞതാണോ തൻറെ ഹൃദയം പുറത്തേക്ക് ചാടുന്ന പോലെ തോന്നിയെന്ന്..."

"അറിഞ്ഞിട്ട് ഇപ്പൊ എന്തിനാ? എന്നെ വീണ്ടും കളിയാക്കാനല്ലെ?

വഴീന്ന് മാറ് എനിക്ക് പോണം.."

"ഹാ...പിണങ്ങല്ലെടോ...ഞാൻ എൻറെ ഐഷൂനെ കളിയാക്കുമെന്ന് തോന്നുന്നുണ്ടോ?

പെട്ടെന്ന് അതൊക്കെ കേട്ടപ്പോ ചിരി വന്നു അത്രേയുള്ളൂ..."

"ആയിക്കോട്ടേ...ഇയാള് എത്ര വേണേലും ചിരിച്ചോ അതിന് ഇപ്പൊ എനിക്കെന്താ?"

"നിനക്ക്........

എന്നെ കൊണ്ട് നീയൊന്നും പറയിപ്പിക്കണ്ട....

അല്ലാ...അപ്പൊ നീ അന്ന് ഞാനാണ് അതെന്ന് മനസ്സിലാക്കിയത് ഇങ്ങനെ ഹാർട്ട് ബീറ്റ് വെച്ചാണോ?"

നമ്മള് ഓൻറെ മുഖത്ത് നോക്കാനുള്ള ചമ്മല് കൊണ്ട് തല താഴ്ത്തി കൊണ്ട് ഒന്ന് മൂളി കൊടുത്തു. ഓൻ ചിരിച്ചോണ്ട് നമ്മളെ ഓൻറെ അടുത്തേക്ക് ചേർത്ത് നിർത്തിയിട്ട് നമ്മളെ കണ്ണിൽ നോക്കി.

"എന്ത് കൊണ്ടാ അങ്ങനെ സംഭവിച്ചതെന്ന് അറിയോ നിനക്ക്?

നമ്മള് തമ്മിലുള്ള ബന്ധം ഹാർട്ട് ടു ഹാർട്ട് കണക്ടായിട്ടുള്ളതാണ്. അതോണ്ടാ നീയെന്നെ പിടിച്ച് തള്ളുമ്പൊ നിൻറെ ഹൃദയം വെമ്പുന്നത്..."

നമ്മള് അപ്പൊ തന്നെ ഓനെ പിടിച്ചു തള്ളി നമ്മള് നെഞ്ചിൽ കൈ വെച്ച് വേഗം കയ്യെടുത്തു.

"ആണോ...

വല്യ കാര്യായി പോയിട്ടോ ....

എനിക്ക് അറിലേന്നുട്ടോ ഇങ്ങനെ ഒരു ഹാർട്ട് ടു ഹാർട്ട് കണക്ഷനെ കുറിച്ച്...

പറഞ്ഞ് തന്നത് നന്നായി ഇല്ലെങ്കിൽ ഞാൻ അറിയാതെ പോയേനേ..."

എന്ന് പറഞ്ഞ് രൂക്ഷമായി ഓനെ നോക്കി കൊണ്ട് ഓൻറെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്ത് നമ്മള് തിരിഞ്ഞതും ആ കോന്തൻ നമ്മളെ ഷാള് പിടിച്ച് വലിച്ചു.

അപ്രതീക്ഷിത വലി ആയോണ്ട് നമ്മള് കാല് സ്ലിപ്പായി ആ കോന്തൻറെ മേത്തേക്ക് ഒരു വീഴ്ചയായിരുന്നു. നമ്മള് ഓൻറെ മേത്തേക്ക് വീഴുമെന്ന് ഓനും പ്രതീക്ഷിക്കാത്തോണ്ട് ഓൻ നമ്മളേയും കൊണ്ട് നിലത്തേക്ക് മറിഞ്ഞു.

ഓൻറെ കണ്ണിലേക്ക് നോക്കി എത്ര നേരം നമ്മളങ്ങനെ കിടന്നൂന്ന് നമ്മക്ക് തന്നെ അറീല.ഇതിപ്പൊ വല്ല ഹിന്ദി സീരിയലിലായിരെന്നെങ്കിൽ ബാഗ്രൗണ്ട് മ്യൂസിക്കൊക്കെ ഇടാൻ പറ്റിയ സീനായിരുന്നു.

പെട്ടെന്ന് നമ്മളെ മുന്നിലേക്ക് രണ്ട് കാലുകൾ നടന്ന് വന്നു. ആരാണെന്നറിയാൻ ഞാനും ആ കോന്തനും വീണിടത്ത് നിന്നും മുഖമുയർത്തി നോക്കി. മുന്നിൽ നിൽക്കുന്ന ആളെ കണ്ട് നമ്മള് പകച്ച് പോയി.

[ആരായിരിക്കും അത്?]

(തുടരും)

ഭാഗം.37

പെട്ടെന്ന് നമ്മളെ മുന്നിലേക്ക് രണ്ട് കാലുകൾ നടന്ന് വന്നു.ആരാണെന്നറിയാൻ ഞാനും ആ കോന്തനും വീണിടത്ത് നിന്നും മുഖമുയർത്തി നോക്കി. മുന്നിൽ നിൽക്കുന്ന ആളെ കണ്ട് നമ്മള് പകച്ച് പോയി.

"ടീച്ചർ..."

നമ്മള് വേഗം ആ കോന്തൻ്റെ മേത്ത് നിന്ന് എണീറ്റ് ടീച്ചറോട് എന്ത് പറയുമെന്ന് ആലോചിച്ച് ടീച്ചറെ നോക്കി നിന്നു.

ടീച്ചർ കണ്ണുരുട്ടി കൊണ്ട് നമ്മളേയും ആ കോന്തനേയും മാറി മാറി നോക്കിയിട്ട് ടീച്ചർ ആ കോന്തൻ്റെ നേരെ വന്നു.

"ഡാ ആദീ.....നിനക്ക് ഇവളോടെന്തോ സംസാരിക്കണമെന്ന് പറഞ്ഞിട്ടല്ലെ ഞാൻ ഇവളെ ഇങ്ങോട്ട് കൊണ്ട് വന്നത്...

എന്നിട്ട് ഇതാണോ നിനക്ക് സംസാരിക്കാനുള്ളത്?

ആണോടാ കുരുത്തംക്കെട്ടവനേ?"

എന്ന് പറഞ്ഞ് ടീച്ചർ ഓൻറെ ചെവി തിരിച്ച് പൊന്നാക്കി ഓൻറെ കയ്യിനൊരെണ്ണം കൊടുത്തു. ഓൻ ചിരിച്ചോണ്ട് നമ്മളെ ഒരു നോട്ടം. നമ്മളോ.....

ഫ്യൂസടിച്ച് പോയ പോലെ അങ്ങനെ നിന്നിട്ട് രണ്ടിനേയും നോക്കി. ടീച്ചർ പതിയെ ഒരു പുഞ്ചിരി തൂകി കൊണ്ട് നമ്മളെ അടുത്തേക്ക് വന്നു.

"ഇവൻ നിന്നെ ഒന്നും ചെയ്തില്ലല്ലോ?"

"ഇല്ല ചേച്ചി...അവള് വീഴാൻ പോയപ്പൊ ഞാൻ പിടിച്ചെന്നേയുള്ളൂ.."

"ഡാ...ഡാ...നീ മിണ്ടരുത്....ആദ്യായിട്ട് നീയെന്നോട് ഒരു സഹായം ചോദിച്ചതല്ലേന്ന് കരുതി ചെയ്ത് തന്നപ്പൊ നീ എന്താ കാണിച്ച് വെച്ചത്?

എൻറെ സ്ഥാനത്ത് വേറെ ആരെങ്കിലും ആയിരുന്നെങ്കിലോ കേറി വന്നത്? നീയൊന്ന് ചിന്തിച്ച് നോക്കിയേ... പിന്നെ ഈ കോളേജിൽ നിങ്ങൾക്ക് മനസ്സമാധാനത്തോടെ പഠിക്കാൻ പറ്റോ?

ആ...അത് വിട്ടേക്ക്... ഇനി നീ വല്ല സഹായവും ചോദിച്ച് വാ നിനക്ക് ഞാൻ അപ്പോ തരാ..."

"ഏയ്....ഇനി അതിൻറെ ഒന്നും ഒരു ആവശ്യവുമില്ല ചേച്ചി....ഐഷു ഇനി എന്തായാലും ചേച്ചി വിളിച്ചാൽ ഇനി വരില്ല അത് ഉറപ്പാ."

നമ്മള് എല്ലാം കണ്ടും കേട്ടും ഒരു പോസ്റ്റ് കണക്കെ ഷോക്കടിച്ച് നിൽക്കാണ്. അപ്പോഴേക്കും നാലാം പിരീഡിന് ബെല്ലടിച്ചു.

"എനിക്ക് ഇപ്പൊ പിരീഡ് ഉണ്ട്. ഫെബീ ഈ നോട്ട് കൊണ്ട് പൊയ്ക്കോ...

സത്യം പറഞ്ഞാൽ ഈ കള്ള തിരുമാലി പറഞ്ഞിട്ടാ ഞാൻ തന്നെ ഇങ്ങോട്ട് കൊണ്ട് വന്നത്. അത് ഇങ്ങനെ ആകുമെന്ന് ഞാൻ കരുതീല.

മോളിത് ആരോടും പറയണ്ടട്ടോ...കുറച്ച് എടുത്ത് ചാട്ടം കൂടുതലുണ്ടെന്നേയുള്ളൂ പക്ഷേ ആദി പാവാണ്ട്ടോ...

അപ്പൊ ഞാൻ പോവാണ്..നോട്ട്സൊക്കെ കൃത്യായിട്ട് എല്ലാവർക്കും പറഞ്ഞ് കൊടുക്കണം കേട്ടോ.."

എന്ന് പറഞ്ഞ് ടീച്ചർ നമ്മളെ കവിളിൽ തട്ടി കൊണ്ട് ആ കോന്തനെ നോക്കി കണ്ണുരുട്ടിയിട്ട് ടീച്ചർ പോയി. നമ്മക്ക് അപ്പോഴാ സ്ഥലകാല ബോധം വന്നത്.

എന്താ ഇപ്പൊ ഉണ്ടായേന്ന് ആലോചിച്ച് നമ്മള് അവിടെ

ഇരുന്നു. അപ്പൊ ആ കോന്തൻ നമ്മളെ മുന്നിൽ ഇരുന്നിട്ട് നമ്മളെ ഒന്ന് നോക്കി കണ്ണിറുക്കി.

ഓൻ്റെ മോന്ത കണ്ടപ്പൊ തന്നെ ദേഷ്യം എരിഞ്ഞ് കേറി. അതോണ്ട് ബുക്കൊക്കെ എടുത്തിട്ട് നമ്മള് പോകാൻ ഒരുങ്ങി. അപ്പോഴേക്കും ആ കോന്തൻ നമ്മളെ പോകാൻ സമ്മതിക്കാതെ നമ്മളെ മുന്നിൽ വന്ന് നിന്നു.

"സോറിയെടോ....നിന്നെ എൻ്റെ മുന്നിൽ ഒന്ന് കൊണ്ട് എത്തിക്കാൻ എനിക്കിതല്ലാതെ വേറെ മാർഗമൊന്നും ഇല്ലെന്നു. മീനു ചേച്ചി ഞങ്ങളെ സീനിയർ ആയിരുന്നു. പോരാത്തതിന് എൻ്റെ റെക്കമെൻറേഷനിലാണ് ചേച്ചിക്ക് ഇവിടെ തന്നെ ഞങ്ങൾ ജോലി കിട്ടിയത്.

അപ്പൊ ആ നന്ദി കാണിക്കാൻ ഞാൻ ഒരു അവസരം കൊടുത്തതാ ഇപ്പൊ നീ എൻ്റെ മുന്നിൽ നിൽക്കുന്നത്."

"അതിനിപ്പൊ ഞാനെന്താ വേണ്ടേ? ഞാൻ ചോദിച്ചോ നീയും ടീച്ചറും തമ്മിൽ എന്താ ബന്ധമെന്ന്, ഇല്ലല്ലോ? അപ്പൊ പിന്നെ ചുമ്മാ ഈ ന്യായീകരണങ്ങൾ എന്നോട്

പറയണ്ടാ.."

നമ്മള് അതും പറഞ്ഞ് ഓനെ മൈൻഡ് ചെയ്യാതെ ഒന്ന് രൂക്ഷമായി നോക്കിയിട്ട് മുഖം തിരിച്ച് നടന്നു.

ഓൻ അപ്പൊ തന്നെ നമ്മളെ അവിടെ പിടിച്ച് വെച്ചു. എന്നിട്ട് നമ്മളെ കണ്ണിലേക്ക് നോക്കി കൊണ്ട് ഓൻ പറയാ....

"എൻറെ ഭാഗത്തെ ശരി നിന്നെ അറിയിച്ചതോണ്ടും,നീയെന്നെ പിടിച്ച് തള്ളുമ്പൊ തൻറെ ഹൃദയമിടിപ്പ് ഉയരുന്നത് കൊണ്ടും, മീനു ചേച്ചി നിന്നെ ഇങ്ങോട്ട് വിളിച്ച് വരുത്തി എന്നത് കൊണ്ടും....

നീയെന്നോട് ഇപ്പൊ തന്നെ ഇഷ്ടാണെന്ന് പറഞ്ഞേക്കല്ലേ? അതിനു ഇനിയും സമയമുണ്ട്...."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ നോക്കി ഭയങ്കര ചിരി. നമ്മള് അപ്പൊ തന്നെ ഓനെ പിടിച്ച് തള്ളി

നെഞ്ചിൽ കയ്യും വെച്ചോണ്ട് "പോടാ കൊരങ്ങൻ തെണ്ടീ..." ന്ന് വിളിച്ചോരു ഓട്ടമായിരുന്നു ക്ലാസിലേക്ക്.

ക്ലാസിൽ ആരും വന്നിട്ടില്ലേന്നു. നമ്മളെ ഓട്ടം കണ്ടിട്ട് നമ്മളെ കുരാമീസ് എന്താ ഉണ്ടായേന്ന് കാര്യം തിരക്കി. നമ്മക്ക് ആണെങ്കിൽ അതൊക്കെ കൂടി ആലോചിച്ചിട്ട് ചിരിയും കരച്ചിലുമൊക്കെ വരാണ്.

നമ്മള് ഓടി വന്ന കിതപ്പ് മാറ്റി കൊണ്ട് ഉണ്ടായതൊക്കെ അവരോട് പറഞ്ഞു.

"എടീ ഫെബീ...അപ്പൊ മീനുക്കുട്ടിക്ക് ആദിൽക്കാനെ പറ്റി നല്ല അഭിപ്രായമാണല്ലോ." നസിയാണ്.

"അതെന്നെ...അതോണ്ട് ആദിൽക്കാനോട് നീ ഇത്രക്ക് വെറുപ്പ് കൊണ്ട് നടക്കണ്ട ഫെബീ..." ഷംനയാണ്.

"യെസ്....ഹീ ഈസ് ഗുഡ് മാൻ.... ആദിൽക്ക പറഞ്ഞ പോലെ നിങ്ങള് തമ്മിൽ ഒരു ഹാർട്ട് ടു ഹാർട്ട്

കണക്ഷനുണ്ടെന്ന് ഇൻക്കും ഇപ്പൊ തോന്നുന്നുണ്ട്. അതോണ്ട് നീ ആളിൽക്കാനെ മിസ് ചെയ്യല്ലേടാ ...ഓക്കേ പറഞ്ഞേക്ക് മൂപ്പരോട്...." സനയാണ്.

"അതെന്നെ ഫെബീ...ഓക്കേ പറഞ്ഞേക്ക്..." നസിയും ഷംനയും ഒപ്പം നമ്മളോട് പറഞ്ഞു.

"നിങ്ങൾക്ക്....നിങ്ങൾക്ക് ഒന്നും അറീലാ...എനിക്ക്.... എനിക്ക് ഒരിക്കലും ആരേയും സ്നേഹിക്കാൻ പറ്റില്ല... ഞാൻ..."

"ആ..... ഓക്കേ...ആയിക്കോട്ടേ...നിന്നെ ആരും നിർബന്ധിപ്പിക്കുന്നില്ല പോരേ....

എന്നാലും ഞാൻ അപ്പോഴേ പറഞ്ഞതല്ലേ ഫെബീ കാക്കുവും അയാളും തമ്മിൽ ഒരു ബന്ധവുമില്ലാന്ന്...ഇപ്പൊ എങ്ങനെയുണ്ട്? ഞാൻ പറഞ്ഞത് തന്നെ നടന്നില്ലേ....

അയ്യോ...ദേ വരുന്നു കാലകേയൻ...."

അച്ചു നമ്മക്ക് പറയാനുള്ളത് പൂർത്തിയാക്കാൻ സമ്മതിക്കാതെ നമ്മളെ ഇടയിൽ കേറി ഇത്രയും പറഞ്ഞതും സാറ് വന്നു.

അതോടെ അവര് മൂന്നു പേരും ആ വിഷയം വിട്ടു. അച്ചു നമ്മളെ നോക്കി പുഞ്ചിരി തൂകി കൊണ്ട് കണ്ണിറുക്കി. നമ്മളും ഓളെ നോക്കി ഒന്ന് ചിരിച്ചെന്ന് വരുത്തിയിട്ട് ക്ലാസിൽ ശ്രദ്ധിച്ചിരുന്നു.

അങ്ങനെ ആ പിരീഡും കഴിഞ്ഞ് നമ്മള് ഉച്ചക്ക് കാൻറീനിൽ പോയി പുട്ടടിച്ച ശേഷം തിരിച്ച് വരുമ്പോഴാണ് ഇതുവരെ നമ്മള് കണ്ണിൽ പെടാതെ നടന്നിരുന്ന സൽമൻറെ മുന്നിൽ പെട്ടത്.

ഓളും ഓളെ ഗ്യാങ്ങും മാത്രല്ല ഉണ്ടായിരുന്നത്. കൂടെ ആ സാലിമും കൂട്ടരും ഉണ്ടായിരുന്നു.

അവരെ കണ്ടതും നമ്മളെ കുരാമീസ് ചെറുതായി പേടിച്ചിട്ട് നമ്മളെ ഒരു നോട്ടം. അച്ചു നമ്മളെ കൈ

മുറുകെ പിടിച്ചിട്ടുണ്ട്. എല്ലാം കൊണ്ടും ഇന്ന് നമ്മളെ നല്ല ദിവസം ആയോണ

ഇപ്പൊ വല്ലതും നടക്കുമെന്ന് നമ്മളെ മനസ് പറഞ്ഞു.

നമ്മള് അവരെയൊന്നും കാണാത്ത പോലെ ക്ലാസിലേക്ക് നടന്നു. പ്രതീക്ഷിച്ച പോലെ തന്നെ സൽമ ഞങ്ങളെ മുന്നിലേക്ക് വന്നിട്ട് തടഞ്ഞ് നിർത്തി.

"എങ്ങോട്ടാ ഇത്രക്ക് ധൃതിയിൽ? ഞങ്ങൾ ഇവിടെ നിൽക്കുന്നത് നീയെന്താ കണ്ടില്ലേ?" സൽമയാണ്.

"കണ്ടു...കാണാതിരിക്കാൻ മാത്രം എൻറെ കണ്ണിന് പ്രത്യേകിച്ച് ഒരു കുഴപ്പവുമില്ല."

"എന്താടി...നീ വലിയ ഓവർ സ്മാർട്ടാകാൻ നോക്കാണോ?"

ഓള് നമ്മളെ നേരെ കുരച്ച് ചാടി.

"ഞാൻ അതിന് മാത്രം ഒന്നും പറഞ്ഞില്ലല്ലോ...നീ ചോദിച്ചതിന് മറുപടി തന്നു. അത്രേയുള്ളൂ..."

നമ്മള് ഓളെ നോക്കി ചിരിച്ചോണ്ട് അവിടന്ന് പോകാൻ നിന്നപ്പൊ ആ സാലിം നമ്മളെ മുന്നിൽ കേറി വന്നിട്ട് നമ്മളെ കൈ കേറി പിടിച്ചു.

"ഹാ....അങ്ങനെയങ്ങ് പോയാലോ...?"

നമ്മള് ഓൻ്റെ കൈ വിടുവിച്ചിട്ട് മോന്തയടക്കി ഒന്ന് പൊട്ടിച്ചു.

"ഇനി പോകാലോ?"

എന്ന് പറഞ്ഞ് നമ്മളും കുരാമീസും കൂടി ക്ലാസിലേക്ക് നടന്നു. ഗ്രൗണ്ടിൽ കൂടി നിന്നവരൊക്കെ നമ്മളേയും ആ സാലിമിനേയും നോക്കി നിൽക്കാണ്.

"ഡീ......#@₹%@& മോളേ...."

എന്ന് പറഞ്ഞ് ഓൻ നമ്മളെ പിന്നാലെ വന്ന് നമ്മളെ മുടിക്കുത്തിൽ പിടിച്ചു വലിച്ചു. വേദന കൊണ്ട് നമ്മള് നല്ലോണം അങ്ങ് അലറി. ഓൻ നമ്മളെ ഓൻ്റെ മുന്നിലേക്ക് വലിച്ച് നിർത്തിയിട്ട് നമ്മളെ മുഖത്തേക്ക് ആഞ്ഞടിച്ചു.

നമ്മള് കണ്ണും പൂട്ടി ഇപ്പൊ കവിള് ചുവക്കുമെന്ന് പ്രതീക്ഷിച്ചെങ്കിലും ഓൻ്റെ കൈ എൻ്റെ മുഖത്ത് തട്ടിയില്ല. എന്താ സംഭവമെന്ന് കണ്ണ് തുറന്ന് നോക്കിയപ്പൊ ആ കോന്തൻ സാലിമിൻ്റെ കൈ പിടിച്ച് വെച്ചിരിക്കുന്നു.

ആ കോന്തനെ അന്തം വിട്ട് നമ്മള് നോക്കി നിന്നു. ഇതുവരെ ഓൻ്റെ മുഖത്ത് നമ്മള് കാണാത്ത ഒരു കലിപ്പ് മോഡിലാണ് ഓൻ. ഓൻ്റെ ആ കലിപ്പ് കണ്ടതും എൻ്റെ പടച്ചോനേ... നമ്മള് ഓനില് തന്നെ ലയിച്ച് പോയി.

പതിയെ ആ കോന്തൻ്റെ കൈ സാലിമിൻ്റെ കയ്യിൽ മുറുകുന്നതിന് അനുസരിച്ച് നമ്മളെ മുടിയിൽ നിന്നും

സാലിമിൻറെ കൈ അയഞ്ഞ് വന്ന് ഓൻ നമ്മളെ വിട്ടു.

ആ കോന്തൻ നമ്മളെ നോക്കിയിട്ട് അലറി.

"ക്ലാസിൽ കേറി പോടീ...."

പെട്ടെന്ന് നമ്മള് ഞെട്ടി തരിച്ച് വേഗം അവിടന്ന് സ്ഥലം കാലിയാക്കാൻ നിന്നപ്പോഴുണ്ട് ആ സാലിം വിളിച്ച് കൂവുന്നു.

"നിൻറെ രക്ഷകൻ വന്നെന്ന് കരുതി നീ രക്ഷപ്പെട്ടെന്ന് കരുതണ്ടടീ...നിന്നെ ഞാൻ വെറുതെ വിടില്ല. ഈ സാലിമിൻറെ ദേഹത്ത് കൈ വെച്ച ആരേയും ഞാൻ വെറുതെ വിട്ടിട്ടില്ല. ഇവനെ ഒഴിച്ച്...

അതോണ്ട് നീ എന്നെ തല്ലിയതിനുള്ള തിരിച്ചടി ഞാൻ നിനക്ക് തന്നിരിക്കും..."

നമ്മക്ക് അത് കേട്ടപ്പോ ചെറുതായി ഒരു പേടി വന്നോന്ന് ഒരു സംശയം. നമ്മളെ നടത്തത്തിൻറെ സ്പീഡ് കുറഞ്ഞ് പെട്ടെന്ന് ഒരു പടക്കം പൊട്ടുന്ന

ശബ്ദം കേട്ട് തിരിഞ്ഞപ്പൊ ആ സാലിമിനെ കോന്തൻ തല്ലിയിട്ടുണ്ട്.

പിന്നെ പറയണ്ടല്ലൊ രണ്ടും പൊരിഞ്ഞ തല്ലായിരുന്നു. ഇതൊക്കെ സ്ഥിരം കാഴ്ച ആയതോണ്ടാകും ആരും അവരെ പിടിച്ചു മാറ്റാൻ നോക്കുന്നില്ല. പക്ഷേ സൽമ മാത്രം സാലിമിനെ പിടിച്ച് തള്ളി മാറ്റുന്നുണ്ട്. പക്ഷേ ആ കോന്തൻ വീണ്ടും ഓനെ തല്ലാണ്.സൽമ അത് തടുക്കാൻ ചെന്നപ്പൊ ഓളെ നമ്മളെ കോന്തൻ പിടിച്ച് തള്ളിയിട്ടു.

ഓള് വീണത് കണ്ടപ്പൊ നമ്മള് അറിയാതെ പൊട്ടിച്ചിരിച്ചു പോയി. നമ്മളെ ചിരി കണ്ട് നമ്മളെ കുരാമീസും ഒരു കൂട്ടച്ചിരി പാസാക്കി. ഞങ്ങളെ ചിരി കണ്ട് ആ സൽമ ഭദ്രകാളിയെ പോലെ ഉറഞ്ഞ് തുള്ളി കൊണ്ട് ഞങ്ങളെ നേരെ വന്നു. നമ്മള് അച്ചൂനോട് ഓടി പോയി വേഗം പ്രിൻസിയെ കൂട്ടി വരാൻ പറഞ്ഞു. ഓള് അപ്പൊ തന്നെ അങ്ങോട്ട് ഓടി പോയി.

അപ്പോഴേക്കും ആ കോന്തനേയും ആ സാലിമിനേയും അവരെ ഫ്രണ്ട്സ് ഒക്കെ കൂടി പിടിച്ച് മാറ്റിയിരുന്നു.

സൽമ നമ്മളെ അടുത്തെത്തിയതും നമ്മളെ തല്ലാൻ ഓങ്ങി. നമ്മള് അപ്പൊ തന്നെ ഓളെ കയ്യിൽ പിടിച്ചിട്ട് കൈ മാറ്റി.

"വേണ്ട സൽമാ....എൻ്റെ ദേഹത്ത് വെറുതെ കൈ വെക്കാൻ നിക്കണ്ട... നീ തല്ലുന്നത് കൊണ്ട് നിക്കാൻ എന്നെ കിട്ടില്ല. എനിക്ക് വേദനിച്ചാൽ ഞാൻ തിരിച്ച് തല്ലും..."

"എന്നാൽ നീയൊന്ന് എന്നെ തിരിച്ച് തല്ലിയിട്ട് നീ ഇവിടന്ന് ജീവനോടെ പോകുന്നത് എനിക്കൊന്ന് കാണണം.."

സൽമ വീണ്ടും നമ്മളെ തല്ലാൻ ഓങ്ങിയതും ആ കോന്തൻ വന്ന് ഓളെ കൈ പിടിച്ച് തിരിച്ചിട്ട് ഓളെ തള്ളി. അപ്പോഴത്തെ സൽമയുടെ മുഖഭാവം കണ്ട് നമ്മള് പേടിച്ചിട്ട് ആ കോന്തൻ്റെ പിറകിൽ ഒളിച്ച് നിന്നു.

കണ്ണൊക്കെയാകെ ചുവന്ന് നിറഞ്ഞൊഴുകുന്നുണ്ട് പക്ഷേ അവള് കരയല്ല...അവളുടെ കണ്ണിലൂടെ അപ്പൊ

ഒഴുകിയത് കണ്ണീരല്ല,എന്നോടുള്ള പകയായിരുന്നു. ഓൾടെ മുഖത്തെ ആ രൗദ്രഭാവം ശരിക്കും നമ്മളെ പേടിപ്പിച്ചിട്ടുണ്ട്.

"ഇവൾക്ക് വേണ്ടി എന്തിനാ ആദീ നീയെന്നെ തള്ളി കളയുന്നത്? അതിനു മാത്രം ഞാൻ എന്ത് തെറ്റാ നിന്നോട് ചെയ്തത്? എനിക്കില്ലാത്ത എന്ത് ഗുണാ ഇവൾക്കുള്ളത്? എൻറെ സ്നേഹം നീയെന്താ ആദീ മനസ്സിലാക്കാത്തത്?"

സൽമ ഇതും പറഞ്ഞ് കരഞ്ഞു. അതൊക്കെ കൂടി കണ്ടപ്പൊ നമ്മക്ക് അറിയാതെ സൽമയോട് ചെറിയ ഒരു സഹതാപം വന്നു. ഇവളെ സ്നേഹം മനസ്സിലാക്കാത്ത ഇവനെന്ത് മനുഷ്യനാ എന്ന് വരെ നമ്മക്ക് തോന്നി. കാരണം നമ്മക്ക് വരെ മനസ്സിലായി സൽമക്ക് ഈ കോന്തനോടുള്ള സ്നേഹം. പക്ഷേ ഇവനിതൊന്നും കേട്ട ഭാവം നടിച്ചില്ല.

"സൽമാ....നീ എന്നോട് എപ്പോഴൊക്കെ ഈ ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ടോ അന്നൊക്കെ എനിക്ക് പറയാനുള്ളത് നിന്നോട് പറഞ്ഞിട്ടുണ്ട്... എനിക്ക്

ഇപ്പോഴും അതേ പറയാനൊള്ളൂ. നീ എത്രയൊക്കെ സ്നേഹം കൊണ്ട് വന്നാലും ഞാൻ നിന്നെ തിരിച്ച് സ്നേഹിക്കില്ല. ഞാൻ സ്നേഹിക്കുന്നത് ഇവളെയാണ്....ഇവളെ മാത്രം....അത് എന്നും അങ്ങനെ തന്നെ ആയിരിക്കും."

എന്ന് ആ കോന്തൻ നമ്മളെ കൈ പിടിച്ച് പറഞ്ഞപ്പൊ അറിയാതെ നമ്മളെ കണ്ണ് നിറഞ്ഞ് പോയി. എന്താ ഇതിനൊക്കെ അർത്ഥം എന്ന് മനസ്സിലാകാതെ നമ്മള് പ്രതിമ കണക്കെ നിന്നു.

"ആദീ...നീ ഇവൾക്ക് വേണ്ടി നിൻറെ ഉമ്മാൻറെ വാക്ക് തെറ്റിച്ച് സൽമയെ ഉപേക്ഷിക്കുന്നത് എനിക്കൊന്ന് കാണണം.

ഇന്നത്തോടെ എല്ലാം ഇവിടം കൊണ്ട് അവസാനിപ്പിക്കാം...ഇവളെ മറന്നിട്ട് നീ സൽമയെ സ്വീകരിച്ചില്ലെങ്കിൽ...

ഇവളെ കുടുംബത്തോടെ കത്തിച്ച് കളയും."

സാലിമിൻ്റെ ആ വാക്കുകൾ നമ്മളെ നെഞ്ചിലാണ് വന്ന് തറച്ചത്. എന്തോ ഇന്നുവരെ എന്നെ പിടി കൂടാതിരുന്ന ഭയം ഇന്ന് എന്നെ തേടിയെത്തിയിരിക്കുന്നു. ആദി അവനെ എതിർത്ത് എന്തൊക്കെയോ സംസാരിച്ച് അവസാനം അവര് വീണ്ടും തല്ലായി. എല്ലാം കൂടി തലക്ക് പിരാന്ത് പിടിച്ച് നിൽക്കുന്നതോണ്ട് നമ്മള് അവരെ നോക്കി അലറി.

" *ഒന്ന് നിർത്തോ...*

നിങ്ങളുടെ ഒക്കെ പ്രശ്നമെന്താ? എന്തിനാ വെറുതെ എൻ്റെ ജീവിതം വെച്ച് കളിക്കാൻ നിൽക്കുന്നത്?

ഞാൻ ഇവനെ സ്നേഹിച്ചിട്ടില്ല. ഇനിയൊരിക്കലും സ്നേഹിക്കുകയുമില്ല....അതോണ്ട് പ്ലീസ്.... ദയവ് ചെയ്ത് നിങ്ങളെ പ്രശ്നത്തിൽ എന്നെ വലിച്ചിഴക്കരുത്..."

എന്ന് പറഞ്ഞ് നമ്മള് തിരിഞ്ഞപ്പോഴുണ്ട് പ്രിൻസിയും അച്ചുവും ഞങ്ങളെ എല്ലാവരേയും നോക്കി

നിൽക്കുന്നു. ഗ്രൗണ്ടിൽ ഉണ്ടായിരുന്നവരൊക്കെ അപ്പൊ തന്നെ അവിടന്ന് മുങ്ങി കളഞ്ഞിരുന്നു.

പിന്നെ എല്ലാം വളരെ പെട്ടെന്നായിരുന്നു. ഞങ്ങളെ നാല് പേരേയും പ്രിൻസി ഓഫീസിലേക്ക് വിളിപ്പിച്ചു. ഞങ്ങൾ തമ്മിൽ ഗ്രൗണ്ടിൽ വെച്ച് തല്ല് കൂടിയോ എന്ന് പ്രിൻസി ചോദിച്ചപ്പൊ ഞങ്ങൾ നാല് പേരും മൗനമായിരുന്നു.

പക്ഷേ നമ്മള് അങ്ങനെ മൗനത്തെ കൂട്ട് പിടിക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്തോണ്ട് നടന്നതൊക്കെ നമ്മള് പ്രിൻസിയോട് പറഞ്ഞു. എല്ലാം കേട്ട് കഴിഞ്ഞപ്പൊ സാക്ഷികളായി നമ്മളെ കുരാമീസിനേയും വിളിപ്പിച്ചിട്ട് ചോദിച്ചു. അവരും നമ്മള് പറയുന്നത് തന്നെ പറഞ്ഞപ്പൊ പ്രിൻസി ആ കോന്തനെ നോക്കി.

"എന്താ ആദി ഇതൊക്കെ? താനീ കോളേജിൻറെ ചെയർമാനല്ലേ? എന്നിട്ട് താനും തല്ലുണ്ടാക്കാണോ?"

"സാർ...ആദിൽക്ക ഞങ്ങളെ രക്ഷപ്പെടുത്താണ്

ചെയ്തത്...ഇവര് രണ്ട് പേരുമാണ് എല്ലാത്തിനും കാരണം..."

അച്ചു അത് പറഞ്ഞപ്പൊ നമ്മള് ഒന്ന് ഇടം കണ്ണിട്ട് നോക്കി കണ്ണുരുട്ടി. മൂന്നിനേയും ഒപ്പം പുറത്താക്കാൻ വേണ്ടി നമ്മള് നോക്കുമ്പൊ ഓള് ആ കോന്തനെ രക്ഷപ്പെടുത്താൻ നോക്കാണ്.

"നിങ്ങൾക്ക് വല്ല പരാതിയുമുണ്ടെങ്കിൽ എഴുതി തന്നോളൂ...വേണ്ട നടപടി ഉടൻ എടുത്തോളാം."

ഭീമൻ രഘുവാണ് നമ്മളോടിത് പറഞ്ഞത്. കേൾക്കേണ്ട താമസം അച്ചു അപ്പൊ തന്നെ പരാതി എഴുതി തയ്യാറാക്കി. സൽമക്കും സാലിമിനും എതിരെ ആയിരുന്നു അവള് പരാതി കൊടുത്തത്. ഞാനും നമ്മളെ കുരാമീസും അതില് പേരെഴുതി ഒപ്പിട്ട് പ്രിൻസിക്ക് കൊടുത്തു. അച്ചൂൻറെ നിർബന്ധം കാരണം മനസ്സില്ലാ മനസോടെയാണ് നമ്മള് അതില് ഒപ്പിട്ടത്.

അപ്പോഴേക്കും പ്രിൻസി സൽമക്കും സാലിമിനും സസ്പെൻഷൻ ലെറ്റർ തയ്യാറാക്കി കൊടുത്തു. സൽമക്ക് ഒരാഴ്ചയും സാലിമിന് ഒരു മാസവുമാണ് സസ്പെൻഷൻ കിട്ടിയത്.

അവരെ രണ്ട് പേരേയും പ്രിൻസി ഓഫീസിൽ നിർത്തിയിട്ട് ഞങ്ങളോട് ക്ലാസിലേക്ക് പോകാൻ പറഞ്ഞു. നമ്മള് ഓഫീസ് റൂമീന്ന് ഇറങ്ങിയതും ആ കോന്തൻ നമ്മളെ കയ്യിൽ പിടിച്ച് അവിടെ നിർത്തി.

"ഐഷൂ....സോറി....ഇങ്ങനെയൊക്കെ ഉണ്ടാകുമെന്ന് എനിക്ക് അറീലേന്നു. ഞാൻ...."

"വേണ്ട....നീ പറയുന്നത് ഒന്നും എനിക്ക് കേൾക്കണമെന്നില്ല. നീ പറയുന്നത് എല്ലാം കേട്ട് നിന്നിട്ടാണ് എനിക്ക് ഈ ഗതി വന്നത്.പ്ലീസ് ദയവ് ചെയ്ത് ഇനി എന്നെ ശല്യം ചെയ്യരുത്. ജീവിച്ച് പൊയ്ക്കോട്ടേ..."

എന്ന് പറഞ്ഞ് ഓൻറെ കൈ വിടുവിച്ചിട്ട് നമ്മള്

തിരിഞ്ഞ് നടന്നു. അച്ചു എന്തൊക്കെയോ അവനോടും നമ്മളോടും പറയാൻ നിന്നെങ്കിലും നമ്മള് ഓളെ ക്ലാസിലേക്ക് വലിച്ച് കൊണ്ട് പോയി.

ക്ലാസിലുള്ളവരൊക്കെ ഞങ്ങളെ തന്നെ നോക്കി നിൽക്കാണ്.ഞങ്ങൾ ക്ലാസിലേക്ക് കേറിയതും എല്ലാവരും കൂടി കയ്യടിച്ചു. ഞങ്ങൾ അഞ്ചു പേരും അന്തം വിട്ട് അവരെയൊക്കെ ഒന്ന് നോക്കിയിട്ട് സീറ്റിൽ പോയി ഇരുന്നു.

അരുണും ഷാമിലും കൂടി ഞങ്ങൾ അഞ്ച് പേരേയും പൊക്കി പൊക്കി ആകാശം വരെ കൊണ്ട് പോകുന്നുണ്ട്. അവരുടെ വർത്താനം കേട്ട് എല്ലാവരും ചിരിക്കാണ്.പക്ഷേ നമ്മളെ മനസ് മാത്രം അസ്വസ്ഥമായിരുന്നു. എടുത്തു ചാടി അവർക്കെതിരെ പരാതി കൊടുത്തത് തെറ്റായി പോയെന്ന് നമ്മക്ക് തോന്നി. പക്ഷേ അത് നമ്മളെ കുരാമീസിനോട് പറഞ്ഞാൽ അവര് പേടിക്കും.അതോണ്ട് നമ്മള് മാത്രം അത് ആലോചിച്ച് ഉള്ള് നീറ്റി കൊണ്ടിരുന്നു.

അങ്ങനെ ഓരോ ടീച്ചേഴ്സും ക്ലാസ് എടുക്കാൻ വേണ്ടി

വന്നെങ്കിലും ആരും ക്ലാസ് എടുത്തില്ല.എല്ലാവരും ഞങ്ങളോട് എന്താ ഉണ്ടായതെന്ന് അന്വേഷിക്കാണ്. നമ്മളെ കുരാമീസാണ് എല്ലാവർക്കും മറുപടി കൊടുത്തത്.

സാലിമിനേയും സൽമയേയും കുറിച്ച് ക്ലാസ് ഒന്നടങ്കം കുറ്റങ്ങൾ നിരത്താൻ തുടങ്ങി. പലരേയും റാഗിങ് എന്ന് പറഞ്ഞ് അവര് ചേർന്ന് ശല്യം ചെയ്തതൊക്കെ ഓരോന്ന് പുറത്ത് വന്നു.

എനിക്ക് അതൊക്കെ കേട്ടപ്പോ തന്നെ മനസ്സിന് ഒരു അസ്വസ്ഥത പോലെ തോന്നി. എന്തൊക്കെയോ അരുതാത്തത് നടക്കാൻ പോകുന്ന പോലെ ഒരു തോന്നൽ.

അങ്ങനെ കോളേജ് വിട്ട് ഞങ്ങൾ എല്ലാവരും ക്ലാസീന്ന് ഇറങ്ങി. നമ്മള് ഇപ്പോഴും എന്തൊക്കെയോ ചിന്തയിലാണ്. പെട്ടെന്ന് അച്ചു നമ്മളെ പിടിച്ച് കുലുക്കിയപ്പോഴാ നമ്മള് ചിന്തയിൽ നിന്ന് ഉണർന്നത്. എന്താന്ന് അവര് ചോദിച്ചെങ്കിലും നമ്മള് ഒന്നുമില്ലാന്ന് പറഞ്ഞു.

നമ്മളെ ടെൻഷൻ എന്തായാലും ഒഴിവാക്കാൻ നമ്മള് തീരുമാനിച്ചു. കാരണം, ഈ മൂകഭാവമൊന്നും നമ്മേക്ക് ചേർന്നതല്ല. അതോണ്ട് അതൊക്കെ നമ്മള് അവിടെ തന്നെ ഉപേക്ഷിച്ചിട്ട് നമ്മളെ മൂന്നു കുരാമീസിനോടും യാത്ര പറഞ്ഞ് നമ്മള് വണ്ടിയെടുത്തു.

യാത്രയിലുട നീളം അച്ചു സംസാരിച്ചത് നയനയെ പറ്റി ആയിരുന്നു. അവള് മനപ്പൂർവ്വം വിഷയം മാറ്റുന്നതാണെന്ന് മനസ്സിലായോണ്ട് നമ്മളും ആ സംസാരത്തിൽ കൂടി.

വീട്ടിൽ എത്തിയപ്പൊ തന്നെ സിറ്റൗട്ടില് ഉപ്പച്ചി ഇരിക്കുന്നതാണ് നമ്മള് കണ്ടത്.

"എന്തേ ഉപ്പച്ചിയേ...ഇന്ന് കടേന്ന് നേരത്തെ പോന്നേ?"

"ഇൻക്കൊരു കുറി അടിച്ച കാര്യം അന്നോട് പറഞ്ഞീലേന്നോ...അപ്പൊ ആ പൈസ കിട്ടീക്കണ്. നീ വേഗം കുളിച്ച് മാറ്റി വാ നമ്മക്ക് എല്ലാർക്കും കൂടി

ഡ്രസെടുക്കാൻ പോവാ..."

"ഇപ്പോഴോ? ഇന്ന് എന്തായാലും വേണ്ട ഉപ്പച്ചിയേ... നമ്മൾക്ക് നാളെ പോകാം.അതാകുമ്പോ ക്ലാസ് ഇല്ലല്ലോ ലീവല്ലേ...

ഇപ്പൊ ആകെ കൊയങ്ങീക്കണ്.അതോണ്ട് നാളെ പോകാം.."

"നാളെ കടേല് ലോഡ് വരുന്ന ദിവസാ ..അതോണ്ട് നാളെ പറ്റൂല."

"എന്നാ പിന്നെ ഞായാറാഴ്ച്ച പോകാം...അപ്പൊ കൊഴപ്പല്യല്ലോ..."

"ആ....എന്നാ മറ്റന്നാളെ പോകാം."

നമ്മള് ഉപ്പാക്ക് ഒരു പുഞ്ചിരി നൽകി കൊണ്ട് റൂമിലേക്ക് പോയി ഫ്രഷായി നിസ്കരിച്ചിട്ട് താഴേക്ക് വന്നു.

താഴെ എല്ലാവരും പൊരിഞ്ഞ എന്തോ ചർച്ചയിലേന്നു. നമ്മളെ കണ്ടപ്പൊ ഉപ്പച്ചി നമ്മളെ അടുത്തേക്ക് വിളിച്ചിട്ട് ഒരു ബുക്ക് തന്നു. നോക്കുമ്പൊ പെയിന്റിൻറെ നിറം തെരെഞ്ഞെടുക്കുന്ന ബുക്കാണ്. നമ്മളെ അഭിപ്രായമെന്താ എന്ന് അറിയാനാ അത് തന്നത്.

നമ്മള് അതീന്ന് നമ്മളെ റൂമിലേക്ക് അടിക്കാനായിട്ട് വൈറ്റും പിങ്കും സെലക്ട് ചെയ്തു. എല്ലാവർക്കും അത് ബോധ്യപ്പെട്ടപ്പൊ ആ പെയിന്റ് തന്നെ എല്ലാ സ്ഥലത്തും അടിക്കാൻ തീരുമാനിച്ചു.

രണ്ട് ദിവസം എത്ര പെട്ടെന്നാണ് കടന്ന് പോയതെന്നറീല. ടെക്സ്റ്റൈൽസില് പോയി ഡ്രസൊക്കെ എടുത്ത് പുറത്ത് നിന്ന് ഫുഡും കഴിച്ച് ഞങ്ങൾ വീട്ടിലേക്ക് തിരിച്ചെത്തിയത് രാത്രി ആയിരുന്നു. നല്ലോണം ക്ഷീണമുണ്ടായതോണ്ട് വന്ന പാടെ നമ്മള് ബെഡിലേക്ക് ഒരു വീഴ്ചയാണ്.

നാളെ ഇനി കോളേജിൽ പോകണല്ലോന്ന് ആലോചിച്ചപ്പൊ ഒരു മടി.അച്ചൂന് വിളിച്ചിട്ട് നാളെ

പോകുന്നില്ലാന്ന് പറഞ്ഞാലോ എന്ന് ചിന്തിച്ച് ഫോൺ എടുത്തപ്പോഴാണ് അച്ചു ഇങ്ങോട്ട് വിളിക്കുന്നത്.

നൂറ് ആയുസാണല്ലോ പെണ്ണിനെന്ന് ചിന്തിച്ച് നമ്മള് ഫോൺ അറ്റൻഡ് ചെയ്തതും അച്ചു പറയുന്നത് കേട്ട് നാളെ കോളേജിലേക്ക് പോകില്ലാന്ന് വരെ തീരുമാനിച്ചു.

(തുടരും)

ഭാഗം. 38

നൂറ് ആയുസാണല്ലോ പെണ്ണിനെന്ന് ചിന്തിച്ച് നമ്മള് ഫോൺ അറ്റൻഡ് ചെയ്തതും അച്ചു പറയുന്നത് കേട്ട് നാളെ കോളേജിലേക്ക് പോകില്ലാന്ന് വരെ തീരുമാനിച്ചു.

അവളെന്താ പറഞ്ഞതെന്ന് അറിയോ? നമ്മളെ ഭീമൻ രഘു ഒരു വർക്ക് തന്നിരുന്നു അതിൻറെ എസ്സേ എഴുതിയിട്ട് അങ്ങേർക്ക് നാളെ തന്നെ കൊടുക്കണെത്രേ...

അയാളാണെങ്കിൽ നാളെ സെക്കന്റ് പിരീഡുമാണ്. സമയം ആണെങ്കിൽ ഒരുപാട് വൈകി.ഇവളാണെങ്കിൽ ഇപ്പൊ പിടിച്ച് പറഞ്ഞാൽ നമ്മളെന്താ ചെയ്യാ?

നമ്മളെ കാത്ത് നിക്കാണ് നമ്മളെ കുരാമീസ്. നമ്മള് എഴുതിയിട്ട് അവറ്റകൾക്ക് വാട്സപ്പിൽ വിട്ട് കൊടുക്കണെത്രേ...

നമ്മക്ക് ആണെങ്കിൽ എന്തിൻറെ എസ്സേ ആണെന്ന് പോലും അറീല. അച്ചു ചോദ്യം നമ്മക്ക് വിട്ട് തന്നു. എന്നിട് നമ്മളോട് എഴുതിയിട്ട് അവർക്ക് വിട്ട് കൊടുക്കണേന്ന്.

നമ്മക്കൊന്നും അത് വായിച്ചിട്ട് തിരിഞ്ഞില്ല. അതോണ്ട് നമ്മള് നമ്മളെ ബ്രദേഴ്സിനോട് ചോദിച്ചു നോക്കി. അവറ്റകള് അപ്പൊ തന്നെ ഓൺലൈനിൽ നിന്ന് പോയി ...

ഇനിയിപ്പൊ എന്താ ചെയ്യാന്ന് ചിന്തിച്ച് ഇരിക്കുമ്പോഴാ

നമ്മള് ശാഹിത്താനെ ഓൺലൈനിൽ കണ്ടത്. നമ്മള് നമ്മളെ രോധനം മൂപ്പത്തിനേ അപ്പൊ തന്നെ അറിയിച്ചു.

"ഓ....ഇത്രേയുള്ളൂ...ഇതിനാണോ നീ കോളേജിലേക്ക് വരുന്നില്ലാന്ന് പറഞ്ഞത്...നീ ആ ചോദ്യം വിട് ഞാനൊന്ന് നോക്കട്ടെ..."

നമ്മളത് കേൾക്കേണ്ട താമസം അപ്പൊ തന്നെ ചോദ്യം വിട്ട് കൊടുത്തു.മൂപ്പത്തിയും അത് കണ്ടപ്പൊ തന്നെ മുങ്ങി കളഞ്ഞു.

ഇനിയിപ്പൊ എന്താ ചെയ്യാന്ന് ചിന്തിച്ച് നമ്മള് തന്നെ ഓരോന്ന് എഴുതാൻ തുടങ്ങി. പക്ഷേ എത്ര എഴുതിയിട്ടും ശരിയാകുന്നില്ല. നമ്മളെ കുരാമീസ് ആണെങ്കിലോ വേഗം എഴുതി വിടെന്ന് പറഞ്ഞ് ശല്യപ്പെടുത്താണ്.നമ്മളെ വായിലെ പുളിച്ച തെറിയൊക്കെ നാലിനും കേട്ടു.അപ്പൊ അവര് സൈലന്റായി.

കുറച്ച് കഴിഞ്ഞപ്പൊ ശാഹിത്ത നമ്മക്ക് ഒരു ഫോട്ടോ വിട്ടു. തുറന്നു നോക്കിയപ്പൊ അതിൻറെ ഉത്തരായിരുന്നു. നമ്മളത് അപ്പൊ തന്നെ കുരാമീസിന് അയച്ചിട്ട് ശാഹിത്താക്ക് കുറെ ഉമ്മയുടെ സ്മൈലി അയച്ച് കൊടുത്തു.

"താങ്ക്സ് ശാഹിത്താ ϙ ϙ ϙ ....താങ്ക്യൂ സോ മച്ച് ϙ ϙ ϙ ϙ ϙ "

"ഇതൊന്നും എന്നാടല്ലാ...ആദിയോട് പോയി പറ...."

"ഞാൻ എന്തിനാ ഓനോട് താങ്ക്സ് പറയുന്നേ?"

"ആദിയാണ് എനിക്കിത് തന്നത്.അപ്പോ ഓനോടല്ലേ താങ്ക്സ് പറയാ..."

ശാഹിത്ത അത് പറഞ്ഞപ്പൊ എനിക്ക് എന്തോ ദേഷ്യം വന്നു. നമ്മള് നെറ്റ് ഓഫാക്കി ഫോൺ ബെഡിലേക്ക് എറിഞ്ഞു.

"അങ്ങനെ എനിക്ക് ഇപ്പൊ അവൻ എഴുതി അയച്ചത് വേണ്ട...ഇതെഴുതാൻ എന്നെ കൊണ്ട് പറ്റോന്ന് ഞാനൊന്ന് നോക്കട്ടെ..."

നമ്മള് ബുക്ക് തുറന്ന് എഴുതാൻ തുടങ്ങി. എന്തൊക്കെ ചെയ്തിട്ടും ഒന്നും അങ്ങോട്ട് ശരിയാകുന്നില്ല. അതെങ്ങനെയാ നേരാം വണ്ണം ക്ലാസ് ശ്രദ്ധിച്ചിട്ട് വേണ്ടെ ഇതൊക്കെ കിട്ടാൻ.

ഒടുവിൽ നമ്മള് പരാജയം സമ്മതിച്ച് ആ കോന്തൻ എഴുതി വിട്ടത് തന്നെ എഴുതി. അത് എഴുതുമ്പൊ എന്തോ ഒരു വെറുപ്പ് തോന്നാണ്. പക്ഷേ എഴുതിയല്ലെ പറ്റൂ...നമ്മളെ ആവശ്യം ആയി പോയില്ലേ...

അങ്ങനെ പിറ്റേന്ന് നമ്മള് എന്നും പോകുന്ന പോലെ ബസ് സ്റ്റോപ്പിലേക്ക് പോയി. അച്ചു അവിടെ നേരത്തെ എത്തിയിരുന്നു. നമ്മള് വന്ന പാടെ പെണ്ണ് തുള്ളിച്ചാടി.

"എടീ ഫെബീ...നീ വിട്ട് തന്നതില്ലെ അത് കറക്ട് എസ്സേ

ആയിരുന്നു...ഇന്ന് എന്തായാലും നമ്മള് ആ ഭീമൻ രഘൂൻറെ ക്ലാസിൽ പൊളിക്കും..."

നമ്മള് ഓളെ നോക്കി ഒന്ന് ചിരിച്ചു. അല്ലാതെ ആ കോന്തനാണ് അത് തന്നതെന്ന് പറഞ്ഞാ പിന്നെ ഓനെ തലയിലേറ്റി നടക്കലാകും ഇവരെ പണി. അതോണ്ട് നമ്മള് ആ കാര്യം മിണ്ടിയില്ല.

അപ്പോഴുണ്ട് ആ കോന്തൻറെ ബസ് വരുന്നു. ഒരാഴ്ച ഇതിനെ നമ്മള് കണ്ടിട്ട് പോലുമില്ലേന്നു. അതോണ്ട് ഇപ്പൊ കാണുമ്പോൾ ദേഷ്യം വരാണ്.

ഞങ്ങൾ ബസില് കേറി സീറ്റിലേക്ക് തിരിഞ്ഞപ്പൊ അവിടെ ആ കോന്തനും കൂട്ടരും ഇരിക്കുന്നതാണ് കണ്ടത്. ഓനെ കണ്ടതും നമ്മളൊന്ന് ഞെട്ടിയെങ്കിലും ഓനെ മൈൻഡ് ചെയ്യാതെ നമ്മള് അവിടെ നിന്നു.

ഞങ്ങൾ സ്ഥിരം ഇരിക്കാറുള്ള ലോങ് സീറ്റിലാണ് അഞ്ചിൻറേയും ഇരുത്തം. അച്ചു അവരെ കണ്ടപ്പൊ ഹായ് പറഞ്ഞ് കൈ കാണിച്ചെങ്കിലും നമ്മളെ നോട്ടം

കണ്ടപ്പൊ ഓള് കൈ താഴ്ത്തി മേപ്പോട്ട് നോക്കി നിന്നു.

നമ്മക്ക് നല്ലോണം ദേഷ്യം വന്നു.കാരണം ഞങ്ങൾ സ്ഥിരം ഇരിക്കുന്ന സീറ്റിലല്ലേ അഞ്ചിൻറെയും ഇരുത്തം. ആ കോന്തൻറെ നോട്ടം കാണുമ്പോൾ തന്നെ മോന്തയടക്കി ഒന്ന് കൊടുക്കാൻ കൈ തരിക്കാണ്. അവൻമാരോടൊന്നും തർക്കിച്ചിട്ട് കാര്യമില്ലാന്ന് അറിയുന്നോണ്ട് ഞങ്ങള് വേറെ സീറ്റിൽ ഇരുന്നു.

ആ കോന്തനും കൂട്ടരും കൂടി എന്തൊക്കെയോ കമൻറ് പറയുന്നുണ്ട്.നമ്മള് അത് കേക്കാതിരിക്കാൻ വേണ്ടി കാതിൽ ഹെഡ് സെറ്റും തിരുകി വെച്ച് പാട്ട് കേട്ട് പുറത്തേക്ക് കണ്ണോടിച്ചിരുന്നു.

അച്ചു പിന്നിലേക്ക് തിരിഞ്ഞിട്ട് അവൻമാരോടൊക്കെ ഭയങ്കര സംസാരമാണ്. നമ്മള് ശ്രദ്ധിക്കുന്നുണ്ടെന്ന് കണ്ടപ്പൊ ഓള് ശരിക്ക് ഇരുന്നിട്ട് നമ്മളെ നോക്കി ഒരു വളിഞ്ഞ ചിരി പാസാക്കി. നമ്മള് അതിന് മറുപടി എന്നോണം അവളെ കണ്ണുരുട്ടി നോക്കി ഇരുന്നു. അച്ചു അപ്പൊ തന്നെ നമ്മളെ കവിളിൽ പിച്ചി കൊണ്ട് നമ്മളെ ഒന്ന് നോക്കി പുഞ്ചിരിച്ചു. നമ്മളത് കണ്ടപ്പൊ തിരിച്ച്

നമ്മളും ഒരു പുഞ്ചിരി പാസാക്കി കൊണ്ട് പുറത്തേക്ക് നോക്കി ഇരുന്നു.

ബസിൻ്റെ വേഗതയിൽ നമ്മളെ മുഖത്തേക്ക് കാറ്റ് വീശി കൊണ്ടിരുന്നു. അതിൻ്റെ സുഖത്തിൽ നമ്മള് എപ്പോഴോ ഒന്ന് മയങ്ങി പോയി.

കുറച്ച് കഴിഞ്ഞപ്പൊ ഒരു നല്ല അത്തറിൻ്റെ മണം ആ കാറ്റില് നമ്മളെ അടുത്തേക്ക് വന്നു. നല്ല പരിചയമുള്ള ഒരു നല്ല സുഗന്ധമായി നമ്മക്ക് തോന്നി.

ഇതിപ്പൊ എവിടെന്നാണെന്ന് ചിന്തിച്ച് നമ്മള് കണ്ണ് തുറന്ന് നോക്കിയപ്പൊ ആ കോന്തൻ്റെ നെഞ്ചിൽ തല ചായ്ച്ചാണ് നമ്മള് ഇരിക്കുന്നത്. പെട്ടെന്ന് ഞെട്ടി എണീറ്റ് നോക്കുമ്പൊ അച്ചുവും ശാഹിത്തയും നമ്മളെ എതിരെയുള്ള സീറ്റിൽ ഇരിപ്പുണ്ട്.

ഈ കോന്തൻ ആണെങ്കിലോ നമ്മളെ തൊട്ടുരുമ്മി ഇരിക്കാണ്.

പെട്ടെന്ന് നമ്മക്ക് ദേഷ്യം അങ്ങ് ഇരട്ടിച്ച് നമ്മള് സീറ്റീന്ന്

എണീറ്റ് നിന്നു.

"നീ...നീയെങ്ങനെ എൻ്റെ അടുത്ത് വന്നു? ഇവിടന്ന് എണീറ്റ് പോ....ഇല്ലെങ്കിൽ ഞാൻ ഒച്ച വെക്കും..."

നമ്മള് ഓനോട് പറഞ്ഞത് തന്നെ നല്ല ഉച്ചത്തിൽ ആയോണ്ട് ഒച്ച വെക്കേണ്ട ആവശ്യം വന്നില്ല. നമ്മളെ ശബ്ദം കേട്ട് എല്ലാവരും കൂടി നമ്മളെ ശ്രദ്ധിക്കാൻ തുടങ്ങി.

"ഹാ....നീയിങ്ങനെ ചൂടാവല്ലെ ഐഷു..കോളേജ് ഇപ്പൊ എത്തും. എന്നിട്ട് ഇറങ്ങിയാൽ പോരേ...?അതുവരെ നീ ഇവിടെ ഇരുന്നോ"

ഓൻ്റെ സൈറ്റടിച്ചോണ്ടുള്ള പറച്ചില് കേട്ട് നമ്മക്ക് എരിഞ്ഞ് കേറി. ആ കോന്തൻ്റെ കാല് തട്ടി മാറ്റി ഓനൊരു ചവിട്ടും കൊടുത്ത് നമ്മള് അവിടന്ന് പോന്നു. അപ്പൊ തന്നെ നമ്മളെ കോളേജ് പടി എത്തിയിരുന്നു.

ബസ് നിർത്താനൊന്നും ഇടമില്ലാതെ നമ്മള് ബസീന്ന് ചാടി. ഭാഗ്യത്തിന് വീഴാൻ പോയെങ്കിലും വീണില്ല.

നമ്മളെ ചാട്ടം കണ്ടിട്ട് ആ കോന്തൻ നമ്മളെ നോക്കി എന്തൊക്കെയോ ചൂടാകുന്നുണ്ട്. നമ്മള് അച്ചൂനേയും ഇത്താനേയും മൈൻഡ് ചെയ്യാതെ ഒരൊറ്റ നടത്തമായിരുന്നു കോളേജിലേക്ക്.

"ഫെബീ....അവിടെ നിൽക്ക്...ഞങ്ങളുമുണ്ട്....ഡീ..."

അച്ചു വിളിച്ചു കൂവുന്നത് കേട്ടിട്ടും കേൾക്കാത്ത പോലെ നമ്മള് കരഞ്ഞോണ്ട് ക്ലാസിലേക്ക് ഓടി പോയി. എന്നിട്ട് ഡെസ്കില് തല വെച്ചിട്ട് എന്തിനെന്നില്ലാതെ കരഞ്ഞോണ്ടിരുന്നു. നമ്മളെ മൂന്നു കുരാമീസും കൂടി നമ്മളെ ചുറ്റും നിന്നോണ്ട് എന്താ ഉണ്ടായേന്ന് ചോദിക്കുന്നുണ്ട്. പക്ഷേ നമ്മളതൊന്നും മിണ്ടിയില്ല.

കുറച്ച് കഴിഞ്ഞപ്പൊ അച്ചു ക്ലാസിലേക്ക് കേറി വന്നു. ഓളെ കണ്ടതും അവരൊക്കെ കൂടി അച്ചൂനെ പൊതിഞ്ഞു. അച്ചു അവർക്ക് മറുപടി കൊടുക്കാതെ

നമ്മളെ അടുത്തേക്ക് വന്നിട്ട് തലയിൽ തലോടി.

"ഫെബീ....നീ കരയാണോ?

ഡീ.....ഞാൻ ശാഹിത്ത വന്നപ്പോ ഇത്ത ഒറ്റക്ക് ഇരിക്കുന്നത് കണ്ട് ഒരു കമ്പനി കൊടുക്കാൻ കൂടെ ഇരുന്നതാ...ഞാനറിഞ്ഞോ കാക്കു വന്ന് നിൻറെ അടുത്ത് ഇരിക്കുമെന്ന്....

ഡീ ഫെബീ....

ഞങ്ങൾ ഒന്നും അറീലെടീ....നീയൊന്ന് എന്നെ നോക്ക്..."

എന്ന് പറഞ്ഞ് ഓള് നമ്മളെ പിടിച്ച് എണീപ്പിച്ചപ്പൊ നമ്മള് ഇരുന്ന് ചിരിക്കാണ്. നമ്മളെ ചിരി കണ്ടിട്ട് അച്ചു അന്തം വിട്ട് നമ്മളെ നോക്കി ഇരുന്നു.

"അയ്യേ....പറ്റിച്ചേ....ഞാൻ നിങ്ങള് നാലിനേയും പറ്റിച്ചേ..."

നമ്മളെ പറച്ചില് കേട്ട് അച്ചു നമ്മളെ തലക്ക് ഒരു കൊട്ട് തന്നു. നമ്മള് തല തടവി കൊണ്ട് അവറ്റകളെ നോക്കി വീണ്ടും ചിരിച്ചു.

"എന്നാലും ഞാൻ കരഞ്ഞെന്ന് നിങ്ങള് വിശ്വസിച്ചല്ലോ...അയ്യേ ...ഷേം....ഹ...ഹ..ഹ...

ആ അതൊക്കെ പോട്ടേ... എല്ലാവരും നമ്മള് വിട്ട് തന്നത് എഴുതീലേ? ആ ഭീമൻ രഘു കേറി വന്നിട്ട് അത് ചോദിക്കുമ്പൊ കിട്ടീലെങ്കിൽ പിന്നെ നമ്മള് ക്ലാസിന് പുറത്താകും.

അച്ചു നമ്മളെ നോക്കി ഇരിക്കുന്നത് കണ്ടപ്പൊ തന്നെ നമ്മക്ക് മനസ്സിലായി ഓള് പറഞ്ഞത് വിശ്വസിച്ചിട്ടില്ലാന്ന്...

നമ്മളെ മനസാക്ഷി സൂക്ഷിപ്പുകാരി ആയോണ്ട് അച്ചുവും നമ്മളും തമ്മിൽ ഒരു രഹസ്യവുമില്ല. അതോണ്ട് നമ്മളെ പെട്ടെന്നുള്ള മാറ്റം എന്താണെന്ന് അവൾക്ക് മനസ്സിലായിട്ടുണ്ട്.

അങ്ങനെ ഫസ്റ്റ് പിരീഡ് നമ്മളെ സനൻ്റെ റാഷിസാർ കേറി വന്നു. ഞങ്ങൾ എല്ലാവരും സനനെ നോക്കി ചിരിച്ചോണ്ട് ക്ലാസില് ഇരുന്നു.

റാഷിസാർ ക്ലാസ് എടുക്കുന്ന സമയത്ത് സനനെ ഇടക്കിടക്ക് നോക്കുന്നത് ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ടേന്നു.അത് കാണുമ്പൊ ഞങ്ങൾ നാല് പേരും കൂടി ഒപ്പം ചൊമക്കും.അത് കേട്ട് സാറും സനയും ചമ്മി നാറി ഒരു വഴിക്കായി. നമ്മള് അതൊക്കെ കണ്ടോണ്ട് ചിരിച്ച് ഇരിക്കുമ്പോഴാണ് ആ കോന്തൻ നമ്മളെ ഓൻ്റെ ക്ലാസിലിരുന്ന് നോക്കുന്നത് കണ്ടത്.

നമ്മള് ഓനെ രൂക്ഷമായി നോക്കി കൊണ്ട് ആ ജനല് ആഞ്ഞടച്ചു.

"എന്താടോ താനീ കോളേജ് തല്ലി പൊളിക്കാൻ വല്ല പ്ലാനുമുണ്ടോ?

ഒന്ന് മെല്ലെ അടച്ചൂടേ...?"

"എന്ത് ചെയ്യാനാ സാറേ ഓരോ കോന്തൻമാരെ മോന്ത കാണുമ്പൊ തന്നെ കലിപ്പ് വരാണ്.അതോണ്ട് അവൻമാരോടുള്ള ദേഷ്യം അറിയാതെ ജനലിനോട് തീർത്ത് പോയതാ..."

നമ്മളെ പറച്ചില് കേട്ട് എല്ലാവരും നമ്മളെ നോക്കി ചിരിച്ചു. ഷാമില് നമ്മളെ ഒന്ന് അടിമുടി നോക്കിയിട്ട് ചിരിച്ചോണ്ട് നമ്മള് മാത്രം കേൾക്കുന്ന തരത്തിൽ പറഞ്ഞു.

"അൻറെ ഒക്കെ പിന്നാലെ നടക്കുന്ന ആ ആദിൽക്കാനെ പറഞ്ഞാ മതിയല്ലോ എല്ലാത്തിനും...അല്ലെങ്കിലും എന്ത് ചേമ്പിനാ മൂപ്പര് അൻറെ പിന്നാലെ നടക്കുന്നെ എന്നാ ഞാൻ ആലോചിക്കുന്നെ.നിന്നേക്കാൾ മൂപ്പർക്ക് മേച്ച് ആ സൽമയാണ്.. പക്ഷേ അതിന് അന്നെ മതീന്ന്...പാവാണ് ആദിൽക്ക... ആ മൂപ്പരെ ഓള് കോന്തനാക്കി..."

നമ്മള് ഓൻറെ വർത്താനം കേട്ട് നടുപൊറം നോക്കി

ഒരെണ്ണം കൊടുത്തു.

തല്ലിൻറെ ശബ്ദം കേട്ട് എല്ലാവരും ഷാമിലിനെ നോക്കിയപ്പൊ ഓൻ ചിരിച്ചോണ്ട് എല്ലാവരേയും നോക്കി.

"പേടിക്കണ്ട....എനിക്കൊന്നുമില്ല..അതൊരു പടക്കം പൊട്ടിയതാ.."

ഓൻറെ ഡയലോഗ് കേട്ട് നമ്മള് വായ പൊത്തി കൊണ്ട് ഭയങ്കര ചിരിയാണ് കൂടെ നമ്മളെ കുരാമീസും. സാറും ഇത് വലിയ വിഷയമാക്കാതെ ചിരിച്ച് തള്ളി.

അങ്ങനെ റാഷിസാർ ക്ലാസെടുത്ത് പോയി കഴിഞ്ഞ ഉടനെ തന്നെ ഭീമൻ രഘു കേറി വന്നിട്ട് എല്ലാവരോടും നോട്ട് തുറന്നു വെക്കാൻ പറഞ്ഞു.

വന്ന് കേറുന്നതിന് മുന്നേ തന്നെ അയാള് നോട്ട് തുറക്കാനാ പറയുന്നത്.

ഞങ്ങൾ ഓരോന്ന് പിറുപിറുത്തോണ്ട് നോട്ട് തുറന്ന് വെച്ചു. അങ്ങേര് ഓരോരോ ബെഞ്ചിലും പോയി

നോക്കിയിട്ട് ആ നോട്ട് ഒക്കെ കൂടി മേശയിൽ കൊണ്ട് വെക്കാൻ പറഞ്ഞു. ഞങ്ങൾ എല്ലാവരും നോട്ട് കൊണ്ട് പോയി വെച്ചതും അങ്ങേര് ക്ലാസ് എടുക്കാൻ തുടങ്ങി. സാധാരണ ഇങ്ങേരെ ക്ലാസ് ശ്രദ്ധിക്കാത്തതാണ്. ഇനിയും ശ്രദ്ധിക്കാതിരുന്നാൽ ശരിയാവൂലാന്ന് തോന്നിയതോണ്ട് നമ്മള് ക്ലാസ് ശ്രദ്ധിച്ചിരുന്നു.

വെറുതെ പറയല്ലട്ടോ...മൂപ്പരെ ക്ലാസ് പൊളിയാണ്.പാഠമെടുക്കുന്നതൊക്കെ നന്നായിട്ട് മനസ്സിലാകുന്നുണ്ട്. അതോടെ നമ്മളെ ഫേവറിറ്റ് സാറ് ഭീമൻ രഘു ആയി.

അങ്ങനെ സാറിൻ്റെ പിരീഡ് കഴിഞ്ഞ് ഇൻ്റർവെല്ലിന് ഞങ്ങൾ എല്ലാവരും കൂടി സാറിൻ്റെ ക്ലാസിനെ കുറിച്ച് സംസാരിച്ചിരുന്നു.

"ഫെബീ...നമ്മൾ അഞ്ച് പേരും ഒരു പോലെയല്ലേ എസ്സേ എഴുതിയത്? അത് പ്രശ്നാകോ?" സനയാണ്.

"ഏയ്....നമ്മള് അഞ്ച് പേര് മാത്രല്ലല്ലോ എല്ലാവരും

ഒരുപോലെ അല്ലേ എഴുതിയത്? അതോണ്ട് നോ പ്രോബ്ലം..." അച്ചുവാണ്.

"എല്ലാവരോ? എല്ലാവരും നമ്മള് എഴുതിയതാണോ എഴുതിയത്?"

നമ്മളെ ചോദ്യം കേട്ട് അച്ചു ഒന്ന് തലയാട്ടി. അപ്പൊ സംഭവമെന്താ?

ഓള് അരുണിന് അത് വിട്ട് കൊടുത്തീന്നു.ഓനത് ഷാമിലിനും. ഷാമിൽ ആണെങ്കിൽ അതെടുത്ത് ഗ്രൂപ്പിലുമിട്ടല്ലൊ...

അതോണ്ട് എല്ലാവരും ഒന്നാണ് എഴുതിയിട്ടുള്ളത്.ഇനി ഭീമൻ രഘു പിടിച്ചാലും അപ്പൊ പ്രോബ്ലമില്ല.

പിന്നെ അനിത ടീച്ചറായിരുന്നു ക്ലാസെടുക്കാൻ വന്നത്. ആ തള്ളൻറെ പിരീഡ് ഞങ്ങൾ അഞ്ചു പേരും കൂടി ടെക്സ്റ്റില് വെട്ടി കളിക്കായിരുന്നു. അടുത്ത പിരീഡ് നമ്മളാണ് ക്ലാസെടുത്തത്.മലയാളം....

നമ്മള് ആയോണ്ട് ആണോ എന്തോ എല്ലാവർക്കും ഭയങ്കര അനുസരണ ആയിരുന്നു. അതോണ്ട് ഒരൊറ്റ ഒരെണ്ണവും മര്യാദക്ക് ക്ലാസിൽ ഇരുന്ന് എഴുതിയിട്ടില്ല.

വേണ്ടവര് എഴുതിയാൽ മതിയെന്ന് പറഞ്ഞ് നമ്മള് അത് വായിച്ച് കൊടുത്തു. ബോയ്സും നമ്മളെ കുരാമീസും ഒഴിച്ച് ബാക്കി ഉള്ളവരൊക്കെ എഴുതാണ്.

അച്ചുവും അരുണും ഭയങ്കര കുറുകലിലും ഷാമിലും നമ്മളെ ബാക്കി കുരാമീസും കൂടി ഭയങ്കര കത്തിയടിയുമാണ്. നമ്മള് കുരാമീസിൻറെ അടുത്തേക്ക് വന്നിട്ട് നാലിനും ഓരോന്ന് കൊടുത്തിട്ട് അവരെ കൊണ്ടും എഴുതിച്ചു.

ബോയ്സ് പിന്നെ നമ്മള് പറയുന്നത് ഒന്നും ചെവി കൊള്ളുന്നത് പോലുമില്ല. അവൻമാരോട് എഴുതാൻ പറഞ്ഞ് ഒച്ച വെച്ചത് മാത്രം മിച്ചം. അപ്പോഴാണ് കാലകേയൻ ക്ലാസിലേക്ക് കേറി വന്നത്. ബോയ്സ് ഒന്നും എഴുതാത്തത് കണ്ടപ്പൊ സാറ് അവരെ എണീപ്പിച്ച് നിർത്തി കൊണ്ട് എഴുതിച്ചു.

ഞങ്ങൾ എല്ലാവരും അത് കണ്ട് നല്ല ചിരിയായിരുന്നു.ബെല്ലടിച്ചപ്പൊ അവൻമാരോട് എഴുതി കഴിഞ്ഞിട്ട് പോയാ മതിയെന്ന് പറഞ്ഞ് സാറ് അവരെ അവിടെ പിടിച്ച് വെച്ചിട്ട് ഞങ്ങളോട് പോകാൻ പറഞ്ഞു.

ഞങ്ങൾ അരുണിനേയും ഷാമിലിനേയും നോക്കി കളിയാക്കി ചിരിച്ചോണ്ട് പുറത്തേക്കിറങ്ങി നടന്നു. കുറച്ച് നേരം ഗ്രൗണ്ടിൽ ഒക്കെയൊന്ന് ചുറ്റിയടിച്ചിട്ട് ഞങ്ങൾ കാൻറീനിലേക്ക് പോയി.

അവിടെ എത്തിയപ്പൊ നമ്മളെ ബ്രദേഴ്സ് ഒക്കെ കൂടിയിരുന്ന് പുട്ടടിക്കാണ്. നമ്മളെ കണ്ടപ്പൊ തന്നെ നാലും കൂടി മുങ്ങാൻ നിന്നു. നമ്മള് വിടോ...?

നാലിനേയും അവിടെ പിടിച്ച് ഇരുത്തി.

"ഇന്നലെയൊരു എസ്സേയെ കുറിച്ച് ചോദിച്ചപ്പൊ മുങ്ങിയ മഹാൻമാരല്ലെ...ആ മുഖമൊക്കെ ഞങ്ങളൊന്ന് ശരിക്ക് കാണട്ടെ...."

നാല് പേരും കൂടി ഞങ്ങളെ നോക്കി പല്ലിളിച്ച് കാണിച്ചു.

"ഇളിക്കല്ലേ...അടിച്ച് പല്ല് താഴെയിടും ...മര്യാദക്ക് ഞങ്ങക്ക് വല്ലതും വാങ്ങിച്ച് തന്നോളീ..."

"എൻറെ പൊന്നാര ഫെബിയേ...അഞ്ചിൻറെ പൈസയില്ല നമ്മളെ കയ്യില്....വേണേൽ ഇവൻമാരോട് ചോദിച്ച് നോക്ക്...പാപ്പരാണ്...

ഞങ്ങൾ തന്നെ കടം പറഞ്ഞതാ..

അല്ലെടാ അൻസി..."

"പിന്നെ അല്ലാതെ.."

"എന്നാലേ ഞങ്ങളുടേത് കൂടി ആ പറ്റില് എഴുതിക്കോ...ഇന്നലെ എസ്സേ ചോദിച്ചപ്പൊ മുങ്ങിയില്ലെ...അതിൻറെ പനിഷ്മെൻറാണ് മക്കളെ.."

എന്ന് പറഞ്ഞ് ഞങ്ങൾ അഞ്ചു പേരും കൂടി ഞങ്ങക്ക്

വേണ്ടത് വാങ്ങിയിട്ട് മൂക്ക് മുട്ടെ കഴിച്ചു. നമ്മളെ തീറ്റ കണ്ടിട്ട് അന്തം വിട്ട് നിക്കാണ് നമ്മളെ ബ്രദേഴ്സ്....

"ഡീ...ഡീ....പയ്യെ കഴിച്ചോ... എല്ലാം നിങ്ങൾക്ക് ഉള്ളത് തന്നെയാ ഞങ്ങൾ കയ്യിട്ട് വാരില്ല..."

കാക്കുവും ബ്രദേഴ്സും കൂടി അതും പറഞ്ഞ് നമ്മളെ നോക്കി ചിരിച്ചു. നമ്മളും നല്ല അസ്സല് ചിരി പാസാക്കി കൊണ്ട് കഴിച്ചോണ്ടിരുന്നു.

അങ്ങനെ ഫുഡടിയൊക്കെ കഴിഞ്ഞ് ഞങ്ങള് ബ്രദേഴ്സിനെ നോക്കി ചിരി പാസാക്കി.

"നാളേയും വരണേ..."

"എൻ്റെ പൊന്നോ...ഞങ്ങൾ കാൻ്റീനിൽ വരവ് നിർത്തിയേ..."

അച്ചൂൻ്റെ സംസാരത്തിന് മറു മറുപടിയായി

അൻസിക്ക അതും പറഞ്ഞോണ്ട് അവിടന്ന് സ്ഥലം വിട്ടു. പിന്നാലെ നമ്മളെ ബാക്കി ബ്രദേഴ്സും.

"ഇനി ഇവിടെ കെടന്ന് അധികം കറങ്ങി വായിനോക്കാൻ നിക്കാണ്ട് അഞ്ച് പേരും ക്ലാസിൽ പോകാൻ നോക്ക്..."

എന്ന് കാക്കു തിരിഞ്ഞ് നിന്ന് ഞങ്ങളെ നോക്കി കൊണ്ട് പറഞ്ഞു.ഞങ്ങൾ അഞ്ച് പേരും കൂടി ഒരു വളിച്ച ഇളി പാസാക്കി കൊണ്ട് ഒരു മരച്ചോട്ടിൽ പോയി ഇരുന്നു.

അപ്പോഴുണ്ട് ആ കോന്തനും കൂട്ടരും വരുന്നു. അവരെ കണ്ടപ്പൊ തന്നെ നമ്മള് കുരാമീസിനേയും കൊണ്ട് അവിടന്ന് പോകാൻ നിന്നു.

സത്യം പറഞ്ഞാൽ ഓൻറെ മുഖത്ത് നോക്കാൻ ഒരു ചെറിയ ചമ്മലുമുണ്ട് അതിലുപരി താൽപര്യവുമില്ല. അങ്ങനെ ഞങ്ങൾ അവിടന്ന് എണീറ്റ് പോകാൻ നിന്നതും ആ കോന്തൻ നമ്മളെ മുന്നിൽ വന്ന് നിന്നു.

നമ്മള് ഓനെ മറികടന്ന് സൈഡിലൂടെ പോകാൻ നിന്നപ്പൊ ഓൻ അങ്ങോട്ട് മാറി.അപ്പോ നമ്മള് മറ്റേ സൈഡിലേക്ക് പോകാൻ നിന്നപ്പോ ആ കോന്തൻ വീണ്ടും മുന്നിൽ വന്ന് നിന്നു.

അവസാനം നമ്മള് അവിടെ തന്നെ നിന്ന് കയ്യും കെട്ടി ഓനെ നോക്കി കണ്ണുരുട്ടി. അപ്പൊ ആ കോന്തനും അതുപോലെ കയ്യും കെട്ടി നമ്മളെ നോക്കി സൈറ്റടിച്ച് നിന്നു.

അത് കണ്ടപ്പൊ നമ്മളെ കുരാമീസ് ചിരിച്ചു.അവര് മാത്രല്ല ചെറുതായിട്ട് നമ്മക്കും ചിരി വന്നു. പക്ഷേ അത് പുറത്ത് കാണിച്ചില്ല.ചിരിയൊക്കെ കൺട്രോൽ ചെയ്തിട്ട് നമ്മള് ആ കോന്തനെ നോക്കി ചൂടായി.

"എന്ത് നോക്കി നിൽക്കാടോ...വഴീന്ന് മാറ് ഞങ്ങൾക്ക് പോകണം..."

"അങ്ങനെ ഇപ്പൊ എൻറെ ഐഷു പോകണ്ട...

പോകാൻ നേരാകുമ്പൊ ഞാൻ പറയാം... അപ്പൊ പോയാ മതീട്ടോ..."

"അങ്ങനെ നീ പറയുമ്പോൾ പോകാനും വരാനും ഞാൻ നിൻറെ വേലക്കാരിയൊന്നുമല്ല...."

"അല്ലാ...വീട്ടുകാരിയാണ്..."

ആ കോന്തൻ അത് പറഞ്ഞപ്പൊ നമ്മളെ കുരാമീസ് വായ പൊത്തി ചിരിച്ചോണ്ട് നിന്നു. നമ്മക്ക് ആണെങ്കിൽ ദേഷ്യം എന്നിട്ട് ഒരു നിൽപ് കിട്ടുന്നില്ല.

ഓൻറെ നേർക്ക് കഴുത്ത് നെരിക്കാൻ ചെന്നെങ്കിലും ഓൻറെ പുഞ്ചിരി കണ്ടപ്പൊ ആ ശ്രമം നമ്മള് ഉപേക്ഷിച്ച് തല താഴ്ത്തി നിന്നു.

"ഞാൻ ഇപ്പൊ എന്തിനാ വന്നതെന്ന് അറിയോ?

നീയെന്നെ പിടിച്ച് തള്ളുമ്പൊ നിൻറെ ഹൃദയം

തുടിക്കുന്നുണ്ടെന്നും അപ്പൊ നീ നെഞ്ചിൽ കൈ വെച്ച് നിൽക്കുമെന്നും പറഞ്ഞിട്ട് ഇവൻമാര് വിശ്വസിക്കുന്നില്ല. അതോണ്ട് അത് കാണിച്ച് കൊടുക്കാനാ നിന്നെ തേടി വന്നത്."

ഓൻറെ പറച്ചില് കേട്ടിട്ട് പെരുവിരല് പെരുത്ത് കേറി നമ്മള് ഓൻറെ കൂടെയുള്ള നാലിനേയും നോക്കി. അവൻമാര് എപ്പൊ എന്ന നിലയിൽ ആ കോന്തനെ നോക്കി നിൽക്കുന്നത് കണ്ടപ്പൊ തന്നെ ഇവൻ നമ്മളെ ഇട്ട് കളിപ്പിക്കാണെന്ന് മനസ്സിലായി. അതോണ്ട് നല്ല കലിപ്പിൽ നമ്മള് ഓനോട് പറഞ്ഞു.

"പോടാ പട്ടീ..."

എന്ന് പറഞ്ഞ് തിരിഞ്ഞതും ഓൻ നമ്മളെ കൈ പിടിച്ച് വലിച്ച് അവനിലേക്ക് അടുപ്പിച്ചു. ഓനെ പിടിച്ച് തള്ളാൻ കൈ തരിച്ചെങ്കിലും നമ്മള് തള്ളിയില്ല.ഓന് നമ്മള് നെഞ്ചത്ത് കയ്യും വെച്ച് നിൽക്കുന്നത് കാണാനാണെന്ന് നമ്മക്ക് അറിയാ.

"എൻ്റെ കൈ വിട്....എൻ്റെ കൈ വിട് കോന്താ..."

ഓൻ നമ്മളെ കയ്യിൽ പിടി മുറുക്കുന്നതിന് അനുസരിച്ച് നമ്മക്ക് ഓനോട് ദേഷ്യം കൂടി വന്നു.

"കൈ വിടെടാ തെണ്ടി..."

എന്ന് പറഞ്ഞ് നമ്മള് ഓൻ്റെ കയ്യിൽ നിന്നും പിടി വിടുവിക്കാൻ നിന്നെങ്കിലും അപ്പോഴേക്കും ആ കോന്തൻ്റെ കയ്യിൽ മറ്റാരോ പിടിത്തമിട്ടിരുന്നു.

അതാരാപ്പോന്ന് അറിയാൻ വേണ്ടി നമ്മള് നോക്കിയപ്പൊ കാക്കുവാണ്.കൂടെ നമ്മളെ ബ്രദേഴ്സുമുണ്ട്.

'ഹൊ.... ഇപ്പോഴെങ്കിലുമൊന്ന് വന്നല്ലൊ പടച്ചോന് സ്തുതി..'

നമ്മളതും ചിന്തിച്ചോണ്ട് ഒരു ചിരിയോടെ കാക്കൂനെ

നോക്കി. മൂപ്പര് നല്ല പരിപ്പ് മോഡിലായിരുന്നു.

"അവളെ കൈ വിട് ആദി..."

കാക്കു കുറച്ച് കലിപ്പിൽ ഓനോട് ഒച്ച വെച്ചു. ഓൻ അപ്പൊ കാക്കൂനേയും നമ്മളേയും ഒന്ന് നോക്കി. നമ്മള് ആ കോന്തനെ ഒരു പുച്ഛത്തോടെ നോക്കി കൊണ്ട് കൈ വിടുവിക്കാൻ നിന്നു.

എവിടെ... കൂടുതൽ പിടി മുറുകാ എന്നല്ലാതെ ആ കോന്തൻ നമ്മളെ വിടുന്നില്ല. നമ്മളെ കൈ ആണെങ്കിൽ നന്നായിട്ട് വേദനിക്കുന്നുണ്ട്.

കാക്കൂന് നമ്മളെ മുഖത്ത് നിന്ന് തന്നെ വേദനിക്കുന്ന കാര്യം മനസ്സിലായോണ്ട് കാക്കു ഓൻറെ നെഞ്ചിൽ കൈ വെച്ച് ഓനെ തള്ളി.പക്ഷേ ആ കോന്തൻ നമ്മളെ വിട്ടില്ല.ഓൻ പിന്നിലേക്ക് മാറി പോയപ്പൊ ഓൻ കൂടെ നമ്മളേയും വലിച്ചാണ് പോയത്.

"നിന്നോടല്ലേടാ അവളെ വിടാൻ പറഞ്ഞത്..."

കാക്കു നല്ല കലിപ്പിൽ വീണ്ടും ഓനെ പിടിച്ച് തള്ളി കൊണ്ട് ഓൻറെ കോളേജിൽ പിടിച്ചു.അപ്പൊ ആ കോന്തൻ നമ്മളെ കൈ വിട്ടു. എന്നിട്ട് കാക്കൂനെ രൂക്ഷമായി നോക്കിയിട്ട് കാക്കൂൻറെ കോളറിലും ആ കോന്തൻ പിടിച്ചു.

നമ്മള് കൈ കുടഞ്ഞിട്ട് നോക്കിയപ്പോ നമ്മളെ കൈ ആകെ ചുവന്നിട്ടുണ്ട്,പോരാത്തതിന് നല്ല വേദനയും. ആ കോന്തനും കാക്കുവും കൂടി പിടിയും വലിയും തല്ലൊക്കെ ആയി.

നമ്മളെ ബ്രദേഴ്സും ആ കോന്തൻറെ ഫ്രണ്ട്സും നോക്കി നിന്നു എന്നല്ലാതെ പിടിച്ച് മാറ്റുന്നില്ല. നമ്മളെ കുരാമീസ് നാല് പേരും ആണെങ്കിലോ തൊള്ളേം തുറന്ന് അവരെ രണ്ട് പേരേയും നോക്കാണ്.

അവരാരും അവൻമാരെ പിടിച്ച് മാറ്റുന്ന ലക്ഷണം കാണാത്തോണ്ട് നമ്മള് തന്നെ അതിന് ഇറങ്ങി.

നമ്മള് ഓൻറേയും കാക്കൂൻറേയും ഇടയിൽ കേറിയിട്ട് കാക്കൂനെ അവിടന്ന് തള്ളി കൊണ്ട് പോയി.

"ഡാ....ഇനി മേലാൽ നീ ഇവളെ പിന്നാലെ എങ്ങാനും നടന്ന് ശല്യം ചെയ്താൽ...ഇതൊന്നും ആയിരിക്കില്ല നിനക്ക് കിട്ടാ..."

കാക്കു കലിപ്പ് മോഡ് ഇപ്പോഴും വിട്ടിട്ടില്ല.ആ കോന്തൻ ഷർട്ട് നേരെയാക്കി കൊണ്ട് ഞങ്ങളെ നോക്കി.

"ഡാ സിയാദേ....നീ ചെവിയിൽ നുള്ളിക്കോ...ഇവളെ പിന്നാലെ ഞാൻ നടക്കേം ചെയ്യും അവളെ കൊണ്ട് എന്നെ ഇഷ്ടപ്പെടിയിക്കേം ചെയ്യും അവളെ തന്നെ ഞാൻ കെട്ടേം ചെയ്യും....നീ നോക്കിക്കോ.."

ആ കോന്തൻറെ വർത്താനം കാക്കൂനെ വീണ്ടും ദേഷ്യം പിടിപ്പിച്ചു.കാക്കു അവൻറെ നേരെ പായാൻ നിന്നു.

"ഡാ......നിന്നെ ഞാൻ...."

"വേണ്ട കാക്കു .... വാ പോകാം..."

നമ്മള് അപ്പോഴേക്കും കാക്കൂനെ പിടിച്ച് വെച്ചു.

"ഐഷൂ...ഇവൻ നിൻറെ കാക്കുവാണോ..
എന്നാ പറയണ്ടേ...
അളിയാ...നിൻറെ പെങ്ങളെ എനിക്ക് തന്നേക്കണേ...
ഇല്ലേങ്കിൽ ഞാൻ തടിയെടുത്ത് കൊണ്ട് പോകും."

കാക്കു വീണ്ടും വയലൻറായപ്പൊ നമ്മള് ഓനെ നോക്കി പോടാ പട്ടീന്ന് വിളിച്ച് കാക്കൂനെ അവിടന്ന് കൊണ്ട് പോയി.

ഓഡിറ്റോറിയത്തിൻറെ പിറകിലേക്കാണ് നമ്മള് കാക്കൂനെ വലിച്ച് കൊണ്ട് പോയത്.കൂടെ കുരാമീസും ബ്രദേഴ്സും ഉണ്ടായിരുന്നു. പെട്ടെന്ന് കാക്കു നമ്മളെ

കൈ തട്ടി മാറ്റി കൊണ്ട് നമ്മളോട് ചൂടായി.

"എന്തിനാ ഫെബി നീ എന്നെ തടഞ്ഞത്?

ഇന്നത്തോടെ അവൻറെ ശല്യം ഒഴിവാക്കായിരുന്നു."

"ഉം.....ഓനെ തല്ലിയിട്ട് ഇങ്ങൾക്കും സസ്പെൻഷൻ കിട്ടി പോയാലേ ഓൻറെ കയ്യീന്ന് ഇങ്ങനെ എന്നെ രക്ഷപ്പെടുത്താൻ ആരാ വരാ...?

എന്തായാലും ഓനോട് ഉണ്ടായിരുന്ന പേടിയൊക്കെ നമ്മക്ക് ഇപ്പൊ തീരെയില്ല....അതിന് കാക്കൂനോട് എത്ര താങ്ക്സ് പറഞ്ഞാലും മതിയാവൂല..."

"നീ വല്ലാതെ തുള്ളണ്ട അവനെ കുറിച്ച് നിനക്ക് ശരിക്ക് അറിയാഞ്ഞിട്ടാ...അവൻ പറഞ്ഞാൽ പറഞ്ഞ പോലെ ചെയ്യുന്നവനാ..." അൻസിക്കയാണ്.

"പിന്നെ... അവൻ ഒലത്തും....അവൻ പറഞ്ഞത് ചെയ്ത് കാണിച്ചിട്ടുണ്ടെങ്കിൽ ഇത് അങ്ങനെ

എന്തായാലും ഉണ്ടാവില്ല..

കാരണം ഞാൻ അവനെയെന്നല്ല ആരേയും ഇഷ്ടപ്പെടാൻ പോകുന്നില്ല."

"അതെന്താ നീ ഇത്രക്ക് ഉറപ്പിച്ച് പറയുന്നത്?"

നമ്മളെ സംസാരം കേട്ട് കാക്കു ചോദിച്ചു.

"അതിന് അതിൻറേതായ കാരണങ്ങൾ ഉണ്ടെന്ന് കൂട്ടിക്കോളീ...."

"എന്ത് കാരണങ്ങൾ?"

നമ്മളെ നാല് ബ്രദേഴ്സും ഒരുമിച്ചിത് ചോദിച്ചപ്പൊ തന്നെ അച്ചു നമ്മളെ കൈ പിടിച്ച് വലിച്ചു.

"വാ ഫെബീ...ബെല്ലടിച്ചു പോകാം...ഈ പിരീഡ് കാലകേയനാ..."

നമ്മള് ബ്രദേഴ്സിനോട് ബൈ പറഞ്ഞിട്ട് നമ്മളെ കുരാമീസിൻറെ കൂടെ ക്ലാസിലേക്ക് ഓടി.

അച്ചു നമ്മളെ കൈ പിടിച്ചാണ് ഓടുന്നത്.അതും ആ കോന്തൻ പിടിച്ച ഭാഗത്ത്. അതോണ്ട് നമ്മക്ക് നല്ലോണം വേദന ഉണ്ടായിരുന്നു.

"അച്ചു എൻറെ കൈ വിട്... എനിക്ക് വേദന ആകുന്നുണ്ട്..."

ഓള് അപ്പൊ തന്നെ നമ്മളെ കൈ വിട്ടിട്ട് സോറി പറഞ്ഞു. ക്ലാസിൽ എത്തിയപ്പൊ സാറ് വന്നിട്ടില്ലേന്നു.

ഞങ്ങൾ വേഗം സീറ്റിലിരുന്നു.

ഞങ്ങൾ അഞ്ചു പേരും കൂടി ചർച്ച ചെയ്തത് താഴെ നടന്ന തല്ലിനെ കുറിച്ചേന്നു. പക്ഷേ നമ്മളെ കുരാമീസിന് അത് കേൾക്കാനൊന്നും താൽപര്യം ഇല്ലാത്ത പോലെ നമ്മക്ക് തോന്നി.

നമ്മള് ഇതുവരെ നമ്മളെ ഈ കോളേജ് ലൈഫില് ഉണ്ടായ സംഭവങ്ങളൊക്കെ ഒന്ന് കൂടി റിവൈൻഡ് ചെയ്തു നോക്കി. അതൊക്കെ ചിന്തിച്ചിരുന്ന് സാറ് വന്നതും പോയതും കോളേജ് വിട്ടതുമൊന്നും നമ്മള് അറിഞ്ഞില്ല.

ഞങ്ങൾ എന്നത്തേയും പോലെ വേഗം കോളേജിൽ നിന്ന് ഇറങ്ങിയിട്ട് ശാഹിത്താനേയും കൂട്ടി ബസ് സ്റ്റോപ്പിലേക്ക് പോയി.

ഞങ്ങൾ ഇന്ന് ഉണ്ടായതൊക്കെ ഇത്താനോട് പറയുമ്പോഴുണ്ട് ആ കോന്തൻ ബുള്ളറ്റിൽ വരുന്നു.

ഓൻ നമ്മളെ അടുത്തേക്ക് വരുമെന്ന് കരുതിയെങ്കിലും ഓൻ വന്നില്ല. ഓൻ ചട്ടി തലേന്ന് ഊരിയിട്ട് നമ്മളെ നോക്കി സൈറ്റടിച്ചു. നമ്മള് ഓനെ നോക്കി പോടാ കൊരങ്ങാന്ന് വിളിച്ച് കൂവി.

ഓൻ പോയപ്പൊ ഇവരെ രണ്ടും കൂടി നമ്മളെ നോക്കി ഹലാക്കിലെ ചിരിയാണ്. നമ്മള് വേഗം ശാഹിത്താനോട് വിഷയം മാറ്റി.

"എങ്ങനെ ഉണ്ടായിരുന്നു എറണാകുളത്തെ കല്യാണം?"

ശാഹിത്ത പിന്നെ കല്യാണത്തിലുണ്ടായ കാര്യങ്ങളൊക്കെ ഞങ്ങളോട് പറഞ്ഞു. നമ്മള് അപ്പൊ ചുമ്മാ ഫോണെടുത്ത് വാട്സപ്പ് തുറന്നപ്പൊ ഷെറി ഓൺലൈനിൽ ഉണ്ടായിരുന്നു.

അപ്പൊ ബസ് വരുന്ന വരെ ഓളോട് കുറച്ച് നേരം ചാറ്റി.ഓളോട് റിസപ്ഷൻറെ ഫോട്ടോസ് വിടാൻ പറഞ്ഞപ്പൊ ഒരു ലോഡ് വിട്ടു.

നമ്മള് അതൊക്കെ നോക്കി കൊണ്ട് ഇരിക്കുമ്പോഴാണ് നമ്മളെ കണ്ണിൽ ഒരു ഫോട്ടോ ഉടക്കിയത്.അത് കണ്ടതും നമ്മളെ ശക്തിയെല്ലാം ചോർന്ന് പോകുന്ന പോലെ തോന്നി.കണ്ണിലൊക്കെ ഇരുട്ട് കേറി. നമ്മളെ കയ്യീന്ന് ഫോൺ നിലത്തേക്ക് വീണു.

(തുടരും)

ഭാഗം. 39

നമ്മള് ആ ഫോട്ടോസൊക്കെ നോക്കി കൊണ്ട് ഇരിക്കുമ്പോഴാണ് നമ്മളെ കണ്ണിൽ ഒരു ഫോട്ടോ ഉടക്കിയത്.അത് കണ്ടതും നമ്മളെ ശക്തിയെല്ലാം ചോർന്നു പോകുന്ന പോലെ തോന്നി. നമ്മളെ കണ്ണിലൊക്കെ ഇരുട്ട് കേറി. നമ്മളെ കയ്യീന്ന് ഫോൺ നിലത്തേക്ക് വീണു. അച്ചു നമ്മളെ ഇരുത്തം കണ്ടിട്ട് നമ്മളെയൊന്ന് പിടിച്ച് കുലുക്കി.

"എന്താടി ഫെബീ... എന്താ പറ്റിയേ?"

നമ്മള് ഞെട്ടി തിരിഞ്ഞ് അച്ചൂനെ ഒന്ന് നോക്കിയിട്ട് നമ്മളെ ഫോൺ എടുത്ത് ആ ഫോട്ടോ ഓൾക്ക് കാണിച്ച് കൊടുത്തു.

ആ ഫോട്ടോ കാണുമ്പോ ഓളെ മുഖത്ത് ഒരു ഞെട്ടല്

പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല. പകരം ഓള് നമ്മളെ ഇടം കണ്ണിട്ട് ഒരു കള്ളനോട്ടം നോക്കി. ശാഹിത്ത ഫോൺ വാങ്ങി നോക്കിയിട്ട് അച്ചു നോക്കിയ പോലെ തന്നെ നമ്മളെ ഇടം കണ്ണിട്ട് നോക്കി.

"അച്ചു....നീ....നീയിത് കണ്ടോ?

ആ കോന്തനും കാക്കുവും ഒരുമിച്ച് തോളില് കയ്യിട്ട് നിൽക്കുന്നു....

ഇതിനൊക്കെ എന്താടി അർത്ഥം?"

അച്ചുവും ഇത്തയും പരസ്പരം മുഖത്തേക്ക് നോക്കിയിട്ട് നമ്മളെ നോക്കി ഒന്ന് പുഞ്ചിരി തൂകി.

"അത്....ഫെബീ....ആദിയും സിയാദും....

അവര് രണ്ട് പേരും ബെസ്റ്റ് ഫ്രണ്ട്സാണ്...."

ഇത്ത പറയുന്നത് കേട്ട് നമ്മളെ നെഞ്ചിൽ ഒരു ഇടി വെട്ടിയ പോലെ തോന്നി. നമ്മള് അച്ചൂനെ നോക്കിയപ്പൊ ഓളും അതേ എന്ന് തലയാട്ടി.

"അച്ചൂ നിനക്കും അറിയായിരുന്നോ അവര് ഫ്രണ്ട്സാണെന്ന്?"

"അത് ഫെബീ....അന്ന് ആ സാലിമും സിയാദ്ക്കയും കൂടി തല്ലുണ്ടായില്ലേ?

അന്നാണ് ഞങ്ങൾ തന്നെ അറിയുന്നത് അവര് ഫ്രണ്ട്സാണെന്ന്...

നീ പ്രിൻസിയെ വിളിക്കാൻ പോയില്ലെ അപ്പൊ തന്നെ കാക്കുവും കൂട്ടരും അവിടെ എത്തി സാലിമിൻ്റെ കയ്യീന്ന് നമ്മുടെ ബ്രദേഴ്സിനെ രക്ഷപ്പെടുത്തി. അപ്പോഴാ ഞങ്ങൾക്ക് മനസ്സിലായത് അവര് ഫ്രണ്ട്സ് ആണെന്ന്..."

അത് കേട്ടപ്പോ നമ്മക്ക് എല്ലാവരോടും വെറുപ്പ് തോന്നി.

"എന്നിട്ട് എന്താടീ നീയൊന്നും എന്നോട് അത് പറയാഞ്ഞത്? എന്നേക്കാൾ വലുത് അപ്പൊ നിനക്ക് അവനെ ആണല്ലേ?"

"അതോണ്ട് അല്ല ഫെബീ...സിയാദ്ക്കയും കാക്കുവും ഫ്രണ്ട്സ് ആണെന്ന് നീ അറിഞ്ഞാൽ നിനക്ക് അത് താങ്ങാൻ പറ്റില്ല എന്ന് അറിയാം അതാ പറയാഞ്ഞത്..."

അച്ചു അത് പറഞ്ഞു തീർന്നതും ബസ് വന്നു ഞങ്ങൾ അതിൽ കേറി. നമ്മള് സൈലന്റ് ആയി കൊണ്ട് ഇതുവരെ നടന്നതൊക്കെ കൂടി ആലോചിച്ച് നോക്കി. നമ്മള് അവരെ നാടകത്തിലെ ഒരു കോമാളി ആയിരുന്നെന്ന് അറിയാൻ ഒരുപാട് വൈകി പോയി.

"ഫെബീ...നീ ഞങ്ങളോട് പിണങ്ങിയോ? സത്യം പറഞ്ഞാൽ ഞാൻ ഇന്ന് അവൻമാരെ നാടകം കണ്ടിട്ട് നിന്നോട് എല്ലാം തുറന്നു പറയാൻ തുടങ്ങായിരുന്നു.

പക്ഷേ അപ്പോഴേക്കും നീ തന്നെ എല്ലാം കണ്ടെത്തി."

അച്ചൂനെ നമ്മള് രൂക്ഷമായി ഒന്ന് നോക്കി. ഓള് തലയാട്ടി കൊണ്ട് സത്യം എന്ന് പറഞ്ഞു.

പക്ഷേ നമ്മളെ അലട്ടിയ പ്രശ്നം ഇവര് നമ്മളിൽ നിന്നും എല്ലാം മറച്ച് വെച്ചതല്ല. സ്വന്തം കാക്കൂനെ പോലെ നോക്കിയിരുന്ന സിയാദ്ക്ക വരെ നമ്മളെ പൊട്ടത്തി ആക്കായിരുന്നു എന്ന് അറിഞ്ഞതാണ് നമ്മളെ പ്രശ്നം.

'എന്നാലും എന്തിനാകും കാക്കു എന്നോടീ ചതി ചെയ്തത്? ആ കോന്തനും കാക്കുവും ഫ്രണ്ട്സ് ആണെന്ന് എന്തിനാ നമ്മളോട് മറച്ച് വെച്ചത്?

മറച്ച് വെച്ചതോ പോട്ടേ...ഇന്ന് രണ്ടും കൂടി എന്തൊക്കെയായിരുന്നു ഉച്ചക്ക് കാണിച്ച് കൂട്ടിയത്? എന്നെ എല്ലാവരെ മുൻപിൽ വെച്ചും എന്തിനാ പൊട്ടത്തിയാക്കിയത്?

എന്തായാലും ഇനി കാക്കുവും നമ്മളെ ശത്രുവായിരിക്കാണ്. കാക്കു അല്ല...സിയാദ്...

ഇനി ഞാൻ അവനെ കാക്കു എന്ന് വിളിക്കില്ല...

എന്നാലും എന്തിനാ നമ്മളോട് ഈ ചതി ചെയ്തത്? നമ്മളെ ബോധിപ്പിക്കാൻ വേണ്ടി രണ്ട് പേരും കൂടി എന്തൊക്കെ നാടകങ്ങളാ കളിച്ചത്?

ഓർക്കുമ്പൊ തന്നെ അവരോടുള്ള ദേഷ്യം ഇരട്ടിക്കാണ്.'

ഇങ്ങനെ ഒക്കെ ചിന്തിച്ചെങ്കിലും നമ്മക്ക് നല്ലോണം വിഷമായി. നമ്മള് അറിയാതെ തന്നെ നമ്മളെ കണ്ണ് നിറഞ്ഞൊഴുകി. അച്ചു നമ്മളെ കണ്ണീര് തുടച്ചു.

"ഇത് കൊണ്ടാ ഫെബീ ഞങ്ങൾ നിന്നോടൊന്നും പറയാതെ മറച്ച് വെച്ചത്. നിനക്ക് അത് നല്ലോണം സങ്കടാവുമെന്ന് എനിക്കറിയാ...

പക്ഷേ, ഇന്ന് അവര് കോളേജിൽ വെച്ച് കാണിച്ച് കൂട്ടിയ നാടകം കണ്ടപ്പൊ തന്നെ നമ്മള് ഉറപ്പിച്ചതാ നിന്നോട് ഇനിയും ഇത് മറച്ച് വെച്ചാൽ കൂടുതൽ പ്രശ്നം ആകുമെന്ന്...

ഞാൻ പറയുന്നതിന് മുന്നേ തന്നെ നീ അറിഞ്ഞില്ലെ...പോട്ടേ....നീയത് വിട്ടേക്ക്...ഇനി അത് ആലോചിച്ച് വിഷമിക്കണ്ട.."

"എന്നാലും അച്ചൂ...കാക്കുവും ഇതിനൊക്കെ കൂട്ട് നിൽക്കുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതീല...

രണ്ട് പേരും കൂടി എന്നെ എത്ര മാത്രം വിഡ്ഢിയാക്കി...ഓരോ തവണയും ഞാൻ അവരെ നാടകം കണ്ട് വിശ്വസിച്ചപ്പൊ എന്നെ പൊട്ടത്തിയാക്കിയിട്ട് രണ്ടു പേരും ഉള്ള് കൊണ്ട് ചിരിക്കായിരിക്കില്ലെ..."

നമ്മക്ക് അതൊന്നും പൂർണ്ണമായും പറയാൻ പറ്റുന്നില്ല.

തൊണ്ടയിൽ സങ്കടം കെട്ടി കിടന്നിട്ട് ശബ്ദം ഇടറുന്നുണ്ട്.

"ഫെബീ...ആദിയും സിയാദും ചെറുപ്പം തൊട്ടേ ഫ്രണ്ട്സ് ആണെന്ന് കോളേജ് മൊത്തം അറിയാം.

നിന്നെ അവര് രണ്ട് പേരും കൂടി ഓരോന്ന് പറഞ്ഞ് കളിപ്പിക്കായിരുന്നു.

ഞാൻ കരുതിയത് നിനക്കും അവര് തമ്മിൽ ഉള്ള ഫ്രണ്ട്ഷിപ്പ് അറിയാമെന്നാ...

ആദിയും സിയാദും ചെയ്തത് വളരെ മോശായി പോയി...

നീയത് വിട്ടേക്ക് ഫെബീ...അവരോട് ഇനി കമ്പനി കൂടണ്ടണ്ട..."

ഇത്താൻ്റെ വാക്ക് കേട്ട് നമ്മള് തലയും താഴ്ത്തി വേറെ ചിന്തയിൽ ഏർപ്പെട്ടു.

"അങ്ങനെ അത്ര പെട്ടെന്നൊന്നും ഞാനിത് വിടില്ല...ആ രണ്ടിനും ഞാൻ ഇതിനുള്ള മറുപടി കൊടുത്തിരിക്കും പ്രത്യേകിച്ച് സിയാദിനോട്...."

നമ്മള് കത്തി ജ്വലിക്കുന്ന കണ്ണുകളുമായി നല്ല കലിപ്പിൽ തന്നെ പറഞ്ഞു.

"ഫെബീ...ഇത് ഷെറിൻറെ കല്യാണ റിസപ്ഷന് എടുത്ത ഫോട്ടോ അല്ലേ? പക്ഷേ നമ്മള് അവിടെ സിയാദ്ക്കാനെ കണ്ട പോലെ നിനക്ക് തോന്നുന്നുണ്ടോ?"

അച്ചൂൻറെ ചോദ്യം കേട്ടപ്പോഴാ നമ്മള് തന്നെ അതിനെ കുറിച്ച് ഓർത്തത്.

"ശരിയാ അച്ചൂ...നമ്മള് അവിടെ സിയാദ്ക്കാനെ കണ്ടിട്ടില്ലല്ലോ?"

"അതിന് നമ്മള് സിയാദ്ക്ക പോയിട്ട് വേറെ ആരേലും നോക്കീന്നോ? നോട്ടം മുഴുവൻ കാക്കൂനെ അല്ലേന്നോ...പിന്നെ എങ്ങനെ കാണാനാ?"

അച്ചു വർത്താനം നമ്മളെ ചൊടിപ്പിച്ചു. അച്ചു അതും പറഞ്ഞ് ചിരിക്കാണ്. പക്ഷേ നമ്മളെ നോട്ടം കണ്ടപ്പൊ ഓള് ചിരി നിർത്തി.

'അല്ലേലും ഓള് പറഞ്ഞതിലും കാര്യമുണ്ട്.ഓനെ നോക്കി കൊണ്ടിരിക്കുന്ന ടൈമിൽ കൂടെയുള്ളവരെ നമ്മളും ശ്രദ്ധിച്ചിട്ടില്ല. എന്നാലും കാക്കു....

എന്താ ഇനി നമ്മള് ചെയ്യാൻ പോകുന്നതെന്ന് കണ്ടോ...രണ്ടിനേയും വെറുതെ വിടില്ല...കാക്കുവുമായിട്ട് എല്ലാ ബന്ധവും ഇന്നത്തോടെ അവസാനിച്ചു.... എന്നെ കോമാളി ആക്കിയതിന് ഞാൻ പകരം ചോദിച്ചിരിക്കും...

എന്നെ വിശ്വസിപ്പിക്കാൻ വേണ്ടി എന്തോക്കെയാ ചെയ്ത് കൂട്ടിയത്? അപ്പൊ എന്നോട് സിയയെ പറ്റി

പറഞ്ഞതൊക്കെ കള്ളമായിരിക്കില്ലേ?

അവരോട് കൂട്ടുകൂടാൻ വേണ്ടി മനപ്പൂർവ്വം കെട്ടി ചമച്ച കഥയായിരിക്കില്ലേ അതും....

എന്തായാലും ഇനി നമ്മക്ക് അങ്ങനെ ഒരു ബ്രദേഴ്സില്ല...എല്ലാം തീർന്നു...'

നമ്മളെ ചിന്തകൾക്ക് വിരാമമിട്ട് കൊണ്ട് ശാഹിത്ത നമ്മളെ പിടിച്ച് കുലുക്കി.

"ഫെബീ...നീയത് തന്നെ ചിന്തിച്ച് വിഷമിച്ചിരിക്കണ്ട...അവര് ചെയ്തത് തെറ്റാണെങ്കിലും ഒന്നും കാണാതെ ആദി മനപ്പൂർവ്വം ഇങ്ങനെ ഒന്നും ചെയ്യില്ല...

അതോണ്ട് അവരെ പൂർണ്ണമായും കുറ്റം പറയാനും പറ്റില്ല."

നമ്മള് ശാഹിത്താനെ കലങ്ങിയ കണ്ണുകളുമായി രൂക്ഷമായി ഒന്ന് നോക്കി. ഇത്ത അപ്പൊ തന്നെ ഒരു വളിച്ച ഇളി പാസാക്കി കൊണ്ട് സീറ്റീന്ന് എണീറ്റു.

"ഞാൻ പറഞ്ഞതൊന്നും നീ മനസ്സിൽ വെക്കണ്ടട്ടോ...എല്ലാം മറന്ന് കളഞ്ഞേക്ക്..

അവൻമാരെ വരെ മറന്നേക്ക്...

അച്ചൂ ഞാൻ പോയിട്ടോ ..

ഫെബീ...."

ഇത്ത നമ്മളെ നേരെ തിരിഞ്ഞപ്പൊ നമ്മളെ നോട്ടം കണ്ടിട്ട് ബൈ പറഞ്ഞ് മൂപ്പത്തി വേഗം തടി തപ്പി.

അത് കണ്ടപ്പൊ നമ്മക്ക് ചിരി വന്നു.

പക്ഷേ അവൻമാരെ കുറിച്ച് ആലോചിച്ചപ്പൊ ചിരിയെല്ലാം മാഞ്ഞ് പോയി കലിപ്പായി.

"ഫെബീ....അവര് ചെയ്തത് തെറ്റ് തന്നെയാ...അതിന് ഞാനും നിന്നോട് യോജിക്കുന്നു....

പക്ഷേ.... അവര് ചിലപ്പൊ നിന്നെ കളിപ്പിക്കാൻ വേണ്ടി ചെയ്തത് ആകില്ലടീ....."

നമ്മള് അച്ചൂനെ തുറുക്കനെ നോക്കി കൊണ്ട് ഓളെ കയ്യിൽ നല്ലൊരു പിച്ച് കൊടുത്തു. ഓള് വേദന കൊണ്ട് വായ പൊത്തി പിടിച്ചു.

"മിണ്ടി പോകരുത് നീ.....എപ്പൊ നോക്കിയാലും അവൻറെ പക്ഷപാതം പിടിക്കലൊണല്ലൊ നിൻറെ പണി...

കുറച്ചു മുൻപ് വരെ നീ അവരെ പറ്റി കുറ്റമല്ലേ പറഞ്ഞത്....എന്നിട്ട് ഇപ്പൊ ഓള് വന്നിരിക്കാ അവൻമാരെ സ്വഭാവ സർട്ടിഫിക്കറ്റും കൊണ്ട്....

നീ കണ്ടോ അച്ചൂ...അവൻമാര് രണ്ടിനേയും ഞാൻ എന്താ ചെയ്യാൻ പോകുന്നതെന്ന്....

ഇനി ഞാൻ അവരെ ആരേയും കണ്ട പരിചയം പോലും കാണിക്കില്ല...അവരെ എൻ്റെ ജീവിതത്തിൽ ഞാൻ ഇതുവരെ കണ്ട് മുട്ടിയിട്ടില്ലാന്ന് കരുതാൻ പോകാ...

ശരിയാക്കി കൊടുക്കും ഞാൻ.."

"നിന്നോട് പറഞ്ഞിട്ട് ഒരു കാര്യവുമില്ല....നീ എന്താന്ന് വെച്ചാൽ ചെയ്യ്..."

അച്ചു അതും പറഞ്ഞ് ബസിന്ന് ഇറങ്ങി. പിന്നാലെ നമ്മളും. അച്ചു നമ്മളെ തിരിഞ്ഞ് നോക്കാതെ നടന്നു പോയി. പെട്ടെന്ന് ഓള് അവിടെ നിന്നിട്ട് നമ്മളെ തിരിഞ്ഞ് നോക്കി.

"ഫെബീ.... നീ എന്നെ കുറിച്ച് എന്ത് പറഞ്ഞാലും കൊഴപ്പല്ല്യ....ഇനിയിപ്പൊ നീ എന്നോട് ഞാൻ പറയാൻ പോകുന്ന കാര്യം കേട്ടിട്ട് പിണങ്ങിയാലും ശരി ഞാൻ പറയുന്നത് നീ കേട്ടോ...

ആദിൽക്ക നിന്നെ ഒരുപാട് സ്നേഹിക്കുന്നുണ്ട്,അത് നീ മനസ്സിലാക്കണം...

നിന്നെ കുറിച്ച് എല്ലാം അറിയുന്ന ഞാൻ തന്നെ ഇങ്ങനെ പറയണെങ്കിൽ എന്തായിരിക്കും അതിൻറെ കാരണമെന്ന് ചിന്തിച്ച് നോക്ക്...."

അച്ചു പറയുന്നത് കേട്ട് നമ്മക്ക് ഒരു ഭാവമാറ്റവും വന്നില്ല. അച്ചു ഓളെ വീട്ടിലേക്കും നമ്മള് നമ്മളോട്ക്കും പോയി.

'എൻറെ മനസ്സിൽ ഇപ്പൊ വെറുപ്പ് മാത്രേ ആ കോന്തനോടുള്ളൂ...പിന്നെ ഞാൻ എങ്ങനെ അവനെ സ്നേഹിക്കാനാ?

അവൻ ഒരിക്കലും എന്നെ സ്നേഹിച്ച പോലെ എനിക്ക് തോന്നിയിട്ടില്ല....

അവൻ എന്നെ ശല്യം ചെയ്യ മാത്രേ ചെയ്തിട്ടുള്ളൂ...അവൻറെ സ്നേഹം മണ്ണാങ്കട്ട...

എൻറെ അച്ചൂനെ വരെ മാറ്റി എടുക്കാൻ മാത്രം എന്ത് മന്ത്രവിദ്യയാ ഓൻ പ്രയോഗിച്ചത്?

തെണ്ടി കോന്തൻ...ഇപ്പൊ ഓൻറെ കൂടെ സിയാദും...ഒരുപാട് സങ്കടണ്ട്.'

ചിന്തകൾ കാട് കേറി ചെന്നപ്പൊ നമ്മള് വീട് കേറിയത് നമ്മള് അറിഞ്ഞില്ല. ആർക്കും അധികം മുഖം കൊടുക്കാതെ റൂമിലേക്ക് പോയി ബാഗ് വലിച്ചെറിഞ്ഞിട്ട് ബെഡിലേക്ക് കിടന്ന് ഒരുപാട് കരഞ്ഞു.

വിശ്വാസ വഞ്ചന...കാക്കുവിൽ നിന്നും ഞാൻ ഒരിക്കലും പ്രതീക്ഷിക്കാത്തത്...

ഇന്ന് ഉണ്ടായ കാര്യങ്ങളൊക്കെ ഓർക്കുമ്പൊ കരച്ചിലിൻറെ ശക്തി കൂടാണ്.

പെട്ടെന്ന് താഴേന്ന് ഉമ്മച്ചിൻറെ ശബ്ദം കേട്ടപ്പോ നമ്മള് വേഗം ഫ്രഷാകാൻ വേണ്ടി ബാത്ത്റൂമിൽ കേറി ഷവറ് തുറന്ന് ഒരുപാട് കരഞ്ഞു.

പിന്നെയാണ് നമ്മക്ക് തന്നെ ബോധോദയം വന്നത്. അല്ലെങ്കിൽ തന്നെ ഞാൻ എന്തിനാ അവൻമാര് നമ്മളെ പറ്റിച്ചതിന് കരയുന്നത്.... കരയല്ല വേണ്ടത് പകരം അവർക്ക് വേദനിക്കുന്ന പോലെ വല്ലതും ചെയ്യണമെന്ന് തീരുമാനിച്ചു.

പടച്ചോന് വേണ്ടി സുജൂദിലേക്ക് വീണപ്പോഴും നമ്മളെ പ്രാർത്ഥന അവൻമാർക്കിട്ട് കൊടുക്കാൻ പറ്റിയ നല്ല ഒരു പണി തരണേന്ന് ആയിരുന്നു. അതും അവരെ വേദനിപ്പിക്കുന്നത്.

നമ്മള് നിസ്കാരം കഴിഞ്ഞ് താഴേക്ക് ഇറങ്ങാൻ നേരമുണ്ട് നമ്മളെ ഫോൺ റിങ്ങ് ചെയ്യുന്നു. എടുത്തു നോക്കിയപ്പൊ കാക്കൂ..എന്ന് സ്ക്രീനിൽ തെളിഞ്ഞു വന്നു.

അച്ചു ചിലപ്പൊ എല്ലാം പറഞ്ഞ് കാണും അതിനുള്ള വിളിയാകും. എന്ത് വന്നാലും ഞാൻ കോൾ അറ്റൻഡ് ചെയ്യില്ലാന്ന് ഉറപ്പിച്ച് കോൾ കട്ടാക്കിയിട്ട് താഴേക്ക് പോയി.

ഓൻ വീണ്ടും നമ്മളെ വിളിച്ചു.പക്ഷേ നമ്മള് കോൾ എടുത്തില്ല. ഒരുപാട് നേരം റിങ് ചെയ്ത് അവസാനം കട്ടായി.

ഇങ്ങനെ ഒരുപാട് തവണ വിളിച്ചെങ്കിലും നമ്മള് ഒന്ന് പോലും അറ്റൻഡ് ചെയ്തില്ല. ഫോൺ സൈലന്റില് ഇട്ടതോണ്ട് ആരും കേക്കുന്നുല്യ.

നമ്മള് എന്നത്തേയും പോലെ തന്നെ ഹാപ്പി ആയിട്ട് കളിയും ചിരിയും തമാശയും ഒക്കെ പറഞ്ഞ് ഉമ്മച്ചിൻറെ അടുത്തിരുന്നു.

കുറച്ച് കഴിഞ്ഞപ്പൊ ഫോൺ എടുത്ത് നോക്കി. നമ്മളെ ബ്രദേഴ്സ് ആയിരുന്ന നാലും മാറി മാറി ഒരുപാട് തവണ വിളിച്ചിട്ടുണ്ട്.കൂടെ അറിയാത്ത ഒരു നമ്പറും.അത് ആ കോന്തനാകുമെന്ന് ഊഹിക്കാവുന്നതേ ഉണ്ടായിരുന്നുള്ളൂ.അപ്പൊ തന്നെ വീണ്ടും ആ നമ്പറിൽ നിന്നും കോൾ വന്നു. നമ്മള് ഫോൺ അവിടെ വെച്ചിട്ട് സിറ്റൗട്ടിലേക്ക് പോയി ഉപ്പച്ചി വരുന്നതും നോക്കി ഇരുന്നു.

കുറച്ച് കഴിഞ്ഞപ്പൊ ഉമ്മച്ചി ആരോടോ ഫോണിൽ സംസാരിച്ചോണ്ട് നമ്മളെ അടുത്തേക്ക് വന്ന് ഫോൺ തന്നു.നമ്മള് ആരാന്ന് ഉമ്മച്ചിയോട് ചോദിക്കാന് ഇടയില്ലാതെ ഫോൺ കയ്യിൽ തന്നിട്ട് ഉമ്മച്ചി പോയി. സ്ക്രീനിലെ പേര് കണ്ടപ്പൊ തന്നെ നമ്മള് ഫോൺ കട്ടാക്കി. ആരാവുമെന്ന് അറിയാലോ?

വീണ്ടും അതിലേക്ക് കോൾ വന്നോണ്ടിരുന്നപ്പൊ സഹികെട്ട് നമ്മള് ഉമ്മച്ചിൻ്റെ ഫോൺ സ്വിച്ചോഫാക്കി. എന്നിട്ട് ഷാദിൻ്റെ അടുത്തേക്ക് ചെന്നു.

അവനോട് നമ്മളെ ചോദിച്ച് ആരേലും വിളിക്കാണെങ്കിൽ നമ്മള് ചത്തു പോയെന്ന് പറഞ്ഞേക്കെന്ന് പറഞ്ഞ് നമ്മളെ ഫോണും എടുത്തോണ്ട് നമ്മള് റൂമിലേക്ക് പോയി.

ഫോൺ സൈലന്റ് ആണെങ്കിലും അത് റിങ് ചെയ്യുന്നത് കാണുമ്പൊ ദേഷ്യം വരാണ്. നമ്മള് നെറ്റ് തുറന്ന് നോക്കിയപ്പൊ അവൻമാരൊക്കെ കൂടി ഒരു ലോഡ് മെസേജ് അയച്ചിട്ടുണ്ട്. അവൻമാരുള്ള ഗ്രൂപ്പീന്ന് ലെഫ്റ്റായി അവൻമാരെ നമ്മള് ബ്ലോക്കാക്കിയിട്ട്

ഫോൺ സ്വിച്ചോഫാക്കി കിടന്നു.

ഇപ്പോ മനസ്സിലെ ഭാരം കുറച്ച് കുറഞ്ഞ പോലെ നമ്മക്ക് തോന്നി. അതോണ്ട് രാത്രി ഫുഡ് കഴിക്കാൻ വേണ്ടി ഉമ്മച്ചി വിളിച്ചത് പോലും കേൾക്കാത്ത വിധം നല്ല സുഖത്തോടെ ആയിരുന്നു ഉറങ്ങിയത്.

പിറ്റേന്ന് നമ്മളെ എണീപ്പിച്ച അലറാം ഉമ്മച്ചി ആയിരുന്നു.

"ഡീ ..ഫെബീ...എണീക്കടി പെണ്ണേ...കുറെ നേരായി സിയാദ് വിളിക്കുന്നു... അന്നെ വിളിച്ചിട്ട് കിട്ടുന്നില്ലാന്ന് പറഞ്ഞു. എന്തേലും അത്യാവശ്യം കാണും ഇന്നാ ഫോൺ..."

എന്ന് പറഞ്ഞ് ഉമ്മച്ചി ഫോൺ കയ്യിൽ തന്നിട്ട് പോയി. നമ്മള് ക്ലോക്കില് ടൈം നോക്കിയപ്പൊ അഞ്ച് മണി ആകുന്നുള്ളൂ...

ഫോണീന്ന് ഹലോ ഫെബീ എന്നൊക്കെ കേൾക്കുന്നുണ്ട്.നമ്മളത് മൈൻഡ് ചെയ്യാതെ ഫോൺ കട്ടാക്കിയിട്ട് എണീറ്റു. കളിക്കാൻ പോയിട്ട് കാലൊടിഞ്ഞതിന് ശേഷം ഉപ്പച്ചി കളിക്കാൻ പോയിട്ടില്ല വീണ്ടും നടത്തം തന്നെ തുടങ്ങീക്കണ്.

അതോണ്ട് വേഗം ഫ്രഷായി നിസ്കരിച്ചിട്ട് ഉപ്ച്ചിനേയും കൊണ്ട് ജോഗിങ്ങിന് പോയി വന്നു.

വന്നപ്പൊ തന്നെ ഷാദി നമ്മക്ക് ഓൻറെ ഫോൺ എടുത്ത് കയ്യിൽ വെച്ച് തന്നു.

"എൻറെ പൊന്ന് ഇത്തൂസേ... ഇന്നലെ നമ്മള് ഒരു പോള കണ്ണടച്ചിട്ടില്ല. ഫോൺ കോളിൻറെ പെരുമഴേന്നു...

ആദ്യത്തെ രണ്ടു മൂന്നെണ്ണം ഞാൻ എടുത്തു. ഫെബീ എവിടെ അവൾക്ക് ഫോൺ കോടുക്കോന്ന് ചോദിച്ചു. ഇത്തൂസ് പറഞ്ഞ് തന്ന പോലെ ഇങ്ങള് ചത്തെന്ന് പറഞ്ഞ് കട്ടാക്കിയപ്പൊ പിന്നെ വിളിച്ചത് ആദിൽക്ക ആയിരുന്നു. മൂപ്പരും അന്നേ പറ്റിയാ ചോദിച്ചത്. മൂപ്പരോടും നമ്മളാ മറുപടി പറഞ്ഞു കട്ടാക്കി.

പിന്നെ അങ്ങോട്ട് വിളിയോട് വിളി ആയിരുന്നു. സഹികെട്ടപ്പൊ ഞാൻ ഫോൺ സ്വിച്ചോഫാക്കി.

ഇന്നിപ്പൊ ഓണാക്കിയപ്പോ തന്നെ വീണ്ടും കോൾ വന്നു... സത്യം പറ...എന്താ പ്രശ്നം? എന്തിനാ അവരിങ്ങനെ വിളിക്കുന്നത്?"

നമ്മള് ഓൻറെ ഫോൺ തിരിച്ച് ഓൻറെ കയ്യിൽ തന്നെ കൊടുത്തു.

"ഇനിയും വിളിക്കുമല്ലൊ...അപ്പൊ നേരിട്ട് അങ്ങ് ചോദിച്ച് നോക്ക്..."

നമ്മള് വേഗം റൂമിലേക്ക് കേറി കോളേജിലേക്ക് പോകാൻ ഒരുങ്ങി താഴേക്ക് വന്നു. ഫോൺ രാത്രി ഓഫാക്കിയതാണ് പിന്നെ ഓണാക്കിയിട്ടില്ല. നമ്മള് ഫോൺ ഓണാക്കിയ അപ്പോ തന്നെ ആ കോന്തൻറെ കോൾ വന്നു. ദേഷ്യം കൊണ്ട് പിരാന്ത് പിടിച്ച അവസ്ഥയിലേന്നു നമ്മള് നിന്നത്. അതോണ്ട് കോൾ

എടുത്ത അപ്പൊ തന്നെ നമ്മള് അങ്ങോട്ട് ചൂടായി.

"എന്താടാ നിനക്ക് വേണ്ടത്? എന്നെ ശല്യം ചെയ്യാതെ ഒന്ന് വെച്ചിട്ട് പോകോ?"

എന്ന് കലിപ്പിൽ ഫുൾ ലൗഡില് പറഞ്ഞോണ്ട് നമ്മള് കട്ടാക്കിയിട്ട് സൈലന്റിലിട്ടു.

കാപ്പിയും കൊണ്ട് വന്ന ഉമ്മച്ചി നമ്മളെ ഒച്ചപ്പാട് കേട്ട് കാര്യം അന്വേഷിച്ചെങ്കിലും നമ്മളൊരു ചിരി പാസാക്കി കൊണ്ട് ഒന്നുമില്ലാന്ന് പറഞ്ഞു.

"ഫെബീ...എന്തിനാ സിയാദ് രാവിലെ തന്നെ വിളിച്ചത്? അതും ഇന്നും ഇന്നലെയൊക്കെ വിളിച്ചല്ലൊ എന്തേലും പ്രശ്നമുണ്ടോ?"

ഉമ്മച്ചിൻറെ ചോദ്യം കേട്ട് എന്ത് പറയുമെന്ന് ആലോചിച്ച് നമ്മള് ഇരിക്കുമ്പോഴാണ് പെട്ടെന്ന് ഒരു നൊണ തലയിൽ ഉദിച്ചത്.

"അത് ഉമ്മച്ചിയേ ഞങ്ങൾക്ക് ഇന്നൊരു എസ്സേ എഴുതാൻ ഉണ്ടെന്നു അത് പറഞ്ഞു തരാൻ വിളിച്ചതാ..."

ഉമ്മച്ചി വേറെയും ചോദ്യം കൊണ്ട് വരുന്നതിന് മുന്നേ വേഗം കാപ്പി അകത്താക്കിയിട്ട് ഒരു പാച്ചിലായിരുന്നു സ്റ്റോപ്പിലേക്ക്.

അച്ചു നമ്മളെ അവിടെ കണ്ട പാടെ ഓടി വന്ന് ഒരു തല്ല് തന്നു.

"ഇന്നലെ എത്ര തവണ നിനക്ക് വിളിച്ചെടീ...ഫോൺ ഓഫാക്കിയിട്ട് നീ എവിടെ പോയി കിടക്കേന്നു?

നമ്മളെ ബ്രദേഴ്‌സും കാക്കുവും ഇന്നലെ നമ്മളെ ഒന്ന് ഉറങ്ങാൻ പോലും സമ്മതിച്ചില്ല. ഉറക്കമോ പോട്ടെ...അരുണിനോട് ഒന്ന് സംസാരിക്കാൻ പോലും അവൻമാര് സമ്മതിച്ചില്ല. വിളിയോട് വിളിയാണ്.നിനക്കൊന്ന് ഫോൺ എടുത്തൂടേന്നോ?

ബാക്കി ഉള്ളോരെ ഉറക്കം കൂടി പോയി....."

"ഞാൻ എന്തിനാ അവൻമാരെ കോൾ അറ്റൻഡ് ചെയ്യുന്നത്? എനിക്കതിൻറെ ആവശ്യമെന്താ? അവര് ആരാന്ന് പോലും എനിക്കറീല....അവരുമായി എനിക്ക് യാതൊരു ബന്ധവുമില്ല... മനസ്സിലായോ നിനക്ക്?"

നമ്മള് അച്ചൂനോട് കലിപ്പായി കൊണ്ട് തുള്ളുമ്പോഴുണ്ട് ബസ് വരുന്നു. ബസിൽ അവൻമാരെ നമ്മള് പ്രതീക്ഷിച്ചെങ്കിലും അവര് ഇല്ലേന്നു.

പകരം ഒരു എഴുത്തുണ്ട് സീറ്റിന് മോളില്....

"സോറി..... െ െ െ "

എന്ന് മാത്രം എഴുതി വെച്ചിട്ടുണ്ട്... നമ്മളതൊന്നും കാരയമാക്കാതെ അവിടെ ഇരുന്നു. അച്ചു നമ്മളെ നോക്കുന്നുണ്ടെന്നല്ലാതെ ഒന്നും മിണ്ടുന്നില്ല.

നമ്മള് ഓളെ നോക്കുമ്പോൾ ഓള് പുറത്തേക്ക്

നോക്കും നമ്മള് പുറത്തേക്ക് നോക്കുമ്പോൾ ഓള് നമ്മളെ നോക്കും. ഒടുക്കം ഞങ്ങളെ കണ്ണുകൾ പരസ്പരം ഉടക്കിയപ്പൊ ഞങ്ങൾ പരിസരം മറന്ന് പൊട്ടി ചിരിച്ച് പോയി.

കുറച്ചു കഴിഞ്ഞ് ശാഹിത്ത കേറി വന്നപ്പോഴും ആദ്യം അച്ചു പറഞ്ഞ ഡയലോഗ് തന്നെ ആയിരുന്നു പറഞ്ഞത്.ഓൾക്ക് കൊടുത്ത മറുപടി തന്നെ നമ്മള് ഇത്താക്കും കൊടുത്തു.

കോളേജിൽ എത്തിയപ്പൊ ഞങ്ങളെ സ്വീകരിക്കാൻ എന്നോണം ഗേറ്റിൽ തന്നെ നമ്മളെ ബ്രദേഴ്സ് ആയിരുന്നവരും ആ കോന്തനും കൂട്ടരും ഉണ്ടെന്നു.

നമ്മള് അവരെ ഒന്നും മൈൻഡ് ചെയ്യാതെ നടന്നു. പക്ഷേ സിയാദ് അപ്പോഴേക്കും നമ്മളെ വഴി തടഞ്ഞു.

"ഫെബീ...ഇന്നും ഇന്നലെയുമായിട്ട് നിനക്ക് എത്ര തവണ വിളിച്ചു...നീയെന്താ കോൾ എടുക്കാഞ്ഞേ...

നീ ഞങ്ങളോട് പിണങ്ങിയോ....സോറി ഫെബീ....ഞങ്ങൾ വെറുതെ നിന്നെ ഒന്ന് കളിപ്പിക്കണമെന്നെ കരുതിയിട്ടുള്ളൂ...അതിനാ ഞങ്ങൾ ഫ്രണ്ട്സ് ആണെന്ന് നിന്നോട് മറച്ച് വെച്ചത്.... നീ അതൊക്കെ വിട്ട് കളയെടീ...എന്നിട്ട് പഴയ പോലെ തന്നെ നമുക്ക് നല്ല ബ്രദേഴ്സും സിസ്റ്റേഴ്സും ആകാം..."

നുരഞ്ഞ് പൊങ്ങിയ ദേഷ്യം കടിച്ച് പിടിച്ചോണ്ട് നമ്മള് കയ്യും കെട്ടി നിന്ന് സിയാദിനെ നോക്കി.

"ആരാ സാർ നിങ്ങളൊക്കെ?

ബ്രദേഴ്സ് സിസ്റ്റേഴ്സ് റിലേഷൻ എന്ന് പറയുമ്പൊ നിങ്ങളെന്താ എൻറെ സ്വന്തം ബ്രദറാണോ? ആണോ....?

അല്ലല്ലോ?

ആയിരുന്നെങ്കിൽ നിങ്ങൾ എന്നോടീ ചതി ചെയ്യേന്നോ?"

നമ്മള് കലിപ്പിൽ അവൻമാരെ നോക്കി കൊണ്ട് അത്

പറഞ്ഞപ്പൊ അവര് മറുത്തൊന്നും പറയാതെ എല്ലാം കേട്ട് നിന്നു.

"എന്തൊക്കെ നാടകങ്ങളാ നിങ്ങളൊക്കെ ഞങ്ങളെ മുൻപിൽ ആടി തിമിർത്തത്?

കുറ്റം പറയരുതല്ലൊ നന്നായിട്ടുണ്ടേന്നു നിങ്ങളെല്ലാരേയും അഭിനയം....പെട്ടെന്ന് എല്ലാം വിശ്വസിച്ച് പോയി...

എന്നാലും എന്നോടിത് വേണ്ടായിരുന്നു....ഞാൻ നിങ്ങളെ മുന്നിൽ ഇത്രയും നാൾ വെറും കോമാളി മാത്രായിരുന്നില്ലെ ... അത് ആലോചിക്കുമ്പൊ എനിക്ക് എന്നോട് തന്നെ പുച്ഛം തോന്നാണ്...."

നമ്മളെ ഉറച്ച ശബ്ദത്തിലുള്ള സംസാരത്തിൻറെ കൂടെ കണ്ണും നിറഞ്ഞൊഴുകുന്നുണ്ടേന്നു. ആ കോന്തൻ എല്ലാം കണ്ടും കേട്ടും നിന്നെന്നല്ലാതെ നമ്മളെ നോക്കാതെ വേറെ ഏതോ കൊങ്ങിലേക്ക് നോക്കി ഇരിക്കാണ്. അവൻമാര് നമ്മളോട് എന്തോ പറയാൻ നിന്നപ്പൊ നമ്മള് അവരെ തടഞ്ഞു.

"വേണ്ട....നിങ്ങളെ ന്യായീകരണങ്ങളൊന്നും എനിക്ക് കേൾക്കണമെന്നില്ല...അതിൻറെ ആവശ്യവുമില്ല..."

ഇത്രയും പറഞ്ഞ് നമ്മള് ക്ലാസിലേക്ക് നടക്കുമ്പോഴാണ് കാലിൽ കിടക്കുന്ന കൊലുസ് ഓർമ്മ വന്നത്. പിന്നെ ഒന്നും നോക്കിയില്ല കാലിൽ നിന്നും അത് ഊരിയിട്ട് തിരിച്ച് അവരെ അടുത്തേക്ക് ചെന്നു.

"എന്നെ വിശ്വസിപ്പിക്കാൻ വേണ്ടി ഒരു വലിയ കഥ പറഞ്ഞുണ്ടാക്കിയില്ലേ നന്നായിട്ടുണ്ടേന്നു കഥ....ഇതാ ആ കഥയിൽ നിങ്ങൾ എനിക്ക് തന്ന റോൾ തിരിച്ച് തരാണ്."

നമ്മളാ കൊലുസ് ഓൻറെ കയ്യിൽ എറിഞ്ഞു കൊടുത്തിട്ട് ക്ലാസിലേക്ക് പോയി.ക്ലാസ് മൊത്തം ഇതിനോടകം നമ്മള് സസിയായത് അറിഞ്ഞിട്ടുണ്ട്. പക്ഷേ അവരൊന്നും നമ്മളെ കളിയാക്കാനൊന്നും വന്നിട്ടില്ല.

നമ്മളെ കുരാമീസൊക്കെ നമ്മളെ ആദ്യായിട്ട് കാണുന്ന പോലെ നോക്കി നിന്നു. പക്ഷേ നമ്മള് എന്നത്തേയും പോലെ തന്നെ ആയിരുന്നു അവരോട് പെരുമാറിയത്. അപ്പൊ അവരും നമ്മളോട് പഴയ പോലെ തന്നെ കൂട്ടായി.

കുറച്ച് കഴിഞ്ഞപ്പൊ സിയാദും കൂട്ടരും ഞങ്ങളെ ക്ലാസിലേക്ക് കേറി വന്നു. എന്നിട്ട് നമ്മളെ കൈ പിടിച്ച് വലിച്ചോണ്ട് അവിടന്ന് ലൈബ്രറിയിലേക്ക് കൊണ്ട് പോയി. നമ്മള് അവനോട് കൈ വിടാൻ ഒരുപാട് പറഞ്ഞെങ്കിലും അത് കേട്ട ഭാവം പോലും നടിച്ചില്ല. നമ്മളെ പിന്നാലെ കുരാമീസും ലൈബ്രറിയിലേക്ക് വന്നു. അവിടെ എത്തിയപ്പൊ നമ്മളെ കൈ വിട്ടിട്ട് അവൻമാര് ഓരോന്ന് പറയാൻ തുടങ്ങി.

"ഫെബീ...നിന്നെ കളിപ്പിക്കണമെന്ന് കരുതി ഞങ്ങൾ ചെയ്തത് തെറ്റാണെന്ന് അറിയാം. പക്ഷേ ഞങ്ങൾ നിന്നോട് കാണിച്ച സ്നേഹവും പറഞ്ഞ കാര്യങ്ങളും ഒന്നും നുണയല്ല സത്യമാണ്..." അൻസിക്കയാണ്.

"നീ വിശ്വസിച്ചാലും ഇല്ലെങ്കിലും ഞങ്ങൾ പറയുന്നത് നീ

കേൾക്കണം." ജോണച്ചയനാണ്.

"നിന്നെ ഞങ്ങൾ ആദ്യം കണ്ടുമുട്ടിയ അന്നൊന്നും ഞങ്ങക്ക് അറീലേന്നു ആദിക്ക് ഒരിഷ്ടം ഉള്ള കാര്യവും അതും നിന്നോട് ഉള്ള കാര്യവും....

അതോണ്ട് തന്നെ ഞങ്ങൾ നിന്നോട് കൂട്ടുകൂടിയതും നിന്നെ ഞങ്ങളെ പെങ്ങളാക്കിയതൊക്കെ ആത്മാർത്ഥമായിട്ടെന്നെയാണ്....

പിന്നെ ഞാൻ പറഞ്ഞു തന്നത് വെറുമൊരു കഥയല്ല...എൻ്റെ ജീവിതാണ് നിന്നോട് പറഞ്ഞത്....

അതൊക്കെ സത്യം മാത്രേന്നു..." സിയാദാണ്.

"പിന്നെ എന്ന് മുതലാ നാടകം തുടങ്ങിയതെന്ന് ചോദിച്ചാൽ ആദി നിന്നെയാണ് സ്നേഹിക്കുന്നതെന്ന് ഓൻ പറഞ്ഞത് മുതൽ...." മിഥുനേട്ടനാണ്.

"അതും നിൻറെ മുന്നിൽ ഞങ്ങൾക്ക് ഓനുമായി അധികം കമ്പനി ഇല്ലാന്ന് പറഞ്ഞത് മുതൽ... അതും ഓന് വേണ്ടി....ഓന് നിന്നോടുള്ള ഇഷ്ടം സത്യാണെന്ന് മറ്റാരേക്കാളും ഞങ്ങക്ക് ബോധ്യം ഉണ്ടായോണ്ടാ ഓൻ പറഞ്ഞ പോലെ നിന്നോട് പെരുമാറിയത്.."
അൻസിക്കയാണ്.

നമ്മക്ക് അവര് പറയുന്നതൊന്നും മനസ്സിലായതുമില്ല. പോരാത്തതിന് കേൾക്കാൻ താൽപര്യവുമില്ല. അതോണ്ട് ഇനി എന്താണാവോ അടുത്തത് പറയാൻ പോകുന്നതെന്ന് കരുതി നമ്മള് അവരെ തന്നെ നോക്കി കൊണ്ടിരുന്നു.

"ഫെബീ....ആദിയും ഞങ്ങളും ഫ്രണ്ട്സ് ആണെന്ന ഒരു കാര്യം മാത്രമേ നിന്നിൽ നിന്നും ഞങ്ങൾ മറച്ച് വെച്ചിട്ടുള്ളൂ..

ബാക്കിയൊക്കെ സത്യായിരുന്നു....

നിന്നെ ഒന്ന് ചെറുതായി കളിപ്പിക്കണം അത്രയേ ഉദ്ദേശിച്ചിട്ടുള്ളൂ..അതിനാ ഇന്നലെ അങ്ങനെ ഒക്കെ തല്ലുണ്ടാക്കിയത്..."

അതും പറഞ്ഞ് കാക്കു പോക്കറ്റിൽ നിന്നും ആ കൊലുസ് എടുത്തിട്ട് നമ്മളെ അടുത്തേക്ക് വന്നു.

"ഞാൻ നിന്നെ എൻ്റെ സിയനെ പോലെ തന്നെയാ കാണുന്നത്... നീ എനിക്ക് എന്നും എൻ്റെ കുഞ്ഞു പെങ്ങള് തന്നെ ആയിരിക്കും...ഞാൻ പറഞ്ഞതൊന്നും കള്ളമല്ല,നിന്നോട് കാണിച്ച സ്നേഹത്തിൽ ഒരു തരി പോലും മായമില്ല....അതൊക്കെ നിനക്ക് വിശ്വസിക്കണെങ്കിൽ വിശ്വസിക്കാം.

ഞങ്ങൾ നിന്നെ ഇട്ട് കളിപ്പിച്ചതൊക്കെ ഞങ്ങളുടെ ഒരു കുസൃതിയായിട്ട് നീ കൂട്ടിയാൽ മതി....

പെങ്ങൻമാരോടല്ലാതെ മറ്റാരോടാ ഇങ്ങനെ ഒക്കെ ചെയ്യാൻ പറ്റാ?"

കാക്കു ഇങ്ങനെ എന്തൊക്കെയോ പറഞ്ഞ് കുറെ സോറി പറഞ്ഞു. നമ്മക്ക് അതൊക്കെ കേട്ടപ്പോ നമ്മളെടുത്ത പ്രതിഞ്ജ ഒക്കെ നമ്മള് മറന്നു.

"ഇനിയും നിനക്ക് ഞങ്ങൾ പറഞ്ഞതൊന്നും വിശ്വാസം ആയിട്ടില്ല ഞങ്ങളോട് ഇപ്പോഴും പിണക്കത്തിലും ദേഷ്യത്തിലുമാണെങ്കിൽ എല്ലാം നിൻറെ ഇഷ്ടം പോലെ നടക്കട്ടെ...

ഇനി ശല്യം ചെയ്യാൻ ഞങ്ങൾ വരില്ല... ഞങ്ങളെ ആരേയും നീ ഇതുവരെ കണ്ടിട്ടില്ലെന്ന് കരുതി മറന്നേക്ക്...പക്ഷേ അതിനു മുൻപ് നീ എനിക്ക് വേണ്ടി ഞങ്ങളെ നിൻറെ ബ്രദേഴ്സ് ആയിട്ട് കണ്ടിട്ടുണ്ടെങ്കിൽ ഒരു ഹെൽപ് ചെയ്യണം..."

നമ്മള് കാക്കൂനെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു.

"നാളെ കോളേജ് ലീവല്ലെ...നീ എൻറെ വീട്ടിലേക്ക് നാളെയൊന്ന് വരണം...കഴിയുമെങ്കിൽ മാത്രം മതി.. ഞാൻ നിന്നെ ഒട്ടും നിർബന്ധിക്കില്ല....

അവസാനായിട്ട്....ഒരേയൊരു തവണ...നാളെ വരണം..ഇനി പേടിയാണെങ്കിൽ കൂടെ വേണേൽ

നിനക്ക് ആരേയും കൊണ്ട് വരാം...

പക്ഷേ നീ വരണം... നീ വരുമെന്ന് കരുതുന്നു....

എൻ്റെ വീട് ഇവിടെ അടുത്ത് തന്നെയാണ്...നീ വരുന്നുണ്ടേൽ വിളിക്ക്...അപ്പൊ എവിടെയാണ് വീടെന്ന് പറഞ്ഞു തരാ....

നീ വരോ...???"

എന്ത് പറയണമെന്ന് അറിയാതെ നമ്മള് നമ്മളെ കുരാമീസിനെ നോക്കി. അവറ്റകള് നമ്മളെ തീരുമാനം അറിയാൻ വേണ്ടി നമ്മളെ നോക്കി നിൽക്കാണ്.

"ഞാൻ ...ഞാൻ എന്തിനാ നിങ്ങളെ വീട്ടിലേക്ക് വരുന്നത്?"

"വെറുതെ ഒരു വിസിറ്റിങിനെങ്കിലും

വാടോ....എന്തായാലും ഞാൻ ക്ഷണിച്ചതല്ലേ?"

അച്ചു നമ്മളെ നോക്കി കൊണ്ട് പോകാമെന്ന് ആംഗ്യം കാട്ടി.

"ശരി....ഞാൻ വരാം..."

"ഇതാണ് എൻറെ വീട്ട് അഡ്രസ്...നീ ഒറ്റക്ക് വരാൻ നിക്കണ്ട...കൂടെ ഇവരേയും കൂട്ടിക്കോ...അപ്പൊ ശരി നാളെ കാണാം...

നാളത്തോടെ ഞങ്ങളെ ശല്യം തീർന്നിരിക്കും...വാക്ക്..."

കാക്കു അതും പറഞ്ഞ് ഒരു പേപ്പർ കഷ്ണം നമ്മക്ക് തന്നിട്ട് ഒന്ന് തിരിഞ്ഞ് പോലും നോക്കാതെ നാലും അവിടന്ന് പോയി.

അപ്പൊ തന്നെ ക്ലാസിലേക്ക് കേറാൻ ബെല്ലടിച്ചു. ഞങ്ങൾ ക്ലാസിൽ കേറിയിരുന്നു. എല്ലാരുടേയും നോട്ടം

നമ്മളെ മാത്രമായിരുന്നു.

നാളെ നമ്മളെ കൂടെ നമ്മളെ കുരാമീസ് നാല് പേരും വരാമെന്ന് സമ്മതിച്ചു. അതോണ്ട് നാളെ എപ്പൊ എങ്ങനെ പോകും എന്നൊക്കെ ഞങ്ങൾ തീരുമാനിച്ചു.

പിറ്റേന്ന് രാവിലെ തന്നെ മാറ്റി ഒരുങ്ങി താഴേക്ക് ഇറങ്ങിയപ്പോഴാ ഉമ്മച്ചിനോട് ഒന്നും പറയാഞ്ഞത് ഓർമ്മ വന്നത്.

"ഉമ്മച്ചിയേ...ഞാനൊന്ന് പുറത്ത് പോയിട്ട് വരാട്ടോ..."

"സിയാദിൻറോടെ അല്ലേ പോണത്? ഓൻ ഇന്നോട് പറഞ്ഞീന്നു...വേഗം പോയി പോരോണ്ടി...കൂടെ വേറെ ആരെങ്കിലും ഇല്ലേ?"

നമ്മള് ഉമ്മച്ചിനെ അന്തം വിട്ട് നോക്കി കൊണ്ട് തലയാട്ടി. നമ്മക്ക് അല്ലാതെ വേറെ ആർക്കാ ഇങ്ങനെ ഒരു ഉമ്മച്ചിനെ കിട്ടാ? നമ്മള് ഉമ്മച്ചിനെ കെട്ടി പിടിച്ച് ഒരുമ്മ

കൊടുത്തിട്ട് അച്ചൂൻ്റെ വീട്ടിലേക്ക് പോയി.

അവിടന്ന് ഞങ്ങൾ രണ്ട് പേരും കൂടി ബസിൽ കോളേജ് പടിയിൽ നിന്ന് ബാക്കി മൂന്നിനേയും പിക് ചെയ്തു. എന്നിട്ട് കാക്കു തന്ന അഡ്രസിലെ സ്ഥലത്ത് ഇറങ്ങി ഒരു ഓട്ടോ വിളിച്ച് ഞങ്ങൾ കാക്കൂൻ്റെ വീട്ടിൽ എത്തി.

ഒരു ഭംഗിയുള്ള കൊച്ച് ഇരു നില വീട്.സിറ്റൗട്ടിൽ തന്നെ കാക്കു നിൽക്കുന്നത് കണ്ടപ്പൊ വീട് അതാ തന്നെ എന്ന് മനസ്സിലായി.

അവിടെ നമ്മള് ബാക്കി മൂന്നിനേയും പ്രതീക്ഷിച്ചെങ്കിലും കാക്കു മാത്രമെ ഉണ്ടായിരുന്നുള്ളൂ...

ഞങ്ങളെ കാക്കു അകത്തേക്ക് ക്ഷണിച്ചിരുത്തി. ഞങ്ങൾ എന്തിനാവും കാക്കു വീട്ടിലേക്ക് വിളിപ്പിച്ചതെന്ന് അറിയാതെ ആ വീട് മൊത്തം ഒന്ന് കണ്ണോടിച്ചു.

അപ്പോഴാണ് ഷെൽഫിലിരിക്കുന്ന കാക്കൂൻ്റെ ഫാമിലി

ഫോട്ടോ കണ്ടത്...നമ്മളതെടുത്ത് അവരെയൊക്കെ ഒന്ന് നോക്കി. കാക്കു ഞങ്ങക്ക് കുടിക്കാൻ വെള്ളം കൊണ്ട് വന്നിട്ട് നമ്മളോടായി പറഞ്ഞു.

"അതാണ് എൻറെ പെങ്ങളൂട്ടി സിയ.."

നമ്മള് കാക്കൂനെ നോക്കിട്ട് ഫോട്ടോ തിരിച്ച് അവിടെ തന്നെ വെച്ചു. അപ്പോഴാ നമ്മള് മറ്റൊരു ഫോട്ടോ കണ്ടത്. അതിൽ ആ കോന്തനും കാക്കുവും നിയാസ്ക്കയും അൻസിക്കയും നിന്നിട്ടുള്ള ഫോട്ടോ ആയിരുന്നു.

അവരത് +2 ന്ന് എടുത്തതാണെന്ന് കാക്കു പറഞ്ഞു.അപ്പൊ അവൻമാര് ഇന്നും ഇന്നലേയും തുടങ്ങിയ കൂട്ടല്ലെന്ന് മനസ്സിലായി.

കാക്കു നമ്മക്ക് കുടിക്കാൻ വെള്ളം കൊണ്ട് തന്നു.നമ്മള് കാക്കൂനെ ഒന്ന് അടിമുടി നോക്കി.

"എന്താടീ ഇതില് വല്ലതും കലക്കിയിട്ടുണ്ടോന്ന് സംശയം ഉണ്ടോ? എന്നാലിത് ഞാൻ കുടിച്ച് കാണിച്ചു തരാം."

എന്ന് പറഞ്ഞ് മൂപ്പരത് കാലിയാക്കി. നമ്മള് തൊള്ളേം തുറന്ന് മൂപ്പരെ തന്നെ നോക്കി നിന്നു.

"എന്തേ ഇപ്പൊ വിശ്വാസായില്ലേ? ഒന്നും കലക്കിയിട്ടില്ലാന്ന്.."

"അതിന് ഞാൻ പറഞ്ഞോ ഇതിൽ എന്തോ കലക്കിയെന്ന്...

വിളിച്ച് വരുത്തിയിട്ട് എന്തിനാ വരുത്തിയതെന്ന് പറയാതെ വെള്ളം കൊണ്ട് വന്നാൽ പിന്നെ ആരായാലും നോക്കി നിക്കൂലേ...

എന്നിട്ട് ആ കാരണവും പറഞ്ഞോണ്ട് നമ്മക്ക് കൊടുന്ന വെള്ളവും അകത്താക്കി."

നമ്മളെ വർത്താനം കേട്ടിട്ട് നമ്മളെ കുരാമീസ് ഭയങ്കര ചിരിയാണ്. കാക്കു ആണെങ്കിൽ ഒരു പുളിങ്ങ തിന്ന ചിരി പാസാക്കി കൊണ്ട് നമ്മളോട് പറഞ്ഞു.

"ഞാൻ ഇപ്പൊ നിന്നെ വിളിച്ച് വരുത്തിയത് എന്തിനാണെന്ന് അറിയണം അത്രല്ലെയുള്ളൂ...

നിനക്ക് ഒരാളെ പരിചയപ്പെടുത്തി തരാൻ വേണ്ടിയാ നിന്നെ വിളിപ്പിച്ചത്..."

"പരിചയപ്പെടുത്തി തരാനോ? ആരെ?"

നമ്മള് കാക്കൂനെ നെറ്റി ചുളിച്ചോണ്ട് നോക്കി നിന്നു.

(തുടരും)

ഭാഗം. 40

"നിനക്ക് ഒരാളെ പരിചയപ്പെടുത്തി തരാനാ നിന്നെ

വിളിപ്പിച്ചത്."

"പരിചയപ്പെടുത്താനോ? ആരെ?"

നമ്മള് കാക്കൂനെ നെറ്റി ചുളിച്ചോണ്ട് നോക്കി നിന്നു.

"അതൊക്കെയുണ്ട്...നിങ്ങൾ ഇവിടെ ഇരിക്ക് ഞാൻ ഇപ്പൊ വരാം."

കാക്കു അതും പറഞ്ഞിട്ട് അകത്തേക്ക് നമ്മള് കുരാമീസിനെ നോക്കിയിട്ട് കൈ അവരെ കൂടെ സോഫയിൽ ഇരുന്നു.

"ഫെബീ...."

കാക്കൂൻറെ വിളി കേട്ട ഭാഗത്തേക്ക് നോക്കിയപ്പൊ കാക്കുവും കൂടെ ഒരു വയസ്സായ സ്ത്രീയും ഉണ്ട്.അത് കാക്കൂൻറെ ഉമ്മയാണെന്ന് കണ്ട് പിടിക്കാൻ നമ്മക്ക് അധികം സമയമൊന്നും വേണ്ടി വന്നില്ല.

ഉമ്മാനെ കണ്ടതും ഞങ്ങൾ എണീറ്റ് നിന്നു.ഉമ്മ ഞങ്ങളെ ആരുടേയും മുഖത്തേക്ക് നോക്കുന്നില്ല. തല താഴ്ത്തി കൊണ്ട് നിക്കാണ്.

"ഉമ്മാ... ഇത് ആരൊക്കെയാ വന്നതെന്ന് നോക്കിയേ....നോക്ക് ഉമ്മാ..."

കാക്കു ഉമ്മാൻ്റെ താടി പിടിച്ചു ഉയർത്തി. നമ്മളെ കണ്ടതും ഉമ്മ ഓടി വന്ന് നമ്മളെ കെട്ടി പിടിച്ചു കരഞ്ഞു.

"സിയാ...മോളേ...എവിടെ ആയിരുന്നു ഇജ്ജ് ഇത്രയും നേരം? അന്നേ കാണാതെ ഉമ്മ എത്രത്തോളം വിഷമിച്ചെന്ന് അറിയോ?"

അങ്ങനെ പറഞ്ഞ് നമ്മളെ കവിളത്തും നെറ്റിയിലുമായിട്ട് തുരു തുരെ ഉമ്മ വെച്ചിട്ട് കെട്ടി പിടിച്ച് നിന്നു.

നമ്മള് അറിയാതെ തന്നെ നമ്മളെ കണ്ണ് നിറഞ്ഞൊഴുകാൻ തുടങ്ങി. സിയാന്ന് പറഞ്ഞ് നമ്മളെ കെട്ടി പിടിച്ചു ഉമ്മ തരുമ്പൊ തന്നെ ഒരു സിയനോട് ഇവർക്കുണ്ടായിരുന്ന സ്നേഹത്തിൻറെ ആഴം മനസ്സിലാക്കാൻ പറ്റുന്നുണ്ടേന്നു.

"ഉമ്മാ അത് നമ്മളെ സിയ അല്ലുമ്മാ..."

എന്ന് പറഞ്ഞ് കാക്കു നമ്മളിൽ നിന്നും ഉമ്മാനെ അടർത്തി മാറ്റാൻ നിന്നപ്പൊ നമ്മള് കാക്കൂൻറെ കയ്യിൽ പിടിച്ചിട്ട് വേണ്ടാന്ന് തലയാട്ടി. നമ്മളെ കുരാമീസിൻറെയും കാക്കൂൻറേയും കണ്ണും നിറഞ്ഞൊഴുകുന്നുണ്ടേന്നു.

"മോളെന്തിനാ കരയുന്നത്? ഉമ്മ ചീത്ത പറഞ്ഞിട്ടാണോ? കരയണ്ടട്ടോ...

വാ നിനക്ക് ഇഷ്ടപ്പെട്ട കൂട്ടാനൊക്കെ ഉണ്ടാക്കിയിട്ടുണ്ട്...വാ നിനക്ക് തരാം ..വാ..."

ഉമ്മ നമ്മളെ കൈ പിടിച്ച് വലിച്ചു കൊണ്ട് പോവുമ്പൊ നിറ കണ്ണുകളോടെ നമ്മള് കാക്കൂനെ നോക്കി.

ഡൈനിങ് ഹാളിൽ എത്തിയപ്പൊ നമ്മളെ അവിടെ കസേരയിൽ ഇരുത്തിയിട്ട് അടുക്കളേക്ക് പോയി...അപ്പൊ കാക്കുവും നമ്മളെ കുരാമീസും കൂടി അങ്ങോട്ട് വന്നു. നമ്മളെ അടുത്തേക്ക് ഒരു പുഞ്ചിരിയോടെ കാക്കു വന്നു.

"ഞാൻ പറഞ്ഞതൊന്നും കള്ളമല്ലെന്ന് നിനക്ക് വിശ്വാസായീലേ?

എൻ്റെ സിയനെ പറ്റിയും ഉമ്മാനെ പറ്റിയും പറഞ്ഞതൊക്കെ സത്യായിരുന്നെന്ന് ബോധ്യപ്പെടുത്താനാ നിന്നെ ഇങ്ങോട്ട് വിളിപ്പിച്ചത്....

ആദിക്ക് വേണ്ടി അവൻ്റെ കൂടെ നിന്നെന്നത് ശരിയാ.... പക്ഷേ, ഞങ്ങൾ ഒരിക്കലും നിന്നെ വേദനിപ്പിക്കണമെന്ന് കരുതി ചെയ്തതല്ല....

ആദിക്ക് നിന്നെ എത്ര ഇഷ്ടാണെന്ന് അറിയോ നിനക്ക്? അവൻറെ...."

"ഇന്നാ സിയേ...അൻക്ക് ഇഷ്ടപ്പെട്ട എല്ലാമുണ്ട്....വയറ് നിറച്ച് കഴിക്കണേ.."

അപ്പോഴേക്കും ഉമ്മ അവിടെ എത്തി നമ്മളെ അവിടെ പിടിച്ച് ഇരുത്തി.

നമ്മള് കാക്കൂനേയും നമ്മളെ കുരാമീസിനേയും നോക്കിയീട്ട് ഉമ്മാനെ നോക്കി.

"കഴിക്ക് മോളേ അൻക്ക് വേണ്ടി കഷ്ടപ്പെട്ട് നമ്മള് ഉണ്ടാക്കിയതാ കഴിക്ക്...

ഇനി ഞാൻ വാരി തരണോ? ഇപ്പോഴും കിള്ളക്കുട്ടിയാണെന്നാ വിചാരം ആ കാണിക്ക്..."

എന്ന് പറഞ്ഞ് നമ്മളെ വായിലേക്ക് ഓരോ ഉരുള ചോറ് തരുമ്പോഴും നമ്മളെ കണ്ണ് അതിനനുസരിച്ച്

നിറയുന്നുണ്ടേന്നു.

"ഉമ്മാ ഓൾക്ക് മാത്രള്ളൂ ചോറ് ഇൻക്കില്ലേ? ഇൻക്കും വേണം..

ആ....."

കാക്കു ഇടയിൽ കേറി വന്നു പറഞ്ഞപ്പൊ ഉമ്മ കാക്കൂൻറെ കയ്യിനൊന്ന് കൊടുത്തു.

"ഇത് അൻക്കല്ല....ഇൻറെ സിയ മോൾക്കാ...മോള് കഴിക്ക്..."

"എനിക്ക് മതി ഉമ്മാ...ബാക്കി ഇനി ഇങ്ങള് തിന്നോളീ...അല്ലെങ്കിൽ വേണ്ട ഇൻറെ ഉമ്മാക്ക് ഞാൻ വാരി തരാ.."

എന്ന് പറഞ്ഞ് നമ്മള് ഉമ്മാക്ക് ചോറ് വാരി കൊടുത്തു. അതീന്ന് ഒരുരുള എടുത്ത് നമ്മക്കും പിന്നെ കാക്കൂനും വാരി കൊടുത്തു.

അങ്ങനെ ഫുഡടിയൊക്കെ കഴിഞ്ഞ് നിൽക്കുമ്പോഴാണ് ഉമ്മ നമ്മളെ കുരാമീസിനെ കാണുന്നത്.

"ഇതൊക്കെ ആരാ മോളേ...അൻറെ കൂട്ടേര്ത്തിയാളാ?"

നമ്മളൊന്ന് മൂളികൊണ്ട് തലയാട്ടി .ഉമ്മ അവരേയും അവിടെ ഇരുത്തിയിട്ട് അടുക്കളയിലേക്ക് പോയി...

"കാക്കു അല്ലെ പറഞ്ഞത് ഉമ്മാൻറെ മാനസിക നില തെറ്റീന്ന്...എന്നിട്ട് ഉമ്മാക്ക് ഒരു കുഴപ്പവുമില്ലല്ലോ..

എനിക്ക് ഉമ്മാനെ ഒരുപാട് ഇഷ്ടായി കാക്കൂ...."

കാക്കു എന്തോ പറയാൻ തുനിഞ്ഞപ്പോഴേക്കും ഉമ്മ ചോറൊക്കെ കൊണ്ട് വന്നിട്ട് കുരാമീസിന് വിളമ്പി കൊടുത്തു.

എന്നിട്ട് നമ്മളെ കയ്യും പിടിച്ച് റൂമീലേക്ക് കൊണ്ട് പോയി.

"ചോറ് തിന്ന ഉടനെ അൻക്ക് ഒരു ഉറക്കം പതിവുള്ളതല്ലേ? വാ....വന്ന് ഉറങ്ങിക്കോ..."

നമ്മളെ അവിടെ ബെഡിലിപ്പിടിച്ചു കിടത്തിയിട്ട് ഉമ്മ നമ്മളെ കെട്ടി പിടിച്ച് താരാട്ട് പാടി ഉറക്കാൻ നോക്കാണ്. കുറച്ച് കഴിഞ്ഞപ്പൊ ഉമ്മ ഉറക്കത്തിലേക്ക് വഴുതി വീണിട്ടുണ്. നമ്മള് ആ തക്കത്തിന് അവിടേന്ന് എണീറ്റിട്ട് കാക്കൂൻറെയും നമ്മളെ കുരാമീസിൻറേയും അടുത്തേക്ക് ചെന്നു .നമ്മളെ കണ്ടപ്പൊ കാക്കു നമ്മളെ അടുത്തേക്ക് വന്നു.

"താങ്ക്സ് ഫെബീ....ഒരുപാട് നാളുകൾക്ക് ശേഷം എൻറെ ഉമ്മ സന്തോഷിക്കുന്നത് ഞാൻ കണ്ടു. ഇങ്ങനെ ഒരു മാറ്റം ഒരിക്കലും ഞാൻ നമ്പർ പ്രതീക്ഷിച്ചതല്ല....

എന്തായാലും എൻറെ വാക്ക് മാനിച്ച് വന്നതിന് ഒരുപാട്

നന്ദിയുണ്ട്...

ഇനി നിങ്ങൾക്ക് പോകാം....ഉമ്മ എണീക്കുമ്പോഴേക്കും പൊയ്ക്കോ ഇല്ലെങ്കിൽ പിന്നെ നിന്നെ വിടില്ല..."

കാക്കൂൻ്റെ കണ്ണ് നിറഞ്ഞത് കാണാതിരിക്കാൻ വേണ്ടി മൂപ്പര് നല്ലോണം കഷ്ടപ്പെടുന്നുണ്ടെന്നു. കാക്കു നമ്മക്ക് മുഖം തരാതെ തിരിഞ്ഞ് നടക്കാൻ ഒരുങ്ങിയപ്പൊ നമ്മള് കാക്കൂൻ്റെ കൈ പിടിച്ച് അവിടെ നിർത്തി സോറി പറഞ്ഞു.

മൂപ്പര് ഒരു ചെറിയ പുഞ്ചിരി തൂകി കൊണ്ട് നമ്മളെ നോക്കി തല കുലുക്കി.... കാക്കൂനോടുള്ള എല്ലാ ദേഷ്യവും പകയുമെല്ലാം ആകെ ഉപേക്ഷിച്ചിട്ടായിരുന്നു ഞങ്ങളെ മടക്കം.

ഉമ്മാനെ കണ്ട് നെറ്റിയിൽ ഒരുമ്മ കൊടുത്തിട്ട് നാളെ കോളേജിൽ വെച്ച് കാണാമെന്ന് കാക്കൂനോട് പറഞ്ഞിട്ട് ഞങ്ങൾ വീട്ടിലേക്ക് പോയി.

വീട്ടിൽ എത്തുന്ന വരെ ഞങ്ങളെ സംസാര വിഷയം അവര് മാത്രായിരുന്നു. കാക്കൂൻറെ ഉമ്മ നമ്മക്ക് ചോറ് വാരി തരുന്നതൊക്കെ അച്ചു ഫോട്ടോ എടുത്തിട്ടുണ്ടേന്നു.

വീട്ടിൽ എത്തിയപ്പൊ തന്നെ ഉമ്മച്ചിനോട് അവിടെ വെച്ച് ഉണ്ടാ സംഭവങ്ങളൊക്കെ നമ്മളെ പറഞ്ഞ് കൊടുത്തു. അപ്പൊ ഉമ്മച്ചിക്കും ഒരു ആഗ്രഹം നമ്മളെ കാക്കൂൻറെ ഉമ്മാനെ കാണാൻ. അതോണ്ട് അടുത്ത പോക്കിൽ ഉമ്മാനെയും കൊണ്ട് പോകണമെന്നാണ് ഓഡർ.

നമ്മള് റൂമിലേക്ക് പോയി കണ്ണാടിക്ക് മുന്നിൽ ഇരുന്നു. കാക്കൂൻറെ ഉമ്മ മാത്രാണ് മനസ് മുഴുവൻ... സിയാന്ന് പറഞ്ഞ് നമ്മളെ ഉമ്മ കെട്ടി പിടിച്ചപ്പൊ നമ്മളെ ശരീരമാകെ ഒരു കോരിത്തരിപ്പാണുണ്ടായത്. ആ മുഖത്ത് നോക്കി ഞാൻ അല്ല സിയാന്ന് പറയാൻ എൻറെ മനസും നാക്കും അനുവദിച്ചില്ല..,

കുറച്ച് കഴിഞ്ഞപ്പൊ നമ്മള് കാക്കൂനൊന്ന് വിളിച്ച് നോക്കി. നമ്മള് വന്നതിന് ശേഷം എന്നെ

കാണണമെന്ന് പറഞ്ഞ് ഉമ്മ ബഹളമൊക്കെ ഉണ്ടാക്കിയെത്രെ. ഒടുക്കം കരഞ്ഞ് തളർന്ന് ഇപ്പൊ മയങ്ങാണെന്ന് കാക്കു പറഞ്ഞപ്പോ നമ്മക്ക് കരച്ചിൽ വന്നു. അടുത്ത ലീവിന് ഉറപ്പായിട്ടും ഞാൻ വരുമെന്ന് കാക്കൂന് ഉറപ്പ് നൽകി കൊണ്ട് നമ്മള് കിടന്നു.

കണ്ണടച്ചപ്പൊ മനസ് മുഴുവൻ കാക്കൂൻറെ ഉമ്മ മാത്രാണ്. നേരം രാത്രി ആയിട്ടുണ്ട്. ഉപ്പച്ചി വന്നപ്പോഴാണ് നമ്മള് റൂമിൽ നിന്ന് താഴേക്ക് വന്നത്.

ഉപ്പച്ചിനോട് ഒക്കെ ചോറ് കഴിക്കുമ്പൊ നമ്മക്ക് പറഞ്ഞ് കൊടുക്കാൻ ഉണ്ടായിരുന്നു കാക്കൂൻറെ ഉമ്മാൻറെ വിശേഷങ്ങൾ.

അങ്ങനെ ഉപ്പച്ചിനോടൊക്കെ സംസാരിച്ചിരിക്കുമ്പോഴാണ് പെട്ടെന്ന് നമ്മളെ റൂമീന്ന് എന്തോ വീണ ഒച്ചപ്പാട് കേട്ടത്. അത് പൂസീമ ആയിരിക്കുമെന്ന് നമ്മക്ക് നൂറു ശതമാനവും ഉറപ്പേന്നു.

അതോണ്ട് ചോറൊക്കെ കഴിച്ചിട്ടാണ് നമ്മള് റൂമിലേക്ക്

കേറി പോയത്. വാതിൽ തുറന്നു നോക്കിയപ്പൊ ഒന്നും വീണ പോലെ നമ്മക്ക് അവിടെ ഒന്നും കാണാൻ പറ്റീല. നമ്മള് പൂസീമാനെ ഒക്കെ അവിടെ തെരഞ്ഞ് നോക്കി. അപ്പൊ ഓളേയും കാണുന്നില്ല.

ഇനി നമ്മക്ക് ശബ്ദം കേട്ട പോലെ തോന്നിയതാണോന്ന് ചിന്തിച്ച് തിരിഞ്ഞതും നമ്മളെ മുന്നിൽ നിൽക്കുന്ന ആ ആളെ കണ്ട് നമ്മള് ഞെട്ടി പിറകിലേക്ക് പോയി....

ഇനി അന്നത്തെ പോലെ സ്വപ്നം കാണാണോന്ന് കരുതി ഓള് നന്നായി കണ്ണ് തിരുമ്മി നോക്കിയപ്പൊ അവിടെ ആരും ഇല്ലേന്നു. നമ്മള് സ്വയം തലക്കൊരു മേട്ടം കൊടുത്തിട്ട് തിരിഞ്ഞപ്പൊ ആ കോന്തൻ നമ്മളെ പുറകിൽ ഉണ്ടെന്നു. നമ്മള് കാണുന്നത് സ്വപ്നമല്ല സത്യാണെന്ന് ഓൾക്ക് മനസ്സിലായത് ഓളെ സ്വയം നുള്ളി വേദനിച്ചപ്പോഴാണ്.

നമ്മക്ക് ഓനെ കണ്ടപ്പോൾ ആകെ പേടിയും പരവേശവും ഒക്കെ കൂടി എന്താ ചെയ്യേണ്ടതെന്ന് നമ്മക്ക് ഒരു പിടിയും ഇല്ലെന്നു.

പിന്നെ ഓനോട് ഉള്ള ദേഷ്യം ഒരു തരി പോലും കുറഞ്ഞിട്ടില്ലാത്തോണ്ട് ഓൻറെ മോന്ത കണ്ടപ്പൊ തന്നെ കലിപ്പ് കേറി.

"നീ....നീയെങ്ങനെയാടാ എൻറെ വീട്ടിൽ എത്തിയത്? അതും എൻറെ ബെഡ്റൂമിൽ?"

"നീയെന്താ എന്നെ കുറിച്ച് വിചാരിച്ച് വെച്ചേക്കുന്നത് ഐഷൂ....നിന്നെ കാണാൻ തോന്നിയാൽ പിന്നെ ഇങ്ങോട്ട് വരല്ലാതെ വേറെ എന്താ ചെയ്യാ?"

ഓൻ ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് വരാൻ തുടങ്ങി. നമ്മളതിന് അനുസരിച്ച് നമ്മള് അറിയാതെ തന്നെ നമ്മളെ കാലുകൾ പിറകോട്ട് പോയി കൊണ്ടിരുന്നു.

"ഇത് നോക്ക്... മര്യാദക്ക് ഇവിടന്ന് പൊയ്ക്കോ ഇല്ലെങ്കിൽ ഞാൻ ഒച്ച വെക്കും.."

എന്ന് പറഞ്ഞ് നമ്മള് ആ.... ന്ന് അലറി പക്ഷേ നമ്മളെ ശബ്ദം പുറത്തെക്ക് വന്നില്ല.അതിനു മുന്നേ ആ കോന്തൻ നമ്മളെ വായ പൊത്തിയിരുന്നു.

"എന്തായാലും നീ ഒച്ച വെക്കാൻ പോകല്ലേ അതിന് മുന്നേ ഞാൻ പറയുന്നത് കേട്ടിട്ട് നീ എത്ര വേണേലും ഒച്ച വെച്ചോ...

ഇപ്പൊ നീ ഒച്ച വെച്ച് ആളെ കൂട്ടിയാൽ നാണം കെടാൻ പോകുന്നത് നീയാകും....നീ വിളിച്ച് വരുത്തിയിട്ടാണ് ഞാൻ നിൻറെ റൂമിലേക്ക് വന്നതെന്ന് പറഞ്ഞാൽ നിനക്ക് അത് നിഷേദിക്കാൻ പറ്റില്ല.... കാരണം,ഈ റൂമിലെ എല്ലാ വാതിലുകളും അടഞ്ഞ് കിടക്കാണ്...പിന്നെ ഞാൻ എങ്ങനെ വന്നു എന്ന ചോദ്യത്തിന് നിനക്ക് ഉത്തരം കിട്ടാതെ വരും... പിന്നെ നീയും നിൻറെ ഫാമിലിയുമൊക്കെ നാണം കെടും.... അത് വേണോ?

ഇനി നിനക്ക് തീരുമാനിക്കാം ഒച്ച വെക്കണോ വേണ്ടയോന്ന്...."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ വായയിൽ നിന്ന് പതിയെ കയ്യെടുത്തു. നമ്മള് ആണെങ്കിൽ ആ കോന്തൻറെ ഡയലോഗ് കേട്ടിട്ട് ഫ്യൂസ് പോയി നിൽക്കാണ്. കാരണം, അന്ന് സ്വപ്നത്തിൽ വന്നിട്ട് ഓൻ പറഞ്ഞത് ഇതെ ഡയലോഗാണ്...അപ്പോ ഇവൻ വന്നത് ഇനി സ്വപ്നത്തിൽ കണ്ടതിന് എങ്ങാനും ആണോന്ന് ചിന്തിച്ച് പേടിച്ച് വിറച്ച് നമ്മള് പുറകിലേക്ക് നീങ്ങി പോയി.

"എന്തേ ഐഷൂ..നീ ഒച്ച വെക്കുന്നില്ലേ? സാരല്യാ...നിനക്ക് വേണ്ടി ഞാൻ ഒച്ച വെക്കാം..."

എന്ന് പറഞ്ഞ് ആ കോന്തൻ തൊണ്ട ശരിയാക്കിയിട്ട് എന്തോ പറയാൻ തുനിഞ്ഞതും നമ്മള് ഓൻറെ വായ പൊത്തി പിടിച്ചു..

"എന്തിനാ ഇപ്പൊ ഇങ്ങോട്ട് വന്നത്? കോളേജിൽ വെച്ച് തന്ന ശല്യം ഒന്നും പോരാഞ്ഞിട്ടാണോ ഇനി വീട്ടിൽ കേറി വന്നത്?"

നമ്മള് ഓനെ നോക്കി കൊണ്ട് കണ്ണുരുട്ടി ചോദ്യം പാസാക്കിയപ്പൊ ആ കോന്തൻ നമ്മളെ കയ്യിൽ ഉമ്മ വെച്ചു. നമ്മള് അപ്പൊ തന്നെ കയ്യ് എടുത്തിട്ട് ഓൻറെ ഷർട്ടില് തന്നെ തുടച്ചു....

ഓൻ ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് വരാൻ തുടങ്ങി.

"ഇത് നോക്ക്....ഞാൻ സൽമയെ കുറിച്ചൊന്നും ഒരക്ഷരം പോലും നിന്നോട് മിണ്ടിയിട്ടില്ല...ഇനിയൊട്ട് മിണ്ടേം ഇല്ല...പിന്നെ എന്തിനാ നീ വന്നത്?"

നമ്മളെ ചോദ്യം കേട്ട് ആ കോന്തൻ അവിടെ നിന്നിട്ട് നമ്മളെ നോക്കി ചിരിക്കാൻ തുടങ്ങി. ഓനോട് നമ്മള് പതുക്കെ എന്ന് പറഞ്ഞ് ഓൻറെ വായ വീണ്ടും പൊത്തി.

ഓൻ അപ്പൊ നമ്മളെ ഓനിലേക്ക് അടുപ്പിച്ച് നിർത്തിയതും നമ്മളെ പള്ളീല് കൂടി ഒരു കാളലങ്ങ് പോയി. അപ്പൊ തന്നെ നമ്മള് കോന്തനെ പിടിച്ച്

തള്ളിയിട്ട് നെഞ്ചിൽ കൈ വെച്ച് നിന്ന് ഓനെ രൂക്ഷമായി നോക്കി.

"നീയെന്തിനാ ഈ സമയത്ത് ഇങ്ങോട്ട് വന്നതെന്നൊന്നും എനിക്കറീല...പക്ഷേ ഇനിയൊരു നിമിഷം പോലും നീ ഇവിടെ നിൽക്കരുത്...ഇവിടന്ന് പോ....ഇല്ലെങ്കിൽ ഞാൻ എന്താ ചെയ്യാന്ന് ഇൻക്ക് തന്നെ അറീല..."

"കൂൾ ഐഷൂ....കൂൾ.... നമ്മള് നിന്നെ കണ്ട് ഒരു താങ്ക്സ് പറയാൻ വേണ്ടി വന്നതല്ലേ."

ഓള് ഓനെ നോക്കി നെറ്റി ചുളിച്ചോണ്ട് ചോദിച്ചു.

"താങ്ക്സോ? എന്തിന്?"

"എൻറെ സിയാദിൻറെ ഉമ്മാൻറെ മുഖത്തെ സന്തോഷത്തിന്.. ."

നമ്മള് ആ കോന്തൻ പുഞ്ചിരി തൂകി കൊണ്ട് പറയുന്നത് കേട്ട് ഓനെ ഒന്നും മനസ്സിലാകാത്ത പോലെ നോക്കി.

ഓൻ ചിരിച്ചോണ്ട് നമ്മളെ ബെഡിലിരുന്നിട്ട് നമ്മളെ നോക്കി അവൻ തുടർന്നു...

"അതേ....എൻറെ സിയാദിൻറെ ഉമ്മാനെ തിരിച്ച് ജീവിതത്തിലേക്ക് നീ കൊണ്ട് വരുമെന്ന് സിയാദ് പറഞ്ഞപ്പൊ നമ്മക്ക് പിന്നെ നിന്നെ കാണാതിരിക്കാൻ തോന്നിയില്ല...

നിനക്ക് അറിയാത്ത ഒരു കാര്യമുണ്ട് ഞങ്ങൾ തമ്മിൽ..."

നമ്മള് ഓനെ തന്നെ നോക്കി കൊണ്ട് ഓൻ പറയുന്നത് കേൾക്കാൻ വേണ്ടി കാത് കൂർപ്പിച്ചിരുന്നു.

"ഞാൻ.... ഞാൻ കാരണമാണ് സിയാദിൻറെ ഉമ്മാക്ക് ഈ അവസ്ഥ വന്നത്....ഞാൻ കാരണം..."

ആ കോന്തൻ്റെ ഏറ്റു പറച്ചില് കേട്ട് നമ്മള് ഞെട്ടി തരിച്ച് നിന്നു.

(തുടരും)

ഭാഗം. 41

"ഞാൻ..... ഞാൻ കാരണാണ് സിയാദിൻ്റെ ഉമ്മാക്ക് ഈ അവസ്ഥ വന്നത്...ഞാൻ കാരണം...."

ആ കോന്തൻ്റെ ഏറ്റു പറച്ചില് കേട്ട് നമ്മള് ഞെട്ടി തരിച്ച് നിന്നു. അത് പറയുമ്പോൾ ആ കോന്തൻ്റെ തൊണ്ടയിടറുന്ന പോലെ നമ്മക്ക് തോന്നി.

"നീ....പറഞ്ഞ് വരുന്നത്....സിയാ..?"

നമ്മളാ കോന്തനെ നോക്കി കൊണ്ട് ഒരു ചോദ്യത്തെ പോലെ പറഞ്ഞു.അപ്പൊ ഓൻറെ കണ്ണ് നിറയുന്നത് നമ്മള് കണ്ടു. ഓൻ തല താഴ്ത്തി കൊണ്ട് തലകുലുക്കി മുഖം പൊത്തി ഇരുന്നു.

ഓൻറെ കണ്ണിൽ നിന്നും ഉറ്റി വീഴുന്ന കണ്ണീരൊക്കെ വന്ന് പതിച്ചത് നമ്മളെ നെഞ്ചിൽ ആണെന്ന് തോന്നുന്നു. അത്രക്ക് നെഞ്ചെരിയുന്നുണ്ട്. ആ കോന്തനെ നമ്മള് ഇതിന് മുൻപ് ഇങ്ങനെ കണ്ടിട്ടില്ല.ഓനെ സമാധാനിപ്പിക്കാൻ നമ്മളെ മനസ് നമ്മളോട് പറഞ്ഞോണ്ടിരുന്നു. പക്ഷേ ഓൻറെ അടുത്തേക്ക് നമ്മക്ക് ചെല്ലാൻ തോന്നണ്ടേ...

പതിയെ ആ കോന്തൻ മുഖം തുടച്ചിട്ട് നിശബ്ദനായി ഇരുന്നു. കുറച്ച് കഴിഞ്ഞപ്പൊ നമ്മളെ നോക്കി ഒന്ന് പുഞ്ചിരിച്ചു.

"അന്ന് സിയാദിനെ കൊണ്ട് വരാൻ വേണ്ടി ഏർപോർട്ടിലേക്ക് സിയയേയും കൂട്ടി പോയത് ഞാനേന്നു....

ഒരളവിലേക്ക് ഞാനല്ല അതിന് ഉത്തരവാദിയെങ്കിലും ഞാൻ കാരണാണ് അന്ന് അങ്ങനെ ഒരു ആക്സിഡൻറ് നടന്നത്....

അതോടെ എൻറെ സിയാദിൻറെ കുടുംബം ശിഥിലമാകുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല....

ഓൻറെ ഉമ്മ.... ഞങ്ങളുടെ കൂടി ഉമ്മ കൂടി ആയിരുന്നു... ആ ഉമ്മ സമനില തെറ്റി സിയയെ കുറിച്ച് ഞങ്ങളെ മുൻപിലൊക്കെ വന്ന് ചോദിക്കുമ്പൊ തിരിച്ച് കൊടുക്കാൻ മറുപടി ഇല്ലാതെ പകച്ച് നിന്നിട്ടുണ്ട്...

ഉമ്മാനെ ഫേസ് ചെയ്യാനുള്ള മടി കൊണ്ട് അങ്ങോട്ട് പോകുന്നത് വരെ നമ്മള് നിർത്തിയതേന്നു.

പക്ഷേ, ഇന്ന് നീ വന്നതിന് ശേഷം നല്ല മാറ്റം ഉമ്മാക്ക് ഉണ്ടായിട്ടുണ്ടെന്ന് സിയാദ് പറഞ്ഞപ്പൊ നിന്നെ കാണാതിരിക്കാൻ തോന്നുന്നില്ല...

അതോണ്ട് നേരെ ഇങ്ങോട്ട് തിരിച്ചു.. ഇവിടെ എത്തി..."

അതും പറഞ്ഞ് ആ കോന്തൻ നമ്മള് കാണാതെ മുഖം തിരിച്ചോണ്ട് കണ്ണ് തുടച്ച് നമ്മളെ നോക്കി ചിരിച്ചു.

നമ്മക്ക് ആണെങ്കിൽ എന്ത് പറയണമെന്ന് അറിയാതെ ഓനെ തന്നെ നോക്കി നിന്നു.

"താങ്ക്സ് ഐഷൂ ...എനിക്ക് നല്ല പൂർണ്ണ വിശ്വാസമുണ്ട് ഞങ്ങളെ ഉമ്മാനെ പഴയ പോലെ മാറ്റിയെടുക്കാൻ നിനക്ക് പറ്റുമെന്ന്...

അതോണ്ട് കഴിയുന്നതും നിൻറെ സാന്നിധ്യം അവിടെ ഉണ്ടാകണം...

ഉണ്ടാകില്ലേ?"

എന്ന് ചോദിച്ചോണ്ട് ആ കോന്തൻ നമ്മളെ കൈ പിടിച്ചു. നമ്മള് ഞെട്ടി കൊണ്ട് ഓനെ നോക്കി.

"നീ ഉണ്ടാകില്ലേ....വേറെ ആർക്ക് വേണ്ടിയല്ലെങ്കിലും എനിക്ക് വേണ്ടി..."

നമ്മള് ഓൻറെ പറച്ചില് കേട്ടപ്പോ തന്നെ നമ്മളെ കൈ ഓനിൽ നിന്നും വിടുവിച്ചു.

"അയ്യടാ....നീയാരാന്നാ നിൻറെ വിചാരം?

ഓ പിന്നെ... നിനക്ക് വേണ്ടിയൊന്നും അല്ലെങ്കിലും കാക്കൂനും കാക്കൂൻറെ ഉമ്മാകകും വേണ്ടി നമ്മള് അങ്ങോട്ട് പോകാൻ ആദ്യമേ തീരുമാനിച്ച് കഴിഞ്ഞതാ....

ഉമ്മാൻറെ പേരും പറഞ്ഞ് നമ്മളോട് ഒട്ടാമെന്ന് പൊന്നുമോൻ വിചാരിക്കണ്ടട്ടാ..."

നമ്മളെ വർത്താനം കേട്ടിട്ട് ആ കോന്തൻ ഒന്ന് പല്ലിളിച്ച്

കാണിച്ചു.

"നിനക്ക് മനസ്സിലായല്ലേ?
ഞാൻ കരുതി നിനക്ക് മനസ്സിലായിട്ടുണ്ടാകില്ലാന്ന്...."

"തന്നെ.... എന്നാലെ അങ്ങനെ വല്ലാണ്ട് കരുതാൻ നിക്കാണ്ട് ഇവിടന്ന് വേഗം സ്ഥലം കാലിയാക്കാൻ നോക്ക്....

പോ...."

നമ്മള് ബാൽക്കണിയിലേക്കുള്ള വാതിലിലേക്ക് ചൂണ്ടി കൊണ്ട് ഓനോട് പറഞ്ഞു. ഓൻ തലയിൽ ഒന്ന് ചൊറിഞ്ഞോണ്ട് ഇടംകണ്ണിട്ട് നമ്മളെ ഒരു നോട്ടം...

ആ നോട്ടത്തിലെന്തോ പന്തികേടുള്ള പോലെ നമ്മക്ക് തോന്നി. അതോണ്ട് തന്നെ ഓൻ നമ്മളെ നോക്കി അടുത്തേക്ക് വരുമ്പോൾ നമ്മള് പുറകോട്ട് നീങ്ങാൻ തുടങ്ങി. നീങ്ങി നീങ്ങി നമ്മള് ടേബിളിൽ തട്ടി നിന്നു....

ഓൻ ഒരു കള്ളച്ചിരിയോടെ നമ്മളെ അടുത്തേക്ക് വന്നപ്പോ നമ്മള് ഒരു സെക്കന്റ് ആ സ്വപ്നത്തെ കുറിച്ച് ചിന്തിച്ചു. അപ്പൊ തന്നെ കണ്ണടച്ച് പിടിച്ചിട്ട് അങ്ങനെ ഒന്നും ഉണ്ടാവരുതേ പടച്ചോനേന്ന് മനമുരുകി പ്രാത്ഥിച്ചോണ്ടിരുന്നു.

പെട്ടെന്ന് നമ്മളെ മുടി കെട്ടി വെച്ചത് ആ കോന്തൻ അഴിച്ചിട്ടു. നമ്മളെ മുടിയെല്ലാം കൂടി മുഖത്തേക്ക് വീണപ്പോഴാ നമ്മള് കണ്ണ് തുറന്നത്...

"നീയെന്താടി കളിയങ്കാട്ട് നീലിയോ?

എന്ത് നീളമുള്ള മുടിയാ നിനക്ക്..

ഇത്രക്ക് ഒക്കെ മുടിയൊക്കെ നിയെങ്ങനെയാ തട്ടത്തിനുള്ളിലൊക്കെ ഒളിപ്പിച്ച് വെക്കുന്നത്?"

ഓൻ നമ്മളെ മുടിയിൽ കണ്ണ് വെച്ചപ്പൊ നമ്മള് ഓനെ തുറുക്കനെ നോക്കി നിന്നു...

ഓൻ നമ്മളെ നോട്ടം കണ്ടിട്ട് ചിരിച്ചോണ്ട് ബാൽക്കണിയിലേക്കുള്ള വാതില് തുറന്നു.

ഇപ്പൊ ആ കോന്തൻ പോകുമെന്ന് നമ്മള് പ്രതീക്ഷിച്ചെങ്കിലും ഓൻ പോകാതെ അവിടെ നിന്നിട്ട് നമ്മളെ തിരിഞ്ഞ് നോക്കി. എന്നിട്ട് നമ്മളെ അടുത്തേക്ക് തന്നെ വന്നു.

"നിനക്ക്... പറയാനുള്ളതൊക്കെ ....പറഞ്ഞ് കഴിഞ്ഞില്ലെ...ഇനിയുമെന്തിനാ... ഇങ്ങോട്ട്... വരുന്നേ?"

നമ്മള് വാക്കുകൾക്ക് വേണ്ടി പതറി കൊണ്ട് ഓനോട് പറഞ്ഞു. ഓൻ നമ്മളെ മുന്നിൽ വന്ന് നിന്നിട്ട് നമ്മളെ നേരെ കൈ ചൂണ്ടി.

"ഇനി മേലാൽ ഈ കോലത്തിൽ എൻറെ മുന്നിലേക്കല്ലാതെ മറ്റാരുടെയെങ്കിലും മുന്നിലേക്ക് ചെന്നാലുണ്ടല്ലോ..."

ഓൻ പറയുന്നത് കേട്ട് നമ്മള് നെറ്റി ചുളിച്ച് കോന്തനെ ഉറ്റു നോക്കി.

"ഞാൻ പറഞ്ഞത് മനസ്സിലായില്ലേ നിനക്ക്?

തലയിൽ തട്ടമിടാതെ ഇതുപോലെ വേറെ ആരുടേയും മുന്നിൽ പോയി നിക്കരുതെന്ന്....മനസ്സിലായോ?"

നമ്മള് അപ്പോഴാ നമ്മളെ തലയിൽ ഇട്ടിരുന്ന തട്ടം എവിടെ പോയെന്ന് ചിന്തിച്ചത്...നമ്മള് അപ്പൊ തന്നെ അവിടെ ഒക്കെ ഒന്ന് കണ്ണോടിച്ചു. ഇനി താഴെ വെച്ച് മറന്ന് വെച്ചോന്ന് കരുതി നിക്കുമ്പോ ആ കോന്തൻ പറഞ്ഞു.

"ഇതിപ്പൊ ഞാൻ ആയോണ്ട് കൊഴപ്പല്യ...എന്നായാലും നിന്നെ ഇങ്ങനെ കാണാൻ പോകേണ്ടത് ഞാൻ തന്നെയല്ലേ...എന്ന് കരുതി ഇനിയെങ്ങാനും ഇത് ആവർത്തിച്ചാലുണ്ടല്ലോ...."

എന്നൊരു ഭീഷണി മുഴക്കി കൊണ്ട് ആ കോന്തൻ ബാൽക്കണിയിലേക്ക് പോയി പിന്നാലെ നമ്മളും ചെന്നു.

' എന്നാലും ഈ കോന്തൻ എങ്ങനെ നമ്മളെ റൂമിലേക്ക് കേറി? ഓൻ എങ്ങനെ ഇവിടെ എത്തി? ചോദിച്ച് നോക്കിയാലോ? വേണ്ട....ഇനി അതിനും ഓൻ്റെ പിന്നാലെ നടക്കേണ്ടി വരും.'

"എന്താടി ചിന്തിച്ചോണ്ടിരിക്കുന്നേ? ഞാൻ എങ്ങനെ ഇവിടെ എത്തി എന്നാണോ?"

നമ്മളെ മനസ് വായിച്ചറിഞ്ഞ പോലെ ഓനത് ചോദിച്ചപ്പൊ നമ്മള് ഞെട്ടി തിരിഞ്ഞ് ഓനെ നോക്കി. ഓൻ ചിരിച്ചോണ്ട് ഓട്ടുംപുറത്തേക്ക് ഇറങ്ങിയിട്ട് നമ്മളെ അടുത്തേക്ക് വിളിച്ചു. നമ്മള് മടിച്ച് മടിച്ച് ഓൻ്റെ അടുത്തേക്ക് ചെന്നു.

"ഞാൻ വിചാരിച്ചാൽ നിൻ്റെ വീട്ടിലേക്ക് എന്നല്ല...നിൻ്റെ റൂമിലേക്ക് വരെ എത്തുമെന്ന് മനസ്സിലായില്ലേ...?"

ഓൻ നമ്മളെ നോക്കി സൈറ്റടിച്ചിട്ട് അവിടന്ന്

ഏണിയിറങ്ങി താഴേക്ക് പോയി.

നമ്മള് അന്തം വിട്ട് തൊള്ളേം തുറന്ന് ഓൻ പോണതും നോക്കി നിന്നു. ഓൻ ഏണിയെടുത്ത് അവിടെ കിടത്തിയിട്ട് ഗേറ്റിൻറെ അങ്ങോട്ട് ഓടി പോയി. എന്നിട്ട് മതിലിൽ കേറി നിന്നിട്ട് ഓൻ ഫോണെടുത്ത് ആർക്കോ വിളിച്ചു. നമ്മളെ ഫോണും ആ ടൈമിൽ റിങ് ചെയ്തപ്പൊ നമ്മളത് എടുക്കാൻ പോയി.

നോക്കുമ്പോൾ ആ കോന്തൻ വിളിക്കുന്നത് നമ്മളെയാണ്. നമ്മള് കോൾ അറ്റൻഡ് ചെയ്തിട്ട് ബാൽക്കണിയിലേക്ക് നടന്നു.

ആദി: " ഹലോ....ഞാൻ എങ്ങനെ നിൻറെ റൂമിലെത്തിയെന്ന് ആലോചിച്ച് തലപുണ്ണാക്കി ഇന്നത്തെ ഉറക്കം കളയണ്ട...

നിൻറെ റൂമിലെ ഒരു കിളി വാതിലില്ലേ അതുവഴിയാ ഞാൻ അകത്തേക്ക് കേറിയത്...ഇനിയെങ്കിലും അത് അടച്ചിട്ടിട്ട് റൂമീന്ന് പുറത്തേക്ക് പോകാൻ നോക്ക്...

ഇല്ലെങ്കിൽ പിന്നെ ഞാൻ അവിടത്തെ സ്ഥിരം കസ്റ്റമറാകും..."

എന്ന് പറഞ്ഞ് ഓൻ ചിരിക്കാൻ തുടങ്ങി.നമ്മക്ക് ഓൻ്റെ ചിരി കണ്ടപ്പൊ കലിപ്പായി.

നമ്മള്: "മതി നിന്ന് കിണിച്ചത്... നിനക്ക് പറയാനുള്ളതൊക്കെ പറഞ്ഞ് കഴിഞ്ഞല്ലൊ ...ഇനി പോകാൻ നോക്ക് കോന്താ..."

ആദി: "ഞാൻ പാതിരാത്രി വന്ന് നിൻ്റെ റൂമില് കേറിയെന്ന് വെച്ചും ഞാൻ കരഞ്ഞെന്ന് കരുതി അതിൻ്റെ സിമ്പതി കൊണ്ടും ഞാൻ സിയാദിൻ്റെ ബെസ്റ്റ് ഫ്രണ്ടും ഓൻ്റെ ഉമ്മാൻ്റെ മോനാണെന്നും കരുതി....എന്നോട് ഇപ്പൊ തന്നെ ഇഷ്ടാണെന്ന് പറഞ്ഞേക്കല്ലേ....അതിന് ഇനിയും സമയമുണ്ട്..."

ഓനതും പറഞ്ഞ് ചിരിച്ചപ്പൊ നമ്മക്ക് കൺട്രോൾ തെറ്റി ദേഷ്യം ഇരട്ടിയാകാൻ തുടങ്ങി.

നമ്മള് നല്ല കലിപ്പിൽ: "പോടാ കൊരങ്ങൻ മൊച്ചേ...നിന്നെ ഈ ജൻമത്ത് ഞാൻ സ്നേഹിക്കില്ലെടാ.."

ആദി: "അത്താണ്....നമ്മക്കും അത് തന്നെയാണ് വേണ്ടതെൻറെ ഐഷൂ....ഇങ്ങനെ നീ ആട്ടിയോടിക്കുമ്പോഴല്ലെ എനിക്ക് കൂടുതൽ നിന്നോട് അടുക്കാൻ തോന്നൂ...."

നമ്മള്: "@#₹%₹#@&₹#@......."

നമ്മളെ വായേന്ന് വന്ന തെറിക്ക് മറുപടി എന്നോണം ഓൻ ചിരിച്ചോണ്ട് ഓൻറെ ജാക്കറ്റിൻറെ ഉള്ളിൽ നിന്നും നമ്മളെ ഷോളെടുത്ത് വീശി കാണിച്ചു.

നമ്മള് അത് കണ്ടതും കാല് സ്ലിപ്പായി വീഴാൻ പോയി. നമ്മള് ഫോൺ കാതോട് അടുപ്പിച്ചിട്ട് ഓനോട് കലിപ്പായി.

നമ്മള്: "എൻറെ ഷോള് ...എൻറെ ഷോള് തന്നിട്ട് പോടാ കോന്താ...."

ആദി: "ഹ....ഹ.....ഹ.... ഇല്ല മോളേ.....ഇത് നീയായിട്ട് വന്ന് വാങ്ങുന്ന വരെ ഞാനായിട്ട് തരുമെന്ന് നീ കരുതണ്ട....

അപ്പൊ ഓക്കേ ഐഷൂ...എല്ലാം പറഞ്ഞ പോലെ...

നാളെ കോളേജിൽ വെച്ച് കാണാം... സീയൂ ഡാർലിങ്..."

എന്ന് പറഞ്ഞ് നമ്മക്ക് പറയാനുള്ളത് കേൾക്കാൻ കൂട്ടാക്കാതെ ആ കോന്തൻ ഫോൺ കട്ടാക്കിയിട്ട് നമ്മളെ നോക്കി ഷോള് വീശി ഒരു ഫ്ലൈയിംഗ് കിസും തന്നിട്ട് ഓൻ അവിടന്ന് ചാടി...

നമ്മള് ഓനെ നോക്കി പോടാ പട്ടീന്ന് വിളിച്ചുകൂവി. ആ നേരത്ത് തന്നെ എവിടെന്നോ ഒരു പട്ടി ഓളിയിടുന്ന ശബ്ദം ഉണ്ടായോണ്ട് നമ്മള് പറഞ്ഞത് ആരും കേട്ടിട്ടില്ല. പക്ഷേ ആ പട്ടി കേട്ടെന്ന് തോന്നുന്നു അതല്ലേ അതിനെ വിളിച്ചതാകുമെന്ന് കരുതി ഓളിയിട്ടത്.

നമ്മള് അപ്പൊ തന്നെ വേഗം റൂമിലേക്ക് ഓടി പോയിട്ട് ബാൽക്കണിയിലെ വാതിലടച്ച് ഒന്ന് നെടുവീർപ്പിട്ടു.

പക്ഷേ,നെടുവീർപ്പിട്ടിട്ട് മാത്രം കാര്യമില്ലല്ലൊ ഇനി ആ കോന്തൻറെ കയ്യീന്ന് നമ്മളെ ഷോള് വാങ്ങണ്ടേ...

എല്ലാം കൂടി ആലോചിച്ചിട്ട് നമ്മക്ക് ആകെ തലക്ക് പിരാന്ത് പിടിക്കുന്ന പോലെ തോന്നി. നമ്മള് നേരെ ചെന്ന് ബെഡിലേക്ക് വീണു.

പക്ഷേ, ആ കോന്തനെ കൊണ്ട് നമ്മളെ കൂടപ്പിറപ്പ് നമ്മളെ തിരിഞ്ഞു പോലും നോക്കിയില്ല...

നമ്മള് എണീറ്റിട്ട് ആ കോന്തനെ ഓർത്ത് അങ്ങോട്ടും ഇങ്ങോട്ടും നടക്കാൻ തുടങ്ങി.

'ആ കോന്തൻ എന്താ പടച്ചോനേ ഇങ്ങനെ... നമ്മളെ ശല്യം ചെയ്യാതെ ഓന് ഉറക്കം വരില്ലേ?

ചിലപ്പൊ ആ കോന്തനോട് നമ്മക്ക് ഒരു ചെറിയ സോഫ്റ്റ് കോണറും ഒരു ചെറിയ ഇഷ്ടവുമൊക്കെ തോന്നാറുണ്ട്... പക്ഷേ അടുത്ത സെക്കന്റ് തന്നെ അതൊക്കെ ഓനായിട്ട് തന്നെ ആവിയാക്കി കളയും....

ശരിക്കും ഓനാരാ? എന്താ ഓനുമായിട്ട് നമ്മക്ക് ബന്ധം? എന്തോ ഒന്ന് ഞങ്ങളെ രണ്ട് പേരെയും എത്ര അകലാൻ ശ്രമിച്ചിട്ടും ഒരുമിപ്പിക്കുന്നുണ്ട്. അതെന്താ...?

മണ്ണാങ്കട്ട അല്ല പിന്നെ... ഓൻറെ കയ്യീന്ന് എങ്ങനെ ഷോള് വാങ്ങാമെന്ന് ചിന്തിക്ക്... അത് വിട്ടിട്ട് ഓനുമായിട്ടുള്ള ബന്ധം എന്താന്ന് അന്വേഷിക്കാൻ നടന്നാലേ ഓൻറെ വലയിൽ ചെന്ന് വീഴും....

എന്നാലും എന്താകും അത്....ഓ....പൊന്നാര ഫെബിയേ....നീയത് വിട് ..എന്നിട്ട് ഓന് ഇവിടേക്ക് കേറി വന്നതിനുള്ള മറുപടി കൊടുക്കാൻ നോക്ക്....

എന്തെന്ന് വെച്ചിട്ടാ ഓന് കൊടുക്കാ?

ആലോചിച്ച് നോക്ക്...കിട്ടും എന്തെങ്കിലും...'

നമ്മള് സ്വയം നമ്മളോട് തന്നെ ഓരോന്ന് പറഞ്ഞോണ്ട് ആ കോന്തന് എന്ത് തിരിച്ചടി കൊടുക്കുമെന്ന് ചിന്തിച്ച് നടന്നു.

പെട്ടെന്ന് നമ്മളെ തലേല് ഒരു ഐഡിയ കത്തി...അതെ ...അത് തന്നെ അവനിട്ട് നമ്മള് കൊടുക്കാൻ പോകുന്ന തിരിച്ചടിയെന്ന് മനസ്സി കണക്ക് കൂട്ടി കൊണ്ട് നമ്മള് കിടന്നു.

ഇപ്രാവശ്യം നമ്മള് തന്നെ നമ്മളെ കൂടപ്പിറപ്പിനെ ആട്ടിയോടിച്ചു. കാരണം ഓന് കൊടുക്കാനുള്ള തിരിച്ചടിക്ക് പ്ലാൻ ഒരുക്കാണ് നമ്മള്...

അതോണ്ട് നേരം വെളുക്കുന്ന വരെ നമ്മളാ ചിന്തയിലേന്നു.രാവിലെ ആയപ്പോൾ നമ്മളെ സ്ഥിരം പരിപാടികളൊക്കെ കഴിഞ്ഞ് നമ്മള് കോളേജിലേക്ക് പുറപ്പെട്ടു.

ഇന്ന് നമ്മള് അച്ചൂനേക്കാൾ നേരത്തെ തന്നെ ബസ് സ്റ്റോപ്പിൽ എത്തിയിരുന്നു. നമ്മളെ നേരത്തെ കണ്ടപ്പോൾ അച്ചൂന് അതൊരു ഷോക്കായി.

ഇന്നെന്താ നേരത്തെയെന്ന ഓളെ ചോദ്യത്തിന് ആ കോന്തൻ നമ്മളെ വീട്ടിലേക്ക് മതില് ചാടി വന്നതും നമ്മളെ ഷോളെടുത്ത് പോയതും ഓന് കൊടുക്കാൻ വെച്ചിരിക്കുന്ന തിരിച്ചടിയും ചിന്തിച്ച് ഉറക്കം പോയതുമൊക്കെ നമ്മള് ഓളോട് പറഞ്ഞു.

എല്ലാം കേട്ട് കഴിഞ്ഞപ്പൊ അച്ചു ഞെട്ടി തരിച്ചോണ്ട് നമ്മളെ നോക്കി നിന്നു.

"ഫെബീ...കാക്കു അങ്ങനെ ഒക്കെ ചെയ്തെന്ന് കരുതി ഇതൊക്കെ വേണോ? എനിക്കെന്തോ പേടി തോന്നുന്നു..."

"അച്ചൂ നീ ഒന്ന് കൊണ്ടും പേടിക്കണ്ട...നീയെൻറെ കൂടെ നിന്ന് തന്നാൽ മാത്രം മതി...ബാക്കിയൊക്കെ ഞാനേറ്റു...."

അപ്പോഴേക്കും ബസ് വന്ന് ഞങ്ങൾ അതില് കേറിയിരുന്നു. ആ കോന്തൻ ഇപ്പൊ എഴുതി വെച്ചിട്ടുള്ളത് "താങ്ക്യൂ ഐഷൂ...ലൗ യു സോ മച്ച്..." എന്നാണ്.

നമ്മളത് കണ്ടപ്പോ അച്ചൂനെ ഒന്ന് നോക്കി ചിരിച്ചു...

"ഇന്നത്തോടെ ഓൻറെ ഈ ഇളക്കം ഞാൻ മാറ്റി കൊടുക്കുന്നുണ്ട്..."

അച്ചു നമ്മളെ ദയനീയമായി നോക്കി കൊണ്ട് ഇരിക്കാണ്.

"ഫെബീ...എന്നാലും നിൻറെ ഐഡിയ കുറച്ച് കൂടി പോയില്ലേ? ഇതൊക്കെ നടക്കുമെന്ന് എനിക്ക് തോന്നുന്നില്ല.... എനിക്ക് നല്ല പേടിയുണ്ട്ട്ടോ.."

"നീയൊന്ന് കൊണ്ടും പേടിക്കണ്ട...ഇനി അഥവാ കുടുങ്ങി പോയാലും നീ കുടുങ്ങില്ല അത് ഞാൻ ഉറപ്പ്

തരാണ്...

പിന്നെ...ഈ കാര്യം നമ്മള് രണ്ടു പേരും അല്ലാതെ മറ്റാരും അറിയണ്ട...പ്രത്യേകിച്ച് അരുണും നമ്മളെ ബാക്കി കുരാമീസും.

അവര് അറിയാതെ വേണം നമ്മള് ഈ പ്ലാൻ നടപ്പിലാക്കാൻ...ഈ ശ്രമം വിജയിച്ചതിന് ശേഷം മാത്രം അവരിത് അറിഞ്ഞാൽ മതി. ഇല്ലെങ്കിൽ അവരും നിന്നെ പോലെ ടെൻഷനടിച്ച് ചാകും... മനസ്സിലായോ?"

അച്ചു നമ്മളെ നോക്കി ഒന്ന് തല കുലുക്കി. കുറച്ച് കഴിഞ്ഞപ്പൊ ശാഹിത്ത കേറി വന്നിട്ട് ആ കോന്തൻ എന്തിനാ നമ്മളോട് താങ്ക്യൂ പറയുന്നതെന്ന് ചോദിച്ചു. നമ്മളപ്പൊ ഇന്നലെ കാക്കൂൻറെ വീട്ടിൽ പോയി നടന്നതൊക്കെ ഇത്താനോട് പറഞ്ഞു.

അങ്ങനെ ഞങ്ങൾ കോളേജിൽ എത്തിയതും കണി ആ കോന്തനും കൂട്ടരും ആയിരുന്നു. ഓനെ കണ്ടപ്പോൾ നമ്മള് അച്ചൂനെ ഒന്ന് നോക്കി. ഓള് നമ്മളെ

നോക്കിയിട്ട്

"അത് വേണോ..." ന്ന് ശബ്ദം താഴ്ത്തി ചോദിച്ചു.

നമ്മളൊരു പുഞ്ചിരി തൂകി കൊണ്ട് അച്ചൂനെ നോക്കിയിട്ട് ആ കോന്തൻറെ ഭാഗത്തേക്ക് തിരിഞ്ഞു. ഓൻറെ ഫ്രണ്ട്സ് അവിടെ മരച്ചോട്ടിലിരുന്നിട്ട് പാട്ട് പാടി കളിക്കാണ്. ഓൻ ആണെങ്കിലോ നമ്മളെ ഷോള് കയ്യിൽ ചുരുട്ടി പിടിച്ചോണ്ട് അതിനെ നോക്കി ഇരിക്കാണ്.

....

'എന്ത് നല്ല മണമാണ് പടച്ചോനേ ഈ തട്ടത്തിന്...കാച്ചിയ എണ്ണയുടേയും നല്ല മുല്ലപ്പൂവിൻറേയും ഒരു ഇടകലർന്ന മണം.....

ഹൊ..ഇൻറെ പടച്ചോനേ ഓളെ തട്ടത്തിന് ഈ മണാണെങ്കിൽ ഓളെ മുടിക്ക് എന്ത് മണായിരിക്കും...'

നമ്മളങ്ങനെ ചിന്തിച്ചോണ്ട് ഓളെ തട്ടം മണത്ത് ഇരിക്കുമ്പോഴാണ് നിസു പെട്ടെന്ന് ഓൻറെ പാട്ട് നിർത്തിയിട്ട് നമ്മളെ പിടിച്ച് കുലുക്കിയത്.

നമ്മള് ഓനെ തിരിഞ്ഞ് നോക്കിയപ്പൊ ഓൻ നമ്മക്ക് ഐഷൂനെ ചൂണ്ടി കാണിച്ചു തന്നു. പെണ്ണ് നമ്മളെ തൊട്ടടുത്ത് വന്ന് നിന്നിട്ട് നമ്മളെ നോക്കി കണ്ണുരുട്ടി പേടിപ്പിക്കാണ്.

നമ്മള് ഓളെ കണ്ടപ്പൊ ഒന്ന് പുഞ്ചിരി തൂകിയിട്ട് എണീറ്റു.

"അല്ലാ ഇതാരാപ്പൊ വന്നിരിക്കുന്നേ...നിനക്ക് അപ്പൊ ഞാൻ വിളിക്കാതെ തന്നെ നമ്മളെ അടുത്തേക്ക് വരാനൊക്കെ അറിയാമല്ലെ?"

ഓള് നമ്മളെ രൂക്ഷമായി നോക്കി കൊണ്ട് കൈ നീട്ടി.

"എൻറെ ഷോള് താ എനിക്ക് പോണം...

നീയല്ലേ പറഞ്ഞത് ഞാനായിട്ട് വന്ന് ചോദിക്കാതെ തരില്ലാന്ന്...ഇപ്പൊ ചോദിച്ചില്ലേ...ഇനി താ..."

നമ്മള് ഒന്ന് മൂളി കൊണ്ട് ആ ഷോള് ഓൾക്ക് നേരെ നീട്ടി. ഓളത് പിടിച്ച് വലിച്ചതും നമ്മളതിൻറെ മറ്റൊരു തലക്കൽ പിടി മുറുക്കിയിരുന്നു. ഓളത് എത്ര പിടിച്ച് വലിച്ചിട്ടും നമ്മളതിൽ നിന്നും പിടി വിടാതെ ഓളെ മുഖത്തെ എക്സ്പ്രഷൻസും നോക്കി നിന്നു.

"ഷോളിൽ നിന്ന് വിട്......വിടാനല്ലെ പറഞ്ഞത്..."

പെണ്ണ് ചൂടായി കൊണ്ട് വീണ്ടും പിടിച്ച് വലിക്കാൻ തുടങ്ങി... നമ്മള് അതീന്ന് പിടി വിടാതെ ഓളെ കണ്ണെടുക്കാതെ നോക്കി നിന്നു.

അപ്പോഴുണ്ട് നിസു നമ്മളെ കയ്യിൽ പിടിച്ചിട്ട് പാട്ട് പാടുന്നു.

"...തട്ടം പിടിച്ച് വലിക്കല്ലേ...

ഓൾക്കെന്നെ കൊടുത്തേക്ക്...."

ഓൻ്റെ പാട്ട് കേട്ടിട്ട് ഐഷു ചിരി കൺട്രോൾ ചെയ്തോണ്ട് വീണ്ടും നമ്മളെ കയ്യീന്ന് ഷോള് വലിച്ചു. പെട്ടെന്ന് നമ്മള് ഓളെ ഷോളിൽ നിന്ന് പിടി വിട്ടതും ഓള് "യാ റബ്ബീീീീ..." എന്ന് അലറി കൊണ്ട് വീഴാൻ പോയി.

അപ്പോഴേക്കും നമ്മള് ആ ഷോള് പിടിച്ച് വലിച്ച് ഓളെ നമ്മളിലേക്ക് അടുപ്പിച്ചിരുന്നു.

പെണ്ണ് പേടിച്ച് കണ്ണടച്ച് പിടിച്ചിട്ട് നമ്മളെ നെഞ്ചിൽ കിടക്കാണ്.

ഓള് കണ്ണ് നന്നായി ഇറുക്കി അടച്ചോണ്ട് നമ്മളെ മുന്നിൽ നിൽക്കുന്നത് കണ്ടപ്പൊ നമ്മക്ക് ചിരി വന്നു. നമ്മള് ഓളെ കവിളില് തട്ടി വിളിച്ചു.

"ഹലോ...ഇങ്ങനെ നമ്മളെ നെഞ്ചിൽ കിടക്കാനാണോ പ്ലാൻ...ക്ലാസിലേക്ക് പോകുന്നില്ലേ?"

പെട്ടെന്ന് ഓള് കണ്ണ് തുറന്നിട്ട് നമ്മളെ പിടിച്ച് തള്ളി കൊണ്ട് നെഞ്ചിൽ കൈ വെച്ചോണ്ട് പെണ്ണ് നമ്മളെ നോക്കി നിന്നു.

നമ്മള് ഓളെ നോക്കി വീണ്ടും ചിരിക്കാൻ തുടങ്ങി. ഓള് നമ്മളോട് "പോടാ പട്ടി..." എന്ന് വിളിച്ചിട്ട് തിരിഞ്ഞൊരു ഓട്ടമായിരുന്നു.

അപ്പോഴാ നമ്മളത് ശ്രദ്ധിച്ചത് ഓള് തട്ടമൊക്കെ എപ്പോഴോ നമ്മളെ കയ്യീന്ന് എടുത്തോണ്ട് പോയെന്ന്.

നമ്മള് ഓള് പോകുന്നതും നോക്കി അവിടെ ഇരുന്നു. അപ്പൊ ആരോ നമ്മളെ തോളിൽ കൈ വെച്ചിട്ട് നമ്മളെ തട്ടി വിളിച്ചു. നോക്കുമ്പോൾ അനുവാണ് കൂടെ നിസുവും അക്കുവും സിദ്ധുവുമുണ്ട്ട്ടോ...

നമ്മള് എന്തേ എന്ന രീതിയിൽ അവൻമാരെ നോക്കിയപ്പോ അവര് പരസ്പരം ഒന്ന് നോക്കി കൊണ്ട് നമ്മളെ എടുത്ത് പെരുമാറാൻ തുടങ്ങി.

"എടാ...തെണ്ടികളേ കാര്യം പറഞ്ഞിട്ട് തല്ലെടാ..."

നമ്മള് ഓരോടത് പറഞ്ഞപ്പൊ അവര് തല്ല് നിർത്തി.

"ഓള് ലൗ ആക്സെപ്റ്റ് ചെയ്യുനതിന് മുന്നേ തന്നെ റൊമാൻസൊക്കെ വാരി വിതറാൻ തുടങ്ങി. ഇക്കണക്കിന് പോയാൽ ഓള് അന്നെ ഇഷ്ടാണെന്ന് പറഞ്ഞാൽ ഒരു നഴ്സറി തുടങ്ങേണ്ടി വരുമല്ലോ..."

നമ്മള് സിദ്ധൂൻറെ സംസാരം കേട്ടിട്ട് ചിരിച്ചോണ്ട് ഓൻറെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തു.

"എടാ ആദീ...നീ പറഞ്ഞ പോലെ തന്നെ ഓള് നിന്നെ തള്ളിയിട്ട് നെഞ്ചിൽ കൈ വെച്ച് നിൽക്കുന്നത് ഞങ്ങൾ കണ്ടു. അപ്പൊ തന്നെ മനസ്സിലാക്കാം നിങ്ങൾ തമ്മിലുള്ള ബന്ധം എത്രത്തോളം ഉണ്ടെന്ന്.."

"എടാ അനു...ഇത് നീ മനസ്സിലാക്കിയിട്ട്

കാര്യമില്ലല്ലോ...ഓള് കൂടി മനസ്സിലാക്കണ്ടേ...

ഓളെ മനസ്സിൽ വേറെ എന്തൊക്കെയോ ഒളിഞ്ഞ് കിടപ്പുണ്ട്...അതോണ്ട് ആണെന്ന് തോന്നുന്നു ഓള് എന്നിൽ നിന്നും അകന്നു പോകാൻ നോക്കുന്നത്..."

"എടാ ആദീ...ഇനി അവൾക്ക് വേറെ വല്ല അഫൈറും കാണോ?"

നമ്മള് അക്കൂൻറെ ചോദ്യം കേട്ടിട്ട് ഓനെ തുറുക്കനെ നോക്കി.

"ഉണ്ടാകില്ല...ഉണ്ടാകില്ലാന്നേ...ഓള് നിനക്കുള്ളത് തന്നെയാ.." അക്കു വേഗം കളം മാറ്റി ചവിട്ടി.

"ആദീ....അവൻ പറഞ്ഞതിലും കാര്യമുണ്ട് അവൾക്കിനി ചിലപ്പൊ വേറെ ഒരു ഇഷ്ടം ഉണ്ടെങ്കിലോ?"

"ഏയ്...അങ്ങനെ ഒന്നും ഉണ്ടാകില്ല നിസൂ...ഉണ്ടെങ്കിൽ അച്ചു അതൊക്കെ എന്നോട് ആദ്യമേ പറഞ്ഞേനെ..."

നമ്മള് ഓളെ വിട്ട് കൊടുക്കാതെ അവൻമാരോട് സംസാരിച്ചെങ്കിലും നമ്മളെ മനസ്സിലും ചെറിയ ഒരു കനലെരിഞ്ഞിരുന്നു.

....

"ഛെ.....നാണക്കേടായി...എല്ലാരെ മുൻപിൽ വെച്ചും ഛെ....അത് ഓർക്കാൻ കൂടി വയ്യ..."

"കുറ്റം പറയരുതല്ലൊ ഫെബീ നല്ല ചേലുണ്ടായിരുന്നു നീ കാക്കൂൻറെ നെഞ്ചിൽ കിടക്കുന്നത് കാണാൻ..."

നമ്മള് അച്ചൂൻറെ തലക്കിട്ട് അപ്പൊ തന്നെ ഒരു മേട്ടം കൊടുത്തു.

"ശെടാ.... ഞങ്ങൾക്ക് കാണാൻ പറ്റീലല്ലോ...കഷ്ടായി പോയി...നിനക്ക് വീഡിയോ എടുത്തൂടേന്നോ അച്ചൂ..."ഷംനയാണ്.

" എന്തിനാടീ വീഡിയോ ആക്കുന്നത് ലൈവായിട്ട് തന്നെ കാണിച്ച് തരാം ഇങ്ങു വാ..."

അവറ്റകള് മൂന്നും തലയാട്ടി കൊണ്ട് നമ്മളെ അടുത്തേക്ക് വന്നപ്പൊ മൂന്നിനും നമ്മള് നല്ല പിച്ച് കൊടുത്തു.

"കണ്ടോ നിങ്ങള്....ഇതിനെല്ലാം കൂടി അവനിട്ട് നമ്മള് നല്ലൊരു പണി ഒരുക്കി വെച്ചിട്ടുണ്ട്.... അത് എങ്ങാനും വർക്കൗട്ടായാൽ സൽമയേയും ആ കോന്തനേയും എനിക്ക് പേടിക്കേ വേണ്ട...രണ്ടിൻറേയും ശല്യം തീർന്നിരിക്കും..."

"നീയെന്താ ചെയ്യാൻ പോകുന്നത് ഫെബീ."

മൂന്ന് പേരും ഒരുമിച്ച് നമ്മളോടത് ചോദിച്ചപ്പൊ നമ്മളൊന്ന് ചിരിച്ചിട്ട് അച്ചൂനെ നോക്കി. ഓള് വേണ്ടാന്ന് തലയാട്ടുന്നുണ്ട്,നമ്മളത് കാര്യാക്കാതെ ഓളോട് ചോദിച്ചു.

"എന്താ അച്ചൂ നീയെൻറെ കൂടെ നിൽക്കില്ലേ? ഇല്ലെങ്കിൽ പറഞ്ഞാൽ മതി ഞാൻ തന്നെ എല്ലാം ചെയ്തോളാം..."

"ഫെബീ..എനിക്ക് പേടിയൊക്കെയുണ്ട് എന്ന് കരുതി നിന്നെ തനിച്ചാക്കാനൊന്നും എന്നെ കിട്ടില്ല...

അതോണ്ട് എന്ത് വന്നാലും ഞാൻ നിൻറെ കൂടെയുണ്ട്..."

"മതി....എനിക്ക് ഇത്രേയും കേട്ടാൽ മതി..."

നമ്മള് അച്ചൂനെ കെട്ടിപിടിച്ചു. അപ്പൊ ഓളെ ഹൃദയമിടിപ്പ് കൂടുന്നത് നമ്മക്ക് അറിയുന്നുണ്ടേന്നു.

ഓൾക്ക് നല്ല പേടിയുണ്ട്...ഓൾക്ക് മാത്രല്ലട്ടോ എന്താകും ഇനി നടക്കാൻ പോകുന്നതെന്ന് ചിന്തിച്ച് നമ്മക്കും പേടിയൊക്കെയുണ്ട്. അപ്പോഴാണ് നമ്മളെ ബാക്കി മൂന്ന് പേരും കൂടി നമ്മളെ പിടിച്ച് കുലുക്കുന്നത്.

"ഞങ്ങൾ അറിയാതെ നിങ്ങള് രണ്ട് പേരും കൂടി എന്താ പ്ലാൻ ചെയ്ത് വെച്ചിട്ടുള്ളതെന്ന് ഞങ്ങൾക്കിപ്പൊ അറിയണം...."

"വെയ്റ്റ് ചെയ്യ് മക്കളെ....നാളെ കാണുമ്പോൾ നിങ്ങൾക്ക് എല്ലാം വിശദീകരിച്ച് പറഞ്ഞു തരാം.."

അങ്ങനെ ഇന്നത്തെ കോളേജ് ക്ലാസൊക്കെ കഴിഞ്ഞ് വീട്ടിലേക്ക് പോരുമ്പൊ അച്ചൂനോട് നമ്മള് എല്ലാം പറഞ്ഞ് സെറ്റാക്കിയിരുന്നു...

ഇനി പെണ്ണ് പേടിച്ചിട്ട് വല്ലതും കൊളാക്കോ എന്നാണ് നമ്മളെ പേടി...ഓൾക്ക് ആ കോന്തനോട് ഒരു ഇഷ്ടം ഉള്ളതോണ്ട് നമ്മളെ പ്ലാൻ ഓനെ എന്ത് വന്നാലും അറിയിക്കരുതെന്ന് ഓളെ കൊണ്ട് സത്യം

ചെയ്യിപ്പിച്ചീന്നു. അതോണ്ട് ആ കാര്യത്തിൽ ഇനി പേടിയില്ല.

നമ്മള് ഹസിനെ അന്ന് നമ്മളോടെ നിർത്തിയിട്ട് ആ കോന്തന് എതിരെ നടപ്പിലാക്കാൻ പോകുന്ന പ്ലാനിനെ കുറിച്ച് നമ്മള് ഓളോട് പറഞ്ഞു.

ഓൾക്ക് അപ്പൊ അച്ചൂനേക്കാളും പേടിയായി ...

"ഫെബീ ഇതൊക്കെ ഭയങ്കര റിസ്ക്കാണ്...എവിടേലും ഒരു പാളിച്ച വന്നാൽ അകത്താകും..."

"അതൊന്നുണ്ടാവില്ല...നീ ധൈര്യായിട്ട് ഇരിക്ക്..."

"പിന്നേ....നീ പറഞ്ഞെന്ന് കരുതി ധൈര്യായിട്ട് ഇരിക്കാൻ പോകല്ലേ ....

ഫെബീ...ഇതൊന്നും വേണ്ടടീ എനിക്ക് പേടിയാകുന്നു.അവസാനം നീ തന്നെ ഇതില് കുടുങ്ങും...."

"എന്ത് വന്നാലും ശരി എൻ്റെ തീരുമാനത്തിൽ ഒരു മാറ്റവുമില്ല....ഞാൻ എല്ലാം പ്ലാൻ ചെയ്ത് കഴിഞ്ഞു... അവൻ്റെ ശല്യത്തിന് ഇന്നത്തോടെ നമ്മളൊരു അറുതി വരുത്തും...

പിന്നെ... നിന്നെ ഇന്ന് ഇവിടെ പിടിച്ച് വെച്ചത് ഞാൻ പോകുമ്പോൾ ഇവിടത്തെ കാലാവസ്ഥ മാനേജ് ചെയ്യാനാ..."

"അതിന് വല്ല കാലാവസ്ഥാ നിരീക്ഷകരോടും പറഞ്ഞാൽ പോരേ...എന്നെ ഇവിടെ പിടിച്ച് വെക്കണോ?"

"വല്ലാണ്ട് ചളിയടിക്കല്ലേ ഇനിയും പോയി കുളിക്കാൻ വയ്യാത്തോണ്ടാണ്...

ഇപ്പൊ സമയം 10 മണി കൃത്യം 12 മണിക്ക് തന്നെ ഞാൻ ഇവിടന്ന് ഇറങ്ങും. ആ നേരത്ത് ആരേലും വന്ന് വാതില് മുട്ടിയാൽ ആ സിറ്റുവേഷൻ എങ്ങനെ എങ്കിലും മാനേജ് ചെയ്യാനാണ് നീ

ഇവിടെ ...മനസ്സിലായല്ലോ?"

"ഫെബീ...എനിക്ക് നല്ലോണം പേടിയുണ്ടടീ...വേഗം പോയി വരണേ...."

"മിക്കവാറും തിരിച്ച് വരാൻ ഒരു മൂന്നു മണിയൊക്കെ ആകും... നീ ഉറങ്ങിയേക്കല്ലെടീ.."

ഓള് പേടിച്ചോണ്ട് ആന്നും ഇല്ലാന്നും തലയാട്ടി. മിക്കവാറും ഇവള് തന്നെയാകും എല്ലാം കൊളമാക്കാ...

"പടച്ചോനേ എല്ലാം പ്ലാൻ ചെയ്ത പോലെ തന്നെ നടക്കണേ..."

എന്ന് പ്രാർത്ഥിച്ചിട്ട് നമ്മള് കിടന്നു. ഹസി ആണെങ്കിൽ പേടിച്ചിട്ട് കിടക്കാതെ നമ്മളെ നോക്കി ഇരിക്കാണ്. നമ്മള് ഓളെ വലിച്ച് ബെഡില് കിടത്തിയിട്ട് ഉറങ്ങി.

കൃത്യം 12 മണിക്ക് നമ്മളെ അലാറം അടിച്ചതും നമ്മള് എണീറ്റിട്ട് ഹസിനെ തട്ടി വിളിച്ചു. പെണ്ണ് പേടിച്ചോണ്ട് അലറാൻ നിന്നപ്പോഴേക്കും നമ്മള് ഓളെ വായ പൊത്തി

പിടിച്ചു.

"അലറല്ലെടി പോത്തേ....ഞാൻ പോകാണ്....ബാൽക്കണിയിലെ വാതില് കുറ്റിയിടാതെ ചാരി വെച്ചോണ്ടി....നീ ഉറങ്ങി പോയാലേ ഞാൻ കുടുങ്ങും...

മനസ്സിലായോ?"

ഓളൊന്ന് തല കുലുക്കി.നമ്മള് വേഗം എണീറ്റിട്ട് ഷാദിൻറെ ഷർട്ടും ജാക്കറ്റും ജീൻസും ഇട്ടു. നമ്മളെ നോക്കി ഹസി തൊള്ളേം തുറന്ന് ഇരിക്കാണ്...

"ഡീ ഫെബീ...നീ ശരിക്കും ഒരു ആണായി ജനിക്കേണ്ടതാണ്... നീയല്ലാതെ വേറെ ഏതെങ്കിലും ഒരു പെണ്ണ് ഈ നട്ട പാതിരാക്ക് റിവഞ്ചിന് പോകോ..."

"എടീ ഹസീ....എന്തു മാത്രം ധൈര്യം ഉണ്ടായോണ്ടാ ഓൻ എൻറെ റൂമിലേക്ക് വരെ കേറി വന്നത്... അതുപോലെ എനിക്കും ആ ധൈരയമുണ്ടെന്ന് ഓൻക്ക് കാണിച്ച് കൊടുക്കണ്ടേ..."

"അതിന് നീ ഓൻറെ വീട്ടിലേക്ക് ഈ നട്ടപ്പാതിരാക്ക് പോകാന്ന് വെച്ചാല്.... ആരേലും കണ്ടാൽ എന്താകും സ്ഥിതിയെന്ന് നീ ചിന്തിച്ചോ? പടച്ചോനേ ഓർക്കുമ്പൊ തന്നെ പേടിയാവാ..."

"എൻറെ ഹസീ...ഒന്നും ഉണ്ടാകില്ല അതിനല്ലേ ഈ സെറ്റപ്പൊക്കെ....ഇനിയും നിന്നോട് സംസാരിച്ച് നിന്നാലെ ഞങ്ങളെ പ്ലാനൊക്കെ വെള്ളത്തിലാകും...അതോണ്ട് ഞാൻ ഇറങ്ങാണ്."

നമ്മള് ബാൽക്കണിയിലെ വാതില് മെല്ലെ തുറന്നിട്ട് ഹസിനോട് വാതില് ചാരാൻ പറഞ്ഞു. പെണ്ണ് ഓടി വന്ന് നമ്മളെ കെട്ടി പിടിച്ചിട്ട് സൂക്ഷിച്ച് വേഗം വരണേന്ന് പറഞ്ഞു.

നമ്മക്ക് അപ്പോ എന്തോ ഒരു പേടി കൂടിയ പോലെ തോന്നി. പക്ഷേ അത് കാര്യാക്കാതെ ഒന്ന് ദീർഘ ശ്വാസം വിട്ടിട്ട് ഹസിനോട് പോയി വരാമെന്ന് പറഞ്ഞ് ഒട്ടും പുറത്തേക്ക് ഇറങ്ങിയിട്ട് ഏണിയിലൂടെ താഴേക്കിറങ്ങി. എന്നിട്ട് ഏണി അവിടെ കിടത്തി

വെച്ചിട്ട് ഗേറ്റ് മെല്ലെ തുറന്ന് വെച്ച് ഉപ്പാൻറെ സ്കൂട്ടിയും ഉരുട്ടി കൊണ്ട് നടന്നു.

കുറച്ച് കഴിഞ്ഞപ്പൊ നമ്മള് ചട്ടിയും തലയിൽ കമിഴ്ത്തിക്കൊണ്ട് അച്ചൂൻറെ വീട് ലക്ഷ്യം ആക്കി പോയി.

ഓളെ വീട് എത്തുന്നതിന് മുൻപ് വണ്ടി ഓഫാക്കിയിട്ട് ഓൾക്ക് വിളിച്ചു. ഓള് ഫോൺ കട്ടാക്കി കൊണ്ട് കുറച്ച് കഴിഞ്ഞപ്പൊ നമ്മള് വന്ന പോലെ ബാൽക്കണി വഴി ഇറങ്ങി വന്നു.

ഓളും നമ്മളെ പോലെ തന്നെ ആണ് വേഷം. അച്ചു നമ്മളെ അടുത്തേക്ക് ഓടി വന്നിട്ട് ഓളെ ചട്ടി തലയില് കമിഴ്ത്തി.

"ഫെബീ...എനിക്കെന്തോ പേടിയാകുന്നു...നമുക്ക് പോണോ..."

"അച്ചൂ... നീ വരുന്നുണ്ടെങ്കിൽ വാ...ഞാൻ എന്തായാലും പോകാൻ തീരുമാനിച്ചു കഴിഞ്ഞു..."

"നിന്നോട് പറഞ്ഞിട്ടൊന്നും കാര്യമില്ലല്ലോ... എന്തായാലും വരുന്നിടത്ത് വെച്ച് കാണാം നീ വണ്ടിയെടുക്ക്..."

അച്ചു അതും പറഞ്ഞോണ്ട് വണ്ടിയിൽ കേറി. ഞങ്ങൾ ആ കോന്തൻറെ വീടും ലക്ഷ്യം ആക്കി യാത്ര തിരിച്ചു.

(തുടരും)

ഭാഗം. 42

അച്ചു നമ്മളെ വണ്ടീല് കേറിയതും നമ്മളാ കോന്തൻറെ വീട് ലക്ഷ്യമാക്കി യാത്ര തിരിച്ചു.

"ഫെബീ...നിൻറെ പ്ലാനെന്താ? കാക്കൂന് ഒരു മുഖദർശനം അത്ര അല്ലെയുള്ളൂ..."

"അല്ല മോളേ...മുഖദർശനം മാത്രല്ല അവനുള്ള ഒരു പണി കൂടി നമ്മള് ഒരുക്കുന്നുണ്ട്..."

"അതിനി എന്താ?   ഡീ...ഇത് അവസാനം ഒരു കുരിശാകോ? എനിക്ക് ഇപ്പൊ തന്നെ പേടിച്ച് കയ്യും കാലും വിറച്ചിട്ട് പാടില്ല..."

"എൻറെ അച്ചൂ നിനക്ക് ഇത്രക്ക് പേടിയാണെങ്കിൽ നീ തിരിച്ച് വീട്ടിലേക്ക് പൊയ്ക്കോ... ഞാൻ എന്തായാലും പോകാൻ തീരുമാനിച്ച് കഴിഞ്ഞു..."

"അങ്ങനെ ഇപ്പൊ നിന്നെ തനിച്ചാക്കി കൊണ്ട് ഞാൻ എങ്ങോട്ടും പോകുന്നില്ല...നിൻറെ കൂടെ തന്നെ കാണും..."

"എന്നാലെ...മിണ്ടാതെ എൻറെ കൂടെ വരാൻ നോക്ക് മനസ്സിലായോ?"

അച്ചു ഒന്ന് മൂളി കൊണ്ട് സൈലന്റായി. നമ്മള് ഓളോട് പറഞ്ഞില്ലെങ്കിലും നമ്മളെ ചങ്കിടിപ്പ് നല്ലോണം കൂടുന്നുണ്ടേന്നു. എന്താകും അവിടെ എത്തിയിട്ട് നടക്കാന്ന് പറയാൻ പറ്റില്ലല്ലോ...

അങ്ങനെ അര മണിക്കൂറിലെ യാത്രക്ക് ഒടുവിൽ ഞങ്ങൾ ആ കോന്തൻറെ വീട്ട് പരിസരത്ത് എത്തി. ഞങ്ങൾ ഓൻറെ വീടിന്റെ സൈഡില് മതിലിനോട് ചാരി ആരും കാണാത്ത വിധം വണ്ടി നിർത്തിയിട്ടു.

ഞങ്ങൾ അവിടെ ഇറങ്ങിയത് മുതല് നമ്മളെ നെഞ്ചിടിപ്പ് കൂടാൻ തുടങ്ങി. തിരിച്ച് പോയാലോ എന്ന് വരെ നമ്മക്ക് തോന്നി പോയി. എന്തായാലും ഇതുവരെ വന്ന സ്ഥിതിക്ക് വെറും കയ്യോടെ നമ്മള് പോകില്ല. ഓനൊരു മുഖദർശനം എങ്കിലും നമ്മള് കൊടുക്കും.

"അച്ചു...നീയിവിടെ നിന്നോ..രണ്ട് പേരും കൂടി അകത്തേക്ക് പോകുന്നത് റിസ്കാ..."

ഓള് ഞെട്ടി തരിച്ച് നമ്മളെ കയ്യിൽ പിടി മുറുക്കി. ഓളെ

കൈ നന്നായിട്ട് വിറക്കുന്നുണ്ടേന്നു.

"ഞാൻ ഒറ്റക്ക് ഇവിടെ നിൽക്കെ...ഇതിനാണോടീ ദുഷ്ടേ നീ എന്നെ വിളിച്ചു കൊണ്ട് വന്നത്..."

"എടീ നീ ഭദ്രകാളിയെ പോലെ ഉറഞ്ഞ് തുള്ളല്ലെടാ....ഇനി അഥവാ പെടാണെങ്കിൽ ഞാൻ മാത്രം പെട്ടാൽ മതിയല്ലോ...നിനക്ക് രക്ഷപ്പെട്ടൂടേ..."

അച്ചു എന്തോ പറയാൻ വേണ്ടി നാവ് ചലിപ്പിച്ചപ്പോഴേക്കും നമ്മള് ഓളെ വായ പൊത്തി പിടിച്ചിരുന്നു.

"നോക്ക് അച്ചു...ഞാൻ പറയുന്നത് നീ അങ്ങ് കേട്ടാൽ മതി...

ഇവിടെ സ്കൂട്ടിയുടെയും മതിലിൻറേയും ഇടയിൽ ചുരുണ്ടു കൂടി ഇരുന്നിട്ട് നീ അരുണിനോട് കുറുകി കൊണ്ട് ഇരിക്ക്....ഞാനൊരു പത്ത് അല്ല ഇരുപത് മിനിറ്റിനുള്ളിൽ തിരിച്ച് വരാം..."

ഓള് തല കുലുക്കി കൊണ്ട് നമ്മളെ കെട്ടി പിടിച്ചു.

"ഫെബീ..സൂക്ഷിക്കണേ...കാക്കൂനെ കൂടാതെ വേറെയും കാട്ടുജാതിക്കാറുള്ള സ്ഥലാ... അവരെ കണ്ണിലൊന്നും ചെന്ന് പെട്ടേക്കല്ലേ...പെട്ടാൽ പിന്നെ നിന്നെ രക്ഷപ്പെടുത്താൻ ആ പടച്ചോനേ പറ്റൂ..."

"അച്ചൂ...ആ കാട്ടുജാതിക്കാരേക്കാൾ പേടിക്കണ്ടത് നിൻറെ ആ കാക്കൂനെയാ...ആ കോന്തൻ എന്തൊക്കെയാ കാട്ടി കൂട്ടാൻ പോകുന്നതെന്ന് പടച്ചോനേ അറിയൂ..."

"പിന്നെ ഫെബീ...ഇവിടെ രണ്ട് സെക്യ്യൂരിറ്റികളും ചുറ്റും ക്യാമറകളുമുണ്ട്...ഇതൊക്കെ നീ മറി കടന്ന് നീയെങ്ങനെ അവിടെ എത്താ?"

"സെക്യ്യൂരിറ്റികളെ വിട്ടേക്ക് അവരെ കാര്യം ഞാൻ ഏറ്റു. പക്ഷെ ക്യാമറ അതാണ് പ്രശ്നം...

സാരല്യ അതീനും പടച്ചോൻ ഒരു വഴി കാണിച്ച് തരും...

ആ പിന്നെ ഒരു പ്രധാനപ്പെട്ട കാര്യം എന്താന്ന് വെച്ചാൽ...

ഞാൻ പോയി അര മണിക്കൂർ ആയിട്ടും തിരിച്ച് വന്നില്ലെങ്കിൽ നീ വിട്ടോണ്ടി പിന്നെ ഇവിടെ നിക്കണ്ട...

ഇല്ലെങ്കിൽ നീയും പെടും..."

"ഫെബീ...എന്തെങ്കിലും ആവശ്മുണ്ടെങ്കിൽ വിളിച്ചോണേ..."

"ആരെ...പടച്ചോനെ അല്ലേ...അല്ലാതെ നിന്നെയല്ലല്ലോ..ചെലക്കാൻ നിക്കാണ്ട് പറഞ്ഞത് ചെയ്യടി...

ദെ നോക്ക് ചെലപ്പൊ നമ്മള് ഇങ്ങോട്ട് തിരിച്ച് വരാൻ നിൽക്കുമ്പൊ ഞാൻ നിനക്ക് മിസ് അടിക്കും..

അപ്പൊ വണ്ടി സ്റ്റാർട്ടാക്കി റെഡിയായി നിന്നോണ്ടി...ഓക്കേ...?"

ഓള് തല കുലുക്കി ഓക്കേ പറഞ്ഞതും നമ്മള് ഓൻ്റെ വീടിൻ്റെ മതിലിൽ കൊത്തി പിടിച്ച് കേറി അവിടെയാകെ ഒന്ന് കണ്ണോടിച്ചിട്ട് അവിടന്ന് ഒരു ചാട്ടമായിരുന്നു പച്ച വിരിച്ച പരവതാനിയിലേക്ക്...

നമ്മളെ ഭാഗ്യത്തിന് രണ്ട് സെക്ക്യൂരിറ്റി ചേട്ടൻമാരും മരണ ഉറക്കമായിരുന്നു. അതോണ്ട് വളരെ ഈസി ആയിട്ട് നമ്മള് വീടിന് അടുത്തെത്തി. പക്ഷേ ഇനി എങ്ങനെ നമ്മള് അകത്ത് കടക്കുമെന്ന് ചിന്തിച്ച് വീടിന് ചുറ്റും ഒന്ന് നടന്നു. അപ്പോഴാണ് നമുക്കായിട്ട് തുറന്ന് വെച്ച പോലെ ഒരു ജനല് തുറന്നിട്ടിരിക്കുന്നത് നമ്മളെ ശ്രദ്ധയിൽ പെട്ടത്.

നമ്മളെ വീട്ടിലെ പോലെ ജനലിന് കമ്പിയൊന്നും ഇല്ലാത്തോണ്ട് നമ്മള് അകത്തേക്ക് എളുപ്പം കടന്നു. നമ്മളിപ്പൊ നിക്കുന്നത് ഒരു ലിവിങ് റൂം പോലെ നമ്മക്ക് തോന്നി...നമ്മള് അവിടന്ന് വേഗം വാതില് പതുക്കെ തുറന്ന് ചെന്നത് ഹാളിലേക്കായിരുന്നു.

ഹാളിൻ്റെ വലിപ്പം കണ്ടതും നമ്മളെ കാറ്റു

പോകാനായിരുന്നു. നമ്മളെ വീടിനേക്കാൾ നാലിരട്ടി വലിപ്പം കാണും ഇവൻ്റെ വീട്ടിലെ ഹാൾ...

ശരിക്കും പറഞ്ഞാൽ ഹിന്ദി സീരിയലിലൊക്കെ കാണുന്ന പോലത്തെ ഒരു വലിയ വീടാണ്. പുറമെ നിന്ന് നോക്കുന്നതിനേക്കാൾ വലിപ്പമുണ്ട് വീടിൻ്റെ അകം..

'യാ റബ്ബീ.... ഇത്രേം വലിയ പണക്കാരനായിട്ടും ഈ കോന്തന് ഒരു നാണവുമില്ലേ നമ്മളെ പിറകെ നടക്കാൻ...സീരിയലിലൊക്കെ ഇത്രയും വലിയ വീടൊക്കെ കണ്ടിട്ടുണ്ടെങ്കിലും ആദ്യായിട്ടാണ് നമ്മളിത് കാണുന്നതും അകത്തേക്ക് കേറുന്നതും...ഇനി ഇവിടെ എവിടെയാണാവോ ആ കോന്തൻ്റെ റൂം...'

നമ്മളോരോന്ന് ചിന്തിച്ചോണ്ട് വളരെ സൂക്ഷിച്ച് തന്നെ ഓരോ അടിയും മുന്നോട്ട് വെച്ചു. മുകളിൽ ഉള്ള മുറിയിലാകും ആ കോന്തൻ കാണുകയെന്ന് നമ്മളെ മനസ് നമ്മളോട് മന്തിരിച്ചു. അതോണ്ട് ഓൻ്റെ വീട്ടിലെ ഓരോ കോണിപ്പടിയും ചവിട്ടി മോളിലേക്ക് പോകുന്തോറും നമ്മളെ കയ്യും കാലും വിറക്കാൻ തുടങ്ങി...

ഭാഗ്യത്തിന് ആരുടേയും കണ്ണിൽ പെടാതെ നമ്മള് മോളിലെത്തി.അപ്പൊ തന്നെ ഒരു ദീർഘ ശ്വാസം വിട്ടിട്ട് ആ കോന്തൻറെ റൂം തപ്പി നടന്നു.

നമ്മള് ആദ്യം കണ്ട റൂം തന്നെ ലക്ഷ്യമാക്കി വാതില് തുറന്നു നോക്കി. വാതില് അടക്കാത്തോണ്ട് അവിടേയും നമ്മള് ഈസിയായി കേറി കൂടി.

നമ്മള് ആ കിടക്കുന്ന മഹാനാരാന്ന് അറിയാൻ വേണ്ടി അടുത്തേക്ക് ചെന്നതും ആളെ കണ്ട് നമ്മള് വേഗം മുട്ടുകുത്തി ഇഴഞ്ഞ് ആ റൂമീന്ന് പുറത്തേക്ക് ഇറങ്ങി ഒന്ന് നെടുവീർപ്പിട്ടു. ആ സാലിമിൻറെ റൂമായിരുന്നു അത്. ഭാഗ്യത്തിന് ഓൻ നല്ല ഉറക്കായിരുന്നു ഇല്ലെങ്കിൽ അവനിപ്പൊ നമ്മളെ റോസ്റ്റാക്കിയേനെ...അത്രക്ക് പകയുണ്ടല്ലൊ അവന് നമ്മളോട്..

നമ്മള് വേഗം അവിടന്ന് തടിയൂരിയിട്ട് അടുത്ത റൂമിലേക്ക് കേറി. വാതില് തുറന്നതും നമ്മള് കണ്ട കാഴ്ച ആ കോന്തൻറെ മുഖം മാത്രായിരുന്നു. നാലു ചുവരിലും ആ കോന്തൻറെ ഫോട്ടോസ്

മാത്രമേയുള്ളൂ...

അത് കോന്തൻ്റെ റൂം ആകുമെന്ന് കരുതിയ നമ്മക്ക് തെറ്റി. അവിടെ കിടക്കുന്നത് സൽമയായിരുന്നു.

ഓൾടെ ബെഡ് ഷീറ്റും തലയണയും ഒക്കെ ആ കോന്തൻ്റെ മുഖായിരുന്നു. നമ്മേക്ക് അതൊക്കെ കണ്ടപ്പൊ ഒരു അത്ഭുതായിരുന്നു. ആദ്യായിട്ടാ ഇങ്ങനെ ഒരുത്തിനെ നമ്മള് കാണുന്നത്..

'ഇവളെന്താ പടച്ചോനെ ബേഹത്തിലെ മായയോ..? ഓൾക്കതില് അർജുനെന്ന് വെച്ചാ ഭ്രാന്താ...ഇവളും ആ ഗണത്തിൽ പെട്ടതാണെന്ന് തോന്നുന്നു... അതോണ്ട് ഫെബീ വന്ന കാര്യം നടത്തിയിട്ട് ഇവളെ കണ്ണിൽ പെടാതെ നടക്കുന്നതാകും നിനക്ക് നല്ലത്...'

നമ്മള് ആ സൽമൻ്റെ കുറച്ച് ഫോട്ടോസ് എടുത്തിട്ട് ആ റൂമിൽ നിന്നും ഇറങ്ങി അടുത്ത റൂമിൻ്റെ അടുത്തേക്ക് നടന്നു.

"പടച്ചോനെ ഇതെങ്കിലും ആ കോന്തൻ്റെ

റൂമായിരിക്കണേ...ഇനിയും അലഞ്ഞ് തിരിഞ്ഞ് നടക്കാൻ വയ്യാത്തോണ്ടാ..."

നമ്മള് പതുക്കെ മന്ത്രിച്ച് കൊണ്ട് വാതില് മെല്ലെ തുറന്ന് അകത്തേക്ക് കേറി. ഭാഗ്യത്തിന് അത് ആ കോന്തൻ്റെ റൂം തന്നെ ആയിരുന്നു. നമ്മളൊന്ന് നെടുവീർപ്പിട്ടിട്ട് ഓൻ്റെ അടുത്തേക്ക് നടന്നു.

"ഹോ....കെടക്കണ കെടപ്പ് കണ്ടാ... നമ്മളെ ഒറക്കം കളഞ്ഞിട്ട് ഇനി നീ സുഖായിട്ട് ഉറങ്ങുന്നത് നമ്മക്കൊന്ന് കാണണം....ഇന്നത്തോടെ നിൻ്റെ ഉറക്കം നമ്മള് ശരിയാക്കി തരാടാ...'

എന്ന് ചിന്തിച്ചോണ്ട് നമ്മള് ആ കോന്തൻ്റെ കുറച്ച് ഫോട്ടോസും ഫോണിൽ പകർത്തിയെടുത്തു.

'മതി.....എനിക്ക് ഇത്രയും മതി...

ഈ ഫോട്ടോസ് വെച്ച് ഞാൻ എന്തൊക്കെയാ ചെയ്യാൻ പോകുന്നതെന്ന് നീ കാത്തിരുന്ന് കണ്ടോ മോനേ...'

നമ്മള് ഓനെ ഒന്ന് അടിമുടി നോക്കി കൊണ്ട് അവിടെ കസേരയിലിരുന്നു.

'ഇപ്പൊ ഇവനെ കണ്ടാൽ ആരേലും പറയോ കയ്യിൽ മൊത്തം കുരുത്തക്കേട് കൊണ്ട് നടക്കുന്ന മൊതലാണെന്ന്....

എന്ത് ഓമനത്തം തുളുമ്പുന്ന മുഖാ ഈ കോന്തന്...പക്ഷേ ഓൻ്റെ കയ്യിലിരിപ്പൊക്കെ കാണുമ്പൊ ഒരു ഡ്രാക്കുളയെ പോലെയാ തോന്നുന്നത്...

കോന്തൻ തെണ്ടി....ഈ ഗ്യാപ്പില് തന്നെ ഓൻ്റെ കഴുത്ത് നെരിച്ച് കൊന്നാലോ?

വേണ്ട ജയിലിൽ കിടക്കേണ്ടി വരും.. അല്ലേലും ഇവനെ സഹിക്കുന്നതിലും ഭേദം ജയില് തന്നെയാ....'

എന്ന് ചിന്തിച്ചോണ്ട് നമ്മള് ഓൻ്റെ മുറിയൊക്ക ഒന്ന് കണ്ണോടിച്ചപ്പോഴാണ് ടേബിളിൽ ഓൻ്റെ ബുള്ളറ്റിൻ്റെ കീ കണ്ടത്.

" നിൻറെ ആ പാട്ട ബുള്ളറ്റ് കൊണ്ട് നീ എന്നെ എത്ര തവണ പേടിപ്പിച്ചിട്ടുണ്ടെടാ കോന്താ...

ഇനി നീയാ ബുള്ളറ്റില് കോളേജിലേക്ക് വരുന്നത് നമ്മക്കൊന്ന് കാണണം."

നമ്മള് ആ കീ എടുക്കാൻ വേണ്ടി അതിൻറെ അടുത്തേക്ക് ചെന്നപ്പോഴാ മറ്റൊരു കാര്യം ശ്രദ്ധിച്ചത്. അതില് നമ്മളെ ഫോട്ടോ വെച്ച ഒരു കീ ചെയിനാണ് വെച്ചിട്ടുള്ളത്. ഇവന് സൽമയേക്കാൾ പിരാന്താണെന്ന് പറഞ്ഞ് നമ്മള് ആ കീ എടുത്തതും അതില് നിന്നും "കീ...കീ..കീ..കീ..." എന്ന ശബ്ദം വരാൻ തുടങ്ങി ...

അപ്പൊ ആ കോന്തൻ തിരിഞ്ഞു കിടന്നപ്പൊ നമ്മളത് വേഗം എടുത്ത് ബെഡിലിട്ടിട്ട് കർട്ടൻറെ മറവിലൊളിച്ച് നിന്നു.

'എന്താ പടച്ചോനെ ഇവിടെ നടക്കുന്നത്? സാധാരണ വല്ല വണ്ടിയും തൊട്ടാലാണ് അങ്ങനെ ശബ്ദം

കേൾക്കാ... ഇതിപ്പൊ കീ തൊട്ടപ്പൊ തന്നെ ശബ്ദാണല്ലോ..

ഇനി അത് കീ ആയോണ്ടാണോ കീ..കീ...ന്ന് കെടന്ന് കാറിയത്...'

നമ്മളെ ചിന്തകൾക്ക് വിരാമമിട്ട് കൊണ്ട് പെട്ടെന്ന് ആ റൂമില് വെളിച്ചം പടർന്നു ഒപ്പം ആ കോന്തൻറെ ശബ്ദവും...

"ഐഷൂ....നീ ഇവിടെ ഉണ്ടെന്ന് എനിക്കറിയാം...ഒളിച്ചിരിക്കാതെ മര്യാദക്ക് പുറത്ത് വാ..."

നമ്മള് ഷോക്കടിച്ച പോലെ അവിടെ തന്നെ നിന്നു. നമ്മളെ ഹൃദയമിടിപ്പും പേടിയുമൊക്കെ ഹൈ സ്പീഡിൽ കുതിച്ചുയർന്നു.

'ആ കോന്തനെങ്ങനെ നമ്മള് ഇവിടെ ഉള്ളത് അറിഞ്ഞു പടച്ചോനെ.... ഇനി എന്തായാലും പെട്ടു പോയില്ലേ ഓൻറെ മുന്നിലേക്ക് തന്നെ പോകാം..'

എന്ന് ചിന്തിച്ച് നമ്മള് തല താഴ്ത്തി കൊണ്ട് കർട്ടൻ നീക്കി അവിടെ നിന്നു.

"ഐഷൂ നീ എൻ്റെ മുന്നിലേക്ക് വരാൻ പോകുന്നോ അതോ ഞാൻ തന്നെ നിന്നെ തെരെഞ്ഞ് കണ്ടെത്തണോ?

പത്ത് വരെ എണ്ണും അതിനുള്ളിൽ നീ വന്നിരിക്കണം ഇല്ലെങ്കിൽ ഞാൻ തന്നെ നിന്നെ കണ്ടെത്തി ശരിയാക്കും.

വൺ...ടൂ...ത്രീ..."

'ങേ...ഈ കോന്തനെന്താ പിരാന്തോ പടച്ചോനേ ? നമ്മള് ഒന്നങ്ങനെ ഇവിടെ നിൽക്കുന്നത് ഓൻ കാണുന്നില്ലേ...'

എന്ന് കരുതി തല പൊന്തിച്ച് നോക്കിയപ്പോഴല്ലെ നമ്മക്ക് കാര്യം പിടി കിട്ടിയത്. ആ കോന്തൻ്റെ

പിറകിലാണ് നമ്മള് നിൽക്കുന്നത് പിന്നെ എങ്ങനെ ഓൻ കാണാനാ...

അപ്പോഴേക്കും ആ കോന്തൻ പത്ത് വരെ എണ്ണി കഴിഞ്ഞിരുന്നു.

"അങ്ങനെ വഴിക്ക് വാ മോളേ...എൻ്റെ ബുള്ളറ്റിൻ്റെ കീ എടുക്കാൻ വന്നത് നീയാകുമെന്ന് നമ്മക്ക് അപ്പോഴേ അറിയായിരുന്നു.നിനക്ക് ആദ്യം തൊട്ടേ നമ്മളെ കീയിൽ തന്നെയല്ലെ നോട്ടം..."

നമ്മള് അന്തം വിട്ട് തൊള്ളേം തുറന്ന് ആ കോന്തനെ നോക്കി കൊണ്ട് എപ്പോ എന്ന് നമ്മളോട് തന്നെ ചോദിച്ചു. ആ കോന്തൻ തിരിഞ്ഞ് കട്ടിലിൻ്റെ അടുത്തേക്ക് നടന്നു വന്നപ്പോഴാണ് നമ്മള് ഓൻ്റെ കയ്യിൽ ഇരിക്കുന്ന പൂച്ചക്കുട്ടിയെ ശ്രദ്ധിച്ചത്...

നമ്മളെ പൂസീമാനെ പോലെ തന്നെ വെളുത്ത് തുടുത്ത് ഒരു സുന്ദരി. ആ കോന്തൻ ഇതുവരെ ഐഷൂന്ന് വിളിച്ച് കൂവിയത് നമ്മളെയല്ല ആ പൂച്ചയെ

ഉദ്ദേശിച്ചായിരുന്നെന്ന് നമ്മക്ക് അപ്പോഴാ ഓടിയത്.

" ഐഷൂ...ദിസ് ഈസ് യുവർ ലാസ്റ്റ് വോണിങ്...ഇനി മേലാൽ നീയെൻറെ കീ തൊട്ടേക്കരുത് കേട്ടോ..."

എന്ന് പറഞ്ഞ് ആ കോന്തൻ മുഖമുയർത്തിയതും നമ്മളെ കണ്ട് ഞെട്ടി കൊണ്ട് ആ പൂച്ചയെ കയ്യിൽ നിന്ന് ഇട്ടു. അത് നേരെ ഓൻറെ ബെഡിലേക്ക് ചെന്ന് വീണു.

ആ കോന്തന് നമ്മളെ കണ്ടത് വലിയ ഒരു ഷോക്കായെന്ന് ഓൻറെ മുഖത്ത് നിന്ന് തന്നെ നമ്മക്ക് വ്യക്തമായിരുന്നു.

"നീ...നീ...നീ...ഇവിടെ....എങ്...എങ്ങനെ...?"

വാക്കുകൾ കിട്ടാതെ ഓൻ നമ്മളെ മുന്നിൽ നിന്ന് വിക്കുന്നത് കണ്ടപ്പൊ നമ്മള് ഉള്ളറിഞ്ഞ് സന്തോഷിച്ചു.

"നീയല്ലേ ഇത്രയും നേരം ഐഷൂ വാ എന്ന് പറഞ്ഞ് വിളിച്ച് കൂവിയത് പിന്നെ എങ്ങനെ ഇവിടെ എത്താതിരിക്കും?"

ആ കോന്തൻ നമ്മളെ അടിമുടി നോക്കിയിട്ട് കണ്ണ് നന്നായി ഒന്ന് തിരുമ്മി.നമ്മള് ആ ഗ്യാപ്പില് കട്ടിലിൻറെ മറവിലേക്ക് മാറി നിന്നു.

കണ്ണ് തുറന്നു നോക്കുമ്പൊ നമ്മളെ കാണാതെ ആ കോന്തൻ തല ചൊറിയുന്നത് നോക്കി നമ്മള് പൊരിഞ്ഞ ചിരിയാണ്.

"ശെ....തോന്നിയതാണോ? സാധാരണ ഇമ്മാതിരി തോന്നലൊന്നും ഉണ്ടാകാത്തതാണല്ലോ...

ഇനി ഓള് ശരിക്കും വന്നിട്ടുണ്ടോ? ഏയ്....അവിടെ കിടക്കുന്ന ഓള് എങ്ങനെയാ നട്ടപ്പാതിരാക്ക് ഇവിടെ എത്താ? ഓള് നന്നായിട്ട് പോത്ത് പോലെ കിടന്ന് ഉറങ്ങുന്നുണ്ടാകും അല്ലെ ഐഷൂ..."

എന്ന് പറഞ്ഞ് ആ കോന്തൻ പൂച്ചയെ എടുത്തതും നമ്മള് കട്ടിലിൻറെ മറവിൽ നിന്നും എണീറ്റ് അവൻറെ മുന്നിലേക്ക് പാഞ്ഞടുത്തു.

"പോത്ത് നിൻറെ മറ്റോള് സൽമയാടാ കോന്താ..."

"അ...ഐ...ഐഷൂ നീ തന്നെയാണോ ഇത്? അപ്പൊ എനിക്ക് തോന്നിയതല്ലേ..."

ഓൻ വീണ്ടും ഞെട്ടി തരിച്ച് നമ്മളെ നോക്കി കൊണ്ട് അടുത്തേക്ക് വന്നു.

"എന്താടാ നിനക്ക് കണ്ണ് കണ്ടൂടേ...?

ഇത് ഞാൻ തന്നെയാ ആയിഷ ഫെബി..."

"ഡീ....നീ...നീയെങ്ങനെ ഇവിടെ എത്തി? അതും ഈ നേരത്ത്?"

ഓൻ്റെ മുഖത്തെ ആശ്ചര്യവും ഞെട്ടലും കലർന്ന ഭാവം കണ്ടപ്പൊ നമ്മക്ക് ചിരി വന്നു.

"നീയെന്താ കരുതിയത് നിനക്ക് മാത്രേ മതില് ചാടി വീട്ടിലേക്ക് വരാൻ പറ്റൊള്ളൂന്നോ...

ഞാൻ വിചാരിച്ചാലും നിൻ്റെ വീട്ടിലേക്ക് എന്നല്ല നിൻ്റെ ബെഡ് റൂമിലേക്ക് വരെ വരാൻ പറ്റുമെന്ന് മനസ്സിലായില്ലേ...?"

ഓൻ വേഗം ചെന്ന് വാതിലടച്ച് കുറ്റിയിട്ടിട്ട് നമ്മളെ അടുത്തേക്ക് വന്നു.

"നിനക്കെന്താടീ ഭ്രാന്താണോ? ആരേലും കണ്ടിരുന്നെങ്കിലോ...എന്താകും നിൻ്റെ സ്ഥിതി? ഞാൻ നിൻ്റെ വീട്ടിലേക്ക് വന്നെന്ന് കരുതി ഇതുപോലെ നട്ടപ്പാതിരാക്ക് അത്രയും ദൂരം ഒറ്റക്ക് വരാണോ ചെയ്യേണ്ടത്?"

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളോട് കലി തുള്ളാൻ വന്നു.

"അതിന് ആരാ ഇപ്പൊ ഒറ്റക്ക് വന്നത്...താഴെ അച്ചു നമ്മളെ കാത്ത് നിൽപ്പുണ്ട്..."

"ഓ...അവളും ഉണ്ടോ...ഇന്നത്തോടെ നിങ്ങളെ ഈ പാതിരാത്രിയുള്ള നടത്തം ഞാൻ ശരിയാക്കി തരാ...ഇനി എങ്ങാനും ഇമ്മാതിരി റിവഞ്ചും കൊണ്ട് ഇറങ്ങി നടന്നാലുണ്ടല്ലൊ രണ്ടിനേയും തല്ലി ശരിയാക്കും..."

"ഓ പിന്നെ... ഒന്ന് പോടാ കോന്താ...നിൻറെ വിരട്ടലൊന്നും എൻറെ അടുത്ത് ഇനി വില പോകില്ല....പിന്നെ ഈ സാധനത്തിന് മര്യാദക്ക് പേര് മാറ്റിയിട്ടോ...

ഐഷു കൊയ്ഷൂന്ന് വല്ലതും ഇട്ടാലുണ്ടല്ലൊ എൻറെ സ്വഭാവം മാറും പറഞ്ഞേക്കാം.."

"അത് പറയാൻ നീയാരാടീ...എൻറെ പൂച്ചക്ക് എന്ത്

പേരിടണം പേരിടണ്ടാന്ന് തീരുമാനിക്കുന്നതേ ഞാനാ.... അതില് നീ ഇടപെടണ്ട..."

നമ്മക്ക് ആ കോന്തൻറെ വർത്താനം കേട്ടിട്ട് ഓൻറെ കഴുത്ത് നെരിച്ച് കൊല്ലാനേന്നു തോന്നിയത്. പക്ഷേ നമ്മള് ആ ശ്രമം ഉപേക്ഷിച്ചിട്ട് ആ കോന്തനെ നോക്കി രണ്ട് ഡയലോഗ് അങ് കാച്ചി.

"ദെ വല്ലാണ്ട് വിളച്ചിലെടുക്കാൻ വരണ്ട... നിന്നോട് ഒരു വാക്ക് വാദത്തിനല്ല ഞാൻ വന്നത്...

ഞാൻ വന്ന കാര്യം ഇപ്പൊ പൂർത്തി ആയിരിക്കാണ്.അതോണ് ഞാൻ പോയി കോന്താ... ആ പിന്നെ ഇനി മേലാൽ ഇതുപോലെ വല്ല സാഹസത്തിനും മുതിർന്നാൽ എനിക്ക് വെറുതെ പണി ഉണ്ടാക്കരുത്..."

നമ്മളെ ഡയലോഗിന് ഓൻറെ ഡയലോഗിൻറെ അത്ര പവറ് ഇല്ലാത്തോണ്ടാണെന്ന് തോന്നുന്നു നമ്മള് പറഞ്ഞത് കേട്ട് ആ കോന്തൻ ചിരിക്കാൻ തുടങ്ങി.

"പോടാ മരമാക്രി..."

എന്ന് വിളിച്ച് നമ്മള് വാതില് തുറന്നു പുറത്തേക്ക് പോകാൻ നിന്നതും ആ കോന്തൻ നമ്മളെ വിളിച്ചു.

"ഐഷൂ...അവിടെ നിക്ക് ഞാൻ നിന്നെ കൊണ്ടാക്കി തരാം..."

"നോ താങ്ക്സ്...വരാനറിയാമെങ്കിലേ ഈ ഫെബിക്ക് പോകാനും അറിയാം..."

എന്ന് പറഞ്ഞ് തിരിഞ്ഞപ്പോഴോ നമ്മക്ക് വന്ന വഴി മറന്ന് പോയത്.അവിടന്ന് എങ്ങോട്ട് തിരിഞ്ഞാലും ഒരു പോലെയാണ് തോന്നുന്നത്. അതോണ്ട് എങ്ങോട്ട് പോകുമെന്ന് നമ്മക്കൊരു എത്തും പിടിയും ഇല്ലെന്നു.

'ആ കോന്തനോട് തന്നെ പുറത്തേക്ക് ആക്കി തരാൻ പറഞ്ഞാലോ?

വേണ്ട ഫെബീ...ഇവനോടൊക്കെ ഹെൽപ് ചോദിച്ചാ പിന്നെ നീ ജീവിച്ചിരുന്നിട്ട് കാര്യമുണ്ടാകില്ല...

എന്ന് കരുതി ഇവിടന്ന് പോകണെങ്കിൽ ഇവൻറെ ഹെൽപ് കൂടിയേ തീരൂ..

അതോണ്ട് യാതൊരു മടിയും കൂടാതെ ചോദിച്ചോ.'

നമ്മള് ഓരോന്ന് ചിന്തിച്ചോണ്ട് ആ കോന്തനോട് ചോദിക്കാമെന്ന് തീരുമാനിച്ചിട്ട് തിരിഞ്ഞതും ആ കോന്തനെ നമ്മളെ തൊട്ടടുത്ത് കണ്ടപ്പൊ നമ്മളൊന്ന് ഞെട്ടി.

"എന്തേ പോകുന്നില്ലേ...?"

ഒരു പരിഹാസം കലർന്ന ചിരിയോടെ ആ കോന്തൻ നമ്മളെ നോക്കി കൊണ്ട് നിന്നപ്പൊ ഒരൊറ്റ വീക്ക് കൊടുക്കാനാ നമ്മക്ക് തോന്നിയത്....പക്ഷേ പകരം വീട്ടാനൊന്നും നമ്മക്കിപ്പൊ തീരെ നേരമില്ല, കാരണം നമ്മള് ഇതിന് അകത്തേക്ക് കേറിയിട്ട് പത്ത് പതിനഞ്ച്

മിനിറ്റ് ഒക്കെ ആയിട്ടുണ്ട്. ഇനിയും വൈകിയാലേ ഓള് നമ്മളെ ഇവിടെ ഇട്ടിട്ട് പോകും.

"നിന്നോടാ ചോദിച്ചത് എന്താ പോകുന്നില്ലേന്ന്..."

"അ...അത്...എന്തായാലും താനിത്രക്കൊക്കെ പറഞ്ഞതല്ലെ...അതോണ്ട് താൻ എന്നെ താഴെ വരെ കൊണ്ട് വിട്ടാ മതി..."

"ആണോ....ശെടാ... ഇത്തിരി നേരത്തെ പറയായിരുന്നെങ്കിൽ നോക്കായിരുന്നു...ഇതിപ്പൊ എനിക്ക് നന്നായിട്ട് ഉറക്കം വരുന്നുണ്ട് അതോണ്ട് നാളെ കൊണ്ടാക്കി വിടാട്ടോ..."

"പ്ലീസ് ചതിക്കരുത്..എങ്ങനേലും എന്നെ ഇവിടന്ന് പുറത്ത് ഇറക്കി താ..."

തിരിച്ച് റൂമിലേക്ക് പോകാനിരുന്ന ഓൻറെ കയ്യിൽ പിടിച്ചിട്ട് നമ്മള് ഓനോട് കെഞ്ചി.ഓൻ നമ്മളെ

കയ്യിലേക്ക് നോക്കി കൊണ്ട് ഒന്ന് പുഞ്ചിരി തൂകി. നമ്മള് അപ്പോ തന്നെ ഓൻ്റെ കയ്യീന്ന് പിടി വിട്ടു.

"ഉം....എൻ്റെ കൂടെ വാ..."

ആ കോന്തൻ്റെ പിന്നാലെ നമ്മള് ഫോളോ ചെയ്ത് പോയി. ഓൻ നമ്മളെ നല്ലോണം ഇട്ട് വട്ട് കളിപ്പിക്കുന്നത്...

ഇതാണ് വഴി അല്ല അതാണ് വഴിയെന്ന് പറഞ്ഞ് നമ്മളെ ഒരുപാട് നടത്തിച്ചു. പെട്ടെന്ന് ആ കോന്തൻ നമ്മളെ പിടിച്ച് വലിച്ചോണ്ട് ഒരു തൂണിൻ്റെ മറവിലേക്ക് കൊണ്ട് പോയി. നമ്മള് ആകെ പരിഭ്രാന്തിയിലായി കൊണ്ട് ഓനോട് ചോദിച്ചു.

"എന്താ കാര്യം?"

"ശൂ...മിണ്ടല്ലേ...അവര് കാണും...നീയിങ്ങോട്ട് അടുത്തേക്ക് നീങ്ങി നിൽക്ക്.."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ ഓൻറെ അടുത്തേക്ക് വലിച്ചു. ഇപ്പൊ ഞങ്ങൾ തമ്മിൽ ഒരു ശ്വാസം വിടാനുള്ള ഗ്യാപ്പ് മാത്രേ ഉള്ളൂ...നമ്മള് ആണെങ്കിൽ വന്നതും കുടുങ്ങിയോ റബ്ബേന്ന് ചിന്തിച്ച് ആ കോന്തനെ നോക്കി. ഓൻ നമ്മളെ തന്നെ കണ്ണെടുക്കാതെ ഉറ്റു നോക്കി കൊണ്ട് നിൽക്കാണ്. നമ്മള് ഓൻറ നെഞ്ചിൽ ഒരു കുത്ത് കൊടുത്ത് നമ്മളെ നെഞ്ചില് കൈ വെച്ച് നിന്നു.

"അവര് പോയോന്ന് നോക്കടാ കോന്താ..."

ഓൻ പെട്ടെന്ന് സ്വബോധത്തിലേക്ക് വന്ന പോലെ നമ്മളെ നോക്കി തലയാട്ടിയിട്ട് ഹാളിലേക്ക് നോക്കി. ഓൻ പെട്ടെന്ന് തല തിരിച്ചിട്ട് നമ്മളെ നോക്കി.

"എന്താ...അവര് പോയോ?"

"ഇല്ല...അവര് രണ്ട് പേരും കൂടി അവിടെ എന്തൊക്കെയോ സംസാരിച്ച് ഇരിക്കാണ്..."

"ആര് രണ്ട് പേരും?"

"പല്ലിയും പാറ്റയും കൂടി..."

നമ്മള് ആ കോന്തൻറെ മറുപടി കേട്ടിട്ട് ഓനെ ഒന്ന് രൂക്ഷമായി നോക്കി കൊണ്ട് ഓനെ പിടിച്ചു തള്ളി. എന്നിട്ട് നെഞ്ചിൽ കൈ വെച്ചിട്ട് വേഗം കയ്യെടുത്തിട്ട് "പോടാ റാസ്ക്കൽ.." എന്ന് പറഞ്ഞ് നമ്മള് വന്ന വഴിയിലൂടെ തന്നെ നമ്മള് പുറത്തേക്കിറങ്ങി. ആ കോന്തൻ നമ്മളെ പിന്നാലെ വരുന്നുണ്ടേന്നുട്ടോ...

"നീ ഈ വഴിയൊക്കെ എപ്പൊ കണ്ട് പിടിച്ചു?"

"അതൊക്കെ ഞാൻ കണ്ട് പിടിച്ചു. ഒരു ഫ്രീ അഡ്വൈസ് തരാം...വേണേൽ സ്വീകരിക്കാം വേണ്ടെങ്കിൽ വേണ്ട...

സൽമ നിന്നെ ഒരുപാട് സ്നേഹിക്കുന്നുണ്ട്...നീ അവളുടെ സ്നേഹം തിരിച്ചറിയാതെ

പോകരുത്...എന്നെ വിചാരിച്ച് മനസ്സിൽ കൊണ്ട് നടക്കാതെ ആ പെണ്ണിന് ഒരു ജീവിതം കൊടുക്ക്...നിൻറെ ലൈഫ് സൂപ്പറാകും..."

"അഡ്വൈസ് കഴിഞ്ഞല്ലോ....ഇനി നിനക്ക് പോകാം..."

ആ കോന്തൻ നമ്മളോട് കലിപ്പായി.

"വേണ്ടെങ്കിൽ വേണ്ട ഞാൻ പറഞ്ഞെന്നെയുള്ളൂ.

.."

നമ്മള് വേഗം പുറത്ത് കടന്നിട്ട് മതില് ലക്ഷ്യമാക്കി നടക്കുമ്പൊ ഓൻ നമ്മളെ വിളിച്ചു.

"ഐഷൂ....വൺ മിനിറ്റ്..."

ആ കോന്തൻ നമ്മളെ പിന്നാലെ ജനല് ചാടി ഇറങ്ങി നമ്മളെ അടുത്തേക്ക് വന്നു.

"ഒരു ഫ്രീ അഡ്വൈസ് നിനക്ക് തിരിച്ച് ഞാൻ തരട്ടെ?

ഞാൻ ഈ ലോകത്ത് ഇപ്പൊ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് നിന്നെ മാത്രാണ്...നീന്നെയല്ലാതെ മറ്റൊന്നിനും എൻറെ ജീവിതത്തിൽ ഇപ്പൊ പ്രാധാന്യമില്ല....എനിക്ക് സ്വന്തമെന്ന് പറയാൻ ഇപ്പൊ നീ മാത്രേയുള്ളൂ ...നീ മാത്രം...

എൻറെ ഈ സ്നേഹം എന്ത് കൊണ്ട് നിൻറെ കണ്ണിൽ പെടാത്തതെന്ന് അറീല...പക്ഷേ, നീ എൻറേതാകുന്നത് വരെ നിന്നെ ഞാൻ ഇങ്ങനെ പുറകെ നടന്ന് സ്നേഹിച്ചോണ്ടേ ഇരിക്കും...

അതോണ്ട് മറ്റെല്ലാം മറന്നോണ്ട് നീ എന്നെ സ്നേഹിക്കണം...ജീവിതകാലം മുഴുവൻ സന്തോഷം മാത്രം നിൻറെ ജീവിതത്തിലേക്ക് വരും...

ഞാൻ പറഞ്ഞത് നിനക്ക് വേണേൽ ആക്സെപ്റ്റ് ചെയ്യാം ഇല്ലെങ്കിൽ ഒഴിവാക്കി കളയാം...

പക്ഷേ എന്തും തീരുമാനിക്കുന്നതിന് മുന്നേ ഒന്ന് ആലോചിക്കുന്നത് നന്നായിരിക്കും...

ഇനി ഇവിടെ അധിക നേരം നിക്കണ്ട.. വേഗം വീട്ടിലേക്ക് പോകാൻ നോക്ക്..."

നമ്മളാകെ ഫ്യൂസടിച്ച പോലെ ആ കോന്തൻ പറഞ്ഞ കാര്യങ്ങൾ എല്ലാം ഓർത്ത് ഓനെ നോക്കി നിന്നു.

'മറ്റുള്ളവരുടെ ഇഷ്ടം മാത്രല്ല എനിക്ക് നിൻറേയും ഇഷ്ടം കാണാൻ കഴിയും. പക്ഷേ മനപുർവ്വം അത് കാണാതിരിക്കാൻ വേണ്ടി കണ്ണ് കെട്ടി നടക്കുന്ന എനിക്ക് ചിലപ്പൊ അതൊക്കെ കാണാത്ത പോലെ അഭിനയിക്കേണ്ടി വരും....

വേണ്ട....ഇതൊന്നും ശരിയാകില്ല....എല്ലാം നിർത്തിയേക്ക് മതി ചിന്തിച്ച് കൂട്ടിയത്..'

നമ്മള് ആ കോന്തൻറെ മുഖത്ത് പോലും നോക്കാതെ

വേഗം തിരിഞ്ഞ് നടന്നിട്ട് മതില് ചാടി അച്ചൂൻറെ അടുത്തേക്ക് നടന്നു.

അച്ചു നമ്മള് വന്നത് പോലും അറിയാത്ത വിധം അരുണിനോട് കൊഞ്ചി കൊണ്ടിരിക്കാണ്. നമ്മള് ഓൾക്കൊരു ചവിട്ട് കൊടുത്തപ്പൊ ഓള് ഞെട്ടി വേഗം വണ്ടീല് കേറി ഇരുന്നു.

"എന്തായി ഫെബീ പോയ കാര്യം?"

"സക്സസ്...പക്ഷേ അവനിട്ട് കൊടുക്കാൻ ഉദ്ദേശിച്ച പണി അത് ഇപ്പൊ തന്നെ കൊടുക്കണ്ടാന്ന് തീരുമാനിച്ചു. അതിന് അതിൻറേതായ ഒരു സമയം വരും അന്ന് നോക്കാം..."

അച്ചൂന് നമ്മള് പറഞ്ഞത് ഒന്നും മനസ്സിലായിട്ടില്ലേന്നു. ഇനി അധികം അവിടെ നിൽക്കുന്നത് സേഫുമല്ലാത്തോണ്ട് ഞങ്ങൾ വേഗം വീട്ടിലേക്ക് പുറപ്പെട്ടു.

അച്ചൂനോട് അവിടെ വെച്ച് നടന്നതൊക്കെ പറഞ്ഞിട്ട് ഓളെ വീട്ടിൽ കൊണ്ട് പോയി വിട്ടു. എന്നിട്ട് നമ്മള് നമ്മളേ വീട്ടിലേക്ക് തിരിച്ച് വിട്ട് വണ്ടി തള്ളി കൊണ്ട് ഗേറ്റ് കടന്നു.

പെട്ടെന്ന് ഹസിൻറെ വീട്ടിൽ ലൈറ്റ് ഓണായി ആരോ വാതില് തുറന്നു. നമ്മള് ഞെട്ടി തരിച്ച് കൊണ്ട് തിരിഞ്ഞ് നോക്കിയതും നമ്മളെ കയ്യീന്ന് വണ്ടി വീണു.

(തുടരും)

ഭാഗം. 43

പെട്ടെന്ന് ഹസിൻറെ വീട്ടിൽ ലൈറ്റ് ഓണായി ആരോ വാതില് തുറന്നു.നമ്മള് ഞെട്ടി തരിച്ച് കൊണ്ട് തിരിഞ്ഞു നോക്കിയതും നമ്മളെ കയ്യീന്ന് വണ്ടി വീണു.

നമ്മള് അപ്പോ തന്നെ രണ്ട് കാതും പൊത്തി കണ്ണടച്ച്

പിടിച്ചു നിന്നു. ഇപ്പൊ എന്തും സംഭവിക്കാം എന്ന രീതിയിൽ.

പക്ഷേ എത്ര ആയിട്ടും വണ്ടി നമ്മളെ കയ്യീന്ന് വീണ ശബ്ദം കേൾക്കുന്നില്ല.

എന്താ സംഭവമെന്ന് അറിയാൻ വേണ്ടി കണ്ണ് തുറന്നു നോക്കിയപ്പൊ നമ്മളെ കോന്തൻ അതാ നമ്മളെ വണ്ടിയും താങ്ങി നിക്കുന്നു. ഇതെന്താപ്പൊ സംഭവം എന്ന രീതിയിൽ നമ്മള് ഓനെ നോക്കി കൊണ്ട് നിന്നപ്പൊ ചെക്കൻ നമ്മളോട് കലിപ്പായി.

"നോക്കി കൊണ്ട് നിക്കാതെ എന്നെ വന്നൊന്ന് സഹായിക്കടീ പോത്തേ..."

നമ്മക്ക് അപ്പോഴാ ഓൻ നമ്മളെ വണ്ടി താങ്ങി കൊണ്ട് നിക്കുന്നത് ഓർമ്മ വന്നത്. നമ്മള് സ്വയം തലക്കൊരു മേട്ടം കൊടുത്തിട്ട് വണ്ടി പോർച്ചിലേക്ക് തള്ളി കൊണ്ട് പോയി.

ഹസിൻറെ ഉപ്പ എങ്ങോട്ടോ പോകാൻ നിൽക്കാണെന്ന്

നമ്മള് ഒളിഞ്ഞിരുന്ന് കണ്ടു. സമയം രണ്ടര ആകാറായിട്ടുണ്ട്. ഈ നേരത്ത് എങ്ങോട്ടാകും മൂത്താപ്പ എന്ന് ചിന്തിച്ചോണ്ട് നമ്മള് പോർച്ചീന്ന് തിരിഞ്ഞ് ഇരുന്നപ്പോഴാ കോന്തനെ കണ്ടത്.

"നീയെന്തിനാ ഇപ്പൊ ഇങ്ങോട്ട് വന്നത്? അടുത്ത റിവഞ്ചിന് വന്നതാണോ?"

നമ്മള് ശബ്ദം താഴ്ത്തി കൊണ്ട് ആ കോന്തനോട് ചോദിച്ചു.

"ഈ സമയത്ത് നിങ്ങളെ രണ്ട് പേരേയും ഒറ്റക്ക് വിടാനേ ഞാൻ ആദി
അല്ലാതിരിക്കണം...നിനക്കൊന്നും നിങ്ങളെ കാര്യത്തില് ശ്രദ്ധ ഇല്ലെങ്കിലും എനിക്ക് നിങ്ങളെ കാര്യത്തിൽ ശ്രദ്ധയൊക്കെയുണ്ട്. മനസ്സിലായോ?"

ആ കോന്തൻ നമ്മളോട് കൊരച്ച് ചാടിയപ്പൊ നമ്മള് ചെറുതായി പേടിച്ചു. പക്ഷേ അതൊന്നും നമ്മള് പുറത്ത് കാണിക്കാതെ ഓനോട് തിരിച്ചും

ഡയലോഗടിച്ചു.

"അതേ....ഞങ്ങളെ രക്ഷിക്കാൻ ഞങ്ങക്ക് അറിയാം. അതിന് നിന്നെ പോലെയുള്ള ഒരു ബോഡിഗാർഡിൻറെ ആവശ്യമൊന്നുമില്ല."

"അതിന് ആരാ ഇപ്പൊ നിൻറെ സേഫ്റ്റിക്ക് വേണ്ടി പിറകെ നടന്നേ?

നീ കാരണം വേറെ ആർക്കും ഒരു പ്രശ്നവും ഉണ്ടാവാതിരിക്കാൻ അവരെ സേഫ്റ്റിക്ക് വേണ്ടിയാ നിങ്ങളെ പിന്നാലെ വന്നത്. അല്ലാതെ നിങ്ങൾക്ക് എന്തേലും പറ്റോന്ന് കരുതിയല്ല."

എന്ന് പറഞ്ഞ് തുടങ്ങീലേ ആ കോന്തൻ ചിരിക്കാൻ. ഓൻറെ ചിരി കണ്ടിട്ട് മുക്കിലിട്ട് ചവിട്ടി കൂട്ടാനാ തോന്നിയത്. ഹസിൻറെ ഉപ്പ അവരെ വീടിൻറെ മുന്നിൽ തന്നെ നിക്കുന്നതോണ്ട് നമ്മക്ക് ആണെങ്കിൽ മോളിലേക്ക് പോകാനും പറ്റാത്ത അവസ്ഥയായി. ഈ കോന്തൻ ആണെങ്കിൽ എന്തിനെന്നില്ലാതെ വെറുതെ

കിണിച്ചോണ്ട് ഇരിക്കാണ്.

"ഇങ്ങനെ കെടന്ന് കിണിക്കാൻ മാത്രം ഇവിടിപ്പൊ എന്താ ഉണ്ടായേ? അൻറെ അമ്മായിമ്മ പെറ്റോ?"

"പെറ്റോ...എപ്പൊ? നീ എന്നോട് പറഞ്ഞതേ ഇല്ലല്ലോ..

ആദ്യമേ പറയായിരുന്നെങ്കിൽ കുഞ്ഞുടുപ്പും ബേബി സോപ്പും കൊണ്ട് വരായിരുന്നു.

എന്നിട്ടിപ്പൊ ഉമ്മാൻറെ എത്രാമത്തെ പ്രസവാ നാലോ അതോ മൂന്നോ?"

നമ്മക്ക് കലിപ്പ് കേറി വന്ന് ഓൻറെ നേരെ കഴുത്ത് നെരിക്കാൻ ചെന്നിട്ട് നമ്മള് സ്വയം നമ്മളെ കഴുത്ത് നെരിച്ചു.

അതൊക്കെ കണ്ടിട്ട് കോന്തൻ നല്ല ചിരിയാണ്. കുറച്ച് കഴിഞ്ഞപ്പൊ ഓൻറെ മുഖത്തേക്ക് നോക്കി നമ്മളും

ചിരിച്ചു.

പിന്നെ കുറച്ച് നേരത്തിന് ഞങ്ങൾക്കിടയിൽ നിശബ്ദത തളം കെട്ടി നിന്നു. നമ്മള് തന്നെ മുൻകൈ എടുത്തോണ്ട് ആ നിശബ്ദതയെ കീറി മുറിച്ചു.

"ഞാൻ..... ഒരു കാര്യം ചോയിച്ചോട്ടേ?"

"എന്നോട് എന്ത് കാര്യം പറയാനും ചോദിക്കാനും തനിക്ക് ഒരു മുഖവുരയുടെ ആവശ്യമില്ല. അതോണ്ട് താൻ ചോദിക്ക്..."

നമ്മക്ക് എന്തോ അത് ചോദിക്കാന്   ഒരു മടിയൊക്കെ വന്നു. വേണോ വേണ്ടയോ എന്ന ചിന്തയിൽ അവസാനം നമ്മള് ഓനോട് ചോദിച്ചു.

"നിനക്ക്....എന്തു കൊണ്ടാ എന്നെ ഇഷ്ടായേ?"

നമ്മളെ ചോദ്യത്തിന് ഓൻറെ പുഞ്ചിരി ആയിരുന്നു മറുപടി. അത് കാണുമ്പൊ ഇതുവരെ ഞങ്ങൾക്കിടയിൽ നടന്ന വഴക്കുകളൊക്കെ ആ ഒരൊറ്റ സെക്കന്റ് കൊണ്ട് മറന്നു പോകാണ്.

നമ്മള് ചോദിച്ചതിന് മറുപടി കാണാതെ വന്നപ്പൊ നമ്മള് വീണ്ടും ചോദ്യം ആവർത്തിച്ചു. അപ്പൊ ഓൻ നമ്മളെ അടുത്തേക്ക് കുറച്ച് കൂടി നീങ്ങി ഇരുന്നു.

"സത്യം പറഞ്ഞാൽ....എനിക്കറിയില്ല ഞാൻ എന്തുകൊണ്ടാ നിന്നെ സ്നേഹിച്ചതെന്ന്....

പല തവണ ഞാൻ എന്നോട് തന്നെ സ്ഥിരം ചോദിക്കുന്ന ഒരു ചോദ്യമാണത്...

ഓരോ തവണയും നീ എന്നെ ആട്ടി അകറ്റുമ്പോഴും ഇനിയും അവളെ മുന്നിൽ പോയി കെഞ്ചരുതെന്ന് തോന്നും. പക്ഷെ,നിന്നെ കാണുമ്പൊ എല്ലാം മറന്ന് വീണ്ടും ഫ്രഷായി തുടങ്ങാൻ തോന്നും...

അറിയില്ല എനിക്ക് നിന്നെ എന്താ ഇത്രക്കിഷ്ടമെന്ന്...അതിന് എൻറെ കയ്യിൽ തരാൻ മറുപടി ഒന്നുമില്ല."

"എന്നാലും എന്തെങ്കിലുമൊക്കെ റീസണില്ലാതെ ആരോടേലും ഇഷ്ടം തോന്നോ?"

"റീസണോട് കൂടി ആരെയെങ്കിലും ഇഷ്ടപ്പെട്ടാൽ പിന്നെ ആ റീസൺ നഷ്ടമാകുമ്പൊ അവരോടുള്ള ഇഷ്ടവും പോകില്ലേ?

ഇനിയും നിനക്ക് എൻറെ ഇഷ്ടത്തിൻറെ റീസൺ അറിയണെങ്കിൽ പറഞ്ഞ് തരാം......

നീയാണ് എൻറെ ഇഷ്ടത്തിൻറെ റീസൺ ഐഷൂ.... നീ മാത്രം.... അതോണ്ട് തന്നെ നീയെന്നെ വിട്ട് പോയാലും ശരി നിന്നോടുള്ള എൻറെ ഇഷ്ടം കുറയില്ല....കാരണം നീയെന്നും എൻറെ കൂടെ ഇവിടെ ഉണ്ടാകും..."

എന്ന് പറഞ്ഞ് ഓൻ നെഞ്ചിൽ കൈ വെച്ചു. ഓൻറെ ഓരോ വാക്കുകളും കേട്ടോണ്ടിരുന്നപ്പൊ എന്തോ

നമ്മളെ ഉള്ളില് പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു ഫീല് തോന്നി പോയി. നമ്മള് ഓനെ നോക്കി ഒന്ന് പുഞ്ചിരിച്ചിട്ട് തല താഴ്ത്തി ഇരുന്നു.

ഓനോട് എന്തൊക്കെയോ പറയണമെന്ന് തോന്നി.പക്ഷേ, പറയാൻ വാക്കുകൾ കിട്ടുന്നില്ല.

പെട്ടെന്ന് എടുത്തടിച്ച പോലെ ഓൻ നമ്മളോട് ചോദിച്ചു.

"നമ്മള് പരിചയപ്പെട്ട് തുടങ്ങിയ ഇത്രയും ദിവസങ്ങളിൽ ഒരിക്കൽ പോലും ഒരു തരി പോലും നിനക്ക് എന്നോട് സ്നേഹം തോന്നിയിട്ടില്ലെ?"

ജീവിതത്തിൽ ആദ്യമായിട്ട് തിരിച്ച് മറുപടി കൊടുക്കാൻ പറ്റാതെ പതറി നിൽക്കുന്ന അവസ്ഥയാണ് ഉണ്ടായത്. എന്ത് മറുപടി കൊടുക്കുമെന്ന് അറിയാതെ നമ്മള് തല താഴ്ത്തി കൊണ്ട് ചിന്തിച്ച് ഇരിക്കുമ്പോഴാണ് പെട്ടെന്ന് ഹസിൻ്റെ ഉപ്പ കാറിൽ കേറി പോയത്.

ഇതു തന്നെ പറ്റിയ അവസരമെന്ന് കരുതി നമ്മള് അവിടന്ന് എണീറ്റ് ഏണി വെച്ച് മോളിലേക്ക് കേറാൻ ഒരുങ്ങി.

അതിന് മുന്നേ നമ്മള് ഓനെ ഒന്ന് നോക്കി കൊണ്ട് ചിരിച്ചിട്ട് ബൈ പറഞ്ഞ് തിരിഞ്ഞു.

"ഐഷു വൺ മിനിറ്റ്..."

നേരത്തെ ചോദിച്ചതിൻ്റെ മറുപടി ചോദിക്കാന് ആവരുതെ പടച്ചോനേ എന്ന് മനമുരുകി പ്രാർത്ഥിച്ചോണ്ട് നമ്മള് അവിടെ നിന്നു.

"ഇന്നത്തോടെ ഈ നട്ടപ്പാതിരാക്കുള്ള നടത്തം നിർത്തിയേക്ക്....ഞാൻ ഇനി നിൻ്റെ വീട്ടിലേക്ക് രാത്രി മതില് ചാടി വരില്ല...അതോർത്ത് നീ ടെൻഷനാകണ്ട....പിന്നെ....

ഇങ്ങനെ ഒക്കെ സംഭവിച്ചെന്ന് കരുതി നീ എന്നോട്

ഇപ്പൊ തന്നെ ഇഷ്ടാണെന്ന് ഒന്നും പറഞ്ഞേക്കല്ലേ.... അതിന് ഇനിയും സമയമുണ്ട്."

നമ്മള് ഓൻറെ പറച്ചില് കേട്ടിട്ട് ഓനെ ഒന്ന് രൂക്ഷമായി നോക്കി കൊണ്ട് ഒരു കല്ലെടുത്ത് ഏറ് കൊടുത്തു.

എന്നിട്ട് പോടാ പട്ടീന്ന് വിളിച്ച് വേഗം മോളിലേക്ക് കേറി പോയി.ഓൻ ചിരിച്ചോണ്ട് നമ്മളോട് ബൈ പറഞ്ഞ് ഗേറ്റ് കടന്നു പോകുന്നതും നോക്കി നമ്മള് ബാൽക്കണിയിൽ നിന്നു.

ഓൻ പോയതും വാതില് തുറന്ന് നമ്മള് അകത്തേക്ക് കടന്നു. ഹസി മൂടി പുതച്ച് ഭയങ്കര ഉറക്കാണ്. നമ്മള് ചെന്നപ്പാടെ ഓളെ തട്ടി വിളിച്ചതും പെണ്ണ് ഞെട്ടി എണീറ്റിട്ട് ഒരു അലർച്ചേന്നു.

"ഇൻക്കൊന്നും അറീല കുഞ്ഞാമാ....ഓള് എങ്ങോട്ടാ പോയതെന്ന്...."

നമ്മള് അപ്പൊ തന്നെ ഓളെ വാ പൊത്തി പിടിച്ചു.

"ശു...മിണ്ടല്ലെടീ പോത്തേ....ഇത് ഞാനാ ഫെബീ...നിന്നെ ഒക്കെ വിശ്വസിച്ച് ഒരു കാര്യം ഏൽപ്പിച്ചു പോയ എന്നെ പറഞ്ഞാൽ മതിയല്ലോ എല്ലാത്തിനും...ഇക്കണക്കിന് പോയാ നീ തന്നെ മുഴുവൻ വിളിച്ച് കൂവല്ലോ..."

ഹസി പെട്ടെന്ന് നമ്മളെ കൈ തട്ടി മാറ്റി.

"എവിടെ ആയിരുന്നെടീ പെണ്ണേ നീ ഇത്ര നേരം? നീ വരുന്നതും നോക്കി കൊണ്ട് ഇരുന്ന് ഇപ്പൊന്നാരെ ഒന്ന് കണ്ണടച്ചതേയുള്ളു അപ്പൊ തന്നെ വന്ന് നീ തട്ടി വിളിച്ചാൽ പിന്നെ ആരായാലും വിളിച്ച് കൂവില്ലേ?"

നമ്മള് ഓളെ നോക്കി ഒന്ന് പല്ലിളിച്ച് കാണിച്ച് കൊടുത്തിട്ട് വേഗം പോയി ഡ്രസ് ചെയ്ഞ്ച് ചെയ്തിട്ട് ലൈറ്റ് ഓഫാക്കി വന്ന് കിടന്നു.

"എന്തായെടി ഫെബീ പോയ കാര്യം? എല്ലാം നീ പ്ലാൻ ചെയ്ത പോലെ നടന്നോ?"

നമ്മള് എല്ലാം വള്ളി പുള്ളി വിടാതെ അവൾക്ക് പറഞ്ഞ് കൊടുത്തപ്പോഴാ ഓളൊരു സംശയവും കൊണ്ട് വന്നത്.

"എടീ....അപ്പൊ അവിടെ ഉണ്ടായ ക്യാമറയിലൊക്കെ നീ മതില് ചാടി കേറിയതൊക്കെ റെക്കോഡായിട്ടുണ്ടാവില്ലെ?"

അത് കേട്ടതും സ്വിച്ചിട്ട പോലെ പെട്ടെന്ന് ചാടി എണീറ്റിട്ട് നമ്മള് തലയിൽ കൈ വെച്ച് നിന്നു. എന്നിട്ട് അപ്പൊ തന്നെ ആ കോന്തനോട് വിളിച്ച് ആ ക്യാമറൻ്റെ കാര്യം പറഞ്ഞു. ഓനത് ഇന്നലെ ഓഫാക്കിയതാണ് അതോണ്ട് അത് വർക്കാവില്ലാന്ന് ഓൻ പറഞ്ഞപ്പോഴാ നമ്മക്ക് ഒരു ആശ്വസമായത്.

നമ്മള് എന്നിട്ട് അപ്പൊ തന്നെ ഫോൺ കട്ടാക്കിയിട്ട് ചാർജിലിട്ട് വീണ്ടും കിടന്നു.

"ഫെബീ..... ഞാൻ നിന്നോട് ഒരു കാര്യം ചോദിക്കട്ടെ?"

നമ്മള് കണ്ണടച്ചിട്ട് ഒന്ന് മൂളി കൊടുത്തു.

"നിനക്ക് ആദിൽക്കാനെ ഇഷ്ടമല്ലേ?"

നമ്മള് ഞെട്ടി തരിച്ച് കണ്ണ് തുറന്ന് ഹസിനെ നോക്കി. ഓള് വീണ്ടും വീണ്ടും ചോദ്യം ആവർത്തിക്കാൻ തുടങ്ങി.

"പറയെടീ....നിനക്ക് ഓനെ ഇഷ്ടല്ലേ?"

"അത്....ഇഷ്ടം...... എനിക്ക് ഉറങ്ങണം...നീ ഒന്ന് പോയേ ഹസീ...."

"ഫെബീ....നീയെന്തോ ഒളിക്കുന്ന പോലെ തോന്നുന്നുണ്ടല്ലോ....സത്യം പറ നിനക്ക് ഓനെ ഇഷ്ടല്ലേ...."

നമ്മള് എന്ത് പറയുമെന്ന് അറിയാതെ ഓളെ മുന്നിൽ പകച്ച് പോയി.

"പറയെടി പെണ്ണേ...."

"എനിക്കറീല ഹസീ....നീ ശല്യം ചെയ്യാതെ പോയി ഉറങ്ങാൻ നോക്ക്.."

എന്ന് പറഞ്ഞ് നമ്മള് തലയിലൂടെ പുതപ്പിട്ട് മൂടി പുതച്ച് കിടന്നു. ഹസി എന്തൊക്കയോ പിറു പിറുത്തോണ്ട് തിരിഞ്ഞ് കിടന്നു.

ആ നിമിഷം മുതൽ നമ്മളും നമ്മളോട് സ്വയം ആ ചോദ്യം ചോദിക്കാന് തുടങ്ങി. കാരണം, മുൻപ് ഓനെ ഇഷ്ടാണോ എന്ന് ചോദിച്ചാൽ ഇല്ലാന്ന് പറയാൻ പിന്നീട് ചിന്തിക്കേണ്ട കാര്യമില്ലേന്നു. പക്ഷേ, ഇപ്പൊ....ഓനോട് അങ്ങനെ ഒരു ഇഷ്ടമുണ്ടോന്ന് നമ്മക്ക് തന്നെ സംശയായി.

"ഡീ......ഹസീ....."

"ഉം......."

"നീ ഉറങ്ങിയോ....?"

"ഉറങ്ങിയാൽ നിന്നോടിപ്പൊ സംസാരിക്കോ? നീ എന്താ കാര്യമെന്ന് വെച്ചാൽ പറ എനിക്ക് ഉറങ്ങണം..."

"എടീ.....അത് പിന്നെ..... നീ എന്താ എന്നോട് അങ്ങനെ ചോദിച്ചേ?"

"എങ്ങനെ ചോദിച്ചേ?"

" അത്....ഓനെ എനിക്ക് ഇഷ്ടാണോന്ന്...."

അത് കേട്ടപ്പോ ഹസി നമ്മളെ ഭാഗത്തേക്ക് തിരിഞ്ഞു കിടന്നിട്ട് നമ്മളെ നോക്കി ചിരിച്ചു....

"എനിക്ക് അങ്ങനെ തോന്നി...

അതോണ്ട് ചോദിച്ചു... എന്താ അങ്ങനെ വല്ലതും ഉണ്ടോ?"

"പോടീ....അങ്ങനെയൊന്നുല്യ......"

"പിന്നെ എങ്ങനെയാ ഉള്ളത്?"

ഓള് നമ്മളെ ഒരു കള്ളച്ചിരിയോടെ നോക്കി ചോദിച്ചു.

"അ...അത്....എങ്ങനേയും ഇല്ല...നീ വായ പൊത്തി മിണ്ടാതെ ഉറങ്ങാൻ നോക്ക്...."

നമ്മളതും പറഞ്ഞ് തിരിഞ്ഞ് മൂടി പുതച്ച് കിടന്നു.

"ഉം...ഉം.....എനിക്കൊന്നും മനസ്സിലായിട്ടില്ലെന്ന് നീ കരുതണ്ട മോളേ...നിനക്ക് ഞാൻ തരാം..."

നമ്മള് അത് കാര്യാക്കാതെ കണ്ണടച്ച് കിടന്നെങ്കിലും ഉറക്കം വന്നില്ല. ഓൻറെ മുഖമാണ് കൺമുന്നിൽ കാണുന്നത്, ഓൻറെ ശബ്ദമാണ് കാതില് കേൾക്കുന്നത്....

എന്താകും ഇതിനൊക്കെ അർത്ഥമെന്ന് ചിന്തിച്ച് നമ്മള് നേരം വെളുപ്പിച്ചു.

എന്നത്തേയും പോലെ തന്നെ നമ്മളെ സ്ഥിരം പരിപാടികൾ ഒക്കെ കഴിച്ച് നമ്മള് കോളേജിലേക്ക് പുറപ്പെട്ടു. അച്ചൂനോട് ഓൻ നമ്മളെ പിന്നാലെ ഇന്നലെ വന്നതൊക്കെ നമ്മള് പറഞ്ഞു.

ഇന്ന് ബസില് എഴുതി വെച്ചിട്ടുള്ളത് " ഹാവ് എ നൈസ് ഡേ ഐഷൂ..." എന്നാണ്.നമ്മക്ക് അത് കണ്ടപ്പൊ അറിയാതെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു.

ഇന്ന് ഇത്ത ലീവാണെന്ന് തോന്നുന്നു ഇത്താൻ്റെ സ്റ്റോപ്പില് ആരും ഇല്ലെന്നു.

അങ്ങനെ ഞങ്ങൾ കോളേജിൽ എത്തിയ അപ്പൊ തന്നെ ചെന്ന് ചാടിയത് നമ്മളെ ബ്രദേഴ്സിൻ്റെ മുന്നിലാണ്.

കാക്കു നമ്മക്ക് തിരിച്ച് ആ കൊലുസ് തരാൻ വേണ്ടിയാണ് വന്നത്. നമ്മളത് വാങ്ങിയിട്ട് അപ്പൊ തന്നെ അത് കാലിലിട്ടു.

എന്നിട്ട് കാക്കൂനോടും ബ്രദേഴ്സിനോടും സംസാരിച്ച് വരുമ്പോഴുണ്ട് നമ്മളെ കോന്തനും കൂട്ടരും അവരെ സ്ഥിരം ഇരിപ്പിടത്തിൽ ഇരിക്കുന്നു.

നമ്മക്ക് എന്തോ ആ ഭാഗത്തേക്ക് തന്നെ നോക്കാൻ ഒരു മടി...അതോണ്ട് വേഗം അവിടന്ന് അച്ചൂനേയും വലിച്ചോണ്ട് ക്ലാസിലേക്ക് ഓടി.

എന്നിട്ട് നമ്മളെ കുരാമീസിനോട് ഇന്നലെ രാത്രി

ഓൻ്റെ വീട്ടിലേക്ക് കേറി ചെന്ന സംഭവങ്ങളൊക്കെ നമ്മള് പറഞ്ഞ് കൊടുത്തു.

ഒരുത്തിയും നമ്മള് പറഞ്ഞത് വിശ്വസിക്കുന്നില്ല. ഒടുവിൽ ഞങ്ങൾ രണ്ട് പേരും കൂടി പറഞ്ഞ് പറഞ്ഞു അവര് വിശ്വസിച്ചു.

എന്നിട്ട് നമ്മളെ ഒരു അത്ഭുത ജീവിയെന്ന പോലെ നോക്കി നിന്ന് ഓരോന്ന് പറയാൻ തുടങ്ങി.

ഇന്നത്തെ കോളേജിലെ ക്ലാസോക്കെ പരമ ബോറായതോണ്ടും രണ്ട് ദിവസമായിട്ട് ശരിക്ക് ഉറങ്ങാതിരിക്കുന്നതോണ്ടും നമ്മള് ഫുൾ പിരീഡും നല്ല ഉറക്കായിരുന്നു.

അതോണ്ട് പുറത്തേക്കൊന്നും പോകാതെ ജനലൊക്കെ അടച്ച് ക്ലാസിലിരുന്ന് നമ്മള് നന്നായിട്ട് ഉറങ്ങി. കോളേജ് വിട്ട് ബസില് പോകുമ്പൊ വരെ നമ്മള് നല്ല ഉറക്കായിരുന്നു.

വീട്ടില് എത്തി നമ്മളെ എല്ലാ പരിപാടികളും കഴിച്ച് ഫുഡും കഴിച്ച് ഒരു കിടത്തമായിരുന്നു ബെഡില്. പിന്നെ എണീറ്റത് പിറ്റേന്ന് രാവിലെ 11 മണി ആയപ്പോഴാണ്...

കാരണം അത്രക്ക് ഉണ്ടായിരുന്നു നമ്മക്ക് ഉറക്കക്ഷീണം...അതും അപ്പൊ പിടിച്ച് ഉമ്മ വിളിച്ച് എണീപ്പിച്ചിട്ടില്ലെങ്കിൽ വീണ്ടും കിടന്നേനേ...

"ഫെബീ....ഡീ...പെണ്ണേ എത്ര വട്ടായെടി അന്നെ വിളിക്കാൻ തുടങ്ങുന്നു...അന്നേ കാണാനതാ രണ്ട് പേര് താഴെ വന്നണ്ണ്.

...എണീറ്റു വാടീ..."

നമ്മളെ ഇതും പറഞ്ഞിട്ടാണ് ഉമ്മച്ചി വിളിച്ച് എണീപ്പിച്ചത്. ആരാപ്പൊ നമ്മളെ കാണാൻ വന്നതെന്ന് കരുതി എണീറ്റ് ഫ്രഷായി നമ്മള് താഴേക്ക് ഇറങ്ങി.

നമ്മള് സ്റ്റെപ്പിറങ്ങി താഴേക്ക് ഇറങ്ങിയതും സോഫയിലിരിക്കുന്ന രണ്ട് പേരേയും കണ്ട് നമ്മളെ കാല് സ്ലിപ്പായി "യാ റബ്ബീീീീ...." ന്ന് അലറി കൊണ്ട്

ഒരൊറ്റ വീഴ്ച്ചേന്നു താഴേക്ക്...

നമ്മളെ വീഴ്ച കണ്ടതും അവര് രണ്ട് പേരും കൂടി ഹലാക്കിലെ ചിരിയാണ്. നമ്മളാണെങ്കിൽ ഇവൻമാരെ മുന്നിൽ വീണിട്ട് ആകെ വശളായി ഇരിക്കാ...

അല്ലാ...ആ രണ്ട് പേര് ആരാന്ന് നമ്മള് പറഞ്ഞില്ലല്ലോ...

വേറെ ആരാ..ആ കോന്തനും പിന്നെ നമ്മളെ കാക്കുവും തന്നെ.

പണ്ടാറക്കാലൻമാര് വീണത് കണ്ട് നോക്കി ചിരിക്കാ എന്നല്ലാതെ പിടിച്ച് എഴുന്നേൽപ്പിക്കാൻ നോക്കല്ല... നമ്മളാണെങ്കിൽ നല്ല അഡാറ് ലാൻറിങ് ആയോണ്ട് ചന്തിക്ക് നല്ല സുഖണ്ടേന്നു...

നമ്മക്ക് അവരെ മുഖത്തേക്ക് നോക്കാൻ കൂടി വയ്യ..ചിരിയും കരച്ചിലും ഒക്കെ കൂടി വരാണ്.

അപ്പോഴുണ്ട് നമ്മളെ നേരെ ഒരു കൈ നീണ്ട് വരുന്നു. ആരാപ്പൊ ഇതെന്ന് കരുതി മുഖമുയർത്തി നോക്കുമ്പൊ ആ കോന്തനാണ്.

നമ്മള് ഓൻറെ കയ്യിനിട്ട് ഒരു തട്ട് കൊടുത്തിട്ട് സ്വയം ഒന്ന് എണീക്കാൻ നോക്കി. എവിടെ പറ്റണ്ടേ....

നമ്മള് അപ്പൊ കാക്കൂനെ നോക്കിയപ്പൊ ഇപ്പൊ വരാവെ എന്ന് പറഞ്ഞ് ഫോണും പിടിച്ച് പുറത്തേക്ക് പോയി.

നമ്മള് അപ്പൊ തന്നെ ഉമ്മാനെ വിളിച്ച് കൂവി...

"ഉമ്മാ...ഇങ്ങട്ട് വരീ.
..."

"ഞാൻ ഇവിടൊരൂ പണീലാണ് ഫെബിയേ....ഓര് ഷാദിനെ ചോയിച്ച് വന്നതാണ്...ഓൻ ഇപ്പൊ വരും പുറത്ത് പോയതാ..."

ഉമ്മച്ചി അടുക്കളേന്ന് വിളിച്ച് കൂവി. നമ്മള് വീണ്ടും സസി ആയി കൊണ്ട് അവിടെ ഇരുന്നു.

അപ്പൊ ഓൻ വീണ്ടും നമ്മളെ നേരെ കൈ നീട്ടി. വേറെ ഒരു മാർഗവുമില്ലാത്തോണ്ട് നമ്മളാ കോന്തൻറെ മുഖത്ത് പോലും നോക്കാതെ തല താഴ്ത്തി കൊണ്ട് ഓന് കൈ കൊടുത്തു.

ഓൻ നമ്മളെ കൈ പിടിച്ച് വലിച്ച് നിർത്താൻ നോക്കിയെങ്കിലും കാല് ഉളുക്കിയതോണ്ട് നമ്മക്ക് നേരാം വണ്ണം നിൽക്കാൻ പറ്റീലേന്നു. അതോണ്ട് തന്നെ നിൽപ് ഉറക്കാതെ നമ്മള് ഓൻറെ മേത്തേക്ക് വീണു.

കണ്ണും കണ്ണും.... തമ്മിൽ തമ്മിൽ....കഥകൾ എത്ര നേരം കൈ മാറിയെന്നറീല...

പെട്ടെന്ന് നമ്മളെ തലേല് ഒരു കൊട്ട് കിട്ടിയപ്പോഴാ സ്വബോധത്തിലേക്ക് വന്നത്.

അപ്പൊ നോക്കുമ്പോൾ നമ്മള് ഇപ്പോഴും വീണിടത്ത് നിന്നും എണീറ്റിട്ടില്ല. അപ്പോ നമ്മക്ക് ഇതുവരെ നടന്നതൊക്കെ തോന്നിയതേന്നു..

അവറ്റകള് രണ്ടും ഇരുന്നിടത്ത് നിന്ന് ഒരടി പോലും നീങ്ങിയിട്ടില്ല. നമ്മളെ വീഴ്ച കണ്ട് രസിച്ച് ഇരിക്കാണ്.

നമ്മളെ ഉമ്മച്ചി നമ്മളെ പിടിച്ച് എണീപ്പിച്ച് സ്റ്റെപ്പില് കൊണ്ട് പോയി ഇരുത്തി.

"നോക്കിയും കണ്ടും നടക്കൂല...വല്യ സ്വപ്ന ലോകത്താണെന്നാ ഭാവം..."

"ഉമ്മാ....."

നമ്മളെ ഉമ്മാൻറെ പറച്ചില് കേട്ടിട്ട് ഇവിടെ രണ്ടെണ്ണം ഭയങ്കര ചിരിയാണേ...അതാ നമ്മള് ഉമ്മാനെ തടുത്തത്...

അല്ലെങ്കിൽ തന്നെ തൊലിയുരിഞ്ഞ് നാണം കെട്ട് നിക്കാണ് അതിനിടയിലാ ഉമ്മാൻറെ ഡയലോഗും കൂടി ആയാൽ പിന്നെ പറയണ്ടല്ലൊ...

"നിങ്ങള് രണ്ടാളും ഇത് കാര്യാക്കണ്ട ഇതിവടെ സ്ഥിരള്ളതാ...നിങ്ങള് ഇവിടെ ഇരിക്ക് ഞാൻ നിങ്ങക്ക് കുടിക്കാൻ വല്ലതും എടുക്കാ...ഷാദി ഇപ്പൊ വരും പുറത്ത് പോയതാ.."

എന്ന് അവൻമാരോട് പറഞ്ഞിട്ട് ഉമ്മച്ചി അടുക്കളേക്ക് പോയി. ഇനി ഇവിടെ നിന്നാലെ ശരിയാകൂലാന്ന് തോന്നിയതോണ്ട് നമ്മള് അവിടന്ന് വേഗം എണീറ്റ് ഞൊണ്ടി ഞൊണ്ടി ഉമ്മച്ചിൻറെ പിന്നാലെ പോയി.

"ഇങ്ങളിത് എന്ത് പണിയാ ഉമ്മച്ചിയേ ചെയ്തേ.... അവൻമാരെ മുന്നിൽ ഇൻറെ തൊലി ഉരിഞ്ഞു പോയില്ലേ..."

"നേരാം വണ്ണം നോക്കിയും കണ്ടും നടക്കണേന്നു.എന്നാ പിന്നെ ഇങ്ങനെ നാണം

കെടേന്നോ?"

"ഓ...ഇങ്ങളെന്തിനാ അവര് എന്നെ കാണാൻ വന്നതാന്ന് പറഞ്ഞ് വിളിച്ച് നീപ്പിച്ചത്? അതോണ്ടല്ലേ ഞാൻ വീണത്?"

"അന്നോട് അങ്ങനെ പറഞ്ഞിട്ടില്ലെങ്കിൽ നീയിപ്പൊ നീച്ചേന്നോ? അങ്ങനെ പറഞ്ഞോണ്ടല്ലെ ഇജ്ജിപ്പൊ നീച്ചത് തന്നെ..."

"ഇനിപ്പൊ പറഞ്ഞിട്ടൊന്നും കാര്യല്യ....ആകെ നാണം കെട്ടു.ഞാൻ ഇനി എങ്ങനെ അവരെ മുഖത്ത് നോക്കാ....?"

"അൻക്ക് ഓരേ അതിന് അറിയോ?"

"അറിയോന്നോ...

നല്ല കഥ...അതില് റെഡ് കളർ ഷർട്ടിട്ടതാണ് ഇൻറെ കാക്കു സിയാദ്... മറ്റേത് ആ ആദില് കോന്തൻ..."

"ങേ...കോന്തനോ?"

"ആ കോന്തൻ...ഇങ്ങളെന്താ കോന്തൻ എന്ന് കേട്ടിട്ടില്ലേ?

ഓരിപ്പൊ എന്തിനാ ഇങ്ങോട്ട് വന്നത്?"

"ഓര് ഷാദിനെ എന്തോ ആവശ്യത്തിന് കാണാൻ വന്നതാണ്....

ഓര് അൻറെ പരിചയക്കാര് ആയിട്ടാണോ ഇജ്ജ് ഇങ്ങട്ട് പോന്നത്? പോയി ഓരോട് സംസാരിച്ചൂടെ..."

"ഞാനൊന്നും പോകൂല...ഇങ്ങക്ക് അറിയാഞ്ഞിട്ടാ അവൻമാര് എന്നേ കളിയാക്കി കൊല്ലും...അതോണ്ട് ഞാൻ പോകൂല..."

ഉമ്മച്ചി ചിരിച്ചോണ്ട് അവൻമാർക്കുള്ള വെള്ളവും കൊണ്ട് പോയി. എത്ര ആയിട്ടും തിരിച്ച് വരാത്തത് കണ്ടപ്പോൾ നമ്മള് ഹാളിലെ വാതിലിൻറെ അവിടെ മാറി നിന്ന് അവര് പറയുന്നതും കേട്ട് നിന്നു.

നമ്മക്കിട്ട് താങ്ങാൻ കിട്ടുന്ന ഒരു അവസരവും നമ്മളെ ഉമ്മച്ചി ആയിട്ട് കളഞ്ഞ് കുളിക്കാറില്ലാത്തോണ്ട് നമ്മക്കിട്ട് നല്ലോണം പണി കിട്ടുന്നുണ്ടേന്നു.. എല്ലാം കേട്ട് കഴിഞ്ഞപ്പൊ തോന്നി ഇതിലും ഭേദം നമ്മക്ക് പോകേന്നു എന്ന്.

കുറച്ച് കഴിഞ്ഞപ്പൊ ഷാദി കേറി വന്നു. അവര് ഷാദിനേയും കൂട്ടി പുറത്തേക്ക് പോയിട്ട് സംസാരിക്കാണ്. നമ്മള് ആ ഗ്യാപ്പില് ഹാളിലേക്ക് ചെന്നിട്ട് ഉമ്മച്ചിക്കിട്ട് ഒരു നുള്ള് കൊടുത്തിട്ട് റൂമിലേക്ക് വേഗം ഞൊണ്ടി കേറി പോയി.

എന്നിട്ട് തൈലവും എടുത്തോണ്ട് നമ്മളെ കിളിവാതിലിൻറെ അവിടെ ഇരുന്നിട്ട് കാല് നന്നായിട്ട് തിരുമ്മി. എത്ര ആയിട്ടും കാലിലെ വേദന പോകുന്നില്ലേന്നു.

നമ്മക്ക് അതിലേറെ ബാധിച്ചത് അവൻമാരെ ചിരി ആയിരുന്നു. അത് ഓർത്തപ്പൊ ആകെ കൂടി നാണക്കേടായി. നമ്മള് തന്നെ അതോർത്ത് ചിരിച്ചോണ്ട് താഴേക്ക് നോക്കിയപ്പോഴുണ്ട് ആ കോന്തൻ നമ്മളെ നോക്കി ചിരിച്ചിട്ട് കാക്കൂനേയും കൊണ്ട് പോകുന്നു.

നമ്മള് തലക്ക് കയ്യും കൊടുത്ത് ഛെ പറഞ്ഞ് അവിടെ തന്നെ ഇരുന്നു.

ഇനി കോളേജിൽ ചെല്ലുമ്പൊ അതിൻറെ പേരും പറഞ്ഞ് കളിയാക്കുമല്ലോന്ന് ചിന്തിച്ചാണ് ആ രണ്ട് ദിവസവും തള്ളി നീക്കിയത്.

പിറ്റേന്ന് തിങ്കളാഴ്ച എന്നത്തേക്കാളും ഒരുപാട് വൈകിയാണ് എണീറ്റത്. ഇന്നാണെങ്കിൽ കാലകേയൻറെ റെക്കോഡ് ബുക്ക് സബ്മിറ്റ് ചെയ്യണം അതോണ്ട് ലീവെടുക്കാനും പറ്റില്ല.

നമ്മളെ കാണാഞ്ഞിട്ട് നമ്മളെ അച്ചു വിളിയോട് വിളിയാണ്. ഓളോട് നമ്മള് പോകാൻ പറഞ്ഞിട്ട് വീട്ടീന്ന് ഇറങ്ങി സ്റ്റോപ്പിലേക്ക് ഓടി.പക്ഷേ, ബസ് അപ്പോഴേക്കും പോയിരുന്നു.

ഇനി ബസ് പത്ത് മണിക്കെ ഉള്ളുവെന്ന് അച്ചു വിളിച്ചപ്പൊ നമ്മളോട് പറഞ്ഞു. ഇനിയിപ്പൊ എന്താ ചെയ്യാന്ന് കരുതി നമ്മള് തല പുകച്ച് നിൽക്കുമ്പോഴാണ് നമ്മളെ മുന്നിലേക്ക് ഒരു കാറ് വന്ന് നിന്നത്.

നല്ല കണ്ട് പരിചയള്ള കാറിനെ പോലെ തോന്നിയതോണ്ട് തന്നെ ഇതാരാപ്പോന്ന് കരുതി നിൽക്കുമ്പോഴാണ് കാറിൽ നിന്നും ആ രൂപം ഇറങ്ങി വന്നത്.

"ഫൈസൽക്കാ..."

(തുടരും)

ഭാഗം. 44

"ഫൈസൽക്ക..." "നീയെന്താ ഫെബീ ഇവിടെ ഒറ്റക്ക് നിക്കുന്നേ? ബസ് പോയോ?" "ആ...ഫൈസൽക്ക... ഇനി ഇപ്പോഴൊന്നും ബസില്ല...ആകെ പെട്ടു... എനിക്ക് ആണെങ്കിൽ ഇന്ന് കോളേജിൽ പോയേ പറ്റൂ .." "ഓ....അത്രക്ക് അർജൻറാണെങ്കിൽ കേറിക്കോ ഞാൻ കൊണ്ടാക്കി തരാം." "അതൊന്നും വേണ്ട ഫൈസൽക്ക ഞാൻ ഒരു ഓട്ടോ വിളിച്ച് പൊയ്ക്കോളാം..." "അങ്ങനെ ഇപ്പൊ എൻറെ ഖൽബ് കണ്ണിക്കണ്ട ഓട്ടോയിൽ ഒന്നും കേറണ്ട...നീ വാ ഞാൻ കൊണ്ട് വിടാം..." 'ഇങ്ങേരെ ഒരു ഖൽബേ വിളി...അതാണ് നമ്മക്ക് പറ്റാത്തത്. ഇനി ഇവിടെ ഇങ്ങനെ നിന്നിട്ടും വല്യ പ്രയോജനല്യാ.. അതോണ്ട് ഇപ്പൊ കേറല്ലാതെ വേറെ നിവർത്തിയില്ല.' നമ്മള് ബാക്കിലെ ഡോറ് തുറന്നപ്പൊ അതിൽ മൊത്തം വലിയ ചാക്ക് നിറയെ പച്ചക്കറിയായിരുന്നു. "അത് മാർക്കറ്റിലേക്ക് വിൽക്കാൻ കൊണ്ടോവാ....വിരോധമില്ലെങ്കിൽ ഫ്രണ്ടിലിരുന്നോ.. ഞാൻ അന്നെ പിടിച്ച് തിന്നാനൊന്നും പോണില്ല പെണ്ണേ...നീ ധൈര്യായിട്ട് കേറിക്കോ..." നമ്മള് മൂപ്പരെ വർത്താനം കേട്ടിട്ട് ഒരു ചിരി പാസാക്കി കൊണ്ട്

മുന്നിൽ ഇരുന്നു. "അല്ല ഫൈസൽക്കാക്ക് മാർക്കറ്റിൽ പോകാനുള്ളതല്ലേ? അപ്പൊ എന്നെ കൊണ്ട് വിട്ടാൽ അങ്ങോട്ട് പോകാൻ നേരം വൈകില്ലേ?" "അതൊന്നും ഓർത്ത് നീ ബേജാറാകണ്ട...അതൊക്കെ ഞാൻ വേണ്ട പോലെ ഡീൽ ചെയ്തോളാം.... ഇപ്പൊ നിന്നെ കോളേജിൽ എത്തിക്കുക അതാണ് എനിക്ക് പ്രാധാന്യം... ആ പിന്നെ... നീ ഫസി പ്രസവിച്ചതിന് ശേഷം ഒരു തവണ പോലും ഓളെ കാണാൻ വരാത്തതില് അവൾക്ക് നല്ല വിഷമം ഉണ്ട്.... ഞാൻ അവിടെ ഉണ്ടായിട്ടാണ് നീ വരാത്തതെന്ന് ഫസി പറഞ്ഞു... ശരിയാണോ?" "ഏ....ഏയ്....അങ്ങനെ ഒന്നുല്ല്യ ഫൈസൽക്ക ...ഇപ്പൊ കോളേജ് ഒക്കെ തുറന്നത് അല്ലെ അപ്പൊ അതിൻറെ തിരക്കില് വരാൻ പറ്റാത്തതാണ്....അടുത്ത ആഴ്ച എന്തായാലും വരാൻ നോക്കണ്ട്." "ആ...എന്നാല് അങ്ങനെ വരാണെങ്കിൽ ഓളെ കെട്ടിച്ച വീട്ടിലേക്ക് ചെന്നാ മതി...ഓള് അവിടെയാ ഉള്ളത്.
അല്ലാ...അതിരിക്കട്ടെ...എങ്ങനെയുണ്ട് അൻറെ കോളേജ് ഒക്കെ?" "കോളേജ് ഒക്കെ പൊളിയല്ലേ...സൂപ്പർ ആയിട്ട് പോകുന്നുണ്ട്..." "ഉം....എനിക്ക് വല്ല കോമ്പറ്റേറ്ററും ഉണ്ടോ?" നമ്മക്ക് ഫൈസൽക്ക എന്താ പറഞ്ഞതെന്ന് മനസ്സിലായില്ല. അതോണ്ട് തന്നെ മൂപ്പരെ നോക്കി നമ്മള് നെറ്റി ചുളിച്ചു.

"നിൻറെ പിന്നാലെ വല്ലവൻമാരും നടക്കുന്നുണ്ടോന്ന്...." നമ്മക്ക് അപ്പൊ തന്നെ നമ്മളെ കോന്തൻറെ ഓർമ്മ വന്നു. നമ്മള് ഫൈസൽക്കാനോട് ഉണ്ടെന്ന് പറയണോ അതോ ഇല്ലെന്ന് പറയണോ എന്നോർത്ത് തല പുകച്ചു. "എന്തേ സൈലന്റായി....? അങ്ങനെ ആരേലും അൻറെ മനസ്സിൽ കേറി കൂടിയിട്ടുണ്ടോ പെണ്ണേ....?" "ഏ...യ്....അങ്ങനെ ഒന്നും ഇതുവരെ ഉണ്ടായിട്ട് പോലുമില്ല....പിന്നെ എന്നെ ഒക്കെ പോയി ആര് പ്രേമിക്കാനാ ഫൈസൽക്ക....? എൻറെ സ്വഭാവം അടുത്ത് അറിഞ്ഞാൽ മതി ഓടി പോകും...അത്രക്കില്ലേ നമ്മളെ കൊണം...." "ഉം....ഇനി അങ്ങനെ വല്ലോരും അൻറെ മനസ്സിൽ ഉണ്ടെങ്കിൽ പറയോണ്ടീ...നമ്മക്ക് നല്ലതാണെങ്കിൽ അതങ്ങ് നടത്താം...എന്തേ ഖൽബേ..?" നമ്മളൊരു പുഞ്ചിരി തൂകി കൊണ്ട് ഫൈസൽക്കാനെ നോക്കി. ഇതാണ് ഫൈസൽക്ക....സ്നേഹിക്കുന്നവരെ ഇഷ്ടം നടത്തി കൊടുത്ത് ത്യാഗം ചെയ്യുന്നയാൾ...ലോകത്ത് ഇങ്ങേരെ പോലെയുള്ളവര് അപൂർവ്വായിരിക്കും. അതോണ്ട് തന്നെ നമ്മക്ക് മൂപ്പരോട് ഒരു ചെറിയ ഇഷ്ടമൊക്കെയുണ്ട്. പക്ഷേ എന്ത് ചെയ്യാനാ മൂപ്പര് ആ കോന്തൻറെ അത്രക്ക് ഇല്ലെങ്കിലും ഒരു ചെറിയ ശല്യാണ്. അങ്ങനെ ഫൈസൽക്കയും നമ്മളും ഓരോന്ന് സംസാരിച്ച് കോളേജിൽ എത്തിയത്

അറിഞ്ഞില്ല. കോളേജ് ഗേറ്റില് നിർത്താൻ പറഞ്ഞെങ്കിലും മൂപ്പരത് കേട്ട ഭാവം പോലും നടിക്കാതെ പാർക്കിങ്ങിലേക്ക് വിട്ടു. നമ്മള് കാറീന്ന് ഇറങ്ങി നോക്കിയതും അവിടെ മുന്നിൽ തന്നെ നമ്മളെ കുരാമീസും കൂടെ നമ്മളെ ബ്രദേഴ്സും പിന്നെ ആ കോന്തനും കൂട്ടരും ഉള്ളതാണ് നമ്മള് കണ്ടത്. മൂന്ന് കൂട്ടരും നമ്മളെ തന്നെ നോക്കി നിൽക്കുന്നത് കണ്ടപ്പൊ തന്നെ നമ്മള് ഫൈസൽക്കാനോടും കാറീന്ന് ഇറങ്ങാൻ പറഞ്ഞു. മൂപ്പര് കാറീന്ന് ഇറങ്ങിയതും നമ്മള് മൂപ്പരെ അടുത്തേക്ക് നിന്നിട്ട് നമ്മളെ കുരാമീസിനെ നമ്മളെ അടുത്തേക്ക് വിളിച്ചു. അവറ്റകള് ആ കോന്തനെ നോക്കി കൊണ്ട് നമ്മളെ അടുത്തേക്ക് വന്നു. "ഫൈസൽക്ക... ഇത് എൻറെ ഫ്രണ്ട്സാണ്...ഇത് അശ്വതി, സൻഹ,ഷംന,നസീബ...." അവരോടൊക്കെ ഫൈസൽക്ക ഹായ് പറഞ്ഞു. പിന്നെ അച്ചൂനെ ഇതിനു മുന്നേ നമ്മളെ കൂടെ മൂപ്പര് കണ്ടിട്ടുണ്ട്... അതോണ്ട് ഓളെ അറിയായിരുന്നു. "ഫ്രണ്ട്സ്...ഇതാണ് ഫൈസൽക്ക എൻറെ കസിൻ താഹിറിൻറെ ബെസ്റ്റ് ഫ്രണ്ട്...അതിലുപരി ഞങ്ങളെ ഫാമിലി ഫ്രണ്ട്...." "പിന്നെ നിങ്ങളെ ഈ ഫ്രണ്ടിനെ കെട്ടാൻ പോകുന്നതും ഞാനാണ്..." ഫൈസൽക്ക അങ്ങനെ പറഞ്ഞപ്പൊ നമ്മക്ക് നമ്മളെ കുരാമീസിനോട് എന്ത് പറയണമെന്ന് അറീലേന്നു.

നമ്മള് അവറ്റകളെ നോക്കിയപ്പൊ അവര് ഞെട്ടി തിരിഞ്ഞ് നമ്മളെ നോക്കി നിൽക്കാണ്. നമ്മള് ഓരേ നോക്കിയിട്ട് ഒന്ന് പല്ലിളിച്ചിട്ട് ഫൈസൽക്കാൻറെ നേരെ തിരിഞ്ഞു. "അ...അല്ലാ...ഫൈസൽക്ക ഇങ്ങക്ക് മാർക്കറ്റിൽ പോണടേ.....മറന്നു പോയോ?"
"ആ...നിന്നെ കണ്ടപ്പൊ തന്നെ നമ്മള് ആ കാര്യം അങ്ങ് വിട്ട് പോയി... അപ്പൊ ഞാൻ അങ്ങോട്ട് പോകാണ്... പിന്നെ എപ്പോഴെങ്കിലും വെച്ച് കാണാം .... പിന്നെ ഫെബീ...ഇടക്കൊക്കെ ഒന്ന് വീട്ടിൽ വരോണ്ടീ...ഉമ്മാക്ക് മരോളെ കാണാൻ പൂതിയായിട്ടുണ്ട്.." നമ്മള് മൂപ്പരെ നോക്കി ഒന്ന് പല്ലിളിച്ചിട്ട് നേരെ നോക്കിയത് നമ്മളെ കോന്തനെയാണ്... ഓൻ ഓൻറെ ബുള്ളറ്റിൽ കേറി ഇരുന്നിട്ട് അതിൻറെ ആക്സിലേറ്ററില് പിടിച്ച് തിരിച്ചോണ്ടിരിക്കാ....അതിൻറെ ഒച്ച കാരണം കാത് പൊത്തി പോകുന്ന പോലെ തോന്നി. "ഏതാ ഓൻ...? കുറേ നേരായി ഞാൻ ശ്രദ്ധിക്കുന്നു. നിങ്ങൾ വന്നപ്പൊ മുതൽ തുടങ്ങിയതാണല്ലൊ ഓനത് പിടിച്ച് തിരിക്കാൻ... ആരാ ഓൻ..? നിങ്ങളെ ആരേലും ആണോ?" ഫൈസൽക്ക കോന്തനെ ചൂണ്ടി കൊണ്ട് പറയണത് കേട്ടപ്പോ അച്ചു നമ്മളെ നേരെ കൈ ചൂണ്ടിയിട്ട് എന്തോ ഒന്ന് പറയാൻ നിന്നപ്പോഴേക്കും നമ്മള് ഓളെ കൈ പിടിച്ച് വെച്ചു. "അ...അത്...ഞങ്ങളെ

സീനിയേഴ്സാ....അവര് എപ്പോഴും ഇങ്ങനെയാ...ഫൈസൽക്ക അതൊന്നും കാര്യാക്കണ്ട...ഇങ്ങള് പൊയ്ക്കോളീ..." നമ്മളതും പറഞ്ഞ് മൂപ്പർക്ക് ഡോറൊക്കെ തുറന്നു കൊടുത്തു. ഫൈസൽക്ക ഞങ്ങളെ എല്ലാവരേയും ഒന്ന് നോക്കി ബൈ പറഞ്ഞ് കാറിൽ കേറി പോയി. മൂപ്പര് പോയ ഉടനെ നമ്മള് രണ്ട് കയ്യും നെഞ്ചിൽ വെച്ച് ഹാവൂ എന്ന് പറഞ്ഞ് തിരിഞ്ഞപ്പോഴുണ്ട് നാലും കൂടി നമ്മളെ കണ്ണുരുട്ടി പേടിപ്പിക്കുന്നു. നമ്മള് ഓരെ നോക്കി ചിരിച്ചിട്ട് ഒരു ഓട്ടമായിരുന്നു ക്ലാസ് ലക്ഷ്യമാക്കി. പക്ഷേ നമ്മള് അതിന് മുന്നേ നമ്മളെ ബ്രദേഴ്സിൻറേയും കോന്തൻറെയും കൂട്ടരേയും മുന്നിൽ പെട്ടിരുന്നു. "ഹായ് കാക്കു....ഗുഡ് മോണിങ്...എന്താ ഇവിടെ നിൽക്കുന്നേ? ബെല്ലടിച്ചില്ലേ? ഓ..ഇനിയും പത്ത് മിനിറ്റ് ഉണ്ടല്ലോല്ലേ...എന്നാ ഞാനങ്ങോട്ട് പോകാട്ടോ.." എന്ന് പറഞ്ഞ് നമ്മള് മുങ്ങാൻ നോക്കിയെങ്കിലും അപ്പൊ തന്നെ കാക്കൂൻറെ അടുത്ത് നിന്ന് ചോദ്യം വന്നു. "നിന്നെ ഇവിടെ കൊണ്ട് വിട്ട ആ തെണ്ടി ഏതാടീ..." കാക്കൂൻറെ ചോദ്യം കേട്ടപ്പോ നമ്മക്ക് ചിരി വന്നെങ്കിലും ആ കോന്തൻ നമ്മളെ തന്നെ നോക്കി നിൽക്കുന്നോണ്ട് നമ്മള് ചിരി കൺട്രോൾ ചെയ്തു. "അത് ഫൈസൽക്ക... എൻറെ കസിൻറെ ബെസ്റ്റ് ഫ്രണ്ട്. ഞങ്ങളെ ഫാമിലി ഫ്രണ്ടുമാണ്..." "അപ്പൊ

നിന്നെ കെട്ടാൻ പോകുന്നതും അവനാണെന്ന് പറഞ്ഞതോ?" നമ്മളെ കോന്തൻ ആണ് ഇത് ചോദിച്ചത്. അതും നല്ല കട്ട കലിപ്പിൽ... ഓൻ്റെ കലിപ്പ് മോഡ് കണ്ടപ്പൊ നമ്മക്ക് അതിലേറെ ചിരിയാണ് വന്നത്. നമ്മള് പക്ഷേ ഇച്ചിരി ഗൗരവമൊക്കെ മുഖത്ത് വരുത്തിയിട്ട് കോന്തനെ നോക്കി. "അതെന്താ മൂപ്പർക്ക് എന്നെ കെട്ടാൻ പറ്റില്ലേ?" "ഇല്ല....പറ്റില്ല ...കാരണം ഞാൻ നിന്നെ ത്വലാക്ക് ചൊല്ലിയിട്ട് വേണ്ടേ നിന്നെ വേറെ ഒരുത്തൻ കെട്ടാൻ...അതിന് എന്തായാലും നമ്മള് ജീവനോടെ ഉള്ളിടത്തോളം കാലം നടക്കില്ല മോളേ..." നമ്മള് കോന്തൻ്റെ പറച്ചില് കേട്ടിട്ട് തൊള്ളേം തുറന്ന് ഊരക്ക് കയ്യും കൊടുത്ത് ഓനെ അടിമുടി ഒന്ന്. "ഇതൊക്കെ പറയാൻ നമ്മളാരാണാവോ?" "ഞാനോ....ഞാൻ നിൻ്റെ കെട്ട്യോനാടീ....എന്താ നിനക്ക് വല്ല സംശയോണ്ടോ...ഉണ്ടോ...ഉണ്ടോന്ന്?" ആ കോന്തൻ അലറി കൊണ്ട് ബുള്ളറ്റിൽ നിന്ന് ചാടിയിറങ്ങി നമ്മളെ നേരെ പാഞ്ഞടുത്തു. നമ്മള് പേടിച്ചിട്ട് പിന്നിലേക്ക് മാറി നിന്ന് കാതും പൊത്തി കണ്ണടച്ച് നിന്നു. എന്നിട്ട് കോന്തൻ്റെ അനക്കമൊന്നും കാണാത്തോണ്ട് ഇടം കണ്ണിട്ട് മൂപ്പരെ നോക്കിയപ്പൊ ഓൻ നമ്മളെ രൂക്ഷമായി നോക്കി നിൽക്കാണ്. നമ്മളത് കാര്യാക്കാതെ നേരെ കാക്കൂൻ്റെ അടുത്തേക്ക് ചെന്നു. "ആ..പിന്നെ കാക്കൂ...ഇങ്ങക്ക്

ഒരു വിഷയം അറിയോ...ഫൈസൽക്കാക്ക് എന്നോട് പെരുത്ത മൊഹബ്ബത്താ..." നമ്മള് ആ കോന്തൻ കേൾക്കാൻ വേണ്ടി തന്നെ കുറച്ച് ഉച്ചത്തിലാണത് പറഞ്ഞത്. നമ്മള് പ്രതീക്ഷിച്ച പോലെ തന്നെ നമ്മളെ കോന്തനാണ് അതിന് മറുപടി പറഞ്ഞത്. "ഓന് നിന്നോട് ഇഷ്ടണ്ടെന്ന് കരുതി... നിനക്ക് അങ്ങനെ ഒന്നുമില്ലല്ലോ?" "ആരു പറഞ്ഞു ഇല്ലെന്ന്....നമ്മക്കും മൂപ്പരോട് ചെറിയ ഇഷ്ടമൊക്കെ ഉണ്ട്.." എന്ന് കുറച്ച് നാണത്തോടെ കാല് കൊണ്ട് കളമൊക്കെ വരച്ചും നഖം കടിച്ചും നമ്മള് പറഞ്ഞപ്പൊ നമ്മളെ കോന്തൻ നമ്മളെ ചാടി കടിക്കാൻ വന്നു. "എന്നാലിന്ന് ഓൻറെ അവസാനായിരിക്കും... അങ്ങനെ ഇപ്പൊ നീ എന്നെ അല്ലാതെ മറ്റാരേയും സ്നേഹിക്കണ്ട...നീ എൻറേതാ...എൻറേത് മാത്രം..." "അത് താനങ്ങ് തീരുമാനിച്ചാൽ മതിയോ?" "ആ...മതി... ഞാൻ തന്നെയാ തീരുമാനിക്കാ... ഡീ ഐഷൂ...നീ ഒന്ന് ഓർത്ത് വെച്ചോ നിൻറെ ഈ കഴുത്തിൽ എൻറെ മഹറ് അല്ലാതെ മറ്റാരുടേയും മഹറ് നീ അണിയൂല...അതിന് ഈ ആദി ജീവനോടെ ഉള്ളിടത്തോളം കാലം സമ്മതിക്കില്ല ..." ചെക്കൻ കട്ട കലിപ്പിൽ നമ്മളെ ഇപ്പൊ പിടിച്ച് തിന്നുമെന്ന രീതിയിൽ പറഞ്ഞപ്പൊ നമ്മള് ഓൻറെ വാശി ഒന്ന് കൂടി കൂട്ടി കൊടുത്തു. "എന്നാലേ ഈ ആദി ഒന്ന് കൂടി കേട്ടോ...ഞാൻ

എന്തായാലും ഫൈസൽക്കാനെ തന്നെ കെട്ടാൻ ഈ നിമിഷം മുതൽ തീരുമാനിച്ച് കഴിഞ്ഞു. ഞാൻ ഒന്ന് മൂളി കൊടുത്താൽ മാത്രം മതി നാളെ തന്നെ... എന്തിന് ഇന്ന് തന്നെ ഞങ്ങളെ കല്യാണം നടത്തും...അതോണ്ട് എന്നോട് വല്ലാതെ ഡയലോഗ് അടിക്കാൻ നിക്കല്ലെ മോനേ..." "ഡീ....നീ അങ്ങനെ എങ്ങാനും മൂളി കൊടുത്താലും ഞാൻ അല്ലാതെ വേറെ ആരും നിന്നെ കെട്ടാൻ വരൂലടീ ₹#%@&... ഇനി മറിച്ച് വല്ലതും നടന്നാൽ ....അന്ന് നിൻറെ അവസാനം ആയിരിക്കും...." എന്ന് പറഞ്ഞ് നമ്മളെ മോന്തക്കൊന്ന് തരാൻ വേണ്ടി ആ കോന്തൻ കൈ നീട്ടിയതും ഓൻറെ ഫ്രണ്ട്സ് വന്ന് ഓനെ വലിച്ച് അവിടന്ന് കൊണ്ട് പോയി... നമ്മള് മുഖത്ത് കൈ വെച്ചോണ്ട് ആ കോന്തനെ നോക്കി നിന്നു. അപ്പോ തന്നെ കാക്കു നമ്മളോട് "എന്താ ഫെബീ ഇതൊക്കെ? നിനക്ക് അറിയാവുന്നതല്ലെ ഓൻറെ സ്വഭാവം... ഓനോട് എന്തിനാ നീ അങ്ങനെ ഒക്കെ പറഞ്ഞത്..?" നമ്മള് കാക്കൂനെ നോക്കി ചിരിച്ചോണ്ട് "ചുമ്മാ.." എന്ന് പറഞ്ഞ് കണ്ണടിച്ചിട്ട് നമ്മളെ കുരാമീസിനേയും കൊണ്ട് ക്ലാസിലേക്ക് നടന്നു. അപ്പൊ തന്നെ നമ്മള് ചെന്ന് പെട്ടത് സൽമൻറെ മുന്നിൽ ആയിരുന്നു. സസ്പെൻഷൻ കഴിഞ്ഞ് മൂപ്പത്തി ഇന്ന് ലാൻഡ് ചെയ്തതേയുള്ളൂ..പക്ഷേ അവള് ഒറ്റക്ക് ആയിരുന്നില്ല

കൂടെ സാലിമും ഉണ്ടായിരുന്നു. ഓനെ കണ്ടപ്പൊ നമ്മള് ഒന്ന് ഞെട്ടായെങ്കിലും അത് പുറത്ത് കാണിക്കാതെ നമ്മള് ഓരെ നോക്കിയിട്ട് മൈൻഡ് ചെയ്യാതെ നടന്നു. പക്ഷേ അപ്പോഴേക്കും അവര് ഞങ്ങളെ പോകാൻ സമ്മതിക്കാത്ത വിധം മുന്നിൽ നിന്നിരുന്നു. "ഞാൻ എങ്ങനെ തിരിച്ച് കോളേജിൽ തിരിജ്ച് കേറിയെന്നാകും നീ ചിന്തിക്കുന്നതല്ലേ... പണം എറിഞ്ഞാൽ വീഴാത്ത ഏത് വൻമരവും ഇല്ലാന്ന് നിനക്ക് മനസ്സിൽ ആയില്ലേ?" ആ സാലിം ഇത്രയും പറഞ്ഞ് നിർത്തിയപ്പോഴേക്കും നമ്മള് കോട്ടുവാ ഇട്ടോണ്ട് തലയും ചൊറിഞ്ഞ് കഴിഞ്ഞോ എന്ന രീതിയിൽ നിന്നു.എന്നിട്ട് അവര് രണ്ടിനേയും നോക്കി ഒന്ന് നന്നായി പുഞ്ചിരി തൂകി. "ഇത് പറയാനാണോ ഇപ്പൊ ഇത്രക്ക് സീനൊക്കെ വെച്ചത്?" "അല്ലാ...നിനക്ക് പിന്നെ ദെ ഇവളുമാർക്കും ഒരു മുഖദർശനം തരാൻ വേണ്ടി വന്നതാ... ഞങ്ങൾ ഇവിടെ തന്നെ ഉണ്ടെന്ന് ഓർമിപ്പിക്കാൻ..." സൽമയാണ്. നമ്മള് ഓളെ ഒന്ന് നോക്കി ചിരിച്ചിട്ട് "നൈസ് ടു മീറ്റ് യു.." എന്ന് പറഞ്ഞ് നമ്മളെ കുരാമീസിനെയും കൊണ്ട് അവിടന്ന് നടന്നു. അപ്പോ ഓള് അവിടെ നിന്ന് വിളിച്ച് കൂവുന്നുണ്ടേന്നു ഞങ്ങൾ അഞ്ചിനേയും അവര് വെറുതെ വിടില്ലാന്ന്... ഞങ്ങൾ അത് കാര്യാക്കാതെ ക്ലാസിൽ പോയി ഇരുന്നു. അപ്പോഴുണ്ട് നമ്മളെ കുരാമീസ് നമ്മളെ തന്നെ നോക്കി

നിൽക്കുന്നു. സൽമയാകും വിഷയമെന്ന് കരുതിയ നമ്മക്ക് തെറ്റി.അവര് ഓളെ കാര്യമൊന്നും കമാന്ന് ഒരക്ഷരം മിണ്ടിയില്ല. പകരം ഫൈസൽക്ക ആണ് വിഷയം. " ഫെബീ..നീ പറഞ്ഞതൊക്കെ കാര്യായിട്ടാണോ? നീ ഫൈസൽക്കാനെ കെട്ടാൻ പോകാ?" "നിനക്ക് എന്താ ഭ്രാന്താണോ അച്ചൂ...നിനക്ക് അറീലേ എനിക്ക് മൂപ്പരെ കാണുന്നതേ അലർജിയാണെന്ന്...പിന്നെ ഞാൻ പറഞ്ഞത് എന്തിനാന്ന് വെച്ചാ... ആ കോന്തൻറെ മുഖത്തെ കലിപ്പ് കാണാനാ... അത് കാണാൻ തന്നെ നല്ല ചേലാ..." നമ്മളെ ചിരിച്ചോണ്ടുള്ള മറുപടി കേട്ട് നമ്മളെ കുരാമീസ് അന്തം വിട്ട കുന്തം പോലെ നമ്മളെ നോക്കി നിന്നു. "അപ്പൊ നീ ഇത്രേം നേരം അവിടന്ന് വിളിച്ച് കൂവിയതൊക്കെ ആദിൽക്കാൻറെ കലിപ്പ് കാണാൻ വേണ്ടിയാണോ? അല്ലാതെ നിനക്ക് ഫൈസൽക്കാനെ ഇഷ്ടല്ലേ?" സനയാണ്. "ഇഷ്ടല്ലേന്ന് ചോദിച്ചാൽ അങ്ങനെ ഒരു പ്രേമം എന്ന ഇഷ്ടം ഒന്നുമില്ല... ജസ്റ്റ് ഫ്രണ്ട്...പിന്നെ നമ്മളെ ബ്രദേഴ്സിനെ കാണുന്ന പോലെ തന്നെ... അത്രയുള്ളൂ... മൂപ്പര് പാവമൊക്കെയാണ്...പക്ഷേ, മൂപ്പർക്ക് നമ്മളോട് മൊഹബ്ബത്ത് ആയോണ്ട് എനിക്കെന്തോ ഒരു വെറുപ്പാ..." "അപ്പൊ നിനക്ക് ആദിൽക്കാനോട് മൊഹബ്ബത്ത് തുടങ്ങീലേ ...?" നാല് പേരും കൂടി ഒരുമിച്ച്

അത് പറഞ്ഞതും ക്ലാസ് മൊത്തം നമ്മളെ ഒരു നോട്ടം. നമ്മള് ഓരോട് അല്ലാന്നൊക്കെ തലയാട്ടിയെങ്കിലും അവറ്റകള് അത് മൈൻഡാക്കാതെ നമ്മളെ നോക്കി ചിരിച്ചോണ്ട് കവിളൊക്കെ പിച്ചാൻ തുടങ്ങി. നമ്മക്ക് ഓരേ കാട്ടി കൂട്ടല് കണ്ടപ്പൊ ചിരി വന്നു. അവരൊക്കെ കൂടി നമ്മളെ ഇട്ട് പുഴുങ്ങി. "ഒടുവിൽ നീ ആദിൽക്കാൻറെ സ്നേഹത്തിന് മുന്നിൽ പത്തി താഴ്ത്തിയല്ലെ..." ഷംനയാണ്. "ഹൊ ൻറെ പടച്ചോനേ...എന്തൊക്കെ വീരവാദങ്ങളേന്നു.. പ്രേമിക്കൂല..നോക്കൂല... മിണ്ടൂലാ...എന്നിട്ടിപ്പൊ അവസാനം എന്തായി....ആദിൽക്ക തന്നെ ജയിച്ചീലേ..." നസിയാണ്. "ൻറെ പടച്ചോനേ.... നിങ്ങള് ആദ്യം എനിക്ക് പറയാനുള്ളതൊന്ന് കേൾക്ക് പെണ്ണുങ്ങളെ... ഞാൻ എന്താ ഇപ്പൊ അതിന് മാത്രം പറഞ്ഞത്? ആ കോന്തനെ ഇഷ്ടാണെന്ന് പറഞ്ഞോ?" "അങ്ങനെ നീ പറഞ്ഞില്ലെങ്കിലും അത് മനസ്സിലാക്കാനുള്ള ബുദ്ധിയൊക്കെ ഞങ്ങൾക്കുണ്ട് മോളേ...അതോണ്ട് നീയൊന്നും പറയണ്ട...സമ്മതിച്ച് തന്നേക്ക്..." സനയാണ്. "അത്...അച്ചു നീയെങ്കിലും ഞാൻ പറയുന്നതൊന്ന് കേൾക്ക്... എനിക്ക് ആ കോന്തനോട് അങ്ങനെ ഒന്നും ഇല്ലടി..ഞാൻ...." "ഫെബീ...ഫെബീീീീ........ റിലാക്സ്..." അച്ചു നമ്മളെ കവിളിൽ അവളെ രണ്ട് കയ്യും വെച്ചിട്ട് ഓളെ നേരെ

മുഖം പിടിച്ചിട്ട് തുടർന്നു. "ഇങ്ങനെ ഒക്കെ നടന്നതും നല്ലതിനാണെന്ന് ചിന്തിക്ക്...ചെലപ്പൊ നമ്മള് മറക്കാൻ വേണ്ടി ശ്രമിക്കുന്ന പല അദ്ധ്യായങ്ങളും ഇതോട് കൂടി തീർന്ന് കിട്ടിയാലോ.. അതോണ്ട് എത്രേയും വേഗം നീ കാക്കൂനോട് ഇഷ്ടം പറയണം..." "അച്ചു ഞാൻ...അതല്ല...എനിക്ക് .." "നീയൊന്നും പറയണ്ട ഫെബീ...എന്തായാലും നിന്നെ ഞങ്ങൾ ഫോഴ്സ് ചെയ്യിക്കില്ല...നീയായിട്ട് കാക്കൂനോട് ഇത് തുറന്നു പറയുന്നത് വരെ ഞങ്ങൾ നാല് പേരും ഇത് ആരോടും പറയാനും പോണില്ല....നിൻറെ നല്ലതിന് വേണ്ടിയാ ഫെബീ ഞങ്ങൾ ഇതൊക്കെ പറഞ്ഞത്...കാക്കു അല്ലാതെ മറ്റാരും നിൻറെ ലൈഫിനെ വെളിച്ചത്തേക്ക് കൊണ്ട് വരില്ല... ഇനി എന്ത് വേണേലും നിനക്ക് തീരുമാനിക്കാം..." "അതെന്നെ ഫെബീ...ആദിൽക്കാനോട് നിനക്ക് അങ്ങനെ ഒരു ഇഷ്ടം ഉണ്ടെങ്കിൽ അത് ഇനി അധികം വൈകിപ്പിക്കാതെ മൂപ്പരോട് തുറന്ന് പറഞ്ഞേക്ക്..." ഷംന പറഞ്ഞതിനോട് എല്ലാവരും യോജിച്ചെങ്കിലും എനിക്ക് എന്തോ അത് ഉൾക്കൊള്ളാൻ പറ്റുന്നില്ലേന്നു... കാരണം അത്രക്കുണ്ട് ഞാൻ അനുഭവിച്ച മനോവിഷമങ്ങൾ...നമ്മള് ഒരു നിമിഷം പഴയതൊക്കെ അറിയാതെ ഒന്ന് ഓർത്ത് പോയി. പെട്ടെന്ന് അച്ചു വന്ന് ഡെസ്കിൽ അടിച്ചപ്പോഴാ ചിന്തയിൽ നിന്ന് ഉണർന്നത്.

അപ്പൊ നോക്കുമ്പോ നമ്മളെ സോറി നമ്മളെയല്ല സനൻറെ റാഷി സാർ ക്ലാസില് വന്നിട്ടുണ്ട്. മൂപ്പര് പ്രസൻറ് എടുക്കാൻ തുടങ്ങിയപ്പോഴാ അച്ചു ഡെസ്കിലടിച്ച് നമ്മളെ ഉണർത്തിയത്. അങ്ങനെ നമ്മള് പ്രസൻറൊക്കെ പറഞ്ഞ് നമ്മളെ കുരാമീസിനെ നോക്കിയപ്പൊ നാലും പഴയ പോലെ തന്നെ കത്തിയൊക്കെ അടിച്ച് ചിരിച്ചോണ്ട് ഇരിക്കാണ്. നമ്മളെ മനസ്സില് വലിയ ഒരു പാറകല്ലും കേറ്റി വെച്ചിട്ട്... പിന്നെ നമ്മളും അവര് പറഞ്ഞതൊന്നും കണക്കിലെടുക്കാതെ അവരെ കത്തിയടിയുടെ കൂടെ സാറെടുക്കുന്ന ക്ലാസും ശ്രദ്ധിച്ചിരുന്നു. അപ്പോഴാണ് അച്ചു റെക്കോഡ് ബുക്ക് കമ്പ്ലീറ്റാക്കുന്നത് നമ്മളെ ശ്രദ്ധയിൽ പെട്ടത്. പറഞ്ഞ പോലെ നമ്മക്കും ഉണ്ടായിരുന്നു ഒരെണ്ണം എഴുതാൻ അതോണ്ട് നമ്മളും അത് എഴുതാൻ ഇരുന്നു. പക്ഷെ, ആ ബലാല് അച്ചു കാണിച്ച് തരണ്ടേ...ഓള് എഴുതി കഴിഞ്ഞിട്ടെ നമ്മക്ക് തരൊള്ളൂന്ന് പറഞ്ഞിട്ട് പെണ്ണ് പൊരിഞ്ഞ എഴുത്താണ്. നമ്മള് ചിണുങ്ങി കൊണ്ട് ജനലിലൂടെ പുറത്തേക്ക് നോക്കിയപ്പോഴുണ്ട് ആ കോന്തനും കൂട്ടരും നമ്മളെ നോക്കി കൊണ്ട് അവരെ വരാന്തയിൽ നിൽക്കുന്നു. ഇവൻമാരെന്താ നമ്മളെ ഇങ്ങനെ നോക്കുന്നേന്ന് കരുതി നമ്മളും അങ്ങോട്ട് നോക്കി ഇരുന്നു. അപ്പൊ ആ കോന്തൻ നമ്മളെ നോക്കി ചിരിച്ചോണ്ട്

സൈറ്ററ്റടിച്ചിട്ട് ഒരു ഫ്ലൈയിംഗ് കിസ് തന്നു. നമ്മക്ക് അത് കണ്ടപ്പൊ ഇവനൊന്നും നമ്മള് പറഞ്ഞത് ഏറ്റിട്ടില്ലേന്ന് ചിന്തിച്ചോണ്ട് ഓനെ നോക്കി കണ്ണുരുട്ടി. എന്നിട്ട് ഓനെ നോക്കി പോടാ പട്ടീന്ന് വിളിച്ചിട്ട് ജനല് അടക്കാൻ വേണ്ടി നോക്കിയതും നമ്മള് ഞെട്ടി പോയി. അവിടത്തെ ജനലൊന്നും അവിടെ കാണാനില്ലേന്നു. നമ്മള് അന്തം വിട്ട് നിൽക്കുമ്പോ ആ കോന്തൻ നമ്മളെ നോക്കി വിസിലടിച്ചു. നോക്കിയപ്പൊ ഓൻറെ ഫ്രണ്ട്സിൻറെ കയ്യിലഹാ ജനല് കിടക്കുന്നു. അവറ്റകള് നമ്മളെ നോക്കി കൊണ്ട് അതിൽ ഗിറ്റാർ വായിക്കുന്ന പോലെ ചെയ്തിട്ട് നമ്മളെ നോക്കി ഹലാക്കിലെ ചിരി ആയിരുന്നു. "ഡോ...താനെന്താ സ്വപ്നം കാണുവാണോ? വന്ന് സീറ്റിലിരിക്ക്.." സാറിൻറെ ശബ്ദം കേട്ടപ്പോഴാ ഇങ്ങനെ ഒരാള് ക്ലാസിലുള്ളത് ഓർമ്മ വന്നത്. നമ്മള് അപ്പൊ തന്നെ സാറിനോട് അവരെ ചൂണ്ടി കാണിച്ച് പറഞ്ഞു. "സാറെ...അവൻമാര്... ജനല് പിടിച്ച് നിക്കുന്നു..." "ഏത് അവൻമാര്..?" എന്ന് പറഞ്ഞ് ഷാമില് ചാടി എണീറ്റു. സാറ് ഷാമിലേ....ന്ന് നീട്ടി വിളിച്ചപ്പൊ ഓൻ അവിടെ തന്നെ ഇരുന്നു. എന്നിട്ട് സാറ് വന്ന് ജനലിൻറെ അവിടെ നിന്ന് നോക്കിയപ്പൊ അവൻമാരെ പൊടി പോലും അവിടെ ഇല്ലേന്നു... "എവിടെ താൻ പറഞ്ഞോര്...ആരേയും കാണാനില്ലല്ലോ...?" "അത് സാറെ..അവൻമാര് അവിടെ

ഉണ്ടായിരുന്നതാ...ഞങ്ങളെ ക്ലാസിലെ ജനലും തൂക്കി പിടിച്ചോണ്ട്...സാറിനെ കണ്ടപ്പോ മുങ്ങി കളഞ്ഞതാകും..." "എന്താടോ ഇതൊക്കെ ഒരുമാതിരി കൊച്ച് പിള്ളേരെ പോലെ? ങെ...അവൻമാര് അത് കൊണ്ട് പോയി പുഴുങ്ങി തിന്നട്ടെടോ....താൻ പോയി സീറ്റില് ഇരിക്ക്..." നമ്മള് നന്നായിട്ട് ഒന്ന് സസി ആയ നിർവൃതിയിൽ സീറ്റിലിരുന്നു. നമ്മളെ കുരാമീസ് നമ്മളെ നോക്കി വാ പൊത്തി ചിരിക്കാണ്....നമ്മള് നാലിനേയും നോക്കി ഒന്ന് പുച്ഛിച്ചിട്ട് റെക്കോഡ് ബുക്ക് കമ്പ്ലീറ്റാക്കാൻ തുടങ്ങി. ഇടക്ക് റാഷിസാർ ക്ലാസെടുക്കുന്നത് ശ്രദ്ധിക്കും ഇടക്ക് നമ്മള് റെക്കോഡ് ഇരുന്ന് എഴുതും. ഇങ്ങനെ മാറി മാറി ചെയ്തോണ്ടിരിക്കുമ്പോഴാണ് പെട്ടെന്ന് നമ്മളെ ക്ലാസിലേക്ക് ആ കോന്തനും കൂട്ടരും ഒപ്പം നമ്മളെ ബ്രദേഴ്സും പിന്നെ ഇതുവരെ കാണാത്ത കുറച്ച് പേരും കൂടി ക്ലാസിലേക്ക് കേറി വന്നത്.അവര് കേറിയതും എല്ലാവരും കൂടി എണീറ്റ് നിക്കാൻ തുടങ്ങി. നമ്മള് അന്തം വിട്ട് ഇവൻമാരെയൊക്കെ എന്തിനാ ഇവര് ബഹുമാനിക്കുന്നെന്ന് ചിന്തിച്ച് നമ്മളെ കുരാമീസിനെ അവിടെ പിടിച്ച് ഇരുത്തി. അതിനു മുന്നേ തന്നെ ആ കോന്തൻ ഓരോട് ഇരിക്കാനൊക്കെ ആംഗ്യം കാണിച്ചിരുന്നു...അല്ല പിന്നെ ഓനാരാ..? ഇവരിപ്പൊ എന്തിനാ ഇങ്ങോട്ട് വന്നതെന്ന് ആലോചിച്ച് നിന്നപ്പോഴാ

ആ കോന്തൻ കേറി ഓരോന്ന് പറയാൻ തുടങ്ങിയത്...ഓൻ വാ തുറന്നപ്പൊ തന്നെ നമ്മള് കാത് പൊത്തി പിടിച്ചു. എത്ര നേരം ഇങ്ങനെ പൊത്തി പിടിച്ച് ഇരിക്കുമെന്ന് ഓർത്തപ്പൊ നമ്മള് ഓൻ പറയുന്നത് ഒന്നും ശ്രദ്ധിക്കാതെ റെക്കോഡ് ഇരുന്ന് എഴുതാൻ തുടങ്ങി. ഏകദേശം നമ്മള് എഴുതി തീരാറായപ്പോഴുണ്ട് റാഷിസാർ നമ്മളെ വിളിക്കുന്നു. "ആയിഷാ ഫെബീ..." നമ്മള് കേൾക്കേണ്ട താമസം അപ്പൊ തന്നെ എണീറ്റ് നിന്നു. സാറ് നമ്മള് റെക്കോഡ് എഴുതുന്നത് കണ്ടിട്ടാകും വിളിച്ചതെന്ന് കരുതിയ നമ്മക്ക് തെറ്റി. മൂപ്പര് നമ്മളെ നോക്കി കൊണ്ട് ഒരു ചോദ്യമായിരുന്നു. "എന്തേ സമ്മതല്ലേ?" നമ്മള് അന്തം വിട്ട് അവരെ നോക്കി. 'സമ്മതല്ലേന്നോ...എന്ത് സമ്മതല്ലേന്ന്... ഇനി ഈ കോന്തൻ നമ്മളെ കെട്ടട്ടേ എന്നെങ്ങാനും ആണോ ചോദിച്ചത് ... ഏയ്...അതൊന്നും ആയിരിക്കില്ല..ഇപ്പൊ നമ്മള് എന്താ പറയാ....' നമ്മള് സാറിനെ നോക്കി കൊണ്ട് അതേന്നും അല്ലാന്നും ഒരു പോലെ മടിച്ച് മടിച്ച് തലയാട്ടി കൊണ്ട് നമ്മളെ കുരാമീസിനെ നോക്കി. അവറ്റകള് നമ്മളെന്ത് പറയുമെന്ന് നോക്കി ഇരിക്കാണെന്നല്ലാതെ എന്താ സംഭവമെന്ന് പറയുന്നില്ല. "ഡോ...തനിക്ക് സമ്മതാണോ അല്ലയോ..." 'ഫെബീ.....എന്തെങ്കിലും ഒക്കെ പറഞ്ഞേക്ക്' എന്ന് നമ്മളോട് തന്നെ നമ്മള് പറഞ്ഞിട്ട് രണ്ടും കൽപ്പിച്ച്

നമ്മള് അങ്ങട്ട് പറഞ്ഞു. "സമ്മതാണ്..." അത് കേൾക്കേണ്ട താമസം ക്ലാസ് മൊത്തം എരിവ് വലിച്ചോണ്ട് നമ്മളെ ഒരു നോട്ടമായിരുന്നു. നമ്മളെ കുരാമീസ് ആണെങ്കിൽ അന്തം വിട്ടോണ്ട് തൊള്ളേം തുറന്ന് നമ്മളെ നോക്കി ഇരിക്കാണ്. കാക്കു നമ്മളെ പേര് ഒരു പേപ്പറിൽ എഴുതിയിട്ട് അവൻമാരൊക്കെ നമ്മളെ ഒരു അത്ഭുത ജീവിയെന്ന കണക്കേ നോക്കി ചിരിച്ചു. നമ്മള് ക്ലാസ് ആണെങ്കിലോ നമ്മളെന്തോ അപരാദം ചെയ്ത പോലെ നമ്മളേ നോക്കി കൊണ്ട് എന്തൊക്കെയോ പിറുപിറുക്കുന്നുണ്ട്. പടച്ചോനേ സമ്മതാണെന്ന് പറഞ്ഞതും കുടുങ്ങിയോന്ന് ചിന്തിച്ച് നമ്മള് ആ കോന്തനെ നോക്കിയപ്പൊ ഓൻറെ മുഖത്ത് പെട്രമാക്സ് ലൈറ്റ് കത്തിയ പോലെ അത്രക്ക് പ്രകാശിക്കുന്നുണ്ടേന്നു. "അപ്പൊ ഉച്ചക്ക് ലൈബ്രറിൻറെ മുകളിൽ ഉള്ള ക്ലാസില് വെച്ചിട്ട് ഒരു മീറ്റിങ്ങുണ്ട്...മറക്കാതെ വരണം. അപ്പൊ ശരി എല്ലാവരോടും എല്ലാം പറഞ്ഞ പോലെ മറക്കരുത്..." എന്ന് പറഞ്ഞ് അവൻമാര് ക്ലാസീന്ന് ഇറങ്ങി പോയി. നമ്മള് ആണെങ്കിൽ എന്ത് മീറ്റിങ്? എന്തിനെന്ന് ചിന്തിച്ച് അവര് പോകുന്നതും നോക്കി നിന്നു. "എന്താടോ തനിക്കും അവരെ കൂടെ പോകണോ? ഇരിക്കടൊ അവിടെ..." നമ്മള് സാറിനെ നോക്കി ചിരിച്ചോണ്ട് അവിടെ ഇരുന്നു. എന്നിട്ട് അച്ചൂനെ തോണ്ടി വിളിച്ചു.

"എടീ അച്ചൂ...ആ കോന്തൻ എന്തിൻറെ മീറ്റിങ്ങിനാ എന്നെ വിളിച്ചത്?" നമ്മളെ ചോദ്യം കേട്ടിട്ട് അന്തം വിട്ട് നാലും കൂടി പരസ്പരം നോക്കിയിട്ട് നമ്മളെ അടിമുടി ഒരു നോട്ടായിരുന്നു. "അപ്പൊ എന്താണെന്ന് കാര്യം അറിയാതെയാണോ മാഡം സമ്മതം മൂളി കൊടുത്തത്?" അച്ചുവാണ്. "അത് ആ കോന്തൻ നിന്ന് പ്രസംഗിക്കുന്നത് കണ്ടപ്പൊ നമ്മള് അത് മൈൻഡ് ചെയ്യാതെ എഴുതേന്നു... അതോണ്ട് കേട്ടില്ല...പ്ലീസ് പറയെടീ...അവരെന്തിനാ വന്നേ?" നമ്മള് പല്ലിളിച്ചോണ്ട് അവരെ നോക്കി ചിണുങ്ങി. പക്ഷേ അടുത്ത സെക്കന്റിൽ തന്നെ നമ്മളെ മുഖത്ത് നിന്നും ആ ചിരി മാഞ്ഞു പോയി. അച്ചു പറയുന്നത് കേട്ട് നമ്മക്ക് തല കറങ്ങി. നമ്മള് പരിസരം മറന്ന് എണീറ്റ് നിന്ന് അലറി. "ഇലക്ഷനോ....?" നമ്മളെ അലർച്ച കണ്ട് ക്ലാസ് മൊത്തം ഞെട്ടി തിരിഞ്ഞ് നമ്മളെ നോക്കി. അച്ചു അപ്പൊ തന്നെ നമ്മളെ അവിടെ പിടിച്ച് ഇരുത്തി.പക്ഷേ സാറ് അത് കേട്ടതോണ്ട് നമ്മളെ നോക്കിയിട്ട് റാഷിസാർ നമ്മളെ അടുത്തേക്ക് വന്നു. "എന്താടോ താൻ ആദ്യായിട്ട് കേൾക്കാണോ ഇലക്ഷനെന്ന്..." "സാർ അതല്ല....എനിക്ക് ഇലക്ഷനിലൊന്നും മത്സരിക്കണ്ട... അതും ആ സൽമക്കെതിരെ ആ കോന്തൻറെ ടീമില് നിന്നിട്ട്....(ഇത് നമ്മള് അച്ചൂനെ നോക്കി കൊണ്ട് പതുക്കെ ആണ്ട്ടോ പറഞ്ഞത്) പ്ലീസ്

സാറെ എനിക്ക് മത്സരിക്കണ്ട..." "അത് കൊള്ളാലോ...തന്നോട് പച്ച മലയാളത്തിലല്ലേ ഞാൻ ചോദിച്ചത് സമ്മതാണോന്ന്... അപ്പൊ താനല്ലേ പറഞ്ഞത് സമ്മതാണെന്ന്...എന്നിട്ടെന്താ ഇപ്പൊ ഒരു മനം മാറ്റം...?" "സാറ് സമ്മതാണോന്ന് മാത്രല്ലേ ചോദിച്ചത്...അല്ലാതെ ഇലക്ഷനിൽ മത്സരിക്കാൻ സമ്മതാണോന്ന് ചോദിച്ചില്ലല്ലോ സാറേ...." "അപ്പൊ താൻ ആദില് ഇവിടെ നിന്ന് സംസാരിച്ചതൊന്നും കേട്ടില്ലേ?" നമ്മള് തല താഴ്ത്തി കൊണ്ട് ഇല്ലാന്ന് തലയാട്ടി. സാറ് ചിരിച്ചോണ്ട് നമ്മളെ നോക്കി. "എന്നിട്ട് ഇപ്പൊ തൻ്റെ തീരുമാനം എന്താ? ഇലക്ഷന് മത്സരിക്കുന്നുണ്ടോ ഇല്ലയോ?" "ഇല്ല സാർ എനിക്ക് മത്സരിക്കണ്ട...അതോണ്ട് ഞാൻ ഒന്ന് അവൻമാരോട് പോയി പേര് വെട്ടാൻ പറയട്ടെ സാറേ...പ്ലീസ്..." സന ഉണ്ടായതോണ്ട് മാത്രം സാറ് അധികം മസ്സില് പിടിക്കാതെ നമ്മളോട് പോകാൻ പറഞ്ഞു. അപ്പൊ തന്നെ അച്ചു നമ്മളെ കൈ പിടിച്ചു. "ഫെബീ ഒന്ന് കൂടി ആലോചിച്ച് നോക്കിയിട്ട് പറഞ്ഞാൽ പോരേ..." "ഒന്ന് പോടി പെണ്ണേ....എനിക്കൊന്നും വയ്യ ഇലക്ഷന് നിൽക്കാൻ ഞാൻ ഇപ്പൊ തന്നെ പോയി പേര് വെട്ടാൻ പോകാ..." "എടീ ഫെബീ...ഇലക്ഷന് നിക്കണമെന്നില്ല...അവര് ഇരിക്കാൻ കസേരയൊക്കെ തരും...." നസിയാണ്. "വല്ലാണ്ട് ചളിയടിക്കല്ലേ

സഹിക്കുന്നില്ല...." എന്ന് പറഞ്ഞ് നമ്മള് ക്ലാസീന്ന് പുറത്തേക്ക് ഇറങ്ങി. അവൻമാര് വലത്തോട്ടാണോ അതോ ഇടത്തോട്ടാണോ പോയതെന്ന് ചിന്തിച്ച് തല പുണ്ണാക്കുമ്പോഴുണ്ട് അവര് ഒരു ക്ലാസിലേക്ക് കേറി പോകുന്നു. അത് കണ്ടപ്പൊ തന്നെ നമ്മളും അവരെ പിന്നാലെ വെച്ച് പിടിച്ചു. എന്നിട്ട് ആ ക്ലാസിന് മുന്നിൽ എത്തിയപ്പൊ കാക്കൂനെ വിളിച്ചു. "ശൂ.....ശൂ...കാക്കൂ..." നമ്മള് പതുക്കെയാണ് വിളിച്ചതെങ്കിലും ആ ഗ്യാങ് മൊത്തം കേട്ടു. അവര് നമ്മളെ നോക്കി ചിരിച്ചോണ്ട് കാക്കൂനെ നമ്മളേ കാണിച്ച് കൊടുത്തു. മൂപ്പര് നമ്മളോട് പോ പിന്നെ വരാമെന്ന് പറഞ്ഞെങ്കിലും നമ്മള് പറ്റൂലാന്ന് തീർത്ത് പറഞ്ഞ് വാശി പിടിച്ചു. (ഇതൊക്കെ മെല്ലെ ആംഗ്യം കാണിച്ചതാണ്ടോ..) ഒടുവിൽ കാക്കു ആ കോന്തനോട് എന്തോ പറഞ്ഞിട്ട് നമ്മളേ അടുത്തേക്ക് വന്നു. അപ്പൊ ആ കോന്തൻ നമ്മളെ നോക്കി ഒന്ന് ചിരിച്ചു. നമ്മള് ഓനെ പുച്ഛിച്ച് തള്ളി കൊണ്ട് കാക്കൂൻറെ കയ്യും പിടിച്ച് ആ ക്ലാസിന് മുന്നിൽ നിന്നും അൽപം മാറി നിന്നു.
"എന്താടീ....എന്തിനാ ഇപ്പൊ നീ എന്നെ വിളിച്ചേ?"
"കാക്കൂ...കാക്കൂ...എനിക്ക് ഇലക്ഷനിൽ മത്സരിക്കണ്ട കാക്കൂ...പ്ലീസ് കാക്കൂ എൻറെ പേര് വെട്ടോ?" "അയ്യടി മനമേ... അതങ്ങ് പള്ളിയില് പോയി പറഞ്ഞാ മതി... ഈ സിയാദ് ആരുടേയെങ്കിലും പേര്

എഴുതിയിട്ടുണ്ടെങ്കിൽ അവരെ പേര് ഞാൻ കെട്ടുന്ന പ്രശ്നമില്ല..." "എന്നാ കാക്കു വെട്ടണ്ട ആ പേപ്പറിങ്ങ് തന്നേക്ക് ഞാൻ വെട്ടിക്കോളാം..." "ഇല്ല മോളേ പേപ്പർ തരുമെന്ന് നീ കരുതണ്ട....നീ തന്നെയല്ലേ സമ്മതാണെന്ന് പറഞ്ഞത്...എന്നിട്ടിപ്പൊ പേര് വെട്ടാനല്ലേ..?" "അത് ഞാൻ നിങ്ങൾ പറഞ്ഞതൊന്നും കേട്ടിട്ട് ഇല്ലേന്നു കാക്കൂ... അതാ ഓക്കെ പറഞ്ഞത്... പ്ലീസ് കാക്കു നമ്മളെ പേര് വെട്ട്...എൻറെ പുന്നാര കാക്കുവല്ലേ...പ്ലീസ് ഒന്ന് വെട്ടോ...?" "നീ എത്ര സോപ്പിട്ടാലും കാര്യമില്ല മോളേ...നടക്കില്ലാന്ന് പറഞ്ഞ നടക്കില്ല..." "ഓ....അപ്പൊ എൻറെ പേര് വെട്ടില്ല....?" "ഇല്ല..." "ഓക്കേ...വെട്ടണ്ട...ഞാൻ നോമിനേഷൻ കൊടുത്തിട്ട് വേണ്ടേ മത്സരിക്കാൻ...ഞാൻ നോമിനേഷൻ കൊടുക്കില്ലെങ്കിലോ?" "ഡീ.....അങ്ങനെ ഒന്നും ചെയ്തേക്കല്ലേ...രണ്ട് വർഷായിട്ട് വൈസ് ചെയർപേഴ്സൺ സീറ്റ് എപ്പോഴും ആ സൽമക്കാണ് കിട്ടുന്നത്.അതും അവൾക്ക് എതിരെ ആ സീറ്റിന് വേണ്ടി മത്സരിക്കാൻ ആരുമില്ലാതെ... അതോണ്ട് ഇപ്രാവശ്യം അവൾക്കെതിരെ നീ മത്സരിച്ചേ പറ്റൂ..." "അതിന് എന്നെ അല്ലാതെ വേറെ ആരേയും കിട്ടിയില്ലേ? എന്നെയാണോ കിട്ടിയത്?" "എടീ ആ സൽമനോട് മത്സരിക്കുമ്പൊ ഇത്തിരി തൻറേടമൊക്കെ ഉള്ള ആള് മത്സരിച്ചിട്ടേ കാര്യമുള്ളൂ...അതല്ലേ ഞങ്ങൾ നിന്നെ

നിർദേശിച്ചത്. നീയാണെങ്കിൽ അത് സമ്മതിച്ചും തന്നു." "കാക്കു ഒന്നും പറയണ്ട... ഞാൻ മത്സരിക്കില്ലാന്ന് പറഞ്ഞാൽ മത്സരിക്കില്ല...അത് ഞാൻ തീരുമാനിച്ചു കഴിഞ്ഞു." നമ്മളതും പറഞ്ഞ് തിരിഞ്ഞപ്പോഴുണ്ട് ഒരു അപശകുനം പോലെ ആ കോന്തൻറെ ശബ്ദം കേക്കുന്നു. "നീ സൽമക്കെതിരേ വൈസ് ചെയർപേഴ്സൺ സീറ്റിൽ മത്സരിക്കും ഐഷൂ..." നമ്മള് അപ്പൊ തന്നെ തിരിഞ്ഞ് നിന്നിട്ട് ഓനെ നോക്കി പല്ലിറുമ്പി. "ഞാൻ മത്സരിക്കില്ല...നോമിനേഷനും കൊടുക്കില്ല..." ആ കോന്തൻ നമ്മളെ നോക്കി ചിരിച്ചോണ്ട് അടുത്തേക്ക് വന്നു. "നീ നോമിനേഷൻ കൊടുക്കേം ചെയ്യും അവൾക്കെതിരെ മത്സരിക്കേം ചെയ്യും ഒടുവിൽ വിജയിക്കേം ചെയ്യും...കാണണോ?" നമ്മള് എല്ലാം മറന്ന് ഓനോട് കലിപ്പായി. "ആ ...കാണണം... ഞാൻ മത്സരിക്കില്ലാന്ന് പറഞ്ഞാൽ മത്സരിക്കില്ല..." "സാരല്യ...നീ നന്നായി ആലോചിച്ചിട്ട് നാളെ വൈകുന്നേരത്തിനുള്ളിൽ നോമിനേഷൻ ഫയൽ ചെയ്താൽ മതി...ഞങ്ങക്ക് ഒട്ടും തിരക്കില്ല... എനിക്ക് ഉറപ്പാ എൻറെ ഇന്ന് ഉച്ചക്ക് തന്നെ നോമിനേഷൻ ഫയൽ ചെയ്തിരിക്കും അതും സൽമക്കെതിരെ... എന്താ എനിക്ക് ഇത്രക്ക് ഉറപ്പെന്നാണോ ചിനതിക്കുന്നേ? നടക്കാൻ പോകുന്നത് മാത്രേ ഈ

ആദി പറയൂ...അത് മാത്രേ നടക്കൂ... അപ്പൊ സീ..യൂ.. ഐഷൂ...ഇന്ന് ഉച്ചക്ക് വെച്ചിട്ടുള്ള മീറ്റിങ്ങില് വെച്ച് കാണാം..." നമ്മക്ക് പറയാനുള്ളത് കേൾക്കാൻ പോലും കൂട്ടാക്കാതെ അവര് അവിടന്ന് നടന്ന് നീങ്ങുന്നത് നല്ല കലിപ്പിൽ തന്നെ നമ്മള് നോക്കി നിന്നു. എന്നിട്ട് ഇനിയെന്താ ചെയ്യാന്ന് ചിന്തിച്ച് തിരിഞ്ഞ് നോക്കിയപ്പൊ ദെ നിൽക്കുന്നു നമ്മളെ മുന്നിൽ സൽമയും പിന്നെ ഓളെ രണ്ട് വാലുകളും... നമ്മള് ഇവളെ കൊണ്ട് തോറ്റല്ലോന്ന് മനസ്സിൽ വിചാരിച്ചിട്ട് ഓരെ കാര്യാക്കാതെ നടന്നു. "നിക്കെടി അവിടെ..." നമ്മള് നല്ല അനുസരണയോട് കൂടി തിരിഞ്ഞു നിന്നു. "നീ എനിക്ക് എതിരെ മത്സരിക്കാൻ പോകാണെന്ന് കേട്ടു....അതും എൻറെ ആദിൻറെ ടീമില് നിന്നിട്ട്... വേണ്ട മോളേ...കളിച്ച് കളിച്ച് അവസാനം എൻറെ സ്ഥാനത്ത് കേറി കൂടാമെന്ന് നീ കരുതണ്ട... രണ്ട് കൊല്ലമായിട്ട് ആ സീറ്റിന് വേണ്ടി മത്സരിച്ചതും വിജയിച്ചതും ഞാൻ മാത്രാണ്..." അത് കേട്ടപ്പോ നമ്മള് ഓളെ നോക്കി ചിരിച്ചു. "എന്താടീ ഞാൻ പറയുന്നത് കേട്ടിട്ട് നിനക്ക് ചിരി വരുന്നുണ്ടോ?" "പിന്നെ ഇല്ലാതെ.... എതിരെ മത്സരിക്കാൻ ആരുമില്ലാതെ വിജയിച്ചൂന്ന് പറഞ്ഞാൽ പിന്നെ ആരാ ചിരിക്കാത്തത്?" നമ്മള് അതും പറഞ്ഞ് വീണ്ടും ചിരിച്ചു. "അപ്പൊ നീ പറഞ്ഞു വരുന്നത് എനിക്ക് എതിരെ ആരെങ്കിലും

മത്സരിച്ചിരുന്നെങ്കിൽ ഞാൻ തോറ്റു പോയേനേ എന്നല്ലേ....?" ഓള് രോക്ഷാകുലയായി നമ്മളെ മുന്നിൽ ഉറഞ്ഞ് തുള്ളി. "ഞാൻ അങ്ങനെ പറഞ്ഞില്ല...പക്ഷേ നിനക്ക് അങ്ങനെ തോന്നിയ സ്ഥിതിക്ക് ചാൻസുണ്ട്..." "ഓ...അപ്പൊ നീയെന്നെ വെല്ലുവിളിക്കാണോ? എനിക്കെതിരെ നീ മത്സരിച്ചാൽ ജയിക്കുമെന്ന്..." "അയ്യോ...നമ്മളങ്ങനെ ഒന്നും ഉദ്ദേശിച്ചില്ലേ ..ഞാൻ നിനക്ക് എതിരെ മത്സരിക്കാൻ ഒന്നും പോകുന്നില്ല പെണ്ണേ...നീ തന്നെ നിന്ന് നീ തന്നെ ജയിച്ചോ?" "അപ്പൊ എനിക്ക് എതിരെ മത്സരിച്ചാൽ നീ തോറ്റു പോകുമെന്ന് അറിയാം...അതോണ്ട് അല്ലേ നീ ഇപ്പൊ ഒഴിഞ്ഞു മാറിയത്..." "എനിക്ക് ഈ ഇലക്ഷനൊന്നും നിൽക്കേണ്ട കാര്യമില്ല ..അതോണ്ട് നിനക്ക് എതിരെ മത്സരിക്കാനും നമ്മളില്ല...നമ്മളെ വെറുതെ വിട്ടേക്ക്..." "ഗുഡ്...നിനക്ക് എന്നെ പേടിയുണ്ടെന്ന് മനസ്സിലായി അതോണ്ടല്ലെ നീ മത്സരിക്കാത്തത്..." അവളും അവളെ വാലുകളും അതും പറഞ്ഞ് കിണിക്കാൻ തുടങ്ങി... നമ്മക്കത് കണ്ടപ്പൊ ഇച്ചിരി കലിപ്പ് കേറി.. "വേണ്ട സൽമ...വെറുതെ എന്നെ വാശി കേറ്റണ്ട.." "വാശി കേറിയാൽ നീ എന്താടീ ചെയ്യാ പേടിത്തൂറി..." ഇത് വരെ വേണ്ടാ വേണ്ടാന്ന് വെച്ചപ്പൊ ഓള് നമ്മളെ തലേല് കേറി ബ്രേക്ക് ഡാൻസ് കളിക്കാണ്....നമ്മളോട് കളിച്ചാൽ എന്താകുമെന്ന് ഓളെ അറിയിച്ചല്ലേ പറ്റൂ..

"എന്നാ നീ കേട്ടോ...ഇതുവരെ ഈ ഇലക്ഷൻ ഞാൻ മത്സരിക്കില്ലാന്ന് തന്നെയായിരുന്നു തീരുമാനം. പക്ഷെ, ഇപ്പോൾ ഞാൻ എൻറെ തീരുമാനം മാറ്റി... നിനക്ക് എതിരെ വൈസ് ചെയർപേഴ്സൺ സീറ്റിന് വേണ്ടി ആദിയുടെ ടീമിൽ നിന്നും ഞാൻ മത്സരിക്കേം ചെയ്യും ജയിക്കേം ചെയ്യും..." "ചാലഞ്ചാണോ? അതും ഈ സൽമയോട്... വേണ്ട മോളേ തോറ്റ് പോകും..." "തോൽക്കുന്നത് ആരാന്ന് നമുക്ക് ബാലെറ്റ് തുറക്കുമ്പൊ കാണാം..." "കാണണം..." "കാണും..."

(തുടരും)

ഭാഗം. 45

"ആരാ തോൽക്കാൻ പോകുന്നതെന്ന് ബാലെറ്റ് തുറക്കുമ്പൊ കാണാം...."

"കാണണം..."

"കാണും..."

എന്ന് പറഞ്ഞ് വെല്ലുവിളി മുഴക്കി കൊണ്ട് നമ്മള് തിരിഞ്ഞപ്പോഴുണ്ട് നമ്മളെ കുരാമീസ് മിഴിച്ച് നിൽക്കുന്നു. നമ്മള് അവരേയും കൊണ്ട് ക്ലാസിലേക്ക് പോകാൻ ഒരുങ്ങിയതും അവറ്റകള് അവിടെ തന്നെ നിന്നിട്ട് നമ്മളെ ഇട്ട് പൊരിക്കാണ്.

"ഡീ ഫെബീ...നീയപ്പൊ സൽമക്ക് എതിരെ മത്സരിക്കാൻ പോകാണോ?"

നമ്മള് അച്ചൂനെ നോക്കി കൊണ്ട് ഇല്ലാന്ന് തലയാട്ടി.

"അപ്പോ നീ അവളോട് പറഞ്ഞതോ?" സനയാണ്.

"അത് നമ്മള് ചുമ്മാ അവളെയിട്ട് താങ്ങിയതല്ലേ..."

എന്ന് പറഞ്ഞ് ചൂളമൊക്കെ അടിച്ചോണ്ട് നമ്മള് ക്ലാസിലേക്ക് നടന്നു.

"അപ്പൊ നീ ഇലക്ഷന് നിക്കില്ലേ?" നസിയാണ്.

"നീയല്ലേടീ പറഞ്ഞത് അവിടെ കസേരയൊക്കെ ഉണ്ടാകുമെന്ന്..."

നമ്മള് ഓളെ നേരെ എറിഞ്ഞ ചെളി അവർക്കാർക്കും കൊണ്ടില്ല. നമ്മളത് കാര്യമാക്കാതെ ക്ലാസില് പോയി ഒന്ന് നെടുവീർപ്പിട്ടു.

"എന്നാലും ഫെബീ നീ ഇലക്ഷന് നിൽക്കുന്നില്ല എന്ന നിൻറെ തീരുമാനം ഇത്തിരി കടുത്ത് പോയി...ഇനി ആ സൽമ വിചാരിക്കലെന്താ അവളെ പേടിച്ചിട്ട് നീ മത്സരിക്കാത്തതാണെന്നല്ലേ? അപ്പൊ ഓളെ മുന്നിൽ നമ്മള് തോറ്റ പോലെ ആകില്ലേ?"

"അച്ചു പറഞ്ഞത് ശരിയാ ...വെല്ലുവിളി നടത്തിയിട്ട് ഒടുക്കം മത്സരിക്കാതിരുന്നാൽ അതിൽ പരം നാണക്കേട് വേറെയില്ല.." ഷംനയാണ്.

"ഫെബീ...ഇപ്പൊ നീ ഇവിടെ തോറ്റ് കൊടുത്താൽ പിന്നെ അങ്ങോട്ട് നിൻറെ ലൈഫില് മൊത്തം

തോൽവികള് മാത്രേ ഉണ്ടാകൂ...അതോണ്ട് നീ മത്സരിക്കണം....

ഇനി ജയിച്ചില്ലെങ്കിൽ തന്നെ നമ്മളെ സപ്പോർട്ട് ചെയ്യുന്ന എത്ര പേർ ഇവിടെയുണ്ടെന്ന് നമുക്ക് അറിയാലോ..." അച്ചുവാണ്.

"അപ്പോ നിങ്ങൾ ഒക്കെ പറഞ്ഞു വരുന്നത് നമ്മള് ഇലക്ഷന് നിൽക്കണമെന്നാണോ?"

"അതേ...."

"അപ്പൊ ഒരു കൈ നോക്കാലേ...?"

"ഉറപ്പായിട്ടും..."

"പക്ഷേ ആ കോന്തൻറെ ടീമില് ചേരണല്ലോന്ന് ഓർക്കുമ്പോഴാ..."

"ഒരു സന്തോഷം അല്ലേ?"നസിയാണ്.

" പോടീ ബലാലേ..."

"ഫെബീ...കാക്കുവിൻറെ സപ്പോർട്ട് നമ്മക്ക് ഇപ്പൊ വളരെ അത്യാവശ്യാണ്...അതോണ്ട് എന്തായാലും കാക്കൂനോട് ഇത്തിരി മയത്തിലൊക്കെ പെരുമാറിക്കോണം..." അച്ചുവാണ്.

"ആ...അതോന്നും ഉറപ്പ് പറയാൻ പറ്റില്ല...ഓൻറെ പെരുമാറ്റം അനുസരിച്ച് ഇരിക്കും എൻറെ സ്വഭാവം..."

"നിന്നെ പിന്നെ തിരുത്താൻ പറ്റില്ലല്ലോ....

വാ നമുക്ക് ഇപ്പൊ തന്നെ നോമിനേഷൻ കൊടുക്കാം..."

എന്ന് പറഞ്ഞ് അച്ചു നമ്മളെ വലിച്ചോണ്ട് പോയി ഫോം

ഒക്കെ ഫില്ല് ചെയ്ത് ഓഫീസില് കൊണ്ട് പോയി കൊടുത്തു. അപ്പോഴുണ്ട് അവിടെ നോമിനേഷൻ കൊടുക്കാൻ വേണ്ടി നമ്മളെ കോന്തനും കാക്കുവും വന്ന് നിൽക്കുന്നു. നമ്മളെ കണ്ടതും കോന്തൻ നമ്മളെ അടുത്തേക്ക് വന്നു.

"ഞാൻ അപ്പോഴേ പറഞ്ഞില്ലേ ഐഷൂ...നീ മത്സരിക്കുമെന്ന്...ഇപ്പോഴെങ്കിലും മനസ്സിലായില്ലേ നമ്മള് പറഞ്ഞ പോലെ നടക്കുമെന്ന്..."

നമ്മള് ഓനെ നോക്കി പുച്ഛിച്ചിട്ട് മുഖം തിരിച്ചു.

"പിന്നെ മറക്കരുത്... ഉച്ചക്ക് ഫുഡ് കഴിച്ച് കഴിഞ്ഞിട്ട് ലൈബ്രറിൻ്റെ മോളിലെ ക്ലാസില് വെച്ച് മീറ്റിങ് ...ഓക്കേ...?"

നമ്മള് ഓന് മറുപടി ഒന്നും കൊടുക്കാതെ അവിടന്ന് പോന്നു.

"പിന്നെ എൻ്റെ പട്ടി പോകും മീറ്റിങ്ങിന്.."

"അപ്പൊ ഉറപ്പായിട്ടും നീ തന്നെ പോകും ഉറപ്പാ..."

"പോടീ..."

നമ്മള് അച്ചൂനെ തല്ലാൻ ഓടിച്ച് വിട്ടു. അങ്ങനെ ഉച്ചക്കത്തെ ലഞ്ച് ബ്രേക്ക് ഒക്കെ കഴിഞ്ഞ് നമ്മള് ക്ലാസിലേക്ക് കേറി.

"ഫെബീ നിനക്ക് മീറ്റിങ്ങില്ലേ? നീയെന്താ പോകാത്തേ?"

"ഞാൻ നിന്നോട് അപ്പോഴേ പറഞ്ഞതല്ലേ അച്ചു മീറ്റിങ്ങിന് പോകൂലാന്ന്.....ഞാൻ പോകൂലാന്ന് പറഞ്ഞാൽ പോകൂല..."

"എന്ത് സാധന ഈ പെണ്ണ് ൻ്റെ കൃഷ്ണാ..."

നമ്മള് അച്ചൂനെ നോക്കി പല്ലിളിച്ചിട്ട് കാലകേയൻ്റെ വിഷയം എടുത്തു വെച്ചു. കുറച്ച് കഴിഞ്ഞപ്പൊ നമ്മളെ കാലകേയൻ വന്നിട്ട് ക്ലാസ് എടുക്കാൻ തുടങ്ങി.

അങ്ങേരെ ക്ലാസിലിരുന്നപ്പൊ തോന്നി ഇതിലും ഭേദം മീറ്റിങ്ങിന് പോകായിരുന്നൂന്ന്...ഇനി ഇപ്പൊ പറഞ്ഞിട്ട് എന്താ കാര്യം സഹിക്ക തന്നെ...

അങ്ങനെ നമ്മള് കണ്ണിമ വെട്ടാതെ കാലകേയനെ നോക്കുമ്പോഴുണ്ട് ആ കോന്തൻ ജനലിൻ്റെ അടുത്ത് നിന്നിട്ട് നമ്മളെ ശൂ...ശൂ...വിളിക്കുന്നു.

നമ്മള് ഓനെ നോക്കി കൊണ്ട് എന്താന്ന് ആംഗ്യം കാണിച്ചു. ഓൻ അപ്പൊ തന്നെ നമ്മളോട് മീറ്റിങ്ങുണ്ട് വരാൻ പറഞ്ഞു. നമ്മള് ഓനെ നോക്കി കൊണ്ട് വരൂലാന്ന് പറഞ്ഞ് മുഖം തിരിച്ചു.

കുറച്ച് കഴിഞ്ഞപ്പോ ഓൻ്റെ ഒച്ചയൊന്നും കേൾക്കാത്തോണ്ട് നമ്മളൊന്ന് എത്തി നോക്കി. പക്ഷേ ഓൻ അവിടെ ഇല്ലേന്നു. പോയിട്ടുണ്ടാകും എന്ന് കരുതി

നമ്മള് വീണ്ടും കാലകേയനെ ശ്രദ്ധിച്ചിരുന്നു.

"സാർ ആയിഷ ഫെബിയെ ഒന്ന് വിളിക്കണം...ഇപ്പൊ ഇലക്ഷനുമായി ബന്ധപ്പെട്ട് ഒരു മീറ്റിങ് ഉണ്ട്..അപ്പൊ അതിന് അവളെ ഒന്ന് വിടാമോ?"

നമ്മളെ ഞെട്ടിച്ച് കൊണ്ട് ആ കോന്തൻ പെട്ടെന്ന് ക്ലാസിലേക്ക് കേറി വന്ന് സാറിനോട് ഇത് പറഞ്ഞപ്പൊ നമ്മളെ ക്ലാസ് മൊത്തം നമ്മളെ നോക്കി തലയാട്ടി ചിരിക്കാണ്...

"ആരാ ആയിഷ ഫെബീ?"

നമ്മള് കാലകേയൻറെ വിളി കേട്ടപ്പൊ തന്നെ എണീറ്റ് നിന്നു.

"താൻ ഇലക്ഷന് നിക്കുന്നുണ്ടോ? എന്തോ മീറ്റിങ്ങുണ്ടെന്ന് ...താൻ ചെല്ല്.."

നമ്മള് ആ കോന്തനെ നോക്കിയപ്പൊ ഓൻ പുരികം പൊന്തിച്ച് ഇപ്പൊ എങ്ങനെ ഉണ്ടെന്ന ഭാവത്തിൽ നമ്മളെ നോക്കി. നമ്മക്ക് ഓൻറെ നോട്ടം കണ്ടപ്പൊ വാശി കൂടി.

"ഇല്ല സാർ....ഞാൻ മീറ്റിങ്ങിനൊന്നും പോകുന്നില്ല..."

അത് പറഞ്ഞത് മാത്രേ എനിക്ക് ഓർമ്മയുള്ളൂ...അപ്പോഴേക്കും എടുപിടീന്ന് എല്ലാം വളരെ പെട്ടെന്ന് ആയിരുന്നു.

ആ കോന്തൻ നമ്മളെ കയ്യും പിടിച്ചോണ്ട് നമ്മളെ ക്ലാസീന്ന് വലിച്ച് കൊണ്ട് പോയി. ആ കാലകേയൻ ആണെങ്കിലോ അതൊന്നും മൈൻഡേ ചെയ്തില്ല...തിരിഞ്ഞു നോക്കി കൊണ്ട് നമ്മള് കുരാമീസിനെ ദയനീയമായി നോക്കി. അവറ്റകള് നാലും നമ്മളെ ആശിർവദിക്കുന്ന പോലെ കൈ കൊണ്ട് ആംഗ്യം കാട്ടി.

നമ്മള് അവറ്റകളെ നോക്കി പോടീ എന്ന് വിളിച്ച് ആ

കോന്തനോട് നമ്മളെ കൈ വിടാൻ പറഞ്ഞു. കേട്ട ഭാവം പോലും നടിക്കാതെ ഓൻ നമ്മളേയും കൊണ്ട് ആ ക്ലാസിലെത്തി.

അവിടെ നോക്കുമ്പൊ എല്ലാരും വന്നിട്ടുണ്ട്. നമ്മളെ കാത്ത് നിൽക്കേന്നു അവറ്റകളെന്ന് നമ്മക്ക് മനസ്സിലായത് അവരെ വർത്താനം കേട്ടപ്പോഴാണ്. നമ്മള് അപ്പോഴും ആ കോന്തൻറെ കൈ നമ്മളെ കയ്യീന്ന് വിടുവിക്കാൻ വേണ്ടി ഓനെ മാന്തി കൊണ്ടിരിക്കാണ്...

കൊരങ്ങൻ എന്ത് ചെയ്തിട്ടും കയ്യീന്ന് പിടി വിടാതെ നമ്മളേയും കൊണ്ട് അവരെ മുന്നിലേക്ക് പോയിട്ട് ആ കോന്തൻറെ കൂടെ തന്നെ നമ്മളെ പിടിച്ച് ഇരുത്തി.

നമ്മള് ഓനെ നോക്കി കണ്ണുരുട്ടി പേടിപ്പിച്ചെങ്കിലും ആ കോന്തൻ നമ്മളെ കയ്യീന്ന് അപ്പോഴും പിടി വിട്ടിട്ടില്ലേന്നു.

"ഇതാണ് നമ്മളെ വൈസ് ചെയർപേഴ്സൺ സീറ്റിന് വേണ്ടി മത്സരിക്കുന്ന ആയിഷ ഫെബീ..."

"ഇങ്ങനെ ചുറ്റി വളച്ചൊന്നും പറയണ്ട ആദീ...നിൻറെ പെണ്ണ് ആണെന്ന് പറഞ്ഞാലും മതി...ഇവള് നിൻറെ പെണ്ണ് ആണെന്ന് ആർക്കാ ഇപ്പൊ അറിയാത്തത്?"

കാക്കൂൻറെ വർത്താനം കേട്ടിട്ട് നമ്മള് മൂപ്പരെ രൂക്ഷമായി നോക്കി കൊണ്ട് ആ കോന്തനോട് നമ്മളെ കയ്യീന്ന് വിടാൻ പറഞ്ഞു. ഓൻ നമ്മളെ നോക്കി പുഞ്ചിരി തൂകി കൊണ്ട് മെല്ലെ കൈ വിട്ടു. നമ്മള് ഓൻറെ പുഞ്ചിരി കണ്ടിട്ട് മുഖത്ത് നിന്ന് കണ്ണെടുക്കാതെ ഓനെ തന്നെ നോക്കി ഇരുന്നു.

പെട്ടെന്ന് കാക്കു വന്ന് ഡെസ്കില് അടിച്ചപ്പോഴാ നമ്മള് സ്വബോധത്തിലേക്ക് വന്നത്.

"എന്താ ഫെബീ ഓൻറേ നോട്ടത്തിൽ നീ കൊളുത്തി പോയോ? ഓനെ തന്നെ നോക്കിയിരിക്കുന്നു...

ഇവിടെ ഓനെ കൂടാതെ ഞങ്ങൾ കുറച്ച് പേര് കൂടിയുണ്ട്...ഇടക്ക് ഞങ്ങളേയും ഒന്ന് നോക്കണെ..."

നമ്മളെ കാക്കൂൻറെ ഡയലോഗ് കേട്ടപ്പൊ നമ്മക്ക് ചടച്ചെങ്കിലും മൂപ്പരെ പറച്ചിലിന് നല്ല ചുട്ട മറുപടി തന്നെ നമ്മള് കൊടുത്തു.

"അതിന് നിങ്ങളെയൊക്കെ നോക്കി ഇരിക്കാൻ തോന്നണ്ടെ കാക്കൂ....എന്ത് ചെയ്യാനാ നമ്മളെ ഈ ചെയർമാൻറെ അത്ര സൗന്ദര്യം നിങ്ങൾക്കൊന്നും ഇല്ലാത്തോണ്ട് ഈ ഭാഗത്തേക്കേ നോക്കാൻ തോന്നുന്നില്ല..."

"മതിയെടീ വാരിയത്...ആദ്യം വന്ന കാര്യത്തിലേക്ക് കടക്കാം..."

നമ്മളെ കോന്തൻ നമ്മളെ അടുത്ത് നിന്ന് എണീറ്റ് എല്ലാരേയും മുന്നിലായി നിന്നിട്ട് പറഞ്ഞു തുടങ്ങി.

"രണ്ടാഴ്ചയേ ഉള്ളൂ ഇലക്ഷന്...അതോണ്ട് നാളെ തന്നെ നമ്മൾ ഇലക്ഷൻ പ്രചരണത്തിന് വേണ്ടി ഇറങ്ങാണ്.....

ഫസ്റ്റ് പിരീഡ് മാത്രം ക്ലാസിൽ കേറിയാൽ മതി...ബാക്കി പിരീഡൊക്കെ നമുക്ക് ഇലക്ഷൻ പ്രചരണത്തിന് നടക്കാം... പിന്നെ..."

"വൺ മിനിറ്റ്... എനിക്ക് ഒരു ഡൗട്ട്.."

നമ്മള് ആ കോന്തൻ പറയുന്നതിന് ഇടയിൽ കേറി. നമ്മളേ അവരൊക്കെ കൂടി എന്താ എന്ന രീതിയിൽ നോക്കി.

"എന്താണാവോ തമ്പുരാട്ടിക്കുള്ള ഡൗട്ട്? പേഴ്സണൽ ആണെങ്കിൽ നമ്മക്ക് മീറ്റിങ് കഴിഞ്ഞിട്ട് സംസാരിക്കാം..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ നോക്കി സൈറ്റടിച്ചു.എല്ലാരും കൂടി നമ്മളെ നോക്കി ചിരിച്ചു.

"അതല്ല ഡാ കോന്താ..."

"ഡീ....."

ഓൻ നമ്മളെ നോക്കി കണ്ണുരുട്ടി. നമ്മള് അതൊന്നും കണ്ട് പതറാതെ തുടർന്നു.

"എന്നെയൊന്ന് പറയാൻ സമ്മതിക്കോ നിങ്ങള്?"

"നീ പറയ് ഞങ്ങളെ പെങ്ങളേ... അൻറെ ഡൗട്ട് എന്താ...ഈ അൻസാർ ക്ലിയറ് ചെയ്ത് തരും..."

നമ്മള് അൻസിക്കാനെ നോക്കി ചിരിച്ചോണ്ട് നമ്മളെ ഡൗട്ട് ചോദിച്ചു.

"നമ്മള് ഏതാ പാർട്ടി...? ഈ കോളേജിൽ ഇങ്ങനെ പാർട്ടിവേസ് ഇല്ലേ?

അല്ലാ.... ഞങ്ങൾ വന്നപ്പൊ തൊട്ട് ശ്രദ്ധിക്കാണ് ഒരൊറ്റ സ്ഥലത്തും ഒരൊറ്റ പാർട്ടിയുടെയും കൊടിയോ പോസ്റ്ററോ ഒന്നും കണ്ടില്ല... അതാ ചോദിച്ചേ..."

നമ്മളെ ചോദ്യം കേട്ടപ്പോ എല്ലാവരും കൂടി നമ്മളെ കോന്തനെയാണ് നോക്കിയത്....അപ്പൊ നമ്മളും മൂപ്പരെ നോക്കി നിന്നു.പ്രതീക്ഷിച്ച പോലെ തന്നെ നമ്മളെ കോന്തനാണ് മറുപടി തന്നത്.

"അത്....രണ്ട് മൂന്ന് കൊല്ലം മുൻപ് ഇവിടെ വെച്ച് നടന്ന ഇലക്ഷൻ അവസാനിച്ചത് ഒരു കത്തിക്കുത്തിലേന്നു...

അതും കുത്ത് കൊണ്ടത് ഒരു സാറിന്...കുത്തിയത് സാലിമും...

അതിന് ശേഷം പാർട്ടി വേസിലുള്ള ഒരു ഇലക്ഷനും ഈ കാമ്പസിനുള്ളിൽ നടന്നിട്ടില്ല..."

"അപ്പൊ....ആ സാറോ....?"

"അങ്ങേര് കുത്ത് കിട്ടിയ അപ്പൊ തന്നെ പരലോകത്തേക്ക് പോയി....അവനെതിരെ ഒരു തെളിവ് പോലും ഇല്ലാത്തോണ്ട് ഓൻ കുറ്റ വിമുക്തനായി..."

നമ്മള് ഒരു കഥ കേട്ടിരിക്കുന്ന പോലെ കോന്തനേയും നോക്കി ഇരുന്നു.

ആ സാലിമിനെ കുറിച്ച് ഓർത്തപ്പൊ എന്തോ മനസ്സിൽ ഒരു പേടിയൊക്കെ കേറി കൂടി തുടങ്ങി. നമ്മളെ ചിന്തയൊക്കെ കാട് കേറി ചെല്ലുമ്പോഴാണ് പെട്ടെന്ന് ആ കോന്തൻ ഡെസ്കിലടിച്ചത്...

"എൻറെ ഐഷു അതൊന്നും ആലോചിച്ച് ബേജാറാകണ്ട...ഈ ആദി ജീവനോടെ ഉള്ളിടത്തോളം കാലം നിൻറെ ഒരു രോമത്തിൽ പോലും തൊടാൻ നമ്മള് സമ്മതിക്കില്ല.... അതോണ്ട് നീ ആ സാലിമിനെ കുറിച്ച് ഓർക്കുന്നതിന് പകരം എന്നെ കുറിച്ച് ഓർത്തോ.."

നമ്മള് കോന്തനെ നോക്കി കൊഞ്ഞലം കുത്തിയിട്ട് ഓനെ പുച്ഛിച്ച് തള്ളി കൊണ്ട് മുഖം തിരിച്ചു.

"ഓ...പിന്നെ ഓർക്കാൻ പറ്റിയൊരു മോന്ത...കണ്ടാലും മതി..."

"ഡീ...നീയെന്തേലും പറഞ്ഞോ?"

"ഒന്നുല്യേ...എവിടെയാ പറഞ്ഞ് നിർത്തിയതെന്ന് ചോദിച്ചതാ..."

നമ്മള് ആ കോന്തനെ നോക്കി കൈ കൂപ്പി കൊണ്ട് പറയുന്നത് കേട്ട് എല്ലാരും കൂടി ചിരിച്ചു.

"ആ...പറഞ്ഞ പോലെ നമ്മള് എവിടെയാ നിർത്തിയത്...?

ഹാ...ഇലക്ഷൻ പ്രചരണം...

പിന്നെ....നാളെ വരുമ്പൊ ഇലക്ഷന് മത്സരിക്കുന്ന സിയാദ്,അഖില,നിയാസ്,മാജിദ,അനഘ,ഫിറോസ്, ഗോപൻ,റിഷാന പിന്നെ എൻറെ ഐഷു..."

നമ്മള് ഓനെ അപ്പൊ തന്നെ ഒന്ന് തുറുക്കനെ നോക്കി.

ഓൻ അത് വക വെക്കാതെ തുടർന്നു.

"നിങ്ങള് എല്ലാവരും നാളെ വരുമ്പൊ ഫ്ലക്സ് അടിക്കാൻ വേണ്ടി നിങ്ങളെ ഫോട്ടോ കൊണ്ട് വരണം...മറക്കരുത്..."

"അതേ...ഫ്ലക്സ് അടിക്കാനൊന്നും ഞാൻ ഫോട്ടോ തരുമെന്ന് കരുതണ്ടട്ടോ..."

നമ്മള് എടുത്തടിച്ച പോലെ അപ്പൊ തന്നെ ആ കോന്തനെ നോക്കി പറഞ്ഞു. ഓൻ നമ്മളെ നോക്കി ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് വന്നു.

"വേണ്ട...നിൻറെ ഫോട്ടോ ഒന്നും ഇവിടെ ആർക്കും വേണ്ട...നിൻറെ ഫോട്ടോ ഞാൻ കൊടുത്തോളാം..."

"വേണ്ട...എനിക്ക് ഇഷ്ടല്ല എൻറെ ഫോട്ടോ ഫ്ലക്സ് അടിക്കുന്നത്...അതോണ്ട് എൻറെ ഫോട്ടോ വെക്കണ്ട..."

നമ്മള് കോന്തനോട് കുറച്ച് കലിപ്പായി കൊണ്ട് അത് പറഞ്ഞപ്പൊ എല്ലാരും കൂടി നമ്മളെ ഒരു അന്ധാളിപ്പോടെ നോക്കി നിന്നു.

"ഹൊ....ഓക്കേ...എൻറെ ഐഷൂന് ഇഷ്ടമില്ലെങ്കിൽ വേണ്ട...നിൻറെ ഫോട്ടോ ഫ്ലക്സടിക്കില്ല പോരേ..."

നമ്മള് ചുമ്മാ ഒരു ബിൽഡപ്പിന് പറഞ്ഞതേന്നു വെക്കണ്ടോന്ന്...എന്തായാലും ആ കോന്തൻ നമ്മള് പറഞ്ഞത് സീരിയസ് ആക്കിയതോണ്ട് നമ്മളും പിന്നെ തിരുത്താൻ പോയില്ല....

അങ്ങനെ ഫ്ലക്സില് കൊടുക്കേണ്ട ഡീറ്റൈൽസ് ഒക്കെ കൂടി ചർച്ച ചെയ്യാണ് എല്ലാവരും.

നമ്മള് അപ്പൊ നമ്മളെ ബ്രദേഴ്സിൻറെ അടുത്തേക്ക് പോയി ഇരുന്നു. കൂടെ ആ കോന്തൻറെ ഫ്രണ്ട്സും ഉണ്ട്ട്ടോ.....

"അല്ലാ നിങ്ങളൊക്കെ എന്തിനാ ഇവിടെ വന്നിരിക്കുന്നേ? നിങ്ങള് ഇലക്ഷന് ഇല്ലല്ലോ...?"

"ഞങ്ങൾ അല്ലേ നിങ്ങളെ സപ്പോർട്ടേഴ്സ്...നിങ്ങളെ കൂടെ വോട്ട് പിടിക്കാൻ വേണ്ടി വരുന്നത് ഞങ്ങളാ..." അൻസിക്കയാണ്.

"കഷ്ടം തന്നെ.... അതിൻറെ പേരും പറഞ്ഞ് ക്ലാസ് കട്ട് ചെയ്യാനാണല്ലേ പ്ലാൻ..."

"അല്ലെങ്കിൽ തന്നെ ആരാ ഇപ്പൊ ക്ലാസിനൊക്കെ ഇരിക്കല്? നീന്നെ പോലെയുള്ളവര് ഇരിക്കുമെന്ന് കരുതി ഞങ്ങളെ അതിനൊന്നും കിട്ടില്ലട്ടോ.." ജോണച്ചായനാണ്.

"അല്ലാ..അച്ചായൻ ഇങ്ങോട്ട് വന്നതില് എന്തോ ദുരിദേശമുണ്ടല്ലോ...ഭാര്യയെ സപ്പോർട്ട് ചെയ്യാൻ വേണ്ടി വന്നതാണോ?"

നമ്മള് അഖിലയെ ചൂണ്ടി കൊണ്ട് അച്ചായനോട് ഇത് ചോദിക്കേണ്ട താമസം ഓരോ സൈഡീന്നും അച്ചായനും അഖിലക്കും ഓരോ കമൻറ് കേക്കേണ്ടി വന്നു.

നമ്മളതൊക്കെ കണ്ട് നല്ലോണം രസിച്ചിരുന്നു.അഖിലക്കും ആകെ നാണക്കേടായിട്ടുണ്ട്.

പിന്നെ നമ്മള് ആ കോന്തൻറെ ഫ്രണ്ട്സിനെ നല്ല വിശദമായി പരിചയപ്പെട്ടു. ഇപ്പൊ അവൻമാരും നമ്മളെ ബ്രദേഴ്സ് ആയി കട്ട ചങ്ക്സ്...

അങ്ങനെ മീറ്റിങ്ങൊക്കെ കഴിഞ്ഞ് നമ്മള് പോകാൻ നിന്നപ്പോ ആ കോന്തൻ നമ്മളോട് അവിടെ നിൽക്കാൻ പറഞ്ഞു. നമ്മളും എന്താ കാര്യമെന്ന് ചിന്തിച്ച് അവിടെ നിന്നു.

അപ്പോഴേക്കും എല്ലാവരും ആ ക്ലാസീന്ന് ഇറങ്ങി പോയിരുന്നു. ഇപ്പൊ നമ്മളും ആ കോന്തനും മാത്രേ

ആ ക്ലാസിൽ ഉള്ളൂ..

നമ്മക്ക് ചെറിയ പേടിയൊക്കെ തോന്നിയെങ്കിലും അതൊന്നും പുറത്ത് കാണിക്കാതെ നമ്മള് അവിടെ നിന്നു.

നമ്മളെ മുഖത്തേക്ക് തന്നെ നോക്കി കൊണ്ട് ആ കോന്തൻ കുറെ നേരം അങ്ങനെ നിന്നു. നമ്മക്ക് ആണെങ്കിൽ ഓൻ നമ്മളെ മുഖത്തേക്ക് നോക്കി നിന്നിട്ട് എന്തോ ഒരു ചടപ്പ്...

"എന്തിനാ എന്നെ ഇവിടെ പിടിച്ച് വെച്ചത്? കാര്യം പറ എനിക്ക് പോണം..."

"ഒന്നുല്യാ....നീ പൊയ്ക്കോ..."

നമ്മക്ക് ഓൻ്റെ വർത്താനം കേട്ടപ്പോ ദേഷ്യം വന്നു... നമ്മള് ഓനെ നോക്കി പുച്ഛിച്ചിട്ട് മുഖം തിരിച്ച് നടന്നു.

"ഐഷു...വൺ മിനിറ്റ്..."

കേൾക്കാൻ കൊതിച്ച പോലെ നമ്മളെ കാലുകൾ അവിടെ നിന്നു. ആ കോന്തൻ നമ്മളെ അടുത്തേക്ക് വന്നു.

"ഐഷൂ...നീ...രാവിലെ അങ്ങനെ ഒക്കെ പറഞ്ഞത് ചുമ്മാ എന്നെ പറ്റിക്കാൻ വേണ്ടി ചെയ്തതല്ലേ?"

"എന്ത്?"

"ആ ഫൈസലുമായിട്ട് നിൻറെ കല്യാണം നടക്കാൻ പോകാണെന്ന്...."

വളരെ ദയനീയമായി നമ്മേളെ നോക്കി നിൽക്കുന്ന കോന്തനെ കണ്ടപ്പൊ നമ്മക്ക് ചിരി വന്നു. നമ്മള് തല താഴ്ത്തി കൊണ്ട് ചിരി കൺട്രോൾ ചെയ്തിട്ട് കോന്തനെ നോക്കി.

"അല്ല....ഞാൻ കാര്യായിട്ടും പറഞ്ഞതാ...ഞങ്ങളെ രണ്ട് പേരുടേയും കല്യാണം വീട്ടുകാര് ആദ്യമേ പറഞ്ഞ് വെച്ചതാ... എൻ്റെ പഠിത്തം കഴിഞ്ഞ ഉടനെ കല്യാണം ഉണ്ടാകും..."

നമ്മള് ചുമ്മാ ആ കോന്തൻ്റെ റിയാക്ഷൻ കാണാൻ വേണ്ടി തട്ടി വിട്ടതാണേ...എന്തായാലും സംഗതി ഏറ്റിട്ടുണ്ട്...അത് കേട്ടതും നമ്മളെ കോന്തൻ്റെ മുഖമൊക്കെ വാടി..ഓൻ തല താഴ്ത്തി കൊണ്ട് നമ്മളെ നോക്കാതെ അവിടന്ന് നടന്നു നീങ്ങി.

നമ്മള് ഓൻ പോകുന്ന കോലം കണ്ടിട്ട് ഭയങ്കര ചിരി ആയിരുന്നു. പക്ഷേ പെട്ടെന്ന് നമ്മള് പ്രതീക്ഷിക്കാത്ത ഒരു തിരിച്ചടിയാണ് അവനിൽ നിന്നും ഉണ്ടായത്...

ആ കോന്തൻ പോകുന്ന പോലെ നടന്നിട്ട് ക്ലാസ് റൂമിൻ്റെ വാതിൽ അടച്ച് നമ്മളെ നേരെ തിരിഞ്ഞു നിന്നു. നമ്മളെ ചിരിയൊക്കെ ഭൂലോകത്ത് നിന്നെ കാണാതെ പോയി.

ആ കോന്തൻ ഓരോ അടിയും മുന്നോട്ട് വെക്കുന്തോറും നമ്മളെ ചങ്കിടിപ്പ് കൂടാൻ തുടങ്ങി. നമ്മള് പിറകോട്ട് മാറി കൊണ്ട് രക്ഷപ്പെടാൻ നോക്കിയെങ്കിലും അപ്പോഴേക്കും നമ്മള് ഒരു ബെഞ്ചില് തട്ടി അവിടെ ഇരുന്നു.

ആ കോന്തൻ നമ്മളെ അടുത്തേക്ക് വന്ന് നമ്മളെ നേരെ കൈ നീട്ടിയപ്പോഴേക്കും നമ്മള് കണ്ണടച്ച് കാത് പൊത്തി കൊണ്ട് അലറി.

"ഞാൻ വെറുതെ പറഞ്ഞതാ...ഞാനും ഫൈസൽക്കയും തമ്മിൽ ഒരു ബന്ധവുല്യാ..."

എന്ന് പറഞ്ഞ് തീർന്നതും ഒരു പൊട്ടിച്ചിരിയാണ് നമ്മള് കേട്ടത്.

കണ്ണ് തുറന്നു നോക്കുമ്പൊ ആ കോന്തൻ നമ്മളെ നോക്കി കൊണ്ട് ഹലാക്കിലെ ചിരിയാണ്...

ഇങ്ങനെ കിണിക്കാൻ മാത്രം നമ്മളെന്താ പറഞ്ഞതെന്ന് ചിന്തിച്ച് നമ്മള് ഓനെ തന്നെ നോക്കി

നിന്നു.

"എൻ്റെ ഐഷൂ...നീ ഇത്രക്ക് പേടിത്തൊണ്ടിയാണോ? ഞാൻ വാതിലടച്ചിട്ടല്ലെ ഉള്ളു അപ്പോഴേക്കും നിൻ്റെ നാവീന്ന് ഫുൾ സത്യവും വന്നത് കണ്ടോ... അതാണ് ഈ ആദി.... എന്തായാലും എൻ്റെ പെണ്ണിനെ ഒരുത്തനും നമ്മള് വിട്ട് കൊടുക്കില്ല...

പിന്നെ ഇങ്ങനെ ഒക്കെ ചെയ്തത് ചുമ്മാ നിൻ്റെ മുഖത്തെ ഭാവം കാണാനല്ലേ..."

നമ്മള് ഓൻ്റെ പറച്ചില് കേട്ടിട്ട് കട്ട കലിപ്പിൽ വേഗം അവിടന്ന് എണീറ്റിട്ട് ഓൻ്റെ കാലില് ഒരു ചവിട്ട് കൊടുത്ത് വേഗം ആ ക്ലാസീന്ന് മുങ്ങി.

എന്നിട്ട് നമ്മളെ ക്ലാസില് എത്തിയപ്പൊ അതോക്കെ കൂടി ആലോചിച്ചിട്ട് ചിരിക്കാൻ തുടങ്ങി. നമ്മളെ കുരാമീസിനോടും അതിനെ പറ്റി പറഞ്ഞപ്പൊ അവരും അത് കേട്ട് ചിരിച്ചു.

കോളേജ് വിട്ടപ്പൊ തന്നെ നമ്മള് വീട്ടിലേക്ക് തിരിച്ചു. സ്റ്റോപ്പില് ബസ് കാത്ത് നിൽക്കുമ്പോ ആ കോന്തൻ വന്ന് നമ്മക്കിട്ട് താങ്ങി കൊണ്ട് നമ്മളെ ബസ് കേറ്റി വിട്ടു. വീട്ടിൽ എത്തിയപ്പൊ ഇലക്ഷൻറെ കാര്യമൊക്കെ നമ്മള് എല്ലാരോടും പറഞ്ഞു.

അങ്ങനെ ഈ ദിവസവും തട്ടിയും മുട്ടിയും കടന്ന് പോയി.

പിറ്റേന്ന് പതിവ് പോലെ കോളേജിൽ എത്തിയപ്പോഴുണ്ട് നോട്ടീസ് ബോർഡിന്റെ മുന്നിൽ ഒരു ആൾക്കൂട്ടം...എന്താ സംഭവമെന്ന് അറിയാൻ വേണ്ടി ഞാനും അച്ചുവും അവരുടെ ഇടയിലേക്ക് ഇടിച്ച് കേറി ചെന്ന് നോക്കി.

നോട്ടീസ് ബോർഡിൽ പതിച്ച പോസ്റ്റർ കണ്ടപ്പൊ നമ്മക്ക് കരച്ചിൽ വന്നു. ഞങ്ങളെ ചുറ്റും കൂടി നിന്നവർ എന്തോക്കെയോ അശ്ലീല കമൻറുകളും കളിയാക്കലുമൊക്കെയായി നമ്മളെ നോക്കിയപ്പൊ കൺട്രോൾ തെറ്റി നമ്മള് പൊട്ടി കരഞ്ഞ് കൊണ്ട് അച്ചൂനെ കെട്ടി പിടിച്ചു...

(തുടരും)

ഭാഗം. 46

ഞങ്ങളെ ചുറ്റും കൂടി നിന്നവർ എന്തൊക്കെയോ അശ്ലീല കമൻറുകളും കളിയാക്കലുകളുമൊക്കെയായി നമ്മളെ നോക്കിയപ്പോ കൺട്രോൾ തെറ്റി നമ്മള് പൊട്ടി കരഞ്ഞു കൊണ്ട് അച്ചൂനെ കെട്ടി പിടിച്ചു.

എന്നേയും കാക്കൂനേയും ഉദ്ദേശിച്ച് കൊണ്ട് വരച്ച ഒരു ഡ്രോയിങ്ങായിരുന്നു അത്. അതിൽ നമ്മളേയും കാക്കൂൻറേം പേരും എഴുതി വെച്ചിട്ടുണ്ട്. പിന്നെ അതിന് താഴെയായിട്ട് ഒരു വൃത്തിക്കെട്ട കമൻറും...

ആ വരച്ചത് കണ്ടപ്പൊ തന്നെ നമ്മളെ കണ്ണ് നിറഞ്ഞതോണ്ട് അടിയിലെ കമൻറ് വായിക്കാനുള്ള ത്രാണി നമ്മക്ക് ഇല്ലേന്നു.

അത് കണ്ടപ്പൊ എന്ത് ചെയ്യണമെന്ന് അറിയാതെ നിസ്സഹായകാവസ്ഥയിൽ നിൽക്കുമ്പോഴാണ് ആൾക്കൂട്ടത്തിനിടയിൽ നിന്നും ഒരു കയ്യടി ഉയർന്നു വന്നത്. അത് ആരാണെന്ന് അറിയാൻ വേണ്ടി അച്ചുവിൽ നിന്നും മുഖമുയർത്തി നോക്കി. നമ്മള് പ്രതീക്ഷിച്ച പോലെ തന്നെ സൽമ ആയിരുന്നു അത്.

അവൾ കയ്യടിച്ച് കൊണ്ട് നമ്മളെ അടുത്തേക്ക് വന്നു.

"ആയിഷ ഫെബീ....കോളേജിലെ പെൺപ്പുലി....എന്നിട്ട് ഇപ്പൊ എന്ത് പറ്റി പുലിക്കുട്ടി പൂച്ചക്കുട്ടി ആയല്ലോ...?"

അവള് ഒരു പരിഹാസത്തോടെ അതൊക്കെ പറയുമ്പോഴും നമ്മളെ കണ്ണീരിൻറെ ടാങ്ക് ലീക്കായി കൊണ്ട് ഒഴുകായിരുന്നു.

തല താഴ്ത്തി കൊണ്ട് നിൽക്കുന്ന നമ്മളെ മുഖത്തേക്ക് നോക്കിയിട്ട് ഓള് പല്ലി ചിലക്കുന്ന പോലെ ചിലച്ചു.

"എനിക്ക് ഇത്രയും കണ്ടാൽ മതിയായിരുന്നു...അതിന്

വേണ്ടിയാ ഇതൊക്കെ ഞാൻ ചെയ്തത്...

നാണംകെട്ട് തൊലിയുരിഞ്ഞ് എല്ലാരെ മുൻപിൽ വെച്ചും നീ തല താഴ്ത്തി പൊട്ടി കരയുന്നത് കാണാൻ ഒരുപാട് നാളായി കൊതിക്കുന്നു...ഇന്ന് അങ്ങനെ ഒരു സന്ദർഭം എൻറെ കൺമുന്നിൽ കാണുമ്പൊ എന്തോ പറഞ്ഞ് അറിയിക്കാൻ പറ്റാത്ത ഒരു സന്തോഷം...

ഈ നാണക്കേടും പേറി കൊണ്ട് നീ ഈ കോളേജിൽ തുടരുന്നത് എങ്ങനെ ആണെന്ന് എനിക്കൊന്ന് കാണണം....

ഇനിയും നീയെൻറെ വഴിയിൽ കുറുകെ വന്നാൽ ഇതൊന്നും ആയിരിക്കില്ല നിന്നെ കാത്തിരിക്കുന്നത്..."

"നോ സൽമാ.....അങ്ങനെ ഒന്നും എൻറെ ഭാഗത്ത് നിന്നും ഉണ്ടാകില്ല....ഞാൻ ഇവിടന്ന് പൊയ്ക്കോളാം...ഇനി ഇങ്ങനെ ഒന്നും ചെയ്യരുത് പ്ലീസ്..."

നമ്മള് ഓളെ മുന്നിൽ കൈ കൂപ്പി നിന്നിട്ട് കേണപേക്ഷിച്ചു. ഓളൊരു പുച്ഛത്തോടെ നമ്മളെ നോക്കി ചിരിച്ചോണ്ട് നമ്മളെ പരിഹസിച്ചു. നമ്മള് എല്ലാം കേട്ട് കൊണ്ട് മുഖം പൊത്തി കരഞ്ഞ് കരഞ്ഞ് പെട്ടെന്ന് അതൊരു പൊട്ടി ചിരിയിലേക്ക് വഴി മാറി.

നമ്മളെ പെട്ടെന്ന് ഉള്ള മാറ്റം കണ്ട് നമ്മക്ക് വട്ടായോ എന്ന രീതിയിൽ എല്ലാവരും കൂടി നമ്മളെ നോക്കി നിന്നു.

സൽമയും ഓളെ വാലുകളും നമ്മളെ നോക്കി അന്തം വിട്ട് പരസ്പരം മുഖത്തേക്ക് നോക്കി നിന്നു.

നമ്മള് ആണെങ്കിൽ ആ സൽമൻറെ മുഖത്തേക്ക് വീണ്ടും വീണ്ടും നോക്കി കൊണ്ട് പൊരിഞ്ഞ ചിരിയാണ്. ഒടുക്കം ചിരി കൺട്രോൾ ചെയ്തിട്ട് നമ്മള് സൽമൻറെ അടുത്തേക്ക് നടന്നു.

"എങ്ങനെ ഉണ്ടായിരുന്നു സൽമാ എൻറെ പെർഫോമൻസ്? മിനിമം രണ്ട് ഓസ്കാർ എങ്കിലും

കിട്ടില്ലേ?"

നമ്മള് പറഞ്ഞതോന്നും മനസ്സിലാകാതെ ഓള് നമ്മളെ തന്നെ മിഴിച്ച് നിന്നു.

"ഈ പോസ്റ്റർ കണ്ടപ്പൊ തന്നെ എനിക്ക് മനസ്സിലായതാ ഇതിന് പിറകിൽ നീയായിരിക്കുമെന്ന്...കാരണം ഇത്രക്ക് തരം താഴ്ന്ന പ്രവർത്തി നീയല്ലാതെ വേറെ ആരും ചെയ്യില്ലാന്ന് എനിക്ക് നന്നായിട്ട് അറിയാം...

സത്യം പറയാലോ എൻറെ ജീവിതത്തിൽ ഞാൻ ഇത്രേയും അധികം ചിരിച്ച ഒരു ദിവസം ഉണ്ടായിട്ടേയില്ല...അത്രക്ക് കോമഡി അല്ലേ ഈ കാണിച്ച് വെച്ചേക്കുന്നത്....

പിന്നെ ഞാൻ കരഞ്ഞത് എന്തിനാന്ന് വെച്ചാൽ ഇത്രക്ക് ഒക്കെ കഷ്ടപ്പെട്ട് നീ ഇതൊക്കെ ഇവിടെ ഒട്ടിച്ച് വെച്ചിട്ട് നീ പ്രതീക്ഷിച്ച പോലെ ഞാൻ പ്രതികരിച്ചില്ലെങ്കിൽ പിന്നെ നീ ഇത്രയും കഷ്ടപ്പെട്ടത് വെറുതെ ആകില്ലെന്ന് കരുതിയിട്ടാ....അപ്പൊ നീയും ഹാപ്പി ഇപ്പൊ ഞാനും ഹാപ്പി..."

നമ്മളെ പറച്ചില് കേട്ടിട്ട് ഇതുവരെ നമ്മളെ നോക്കി പരിഹസിച്ചവരൊക്കെ സൽമയെ നോക്കി ചിരിക്കാൻ തുടങ്ങി. ഓൾക്ക് ആണെങ്കിലോ നല്ലോണം ദേഷ്യം വന്നിട്ടുണ്ട്. കണ്ണൊക്കെ ചുവന്ന് പല്ലിറുമ്പി കൊണ്ട് നമ്മളെ തുറുക്കനെ നോക്കി നിൽക്കാണ്.

നമ്മളെ കുരാമീസ് നാല് പേരും നമ്മക്ക് കട്ട സപ്പോർട്ട് എന്ന വിധം നമ്മളെ കൂടെ തന്നെയുണ്ട്ട്ടോ...

നമ്മള് സൽമയെ നോക്കി കൊണ്ട് ആ പോസ്റ്ററിൻറെ അടുത്തേക്ക് നടന്നു.

"ഇതിൻറെ കണ്ടൻറും കോൺസപ്റ്റും വ്യൂവും ഒക്കെ ഓക്കേ...ബട്ട്....ഇതിലൊരു ചെറിയ തിരുത്തല് വേണമല്ലോ....

സാരല്യ അത് ഞാൻ ചെയ്തോളാം..."

നമ്മള് പേനയെടുത്തിട്ട് നമ്മളെ കാക്കൂൻറെ പേര് വെട്ടി കളഞ്ഞിട്ട് ആ കോന്തൻറെ പേര് വായിച്ചോണ്ട് നമ്മള് എഴുതി വെച്ചു.

"ഇപ്പോഴാണ് ഇത് പെർഫെക്ട് ആയത്..അല്ലേ..?"

നമ്മള് അവിടെ കൂടി നിന്നവരോടായി ചോദിച്ചപ്പൊ അവര് അത് സമ്മതിച്ച് തന്ന പോലെ കയ്യടിച്ചും വിസിലടിച്ചും പാസാക്കി തന്നു.

നമ്മള് നല്ല പ്രസന്നമായ ചിരിയോടെ സൽമയെ നോക്കിയപ്പൊ ഓളുടെ കണ്ണുകൾ ദേഷ്യം കൊണ്ട് ചുവന്നിട്ട് കണ്ണൊക്കെ നിറഞ്ഞൊഴുകുന്നുണ്ട്. പക്ഷെ അത് അവള് കരയല്ല,നമ്മളെ ചുട്ടെരിക്കുന്നതിന് സമമായിരുന്നു അവളെ കണ്ണീര്.

ഓള് അവിടെ കൂടി നിന്നവരെയെല്ലാം രൂക്ഷമായി നോക്കിയപ്പൊ അവരൊക്കെ സൈലന്റായി. എന്നിട്ട് ഓള് നോട്ടീസ് ബോർഡിലെ ആ പോസ്റ്റർ വലിച്ച് കീറി നിലത്തിട്ട് ചവിട്ടി കൂട്ടി... നമ്മക്കും കുരാമീസിനും അത് കണ്ടപ്പൊ ചിരി കൺട്രോൽ ചെയ്യാൻ പറ്റുന്നില്ലേന്നു.

നമ്മള് കുരാമീസിനെ നോക്കി കൊണ്ട് ശൂ പറഞ്ഞിട്ട്

ചിരി കൺട്രോൾ ചെയ്ത് സൽമൻ്റെ അടുത്തേക്ക് ചെന്നു.

"എന്ത് പണിയാ സൽമാ നീ കാണിച്ചത്? ഇനിയും എത്ര കുട്ടികള് കാണാൻ ഉള്ളതേന്നു...ശൊ അതൊക്കെ കീറി കളഞ്ഞ് എല്ലാം നശിപ്പിച്ചു...

ഇത്രയും കഷ്ടപ്പെട്ട് നീയിതൊക്കെ ചെയ്തിട്ട് അറ്റ്ലീസ്റ്റ് ആദി കണ്ടിട്ട് കീറി കളഞ്ഞാൽ മതിയായിരുന്നു...."

നമ്മള് ചെറിയ പരിഭവം മുഖത്ത് വരുത്തി കൊണ്ട് അവളോട് പറഞ്ഞപ്പൊ ഓള് രോക്ഷാകുലയായി നമ്മളെ തല്ലാനായി കൈ ഓങ്ങിയതും നമ്മള് ഓളെ കയ്യിൽ പിടുത്തമിട്ടു.

"വേണ്ട സൽമ...വെറുതെ നിൻ്റെ മോന്തൻ്റെ ഷേപ്പ് മാറാൻ നീയായിട്ട് നിമിത്തമാകണ്ട...

എന്നെ തല്ലിയിട്ട് എങ്ങാനും എനിക്ക് വേദനിച്ചാൽ ഞാൻ തിരിച്ച് തല്ലും. അത് ചെലപ്പൊ മുതലും പലിശയും ഒക്കെ കൂട്ടിയാകും കിട്ടാ... അത് നിനക്ക്

താങ്ങാൻ പറ്റില്ല...

അതോണ്ട് ഈ ഇശ്യൂ ഇതുപോലെ അങ്ങ് വെറുതെ വിട്ടേക്ക് ഇല്ലെങ്കിൽ പിന്നെ നിൻറെ ഇലക്ഷന് അത് സാരമായി ബാധിക്കും....

അതോണ്ട് ഇലക്ഷൻ തീരുന്ന വരെയെങ്കിലും നല്ല കുട്ടി ആയിട്ട് അടങ്ങി ഒതുങ്ങി നിന്നോണം...കേട്ടോ?

ഇനി ഇമ്മാതിരി വേലത്തരങ്ങളും കൊണ്ട് ഇറങ്ങിയിട്ട് അവസാനം ഇതുപോലെ മൂഞ്ചി നിൽക്കേണ്ടി വരും....അന്ന് ഒരു പക്ഷേ ഈ ഫെബിയുടെ പ്രതികരണം ഇങ്ങനെ ആവണമെന്നില്ല..."

തുടക്കമൊക്കെ കുറച്ച് സ്മൂത്തായിട്ട് തുടങ്ങി ഒടുക്കം ഒരു ചെറിയ ഭീഷണി സ്വരത്തിൽ നമ്മളത് പറഞ്ഞിട്ട് നമ്മളെ ക്ലാസിലേക്ക് വെച്ച് പിടിച്ചു.

പിന്നാലെ നമ്മളെ നാല് കുരാമീസും നമ്മളെ പോലെ അഹങ്കാരത്തോടെ സ്ലോമോഷനിൽ നടന്ന് വന്നു.

നമ്മളെ ഡയലോഗും നടത്തവും കണ്ടിട്ട് എല്ലാവരും നമ്മളെ നോക്കി നിൽക്കാണ്. അതോണ്ട് നമ്മള് വേഗം ക്ലാസിലേക്ക് പോയിട്ട് വെള്ളം എടുത്ത് മടക്ക് മടക്കെന്ന് കുടിച്ചിട്ട് നെഞ്ചിൽ കയ്യും വെച്ച് ഒന്ന് നെടുവീർപ്പിട്ടു.

നമ്മളെ കുരാമീസ് നാല് പേരും കൂടി ഓടി വന്ന് നമ്മളെ കെട്ടി പിടിച്ച് ഉമ്മ വെച്ചു.

"എൻറെ ഫെബീ...നീ മരണമാസ്സല്ലെടീ കൊലമാസ്സാണ്... കൊലമാസ്സ്...

ആ സൽമൻറെ മോന്ത ഒന്ന് കാണണേന്നു...നീ പറഞ്ഞ ഓരോന്നും ഓൾക്ക് കൊള്ളേണ്ട വിധത്തിൽ തന്നെ കൊണ്ടു...നീ പൊളിച്ചു മോളേ..."

നസി അതും പറഞ്ഞോണ്ട് നമ്മളെ കവിളില് പിച്ചി.

"എന്നാലും എൻറെ ഫെബീ...നീ ആദ്യം ഞങ്ങളെ ഒന്ന്

പേടിപ്പിച്ച് കളഞ്ഞുട്ടോ...നീ കരയുന്നത് കണ്ടപ്പോ ഞങ്ങൾ ശരിക്കും ഞെട്ടി പോയില്ലെ...ഓളെ മുന്നിൽ ഇത്ര പെട്ടെന്ന് നീ തോറ്റ് കൊടുത്തോന്ന് ചിന്തിച്ച് നിൽക്കുമ്പോഴാ നിൻറെ മാറ്റം.... അത് സൂപ്പറായിരുന്നു. ഞങ്ങൾ പോലും അങ്ങനെ ഒന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചിട്ടില്ലേന്നു." ഷംനയാണ്.

"പക്ഷേ എനിക്ക് ഇതൊന്നും അല്ല ഇഷ്ടായത്...നീ സിയാദ്ക്കാൻറെ പേര് വെട്ടിയിട്ട് പകരം ആദിൽക്കാൻറെ പേര് എഴുതിയിട്ട് ആ സൽമയോടുള്ള ഡയലോഗ് ഉണ്ടല്ലോ....ശൊ ഓർക്കുമ്പൊ തന്നെ കുളിര് കോരാ..."

സനയാണ്.

ഞങ്ങൾ മൂന്നിനേയും നോക്കി ഒന്ന് ചിരിച്ചിട്ട് അച്ചൂനെ നോക്കി. ഓള് നമ്മളെ ഒരു സംശയത്തോടെ നോക്കി നിൽക്കാണ്. നമ്മള് എന്താന്ന് ഓളോട് പുരികം പൊക്കി കാണിച്ചു.

"സത്യം പറ ഫെബീ....നീ ശരിക്കും ആ പോസ്റ്റർ കണ്ടിട്ട് കരഞ്ഞില്ലേ?"

അച്ചു നമ്മളെ സൂക്ഷിച്ച് നോക്കി കൊണ്ട് അത് ചോദിച്ചപ്പൊ നമ്മളത് ചിരിച്ച് തള്ളി.

"ഓ പിന്നെ അത് കണ്ടിട്ട് കരയാൻ പോകല്ലെ ഞാൻ...അതൊക്കെ നമ്മളെ അഭിനയല്ലേ...."

"കള്ളം പറയാൻ നോക്കണ്ട മോളേ...നിന്നെ ഞാൻ ഇന്നും ഇന്നലെയൊന്നും കാണാൻ തുടങ്ങിയതല്ലല്ലൊ...അതോണ്ട് നീ കരയാണോ അഭിനയിക്കാണോ എന്നൊക്കെ മനസ്സിലാക്കാൻ എനിക്ക് അറിയാ..."

അച്ചു നമ്മളെ വിടില്ലാന്ന് മനസ്സിലായപ്പൊ നമ്മള് ലൈറ്റായിട്ടൊന്ന് ചിരിച്ച് കാണിച്ചിട്ട് സമ്മതിച്ച് കൊടുത്തു.

"സത്യം പറയാലോ ആ പോസ്റ്റർ ആദ്യം കണ്ടപ്പൊ അറിയാതെ തന്നെ നമ്മളെ കൺട്രോൾ വിട്ട് പോയി. അതാ കരഞ്ഞത്...പിന്നെ ഇതൊക്കെ സൽമൻറെ

പണിയാണെന്ന് അറിഞ്ഞപ്പൊ അവൾക്കിട്ട് കൊള്ളുന്ന പോലെ തന്നെ നമ്മളും തിരിച്ച് താങ്ങി... അതോണ്ട് നമ്മള് കരഞ്ഞത് ഒറിജിനൽ ആണെന്ന് ആർക്കും മനസ്സിലായില്ല...പക്ഷേ നീയത് കണ്ട് പിടിച്ചല്ലേ കൊച്ചു ഗള്ളീ...."

നമ്മള് അച്ചൂൻറെ കവിളില് പിച്ചി കൊണ്ട് പറഞ്ഞു. അപ്പൊ ബാക്കി മൂന്നും കൂടി നമ്മളെ ഇട്ട് താങ്ങി കൊണ്ട് ഓരോന്ന് പറഞ്ഞ് ചിരിച്ചു.

നമ്മള് അപ്പൊ തന്നെ സൽമക്കിട്ട് കൊടുക്കാനുള്ള നല്ലൊരു ഉഗ്രൻ പ്ലാൻ തയ്യാറാക്കി വെച്ചിട്ടുണ്ടേന്നു. പക്ഷേ ഇലക്ഷൻറെ ചൂട് തീർന്നിട്ടേ നമ്മളത് നടപ്പാക്കൊള്ളൂ...

കാരണം അത് വരെ ഓള് നമ്മളെ വഴിയിൽ കുറുകെ വരില്ലാന്ന് ഉറപ്പുണ്ട്.

ഇപ്പൊ ക്ലാസ് മൊത്തം ചർച്ച നമ്മളാണ്. എല്ലാവരും സൽമയെ എതിർത്ത് കൊണ്ടുള്ള ഭീഷണിയിലാണ് നമ്മളെ ഫാനായത്. അതോണ്ട് നമ്മക്ക് വോട്ട് കൺഫോം.

അങ്ങനെ ഫസ്റ്റ് പിരീഡ് എന്നത്തേയും പോലെ റാഷിസാർ വന്ന് കളറാക്കിയപ്പൊ അടുത്ത പിരീഡ് തന്നെ നമ്മള് ഇലക്ഷൻ പ്രചരണത്തിന് വേണ്ടി സ്കൂട്ടായിരുന്നു.

നമ്മളെ കാത്ത് നമ്മളെ ടീമ് ലൈബ്രറിൻറെ മുന്നിൽ തന്നെ ഉണ്ടെന്നു. നമ്മളേ കണ്ടതും കാക്കു ആദ്യം ചോദിച്ചത് രാവിലത്തെ പ്രശ്നായിരുന്നു.

നമ്മളത് കോന്തനെ നോക്കി കൊണ്ട് ചിരിച്ചോണ്ട് അതങ്ങ് പറഞ്ഞ് തള്ളി. എന്നിട്ട് എല്ലാവരും കൂടി ചേർന്ന് പ്രചരണത്തിനായി ഓരോ ക്ലാസിലേക്കും പോയി.

ആദ്യം തന്നെ നമ്മള് പോയത് ഫസ്റ്റിയേഴ്സിൻറെ ക്ലാസിലേക്കാണ്. അങ്ങനെ ഓരോ ക്ലാസിലും ചെന്ന് നമ്മളെ കോന്തൻ അവരോടൊക്കെ ഞങ്ങളെ ടീമിന് വോട്ട് ചെയ്യാൻ വേണ്ടി പറഞ്ഞു.

എന്നിട്ട് അതിൻ്റെ കൂടെ അഖിലയെ കൊണ്ട് പാട്ട് പാടിപ്പിച്ചു. അവരൊക്കെ ഞങ്ങൾടെ ഗിറ്റാറിനെ വോട്ട് ചെയ്യൂ എന്ന് ഉറപ്പ് തന്നു.

ആ... പറയാൻ വിട്ടു പോയി .ഞങ്ങളുടെ ചിഹ്നം ഗിറ്റാർ ആണ്. സൽമൻ്റേത് തൊപ്പിയും...

അങ്ങനെ നാലഞ്ച് കാലാസിലൊക്കെ കേറി ഇറങ്ങിയപ്പൊ തന്നെ നമ്മക്ക് ചടച്ചു. അതോണ്ട് നമ്മള് അവരെ ബാക്കിലാണ് നിൽക്കാറ്. പക്ഷേ ആ കോന്തൻ നമ്മളെ പിടിച്ച് ഓൻ്റെ അടുത്ത് നിർത്തും.ചോദിക്കുമ്പൊ പറയാണ് ഞാൻ അല്ലേ വൈസ് ചെയർപേഴ്സൺ അതാണെന്ന്.

ഓനിട്ട് ഒരു ചവിട്ട് ഒക്കെ കൊടുക്കാൻ തോന്നുമെങ്കിലും ഇലക്ഷൻ കഴിഞ്ഞിട്ട് മൊത്തമായിട്ട് കൊടുക്കാനാണ് നമ്മളെ പ്ലാൻ...

അങ്ങനെ ലഞ്ച് ബ്രേക്ക് വരെ ഞങ്ങൾ ആറ് ക്ലാസില് പോയി പറഞ്ഞു. ബാക്കി ഇനി പിന്നെ എന്ന് പറഞ്ഞ്

ആ കോന്തൻ ഞങ്ങളെ കാൻറീനിൽ കൊണ്ട് പോയി ഫുഡ് വാങ്ങി തന്നു.

ആ കോന്തനോട് ഒഴിച്ച് ബാക്കി ഉള്ളവരോടൊക്കെ നമ്മള് കട്ട കമ്പനി ആയതോണ്ട് കളിയും ചിരിയും തമാശയമോക്കെ പറഞ്ഞോണ്ട് ഞങ്ങൾ കാൻറീനിൽ തന്നെ ഇരുന്നു.

നമ്മളേ കാക്കുവും നിസൂക്കയും കൂടി ഫ്ലക്സും നോട്ടീസും വാങ്ങാൻ വേണ്ടി പോയെങ്കിലും അത് നാളെയേ റെഡി ആകൊള്ളൂന്ന് പറഞ്ഞ് തിരിച്ച് വന്നു.

ഞങ്ങൾ വീണ്ടും ഉച്ച തിരിഞ്ഞ് ഓരോ ക്ലാസിലും കേറി ഇറങ്ങി.എല്ലാ ക്ലാസിലും കേറി കോന്തനാണ് ഓരോന്ന് പറയുന്നത്.

നമ്മക്ക് പിന്നെ എന്താ പണീന്ന് ചോദിച്ചാൽ നമ്മളെ പേരും ക്ലാസും ഏത് സീറ്റിലേക്കാ മത്സരിക്കുന്നതെന്നും പറയാ അത്രയുള്ളൂ.

പിന്നെ നമ്മളെ സ്ഥിരം പണിയും വായിനോട്ടം...

അങ്ങനെ നമ്മള് നമ്മളെ സ്ഥിരം പണി തുടരുമ്പോഴാണ് ആ കോന്തൻറെ പ്രസംഗം തുടർന്നത്.

നമ്മളും മനസ്സിൽ കരുതി ഇവന് ഇതൊന്നും അല്ലാതെ ഒന്നും പറയാനില്ലേന്ന്...കാരണം എല്ലായിടത്തും പറയുന്ന സ്ഥിരം ഡയലോഗ് തന്നെ റിപ്പീറ്റായിട്ട് കേൾക്കല്ലേ അതോണ്ട് നമ്മക്ക് ഭയങ്കര ബോറടി ആയിരുന്നു.

പെട്ടെന്ന് ആ കോന്തൻ നമ്മളെ കൈ പിടിച്ചിട്ട് ആ ക്ലാസിൽ ഉള്ളവരൊടായി പറഞ്ഞു.

"ഇനി ആയിഷ ഫെബീ നിങ്ങൾക്ക് വേണ്ടി ഒരു പാട്ട് പാടുന്നതാണ്...അതും ഗിറ്റാർ വെച്ച്.."

അത് കേട്ടതും നമ്മള് ഓനെ നോക്കി കണ്ണുരുട്ടി. എന്നിട്ട് ആ കോന്തൻറെ കാതില് മൊഴിഞ്ഞു.

" ഞാൻ ഈ നേരത്ത് എവിടെ പോയി കൊണ്ട്

വരാനാടാ ഗിറ്റാർ? "

"അത്രയല്ലേയുള്ളു പ്രോബ്ലം... ഗിറ്റാർ കിട്ടിയാൽ നീ പാടില്ലേ? നമ്മക്ക് ശരിയാക്കാം..."

ആ കോന്തൻ അതും പറഞ്ഞ് ഓൻ്റെ ഫോൺ എടുത്ത് നമ്മളെ നേർക്ക് നീട്ടി. നോക്കുമ്പൊ അതില് ഗിറ്റാറിൻ്റെ ഒരു ആപ്പ് ആയിരുന്നു. നമ്മള് അത് വാങ്ങിച്ച് അതില് തൊട്ടതും ശരിക്ക് ഗിറ്റാറിനെ പോലെ തോന്നി.

നമ്മള് അത് വെച്ച് നല്ലൊരു മെലഡി തന്നെ കാച്ചി. നമ്മളെ പാട്ട് കേട്ടാ പിന്നെ ചുറ്റുള്ളതൊന്നും അറിയില്ലല്ലോ അതോണ്ട് എല്ലാവരും നമ്മളെ പാട്ടില് മുഴുകി ഇരിക്കാണ്.

നമ്മളെ പാട്ട് തീർന്നതും ഗംഭീര കയ്യടിയായിരുന്നു ആ ക്ലാസിൽ നിന്ന് ഉണ്ടായത്. നമ്മള് ഓരോട് ഒക്കെ നമ്മളെ ടീമിന് വോട്ട് ചെയ്യണമെന്ന് പറഞ്ഞിട്ട് ആ കോന്തന് ഓൻ്റെ ഫോൺ നീട്ടി.

ഓൻ നമ്മളെ നോക്കി നിന്നു എന്നല്ലാതെ ഫോൺ വാങ്ങുന്നില്ലേന്നു. കാരണം മൂപ്പര് ഏതോ സ്വപ്ന ലോകത്തേന്നു. അതോണ്ട് ആ കോന്തൻറെ ഫോൺ നമ്മളെ കയ്യീന്ന് വാങ്ങിയത് നിസൂക്കയാണ്.

അങ്ങനെ അന്നത്തെ തെണ്ടി തിരിയലൊക്കെ കഴിഞ്ഞപ്പൊ ഞങ്ങൾ എല്ലാവരും കൂടി ലൈബ്രറിൻറെ മോളിലെ ക്ലാസില് പോയി ഇരുന്നു.

ലാസ്റ്റ് പിരീഡ് ആണ് ഇനിയുള്ളത്.അതും കാലകേയൻറെ പിരീഡ്. അതോണ്ട് നമ്മള് അവിടെ ഇരുന്ന് അഖിലയോടും മാജിയോടുമൊക്കെ കത്തിയടിച്ചിരുന്നു. ഞങ്ങൾ മൂന്നു പേര് മാത്രാണ് ഫസ്റ്റ് ഇയേഴ്സ്... ബാക്കി ഉള്ളവരൊക്കെ ഞങ്ങളെ സീനിയേഴ്സ് ആണ്.

നമ്മളെ കോന്തൻ ഭയങ്കര തിരക്കിലായോണ്ട് നമ്മളെയൊന്നും അത്ര മൈൻഡില്ലേന്നു. അതോണ്ട് നമ്മളും അധികം മൈൻഡ് ചെയ്യാൻ നിന്നില്ല.

പിറ്റേന്ന് ഞങ്ങൾ കോളേജിൽ എത്തിയപ്പൊ ഗേറ്റിന് മുന്നില് തന്നെ തൊപ്പിക്കാരെ ഫ്ലക്സ് ഉണ്ടായിരുന്നു.

അവരെ ടീമില് നിന്നും ചെയർമാൻ സ്ഥാനത്തേക്ക് മത്സരിക്കുന്നത് സാലിമാണ്. എല്ലാ കൊല്ലവും നമ്മളേ കോന്തന് എതിരെ മത്സരിക്കേം ചെയ്യും എന്നിട്ട് എട്ട് നിലയിൽ പൊട്ടേം ചെയ്യും...

നമ്മള് ഓരെ ഫ്ലക്സ് നോക്കി നടക്കുമ്പോഴാ അച്ചു നമ്മളെ തോണ്ടി കൊണ്ട് ആ കാഴ്ച കാണിച്ച് തന്നത്.

അത് കണ്ടപ്പൊ നമ്മള് ഞെട്ടി കൊണ്ട് നമ്മളെ തലേല് കയ്യും വെച്ച് നിന്നു.

"ഫെബീ സൂപ്പറായിട്ടുണ്ടല്ലെ നമ്മളെ പോസ്റ്റർ?"

അച്ചു അത് പറഞ്ഞപ്പൊ നമ്മള് ഓളെ തുറുക്കനെ നോക്കിയിട്ട് ആ ഫ്ലക്സ് കെട്ടുന്ന നമ്മളെ കാക്കൂൻറെ

അടുത്തേക്ക് നടന്നു.

"കാക്കു....എന്താ ഈ കാണിച്ച് വെച്ചേക്കുന്നത്? ആരാ ഈ ഫോട്ടോ എടുത്ത് ഫ്ലക്സ് അടിക്കാൻ പറഞ്ഞേ..."

"എൻറെ ഫെബീ...നീ എന്നോട് ചൂടായിട്ടൊന്നും ഒരു കാര്യവുമില്ല...എനിക്ക് ഈ ഫോട്ടോ തന്നിട്ട് ആദിയാ പറഞ്ഞത് ഫ്ലക്സ് അടിക്കാൻ... ഈ ഫോട്ടോ ആണെങ്കിൽ നമ്മളെ ടീമിന് പറ്റിയ ഫോട്ടോ ആയിട്ട് ഞങ്ങൾക്കും തോന്നി...

എന്തായാലും പറയാതിരിക്കാൻ വയ്യ എഡിറ്റ് ചെയ്തത് ആണെങ്കിലും കാണാൻ നല്ല ഭംഗിയുണ്ട് രണ്ടിനേയും...."

"കാക്കൂ...അല്ലെങ്കിൽ തന്നെ നല്ല ദേഷ്യത്തിൽ നിൽക്കാണ് അതിന് ഇടയിൽ കൂടി ഇങ്ങള് കൂടി തുടങ്ങല്ലെട്ടാ....മര്യാദക്ക് ആ ഫ്ലക്സ് അഴിച്ച് വെക്കീ..."

"എൻറെ പൊന്നാര ഫെബിയേ...നീ ഞങ്ങളോട് ചൂടായിട്ട് ഒരു കാര്യവും ഇല്ല. ഇതൊക്കെ ആദി പറഞ്ഞിട്ടാ ചെയ്തത്...എന്ത് ഉണ്ടെങ്കിലും അത് ഓനോട് പോയി പറഞ്ഞോ..."

"എന്നിട്ട് ആ കോന്തൻ കോദി എവിടെ?"

നമ്മളെ പറച്ചില് കേട്ടിട്ട് മൂപ്പര് ചിരിച്ചോണ്ട് സ്വർഗത്തിലുണ്ടെന്ന് പറഞ്ഞു. തെറ്റിദ്ധരിക്കണ്ട...സ്വർഗ്ഗം എന്ന് ഉദ്ദേശിച്ചത് ലൈബ്രറിൻറെ മോളിലെ ക്ലാസിനേയാണ്.

നമ്മള് അപ്പൊ തന്നെ അച്ചൂൻറെ കയ്യിൽ നമ്മളെ ബാഗ് കൊടുത്ത് വിട്ടിട്ട് നമ്മള് സ്വർഗ്ഗം ലക്ഷ്യമാക്കി നടന്നു.

നമ്മള് അവിടെ എത്തിയപ്പൊ സ്വർഗത്തിലെ കവാടം അടഞ്ഞ് കിടക്കാണ്. നമ്മള് അത് തള്ളി തുറന്ന് നോക്കിയപ്പൊ ആ സൽമ നമ്മളെ കോന്തൻറെ അടുത്ത് ഇരിക്കാണ്.നമ്മക്ക് അത് കണ്ടപ്പൊ എന്തോ

ഒരു ദേഷ്യവും സങ്കടവും ഒക്കെ കൂടി ഭ്രാന്ത് പിടിക്കുന്ന പോലെ തോന്നി.

നമ്മളെ നില്പ്പ് കണ്ടിട്ട് അന്തം വിട്ട് നമ്മളെ നോക്കാണ് കോന്തൻ.ആ സൽമ ആണെങ്കിലോ നമ്മളെ കണ്ടപ്പൊ തന്നെ മുഖത്ത് ദേഷ്യം പടർത്തിക്കൊണ്ട് കത്താൻ തുടങ്ങി.

നമ്മള് ഓളെ മുഖത്തേക്ക് പോലും നോക്കാതെ ആ കോന്തൻറെ നേരെ ചെന്നിട്ട് ഓനോട് ചൂടായി...

"ആരോട് ചോദിച്ചിട്ടാ നീ എൻറെ ഫോട്ടോ ഫ്ലക്സില് കൊടുത്തത്? അതും നീയും ഞാനും കൂടി നിൽക്കുന്ന ആ എഡിറ്റ് ചെയ്ത ഫോട്ടോ തന്നെ എന്തിനാ കൊടുത്തത്? എനിക്ക് ഇപ്പൊ അറിയണം..."

ഓൻ നമ്മളെ നോക്കി ചിരിച്ചോണ്ട് ആ സൽമ അവിടെ ഇരിക്കുന്നുണ്ടെന്ന് പോലും വക വെക്കാതെ നമ്മളെ അടുത്തേക്ക് വന്നു.

"അതിന് ഞാൻ നിൻ്റെ ഫോട്ടോ ഒന്നും കൊടുത്തില്ലല്ലോ...എൻ്റെ ഭാവി വധുവിൻ്റേയും എൻ്റേയും ഫോട്ടോ അതില് വെച്ചു അതിനിപ്പൊ എന്താ?"

ഓൻ്റെ സംസാരം കേട്ടപ്പോ സൽമ ഞെട്ടി എണീറ്റ് കൊണ്ട് നമ്മളെ ദേഷ്യത്തോടെ നോക്കി. നമ്മള് അതിനേക്കാൾ ദേഷ്യത്തിൽ ആയോണ്ട് ഓൻ്റെ മുന്നിൽ പൊട്ടി തെറിച്ചു.

"ഞാൻ ഒരിക്കലും നിൻ്റെ വധു ആകുമെന്ന് നീ കരുതണ്ട...നിനക്ക് മേച്ച് ഈ വെള്ളപ്പാറ്റയാ...അവളെ കെട്ടി പിടിച്ച് നിന്നോ.."

നമ്മളെ വർത്താനം കേട്ട് ഓൻ നമ്മളെ തല്ലാനായി ഓങ്ങിയെങ്കിലും അത് വേണ്ടെന്ന് വെച്ചിട്ട് കൈ താഴ്ത്തി.

"എന്തേ കൈ പൊന്തുന്നില്ലേ? തല്ല് എന്നെ അതും ഇവളെ മുന്നിൽ വെച്ച് തന്നെ തല്ല് എന്നെ...

ദെ നിങ്ങൾ തമ്മിൽ എന്ത് ഇടപാടായാലും അത് നമ്മളെ ബാധിക്കില്ല....പക്ഷേ, താഴേ വെച്ചിട്ടുള്ള ഫ്ലക്സ് എന്നെ ബാധിക്കുന്ന പ്രശ്നമാണ്...

അതോണ്ട് മര്യാദക്ക് അത് അവിടന്ന് അഴിച്ച് മാറ്റിക്കോണം ഇല്ലെങ്കിൽ പിന്നെ എനിക്ക് ഈ ഇലക്ഷനിൽ നിന്നും പിൻമാറേണ്ടി വരും..."

എന്നൊരു ഭീഷണി മുഴക്കി കൊണ്ട് നമ്മള് തിരിഞ്ഞതും ആ കോന്തൻ നമ്മളെ കൈ പിടിച്ച് വലിച്ച് അവനിലേക്ക് അടുപ്പിച്ചു. നമ്മള് അപ്പൊ ഞെട്ടി തരിച്ച് കൊണ്ട് നോക്കിയത് സൽമയെ ആയിരുന്നു.

ഓള് ഞങ്ങളെ നിറുത്തം കണ്ടതും ആ കോന്തൻ എഴുതി വെച്ചിരുന്ന ബുക്കില് ഇരുന്ന് കുത്തി വരച്ചോണ്ട് നമ്മളെ നോക്കി കണ്ണ് നിറച്ചു.

നമ്മള് ആ കോന്തൻറെ പിടിയിൽ നിന്നും കുതറി മാറാൻ ശ്രമിച്ചുനോക്കിയെങ്കിലും നമ്മക്ക് അതിന്

പറ്റിയില്ല.

"എൻ്റെ കയ്യീന്ന് വിട്...ആദി എൻ്റെ കയ്യീന്ന് വിടാനാ പറഞ്ഞത്..."

"ആദീന്നോ? നിൻ്റെ മടിയിലിരുത്തിയാണോ എനിക്ക് പേരിട്ടത്...മര്യാദക്ക് ആദിൽക്കാന്ന് വിളിക്ക്...ആദിൽക്ക....വിളിക്ക്..."

നമ്മള് ആ കോന്തനെ തുറുക്കനെ നോക്കി കൊണ്ട് സൽമയെ ഒന്ന് ഇടം കണ്ണിട്ട് നോക്കി. ഓള് ആ നോട്ടില് വരച്ച് വരച്ച് ആ നോട്ട് കീറി പോയിട്ടുണ്ട് കൂടെ ആ പെന്നും ഒടിഞ്ഞു പോയി.

ഇന്ന് ഇവിടെ വല്ലതും നടക്കുമെന്ന് നമ്മളെ മനസ് നമ്മളോട് മന്ത്രിക്കാൻ തുടങ്ങി.

നമ്മള് ഇനി പ്രശ്നം അതിഗുരുതരം ആകാതിരിക്കാൻ വേണ്ടി ആ കോന്തനോട് കെഞ്ചി.

"ആദിൽക്ക പ്ലീസ് കയ്യീന്ന് വിട്..."

അപ്പൊ ഓൻ നമ്മളെ കയ്യീന്ന് പിടി അയച്ചു.പക്ഷേ കൈ ഇപ്പോഴും വിട്ടിട്ടില്ല...

"എൻ്റെ കൈ വിട് ആദിൽക്ക....ആ പോസ്റ്റർ അങ്ങനെ തന്നെ അവിടെ നിന്നോട്ടേ ഞാൻ അതിലിനി ഇടപെടില്ല..."

അത് കേട്ടപ്പോ കോന്തൻ നമ്മളെ കയ്യിലെ പിടി വിട്ടിട്ട് നമ്മളെ നോക്കി ചിരിച്ചു.

"ഇപ്പോഴാ ഐഷു എൻ്റെ ഐഷു ആയത്...അപ്പൊ എങ്ങനെ ഞാൻ ഫ്ലക്സ് മാറ്റണോ?"

നമ്മള് ഓനോട് വേണ്ടാന്ന് തലയാട്ടി. കാരണം ഇനി അതിൻ്റെ കാര്യത്തിൽ ഇപ്പൊ തന്നെ തീരുമാനം ആയിട്ടുണ്ടെന്ന് നമ്മക്ക് അറിയാം..

"എന്നാലേ ഇപ്പൊ നീ പൊയ്ക്കോ കുറച്ച് കഴിഞ്ഞിട്ട് നമ്മക്ക് ഒരുമിച്ച് പ്രചരണത്തിന് പോകാൻ ഉള്ളതല്ലേ..അതോണ്ട് നീയിപ്പൊ പൊയ്ക്കോ..."

കേൾക്കേണ്ട താമസം ജീവൻ തിരിച്ച് കിട്ടിയ പോലെ ഒരു ഓട്ടമായിരുന്നു ക്ലാസിലേക്ക്. അവിടെ എത്തിയപ്പൊ കുരാമീസ് ഒക്കെ കൂടി നമ്മളെ ഒരു വഴിക്കാക്കി.

നമ്മള് പറയുന്നത് ഒക്കെ കേട്ടിട്ട് അവറ്റകള് നമ്മളെ പൊരിക്കാണ്...

"ഡീ ഫെബീ.... ഇനിയും നീ ഇങ്ങനെ ചെയ്യുന്നതൊന്നും നല്ലതിനല്ല...ആ സൽമക്ക് ഇപ്പൊ നിന്നെ കൊല്ലാനുള്ള ദേഷ്യം കാണും. അതോണ്ട് ഒരു സേഫിന് നീ കാക്കൂനെ സ്നേഹിച്ചേ പറ്റൂ..."

"എന്ത് വർത്താനാടീ പോത്തേ നീ പറയുന്നേ? ഞാൻ ആ കോന്തനോട് ഇഷ്ടാണെന്ന് പറയണമെന്നോ?

അതൊക്കെ സ്വപ്നത്തിലേ നടക്കൂ... ഞാൻ ആ സൽമയെ പേടിച്ചോണ്ട് ഓനോട് ഇഷ്ടം പറയുമെന്ന് നിങ്ങൾ ആരും കരുതണ്ട...

ഓൻറെ കാര്യത്തിൽ ഞാൻ ചിലതൊക്കെ തീരുമാനിച്ച് വെച്ചിട്ടുണ്ട് ഇലക്ഷനൊന്ന് കഴിഞ്ഞോട്ടെ അപ്പൊ അറിയും നമ്മള് എന്താ ഓന് വേണ്ടി വെച്ചിട്ടുള്ളതെന്ന്..."

"ഫെബീ നീ വേണ്ടാത്ത പണിക്കൊന്നും നിൽക്കണ്ടട്ടോ....കാക്കു പാവാ...നിന്നെ സ്നേഹിക്കുന്നു എന്ന തെറ്റ് മാത്രമെ അത് ചെയ്തിട്ടുള്ളൂ...

അതിന് വേണ്ടി നീ കാക്കൂനെതിരെ ഒന്നും ചെയ്യരുത്..."

"നീയൊന്ന് പോയേ അച്ചൂ....ഓളൊരു കാക്കൂ....കണ്ടോ നീ എന്താ ചെയ്യാൻ പോകുന്നതെന്ന് അതോടെ ഓൻറെ ശല്യം നമ്മള് എന്നന്നേക്കുമായി തീർക്കും...നോക്കിക്കോ എല്ലാവരും..."

നമ്മളെ സംസാരം കേട്ടപ്പോ അച്ചു നമ്മളെ തുറിച്ച് നോക്കി.

"ഇതിനൊക്കെ നീ അനുഭവിക്കുമെടീ...കാക്കൂൻറെ ഇഷ്ടത്തിന് വേണ്ടീ നീ കൊതിക്കുന്ന ഒരു കാലം വരും...അന്ന് നീ എന്നെ കെട്ടി പിടിച്ച് കരയും...അവൻറെ സ്നേഹത്തിന് വേണ്ടി....നീ നോക്കിക്കോ.."

"എടീ നീയെന്താ എന്നെ ശപിക്കാണോ...അച്ചു അവന് വേണ്ടി നീ എന്നെ ശപിക്കാൻ വരെ മുതിർന്നോ?"

"എടീ ഫെബീ ഞാൻ നിന്നെ ശപിച്ചതല്ല...മറിച്ച് കാക്കൂൻറെ സ്നേഹം ബോധിപ്പിക്കാൻ...."

"മതി അച്ചു പറഞ്ഞത്...അവൻറെ കാര്യവും പറഞ്ഞ് വെറുതെ നമുക്കിടയിൽ പ്രശ്നം ഉണ്ടാകണ്ട...അതോണ്ട് ആ വിഷയം അങ്ങ് വിട്ടേക്ക്...

പിന്നെ നീ പറഞ്ഞ പോലെ എപ്പോഴെങ്കിലും എനിക്ക് ആ കോന്തനോട് ഇഷ്ടം തോന്നാണെങ്കിൽ അത് ഓനോട് എന്നല്ല ആ സൽമയോട് വരെ നമ്മള് പറഞ്ഞിരിക്കും...അതോണ്ട് ആ ചാപ്റ്റർ വിട്ടേക്ക്.."

നമ്മള് പറഞ്ഞതിനോട് നമ്മളെ കുരാമീസും യോജിച്ചു. അതോണ്ട് അച്ചു പിന്നെ ഓനെ പറ്റി ഒന്നും നമ്മളോട് മിണ്ടിയില്ല...

അങ്ങനെ ഫസ്റ്റ് പിരീഡ് കഴിഞ്ഞ് നമ്മള് പ്രചരണത്തിനായി ഓരോ ക്ലാസും കേറി ഇറങ്ങാൻ തുടങ്ങി.

നമ്മള് ആദ്യം തന്നെ കേറി ചെന്നിട്ട് നമ്മളെ കാര്യം പറയും എന്നിട്ട് പുറത്തേക്ക് ഇറങ്ങിയിട്ട് അവിടെ നിൽക്കും.ആ കോന്തനിൽ നിന്നും ഇത്തിരി ഡിസ്റ്റൻഡ് കീപ്പ് ചെയ്യാനാണ് നമ്മള് ഇങ്ങനെ ചെയ്യുന്നത്.

ഇപ്പൊ ഞങ്ങൾ നിൽക്കുന്നത് നമ്മളെ സ്വന്തം ക്ലാസിന്

മുന്നിൽ ആണ്. നമ്മളെ ബാക്കിക്കാര് ആയോണ്ട് നമ്മള് ലാസ്റ്റാണ് ക്ലാസിലേക്ക് കേറിയത്.

ആ കോന്തൻ ക്ലാസിലേക്ക് കേറിയപ്പൊ തന്നെ എല്ലാവരും എണീക്കാൻ തുടങ്ങി. നമ്മക്ക് അത് കണ്ടപ്പൊ ഇച്ചിരി കലിപ്പ് വന്നു. അല്ല പിന്നെ ഇവനെ ഒക്കെ ബഹുമാനിച്ചാൽ കലിപ്പ് വരൂലേ...

ഓൻ എല്ലാവരോടും ഇരിക്കാൻ പറഞ്ഞിട്ട് സ്ഥിരം പല്ലവി പാടി കൊണ്ടിരുന്നു. നമ്മക്ക് അത് കേട്ടിട്ട് തലയൊക്കെ ചൊറിഞ്ഞ് വരാണ്.

അതോണ്ട് നമ്മള് കുരാമീസിനെ നോക്കി ചിരിച്ചോണ്ട് അവിടെ നിന്നു.

അപ്പോ ഓരോരുത്തരും സ്വയം പരിചയപ്പെടുത്തിയിട്ട് വോട്ട് ചെയ്യാൻ ആവശ്യപ്പെട്ടു.

അവസാനം നമ്മളെ ഊഴം എത്തിയപ്പൊ നമ്മള് തകർക്കാൻ തന്നെ തീരുമാനിച്ചു.

"ഹലോ ഫ്രണ്ട്സ്... എന്നെ പ്രത്യേകിച്ച് പരിചയപ്പെടുത്തേണ്ട ആവശ്യല്ലല്ലോ...അതോണ്ട് നിങ്ങളെ ക്ലാസിലെ ലീഡറാണെന്ന നിലക്ക് നമ്മക്ക് തന്നെ വോട്ട് ചെയ്തേക്കണെ...

ഞങ്ങളെ ചിഹ്നം ഗിറ്റാർ ആണ് മറക്കരുത്..."

നമ്മളത് പറഞ്ഞ് തീരുന്നതിന് മുന്നേ തന്നെ ഷംന എണീറ്റ് നിന്നു.

"ഇങ്ങനെ ഒക്കെ ആണോ നീ എല്ലായിടത്തും പോയി പറയാ? അല്ലല്ലോ...അതോണ്ട് മറ്റു ക്ലാസിലും നീ എങ്ങനെയാണോ പറയാറ് അതുപോലെ പറയ്..."

ഓള് അതും പറഞ്ഞ് അവിടെ ഇരുന്നപ്പൊ ആ കോന്തൻ അടക്കം എല്ലാരും കൂടി നമ്മളെ നോക്കി ചിരിച്ചു. നമ്മള് ഷംനയെ തുറുക്കനെ നോക്കി കൊണ്ട് പറഞ്ഞു തുടങ്ങി.

"ഓക്കേ...ഇനി അങ്ങനെ പറഞ്ഞില്ലെന്ന പരാതി വേണ്ട..

എൻറെ പേര് ആയിഷ ഫെബി.ഈ ക്ലാസിലായിരുന്നു ഇതുവരെ പഠിച്ചിരുന്നത്...ഞാൻ വൈസ് ചെയർപേഴ്സൺ സീറ്റിലേക്കാണ് മത്സരിക്കുന്നത്...നമ്മളോട് ഇത്തിരി എങ്കിലും സ്നേഹം ഉണ്ടെങ്കിൽ നമുക്ക് തന്നെ വോട്ട് ചെയ്യണം...പ്ലീസ്...

ഇങ്ങനെ മതീലേ.... ഇനി വോട്ട് ചെയ്യില്ലേ?"

അപ്പൊ തന്നെ അച്ചു എണീറ്റ് നിന്നു.

"ഇങ്ങനെ ഒക്കെ പറഞ്ഞെന്ന് കരുതി ഞങ്ങൾ വോട്ട് ഒന്നും ചെയ്യില്ല..."

'ബെസ്റ്റ്... അടുത്ത പണിയായി ...എന്താണാവോ ഇവറ്റകളെ പ്ലാൻ..സ്വന്തം കുരാമീസിനെ കൊണ്ട് തന്നെ നമ്മക്ക് പണി കിട്ടാണല്ലോ....'

"പിന്നെ എന്ത് ചെയ്താലാ നിങ്ങൾ വോട്ട് ചെയ്യാ?"

നമ്മള് ചോദിക്കാൻ നിന്നപ്പോഴേക്കും കോന്തൻ നമുക്ക് മുന്നേ അവരോട് ചോദിച്ചു.

"ആദിൽക്കാനെ ഫെബീ പ്രപ്പോസ് ചെയ്ത കാര്യം ഈ കോളേജ് മൊത്തം പാട്ടാണ്...എന്നാലും നിങ്ങളെ കെമിസ്ട്രി കാണാൻ ഞങ്ങക്ക് ഭയങ്കര താൽപര്യാണ്....അതോണ്ട്..."

"അതോണ്ട് എന്താ?"

നമ്മള് അച്ചൂനെ കണ്ണുരുട്ടി കൊണ്ട് ചോദിച്ചു. ഓള് ചിരി കൺട്രോൽ ചെയ്ത് നമ്മളെ നോക്കി.

"അതോണ്ട് ഞങ്ങക്ക് നിങ്ങൾ വീണ്ടും പ്രപ്പോസ് ചെയ്യുന്നത് കാണണം..."

"ദെ അച്ചൂ...ദിസ് ഈസ് ടൂ മച്ച്...നിങ്ങൾക്ക് ഇതൊന്നും അല്ലാതെ വേറെ ഒന്നും പറയാനില്ലേ? ഇതേ അറിയൂ..."

നമ്മള് ദേഷ്യം കൊണ്ട് അച്ചൂനോട് ഉറഞ്ഞു തുള്ളുമ്പോഴും ക്ലാസ് മൊത്തം ചിരിക്കാണ്.

"ഫെബീ...അത് ഒക്കെ നീ ആദിൽക്കാനെ പ്രപ്പോസ് ചെയ്തതല്ലേ...ഫോർ എ ചെയ്ഞ്ച് ആദിൽക്ക നിന്നെ പ്രപ്പോസ് ചെയ്യട്ടെ...

അതും മാരേജ് പ്രപ്പോസ്..."

അച്ചു ഇത് പറഞ്ഞതും ക്ലാസ് മൊത്തം അവളോട് യോജിച്ചു. അക്കൂട്ടത്തിൽ നമ്മളും... കാരണം ഓൻ എങ്ങനെ തല കുത്തി മറിഞ്ഞ് പ്രപ്പോസ് ചെയ്താലും നമ്മള് നോ എന്നെ പറയൂ..

അതോടെ ഓന് കുറച്ചെങ്കിലും വിഷമം ആകുമല്ലൊ....

നമ്മക്ക് അപ്പൊ ചിരി വരായിരുന്നു.നമ്മള് കോന്തനെ

നോക്കിയപ്പൊ ഓൻ നമ്മളെ നോക്കി തലയാട്ടി കൊണ്ട് അടുത്തേക്ക് വന്നു.

എന്താണാവോ ഓൻ പറയാന്ന് അറിയാനുള്ള ആകാംശയിൽ നമ്മള് ഓനെ തന്നെ നോക്കി നിന്നു.

"ഐഷു....നിന്നെ ഞാൻ യാദൃശ്ചികമായിട്ടാണ് എൻറെ ഫ്രണ്ടിൻറെ മാരേജ് റിസപ്ഷന് കണ്ടത്.

അതുവരെ ഒരു പെണ്ണിനോടും തോന്നാത്ത ഒരു അട്രാക്ഷൻ എനിക്ക് നിന്നോട് തോന്നി...

സത്യം പറഞ്ഞാൽ പെണ്ണ് ഒരു കൗതുകമായി തോന്നിയത് നിന്നെ കണ്ടു മുട്ടിയത് മുതലാണ്...."

ഓൻ പറയുന്നത് കേട്ടിട്ട് എല്ലാവരും കൂടി ഓ.....പറയാൻ തുടങ്ങി. കൂട്ടത്തിൽ നമ്മളും. ഞങ്ങളെ ഓ...കേട്ടിട്ട് ഓൻ ഒന്ന് പുഞ്ചിരിച്ച് കൊണ്ട് തുടർന്നു.

"കൗതുകം വളർന്ന് അത് പ്രണയമായി മാറാൻ അധികം സമയമൊന്നും വേണ്ടി വന്നില്ല...

നിന്നെ എന്നും എൻ്റെ ഈ ഇടനെഞ്ചിൽ ചേർത്ത് വെച്ച് മരണം വരെ ഒരുമിച്ച് ജീവിക്കാനാണ് ആഗ്രഹം...നിന്നെ എത്രത്തോളം സ്നേഹിക്കുന്നുണ്ടെന്ന് അറിയില്ല....പക്ഷേ ഇപ്പൊ എൻ്റെ മനസ്സിൽ നിന്നോടുള്ള സ്നേഹം മാത്രമേയുള്ളൂ...

ഇനിയും ചുറ്റി വളക്കുന്നില്ല...എൻ്റെ ഉമ്മാക്ക് ഒരു മകളായി, എൻ്റെ അനിയനൊരു ഇത്തയായി,പിന്നെ എൻ്റെ ബീവിയായി വേണം എനിക്ക് നിന്നെ.....

വിൽ യൂ മാരി മീ.."

ഓൻ അതും പറഞ്ഞ് മുട്ട് കുത്തിയിട്ട് ഓൻ്റെ കയ്യിലെ പെൻ എനിക്ക് നേരെ നീട്ടി.

"യെസ്...."

നമ്മള് അറിയാതെ തന്നെ നമ്മളെ കൈ യാന്ത്രികമായി ചലിച്ച് കൊണ്ട് ആ പെൻ വാങ്ങി കൊണ്ട് പറഞ്ഞു.

അത് കണ്ടതും നമ്മളെ കുരാമീസ് എണീറ്റ് നിന്ന് കൈ കൊട്ടി. അപ്പോഴാണ് നമ്മള് സ്വബോധത്തിലേക്ക് വന്നത്.

നമ്മളെ കയ്യിൽ ആ പെന്നും പിന്നെ ഓനോട് യെസ് എന്ന് പറഞ്ഞതും എങ്ങനെ എന്ന് ചിന്തിച്ചപ്പൊ നമ്മക്ക് തന്നെ നമ്മളോട് ഒരു ചടപ്പ് തോന്നി.

നമ്മള് ചമ്മി കൊണ്ട് തലയും താഴ്ത്തി നിന്ന് ആകെ പാടെ സസി ആയ പോലെ തോന്നി...

നമ്മക്ക് ആണെങ്കിൽ ആ കോന്തൻറെ മുഖത്തേക്ക് നോക്കാൻ തന്നെ തോന്നുന്നില്ല... ആകെ നാണം കെട്ടുവെന്ന് പറഞ്ഞാ മതിയല്ലോ...

ഇനിയും അവിടെ നിൽക്കുന്നത് അത്ര നല്ലതല്ലെന്ന് തോന്നിയപ്പോ നമ്മള് അപ്പൊ തന്നെ അവിടന്ന് മുങ്ങി ക്ലാസീന്ന് പുറത്തിറങ്ങി. ചെന്ന് പെട്ടതോ സൽമയുടെ മുന്നിലും...

അവളിതുവരെ ഞങ്ങളെ ക്ലാസിന് പുറത്ത് ഉണ്ടായിരുന്നെന്ന് നമ്മക്ക് അപ്പോഴാ മനസ്സിലായത്. നമ്മളെ കണ്ടതും സൽമ നമ്മളെ കൈ പിടിച്ച് വലിച്ച് ഓളെ മുന്നിൽ പിടിച്ച് നിർത്തി കൊണ്ട് നമ്മളെ കരണക്കുറ്റി നോക്കി ഒരെണ്ണം തന്നു.

(തുടരും)

ഭാഗം. 47

നമ്മളെ കണ്ടതും സൽമ നമ്മളെ കൈ പിടിച്ച് വലിച്ച് ഓളെ മുന്നിൽ പിടിച്ച് നിർത്തി കൊണ്ട് നമ്മളെ കരണക്കുറ്റി നോക്കി ഒരെണ്ണം തന്നു.

നമ്മളെ മുഖം ഇപ്പൊ ചുവന്ന് തുടുക്കുമെന്ന് കരുതിയ നമുക്ക് തെറ്റി.പകരം ചുവന്നത് ഓളെ കവിളാണ്...തല്ല് കിട്ടിയത് ഓൾക്കായിരുന്നു.അതും ആ കോന്തൻറെ അടുത്ത് നിന്ന്...

നമ്മള് അന്തം വിട്ട് കോന്തനേയും സൽമയേയും നോക്കി നിന്നു. ഓൻ നമ്മളെ കൈ പിടിച്ചിട്ട് സൽമൻറെ അടുത്തേക്ക് ചെന്നു.

"നീ ഇവളെ എത്രത്തോളം വേദനിപ്പിക്കാൻ നോക്കുന്നോ അത്രത്തോളം നിനക്കും വേദനിക്കും...ഇനി നീ ഇവളെ ഉപദ്രവിക്കാൻ നോക്കിയാൽ ഈ ആദി മനുഷ്യൻ ആയിരിക്കില്ല...ഓർത്തോ..." എന്ന് പറഞ്ഞ് ഓൻ നമ്മളേയും കൊണ്ട് നമ്മളെ ക്ലാസിലേക്ക് കേറി.

'അല്ലെങ്കിലും നീ മനുഷ്യനല്ലല്ലോ...കോന്തൻ അല്ലെ കോന്തൻ...'

നമ്മളതും ചിന്തിച്ചോണ്ട് നമ്മളെ കൈ

വിടുവിച്ചു.എന്നിട്ട് സൽമൻറെ അടുത്തേക്ക് ചെന്നു.

"ലുക്ക് സൽമ...നീ കരുതുന്ന പോലെ എനിക്ക് ഇവനോട് ഒരു സ്നേഹവും ഇല്ല...വെറുപ്പ് മാത്രമേ ഉള്ളൂ...

ഞാൻ ഒരിക്കലും നിന്നിൽ നിന്നും ഇവനെ തട്ടി പറിക്കാൻ വരില്ല...അതോണ്ട് ഇനിയും എന്നോട് പകയും കൊണ്ട് വരരുത്..."

നമ്മള് നല്ല സൗമ്യതയോടെ ഓളോടീത് പറഞ്ഞപ്പൊ ഓള് നമ്മളോട് നല്ല അഡാറ് തെറിയും വിളിച്ച് കരഞ്ഞോണ്ട് പോയി. നമ്മളത് കാര്യാക്കാതേ ഇവള് ഒരിക്കലും മാറില്ലെന്ന് മനസ്സിലാക്കി കൊണ്ട് തിരിച്ച് അവരെ കൂടെ പ്രചരണത്തിന് നടന്നു.

അതിനു ശേഷം എപ്പൊ ഞാനും ആ കോന്തനും തമ്മിൽ കാണുന്നോ അപ്പൊ മുട്ടൻ വഴക്കായിരിക്കും...

അതോണ്ട് തന്നെ ഞങ്ങളെ വഴക്ക് കണ്ട് നമ്മളെ ടീംസ് എപ്പോഴും ഞങ്ങൾ തമ്മിൽ വഴക്ക് കൂടാതിരിക്കാൻ

പരമാവധി ശ്രമിക്കും.പക്ഷേ ആ കോന്തൻ നമ്മളെ കാണുമ്പൊ തന്നെ വഴക്കിന് വരും...പിന്നെ നമ്മളെ കാര്യം പ്രത്യേകിച്ച് പറയണ്ടല്ലൊ...ഓനേക്കാൾ പൊട്ടി തെറി ആയിരിക്കും.

ഞങ്ങളെ വഴക്ക് കാരണം നമ്മളെ ടീംസ് ഒരു പരിഹാരം കണ്ടെത്തി. പ്രചരണത്തിന് വേണ്ടി ക്ലാസിലേക്ക് ആദ്യം ആ കോന്തൻ കേറിയിട്ട് ഓൻറെ പറച്ചില് കഴിഞ്ഞ് ഓനോട് പുറത്ത് പോകാൻ പറയും.എന്നിട്ടേ നമ്മള് ക്ലാസില് കേറി പറയൊള്ളൂ...

ഇത് കാരണം ഞങ്ങൾ രണ്ട് പേരും തല്ലായെന്ന് കോളേജ് മൊത്തം പാട്ടായി. നമ്മള് അതൊക്കെ കേട്ടെങ്കിലും അതിനൊന്നും ഒരു പ്രാധാന്യവും കൊടുത്തീല...

അങ്ങനെ ഇരിക്കെയാണ് കോളേജിൽ ഒരു വമ്പൻ തല്ല് നടന്നത്...

ഞങ്ങളെ ടീമിന്റെ ഫ്ലക്സ് എതിർ ടീം കത്തിച്ച് കളഞ്ഞു.അതിന് പിന്നിൽ ആരായിരിക്കുമെന്ന് പറയണ്ടല്ലൊ...

അങ്ങനെ അതിനെ ചൊല്ലി രണ്ട് ടീമും തമ്മിൽ തല്ല് നടക്കുമ്പോഴാണ് ആ സാലിം ആ തല്ലിനിടയിൽ നമ്മളെ പേരും അതിലേക്ക് വലിച്ചിഴച്ചത്...അതോട് കൂടി തല്ലിൻറെ പവറ് കൂടി...ഒപ്പം നമ്മക്ക് അവൻമാരോടുള്ള വെറുപ്പും...

ഒടുവിൽ തല്ല് കേസിൽ രണ്ട് കൂട്ടരേയും പോലീസ് അറസ്റ്റ് ചെയ്തു. നമ്മളാണ് ഇൻഫോം ചെയ്തത്....

അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ എത്തുന്നതിന് മുന്നേ തന്നെ അവൻമാരെ വെറുതെ വിട്ടു. നമ്മക്ക് അത് അറിഞ്ഞപ്പൊ അതിലേറെ ദേഷ്യം വന്നു...

നമ്മളാണ് ഇൻഫോം ചെയ്തതെന്ന് എൻറെ കുരാമീസ് അടക്കം ആർക്കും അറിയില്ലേന്നു. പക്ഷേ ആ കോന്തൻ അത് കണ്ട് പിടിച്ചു.

അതിൻറെ പേരും പറഞ്ഞ് നമ്മള് വീണ്ടും ഓനോട് വഴക്കുണ്ടാക്കി...

സത്യം പറഞ്ഞാൽ ഓൻ നമ്മളോട് നീയാണോ ഇൻഫോം ചെയ്തതെന്ന് നല്ല മാന്യമായി തന്നെയാ ചോദിച്ചത്...പക്ഷേ നമ്മളെ പേരും പറഞ്ഞ് ഉണ്ടായ തല്ല് ആയോണ്ട് നമ്മള് ഓനോട് തട്ടി കേറി...അപ്പൊ ഓനും നമ്മളെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി വീണ്ടും വഴക്കിന് വരും.

ഇങ്ങനെ ഞങ്ങൾ രണ്ട് പേരും കൂടി തട്ടിയും മുട്ടിയും പോകുമ്പോഴാണ് കോളേജ് ഇലക്ഷൻറെ ചൂട് മാറിയത്....

ഇലക്ഷൻ കഴിഞ്ഞു മുഴുവൻ സീറ്റും ഞങ്ങൾക്ക് തന്നെ കിട്ടി. സൽമയും ടീമും തോറ്റ് തൊപ്പിയിട്ടതിൻറെ പ്രതിക്ഷേധം റിസൾട്ട് അനൗൺസ് ചെയ്തപ്പോഴും ഉണ്ടായി...

ഒരു തല്ലിനുള്ള വക ഉണ്ടായിരുന്നെങ്കിലും എല്ലാവരും ഇടപെട്ട് അത് കോമ്പ്രമൈസാക്കി...

ഇലക്ഷനിൽ ജയിച്ചത് അറിഞ്ഞപ്പൊ തന്നെ ഞങ്ങളെ ടീം മൊത്തം ആഘോഷ തിമിർപ്പിലായിരുന്നു.

റിസൾട്ട് അനൗൺസ് ചെയ്തപ്പൊ ആ കോന്തൻ നമ്മളെ കൺഗ്രാറ്റ്സ് ചെയ്യാനായി കൈ തന്നു...നമ്മള് ഓനെ മൈൻഡ് ചെയ്യാതെ നമ്മളെ ടീംസിൻറെ കൂടെ സെൽഫി എടുക്കലും പടക്കം പൊട്ടിക്കലും കളർ പൊടി വിതറലുമൊക്കെയായി അടിച്ച് പൊളിച്ചു...

അതിൻറെ പേരും പറഞ്ഞ് ഓൻ നമ്മളോട് വീണ്ടും വഴക്കിന് വന്നു. കോന്തൻ...

നമ്മളേ കാക്കു ഒക്കെ കൂടെ ഉണ്ടായോണ്ട് നമ്മളെ കൊണ്ട് ഒന്നും മൂപ്പര് പറയിപ്പിക്കാൻ നോക്കിയില്ല...

വിജയികളായ ഞങ്ങളെ ടീമിനെ വെച്ച് ഒരു ഫോട്ടോ എടുത്തു...അതും ആ കോന്തൻറെ അടുത്ത് തന്നെ നമ്മളെ നിർത്തി കൊണ്ട്...

നമ്മള് ഒഴിഞ്ഞു മാറാൻ നോക്കിയെങ്കിലും ആ

കോന്തൻ നമ്മളെ സമ്മതിച്ചില്ല...ഓൻ നമ്മളെ കൈ പിടിച്ചോണ്ട് നമ്മളെ അവിടെ നിർത്തി. എല്ലാവരും നല്ല സ്റ്റഡിയില് ഫോട്ടോക്ക് പോസ് കൊടുക്കുമ്പൊ നമ്മള് ഓനെ രൂക്ഷമായി നോക്കുന്നതും ഓൻറെ കൈ വിടുവിച്ചിട്ട് ഓൻറെ കഴുത്ത് നെരിക്കാൻ പോകുന്നതുമൊക്കെയാണ് ഫോട്ടോയിൽ പെട്ടത്....അതാണെങ്കിൽ ഒറ്റ ക്ലിക്കിൽ നല്ലോണം വൈറലായി....എല്ലാവർക്കും ഇപ്പൊ ആകാംശയാണ് ഞങ്ങൾ രണ്ട് പേരും കൂടി എങ്ങനെയാണ് ഈ യൂണിയനെ നില നിർത്തായെന്ന്...

നമ്മക്ക് ഉറപ്പാണ് ഇക്കണക്കിന് പോയാൽ ഈ യൂണിയൻ ഇപ്പൊ തന്നെ പൊട്ടി പാളീസാകുമെന്ന്...

ഇപ്പൊ ഞാൻ എന്തിനാ ഓഡിറ്റോറിയത്തിലേക്ക് വന്നതെന്നാണോ ആലോചിക്കുന്നത്... ഇന്നാണ് ഞങ്ങളെ യൂണിയൻറെ ഉദ്ഘാടനം... അതോണ്ട് നമ്മള് അതിൻറെ തിരക്കിലാണ്.

"കാക്കൂ...ആ ലൈറ്റ് സൂക്ഷിച്ച് ഫിറ്റ് ചെയ്യണം ഇല്ലെങ്കിൽ ഗസ്റ്റിൻറെ തലയിൽ വീണ് അങ്ങേര്

ഗോസ്റ്റാകും..."

നമ്മളെ പറച്ചില് കേട്ട് എല്ലാരും ചിരിക്കാൻ തുടങ്ങി. നമ്മളെ കുരാമീസ് ഒക്കെ ക്ലാസില് ഇരിക്കാണ്..പരിപാടി തുടങ്ങുമ്പോഴേ അവറ്റകളെ വിടൂ...

11 മണിക്കാണ് പരിപാടി തുടങ്ങാ.. അപ്പൊ എല്ലാവരും വരും. ഇപ്പൊ നമ്മളെ യൂണിയൻകാര് മാത്രമേ ഉള്ളൂ... എല്ലാവരും സ്റ്റേജ് അറേഞ്ച്മെൻസില് പൊരിഞ്ഞ തിരക്കിലും...

നമ്മള് യൂണിയന്റെ ഉദ്ഘാടനത്തിൻറെ ബാനറ് സ്റ്റേജില് കെട്ടുന്ന തിരക്കിലാണ്...

"ഫെബീ...അവിടന്ന് മാറി നിൽക്ക് ഇതൊക്കെ ഞാൻ ചെയ്തോളാം..

നീ ഇനി ഇവിടന്ന് വീണിട്ട് വേണം യൂണിയന്റെ പരിപാടി കൊളമാകാൻ...ഇങ്ങോട്ട് മാറ് നീ...

ബാനറിൻ്റെ പൊസിഷൻ ശരിയാണോന്ന് പറഞ്ഞാ മതി നീ..."

എന്ന് പറഞ്ഞ് നമ്മളെ കയ്യീന്ന് അൻസിക്ക ബാനറ് വാങ്ങിയിട്ട് പൊസിഷൻ ചോദിച്ചു.

"അൻസിക്കാ ഇത് കുറച്ച് മോളിൽക്ക്....

കുറച്ച് കൂടി..."

"ഇപ്പൊ കറക്ടാണോ?"

"മതി മതി ഇപ്പൊ കറക്ടാണ്...ഇനി ആ ഭാഗത്ത് ഇത്തിരി താഴേക്ക്..."

"ഉം...ഇപ്പോ ശരിയായോന്ന് നോക്ക്..."

"ആ...ശരിയായി..."

എന്ന് പറഞ്ഞ് നമ്മള് ആ ബാനറും നോക്കി കൊണ്ട് പിന്നിലേക്ക് നടന്നതും കാലിൽ വയർ കുടുങ്ങി നമ്മള് പിന്നിലേക്ക് വീഴാൻ പോയി.

പക്ഷേ നമ്മള് വീണില്ല പകരം ആരുടേയോ പുറത്ത് തട്ടി നിന്നു. നമ്മള് സോറി പറഞ്ഞ് തിരിഞ്ഞ് നോക്കിയതും നമ്മള് ആ കോന്തനെയാണ് ചെന്ന് ഇടിച്ചതെന്ന് മനസ്സിലായി.

പിന്നെ പറയണ്ടല്ലോ പുകില്...

"എന്താടീ നിനക്ക് കണ്ണ് കണ്ടൂടേ...നേരാം വണ്ണം നോക്കി നടന്നൂടേ...വെറുതെ വന്ന് ഇടിച്ചോളും..."

"സോറി പറഞ്ഞില്ലേ പിന്നെ എന്തിനാ കെടന്ന് തുള്ളുന്നത്?

ഇയാളെ പറച്ചില് കേട്ടാൽ തോന്നും ഞാൻ മനപ്പൂർവ്വം വന്ന് ഇടിച്ചതാണെന്ന്..."

"എനിക്ക് ഉറപ്പാ നീ മനപ്പൂർവ്വം വന്ന് എന്നെ ഇടിച്ചതാ...ഇന്ന് വഴക്കുണ്ടാക്കാൻ ഒരു കാരണവും കിട്ടാത്തോണ്ട് ഇതിൻറെ പേരും പറഞ്ഞ് വഴക്കിന് വന്നതാവും..."

നമ്മക്ക് ആ കോന്തൻറെ പറച്ചില് കേട്ടിട്ട് എരിഞ്ഞ് കേറി. ഓൻ നമ്മളെ നോക്കി പുച്ഛിച്ചിട്ട് മുഖം തിരിച്ചു. എന്നിട്ട് സ്റ്റേജിൻറെ മോളില് അലങ്കരിക്കുന്ന അനൂക്കക്കും സിദ്ധുവേട്ടനും പൊസിഷൻ പറഞ്ഞു കൊടുത്തു...

അങ്ങനെ നമ്മളെ ഇട്ട് താങ്ങിയിട്ട് ഓൻ സ്വസ്ഥതയോടെ ഇരിക്കാൻ നമ്മള് അനുവദിക്കൂല..അതോണ്ട് നമ്മള് അതിൻറെ ഇടക്ക് കേറി.

"ഡാ സിദ്ധൂ...ആ മാല താഴെ കെട്ട്...എന്നിട്ട് മറ്റേ റെഡ് കളർ മോളില് കെട്ട്.."

"വേണ്ട സിദ്ധുവേട്ടാ...ആ റെഡ് താഴെ തന്നെ നിന്നോട്ടെ മറ്റേത് മോളില് കെട്ടിയാ മതി..."

നമ്മളെ വർത്താനം കേട്ടപ്പോ ആ കോന്തൻ നമ്മളെ ഒരു സംശയത്തോടെ നോക്കി.

"അത് എവിടെ തൂക്കണെമെന്ന് തീരുമാനിക്കുന്നത് ഞാനാണ്..അതില് നീ ഇടപെടണ്ട..."

"ഇട പെടും ..കാരണം യൂണിയൻ എന്ന് വെച്ചാ ഇയാള് മാത്രല്ല ഞങ്ങളും അതില് പെടും..അതോണ്ട് എനിക്കും തീരുമാനിക്കാനുള്ള റൈറ്റ്സ് ഒക്കെയുണ്ട്...

സിദ്ധുവേട്ടാ...ഞാൻ പറയുന്നത് കേട്ടാ മതി ആ റെഡ് താഴെ കെട്ടിയാൽ മതി..."

"സിദ്ധൂ... ഞാൻ പറയുന്നത് കേട്ടോ റെഡ് മോളില് കെട്ടിയാൽ മതി..."

"വേണ്ട താഴെ കെട്ടിയാ മതി..."

"മോളില് കെട്ടിയാ മതി എന്ന് പറഞ്ഞില്ലേ..."

"താഴെ കെട്ടിയാ മതിയെന്ന് ഞാനും പറഞ്ഞില്ലേ..."

ഞങ്ങൾ രണ്ട് പേരും കൂടി പരസ്പരം ഇതും പറഞ്ഞ് വഴക്കായി. അത് കണ്ടപ്പൊ അനൂക്കയും സിദ്ധുവേട്ടനും താഴേക്ക് ഇറങ്ങി വന്നിട്ട് ഞങ്ങളെ രണ്ട് പേരുടേയും കയ്യിലേക്ക് ആ മാലകള് വെച്ച് തന്നു.

"നിങ്ങൾ രണ്ട് പേരും കൂടി തർക്കിച്ച് തീരുമാനിച്ചിട്ട് നിങ്ങള് തന്നെ പോയി കെട്ടിക്കോ...ഞങ്ങളെ വെറുതെ വിട്ടേക്ക് പൊന്നോ....

വാടാ അനു..നമുക്ക് വേറെ വല്ല പണിയും നോക്കാം..."

അതും പറഞ്ഞ് സിദ്ധുവേട്ടൻ അനൂക്കയേയും കൊണ്ട് അവിടന്ന് പോയി.

"തൃപ്തി ആയല്ലൊ നിനക്ക് അവരെ പറഞ്ഞ് അയച്ചപ്പോ?... ദാ....നീ തന്നെ കെട്ടിക്കോ നിനക്ക് ഇഷ്ടമുള്ള പോലെ..."

അതും പറഞ്ഞ് ആ കോന്തൻ നമ്മളെ കയ്യിലേക്ക് ആ മാലയൊക്കെ കൂടി വെച്ച് തന്നു. നമ്മള് ഓനെ തുറുക്കനെ നോക്കിയിട്ട് അതൊക്കെ കൂടി നിലത്തേക്ക് ഇട്ടു.

"തന്നെ താൻ അങ്ങ് ചെയ്താൽ മതി... ഇയാളല്ലെ അവരെ കൺഫ്യൂസാക്കിയത്...?

ദുബായിൽ സ്വന്തമായിട്ട് ഇവൻറ് മാനേജ്മെന്റ് കമ്പനി ഉണ്ടായിട്ട് മാത്രം കാര്യല്യാ...എങ്ങനെയാ ഇതൊക്കെ ചെയ്യേണ്ടതെന്നും അറിഞ്ഞിരിക്കണം.."

"ഇത്രയും കാലം ഞാൻ തന്നെയാ ഇതൊക്കെ നോക്കി നടത്തിയത്..."

"ആ...അതിൻറെ കൊണം കാണാനും ഉണ്ടല്ലൊ...നേരാം വണ്ണം ഒരു മാല തൂക്കാൻ പോലും അറീല എന്നിട്ട് ഒരു ഇവൻറ് മാനേജ്മെന്റിൻറെ മൊതലാളിയും..."

(ഇതൊക്കെ നമ്മളോട് നിസൂക്ക പറഞ്ഞതാട്ടോ...അത്രക്ക് കട്ട കമ്പനിയാ ഞങ്ങളിപ്പൊ.)

"നിനക്ക് ഇത്രക്ക് ദെണ്ണം ഉണ്ടെങ്കിൽ നീ തന്നെ ചെയ്തോടീ...ഞാനും കാണട്ടെ നിൻറെ കഴിവ്..."

'യാ റബ്ബീ... ഇതിപ്പൊ വടി കൊടുത്ത് ഒലക്ക കൊണ്ട് അടി വാങ്ങിയ പോലെ ആയല്ലൊ...ഫെബീ എങ്ങനേലും തടി ഊരാൻ നോക്ക്..'

"ഞാ..ഞാൻ..ഞാൻ എന്തിനാ ഇതൊക്കെ ചെയ്യുന്നേ...?

അല്ലെങ്കിലും ഇതു പോലെയുള്ള ചീള് കേസ് പരിപാടിയൊന്നും എന്നെ കൊണ്ട് വയ്യ ചെയ്യാൻ....

അത് ഇയാള് തന്നെയങ്ങ് ചെയ്താ മതി...ഇവന്റ് മാനേജ്മെന്റിൻറെ മൊതലാളിയല്ലെ?"

"അത് തന്നെയല്ലെടീ പോത്തേ ഞാൻ ഇതുവരെ ചെയ്തോണ്ടിരുന്നത്..അതിനിടക്ക് നീ കേറി വന്ന് എല്ലാം കൊളമാക്കിയില്ലേ?"

"ദേ ..പോത്തേ എരുമേന്നോക്കെ ആ സൽമയെ പോയി വിളിച്ചാ മതി എന്നെ വിളിക്കാൻ നിക്കണ്ട...അല്ലെങ്കിൽ തന്നെ അവളെ പറഞ്ഞിട്ടും കാര്യല്യ..പോത്തെന്ന് ഇയാക്ക് തന്നെയാ മേച്ച്.."

"എന്നാ പിന്നെ നീയായിരിക്കുമല്ലെ എരുമ..."

"എരുമ നിൻറെ കെട്ട്യോള് സൽമയാടാ പന്നി..."

"ഡീ നിന്നോട് പല തവണ പറഞ്ഞിട്ടുണ്ട് ആ സൽമയെ നമുക്ക് ഇടയിലേക്ക് വലിച്ചു കൊണ്ട്

വന്നേക്കരുതെന്ന്..."

"ഞാൻ നല്ലോണം വലിച്ചോണ്ട് വരും.. ഇയാള് എന്താ ചെയ്യാ?"

"ഒന്ന് നിർത്തുന്നുണ്ടോ രണ്ട് പേരും... കുറേ നേരായി രണ്ടും കൂടി കലപില കലപിലാന്ന് ചെലച്ചോണ്ട്...

നിങ്ങളെ രണ്ട് പേരുടേയും വഴക്കൊന്ന് ഒരല്പ നേരത്തിന് മാറ്റി വെച്ചിട്ട് ബാക്കി പണി എന്താന്ന് വെച്ചാൽ നോക്ക്..."

ഞങ്ങളെ രണ്ട് പേരെയും വഴക്ക് കൂടാൻ സമ്മതിക്കാതെ കാക്കു വന്ന് ഇടയിൽ കേറി. നമ്മള് ആ കോന്തനെ തുറുക്കനെ ഒരു പുച്ഛത്തോടെ നോക്കിയിട്ട് മുഖം തിരിച്ചു.

"നീ പറഞ്ഞതോണ്ട് മാത്രം എൻറെ വായിലിരിക്കുന്നത് ഞാൻ പറയുന്നില്ല.."

"ഞാനും കാക്കു പറഞ്ഞതോണ്ട് മാത്രം നിന്നെ ഞാൻ വെറുതെ വിടുന്നു..ഇല്ലെങ്കിൽ എൻ്റെ വായിലിരിക്കുന്നത് നീയും കേൾക്കും..."

നമ്മളും ഒട്ടും വിട്ട് കൊടുക്കാതെ ആ കോന്തനെ നോക്കി ഡയലോഗ് അടിച്ചു.

"ഓഹോ...ഇതിന് മാത്രം എന്താണാവോ നിൻ്റെ വായിലിരിക്കുന്നത് ..?"

"എൻ്റെ ആദീ നീയും കൂടി ഇങ്ങനെ ആവല്ലേ...പോ പോയി നിൻ്റെ പണി നോക്ക്..."

എന്ന് പറഞ്ഞ് ആ കോന്തനെ അവിടന്ന് പറഞ്ഞു വിട്ടു. നമ്മള് ഓനെ നോക്കി ഒന്ന് പുച്ഛിച്ചിട്ട് മുഖം തിരിച്ചു.

"നിസൂക്കാ...ആ വയർ ഒക്കെ കൂടി അവിടെ കിടക്കുന്നത് കണ്ടില്ലേ...അതെടുത്ത് അവിടന്ന് മാറ്റീ...

സമയം ഒരുപാടായി..."

നിസൂക്ക നമ്മള് പറഞ്ഞത് കേട്ട് ആ വയർ എടുത്ത് വലിച്ചതും നമ്മളെ കാലിൽ കുരുങ്ങിയ വയറും കൂടെ പോയി.

നമ്മളിപ്പൊ സ്വർഗ്ഗം കാണുമെന്ന് പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല. കാരണം അതിന് മുന്നേ ആരോ നമ്മളെ പിടിച്ചിരുന്നു.

നമ്മള് വീഴാൻ പോയ ഷോക്കില് കണ്ണടച്ച് പിടിച്ച് നിൽക്കേന്നു. നമ്മള് വീണിട്ടില്ല ആരുടേയോ കയ്യിൽ സേഫാണെന്ന് മനസ്സിൽ ആയപ്പൊ നമ്മള് പതിയെ കണ്ണ് തുറന്നു.

നോക്കുമ്പൊ ആ കോന്തൻ ആണ് നമ്മളെ പിടിച്ചത്. നമ്മള് ഓൻറേ കാന്തകണ്ണിലേക്ക് തന്നെ നോക്കി അങ്ങനെ നിന്നു.

നമ്മള് പരിസരം മറന്ന് ഓൻറെ ആ നോട്ടത്തിൽ

അങ്ങനെ ലയിച്ച് നിക്കാണ്.അതു പോലെ തന്നെയാണ് ആ കോന്തനും നിൽക്കുന്നത്.

പെട്ടെന്ന് എല്ലാവരും കൂടി കയ്യടിച്ചപ്പോഴാണ് നമ്മക്ക് ബോധം വന്നത്. നമ്മള് നോക്കുമ്പൊ എല്ലാവരും കൂടി ഓൻ നമ്മളെ താങ്ങി പിടിക്കുന്നതും നോക്കി കയ്യടിക്കാണ്... നമ്മള് അപ്പൊ തന്നെ ഓൻറെ കയ്യീന്ന് എണീറ്റിട്ട് ഓൻറെ കൈ തട്ടി മാറ്റി...

"ആരോട് ചോദിച്ചിട്ടാ താൻ എന്നെ പിടിച്ചത്?"

"ഓഹോ അത് ശരി...വീഴാൻ പോയ നിന്നെ പിടിച്ചതായോ ഇപ്പൊ കുറ്റം...?"

"ഞാൻ വീണാൽ ഇയാൾക്കെന്താ പ്രശ്നം?

ഞാൻ പറഞ്ഞോ ഇയാളോട് എന്നെ പിടിക്കാൻ..."

"നീ വീഴാൻ പോയാൽ പിന്നെ ഞാൻ അല്ലാതെ വേറെ ആരാടീ നിന്നെ പിടിക്കാ...നിന്നെ പിടിക്കാൻ എനിക്ക്

ആരുടേയും സമ്മതം വേണ്ട..."

"അത് താനങ്ങ് തീരുമാനിച്ചാൽ മതിയോ? എൻ്റെ സമ്മതമില്ലാതെ എന്നെ തൊടുന്നത് എനിക്ക് ഇഷ്ടമല്ല...അതോണ്ട് മേലിൽ ഇത് ആവർത്തിക്കരുത്...

ഞാൻ വീഴാൻ പോയാൽ അവിടെ കിടക്കട്ടേന്നങ്ങ് വിചാരിച്ചാ മതി... ഇയാള് എന്നെ പിടിക്കാൻ വരണ്ട.."

നമ്മള് നല്ല കട്ട കലിപ്പിൽ ആ കോന്തൻ്റെ മുന്നിൽ ഉറഞ്ഞ് തുള്ളി.

"ഓക്കേ മാഡം...ഇനി നീ വീഴാൻ പോയാലും നിന്നെ തിരിഞ്ഞ് നോക്കില്ല പോരേ..."

"അങ്ങനെ ആയാൽ തനിക്ക് കൊള്ളാം..."

എന്ന് പറഞ്ഞ് നമ്മള് തിരിഞ്ഞതും ആ വയർ തടഞ്ഞ്

നമ്മള് വീണ്ടും വീഴാൻ പോയി.

ഇപ്രാവശ്യം ആ കോന്തൻ നമ്മളെ പിടിക്കാൻ വേണ്ടി കൈ നീട്ടിയെങ്കിലും പെട്ടെന്ന് ആ കോന്തൻ അത് പിൻവലിച്ചു. നമ്മള് സ്റ്റേജിൽ നന്നായിട്ട് അങ്ങ് വീണ് കൊടുത്തു.

അത് കണ്ടതും എല്ലാവരും കൂടി നമ്മളെ നോക്കി കളിയാക്കി ചിരിക്കാൻ തുടങ്ങി. ആ കോന്തനാണ് ഹലാക്കിലെ ചിരി പാസാക്കുന്നത്. അത് കണ്ടപ്പൊ നമ്മക്ക് നല്ലോണം ദേഷ്യം വന്നു.

നമ്മള് അവിടന്ന് എണീറ്റിട്ട് ആ കോന്തനോട് ദേഷ്യപ്പെട്ടു.

"ഞാൻ വീഴാൻ പോയപ്പൊ എന്താ പിടിക്കാഞ്ഞത്?"

"നീയല്ലേ പറഞ്ഞത് നിൻ്റെ സമ്മതമില്ലാതെ നിന്നെ തൊടരുതെന്നും നീ വീഴാൻ പോയാൽ അവിടെ കിടക്കട്ടേന്ന് ചിന്തിക്കാനും.."

ഓൻറെ വർത്താനം കേട്ടിട്ട് എല്ലാവരും പൊരിഞ്ഞ ചിരിയാണ്. നമ്മക്കും അപ്പൊ ചിരി വന്നെങ്കിലും അത് പുറത്ത് കാണിക്കാതെ ഓനോട് തട്ടി കേറി.

"ഹൊ..ഞാൻ പറയുന്നത് കേട്ട് എന്തൊരു അനുസരണയാ..."

"അതേ...നീ പറയുന്നതൊക്കെ നമ്മള് അനുസരിക്കും..."

"എന്നാ ദയവ് ചെയ്ത് ഈ പരിപാടി തീരുന്നത് വരെ എൻറെ കൺമുന്നിലേക്ക് വരരുത്..."

"ഓക്കേ..."

എന്ന് പറഞ്ഞ് ആ കോന്തൻ അവിടന്ന് ഇറങ്ങി പോയി. കൂടെ നമ്മളെ മനസ്സും ഇറങ്ങി പോയെന്ന് നമ്മള് അറിഞ്ഞില്ല...

"എന്താ ഫെബീ നീയീ ചെയ്തത്? ആദിൽക്ക ഇല്ലാതെ ഈ പരിപാടി എങ്ങനെ നടക്കാനാ? പോയി തിരിച്ച് വിളിക്ക്..."

"അതിൻറെ ഒന്നും ആവശ്യല്യ മാജീ... അതൊക്കെ ആ ടൈമാകുമ്പൊ ഓൻ കേറി വന്നോളും..."

"ഇല്ല ഫെബീ ആദി പറഞ്ഞാൽ പറഞ്ഞതാ...ഇനി ഈ പരിപാടി തീരാതെ ഓൻ നിൻറെ മുന്നിലേക്ക് വരില്ല...ഓനാണ് പരിപാടിൻറെ അദ്ധ്യക്ഷൻ അത് മറക്കണ്ട.." കാക്കുവാണ്.

'പടച്ചോനേ കുരിശായോ? ഫെബീ വാശിയൊക്കെ കളഞ്ഞിട്ട് ആ കോന്തനെ പോയി വിളിക്കാൻ നോക്ക്..ഇല്ലെങ്കിൽ പരിപാടി വെള്ളത്തിലാകും...'

"ഫെബീ ആലോചിച്ച് നിക്കാതെ വേഗം പോയി ഓനെ തിരിച്ച് വിളിക്ക്...നീ വിളിച്ചാലേ ഓൻ വരൂ... ദെ പരിപാടി തുടങ്ങാൻ ഇനി 15 മിനിറ്റൊള്ളുട്ടോ.."

"ഓ...ആ കോന്തനെ കൊണ്ട് നമ്മള് തോറ്റല്ലോ...ഓനെ ഞാൻ ഇനി എവിടെ പോയി കണ്ടെത്താനാ?"

"ഓൻ സ്വർഗത്തിൽ കാണും നീ പോയി നോക്ക്..."

നിസൂക്ക ഇത് പറയേണ്ട താമസം നമ്മള് അപ്പൊ തന്നെ സ്വർഗത്തിലേക്ക് വെച്ച് പിടിച്ചു.

അവിടെ എത്തിയപ്പൊ സ്വർഗത്തിലെ കവാടം തുറന്ന് കിടക്കാണ്.അകത്തൊന്നും ആരുമില്ല...

"ഇവിടെ ഇല്ലെങ്കിൽ പിന്നെ ആ കോന്തൻ വേറെ എങ്ങോട്ട് പോയി പടച്ചോനേ.."

അപ്പോഴാണ് പരിപാടി തുടങ്ങാറായി എല്ലാവരോടും ഓഡിറ്റോറിയത്തിലേക്ക് ചെല്ലാൻ പറഞ്ഞോണ്ട് അനൗൺസ് ചെയ്തത്...

നമ്മള് തല പിച്ചി കൊണ്ട് ആ കോന്തനേയും തേടി ലൈബ്രറി, കാൻറീൻ, ഗ്രൗണ്ട് ഇങ്ങനെ എല്ലായിടത്തും തപ്പി നടന്നു. എങ്ങും ആ കോന്തനെ കണ്ടീല...

ഒടുക്കം നമ്മള് ഓഡിറ്റോറിയത്തിലേക്ക് തിരിച്ച് ചെന്നപ്പൊ മൈക്കിലൂടെ ആ കോന്തൻറെ ശബ്ദം കേട്ടു.

ഇനി നമ്മള് അകത്തേക്ക് കേറി നമ്മളെ കണ്ടിട്ട് ഓൻ അവിടന്ന് പോകണ്ടെന്ന് കരുതി നമ്മള് അവിടെ പുറത്ത് നിന്നിട്ട് ഓൻ പറയുന്നത് കേട്ടു.

കുറച്ച് കഴിഞ്ഞപ്പൊ ഓൻറെ പ്രസംഗം കഴിഞ്ഞ് സ്വാഗതം ചെയ്യാൻ വേണ്ടി നമ്മളെ സ്റ്റേജിലേക്ക് വിളിച്ചു. നമ്മളാണ് സ്വാഗത പ്രസംഗം കാച്ചാനുള്ളത്. അതോണ്ട് വേറെ നിവർത്തി ഇല്ലാത്തോണ്ട് നമ്മള് അകത്തേക്ക് കേറി വന്നു.

നമ്മളെ കണ്ടതും ഓൻ വേഗം അവിടന്ന് സ്റ്റേജിന് പിറകിലേക്ക് പോയി. നമ്മക്ക് അത് കണ്ടപ്പൊ ഒരു

ചെറിയ വിഷമായി.

എന്നാലും നമ്മളത് വിഷയാക്കാതെ എല്ലാവരേയും സ്വാഗതം ചെയ്ത് കൊണ്ട് രണ്ട് വാക്ക് സംസാരിച്ചു.

എന്നിട്ട് അത് കഴിഞ്ഞപ്പോ നമ്മള് അവിടന്ന് സ്റ്റേജിൻറെ പിറകിലേക്ക് പോയി, അപ്പൊ ഓൻ മറ്റേ സൈഡിലൂടെ തിരിച്ച് സ്റ്റേജിലേക്ക് വന്നിട്ട് അടുത്ത ആളെ വിളിച്ചു പ്രസംഗത്തിന്.

ഇനി നമ്മക്ക് അധികം റോള് സ്റ്റേജില് ഇല്ലാത്തോണ്ട് നമ്മള് അവിടെ തന്നെ ഇരുന്നു.

ഒരുച്ചയോട് അടുത്തപ്പോഴേക്കും പ്രസംഗം ഒക്കെ തീർന്നിരുന്നു. ഇനി കലാപരിപാടികളാണ് അടുത്തത് നടക്കാൻ പോകുന്നത്.

അതിൻറെ ലിസ്റ്റ് നമ്മള് ആദ്യം തന്നെ മാജിയെ കൊടുത്ത് ഏൽപ്പിച്ചോണ്ട് നമ്മള് ഫ്രീയായി.

അങ്ങനെ ഓരോരുത്തരുടേയും പരിപാടികൾ ഒക്കെ നമ്മള് സ്റ്റേജിൻ്റെ പിറകില് ഇരുന്ന് ആസ്വദിക്കുമ്പോഴാണ് ആ കോന്തൻ നമ്മളെ പേരും അതിനിടയിൽ അനൗൺസ് ചെയ്തത്.

നമ്മക്ക് അപ്പോഴാ നമ്മള് ഒരു ഐറ്റത്തിന് പേര് കൊടുത്തത് ഓർമ്മ വന്നത്. പിന്നെ ഒന്നും നോക്കീല നമ്മള് സ്റ്റേജിലേക്ക് കേറി വന്നു.

അപ്പൊ തന്നെ ഓൻ പിറകിലേക്ക് പോയി. അത് കണ്ടപ്പൊ നമ്മക്ക് ചിരിയും സങ്കടവും ഒപ്പ വന്നു.

നമ്മള് ഓൻ പോയതും നോക്കി ചിരിച്ച് മൈക്ക് എടുത്തു. അപ്പൊ തന്നെ എവിടെന്നോ ഒരു ചോദ്യം വന്നു.

"എന്താ വൈസ് ചെയർപേഴ്സൺ വന്നപ്പൊ ചെയർമാൻ സ്റ്റേജീന്ന് ഇറങ്ങി പോയത്?"

നമ്മക്ക് അത് കേട്ടപ്പോ ചിരിയാണ് വന്നത്. സ്റ്റേജിൻറെ മൂലയിൽ നിൽക്കുന്ന നമ്മളെ ടീംസിനെ നോക്കിയിട്ട് നമ്മള് ചിരിച്ചു.

"നിങ്ങളെ ചെയർമാന് എന്തോ അത്യാവശ്യം ഉണ്ടത്രെ അതാ പോയത്..."

"ഐഷൂ......."

പെട്ടെന്ന് ആ കോന്തൻ നമ്മളെ പേരും വിളിച്ച് കൂവി കൊണ്ട് ഓടി വന്നു. ഓൻറെ ശബ്ദം കേട്ട് ഞെട്ടി തരിച്ച് ഓനെ നോക്കിയപ്പൊ നമ്മളെ തലയിലേക്ക് ആ ലൈറ്റ് വീഴാനായിരുന്നു.

(തുടരും)

ഭാഗം. 48

"ഐഷൂ....."

പെട്ടെന്ന് ആ കോന്തൻ നമ്മളെ പേരും വിളിച്ചോണ്ട് ഓടി വന്നു.ഓൻ്റെ ശബ്ദം കേട്ട് ഞെട്ടി തരിച്ച് ഓനെ നോക്കിയപ്പൊ നമ്മളെ തലയിലേക്ക് ആ ലൈറ്റ് വീഴാനായിട്ടുണ്ട്.

എന്താ സംഭവിക്കുന്നതെന്ന് മനസ്സിലാക്കാൻ പറ്റാതെ നമ്മള് ഒരു സെക്കന്റ് പകച്ച് നിന്നിട്ട് രണ്ട് കാതും പൊത്തി കണ്ണടച്ച് നിന്നു. അപ്പോഴേക്കും ആരോ നമ്മളേയും കൊണ്ട് നിലത്തേക്ക് വീണിരുന്നു.അപ്പൊ നമ്മളെ ഹൃദയം തുടിച്ചു.അതോണ്ട് നമ്മളെ രക്ഷിച്ചത് ആരാണെന്ന് കണ്ണ് തുറക്കാതെ തന്നെ നമ്മക്ക് മനസ്സിലായിരുന്നു.

ആ വീഴ്ച്ചയില് നമ്മളെ തല നിലത്ത് തട്ടി നന്നായി വേദനിച്ചു.അപ്പോഴാണ് നമ്മള് കണ്ണ് തുറന്നു നോക്കുന്നത്. ആദിയുടെ മുഖവും ഓൻ്റെ കാന്തകണ്ണും കണ്ടപ്പൊ നമ്മളെ റൂഹ് നമ്മളെ വിട്ട് പോകുന്ന പോലെ തോന്നി.അത്രക്ക് ഒരു കുളിരായിരുന്നു നമ്മളെ മനസ്.

ഓൻ്റെ മുഖത്തേക്ക് നോക്കി കൊണ്ട് നമ്മള് നമ്മളെ തന്നെ മറന്ന് ലയിച്ച് പോയി.

ആ ലൈറ്റ് വന്ന് വീണപ്പൊ സ്റ്റേജിലെ കർട്ടന് തീ പിടിച്ചിട്ടുണ്ട്. അതോടെ എല്ലാരേയും സാറുമാരൊക്കെ കൂടി ഓഡിറ്റോറിയത്തിന് പുറത്തേക്ക് ഓടിച്ചു. സ്റ്റേജാകെ കത്തി പിടിച്ചതൊന്നും നമ്മള് അറിഞ്ഞിട്ടില്ല.

നമ്മള് ആദിയെ കണ്ണെടുക്കാതെ നോക്കി കൊണ്ട് ഏതോ ലോകത്താണ്. സ്റ്റേജ് കത്തുന്നത് കണ്ടപ്പൊ ആദി നമ്മളേയും കൊണ്ട് അവിടന്ന് എണീപ്പിച്ച് നിർത്തി.

നമ്മള് അപ്പോഴും ഏതോ സ്വപ്ന ലോകത്തേന്നു. ആദി എന്തൊക്കെയോ നമ്മളോട് പറഞ്ഞോണ്ട് നമ്മളെ കവിളില് തട്ടി വിളിച്ചു.

"ഐഷൂ....ഐഷൂ...ആർ യു ഓക്കേ?"

നമ്മള് പെട്ടെന്ന് സ്വപ്നത്തീന്ന് ഞെട്ടി എണീറ്റ് ഓനെ നോക്കി തലയാട്ടി. ഓൻ അപ്പൊ അച്ചൂനെ വിളിച്ച് നമ്മളെ അവിടന്ന് കൊണ്ട് പോകാൻ പറഞ്ഞു.

അച്ചു വന്ന് നമ്മളെ കൊണ്ട് പോകുമ്പോഴും നമ്മളെ കണ്ണ് ഓനെ തന്നെ നോക്കേന്നു. എല്ലാവരും കൂടി തീ കെടുത്താനുള്ള പരിശ്രമത്തിലാണ്...

ആദി എന്തൊക്കെയോ വിളിച്ച് കൂവി കൊണ്ട് തീ അണക്കാൻ നോക്കുന്നുണ്ട്.നമ്മക്ക് അതൊന്നും കേൾക്കാൻ പറ്റുന്നില്ലേന്നു.നമ്മള് പൂർണ്ണമായും ആദിയിൽ ലയിച്ച് പോയിരുന്നു.

അച്ചു എന്തൊക്കെയോ നമ്മളോട് ചോദിക്കുന്നുണ്ട് പറയുന്നുണ്ട് നമ്മള് അതൊന്നും കേൾക്കുന്നില്ല...ആദിയെ തന്നെ നോക്കി കൊണ്ട് നടക്കാണ് നമ്മള്..

അച്ചു നമ്മളെ ഓഡിറ്റോറിയത്തിൻറെ അവസാനത്തെ സീറ്റില് കൊണ്ട് പോയി ഇരുത്തി. എന്നിട്ട് എനിക്ക്

കുടിക്കാൻ വെള്ളം തന്നു.

നമ്മള് അത് കുടിക്കുമ്പോഴും നമ്മളെ കണ്ണില് ആദിയെ മാത്രായിരുന്നു കണ്ടത്. എന്താ എനിക്ക് സംഭവിച്ചതെന്ന് എനിക്ക് തന്നെ നിശ്ചയല്ലേന്നു.ആദി മാത്രാണ് ഇപ്പൊ കണ്ണിൽ കാണുന്നത്.

പെട്ടെന്ന് അച്ചു നമ്മളെ പിടിച്ച് കുലുക്കിയപ്പോഴാ നമ്മള് ആദിയിൽ നിന്നും കണ്ണെടുത്തത്.

"നീയിതേത് ലോകത്താ ഫെബീ...ഞാൻ ചോദിക്കുന്നതൊന്നും നീ കേൾക്കുന്നില്ലേ?"

"ഞെ.....എൻ...എന്താ ...എന്താ നീ ചോദിച്ചത്?"

"ഒലക്ക....നിനക്ക് വല്ലതും പറ്റിയോന്ന്....?"

നമ്മള് അപ്പൊ തന്നെ ആദിയെ നോക്കിയിട്ട് ഇല്ലാന്ന് തലയാട്ടി.

അച്ചു അപ്പൊ നമ്മളെ കെട്ടി പിടിച്ച് കവിളില് ഒരുമ്മ തന്നു. നമ്മള് ഓളെ തിരിഞ്ഞ് നോക്കിയപ്പൊ ഓള് കരയാണ്.

"എന്തിനാടീ നീ കരയുന്നേ?അതിന് മാത്രം ഇവിടെ എന്താ ഉണ്ടായേ?"

"നിനക്ക് എന്തെങ്കിലും പറ്റിയോന്ന് കരുതി ഞങ്ങൾ ആകെ പേടിച്ചിരിക്കേന്നു."

"എനിക്ക് ഒരു കുഴപ്പവും ഇല്ലാന്ന് അൻക്ക് കണ്ടൂടെ അച്ചൂ..."

"ഭാഗ്യത്തിനാ കാക്കു നിന്നെ രക്ഷപ്പെടുത്തിയത്...ഇല്ലെങ്കിൽ എന്തായിരിക്കും സംഭവിച്ചിട്ടുണ്ടാവാന്ന് ആലോചിക്കാനേ വയ്യ..."

നമ്മളെ കണ്ണ് അപ്പൊ തന്നെ ആദിൻറെ അടുത്തേക്ക്

ചെന്നു. എല്ലാവരും കൂടി തീ ഇപ്പൊ അണച്ചിട്ടുണ്ട്. ഇപ്പൊ ഓരോരുത്തരും ഓരോ സീറ്റില് പോയി വിശ്രമിക്കാണ്.

"ഫെബീ നിൻറെ കയ്യിലതാ ചോര..."

അച്ചു അത് പറഞ്ഞപ്പൊ നമ്മള് കയ്യിലേക്ക് നോക്കി. നമ്മളെ കയ്യിൽ മുറിവൊന്നും പറ്റിയിട്ടില്ല.പക്ഷേ കയ്യിൽ ചോര പറ്റി പിടിച്ചിട്ടുണ്ട്.

അപ്പൊ തന്നെ നമ്മളെ കണ്ണ് പാഞ്ഞ് ചെന്നത് ആദിയുടെ നേർക്കാണ്.ഓൻറെ കൈ മുട്ടില് ആ ലൈറ്റിൻറെ ചില്ല് കൊണ്ട് നന്നായിട്ട് മുറി ആയിട്ടുണ്ട്.നിസൂക്ക ഫസ്റ്റ് എയ്ഡ് ബോക്സ് കൊണ്ട് വന്നിട്ട് ആദിക്ക് കൊടുത്തു.

ഓൻ അത് സ്വയം മരുന്ന് വെച്ച് കെട്ടാൻ നോക്കാണ്.നിസൂക്ക ഓൻറെ കയ്യീന്ന് അത് വാങ്ങാൻ നോക്കിയെങ്കിലും ആദി ഓനെ സമ്മതിച്ചില്ല.പകരം നിസൂക്കാനോട് പോയി ഓൻക്ക് വെള്ളം കൊണ്ട്

വരാൻ പറഞ്ഞു വിട്ടു.

ഓൻ്റെ കയ്യിലെ മുറിവ് കണ്ടിട്ട് നമ്മളെ നെഞ്ചൊന്ന് പിടഞ്ഞു.നമ്മള് കയ്യിലുണ്ടായിരുന്ന വെള്ളവും കൊണ്ട് ആദിൻ്റെ അടുത്തേക്ക് ചെന്നിട്ട് ഓന് നേരെ വെള്ളം നീട്ടി.

ഓൻ നമ്മളെ മുഖത്തേക്ക് നല്ലോണം ഒന്ന് നോക്കിയിട്ട് ചെറുതായൊന്ന് പുഞ്ചിരി തൂകി കൊണ്ട് ആ വെള്ളം വാങ്ങി കുടിച്ചു.

നമ്മള് ഓൻ്റെ കൈ മുട്ട് പിടിച്ച് നോക്കിയിട്ട് ആ മുറിവിലെ ചോര പഞ്ഞി കൊണ്ട് ഒപ്പിയെടുത്തു. ആദി നമ്മളെ ഒരു അത്ഭുതത്തോടെ നോക്കി ഇരിക്കുന്നത് നമ്മക്ക് നോക്കാതെ തന്നെ കാണാൻ കഴിയുന്നുണ്ട്.

നമ്മള് മുഖത്ത് ഒരല്പം പുഞ്ചിരി വിടർത്തി കൊണ്ട് ഓൻ്റെ മുഖത്തേക്ക് നോക്കാതെ തല താഴ്ത്തി ചോര ഒപ്പിയെടുത്തു.

പെട്ടെന്ന് ആദി ആ...ന്ന് അലറിയപ്പൊ നമ്മള് ഞെട്ടി തരിച്ച് ഓനെ നോക്കി.

അപ്പൊ നമ്മളെ നോക്കിയിട്ട് ചുമ്മാന്ന് പറഞ്ഞ് ഓൻ സൈറ്റടിച്ചിട്ട് ചിരിച്ചു.

നമ്മള് ഓനെ തുറുക്കനെ നോക്കിയിട്ട് ആ മുറിവിലൊന്ന് അമർത്തി.അപ്പൊ ഓൻ ശരിക്ക് ആ....ന്ന് പറഞ്ഞു. അത് കേട്ടപ്പൊ നമ്മള് ഒന്ന് ചിരിച്ചിട്ട് മുറിവില് മരുന്ന് വെച്ച് കെട്ടി കൊടുത്തു.

ആദി ഓൻറെ കയ്യില് കെട്ടി വെച്ചത് നോക്കി നിൽക്കുമ്പോ നമ്മള് ഓനെ നോക്കി തല താഴ്ത്തി.

"താങ്ക്സ്...."

"ങെ....എന്താ...എന്താ പറഞ്ഞേ?"

ഒരു അത്ഭുതത്തോടെ നമ്മളെ നോക്കി നിന്ന് ആദി ചോദിച്ചു.

"താങ്ക്സ്...."

"താങ്ക്സോ...എന്തിന്?

ഞാൻ അല്ലെ നിന്നോട് താങ്ക്സ് പറയേണ്ടത്...ഒന്നുല്ലെങ്കിലും എൻ്റെ മുറിവ് മരുന്ന് വെച്ച് കെട്ടി തന്നില്ലേ..."

"എൻ്റെ ജീവൻ രക്ഷിച്ചതിന്...."

നമ്മളത് പറഞ്ഞപ്പൊ ഓൻ ലൈറ്റായിട്ട് പുഞ്ചിരി തൂകി കൊണ്ട് പറഞ്ഞു.

"അതിന് ഞാൻ നിൻ്റെ ജീവൻ അല്ലല്ലൊ ഐഷൂ രക്ഷിച്ചത്...എൻ്റെ ജീവനേയല്ലേ?"

നമ്മളത് കേട്ടപ്പൊ ആദിയെ നമ്മള് അറിയാതെ

നോക്കി നിന്നു പോയി. ഓൻ വീണ്ടും പുഞ്ചിരി തൂകി കൊണ്ട് തുടർന്നു.

"നീ എൻറെ ജീവനാണ് ഐഷൂ...നിനക്ക് എന്തെങ്കിലും സംഭവിച്ചാൽ പിന്നെ ഞാൻ ജീവിച്ചിരിക്കില്ല....കാരണം,യു ആർ മൈ ലൈഫ്....

അതോണ്ട് നിനക്കൊന്നും പറ്റാതെ നോക്കേണ്ടത് എൻറെ കൂടി ആവശ്യമല്ലേ...?"

ഓനത് കൂടി പറഞ്ഞപ്പൊ നമ്മളെ കണ്ണ് നിറഞ്ഞൊഴുകി.അത് ഓൻ കാണാതിരിക്കാൻ വേണ്ടി പെട്ടെന്ന് തന്നെ തിരിഞ്ഞ് നടന്നു.

'എന്തിനാ ആദി നീ എന്നെ ഇങ്ങനെ സ്നേഹിക്കുന്നത്? അതിന് മാത്രം ഞാനെന്ത് പുണ്യാ ചെയ്തിട്ടുള്ളത്?

എനിക്ക് നിൻറെ സ്നേഹം കൊതിക്കാനുള്ള അവകാശം പോലുമില്ല ആദീ...ശപിക്കപ്പെട്ട ജൻമമാണ്

എൻറേത്..

കൊതിച്ചതൊക്കെ പടച്ചോൻ എൻറെ കയ്യീന്ന് തട്ടി പറിച്ച് വാങ്ങിയിട്ടേ ഉള്ളൂ..അതോണ്ട് എനിക്ക് നിന്നെ കൊതിക്കാൻ പേടിയാണ് ആദീ...'

"ഐഷൂ...."

പെട്ടെന്ന് നമ്മള് ചിന്തയിൽ നിന്നും ഉണർന്ന് ആദിയെ തിരിഞ്ഞു നോക്കി. ഓൻ നല്ലൊരു പുഞ്ചിരി തൂകി കൊണ്ട് നമ്മളെ അടുത്തേക്ക് വന്ന് നിന്നു.

"ഐഷൂ.....ഞാൻ നിൻറെ ജീവൻ രക്ഷിച്ചെന്ന് കരുതി നീ ഇപ്പൊ തന്നെ എന്നോട് ഇഷ്ടാണെന്ന് പറഞ്ഞേക്കല്ലേ... അതിന് ഇനിയും സമയമുണ്ട്..."

നമ്മള് ഓനെ തുറുക്കനെ നോക്കി കൊണ്ട് ഓനെ തല്ലാൻ തുടങ്ങി. ഓൻ ചിരിച്ചോണ്ട് അതൊക്കെ കൊണ്ട് നിന്നു. അപ്പോഴാണ് ഒരു കൂട്ടച്ചിരി കേട്ടത്.

അപ്പൊ തന്നെ നമ്മള് തല്ല് നിർത്തി തിരിഞ്ഞ് നോക്കിയപ്പൊ നമ്മളെ കുരാമീസും രണ്ട് ബ്രദേഴ്സ് ടീമും പിന്നെ നമ്മളെ യൂണിയൻ ടീമും ഞങ്ങളെ നോക്കി നിക്കാണ്.

അത് കണ്ടപ്പൊ നമ്മളും ചിരിച്ചോണ്ട് അവരെ നോക്കിയിട്ട് ആദിൻറെ നേരെ തിരിഞ്ഞ് ഓന് കൈ നീട്ടി.

"ഫ്രണ്ട്സ്......?"

ആദി നമ്മളേയും കയ്യിനേയും മാറി മാറി നോക്കി കൊണ്ട് അവരെ നോക്കി.എന്നിട്ട് നമ്മളെ കൈ താഴ്ത്തി വെച്ചു.

"സ്നേഹിച്ച പെണ്ണിനെ ശത്രു ആയി കണ്ടാലും ഒരിക്കലും ഫ്രണ്ടായി കാണില്ല...കാരണം,എൻറെ ഫ്രണ്ട്സ് എൻറെ സ്വന്തം കൂടപ്പിറപ്പിനെ പോലെയാ... ഞാൻ ഒരിക്കലും നിന്നെ എൻറെ പെങ്ങളാക്കാൻ ഉദ്ദേശിക്കുന്നില്ല കേട്ടല്ലോ...."

ഓൻ്റെ വർത്താനം നമ്മളെ ചൊടിപ്പിച്ചു. നമ്മള് ഓനെ തുറുക്കനെ നോക്കി.

"ഓഹോ....പിന്നെ ആരാക്കാണാവോ ഉദ്ദേശം?"

"എൻ്റെ ബീവിയാക്കാൻ..."

നമ്മക്ക് അത് കേട്ടപ്പോ സന്തോഷം വന്നെങ്കിലും അത് പുറത്ത് കാണിക്കാതെ നമ്മള് ഓനെ നോക്കി കണ്ണുരുട്ടി.

"അയ്യട... ചെക്കൻ്റെ ഒരു പൂതി കണ്ടില്ലെ...അതിന് വെച്ച വെള്ളമങ്ങ് വാങ്ങി വെച്ചേക്ക് മോനേ...ഈ ഫെബീ നിൻ്റെ ഭാര്യയാകുമെന്ന് നീ സ്വപ്നം പോലും കാണണ്ട..."

"സ്വപ്നം കാണുക മാത്രല്ല അത് നടപ്പിലാക്കാനും എനിക്ക് അറിയാം..."

"നിൻറെ ഭാര്യ ആകുന്നതിലും ഭേദം ആ ലൈറ്റ് വന്ന് എൻറെ തലേല് വീഴുന്നതേന്നു..."

"എന്നാലും ഞാൻ നിന്നെ വെറുതെ വിടുമെന്ന് നിനക്ക് തോന്നുന്നുണ്ടോ? നീ എവിടെ പോയാലും നിഴല് പോലെ കൂടെ തന്നെ ഉണ്ടാകും നമ്മള്...കാണണോ അൻക്ക്?"

നമ്മള് ആദിയെ രൂക്ഷമായി നോക്കിയിട്ട് ഓൻറെ വെല്ലുവിളി സ്വീകരിച്ചു.

"ആ കാണണം....നീ എന്ത് ചെയ്തിട്ടും ഒരു പ്രയോജനവും ഇല്ല കോന്താ....ഞാൻ നിൻറെ ബീവി ആവത്തില്ല കേട്ടോ കോന്താ..."

ഓനെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി നമ്മള് ഓനോട് അത് തന്നെ പറഞ്ഞോണ്ടിരുന്നു. അപ്പൊ ഓൻ നമ്മളെ എതിർത്ത് വീണ്ടും ഓരോന്ന് പറഞ്ഞു.അത് പിന്നീട് ഞങ്ങൾ തമ്മിൽ ഉള്ള അടുത്ത വഴക്കിന് കാരണമായി.

"ഒന്ന് നിർത്തോ രണ്ടും....

കുറച്ച് നേരം മുൻപ് രണ്ടും കൂടി നല്ല സോഫ്റ്റായി സംസാരിക്കുന്നത് കണ്ടപ്പൊ ഞങ്ങൾ കരുതി രണ്ടും സമാധാനായി ഇനി വഴക്ക് ഉണ്ടാവില്ലാന്ന്....

എവടെ....ഒരു പത്ത് മിനിറ്റ് തികച്ച് പോലും നിങ്ങൾക്ക് സമാധാനത്തോടെ നിൽക്കാൻ പറ്റുന്നില്ല... ആ നിങ്ങൾ എങ്ങാനും ഒരുമിച്ചാൽ കെട്ടിയ അന്ന് തന്നെ ഡിവോഴ്സ് ആകും."

നിസൂക്കാൻറെ വർത്താനം കേട്ട് നമ്മള് ചിരിച്ചോണ്ട് ആദിയെ നോക്കി. എന്നിട്ട് ഓനോട് പോടാ കോന്തൻ തെണ്ടീ എന്ന് വിളിച്ചോണ്ട് അവിടന്ന് ഇറങ്ങി ഓടി.

"ഡീ.....നിക്കടി അവിടെ..."

കേൾക്കേണ്ട താമസം നമ്മള് അവിടെ നിന്നിട്ട് തിരിഞ്ഞ്

നോക്കി.

"നിനക്ക് ഈയിടെയായി കുറച്ച് കൂടുന്നുണ്ട്.മര്യാദക്ക് അടങ്ങി ഒതുങ്ങി നിന്നോണ്ടു....അറ്റ്ലീസ്റ്റ് നിൻറെ ജീവൻ രക്ഷിച്ചത് ഞാനാണെന്ന പരിഗണന വെച്ചെങ്കിലും എന്നോട് ഒന്ന് നല്ല രീതിയിൽ സംസാരിച്ച് നോക്ക്.."

നമ്മള് കോന്തനെ അടിമുടി നോക്കിയിട്ട് കയ്യും കെട്ടി ഓനെ നോക്കി നിന്നു.

"സൗകര്യല്യാ...എന്തേ?"

"ഇനി ഞാൻ സൗകര്യം ഉണ്ടാക്കി തരണോ?"

"അതൊക്കെ ആ സൽമക്ക് ഒരുക്കി കൊടുത്താൽ മതി..

അതിന് മുൻപ് ഇവിടെ ഇത്രയും പ്രശ്നങ്ങൾ എങ്ങനെ

ആര് കാരണം ഉണ്ടായെന്ന് അന്വേഷിക്ക് എന്നിട്ട് നമുക്ക് തീരുമാനിക്കാം എന്ത് ചെയ്യണമെന്ന്..."

നമ്മളതും പറഞ്ഞ് നമ്മളെ കുരാമീസിനെയും കൊണ്ട് അവിടന്ന് ക്ലാസിലേക്ക് പോയി.

"എന്തിനാ ഫെബീ നീ കാക്കൂനോട് അങ്ങനെ ഒക്കെ പറഞ്ഞത്? നിൻറെ പറച്ചില് കേട്ടാൽ കാക്കു കാരണാ ഇതൊക്കെ നടന്നതെന്ന് തോന്നുമല്ലൊ..."

"ആ കാര്യത്തിൽ എനിക്ക് ഉറപ്പൊന്നും ഇല്ലെങ്കിലും ചെറിയ സംശയമൊക്കെയുണ്ട്..."

"നീയെന്താ ഫെബീ പറഞ്ഞ് വരുന്നത് ആദിൽക്ക മനപ്പൂർവ്വം ആ ലൈറ്റ് നിൻറെ തലേല് ഇടാൻ നോക്കിയെന്നോ?"

"ഞാൻ അതല്ല സന ഉദ്ദേശിച്ചത്....സൽമ ആയിരിക്കോ ഇത് ചെയ്തതെന്നാ...."

"അതിൽ സംശയിക്കാനൊന്നുമില്ല..എനിക്ക് ഉറപ്പാ അവള് തന്നെ ആകുമെന്ന്. കാരണം ആ ലൈറ്റ് വീണ ഉടനെ എങ്ങനെയാ കർട്ടന് തീ പിടിച്ചത്? ഇതിലൊക്കെ എന്തോ ഇല്ലേ?"

നസിയെ അനുകൂലിച്ച് അവരും അത് സമ്മതിച്ചു. പക്ഷേ നമ്മക്ക് അതൊന്നും കേൾക്കാൻ ഒരു താൽപര്യം ഇല്ലെന്നു. അതോണ്ട് നമ്മള് ആ വിഷയം മാറ്റി.

ഇപ്പൊ കോളേജിൽ മൊത്തം ആദി നമ്മളെ രക്ഷപ്പെടുത്തിയതാണ് സംസാര വിഷയം. നമ്മളെ കാണുന്നോരൊക്കെ എന്തെങ്കിലും പറ്റിയോന്ന് ചോദിച്ച് വരും. അവരോടൊക്കെ കൊഴപ്പല്യ എന്നൊക്കെ പറയുമ്പോഴും നമ്മളെ മനസ് നമ്മളെ അടുത്ത് ഇല്ലേന്നു.

കോളേജ് വിട്ട് വീട്ടിൽ എത്തുന്ന വരെ ആദി...ആദി...ആദി...ഇത് മാത്രാണ് മനസ് മന്ത്രിക്കുന്നത്.

രാത്രി ഭക്ഷണം കഴിക്കുമ്പൊ യൂണിയന്റെ പരിപാടി എങ്ങനെ ഉണ്ടെന്ന് ഉമ്മ നമ്മളോട് ചോദിച്ചപ്പൊ ഒന്നും മറച്ച് വെക്കാതെ മുഴുവൻ നമ്മള് എല്ലാവർക്കും പറഞ്ഞ് കൊടുത്തു.

നമ്മള് ആദിയോട് ഇപ്പൊ മുട്ടൻ വഴക്കാണെന്ന് അറിയാത്തവരായി ആരുമില്ലട്ടോ...അതൊക്കെ നമ്മള് അപ്പപ്പൊ എല്ലാ കാര്യങ്ങളും ഇവരെ അറിയിക്കാറുണ്ട്.

അതോണ്ട് ഇപ്രാവശ്യം ഞങ്ങൾ വഴക്ക് കൂടിയെന്ന് അറിഞ്ഞപ്പൊ ഉമ്മച്ചി നമ്മളെ ശകാരിച്ച് രണ്ടെണ്ണം കയ്യിൽ നോക്കി തന്നു. പിന്നെ ഒരു താക്കീതും...

മേലിൽ ആദിയുമായി ഇനി വഴക്ക് കൂടരുതെന്ന്...നമ്മള് തലയാട്ടി കൊണ്ട് നടന്നത് തന്നെ എന്ന് മനസ്സിൽ കരുതി.

ഉമ്മാക്ക് ഇപ്പൊ ആദിയെ കാണണമെന്നുണ്ട് അതോണ്ട് ഓനെ വീട്ടിലേക്ക് ഒരു ദിവസം കൊണ്ട്

വരണമെന്ന് പറഞ്ഞു. നമ്മള് അത് പറ്റൂലാന്ന് തീർത്ത് പറഞ്ഞെങ്കിലും ഷാദി അതിൻ്റെ ഇടയിൽ കേറിയിട്ട് അക്കാര്യം ഓൻ ഏറ്റെന്ന് പറഞ്ഞു.

നമ്മള് ഓനെ നോക്കി ദേഷ്യപ്പെട്ട് എണീറ്റ് പോയെങ്കിലും റൂമില് എത്തിയപ്പൊ നമ്മള് തുള്ളി ചാടായിരുന്നു. കിടന്നിട്ടൊന്നും ഉറക്കം വരുന്നില്ല കണ്ണടച്ചാൽ ഓൻ്റെ മുഖവും ഓൻ്റെ കാന്തകണ്ണുമാണ് മനസ്സിലേക്ക് ഓടി വരുന്നത്.

ഓനെ വിളിക്കാൻ വേണ്ടി നമ്മളെ മനസ് വെമ്പൽ കൊണ്ടു. ഫോൺ എടുത്ത് ഓൻ്റെ നമ്പർ ഡയൽ ചെയ്തെങ്കിലും പിന്നെ വേണ്ടന്ന് വെച്ച് ഫോൺ അവിടെ ഒരു ഇട്ടു.

എത്ര ശ്രമിച്ചിട്ടും മനസ്സമാധാനത്തോടെ ഉറങ്ങാൻ പറ്റുന്നില്ല. ആദിയെ കാണാനൊക്കെ കൊതിയാവാ...

'എന്താ എനിക്ക് പറ്റിയത്? ഒരൊറ്റ സെക്കൻ്റ് കൊണ്ട് നമ്മളെ ലോകം തന്നെ ഓൻ മാറ്റി കളഞ്ഞല്ലൊ...

എന്താ ഇതിൻറെയൊക്കെ അർത്ഥം?

ഇനി എനിക്കും ഓനോട് അങ്ങനെ ഒരു ഇഷ്ടം ഉള്ളിൽ കേറി കൂടിയോ?

ഏയ് ...ഇത് അതൊന്നും അല്ല ഫെബീ...ഓൻ നിൻറെ ജീവൻ രക്ഷിച്ചില്ലേ അതോണ്ടാകും ഇങ്ങനെ ഒക്കെ തോന്നുന്നത്...

എന്നാലും ഇതുവരെ ഓനെ കുറിച്ച് ഓർക്കുമ്പൊ നമ്മക്ക് എരിഞ്ഞ് കേറുമെങ്കിലും പെട്ടെന്ന് എങ്ങനെ നമ്മളെ മനസ് ഇങ്ങനെ മാറിയത്? ഇപ്പൊ ഓനോട് നമ്മക്ക് ഒരു വാശിയോ ദേഷ്യോ ഒന്നുമില്ല... അപ്പൊ ഇതിൻറെ അർത്ഥം ഓനോട് നമുക്ക് എന്തോ ഉണ്ടെന്നല്ലേ?

ഒലക്കയാണ്...ഇതൊക്കെ നിനക്ക് വെറുതെ തോന്നുന്നതാ...നിനക്ക് ഓനോട് അങ്ങനെ ഒരു ഇഷ്ടമൊന്നുമില്ല...പിന്നെ ഓൻ നിന്നോട് ചെയ്തതൊന്നും മറന്നിട്ടില്ലല്ലോ...ഓൻ നിന്നെ എന്ത്

മാത്രം ശല്യം ചെയ്തിട്ടുണ്ട്...

നമ്മളും അത്രക്ക് മോശമൊന്നും അല്ലേന്നല്ലോ...ഓനെ നമ്മളും കുറെ ശല്യം ചെയ്തതാ... പക്ഷേ നമ്മളെ മനസ്സിലേക്ക് അതൊന്നും വരുന്നില്ല...ഓൻറെ ആ മുഖവും കാന്തക്കണ്ണും മാത്രേ ഉള്ളൂ മനസ്സിൽ...

ഫെബീ...പ്രേമം മൊട്ടിട്ട് തുടങ്ങിയെന്ന് തോന്നുന്നു മോളേ....പഴയതൊന്നും മറന്നിട്ടില്ലെങ്കിൽ വെറുതെ ഈ സാഹസത്തിന് മുതിരണ്ട...'

ഇങ്ങനെ സ്വയം ഓരോന്ന് ചിന്തിച്ച് നമ്മള് എപ്പോഴോ ഉറങ്ങി പോയി. രാവിലെ ഉമ്മ വന്ന് എണീപ്പിച്ചപ്പോഴാ എണീക്ന്നത്.

ഇപ്പൊ ഈയിടെയായി അലാറം അടിക്കുന്നതൊന്നും നമ്മള് അറിയാറില്ല.ഇന്ന് ശനി ആയോണ്ട് പെയിന്റ് അടിക്കാൻ വേണ്ടി ആൾക്കാർ വരുന്നുണ്ടെന്ന് ഉമ്മച്ചി പറഞ്ഞു.

അതോണ്ട് റൂം മൊത്തം ക്ലിയറ് ചെയ്യുന്ന തിരക്കിലാണ് നമ്മള്.കൂടെ നമ്മളെ പൂസീമയും ഉണ്ട്. ഓള് ഓളെ കൊണ്ട് പറ്റുന്ന തരത്തിൽ എല്ലാം വലിച്ച് വാരി ഇട്ട് തരുന്നുണ്ട്. അപ്പൊ ഓളെ നമ്മള് റൂമീന്ന് പുറത്താക്കും.എന്നിട്ട് പിന്നേം അപ്പൊ തന്നെ തിരിച്ച് ഓടി വന്നിട്ട് വീണ്ടും ഓളെ പണി തുടങ്ങും.

അങ്ങനെ എല്ലാം സെറ്റാക്കിയിട്ട് നമ്മള് ഓളേം കൊണ്ട് താഴേക്ക് ഇറങ്ങിയപ്പൊ പണിക്കാരൊക്കെ വന്നിട്ടുണ്ട്. ഏതോ തീവ്രവാദികളെ പോലെ മുഖമൊക്കെ തോർത്ത് കൊണ്ട് മറച്ച് വെച്ചോണ്ട് അവര് അകത്തേക്ക് വന്നു. നമ്മള് ഓരെ കൺമുന്നിൽ ചെന്ന് പെടാതെ വേഗം അടുക്കളയിലേക്ക് വെച്ച് പിടിച്ചു.

മോളിലാണ് അവരാദ്യം പെയിന്റ് അടിക്കാൻ വേണ്ടി പോയത്. അപ്പൊ അവരെ പിന്നാലെ നമ്മളെ പൂസീമയും ഓടി പോയിരുന്നു.ഓളെ പിടിക്കാൻ നോക്കിയെങ്കിലും നമ്മളെ പോലെ ഓളും കയ്യീന്ന് വഴുതി പോയി. എൻറെ പൂസീമയല്ലേ ഇങ്ങനെ ഒക്കെ ആയില്ലെങ്കിലേ അത്ഭുതമൊള്ളൂ...ഇനി മോളില് എന്തൊക്കെ കാണിച്ച് കൂട്ടുമെന്ന് ചിന്തിച്ച് നിൽക്കുമ്പോഴാണ് മോളീന്ന് എന്തൊക്കെയോ ഒച്ചപ്പാട്

കേട്ടത്.

"ഫെബീ...എന്താ മോളീന്ന് ഒച്ച കേക്കുന്നേ? ചെന്ന് നോക്കേ അൻറെ ആ പൂസീമ അവിടെ ഒക്കെ കൊളാക്കി വെച്ചിട്ടുണ്ടാകും.."

ഉമ്മാൻറെ പറച്ചില് കേട്ടിട്ട് നമ്മള് ഓരോന്ന് പിറു പിറുപിറുത്തോണ്ട് മോളിലേക്ക് പോയി. ഹാളിലും ബാൽക്കണിയിലുമായിട്ട് പണി നടക്കുന്നുണ്ട്. നമ്മള് അവിടെ ഉള്ളവരോട് നമ്മളെ പൂച്ചയെ കണ്ടോന്ന് ചോദിച്ചപ്പൊ നമ്മളെ റൂമിലേക്ക് ചൂണ്ടിക്കാട്ടി.

നമ്മള് അപ്പൊ തന്നെ റൂമിലേക്ക് ചെന്ന് നോക്കിയപ്പൊ നമ്മളെ പൂസീമ പെയിന്റില് കുളിച്ച് പിങ്ക് കളറായിട്ടുണ്ട്.കൂട്ടതിൽ വേറെ ഒരുത്തൻറെ തലേൽ കൂടിയും പെയിന്റ് പോയിട്ടുണ്ട്.

എല്ലാം നമ്മളെ പൂസീമ ചെയ്ത പണിയാകുമെന്ന് അറിയാവുന്നോണ്ട് അധികം അത്ഭുതമൊന്നും തോന്നീല.പകരം അവര് രണ്ടിൻറെയും കോലം

കണ്ടപ്പൊ നമ്മള് പൊട്ടി ചിരിച്ചു.

നമ്മള് അയാളെ അടുത്ത് പെയിന്റില് കുളിച്ച് നിക്കുന്ന നമ്മളെ പൂസീമാനെ അടുത്തെക്ക് ചെന്നിട്ട് അയാളോട് സോറി പറഞ്ഞ് പൂസീമാനെ എടുത്ത് തിരിഞ്ഞതും പെയിന്റില് ചവിട്ടി കാൽ വഴുതി നമ്മള് വീഴാൻ പോയി.

അപ്പോഴേക്കും അയാളെന്നെ പിടിച്ചപ്പൊ ഒരു നിമിഷം നമ്മക്ക് ആദിയെ ഓർമ്മ വന്നു. അപ്പോഴാണ് നമ്മള് അയാളെ കണ്ണിലേക്ക് ശ്രദ്ധിക്കുന്നത് ശരിക്കും ആദിയെ പോലെ തന്നെയുണ്ട്.

നമ്മള് അങ്ങേരെ കയ്യീന്ന് വേഗം എണീറ്റിട്ട് അയാളെ തന്നെ നോക്കി നിന്നു. അപ്പൊ അയാള് മുഖത്ത് കെട്ടി വെച്ച തോർത്ത് അഴിച്ചിട്ട് മുഖം തുടച്ചു. നോക്കുമ്പോൾ ആദിയാണ് നമ്മളെ മുന്നിൽ നിൽക്കുന്നത്.

ഓനെ കണ്ടപ്പൊ നമ്മളെ കയ്യീന്ന് പൂസീമ അറിയാതെ വഴുതി വീണു.അപ്പൊ ആദി പൂസീമാനെ കയ്യിൽ എടുത്ത് കൊഞ്ചിച്ചോണ്ട് നിന്നു.

നമ്മള് ഇവനെന്താ ഇവിടെ ഈ വേഷത്തിൽ എന്ന് ചിന്തിച്ച് തല പുണ്ണാക്കി കൊണ്ട് ഓൻറെ കയ്യീന്ന് പൂസീമാനെ വാങ്ങിച്ചു.

"നീ...നീയെന്താ ഇവിടെ? അതും ഈ വേഷത്തിൽ..."

"കണ്ടാ അറിഞ്ഞൂടേ പെയിന്റ് അടിക്കാൻ വന്നതാ..."

നമ്മള് ഓനെ നെറ്റി ചുളിച്ചോണ്ട് അടിമുടിയൊന്ന് നോക്കി.

"എന്താ എനിക്ക് പെയിന്റ് അടിക്കാൻ പാടില്ലേ?"

"അത്രയും വലിയ പണക്കാരനായ നീ എന്തിനാ എൻറെ വീട്ടിൽ ഈ പണിക്ക് വന്നത്?"

"അതിനി ഞാൻ പറഞ്ഞിട്ട് വേണോ നിനക്ക്

അറിയാൻ... ഞാൻ നിന്നെ കാണാൻ വേണ്ടി വന്നതാ..."

"എന്നെ കാണാനോ? എന്തിന്? അതും ഇങ്ങനെ...?"

"ഇങ്ങനെ വന്നതോണ്ട് അല്ലെ നീ വീഴാൻ പോയപ്പൊ എനിക്ക് പിടിക്കാൻ പറ്റിയത്..ഇല്ലെങ്കിൽ വേറെ ആരേലും വന്ന് നിന്നെ പിടിക്കൂലേ..."

"പോടാ കോന്താ..."

എന്ന് പറഞ്ഞ് നമ്മള് അവിടന്ന് പൂസീമാനേയും കൊണ്ട് പുറത്തേക്ക് ഇറങ്ങി.

"എന്താ ഫെബീ...അവനുമായിട്ട് വീണ്ടും വഴക്കായോ?"

കാക്കൂൻറെ ശബ്ദം കേട്ടിട്ട് നമ്മള് ഒരു സംശയത്തോടെ തിരിഞ്ഞ് നോക്കിയപ്പൊ കാക്കു,അൻസിക്ക,നിസൂക്ക മൂന്ന് പേരും നമ്മളെ

പിറകിൽ നിൽപ്പുണ്ട്.

ഇവറ്റകള് നാലും കൂടി പണിക്കാരെ കൂടെ അകത്തേക്ക് കേറി കൂടിയതാണ്.

"എന്താ കാക്കൂ ഇതൊക്കെ? ഇങ്ങക്കും തീരെ ബുദ്ധിയില്ലാണ്ടായോ? എന്തിനാ ഇതൊക്കെ നിങ്ങൾ ചെയ്യുന്നേ? മര്യാദക്ക് ഈ വേഷമൊക്കെ മാറി പോയി കുളിച്ചിട്ട് ഇവിടന്ന് പോകാൻ നോക്ക് നാലും...

ഓരോന്ന് കൊണ്ട് ഇറങ്ങിക്കോളും..."

അപ്പോഴേക്കും ഉമ്മച്ചി വിളിച്ചപ്പൊ നമ്മള് താഴേക്ക് ഇറങ്ങി. പണിക്കാർക്ക് കഴിക്കാനുള്ള ഭക്ഷണം കൊണ്ട് വെക്കാനാ ഉമ്മച്ചി നമ്മളെ വിളിച്ചിരുന്നത്.

പൂസീമയും ഞാനും പെയിന്റില് മുങ്ങി നിക്കുന്നത് കണ്ടിട്ട് ഉമ്മച്ചി ഞങ്ങൾക്ക് രണ്ടിനും കണക്കിന് തന്നിട്ട് പോയി കുളിക്കാൻ പറഞ്ഞു.

നമ്മള് പൂസീമാനെ കുളിപ്പിച്ചിട്ട് നമ്മളും കുളിച്ച് വന്നിറങ്ങിയപ്പൊ അവരെ നാല് പേരേയും ടേബിളിൽ ഇരുത്തി കൊണ്ട് ഉപ്പയും ഷാദിയും കൂടി ചോറ് കഴിക്കുന്നുണ്ട്.

അവര് നാല് പേരും അപ്പോഴേക്കും വേഷമൊക്കെ മാറി ചെത്തായിട്ടുണ്ട്.ഇതൊക്കെ നമ്മള് പുറത്ത് നിന്ന് ജനല് വഴി കണ്ടതാട്ടോ.

നമ്മള് അകത്തേക്ക് കേറിയപ്പൊ ഉമ്മച്ചി നമ്മളെ അവിടെ പിടിച്ച് വെച്ചിട്ട് ഒരു സ്വകാര്യം പറഞ്ഞു.

"ഫെബീ...ആദിലും സിയാദും അവരെ രണ്ട് ചെങ്ങായിമാരും വന്നിട്ടുണ്ട്. ഹാളിൽ ഇരുന്ന് ചോറ് തിന്നാണ്.. അതോണ്ട് നീയിപ്പൊ കേറി ചെന്നിട്ട് അവരെ അവിടന്ന് ആട്ടി പായിക്കണ്ട..."

നമ്മള് ഉമ്മച്ചിന്റെ അടിമുടിയൊന്ന് നോക്കി കൊണ്ട് ഒന്ന് ചിരിച്ചിട്ട് തലയാട്ടി. അങ്ങനെ ഭക്ഷണം ഒക്കെ

കഴിച്ച് കഴിഞ്ഞ് അവര് പോകാൻ നിന്നപ്പൊ ഉപ്പച്ചി നമ്മളെ അവരെ അടുത്തേക്ക് വിളിച്ചു.

അവര് പോകാണെന്ന് പറഞ്ഞ് ഉപ്പച്ചി നമ്മളെ നോക്കിയപ്പൊ നമ്മള് അവൻമാരെ നോക്കി ഒന്ന് പല്ലിളിച്ചിട്ട് ഇനി ഇങ്ങോട്ട് വരരുതെന്ന രീതിയിൽ കൈ ആട്ടി റ്റാറ്റാ പറഞ്ഞു.

അവൻമാര് നമ്മളെ നോക്കി ചിരിച്ചോണ്ട് പോകുന്നത് നമ്മള് അവിടെ നിന്ന് നോക്കി നിന്നു. അവര് പോയപ്പൊ നമുക്ക് എന്തോ ഒരു ചെറിയ വിഷമമായി പോയി.

നമ്മള് തിരിച്ച് അടുക്കളേല് പോകാൻ നിന്നപ്പൊ ഉപ്പച്ചി നമ്മളോട് ഒരു ചോദ്യം ആയിരുന്നു. അത് കേട്ടപ്പോ നമ്മള് അവിടെ നിന്ന് ഉരുകി പോയി.

(തുടരും)

ഭാഗം. 49

നമ്മള് തിരിച്ച് അടുക്കളേല് പോകാൻ നിന്നപ്പൊ ഉപ്പച്ചി നമ്മളോട് ഒരു ചോദ്യമായിരുന്നു. അത് കേട്ടപ്പോ നമ്മള് അവിടെ നിന്ന് ഉരുകി പോയി.

"ഫെബീ...ആദിക്ക് നിന്നെ ഇഷ്ടാണെന്ന് ഷാദി പറഞ്ഞു... ശരിയാണോ...?"

ഉപ്പച്ചിൻറെ ചോദ്യത്തിന് എന്ത് പറയുമെന്ന് അറിയാതെ നമ്മള് അങ്ങനെ നിന്നു. പെട്ടെന്ന് എന്തോ ബോധദയം വന്ന പോലെ ഉപ്പച്ചിനോട് പറഞ്ഞു.

"അത് പിന്നെ എന്നെ പോലെയുള്ള മൊഞ്ചത്തികളെ ആർക്കാ ഉപ്പച്ചീ ഇഷ്ടാവാതിരിക്കാ? അതോണ്ട് ഇങ്ങള് അതൊന്നും കാര്യാക്കണ്ടാ...ഇങ്ങനെ ഒരുപാട് പേര് കാണും നമ്മളെ ഇഷ്ടാണെന്ന് പറഞ്ഞു നടക്കുന്നു.ഇങ്ങള് അതൊക്കെ ഇങ്ങനെ ചോദ്യം ചെയ്യാൻ നിന്നാലേ അതിനേ നേരം കാണൂ...."

നമ്മളതും പറഞ്ഞ് തടിയൂരാൻ നോക്കി.

"ഹും ....എന്തായാലും വേണ്ടില്ല എനിക്ക് ആദിയെ നന്നായി ബോധിച്ചു. നല്ല ചെക്കൻ..."

'ഇങ്ങക്ക് മാത്രല്ല ഉപ്പച്ചീ എനിക്കും നന്നായി ബോധിച്ചിട്ടുണ്ട്...'

"ഫെബീ...ഓനോട് പറഞ്ഞ് ഇതങ്ങട്ട് ഉറപ്പിച്ചാലോ?"

ഉപ്പച്ചി അത് പറഞ്ഞപ്പൊ നമ്മളെ മേലാകെ കുളിര് കോരി ഉപ്പച്ചിനെ തന്നെ നോക്കി നിന്നു. മൂപ്പര് നമ്മളെ നോക്കി ചിരിച്ചോണ്ട് അകത്തേക്ക് കേറി പോയിട്ട് പണിക്കാരെ നോക്കി നിന്നു.

നമ്മള് എന്തൊക്കെയോ ചിന്തിച്ചോണ്ട് അവിടെ സിറ്റൗട്ടിലിരുന്നു.

'എനിക്ക് പൂർണ്ണ സമ്മതാണ് ഉപ്പാ... പക്ഷേ, അതൊന്നും ഒരിക്കലും നടക്കില്ല... എന്നെ കുറിച്ചുള്ള

സത്യം അറിയാതെയാണ് ആദി എന്നെ ഇത്രത്തോളം സ്നേഹിക്കുന്നത്...

എന്നെ കുറിച്ചുള്ള സത്യം എല്ലാം ആദി അറിയണം...അതെല്ലാം എനിക്ക് അവനെ അറിയിക്കണം...എന്നിട്ടെങ്കിലും എനിക്ക് ആദിയിൽ നിന്നും മോചനം വേണം....

അവൻ എന്നെ ഇത്രത്തോളം സ്നേഹിക്കാൻ പാടില്ല....ഓൻറെ സ്നേഹത്തിന് ഞാൻ അർഹയല്ല...അതോണ്ട് ആദി എല്ലാം അറിയണം... അവനെ അറിയിക്കണം...'

പിന്നീട് തിങ്കളാഴ്ച കോളേജിലേക്ക് പോകാൻ വേണ്ടി നമ്മള് ബസ് സ്റ്റോപ്പിലേക്ക് നടക്കുമ്പോഴും എൻറെ ചിന്ത എങ്ങനെ അവനോട് അത് തുറന്ന് പറയുമെന്നാണ്.

ഞാൻ അച്ചുവിനോട് നടന്നതൊക്കെ ആദിയെ പറ്റി എല്ലാം അവളോട് പറഞ്ഞു.

"അച്ചൂ അതോണ്ട് ഞാൻ ചിലതൊക്കെ തീരുമാനിച്ചു കഴിഞ്ഞു....

എൻറെ പാസ്റ്റ് എന്താണെന്ന് ഞാൻ ആദിയെ അറിയിക്കാൻ പോകാണ്..."

"ഫെബീ...അതൊക്കെ നല്ലതാണ് പക്ഷേ അതൊരിക്കലും കാക്കുവിൽ നിന്ന് നിനക്ക് അകലാനുള്ള ഉപാധി ആകരുത്..."

അതിന് മൗനമായിരുന്നു എൻറെ മറുപടി. കോളേജിൽ എത്തിയപ്പൊ കാണുന്നവരൊക്കെ ചോദിക്കുന്നത് ഒന്നേ ഒന്നാണ്...

ആദിയെന്ന ഹീറോയെ ജീവിതകാലം മുഴുവൻ നമ്മളെ ഹീറോ ആക്കുന്നുണ്ടോന്ന്...അവരോടൊക്കെ ഞാൻ എന്ത് പറയാനാ?

അതോണ്ട് അതൊക്കെ ചിരിച്ച് തള്ളും.

ക്ലാസിലും ഇപ്പൊ ചർച്ച ഞങ്ങൾ രണ്ട് പേരുമാണ്. എല്ലാവരും എന്നോട് ആദിയോട് ഇഷ്ടാണെന്ന് പറയാനാ ആവശ്യപ്പെടുന്നത്. കൂട്ടത്തിൽ റാഷിസാറും ചേർന്നപ്പൊ തൃപ്തിയായി.

ഇതിനിടക്ക് സനൻറേയും സാറിൻറേയും എങ്കേജ്മെൻറ് കഴിഞ്ഞിട്ടുണ്ട്ട്ടോ...ഒരു ചെറിയ ഫങ്ഷനാക്കിയതോണ്ട് അധികം ആരേയും ക്ഷണിച്ചിട്ടില്ലേന്നു.

ഇപ്പൊ രണ്ടിനും ലൈസൻസ് കിട്ടിയോണ്ട് കുറുകലാണ് രണ്ടിനും മെൻ ഹോബി.

സന ഇതുവരേ എനിക്കും ആദിക്കും ഇടയിൽ നടന്ന മുഴുവൻ കാര്യങ്ങളും സാറിനോട് പറഞ്ഞിട്ടുണ്ട്... അതോണ്ട് സാറും നമ്മളോട് പറഞ്ഞു.

"ഫെബീ...അങ്ങനെ ഒരു ഇഷ്ടം തനിക്കും അവനോട് ഉണ്ടെങ്കിൽ തുറന്ന് പറഞ്ഞേക്ക് അധികം വൈകിപ്പിക്കണ്ടാ..."

നമ്മളതും ഒന്ന് ചിരിച്ച് തള്ളി. കണ്ടില്ലെ വന്ന് വന്ന് സാറുമാരും ബ്രോക്കറ് പണിക്ക് ഇറങ്ങി.

പുതിയ യൂണിയന്റെ വരവിന് ശേഷത്തെ ആദ്യ മീറ്റിങ്ങിന് ഞങ്ങളെ സ്വർഗത്തിലേക്ക് ഉച്ചക്ക് വരാൻ പറഞ്ഞോണ്ട് ഒരു അനൗൺസ്മെൻറ് വന്നു. അപ്പൊ ആ ടൈമിൽ തന്നെ ആദിയോട് എല്ലാം തുറന്ന് പറയാൻ നമ്മള് തീരുമാനിച്ചു.

അങ്ങനെ ഉച്ചക്ക് ഫുഡ് ഒക്കെ കഴിച്ചിട്ട് മീറ്റിങ്ങിന് വേണ്ടി സ്വർഗത്തിലേക്ക് പോയി. അവിടെ എല്ലാവരും എത്തിയിട്ടുണ്ട്.പക്ഷേ എൻറെ കണ്ണില് ആദിയെ മാത്രാണ് കണ്ടത്...ഓനോട് മനസ് തുറന്ന് സംസാരിക്കാൻ വേണ്ടി നമ്മള് കാത്തിരുന്നു.

"രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾക്കാണ് മീറ്റിങ് വിളിച്ചത്...

ഒന്ന് ഇലക്ഷന്റെ വിജയത്തോട് അനുബന്ധിച്ച് വോട്ട് ചെയ്ത എല്ലാവർക്കും നമ്മളെ യൂണിയന്റെ വക ഒരു ഗംഭീര ട്രീറ്റ് കൊടുക്കുക എന്നതാണ്...

ആ സെറ്റപ്പൊക്കെ റെഡിയാക്കി വെച്ചിട്ടുണ്ട്... ഈ മീറ്റിങ് തീർന്ന ഉടനെ തന്നെ ഇത് എല്ലാവർക്കും കൊടുക്കാം....

പിന്നെ രണ്ടാമത്തെ കാര്യം എന്താണെന്ന് വെച്ചാൽ ഓണം സെലബ്രേഷനാണ്..."

"അതിന് ആദീ ഓണം അടുത്ത മാസല്ലെ..."

"നിസൂ അടുത്ത മാസാണെന്ന് പറഞ്ഞിട്ട് കാര്യമില്ല ഓണം സെലബ്രേഷന് നമ്മളെ മുന്നിൽ ആകെ രണ്ടാഴ്ചയെ ഉള്ളൂ...അതോണ്ട് അതിൻറെ തയ്യാറെടുപ്പുകൾ ഇപ്പൊ തന്നെ തുടങ്ങണം...

എന്തൊക്കെ പരിപാടികളാണ് വേണ്ടതെന്ന ലിസ്റ്റ് ഒക്കെ തയ്യാറാക്കി നോട്ടീസ് ബോർഡില് വെക്കേണ്ട ചുമതല നമ്മൾക്കാണ് അത് മറക്കണ്ട... അതോണ്ട് ലിസ്റ്റ് ഒക്കെ ഞാൻ തയ്യാറാക്കിക്കോളാം...

ഇപ്പൊ ഞാൻ പറഞ്ഞതിനോട് ആർക്കെങ്കിലും വല്ല എതിർപ്പോ അല്ലെങ്കിൽ വല്ല നിർദേശങ്ങളോ പറയാനുണ്ടെങ്കിൽ പറയാം...."

ആദി ഇത്രയും പറഞ്ഞ് നിർത്തിയപ്പൊ എല്ലാവരും അവനെ അനുകൂലിക്കാണ്.

നമ്മക്ക് ആണെങ്കിൽ ആദിയെ ഒന്ന് ഒറ്റക്ക് കിട്ടിയിട്ട് വേണം ഓനോട് എല്ലാം പറയാനെന്ന് കരുതി നിൽക്കാ...

"എന്താ വൈസ് ചെയർപേഴ്സൺ ഒന്നും മിണ്ടാത്തത്.....നിനക്ക് ഒരു ഒപ്പീനിയനും ഇല്ലേ?"

പെട്ടെന്ന് ആദി നമ്മളോട് അത് ചോദിച്ചപ്പൊ നമ്മള് ഇല്ലെന്ന് തലയാട്ടി അവിടെ ഇരുന്നു.

നമ്മളെ മൗനം കണ്ടിട്ട് എല്ലാവരും അന്തം വിട്ട് നിക്കാണ്. അതിൻറെ കൂടെ നമ്മള് ആദിയെ നോക്കുന്നത് കണ്ടിട്ട് അവരൊക്കെ കൂടി നമ്മളെ കളിയാക്കാൻ തുടങ്ങി. അപ്പൊ ആദിൻറെ മുഖത്തും ചെറിയ ഒരു ചമ്മല് നമ്മള് കണ്ടു. അപ്പൊ നമ്മക്കും

ചടച്ചു.

"നിങ്ങൾ ഗേൾസ് എല്ലാവരും ക്ലാസിലേക്ക് പൊയ്ക്കോ... ഇത് ഞങ്ങൾ കൊണ്ട് പോയി കൊടുത്തോളാം..."

ആദി വേഗം ഞങ്ങളെ അവിടന്ന് പായിക്കാൻ നോക്കി. നമ്മള് ഒഴികെ മറ്റു ഗേൾസൊക്കെ ക്ലാസീന്ന് പുറത്തേക്ക് പോയി.

"എല്ലാ ഗേൾസിനോടും പോകാൻ പറഞ്ഞില്ലേ പിന്നെ നീയെന്തിനാ ഇവിടെ ഇരിക്കുന്നേ? ഓ...നീ പെണ്ണ് അല്ലല്ലോലേ...പെണ്ണിന്റെ രൂപമുള്ള ആൺക്കുട്ടിയല്ലെ..."

ആദി അതും പറഞ്ഞ് ചിരിക്കാൻ തുടങ്ങി. നമ്മള് അപ്പൊ ഓനെ രൂക്ഷമായി നോക്കി കൊണ്ട് ഒന്ന് പല്ലിളിച്ചു.

"എനിക്ക് ഇയാളോട് കുറച്ച് സംസാരിക്കണം..."

"അയ്യോ ടൈം ഇല്ലല്ലോ... കുറെ സംസാരിക്കാൻ ഉണ്ടെങ്കിൽ നമുക്ക് സംസാരിക്കായിരുന്നു..."

'ഓ...ഇവനോട് ഒക്കെ സംസാരിക്കാൻ വന്ന എന്നെ പറഞ്ഞാൽ മതിയല്ലോ...ഇവനെയൊക്കെ ഞാൻ എങ്ങനെ സഹിക്കാനാ പടച്ചോനേ... '

"സോറി എനിക്ക് ഒന്നും പറയാനില്ല...ബൈ..."

"ഹൈ...പിണങ്ങല്ലെ ഐഷു...നീ പറയാൻ വന്നത് എന്താന്ന് വെച്ചാൽ പറ... അത് പറഞ്ഞിട്ടേ ഞാൻ പോകുന്നുള്ളൂ..."

ആദി നമ്മളെ പോകാൻ സമ്മതിക്കാതെ നമ്മളെ മുന്നിൽ വന്ന് നിന്നു. നമ്മള് ഒരു ദീർഘ ശ്വാസം വിട്ടിട്ട് ആദിയെ നോക്കി പറയാൻ ഒരുങ്ങി.

"അത്....ഞാൻ.... ഇയാള് വിചാരിക്കുന്ന പോലെ.....ആക്ച്ചൊലി....എനിക്ക്...."

"ഹലോ...താനിങ്ങനെ പറയാൻ നിന്നാലേ ഈ ദിവസം തന്നെ തീർന്നു പോകല്ലൊ...എന്താ സംഭവം?"

"അത്...എനിക്ക്.... അത് എങ്ങനെയാ പറയേണ്ടതെന്ന് അറീല..."

അപ്പൊ ആദി നമ്മളെ അടുത്തേക്ക് വന്നിട്ട് പതിയെ ചോദിച്ചു.

"എന്നെ ഇഷ്ടാണെന്നെങ്ങാനും ആണോ നീ പറയാൻ പോകുന്നത്?

ദെ ഇപ്പൊ തന്നെ എന്നെ ഇഷ്ടാണെന്ന് പറഞ്ഞിട്ട് കഥ തീർക്കല്ലേ..."

നമ്മള് ഓനെ തുറുക്കനെ ഒന്ന് അടിമുടി നോക്കി...

"അയ്യട.... ചെക്കൻറെ ഒരു പൂതി കണ്ടില്ലെ...ഞാൻ അതൊന്നും അല്ല പറയാൻ വന്നത്..."

"പിന്നെ എന്താ കാര്യം..."

"അത് എനിക്ക്...."

"ആദി ഇവളോട് പിന്നെ സംസാരിക്കാം...ഇവള് ഇവിടെ തന്നെ കാണില്ലേ വേറെ എങ്ങോട്ടും പോകില്ലല്ലോ...നീ വാ ഇതൊക്കെ കൊണ്ട് പോയി കൊടുക്കാം..."

എന്ന് പറഞ്ഞ് നമ്മളെ അടുത്ത് നിന്ന് കാക്കു ആദിയേയും കൊണ്ട് പോയി. നമ്മക്ക് അപ്പൊ ആകെ തലക്ക് പിരാന്ത് പിടിക്കുന്ന പോലെ തോന്നി.

അവൻമാരെയൊക്കെ പ്രാകി കൊണ്ട് നമ്മള് ക്ലാസിലേക്ക് നടന്നു. ബെല്ലടിക്കാത്തോണ്ട് എല്ലാവരും വരാന്തയിൽ തന്നെ ഉണ്ടായിരുന്നു.

"ഫെബീ എങ്ങനെ ഉണ്ടായിരുന്നു മീറ്റിങ് എന്തിനാ വിളിപ്പിച്ചത്?" നസിയാണ്.

"അതൊക്കെയുണ്ട് മക്കളെ വാ ക്ലാസിലേക്ക് പോകാം."

"അല്ല ഫെബീ അച്ചു എവിടെ?" സനയാണ്.

"അച്ചു എവിടെയാണെന്ന് എന്നോടാണോ ചോദിക്കുന്നത്? അവള് നിങ്ങളെ കൂടെയല്ലെ ഉണ്ടായിരുന്നത്...

അല്ലെങ്കിൽ തന്നെ അവള് എവിടെ പോകാനാ? ഇവിടെ എവിടേലും അരുണുമായിട്ട് കുറുകുന്നുണ്ടാകും."

"ഇല്ല ഫെബീ...നീ വിളിക്കുന്നുണ്ടെന്ന് പറഞ്ഞ് കുറച്ച് മുൻപാ ഒരു കുട്ടി വന്ന് വിളിച്ചോണ്ട് പോയത്..." ഷംനയാണ്.

"വാട്ട്....? ഞാൻ വിളിച്ചെന്നോ?

എന്തൊക്കെയാ നിങ്ങളീ പറയുന്നെ? ഞാൻ ആരേയും അവളെ അടുത്തേക്ക് പറഞ്ഞു വിട്ടിട്ടില്ല...

ദെ നിങ്ങൾ മൂന്നും കൂടി എന്നെ കളിപ്പിക്കാൻ നോക്കണ്ട...മര്യാദക്ക് അവള് എവിടെയാണെന്ന് പറഞ്ഞോ..."

"ഫെബീ ഞങ്ങൾ സത്യാ പറഞ്ഞത്..." സനയാണ്.

"അപ്പൊ നീ പറഞ്ഞ് വിട്ടതല്ലെങ്കിൽ പിന്നെ ആരാകും അവളെ കൊണ്ട് പോയത്?" നസിയാണ്.

"എന്തായാലും അരുൺ അല്ല...കാരണം അവനിന്ന് ലീവാ.... ഫെബീ നീ തന്നെ ഒന്ന് ഓർത്ത് നോക്ക് ചെലപ്പൊ നീ പറഞ്ഞ് വിട്ടതാണെങ്കിലോ?" ഷംനയാണ്.

"ഞാൻ സത്യാ പറഞ്ഞത്... ഞാൻ ആരേയും പറഞ്ഞ് വിട്ടിട്ടില്ല..."

നമ്മക്ക് കരച്ചിൽ വന്ന് ഇങ്ങെത്തിയിരുന്നു.ബാക്കി മൂന്നിൻറേയും അവസ്ഥയും അത് തന്നെ ആയിരുന്നു.

"വാ നമുക്ക് ഓളെ തിരഞ്ഞ് നോക്കാം..."

എന്ന് പറഞ്ഞ് ഞങ്ങൾ നാല് പേരും നാല് ഭാഗത്തേക്കായി പിരിഞ്ഞ് പോയി.

കാണുന്നവരോടൊക്കെ നടന്ന് ചോദിച്ചു അവളെ കണ്ടോന്ന്. പക്ഷേ ആർക്കും അവള് എവിടെയാണെന്ന് അറിയില്ലേന്നു. ഓളെ തിരഞ്ഞ് നടന്ന് നമ്മക്ക് കരച്ചില് വന്നു.

ബെല്ലടിച്ചിട്ടും ഓള് ക്ലാസില് എത്തിയിട്ടില്ലെന്ന് ഷാമില് വിളിച്ച് പറഞ്ഞു. ഓളെ തപ്പി കോളേജ് മൊത്തം നടന്നെങ്കിലും ഓളെ കണ്ടില്ല.

നമ്മള് കരഞ്ഞോണ്ട് ഗ്രൗണ്ടിൽ മുട്ട് കുത്തി ഇരുന്നു.

"അച്ചൂ....നീ എവിടെയാ പോയത്? നിന്നെ ഞാൻ എവിടെയാ തിരഞ്ഞ് ചെല്ലേണ്ടത്? എവിടെയാടാ നീ..."

നമ്മള് മുഖം പൊത്തി കൊണ്ട് ചങ്ക് പിടഞ്ഞ് കരഞ്ഞോണ്ടിരുന്നു.

അപ്പൊ തന്നെ നമ്മളെ ഫോണിലേക്ക് ഒരു അണൗൺ നമ്പറിൽ നിന്നും കോൾ വന്നു. ആരാകുമെന്ന് ചിന്തിച്ചോണ്ട് നമ്മള് കോൾ അറ്റൻഡ് ചെയ്ത് കാതോട് അടുപ്പിച്ചു.

"ഹലോ..."

അപ്പുറത്ത് നിന്ന് പല്ലി ചിലക്കുന്ന പോലെ ആരോ ശബ്ദിച്ചു.

"എന്ത് പറ്റി വൈസ് ചെയർപേഴ്സൺ... ആകെ കരഞ്ഞ് തളർന്ന് അവശയായി ഗ്രൗണ്ടിൽ ഇരിപ്പുണ്ടല്ലൊ..."

നമ്മള് അത് കേട്ടപ്പോ കണ്ണ് തുടച്ച് ചുറ്റും ഒന്ന് കണ്ണോടിച്ചു.ഗ്രൗണ്ടിൽ നമ്മള് അല്ലാതെ വേറെ ഒരു മനുഷ്യ കുഞ്ഞ് പോലുമില്ല...

അപ്പോഴാണ് നമ്മള് മറ്റൊരു കാര്യം ശ്രദ്ധിച്ചത്.ഈ ശബ്ദം എനിക്ക് വളരെ പരിചിതമാണ്.അതാ സൽമയാണെന്ന് ഉറപ്പിക്കാൻ എനിക്ക് അധികം സമയം വേണ്ടി വന്നില്ല...

"നിനക്ക് ഇപ്പൊ എന്താ വേണ്ടത് സൽമാ..."

"ആഹാ... അപ്പൊ ഞാൻ ആരാണെന്ന് മനസ്സിലായല്ലേ...

എനിക്ക് എന്താ വേണ്ടതെന്നല്ലേ നീ ചോദിച്ചത്...എനിക്ക് എൻ്റെ ആദിയെ വേണം...

തിരിച്ച് തരാൻ കഴിയോ നിനക്ക്?"

അച്ചൂനെ കാണാത്ത വിഷമവും ഇവളെ പറച്ചിലുമൊക്കെ കേട്ടിട്ട് നമ്മക്ക് ദേഷ്യം വന്നു.

"എനിക്ക് നിന്നോട് തർക്കിച്ച് നിൽക്കാൻ സമയമില്ല സൽമാ..."

"ശരിയാണല്ലോ...എന്നോട് നീയെങ്ങനെ കണ്ടു പിടിക്കും നിൻറെ അച്ചു എവിടെയാണെന്ന്..."

"എന്താ ....എന്താ നീ പറഞ്ഞത്...? ഞാൻ അച്ചൂനെ തേടി നടക്കാണെന്ന് നിനക്ക് എങ്ങനെ അറിയാം...? അപ്പൊ അച്ചൂ...."

നമ്മള് വാക്കുകൾക്ക് വേണ്ടി പതറി കൊണ്ട് പറഞ്ഞു.

"നീ ഉദ്ദേശിച്ചത് ശരിയാ... അവളെൻറെ അടുത്തുണ്ട്..."

നമ്മളെ ചങ്കില് ഇടി വെട്ടിയ പോലെ ആയിരുന്നു അത് കേട്ടപ്പോ തോന്നിയത്...നമുക്ക് കരച്ചിലും അതിലുപരി പേടിയും കൂടി വന്നു.

"സൽമ....സൽമ...സൽമ...പ്ലീസ് എൻറെ അച്ചൂനെ ഒന്നും ചെയ്യരുത്... അവള് പാവാ...

നിനക്ക് എന്നയല്ലെ വേണ്ടത്....അതിന് അവളെ ഉപദ്രവീക്കരുത് പ്ലീസ്..."

"നീ ആള് കൊള്ളാലോ...ഞാൻ മനസ്സിൽ കണ്ടപ്പോഴേക്കും നീയത് മാനത്ത് കണ്ടോ? നോട് ബാഡ്...

പക്ഷേ, സോറി ഫെബീ....ഇത്രയും കഷ്ടപ്പെട്ട് അവളെ വിളിച്ച് വരുത്തിയത് അങ്ങനെ വെറുതെ വിടാനല്ല...."

നമ്മക്ക് ഓള് പറയുന്നത് കേട്ടിട്ട് എന്ത് ചെയ്യണമെന്ന്

ഒരു എത്തും പിടിയും കിട്ടുന്നില്ല...നമ്മള് വീണ്ടും അവളോട് കെഞ്ചി പറഞ്ഞു.

"പ്ലീസ് സൽമ....അവളെ വെറുതെ വിട്ടേക്ക് പ്ലീസ് .."

"ശൊ....നിനക്ക് ഇങ്ങനെയൊക്കെ കരയാനും എന്നോട് കെഞ്ചാനും അറിയുമെന്ന് ഞാൻ ഇപ്പോഴാ അറിയുന്നേ...

സത്യം പറഞ്ഞാൽ എനിക്ക് നീ കരയുന്നത് വല്ലാണ്ട് അങ്ങ് ബോധിച്ചു. അതോണ്ട് എന്നോട് കെഞ്ച് നീ....ഇവളെ വെറുതെ വിടണമെന്ന് പറഞ്ഞ് കരയ്...."

നമ്മള് ഓളോട് കരഞ്ഞ് കരഞ്ഞ് ഒരുപാട് കെഞ്ചി നോക്കി. അതിനൊക്കെ മറുപടി എന്നോണം അവള് പൊട്ടി ചിരിക്കായിരുന്നു.

"സോറി ഫെബീ....നിൻ്റെ യാചന എന്നെ ഇമ്പ്രസ് ചെയ്തില്ല....അതോണ്ട് നിൻ്റെ അച്ചുവിനോട് ഗുഡ്

ബൈ പറയാൻ തയ്യാറായിക്കോ..."

"സൽമ...നോ...അവളെ ഒന്നും ചെയ്യരുത് പ്ലീസ്..."

എന്ന് പറഞ്ഞ് നമ്മള് അലമുറയിട്ടതും അച്ചു അലറി കരയുന്നത് എൻറെ കാതുകളിൽ തുളഞ്ഞ് കേറി...അച്ചൂൻറെ ശബ്ദം ഗ്രൗണ്ടിൻറെ മൂലയിലുള്ള പഴയ സ്റ്റോറൂമിൽ നിന്നാണ് ഞാൻ കേട്ടത്....

അവളെ ശബ്ദം കേട്ട ഭാഗത്തേക്ക് തിരിഞ്ഞിട്ട് ഫോൺ നിലത്തിട്ടിട്ട് അച്ചൂ...എന്ന് അലറി കൊണ്ട് അങ്ങോട്ട് ഓടി.

ആ സ്റ്റോറൂമിൻറെ വാതില് അകത്ത് നിന്നും കുറ്റിയിട്ടിരിക്കായിരുന്നു.

"അച്ചു...അച്ചു...

സൽമ വാതില് തുറക്ക് പ്ലീസ്...അവളെ ഒന്നും

ചെയ്യരുത്.... പ്ലീസ്...

അവള് പാവാ.... സൽമാ..."

എത്ര കരഞ്ഞ് പറഞ്ഞ് വാതിലിൽ മുട്ടിയിട്ടും ആരും വാതില് തുറന്നില്ല. അവസാനം സർവ്വ ശക്തിയുമെടുത്ത് നമ്മള് ആ വാതില് തള്ളി തുറന്നു. പഴയ വാതില് ആയോണ്ട് അത് വേഗം തുറന്നു.

നമ്മള് അകത്തേക്ക് കേറി അച്ചൂ എന്ന് വിളിച്ച് ആർത്ത് കരഞ്ഞു. പൊട്ടി പൊളിഞ്ഞ ബെഞ്ചിൻറേയും ഡെസ്കിൻറേയും ഇടയിൽ ബോധം കെട്ട് അച്ചു കിടപ്പുണ്ടായിരുന്നു. ഓടി ചെന്ന് അച്ചൂൻറെ തല മടിയിൽ വെച്ചിട്ട് അവളെ തട്ടി വിളിച്ചു.

"അച്ചു കണ്ണ് തുറക്ക്.

...അച്ചൂ....ഡീ....കണ്ണ് തുറക്കടീ...നിനക്കൊന്നും ഇല്ല...കണ്ണ് തുറക്ക് പ്ലീസ്...."

എന്ന് പറഞ്ഞ് നമ്മള് കരഞ്ഞോണ്ട് അവളെ പിടിച്ച്

കുലുക്കി.

നമ്മളെ കണ്ണീര് അവളെ മുഖത്ത് വന്ന് പതിച്ചപ്പൊ അച്ചു മെല്ലെ കണ്ണ് തുറന്നു...

നമ്മള് ഓളെ നെഞ്ചോട് ചേർത്ത് പൊട്ടി കരഞ്ഞു. അപ്പൊ ആ സൽമയും ഓളെ രണ്ട് വാലുകളും ഞങ്ങളെ മുന്നിലേക്ക് വന്ന് ഇരുന്നു.

"പേടിച്ച് പോയോ നീ....ഹ...ഹ...ഹ...ഇത് വെറും ട്രൈലറല്ലേ...

ഇനി നടക്കാൻ പോകുന്നതല്ലെ ക്ലൈമാക്സ്...

ഹ...ഹ..ഹ..."

സൽമ ഞങ്ങളെ നോക്കി അട്ടഹസിക്കുമ്പോഴും ഞാൻ തേങ്ങല് അടക്കി പിടിച്ചോണ്ട് അച്ചൂനെ നെഞ്ചോട് ചേർത്ത് പിടിച്ചിരിക്കായിരുന്നു.

"എങ്ങനെയുണ്ട് അശ്വതി ഷോക്ക് ട്രീറ്റ്മെൻറ്..?

ഒരു തവണ കൂടി ട്രൈ ചെയ്യുന്നോ..?"

അച്ചൂനെ അവള് ഷോക്കടിപ്പിച്ചതാണെന്ന് നമുക്ക് അപ്പോഴാ മനസ്സിലായത്...അച്ചു ഇപ്പോഴും പൂർണ്ണമായും ബോധം വീണ്ടെടുത്തിട്ടില്ല...അവളെ കോലം കണ്ടപ്പൊ നമ്മളെ ചങ്ക് പിടഞ്ഞു.

"എന്തിനാ ഞങ്ങളെ ഇങ്ങനെ ഉപദ്രവിക്കുന്നത് സൽമാ...നിനക്ക് എന്നോടല്ലേ ദേഷ്യം അതിന് എന്തിനാ നീ ഇവരെ ദ്രോഹിക്കുന്നത്...എന്നോടുള്ള ദേഷ്യം നിനക്ക് എന്നോട് തീർത്താൽ പോരേ..."

"പോരല്ലോ....അങ്ങനെ നിന്നോട് ദേഷ്യം തീർത്താൽ അത് നിനക്ക് വേദനിക്കുന്നതിന് തുല്യാവില്ലല്ലോ...

പ്രിയപ്പെട്ടവരുടെ വേർപിരിയൽ അത് കണ്ടോണ്ട് നീ അലമുറയിടുന്നത് കാണുമ്പൊ കിട്ടുന്ന ഒരു സുഖം....

അത് നിന്നോട് തീർത്താൽ കിട്ടില്ലല്ലോ...."

"ഞാൻ ഇപ്പൊ എന്ത് വേണമെന്നാ നീ പറയുന്നത്...?"

"ഗുഡ്..പെട്ടെന്ന് തന്നെ നീ കാര്യത്തിലേക്ക് വന്നല്ലൊ...

നീ മറന്ന് പോയോ എന്നറിയില്ല.അതോണ്ട് ഒന്ന് കൂടി ഓർമിപ്പിക്കാം...

നിന്നോട് ഞാൻ തുടക്കം തൊട്ടേ ആവശ്യപ്പെട്ടത് എന്തായിരുന്നു?

ഒരു മാസത്തിനുള്ളിൽ നീ ഇവിടന്ന് ടിസി വാങ്ങി പോകണമെന്നല്ലേ...

ഞാൻ നിനക്ക് തന്ന കാലാവധി തീർന്നിട്ട് ഒരാഴ്ച്ചയായി.അതോണ്ട് ഇനിയും നീ ഈ കോളേജിൽ തുടരണമെന്നില്ല...

മര്യാദക്ക് പറഞ്ഞാൽ ഒന്നും നീ അനുസരിക്കില്ലെന്ന് അറിയാം...അതോണ്ടാ ഇങ്ങനെ ഒരു സെറ്റപ്പ് ഒരുക്കിയത്...

ഇപ്പൊ ഒരു ബോധക്കേട് മാത്രേ ഉണ്ടായിട്ടുള്ളൂ...ഇനിയും നീ ഇവിടെ തുടർന്നാൽ നിൻറെ ഉറ്റവരെ ബോധം നിരന്തരമായി പോകും..."

"നോ....വേണ്ട...ഞാൻ പൊയ്ക്കോളാം....എൻറെ ഫ്രണ്ട്സിനെ ഒന്നും ചെയ്യരുത്....ഇന്ന് തന്നെ ഞാൻ ഇവിടന്ന് ടിസി വാങ്ങി പൊയ്ക്കോളാം..."

നമ്മള് ഓളെ മുന്നിൽ കരഞ്ഞ് അപേക്ഷിച്ചു. അത് കണ്ടപ്പൊ ഓള് നമ്മളെ നോക്കി അട്ടഹസിച്ചു.

"നിന്നെ ഒറ്റയടിക്ക് തീർക്കാൻ വേണ്ടിയാ ആ ലൈറ്റ് നിൻറെ തലയിലേക്ക് വീഴിച്ചത്...പക്ഷേ അപ്പോഴേക്കും ആദി അതിനിടക്ക് കേറി നിന്നെ രക്ഷിച്ചു. അപ്പൊ തന്നെ ഞാൻ വേറൊരു കാര്യം മനസ്സിലാക്കി. നിന്നെ എന്ത് ചെയ്തിട്ടും ഒരു കാര്യവുമില്ല...എല്ലായിടത്ത് നിന്നും ആദി നിന്നെ രക്ഷിക്കുമെന്ന്...

അതോണ്ട് ആ പരീക്ഷണം അങ്ങ് മാറ്റി വെച്ചിട്ട് നിനക്ക്

വേദനിക്കുന്നത് കാണാൻ കൊതിച്ചു.വിചാരിച്ച പോലെ എനിക്കതിന് കഴിഞ്ഞു...

ഇനിയും നീ ഇവിടെ തുടർന്നാൽ ഇവളല്ലാതെ വേറെ മൂന്ന് പേരും കൂടി ഇല്ലേ നിനക്ക് ഫ്രണ്ട്സായി...നാളെ അവരുടെ സ്ഥിതി ഇതിലും ദയനീയമായിരിക്കും...."

അവള് പറയുന്നതൊക്കെ ഒരു പാവ കണക്കേ കേട്ട് നിന്നിട്ട് നമ്മള് ഓളോട് വേണ്ടെന്ന് പറഞ്ഞു.

ഓള് ഞങ്ങളെ നോക്കി പുച്ഛിച്ച് കൊണ്ട് ഓളെ ഒരു വാലിനോട് അച്ചൂനെ ക്ലാസിലേക്ക് കൊണ്ട് എത്തിക്കാൻ സഹായിക്കാൻ പറഞ്ഞ് വിട്ടിട്ട് ഓള് പോയി.

ഞാനും ഓളെ വാലും കൂടി അച്ചൂനെ തൂക്കി എടുത്തോണ്ട് ക്ലാസില് പോയി ഇരുത്തി. ഉച്ചക്ക് ശേഷമുള്ള ഫസ്റ്റ് പിരീഡ് കഴിഞ്ഞതോണ്ട് ആരും ക്ലാസിൽ ഇല്ലേന്നു.

അച്ചൂനെ താങ്ങി കൊണ്ട് വരുന്നത് കണ്ട് ക്ലാസില് ഉള്ളവരൊക്കെ പരിഭ്രാന്തിയോടെ ഞങ്ങളെ അടുത്തേക്ക് വന്നു.

നമ്മള് അച്ചൂൻറെ മുഖത്ത് വെള്ളം കുടഞ്ഞിട്ട് വെള്ളം കൊടുത്തു കുടിക്കാൻ.

നമ്മക്ക് അപ്പോഴും കണ്ണീര് ഒഴിഞ്ഞിട്ട് നേരമില്ലേന്നു. അച്ചൂനെ ചേർത്തു പിടിച്ച് ഒരുപാട് കരഞ്ഞു.

എല്ലാവരും ഞങ്ങളെ ചുറ്റും കൂടി നിന്നിട്ട് എന്താ ഉണ്ടായതെന്ന് അന്വേഷിക്കുന്നുണ്ട്.പക്ഷേ നമ്മള് അതിനൊന്നും മറുപടി കൊടുത്തില്ല...

"സോറി അച്ചൂ....ഞാൻ കാരണമല്ലെ നിനക്ക് ഈ ഗതി വന്നത്...എന്നോട് പൊറുക്കടീ..."

അച്ചു എൻറെ കയ്യിൽ പിടിച്ചിട്ട് അവശതയോടെ പറഞ്ഞു.

"നീ...കാരണം....അല്ല ....ഞാൻ..അവർക്ക്... എതിരെ...പരാതി...കൊടുത്തതിൻറെ....പേരിലാ....അവളെന്നെ....ഷോക്കടിപ്പിച്ചത്..."

അച്ചുവിൻറെ സംസാരത്തിൽ ഒരു പതിച്ച ഉണ്ടായിരുന്നു. അവള് പറഞ്ഞതില് എനിക്ക് അത്ര തൃപ്തി പോരാ കാരണം സൽമ ഇതൊക്കെ ചെയ്തത് എന്നെ ഇവിടന്ന് പറഞ്ഞയക്കാൻ വേണ്ടിയാണ്.

"നീ എന്തൊക്കെ പറഞ്ഞാലും സൽമ എന്തിനാ ഇങ്ങനെയൊക്കെ ചെയ്തതെന്ന് എനിക്ക് നന്നായിട്ട് അറിയാം...ഞാൻ മാത്രാണ് അവളെ ലക്ഷ്യം.. അതിന് വേണ്ടി നിങ്ങളെ ഇനി ബലിയാടാക്കാൻ ഞാൻ ഒരുക്കമെല്ല...

അതോണ്ട് ഞാൻ ഈ കോളേജിൽ നിന്ന് പോകാൻ തീരുമാനിച്ചു..."

"എന്ത് ഭ്രാന്താ നീയീ പറയുന്നത് ഫെബീ...അവളെ പേടിച്ച് നീ കോളേജ് നിർത്താൻ പോകാണോ?"

"നസീ...നിങ്ങക്ക് പറഞ്ഞാൽ മനസ്സിലാകില്ല...ആ സൽമ ഒരു ഭ്രാന്തിയാണ്...ഞാൻ ഇനിയും ഈ കോളേജിൽ തുടർന്നാൽ അവള് നിങ്ങളെ എന്താ ചെയ്യായെന്ന് പറയാൻ പറ്റില്ല...

എനിക്ക് എന്ത് സംഭവിച്ചാലും കൊഴപ്പല്ല്യ...പക്ഷേ ഞാൻ കാരണം നിങ്ങൾക്ക് വല്ലതും പറ്റിയാൽ...എനിക്ക് അത് താങ്ങാൻ പറ്റില്ല..."

എന്ന് പറഞ്ഞ് നമ്മള് പൊട്ടി കരഞ്ഞു. നമ്മളെ കുരാമീസും കണ്ണ് നിറച്ചോണ്ട് നമ്മളെ കെട്ടി പിടിച്ചു.

"അതോണ്ട്...ഞാൻ പോവാ ...എനിക്ക് നിങ്ങളെ നഷ്ടപ്പെടുത്താൻ പറ്റില്ല....ഇനി ഈ കോളേജിലേക്ക് ഈ ഫെബി വരില്ല..."

എന്ന് പറഞ്ഞ് കരഞ്ഞ് കൊണ്ട് ഓഫീസ് റൂം ലക്ഷ്യമാക്കി നമ്മള് നടന്നു. നമ്മളെ കുരാമീസും ക്ലാസിലെ മറ്റ് കുട്ടികളും നമ്മളെ തടഞ്ഞെങ്കിലും അത്

വക വെക്കാതെ നമ്മള് ഓഫീസ് റൂമിലേക്ക് ഓടി പോയി.

പെട്ടെന്ന് എതിരെ വന്ന മീനുക്കുട്ടി ടീച്ചറെ ഇടിച്ച് നമ്മള് അവിടെ നിന്നു.ടീച്ചർ നമ്മളെ അടിമുടിയൊന്ന് നോക്കി...

"നീയിതെങ്ങോട്ടാ ഈ കണ്ണും മൂക്കും ഇല്ലാതെ പോകുന്നത്?"

നമ്മള് ടീച്ചർക്ക് മുഖം കൊടുക്കാതെ തല താഴ്ത്തി നിന്നു.

"എന്താ ഫെബീ എന്ത് പറ്റി?"

എന്ന് പറഞ്ഞ് ടീച്ചർ നമ്മളെ മുഖമുയർത്തി നോക്കി. അതുവരെ കണ്ണീര് കടിച്ച് പിടിച്ച നമ്മള് ടീച്ചറെ മുഖത്ത് നോക്കി കെട്ടി പിടിച്ച് പൊട്ടി കരഞ്ഞു.

(തുടരും)

ഭാഗം. 50

"എന്താ ഫെബീ...എന്ത് പറ്റി...?"

എന്ന് പറഞ്ഞ് ടീച്ചർ നമ്മളെ മുഖമുയർത്തി നോക്കി. അതുവരെ കണ്ണീര് കടിച്ച് പിടിച്ച നമ്മള് ടീച്ചറെ നോക്കി കെട്ടി പിടിച്ച് പൊട്ടി കരഞ്ഞു.

ടീച്ചർ നമ്മളെ തലയിൽ തലോടി കൊണ്ട് കാര്യമെന്താണെന്ന് അന്വേഷിച്ചു. ആദിക്ക് എന്നോടുള്ള ഇഷ്ടം ടീച്ചർക്ക് അറിയാവുന്നത് കൊണ്ട് ഇന്ന് നടന്നതൊക്കെ ടീച്ചറോട് നമ്മള് പറഞ്ഞു.

"അതോണ്ട് എനിക്ക് ഇവിടന്ന് പോകണം ടീച്ചർ... ഞാൻ കാരണം ഇനിയും എൻ്റെ ഫ്രണ്ട്സ് വിഷമിക്കുന്നത് കാണാൻ എനിക്ക് കഴിയില്ല..."

നമ്മള് മുഖം പൊത്തി കൊണ്ട് ഒരുപാട് കരഞ്ഞു. ടീച്ചർ നമ്മളെ കൈ പിടിച്ച് താഴ്ത്തിയിട്ട് എൻ്റെ

മുഖമുയർത്തി.

"എന്താ ഫെബീ ഇതൊക്കെ...? താൻ എന്താ കൊച്ചു കുട്ടികളെ പോലെ പെരുമാറുന്നേ...ഈയൊരു ചെറിയ സിറ്റുവേഷൻ പോലും തനിക്ക് മറി കടക്കാൻ പറ്റില്ലേ...?"

"ടീച്ചർ.... ഈ പ്രശ്നം എന്നെ മാത്രം ബാധിക്കുന്നതാണെങ്കിൽ ഇതൊക്കെ ഞാൻ എങ്ങനെ എങ്കിലും മാനേജ് ചെയ്തേനേ....പക്ഷേ, അവള് ടാർഗറ്റ് ചെയ്യുന്നത് എൻ്റെ ഫ്രണ്ട്സിനെയാണ്...ഞാൻ കാരണം അവര് വേദനിക്കാൻ പാടില്ല...അതോണ്ട് ഞാൻ പോവാ..."

എന്ന് പറഞ്ഞ് കണ്ണീര് തുടച്ചോണ്ട് നമ്മള് നടക്കാൻ ഒരുങ്ങിയപ്പോ ടീച്ചർ നമ്മളെ അവിടെ പിടിച്ച് നിർത്തി.

"താൻ പോവേ പോവാതിരിക്കേ എന്ത് വേണേലും ചെയ്തോ...അതൊക്കെ തൻ്റെ ഇഷ്ടം...

പക്ഷേ, അതിന് മുന്നേ ഞാൻ ചോദിക്കുന്നതിന്

ഒരുത്തരം താ..."

നമ്മള് ഈറനണിഞ്ഞ മിഴികളുമായി ടീച്ചറെ നോക്കി. ടീച്ചർ നമ്മളെ കവിളിൽ തലോടി കൊണ്ട് ചോദിച്ചു.

"തനിക്ക് ആദിയെ ഇഷ്ടാണോ?"

'പല തവണ ഞാൻ എന്നോട് തന്നെ ചോദിച്ച ചോദ്യമാണിത്. എൻറെ കയ്യിൽ അതിനുള്ള ഒരു വ്യക്തമായ മറുപടിയും ഇല്ല. പക്ഷേ, ഇനി അഥവാ എനിക്ക അവനെ ഇഷ്ടാണെങ്കിൽ പോലും എനിക്ക് അവനെ വേണ്ട...'

"ഫെബീ...താനെന്താ ഒന്നും മിണ്ടാത്തേ?"

"അ...അത്..."

"പറ തനിക്ക് ആദിയെ ഇഷ്ടാണോ?"

തല താഴ്ത്തി കൊണ്ട് നമ്മള് ഇല്ല എന്ന് തലയാട്ടി.

"എന്നാ പിന്നെ തനിക്ക് അത് സൽമയോട് പറഞ്ഞാ പോരേ...എന്തിനാ താൻ തൻ്റെ ഭാവി നശിപ്പിക്കുന്നത്...?"

"അതൊക്കെ ഞാൻ അവളോട് പല തവണ പറഞ്ഞതാ...പക്ഷേ അവൾക്ക് അതൊന്നും ഉൾക്കൊള്ളാൻ പറ്റുന്നില്ല...കാരണം, അവൾക്ക് ആദിയെന്ന് വെച്ചാ ഭ്രാന്താ...."

"അപ്പൊ താൻ ഇവിടന്ന് പോയാ എല്ലാ പ്രശ്നവും തീരോ?"

"അവൾക്ക് ഞാൻ ഇവിടന്ന് പോകണം അത്രയുള്ളൂ...അതോടെ എല്ലാ പ്രശ്നവും സോൾവാകും..."

"താൻ ഇവിടന്ന് പോയാലും ആദി തന്നെ മറക്കുമെന്ന് തോന്നുന്നുണ്ടോ?

അവൻ തന്നെ തേടി വരാതിരിക്കുമെന്ന് തനിക്ക് തോന്നുന്നുണ്ടോ?"

ടീച്ചറെ ചോദ്യങ്ങൾ കേട്ടപ്പോ എന്ത് പറയണമെന്ന് അറിയാതെ നമ്മള് ടീച്ചറെ നോക്കി നിന്നു.

"ഇല്ല...ആദി എന്ത് വന്നാലും തന്നെ വിടില്ലാന്ന് എനിക്ക് ഉറപ്പാ...കൂടാതെ അവൻ ഒരിക്കലും സൽമയെ സ്വീകരിക്കാനും പോകുന്നില്ല...

ഇതൊക്കെ ഞാൻ ഒരു ടീച്ചർ ആയി പറയുന്നതല്ല...ആദിയുടെ ചേച്ചിയായി പറയുന്നതാണ്..."

നമ്മള് തല താഴ്ത്തി കൊണ്ട് എന്തൊക്കെയോ ആലോചിച്ച് നിന്നു.

"ഫെബീ...ഇനി അഥവാ താൻ ഇവിടന്ന് പോയാലും ആദി തന്നെ വിടില്ല, അപ്പൊ സൽമക്ക് നിന്നോടുള്ള ദേഷ്യം കൂടും....അതൊക്കെ അവള് തീർക്കുന്നത് നിൻറെ ഫ്രണ്ട്സിലായിരിക്കും....

അപ്പൊ താൻ ഇവിടന്ന് പോയിട്ടും എന്ത് കാര്യാ ഉള്ളത്?"

'ടീച്ചർ പറയുന്നത് കേട്ടപ്പോ എനിക്കും അത് ശരിയാണെന്ന് തോന്നി. കാരണം ആദി ഒരിക്കലും എന്നെ ഉപേക്ഷിക്കില്ല,അപ്പൊ സ്വാഭാവികമായും സൽമക്ക് ദേഷ്യം കൂടാൻ ചാൻസുണ്ട്.അപ്പൊ എൻറെ ഫ്രണ്ട്സിനെയാകും അത് ബാധിക്കുക.പിന്നെ ഞാൻ എന്ത് ചെയ്യും...'

"ഫെബീ...പറഞ്ഞതിനെ കുറിച്ച് നന്നായിട്ടൊന്ന് ആലോചിച്ച് നോക്ക്... താൻ ഇവിടന്ന് പോയിട്ട് തൻറെ ഫ്രണ്ട്സിന് കഷ്ടങ്ങൾ കൊടുക്കാനാണോ, അതോ ഇവിടെ നിന്ന് അവരെ രക്ഷിക്കാനാണോ പ്ലാൻ...?

ആദ്യം പറഞ്ഞതാണ് നടപ്പിലാക്കാൻ

പോകുന്നതെങ്കിൽ തന്നെ ഒന്നും ബാധിക്കില്ല....പക്ഷേ തൻറെ ഫ്രണ്ട്സിനെ അത് ബാധിക്കും...

ഇനി താൻ ഇവിടന്ന് പോകുന്നില്ല എന്നാണ് തീരുമാനമെങ്കിൽ അത് തനിക്കും തൻറെ ഫ്രണ്ട്സിനും നല്ലതേ വരുത്തൂ... നീ ഇവിടെ ഉണ്ടെങ്കിൽ സൽമ അധികം നിങ്ങളെ ട്രാക്കിലേക്ക് വരില്ല...കാരണം താൻ വളരെ ബോൾഡാണ്...ഇതൊക്കെ തനിക്ക് ഈസിയായി കൈകാര്യം ചെയ്യാൻ കഴിയും...

എനിക്ക് പറയാനുള്ളത് ഒക്കെ ഞാൻ പറഞ്ഞു കഴിഞ്ഞു.ഇനിയെല്ലാം തൻറെ ഇഷ്ടം..."

എന്ന് പറഞ്ഞ് ടീച്ചർ പോകുന്നതും നോക്കി നമ്മള് അവിടെ തന്നെ കുറച്ച് നേരം നിന്നു.എന്നിട്ട് ടീച്ചർ പറഞ്ഞതിനെ കുറിച്ച് ആലോചിച്ച് എങ്ങോട്ടെന്നില്ലാതെ വരാന്തയിലൂടെ നടന്നു.

'ശരിയാണ് ടീച്ചർ പറഞ്ഞത്...ഞാൻ ഇവിടന്ന് പോയാലും ഇല്ലെങ്കിലും സൽമ എൻറെ ഫ്രണ്ട്സിനെ

ഉപദ്രവിക്കും. ഞാൻ ഇവിടെ ഉണ്ടെങ്കിൽ എനിക്ക് അവരെ അതിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടുത്താൻ കഴിയും. പക്ഷേ,ഞാൻ ഇവിടെ ഇല്ലെങ്കിൽ എൻ്റെ കുരാമീസ്.... നോ...ഞാൻ ഇവിടന്ന് പോകില്ല...എൻ്റെ ഫ്രണ്ട്സിനെ ഒരിക്കലും ഞാൻ തനിച്ചാക്കില്ല...'

നമ്മളെ ചിന്തകൾക്ക് കടിഞ്ഞാണിട്ട് കൊണ്ട് പെട്ടെന്ന് ആരോ നമ്മളെ കൈ പിടിച്ച് ലൈബ്രറിയിലേക്ക് വലിച്ചോണ്ട് പോയി വാതിലടച്ചു.

ദേഷ്യവും സങ്കടവും കൊണ്ട് ഉള്ള് നീറി എരിയുമ്പോഴാണ് ആദി നമ്മളെ പിടിച്ച് വലിച്ചത്. അതോണ്ട് സൽമയോടുള്ള ദേഷ്യം നമ്മള് അവനില് തീർത്തു.

"നിനക്ക് എന്നെ ദ്രോഹിച്ചത് പോരേ...അതോണ്ടാണോ ആ സൽമയെ വെച്ച് എൻ്റെ അച്ചൂനെ വേദനിപ്പിച്ചത്..പറ.."

നമ്മള് ഓൻ്റെ കോളറിൽ പിടിച്ച് കുലുക്കിയപ്പൊ ഓൻ നമ്മളെ മുഖത്ത് നോക്കി കൊണ്ട് നമ്മളെ കൈ വിടുവിച്ചു.

ഓനോടുള്ള പക എത്ര പെട്ടെന്നാണ് കൂടുന്നതെന്ന് എനിക്ക് അറീല. അതോണ്ട് അവന് നേരെ വിരല് ചൂണ്ടി കൊണ്ട് നമ്മള് തുടർന്നു.

"നീ...നീയൊരുത്തൻ കാരണാ ഇന്നെൻറെ അച്ചൂന് ഈ ഗതി വന്നത്...

എനിക്ക് നിന്നെ ഇഷ്ടാണെന്ന് പറഞ്ഞ് ഞാൻ നിൻറെ പുറകെയൊന്നും നടന്നിട്ടില്ലല്ലോ...പിന്നെ എന്തിനാണ അവളെന്നെ ഇങ്ങനെ ദ്രോഹിക്കുന്നത്....?

കാരണം അവൾക്ക് നിന്നെ ഇഷ്ടാ...നീയാണ് അവളുടെ ജീവിതം എന്ന് വിശ്വസിക്കുന്നവളാ...ഷീ ഈസ് മാഡ് ലീ ലൗ വിത്ത് യൂ..."

"അറിയാം...അവൾക്ക് ഞാൻ എന്ന് വെച്ചാൽ ജീവനാണെന്ന് അറിയാം...അവള് വിചാരിച്ചത് കിട്ടിയില്ലെങ്കിൽ ആരുടെ ജീവനും എടുക്കാൻ മടിക്കില്ലെന്നും അറിയാം...അവൾക്ക് ഞാനെന്ന് വെച്ചാൽ ഭ്രാന്താണെന്നും അറിയാം എന്നെ കിട്ടാൻ വേണ്ടി അവളെന്തും ചെയ്യുമെന്നും അറിയാം..."

എല്ലാം അറിഞ്ഞ് വെച്ചിട്ടും ആദി പറയുന്നത് കേട്ട് നമ്മള് ഓനെ തന്നെ നോക്കി നിന്നു.

"എല്ലാം അറിഞ്ഞ് വെച്ചിട്ട് മനപ്പൂർവ്വം എൻറെ ജീവിതം തകർക്കാനാണോ ഇങ്ങനെ ഒക്കെ ചെയ്യുന്നത്? ഇതിന് മാത്രം ഞാൻ എന്ത് തെറ്റാ നിന്നോട് ചെയ്തത്?

സൽമ നിന്നെ എത്രത്തോളം സ്നേഹിക്കുന്നുണ്ടെന്ന് അറീലേ... പിന്നെ എന്താ നീ അവളെ സ്നേഹം മനസ്സിലാക്കി അവളെ തിരിച്ച് സ്നേഹിക്കാത്തത്.."

നമ്മള് ആദിൻറെ കോളറിൽ പിടിച്ച് ഓനോട് ദേഷ്യം പിടിച്ചപ്പൊ പെട്ടെന്നായിരുന്നു അവൻറെ പ്രതികരണം.

"എൻറെ ഉപ്പാനെ കൊന്നവൻറെ മോളെ സ്നേഹിക്കണമെന്നാണോ നീ പറയുന്നത്?"

ആദി നമ്മളെ രണ്ട് കയ്യിലും പിടിച്ച് കുലുക്കി ഇത്

പറഞ്ഞപ്പൊ നമ്മളെ നെഞ്ചിൽ ഇടി വെട്ടിയ പോലെ തോന്നി. നമ്മള് ആദിയെ ഒരു ഞെട്ടലോടെ നോക്കി നിന്നപ്പൊ ഓൻ പതിയെ എൻ്റെ കയ്യിൽ നിന്നും പിടി വിട്ടു. എന്നിൽ നിന്നും മുഖം തിരിച്ചിട്ട് നിറഞ്ഞൊഴുകുന്ന അവൻ്റെ കണ്ണീര് തുടച്ചിട്ട് നമ്മളെ നേരെ തിരിഞ്ഞു.

"എന്ത് അറിയാം നിനക്ക് ഈ ആദിലിനെ കുറിച്ച്..? അഹങ്കാരി,തന്നിഷ്ടത്തിന് പ്രവർത്തിക്കുന്നവൻ,ഇഷ്ടപ്പെട്ടതെന്തും കൈ പിടിയിലാക്കുന്നവൻ...അല്ലേ...അല്ലേന്ന്.."

ഓൻ നമ്മളെ നേരെ കുരച്ച് ചാടി കൊണ്ട് അത് ചോദിച്ചപ്പൊ നമ്മള് പേടിച്ച് രണ്ടടി പിന്നിലേക്ക് പോയി.

"എന്നാൽ ഇതൊന്നും അല്ലാത്ത ഒരു ആദിയുണ്ട് എൻ്റെ ഉള്ളിൽ...അറിയോ നിനക്ക്...?"

നമ്മള് ഓനെ നോക്കി പേടിച്ചരണ്ട് നിന്നു.

"പത്താം വയസ്സിൽ നഷ്ടപ്പെട്ടതാണെനിക്ക് എൻറെ ഉപ്പാനെ...എന്നേക്കാൾ ഉപ്പാക്ക് ഇഷ്ടം സൽമയോട് ആയിരുന്നു... ആ ഇഷ്ടത്തിൻറെ പ്രത്യുപകാരമാണ് എൻറെ ഉപ്പാൻറെ മരണം...അല്ല കൊലപാതകം...

ആരാണ് എന്തിനാണ് ഇതൊക്കെ ചെയ്തതെന്ന് വ്യക്തമായിട്ട് എനിക്ക് അറിയാം... പക്ഷേ അതിനൊന്നും എൻറെ പക്കൽ തെളിവുകളില്ല...

അതോണ്ട് എൻറെ കൺമുന്നിൽ തന്നെ എൻറെ ഉപ്പ അധ്വാനിച്ച് ഉണ്ടാക്കിയതൊക്കെ തിന്ന് മുടിക്കുന്നുണ്ട് അവര്...

ഇതൊന്നും എൻറെ ഉമ്മിക്ക് പോലും അറിയില്ല...അറിയിച്ചാൽ പോലും വിശ്വസിക്കില്ല..കാരണം അത്രക്കുണ്ട് സ്വന്തം ആങ്ങളയോടുള്ള സ്നേഹവും വിശ്വാസവും...

ഇനി പറ നീ ഞാൻ സൽമയെ സ്നേഹിക്കണോ...പറ..."

നമ്മക്ക് ഒന്നും ഓനോട് ഉരിയാടാൻ കഴിഞ്ഞില്ല .നമ്മള്

തല താഴ്ത്തി കൊണ്ട് അവിടെ നിന്നു.

"ഇത് പോലെ ഒരുപാട് ദ്രോഹിച്ചവരാണ് അവര് എന്നെ...

എനിക്ക് ഈ സത്യങ്ങളൊക്കെ അറിയാമെന്ന് അവർക്ക് അറിയില്ല. അത് അവർക്ക് അറിയാമായിരുന്നെങ്കിൽ പിന്നെ ഈ ആദി ജീവനോടെ നിൻറെ മുന്നിൽ നിൽക്കില്ലായിരുന്നു."

ആദി പറയുന്നതൊന്നും എനിക്ക് വിശ്വസിക്കാൻ പോലും കഴിഞ്ഞില്ല...ഓാൻ തിരിഞ്ഞ് നടക്കുമ്പൊ അവനെ പിടിച്ച് നിർത്തി എന്തെങ്കിലും ഒരു ആശ്വാസ വാക്ക് ഓാനോട് പറയാൻ തോന്നിയെങ്കിലും പറ്റിയില്ല. ഓാന് നമ്മളോട് ദേഷ്യം ആയിരിക്കോന്ന് ചിന്തിച്ച് ഒരടി പോലും മുന്നോട്ട് ചലിച്ചില്ല.

അപ്പൊ തന്നെ ആദി തിരിച്ച് നമ്മളെ അടുത്തേക്ക് തന്നെ വന്നു.

"ഐഷു ഞാൻ നിന്നെ സ്നേഹിച്ചത് ആത്മാർത്ഥമായിട്ടാണ്.ഈ ആദിൻറെ ജീവൻ നില

നിൽക്കുന്നിടത്തോളം കാലം അത് അങ്ങനെ തന്നെ ആയിരിക്കും...

ഞാൻ ഇതുവരെ എൻറെ ഫ്രണ്ട്സിനോട് പോലും പറയാത്ത കാര്യങ്ങളാണ് നിന്നോട് ഇപ്പൊ പറഞ്ഞത്.ഇതുപോലെ ഒരുപാട് രഹസ്യങ്ങൾ മറഞ്ഞിരിക്കുന്ന ഒരു ജീവിതമാണ് എൻറേത്...ഇനിയും ഇതുപോലെ വല്ല സന്ദർഭവും വരാണെങ്കിൽ അന്ന് അതൊക്കെ നിന്നോട് ഞാൻ വെളിപ്പെടുത്തും..."

ആദിയെ ഞാൻ കൂടുതൽ മനസ്സിലാക്കായിരുന്നുവെന്ന് എനിക്ക് അറിയില്ലേന്നു. അവനിൽ നിന്നും എത്ര അകലാൻ ശ്രമിച്ചിട്ടും എന്തോ ഒന്ന് എന്നെ അവനിലേക്ക് വീണ്ടും കൂടുതൽ അടുപ്പിക്കുന്ന പോലെ നമ്മക്ക് തോന്നി.

ആദി ലൈബ്രറിൻറെ വാതില് തുറന്നപ്പൊ അതിന് മുന്നിൽ എല്ലാവരും തടിച്ച് കൂടി നിൽപ്പുണ്ടായിരുന്നു. ഇപ്പൊ ഇൻറർവെൽ ആയോണ്ട് എല്ലാവരും ഉണ്ട് ലൈബ്രറിൻറെ മുന്നിൽ.

അവരെയൊക്കെ കൂടി ഒരുമിച്ച് കണ്ടപ്പൊ ഞാനും ആദിയും ആദ്യമൊന്ന് പകച്ച് പോയി. അവരൊക്കെ ഞങ്ങളെ തന്നെ ഉറ്റു നോക്കി കൊണ്ടിരിക്കാണ്.

അക്കൂട്ടത്തിൽ നമ്മളെ കുരാമീസിനേയും സൽമയേയും നമ്മള് കണ്ടു. ഓളെ നോട്ടം കണ്ടപ്പൊ ഒന്ന് പേടിച്ചെങ്കിലും നമ്മള് അത് പുറത്ത് കാണിക്കാതെ അവരെയൊക്കെ നോക്കി നിന്നു.

അപ്പൊ ആദി നമ്മളെ തിരിഞ്ഞ് നോക്കിയിട്ട് നമ്മളെ ചുണ്ടിലെന്തോ പറ്റി പിടിച്ച പോലെ ഓൻറെ ചുണ്ടില് തടവി. നമ്മളും എന്താണെന്ന് കരുതി നമ്മളെ ചിറി തൊടച്ചതും പറ്റിയ അമളിയെ കുറിച്ച് നമ്മക്ക് ബോധ്യായി.

ആദി ഒരു കള്ളച്ചിരിയോടെ നമ്മളെ നോക്കി കൊണ്ട് ആ ആൾക്കൂട്ടത്തിന് ഇടയിലൂടെ നടന്നകലമ്പൊ എനിക്ക് മനസ്സിലായി ഇനി ഇവിടെ എന്തും സംഭവിക്കാമെന്ന്.

വിചാരിച്ച പോലെ തന്നെ എല്ലാം സംഭവിച്ചു. ആ കോന്തൻ പോയതും സൽമ നമ്മളെ നേരെ പാഞ്ഞടുത്ത് നമ്മളെ കരണക്കുറ്റി നോക്കി ഒരെണ്ണം തന്നിട്ട് എന്നെ പിടിച്ച് തള്ളി.

ആ തല്ലിലൂടെ അതുവരെ എന്നിൽ ഉറങ്ങി കിടന്നിരുന്ന പുലിക്കുട്ടിയെ അവള് ഉണർത്തുകയായിരുന്നു.

"നിന്നോട് പറഞ്ഞാലൊന്നും മനസ്സിലാവില്ലല്ലെടീ..."

എന്ന് അട്ടഹസിച്ച് കൊണ്ട് ഭദ്രകാളിയെ പോലെ അവള് എൻറെ നേരേ വീണ്ടും കയ്യുയർത്തി.അതെൻറെ കവിളിൽ പതിയുന്നതിന് മുന്നേ ഞാൻ അവളുടെ കയ്യിൽ പിടിച്ച് മാറ്റി അവളെ മോന്തയടക്കി നമ്മളും കൊടുത്തു ഒരു അഡാറ് തല്ല്.

ഓർക്കാപുറത്ത് കിട്ടയതോണ്ടാകും അവള് പുറകോട്ട് വേച്ച് പോയത്.

ഓള് മുഖമുയർത്തി നമ്മളെ നോക്കിയപ്പൊ നമ്മള് ഒരെണ്ണം കൂടി ഓളെ മോന്തക്ക് കൊടുത്തു.

"ഇത് എന്തിനാന്ന് അറിയോ നിനക്ക്..
എൻ്റെ അച്ചൂനെ നീ വേദനിപ്പിച്ചതിന്...."

അതും പറഞ്ഞ് വീണ്ടും നമ്മള് ഓളെ തല്ലി.

"ഇതെന്തിനാന്ന് അറിയോ നിനക്ക്?

കാരണമില്ലാതെ എന്നെ അടിച്ചതിന്..."

എന്ന് പറഞ്ഞ് നമ്മള് വീണ്ടും ഓളെ നേരെ കൈ ഓങ്ങിയപ്പൊ പാവം പേടിച്ച് സ്വയം മുഖം പൊത്തി കണ്ണടച്ച് നിന്നു. അത് കണ്ടപ്പൊ നമ്മളും അവിടെ കൂടി നിന്നവരുമൊക്കെ ചിരിക്കാൻ തുടങ്ങി. പതിയെ സൽമ കണ്ണ് തുറന്ന് നമ്മളെ ചുവന്ന നിറഞ്ഞു തുളുമ്പുന്ന കണ്ണുമായി രൂക്ഷമായിട്ട് നോക്കി.

"പേടിക്കണ്ടട്ടോ ഞാൻ നിന്നെ തല്ലില്ല..."

ഒരു പരിഹാസത്തോടെ നമ്മളത് പറഞ്ഞപ്പൊ അവിടെ ഒരു കൂട്ടച്ചിരി മുഴങ്ങി. സൽമ എല്ലാവരേയും ഒരു ദഹിപ്പിക്കുന്ന നോട്ടം നോക്കിയിട്ട് നമ്മളെ നോക്കി.

"നീ...നീയെന്നെ തല്ലിയല്ലേ...?"

"അതേലോ...എന്തേ സംശയണ്ടോ?"

എന്ന് പറഞ്ഞ് ഓളെ തല്ലാൻ നിന്നപ്പൊ ഓള് വീണ്ടും മുഖം പൊത്തി. അപ്പൊ വീണ്ടും ഒരു കൂട്ടച്ചിരി മുഴങ്ങി.നമ്മള് ഓളെ ഒരു പുച്ഛത്തോടെ നോക്കി ചിരിച്ചു.

"സൽമാ...കുറച്ച് മുൻപ് വരെ നിന്നെ കുറിച്ച് ആലോചിക്കുമ്പൊ ഒരു പേടിയായിരുന്നു മനസ്സിൽ.... പക്ഷേ, ഒന്നാലോചിച്ചപ്പൊ തോന്നി ഞാൻ എന്തിനാ നിന്നെ പേടിക്കുന്നതെന്ന്...

കാരണം ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല..അതോണ്ട്

എനിക്ക് ആരേയും പേടിക്കണ്ട ആവശ്യവും ഇല്ല..."

നമ്മള് ഒരല്പം നിർത്തിയിട്ട് വീണ്ടും തുടർന്നു.

"നീ ഇതൊക്കെ ചെയ്യുന്നത് ആദിക്ക് വേണ്ടിയാണെന്ന് എനിക്ക് അറിയാം.

പക്ഷേ, നീ മനസ്സിലാക്കാതെ പോയ ഒരു കാര്യമുണ്ട്....

ഞാനല്ല നിൻറെ ആദിയാണ് എൻറെ പിറകെ നടക്കുന്നതും എന്നെ സ്നേഹിക്കുന്നതും.

ഞാൻ ആദിയെ സ്നേഹിക്കുന്നുമില്ല,ഇനിയൊരിക്കലും സ്നേഹിക്കാനും പോണില്ല...

പക്ഷേ.........."

നമ്മളെ പക്ഷേ കേട്ടിട്ട് സൽമയും നമ്മളെ കുരാമീസും അടക്കം എല്ലാരും ഉറ്റു നോക്കി കൊണ്ടിരുന്നു. നമ്മള്

ഒരു ചെറിയ പുഞ്ചിരി തൂകി കൊണ്ട് സൽമയുടെ അടുത്തേക്ക് നീങ്ങിയിട്ട് അവളെ നേരെ വിരൽ ചൂണ്ടി.

"പക്ഷേ.... ഇനിയും നീയെൻറെ വഴിയിൽ കുറുകെ വന്നാൽ... ചിലപ്പൊ ഞാൻ ആദിയെ സ്നേഹിച്ച് പോകും..."

ഒരു ഭീഷണിയുടെ സ്വരത്തിൽ തുടങ്ങിയിട്ട് ഒരു പുഞ്ചിരിയോടെ നമ്മളത് പറഞ്ഞതും നമ്മളെ കുരാമീസ് തുള്ളിച്ചാടി.സൽമ അവരെ രൂക്ഷമായി നോക്കി കൊണ്ട് പല്ലിറുമ്പി.

'പടച്ചോനേ... ഒരു ഡയലോഗിന് വേണ്ടി എടുത്ത് കാച്ചിയതാ...ഇവറ്റകള് എന്തിനാ ഇപ്പൊ തുള്ളി ചാടുന്നത്? ഇവര് സൽമൻറെ കയ്യീന്ന് പണി കിട്ടാതെ അടങ്ങൂലാ...'

നമ്മള് വിചാരിച്ച പോലെ തന്നെ സൽമ നമ്മളെ കുരാമീസിന് നേരെ പാഞ്ഞടുത്തതും നമ്മള് ഓളെ മുന്നിൽ ഒരു തടസ്സമായി നിന്നിട്ട് ഓളെ നോക്കി

പുഞ്ചിരിച്ചു.

"വേണ്ട സൽമ വിട്ടേക്ക്...ആദിയെ നിന്നിൽ നിന്നും അകറ്റാൻ നീ തന്നെ കാരണാകരുത്...

ഞാൻ പറഞ്ഞത് നിനക്ക് മനസ്സിലായില്ലേ?

ഇനി നീ എന്നേയോ എനിക്ക് വേണ്ടപ്പെട്ടവരേയോ ഉപദ്രവിച്ചാൽ...പിന്നെ ഒരിക്കലും ആദിയെ നിനക്ക് സ്വപ്നം പോലും കാണാൻ കഴിയില്ല. എന്ന് വെച്ചാ ആദിയെ ഞാൻ എൻറെ എല്ലാമെല്ലാമാക്കി മാറ്റും. ഞാൻ ഒന്ന് മൂളി കൊടുത്താൽ മാത്രം മതി. പിന്നെ ആദിയെ എന്നിൽ നിന്നും അകറ്റാൻ ആ പടച്ചോൻ വിചാരിച്ചാൽ പോലും നടക്കില്ല..."

നമ്മളെ വർത്താനം കേട്ടപ്പോ സൽമയുടെ മുഖത്ത് ഒരു ഭീതി നിഴലിക്കുന്ന പോലെ നമ്മക്ക് തോന്നി. അത് കണ്ടപ്പൊ നമ്മക്ക് എന്തെന്നില്ലാത്ത സന്തോഷവും ധൈര്യവും കൂടി.

"എത്ര കാലെന്ന് വെച്ചിട്ടാ ആദിൻ്റെ സ്നേഹം കണ്ടില്ലെന്ന് നടിക്കാ...നീ പറ....

അതോണ്ട് ഞാൻ ഓനോട് എൻ്റെ ഇഷ്ടം തുറന്നു പറയാൻ തീരുമാനിച്ചു. അവനും സന്തോഷാവട്ടേന്നെ...എന്താ നിൻ്റെ അഭിപ്രായം? ഞാൻ ആദിയോട് പറയണോ?"

സൽമ എല്ലാവരേയും ഒന്ന് നോക്കിയിട്ട് തല താഴ്ത്തി കൊണ്ട് വേണ്ടെന്ന് തലയാട്ടി. അത് കണ്ടപ്പൊ നമ്മക്ക് ചിരി വന്നു.

"എന്നാൽ ഇനിയെൻ്റെ വഴിയിൽ കുറുകെ വരരുത്.വന്നാൽ പിന്നെ നീ ആദിയെ അങ്ങ് മറന്നേക്ക്...ഇതൊരു വോണിങ്ങല്ല, പകരം ഒരു മുന്നറിയിപ്പാണ്.അത് മനസ്സിൽ ചിന്തിച്ച് വെക്കുന്നത് നന്നായിരിക്കും."

നമ്മളതും പറഞ്ഞ് നമ്മളെ കുരാമീസിനേയും കൂട്ടി അവിടന്ന് പോകാനായി തിരിഞ്ഞതും മുന്നിൽ

നിൽക്കുന്ന ആളെ കണ്ട് നമ്മള് ചമ്മി നാറി.

വേറെ ആരാ അവൻ തന്നെ ആ കോന്തൻ... ഓൻ നമ്മള് പറയുന്നതൊക്കെ കേട്ടോണ്ട് നമ്മളെ നോക്കി തല കുലുക്കി ചിരിക്കാണ്. നമ്മക്ക് ഓൻറെ മുഖത്ത് നോക്കാൻ ഒരു ചടപ്പ് തോന്നിയതോണ്ട് നമ്മളെ കുരാമീസിനെയും കൊണ്ട് നമ്മള് വേഗം അവിടന്ന് ക്ലാസിലേക്ക് ഓടി പോയി.

"നീയെന്താ ഫെബീ ഞങ്ങളെ പേടിപ്പിക്കാണോ?"

"എടീ ഷംനാ...ഞാൻ നിങ്ങളെ പേടിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല...ഒരു മുന്നറിയിപ്പ് തന്നതാ...നിങ്ങള് ഓളെ ഒന്ന് സൂക്ഷിക്കുന്നത് നല്ലതാ...

ഇനി ആരും ഒറ്റക്ക് എങ്ങോട്ടും പോയേക്കരുത് കേട്ടോ?

നിങ്ങൾക്ക് വല്ലതും പറ്റിയാൽ എനിക്കത് താങ്ങാൻ പറ്റില്ലെടാ..."

നമ്മളത് പറഞ്ഞ് തീരുന്നതിന് മുന്നേ നമ്മളെ കുരാമീസ് വന്ന് നമ്മളെ കെട്ടി പിടിച്ചു.

"ഞങ്ങൾക്കും അത് പോലെ തന്നെയാ ഫെബീ....നിനക്ക് എന്തേലും പറ്റിയാൽ അത് ഞങ്ങൾക്കും താങ്ങാൻ പറ്റില്ല."

ഞങ്ങൾ അഞ്ച് പേരും കരച്ചിലിന് വക്കോളമെത്തിയപ്പോഴാണ് ക്ലാസിലേക്ക് മീനുക്കുട്ടി കേറി വന്നത്. ടീച്ചറെ കണ്ടപ്പൊ ഞങ്ങൾ കണ്ണ് തുടച്ച് സീറ്റിൽ പോയി ഇരുന്നു.

ടീച്ചർ നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ തോളിൽ കൈ വെച്ചു.

"എന്ത് തീരുമാനിച്ചു താൻ..?"

ടീച്ചറെ മുഖത്തെ പുഞ്ചിരി കണ്ടപ്പൊ തന്നെ നമ്മക്ക്

മനസ്സിലായി ടീച്ചർ എല്ലാം അറിഞ്ഞിട്ടുണ്ടെന്ന്.അതോണ്ട് നമ്മളും തിരിച്ചൊരു പുഞ്ചിരി തൂകി കൊണ്ട് ടീച്ചറോട് പറഞ്ഞു.

"ഇല്ല ടീച്ചർ.. ഞാൻ ഇവിടന്ന് എങ്ങോട്ടും പോകില്ല.പ്രശ്നങ്ങളെ നേരിടുന്ന ധീരയാവാനാ എനിക്ക് ഇഷ്ടം, അല്ലാതെ പ്രശ്നങ്ങളെ കണ്ട് പേടിച്ചോടുന്ന ഭീരു ആകാനല്ല..."

ടീച്ചർ നമ്മളെ ചേർത്ത് നിർത്തി നെറുകയിൽ ചുംബിച്ചു.എന്നിട്ട് നമ്മളെ അവിടെ ഇരുത്തിയിട്ട് ടീച്ചർ ക്ലാസ് എടുത്തു.

നമ്മളെ കുരാമീസിന് ഒന്നും മനസ്സിലായിട്ടില്ലേന്നു. നമ്മള് ഓരെ നോക്കിയിട്ട് എല്ലാം വഴിയേ പറയണമെന്ന് പറഞ്ഞു.

അങ്ങനെ ടീച്ചർ ക്ലാസ് എടുത്തു പോയപ്പൊ നമ്മള് എല്ലാം അവരോട് തുറന്നു പറഞ്ഞു. പക്ഷേ ആ കോന്തൻ നമ്മളോട് വെളിപ്പെടുത്തിയ സത്യം മാത്രം

നമ്മള് പറഞ്ഞില്ല.

എനിക്ക് ഓനോട് ഒരു സിമ്പതിയുണ്ടെന്ന് കൂട്ടിക്കോളീ...പക്ഷേ, ഓൻ നമ്മളെ ആ സൽമൻറെ മുന്നിലേക്ക് ഇട്ട് കൊടുത്തിട്ട് മുങ്ങിയില്ലേ..അതിനു ഞാൻ പകരം വീട്ടിയിരിക്കും.

അതിനു വേണ്ടി ഇന്ന് ഒരു ദിവസം ഹോസ്റ്റലിൽ തങ്ങാൻ വേണ്ടി നമ്മള് തീരുമാനിച്ചു. അപ്പൊ തന്നെ നമ്മള് ഉമ്മച്ചിൻറെയും ഉപ്പച്ചിൻറേയും പെർമിഷൻ വാങ്ങി...ആദ്യമൊന്ന് എതിർത്തെങ്കിലും പിന്നെ നമ്മള് പറഞ്ഞു സമ്മതിപ്പിച്ചു.

കൂടെ അച്ചുവും ഉണ്ട് ട്ടോ...

"എന്തിനാ ഫെബീ നമ്മളിന്ന് ഹോസ്റ്റലിൽ തങ്ങുന്നത്..? നിൻറെ പ്ലാൻ എന്താ?"അച്ചുവാണ്.

"അതൊക്കെയുണ്ട് മോളേ...നീ കണ്ടോ നാളത്തെ പുലരി എനിക്കുള്ളതാകും. ഇന്നത്തെ ഒരു രാത്രി കൊണ്ട് ആ സൽമക്കും ആ കോന്തനും ഇട്ട് നമ്മളൊരു

പണി കൊടുത്തിരിക്കും.."

"ദെ...നിങ്ങൾ രണ്ട് പേരും കൂടി ഞങ്ങള് മൂന്നിനേയും ഹോസ്റ്റലിൽ നിന്ന് പുറത്താക്കാൻ കാരണക്കാരാകോ?"

"എൻറെ ഷംനാ...നിങ്ങൾ പേടിക്കണ്ട ..നിങ്ങൾക്കൊന്നും പറ്റില്ല... വേണേൽ നിങ്ങൾക്ക് എൻറെ കൂടെ നിൽക്കാം..

ഇല്ലെങ്കിൽ ഹോസ്റ്റലിൽ തന്നെ അടയിരിക്കാം..."

"ഞാൻ എന്തായാലും ഫെബിൻറെ കൂടെയുണ്ട് .എനിക്ക് വയ്യ അടയിരിക്കാൻ.."

സന പറയുന്നത് കേട്ട് എല്ലാവരും ചിരിച്ചു. അപ്പൊ എല്ലാവരും നമ്മളെ കൂടെയുണ്ടെന്ന് പറഞ്ഞു.

"അച്ചൂ...അപ്പൊ നീ റെഡിയല്ലേ നമ്മളെ അടുത്ത മതില് ചാട്ടത്തിന്..."

"ൻറെ കൃഷ്ണാ വീണ്ടും മതില് ചാട്ടോ?"

ഓള് നെഞ്ചത്ത് കൈ വെച്ചിട്ട് ഇത് പറഞ്ഞപ്പൊ നമ്മളെ കുരാമീസിൻറെ കണ്ണ് പുറത്തേക്ക് തള്ളി വന്നു. നമ്മള് അവരെ നോക്കി നൈസായിട്ടൊന്ന് ചിരിച്ചിട്ട് അവർക്ക് കൊടുക്കാനുള്ള പദ്ധതി തയ്യാറാക്കി.

(തുടരും)

ഭാഗം. 51

"ൻറെ കൃഷ്ണാ...വീണ്ടും മതില് ചാട്ടോ..."

അച്ചു നെഞ്ചത്ത് കൈ വെച്ചിട്ട് ഇത് പറഞ്ഞപ്പൊ നമ്മളെ കുരാമീസിൻറെ കണ്ണ് പുറത്തേക്ക് തള്ളി വന്നു. നമ്മള് അവരെ നോക്കി നൈസായിട്ടൊന്ന് ചിരിച്ചിട്ട് അവർക്ക് കൊടുക്കാനുള്ള പണിൻറെ പദ്ധതി തയ്യാറാക്കി.

ഹോസ്റ്റലിൽ വാർഡൻ്റെ കാല് പിടിച്ചിട്ടാണ് നമ്മളെ കുരാമീസിൻ്റെ റൂമില് തന്നെ ഞങ്ങളെ ആക്കിയത്...ഞങ്ങൾ അഞ്ച് പേരും കൂടി ഹോസ്റ്റൽ അടിച്ചു പൊളിച്ചു.

പാട്ടും ഡാൻസും ഒക്കെ ആയിട്ട് നേരം പോയതേ അറിഞ്ഞില്ല. പിന്നെ എപ്പോഴോ വാർഡൻ വന്ന് കതകിൽ അടിച്ചപ്പൊ എല്ലാം ഓഫാക്കിയിട്ട് ഞങ്ങൾ കിടന്നു.

നേരം ഒന്നര ആയപ്പൊ നമ്മള് മെല്ലെ എണീറ്റ് നമ്മളെ കുരാമീസിനെ വിളിച്ചുണർത്തി. എന്നിട്ട് സനയേയും ഷംനയേയും റൂമില് തന്നെ ആക്കിയിട്ട് ഞങ്ങള് മൂന്ന് പേരും കൂടി റൂമീന്ന് പുറത്തേക്ക് ഇറങ്ങി.

നമ്മള് ഒഴികെ ബാക്കി നാലിനും നല്ല പേടിയുണ്ട്.എന്ന് കരുതി നമ്മക്ക് ഇല്ല എന്നല്ലെട്ടോ..ചെറുതായിട്ടൊക്കെ ഉണ്ട്. പക്ഷേ, പുറത്ത് കാണിച്ചില്ല.

അങ്ങനെ ഞങ്ങൾ മൂന്ന് പേരും കൂടി ഹോസ്റ്റലിൻ്റെ

മതില് ചാടി. നമ്മക്ക് പിന്നെ ഇതൊരു ശീലായോണ്ട് അധികം ബുദ്ധിമുട്ടില്ലേന്നു.

പക്ഷേ അവര് രണ്ട് പേരും നന്നായിട്ട് കഷ്ടപ്പെട്ടു.

ഒടുവിൽ മതില് ചാടി ഞങ്ങൾ നേരെ ഒരു ഓട്ടമായിരുന്നു കോളേജിലേക്ക്...എവിടെന്നെക്കെയോ പട്ടിയും കുറുക്കനുമൊക്കെ ഓരിയിടുന്നത് കേൾക്കുന്നുണ്ട്.

"ഫെബീ ...എനിക്കെന്തോ പേടിയാകുന്നു...വല്ല പ്രേതവും കാണോ.."

നമ്മള് അച്ചൂനെ ഒന്ന് രൂക്ഷമായി നോക്കിയപ്പൊ അടുത്ത ആള് തുടങ്ങി.

"ഫെബീ എനിക്കും ആ ഡൗട്ടുണ്ട്....ആ പട്ടിൻറെ ഓരിയിടലും ഈ നിലാവുള്ള രാത്രിയും....പടച്ചോനേ ആലോചിക്കാനേ വയ്യ..."

"നിങ്ങൾ രണ്ട് പേരും ഒന്ന് നിർത്തോ? പേടി ഇല്ലാത്തവരെ പോലും പേടിപ്പിക്കല്ലൊ നിങ്ങൾ... മര്യാദക്ക് മിണ്ടാതെ എൻ്റെ കൂടെ വന്നോണം കേട്ടല്ലൊ..."

നമ്മള് അത് പറഞ്ഞപ്പൊ രണ്ട് പേരും ഒന്നും മിണ്ടാതെ കൂടെ വന്നു.

നമ്മള് പ്യൂണിൻ്റെ കണ്ണ് വെട്ടിച്ച് കോളേജിലെ നോട്ടീസ് ബോർഡിൻ്റെ അടുത്തേക്ക് പോയി. കൂടെ അച്ചുവും നസിയും ഉണ്ട് ട്ടോ...

നമ്മള് അവിടെ എത്തിയപ്പൊ ബാഗ് തുറന്ന് ഒരു പോസ്റ്റർ എടുത്ത് അതില് പശ തേച്ചു.

"ഫെബീ ഇതിലെന്താ ഉള്ളതെന്ന് എങ്കിലും പറ..."

"അപ്പൊ അച്ചൂ നിനക്കും അറീലേ ഇതിലെന്താണെന്ന്..."

"ഇല്ല നസീ...ഈ പെണ്ണ് ഇതാർക്കും കാണിച്ച് കൊടുത്തിട്ടില്ല.."

"നിങ്ങൾക്ക് രണ്ട് പേർക്കും ഇതിലെന്താണെന്ന് അറിയണം അത്രയല്ലെയുള്ളൂ...കണ്ടോ എന്താണെന്ന്..."

നമ്മള് ആ പോസ്റ്റർ നോട്ടീസ് ബോർഡിൽ ഒട്ടിച്ച് വെച്ചു. അത് കണ്ടതും അച്ചുവും നസിയും തൊള്ളേം തുറന്ന് നമ്മളെ നോക്കി നിന്നു.

"ഫെബീ...ഇത്...ഇത് ഒക്കെ നിനക്ക് എവിടന്ന് കിട്ടി? ഈ ഫോട്ടോസ്....അപ്പൊ കാക്കുവും സൽമയും തമ്മിൽ.... ഛെ....ഞാൻ കാക്കൂനെ കുറിച്ച് ഇങ്ങനെ ഒന്നും വിചാരിച്ചിട്ടേ ഇല്ല..."

"എൻറെ അച്ചൂ നീ ഇങ്ങനെ ഇമോഷനാകല്ലേ...ഇതി ഞാൻ എഡിറ്റ് ചെയ്തതാ..."

"എഡിറ്റ് ചെയ്തതോ?"

"ആ...അതേ നസീ...അന്ന് ആ കോന്തൻറെ വീട്ടിൽ പോയില്ലേ...അന്ന് ഞാൻ എടുത്ത ഫോട്ടോ ആണ്...എന്നിട്ട് ഞാൻ അത് എൻറേതായ രീതിയിൽ അതങ്ങോട്ട് എഡിറ്റ് ചെയ്തു....

അവന് മാത്രല്ല എനിക്കും എഡിറ്റിങ്ങ് ഒക്കെ അറിയാമെന്ന് മനസിലായില്ലേ?"

അച്ചു അപ്പൊ തന്നെ നമ്മളെ കാത് പിടിച്ച് തിരിച്ച് പൊന്നാക്കി.

"എന്തൊക്കെയാടീ നീ കാണിച്ച് കൂട്ടുന്നത്? പാവം ൻറെ കാക്കൂ...

ഫെബീ ഇത് കുറച്ച് കടുത്ത് പോയിട്ടോ...നോക്കിക്കോ ഇതിന് ഞാൻ കൂട്ട് നിൽക്കില്ല...കാക്കൂനെ എല്ലാരെ

മുന്നിലും നാണം കെടുത്താൻ ഞാൻ സമ്മതിക്കില്ല..."

അച്ചൂനെ നമ്മള് അന്തം വിട്ട് നോക്കി നിന്ന് പോയി...എത്ര പെട്ടെന്ന് ആ കോന്തൻ നമ്മളെ അച്ചൂനെ ഓൻറെ ഭാഗത്താക്കി...

"എടീ അച്ചൂ...ഇത് ഓനേക്കാൾ കൂടുതൽ ബാധിക്കുന്നത് സൽമയെയാകും....ഇന്ന് നിന്നെ ഷോക്കടിപ്പിച്ചതൊക്കെ നീ ഇത്ര പെട്ടെന്ന് മറന്നോ?

അതുപോലെ അന്നൊരിക്കൽ എന്നേയും കാക്കൂനേയും വെച്ച് ഓളൊരു പോസ്റ്റർ വെച്ച് എന്നെ നാണം കെടുത്തിയതൊക്കെ നീ മറന്നോ?"

"ഇല്ല.....എന്നാലും ഇത് കുറച്ച് കൂടി പോയില്ലേ.....

കാക്കുവിനും ഇത് നാണക്കേടാകില്ലേ?

അതുമല്ല നീയാണ് ഇത് ചെയ്തതെന്ന് അറിഞ്ഞാൽ കാക്കുവിന് നിന്നോടുള്ള ഇഷ്ടം കുറയില്ലെ, നിന്നെ

വെറുക്കില്ലേ?"

"അച്ചു പറയുന്നതിലും കാര്യമുണ്ട് ഫെബീ അതോണ്ട് ഇത് വേണ്ട..."

"കഴിഞ്ഞോ രണ്ടിനും പറയാനുള്ളത്.... എന്നാലേ ഞാൻ പറയുന്നതും കൂടി കേട്ടോളൂ...

എന്നെ ഓൻ വെറുത്താലും ഇല്ലെങ്കിലും അത് എന്നെ ബാധിക്കുന്ന പ്രശ്നമല്ല... ഈ പ്രവർത്തി കാരണം അവര് തമ്മിൽ ഒന്നിക്കാണെങ്കിൽ അതിൽ പരം സന്തോഷം വേറെ ഇല്ല..."

"ഞാൻ അറിയാൻ പാടില്ലാഞ്ഞിട്ട് ചോദിക്കാണ്...നിനക്ക് എന്താ കാക്കൂനോട് ഇത്രക്ക് ദേഷ്യം?

നീ കാക്കൂനെ ഒരിക്കൽ പോലും സ്നേഹിച്ചിട്ടില്ലേ? പറ...."

"അച്ചൂ...എന്നെ കുറിച്ച് എല്ലാം അറിയുന്ന നീ തന്നെ ഇത് എന്നോട് ചോദിക്കണം..."

"നിന്നെ കുറിച്ച് എല്ലാം അറിയുന്ന ഞാൻ തന്നെ ഇങ്ങനെ ഒക്കെ ചോദിക്കണെങ്കിൽ എന്തായിരിക്കും കാരണമെന്ന് നീ തന്നെ ചിന്തിക്ക്..."

"നിങ്ങൾ രണ്ട് പേരും ഇതെന്തൊക്കെയാ പറയുന്നത്?

ദെ ഇവിടെ ഇങ്ങനെ അധിക നേരം നിൽക്കാൻ പറ്റില്ലട്ടോ...

വന്ന പണി കഴിഞ്ഞില്ലേ...ഇനി വാ നമുക്ക് പോകാം..."

നസീ അപ്പോഴേക്കും ഞങ്ങളേയും കൊണ്ട് കോളേജ് കോമ്പോണ്ട് താണ്ടിയിരുന്നു...

ഹോസ്റ്റലിലേക്ക് തിരിച്ച് എത്തിയിട്ടും മനസ്സിൽ ഒരു തരം അസ്വസ്ഥത... ഒന്നും വേണ്ടായിരുന്നെന്ന് തോന്നി.

എത്ര ഒക്കെ കിണഞ്ഞ് പരിശ്രമിച്ചിട്ടും നമ്മക്ക് ഉറക്കം വന്നില്ല....

നമ്മളെ കൂടപ്പിറപ്പ് നമ്മക്ക് കൂട്ട് തരാതെ കുരാമീസിന് കൂട്ട് കൊടുത്തിട്ടുണ്ട്. നാലും നല്ല ഉറക്കത്തിലാ....

പക്ഷേ, നമ്മക്ക് മനസ്സിന് ഒരു സമാധാനവും കിട്ടുന്നില്ല...ഇന്ന് കോളേജിൽ വെച്ച് നടന്ന സംഭവങ്ങൾ ഒക്കെ ഓർക്കുമ്പൊ അങ്ങനെ ചെയ്യണ്ടായിരുന്നു എന്ന് തോന്നി...

'ഞാൻ ചെയ്തത് തെറ്റാണെന്ന് എനിക്ക് അറിയാം പടച്ചോനേ... പക്ഷേ ഇത് കൊണ്ടെങ്കിലും ആദി എന്നെ വെറുക്കുമല്ലൊ എനിക്ക് അത് മതി...

ആദി പാവാണെന്ന് എനിക്കറിയാം...പക്ഷേ, എനിക്ക് ഒരിക്കലും അവൻ്റെ സ്നേഹം കാണാൻ കഴിയില്ല...

പടച്ചോനേ...എല്ലാം അറിയുന്ന നിന്നോട് അല്ലാതെ

വേറെ ആരോടാ ഞാൻ ഇതൊക്കെ പറയാ..

അച്ചു പോലും എന്നെ മനസ്സിലാക്കുന്നില്ല...

ഓള് എന്നേയും ആദിയേയും ഒരുമിപ്പിക്കാൻ നോക്കുന്നത് എൻ്റെ നൻമക്ക് വേണ്ടിയാണെന്ന് അറിയാം...പക്ഷേ, ആദി.......

വേണ്ട ശരിയാവില്ല...എൻ്റെ ജീവിതത്തിലേക്ക് കടന്ന് വന്നിട്ട് ആദിയുടെ ജീവിതം ഞാൻ കാരണം ഇല്ലാതാവരുത്...

വേണ്ട ഫെബീ...വിട്ടേക്ക്...ആദിയോട് അങ്ങനെ വല്ല മോഹവും ഉള്ളിൽ തോന്നിയിട്ടുണ്ടെങ്കിൽ അത് അങ്ങ് മറന്നേക്ക് അതാകും നല്ലത്.....'

നമ്മളോരോന്ന് ചിന്തിച്ച് കൂട്ടി എപ്പോഴോ ഉറങ്ങി പോയി....

പിറ്റേന്ന് കോളേജിലേക്ക് പുറപ്പെട്ട് ഇത്രയും നേരം

ആയിട്ടും അച്ചു എന്നോട് കമാന്ന് ഒരക്ഷരം മിണ്ടിയിട്ടില്ല....ഇന്നലെ തൊട്ടേ ഓള് ഇങ്ങനെയാണ്. പല തവണ അങ്ങോട്ട് പോയി സംസാരിച്ചെങ്കിലും നോ റെസ്പോൺസ്....

ഞങ്ങൾ കോളേജിൽ എത്തിയപ്പൊ തന്നെ കണ്ട കാഴ്ച നോട്ടീസ് ബോർഡിന്റെ മുന്നിൽ തടിച്ച് കൂടി നിൽക്കുന്നവരെയാണ്. നമ്മളും ഒന്നാം അറിയാത്ത ഇടിച്ച് കേറി അങ്ങോട്ട് ചെന്നു.

നോക്കുമ്പോൾ ആദിയും സൽമയും മുട്ടൻ വഴക്ക്... ആദി സൽമൻറെ മോന്തയടക്കി ഒന്ന് പൊട്ടിച്ചിട്ട് ഓളെ കഴുത്ത് പിടിച്ച് നെരിച്ചു. ശ്വാസം കിട്ടാതെ പിടയുന്ന അവളെ കണ്ടപ്പൊ അച്ചൂന് അത് സന്തോഷായി.

ഓള് നമ്മളെ തോളില് കൈ വെച്ചിട്ട് നമ്മളെ നോക്കി പുഞ്ചിരിച്ചു. ആദിയെ സൽമയിൽ നിന്നും നിസൂക്കയും സിദ്ധുവേട്ടനും കൂടി അടർത്തി മാറ്റി.

അപ്പൊ സൽമ കൊരച്ച് കൊരച്ച് അവശയായി

അവിടെ ഇരുന്നു. അത് കണ്ടപ്പൊ നമ്മക്ക് അതിലേറെ സന്തോഷായി. കാരണം ഇന്നലെ എൻറെ അച്ചു അനുഭവിച്ച വേദന അവളും അറിഞ്ഞും.

നമ്മള് വിചാരിച്ച പോലെ തന്നെ പ്ലാൻ വർക്കൗട്ടായ സന്തോഷത്തില് നമ്മള് തുള്ളി ചാടാൻ നിന്നെങ്കിലും ആ കോന്തൻറെ നോട്ടം എന്നിൽ പതിച്ചപ്പൊ നമ്മള് ഡീസൻറായി.

'ആദി വിചാരിച്ചത് സൽമയാണ് ഈ പോസ്റ്ററിന് പിന്നിലെന്നാ...

ഇതെങ്ങാനും ഞാനാണ് ചെയ്തതെന്ന് അറിഞ്ഞാൽ ഓൻ നമ്മളെ കഴുത്തിൽ ആയിരിക്കും അടുത്ത പിടി മുറുക്കാ...കാരണം ഓന് ഞാൻ സൽമൻറേയും ഓൻറേയും പേര് ചേർത്ത് പറയുന്നത് തന്നെ ഓന് ഇഷ്ടല്ല...അപ്പൊ അവര് രണ്ട് പേരേയും ചേർത്ത് ഒരു ബെഡിൽ കിടക്കുന്ന പോലെ എഡിറ്റ് ചെയ്തത് അറിഞ്ഞാൽ പിന്നെ നമ്മളെ മയ്യിത്താകും...'

ആദി നമ്മളെ തന്നെ നോക്കുന്നത് കണ്ടപ്പൊ നമ്മള് വേഗം നമ്മളെ കുരാമീസിനേയും കൂട്ടി അവിടന്ന്

എസ്കേപ്പായി.

ക്ലാസിൽ എത്തിയപ്പൊ തൊട്ട് പലരുടേയും നോട്ടം നമ്മളെയാണ്. കാര്യം തിരക്കിയപ്പൊ നമ്മക്ക് ചിരി വന്നു.

"ആദിൽക്ക ഇത്രക്ക് വൃത്തിക്കെട്ടവനാണെന്ന് ഞങ്ങൾക്ക് അറീലേന്നു. അതോണ്ട് പല തവണ നിങ്ങൾ തമ്മിൽ ഒരുമിക്കണേന്ന് ഞങ്ങൾ പ്രാർത്ഥിച്ചിട്ടുണ്ട്. പക്ഷേ ഇപ്പൊ ഇങ്ങനെ ഒന്ന് ആദിൽക്കയിൽ നിന്നും ഞങ്ങൾ പ്രതീക്ഷിച്ചില്ല. സോറി ഫെബീ...."

ഇങ്ങനെ എന്തൊക്കെയോ ഓരോരുത്തര് വന്ന് നമ്മളോട് പറഞ്ഞു. നമ്മള് എല്ലാം കേട്ട് തലയാട്ടി എന്നല്ലാതെ ഒന്നും മിണ്ടിയില്ല.

സൽമക്ക് എല്ലാരെ മുൻപിൽ വെച്ചും പണി കിട്ടിയതിൽ അച്ചൂന് സന്തോഷം ഉണ്ടെങ്കിലും ആദി എല്ലാരെ മുൻപിലും ഇതുപോലെ നാണം കെട്ടതിലാണ്

ഓൾക്ക് സങ്കടം.

അതോണ്ട് തന്നെ നമ്മളോട് ഓരോന്ന് പറഞ്ഞ് വരുന്നവരെയൊക്കെ അത് എഡിറ്റ് ചെയ്ത ഫോട്ടോയാണ് ആദിൽക്ക അങ്ങനെ ഒന്നും ചെയ്യില്ലെന്ന് അച്ചു വാദിച്ചു.

പലരും അത് കേട്ട മാത്രയിൽ തള്ളി കളഞ്ഞെങ്കിലും അധിക പേരും അച്ചു പറഞ്ഞതിനോട് യോജിച്ചു. നമ്മള് അതൊന്നും കണ്ടില്ലെന്ന് നടിച്ച് നമ്മളെ പണിയും നോക്കി ഇരുന്നു.

കോളേജ് മൊത്തം ഇപ്പൊ ആദിയെ കുറിച്ചും സൽമയെ കുറിച്ചുമാണ് സംസാരം. ഇതിനോടകം ആരൊക്കെയോ ചേർന്ന് ആ ഫോട്ടോ എടുത്ത് നെറ്റിലിട്ടു.എന്നിട്ട് അതിനൊരു കാപ്ഷനും.

"ചെയർമാൻറെ ലീലാ വിലാസങ്ങൾ....

ഇവൻറെയൊക്കെ ടൈം ബെസ്റ്റ് ടൈമാണ് അളിയാ.."

ഇതൊക്കെ കണ്ടപ്പൊ നമ്മള് ചെയ്തത് കൂടി പോയെന്ന് നമ്മക്ക് നല്ല ബോധ്യായി. ആദിയോട് എല്ലാം തുറന്ന് പറഞ്ഞാലോ എന്ന് ചിന്തിച്ചെങ്കിലും ഓനെ ഫേസ് ചെയ്യാനുള്ള മടി കൊണ്ട് നമ്മള് പോയില്ല.

അച്ചൂന് ഇപ്പൊ നമ്മളോട് കൂടുതൽ വെറുപ്പായിട്ടുണ്ട്. നമ്മളെ ബാക്കി കുരാമീസ് ആണെങ്കിൽ നമ്മളോട് ഒന്ന് മിണ്ടുന്നത് പോലുമില്ല. ഇൻറർവെല്ലിന് നാലും കൂടി നമ്മളെ കൂട്ടാതെ പുറത്തേക്ക് പോയപ്പൊ നമ്മക്ക് നല്ലോണം സങ്കടായി.

അവരുടെ പിണക്കം മാറ്റാനായി അവരെ പിന്നാലെ പോയപ്പോ അവര് നമ്മളെ കാണാത്ത പോലെ ലൈബ്രറിയിലേക്ക് കേറി. അവരെ പിന്നാലെ നമ്മള് വെച്ച് പിടിച്ചെങ്കിലും ലൈബ്രറിയിൽ നമ്മക്ക് അവരെ കാണാൻ പറ്റിയില്ല.

അവരെ തിരഞ്ഞ് ഓരോ സെക്ഷനിലൂടേയും നടക്കുമ്പോഴാണ് പെട്ടെന്ന് ആരോ നമ്മളെ പിറകീന്ന് വന്ന് വാ പൊത്തി കൊണ്ട് പോയത്.

നമ്മളെ ഇംഗ്ലീഷ് സെക്ഷനിലേക്ക് വലിച്ച് ഒന്നാം പോയ ആ മഹാനെ കണ്ടപ്പൊ നമ്മള് ഒന്ന് ഞെട്ടി. ഈ കോന്തനിത് എന്തിനുള്ള പുറപ്പാടാണെന്ന് ചിന്തിച്ച് നമ്മള് തിരിഞ്ഞ് നോക്കിയപ്പൊ നമ്മളെ കുരാമീസ് നാല് പേരും തലയും താഴ്ത്തി നിൽക്കുന്നതാണ് നമ്മള് കണ്ടത്.

അവരെ ആ നിർത്തം കണ്ടപ്പൊ തന്നെ നമ്മള് ഊഹിച്ചു കോന്തൻ എല്ലാം അറിഞ്ഞെന്ന്. എന്തും നേരിടാൻ തയ്യാറായി കൊണ്ട് നമ്മള് ആ കോന്തനെ നോക്കി നിന്നു.

ഓൻ നമ്മളെ രൂക്ഷമായി നോക്കി കൊണ്ട് കയ്യിൽ ഉണ്ടായിരുന്ന ലാപ് നമ്മക്ക് നേരെ തിരിച്ച് പിടിച്ചു. അതിലെ വീഡിയോ കണ്ടതും നമ്മള് കുരാമീസിനെ അന്തം വിട്ട് നോക്കി നിന്നു. അവറ്റകള് ആണെങ്കിൽ തല ഉറക്കാത്ത പോലെ തലയും താഴ്ത്തി നിൽക്കാണ്.

ആ കോന്തൻ ലാപ് അടച്ച് വെച്ചിട്ട് നമ്മളെ നേരെ നടന്ന് വന്നു. അതിനനുസരിച്ച് നമ്മളും പിറകോട്ട് നടന്ന്

നമ്മള് അച്ചുവില് തട്ടി നിന്നു.

പണ്ടാറക്കാലത്തി നമ്മളെ പിടിച്ച് ഒരു തള്ളായിരുന്നു നേരെ ആ കോന്തൻറെ നെഞ്ചിൽ തന്നെ നമ്മള് ചെന്ന് വീണു.അപ്പൊ നമ്മളേ ഹൃദയം പെട്ടെന്ന് തുടിച്ചു അതിൻറെ ഷോക്കിൽ നമ്മള് എല്ലാം മറന്ന് ആ കോന്തൻറെ കാന്ത കണ്ണിലങ്ങനെ നോക്കി നിന്നു.

അപ്പൊ നമ്മളെ കുരാമീസ് അത് കണ്ട് ചിരിക്കാൻ തുടങ്ങി. അതുവരെ ഏതോ ലോകത്തായിരുന്ന ഞങ്ങൾ പെട്ടെന്ന് സ്വബോധത്തിലേക്ക് വന്നു.

അപ്പൊ തന്നെ നമ്മള് ഓനിൽ നിന്നും വിട്ട് നിന്നിട്ട് നമ്മളെ കുരാമീസിനെ നോക്കി കണ്ണുരുട്ടി. അവര് ചിരി കടിച്ച് പിടിച്ചോണ്ട് വീണ്ടും തല താഴ്ത്തി നിന്നു.

ഇനിയും ഇവിടെ നിൽക്കുന്നത് നല്ലതല്ലാന്ന് തോന്നിയപ്പൊ നമ്മള് മെല്ലെ മുങ്ങാൻ നോക്കി. പക്ഷേ അപ്പോഴേക്കും ആ കോന്തൻ നമ്മളെ കൈ പിടിച്ച് വലിച്ച് അവനിലേക്ക് അടുപ്പിച്ചിരുന്നു. അത് കണ്ടപ്പൊ

നമ്മളെ കുരാമീസ് തൊള്ളേം തുറന്ന് ഞങ്ങളെ തന്നെ നോക്കി നിന്നു.

" എങ്ങോട്ടോ ഇത്ര പെട്ടെന്ന് പോകുന്നത്? നിന്നെ ഇങ്ങോട്ട് പിടിച്ച് കൊണ്ട് വന്നതിൻറെ ഉദ്ദേശം പറഞ്ഞിട്ടില്ല..."

നമ്മക്ക് എന്തോ വയറ്റിലൂടെയൊക്കെ ഒരു കാളലങ്ങ് പോയി. ആ കോന്തൻറെ മുഖം നമ്മളെ മുഖത്തേക്ക് അടുക്കുന്തോറും നമ്മളെ ശരീരമാകെ രോമാഞ്ചം അനുഭവപ്പെട്ടു. അവന്റെ ചുടുനിശ്വാസം നമ്മളെ മുഖത്തേക്ക് വീശിയപ്പൊ വേറെ ഒന്നും നോക്കിയില്ല നമ്മളെ തല കൊണ്ട് ഓൻറെ തലക്ക് ഒരു മേട്ടം കൊടുത്തു.

അപ്പൊ തന്നെ ഓൻ നമ്മളെ കൈ വിട്ടു. സത്യം പറയാലോ ആ കൊട്ടില് നമ്മളെ തല നല്ലോണം വേദനിച്ചു. ആ കോന്തനും നമ്മളും കൂടി തല തടവി കൊണ്ട് രൂക്ഷമായി നോക്കി. ഓൻ തല തടവി കൊണ്ട് നമ്മളെ നേരെ നടന്നടുത്തു. എന്നിട്ട് നമ്മളോട് പറഞ്ഞു.

"ഇതിനുള്ളത് നിനക്ക് ഞാൻ വഴിയേ തരുന്നുണ്ട്.."

നമ്മക്ക് ഓൻ പറഞ്ഞതൊന്നും മനസ്സിലായില്ല. ഓൻ വീണ്ടും ലാപില് ആ വീഡിയോ ഓണാക്കി.

"കൊള്ളാം... ഈ ആദിയെ തളർത്താൻ വേണ്ടി നീ കഷ്ടപ്പെട്ട് ചെയ്തതൊന്നും വെറുതെ ആയില്ല...

ഇത് എപ്പോഴാ ഞാൻ വീഡിയോ എടുത്തേ എന്നാകും നിങ്ങള് ചിന്തിക്കുന്നുണ്ടാകാ അല്ലേ?

അന്ന് സൽമ ഇവൾക്കും സിയാദിനും എതിരെ ഉണ്ടാക്കിയ പോസ്റ്ററിന് ശേഷം ഞാൻ അവിടെ ഒരു ചെറിയ ക്യാമറ പതിപ്പിച്ചിരുന്നു...

ഇനിയും സൽമയിൽ നിന്നും അതുപോലെ വല്ല നീക്കവും ഉണ്ടായാൽ തെളിവോടെ പിടിച്ച് ഓളെ ഈ കോളേജിൽ നിന്ന് പുറത്താക്കാൻ വേണ്ടി ഞാൻ വെച്ച സ്പൈ ക്യാമിലാണ് ഇത് പെട്ടത്...

ഇന്നത്തെ ഇൻസിഡൻറിന് പിന്നിൽ സൽമയാകുമെന്ന് കരുതി ചെക്ക് ചെയ്തപ്പോഴല്ലെ യഥാർത്ഥ പ്രതികളെ കിട്ടിയത്..."

ഓൻ പറയുന്നത് കേട്ട് നമ്മള് ഇടങ്കണ്ണിട്ട് നമ്മളെ കുരാമീസിനെ നോക്കി. നാലും കൂടി നമ്മളെ നോക്കി പേടിപ്പിക്കാണ്.അതോണ്ട് നമ്മള് വേഗം മുഖം തിരിച്ചിട്ട് തല താഴ്ത്തി അങ്ങനെ നിന്നു.

കുറച്ച് നേരം എല്ലാവരും ഒന്ന് സൈലൻറായിട്ട് ആ കോന്തനെ ദയനീയമായി ഒന്ന് നോക്കി.

"എന്തേ നിങ്ങൾക്കൊന്നും പറയാനില്ലേ ടീം ഫാൻസ്...."

ആ കോന്തൻ പറഞ്ഞത് കേൾക്കേണ്ട താമസം അച്ചു അപ്പൊ തന്നെ കളം മാറ്റി ചവിട്ടി.

"കാക്കൂ...ഇതിലൊന്നും ഞങ്ങക്ക് യാതൊരു വിധ

പങ്കുമില്ല...എല്ലാത്തിനും പിറകിൽ ദെ ഇവളെ ചീഞ്ഞ ബുദ്ധിയാ.....അല്ലേടീ...."

"ആ....അതെ ആദിൽക്ക...എല്ലാവരും ഇവളെ പ്ലാനായിരുന്നു. ഞങ്ങൾ ഇവളെ കൂടെ പോയെന്ന തെറ്റേ ചെയ്തിട്ടുള്ളൂ...വേറെ ഒന്നും ചെയ്തിട്ടില്ല..."

അച്ചൂൻറേയും നസിൻറേയും കുമ്പസാരം കേട്ടപ്പോ നമ്മള് ഞെട്ടി പണ്ടാറടങ്ങി ആ രണ്ടിനേയും ഒന്ന് നോക്കി. അവറ്റകള് നമ്മളെ മൈൻഡ് ചെയ്യാതെ ആ കോന്തനെ നോക്കി നിൽക്കേന്നു...

അവരുടെ മനം മാറ്റം കണ്ടപ്പൊ നമ്മക്ക് പെരുവിരല് മുതലങ് എരിഞ്ഞ് കേറീലെ....നമ്മള് അച്ചൂനേയും നസിയേയും മാറി മാറി രൂക്ഷമായി നോക്കി കൊണ്ട് പല്ലിറുമ്പി.

അവര് നമ്മളെ ഒറ്റു കൊടുത്തപ്പൊ നമ്മക്ക് നല്ലോണം സങ്കടായി. നമ്മള് ആ കോന്തനെ ഇടങ്കണ്ണിട്ട് നോക്കിയപ്പൊ ഓൻ നമ്മളെ തന്നെ നോക്കി

പുച്ഛത്തോടെ ചിരിക്കാണ്. നമ്മള് അതൊന്നും കണ്ടില്ലെന്ന് നടിച്ച് തലയും താഴ്ത്തി അവിടെ നിന്നു.

അപ്പൊ തന്നെ ഇൻറ്റർവെൽ കഴിഞ്ഞ് അകത്തേക്ക് കേറാൻ ബെല്ലടിച്ചിരുന്നു. നമ്മളെ കുരാമീസ് ആ കോന്തൻറെ അടുത്തേക്ക് പോയിട്ട് ഓനോട് കെഞ്ചി.

"കാക്കൂ ബെല്ലടിച്ചു... ഞങ്ങൾ ക്ലാസിൽ പൊയ്ക്കോട്ടെ...കാക്കു ഞങ്ങളെ എപ്പൊ വിളിച്ചാലും ഞങ്ങൾ അപ്പൊ ഹാജറായിക്കോളാം."

"ഉം ശരി എന്നാ....ഇപ്പൊ നിങ്ങൾ പൊയ്ക്കോ ഞാൻ എപ്പൊ വിളിച്ചാലും അപ്പൊ ഇങ്ങോട്ട് വന്നേക്കണം..."

നമ്മളെ കുരാമീസ് തലയാട്ടി കൊണ്ട് അവിടന്ന് പോകാൻ നിന്നപ്പൊ കൂടെ നമ്മളും പോകാൻ നിന്നു. പക്ഷേ അപ്പോഴേക്കും ആ കോന്തൻ നമ്മളെ കൈ പിടിച്ചിട്ട് ഓൻറെ മുന്നിലേക്ക് വലിച്ച് നിർത്തി.

"നീയിതെങ്ങോട്ടാ പോകുന്നേ? ഞാൻ നിന്നോട് അല്ല ഇവരോടാ പോകാൻ പറഞ്ഞത്....

നീയല്ലേ ഈ പദ്ധതിയുടെ മാസ്റ്റർ ബ്രൈൻ...അപ്പൊ നിന്നെ അങ്ങനെ വെറുതെ വിടാൻ പറ്റില്ലല്ലോ.... അതോണ്ട് വൈസ് ചെയർപേഴ്സൺ ഇവിടെ നിൽക്ക്ട്ടോ...നിനക്കുള്ള പണി ഞാൻ വെച്ചിട്ടുണ്ട്...

നിങ്ങൾ പൊയ്ക്കോ... ഇവളെ ഇപ്പോഴൊന്നും പ്രതീക്ഷിക്കണ്ട...ഇവിടത്തെ പണി കഴിയുമ്പോ ഞാൻ അങ്ങോട്ട് വിടാം.."

നമ്മള് ആ കോന്തൻ പറയുന്നത് കേട്ട് അന്തം വിട്ട് നിന്നു. ഇത് ഒരു മാതിരി ഇടി വെട്ടിയവനെ കിങ് കോബ്ര കടിച്ചു എന്ന് പറഞ്ഞ പോലെ ആയി നമ്മളെ അവസ്ഥ.

ആ കോന്തൻ്റെ അന്തിമ തീരുമാനം കേട്ടപ്പോ നമ്മളെ കുരാമീസിൻ്റെ മുഖത്ത് ഒരു തെളിച്ചം വന്നു. അവറ്റകള് നമ്മളെ നോക്കി ചിരിച്ചോണ്ട് തലയാട്ടി

അവിടന്ന് പോകുന്നത് നിറ കണ്ണുകളോടെ അല്ലെങ്കിലും നമ്മള് നോക്കി നിന്നു.

അവര് അവിടന്ന് പോയതും നമ്മളെ ഉള്ള ധൈര്യവും കൂടി ചോർന്ന് പോയി. ആ കോന്തൻ നമ്മളെ അടുത്തേക്ക് വരുന്തോറും നമ്മളെ കയ്യും കാലും തളരാൻ തുടങ്ങി.

'ഫെബീ നീ ഇങ്ങനെ തളരല്ലേ...ബി സ്ട്രോങ്...ആ കോന്തൻറെ മുന്നിൽ നീ മുട്ട് കുത്തിയാൽ പിന്നെ നീ ജീവിച്ചിരുന്നിട്ട് കാര്യമില്ല മോളേ...

അതോണ്ട് ഉള്ള ധൈര്യം വെച്ച് ഈ സാഹചര്യം എങ്ങനെ എങ്കിലും കൈകാര്യം ചെയ്യ്...'

"എന്താടീ ഇത്രമാത്രം ചിന്തിച്ച് കൂട്ടുന്നത്? എൻറെ കയ്യീന്ന് എങ്ങനെ രക്ഷപ്പെടാം എന്നാണോ? അതൊന്നും നടപ്പില്ല മോളേ...ഈ ആദിൻറെ കയ്യീന്ന് ഇനി നിനക്കൊരു മോചനമില്ല...

പടച്ചോനായിട്ടാ എനിക്ക് ഇങ്ങനെ ഒരു അവസരം

തന്നത്...അത് ശരിക്ക് മുതലാക്കാതെ നിന്നെ എങ്ങനെ ഞാൻ വിടും..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ അടുത്തേക്ക് നടന്നു നീങ്ങി. നമ്മളെ കാല് ആണെങ്കിൽ നിയന്ത്രണമില്ലാതെ അതിനനുസരിച്ച് പിറകോട്ട് പോയി കൊണ്ടിരുന്നു. നമ്മള് ഓൻറെ ആ കാന്ത കണ്ണിൽ നോക്കി കൊണ്ട് പിന്നോട്ട് നടന്ന് നീങ്ങി ഒരു ഷെൽഫില് തട്ടി നിന്നു. ഓൻ ഒരു പുച്ഛത്തോടെ നമ്മളെ അടുത്തേക്ക് വന്നിട്ട് അവൻറെ കൈ എൻറെ രണ്ട് സൈഡിലുമായി വെച്ചിട്ട് നമ്മളെ കണ്ണിലേക്ക് തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു.

"ആയിഷാ....ആയിഷാ ഫെബി...കോളേജിലെ പുലിക്കുട്ടി.... ഈ ആദിൻറെ മനസ് കീഴടക്കിയ കാപ്പി കണ്ണുള്ള മൊഞ്ചത്തി....

എന്തു പറ്റി? പേടിച്ച് പോയോ? ഞാൻ തുടങ്ങിയിട്ടല്ലേ ഉള്ളൂ...ഇനിയും നീ എന്തൊക്കെ കാണാൻ കിടക്കുന്നു...."

എന്ന് പറഞ്ഞ് ആ കോന്തൻ ചിരിച്ചോണ്ട് നമ്മളെ അടുത്ത് നിന്ന് വിട്ട് നിന്നു. എന്നിട്ട് അവിടെ ഒരു കസേരയിട്ട് അതിലിരുന്നിട്ട് ടേബിളിൽ കാലും കേറ്റി വെച്ച് നമ്മളെ അടുത്തേക്ക് വിളിച്ചു...

നമ്മള് വേറെ നിവർത്തി ഒന്നും ഇല്ലാത്തോണ്ട് ഓൻറെ അടുത്തേക്ക് ചെന്നു...അപ്പൊ ഓൻ നമ്മളെ നോക്കി ഓൻറെ കാലിലേക്ക് ചൂണ്ടിക്കാട്ടി... നമ്മള് എന്ത് എന്ന രീതിയിൽ ഓനെ നോക്കി.

"നിൻറെ പിന്നാലെ നടന്നിട്ട് എൻറെ കാല് ഭയങ്കര വേദന...അതോണ്ട് ഇക്കാൻറെ ഐഷു മോള് എൻറെ കാലൊന്ന് തിരുമ്മി തന്നേ..."

"അയ്യട... എന്താ ചെക്കൻറെ ഒരു പൂതി...അത് അൻറെ കെട്ട്യോളോട് പോയി പറഞ്ഞാൽ മതി. എന്നെ ഒന്നും കിട്ടില്ല നിൻറെ കാല് പിടിക്കാൻ..."

നമ്മള് കയ്യും കെട്ടി എങ്ങോട്ടോ നോക്കി നിന്നു.

"ഓഹോ. ..അപ്പൊ നീ എൻറെ കാല് തിരുമ്മി തരില്ല അല്ലേ..."

"അതേ..."

"ഓക്കേ...ഫൈൻ...എന്നാ പിന്നെ നിൻറെ ഈ മതില് ചാട്ടവും പോസ്റ്റർ ഒട്ടിക്കലുമൊക്കെ നാട്ടുകാരും കൂടി ഒന്ന് കാണട്ടെ...എന്തേ...?"

എന്ന് പറഞ്ഞ് ആ കോന്തൻ ലാപ് തുറന്ന് എന്തൊക്കെയോ ടൈപ്പ് ചെയ്യാൻ തുടങ്ങി. നമ്മള് ആരാ മോള്...അപ്പൊ തന്നെ ഓൻറെ കയ്യീന്ന് ആ ലാപ് വാങ്ങിയിട്ട് അത് നിലത്തേക്ക് എറിഞ്ഞു. എന്നിട്ട് അതിൻറെ മോളി കേറി അത് ചവിട്ടി കൂട്ടി മൂലക്കിലിട്ടു.

നമ്മള് ഇത്രയൊക്കെ ചെയ്തിട്ടും ആ കോന്തൻ ഇരുന്നിടത്ത് നിന്ന് എണീക്കാതെ നമ്മളെ നോക്കി പുഞ്ചിരിക്കാണ്...

നമ്മള് ഓൻറെ അടുത്തേക്ക് ചെന്നിട്ട് ഓൻറെ മുഖത്തിൻറെ നേർക്ക് നേരെ നിന്നിട്ട് പുച്ഛത്തോടെ

ചിരിച്ചു.

"ഇനിയെന്ത് കാണിച്ചാ നീയെന്നെ വരുതിയിൽ കൊണ്ട് വരാ? ഉണ്ടായിരുന്ന ഒരു തെളിവും പോയില്ലേ? അതാണ് ഈ ആയിഷാ ഫെബീ...എന്നോട് കളിക്കാൻ നിക്കണ്ട മോനേ...തോറ്റ് പോകും..."

എന്ന് പറഞ്ഞ് നമ്മള് തിരിഞ്ഞതും ആ കോന്തൻ നമ്മളെ കയ്യിൽ പിടിച്ച് വലിച്ചിട്ട് ഓൻ്റെ മടിയിലിരുത്തി. നമ്മള് ഷോക്കടിച്ച പോലെ എന്താ ഇപ്പൊ നടന്നതെന്ന് അറിയാതെ ഓനെ തന്നെ മിഴിച്ച് നോക്കി. ഓൻ ഒരു കള്ളച്ചിരിയോടെ നമ്മളെ നേരെ മുഖം കൊണ്ട് വന്നപ്പൊ നമ്മള് പെട്ടെന്ന് ഓൻ്റെ മടീന്ന് എണീറ്റിട്ട് ഓനെ നോക്കി കണ്ണുരുട്ടി.

ഓൻ നമ്മളെ നോക്കി ഹലാക്കിലെ ചിരിയായിരുന്നു. നമ്മക്ക് അത് കണ്ടപ്പൊ അതിലേറെ ദേഷ്യം വന്നു.

"എന്താടാ ഉള്ള തെളിവും പോയപ്പൊ ഭ്രാന്തായോ?"

"എനിക്കല്ല മോളേ മിക്കവാറും നിനക്ക് ആകും ഭ്രാന്താകാ...കാരണം ആ ലാപിൽ അല്ല ഈ പെൻഡ്രൈവിലാണ് നിങ്ങളെ കലാവിരുതുള്ളത്.."

ഓൻ അതും പറഞ്ഞ് പോക്കറ്റിൽ നിന്നും ഒരു പെൻഡ്രൈവ് എടുത്ത് കാണിച്ചു. നമ്മളത് കണ്ടപ്പൊ ഞെട്ടി പണ്ടാറടങ്ങി എങ്കിലും നമ്മള് അത് പുറത്ത് കാണിക്കാതെ ഓനെ നോക്കി പുഞ്ചിരിച്ചു.

"അപ്പൊ എങ്ങനെ കാര്യങ്ങൾ...? എൻ്റെ കാല് പിടിക്കല്ലേ?"

"ഇല്ലെങ്കിൽ....?"

നമ്മള് ഓനെ നോക്കി കൊണ്ട് അത് പറഞ്ഞപ്പൊ ഓൻ്റെ മുഖത്ത് ഒരു അത്ഭുതം നിറയുന്നത് നമ്മള് കണ്ടു.

"ഇല്ലെങ്കിൽ എന്താ ഈ വീഡിയോ എടുത്ത് ഞാൻ

പബ്ലിഷ് ചെയ്യും അത്ര തന്നെ..."

"ഓഹോ...എന്നാ ചെയ്യ്... ഞാനൊന്ന് കാണട്ടെ..."

നമ്മളെ ഉറച്ച ശബ്ദത്തിലുള്ള വാക്കുകൾ കേട്ട് ഓൻ ചെറുതായി പതറിയ പോലെ നമ്മക്ക് തോന്നി...

"ദേ... ഞാൻ ശരിക്കും ഇത് പബ്ലിഷ് ചെയ്യുംട്ടോ..."

"ഹാ....നീ ചെയ്തോ ചെയർമാനേ...ഞാൻ അല്ലേ പറയുന്നത്... ചെയ്തോന്നേ ..."

ഓൻ നമ്മളെ നോക്കി അന്തം വിട്ട് നിൽക്കുന്നത് കണ്ടപ്പൊ നമ്മള് ഓനെ നോക്കി ചിരിച്ചു.

"എന്തേ...ചെയ്യുന്നില്ലേ...?

നിനക്ക് അങ്ങനെ ചെയ്യാൻ പറ്റില്ലെന്ന് മറ്റാരേക്കാളും

നന്നായിട്ട് എനിക്ക് അറിയാം കോന്താ..."

"ഓഹോ...നിനക്ക് എന്താ ഇത്രക്ക് ഉറപ്പ് ഞാൻ അങ്ങനെ ചെയ്യില്ലാന്ന്...പറ..."

നമ്മള് ഓൻറെ അടുത്തേക്ക് ചെന്നിട്ട് ഓൻറെ കാന്ത കണ്ണിലേക്ക് നോക്കി കൊണ്ട് പറഞ്ഞു.

"കാരണം... നിനക്ക് എന്നെ അത്രക്ക് ഇഷ്ടാണ്...

എനിക്ക് ദോഷം വരുന്ന ഒരു കാര്യവും നീ സ്വപ്നത്തിൽ പോലും ചിന്തിക്കില്ല..."

നമ്മള് പറയുന്നത് കേട്ട് ഓൻറെ മുഖം പ്രസന്നമായി. ഓൻറെ ചുണ്ടുകളിൽ ആരേയും വശീകരിക്കാൻ കഴിയുന്ന ഒരു പുഞ്ചിരി വിടർന്നു. ഓൻറെ ആ പുഞ്ചിരിയിൽ മതി മറന്ന് നമ്മള് ഓൻറെ മുഖത്തേക്ക് തന്നെ നോക്കി നിന്നു.

പെട്ടെന്ന് ആയിരുന്നു ആ കോന്തൻറെ

പ്രതികരണം....ഓൻ നമ്മളെ അരയിലൂടെ കയ്യിട്ട് ഓൻ്റെ അടുത്തേക്ക് അടുപ്പിച്ച് നിർത്തി.

നമ്മക്ക് പെട്ടെന്ന് ശ്വാസം നിലച്ച് പോയ പോലെ തോന്നി. ഓൻ്റെ കൈ പിടിയിൽ നിന്നും കുതറി മാറാൻ ശ്രമിച്ചുനോക്കിയെങ്കിലും നോ രക്ഷ...

ഉടുമ്പ് പിടിച്ച പോലെ അത്രക്ക് ശക്തി ഉണ്ട് ഓൻ്റെ പിടുത്തത്തിന്.

"അപ്പൊ നിനക്ക് എല്ലാം അറിയാം....ഞാൻ നിന്നെ എന്തു മാത്രം സ്നേഹിക്കുന്നുണ്ടെന്നും എൻ്റെ ഭാഗത്ത് നിനക്ക് എതിരെ ഒരു നീക്കവും ഉണ്ടാവില്ലെന്നും...അല്ലേ...?

എന്നിട്ടാണോടീ നീ എന്നെ ഇട്ട് ഇങ്ങനെ വട്ട് കളിപ്പിക്കുന്നേ..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ പിടി വിട്ടു. നമ്മള് ഓനിൽ നിന്നും നാലഞ്ച് അടി പിന്നിലേക്ക് നീങ്ങി നിന്നു.

"ഞാൻ നിന്നെ എത്രത്തോളം സ്നേഹിക്കുന്നുണ്ടെന്ന് നിനക്ക് അറിയാം...

എന്നിട്ടും നീയെൻറെ സ്നേഹം മനസ്സിലാക്കുന്നില്ല...എന്ത് കൊണ്ട്?

നിനക്ക് ഇഷ്ടമല്ലേ?

അതോ... ഇനി.,.. വേറെ വല്ല ഇഷ്ടവും ആരോടെങ്കിലും...."

അത് പറയുമ്പൊ ആദിൻറെ ശബ്ദം ഇടറുന്നത് നമ്മക്ക് മനസ്സിലായി. ഇനിയൊന്നും ആദിയിൽ നിന്നും മറച്ച് വെച്ചിട്ട് കാര്യമില്ലെന്ന് എനിക്ക് തോന്നി. അതോണ്ട് ആദിയോട് എല്ലാം തുറന്ന് പറയാൻ നമ്മള് തീരുമാനിച്ചു.

"ഞാൻ എന്ത് കൊണ്ടാ നിൻറെ സ്നേഹം മനസ്സിലാക്കിയിട്ടും നിന്നെ തിരിച്ച് സ്നേഹിക്കാത്തതെന്ന് അറിയണമല്ലേ.?"

ആദി നമ്മളെ തന്നെ ഉറ്റു നോക്കി കൊണ്ട് നമ്മള് പറയുന്നത് ശ്രദ്ധിച്ച് കേട്ട് നിന്നു.

(തുടരും)

ഭാഗം. 52

"ഞാൻ എന്ത് കൊണ്ടാ നിൻറെ സ്നേഹം മനസ്സിലാക്കിയിട്ടും നിന്നെ തിരിച്ച് സ്നേഹിക്കാത്തതെന്ന് നിനക്ക് അറിയണമല്ലേ...?"

ആദി നമ്മളെ തന്നെ ഉറ്റു നോക്കി കൊണ്ട് നമ്മള് പറയുന്നത് ശ്രദ്ധിച്ച് കേട്ട് നിന്നു. നമ്മക്ക് ആണെങ്കിൽ എങ്ങനെ പറഞ്ഞ് തുടങ്ങണമെന്ന് ഒരു പിടുത്തവും ഇല്ലേന്നു. കണ്ണ് നീരിനെയൊക്കെ കടിച്ച് പിടിച്ച് നമ്മള് പറഞ്ഞ് തുടങ്ങി.

"എനിക്ക് ഇങ്ങള് അറിയാത്ത ഒരു പാസ്റ്റുണ്ട്...ആ ഒരു

അദ്ധ്യായത്തിന് ഞാൻ എൻറെ ലൈഫില് ഒരുപാട് പ്രാധാന്യം കൊടുക്കുന്നുണ്ട്...

എനിക്ക്...."

"ഡാ ആദി നിന്നെ എവിടെയൊക്കെ തിരയണം...? നീ ഇവിടെ വന്ന് നിക്കാണോ?

ഇവളോട് ഒക്കെ പിന്നെ കൊഞ്ചി കൊഴയാം നീ വാ നിന്നെ പ്രിൻസി അന്വേഷിക്കുന്നു."

നമ്മക്ക് പറയാനുള്ളത് തുടങ്ങി വെച്ചപ്പോഴേക്കും നിസൂക്ക വന്ന് ആദിയെ വലിച്ചു. നമ്മള് അപ്പോഴേക്കും നമ്മളെ കണ്ണീര് ആരും കാണാതെ തുടച്ചിട്ട് അവരെ നോക്കി ചിരിച്ചു.

"ഡാ നിസു ഞാൻ വരാം...നീ ചെല്ല്..."

"എൻറെ നിസൂക്ക ഇങ്ങള് വന്നത് നന്നായി ഒന്ന് വേഗം ഈ കോന്തനെ ഇവിടന്ന് കൊണ്ട് പോയേ.... ഇല്ലെങ്കിൽ

ഇവന് ഇന്നെന്നെ കൊല്ലും..."

നമ്മളെ പറച്ചില് കേട്ടപ്പൊ ആദി നമ്മളെ ഒരു നോട്ടമായിരുന്നു. നമ്മളും തിരിച്ച് പല്ലിളിച്ച് കൊണ്ട് ഓനെ നോക്കി നിന്നു.

"ഡാ...ഇവളെ ഒക്കെ നമുക്ക് എപ്പൊ വേണേലും കയ്യിൽ കിട്ടും അപ്പൊ നീ എന്താന്ന് വെച്ചാൽ ആയിക്കോ....ഇപ്പൊ ആ പ്രിൻസിൻറെ അടുത്തേക്ക് പോകാം...

ഓണം സെലബ്രേഷനെ കുറിച്ച് അയാക്ക് എന്തോ നിന്നോട് പറയാനുണ്ടെന്ന്...നീ വാ..."

ആദി നമ്മളെ തന്നെ നോക്കി കൊണ്ട് നിസൂക്കാൻറെ കൂടെ ഇറങ്ങി പോയി. നമ്മള് ഒന്ന് നെടുവീർപ്പിട്ടോണ്ട് ക്ലാസിലേക്ക് നടന്നു നീങ്ങി.

'എന്താ പടച്ചോനേ എത്ര ശ്രമിച്ചിട്ടും ആദിയോട് എനിക്ക് ഒന്നും പറയാൻ കഴിയാത്തത്?

ഇത് രണ്ടാമത്തെ തവണയാണ് അവനോട് ഒന്നും പറയാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നത്...എന്താ ഇതിനൊക്കെ അർത്ഥം..?

ആദി അതൊന്നും അറിയാൻ ആയിട്ടില്ല എന്നാണോ?

അതോ എൻറെ പാസ്റ്റ് എന്നും ഒരു രഹസ്യമായിട്ട് ഇരിക്കട്ടെ എന്നാണോ?

എനിക്ക് ഒന്നും മനസ്സിലാകുന്നില്ലല്ലോ പടച്ചോനേ... '

ചിന്തിച്ച് ചിന്തിച്ച് നമ്മള് ക്ലാസിൽ കേറി ഇരുന്നതൊന്നും നമ്മള് അറിഞ്ഞില്ല. നമ്മളെ ചിന്തകൾക്ക് വിരാമമിട്ട് കൊണ്ട് നമ്മളെ കുരാമീസ് നമ്മളെ പിടിച്ച് കുലുക്കി.

"എടീ ഫെബീ കാക്കു നിന്നെ വല്ലതും ചെയ്തോ? നീ ഇങ്ങനെ വരുന്നു.."

"എനിക്ക് ഉറപ്പാ അച്ചൂ എന്തോ അരുതാത്തത്

നടന്നിട്ടുണ്ട്... ഓളെ കോലം കണ്ടാൽ തന്നെ അറിയില്ലേ?"

"എടീ സനേ....ഇനി ആദിൽക്ക എങ്ങാനും ഇവളെ ഉമ്മ വെച്ചിട്ടുണ്ടാവോ?"

"അതൊന്നും ആയിരിക്കില്ല നസീ...മിക്കവാറും ഇവളെ കെട്ടി പിടിച്ചിട്ടുണ്ടാകും.."

നമ്മള് അവറ്റകള് പറയുന്നത് കേട്ട് തൊള്ളേം തുറന്ന് അവരെ നോക്കി കൊണ്ട് അലറി.

"ഒന്ന് നിർത്തോ നാലും...കുറേ നേരായല്ലോ നാലും കൂടി ഓരോന്ന് മെനഞ്ഞുണ്ടാക്കുന്നു.....എന്താ ഉദ്ദേശം...?"

അവറ്റകള് നമ്മളെ നോക്കി പല്ലിച്ച് കാണിച്ചു.

"അല്ല ഫെബീ നീ കാക്കൂൻറെ അടുത്തേക്ക് പോയിട്ട്

ഇത്രയും സമയായില്ലേ....അപ്പൊ ഞങ്ങൾ കരുതി........"

"പോടീ നശൂലങ്ങളെ....എന്നെ ആ കോന്തൻറെ മുന്നിലേക്ക് ഇട്ട് കൊടുത്തിട്ട് നിങ്ങൾ മുങ്ങി കളഞ്ഞില്ലേ...

ഇനി എന്നോട് മിണ്ടാൻ വന്നേക്കരുത് നാലും..."

"എടീ ഫെബീ പിണങ്ങല്ലെടാ...വേറെ ആരുടേയും മുന്നിലേക്ക് അല്ലല്ലോ നിന്നെ ഇട്ട് കൊടുത്തത്...നിന്നെ കെട്ടാൻ പോകുന്നോൻറെ മുന്നിലേക്കല്ലേ...?"

ഷംനൻറെ സംസാരം കേട്ടപ്പോ നമ്മക്ക് അങ്ങട്ട് എരിഞ്ഞ് കേറി. നമ്മള് ആ ദേഷ്യം ഓളെ പുറത്ത് തബല കൊട്ടി തീർത്തു.

"എടീ ഫെബീ ഞങ്ങൾ നിന്നെ അവിടെ ഒറ്റക്കാക്കി പോന്നത് നിനക്കുള്ള ശിക്ഷ ആയിട്ട് നീ കൂട്ടിയാൽ മതി... നീ കാക്കൂനെ എല്ലാരെ മുൻപിൽ വെച്ചും നാണം

കെടുത്തിയില്ലേ അതിനുള്ള ഒരു ചെറിയ ശിക്ഷ...."

നമ്മള് അവരെ നേരെ ഒരു ലോഡ് പുച്ഛമെറിഞ്ഞിട്ട് അവറ്റകള് നാലിനേയും പഞ്ഞിക്കിട്ടു. അതോടെ നമ്മളെ ദേഷ്യവും സങ്കടവുമൊക്കെ പമ്പ മാത്രല്ല അറബിക്കടല് വരെ കടന്നു.

പിന്നെ അങ്ങോട്ടുള്ള ദിവസങ്ങളിൽ എനിക്ക് ആദിയെ ഒന്ന് നേർക്ക് നേർ കാണാനോ സംസാരിക്കാനോ ഉള്ള അവസരങ്ങൾ കിട്ടിയില്ല....

ഓണം സെലബ്രേഷൻറെ മുന്നോടിയായി നടത്തുന്ന പരിപാടികളെ കുറിച്ച് ചർച്ച ചെയ്യാൻ യൂണിയന്റെ മീറ്റിങ് നടന്നെങ്കിലും അപ്പോഴൊക്കേ ഞങ്ങൾ എല്ലാവരും നല്ല തിരക്കിലായോണ്ട് ഒന്നും സംസാരിക്കാൻ പറ്റിയില്ല...

സത്യം പറഞ്ഞാൽ നമ്മള് മനപ്പൂർവ്വം ഓൻറെ മുന്നിൽ ചെന്ന് ചാടാഞ്ഞതായിരുന്നു. ഇനി അഥവാ പോയി പെട്ടാൽ ഓൻ നമ്മളെ ബ്ലാക്ക് മെയിൽ ചെയ്താലോന്ന് കരുതി ഓന് അധികം മുഖം കൊടുത്തില്ല.

അങ്ങനെ കോളേജിലെ ഓണം സെലബ്രേഷൻ ഇങ്ങെത്തി. അതിൻറെ മുന്നോടിയായി ഞങ്ങൾ അഞ്ച് പേരും കൂടി അന്ന് പരിപാടിക്ക് ഇടാൻ വേണ്ടി ഒരു പോലെയുള്ള ധാവണി എടുത്തിരുന്നു. ബ്ലാക്കും പീച്ചും നിറത്തിലുള്ള ധാവണി.

ഞങ്ങൾ അഞ്ച് പേരും അതൊക്കെ ചുറ്റി നല്ല മുല്ലപ്പൂവൊക്കെ ചൂടി മൊഞ്ചത്തികളായി തന്നെ കോളേജിൽ എത്തി. ഞങ്ങളെ കണ്ടതും എല്ലാവരെ ശ്രദ്ധയും ഞങ്ങളിലേക്ക് പതിച്ചു. ഞങ്ങൾ നല്ല ഗമയില് തന്നെ എല്ലാവരേയും നോക്കി ചിരിച്ചോണ്ട് ക്ലാസിലേക്ക് നടന്നു.

ക്ലാസില് എത്തിയപ്പൊ എല്ലാവരും കൂടി പൂക്കളമൊരുക്കുന്ന തിരക്കിലാണ്. നമ്മളെ അച്ചുവാണ് പൂക്കളത്തിൻറെ ഡിസൈനർ...

ഓള് പൂക്കളം വരച്ചോണ്ടിരിക്കുമ്പോഴാണ് കാക്കു നമ്മളെ വിളിച്ചോണ്ട് വരാന്തയിലേക്ക് കൊണ്ട് പോയത്.

"എന്താ കാക്കൂ...എന്താ കാര്യം?"

"ഞാൻ ഇൻറെ പെങ്ങളെയൊന്ന് കാണാൻ വേണ്ടി വന്നതല്ലെ പൊന്നേ.... വെറുതെ പറയല്ലട്ടോ മോളേ ഈ കളറില് നിന്നെ കാണാൻ നല്ല അഡാറ് ലുക്ക് തന്നെയാ..."

"താങ്ക്യൂ...താങ്ക്യൂ..."

നമ്മള് കാക്കൂൻറെ പുകഴ്ത്തല് കേട്ടിട്ട് തുള്ളി ചാടായിരുന്നു. കാക്കുവും ഞാനും കൂടി നിന്നിട്ട് ഒരു സെൽഫി എടുത്തു.

കുറച്ച് കഴിഞ്ഞപ്പൊ നമ്മളെ ബാക്കി ബ്രദേഴ്സും കാക്കു ഇട്ടിരിക്കുന്ന അതേ വേഷത്തിൽ നമ്മളെ അടുത്തേക്ക് വന്നു. എല്ലാവരും ഫുൾ ഡ്രസ് കോഡിൽ മിന്നി തിളങ്ങായിരുന്നു.

നമ്മള് നമ്മളെ ബ്രദേഴ്സിൻറെ കൂടെ നിന്നിട്ട് ഒരുപാട് സെൽഫിയൊക്കെ എടുത്ത് കുറച്ച് നേരം അവരോട് സംസാരിച്ചിരുന്നു.

കുറച്ച് കഴിഞ്ഞപ്പൊ ഓണ പരിപാടികൾ ഗ്രൗണ്ടിൽ തുടങ്ങാറായെന്ന് ഒരു അനൗൺസ്മെൻറ് കേട്ടതും നമ്മളെ ബ്രദേഴ്സും വരാന്തയിൽ തടിച്ച് കൂടി നിന്ന കുട്ടികളും കൂടി ഗ്രൗണ്ടിലേക്ക് പോയി.

നമ്മക്കും നമ്മളെ കുരാമീസിനും പിന്നെ വേറെ അഞ്ച് കുട്ടികൾക്കുമാണ് പൂക്കളമൊരുക്കാനുള്ള ചുമതലയുള്ളത്. അതോണ്ട് നമ്മള് വേഗം ക്ലാസിലേക്ക് കേറി പൂക്കളത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തി. അപ്പോഴാണ് നമ്മള് മറ്റൊരു കാര്യം ശ്രദ്ധിച്ചത്.

ഒരു പൂക്കൊട്ടയും പിന്നെ നമ്മളെ അച്ചൂനേയും അരുണിനേയും കാണാനില്ലാന്ന്.

"ഡീ നസീ...അച്ചുവും അരുണും എവിടെ പോയി...?

രണ്ടിനേയും കാണുന്നില്ലല്ലോ..."

"എൻറെ ഫെബീ...അവര് രണ്ട് പേരും കൂടി കുറച്ച് മുൻപാ ഒരു പൂക്കൊട്ടയും കൊണ്ട് ഇവിടന്ന് ഇറങ്ങിയത്. ചോദിച്ചപ്പൊ പൂവൊക്കെ പിച്ചി ഇതളൊക്കെ വേർതിരിച്ച് കൊണ്ട് വരാമെന്ന് പറഞ്ഞ് ആ ടെറസിൻറെ മോളിലേക്ക് കേറി പോയിട്ടുണ്ട്...രണ്ടും കൂടി അവിടെ എന്താണാവോ കാണിച്ച് കൂട്ടാൻ പോകുന്നത്.."

നസി പറയുന്നത് കേട്ട് ഞങ്ങൾ എല്ലാവരും പൊരിഞ്ഞ ചിരി ആയിരുന്നു.

"അങ്ങനെ പോവാണെങ്കിൽ തന്നെ അവർക്ക് തനിച്ച് പോയാ പോരേ...എന്തിനാ ആ പൂക്കൊട്ടയും കൊണ്ട് പോയത്?

ഇനിയിപ്പൊ അത് ഈ അടുത്ത കാലത്തെങ്ങാനും കിട്ടോ ആവോ...

എന്തായാലും ഞാനൊന്ന് പോയി ചെന്ന് നോക്കട്ടെ

എന്താ അവർക്ക് പണിയെന്ന്..."

"ഫെബീ ഞാനും ഉണ്ട് നിൻറെ കൂടെ...അവർക്കെന്താ അവിടെ പണിയെന്ന് ഇൻക്കും ഒന്ന് കാണണം.."

ഷാമിലിൻറെ വർത്താനം കേട്ട് അവിടെ ഒരു കൂട്ടച്ചിരി മുഴങ്ങി. നമ്മള് ഓൻറെ തോളില് രണ്ട് തട്ട് കൊടുത്തു.

" അങ്ങനെ ഇപ്പൊ പൊന്നു മോൻ കാണണ്ടട്ടോ...ഞാൻ പോയി കണ്ടോളാം...എടീ ഇവനെ ഇവിടെ പിടിച്ച് വെച്ചോ ഞാൻ വന്നിട്ട് വിട്ടാൽ മതി..."

എന്ന് റിയയോട് പറഞ്ഞിട്ട് നമ്മള് അവിടന്ന് പോന്നു. റിയയും ഷാമിലും ഇഷ്ടത്തിലാണ് അതും പത്താം ക്ലാസ് മുതൽ തുടങ്ങിയ പ്രണയം...എത്ര തവണ വീട്ടിൽ പിടിച്ച് പ്രശ്നമായിട്ടും ഓള‌െ ഇക്കാക്കമാര് വന്ന് പഞ്ഞിക്കിട്ടിട്ടും അതൊന്നും ഞങ്ങളെ ഏശൂലാന്ന് പറഞ്ഞ് ഇപ്പോഴും ആ ബന്ധം തുടരുന്നു.

നമ്മള് പറഞ്ഞ് പറഞ്ഞ് കഥേന്ന് പോന്നുലേ...എന്നാ വരി നമുക്ക് തിരിച്ച് പോകാം...

അങ്ങനെ നമ്മള് അവറ്റകള് രണ്ടിനേയും തിരഞ്ഞ് പതിനെട്ടാം പടി കേറി കേറി നമ്മളെ ഊപ്പാടിളകി. അതും ആ ധാവണിയും വലിച്ചോണ്ട് അവിടെ വരെ എങ്ങനെ പോയെന്ന് നമ്മക്കേ അറിയൂ...

നമ്മള് അവിടെ എത്തിയപ്പൊ അച്ചുവും അരുണും കൂടി സെൽഫി എടുക്കുന്ന തിരക്കിലേന്നു. ആ പൂക്കൊട്ടയിലേ പൂവാണെങ്കിലോ ഒന്ന് അനങ്ങിയിട്ട് പോലും ഇല്ല. അപ്പൊ തന്നെ നമ്മക്ക് മനസ്സിലായി രണ്ടും കൂടി ഇവിടെ പിച്ചി കളിക്കായിരുന്നെന്ന്.

"ഡീ......"

നമ്മളെ അലർച്ച കേട്ടപ്പോ രണ്ടു പേരും ഞെട്ടി തിരിഞ്ഞ് നമ്മളെ നോക്കി. നമ്മളെ കണ്ടപ്പൊ അവരെ മുഖത്തുള്ള ഞെട്ടലൊക്കെ മാഞ്ഞു പോയി.

"ഹൊ...നീയായിരുന്നോ...പേടിപ്പിച്ച് കളഞ്ഞല്ലോ നീ..." അരുണാണ്.

"രണ്ടിനും ഇവിടെ എന്താ പണി?"

"അത്...ഞങ്ങള്...ഈ പൂവൊക്കെ പിച്ചാൻ വേണ്ടി..." അച്ചുവാണ്.

" എന്നിട്ട് പിച്ചി കഴിഞ്ഞോ രണ്ടും..."

നമ്മളെ പരിഹാസത്തോടെയുള്ള ചോദ്യം കേട്ടപ്പൊ അവര് രണ്ട് പേരും കൂടി നമ്മളെ നോക്കി പല്ലിളിച്ചു.നമ്മള് അപ്പൊ തന്നെ അവരെ രണ്ടിനേയും പിച്ചി കൊണ്ട് ആ പൂക്കൊട്ടയും എടുത്ത് തിരിച്ച് നടന്നു.

"ആ പിന്നെ...രണ്ടും കൂടി ഇവിടെ നിന്ന് അധികം പിച്ചി കളിക്കണ്ട...വേഗം അങ്ങ് താഴേക്ക് ഇറങ്ങി വന്നേക്കണം...ഇല്ലെങ്കിൽ ഞാൻ ഒരു വരവ് കൂടിയിങ്ങ് കേറി വരും...അപ്പൊ കൂടെ ക്ലാസ്സ് മൊത്തം കാണും..."

"എടീ ഫെബീ ഒരു പത്ത് മിനിറ്റ് ഞങ്ങൾ വേഗം വന്നേക്കാം..." അച്ചുവാണ്

"ഉം...നിങ്ങളെ പത്ത് മിനിറ്റ് അല്ലെ...നടന്നത് തന്നേ..."

എന്ന് പറഞ്ഞ് നമ്മള് അവരെ നോക്കി ചിരിച്ചിട്ട് താഴേക്ക് ഇറങ്ങി. ഒരു കയ്യിൽ പൂക്കൊട്ടയും മറ്റേ കയ്യിൽ ധാവണിൻറെ ഒരറ്റവും പിടിച്ചോണ്ടാണ് നമ്മളെ നടത്തം.

എങ്ങനെയൊക്കെയോ ഒരു ഫ്ലോറ് ഇറങ്ങി തീർന്നപ്പോഴാ ഇനിയും ഒരെണ്ണം കൂടി ഉണ്ടെന്ന് ഓർമ്മ വന്നത്.

നമ്മള് അടുത്ത ഫ്ലോറിലേക്ക് ഇറങ്ങാൻ വേണ്ടി തിരിഞ്ഞതും അവിടന്ന് ആരോ കേറി വന്നതും ഒരുമിച്ചായിരുന്നു. പിന്നെ ഒന്നും പറയണ്ടല്ലൊ അയാളും ഞാനും കൂടി കൂട്ടി മുട്ടി.

നമ്മളെ കയ്യിൽ ഉണ്ടായിരുന്ന പൂക്കൊട്ട വായുവിലൂടെ പറന്നു, അതിലെ പൂക്കൾ ഞങ്ങളെ തലയിലേക്ക് വീണു. ഇതിനുമൊക്കെ പുറമെ നമ്മള് ഇടിച്ച ആഘാതത്തിൽ കാല് സ്ലിപ്പായി വീഴാൻ പോയപ്പൊ നമ്മളെ അയാള് പിടിച്ച് അയാളിലേക്ക് അടുപ്പിച്ചിരുന്നു. അപ്പൊ തന്നെ ഞങ്ങളെ തലേക്ക് ആ പൂക്കളെ കൂടെ ആ പൂക്കൊട്ടയും വീണിരുന്നു.

എന്തൊക്കെയാ ഇവിടെ ഒറ്റ സെക്കന്റ് കൊണ്ട് നടന്നതെന്ന് ആലോചിച്ച് നമ്മള് അയാളെ നെഞ്ചിൽ അങ്ങനെ കിടന്നു. പെട്ടെന്ന് സ്വബോധം വീണ്ടെടുത്ത് കണ്ണ് തുറന്നു നോക്കിയപ്പൊ ചുറ്റും ഇരുട്ട് മാത്രം.

പടച്ചോനേ ഇത്ര പെട്ടെന്ന് നേരം ഇരുട്ടിയോന്ന് ചിന്തിച്ച് അയാളിൽ നിന്ന് അകലാൻ ശ്രമിച്ചപ്പൊ നമ്മളെ ധാവണിയിൽ ചവിട്ടി നമ്മള് അറിയാതെ അയാളെ നെഞ്ചത്ത് കൈ കൊണ്ട് ഒരു ഇടിയായിരുന്നു. അപ്പൊ തന്നെ നമ്മക്ക് ബോധ്യായി ആരാണ് നമ്മളെ താങ്ങി കൊണ്ട് നിക്കുന്നതെന്ന്.

നമ്മള് അപ്പോ തന്നെ ഞങ്ങളെ തലേല് വീണ കൊട്ട എടുത്തിട്ട് ആ കോന്തനെ നോക്കി കണ്ണുരുട്ടി. നമ്മളെ ടൈം നല്ല ബെസ്റ്റ് ടൈമായോണ്ട് നമ്മളെ കണ്ണില് ഒരു കരട് വീണു. അതോണ്ട് കണ്ണ് തുറക്കാൻ പറ്റിയില്ല.

നമ്മള് ആ കരട് എടുക്കാൻ വേണ്ടി നിന്ന് പെടാപാട് പെടുന്നത് കണ്ടിട്ട് ആ കോന്തൻ ഹലാക്കിലെ ചിരി ആയിരുന്നു. നമ്മള് കരട് വീണ കണ്ണ് പൊത്തി പിടിച്ചിട്ട് മറ്റേ കണ്ണിലൂടെ ഓനെ നോക്കി പല്ലിറുമ്പി.

"പോടാ കോന്താ കെടന്ന് കിണിക്കാതെ.....ആ... ഇൻറെ കണ്ണ്...."

"ഹ....ഹ...ഹ....എൻറെ ഐഷൂ കെടന്ന് തുള്ളാതെ...ഇങ്ങോട് വാ ഞാൻ ഊതി തരാം..."

അതും പറഞ്ഞ് ആ കോന്തൻ നമ്മളെ അടുത്തേക്ക് വന്നു. നമ്മള് അതുപോലെ പിറകോട്ടും നീങ്ങി.

"അയ്യടാ....ആ പൂതിയങ്ങ് മനസ്സിൽ വെച്ചേക്ക്...നീ എൻറെ കണ്ണിലെ കരട് പോകാൻ വേണ്ടി ഊതുമ്പൊ അതും കണ്ടോണ്ട് ആരെങ്കിലും കേറി വന്നാല് അവര് വേറെ എന്തെങ്കിലും വിചാരിക്കും...

അതോണ്ട് വല്ലാണ്ട് ഊതാൻ വരണ്ട...ഇത് ഞാൻ തന്നെ മാനേജ് ചെയ്തോളാം..."

എന്ന് പറഞ്ഞ് നമ്മള് കണ്ണ് തുറക്കാൻ ഒരു ശ്രമം നടത്തി. പക്ഷേ കണ്ണ് കടഞ്ഞിട്ടാണെങ്കിൽ കണ്ണ് തുറക്കാനെ പറ്റുന്നില്ല. കണ്ണിലെ കൺമഷി പരന്നാലോന്ന് കരുതി കണ്ണ് തിരുമ്മാനും വയ്യ...

ആകെപ്പാടെ കച്ചറ പിച്ചറ കുറ്റിച്ചിറ മാനാഞ്ചിറ എന്ന് പറഞ്ഞ അവസ്ഥയായി.

"എൻറെ ഐഷൂ...ഞാൻ പറയുന്നത് ഒന്ന് കേൾക്ക്... ഞാൻ അത് ശരിയാക്കി തരാം...

ഇപ്പോഴാണെങ്കിൽ ഇവിടെ ആരുമില്ല...എല്ലാവരും താഴെ ഗ്രൗണ്ടിലാണ്...അതോണ്ട് ഇങ്ങോട്ട് ആരും കേറി വരുമെന്നും പേടിക്കണ്ട....

വേണേൽ ഞാൻ ശരിയാക്കി തരാം പെണ്ണേ...."

നമ്മള് ഒറ്റക്കണ്ണ് കൊണ്ട് ഓനെ ഒന്ന് നോക്കിയിട്ട് വേറെ വഴിയില്ലാത്തോണ്ട് സമ്മതം മൂളി കൊടുത്തു.

അത് കേൾക്കേണ്ട താമസം ആ കോന്തൻ നമ്മളെ അടുത്തേക്ക് ചിരിച്ചോണ്ട് വന്നിട്ട് നമ്മളെ കണ്ണ് തുറക്കാൻ നിന്നു.

"സ്റ്റോപ്പ്...."

നമ്മള് കയ്യോണ്ട് തടുത്തിട്ട് ഓനോട് ഇത് പറഞ്ഞതും ഓൻ എന്തേ എന്ന രീതിയിൽ നമ്മളെ നോക്കി.

"ഇയാള് ഊതിയാൽ മതി...എന്നെ തൊടാൻ വരണ്ട..."

നമ്മളെ ഡിമാൻറ് കേട്ടപ്പോ ഓൻ ഒന്ന് ചിരിച്ചോണ്ട്

തലയാട്ടി. നമ്മള് കണ്ണ് പിച്ചി തുറന്നിട്ട് ഓൻ നേരെ നിന്നു.

ഓൻ നമ്മളെ ദേഹത്ത് തൊടാതെ വളരെ സൂക്ഷിച്ച് തന്നെ ആ കരട് ഊതി.

"ശരിയായോ...?"

നമ്മള് കണ്ണടച്ചിട്ട് ഇല്ലാന്ന് തലയാട്ടി. അപ്പൊ ഓൻ നമ്മളെ കൈ തട്ടിയിട്ട് കണ്ണ് തുറന്നു പിടിച്ചിട്ട് ഊതി...

ഓൻ നമ്മളെ കണ്ണിലേക്ക് ഊതുന്നതും ഓൻ്റെ ചുടു നിശ്വാസം നമ്മളെ മുഖത്തേക്ക് പതിക്കുന്നതും നോക്കി നമ്മള് ഓനെ തന്നെ നോക്കി നിന്നു. അവൻ്റെ ആ കാന്ത കണ്ണിൽ നമ്മളെ പ്രതിബിംബം കണ്ട് നമ്മള് ഓനിൽ ലയിച്ച് പോയെന്ന് നമ്മക്ക് തോന്നി.

പെട്ടെന്ന് ഓൻ നമ്മളെ കണ്ണിൽ നിന്ന് കയ്യെടുത്തിട്ട് നമ്മളെ ഒന്ന് സൂക്ഷിച്ച് നോക്കി.

"ശരിക്കും നിൻറെ കണ്ണിൽ കരട് വീണിട്ടുണ്ടോ....അല്ലാ എന്നെ ഊറ്റിയെടുക്കുന്ന പോലെയുള്ള നിൻറെ നോട്ടം കണ്ടിട്ട് ചോദിച്ചതാ..."

നമ്മള് അപ്പൊ തന്നെ ഓനിൽ നിന്നും കണ്ണെടുത്തിട്ട് താഴേക്ക് നോക്കി.അപ്പൊ ദേ ആ കരട് വീണ്ടും കണ്ണില് കുരുങ്ങുന്നു.

"കെടന്ന് വാചകടിക്കാതെ ഇതൊന്ന് എടുത്ത് തരോ.... കണ്ണ് കടഞ്ഞിട്ട് വയ്യ...."

ഓന് വീണ്ടും നമ്മള് കണ്ണ് പിച്ചി തുറന്ന് കൊടുത്തപ്പൊ ഓൻ നമ്മളെ കൈ തട്ടി മാറ്റിയിട്ട് അവൻറെ കൈ കൊണ്ട് തന്നെ തുറന്ന് ഊതി തന്നു.

"ഹലോ...ഇയാള് ഊതിയെന്ന് കരുതി എൻറെ കണ്ണ് പാറി പോകൊന്നുല്യാ.....ഒന്ന് സ്പീഡിൽ ഊത്..."

അപ്പൊ തന്നെ ഓൻ കുറച്ച് സ്പീഡിൽ ഊതി തന്നു. അതെൻറെ കണ്ണിലെ മാത്രല്ല മനസ്സിലെ കരടും ഊതി തെറിപ്പിച്ച പോലെ നമ്മക്ക് തോന്നി.

"ഡീ...."

പെട്ടെന്ന് ഞങ്ങളെ ഞെട്ടിച്ച് കൊണ്ട് ആരോ ഞങ്ങളെ പിറകിൽ നിന്നും അലറി. ശബ്ദം കേട്ടപ്പോ തന്നെ നമ്മക്ക് അതാരാണെന്ന് മനസ്സിലായിരുന്നു. അതോണ്ട് നമ്മള് ശ്വാസം അടക്കി പിടിച്ചോണ്ട് ആദിയെ തള്ളി മാറ്റി കൊണ്ട് നമ്മള് തിരിഞ്ഞ് നിന്നു.

നമ്മളെ രൂക്ഷമായി നോക്കുന്ന ആ കണ്ണുകളെ കണ്ടപ്പൊ നമ്മള് ചെറുതായൊന്ന് പതറി കൊണ്ട് ആ കോന്തനെ നോക്കി.

(തുടരും)

ഭാഗം. 53

നമ്മളെ രൂക്ഷമായി നോക്കുന്ന ആ കണ്ണുകളെ കണ്ടപ്പൊ നമ്മള് ചെറുതായൊന്ന് പതറി കൊണ്ട് ആ കോന്തനെ നോക്കി.

ഓൻ നമ്മളെ നോക്കി ചിരിച്ചോണ്ട് തലയാട്ടി നിൽക്കാണ്. നമ്മളെ ഓനെ തുറുക്കനെ നോക്കി കൊണ്ട് അച്ചൂന് നേരെ തിരിഞ്ഞു.

"ഡീ ഫെബീ...എന്തൊക്കെയാടീ ഇവിടെ നടക്കുന്നേ?"

അച്ചു സ്റ്റയർകേസ് ഇറങ്ങി വന്നിട്ട് നമ്മളെ പിടിച്ച് കുലുക്കി കൊണ്ട് ചോദിച്ചു.നമ്മള് ഓളോട് നടന്നതൊക്കെ പറയാൻ വേണ്ടി തുനിഞ്ഞപ്പോഴേക്കും അരുൺ ഇടക്ക് കേറി ആ കോന്തനോട് പറഞ്ഞു.

"എങ്ങനെ ഒക്കെ പകയും വിദ്വേഷവും കൊണ്ട് നടന്നവരാ....എന്നിട്ട് ഇപ്പൊ....

അയ്യേ...എനിക്ക് പറയാൻ തന്നെ നാണാവാ..."

"നിങ്ങൾ കരുതുന്ന പോലെ ഒന്നു......."

"വേണ്ട ഫെബീ...നീ ഇനി അത് പറഞ്ഞ് അധികം കൊളമാക്കണ്ട...എന്തായാലും ഞങ്ങൾ കണ്ട പോലെ വരില്ലല്ലോ കേൾക്കുന്നത്...."

"നിങ്ങളിത് എന്ത് കണ്ടെന്നാ പറഞ്ഞ് വരുന്നത്..?"

"ഓ...ഒന്നും അറിയാത്ത പോലെ ചോദിക്കുന്നത് കണ്ടില്ലെ...ഇനി നിങ്ങള് ചെയ്ത കാര്യം ഞങ്ങളെ വായിലൂടെ തന്നെ നിനക്ക് കേക്കണോ...?"

അച്ചു അതും പറഞ്ഞ് നമ്മളെ കവിളില് പിച്ചി കൊണ്ട് ചിരിക്കാൻ തുടങ്ങി. നമ്മള് അപ്പൊ ആ കോന്തനെ ഒന്ന് രൂക്ഷമായി നോക്കിയിട്ട് അവന്റെ മോന്തയടക്കി ഒന്ന് കൊടുക്കാൻ വേണ്ടി കയ്യോങ്ങി. കാരണം എന്താ? ഇവര് പറയുന്നത് കേട്ടിട്ട് ആ കോന്തൻ നിങ്ങൾ ഉദ്ദേശിച്ചത് തന്നെയാണെന്ന് ഇടക്കിടക്ക് ആംഗ്യം കാണിക്കുന്നുണ്ട്...

നമ്മക്ക് പിന്നെ അത് കണ്ടാൽ സഹിക്കോ? അതാണ് ഓനെ തല്ലാൻ ഓങ്ങിയത്.ഓങ്ങിയിട്ടേ ഉള്ളൂട്ടോ അല്ലാതെ ഓനെ തല്ലിയിട്ടില്ല...എന്താന്ന് അറിയില്ല ഓൻ്റെ മോന്തക്കിട്ട് കൊടുക്കാൻ നമ്മളെ കൈ പൊന്തുന്നില്ല.

നമ്മള് ഓനെ തല്ലാൻ ഓങ്ങിയപ്പൊ തന്നെ ഓൻ നമ്മളെ നോക്കി പല്ലിളിച്ചിരുന്നു. അച്ചുവും അരുണും ആണെങ്കിലോ ഹലാക്കിലെ ചിരിയും. നമ്മള് ആണെങ്കിൽ അവറ്റകളെ ഒക്കെ നോക്കി കൊണ്ട് തല പിച്ചാണ്.

"എന്നാലും എൻ്റെ ഫെബീ....ലൗ ആക്സെപ്റ്റ് ചെയ്യുന്നതിന് മുന്നേ തന്നെ നിങ്ങൾ ഇങ്ങനെ.... അപ്പൊ ഇനി എങ്ങാനും ലൗ ആക്സെപ്റ്റ് ചെയ്താൽ എന്തൊക്കെ കാണേണ്ടി വരുമെൻ്റെ കൃഷ്ണാ...."

അച്ചു കൈ കൂപ്പി കൊണ്ട് മോളിലേക്ക് നോക്കി കൊണ്ട് പറഞ്ഞപ്പൊ നമ്മള് ഓളെ കൈ തട്ടി മാറ്റി.

"ഡീ കോപ്പേ.... ഞാൻ പറയുന്നത് ഒന്ന് കേൾക്ക് നീ...

ഞാൻ ആ പൂക്കൊട്ടയും കൊണ്ട് താഴേക്ക് വരുമ്പോദെ ഈ കോന്തനെ തട്ടി നമ്മളെ കയ്യീന്ന് ആ പൂക്കൊട്ട തെറിച്ച് പോയി...അപ്പൊ അതീന്ന് നമ്മളെ കണ്ണില് ഒരു കരട് പോയപ്പൊ അതെടുക്കാൻ സഹായിച്ചതാ ...അത്രയുള്ളൂ...

ഇനി നിങ്ങൾ ആരും ഇത് പറഞ്ഞ് പെരുപ്പിക്കണ്ടാ.."

അച്ചൂ അപ്പൊ അരുണിനെ നോക്കി ചിരിച്ചിട്ട് നമ്മളെ തോളിലൂടെ കയ്യിട്ടിട്ട് പറഞ്ഞു.

"മോളേ ഫെബീ ...ഇതുപോലെ ഒരുപാട് കരടുകൾ എടുത്തിട്ടുള്ളവരാ ഞങ്ങള്...അതോണ്ട് നീയൊന്നും ഞങ്ങളോട് പറയണ്ട കേട്ടോ മോളേ...."

എന്ന് പറഞ്ഞ് അച്ചു വീണ്ടും നമ്മളെ കവിളിൽ പിച്ചി കൊണ്ട് ചിരിച്ചു. നമ്മള് അച്ചൂനേയും അരുണിനേയും

ഒന്ന് നോക്കിയിട്ട് നമ്മളെ തലക്ക് നമ്മള് തന്നെ സ്വയം അടിച്ചിട്ട് തലയിൽ കയ്യും വെച്ച് നിന്നു.

നമ്മളെ നിർത്തം കണ്ടിട്ട് അവറ്റകള് മൂന്നും പൊരിഞ്ഞ ചിരി ആയിരുന്നു. ആ കോന്തൻ ഒന്നും മിണ്ടുന്നില്ലെങ്കിലും എല്ലാം കേട്ടോണ്ട് കിണിച്ച് നിൽക്കുന്നുണ്ട്. നമ്മക്ക് അത് കാണുമ്പോഴാ അതിലേറെ ദേഷ്യം വരുന്നത്.

"നീ വാ അച്ചു നമുക്ക് ക്ലാസിലേക്ക് പോകാം...ഇവിടെ നിന്നിട്ട് അവരെ സ്വർഗത്തിലെ കട്ടുറുമ്പാകണ്ട..."

അരുൺ അച്ചൂൻ്റെ കൈ പിടിച്ച് വലിച്ചോണ്ട് പറഞ്ഞു. ഓള് അപ്പൊ നമ്മളെ നോക്കി തലയാട്ടി ചിരിച്ചു.

"ഫെബീ...ഇവിടെ നിന്നോണ്ട് അധികം കരട് എടുക്കാൻ നിക്കണ്ട... കുറച്ച് കഴിഞ്ഞിട്ട് ക്ലാസിലേക്ക് ഇറങ്ങി വന്നോണം...ഇല്ലെങ്കിൽ ക്ലാസിലെ കുട്ടികളേയും കൂട്ടി ഞങ്ങൾ ഒരു വരവ് കൂടി ഇങ്ങോട്ട് വരും...."

നമ്മള് ഓളോട് പറഞ്ഞ ഡയലോഗ് ഓള് തിരിച്ച് നമ്മക്കിട്ട് കാച്ചിയപ്പൊ നമ്മള് ഓളെ തല്ലാൻ ഓങ്ങിയതും ഓള് ചിരിച്ചോണ്ട് അരുണിനേയും കൂട്ടി ഇറങ്ങി ഓടി.

നമ്മക്ക് ആണെങ്കിൽ ഓരെ ഓട്ടം കണ്ടപ്പോ ചിരി വന്നെങ്കിലും അവറ്റകളുടെ പറച്ചില് കേട്ടപ്പോ ദേഷ്യാണ് വന്നത്.

നമ്മള് ആ കോന്തനെ നോക്കി കൊണ്ട് ഓൻറെ അടുത്തേക്ക് ഒരു ചീറ്റപ്പുലിയെ പോലെ പാഞ്ഞു ചെന്നു.

"സമാധാനായല്ലോ തനിക്ക്...?

അപ്പോഴേ ഞാൻ പറഞ്ഞതല്ലേ വേണ്ടാ ആരേലും കണ്ടാൽ തെറ്റിദ്ധരിക്കുമെന്ന്....

ഇപ്പൊ എന്തായി ഞാൻ പറഞ്ഞ പോലെ തന്നെ സംഭവിച്ചില്ലേ?

ഇൻ്റെ പടച്ചോനേ ആ അച്ചു ഇത് ഇപ്പൊ തന്നെ എല്ലാവരേയും അറിയിച്ചിട്ടുണ്ടാകും....ശൊ ആകെ നാണക്കേടായി...

അവരെങ്ങാനും എന്നെ അതിൻ്റെ പേരിൽ കളിയാക്കിയാലുണ്ടല്ലൊ ഈ ഫെബിൻ്റെ തനി കൊണം നീ അറിയും..."

എന്ന് പറഞ്ഞ് നമ്മള് അവിടെ ചിതറി കിടന്ന പൂക്കളൊക്കെ പൂക്കൊട്ടയിലാക്കിയിട്ട് ആ കോന്തനെ നോക്കി കണ്ണുരുട്ടി നമ്മള് അവിടന്ന് പോകാൻ നിന്നു.

"ഐഷു...ഒന്നവിടെ നിന്നേ..."

നമ്മള് ഇനിയിപ്പൊ എന്താ എന്ന് ചിന്തിച്ചോണ്ട് തിരിഞ്ഞ് നിന്ന് ആ കോന്തനെ നോക്കി നിന്നു.

"ഹും....എന്താ?"

"നിൻറെ ആ കൺപീലിയിൽ എന്തോ ഒരു കരട് ഇരിപ്പുണ്ട്..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ അടുത്തേക്ക് വന്നു. നമ്മള് വേഗം അത് കയ്യോണ്ട് തട്ടാൻ നിന്നതും ഓൻ നമ്മളെ തടഞ്ഞു.

"തട്ടല്ലെ തട്ടല്ലെ തട്ടല്ലേ....തട്ടിയാൽ അത് ചിലപ്പൊ വീണ്ടും നിൻറെ കണ്ണില് ചാടാൻ ചാൻസുണ്ട്. അതോണ്ട് അവിടെ അനങ്ങാതെ നിക്ക് ഞാൻ അത് എടുത്ത് തരാ...."

എന്ന് പറഞ്ഞപ്പൊ പാവം നമ്മള്....കേട്ട പാതി കേക്കാത്ത പാതി ആ കോന്തൻറെ മുന്നിൽ നിന്ന് കൊടുത്തു.

ഓൻ നമ്മളെ അടുത്തേക്ക് വന്ന് കൺപീലിയിലേക്ക് കൈ കൊണ്ട് വരുന്ന പോലെ കാണിച്ചിട്ട് നമ്മളെ കണ്ണില് ചുംബിച്ചിട്ട് ഒരു ഓട്ടമായിരുന്നു ആ കോന്തൻ.

നമ്മള് ഓനിൽ നിന്നും ഒട്ടും പ്രതീക്ഷിക്കാത്ത തിരിച്ചടി ആയോണ്ട് നമ്മേളെ കയ്യീന്ന് പൂക്കൊട്ട വീണ് നമ്മള് ഷോക്കടിച്ച പോലെ ആയി.

പെട്ടെന്ന് സ്ഥലകാല ബോധം വീണ്ടെടുത്ത് നമ്മളും ആ കോന്തൻറെ പിറകെ ഓടി.

"ഡാ...തെണ്ടി കോദിലേ....ഡാ പട്ടി....നിന്നെ എൻറെ കയ്യിൽ കിട്ടിയാൽ നിൻറെ അവസാനമായിരിക്കുമെടാ നാറീ..."

എന്ന് അലമുറയിട്ടോണ്ട് നമ്മള് സ്റ്റയർകേസ് ഇറങ്ങിയെങ്കിലും നമ്മളെ ധാവണി കാരണം നമ്മക്ക് ഓൻറെ പിന്നാലെ അധികം ഓടാൻ പറ്റിയില്ല...അതോണ്ട് ആ കോന്തൻ ഇറങ്ങി ഓടുന്നത് നമ്മള് വരാന്തയിൽ നിന്ന് കണ്ടു.

ഓടുന്നതിനിടയിൽ ഓൻ തിരിഞ്ഞ് നമ്മളെ നോക്കി അലറി വിളിച്ചു....

"ലൗ യു ഐഷൂ..."

എന്നിട്ട് കൂടെ ഒരു ഫ്ലൈയിംഗ് കിസും. നമ്മക്ക് അപ്പൊ ഓനോടുള്ള ദേഷ്യം കൊണ്ട് അതിൻറെ മോളീന്ന് എടുത്ത് ചാടിയാലോന്ന് വരെ തോന്നി പോയി... പക്ഷേ അങ്ങനെ ചെയ്ത് ഓനെ നമ്മളെ കയ്യീന്ന് അത്ര പെട്ടെന്ന് നമ്മള് വെറുതെ വിടാൻ ഉദ്ദേശിച്ചിട്ടില്ലേന്നു.

അതോണ്ട് നമ്മളും അവിടന്ന് ഓനെ നോക്കി കൊണ്ട് വിളിച്ച് കൂവി...

"ഐ ഹേറ്റ് യു ബാസ്റ്റഡ്....

അത് പറഞ്ഞ് തീർന്നപ്പോഴേക്കും നമ്മളെ മിഴിയില് ഈറനണിഞ്ഞു. അത് എന്ത് കൊണ്ടാണെന്ന് നമ്മക്ക് മനസ്സിലായില്ല...

പോരാത്തതിന് ആ കോന്തൻ നമ്മളെ കിസ് ചെയ്തിട്ട് പോലും നമ്മക്ക് അതോർത്ത് ചിരി വരാ എന്നല്ലാതെ

ഓനോട് ഒരു അകൽച്ച തോന്നുന്നില്ല. അപ്പൊ ഇത് പ്രണയമാണോ അതോ ആലുസേഷനാണോ ഒന്നും നമ്മക്ക് ഊഹിക്കാൻ പറ്റുന്നില്ല.

പക്ഷേ, ഓൻ നമ്മളെ കിസ് ചെയ്തത് എനിക്ക് ഓനില് ചെറിയ ഒരു വെറുപ്പ് ഉളവാക്കിയിട്ടുണ്ട്.

പിന്നെ നമ്മളെ സ്വഭാവം നിങ്ങൾക്ക് നന്നായിട്ട് അറിയുന്നതല്ലെ...

ഒരു ചെറിയ കാര്യം കിട്ടിയാൽ തന്നെ അതും പറഞ്ഞ് ആ കോന്തനോട് വഴക്കിന് പോകുന്ന ആളാ....അപ്പൊ പിന്നെ ഇത് വെറുതെ വിടോ?

കണ്ടോളീ നമ്മള് ഇതിന് ഓനിട്ട് നല്ല അഡാറ് പണി തന്നെ നമ്മള് കൊടുക്കും നോക്കിക്കോ...

നമ്മള് ഓനോടുള്ള ദേഷ്യം മുഴുവൻ നമ്മളെ ഉള്ളിലിട്ട് നീറ്റി കൊണ്ടിരുന്നു...അവസരം വരുമ്പോ അവന് ഒന്ന് ചലിക്കാൻ പോലും പറ്റാത്ത നല്ല അഡാറ് പണിയും പ്ലാൻ ചെയ്തോണ്ട് നമ്മള് ക്ലാസിലേക്ക് നടന്നു.

നമ്മള് നല്ല ഗാഢമായ ചിന്തയിൽ ക്ലാസിലേക്ക് വരുന്നത് കണ്ട് ക്ലാസ് മൊത്തം ഭൂലോക ചിരി. അവറ്റകളുടെ ചിരി കേട്ടപ്പോഴാ നമ്മക്ക് ക്ലാസിലെത്തിയെന്ന ബോധം വന്നത്.

നമ്മള് അവരെ ഓരോരുത്തരേയും ഉറ്റു നോക്കി കൊണ്ട് അച്ചൂൻറെ നടുപ്പൊറം നോക്കി ഒന്ന് കൊടുത്തു. ഓള് വേദന കൊണ്ട് ബ്രേക്ക് ഡാൻസ് കളിക്കുമ്പോഴും ഭയങ്കര ചിരി ആയിരുന്നു.

"ഫെബീ...അപ്പൊ ഇവള് പറഞ്ഞത് ശരിയാണോ...?

നീയും ആദിൽക്കയും കൂടി....ഉം...ഉം...നടന്നോ?"

നമ്മള് നസിൻറെ പറച്ചില് കേട്ടിട്ട് ആ.... ന്ന് അലറി വിളിച്ചോണ്ട് ഭ്രാന്തികളെ പോലെ ആ പൂക്കളത്തിലെ പൂക്കളൊക്കെ കൂടി കൂട്ടി കൊഴച്ച് എല്ലാവരേയും എറിഞ്ഞു.

പെട്ടെന്ന് അച്ചു *"ഫെബീ..."* എന്ന് അലറിയപ്പോഴാ നമ്മള് ഇവിടെ കാട്ടി കൂട്ടിയ കോലാഹലങ്ങളൊക്കെ ശ്രദ്ധിച്ചത്.

കഷ്ടപ്പെട്ട് അച്ചു വരച്ച പൂക്കളെവും പൂക്കളുമൊക്കെ നമ്മള് നല്ല ക്ലീനായിട്ട് നശിപ്പിച്ച് വെച്ചിട്ടുണ്ട്...

നമ്മള് പറ്റിയ അമളിയെ കുറിച്ച് ഓർത്ത് തലയിൽ കൈ വെച്ച് അവരെ ഓരോരുത്തരേയും മാറി മാറി നോക്കി.അവരൊക്കെ കൂടി ഒരുമാതിരി സോമ്പീസിനെ പോലെ നമ്മളെ കടിച്ച് കീറാനായിട്ട് ആക്രോഷത്തോടെ നമ്മളെ അടുത്തേക്ക് പയ്യെ നടന്ന് വന്നു.

നമ്മള് അവരെ നോക്കി മെല്ലെ പിന്നിലേക്ക് നടന്ന് സോറീ എന്ന് വിളിച്ച് കൂവി ജീവനും കൊണ്ട് ഒരു ഓട്ടമായിരുന്നു ക്ലാസീന്ന് പുറത്തേക്ക്....

നമ്മളെ പിറകെ ബാക്കി ഒൻപത് പേരും നിക്കടി അവിടെ എന്ന് അലറി കൊണ്ട് വരുന്നുണ്ട്. നമ്മള്

നമ്മളെ കൊണ്ട് പറ്റുന്ന സ്പീഡിൽ ആ ധാവണിയും വലിച്ചോണ്ട് താഴേക്ക് ഇറങ്ങി.

ഓരോ സ്റ്റെപ്പും ഓടി ഇറങ്ങുമ്പോഴും നമ്മള് സൂക്ഷിച്ച് മോളിലേക്ക് നോക്കി കൊണ്ട് ഇറങ്ങിയെങ്കിലും താഴെ വരാന്തയിലെത്തിയപ്പൊ നമ്മള് വീണ്ടും ആരേയോ കൂട്ടി മുട്ടി. പക്ഷേ ഭാഗ്യത്തിന് വീണില്ല...

നമ്മള് മോളിലേക്ക് നോക്കി കൊണ്ട് ഇറങ്ങിയതോണ്ട് താഴെ ഉള്ളയാളെ ശ്രദ്ധിച്ചിട്ടില്ലേന്നു...

നമ്മള് അയാളെ തിരിഞ്ഞ് നോക്കി സോറി പറഞ്ഞ് ഓടാൻ നിന്നപ്പോഴേക്കും നമ്മളെ കയ്യിൽ പിടിത്തമിട്ടിരുന്നു.

അപ്പോഴാണ് നമ്മള് ഇടിച്ച ആളെ ശരിക്കും ശ്രദ്ധിച്ചത്.അത് ആ സാലിമായിരുന്നു. ഓൻറെ ബലിഷ്ടമായ കൈ എൻറെ കയ്യിൽ പിടിച്ചപ്പൊ നമ്മള് അതീന്ന് രക്ഷപ്പെടാൻ വേണ്ടി ഒരുപാട് ശ്രമിച്ചു.

"എൻ്റെ കൈ വിട്.... വിടെടാ.."

"ഹാ...ഇതെങ്ങോട്ടാ എൻ്റെ അളിയൻ്റെ ഐഷു പായുന്നത്....?

ഹാ...നിക്ക് പെണ്ണേ...നമുക്ക് ചില കൊച്ച് വർത്താനമൊക്കെ പറഞ്ഞിരിക്കാം എന്തേ...? വാ...."

എന്ന് പറഞ്ഞ് ഓൻ നമ്മളെ അവിടന്ന് പിടിച്ച് കൊണ്ട് പോകാൻ നോക്കി. അപ്പോഴേക്കും നമ്മളെ ഗ്യാങ് നമ്മളെ പിന്തുടർന്ന് എത്തിയിരുന്നു.

അവര് നമ്മളെ അടുത്തേക്ക് വരാൻ നിന്നെങ്കിലും അച്ചു അവരെ തടഞ്ഞു നിർത്തി. നമ്മള് അച്ചൂനെ നോക്കി ചിരിച്ചോണ്ട് ആ സാലിമിനെ നോക്കി.

"ഡാ...എൻ്റെ കയ്യീന്ന് വിട്.... മര്യാദക്ക് എൻ്റെ കയ്യീന്ന് വിടുന്നതാവും നിനക്ക് നല്ലത്...ഇല്ലെങ്കിൽ..."

"ഹ..ഹ..ഹ.. ഇല്ലെങ്കിൽ നീയെന്ത് ചെയ്യുമെടീ ചൂലേ.."

നമ്മള് അപ്പൊ തന്നെ നമ്മളെ ഇടത്തെ കയ്യിലെ രണ്ട് വിരലും കൊണ്ട് ഓൻറെ കണ്ണ് കുത്തി പൊട്ടിക്കാൻ നിന്നപ്പോഴേക്കും അവനെൻറെ കൈ വിട്ടിട്ട് നിലം പതിച്ചിരുന്നു.

നമ്മള് നമ്മളെ വിരലിലേക്ക് നോക്കി കൊണ്ട് ആ സാലിമിനെ നോക്കി അന്തം വിട്ട് മുഖം തിരിച്ചപ്പോഴുണ്ട് ആ കോന്തൻ കട്ടകലിപ്പില് ഓനെ നോക്കി നിൽക്കുന്നു. ആ കോന്തനെ കണ്ടതും ദീപാവലിക്ക് പടക്കം പൊട്ടുന്ന പോലെ ആരൊക്കെയോ ചേർന്ന് പടക്കം പൊട്ടിക്കുന്നു...

നമ്മക്ക് അതൊക്കെ കൂടി കണ്ടപ്പൊ ഓം ശാന്തി ഓശാനയില് ഗിരിയെ കാണുമ്പോഴുള്ള ട്യൂണാണ് മനസ്സിലൂടെ കടന്ന് പോയത്.

ഓൻ നമ്മളെ നോക്കി കൊണ്ട് പോകാൻ കണ്ണോണ്ട് ആംഗ്യം കാണിച്ചു. നമ്മള് ഓൻറെ മുഖത്തെ കട്ട കലിപ്പ് കണ്ടിട്ട് അവിടന്ന് ഒരടി പോലും പിന്നോട്ട് ചലിപ്പിക്കാതെ അവിടെ നിന്ന് ഓനെ നോക്കി.

അപ്പോഴേക്കും ആ സാലിം വീണിടത്ത് നിന്ന് എഴുന്നേറ്റ് നമ്മളെ കോന്തൻറെ നേരെ പാഞ്ഞടുത്തിരുന്നു.

"ഡാ...ആദീ...നീ പല തവണയായി ഇവളെ എൻറെ കയ്യീന്ന് രക്ഷപ്പെടുത്തുന്നു. ഇന്ന് എന്തായാലും ഇവളെ ഞാൻ വെറുതെ വിടുന്ന പ്രശ്നമില്ല.

വാടി ഇവടെ...."

എന്ന് പറഞ്ഞ് ഓൻറെ ബലിഷ്ടമായ കൈ എൻറെ കയ്യിൽ പിടിക്കാൻ നിന്നപ്പോഴേക്കും നമ്മളെ കോന്തൻ ഓൻറെ കൈ പിടിച്ച് തിരിച്ച് വിരലൊടിച്ചിരുന്നു.

സാലിം വേദന കൊണ്ട് അലറുന്നത് കണ്ടപ്പോൾ നമ്മള് പേടിച്ച് അറിയാതെ ആദിൻറെ കയ്യിൽ പിടിച്ച് ഓൻറെ പിറകില് കണ്ണടച്ച് നിന്നിരുന്നു.

പെട്ടെന്ന് നമ്മളെ കയ്യിൽ ഒരു കരസ്പർശമേറ്റപ്പൊ

നമ്മള് വേഗം കണ്ണ് തുറന്ന് കൈ കുടഞ്ഞിട്ട് പിറകോട്ട് മാറി നിന്നു. അപ്പോഴേക്കും സാലിമിൻറെ പൊടി പോലും അവിടെ കാണുന്നില്ലേന്നു.

"ഡീ...കോപ്പേ നിന്നോട് ഞാൻ പറഞ്ഞിട്ടില്ലേ ഒറ്റക്ക് ഇറങ്ങി നടക്കരുതെന്ന്..."

"എപ്പൊ പറഞ്ഞ്...?"

ആ കോന്തൻ നമ്മളെ നേരെ കൊരച്ച് ചാടി കൊണ്ട് അങ്ങനെ പറഞ്ഞപ്പൊ നമ്മള് രണ്ട് കയ്യും മലർത്തി കൊണ്ട് ആ കോന്തനോട് ചോദിച്ചു..

"അല്ലെങ്കിലും ഞാൻ പറഞ്ഞിട്ട് വേണോ നിനക്കിതൊക്കെ അറിയാൻ ...?

ഇനി മേലിൽ അവൻറെ കൺമുന്നിൽ എങ്ങാനും ചെന്ന് പെട്ടാലുണ്ടല്ലൊ..."

"അല്ല...അറിയാൻ പാടില്ലാത്തോണ്ട് ചോദിക്കാണ്...ആക്ച്ചൊലി ഇയാളെ പ്രോബ്ലം എന്താ?

ഞാൻ എന്തോ മനപ്പൂർവ്വം ഓൻറെ മുന്നിൽ കയ്യും നീട്ടി ഇന്നാ എന്നെ പിടിച്ചോണ്ട് പൊക്കോ എന്ന് പറഞ്ഞ് നിന്ന പോലെയുണ്ടല്ലോ തൻറെ പറച്ചില് കേട്ടാൽ..."

നമ്മളെ ഡയലോഗ് കേട്ടപ്പോ ആ കോന്തൻ കലിപ്പ് മോഡ് ഡീആക്ടിവേറ്റ് ചെയ്തിട്ട് മുഖം തിരിച്ച് പിടിച്ച് അരയിൽ കയ്യും വെച്ച് ചിരി അടക്കി പിടിച്ചു. എങ്ങനെ ചിരിക്കാതിരിക്കും നമ്മള് ഡയലോഗിൻറെ ഒരുപാട് ആക്ഷൻസും കാണിച്ച് വെച്ചേക്കല്ലെ...

ഓൻറെ മുഖം തിരിച്ച് പിടിച്ചുള്ള ചിരി കണ്ടപ്പൊ നമ്മക്കും ചിരി വന്നു. പെട്ടെന്ന് ഓൻ നമ്മളെ നേരെ തിരിഞ്ഞിട്ട് നമ്മളെ കയ്യിൽ പിടിച്ചു.

"ഇനി ഓനുമായിട്ട് വല്ല കൂടികാഴ്ചയും നടന്നാൽ ഒരു പക്ഷേ എനിക്ക് ചെലപ്പൊ നിന്നെ രക്ഷിക്കാൻ പറ്റിയില്ലെന്ന് വരും..."

നമ്മള് ഓൻ്റെ കൈ വിടുവിച്ചിട്ട് ഒരു ഇത്തിരി ജാഡയോടെ തന്നെ പറഞ്ഞു.

"അല്ലെങ്കിൽ തന്നെ ഞാൻ നിന്നോട് പറഞ്ഞോ എന്നെ രക്ഷപ്പെടുത്താൻ..ഇല്ലല്ലോ...?

എന്നെ രക്ഷിക്കാൻ എനിക്ക് അറിയാം. ഇയാള് ഇയാളെ പാട് നോക്കി പോ.."

എന്ന് പറഞ്ഞ് നമ്മള് അവിടന്ന് പോകാൻ ഒരുങ്ങിയിട്ട് വീണ്ടും തിരിച്ച് ഓനെ നോക്കി.

"ആ പിന്നെ... ഇനി മേലാൽ എൻ്റെ പേരും പറഞ്ഞ് നീ ആരേയും തല്ലി പോകരുത്...എനിക്കത് ഇഷ്ടമല്ല....

ഞാൻ പറഞ്ഞത് മനസ്സിലാക്കുന്നത് നന്ന്..."

എന്ന് പറഞ്ഞ് നമ്മള് ക്ലാസിലേക്ക് കേറി പോകാൻ നിന്നപ്പൊ അച്ചു നമ്മളെ തടഞ്ഞ് നിർത്തി.

"ഫെബീ...ദിസ് ഈസ് ടൂ മച്ച്...

കാക്കൂനോടുള്ള നിൻറെ ഈ ബിഹേവിയറ് ഒട്ടും ശരിയല്ല...

ഇതൊക്കെ ആലോചിച്ച് നീ ഒരിക്കൽ ദുഃഖിക്കും ഓർത്തോ..."

എന്ന് പറഞ്ഞ് അച്ചു ആദിൻറെ അടുത്തേക്ക് പോയി. കൂടെ നമ്മളെ ബാക്കി കുരാമീസും.

"കാക്കു അവള് പറഞ്ഞതൊന്നും കാര്യാക്കണ്ട...അവൾക്ക് ഭ്രാന്താ...

കാക്കു എത്രയൊക്കെ അവളോട് സ്നേഹം കാണിച്ചാലും അതൊന്നും അവൾക്ക് മനസ്സിലാവില്ല...

അതോണ്ട് കാക്കു ഇനി അവളെ പിറകെ

നടക്കുന്നതങ്ങ് നിർത്തിയേക്ക്...വേണേൽ കാക്കൂന് വേറെ നല്ല മൊഞ്ചത്തി കുട്ടികളെ ഞങ്ങൾ സെറ്റാക്കി തരാം."

അച്ചു പറയുന്നതൊക്കെ കേട്ട് നമ്മക്ക് ഒരു മാതിരി ഭ്രാന്ത് പിടിക്കുന്ന പോലെ തോന്നി. അങ്ങനെ ഇപ്പൊ എൻ്റെ ആദിക്ക് നീ വേറെ മൊഞ്ചത്തികളെ തപ്പി നടക്കണ്ടൊന്ന് വിളിച്ച് കൂവണമെന്ന് തോന്നി.

പക്ഷേ, ഈഗോ എന്ന രണ്ടക്ഷരവും നമ്മളെ മനസ്സിലെ ഭാരവും കാരണം നമ്മളെ നാക്ക് ചലിച്ചില്ല...

പകരം, അതൊക്കെ കൂടി കണ്ണുനീരായി പുറത്തേക്ക് വന്നോണ്ടിരുന്നു.

ആദി അച്ചു പറയുന്നത് കേട്ട് പെട്ടെന്ന് നമ്മളെ തിരിഞ്ഞ് നോക്കിയപ്പൊ നമ്മള് വേഗം മുഖം തിരിച്ച കണ്ണ് തുടച്ചു.

"വേണ്ട അച്ചു...എനിക്ക് തൻ്റെ വായാടിയും പുലിക്കുട്ടീയുമായ ദേ ആ കുരിപ്പിനെ

മതി....ഇന്നല്ലെങ്കിൽ നാളെ അവള് എൻറേതാകുമെന്ന ഒരു വിശ്വാസണ്ട്...

ആ വിശ്വാസത്തിന്റെ പുറത്ത് അവളെ പിന്നാലെ എത്ര അലയാനും ഞാൻ റെഡിയാണ്. കാരണം ഈ ആദി അവളെ സ്നേഹിച്ചത് വെറും ടൈം പാസ്സിനല്ല...എൻറെ ടൈം തീരുന്നത് വരെ എൻറെ നെഞ്ചോട് ചേർത്ത് പിടിച്ച് ജീവിക്കാനാണ്..."

ആദി ഇത് പറഞ്ഞതും ഓടി ചെന്ന് അവനെ കെട്ടി പിടിച്ച് ഒരു ലോഡ് ഉമ്മകൾ കൊണ്ട് അവനെ പൊതിഞ്ഞ്, അവൻറെ നെഞ്ചോട് ചേർന്നിട്ട് "എൻറെ ജീവൻ നിലക്കുന്നത് വരെ ഞാനുണ്ടാകും നിൻറെ കൂടെ.." എന്ന് പറയണമെന്നുണ്ടേന്നു. പക്ഷേ കഴിയുന്നില്ല.

ഇനിയും ഇവിടെ നിന്നാൽ സമനില തെറ്റി നമ്മള് വല്ലതും ചെയ്യുമെന്ന് തോന്നിയപ്പൊ കണ്ണീരിനെ കടിച്ച് പിടിച്ച് തിരിച്ച് ക്ലാസിലേക്ക് ഓടി പോയി.

ക്ലാസിലെത്തിയപ്പൊ തന്നെ നമ്മള് വേഗം ഡെസ്കില് തലവെച്ച് കിടന്ന് ഒരുപാട് കരഞ്ഞു.

'ഞാൻ ഇത്രയൊക്കെ അവനെ വേദനിപ്പിച്ചിട്ടും ശല്യം ചെയ്തിട്ടും എന്താ പടച്ചോനേ ആദിക്ക് എന്നോടുള്ള സ്നേഹത്തിൽ ഒരു തരി പോലും കുറയാത്തത്...?

അവനും ഞാനും തമ്മിൽ ഇതിന് മാത്രം എന്താണ് ബന്ധം...?

ശരിക്കും അവൻ്റെ ഈ സ്നേഹത്തിന് ഞാൻ അർഹയാണോ..?

ശാപം പിടിച്ച എൻ്റെ ജീവിതത്തിലേക്ക് ആദിയെ മനപ്പൂർവ്വാണ് ഞാൻ ക്ഷണിക്കാത്തത്...ഇത്രേം കാലം ഞാൻ അവനിൽ നിന്നും അകലാനല്ലെ ശ്രമിച്ചിട്ടുള്ളൂ...പക്ഷേ എനിക്ക് എന്ത് കൊണ്ട് അതിന് കഴിയുന്നില്ലാ...?

ചില നേരത്ത് എനിക്ക് അവനെ കൊല്ലാനുള്ള ദേഷ്യം വരും, വേറെ ചില നേരത്ത് അവനെ സ്നേഹം കൊണ്ട് പൊതിയാനും....

എനിക്ക് അവനോട് എത്രത്തോളം വെറുപ്പുണ്ടോ അതിനേക്കാളേറെ എനിക്ക് അവനോട് സ്നേഹവും ഉണ്ട്...

സത്യത്തിൽ ഇതിൽ ഏതാണ് ശരിയായതെന്ന് എന്താ എനിക്ക് മനസ്സിലാകാത്തത്..?

ഇതൊക്കെ കൂടി ആലോചിക്കുമ്പൊ എനിക്ക് ഭ്രാന്ത് പിടിക്കാണ്...

ഞാൻ എന്താ ചെയ്യേണ്ടതെന്ന് നീ തന്നെ എനിക്ക് ഒന്ന് പറഞ്ഞ് താ പടച്ചോനേ....'

പെട്ടെന്ന് നമ്മളെ തലയിൽ ആരോ തലോടുന്ന പോലെ നമ്മക്ക് തോന്നി. നമ്മള് വേഗം കണ്ണ് തുടച്ചിട്ട് തല ഉയർത്തി നോക്കിയപ്പൊ നമ്മളെ ഗ്യാങ് നമ്മളെ നോക്കി ചുറ്റും കൂടി നിൽപ്പുണ്ട്.

അച്ചുവായിരുന്നു നമ്മളെ തലയിൽ ഇതുവരെ തലോടി കൊണ്ടിരുന്നത്. നമ്മള് അച്ചൂൻറെ കൈ മാറ്റിയിട്ട് അവിടന്ന് എണീറ്റ് പോകാൻ നോക്കി.

അച്ചു അപ്പോഴേക്കും നമ്മളെ കൈ പിടിച്ച് വലിച്ച് അവിടെ ഇരുത്തിയിരുന്നു. എന്നിട്ട് നമ്മളെ മുഖം അവളെ കയ്യിൽ കോരിയെടുത്ത് ഓളെ നേർക്ക് പിടിച്ചു.

"അയ്യേ...ഇൻറെ ഫെബീ കരയായിരുന്നോ...

അയ്യേ...ഷേം...ഷേം...

ഞാൻ ചുമ്മാ കാക്കൂനെ സോപ്പിടാൻ വേണ്ടി മൂപ്പരെ കൂടെ നിന്നതല്ലേ...അതിനാണോ നീ കരയുന്നത്...?"

"അല്ല..."

"പിന്നെ എന്തിനാ എൻറെ ഫെബീ മോള് കരയുന്നേ..."

"അത്..."

'വേണ്ട ഫെബീ...നിനക്ക് ആദിയോടുള്ള ഇഷ്ടം അത് നിന്നിൽ തന്നെ നിൽക്കട്ടേ...ആ ഇഷ്ടം നിൻറെ ഹൃദയത്തിന്റെ ഒരു കോണിൽ കുഴിച്ച് മൂടിയേക്ക്...'

"ഡീ...പറ...പിന്നെ എന്തിനാ നീ കരയുന്നേ?"

"അ...അത്...അത്...അതിനെന്നെ...നിങ്ങൾ എന്നെ കുറ്റപ്പെടുത്തി ആ കോന്തനെ സപ്പോർട്ട് ചെയ്തില്ലെ അതിന്..."

നമ്മളത് പറഞ്ഞപ്പൊ അവര് ഒൻപത് പേരും കൂടി നമ്മളെ നോക്കി ചിരിക്കാൻ തുടങ്ങി. നമ്മള് ഓരെയൊക്കെ നോക്കി കൊണ്ട് അവിടെ കിടന്ന പൂക്കളൊക്കെ അവരെ മേലേക്കിട്ടു.

അതേ സ്പീഡിൽ തിരിച്ച് നമ്മക്കും കിട്ടി അവരെ കയ്യീന്ന് ആ പൂക്കൾ കൊണ്ട് ഏറ്. പിന്നെ ഞങ്ങൾ

അങ്ങട്ട് അവിടെ മൊത്തം കച്ചറ പിച്ചറ കുറ്റിച്ചിറ മാനാഞ്ചിറയാക്കി.

എല്ലാവരും കൂടി പൂക്കൾ കൊണ്ട് ഏറും അതിനിടയിൽ സെൽഫി എടുക്കലും പാട്ടും ഡാൻസുമൊക്കെയായി ഞങ്ങൾ പത്ത് പേരും ക്ലാസ് തലകീഴായി മറിച്ചു.

ആരൊക്കെയാ ഈ പത്ത് പേരെന്ന് നമ്മള് പറഞ്ഞില്ലല്ലേ...

നമ്മളും നമ്മളെ കുരാമീസും റിയയും ഷാമിലും അരുണും ഇക്ബാലും ഇർഫാനും ഒക്കെ അടങ്ങുന്നതാണ് ആ പത്തംഗം. ഇതില് ഇക്ബാലും ഇർഫാനും ഇരട്ടകളാണ്,അതിലുപരി പരട്ടകളും...ഇവര് എപ്പൊ നോക്കിയാലും മുട്ടൻ വഴക്കാ... പക്ഷേ അവരിലൊരാളുമായി ആരെങ്കിലും പ്രശ്നത്തിന് വന്നാൽ അപ്പൊ അവര് ഒറ്റ കെട്ടാ.

പൂക്കളമത്സരത്തിന് ജഡ്ജിങ്ങിനായി വന്ന സാറുമാരും ടീച്ചേഴ്സും ഞങ്ങൾ ക്ലാസിൽ കാട്ടി കൂട്ടിയ കോപ്രായങ്ങള് കണ്ട് എ ഗ്രൈഡും തന്നിട്ട് എഞ്ചോയ് എന്ന് പറഞ്ഞ് പോയി. പിന്നെ പറയണ്ടല്ലൊ പൂരം...

താഴെ ഗ്രൗണ്ടിൽ വെച്ച് ഒരുപാട് പരിപാടികൾ അരങ്ങേറുന്നുണ്ടെങ്കിലും അതിനേക്കാൾ വലിയ പരിപാടികളായിരുന്നു ഇവിടെ അരങ്ങേറിയത്.

അങ്ങനെ ഞങ്ങളെ പരിപാടികളൊക്കെ കഴിഞ്ഞ് ക്ലാസിലേക്ക് കേറി വന്ന മറ്റു കുട്ടികള് ഞങ്ങൾ അവിടെ കാണിച്ച് വെച്ചത് കണ്ട് അന്തം വിട്ട് നോക്കി നിന്നു.

ഞങ്ങൾ ഓരെയൊക്കെ നോക്കി പല്ലിളിച്ചോണ്ട് വേഗം ക്ലാസീന്ന് തടി കൈച്ചിലാക്കി.

അങ്ങനെ ഉച്ചക്ക് 13 കൂട്ടം ഉപ്പേരിയും രണ്ട് കൂട്ടം പായസവും കൂടി ഒരു വിഭവസമൃദ്ധമായ നല്ല ഓണസദ്യയും അകത്താക്കി ഏമ്പക്കവും വിട്ടോണ്ട് നമ്മളും നമ്മളെ കുരാമീസും കൂടി ഗ്രൗണ്ടിലൂടെ നടന്നു നീങ്ങി.

ഞങ്ങൾ അഞ്ച് പേർക്കും നല്ല വിഷമമുണ്ട്. കാരണം ഇനി ഞങ്ങൾ കാണണെങ്കിൽ പത്ത് ദിവസം

കഴിയണ്ടേ...അല്ലെങ്കിൽ തന്നെ ആഴ്ച്ചയിലെ രണ്ട് ദിവസം ക്ലാസില്ലാത്തത് തന്നെ ഞങ്ങക്ക് വെറുപ്പാ...അപ്പൊ ഇനി ഈ പത്ത് ദിവസത്തെ കാര്യം പറയണോ?

പക്ഷേ ഇങ്ങനെ ഒക്കെ ആണെങ്കിലും ഞങ്ങൾ അഞ്ചു പേരും ഭയങ്കര ത്രില്ലിലാണ് ട്ടോ...

കാരണം നമ്മളെ ശാഹിത്താൻറെ കല്യാണാണ് ഈ ഓണം വെക്കേഷനിൽ...

അന്നത്തെ കൂടി കാഴ്ച്ചക്ക് വേണ്ടി കാത്തിരിക്കാണ് ഞങ്ങൾ... ശാഹിത്താൻറെ കല്യാണം അടിച്ച് പൊളിച്ച് കയ്യിൽ വെച്ച് തരുമെന്ന് ഞങ്ങൾ അഞ്ച് പേരും ഇത്താക്ക് വാക്ക് കൊടുത്തതാണ്...

അതോണ്ട് ഇത്താൻറെ കല്യാണത്തിന് കാണമെന്ന പ്രതീക്ഷയോടെയാണ് ഞങ്ങൾ പിരിഞ്ഞത്.

സനയേയും ഷംനയേയും കൊണ്ട് പോകാൻ ഷാഹിക്ക വന്നിരുന്നു. നസിനെ കൊണ്ട് പോകാൻ ഓളെ ഇത്താത്തയും കൂടെ അളിയനും...

ഞങ്ങൾ അവരെ മൂന്ന് പേരേയും യാത്രയാക്കിയിട്ടാണ് ഞങ്ങൾ വീട്ടിലേക്ക് തിരിച്ചത്.

സത്യം പറഞ്ഞാൽ പരിപാടികൾ ഒന്നും പൂർണ്ണമായും കഴിഞ്ഞിട്ടില്ലേന്നു.പക്ഷേ ഇനിയും അവിടെ നിന്നിട്ട് ആദിയെ ഫേസ് ചെയ്യേണ്ടി വന്നാലോ എന്ന് കരുതി അച്ചൂനേയും കൊണ്ട് മുങ്ങിയതാണ്. ശാഹിത്ത പിന്നെ കല്യാണത്തിന് മുൻപുള്ളതും കോളേജിലെ അവസാനത്തെ ഓണം സെലബ്രേഷനുമല്ലേന്ന് കരുതി കോളേജിൽ തന്നെ നിന്നു. പരിപാടി കഴിയുമ്പൊ മൂപ്പത്തിൻ്റെ ഷിബൂക്ക വരുമത്രെ കൊണ്ട് പോകാൻ...

അതോണ്ട് ഞങ്ങൾ രണ്ട് പേരും പിന്നെ ഒന്നും നോക്കീല ബസ് സ്റ്റോപ്പിലേക്ക് പോയി.

ഒരുപാട് നേരം ഞങ്ങൾ രണ്ടു പേരും ബസ് കാത്ത് നിന്നെങ്കിലും നമ്മളെ എ.എസ്.കെ മാത്രം വന്നില്ല...

അപ്പോഴുണ്ട് ആദിൻ്റെ ബുള്ളറ്റിൻ്റെ ശബ്ദം അങ്ങ് അകലെ നിന്നും കേൾക്കുന്നു. ഈ പത്ത് ദിവസം

ആദിയെ എങ്ങനെ ഞാൻ കാണാതിരിക്കും എന്ന് വിഷമിച്ച് നിൽക്കുമ്പോഴാ ആദി ഞങ്ങളെ അടുത്തേക്ക് വന്നത്.

ഓനെ കണ്ടതും നമ്മളെ കണ്ണ് അറിയാതെ നിറഞ്ഞ് പോകാണ്. എന്തോ ഈ വേർപിരിയൽ നമ്മളെ ചങ്ക് തളർത്തുന്ന പോലെ തോന്നാ...

"കാക്കൂ ഒന്നര മണിക്കൂറായി ഞങ്ങൾ ഇവിടെ ബസ് കാത്ത് നിൽക്കുന്നു... എന്താ ബസ് വരാൻ ലേറ്റാകുന്നേ?"

"ബസ് ഒരു പത്ത് മിനിറ്റിൽ എത്തും അച്ചു...താൻ അത് ആലോചിച്ച് ടെൻഷനാകണ്ട ..

അല്ലാ നമ്മളെ പുലിക്കുട്ടി എന്താ ഒന്നും മിണ്ടാതെ തല താഴ്ത്തി നിൽക്കുന്നേ?

നിനക്ക് സന്തോഷായില്ലേ ഐഷൂ...പത്ത് ദിവസം

എന്നെ കാണേം വേണ്ട,എൻ്റെ ശല്യം സഹിക്കേം വേണ്ട അല്ലേ..?"

'ആദീ നീ പറയുന്നതൊക്കെ നമ്മളെ ചങ്കില് കൊള്ളുന്ന പോലെയാ നമ്മക്ക് തോന്നുന്നത്. പക്ഷേ, ഇപ്പൊ നമ്മള് ഓനോട് മൗനം പാലിച്ചാൽ അത് പിന്നെ എന്നെ പഴയ ഐഷു ആക്കി മാറ്റും...അത് പാടില്ല...'

"അതേലോ...പെരുത്ത് സന്തോഷാണ്...ഈ എരണം കെട്ട മോന്ത പത്ത് ദിവസമെങ്കിൽ പത്ത് ദിവസം നമ്മക്ക് കാണണ്ടല്ലോ...അതോർക്കുമ്പോഴാ മനസ്സിന് ഒരു ആശ്വാസം..."

ഉള്ളിലെ സങ്കടങ്ങൾ പേമാരി പോലെ പെയ്യാൻ വേണ്ടി വെമ്പുമ്പോഴും നമ്മളത് മറച്ച് വെച്ച് ഓനെ നോക്കി പല്ലിളിച്ചു.

"എന്നാലേ ഇക്കാൻ്റെ ഐഷൂട്ടി അത്രേക്ക് അങ്ങോട്ട് ആശ്വസിക്കാൻ വരട്ടെ....നിനക്ക് എന്നെ കാണാതെ ഈ പത്ത് ദിവസം കഴിയാൻ പറ്റുമായിരിക്കും. പക്ഷേ

എനിക്ക് പറ്റില്ല...

അതോണ്ട് നീ എന്നും എൻറെ ഈ തിരുമോന്ത കാണേണ്ടി വരും..."

ആദിൻറെ വാക്കുകൾ കേട്ടപ്പോ നമ്മക്ക് തുള്ളി ചാടാനാണ് തോന്നിയത്...പക്ഷേ നമ്മക്ക് അത് പ്രകടിപ്പിക്കാൻ പറ്റില്ലല്ലോ അതോണ്ട് നമ്മള് ഓനോട് ഗൗരവം നടിച്ചു.

"ഓ....ഈ തിരുമോന്ത കാണാനാണേൽ പിന്നെ എന്തിനാ കോളേജിന് ലീവ് തന്നത്...?"

"എൻറെ ഐഷൂൻറെ വീട്ടിലേക്ക് വരാൻ വേണ്ടിയിട്ട്..."

"ഓ...പിന്നെ ഇങ്ങ് കേറി വാ....ഞാൻ ആനയും അമ്പാരിയുമായിട്ട് കാത്തിരിക്കാം സ്വീകരിക്കാൻ..."

"ഓ...ആയിക്കോട്ടേ....നീ കാത്തിരിക്കണേ..."

ഒരു കള്ളച്ചിരിയോടെ ആദി അത് പറഞ്ഞപ്പൊ നമ്മള് ഓനെ കടിച്ചു കീറാൻ പോകുന്ന പോലെ നിന്നു.

അപ്പൊ തന്നെ ഞങ്ങളെ ബസ് വന്നതും അച്ചു വേഗം കേറി ഇരുന്നു. നമ്മള് ആദിയെ നോക്കി ഒരു ലോഡ് പുച്ഛമെറിഞ്ഞിട്ട് മുഖം തിരിച്ചതും ഓൻ നമ്മളെ വിരലുകളിൽ പിടിച്ചു.

"ഐ മിസ്സ് യു ഐഷൂ..."

എന്ന് ഓൻ പറഞ്ഞപ്പൊ ഓൻ്റെ കണ്ണിലൊരു തിളക്കം നമ്മള് ശ്രദ്ധിച്ചു. അത് ഒരു കണ്ണുനീർ തുള്ളിയാണെന്ന് തിരിച്ചറിയാൻ എനിക്ക് അധികം സമയം വേണ്ടി വന്നില്ല...

നമ്മക്കും ഓനെ പിരിഞ്ഞിരിക്കുന്നതിൽ വിഷമമുണ്ടെന്ന് ഓൻ അറിയാതിരിക്കാൻ വേണ്ടി നമ്മള് ഓനെ നോക്കി പല്ലിളിച്ചോണ്ട്

"ഐ മിസ്സ് യു ടൂ കോന്താ..."

എന്ന് പറഞ്ഞ് ഓൻറെ കയ്യിൽ നിന്നും പിടി വിട്ട് നമ്മള് ബസിൽ കേറി. ഞങ്ങൾ ഇരിക്കുന്ന സീറ്റിന് മോളിൽ "ഐ മിസ്സ് യു ഐഷൂ.." എന്ന് എഴുതിയത് നോക്കി കൊണ്ട് നമ്മള് ആദിയെ നോക്കി അച്ചൂൻറെ അടുത്ത് ഇരുന്നു.

ബസ് പുറപ്പെടാൻ നേരം ആദി കൈ കാണിച്ച് നമ്മളെ നോക്കി പറഞ്ഞു.

"ഐഷൂ...ശാഹിനാൻറെ കല്യാണത്തിന് നിനക്ക് ഒരു സർപ്രൈസുണ്ട്....കാത്തിരുന്നോ..."

(തുടരും)

പാർട്ട് 54

ബസ് പുറപ്പെടാൻ നേരം ആദി കൈ കാണിച്ച് നമ്മളെ നോക്കി പറഞ്ഞു.

"ഐഷൂ...ശാഹിനാൻറെ കല്യാണത്തിന് നിനക്ക് ഒരു സർപ്രൈസുണ്ട്...കാത്തിരുന്നോ..."

നമ്മള് നെറ്റി ചുളിച്ചോണ്ട് ഓനെ നോക്കിയപ്പൊ ഓൻ നമ്മക്ക് സൈറ്റടിച്ച് കാണിച്ച് തന്നു. നമ്മള് അതിനി എന്താന്ന് ചിന്തിച്ച് നിന്നപ്പോഴേക്കും ബസ് പുറപ്പെട്ടിരുന്നു. നമ്മള് അത് ആലോചിച്ച് നഖം കടിച്ചിരിക്കുമ്പോഴുണ്ട് അച്ചു നമ്മളെ നോക്കി വാ പൊത്തി ചിരിക്കുന്നു.

നമ്മള് ഓളെ നോക്കിയിട്ട് എന്താന്ന് പുരികം പൊക്കി, അപ്പൊ ഓള് ചിരി കൺട്രോൽ ചെയ്ത് നമ്മളെ അടുത്തേക്ക് നീങ്ങി ഇരുന്നു.

"ഫെബീ...മിക്കവാറും കാക്കു നിനക്ക് തരാൻ വേണ്ടി ഒരു മഹറുമായിട്ടാകും ശാഹിത്താൻറെ കല്യാണത്തിന് വരാ.. അതാകും നിനക്കുള്ള സർപ്രൈസ്...."

എന്ന് അച്ചു പറഞ്ഞപ്പൊ നമ്മക്ക് ഒരു സന്തോഷം തോന്നിയെങ്കിലും പല കാരണങ്ങൾ കൊണ്ടും നമ്മള്

അങ്ങനെ ഒരു ആഗ്രഹം വേണ്ടെന്ന് തീരുമാനിച്ചു.

"ഫെബീ....നീയെന്താ ആലോചിക്കുന്നത്?

കാക്കൂൻ്റെ സർപ്രൈസ് എന്താകുമെന്ന് ആലോചിക്കാണോ അതോ......"

നമ്മള് അച്ചൂനെ നിറമിഴികളോടെ നോക്കുന്നത് കണ്ടിട്ട് ഓള് നമ്മളെ കണ്ണ് തുടച്ച് നമ്മളെ മുഖത്തേക്ക് നോക്കി.

"എന്താടാ നീയിങ്ങനെ? നിൻ്റെ സങ്കടങ്ങൾക്ക് അറുതി വരുത്താനല്ലെ ഞാൻ ഇങ്ങനെ ഒക്കെ പറയുന്നതും പ്രവർത്തിക്കുന്നതും...

എല്ലാം മാറുന്ന ഒരു കാലം വരുമെന്ന് ഞാൻ നിന്നോട് പറഞ്ഞില്ലേന്നോ...ആ കാലം അടുത്തെത്തി...

കാക്കുവാണ് ആ കാലത്തെ നിന്നിൽ കൊണ്ട് വരാൻ പോകുന്നത്....

കാക്കൂനെ കൊണ്ട് മാത്രേ അതിനൊക്കെ കഴിയൂ....

പ്ലീസ് ഫെബീ...ഇനിയും നീ പഴയതൊക്കെ ആലോചിച്ച് നിൻറെ ജീവിതം നശിപ്പിക്കരുത്...

കഴിഞ്ഞത് കഴിഞ്ഞു... ഇനി അതോർത്ത് വിഷമിച്ചെന്ന് കരുതി നഷ്ടപ്പെട്ടതൊന്നും തിരിച്ച് വരില്ല...

പക്ഷേ, നിന്നിലെ ഞങ്ങളെ ഫെബീ തിരിച്ച് വരും... എനിക്ക് അറിയാം..."

നമ്മള് മെല്ലെ അച്ചൂൻറെ തോളില് തല ചായ്ച്ച് കിടന്ന് കണ്ണടച്ചു. ആ ഒരൊറ്റ നിമിഷത്തിലേക്ക് ഇതുവരെ ഞാൻ മനസ്സിൽ കൊണ്ട് നടന്ന എൻറെ എല്ലാ വിഷമങ്ങളും വന്ന് ചേർന്നു. എല്ലാം ഒരു ദുഃസ്വപ്നമായിട്ട് മറക്കാൻ ശ്രമിച്ചു. പക്ഷേ..... കഴിയുന്നില്ല.

വീട്ടിൽ എത്തി സിനൂനോട് വഴക്ക് കൂടിയപ്പൊ കുറച്ച് ആശ്വാസം കിട്ടി.

പിന്നെ അങ്ങോട്ട് ചിന്ത മുഴുവൻ ഒന്ന് മാത്രം...

ആദീ....

ആദീ....

ആദീ....

ഓനുമായിട്ട് എന്ത് ബന്ധാണ് നമ്മക്കുള്ളത്, അതാണ് എന്നെ അലട്ടിയ ഏക ചോദ്യം....

ഓനെ പിരിഞ്ഞപ്പൊ...ഓൻറെ കണ്ണ് നിറഞ്ഞപ്പൊ...

നമ്മളെ മിഴിയും എന്തിന് നിറഞ്ഞു?

അച്ചു പറഞ്ഞ പോലെ പ്രണയം ആയിരിക്കോ എന്നൊക്കെ ആയി നമ്മളെ ചിന്ത.

ഇന്ന് കോളേജിൽ വെച്ച് നടന്നതൊക്കെ ഒന്ന് കൂടി റീവൈൻഡ് ചെയ്ത് നോക്കിയാണ് നമ്മള് കിടന്നത്. നമ്മളെ കൂടപ്പിറപ്പ് കൂട്ട് തേടി വന്നപ്പൊ നമ്മളും അതിന്

കൂട്ട് കൊടുത്തു.

മറക്കാൻ ശ്രമിച്ച കാര്യങ്ങൾ വീണ്ടും നമ്മളെ ഓർമ്മയിൽ ഒരു സ്വപ്നമായി തെളിഞ്ഞു വന്നപ്പൊ പെട്ടെന്ന് ഞെട്ടി എണീറ്റു. പിന്നീട് കൂടപ്പിറപ്പിനെ ആട്ടിയോടിച്ച് കരച്ചിലായിരുന്നു കൂട്ടിന് ഉണ്ടായത്...

ആ സങ്കടങ്ങളിലും നമ്മളെ മനസ്സിൽ തെളിഞ്ഞ് വന്നത് ആദിൻ്റെ മുഖം മാത്രം. അവനെ എൻ്റെ ജീവിതത്തിൽ നിന്നും എങ്ങനെ എങ്കിലും ഒഴിവാക്കാൻ നമ്മള് തീരുമാനിച്ചു.

കാരണം, ആദിയുമായി ഞാൻ അടുത്താൽ അത് പലർക്കും ആപത്ത് മാത്രമേ വിളിച്ച് വരുത്തൂ...

അത് ആ സൽമയെ കൊണ്ട് ആയാലും അല്ലെങ്കിൽ മറ്റ് ആരെ കൊണ്ട് ആയാലും ...

അതോണ്ട് ഇതുവരെ ആദി എനിക്ക് എങ്ങനെ ആയിരുന്നോ അതുപോലെ മതി ഇനി അങ്ങോട്ടുമെന്ന് നമ്മള് തീരുമാനിച്ചു. അതാണ് രണ്ട് പേർക്കും നല്ലത്...

മനസ് കൊണ്ട് അങ്ങനെ ഒക്കെ തീരുമാനങ്ങൾ എടുത്തെങ്കിലും അത് എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറീല. പക്ഷേ അവനെ ഒരിക്കലും പ്രണയമെന്ന കണ്ണിലൂടെ നോക്കില്ല.അത് ഞാൻ തീരുമാനിച്ചു കഴിഞ്ഞു.

ഇങ്ങനെ ഒക്കെ ചിന്തിച്ച് കൂട്ടി എപ്പോഴോ നമ്മള് ഉറക്കിലേക്ക് എഴുതി വീണു. രാവിലെ അലാറം അടിച്ചപ്പോഴാണ് നമ്മള് എണീറ്റത്.

എന്നത്തേയും ഉപ്പാനെ വിളിച്ചുണർത്തി നടക്കാൻ പോയി. ഉപ്പാനോട് ഓണപരിപാടിയെ കുറിച്ചായിരുന്നു നമ്മള് സംസാരിച്ചത്. ക്ലാസ്സ് മൊത്തം തല തിരിച്ചതൊക്കെ ഉപ്പാനോട് പറഞ്ഞ് ഞങ്ങൾ രണ്ടാളും നല്ല ചിരിയായിരുന്നു.

ഉപ്പച്ചി പള്ളിക്കലെത്തിയപ്പൊ നമ്മള് അവിടെ നിന്ന് ഇന്നലെ ആദിയോട് എന്നിൽ ഉണ്ടായ വികാരത്തെ കുറിച്ച് ആലോചിച്ചു. എല്ലാം ഒരു സ്വപ്നം പോലെ എന്നിൽ നിന്നും മായ്ച്ചു തരണേ നാഥാ എന്ന് മനമുരുകി പ്രാർത്ഥിച്ച് കണ്ണ് തുറന്നു നോക്കിയപ്പൊ

മുന്നിൽ ആദി....

നമ്മക്ക് നമ്മളെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. തോന്നിയതാണോ എന്നറിയാൻ വേണ്ടി നമ്മള് സ്വയം നമ്മളെ കയ്യിൽ നുള്ളി നോക്കി. നമ്മക്ക് വേദനിക്കുന്നുണ്ട് അപ്പൊ തോന്നിയതല്ലെന്ന് ഉറപ്പായി.

"എന്താടീ നീയെന്നെ ആദ്യായിട്ട് കാണുന്ന പോലെ ഇങ്ങനെ മിഴിച്ച് നോക്കുന്നേ... എന്നെ ഇവിടെ വെച്ച് കണ്ടതിൻറെ ഷോക്കാണോ...അതോ....എൻറെ സൗന്ദര്യം കണ്ട് അതില് മതി മറന്ന് നിൽക്കാണോ..."

അത് കേട്ടപ്പൊ ഇതുവരെ തൊള്ളേം തുറന്ന് നിന്ന നമ്മള് ഓനെ അടിമുടിയൊന്ന് നോക്കി....

"അയ്യട....ഒരു സുന്ദരൻ വന്നിരിക്കുന്നു.... കണ്ടേച്ചാലും മതി....ഈ ......"

അത് പറഞ്ഞപ്പൊ ആദി ഓൻറെ ഷർട്ടിൻറെ കൈ

കേറ്റി വെച്ച് നമ്മളെ നേരെ നടന്നടുത്തു.

"എന്താ ഐഷൂ...എനിക്ക് സൗന്ദര്യം ഇല്ലേ.....?

എന്തായാലും ആവശ്യത്തിൽ കൂടുതൽ നിനക്കുണ്ടല്ലോ അതീന്ന് കുറച്ച് എനിക്ക് തന്നോ...."

എന്ന് പറഞ്ഞ് ഒരു പുഞ്ചിരിയോടെ ഓൻ നടന്നടുത്തപ്പൊ നമ്മള് പള്ളിൻറെ മതിലിൽ തട്ടി നിന്നിരുന്നു. ആദി നമ്മളെ നോക്കി ഒരു വശീകരണ ചിരിയോടെ നമ്മളെ തൊട്ടടുത്ത് എത്തിയപ്പൊ നമ്മള് കണ്ണ് രണ്ടും ഇറുക്കിയടച്ച് പടച്ചോനേ.... എന്ന് മനമുരുകി പ്രാർത്ഥിച്ചു. പെട്ടെന്ന്....

"ഫെബീ....എന്താ ഇജ്ജ് ഇവിടെ തന്നെ നിൽക്കാനാണോ പ്ലാൻ....വാ പോണ്ടേ...?"

ഉപ്പച്ചിൻറെ ശബ്ദം കേട്ടപ്പോഴാണ് നമ്മള് കണ്ണ് തുറന്നു നോക്കിയത്. അവിടെ അപ്പൊ ആദി പോയിട്ട് ഓൻറെ

പൊടി പോലും കാണാനില്ല...നമ്മള് ഉപ്പച്ചിൻറെ അടുത്തേക്ക് നടക്കുമ്പോഴും നമ്മള് ചുറ്റും കണ്ണോടിച്ച് നോക്കി. അവിടെ ഒന്നും ഓനെ കണ്ടില്ല... അപ്പൊ തോന്നിയതാകും എന്ന് ആശ്വസിച്ച് ഉപ്പച്ചിൻറെ കൂടെ നടന്നു.

"ഇജ്ജ് ആരെയാ ഇങ്ങനെ നോക്കുന്നത്? കുറേ നേരായി ഞാൻ ശ്രദ്ധിക്കുന്നു...ആരെങ്കിലും വരാന്ന് പറഞ്ഞീന്നോ?"

"ആരുല്യ ഉപ്പച്ചീ....ഞാൻ വെറുതെ ഒന്ന് കണ്ണോടിച്ചതല്ലേ..."

എന്ന് പറഞ്ഞ് നമ്മള് ഉപ്പച്ചിനോട് ചേർന്ന് നടന്നിട്ട് ശാഹിത്താൻറെ കല്ല്യാണത്തിന് പോകുന്ന കാര്യം നമ്മള് ഉപ്പച്ചിനോട് പറഞ്ഞു.

പെട്ടെന്ന് ആരോ നമ്മളെ തോളില് തട്ടിയപ്പോ നമ്മള് തിരിഞ്ഞു നോക്കി.ആരേയും അപ്പൊ കാണാത്തോണ്ട് തിരിഞ്ഞപ്പൊ ആദി നമ്മളെ മുന്നിൽ നിൽക്കുന്നു.

ഓനെ കണ്ടപ്പോൾ നമ്മള് ഉപ്പച്ചിനെ നോക്കി കൊണ്ട് ഓനെ നോക്കി കണ്ണുരുട്ടി പോകാൻ ആംഗ്യം കാണിച്ചു. പക്ഷേ അപ്പോഴേക്കും....

"ഹാ....ഇതാര് ആദിലോ..."

"അസ്സലാമു അലൈക്കും ഉപ്പാ..."

'ഉപ്പയോ....?' നമ്മള് തൊള്ളേം തുറന്ന് ആദിയെ നോക്കി.

"വഅലൈക്കുമുസ്സലാം.....അല്ലാ അന്നെ ഇപ്പൊ അങ്ങോട്ട് ഒന്നും കാണാറേ ഇല്ലല്ലോ...ഇടക്കൊക്കെ സമയം കിട്ടുമ്പോ മറ്റേ മൂന്നാളേം കൂട്ടി വീട്ടിലേക്ക് ഒക്കെ വരോണ്ടി..."

"അതിനെന്താ ഉപ്പാ വരാലോ.... ഇപ്പൊ വരേണ്ടത് എൻറെ കൂടി ആവശ്യമായി പോയില്ലേ?"

ഓനത് നമ്മളെ നോക്കി ആയിരുന്നു പറഞ്ഞത്...നമ്മള് അപ്പൊ തന്നെ മുഖം തിരിച്ചിട്ട് ഉപ്പച്ചിൻറെ കൈ പിടിച്ച് വലിച്ചു.

"ഉപ്പച്ചി വാ...നേരം കുറെ ആയി...ഇങ്ങക്ക് കടേല് പോണ്ടേ....?"

"അതൊക്കെ പോകാം...അല്ലാ നിങ്ങള് തമ്മിൽ പരിചയമില്ലേ? പിന്നെ എന്താ ഇജ്ജ് ഓനോട് ഒന്നും മിണ്ടാത്തേ?"

നമ്മള് ഓനെ നോക്കി കൊണ്ട് ഒരു പുച്ഛമെറിഞ്ഞു. അതിന് പകരം ഓൻ നമ്മക്ക് നല്ല പുഞ്ചിരിയും തന്നു.

"ഹായ്...വീട്ടിലെ എല്ലാവർക്കും സുഖല്ലെ..സുഖം തന്നെയെന്ന് കരുതുന്നു... ഇപ്പൊ എങ്ങോട്ടേലും പോകാൻ ഇറങ്ങിയതാകുമല്ലേ...അപ്പൊ ഓക്കേ പോയ്ക്കോ...ബൈ.."

നമ്മള് ഓനെ ആക്കി കൊണ്ട് ഇത്രയും ഒറ്റയടിക്ക് പട പടാന്ന് പറഞ്ഞ് കൊണ്ട് ഉപ്പച്ചിനേയും വലിച്ചോണ്ട് നമ്മള് നടന്നു.

"എന്താ ഫെബിയേ ഇജ്ജ് ഓനോട് അങ്ങനെ ഒക്കെ പറയുന്നേ...ഒന്നുല്ലെങ്കിലും അൻറെ ജീവൻ രക്ഷിച്ചോനല്ലെ ഓൻ...അതിൻറെ ഒരു നന്ദി എങ്കിലും അൻക്ക് ഓനോട് കാട്ടിക്കൂടേ..."

'ഉം....ബെസ്റ്റ്... ഓൻ കാരണാ നമ്മക്ക് അന്ന് അങ്ങനെ ഒരു അപകടം പറ്റാനിരുന്നത്. എന്നിട്ട് ഞാൻ ഇപ്പൊ നമ്മള് ഓനോട് അതിൻറെ നന്ദി കാണിക്കണെല്ലേ...'

എന്ന് മനസ്സിൽ കരുതി കൊണ്ട് നമ്മള് തിരിഞ്ഞു നോക്കിയപ്പൊ ഓൻ അവിടെ നിന്ന് നമ്മളെ നോക്കിയിട്ട് നാളെ എന്ന് കൈ കൊണ്ട് ആംഗ്യം കാണിച്ചു. നമ്മള് ഓനെ നോക്കി പുച്ഛിച്ച് തല തിരിച്ചിട്ട് ഉള്ളില് പൊട്ടി ചിരിച്ചു.

വീട്ടിൽ എത്തുന്നത് വരെ ഉപ്പച്ചിക്ക് ആദിയെ പറ്റി മാത്രെ ചോദിക്കാനും പറയാനും ഉണ്ടായിരുന്നുള്ളൂ. നമ്മള് ചിലതിനൊക്കെ മൂളി കൊടുത്തു. ചിലതൊക്കെ തള്ളി കളഞ്ഞു.

ഉപ്പച്ചി കടയില് പോയി കുറച്ചു കഴിഞ്ഞപ്പൊ കളിക്കാൻ പോയ ഷാദി പാഞ്ഞു വരുന്നത് കണ്ട് നമ്മള് ഓൻറെ അടുത്തേക്ക് ചെന്നു.

നമ്മളെ നേരെ ഒന്ന് നോക്കുക പോലും ചെയ്യാതെ ഓൻ അടുക്കളേക്ക് ചെന്നിട്ട് ഉമ്മച്ചിനോട് പറയുന്നത് കേട്ടു.

ആദി വീട്ടിലേക്ക് വരുന്നുണ്ടെന്ന്.. നമ്മളെ ജീവൻ രക്ഷിച്ചതിന് ഉമ്മച്ചി വിളിച്ച് വരുത്തിയതാ സൽക്കാരത്തിന്...നമ്മള് അത് കേട്ടോണ്ട് അടുക്കളേല് ചെന്നപ്പൊ ഉമ്മച്ചി സൈലൻറായിട്ട് എന്തോ ഉണ്ടാക്കി കൊണ്ടിരുന്നു.

ഷാദി നമ്മളെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് അവിടന്ന് അപ്പൊ തന്നെ സ്കൂട്ടായി.

നമ്മള് ഉമ്മച്ചിൻ്റെ നേരെ തിരിഞ്ഞിട്ട് മൂപ്പത്തിനെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു. എവടെ... നമ്മളെ ഒന്ന് തിരിഞ്ഞ് പോലും നോക്കുന്നില്ല മൂപ്പത്തി. പിടിപ്പെത് പണിയിലാ...

നമ്മള് ഉമ്മച്ചിൻ്റെ അടുത്തേക്ക് നീങ്ങി നിന്നിട്ട് മൂപ്പത്തിൻ്റെ തട്ടത്തിൻ്റെ അറ്റം പിടിച്ച് പിറകെ നടന്നു.

"എന്തിനാ ഉമ്മച്ചിയെ ആ ചെക്കനെയൊക്കെ വീട്ടിൽ വിളിച്ച് കേറ്റുന്നത്?

ഇവിടെ കല്യാണപ്രായം എത്തിയ ഒരു പെണ്ണുള്ള കാര്യം ഇങ്ങള് മറന്നോ?

നാട്ടുകാർ അതും ഇതും പറഞ്ഞു നടന്നാൽ നാണക്കേട് നമ്മക്കാ..."

"അതിന് സിനൂന് പതിമൂന്ന് വയസ്സല്ലേ ആയിട്ടുള്ളൂ...പിന്നെ ആരാ കെട്ടിക്കാൻ മാത്രം

പ്രായള്ള കുട്ടി ഇവിടെ?"

ഉമ്മച്ചി നമ്മളെ മുഖത്തേക്ക് നോക്കാതെ അത് പറഞ്ഞപ്പൊ നമ്മളെ ഇട്ട് താങ്ങിയതാണെന്ന് മനസ്സിലായി.അതോണ്ട് നമ്മക്ക് ദേഷ്യം വന്നപ്പോൾ മൂപ്പത്തി ഉണ്ടാക്കി കൊണ്ടിരുന്ന കേസരിയില് ഉപ്പ് വാരിയിട്ടു...

അത് കണ്ടതും നമ്മളെ പുന്നാര ഫൗസിയാത്ത ചട്ടുകം കൊണ്ട് നമ്മളെ കയ്യിന് ഒരടി തന്നു. നമ്മള് ഉപ്പ് വാരിയിട്ടതും ഉമ്മച്ചി അടിച്ചതും ഒപ്പായോണ്ട് നല്ലോണം നമ്മക്ക് കിട്ടി. അപ്പൊ തന്നെ കൈ കൊടഞ്ഞിട്ട് നമ്മള് അവിടന്ന് ഓടിയിട്ട് തിരിഞ്ഞു നോക്കി.

"ഇങ്ങള് വല്ലാണ്ട് ആക്കല്ലിട്ടോ...ആക്കിയാലേ ഓൻ ഇവിടുന്ന് ഒന്നും തിന്നാൻ പറ്റാത്ത അവസ്ഥയാക്കും ഞാൻ..."

എന്ന് പറഞ്ഞ് ഉമ്മച്ചിൻ്റെ ചട്ടുകത്തിൻ്റെ ചൂട് അറിയുന്നതിന് മുന്നേ ജീവനും കൊണ്ട് നമ്മള് ഓടി.

"ഇജ്ജ് ഇനി ഇങ്ങട്ട് വാടി ബലാലേ....അൻറെ ചിറി ഞാൻ മാറ്റി തരാ....

കണ്ടോ ഇത് മുഴുവൻ അന്നെ കൊണ്ട് തന്നെ നമ്മള് തീറ്റിക്കും...."

ഉമ്മച്ചി വിളിച്ച് കൂവുന്നത് കേട്ട് നമ്മള് ആ കാണാം എന്ന് പറഞ്ഞ് ഓടി ചെന്നത് നേരെ ആദിൻറെ മുന്നിലേക്ക് ആയിരുന്നു... ഓനും കൂടെ നമ്മളെ കാക്കുവും ഉണ്ടായിരുന്നു.

"ഹാ....നീ ഇവിടെ ഉണ്ടായിട്ടാണോ ഞങ്ങളെ വീട്ടിലേക്ക് ക്ഷണിക്കാൻ മുന്നിലേക്ക് വരാഞ്ഞേ...?"

കാക്കൂൻറെ ചോദ്യം കേട്ട് നമ്മള് ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് ആ കോന്തനെ നോക്കി കണ്ണുരുട്ടി.

"എന്തിനാ വന്നേ.....?"

നമ്മളെ ആക്കി കൊണ്ട് ഉള്ള ചോദ്യം കേട്ടപ്പോ അവര് എന്തോ പറയാൻ തുടങ്ങുമ്പോഴാണ് നമ്മളെ പുന്നാര ഉമ്മച്ചി വന്ന് നമ്മളെ ചെവി തിരിച്ച് പൊന്നാക്കിയത്.

"വീട്ടിൽ വരുന്നവരോട് ഇങ്ങനെ ആണോ ടീ പറയേണ്ടത്...?

നിങ്ങള് വാ ഓള് പറഞ്ഞതൊന്നും ഇങ്ങള് കാര്യാക്കണ്ടാ....."

എന്ന് പറഞ്ഞ് ഉമ്മച്ചി ഓരെ ആനയിച്ച് സോഫയിലിരുത്തി...അപ്പൊ ആ കോന്തൻ ഇപ്പൊ എങ്ങനെ ഉണ്ട് എന്ന രീതിയിൽ പുരികം പൊക്കി കൊണ്ട് നമ്മളെ നോക്കി ചിരിച്ചു . നമ്മള് ആ കോന്തൻ ആദിനെ നോക്കി പുച്ഛിച്ചോണ്ട് റൂമിലേക്ക് വേഗം ഓടി പോയി.

റൂമില് എത്തിയ ഉടനെ തന്നെ വേഗം വാതിലടച്ച് കുറ്റിയിട്ടു. ഇനി അവര് പോകുന്ന വരെ ഈ റൂമീന്ന് നമ്മള് ഇറങ്ങില്ലെന്ന് പ്രതിജ്ഞ ചെയ്തു. അച്ചൂനോട്

ആ കോന്തൻ ഇവിടെ എത്തിയിട്ടുണ്ടെന്ന് വിളിച്ച് പറഞ്ഞപ്പൊ ഓള് അപ്പൊ തന്നെ സ്കൂട്ടിയും കൊണ്ട് ഹാജറായി.

അവര് പോകുന്ന വരെ ഇവിടുന്ന് ഇറങ്ങില്ലെന്ന് പ്രതിജ്ഞ ചെയ്ത നമ്മള് അച്ചു കാരണം റൂമീന്ന് പുറത്തിറങ്ങി. എന്തോ സ്വന്തം ഏട്ടന്മാരെ പോലെ ആയിരുന്നു അച്ചു അവരോട് പെരുമാറിയത്. നമ്മക്ക് അത് കണ്ടപ്പോൾ ഒരു അത്ഭുതായിരുന്നു.

ഉച്ചക്ക് ഞങ്ങള് എല്ലാവരും ഒന്നിച്ചാണ് ഭക്ഷണം കഴിച്ചത്. ഇടക്കിടക്ക് ഓൻ നമ്മളെ നോക്കുന്നത് നമ്മള് കാണുന്നുണ്ടെങ്കിലും അതൊന്നും മൈൻറ് ചെയ്യാതെ ആയിരുന്നു നമ്മളെ ഇരുത്തം.

എന്നു കരുതി നമ്മള് അത്ര വല്യ മോശമൊന്നും അല്ലട്ടോ...ഓൻറെ കണ്ണ് തെറ്റിയാ അപ്പൊ നമ്മളെ നോട്ടം ഓനെയാകും...

ഉമ്മച്ചി വിളമ്പി തരുന്നതൊക്കെ ആസ്വദിച്ച് കഴിക്കുന്ന

നമ്മളെ കോന്തനെ കണ്ടപ്പൊ തന്നെ നമ്മളെ വയറ് നിറഞ്ഞു. നമ്മള് ഓനെ നോക്കി ഏതോ സ്വപ്ന ലോകത്ത് നിൽക്കുമ്പോഴാണ് അച്ചു നമ്മളെ തോളില് കൈ വെച്ച് കാതില് പറഞ്ഞത്.

"കാക്കൂനെ ഒക്കെ പിന്നെ വായിനോക്കാം...ഇപ്പോൾ കിട്ടിയത് തിന്നൂട്...ഇല്ലെങ്കിൽ എനിക്ക് തന്നേക്ക്...."

അച്ചു അത് പറഞ്ഞ് നമ്മളെ നോക്കി ചിരിച്ചപ്പൊ നമ്മളും ഓളെ നോക്കി വളിച്ച ഇളി പാസാക്കി കൊണ്ട് ഭക്ഷണം കഴിച്ചു.

"ഉമ്മാ....ഇതൊക്കെ ഒറ്റക്കാണല്ലേ ഉണ്ടാക്കിയത്...? വെറുതെ അല്ല എല്ലാത്തിനും ഒരു പ്രത്യേക രുചി...."

ആ കോന്തൻ നമ്മളെ നോക്കി പറഞ്ഞപ്പൊ തന്നെ അത് നമ്മക്കിട്ട് താങ്ങിയതാണെന്ന് നമ്മക്ക് മനസ്സിലായി. നമ്മള് ഓനെ നോക്കി കണ്ണുരുട്ടി കൊണ്ട് ഓൻ്റെ കാലിലൊരു ചവിട്ടങ്ങ് കൊടുത്തു. അപ്പൊ തന്നെ കാക്കു ഒരു അലർച്ച ആയിരുന്നു. മൂപ്പരെയാണ്

നമ്മൾ ചവിട്ടിയതെന്ന് മനസ്സിലായപ്പൊ നമ്മള് വേഗം പ്ലേറ്റിലേക്ക് തല താഴ്ത്തി ഇരുന്നു.

"ഡാ ആദി.....നീ കൊള്ളേണ്ട ചവിട്ടാടാ ഞാൻ കൊണ്ടത്..."

കാക്കു അത് പറഞ്ഞപ്പൊ തന്നെ എല്ലാരുടേയും നോട്ടം നമ്മളിലേക്കായി.നമ്മക്ക് ചിരി വന്നിട്ട് അത് കൺട്രോൽ ചെയ്ത് തല താഴ്ത്തിയാണ് നമ്മള് ഇരുന്നത്...

"അതിന് ഞാൻ സത്യം തന്നെയല്ലേടാ സിയാദേ പറഞ്ഞത്... ഉമ്മാൻറെ കൈ കൊണ്ട് ഉണ്ടാക്കിയതോണ്ടല്ലേ ഇതിനൊക്കെ ഇത്രക്ക് ടേസ്റ്റ്....വേറെ വല്ലോരും ആണെങ്കിൽ പഞ്ചസാരക്ക് പകരം ഉപ്പ് ഇടുന്ന പോലെയാകും കാര്യങ്ങൾ... ഒന്നിനും അതിൻറേതായ ടേസ്റ്റ് കിട്ടില്ല....."

"അപ്പൊ നീ പറഞ്ഞു വരുന്നത് എനിക്കൊന്നും ഉണ്ടാക്കാനറിയില്ല....ഞാൻ ഉണ്ടാക്കുന്നത് ഒക്കെ

കൊളാകുമെന്നല്ലേ....?"

നമ്മള് അപ്പൊ തന്നെ കസേരേന്ന് എണീറ്റ് ആ കോന്തൻറെ നേരെ കൊരച്ച് ചാടി.

"ഓൻ പറഞ്ഞതില് എന്താടി തെറ്റ്? നേരാംവണ്ണം ചായ പോലും ഉണ്ടാക്കാനറീല ഓക്ക്.....അപ്പൊ അത് ഓൻ പറഞ്ഞതായോ തെറ്റ്..."

"ഉമ്മച്ചി......."

നമ്മളെ ഉമ്മച്ചി അപ്പോഴേക്കും നമ്മക്ക് എതിരെയുള്ള ടീമിൽ നിന്നും ഗോളടിച്ച് കൃത്യം നമ്മളെ കോർട്ടില് തന്നെ കൊണ്ട് എത്തിച്ചു. പിന്നെ പറയണ്ടല്ലൊ...ഒരു ചിരിയുടെ മേളായിരുന്നു അവിടെ അരങ്ങേറിയത്...അത് കണ്ടപ്പോൾ അവറ്റകളെ ചുരുട്ടി കൂട്ടി മൂലക്കല് വലിച്ചെറിയാനാ നമ്മക്ക് തോന്നിയത്.

അങ്ങനെ അവരെ മുന്നിൽ തോറ്റു കൊടുക്കാൻ

പാടില്ലല്ലോ....കാരണം നമ്മള് ആയിഷ ഫെബിയാണ്...അതോണ്ട് മിണ്ടാതിരുന്നിട്ട് കാര്യല്യാന്ന് തോന്നിയപ്പൊ നമ്മള് ഓരെയൊക്കെ നോക്കി കൊണ്ട് വെല്ലുവിളിച്ചു.

"അങ്ങനെ ഇപ്പോ നിങ്ങൾ എന്നെ കൊച്ചാക്കണ്ട...

ഈ ആയിഷ ഫെബി വിചാരിച്ചാലും ഫുഡൊക്കെ ഇതിലും നന്നായിട്ട് ഉണ്ടാക്കാൻ കഴിയും... കാണണോ നിങ്ങക്ക്...?"

"അയ്യോ...വേണ്ട മോളേ...നിൻറെ ഒരു ക്യാരറ്റ് ഹൽവ തിന്നതിൻറെ ക്ഷീണം ഇപ്പോഴും മാറിയിട്ടില്ല...ഇനിയും അതുപോലെ ഉള്ള പരീക്ഷണങ്ങൾക്ക് വിദേയമാകാൻ നമ്മളില്ലേ...."

എന്ന് പറഞ്ഞ് അച്ചു അവിടന്ന് എണീറ്റ് പോയപ്പൊ അവിടെ വീണ്ടും കൂട്ടച്ചിരി ഉയർന്നു. മുന്നിൽ തന്നെ നമ്മളെ പുന്നാര ഉമ്മച്ചി ഉണ്ടായിരുന്നു. അതോണ്ട് മൂപ്പത്തിയെ അടക്കം എല്ലാവരേയും വെല്ലുവിളിച്ച് നീണ്ട നാല് വർഷങ്ങൾക്കു ശേഷം നമ്മള് വീണ്ടും പാചകത്തിന് ഇറങ്ങി.

വല്യ വാശി പുറത്ത് എടുത്ത് ചാടിയതാണേലും അങ്ങനെ വിട്ട് കൊടുക്കാൻ നമ്മള് ഉദ്ദേശിച്ചിട്ടില്ലേന്നു...അതോണ്ട് കേസരി ഉണ്ടാക്കാൻ തന്നെ നമ്മള് തീരുമാനിച്ചു.

നേരത്തെ ഉമ്മച്ചി ഉണ്ടാക്കി വെച്ചതില് നമ്മള് ഉപ്പ് വാരിയിട്ടതോണ്ട് മൂപ്പത്തി അതൊക്കെ ആദ്യമേ കളഞ്ഞിരുന്നു.ഇല്ലേല് അതെടുത്ത് ആ കോന്തന് കൊടുക്കാനായിരുന്നു നമ്മളെ ഉദ്ദേശം...

നമ്മള് ഉമ്മച്ചി ഉണ്ടാക്കിയതൊക്കെ നോക്കി വെച്ചിട്ടുള്ള ഒരു ഓർമ്മയിൽ എന്തൊക്കെയോ കാണിച്ച് കൂട്ടി. സംശയം വന്നപ്പോൾ വേഗം യൂടൂബ് എടുത്ത് അതില് നോക്കി നമ്മള് കേസരി ഉണ്ടാക്കി. അതുവരേ ആരേയും അടുക്കളെൻറെ പരിസരത്തേക്ക് പോലും നമ്മള് കടത്തിയില്ല.

അങ്ങനെ നമ്മളെ പരിശ്രമം വിജയം കണ്ട പോലെ നമ്മക്ക് തന്നെ തോന്നി. അത്രക്ക് ടേസ്റ്റ് ഉണ്ടായിരുന്നു അതിന്...

പക്ഷേ ഇത് അതുപോലെ ആ കോന്തന് കോടുക്കാനല്ല നമ്മളെ പ്ലാൻ....അതോണ്ട് ഓന് കൊടുക്കേണ്ട കേസരിയില് മാത്രം നമ്മള് ഉപ്പ് വാരിയിട്ടു.

'അല്ല പിന്നെ ഈ ഫെബിയോടാ ഓൻറേ കളി...നമ്മക്ക് പഞ്ചസാരയും ഉപ്പും ഏതാണെന്ന് പോലും തിരിച്ചറിയില്ലെന്ന് ഓൻ കൂടി അറിയട്ടെ...'

നമ്മള് അത് എടുത്തോണ്ട് എല്ലാവർക്കും കൊണ്ട് പോയി കൊടുത്തു. അവസാനം കോന്തന് സ്പെഷ്യലായിട്ട് ഉണ്ടാക്കിയ കേസരി അവന് നേരെ ഒരു പുഞ്ചിരിയോടെ അത് നീട്ടുമ്പോഴും നമ്മളെ കണ്ണിൽ നിന്നും കണ്ണെടുക്കാതെ ഓൻ അതെടുത്ത് ഒരു സ്പൂൺ കഴിച്ചു.

അത് കഴിച്ചതും ഓൻ നമ്മളെ ഒരു തുറുക്കനെ നോട്ടമായിരുന്നു. നമ്മള് അതിന് ഒരു മറുപടി എന്നോണം ഒരു നല്ല ചിരിയങ്ങ് പാസാക്കി.

"ഉം...കൊള്ളാം.... നിനക്കും ആവശ്യത്തിന്

കൈപുണ്യമൊക്കെയുണ്ട്...."

എന്ന് പറഞ്ഞ് ആദി വീണ്ടും വീണ്ടും ആ ഉപ്പ് കേസരി കഴിക്കുന്നത് കണ്ടപ്പോൾ നമ്മക്ക് തന്നെ അത് ഒരു വേദനയായി. അതോണ്ട് വേഗം അത് ഓൻ്റെ കയ്യീന്ന് തട്ടി വാങ്ങിയിട്ട് അവന് വെള്ളം കൊടുത്തു കുടിക്കാൻ...

ഓൻ നമ്മളെ നോക്കി പുഞ്ചിരി തൂകി കൊണ്ട് കണ്ണടിച്ചപ്പോ നമ്മക്ക് അറിയാതെ ചിരി വന്നു പോയി. നമ്മള് ആദ്യായിട്ട് ഉണ്ടാക്കിയ കേസരിക്ക് എല്ലാരും നല്ല അഭിപ്രായം തന്നെ ആയിരുന്നു തന്നതെങ്കിലും ആദിക്ക് ഉപ്പിട്ടത് കൊടുക്കേണ്ടായിരുന്നെന്ന് നമ്മക്ക് തോന്നി.

കുറച്ചു കഴിഞ്ഞ് അവരോട് ഒക്കെ കത്തിയടിച്ച് അവര് രണ്ട് പേരും പോകാൻ നേരം നമ്മള് ആദിൻ്റേ അടുത്തേക്ക് നീങ്ങി ചെന്നു.നമ്മളെ വരവ് കണ്ടപ്പോൾ തന്നെ ഓൻ എന്തോ പ്രതീക്ഷിക്കുന്നുണ്ടെന്ന് നമ്മക്ക് മനസ്സിലായി.

"സോറി..."

എന്ന് മാത്രം പതുക്കെ ഓൻറെ കാതിൽ മൊഴിഞ്ഞു. ഓൻ ചിരിച്ചോണ്ട് നമ്മളെ കാതില് ലൗ യൂ എന്ന് പറഞ്ഞപ്പോ അറിയാതെ നമ്മളും ഓനെ കൊതിച്ച് പോയി. ഓൻ നമ്മളെ കണ്ണില് നിന്ന് മാഞ്ഞു പോകുന്നത് വരെ അവരെ നോക്കി കൊണ്ട് നമ്മള് സിറ്റൗട്ടില് നിന്നു.

അവര് പോയപ്പൊ അച്ചു നമ്മളേയും വലിച്ചോണ്ട് നമ്മളെ റൂമിലേക്ക് വന്നിട്ട് വാതിലടച്ചു. എന്നിട്ട് നമ്മളെ അടുത്തേക്ക് ഒരു കള്ളച്ചിരിയോടെ വന്നിട്ട് ചിരിക്കാൻ തുടങ്ങി. നമ്മള് ഓളെ ചിരി കണ്ടിട്ട് വട്ടായോന്ന് ചിന്തിച്ച് ഓളേ നോക്കി നിന്നു.

"എന്തോന്നാടീ...വട്ടായോ?

നീ ഇത്രമാത്രം കിണിക്കാൻ ഇവിടെ എന്താ ഉണ്ടായേ?"

നമ്മള് ഓളേ നോക്കി ചോദിച്ചപ്പൊ ഓള് നമ്മളെ നോക്കി വീണ്ടും ചിരിച്ചു.

"ഞാൻ കണ്ടു മോളേ...നീ കാക്കൂനെ തന്നെ കണ്ണെടുക്കാതെ നോക്കി നിൽക്കുന്നത്....

അപ്പൊ നിനക്കും കാക്കൂനോട്......ഉം......"

എന്ന് പറഞ്ഞ് പെണ്ണ് വീണ്ടും ചിരിക്കാൻ തുടങ്ങി.നമ്മക്ക് ഓളോട് എന്ത് പറയണമെന്ന് നിശ്ചയമില്ലാത്തോണ്ട് തലയണ എടുത്ത് ഓളേ തുരുതുരേ അടിക്കാൻ തുടങ്ങി.

ഓള് പെട്ടെന്ന് എൻറെ കയ്യീന്ന് ആ തലയണ വാങ്ങിയിട്ട് നമ്മളെ ബെഡിലേക്ക് തള്ളിയിട്ടു. എന്നിട്ട് നമ്മളെ മോളിലേക്ക് ചാടി വീണിട്ട് നമ്മളെ കവിളില് ഒരു കടി തന്നു.

നമ്മള് ഓളെ വേഗം തള്ളി മാറ്റിയിട്ട് എഴുന്നേറ്റിരുന്ന് ഓളെ നടുപ്പൊറം നോക്കി ഒരെണ്ണം കൊടുത്തു.

"ഛീ.....വൃത്തികെട്ടവൾ....ഇതൊക്കെ അൻറെ

അരുണിൻറെ അടുത്ത് വില പോകൊള്ളൂട്ടാ...ചുമ്മാ എൻറെ അടുത്തേക്ക് വന്നേക്കരുത്...."

"ഹ....ഹ....ഹ....എൻറെ ഫെബീ ഞാൻ ഇന്ന് എന്ത് ഹാപ്പിയാണെന്ന് അറിയോടാ നിനക്ക്....

എൻറെ കാക്കുവും നീയും ഒരുമിക്കാൻ പോകാ...."

അച്ചുവിൻറെ വാക്കുകൾ കേട്ട് നമ്മള് ഒന്ന് പതറി എങ്കിലും അത് പുറത്ത് കാണിക്കാതെ നമ്മള് ഓളെ തന്നെ ഉറ്റു നോക്കി.

"എൻറെ ഫെബീ...ഇനി നീ അങ്ങനെ ഒന്നൂല്യാന്ന് പറഞ്ഞാൽ പോലും ആര് വിശ്വസിച്ചാലും ഞാനത് വിശ്വസിക്കൂല....കാരണം ഇന്ന് ഞാൻ കാണുന്നുണ്ട് നിൻറെ ഉള്ളിലെ പ്രണയം...

ഇനിയും കാക്കൂനെ ഇങ്ങനെ കാത്തിരിപ്പിക്കാതെ നിനക്ക് അത് തുറന്ന് പറഞ്ഞൂടേ....എല്ലാത്തിനും ഒരു

തീരുമാനം എടുക്കണ്ടേ...?"

"വേണം അച്ചൂ...അതോണ്ട് ഞാൻ ചിലതൊക്കെ തീരുമാനിച്ച് ഉറപ്പിച്ച് കഴിഞ്ഞു. ആ തീരുമാനം അവനെ അറിയിക്കുന്നതിന് മുൻപ് ഞാൻ ആരാണെന്നും ഞാൻ ആരായിരുന്നെന്നും ആദി അറിയണം....അവൻ എല്ലാം അറിഞ്ഞിട്ട് എന്താണെൻറെ തീരുമാനമെന്ന് അപ്പൊ പറയാം...."

"നീ അതൊക്കെ ഇനി എന്നാ കാക്കൂനെ അറിയിക്കാൻ പോകുന്നത്...?

ഇതിപ്പൊ പല തവണയായി ഒന്നും പറയാൻ കഴിയാതെ നീ മടങ്ങി വരുന്നു...ഇനിയെങ്കിലും നീയത് പറയോ?"

"അപ്പോഴൊന്നും ഓനത് അറിയാൻ ടൈം ആയിട്ടുണ്ടാകില്ല അച്ചു...അതാകും അന്നൊന്നും എനിക്കത് പറയാൻ കഴിയാഞ്ഞത്...പക്ഷേ ഇത്തവണ അതൊക്കെ അവനെ അറിയിച്ചേ പറ്റൂ...അതിന് പറ്റിയ സന്ദർഭം നമ്മളെ ശാഹിത്താൻറെ കല്യാണാണ്...."

"അതിന് ഇനി മൂന്ന് ദിവസമില്ലേ....? ഈ മൂന്ന് ദിവസം ഞാൻ തീ തിന്നണ്ടേ നിൻറെ തീരുമാനം അറിയാൻ...

നീ എന്ത് തീരുമാനമെടുത്താലും കാക്കൂനെ വിഷമിപ്പിക്കുന്നതായിട്ടുള്ള ഒന്നും നീ പ്രവർത്തിക്കരുത്...

പാവാണെടാ അത്....ഇങ്ങനെ ഒക്കെ നടക്കുന്നെന്നേ ഉള്ളൂ...ഉള്ളില് മൊത്തം ഇട്ട് മൂടാൻ മാത്രം സങ്കടങ്ങളുള്ള പാവാ അത്....അതോണ്ട് അതിനെ വേദനിപ്പിക്കല്ലെടാ..."

എന്ന് പറഞ്ഞ് അച്ചു അവിടന്ന് എണീറ്റ് പോകുന്നത് നിറമിഴികളോടെ നമ്മള് നോക്കി നിന്നു...

'എല്ലാം നീ അറിയാൻ സമയമായി ആദീ....എന്തിനാ ഞാൻ നിന്നിൽ നിന്ന് അകലാൻ നോക്കുന്നതെന്ന് നിന്നെ ഞാൻ അറിയിക്കാൻ പോകാണ്....ശാഹിത്താൻറെ കല്യാണം....അന്നത്തോടെ നീ എല്ലാം അറിയും...എല്ലാം...'

....

ഹലോ.....നമ്മളെ അറിയോ...? എവടെ...നിങ്ങക്ക് ഞാൻ പറയുന്നതിനേക്കാൾ അവള് പറയുന്നതല്ലെ ഇഷ്ടം...ആയിക്കോട്ടെ...ഇനി ഞാൻ നിങ്ങളോട് ഒന്നും പറയാൻ വരില്ല....

ശൊ...വിഷമായോ...ഞാൻ ചുമ്മാ പറഞ്ഞതാട്ടോ...എനിക്ക് അറിയാം നിങ്ങക്ക് എന്നെ എത്ര ഇഷ്ടാണെന്ന് ...ഒക്കെ എന്നെ മുബി അറിയിക്കാറുണ്ട്...അതോണ്ട് എനിക്ക് നിങ്ങളെ ഒക്കെ ഭയങ്കര ഇഷ്ടാ...

ഇത് നമ്മളെ എന്ന് വെച്ചാ എൻറെ ഐഷൂൻറെ കഥ ആയോണ്ടാ ഓള് തന്നെ ഇത്രേം നേരം നിങ്ങളോട് ഇതൊക്കെ പറഞ്ഞത്...എന്ന് കരുതി നമ്മളും ഇടക്കിടക്ക് ഇതുപോലെ കേറി വരും

കേട്ടോ...അതൊന്നും നിങ്ങക്ക് ബുദ്ധിമുട്ടില്ലല്ലോല്ലേല്ലേ....

എന്നാല് കുറച്ച് നേരത്തിന് നമ്മള് ബാക്കി പറയാം....

ഐഷൂൻറെ വീട്ടീന്ന് പോന്നപ്പൊ തൊട്ട് ഓളെ വല്ലാണ്ട് മിസ് ചെയ്യുന്ന പോലെ ഒരു ഫീല്. അത് മനസ്സിലാക്കിയെന്ന വണ്ണം നമ്മളെ അളിയൻ സിയാദ് നമ്മളോട് ചോദിക്കേം ചെയ്തു.

"ഡാ ആദീ...നിനക്ക് അവിടന്ന് പോരാൻ അത്ര വല്യ ഉത്സാഹമൊന്നും ഇല്ലല്ലേ...?"

"എങ്ങനെ ഉണ്ടാകാനാടാ...നിൻറെപെങ്ങള് എന്നെ അത്രത്തോളം വശീകരിച്ച് വെച്ചേക്കല്ലേ...

ഓളൊരു സംഭവം തന്നെ ആണല്ലേ...?"

"അതേയതെ...ഇനിയെങ്കിലും നിൻറെ കുരുട്ടുബുദ്ധിയൊക്കെ ഉപേക്ഷിച്ച് നേരിട്ട് ഓളെ വീട്ടില്

ചെന്ന് കാര്യം അവതരിപ്പിക്കാൻ നോക്ക്...അല്ലാതെ ഓള് ഇപ്പൊ തന്നെ നിൻറെ ഇഷ്ടം മനസ്സിലാക്കി തിരിച്ച് സ്നേഹിക്കുമെന്നൊന്നും വിചാരിക്കണ്ടാ..."

"എടാ സിയാദേ അതൊന്നും എനിക്ക് അറിയാഞ്ഞിട്ടല്ല...പക്ഷേ ഓള് എന്ന് എൻറെ സ്നേഹം മനസ്സിലാക്കി തിരിച്ച് എന്നെ സ്നേഹിക്കുന്നോ അന്നേ ഈ ആദി ഓളെ എൻറെ ജീവിതത്തിലേക്ക് ക്ഷണിക്കൂ...."

"നിങ്ങള് രണ്ട് പേരോടും ഒന്നും പറഞ്ഞിട്ട് കാര്യല്യല്ലോ...രണ്ടും വാശിക്ക് നടക്കല്ലേ...എന്താ ഉണ്ടാകുന്നതെന്ന് നോക്കാം....

നീ ഇവിടെ നിർത്തിക്കോ ഞാൻ ഇവിടന്ന് പൊയ്ക്കോളാം...."

"ഞാൻ നിന്നെ വീട്ടിലേക്ക് ആക്കി തരാം..."

"വേണ്ട എനിക്ക് ഇവിടെ ഒരാളെ കാണാനുണ്ട്..."

"ഇവിടെയോ.....ഓഹോ...അൻറെ ഷഹല...ഉം അങ്ങനെ പറ....ആ....എൻറേതോ നടക്കുന്നില്ല നീ പോയി പൊളിക്കെടാ ചങ്കേ...."

എന്ന് പറഞ്ഞ് ഓനെ അവിടെ ഇറക്കിയിട്ട് നമ്മള് വീട്ടിലേക്ക് തിരിച്ചു....വീട്ടില് എത്തിയപ്പൊ തന്നെ ഈനാമ്പേച്ചിക്കും മരപ്പട്ടിക്കും നമ്മള് ഇത്രേം നേരം എവിടെയാണെന്ന് അറിയണമെന്ന്...കൂട്ടിന് നമ്മളെ ഉമ്മിയും....

അവരെയൊന്നും നമ്മള് വക വെക്കാതെ വേഗം റൂമിലേക്ക് പോയി വാതിലടച്ച് കിടന്നു. ഐഷൂന് ഒന്ന് വിളിച്ച് നോക്കിയാലോ എന്ന് കരുതി ഫോൺ എടുത്തതും ഓള് തന്നെ നമ്മക്ക് ഇങ്ങട്ട് മെസേജ് അയച്ചിരിക്കുന്നു...

നമ്മക്ക് അത് വിശ്വസിക്കാൻ കഴിയുന്നതിനും അപ്പുറമായിരുന്നു.കാരണം ആദ്യായിട്ടാണ്

ഐഷുവിൽ നിന്ന് ഇങ്ങനെ ഒരു പ്രതികരണം. അതോണ്ട് വളരെ ആകാംശയോടെയാണ് നമ്മള് അതെടുത്ത് വായിച്ചത്.

"ശാഹിത്താൻറെ കല്യാണത്തിന് എനിക്ക് ഒരു പ്രധാനപ്പെട്ട കാര്യം നിന്നോട് പറയാനുണ്ട്..."

എന്ന് മാത്രായിരുന്നു അതില് ഉണ്ടായിരുന്നത്...എന്താ കാര്യമെന്ന് ഒരുപാട് റിപ്ലെ അയച്ചെങ്കിലും പിന്നീട് ഒന്നും അവള് പറഞ്ഞില്ല...

അതോടെ അന്നത്തെ ഉറക്കം പോയി കിട്ടിയെന്ന് ബോധ്യായപ്പൊ നമ്മള് ഓളെന്താകും പറയാൻ പോകുന്നതെന്ന് ചിന്തിച്ച് അങ്ങനെ കിടന്നു.

'അവൾക്ക് എന്നേയും ഇഷ്ടാണെന്ന് പറയാനാകോ?

ഏയ്...അത്ര പെട്ടെന്ന് ഒന്നും ഓള് അത് സമ്മതിച്ച് തരില്ല...പിന്നെ എന്താകും...?

ഐഷൂനോട് തന്നെ ചോദിച്ച് നോക്കാം...'

ഐഷു എന്ന് ഉദ്ദേശിച്ചത് നമ്മളെ പൂച്ചയെ ആണ് ട്ടോ...എനിക്ക് എൻറെ ഐഷൂനോട് എന്തേലും പറയാനോ ചോദിക്കാനോ ഉണ്ടെങ്കിൽ നമ്മള് അതൊക്കെ നമ്മളെ പൂച്ച ഐഷൂനോടാ പറയാറ് പതിവ്....

അതോണ്ട് നമ്മള് ഓളേയും തപ്പി റൂമീന്ന് ഇറങ്ങി നടന്നു. ഓള് നമ്മളെ ഐഷൂനെ പോലെ അല്ലട്ടോ...ഞാൻ എന്ന് വെച്ചാ ജീവനാ...നമ്മളെ ഐഷു നമ്മളോട് കടിച്ച് കീറാൻ വരുന്ന പോലത്തെ ഒരു സ്വഭാവവും അതിനില്ല...എന്നോട് സ്നേഹം മാത്രേ ഉള്ളൂ...

ഓളെ തപ്പി നമ്മള് ഒരുപാട് നടന്നെങ്കിലും ഓളെ നമ്മക്ക് മഷിയിട്ട് നോക്കിയിട്ട് പോലും കിട്ടിയില്ല....ഇവളിതെവിടെ പോയെന്ന് ചിന്തിച്ചോണ്ട് നമ്മള് നടക്കുമ്പോഴാണ് നമ്മളാ കാഴ്ച കണ്ടത്...

അത് കണ്ടതും നമ്മക്ക് നമ്മളെ തന്നെ സ്വയം നിയന്ത്രിക്കാൻ പറ്റാതെ വന്നു. ഓളെ അടുത്തേക്ക് പാഞ്ഞടുത്ത് കൊണ്ട് നമ്മള് അലറി.

"ഡീ......"

കോപം കൊണ്ട് ചുവന്ന നമ്മളെ കണ്ണില് അപ്പൊ സൽമയെ കൊല്ലാനുള്ള ദേഷ്യായിരുന്നു വന്നത്. കാരണം അങ്ങനെ ഉള്ള ഒരു പ്രവർത്തിയാണ് ഓളിൽ നിന്നും നമ്മള് കണ്ടത്....

(തുടരും)

ഭാഗം.55

"ഡീ......"

കോപം കൊണ്ട് ചുവന്ന നമ്മളെ കണ്ണില് അപ്പൊ സൽമയെ കൊല്ലാനുള്ള ദേഷ്യായിരുന്നു വന്നത്. കാരണം അങ്ങനെ ഉള്ള ഒരു പ്രവർത്തിയാണ് ഓളിൽ നിന്നും നമ്മള് കണ്ടത്....

നമ്മളെ പൂച്ച ഐഷൂനെ സ്വിമ്മിങ് പൂളിലിട്ട് മുക്കി കൊല്ലാൻ നോക്കായിരുന്നു ആ രാക്ഷസി....നമ്മള് വേഗം ഓടി ചെന്ന് അതിനെ ഓളെ കയ്യീന്ന് തട്ടി പറിച്ച് വാങ്ങിയിട്ട് എൻറെ നെഞ്ചോട് ചേർത്ത് വെച്ചിട്ട് സൽമക്ക് നേരെ തിരിഞ്ഞു.

"ഈ മിണ്ടാപ്രാണിയെ പോലും നീ വെറുതെ വിടില്ലെടീ...."

എന്ന് പറഞ്ഞ് ഓളെ മുടിക്കുത്തിന് പിടിച്ച് വലിച്ചു. ഓള് അപ്പോഴും വേദന കൊണ്ട് പിടയുന്നതിന് പകരം നമ്മളെ നോക്കി ചിരിക്കായിരുന്നു.

"നിൻറെ സ്നേഹം അത് എനിക്ക് മാത്രം അവകാശപ്പെട്ടതാ...അത് വേറെ ഒരു പട്ടിക്കും പൂച്ചക്കും പങ്കിട്ട് കൊടുക്കാൻ ഞാൻ തയ്യാറല്ല.... പ്രത്യേകിച്ച് അവളെ പേരില് നീ വളർത്തുന്ന ഇതിനും അവൾക്കും....

ഇന്ന് ഈ ജന്തു ഒരിറ്റ് ശ്വാസത്തിന് വേണ്ടി പിടഞ്ഞ പോലെ നാളെ ഒരിക്കൽ അവളും ഇതുപോലെ പിടഞ്ഞ് തീരും...."

"എന്നാ നീയും അതൊന്ന് അറിഞ്ഞ് വെച്ചോടീ...."

എന്ന് പറഞ്ഞ് നമ്മള് ഓളെ പിടിച്ച് പൂളിലെ വെള്ളത്തില് തല മുക്കി താഴ്ത്തി. ഓള് ശ്വാസം കിട്ടാതെ പിടയുന്നത് കണ്ടപ്പൊ പഴയതൊക്കെ അറിയാതെ നമ്മളെ ഓർമ്മയിലേക്ക് വന്നു പോയി. അതോണ്ട് ഓളെ നമ്മള് കൊല്ലാതെ വെറുതെ വിട്ടു.

നമ്മള് ഓളെ പിടിച്ച് വലിച്ച് നിലത്തേക്ക് തള്ളിയിട്ടു. വെള്ളത്തില് നിന്ന് ഒരു മീനിനെ കരക്ക് ഇട്ടാലുണ്ടാകുന്ന അതെ അവസ്ഥയിലായിരുന്നു അപ്പൊ ഓള്...

കൊരച്ച് കൊരച്ച് അവശയായി അവിടെ കിടക്കുന്ന അവളെ കണ്ടപ്പൊ നമ്മളെ ഉള്ളൊന്ന് നീറി പോയി. ഇത്രയൊക്കെ അവളെ ദ്രോഹിച്ചിട്ടും ഓള് നമ്മളെ നോക്കി ചിരിക്കാൻ ശ്രമിക്കായിരുന്നു.

ഐഷൂനെ കയ്യീന്ന് പറഞ്ഞ് വിട്ടിട്ട് നമ്മള് സൽമൻറെ

അടുത്തേക്ക് നടന്നു നീങ്ങി. ഓളെ അടുത്തായിട്ട് ഇരുന്നു.

"നിന്നെ ഞാൻ ഇപ്പൊ കൊല്ലാതെ വിട്ടത് എന്ത് കൊണ്ടാണെന്ന് അറിയോ?

ഒരു കാലത്ത് നിന്നേയും ഈ മനസ്സില് കൊണ്ട് നടന്നിട്ടുണ്ടെന്ന പരിഗണന കൊണ്ട് മാത്രാണ് ഇപ്പോ നിന്നെ വെറുതെ വിട്ടത്...

ഇനിയും നീ എൻറേയും ഐഷൂൻറേയും ജീവിതത്തിലേക്ക് വന്നാൽ ആ പരിഗണന പോലും പിന്നീട് നിനക്ക് കിട്ടിയെന്ന് വരില്ല...."

നമ്മള് ഒരു ചെറിയ ഭീഷണിയുടെ സ്വരത്തിൽ അതും പറഞ്ഞ് അവിടന്ന് എണീറ്റ് റൂമിലേക്ക് നടന്നു.എല്ലാം കേട്ടോണ്ട് പ്രതിമ കണക്കേ നിന്നു എന്നല്ലാതെ ഓളൊന്നും പ്രതികരിച്ചില്ല.

തിരിച്ച് റൂമിലെത്തി വാതിലടച്ച് കിടന്നപ്പൊ ഐഷൂ വന്ന് നമ്മളെ പുതപ്പിനടിയിൽ ചുരുണ്ടു കൂടി കിടന്നു. എസി ഓഫാക്കി ഓളെ പുതപ്പിച്ച് കെട്ടി പിടിച്ച് കിടന്നപ്പോഴും

നമ്മക്ക് ഉറക്കം വന്നില്ല...

കാരണം നമ്മക്കുമുണ്ട് ഒരു ഫ്ലാഷ് ബാക്ക്...ആർക്കും അറിയാത്ത എന്നാൽ അറിയാവുന്ന ഒരു ഫ്ലാഷ് ബാക്ക്...എനിക്ക് അത് എൻറെ ഐഷൂനോട് തുറന്ന് പറയണം...ഇല്ലെങ്കിൽ പിന്നെ ഓളെ നെഞ്ചിലേറ്റി നടക്കുന്നതില് യാതൊരു അർത്ഥവും ഇല്ലാതാകും....

"ശാഹിനാൻറെ കല്യാണത്തിന് ആദ്യം ഐഷൂന് എന്താണ് പറയാനുള്ളതെന്ന് നോക്കിയിട്ട് എനിക്ക് പറയാനുള്ളതൊക്കെ എല്ലാം ഓളോട് തുറന്ന് പറയണം..."

....

ഇന്ന് ശാഹിത്താൻറെ കല്യാണാണ്...നമ്മളെ കുരാമീസ് ഒക്കെ നേരത്തെ എത്തുമെന്നാ കിട്ടിയ റിപ്പോർട്ട്...ഓണത്തിന് ഞങ്ങളിട്ട ധാവണിയാണ്

ഞങ്ങള് അഞ്ചിൻറെയും വേഷം...

കല്യാണവും റിസപ്ഷനും ഇന്ന് തന്നെ ആയോണ്ട് രാത്രി ആകും തിരിച്ചെത്താനെന്ന് ഉമ്മച്ചിനോടൊക്കെ ആദ്യമേ പറഞ്ഞിരുന്നു. ആദി കൊണ്ട് വന്ന് വിടുമെന്ന് പറഞ്ഞിട്ടുണ്ട് അച്ചൂനോട് അതോണ്ട് ഉമ്മച്ചിക്ക് അധികം ടെൻഷനില്ല.

ആദിയെ കണ്ടിട്ട് ഇന്നേക്ക് മൂന്ന് ദിവസായി...ഇതിന് മുൻപും അവനെ കാണാതിരുന്നിട്ടുണ്ടെങ്കിലും ഇന്നെന്തോ അതൊക്കെ ഭയങ്കര ബുദ്ധിമുട്ടായി തോന്നുന്നു.

ഇന്ന് ആദി എല്ലാം അറിയും...അത് അറിയുമ്പൊ എന്താകും ഓൻറെ പ്രതികരണം എന്ന് ആലോചിച്ച് നമ്മള് ബസ് സ്റ്റോപ്പിലേക്ക് നടന്നു.

അച്ചുവും അരുണും നേരത്തെ എത്തിയിട്ട് അവരെ പരിപാടി തുടങ്ങിയിരുന്നു...ഇന്ന് ബസിലാണ് അരുണും വരുന്നത്...അത്രേം നേരമെങ്കിലും അച്ചൂനോട്

കുറുകാലോ എന്നാ മൂപ്പരെ ചിന്ത...

പക്ഷേ,നമ്മള് വന്നപ്പൊ അവര് കുറച്ച് ഡീസൻറായി.എന്നിട്ട് നമ്മളോട് വിശേഷമൊക്കെ ചോദിച്ചറിഞ്ഞു.

"അല്ല ഫെബീ ആദിൽക്ക നിനക്കെന്തോ സർപ്രൈസ് വെച്ചിട്ടുണ്ടെന്ന് ഇവള് പറഞ്ഞു....എന്താകും അത്..?"

നമ്മള് അപ്പോ തന്നെ അച്ചൂനെ തുറുക്കനെ നോക്കി കൊണ്ട് അരുണിനോട് കൈ മലർത്തി കാണിച്ച് കൊടുത്തു. പിന്നെ അവിടെ അരുണും അച്ചുവും കൂടി ചർച്ച ചെയ്തത് അതെന്ത് സർപ്രൈസ് ആണെന്നാ...

സത്യം പറഞ്ഞാൽ നമ്മളും അപ്പോഴാണ് അതിനെ കുറിച്ച് ആലോചിക്കുന്നത്.

'എന്താകും അത്...? ആ...എന്തായാലും ഓൻ വരുമ്പോ അറിയാം..'

നമ്മള് അതും ചിന്തിച്ച് തിരിഞ്ഞതും ബസ് വന്നിരുന്നു. ഞങ്ങള് കല്യാണവീട്ടിൽ എത്തിയപ്പൊ നമ്മളെ കുരാമീസൊക്കെ നേരത്തെ എത്തിയിട്ടുണ്ട്.

ഷംനയേയും സനയേയും ഷാഹിക്ക കൊണ്ട് വന്ന് വിട്ടതാണ്. അവരെ കൊണ്ട് പോകാൻ രാത്രി വരുമെന്നും പറഞ്ഞിട്ടുണ്ട്.പിന്നെ നസി എത്തിയത് ഓളേ താത്താൻറെ കൂടെയാ...ശാഹിത്തയും ഓളെ താത്തയും ബെസ്റ്റ് ഫ്രണ്ട്സായോണ്ട് നസിക്കും അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല...

അവര് മൂന്ന് പേരും നമ്മളേയും കാത്ത് റോഡില് തന്നെ നിൽപുണ്ടേന്നു. ഞങ്ങളെ കണ്ടപ്പൊ മൂന്നും ഓടി വന്ന് കെട്ടി പിടിക്കലും വിശേഷങ്ങള് ചോദിച്ചറിയലുമായി അവിടെ തന്നെ നിന്നു.

"ഹലോ...നിങ്ങള് അഞ്ചും ഇവിടെ തന്നെ നിക്കാനാണോ പ്ലാൻ...അകത്തേക്കൊന്നും വരുന്നില്ലേ...?"

അരുണിൻ്റെ സംസാരം കേട്ടപ്പോഴാ നിൽക്കുന്നത് റോഡിലാണെന്ന ബോധം വന്നത്...ഞങ്ങള് അഞ്ച് പേരും ശാഹിത്താക്ക് വാങ്ങിച്ച ഗിഫ്റ്റും കൊണ്ട് വീട്ടിലേക്ക് കേറിയപ്പൊ ആദ്യം തന്നെ ചെന്ന് പെട്ടത് നിസൂക്കാൻ്റെ മുന്നിലേന്നു...

"ഹാ...ഇത്രേം നേരം എവടേന്നു...?

യൂണിഫോമേര് എൻ്റെ പിന്നാലെ പോര് അവിടെയാണ് സപ്ലൈയറെ ഡ്യൂട്ടി ചെയ്യുന്നത്....വേഗം പോര്..."

നിസൂക്കാൻ്റെ ഒലക്കീമലെ ചളി കേട്ട് ഞങ്ങള് അഞ്ച് പേരും ചെറുതായിട്ടൊന്ന് നാറി പോയി.കാരണം ആൾക്കൂട്ടത്തിന് ഇടയില് നിന്നിട്ടല്ലേ മൂപ്പരെ ചളിയേറ്...പക്ഷേ ഇമ്മാതിരി ചളിയൊന്നും നമ്മളെ ഏശൂലാന്ന രീതിയില് നമ്മള് മൂപ്പരെ പുച്ഛിച്ച് തള്ളി കൊണ്ട് അകത്തേക്ക് ചെന്നു...

അപ്പോഴാണ് നമ്മക്ക് ആദിൻ്റെ ഓർമ്മ വന്നത്. അപ്പൊ തന്നെ അച്ചൂൻ്റെ കയ്യില് ഗിഫ്റ്റ് കൊടുത്തിട്ട് ഇപ്പൊ വരാമെന്ന് പറഞ്ഞ് തിരിച്ച് നിസൂക്കാൻ്റെ

അടുത്തേക്ക് ചെന്നു.

"നിസൂക്കാ...."

നമ്മളെ വിളി കേട്ടപ്പോ മൂപ്പര് തിരിഞ്ഞ് നോക്കി കൊണ്ട് നമ്മളെ അടുത്തേക്ക് വന്നു.

"എന്തേ ഫെബീ സപ്ലൈയർ ഡ്യൂട്ടിക്ക് പോരുന്നുണ്ടോ?"

"ഓ...അതല്ല നിസൂക്കാ...."

"പിന്നെ ഏതാടി നിസൂക്കാ....കാര്യം പറ..."

"അ...അത്....അത്....ഓൻ....ഓൻ....വന്നോ?"

നമ്മള് ചെറിയ പതർച്ചയോടെ നിസൂക്കയോട് ഇത് ചോദിച്ചപ്പൊ മൂപ്പര് നമ്മളെ നെറ്റി ചുളിച്ച് നോക്കി നിന്നു.

"ഏത് ഓൻ....? ആരെ ഓൻ...?"

"എൻ്റെ ഓൻ...അല്ല പിന്നെ....."

"ഓ....ആദിയോ...? ഓൻ ശാഹിനൻ്റെ കൂടെ കാണുമല്ലോ...അകത്തേക്ക് ചെന്ന് നോക്ക് അവിടെ കാണും...അൻ്റെ ഓനെ എന്ന് നേരത്തെ പറയണ്ടേടീ..."

നമ്മള് അപ്പോഴത്തെ മൂപ്പരെ പറച്ചിലിൻ്റെ പൊറത്ത് ഒരു ആവേശത്തിന് എടുത്ത് ചാടി പറഞ്ഞതാ നമ്മളെ ഓൻ എന്ന്... എന്തായാലും നമ്മള് ഉദ്ദേശിച്ചതും ഓനെ തന്നെ ആയോണ്ട് അത് കാര്യാക്കാതെ വേഗം അകത്തേക്ക് ചെന്നു....

നമ്മളെ ശാഹിത്ത കാപ്പി ചുവപ്പ് ലെഹങ്കയിൽ കുറച്ച് കൂടി മൊഞ്ച് കൂടിയിട്ടുണ്ട്. അതിൻ്റെ കൂടെ പൊന്നില് കുളിച്ച് നിൽക്കുന്ന മൂപ്പത്തിനെ ആരുമൊന്ന് നോക്കി പോകും...

അത്യാവശ്യം വലിയ വീടായോണ്ട് എല്ലാത്തിനും നല്ല സൗകര്യങ്ങളുണ്ടേന്നു. എല്ലാവർക്കും നിൽക്കാനും ഇരിക്കാനും വേണേൽ കിടന്നുരുളാൻ വരെ സ്ഥലമുണ്ട്...

നമ്മളെ കുരാമീസിനെ നേരത്തെ നമ്മള് പറഞ്ഞു വിട്ടതോണ്ട് അവറ്റകള് ഇത്താൻറെ കൂടെ സെൽഫിയെടുത്ത് കളിക്കേന്നു...അങ്ങനെ ഇപ്പൊ നമ്മളില്ലാത്ത സെൽഫി വേണ്ടെന്ന് പറഞ്ഞ് നമ്മളും അവർക്കിടയില് കുമ്മനടിച്ചു.

ശാഹിത്താൻറെ കൂടെ നിന്ന് ഫോട്ടോ എടുക്കുമ്പോഴും സംസാരിക്കുമ്പോഴും നമ്മളെ കണ്ണ് ആദിയെ തെരെഞ്ഞ് നടക്കേന്നു...നമ്മള് ആരേയോ തിരയുന്ന പോലെ തോന്നിയതോണ്ടാകും എല്ലാവരും കൂടി നമ്മളെ ചോദ്യശരങ്ങൾ കൊണ്ട് വീർപ്പു മുട്ടിച്ചത്.

"ഫെബീ....നീ ആരെയാ ഇങ്ങനെ തെരയുന്നത്? ആരേലും വരുമെന്ന് പറഞ്ഞീന്നോ...?" അച്ചുവാണ്.

"ഏ....ഏയ്....ഞാൻ ജസ്റ്റ് ചുമ്മാ....ആരൊക്കെ ഉണ്ടെന്ന് നോക്കിയതാ..."

"ഉം......വേണ്ട മോളേ...വീണിടത്ത് നിന്ന് ഉരുളാൻ നോക്കണ്ട...കുറച്ച് മുൻപ് ഇതുപോലെ ഒരുത്തൻ കഥകളി നടത്തിയിട്ടാ ഇവിടന്ന് പോയത്..."

ശാഹിത്ത അത് പറഞ്ഞപ്പൊ നമ്മക്ക് ആകെ ചടച്ചു. നമ്മളെ കുരാമീസ് വാ പൊത്തി കൊണ്ട് ഭയങ്കര ചിരിയാണ്...നമ്മള് ഓരേ നോക്കി ഒരു വളിച്ച ഇളി പാസാക്കി കൊടുത്തു.

"എൻറെ ഫെബീ...ഇപ്പൊന്നാരെ ഞങ്ങള് വന്നപ്പൊ കാക്കുവും ഇതുപോലെ നിന്നെ തേടി നടക്കേന്നു...ഞങ്ങളോട് നീ എവിടേന്ന് ചോദിച്ചപ്പൊ നീ വന്നിട്ടില്ലെന്നാ പറഞ്ഞത്...അപ്പൊ മൂപ്പര് എങ്ങോട്ടോ പോയി...മിക്കവാറും നിന്നെ വിളിക്കാൻ വേണ്ടി വീട്ടിലേക്ക് പോയി കാണും..."

എന്ന് പറഞ്ഞ് അച്ചു ഭയങ്കര ചിരി ആയിരുന്നു.പാവം ആദി നമ്മളെ തിരഞ്ഞ് വീട്ടിലേക്ക് പോയിട്ടുണ്ടാകുമെന്ന് നമ്മക്കും ഉറപ്പായി.

ശാഹിത്ത ഞങ്ങൾക്ക് ഇത്താൻറെ ഫാമിലിയെ പരിചയപ്പെടുത്തി തന്നു.

"ഇതെൻറെ ഉമ്മ അത് എൻറെ അനിയത്തി....ഉപ്പാനെ നിങ്ങള് ഇങ്ങോട്ട് കേറി വരുമ്പൊ കണ്ടില്ലേ ക്രീം കളർ ഷർട്ടിട്ട്..."

"ആ....കണ്ടു..."സനയാണ്.

" ആ...ഉമ്മച്ചിയേ ഇത് സന,ഷംന,അച്ചു,പിന്നെ ഇങ്ങക്ക് ഇവളെ അറീലേ നമ്മളെ നസീമാൻറെ അനിയത്തി....പിന്നെ ഇത് ഫെബി...ഞാൻ പറഞ്ഞീലേന്നോ...നമ്മളെ ആദിൻറെ...."

ശാഹിത്ത നമ്മളെ ചൂണ്ടി കൊണ്ട് അത് പറഞ്ഞപ്പൊ നമ്മളെ കണ്ണ് രണ്ടും പുറത്തേക്ക് തള്ളി വന്നു. ഇത്താൻറെ ഉമ്മ ഒരു ചിരിയോടെ നമ്മളെ

അടുത്തേക്ക് വന്നിട്ട് നമ്മളെ കൈ പിടിച്ചു.

"ഏ.....അപ്പൊ ഇതാണ്ലേ ആദിൻറെ പെണ്ണ്....ഇവള് എപ്പളും പറയും ആദിൻറെ പെണ്ണിനെ പറ്റി...നിങ്ങള് ഒപ്പാണ് ബസില് പോകല്ന്നൊക്കെ ഓള് പറയല്ണ്ട്....

അല്ലാ...മോളെന്താ ആദിനെ സ്നേഹിക്കാത്തേ...ഇവിടെ ഒരുത്തി അന്നെ കയ്യില് കിട്ടിയാല് അന്നെ ശരിയാക്കാൻ കാത്തിരിക്കാണ്....ഇജ്ജ് ആദിനെ ഇഷ്ടാണെന്ന് പറയാഞ്ഞിട്ട്..."

ഇത്താൻറെ ഉമ്മ പറയുന്നത് കേട്ട് നമ്മള് തൊള്ളേം തൊറന്ന് നമ്മളെ കുരാമീസിനെ നോക്കി...അവറ്റകള് നാലും നമ്മളെ നോക്കി തലയാട്ടി കിണിക്കാണ്. നമ്മള് ശാഹിത്താനെ ദയനീയമായി നോക്കുന്നത് കണ്ടപ്പൊ മൂപ്പത്തി ചിരി കൺട്രോൾ ചെയ്ത് ഇത്താൻറെ ഉമ്മാനെ അവിടന്ന് പറഞ്ഞ് അയച്ചു.

നമ്മള് ശാഹിത്താനെ നോക്കി കൊണ്ട് എന്തൊക്കെയാ ഇവിടെ നടക്കുന്നതെന്ന രീതിയിൽ കൈ മലർത്തി കൊണ്ട് ആംഗ്യം കാണിച്ചു. മൂപ്പത്തി ചിരിച്ചോണ്ട് അത്

കാര്യാക്കാതെ പുറത്തേക്ക് വിരല് ചൂണ്ടി.

"ആ...അതൊക്കെ പോട്ടേ...പിന്നെ ദേ ആ ബ്ലാക്ക് കളർ ഷർട്ടില്ലേ...അതാണ് എൻറെ ഇക്കാക്ക...വൺ മിനിറ്റ്... ഞാൻ ഇപ്പൊ വരാം..."

എന്ന് പറഞ്ഞ് ഇത്ത പുറത്തേക്ക് പോയി. നമ്മളെ കുരാമീസ് നമ്മളെ നോക്കി അപ്പൊ പൊരിഞ്ഞ ചിരിയായിരുന്നു. നമ്മള് അവർക്കിട്ട് നല്ല പിച്ച് കൊടുത്തിട്ട് മിണ്ടാതിരിക്കാൻ ആംഗ്യം കാണിച്ചോണ്ട് തിരിഞ്ഞപ്പൊ ശാഹിത്ത മൂപ്പത്തിൻറെ ഇക്കാക്കാനെ കൊണ്ട് ഹാജറായിരുന്നു.

ഇത്താൻറെ ഇക്കാക്കാനെ കണ്ടതും നമ്മളെ ഉള്ളിലെ കോഴി തല പൊക്കാൻ തുടങ്ങി. അമ്മാതിരി മുടിഞ്ഞ ഗ്ലാമറല്ലേന്നോ മൂപ്പർക്ക്...പക്ഷേ നമ്മളെ ആദിൻറെ അത്ര ഇല്ലെങ്കിലും മൂപ്പരും ഒരു കൊച്ചു സുന്ദരനായിരുന്നു.

നമ്മള് മൂപ്പരെ നോക്കി നല്ല പ്രസന്നമായി ഒന്ന് ചിരിച്ച്

കൊടുത്തപ്പൊ നസി നമ്മളെ കാതില് മെല്ലെ മൊഴിഞ്ഞു.

"വല്ലാണ്ട് നോക്കി വെള്ളമിറക്കണ്ട ഫെബീ...മൂപ്പരെ കല്യാണം കഴിഞ്ഞ് ഒരു കുട്ടിയുണ്ട്..."

നമ്മള് നസിനെ നോക്കി കൊണ്ട് ആണോ എന്ന രീതിയിൽ തലയാട്ടി അപ്പൊ ഓള് അതേന്ന് കണ്ണിറുക്കി. അപ്പൊ തന്നെ ബാക്കി മൂന്നും ചിരിച്ചോണ്ട് നമ്മളോട് പറഞ്ഞു.

"ഫെബീ...നീ ആരെ വായി നോക്കിയിട്ടും കാര്യല്യാ...ആദിൽക്ക മാത്രേ അന്നെ കെട്ടൂ..." ഷംനയാണ്.

ഓളെ പറച്ചില് കേട്ടപ്പൊ നമ്മള് ഓളെ കയ്യിലൊന്ന് പിച്ചിയിട്ട് ഇത്താനേയും ഇക്കാക്കാനേം നോക്കി ചിരിച്ചു.

"ഇക്കാക്കാ....ഇത് അച്ചു,സന,ഷംന, നസി..."

"ഇത് നസീമാൻ്റെ അനിയത്തിയല്ലേ?

എൻ്റെ കല്യാണത്തിന് വന്നപ്പൊ കണ്ട പരിചയണ്ട്..."

"ആ...ഓള് തന്നെയാ...പിന്നെ ഇതാണ് നമ്മളെ ആദിൻ്റെ പെണ്ണ് ആയിഷാ ഫെബീ...."

നമ്മള് ഇത്ത പറയുന്നത് കേട്ട് തലക്ക് കയ്യും കൊടുത്ത് ഇക്കാക്കാനെ നോക്കി ചിരിച്ചോണ്ട് അങ്ങനെ ഒന്നുല്യാന്ന് പറയാൻ തുനിഞ്ഞപ്പോഴേക്കും മൂപ്പര് ഇങ്ങോട്ട് കേറി പറഞ്ഞു.

"ഓ....ഇതാണോ ആയിഷ ഫെബി...അന്നെ കാണാൻ വേണ്ടി കുറെ ആയി ആഗ്രഹിക്കുന്നു...നീയെന്താ പെണ്ണേ ഞങ്ങളെ ആദിനെ തിരിഞ്ഞ് പോലും നോക്കുന്നില്ലാന്ന് ഒക്കെ കേട്ടല്ലോ...

അതിന് മാത്രം കൊള്ളൂലേ ആദിനെ കാണാൻ...?"

"അ...അത്...അല്ല....ഞാൻ..."

ഇക്കാക്കാൻറേ ചോദ്യം കേട്ടപ്പൊ നമ്മള് പതറി പോയി...നമ്മളെ തൊലിയുരിഞ്ഞ് പോകുന്ന പോലെ നമ്മക്ക് തോന്നി. നമ്മള് മൂപ്പരെ നോക്കി വേണോ വേണ്ടയോ എന്ന മട്ടിൽ ഒന്ന് ചിരിച്ചു കൊടുത്തിട്ട് അവിടന്ന് വേഗം മുങ്ങാൻ ഉള്ള പ്ലാൻ ആലോചിച്ചു.

"ആ....ഇനി അധികം പറഞ്ഞ് പെരുപ്പിക്കണ്ട...പിന്നെ ഇൻറെ കെട്ട്യോളെ കണ്ണിലൊന്നും നീ ചെന്ന് പെടണ്ടട്ടോ...ആൾക്കാരുണ്ടെന്നൊന്നും ഓള് നോക്കൂല..വല്ലതും ഒക്കെ വിളിച്ച് കൂവും...."

മൂപ്പരതും പറഞ്ഞ് ചിരിച്ചോണ്ട് അവിടന്ന് പോയപ്പൊ നമ്മള് എന്തോ പോയ ആരെയോ പോലെ അവിടെ ഷോക്കടിച്ച് നിന്നു. നമ്മളെ കുരാമീസ് ഹലാക്കിലെ ചിരിയാണ് കൂട്ടിന് ശാഹിത്തയും...

നമ്മള് മൂപ്പത്തിനെ ദയനീയമായി ഒന്ന് നോക്കി.

"ഇത്താ...ഇങ്ങളെ ഇക്കാക്ക ഇങ്ങനെയൊക്കെ പറയാൻ മാത്രം ഞാൻ എന്താ ഇങ്ങളെ നാത്തൂനോട് ചെയ്തേ?"

"ഹ....ഹ....ഹ...അത് ഫെബീ...വേറൊന്നുമല്ല...ഇൻറെ നാത്തൂന് ആദിയെന്ന് വെച്ചാ സ്വന്തം കാക്കാനെ പോലെയാ...അതോണ്ട് നീ ഓനെ മൈൻഡ് ചെയ്യാത്തതും ഓനുമായിട്ട് ഒടക്കുന്നതൊക്കെ നമ്മള് ഇവിടെ അപ്പൊ തന്നെ റിപ്പോർട്ട് ചെയ്യാറുണ്ട്...അതൊക്കെ കേട്ടിട്ട് മൂപ്പത്തി ഭയങ്കര കലിപ്പിലാണ്...

ചിലപ്പൊ നിന്നെ കടിച്ച് കീറാനൊക്കെ ചാൻസുണ്ട്...അതാണ് എൻറെ ഉമ്മ അന്നോട് അപ്പൊ അങ്ങനെ ഒക്കെ പറഞ്ഞത്..."

എല്ലാവരും കൂടി നല്ല പൊരിഞ്ഞ ചിരി പാസാക്കുമ്പൊ നമ്മളെ ചങ്കില് ബാൻറടി നടക്കാണ്....ശാഹിത്ത നമ്മളെ മോന്ത കണ്ടിട്ട് ചിരി കൺട്രോൾ ചെയ്തോണ്ട് നമ്മളെ കയ്യും പിടിച്ച് എങ്ങോട്ടോ നടന്നു....

"നീ വാ...എൻറെ നാത്തൂനെ പരിചയപ്പെടുത്തി

തരാം..."

"അത് വേണോ....ഞാൻ ഇവിടെ എങ്ങാനും നിന്നോളാ ഞാനില്ല..."

"അയ്യോ...നീ ഇത്രക്കൊള്ളൂ ഫെബീ...ഇൻറെ നാത്തൂൻ ഒരു പൊട്ടി തെറി ആണെങ്കിലും ആള് പാവാ...

ദേ...ആ ബ്ലാക്ക് ചുരിദാറിട്ട ആളെ കണ്ടോ? അതാണെൻറെ നാത്തൂൻ...

ഫസീ...."

എന്ന് പറഞ്ഞ് ഇത്ത ചൂണ്ടി കാണിച്ച ഭാഗത്തേക്ക് നോക്കിയപ്പൊ നമ്മളെ നേരേ നടന്നു വരുന്ന രൂപത്തെ കണ്ട് നമ്മള് ഞെട്ടി പോയി...

"ഫസീ...."

അറിയാതെ നമ്മളെ ചുണ്ടും അങ്ങനെ മന്ത്രിച്ച് പോയി. എൻറേയും ഹസിൻറേയും കളിക്കൂട്ടുകാരി ഫസി...ഒന്നൂടെ തെളിച്ച് പറഞ്ഞാൽ ഫൈസൽക്കാൻറെ പെങ്ങള് മൈ ബെസ്റ്റ് ഫ്രണ്ട്...ഓളാണ് ശാഹിത്താൻറെ നാത്തൂനെന്ന് കേട്ടപ്പൊ ഇതിൽ പരം ഷോക്ക് നമ്മക്ക് വേറെ കിട്ടാനില്ലേന്നു...

ഫസി നമ്മളെ കണ്ടപ്പൊ ഞെട്ടി കൊണ്ട് ഒരു പുഞ്ചിരിയോടെ ഫെബീ എന്ന് പറഞ്ഞ് നമ്മളെ കെട്ടി പിടിച്ചെങ്കിലും പെട്ടെന്ന് എന്തോ വെളിവ് വന്ന പോലെ നമ്മളെ പിടിച്ച് ഒരു തള്ളായിരുന്നു. നമ്മള് ഒരു രണ്ടടി പിറകോട്ട് നീങ്ങി പോയി...എന്നിട്ട് ഓളെ നോക്കി പുഞ്ചിരി തൂകി കൊണ്ട് വീണ്ടും അവളെ അടുത്തേക്ക് നടന്നു ചെന്നിട്ട് ഓളെ കയ്യില് പിടിച്ചു...

"എടീ ഫസീ....നിനക്ക് ഒരു മാറ്റവുമില്ലല്ലോടീ...പെറ്റ് എണീറ്റപ്പൊ കുറച്ച് കൂടി മൊഞ്ചും തടിയും കൂടിയോന്ന് ഒരു ഡൗട്ടുണ്ട്..."

"എന്നെ നീ തൊടണ്ട ഫെബീ...എൻറെ കൺമുന്നീന്ന്

പോകുന്നതാകും അൻക്ക് നല്ലത്...

എങ്ങനെ നടന്നതാടീ നമ്മളൊക്കെ...എന്നിട്ട് നീ എൻറെ കല്യാണത്തിന് വന്നോ....പോട്ടേ...അറ്റ്ലീസ്റ്റ് ഞാൻ പെറ്റെടുന്നപ്പോഴെങ്കിലൂം നീ കാണാൻ വന്നോടീ ദുഷ്ടേ...."

"എടീ...അത് മനഃപ്പൂർവ്വല്ല...അന്ന് എനിക്ക് വരാൻ പറ്റാത്തോണ്ടല്ലേടാ വരാഞ്ഞത്....നീ അത് മനസ്സിലാക്ക്....എന്നിട്ട് ഇപ്പോ അൻറെ നാത്തൂൻറെ കല്യാണത്തിനെങ്കിലും വന്നില്ലേ...ഇനിയെങ്കിലും ഒന്ന് ക്ഷമിക്കടീ....

സത്യായിട്ടും ഈ വെക്കേഷന് അങ്ങോട്ടൊക്കെ വരാൻ ആയിരുന്നു എൻറെ പ്ലാൻ...കണ്ടോ അപ്പോഴേക്കും പടച്ചോൻ അന്നെ നമ്മളെ മുന്നില് കൊണ്ടെത്തിച്ചത്..."

"അല്ലാ.....നിങ്ങള് തമ്മില് ഇതിന് മുൻപ് അറിയോ ഫസീ...."

"എന്ത് ചോദ്യാ ശാഹിത്താ ഇങ്ങളീ ചോദിക്കുന്നത്?

ഞാൻ പറഞ്ഞില്ലേന്നോ എൻറെ ഒരു ബെസ്റ്റ് ഫ്രണ്ടിനെ കുറിച്ച്...എൻറെ ഫൈസൽക്കാൻറെ പെണ്ണ്....അത് ഇവളാ...."

അത് കേട്ടതും ശാഹിത്ത നമ്മളെ അടിമുടിയൊന്ന് നോക്കി കൊണ്ട് തലയാട്ടി.നമ്മള് അല്ലാന്ന് തിരിച്ചും ഇത്താനെ നോക്കി കൊണ്ട് തലയാട്ടി കൊടുത്തു...

"അല്ല ശാഹിത്താ...ഇങ്ങക്ക് എങ്ങനെ ഇവളെ അറിയാ? ഇങ്ങളെ കോളേജിലാണോ ഇവള് പഠിക്കുന്നത്?"

"അപ്പൊ നിനക്ക് അറീലേ ഫസീ ഇവള് ആരാണെന്ന്?"

നമ്മള് അപ്പൊ തന്നെ ശാഹിത്താനെ നോക്കി കൊണ്ട് വേണ്ടാന്ന് തലയാട്ടി...എവിടെ അപ്പോഴേക്കും മൂപ്പത്തി അത് പറയല് തീർന്നിരുന്നു..

"നീ ആദിൻറെ പെണ്ണിനെ കണ്ടാൽ നിന്നെ വിളിച്ച്

കാണിച്ച് തരാൻ പറഞ്ഞില്ലേന്നോ...ദേ നിൻറെ മുന്നില് നിൽക്കുന്നു നമ്മളെ ആദിൻറെ ഐഷൂ..."

ഇത്ത അത് പറഞ്ഞ് തീർന്നതും ആരൊക്കെയോ ചേർന്ന് ശാഹിത്താനെ അവിടന്ന് കൊണ്ട് പോയി....നമ്മള് തല താഴ്ത്തി കൊണ്ട് ആകെ വശളായ രീതിയില് ഇടങ്കണ്ണിട്ട് ഫസിനെ നോക്കി.

ഓള് തൊള്ളേം തൊറന്ന് നമ്മളെ തന്നെ നോക്കി നിൽക്കേന്നു.നമ്മള് ഓളോട് ഒക്കെ വിവരിച്ച് പറയാൻ വേണ്ടി തുനിഞ്ഞപ്പോഴേക്കും ഫസി എന്നേയും കൊണ്ട് ഒരു റൂമിലേക്ക് പോയി...അവിടെ ഓളേയും ഇക്കാക്കാൻറേയും ഫോട്ടോ കണ്ടപ്പൊ തന്നെ അത് ഓളെ റൂമാണെന്ന് നമ്മള് ഊഹിച്ചു.

അപ്പോഴാണ് തൊട്ടിയില് കിടക്കുന്ന ഓളെ കുട്ടിനെ എൻറെ ശ്രദ്ധയിൽ പെട്ടത്...നമ്മള് തൊട്ടിൻറെ അടുത്തേക്ക് ചെന്നിട്ട് കുഞ്ഞിനെ എടുക്കാൻ നോക്കിയപ്പൊ ഫസി നമ്മളെ തടഞ്ഞ് നിർത്തി കൊണ്ട് ആ റൂമില് ഉള്ളവരെയൊക്കെ പുറത്താക്കി വാതിലടച്ചു.

ഫസി നമ്മക്ക് നേരെ ഓരോ ചുവടും എടുത്ത് വെക്കുമ്പോഴും നമ്മള് ഉള്ള ധൈര്യമൊക്കെ സംഭരിച്ച് ഓളെ നോക്കി നിന്നു. സത്യം പറഞ്ഞാൽ ഇവളെന്താകും നമ്മളോട് ചോദിക്കാൻ പോകുന്നതെന്ന് ആലോചിച്ച് നോക്കിയിട്ട് ഒരു എത്തും പിടിയും കിട്ടിയില്ല. നമ്മളെ ഞെട്ടിച്ച് കൊണ്ട് പെട്ടെന്നായിരുന്നു ഫസിൻറെ പക്കലിൽ നിന്നും ചോദ്യം ഉയർന്നത്..

"നിനക്ക് ഫൈസൽക്കാനെയാണോ അതോ ആദിൽക്കാനെയാണോ ഇഷ്ടം....?"

ഫസിൻറെ ചോദ്യം കേട്ട് എന്ത് പറയണമെന്ന് അറിയാതെ നമ്മള് ഓളെ നോക്കി നിന്നു.

"എടീ...ഫസീ നീ കരുതുന്ന പോലെ എനിക്ക് ഇവരോട് രണ്ട് പേരോടും ഒരു മണ്ണാങ്കട്ടയുമില്ല....അത്..."

"ഉം....ഓക്കേ സമ്മതിച്ചു...നിനക്ക് അവരോട് അങ്ങനെ ഒന്നുമില്ല....പക്ഷേ, അവർക്ക് രണ്ട് പേർക്കും നിന്നോട്

അങ്ങനെ ഒന്നുണ്ട്...അതോണ്ട് നിന്നോട് ഞാൻ പറയുന്നത് ശ്രദ്ധിച്ച് കേട്ടോ...

നീ ഇവരിൽ ആരെ സ്വീകരിച്ചാലും ഉപേക്ഷിച്ചാലും എനിക്കത് ഒരു പോലെ വേദനിക്കും...എന്നാലും നീ ആദിൽക്കാൻറെ സ്നേഹം മനസ്സിലാക്കണമെന്നാണ് എൻറെ ആഗ്രഹം...

കാരണം എൻറെ ഫൈസൽക്ക നിന്നോട് കാണിക്കുന്ന സ്നേഹത്തേക്കാൾ ആദി കാണിക്കുന്ന സ്നേഹത്തിനാണ് ഏറ്റവും ശക്തിയുള്ളത്....നീ ആദിൽക്കാനെ വിഷമിപ്പിക്കാതെ ഓക്കേ പറയില്ലേടാ മൂപ്പരോട്...."

നമ്മക്ക് ഒന്നും ഓളോട് ഉരിയാടാൻ പറ്റാത്ത പോലെ നമ്മക്ക് തോന്നി.അപ്പൊ തന്നെ ഓളെ കുഞ്ഞ് കരഞ്ഞപ്പൊ ഓള് തൊട്ടിയിൽ നിന്ന് കുഞ്ഞിനെ എടുത്ത് എനിക്ക് തന്നു. നമ്മള് കുഞ്ഞിൻറെ മുഖം കണ്ടപ്പൊ തന്നെ ഓള് ചോദിച്ചതിനെ കുറിച്ചൊക്കെ മറന്ന് കുഞ്ഞിനെ കളിപ്പിച്ചിരുന്നു.

"എടീ...ഫസീ....എന്ത് ക്യൂട്ടാടാ നിൻറെ കുഞ്ഞ്...ഇവനെ ഞാനങ്ങ് കൊണ്ട് പോയാലോ..."

"നിനക്ക് കുഞ്ഞുങ്ങളെ ഒക്കെ ഇത്രക്ക് ഇഷ്ടാണേൽ സ്വന്തായിട്ട് പെറ്റ് പോറ്റിക്കോ..."

"പോടീ തെണ്ടീ.....അല്ലാ വാവൻറെ പേരെന്താ..."

"ഫെബിൻ..."

"ന്ത്....???"

ഓളെ പറച്ചില് കേട്ട് നമ്മള് കണ്ണും മിഴിച്ച് കുഞ്ഞിനേയും ഓളേയും മാറി മാറി നോക്കി.

"ഉം...അഷ്മൽ ഫെബിൻ...ഇവൻറെ അമ്മോൻ ഇട്ട പേര് തന്നെയാ...മൂപ്പർക്ക് ഒരേ വാശി നിൻറെ പേരും കൂടെ ചേർക്കണമെന്ന് അങ്ങനെ മൂപ്പര് തന്നെ കണ്ടെത്തിയ പേരാ..."

"ഇവൻമാർക്കൊക്കെ ഭ്രാന്താണോ ഫസീ....എനിക്ക് അറിയാൻ മേലാഞ്ഞിട്ട് ചോദിക്കാണ്..."

"അതേലോ...നീയെന്ന് വെച്ചാ ഭ്രാന്താണ് രണ്ടിനും... ഇതില് ഏത് ഭ്രാന്തനെ നീ തെരെഞ്ഞെടുത്താലും മറ്റേ ഭ്രാന്തന് അത് വിഷമാകരുത്...."

"ഓ.....എനിക്ക് രണ്ട് ഭ്രാന്തൻമാരേയും വേണ്ട...പോരേ....

അല്ല...ഫൈസൽക്ക ഉണ്ടാകോ കല്യാണത്തിന്...?"

"എന്തിനാ അൻക്ക് മുങ്ങാനാണോ? ഹ....ഹ...ഹ..."

"കിണിക്കാതെ കാര്യം പറയടീ പെണ്ണേ...."

"വരാൻ ചാൻസില്ലെടീ...ഇന്ന് ഫൈസൽക്കാക്ക് വേറെ

കല്യാണണ്ട് ...ഇനി വരാണെങ്കിൽ തന്നെ രാത്രീല് ശാഹിത്താൻറെ റിസപ്ഷനെ വരൂ..."

എന്ന് പറഞ്ഞോണ്ട് നിൽക്കുമ്പോഴായിരുന്നു ആരോ വാതില് മുട്ടിയത്. ഫസി വാതില് തുറക്കാൻ പോയപ്പൊ നമ്മള് ഓളെ കുഞ്ഞിനെ എടുത്ത് കൊഞ്ചിച്ചോണ്ട് ഓള് പറഞ്ഞ കാര്യത്തെ കുറിച്ച് ചിന്തിച്ചിരുന്നു.

വാതില് തുറന്നപ്പൊ നമ്മളെ മുന്നിലേക്ക് വന്ന ആളെ കണ്ട് നമ്മള് പരിസരം മറന്ന് അവനിൽ ലയിച്ച് പോയി....ഇന്ന് നമ്മളെ കോന്തൻ ആദി മൊഞ്ചൻ ആദി ആയിട്ട് മാറിയിട്ടുണ്ട്....അതും ആ ബ്ലാക്ക് ഷർട്ടില് ചെക്കൻ അഡാറ് ലുക്കായിക്ക്ണ്...

ഓനെ തന്നെ നോക്കി നിൽക്കുന്നതോണ്ടാകും പെട്ടെന്ന് ഓൻറെ നോട്ടം നമ്മളിലേക്ക് പതിച്ചത് .നമ്മള് അപ്പൊ തന്നെ മുഖം തിരിച്ച് കുഞ്ഞിനെ കളിപ്പിച്ച് നിന്നു.

"ആ....ആദിൽക്കാ...ഇങ്ങള് എവിടേന്നു? ഇങ്ങള്

ഇൻക്ക് ഒരു സർപ്രൈസ് തരാമെന്ന് പറഞ്ഞ് ഇന്നലെ മുങ്ങിയ ആളാ...എന്നിട്ട് ഇപ്പോഴാ കാണുന്നത്....എൻറെ സർപ്രൈസ് എവിടെ?

വേഗം കാണിച്ച് തരീ...."

'ഓ....അപ്പൊ ഇവൾക്കുമുണ്ടോ സർപ്രൈസ്....ഇവന് ആരാ എല്ലാവർക്കും സർപ്രൈസ് കൊടുക്കാൻ...അല്ല പിന്നെ....'

നമ്മള് ഓനെ നോക്കി പുച്ഛിച്ചോണ്ട് ഫസിൻറെ അടുത്തേക്ക് നടന്നു...ഓൻ നമ്മളെ തന്നെ കണ്ണിമ വെട്ടാതെ നോക്കുന്നത് കണ്ട് ഫസി ആദിൻറെ തോളിലൊരു തല്ല് കൊടുത്തു....

അപ്പൊ ഞെട്ടി തിരിഞ്ഞ് ഓൻ ഫസിനെ നോക്കുന്നത് കണ്ടപ്പൊ ഞങ്ങള് രണ്ട് പേരും പോരിഞ്ഞ ചിരിയായിരുന്നു. ഫസി ചിരി കൺട്രോൾ ചെയ്തിട്ട് ആദിനോട് വീണ്ടും ചോദിച്ചു.

"എനിക്ക് തരാമെന്ന് പറഞ്ഞ സർപ്രൈസ് എവിടെ?"

"സർപ്രൈസോ....അത് ഞാൻ തരുന്നതിന് മുന്നെ തന്നെ അൻക്ക് കിട്ടിയില്ലേ...ദേ നിൻറെ മുന്നില് നിൽക്കുന്നു ഞാൻ നിനക്ക് വേണ്ടി കരുതി വെച്ച സർപ്രൈസ്...."

എന്ന് പറഞ്ഞ് ആദി നമ്മളെ ചൂണ്ടി കൊണ്ട് പറഞ്ഞപ്പൊ തന്നെ നമ്മളെ സർപ്രൈസ് എന്തായിരിക്കുമെന്ന് നമ്മള് ഊഹിച്ചു. വേറെ ആരാ...ഫസി തന്നെ....പക്ഷേ, ഇവനെങ്ങനെ അറിഞ്ഞു ഞങ്ങള് തമ്മിലുള്ള റിലേഷൻ...?

"അതിന് ആദിൽക്ക ഇങ്ങക്ക് എങ്ങനെ അറിയാം ഞങ്ങള് ഫ്രണ്ട്സാണെന്ന്..?"

"കഴിഞ്ഞ തവണ ഞാൻ ഇങ്ങോട്ട് വന്നപ്പൊ നീ തന്നെയല്ലേ എനിക്ക് നിൻറെ പഴയ ഫോട്ടോസ് ഒക്കെ കാണിച്ച് തന്നത്...അങ്ങനെ കണ്ട് പിടിച്ചു....പക്ഷേ, എൻറെ പ്ലാൻ വർക്കോട്ടായില്ല...ഞാൻ വരാൻ ഒരല്പം ലേറ്റായി പോയി....

സാരല്യ എന്തായാലും രണ്ടാൾക്കും അവരവരുടെ സർപ്രൈസ് കിട്ടീലേ....? ഹാപ്പി ആയല്ലോ രണ്ടും..."

" പിന്നെ ബഹോത് ഹാപ്പി...അല്ലേടീ ഫെബീ..."

നമ്മള് വേണോ വേണ്ടയോന്ന് ചിന്തിച്ച് ഒന്ന് ചിരിച്ച് കൊടുത്തു. അപ്പൊ തന്നെ നമ്മളെ കുരാമീസ് നമ്മളെ തെരെഞ്ഞ് നമ്മളെ അടുത്തേക്ക് വന്നു. ആദിയെ അവിടെ കണ്ടപ്പൊ ഓനോട് സംസാരിച്ച് നാലും അവിടെ കൂടി.

നമ്മള് കുഞ്ഞിനെ ഫസിക്ക് കൊടുത്തിട്ട് നമ്മളെ കുരാമീസിൻറെ അടുത്തേക്ക് നടന്നു. അവര് നമ്മളെ കണ്ടപ്പൊ ആദിൻറെ അടുത്ത് നിന്ന് പോന്നിട്ട് നമ്മളേയും കൊണ്ട് ഫുഡടിക്കാൻ പോകാൻ ഒരുങ്ങി.

"ഐഷൂ....വൺ മിനിറ്റ്..."

എന്ന് പറഞ്ഞ് ആദി നമ്മളേ ഓൻറെ അടുത്തേക്ക് വിളിച്ചു. നമ്മളെ കുരാമീസ് ചെല്ല് ഐഷൂ...പോ ഐഷൂ...എന്ന് പറഞ്ഞ് നമ്മളെ കളിയാക്കി കൊണ്ടിരുന്നു.

നമ്മള് ഓരെയൊക്കെ ഇത്തിരി ഗൗരവത്തോടെ നോക്കിയിട്ട് ഓൻറെ അടുത്തേക്ക് ചെന്നിട്ട് എന്താ എന്ന മട്ടില് നിന്നു.ഓൻ നമ്മളെ കണ്ണിമ വെട്ടാതെ നോക്കി കൊണ്ട് ഒരു പുഞ്ചിരി നമ്മക്ക് സമ്മാനിച്ചു.

"എൻറെ ഐഷൂ...ഇതെന്ത് കോലാടീ....."

നമ്മള് ഓൻറെ പറച്ചില് കേട്ടിട്ട് നമ്മള് സ്വയം നമ്മളെ ഒന്ന് നോക്കി കൊണ്ട് കൊഴപ്പമൊന്നുല്യാന്ന് ഉറപ്പ് വരുത്തിയിട്ട് ഓനെ നോക്കി കണ്ണുരുട്ടി.

"എന്താ ഇതിന് കൊഴപ്പം...? കൊള്ളൂലേ...?"

"ൻറെ പെണ്ണേ....രണ്ട് ദിവസം കൊണ്ട് നിനക്ക് ഇത്രക്ക്

ഒക്കെ മാറ്റം വരോന്നാ ഞാൻ ഉദ്ദേശിച്ചത്....

നീ പണ്ടത്തേക്കാളും മൊഞ്ച് കൂടി പോയോന്ന് ഒരു ഡൗട്ട്..."

ഓൻ്റെ വർത്താനം നമ്മക്ക് നന്നായിട്ട് സുഖിച്ചെങ്കിലും നമ്മളത് പുറത്ത് കാണിക്കാതെ ഓനെ നോക്കി ഒന്ന് പല്ലിളിച്ചു.

"താങ്ക്സ് കോന്താ....അല്ലാ ഇത് പറയാനാണോ ഇയാളിപ്പൊ എന്നെ വിളിപ്പിച്ചേ...?"

"അല്ലല്ലോ....എൻ്റെ പെണ്ണിനെ ഒന്ന് നേരാംവണ്ണം കാണാനല്ലേ അന്നെ വിളിപ്പിച്ചത്..."

"ഓഹോ...അപ്പൊ കണ്ടല്ലോ ഇനി ഞാൻ പോട്ടേ...."

"പോകല്ലെ...പോകല്ലേ...ഒരു കാര്യം പറയാനുണ്ട്..."

"ഇനി എന്താ...?"

"നിനക്ക് എന്നോട് എന്തോ പറയാനുണ്ടെന്ന് നീ പറഞ്ഞില്ലേന്നോ...ഫുഡ് കഴിച്ച് കഴിഞ്ഞിട്ട് മോളിലേക്ക് വാ....ഞാൻ അവിടെ കാണും....

എനിക്കും നിന്നോട് ചിലതൊക്കെ സംസാരിക്കാനുണ്ട്....അപ്പൊ ഫുഡിയിട്ട് വാ...ഞാൻ അവിടെ കാത്തിരിക്കും...."

എന്ന് പറഞ്ഞ് ആദി നമ്മളെ നോക്കി സൈറ്റടിച്ചിട്ട് അവിടന്ന് ചിരിച്ചോണ്ട് പോയി. ഓന് എന്താകും നമ്മളോട് പറയാനുണ്ടാകാന്ന് ചിന്തിച്ച് നമ്മള് തല പുണ്ണാക്കി കൊണ്ട് നിൽക്കുമ്പോഴാണ് നമ്മളെ കുരാമീസ് നമ്മളെ അടുത്തേക്ക് വന്ന് കാര്യം തിരക്കിയത്.

നമ്മള് ഓരോട് ഓന് എന്തോ നമ്മളോട് സംസാരിക്കാനുണ്ടെന്ന് മാത്രം പറഞ്ഞിട്ട് അവരേയും

കൊണ്ട് ഫുഡടിക്കാൻ ചെന്നു.

കാര്യം നമ്മള് ഭയങ്കര ചിന്തയിലാണെങ്കിലും അതൊന്നും നമ്മളെ തീറ്റയില് ബാധിക്കുന്ന പ്രശ്നല്ല...അതോണ്ട് നമ്മള് ഒട്ടും കുറച്ചില്ല രണ്ട് പ്ലേറ്റ് ചിക്കൻ ബിരിയാണിയും ചിക്കൻ ചില്ലിയും മുളക് അച്ചാറും സലാഡും കൂട്ടി ഒരു പിടിയങ്ങ് പിടിച്ച് നാല് ഏമ്പക്കവും വിട്ട് ഞങ്ങള് എണീറ്റ് കൈ കഴുകി.

ഫുഡൊക്കെ നല്ല ടേസ്റ്റുണ്ടായോണ്ട് ഞങ്ങള് അഞ്ച് പേരും ഫുഡിനെ കുറിച്ചായിരുന്നു ചർച്ച. അപ്പോഴാണ് നമ്മളെ ഫോണിലേക്ക് ഒരു മെസേജ് വന്നത്.

"ആരാടീ ഫെബീ....മെസേജൊക്കെ അയക്കുന്നത്...?" നസിയാണ്.

"അത് ആ കോന്തൻ ആദിയാ....ടെറസിൻറെ മോളിലേക്ക് ഒറ്റക്ക് വരാൻ..."

"വോാാവ്....നീയും കാക്കുവും മാത്രോ....പൊളിക്കും.." അച്ചുവാണ്.

"ഒന്ന് പോടീ..."

എന്ന് പറഞ്ഞ് നമ്മള് ഓളെ കയ്യിലൊരു നുള്ള് കൊടുത്തു.

"ആ...എന്തായാലും ആദിൽക്ക വിളിച്ചതല്ലേ...പോയി കണ്ടേച്ചും പോര്..." ഷംനയാണ്.

"അതെ....ആദിൽക്കാക്ക് അന്നോട് എന്തോ പറയാനുണ്ടെന്ന് പറഞ്ഞില്ലേ അത് പോയി കേട്ടിട്ട് പോര്...ഞങ്ങള് ഹാളില് ഉണ്ടാകും ..." സനയാണ്.

നാല് പേരും അത് സമ്മതിച്ച് കൊണ്ട് നമ്മക്ക് റ്റാറ്റാ ബൈ പറഞ്ഞിട്ട് അകത്തേക്ക് പോയി...നമ്മള് മോളിലേക്ക് പോകണോ വേണ്ടയോ എന്ന് ചിന്തിച്ച് അവിടെ തന്നെ നിന്നിട്ട് മോളിലേക്ക് മെല്ലെ കണ്ണോടിച്ച്

നിന്നു.

അപ്പോഴാണ് ആരോ നമ്മളെ പിറകില് വന്ന് നിൽക്കുന്ന പോലെ നമ്മക്ക് തോന്നിയത്...ആരായിരിക്കും എന്ന് ചിന്തിച്ചോണ്ട് തിരിഞ്ഞ് നോക്കിയപ്പൊ നമ്മള് ഞെട്ടി പോയി...

(തുടരും)

ഭാഗം.56

അപ്പോഴാണ് ആരോ നമ്മളെ പിറകില് വന്ന് നിൽക്കുന്ന പോലെ നമ്മക്ക് തോന്നിയത്...ആരായിരിക്കുമെന്ന് ചിന്തിച്ചോണ്ട് തിരിഞ്ഞ് നോക്കിയപ്പൊ നമ്മള് മുന്നില് നിൽക്കുന്ന ആളെ കണ്ട് ഞെട്ടി പോയി...

"ഫൈസൽക്കാ..."

നമ്മള് മൂപ്പരെ നോക്കി കൊണ്ട് അത് പറഞ്ഞപ്പൊ

മൂപ്പര് ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് നീങ്ങി വന്നു.

"ൻറെ ഖൽബേ....എന്ത് മൊഞ്ചാടീ പെണ്ണേ അൻക്ക്...

നീ ഇവിടെ കെടന്ന് അധികം വട്ടം കറങ്ങണ്ടട്ടോ...ഏതേലും വായിനോക്കികള് പിന്നാലെ കൂടും..."

'എന്തായാലും ഇങ്ങളെ അത്ര ആരും കാണില്ല വായിനോക്കാൻ...'

"ഹലോ....നീയെന്താ ഒന്നും മിണ്ടാത്തേ...?

അല്ലാ നീയെങ്ങനെ ഇവിടെ എത്തി...?"

"അത് ഞാനും ശാഹിത്തയുമൊക്കെ ഒരുമിച്ചാ കോളേജിലേക്ക് പോകാറ്...ഞങ്ങള് ഫ്രണ്ട്സാ...."

"ഓഹോ.....അല്ലാ...നീ ഫസിയേ കണ്ടോ? അവളെ കയ്യീന്ന് നല്ലോണം കിട്ടി കാണല്ലോ..."

"ഏയ്...അങ്ങനെ ഒന്നുല്യാ..കുറെ ചീത്ത പറഞ്ഞു അത്രേ ഉള്ളൂ...

അല്ലാ ഫൈസൽക്ക ഇന്ന് വരില്ലാന്നാണല്ലോ ഫസി പറഞ്ഞത്...ഇങ്ങക്ക് വേറെ എവിടെയോ കല്യാണണ്ടെന്ന് പറഞ്ഞു..."

"ഞാൻ അങ്ങോട്ട് ഇന്നലെ പോയതാ...അതോണ്ട് ഇന്ന് രാവിലെ അവിടെ ചെന്ന് ഒന്ന് തല കാണിച്ചിട്ട് വേഗം ഇങ്ങോട്ട് പോന്നു...അതോണ്ട് ഇപ്പൊ എന്തായി എനിക്ക് എൻ്റെ ഖൽബിനെ കാണാൻ പറ്റീലേ...?"

ഫൈസൽക്ക അതും പറഞ്ഞ് നമ്മളെ നോക്കി ചിരിച്ചു...നമ്മളും തിരിച്ച് ഒരു വളിച്ച ഇളി പാസാക്കി കൊണ്ട് അവിടന്ന് പോകാൻ നിന്നു. അപ്പൊ തന്നെ ഫൈസൽക്ക നമ്മളെ കൈ പിടിച്ച് അവിടെ നിർത്തി.

"ഹാ...നീയിതെങ്ങോട്ടാ ഇത്രക്ക് ധൃതി പിടിച്ച് പോകുന്നത്...?

ഇവിടെ നിക്ക്...നമുക്ക് കൊറച്ച് നേരം സംസാരിച്ചിട്ട് പോകാം..."

ഫൈസൽക്ക എൻറെ കയ്യിലെ പിടുത്തം മുറുക്കിയപ്പൊ എനിക്കെന്തോ ഒരു അരോചകം പോലെ തോന്നി. അവിടെ ഉണ്ടായിരുന്നവരൊക്കെ ഞങ്ങളെ തന്നെ നോക്കി കൊണ്ട് നിൽക്കേന്നു...

അക്കൂട്ടത്തിൽ ഞങ്ങളെ രൂക്ഷമായി നോക്കി കൊണ്ട് നിൽക്കുന്ന രണ്ട് കണ്ണുകളും നമ്മളെ ശ്രദ്ധയിൽപ്പെട്ടു.

'ആദീ......'

ഓൻറെ നോട്ടം മുഴുവൻ ചെന്ന് പതിച്ചത് ഞങ്ങളെ കയ്യിലേക്കാണ്. നമ്മള് അപ്പൊ തന്നെ ഫൈസൽക്കാൻറെ കൈ തട്ടി മാറ്റിയിട്ട് ആദിയെ നോക്കി. അപ്പൊ അവിടെ ആദിയെ കാണാനില്ലേന്നു.

നമ്മള് ഓനെ തെരെഞ്ഞ് അവിടെയൊക്കെ ഒന്ന് കണ്ണോടിച്ചു. പക്ഷേ, അവിടെയൊന്നും ഓനെ കണ്ടില്ല...നമ്മള് ഫൈസൽക്കാനോട് ഒന്നും മിണ്ടാതെ

അവിടന്ന് പോകാൻ നിന്നപ്പൊ മൂപ്പര് നമ്മളെ മുന്നില് വന്നു നിന്നു.

"നീ ആരെയാ ഫെബീ ഇങ്ങനെ നോക്കുന്നത്? ഞാനിവിടെ നിൽക്കല്ലേ നിനക്ക് എന്നെ നോക്കിയാൽ പോരേ...?"

'ഇവിടെ നിന്ന് നിന്നെ നോക്കി നിന്നാലേ പിന്നെ നിന്നെ ജീവനോടെ ആർക്കും കാണാൻ പറ്റിയെന്ന് വരില്ല...എനിക്ക് ഉറപ്പാ ആദിക്ക് നല്ലോണം ദേഷ്യം വന്ന് കാണും...അവനിനി എന്തൊക്കെയാ കാണിച്ച് കൂട്ടാൻ പോകുന്നതെന്ന് പടച്ചോന് അറിയാം...'

"ഹലോ....ഫെബീ...നീ എന്നെ കുറിച്ചല്ലേ ഇപ്പൊ ചിന്തിച്ചത്...?

സത്യം പറ..."

"ഫൈസൽക്ക നമുക്ക് പിന്നെ സംസാരിക്കാം...എൻറെ ഫ്രണ്ട്സ് അവിടെ എന്നെ കാത്ത് നിക്കുന്നുണ്ട്...ഞാൻ അങ്ങോട്ട് ചെല്ലട്ടെ..."

വേഗം അങ്ങേരെ കയ്യീന്ന് രക്ഷപ്പെടാൻ വേണ്ടി നമ്മള് അതും പറഞ്ഞ് നമ്മളെ ധാവണിയും പൊക്കി പിടിച്ച് അവിടത്തെ ആൾക്കൂട്ടത്തിനിടയിലേക്ക് ഓടി ചെന്നു.

എന്നിട്ട് അവിടെയൊക്കെ നമ്മള് ആദിനെ തപ്പി നടന്നു.പക്ഷേ,ഓനെ കണ്ടില്ല...ഇനി അകത്തേക്ക് പോയി കാണോന്ന് കരുതി നമ്മള് വീടിൻറെ അകത്തേക്ക് പോയി അവിടെയൊക്കെ ഒന്ന് കണ്ണോടിച്ചു.

അപ്പോഴാണ് നമ്മളെ കുരാമീസ് അവിടെ സോഫയിലിരുന്ന് കുറുകുന്നതും സെൽഫിയെടുക്കുന്നതും നമ്മളെ ശ്രദ്ധയിൽ പെട്ടത്. നമ്മള് ഓരെ അടുത്തേക്ക് ചെന്നിട്ട് ഓരോട് ആദിയെ കണ്ടോന്ന് ചോദിച്ചു.

"ഫെബീ...നീയപ്പൊ മോളിലേക്ക് ഇതുവരെ പോയില്ലേ...?" നസിയാണ്.

"കാക്കു ഇപ്പൊന്നാരെയാ മോളിലേക്ക് സ്പീഡില് മോന്തയും വീർപ്പിച്ച് പോകുന്നത് കണ്ടത്...ഞങ്ങള് കരുതി നീ മോളില് എത്തി കാണുമെന്ന്...."

അച്ചുവിനും അവർക്കും അധികം മറുപടിയൊന്നും കൊടുക്കാതെ നമ്മള് വേഗം മോളിലേക്ക് ഓടി പോയി...അവിടെ ആണെങ്കിൽ മൊത്തം കുട്ടിപ്പട്ടാളങ്ങളേയും പെണ്ണുങ്ങളേയും കൊണ്ട് നിറഞ്ഞിരിക്കാണ്...

ഇതിനിടക്ക് ആദി എവിടെ പോയതാകുമെന്ന് ചിന്തിച്ച് നമ്മള് ടെറസ്സിൻറെ അങ്ങോട്ട് നടന്നു. പക്ഷേ, അവിടെയൊന്നും ആദിൻറെ പൊടി പോലും കാണാനില്ല...

നമ്മക്ക് എന്തോ കരച്ചില് ഒക്കെ വരുന്ന പോലെ തോന്നി. ഓന് എവിടേക്ക് പോയെന്ന് ചിന്തിച്ച് നിൽക്കുമ്പോഴാ ആൾക്കൂട്ടത്തിനിടയിൽ നിന്ന് ആദി നമ്മളെ കൈ പിടിച്ച് വലിച്ചോണ്ട് ടെറസ്സിലേക്ക് കൊണ്ട് പോയത്...

പെട്ടെന്നുള്ള ഓൻ്റെ മനോഭാവത്തിന് പ്രതികരിക്കാൻ നമ്മക്ക് കഴിഞ്ഞില്ല. ഓന് എന്ത് മാത്രം നമ്മളോട് ദേഷ്യമുണ്ടെന്ന് നമ്മളെ കയ്യിലെ പിടി മുറുകുന്നത് അനുസരിച്ച് നമ്മക്ക് മനസ്സിലാകുന്നുണ്ടേന്നു.

ഓൻ നമ്മളെ ഓൻ്റെ മുന്നിലേക്ക് പിടിച്ച് നിർത്തിയിട്ട് നമ്മളെ കയ്യിലെ പിടി വിട്ടു. നമ്മള് കൈ തടവി കൊണ്ട് അവിടെ ഉണ്ടായിരുന്നവരെയൊക്കെ ഒന്ന് നോക്കി. അപ്പൊ തന്നെ ആദി അവിടെ ഉണ്ടായിരുന്ന കുട്ടിപ്പട്ടാളങ്ങളെ അവിടന്ന് ആട്ടിപ്പായിച്ചു.അത് കാണേണ്ട താമസം അവിടെ ഉണ്ടായിരുന്നവരൊക്കെ അപ്പൊ തന്നെ അവിടന്ന് സ്ഥലം കാലിയാക്കി...കൂടെ നമ്മക്കും പോയാലോന്ന് തോന്നി പോയി കാരണം ചെക്കൻ അമ്മാതിരി കലിപ്പിലല്ലേ...നമ്മളേ മിക്കവാറും പൊരിച്ച് തിന്നുമെന്ന് നമ്മക്ക് ഏതാണ്ട് ഉറപ്പായി തുടങ്ങി.

ആദി നമ്മളെ നേരെ ഓരോ അടിയും പെട്ടെന്ന് പെട്ടെന്ന് എടുത്ത് വെച്ചു. നമ്മളെ ധാവണി കാരണം നമ്മക്ക് ഓൻ്റെ അത്ര സ്പീഡില് പെട്ടെന്ന് പിറകിലേക്ക് നടക്കാൻ പറ്റുന്നില്ലേന്നു. അതോണ്ട് ഓൻ അടുത്ത അടി വെച്ചപ്പൊ നമ്മളെ ധാവണിയിലാണ്

ഓൻ ചവിട്ടിയത്...അപ്പൊ തന്നെ നമ്മള് പിറകോട്ട് നീങ്ങിയതും പെട്ടെന്ന് നമ്മളെ കാല് സ്ലിപ്പായി ടെറസിൻറെ മണ്ടയിൽ നിന്ന് നമ്മള് വീഴാൻ പോയി.

അപ്പോഴേക്കും ആദി നമ്മളെ കൈ പിടിച്ച് വലിച്ച് ഓനിലേക്ക് നമ്മളെ അടുപ്പിച്ചിരുന്നു. നമ്മള് ഓൻറെ നെഞ്ചില് മുഖം താഴ്ത്തി വെച്ച് ഓൻറെ നെഞ്ചിടിപ്പും കേട്ട് കൊണ്ട് അങ്ങനെ എത്ര നേരം നിന്നെന്ന് അറീല... നമ്മളെ നെഞ്ചിടിപ്പും ശ്വാസത്തിൻറെ വേഗതയും ഉയർന്നു വരുന്ന പോലെ നമ്മക്ക് തോന്നി.

ആദിൻറെ കൈ നമ്മളെ തോളില് വന്ന് തൊട്ടപ്പോഴാണ് നമ്മള് ഓൻറെ നെഞ്ചില് നിന്നും മുഖമുയർത്തി ഓനിൽ നിന്നും അകന്ന് നിന്നത്...പെട്ടെന്ന് അങ്ങനെ ഒരു സന്ദർഭം വന്നതോണ്ട് നമ്മക്ക് ഓൻറെ മുഖത്തേക്ക് നോക്കാൻ തന്നെ ചടച്ചു. എന്താ ചെയ്യാന്ന് കരുതി തല താഴ്ത്തി നിന്ന് കൊണ്ട് ഇടങ്കണ്ണിട്ട് നോക്കിയപ്പൊ ആദിൻറെ മുഖത്തെ ആ ദേഷ്യം പാടെ മാറി ഒരു പുഞ്ചിരി വന്നിട്ടുണ്ട്...

അത് കണ്ടപ്പൊ നമ്മളും ഒന്ന് അറിയാതെ ചിരിച്ച്

പോയി. ഓൻ നമ്മളെ നോക്കി ചിരിച്ചോണ്ട് അടുത്തേക്ക് വന്നിട്ട് നമ്മളെ വലത്തെ കൈ പിടിച്ചിട്ട് ഓൻ്റെ അടുത്തേക്ക് വലിച്ചു.നമ്മള് ഓനിലേക്ക് അടുത്തപ്പൊ നമ്മളെ ഇടത്തേ കൈ ഓൻ്റെ നെഞ്ചില് വന്ന് പതിച്ചു. അപ്പൊ നമ്മളെ നെഞ്ചിടിപ്പ് ഉയർന്നു നമ്മള് നെഞ്ചില് കൈ വെച്ചു.

അത് കണ്ട് ഓൻ നമ്മളെ നോക്കി പുഞ്ചിരി തൂകി കൊണ്ട് നമ്മളെ ഒന്നൂടെ ഓനിലേക്ക് അടുപ്പിച്ച് നിർത്തിയിട്ട് നമ്മളെ കൈ പിടിച്ച് തിരിച്ച് പിന്നിലേക്കാക്കി.

നമ്മള് വേദന കൊണ്ട് ഓൻ്റെ നെഞ്ചിലിട്ട് തബല വായിച്ചപ്പോഴും പിടഞ്ഞത് നമ്മളെ ഹൃദയാണ്...ആ കോന്തൻ ആദിൻ്റെ നെഞ്ചിലിട്ട് ഓരോ കുത്ത് കൊടുത്തിട്ടും നമ്മളെ നോക്കി ചിരിക്കാന്നല്ലാതെ ഓൻ നമ്മളെ കൈ വിടുന്നില്ലേന്നു...

"ആഹ്.....എൻ്റെ കയ്യീന്ന് വിട്.....പ്ലീസ്.....എനിക്ക് വേദനിക്കുന്നൂ.....വിട്..."

ഓൻ്റെ കയ്യിലെ പിടി വിടുവിക്കാൻ നമ്മക്ക് അറിയാഞ്ഞിട്ടൊന്നുമല്ല...ഓൻ്റെ പിടുത്തത്തിന് കാരണം താഴെ വെച്ച് ഫൈസൽക്ക നമ്മളെ കൈ പിടിച്ചതാണെന്ന് നമ്മക്ക് നല്ലോണം അറിയാം....അതോണ്ട് തന്നെ ഓൻ്റെ പിടുത്തം അയക്കാൻ നമ്മക്ക് തോന്നീല...എന്ന് കരുതി ഈ കോന്തൻ്റെ പിടി എങ്ങനെ സഹിക്കാനാ...നമ്മക്ക് നല്ലോണം വേദനിക്കുന്നുണ്ടല്ലോ...

"പ്ലീസ്...എൻ്റെ കയ്യീന്ന് വിട്....വിടെടാ കോന്താ...."

എന്ന് പറഞ്ഞ് ഓൻ്റെ കാലിലൊരു ചവിട്ട് കൊടുത്തു. ഓൻ നമ്മളെ കയ്യീന്ന് വിട്ടിട്ട് ഓൻ്റെ കാല് കൊടഞ്ഞു. ഓൻ കൈ വിട്ടപ്പൊ നമ്മള് ഒന്ന് നെടുവീർപ്പിട്ടോണ്ട് ഓനെ പിടിച്ച് തള്ളിയിട്ടു.

അപ്രതീക്ഷിതമായ തള്ളായോണ്ട് ഓന് അവിടെ വീണു. നമ്മള് നെഞ്ചില് കയ്യും വെച്ച് ഓനെ നോക്കി നല്ലോണം ഒന്ന് ചിരിച്ച് കൊടുത്തു.

"ഹ.....ഹ....ഹ....അയ്യേ...നിനക്ക് ഇത്രക്ക് ഒക്കെ പവറേ ഉള്ളൂ...ഞാനൊന്ന് തള്ളിയപ്പോഴേക്കും നീ വീണല്ലോ...ഹ....ഹ....ഹ....

എൻ്റെ അനുവാദമില്ലാതെ എൻ്റെ കയ്യില് പിടിച്ചാലേ ഇതാകും അതിനുള്ള തിരിച്ചടി...."

"ഓഹോ....എന്നിട്ട് നീയെന്താ മറ്റവൻ നിൻ്റെ കയ്യില് കേറി പിടിച്ചപ്പൊ നീ ഓനോട് പ്രതികരിക്കാഞ്ഞത്...?"

വീണിടത്ത് നിന്നും എഴുന്നേൽക്കാതെ ഓൻ നമ്മളെ നേരെ ഇത് ചോദിച്ചപ്പൊ നമ്മക്ക് ഓനോട് എന്താ പറയേണ്ടതെന്ന് നിശ്ചയല്ലേന്നു....

"അ....അത്...എൻ്റെ ഇഷ്ടം...അതൊന്നും നീ നോക്കണ്ട...എന്താ ചെയ്യേണ്ടതെന്നൊക്കെ എനിക്ക് അറിയാം..."

എന്ന് പറഞ്ഞ് ഓനെ നോക്കി പുച്ഛിച്ചിട്ട് നമ്മള് തിരിഞ്ഞ് നടക്കാൻ തുനിഞ്ഞതും ആ കോന്തൻ നമ്മളെ കാലിനൊരു ചവിട്ട് തന്നു. ബാലൻസ് കിട്ടാതെ നമ്മള്

നേരേ ഓൻറെ മേലേക്ക് വീണതും നമ്മളെ അധരങ്ങൾ ഓൻറെ കവിളിൽ പതിഞ്ഞു. അത് ഓനേക്കാൾ നമ്മക്കായിരുന്നു ഷോക്കായത്.

നമ്മളെ കണ്ണൊക്കെ പുറത്തേക്ക് തള്ളി വന്നിട്ട് ഓനെ തന്നെ ഉറ്റുനോക്കി കൊണ്ടിരുന്നു.ഓൻ ആണെങ്കിൽ തൊള്ളേം തുറന്ന് നമ്മളെ കണ്ണിലേക്ക് നോക്കി കിടക്കാണ്...

"ഡീ ഫെബീ....എന്താടി ഇവിടെ നടക്കുന്നെ...?"

പെട്ടെന്ന് അച്ചൂൻറെ ശബ്ദം കേട്ടപ്പോ നമ്മള് ഓൻറെ മുഖത്ത് നിന്ന് കണ്ണെടുത്ത് ശബ്ദം കേട്ട ഭാഗത്തേക്ക് ഞങ്ങള് രണ്ട് പേരും ഒപ്പം തിരിഞ്ഞു നോക്കി.

നമ്മളെ കുരാമീസും അരുണും ഓൻറെ ഫ്രണ്ട്സും എന്തിനേറെ പറയുന്നു നമ്മളെ ഫസിയും ഓളെ ഇക്കാക്കയും ശാഹിത്തയും അടക്കം ഞങ്ങളെ നോക്കി അവിടെ നിൽപ്പുണ്ട്...നമ്മള് ഓരെ കണ്ട് ഞെട്ടി തിരിഞ്ഞോണ്ട് ആ കോന്തനെ നോക്കി, ഓൻ

നമ്മളെ നോക്കി ചിരിച്ചിട്ട് മുഖത്ത് ചെറുതായി നാണമൊക്കെ വരുത്തി.

നമ്മള് ഓനെ നോക്കി കണ്ണുരുട്ടി ഓൻറെ നെഞ്ചിനിട്ട് ഒരു കുത്ത് കൊടുത്തിട്ട് എഴുന്നേറ്റ് നെഞ്ചില് കൈ വെച്ച് നിന്നു. നമ്മള് ഓരെയൊക്കെ നോക്കി സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കിയിട്ട് അവരെ അടുത്തേക്ക് പോകാൻ നിന്നപ്പോഴേക്കും ആ കോന്തൻ എണീറ്റിരുന്നു. അവരാകട്ടെ ഞങ്ങള് രണ്ടിനേയും നോക്കി ഹലാക്കിലെ ചിരിയാണ്.

അവറ്റകളെ ചിരി കണ്ടപ്പൊ നമ്മള് ആ കോന്തനെ തുറുക്കനെ നോക്കി, ഓന് ആണെങ്കില് ഓരെ ചിരി കണ്ടിട്ട് നാണം വരുത്തി നഖമൊക്കെ കടിച്ചോണ്ട് നമ്മളെ നോക്കി സൈറ്റടിക്കാണ്...

അവരെ ചിരിയേക്കാൾ കൂടുതൽ ഓൻറെ ഈ കാട്ടി കൂട്ടലാണ് നമ്മളെ ദേഷ്യം പിടിപ്പിക്കുന്നത്.നമ്മള് ഓനെ നോക്കി പല്ലിറുമ്പി കൊണ്ട് ഓൻറെ അടുത്തേക്ക് പാഞ്ഞ് ചെല്ലാൻ നിന്നപ്പോഴേക്കും ഓൻ പറയുന്നത് കേട്ട് നമ്മള് തൊള്ളേം തുറന്ന് അവിടെ നിന്നു.

"എന്തൊക്കെയാ ഐഷൂ നീ കാണിച്ചത്...?

ഞാൻ നിന്നോട് അപ്പോഴേ പറഞ്ഞതല്ലേ ഇതൊന്നും വേണ്ടാ ആരേലും കണ്ടാൽ നാണക്കേടാകുമെന്ന്...

എന്നിട്ട് ഇപ്പൊ എന്തായി...കണ്ടോ എല്ലാരും കണ്ടു....ഛെ..."

ഓൻ തല താഴ്ത്തി മുഖത്ത് നാണമൊക്കെ വരുത്തി ഇത് പറഞ്ഞപ്പൊ നമ്മള് തൊള്ളേം തൊറന്ന് ഓനെ നോക്കി നിൽക്കേന്നു. അപ്പൊ അവരൊക്കെ കൂടി ഞങ്ങളെ അടുത്തേക്ക് വന്നിട്ട് നമ്മക്കിട്ട് താങ്ങാൻ തുടങ്ങി.

"ഫെബീ...നിങ്ങള് എൻറെ കല്യാണം കൂടാനല്ലെ വന്നത്...എനിക്ക് ഒരു ചെറിയ ഡൗട്ടുണ്ട്...എന്തൊക്കെയാ രണ്ടും കൂടി ഇവിടെ കെടന്ന് കാട്ടി കൂട്ടിയത്..."

നമ്മള് തലയും താഴ്ത്തി നിന്നിട്ട് ഓരെയൊക്കെ ഒന്ന് ഇടങ്കണ്ണിട്ട് നോക്കി. എല്ലാവരും നമ്മളേയും ഓനേയും

മാറി മാറി നോക്കാണ്...നമ്മള് അപ്പൊ തന്നെ തല താഴ്ത്തി വീണ്ടും അങ്ങനെ നിന്നു.

"ശ്...ശൂ...കാക്കൂ....ലിപ്സ്റ്റിക്...ലിപ്സ്റ്റിക്..."

എന്ന് പറഞ്ഞോണ്ട് അച്ചു ഓൻറെ കവിളിലേക്ക് ചൂണ്ടി കാണിച്ചപ്പൊ എല്ലാരും കൂടി പിന്നെ അവിടെ ഒരു കൂട്ടച്ചിരിയായിരുന്നു...നമ്മള് അപ്പോഴാണ് ശരിക്കും ഓരെ മുന്നില് നാണം കെട്ടത്...ആകെ ചമ്മി നാറിയിട്ട് ആരെ മുഖത്തേക്കും നോക്കാൻ പോലും നമ്മക്ക് തോന്നീല.

"എടാ ആദീ...അതൊക്കെ തൊടച്ച് കളഞ്ഞിട്ട് താഴേക്ക് ഇറങ്ങി വന്നാ മതീട്ടോ...ഇല്ലെങ്കില് അടുത്തത് നാട്ടേരെ മുന്നില് വെച്ചാകും നാണം കെടാ...."

നിസൂക്ക പറഞ്ഞതിനോട് യോജിച്ച് കൊണ്ട് അവിടെ വീണ്ടും കമൻറുകളുടെ പെരുമഴ പെയ്തു. അതിനിടക്ക് നമ്മള് ചുമ്മാ ആ കോന്തനെ നോക്കിയപ്പൊ ഓൻ നമ്മളെ നോക്കി നിൽക്കുന്നതാണ് നമ്മള്

കണ്ടത്.അവരെ കമൻറൊന്നും വക വെക്കാതെ അറിയാതെ നമ്മളും ഓനെ നോക്കി കൊണ്ട് നിന്നു.

"രണ്ട് പേരും കണ്ണോണ്ട് കഥകള് പറഞ്ഞതും ഉമ്മകൾ കൊണ്ട് വാരിപ്പുണർന്നതുമൊക്കെ മതിട്ടോ....ഇന്ന് എൻറെ കല്യാണാണ്...ഇക്കണക്കിന് പോയാല് നിങ്ങളെ കല്യാണം നടത്തേണ്ടി വരല്ലോ..."

ഇത്താൻറെ പറച്ചില് കേട്ടപ്പൊ നമ്മള് ഇത്താനെ നോക്കി കൊണ്ട് പല്ലിളിച്ചു. അപ്പൊ തന്നെ ആ കോന്തൻ ഇടക്ക് കേറി കമൻറിട്ടു....

"ഞാൻ റെഡി....ഇപ്പൊ തന്നെ നടത്തിയാലോ...? അൻക്ക് ഓക്കേ അല്ലേ ഐഷൂ..."

"ഓക്കേ അല്ലടാ കോന്താ...."

എന്ന് പറഞ്ഞ് നമ്മള് ഓൻറെ നടുപൊറം നോക്കി ഒന്ന് കൊടുത്തു. വേദന കൊണ്ട് ഓൻ നിന്ന് ഡിസ്കോ

കളിക്കുന്നത് കണ്ടിട്ട് ഞങ്ങള് എല്ലാരും പൊരിഞ്ഞ ചിരിയായിരുന്നു.

"ഡീ...നീയെന്നെ തല്ലിയല്ലേ...?

നിന്നെ ഞാനിന്ന് ശരിയാക്കുമെടി...പെണ്ണേ..."

"ഓ...പിന്നെ....ശരിയാക്കാനിങ്ങ് വാ...ഞാൻ നിന്ന് തരാ...ഡാ ചെക്കാ...വല്ലാണ്ട് എന്നോട് കളിക്കാൻ നിക്കണ്ടട്ടാ...ഈ ഫെബിൻറെ തനി സ്വഭാവം നീയറിയും...."

"എനിക്കും അത് തന്നെയാടി അന്നോട് പറയാനുള്ളത്...എന്നോട് അധികം കളിക്കാൻ വരണ്ടാ...വന്നാലേ ഫസി ഒക്കത്ത് വെച്ച് നടക്കുന്ന പോലെ അൻക്കും വെച്ച് നടക്കാൻ ഞാൻ ഒരു ട്രോഫിയങ്ങ് തരും..."

"ഡാ....തെണ്ടീ....പട്ടി....കോദില് കോന്താ.....ഇന്ന് നിൻറെ അവസാനാണെടാ....ഒന്നൊങ്കിൽ ഞാൻ അല്ലെങ്കിൽ നീ...ആരേലും ഒരാള് ഇവിടെ

മതി...ഇന്നത്തോടെ നിൻറെ ശല്യം ഞാൻ തീർക്കും..."

എന്ന് പറഞ്ഞ് നമ്മള് ഓൻറെ കഴുത്ത് നെരിക്കാൻ ചെന്നപ്പോഴേക്കും നമ്മളെ കുരാമീസ് ചിരിച്ചോണ്ട് നമ്മളെ പിടിച്ച് വലിച്ചു...ഇല്ലേല് കാണായിരുന്നു ആ കോന്തൻറെ മയ്യിത്ത്...

"ഇങ്ങളെ രണ്ടാളേം തെരക്ക് കാണാനല്ല ഞങ്ങള് വന്നത്...നമ്മളെ കോളേജ് ടീംസിൻറെ ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കാൻ വേണ്ടിയാണ്...

ഇവിടെ വന്ന് നോക്കുമ്പൊ നിങ്ങളെ കാണാൻ പാടില്ലാത്ത സാഹചര്യത്തില് ഞങ്ങള് കണ്ടു...അത് ഞങ്ങള് അപ്പൊ തന്നെ വിട്ടു...

എന്ന് കരുതി ഞങ്ങളെ വിശ്വസിപ്പിക്കാനായിട്ട് രണ്ട് പേരു കൂടി തിരക്ക് കൂടി നാടകമൊന്നും കളിക്കാൻ നിക്കണ്ട...

മര്യാദക്ക് രണ്ട് പേരും എൻറെ പിന്നാലെ പോരുന്നതാകും നല്ലത്..."

എന്ന് പറഞ്ഞ് ശാഹിത്ത പോയപ്പൊ നമ്മള് ആ കോന്തനെ നോക്കി പുച്ഛിച്ചോണ്ട് ഇത്താൻറെ പിറകെ പോയി...നമ്മളെ പിന്നാലെ നമ്മളെ കുരാമീസും...

കുറച്ച് കഴിഞ്ഞപ്പൊ അച്ചു നമ്മളെ അടുത്തേക്ക് നീങ്ങി വന്നു.

"ഫെബീ...നീ കാക്കൂനോട് നിനക്ക് പറയാനുള്ളതൊക്കെ പറഞ്ഞോ...?"

"ഇല്ല അച്ചൂ...അതിനൊന്നും നമ്മക്ക് പറ്റീല...അതിന് മുന്നേ..."

"അതിന് മുന്നേ തന്നെ നീ കാക്കൂനെ കെട്ടി പിടിച്ച് കവിളത്ത് ഉമ്മ കൊടുക്കേന്നെല്ലല്ലോലേ...

നിനക്ക് അതിനൊക്കെ അവസരം കിട്ടി പക്ഷേ,കാക്കൂനോട് സംസാരിക്കാൻ മാത്രം അവസരം കിട്ടീലലേ..."

അച്ചു ഒരു പരിഹാസചിരിയോടെ നമ്മളോട് ഇത് പറഞ്ഞപ്പൊ നമ്മള് ദേഷ്യം കൊണ്ട് ഓൾക്കിട്ട് നല്ല നുള്ള് അങ്ങ് കൊടുത്തു. കിട്ടേണ്ടത് കിട്ടിയപ്പൊ ഓള് മിണ്ടാതെ പിറകിലേക്ക് പോയിട്ട് അവറ്റകളെ കൂടെ നടന്ന് വന്നു...

'എന്തോന്ന് പരീക്ഷണാണ് പടച്ചോനേ ഇത്...?

ആ കോന്തനോട് എല്ലാം തുറന്ന് പറയാൻ കിട്ടിയ അവസരായിരുന്നെങ്കിലും ഫൈസൽക്ക കാരണം അത് നമ്മക്ക് ഓനോട് അത് പറയാൻ പറ്റീല...അതുപോലെ തന്നെ ഓന് നമ്മളോട് പറയാനുള്ളത് കേൾക്കാനും പറ്റീല...

ഇനി ഇതൊക്കെ ഞാൻ എന്നാ ഓനെ അറിയിക്കാ...?

എന്ത് വന്നാലും ശരി ഇന്ന് തന്നെ ഓനോട് അത് തുറന്ന് പറയണം...

ഇനിയൊരു അവസരം കിട്ടിയാൽ വെറുതെ വിടാൻ പാടില്ല...'

"ഡീ ഫെബീ...നീ എന്ത് ചിന്തിച്ചോണ്ട് നിൽക്കാ...വാ...നമുക്ക് സ്റ്റേജിലേക്ക് പോകാം..."

അച്ചു നമ്മളെ കയ്യും പിടിച്ച് മുറ്റത്ത് കെട്ടി പടുത്തുയർത്തിയ സ്റ്റേജിലേക്ക് കൊണ്ട് പോയി. ഞങ്ങളെ കോളേജ് ഫ്രണ്ട്സ് ടീമായിരുന്നു അപ്പൊ സ്റ്റേജില് ഉണ്ടായിരുന്നത്...അവരെ കൂടെ ഞങ്ങളും പോയി നിന്നു.

ഞാനും അച്ചുവും ഒരുമിച്ചായിരുന്നു നിന്നത്.അപ്പൊ ഞങ്ങൾക്കിടയിലേക്ക് അരുൺ കേറി വന്നിട്ട് നമ്മളെ നോക്കി പ്ലീസ് എന്ന് പറഞ്ഞു. നമ്മള് ഓരെ നോക്കി തലയാട്ടി ചിരിച്ചോണ്ട് നസിൻ്റെ അടുത്തേക്ക് പോയി നിന്നു.

അപ്പൊ നോക്കുമ്പൊ അങ്ങോട്ട് അനൂക്ക കേറി വന്നിട്ട് നമ്മളെ നോക്കി പല്ലിളിച്ചു. നമ്മളും മൂപ്പരെ നോക്കി ക്ലോസപ്പിൻ്റെ പരസ്യവും കാണിച്ചോണ്ട് ശാഹിത്ത ഇരിക്കുന്നതിൻ്റെ തൊട്ടുപിറകിലായിട്ട് നിന്നു.

നമ്മളെ അടുത്ത് ഉണ്ടായിരുന്ന ഷംന നമ്മളോട് കുറച്ചൂടി നീങ്ങാൻ പറഞ്ഞോണ്ട് നമ്മളെ പിടിച്ച് തള്ളി.നമ്മള് അടുത്ത് നിന്ന ആളെ ദേഹത്ത് തട്ടി നിന്നു. നമ്മള് ഷംനയെ പ്രാകി കൊണ്ട് അടുത്ത് നിന്ന ആളോട് സോറി പറഞ്ഞ് ക്യാമറക്ക് നേരെ തിരിഞ്ഞപ്പോഴാണ് നമ്മളെ അടുത്ത് നിൽക്കുന്ന ആളെ നമ്മള് ശ്രദ്ധിച്ചത്.

ആ കോന്തൻ ആദിയാണ് നമ്മളെ അടുത്ത് നിൽക്കുന്നതെന്ന് അറിഞ്ഞപ്പൊ നമ്മള് ഓനെ തുറുക്കനെ നോക്കി കൊണ്ട് അവിടന്ന് പോകാൻ നിന്നു. അപ്പൊ തന്നെ ഓൻ നമ്മളെ കൈ പിടിച്ച് വലിച്ച് ഓൻറെ അടുത്ത് നിർത്തിച്ചു...

"നീയെന്താ ഈ കാണിക്കുന്നത്...? എൻറെ കയ്യീന്ന് വിട് ...ആൾക്കാര് കാണും..."

നമ്മള് ഓൻറെ കയ്യിലെ പിടി വിടുവിക്കാൻ നോക്കി കൊണ്ട് ഓനോട് പറഞ്ഞു. ഓൻ നമ്മളേ നോക്കാതെ ക്യാമറയിലേക്ക് നോക്കി കൊണ്ട് പറഞ്ഞു.

"ഇവിടന്ന് നീ ഒരടി അനങ്ങിയാൽ നിന്നെ എടുത്തോണ്ട് വന്നാകും എൻറെ അടുത്ത് നിർത്താ...അപ്പൊ നാട്ടേര് മൊത്തം നന്നായിട്ട് കാണും..

അത് വേണ്ടെങ്കിൽ നല്ല കുട്ടി ആയിട്ട് ഇവിടെ തന്നെ നിൽക്കാൻ നോക്ക് എൻറെ ഐഷൂ..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ മുഖത്തേക്ക് തിരിഞ്ഞു നോക്കി. നമ്മളും ഓനെ തന്നെ നോക്കി നിന്നതോണ്ട് ഞങ്ങളെ കണ്ണുകൾ തമ്മിൽ പരസ്പരം ഉടക്കി.നമ്മളെ റൂഹിനെ വരെ ഊറ്റിയെടുക്കാൻ കഴിയുന്ന പോലെയുള്ള ഓൻറെ കാന്തകണ്ണിലെ നോട്ടം നമ്മളെ പൂർണ്ണമായും വശീകരിച്ചിരുന്നു.

ഓൻറെ കണ്ണിലെ കാന്തികത അത് ഓനില് മാത്രം നമ്മള് കണ്ട പ്രത്യേകതയാണ്...അറിയാണ്ട് ഓൻറെ പുഞ്ചിരിയേയും ഓൻറെ കാന്തക്കണ്ണിൻറെ നോട്ടത്തിനേയും നമ്മള് പ്രണയിച്ച് പോയോന്ന് നമ്മക്ക് തോന്നി പോയി.

പെട്ടെന്ന് ഞങ്ങളെ മുഖത്തേക്ക് ഫ്ലാഷ് അടിച്ചപ്പോഴാണ് എവിടെയാണ് നിൽക്കുന്നതെന്ന ബോധം ഞങ്ങൾക്ക് രണ്ട് പേർക്കും വന്നത്...അപ്പൊ

തന്നെ ഞങ്ങള് രണ്ട് പേരും മുഖം തിരിച്ച് ക്യാമറയിലേക്ക് നോക്കി നിന്നു. അപ്പോഴും ഓൻ നമ്മളെ കയ്യിലെ പിടി വിട്ടിട്ടില്ലേന്നു.

അങ്ങനെ ഗ്രൂപ്പായി നിന്നോണ്ട് ഒരുപാട് ഫോട്ടോസും സെൽഫീസും എടുത്ത് സ്റ്റേജില് നിന്ന് ഇറങ്ങാൻ നേരമാണ് ആദി നമ്മളെ കൈ പിടിച്ച് നിൽക്കുന്നത് തന്നെ നമ്മള് ശ്രദ്ധിച്ചത്...

ഓൻറെ കയ്യീന്ന് നമ്മളെ കൈ പെട്ടെന്ന് വലിച്ചിട്ട് നമ്മള് കുരാമീസിനേയും കൊണ്ട് ശാഹിത്താൻറെ റൂമിലേക്ക് നടന്നു. ഇവരെയൊക്കെ ഇങ്ങോട്ട് കൂട്ടി കൊണ്ട് വരാനും ഒരു കാരണമുണ്ട്ട്ടോ...

ഇന്ന് കല്യാണം കഴിഞ്ഞ് റിസപ്ഷനും ഫസ്റ്റ് നൈറ്റും ഒക്കെ ശാഹിത്താൻറെ വീട്ടില് വെച്ചാണ് നടക്കുന്നത്. നാളെയാണ് ചെക്കൻറെ വീട്ടില് പരിപാടികളൊക്കെ ഉള്ളത്. അതോണ്ട് ശാഹിത്താൻറെ മണിയറ ഒരുക്കേണ്ട ചുമതല ഇത്ത ഞങ്ങളെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

ഞങ്ങളെ എന്ന് വെച്ചാ നമ്മളും കുരാമീസും പിന്നെ ആ കോന്തനും ഫ്രണ്ട്സും...അതോണ്ട് ഞങ്ങള് വേഗം റൂമില് കേറി ഞങ്ങളെ പണി തുടങ്ങി. റൂമൊക്കെ അലങ്കരിക്കാനുള്ള സാധനങ്ങള് എല്ലാം ആദ്യമേ നിസൂക്കയൊക്കെ വാങ്ങിച്ച് വെച്ചിട്ടുണ്ടേന്നു. ഞങ്ങള് അതൊക്കെ നോക്കിയിട്ട് എങ്ങനെയൊക്കെ അലങ്കരിക്കണമെന്ന് പ്ലാൻ ചെയ്യുമ്പോഴാണ് അവൻമാര് കേറി വന്നത്.

അവൻമാരെ നിൽപ്പും ഭാവവും കണ്ടാൽ എന്തോ മല മറിക്കാൻ പോകുന്ന പോലെയുണ്ടേന്നു. നമ്മള് ഓാരെ വല്യ മൈൻഡൊന്നും ചെയ്യാതെ മുല്ല മാലയെടുത്ത് മുറിക്കാൻ തുടങ്ങി. പെട്ടെന്ന് ആദി നമ്മളെ കയ്യീന്ന് കത്രിക വാങ്ങിച്ചു.

"ഒരു മാല എങ്ങനെ എവിടെ മുറിക്കണമെന്ന് അറിയാത്തവരുടെ കയ്യിലാണോ ഇതൊക്കെ കൊടുക്കുന്നത്...ദേ കണ്ടോ ഇങ്ങനെ ഇവിടെയാണ് മുറിക്കേണ്ടത്...കണ്ട് പഠിക്ക്...."

"എന്നാലേ ഇയാള് തന്നെ അങ്ങ് ഒണ്ടാക്കിയാ

മതി...എന്നെ പഠിപ്പിക്കാൻ വരണ്ട....വല്യ ഇവൻറ് മാനേജ്മെൻറിൻറെ മൊതലാളിയല്ലെ...എല്ലാം ഇയാള് തന്നെ ചെയ്തോ..."

എന്ന് പറഞ്ഞ് ഓനെ നോക്കി പുച്ഛിച്ചിട്ട് നമ്മള് അവിടെ ഉണ്ടായിരുന്ന കസേരയില് പോയി ഇരുന്നു. നമ്മളെ കുരാമീസ് വന്ന് നമ്മളെ വിളിച്ചെങ്കിലും നമ്മള് അങ്ങോട്ട് മൈൻഡ് പോലും ചെയ്യാതെ ഫോണെടുത്ത് വാട്ട്സപ്പ് തുറന്ന് ഹസിനോട് ചാറ്റി കൊണ്ടിരുന്നു. ഇന്ന് ഇതുവരെ നടന്നതൊക്കെ നമ്മള് ഓളോട് അപ്പൊ തന്നെ റിപ്പോർട്ട് ചെയ്തു.

കുറച്ച് കഴിഞ്ഞപ്പൊ മണിയറ ഒരുക്കം ഫോട്ടോ എടുത്ത് വിടാൻ വേണ്ടി ഹസി പറഞ്ഞപ്പോഴാണ് നമ്മള് ഓരെ അലങ്കാരം കണ്ടത്...ചുമ്മാ പറയല്ലട്ടോ...നമ്മളെ കുരാമീസും ആ പഹയൻമാരും കൂടി നല്ല സൂപ്പറായിട്ട് തന്നെ എല്ലാം അലങ്കരിച്ച് വെച്ചിട്ടുണ്ട്.

നമ്മള് അതൊക്കെ ഫോട്ടോ എടുത്ത് ഹസിക്ക് അയച്ച് കൊടുത്തിട്ട് ഫോൺ അവിടെ വെച്ചിട്ട് നമ്മളും പോയി അവരെ കൂടെ അത് അലങ്കരിക്കാൻ...

ആദ്യം നമ്മളെ അധികം ഓര് മൈൻഡ് ചെയ്തില്ലെങ്കിലും പിന്നീട് ഓരോ പണിയെടുത്ത് നമ്മളെ തലേല് വെച്ച് തന്നു.

"ഇതെടുത്ത് അവിടെ കൊണ്ട് പോയി വെക്ക്.."

"ഈ മാല അവിടെ കെട്ട്..."

"ആ ബൊക്കെയെടുത്ത് ടേബിളിൽ വെക്ക്..."

ഇങ്ങനെ ഓരോ സൈഡീന്നും നമ്മക്ക് പണിൻറെ മോളീന്ന് പണി തന്നോണ്ടിരുന്നു.

"തീരുമ്പൊ തീരുമ്പൊ പണി തരാൻ ഞാൻ എന്താ കുപ്പീന്ന് വന്ന ഭൂതോ...?"

"നീ ആദ്യമേ ഞങ്ങളെ ഹെൽപ് ചെയ്യാൻ നിന്നിരുന്നെങ്കില് നിനക്കീ അവസ്ഥ വരില്ലേന്നു...

അതോണ്ട് ഐഷൂ ഭൂതം...ഇപ്പൊ ഇത് കൊണ്ട് പോയി ആ ആണിയില് തൂക്കി വെച്ചേ..."

"എനിക്കൊന്നും മേല ഇതൊക്കെ ചെയ്യാൻ...ഞാൻ കൊയങ്ങി....എനിക്ക് വയ്യ..."

എന്ന് പറഞ്ഞ് ആ കോന്തന് മുഖം കൊടുക്കാതെ നമ്മള് വീണ്ടും അവിടെ വന്നിരുന്നിട്ട് അവരെടുക്കുന്ന ജോലിയും നോക്കി ഇരുന്നു. അപ്പോഴാണ് അച്ചു റോസിതള് കൊണ്ട് ബെഡില് ലൗ വരക്കാൻ നോക്കുന്നത് നമ്മള് ശ്രദ്ധിച്ചത്.

നമ്മള് അപ്പൊ തന്നെ അച്ചൂനെ അവിടന്ന് പിടിച്ച് മാറ്റിയിട്ട് നമ്മള് അതില് ഒരു വലിയ ലൗ റോസിതള് കൊണ്ടിട്ടു...നമ്മളെ കലാവിരുത് കണ്ട് എല്ലാരും കൂടി കയ്യടിച്ച് പ്രോത്സാഹിപ്പിച്ചു. നമ്മളെ ഓരെയൊക്കെ നോക്കി താങ്ക്യൂ താങ്ക്യൂന്ന് പറഞ്ഞിട്ട് ആ കോന്തനെ നോക്കി പല്ലിളിച്ചു.

എന്നിട്ട് ആ മണിയറ മൊത്തം ഒന്ന് കണ്ണോടിച്ച് അത്ഭുതപെട്ട് കൊണ്ട്് നമ്മള് നിന്നു. കാരണം അത്രക്ക് ഗംഭീരായിട്ട് തന്നെ എല്ലാരും മണിയറ ഒരുക്കിയിട്ടുണ്ട്.

"നല്ല അഡാറ് ലുക്കായിട്ടുണ്ട്ലേ...വാ നമുക്ക് ഇതൊക്കെ ശാഹിത്താനെ വിളിച്ച് കാണിച്ച് കൊടുക്കാം...

പുള്ളിക്കാരി ഇതൊക്കെ കണ്ട് ഒന്ന് ഞെട്ടട്ടെ..."

"അത് ശരിയാ ഫെബീ...വാ നമുക്ക് പോയി ശാഹിത്താനെ വിളിച്ചോണ്ട് വരാം..." അച്ചുവാണ്.

"അനൂക്കാ...ഞങ്ങള് ശാഹിത്താനെ വിളിച്ചിട്ട് വരാം...അപ്പോഴേക്കും ഇവിടെയൊക്കെ ഒന്ന് വൃത്തിയാക്കി വെക്കിട്ടോ..."

എന്ന് നസി അനൂക്കാനെ നോക്കി പറയുന്നത് കേട്ട് ഞങ്ങള് എല്ലാരും കൂടി ചിരിച്ചോണ്ട് റൂമീന്ന് പുറത്തേക്കിറങ്ങി ഇത്താനെ തേടി നടന്നു.

മൂപ്പത്തിയപ്പൊ വരുന്ന റിലേറ്റീവ്സിൻറെ കൂടെ ഫോട്ടോ എടുക്കുന്ന തിരക്കിലായിരുന്നു.

ഞങ്ങള് ശാഹിത്താനോട് വരാനായിട്ട് ആംഗ്യം കാണിച്ചപ്പൊ ഇപ്പൊ വരാമെന്ന് പറഞ്ഞ് വരുന്നവരോട് സംസാരിച്ചോണ്ട് നിന്നു. ഇത്ത ഇപ്പോഴൊന്നും വരവുണ്ടാകില്ലാന്ന് മനസ്സിലായപ്പൊ ഞങ്ങള് അവിടെ നിന്നിട്ട് ഞാനും അച്ചുവും കൂടി ഞങ്ങളെ മാർക്കിടൽ പരിപാടി തുടങ്ങി.

അപ്പോഴാണ് ഫൈസൽക്ക നമ്മളെ അടുത്തേക്ക് വന്നത്. അങ്ങേര് നമ്മളെ അടുത്തേക്ക് വന്നതും നമ്മളെ കുരാമീസ് അവിടന്ന് കുറച്ച് മാറി നിന്നു. നമ്മള് ഓരെ അവിടെ പിടിച്ച് നിർത്താൻ നോക്കിയപ്പോഴേക്കും ഓര് അവിടന്ന് പോയിരുന്നു.

ഇതൊരു കുരിശായല്ലൊ പടച്ചോനേന്ന് ചിന്തിച്ച് നമ്മള് ഫൈസൽക്കാനെ നോക്കി ചിരിച്ച് കൊടുത്തു. മൂപ്പര് നമ്മളോട് കോളേജിനെ പറ്റിയും വീട്ടേരെ പറ്റിയും ഓരോന്ന് ചോദിച്ചോണ്ടിരുന്നു. നമ്മള് എല്ലാത്തിനും മുക്കിയും മൂളിയും കൊണ്ട് മൂപ്പർക്ക് മറുപടി

കൊടുക്കുമ്പോഴും എങ്ങനെ ഇങ്ങേരെ കയ്യീന്ന് രക്ഷപ്പെടും എന്നായിരുന്നു നമ്മളെ ചിന്ത.

അപ്പോഴാണ് നമ്മള് ശാഹിത്താൻറെ റൂമീന്ന് നമ്മളെ ഫോൺ എടുക്കാൻ മറന്ന കാര്യം ഓർമ്മ വന്നത്. അത് കാരണാക്കി പറഞ്ഞോണ്ട് നമ്മള് വേഗം മൂപ്പരെ അടുത്ത് നിന്ന് മുങ്ങിയിട്ട് ഇത്താൻറെ റൂമിലേക്ക് പോയി.

നമ്മളെ ഫോൺ ടേബിളിൽ കിടന്ന് നമ്മളെ മാടി വിളിക്കുന്നത് കണ്ട് ഫോണും എടുത്ത് തിരിഞ്ഞപ്പൊ തൊട്ട് മുന്നിൽ തന്നെ ആദി നിൽക്കുന്നു. ഒരു മാതിരി കാഞ്ചന പ്രേതത്തെ കണ്ട പോലെ നമ്മള് പേടിച്ച് ടേബിളില് തട്ടി നിന്നു.

ആദിയാണ് അതെന്ന് മനസ്സിലായപ്പൊ നമ്മള് നെഞ്ചില് കൈ വെച്ച് ഒന്ന് നെടുവീർപ്പിട്ടു.

"നീയായിരുന്നോ....മനുഷ്യനെ പേടിപ്പിച്ച് കൊന്നേനല്ലൊ താൻ....

തനിക്ക് ഒന്ന് പറഞ്ഞിട്ട് വന്നൂടെ...വെറുതെ ബാക്കി

ഉള്ളോരെ കൂടി പൊടിപ്പിക്കാനായിട്ട്...

മാറ്....ഞാൻ പോട്ടേ..."

എന്ന് പറഞ്ഞ് ഓനോട് നമ്മള് മാറാൻ ആംഗ്യം കാണിച്ചു. ഓൻ ഒരു അടി പോലും ചലിക്കുന്നത് കാണാത്തോണ്ടാണ് നമ്മള് ഓൻ്റെ മുഖത്തേക്ക് നോക്കിയത്.

യാ റബ്ബീ....നേരത്തെ നമ്മളെ രൂക്ഷമായി നോക്കി കൊണ്ടിരുന്ന അതേ നോട്ടമാണ് ഇപ്പൊ ഓനിലുള്ളത്...ഓൻ്റെ നോട്ടം കണ്ടാൽ എത്ര പേടി ഇല്ലാത്തവര് പോലും പേടിച്ച് പോകും...അത്രക്ക് ഭയാനകമായിരുന്നു ഓൻ്റെ നോട്ടം.

നമ്മള് ഓൻ്റെ നോട്ടത്തില് പേടിച്ചിട്ട് വേഗം അവിടന്ന് രക്ഷപ്പെടാൻ നോക്കി.പക്ഷേ അപ്പോഴേക്കും ആദി നമ്മളെ കൈ പിടിച്ച് വലിച്ച് തിരിച്ചിരുന്നു.

"ആഹ്.....ഡാ....എനിക്ക് വേദനിക്കുന്നുണ്ട്ട്ടാ....എൻറെ കയ്യ് വിട്...."

"അത്ര പെട്ടെന്ന് ഒന്നും ഞാൻ അൻറെ കൈ വിടുമെന്ന് നീ കരുതണ്ട...

പറയടീ...നീയും അവനും തമ്മില് എന്താടീ ബന്ധം..?"

"ആഹ്....ആര്...?"

"നീ താഴെ ഒരുത്തനോട് ഇപ്പൊ സംസാരിച്ചില്ലേ അവനോട്..."

നമ്മളെ കോന്തൻറെ ശബ്ദം ആ റൂമില് മൊത്തം പ്രതിധ്വനിക്കുന്നതിന് അനുസരിച്ച് നമ്മളെ കയ്യിലെ പിടി മുറുകി കൊണ്ടിരുന്നു.ഓൻ ഉദ്ദേശിച്ചത് ഫൈസൽക്കാനെയാണെന്ന് നമ്മക്ക് ബോധ്യായോണ്ട് നമ്മള് ഓനോട് കെഞ്ചി.

"ആഹ്....ഞാൻ പറയാം...ആദ്യം....എൻറെ കൈ വിട്....ആഹ്....എന്നാ ഞാൻ പറയാം....പ്ലീസ് കൈ വിട്....വേദനിക്കുന്നു..."

വേദന കൊണ്ട് നമ്മക്ക് കരച്ചിലൊക്കെ വരുന്നുണ്ട്. നമ്മളെ കണ്ണ് നിറഞ്ഞത് കണ്ടിട്ടാണോ അതോ നമ്മള് പറഞ്ഞത് കേട്ടിട്ടാണോന്ന് അറീല, ആ കോന്തൻ നമ്മളെ കയ്യീന്ന് പിടി വിട്ടു.

നമ്മള് കൈ ഉഴിഞ്ഞ് കൊടഞ്ഞിട്ട് കയ്യിലേക്ക് നോക്കിയപ്പൊ ഓൻറെ ബലിഷ്ടമായ കയ്യിൻറെ പാടുകൾ നന്നായിട്ട് കയ്യില് പതിഞ്ഞത് നമ്മള് കണ്ടു. കൈ നേരാം വണ്ണം ഒന്ന് അനക്കാൻ പോലും പറ്റാത്ത പോലെ ആ കോന്തൻ നമ്മളെ കൈ പിടിച്ച് തിരിച്ചിട്ടുണ്ട്.

നമ്മള് ഓനെ കലങ്ങിയ കണ്ണുകൾ കൊണ്ട് രൂക്ഷമായി നോക്കി നിന്നപ്പൊ ഓൻ നമ്മളെ അടുത്തേക്ക് നടന്ന് അടുക്കാൻ തുടങ്ങി.

"ഇനി പറ...നീയും ഓനും തമ്മില് എന്താ ബന്ധം..?"

ഓൻറെ ഒച്ചയിട്ടോണ്ടുള്ള ചോദ്യം ചെയ്യല് കേട്ട് നമ്മള് കാത് പൊത്തി കൊണ്ട് നിന്നു. കാരണം നമ്മള് അത്രക്ക് പേടിച്ച് വിറച്ചിട്ടുണ്ട് ഓൻറെ മുന്നില്. കുറച്ച് കഴിഞ്ഞ് കണ്ണ് തുറന്ന് നോക്കിയിട്ട് കാതിൽ നിന്ന് കയ്യെടുത്തിട്ട് നമ്മള് ഓനോട് പറഞ്ഞു തുടങ്ങി.

"ഞാ....ഞാനും ഫൈസൽക്കയും തമ്മിൽ യാതൊരു ബന്ധവുമില്ല....

ഞങ്ങള് ജസ്റ്റ് ഫാമിലി ഫ്രണ്ട്സ് മാത്രാണ്...."

എന്ന് പറഞ്ഞ് തീർന്നതും പഹയൻ നമ്മളെ അടുത്തേക്ക് നടന്നോണ്ട് അടുത്തതും കൊണ്ട് വന്നു. നമ്മള് അതിനനുസരിച്ച് പിന്നോട്ട് വെച്ച് പിടിച്ചു.

"നിങ്ങള് തമ്മില് ജസ്റ്റ് ഫാമിലി ഫ്രണ്ട്സ് മാത്രാണെങ്കിൽ എന്താ ഓൻക്ക് അന്നോട് ഇത്രമാത്രം സംസാരിക്കാൻ ഉണ്ടായിരുന്നത്...?"

"അ...ഇതൊക്കെ എന്തിനാ നീ അറിയുന്നേ....ഞങ്ങള് തമ്മില് ആയിരം കാര്യങ്ങള് കാണും സംസാരിക്കാൻ...അതൊന്നും നീ അറിയണ്ട..."

"അറിയണം...എനിക്കത് അറിഞ്ഞേ പറ്റൂ...

ഒരു ഫൈസൽക്ക വന്നിരിക്കുന്നു...എനിക്ക് ഓനെ കാണുമ്പൊ തന്നെ കലി കേറി വരാണ്...

ഓൻ അന്നെ കാണുന്നതോ അന്നോട് മിണ്ടുന്നതോ ഒന്നും എനിക്ക് ഇഷ്ടല്ല....അൻക്ക് ഓനോട് ഇഷ്ടമൊന്നും ഇല്ലെങ്കിലും ഓന് അന്നോട് ഇഷ്ടണ്ടെന്ന് എന്നോട് ഫസി പറഞ്ഞിരുന്നു....

അതോണ്ട് തന്നെ നീ ഓനോട് സംസാരിക്കുന്നത് എനിക്ക് ഇഷ്ടല്ല...ഓൻ ഇനി അന്നോട് വന്ന് മിണ്ടാൻ വന്നാലും നീ ഓനോട് മിണ്ടാൻ പാടില്ല..."

"എന്നോട് മിണ്ടാൻ പാടില്ലാന്ന് പറയാൻ താനാരാ....?

ഞാൻ ആരോട് മിണ്ടണം മിണ്ടണ്ടാന്ന് തീരുമാനിക്കുന്നത് ഞാനാ...അതില് നീ ഇടപെടണ്ട...."

ഓനോടുള്ള അപ്പോഴത്തെ കലിപ്പിന് നമ്മളെ വായേന്ന് അങ്ങനെ ആയിരുന്നു വന്ന് വീണത്. അത് പറഞ്ഞ് തീർന്നപ്പൊ തന്നെ വേണ്ടായിരുന്നെന്ന് തോന്നി നമ്മള് വാ പൊത്തി കൊണ്ട് പിന്നിലേക്ക് നടന്ന് നീങ്ങി.

"അന്നോട് മിണ്ടണ്ടാന്ന് പറയാൻ ഞാൻ ആരാന്ന് അൻക്ക് അറിയണല്ലേടീ...അൻക്ക് ഞാൻ അറിയാച്ച് തരാ ഞാൻ ആരാന്ന്..."

എന്ന് പറഞ്ഞ് ആ കോന്തൻ കട്ട കലിപ്പില് നമ്മളെ നേരെ സ്പീഡില് നടന്ന് വന്നപ്പൊ നമ്മള് ഓനെ നോക്കി കൊണ്ട് വേണ്ടാന്ന് തലയാട്ടി പിന്നിലേക്ക് നടന്നതും കട്ടിലില് തട്ടി നമ്മള് വീഴാൻ പോയി. അപ്പൊ തന്നെ നമ്മള് മുല്ലമാലയില് പിടിച്ചെങ്കിലും നമ്മളെ താങ്ങാനുള്ള ശേഷി അതിനില്ലാത്തോണ്ട് അത് പൊട്ടിച്ചാടി വീഴാൻ പോയപ്പൊ നമ്മള് മറ്റേ കയ്യോണ്ട് ആദിൻറെ കോളറിൽ പിടുത്തമിട്ടു.

നമ്മളെ പിടുത്തവും വീഴ്ച്ചയുമെല്ലാം കണ്ണടച്ച് തുറന്നപ്പോഴേക്കും നടന്നിരുന്നു...വീഴാൻ പോയപ്പൊ കിട്ടിയ കച്ചിത്തുരുമ്പെന്ന രീതിയിലാ ഓൻറെ കോളറിൽ പിടിച്ചത്...

പക്ഷേ, കോളറിൻറെ കൂടെ ഓനും വന്ന് നമ്മളെ മേലേക്ക് വീഴുമെന്ന് നമ്മള് സ്വപ്നത്തില് പോലും വിചാരിച്ചിട്ടില്ലേന്നു...

കണ്ണ് തുറന്ന് നോക്കുമ്പൊ ഞങ്ങള് കട്ടിലിലേക്കാണ് വന്ന് വീണതെന്ന് മനസ്സിലായി...അതും പോരാഞ്ഞ് എല്ലാരും കൂടി അലങ്കരിച്ച് വെച്ചിരുന്ന മുല്ല മാലകളൊക്കെ ഞങ്ങളെ മേലേക്ക് വീണിട്ടുണ്ടേന്നു.

കണ്ണ് തുറന്നപ്പൊ മുതല് നമ്മളെ മേലെ വീണ് കിടക്കുന്ന ആദിൻറെ മുഖത്തേക്ക് നോക്കി കിടക്കാണ് നമ്മളെ പണി. ഓനും അതേ രീതിയില് തന്നെയാണ് നമ്മളെ നോക്കി കിടക്കുന്നത്.

അപ്പൊ എവിടെ നിന്നോ ഒരു ബാഗ്രൗണ്ട് മ്യൂസിക് കടന്ന് വന്ന പോലെ നമ്മക്ക് തോന്നി...ആ പാട്ടിലങ്ങനെ ലയിച്ച് ആദിനെ നോക്കി നമ്മള്

അങ്ങനെ കിടന്നു...

പെട്ടെന്ന് ആരോ ആദിൻറെ നടുപൊറം നോക്കി ഒരെണ്ണം കൊടുത്തപ്പോഴാണ് നമ്മള് ഓനില് നിന്ന് കണ്ണെടുത്ത് ചുറ്റും നോക്കിയത്...അത് കണ്ടതും ഞെട്ടി തരിച്ച് കൊണ്ട് ആദിയും നമ്മളും പരസ്പരം മുഖത്തേക്ക് നോക്കി....

(തുടരും)

ഭാഗം.57

പെട്ടെന്ന് ആരോ ആദിൻറെ നടുപൊറം നോക്കി ഒരെണ്ണം കൊടുത്തപ്പോഴാണ് നമ്മള് ഓനില് നിന്ന് കണ്ണെടുത്ത് ചുറ്റും നോക്കിയത്...അത് കണ്ടതും ഞെട്ടി തരിച്ച് കൊണ്ട് ആദിയും നമ്മളും പരസ്പരം മുഖത്തേക്ക് നോക്കി....

നമ്മളെ കുരാമീസും ആദിൻറെ ഫ്രണ്ട്സായ നമ്മളെ ചങ്ക് ബ്രോസും ശാഹിത്തയും നമ്മളെ ചുട്ടെരിക്കാൻ മാത്രം പാകമുള്ള നോട്ടമെറിഞ്ഞാണ് നിൽക്കുന്നത്. ശാഹിത്ത വീണ്ടും വന്ന് ആദിൻറെ പുറത്തേക്ക് അടിച്ചു.

"എഴുന്നേറ്റ് പോടാ ആദീ...ഇതെൻറെ മണിയറയാ...അല്ലാതെ നിങ്ങളുടേതല്ല...

ഇവരെ ഈ കോപ്രായ കാണാനാണോ നിങ്ങള് എല്ലാരും കൂടി എൻറെ കണ്ണ് പൊത്തി ഇങ്ങോട്ട് കൊണ്ട് വന്നത്...?"

ഇത്താൻറെ വർത്താനം കേട്ടിട്ട് നമ്മക്ക് എന്താ പറയേണ്ടതെന്ന് ഒരു എത്തും പിടിയും ഇല്ലേന്നു. നമ്മക്ക് തന്നെ അറീല ഇവിടെ എന്താ നടന്നതെന്ന്...

ആദി അപ്പോഴേക്കും നമ്മളെ മേലില് നിന്ന് എണീറ്റ് നമ്മളെ പിടിച്ച് എഴുന്നേൽപ്പിച്ചിരുന്നു. നമ്മള് നമ്മളെ കുരാമീസിനെ നോക്കിയപ്പൊ അവറ്റകളൊക്കെ

നമ്മളെ കടിച്ച് കീറാൻ നിക്കാണ്...

നമ്മള് ഓാരെ നോക്കി കൊണ്ട് ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് ഒന്ന് തിരിഞ്ഞു നോക്കി. മുല്ലമാലകളൊക്കെ പൊട്ടി ബെഡില് ഇട്ടിരുന്ന റോസിതളൊക്കെ ആകെ നാശമായിട്ടുണ്ട്....അതൊക്കെ കണ്ടപ്പൊ തന്നെ നമ്മക്ക് ഓാരെ നോട്ടത്തിൻറെ ഗൗരവം മനസ്സിലായി...

"എന്തൊക്കെയാടാ നിങ്ങള് രണ്ടും കൂടി ഇവിടെ കാണിച്ച് വെച്ചേക്കുന്നത്...?

എത്ര കഷ്ടപ്പെട്ടിട്ടാന്ന് അറിയോ ഞങ്ങളിത് റെഡിയാക്കിയത്..?

ഇപ്പൊ ദേ രണ്ടും കൂടി ഫുള്ള് കൊളാക്കി വെച്ചേക്കുന്നു..." സിദ്ധുവേട്ടനാണ്.

"എൻറെ പൊന്നു മക്കളേ...ഇതൊന്നും ഞാൻ അറിഞ്ഞതല്ലാ...ഇതൊക്കെ ദേ ഇവളെ പണിയാ...

ഇവളാ എന്നെ പിടിച്ച് വലിച്ച് ബെഡിലേക്കിട്ടത്...

എല്ലാം ചെയ്ത് വെച്ചിട്ട് ഒന്നും അറിയാത്ത പോലെ നിൽക്കുന്നത് കണ്ടില്ലേ..."

ആ കോന്തൻ നമ്മളെ നോക്കി അതും പറഞ്ഞോണ്ട് ഓൻറെ ഷർട്ടിലെ ബട്ടൺസ് ശരിയാക്കി വെച്ച് സൈറ്റടിച്ച് കാണിച്ചു. നമ്മള് ഓനെ നോക്കി തൊള്ളേം തൊറന്ന് കലിപ്പോടെ പൂരപ്പാട്ട് പാടാൻ തുടങ്ങിയപ്പോഴേക്കും ശാഹിത്ത ഇടക്ക് കേറി.

"ആര് കാരണക്കാരായാലും വേണ്ടില്ല...രണ്ട് മണിക്കൂറിനുള്ളിൽ ഇൻറെ ഇക്കയും വീട്ടുകാരും എത്തും അതിനുള്ളിൽ ഇത് ശരിയാക്കി വെച്ചോണം..."

നമ്മള് ശാഹിത്താൻറെ വാക്കിന് അധികം മുഖവുരക്ക് എടുക്കാതെ ആ കോന്തൻറെ നേരെ തിരിഞ്ഞു.

"ഡാ...ഞാനാണോടാ ഇതൊക്കെ ഇങ്ങനെ ആക്കാൻ കാരണം...?

നീയല്ലേ...?

നീയല്ലേ എൻ്റെ അടുത്തേക്ക് വന്നത്...അപ്പൊ....."

ബാക്കി പൂർത്തിയാക്കാൻ നമ്മക്ക് എന്തോ തോന്നീല...അതോണ്ട് ഓരെയൊക്കെ ഒന്ന് ഇടങ്കണ്ണിട്ട് നോക്കി കൊണ്ട് നമ്മള് വീണ്ടും ആ കോന്തൻ്റെ നേരെ തിരിഞ്ഞു.

"അ...അത് വിട്...നീയിപ്പൊ പറഞ്ഞ് വരുന്നതൊക്കെ കണ്ടാൽ തോന്നും ഞാൻ എന്തോ മനപ്പൂർവ്വം നിന്നെ പിടിച്ച് വീണതാണെന്ന്..."

"ഒഫ്ക്കോസ്....നീ തന്നെയല്ലേ എന്നെ റൂമിലേക്ക് വിളിച്ച് വരുത്തിയിട്ട് എന്നേയും കൊണ്ട് ബെഡിലേക്ക് വീണത്...നേരത്തെ ടെറസില് വെച്ച് നീ എനിക്ക് കിസ് തന്നു...ഇപ്പൊ ദേ ഇവിടെ വെച്ച്.......

താങ്ക് ഗോഡ്....ഭാഗ്യത്തിനാ തക്ക സമയത്ത് നിങ്ങള്

വന്നത് ഇല്ലെങ്കിൽ ഇവളെൻറെ മാനം കളഞ്ഞേനേ..."

ഇതുവരെ ആ കോന്തനോട് നമ്മക്ക് തോന്നാഞ്ഞ ദേഷ്യവും പകയും പെട്ടെന്ന് നമ്മക്ക് പൊട്ടി മുളച്ച് വന്നു...നമ്മള് ഓനെ തുറുക്കനെ നോക്കി പല്ലിറുമ്പി കൊണ്ട് ടേബിളിൽ കിടന്ന ഫ്ലവർവേസ് എടുത്ത് ഓന് നേരെ എറിഞ്ഞു.

നമ്മള് പിന്നെ എറിഞ്ഞാൽ കൃത്യം കൊള്ളേണ്ട ഇടത്ത് തന്നെ കൊള്ളുന്നതോണ്ട് ആ കോന്തൻ രക്ഷപ്പെട്ടു. നമ്മക്ക് അപ്പൊ ഓനോട് അതിലേറെ ദേഷ്യം കൂടി വന്നപ്പൊ ഓൻറെ നേരെ പാഞ്ഞടുത്തതും ശാഹിത്ത നമ്മളെ മുന്നില് വന്ന് നിന്നു....

"മോളേ ഫെബീ..നീ ഈ എറിഞ്ഞ് പൊട്ടിച്ചതൊക്കെ ദേ ഇവൻ കൊണ്ട് വന്നതായോണ്ട് മാത്രം ഞാനൊന്നും മിണ്ടുന്നില്ല...

പിന്നേ ഞങ്ങളെ കാണുമ്പോഴുള്ള നിങ്ങളെ ഈ വഴക്കും ഞങ്ങളെ കണ്ണ് തെറ്റിയാലുള്ള നിങ്ങളെ

റൊമാൻസും ഞങ്ങള് ആരും കാണുന്നില്ലെന്ന് കരുതണ്ടാ...

എന്നാലും എന്നോട് നിങ്ങള് രണ്ട് പേരും ഈ ചതി ചെയ്തല്ലോ...

മര്യാദക്ക് നിങ്ങള് രണ്ട് പേരും ഇത് ശരിയാക്കിയിട്ട് ഇവിടന്ന് പോയാൽ മതി...അതും അവര് വരുന്നതിനുള്ളിൽ..."

എന്ന് പറഞ്ഞ് ശാഹിത്ത അവരെയൊക്കെ റൂമീന്ന് പുറത്താക്കിയിട്ട് ഞങ്ങളെ രണ്ട് പേരേയും ഉള്ളില് വെച്ച് വാതില് പൂട്ടിയിട്ടു. ബെസ്റ്റ്.....നമ്മക്ക് ഇതിൽ കൂടുതൽ ഇനി എന്ത് വേണം....?

നമ്മള് പേടിച്ച് വാതിലില് മുട്ടി കൊണ്ട് അവരോട് വാതില് തുറക്കാൻ പറഞ്ഞ് നമ്മള് കെഞ്ചി...എവിടേ അവറ്റകള് കേട്ട ഭാവം പോലും നടിക്കാതെ ഒരു ഫോണിട്ടും തന്നു...

അവര് റെഡിയാക്കി വെച്ചിരുന്ന പോലെ അതൊക്കെ

സെറ്റാക്കി കൊടുത്താൽ അവര് വാതില് തുറന്ന് തരുമെന്ന്...അത് കൊൾക്കേണ്ട താമസം നമ്മള് അപ്പൊ തന്നെ നമ്മളെ പണി തുടങ്ങി.

ആ കോന്തൻ ആണെങ്കിലോ കാലുമ്മല് കാലും കേറ്റി വെച്ച് നമ്മളെ നോക്കി ചിരിക്കാണ്. നമ്മള് ഓനെ മൈൻഡ് ആക്കാതെ കേടുവരുത്തിയതൊക്കെ മാറ്റി വെച്ച് അതോക്കെ ശരിയാക്കി...പക്ഷേ, അവിടെ പകരം വെക്കാനുള്ള മാലയൊന്നും അവിടെ കാണാനുമില്ലേന്നു...അതോണ്ട് നമ്മള് അച്ചൂന് ഫോൺ വിളിച്ചു.

"ഹലോ...ഡീ അച്ചു വാതില് തുറക്ക്....ഇത് ശരിക്ക് ആക്കണെങ്കില് പുതിയ മാലയൊക്കെ വാങ്ങണം..."

നമ്മള് ഓളോട് സംസാരിക്കുന്നതിനിടയില് നിസൂക്ക ഓളെ കയ്യീന്ന് ഫോൺ വാങ്ങിയിട്ട് അതിനുള്ള മറുപടി തന്നു...

"മോളേ ഫെബീ ആ പേരും പറഞ്ഞ് മുങ്ങാമെന്ന്

നോക്കണ്ട...മാലയൊക്കെ അവിടെ തന്നെ ഒരു കവറില് ആ റാക്കിൻ്റെ മോളില് കെട്ടി വെച്ചിട്ടുണ്ട്...അതൊക്കെ തന്നെ ധാരാളാണ്...

അതൊക്കെ എടുത്ത് നന്നായിട്ട് ഡെക്കറേറ്റ് ചെയ്തിട്ട് വിളിക്ക്ട്ടോ...ഞങ്ങള് അപ്പൊ വാതില് തുറന്നു തരാ..."

എന്ന് പറഞ്ഞ് നമ്മക്ക് പറയാനുള്ളത് കേൾക്കാൻ പോലും കൂട്ടാക്കാതെ മൂപ്പര് ഫോൺ കട്ട് ചെയ്തു. നമ്മള് നിരാശയുടെ പടുകുഴിയിൽ നിന്ന് തിരിഞ്ഞ് നടക്കാൻ നിന്നപ്പൊ ആദി നമ്മളെ തൊട്ട് മുന്നില് നിൽക്കുന്നു.

പേടിച്ച് നമ്മള് രണ്ടടി പുറകോട്ട് പോയെങ്കിലും ആ കോന്തനാണെന്ന് കണ്ടപ്പൊ ഒന്ന് നെടുവീർപ്പിട്ടോണ്ട് നമ്മള് ഓനെ പിടിച്ച് തള്ളി.

"മാറി നിക്കടാ ചെറുക്കാ...

മുന്നില് വന്ന് നിന്നേക്കുന്നു..."

എന്ന് പറഞ്ഞ് ഓനെ കടന്ന് ചെന്ന് നമ്മള് മോളിലെ

റാക്കിലേക്ക് നോക്കി നിന്നു. ഈ ധാവണിയും വലിച്ചോണ്ട് റാക്കിലേക്ക് ഏന്തി വലിഞ്ഞ് ആ കവറെടുക്കുന്നത് റിസ്ക്കാണെന്ന് മനസ്സിലായപ്പൊ നമ്മള് ആ കോന്തനെ ഇടങ്കണ്ണിട്ടൊന്ന് നോക്കി.

കോന്തൻ....നമ്മളെ തന്നെ നോക്കി ചിരിച്ചോണ്ട് നിക്കാണ്.

"എന്ത് കണ്ടോണ്ട് നിക്കാ...?

വന്ന് ആ കവറെടുത്ത് തരാൻ നോക്ക്..."

"എന്തോ...എങ്ങനേ....? ഞാൻ ആരാടീ അൻറെ വേലക്കാരനോ നീ പറയുന്നതൊക്കെ അനുസരിക്കാൻ....?

എനിക്കൊന്നും വയ്യ അതെടുക്കാൻ...നീ തന്നെയല്ലേ എല്ലാം നശിപ്പിച്ചത്...അതോണ്ട് നീ തന്നെ അങ്ങ് ഒണ്ടാക്കിയാ മതി..."

"അല്ലേലും ആർക്ക് വേണം നിൻറെ സഹായം...?

ഇത്രയൊക്കെ ചെയ്യാൻ അറിയാമെങ്കിലേ ഈ ഫെബിക്ക് അത് ഒണ്ടാക്കാനും അറിയാ....

എനിക്ക് നിൻ്റെ ഒരു സഹായവും ആവശ്യല്യാ..."

എന്ന് പറഞ്ഞ് ഓനെ നോക്കി പുച്ഛിച്ചോണ്ട് നമ്മള് കസേരയില് നിന്ന് ടേബിളിലേക്ക് കേറിയിട്ട് റാക്കില് നിന്ന് കവറെടുക്കാൻ നോക്കുമ്പോഴുണ്ട് ആ കോന്തൻ താഴെ നിന്ന് നമ്മളെ തൊള്ളേം തൊറന്ന് നോക്കുന്നു.

"എന്താടോ...താൻ എന്നെ ആദ്യായിട്ട് കാണാണോ...?"

"നിന്നെ ആദ്യായിട്ട് കാണല്ലാ...പക്ഷേ,നിന്നെ പോലെയുള്ള ഒരുത്തിയെ ആദ്യായിട്ടാണ് കാണുന്നത്...

നീയെന്ത് ജന്മാടീ...പാതിരാത്രി മതില് ചാടി വന്ന് മനുഷ്യൻ്റെ ഉറക്കം കളയാ...എന്ത് ചെയ്താലും അതിനൊക്കെ പകരം വീട്ടാ...വാശി പൊറത്ത് എന്തേലും ആരേലും വിളിച്ച് കൂവിയാൽ അത് പോലെ ചെയ്ത് കാണിക്കാ...

സത്യത്തില് നീയാരാ...വല്ല ജിന്നോ മറ്റോ ആണോ...? വാശി കേറിയാൽ നീയെന്തും ചെയ്യോടീ..."

" താൻ പറഞ്ഞതൊക്കെ ശരി തന്നെയാ...പക്ഷെ വാശി പൊറത്ത് എന്തും കേറി എടുത്ത് ചാടുന്നവളല്ല ഈ ഞാൻ...എനിക്ക് ശരിയെന്ന് തോന്നുന്നതേ ഞാൻ ചെയ്യൊള്ളൂ...

എന്തായാലും നമ്മളെ പുകഴ്ത്തി ആകെ ക്ഷീണിച്ച് നിൽക്കല്ലേ...അതോണ്ട് അവിടെ നിൽക്കണ്ട...പോയി ഇരുന്നോളൂ...."

എന്ന് പറഞ്ഞ് ഓനെ നോക്കി പല്ലിളിച്ചോണ്ട് നമ്മള് ആ കവറ് റാക്കിൻറെ മോളീന്ന് എടുത്ത് തിരിഞ്ഞ് നോക്കിയപ്പോഴുണ്ട് ആ കോന്തൻ രണ്ട് കയ്യും നീട്ടി നമ്മളെ നോക്കി ചിരിക്കുന്നു...

"എന്തോന്നാ...?"

നമ്മള് ഓനെ നോക്കി നെറ്റി ചുളിച്ചോണ്ട് ചോദിച്ചു. പകരം ഒരു പുഞ്ചിരി തൂകി കൊണ്ട് ഓൻ നമ്മളെ നേരെ രണ്ട് കയ്യും നീട്ടി നിന്നു.

"നേരാം വണ്ണം കാലൊറക്കാത്ത കുട്ടിയല്ലേ...എപ്പോഴാ വീഴാന്ന് പറയാൻ പറ്റില്ലല്ലോ...അതാ ആദ്യം തന്നെ ഒരു സേഫ്റ്റിക്ക് ഇങ്ങനെ നിൽക്കുന്നത്..."

ഓൻറെ മറുപടി കേട്ട് നമ്മക്ക് ചിരി വന്നെങ്കിലും അത് പുറത്ത് കാണിക്കാതെ നമ്മള് മുഖത്ത് ഗൗരവം വരുത്തി കൊണ്ട് ഓനെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു.

" വല്ലാണ്ട് എന്നെ കൊച്ചാക്കല്ലേ...ഞാൻ അത്ര പെട്ടെന്ന് ഒന്നും വീഴുന്ന ടൈപ്പല്ല...എനിക്ക് നല്ല ബാലൻസിൽ തന്നെ നിക്കാനും നടക്കാനുമൊക്കെ അറിയാം...ഇയാള് ഇയാളെ പാട് നോക്കി പോയേ....അത്ര പെട്ടെന്ന് നമ്മള് വീഴില്ല...."

"ഓഹോ....നിനക്ക് അത്രക്ക് കോൺഫിഡൻറാണോ നീ വീഴില്ലാന്ന്..."

"അതേ...കോൺഫിഡൻറാണ്..."

"എന്നാ എനിക്കതൊന്ന് കാണണല്ലൊ...നിന്നെ വീഴ്ത്താൻ പറ്റോന്ന് ഞാനൊന്ന് നോക്കട്ടെ..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മള് നിന്ന ടേബിള് പിടിച്ച് കുലുക്കാൻ തുടങ്ങി. നമ്മള് അതിനനുസരിച്ച് വീഴാൻ പോകുന്ന പോലെ കുലുങ്ങി കൊണ്ടിരുന്നു. നമ്മള് ആ കോന്തനോട് നിർത്താൻ പറഞ്ഞിട്ട് അത് കേട്ട ഭാവം പോലും നടിക്കാതെ വീണ്ടും അത് പിടിച്ച് കുലുക്കി.

അപ്പൊ തന്നെ നമ്മള് ബാലൻസ് കിട്ടാതെ ആ കോന്തൻറെ മോളിലേക്ക് ഒരു വീഴ്ച്ചയായിരുന്നു. ഓനും അതുപോലെ ബാലൻസ് കിട്ടാതെ നമ്മളേയും കൊണ്ട് വീണ്ടും കട്ടിലിലേക്ക് വീണു....

ഇപ്രാവശ്യം ആ കോന്തൻറെ മുള്ള് വേലി പോലെയുള്ള താടി നമ്മളെ കവിളിലൂടെ ഉരസിയാണ് വീണത്. അതോണ്ട് നമ്മളെ മുഖം ഓൻറെ കഴുത്തില് വന്ന് പതിഞ്ഞു.

അപ്പൊ തന്നെ ആദിൻറെ കൈ നമ്മളെ അരയില് പിടുത്തം മുറുക്കിയിരുന്നു. നമ്മള് ഓനില് നിന്നും മുഖമുയർത്തി കൊണ്ട് ഓൻറെ കണ്ണിലേക്ക് നോക്കി.

നമ്മളെ മുഖത്തേക്ക് വീണ് കിടന്ന മുടിയിഴകൾ ഓൻ എടുത്ത് നമ്മളെ കാതോട് ചേർത്ത് വെച്ചു. ഏതോ സ്വപ്ന ലോകത്ത് എന്ന പോലെ ഞങ്ങള് രണ്ട് പേരും പരസ്പരം കണ്ണിലേക്ക് നോക്കി കൊണ്ടിരുന്നു.

അപ്പൊ ഞങ്ങള് രണ്ട് പേരല്ലാതെ മറ്റാരും ഈ ലോകത്തില്ലെന്ന ഒരു തോന്നൽ നമ്മളെ ഉള്ളിലേക്ക് കടന്നു വന്നു. എന്തോ... ആദി എൻറേതാണെന്ന് മനസ് മന്ത്രിക്കുന്ന പോലെ നമ്മക്ക് തോന്നി.

നമ്മള് അറിയാതെ തന്നെ നമ്മളെ മുഖം ഓനിലേക്ക്

അടുത്ത് വന്നപ്പോഴാണ് പെട്ടെന്ന് ആരോ വാതില് തുറന്ന് അകത്തേക്ക് വന്നത്...

നേരത്തെ വന്ന ടീംസ് തന്നെ ആയിരുന്നു വന്നത്. ശാഹിത്താൻ്റെ ഒരു കമ്മിയെ ഉണ്ടായിരുന്നുള്ളൂ...നമ്മളെ ഈ സിറ്റുവേഷൻ കണ്ട് അവറ്റകള് വീണ്ടും തൊള്ളേം തുറന്ന് നിൽക്കുന്നത് കണ്ടപ്പൊ തന്നെ നമ്മള് ഓനില് നിന്ന് എണീക്കാൻ നോക്കി.

പക്ഷെ അതേ വേഗത്തിൽ തന്നെ നമ്മള് വീണ്ടും ഓനിലേക്ക് തന്നെ അടുത്തു. നോക്കുമ്പൊ നമ്മളെ ചെയിൻ ഓൻ്റെ ഷർട്ടിൻ്റെ ബട്ടൺസിൽ കുരുങ്ങി നിൽക്കാണ്...

"ൻ്റെ കൃഷ്ണാ...എന്തൊക്കെയാ ഈ കാണുന്നേ...ഇവറ്റകൾക്ക് ഇത് തന്നെയാണോ പണി?" അച്ചുവാണ്.

നമ്മള് അവരെയൊക്കെ നോക്കി കൊണ്ട് പെട്ടെന്ന്

തന്നെ ചെയിൻ കുരുങ്ങിയത് എടുത്ത് ശരിയാക്കാൻ നോക്കുമ്പോഴാണ് അവറ്റകള് അടുത്ത റൗണ്ടിനുള്ള വകയും കൊണ്ട് വന്നത്...

"ഞങ്ങള് കുറച്ച് പേര് ഇങ്ങനെ വന്ന് നിൽപ്പുണ്ടെന്ന വിചാരം പോലും ഇല്ലാതെ രണ്ടും കൂടി കിടക്കുന്നത് കണ്ടില്ലേ....ഡാ...ആദി എണീറ്റ് പോടാ...ആരേലും കണ്ട് വന്നാൽ സീൻ കോൺട്രയാകുമേ..." അനൂക്കയാണ്.

"ഡാ...അതിന് ഇവള് എൻറെ മേത്തൂന്ന് ഇറങ്ങി പോകണ്ടേ...എന്നാലല്ലേ എനിക്ക് എണീക്കാൻ പറ്റൂ..."

"പറഞ്ഞ പോലെ നീയെന്താടീ അട്ടയെ പോലെ ഓനെ ഒട്ടിപ്പിടിച്ച് നിൽക്കുന്നേ...എണീറ്റ് പോടീ..." ഷംന നമ്മളെ ചന്തിക്ക് ഒരെണ്ണം തന്നിട്ട് പറഞ്ഞു.

"എടീ അതിന് എണീക്കാൻ പറ്റണ്ടേ...എൻറെ ചെയിൻ ഓൻറെ ഷർട്ടിൻറെ ബട്ടണിൽ കുരുങ്ങി നിൽക്കാണ്..അതെടുക്കാൻ കിട്ടണ്ടേ..."

എന്ന് നമ്മള് പറഞ്ഞ് തീരുന്നതിന് മുന്നെ തന്നെ ആ കോന്തൻ നമ്മളേയും കൊണ്ട് മറിഞ്ഞ് കിടന്നിരുന്നു...നമ്മള് അതിൻറെ ഷോക്കില് കണ്ണ് രണ്ടും മിഴിച്ചോണ്ട് ഓനെ നോക്കി കിടന്നു.

ഓൻ നമ്മളെ നോക്കി കൊണ്ട് ഷർട്ടിൻറെ ഓരോ ബട്ടണും അഴിക്കാൻ തുടങ്ങി. നമ്മള് ഓനെ നോക്കി കൊണ്ട് പേടിച്ച് നമ്മളെ കുരാമീസിനെ നോക്കി. അവറ്റകള് ഓൻറെ കാട്ടി കൂട്ടല് കണ്ടിട്ട് നമ്മളേക്കാൾ ഷോക്കടിച്ച് നിൽക്കാണ്.

"ഡാ...ആദീ...നീയെന്തൊക്കെയാടാ കാണിച്ച് കൂട്ടുന്നത്...? ഞങ്ങള് ഇവിടെ കുറച്ച് പേരുള്ള കാര്യം മറന്ന് പോകല്ലെ..."

ഓൻ നിസൂക്ക പറയുന്നതൊന്നും ചെവി കൊള്ളാതെ നമ്മളെ നോക്കി പുഞ്ചിരി തൂകി.നമ്മള് കണ്ണ് രണ്ടും ഇറുക്കിയടച്ച് സ്വലാത്തൊക്കെ ചൊല്ലി കൊണ്ടിരുന്നു.

കുറച്ച് കഴിഞ്ഞപ്പൊ നമ്മളെ ദേഹത്ത് നിന്ന് എന്തോ

ബാധ ഒഴിഞ്ഞ് പോയ പോലെ തോന്നിയപ്പോഴാണ് നമ്മള് കണ്ണ് തുറന്നത്.

നോക്കുമ്പൊ ആദി എണീറ്റിട്ട് ഓൻ്റെ ഷർട്ടിൻ്റെ ബട്ടൺസ് ശരിയാക്കി ഇടേന്നു. നമ്മള് അപ്പൊ തന്നെ പെട്ടെന്ന് എണീറ്റ് നിന്ന് അച്ചൂൻ്റെ പിറകില് പോയി നിന്നു.

"ഡാ നിങ്ങളെ വിശ്വസിച്ച് ഒരു പണി ഏൽപ്പിച്ച് പോയ ഞങ്ങളെ പറഞ്ഞാൽ മതിയല്ലൊ എല്ലാത്തിനും...

കവറ് കിട്ടിയോന്ന് അറിയാൻ വേണ്ടി ഞങ്ങൾക്ക് വരാൻ തോന്നിയത് നന്നായി ഇല്ലെങ്കിൽ ഇന്ന് ഇവരെ ഫസ്റ്റ് നൈറ്റ് നടന്നേനെ..." അക്കുവേട്ടനാണ്.

"എന്നാലും ഫെബീ...നിന്നെ കുറിച്ച് ഞങ്ങള് ഇങ്ങനെ ഒന്നും കരുതിയിട്ടില്ലേന്നു...

നീ ഇവനോട് കാണിക്കുന്ന അകൽച്ചയൊക്കെ കണ്ടപ്പൊ ഞങ്ങളും കരുതി നിങ്ങള് തമ്മില് ഒരിക്കലും ഒന്നിക്കൂലാന്ന്...

പക്ഷേ നിങ്ങള് അത് ഞങ്ങൾക്ക് മുന്നില് തകർത്ത്

അഭിനയിക്കേണ്ടിന്നൂന്ന് ഇപ്പോഴല്ലെ മനസ്സിലായത്..."
അനൂക്കയാണ്.

അപ്പൊ തന്നെ അച്ചു നമ്മളെ പിടിച്ച് എല്ലാരെ മുന്നിലേക്കും നിർത്തിയിരുന്നു.നമ്മള് ഓരെ മുഖത്തേക്ക് നോക്കാൻ പോലും പറ്റാതെ തല താഴ്ത്തി നിന്ന് മനസ്സില് ഒരുപാട് തവണ ഛെ...ഛെ...പറഞ്ഞോണ്ടിരുന്നു.

"ഇവരെ നമുക്ക് പിന്നെ വിചാരണ ചെയ്യാം...ഇപ്പൊ ഇതൊക്കെ ശരിക്ക് നേരാക്കി ഡെക്കറേറ്റ് ചെയ്യാം..."
സനയാണ്.

"ഇവരെ കൊണ്ട് നമ്മക്ക് വീണ്ടും പണി ഇരട്ടി ആയി...എല്ലാം കാണിച്ച് വെച്ചിട്ട് ഒന്നും ചെയ്യാത്ത പോലെ നിൽക്കുന്നത് കണ്ടില്ലേ രണ്ടും...

ആദ്യം ഇവരെ ഇവിടന്ന് ഓടിക്കണം എന്നിട്ട് പണി തുടങ്ങാം..."

അച്ചു അത് പറയേണ്ട താമസം കേൾക്കാൻ കൊതിച്ച പോലെ നമ്മള് വേഗം ആ റൂമീന്ന് പുറത്ത് ചാടിയിട്ട് താഴേക്ക് ഒരു ഓട്ടമായിരുന്നു...താഴെ എത്തിയപ്പൊ നമ്മളൊന്ന് നെടുവീർപ്പിട്ടപ്പോഴുണ്ട് നമ്മളെ ആരോ പൊറകീന്ന് വിളിക്കുന്നു.

"ഐഷൂ...അവിടെ നിക്ക്..."

ആ വിളി കേട്ടപ്പൊ തന്നെ അത് ആദിയാകുമെന്ന് നമ്മക്ക് ബോധ്യായി. എന്നാലും നമ്മള് തിരിഞ്ഞ് നോക്കിയപ്പൊ ഓൻ നമ്മളെ പിന്നാലെ വരുന്നതാണ് നമ്മള് കണ്ടത്...

ഇനിയും ഇവൻറെ കൂടെ നിന്നാല് നമ്മള് നാട്ടേരെ മുന്നിലും നാണം കെടുമെന്ന് നമ്മക്ക് തോന്നിയോണ്ട് അപ്പൊ തന്നെ നമ്മള് അവിടന്ന് ഒരു ആൾക്കൂട്ടത്തിലേക്ക് ഓടി...

ഓൻ നമ്മളെ തെരെഞ്ഞ് നടക്കുന്നത് കണ്ടപ്പൊ നമ്മക്ക് ചിരിയാണ് വന്നത്...നമ്മള് ഓൻറെ കണ്ണിൽ

പെടാതെ അടുക്കള വഴി പുറത്തേക്ക് ഇറങ്ങിയപ്പൊ നമ്മള് ചെന്ന് പെട്ടത് ഫൈസൽക്കാൻറെ മുന്നിലായിരുന്നു.

"ആ....ഫെബീ...നീ എവിടെ ആയിരുന്നു പെണ്ണേ ഇത്രേം നേരം...?

അന്നെ തെരെഞ്ഞ് ഞാൻ എവിടെയൊക്കെ നടന്നെന്ന് അറിയോ...?"

നമ്മള് ഫൈസൽക്കാനെ നോക്കാതെ പിറകിലേക്ക് തിരിഞ്ഞ് നോക്കി കൊണ്ട് നിൽപ്പൊറക്കാതെ കാണിച്ച് കൂട്ടുന്നത് കണ്ടിട്ട് ഫൈസൽക്ക വീണ്ടും തുടർന്നു.

"നീയിതെങ്ങോട്ടാ പുറകിലേക്ക് നോക്കി നടക്കുന്നത്...ഇടക്കൊക്കെ മുന്നിലേക്കും നോക്കി നടക്ക്...ഇല്ലേല് മോന്തയും കുത്തി വീഴും..."

നമ്മള് ഫൈസൽക്കാനെ നോക്കി വേണോന്ന രീതിയില് ചിരിച്ച് കൊടുത്തിട്ട് അവിടന്ന് പോകാൻ നിന്നപ്പൊ മൂപ്പര് നമ്മളെ കയ്യില് പിടിച്ച് അവിടെ നിർത്തിച്ചു.

നമ്മള് ഫൈസൽക്കാനേം കയ്യിനേയും മാറി മാറി നോക്കി കൊണ്ട് മൂപ്പരെ ഗൗരവത്തോടെ നോക്കി കൊണ്ട് നമ്മള് പറഞ്ഞു.

"ഫൈസൽക്ക എൻറെ കയ്യീന്ന് വിട് ....എൻറെ സമ്മതമില്ലാതെ എൻറെ ദേഹത്ത് തൊടുന്നത് എനിക്ക് ഇഷ്ടല്ല....മര്യാദക്ക് കയ്യെടുക്കുന്നതാകും നല്ലത്..."

നമ്മള് ഇതുവരെ മൂപ്പരോട് ഇങ്ങനെ കനപ്പിച്ച് ഒരിക്കൽ പോലും സംസാരിച്ചിട്ടില്ല അതോണ്ട് തന്നെ മൂപ്പര് പെട്ടെന്ന് തന്നെ നമ്മളെ കയ്യീന്ന് വിട്ടു.

"ഫൈസൽക്ക ഒരു കാര്യം മനസ്സിലാക്കണം...

ഞാൻ നിങ്ങൾക്ക് ഇത്തിരി സ്വാതന്ത്ര്യം തന്നിട്ടുണ്ടെന്ന് കരുതി അത് എന്ത് ചെയ്യാനുള്ള ലൈസൻസായിട്ട് കണക്ക് കൂട്ടണ്ടാ...

എനിക്ക് നിങ്ങള് എൻറെ സ്വന്തം കൂടപ്പിറപ്പിനെ പോലെയാണ്...ദയവ് ചെയ്ത് ഇനി ഇതുപോലെ ഒന്നും

നിങ്ങളിൽ നിന്നും ഉണ്ടാകരുത്...ഉണ്ടായാൽ ചിലപ്പൊ എൻറെ പ്രതികരണം ഇങ്ങനെ ആയെന്ന് വരില്ല..."

എന്ന് പറഞ്ഞ് നമ്മള് അകത്തേക്ക് നടന്നു.പറഞ്ഞത് ഒരല്പം കൂടി പോയില്ലേന്ന് ചിന്തിച്ച് നടക്കുമ്പോഴാണ് വാതിലും ചാരി ആദി നമ്മളെ നോക്കി ചിരിക്കുന്നത് കണ്ടത്...

ഓനെ കണ്ടപ്പൊ തന്നെ അറിയാതെ നമ്മളെ കാലുകൾ അവിടെ നിന്നിട്ട് അകത്തേക്ക് പോകണോ പുറത്തേക്ക് പോകണോന്ന് അറിയാതെ നട്ടം തിരിഞ്ഞു...ആദി ആണെങ്കിൽ മുഖത്ത് ചെറുതായി പുഞ്ചിരി വിടർത്തി കൊണ്ട് കയ്യും കെട്ടി നമ്മളെ നോക്കി നിൽക്കാണ്.

നമ്മള് ഓനെ നോക്കി കൊണ്ട് ഒന്ന് തിരിഞ്ഞു നോക്കിയപ്പൊ ഫൈസൽക്ക നമ്മളെ തന്നെ നോക്കി നിൽപ്പുണ്ടേന്നു. ഇന്ന് ഇവിടെ വല്ലതും നടക്കുമെന്ന് നമ്മളോട് നമ്മളെ മനസ് മന്ത്രിച്ചു. ചെക്കനും കൂട്ടരും വന്നതോണ്ട് ആരും ആ നേരത്ത് അപ്പൊ അടുക്കളെൻറെ ഭാഗത്ത് ഇല്ലേന്നു.

ആദി നമ്മളെ അടുത്തേക്ക് നടന്ന് അടുക്കാൻ നിന്നപ്പൊ നമ്മള് പിറകിലേക്ക് ഒന്ന് തിരിഞ്ഞ് നോക്കി. അപ്പൊ തന്നെ ആദി നമ്മളെ തല പിടിച്ച് ഓൻറെ നേരെ തിരിച്ചിട്ട് നമ്മളെ കണ്ണിലേക്ക് നോക്കി നിന്നു.

"നിൻറെ ഈ കണ്ണുകൾ എന്നെ അല്ലാതെ മറ്റൊരുത്തനേം കാണാൻ പാടില്ല...പ്രത്യേകിച്ച് അവനെ...."

നമ്മള് അപ്പൊ തന്നെ ആദിൻറെ കൈ തട്ടി മാറ്റി. ഓൻ അപ്പൊ നമ്മളെ നോക്കി പുഞ്ചിരി തൂകി കൊണ്ട് ഒന്ന് കൂടി അടുത്തേക്ക് വന്നു.

"നിനക്ക് എന്തോ എനിക്ക് തരാൻ ഇല്ലേന്നോ...?"

നമ്മള് ഓൻറെ പറച്ചില് കേട്ടിട്ട് എന്ത് എന്ന രീതിയിൽ ആദിയെ നോക്കി നെറ്റി ചുളിച്ചു.

"ശെ...നീയിത്ര പെട്ടെന്ന് മറന്നോ...?

മോളില് വെച്ച് നീയെന്തോ എനിക്ക് തരാൻ വേണ്ടി അടുത്തേക്ക് വന്നില്ലെ...

ആ...അതിപ്പൊ അങ്ങട്ട് തന്നേക്ക്..."

നമ്മക്ക് അപ്പോഴാണ് ഓൻ പറഞ്ഞ് വന്നതിൻറെ പൊരുള് മനസ്സിലായത്...നമ്മള് അറിയാതെ തന്നെ ഓനില് ലയിച്ചപ്പൊ എപ്പോഴോ ഓനിലേക്ക് നമ്മളെ ചുണ്ടുകൾ അടുക്കാനിരുന്നിരുന്നു..അപ്പൊ അവരെങ്ങാനും വന്നിട്ടില്ലേന്നെങ്കിൽ ചെലപ്പൊ അവിടെ വല്ലതും നടന്നേനേ...

ആദി അത് ശ്രദ്ധിച്ചിട്ടില്ലെന്നാ നമ്മള് കരുതിയത്...പക്ഷേ, ആ കോന്തൻ അതൊക്കെ നോട്ട് ചെയ്ത് വെച്ചിരിക്കാണെന്ന് നമ്മള് അറിയാതെ പോയി...

" ഒന്ന് വേഗം താ ഐഷൂ....ഇപ്പൊ ഇവിടെ ആരുല്യാ...അതോണ്ട് ആരും കാണില്ല...അതങ്ങ് തന്നേക്ക്..."

എന്ന് പറഞ്ഞ് ഓൻ കണ്ണടച്ചിട്ട് നമ്മളെ നേരെ മുഖം കൊണ്ട് വന്നു...

ഫൈസൽക്ക ഇതൊക്കെ ശ്രദ്ധിക്കുന്നുണ്ടോന്ന് അറിയാൻ വേണ്ടി നമ്മള് തിരിഞ്ഞ് നോക്കിയപ്പൊ മൂപ്പരെ അവിടെ കാണാനില്ലേന്നു...നമ്മള് ഒന്ന് നെടുവീർപ്പിട്ടോണ്ട് ആ കോന്തന് നേരെ തിരിഞ്ഞു.

"ഇപ്പൊ തരാവേ...."

എന്ന് പറഞ്ഞ് ഓൻറെ കട്ട താടിയില് പിടിച്ച് വലിച്ചിട്ട് നമ്മള് ഒരോട്ടായിരുന്നു ഹാളിലേക്ക്...ആദി ഡീന്ന് വിളിച്ചോണ്ട് പുറകെ വന്നെങ്കിലും ഹാളില് മൊത്തം ആളുകളെ കൊണ്ട് നിറഞ്ഞതോണ്ട് ഓൻ നമ്മളെ നോക്കി വിരല് ചൂണ്ടി കൊണ്ട് 'നീ പുറത്തേക്ക് വാടി നിനക്ക് വെച്ചിട്ടുണ്ടെ'ന്ന് ആംഗ്യം കാണിച്ചു.നമ്മള് ആണെങ്കില് പോടാ കോന്താ എന്ന് പറഞ്ഞ് ഓനെ നോക്കി കൊഞ്ഞനം കാട്ടിയിട്ട് മുഖം തിരിച്ചു.

നമ്മക്ക് എന്തോ അപ്പൊ മനസ് മുഴുവൻ എന്തെന്നില്ലാത്ത ഒരു സന്തോഷായിരുന്നു. അപ്പോഴേക്കും ഡെക്കറേഷൻകാര് അവരെ

പണിയൊക്കെ തീർത്തിട്ട് താഴേക്ക് വന്നിരുന്നു.

നമ്മള് കുരാമീസിൻറെ അടുത്തേക്ക് ചെന്നപ്പൊ അവറ്റകള് നമ്മളെ ഓരോന്ന് പറഞ്ഞ് കളിയാക്കായിരുന്നു. അപ്പൊ തന്നെ അവറ്റകൾക്ക് നമ്മള് വയറ് നിറച്ച് കൊടുത്തിട്ട് അവിടെ എന്തേന്നു നടന്നതെന്ന് ആദ്യം മുതലേ പറഞ്ഞ് കൊടുത്തു.

എല്ലാം കേട്ട് കഴിയുമ്പൊ നമ്മളെ കളിയാക്കല് നിർത്തുമെന്ന് കരുതിയെങ്കിലും അവറ്റകള് അതിനേക്കാൾ കൂടുതൽ കളിയാക്കിയത് അപ്പോഴാണ്...ഇവരോടൊന്നും പറഞ്ഞിട്ട് കാര്യമില്ലെന്ന് തോന്നിയപ്പൊ അവരെ കളിയാക്കലുകള് കേട്ടിട്ട് തലയും താഴ്ത്തി നമ്മള് അവിടെ ഇരുന്നു.

കുറച്ച് കഴിഞ്ഞപ്പൊ അവരെ കളിയാക്കലും ചിരിയും കണ്ട് നമ്മളും ഓരെ കൂടെ കൂടി ചിരിക്കാൻ തുടങ്ങി.

അങ്ങനെ നിക്കാഹ് ഒക്കെ കഴിഞ്ഞ് ശാഹിത്താനെ വീണ്ടും അണിയിച്ചൊരുക്കി കൊണ്ട് സ്റ്റേജില് കൊണ്ട്

വന്ന് നിർത്തി. നമ്മളും കുരാമീസും കൂടി യുവമിധുനങ്ങളെ ഫോട്ടോ ഒക്കെ എടുക്കുന്ന തിരക്കില് ഏർപ്പെട്ടു.

പിന്നെ ഞങ്ങള് എല്ലാരും കൂടി സെൽഫീസും ഫോട്ടോസുമൊക്കെ അവരെ കൂടെ നിന്ന് എടുത്തു. അപ്പോഴേക്കും നേരം ഇരുട്ടി തുടങ്ങിയിരുന്നു...

ഇടക്ക് എപ്പോഴോ ഫസിയെ കണ്ടപ്പൊ ഫൈസൽക്ക പോയെന്ന് അറിയാൻ കഴിഞ്ഞു. ഇനി നമ്മള് അങ്ങനെ പറഞ്ഞത് മൂപ്പർക്ക് വിഷമായി കാണോന്നായി പിന്നീട് നമ്മളെ ചിന്ത....

പിന്നെ ഒന്നാലോചിച്ചപ്പൊ ഞാൻ പറഞ്ഞതില് ഒരു തെറ്റുമില്ലല്ലോന്ന് നമ്മക്ക് തന്നെ ബോധ്യായപ്പൊ നമ്മള് അത് കാര്യാക്കീല...

പക്ഷെ ആദിയോട് മാത്രം നമ്മള് ആ മനോഭാവമല്ലല്ലോന്ന് ചിന്തിച്ചപ്പൊ നമ്മളെ തലക്ക് പിരാന്തായി...

അവിടെയൊക്കെ ഒന്ന് ചുമ്മാ ആദിയെ കാണാൻ

വേണ്ടി കണ്ണോടിച്ചെങ്കിലും ഓനെ ഒഴികെ ബാക്കി ഉള്ളവരെയൊക്കെ കണ്ടു...

അങ്ങനെ രാത്രിയിലെ ഫുഡൊക്കെ കഴിച്ച് ഞങ്ങള് ഹാളില് സോഫയില് ഇരിക്കുമ്പോഴാണ് പുറത്ത് ഗാനമേളൻറെ ശബ്ദം കേട്ടത്...അതും നമ്മക്ക് നല്ല പരിചയള്ള പാട്ടും ശബ്ദവും...

അത് കേട്ടപ്പൊ തന്നെ നമ്മള് കുരാമീസിനേയും കൂട്ടി പുറത്തേക്ക് പോയി നോക്കി. അവിടെ സ്റ്റേജില് ഗിറ്റാറ് വെച്ച് പാടുന്ന ആളെ കണ്ട് നമ്മള് കണ്ണ് തള്ളി അയാളെ കണ്ണെടുക്കാതെ നോക്കി നിന്ന് ആ പാട്ടിലങ്ങനെ ലയിച്ച് പോയി.

പെട്ടെന്ന് അച്ചു വന്ന് നമ്മളെ തോളില് കൈ വെച്ചപ്പോഴാണ് നമ്മള് ഞെട്ടി കൊണ്ട് ആ പാട്ടില് നിന്നും വിമുക്തയായത്...

നമ്മള് അച്ചൂനെ നോക്കി കൊണ്ട് വീണ്ടും ആ ഗായകനെ നോക്കി നിന്നു. വെളുത്ത നിറവും കട്ട താടിയും കട്ടിയുള്ള പുരികങ്ങളുമുള്ള ആ ഗായകന് ഇത്രക്കൊക്കെ മൊഞ്ചുണ്ടെന്ന് നമ്മക്ക് അപ്പോഴാണ്

കണ്ടത്...

പക്ഷേ, നമ്മക്ക് ഓൻറെ മൊഞ്ചിനേക്കാൾ ഇഷ്ടായത് ഓൻറെ പാട്ടും പിന്നെ നമ്മളെ മാത്രം കൊണ്ട് നടക്കുന്ന ആ ഖൽബിനേയുമാണ്.

ഇപ്പോഴും നിങ്ങക്ക് മനസ്സിലായില്ലേ ആരാ ആ ഗായകനെന്ന്...

വേറെ ആരാ....നമ്മളെ ആദി തന്നെ...

ചെക്കന് ഇങ്ങനെ ഒരു കഴിവുള്ള കാര്യം എന്നാലും ഓൻ മറച്ചു വെച്ചല്ലോ എന്ന സങ്കടം തോന്നിയെങ്കിലും ഇപ്പൊ നമ്മക്ക് ഓനോട് വേറെ എന്തോ ഒരു ഫീല് തോന്നാണ്...അതെന്താണെന്ന് നമ്മക്ക് എത്രയങ്ങോട്ടും മനസ്സിലാകുന്നില്ല...പക്ഷേ, ഒന്ന് മാത്രം നമ്മക്ക് നല്ലോണം മനസ്സിലായി കഴിഞ്ഞു...

ഇനി നമ്മള് വിചാരിച്ചാൽ പോലും നമ്മളെ മനസ്സീന്ന് ആദിയെ മായ്ച്ച് കളയാൻ പറ്റില്ലാന്ന്...അത്രത്തോളം ഓനെ നമ്മള് സ്നേഹിക്കുന്നുണ്ടെന്ന്...

പക്ഷേ, അത് ഓനോട് തുറന്ന് പറയാൻ നമ്മളെ കൊണ്ട് പറ്റില്ല...അതിനുള്ള സമയം വന്നിട്ടില്ലെന്ന് നമ്മക്ക് തോന്നി...

ആദി പാട്ട് പാടി കഴിഞ്ഞപ്പൊ എല്ലാരും കൂടി ആദിയെ പൊതിയാൻ തുടങ്ങി. ഓൻ കോളേജിലെ റോക്ക്സ്റ്റാർ ആണെന്നും അവരെ ടീമിന് സ്വന്തായിട്ട് ഒരു ബാൻറുണ്ടെന്നും നസിൻറെ ഇത്ത പറഞ്ഞപ്പോഴാണ് നമ്മള് അറിയുന്നത്...

അവന് നടന്ന ആക്സിഡൻറിന് ശേഷം ഇന്നാണ് ഓൻ ആദ്യായിട്ട് ഗിറ്റാറ് തൊടുന്നതും പാട്ട് പാടുന്നതും കൂടി കേട്ടപ്പൊ നമ്മക്ക് എന്തോ ചുറ്റും നടക്കുന്നതൊന്നും അറിയാൻ പറ്റാത്ത ഒരു അവസ്ഥ....ദിനം പ്രതി ആദിയെ കുറിച്ച് കൂടുതൽ അറിയുന്നതിന് അനുസരിച്ച് നമ്മക്ക് ഓനോടുള്ള കാഴ്ച്ചപ്പാട് തന്നെ മാറി മറിഞ്ഞു...

സ്റ്റേജിൽ നിന്നും ഇറങ്ങിയ ആദി നേരെ നമ്മളെ അടുത്തേക്കാണ് വന്നത്. അത് കണ്ടോണ്ട് പലരും എന്തൊക്കെയോ അടക്കം പറഞ്ഞെങ്കിലും നമ്മളെ

കാതില് അതൊന്നും കേട്ടില്ല....ആദി ഒരു പുഞ്ചിരി തൂകി കൊണ്ട് നമ്മളെ നേരെ ഓൻറെ ഗിറ്റാറ് നീട്ടി കൊണ്ട് പോയി പാടാൻ പറഞ്ഞു...

നമ്മള് മറുത്തൊരു വാക്ക് പോലും തിരിച്ച് പറയാതെ അത് വാങ്ങി കൊണ്ട് ഓനെ നോക്കി ചിരിച്ചോണ്ട് സ്റ്റേജിലേക്ക് കേറി...

ഏത് പാടുമെന്ന് ടെൻഷനടിച്ചോണ്ട് ആദിയെ നോക്കിയപ്പൊ അറിയാതെ തന്നെ നമ്മളെ ചുണ്ടുകളും വിരലുകളും ചലിക്കാൻ തുടങ്ങി...ഒരു ഹിന്ദി റോമാൻറിക് സോങ്ങായിരുന്നു അപ്പൊ നമ്മളെ മനസ്സിലേക്ക് വന്നത്...

അത് പാടി തീരുവോളം നമ്മള് നോക്കിയത് ആദിയെ മാത്രായിരുന്നു...ഓനെ നോക്കിയാണ് അത് പാടിയതെന്ന് പറയുന്നതാകും ശരി...

നമ്മള് പാടി കഴിഞ്ഞപ്പൊ കയ്യടികളുടെ ആരവങ്ങൾ കാതുകളിൽ പതിച്ചപ്പോഴാണ് നമ്മള് ഓനിൽ നിന്ന്

കണ്ണെടുത്ത് എല്ലാരേം നോക്കിയത്...ഓരൊട് ഒക്കെ താങ്ക്സ് പറഞ്ഞിട്ട് നമ്മള് അവിടന്ന് ആദിൻറെ നേരെ നടന്ന് വന്ന് ഓന് ഗിറ്റാറ് തിരിച്ച് നൽകി...

ഓൻ അത് വാങ്ങിയിട്ട് നമ്മളെ നേരെ കൈ നീട്ടി കൊണ്ട് സൂപ്പറായെന്ന് പറഞ്ഞു. നമ്മള് ഓൻറെ കയ്യിലേക്ക് നോക്കി പുഞ്ചിരിച്ചോണ്ട് ഓന് കൈ കൊടുത്തു...

ജീവിതവസാനം വരെ ഈ കൈ നമ്മളെ വിട്ട് അകലരുതേ എന്നായിരുന്നു നമ്മള് അപ്പൊ പടച്ചോനോട് പ്രാർത്ഥിച്ചത്....

പക്ഷേ, അവിടം മുതൽ ഞങ്ങളെ പിരിക്കാൻ വേണ്ടിയുള്ള തിരക്കഥ തയ്യാറാക്കായിരുന്നു പടച്ചോനെന്ന് തിരിച്ചറിയാൻ നമ്മള് ഒരുപാട് വൈകി പോയി...

അങ്ങനെ പരിപാടിയൊക്കെ കഴിഞ്ഞ് ആദി നമ്മളേയും അച്ചൂനേയും അരുണിനേയും വീട്ടിലേക്ക്

കൊണ്ടാക്കി തന്നു...വീട്ടിൽ എത്തുന്ന വരെ നമ്മള് ആദിയോട് ഒന്നും തന്നെ സംസാരിച്ചിട്ടില്ലേന്നു...ഒന്നും സംസാരിക്കാൻ തോന്നിയില്ല എന്നതായിരുന്നു വാസ്തവം...

അച്ചുവും അരുണും ഒരുമിച്ചായിരുന്നു പിറകിലിരുന്നത്...അതോണ്ട് നമ്മള് ആദിൻ്റെ കൂടെ മുന്നിലാണ് ഇരുന്നത്...അച്ചുവിൻ്റെ വീടെത്തിയപ്പൊ കൂടെ അരുണും ഇറങ്ങി പോയിരുന്നു...

ഇപ്പൊ ആദിയും നമ്മളും മാത്രാണ് ഉള്ളത്...

ആദിയോട് എന്തൊക്കെയോ നമ്മക്ക് ചോദിക്കാനും പറയാനും തോന്നിയെങ്കിലും എങ്ങനെ എവിടെ തുടങ്ങണമെന്ന് നമ്മക്ക് ഒരു ഐഡിയയുമില്ലേന്നു...

ഞങ്ങൾക്കിടയിലെ നിശബ്ദത ഞങ്ങള് തമ്മിലുള്ള അകൽച്ച കുറക്കുന്ന പോലെയാണ് നമ്മക്ക് തോന്നിയത്. അതോണ്ട് തന്നെ ഓനോട് ഒന്നും മിണ്ടാതെ ഇടക്കിടക്ക് ഓനെ നോക്കി കൊണ്ട് നമ്മള് ഇരുന്നു...

പെട്ടെന്ന് ആദി നമ്മളെ മുഖത്തേക്ക് തിരിഞ്ഞ് നോക്കി കൊണ്ട് എന്തോ പറയാൻ ഒരുങ്ങിയതും..........

(തുടരും)

ഭാഗം.58

ഞങ്ങൾക്കിടയിലെ നിശബ്ദത ഞങ്ങള് തമ്മിലുള്ള അകൽച്ച കുറക്കുന്ന പോലെയാണ് നമ്മക്ക് തോന്നിയത്.അതോണ്ട് തന്നെ ഓനോട് ഒന്നും മിണ്ടാതെ ഇടക്കിടക്ക് ഓനെ നോക്കി കൊണ്ട് നമ്മള് ഇരുന്നു.

പെട്ടെന്ന് ആദി നമ്മളെ മുഖത്തേക്ക് തിരിഞ്ഞ് നോക്കി കൊണ്ട് എന്തോ പറയാൻ ഒരുങ്ങിയതും....

എതിരെ വന്ന ഒരു കാറുമായി ഞങ്ങളെ കാറ് ഇടിക്കാൻ നിന്നു...

പക്ഷേ അതിന് മുന്നേ തന്നെ ആദി കാറ് തിരിച്ച് സൈഡിലേക്ക് ഒതുക്കിയിരുന്നു...ഞങ്ങള് രണ്ട് പേരും അപ്പൊ നന്നായി പേടിച്ചു....

കുറച്ച് നേരം കഴിഞ്ഞ് അതിൻറെ ഷോക്കീന്ന് വിട്ട് മാറിയപ്പൊ നമ്മളും ഓനും പരസ്പരം മുഖത്തേക്ക് നോക്കി ചിരിക്കാൻ തുടങ്ങി....ആദിൻറെ ചിരി കണ്ടപ്പൊ നമ്മള് ഓനെ തന്നെ നോക്കിയിരുന്നു...

സത്യം പറഞ്ഞാൽ ഓൻ കാറെടുത്തതും നമ്മള് വീട്ടില് എത്തിയതും ഒന്നും നമ്മള് അറിഞ്ഞിട്ടില്ല...ഓനെ തന്നെ നോക്കി ഇരുന്നപ്പൊ നമ്മള് വേറെ ഏതോ ലോകത്തായിരുന്നു...

വീട്ടിലെത്തിയിട്ടും നമ്മള് കാറീന്ന് ഇറങ്ങാത്തത് കണ്ടപ്പോഴാണ് ആദി നമ്മളെ നോക്കുന്നത്...

നമ്മള് ഓനെ തന്നെ നോക്കുന്നത് കണ്ട് ഓൻ നമ്മളെ കണ്ണിന് നേരെ കൈയ്യാട്ടി....

"ഹലോ....താനെന്താ സ്വപ്നം കാണാണോ...?"

നമ്മക്ക് അപ്പോഴാണ് പരിസര ബോധം വന്നത്...നമ്മക്ക് പിന്നെ ഓൻറെ മുഖത്തേക്ക് നോക്കാൻ തന്നെ മടിയായി...അതോണ്ട് വേഗം തല താഴ്ത്തി കൊണ്ട് കാറീന്ന് ഇറങ്ങി ഗേറ്റ് തുറന്നു.

"ഐഷൂ....."

എന്തോ കേൾക്കാൻ കൊതിച്ചതു പോലെ തോന്നി.അപ്പോ തന്നെ നമ്മള് അവിടെ നിന്നിട്ട് തല താഴ്ത്തി കൊണ്ട് തിരിഞ്ഞു...

"നിൻറെ മുഖം കാണാൻ വേണ്ടിയാ നിന്നെ വിളിച്ചത്...ഒന്ന് തല ഉയർത്തി നോക്ക് പെണ്ണേ..."

നമ്മക്ക് അത് കേട്ടപ്പൊ അറിയാതെ ചിരി വന്നു...നമ്മള് ഒരു ചെറുപുഞ്ചിരിയോടെ ഓനെ നോക്കി...

ഓൻ നമ്മളെ നോക്കി കൊണ്ട് കയ്യും കെട്ടി കാറും

ചാരി നിൽക്കേന്നു...നമ്മള് ഓനെ നോക്കിയപ്പൊ ഓൻ നമ്മളെ നേരെ നടന്ന് വന്നു.

എന്നിട്ട് കുറച്ച് നേരം നമ്മളെ മുഖത്തേക്ക് നോക്കി നിന്നു...

"തനിക്ക്.... എന്നോടിപ്പൊ കുറച്ചെങ്കിലും ഒരു തരിയെങ്കിലും ഇഷ്ടം തോന്നുന്നില്ലേ..?"

നമ്മള് എന്ത് പറയണമെന്നറിയാതെ ഓനെ തന്നെ നോക്കി നിന്നു...ഓൻ നമ്മളെ നോക്കി സൈറ്റടിച്ചോണ്ട് ഒരു പുഞ്ചിരി തൂകി കൊണ്ട് കാറിൻറെ അടുത്തേക്ക് നടന്നു...

ഡോറ് തുറക്കാൻ നേരം ഓൻ തിരിഞ്ഞ് നിന്ന് നമ്മളെ നോക്കി പറഞ്ഞു.

"ഞാൻ ചോദിച്ചതിന് ഉത്തരം തരാൻ കഴിയാതെ നീ നിക്കുന്നത് കാണുമ്പൊ തന്നെ മനസ്സിലാകുന്നുണ്ട് നിൻറെ ഉള്ളിൽ എന്നോടും ഒരു സ്നേഹമുണ്ടെന്ന്...

അതുമതി എനിക്ക്....ഇനി നിന്നെ വിട്ട് ഞാൻ എങ്ങോട്ടും പോകില്ല...ഈ ആദിൻറെ റൂഹ്

ഉള്ളിടത്തോളം കാലം നീ എൻറെ ഖൽബിൽ ഉണ്ടാകും..."

എന്ന് പറഞ്ഞ് ആദി കാറിൽ കേറി വണ്ടി സ്റ്റാർട്ടാക്കിയിട്ട് നമ്മളെ അടുത്തേക്ക് വിളിച്ചു...നമ്മള് മടിച്ച് മടിച്ച് ഓൻറെ കാറിൻറെ അടുത്തേക്ക് ചെന്ന് നിന്നു.

"നിൻറെ ഉള്ളിൽ എന്നോട് ഒരു ഇഷ്ടമുണ്ടെന്ന് മനസ്സിലായി...പക്ഷെ അത് നിൻറെ ഉള്ളില് തന്നെ വെച്ചാൽ മതീട്ടോ...എന്നോട് ഇപ്പൊ തന്നെ ഇഷ്ടാണെന്ന് ഒന്നും പറഞ്ഞേക്കല്ലേ...അതിന് ഇനിയും സമയമുണ്ട്..."

നമ്മള് ഓനെ അപ്പൊ തുറുക്കനെ നോക്കി കൊണ്ട് ഒന്ന് കൊടുക്കാൻ വേണ്ടി കൈ ഉയർത്തിയതും ഓൻ നമ്മളെ കൈ പിടിച്ചിട്ട് ഒരു ഉമ്മ തന്നു...നമ്മള് ഞെട്ടി തരിച്ച് ഓനെ മിഴിച്ച് നോക്കി...

"റിട്ടേൺ ഗിഫ്റ്റാ...ഇഷ്ടായില്ലേല് തിരിച്ച് തന്നേക്ക്...."

എന്ന് പറഞ്ഞ് ഓൻ ചിരിച്ചോണ്ട് കാറെടുത്ത് പോകുന്നത് നമ്മള് അവിടെ നോക്കി നിന്നു...

ഓൻ്റെ കാറ് കണ്ണിൽ നിന്ന് മാഞ്ഞ് പോയപ്പൊ നമ്മള് കയ്യിലേക്ക് നോക്കി കൊണ്ട് തിരിഞ്ഞ് നടന്നു...

ഓൻ പറഞ്ഞ കാര്യങ്ങളും ഓൻ്റെ ഇന്നത്തെ കാട്ടികൂട്ടലുകളും പാട്ടും ഓൻ്റെ നോട്ടവും ചിരിയും ആലോചിച്ച് നമ്മള് വീട്ടിലേക്ക് കേറിയതും റൂമിലേക്ക് കേറി പോയതൊന്നും അറിഞ്ഞില്ല...

റൂമിലെത്തി ഫ്രഷായതിന് ശേഷം കിടക്കാൻ വേണ്ടി ബെഡിലേക്ക് കിടന്നപ്പൊ ഓനേയും കൊണ്ട് നമ്മള് ബേഡിലേക്ക് വീണതാണ് ഓർമ്മ വന്നത്...അതോർത്ത് നമ്മള് ഒരുപാട് ചിരിച്ചു...

അതൊക്കെ ഒന്ന് കൂടി റീവൈൻഡ് ചെയ്ത് നോക്കിയപ്പോഴാണ് നമ്മക്ക് ആദിയോട് പറയാനുള്ളതും ഓന് പറയാനുള്ളത് നമ്മക്ക് കേൾക്കാൻ പറ്റാഞ്ഞതും നമ്മള് ഓർക്കുന്നത്...

'എന്താകും ഓന് നമ്മളോട് പറയാൻ ഉണ്ടാകാ..?

എനിക്കുള്ളത് പറയാൻ പോലും എന്ത് കൊണ്ടാ നമ്മക്ക് പറയാൻ പറ്റാഞ്ഞത്....?

അതൊന്നും ഓൻ അറിയണ്ടേ...അതോ അറിയാൻ സമയായിട്ടില്ലേ...?

എനിക്ക് ഇപ്പൊ ആദിയോട് ഒരു ഇഷ്ടമൊക്കെ തോന്നുന്നുണ്ട്...അത് പ്രണയമാണോ....?

അതോ നിസൂക്കാനോടും കാക്കൂനോടുമൊക്കെ തോന്നുന്ന ഒരിഷ്ടമാണോ?

ഇപ്പൊ ആദി വീട്ടില് എത്തിയിട്ടുണ്ടാകോ...?

ഒന്ന് വിളിച്ച് നോക്കിയാലോ...?

വേണ്ട....അപ്പോ ഓൻറെ മുന്നില് നമ്മക്ക് വല്യ വിലയില്ലാതാകും...

പിന്നെ എന്താ ഇപ്പൊ ചെയ്യാ....?

കൂടപ്പിറപ്പാണെങ്കില് കൂട്ടിന് വരുന്നും ഇല്ലല്ലോ...

എന്താ ചെയ്യാ...?'

എന്ന് ആലോചിച്ച് മോളിലേക്ക് നോക്കി കിടക്കുമ്പൊ ആദിയെ ആദ്യമായി കണ്ടത് മുതൽ ഇന്ന് ഉണ്ടായത് വരെയുള്ള കാര്യങ്ങൾ നമ്മളെ മനസ്സിലേക്ക് ഓടി വന്നു...

•••

'ഐഷൂന് നമ്മളോട് എന്തോ ഒരിഷ്ടം ഉണ്ടെന്ന് നമ്മക്ക് ഇന്നത്തോടെ മനസ്സിലായി...അത് നമ്മക്ക് ഓളോട് തോന്നുന്ന പോലെയുള്ള ഒരു വികാരം തന്നെയാകോ...?

ഓളെ പല തവണ ഒറ്റക്ക് കയ്യിൽ കിട്ടിയിട്ടും ഓളോട് ഒന്നും തുറന്ന് പറയാനുള്ള സാഹചര്യം കിട്ടിയില്ലല്ലോ...

ഓൾക്ക് എന്താകും നമ്മളോട് പറയാനുണ്ടാകാ...?

ഇനി നമ്മള് വിചാരിച്ച പോലെ ഓളെ പാസ്റ്റ് ആയിരിക്കോ ഓൾക്ക് പറയാനുള്ളത്...?

അങ്ങനെ ആണെങ്കിൽ അതെന്തായിരിക്കും...?

ഇനി എന്നാ അതൊക്കെ നമ്മള് അറിയാ....നമ്മക്ക് പറയാനുള്ളത് എന്നാ ഓളെ അറിയിക്കാ....?'

നമ്മളെ ചിന്തകൾക്ക് കടിഞ്ഞാണിട്ട് കൊണ്ട് ആരോ നമ്മളെ വാതിലിൽ വന്ന് മുട്ടി...തുറന്ന് നോക്കിയപ്പൊ നമ്മളെ പുന്നാര അനിയനാണ്...

നിങ്ങക്ക് ഓനെ നമ്മള് പരിചയപ്പെടുത്തി തന്നിട്ടില്ലല്ലോ...ഇവനാണ് എൻറെ പെറ്റ് ആഷിഖ് സാഹിബ് കരീം...

നമ്മളെന്ന് വെച്ചാ ജീവനാ ഓൻക്ക്...നമ്മക്കും തിരിച്ച് അങ്ങനെ തന്നെയാ...ഓന് നമ്മളെ ഇക്കൂ എന്നാ വിളിക്കാറ്...

ഓനിപ്പൊ പ്ലസ് വണ്ണിലാണ് പഠിക്കുന്നത്...

"എന്താടാ ആഷീ...നിനക്ക് ഉറക്കൊന്നുല്യേ...?"

"ഇക്കൂ...എന്താ വരാൻ ലേറ്റായേ....?

ഞാൻ എത്ര നേരം കാത്തിരുന്നെന്ന് അറിയാമോ...?"

"ഉം....എന്താ കാര്യം...സാധാരണ ഈ നേരത്തൊക്കെ കൂർക്കം വലിച്ച് ഉറങ്ങുന്ന ടീമാണല്ലൊ....പിന്നെ എന്തേ ഇപ്പോഴും ഉറങ്ങാഞ്ഞേ...?

അൻറെ മറ്റോള് എന്താ ഉറങ്ങാൻ സമ്മതിക്കുന്നില്ലേ..."

ആ...പറയാൻ വിട്ട് പോയി...നമ്മളെ ചെക്കന് ഒരു പ്രേമണ്ട്...ഓൻറെ സ്കൂളിൽ തന്നെയാ പഠിക്കുന്നത്...ഇവനും ഓളും ആണെങ്കിലോ കണ്ണിൽ കണ്ടാൽ കീരിയും പാമ്പുമാണ്...നമ്മളേയും ഐഷൂനേയും പോലെ...

"ആ....ഇക്കൂ....ആ പെണ്ണ് കാരണം എൻറെ ഉറക്കമൊക്കെ പോയി...ഇതൊന്നും ഓൾക്ക് അറിയണ്ടല്ലോ...."

"എന്തായാലും നീ ഓളോട് നിൻറെ ഇഷ്ടം തുറന്ന് പറഞ്ഞില്ലേ....അത് മതി....ഇനി ഓളെ ഉറക്കവും പോയിക്കോളും..."

"ഇക്കൂ...ഞാൻ ഒരു കാര്യം പറഞ്ഞാൽ എന്നോട് ദേഷ്യപ്പെടോ...?"

"നീ പറയടാ....നീ പറഞ്ഞതിന് ഞാൻ എന്നെങ്കിലും ദേഷ്യപ്പെട്ടിട്ടുണ്ടോ?

നീ പറ..."

"അത് ഇക്കൂ...എനിക്ക് ഓളെ ഒന്ന് കാണണം....ഇപ്പൊ തന്നെ..."

"ഡാ...ആഷീ....മൊട്ടേന്ന് വിരിഞ്ഞില്ലല്ലോടാ....അതിന് മുന്നേ നിനക്ക് പ്രേമം...അതുപോട്ടേന്ന് വെക്കാം....ഇപ്പൊ ദേ അടുത്തതും കൊണ്ട് വന്നേക്കുന്നു...

ഇവിടെ എനിക്ക് തന്നെ എൻറെ ഓളെ കാണാൻ പറ്റുന്നില്ല...എന്നിട്ടല്ലേ നിനക്ക്..."

നമ്മള് ഓനോട് ഇച്ചിരി ഗൗരവത്തോടെ അത് പറഞ്ഞപ്പോ ചെക്കൻ തല താഴ്ത്തി നിന്നു. അത് കണ്ടപ്പൊ നമ്മക്ക് ചിരിയാണ് വന്നത്...

"അൻക്ക് ഓളെ വീട് എവിടേന്ന് അറിയോ...?"

ഓൻ ഇല്ലാന്ന് തോള് പൊക്കി കണ്ണിറുക്കി കാണിച്ചു...നമ്മള് അപ്പൊ ഓനെ അടിമുടിയൊന്ന് നോക്കി നിന്നോണ്ട് ഓനെ പേടിപ്പിച്ചു...

"ൻറെ ഇക്കൂ....ഇങ്ങള് ഇങ്ങനെ ചൂടാകാൻ മാത്രം

നമ്മളൊന്നും പറഞ്ഞില്ലല്ലോ...ഓളെ കാണണം എന്നല്ലേ പറഞ്ഞുള്ളൂ...അതിന് ഓളെ വീട്ടിലേക്ക് ഒന്നും മതില് ചാടി പോകേണ്ട..."

"പിന്നെ....?"

"ഇങ്ങളെ പെണ്ണില്ലേ...ഐഷൂത്താ...ഓരെ ഫോട്ടോ കാണിച്ച് തന്നാൽ മതി..."

"ഡാ ഓള് ഇൻറെ പെണ്ണാടാ...അൻറെ ഇത്താത്ത..."

"ഓ....അതെനിക്ക് അറിയാം....എൻറെ പെണ്ണിന് ഐഷൂത്താൻറെ നല്ലൊരു മുഖച്ഛായയയുണ്ട്...അതോണ്ടാ ഫോട്ടോ ചോയിച്ചത്..."

"ഓ....അങ്ങനെ...ഇന്നാ കണ്ടോ..."

എന്ന് പറഞ്ഞ് ഇന്ന് ഓളെ കൂടെ എടുത്ത ഫോട്ടോസ് ഓന് കാണിച്ച് കൊടുത്തു. ഓൻ അത് കണ്ടപ്പൊ

പെർഫെക്ട് ജോഡിയെന്ന് പറഞ്ഞിട്ട് പോയി...

ഓൻ പറഞ്ഞതിലും കാര്യമുണ്ട്...എൻറെ പെണ്ണിനെ പോലെ തന്നെയാ ഓൻറെ പെണ്ണിനെ കാണാനും...ഒരിക്കൽ സ്കൂളിലെ മീറ്റിങ്ങിന് ഓൻ നമ്മക്ക് ഓളെ കാണിച്ച് തന്നിരുന്നു...പെട്ടെന്ന് കണ്ടപ്പൊ നമ്മളെ ഐഷു ആണോ അതെന്ന് നമ്മള് സംശയിച്ചു...അത്രക്ക് സാമ്യതയുണ്ട് അവര് തമ്മില്.

ഐഷൂന് ഷാദി അല്ലാതെ വേറെ ഒരാളുള്ള കാര്യം നമ്മള് കേട്ടിട്ടില്ല...അതോണ്ട് ഓളെ ആരും ആയിരിക്കില്ലെന്നും ഉറപ്പാണ്...

ചെക്കനും നമ്മളെ പോലെ തന്നെ ഓളെ കെട്ടൂന്ന് പറഞ്ഞ് നടക്കാണ്...പക്ഷേ ഓള് ഇപ്പോഴും ഓന് മറുപടി കൊടുത്തിട്ടില്ല.

....
....
....

"ഹ....ഹ.....ഹ...ഹ.....ഹ.....ഹ....ഹ....ഹ....ഹ.....ഹ..."

നമ്മള് എന്തിനാ ഇങ്ങനെ അട്ടഹസിക്കുന്നതെന്നാവും നിങ്ങള് ചിന്തിക്കുന്നതല്ലെ..?

നമ്മളെ സിനൂനോട് ഒരുത്തൻ ഐ ലൗ യു പറഞ്ഞെന്ന്....അതും ഓളോട് ബെറ്റ് വെച്ച ഓൻ....

"ഹ.....ഹ.....ഹ....നിന്നോട് ഞാൻ അന്നെ പറഞ്ഞതല്ലേ ഓൻ വൈകാതെ അന്നോട് വന്ന് ഇഷ്ടാണെന്ന് പറയുമെന്ന്....ഇപ്പൊ എന്തായി...പറഞ്ഞ പോലെ തന്നെ ആയില്ലേ..?

അങ്ങനെ തന്നെ വേണം നിനക്ക്...നിൽക്ക് ഞാനിത് എല്ലാരോടും പോയി പറയട്ടെ..."

"താത്താ...താത്താ...പ്ലീസ് പറയല്ലേ..."

എന്ന് പറഞ്ഞ് നമ്മളെ കൈ പിടിച്ച് ഓള് കരഞ്ഞ്

പറഞ്ഞു....നമ്മള് ഓളെ അടിമുടിയൊന്ന് നോക്കിയിട്ട് ചിരിക്കാൻ തുടങ്ങി...

"എന്നാലും എന്ത് കണ്ടിട്ടാ ഓൻ അന്നെയൊക്കെ പോയി ഇഷ്ടാണെന്ന് പറഞ്ഞതെന്നാ ഞാൻ ആലോചിക്കുന്നത്...?"

"ഓൻറെ കാക്കാൻറെ പെണ്ണിനെ പോലെ ഉണ്ടത്രേ നമ്മളെ കാണാൻ...അതാ ഓൻ വന്ന് ഇഷ്ടം പറഞ്ഞതെന്ന്..."

"ഹ....ഹ....ഹ....അത് കൊള്ളാലോ....എന്നിട്ട് നീ എന്ത് പറഞ്ഞു...?

തിരിച്ച് ഇഷ്ടാണെന്ന് പറഞ്ഞോ...?"

"ഈ.....എനിക്ക് ഓനെ കണ്ണെടുത്താ കണ്ടൂടാ...പിന്നെ അല്ലേ ഇഷ്ടാണെന്ന് പറയാ..."

"ഇനി നീയെങ്ങാനും ഓനോട് പോയി ഇഷ്ടാണെന്ന്

പറഞ്ഞു എന്ന് വല്ലതും ഞാൻ അറിഞ്ഞാലുണ്ടല്ലോ...വെച്ചേക്കില്ല നിന്നെ ഞാൻ...

അല്ലാ പിന്നെ...മൊട്ടേന്ന് വിരിഞ്ഞിട്ടില്ല...അപ്പോഴാ ഓളെ ഒരു പ്രേമം...."

"എനിക്ക് അതിന് ഓനെ ഇഷ്ടല്ലാന്ന് പറഞ്ഞില്ലേ...ഞാൻ അല്ലെങ്കിലും ആരേയും പ്രേമിക്കാനും പോണില്ല...

എനിക്ക് വയ്യ താത്താനെ പോലെ വിഷമിച്ച് നടക്കാൻ..."

ഓള് അറിഞ്ഞ് കൊണ്ടല്ല അത് പറഞ്ഞതെങ്കിലും നമ്മക്ക് കൊള്ളേണ്ട ഇടത്ത് തന്നെ അത് കൊണ്ടു...പെട്ടെന്ന് നമ്മളെ മുഖത്തെ ചിരി മാഞ്ഞു പോയി...മിഴികൾ നിറയാൻ തുടങ്ങി...

അത് കണ്ടപ്പൊ സിനു നമ്മളെ അടുത്ത് ഇരുന്നിട്ട് നമ്മളെ കണ്ണ് തുടച്ച് തന്നിട്ട് ഒരുപാട് സോറി പറഞ്ഞു..നമ്മള് ഓളോട് അതൊന്നും സാരല്യാന്ന് പറഞ്ഞ് ഓളെ അവിടന്ന് പറഞ്ഞ് വിട്ടിട്ട് വാതിലടച്ചിട്ട്

ഒരുപാട് കരഞ്ഞു...

വീണ്ടും പഴയതൊക്കെ മനസ്സിനെ മുറിവേൽപ്പിച്ച് കൊണ്ട് കടന്ന് വന്നു.എല്ലാം പെട്ടെന്ന് ഒന്നും മറക്കാൻ പറ്റാത്ത കാര്യായോണ്ട് നമ്മള് അത് മനസ്സില് ഒരു മൂലയിൽ ഒതുക്കി വെച്ച് പഴയ ഫെബിയായി കൊണ്ട് തന്നെ എല്ലാവരോടും പെരുമാറി....

ഇന്ന് കോളേജ് തുറക്കാണ്. എല്ലാവരേയും കാണാനുള്ള ആകാംശയിൽ നമ്മള് ഇന്ന് നേരത്തെ തന്നെ കോളേജിലേക്ക് പുറപ്പെട്ടിരുന്നു...

എത്ര നേരത്തെ പുറപ്പെട്ടിട്ടുമെന്താ കാര്യം ബസ് വരുന്ന ടൈമില് അല്ലേ വരൂ...

അതുവരെ നമ്മളും അച്ചുവും കൂടി സൊള്ളിക്കോണ്ടിരുന്നു...

ശാഹിത്ത ഇനി കോളേജിലേക്ക് ഉണ്ടാവില്ലല്ലോ എന്നതായിരുന്നു ഞങ്ങളെ ആകെയുള്ള വിഷമം...

കോളേജിലെത്തിയപ്പൊ തന്നെ നമ്മളെ ബാക്കി കുരാമീസിനേയും ബ്രദേഴ്സിനേയും നമ്മള് ഗ്രൗണ്ടില് വെച്ച് കണ്ടു...അവരോട് ഒരുപാട് നേരം സംസാരിച്ച് ടൈം പോയതേ അറിഞ്ഞില്ല.

നമ്മളെ ഇറച്ചി തിന്നലായിരുന്നു അവരെ മെയിൻ പരിപാടി.അതിനുള്ള വകയും നമ്മള് തന്നെ ഉണ്ടാക്കി വെച്ചിട്ടുണ്ടല്ലോ...അതോണ്ട് നമ്മള് അതൊക്കെ കേട്ടോണ്ട് ചമ്മി നാറി കൊണ്ട് ക്ലാസിലേക്ക് പോകാൻ നിന്നപ്പോഴാണ് നമ്മളെ കഥാനായകൻ കേറി വന്നത്....

ഓനെ കണ്ടതും എല്ലാരും കൂടി ഞങ്ങളെ രണ്ട് പേരുടെയും തോലുരിച്ചു. നമ്മക്ക് ആണെങ്കിൽ ചമ്മല് കാരണം ആദിനെ ഒരു തവണ മാത്രേ നോക്കാൻ പറ്റിയുള്ളൂ...അതിനുള്ളത് അപ്പൊ തന്നെ വയറ് നിറച്ച് നമ്മക്ക് കിട്ടേം ചെയ്തു...

പിന്നെ നമ്മള് അധിക നേരം അവിടെ നിന്നില്ല...തിരിഞ്ഞ് നോക്കാതെ ഒരോട്ടമായിരുന്നു ക്ലാസിലേക്ക്...

പത്ത് ദിവസത്തെ ഇടവേളക്ക് ശേഷം നമ്മള് ക്ലാസിലേക്ക് കേറി സീറ്റില് പോയി ഇരുന്നു...അവിടെ വന്ന് ഇരുന്നപ്പൊ എന്തോ ഒരു നൊസ്റ്റാൾജിക് ഫീല് തോന്നി പോയി...

നമ്മള് അറിയാതെ തന്നെ ജനല് വഴി ആദിൻറെ ക്ലാസിലേക്ക് നോക്കി പോയി...അപ്പോഴാണ് ആദിയും കൂട്ടരും കൂടി ക്ലാസിലേക്ക് കേറി പോകുന്നത് കണ്ടത്...

ഓൻ അറിയാതെ ഓനെ നോക്കുന്നതിലും ഒരു സുഖമൊക്കെയുണ്ടെന്ന് നമ്മക്ക് തോന്നി...അതോണ്ട് നമ്മള് അവിടെ ഇരുന്നോണ്ട് ഓൻ കാണിച്ച് കൂട്ടുന്ന കോപ്രായങ്ങളും കളിയും ചിരിയുമൊക്കെ നോക്കി കൊണ്ട് നമ്മള് ചിരിച്ചോണ്ട് തല തിരിച്ചപ്പോഴാണ് നമ്മളെ മുന്നില് നിൽക്കുന്ന നാല് രൂപങ്ങളെ നമ്മള് കണ്ടത്...

നമ്മള് ഓരെ കണ്ടപ്പൊ തന്നെ ചിരി മാറ്റി ഇത്തിരി ഗൗരവത്തോടെ മുഖം വെച്ചിട്ട് ബുക്ക് കൊണ്ട് മുഖം മറച്ചിരുന്നു...അവറ്റകള് ആണെങ്കിൽ നമ്മളെ ഒരു

നടക്കും വിടുന്ന ലക്ഷണമൊന്നും കാണുന്നില്ല...

നമ്മളെ കയ്യീന്ന് ബുക്ക് തട്ടി പറിച്ച് വാങ്ങിയിട്ട് നമ്മളെ അങ്ങനെയങ്ങ് കളിയാക്കി പുഴുങ്ങാൻ തുടങ്ങി...എന്താകുമെന്ന് ഊഹിക്കാലോ...

നമ്മള് ആദിനെ വായി നോക്കി ഓൻ കാണിച്ച് കൂട്ടുന്നത് കണ്ടിട്ട് ചിരിച്ചതിനെയാണ് ഇവറ്റകള് ഒക്കെ കൂടിയിട്ട് പുഴുങ്ങുന്നത്...

ക്ലാസില് സാറ് കേറി വന്നപ്പോഴെങ്കിലും കളിയാക്കലിന് ഒരു ക്ഷമനം ഉണ്ടാകുമെന്ന് കരുതിയെങ്കിലും നമ്മക്ക് തെറ്റി...അവറ്റകള് വരച്ചോണ്ടായി പിന്നെ കളിയാക്കല്...

നമ്മളതൊക്കെ കണ്ടില്ലെന്ന് നടിച്ച് ഏതോ ചിന്തയില് ഏതോ ലോകത്ത് നിന്നു...ഓരോ പിരീഡും അവറ്റകളുടെ കളിയാക്കലുകളും സഹിച്ച് നമ്മള് ക്ലാസിലിരുന്നു.

ഉച്ചക്ക് മുൻപുള്ള പിരീഡ് ലാബായിരുന്നു...അതോണ്ട് നമ്മള് ആദ്യം തന്നെ ലാബിലേക്ക് വെച്ച്

പിടിച്ചു...ലാബില് എത്തിയപ്പോഴാണ് നമ്മള് റെക്കോഡ് എടുക്കാൻ മറന്ന കാര്യം ഓർമ്മ വന്നത്...ആ കാലകേയൻ്റെ പിരീഡ് ആയോണ്ട് തന്നെ അയാളെ പേടിച്ച് നമ്മള് വേഗം ആരും കാണാതെ ലാബീന്ന് മുങ്ങിയിട്ട് ക്ലാസിലേക്ക് ഓടി...

നമ്മള് വേഗം റെക്കോഡ് എടുത്തോണ്ട് ക്ലാസീന്ന് ഇറങ്ങാൻ നേരമുണ്ട് നമ്മളെ മുന്നിൽ ആ സൽമയും ഓളെ രണ്ട് വാലുകളും നിൽക്കുന്നു...അവരെ കണ്ടപ്പൊ തന്നെ നമ്മക്ക് ചെറിയ പന്തികേട് തോന്നിയെങ്കിലും നമ്മള് അത് കാര്യാക്കാതെ റെക്കോഡും കൊണ്ട് ലാബ് ലക്ഷ്യമാക്കി നടന്നു...

നമ്മള് സ്റ്റയർ കേസ് ഇറങ്ങാൻ വേണ്ടി നിന്നപ്പോഴേക്കും സൽമ എൻ്റെ കയ്യില് പിടിച്ച് അവിടെ നിർത്തി കൊണ്ട് നമ്മളെ കവിളിലുകളിൽ പിടിച്ച് നെക്കി....നമ്മള് അപ്പൊ തന്നെ ഓളെ കയ്യ് തട്ടി മാറ്റി ഓളെ രൂക്ഷമായി നോക്കി...

"നീയെന്താടീ കോപ്പേ...ഈ സൽമയെ കുറിച്ച് വിചാരിച്ച് വെച്ചേക്കുന്നത്..?

നീ എന്നെ തല്ലി ഭീഷണിപ്പെടുത്തിയാ ഞാൻ പേടിച്ച് പിന്നെ നിൻറെ വഴിക്ക് വരില്ലെന്ന് കരുതിയോ...?

എന്നാ നിനക്ക് തെറ്റി മോളേ...ഇത് സൽമയാ...നീ എന്നെ നോവിച്ചതിനൊക്കെ പലിശ സഹിതം തിരിച്ച് തരാതെ എനിക്ക് ഇനി വിശ്രമമില്ല..."

"നീ എന്തൊക്കെ ചെയ്താലും അതിൽ നിന്നൊക്കെ ഒരു ഫീനിക്സ് പക്ഷിയെ പോലെ പറന്നുയരാൻ എന്നെ കൊണ്ട് സാധിക്കും...അതും പറക്കുമ്പൊ ഒറ്റക്കല്ല,കൂടെ പറക്കാൻ കൂട്ടിന് നിൻറെ...സോറി...എൻറെ ആദിയും കാണും....

എന്തായാലും വിശ്രമമില്ലാതെ കഷ്ടപ്പെടാൻ പോകല്ലേ അപ്പൊ പണി തൊടങ്ങിക്കോ..."

"അതൊക്കെ തുടങ്ങി കഴിഞ്ഞെടീ...."

എന്ന് പറഞ്ഞ് സൽമ നമ്മളെ സ്റ്റയർകേസിൽ നിന്നും പിടിച്ച് ഒരൊറ്റ തള്ള്...നമ്മള് കാല് പടം മറിഞ്ഞ് സ്റ്റയർകേസിൽ നിന്നും ഉരുണ്ടു വീണു...

നമ്മള് വീണിടത്ത് നിന്നും കാല് പിടിച്ച് വേദന കൊണ്ട് പുളഞ്ഞപ്പൊ നമ്മളെ മുന്നിലേക്ക് രണ്ട് കാലുകൾ ഓടി വരുന്നത് നമ്മള് കണ്ടു...

ആരാണതെന്ന് അറിയാൻ വേണ്ടി നമ്മള് തലയുയർത്തിയപ്പൊ നമ്മളെ മുന്നില് നിൽക്കുന്നത് ആദിയാണെന്ന് കണ്ടു...ഓൻ നമ്മളെ പിടിച്ച് എഴുന്നേൽപ്പിക്കാൻ വേണ്ടി അടുത്തേക്ക് വന്നതും നമ്മള് വേണ്ടാന്ന് പറഞ്ഞ് സ്വയം എണീക്കാൻ ഒരു ശ്രമം നടത്തി...

പക്ഷെ,ആ ശ്രമം എട്ടു നിലയിൽ തന്നെ പൊട്ടി പോയി...എങ്ങനെയൊക്കെയോ നമ്മള് ചുമരില് പിടിച്ച് എണീറ്റ് നിന്നെങ്കിലും ഒരടി പോലും നമ്മക്ക് നടക്കാനോ കാല് നിലത്ത് ഊന്നാനോ പറ്റിയില്ല...അതിനു മുന്നെ തന്നെ നമ്മള് ആദിൻറെ കൈകളിലേക്ക് വീണിരുന്നു...

നമ്മളെ നോക്കി ഓൻ കണ്ണുരുട്ടി കൊണ്ട് നമ്മളെ പിടിച്ച് സ്റ്റയർകേസില് ഇരുത്തി..

"എവിടെ നോക്കിയാടീ നീ നടക്കുന്നത്...?

നിനക്ക് വീട്ടീന്നും കോളേജീന്നും ഇത് തന്നെയാണോ പണി...?

കെട്ടിക്കാൻ പ്രായായില്ലേ...എന്നിട്ട് ഇപ്പോഴും നീ നേരാം വണ്ണം നടക്കാൻ പഠിച്ചില്ലേ...?

അതും കൃത്യം എൻറെ മുന്നിലേക്ക് തന്നെ നീയെങ്ങനെ വന്ന് വീഴുന്നൂ...?"

"ഞാൻ വീഴുമ്പൊ മാത്രം ഇയാള് വരുന്നത് എന്തിനാ? അതോണ്ടല്ലെ കണ്ടത്..."

എന്ന് നമ്മള് പതുക്കെയൊട്ടോ പറഞ്ഞത്. എന്നിട്ട് നമ്മള് ഇരുന്നിടത്ത് നിന്നും മോളിലേക്ക് നോക്കിയപ്പൊ സൽമ

അവിടെ നിന്ന് നമ്മളെ രൂക്ഷമായി നോക്കുന്നത് കണ്ടൂ...

നമ്മള് ഓളെ നോക്കി ഒരു പരിഹാസ ചിരി പാസാക്കി കൊണ്ട് ആദിയെ നോക്കി...

ഓൻ നമ്മളെ കാലില് പിടിച്ചിട്ട് ഓരോ ഭാഗത്തും അമർത്താണ്.പെട്ടെന്ന് ഓൻ വേദനയുള്ള ഭാഗത്ത് അമർത്തിയതും നമ്മള് പരിസരം മറന്ന് അലറി...പക്ഷേ അത് ബാക്കി ഉള്ളവര് കേൾക്കുന്നതിന് മുന്നേ ആദി നമ്മളെ വാ പൊത്തി പിടിച്ചു...

"കെടന്ന് അലറല്ലെടീ ശവമേ..."

നമ്മള് ഓൻ്റെ കൈ തട്ടി മാറ്റിയിട്ട് ഓനോട് കൊരച്ച് ചാടി.

" വേദനയുള്ള ഭാഗത്ത് പിടിച്ച് അമർത്തിയാൽ പിന്നെ ഞാൻ അലറല്ലാതെ വേറെ എന്താടാ ചെയ്യാ..."

"ഹാ...നീയിങ്ങനെ ചൂടാകല്ലെ ഐഷൂ...നീ ചൂടായാ പിന്നെ എൻ്റെ കൺട്രോള് പോകുംട്ടോ...അതോണ്ട് ചൂടാവല്ലേ...ചൂടായാലേ നിനക്ക് തന്നെയാകും പണിയാവാ..."

നമ്മള് ഓനെ തുറുക്കനെ നോക്കിയിട്ട് ഒരു പുച്ഛത്തോടെ മുഖം തിരിച്ചിരുന്നു...ഓൻ ചിരിച്ചോണ്ട് നമ്മളെ കാലില് പിടിച്ചപ്പൊ നമ്മള് ഓനെ തടുത്തെങ്കിലും ഓനത് വക വെച്ചില്ല...

"നല്ലോണം വീക്കം വെച്ചിട്ടുണ്ട്...ഇത് ഹോസ്പിറ്റലില് കാണിക്കേണ്ടി വരും ...വാ എണീക്ക് ഹോസ്പിറ്റലിൽ പോകാം..."

"അതിൻ്റെയൊന്നും ആവശ്യല്യാ...എനിക്ക് വീട്ടില് പോയാ മതി..."

"പറയുന്നത് അങ്ങോട്ട് കേൾക്കുന്നതാകും നിനക്ക് നല്ലത്...മര്യാദക്ക് എൻ്റെ കൂടെ പോര്..."

"നീ വിളിക്കുമ്പൊ കൂടെ വരാനൊ......"

ബാക്കി പൂർത്തിയാക്കുന്നതിന് മുന്നെ തന്നെ നമ്മള് ബോധം കെട്ട് വീണിരുന്നു.

....

സംസാരിച്ചോണ്ടിരിക്കുന്നതിനിടയിൽ പെട്ടെന്ന് ഐഷു നമ്മളെ കയ്യിലേക്ക് വീണപ്പൊ നമ്മക്ക് ഒന്നും മനസ്സിലായിരുന്നില്ല...

പിന്നീട് ഓളെ നെറ്റിയിലൂടെ ഒലിച്ചിറങ്ങുന്ന ചോര കണ്ടപ്പോഴാണ് ഓളെ ബോധക്കേട് എന്താണെന്ന് മനസ്സിലായത്...

അത് കണ്ടപ്പൊ നമ്മളെ ചങ്ക് തകർന്ന് പോയി...നമ്മള് ഓളെ പല തവണ വിളിച്ചെങ്കിലും ഓൾക്ക് ബോധം

വന്നില്ല...എൻ്റെ കണ്ണിലാകെ ഇരുട്ട് കേറുന്ന പോലെ തോന്നി...

എന്ത് ചെയ്യണമെന്നറിയാതെ ഒരു ഭ്രാന്തനെ പോലെ ഓളേയും എടുത്തോണ്ട് നമ്മള് നിസൂനേയും കൂട്ടി ഹോസ്പിറ്റൽ ലക്ഷ്യമാക്കി വണ്ടിയെടുത്തു...നിസുവായിരുന്നു വണ്ടി ഓടിച്ചത്..

നമ്മള് ഐഷൂൻ്റെ തല മടിയില് വെച്ചിട്ട് ഓളെ വീണ്ടും വീണ്ടും കുലുക്കി വിളിച്ചു, പക്ഷേ ഓള് എണീറ്റില്ല....അവസാനം നമ്മളെ കണ്ണിൽ നിന്നും ഉതിർന്ന് വീണ കണ്ണീര് ഓളെ കവിൾ തടത്തിൽ പതിഞ്ഞപ്പൊ ഓള് പതിയെ കണ്ണ് തുറക്കാൻ ശ്രമിച്ചു...

ഞങ്ങള് അപ്പോഴേക്കും ഹോസ്പിറ്റലിലെത്തി ഓളെ കാഷ്വോലിറ്റിയിലേക്ക് കൊണ്ട് പോയി...നമ്മക്ക് എന്ത് ചെയ്യണമെന്ന് ഒരു എത്തും പിടിയും കിട്ടാതെ ഒരു ഭ്രാന്തനെ പോലെ എന്തൊക്കെയോ കാണിച്ച് കൂട്ടി...

"ഡാ ആദി...കൺട്രോൾ യുവർ സെൽഫ്....ഓൾക്ക്

ഒന്നും പറ്റില്ലെടാ...നീ ടെൻഷനാകാതെ നിൽക്ക്..."

"എങ്ങനെ ടെൻഷനാകാതെ ഇരിക്കും നിസൂ...ഒരു കുഴപ്പവും ഇല്ലാതെ എന്നോട് തട്ടി കേറി സംസാരിച്ചോണ്ടിരിക്കുമ്പൊ പെട്ടെന്ന് ചോരയിൽ കുളിച്ച് നമ്മളെ കയ്യിലേക്ക് വീണാൽ പിന്നെ എങ്ങനെ കൺട്രോൾ ആയിട്ട് ഇരിക്കും...നീ പറ...പറയെടാ..."

നമ്മള് നിസൂൻ്റെ കോളറിൽ പിടിച്ചോണ്ട് ഇതൊക്കെ പറയുമ്പോഴും നമ്മളെ കണ്ണ് നിറഞ്ഞൊഴുകയാണ്...നിസു നമ്മളെ പിടിച്ച് ഒരു കസേരയില് കൊണ്ട് പോയി ഇരുത്തി...

കുറച്ച് കഴിഞ്ഞപ്പൊ ഡോക്ടർ വരുന്നത് കണ്ട് നമ്മള് ഒരു പാച്ചിലായിരുന്നു ഡോക്ടറെ അടുത്തേക്ക്...

നമ്മള് ഡോക്ടർക്ക് പറയാനൊരു അവസരം കൊടുക്കാതെ എന്തൊക്കെയോ വെപ്രാളത്തിൽ വിളിച്ച് കൂവി...

"ഡോക്ടർ....എൻ്റെ ഐഷൂ...ഓൾക്ക്

ഒന്നുല്യല്ലോലേ...ഓൾക്ക് ബോധം വന്നോ...ഡോക്ടർ...കാശ് എത്ര ചെലവായാലും പ്രശ്നല്യാ..പക്ഷെ എനിക്ക് എൻറെ ഐഷൂനെ ഒരു കുഴപ്പവും കൂടാതെ കിട്ടണം...

അല്ലെങ്കിൽ ഓളെ ഇതിലും വലിയ ഹോസ്പിറ്റലിലേക്ക് കൊണ്ട് പോകാം....

എന്ത് ചെയ്താലും വേണ്ടില്ല എനിക്ക് എൻറെ ഐഷൂനെ തിരിച്ച് വേണം..."

"റിലാക്സ്...റിലാക്സ്..."

നമ്മളെ തോളില് കൈ വെച്ചോണ്ട് ഡോക്ടർ വളരെ ശാന്തതയോടെ അത് പറഞ്ഞപ്പൊ നമ്മളൊന്ന് ശാന്തമായിട്ട് ഡോക്ടറെ നോക്കി...

ഡോക്ടർ ഒരു ചെറു പുഞ്ചിരി തൂകി കൊണ്ട് നമ്മളെ തോളില് രണ്ട് തട്ട് തന്നു...

"താൻ ആദ്യം എനിക്ക് പറയാനുള്ളതൊന്ന് കേൾക്ക്...

തൻറെ ഐഷൂന് ഒരു കുഴപ്പവുമില്ല...ഷീ ഈസ് പെർഫെക്ട്ലീ ഓൾ റൈറ്റ്...

പേടിക്കാനൊന്നുമില്ല...സ്റ്റയർകേസിൽ നിന്ന് വീണെന്നല്ലെ പറഞ്ഞത്...

ആ വീഴ്ച്ചയില് എവിടെയോ വെച്ച് തല ഇടിച്ചതാണ്...പേടിക്കാനൊന്നുല്യാ ഒരു ചെറിയ ചതവേ ഉള്ളൂ...

പിന്നെ കാലില് പ്ലാസ്റ്ററിട്ടിട്ടുണ്ട്... രണ്ട് ദിവസം ഇവിടെ കിടന്നിട്ട് ഡിസ്ചാർജാക്കാം....

താൻ പേടിക്കണ്ടെടോ...അയാൾക്ക് ഒരു കുഴപ്പവുമില്ല...അവള് ഇപ്പൊ ഒരു ചെറിയ മയക്കത്തിലാ...ഉണർത്തണ്ടാ...കുറച്ച് കഴിഞ്ഞാ റൂമിലേക്ക് ഷിഫ്റ്റ് ചെയ്യാം...

തനിക്ക് ഇപ്പൊ ചെന്ന് കാണണെങ്കിൽ പോയി കണ്ടോളൂ..."

നമ്മള് ഡോക്ടറെ പരിസരം മറന്ന് കെട്ടി പിടിച്ചോണ്ട് താങ്ക്യൂ പറഞ്ഞ് ഐഷൂൻറെ അടുത്തേക്ക് ഓടി ചെന്നു...

(തുടരും)

ഭാഗം.59

നമ്മള് പരിസരം മറന്ന് ഡോക്ടറെ കെട്ടി പിടിച്ച് താങ്ക്സ് പറഞ്ഞിട്ട് ഐഷൂൻറെ അടുത്തേക്ക് ഓടി ചെന്നു.

ഐഷൂ നല്ല ഉറക്കത്തിലായിരുന്നു.അതോണ്ട് ഓളെ വിളിച്ച് ഉണർത്താൻ നമ്മക്ക് തോന്നീല...നമ്മള് കുറച്ച് നേരം ഓളെ അടുത്തിരുന്നിട്ട് ഓളെ നെറ്റിയിൽ തലോടി കൊണ്ട് ഒരു ഉമ്മ കൊടുത്തു.

....

ഒരു തണുത്ത കുളിർക്കാറ്റ് നമ്മളെ തഴുകിയപ്പോഴാണ് നമ്മള് കണ്ണ് തുറന്നു നോക്കിയത്....

നോക്കുമ്പോൾ നമ്മളെ അടുത്ത് ഉമ്മച്ചിയും അച്ചുവും ഓളെ അമ്മയും നിൽപ്പുണ്ട്...

നമ്മളിപ്പൊ ഇത് എവിടെയാണെന്ന് ചിന്തിച്ച് ചുറ്റും ഒന്ന് കണ്ണോടിച്ചപ്പൊ ഹോസ്പിറ്റലിൽ ആണെന്ന് മനസ്സിലായീ...

അതും എസിയും ടിവിയുമൊക്കെയുള്ള ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലാണ് നമ്മള് ഉള്ളതെന്ന് തോന്നിയപ്പൊ ബെഡീന്ന് നമ്മള് പെട്ടെന്ന് എണീറ്റിരുന്നു.

"ഫെബീ...നീയെന്താ ഈ കാണിക്കുന്നത്....?

അവിടെ അടങ്ങി കിടക്കാൻ നോക്ക്..."

"എടീ അച്ചു....ഞാൻ... ഞാൻ എങ്ങനെ ഇവിടെ എത്തി...അതും ഇത്രേം വലിയ ഒരു ഹോസ്പിറ്റലിൽ..."

അതിന് അച്ചു പുറത്തേക്ക് ഒരു നോട്ടമായിരുന്നു മറുപടി ആയി തന്നത്...

നമ്മളും അപ്പൊ നോട്ടം പുറത്തേക്ക് ഓടിച്ചപ്പൊ ആദിയും ഉപ്പച്ചയും കൂടി സംസാരിക്കുന്നതാണ് നമ്മള് കണ്ടത്...നമ്മള് അച്ചൂനെ നോക്കി ആണോന്ന് തലയാട്ടി.. ഓള് അതേ എന്ന് തിരിച്ചും...

നമ്മക്ക് അപ്പോഴാണ് കോളേജിൽ വെച്ച് ബോധം പോയതൊക്കെ ഓർമ്മ വന്നത്...നമ്മക്ക് അതൊക്കെ ഓർമ്മ വന്നപ്പൊ അറിയാതെ ആദിയെ നോക്കി നിന്നു...

"നോക്കിയും കണ്ടും നടക്കാത്തതിൻറെ കേടാണ് ഇജ്ജ് ഇപ്പൊ ഇവിടെ കിടക്കുന്നത്...ആ നേരത്ത് ആദി അവിടെ ഉണ്ടായത് നന്നായി... ഇല്ലെങ്കിൽ എന്തായേനെ..?

ആദിയാ നിന്നെ ഇങ്ങോട്ട് കൊണ്ട് വന്നതും നിനക്ക് വേണ്ടി ഓടി നടന്ന് ഓരോന്ന് ചെയ്തതും....ഇതൊന്നും അൻക്ക് അറിയണ്ടല്ലോ...അറിഞ്ഞാലും തന്നെ

ഓനോട് വെറുതെ തല്ലിന് പൊയ്ക്കോളും..."

ഉമ്മാൻറെ ഈ പ്രസംഗം കേട്ടിട്ടും നമ്മക്ക് വല്യ ഭാവ വ്യത്യാസമൊന്നും ഉണ്ടായില്ല...കാരണം, നമ്മളെ രക്ഷപ്പെടുത്തേണ്ടത് ഓൻറെ ഉത്തരവാദിത്താണ്..ഓൻ കാരണല്ലേ നമ്മള് വീണത്...

കുറച്ച് കഴിഞ്ഞപ്പൊ അച്ചൂൻറെ അമ്മയും നമ്മളെ ഉമ്മച്ചിയും കൂടി വേറെ എന്തൊക്കെയോ സംസാരത്തിൽ ഏർപ്പെട്ടപ്പൊ അച്ചു മെല്ലെ നമ്മളെ അടുത്തേക്ക് നീങ്ങി വന്നു.

"സത്യം പറയെടീ...നീ സ്റ്റയർകേസീന്ന് വീണതാണോ അതോ ആരേലും തള്ളിയിട്ടതാണോ?"

"നീ...നീയെന്താ ഇങ്ങനെ ഒക്കെ ചോദിക്കുന്നേ...?"

"അല്ലാ നിന്നെ തള്ളിയിട്ടത് ആ സൽമയാണോന്ന് നമ്മക്ക് ഒരു ചെറിയ ഡൗട്ട് അതോണ്ട് ചോദിച്ചതാ..."

"നിനക്ക് എന്താ അങ്ങനെ ഒരു ഡൗട്ട് തോന്നാൻ കാരണം..?"

"നീ സ്റ്റയർകേസീന്ന് വീണിട്ട് കാക്കൂ ഹോസ്പിറ്റലിൽ കൊണ്ട് പോയിട്ടുണ്ടെന്ന് അനൂക്ക പറഞ്ഞപ്പൊ ആ സൽമ വന്നിരുന്നു ഞങ്ങളെ കാണാൻ....നീ ചത്തോ അതോ ജീവിച്ചോന്ന് അന്വേഷിച്ചിട്ട് പോയി...

അപ്പൊ എനിക്ക് തോന്നി ഓള് ആയിരിക്കും അന്നെ തള്ളിയിട്ടതെന്ന്..."

നമ്മള് പിന്നെ ഒന്നും മറച്ച് വെക്കാൻ നിന്നില്ല...നടന്നതൊക്കെ നമ്മള് അച്ചൂനോട് അതുപോലെ തുറന്ന് പറഞ്ഞു.

അപ്പൊ തന്നെ ആദിയും ഉപ്പച്ചിയും കൂടി റൂമിലേക്ക് വന്നതും നമ്മള് സൈലൻറായി കൊണ്ട് തലയിൽ കിടന്ന തട്ടം ശരിയാക്കി ഇട്ടു.

എന്നിട്ട് അച്ചൂനോട് പിന്നെ ബാക്കി പറയാമെന്ന് പറഞ്ഞു.

ഉപ്പച്ചി നമ്മളെ അടുത്ത് വന്ന് ഇരുന്നിട്ട് നമ്മളെ തലയിൽ തലോടി.

"ഇപ്പൊ എങ്ങനെയുണ്ട് ഫെബീ...വേദനയുണ്ടോ..?"

"എനിക്ക് ഇപ്പൊ കൊഴപ്പൊന്നുല്യാ ഉപ്പച്ചീ...നമ്മക്ക് ഇവിടെന്ന് പോകാ... എനിക്ക് എന്തോ ഇവിടെ നിൽക്കാൻ ഒരു താൽപര്യവുമില്ല..ഡോക്ടറോട് പറഞ്ഞ് നമ്മക്ക് ഇവിടന്ന് ഇപ്പൊ തന്നെ ഡിസ്ചാർജ് ആകാം..."

"അതൊന്നും പറ്റില്ല... രണ്ടു ദിവസം ഇവിടെ കിടന്നിട്ടേ പോകാൻ പാടുള്ളൂ എന്ന് ഡോക്ടർ പ്രത്യേകം പറഞ്ഞിട്ടുണ്ട്... പിന്നെ ഹോസ്പിറ്റൽ ചിലവ് ഓർത്തിട്ടാണെങ്കിൽ നീ അതിനെ കുറിച്ച് ഒന്നും ടെൻഷനാകണ്ടാ...അതൊക്കെ ഞാൻ നോക്കിക്കോളാം..."

ആദി ഇച്ചിരി ഗൗരവത്തോടെ നമ്മളെ മേൽ എന്തോ അധികാരമുള്ള പോലെ പറഞ്ഞപ്പൊ ഓന് നല്ല ചുട്ട മറുപടി കൊടുക്കാൻ വേണ്ടി നാവ് തരിച്ചതേന്നു...പക്ഷേ ഉപ്പച്ചി ഉണ്ടായോണ്ട് മാത്രം നമ്മള് ഒന്നും മിണ്ടാതെ ഓനെ നോക്കി പുച്ഛിച്ചു.

കുറച്ച് കഴിഞ്ഞപ്പൊ അച്ചുവും അമ്മയും കൂടി പോയപ്പൊ കൂടെ നമ്മളെ ഉമ്മച്ചിയും പോയി...നമ്മളെ ഡ്രെസ് എടുക്കാൻ വേണ്ടിയാ മൂപ്പത്തി പോയത്...

അപ്പൊ തന്നെ ഡോക്ടർ കേറി വന്നിട്ട് നമ്മളോട് സുഖവിവരൊക്കെ അന്വേഷിച്ചു.

"എങ്ങനെയുണ്ട് ഐഷൂ ഇപ്പോ...വേദന ഒന്നും ഇല്ലല്ലോ..?"

ഡോക്ടറെ വിളി കേട്ടപ്പോ നമ്മള് ആദിനെ തുറുക്കനെ നോക്കി. ഓൻ അപ്പൊ തന്നെ മുഖം തിരിച്ച് മേപ്പോട്ട് നോക്കി നിന്നു... അത് കണ്ടപ്പോ നമ്മക്ക് ചിരിയാണ് വന്നത്...

"ഇല്ല ഡോക്ടർ എനിക്ക് ഇപ്പൊ കൊഴപ്പൊന്നുല്യാ...ഇന്ന് തന്നെ ഡിസ്ചാർജ് കിട്ടോ ഡോക്ടർ... എനിക്ക് ഇവിടെ എന്തോ അത്രക്ക് കംഫർട്ട് പോരാ... എനിക്ക് വീട്ടിൽ പോണം..."

"അത്രക്ക് നിർബന്ധാണെങ്കിൽ നാളെ ഡിസ്ചാർജ് വാങ്ങിയിട്ട് പിറ്റേന്ന് വീണ്ടും ഇങ്ങോട്ട് വരേണ്ടി വരും...ഡൈലി രണ്ട് ഇഞ്ചെക്ഷൻ വെക്കാനുണ്ട്...ഈ കാലും വെച്ച് എന്നും യാത്ര ചെയ്യുന്നത് ദാറ്റ്സ് നോട്ട് ഫെയർ.... അതോണ്ട് രണ്ടു ദിവസം കഴിഞ്ഞിട്ട് ഡിസ്ചാർജ് ആകാം..."

"ഇഞ്ചെക്ഷനോ...?"

നമ്മള് ഡോക്ടറെ നോക്കി കണ്ണ് തള്ളി കൊണ്ട് നമ്മളെ ഉപ്പച്ചിനെ ദയനീയമായി ഒന്ന് നോക്കി.

ഉപ്പച്ചി നല്ല ചിരി പാസാക്കി കൊണ്ട് വാ പൊത്തി നിന്നു. നമ്മള് അപ്പൊ മൂപ്പരെ നോക്കി കണ്ണുരുട്ടി കൊണ്ട് ഡോക്ടറെ നേരെ തിരിഞ്ഞു.

"ഡോക്ടർ ഇഞ്ചെക്ട് ചെയ്യാതെ മരുന്ന് കൊടുത്തൂടേ...ഇഞ്ചെക്ഷൻ എന്നൊക്കെ പറയുമ്പൊ അത് വേദനിക്കില്ലേ...?"

ഇപ്പൊ ഈ പറഞ്ഞ ഡയലോഗ് നമ്മള് പറയാൻ ഉദ്ദേശിച്ചത് ആണെങ്കിലും അത് പറഞ്ഞത് ആദി ആയിരുന്നു... ഓൻ പറയുന്നത് കേട്ട് നമ്മള് തൊള്ളേം തുറന്ന് ഓനെ നോക്കി നിന്നു.

"എന്താ ആദിൽ...താൻ ഇയാളേക്കാൾ കഷ്ടാണല്ലോ...നിങ്ങൾ കരുതുന്ന പോലെ അത്രക്ക് വേദന ഒന്നും കാണില്ല... പെട്ടെന്ന് തീരും..."

എന്ന് പറഞ്ഞ് ഡോക്ടർ ഇഞ്ചെക്ട് ചെയ്യാൻ വേണ്ടി മരുന്നെടുത്തതും ആദിക്ക് ഒരു കോൾ വന്നു. ഓൻ നമ്മളെ നോക്കി കൊണ്ട് ആ കോൾ അറ്റൻഡ് ചെയ്ത് പുറത്തേക്ക് പോയി.

നമ്മള് ഓനെ തന്നെ നോക്കി ഇരിക്കുന്നതിനിടയിൽ ഡോക്ടർ നമ്മളെ സൂചി വെച്ചതൊന്നും നമ്മള്

അറിഞ്ഞില്ല... ഡോക്ടർ നമ്മളെ കയ്യിൽ പഞ്ഞി വെച്ചപ്പോഴാണ് നമ്മള് കയ്യിലേക്ക് ശ്രദ്ധിച്ചത്...

"ദാ...ഇത്രെയേ ഉള്ളൂ...ഇതിനാണോ ഇങ്ങനെ പേടിച്ചത്..."

നമ്മള് ഡോക്ടറെ നോക്കി ഒന്ന് പുഞ്ചിരി തൂകി.ഡോക്ടർ ഒരു ഡിസ്ക്രിപ്ഷൻ ഉപ്പച്ചിക്ക് കൊടുത്തിട്ട് അതൊക്കെ വാങ്ങി വരാൻ പറഞ്ഞു. ഉപ്പച്ചി അതും കൊണ്ട് റൂമീന്ന് ഇറങ്ങിയതും ആദി കേറി വന്നതും ഒരുമിച്ചായിരുന്നു.

"എങ്ങോട്ടാ ഉപ്പാ...?"

"അത് ഡോക്ടർ ഈ മരുന്ന് ഒക്കെ വാങ്ങി വരാൻ പറഞ്ഞു..."

"ഇങ്ങ് തന്നേക്ക് ഞാൻ പോയി വാങ്ങി വരാം.."

"വേണ്ട ആദീ...ഇപ്പൊ തന്നെ നീ ഞങ്ങൾക്ക് വേണ്ടി ഒരുപാട് സഹായം ചെയ്തു... അതോണ്ട് ഇത് ഞാൻ വാങ്ങിക്കോളാം.."

ആദി ഉപ്പച്ചിനെ ഒരുപാട് നിർബന്ധിച്ചെങ്കിലും മൂപ്പരത് വക വെക്കാതെ മരുന്ന് വാങ്ങാൻ പോയി.

നമ്മള് അപ്പൊ ആദിയെ നോക്കി ഒന്ന് ചിരിച്ച് കൊടുത്തു.

"ഈ ആദിൽ തൻ്റെ ആരാ?"

ഡോക്ടറെ പെട്ടെന്നുള്ള ചോദ്യം കേട്ടിട്ട് നമ്മള് ഞെട്ടി തിരിഞ്ഞ് ഡോക്ടറെ നോക്കി. ഡോക്ടർ വീണ്ടും നമ്മളോട് ആ ചോദ്യം ആവർത്തിച്ചപ്പൊ മറുപടി നൽകിയത് ആദിയായിരുന്നു.

"ഞാൻ കെട്ടാൻ   പോകുന്ന പെണ്ണാണ് ഡോക്ടർ.. "

നമ്മള് അപ്പൊ ഓനെ നോക്കി ഞെട്ടി തരിച്ച്

ഇരുന്നു.ഓൻ അപ്പൊ നമ്മളെ നോക്കി സൈറ്റടിച്ചിട്ട് ഒരു പുഞ്ചിരി തൂകി.

"ഓഹോ വെറുതെ അല്ല തനിക്ക് വേണ്ടി ഇയാള് ഇവിടെ കെടന്ന് നെട്ടോട്ടമോടിയത്....

എന്തായാലും താൻ ഭാഗ്യവതിയാ ഇവനെ പോലെ ഒരുത്തനെ ഭർത്താവായി കിട്ടുന്നതിൽ...

പിന്നെ ആദീ...കൃത്യ സമയത്ത് തന്നെ മരുന്നൊക്കെ കൊടുക്കണം...പിന്നെ കാലിന് നല്ല റെസ്റ്റ് കൊടുക്കണം...ഒരു രണ്ടാഴ്ച്ച എങ്കിലും റെസ്റ്റ് എടുക്കണം....

എല്ലാം കൂടെ നിന്ന് ആദി തന്നെ നോക്കണം...

അപ്പൊ ഓക്കേ...നാളെ കാണാം...സീയൂ..മിസ്റ്റർ ആദി..."

എന്ന് പറഞ്ഞ് ഡോക്ടർ ആദിക്ക് കൈ കൊടുത്ത്

പോയി...നമ്മള് ആണെങ്കിൽ ഫ്യൂസടിച്ച് പോയ പോലെ തൊള്ളേം തുറന്ന് നമ്മളെ നോക്കി നിൽക്കാണ്...

ഡോക്ടർ പോയപ്പൊ ഓൻ നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളോട് ചേർന്ന് ഇരുന്നു...എന്നിട്ട് നമ്മളെ മുഖത്തേക്ക് നോക്കാതെ ഓറഞ്ച് തൊലിച്ചിട്ട് നമ്മളെ നേരെ നീട്ടി...

നമ്മള് അപ്പൊ ഓനെ തുറുക്കനെ നോക്കി കൊണ്ടിരിക്കുന്നത് കണ്ടിട്ട് ഓൻ നമ്മളെ മുഖത്തേക്ക് നോക്കി ചിരിക്കാൻ തുടങ്ങി...ഓൻ്റെ ചിരി കണ്ടപ്പൊ നമ്മളും അറിയാതെ ചിരിക്കാൻ തുടങ്ങി...

"കേട്ടല്ലോ ഡോക്ടറ് പറഞ്ഞത്...നിൻ്റെ കൂടേ തന്നെ നിന്ന് നിൻ്റെ എല്ലാ കാര്യവും നോക്കേണ്ട ചുമതല ഇപ്പൊ എനിക്കാ...

അതോണ്ട് മര്യാദക്ക് ഞാൻ പറയുന്നത് കേട്ട് അനുസരിച്ചോണ്ടി...,"

"അയ്യടാ....അതിന് വേറെ ആളെ നോക്കിയാൽ മതി...എന്നെ കിട്ടില്ല അതിനൊന്നും...ഓ പിന്നെ ഡോക്ടറ് പറഞ്ഞത് എന്നെ കെട്ടാൻ പോകുന്നവനെ ഉദ്ദേശിച്ചാണ് അല്ലാതെ നിന്നെയല്ല..."

"പിന്നെ ഞാൻ അല്ലാതെ വേറെ ആരാടീ അന്നെ കെട്ടാൻ പോകുന്നത്?

നേരത്തെ അൻറെ ഉപ്പാനോട് ഞാൻ എന്താ സംസാരിച്ചതെന്ന് അറിയോ നിനക്ക്...

നിൻറെ ഉപ്പാൻറെ കയ്യീന്ന് എൻറെ കയ്യിലേക്ക് നിന്നെ തരുന്നതിനെ കുറിച്ചാ ഞങ്ങള് സംസാരിച്ചത്...

നിൻറെ ഉപ്പാക്ക് പൂർണ്ണ സമ്മതം...

നമ്മളെ പഠിത്തം കഴിഞ്ഞിട്ട് എല്ലാം നടത്താമെന്ന് വാക്ക് തന്നിട്ടുണ്ട്....

നിനക്ക് സംശയണ്ടെങ്കിൽ അൻറെ ഉപ്പാനോട് ചോദിച്ച് നോക്ക്..."

"നീ വേറെന്ത് പറഞ്ഞാലും ഞാൻ വിശ്വസിച്ചേനെ..പക്ഷെ ഇത് ഞാൻ വിശ്വസിക്കൂല...കാരണം...

എൻറെ ഉപ്പച്ചി എന്നോട് ചോദിക്കാതെ ഇങ്ങനെ ആർക്കും വാക്ക് കൊടുക്കൂല...അതോണ്ട് പൊന്ന് മോൻ ആ പൂതിയങ്ങ് മനസ്സീന്ന് കളഞ്ഞേക്ക്ട്ടോ..."

"നിൻറെ ഉപ്പാനോട് പറഞ്ഞിട്ടില്ലെന്ന് സത്യാ..പക്ഷേ, ആ പൂതി മനസ്സീന്ന് അത്ര പെട്ടെന്ന് ഒന്നും ഞാൻ കളയൂല...

പോവാണെങ്കിൽ നിന്നേയും കൊണ്ടേ ഈ ആദി പോകൂ...അതും എൻറെ പെണ്ണായിട്ട്..."

അതും പറഞ്ഞ് ആദി അവിടന്ന് എണീറ്റ് പോയി...നമ്മള് ഓനെ തിരിച്ച് വിളിക്കാൻ തുനിഞ്ഞെങ്കിലും എന്തോ അതിന് കഴിഞ്ഞില്ല...പിന്നീട് ഉണ്ടായിരുന്ന രണ്ട് ദിവസവും ഹോസ്പിറ്റലിൽ എന്തിനും ഏതിനും ആദിയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു...

ഡിസ്ചാർജ് വാങ്ങി വീട്ടിലേക്ക് മടങ്ങുമ്പൊ ആദിയാണ് ഞങ്ങളെ വീട്ടിലെത്തിച്ചത്...ഉമ്മച്ചിയും

ഉപ്പച്ചിയും കൂടി നമ്മളെ താഴെ സിനൂൻറെ റൂമിലാണ് നമ്മളെ കൊണ്ട് പോയി കിടത്തിയത്...

നമ്മളെ വരവ് കണ്ടിട്ട് സിനു പൊരിഞ്ഞ ചിരി ആയിരുന്നു.നിക്കെടി...ഞാനൊന്ന് എണീറ്റ് നടന്നോട്ടേ നിനക്കുള്ളതൊക്കെ നമ്മള് വഴിയെ തരുന്നുണ്ടെന്ന് മനസ്സില് കരുതി കൊണ്ട് നമ്മള് ബെഡില് ഇരുന്നു.

അപ്പോഴാണ് മരുന്നും നമ്മളെ ഡ്രസും കൊണ്ട് ആദി റൂമിലേക്ക് വന്നത് ..ഓനെ കണ്ടതും സിനു നമ്മളെ അടുത്തേക്ക് നീങ്ങി വന്നിട്ട് നമ്മളെ കാതില് പതുക്കെ മൊഴിഞ്ഞു...

"ഇതാണോ നിങ്ങളെ ഹീറോ ആദിൽ...?

മൊഞ്ചനാണല്ലോ...എന്നാലും എൻറെ താത്താ എങ്ങനെ ഒപ്പിച്ചു ഈ മൊതലിനേ...?

ഇങ്ങേരെ കാണുമ്പോൾ എവിടെയോ കണ്ട പോലെ

ഒരു തോന്നല്...

എന്തായാലും പറയാതിരിക്കാൻ വയ്യ സൂപ്പർ സെലക്ഷൻ തന്നെ..."

നമ്മള് അപ്പൊ തന്നെ ഓളെ കയ്യില് നല്ല നുള്ള് കൊടുത്തിട്ട് മിണ്ടാതിരിക്കാൻ പറഞ്ഞു...

ആദി അതൊക്കെ അവിടെ വെച്ചിട്ട് തിരിച്ച് പോകാൻ നിന്നപ്പൊ ഒന്ന് കൂടി തിരിഞ്ഞ് നിന്നിട്ട് നമ്മളേയും സിനൂനേയും മാറി മാറി നോക്കാൻ തുടങ്ങി. അത് കണ്ടപ്പോൾ നമ്മക്ക് എന്തോ ഒരു ചെറിയ സ്പെല്ലിങ് മിസ്റ്റേക്ക് പോലെ തോന്നി..

ഓൻറെ നോട്ടം കണ്ടിട്ട് നമ്മളും സിനുവും അന്തം വിട്ട് മുഖത്തോട് മുഖം നോക്കി നിന്നു..

"ഇത്.....ഇത് നിൻറെ ആരാ?"

സിനൂനെ ചൂണ്ടി കൊണ്ട് ആദി അങ്ങനെ ചോദിച്ചപ്പൊ

നമ്മള് സിനൂനെ ഒന്ന് അടിമുടി നോക്കി.

"എൻറെ അനിയത്തി....എന്താ മുൻപ് കണ്ട വല്ല പരിചയവുമുണ്ടോ...?"

പെട്ടെന്ന് ഞങ്ങളെ ഒക്കെ ഞെട്ടിച്ച് കൊണ്ട് ആദി പൊട്ടി ചിരിക്കാൻ തുടങ്ങി. ഓൻറെ ചിരി കണ്ടിട്ട് സിനു നമ്മളെ അടുത്തേക്ക് നീങ്ങി വന്നു.

"വട്ടാണെന്ന് തോന്നുന്നു... താത്താക്ക് പറ്റിയ കൂട്ട് തന്നെ .."

"പോടീ അണ്ണാച്ചീ.."

എന്ന് പറഞ്ഞ് നമ്മള് ഓളെ പിടിച്ച് തള്ളി. കുറച്ച് കഴിഞ്ഞപ്പൊ ആദി ചിരി കൺട്രോൾ ചെയ്തിട്ട് സിനൂൻറെ അടുത്തേക്ക് നടന്നു.

"നിൻറെ പേര് മുഹ്സിന എന്നല്ലേ?"

ആദീ ഓളെ പേര് പറയുന്നത് കേട്ട് നമ്മളും സിനുവും പരസ്പരം മുഖത്തേക്ക് നോക്കി നിന്നു. ഓള് ഒരു അന്ധാളിപ്പോടെ ആദിയെ നോക്കി അതേ എന്ന് തലയാട്ടി.

"നിനക്ക് എന്നെ അറിയോ...അതായത് എന്നെ ഇതിന് മുൻപ് എവിടേലും വെച്ച് കണ്ട പോലെ ഓർക്കുന്നുണ്ടോ?"

സിനു നമ്മളെ മുഖത്തേക്ക് നോക്കിയിട്ട് ആദിനെ നോക്കിയിട്ട് ഇല്ലാന്ന് തലയാട്ടി...

"ഓക്കേ...അതൊക്കെ പോട്ടെ... നിനക്ക് പ്ലസ് വണ്ണിന് പഠിക്കുന്ന ആഷിഖിനെ അറിയോ?"

അത് ചോദിച്ചപ്പൊ നമ്മളും സിനുവും ഒരു പോലെ ഞെട്ടി മുഖത്തേക്ക് നോക്കി. ഓൻ ഞങ്ങളെ നോക്കി കൊണ്ട് ഒരു പുഞ്ചിരി തൂകി.

"ഞാൻ എങ്ങനെ അവനെ അറിയുമെന്നാകും ചിന്തിക്കുന്നതല്ലേ...

ഞാൻ ആഷിഖിൻ്റെ ബ്രദറാണ്...എന്നോട് ഓൻ നിന്നെ കുറിച്ച് ഒക്കെ ഒരുപാട് പറഞ്ഞിട്ടുണ്ട്...

പക്ഷേ നീ ഇവളെ അനിയത്തി ആകുമെന്ന് ഞാൻ ഒട്ടും പ്രതീക്ഷിച്ചില്ല...കാരണം ഞാൻ പല തവണ ഇങ്ങോട്ട് വന്നിട്ടുണ്ടെങ്കിലും നിന്നെ മാത്രം ഇവിടെ കണ്ടിട്ടേയില്ല...ഇവരാരും പറഞ്ഞിട്ടേയില്ല...

എനി വേ...പരിചയപ്പെട്ടതിലും കാണാൻ കഴിഞ്ഞതിലും വളരെ സന്തോഷം...അപ്പൊ ശരി ഞാൻ ഇറങ്ങാണ്..പിന്നെ ഒരിക്കൽ ആഷിയേയും കൂട്ടി വരാം..."

എന്ന് പറഞ്ഞ് ആദീ തിരിഞ്ഞതും നമ്മള് ഓളെ നോക്കി പൊരിഞ്ഞ ചിരി ആയിരുന്നു... ഓള് നമ്മളെ തുറുക്കനെ നോക്കി പേടിപ്പിച്ചിട്ട് ആദിയെ വിളിച്ച് അവിടെ നിർത്തി. ഓളിത് എന്തിനുള്ള പുറപ്പാടാന്ന്

ചിന്തിച്ച് നമ്മള് കണ്ണിമ വെട്ടാതെ ഓളെ തന്നെ വീക്ഷിച്ചു.

"ആദിൽക്ക ഒന്നും വിചാരിക്കരുത്...ഈയിടെയായി നിങ്ങളെ അനിയൻ്റെ ബിഹേവിയറ് ഒട്ടും ശരിയല്ല...പ്രേമം മണ്ണാങ്കട്ട എന്നൊക്കെ പറഞ്ഞ് എൻ്റെ പിന്നാലെ കൂടിയിരിക്കാണ്...

ഞാൻ സ്കൂളിൽ പോകുന്നത് പഠിക്കാനാണ്...എൻ്റെ ഉപ്പച്ചി കഷ്ടപ്പെട്ട് എന്നെ അങ്ങോട്ട് പഠിക്കാൻ വിടുന്നതും എന്നിലുള്ള പ്രതീക്ഷ കൊണ്ടാണ്...

ആ പ്രതീക്ഷ തച്ചുടക്കാൻ ഞാൻ ഒരുക്കമല്ലെന്ന് നിങ്ങളെ അനിയനോട് പറയണം...

പിന്നെ ഈ പ്രായത്തിൽ പഠിക്കുന്നതിനെ കുറിച്ചല്ലാതെ മറ്റ് ഒരു ചിന്തയും പാടില്ലെന്ന് എന്നെ എൻ്റെ താത്ത പഠിപ്പിച്ചിട്ടുണ്ട്...ഞങ്ങൾക്ക് ഈ പ്രായത്തിൽ പഠിപ്പിനെ കുറിച്ചല്ലാതെ മറ്റൊന്നിനെ കുറിച്ചും ആലോചിച്ച് ബോദേഢാകണ്ട കാര്യവും ഇല്ല...

അതോണ്ട് സമയം കിട്ടുമ്പൊ പുന്നാര അനിയനെ ഉപദേശിക്കുന്നത് നന്നായിരിക്കും... ഇനിയും അവൻറെ ഭാഗത്ത് നിന്നും ഇത്തരത്തിൽ ശല്യം ഉണ്ടായാൽ ഞാൻ ഇത് കമ്പ്ലൈൻറ് ചെയ്യുമെന്ന് അവനോട് പറഞ്ഞേക്ക്.."

എന്ന് പറഞ്ഞ് സിനു റൂമീന്ന് പുറത്തേക്ക് പോയി... ഓള് പറഞ്ഞതൊക്കെ ആലോചിച്ച് നമ്മളെ കാറ്റ് പോകാറായ പോലെ നമ്മക്ക് തോന്നി...കാരണം മുൻ പരിചയമില്ലാത്ത ആരോടും സംസാരിക്കാത്ത പ്രകൃതാണ് ഓൾക്ക്...പക്ഷേ ഇപ്പൊ അതൊന്നും വക വെക്കാതെ ഓള് ആദിയോട് പറഞ്ഞതൊക്കെ കേട്ടപ്പോ ഓളെ പോലെ ഒരു അനിയത്തിയെ കിട്ടിയതില് നമ്മക്ക് അഭിമാനം തോന്നി...

ആദി നമ്മളേക്കാൾ ഷോക്കടിച്ചാണ് നിൽക്കുന്നത്. ഓൻ നമ്മളെ നോക്കി ഒന്ന് ചിരിച്ചിട്ട് പെട്ടെന്ന് തന്നെ അവിടന്ന് പോയിരുന്നു...

ഓൻ പോയതും അപ്പൊ തന്നെ സിനു നമ്മളെ അടുത്തേക്ക് വന്ന് നമ്മളെ അടുത്ത് ഇരുന്നു. നമ്മള്

ഓളെ കണ്ണിമ വെട്ടാതെ നോക്കുന്നത് കണ്ടിട്ട് ഓള് നമ്മളെ നോക്കി എന്തേന്ന് പുരികം പൊക്കി...നമ്മള് ഓളെ നോക്കി ഒന്ന് പുഞ്ചിരി തൂകി കൊണ്ട് കുറച്ച് കൂടി അടുത്തേക്ക് ഇരുത്തി...

"ഞാൻ അന്ന് അങ്ങനെ ഒക്കെ പറഞ്ഞത് നീ പ്രാവർത്തികമാക്കുമെന്ന് എനിക്ക് യാതൊരു ഉറപ്പും ഇല്ലെന്നു...പക്ഷേ ഇന്ന് നീ ഓനോട് പറഞ്ഞ ഓരോ കാര്യങ്ങളും എന്നെ കൂടുതൽ അത്ഭുതപ്പെടുത്തി സിനൂ...

നിന്നെ പോലെ വഴക്ക് കൂടാനും സ്നേഹം കൊണ്ട് മൂടാനും ഒരു അനിയത്തിയെ കിട്ടിയത് എൻറെ ഭാഗ്യാണ്...

നീ പറഞ്ഞത് ശരിയാ... ഇപ്പൊ നീ പഠിക്കേണ്ട പ്രായാണ്...നിൻറെ നിർബന്ധത്തിന് വഴങ്ങി ഉപ്പച്ചി ഇല്ലാത്ത കാശ് കൊടുത്ത് നിന്നെ ഇംഗ്ലീഷ് മീഡിയത്തില് കൊണ്ട് പോയി ചേർത്തത് നീ നന്നായിട്ട് പഠിക്കാൻ വേണ്ടിയാണ്...

നമുക്ക് ഇഷ്ടപ്പെട്ട സ്കൂളിൽ ഇഷ്ടപ്പെട്ട വിഷയമെടുത്ത് പഠിച്ചാലെ നമുക്ക് നല്ല ഒരു ഭാവി ഉണ്ടാകൊള്ളൂ...

നമ്മളെ മാതാപിതാക്കൾ നമ്മളെ ഒരുപാട് പഠിപ്പിക്കുന്നതൊക്കെ അവർക്ക് നേടാൻ കഴിയാതെ പോയ പലതും നമ്മളിലൂടെ നേടാൻ വേണ്ടിയാണ്...

നിന്നോട് ഇതൊക്കെ ഞാൻ പല തവണ പറഞ്ഞതായിരുന്നു...പക്ഷേ നീ അതൊക്കെ അപ്പോഴത്തെ ലാഘവത്തില് കേട്ട് നിൽക്കാണെന്നാ ഞാൻ കരുതിയത്...എൻറെ കരുതലുകളൊക്കെ തെറ്റായിരുന്നെന്നും ഞാൻ പറഞ്ഞതൊക്കെ നീ മനസ്സിലാക്കി പ്രവർത്തിക്കുന്നുമുണ്ടെന്നും അറിഞ്ഞപ്പൊ എനിക്കും നിന്നിൽ ഒരുപാട് പ്രതീക്ഷകൾ കൂടി...

ഇപ്പോഴാ ശരിക്കും നീയെൻറെ അനിയത്തിയാണെന്ന് പറയാൻ തന്നെ തോന്നുന്നത്..."

എന്ന് പറഞ്ഞ് നമ്മള് ഓളെ നെറുകയിൽ ചുംബിച്ച് നെഞ്ചോട് ചേർത്തു... അപ്പൊ തന്നെ ഉമ്മച്ചി കേറി വന്നതും നമ്മള് സിനൂനെ പിടിച്ച് തള്ളി... ഓളും ഉമ്മച്ചിനെ കണ്ടപ്പൊ നമ്മളോട് മനപ്പൂർവ്വം വഴക്കിന് വന്നു...

ഇത് ഞങ്ങൾ തമ്മിൽ ഉള്ള ഒരു ചെറിയ കളിയാണ്...

എന്നും കീരിയും പാമ്പുമായിട്ട് തല്ല് കൂടുന്ന ഞങ്ങള് പെട്ടെന്ന് അട്ടയെ പോലെ ഒട്ടി നിൽക്കുന്നത് കണ്ടാൽ പിന്നെ ശരിക്കും ഞങ്ങൾക്ക് തെരക്ക് കൂടേണ്ടി വരും...ഇങ്ങനെ ഒരുപാട് തവണ നടന്നിട്ടുണ്ടേ...

പക്ഷേ ഇത്തവണ നടന്ന വഴക്ക് കുറച്ച് കൂടി പോയെന്ന് നമ്മക്ക് തോന്നി... കാരണം ആ ഭദ്രകാളി ഓളെ പിടിച്ച് തള്ളിയതിന് പകരം തീർത്തത് നമ്മളെ പ്ലാസ്റ്ററിട്ട കാലില് പിടിച്ച് അമർത്തി കൊണ്ടാണ്...അതോട് കൂടി നമ്മള് സ്വർഗവും നരകവുമെല്ലാം ഒരുമിച്ച് കണ്ട പ്രതീതിയായി...ഇതാണ് കാര്ന്നോർമാര് പറയുന്നത് വടി കൊടുത്ത് അടി വാങ്ങാന്ന്...

പിന്നെ അതിന് ശേഷം ഉമ്മച്ചി ഓളെ നമ്മളെ

ഏഴയലത്തേക്ക് അടുപ്പിച്ചിട്ടില്ലേന്നു. കാരണം നമ്മള് അത്രക്ക് തെരക്കല്ലെ നേരിട്ട് കണ്ടാല്... എല്ലാം ചുമ്മാ ഒരു രസം...

കുറച്ച് ദിവസം കഴിഞ്ഞ് ആദി ഞങ്ങളെ വീട്ടിലേക്ക് വന്നത് ഒരു പടയെ കൂട്ടി ആയിരുന്നു... നോക്കണ്ട കല്യാണപ്പട അല്ല..നമ്മളെ കോളേജ് പടയെ കൂട്ടി..

നമ്മളെ കുരാമീസ്, കാക്കു പിന്നെ രണ്ട് ടീമിലെയും ചങ്ക് ബ്രദേഴ്സും...ഇവരൊക്കെലകൂടി വന്നപ്പൊ തന്നെ വീട് മൊത്തം ഒരു കല്യാണത്തിനുള്ള ആളുള്ള പോലെ തോന്നി...

എല്ലാവരും കൂടി നമ്മളെ ചുറ്റും കൂടി നിന്ന് ഓരോന്ന് പറയലും ചിരിക്കലും കളിയാക്കലുകളുമൊക്കെയായി പൊളിച്ചടുക്കി...

അപ്പോഴാണ് ഞങ്ങളെ ഒക്കെ ശബ്ദം കേട്ടിട്ട് ഹസി നമ്മളെ റൂമിലേക്ക് വന്നത്... ഓള് അവരെയൊക്കെ കണ്ടപ്പൊ തിരിച്ച് പോകാൻ നിന്നെങ്കിലും നമ്മള് പറഞ്ഞിട്ട് അച്ചു ഓളെ അവിടെ പിടിച്ച് നിർത്തി കൊണ്ട് ഓളെ എല്ലാവർക്കും പരിചയപ്പെടുത്തി

കൊടുത്തു...

പിന്നെ പറയണ്ടല്ലോ അവര് പോകുന്ന വരെ വീട് മൊത്തം കലപില കലപില മാത്രേ ഉണ്ടായിരുന്നുള്ളൂ...

ക്ലാസ് കട്ടാക്കിയിട്ട് ഉച്ചക്ക് മുങ്ങിയതാണ് അവര്...എല്ലാവരും ഓരോ കാര്യങ്ങൾ പറഞ്ഞ് മുഴുകി ഇരിക്കുമ്പൊ നിസൂക്ക ഹസിനോട് സംസാരിക്കുന്നത് നമ്മളെ ശ്രദ്ധയിൽ പെട്ടു. നമ്മളത് കാര്യാക്കാതെ ഓരെ രണ്ടിനേയും ഒന്ന് നോക്കി കൊണ്ട് നമ്മളെ കുരാമീസിനോട് കോളേജിലെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞു...

"ഫെബീ നീ അറിഞ്ഞോ...ആ സൽമയില്ലേ..ഓള് വീട്ടിലെ സ്റ്റയർകേസിൽ നിന്നും വീണ് ഇപ്പൊ ഹോസ്പിറ്റലിൽ അഡ്മിറ്റാണ്...

കയ്യിനും കാലിനും പൊട്ടലൊക്കെയുണ്ട്...പിന്നെ തലേല് നാല് സ്റ്റിച്ചും...മിനിമം രണ്ട് മാസമെങ്കിലും എടുക്കും ഓളൊന്ന് നേരെയാകാൻ..."

നസി പറയുന്നത് കേട്ട് നമ്മള് അച്ചൂനെ ഒന്ന് നോക്കി. ഓള് അപ്പൊ തന്നെ മേപ്പോട്ട് നോക്കി നിക്കുന്നത് കണ്ടപ്പൊ തന്നെ കാര്യങ്ങൾ ഏകദേശം നമ്മക്ക് പിടി കിട്ടിയിരുന്നു...

ഓള് ആദിയോട് പറഞ്ഞിട്ടുണ്ടാകും സൽമയാണ് നമ്മളെ തള്ളിയിട്ടതെന്ന്...അപ്പൊ അതിനുള്ള തിരിച്ചടി കൊടുത്തതാകും ഓള് വീണത്...

അപ്പൊ തന്നെ നമ്മളെ കണ്ണുകൾ ആദിയെ തേടി കൊണ്ടിരുന്നു... ഓൻ റൂമിൻ്റെ ഒരു മൂലയിൽ കാക്കൂനോടൊക്കെ പൊരിഞ്ഞ കത്തിയടിയിലേന്നു. ഓനെ നോക്കി കൊണ്ട് നമ്മള് അച്ചൂനെ ഒന്ന് തുറുക്കനെ നോക്കിയപ്പൊ ഓള് നമ്മളെ നോക്കി ഒന്ന് പല്ലിളിച്ചിട്ട് വേഗം റൂമീന്ന് പുറത്തേക്ക് പോയി...

ഓളെ പോക്ക് കണ്ടപ്പൊ നമ്മക്ക് ചിരി വന്നെങ്കിലും നമ്മക്ക് അതിലേറെ ചിരി വന്നത് സൽമൻ്റെ കാര്യം ഓർത്തിട്ടായിരുന്നു....ഒപ്പം ഉള്ളിലൊരു ചെറിയ പേടിയും ഉണ്ട്.. ഇനി ഇതിൻ്റെ പേരിൽ നമ്മളിനി

എന്തൊക്കെ കാണേണ്ടി വരുമെന്ന് പറയാൻ പറ്റില്ലല്ലോ...

അങ്ങനെ വൈകുന്നേരത്തെ ഫുഡൊക്കെ നമ്മളോട് നിന്ന് കഴിച്ച് നാല് ഏമ്പക്കവും വിട്ടിട്ടാണ് അവര് പോയത്...

അവര് പോയതും വീട്ടിൽ ഒരു മഴ പെയ്ത് തോർന്ന ഒരു പ്രതീതി ആയിരുന്നു...

പോകുന്ന നേരം ആദി നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ അടുത്ത് ഇരുന്നു...

"നീ സ്റ്റയർകേസീന്ന് വീണതല്ല നിന്നെ സൽമ തള്ളിയിട്ടതാണെന്ന് നീ എന്നോട് മറച്ച് വെച്ചെങ്കിലും അച്ചു എന്നോട് അത് അന്ന് തന്നെ വിളിച്ച് പറഞ്ഞിരുന്നു...

പിന്നെ നീ ഹോസ്പിറ്റലിൽ നിന്നും ഇറങ്ങാൻ കാത്തിരിക്കായിരുന്നു അവളെ അങ്ങോട്ട് പറഞ്ഞയക്കാൻ...

എന്തായാലും നിനക്ക് കിട്ടിയത് പലിശ സഹിതം ഞാൻ കൊടുത്ത് വീട്ടിയിട്ടുണ്ട്...

നിനക്ക് വേണ്ടിയല്ല അത് ചെയ്തത്...എൻ്റെ ഒരു സമാധാനത്തിന് വേണ്ടിയാ ...

കാരണം, എൻ്റെ ജീവനെ വേദനിപ്പിച്ചോണ്ട് ആരേയും അങ്ങനെ സുഖിച്ച് കഴിയാൻ ഞാൻ സമ്മതിക്കില്ല..."

എന്ന് പറഞ്ഞ് ആദി നമ്മളെ നോക്കി കൊണ്ട് അവിടന്ന് എണീറ്റു പോയി...

ആദിയെ പോലെ ഒരാളെ ഏതൊരു പെണ്ണും ആഗ്രഹിക്കും...അതുപോലെ ഇപ്പൊ ഞാനും ആഗ്രഹിക്കുന്നു...

ആദിയെ പോലെ ഒരാളെ കിട്ടാനല്ല...ആ ആദിയെ തന്നെ കിട്ടാൻ...

ഓരോ ദിവസം കൂടുന്തോറും നമ്മക്ക് ആദിയോടുള്ള ഇഷ്ടവും കൂടി വരാണ്...പക്ഷേ അത് ഓനോട് ഒരിക്കലും തുറന്ന് പറയാൻ നമ്മളെ മനസ്സാക്ഷി അനുവദിക്കുന്നില്ല എന്നതാണ് സത്യം...

ഇന്ന് നമ്മള് കോളേജിലേക്ക് പോകാണ്...കാലിലെ പ്ലാസ്റ്ററൊക്കെ അഴിച്ചിട്ട് നമ്മക്ക് നന്നായി നടക്കാനൊക്കെ പറ്റുന്നുണ്ട്...

കാല് ശരിയായിട്ട് വേണം ആ സൽമയെ ഒന്ന് കാണാനെന്ന് കരുതി നിൽക്കുമ്പോഴാണ് അറിഞ്ഞത് ഓള് ഇപ്പോഴും ഹോസ്പിറ്റലിൽ ആണെന്ന്... അതോണ്ട് കോളേജിൽ ഞങ്ങൾ എല്ലാവരും നല്ല ഹാപ്പി ആയിട്ട് തന്നെ ആയിരുന്നു നടന്നത്...

പല തവണ ആദിയെ നമ്മള് കണ്ടെങ്കിലും ഓനോട് അധികം മിണ്ടാതെ ഒരു പുഞ്ചിരി മാത്രം നമ്മള് നൽകി.

അങ്ങനെ കോളേജ് വിട്ട് ഞങ്ങൾ വീട്ടിലേക്ക് പോകാൻ നേരായിരുന്നു മഴ തകർത്തു പെയ്തത്. ..കുട പിന്നെ

എനിക്കും അച്ചൂനും പണ്ടെ അലർജി ആയോണ്ട് ഞങ്ങൾ രണ്ട് പേരും മഴയത്ത് കളിച്ചോണ്ട് തുള്ളിച്ചാടിയാണ് ബസ് സ്റ്റോപ്പ് ലക്ഷ്യമാക്കി നടന്നത്...

ഞങ്ങൾ ബസ് സ്റ്റോപ്പിൻറെ അടുത്തേക്ക് എത്താൻ നേരം പെട്ടെന്ന് ഒരു കാറ് വന്ന് ഞങ്ങളെ മുന്നിൽ നിന്നു...

ജസ്റ്റ് മിസ്സിനായിരുന്നു ആ വണ്ടി ഞങ്ങളെ മുന്നിലേക്ക് വന്നത്. കുറച്ച് കൂടി കഴിഞ്ഞിരുന്നേൽ നമ്മളിപ്പൊ വണ്ടി കേറി ചമ്മന്തി ആയേനേ...

"ആരുടെ അമ്മൂമ്മനെ കെട്ടിക്കാനാടാ..നീ ഇതും കൊണ്ട് ഇറങ്ങിയത്..."

എന്ന് അച്ചു ആ കാറിലുള്ളവരെ നോക്കി പറഞ്ഞെങ്കിലും ആരും ഇറങ്ങി വരാത്തത് കണ്ടപ്പോഴും ആ കാറിൻറെ നിർത്തം കണ്ടപ്പോഴും നമ്മക്ക് എന്തോ പന്തികേട് പോലെ തോന്നി...

അതോണ്ട് നമ്മള് അച്ചൂനെ കൂടുതൽ ഒന്നും പറയാൻ സമ്മതിപ്പിക്കാതെ ആ കാറ് മറി കടന്ന് ചെന്നതും ആരോ നമ്മളെ കൈ പിടിച്ച് തീരിച്ച് പിറകിലേക്ക് ആക്കിയിരുന്നു...

(തുടരും)

ഭാഗം. 60

നമ്മള് അച്ചൂനെ കൂടുതൽ ഒന്നും പറയാൻ സമ്മതിപ്പിക്കാതെ അവളേയും കൊണ്ട് ആ കാറ് മറി കടന്ന് ചെന്നതും ആരോ നമ്മളെ കയ്യിൽ പിടിച്ച് തിരിച്ചിട്ട് പിറകിലേക്ക് ആക്കിയിരുന്നു...

നമ്മക്ക് അതാരാണെന്ന് കാണാൻ പറ്റിയില്ല കാരണം അയാളെൻ്റെ പിറകിലായിരുന്നു നിന്നത്...പക്ഷേ ആ പിടുത്തത്തിൽ നിന്ന് തന്നെ അതാരായിരിക്കുമെന്ന് എനിക്ക് ഊഹിക്കാമായിരുന്നു...

"സാലിം...."

അച്ചുവിന്റെ ചുണ്ടുകൾ മൊഴിഞ്ഞത് കേട്ടപ്പോ നമ്മള് ഉദ്ദേശിച്ച ആള് തന്നെയെന്ന് ബോധ്യായി...

പെട്ടെന്ന് അവൻ നമ്മളെ കൈ പിടിച്ച് ഓൻറെ മുന്നിലേക്ക് വലിച്ച് നിർത്തി കൊണ്ട് നമ്മളെ മോന്തയടക്കി ഒന്ന് തന്നു...

അത് കാണേണ്ട താമസം നമ്മളെ അച്ചു ജീവനും കൊണ്ട് ഒരോട്ടമായിരുന്നു....ബെസ്റ്റ് നല്ല സ്നേഹമുള്ള കൂട്ടുകാരിയെന്ന് നമ്മള് മനസ്സിൽ പറഞ്ഞോണ്ട് ആ സാലിമിന് നേരെ തിരിഞ്ഞു.

ഓൻ നമ്മളെ അടുത്തേക്ക് പാഞ്ഞ് വന്നിട്ട് നമ്മളെ മുടിക്കുത്തിൽ പിടിച്ച് വലിച്ചു...

നമ്മള് വേദന കൊണ്ട് അലറുന്നത് കണ്ടപ്പോൾ ഓൻ ചിരിക്കായിരുന്നു.

"കരയ് നീ...ചങ്ക് പൊട്ടി കരയടീ....

നീ ഒരൊറ്റ ഒരുത്തി കാരണാ ഇന്ന് സൽമക്ക് ഹോസ്പിറ്റലിൽ കിടക്കേണ്ടി വന്നത്...അതിന് നിന്നോട് പകരം ചോദിച്ചില്ലെങ്കിൽ പിന്നെ ഞാൻ ഓളെ ഇക്കാക്കയാണെന്ന് പറഞ്ഞ് നടന്നിട്ട് വല്ല കാര്യവുമുണ്ടോ..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ പിടിച്ച് തള്ളിയതും നമ്മള് ഓൻറെ കാറില് പോയി തട്ടി നിന്നു...

അപ്പൊ കാറിൽ നിന്നും രണ്ട് പേർ ഇറങ്ങി വന്നിട്ട് നമ്മക്ക് അഭിമുഖമായി വന്ന് നിന്നു...

അതിലൊരാൾ ആ അനസും മറ്റൊരാൾ ഏതോ ഒരുത്തനും ആയിരുന്നു... സാലിം നമ്മളെ നേരെ നടന്ന് വന്നിട്ട് അനസിൻറെ തോളില് കയ്യിട്ട് നിന്നു.

"ഇവനെ നീ അറിയില്ലേ...?

പിന്നെ അറിയാതെ എവിടെ പോകാനാലേ...ഇവനെ പഞ്ഞിക്കിട്ടല്ലെ നീ കോളേജിലെ താര റാണി ആയത്...അതോണ്ട് ഇവനെ മറക്കാൻ സാധ്യത കാണില്ല...

പിന്നെ ഇവൻ...ഇവനും നീയുമായിട്ട് യാതൊരു ബന്ധവുമില്ല... പക്ഷേ ആദിയും ഇവനും തമ്മിൽ ഒരു ചെറിയ ബന്ധമുണ്ട് അപ്പൊ അതിൻറെ കണക്ക് തീർക്കാൻ വന്നതാ..."

"സാലിം... ഞാൻ അറിഞ്ഞ് കൊണ്ട് സൽമയെ ഒന്നും ചെയ്തിട്ടില്ല...എല്ലാത്തിനും ആദിയാണ് കാരണക്കാരൻ..."

"കറക്ട് ആദി തന്നെയാ കാരണക്കാരൻ...അത് ഞങ്ങക്ക് അറിയാം....

പക്ഷേ, ഓനെ ദ്രോഹിച്ചാൽ അവന് വേദനിക്കില്ല...എന്നാൽ നിന്നെ തൊട്ടാൽ അവന് വേദനിക്കും...

നിനക്ക് വേണ്ടിയല്ലെ അവൻ സൽമയെ സ്റ്റയർകേസീന്ന് തള്ളിയിട്ട് കൊല്ലാൻ നോക്കിയത്..?

അതോണ്ട് അതിനുള്ള തിരിച്ചടി ഞങ്ങള് കൊടുക്കാൻ പോകുന്നത് നിന്നിലൂടെയാണ്...

അതും ഇവിടെ വെച്ചല്ല എൻറെ സൽമയുടെ മുന്നിൽ വെച്ച്....

പിടിച്ച് കയറ്റെടാ അവളെ..."

സാലിമും അനസും കൂടി നമ്മളെ കൈ പിടിച്ച് വലിച്ച് കാറിലേക്ക് കേറ്റാൻ ശ്രമിച്ചു... നമ്മള് അവരെ കയ്യീന്ന് കുതറി ഓടാൻ ശ്രമിച്ചുനോക്കിയെങ്കിലും അവൻമാര് അപ്പോഴേക്കും നമ്മളെ പിടിച്ച് കാറില് കയറ്റി...

"വിട്.....എന്നെ വിടാനല്ലെ പറഞ്ഞത്...മര്യാദക്ക് വിടുന്നതാകും നല്ലത് ഇല്ലെങ്കിൽ ഇതിനൊക്കെ നിങ്ങള് കരയേണ്ടി വരും...."

"ആരാ കരയാൻ പോകുന്നതെന്ന് നീ അറിയാൻ പോകുന്നതേയുള്ളൂ.....

വണ്ടിയെടുക്കടാ..."

മറ്റേ അലവലാതി കാറെടുത്ത് മുന്നോട്ട് നീങ്ങിയെങ്കിലും പെട്ടെന്ന് തന്നെ ഓൻ സഡൻ ബ്രേക്കിട്ടു...

"എന്താടാ വണ്ടി നിർത്തിയത്..?

കത്തിച്ച് വിടടാ..."

"അ..അ..ആ..ആദീ.

.ആദീ..."

ആ അലവലാതി പേടിച്ച് വിറച്ച് കൊണ്ട് അത് പറഞ്ഞ് ഒപ്പിച്ചതും നമ്മളെ കയ്യിലെ പിടി അയയാൻ തുടങ്ങി...

സാലിം മുന്നോട്ട് നീങ്ങി കൊണ്ട് ഗ്ലാസിലൂടെ

പുറത്തേക്ക് നോക്കിയതും ഓൻ രോക്ഷാകുലനായി കാറീന്ന് പുറത്തേക്കിറങ്ങി...

നമ്മളും ആ ഗ്യാപ്പിന് വേഗം കാറീന്ന് ഇറങ്ങി ഓടാൻ നോക്കീയെങ്കിലും അപ്പോഴേക്കും സാലിം നമ്മളെ മുടിയിൽ പിടുത്തമിട്ടിരുന്നു...

അപ്പോഴാണ് നമ്മള് മുന്നിലെ കാഴ്ച്ച ശരിക്കും കണ്ടത്...

ആർത്തിരമ്പി പെയ്യുന്ന ആ മഴയിൽ ആരുടേയും മുഖം വ്യക്തമായി കാണുന്നില്ലെങ്കിലും ഒരുപാട് പേര് അവിടെ നിൽപ്പുണ്ട് എന്ന് നമ്മക്ക് മനസ്സിലായി...

അതിലെ ഒരാൾ നമ്മളെ നേരെ നടന്നു വന്ന് നമ്മളെ മുന്നിൽ വന്ന് നിന്നതും എവിടെന്നോ നമ്മക്ക് ഇത്തിരി ധൈര്യമൊക്കെ കൂടി... ആദിയെ കൺ മുന്നിൽ കണ്ടപ്പൊ എന്തും നേരിടാൻ നമ്മള് തയ്യാറായി...

അപ്പൊ തന്നെ നമ്മള് സാലിമിൻറെ നെഞ്ചിലേക്ക് നമ്മളെ കൈ മുട്ട് കൊണ്ട് ആഞ്ഞ് ഒരു കുത്ത് കൊടുത്തതും ഓൻ നമ്മളിൽ നിന്നും പിടി വിട്ടു...

നമ്മള് അപ്പൊ തന്നെ ഓടി ചെന്ന് ആദിയെ കെട്ടി പിടിച്ചു... ഇത് കണ്ടോണ്ട് നിന്ന നമ്മളെ ചങ്ക് ബ്രദേഴ്സും നമ്മളെ അച്ചുവും തൊള്ളേം തുറന്ന് നോക്കി നിൽക്കുന്നത് നമ്മള് കണ്ണ് തുറന്നു നോക്കിയപ്പോഴാണ് കണ്ടത്...

അപ്പൊ തന്നെ നമ്മള് ആദിയില് നിന്നും അകലം പാലിച്ചോണ്ട് പിന്നോട്ട് നീങ്ങിയതും അവിടന്ന് സാലിം നമ്മളെ നേരെ വന്നതും ഒപ്പായിരുന്നു...

നമ്മളെ ഓൻ പിടിക്കാൻ വേണ്ടി നിന്നപ്പോഴേക്കും ആദി ഓൻറെ കൈ പിടിച്ച് വെച്ചിരുന്നു... എന്നിട്ട് നമ്മളെ ആദി രൂക്ഷമായി നോക്കി കൊണ്ട് ഒച്ചയിട്ടു...

"എന്ത് കണ്ടോണ്ട് നിക്കാടീ...വേഗം ഇവിടന്ന് വീട്ടീ പോകാൻ നോക്ക്..."

നമ്മള് ഓൻറെ അലമുറയിൽ അല്പം പേടിച്ചെങ്കിലും അവിടന്ന് ഒരടി പോലും നമ്മള് അനങ്ങീല...

അനങ്ങീട്ടും വല്യ കാര്യമൊന്നുല്യാ...

കാരണം, നമ്മളെ ബസ് വരാൻ ഇനിയും ഉണ്ട് സമയം...

അതോണ്ട് നമ്മള് അവിടെ തന്നെ നിന്ന് അവൻമാരെ നോക്കി.

ഇപ്പൊ മഴ ഒരല്പം കുറഞ്ഞിട്ടുണ്ട്...

ആദി സാലിമിൻറെ കയ്യിൽ പിടിച്ചത് പെട്ടെന്ന് വിട്ടിട്ട് സാലിമിനോട് പറഞ്ഞു.

"നീ പോ സാലിം... നിനക്ക് വേണ്ടത് എന്നെയല്ലെ....നിനക്ക് എന്നെയല്ലേ വേദനിപ്പിക്കേണ്ടത്...നിങ്ങള് ആങ്ങളയുടെയും പെങ്ങളുടേയും മുന്നിൽ ഞാൻ നിന്ന് തരാം...

എന്നോടുള്ള കലി തീരുന്ന വരെ ദ്രോഹിച്ചോ...പക്ഷേ, ഇവളെ എങ്ങാനും തൊട്ടാൽ..."

ആദി ഒരു ഭീഷണിയുടെ സ്വരത്തിൽ അവൻമാരോട് അത് പറഞ്ഞപ്പൊ നമ്മക്ക് മേലാകെ രോമാഞ്ചം

അനുഭവപ്പെട്ടു...

അച്ചു നമ്മളെ അടുത്തേക്ക് നീങ്ങി വന്നിട്ട് നമ്മളെ കയ്യിൽ പിടുത്തമിട്ടു...

"ഇവളെ തൊട്ടാൽ നീയെന്ത് ചെയ്യുമെടാ...അടിക്കോ...അതോ കയ്യും കാലും ഒടിക്കോ..."

"കൊന്ന് കളയും..."

അത് ആദി പറഞ്ഞപ്പൊ നമ്മള് ഞെട്ടി കൊണ്ട് ആദിയെ തന്നെ നോക്കി നിന്നു... ഓൻറെ മുഖം ദേഷ്യം കൊണ്ട് ചുവന്ന് തുടുത്തിട്ടുണ്ട്...

സാലിമും കൂട്ടരും ആണെങ്കിൽ ആദിയുടെ ആ വാക്കിൽ ഇത്തിരി ഭയന്ന പോലെ നമ്മക്ക് തോന്നി. പക്ഷേ സാലിം അത് പുറത്ത് കാണിക്കാതെ നമ്മളെ നേരെ വന്നതും ആദി അവനെ പിടിച്ച് തള്ളി...

അപ്പൊ ആ അനസും അലവലാതിയും കൂടി ആദിയുടെ നേരെ തിരിഞ്ഞതും നമ്മളെ ചങ്ക് ബ്രദേഴ്സ് അവരെ അടുത്തേക്ക് പാഞ്ഞ് വന്നു...

ഇന്ന് ഇവിടെ ഒരു യുദ്ധം നടക്കുമെന്ന് നമ്മക്ക് ഏതാണ്ട് ഉറപ്പായി...പക്ഷേ, അപ്പോഴേക്കും ആദി നമ്മളെ ബ്രദേഴ്സിൻറെ മുന്നിൽ വന്ന് നിന്ന് അവരെ തടഞ്ഞു...

"ഇത് ഞാനും സാലിമും തമ്മിൽ ഉള്ള പ്രശ്നമാണ്... അത് ഞങ്ങൾ തമ്മിൽ തീർത്തോളാം..."

അത് പറഞ്ഞപ്പൊ നമ്മളെ ബ്രദേഴ്സ് അവിടെ തന്നെ നിന്നു. ആദി സാലിമിൻറെ നേരെ തിരിഞ്ഞിട്ട് ഓൻറെ അടുത്തേക്ക് നടന്നു...

"നിനക്ക് ഇവളിലൂടെ എന്നോട് പ്രതികാരം വീട്ടണം അല്ലേ...?

എന്നാൽ തല്ലി കൊന്നിട്ട് നിനക്ക് ഓളെ കൊണ്ട് പോകാൻ കഴിയുമെങ്കിൽ കൊണ്ട് പൊയ്ക്കോ...

നിന്നെ ഒരാളും തടയില്ല...വാ.. വന്ന് തല്ല്...നിൻറെ ദേഷ്യം തീരുന്ന വരെ തല്ല് .."

ആദി അത് പൂർത്തിയാക്കുന്നതിന് മുന്നെ തന്നെ സാലിം ആദിയെ തല്ലിയിരുന്നു...

അത് കണ്ടതും നമ്മളെ ഖൽബ് പിടയാൻ തുടങ്ങി... അറിയാതെ നമ്മളെ കണ്ണിൽ നിന്നും കണ്ണീര് ഒഴുകി...

ആദിയെ അവൻ ഒരുപാട് ഇടിച്ചെങ്കിലും എല്ലാം നിന്ന് കൊണ്ടു എന്നല്ലാതെ ആദി തിരിച്ച് പ്രതികരിച്ചില്ല...ഓരോ തവണയും ആദിയെ ഓൻ പിടിച്ച് തള്ളുമ്പോഴും നമ്മളെ ഖൽബിലെ പിടപ്പ് ഉയർന്ന് വന്നു...

ആദിയെ തല്ലുന്നത് കണ്ടിട്ട് നമ്മളെ ചങ്ക് ബ്രദേഴ്സ് ദേഷ്യം കൊണ്ട് നെരി പിരി കൊള്ളുന്നത് നമ്മള് ശ്രദ്ധിച്ചു... അവിടെ കൂടി നിന്നവരിൽ ആർക്കും

സഹിക്കാവുന്നതിലും അപ്പുറായിരുന്നു ആദി തല്ല് കൊള്ളുന്നത്...

"എന്തിനാ ആദീ ഈ തല്ലൊക്കെ കൊണ്ട് നിൽക്കുന്നത്?"

"നീ കാരണാ...കാക്കു ഈ തല്ലൊക്കെ കൊള്ളുന്നത്..."

അച്ചു നമ്മളെ നേരെ അങ്ങനെ ഒരു ആരോപണം ഉന്നയിച്ചപ്പൊ നമ്മള് ഞെട്ടി തരിച്ച് അച്ചൂനെ നോക്കി നിന്നു..

"ഓർമ്മയില്ലേ നിനക്ക്...അന്ന് ഓണത്തിന് നീ കാക്കൂനോട് പറഞ്ഞത്...

നിൻറെ പേരും പറഞ്ഞ് ഇനി ആരെയും കാക്കു തല്ലരുതെന്ന്...

നീയാ പറഞ്ഞത് കൊണ്ട് മാത്രാണ് ഇന്ന് കാക്കു ഈ തല്ല് കൊള്ളുന്നത്..."

സങ്കടം കടിച്ച് പിടിച്ച് കൊണ്ട് അച്ചു പറയുന്നത് കേട്ട് നമ്മള് അറിയാതെ കരഞ്ഞു പോയി...

ശരിയാണ് നമ്മള് അങ്ങനെ ഓനോട് പറഞ്ഞിട്ടുണ്ട്...

അത് അപ്പോഴത്തെ വിഷമം കാരണം ഓനോട് പറഞ്ഞതാണ് അതിന് ഈ തല്ലൊക്കെ ഓൻ കൊള്ളുന്നത് നമ്മക്ക് താങ്ങാൻ പറ്റുന്നില്ല... അതോണ്ട് നമ്മള് പറഞ്ഞത് നമ്മക്ക് തിരുത്തി പറയണമെന്ന് നമ്മള് തീരുമാനിച്ചു...

നമ്മള് അവരെ അടുത്തേക്ക് ചെന്നിട്ട് ആ സാലിമിനെ മുന്നിൽ ആയിട്ട് നിന്ന് അവന് നേരെ വിരല്...

"തൊട്ടു പോകരുത് എൻ്റെ ആദിയെ..."

നമ്മളെ പറച്ചില് കേട്ടിട്ട് ആ സാലിം നമ്മളെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു...

നമ്മള് ഓനെ രൂക്ഷമായി നോക്കി കൊണ്ട് ആദിയുടെ

നേരെ തിരിഞ്ഞു...

നമ്മള് പറഞ്ഞത് കേട്ട് ഓനും ആകെ അന്ധാളിച്ച് നിൽക്കാണ്...

അപ്പോഴേക്കും മഴയൊക്കെ പൂർണ്ണമായും പെയ്ത് തീർന്നിരുന്നു...പോരാത്തതിന് നമ്മളെ ബസും അപ്പൊ തന്നെ അവിടെ ലാൻഡ് ചെയ്യുകയും ചെയ്തു...

നമ്മള് അതൊന്നും വക വെക്കാതെ ആദിൻറെ നേരെ നടന്ന് ചെന്നിട്ട് ഓൻറെ ചുണ്ടിൽ നിന്നും പൊട്ടി ഒലിക്കുന്ന ചോര തുടച്ചിട്ട് നമ്മള് ഓൻറെ കണ്ണിലേക്ക് നോക്കി.

"ഞാൻ പറഞ്ഞെന്ന് കരുതി ഇവനെ പോലെയുള്ള ഒരു ചെറ്റയുടെ കയ്യിൽ നിന്നും തല്ല് വാങ്ങി കൊണ്ട് നിക്കാൻ നിനക്ക് നാണമില്ലേ....

എന്തായാലും കിട്ടിയത് അതുപോലെ പലിശ സഹിതം തിരിച്ച് കൊടുത്തിട്ട് ഇനി എൻറെ മുന്നിലേക്ക് നീ വന്നാൽ മതി..."

എന്ന് പറഞ്ഞ് നമ്മള് തിരിഞ്ഞ് പോലും നോക്കാതെ അച്ചൂനേയും വലിച്ചോണ്ട് വേഗം ബസിൽ കേറി ഇരുന്നു...പെട്ടെന്ന് കൂട്ട കയ്യടി ശബ്ദം കേട്ടപ്പോ നമ്മള് ബസീന്ന് പുറത്തേക്ക് നോക്കി...അപ്പൊ അവിടെ നമ്മളെ ആദി കളി തുടങ്ങി കഴിഞ്ഞിരുന്നു... അത് കണ്ടപ്പോൾ നമ്മക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നി...

ബസ് പുറപ്പെട്ട് കുറച്ച് കഴിഞ്ഞതും അച്ചു നമ്മളെ കെട്ടി പിടിച്ച് നമ്മളെ കവിളത്ത് ഒരു ഉമ്മ തന്നു...

"എൻറെ ഫെബീ...ഐ ലൗ യു ഡീ....

നീ ഇപ്പോഴാ നിൻറെ ജീവിതത്തിൽ ശരിയായ ഒരു തീരുമാനം എടുത്തത്...

നീ ഒരിക്കലും കാക്കൂനെ എൻറെ ആദി എന്ന് വിളിക്കുമെന്ന് നമ്മള് സ്വപ്നത്തിൽ പോലും കരുതിയിട്ടില്ല....

നീ എത്ര ഒളിപ്പിച്ച് വെച്ചാലും നിനക്ക് കാക്കൂനോടുള്ള സ്നേഹം പുറത്ത് വരുമെന്ന് മനസ്സിലായില്ലേ..."

"അതിന് ആര് പറഞ്ഞു എനിക്ക് ഓനോടുള്ള ഇഷ്ടം കൊണ്ടാ ഞാൻ അങ്ങനെ പറഞ്ഞതെന്ന്..."

"പിന്നെ എന്ത് ഒലക്ക പിണ്ണാക്കിനാടീ നീ അങ്ങനെ ഒക്കെ വിളിച്ചു കൂവിയത്.."

"അ..അത് ഞാൻ കാരണം ഓൻ തല്ല് കൊണ്ട് ചാവണ്ടാന്ന് കരുതിയിട്ടാ അപ്പൊ അങ്ങനെ പറഞ്ഞത്..."

"നിനക്ക് കാക്കൂനെ ഇഷ്ടല്ലെങ്കിൽ അവിടെ തല്ല് കിട്ടി ചത്തോട്ടേന്ന് കരുതിയാൽ പോരേ....എന്തിനാ രക്ഷിക്കാൻ നിന്നത്...?

മോളേ ഫെബീ...നിന്നെ ഞാൻ ഇന്നും ഇന്നലേം കാണാൻ തുടങ്ങിയതല്ല...പത്ത് പതിനൊന്ന്

കൊല്ലായിട്ട് നിൻറെ കൂടെ തന്നെ ഞാൻ ഉണ്ട്...അതോണ്ട് നീ പറയുന്നത് സത്യാണോ കള്ളമാണോന്ന് തിരിച്ചറിയാൻ എനിക്ക് അധികം കിണഞ്ഞ് പരിശ്രമിക്കേണ്ട ആവശ്യമൊന്നുമില്ല...

നീ അപ്പൊ ആത്മാർത്ഥായിട്ടാണ് അങ്ങനെ ഒക്കെ പറഞ്ഞതെന്ന് ആരേക്കാളും നന്നായിട്ട് എനിക്ക് മനസ്സിലാക്കാൻ പറ്റിയിട്ടുണ്ട്...

അതോണ്ട് ഇനി നീ കള്ളങ്ങൾ എനിക്ക് മുന്നിൽ നിരത്തണ്ട.."

എന്ന് പറഞ്ഞ് അച്ചു നമ്മളെ നോക്കി ഒരു പുച്ഛത്തോടെ മുഖം തിരിച്ചു. നമ്മള് അത് കണ്ടിട്ട് വാ പൊത്തി ചിരിക്കാൻ തുടങ്ങി...

നമ്മള് ചിരീക്കുന്നത് കണ്ടപ്പൊ അച്ചു നമ്മളെ നുള്ളി ഒരു പരുവാക്കി...അപ്പൊ തന്നെ നമ്മള് നീട്ടി ഒരു തുമ്മലായിരുന്നു...

അതോട് കൂടി നമ്മക്ക് ജലദോഷം പിടിച്ചെന്ന് നമ്മക്ക്

മനസ്സിലായി...

നമ്മള് വീട്ടിൽ എത്തിയപ്പോ മുതൽ നമ്മളെ തുമ്മലും മൂക്കടെപ്പുമൊക്കെ കൂടി വന്നു... കുറച്ച് കഴിഞ്ഞപ്പൊ പനിയും വന്നു...

പിന്നെ പറയണ്ടല്ലൊ മൂടി പുതച്ച് കിടത്തം തന്നെ ആയിരുന്നു നമ്മക്ക് പണി...

വീട്ടിൽ ആണെങ്കിൽ ഉമ്മച്ചിയും സിനുവും ഇല്ല...രണ്ടാളും കൂടി ഉമ്മാൻറെ വീട്ടിലേക്ക് പോയതാണ്. അവര് ഇന്ന് വരികയുമില്ല...അതോണ്ട് വീട്ടിലെ എല്ലാ പണിയും നമ്മള് തന്നെ എടുക്കേണ്ടി വരും..

പക്ഷേ നമ്മളെ ഉപ്പച്ചി നമ്മക്ക് കഷ്ടം വരാതിരിക്കാൻ വേണ്ടി പുറത്ത് നിന്നും ഭക്ഷണം വാങ്ങി വന്നു...

നമ്മക്ക് ആണെങ്കിൽ പനിച്ചിട്ട് ഒരു വസ്തുവും തിന്നാനൊന്നും തോന്നല്ല...ഉപ്പച്ചിനോട് ഉറങ്ങിയാൽ

മാറിക്കോളുമെന്ന് പറഞ്ഞ് നമ്മള് പോയി കിടന്നു..

പക്ഷേ, മേലാകെ വേദന ആയിട്ട് നമ്മക്ക് ഒറക്കവും വരുന്നില്ലെന്നു...

അപ്പോഴാണ് നമ്മക്ക് അച്ചു വിളിക്കുന്നത്... നമ്മള് പറ്റുന്ന വിധത്തിൽ ഫോൺ അറ്റൻഡ് ചെയ്തിട്ട് അച്ചൂനോട് സംസാരിച്ചു...

"ഡീ ഫെബീ....നിൻറെ ശബ്ദമൊക്കെ എന്താ വല്ലാണ്ടിരിക്കുന്നെ.. ?"

"എനിക്ക് വയ്യടാ...ഇന്നത്തെ മഴ നമ്മേക്ക് പണി തന്നു...എനിക്ക് ഇപ്പൊ എണീറ്റു നടക്കാൻ പോലും വയ്യ...അത്രക്ക് ക്ഷീണമുണ്ട്...പോരാത്തതിന് പനിയും തലവേദനയും ജലദോഷവും...

മിക്കവാറും ഞാൻ നാളെ കോളേജിലേക്ക് വരില്ല... നീ എന്നെ കണ്ടില്ലെങ്കിൽ പൊയ്ക്കോണ്ടു..."

"ആ...അതൊന്നും പറഞ്ഞാ പറ്റില്ല...നീ നാളെ കോളേജിലേക്ക് വന്നേ പറ്റൂ...

അല്ലെങ്കിൽ തന്നെ നീ ഇപ്പൊ കുറേ ലീവെടുത്തു...ഇനിയും ലീവെടുത്താലേ വീട്ടിൽ തന്നെ ഇരിക്കേണ്ടി വരും പിന്നെ കോളേജിലേക്ക് വരാൻ പറ്റില്ല..."

"എടാ...എനിക്ക് വയ്യാത്തോണ്ടല്ലേ...എനിക്ക് തീരെ വയ്യ അച്ചു..വീട്ടിൽ ആണെങ്കിൽ ഉമ്മച്ചിയും ഇല്ല...അല്ലെങ്കിൽ ഞാൻ എങ്ങനേലും വരാൻ നോക്കിയേനേ...."

"നീ ഒന്നും പറയണ്ട...നാളെ നീ കോളേജിലേക്ക് വരണം എന്ന് പറഞ്ഞാൽ വന്നിരിക്കണം...ഞാൻ നാളെ രാവിലെ തന്നെ സ്കൂട്ടിയും കൊണ്ട് നിൻറെ വീട്ടിലേക്ക് വരും.. മര്യാദക്ക് മാറ്റി ഒരുങ്ങി നിന്നോണ്ടീ...

പനിയും തലവേദനയുമൊക്കെ മൂടി പുതച്ച് കിടന്ന് ഉറങ്ങിയാൽ മാറിക്കോളും...അപ്പൊ ശരി നാളെ രാവിലെ കാണാം...മറക്കാതെ ഒരുങ്ങി

നിന്നോണ്ടീ...ഗുഡ് നൈറ്റ്..."

എന്ന് പറഞ്ഞ് നമ്മക്ക് പറയാനുള്ളത് കേൾക്കാൻ കൂട്ടാക്കാതെ ഓള് ഫോൺ വെച്ച് പോയി...നമ്മള് അതൊന്നും കണക്കിലെടുക്കാതെ മൂടി പുതച്ച് കിടന്ന് ഉറങ്ങി.

കുറച്ച് കഴിഞ്ഞപ്പൊ നമ്മളെ നെറ്റിയിൽ എന്തോ ഒരു നനവുള്ള പോലെ തോന്നിയപ്പോഴാണ് കണ്ണ് തുറന്നത്...

നോക്കുമ്പോൾ ആദി നമ്മളെ നോക്കി ചിരിച്ചോണ്ട് മുന്നിൽ ഇരിക്കുന്നു...

നമ്മള് ഞെട്ടി തരിച്ച് അപ്പൊ തന്നെ എണീറ്റ് ഇരുന്നു...

"മെല്ലെ...മെല്ലെ...പതുക്കെ ഒക്കെ എണീറ്റാ പോരെ ഞാൻ എങ്ങോട്ടും പോകൊന്നുല്യല്ലോ....

നിനക്ക് നല്ലോണം പനിക്കുന്നുണ്ട് അതാ നെറ്റിയിൽ തുണി നനച്ച് വെച്ചത്. അല്ലെങ്കിലും പനി വന്നില്ലെങ്കിലേ അത്ഭുതൊള്ളൂ...

ഇന്ന് ആ മഴ മുഴുവൻ കൊണ്ട് നിന്നില്ലേ... ഒരു കുടയൊക്കെ കയ്യിൽ കരുതിയാ എന്താ അൻക്ക്...?"

"നീ...നീയെന്തിനാ ഇപ്പൊ ഇങ്ങോട്ട് വന്നത്?

ആരേലും കാണുന്നതിന് മുൻപ് വേഗം ഇവിടന്ന് പോകാൻ നോക്ക്..."

"അത് ശരി...നീ തന്നെ വിളിച്ച് വരുത്തിയിട്ട് നീ തന്നെ പോകാൻ പറഞ്ഞാൽ അതിലെന്ത് ന്യായാ ഉള്ളത്...?"

"ഞാനോ...ഞാൻ എപ്പോഴാ നിന്നെ വിളിച്ച് വരുത്തിയത്...? നീയെന്താ സ്വപ്നം കാണാണോ.."

"അപ്പൊ ഇന്ന് വഴിയില് വെച്ച് പറഞ്ഞതൊക്കെ നീ മറന്നോ?"

"എന്താ പറഞ്ഞത്..?"

"കിട്ടിയതൊക്കെ പലിശ സഹിതം തിരിച്ച് കൊടുത്തിട്ട് നിൻറെ മുന്നിലേക്ക് വന്നാ മതിയെന്ന് നീ തന്നെയല്ലേ പറഞ്ഞത്.. ഇത്ര പെട്ടെന്ന് മറന്നോ?"

"ഞാൻ... ഞാൻ അതൊക്കെ അപ്പൊ വെറുതെ പറഞ്... "

"ശൂ.....മതി.. അധികം വിശദീകരണം ഒന്നും വേണ്ട...ഞാൻ പറയുന്നത് അങ്ങോട്ട് കേട്ടാൽ മതി ...

ഇന്നാ ഈ മരുന്ന് കുടിക്ക്..."

"ഛീ..,എനിക്കൊന്നും വേണ്ട ഈ മരുന്ന്... എനിക്ക് ഒരു കുഴപ്പവും ഇല്ല...ഇയാളൊന്ന് പോയി തന്നാൽ മതി..."

"അങ്ങനെ അങ്ങ് പറഞ്ഞ് വിട്ട് എന്നെ ഒഴിവാക്കാമെന്ന് നീ കരുതിയോ...?

നീ ഈ മരുന്ന് കുടിക്കാതെ നിന്നെ ഞാൻ വിടില്ല മോളേ....കുടിക്കടീ ഇത്...നിന്നെ കുടിപ്പിക്കാൻ പറ്റോന്ന് ഞാനൊന്ന് നോക്കട്ടെ..."

എന്ന് പറഞ്ഞ് ആദി ബലം പ്രയോഗിച്ച് നമ്മളെ വായേക്ക് ആ മരുന്ന് ഇട്ട് തന്നു...നമ്മളത് തുപ്പാൻ വേണ്ടി ഒരുങ്ങിയതും ഓൻ നമ്മളെ നോക്കി കണ്ണുരുട്ടി..അത്കണ്ടപ്പൊ നമ്മള് അറിയാതെ തന്നെ അത് വിഴുങ്ങിയിരുന്നു... എന്നിട്ട് നമ്മക്ക് കുടിക്കാൻ വെള്ളം തന്നിട്ട് ഓൻ സീറ്റീന്ന് എണീറ്റു...

ഓൻ പോകാണെന്ന് നമ്മള് തെറ്റിദ്ധരിച്ചെങ്കിലും നമ്മള് ഒട്ടും പ്രതീക്ഷിക്കാത്തതാണ് പിന്നെ അവിടെ നടന്നത്...

ഓൻ നമ്മളോട് അവിടെ അടങ്ങി കിടക്കാൻ പറഞ്ഞിട്ട് നമ്മളെ റൂമിൽ നിന്നും ഓൻ താഴേക്ക് ഇറങ്ങി പോയി....

ഇവനിത് എന്തിനുള്ള പുറപ്പാടാ പടച്ചോനേ എന്ന് ചിന്തിച്ചോണ്ട് നമ്മള് എണീറ്റ് പിന്നാലെ പോകാൻ നോക്കിയെങ്കിലും തണുത്ത് വിറച്ചിട്ട് ഒരടി പോലും

എടുത്ത് വെക്കാൻ പറ്റുന്നില്ലേന്നു...

കുറച്ച് കഴിഞ്ഞപ്പൊ ആദി ഒരു ഗ്ലാസും കൊണ്ട് നമ്മളെ അടുത്തേക്ക് വന്ന് ഇരുന്നിട്ട് നമ്മക്ക് നേരെ അത് നീട്ടി...

"ഇന്നാ നല്ല കടുപ്പമുള്ള ചുക്ക് കാപ്പിയാ... ഒറ്റ വലിക്ക് മുഴുവൻ കുടിച്ച് തീർത്തേക്ക് പനി മുഴുവൻ പമ്പ കടക്കും...ഇന്നാ പിടിക്ക്....പിടിക്കെടീ.."

ഓൻ നമ്മളെ ഒന്ന് വിരട്ടി കൊണ്ട് പറഞ്ഞപ്പൊ നമ്മള് അത് വാങ്ങി...

"ഇനി അത് ഒറ്റ വലിക്ക് കുടിച്ച് തീർത്തോ...കുടിക്ക്... കുടിക്കാൻ അല്ലെ പറഞ്ഞത്...."

"ഇത് ചൂ...ടാ...ണ്...."

നമ്മള് ചിണുങ്ങി കൊണ്ട് ആദിക്ക് മറുപടി

കൊടുത്തപ്പൊ ഓൻ നമ്മളെ നോക്കി ചിരിക്കാൻ തുടങ്ങി... എന്നിട്ട് നമ്മളെ കയ്യീന്ന് കാപ്പി വാങ്ങിയിട്ട് അത് ഊതി ആറ്റി നമ്മക്ക് നേരെ നീട്ടി...

"ഹും...ഇന്നാ ഇപ്പൊ കുടിച്ചോ...ചൂടില്ല..."

"ഈ.....ഇൻക്കൊന്നും വേണ്ട നീ ഊതിയത്..."

നമ്മള് ചുമ്മാ ഓനെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി മനപ്പൂർവ്വം അത് പറഞ്ഞപ്പൊ ചെക്കൻ നല്ല കലിപ്പാകാൻ തുടങ്ങി...

"ദേ...എന്നെ വല്ലാണ്ട് ദേഷ്യം പിടിപ്പിക്കാതെ ഇതെടുത്ത് കുടിക്കുന്നതാകും നിനക്ക് നല്ലത്... ഇല്ലെങ്കിൽ ശരിക്കും ഞാൻ ഇത് കുടിച്ച് എച്ചിലാക്കിയിട്ട് അന്നെ കൊണ്ട് കുടിപ്പിക്കും...മര്യാദക്ക് ഒറ്റ വലിക്ക് കുടിച്ച് തീർത്തോ..."

നമ്മള് അത് കേൾക്കേണ്ട താമസം അപ്പൊ തന്നെ

ഓൻ്റെ കയ്യീന്ന് അത് തട്ടി വാങ്ങിയിട്ട് ഒറ്റ വലിക്ക് തന്നെ കുടിച്ച് തീർത്തു.

അത് കുടിച്ചതും നമ്മളെ ഉള്ളാകെ നീറി പുകയാൻ തുടങ്ങി...എരിഞ്ഞ് കേറിയിട്ട് നമ്മളെ കണ്ണൊക്കെ നിറഞ്ഞൊഴുകി...

നമ്മള് നാവ് പുറത്തിട്ടിട്ട് കൈ വീശി കൊണ്ട് ആ കോന്തനെ നോക്കി കണ്ണുരുട്ടി... ഓൻ നമ്മളെ നോക്കി പല്ലിളിച്ചോണ്ട് കുറ്റസമ്മതം നടത്തി...

"നിൻ്റെ എല്ലാ രോഗവും പെട്ടെന്ന് മാറിക്കോട്ടേന്ന് കരുതി ഞാൻ കുറച്ച് അധികം ചുക്ക് എടുത്തിരുന്നു...അതാകും ഇത്രക്ക് എരിവ്..."

നമ്മക്ക് ഓൻ്റെ ചിരി കണ്ടപ്പോൾ മോന്തയടക്കി ഒന്ന് പൊട്ടിക്കാനെന്നു തോന്നിയത്...

"ഇമ്മാതിരി എരിവ് ചേർത്താൽ പിന്നെ എനിക്ക്

രോഗമേ വരില്ല....ആ...ഹ്...

രോഗം വരാൻ നമ്മള് ഉണ്ടായിട്ട് വേണ്ടേ....ആ....ഹ്....എന്തൊരു എരൂ....ആ....ഹ്..."

"അത്രക്ക് എരിവാണെങ്കിൽ നിൻറെ എരിവ് മാറ്റാൻ എൻറെ കയ്യിൽ പറ്റിയ ഒരു മധുരമുണ്ട്...തരട്ടേ.."

എന്ന് പറഞ്ഞ് ഒരു കള്ളച്ചിരിയോടെ ആദി നമ്മളെ അടുത്തേക്ക് നീങ്ങി വന്നു...അതിനനുസരിച്ച് നമ്മള് ബാക്കിലേക്ക് തല കൊണ്ട് പോയി പെട്ടെന്ന് ബെഡില് നമ്മളെ തല മുട്ടിയപ്പൊ നമ്മള് കണ്ണടച്ച് പിടിച്ച് പടച്ചോനേ കാത്തോണേന്ന് പ്രാർത്ഥിച്ചോണ്ടിരുന്നു...

അപ്പൊ പെട്ടെന്ന് ആദി നമ്മളെ ചുണ്ടില് എന്തോ പുരട്ടി വെച്ചു... നമ്മള് കണ്ണ് തുറന്ന് എണീറ്റ് നോക്കിയപ്പൊ അത് നമ്മളെ ഫേവറിറ്റ് ചോക്ലേറ്റ് ഗാലക്സി ആയിരുന്നു...

ചെക്കൻ ആ മധുരത്തിനെ കുറിച്ചാണ് ഉദ്ദേശിച്ചത്... നമ്മള് വെറുതെ തെറ്റിദ്ധരിച്ചു...

ആദി നമ്മളെ വായില് തന്നത് നമ്മള് അപ്പൊ തന്നെ തിന്ന് തീർത്തിരുന്നു.ഓാൻ ആണെങ്കിൽ ഒരു പേക്ക് അങ്ങനെ കയ്യിൽ വെച്ച് അത് നുണഞ്ഞോണ്ടിരിക്കാ...

നമ്മള് അപ്പൊ തന്നെ അത് ഓാൻ്റെ കയ്യീന്ന് തട്ടി പറിച്ച് വാങ്ങിട്ട് മുഴുവനും ഒറ്റയടിക്ക് അകത്താക്കി...ഇപ്പോഴാണ് നമ്മക്ക് ഒരു ആശ്വാസം ആയത്...

"ഇപ്പൊ എരിവൊക്കെ മാറിയല്ലോ...

ഇനി നല്ല കുട്ടി ആയിട്ട് ൻ്റെ ഐഷു മൂടി പുതച്ച് കിടന്നോട്ടോ...രാവിലെ എണീക്കുമ്പൊ പനിയൊക്കെ മാറിയിട്ടുണ്ടാകും...നാളെ കോളേജിലേക്ക് വരാൻ മറക്കണ്ട...അച്ചു വരും നിന്നെ പിക് ചെയ്യാൻ...

അപ്പൊ ശരി ഞാൻ പോകാണ്... ഓളെ കൂടെയങ് പോന്നേക്കണം..."

എന്ന് പറഞ്ഞ് ആദി തിരിഞ്ഞതും നമ്മള് "ഓ.. പിന്നെ... ഇപ്പൊ വരാം..കാത്തിരുന്നോ..."

എന്ന് പതുക്കെ പറഞ്ഞതും ഓൻ തിരിച്ച് നമ്മളെ അടുത്തേക്ക് തന്നെ നടന്നു വരാൻ തുടങ്ങി...

പടച്ചോനേ ഇനി നമ്മള് പറഞ്ഞത് കേട്ടിട്ട് വന്നതാണോന്ന് ചിന്തിച്ച് നമ്മള് ഓനെ തന്നെ നോക്കി ഇരുന്നു...

ഓൻ നമ്മളെ അടുത്തെക്ക് നീങ്ങി വന്നിട്ട് നമ്മളെ മുഖത്തേക്ക് ഓൻറെ മുഖം കൊണ്ട് വന്നു... നമ്മക്ക് അപ്പൊ കയ്യും കാലും വിറച്ചിട്ട് ഒരക്ഷരം പോലും ഉരിയാടാൻ കഴിഞ്ഞില്ല...

നമ്മളെ ബിപിയൊക്കെ ആ ഒരൊറ്റ സെക്കന്റ് കൊണ്ട് കുതിച്ച് ഉയർന്നു...

പക്ഷേ, അവിടെയും നമ്മള് പ്രതീക്ഷിച്ച പോലെ ഒന്നും ഉണ്ടായില്ല...നമ്മളെ മുഖത്തേക്ക് വീണ് കിടന്ന മുടിയെടുത്ത് നമ്മളെ കാതോട് ചേർത്ത് വെച്ചിട്ട്

നമ്മളെ നോക്കി ഓൻ പുഞ്ചിരി തൂകി.

"അതേയ്...ഞാൻ വന്നത് എന്തിനാന്ന് വെച്ചാല് നിനക്ക് ചുക്ക് കാപ്പി ഇട്ടപ്പൊ നിങ്ങളെ അടുക്കള ഇത്തിരി അലങ്കോലമായി ഇടേണ്ടി വന്നിട്ടുണ്ട്... അതൊക്കെ ക്ലീനാക്കിയിട്ട് നാളെ കോളേജിൽ വന്നാ മതി എന്ന് പറയാനേന്നു....

ഇനി നീ മൂടി പുതച്ച് കിടന്നോ...ഞാൻ പൊയ്ക്കോളാം...

നീ കിടന്നോ ഞാൻ പൊയ്ക്കോളാമെന്ന് പറഞ്ഞില്ലേ..."

എന്ന് പറഞ്ഞ് ആ കോന്തൻ വീണ്ടും നമ്മളോട് കുരച്ച് ചാടിയപ്പൊ നമ്മള് തലയിൽ കൂടി പുതപ്പിട്ടോണ്ട് മൂടി പുതച്ച് കിടന്നു...

കുറച്ച് കഴിഞ്ഞപ്പൊ ഓൻറെ അനക്കമൊന്നും കേൾക്കാത്തോണ്ട് പയ്യെ പുതപ്പ് മാറ്റി നോക്കിയപ്പൊ ഓൻറെ പൊടി പോലും കാണുന്നില്ലേന്നു...

നമ്മള് ഒന്ന് നെടുവീർപ്പിട്ടോണ്ട് മൂടി പുതച്ച് കിടന്നു... പക്ഷേ കൂടപ്പിറപ്പ് വന്നില്ല...

'ഈ കോന്തൻ എങ്ങനെ അകത്ത് കേറി? ഇപ്പൊ എങ്ങനെ പുറത്തേക്ക് പോയി.?

ഈ നേരത്ത് നമ്മളെ പനി മാറ്റാനായിട്ട് ഓൻ എന്തിനാകും വന്നത്.?

അതിന് മാത്രം നാളെ കോളേജിൽ എന്താണാവോ നടക്കാൻ പോകുന്നത്..?

ഓൻ എന്തൊക്കെയാണാവോ പടച്ചോനേ അടുക്കള കാണിച്ച് വെച്ചേക്കുന്നത്...?

ഓൻ അവിടെ ഒച്ചപ്പാട് ഉണ്ടാക്കിയതൊന്നും ഉപ്പച്ചിയും ഷാദിയും അറിഞ്ഞില്ലേ...?'

ഇങ്ങനെ ഉത്തരം കിട്ടാത്ത ഒരുപാട് ചോദ്യങ്ങൾ മനസ്സിലിട്ട് കുഴച്ച് കൊണ്ട് നമ്മള് ഉറക്കിലേക്ക് വഴുതി

വീണു.

(തുടരും)

ഭാഗം. 61

ഉത്തരം കിട്ടാത്ത ഒരുപാട് ചോദ്യങ്ങൾ മനസ്സിലിട്ട് കുഴച്ച് കൊണ്ട് നമ്മള് എപ്പോഴോ ഉറക്കിലേക്ക് വഴുതി വീണു.

രാവിലെ അലാറം കേട്ടാണ് നമ്മള് എഴുന്നേറ്റത്...നമ്മളെ പനിയും ജലദോഷവും ഒക്കെ പൂർണ്ണമായും മാറിയിട്ടുണ്ട്...

"ഒരൊറ്റ രാത്രി കൊണ്ട് എങ്ങനെ നമ്മളെ പനിയൊക്കെ മാറി... എല്ലാത്തിനും ആദി തന്നെ കാരണം...അവന് ശരിക്കും ഭ്രാന്താലേ..."

എന്ന് പറഞ്ഞ് നമ്മള് ഇന്നലെ നടന്നത് ഒക്കെ ആലോചിച്ച് ചിരിക്കാൻ തുടങ്ങി.

നമ്മള് ബെഡീന്ന് എണീക്കാൻ നിന്നപ്പോഴാണ് ടേബിളിൽ ഓൻ ഇന്നലെ നമ്മക്ക് കാപ്പി കൊണ്ട് വന്ന ഗ്ലാസും പിന്നെ ഗാലക്സിൻറെ കവറും കണ്ടത്...

അത് കണ്ടപ്പൊ നമ്മക്ക് അതിലേറെ ചിരി വന്നു...

നമ്മള് അത് എടുത്ത് താഴേക്ക് ഇറങ്ങി അടുക്കളയിലേക്ക് പോയി നോക്കിയതും ഇതുവരെ ചിരിച്ചോണ്ട് നിന്ന മുഖം പെട്ടെന്ന് ദേഷ്യം കൊണ്ട് ചുവന്നു.

നമ്മക്ക് ഇരട്ടിൻറെ ഇരട്ടി പണി തന്നിട്ടാണ് ആ കോന്തൻ ആദി ഇന്നലെ മുങ്ങിയത്...നമ്മളെ അടുക്കള മൊത്തം ആ കോന്തൻ തല കീഴാക്കി മാറ്റിയിട്ടുണ്ട്...

ഇനി ഇതൊക്കെ എപ്പൊ ക്ലീനാക്കി നമ്മള് എപ്പൊ കോളേജിൽ പോകാനാ എന്ന് ചിന്തിച്ച് നിൽക്കുമ്പോഴാണ് ഷാദി ചായയും ചോദിച്ച് വന്നത്...

ഓൻ അടുക്കളെൻറെ കോലം കണ്ടപ്പൊ നമ്മളെ അടിമുടിയൊന്ന് നോക്കി നിന്നു...

"അപ്പൊ ഇന്നലെ അടുക്കളേന്ന് വന്ന ശബ്ദം പൂസീമാൻറെ പണി അല്ലലേ...ഞാൻ കരുതി ഓളാകും ഇവിടെ ഫുള്ള് തട്ടി മറിക്കുന്നതെന്ന്...അപ്പൊ ഓളല്ല നമ്മളെ ഇത്തൂസാണല്ലേ അടുക്കളെ കള്ളത്തി..."

"ഷാദി വല്ലാണ്ട് ചെലക്കാൻ നിക്കാണ്ട് പോകുന്നതാകും അൻക്ക് നല്ലത്...അല്ലെങ്കിൽ തന്നെ ഇത് എവിടെന്ന് തുടങ്ങുമെന്ന് ആലോചിച്ച് നിക്കാണ്...അതിൻറെ ഇടക്കാ അൻറെ ഒരു ചായ...

എല്ലാത്തിനും ആ കോന്തനെ പറഞ്ഞാ മതിയല്ലൊ..."

"കോന്തനോ...?"

അറിയാതെ നമ്മളെ വായേന്ന് വീണു പോയതാണ് അങ്ങനെ... ഇവനാണെങ്കിൽ നമ്മള് കോന്തൻ എന്ന് ഉദ്ദേശിക്കുന്നത് ആരെയാണെന്ന് നല്ല വ്യക്തായിട്ട് തന്നെ അറിയേം ചെയ്യാം...

നമ്മള് പറഞ്ഞത് കേട്ട് ഓൻ നമ്മളെ തന്നെ കണ്ണും മിഴിച്ച് നോക്കി നിൽക്കാണ്. നമ്മള് അപ്പൊ തന്നെ വേറെ ട്രാക്കിലേക്ക് തിരിച്ചു.

"അ..അത്...ആ....കോന്തൻ...ആ ആദിലില്ലേ...അവൻ തന്നെ..."

"ആദിൽക്ക അതിനു എന്താ ചെയ്തേ..?

മൂപ്പരാണോ അടുക്കള ഇത്രക്ക് വൃത്തിക്കേടാക്കി വെച്ചിട്ട് പോയത്...?"

എന്തായാലും ഷാദി ഇത്രക്കൊക്കെ കറക്ടാക്കി പറഞ്ഞോണ്ട് നമ്മള് നടന്നതൊക്കെ ഓനോട് പറഞ്ഞു.

എല്ലാം കേട്ട് കഴിഞ്ഞപ്പോ ഷാദി ഹലാക്കിലെ ചിരി ആയിരുന്നു...

ഇത്രക്ക് ചിരിക്കാൻ മാത്രം നമ്മള് എന്ത് കോമഡിയാ പറഞ്ഞതെന്ന് ആലോചിച്ച് ഓനെ നോക്കി നിന്നു...

"ഹ....ഹ....ഹ....ഇൻ്റെ പടച്ചോനേ ഇജ്ജ് കേക്കുന്നില്ലേ ഇതൊന്നും...

ഹ....ഹ....ഹ....എങ്ങനെ എങ്ങനെ... രാത്രി ആദിൽക്ക അൻ്റെ റൂമില് വന്നിട്ട് അൻക്ക് മരുന്നും പോരാത്തതിന് ചുക്ക് കാപ്പിയും ഇട്ട് തന്നിട്ട് പോയല്ലേ.... ഹ....ഹ....ഹ...

ഇൻ്റെ ഇത്തൂസേ... കേട്ടാല് വിശ്വാസം വരുന്ന വല്ല കാര്യവും ഉണ്ടെങ്കിൽ പറ...

ഓ പിന്നെ ആദിൽക്കക്ക് വേറൊരു പണിയും ഇല്ലാത്തോണ്ടല്ലെ അൻ്റെ പനി മാറ്റാൻ വന്നത്... ഒന്ന് പോ ഇത്തൂസേ ചുമ്മാ ബഡായി പറയാണ്ട്....

ഇജ്ജ് തന്നെ ഇവിടെ മൊത്തം കൊളാക്കിയിട്ട് പാവം ഒന്നും അറിയാത്ത ആദിൽക്കാൻ്റെ തലേല് ഇതൊക്കെ കൊണ്ടിടാ...

നാണമില്ലല്ലോ ഇത്തൂസേ ഇതൊക്കെ പറഞ്ഞു നടക്കാൻ...

ആ എന്തായാലും പറഞ്ഞത് പറഞ്ഞു.. ഇനി എന്നോട് പറഞ്ഞ പോലെ വേറെ ആരോടും പോയി പറയാൻ നിക്കണ്ട..അല്ല പിന്നെ... ആദിൽക്ക പാതിരാക്ക് കേറി വന്ന് കാപ്പി ഉണ്ടാക്കി കൊടുത്തത്രേ...എന്തൊക്കെയാ ചിന്തിച്ച് കൂട്ടുന്നത്.."

എന്നൊക്കെ പറഞ്ഞ് ചിരീച്ച് തള്ളി കൊണ്ട് ഷാദി അവിടന്ന് പോകുന്നത് നമ്മള് തൊള്ളേം തുറന്ന് നോക്കി നിന്നു...

അല്ലേലും ഇക്കാലത്ത് ഒരു സത്യം പറഞ്ഞാലും ആരും വിശ്വസിക്കൂലല്ലോ...നമ്മള് അങ്ങനെ സമാധാനപ്പെട്ടോണ്ട് നമ്മളെ പണി തുടങ്ങി...

ഏകദേശം മുക്കാൽ മണിക്കൂറോളം അടുക്കളേല് മല്ലിട്ടിട്ടാണ് നമ്മള് അതൊക്കെ ക്ലീനാക്കിയത്...എന്നിട്ട് അതിന് പുറമേ ചായയും അപ്പവും ഒക്കെ ഉണ്ടാക്കിയപ്പോഴേക്കും നേരം ഒരുപാട് വൈകിയിരുന്നു...

കഴിക്കാൻ ഉള്ളത് ഒക്കെ ടേബിളിൽ വെച്ചിട്ട് നമ്മള് വേഗം ഫ്രഷായി കോളേജിലേക്ക് പോകാൻ വേണ്ടി

റെഡിയായി കൊണ്ട് താഴേക്ക് വന്നു.

അപ്പൊ ഉപ്പച്ചിയും ഷാദിയും കൂടി അപ്പം കഴിക്കേണ്ണു...

നമ്മളെ ഫുഡ് സൂപ്പറായിട്ടുണ്ടെന്ന് നല്ല അഭിപ്രായം ആയിരുന്നു രണ്ട് പേർക്കും...

നമ്മള് ഫുഡ് കഴിക്കാൻ ഇരുന്നപ്പോഴേക്കും അച്ചു സ്കൂട്ടിയും കൊണ്ട് ഹാജറായി ഹോണടിക്കാൻ തുടങ്ങീന്നു...നമ്മള് അപ്പോഴാണ് ടൈം ശ്രദ്ധിച്ചത്...ഞങ്ങൾ എന്നും ഇറങ്ങുന്നതിനേക്കാൾ ലേറ്റായിട്ടുണ്ട്..

അതോണ്ട് ഫുഡ് ഒന്നും കഴിക്കാൻ നിക്കാതെ ഉപ്പച്ചിനോട് ഒക്കെ യാത്ര പറഞ്ഞ് പെട്ടെന്ന് ഇറങ്ങിയിട്ട് നമ്മള് അച്ചൂൻ്റെ കൂടെ കോളേജ് ലക്ഷ്യമാക്കി പോയി...

"ഫെബീ...നിൻ്റെ പനിയൊക്കെ ഇത്ര പെട്ടെന്ന് മാറിയോ?

ഞാൻ കരുതി ഇജ്ജ് ഇന്നിനി വരവ് ഉണ്ടാകില്ലാന്ന്..."

അച്ചു അപ്പൊ അങ്ങനെ പറഞ്ഞപ്പൊ നമ്മള് ആദിയെ കുറിച്ചായിരുന്നു ചിന്തിച്ചത്... ഓനെ കാണാൻ കൊതിയാവാണ്...

"ഡീ...നീ ഞാൻ ചോദിച്ചത് വല്ലതും കേട്ടോ...?

നീ എന്ത് ചെയ്തിട്ടാ നിൻറെ പനി മാറിയേന്ന്?"

നമ്മള് കുറച്ച് നേരം സൈലന്റ് ആയിട്ട് അച്ചൂനോട് ഇന്നലെ നടന്നതൊക്കെ പറഞ്ഞു കൊടുത്തു... എല്ലാം കേട്ട് കഴിഞ്ഞപ്പൊ ഓള് പൊരിഞ്ഞ ചിരി ആയിരുന്നു...

"എൻറെ ഫെബീ... ഇനി ഇതിൻറെ പേരും പറഞ്ഞ് നീ വീണ്ടും ഓൻറെ വീടിൻറെ മതില് ചാടോ?"

"പോടീ കഴുതേ..."

എന്ന് പറഞ്ഞ് നമ്മള് ഓളെ പുറത്ത് തബല വായിച്ചു ..ഓള് അതൊക്കെ ആലോചിച്ച് വീണ്ടും ചിരിക്കാൻ തുടങ്ങി.

"എന്തായാലും ഫെബീ... കാക്കു ഒരു സംഭവം തന്നെയാണല്ലേ...കാക്കു അല്ലാതെ വേറെ ആരാ ഇക്കാലത്ത് ഇതിനൊക്കെ നടക്കാ...?

മൂപ്പരെ പോലെ ഒരാളെ കിട്ടാനേ പുണ്യം ചെയ്യണം...

നീ അതിനു മാത്രം എന്ത് പുണ്യാടീ ചെയ്തത് കാക്കൂനെ തന്നെ കിട്ടാൻ...?"

നമ്മള് ഒന്നും മിണ്ടാതെ ഓനെ കുറിച്ച് ആലോചിച്ച് ഇരുന്നു. അച്ചു എന്തൊക്കെയോ അതുപോലെ ഒരുപാട് പറയുന്നുണ്ട് പക്ഷേ നമ്മള് അതൊന്നും കേൾക്കുന്നേയില്ല...

ആദിയുമായിട്ട് ചെലവഴിച്ച നിമിഷങ്ങളാണ് നമ്മളെ ചിന്തയിലേക്ക് ഓടി വരുന്നത്...

നമ്മള് അതൊക്കെ ചിന്തിച്ചിരുന്ന് കോളേജിൽ പെട്ടെന്ന് എത്തിയ പോലെ തോന്നി.

ഞങ്ങൾ വണ്ടി പാർക്ക് ചെയ്ത് ഗ്രൗണ്ടിലൂടെ നടക്കുമ്പോൾ നമ്മളെ കണ്ണുകൾ ഓരോ ദിക്കിലേക്കും ചലിച്ചോണ്ടിരിക്കേന്നു...

വേറെ ആരെ കാണാനാ...ആദിയെ കാണാൻ തന്നെ... പക്ഷേ നമ്മള് അവിടെയൊക്കെ അരിച്ച് പെറുക്കി നോക്കിയെങ്കിലും അവിടെയൊന്നും ഓനെ കണ്ടില്ല...

അപ്പോഴാണ് ആദിയും കൂട്ടരും സ്ഥിരം ഇരിക്കുന്ന സ്ഥലത്തേക്ക് നമ്മളെ കണ്ണ് പോയത്...അക്കൂട്ടത്തിൽ ആദി ഒഴിച്ച് ബാക്ക എല്ലാവരുമുണ്ട്...എന്തിനേറെ പറയുന്നു കാക്കുവും കൂട്ടരും അടക്കം അവിടെയുണ്ട്...

നമ്മള് അവരെ അടുത്തേക്ക് ചെന്നിട്ട് ഒന്ന് കൂടി എല്ലാരിലും കണ്ണോടിച്ചിട്ട് ആദി അവിടെ ഇല്ലെന്ന് ഉറപ്പ് വരുത്തി...

ഓൻ പിന്നെ എവിടെ പോയെന്ന് ചിന്തിച്ച് നമ്മള് തല

പുണ്ണാക്കി...

"എന്താ ഫെബീ...മുഖത്തൊരു മ്ലാനത...?
നീ ആരെയോ തേടുന്ന പോലെ ഉണ്ടല്ലോ..."

"എ ..ഏ..യ്..അങ്ങനെ ഒന്നുല്യ കാക്കൂ....ഞാൻ ചുമ്മാ ...വെറുതെ ഒന്ന് ...

അല്ലാ...ഇതില് ആരുടേയോ ഒരു കമ്മി ഉള്ള പോലെയുണ്ടല്ലോ..."

"ഏയ്...അത് നിനക്ക് ചുമ്മാ തോന്നുന്നതാകും.. ഞങ്ങൾ എല്ലാവരും ഉണ്ടല്ലോ..."

"അല്ല നിസൂക്ക.... ഏതോ ഒരാളെ കമ്മി ഉള്ള പോലെ...ഞാൻ ഒന്ന് നോക്കട്ടെ...."

എന്ന് പറഞ്ഞ് നമ്മള് അവറ്റകളെ ഒക്കെ ഒന്ന് നോക്കി

കൊണ്ട് ആദി ഇല്ലെന്ന് ഒരിക്കൽ കൂടി ഉറപ്പ് വരുത്തി.

"ഹാ...ആ കോന്തനെ കാണുന്നില്ല...."

"കോന്തനോ....?

ഓ....നമ്മളെ ആദീ...

ആ...ഓൻ്റെ ഒരു കുറവുണ്ടല്ലേ...ഞങ്ങൾ അത് ഇപ്പോഴാ ഓർത്തത്..."

എന്ന് പറഞ്ഞ് അവൻമാര് നമ്മളെ നോക്കി ചിരിക്കാൻ തുടങ്ങി. അപ്പൊ തന്നെ നമ്മക്ക് ഏകദേശം കാര്യം പിടി കിട്ടി.

ഇവൻമാരൊക്കെ കൂടി നമ്മളെ ഇട്ട് വട്ടം കളിപ്പിക്കാൻ നോക്കാണെന്ന്...പക്ഷേ ആദീ എവിടെ പോയെന്ന് ആലോചിച്ചിട്ടും ഓനെ കാണാഞ്ഞിട്ടും നമ്മക്ക് എന്തോ പോലെ തോന്നാണ്...

പിന്നെ നമ്മള് അധിക നേരം അവിടെ നിന്നില്ല, വേഗം

അച്ചൂനേയും വലിച്ചോണ്ട് നമ്മള് ക്ലാസിലേക്ക് നടന്നു... അപ്പൊ അവൻമാര് നമ്മളോട് പോകല്ലേ എന്നൊക്കെ വിളിച്ച് കൂവുന്നുണ്ടേന്നു...

കാണേണ്ട ആള് ആ കൂട്ടത്തിൽ ഇല്ലെങ്കിൽ പിന്നെ എന്തിനാ ഇപ്പൊ അവിടെ നിന്നിട്ട്...

നമ്മള് ക്ലാസിലെത്തി സീറ്റിൽ ഇരുന്നപ്പൊ ആദ്യം തന്നെ നോക്കിയത് ആദിൻറെ ക്ലാസിലേക്ക് ആയിരുന്നു... അവിടെ ഒന്നും നമ്മള് ഓനെ മഷിയിട്ട് നോക്കിയിട്ട് പോലും കണ്ടില്ല...

അച്ചു ആണെങ്കിൽ ബാക്കി മൂന്നിനോടും ഇന്നലെ കോളേജ് വിട്ടപ്പൊ നടന്നതിനെ പറ്റിയും ഓൻ നമ്മളെ വീട്ടിലേക്ക് വന്ന് പനി മാറ്റിയതൊക്കെ പറഞ്ഞ് കൊടുക്കാണ്...

കുറച്ച് കഴിഞ്ഞപ്പൊ ബെല്ലടിച്ചതും എല്ലാവരും ക്ലാസില് കേറി ഇരുന്ന് നമ്മളോട് ഇന്നലെ നടന്ന സംഭവത്തെ കുറിച്ച് ചോദിച്ചു.

നമ്മള് പറയുന്നതിന് മുന്നേ തന്നെ ഷാമില്

എല്ലാവരോടും നടന്നത് വിശദീകരിച്ച് കൊടുത്തു... കാരണം സംഭവം നടക്കുമ്പോൾ ഓനും ഉണ്ടായിരുന്നത്രെ അവിടെ...

ആദിയും സാലിമും കൂടി ഉണ്ടായ തല്ലില് സാലിമിന് നല്ലോണം വയറ് നിറച്ച് കിട്ടിയിട്ടുണ്ടെന്ന് ഷാമില് പറഞ്ഞപ്പൊ എല്ലാവരും നമ്മളെ ആയിരുന്നു നോട്ടം...നമ്മള് അതൊന്നും മൈൻഡ് ചെയ്യാതെ അപ്പോഴും ആദിൻറെ ക്ലാസിലേക്ക് നോക്കി ഇരിക്കേന്നു...അപ്പോഴാണ് അവൻമാര് ക്ലാസിലേക്ക് കേറി പോയത് നമ്മള് കണ്ടത്...

പക്ഷേ അപ്പോഴും അക്കൂട്ടത്തിൽ ആദി ഇല്ലേന്നു...ഇനി ഓന് വല്ലതും പറ്റിയോ പടച്ചോനേ... അങ്ങനെ ഒന്നും ഉണ്ടാവരുതേ...

ഓൻ ഇനി ഇന്ന് വരൂലേ...എന്നൊക്കെ നമ്മള് ചിന്തിച്ച് കൂട്ടി കൊണ്ട് ഓൻറെ ക്ലാസിലേക്ക് നോക്കി ഇരുന്നു...

ഇതിനിടക്ക് നമ്മളെ ക്ലാസില് സാറ് കേറി വന്നതും പോയതുമൊന്നും നമ്മള് അറിഞ്ഞതേയില്ല...അപ്പോഴും നമ്മളെ കണ്ണ് ഓൻറെ ക്ലാസിലായിരുന്നു.

പെട്ടെന്ന് അച്ചു വന്ന് നമ്മളെ തോളില് തട്ടിയപ്പോഴാണ് നമ്മള് ഓൻറെ ക്ലാസീന്ന് കണ്ണെടുത്തത്...

"സത്യം പറ ഫെബീ...നീ കാക്കൂനെയല്ലേ ഇങ്ങനെ പ്രതീക്ഷിച്ച് നോക്കുന്നത്.."

"ഓ...പിന്നെ ....ഓനെ നോക്കി ഇരിക്കാൻ ഇൻക്ക് വേറെ പണിയൊന്നും ഇല്ലല്ലോ...ഒന്ന് പോടീ പെണ്ണേ...നമ്മള് വെറുതെ ഒന്ന് നോക്കി എന്നേയുള്ളൂ..."

നമ്മളെ കുരാമീസ് അത് കേട്ടപ്പോ നല്ലോണം ഒന്ന് ഇരുത്തി മൂളി തന്നു... നമ്മള് അതിന് ബദിലെന്ന വണ്ണം അവരെ നോക്കി പല്ലിളിച്ചു...

അങ്ങനെ ഓരോ പിരീഡുകൾ തീരുമ്പോഴും നമ്മള് ആദിയെ പ്രതീക്ഷിച്ച് ഓൻറേ ക്ലാസിലേക്ക് നോക്കി ഇരിക്കും...ഓനെ കാണാഞ്ഞിട്ട് എന്തോ ഒരു വിഷമം...

ഉച്ചക്ക് ഫുഡ് കഴിക്കാൻ ഞങ്ങൾ കാൻറീനിൽ പോകുമ്പോഴും നമ്മള് ഓനെ തെരെഞ്ഞ് നടക്കേന്നു...

സത്യം പറഞ്ഞാൽ ഇപ്പൊ എന്തിനാ നമ്മള് ഓനെ തേടി നടക്കുന്നതെന്ന് നമ്മക്ക് എത്ര ആലോചീച്ചിട്ടും ഒരു പിടി കിട്ടുന്നീല്ല..പക്ഷേ, ഒന്ന് കണ്ടിരുന്നെങ്കിൽ എന്ന് കൊതിച്ച് പോകാണ്...

"ഡീ ഫെബീ...നീ ഇത് എവിടെ നോക്കിയാ നടക്കുന്നത്?

സത്യത്തിൽ നിൻറെ പ്രോബ്ലം എന്താ?"അച്ചുവാണ്.

"പ്രോബ്ലോ? എന്ത് പ്രോബ്ലം? ഒരു പ്രോബ്ലവും ഇല്ലല്ലോ..."

"ഇല്ലേ...? പിന്നെ നീ ആരെയാ ഇങ്ങെനെ തെരെഞ്ഞ് നടക്കുന്നത്...?" സനയാണ്.

"തെരെഞ്ഞ് നടക്കേ...ആരെ തെരെഞ്ഞ് നടക്കാ...?"

"ഡീ പെണ്ണേ...ഞങ്ങക്ക് ഒന്നും മനസ്സിലാകുന്നില്ല

എന്നൊന്നും കരുതണ്ട...നീ ആദിൽക്കാനെ അല്ലേ ഇങ്ങനെ നോക്കുന്നത്...?" നസിയാണ്.

"ഞ...ഞാ..ഞാനോ..നോക്കേ... അതും ആ കോന്തനേയോ...നല്ല കഥ..."

നമ്മള് വീണിടത്ത് നിന്ന് ഉരുളുന്നത് കണ്ടപ്പൊ തന്നെ അവറ്റകള് നമ്മളെ വളഞ്ഞിട്ട് ആക്രമിക്കാൻ തുടങ്ങി. ഒടുവിൽ നമ്മള് അതങ്ങ് സമ്മതിച്ച് കൊടുത്തു...

"സമ്മതിച്ചു... ഞാൻ ഓനെ തന്നെയാ നോക്കുന്നത്... ഇപ്പൊ സമാധാനം ആയില്ലേ?"

"അങ്ങനെ വഴിക്ക് വാടി മോളേ...അന്നേ കൊണ്ട് പറയിപ്പിക്കാനുള്ള സൂത്രമൊക്കെ ഞങ്ങക്ക് അറിയാമെന്ന് മനസ്സിലായില്ലേ..?

നീ ഇപ്പൊ കാക്കൂനെ അന്വേഷിക്കുന്നത് മൂപ്പരോട് പ്രേമം പറയാനാണോടീ..."

"ഒന്ന് പോടീ അവിടന്ന്...ഓ പിന്നെ എനിക്ക് എന്താ ഭ്രാന്തല്ലെ ഓനെ ഇഷ്ടാണെന്ന് പറയാൻ...

ഞാൻ അതിനൊന്നും അല്ല ഓനെ തിരഞ്ഞത്...ഒരു താങ്ക്സ് പറയാനാ..."

"താങ്ക്സോ...? എന്തിന്..?" അച്ചുവാണ്.

"അത്...ഇന്നലെ ആ സാലിമിൻറെ കയ്യിൽ നിന്നും രക്ഷപ്പെടുത്തിയതിനും പിന്നെ എൻറെ പനി മാറ്റിയതിനും.."

നമ്മളെ പറച്ചില് കേട്ടിട്ട് അവരൊക്കെ കൂടി ഓ...എന്ന് ഓളിയിട്ട് ചിരിക്കാൻ തുടങ്ങി. കൂടെ നമ്മളും അങ്ങ് കൂടി.

"എന്നാലും ഫെബീ നിന്നെ ഞങ്ങൾ സമ്മതിച്ച് തന്നിരിക്കുന്നു...ലോകത്ത് നിനക്ക് മാത്രേ ആദിൽക്കാനെ പോലെയുള്ള ഒരാളോട് ഇഷ്ടം

തോന്നാതിരിക്കൂ..." ഷംനയാണ്.

"ശരിയാ നീ പറഞ്ഞത്...

ഞാൻ കരുതിയത് അന്ന് യൂണിയൻറെ ഉദ്ഘാടനത്തിന് ഇവളെ ആദിൽക്ക രക്ഷപ്പെടുത്തിയപ്പൊ തന്നെ ഓള് ലൗ ആക്സെപ്റ്റ് ചെയ്യുമെന്നാ...

എന്നിട്ട് ഇപ്പൊ അതിന് ശേഷം എന്തൊക്കെ സംഭവിച്ചു...എന്നിട്ടും ഇവക്ക് ഒരു മാറ്റവുമില്ല..."

നസി പറയുന്നത് കേട്ട് നമ്മള് ഓളെ നോക്കി ഒന്ന് പുഞ്ചിരിച്ചു. കാരണം അവർക്ക് അറിയില്ലല്ലൊ ആദിയെ അന്ന് തൊട്ട് ഇന്ന് വരെ നമ്മള് മനസ്സിൽ കൊണ്ട് നടക്കാണെന്ന്...

"ഞാൻ ഇത് വിശ്വസിക്കില്ല..."

പെട്ടെന്ന് അച്ചു അങ്ങനെ പറഞ്ഞപ്പൊ ഞങ്ങള് ഓളെ തന്നെ ഉറ്റു നോക്കി.

"നീ എന്ത് വിശ്വസിക്കില്ലാന്നാ പറഞ്ഞ് വരുന്നത്.." സനയാണ്.

"ഇവൾക്ക് ഇപ്പോഴും ഒരു മാറ്റവും ഇല്ലാന്ന് ഇവള് പറഞ്ഞില്ലേ...അതിനോട് ഞാൻ യോജിക്കുന്നില്ല...

കാരണം, ഞാൻ അറിഞ്ഞ് വെച്ചിടത്തോളം ഇവക്ക് ഇപ്പൊ കാക്കൂനോട് ഒരു ഇഷ്ടമൊക്കെ ഉണ്ട്... അത് വൈകാതെ തന്നെ ഇവള് സമ്മതിക്കേം ചെയ്യും ..അല്ലേ?"

അച്ചു പെട്ടെന്ന് നമ്മളോട് അങ്ങനെ ചോദിച്ചപ്പൊ നമ്മക്ക് തിരിച്ച് പറയാനൊന്നും കിട്ടിയില്ല...നമ്മളെ മൗനം കണ്ടപ്പൊ അവരത് ശരിയാണെന്ന് വെച്ചു.

പിന്നെ അവര് നാലും കൂടി നമ്മളെ പൊങ്കാല ഇടേന്നു...

ആദിനെ കാണാൻ പറ്റാത്ത വിഷമവും ഇവറ്റകളെ കളിയാക്കലും കണ്ടപ്പൊ തന്നെ നമ്മളെ വയറ്

നിറഞ്ഞു.

അതോണ്ട് നമ്മള് ഫുഡ് ഒന്നും അങ്ങനെ കഴിച്ചില്ല..അത് കണ്ടപ്പൊ നമ്മളെ കുരാമീസിന് അതൊരു അത്ഭുതേന്നു.കാരണം സാധാരണ അവറ്റകളെ പ്ലെറ്റീന്ന് പോലും കയ്യിട്ട് വാരി തിന്നുന്ന ആളേന്നു നമ്മള്...അപ്പൊ പിന്നെ പെട്ടെന്ന് ഇങ്ങനെ ആയാൽ അവര് ഞെട്ടൂലേ...

പറയുമ്പോ നമ്മള് രാവിലെ ഒന്നും കഴിക്കാതെയാ പോന്നത്...എന്നിട്ടും നമ്മക്ക് വിശപ്പോന്നും തോന്നുന്നില്ല.

അങ്ങനെ നമ്മളെ കുരാമീസിൻ്റെ ഫുഡടിയൊക്കെ കഴിഞ്ഞ് ഞങ്ങൾ ഗ്രൗണ്ടിലൂടെ നടക്കുമ്പോഴുണ്ട് ഗ്രൗണ്ടിൻ്റെ ഓരോ കോണിൽ നിന്നും പാട്ട് കേൾക്കുന്നു...

ഇതിപ്പൊ എവിടെന്നാന്ന് വിചാരിച്ചോണ്ട് നമ്മള് അത് നല്ലോണം ഒന്ന് ശ്രവിച്ചു.

ഗ്രൗണ്ടിലുള്ളവരൊക്കെ പാട്ട് കേട്ടിട്ട് അന്തം വിട്ട് നിക്കാണ്.

നമ്മളെ ഫേവറിറ്റ് സോങ് കാലാച്ചശ്മാ..ആണ് കേൾക്കുന്നത്.

പെട്ടെന്ന് ഗ്രൗണ്ടിൽ കൂടി നിന്നവരിൽ നിന്നും മുഖത്ത് മാസ്ക് വെച്ച രണ്ട് പേര് തല കുത്തി ചാടി മറിഞ്ഞ് വന്നിട്ട് ഡാൻസ് കളിക്കാൻ തുടങ്ങി...

അവരെ കളി കണ്ടിട്ട് നമ്മളൊക്കെ അന്തം വിട്ട് എന്താ സംഭവമെന്ന് അറിയാൻ വേണ്ടി അവരെ തന്നെ നോക്കി നിന്നു...

കുറച്ച് കഴിഞ്ഞപ്പൊ കളിക്കാരെ എണ്ണം കൂടി വന്നു... അതിനനുസരിച്ച് ഓരോ സ്റ്റെപ്പും സൂപ്പർ... ശരിക്കും ഒരു ഫ്ലാഷ് മോബ്...

പെട്ടെന്ന് സോങ് ചേഞ്ചായതും അവരെ മുഖത്തെ മാസ്ക് അവര് എടുത്ത് എറിഞ്ഞു.

അവരെ കണ്ടതും നമ്മക്ക് അറ്റാക്ക് വരോന്ന് കരുതി...

ഇത്രേം നേരം നമ്മള് കാണാൻ കൊതിച്ച മുഖം.. ആദി....

ഓനും പിന്നെ നമ്മളെ ചങ്ക് ബ്രദേഴ്സുമാണ് അത് കളിക്കുന്നത്...

അവരെ കണ്ടപ്പോൾ തന്നെ നമ്മള് ഞെട്ടി വാ പൊത്തി കൊണ്ട് അവരെ ഡാൻസ് കണ്ട് കണ്ണും തള്ളി നിന്നു...

അവരെ കളി കണ്ടപ്പോൾ തന്നെ ഒരുപാട് പ്രാക്ടീസ് ചെയ്തിട്ടുണ്ട് ഇതിനെന്ന് നമ്മക്ക് ഉറപ്പേന്നു...

അവരെ കളി കണ്ടിട്ട് ആണെങ്കിൽ നമ്മക്ക് നിൽപ്പ് ഉറക്കുന്നില്ല...കൂടെ പോയി കളിക്കാൻ തോന്നാണ്...എല്ലാവരും അവരെ ഡാൻസ് വീഡിയോ ഒക്കെ എടുക്കുന്നുണ്ട്.

ഇവരിപ്പൊ എന്തിനാ ഇതൊക്കെ കളിക്കുന്നതെന്ന് നമ്മള് ചിന്തിച്ച് നിൽക്കുമ്പോഴാണ് നമ്മളെ കുരാമീസും അവരെ കൂടെ കൂടി ഡാൻസ് കളിച്ചത്...

അണ് കണ്ടപ്പോ നമ്മളെ ബോധം ഇപ്പൊ പോകോന്ന് കരുതി പോയി...കാരണം അവര് കളിക്കുന്നത് ഒക്കെ ഒരേ പോലെ ആയിരുന്നു...

അവര് കളിക്കുന്നത് കണ്ടപ്പോൾ നമ്മക്ക് ചിരിക്കണോ അതോ അന്തം വിട്ട് നിക്കണോ എന്താ ചെയ്യേണ്ടതെന്ന് അറിയാൻ പാടില്ലാത്ത ഒരു അവസ്ഥ...

അത് കണ്ടപ്പൊ നമ്മക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷവും ചിരിയും അത്ഭുതവും ഒക്കെ കൂടി ഒപ്പായിരുന്നു.

അവസാനം അവരൊക്കെ കൂടി നമ്മളെ നേരെ വന്നിട്ട് നമ്മളെ ചുറ്റും വട്ടത്തിൽ നിന്നിട്ട് ഡാൻസ് കളിക്കാൻ തുടങ്ങി...

ഇതെന്താപ്പൊ കഥാന്ന് അറിയാതെ നമ്മള് അന്തം വിട്ട് നിൽക്കുമ്പോഴാണ് പെട്ടെന്ന് പുറകീന്ന് പടക്കം പൊട്ടുന്ന ശബ്ദം കേട്ടത്...അത് കേട്ടതും നമ്മള് തിരിഞ്ഞ് അങ്ങോട്ട് നോക്കിയിട്ട് മുന്നിലേക്ക് തിരിഞ്ഞപ്പൊ ....

" ഹാപ്പി ബർത്ത് ഡേ ഫെബീ...."

എന്ന് ഒരു ഫ്ലക്സ് പിടിച്ചിട്ട് അവരൊക്കെ കൂടി നമ്മളെ നോക്കി അലറിയപ്പൊ നമ്മള് ഞെട്ടി തരിച്ച് നിന്നു പോയി...

'അതേ...ഇന്നാണ് ആ ദിവസം... എൻറെ ജീവിതത്തെ ഇരുട്ടിലേക്ക് തള്ളിയിട്ട ആ ദിവസം...

കഴിഞ്ഞ രണ്ട് കൊല്ലമായി നമ്മള് മറക്കാൻ ശ്രമിച്ച ദിവസം.... ഇന്ന് ഇവരിലൂടെ നമ്മള് ആ ദിവസം വീണ്ടും ഓർത്തു പോകുന്നു...

വേണ്ട ...അത് ഞാൻ ഒരിക്കലും ഓർക്കരുത്...മറന്നതാണ് ഞാൻ ഇനി വയ്യ ....

എനിക്ക് പഴയ ഫെബീ ആകണ്ട...നമ്മള് എപ്പോഴും ഹാപ്പിയാണ് നമ്മളെ ഫ്രണ്ട്സിന് വേണ്ടി...'

നമ്മളെ കുരാമീസ് നമ്മളെ വിഷ് ചെയ്ത് കെട്ടി പിടിച്ച്

നമ്മളെ ഒരുപാട് ഉമ്മകൾ കൊണ്ട് പൊതിഞ്ഞു...

ഇവരെ ഈ സന്തോഷം നമ്മളായിട്ട് തകർക്കാൻ പാടില്ലെന്ന് നമ്മള് തീരുമാനിച്ചു...

പക്ഷേ സന്തോഷം കൊണ്ടാണോ സങ്കടം കൊണ്ടാണോന്ന് അറീല കണ്ണ് നിറഞ്ഞ് പോയി...അത് അവര് കാണാതെ മറച്ച് വെക്കാൻ നോക്കിയെങ്കിലും പറ്റിയില്ല... അവരൊക്കെ കൂടി പിന്നെ നമ്മളെ അങ്ങോട്ട് കളിയാക്കി കൊന്നു...

"ഫെബീ എങ്ങനെ ഉണ്ട് ഞങ്ങളെ സർപ്രൈസ്...?

പോളിച്ചീലേ...?

ഇതൊക്കെ നമ്മളെ കാക്കൂൻ്റെ പ്ലാനാ.. നിനക്ക് ഇഷ്ടായോ...?"

അച്ചു നമ്മളോട് അത് ചോദിച്ചപ്പൊ നമ്മള് ആദിയെ നോക്കി പുഞ്ചിരി തൂകി കൊണ്ട് പറഞ്ഞു.

"ഒത്തിരി ഇഷ്ടായി.."

അത് കേൾക്കേണ്ട താമസം അവരൊക്കെ കൂടി ആർത്ത് കൂവി നമ്മളെ കാത് അടപ്പിച്ചു...

അവരെ സന്തോഷങ്ങൾക്ക് മുന്നിൽ നമ്മളെ സങ്കടങ്ങൾ ഒന്നുമല്ലെന്ന് നമ്മക്ക് തോന്നി. അതോണ്ട് നമ്മള് അത് പുറത്ത് കാണിക്കാതെ അവർക്ക് വേണ്ടി സന്തോഷം അഭിനയിച്ചു.

അപ്പോഴാണ് ആദി ഒരു കൈ പിന്നിലേക്ക് പിടിച്ചോണ്ട് നമ്മളെ നേരെ വന്നത്...അത് കണ്ട് എല്ലാവരും ഞങ്ങളെ രണ്ട് പേരേയും വീക്ഷിക്കാൻ തുടങ്ങി...

ആദിയെ കണ്ടപ്പോ അറിയാതെ നമ്മളെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. ആ പുഞ്ചിരിയിൽ ആത്മാർത്ഥതയുണ്ട്...

ആദിൻറെ കയ്യിൽ എന്തായിരിക്കും എന്ന് ചിന്തിച്ച്

നമ്മള് ഓനെ തന്നെ നോക്കി നിന്നു. ഓൻ നമ്മളെ അടുത്ത് എത്തിയതും പിന്നിൽ വെച്ച നമ്മളെ നേരെ നീട്ടി..

അത് കണ്ടതും നമ്മള് പരിസരം മറന്ന് ആദിയെ കെട്ടി പിടിച്ച് പൊട്ടി കരഞ്ഞു...

നമ്മളെ ആ പ്രതികരണം കണ്ട് അച്ചു ഒഴികെ എല്ലാവരും ഞെട്ടി നിൽക്കാണ്...

അച്ചു വന്ന് നമ്മളെ തോളിൽ കൈ വെച്ചപ്പോഴാണ് നമ്മക്ക് ബോധം വന്നത്...

നമ്മള് അപ്പൊ തന്നെ ആദിയിൽ നിന്നും വിട്ട് നിന്നിട്ട് കണ്ണ് തുടച്ച് ഓനെ നോക്കി ചിരിച്ചു...

അപ്പൊ ഓൻ നമ്മക്ക് നേരെ സമ്മാനിച്ച പുഞ്ചിരിയോളം നമ്മക്ക് മറ്റൊന്നും വലുതായി തോന്നീല...

പക്ഷേ, അതിനേക്കാൾ ഉപരി നമ്മള് ഇഷ്ടപ്പെട്ട ഒന്നാണ് ആദി നമ്മക്ക് സമ്മാനിച്ചത്...

ഒരു കൂട്ടം വൈറ്റ് റോസ് പൂക്കൾ..

നമ്മളെ ജീവനാണ് വൈറ്റ് റോസ്... അവയോട് ചോദിച്ചാൽ അവര് പറഞ്ഞ് തരും നമ്മളെ പ്രണയത്തെ കുറിച്ച്...

നമ്മക്ക് പ്രണയമായിരുന്നു ഇവകളോട്...

പക്ഷേ, രണ്ട് വർഷങ്ങൾക്ക് മുൻപ് ഇതേ ദിവസം എന്നിലെ പ്രണയം നഷ്ടമായി...അതിനെ ഇപ്പൊ വീണ്ടും ആദി കൊണ്ട് വന്നിരിക്കാണ്...എന്ത് പറയും ഞാൻ അവനോട്...?

"ഹാപ്പി ബർത്ത് ഡേ ഐഷൂ...."

എന്ന് പറഞ്ഞ് ആദി നമ്മളെ നേരെ അത് നീട്ടിയപ്പൊ നമ്മള് ചിന്തകളിൽ നിന്നും ഉണർന്ന് ആദിയെ നോക്കി ചിരിച്ചോണ്ട് അത് വാങ്ങി....

അപ്പൊ തന്നെ നമ്മളെ ബ്രദേഴ്സും കുരാമീസും കൂടി വീണ്ടും ആർത്ത് കൂകിയിട്ട് ഒരു വലിയ കേക്കും

കൊണ്ട് നമ്മളെ അടുത്തേക്ക് വന്നു.

പക്ഷേ, നമ്മള് അപ്പോഴും ആദിയെ നോക്കി നിക്കേന്നു... ആദിയും അതുപോലെ തന്നെ നമ്മളെ നോക്കി പുഞ്ചിരി തൂകി നിന്നു.

....

ഐഷൂൻറെ മുഖത്തെ സന്തോഷവും അവളെ കണ്ണിലെ ആ തിളക്കവും ഇതിന് മുൻപ് നമ്മള് കണ്ടിട്ടേയില്ല...

ഓളെ കാണുമ്പൊ എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നുന്നു...

അച്ചുവാണ് നമ്മളോട് പറഞ്ഞത് ഐഷൂന് വൈറ്റ് റോസ് എന്ന് വെച്ചാൽ ജീവനാണെന്ന്...ഓള് അത് പറഞ്ഞപ്പൊ പോലും നമ്മളത് അത്രക്ക് കാര്യമാക്കിയിട്ടില്ലേന്നു...

പക്ഷേ, അത് കണ്ടപ്പൊ ഓള് നമ്മളെ കെട്ടി പിടിച്ചതും അച്ചു പറഞ്ഞതിൽ ഇത്രത്തോളം സത്യം ഉണ്ടെന്ന് അപ്പോഴാ നമ്മക്ക് മനസ്സിലായത്...

ഓള് നമ്മളെ കെട്ടി പിടിച്ച് കരഞ്ഞതും നമ്മളെ മേലാകെ ഒരു കുളിര് കേറി വന്ന് നമ്മളെ അനങ്ങാൻ പറ്റാത്ത തരത്തിലാക്കി. നമ്മളെ ഹാർട്ട് ബീറ്റിൻ്റെ വേഗത ആദ്യമായിട്ട് നമ്മളറിഞ്ഞു. ഐഷു പറയുന്ന പോലെ ഇന്ന് നമ്മളെ ഹൃദയവും പുറത്തേക്ക് ചാടാൻ കൊതിക്കുന്ന പോലെ തോന്നി...

എന്തായിരിക്കും ഐഷൂന് വൈറ്റ് റോസിനോട് ഇത്രക്ക് ഇഷ്ടം...?

ഇത്രയും വലിയ സർപ്രൈസ് ഞങ്ങൾ അവൾക്ക് വേണ്ടി ഒരുക്കിയിട്ടും അവളെ മുഖത്ത് നിഴലിച്ച ആ ദുഃഖത്തിന് കാരണം എന്തായിരിക്കും...?

നമ്മളിങ്ങനെ ഓരോന്ന് ചിന്തിച്ചോണ്ട്

നിൽക്കുമ്പോഴാണ് പെട്ടെന്ന് ഐഷൂ നമ്മളെ നേരെ കൈ നീട്ടിയത്...

"ഫ്രണ്ട്സ്....?"

ഓള് ആ പറഞ്ഞ വാക്കുകൾ നമ്മളെ ഹൃദയത്തിൽ ആയിരുന്നു വന്ന് തറച്ചത്...

ഓളെ സന്തോഷത്തിന് വേണ്ടി ഇതൊക്കെ ചെയ്യുമ്പോഴും നമ്മളെ ഉള്ളിൽ ഒരു ചെറിയ പ്രതീക്ഷ ഉണ്ടായിരുന്നു ഓള് നമ്മളെ സ്നേഹം മനസ്സിലാക്കി തിരിച്ച് സ്നേഹിക്കുമെന്ന്...പക്ഷേ, അവിടേയും നമ്മളെ പ്രതീക്ഷകൾ തച്ചുടഞ്ഞു.

ഇപ്പൊ ഓള് നമ്മക്ക് നേരെ നീട്ടിയ കൈ പിടിച്ച് ഓളെ ഒരു ഫ്രണ്ടായി കാണാൻ നമ്മളെ കൊണ്ട് പറ്റില്ല...പക്ഷേ, ഇപ്പൊ നമ്മള് ഓളോട് എന്ത് പറയും...?

നമ്മളെ ചങ്ക്സും ഓളെ ഫ്രണ്ട്സും ഓളും ഒക്കെ നമ്മള് എന്ത് പറയുമെന്ന് പ്രതീക്ഷിച്ച് നിൽക്കാണ്...

ഞാൻ എന്ത് ചെയ്യും പടച്ചോനേ...?

(തുടരും)

ഭാഗം. 62

ഐഷുവും ഓളെ ഫ്രണ്ട്സും പിന്നെ നമ്മളെ ചങ്ക്സും കൂടി നമ്മള് എന്താ പറയായെന്ന് പ്രതീക്ഷിച്ചോണ്ട് നമ്മളെ തന്നെ നോക്കി നിക്കാണ്...ഞാൻ എന്താ ചെയ്യാ പടച്ചോനേ...?

ഐഷൂനെ ഒരിക്കലും നമ്മളെ ഫ്രണ്ടായിട്ട് നമ്മക്ക് കാണാൻ പറ്റില്ല... പക്ഷേ, ഓൾക്ക് നമ്മളോട് ഉള്ള മനോഭാവം മാറാൻ ഒരു ഫ്രണ്ടായി തുടർന്ന് ഓളെ മനസ് കീഴടക്കണം...അതിന് ഇപ്പൊ നമ്മക്ക് ഇതല്ലാതെ വേറെ മാർഗമില്ല...

നമ്മള് ഐഷൂനെ നോക്കി പുഞ്ചിരി തൂകി കൊണ്ട് ഓൾക്ക് കൈ കൊടുത്തു... നമ്മള് കൈ കൊടുത്തത്

വിശ്വസിക്കാൻ പറ്റാതെ ഓളെ കാപ്പി കണ്ണുകൾ വിടർന്ന് നമ്മളെ തന്നെ നോക്കി ഒന്ന് പുഞ്ചിരിച്ചു...

നമ്മള് കൈ പിൻവലിച്ച് നമ്മളെ ചങ്ക്സിൻറെ നേരെ തിരിഞ്ഞപ്പൊ അവറ്റകളെ മോന്ത കടുന്നല് കുത്തിയ പോലെ ഉണ്ടായിരുന്നു.. നമ്മള് അത് കാര്യാക്കാതെ ഓരെ നോക്കി ചിരിച്ചോണ്ട് ഐഷൂനെ ഒന്ന് നോക്കി...

ഓള് നമ്മളെ തന്നെ നോക്കി കൊണ്ട് നിക്കാണ് ഇപ്പോഴും... നമ്മള് അപ്പൊ ഓളെ നോക്കി സൈറ്റടിച്ചപ്പൊ ഓള് ചിരിച്ചോണ്ട് തല തിരിച്ചു...

അപ്പോഴേക്കും സിയാദും അൻസിയും കൂടി ഐഷൂൻറെ ഫേവറിറ്റ് ബ്ലാക്ക് ഫോറസ്റ്റ് കേക്കും കൊണ്ട് ഓളെ മുന്നിലേക്ക് വന്നു... ഓള് അത് കണ്ട് സന്തോഷം കൊണ്ട് തുള്ളിച്ചാടി...

സിയാദ് ആ കേക്കില് കാൻഡിൽസ് വെച്ച് തിരി കത്തിക്കാൻ നിന്നപ്പൊ അച്ചു അത് തടുത്തു...

"വേണ്ട സിയാദ്ക്കാ...ഇത് കത്തിക്കേണ്ടത് ഇവരാണ്...

കാരണം, ഒരുപാട് നാളത്തെ വഴക്കിന് ശേഷം ഒന്നിച്ചവരല്ലേ അപ്പൊ ഇത് കത്തിക്കേണ്ടതും ഇവരാണ്...

എല്ലാ ബർത്ത് ഡേക്കും മെഴുകുതിരി ഊതിയല്ലേ ശീലം...ഇന്നത്തേത് ഒരല്പം വെറൈറ്റി ആയിക്കോട്ടേ...നിങ്ങൾ രണ്ട് പേരും കൂടി ഇത് തെളിയിച്ചിട്ട് നീ കേക്ക് കട്ട് ചെയ്താൽ മതി..."

അച്ചു ഇത് പറഞ്ഞതും എല്ലാവരും അതിനോട് യോജിച്ചു... ഐഷു ഇതിന് ഒരിക്കലും സമ്മതിക്കില്ലാന്ന് നമ്മക്ക് ഉറപ്പേന്നു...

പക്ഷേ, നമ്മളെ ഞെട്ടിച്ച് കൊണ്ട് ഐഷു ഒരു കാൻഡില് കത്തിച്ചിട്ട് നമ്മളെ നേരെ നീട്ടി...

നമ്മള് അന്തം വിട്ട് ഓളെ നോക്കി നിന്നപ്പൊ

"പിടിക്ക് മാഷേ.." എന്ന് പറഞ്ഞ് അത് നമ്മളെ കയ്യിൽ തന്നിട്ട് ഓളും നമ്മളും കൂടി കേക്കിലെ മെഴുകുതിരി കത്തിച്ചു...

അത് കണ്ട് എല്ലാവരും കൂടി ആർത്ത് അട്ടഹസിച്ച് കൊണ്ട് നമ്മളെ കാത് അടപ്പിച്ചു....

ഐഷു കേക്ക് കട്ട് ചെയ്യാൻ വേണ്ടി കത്തി എടുത്തിട്ട് ആ കേക്കിനെ തന്നെ നോക്കി കൊണ്ട് ഒരല്പ നേരം നിന്ന് കൊണ്ട് ഓള് നമ്മളെ നോക്കി.

....

'നീ നമ്മക്ക് കൈ തരുമെന്ന് നമ്മള് സ്വപ്നത്തിൽ പോലും കരുതീല ആദീ ...നിനക്ക് നമ്മളെ ഒരിക്കലും ഫ്രണ്ട് ആയിട്ട് കാണാൻ പറ്റില്ലാന്ന് മറ്റാരേക്കാളും നന്നായിട്ട് നമ്മക്ക് അറിയാം....

പക്ഷേ, ഇപ്പൊ നീ നമ്മക്ക് കൈ തന്നപ്പൊ എന്തോ ഒരു വേദന....

എല്ലാം നല്ലതിനായിരിക്കും ആദീ...അതാകും വൈകി ആണെങ്കിൽ പോലും നിനക്ക് നമ്മളോട് ഫ്രണ്ട് ആകാൻ പറ്റിയത്..'

"ഡീ ഫെബീ...എന്ത് സ്വപ്നം കണ്ടോണ്ട് നിക്കാടീ നീ...

വേഗം ഈ കേക്കൊന്ന് കട്ട് ചെയ്യ്.. ഞങ്ങൾ ഇവിടെ കാത്തിരിക്കുന്നത് കണ്ടില്ലേ..."

അച്ചൂൻറെ ശബ്ദം കേട്ട് നമ്മള് ഓനിൽ നിന്നും മുഖം തിരിച്ചിട്ട് കേക്ക് കട്ട് ചെയ്യാൻ തുടങ്ങി.

അപ്പൊ അവരൊക്കെ കൂടി

"സന്തോഷാ ജന്മദിനം ഫെബിക്ക്....

സന്തോഷാ ജന്മദിനം ഫെബിക്ക്...."

എന്ന് കൈ കൊട്ടി കൊണ്ട് പാടാൻ തുടങ്ങി...

നമ്മള് അത് കേട്ടിട്ട് എല്ലാം മറന്ന് പൊട്ടി ചിരിച്ചോണ്ട് കേക്ക് കട്ട് ചെയ്തിട്ട് അച്ചൂന് കൊടുത്തു.ഓളും നമ്മളെ വായേല് കേക്ക് വെച്ച് തന്നു...

നമ്മള് അടുത്ത പീസ് എടുത്തോണ്ട് നേരെ തിരിഞ്ഞത്

ആദിൻറെ നേർക്കായിരുന്നു...

ഓൻ നമ്മളെ നോക്കി പുഞ്ചിരി തൂകി കൊണ്ട് നമ്മളെ കയ്യീന്ന് കേക്ക് വാങ്ങാൻ നിന്നപ്പൊ നമ്മള് ഓൻറെ കൈ മാറ്റിയിട്ട് അത് ഓൻറെ വായില് വെച്ച് കൊടുത്തു.

അത് കണ്ടിട്ട് ആദി വണ്ടറടിച്ചോണ്ട് നമ്മളെ നോക്കുന്നത് കണ്ടിട്ട് നമ്മക്ക് ചിരി വന്നു...

ഇതൊക്കെ കണ്ടോണ്ട് നിന്ന നമ്മളെ കുരാമീസും ബ്രദേഴ്സും കൂടി കുറുക്കൻമാരെ പോലെ ഓരിയിടാൻ തുടങ്ങി...

നമ്മള് ചിരിച്ചോണ്ട് ആദിക്ക് കേക്ക് കൊടുത്ത് കൈ എടുത്തപ്പൊ കയ്യിലെ ക്രീം ഓൻറെ മുക്കില് തേച്ചു ...

നമ്മള് ഓൻറെ മുഖത്തേക്ക് നോക്കി കൊണ്ട് പൊട്ടി ചിരിക്കാൻ തുടങ്ങി... നമ്മളെ ചിരി കണ്ടിട്ട് എല്ലാവരും നമ്മളെ തന്നെ നോക്കി നിൽക്കാണ്...

പെട്ടെന്ന് ആദി വന്ന് ആ കേക്ക് വാരിയിട്ട് നമ്മളെ വായേല് കുത്തി തിരുകിയിട്ട് നമ്മളെ മുഖത്ത് ഫേഷ്യല്

ചെയ്തു...

എന്നിട്ട് നമ്മളെ ചൂണ്ടി കൊണ്ട് ഓൻ ഹലാക്കിലെ ചിരി...

അത് കണ്ടപ്പൊ നമ്മക്ക് വാശി കൂടി...നമ്മളും കേക്ക് വിരിയിട്ട് ഓൻറെ മുഖത്തും ഫേഷ്യല് ചെയ്തു...

ഇതൊക്കെ കണ്ടോണ്ട് കുരാമീസും ബ്രദേഴ്സും പൊരിഞ്ഞ ചിരിയാണ്...അവര് ചിരിക്കുന്നത് കണ്ടപ്പൊ നമ്മളും ആദിയും പരസ്പരം മുഖത്തേക്ക് നോക്കിയിട്ട് കയ്യിൽ കേക്ക് വാരിയിട്ട് അവരെ മുഖത്തൊക്കെ വാരി പൊത്തി...

അല്ലാ പിന്നെ... ഞങ്ങളോടാ അവരെ കളി...

പിന്നെ പറയണ്ടല്ലൊ ഗ്രൗണ്ട് മൊത്തം കേക്കിൻറെ ആറാട്ടായിരുന്നു.എല്ലാരും കൂടി അവിടന്നും ഇവിടന്നുമൊക്കെ ആയിട്ട് കേക്ക് ഏറ്...എന്നിട്ടും ഒരുപാട് കേക്ക് ബാക്കി വന്നു...

നമ്മള് അതൊക്കെ അവിടെ ഉണ്ടായിരുന്നവർക്ക് കൊടുത്തിട്ട് വേഗം അവിടന്ന് മുങ്ങിയിട്ട് മുഖമൊക്കെ കഴുകി വന്നു....

ഉച്ചക്ക് ശേഷം ഞങ്ങൾ ആരും ക്ലാസില് കേറിയില്ല...ഞങ്ങൾ എല്ലാവരും കൂടി കാൻറീനിലേക്ക് ആയിരുന്നു പോയത്...

അവിടെ വെച്ച് നമ്മളെ കുരാമീസ് ഒക്കെ കൂടി നമ്മക്ക് ഒരു സർപ്രൈസ് ഗിഫ്റ്റ് തന്നു...

ഒരു വലിയ റ്റെഡി ബെയറിനെയാണ് അവര് തന്നത്...

അത് കണ്ടപ്പോ നമ്മള് സന്തോഷം കൊണ്ട് അവരെ കെട്ടി പിടിച്ച് ഉമ്മ കൊടുത്തു...

അപ്പൊ നമ്മളെ ബ്രദേഴ്സും ആദിയും കൂടി ഞങ്ങളെ കളിയാക്കി... കൊച്ചു കുട്ടിയെന്നൊക്കെ പറഞ്ഞ് ഒരുപാട് കമൻറടിച്ചു...

നമ്മള് ഓാരെ നോക്കി പുച്ഛിച്ച് തള്ളി കൊണ്ട് ആ റ്റെഡിയെ കെട്ടി പിടിച്ച് നിന്നു.

അപ്പൊ നമ്മളെ ബ്രദേഴ്സ് ഒക്കെ കൂടി നമ്മളെ നോക്കി അമുൽ ബേബി എന്ന് പറഞ്ഞ് ഫോട്ടോ എടുത്തിട്ട് സ്റ്റാറ്റസ് വെച്ചു...ഞങ്ങൾ കേക്ക് കൊണ്ട് കാണിച്ച് കൂട്ടുന്ന കോപ്രായങ്ങളൊക്കെ അവര് സ്റ്റാറ്റസിട്ട് നമ്മളെ അങ്ങോട്ട് വെറുപ്പിച്ച് കൊന്നു...

കുറച്ച് കഴിഞ്ഞപ്പൊ എല്ലാവരും ഓരോന്ന് സംസാരിച്ച് മുഴുകി ഇരുന്നപ്പൊ നമ്മള് ആദിനെ നോക്കി...

ഓനെ അപ്പൊ അവിടെയൊന്നും കാണാൻ ഇല്ലേന്നു...

ഓാൻ ഇതെവിടെ പോയെന്ന് ചിന്തിച്ചോണ്ട് നമ്മള് കാൻറീനിൽ നിന്നും അവരെ കണ്ണ് വെട്ടിച്ച് ഗ്രൗണ്ടിലേക്ക് പോയി.

അപ്പൊ ആദി അവിടെ ഒരു മരച്ചോട്ടിൽ ഏതോ ദിക്കിലേക്ക് നോക്കി കൊണ്ട് ഇരിക്കുന്നത് കണ്ടു...നമ്മള് അപ്പൊ തന്നെ ആദി നമ്മക്ക് തന്ന

വൈറ്റ് റോസും കയ്യിൽ പിടിച്ചോണ്ട് ഓൻറെ അടുത്ത് പോയി ഇരുന്നു.

നമ്മള് ഓൻറെ അടുത്ത് വന്ന് ഇരുന്നതൊന്നും മൂപ്പര് അറിഞ്ഞിട്ടില്ല...പുള്ളിക്കാരൻ എന്തോ ഗാഢമായ ചിന്തയിലാണ്...

"കണ്ടിട്ട് എന്തോ വലിയ ചിന്തയിലാണെന്ന് തോന്നുന്നു...എന്താ കാര്യം...? നമ്മളോടും കൂടി പറയോ...?"

അപ്പൊ ഞെട്ടി തിരിഞ്ഞ് നമ്മളെ നോക്കി കൊണ്ട് ചിരിച്ചു.

"അങ്ങനെ പറയാൻ മാത്രം ഒന്നുല്യാ...ഞാൻ ചുമ്മാ വെറുതെ ഇവിടെ വന്ന് ഇരുന്നു എന്നെയുള്ളൂ..."

നമ്മള് ഒന്ന് മൂളി കൊടുത്തോണ്ട് തലയാട്ടി ചിരിച്ചു... പിന്നെ കുറച്ച് നേരത്തിന് ഞങ്ങൾ രണ്ട് പേരും ഒന്നും

മിണ്ടിയില്ല...

നമ്മള് ആ വൈറ്റ് റോസില് നോക്കി ഇരുന്നിട്ട് എന്തൊക്കെയോ ചിന്തിച്ച് കൂട്ടി...

"താങ്ക്സ്...ജീവിതത്തിൽ ഇത്രയും അധികം ഞാൻ സന്തോഷിച്ച ഒരു ജന്മദിനം എനിക്ക് ഉണ്ടായിട്ടില്ല...

ഇതിന് നിങ്ങളോടൊക്കെ എത്ര നന്ദി പറഞ്ഞാലും മതിയാകില്ല..."

ആദി നമ്മള് പറയുന്നത് കേട്ടിട്ട് മുഖത്ത് ഒരല്പം ഗൗരവം വരുത്തി.

"ഫ്രണ്ട്സിനിടയിൽ നോ താങ്ക്സ് നോ സോറി...ഒൺലി ഫൈറ്റ് ആൻഡ് ഹാപ്പി..."

ആദി പറയുന്നത് കേട്ട് നമ്മള് ചിരിച്ചോണ്ട് ആദിയെ നോക്കി... ഓനെ തന്നെ നോക്കി നിൽക്കുമ്പോ എന്തൊക്കെയോ കുറ്റബോധമൊക്കെ തോന്നാണ്..ഓനില് നിന്നും കണ്ണെടുക്കാനേ

തോന്നുന്നില്ല...ഇപ്പൊ തന്നെ ഓനോട് നമ്മക്ക് പറയാനുള്ളത് പറഞ്ഞാലോ...? എന്ന് ചിന്തിച്ചോണ്ട് ഒടുവിൽ നമ്മള് അത് പതുക്കെ ഓനോട് പറയാൻ തീരുമാനിച്ചു

"ആദീ..."

നമ്മള് അങ്ങനെ വിളിച്ചപ്പൊ ഓൻ നമ്മളെ ഒന്ന് നോക്കി...പറഞ്ഞത് അബദ്ധായോന്ന് ചിന്തിച്ചോണ്ട് നമ്മള് ഓനോട് സോറി പറഞ്ഞു.

"സോറി...വയസ്സിന് മൂത്തവരെ പേര് വിളിക്കാൻ പാടില്ലല്ലോലേ...ഞാൻ പിന്നെ എന്താ ഇയാളെ വിളിക്കാ?

എനിക്ക് ആദിൽക്കാന്ന് വിളിക്കുന്നതിനേക്കാൾ ആദീ എന്ന് വിളിക്കുന്നതാണ് ഇഷ്ടം..."

"എന്നാ നീ എന്നെ ആദീന്ന് വിളിച്ചാ മതി....പക്ഷേ എനിക്ക് നീ എന്നെ കോന്താന്ന് വിളിക്കുന്നതാണ് ഇഷ്ടം..."

"എന്നാ പിന്നെ അങ്ങനെ തന്നെ ആയിക്കോട്ടേ കോന്താ..."

എന്ന് പറഞ്ഞ് ഞങ്ങൾ രണ്ട് പേരും കൂടി ഒരുപാട് ചിരിച്ചു.

"ഞാൻ അപ്പൊ തന്നെ എന്താ വിളിക്കേണ്ടത്..? ഫെബീ എന്നല്ലേ...?"

"എനിക്ക് ആദി എന്നെ ഐഷൂന്ന് വിളിക്കുന്നത് തന്നെയാ ഇഷ്ടം... അത് കേൾക്കാനും ഒരു സുഖമൊക്കെയുണ്ട്..."

നമ്മളത് പറഞ്ഞ് ഓനെ നോക്കി സൈറ്റടിച്ച് കാണിച്ച് ചിരിച്ചു. ഓൻ ചിരിച്ചോണ്ട് തലയാട്ടിയിട്ട് വീണ്ടും എങ്ങോട്ടോ നോക്കി നിന്നു...

"ആദീ...നിൻറെ ബർത്ത് ഡേ എന്നാ?"

"ഉം...എന്തേ...?"

ആദി നമ്മളെ നോക്കി നെറ്റി ചുളിച്ചു.

"അല്ലാ...അന്ന് നിനക്കിട്ട് ഒരു കിടിലൻ സർപ്രൈസ് തരാൻ വേണ്ടി ആയിരുന്നു... എന്തായാലും നമ്മക്ക് വേണ്ടി ഇത്രയൊക്കെ ചെയ്ത അൻക്ക് തിരിച്ച് നമ്മള് എന്തേലും ചെയ്യണ്ടേ...?"

"എനിക്ക് അങ്ങനെ വലിയ സർപ്രൈസ് ഒന്നും വേണ്ട...നേരിട്ടോ അല്ലാതെയോ നീ തന്നെ ആദ്യം വന്ന് എന്നെ വിഷ് ചെയ്യണം...എനിക്ക് അത്രയേ വേണ്ടൂ..."

ഒരു കള്ളച്ചിരിയോടെ ആദി പറയുന്നത് കേട്ട് നമ്മള് അയ്യോടാ...എന്ന് പറഞ്ഞ് ഓൻറെ കയ്യിനൊന്ന് കൊടുത്തിട്ട് ചിരിച്ചു...

"നിൻറെ ബർത്ത് ഡേ ഒക്കെ നല്ല ഗംഭീര പരിപാടി

ആയിട്ടാകുമല്ലേ നടത്തുന്നത്...?"

നമ്മക്ക് എന്തോ അറിയാൻ ഉള്ള ആകാംശയിലാണ് നമ്മളത് ചോദിച്ചത്... ആദി നമ്മളെ നേരെ ഒരു ചെറു പുഞ്ചിരി നൽകി കൊണ്ട് അവിടന്ന് എണീറ്റ് നടന്നു. നമ്മളും ഓൻ്റെ കൂടെ വെച്ച് പിടിച്ചു.

ഒരല്പ നേരം നടന്നിട്ട് ആദി പറഞ്ഞ് തുടങ്ങി.

"ഗംഭീര പരിപാടിയൊക്കെ ആയിരുന്നു നടത്തിയത്... ഇപ്പോഴല്ല.. പന്ത്രണ്ട് വർഷങ്ങൾക്ക് മുൻപ്...."

"എന്ന് വെച്ചാ... അതിന് ശേഷം ചെറുതായിട്ടാണോ ആഘോഷിക്കാ?"

"അതിനു ശേഷം ഞാൻ ബർത്ത് ഡേ ആഘോഷിച്ചിട്ടേയില്ല...."

"അതെന്താ...?"

നമ്മളത് ചോദിച്ചപ്പൊ ഓൻ ഒന്ന് നെടുവീർപ്പിട്ട് കൊണ്ട് നമ്മളെ നോക്കി അവിടെ നിന്നു.

"എൻറെ പത്താമത്തെ പിറന്നാളിനായിരുന്നു....എൻറെ ഉപ്പ.... ഉപ്പ ഞങ്ങളെ വിട്ട് പോയത്..."

ആദി അത് പറയുമ്പോൾ ഓൻറെ ശബ്ദം ഇടറുന്നുണ്ട്...ഓൻറെ കണ്ണ് നിറഞ്ഞത് കണ്ടപ്പൊ ചോദിക്കണ്ടായിരുന്നു എന്ന് നമ്മക്ക് തോന്നി...ആദിയോട് നമ്മള് എന്ത് പറഞ്ഞ് ആശ്വസിപ്പിക്കുമെന്ന് നമ്മക്ക് ഒരു എത്തും പിടിയും കിട്ടിയില്ല...

ആദി കണ്ണ് തുടച്ചിട്ട് നമ്മളെ നോക്കി വീണ്ടും തുടർന്നു.

"അന്ന് ഞങ്ങൾ എല്ലാവരും ദുബായിൽ സെറ്റിലായിരുന്നു...ഞാൻ,ഉപ്പ, ഉമ്മി,ആഷി, വല്ലിമ്മ പിന്നെ സൽമയും സാലിമും ഓരെ ഉപ്പയും...

ഭാര്യ മരിച്ചതിന് ശേഷം മക്കളെ നോക്കാൻ കഷ്ടപ്പെടുന്ന അമ്മോനെ കണ്ടിട്ട് സഹതാപം കൊണ്ട് അവരേയും കൂട്ടിയാണ് ഒരിക്കൽ ഉപ്പച്ചി ദുബായിലേക്ക് വന്നത്...അന്ന് തൊട്ട് ഞങ്ങളെ ചെലവിൽ ജീവിച്ചവരായിരുന്നു അവര്...

അവർക്കൊന്നും യാതൊരു വിധ കുറവുകളും വരുത്താതെ സ്വന്തം മക്കളെ പോലെയാണ് നോക്കിയതൊക്കെ...

സത്യം പറഞ്ഞാൽ എന്നേയും ആഷിയേയും സ്നേഹിക്കുന്നതിനേക്കാൾ കൂടുതൽ എൻറെ ഉപ്പ സ്നേഹിച്ചത് സൽമയേയും സാലിമിനേയും ആയിരുന്നു....

പക്ഷേ, പാല് കൊടുത്ത കൈക്ക് തന്നെ തിരിച്ച് കൊത്തുന്ന വിഷ സർപ്പങ്ങളാണ് അവരെന്ന് മനസ്സിലാക്കാൻ ഞങ്ങക്ക് കഴിഞ്ഞില്ല...

അതോണ്ട് ഞങ്ങക്ക് ഞങ്ങളെ ഉപ്പാനെ നഷ്ടായി..."

ആദി പറയുന്നത് കേട്ടിട്ട് നമ്മക്ക് എന്താ പറയേണ്ടതെന്ന് കിട്ടുന്നില്ല...

"അന്ന് എൻറെ ബർത്ത് ഡേയുടെ തലേന്ന് ബിസിനസിലെ ചില തിരുമറികൾ ഉപ്പ കണ്ടെത്തി... അത് അമ്മോനാണ് ചെയ്തതെന്ന് അറിഞ്ഞപ്പൊ എല്ലാവരെ മുന്നിൽ വെച്ചും അയാളെ ഉപ്പ ശകാരിച്ചു...

തട്ടിപ്പ് നടത്തിയ തുക എത്രയും പെട്ടെന്ന് തിരിച്ച് നൽകാനും ഇല്ലെങ്കിൽ പോലീസിൽ അറിയിക്കുമെന്നും ഉപ്പ ഭീഷണിപെടുത്തി...

അന്ന് രാത്രി ഉപ്പ വീട്ടിലേക്ക് മടങ്ങി വരുമ്പോ ഉപ്പാൻറെ കാറില് ഒരു ട്രെക്ക് വന്ന് ഇടിച്ച് ഉപ്പ....."

ബാക്കി പൂർണ്ണമാക്കാൻ കഴിയാതെ ആദി വിതുമ്പി...അത് കണ്ടപ്പോ അറിയാതെ നമ്മളെ കണ്ണും നിറഞ്ഞു.

നമ്മള് ആദിൻറെ തോളിൽ കൈ വെച്ച് ഓനെ ആശ്വസിപ്പിച്ചപ്പൊ ഓൻ കണ്ണ് തുടച്ചിട്ട് തുടങ്ങി നോക്കി

പുഞ്ചിരിച്ചു...

"സോറി...ഒരു നല്ലൊരു ദിവസായിട്ട് ഞാൻ തൻ്റെ മൂഡ് കൊളാക്കിയല്ലെ...?"

നമ്മള് ഇല്ലാന്ന് തലയാട്ടിയപ്പൊ ആദി ചിരിച്ചോണ്ട് തിരിച്ച് ആ മരച്ചോട്ടിൽ പോയി ഇരുന്നു... നമ്മളും ഓൻ്റെ പിന്നാലെ പോയി അവിടെ ഇരുന്നു.

കുറച്ച് നേരത്തിന് ഞങ്ങൾ രണ്ട് പേരും ഒന്നും മിണ്ടിയില്ല... എന്നാലും ആദി വീണ്ടും തുടർന്നു.

"ഉപ്പാനേയും നോക്കി എല്ലാം ഒരുക്കി വെച്ച് നമ്മള് കാത്തിരുന്നപ്പൊ ഉപ്പാൻ്റെ പൊതിഞ്ഞു കെട്ടിയ ശരീരമാണ് നമ്മളെ മുന്നിലേക്ക് വന്നത്...

അന്ന് ആ പത്ത് വയസുകാരന് തൻ്റെ പിറന്നാൾ സമ്മാനം എവിടെയെന്ന് ചോദിച്ച് കരയാൻ മാത്രേ കഴിഞ്ഞുള്ളൂ...

ഉപ്പാക്ക് ഒരു ആക്സിഡൻറ് പറ്റിയതാണെന്നാണ് ഞങ്ങളോട് പറഞ്ഞത്.

സൽമയുടെ ഉപ്പ... അയാള് അങ്ങനെ ഒക്കെ പറഞ്ഞ് എല്ലാവരേയും വിശ്വസിപ്പിച്ചു...

സഹോദരസ്നേഹം കൊണ്ട് നമ്മളെ ഉമ്മിയും അത് കണ്ണും പൂട്ടി വിശ്വസിച്ചു...

നമ്മക്ക് ആണെങ്കിൽ അന്നൊന്നും അയാളെ ചതിയെ കുറിച്ചൊന്നും ഒന്നും അറിയില്ലായിരുന്നു...

ഞാൻ അതൊക്കെ മനസ്സിലാക്കിയത് രണ്ട് കൊല്ലം മുൻപാണ്...അതുവരെ ഞാൻ അവരെ സ്നേഹിക്കേ ചെയ്തിട്ടുള്ളൂ...പക്ഷേ അതൊക്കെ അറിഞ്ഞതിന് ശേഷം എനിക്ക് അവരോട് ക്ഷമിക്കാൻ പറ്റിയില്ല...

എൻറെ ഉപ്പാക്ക് സംഭവിച്ചത് ഒരു അപകടമല്ല കരുതി കൂട്ടി ചെയ്ത കൊലപാതകമാണെന്ന് അവരുടെ നാവിൽ നിന്ന് തന്നെ കേട്ടപ്പോ എല്ലാം ഉമ്മിയോട് തുറന്നു പറയാൻ ശ്രമിച്ചു..

പക്ഷേ അയാളിൽ ഉമ്മിക്ക് ഉണ്ടായിരുന്ന വിശ്വാസം അതൊന്നും നമ്മള് പറയുന്നത് കേൾക്കാൻ കൂട്ടാക്കിയില്ല...

അയാൾ ഇതുപോലെ ഒരുപാട് പേരെ ജീവനെടുത്തിട്ടുണ്ട്...പക്ഷേ അതിനൊന്നും എൻറെ കയ്യിൽ മതിയായ തെളിവുകളില്ല...അതൊക്കെ കിട്ടിയാൽ എന്നോ അവര് അഴി എണ്ണിയേനെ...

ഞങ്ങളെ കുടുംബത്തിൽ ആരെങ്കിലും മരിച്ചാൽ പിന്നീട് മൂന്ന് വർഷത്തിന് ആ വീട്ടിൽ ഒരു നല്ല പരിപാടികളും നടക്കാൻ പാടില്ല ...പണ്ട് മുതലെ ശീലിച്ച സമ്പ്രദായം ആയോണ്ട് പിന്നീട് അതിന് ശേഷം എൻറെ പിറന്നാൾ ആഘോഷിച്ചിട്ടില്ല....ആഘോഷിക്കാൻ ഞാൻ സമ്മതിച്ചിട്ടില്ല...

ആ ദിവസങ്ങളിൽ ഉപ്പാൻറെ ഖബറിടത്തിൽ ചെന്ന് ഒരുപാട് കരയും പ്രാർത്ഥിക്കും, യതീം കുട്ടികൾക്ക്

വേണ്ടതൊക്കെ എത്തിച്ച് കൊടുക്കും അവരെ കൂടെ അന്നൊരു ദിവസം ചിലവഴിക്കും...ഇതാണ് എൻറെ ആഘോഷം....

തനിക്ക് ഞാൻ പറയുന്നതൊക്കെ കേട്ടിട്ട് ബോറടിച്ചുലേ...?"

കരയാൻ വിതുമ്പി നിൽക്കുന്ന ആദിയെ നമ്മള് കെട്ടി പിടിച്ച് കരഞ്ഞു....

നമ്മള് അനുഭവിച്ച വേദന ഒന്നും ഒന്നുമല്ലെന്ന് ആദി പറയുന്നത് കേട്ടപ്പോ നമ്മക്ക് തോന്നി...ആദി ഇനിയും എന്തൊക്കെയോ മറച്ച് വെക്കുന്നുണ്ട്...ഒരു പക്ഷേ അതൊന്നും ആദി ഓർക്കാൻ പോലും ആഗ്രഹിക്കാത്ത വല്ലതും ആയിരിക്കും...

ആദി നമ്മളെ ഓനിൽ നിന്നും അടർത്തിയിട്ട് നമ്മളെ നോക്കി പുഞ്ചിരി തൂകി...

ഇത്രയും വിഷമങ്ങൾ ഉള്ളിലൊതുക്കി കൊണ്ട് ആദിക്ക് എങ്ങനെ പുറമേ ചിരിക്കാൻ കഴിയുന്നു എന്ന് നമ്മള്

അത്ഭുതപ്പെട്ടു..

ഇപ്പൊ ഞങ്ങളെ രണ്ട് പേരുടെയും മൂഡ് ശരിയല്ലാത്തോണ്ട് നമ്മക്ക് പറയാനുള്ളത് നമ്മള് ഓനോട് പറഞ്ഞില്ല...

"ഐഷു...ഞാൻ ഇപ്പൊ നിന്നോടീ പറഞ്ഞതൊന്നും മറ്റാരോടും പറയരുത് ...എൻറെ ഫ്രണ്ട്സിന് പോലും ഇതൊന്നും അറിയില്ല...

ഇതുപോലെ മറ്റൊരു കാര്യം കൂടി നമ്മള് ഓരോട് മറച്ച് വെച്ചിട്ടുണ്ട്... അതൊക്കെ അവര് അറിഞ്ഞാൽ പിന്നെ എന്താ സംഭവിക്കാ എന്ന് പറയാൻ പറ്റില്ല..."

അതെന്താണെന്ന് നമ്മള് ചോദിക്കാൻ തുനിഞ്ഞപ്പോഴേക്കും നമ്മളെ ബാക്കിക്കാര് അവിടെ ഹാജറായിരുന്നു.

"കുറെ നേരായല്ലൊ രണ്ടും കൂടി അവിടന്ന്

പോന്നിട്ട്...ഇതിന് മാത്രം എന്താ ഇത്രക്ക് സംസാരിക്കാൻ.. "

"അത് നിസൂക്കാ ..ഞങ്ങൾ ഭാവി കാര്യങ്ങൾ ചർച്ച ചെയ്യേന്നു...മൂത്ത കുട്ടി ആണാകണോ പെണ്ണാകണോന്ന്..."

നമ്മളെ പറച്ചില് കേട്ടിട്ട് ആദി നമ്മളെ ഒരു നോട്ടം ...നമ്മള് ഓനെ നോക്കി സൈറ്റടിച്ചിട്ട് ചിരിച്ചു.

"ഓഹോ...അപ്പോഴേക്കും അവിടെ വരെ ഒക്കെ എത്തിയോ കാര്യങ്ങൾ.... എന്നിട്ട് എന്ത് തീരുമാനിച്ചു...?"

"ഒന്നും തീരുമാനം ആയിട്ടില്ല കാക്കൂ...ആദിക്ക് പെൺകുട്ടി മതിയെന്നാ പറയുന്നത്...നമ്മക്ക് ആണേൽ ആൺക്കുട്ടിയെ മതി...ഇങ്ങെര് ആണേൽ പറഞ്ഞിട്ട് കേക്കുന്നുമില്ല..നിങ്ങളൊക്കെ സമയം കിട്ടുമ്പോൾ ഒന്ന് പറഞ്ഞ് മനസ്സിലാക്കിപ്പിക്കിട്ടോ..."

എന്ന് പറഞ്ഞ് നമ്മള് കുരാമീസിനേയും കൂട്ടി അവിടന്ന് വേഗം ഓടി. തിരിഞ്ഞ് നോക്കുമ്പോൾ എല്ലാവരും കൂടി ആദിൻറെ ചുറ്റും നിന്നോണ്ട് ഓനെ പൊങ്കാല ഇടുന്നുണ്ട്...

ഓൻ അപ്പൊ നമ്മളെ നോക്കി കണ്ണുരുട്ടിയപ്പൊ നമ്മള് ഓനൊരു ഫ്ലൈയിംഗ് കിസും ബൈയും പറഞ്ഞ് ക്ലാസിലേക്ക് ഓടി.

ഞങ്ങൾ ക്ലാസില് എത്തിയതും ലോങ് ബെൽ അടിച്ചതും ഒരുമിച്ചായോണ്ട് ബാഗും എടുത്തോണ്ട് ഞങ്ങൾ ഓടി .

നമ്മളെ ബാക്കി മൂന്ന് കുരാമീസിനോടും യാത്ര പറഞ്ഞ് ഞങ്ങൾ രണ്ട് പേരും കൂടി സ്കൂട്ടിയുടെ അടുത്തേക്ക് നടന്നു.

"ഡീ ഫെബീ...സത്യം പറ...കാക്കൂനോട് നീ നിനക്ക് പറയാനുള്ളത് ഒക്കെ പറഞ്ഞോ...?"

"ഇല്ലടീ... പറയാൻ പറ്റിയില്ല..."

"പിന്നെ നീ എന്തിനാ കരഞ്ഞത്..? നിൻറെ കണ്ണൊക്കെ കലങ്ങിയിട്ടുണ്ടല്ലോ....നീ പഴയതൊക്കെ വീണ്ടും ആലോചിച്ചോ...?"

നമ്മള് അച്ചൂനോട് ഒന്നും മിണ്ടാതെ ഓളെ കൂടെ ഇരുന്നു...വീട്ടിൽ എത്തുന്നത് വരെ ഞങ്ങൾ ഒന്നും മിണ്ടിയില്ല....

സത്യം പറഞ്ഞാൽ നമ്മക്ക് ഒന്നും മിണ്ടാൻ തോന്നിയില്ല...

അച്ചു നമ്മളെ വീട്ടിൽ ഇറക്കി വിട്ടിട്ട് നാളെ കാണാമെന്ന് പറഞ്ഞ് പോയി. നമ്മള് ആദി പറഞ്ഞതൊക്കെ ആലോചിച്ച് ഓനെ ഓർത്തോണ്ട് ഗേറ്റ് തുറന്ന് വീട്ടിലേക്ക് കടന്നതും മുറ്റത്ത് നമ്മളേയും കാത്ത് നിൽക്കുന്നവരെ കണ്ട് നമ്മള് അമ്പരന്ന് നിന്നു.

(തുടരും)

ഭാഗം.63

അച്ചു നമ്മളെ വീട്ടിൽ ഇറക്കി വിട്ടിട്ട് നാളെ കാണാമെന്ന് പറഞ്ഞ് പോയി.നമ്മള് ആദി പറഞ്ഞതൊക്കെ കൂടി ആരോചിച്ച് ഓനെ ഓർത്തോണ്ട് ഗേറ്റ് തുറന്ന് വീട്ടിലേക്ക് കടന്നതും മുറ്റത്ത് നമ്മളേയും കാത്ത് നിൽക്കുന്നവരെ കണ്ട് നമ്മള് അമ്പരന്ന് നിന്നു.

ഉപ്പച്ചിയും ഉമ്മച്ചിയും ഷാദിയും സിനുവും ഹസിയും ജസിയും എല്ലാവരും മുറ്റത്ത് നിന്നോണ്ട് നമ്മളെ നോക്കാണ്...ഇതെന്താപ്പൊ കഥ എന്ന് ചിന്തിച്ചോണ്ട് നമ്മള് ചുറ്റും ഒന്ന് കണ്ണോടിച്ചപ്പൊ കണ്ട കാഴ്ച കണ്ട് നമ്മള് ഞെട്ടി പോയി...

മുറ്റത്ത് മുഴുവൻ വൈറ്റ് റോസ് ചെടികളെ കൊണ്ട് നിറഞ്ഞിരിക്കുന്നു...നമ്മള് അത് കണ്ടിട്ട് വാ പൊത്തി കൊണ്ട് ചിരിക്കണോ കരയണോ എന്ന് അറിയാൻ പാടില്ലാത്ത അവസ്ഥയില് അവരെ നോക്കി...

"ഇത്...ഇതൊക്കെ എവിടെന്നാ....ആരാ കൊണ്ട് വന്നേ...?"

"അത് തന്നെയാ ഞങ്ങക്കും അറിയേണ്ടത്...ഇതൊക്കെ എവിടെന്നാ?

നീ വരുന്നതിന് 10 മിനിറ്റ് മുൻപാണ് ഒരു ലോറിയില് ഇതൊക്കെ കൊണ്ട് വന്ന് ഇവിടെ ഇറക്കിയത്...

ആരാ എന്താന്ന് ചോദിച്ചപ്പൊ ഇത് ആയിഷാ ഫെബിൻറെ വീടല്ലെ അവർക്ക് വന്നതാണ് എന്ന് പറഞ്ഞ് അവര് പോയി....

ആരാടീ അവര്....?

ആരാ ഇതൊക്കെ ഇങ്ങോട്ട് അയച്ചത്..?"

ഉമ്മച്ചി പറയുന്നത് കേട്ടപ്പൊ തന്നെ ഇതൊക്കെ ആദിൻറെ പണിയാണെന്ന് നമ്മക്ക്

മനസ്സിലായി...നമ്മള് ആ റോസിൻറെ അടുത്തേക്ക് ചെന്നിട്ട് അതൊക്കെ ഒന്ന് തലോടി ഉമ്മച്ചിൻറെ അടുത്തേക്ക് പോയി മൂപ്പത്തിനെ കെട്ടി പിടിച്ച് ഒരുമ്മ കൊടുത്തു...എന്നിട്ട് ഓരെ നോക്കി ചിരിച്ചോണ്ട് അകത്തേക്ക് കേറിയതും ഹാളിലെ കാഴ്ച്ച കണ്ട് നമ്മള് അവിടെ സ്തംഭിച്ച് നിന്നു...

ഹാള് മൊത്തം വർണ്ണക്കടലാസ് കൊണ്ട് അലങ്കരിച്ച് വെച്ചിട്ട് നമ്മളെ ചെറുപ്പം മുതൽക്കെയുള്ള ഫോട്ടോസ് ഒക്കെ കൂടി ചേർത്ത് കൊണ്ട് ഒരു കൊളാഷ് ഉണ്ടാക്കി വെച്ചിരിക്കുന്നു...

നമ്മള് അത് നോക്കി അന്തം വിട്ട് നിന്നപ്പോഴുണ്ട് എല്ലാരും കൂടി ഹാപ്പി ബർത്ത് ഡേ പാടി കൊണ്ട് നമ്മളെ അടുത്തേക്ക് വരുന്നു...

അത് വരെ കരയാതെ പിടിച്ച് നിന്ന നമ്മക്ക് അതൊക്കെ കണ്ടപ്പൊ സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞ് പോയി...നമ്മള് ഓടി ചെന്ന് ഉപ്പച്ചിനെ കെട്ടി പിടിച്ചു...

" ഉപ്പച്ചീ....നിങ്ങക്കൊക്കെ ഇത് ഓർമ്മ ഉണ്ടാകുമെന്ന് എനിക്ക് അറീലേന്നു...

എന്തിനാ ഇതൊക്കെ ഉപ്പച്ചീ...ഇതൊന്നും വേണ്ടേന്നല്ലോ...."

"ഇതൊന്നും ഞങ്ങള് ചെയ്തതല്ല...എല്ലാത്തിൻറേയും പുറകില് ദേ അവനാ..."

എന്ന് പറഞ്ഞ് ഉപ്പച്ചി ചൂണ്ടിയ ഭാഗത്തേക്ക് നോക്കിയ നമ്മള് ഞെട്ടി. ഫൈസൽക്കയും താഹിയും(നമ്മളെ അമ്മായിൻറെ മോനാണ് താഹിർ...ഫൈസൽക്കയും ഓനും കട്ട ചങ്ക്സാണ്...താഹി വഴിയാണ് നമ്മള് ഫൈസൽക്കാനെ പരിചയപ്പെടുന്നത്.) നമ്മളെ നോക്കി ചിരിച്ചോണ്ട് അതാ നിക്കുന്നു...

നമ്മക്ക് എന്ത് പറയണമെന്ന് ഒരു പിടിയും കിട്ടാതെ നമ്മള് ഫൈസൽക്കാനെ നോക്കി ഒന്ന് ചിരിച്ചു...മൂപ്പര് നമ്മളെ അടുത്തേക്ക് വന്ന് നമ്മളെ വിഷ് ചെയ്തോണ്ട് നമ്മക്ക് കൈ തന്നു...

"ഇപ്പൊ നിൻറെ കയ്യിൽ പിടിക്കുന്നതിൽ അൻക്ക് വിരോദമില്ലല്ലോ...?"

ഒരു കള്ളച്ചിരിയോടെ മൂപ്പരത് പറഞ്ഞതും നമ്മള് ചിരിച്ചോണ്ട് മൂപ്പർക്ക് കൈ കൊടുത്തു...

എന്നിട്ട് മൂപ്പര് നമ്മക്ക് നേരെ ഒരു കവറ് നീട്ടി...

നമ്മളത് വാങ്ങി തുറന്ന് നോക്കിയപ്പൊ ഒരു പിങ്ക് കളർ ചുരിദാറായിരുന്നു അത്....നമ്മള് മൂപ്പരോട് താങ്ക്സ് പറഞ്ഞ് തിരിഞ്ഞതും എല്ലാരും കൂടി നമ്മളെ റൂമിലേക്ക് പായിച്ചു...എന്നിട്ട് ആ ചുരിദാറ് ഇട്ടോണ്ട് വരാൻ പറഞ്ഞു...

നമ്മള് റൂമില് പോയി ആ കവറെടുത്ത് ബെഡിലേക്ക് ഇട്ടിട്ട് ബാഗ് ഊരി ടേബിളില് വെച്ചു...അപ്പൊ നമ്മളെ കുരാമീസ് തന്ന റ്റെഡി ബെയറും കൊണ്ട് സിനു നമ്മളെ റൂമിലേക്ക് വന്നു...

നമ്മളത് ഓളേ കയ്യിന്ന് വാങ്ങിയിട്ട് ഓളെ അവിടന്ന് ആട്ടി പായിച്ചു...എന്നിട്ട് വേഗം പോയി കുളിച്ച് ഫ്രഷായി

വന്നിട്ട് ഫൈസൽക്ക തന്ന ഡ്രസ് എടുത്ത് ഇട്ടോണ്ട് താഴേക്ക് ഇറങ്ങി...

നമ്മളെ കണ്ടപ്പൊ തന്നേ ഹസിയും ജസിയും കൂടി നമ്മളെ വലിച്ചോണ്ട് ടേബിളിൻ്റെ അടുത്തേക്ക് കൊണ്ട് പോയി...

നമ്മള് നോക്കുമ്പൊ ടേബിളില് നമ്മളെ ഫോട്ടോയുള്ള ഒരു വലിയ കേക്ക് ഇരിക്കുന്നു...

നമ്മള് അത് കണ്ടപ്പൊ എല്ലാവരേയും ഒന്ന് നോക്കി ചിരിച്ചിട്ട് കേക്ക് മുറിച്ച് എല്ലാവർക്കും കൊടുത്തു...

അപ്പോഴേക്കും നമ്മളെ ഉമ്മച്ചി നല്ല ബിരിയാണിയും കൊണ്ട് വന്നു...ഞങ്ങള് എല്ലാവരും ചേർന്ന് അതൊക്കെ കഴിച്ചിട്ട് ഒരുപാട് നേരം സംസാരിച്ചിരുന്നു...

ഫൈസൽക്ക തന്ന ചുരിദാറ് നമ്മക്ക് നല്ല മാച്ചുണ്ടെന്ന് അവര് പറഞ്ഞപ്പോഴാ നമ്മള് തന്നെ അത് ശ്രദ്ധിച്ചത്...നമ്മക്ക് നന്നായിട്ട് ആ ഡ്രസ് ചേരുന്നുണ്ട്....

നമ്മള് അതിന് ഒരു താങ്ക്സ് പറയാൻ വേണ്ടി

ഫൈസൽക്കാനെ തിരഞ്ഞപ്പൊ മൂപ്പര് നമ്മളെ ഉപ്പച്ചിനോട് സംസാരിച്ച് നിക്കാണ്...

നമ്മള് ഹസിൻറേയും ജസിൻറേയും അടുത്ത് നിന്നും എണീറ്റിട്ട് അവരെ അടുത്തേക്ക് പോയപ്പോഴാണ് അവരെ സംസാരം ശ്രദ്ധിച്ചത്...

"അത് ഫൈസലേ....ഓള് പഠിക്കല്ലെ...ഇപ്പൊ തന്നെയൊന്നും ഓളെ കല്യാണത്തെ കുറിച്ച് ഞങ്ങള് ആലോചിക്കുന്നില്ല...

പോരാത്തതിന് അൻക്ക് എല്ലാം അറിയുന്നതല്ലേ...

പഴയതൊക്കെ മറന്ന് ഓള് ഇപ്പോഴാണ് പഴയ ജീവിതത്തിലേക്ക് മടങ്ങി വന്നത്...അപ്പോഴേക്കും കല്യാണം എന്നൊക്കെ പറഞ്ഞ്..."

"അങ്ങനെ അല്ല ഉപ്പാ...ഒരുപാട് കാലായിട്ട് മനസ്സില് കൊണ്ട് നടക്കുന്ന ഒരു മോഹം അത് പറഞ്ഞെന്നെയുള്ളൂ...

ഫെബിക്ക് ഇഷ്ടാണെങ്കിൽ മാത്രം മതി,ഓളെ നിർബന്ധിക്കൊന്നും വേണ്ട...

എത്ര കാലം വേണേലും ഓൾക്ക് വേണ്ടി കാത്തിരിക്കാൻ ഞാൻ തയ്യാറാണ്...

പക്ഷെ, ഉപ്പ ഒരു വാക്ക് തരണം....

ഓളെ ആദ്യായിട്ട് പെണ്ണ് കാണാനുള്ള അവസരം എനിക്ക് തരണമെന്ന്....ഫെബിക്ക് ഇഷ്ടപ്പെട്ടാൽ മാത്രം കല്യാണം മതി....അത് വരെ ഇത് ഓളെ അറിയിക്കണ്ട..."

അവരെ വർത്താനം കേട്ടപ്പൊ നമ്മക്ക് എന്തോ പോലെയായി...നമ്മള് അവിടെ വന്ന് നിന്നതൊന്നും അവര് അറിഞ്ഞിട്ടില്ലാത്തോണ്ട് നമ്മള് വേഗം റൂമിലേക്ക് ഓടി പോയി...

റൂമിലെത്തിയ ഉടനെ തന്നെ നമ്മള് ആ ഡ്രസ് ഊരിയിട്ട് നമ്മളെ ചുരിദാറ് ഇട്ടിട്ട് പോയി കിടന്നു...നേരം പത്ത് മണിയോട് അടുത്തിട്ടുണ്ട്...

ഫൈസൽക്ക പോകാണെന്ന് അവിടെ നിന്ന് ആരൊക്കെയോ വിളിച്ച് കൂവുന്നുണ്ട് ...നമ്മള് ഒന്നും മിണ്ടാതെ അവിടെ തന്നെ കിടന്നു...

കുറച്ച് കഴിഞ്ഞപ്പൊ നമ്മള് എണീറ്റിട്ട് കിളി വാതില് തുറന്ന് പുറത്തേക്ക് നോക്കി ഇരുന്നു...നിലാവിൻ്റെ വെളിച്ചത്തിൽ വൈറ്റ് റോസൊക്കെ നന്നായിട്ട് പ്രകാശിക്കുന്നുണ്ട്...നമ്മക്ക് അത് കണ്ടപ്പൊ എന്തെന്നില്ലാത്ത ഒരു ആശ്വാസവും സന്തോഷവുമൊക്കെ തോന്നി....

നമ്മള് അതിലേക്ക് ഒക്കെ ഒന്ന് കണ്ണോടിച്ച് കൊണ്ട് നിലാവിനേയും നോക്കി ഇരുന്നു....അപ്പൊ അവിടെ തെളിഞ്ഞ് വന്നത് ആദിൻ്റെ മുഖമായിരുന്നു...അതും ഓൻ പുഞ്ചിരി തൂകി നിൽക്കുന്ന ഓൻ്റെ മുഖം...

നമ്മള് അത് നോക്കി ഇരുന്ന് ആദിയെ സ്വപ്നം കണ്ടോണ്ട് ഇരിക്കുമ്പോ ആരോ വന്ന് നമ്മളെ തോളില് കൈ വെച്ചു...നമ്മള് ഞെട്ടി തിരിഞ്ഞ് നോക്കിയപ്പൊ ഹസി ആയിരുന്നു അത്...

"ഹൊ ജന്തു...നീയായിരുന്നോ...മനുഷ്യനെ പേടിപ്പിച്ച് കളഞ്ഞല്ലോടീ ശവമേ...."

നമ്മള് എണീറ്റ് ചെന്ന് ഓളെ നടുപൊറം നോക്കി ഒരെണ്ണം കൊടുത്തു. ഓള് കിണിച്ചോണ്ട് അത് കൊണ്ട് നിന്നു...

"ആരെ സ്വപ്നം കണ്ടോണ്ടിരിക്കായിരുന്നു ബർത്ത് ഡേ ഗേൾ...?

ആദിൽക്കയേയോ...അതോ ഫൈസൽക്കാനെയോ...?"

നമ്മള് ഓളെ ഒന്ന് തുറുക്കനെ നോക്കി കൊണ്ട് മുഖം തിരിച്ചിട്ട് കിളി വാതിലിൻറെ അവിടെ പോയി ഇരുന്നു...അപ്പൊ ഹസി നമ്മളെ റ്റെഡിയേയും പിടിച്ചോണ്ട് നമ്മളെ അടുത്ത് വന്നിരുന്നു...

"ഫെബീ ഇത് ആര് തന്നതാ...?"

"ഇത് നമ്മളേ കുരാമീസിൻറെ വക കിട്ടിയതാ..."

"ഓഹോ....അല്ലാ അപ്പൊ ആദിൽക്ക ഒന്നും തന്നില്ലേ...?"

നമ്മള് ഓളേ നോക്കി ഒന്ന് പുഞ്ചിരിക്ക മാത്രം ചെയ്തിട്ട് മുറ്റത്തെ റോസ് ഗാർഡനിലേക്ക് നോക്കി...

"ഡി ഫെബി..നിനക്ക് ഫൈസൽക്ക തന്ന സർപ്രൈസ് പാർട്ടി ഇഷ്ടായോ...?"

"ഇതാണോ സർപ്രൈസ് പാർട്ടി...?

നമ്മക്ക് ഇതിനേക്കാൾ വലിയ സർപ്രൈസ് കോളേജീന്ന് കിട്ടിയതാ മോളേ....

സർപ്രൈസ് എന്ന് വെച്ചാ അതാണ് സർപ്രൈസ്...കോളേജ് മൊത്തം എന്നെ തന്നെ ഉറ്റുനോക്കുന്ന ഒരു കിടിലൻ സർപ്രൈസ്..."

"എന്ത് സർപ്രൈസ്...?

ആരെ സർപ്രൈസ്...?"

ഹസിനോട് നമ്മള് അപ്പൊ തന്നെ ഇന്ന് കോളേജിൽ വെച്ച് നടന്നതൊക്കെ നമ്മള് വള്ളി പുള്ളി വിടാതെ പറഞ്ഞ് കൊടുത്തു...ഓള് അതൊക്കെ കേട്ടോണ്ട് മൂക്കത്ത് വിരലും വെച്ചോണ്ട് നമ്മളെ നോക്കി നിന്നു...

"വോാാവ് ഫെബീ....ആദിൽക്ക ഇത്രേം വലിയ സർപ്രൈസാണോ നിനക്ക് തന്നത്...?

ച്ഛെ അതൊന്നും കാണാൻ പറ്റിയില്ലല്ലോ....അല്ലാ അച്ചുവും നിൻറെ ഫ്രണ്ട്സുമൊക്കെ ഡാൻസ് കളിച്ചോ...?"

"കളിച്ചോന്നോ...ഇന്റെ മോളേ...ഓരെ കളിയൊന്ന് കാണേണ്ടത് തന്നെയാണ്...എന്ത് രസണ്ടെന്ന് അറിയോ...

അത് കാണുമ്പൊ നമ്മക്കും കൂടെ പോയി കളിക്കാൻ തോന്നും..."

"ശൊ...മിസ്സായി പോയല്ലോ...അല്ലാ അപ്പൊ ആ റോസൊക്കെ കൊണ്ട് വന്നത് ആദിൽക്കയാണോ...?"

"ആകാനാണ് കൂടുതൽ ചാൻസ്....നിനക്ക് അറിയോ മൂപ്പരിപ്പൊ നമ്മളെ ബെസ്റ്റ് ഫ്രണ്ടാണ്...ഞങ്ങളിന്ന് ശരിക്കും കൂട്ടായി....

മനസ് വിട്ട് ഒരുപാട് നേരം ഞങ്ങള് സംസാരിച്ചു..."

നമ്മള് വാ തോരാതെ ആദിയെ പറ്റി തന്നെ പറയുന്നത് കണ്ടിട്ട് ഹസി ഒരു ചെറു പുഞ്ചിരി തൂകി കൊണ്ട് നമ്മളെ തന്നെ നോക്കി നിന്നു...നമ്മള് എന്തേന്ന് കണ്ണ് കൊണ്ട് ആംഗ്യം കാണിച്ചപ്പൊ ഓള് കണ്ണിമ വെട്ടാതെ നമ്മളെ നോക്കി.

"നിൻറെ കണ്ണിലെ ഈ തിളക്കവും ഈ വായാടിത്തരവും ഇങ്ങനെ കൺകുളിർക്കെ കണ്ടിട്ട് ഒരുപാട് കാലമായ പോലെ തോന്നാ...അതാ നിന്നെ തന്നെ നോക്കി നിന്നത്..."

നമ്മള് ഹസിനെ നോക്കി ചിരിച്ചോണ്ട് അവിടന്ന് എണീറ്റ് ബെഡില് പോയി ഇരുന്നു...ഹസി അവിടെ ഇരുന്ന് കൊണ്ട് തന്നെ നമ്മളെ നേരെ തിരിഞ്ഞ് ഇരുന്നു...

"ഇത്രയൊക്കെ നിനക്ക് വേണ്ടി ആദിൽക്ക ചെയ്തിട്ടും അൻക്ക് മൂപ്പരോട് ഇഷ്ടമൊന്നും തോന്നുന്നില്ലേ..."

"ആര് പറഞ്ഞു ഇല്ലെന്ന്...ആദി എൻറെ ബെസ്റ്റ് ഫ്രണ്ട്സിൽ ഒരാളാണ്...അപ്പൊ എനിക്ക് ഓനോട് ഇഷ്ടമുണ്ടാകില്ലേ..."

"ഓ......ഞാനത് അല്ല ഉദ്ദേശിച്ചത്..."

"നീ കൂടുതലൊന്നും ഉദ്ദേശിക്കണ്ടട്ടോ മോളേ..."

എന്ന് പറഞ്ഞ് നമ്മള് സബ് ഓണാക്കി പാട്ട് വെച്ചു...അത് കേൾക്കുമ്പൊ ഹസി എണീറ്റ് നമ്മളെ റൂമീന്ന് ഓടുമെന്ന് കരുതിയെങ്കിലും ഓള് അവിടെ ഇരുന്നിട്ട് നമ്മളെ നേരെ ഒരു ലോഡ് പുച്ഛമെറിഞ്ഞ് തന്നു...

നമ്മളത് കണക്കിലെടുക്കാതെ

"വസീകരാ....എൻ നെഞ്ചിനിക്കാ ഉൻ പൊൻമടിയിൽ തൂങ്കിനാൽ പോതും....." എന്ന് പാടി കൊണ്ട് ഓളേയും കൊണ്ട് ഒരു റൊമാൻറിക് ഡാൻസ് തന്നെ നമ്മള് കളിച്ച് തുടങ്ങി...

ഹസി നമ്മളെ കൂടെ കളിക്കില്ലെന്ന് കരുതിയെങ്കിലും ഓള് നമ്മളേക്കാൾ വലിയ കളി ആയിരുന്നു...ഞങ്ങള് രണ്ട് പേരും കൂടി എന്തൊക്കെയോ കോപ്രായങ്ങള് കാണിച്ച് കൂട്ടി കൊണ്ട് ആ പാട്ടിനെയങ്ങ് കൊന്ന് കൊല വിളിച്ചു...

നമ്മള് ആണെങ്കിൽ ഹസിൻറെ ഡാൻസ് കണ്ടിട്ട് പൊരിഞ്ഞ ചിരിയിലാണ്...നമ്മളെ ചിരി കണ്ടപ്പൊ ഹസി നമ്മളേയും കൊണ്ട് കളിക്കാൻ തുടങ്ങി....

ഞങ്ങള് രണ്ട് പേരും കൂടി പൊട്ടത്തികളെ പോലെ കളിച്ചോണ്ട് നിൽക്കുമ്പൊ പെട്ടെന്ന് ഹസി ഷോക്കടിച്ച പോലെ നിന്നു...നമ്മള് ഓളെ നോക്കി എന്താന്ന് കൈ കാണിച്ചപ്പൊ നമ്മളെ പുറകില് നിന്നും ആരോ ചിരിക്കാൻ വേണ്ടി കഷ്ടപ്പെടുന്ന പോലെയുള്ള അടക്കി പിടിച്ച ചിരി കേട്ടു...

നമ്മള് പെട്ടെന്ന് തന്നെ തിരിഞ്ഞ് നിന്നിട്ട് അതാരാണെന്ന് നോക്കിയതും ഞങ്ങളെ രണ്ട് പേരുടേയും തൊലിയുരിഞ്ഞ് പോകുന്ന പോലെ നമ്മക്ക് തോന്നി....

ആദി നമ്മളെ കിളി വാതിലിൻറെ അവിടെ ഇരുന്നോണ്ട് വാ പൊത്തി പിടിച്ച് ചിരിക്കാൻ കഷ്ടപ്പെടാണ്...ഞങ്ങള് രണ്ട് പേരും ഓനെ കണ്ടെന്ന് മനസ്സിലായപ്പൊ ചെക്കൻ പെട്ടെന്ന് പൊട്ടി ചിരിച്ചു...അത് കേട്ടപ്പൊ നമ്മളും ഹസിയും കൂടി ഒരു തലയണ എടുത്തോണ്ട് ഓൻറെ വായേല് കുത്തി...

"ശൂ....മിണ്ടല്ലെടാ കോന്താ...ആരേലും കേട്ട് വന്നാൽ ഞങ്ങള് രണ്ടാളും പെടും...

നീയിപ്പോ എന്തിനാ ഇങ്ങോട്ട് വന്നത്...?

നമ്മള് കോളേജില് വെച്ച് കണ്ടതല്ലേ...പിന്നെ എന്താ...?"

ആദി എന്തൊക്കെയോ പറയുന്നുണ്ടെങ്കിലും നമ്മക്ക് അതൊന്നും വ്യക്തമായില്ല...അപ്പൊ തന്നെ ഹസി

നമ്മളേ തലക്ക് ഒരു മേട്ടം തന്നു...

"ആദ്യം ഓൻറെ വായേന്ന് അതെടുക്ക് എന്നാലല്ലേ ഓൻ പറയുന്നത് കേക്കൂ..."

നമ്മള് അപ്പൊ തന്നെ ഒരു സോറി പാസാക്കി കൊണ്ട് തലയണ എടുത്ത് മാറ്റി. അപ്പൊ തന്നെ ആ കോന്തൻ വീണ്ടും ഞങ്ങളെ രണ്ടിൻറെയും മുഖത്തേക്ക് നോക്കി കൊണ്ട് പൊട്ടിച്ചിരിച്ചു...

"ഫെബി അതെടുത്ത് ഇതിൻറെ വായേല് കുത്തി കയറ്റുന്നത് തന്നെയാകും ബെറ്റർ....അല്ലാതെ ഇങ്ങേര് ഈചിരി നിർത്തൂല..."

നമ്മള് ഓൻറെ വായേല് വീണ്ടും അത് കുത്തി തിരുകാൻ നിന്നപ്പൊ ഓൻ പെട്ടെന്ന് നമ്മളെ കൈ പിടിച്ച് തടുത്തു...എന്നിട്ട് നമ്മളെ നോക്കി കൊണ്ട് വീണ്ടും ചിരിക്കാൻ തുടങ്ങി...

"ഹ...ഹ...എൻ്റെ ഐഷൂ...അറിയാൻ പാടില്ലാത്ത കാര്യത്തിന് വെറുതെ എടുത്ത് ചാടണോ....അതും ഈ പാട്ടിനൊക്കെ ഇങ്ങനെ കളിക്കാന്ന് വെച്ചാ....ഹ...ഹ....കഷ്ടമുണ്ട്ട്ടോ ഐഷു....ഹ...ഹ...ഹ..."

നമ്മക്കും ഹസിക്കും ഓൻ്റെ ചിരി തീരെ പിലിച്ചില്ല...അതോണ്ട് ഓനെ ഞങ്ങള് രൂക്ഷമായി നോക്കി കൊണ്ട് തലയണ കൊണ്ട് അടിക്കാൻ തുടങ്ങി.....

"ഞങ്ങള് ഞങ്ങളെ റൂമില് നിന്ന് പലതും കാണിച്ച് കൂട്ടും നീ അതൊക്കെ എന്തിനാ കാണുന്നത്...?

നിനക്ക് അൻ്റെ വീട്ടില് കിടന്നാൽ പോരെ...ഈ സമയത്ത് എന്തിനാ ഇങ്ങോട്ട് കേറി വന്നത്...?"

"എടീ തല്ലല്ലെടീ ഭദ്രകാളീ...ഞാൻ നിനക്ക് തന്ന ഗിഫ്റ്റ് നിനക്ക് ഇഷ്ടായോന്ന് ചോദിക്കാൻ വന്നതല്ലേ...

ഞാൻ അറിഞ്ഞോ നിങ്ങള് രണ്ടും കൂടി ഇവിടെ കെടന്ന്

കളിക്കാണെന്ന്...."

എന്ന് പറഞ്ഞ് ആ കോന്തൻ വീണ്ടും ചിരിച്ചപ്പോ നമ്മള് ഓനെ നോക്കി കൊഞ്ഞനം കാണിച്ചിട്ട് ഹസിനെ നോക്കി ചിരിക്കാൻ തുടങ്ങി...

ഞങ്ങള് മൂന്നും കൂടി കുറേ നേരം അങ്ങനെ ചിരിച്ചോണ്ട് നിന്നു...ആദിൻറെ ഗിഫ്റ്റ് ആ വൈറ്റ് റോസ് ഗാർഡനാണെന്ന് മനസ്സിലായപ്പൊ നമ്മക്ക് അത് ഒരുപാട് ഇഷ്ടായെന്ന് ഓനോട് പറഞ്ഞു....

പിന്നെ നമ്മളും ഹസിയും കൂടി ഒരുപാട് നേരം അവിടെ ഇരുന്ന് സംസാരിച്ചു...ആദി അധികവും നമ്മളെ മൈൻറാക്കാതെ ഹസി നോക്കിയാണ് സംസാരം...അത് കണ്ടപ്പൊ നമ്മക്ക് ദേഷ്യം വന്നെങ്കിലും നമ്മള് അതൊക്കെ കൺട്രോൾ ചെയ്തോണ്ട് അവര് സംസാരിക്കുന്നതും നോക്കി ഇരുന്നു....

"ആദിൽക്കാ...ആ സൽമക്ക് ഈയിടയായി കുറച്ച്

കൂടുന്നുണ്ട്...ഓള് കാരണം ഫെബി രണ്ടാഴ്ച്ചയോളം കാലൊടിഞ്ഞ് വീട്ടില് കിടന്നില്ലേ....ഇനിയും അവള് എന്തൊക്കെ കൊണ്ട് വരില്ലാന്ന് ആര് കണ്ടു...അതോണ്ട് നമുക്ക് ഓളെയങ്ങ് തട്ടിയാലോ..."

"അത് ഞാൻ പല തവണ ചിന്തിച്ച കാര്യായിരുന്നു...പക്ഷേ ഓളേ കൊന്നിട്ട് വെറുതെ എൻറെ ജീവിതം കൂടി പാഴാക്കണോന്ന് കരുതി വെറുതെ വിട്ടതല്ലേ...

എന്ന് കരുതി ഇവളെ തള്ളിയിട്ടതിന് നമ്മളും പകരം വീട്ടാതിരുന്നിട്ടില്ലട്ടോ...

അതേ പോലെ തിരിച്ച് നമ്മളും ഓളെ സ്റ്റയർകേസീന്ന് തള്ളിയിട്ടിട്ടുണ്ട്...ഇപ്പോഴും ഹോസ്പിറ്റലിലാ ഓള്....

മിനിമം ഒരു മാസത്തേക്ക് ഓളെ ഒരു ശല്യവും ഉണ്ടാകില്ലെന്ന് ഉറപ്പാ...

ഇതൊന്നും ഇവള് നിന്നോട് പറഞ്ഞില്ലേ...?"

"പിന്നേ...അതൊക്കെ എന്നോട് പറഞ്ഞു....അതിൻറെ കൂടെ ഓള് വേറൊരു കാര്യം കൂടി നമ്മളോട് പറഞ്ഞായിരുന്നു...

ഇങ്ങള് ഓളെ ഫ്രണ്ടാക്കിയെന്ന്...ശരിയാണോ?"

അപ്പൊ ആദി നമ്മളെ ഒന്ന് നോക്കി കൊണ്ട് അതേന്ന് തലയാട്ടി...

"എന്ത് ചെയ്യാം ഹസീ....സാഹചര്യം കൊണ്ട് എനിക്ക് അപ്പൊ ഓളെ ഫ്രണ്ടാകേണ്ടി വന്നു...സത്യം പറഞ്ഞാൽ ഞങ്ങള് തമ്മിലുള്ള ഫൈറ്റ് തീരാനാ നമ്മള് ഓളോട് കൂട്ടായത്....ഇതിപ്പൊ ഞങ്ങളെ തമ്മില് കൂടുതൽ അടിപ്പിക്കാണ് എന്നല്ലാതെ അടുപ്പിക്കുന്നില്ല..."

ഓനത് പറഞ്ഞ് തീരേണ്ട താമസം നമ്മള് അപ്പൊ തന്നെ ഓൻറെ കയ്യിനിട്ട് നല്ലൊരു നുള്ള് കൊടുത്തു.

"കണ്ടോ പറഞ്ഞ തീർന്നില്ല അപ്പോഴേക്കും വന്നു

വീണ്ടും അടികൂടാൻ...

നീയൊക്കെ എങ്ങനെ ഇതിനെ സഹിക്കുന്നൂ...?

ഭാഗ്യത്തിന് എൻറെ ഫ്രണ്ടാക്കിയത് നന്നായി ഇവളെ എങ്ങാനും കെട്ടിയിരുന്നേൽ നമ്മളെ കാര്യം കട്ടപൊക ആയേനെ..."

അതും പറഞ്ഞോണ്ട് ഓനും ഹസിയും കൂടി പൊരിഞ്ഞ ചിരി ആയിരുന്നു...അത് കണ്ടപ്പൊ നമ്മക്ക് ഫീലായെങ്കിലും ആ ഫീലിങ്സ് അവരെ രണ്ടിനേയും തല്ലി നമ്മള് തീർത്തു.

പിന്നെ അങ്ങോട്ട് ചിരിയുടെ മേളമായിരുന്നു ഞങ്ങള്...ഇടക്കിടക്ക് ഓരോന്ന് പറഞ്ഞ് നമ്മളും ആദിയും തല്ലുണ്ടാക്കും ഹസി അത് കണ്ടിട്ട് കെടന്ന് കിണിക്കും അപ്പോഴാണ് ആദി ഓൾക്ക് നേരെ ഒരു വെടി ഉതിർത്തത്...

"ഹസി തനിക്ക് ഈ പ്രേമമൊന്നുമില്ലേ...?"

"ഏ...യ്...നമ്മളെ ഒന്നും അതിന് കിട്ടില്ല

ആദിൽക്കാ....അതുമല്ല നമ്മളെയൊക്കെ ആര് പ്രേമിക്കാനാ...?"

"അങ്ങനെ ഒന്നും പറയണ്ട നിന്നെ പ്രേമിക്കാനൊക്കെ ഇവിടെ ആളുണ്ട്..."

"ആര്...? നീയോ..."

ഹസിയാണ് ചോദിക്കാന്ന് കരുതിയോ നിങ്ങള് ...എന്നാലെ ചോദിച്ചത് നമ്മളാ...കാരണം ഓനാണ് ആ ആളെന്ന് എങ്ങാനും ഓൻ പറയോ എന്ന ടെൻഷനിൽ ചോദിച്ചതാ...

അപ്പൊ ഓന് ആണെങ്കിൽ ഒടുക്കത്തെ ജാഡയും...

"അതേ...എന്താ എനിക്ക് പ്രേമിക്കാൻ പറ്റില്ലേ...?

നിനക്കോ എന്നെ വേണ്ട...അപ്പൊ പിന്നെ വേണ്ടവരെ തേടുന്നതല്ലെ നല്ലത്..."

എന്ന് ആദി പറഞ്ഞപ്പൊ നമ്മള് ഓൻ്റെ വയറ്റിനിട്ട് ഒരു

കുത്ത് കൊടുത്തിട്ട് ഓൻറെ കട്ട താടി പിടിച്ച് ഒരു വലിയങ്ങ് വലിച്ചു...

നമ്മളെ അടുത്ത് നിന്നും പെട്ടെന്നുണ്ടായ പ്രതികരണായോണ്ട് കോന്തൻ ഒരു അലർച്ചയായിരുന്നു...

നമ്മളും ഹസിയും പേടിച്ച് വേഗം ഓൻറെ വാ പൊത്തി പിടിച്ചു...

"ഡാ....മിണ്ടല്ലേ....ആരേലും കേട്ടിട്ടുണ്ടേൽ ഞങ്ങള് പെട്ടു...പടച്ചോനേ...ആരും കേട്ടിട്ടുണ്ടാകരുതേ...."

അപ്പൊ തന്നെ നമ്മളെ പൊന്നാര ഉമ്മച്ചിയും ഉപ്പച്ചിയും കൂടി വാതിലിൽ വന്ന് കൊട്ടാൻ തുടങ്ങി...നമ്മളും ഹസിയും ഞെട്ടി തിരിഞ്ഞോണ്ട് പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് ആദിയെ ആ കിളി വാതിലിലൂടെ സംസൈഡിലേക്ക് ഇറക്കി വിട്ടു...

എന്നിട്ട് നമ്മള് ഹസിനോട് പോയി വാതില് തുറക്കാൻ പറഞ്ഞു...ഓള് ആദ്യം പറ്റില്ലെന്ന് തലയാട്ടിയെങ്കിലും

നമ്മള് കണ്ണുരുട്ടിയപ്പൊ ഓള് വേഗം പോയി വാതില് തുറന്നു...

"ഹ...ആ...ആരിത്....ഇങ്ങളെന്താ കുഞ്ഞാമാ ഈ നേരത്ത്...? വല്ല ആണിൻറേയും ശബ്ദം കേട്ട് ഓടി വന്നതാണോ..?"

ആ പൊട്ടത്തിയെ വാതില് തുറക്കാൻ പറഞ്ഞ് വിട്ട നമ്മളെ പറഞ്ഞാ മതിയല്ലോ...നമ്മള് സ്വയം നമ്മളെ തലക്ക് അടിച്ചിട്ട് ഹസിനെ തള്ളി മാറ്റി മുന്നില് നിന്നു...

"എന്താ ഉമ്മച്ചീ....എന്താ ഉപ്പച്ചീ....എന്താ കാര്യം...?"

"അല്ലാ ഇവിടന്ന് ഒരാണ് അലറുന്ന ശബ്ദം കേട്ട പോലെ തോന്നി..."

"ആഹാ...തോന്നായതാണെന്ന് ഇങ്ങള് തന്നെ പറഞ്ഞിട്ട് പിന്നെ എന്തിനാ ഉമ്മച്ചിയെ ഇങ്ങട്ട് വന്നത്..? ഉപ്പച്ചിയേ ഉമ്മച്ചിനെ ഒന്ന് വിളിച്ചോണ്ട് പോയേ..."

"ഡീ...വല്ലാണ്ട് ചെലക്കല്ലെ....അല്ലാ നേരം പന്ത്രണ്ട് മണി ആയിട്ടും നിങ്ങക്കെന്താടീ ഉറക്കമൊന്നുല്ലേ്യ...?"

"അ...അത്....അത് ഉമ്മേച്ചിയേ കോളേജില് ആർട്ട്സ് ഡേ വരാണ്....അപ്പൊ ഞങ്ങള് അതിൻറെ പ്രാക്ടീസ് ചെയ്യേന്നു...."

"അതിന് ഇവള് അൻറെ കോളേജില് അല്ലല്ലോ...പിന്നെ എന്തിനാ ഓള് കളിക്കുന്നത്?"

"അ..അത്...കുഞ്ഞാമാ ഞാൻ ഓളെ സഹായിക്കേന്നു...ഏതൊക്കെ സ്റ്റെപ്പ് ചെയ്യണം വേണ്ടാന്നൊക്കേ...

അല്ലേടീ..."

"ഹാ...ആ....ആ...അതേ...ഇനി ഇങ്ങള് പോയ്ക്കോളീ...ഞങ്ങള് ഉറങ്ങിക്കോളാ..."

"അല്ലാ എന്നാലും ഒരു ആണിൻ്റെ ശബ്ദം കേട്ടല്ലോ അത് എവിടെന്നാ?"

"ഫൗസിയാത്താ....അത് ചിലപ്പൊ ഞങ്ങള് പാട്ട് ഇട്ടപ്പൊ അതീന്ന് കേട്ടതാകും...എന്തൊക്കെ സംശയങ്ങളാ...

ഉപ്പച്ചിയേ ഈ ഉമ്മച്ചിനെ ഇവിടന്ന് കൊണ്ടോയിക്കാണീ....ഞങ്ങക്ക് ഒറക്കം വരുന്നുണ്ട്..."

അത് കേക്കേണ്ട താമസം നമ്മളെ ഉപ്പച്ചി ഉമ്മാനേം വിളിച്ചോണ്ട് അവിടന്ന് പോയി...ഞങ്ങള് അപ്പൊ തന്നെ വാതിലടച്ചിട്ട് ഒന്ന് നെടുവീർപ്പിട്ടു...

അപ്പോ തന്നെ ആദി വീണ്ടും റൂമിലേക്ക് കേറി വന്നു...

"നിങ്ങള് ആർട്ട്സ് എന്ന് പറഞ്ഞപ്പോഴാ ഓർമ്മ വന്നത്...നമ്മളെ കോളേജിലെ ആർട്സാണ് അടുത്ത മാസം...അതിൻ്റെ മീറ്റിങ്ങൊക്കെ നടത്തണ്ടേ...?"

"അതൊക്കെ കോളേജില് വെച്ച് നടത്താം...ഇപ്പോ നീ ഇവിടന്ന് ഒന്ന് പോ ആദി..."

"എനിക്ക് പറയാനുള്ളത് പറയാതെ ഞാൻ എങ്ങനെ പോകാ ഐഷൂ..."

"ഇനിയെന്ത് കുന്താ പറയാനുള്ളത്...?"

"അന്നോടല്ല എനിക്ക്
പറയാനുള്ളത്...ഹസിയോടാണ്..."

എന്ന് പറഞ്ഞ് ആദി നമ്മെ തള്ളി മാറ്റി കൊണ്ട് ഹസിൻറെ അടുത്തേക്ക് ചെന്നു...ഓൻ എന്താകും ഓളോട് പറയാൻ പോകുന്നതെന്ന് ചിന്തിച്ച് നമ്മക്ക് തലക്ക് വട്ടായി...

ഒടുവിൽ ആദി പറയുന്നത് കേട്ട് ഹസിയും നമ്മളും തൊള്ളേം തുറന്ന് ഓനെ നോക്കി നിന്നു...

(തുടരും)

ഭാഗം.64

ഓൻ എന്താകും ഹസിയോട് പറയാൻ പോകുന്നതെന്ന് ചിന്തിച്ച് നമ്മക്ക് തലക്ക് വട്ടായി...

ഒടുവിൽ ആദി പറയുന്നത് കേട്ട് ഹസിയും നമ്മളും തൊള്ളേം തുറന്ന് ഓനെ നോക്കി നിന്നു...

"എന്താ ആദീ നീ പറഞ്ഞത്....?

നിസൂക്കക്ക് ഇവളെ ഇഷ്ടായെന്നോ...?

ഇനി ഒരു പെണ്ണിന് തൻ്റെ ജീവിതത്തിൽ സ്ഥാനമില്ലാന്ന് പറഞ്ഞ് നടന്ന നിസൂക്കാക്ക് ഇവളെ ഇഷ്ടായെന്നോ...."

നമ്മള് അതും പറഞ്ഞ് അന്തം വിട്ട് ഹസിനെ നോക്കി. ഓളെ ഉണ്ടക്കണ്ണ് പുറത്തേക്ക് ചാടാനായ പോലെ തള്ളി വന്നത് കണ്ടപ്പൊ നമ്മള് ഓളെ നോക്കി ഹലാക്കിലെ ചിരിയായിരുന്നു...

അത് കണ്ടപ്പൊ ഹസി നമ്മളെ തലയണ കൊണ്ട്

തല്ലാൻ തുടങ്ങി... നമ്മള് അപ്പൊ തന്നെ ചിരി കൺട്രോൾ ചെയ്തിട്ട് ഓളെ കയ്യീന്ന് അത് വാങ്ങി വെച്ചിട്ട് ഓളെ കൈ പിടിച്ചു....

എന്നിട്ട് കണ്ണിമ വെട്ടാതെ നമ്മള് ഓളെ തന്നെ നോക്കി നിന്നു.

"ഹസീ...നിന്നോട് ഞാൻ ഇന്നേവരെ ഇങ്ങനെ ഒരു കാര്യം ചോദിച്ചിട്ടില്ല....പക്ഷേ, ഇപ്പൊ ചോദിക്കേണ്ട ഒരു സാഹചര്യം വന്നതോണ്ട് ചോദിക്കാണ്....

നിനക്ക് ഞങ്ങളെ നിസൂക്കാനെ ഇഷ്ടല്ലേ?"

ഓള് അത് കേട്ടപ്പൊ എന്ത് പറയണമെന്ന് അറിയാതെ നമ്മളെ തന്നെ മിഴിച്ച് നോക്കി കൊണ്ട് വാക്കുകൾക്ക് വേണ്ടി പരതി...

അത് കണ്ടപ്പൊ ആദിയും നമ്മളെ കൂടെ കൂടി ഓളെ മനസ്സിലുള്ള കാര്യം ചൂഴ്ന്നെടുക്കാൻ ശ്രമിച്ചു...

ഒരുപാട് നേരത്തെ ചോദ്യം ചെയ്യലിനൊടുവിൽ ഓൾക്ക്

നിസൂക്കാനോട് ഇഷ്ടക്കുറവൊന്നുമില്ലാന്ന് വ്യക്തമാക്കി...

ആ നിലപാട് കേട്ടപ്പൊ നമ്മക്കും ആദിക്കും അത് ഒരുപോലെ സന്തോഷം ഉണ്ടാക്കി....

"നിനക്ക് ഓനോട് ഇഷ്ടക്കുറവൊന്നും ഇല്ലാത്ത സ്ഥിതിക്ക് നിനക്ക് ഓനെ ഇഷ്ടാണെന്ന് പറയട്ടെ...." ആദിയാണ്.

"അള്ളോ....അതൊന്നും വേണ്ട...ഇൻക്ക് അതിന് മുൻപ് നിസൂക്കാനെ നേരിട്ട് കണ്ട് ചിലതൊക്കെ സംസാരിക്കണം....

എന്നിട്ട് എന്താണ് എൻറെ തീരുമാനമെന്ന് ഞാൻ നിസൂക്കാനെ തന്നെ അറിയിച്ചോളാം...."

"ആ...അത് നല്ലൊരു ഐഡിയയാണ്...എന്നാ പിന്നെ നമുക്ക് അങ്ങനെ തന്നെ ചെയ്യാം....

ഈ വരുന്ന സൺഡേ നമുക്ക് എൻറെ കോഫീ ഷോപ്പില് വെച്ച് മീറ്റ് ചെയ്യാം...

എന്താ വേണ്ടതെന്ന് നിങ്ങൾ തീരുമാനിക്ക്....

അപ്പൊ ശരിയെന്നാ...ഞാൻ ഇറങ്ങാ...ഇതുപോലെ വീണ്ടും അടുത്ത തവണ വരാൻ നോക്കാം...അപ്പോഴെങ്കിലും ഡാൻസ് കളിക്കാൻ പഠിച്ചിട്ട് നീയാ പണിക്ക് ഇറങ്ങിയാ മതീട്ടോ ഐഷൂ..."

ഓൻ അതും പറഞ്ഞോണ്ട് നമ്മളെ നോക്കി ആക്കി ചിരിച്ചോണ്ട് പോകാൻ നിന്നപ്പൊ നമ്മള് ഓൻറെ നടുപൊറം നോക്കി ഒരെണ്ണം കൊടുത്തിട്ട് ഒരു ലോഡ് പുച്ഛം വാരി എറിഞ്ഞു...

"ആ പിന്നെ ഒര കാര്യം പറയാൻ വിട്ട് പോയി... ഓൻ പറഞ്ഞിട്ടല്ലട്ടോ ഹസീ ഞാൻ നിന്നോടിത് ചോദിച്ചത് ....

എന്ന് കരുതി ഓന് അന്നെ ഇഷ്ടല്ലാന്നല്ലട്ടോ....

ഓന് അന്നേ ഇഷ്ടാണ്...അത് ഓന് തന്നെ അന്നോട്

നേരിട്ട് പറയണമെന്നാണ് ആഗ്രഹം... പക്ഷേ, നിനക്ക് ഓനോട് അങ്ങനെ ഒരു ഇഷ്ടല്ലെങ്കിൽ അത് ഓന് താങ്ങാൻ പറ്റില്ല... അതാ ഞാൻ നേരത്തെ തന്നെ നിന്നോട് ചോദിച്ചത്...

എന്തായാലും നിനക്ക് എതിർപ്പൊന്നും ഇല്ലാത്ത സ്ഥിതിക്ക് ഞാൻ ഓനേയും കൂട്ടി സൺഡേ വരും...നിങ്ങൾ രണ്ട് പേരും അങ്ങോട്ട് വരണം...

പിന്നെ ഞാൻ ഇങ്ങനെ ഒരു കാര്യം നിങ്ങളോട് പറഞ്ഞിട്ടുമില്ല...നിങ്ങളൊട്ട് അറിഞ്ഞിട്ടുമില്ല ...അങ്ങനെ നിന്നേക്കണം കേട്ടല്ലോ ...?"

ഞങ്ങൾ രണ്ട് പേരും ആദിയോട് ഓക്കെ പറഞ്ഞ് ഓനെ വേഗം അവിടന്ന് പറഞ്ഞയക്കാൻ നോക്കി.

"അപ്പൊ ശരി...ഞാൻ എന്നാ പോകട്ടെ വസീകരാ....നാളെ കോളേജിൽ വെച്ച് കാണാം.... ബൈ ഐഷൂ...ബൈ ഹസീ..."

എന്ന് പറഞ്ഞ് ആദി അവിടന്ന് ഇറങ്ങിയപ്പൊ നമ്മള് ഓനെ നോക്കി കൊഞ്ഞനം കുത്തി കൊണ്ടിരുന്നു.

ഹസി നമ്മളെ നോക്കി വാ പൊത്തി ചിരിച്ചോണ്ട് ആദിയോട് ബൈ പറഞ്ഞു. നമ്മള് ഓൻ കണ്ണിൽ നിന്നും മായുന്നത് വരെ അവിടെന്ന് നോക്കി നിന്നു.

ഓൻ പോയപ്പൊ എന്തൊക്കെയോ വല്ലാണ്ട് ഓനെ മിസ് ചെയ്യുന്ന പോലെ നമ്മക്ക് തോന്നി...അതോണ്ട് നമ്മള് അവിടെ കുറച്ച് നേരം ഇരുന്നിട്ട് മാനത്തെ നിലാവിനേയും താഴെ പൂത്തു നിൽക്കുന്ന വൈറ്റ് റോസുകളെയും നോക്കി....

എന്തൊക്കെയോ ഒരു നൊസ്റ്റാൾജിക് ഫീല് തോന്നി തുടങ്ങി. നമ്മള് പതിയെ കണ്ണുകളടച്ച് രണ്ട് വർഷം പിറകിലേക്ക് സഞ്ചരിച്ചു...

അപ്പൊ തന്നെ ഹസി വന്ന് നമ്മളെ പിടിച്ച് കുലുക്കിയിട്ട് നമ്മളെയും കൂട്ടി ബെഡിൽ പോയി കിടന്നു....

ഓള് എന്തൊക്കെയോ പറയുന്നുണ്ട് പക്ഷേ നമ്മള് അതൊന്നും കേൾക്കുന്നില്ല...ആദിയാണ് കണ്ണടച്ചാൽ മുന്നിൽ നിൽക്കുന്നത്....

'സത്യം പറഞ്ഞാൽ രണ്ട് വർഷങ്ങൾക്ക് മുൻപാണ് ഞാൻ ആദിയെ കണ്ട് മുട്ടുന്നതെങ്കിൽ ഒരിക്കലും ഓനെ ഞാൻ ഇങ്ങനെ പിറകെ നടത്തിക്കില്ലായിരുന്നു....പക്ഷേ ഇതാകും എൻറെ വിധി....അതാണ് എനിക്ക് ആദിയെ സ്വീകരിക്കാനോ ഉപേക്ഷിക്കാനോ കഴിയാത്തത്.....

എന്നിരുന്നാലും ഇപ്പൊ മനസ്സിന് ഒരല്പം ആശ്വാസമുണ്ട്...

ആദി നമ്മളെ ഒരു ഫ്രണ്ടായിട്ടാണല്ലൊ കാണുന്നത്...

അത് ഒരു കണക്കിന് നല്ലതാണ്.... അതോണ്ട് എന്നെ കുറിച്ച് എനിക്ക് ആദിയോട് ഒന്നും വെളിപ്പെടുത്തേണ്ട കാര്യം വരുന്നില്ല...

കാരണം, അതൊക്കെ ആദി അറീഞ്ഞിട്ടും ഇനി കാര്യമില്ല...അതോണ്ട് അത് രഹസ്യമായിട്ട് തന്നെ

ഇരിക്കട്ടെ...'

നമ്മളിങ്ങനെ ഓരോന്ന് ചിന്തിച്ചോണ്ട് എപ്പോഴോ ഉറങ്ങി പോയി...

പിറ്റേന്ന് കോളേജിൽ പോകാനൊക്കെ എന്തോ ഒരു ത്രില്ല്...

അതോണ്ട് നേരത്തെ തന്നെ നമ്മളെ ഒരുക്കമൊക്കെ കഴിഞ്ഞ് നമ്മള് ബസ് സ്റ്റോപ്പിൽ എത്തിയിരുന്നു. അച്ചൂനോട് ഇന്നലെ നടന്ന കാര്യങ്ങൾ ഒക്കെ നമ്മള് അപ്പൊ തന്നെ പറഞ്ഞു....

അത് കേട്ടപ്പൊ മുതൽ ഓളും നമ്മളെ പോലെ ഭയങ്കര ആകാംഷയിലാണ്.

കോളേജിൽ വെച്ച് ഞങ്ങൾ നിസൂക്കാനെ കണ്ടപ്പൊ വെറുതെ എന്തൊക്കെയോ അർത്ഥം വെച്ചോണ്ട് സംസാരിച്ചിരുന്നു...

നമ്മള് പറയുന്നത് മൂപ്പർക്ക് അധികം പിടി കിട്ടിയിട്ടില്ല എന്നതാണ് ആശ്വാസം....

ക്ലാസിൽ ഇരിക്കുമ്പൊ ആദിൻറെ ക്ലാസിലേക്ക് നോക്കിയിട്ട് ഓനോട് ആംഗ്യം കാണിച്ച് സംസാരിക്കലായിരുന്നു നമ്മക്ക് പണി...അത് കണ്ടിട്ട് എല്ലാരും കൂടി നമ്മളെ കളിയാക്കിയെങ്കിലും നമ്മളത് വക വെച്ചില്ല.... കാരണം ആദി ഇപ്പോ നമ്മളെ ബെസ്റ്റ് ഫ്രണ്ട്സിൽ ഒരാളാണ്... അതോണ്ട് ഓനോട് അങ്ങനെ ഒരു മനോഭാവാണ് ഇപ്പോ നമ്മക്ക് ഉള്ളത്....

ആ ഫ്രണ്ട്ഷിപ്പിനെ മറ്റൊരു അർത്ഥത്തിൽ കണ്ടത് എൻറെ തെറ്റായിരുന്നു...

ഉച്ചക്ക് ആർട്സ് ഡേ സംബന്ധിച്ച് ഞങ്ങൾക്ക് ഒരു മീറ്റിങ് വിളിച്ചു...

നമ്മള് ആദ്യം തന്നെ അവിടെ എത്തിയിരുന്നു...

മീറ്റിങ് തുടങ്ങി പരിപാടികളെ കുറിച്ചും അവിടെ നടത്തേണ്ട അറേഞ്ച്മെൻസിനെ കുറിച്ചും ഒരുപാട് ചർച്ചകളൊക്കെ നടത്തി....

നോട്ടീസ് എഴുതുന്ന തിരക്കിലായിരുന്നു അപ്പൊ

നിസൂക്ക. നമ്മക്ക് അപ്പൊ പ്രത്യേകിച്ച് പണി ഒന്നും ഇല്ലാത്തോണ്ട് നമ്മള് മൂപ്പരെ അടുത്ത് പോയി ഇരുന്നു...

അങ്ങനെ നോട്ടീസ് എഴുതി കഴിഞ്ഞ് മൂപ്പരത് ആദിക്ക് കൊണ്ട് കൊടുത്തു. ആദി ലിസ്റ്റ് തയ്യാറാക്കി കൊണ്ടിരിക്കേന്നു...

നമ്മക്ക് അവരോട് ഒക്കെ കൂടി ഒരു കാര്യം പറയാൻ ഉണ്ടായിരുന്നു... അത് എങ്ങനെ തുടങ്ങുമെന്ന് ചിന്തിച്ച് നിന്ന് അവസാനം നമ്മളത് പറഞ്ഞ് തുടങ്ങി....

"ഗായ്സ്..... വൺ മിനിറ്റ് എനിക്ക് പറയാനുള്ളത് ഒന്ന് കേൾക്കണം..."

അത് പറഞ്ഞപ്പൊ അവരൊക്കെ കൂടി നമ്മളെ നോക്കി എന്താന്ന് ചോദിച്ചു... നമ്മള് അവരെയൊക്കെ ഒന്ന് നോക്കി ചിരിച്ചോണ്ട് തുടർന്നു...

"രണ്ട് വർഷം മുൻപ് നിങ്ങള് നിർത്തി വെച്ച നിങ്ങളെ

ബാൻഡ് വീണ്ടും ഡബിൾ സ്ട്രോങ്ങായിട്ട് തിരിച്ച് വരണം....ഇത് ഞാൻ ചോദിക്കുന്ന എൻറെ ബർത്ത് ഡേ ഗിഫ്റ്റ് ആയിട്ട് ഇതിനെ കണ്ടാൽ മതി....എന്ത് പറയുന്നു...?"

നിസൂക്ക അപ്പൊ തന്നെ ആദിയെ ഒന്ന് നോക്കി. അവര് പരസ്പരം മുഖത്തേക്ക് നോക്കി നിന്നു എന്നല്ലാതെ അവയൊന്നും മിണ്ടുന്നത് നമ്മള് കണ്ടില്ല...

"എന്താ നിസൂക്ക നമുക്ക് ആ പഴയ ബാൻഡ് തിരിച്ച് കൊണ്ട് വരണ്ടേ...?"

"ഫെബീ....അത്...എല്ലാം ആദിയാണ് തീരുമാനിക്കേണ്ടത്...അവനാണ് ആ ബാൻഡ് ഉണ്ടാക്കിയത് തന്നെ...

ആദിക്ക് സമ്മതമെങ്കിൽ...."

എന്ന് പറഞ്ഞ് നിസൂക്ക ആദിയെ നോക്കിയപ്പൊ നമ്മളും ഓനെ നോക്കി.

"ആദി...എന്താ തൻറെ അഭിപ്രായം...? നിങ്ങളെ ബാൻഡ് വീണ്ടും തിരിച്ച് വരണമെന്ന് എനിക്ക് നല്ല ആഗ്രഹമുണ്ട്....പറ്റിയാൽ ഫീമെയിൽ സിങ്ങറായിട്ട് നമ്മക്കും ഒരു ചാൻസ് തരണം... എന്തേ...?"

നമ്മളെ പോലെ തന്നെ എല്ലാവരും അപ്പൊ ഉറ്റു നോക്കിയത് ആദിയെയാണ്. ഓൻ ഒന്നും മിണ്ടാതെ നിന്നിട്ട് ഞങ്ങളെ എല്ലാവരേയും ഒന്ന് നോക്കി...

കാക്കുവും നിസൂക്കയും അൻസിക്കയും കൂടി ആദിനോട് പ്ലീസ് ഡാ എന്ന് പറഞ്ഞപ്പൊ ആദി നമ്മളെ നോക്കി കൊണ്ട് ഒന്ന് പുഞ്ചിരി തൂകി തലയാട്ടി....

അത് കണ്ടതും എല്ലാവരും കൂടി ആർത്ത് ഉല്ലസിച്ചു....

അന്ന് തന്നെ ഞങ്ങൾ പ്രാക്ടീസ് തുടങ്ങി. ഞാനും ആദിയുമാണ് മെയിൻ സിങ്ങേഴ്സ് വിത്ത് ഗിറ്റാർ... കൂടെ കോറസായി കൊണ്ടും ആളുണ്ട്..

അനൂക്കയാണ് വയലിൻ കൈകാര്യം ചെയ്യുന്നത്. സിദ്ധുവേട്ടൻ പിയാനോയും പിന്നെ നിസൂക്ക ഡ്രംസും ആണ് വായിക്കുന്നത്...അക്കുവേട്ടൻ മൗത്തോർഗണും വായിക്കുന്നുണ്ട്...

സ്റ്റുഡന്റ്സിനെ കയ്യിലെടുക്കാനുള്ള നുറുങ്ങു വിദ്യകളൊക്കെ അഞ്ചിൻറെ കയ്യിലും ആവശ്യത്തിൽ കൂടുതൽ ഉണ്ടെന്ന നമ്മക്ക് അന്നത്തോടെ മനസ്സിലായി...

നമ്മള് ഒരുപാട് നിർബന്ധിച്ചപ്പൊ അവര് അവസാനായിട്ട് ചെയ്ത പരിപാടി അവര് നമ്മക്ക് മുന്നിൽ അവതരിപ്പിച്ചു ...

അത് കണ്ടപ്പോ നമ്മള് അറിയാതെ തന്നെ എഴുന്നേറ്റ് നിന്ന് കയ്യടിച്ചു...കൂടെ നാലഞ്ച് വിസിലും...

അവര് അഞ്ച് പേരും കൂടി ഒരുമിച്ചാൽ അവര് തകർക്കുമെന്ന് നമ്മക്ക് ഒറപ്പായി...അതിൻറെ കൂടെ നമ്മളും കൂടി കൂടിയാലോ...?

പിന്നെ പറയെ വേണ്ടല്ലൊ പൊളിച്ചടുക്കി കയ്യിൽ

തരും...

പിന്നീട് അവിടന്ന് അങ്ങോട്ടുള്ള ദിവസങ്ങളിൽ ഞങ്ങൾ ആറ് പേരും കൂടി പ്രാക്ടീസൊക്കെ ഗംഭീരായിട്ട് തുടങ്ങി... നമ്മള് ഒരു സിംഗിൾ സോങ്ങും നേരത്തെ പ്ലാൻ ചെയ്തിരുന്നു.. അപ്പൊ അതിനിടക്ക് നമ്മള് അതിലും ശ്രദ്ധ കേന്ദ്രീകരിക്കും...

നമ്മളെ രണ്ട് ബ്രദേഴ്സ് ടീമും കൂടി വേറെയും ഒരുപാട് പരിപാടികളൊക്കെ പ്ലാൻ ചെയ്തിട്ടുണ്ട്...എന്താണെന്ന് മാത്രം അവര് പറഞ്ഞു തരുന്നില്ല...അതൊക്കെ സ്റ്റേജില് കേറുമ്പൊ കണ്ടാൽ മതിയത്രെ....

ഇങ്ങനെ ഞങ്ങൾ ആ ഒരാഴ്ച കോളേജിൽ അടിച്ച് പൊളിച്ച് പോയപ്പോഴാണ് ആദി ഞങ്ങളെ അവൻ്റെ വീട്ടിലേക്ക് ക്ഷണിക്കുന്നത്...

നമ്മളെ കുരാമീസിനൊക്കെ പൂർണ്ണ സമ്മതം ആയിരുന്നെങ്കിലും നമ്മക്ക് എന്തോ അത് വേണ്ടാന്ന് തോന്നി.

"അത് വേണ്ട ആദി...അവിടെ സൽമയുണ്ടാകും,ആ അവസ്ഥയിൽ നിൻറെ കൂടെ ഞങ്ങൾ അങ്ങോട്ട് വന്നിട്ട് അത് ഓള് കണ്ട് കൂടുതൽ പ്രശ്നം ഒന്നും ഉണ്ടാക്കണ്ടാ..."

"ഐഷൂ ഞാൻ നിങ്ങളെ എൻറെ വീട്ടിലേക്കാണ് ക്ഷണിച്ചത്...അല്ലാതെ ആ സൽമൻറെ സുഖ വിവരം അന്വേഷിക്കാനല്ല....

നിങ്ങള് എന്നെ നിങ്ങളെ ഫ്രണ്ട് ആയിട്ട് കാണുന്നുണ്ടെങ്കിൽ നാളെ എൻറെ വീട്ടിലേക്ക് വരാം...ഞാൻ ആരേയും നിർബന്ധിക്കില്ല..."

എന്ന് പറഞ്ഞ് മോന്തയും വീർപ്പിച്ചോണ്ട് ആദി കാൻറീനിൽ നിന്നും ഇറങ്ങി പോയി... ഇപ്പോ ഞങ്ങളെ പ്രധാന മീറ്റിങ് പോയിൻ്റാണ് കാൻറീനും പിന്നെ ഞങ്ങളെ സ്വർഗവും...

ആദി പിണങ്ങി പോയപ്പൊ തൊട്ട് നമ്മക്ക് നേരെ

നമ്മളെ കുരാമീസും ബ്രദേഴ്സും കൂടി കൊരച്ച് ചാടി വന്നു...

"എന്താടീ ഫെബീ അൻറെ പ്രശ്നം?

ആ സൽമ അവിടെ ഉണ്ടെന്ന് കരുതി ഇപ്പോ എന്താ...?

നമ്മള് ഓളെ കാണാനല്ലല്ലോ പോകുന്നത്...കാക്കു വിളിച്ചിട്ടല്ലെ...അതും കാക്കൂൻറെ വീട്ടിലേക്ക്....

അതിലെന്താ പ്രശ്നം?" അച്ചുവാണ്.

"ആദ്യായിട്ടാണ് ആദി എല്ലാവരേയും ഒരുമിച്ച് വീട്ടിലേക്ക് ക്ഷണിക്കുന്നത്...അപ്പൊ തന്നെ അത് വേണ്ടാന്ന് പറയുമ്പൊ അവന് അത് ഫീലായിട്ടുണ്ടാകും.." അനൂക്കയാണ്.

"ഫെബീ...നീ വന്നാലും ഇല്ലെങ്കിലും ഞങ്ങൾ എല്ലാവരും അങ്ങോട്ട് പോകാൻ തീരുമാനിച്ചു... നീ വരുന്നുണ്ടോ ഇല്ലയോ?" നസിയാണ്.

"നിങ്ങൾ ഇങ്ങനെ ഒക്കെ പറയാൻ മാത്രം ഞാൻ ഒന്നും

പറഞ്ഞില്ലല്ലോ...ആ സൽമ അവിടെ ഉണ്ടായതോണ്ട് ഓള് ഇനി എന്നെ കണ്ട് അത് കൂടുതൽ പ്രശ്നം ആകണ്ടാന്നേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ..."

"എന്തായാലും ഇത്രയൊക്കെ ആയ സ്ഥിതിക്ക് നാളെ നമുക്ക് ഓൻറെ വീട്ടിലേക്ക് ഒന്ന് പോകാം ഫെബീ....അവൻ വിളിച്ചതല്ലേ...?" നിസൂക്കയാണ്.

"ഓക്കേ...പോകാം...നാളെ നമ്മള് എല്ലാവരും കൂടി ആദിയുടേ വീട്ടിലേക്ക് പോകാം ...ഞാൻ വരാം..."

നമ്മള് പറയുന്നത് കേട്ടിട്ട് അവർക്കൊക്കെ ഒരുപാട് സന്തോഷായി...അവര് നമ്മളോട് അത് ആദിയോട് പോയി പറയാൻ പറഞ്ഞു.

"ദേ നോക്ക് ഫെബീ നീ കാരണം ആദി മൂഢൗട്ടാകരുത്...ചെന്ന് ഓനോട് സംസാരിക്ക്...." കാക്കുവാണ്.

നമ്മള് അപ്പൊ തന്നെ ഓനെ തപ്പി കാൻറീനിൽ നിന്ന് ഇറങ്ങി. ആദീ ഗ്രൗണ്ടിൽ ഒരു മരച്ചോട്ടിൽ ഇരിക്കായിരുന്നു.

നമ്മള് ഓൻറെ അടുത്തേക്ക് വരുന്നത് കണ്ടപ്പൊ ഓൻ ഫോൺ എടുത്ത് അതില് തോണ്ടി കളിക്കാൻ തുടങ്ങി.

നമ്മള് ഓൻറെ അടുത്ത് ചെന്ന് ഇരുന്നപ്പൊ ചെക്കന് നമ്മളെ യാതൊരു മൈൻഡും ഇല്ല,ഫോണിലേക്കാണ് നോട്ടം...

അതോണ്ട് നമ്മള് ഓൻറെ കയ്യീന്ന് ഫോൺ തട്ടി വാങ്ങി.ഓൻ ഒന്നും മിണ്ടാതെ മോന്തയും വീർപ്പിച്ച് അവിടന്ന് എണീറ്റ് പോകാൻ നിന്നപ്പൊ നമ്മള് ഓൻറെ കയ്യിൽ പിടിച്ച് ഓനെ അവിടെ ഇരുത്തി.

എന്നിട്ടും ഓൻ നമ്മളെ മുഖത്തേക്ക് നോക്കാതെ തല തിരിച്ചിട്ട് വേറെ എങ്ങോട്ടോ നോക്കാണ്...

"ആദീ....ഇങ്ങോട്ട് നോക്ക്....ഇങ്ങോട്ട് നോക്കെടാ..."

എന്ന് പറഞ്ഞ് നമ്മള് ഓൻറെ മുഖം നമ്മളെ നേരെ തിരിച്ചു...

"സൽമ അവിടെ ഉണ്ടെന്ന് കരുതി എനിക്ക് അതൊന്നും ഒരു പ്രശ്നമേയല്ല...

പക്ഷേ,അത് നിനക്കൊരു പ്രശ്നാകോ എന്ന് കരുതിയാ ഞാൻ അങ്ങനെ പറഞ്ഞത്..."

"ഐഷൂ അതൊന്നും എന്നെ ഒരു തരത്തിലും ബാധിക്കുന്ന പ്രശ്നമല്ല...അവളെയൊന്നും ഞാൻ മുഖവുരക്ക് എടുത്തിട്ട് പോലുമില്ല...നിനക്ക് ഓളെ പേടിയാണെങ്കിൽ നീ വരണ്ട..."

"ഓ പിന്നെ... ഓളെ പേടിക്കാൻ പോവല്ലെ ഞാൻ... എന്ത് വന്നാലും ശരി നാളെ ഞാൻ വീട്ടിലേക്ക് വന്നിരിക്കും...അത് മാത്രല്ല രോഗിക്ക് ഒരു മുഖദർശനവും കൊടുക്കും പോരേ..."

ആദി നമ്മളെ നോക്കി ഒന്ന് ചിരിച്ച് തന്നു. പിന്നെ കുറച്ച് നേരം നമ്മള് ആദിയോട് സംസാരിച്ചിരുന്നു.

പിറ്റേന്ന് ഒരു ശനിയാഴ്ചയാണ്...നമ്മളും കുരാമീസും ബ്രദേഴ്സും കൂടി അങ്ങനെ ആദിൻറെ വീട്ടിലേക്ക് വന്നു...

ഞങ്ങളെ കണ്ടപ്പൊ തന്നെ സെക്ക്യൂരിറ്റി വാതില് തുറന്ന് തന്നു.ഞങ്ങളെ കാത്ത് മുറ്റത്ത് തന്നെ ആദിയും ആഷിയും ഉണ്ടായിരുന്നു.

അവര് രണ്ട് പേരും കൂടി ഞങ്ങളെ വീട്ടിലേക്ക് ക്ഷണിക്കുമ്പോഴാണ് നമ്മളെ കണ്ണ് ഗാർഡനിലേക്ക് ചെന്നത്... അവിടെ മൊത്തം വൈറ്റ് റോസ് ചെടികൾ മാത്രമെ ഉണ്ടായിട്ടുള്ളൂ ...

അത് കണ്ടപ്പൊ ആദി ഇപ്പോഴും നമ്മളെ പഴയ പോലെ സ്നേഹിക്കുന്നുണ്ടെന്ന് മനസ്സിലായി...

അതോണ്ട് നമ്മള് ഗാർഡനിൽ നിന്നും മുഖം തിരിച്ച് നേരെ നോക്കിയത് ആദിയെ ആയിരുന്നു... ഓൻ നമ്മളെ നോക്കി പല്ലിളിച്ചോണ്ട് നമ്മളെ അകത്തേക്ക് ക്ഷണിച്ചു...

നമ്മള് ഓനെ തുറുക്കനെ നോക്കി കൊണ്ട് അകത്തേക്ക് കേറിയപ്പൊ ഓൻ സ്വയം തലക്കടിച്ചത് നമ്മള് കണ്ണാടിയിലൂടെ കണ്ടു. അത് കണ്ടപ്പൊ നമ്മക്ക് ചിരി വന്നു.നമ്മള് അതൊന്നും മൈൻഡാക്കിയില്ല.

നമ്മളും കുരാമീസും കൂടി തൊള്ളേം തുറന്ന് ഓൻറെ വീടിന്റെ ഭംഗി ആസ്വദിക്കേന്നു...ആദി ഞങ്ങളെ സോഫയില് ഇരുത്തിയിട്ട് ഓൻറെ സെർവൻറിനെ വിളിച്ച് ഞങ്ങൾക്ക് കുടിക്കാൻ ജ്യൂസ് കൊണ്ട് തന്നു.

ഞങ്ങൾ അതെടുത്ത് കുടിക്കുമ്പോഴും ചുറ്റും കണ്ണോടിക്കായിരുന്നു.അപ്പൊ അച്ചു നമ്മളെ തോണ്ടി കൊണ്ട് ശല്യം ചെയ്തു.

"ഡീ ഫെബീ...നിൻറെ നോട്ടം കണ്ടാൽ തോന്നും നീയിങ്ങോട്ട് ആദ്യായിട്ട് വരാണെന്ന്..."

"ഡീ നസീ ഞാൻ വന്നെന്നത് നേരാ... പക്ഷേ അപ്പൊ രാത്രി ആയോണ്ട് നമ്മള് അധികം ശ്രദ്ധിച്ചിട്ടില്ലേന്നു...ഇപ്പോഴാ നമ്മള് ശരിക്കും ഈ വീട് കാണുന്നത്..."

"എന്താ ഐഷു അവിടെ ഒരു രഹസ്യം... എൻറെ വീട് എങ്ങനെയുണ്ട് ഇഷ്ടായോ?"

ആദിയുടെ ചോദ്യത്തിന് നമ്മള് ഒരു പുച്ഛം കലർന്ന ചിരി പാസാക്കി കൊടുത്തു... അങ്ങനെ ചെയ്യാനും കാരണമുണ്ട്...

ഇത്രയൊക്കെ വലിയ വീട് ഉണ്ടായിട്ടും എന്താ കാര്യം? ഓന് മനസ്സമാധാനം എന്ന് പറയുന്ന സാധനം ഇല്ലല്ലോ...

ആദി ഞങ്ങൾക്ക് അപ്പൊ ആഷിയെ പരിചയപ്പെടുത്തി

തന്നു. ആഷിക്ക് നമ്മളെ ഇതിന് മുൻപ് നല്ല പരിചയമുള്ള പോലെ ആയിരുന്നു ഓൻ്റെ സംസാരം...

അതോണ്ട് ഞങ്ങള് പെട്ടെന്ന് തന്നെ കൂട്ടായി...

അപ്പോഴാണ് ഞങ്ങളെ ഇടയിലേക്ക് ആദിൻ്റെ ഉമ്മി വന്നത്....

ഉമ്മിയെ കണ്ടപ്പൊ തന്നെ ഞങ്ങൾ എണീറ്റ് നിന്നു.

ആദിൻ്റെ ഉമ്മിൻ്റെ നോട്ടം മുഴുവൻ അപ്പൊ നമ്മളെ മാത്രായിരുന്നു...അതും നമ്മളെ രൂക്ഷമായിട്ട് അടിമുടി നോക്കുന്നുണ്ട്.

"ഗായ്സ്.... ഇതാണ് എൻ്റെ ഉമ്മി ആയിഷ..."

അത് കേട്ടപ്പൊ നമ്മള് ഒരു അത്ഭുതത്തോടെ ആദിയെ നോക്കി... ഓൻ അപ്പൊ നമ്മളെ നോക്കി ഒന്ന് പുഞ്ചിരി തൂകി.

ഓൻ്റെ ഉമ്മിൻ്റെ പേരും ആയിഷ ആയതോണ്ടാണ് ഓൻ നമ്മളെ അങ്ങനെ വിളിക്കുന്നതെന്ന് നോ നമ്മക്ക്

അപ്പോഴാ മനസ്സിലായത്...

ഞങ്ങൾ ആദിൻ്റെ ഉമ്മിനെ നോക്കി ഒന്ന് ചിരിച്ച് കൊടുത്തെങ്കിലും മൂപ്പത്തിൻ്റെ മുഖത്ത് വല്യ ഭാവ വ്യത്യാസമൊന്നും ഉണ്ടായില്ല...

അത് കണ്ടപ്പൊ നമ്മക്ക് എന്തൊക്കെയോ പന്തികേട് തോന്നി...

അപ്പോഴേക്കും ആദി ഞങ്ങളെയൊക്കെ ഉമ്മിക്ക് പരിചയപ്പെടുത്തി കൊടുക്കാൻ തുടങ്ങി.

"ഉമ്മീ... ഇത്..."

നമ്മളെ ചൂണ്ടി കൊണ്ട് ആദി പറഞ്ഞ് മുഴുവൻ ആക്കിയില്ല, അതിന് മുന്നെ ഓൻ്റെ ഉമ്മി ഇടക്ക് കേറി.

"എൻ്റെ മോനേ വശീകരിച്ച് പോക്കറ്റിലിട്ട് നടക്കുന്നവൾ...അല്ലേ...?"

ഓൻ്റെ ഉമ്മി പറയുന്നത് കേട്ട് നമ്മളെ നെഞ്ചിലൂടെ ഒരു കൊള്ളിയാൻ മിന്നി...

ആദി ഓൻ്റെ ഉമ്മിയെ തടുക്കാൻ പല തവണ ശ്രമിച്ചുനോക്കിയെങ്കിലും മൂപ്പത്തി അതൊന്നും വക വെക്കാതെ ഇതുപോലെ എന്തൊക്കെയോ നമ്മളെ നോക്കി വിളിച്ച് കൂവി...

സൽമക്ക് വേണ്ടി വാദിക്കലായിരുന്നു മെയിൻ പരിപാടി...

ഓനെ നമ്മള് വശീകരിച്ച് വെച്ചതോണ്ടാണ് സൽമ ഇപ്പോ അങ്ങനെ കിടക്കുന്നത്.. എന്നിങ്ങനെ എന്തൊക്കെയോ പറഞ്ഞു....ഇടക്ക് എപ്പോഴോ വളർത്തി വലുതാക്കിയവരെ കുറിച്ചും പറഞ്ഞപ്പൊ അത് നമ്മക്ക് സഹിച്ചില്ല.

നമ്മക്ക് അതൊക്കെ കൂടി കേട്ടിട്ട് എന്തോ പിന്നെ അവിടെ നിൽക്കാൻ ഒരു നിമിഷം പോലും തോന്നിയില്ല...

അതോണ്ട് ആദിയോട് ഒരു വാക്ക് പോലും മിണ്ടാതെ നമ്മളെ കുരാമീസിനേയും കൂട്ടി അവിടന്ന് പോകാൻ നിന്നപ്പോ ആരോ നമ്മളെ കൈ പിടിച്ച് അവിടെ നിർത്തി... ആരാണെന്ന് അറിയാൻ വേണ്ടി തിരിഞ്ഞ് നോക്കിയപ്പൊ ആ ആളെ കണ്ട് നമ്മള് ആദിനെ ഒന്ന് നോക്കി.

(തുടരും)

ഭാഗം. 65

ആദിയോട് ഒരു വാക്ക് പോലും മിണ്ടാതെ നമ്മളെ കുരാമിസിനേയും കൂട്ടി അവിടന്ന് പോകാൻ നിന്നപ്പൊ ആരോ നമ്മളെ കൈ പിടിച്ച് അവിടെ നിർത്തി. അത് ആരാണെന്ന് അറിയാൻ വേണ്ടി നമ്മള് തിരിഞ്ഞ് നോക്കിയപ്പൊ ആ ആളെ കണ്ട് നമ്മള് ആദിയെ ഒന്ന് നോക്കി...

ഓൻ്റെ വല്ലിമ്മയാണ് നമ്മളെ കൈ പിടിച്ച് അവിടെ നിർത്തിയത്...വീൽചെയറിലായിരുന്നു വല്ലിമ്മ...

നമ്മള് ആദിയെ നോക്കിയപ്പൊ ഓൻ ഞങ്ങളെ അടുത്തേക്ക് വന്നു. എന്നിട്ട് മുട്ട് കുത്തി ഇരുന്നോണ്ട് വല്ലിമ്മാക്ക് നമ്മളെ പരിചയപ്പെടുത്തി കൊടുത്തു.

"വല്ലിമ്മാ....ഇതാണ് ഞാൻ പറയാറുള്ള ഐഷു..."

ആദി അതും പറഞ്ഞോണ്ട് നമ്മളെ കൈ പിടിച്ച് വലിച്ച് അവിടെ ഇരുത്തി ...

വല്ലിമ്മ നമ്മളെ നോക്കി ഒന്ന് പുഞ്ചിരി തൂകിയിട്ട് നമ്മളെ കവിളില് തലോടി...

എന്നിട്ട് എന്തൊക്കെയോ കൈ കൊണ്ട് ആംഗ്യം കാണിച്ചു. നമ്മക്ക് അതൊന്നും മനസ്സിലാകാത്തോണ്ട് നമ്മള് ആദിനെ നോക്കി.

"എൻറെ ഉമ്മി പറഞ്ഞതൊന്നും നീ കാര്യാക്കണ്ട എന്നാ വല്ലിമ്മ പറയുന്നത്...

വല്ലിമ്മാക്ക് സംസാരിക്കാനുള്ള ശേഷിയില്ല...എൻറെ

ഉപ്പ മരിച്ച ശേഷം വല്ലിമ്മ ഇങ്ങനെയാണ്..."

ആദി പറയുന്നത് കേട്ടപ്പൊ നമ്മക്ക് എന്തോ ഒരു വിഷമായി...നമ്മള് വല്ലിമ്മാൻറെ കയ്യിൽ പിടിച്ചിട്ട് ഞങ്ങൾ യാത്ര പറഞ്ഞ് പോകാൻ നിന്നപ്പൊ ആദി നമ്മളെ തടുത്തു.

"നിങ്ങളെ ഞാൻ ഇങ്ങോട്ട് വിളിച്ച് വരുത്തിയത് അത്ര പെട്ടെന്ന് പോകാനല്ല....ഇന്ന് ഉച്ചക്ക് ഉള്ള ഫുഡ് ഒക്കെ കഴിച്ചിട്ടേ നിങ്ങൾ ഇവിടന്ന് പോകൂ..."

നമ്മള് ആദിൻറെ വർത്താനം കേട്ടിട്ട് ഉമ്മിനെ ഒന്ന് തിരിഞ്ഞു നോക്കി.മൂപ്പത്തി നമ്മളെ കണ്ണുരുട്ടി പേടിപ്പിച്ചോണ്ട് നിക്കാണ്...അതോണ്ട് നമ്മള് നൈസായിട്ട് അവിടന്ന് മുങ്ങാനുള്ള പണി നോക്കി... ഇല്ലെങ്കിൽ അത് നമ്മക്ക് ഒരു പാരയാകും...

"ആദീ...ഞങ്ങൾ പിന്നെ ഒരിക്കൽ വരാം...ഞാൻ ഇപ്പോഴാ ഓർത്തത് ഞങ്ങക്ക് അത്യാവശ്യായിട്ട് ടൗണിലേക്ക് പോകാൻ ഉണ്ടേന്നു...അല്ലെ അച്ചു...?"

നമ്മള് ഓളെ നോക്കി കണ്ണിറുക്കിയപ്പൊ ഓള് ആ എന്ന് തലയാട്ടി ..കൂടെ നമ്മളെ ബാക്കി കുരാമീസും...

ആദി അപ്പൊ നമ്മളെ രൂക്ഷമായി നോക്കി കൊണ്ട് ഓൻ്റെ ഉമ്മിനെയും ബ്രദേഴ്സിനേയും ഒന്ന് നോക്കി...

"നിങ്ങൾ ആരും ഇവിടന്ന് എങ്ങോട്ടും പോകുന്നില്ല....നിങ്ങൾ വന്നിട്ടുണ്ടെങ്കിൽ ഞാൻ പറഞ്ഞിട്ട് ഇവിടന്ന് പോയാ മതി... "

നമ്മള് ഓനോട് വേറെയും ന്യായങ്ങൾ നിരത്താൻ നിന്നെങ്കിലും ആദി അതൊന്നും കേൾക്കാൻ കൂട്ടാക്കാതെ പെട്ടെന്ന് നമ്മളെ കയ്യും പിടിച്ചോണ്ട് ആദിൻ്റെ ഉമ്മിൻ്റെ നേരെ ചെന്നു..

ഇവനിത് എന്തിനുള്ള പുറപ്പാടാ പടച്ചോനേന്ന് ചിന്തിച്ച് നമ്മള് കുരാമീസിനെയൊക്കെ ഒന്ന് നോക്കി...

ഉമ്മിൻ്റെ മുന്നിൽ എത്തിയതും ആദി നമ്മളെ കയ്യീന്ന് വിട്ടു. എന്നിട്ട് പെട്ടെന്ന് നമ്മളെ തോളിലൂടെ കയ്യിട്ടിട്ട്

ഓൻറെ അടുത്തേക്ക് ചേർത്തു നിർത്തി...

നമ്മള് ഷോക്കടിച്ച പോലെ ആദിയെ തന്നെ കണ്ണും മിഴിച്ച് നോക്കി നിന്നു.

"ഉമ്മി ഒരു കാര്യം മനസ്സിലാക്കണം...ഇവളെയാണ് ഈ ആദി ജീവിതത്തിലേക്ക് ക്ഷണിക്കാൻ ഉദ്ദേശിച്ചതെങ്കിൽ അതിൽ യാതൊരു മാറ്റവും ഉണ്ടാകാൻ പോണില്ല....

അതോണ്ട് എൻറെ തീരുമാനത്തിൻറെ അമർഷം എന്നോട് തീർത്താൽ മതി...അതിന് ഇവളെ ബലിയാടാക്കണ്ടാ..."

"ആദീ....നിനക്ക് ഞാൻ പറയുന്ന വാക്കിന് യാതൊരു വിധ വിലയുമില്ലേ..?

മനപൂർവ്വം സൽമയെ വെദനിപ്പിക്കാൻ വേണ്ടിയല്ലെ നീ ഇവളെ ഇങ്ങോട്ട് വിളിച്ചോണ്ട് വന്നത്....?"

"ഉമ്മി കരുതുന്ന പോലെ ഞാനും ഐഷുവും തമ്മിൽ ഒരു ഫ്രണ്ട്ഷിപ്പ് എന്നതിലുപരി മറ്റൊരു ബന്ധവുമില്ല....

അന്ന് എനിക്ക് ഇവളോട് തോന്നിയ മനോഭാവമല്ല എനിക്ക് ഇപ്പൊ ഉള്ളത്...ഞങ്ങൾ ജസ്റ്റ് ഫ്രണ്ട്സ് മാത്രാണ്.... ഉമ്മി അത് മനസ്സിലാക്കുന്നത് നന്നായിരിക്കും...

ഇല്ലെങ്കിൽ എനിക്ക് മറ്റു പല തീരുമാനങ്ങളും എടുക്കേണ്ടി വരും..."

ആദി ഓൻറെ ഉമ്മിയോട് പറയുന്നത് കേട്ടപ്പൊ നമ്മക്ക് അതൊരു വിഷമായി.നമ്മള് ഇങ്ങോട്ട് വന്നതിനെ ചൊല്ലി ഇവര് വാക്ക് തർക്കം ഉണ്ടായത്. ..

ആദിൻറെ ഉമ്മി ആണെങ്കിൽ ഒരു നടക്കും പോകുന്ന ലക്ഷണമില്ല...നമ്മളെ എന്തൊക്കെയോ പറഞ്ഞ് പ്രാകി കൊണ്ടാണ് പുള്ളിക്കാരി അവിടന്ന് പോയത്...

നമ്മള് അപ്പൊ ആദിൻറെ നേരെ തിരിഞ്ഞു.

"എന്തിനാ ആദീ എൻറെ പേരും പറഞ്ഞ് ഉമ്മിനോട് വെറുതെ വഴക്ക് കൂടുന്നത്...?

ഏതൊരു ഉമ്മയും തൻറെ മക്കളെ കാര്യത്തിൽ എടുക്കുന്ന നിലപാടല്ലെ ഉമ്മിയും എടുത്തിട്ടുള്ളൂ...

ഞാൻ ഇവിടെ നിൽക്കുന്നത് അവർക്ക് ഇഷ്ടാകുന്നില്ലെങ്കിൽ ഞാൻ പോയി തന്നോളാം....പക്ഷേ അതിന് എന്തിനാ ഇങ്ങനെ ഒരു ശത്രുത ഉണ്ടാക്കുന്നത്..?"

"ഐഷുത്താ എൻറെ ഉമ്മി പറയുന്നത് ഒന്നും കാര്യാക്കണ്ട...അത് മനസ്സിൽ ഒന്നും വെക്കാതെയാ അങ്ങനെ ഒക്കെ സംസാരിക്കുന്നത്...ഞങ്ങളെ ഉമ്മി ഇങ്ങനെ ഒക്കെ പറഞ്ഞെങ്കിലും നിങ്ങളോട് ഇവിടന്ന് ഇറങ്ങി പോകാൻ പറഞ്ഞില്ലല്ലോ...അതാണ് ഞങ്ങളെ ഉമ്മി....

അതൊക്കെ അപ്പോഴത്തെ വിഷമത്തിന് പറഞ്ഞതാകും...പിന്നെ അതൊക്കെ മറന്നിട്ടും

ഉണ്ടാകും അതൊന്നും കാര്യാക്കണ്ട....

ഒന്നുല്ലെങ്കിലും നാളെ ഇങ്ങോട്ട് തന്നെ കേറി വരേണ്ട ആളല്ലേ അപ്പൊ ഉമ്മിൻറെ മനസ് ഐഷുത്ത മാറ്റി എടുത്തേക്ക്..."

ആഷി പറയുന്നത് കേട്ട് നമ്മള് ങെ...? എന്ന ഭാവത്തിൽ ഓനെ നോക്കിയപ്പൊ ആദി അപ്പോഴേക്കും ഇടക്ക് കേറിയിട്ട് ഞങ്ങളെ വീട് കാണിക്കാൻ കൊണ്ട് പോയി...

നമ്മള് ആഷി എന്താ പറഞ്ഞത് എന്താ ഉദ്ദേശിച്ചതെന്നും ആലോചിച്ച് നിന്നു...അച്ചു വന്ന് നമ്മളെ വിളിച്ചപ്പോഴാണ് നമ്മളും ഓരെ പിന്നാലെ വെച്ച് പിടിച്ചത്....

ആദി ഓൻറെ റൂമിലേക്ക് ഞങ്ങളെ വിളിച്ചപ്പൊ നമ്മള് കേറി പോയത് സൽമൻറെ റൂമിലേക്കാണ്....

എന്തായാലും ഇതുവരെ വന്നിട്ട് രോഗിയെ കാണാതെ പോകുന്നത് മോശല്ലേ...?

അതോണ്ട് നമ്മള് ഓളെ റൂമിൽ കേറി.

നോക്കുമ്പൊ പുള്ളിക്കാരി നല്ല ഉറക്കായിരുന്നു...നമ്മക്ക് പിന്നെ പണ്ടേ ഈ ഉറങ്ങി കിടക്കുന്നവരെ വിളിച്ച് എണീപ്പിച്ച് ശീലമില്ലാത്തോണ്ട് നമ്മള് ഓളെ അടുത്ത് കുറച്ച് നേരം ഇരുന്നിട്ട് ഓളെ തന്നെ വീക്ഷിച്ചു.

നെറ്റിയിൽ ഒരു കെട്ടും ഒരു കാലും കയ്യും പ്ലാസ്റ്ററും ഇട്ടിട്ടുണ്ട് ...ഓളെ കോലം കണ്ടാൽ തന്നെ മനസ്സിലാക്കാം എങ്ങനെ ആയിരിക്കാം അവള് വീണതെന്ന്...

ഇപ്പൊ ശരിക്കും ഓളെ കാണുമ്പൊ നമ്മക്ക് ഒരു പാവായിട്ട് തോന്നി...പക്ഷേ കാണുന്ന അത്ര പാവല്ല അവളെന്ന് അനുഭവിച്ച നമ്മക്ക് അല്ലെ അറിയൂ...

കുറച്ച് കഴിഞ്ഞപ്പൊ ഓള് മെല്ലെ കണ്ണ് തുറന്നു. നമ്മളെ ഓള് അവിടെ ഒട്ടും പ്രതീക്ഷിക്കാത്തോണ്ട് നമ്മളെ കണ്ടപ്പൊ തന്നെ ഓള് ഞെട്ടി തരിച്ച് എണീക്കാൻ

ശ്രമിച്ചു....

"സൂക്ഷിച്ച് സൂക്ഷിച്ച്...എന്താ ഇത് സൽമാ...നിനക്ക് ഒന്ന് സൂക്ഷിച്ച് എണീറ്റൂടേ...

സ്റ്റിച്ച് വല്ലതും പൊട്ടി നീ വീണ്ടും ഹോസ്പിറ്റലിൽ ആയാൽ പിന്നെ ആരാ എന്നോട് യുദ്ധം ചെയ്യാൻ ഉണ്ടാകാ?

അതോണ്ട് സൂക്ഷിച്ചൊക്കെ എഴുന്നേൽക്കണെട്ടോ..."

എന്ന് പറഞ്ഞ് നമ്മള് ഓളെ പിടിച്ചതും ഓള് കൈ കുതറി കൊണ്ട് നമ്മളെ നേരെ കുരച്ച് ചാടി.

"Don't touch me bloody &*@$#..."

എന്ന് നല്ല പച്ച തെറിൻറെ അഭിഷേകം തന്നെ ഓള് നമ്മളെ നേരെ ഉതിർത്തു...നമ്മളത് കേട്ടോണ്ട് ഓളെ നോക്കി നല്ലോണം ഒന്ന് ചിരിച്ച് കൊടുത്തു.

"ആരോട് അനുവാദം ചോദിച്ചിട്ടാടീ നീയെൻറെ റൂമിൽ കേറിയത്..?"

"ആരോടും ചോദിച്ചില്ലാ....ചോദിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നിയില്ല...

കാരണം ഇതെൻറെ ഭർത്താവിന്റെ വീടാണ്...അപ്പൊ പിന്നെ എനിക്ക് എങ്ങോട്ട് വേണേലും കേറി പോകാനുള്ള ലൈസൻസുണ്ട്..."

"ഡീ...."

രോഷാകുലയായി കൊണ്ട് സൽമ നമ്മളെ നേരെ ശബ്ദം ഉയർത്തിയപ്പൊ നമ്മള് കാത് പൊത്തി പിടിച്ചു.

"ശൊ ...നീയിങ്ങനെ അലറാൻ മാത്രം ഞാൻ ഒന്നും പറഞ്ഞില്ലല്ലോ സൽമാ....

നടക്കാൻ പോകുന്ന ഒരു കാര്യം മുൻകൂട്ടി തന്നെ നിന്നെ

അറിയിച്ചു...അത്രയെയുള്ളൂ...

നീ ഇതിനു തന്നെ ഇങ്ങനെ വൈലൻറായാൽ ഇനി എന്തൊക്കെ നീ കാണാനുള്ളതാ...അതൊക്കെ കാണുമ്പൊ നീയെന്ത് ചെയ്യും..."

"നിന്നെ ഞാൻ കൊന്ന് കളയുമെടീ..."

"കമോൺ സൽമാ...ഈ അവസ്ഥയിൽ നിനക്ക് മറ്റൊരാളുടെ സഹായമില്ലാതെ എണീക്കാൻ പോലും പറ്റില്ല..

ആ നീ എന്നെ എങ്ങനെ കൊല്ലാനാ?"

"ഞാൻ ജീവിതകാലം മുഴുവൻ ഇങ്ങനെ കിടക്കുമെന്ന് നീ കരുതിയോ...?

കൂടി പോയാൽ രണ്ട് മാസം...അത്രയുള്ളൂ ഇനി നിനക്ക് ആയുസ്സ്..

ഞാൻ ഇവിടന്ന് ഒന്ന് എണീറ്റോട്ടെ...അന്ന് നിൻറെ അവസാനായിരിക്കും....

ഇപ്പൊ നീ എന്നോട് നാവിട്ടലക്കുന്ന പോലെ അപ്പൊ ചെയ്യാൻ നിനക്ക് പറ്റിയെന്ന് വരില്ല..."

"ഓഹോ....ഭീഷണിയാണോ...?

പക്ഷെ അത് നമ്മളെ അടുത്ത് വില

പോകില്ലല്ലോ മോളേ...

കാരണം... എൻറെ കൂടെ എന്തിനും ഏതിനും നിഴല് പോലെ ആദിയുണ്ട് കൂട്ടിന്....അവൻ കൂടെ ഉണ്ടായാൽ മാത്രം മതി പിന്നെ ഈ ലോകം തന്നെ എൻറെ കാൽച്ചുവട്ടിലാ...

ഞാനും ആദിയും തമ്മിൽ ഇഷ്ടത്തിലാണ്...ആദിൻറെ പഠനം കഴിഞ്ഞാ ഉടനെ തന്നെ ഞങ്ങളെ കല്യാണം ഉണ്ടാകും...

അതോട് കൂടി നിൻറേയും സാലിമിൻറേയും ഇവിടത്തെ

പൊറുതി ഞാൻ എന്നന്നേക്കുമായിട്ട് അവസാനിപ്പിക്കും...

മര്യാദക്ക് എന്നെ അനുസരിച്ച് നിൽക്കാൻ പറ്റുമെങ്കിൽ വീടിന്റെ ഏതെങ്കിലും ഒരു കോണിൽ ചുരുണ്ട് കൂടി നിനക്ക് കഴിയാം...ഇല്ലെങ്കിൽ വീടിന് പുറത്താകും നിൻറെ സ്ഥാനം..."

നമ്മള് ചുമ്മാ ഓളെ ഇട്ട് കളിപ്പിക്കാൻ വേണ്ടി നോക്കിയതാണേലും നമ്മള് പറഞ്ഞ് പറഞ്ഞ് കാട് കേറി പോയെന്ന് നമ്മക്ക് തോന്നി...അതോണ്ട് ആ ഡയലോഗോട് കൂടി നമ്മള് നിർത്തി... പക്ഷേ സൽമ അപ്പോഴാണ് തുടങ്ങിയത്...

"ഡീ...നീയൊരു കാര്യം മനസ്സിലാക്കിക്കോ...നീ എത്ര തന്നെ കിണഞ്ഞ് പരിശ്രമിച്ചാലും ആദി നിൻറേതാകില്ല...കാരണം അവൻ നിന്നെ ഒരിക്കലും സ്നേഹിച്ചിട്ടില്ല...അവൻറെ സ്നേഹം ലഭിച്ചിട്ടുള്ളത് ഈ എനിക്ക് മാത്രാണ്..."

"അത് പഴങ്കഥയല്ലെ സൽമാ...ഇപ്പൊ ആദി എന്നെ മാത്രാണ് സ്നേഹിക്കുന്നത്...അതിനുള്ള തെളിവാണ് ഞാൻ ഇപ്പൊ ഇവിടെ നിൽക്കുന്നത്...അവനാണ് എന്നെ ഇങ്ങോട്ട് കൂട്ടി കൊണ്ട് വന്നത്...

എന്തിനാണെന്ന് അറിയോ..? നിന്നോട് ഇതൊക്കെ പറയാനും...നിൻറെ സായൂജ്യമറിയാനും...പിന്നെ എന്നെ ഇത്രയും കാലം ചക്ര ശ്വാസം വലിപ്പിച്ചതിന് പകരം ചോദിക്കാനും. ."

എന്ന് പറഞ്ഞ് നമ്മള് ഓളെ കയ്യിൽ പിടിച്ചതും അവള് കിടന്ന് അലറാൻ തുടങ്ങി... അപ്പോഴാണ് നമ്മള് ആ കാര്യം ശ്രദ്ധിച്ചത്...നമ്മള് ഓളെ പ്ലാസ്റ്ററിട്ട കയ്യിലാണ് കേറി പിടിച്ചത്...അതാണ് ഈ സൈറണ് കാരണം...

നമ്മള് അപ്പൊ തന്നെ ഓളോട് ഒരു സോറി പാസാക്കി കൊണ്ട് കൈ തടവി കൊടുത്തതും ഓള് കൈ പിൻവലിച്ച് വീണ്ടും കൈ കേട് വരുത്തി....

നമ്മക്ക് ഓളെ അലർച്ചയൊക്കെ കണ്ടപ്പൊ ചിരി വരേണ്ണു.

ഓളെ അലർച്ച കേട്ടിട്ട് നമ്മളെ കുരാമീസും ബ്രദേഴ്സും ആദിയും ആഷിയുമൊക്കെ കൂടി റൂമിലേക്ക് കേറി വന്നു...

കേറി വന്ന പാടെ ആദി നമ്മളെ കൈ പിടിച്ച് നോക്കി കൊണ്ട് എന്തോ തിരഞ്ഞു...

"ഐഷൂ നിനക്ക് കുഴപ്പൊന്നും ഇല്ലല്ലോ..? ഇവിടന്ന് ഒരു അലർച്ച കേട്ടപ്പൊ ഞാൻ കരുതി നിനക്ക് പെയിൻ വന്നോന്ന്..."

ആദി പറയുന്നത് കേട്ടപ്പൊ നമ്മക്ക് ഒന്നും മനസ്സിലായില്ല...അതോണ്ട് നമ്മള് നെറ്റി ചുളിച്ചോണ്ട് ആദിയേയും കൂടെയുള്ളവരെയും ഒന്ന് നോക്കി... അച്ചു അപ്പൊ നമ്മളെ നോക്കി കണ്ണിറുക്കി കാണിച്ചു...അപ്പൊ നമ്മളെ പരിപാടിക്ക് ശേഷമുള്ള ഐറ്റമാണെന്ന് നമ്മക്ക് മനസ്സിലായി...

പക്ഷേ, ആദി അടുത്തതായിട്ട് പറയുന്നത് കേട്ട് നമ്മളെ

കിളി പറന്ന് പോയി ലൈനിൻ്റെ കമ്പിയില് തട്ടി ഷോക്കടിച്ച് ചത്ത് പോയി...

"നിന്നോട് ഡോക്ടർ ഈ സമയത്ത് സൂക്ഷിച്ച് നടക്കാൻ പറഞ്ഞിട്ടില്ലേ? ഇപ്പോഴും കൊച്ച് കുട്ടിയാണെന്നാണോ വിചാരം...?

ഒരു കൊച്ച് കുട്ടി വയറ്റിലുള്ള കാര്യം നീ മറക്കണ്ട..."

അത് കേട്ടപ്പൊ നമ്മള് ഞെട്ടി തരിച്ചോണ്ട് ആദിയെ നോക്കി... ഓൻ നമ്മളെ നോക്കി ചിരിച്ചോണ്ട് സൽമയെ ഒന്ന് ഇടങ്കണ്ണിട്ട് നോക്കി...

അപ്പൊ നമ്മളും സൽമയെ തിരിഞ്ഞ് നോക്കിയപ്പൊ ഓളെ മുഖത്ത് ദേഷ്യവും സങ്കടവും ഒരുപോലെ മിന്നി മറയുന്നുണ്ട്...അത് കണ്ടപ്പൊ നമ്മക്ക് ഒരു ചെറിയ സന്തോഷമൊക്കെ തോന്നിയെങ്കിലും ആദി പറഞ്ഞത് മാത്രം നമ്മക്ക് ഇഷ്ടായില്ല...

അതോണ്ട് സൽമയെ നോക്കി ഒരു ലോഡ് പുച്ഛം വിതറി കൊണ്ട് നമ്മള് പുറത്തിറങ്ങി.പിന്നാലെ അവരും

വന്നു...

നമ്മള് അവരെയൊക്കെ ഒന്ന് തുറുക്കനെ നോക്കിയപ്പൊ അവരൊക്കെ കൂടി ഒരു പൊട്ടിച്ചിരി ആയിരുന്നു...അതൊക്കെ കൂടി ആലോചിച്ചപ്പൊ നമ്മക്കും ചിരി കൺട്രോൽ ചെയ്യാൻ പറ്റാതെ നമ്മളും പൊട്ടിച്ചിരിച്ചു...

അപ്പോഴാണ് നമ്മള് ആദിയെ കണ്ടത്.അപ്പൊ തന്നെ നമ്മള് ഓൻറെ അടുത്തേക്ക് ചെന്നിട്ട് ഓൻറെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തു.

"ഡാ ആദി....എന്തൊക്കെയാടാ നീ വിളിച്ച് കൂവിയത്?

എൻറെ വയറ്റില് കുഞ്ഞുണ്ട്,ഡോക്ടർ സൂക്ഷിക്കാൻ പറഞ്ഞതാ.... എന്തൊക്കയാടാ ഇത്..?"

"ഓഹോ അത് ശരി...നിനക്ക് എന്നെ ഭർത്താവ് ആക്കുന്നതിന് കുഴപ്പല്യ...ഞാൻ നിൻറെ വയറ്റില് കുഞ്ഞുണ്ടെന്ന് പറഞ്ഞതായോ കുറ്റം...?"

ആദി പറയുന്നത് കേട്ട് അവിടെ വീണ്ടും ഒരു കൂട്ടച്ചിരി മുഴങ്ങി...നമ്മള് അപ്പൊ സൽമയോട് കാച്ചിയ ഡയലോഗ് ഒക്കെ അവര് കേട്ടിട്ടുണ്ടെന്ന് നമ്മക്ക് അതോടെ ഉറപ്പായി...നമ്മള് ഓനെ നോക്കി ഒരു വളിച്ച ഇളി പാസാക്കി കൊണ്ട് ഒരു സോറിയങ്ങ് കീച്ചി.. ഓനും അതിന് പകരായിട്ട് നമ്മളെ നോക്കി ഒന്ന് ചിരിച്ചു...

"ദേ അവള് ഇങ്ങനെ വീണ് കിടക്കുന്നുണ്ടെന്ന് കരുതി അധികം നെളിയാനൊന്നും നിക്കണ്ട...ഇപ്പൊ രണ്ട് പേരും കൂടി അവിടെ കാട്ടി കൂട്ടിയതിനൊക്കെ അവള് എന്തായാലും പകരം ചോദിച്ചിരിക്കും...അതോണ്ട് നീ ഒന്ന് സൂക്ഷിക്കുന്നത് നല്ലതാകും ഫെബീ..."

കാക്കു പറയുന്നത് കേട്ടപ്പൊ എല്ലാവരെ ചിരിയും മാഞ്ഞ് നമ്മളെ തന്നെ നോക്കി നിന്നു...

നമ്മള് അതൊന്നും നമ്മക്ക് വിഷയല്ല എന്ന രീതിയിൽ ചിരിച്ച് തള്ളി...

ആദിൻറെ മുഖത്തും ടെൻഷനുണ്ടെങ്കിലും ഓനും അത്

പുറത്ത് കാണിച്ചില്ല...പക്ഷേ ഓൻ്റെ മുഖം കണ്ടപ്പോ നമ്മക്ക് അങ്ങനെ തോന്നി...

അങ്ങനെ ഉച്ചക്ക് നല്ല സൂപ്പർ ഫുഡും കഴിച്ച് കുറച്ച് നേരം വല്ലിമ്മാൻ്റെ കൂടെ ചിലവഴിച്ചതിന് ശേഷം ഞങ്ങൾ ഇറങ്ങി... നമ്മള് ആദിയോട് നാളെ കോഫീ ഷോപ്പ് എന്ന് ആംഗ്യം കാണിച്ചപ്പൊ ഓൻ ഓക്കെ പറഞ്ഞു.

ഞങ്ങൾ അവിടന്ന് ഇറങ്ങാൻ നേരം ആഷി നമ്മളെ അടുത്തേക്ക് വന്നിട്ട് സിനൂനോട് സോറി പറയാൻ പറഞ്ഞ് വിട്ടു... നമ്മള് ഓനെ നോക്കി കൊണ്ട് തലയാട്ടി തിരിഞ്ഞ് നടന്നതും നമ്മളെ എതിരെ വന്ന ആളുമായി നമ്മള് കൂട്ടിമുട്ടി. നോക്കുമ്പോൾ ആ സാലിമായിരുന്നു...

ഓൻ നമ്മളെ കണ്ടതും ആദിയേയും നമ്മളേയും മാറി മാറി നോക്കി.

"ഹോ...വന്ന് വന്ന് ഇപ്പൊ വീട്ടിൽ കേറി വന്നും നീ അഴിഞ്ഞാടാൻ തുടങ്ങിയോടീ..."

"സൂക്ഷിച്ച് സംസാരിക്കണം..."

എന്ന് പറഞ്ഞ് നമ്മള് ഓന് നേരെ വിരല് ചൂണ്ടി. ഓൻ അപ്പൊ നമ്മളെ വിരല് പിടിച്ച് തിരിച്ചു.

"ഇല്ലെങ്കിൽ നീയെന്ത് ചെയ്യുമെടീ..."

എന്ന് പറഞ്ഞ് തീരുന്നതിന് മുന്നേ ആദി ഓനെ തല്ലിയിരുന്നു...തല്ല് കിട്ടിയതോണ്ട് ഇനി ഇവിടെ ഒരു തല്ലിൻ്റെ പൊടി പൂരമാകുമെന്ന് കരുതിയെങ്കിലും നമ്മക്ക് തെറ്റി...

സാലിം ആ തല്ല് കൊണ്ട് നിന്നിട്ട് ഞങ്ങളെ നോക്കി ഒന്ന് പരിഹസിച്ച് ചിരിച്ചോണ്ട് അകത്തേക്ക് കേറി പോയി...അവൻ്റെ ചിരിക്ക് അർത്ഥം നമ്മക്ക് മനസ്സിലായില്ലെങ്കിലും ആദിക്ക് മനസ്സിലായെന്ന് നമ്മക്ക് തോന്നി.

ഞങ്ങൾ അവിടന്ന് വേഗം അവരോട് യാത്ര പറഞ്ഞ് ഇറങ്ങി. ഞങ്ങളെ ബ്രദേഴ്സ് ഒക്കെ വേറെ ഭാഗത്തേക്കും നമ്മളും കുരാമീസും വേറെ വഴിയിലേക്കും പിരിഞ്ഞു...

നമ്മളെ കുരാമീസിന് അപ്പൊ പറയാനുണ്ടായിരുന്നത് ആദിൻറെ ഉമ്മിനെ പറ്റി മാത്രമായിരുന്നു...

" എന്തൊരു സാധനാ ആദിൽക്കാൻറെ ഉമ്മ....അതിന് തീരെ കണ്ണിച്ചോരയില്ല....ഫെബിയെ പറ്റി എന്തൊക്കെ അനാവശ്യങ്ങളാ അവര് പറഞ്ഞത്..." നസിയാണ്.

"ശരിയാ.... ആ വീട്ടിൽ ഇത്തിരി മനുഷ്യപറ്റുള്ളത് ആദിൽക്കക്കും ആഷിക്കും വല്ലിമ്മാക്കുമാണ്...ബാക്കി മൂന്നും കണക്കാ...അതും ആദിൽക്കാൻറെ ഉമ്മ ആദിൽക്കാനെ സപ്പോർട്ട് പോലും ചെയ്യുന്നില്ല..." ഷംനയാണ്.

"നീ ആ വീട്ടിലേക്ക് എങ്ങാനും മരുമകളായി കേറി ചെന്നാ പിന്നെ അവിടെ എന്നും അമ്മായിയമ്മ

പോരാകും..." സനയാണ്.

"അതൊക്കെ മുൻക്കൂട്ടി കണ്ടതോണ്ടല്ലെ ഞാൻ ആദിയോട് ഇഷ്ടല്ലാന്ന് പറഞ്ഞത്...ഇത് ഇങ്ങനെ ഒക്കെ ആകൊള്ളൂന്ന് നമ്മക്ക് നേരത്തെ അറിയായിരുന്നു..."

എന്ന് പറഞ്ഞ് നമ്മള് ഓരെ നോക്കി കണ്ണിറുക്കി. അവറ്റകള് അപ്പൊ നമ്മളെ നോക്കി ഓ പിന്നെ... എന്ന് പറഞ്ഞ് ആർത്ത് കൂവി...

കുറച്ച് കഴിഞ്ഞപ്പൊ ഞാനും അച്ചുവും മാത്രായി.ബാക്കി മൂന്നും വേറെ ഒരു വഴിയിലേക്ക് തിരിഞ്ഞു. അച്ചൂനും പറയാൻ ഉണ്ടായിരുന്നത് ആദിൻറെ ഉമ്മാനെ പറ്റി ആയിരുന്നു ..ഓള് പറയുന്നത് ഒക്കെ നമ്മള് കേട്ട് നിന്നു എന്നല്ലാതെ നമ്മളൊന്നും മിണ്ടിയിരല്ല...

....

ഇന്നലെ അവര് വീട്ടിലേക്ക് വന്നതിൻറെ പുകില് ഇപ്പോഴും മാറിയിട്ടില്ല...അതിനിടക്ക് ആ സാലസാലിം ഉമ്മിൻറെ അടുത്ത് പോയി കൊച്ച് കുട്ടികളെ പോലെ പരാതിയും പറഞ്ഞ് ചെന്നേക്കുന്നു....

അതിനും നമ്മക്ക് ഉമ്മിൻറെ വായേന്ന് ഒരുപാട് കേട്ടെങ്കിലും നമ്മളത് കാര്യാക്കിയില്ല...കാരണം നമ്മളിത് ഇന്നും ഇന്നലേം കാണാൻ തുടങ്ങിയതല്ലല്ലൊ...അതോണ്ട് അതിൽ പുത്തരി ഒന്നും ഇല്ലേന്നു.

നമ്മള് നിസൂനേയും കൂട്ടി നമ്മളെ ബുള്ളറ്റില് കോഫീ ഷോപ്പിലേക്ക് ചെന്നു. നിസൂനോട് നമ്മള് ഇപ്പോഴും എന്തിനാ ഓനെ ഇങ്ങോട്ട് കൊണ്ട് വന്നതെന്ന് പറഞ്ഞിട്ടില്ല...

ഓൻ പലതവണ ചോദിച്ചെങ്കിലും നമ്മള് അതൊക്കെ ഉണ്ടെന്ന് മാത്രം പറഞ്ഞു...

നമ്മളാകും ആദ്യം എത്തിയതെന്നാ നമ്മള്

കരുതിയത്...പക്ഷേ ഐഷുവും ഹസിയും നേരത്തെ തന്നെ എത്തിയിട്ടുണ്ട്...

ഹസിയെ കണ്ടതും നിസു നമ്മളെ നോക്കി കൊണ്ട് നിന്ന് പരുങ്ങാൻ തുടങ്ങി...

"ഹലോ നിസൂക്കാ...എന്താ അവിടെ തന്നെ നിന്ന് കളഞ്ഞേ...ഇങ്ങു വാ...ഞങ്ങൾ എത്ര നേരായി നിങ്ങളെ വെയിറ്റ് ചെയ്യാന്ന് അറിയോ?

മനുഷ്യൻ ആയാലേ കുറച്ചൊക്കെ കൃത്യനിഷ്ടത വേണം... മനസ്സിലായോ?"

ഐഷു നമ്മളെ നേരെ അതൊക്കെ കൂടി തൊണ്ട കാറി പറഞ്ഞപ്പോഴേക്കും നമ്മള് നിസൂനേയും വലിച്ച് അവരെ അടുത്ത് ഇരുന്നിരുന്നു...

"എന്തായാലും ഞങ്ങൾ വന്നില്ലെ ഐഷൂ...അല്ലാ നിങ്ങളൊന്നും ഓഡർ ചെയ്തില്ലേ..?

ബേറർ..."

നമ്മള് അവിടെ ഉള്ള ഒരു ബേററെ വിളിച്ച് അവർക്കൊക്കെ വേണ്ടത് ഓഡർ ചെയ്തു...

എന്നിട്ട് നമ്മളും ഐഷുവും ഓരോന്ന് സംസാരിച്ച് ഇരുന്നു എന്നല്ലാതെ അവറ്റകള് രണ്ടും ഒരക്ഷരം പോലും മിണ്ടുന്നില്ല... ഇനി അവർക്ക് പ്രൈവസി വേണ്ടി വരുമെന്ന് കരുതി നമ്മള് ഐഷൂനേയും കൂട്ടി മറ്റൊരു ടേബിളിലേക്ക് മാറി ഇരുന്നു...

അപ്പൊ മുതൽ ഐഷു നമ്മളോട് ഒന്നും മിണ്ടിയില്ല... ഇന്നലെ ഉമ്മി പറഞ്ഞതൊക്കെ ഓള് ഇപ്പോഴും മനസ്സിൽ വെച്ച് നടക്കാണോ എന്ന് നമ്മക്ക് തോന്നി...

"ഐഷൂ...ഇന്നലെ എൻ്റെ ഉമ്മി അങ്ങനെ ഒക്കെ പറഞ്ഞതൊന്നും താൻ മനസ്സിൽ വെക്കണ്ട...

എനിക്ക് അറിയാം ഉമ്മി പറഞ്ഞതൊക്കെ നിനക്ക് നല്ലോണം വിഷമായിട്ടുണ്ടെന്ന്...

എൻ്റെ ഉമ്മിക്ക് വേണ്ടി ഞാൻ നിന്നോട് സോറി ചോദിക്കാണ്...സോറിയെടാ..."

"എന്താ ആദി ഇതൊക്കെ... ഞാൻ അതൊക്കെ അപ്പോഴേ വിട്ട് കളഞ്ഞു... എനിക്ക് ആരോടും ദേഷ്യമോ പരാതിയോ പരിഭ്രമോ ഒന്നുമില്ല... നീ അതൊന്നും ആലോചിച്ച് ടെൻഷനാകണ്ട..."

"പിന്നെ എന്താടീ നിൻറെ മോന്തക്ക് ഇത്രക്ക് കനം...?

ഒരു കൊട്ട കണക്കിന് സങ്കടം നിഴലിക്കുന്നുണ്ടല്ലോ മുഖത്ത്...എന്താ കാര്യം...?"

നമ്മളെ ചോദ്യത്തിന് ഒരു ചെറു പുഞ്ചിരി നൽകി കൊണ്ട് ഐഷു കോഫിയിലേക്ക് തന്നെ നോക്കി ഇരുന്നു.... ഓളെ ഇരുത്തം കണ്ടപ്പൊ തന്നെ കക്ഷി ഇവിടെ ഒന്നുമല്ലെന്ന് നമ്മക്ക് മനസ്സിലായി. അതോണ്ട് നമ്മള് ഓളെ കാലിനൊരു ചവിട്ടങ് കൊടുത്തു...

അത് കിട്ടിയപ്പൊ ഓള് ചിന്തയിൽ നിന്നും ഉണർന്ന് നമ്മളെ തറപ്പിച്ച് നോക്കി കൊണ്ട് നമ്മക്കും തിരിച്ച് തന്നു നല്ല അഡാറ് ചവിട്ട്...നമ്മള് കാലും തടവി ഓളെ നോക്കി കൊഞ്ഞനം കുത്തിയപ്പൊ ഓള് ചിരിച്ചോണ്ട് നമ്മളെ പുച്ഛിച്ച് തള്ളി.

അപ്പൊ ഐഷു കുറച്ച് റിലാക്സായി...ഓള് നമ്മളോട് ആർട്സ് ഡേ പ്രോഗ്രാമിനെ കുറിച്ചൊക്കെ ഒരുപാട് സംസാരിച്ചു.

കുറച്ച് കഴിഞ്ഞപ്പൊ ഐഷു നമ്മളെ തോണ്ടി കൊണ്ട് നിസൂനേയും ഹസിനേയും ചൂണ്ടിക്കാട്ടി... നോക്കുമ്പോൾ അവറ്റകള് രണ്ട് പേരും കൂടി ഒരുമിച്ച് ഇരുന്നാണ് സംസാരിക്കുന്നത്...അത് കണ്ടപ്പൊ നമ്മളെ വയറ് കത്തുന്ന പോലെ തോന്നി...

കാരണം നമ്മളെ പെണ്ണിന്റെ കൂടെ നമ്മക്ക് ഇരിക്കാൻ പറ്റിയില്ലല്ലോ...ഓള് നമ്മളെ ഓപ്പോസിറ്റല്ലെ ഇരിക്കുന്നത്.

നമ്മള് അവിടെ ഇരുന്നിട്ട് അവരെ നോക്കുമ്പോഴുണ്ട് ആരോ നമ്മളെ അടുത്ത് വന്ന് ഇരിക്കുന്നു...അതാരാപ്പൊ എന്ന് ചിന്തിച്ച് തിരിഞ്ഞ് നോക്കിയപ്പൊ നമ്മളെ ഐഷുവാണ് കൂടെ ഇരിക്കുന്നത്...

ഓള് നമ്മളെ നോക്കി സൈറ്റടിച്ചിട്ട് നമ്മളെ പോക്കറ്റിൽ നിന്നും ഫോൺ എടുത്തിട്ട് അതിൽ തോണ്ടി കളിക്കാൻ തുടങ്ങി...

ഇവളിതെന്ത് ജന്തുവാ പടച്ചോനേ എന്ന് ചിന്തിച്ചോണ്ട് നമ്മള് ഓളെ തന്നെ നോക്കി ഇരുന്നു...

നമ്മളെ നോട്ടം കണ്ടപ്പൊ ഓള് എന്തേന്ന് പുരികം പൊന്തിച്ചു...നമ്മള് ഒന്നുല്യാന്ന് തലയാട്ടി കൊണ്ട് ഓളെ നോക്കി ഒന്ന് ചിരിച്ചു...

അത് കണ്ടപ്പൊ ഓളും ഒരു കള്ളച്ചിരിയോടെ നമ്മളെ ഫോണിലേക്ക് നോക്കി കൊണ്ടിരുന്നു.

"ഇതില് എൻറെ ബർത്ത് ഡേ ഫോട്ടോസ് ഇല്ലേ ആദീ...?"

"അതിൽ ഉണ്ടാകൊല്ലോ...നീ നോക്ക്..."

അപ്പോഴാണ് നമ്മക്ക് മറ്റൊരു കാര്യം ഓർമ്മ വന്നത്...

നമ്മള് മൈ ഐഷൂ എന്ന് പറഞ്ഞ് ഉണ്ടാക്കി വെച്ച ഒരു സീക്രട്ട് ഫോൾഡറിലാണ് അത് ഒളിപ്പിച്ച് വെച്ചിരിക്കുന്നതെന്ന്...അതോണ്ട് നമ്മള് അപ്പൊ തന്നെ ഓളെ കയ്യീന്ന് ഫോൺ തട്ടി വാങ്ങി....

"ഹോ...ഇൻറെ പടച്ചോനേ... ഫോൺ വേണമെങ്കിൽ ചോദിച്ചാ പോരേ അതിന് ഇങ്ങനെ തട്ടി പറിക്കണോ?"

നമ്മള് ഓളെ നോക്കി ഒന്ന് പല്ലിളിച്ചിട്ട് വേഗം ഫോണില് ഒരു ലോക്കിട്ട് വെച്ച് ഓൾക്ക് തന്നെ തിരിച്ച് ഫോൺ കൊടുത്തു.

ഓള് ഫോണിൻറെ ലോക്ക് തുറന്നു തരാൻ നമ്മളോട് ഒരുപാട് കെഞ്ചിയെങ്കിലും നമ്മളത് കാര്യാക്കാതെ കോഫി കുടിച്ചോണ്ടിരുന്നു.

പെട്ടെന്ന് ആരോ വന്ന് ഞങ്ങളെ രണ്ട് പേരുടേയും ഓപ്പോസിറ്റ് വന്നിരുന്നു... അവരെ കണ്ടതും ഐഷു ഞെട്ടി തരിച്ച് കൊണ്ട് എണീറ്റ് നിന്നു... അതിലെ ഒരുത്തനെ നമ്മക്ക് പരിചയമുണ്ടെങ്കിലും മറ്റവനെ

നമ്മള് ആദ്യായിട്ടാണ് കാണുന്നത്...ഒരുത്തൻ ആ ഫൈസൽ ആണ്...മറ്റവൻ ആരാണെന്നറിയില്ല....ഐഷു അവനെ കണ്ടിട്ടായിരുന്നു എണീറ്റ് നിന്നത്.

"താ....താഹീ....താഹീ നീ...."

(തുടരും)

ഭാഗം. 66

ഞങ്ങളെ ഓപ്പോസിറ്റ് വന്നിരുന്നവരില് ഒരുത്തൻ ആ ഫൈസലാണ്.മറ്റവനാരാന്ന് അറിയില്ല, അവനെ കണ്ടിട്ടാണ് ഐഷു എണീറ്റ് നിന്നത്...

"താ....താഹീ...താഹീ...നീ...നീയെങ്ങനെ ഇവിടെ?"

ഐഷു വിക്കി വിക്കി അവനോട് സംസാരിക്കുന്നത് കണ്ടപ്പൊ തന്നെ ഓളെ അറിയുന്ന ആളാണ് അതെന്ന് നമ്മക്ക് മനസ്സിലായി.

ഓൻ ആ ഫൈസലിനെ നോക്കി ഒന്ന് ചിരിച്ചിട്ട് ഐഷൂനെയും നമ്മളെയും മാറി മാറി നോക്കി കൊണ്ടിരുന്നു.

……………………………………………………………

'പടച്ചോനേ... താഹി എങ്ങാനും നമ്മളെ ഇവിടെ കണ്ട വിവരമെങ്ങാനും ്മ്മായിനോട് പോയി പറഞ്ഞാൽ പിന്നെ നമ്മക്കും ഹസിക്കും ഒപ്പം തൂങ്ങേണ്ടി വരും...അതോണ്ട് ഷഹാനൻറെ കാര്യം പറഞ്ഞ് ഓനെ വശത്താക്കണം...'

എന്ന് നമ്മള് മനസ്സിൽ ചിന്തിച്ചോണ്ട് ഓാരെ നോക്കി ഒന്ന് ചിരിച്ചു.

എന്നേയും ആദിയേയും ഒരുമിച്ച് കണ്ടത് ഓൻ പോയി

പറഞ്ഞാൽ പിന്നെ നമ്മളെ ഉപ്പച്ചിക്ക് ഒരു സ്വസ്ഥതയും കൊടുക്കില്ല അമ്മായി....നമ്മള് പേരുദോഷം കേൾപ്പിക്കും വേഗം കെട്ടിച്ച് വിടാൻ നോക്കെന്നൊക്കെ പറയും.പിന്നെ അതോട് കൂടി നമ്മളെ ചാപ്റ്റർ ക്ലോസ് ആകും...ഇങ്ങനെ ഒരുപാട് ഏഷണിയും പരദൂഷണവും നിറഞ്ഞ ആളാണ് നമ്മളെ അമ്മായി...

അതോണ്ട് നമ്മള് അതൊക്കെ മനസ്സിൽ കണ്ടിട്ടാണ് ഓനെ നോക്കി ചിരിച്ചത്...പക്ഷേ അതിന് ഓൻറെ പ്രതികരണം ഒരു രൂക്ഷമായ നോട്ടമായിരുന്നു.ഫൈസൽക്ക ആണെങ്കിലോ നമ്മളെ മുഖത്തേക്ക് നോക്കുന്നത് പോലുമില്ല... നമ്മക്ക് ആകെ എന്തോ പോലെ ആയി...

"നീയെന്തിനാടീ നിൽക്കുന്നേ ..ബഹുമാനിക്കാണോ? നിനക്ക് ആ പതിവ് ഇല്ലാത്തത് ആണല്ലോ...

എന്തായാലും പൊന്നു മോള് നിന്ന് കാല് കഴക്കണ്ട...അവിടെ ഇരുന്നോ..."

നമ്മള് താഹി പറയുന്നത് കേട്ട് ആദിയെ ഒന്ന് നോക്കി കൊണ്ട് താഹിനെ നോക്കി.

"ഇരിക്കടി അവിടെ..."

പെട്ടെന്ന് താഹി നമ്മളോട് കുരച്ച് ചാടിയപ്പൊ നമ്മള് ഞെട്ടി തരിച്ച് വേഗം അവിടെ ഇരുന്നു...

നമ്മളെ മുഖത്തെ ഞെട്ടലും പേടിയും കണ്ടിട്ട് ആ താഹി തെണ്ടി നമ്മളെ നോക്കി ചിരിക്കാണ്...

എങ്ങനെ ചിരിക്കാതിരിക്കും...ഓൻ ഡീ എന്ന് വിളിച്ചാ പോടാ പട്ടീന്ന് വിളിക്കണെ ആളാ നമ്മള്...

ഇപ്പൊ ഓൻ ഇത്രയൊക്കെ പറഞ്ഞിട്ടും നമ്മളേ നാക്ക് ഓന് നേരെ ഒരക്ഷരം പോലും മിണ്ടാതെ ഓൻ പറഞ്ഞ് അനുസരിച്ചു...അതിൻറെ പരിഹാസം കലർന്ന ചിരിയാണ്.. തെണ്ടി. ..

"ഒറ്റക്ക് വന്നിട്ട് ഇവനുമായി കോഫിയൊക്കെ കുടിക്കാൻ മാത്രം എന്ത് ബന്ധാ നിങ്ങൾ തമ്മിൽ ഉള്ളത്...?"

താഹി പറയുന്നത് കേട്ടപ്പൊ നമ്മള് തിരിഞ്ഞ് ഹസിൻ്റെ ടേബിളിലേക്ക് നോക്കിയപ്പൊ അവിടെ ഹസിയുമില്ല നിസൂക്കയുമില്ല.

പകച്ച് പണ്ടാറടങ്ങി പോയില്ലെ നമ്മള്... ഇവരെ കണ്ടിട്ട് ആ തെണ്ടി മുങ്ങിയതാകുമെന്ന് നമ്മക്ക് നല്ലോണം മനസ്സിലായി...

പോരാത്തതിന് അപ്പൊ തന്നെ ആ തെണ്ടി നമ്മക്ക് ഒരു മെസേജും അയച്ചു...

"എടീ ഫെബീ ഞാൻ കോഫി ഷോപ്പിന് പുറത്തുണ്ട് അവര് പോയാൽ മിസ് അടിക്ക്. "

എന്നായിരുന്നു മെസേജ്... നമ്മള് തിരിച്ച് പോടീ തെണ്ടീന്ന് അയച്ചിട്ട് താഹിയെ നോക്കി.

"എന്താടീ ഞാൻ ചോദിച്ചത് കേട്ടില്ലേ നീ...?

ഇവനും നീയും തമ്മിൽ എന്താ ബന്ധമെന്ന്....നീ അത് പറയുന്നോ അതോ ഞാൻ ഈ കാര്യം വീട്ടിൽ അറിയിക്കണോ..?"

"ഡാ താഹീ...വേണ്ടട്ടോ...ഇത് നീ വീട്ടിൽ പറഞ്ഞു കൊടുത്താലുള്ള അവസ്ഥ അറിയാലോ ...

അതോണ്ട് പറയരുത് പ്ലീസ്....

ഇത് എൻറെ ഫ്രണ്ടാണ്....ആദിൽ..."

എന്ന് നമ്മള് പറഞ്ഞപ്പൊ താഹി ആദിക്ക് കൈ കൊടുത്തിട്ട് പരിചയപ്പെട്ടു.

"നിങ്ങൾ തമ്മിൽ വെറും ഫ്രണ്ട്സ് മാത്രാണോ അതോ ഇവൻ നിൻറെ ബോയ് ഫ്രണ്ടാണോ?"

"ഡാ താഹീ...വേണ്ടട്ടോ...ഓരോന്ന് നീയായിട്ട് പറഞ്ഞു ഉണ്ടാക്കണ്ട...

അല്ലേലും എനിക്ക് എന്താ ആദിനെ ബോയ് ഫ്രണ്ട് ആക്കി കൂടെ...നിൻറെ ചോദ്യം കേട്ടാൽ തോന്നുമല്ലൊ നിനക്ക് ഗേൾ ഫ്രണ്ട്സ് ഇല്ലാന്ന്...അല്ല പിന്നെ... നിനക്ക് ആവാമെങ്കിലെന്താ എന്താ എനിക്ക് ആയിക്കൂടേ...."

നമ്മള് പറയുന്നത് ഒക്കെ കേട്ടോണ്ട് ആദി ഒന്നും മിണ്ടാതെ നമ്മളെ തന്നെ നോക്കി നിന്നു.

"എൻറെ പൊന്നോ ....നീ എന്താ വേണേലും ആയിക്കോ മളേ...

നിങ്ങൾ ഫ്രണ്ട്സാകെ പ്രേമിക്കേ എന്താന്ന് വെച്ചാ ചെയ്തോ...ഞാൻ ഒന്നും പറഞ്ഞിട്ടുമില്ല ചോദിച്ചിട്ടുമില്ല കേട്ടിട്ടുമില്ല. .എന്തിന് ഞങ്ങൾ ഇങ്ങോട്ട് വന്നിട്ട് പോലുമില്ല ...ഡാ ഫൈസി വാടാ.. നമുക്ക് പോകാം..."

"ഹാ...പോകല്ലെ താഹീ...അവിടെ ഇരിക്ക്..."

എന്ന് നമ്മള് പറഞ്ഞപ്പൊ അവര് അവിടെ തന്നെ ഇരുന്നു...

"ഷഹാനക്ക് സുഖല്ലെടാ....ഞാൻ ചോദിച്ചെന്ന് ഓളോട് പറയണേ.."

"ഉം...പിന്നെ എന്താ പറയാലോ...അല്ലാ ഇയാള് എന്താ ഒന്നും മിണ്ടാത്തേ?

ഇവളെ ബോയ് ഫ്രണ്ട് എന്ന് പറയുമ്പോൾ മിനിമം ഒരു കലിപ്പനെയാ നമ്മള് ഉദ്ദേശിച്ചത്...ഇതിപ്പൊ വായേല് വിരലിട്ടാൽ പോലും കടിക്കില്ലല്ലോ..."

"ഉം....അതും പറഞ്ഞ് ചെന്ന് വായേല് വിരലൊന്നും ഇട്ടേക്കല്ലേ....പിന്നെ ആ കൈ പോലും നിനക്ക് കാണാൻ പറ്റില്ല..."

നമ്മളെ പറച്ചില് കേട്ട് അവര് മൂന്ന് പേരും ചിരിച്ചു.

നമ്മള് അപ്പോഴാ ഫൈസൽക്കാനെ ശ്രദ്ധിച്ചത്...മൂപ്പർക്ക് നമ്മളോട് ഒരു വിരോധവും ഇല്ലാത്ത ഒരു ഭാവായിരുന്നു...

"അപ്പൊ ഇത് കൊണ്ടാണോ ഫെബീ ഞാൻ നിന്നെ ഇഷ്ടാണെന്ന് പറഞ്ഞ് പിന്നാലെ നടന്നിട്ടും നിനക്ക് ഒരു വിലയില്ലാത്തത്...?

നിങ്ങൾ തമ്മിൽ അപ്പൊ ഇഷ്ടത്തിലാണല്ലെ...?"

പെട്ടെന്ന് ഫൈസൽക്ക അങ്ങനെ ചോദിച്ചപ്പൊ നമ്മള് ആദിയെ നോക്കി... ഓൻ നമ്മളെ നോക്കി തോൾ പൊന്തിച്ച് ചിരിച്ചു.

"ഇല്ല... അങ്ങനെ... അങ്ങനെ ഒന്നുമില്ല ഫൈസൽക്ക... ഞങ്ങൾ... ഞങ്ങൾ ജസ്റ്റ് ഫ്രണ്ട്സ് മാത്രാണ്...അല്ലാതെ നിങ്ങൾ കരുതുന്ന പോലെ....."

"ആ....ഓക്കേ ഓക്കേ സമ്മതിച്ചു... നിങ്ങള്

ഫ്രണ്ട്സാണ്....

പക്ഷേ നിങ്ങൾക്കുള്ളിൽ ഒരു പ്രണയം ഒളിഞ്ഞ് കിടപ്പുണ്ടെന്ന് ഞാൻ അറിഞ്ഞു....

എന്നാലും നിനക്കിത് എന്നോടേലും പറയായിരുന്നു ഫെബീ...സാരല്യാ...ഞാൻ അതൊക്കെ വിട്ടു..."

"ഇല്ല ഫൈസൽക്ക നിങ്ങള് കരുതുന്ന പോലെ ഞങ്ങൾ തമ്മിൽ....."

"എടീ ഫെബീ...നീയത് വിട്ട് കള...നീ എന്നോട് പറയാതിരുന്നത് ഞാൻ ക്ഷമിച്ചിരിക്കുന്നു...

എന്തായാലും നിങ്ങൾ തമ്മിലുള്ള ജോഡി പൊരുത്തം സൂപ്പറായിട്ടുണ്ട്...

ആദീ ഞാൻ ഒരു മത്സരത്തിനൊന്നുമില്ല....അതോണ്ട് ഇവളെ ഞാൻ അങ്ങ് വിട്ട് തന്നിരിക്കുന്നു...നിങ്ങൾ എഞ്ചോയ് ചെയ്യ് മക്കളെ.. "

നമ്മക്ക് ഫൈസൽക്ക പറയുന്നത് കേട്ടിട്ട് നാക്കൊക്കെ കൂടി ചൊറിഞ്ഞു വന്നു... പക്ഷേ നമ്മളെ കൊണ്ട് ഒന്നും പറയിപ്പിക്കാൻ അവറ്റകള് സമ്മതിക്കുന്നില്ല...

ആദി ആണെങ്കിലോ അവര് പറയുന്നത് ഒക്കെ സമ്മതിച്ച് കൊടുക്കുന്ന രീതിയിൽ അവരെ നോക്കി ചിരിക്കാണ്... ഓൻറെ ചിരി കണ്ടപ്പൊ നമ്മള് ഓനെ നോക്കി പുച്ഛിച്ചു...

"ഫെബീ...നിങ്ങളെ കാര്യം സെറ്റാകാൻ ഞാൻ വേണമെങ്കിൽ അൻറെ ഉപ്പാനോട് സംസരിക്കാം..."

"എൻറെ പൊന്നു മക്കളെ... മതി എന്നെ വാരിയത്...കുറെ നേരായി രണ്ടും കൂടി നമ്മളെ ഇട്ട് താങ്ങുന്നു...എനിക്ക് ഒന്നും മനസ്സിലാകുന്നില്ലാന്ന് കരുതണ്ട...വേണ്ടാ വേണ്ടാന്ന് വെക്കുമ്പൊ രണ്ടും കൂടി നമ്മളെ തലേല് കേറി നിരങ്ങാലേ..."

അപ്പൊ തന്നെ ഫൈസൽക്കയും താഹിയും കൂടി കൈ

കൊട്ടി ചിരിച്ചോണ്ട് ആദിയോട് ചുമ്മോന്ന് പറഞ്ഞു... ആദിയും ബദിലിന് ഒന്ന് ചിരിച്ച് കൊടുത്തു.

എന്നിട്ട് ഫൈസൽക്കയും താഹിയും കൂടി ആദിക്ക് കൈ കൊടുത്തിട്ട് യാത്ര പറഞ്ഞ് പോകാൻ നിന്നു.

"പിന്നെ ആദി നേരത്തെ ഞാൻ പറഞ്ഞത് കാര്യായിട്ടാണ്...നിങ്ങൾ തമ്മിൽ നല്ല ചേർച്ചയാ...അതോണ്ട് നിങ്ങൾ തമ്മിൽ ഇനി പ്രേമിച്ചാലും നമ്മക്ക് പ്രശ്നം ഇല്ലട്ടോ... ഫെബിക്കും തന്നെ ഇഷ്ടാണെങ്കിൽ ഞങ്ങൾ ഉണ്ടാകും കൂടെ എന്തിനും കട്ട സപ്പോർട്ടായിട്ട്...അല്ലെടാ താഹീ..."

ഫൈസൽക്ക പറയുന്നത് കേട്ടിട്ട് താഹി ഓൻറെ തോളിലൂടെ കയ്യിട്ടിട്ട് നമ്മളെ അടുത്തേക്ക് വന്നു...

"കണ്ടോടീ എൻറെ ചെക്കൻറെ സ്നേഹം... ഇവനല്ലാതെ വേറെ ആരാ സ്നേഹിച്ച പെണ്ണിനെ മറ്റൊരുത്തന് വിട്ട് കൊടുക്കാ...നീ ഇവൻറെ മനസ് കാണാതെ പോയല്ലോടീ..."

താഹി പറയുന്നത് കേട്ട് നമ്മള് തൊള്ളേം തുറന്ന് അവരെയൊക്കെ ഒന്ന് മാറി മാറി നോക്കി കൊണ്ട് അന്തം വിട്ട് നിന്നു.

നമ്മളെ നിർത്തം കണ്ടപ്പൊ ആ തെണ്ടി ചെക്കൻമാര് വീണ്ടും നമ്മളെ നോക്കി പൊരിഞ്ഞ ചിരിയായിരുന്നു...

നമ്മള് അവരെ ഒന്ന് രൂക്ഷമായി നോക്കി കൊണ്ട് വേഗം അവിടന്ന് ആട്ടി പായിക്കാൻ നോക്കി.

"ഡാ താഹീ...നീ ഇവിടെ വെച്ച് ഞങ്ങളെ കണ്ടത് അമ്മായിനോട് പോയി പറയല്ലെട്ടാ...പറഞ്ഞാൽ പിന്നെ അത് നാട് മൊത്തം പാട്ടാകുമെന്ന് ഞാൻ പറയാതെ തന്നെ അൻക്ക് അറീലേ..."

"ആ...നോക്കട്ടെ....പറയണോ വേണ്ടയോന്ന്...എന്തായാലും ഇത്രയൊക്കെ ആയ സ്ഥിതിക്ക് പറയാലേ.. .അപ്പോ എല്ലാം പെട്ടെന്ന് നടക്കും.."

നമ്മക്ക് താഹി പറയുന്നത് കേട്ടപ്പൊ ഓനിട്ട് ഒന്ന്

കൊടുക്കാൻ തോന്നി....അതോണ്ട് നമ്മള് ആ താഹിൻ്റെ കാലിന് നല്ല ചവിട്ട് കൊടുത്തു... ഓൻ വേദന കടിച്ച് പിടിച്ചോണ്ട് വീണ്ടും നമ്മളെ നോക്കി ചിരിച്ചിട്ട് ഫൈസൽക്കാനേം കൂട്ടി അവിടന്ന് പോയി.

അവര് പോയപ്പൊ നമ്മള് ഒന്ന് നെടുവീർപ്പിട്ടിട്ട് ആദിയെ നോക്കി ചിരിച്ചു.

"ഹാവൂ....ഇപ്പോഴാ ഒരു സമാധാനായത്...ഞാൻ എന്തൊക്കെയോ അവൻമാരെ കുറിച്ച് ചിന്തിച്ച് കൂട്ടി... ഭാഗ്യത്തിന് പേടിച്ച പോലെ ഒന്നും ഉണ്ടായില്ല..."

"നിനക്ക് ഫൈസലിനെ എത്ര കാലം പരിചയണ്ട്...?"

"എനിക്ക് ഫൈസൽക്കാനെ അഞ്ചിൽ പഠിക്കുമ്പൊ തൊട്ട് അറിയാ..."

"ഓ...അപ്പൊ അന്ന് തുടങ്ങിയിട്ടുണ്ടോ അവന് നിന്നോടുള്ള ഇഷ്ടം...?"

"ഏയ്...ഞാൻ പത്തിൽ പഠിക്കുമ്പോഴാ അറിയുന്നത് ഫൈസൽക്കാക്ക് എന്നോടുള്ള ഇഷ്ടം... അതും ഫസി വഴി...

അന്ന് ഞാനത് കാര്യാക്കിയില്ല...പിന്നെ ഒരു പ്ലസ് ടു ഒക്കെ ആയപ്പോഴാ നമ്മക്കും അത് മനസ്സിലായത്..."

"എന്നിട്ടും നീയെന്താ ഫൈസലിനെ സ്നേഹിക്കാഞ്ഞേ..?

ഓൻ അന്നെ സീരിയസായിട്ടല്ലെ സ്നേഹിക്കുന്നത്..."

ആദി നമ്മളോട് അങ്ങനെ ഒക്കെ ചോദിച്ചപ്പൊ നമ്മള് എല്ലാം തുറന്ന് പറയാൻ തീരുമാനിച്ചു.

"എനിക്ക് അതിന് കഴിയില്ല ആദി...ഞാൻ..."

"ഡീ ഫെബീ അവര് പോയോ...?"

നമ്മള് പറഞ്ഞ് തുടങ്ങിയതും ഹസിയും നിസൂക്കയും അപ്പോഴേക്കും ഞങ്ങളെ അടുത്തേക്ക് വന്നു.

"ആടീ തെണ്ടി അവര് പോയി...നിനക്ക് ഞാൻ വെച്ചിട്ടുണ്ടെടി തെണ്ടി....എന്നെ ഇവിടെ തനിച്ചാക്കിയിട്ട് നിങ്ങൾ രണ്ട് പേരും കൂടി മുങ്ങിയല്ലെ..."

എന്ന് പറഞ്ഞ് നമ്മള് ഹസിൻറെ കയ്യിലടിച്ചു...ഓള് തല്ലിയ ഭാഗത്ത് തടവി കൊണ്ട് നമ്മളെ നോക്കി പല്ലിളിച്ചു.

"അത് പിന്നെ ഞാൻ നിസൂക്കാനോട് സംസാരിക്കുന്നത് എങ്ങാനും അവര് കണ്ട് അത് വീട്ടിൽ അറിഞ്ഞാലോന്ന് കരുതി മുങ്ങിയതാ..."

"തെണ്ടി... എന്തായാലും മുങ്ങാണ് എന്നാ പിന്നെ എനിക്ക് ഒരു സിഗ്നൽ തന്നിട്ട് മുങ്ങിയാ പോരേന്നോ...അതോണ്ട് അവരെ മുന്നിൽ എങ്ങനെ

പിടിച്ച് നിന്നതെന്ന് നമ്മക്കേ അറിയൂ..."

"ഹോ...സമ്മതിച്ചു... സോറി...അപ്പൊ ഞാൻ എങ്ങനെ രക്ഷപ്പെടുമെന്നെ ഞാൻ ചിന്തിച്ചോള്ളൂ...അതോണ്ടാ നിന്നെ വിളിക്കാഞ്ഞത്...ആ.. എന്തായാലും അവര് പോയല്ലോ അത് തന്നെ സമാധാനം...

എന്നാ പിന്നെ ഇനി നമ്മൾക്കും പോയാലോ ഫെബീ...നമ്മള് വന്നിട്ട് ഒരുപാട് നേരായില്ലെ..."

"അതു ശരിയാ... അപ്പൊ ഞങ്ങൾ ഇറങ്ങട്ടെ...നാളെ കോളേജിൽ വെച്ച് കാണാം..."

"ഇപ്പൊ തന്നെ പോണോ ഹസീ...കുറച്ച് കഴിഞ്ഞ് പോയാ പോരേ..."

നിസൂക്ക ഹസിയോട് ചോദിക്കുന്നത് കണ്ടപ്പൊ നമ്മളും ആദിയും മുഖത്തേക്ക് നോക്കി കൊണ്ട് ഒന്ന് നീട്ടി മൂളി..

"എന്നാ പിന്നെ ഹസീ...നീയൊരു കാര്യം ചെയ്യ്... നീയും നിസൂക്കയും ഇവിടെ നിന്ന് പതുക്കെ സാവധാനം പറയാനുള്ളത് ഒക്കെ പറഞ്ഞ് തീർത്തിട്ട് വന്നാ മതി...ഞാൻ പോവാ..."

അത് കേട്ടപ്പൊ നിസൂക്ക ആയിക്കോട്ടേന്ന് പറഞ്ഞ് തലയാട്ടി... അപ്പൊ തന്നെ ഹസി അയ്യടാന്ന് പറഞ്ഞോണ്ട് നമ്മളെ കയ്യും പിടിച്ച് പുറത്തേക്ക് നടന്നു.

നമ്മള് നിസൂക്കാനെ നോക്കി കൊണ്ട് വാ പൊത്തി ചിരിച്ചിട്ട് ഹസിൻറെ പിന്നാലെ പോയി...

നമ്മള് വണ്ടി സ്റ്റാർട്ടാക്കിയിട്ട് ഹസിയോട് കേറാൻ പറഞ്ഞപ്പൊ ഓള് നിസൂക്കാനെ നോക്കിയിട്ട് വിളിക്കാമെന്ന് ആംഗ്യം കാണിച്ച് വണ്ടീല് കേറി.

നമ്മള് അപ്പൊ ആദിയെ നോക്കി ഇരിക്കേന്നു...നമ്മള് ഓനോട് പോകട്ടെ എന്ന രീതിയിൽ ചിരിച്ചോണ്ട് തലയാട്ടി.... അപ്പൊ ഓൻ കണ്ണിറുക്കി കാണിച്ചിട്ട് തലയാട്ടി...

"രണ്ട് പേരുടേയും യാത്ര പറച്ചില് കഴിഞ്ഞെങ്കിൽ നമുക്ക് പോകായിരുന്നു..."

ഹസിൻറെ പറച്ചില് കേട്ടപ്പൊ നമ്മള് ചിരിച്ചോണ്ട് അവരോടൊരിക്കൽ കൂടി യാത്ര പറഞ്ഞിട്ട് വീട്ടിലേക്ക് പോയി...

യാത്രയിലുട നീളം ഹസി സംസാരിച്ചത് നിസൂക്കാനെ പറ്റി ആയിരുന്നു... അതോട് കൂടി പെണ്ണ് കൈ വിട്ട് പോയെന്ന് നമ്മക്ക് ബോധ്യായി...

അന്ന് ഹസി നമ്മളെ വീട്ടിൽ ആയിരുന്നു നിന്നത്...രാത്രി കിടക്കാൻ നേരം ഓള് നിസൂക്കാക്ക് മിസ് കോളിട്ടതും മൂപ്പര് അപ്പൊ തന്നെ തിരിച്ച് വിളിച്ചു... പിന്നെ പറയണ്ടല്ലൊ രണ്ടും കൂടി സൊള്ളി സൊള്ളി നേരം വെളുപ്പിച്ചു.

ഇതിന് മാത്രം ഇവർക്ക് ഇത് എന്താ സംസാരിക്കാൻ എന്ന് ചിന്തിച്ചപ്പോഴാ നമ്മക്ക് ആദി തന്ന പണി ഓർമ്മ വന്നത്...

നേരം വെളുക്കുവോളം നമ്മളെ കൊണ്ട് ഐ ലൗ യു പറയിപ്പിച്ചത് ഓർത്തപ്പൊ നമ്മക്ക് ചിരി വന്നു...

അന്ന് ഓൻ തന്ന ടൈം പീസ് നമ്മള് ഒരിക്കലും നശിപ്പിക്കരുതായിരുന്നു എന്ന് നമ്മക്ക് തോന്നി... നമ്മള് അതൊക്കെ ആലോചിച്ചോണ്ട് പെട്ടെന്ന് തന്നെ ഉറങ്ങി പോയി...

പിന്നീട് ഉണ്ടായിരുന്ന കോളേജ് ഡെയ്സ് മുഴുവൻ എല്ലാവരും ആർട്സ് ഡേയുടെ തിരക്കിലായിരുന്നു...നമ്മളും നമ്മളെ റോക്ക് ആൻഡ് റോൾ ബാൻറും പ്രാടീസൊക്കെ തകർപ്പനായിട്ട് തന്നെ ചെയ്ത് തീർത്തു...

ഇപ്പൊ ഞങ്ങൾ എല്ലാവരും ഒരൊറ്റ കെട്ടാണ്... ഞങ്ങളെ സൗഹൃദം വളരെ പെട്ടെന്ന് തന്നെ നല്ല ദൃഢമായി...

നമ്മളെ കുരാമീസും ആർട്സ് ഡേക്ക് ഒരു കലക്കൻ ഡാൻസ് പ്രോഗ്രാം ഉണ്ട്ട്ടോ...നമ്മളാണ് മെയിൻ

ഡാൻസർ...

ഞങ്ങൾ പ്രോഗ്രാമിന് ഉണ്ടെന്ന് നമ്മളെ ബ്രദേഴ്സിനോടൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല... ഓര് അതൊക്കെ അപ്പൊ കണ്ടാൽ മതി എന്നാണ് ഞങ്ങളെ തീരുമാനം...

അങ്ങനെ ദിവസങ്ങളൊക്കെ ശരവേഗത്തിൽ പോയി കൊണ്ടിരുന്നു... ഇന്നാണ് ആർട്സ് ഡേ... രണ്ട് ദിവസങ്ങളിൽ ആയിട്ടാണ് ആർട്സ് നടത്തുന്നത്...

ഞങ്ങളെ ഡാൻസും പിന്നെ നമ്മളെ ബാൻറിൻറെ പ്രോഗ്രാമും ഇന്നാണ്...നാളെയാണ് നമ്മളെ സിംഗിൾ സോങ്ങ്...

ഞങ്ങളെ ടീമിന്റെ ഡാൻസായിരുന്നു ആദ്യം തന്നെ ഉള്ളത്... അതോണ്ട് ഞങ്ങൾ എല്ലാവരും അതിൻറെ ഒരുക്കങ്ങളിലായിരുന്നു...

"ആദ്യമായിട്ട് തന്നെ നമുക്ക് മുന്നിൽ ഒരു ഡാൻസ് പെർഫോമൻസുമായിട്ട് വരുന്നത് ടീം ഫാൻസ്.... ങേ..ഫാൻസോ...?"

ആദി മൈക്കിലൂടെ അനൗൺസ് ചെയ്യുന്നത് കേട്ടപ്പൊ തന്നെ ഞങ്ങൾ അഞ്ച് പേരും സ്റ്റേജില് എത്തിയിരുന്നു... ഞങ്ങളെ കണ്ടതും മൈക്ക് പിടിച്ചോണ്ട് നിന്ന ആദിയും കർട്ടൻ പിടിച്ചോണ്ട് നിൽക്കുന്ന നമ്മളെ കാക്കുവും അൻസിക്കയും അന്തം വിട്ട് നോക്കി നിന്നു...

ഞങ്ങൾ അവരെ നോക്കി സൈറ്റടിച്ച് കാണിച്ച് ചിരിച്ചോണ്ട് പൊസിഷനിൽ വന്ന് നിന്നു.അപ്പൊ ആദി നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ കാതില് മൊഴിഞ്ഞു.

"ഐഷൂ...നല്ലോണം പ്രാക്ടീസ് ഒക്കെ ചെയ്തിട്ടാണല്ലോലേ ഈ പരിപാടിക്ക് ഇറങ്ങിയത്...അല്ലാ അന്നത്തെ പോലെയുള്ള വല്ല പരിപാടിയുമാണ്യെങ്കിൽ ഇപ്പൊ തന്നെ ഇറങ്ങുന്നതാകും നല്ലത്...ഇല്ലെങ്കിൽ പിന്നെ ഇവരെ മുന്നിൽ നാണം

കെടും...

നിനക്ക് ഇവരെ കുറിച്ച് ശരിക്ക് അറിയാഞ്ഞിട്ടാ..."

"അതൊക്കെ ഞങ്ങൾ നോക്കിക്കോളാം...പിന്നെ ഞങ്ങളെ അങ്ങനെ അടച്ച് ആക്ഷേപിക്കൊന്നും വേണ്ട...ഞങ്ങളെ പെർഫോമൻസ് എങ്ങനെ ഉണ്ടെന്ന് നീ കണ്ടോ..."

നമ്മളെ മറുപടി കേട്ടപ്പൊ ആദി ഒന്ന് മൂളി കൊണ്ട് അവിടന്ന് മാറി നിന്നു... ഞങ്ങൾക്ക് എല്ലാർക്കും ടെൻഷൻ ഉണ്ടെങ്കിലും അതൊന്നും നമ്മള് കണക്കിലെടുക്കുന്നില്ല...ആ സൽമ ഇല്ലല്ലോ എന്നതാണ് നമ്മളെ ആകെ പാടെയുള്ള ഒരാശ്വാസം...

അങ്ങനെ കർട്ടൻ പൊങ്ങി,ഞങ്ങളെ കാതുകളിൽ പാട്ടിൻറെ കൂടെ ഞങ്ങളെ ഹൃദയമിടിപ്പും കേൾക്കാൻ തുടങ്ങി... ആദ്യം ഒരു പരിഭ്രമം തോന്നിയെങ്കിലും പിന്നീട് അതൊക്കെ പോയി...

ഞങ്ങൾ അഞ്ച് പേരും നല്ല പൊളിപ്പനായിട്ട് തന്നെ കളി തുടർന്നു...നമ്മളെ സപ്പോർട്ട് ചെയ്തോണ്ട് നമ്മളെ ബ്രദേഴ്സും സ്റ്റേജിൻറെ മുന്നിൽ നിന്ന് കളിച്ചു...ഞങ്ങളെ ഡാൻസ് ശരിക്ക് അങ്ങ് തകർത്തു...

അങ്ങനെ ഡാൻസ് കഴിഞ്ഞ് കർട്ടൻ താഴ്ന്നതും കയ്യടികളും വിസിലടികളും കൊണ്ട് ഞങ്ങളെ കാത് അടഞ്ഞു. നമ്മള് അപ്പൊ ആദിയെ നോക്കിയിട്ട് എങ്ങനെ ഉണ്ടായിരുന്നെന്ന് ആംഗ്യം കാണിച്ചപ്പൊ ഓൻ നമ്മളെ അടുത്തേക്ക് വന്നു...

"അപ്പൊ അൻക്ക് മനുഷ്യൻമാര് കളിക്കുന്ന പോലെയും കളിക്കാൻ അറിയാലേ..."

നമ്മള് അപ്പൊ ഓനെ നോക്കി കൊഞ്ഞനം കുത്തി... അത് കണ്ടപ്പോൾ ഓൻ നിന്ന് ചിരിച്ചു...

"പക്ഷേ എന്തൊക്കെ പറഞ്ഞാലും നമ്മക്ക് അൻറെ വസീകരയാ ഇഷ്ടായത്...അതിനോളം വരില്ല ഇതൊന്നും..."

"ഡാ..."

എന്ന് പറഞ്ഞ് നമ്മള് ആദിൻറെ കയ്യിൽ നല്ലോണം ഒന്ന് പിച്ചി കൊടുത്തു..ഓൻ അത് തടവി കൊണ്ട് നമ്മളോട് വേഗം ഡ്രസ് ചെയ്ഞ്ച് ചെയ്ത് വരാൻ പറഞ്ഞു...

കാരണം, നമ്മളെ റോക്ക് ആൻഡ് റോൾ ബാൻറിൻറെ രണ്ടാം തിരിച്ച് വരവിനുള്ള സമയായിട്ടുണ്ട്...അതോണ്ട് നമ്മള് വേഗം ഡ്രസൊക്കെ ചേഞ്ച് ചെയ്ത് ഗിറ്റാറും കൊണ്ട് സ്റ്റേജിൻറെ അടുത്തെക്ക് പോയി...

അപ്പൊ നമ്മള് ആ സാലിമിനേയും കൂട്ടരേയും അവിടെ വെച്ച് കണ്ടു...അവര് നമ്മളെ ഒരു പുച്ഛത്തോടെ നോക്കി ചിരിച്ചോണ്ട് നമ്മളെ കടന്ന് പോയി...അവൻമാര് എന്തൊക്കെയോ പ്ലാൻ ചെയ്തിട്ടുണ്ടെന്ന് നമ്മക്ക് അപ്പൊ തന്നെ ബോധ്യായി...

സ്റ്റേജിൽ അപ്പൊ വേറെ പരിപാടികൾ നടക്കേന്നു... അത് കഴിഞ്ഞതും ആദി നമ്മളെ കയ്യും പിടിച്ച്

സ്റ്റേജിലേക്ക് കേറി...

നമ്മളെ ബാൻഡ് ടീം മുഴുവൻ അപ്പൊ തന്നെ അവിടെ ഹാജരായി...അങ്ങനെ ആദി തന്നെ അനൗൺസ് ചെയ്തോണ്ട് പരിപാടി തുടങ്ങി...

കർട്ടൻ ഉയർന്നതും പലയിടത്ത് നിന്നും കൂവലുകളുടെ മഹോത്സവം തന്നെ അരങ്ങേറി...നോക്കുമ്പൊ അവരൊന്നും നമ്മളെ കോളേജിൽ ഉള്ളവര് പോലുമല്ല... അവരെ കൂകി വിളി കേട്ടപ്പൊ നമ്മക്ക് ചെറുതായിട്ട് കോൺഫിഡൻസ് കുറഞ്ഞെങ്കിലും നമ്മളെ ബാൻഡ് അതൊന്നും വക വെക്കാതെ പ്രോഗ്രാം തുടങ്ങി... അപ്പൊ നമ്മളെ കോൺഫിഡൻസൊക്കെ നല്ലോണം കൂടി...

ഞങ്ങളെ തകർപ്പൻ പെർഫോമൻസ് കണ്ടിട്ട് കോളേജ് മൊത്തം ആഘോഷ തിമർപ്പിൽ ആറാടി...അതിനിടക്ക് കൂവൽ വിദഗ്ദ്ധർ കൂവിയെങ്കിലും അതൊന്നും നമ്മളെ കാതിൽ പതിഞ്ഞില്ല...പകരം ഞങ്ങളെ മ്യൂസികും സപ്പോർട്ട് ആയിട്ടുള്ളവരുടെ കയ്യടികളും വിസിലടികളും മാത്രമേ കാതിൽ പതിഞ്ഞൊള്ളൂ...

ഫേമസ് ആയിട്ടുള്ള ഹിന്ദി, മലയാളം, തമിഴ് പാട്ടുകളൊക്കെ കൂടി ഞങ്ങളെ രീതിയിൽ കോഡിനേറ്റ് ചെയ്ത് ഒരു തകർപ്പൻ മാഷപ്പ്....അതൊക്കെ തന്നെ ധാരാളായിരുന്നു സ്റ്റുഡന്റ്സിൻറെ സപ്പോർട്ട് കിട്ടാൻ.

അങ്ങനെ നമ്മളെ പ്രോഗ്രാം കഴിഞ്ഞതും കാത് പൊട്ടി പോകുന്ന തരത്തിലുള്ള ആർപ്പു വിളികളാണ് ഉയർന്നത്...ഞങ്ങളെ നീണ്ട നാളത്തെ പരിശ്രമം വിജയം കണ്ട സന്തോഷത്തിൽ കർട്ടൻ താഴ്ന്നതും നമ്മള് ആദിയെ കെട്ടി പിടിച്ചു...

ആദി ഷോക്കേറ്റ പോലെ നിന്നിട്ട് നമ്മളെ നോക്കി ചിരിച്ചു...സ്റ്റേജില് നിന്ന് ഇറങ്ങിയതും എല്ലാവരും കൂടി ഞങ്ങളെ പ്രശംസിച്ച് വാനോളം കൊണ്ട് പോയി...

നമ്മളെ കുരാമീസിൻറെ കാര്യം പിന്നെ പറയണ്ടല്ലോ... നമ്മളെ കയ്യിൽ കിട്ടിയപ്പൊ മുതൽ ഒരു സ്വസ്ഥത തന്നിട്ടില്ല...ചക്കരമ്മേല് ഈച്ച പൊതിയുന്ന പോലെ നമ്മളെ അങ്ങ് പൊതിഞ്ഞിട്ടുണ്ട്...

അങ്ങനെ നമ്മളെ ഇന്നത്തെ പരിപാടിയൊക്കെ കഴിഞ്ഞല്ലോ എന്ന ആത്മനിർവൃതിയോടെ നമ്മളും കുരാമീസും കൂടി ഓഡിയൻസ് സീറ്റില് പോയി ഇരുന്നു... എല്ലാ പരിപാടികളും ഒന്നിനൊന്ന് മികച്ചതായിരുന്നു...

ഉച്ചക്ക് ലഞ്ച് കഴിച്ചിട്ട് ഞങ്ങൾ അഞ്ച് പേരും കൂടി മരച്ചോട്ടിൽ പോയി ഇരുന്നിട്ട് സൊറ പറഞ്ഞിരുന്നു. അപ്പോഴാണ് നമ്മളെ നെഞ്ചിൽ തറച്ച് കേറുന്ന പോലെ ആ പാട്ട് കേട്ടത്...

"എന്നോമലേ...എൻ ശ്വാസമേ...എൻ ജീവനെ ആയിഷാ..."

അത് കേട്ടതും പിന്നെ നമ്മളെ കാല് അവിടെ ഉറച്ചില്ല...ഒരോട്ടമായിരുന്നു നമ്മള് ഗ്രൗണ്ടിലേക്ക്,പിന്നാലെ നമ്മളെ കുരാമീസും....

സ്റ്റേജില് പെർഫോം ചെയ്യുന്ന ആളെ കണ്ടതും നമ്മള് തൊള്ളേം തുറന്ന് അവരെ തന്നെ നോക്കി നിന്നു...

ആദിയും നിസൂക്കയുമാണ് കളിക്കുന്നത്...അതും

മെയിലായിട്ട് ആദിയും ഫീമെയിൽ ആയിട്ട് നിസൂക്കയും...

അവര് രണ്ട് പേരും കൂടി കാണിച്ച് കൂട്ടുന്നത് കണ്ടാൽ ചിരിക്കാൻ മറന്നവര് വരെ ചിരിച്ച് ചിരിച്ച് മണ്ണ് കപ്പും...അതും നിസൂക്കാനെ ഫീമെയിൽ വേഷം നല്ല തകർപ്പനായിട്ടുണ്ട്.നമ്മള് അപ്പൊ തന്നെ അതൊക്കെ ഫോണില് വീഡിയോ എടുത്തു.

പെട്ടെന്ന് സോങ് ചെയ്ഞ്ച് ആയതും അവര് കാണിച്ച് കൂട്ടുന്നത് കണ്ടപ്പൊ നമ്മളെ കയ്യീന്ന് ഫോൺ വീഴാൻ പോയി...

നമ്മളും ഹസിയും കൂടി അന്ന് രാത്രി കാണിച്ച് കൂട്ടിയ കോപ്രായങ്ങള് അതെപോലെ അവര് കളിച്ചു....അത് കണ്ടിട്ട് എല്ലാവരും പൊരിഞ്ഞ കയ്യടിയും ഹലാക്കിലെ ചിരിയുമായിരുന്നു....

നമ്മക്ക് ആണെങ്കിൽ ആകെപ്പാടെ സസി ആയ ഒരു ഫീലിങ്ങും....പിന്നെ ഇത് നമ്മളെ ഉദ്ദേശിച്ചാണെന്ന് ആർക്കും അറിയാത്തതേന്നു ഏക ആശ്വാസം...

ആദിയും നിസൂക്കയും കൂടി കളിക്കുന്നത് കണ്ടപ്പോഴാണ് നമ്മക്ക് നമ്മളെ അന്നത്തെ പെർഫോമൻസ് എത്ര മാത്രം നന്നായിരുന്നുവെന്ന് മനസ്സിലായത്...

ഒടുവിൽ ആ കോപ്രായം കഴിഞ്ഞതും നമ്മള് ദേഷ്യത്തോടെ ആദിനെ തപ്പി ഇറങ്ങിയെങ്കിലും ഓനേയും നമ്മളെ ബ്രദേഴ്സിനേയും പിന്നെ മഷിയിട്ട് നോക്കിയിട്ട് പോലും നമ്മള് കണ്ടില്ല ...അപ്പോഴെങ്ങാനും ആദിനെ നമ്മളെ കയ്യിൽ കിട്ടിയിരുന്നെങ്കിൽ ഇടിച്ച് ഓൻറെ പരിപ്പ് നമ്മള് എടുത്തേനെ...

രാത്രി വരെ പ്രോഗ്രാംസ് ഉള്ളതോണ്ട് അത് വരെയൊന്നും നിക്കാൻ നമ്മളെ കൊണ്ട് പറ്റില്ലേന്നു...അതോണ്ട് നമ്മളും അച്ചുവും കൂടി വീട്ടിലേക്ക് പോകാൻ നിന്നു...

അച്ചൂൻറെ കയ്യീന്ന് നമ്മള് സ്കൂട്ടിൻറെ കീയും വാങ്ങിയിട്ട് നമ്മളെ ഗിറ്റാറ് ഓളെ ഏൽപ്പിച്ചിട്ട്

വരാന്തയിലൂടെ നടക്കുമ്പോഴായിരുന്നു ആദിൻറേയും നമ്മളെ ബ്രദേഴ്സിൻറെയും ശബ്ദം നമ്മള് ഒരു ക്ലാസീന്ന് കേട്ടത്.

അപ്പൊ തന്നെ നമ്മക്ക് അങ്ങോട്ട് കേറി പോകാൻ തോന്നിയെങ്കിലും അവരുടെ സംസാര വിഷയം നമ്മളാണെന്ന് തോന്നിയപ്പൊ അവിടെ തന്നെ നിന്നോണ്ട് അവര് പറയുന്നത് കേട്ടു.

....

"ഡാ അക്കൂ...നിങ്ങള് കരുതുന്ന പോലെ ഞാൻ ഓളെ ഫ്രണ്ടായിട്ട് ഇതുവരെ കണ്ടിട്ടില്ല...ഇനിയൊട്ടും കാണാനും പോണില്ല... ഇതൊക്കെ എനിക്ക് ഓളോട് കൂടുതൽ അടുക്കാൻ വേണ്ടി ചെയ്തതാ..."

"ആദി...എനിക്ക് ഇതൊന്നും അത്ര നല്ലതായിട്ട് തോന്നുന്നില്ല...ഫെബി അന്നെ ഇപ്പൊ ഒരു നല്ല ഫ്രണ്ടായിട്ടാണ് കാണുന്നത്...ആ അവള് ഒരിക്കലും അന്നോട് ഇഷ്ടാണെന്ന് പറയുമെന്ന് എനിക്ക്

തോന്നുന്നില്ല..."

"അനൂ...ഞാൻ ഓളെ സ്നേഹിക്കുന്നത് സത്യാണെങ്കിൽ എൻറെ സ്നേഹം സത്യാണെങ്കിൽ ഓള് വൈകാതെ എൻറേത് ആകും..."

"ഓക്കേ...സമ്മതിച്ചു...ഓള് അൻറെ സ്നേഹം മനസ്സിലാക്കി നിന്നെ തിരിച്ച് സ്നേഹിച്ചെന്ന് കരുതിക്കോ...പക്ഷെ,നിങ്ങള് തമ്മിൽ ഒന്നിക്കാൻ ആ സൽമ സമ്മതിക്കുമെന്ന് നിനക്ക് തോന്നുന്നുണ്ടോ...?

അതുപോട്ടെ...നിൻറെ ഉമ്മി സമ്മതിക്കുമെന്ന് നിനക്ക് തോന്നുന്നുണ്ടോ...?"

"ഉമ്മി സമ്മദിക്കും സിദ്ധൂ....അവരെ കുറിച്ചുള്ള സത്യങ്ങൾ അറിയുമ്പൊ ഉമ്മി എന്നേയും ഐഷൂനേയും സ്വീകരിക്കും."

"എന്ത് സത്യം...? അവരെ കുറിച്ച് നിനക്ക് എന്ത് സത്യാ അറിയാ...?"

നിസൂൻറെ ചോദ്യം കേട്ടപ്പോഴാണ് നമ്മള് എന്ത് മണ്ടത്തരമാ വിളിച്ച് കൂവിയതെന്ന് മനസ്സിലായത്.അതോണ്ട് നമ്മള് അത് അപ്പൊ തന്നെ തിരുത്തി പറഞ്ഞു.

"അ...അത്...അതൊന്നുമില്ല...ഇപ്പൊ അതല്ലല്ലോ നമ്മളെ വിഷയം...എങ്ങനെ ഐഷൂനെ കൊണ്ട് നമ്മളെ സ്നേഹിപ്പിക്കും എന്നതല്ലേ....

ഓൾക്ക് എന്നോട് ഇഷ്ടമൊക്കെയുണ്ട് പക്ഷെ അത് തുറന്ന് പറയാത്തതാണ്...അത് ഓള് പറയണം...ഇല്ലെങ്കിൽ പറയിപ്പിക്കണം...."

"ഡാ....ആദി...ഫെബി...ഫെബീ..."

"ആടാ നിസൂ അവള് തന്നെ...അവളെ എങ്ങനെയാ ഒന്ന് സെറ്റാക്കാ...?"

"ഡാ...അതല്ലടാ...ഫെബി അതാ അവിടെ നിക്കുന്നു..."

നിസു ചൂണ്ടിയ ഭാഗത്തേക്ക് നോക്കിയപ്പൊ നമ്മളെ ഐഷു ഉണ്ട് കണ്ണും നിറച്ചോണ്ട് നമ്മളെ രൂക്ഷമായി നോക്കി കൊണ്ടിരിക്കുന്നു....അപ്പൊ ഞങ്ങൾ ഇതുവരെ ഇവിടേ പറഞ്ഞതൊക്കെ അവള് കേട്ടെന്ന് നമ്മക്ക് ഉറപ്പായി...

നമ്മള് ഐഷൂന്ന് വിളിച്ച് അടുത്തേക്ക് പോകാൻ നിന്നപ്പോഴേക്കും ഓള് അവിടന്ന് ഓടി പോയി...നമ്മള് സ്വയം തലക്ക് അടിച്ചോണ്ട് അവൻമാരെ നോക്കി കണ്ണുരുട്ടി കൊണ്ട് ഐഷൂൻറെ പിന്നാലെ പോയി...

"ഐഷൂ....അവിടെ നിക്ക്...എനിക്ക് പറയാനുള്ളതൊന്ന് കേൾക്ക്..പ്ലീസ്..."

എന്ന് പറഞ്ഞ് നമ്മള് ഓളെ കയ്യില് പിടിച്ചോണ്ട് അവിടെ തടഞ്ഞ് നിർത്തി...ഓള് പെട്ടെന്ന് തന്നെ കൈ പിൻവലിച്ചിട്ട് നമ്മളെ ദഹിപ്പിക്കുന്ന ഒരു നോട്ടം നോക്കി...

"എന്താ ഇനി നിനക്ക് പറയാനുള്ളത്...?

അവരോട് പറഞ്ഞതൊക്കെ കള്ളാണെന്ന് പറയാൻ പോകാണോ?

ഞാൻ നിന്നെ എൻ്റെ ഒരു നല്ല ഫ്രണ്ടായിട്ടല്ലെ കണ്ടത്...തിരിച്ച് നീയും അങ്ങനെയാകുമെന്ന് എന്നെ വിശ്വസിപ്പിച്ചീലേ...എന്താ ആദി നിനക്ക് എന്നെ ഫ്രണ്ടായിട്ട് കണ്ടാൽ..."

"എനിക്ക് അങ്ങനെ കാണാൻ പറ്റില്ലെടീ....കാരണം ഞാൻ നിന്നെ അത്രക്ക് പ്രേമിക്കുന്നുണ്ട്....സ്നേഹിച്ച പെണ്ണിനെ ശത്രുവായിട്ട് കാണേണ്ടി വന്നാലും ഫ്രണ്ടായി കാണാൻ എന്നെ കൊണ്ട് ഒരിക്കലും പറ്റില്ല..."

എന്ന് നമ്മള് ഓളെ നേരെ കയർത്ത് കൊണ്ട് സംസാരിച്ചപ്പൊ ഓള് ഞെട്ടിത്തരിച്ചോണ്ട് നമ്മളെ നോക്കി നിന്നു.

"ഇത്രയൊക്കെ പറയുന്നുണ്ടല്ലോ...നിനക്ക് എന്നെ ഫ്രണ്ടായി കാണാൻ പറ്റുമെങ്കിൽ എന്ത് കൊണ്ട് എന്നെ

സ്നേഹിച്ചൂടാ...?"

"എനിക്ക് അതിന് പറ്റില്ല..."

"എന്ത് കൊണ്ട് പറ്റില്ല..."

നമ്മള് ഓളെ നേരെ വീണ്ടും കുരച്ച് ചാടിയപ്പൊ ഐഷു പറയുന്നത് കേട്ട് നമ്മളെ നെഞ്ചിടിപ്പ് നിലച്ച് പോയ പോലെ തോന്നി...അവള് പറഞ്ഞത് വീണ്ടും വീണ്ടും നമ്മളെ കാതിൽ മുഴങ്ങി കേട്ട് തുടങ്ങി....

"കാരണം, എനിക്ക് വേറെ ഒരാളെ ഇഷ്ടാണ്....ഞാൻ അയാളെ അല്ലാതെ മറ്റാരേയും സ്നേഹിക്കുന്നില്ല..."

(തുടരും)

ഭാഗം. 67

"കാരണം എനിക്ക് വേറെ ഒരാളെ ഇഷ്ടാണ്...അയാളെ അല്ലാതെ മറ്റാരേയും ഞാൻ സ്നേഹിക്കുന്നില്ല..."

ഐഷു കരഞ്ഞ് കൊണ്ട് പറയുന്നത് കേട്ടപ്പൊ നമ്മളെ കണ്ണില് ഇരുട്ട് കേറി...ഓള് നമ്മളെ ഒഴിവാക്കാൻ വേണ്ടി വെറുതെ പറഞ്ഞതാകണേന്ന് പടച്ചോനോട് മനമുരുകി പ്രാർത്ഥിച്ചോണ്ട് നമ്മള് വീണ്ടും ഓളോട് വാദിച്ചു...

"ഐഷൂ...നീ...നീ എന്നെ ഒഴിവാക്കാൻ വേണ്ടി മനപൂർവ്വം പറഞ്ഞ കള്ളമല്ലെ ഇത്...അല്ലേ...?"

"അല്ല....അല്ല ആദീ...ഞാൻ പറഞ്ഞത് സത്യാ....ഞാൻ എൻ്റെ സമീക്കാനെ മാത്രേ സ്നേഹിച്ചിട്ടുള്ളൂ..സ്നേഹിക്കുകയുമുള്ളൂ..."

ഐഷു പറയുന്നത് കേട്ട് നമ്മളെ നെഞ്ചിൽ ഒരു ഇടി വെട്ടിയ പോലെ തോന്നി...നമ്മള് അറിയാതെ തന്നെ നമ്മളെ കണ്ണും നിറഞ്ഞു.

"ഡീ ഐഷൂ...നീ എന്നെ സ്നേഹിക്കുന്നില്ലാന്ന് വേണേൽ പറഞ്ഞോ അത് ഞാൻ സഹിക്കും....പക്ഷേ, നീ മറ്റൊരുത്തനെ സ്നേഹിക്കുന്നുണ്ടെന്ന് മാത്രം പറയരുത്...അത് ഞാൻ സഹിക്കില്ല..."

"നീ സഹിക്കേ സഹിക്കാതിരിക്കേ എന്താന്ന് വെച്ചാ ചെയ്തോ....പക്ഷേ ഞാൻ പറഞ്ഞത് സത്യാണ്...

ഇത് നിന്നോട് പല തവണ ഞാൻ പറയാൻ ശ്രമിച്ചതാണ്...അന്നൊന്നും എനിക്ക് അതിന് കഴിഞ്ഞില്ല... പിന്നെ ഇതൊന്നും ഇനി നിന്നെ അറിയിക്കണ്ടാന്ന് കരുതിയതാ...പക്ഷേ നീയായിട്ട് തന്നെ എന്നെ കൊണ്ട് പറയിപ്പിച്ചു....

ആദീ...ഞാൻ എൻ്റെ സമീർക്കാനെ ഒരുപാട് സ്നേഹിക്കുന്നുണ്ട്...വിധി ഞങ്ങളെ തമ്മിൽ അകറ്റിയെങ്കിലും ആ വിധി തന്നെ ഞങ്ങളെ ഒരുമിപ്പിക്കുമെന്ന ഒരു വിശ്വാസം എനിക്കുണ്ട്...ഇന്നല്ലെങ്കിൽ നാളെ എൻ്റെ സമീക്ക വരും എന്നെ കൊണ്ട് പോകാൻ... ഞാൻ ആ നിമിഷത്തിന് വേണ്ടി കാത്തിരിക്കാണ്...

പ്ലീസ് ആദീ....ഇനിയും നീ എൻ്റെ സ്നേഹം കൊതിച്ച് എൻ്റെ പിറകെ നടക്കരുത്...ആ സ്നേഹം നിനക്ക് കിട്ടില്ല..."

ഓള് നമ്മളെ തള്ളി പറഞ്ഞ് കരഞ്ഞോണ്ട് നമ്മളെ മുന്നിൽ നിന്ന് ഓടിയകലുമ്പോഴും നമ്മക്ക് അതൊന്നും ഉൾക്കൊള്ളാൻ കഴിഞ്ഞില്ല...

കാരണം അവളെ ഉള്ളിലെ സ്നേഹം മറ്റാരും കണ്ടില്ലെങ്കിലും അവളുടെ കണ്ണീരിൽ നിന്നും നമ്മക്ക് അത് മനസ്സിലാകുന്നുണ്ടായിരുന്നു...

ഐഷു നമ്മളെ കടന്ന് പോയതും പിന്നാലെ അച്ചു വരുന്നത് നമ്മള് കണ്ടു...ഇവിടെ നടന്നതൊക്കെ അച്ചു ശ്രദ്ധിച്ചെന്ന് ഓളെ കണ്ടപ്പൊ തന്നെ നമ്മക്ക് മനസ്സിലായി...

അതോണ്ട് നമ്മള് സത്യാവസ്ഥ അച്ചൂനോട് ചോദിച്ചു.

"അച്ചു... എന്തൊക്കെയാ ഐഷു പറഞ്ഞിട്ട് പോകുന്നത്...?

ഓൾക്ക്...ഓൾക്ക് വേറെ ഒരുത്തനെ ഇഷ്ടാണെന്നൊക്കെ പറയുന്നു... എനിക്ക് അറിയാം അച്ചു ഓള് അത് ചുമ്മാ പറഞ്ഞതാണെന്ന്...

എന്നെ വെറുതെ കളിപ്പിക്കാൻ വേണ്ടി ഓള് പറഞ്ഞതാകും അല്ലേ അച്ചു...

പറ അച്ചൂ....അങ്ങനെ തന്നെ അല്ലേ...പറ..."

എന്ന് പറഞ്ഞ് നമ്മള് ഓളെ പിടിച്ച് കുലുക്കി. ഓള് പേടിച്ച് വിറച്ചോണ്ട് നമ്മളെ മുഖത്തേക്ക് ദയനീയമായി ഒന്ന് നോക്കി കൊണ്ട് ഓള് തല താഴ്ത്തി നിന്നു.

"കാ....കാക്കൂ...അത്...ഓള് പറഞ്ഞത് സത്യാ....ഓൾക്ക് അങ്ങനെ ഒരു ഇഷ്ടമുണ്ട്..."

നമ്മള് ഞെട്ടി തരിച്ചോണ്ട് അച്ചുവിൽ നിന്നും പിടി വിട്ടിട്ട്

വരാന്തയിലെ ബെഞ്ചില് ഇരുന്നു...ഓള് പറഞ്ഞതൊന്നും വിശ്വസിക്കാൻ കഴിയാതെ നമ്മള് മുഖത്ത് കൈ വെച്ച് ഇരുന്നു. അപ്പൊ അച്ചു നമ്മളെ അടുത്തേക്ക് വന്ന് ഇരുന്നിട്ട് നമ്മളെ തോളില് കൈ വെച്ചു.

"കാക്കൂ... ഇത് കാക്കൂനോട് പറയാൻ ഫെബി ഒരുപാട് തവണ ശ്രമിച്ചതാണ്...പക്ഷേ, അന്നൊന്നും അതിന് ഓൾക്ക് പറ്റിയില്ല...

ഞാൻ ഇത് കാക്കൂനോട് മനപൂർവ്വം ഒളിപ്പിച്ചതായിരുന്നു...അതിനും ഒരു കാരണണ്ട്....

ഫെബിയെ കുറിച്ച് കാക്കൂന് ഒന്നും അറിയില്ല...രണ്ട് വർഷങ്ങൾക്ക് മുൻപ് അവള് ഇങ്ങനെ ഒന്നും അല്ലായിരുന്നു...

കാക്കു എല്ലാം അറിയണം....എൻറെ ഫെബിയുടെ ജീവിതം ഇരുട്ടിലേക്ക് വീണത് എങ്ങനെയെന്ന് കാക്കു അറിയണം..."

നമ്മള് അച്ചു പറയുന്നത് കേട്ട് മുഖമുയർത്തി ഓളെ നോക്കി നെറ്റി ചുളിച്ചു. അച്ചു ഓളെ നിറഞ്ഞൊഴുകുന്ന കണ്ണ് തുടച്ചിട്ട് നമ്മളെ നോക്കി...

അപ്പോഴേക്കും ഞങ്ങളെ അടുത്തേക്ക് ഓളെ ഫ്രണ്ട്സും നമ്മളെ ചങ്ക്സും നടന്നടുത്തു...ഐഷൂൻറെ ലൈഫില് എന്താ സംഭവിച്ചതെന്ന് അറിയാൻ ഉള്ള ആകാംഷയിൽ എല്ലാവരും അച്ചൂനെ ഉറ്റു നോക്കി കൊണ്ടിരുന്നു.

....

നമ്മള് കോളേജിൽ നിന്ന് കരഞ്ഞോണ്ട് അച്ചൂൻറെ വണ്ടിയും എടുത്തോണ്ട് ഇറങ്ങി പോന്നത് നേരെ ബീച്ചിലേക്കാണ്...

ഇവിടെ വെച്ചാണ് നമ്മളെ സങ്കടങ്ങളെല്ലാം പറഞ്ഞ് തീർക്കുന്നതും കരഞ്ഞ് തീർക്കുന്നതും...

നമ്മള് അവിടെ കടലിലെ തിരമാലകളിലേക്ക് കണ്ണും

നട്ടോണ്ട് ഈറനണിഞ്ഞ നമ്മളെ മിഴികളടച്ചിട്ട് നമ്മളെ ഓർമ്മകളെ രണ്ട് വർഷം പിറകിലേക്ക് കൊണ്ട് പോയി...

&&&&&&&&&&&&&&&&&&&&&&&&&&&&&&&&

നമ്മള് പത്താം ക്ലാസ് കഴിഞ്ഞ് വെക്കേഷനൊക്കെ അടിച്ച് പൊളിക്കുന്ന കാലം...ആയിടക്കാണ് ഹറഫൻ്റെ താത്താൻ്റെ കല്യാണം വെച്ചത്...അന്നാണ് നമ്മള് സമീക്കാനെ ആദ്യായിട്ട് കാണുന്നത് ...

ഹറഫൻ്റെ താത്താൻ്റെ കല്യാണത്തിന് നമ്മളും അച്ചുവും ഹസിയും പിന്നെ ഷഹാനയും കൂടിയാണ് പോയത്...പത്തിൽ പഠിക്കുമ്പോൾ ഞങ്ങളും പിന്നെ ഹറഫയും കട്ട ചങ്ക്സായിരുന്നു...അതോണ്ട് തന്നെ ഓളെ താത്ത ഞങ്ങളെ കൂടി താത്ത ആയിരുന്നു...

നമ്മളാണ് കൂട്ടത്തിൽ ഏറ്റവും വായാടി...ബെല്ലും ബ്രേക്കുമില്ലാതെ വായേൽ തോന്നിയതൊക്കെ വിളിച്ച്

പറയുന്ന ഒരു സ്പെഷ്യൽ ടൈപ്പ്...

അതോണ്ട് തന്നെ നമ്മളെ ടീംസിന് നമ്മള് വാ തുറക്കുന്നത് തന്നെ ഇഷ്ടല്ല...തുറന്നാ പിന്നെ നമ്മള് അടക്കൂല...അതാണ് മെയിൻ പ്രോബ്ലം...

അതുപോലെ നമ്മള് അന്നും നമ്മളെ ടീമിന്റെ ചെവി കടിച്ചോണ്ട് നിൽക്കുമ്പോഴാണ് പെട്ടെന്ന് അച്ചു നമ്മളോട് വൈലൻറായത്...

"ഡീ ഫെബീ..അൻറെ വാ ഒന്ന് അടക്കാൻ ഞങ്ങൾ എന്താടീ വേണ്ടത്?

കുറേ നേരായി ഓള് കലപില കലപില എന്ന് ചെലച്ചോണ്ട് നിക്കുന്നു....

അൻക്ക് ഈ 24 മണിക്കൂറും വായിട്ടലച്ചിട്ട് ക്ഷീണമൊന്നും ഇല്ലേടീ..."

നമ്മള് അപ്പൊ തന്നെ ഇല്ലാന്ന് കണ്ണിറുക്കി കാണിച്ചു.

"എന്നാലേ ഇത് കേട്ടോണ്ട് നിൽക്കുന്ന ഞങ്ങൾക്ക് നല്ലോണം ക്ഷീണണ്ട്...അതോണ്ട് ദയവ് ചെയ്ത് നീ ഒന്ന് വാ അടക്ക്... എന്നിട്ട് നാക്കിന് ഒരല്പം റെസ്റ്റ് കൊടുക്ക് ..." ഹസിയാണ്.

നമ്മള് ഓളെ നോക്കി പുച്ഛിച്ചോണ്ട് ഇല്ലെങ്കിലോന്ന് ചോദിച്ചു...അപ്പൊ തന്നെ ഷഹാനയും ഹസിയും അച്ചുവും കൂടി നമ്മളെ അങ്ങ് വളഞ്ഞു...

ഹറഫ ഭയങ്കര ബിസി ആയോണ്ട് ഓള് ഓഡിറ്റോറിയത്തില് അങ്ങോട്ടും ഇങ്ങോട്ടും ഓടി നടക്കേന്നു. ഭാഗ്യത്തിന് ഓള് ഇല്ലാത്തത് നന്നായി ഇല്ലെങ്കിൽ നാലും കൂടി നമ്മളെ വളഞ്ഞിട്ട് ആക്രമികച്ചേനേ...

"നിനക്ക് ഒരു 5 മിനിറ്റ് മിണ്ടാതിരിക്കാൻ പറ്റില്ലെ ഫെബീ..." ഷഹാനയാണ്.

"നോ.....പറ്റില്ല... മിണ്ടാതെ ഇരുന്നാലെ എനിക്ക് ബോറടിക്കും..."

"നിനക്ക് ഇത്തിരി ബോറടിച്ചാലും കൊഴപ്പല്യാ...നീയൊരു 5 മിനിറ്റ് എങ്കിലും ഒന്ന് വാ അടക്ക്..." ഹസിയാണ്.

"ഓ പിന്നെ... 5 മിനിറ്റ്... നടന്നത് തന്നെ... ഇന്നെ കൊണ്ട് ഒന്നും പറ്റൂല അത്ര നേരം മിണ്ടാതിരിക്കാൻ..."

"ഓഹോ...ഒരു 5 മിനിറ്റ് നിനക്ക് മിണ്ടാതിരിക്കാൻ വയ്യലേ... എന്നാ പിന്നെ 5 മിനിറ്റ് വേണ്ട...ഒരു മണിക്കൂറായിക്കോട്ടെ..." അച്ചുവാണ്.

"ആ..കറക്ട് ഒരു മണിക്കൂർ ആയിക്കോട്ടേ..."

അവര് രണ്ട് പേരും കൂടി ഓളെ സപ്പോർട്ട് ചെയ്തോണ്ട് അങ്ങനെ പറഞ്ഞപ്പൊ നമ്മള് ഓരെ നോക്കി കൊഞ്ഞലം കുത്തി.

"അമ്പടി പുളുസൂ...പൂതിണ്ടായിന്നോ...എന്നാലേ ആ

പൂതി മനസ്സില് വെച്ചാ മതിട്ടോ... എന്നെ കൊണ്ട് ഒന്നും പറ്റില്ല മിണ്ടാതെ ഇരിക്കാൻ...ഞാനൊട്ട് മിണ്ടാതിരിക്കാനും പോണില്ല..."

"നീ മിണ്ടാതിരിക്കും...ഇല്ലെങ്കിൽ മിണ്ടാതെ ഇരിപ്പിക്കും...അതും ഒരു മണിക്കൂർ...

അഥവാ നീ എങ്ങാനും മിണ്ടി പോയാൽ...നീ ഞങ്ങൾക്ക് എല്ലാവർക്കും ഗാലക്സി വാങ്ങി തരണം..." അച്ചുവാണ്.

"ആ....ഇപ്പൊ വാങ്ങി തരാ...ഒന്ന് പോടി കോപ്പാളേ...എന്നെ കൊണ്ട് ഒന്നും പറ്റില്ല... ഞാൻ വാങ്ങി തരൂലാ..."

"നീ വാങ്ങി തരും ഫെബീ...നിൻറെ കയ്യീന്ന് അത് വാങ്ങിക്കാനൊക്കെ ഞങ്ങൾക്ക് നല്ലോണം അറിയാം....

ദേ ഇപ്പൊ മുതൽ നിൻറെ ടൈം സ്റ്റാർട്ട്

ചെയ്തിരിക്കാണ്...ഇനി നീ മിണ്ടിയാൽ ഞങ്ങൾക്ക് ഗാലക്സി വാങ്ങി തരണം...നീ എങ്ങാനും മിണ്ടാതെ ഒരു മണിക്കൂർ പൂർത്തിയാക്കിയാൽ ഞങ്ങൾ നിനക്ക് വാങ്ങി തരും... പ്രോമിസ്...

കളി തുടങ്ങീക്ക്ണ്...അതോണ്ട് മിണ്ടിയാൽ നീ കുടുങ്ങുമെന്ന് മറക്കണ്ട...".

മൂന്ന് പേരും കൂടി നമ്മളെ കുടുക്കാൻ വേണ്ടി തയ്യാറാക്കിയ പദ്ധതിയില് നമ്മള് നല്ലോണം പെട്ടു..

കാരണം നമ്മക്ക് മിണ്ടാതെ ഇരിക്കാൻ ഒരു മിനിറ്റ് പോലും പറ്റൂലാന്ന് ഓർക്ക് നന്നായിട്ട് അറിയാ...അതോണ്ട് നമ്മളെ മനപ്പൂർവ്വം പെടുത്തിയതാണ്.

നമ്മള് അപ്പൊ തന്നെ മിണ്ടാൻ വേണ്ടി മുന്നോട്ട് വന്നപ്പൊ അവറ്റകള് നമ്മളെ തന്നെ ഉറ്റു നോക്കി...

അങ്ങനെ ഇപ്പൊ നമ്മളെ പോക്കറ്റ് നമ്മള് തന്നെ കാലിയാക്കാൻ കൂട്ട് നിൽക്കില്ലാന്ന് ദൃഢ പ്രതിജ്ഞ

എടുത്തോണ്ട് നമ്മള് സീറ്റില് പോയി ഇരുന്നു.

ഒരു മണിക്കൂർ പോയിട്ട് നമ്മക്ക് ഒരു മിനിറ്റ് പോലും മിണ്ടാതെ ഇരിക്കാൻ പറ്റുന്നില്ല...

മിണ്ടാതെ ഇരിക്കുമ്പൊ ശ്വാസം മുട്ടുന്ന പോലെ തോന്നാണ്..

അതോണ്ട് നമ്മള് ഓരോട് വാട്ട്സപ്പിൽ കേറിയിട്ട് അവറ്റകളോട് നമ്മളെ ശിക്ഷയില് ഇത്തിരി ഇളവ് തരാൻ പറഞ്ഞ് കെഞ്ചി നോക്കി...

തെണ്ടികള് ഒരു നടക്കും പോകുന്ന ലക്ഷണം കാണാത്തോണ്ട് അവറ്റകളെ നോക്കി നാല് തെറിയങ്ങ് പറഞ്ഞിട്ട് നെറ്റ് ഓഫാക്കി കാതില് ഹെഡ് ഫോണും തിരുകീ വെച്ച് പാട്ട് കേൾക്കാൻ തുടങ്ങി.

എവിടെ.... അതോണ്ട് ഒന്നും നമ്മക്ക് ഒരു തൃപ്തി പോരാ...വാ തുറന്ന് രണ്ട് വർത്താനം പറയാൻ വേണ്ടി നമ്മളെ നാക്ക് തരിക്കാണ്.

അപ്പോഴാണ് നമ്മളേ ഗിറ്റാർ നമ്മളെ കണ്ണിൽ പെട്ടത്.

നമ്മള് മിണ്ടാൻ പറ്റാത്ത അമർഷമൊക്കെ പുതിയ ട്യൂൺ ആക്കി കൊണ്ട് അതില് വായിച്ചു... അത് കേട്ടോണ്ട് അവര് മൂന്നും തലയാട്ടി എന്നല്ലാതെ നോ രക്ഷ...

അതോണ്ട് ഓരെ ശ്രദ്ധ പിടിച്ച് പറ്റുന്ന ശ്രമം നമ്മള് അങ്ങ് നിർത്തി... എന്നിട്ട് ഗിറ്റാർ വായിക്കുന്നതിൽ തന്നെ നമ്മള് കോൺസൺട്രേഷൻ ചെലുത്തി.

അപ്പൊ കുറച്ച് കഴിഞ്ഞപ്പൊ അവര് മൂന്നും കൂടി നമ്മളെ അടുത്ത് വന്ന് ഇരുന്നു.

"ഫെബീ...ഞങ്ങൾ ബെറ്റ് പിൻ വലിച്ചു...നീ മിണ്ടിക്കോ...നീ മിണ്ടാതെ ഒരു രസവുമില്ലെടീ..."

ഇങ്ങനെ പറഞ്ഞോണ്ട് നാലും നമ്മളെ പിന്നാലെ കൂടിയപ്പൊ നമ്മള് അവറ്റകളോട് പറ്റൂലാന്ന് തലയാട്ടി...കാരണം അബദ്ധവശാൽ നമ്മള് മിണ്ടി പോയിട്ട് അവറ്റകള് നമ്മളോട് ഗാലക്സി എങ്ങാനും ചോദിച്ചാൽ ഇത്രയും നേരം മിണ്ടാതെ ഇരുന്നത് വെറുതേ ആവില്ലേ...

എന്തായാലും നനഞ്ഞു,ഇനി കുളിച്ച് കേറാമെന്ന് തന്നെ നമ്മള് അങ്ങ് തീരുമാനിച്ചു, അതോണ്ട് നമ്മള് ഓരെ ഒക്കെ അവിടന്ന് ആട്ടി പറഞ്ഞയച്ചിട്ട് വീണ്ടും ഗിറ്റാർ വായിച്ചു.

"നൈസ്..."

പെട്ടെന്ന് എവിടെന്നോ ആരോ വിളിച്ച് പറയുന്നത് കേട്ട് നമ്മള് തിരിഞ്ഞ് നോക്കിയപ്പൊ ഒരു മൊഞ്ചൻ നമ്മളേ നോക്കി നിൽക്കാണ്...

വെളുത്ത നിറവും നല്ല കാപ്പി കളറ് കണ്ണുകളും കുറ്റി താടിയുമുള്ള ആ മുഖത്തേക്ക് നമ്മള് എത്ര നേരം നോക്കി നിന്നെന്ന് അറീല...നമ്മളെ തോളില് ഹസിൻറെ കൈ പതിഞ്ഞപ്പോഴാണ് നമ്മളെ നോട്ടം അവനിൽ നിന്നും മാറിയത്...

അവനും വേറെ ഒരു രണ്ട് പേരും കൂടി ഞങ്ങളെ അടുത്തേക്ക് വന്നപ്പൊ നമ്മള് അറിയാതെ സീറ്റീന്ന്

എണീറ്റ് നിന്നു... നമ്മളെ ടീമും നമ്മളെ നോക്കി അന്തം വിട്ടോണ്ട് നമ്മളെ പിന്നാലെ എണീറ്റു...

അവൻമാര് അടുത്ത് എത്തിയതും ആ മൊഞ്ചൻ നമ്മളെ നോക്കി ചിരിച്ചിട്ട് കൈ കൊട്ടി...

"നൈസ് ട്യൂൺ... ഐ റിയലി ലൈക്ക് ഇറ്റ്...

ഹായ്...എൻറെ പേര് സമീർ...ചെക്കൻറെ അടുത്ത സുഹൃത്താണ്.."

എന്ന് പറഞ്ഞ് ഓൻ നമ്മളെ നേരെ കൈ നീട്ടി...നമ്മള് അപ്പൊ തന്നെ നമ്മളെ ടീംസിനെ ഇടങ്കണ്ണിട്ട് നോക്കിയിട്ട് ഒരു പരിഹാസ ചിരിയോടെ അവൻമാരെ നോക്കി.

അപ്പൊ തന്നെ നല്ല കോഴികളാണ് അവരെന്ന് നമ്മക്ക് മനസ്സിലായീ... അതോണ്ട് നമ്മള് ഓരെ ഒന്ന് രൂക്ഷമായി നോക്കുക മാത്രം ചെയ്തിട്ട് മുഖം തിരീച്ചു. അപ്പൊ ഓൻ കൈ പിൻ വലിച്ചിട്ട് നമ്മളെ നോക്കി ചിരിച്ചു.

"എന്താ ഇയാളെ പേര്...?"

'അറിഞ്ഞീട്ട് നിനക്ക് എന്തിനാടാ...?'

"ഹലോ...ഇയാളോടാ ചോദിച്ചത്... എന്താ പേരെന്ന്..."

"ഓൾക്ക് പേരിട്ടിട്ടില്ല..." അച്ചുവാണ്.

"ഓഹോ...എന്നാ പിന്നെ ഞാൻ ഇട്ട് കൊടുത്തോളാം...

നീയേതാ...ഞാൻ നിന്നോട് അല്ലല്ലോ ഈ ആയിഷയോടല്ലെ പേര് ചോദിച്ചത്..."

ഓൻ അങ്ങനെ പറഞ്ഞതും നമ്മളും ടീംസും ഞെട്ടി കൊണ്ട് പരസ്പരം മുഖത്തേക്ക് നോക്കിയിട്ട് ഓനെ ഒരു അത്ഭുതത്തോടെ നോക്കി നിന്നു.

'എൻറെ പേര് എങ്ങനെ ഇവനറിയാം...? ശരിക്ക്

ഇവനേതാ?'

"തനിക്ക് എങ്ങനെ ഇവളെ പേരറിയാം...ഇവളെ നിങ്ങക്ക് അറിയോ?" ഹസിയാണ്.

"ങെ...അപ്പൊ ഇയാളെ പേര് ആയിഷ എന്നാണോ?

ഞാൻ ചുമ്മാ തട്ടത്തിൻ മറയത്തെ ഗിറ്റാറും പിടിച്ച് നിൽക്കുന്ന ആയിഷയെ ഉദ്ദേശിച്ചിട്ട് പേര് പറഞ്ഞതാ...അപ്പൊ അതാണോ തൻ്റെ പേര്..?"

ഓൻ്റെ മറുപടി കേട്ടപ്പൊ നമ്മക്ക് ചിരി വന്നെങ്കിലും നമ്മള് അധികം അത് പുറത്ത് എടുക്കാതെ ഒരു പുഞ്ചിരിയിൽ ഒതുക്കി...

അപ്പൊ ഓൻ വീണ്ടും നമ്മളെ നോക്കി .

"ആയിഷ പഠിക്കാണോ?"

"അല്ല ഓള് ഇപ്പൊ ഗിറ്റാർ പിടിച്ച് നിൽക്കാണ്... ഇയാക്ക് എന്താ കണ്ണ് കണ്ടൂടേ...?"

നമ്മള് പറയാൻ ഉദ്ദേശിച്ച ഡയലോഗ് കറക്ട് സമയത്ത് തന്നെ ഷഹാന പറഞ്ഞു. അവള് പറഞ്ഞത് കേട്ടപ്പൊ അവൻ ഇത്തിരി ചമ്മിയെങ്കിലും നമ്മളെ നോക്കി ചിരിക്കുന്നത് ഓൻ നിർത്തിയിട്ടില്ല...

"ഞാൻ നിങ്ങളോട് അല്ലല്ലോ ആയിഷയോടല്ലെ സംസാരിക്കുന്നത്....അവള് എന്താ മിണ്ടൂലേ...?"

"ഇല്ല... ഓള് മിണ്ടൂല.. " അച്ചുവാണ്.

"അതെന്താ മൗനവ്യതമാണോ?" ഓൻറെ കൂടെയുള്ള ഒരുത്തൻറെ വക.

"മൗനവ്യതമൊന്നുമല്ല...ഇവള് ഊമയാ...ഇവക്ക് സംസാര ശേഷിയില്ല ..."

അച്ചു പറയുന്നത് കേട്ട് നമ്മള് അന്തം വിട്ട് ഓളെ നോക്കിയപ്പൊ ഓള് നമ്മളെ നോക്കി കണ്ണിറുക്കി

കാണിച്ചു... നമ്മള് ഓളെ നോക്കി തലയാട്ടി കൊണ്ട് അവൻമാരെ നോക്കി...

ഇപ്പൊ ഓൻറെ മുഖത്തെ ആ പുഞ്ചിരി എങ്ങോട്ടോ മാഞ്ഞ് പോയിട്ടുണ്ട്...ഓൻ നമ്മളെ ഒരു ദയനീയതയോടെ നോക്കിയിട്ട് അവിടന്ന് കുറച്ച് മാറി നിന്നിട്ട് ആർക്കോ ഫോൺ വിളിച്ചു...

നമ്മള് നമ്മളെ ടീംസിനെ നോക്കി കൊണ്ട് നെറ്റി ചുളിച്ചിട്ട് അത് ഒന്നും കാര്യാക്കാതെ നമ്മളെ സീറ്റില് പോയി ഇരുന്നു.

"എടീ ഫെബീ...നീ ഊമയാണെന്ന് പറഞ്ഞപ്പൊ ആ സമീറിൻറെ മുഖം മാറിയത് ശ്രദ്ധിച്ചോ നീ..??

നിന്നെ പ്രപ്പോസ് ചെയ്യാനുള്ള വരവായിരുന്നു...നീ ഊമയാണെന്ന് പറഞ്ഞപ്പൊ വേഗം സ്ഥലം വിട്ടത് കണ്ടോ?"

നമ്മള് അച്ചൂനെ നോക്കി കൊണ്ട് ഒന്ന് നന്നായി ഒന്ന് ചിരിച്ച് കൊടുത്തിട്ട് വാച്ചിലേക്ക് നോക്കി...ഇനിയും

പത്ത് മിനിറ്റ് നമ്മള് ഈ ഊമ വേഷം തുടരണമെന്ന് വളരെ വിഷമത്തോടെ നമ്മള് ഉൾക്കൊണ്ടു...

നമ്മള് വാച്ചിൽ നിന്നും മുഖം തിരിച്ച് നേരേ നോക്കിയപ്പൊ ആ സമീർ മാത്രം നമ്മളെ അടുത്തേക്ക് നടന്ന് വരുന്നത് കണ്ടു...

ഇനി എന്താണാവോ ഉദ്ദേശം എന്ന് ചിന്തിച്ചോണ്ട് ഞങ്ങൾ ഓനെ നോക്കിയപ്പൊ ഓൻ നമ്മളെ നേരെയാണ് വന്നത്...

"ആയിഷ....തനിക്ക് മിണ്ടാൻ പറ്റാത്ത കേടല്ലെ ഉള്ളൂ...ഞാൻ പറയുന്നത് കേൾക്കില്ലേ..."

"ഏയ്...കേൾവിക്കൊന്നും ഇവൾക്ക് കൊഴപ്പല്യാ...ഒൺലി മൈക്കിന് മാത്രാണ് കമ്പ്ലൈൻറ്..."

ഹസി പറയുന്നത് കേട്ടപ്പൊ നമ്മള് ഓളെ തുറുക്കനെ

നോക്കി കൊണ്ട് പല്ലിറുമ്പി... അതിൽ നിന്ന് തന്നെ എല്ലാം മനസ്സിലായ പോലെ ഓള് നമ്മളെ നോക്കി പല്ലിളിച്ച് കാണിച്ചു.

നമ്മള് നോക്കി പുച്ഛിച്ചോണ്ട് ഓനെ നോക്കിയപ്പൊ ഓൻ നമ്മളെ നോക്കി ഒന്ന് ചിരിച്ച് തന്നു.

"എന്നാലേ ഈ ആയിഷ കേട്ടോ...എനിക്ക് ഇയാളെ ഒരുപാട് ഇഷ്ടായി...

ജീവിതത്തിൽ എൻറെ പാതിയായി നീ പോരുന്നോ ആയിഷ സമീർ ആയിട്ട്..."

ഓൻ പറയുന്നത് കേട്ട് നമ്മള് ഞെട്ടി തരിച്ച് എണീറ്റ് നിന്ന് ഓനെ തന്നെ നോക്കി. നമ്മളെ ടീംസും അതുപോലെ തന്നെ ഷോക്കടിച്ചോണ്ട് നമ്മളെ പിന്നാലെ എണീറ്റ് നിന്നു.

ഇപ്പൊ എങ്ങാനും നമ്മക്ക് മിണ്ടാൻ പറ്റിയിരുന്നെങ്കിൽ ഓൻറെ മുഖത്ത് നോക്കി നാല് പറയായിരുന്നു...

അത്രക്ക് ചൊറിഞ്ഞ് വരുന്നുണ്ട് ഓൻ്റെ വർത്താനം കേട്ടിട്ട്...

"ഒരു വായാടി പെണ്ണിനെ കൂടെ കൂട്ടാനായിരുന്നു മോഹം...പക്ഷേ, എനിക്ക് ഇപ്പൊ ഈ മിണ്ടാ പൂച്ചയെയാ ഇഷ്ടായത്...എന്താ ഇയാളെ അഭിപ്രായം...?"

'ഒരു 5 മിനിറ്റ് കൂടി വെയിറ്റ് ചെയ്യടാ ഇപ്പൊ പറഞ്ഞ് തരാ നമ്മളെ അഭിപ്രായം... '

നമ്മള് ദേഷ്യം കൊണ്ട് നെരി പിരി കൊണ്ടിട്ട് നമ്മളെ ടീംസിനെ ഒന്ന് നോക്കി... അവറ്റകള് മൂന്നും നമ്മളെ നോക്കി തലയാട്ടാണ്.

"താൻ ആള് കൊള്ളാലോ...കണ്ടിട്ട് ഒരു മണിക്കൂർ പോലും ആയിട്ടില്ല...അപ്പോഴേക്കും ഓളെ പ്രപ്പോസ് ചെയ്തല്ലോ...

ഇവളെ കുറിച്ച് എന്ത് അറിഞ്ഞിട്ടാ താൻ ഇഷ്ടാണെന്ന് പറഞ്ഞത്..?"

"ഇവളെ കുറിച്ച് എനിക്ക് കൂടുതൽ ഒന്നും അറിയണമെന്നില്ല...പക്ഷേ വൈകാതെ നിങ്ങൾ ഒക്കെ ഇവളെ കുറിച്ച് അറിയും ആയിഷ സമീറെന്ന്..."

"അത് താൻ അങ്ങ് തീരുമാനിച്ചാ മതിയോ?"

പെട്ടെന്ന് നമ്മളെ നാവിൽ നിന്നും അത് കേട്ടതോണ്ടാകും ഓൻ നമ്മളെ അന്തം വിട്ട് നോക്കി നിന്നത്...

"ഒരു മണിക്കൂർ തികക്കാൻ കാത്തിരിക്കേണ്ടു തന്നോട് രണ്ട് വർത്താനം പറയാൻ...കുറച്ച് നേരം നമ്മളൊന്ന് സൈലൻറായെന്ന് കരുതി എന്തും വിളിച്ച് പറയാമെന്ന് താൻ കരുതിയോ?

എന്തൊക്കെയാ താൻ പറഞ്ഞേ...ആയിഷ സമീർ ആകാൻ കൂടെ പോരണോന്നോ...

ഞാൻ ചത്താലും എൻറെ പേര് ആയിഷ ഫെബി

എന്നായിരിക്കും..

എൻ്റെ പേരിലൊന്നും ഒരു മാറ്റവും വരില്ല...

എന്തായാലും ഇയാള് ഒരു വായാടിയെ തിരഞ്ഞ് നടന്നിട്ട് ഒരു മിണ്ടാ പെണ്ണിനെയല്ലെ കൊതിച്ചത്...അതോണ്ട് ഒരു പാവം പിടിച്ച ഒരു ഊമയെ കെട്ടി സന്തോഷായിട്ട് ജീവിക്കാൻ നോക്ക്ട്ടോ...ഇയാളെ കളിയൊന്നും ഈ ഫെബിൻ്റെ അടുത്ത് വില പോകില്ല...മൈൻഡ് ഇറ്റ്..."

എന്ന് പറഞ്ഞ് നമ്മള് സ്ലോ മോഷനിൽ നമ്മളെ ടീമിനെയും കൂട്ടി നടന്നകന്നു...അപ്പോഴും ഓന് നമ്മള് മിണ്ടിയ ഷോക്ക് ഇതുവരെ ഓനിൽ നിന്നും വിട്ട് മാറിയിട്ടില്ലേന്നു...അത് കണ്ടപ്പോൾ നമ്മക്ക് ചിരിയാണ് വന്നത്...

അങ്ങനെ നമ്മളും നമ്മളെ ടീംസും കൂടി ഹറഫയോടും ഓളെ താത്താനോടും ചെക്കനോടും യാത്ര പറഞ്ഞ് ഓഡിറ്റോറിയത്തിൽ നിന്നും ഇറങ്ങിയിട്ട് ബസ് കാത്ത് നിന്നു.

"എടി ഫെബീ...ആ സമീറിനെ കാണാൻ നല്ല മൊഞ്ചുണ്ടല്ലേ...നിനക്ക് നല്ല മേച്ചുണ്ട്..." ഷഹാനയാണ്.

"ആണോ...നിനക്ക് ഇഷ്ടായെങ്കിൽ നീ കെട്ടിക്കോടീ...ഈ ഫെബിയെ അതിന് കിട്ടുമെന്ന് കരുതണ്ട...

നമ്മളെ ചെക്കനെ കുറിച്ച് നമ്മക്ക് ഒരുപാട് സങ്കൽപങ്ങളൊക്കെയുണ്ട്....അതിനോട് ഒക്കെ ഒത്ത് പോകുന്നവനേ മാത്രേ ഈ ഫെബീ നോക്കൂ..."

"ഉം.. ഉവ്വ് ഉവ്വേ...എന്നിട്ട് നീയാ സമീറിനെ കണ്ടപ്പൊ വായി നോക്കി നിന്നതോ... ഞാൻ ഒന്നും കണ്ടില്ലെന്ന് നീ കരുതിയോ?" ഹസിയാണ്.

"അ...അത്...ഒരു മൊഞ്ചനെ കണ്ടാൽ സ്വാഭാവികമായും ആരും ഒന്ന് നോക്കി പോകും...അത്ര ഉണ്ടായിട്ടുള്ളൂ...

പിന്നെ എൻറെ സങ്കൽപ്പത്തിലെ ചെക്കന് ഓൻറെ അത്ര മൊഞ്ച് ഇല്ലേലും കട്ടത്താടി വേണമെന്ന് നിർബന്ധാ....പിന്നെ നമ്മളെ എല്ലാമെല്ലാമായ ബുള്ളറ്റും...അതും ഹാഷ് കളറിലുള്ളത്..."

"ഉം... ഇപ്പൊ കിട്ടും അൻറെ സങ്കൽപ്പത്തിലെ ചെക്കൻ... നോക്കി നിന്നോ.. " അച്ചുവാണ്.

"കിട്ടുമെടീ കിട്ടും...നീ നോക്കിക്കോ വൈകാതെ തന്നെ ഓൻ നമ്മളെ മുന്നിൽ വന്ന് ചാടും..."

"ഹലോ വായാടി ..."

നമ്മളെ ഉദ്ദേവിച്ചിട്ടുള്ള വിളിയാണല്ലോന്ന് തോന്നിയതോണ്ടാ നമ്മള് തിരിഞ്ഞ് നോക്കിയത്...ഊഹം തെറ്റിയിട്ടില്ല നമ്മളെ തന്നെയാ ഉദ്ദേശിച്ചത്...ആ സമീറായിരുന്നു അത്...

നമ്മള് ഓനെ രൂക്ഷമായി നോക്കി കൊണ്ട് കയ്യും കെട്ടി

നിന്നു...ഓൻ ഞങ്ങളെ അടുത്തേക്ക് വന്നതും അച്ചു നമ്മളെ കാതില് മൊഴിഞ്ഞു.

"വൈകാതെ മുന്നില് വന്ന് ചാടുമെന്ന് നീ പറഞ്ഞപ്പൊ ഇത്ര പെട്ടെന്ന് വന്ന് ചാടുമെന്ന് നമ്മള് കരുതീല..."

നമ്മള് അപ്പൊ തന്നെ ഓളെ കാലിനൊരു ചവിട്ട് കൊടുത്തു.അപ്പൊ ഹസി ഓളോട് വല്ല ആവശ്യവും ഉണ്ടായിരുന്നോന്ന് ചോദിച്ച് ഓളെ കളിയാക്കി.

അപ്പോഴേക്കും ഓൻ നമ്മളെ അടുത്ത് എത്തിയിരുന്നു.ഓൻ നമ്മളെ മുന്നില് വന്ന് നിന്നിട്ട് ഓനും കയ്യും കെട്ടി നമ്മളെ നോക്കി നിന്നു.അപ്പൊ നമ്മള് കൈ താഴ്ത്തിയിട്ടപ്പൊ ഓനും കൈ താഴ്ത്തി.

"എന്താടോ തനിക്ക് വേണ്ടേ...?

കുറെ നേരായല്ലൊ താൻ പിന്നാലെ കൂടിയിട്ട്..."

"ഞാൻ അതിന് പിന്നാലെ കൂടിയില്ലല്ലോ...കൂടാൻ

പോകുന്നല്ലെയുള്ളൂ...

മനസ്സിലായില്ലേ..?

നിന്നെ ഒരിക്കൽ കൂടി പടച്ചോൻ എൻറെ കൺമുന്നിൽ കൊണ്ട് എത്തിച്ചാൽ പിന്നെ നിൻറെ പുറകീന്ന് ഈ സമീർ മാറില്ല..എന്നും നിൻറെ കൂടെ തന്നെ കാണും..."

"അതിന് നിങ്ങള് തമ്മിൽ ഇനി കണ്ടിട്ട് വേണ്ടേ...ഇനി അഥവാ കാണുകയാണെങ്കിൽ തന്നെ ചിലപ്പൊ ഇവളെ കല്യാണമൊക്കെ കഴിഞ്ഞിട്ടുണ്ടാകും...അപ്പോഴും കൂടെ തന്നെ കാണോ താൻ...?" അച്ചുവാണ്.

"അത് കൊണ്ട് അധികം വാചകമടിക്കാൻ നിക്കാതെ ഇയാള് പോകാൻ നോക്ക്.."

എന്ന് പറഞ്ഞ് നമ്മള് ഓനെ നോക്കി പുച്ഛിച്ചു.

അപ്പോ ഓൻ നമ്മളെ നോക്കി ചിരിച്ചിട്ട് പറഞ്ഞു.

"ശരി...എന്നാ പിന്നെ കേട്ടോ...ഒരു മാസം...ഒരു

മാസത്തിനുള്ളിൽ നിന്നെ ഞാൻ വീണ്ടും കണ്ട് മുട്ടാണെങ്കിൽ പിന്നെ നിന്നെ ആർക്കും ഞാൻ വിട്ട് കൊടുക്കില്ല..."

ഓൻ അങ്ങനെ പറഞ്ഞപ്പൊ നമ്മക്ക് നല്ലോണം ദേഷ്യം വന്നു...നമ്മള് ഓൻറെ നേരെ കുരച്ച് ചാടി...

"നമുക്ക് കാണാം....തന്നെ ഇനി ഞാൻ കാണോ ഇല്ലയോന്ന്...."

"കാണണം....കാണും..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ നോക്കി സൈറ്റടിച്ചോണ്ട് അവിടന്ന് നടന്ന് നീങ്ങി...

നമ്മള് ഓനെ ഇനിയെങ്ങാനും കാണോ എന്ന് ചിന്തിച്ച് തല പുണ്ണാക്കി കൊണ്ട് ബസിൽ കേറി പോയി.

(തുടരും)

ഭാഗം. 68

"കാണണം.... കാണും...."

എന്ന് പറഞ്ഞ് ഓൻ നമ്മളെ നോക്കി സൈറ്റടിച്ചോണ്ട് അവിടന്ന് നടന്ന് നീങ്ങി...

നമ്മള് ഓനെ ഇനിയെങ്ങാനും കാണോ എന്ന് ചിന്തിച്ച് തല പുണ്ണാക്കി കൊണ്ട് ബസിൽ കേറി പോയീ....

ദിവസങ്ങൾ ശര വേഗത്തിൽ കടന്ന് പോയി...ആദ്യമൊക്കെ ആ സമീറിൻറെ ചിന്ത കൾ മനസ്സിനെ വേട്ടയാടിയെങ്കിലും പതിയെ നമ്മള് ഓനെ അങ്ങ് മറന്നു...

അങ്ങനെയിരിക്കെ ഞങ്ങളുടെ ഹയർ സെക്കണ്ടറി ക്ലാസ് തുടങ്ങി ഒരാഴ്ച്ചക്ക് ശേഷം സ്കൂളിൽ വെച്ച് ഒരു സംഭവമുണ്ടായി...

പ്ലസ് ടുവിലെ ഒരുത്തൻ നമ്മളേയും അച്ചൂനേയും റാഗ് ചെയ്തത്... ആദ്യം തന്നെ അവരെ ടാർഗറ്റ് അച്ചുവാണെന്ന് അവരെ നോട്ടം കണ്ടപ്പൊ തന്നെ നമ്മക്ക് ഓടിയതാണ്...

നമ്മള് വിചാരിച്ച പോലെ തന്നെ അവൻമാരിലെ ഒരുത്തൻ നമ്മളെ അച്ചൂനോട് മോശമായി പെരുമാറി...അത് നമ്മക്ക് സഹിക്കാവുന്നതിലും അപ്പുറായോണ്ട് നമ്മള് നന്നായിട്ട് അതിന് പ്രതികരിച്ചു...

ഓൻ അച്ചൂൻ്റെ കയ്യിൽ കേറി പിടിച്ചപ്പൊ നമ്മള് ഓൻ്റെ കയ്യ് തട്ടി മാറ്റിയിട്ട് ഓൻ്റെ അടി നാവി നോക്കി ഒരെണ്ണം കൊടുത്തു... അതോടു കൂടി ഓൻ ഫ്ലാറ്റായി....

ബോധം പോയ ഓനെ ഹോസ്പിറ്റലിൽ കൊണ്ട് പോയി ട്രിപ്പൊക്കെ കേറ്റി അന്ന് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു...

അത് ഹോസ്പിറ്റൽ കേസ് ആയതോണ്ടും ഓൻ്റെ പാരൻ്സ് അത് സ്കൂളിൽ കമ്പ്ലൈൻ്റ്

ചെയ്തതോണ്ടും സ്കൂളീന്ന് നമ്മളെ രണ്ടാഴ്ച്ചക്ക് സസ്പെൻറ്റ് ചെയ്തു...

നമ്മളെ ഉപ്പച്ചിയും അച്ചൂൻറെ അച്ഛനും കൂടിയാണ് സ്കൂളിൽ വന്നത്...

ക്ലാസ് തുടങ്ങി ഒരാഴ്ച പോലും ആകാത്തോണ്ടും ഓൻറെ ഭാഗത്തും തെറ്റ് ഉള്ളതോണ്ടുമാണ് നമ്മളെ സസ്പെൻഷനിൽ ഒതുക്കിയതെന്ന് പ്രിൻസിപ്പൽ പറഞ്ഞപ്പൊ നമ്മക്ക് പുച്ഛായിരുന്നു...

അങ്ങനെ സ്കൂളിൽ നിന്ന് നല്ല അന്തസോടെ തന്നെ സസ്പെൻഷൻ ലെറ്റർ കയ്യോടെ വാങ്ങി കൊണ്ട് ഉപ്പച്ചിൻറെ കൂടെ ഓഫീസ് റൂം വിട്ട് ഇറങ്ങിയപ്പൊ പുറത്ത് കുട്ടികളൊക്കെ നമ്മളെ ഏതോ അണ്ടർ വേൾഡ് ഡോണിനെ നോക്കുന്ന പോലെ ആയിരുന്നു നോക്കിയത്...

നമ്മള് അവരെയൊക്കെ നോക്കി ഒന്ന് കണ്ണുരുട്ടിയപ്പൊ അവർക്ക് നമ്മളെ കണ്ടിട്ട് ഭയങ്കര പേടി...നമ്മക്ക് ആണെങ്കിലോ ഭയങ്കര സന്തോഷവും...

അവൻമാരെ കൊണ്ട് നമ്മള് ഒരൊറ്റ ദിവസം കൊണ്ട് ഫേമസായില്ലേ...

വീട്ടിൽ എത്തിയപ്പൊ മുതൽ ഉമ്മച്ചി സ്ഥിരം പല്ലവി പാടി തുടങ്ങി...

പെണ്ണാണ് അടങ്ങി ഒതുങ്ങി നിക്കണമെന്ന്...നമ്മക്ക് പിന്നെ അത് പണ്ടെ വശമില്ലാത്തോണ്ട് ഒരു ചെവിയിൽ കൂടി കേട്ടിട്ട് മറുചെവിയിൽ കൂടി വിട്ടു...

പക്ഷേ, നമ്മളെ സ്കൂളീന്ന് സസ്പെൻഡ് ചെയ്തത് അതിനോടകം നാട്ടില് പാട്ടായിരുന്നു...അതോണ്ട് അയൽവാസികളൊക്കെ കാര്യം അറിയാൻ വേണ്ടി വീട്ടില് കേറി ഇറങ്ങാൻ തുടങ്ങിയപ്പൊ നമ്മളെ ഫൗസിയാത്ത ഒരു കടുത്ത തീരുമാനം എടുത്തു.

നമ്മളെ രണ്ടാമത്തെ അമ്മായിൻറെ വീട്ടിലേക്ക് നമ്മളെ നാട് കടത്തി...

ഇങ്ങോട്ടേക്ക് നാട് കടത്താനും ഒരു കാരണമുണ്ട്...

എൻറെ കസിൻറെ കല്യാണമാണ്...അപ്പൊ നമ്മക്ക് കല്യാണമൊക്കെ നല്ല ഗംഭീരായിട്ട് ആഘോഷിക്കേം ചെയ്യാം...

എനിക്ക് ആകെ രണ്ട് അമ്മായികളാണ്...ഒരാള് താഹിൻറെ ഉമ്മയും ഒരാള് ദിയൻറെ ഉമ്മയും...

നമ്മളെ ദിയൻറെ വീട്ടിലേക്കാണ് ഷിഫ്റ്റ് ചെയ്തിട്ടുള്ളത്...

ഓളെ താത്ത ദിലുവിൻറെ കല്യാണാണുള്ളത്...

അങ്ങനെ നമ്മള് കല്യാണത്തിന് ഒരാഴ്ച മുൻപ് തന്നെ അവിടെ ഹാജരായി... നമ്മളെ കണ്ടതും ദിയ പിന്നെ നിലത്തൊന്നും അല്ലേന്നു...നമ്മളെ എങ്ങോട്ടും അനങ്ങാൻ പോലും സമ്മതിക്കാതെ കൂടെ തന്നെ കാണുമായിരുന്നു.ഓളും നമ്മളും സേം ഏജാണ്..അതോണ്ട് തന്നെ ഞങ്ങൾ കട്ട കമ്പനിയും...

നമ്മളെ ഒരാഴ്ച മുൻപ് തന്നെ കണ്ടതിൽ അത്ഭുതപ്പെട്ട് എല്ലാവരും കൂടി എന്താ കാര്യമെന്ന് അന്വേഷിച്ചപ്പൊ നമ്മള് പറഞ്ഞു കല്യാണത്തിന് വേണ്ടി ഒരാഴ്ച സ്കൂളീന്ന് ലീവെടുത്തതാണെന്ന്...അല്ലാതെ നമ്മള് ഓരോരോടൊക്കെ എന്ത് പറയാനാ...?

പക്ഷേ നമ്മള് നടന്നതൊക്കെ ദിയയോട് തുറന്ന് പറഞ്ഞിരുന്നുട്ടോ...

ഓള് അത് കേട്ടപ്പൊ നമ്മക്ക് ഷൈക്ക് ഹാൻറൊക്കെ തന്ന് നമ്മളെ എന്തോ വല്യ സംഭവാണെന്ന് തോന്നിപ്പിച്ചു ...

അങ്ങനെ നമ്മള് നമ്മക്ക് കിട്ടിയ സസ്പെൻഷൻ നല്ല അടിപൊളിയായിട്ട് തന്നെ ആഘോഷിച്ചു...നമ്മള് വന്നപ്പോഴാണ് വീട് ശരിക്കും ഒരു കല്യാണ വീട് ആയതെന്ന് അമ്മായി പറഞ്ഞപ്പൊ നമ്മക്ക് പിന്നെ ഒന്നിനും ഒരു ലൈസൻസില്ലേന്നു...

ഞാനും ദിയയും കൂടി മനപൂർവ്വം ദിലൂനോട് തല്ല കൂടാൻ പോകും...

ദിലു ഉറങ്ങി കിടക്കുമ്പൊ ഓളെ മുഖത്ത് വെള്ളം ഒഴിച്ച് എണീപ്പിച്ചിട്ട് വീടിന് ചുറ്റും നമ്മളെ പിന്നാലെ ഓടിക്കും...

വൈകാതെ തന്നെ നമ്മളെ കൂടെ കല്യാണവീട് വീണ്ടും പൊളിച്ച് തരിപ്പണാക്കാൻ ഹസിയും താഹിയും ലാൻഡായി...

പിന്നെ പറയണ്ടല്ലോ, നല്ല കളിയും ചിരിയും ആട്ടവും പാട്ടും തിരക്കും തല്ലുമൊക്കെയായി ഞങ്ങൾ അടിച്ച് പൊളിച്ചു...

ദിവസങ്ങൾ ഒക്കെ പെട്ടെന്ന് തന്നെ കടന്ന് പോയി.

ഇന്നാണ് ദിലൂൻ്റെ കല്യാണം... ഞങ്ങൾ കസിൻസ് എല്ലാവരും ഒരേ ഡ്രസാണ്...

ഒരാഴ്ചയോളം കല്യാണ വീട്ടിൽ ആയിരുന്നതോണ്ട് നമ്മക്കും നിന്ന് തിരിയാൻ പോലും നേരമില്ലേന്നു...എല്ലായിടത്തും നമ്മളെ വേണം.

നമ്മള് ദിലൂനെ ഒരുക്കി ഫോട്ടോ ഒക്കെ എടുത്ത് ഹാളിലേക്ക് കൊണ്ട് വന്നപ്പോഴാണ് ദിയ നമ്മളേയും വലിച്ചോണ്ട് മോളിലേക്ക് കൊണ്ട് പോയത്...

ഓളെ റൂമിലെത്തിയതും ഓള് നമ്മളെ കയ്യിലെ പിടി വിട്ടിട്ട് വാതിലടച്ചു.

"എന്താടീ പെണ്ണേ അൻക്ക്...?

നീയിപ്പൊ എന്തിനാ എന്നെ ഇങ്ങോട്ട് കൊണ്ട് വന്നത്?

നമ്മക്ക് താഴേക്ക് പോകാ അവിടെ എല്ലാരും നമ്മളെ തെരക്കുന്നുണ്ടാകും...."

"അതൊക്കെ പോകാം ഫെബീ...ഞാൻ എന്തിനാ ഇപ്പൊ നിന്നെ ഇങ്ങോട്ട് കൊണ്ട് വന്നതെന്ന് അറിയോ..?"

"പറഞ്ഞാലല്ലേടി പോത്തേ അറിയൂ...നീ കാര്യം പറ..."

"ഞാൻ നിന്നോട് പറഞ്ഞില്ലേന്നോ ദിലൂൻറെ ഫ്രണ്ട്സിനെ കുറിച്ച് ...

അവരിൽ എനിക്ക് ഒരാളെ ഇഷ്ടാണെന്നൊക്കെ...?"

"ആ പറഞ്ഞു... അതിനിപ്പൊ എന്താ..?"

"ഫെബീ...അവരൊക്കെ താഴെ വന്നിട്ടുണ്ട്... കൂടെ നമ്മളെ ആളുമുണ്ട്..."

"നല്ല കാര്യം...നീ ഇത് പറയാനാണോ എന്നെ ഇങ്ങോട്ട് വിളിച്ചോണ്ട് വന്നത്...?"

"അല്ല ഫെബീ...ഞാൻ ഇതുവരെ അതിനോട് എൻറെ ഇഷ്ടം തുറന്ന് പറഞ്ഞിട്ടില്ല...ഇന്ന് തുറന്ന് പറഞ്ഞാലോന്ന് കരുതാ...

അതിനു നീ എന്നെ ഹെൽപ് ചെയ്യില്ലേടീ..."

"ഞാൻ എന്ത് ഹെൽപ് ചെയ്യണെന്നാ നീ പറയുന്നത്..?"

"നീ ഞങ്ങളെ കാര്യം സെറ്റാക്കി തരണം... എനിക്ക് മൂപ്പരെ ഇഷ്ടാണെന്ന് നീ പോയി ഒന്ന് പറയണം..."

"അത്രേയുള്ളൂ... എപ്പൊ പറഞ്ഞെന്ന് ചോദിച്ചാൽ മതി...

ഒരൊറ്റ വീക്ക് വെച്ച് തന്നാലുണ്ടല്ലൊ...പിന്നേ ഞാൻ എന്താ അൻറേ ബ്രോക്കറല്ലേ...ഒന്ന് പോടി പുല്ലേ..."

എന്ന് പറഞ്ഞ് നമ്മള് തടി തപ്പാൻ നോക്കിയെങ്കിലും പെണ്ണ് നമ്മളെ ഒരു നടക്കും വിടുന്ന ലക്ഷണം നമ്മള് കണ്ടീല...

അവസാനം ഓള് കരയാനായപ്പൊ നമ്മള് വേറെ വഴിയില്ലാതെ സമ്മതിച്ച് കൊടുത്തു...

ഓള് അപ്പൊ തന്നെ നമ്മളെ കെട്ടി പിടിച്ച് കവിളില് ഉമ്മ തന്നിട്ട് നമ്മളേയും കൊണ്ട് താഴേക്ക് ഇറങ്ങി...

അവിടെ എത്തിയപ്പൊ ഹാൾ മൊത്തം ദിലൂൻറെ ഫ്രണ്ട്സിനെ കൊണ്ട് നിറഞ്ഞിരുന്നു...നമ്മളെ കണ്ട് അപ്പൊ തന്നെ ആൺപിള്ളേരെ ഭാഗത്തേക്ക് നീങ്ങി അവിടെയൊക്കെ ഒന്ന് ചുമ്മാ കണ്ണോടിച്ചു...

അക്കൂട്ടത്തിൽ രണ്ട് കണ്ണുകൾ നമ്മളെ തന്നെ നോക്കുന്നത് നമ്മള് കണ്ടു.അയാളെ കണ്ടപ്പൊ നമ്മക്ക് ഓനെ എവിടെയോ വെച്ച് കണ്ട പോലെ തോന്നിയെങ്കിലും എവിടെയാണെന്ന് നമ്മക്ക് പിടുത്തം കിട്ടിയില്ല...

പക്ഷേ, അയാളെ ആ കാപ്പി കണ്ണും കട്ടത്താടിയും ആ വട്ടമുഖവും എന്തോ നമ്മളെ മനസ്സീന്ന് പോകുന്നില്ല...അതോണ്ട് നമ്മള് അയാളെ വീണ്ടും ഇടക്കിടക്ക് നോക്കി കൊണ്ടിരുന്നു...

അയാളാണെങ്കിലോ നമ്മളെ തന്നെ നോക്കി നിൽക്കാണ്...അയാളെ നോട്ടം കണ്ടിട്ട് നമ്മക്ക് എന്തോ ഒരു സ്പെല്ലിങ് മിസ്റ്റേക്ക് തോന്നിയതോണ്ട് നമ്മള് പിന്നെ അങ്ങനെ ആ ഭാഗത്തേക്ക് നോക്കാൻ നിന്നില്ല...

അപ്പൊ ദിയ നമ്മളെ കൈ പിടിച്ച് വലിച്ചോണ്ട് ആ ആൾക്കൂട്ടത്തിന് ഇടയിലേക്ക് കൊണ്ട് പോയി...

അപ്പൊ ആരോ അവളെ വിളിച്ചു.

"ദിയാ...."

ശബ്ദം കേട്ട ഭാഗത്തേക്ക് ഞങ്ങൾ രണ്ട് പേരും ഒരുമിച്ച് തിരിഞ്ഞു നോക്കിയപ്പൊ നേരത്തെ നമ്മളെ നോക്കിയ ആളാണ് വിളിക്കുന്നത്...

അയാളെ കണ്ടതും ദിയൻറെ മുഖത്ത് എന്തെന്നില്ലാത്ത ഒരു സന്തോഷം നമ്മള് കണ്ടു. നമ്മക്ക് അപ്പൊ തന്നെ മനസ്സിലായി അതാണ് ദിയൻറെ ചെക്കനെന്ന്...

ഓള് നമ്മളെ കൈ പിടിച്ചിട്ട് അവരുടെ അടുത്തേക്ക് കൊണ്ട് പോയി... അവര് ആറ് ബോയ്സും ഒൻപത് ഗേൾസുമായിരുന്നു...ദിയ നമ്മളേയും കൊണ്ട് അവൻമാരെ മുൻപിലേക്കാണ് കൊണ്ട് പോയത്.

"അല്ലാ ഇതാരൊക്കെയാ വന്നിരിക്കുന്നേ...എല്ലാവരും ഉണ്ടല്ലോ...?

നിങ്ങൾ ഒക്കെ ചോറ് കഴിച്ചോ...?"

"അതൊക്കെ ഞങ്ങൾ കഴിച്ചു... നീയിത് എവിടെ ആയിരുന്നു.. വന്നപ്പോ തൊട്ട് ഞങ്ങള് നിന്നെ അന്വേഷിക്കായിരുന്നു..."

"ഞാൻ ഇവിടെ ഒക്കെ തന്നെ ഉണ്ടായിരുന്നു സഫൂക്കാ...

പിന്നെ ഇത് എൻറെ അമ്മോൻറെ മോളാണ് ഫെബി... എൻറെ കട്ട ചങ്കാണ്..."

അവൻമാരൊക്കെ കൂടി നമ്മളെ നോക്കി ചിരിച്ചോണ്ട് ഹായ് പറഞ്ഞു... അപ്പൊ നമ്മളും അവൻമാരെ നോക്കി ഒന്ന് ചിരിച്ച് കൊടുത്തു...

അവൻമാരില് ചിലരെ നമ്മള് എവിടെയോ വെച്ച് കണ്ടിട്ടുള്ള പോലെ നമ്മക്ക് തോന്നി... പക്ഷേ നമ്മള് അത് കാര്യാക്കാതെ ദിയയെ നോക്കി നിന്നു.

"ഫെബി...ഇത് സഫുവാൻ..ഞാൻ സഫൂക്കാന്ന് വിളിക്കും... ഇത് വിഷ്ണുവേട്ടൻ...അത് അജ്മൽക്ക...

അത് ഉമ്മർക്ക, വിനീതേട്ടൻ...

പിന്നെ ഇത്....

ഇതാണ് ഞാൻ നിന്നോട് പറയാറുള്ള സമീർക്ക..."

എന്ന് ഓള് പറഞ്ഞപ്പൊ നമ്മള് ഓളെ നോക്കി തലയാട്ടി ചിരിച്ചു.

അപ്പോഴാണ് നമ്മക്ക് വേറെ ഒരു കാര്യം ഓർമ്മ വന്നത്... ഈ പേര് നമ്മള് വേറെ എവിടെയോ കേട്ടിട്ടുണ്ടല്ലോന്ന്...

ആ സംശയം വന്നതോണ്ട് തന്നെ നമ്മള് നെറ്റി ചുളിച്ചിട്ട് നഖം കടിച്ചോണ്ട് അയാളെ ഒന്ന് സൂക്ഷിച്ച് നോക്കി...

അപ്പൊ തന്നെ ഓൻ നമ്മളെ നോക്കി സൈറ്റടിച്ചു...

നമ്മള് അന്തം വിട്ട് തൊള്ളേം തുറന്ന് ഓനെ അടിമുടി ഒന്ന് നോക്കിയപ്പൊ നമ്മക്ക് ആളെ പിടി കിട്ടി...പക്ഷേ നല്ല താടി വെച്ചപ്പൊ ചെക്കനെ കണ്ടിട്ട് മനസ്സിലാകുന്നില്ല...ഓനെ ഇപ്പൊ കാണാൻ നല്ല അഡാറ് ലുക്ക് ആയിട്ടുണ്ട്...

നമ്മള് ഓനെ നോക്കുന്നത് കണ്ടിട്ട് ദിയ നമ്മളെ കയ്യിൽ നല്ലോണം ഒന്ന് പിച്ചി തന്നു...നമ്മള് എരിവ് വലിച്ചോണ്ട് ഓളെ നോക്കിയപ്പോഴാ നമ്മക്ക് കാര്യം പിടി കിട്ടിയത്...

ഓളെ ചെക്കനാണ് ഈ സമീറെന്ന്...അത്

അറിഞ്ഞപ്പൊ നമ്മക്ക് അത് എന്തോ ഒരു വിഷമം ഉണ്ടാക്കിയ പോലെ നമ്മക്ക് തോന്നി...

പക്ഷേ, നമ്മള് അത് പുറത്ത് കാണിക്കാതെ വേഗം അവിടന്ന് തടി തപ്പി മോളിലേക്ക് പോയി ദിയൻറെ റൂമില് കേറി വാതിലടച്ചു...

എന്നിട്ട് നമ്മള് കണ്ണാടിൻറെ മുന്നിൽ ചെന്ന് നിന്നിട്ട് നഖം കടിച്ച് നിന്നു...

"ആ സമീർ...ഓനല്ലെ അന്ന് നമ്മളോട് ഇഷ്ടാണെന്ന് പറഞ്ഞത്... അപ്പൊ ദിയ ഇഷ്ടപ്പെടുന്ന സമീറും ഇവനാണ്... പക്ഷേ, ഓന് നമ്മളെ അല്ലെ ഇഷ്ടം...അപ്പൊ നമ്മള് ദിയൻറെ ഇഷ്ടം ഓനെ അറിയിച്ചാൽ ഓന് അതിന് ഓക്കേ പറയോ...?

ഏയ്...ഓൻ ഓക്കേ ഒന്നും പറയില്ല...

അല്ലാ... ഓൻ ഇപ്പൊ ഓക്കേ പറഞ്ഞൂന്ന് കരുതി നമ്മക്ക് എന്താ?

ഓൻ ഓക്കേ പറഞ്ഞാലും ഇല്ലെങ്കിലും അത് നമ്മളെ ബാധിക്കുന്ന പ്രശ്നല്ലല്ലോ...

പക്ഷേ.......

ഞാൻ എങ്ങനെ ഓനോട് പോയി പറയും ദിയക്ക് ഓനെ ഇഷ്ടാണെന്ന്..?

ഇത് വല്ലാത്തൊരു കുടുക്കായല്ലോ..."

"ഡീ ഫെബീ...വാതില് തുറക്ക്...നീയെന്തിനാ വാതില് അടച്ചിട്ടിരിക്കുന്നേ..."

ദിയ വന്ന് വാതിലിൽ മുട്ടിയപ്പൊ നമ്മള് പോയി തുറന്ന് കൊടുത്തു... ഓള് നമ്മളെ നോക്കി നെറ്റി ചുളിച്ചു...

"എന്താടീ വാതിലടച്ചിട്ട് അൻക്ക് പണി..?"

"ഒന്നുല്യടി...ഞാ...ഞാൻ കിടക്കേന്നു... ഒരു ചെറിയ തലവേദന പോലെ..."

"അതൊക്കെ നമുക്ക് പിന്നെ കിടക്കാം...നീ വാ വന്നിട്ട്

സമീർക്കാനോട് ഒക്കെ ഒന്ന് കമ്പനിയാക്...എന്നിട്ട് നമ്മളെ ഉള്ളിലെ ഇഷ്ടം മൂപ്പരെ ഒന്ന് അറിയിക്ക് നീ..."

"അത്...അത് നിനക്ക് പറഞ്ഞാൽ പോരേ ദിയേ...ഞാൻ എന്തിനാ പറയുന്നത്..?"

"എടീ ഫെബീ ഞാൻ പോയി പറഞ്ഞിട്ട് സമീർക്കാക്ക് എന്നെ ഇഷ്ടല്ലാന്ന് എങ്ങാനും പറഞ്ഞാൽ എനിക്ക് അത് താങ്ങാൻ പറ്റില്ലെടീ...

നീ പറയാണെങ്കിൽ സമീക്ക ഇഷ്ടല്ലാന്ന് പറയാണെങ്കിലും നമ്മക്ക് അത് കുഴപ്പല്യടീ...പക്ഷേ എന്നോട് അങ്ങനെ പറഞ്ഞാൽ പിന്നെ എനിക്ക് സമീക്കാൻറെ മുഖത്ത് പോലും നോക്കാൻ പറ്റില്ല... പ്ലീസ്ഡീ....നീയൊന്ന് പറയ്...പ്ലീസ്...."

എന്ന് പറഞ്ഞ് ദിയ നമ്മളോട് കെഞ്ചിയപ്പൊ വേറെ വഴിയില്ലാതെ നമ്മള് അത് സമ്മതിച്ച് കൊടുത്തു...

അപ്പൊ തന്നെ ഓള് നമ്മളേയും കൊണ്ട് ബാൽക്കണിയിലേക്ക് കൊണ്ട് പോയി...

അവിടെ മൊത്തം ദിലൂൻറെ ഫ്രണ്ട്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ...അവരൊക്കെ കൂടി ദിലൂൻറെ കൂടെ സെൽഫിയൊക്കെ എടുക്കാണ്...

അപ്പൊ അവരൊക്കെ കൂടി ദിയയേയും നമ്മളേയും ഫോട്ടോ എടുക്കാൻ വിളിച്ചെങ്കിലും നമ്മള് പോകാതെ അവിടെ തന്നെ നിന്നു.

അപ്പൊ ഹസി അങ്ങോട്ട് വരുന്നത് നമ്മള് കണ്ടു...നമ്മള് ഓളെ നമ്മളെ അടുത്ത് പിടിച്ച് നിർത്തിയിട്ട് ഓളോട് നമ്മള് ഉണ്ടായതൊക്കെ പറഞ്ഞു കൊടുത്തു...

അപ്പൊ ഹസി അവൻമാരെ ഒക്കെ ഒന്ന് നോക്കിയിട്ട് നമ്മളെ കാതില് പതുക്കെ മൊഴിഞ്ഞു...

"ഫെബീ...ഇത് അവൻമാര് തന്നെയാ...ആ സമീറിന് നല്ല കട്ട താടി വെച്ചിട്ടുണ്ടെന്നെ ഉള്ളൂ...ഇത് ഓൻ തന്നെയാ...

അപ്പൊ നിൻറെ കണ്ടീഷൻ പോലെ തന്നെ ഓന് നല്ല

കട്ട താടിയുണ്ടല്ലോ മോളേ...വേണേൽ ഓനെ കെട്ടിക്കോ.."

നമ്മള് അപ്പൊ തന്നെ ഓളെ അവിടന്ന് വലിച്ച് കൊണ്ട് റൂമിലേക്ക് പോയി...

"എടീ ബുദ്ധൂസേ നിന്നോടല്ലെ പച്ച മലയാളത്തില് ഞാൻ പറഞ്ഞത് ദിയക്ക് ഓനെ ഇഷ്ടാണെന്ന്... അത് ഞാൻ ഓനോട് പോയി പറയണമെന്നും..."

"ഓ....എന്നാ പോയി പറഞ്ഞേക്ക് ദിയക്ക് ഓനെ ഇഷ്ടാണെന്ന്..."

"ഞാൻ എങ്ങനെയാടീ ഓനോട് ഇത് പോയി പറയാ...

അതോണ്ട് നീ പോയി പറ..."

"അയ്യടി മനമേ...അൻറെ സമീറല്ലേ നീ തന്നെ പോയി പറഞ്ഞാൽ മതി...വേണേൽ ഞാൻ കൂട്ടിന് വരാം അൻറെ കൂടെ..."

"എനിക്ക് ആരുടേയും കൂട്ടൊന്നും വേണ്ട ഞാൻ പറയാൻ വിചാരിച്ചിട്ടുണ്ടെങ്കിൽ ഞാൻ പറഞ്ഞിരിക്കും..."

"എന്നാ പോയി ഇപ്പൊ തന്നെ പറയടീ...അവൻമാരതാ താഴോട്ട് പോകാൻ നിൽക്കുന്നു..."

ഹസി പറഞ്ഞപ്പോഴാ നമ്മളും അത് ശ്രദ്ധിച്ചത്...അവരൊക്കെ താഴേക്ക് പോകാൻ നിൽക്കാണ്...പക്ഷേ ദിയ അവിടെ സഫൂക്കാനേം വിഷ്ണുവേട്ടനേം പിന്നെ ആ സമീറിനേയും അവിടെ പിടിച്ച് വെച്ചിട്ടുണ്ട്...

എന്നിട്ട് ഓള് നമ്മളെ നോക്കി വാ എന്ന് ആംഗ്യം കാണിച്ച് നമ്മളെ അടുത്തേക്ക് വിളിപ്പിച്ചു...

നമ്മള് അവരെ മുന്നിൽ എതിയതും ദിയ ഹസിയേയും സഫൂക്കാനേം വിഷ്ണുവേട്ടനേയും കൂട്ടി താഴേക്ക് പോകാൻ നിന്നു... പിന്നാലെ സമീറും ഫോണിൽ നോക്കി കൊണ്ട് പോകാൻ നിന്നപ്പൊ നമ്മള് ഓൻറെ

മുന്നിൽ കേറി നിന്നു.

"എസ്ക്യൂസ് മീ....എനിക്ക് ഇയാളോട് ഒന്ന് സംസാരിക്കണേന്നു..."

നമ്മളെ ശബ്ദം കേട്ടപ്പോഴാണ് ഓൻ തല ഫോണിൽ നിന്ന് ഉയർത്തിയിട്ട് നമ്മളെ നോക്കിയത്...

നമ്മളെ കണ്ടതും ഓൻ നമ്മളെ നോക്കി ഒന്ന് ചിരിച്ചിട്ട് അവരെ നോക്കി...

നമ്മളും അവരെ തിരിഞ്ഞ് നോക്കിയപ്പൊ അവിടെ ആരും ഇല്ലേന്നു...നമ്മക്ക് ചെറുതായിട്ട് ടെൻഷനായെങ്കിലും നമ്മളത് കാര്യാക്കാതെ ഓൻ്റെ മുന്നിൽ നിന്നു.

"എനിക്ക്...ഇയാളോട് ഒരു കാര്യം പറയാനുണ്ട്..."

നമ്മള് ഓൻ്റെ മുഖത്ത് നോക്കാതെ യാണ് അത് പറഞ്ഞത്...

"ഉം...പറഞ്ഞോ...അതിന് മുൻപ് എനിക്ക് തന്നോട് ഒരു കാര്യം പറയാനുണ്ട്..."

നമ്മള് അപ്പൊ തന്നെ അത് എന്താ എന്ന രീതിയിൽ ഓനെ നോക്കി...

"തനിക്ക് ഈ ദിവസത്തിൻറെ പ്രത്യേകത എന്താന്ന് അറിയോ?"

നമ്മള് അതിപ്പൊ എന്താന്ന് ആലോചിച്ച് നെറ്റി ചുളിച്ചിട്ട് ഓനെ നോക്കി.

"ഞാൻ നിന്നോട് പറഞ്ഞിരുന്ന ഒരു മാസം ഇന്നത്തോടെ അവസാനിക്കാണ്...

ഇനി നിന്നെ ഞാൻ ആർക്കും വിട്ട് കൊടുക്കുന്ന പ്രശ്നമേ ഇല്ല..."

ഓൻ ചിരിച്ചോണ്ട് പറയുന്നത് കേട്ടപ്പൊ നമ്മക്ക് തല കറങ്ങുന്ന പോലെ തോന്നി... നമ്മള് അപ്പൊ തന്നെ

ദിയയെ കുറിച്ച് ആലോചിച്ചപ്പൊ ഓനെ അറിയാത്ത പോലെ അഭിനയിക്കാൻ തീരുമാനിച്ചു...

"താൻ...താനിത് എന്തൊക്കെയാ പറയുന്നേ...?

എന്ത് ഒരു മാസം...?

താൻ എപ്പോഴാ എന്നോട് ഈ ഒരു മാസത്തെ കുറിച്ചൊക്കെ പറഞ്ഞത്?"

"നീ അപ്പോഴേക്കും എന്നെ മറന്നോ?

നിനക്ക് ഓർമ്മയില്ലേ ഒരു മാസം മുൻപ് എൻറെ ഫ്രണ്ടിൻറെ കല്യാണത്തിന്...നീ ഊമയാണെന്ന് പറഞ്ഞത് ..."

"തനിക്ക് എന്താ വട്ടാണോ? ഊമ എങ്ങനെയാടോ സംസാരിക്കാ?

എനിക്ക് തന്നെ മുൻപ് കണ്ടതായി യാതൊരു വിധ ഓർമ്മയുമില്ല....

പിന്നെ ഞാൻ ഇപ്പൊ തന്നെ വിളിച്ചത് ഇതൊന്നും

പറയാനല്ല....വേറൊരു കാര്യം പറയാനാ..."

"എന്ത് കാര്യം...?"

"അത്...ദിയക്ക് ഇയാളെ ഇഷ്ടാണ്...അത് തന്നോട് പറയണമെന്ന് പറഞ്ഞു... ഞാൻ പറഞ്ഞു .ഇനി ഇയാൾക്ക് പോകാം..."

എന്ന് പറഞ്ഞ് നമ്മള് പോകാൻ നിന്നപ്പൊ ഓൻ നമ്മളെ കൈ പിടിച്ച് വലിച്ച് ഓൻറെ മുന്നിൽ നിർത്തി... നമ്മള് ഓൻറെ കയ്യീന്ന് നമ്മളെ കൈ വിടുവിച്ചിട്ട് ഓനെ തുറുക്കനെ നോക്കി...

"സോറി...സോറി...

അല്ലാ ഇഷ്ടാണെന്ന് പറഞ്ഞിട്ട് താൻ തൻറെ പാട്ടിനങ്ങനെ പോയാലെങ്ങനെ ശരിയാകാ...?

തനിക്ക് മറുപടി കേൾക്കേണ്ടേ...?

താനിപ്പൊ വന്ന് പറഞ്ഞ കാര്യം ഞാൻ എങ്ങനെ

ദിയയെ അറിയിക്കുമെന്ന് ചിന്തിച്ച് നിൽക്കായിരുന്നു...

തനിക്ക് അറിയോ എനിക്കും ദിയയെ ഇഷ്ടാണ്..."

ഓൻ പറയുന്നത് കേട്ടപ്പൊ നമ്മള് ഒന്ന് ഞെട്ടിയെങ്കിലും ഓൻ നമ്മളെ തലേന്ന് ഒഴിഞ്ഞു പോയല്ലോന്ന് ആശ്വസിച്ച് നമ്മക്ക് ചിരി വന്നു... നമ്മള് ഓൻ കാണാതെ മുഖം തിരിച്ചോണ്ട് വാ പൊത്തി ഒരുപാട് ചിരിച്ചു...

അപ്പൊ ഓൻ നമ്മളെ മുന്നിലേക്ക് വിരല് ഞൊടിച്ച് ഓനെ നോക്കിച്ചു..

"താൻ എന്താ ഞാൻ പറയുന്നത് കേട്ടിട്ട് ചിരിക്കാണോ...അതിന് മാത്രം ഞാൻ എന്ത് കോമഡിയാ തന്നോട് പറഞ്ഞത്?"

"ഞാൻ ചിരിച്ചിട്ടൊന്നുല്യാ...

ഇയാൾക്ക് ഇപ്പൊ എന്താ വേണ്ടത്...?"

"ഞാൻ എന്താ വേണ്ടതെന്ന് പറഞ്ഞാൽ നീ തരോ..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ അടുത്തേക്ക് വരാൻ നിന്നപ്പൊ നമ്മള് ഓൻ്റെ നേരെ വിരല് ചൂണ്ടി....

"ഡോ...തൻ്റെ വിളച്ചില് ഒന്നും എൻ്റെ അടുത്ത് എടുക്കാൻ നിക്കല്ലേ...?"

"ഛെ ...ഛെ...നീ എന്നെ തെറ്റി ധരിച്ചു...ഞാൻ ഉദ്ദേശിച്ചത് അതല്ല...അതൊക്കെ ചോദിക്കാന് ഇനിയും ടൈം കിടക്കല്ലേ...നീ അപ്പോഴേക്കും ധൃതി കൂട്ടല്ലേ.."

ഓൻ്റെ പറച്ചില് കേട്ടിട്ട് നമ്മക്ക് നല്ലോണം അങ്ങ് ചോറിഞ്ഞ് വന്നു. നമ്മള് ഓൻ്റെ നേരെ പൂരപ്പാട്ട് പാടാൻ നിന്നപ്പോഴേക്കും ഓൻ ഇടക്ക് കേറി...

"ദിയക്ക് ഇപ്പൊ എന്നെ ഇഷ്ടാണെന്ന് അറിഞ്ഞ സ്ഥിതിക്ക് താൻ എൻ്റെ കൂടെ ഒന്ന് നിക്കണം..."

"ഞാൻ എന്തിന് തൻ്റെ കൂടേ നിക്കണം? എനിക്ക് അതിൻ്റെ ആവശ്യമെന്താ...ദിയ എന്നോട് അവളെ ഇഷ്ടം ഇയാളെ അറിയിക്കാൻ പറഞ്ഞു ഞാൻ അറിയിച്ചു... അതോടെ എൻ്റെ ജോലി തീർന്നു... ഇനി എന്ത് വേണമെന്ന് നിങ്ങൾ ഒക്കെ കൂടി ആലോചിച്ച് തീരുമാനിച്ചാൽ മതി...വെറുതെ എന്നെ ഇതിലേക്ക് വലിച്ചിഴക്കരുത്..."

എന്ന് പറഞ്ഞ് നമ്മള് പോകാൻ നിന്നതും ഓൻ നമ്മളെ മുന്നിൽ വന്ന് നിന്നു...

"നിക്ക്...നിക്ക്... നിക്ക്...പോകല്ലേ..."

"ഇനിയെന്താ തൻ്റെ പ്രശ്നം...?"

"നിനക്ക് എൻ്റെ കൂടെ നിൽക്കാൻ പറ്റില്ല സമ്മതിച്ചു...

പക്ഷേ, ഞാൻ പറയുന്ന സ്ഥലത്തേക്ക് നിനക്ക് ദിയയെ കൊണ്ട് വരാൻ പറ്റോ?

എന്നാ പിന്നെ എനിക്ക് പറയാനുള്ളതൊക്കെ ഞാൻ തന്നെ ഓളോട് നേരിട്ട് പറഞ്ഞോളാം..."

നമ്മള് മനസ്സില്ലാ മനസ്സോടെ ഓന് സമ്മതം മൂളിയ നഹ കൊടുത്തെങ്കിലും എന്തോ ഒരു സങ്കടം ഉള്ളില് കെട്ടി കിടക്കുന്ന പോലെ നമ്മക്ക് തോന്നി...

"ഉം....ഓക്കേ...ഓളെ എങ്ങോട്ടാ കൊണ്ട് വരണ്ടേ.."

"ചോറ് കഴിക്കാൻ പന്തലിട്ട ആ പറമ്പില്ലേ അതിന് പിന്നില് ഒരു വലിയ പ്ലാവുണ്ട്...അങ്ങോട്ട് കൊണ്ട് വന്നാ മതി... അതും ഇപ്പൊ തന്നെ..."

നമ്മള് ഓനെ നോക്കി ഒന്ന് ഇരുത്തി മൂളിയപ്പൊ ഓൻ ഡൺ പറഞ്ഞ് നമ്മക്ക് നേരെ കൈ നീട്ടി...നമ്മള് ഓനേയും ഓൻറെ കയ്യിനേയും മാറി മാറി നോക്കി പുച്ഛിച്ചിട്ട് അവിടന്ന് താഴേക്ക് പോയി....

അവിടെ നോക്കുമ്പോ മൊത്തം കുടുംബക്കാരെ

കൊണ്ട് നിറഞ്ഞിരിക്കാണ്...എല്ലാവരും നമ്മളെ തപ്പി നടക്കാ...കൂട്ടത്തിൽ ദിയയും...

നമ്മള് വേഗം ദിയയേയും കൂട്ടി പുറത്തേക്ക് ഇറങ്ങി നടന്നു...

"ഡീ ഫെബി...നീയിത് എങ്ങോട്ടാ എന്നെ കൊണ്ട് പോകുന്നേ..?"

"അതൊക്കെ വഴിയേ പറയാം... നീ ഇപ്പൊ എൻറെ കൂടെ വാ..."

"ഫെബീ...നീ ഞാൻ പറഞ്ഞത് സമീർക്കാനോട് പറഞ്ഞോ...?"

"ഉം...."

"പറഞ്ഞോ...മൂപ്പര് അപ്പൊ എന്താ പറഞ്ഞേ...?പറ.."

നമ്മള് ഒന്നും മറുപടി കൊടുക്കാതെ മുന്നിൽ നടന്നു... ദിയ നമ്മളെ ഒരു നടക്കും വിടുന്ന ലക്ഷണമില്ലാതെ നമ്മളെ പിന്നാലെ നടന്ന് ശല്യം ചെയ്തു...

"പറ....പറ...പറ...പറ ഫെബീ..."

"നേരിട്ട് കാണുമ്പൊ നീ തന്നെ അങ്ങോട്ട് ചോദിച്ച് നോക്ക് എന്താ പറഞ്ഞതെന്ന്..."

"അപ്പൊ നമ്മള് സമീർക്കാൻറെ അടുത്തേക്കാണോ പോകുന്നത്...?"

നമ്മള് അതേ എന്ന രീതിയിൽ മൂളിയപ്പൊ ഓള് പെട്ടെന്ന് നടത്തം നിർത്തി, എന്നിട്ട് തിരിച്ച് ഓടാൻ നിന്നപ്പോഴേക്കും നമ്മള് ഓളെ പിടിച്ചു...

"ഞാനില്ല ഫെബീ സമീർക്കാൻറെ അടുത്തേക്ക്... നീ എന്നെ വിട് ഞാൻ തിരിച്ച് പോകാ..."

"ഡീ ദിയാ...ഓനാ പറഞ്ഞത് നിന്നെ കൂട്ടി കൊണ്ട് വരാൻ...ഓന് നിന്നോട് എന്തോ സംസാരിക്കണമെന്ന്...നീ വാ...."

എന്ന് പറഞ്ഞ് നമ്മള് ഓളെ പിടിച്ച് വലിച്ച് ആ പ്ലാവിൻ്റെ ചോട്ടിലേക്ക് വന്നു...

അവിടെ അപ്പൊ ആ സമീർ മാത്രേ ഉണ്ടായിരുന്നുള്ളൂ...

നമ്മള് ഓളെ അവിടെ കൊണ്ടാക്കിയിട്ട് തിരിച്ച് പോകാൻ നിന്നപ്പൊ ദിയ നമ്മളെ അവിടെ പിടിച്ച് നിർത്തിയിട്ട് കാതിൽ മൊഴിഞ്ഞു...

"എന്നെ ഒറ്റക്കാക്കിയിട്ട് പോകല്ലെടീ...പ്ലീസ്..."

ഓള് നമ്മളെ ദയനീയമായി നോക്കി കൊണ്ട് കെഞ്ചിയപ്പൊ നമ്മള് മനസ്സില്ലാ മനസോടെ അവിടെ നിന്നിട്ട് ഏതോ ദിക്കിലേക്ക് നോട്ടമെറിഞ്ഞു...

ആ സമീർ അപ്പൊ നമ്മളെ തന്നെ നോക്കി നിൽക്കുന്നത് നമ്മക്ക് കാണുന്നുണ്ടേന്നു.പക്ഷേ നമ്മള്

അതൊന്നും മൈൻഡ് ചെയ്യാതെയാണ് നിന്നത്...

"ദിയ...എനിക്ക് തന്നോട് വളരെ വേണ്ടപ്പെട്ടൊരു കാര്യം പറയാനുണ്ടായിരുന്നു...ഞാൻ അതിനാ ഇവളെ കൊണ്ട് തന്നെ ഇങ്ങോട്ട് വിളിപ്പിച്ചത്..."

അത് കേട്ടപ്പൊ ദിയ തല താഴ്ത്തി നിന്ന് ചിരിച്ചിട്ട് നമ്മളെ കൈ പിടിച്ചു.

"ദിയ...നമ്മളെ സഫൂനെ കുറിച്ച് നിൻറെ അഭിപ്രായമെന്താ?"

"സഫൂക്കാനെ കുറിച്ച് എനിക്ക് നല്ല അഭിപ്രായം ഒക്കെ തന്നെയാ... എന്തേ സമീർക്കാ.."

ദിയൻറെ ചോദ്യത്തിന് ഓൻ കൊടുത്ത മറുപടി കേട്ട് നമ്മള് അന്തം വിട്ട് തൊള്ളേം തുറന്ന് ആ സമീറിനെ നോക്കി നിന്നു....

(തുടരും)

ഭാഗം. 69

"ദിയൻ്റെ ചോദ്യത്തിന് ഓൻ കൊടുത്ത മറുപടി കേട്ട് നമ്മള് അന്തം വിട്ട് തൊള്ളേം തുറന്ന് ഓനെ നോക്കി നിന്നു...

" നമ്മളെ സഫൂന് നിന്നെ ഇഷ്ടാണ്... ഓന് അത് നിന്നോട് പറയാൻ ഒരു മടി...അതോണ്ട് ഇത് നിന്നോട് പറയാൻ എന്നെ ഏൽപ്പിച്ചിരിക്കാ...

ഞാൻ ഇതൊക്കെ ഇവളോട് പറഞ്ഞതാണല്ലോ ഇവളൊന്നും നിന്നോട് പറഞ്ഞില്ലേ..?"

അത് കേൾക്കേണ്ട താമസം ദിയ ഞെട്ടി തരിച്ചോണ്ട് നമ്മളെ കൈ പിടിച്ച് ഞെരുക്കി നമ്മളെ നോക്കി...

നമ്മള് ഓളെ നോക്കി കൊണ്ട് ഇല്ലാന്ന് തലയാട്ടി...

"ദിയാ...ഓന് നീയെന്ന് വെച്ചാ ജീവനാ... ദിലൂനോട് വരെ ഓൻ പറഞ്ഞിട്ടുണ്ട് നിന്നെ ഓന് ഇഷ്ടാണെന്ന്..."

സമീറിൻ്റെ വായേന്ന് വീഴുന്നതൊക്കെ കേട്ടിട്ട് ദിയ തല താഴ്ത്തി കരച്ചിലിന് വക്കോളമെത്തിയ പോലെ നമ്മക്ക് തോന്നി...

നമ്മള് അപ്പൊ തന്നെ ആ സമീറിനെ രൂക്ഷമായി നോക്കിയിട്ട് ദിയയെ ആശ്വസിപ്പിക്കാൻ എന്ന രീതിയിൽ ഓളെ തോളില് കൈ വെച്ചു... അപ്പൊ ഓള് തല ഉയർത്തിയിട്ട് നമ്മളെ തുറുക്കനെ നോക്കി കൊണ്ട് ആ സമീറിനെ നോക്കി.

"സമീർക്കാ...ഇവള് ഇങ്ങളോട് വേറെ ഒന്നും പറഞ്ഞില്ലേ.?"

"ഉം...പറഞ്ഞു... പക്ഷേ ദിയ അത് നടക്കില്ലെന്ന് നീ ഇവളെ പറഞ്ഞൊന്ന് മനസ്സിലാക്കിപ്പിക്കണം...എനിക്ക് എൻ്റെ ഉമ്മാക്കും ഉപ്പാക്കും ഇഷ്ടപ്പെട്ട പെൺക്കുട്ടിയെ മാത്രേ കല്യാണം കഴിക്കൊള്ളൂ...

നിൻറെ കസിനായ ഇവൾക്ക് എന്നെ ഇഷ്ടാണെന്ന് ഇവള് വന്ന് പറഞ്ഞപ്പൊ തന്നെ ഞാൻ എനിക്ക് പറയാനുള്ളത് ഒക്കെ ഇവളോട് പറഞ്ഞതാ...പക്ഷേ, അതൊന്നും ഈ കുട്ടിയുടെ തലേല്

കേറുന്നില്ലാന്ന് പറഞ്ഞാ എങ്ങനെ ശരിയാകാ... അതോണ്ട് സമയം കിട്ടുമ്പോൾ നീ ഒന്ന് പറഞ്ഞ് മനസ്സിലാക്കി കൊടുക്കണേ..."

ഓൻ പറയുന്നത് കേട്ടിട്ട് നമ്മളെ കണ്ണ് പുറത്തേക്ക് തള്ളി നിന്നു... നമ്മള് ഇല്ല എന്നൊക്കെ ഒരുപാട് പറഞ്ഞു നോക്കിയെങ്കിലും ഓൻ പറഞ്ഞതൊക്കെ വിശ്വസിച്ച മട്ടിലായിരുന്നു ദിയ നമ്മളെ നോക്കിയത്...

നമ്മക്ക് അപ്പൊ ആ സമീറിനെ ശരിക്കും കൊല്ലാനുള്ള ദേഷ്യം വന്നു... നമ്മള് ഓനെ രൂക്ഷമായി നോക്കി കൊണ്ട് ഓൻറെ നേരെ കുരച്ച് ചാടി.

"എന്തൊക്കെയാടോ താൻ പറയുന്നേ...

ഞാൻ എപ്പോഴാ തന്നോട് അങ്ങനെ ഒക്കെ

പറഞ്ഞത്...?

നാട്ടിൽ വേറെ ആണുങ്ങള് ഇല്ലാഞ്ഞിട്ടല്ലെ ഞാൻ ഇയാളെ പിന്നാലെ നടക്കുന്നത്... ഒന്ന് പോടോ നൊണയാ...എനിക്ക് തന്നെ ഇഷ്ടാണെങ്കിലേ അത് തന്നോട് സ്വകാര്യായിട്ട് പറയേണ്ട ആവശ്യം എനിക്ക് ഇല്ല... നാലാള് കേൾക്കേ കാത് പൊട്ടുന്ന തരത്തിലാകും ഈ ഫെബി എൻറെ ഇഷ്ടം അയാളെ അറിയിക്കുന്നത്...

മനസ്സിലായോടോ...

ദിയാ...നീ ഇവൻ പറയുന്നതൊന്നും വിശ്വസിക്കരുത്...ഹീ ഈസ് ലൈയിങ്...ഞാൻ ഇവ നോട് അങ്ങനെ ഒന്നും പറഞ്ഞിട്ട് പോലുമില്ല...

ഞാൻ നീ പറഞ്ഞത് മാത്രേ ഇവനോട് പറഞ്ഞിട്ടുള്ളൂ...

നിനക്ക്....."

"ദിയ...ലിസൺ...സഫു നിന്നെ ഒരുപാട് സ്നേഹിക്കുന്നുണ്ട്...ഞാൻ എൻറെ പെണ്ണിനെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതൽ ഓൻ നിന്നെ

സ്നേഹിക്കുന്നുണ്ടെന്ന് വേറെ ആർക്കും മനസ്സിലാക്കാൻ പറ്റിയില്ലെങ്കിലും എനിക്ക് അറിയാം...

അതോണ്ട് നീ അതിനെ കുറിച്ച് ഒന്ന് ആലോചിച്ച് നോക്കിയിട്ട് നിൻറെ തീരുമാനം പറയ്..."

നമ്മള് പറയുന്നതിന് ഇടയിൽ കേറി കൊണ്ട് ആ സമീറ് അത്രയൊക്കെ ദിയയോട് പറയുന്നതിൻറെ കാര്യം നമ്മക്ക് അപ്പോഴും പിടി കിട്ടിയില്ല...

ഓൻ പറയുന്നത് കേട്ടിട്ട് ദിയ തല താഴ്ത്തി കൊണ്ട് എന്തോ വലിയ ചിന്തയിൽ ഏർപ്പെട്ടു...

നമ്മള് ആണെങ്കിൽ ഓള് എന്താകും ചിന്തിക്കുന്നതെന്ന് ആലോചിച്ചോണ്ട് ഓളെ നോക്കി നിന്നു.

അപ്പൊ ആ സമീർ നമ്മളെ ശൂ...ശൂ..വിളിച്ചപ്പൊ നമ്മള് ഓനെ ഒരു ദഹിപ്പിക്കുന്ന നോട്ടം നോക്കിയിട്ട് ഓനെ പുച്ഛിച്ചിട്ട് മുഖം തിരിച്ച് നിന്നു...

പെട്ടെന്ന് എവിടെന്നോ ഒരു അടി കിട്ടിയ പോലെ ദിയ തല ഉയർത്തി കൊണ്ട് ആ സമീറിനെ സൂക്ഷ്മമായി നോക്കി കൊണ്ടിരുന്നു.

"സമീർക്കാ...ഇപ്പൊ ഇങ്ങളെന്താ പറഞ്ഞേ...?

ഇങ്ങളെ പെണ്ണെന്നോ...?

അപ്പൊ ഇങ്ങക്ക് അങ്ങനെ ഒരു ഇഷ്ടം ആരോടേലും ഉണ്ടോ?

അത്...അതാരാ സമീർക്കാ...?"

ദിയ പറയുന്നത് കേട്ടപ്പോഴാ നമ്മളും അത് ശ്രദ്ധിച്ചത്...ഓൻ്റെ പെണ്ണ് എന്ന് ഇനി ഓൻ ഉദ്ദേശിച്ചത് ആരെയാകുമെന്ന് ചിന്തിച്ചോണ്ട് നമ്മള് നഖം കടിച്ച് ഓനേയും ദിയയേയും മാറി മാറി നോക്കി കൊണ്ടിരുന്നു...

ദിയൻ്റെ ചോദ്യത്തിന് ഒരു പുഞ്ചിരി തൂകി കൊണ്ട് ഓൻ നമ്മളെ നോക്കിയപ്പൊ നമ്മളെ വായേന്ന് കൈ അറിയാതെ തന്നെ താഴ്ന്നു... എന്നിട്ട് ഓൻ എന്താകും പറയാ എന്ന് ചിന്തിച്ചോണ്ട് ഓനെ തന്നെ നോക്കി നിന്നു...

"എൻ്റെ പെണ്ണ് ആരാണെന്ന് നിനക്ക് അറിയില്ലേ

ദിയേ...?

ഇതാ...ഇതാണ് എൻറെ പെണ്ണ്..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ നേരെ വിരല് ചൂണ്ടുമെന്ന് പ്രതീക്ഷിച്ചെങ്കിലും നടന്നത് മറ്റൊന്നാണ്...

ഓൻറെ ഫോൺ ദിയക്ക് നേരെ നീട്ടിയിട്ടാണ് ഓൻ അങ്ങനെ പറഞ്ഞത്...ദിയ ആ ആളെ കണ്ടതും ചിരിച്ചോണ്ട് ഓൻറെ കയ്യിന് നല്ലൊരു അടി കൊടുത്തു ...

"ഇത് ഇങ്ങളെ ഉമ്മയല്ലേ..."

"അതേലോ... എൻറെ ഉമ്മയാണ്...എൻറെ ഉമ്മയാണ് എൻറെ മനസ് കവർന്ന എൻറെ പെണ്ണ്...

അങ്ങനെ ഇനി വേറെ ആർക്കെങ്കിലും ആ സ്ഥാനം ഏറ്റെടുക്കാൻ താൽപര്യമുണ്ടെങ്കിൽ അറിയിക്കാവുന്നതാണ്...നോമിനേഷനിലൂടെ ആ

വ്യക്തിയെ തെരെഞ്ഞെലുക്കുന്നതായിരിക്കും..."

എന്ന ഡയലോഗ് ഓൻ നമ്മളെ നോക്കി പുരികം പൊക്കി കൊണ്ടാണ് പറഞ്ഞത്...

നമ്മള് അതിന് ഓനെ വിരട്ടുന്ന രീതിയിൽ വിരല് ചൂണ്ടി കൊണ്ട് തുറുക്കനെ നോക്കി...ഓൻ അത് കണ്ടപ്പൊ നമ്മളെ നോക്കി സൈറ്റടിച്ചിട്ട് ചിരിച്ച് തന്നു...എന്നിട്ട് ദിയൻറെ കയ്യീന്ന് ഫോൺ വാങ്ങി ...

"ദിയാ...ഞാൻ സഫൂനെ വിളിക്കാം...എന്താ നിങ്ങളെ തീരുമാനം എന്ന് വെച്ചാ അത് നിങ്ങൾ തമ്മിൽ പറഞ്ഞ് വെച്ചോളീ...

നിങ്ങളെ രണ്ട് പേരും കൂടി സംസാരിച്ച് ഒരു നല്ല തീരുമാനം എടുക്കുമെന്ന് കരുതുന്നു....

ഡാ സഫൂ...മതി മരത്തിന്റെ പിറകിൽ പോയി ഒളിച്ച് നിന്നത്...ഇങ്ങോട്ട് പോര്..."

ഓൻ അങ്ങനെ പറഞ്ഞ് തീർന്നതും മരത്തിന്റെ പിറകീന്ന് സഫൂക്ക വന്ന് ഞങ്ങളെ മുന്നിൽ നിന്നു. അത് കണ്ടിട്ട് ദിയ കാറ്റ് പോകാനായ പോലെയാണ് നിൽക്കുന്നത്...കാരണം അമ്മാതിരി എൻട്രി ആയിരുന്നു മൂപ്പർക്ക്...

"അപ്പൊ ഇനി നിങ്ങൾ തമ്മിൽ സംസാരിച്ച് എന്താന്ന് വെച്ചാൽ തീരുമാനിക്ക്...

ഡീ നീയെന്ത് കണ്ടോണ്ട് നിക്കാ..?

അവരെ ഒന്ന് ഒറ്റക്ക് സംസാരിക്കാൻ വിടടീ..."

എന്ന് പറഞ്ഞ് ആ സമീർ തെണ്ടി കുറച്ച് മാറി നടന്ന് നീങ്ങിയപ്പൊ ദേഷ്യം കൊണ്ട് നമ്മളും ഓൻറെ പിന്നാലെ വെച്ച് പിടിച്ചു...

"ഡോ...താനാരാന്നാടോ തൻറെ വിചാരം..?

എന്നെ എടീ പോടീ എന്നൊക്കെ വിളിക്കാൻ ആരാ തനിക്ക് ലൈസൻസ് തന്നത്...?

പിന്നെ എന്തൊക്കെയാടോ താൻ നേരത്തെ ദിയയോട് പറഞ്ഞത്...?

ഞാൻ തന്നെ ഇഷ്ടാണെന്ന് വന്ന് പറഞ്ഞൂന്നല്ലേ...എനിക്ക് എന്താ ഭ്രാന്തല്ലേ തന്നെ ഇഷ്ടാണെന്ന് പറയാൻ..."

"ഹ...ഹ...ഹ...എന്നാലേ...ആ ഭ്രാന്ത് വൈകാതെ തന്നെ നിനക്ക് വന്നോളുംട്ടോ..."

"ഡോ...."

എന്ന് പറഞ്ഞ് നമ്മള് ഓൻ്റെ കഴുത്ത് നെരിക്കാൻ ചെന്നപ്പോഴേക്കും ഓൻ നമ്മളെ നേരെ കൈ നീട്ടി...

"കൂൾ... കൂൾ...കൂൾ ബേബീ.... ഇങ്ങനെ ഇമോഷനാകല്ലേ നമുക്ക് വഴി കാണാം..."

"എങ്ങനെയാടോ ഇമോഷനാകാതെ ഇരിക്കാ..?

അങ്ങനത്തെ വർത്താനല്ലെ താൻ ദിയയോട് പറഞ്ഞത്...

എന്തിനാ നിങ്ങള് അങ്ങനെ ഒക്കെ ഓളോട് പറഞ്ഞത്..?"

"ഓളെ മനസ് ഞാൻ കാരണം വേദനിക്കാതിരിക്കാൻ വേണ്ടി..."

ഓൻ പറയുന്നത് കേട്ടപ്പൊ നമ്മക്ക് ഒന്നും മനസ്സിലായില്ല...അതോണ്ട് നമ്മള് ഒരു സംശയരൂപേണ ഓനെ നോക്കി നെറ്റി ചുളിച്ചു...

"ഇപ്പൊ നീ എന്നോട് പറഞ്ഞത് ഞാൻ ആ ടൈമിൽ ദിയയോട് പറഞ്ഞിരുന്നു എങ്കിൽ...ഓൾക്ക് പിന്നെ ഫേസ് ചെയ്യാൻ അത് ബുദ്ധിമുട്ടായേനേ...അതുപോലെ തന്നെ ഓള് ആ കാരണം വെച്ച് പിന്നെ എൻറെ സഫൂനെ സ്വീകരിക്കോ എന്ന് തന്നെ സംശയാ...

അപ്പൊ ഞാൻ അങ്ങനെ പറഞ്ഞതോണ്ട് ഓള് കരുതും

ഞാൻ ഒന്നും അറിഞ്ഞിട്ടില്ലാന്ന്...അതോണ്ട് ഓള് സഫൂനെ സ്വീകരിക്കാനും ചാൻസ് കൂടുതലാണ്...

ഇതൊക്കെ ആദ്യമേ കണക്ക് കൂട്ടിയിട്ടാണ് ഞാൻ അപ്പൊ അങ്ങനെ പറഞ്ഞത്...

പോരാത്തതിന് സഫു അവിടെ ഉണ്ടായതോണ്ട് ദിയക്ക് എന്നോട് അങ്ങനെ ഒരു ഇഷ്ടം ഉണ്ടെന്ന് ഓൻ അറിയരുതെന്ന് ഞാൻ കരുതി... അത് അറിഞ്ഞാ ചിലപ്പോ ഓൻ ഓൻറെ ഇഷ്ടം തള്ളി കളഞ്ഞിട്ട് ഞങ്ങളെ തമ്മിൽ ഒരുമിപ്പിക്കാൻ നോക്കും...

അതാണ് ഞങ്ങൾ തമ്മിലുള്ള ആത്മബന്ധം...അത് അറിയാവുന്നത് കൊണ്ടാ അങ്ങനെ പറഞ്ഞത്...

മാപ്പ് ചോദിക്കണമെന്നൊക്കെയുണ്ട്....പക്ഷേ, നിന്നോട് ഞാൻ അത് പറയില്ല... കാരണം ഒരു മാപ്പ് കൊണ്ട് നമ്മളെ ബന്ധത്തിന്റെ ആഴം അളക്കാൻ ഞാൻ തയ്യാറല്ല..."

സമീർ പറയുന്നത് ഒക്കെ ഒരു പ്രതിമ കണക്കെ എല്ലാം

കേട്ട് നിൽക്കാനേ നമ്മളെ കൊണ്ട് പറ്റിയുള്ളൂ... ഓൻ പറയുന്നത് കേട്ടപ്പൊ നമ്മള് അറിയാതെ തന്നെ ഓനോട് ചെറിയ ഇഷ്ടം തോന്നിപ്പിച്ചിരിക്കുന്നു...

നമ്മള് ഓരോന്ന് ആലോചിച്ചോണ്ട് ഓനെ നോക്കുന്നത് കണ്ടിട്ട് ഓൻ നമ്മളെ നോക്കി എന്തേ എന്ന് പുരികം പൊന്തിച്ചു...

നമ്മള് അപ്പൊ തന്നെ ഓൻറെ മുഖത്ത് നിന്ന് നോട്ടം തിരിച്ചിട്ട് വേറെ എങ്ങോട്ടോ നോക്കി നിന്നു...

അപ്പൊ ദിയയും സഫൂക്കയും ഞങ്ങളെ അടുത്തേക്ക് വന്നിട്ട് ഞങ്ങളെയും കൂട്ടി നടക്കാൻ തുടങ്ങി...

നമ്മളും സമീറും കൂടി ഒരുമിച്ച് എന്തായി തീരുമാനം എന്ന് ചോദിച്ചപ്പൊ രണ്ട് പേരും കൂടി നാണിച്ച് ചിരിച്ചോണ്ട് സെറ്റ് എന്ന് പറഞ്ഞു...

അത് കേൾക്കേണ്ട താമസം സമീർ സഫൂക്കാനെ കെട്ടി പിടിച്ച് അളിയാന്ന് പറഞ്ഞ് കവിളില് ഒരുമ്മ കൊടുത്തു...

നമ്മളും അത് പോലെ ദിയയെ കെട്ടി പിടിച്ചപ്പൊ പെണ്ണ് നമ്മളോട് പറയാണ് നിനക്ക് ഞാൻ വെച്ചിട്ടുണ്ടെടീ എന്ന്...

നമ്മള് അത് കേട്ടതും പകച്ച് പണ്ടാറടങ്ങി പോയില്ലേ...

പിന്നെ അവിടന്ന് ദിയ നമ്മേളേയും വലിച്ചോണ്ട് ഒരു നടത്തായിരുന്നു വീട്ടിലേക്ക്...

കാണുന്നവരൊക്കെ ഞങ്ങൾ രണ്ട് പേരും കൂടി എവിടെ പോയി കിടക്കേന്നു എന്ന് ചോദിച്ചെങ്കിലും അതിനൊന്നും ഒരു വ്യക്തമായ മറുപടി കൊടുക്കാതെ ദിയ ഓളെ റൂമിലേക്ക് നമ്മളെ കൊണ്ട് പോയി...

എന്നിട്ട് ഓളെ റൂമില് ഉണ്ടായിരുന്ന കുട്ടി പട്ടാളങ്ങളെയെല്ലാം ആട്ടി ഓടിച്ചിട്ട് ഓള് കതക് കുറ്റിയിട്ടോണ്ട് ഒരു പ്രതിയെ ചോദ്യം ചെയ്യുന്ന പോലെ നമ്മളെ ചോദ്യം ചെയ്യാൻ തുടങ്ങി...

ആദ്യം തന്നെ ഓള് നമ്മളോട് ചോദിച്ചത് നമ്മക്ക് ഇതിന് മുൻപ് സമീറിനെ പരിചയണ്ടോന്നായിരുന്നു...

അതിന് നമ്മള് ഒരു മറുപടി നൽകാൻ ഇരുന്നപ്പോഴേക്കും ഓള് തന്നെ ഇങ്ങോട്ട് പറഞ്ഞു...

ഓളോട് എല്ലാം സഫൂക്ക പറഞ്ഞെന്ന്...

അത് കേട്ടപ്പൊ പിന്നെ നമ്മള് ഒന്നും പറയാൻ നിന്നില്ല...

അപ്പൊ ദിയ നമ്മളെ ഓരോന്ന് പറഞ്ഞ് സമീറിനെ നമ്മക്ക് ഇഷ്ടാണെന്ന് പറയാൻ പ്രേരിപ്പിക്കുന്ന തരത്തിൽ ഓരോന്ന് സംസാരിക്കാൻ തുടങ്ങി...

നമ്മളോട് ഓനെ ഇഷ്ടപ്പെടണമെന്നൊക്കെ ഓള് പറഞ്ഞു...

ഓൾക്ക് ഇപ്പൊ സമീറിനോട് അങ്ങനെ ഒരു മനോഭാവം ഇല്ലെന്നും ഓനെ ഞാൻ ഇഷ്ടപ്പെടണമെന്നും ഇങ്ങനെ എന്തൊക്കെയോ പറഞ്ഞോണ്ട് ഓള് പോയി...

ഓള് പോയതും നമ്മള് ഓള് പറഞ്ഞതിനെ കുറിച്ച് ആലോചിച്ചോണ്ട് അവിടെ കിടന്നു...

ഓരോന്ന് ചിന്തിച്ച് കൂട്ടുന്നതിനിടയിൽ നമ്മക്കും മനസ്സിലായി ആ സമീറിനോട് നമ്മക്ക് എന്തോ ഒരു അടുപ്പം ഉണ്ടെന്ന്...

അങ്ങനെ കല്യാണമൊക്കെ നല്ല ഗംഭീരായിട്ട് തന്നെ കഴിഞ്ഞു... അന്ന് തന്നെ ഉമ്മച്ചി നമ്മളേയും കൊണ്ട് തിരിച്ച് വീട്ടിലേക്ക് വന്നു...

നമ്മളെ മനസ് അപ്പോഴും അവിടെ അല്ലായിരുന്നു... സമീറും കൂട്ടരും പോകുന്നതിന് മുൻപ് ഞങ്ങളെ അടുത്തേക്ക് വന്ന് സംസാരിച്ചതാണ് മനസ് മുഴുവൻ...

അപ്പൊ സമീർ നമ്മക്ക് നേരെ ഒരു വൈറ്റ് റോസ് തന്നിട്ട് പറഞ്ഞ കാര്യങ്ങളൊക്കെ നമ്മളെ കാതില് മുഴങ്ങി കേട്ടോണ്ടിരുന്നു...

സാധാരണ ലൗ പ്രപ്പോസിന് റെഡ് റോസല്ലേ കൊടുക്കാ...ഇതെന്താ വൈറ്റ് റോസ്.. ?

എന്ന നമ്മളെ ചോദ്യത്തിന് ഓൻ പറഞ്ഞത്...

"റെഡ് റോസ് സൂചിപ്പിക്കുന്നത് ലൗ എന്ന ഒരു വികാരത്തെ മാത്രാണ്... പക്ഷെ, ഈ വൈറ്റ്

റോസിൻ്റെ പ്രത്യേകത എന്തെന്നാൽ ലൗ മാത്രമല്ല സൂചിപ്പിക്കുന്നത്...

സ്നേഹം, സമാധാനം, ദയ ഇങ്ങനെ ഒരുപാടുണ്ട് ഇതിൻ്റെ വിശേഷണങ്ങൾ...

ഞാൻ ഇപ്പൊ നിനക്ക് ഇത് തരാനും കാരണമുണ്ട്...

നീ എന്നോട് ഇത്തിരി ദയ കാണിക്കണം, എന്നെ ഒരുപാട് സ്നേഹിക്കണം, സമാധാനത്തോടെ നമുക്ക് ജീവിതം തുടങ്ങണം...ഇതൊക്കെ നിന്നെ ഓർമിപ്പിക്കാനാണ് ഞാൻ ഇത് തന്നത്...

പടച്ചോൻ വീണ്ടും നമ്മളെ രണ്ട് പേരേയും കണ്ടുമുട്ടിക്കുമെന്ന് എനിക്ക് നല്ല പ്രതീക്ഷയുണ്ട്...ആ ദിവസത്തിന് വേണ്ടി ഞാൻ കാത്തിരിക്കും...."

എന്നൊക്കെ പറഞ്ഞ് ഓൻ പോയത് നമ്മളെ മനസും കൊണ്ട് ആയിരുന്നു... കാരണം, അതിപ്പൊ നമ്മളെ അടുത്തില്ല...അത് ഓൻ്റെ അടുത്താണുള്ളത്..

ഓൻ തന്ന വൈറ്റ് റോസ് നമ്മള് ഡയറിയില് വെച്ചിട്ട് ചിന്ത മുഴുവൻ ഓനെ കുറിച്ചായിരുന്നു...

ഒരു മാസത്തിനുള്ളിൽ ഓൻ നമ്മളെ കാണുമെന്ന് പറഞ്ഞ പോലെ തന്നെ കൃത്യം ഒരു മാസായപ്പൊ ഓനെ കണ്ടു...അപ്പൊ അതിന് വേറെ എന്തോ ഒരു അർത്ഥമുള്ള പോലെ നമ്മക്ക് തോന്നി...

അതെന്താണെന്ന് കണ്ടെത്താൻ നമ്മളും ഒരു മാർഗം കണ്ടെത്തി...

ഒരാഴ്ച്ചക്കുള്ളിൽ ഓനെ വീണ്ടും നമ്മള് കാണാണെങ്കിൽ ഓനോട് നമ്മക്ക് തോന്നുന്ന വികാരം പ്രണയമാണെന്ന് നമ്മള് ഉറപ്പിച്ചു... നമ്മള് അത് കലണ്ടറിൽ രേഖപ്പെടുത്തുകയും ചെയ്തു...

പടച്ചോൻ അപ്പൊ നമ്മക്ക് ശരിയായ വഴി തന്നെ കാണിച്ചു തന്നു...കൃത്യം ഒരാഴ്ച തികഞ്ഞതും സ്കൂളിലേക്ക് പോകാൻ വേണ്ടി ബസ് കാത്ത് നിൽക്കുമ്പോ നമ്മള് ഓനെ ശരിക്കും കണ്ടു...

ഞങ്ങൾ നിൽക്കുന്ന സ്റ്റോപ്പിൻറെ നേരെ എതിരെയുള്ള സൂപ്പർ മാർക്കറ്റീന്ന് ഓൻ ഇറങ്ങി വരുന്നതാണ് നമ്മള് കണ്ടത്...

ഞാനും അച്ചുവും ഹസിയും ഓനെ കണ്ടെങ്കിലും ഓനും വിഷ്ണുവേട്ടനും ഞങ്ങളെ കണ്ടിട്ടില്ലേന്നു...

ബസ് വരുമ്പോഴേക്കും ഓൻ നമ്മളെ നോക്കണേ പടച്ചോനേ എന്ന് പ്രാർത്ഥിച്ചോണ്ട് നമ്മള് കണ്ണ് തുറന്ന് നോക്കി. അപ്പൊ തന്നെ ഞങ്ങൾക്ക് പോകാനുള്ള ബസും വന്നു അതേ സമയം ഓൻ നമ്മളെ ഭാഗത്തേക്ക് തിരിഞ്ഞ് നോക്കുകയും ചെയ്തു...

ഓൻ നമ്മളെ അന്തം വിട്ട് നോക്കി നിന്നോണ്ട് ഒന്ന് പുഞ്ചിരി തൂകിയപ്പൊ തിരിച്ച് നമ്മളും ഒരു ചിരി പാസാക്കി കൊണ്ട് ബസിൽ കേറി പോയി....

പിന്നെ അവിടന്ന് അങ്ങോട്ടുള്ള ദിവസങ്ങളിൽ ഓനെ അവിടെ വെച്ച് കാണുന്നത് ഒരു സ്ഥിരം കാഴ്ച്ചയായി...

കാണുമ്പൊ ഒന്ന് ചിരിക്കും എന്നല്ലാതെ ഓൻ നമ്മളെ അടുത്തേക്ക് വരാറുമില്ല ഒന്നും ചോദിക്കാറുമില്ല...

ഇത് കണ്ടോണ്ട് നിൽക്കുന്ന നമ്മളെ ടീംസ് ഞങ്ങക്ക് വട്ടാണെന്ന് പറഞ്ഞ് കളിയാക്കാൻ തുടങ്ങി... നമ്മള് അത് ഒക്കെ ചിരിച്ച് തള്ളിയിട്ട് നമ്മക്ക് ഓനോട് ലൗ ഒന്നും ഇല്ലാന്ന് വാദിക്കും...

അങ്ങനെ ഇരിക്കെ ഒരു ദിവസം പതിവ് പോലെ ഞങ്ങൾ ബസ് കാത്ത് നിൽക്കുമ്പോ ഓപ്പോസിറ്റ് ഡൈലി കാണുന്ന മുഖത്തെ ഒന്നും കാണാനില്ല...

ഓനെ കാണാഞ്ഞതും നമ്മളെ മനസ്സില് എന്തോ ഒരു വലിയ പാറക്കല്ല് കേറ്റി വെച്ച പോലെ ഒരു ഫീല് തോന്നി...ഓൻ എവിടെ ആയിരിക്കും എന്ന് ചിന്തിച്ച് നമ്മക്ക് വിഷമായി...

" ഫെബീ...ഇന്ന് നിൻറെ ആളെ കാണാനില്ലല്ലോ...എന്തു പറ്റി..? "

ഹസിൻറെ ചോദ്യത്തിന് നമ്മള് ഓളെ ഒന്ന് രൂക്ഷമായി നോക്കി കൊണ്ട് അച്ചൂനെ നോക്കി...

"ഓന് എന്തുപറ്റീന്ന് ചോദിച്ചാൽ എനിക്ക് എങ്ങനെ അറിയാനാ..?

ഞാൻ എന്താ ഓൻ്റെ വീട്ടിലാണോ താമസം..?"

"എൻ്റെ ഫെബീ...നീയൊന്ന് അടങ്ങ്...

ഇപ്പൊ ഇവള് എന്ത് പറഞ്ഞൂന്ന് വെച്ചിട്ടാ നീയിപ്പൊ ചൂടായത്..?

അതിന് മാത്രം ഇവിടെ ഒന്നും ഉണ്ടായില്ലല്ലോ...

നിൻ്റെ കാട്ടി കൂട്ടല് കണ്ടാൽ തോന്നും ഞങ്ങൾ കാരണാ ഓൻ വരാഞ്ഞതെന്ന്..."

അതും പറഞ്ഞ് അച്ചുവും ഹസിയും കൂടി പൊരിഞ്ഞ ചിരി പാസാക്കി കൊണ്ടിരുന്നു...

നമ്മള് അവറ്റകളെ നോക്കി പല്ലിറുമ്പി കൊണ്ട് അവരെയൊക്കെ തല്ലി പരുവമാക്കുമ്പോഴാണ് പെട്ടെന്ന് ഞങ്ങളെ മുന്നിലേക്ക് ഒരു ബൈക്ക് വന്ന് നിന്നത്...

ബൈക്കിലിരിക്കുന്ന ഒരുത്തൻറെ തലയിൽ ചട്ടിയുണ്ട്,മറ്റവനാണെങ്കിൽ മുഖം തിരിച്ച് ഇരിക്കാണ്...അതോണ്ട് അവൻമാരെ മുഖം നമ്മള് കണ്ടില്ല...

ഞങ്ങൾ അവൻമാരെ നോക്കി കൊണ്ട് ഞങ്ങൾ പരസ്പരം മുഖത്തേക്ക് നോക്കിയിട്ട് ആരാന്ന് ആംഗ്യം കാണിച്ചു... ഞങ്ങൾക്ക് മൂന്ന് പേർക്കും അവൻമാര് ആരാന്ന് മനസ്സിലായില്ല...

പെട്ടെന്ന് ആ ചട്ടി തലയിൽ കമിഴ്ത്തിയവൻ അത് ഊരി മാറ്റി കൊണ്ട് ഞങ്ങളെ ഭാഗത്തേക്ക് തിരിഞ്ഞ് നോക്കിയതും പിറകിൽ ഇരിക്കുന്നവനും നമ്മളെ അപ്പൊ തന്നെ തിരിഞ്ഞ് നോക്കി....

അവൻമാരെ കണ്ടതും നമ്മളും ഹസിയും ഞെട്ടി തരിച്ചോണ്ട് പരസ്പരം മുഖത്തേക്ക് നോക്കി നിന്നു...

"ഇവൻമാരോ...?"

നമ്മള് മെല്ലെ അത് പറഞ്ഞോണ്ട് അവരെ കാണാത്ത പോലെ നിന്നു...

"ഫെബീ...ഇവൻമാരെന്താ ഇവടെ..?" ഹസിയാണ്...

"വരട്ടെ അപ്പൊ മനസ്സിലാകും...നീ അറിയാത്ത പോലെ നിന്നാ മതീട്ടോ..."

എന്ന് നമ്മള് ഹസിയോട് പറഞ്ഞപ്പൊ അച്ചു ഒന്നും മനസ്സിലാകാതെ തലയും ചൊറിഞ്ഞോണ്ട് ഞങ്ങളെ നോക്കി നിന്നു...

അപ്പൊ അവൻമാര് ബൈക്കീന്ന് ഇറങ്ങിയിട്ട് നമ്മളെ അടുത്തേക്ക് വന്നു...

"അല്ലാ....ആരൊക്കെയാ ഇത്...?"

"കണ്ണ് കണ്ടൂടേ ആരൊക്കെയാണെന്ന്..." ഹസിയാണ്.

"ഓ...നീ ഇവിടെ ഉണ്ടായിരുന്നോ...

ഞാൻ നിന്നോട് സംസാരിക്കാൻ വന്നിട്ടില്ല... ഞാനേ ഇവളോടാ സംസാരിക്കുന്നത്...

ഫെബീ...നീ എവിടെ പോകാ... സ്കൂളിലേക്ക് പോകാണോ...?"

"അല്ലെടാ അൻറെ അമ്മായിയപ്പന് വായ് ഗുളിക വാങ്ങാൻ പോകാ..." നമ്മളാണ്.

"ഓഹോ...ആണോ...എന്നാ വാ കേറ് ...ഞാൻ കൊണ്ട് ചെന്നാക്കാം എൻറെ അമ്മായിയപ്പൻറെ അടുത്തേക്ക്...

എന്നിട്ട് നീ കൊടുത്തോട്ടോ വായ് ഗുളിക..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ കൈ പിടിച്ച് വലിച്ചു. നമ്മള് അപ്പൊ തന്നെ ഓൻറെ കയ്യിലേക്ക് ഒരുപാട് കുത്തി കൈ വിടുവിക്കാൻ നോക്കിയെങ്കിലും ഓൻ നമ്മളെ

കൈ വിട്ടില്ല...

അപ്പൊ തന്നെ ഏകദേശം എല്ലാവരും ഞങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങിയിരുന്നു...

അതോണ്ട് നമ്മള് ഓനോട് കുറച്ച് മയത്തില് തന്നെ നമ്മളെ കൈ വിടാൻ പറഞ്ഞു...പക്ഷേ അപ്പോഴും ആ തെണ്ടി നമ്മളെ കൈ വിട്ടില്ല...

പെട്ടെന്ന് ആരോ നമ്മളെ കയ്യിൽ പിടിച്ച് ഓൻറെ നെഞ്ചിൽ ഒരു ചവിട്ട് കൊടുത്തു...

നമ്മള് കണ്ണടച്ച് തുറക്കുന്നതിന് മുന്നേ തന്നെ ഓൻ നിലം പതിച്ചിരുന്നു...

അത് കണ്ട് നമ്മളും ഹസിയും ഞെട്ടി തരിച്ച് വാ പൊത്തി നിന്നിട്ട് ഏതവനാ ഓനെ ചവിട്ടിയതെന്ന് തിരിഞ്ഞ് നോക്കി...

ആ സമീറാണ് ഓനെ ചവിട്ടിയതെന്ന് കണ്ടതും നമ്മളെ കാറ്റ് പോകാനായീന്നു...നമ്മള് ആ സമീറിനെ നോക്കി കൊണ്ട് തലയിൽ കൈ വെച്ചിട്ട് ഓനോട് ചൂടാവാൻ നിന്നതും ആ സമീർ വീണ്ടും ഓൻറെ നേരെ നടന്ന്

അടുത്തു...

"എന്ത് ധൈര്യമുണ്ടെങ്കിലാ നീ എൻ്റെ പെണ്ണിൻ്റെ കയ്യിൽ കേറി പിടിച്ചത്..."

എന്ന് പറഞ്ഞ് ആ സമീർ ഓനെ വീണിടത്ത് നിന്ന് ചവിട്ടാൻ നിന്നതും നമ്മള് ആ സമീറിൻ്റെ മുന്നിൽ കേറി നിന്ന് അലറി...

"സ്റ്റോപ്പിറ്റ്...താനാരാ എൻ്റെ കാര്യത്തിൽ ഇടപെടാൻ...?

ഇതാരാന്ന് തനിക്ക് അറിയോ...? എൻ്റെ കസിനാ..."

എന്ന് നമ്മള് ഓൻ്റെ നേരെ കുരച്ച് ചാടി കൊണ്ട് പറഞ്ഞിട്ട് താഹിൻ്റെ അടുത്തേക്ക് പോയി... അപ്പോഴേക്കും ഹസിയും ഞങ്ങളെ അടുത്തേക്ക് വന്ന് താഹിനെ പിടിച്ച് ഇരുത്തി...

"താഹീ...ആർ യു ഓക്കേ..?

നിനക്ക് കൊഴപ്പൊന്നുല്യല്ലോ...

ഇനിയും താൻ എന്ത് നോക്കി കൊണ്ട് നിക്കാടോ...ചെയ്ത് തന്ന ഉപകാരങ്ങൾക്ക് ഒക്കെ നന്ദിയുണ്ട്..ഒന്ന് പോയി തരോ.."

നമ്മള് നല്ല കട്ട കലിപ്പിൽ തന്നെ ആ സമീറിനോട് അത് പറഞ്ഞതും വിഷ്ണുവേട്ടൻ ഓനെ അവിടന്ന് വലിച്ച് കൊണ്ട് പോയി... അപ്പോഴും ഓൻ നമ്മളെ നോക്കി കൊണ്ട് സോറി പറയായിരുന്നു...

അത് കണ്ടപ്പൊ നമ്മക്ക് ഓനോടുള്ള ദേഷ്യം പതി മടങ്ങ് ഇരട്ടിച്ചു...ഓനെ കാണുന്നത് തന്നെ വെറുപ്പായി...

നമ്മളും ഹസിയും ഫൈസൽക്കയും കൂടി താഹിയെ അവിടന്ന് എണീപ്പിച്ച് ബസ് സ്റ്റോപ്പിൽ ഇരുത്തിയിട്ട് ഓന് കുടിക്കാൻ വെള്ളം കൊടുത്തു...

"താഹീ...സോറീടാ...ഞാൻ കാരണല്ലെ ഇങ്ങനെ ഒക്കെ

ഉണ്ടായത്...

പ്ലീസ് ടാ...ഈ കാര്യം എല്ലാരോടും പറഞ്ഞ് വലിയ പ്രശ്നാക്കരുത്...പ്രത്യേകിച്ച് ഇവിടെ നടന്നത് ഒന്നും അമ്മായി അറിയരുത്..."

നമ്മളെ പറച്ചില് കേട്ടിട്ട് താഹി നമ്മളെ ദഹിപ്പിക്കുന്ന ഒരു നോട്ടം നോക്കി...

"ഏതാടി ഓൻ...?

നിൻറെ കയ്യിൽ കേറി പിടിച്ചതിന് എൻറെ നെഞ്ച് ഫുട്ബോൾ ഗ്രൗണ്ട് ആക്കാൻ മാത്രം നീയും ഓനും തമ്മിൽ എന്താടീ ബന്ധം..?"

താഹി ചൂടായി കൊണ്ട് നമ്മളോട് ചോദിച്ചതിന് നമ്മക്ക് ഒരു മറുപടി കൊടുക്കാൻ ഇല്ലാതെ ഓൻറെ മുന്നിൽ നിന്ന് നമ്മള് പതറി...

"അ...അത്...ഓൻ...ഓനാരാന്ന് എനിക്ക് അറീല...ഓനും

ഞാനും തമ്മിൽ ഒരു ബന്ധവുമില്ല താഹീ...."

"ഒരു ബന്ധവും ഇല്ലാഞ്ഞിട്ടാണോടീ നീ ഓൻറെ പെണ്ണാണെന്ന് ഓൻ ഇത്ര തൻറേടത്തോടെ പറഞ്ഞത്..? പറയടീ ഏതാടീ ഓൻ...?"

"ഓൻറെ പേര് സമീർ... ഓന് ഇവളെ ഒരുപാട് ഇഷ്ടാ...കുറച്ച് ദിവസായിട്ട് ഓന് അവിടെ നിന്ന് ഇവളെ വായി നോക്കലാ പരിപാടി..." ഹസിയാണ്.

"ഓഹോ...അപ്പൊ അങ്ങനെ ആണോ കാര്യങ്ങൾ..? ഇവള് പറഞ്ഞത് സത്യാണോടീ...ആണോന്ന്..."

നമ്മള് തല താഴ്ത്തി കൊണ്ട് അതേ എന്ന് തലയാട്ടി... അപ്പോ ഓൻ നമ്മളെ നോക്കി കൊണ്ട് അട്ടഹസിക്കാൻ തുടങ്ങി..

"ഹ...ഹ...ഹ...നിനക്ക് ഞാൻ വെച്ചിട്ടുണ്ടെടീ...കണ്ടോ

ഇത് ഞാൻ എല്ലാവരോടും ഇപ്പൊ തന്നെ പറയും...

നിൻറെ അഹങ്കാരം ഞാൻ ഇന്നത്തോടെ ഇല്ലാതാക്കും നീ കണ്ടോ...

ഡാ ഫൈസി വന്ന് വണ്ടീല് കേറടാ..."

എന്ന് പറഞ്ഞ് ഓൻ ബൈക്ക് സ്റ്റാർട്ടാക്കിയതും ഫൈസൽക്ക നമ്മളെ നോക്കി കൈ മലർത്തി കൊണ്ട് വണ്ടിയില് കേറി...

"താഹി മോൻ ഒന്നവിടെ നിന്നേ..."

പെട്ടെന്ന് നമ്മളെ ടോൺ ചേഞ്ചായപ്പൊ താഹിയും ഫൈസൽക്കയും ഒരുപോലെ നമ്മളെ തിരിഞ്ഞ് നോക്കി... നമ്മള് ഓനെ നോക്കി ഒരു പരിഹാസ ചിരിയോടെ അടുത്തേക്ക് ചെന്നിട്ട് ഓൻറെ ബൈക്കിൻറെ കീ നമ്മള് കൈക്കലാക്കി.

"താഹി മോൻ അങ്ങനെയങ്ങ് പോയാലോ...വന്ന

കാര്യം നടക്കാതെ നീ ഇത് എങ്ങോട്ടാ പോകുന്നത്...?

നീ ഇപ്പൊ എന്നെ കാണാൻ വന്നത് എന്തിനാണെന്ന് നമ്മക്ക് നന്നായിട്ട് അറിയാ... എൻ്റെ ഫ്രണ്ട് ഷഹാനയോട് നിൻ്റെ ഇഷ്ടം ഞാൻ പോയി നിങ്ങളെ തമ്മിൽ സെറ്റാക്കണം...അല്ലേ...?"

നമ്മളെ വർത്താനം കേട്ടപ്പൊ ഇത് വരെ കലിപ്പ് മോഡിലിരുന്ന താഹി പെട്ടെന്ന് നമ്മളെ നോക്കി കൊണ്ട് ഒരു അവിഞ്ഞ ചിരി പാസാക്കി തന്നു... നമ്മള് അതിനു പകരായി കൊണ്ട് ഓനെ നോക്കി ഒന്ന് പല്ലിളിച്ചു...

"എന്താ ഇളി..... എൻ്റെ പൊന്നു താഹി മോനേ...നിൻ്റെ കാര്യം ഞാൻ സെറ്റാക്കി തരണെങ്കിൽ ഇവിടെ നടന്നത് ഒന്നും നീ ആരോടും പറയാൻ പാടില്ല...

എങ്ങാനും പറഞ്ഞാൽ.... നിനക്ക് അറിയാലോ ഈ ഫെബിയെ... നിൻ്റെ പൂതി ഒക്കെ കൂടി കൂട്ടി വെച്ച്

പെട്രോൾ ഒഴിച്ച് കത്തിക്കും ഞാൻ..."

"എൻറെ പൊന്നോ...നമിച്ച്...

ഞങ്ങൾ രണ്ട് പേരും നിന്നെ കണ്ടിട്ടുമില്ല, ഒന്നും കൊണ്ടിട്ടുമില്ല, ഞങ്ങൾ ഇങ്ങോട്ട് വന്നിട്ടേയില്ല...പോരേ...

നീ എങ്ങനേലും ഷഹാനയോട് സംസാരിച്ച് എൻറെ കാര്യമൊന്ന് സെറ്റാക്കി താ.."

താഹി പറയുന്നത് കേട്ടപ്പൊ ഞങ്ങൾ എല്ലാവരും കൂടി ഓനെ നോക്കി ഒരുപാട് ചിരിച്ചു...

"ഉം...അങ്ങനെ വഴിക്ക് വാ...

ആദ്യം പൊന്നു മോൻ ഇവിടന്ന് സ്ഥലം വിടാൻ നോക്ക്....ഞാൻ ഒന്ന് ആലോചിക്കട്ടെ..."

"ആ കീ തന്നാൽ അടിയനൊന്ന് പോകായിരുന്നു..."

എന്ന് പറഞ്ഞപ്പൊ നമ്മള് ഓന് കീ തിരിച്ച് കൊടുത്തു...അപ്പൊ തന്നെ ഞങ്ങക്ക് പോകാനുള്ള ലാസ്റ്റ് ബസും വന്നു...

അതോണ്ട് ഞങ്ങൾ വേഗം അവരോട് യാത്ര പറഞ്ഞ് ബസില് കേറിയപ്പൊ താഹീ നമ്മളെ വിളിച്ചോണ്ട് എന്തോ പറയാൻ നിന്നു...

പക്ഷേ, ഓനെ പറയാൻ സമ്മതിക്കാതെ ഫൈസൽക്ക ഓൻ്റെ വാ പൊത്തി പിടിച്ചിട്ട് നമ്മക്ക് റ്റാറ്റാ തന്നു...നമ്മളും തിരിച്ച് ബൈ പറഞ്ഞിട്ട് ബസിൽ കേറി ഇരുന്നു...

സ്കൂളിൽ എത്തുന്നത് വരെ ഹസിക്കും അച്ചൂനും പറയാൻ ഉണ്ടായിരുന്നത് ആ സമീറിനെ കുറിച്ച് ആയിരുന്നു...അതും ഓനെ സപ്പോർട്ട് ചെയ്തോണ്ട്..

"ഒന്ന് നിർത്തോ രണ്ടും....

കുറെ നേരായല്ലോ രണ്ടും കൂടി ഓന് വേണ്ടി വാദിക്കുന്നു...

എന്താ ഓൻ നിങ്ങൾക്ക് ശമ്പളം വല്ലതും തന്നീന്നോ ഇങ്ങനെ വാദിക്കാൻ..."

"എടി ഫെബീ നീ തന്നെ ഒന്ന് ആലോചിച്ച് നോക്ക്...

താഹി നിങ്ങളെ കസിനാണെന്ന് ഓന് അറിയില്ലല്ലോ...അതോണ്ടല്ലെ ഓൻ നിൻറെ കയ്യിൽ കേറി പിടിച്ചപ്പൊ സമീർക്ക ഓനെ ചവിട്ടിയത്...

ഞാൻ ആലോചിച്ചിട്ട് ഇതില് സമീർക്കാൻറെ തെറ്റ് ഒന്നുമില്ല..."

"അച്ചു പറഞ്ഞതും ശരിയാ...താൻ സ്നേഹിക്കുന്ന പെണ്ണിന്റെ കയ്യിൽ മറ്റൊരുത്തൻ കേറി പിടിച്ചാൽ ആണത്തമുള്ള ഒരാണും അത് കണ്ട് നിക്കൂല... അതോണ്ട് ഞാനും സമീർക്കാൻറെ ഭാഗത്താ..."

നമ്മള് അവറ്റകളെ വർത്താനം കേട്ടിട്ട് ഓരെ അടിമുടിയൊന്ന് നോക്കി... അപ്പൊ അച്ചു ചിരിച്ചോണ്ട് നമ്മളെ തോളില് കയ്യിട്ടു.

"ഫെബീ....ഇക്കാലത്ത് സമീർക്കാനെ പോലെയുള്ള ഒരാളെ കിട്ടാനേ ഭയങ്കര പാടാ...

വേണേൽ ഓനെ നോക്കിക്കോ പെണ്ണേ..."

നമ്മള് അച്ചൂൻറെ കാലിന് അപ്പൊ തന്നെ ഒരു ചവിട്ട് കൊടുത്തു....അപ്പൊ ഹസി കുണുങ്ങി ചിരിച്ചോണ്ട് നമ്മളെ നോക്കി...

"ഫെബീ...അച്ചു പറഞ്ഞതിലും കാര്യണ്ട്...സമീർക്കാനെ കാണാൻ എന്ത് മൊഞ്ചാ...പോരാത്തതിന് നല്ല കട്ട താടിയും...അതും പോരാഞ്ഞ് ഓന് നിന്നോട് മുടിഞ്ഞ പ്രേമവും...ഇതിൽ കൂടുതൽ എന്ത് വേണം ഓനെ സ്നേഹിക്കാൻ..."

നമ്മള് ഹസിയോട് മറുപടി പറയാനായി നാവ് ചലിപ്പിക്കാൻ നിന്നതും അച്ചു ഇടക്ക് കേറി.

"ഓന് ഹാഷ് നിറത്തിലുള്ള ബുള്ളറ്റ് ഇല്ലാത്തതാണ്

ഇനി നിൻറെ പ്രശ്നമെങ്കിൽ അത് പിന്നെ നിനക്കും ഓനും കൂടി പോയി വാങ്ങിയാൽ പോരേ...

എന്നിട്ട് ആ ബുള്ളറ്റില് കേറി നിങ്ങൾ രണ്ട് പേരും കൂടി ഒരു ലോങ് ഡ്രൈവിന് പോകും അല്ലെ ഫെബി..."

"എങ്ങോട്ടാ ടീ ലൈസൻസ് ഇല്ലാതെ രണ്ടും കൂടി പറഞ്ഞ് പോകുന്നത്...?

പറഞ്ഞ് പറഞ്ഞ് നിങ്ങള് രണ്ട് പേരും ഇപ്പൊ തന്നെ എൻറെ കല്യാണം നടത്തുന്ന ലക്ഷണമുണ്ടല്ലോ..."

നമ്മളെ വർത്താനം കേട്ടിട്ട്

അവറ്റകള് രണ്ട് പേരും ആലോചിക്കാം എന്ന് പറഞ്ഞ് കിണിക്കാൻ തുടങ്ങി. അപ്പൊ നമ്മള് അവറ്റകളെ ഒക്കെ നുള്ളി പരുവാക്കിയിട്ട് പറഞ്ഞു.

"നിങ്ങൾ ഇങ്ങനെ കളിയാക്കൊന്നും വേണ്ട...നൊളത്തോടെ ഓൻറെ ശല്യം ഞാൻ തീർത്ത് തരാം....നിങ്ങൾ കണ്ടോ ഞാൻ എന്താ ചെയ്യാൻ

പോകുന്നതെന്ന്..."

(തുടരും)

ഭാഗം.70

"നിങ്ങൾ ഇങ്ങനെ കളിയാക്കൊന്നും വേണ്ട...

നാളെത്തോടെ ഓന്റെ ശല്യം ഞാൻ തീർത്ത് തരാം...

നിങ്ങൾ കണ്ടോ ഞാൻ എന്താ ചെയ്യാൻ പോകുന്നതെന്ന്..."

നമ്മളെ വർത്താനം കേട്ടിട്ട് അവറ്റകള് എന്താ നമ്മളെ പ്ലാൻ എന്ന് ചോദിച്ചെങ്കിലും നമ്മളൊന്നും മിണ്ടിയില്ല....

പിറ്റേന്ന് സ്കൂളിലേക്ക് പോകാൻ വേണ്ടി ബസ് കാത്ത് നിക്കുമ്പോ സമീറും വിഷ്ണുവേട്ടനും കൂടി ഞങ്ങളെ അടുത്തേക്ക് വന്നു...

"ആയിഷ...I am sorry...അത് നിന്റെ കസിനാണെന്ന് എനിക്ക് അറിയില്ലെന്നു... അതോണ്ടാ ഞാൻ ഓനെ തല്ലിയത്..."

"തല്ലേ.... തല്ലല്ല ചെയ്തത്...ഓന്റെ നെഞ്ചിൻകൂട് ചവിട്ടി തകർക്കാണ് താൻ ചെയ്തത്..." ഹസിയാണ്...

ഓളെ വർത്താനം കേട്ടപ്പോ നമ്മള് ഓളെ നോക്കി ഒന്ന് തലയാട്ടി കൊണ്ട് ഓന്റെ നേരെ തിരിഞ്ഞു...

"താൻ വന്ന് മാപ്പ് പറഞ്ഞെന്ന് കരുതി ഓന് കിട്ടിയതൊന്നും ഇല്ലാതാവില്ലല്ലോ...

അല്ലെങ്കിലും ഇയാളെന്തിനാ വെറുതെ ഓനെ ചവിട്ടാൻ നിന്നത്...ഞാൻ പറഞ്ഞോ ഇയാളോട് ഓനെ ചവിട്ടാൻ...

വല്യ ഹീറോ ആണെന്നാ വിചാരം...

ആ വിചാരവും വെച്ചോണ്ട് എന്റെ പുറകെ നടക്കാൻ

നിക്കണ്ട...താൻ വിവരറിയും...

ഇന്നലെ ഓനെ എങ്ങനെയാ സമാധാനിപ്പിച്ച് പറഞ്ഞയച്ചതെന്ന് ഇൻക്കെ അറിയൂ...

ഓൻ ഇവിടെ നടന്നതൊക്കെ വീട്ടില് പറഞ്ഞു കൊടുത്തീന്നെങ്കിൽ എന്റെ പഠിപ്പ് അതോടെ നിന്നേനെ...

അല്ലാ...അറിയാൻ പാടില്ലാഞ്ഞിട്ട് ചോദിക്കാ...

തനിക്ക് എന്താ വേണ്ടത്..?

എന്തിനാ എന്റെ പുറകെ ഒരു നിഴലായിട്ട് നടക്കുന്നത്...?"

"അത് നിനക്ക് ഇപ്പോഴും അറിയില്ലേ ഞാൻ എന്തിനാ നിന്റെ പിറകെ നടക്കുന്നതെന്ന്...?

എത്ര തവണ നിന്നോട് ഞാൻ പറഞ്ഞു ഐ ലൗ യൂ ന്ന്.... എനിക്ക് നിന്നെ ഒരുപാട് ഇഷ്ടാ...

അതുപോലെ തിരിച്ച് നീ എന്നെയും

സ്നേഹിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു..."

ഓന്റെ പറച്ചില് കേട്ടപ്പോ തിരിച്ച് നമ്മക്ക് പറയേണ്ട ഡയലോഗ് നമ്മള് മറന്ന് ഓനെ തന്നെ നോക്കി നിന്നു... പെട്ടെന്ന് ഹസി ഒന്ന് കൊരച്ചപ്പോഴാണ് നമ്മള് സ്ഥലകാല ബോധം വീണ്ടെടുക്കുന്നത്...

നമ്മള് ഓനെ നോക്കി പതറി കൊണ്ട് നമ്മക്ക് പറയാനുള്ളത് ഉള്ള ധൈര്യം വെച്ചങ്ങ് കാച്ചി വിട്ടു...

"താൻ അപ്പോ എന്റെ പുറകെ നടക്കുന്നതിന്റെ ലക്ഷ്യം എന്നെ കല്യാണം കഴിക്കാനാണോ...?"

നമ്മളെ ചോദ്യം കേട്ടിട്ട് ഹസിയും അച്ചുവും കൂടി തൊള്ളേം തുറന്ന് നമ്മളെ നോക്കി നിന്നു...

"അതെ....പിന്നെ നിന്റെ പുറകെ നടക്കുന്നത് ടൈം പാസ്സിനാണെന്ന് കരുതിയോ നീ...?

ഞാൻ നിന്നെ സ്നേഹിച്ചത് എന്റെ പെണ്ണായിട്ട്

ജീവിതകാലം മുഴുവൻ എന്റെ കൂടെ ജീവിക്കാനാ..."

ഓന്റെ പറച്ചില് കേട്ടപ്പോ നമ്മളെ മനസ്സില് ഒരായിരം പൂക്കൾ വിരിഞ്ഞ പോലെ തോന്നി... അറിയാതെ നമ്മളെ ചുണ്ടിലൊരു പുഞ്ചിരി വിടർന്നു...

ഓന്റെ ശ്രദ്ധ നമ്മളിലേക്ക് പതിച്ചപ്പോ നമ്മൾ അത് പുറത്ത് കാണിക്കാതെ വേഗം മുഖം തിരിച്ചിട്ട് പിന്നെ ഓനെ നോക്കി...

"ഓഹോ...അപ്പൊ ഇയാളെൻറെ പുറകെ കൂടിയിരിക്കുന്നത് എന്നെ കെട്ടണം എന്ന ഉദ്ദേശത്തോടെയാണോ...

പക്ഷേങ്കിൽ അതിന് എൻറെ പിറകേ നടന്നിട്ട് ഒരു കാര്യവുമില്ല...

ഞാൻ എൻറെ ഉപ്പച്ചിക്ക് ഇഷ്ടപ്പെട്ട ആളെ മാത്രേ കെട്ടൊള്ളൂ...

തനിക്ക് എന്നോട് അത്രക്ക് പ്രേമാണെങ്കിൽ തൻറെ ഉമ്മാനേയും ഉപ്പാനേയും കൂട്ടി വന്ന് എൻറെ വീട്ടിൽ

പെണ്ണ് ചോദിക്ക്...

എൻ്റെ ഉപ്പാക്ക് ഇയാളെ ഇഷ്ടപ്പെട്ട് ഇതിന് സമ്മതാണെങ്കിൽ നമുക്ക് എത്ര വേണേലും പ്രേമിച്ച് നടക്കാം...

എന്ത് പറയുന്നു...?"

നമ്മള് അത് ഓനോട് പറഞ്ഞ് തീരുന്നതിന് മുന്നേ തന്നെ ഹസി നമ്മളെ കൈ പിടിച്ച് വലിച്ചിട്ട് മെല്ലെ കാതില് മൊഴിഞ്ഞു.

"നീയിത് എന്ത് ഭാവിച്ചാ ഫെബി ഇങ്ങനെ ഒക്കെ പറയുന്നത്... ഇതെങ്ങാനും അൻ്റെ ഉപ്പയോ എൻ്റെ ഉപ്പയോ അറിഞ്ഞാലുള്ള അവസ്ഥ അറിയാലോ നിനക്ക്..."

"എനിക്ക് അതൊക്കെ നന്നായിട്ട് അറിയാം... അതോണ്ട് തന്നെയാ ഓനോട് ഇങ്ങനെ ഒക്കെ

പറഞ്ഞത്.."

എന്ന് പറഞ്ഞ് നമ്മള് ഓനെ നോക്കി ഒന്ന് പുഞ്ചിരി തൂകി കൊണ്ട് പുരികം പൊന്തിച്ചു...

ഓൻ ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് പെട്ടെന്ന് വന്നു...

"നിനക്ക് ഇത് എന്നോട് നേരത്തെ പറഞ്ഞൂടായിരുന്നോ....എന്നാ പിന്നെ ഇത്രേം കാലം അൻറെ പിന്നാലെ നടന്ന് ഞാൻ സമയം തീർക്കില്ലേന്നല്ലോ..."

എന്ന് പറഞ്ഞ് തുള്ളി ചാടി കൊണ്ട് ഓൻ ബൈക്കില് കേറി ചട്ടി തലയിൽ കമിഴ്ത്തി വണ്ടി സ്റ്റാർട്ടാക്കി...

എന്നിട്ട് ചട്ടി തലയിൽ നിന്ന് പൊന്തിച്ചിട്ട് നമ്മളെ ഒന്ന് നോക്കി പുഞ്ചിരി തൂകി...

"അതേയ്...നിൻറെ വീടിന്റെ ഉമ്മറത്ത് നിന്ന് കാത്തിരുന്നോ...

ഇന്നോ നാളെയോ നിന്നെ പെണ്ണ് ചോദിക്കാന് ഞാൻ എൻറെ ഉമ്മയേയും ഉപ്പയേയും കൂട്ടി വരുന്നുണ്ട്...

ഉപ്പാനോട് പറഞ്ഞേക്ക് മരുമകൻ വരുന്നുണ്ട് ബിരിയാണി റെഡിയാക്കി വെക്കാനെന്ന്..."

എന്ന് പറഞ്ഞ് ഓൻ ചിരിച്ചോണ്ട് നമ്മളെ നോക്കി സൈറ്റടിച്ചിട്ട് ഒരു പോക്കായിരുന്നു...

നമ്മള് ഒരു ചെറിയ പുച്ഛത്തോടെ ചിരിച്ച് തള്ളി കൊണ്ട് തിരിഞ്ഞ് നോക്കിയപ്പൊ നമ്മളെ ടീംസ് നമ്മളെ നോക്കി തൊള്ളേം തുറന്ന് നിക്കാണ്...

ഓരെ നോട്ടം കണ്ടപ്പൊ നമ്മള് എന്തേടീ എന്ന് ചോദിച്ചപ്പൊ രണ്ടും കൂടി നമ്മളെ നുള്ളാനും പിച്ചാനും മാന്താനുമൊക്കെ തുടങ്ങി... നമ്മള് ഓരോട് കുറെ വട്ടം നിർത്താൻ പറഞ്ഞെങ്കിലും ബലാലുകള് നിർത്തുന്നില്ല...

" ഒന്നടങ്ങ് പെണ്ണുങ്ങളേ....എന്താ കാര്യമെന്ന് പറ ആദ്യം... "

"നിനക്ക് എന്താ കാര്യമെന്ന് അറിയില്ലല്ലേ...

സത്യം പറയെടീ ഇപ്പൊ ഇവിടെ നടന്ന നാടകത്തിന്

എന്താ ഉദ്ദേശം..." അച്ചുവാണ്.

"എന്ത് ഉദ്ദേശം..? നിങ്ങളിത് എന്തൊക്കെയാ പറയുന്നേ...?"

"ഡീ...ഫെബീ...നീ കളി വിട്... എന്നിട്ട് സത്യം പറ...

നിനക്ക് ആ സമീർക്കാൻറെ ഇഷ്ടാണോ...?" ഹസിയാണ്.

"എന്തേ എനിക്ക് ഇഷ്ടപ്പെട്ടൂടെ...?"

ഹസി ചോദിച്ച അപ്പൊ തന്നെ നമ്മളെ വായേന്ന് വീണത് അതായിരുന്നു...അത് കേട്ടപ്പൊ തന്നെ അവറ്റകള് രണ്ട് പേരും കൂടി നമ്മളെ നോക്കി തൊള്ളേം തുറന്ന് നിന്നു...

എന്നിട്ട് പരസ്പരം മുഖത്തേക്ക് നോക്കിയിട്ട് നമ്മളെ നേരെ തിരിഞ്ഞു...

"അപ്പൊ നിനക്ക് അങ്ങേരെ ഇഷ്ടാണോ...എന്തിനാടീ നീ ഇത് ഞങ്ങളിൽ നിന്നും മറച്ച് വെച്ചത്..?

അപ്പൊ നീ ഇത്രേം കാലം ഓനെ ഇഷ്ടല്ലാത്ത പോലെ ഞങ്ങളെ മുന്നിൽ അഭിനയിക്കായിരുന്നുലേ...?"

"ഓ......തുടങ്ങി...

എടീ അച്ചു...നിങ്ങൾ ഇങ്ങനെ എഴുതാപുറം വായിക്കല്ലേ...

അവനെ എനിക്ക് ഇഷ്ടാണെന്ന് ഞാൻ പറഞ്ഞോ ഇല്ലല്ലോ?

എനിക്ക് എന്താ ഇഷ്ടപ്പെട്ടൂടേന്ന് ചോദിച്ചിട്ടല്ലെയുള്ളൂ...അതിന് ഓനെ എനിക്ക് ഇഷ്ടാണെന്ന് അർത്ഥമുണ്ടോ...നിങ്ങള് പറ..."

"അതില്ല... പക്ഷേ, എന്നാലും...." ഹസിയാണ്.

"ഒരു എന്നാലുമില്ല...ഞാൻ ഇപ്പൊ ഓനോട് ഇങ്ങനെ ഒക്കെ പറഞ്ഞതേ ഓനോടുള്ള ഇഷ്ടം

കൊണ്ടല്ല....ഓൻറെ ശല്യം തലേന്ന് ഒഴിഞ്ഞു പോകാൻ വേണ്ടിയാ...

നിങ്ങള് കണ്ടോ ഓൻ ഇനി നമ്മളെ കൺമുന്നിലേക്ക് വരാനേ പോണില്ല.."

"അതെന്താ ഫെബീ നീ അത്ര തറപ്പിച്ച് പറയുന്നേ...നീ ഓനെ അപകടപ്പെടുത്താൻ ആരേലും ഏർപ്പാടാക്കിയിട്ടുണ്ടോ..?" അച്ചുവാണ്.

"ഡീ അച്ചു.....എന്തൊക്കെയാടീ വിളിച്ച് കൂവുന്നേ..?

ഞാൻ അതൊന്നും അല്ല പറഞ്ഞ് വന്നത്...

ഇങ്ങനെ പിറകെ നടന്ന് ശല്യം ചെയ്യുന്നവൻമാരെ ഓടിക്കാൻ പറ്റിയ ഒരു മാർഗമാണ് വീട്ടിൽ വന്ന് കല്യാണം ആലോചിക്കാൻ എന്ന് പറയുന്നത്..."

"ഇവളിത് എന്തൊക്കെയാ പറയുന്നത്... എനിക്ക് ഒന്നും മനസ്സിലാകുന്നില്ല..." ഹസിയാണ്.

"എനിക്കും..." അച്ചുവാണ്.

"ഓ....ആദ്യം ഞാനൊന്ന് പറയട്ടെ....എന്നിട്ട് നോക്കാം മനസ്സിലായോ ഇല്ലയോന്ന്..."

"ഉം....ശരി മാഡം..."

"ആ...അപ്പൊ നമ്മള് എവിടെയാ പറഞ്ഞ് നിർത്തിയത്...കല്യാണാലോചന...

ഇങ്ങനെ നമ്മള് അവൻമാരോട് പറഞ്ഞാൽ പിന്നെ അവര് നമ്മളെ ശല്യം ചെയ്യാൻ വരില്ല... ഇപ്പൊ തന്നെ ആ പോയ മഹാനില്ലേ സമീർ...

അങ്ങേരും അതുപോലെ ഇനി നമ്മളെ വഴിക്ക് ക്രോസായി വരില്ല.."

"അതെന്താ നിനക്ക് ഇത്രക്ക് ഉറപ്പ്...?

എനിക്ക് ഉറപ്പാ സമീർക്ക മിക്കവാറും ഇന്ന് തന്നെ മൂപ്പരെ വീട്ടുകാരേം കൂട്ടി നിൻറെ വീട്ടിലേക്ക് വരും...ആം ഷുവർ..." അച്ചുവാണ്.

"പോടീ...അങ്ങനെ സംഭവിക്കില്ല...ഓൻ വരില്ല..."

"എൻറെ പൊന്നു ഫെബീ...ഇങ്ങനെ ഉറപ്പിച്ചൊന്നും പറയാൻ നിക്കണ്ടട്ടോ...മൂപ്പര് വരുമെന്ന് എനിക്കും ഉറപ്പാ...

കാരണം, നീ സാധാരണ കാണാറുള്ള പൂവാലൻമാരെ പോലെയല്ല മൂപ്പര്...സമീർക്കാക്ക് നിന്നെ ഒരുപാട് ഇഷ്ടാ...

അന്ന് നിനക്ക് ആ വൈറ്റ് റോസ് തന്നപ്പൊ തന്നെ എനിക്ക് മനസ്സിലായതാ...അതോണ്ട് മിക്കവാറും അങ്ങേര് വരാൻ സാധ്യതയുണ്ട് ..." ഹസിയാണ്.

"പടച്ചോനേ...വേലിയിൽ കൂടി പോയ പാമ്പിനെ

എടുത്ത് തോളില് വെച്ച പോലെ ആയല്ലോ ...ഇത് എനിക്ക് ഒരു കുരിശാകോ...?"

"മിക്കവാറും മൂപ്പര് അൻറെ തലേല് ആകുമെന്ന് എനിക്ക് ഉറപ്പാ...ദേ ബസ് വന്നു... വാ ബാക്കി നമുക്ക് സ്കൂളീന്ന് സംസാരിക്കാം..."

അച്ചു അത് പറഞ്ഞ് തീർന്നതും ബസ് ഞങ്ങളെ മുന്നിൽ എത്തിയിരുന്നു. ഞങ്ങൾ ബസില് കേറി സ്കൂളിലേക്ക് പോയി...

സ്കൂളിൽ എത്തിയിട്ടും നമ്മളെ ചിന്ത സമീർക്ക മാത്രാണ്... ഇവരോട് ഒക്കെ ഓനെ എനിക്ക് ഇഷ്ടല്ലാത്ത രീതിയിൽ സംസാരിക്കുമെങ്കിലും നമ്മക്ക് ഉള്ളിൻറെ ഉള്ളിൽ മൂപ്പരോട് എന്തോ ഒരു അടുപ്പം തോന്നുന്നുണ്ട്...

അതോണ്ട് തന്നെയാ നമ്മള് മൂപ്പരോട് അങ്ങനെ ഒക്കെ പറഞ്ഞത്...

സ്കൂളിൽ നിന്ന് വീട്ടിലേക്ക് പോകുമ്പോഴും ഞങ്ങളെ

ചർച്ച മൂപ്പരെ കുറിച്ചായിരുന്നു. ഹസിയും അച്ചുവും കൂടി നമ്മളോട് പറയാണ് നമ്മള് വീട്ടിൽ എത്തുമ്പോഴേക്കും അവിടെ സമീർക്കയും വീട്ടുകാരും എത്തിയിട്ടുണ്ടാകും എന്നൊക്കെ...

അങ്ങനെ ഒന്നും ഉണ്ടാകില്ലാന്ന് അവളുമാരോട് പറഞ്ഞെങ്കിലും അങ്ങനെ തന്നെ ആയിരിക്കണേ പടച്ചോനേ എന്നായിരുന്നു നമ്മളെ പ്രാർത്ഥന...

എന്താന്ന് അറീല മൂപ്പര് നല്ല കട്ട താടി വെച്ചപ്പൊ തൊട്ട് നമ്മക്ക് എന്തോ ഒരു ചെറിയ ഇഷ്ടം...

അങ്ങനെ നമ്മള് വീട്ടിൽ എത്തിയപ്പൊ പുറത്ത് ഒരു കാറ് നിർത്തിയിട്ടുണ്ട്...

"എടീ ഫെബീ...ഇത് അവര് തന്നെയാകും...ചെന്ന് നോക്ക് ചിലപ്പൊ നിന്നെ കെട്ടിച്ച് തരോ എന്ന് ചോദിച്ച് അൻറെ ഉപ്പാനോട് കെഞ്ചുന്നുണ്ടാകും സമീർക്ക..."

ഹസി അതും പറഞ്ഞ് ചിരിച്ചോണ്ട് ഓളെ വീട്ടിലേക്ക് കേറി പോയി...

നമ്മള് ആണെങ്കിലോ പറഞ്ഞ പോലെ ഓൻ ഇന്ന് തന്നെ വന്നോ എന്ന് ചിന്തിച്ചോണ്ട് ഗേറ്റ് കടന്ന് ചെന്നു...

പുറത്ത് ഒരുപാട് ചെരുപ്പും അകത്ത് നിന്ന് പെണ്ണുങ്ങളെ വർത്താനവുമൊക്കെ കേട്ടപ്പൊ തന്നെ സമീർക്ക ആളെ കൂട്ടി വന്നതാകുമെന്ന് നമ്മള് ഉറപ്പിച്ചു... അതോണ്ട് തന്നെ അകത്തേക്ക് കേറാനും ഓരെ ഒക്കെ എങ്ങനെ ഫേസ് ചെയ്യും എന്നൊക്കെ ചിന്തിച്ചും നമ്മള് മുറ്റത്ത് തന്നെ നിന്നു.

അപ്പൊ തന്നെ ഉമ്മച്ചി വാതില് തുറന്ന് നമ്മളെ ഒന്ന് അടിമുടി നോക്കി.

"എന്താടീ അവിടെ തന്നെ നിക്ക്ണത്...വേഗം ഇങ്ങോട്ട് കേറി വന്ന് ഇത് ആരൊക്കെയാ വന്നിരിക്കുന്നതെന്ന് നോക്ക്..."

ഉമ്മച്ചി നോക്കി നമ്മള് ഒരു ഇളി പാസാക്കി കൊണ്ട് അകത്തേക്ക് കേറി ചെന്നു...

നമ്മള് വിചാരിച്ച പോലെ സമീർക്ക തന്നെയാണോ

അതോ ഇനി വേറെ വല്ലോരും ആണോന്ന് ചിന്തിച്ചോണ്ട് നമ്മള് സോഫയില് ഇരിക്കുന്ന മഹത് വ്യക്തികളെയൊന്ന് നോക്കി ...

അവരെ കണ്ടതും ഒരു നിമിഷം നമ്മള് പകച്ച് നിന്നെങ്കിലും ഇവരെന്താ ഇവിടെ എന്ന് ചിന്തിച്ചോണ്ട് നമ്മള് അവരെ നോക്കി ഒന്ന് ചിരിച്ച് കൊടുത്തു.

നിങ്ങളും നമ്മളും വിചാരിച്ച പോലെ സമീർക്ക അല്ലട്ടോ വന്നത്...ഫൈസൽക്കയും ഫസിയും അവരെ ഉപ്പയും ഉമ്മയുമാണ്.

ഇവരെന്തിനാ വന്നതെന്ന് ചിന്തിച്ച് നിൽക്കുമ്പോ ഫസി നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെയും കൂട്ടി ഓള് നമ്മളെ റൂമിലേക്ക് വന്നു...

റൂമിൽ എത്തിയപ്പൊ നമ്മള് ഓളെ കൈ വിടുവിച്ചിട്ട് ഓൾക്ക് ഒരു നുള്ള് കൊടുത്തു...

"എന്താടീ പെണ്ണേ അൻക്ക് എന്നും ഇല്ലാത്ത ഒരു ഇളക്കം ഇന്ന്...

എന്താ കാര്യം..?

എന്താ ഒരു മുന്നറിയിപ്പും ഇല്ലാതെ എല്ലാവരും കൂടി ഇങ്ങോട്ട്...?

പറയെടീ..."

"പറയാലോ....അതിന് തന്നെയല്ലേ ഞങ്ങൾ വന്നത്..."

"ഇങ്ങനെ സസ്പെൻസിടാതെ കാര്യം എന്താന്ന് വെച്ചാൽ പറഞ്ഞ് തൊലക്ക്..."

"അത്....എൻറെ കല്യാണം ഉറപ്പിച്ചു...അടുത്ത ആഴ്ച്ചയാണ് എങ്കേജ്മെൻറ്..."

"ഹേയ്... കൺഗ്രാറ്റ്സ് ടീ...ഇതൊക്കെ എപ്പൊ നടന്നു...?"

"ആ..അതൊക്കെ ഒരു വഴിക്ക് നടന്നു... 18 ആവാത്തോണ്ട് എങ്കേജ്മെൻറ് മാത്രം ഇപ്പൊ നടക്കും...കല്യാണം ഒരു വർഷം കഴിഞ്ഞിട്ടും..."

"ശൊ...സൂപ്പർ... കല്യാണം എന്ന് പറയുമ്പോൾ തന്നെ ഭയങ്കര നാണാണല്ലോ..."

എന്ന് പറഞ്ഞ് ഞങ്ങൾ ഒരുപാട് ചിരിച്ചു...ഞാനും ഫസിയും കൂടി കല്യാണത്തിൻറെ കാര്യവും പഴയ കാര്യങ്ങളുമൊക്കെ ഒരുപാട് സംസാരിച്ചു...

അപ്പോഴാണ് ഞങ്ങളെ ഇടയിലേക്ക് പെട്ടെന്ന് ഫൈസൽക്ക കേറി വന്നത്...

"ഡീ ഫസി...നിന്നെ താഴെ അവരൊക്കെ ചോദിക്കുന്നുണ്ട്, പോയി എന്താന്ന് ചോദിക്ക്..."

ഫൈസൽക്കാൻറെ വർത്താനം കേട്ടതും ഫസി പെട്ടെന്ന് എവിടെന്നോ വെളിവ് വന്ന പോലെ നമ്മളെ ഒരു നോട്ടം...

"ഹാ...ഇപ്പോഴാ ഒരു കാര്യം ഓർത്തത്...

എടി ഫെബീ...എൻറെ ഈ പുന്നാര ആങ്ങളക്ക് അന്നെ

ഭയങ്കര ഇഷ്ടാണ്...

അന്നെ കാണാൻ വേണ്ടിയാ മൂപ്പര് ഇങ്ങോട്ട് വന്നത്...

മറ്റന്നാളെ ദുബായിലേക്ക് പറക്കാൻ പോകാ... അതിനു മുന്നെ അന്നോട് ഇതൊക്കെ പറയണമെന്ന് എന്നെ ഏൽപ്പിച്ചതേന്നു...

അല്ലേ കാക്കൂ..."

ഫസി പറയുന്നത് കേട്ടിട്ട് നമ്മള് ഞെട്ടി തരിച്ചോണ്ട് ഫൈസൽക്കാനെ തിരിഞ്ഞ് നോക്കി. അപ്പൊ തന്നെ ഫൈസൽക്ക ഫസിൻറെ ചെവി പിടിച്ച് തിരിച്ചിട്ട് ഓളെ താഴേക്ക് പറഞ്ഞയച്ചു.

"ഫെബീ...താൻ ഓള് പറഞ്ഞതൊന്നും കാര്യാക്കണ്ട...ഓള് അത് ചുമ്മാ പറഞ്ഞതാ...

പിന്നെ ഞാൻ ഇപ്പൊ വന്നത് ഓള് പറഞ്ഞ പോലെ മറ്റന്നാളെ ഞാൻ പോകാണ്...

അപ്പൊ യാത്ര പറയാൻ വേണ്ടി വന്നതാ..."

ഫൈസൽക്കാനെ നോക്കി കൊണ്ട് നമ്മള് വേണോ

വേണ്ടയോ എന്ന രീതിയിൽ ഒന്ന് ചിരിച്ച് കൊടുത്തു...

അപ്പൊ മൂപ്പരും നമ്മളെ നോക്കി ഒന്ന് പുഞ്ചിരി തൂകി കൊണ്ട് തിരിഞ്ഞ് റൂമിൽ നിന്നും പോകാൻ നിന്നതും പെട്ടെന്ന് തിരിഞ്ഞിട്ട് നമ്മളെ നോക്കി.

"ഫെബീ....അത്...ചോദിക്കാന് വിട്ട് പോയി...ഇന്നലെ താഹിയെ തല്ലിയ ആ ചെക്കൻ ഏതാ..?

ഓൻ പറഞ്ഞ പോലെ ഓൻറെ പെണ്ണാണോ നീ..?

ഐ മീൻ...നിങ്ങൾ തമ്മിൽ ഇഷ്ടത്തിലാണോ..?"

ഫൈസൽക്കാൻറെ ചോദ്യം കേട്ടപ്പോഴാണ് നമ്മക്ക് ഓനോട് അങ്ങനെ ഒരു ഇഷ്ടമുള്ള കാര്യം നമ്മള് മനസ്സിലാക്കുന്നത്...

പക്ഷേ അത് നമ്മള് ഓനോട് പറയാത്ത സ്ഥിതിക്ക് ഫൈസൽക്കാനോട് വേറെ എന്തേലും പറഞ്ഞ് ഒന്ന് ഒഴിവാക്കാൻ നമ്മള് തീരുമാനിച്ചു...

"ഹെ..ഹെ...അങ്ങനെ ഒന്നുമില്ല ഫൈസൽക്ക...

അവനാണ് എന്നെ ഇഷ്ടം....എനിക്ക് അവനോട് അങ്ങനെ ഒന്നും ഇല്ല...ഇങ്ങള് എന്താ അങ്ങനെ ചോദിച്ചേ...?"

"ഞാൻ ചുമ്മാ വെറുതെ അറിയാൻ വേണ്ടി ചോദിച്ചെന്നേയുള്ളൂ...കാരണം ഇന്നലെ അൻറെ പേരും പറഞ്ഞ് ഓൻ തല്ലുണ്ടാക്കിയപ്പൊ ഓൻ പറഞ്ഞതില് സത്യമുണ്ടോന്ന് അറിയാൻ വേണ്ടി ജസ്റ്റ് ചോദിച്ചതാ...

അപ്പൊ ശരീന്നാ...നീ ഫസിൻറെ എങ്കേജ്മെൻറിന് ചെല്ലണം...എൻറെ ബോസ് ഓഫീസീന്ന് വിളിച്ച് പെട്ടെന്ന് ചെല്ലാൻ പറഞ്ഞിട്ടുണ്ട് അതോണ്ട് എനിക്ക് തിരിച്ച് പോയേ പറ്റൂ...

ഇനി അടുത്ത തവണ വരുമ്പൊ നമുക്ക് ഒന്ന് കാണണം..."

എന്ന് പറഞ്ഞ് നമ്മളെ നോക്കി ചിരിച്ചോണ്ട് ഫൈസൽക്ക താഴേക്ക് ഇറങ്ങി പോയി...

ഫൈസൽക്ക പറഞ്ഞതില് എന്തോ ഒരു കാര്യമുണ്ടല്ലോന്ന് ചിന്തിച്ച് നമ്മള് നിൽക്കുമ്പോഴാണ് ഫസി പറഞ്ഞ കാര്യം ഓർമ്മ വന്നത്.

"പടച്ചോനേ... ഇനി ഫസി പറഞ്ഞ പോലെ ഫൈസൽക്കാക്ക് എങ്ങാനും നമ്മളെ ഇഷ്ടായിരിക്കോ?

അതാകോ മൂപ്പര് പറഞ്ഞതിൻ്റെ പൊരുള്...?

അങ്ങനെ എങ്കിൽ നമ്മളെ സമീർക്ക എന്ത് ചെയ്യും...?

ഇഷ്ടം തുറന്ന് പറയുന്നതിന് മുൻപെ തന്നെ പിരിയേണ്ടി വരോ?

ചെ...ചെ...ഫൈസൽക്ക അതൊന്നും ആകില്ല ഉദ്ദേശിച്ചത്....

പിന്നെ എന്താ...?

ആ....നമ്മളെന്തിനാ അതൊക്കെ ചിന്തിച്ച് കൂട്ടുന്നെ...നമ്മള് അറിയേണ്ട കാര്യം ആണെങ്കിൽ അത് അറിയേണ്ട സമയത്ത് അറിഞ്ഞോളും...

ഇന്ന് ഇനി ഇപ്പൊ എന്തായാലും സമീർക്ക വരവുണ്ടാകില്ല...നാളെയാകും മൂപ്പര് വരാ...

ഇനി ചിലപ്പൊ അങ്ങേര് വരൂലേ പടച്ചോനേ...?

എന്നെ മൂപ്പർക്ക് ഇഷ്ടാണെങ്കിൽ എന്തായാലും മൂപ്പര് വരും എനിക്ക് ഉറപ്പാ...."

ഇങ്ങനെ ഒക്കെ ചിന്തിച്ച് കൂട്ടി നാളുകൾ കടന്ന് പോയത് മാത്രം മിച്ചം...പിന്നെ അതിന് ശേഷം നമ്മള് അങ്ങേരെ മഷിയിട്ട് നോക്കിയിട്ട് പോലും കണ്ടിട്ടില്ല...

തുടക്കമൊക്കെ ഹസിയും അച്ചുവും കൂടി ഇന്ന് വരും നാളെ വരും എന്നൊക്കെ പറഞ്ഞിരുന്നെങ്കിലും ദിവസം കൂടുന്തോറും അവർക്കും പ്രതീക്ഷ നഷ്ടപ്പെട്ടു...

ഓനെ സ്ഥിരം കാണാറുള്ള സൂപ്പർ മാർക്കറ്റിലോ ബസ് സ്റ്റോപ്പിലോ ഒന്നും ഓനെ പിന്നെ ഞങ്ങൾ ആരും കണ്ടില്ല...

ഓനെ കാണാതിരിക്കുന്ന ഓരോ നിമിഷവും ഞാൻ മനസ്സിലാക്കി ഓനെ ഞാൻ എത്രത്തോളം സ്നേഹിക്കുന്നുണ്ടെന്ന്...

ഓനോടുള്ള ഇഷ്ടം ഞാൻ ഹസിയോടും അച്ചൂനോടും പറഞ്ഞില്ലെങ്കിലും എൻറെ മാറ്റം കണ്ടപ്പോ അവർക്കും മനസ്സിലായി എനിക്ക് ഓനെ ഇഷ്ടാണെന്ന്...

അങ്ങനെ ഒരു ദിവസം ഞങ്ങൾ സ്കൂൾ വിട്ട് വരുമ്പോ...

"എടീ ഫെബീ...നിനക്ക് ഇനിയും തോന്നുന്നുണ്ടോ സമീർക്ക വരുമെന്ന്...?

ആദ്യമൊക്കെ എനിക്കും പ്രതീക്ഷ ഉണ്ടായിരുന്നെങ്കിലും ഇപ്പൊ തീരെയില്ല..."

ഹസി പറയുന്നത് കേട്ടിട്ട് നമ്മള് ഓളെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ച് കൊടുത്തു...

"നീ വല്ലാണ്ട് കിണിക്കണ്ട...ഹസി പറഞ്ഞ പോലെ

സമീർക്ക ഇനി വരുമെന്ന് എനിക്കും തോന്നുന്നില്ല..."

"എടി അച്ചു....അതിന് ഓൻ വന്നില്ലെന്ന് കരുതി എനിക്ക് ഒരു ചുക്കുമില്ല...ഓൻ വരില്ലാന്ന് നിങ്ങളോട് ഞാൻ ആദ്യമേ പറഞ്ഞതല്ലേ...

എനിക്ക് അറിയായിരുന്നു ഓൻ വരില്ലാന്ന്..."

"ഡീ ഫെബീ...നിന്നോട് തർക്കിക്കാൻ ഞങ്ങളില്ല...നിനക്ക് ഓനെ ഇഷ്ടാണെന്ന് ഞങ്ങൾക്ക് നന്നായിട്ട് അറിയാം...അത് ഇനി ഞങ്ങളോട് മറച്ച് വെക്കാൻ നോക്കണ്ടാ..."

"ശരിയാ അച്ചു...എനിക്ക് സമീർക്കയെ ഇഷ്ടാ...അത് മൂപ്പരെ കണ്ട് നേരിട്ട് പറയാൻ തന്നെയാ തീരുമാനം...

പക്ഷേ, അങ്ങേരെ പിന്നെ നമ്മളാരും കണ്ടിട്ടില്ലല്ലോ...പിന്നെ എങ്ങനെ ഞാൻ എൻറെ ഇഷ്ടം അറിയിക്കും...?"

നമ്മള് പറയുന്നത് കേട്ടിട്ട് അവര് രണ്ട് പേരും അന്തം

വിട്ട് തൊള്ളേം തുറന്ന് നമ്മളെ നോക്കി നിന്നു...

"എടീ ഫെബീ...നീ സീരിയസായിട്ട് പറയാണോ?
നിനക്ക് സമീർക്കാനെ ഇഷ്ടാണോ?" ഹസിയാണ്.

"ഓ....പച്ച മലയാളത്തിൽ അല്ലെടീ പോത്തേ ഞാൻ നിങ്ങളോട് പറഞ്ഞത് എനിക്ക് ഓനെ ഇഷ്ടാണെന്ന്..
എന്താ ചെവി കേൾക്കില്ലേ?"

"ഫെബീ...നീ ഇങ്ങനെ ഇത്ര പെട്ടെന്ന് അത് സമ്മതിച്ച് തരുമെന്ന് ഞങ്ങൾ ആരും സ്വപ്നത്തിൽ പോലും വിചാരിച്ചിട്ടില്ല...അതോണ്ട് കേട്ടത് വിശ്വസിക്കാൻ പറ്റുന്നില്ല മോളേ..."

അച്ചൂൻ്റെ വർത്താനം കേട്ടിട്ട് നമ്മള് ഓളെ നോക്കി ഒന്ന് ചിരിച്ചു.

"എനിക്ക് നിങ്ങളോട് ഒന്നും മറച്ച് വെക്കേണ്ട കാര്യമില്ല... ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ ഇതൊക്കെ അറിയുമെന്ന്

എനിക്ക് ഉറപ്പാ...

പിന്നെ എന്തിനാ ഞാൻ ഇത് ഒളിക്കുന്നത്...."

"എടീ ഫെബീ...എല്ലാം ഓക്കേ...പക്ഷേ നിൻറെ ഇഷ്ടം നീ എങ്ങനെ സമീർക്കാനെ അറിയിക്കും?

മൂപ്പരെ ഇപ്പൊ നമ്മള് കാണാറില്ലല്ലോ..."

"അതൊന്നും എനിക്ക് അറിയില്ല അച്ചു....എന്നെങ്കിലും ഒരിക്കൽ എൻറെ കൺമുന്നിൽ വന്ന് പെടുമല്ലൊ അന്ന് എല്ലാവരും കേൾക്കേ ഞാൻ വിളിച്ച് കൂവും എനിക്ക് സമീർക്കാനെ ഇഷ്ടാണെന്ന്..."

നമ്മള് പറയുന്നത് കേട്ടിട്ട് ഹസി തൊള്ളേം തുറന്ന് നിൽക്കുന്നത് കണ്ടിട്ട് നമ്മള് ചിരിച്ചോണ്ട് ഓളെ വാ അടച്ചു. അപ്പൊ തന്നെ അച്ചു നമ്മളെ തോണ്ടി കൊണ്ട് ഒരു ചോദ്യം...

"ഫെബീ...നീ ഇങ്ങനെ ഒക്കെ മനസ്സിൽ കൊണ്ട് നടന്നിട്ട് ഒടുവിൽ ഓൻ അന്നെ വേണ്ടാന്നും അൻറെ പിന്നാലെ

ചുമ്മാ ടൈം പാസ്സിന് നടന്നതാണെന്നും ഓൻ പറഞ്ഞാലോ...?

അപ്പൊ നീ എന്താ ചെയ്യാ?"

അച്ചു പറയുന്നത് കേട്ടപ്പൊ നമ്മളെ മുഖത്തെ ചിരി മാഞ്ഞ് പോയി നമ്മള് കരയാൻ തുടങ്ങി...

"എന്ത് ചെയ്യാനാ...?

ഇതുപോലെ ഒരുപാട് കരയും...ഓനെ ഒരുപാട് പ്രാകും...ഓൻ്റെ പിന്നാലെ നടന്ന് കരഞ്ഞ് കാല് പിടിക്കും

എന്നൊന്നും നിങ്ങള് കരുതണ്ടാ...ഇത് ആയിഷ ഫെബിയാ...ഓൻ എങ്ങാനും ടൈം പാസ്സിനാണ് നമ്മളെ പിന്നാലെ നടന്നത് എങ്ങാനും ഓൻ പറഞ്ഞാൽ....

പിന്നെ ഓൻ്റെ മയ്യിത്താകും..."

കരഞ്ഞോണ്ട് നിന്ന നമ്മളെ ഭാവം പെട്ടെന്ന് മാറി യഥാർത്ഥ ഫെബിയായി മാറിയപ്പൊ ഹസിയും അച്ചുവും കൂടി ഓടി വന്ന് നമ്മളെ കെട്ടി പിടിച്ചു...

"ഞങ്ങൾക്ക് അറിയായിരുന്നു ഫെബി അങ്ങനെ വല്ലതും നടന്നാൽ നീ ആരാണെന്ന് ഓന് നന്നായി അറിയിച്ച് കൊടുക്കുമെന്ന്..." അച്ചുവാണ്.

"നീ പെട്ടെന്ന് ഇവള് ചോദിക്കുന്നത് കേട്ട് കരയുന്നത് കണ്ടപ്പൊ ഞാൻ കരുതി നീ ഓൻ കാരണം ഇത്രക്ക് ദുർബല ആയോന്ന്...ഇപ്പോഴാ സമാധാനയത്..."

ഹസിൻറെ പറച്ചില് കേട്ടിട്ട് നമ്മള് നല്ലോണം ഒന്ന് പൊട്ടിച്ചിരിച്ചു...

"ഡീ ഫെബീ....എന്നാ പിന്നെ അധികം വൈകിപ്പിക്കാതെ നമുക്ക് ഇത് സമീർക്കാനെ അറിയിക്കണ്ടേ...കാരണം, നാളെ മുതൽ ഓണം വെക്കേഷനാ...ഇനി ഓനെ കണ്ടെത്തുക എന്നത് ഭയങ്കര റിസ്കാവും..." അച്ചുവാണ്.

"എടീ ഫെബി...നമുക്ക് ഒരു കാര്യം ചെയ്താലോ...

ദിയയെ വിളിച്ച് ഓളോട് സമീർക്കാൻറെ പറ്റി ചോദിച്ചാലോ?

പറ്റിയാൽ മൂപ്പരെ നമ്പറും വാങ്ങാം..." ഹസിയാണ്.

"എന്തിനാ നമ്പർ മാത്രം ആക്കുന്നേ ഓൻറെ അഡ്രസും കൂടി വാങ്ങാം..."

"ആ...അത് കൊള്ളാം എന്നാ പിന്നെ ഓൻറെ വീട്ടിലേക്ക് പോയി അന്വേഷിക്കാലോ.." ഹസിയാണ്.

"ഒരൊറ്റ വീക്ക് വെച്ച് തന്നാലുണ്ടല്ലോ...ഇതൊക്കെ ദിയയോട് പോയി ചോദിച്ചാലേ ഓള് എന്തിനാന്ന് തിരിച്ച് ചോദിക്കുമ്പൊ നമ്മള് എന്ത് ഉത്തരം നൽകും..?

എനിക്ക് അങ്ങേരെ ഇഷ്ടാണെന്ന് പറയേ...എന്നാ പിന്നെ ഓള് അത് അപ്പൊ തന്നെ ദിലൂനോടും സമീർക്കാനോടുമൊക്കെ പറയും...

അതോടെ എനിക്ക് മൂപ്പരോട് നേരിട്ട് ഇഷ്ടം പറയാനുള്ള മൂഡും പോകും...

അതോണ്ട് തൽക്കാലം അതൊന്നും വേണ്ട...

എന്താ വേണ്ടതെന്ന് ഞാൻ ഒന്ന് ആലോചിക്കട്ടെ...എന്നിട്ട് നിങ്ങളെ വിളിക്കാം...ഓക്കേ...?"

"ഓക്കേ..."

അവര് രണ്ടും കൂടി നമ്മളെ കാത് അടപ്പിക്കുന്ന ഉച്ചത്തിൽ ഓക്കേ പറഞ്ഞിട്ട് ഞങ്ങൾ രണ്ട് വഴിക്ക് തിരിഞ്ഞു...

അച്ചു പോയപ്പൊ ഹസിയോട് എന്താ ചെയ്യേണ്ടതെന്ന് ചർച്ച ചെയ്തോണ്ട് ഞങ്ങൾ വീട്ടിലേക്ക് പോയി...

നമ്മള് വീട്ടിൽ എത്തിയപ്പൊ മൂത്താപ്പയും ഉമ്മയും കൂടി എന്തോ സംസാരിക്കേന്നു...

നമ്മളെ കണ്ടതും ഉമ്മച്ചി കരഞ്ഞോണ്ട് നമ്മളെ വന്ന് കെട്ടി പിടിച്ചു...

എന്താ സംഭവമെന്ന് അറിയാതെ നമ്മള്

മൂത്താപ്പാനേയും ഉമ്മച്ചിനേയും മിഴിച്ച് നോക്കി...

എന്താ കാര്യമെന്ന് മൂത്താപ്പാനോട് ചോദിച്ചപ്പൊ നമ്മളോടും ഉമ്മച്ചിനോടും വേഗം റെഡിയായി വരാൻ പറഞ്ഞു... നമ്മള് എന്താ കാര്യമെന്ന് വീണ്ടും വീണ്ടും ചോദിച്ച് ശല്യം ചെയ്തപ്പൊ മൂത്താപ്പ നമ്മളോട് അത് പറഞ്ഞു...

ഉപ്പച്ചി നെഞ്ച് വേദന വന്ന് ഹോസ്പിറ്റലിലാണെന്ന്....അത് കേട്ടപ്പൊ നമ്മളെ കണ്ണില് ഇരുട്ട് കേറുന്ന പോലെ തോന്നി...എനിക്ക് ഇപ്പൊ ഉപ്പച്ചിനെ കാണണമെന്ന് പറഞ്ഞ് വാശി പിടിച്ച് കരഞ്ഞ് അപ്പൊ തന്നെ ഹോസ്പിറ്റലിലേക്ക് പോയി...

ഷാദിയേയും സിനൂനേയും ഹസിൻ്റെ വീട്ടിൽ ആക്കിയിട്ടാണ് ഞങ്ങൾ പോയത്...

അവിടെ എത്തിയപ്പോ ഉപ്പച്ചി ഐസിയുവിൽ ആയിരുന്നു... ഉപ്പച്ചിക്ക് ഓപ്പറേഷൻ നടന്നോണ്ടിരിക്കാണ് എന്നൊക്കെ മൂത്താപ്പ പറഞ്ഞു.

അതൊക്കെ കൂടി കേട്ടപ്പൊ നമ്മക്ക് സമനില തെറ്റുന്ന പോലെ തോന്നി... എനിക്ക് ഉപ്പാനെ കാരണമെന്ന് പറഞ്ഞ് നമ്മള് ഐസിയുവിൻ്റെ പുറത്ത് നിന്ന് കരഞ്ഞു...

അപ്പോഴേക്കും താഹിൻ്റെ ഉമ്മയും താഹിയും അവിടെ എത്തിയിരുന്നു... താഹി നമ്മളേയും കൂട്ടി അവിടന്ന് വലിച്ച് പുറത്തേക്ക് കൊണ്ട് പോയി...

ഓൻ എന്തൊക്കെയോ പറഞ്ഞ് നമ്മളെ ഒരുപാട് ആശ്വസിപ്പിച്ചെങ്കിലും നമ്മക്ക് അതൊന്നും തലേല് കേറുന്നില്ലേന്നു...നമ്മള് അപ്പൊ താഹിയോടും പറഞ്ഞത് ഉപ്പച്ചിനെ കാണണം എന്ന് മാത്രായിരുന്നു...

താഹി അപ്പൊ നമ്മളേയും കൂട്ടി കാൻ്റീനിലേക്ക് കൊണ്ട് പോയി... നമ്മള് ഒരുപാട് തവണ ഓനോട് വരുന്നില്ലാന്ന് പറഞ്ഞെങ്കിലും ഓൻ അതൊന്നും കേൾക്കാത്ത മട്ടിൽ നമ്മളെ വലിച്ച് കൊണ്ട് പോയി ഒരു കസേരയിൽ ഇരുത്തി.

എന്നിട്ട് രണ്ട് കോഫിയും പപ്സും ഓഡറ് ചെയ്തു...

"ഹും...ഇന്നാ നല്ല ചൂട് കോഫിയും പപ്സും...
സ്കൂൾ വിട്ട് വന്നിട്ട് ഇത്രയും നേരം നീ ഒന്നും കഴിച്ച് കാണില്ലാന്ന് എനിക്ക് അറിയാ...ഇത് കഴിച്ചോ.."

"എനിക്കൊന്നും വേണ്ട താഹീ...എനിക്ക് എൻ്റെ ഉപ്പച്ചിനെ ഒരു തവണ കണ്ടാൽ മാത്രം മതി..."

"ഓപ്പറേഷൻ കഴിഞ്ഞിട്ടല്ലെയുള്ളൂ...കുറച്ച് കഴിയട്ടെ അപ്പൊ കാണാൻ പോകാം...ഇപ്പൊ നീയിത് കഴിക്കാൻ നോക്ക് അല്ലെങ്കിൽ കോഫിൻ്റെ ചൂട് പോകും..."

"എനിക്ക് വേണ്ട താഹീ... എനിക്ക് വിശപ്പില്ല..."

"ഡീ...അറുപിശുക്കനായ എൻ്റെ കയ്യീന്നൊക്കെ ഒരു കോഫിയും പപ്സും കിട്ടാന്നൊക്കെ പറഞ്ഞാലേ നിനക്ക് അതിൽപരം ഭാഗ്യമൊന്നും ഇല്ല...അതോണ്ട് ഇപ്പൊ ഇത് കഴിക്കുന്നതാകും നല്ലത് പിന്നെ ഈ ഭാഗ്യം നിനക്ക് കിട്ടിയെന്ന് വരില്ല..."

താഹി പറയുന്നത് കേട്ടിട്ട് നമ്മക്ക് ചിരി വന്നെങ്കിലും നമ്മള് ഓനെ നോക്കി ഒന്ന് പുഞ്ചിരിച്ചിട്ട് വീണ്ടും വേണ്ടാന്ന് പറഞ്ഞ് ഓൻറെ നേരെ കോഫിയും പപ്സും നീക്കി വെച്ചു...

"ഡീ...നീ വേണ്ടാ വേണ്ടാന്ന് വെക്കുമ്പൊ എൻറെ തലേൽ കേറി നെരങ്ങാ ...

നിൻറെ അണ്ണാക്കിലേക്ക് തള്ളാനായിട്ട് ഇല്ലാത്ത കാശും കൊടുത്ത് ഇത് വാങ്ങിച്ചപ്പൊ നിനക്ക് തിന്നാൻ വയ്യല്ലേ...

നിന്നെ കൊണ്ട് ഇത് തീറ്റിക്കാൻ പറ്റോന്ന് ഞാനൊന്ന് നോക്കട്ടെ..."

എന്ന് നമ്മള് കേൾക്കേ ഉച്ചത്തിൽ ചൂടായി കൊണ്ട് പറഞ്ഞിട്ട് താഹീ നമ്മളെ നേരെ ആ പപ്സ് നീട്ടി.നമ്മള് വാ അടച്ച് പിടിച്ചോണ്ട് വേണ്ടാന്ന് തലയാട്ടി കൊണ്ടിരുന്നു.

"കഴിക്കടി ഇത്... ഇല്ലെങ്കിൽ എന്നെ ചവിട്ടിയ ഓനും

നീയും തമ്മിൽ ഇഷ്ടത്തിലാണെന്ന് ഞാൻ എല്ലാവരോടും പോയി പറയും..."

താഹി പറയുന്നത് കേട്ട് അപ്പൊ തന്നെ നമ്മള് ആ പപ്സ് ഓൻ്റെ കയീന്ന് കഴിച്ചു.കൂടെ ഓൻ്റേ വിരലിന് നോക്കി ഒരു കടിയും അങ്ങ് കൊടുത്തു...

"ഡീ...എൻ്റെ കയ്യും നീ ആ ഗ്യാപ്പില് തിന്നുന്നുണ്ടോ...ഭദ്രകാളി..."

ഓൻ്റെ പറച്ചില് കേട്ട് നമ്മള് ഓനെ നോക്കി ഒന്ന് നല്ലോണം ചിരിച്ച് കൊടുത്തിട്ട് ആ പപ്സ് മൊത്തം ഒറ്റയിരിപ്പിന് കാലിയാക്കി...

"അങ്ങനെ വഴിക്ക് വാ മോളേ...നിന്നെ കൊണ്ട് എങ്ങനെ ഇതൊക്കെ കഴിപ്പിക്കണമെന്ന് എനിക്ക് നന്നായിട്ട് അറിയാമെന്ന് ഇപ്പൊ മനസ്സിലായില്ലേ?"

നമ്മള് താഹിൻ്റെ വർത്താനം കേട്ടിട്ട് ഓനെ നോക്കി

ഒന്ന് പുച്ഛിച്ചു...ഓൻ ബദിലിന് നമ്മളെ നോക്കി ഇളിച്ച് തന്നു.അത് കണ്ടപ്പൊ അതുവരെ ഉണ്ടായിരുന്ന സങ്കടങ്ങളൊക്കെ മറന്ന് നമ്മള് ഓനെ നോക്കി ചിരിച്ചു.

അങ്ങനെ കോഫിയൊക്കെ കുടിച്ച് ഞങ്ങൾ രണ്ട് പേരും കൂടി കാൻറീനിൽ നിന്നും ഇറങ്ങിയപ്പൊ എതിരെ വന്ന ഒരുത്തനുമായിട്ട് താഹി കൂട്ടി മുട്ടി...

താഹി തിരിഞ്ഞിട്ട് അയാളോട് സോറി പറഞ്ഞ് നടന്നപ്പൊ നമ്മളും അയാളെ ഒന്ന് തിരിഞ്ഞ് നോക്കി...

അയാളെ കണ്ടതും നമ്മള് ഞെട്ടി കൊണ്ട് അവിടെ തന്നെ സ്തംഭിച്ച് നിന്നു...

'വിഷ്ണുവേട്ടൻ....'

(തുടരും)

ഭാഗം. 71

താഹി തിരിഞ്ഞിട്ട് അയാളോട് സോറി പറഞ്ഞ്

നടന്നപ്പൊ നമ്മളും അയാളെ ഒന്ന് തിരിഞ്ഞ് നോക്കി. അയാളെ കണ്ടതും നമ്മള് ഞെട്ടി കൊണ്ട് അവിടെ സ്തംഭിച്ച് നിന്നു...

'വിഷ്ണുവേട്ടൻ...'

തലയിലും കയ്യിലുമൊക്കെ കെട്ടോടെയാണ് നമ്മള് വിഷ്ണുവേട്ടനെ കണ്ടത്... മൂപ്പര് തന്നെയാണോ അതെന്ന് ഉറപ്പിക്കാൻ എനിക്ക് ഒരു തവണ കൂടി തിരിഞ്ഞ് നോക്കേണ്ടി വന്നു...

വിഷ്ണുവേട്ടൻ നമ്മളെ കണ്ടിട്ടില്ലേന്നു. അതോണ്ട് തന്നെ നമ്മള് വിഷ്ണുവേട്ടന് എന്തു പറ്റിയെന്ന് ചിന്തിച്ചോണ്ട് മൂപ്പരെ അടുത്തേക്ക് പോകാൻ നിന്നപ്പോഴേക്കും താഹി വന്ന് നമ്മളെ പിടിച്ച് ഐസിയുവിൻറെ അടുത്തേക്ക് കൊണ്ട് പോയി...

അപ്പൊ ഉമ്മയും അമ്മായിയും കൂടി നമ്മളോട് ഉപ്പച്ചിനെ കാണണെങ്കിൽ പോയി കണ്ടോ എന്ന് പറഞ്ഞ് നമ്മളെ ഐസിയുവിലേക്ക് വിട്ടു...

മനസ്സിനെ കല്ലാക്കി കൊണ്ടായിരുന്നു നമ്മള് ഓരോ അടിയും മുന്നോട്ട് വെച്ചത്...

നമ്മക്ക് വഴികാട്ടി ആയി കൊണ്ട് നമ്മളെ മുന്നിൽ ഒരു നഴ്സും ഉണ്ടായിരുന്നു...

നമ്മള് അങ്ങനെ നഴ്സിൻ്റെ പിന്നാലെ പോകുമ്പോ പെട്ടെന്ന് നമ്മളെ ഷോള് ഒരു ബെഡിൽ കുരുങ്ങി നിന്നു...

നമ്മള് അത് ശരിയാക്കിയിട്ട് അവിടന്ന് തിരിഞ്ഞപ്പോഴാണ് കർട്ടൻ്റെ മറവിലൂടെ നമ്മളാ മുഖം കണ്ടത്...

അത് സമീർക്ക ആയിരുന്നു... നമ്മളത് സമീർക്ക ആവല്ലെ പടച്ചോനേ എന്ന് മനമുരുകി പ്രാർത്ഥിച്ചോണ്ട് ആ കർട്ടൻ നീക്കിയതും നമ്മളെ ആ നഴ്സ് ചൂടാകാൻ തുടങ്ങി...

അതോണ്ട് നമ്മക്ക് അത് സമീർക്ക തന്നെയാണോന്ന് ഉറപ്പിക്കാൻ കഴിഞ്ഞില്ല...

നമ്മള് നഴ്സിനോട് സോറി പറഞ്ഞിട്ട് നമ്മളെ

ഉപ്പച്ചിൻറെ അടുത്തേക്ക് ചെന്നു...

നമ്മളെ നഴ്സ് ചീത്ത പറയുന്നത് കേട്ടിട്ട് വാ പൊത്തി ചിരിക്കായിരുന്നു നമ്മളെ പുന്നാര വാപ്പ...

അതോണ്ട് തന്നെ നമ്മള് ചെന്ന പാടെ മൂപ്പരെ കയ്യിന് നല്ല നുള്ള് വെച്ച് കൊടുത്തു...

ഉപ്പച്ചി എരിവ് വലിച്ചോണ്ട് നമ്മള് നുള്ളിയ ഭാഗത്ത് തടവിയിട്ട് വീണ്ടും നമ്മളെ നോക്കി ചിരിച്ചു...

"വല്ലാണ്ട് കിണിക്കല്ലിട്ടാ...കാണാൻ അത്ര വല്യ രസൊന്നുല്യാ...

ഇങ്ങക്ക് ഒക്കെ നെഞ്ച് വേദന എങ്ങനെയാ വന്നത് അത്ഭുതപ്പെട്ടോണ്ട് അത് ചോദിക്കാന് വന്നതാ ഞാൻ... കാരണം ഇങ്ങക്ക് നെഞ്ചൊന്നും ഇല്ലല്ലോ അതൊക്കെ വലിച്ച് നീരാവിയാക്കി കാണില്ലേ..."

"അന്നെ ഇപ്പൊ എന്തിനാ ആ നഴ്സ് ചീത്ത പറഞ്ഞത്?"

"ആ തള്ളക്ക് ഭ്രാന്ത്...എൻറെ ഷോള് ഇതിൻറെ

അപ്പുറത്തുള്ള ബെഡില് കുരുങ്ങി, അപ്പൊ ഞാൻ അത് നേരാക്കുന്നതിന് ഇടക്ക് ആ ബെഡില് കിടക്കുന്ന ആളെ എവിടെയോ കണ്ട നല്ല പരിചയം പോലെ തോന്നി...

അതോണ്ട് അതാരാന്ന് കൺഫോം ചെയ്യാൻ വേണ്ടി ആ കർട്ടനൊന്ന് നീക്കി നോക്കിയതാ എൻറെ പൊന്നോ...

അതിനാ ആ തള്ള ഇങ്ങനെ കെടന്ന് തുള്ളുന്നത്..?"

"അൻക്ക് അതാരാന്ന് അറിയോ...?

രണ്ടാഴ്ച പോലെ ആയിക്ക്ണ് ആ ചെക്കൻ അങ്ങനെ കെടക്കാൻ തുടങ്ങിയിട്ട്...

ഓനും ഓൻറെ ചെങ്ങായിം കൂടി ബൈക്കില് പോകുമ്പൊ ആക്സിഡൻറ് ആയതാത്ര...

ഇവൻറെ ചെങ്ങായിക്ക് അധികം കൊഴപ്പൊന്നുല്യാ തെ രക്ഷപ്പെട്ടെങ്കിലും ഇവന് ആ വണ്ടിൻറെ അടീല് പെട്ട് പോയത്ര...

ഇതുവരെ ഓന് ബോധം വന്നിട്ടില്ല.."

"ഇങ്ങളോട് ആരാ ഇതൊക്കെ പറഞ്ഞത്?"

"ഇവിടെ ഉള്ള നഴ്സുമാര് തമ്മിൽ സംസാരിക്കുന്നത് കേട്ടതാ...ഓർക്കൊക്കെ ഒഴിവ് കിട്ടുമ്പൊ അതൊക്കെ അല്ലേ പറയാനുള്ളൂ..."

ഉപ്പച്ചിൻറെ വർത്താനം കേട്ടപ്പൊ നമ്മള് മൂപ്പരെ നോക്കി നല്ലോണം ഒന്ന് മൂളി കൊടുത്തു...

അപ്പൊ അങ്ങോട്ട് ഡോക്ടർ വന്നിട്ട് പറഞ്ഞു കുറച്ച് കഴിഞ്ഞാൽ ഉപ്പച്ചിനെ സ്പെഷ്യൽ വാർഡിലേക്ക് മാറ്റാമെന്ന്...നമ്മള് ഡോക്ടറോട് താങ്ക്സൊക്കെ പറഞ്ഞിട്ട് തിരിച്ച് ഐസിയുവിൽ നിന്ന് പോരാൻ നിന്നപ്പൊ നമ്മള് വീണ്ടും ആ കർട്ടൻ മാറ്റാൻ ഒരു ശ്രമം നടത്തി...

അപ്പൊ തന്നെ ആ നഴ്സ് പെമ്പറന്നോത്തി നമ്മളെ അവിടന്ന് ആട്ടിപായിച്ചു...

നമ്മള് ഐസിയുവീന്ന് ചിരിച്ചോണ്ട് ഇറങ്ങി വരുന്നത്

കണ്ടിട്ട് എല്ലാവരും കൂടി നമ്മളെ നോക്കാൻ തുടങ്ങി...

നമ്മള് അവർക്കൊന്നും മുഖം കൊടുക്കാതെ പെട്ടെന്ന് ഉമ്മച്ചിൻ്റെ അടുത്ത് പോയി ഇരുന്നു...

കുറച്ച് കഴിഞ്ഞപ്പൊ ഒരു നഴ്സ് വന്നിട്ട് ഒരു മരുന്നിൻ്റെ പ്രിസ്ക്രിപ്ഷൻ ഉമ്മച്ചിൻ്റെ നേരെ നീട്ടിയിട്ട് അത് വാങ്ങി കൊണ്ട് വരാൻ പറഞ്ഞു...

മൂത്താപ്പയും അമ്മായിയും കൂടി പുറത്തേക്ക് പോയതോണ്ട് താഹിയും ഉമ്മച്ചിയും കൂടി മരുന്ന് വാങ്ങിക്കാൻ വേണ്ടി പോയി...

അപ്പൊ ഉമ്മച്ചി കയ്യിൽ ഉണ്ടായിരുന്ന തസ്ബീഹ് മാല നമ്മക്ക് തന്നിട്ടാണ് പോയത്...

നമ്മള് അത് കയ്യിൽ പിടിച്ച് ഓരോ സ്വലാത്ത് ചൊല്ലുമ്പോഴും നമ്മളെ മനസ്സിലേക്ക് ഓടി വന്നത് സമീർക്കാൻ്റെ മുഖം മാത്രമായിരുന്നു...

അവിടെ ഉണ്ടായിരുന്നത് സമീർക്ക തന്നെയാകോ എന്ന് ആലോചിച്ച് നമ്മക്ക് കരച്ചിൽ വരുന്ന പോലെ തോന്നി...

അപ്പോഴാണ് നമ്മള് ഇരിക്കുന്ന കസേരയിൽ നിന്നും കുറച്ച് മാറി ഒരു ഉമ്മ തലക്ക് താങ്ങും കൊടുത്തോണ്ട് കരയുന്നത് കണ്ടത്...

അതിൻറെ ഭർത്താവ് എന്ന് തോന്നിപ്പിക്കുന്ന ആള് അവരെ സമാധാനിപ്പിക്കാൻ നോക്കുന്നുണ്ട്...

കുറച്ച് കഴിഞ്ഞപ്പൊ അയാൾക്ക് ഒരു കോള് വന്നിട്ട് അവിടന്ന് എണീറ്റ് പുറത്തേക്ക് പോയി... അപ്പൊ ആ ഉമ്മ അവിടെ കരഞ്ഞ് തളർന്ന് ഇരിക്കേന്നു...

എന്തോ അവരെ കണ്ടപ്പോൾ ഒന്ന് അടുത്ത് ഇരുന്ന് ആശ്വസിപ്പിക്കണമെന്ന് നമ്മക്ക് തോന്നി പോയി...

അതോണ്ട് നമ്മള് എണീറ്റ് അവരെ അടുത്ത് പോയി ഇരുന്നു...

അപ്പോഴേക്കും ഉമ്മച്ചിയും താഹിയും മരുന്ന് വാങ്ങി വന്നിരുന്നു... അപ്പൊ നഴ്സ് പറഞ്ഞു ഉപ്പച്ീനെ ഇപ്പൊ വാർഡിലേക്ക് മാറ്റുമെന്ന്...അതോണ്ട് അവര് രണ്ട് പേരും കൂടി ഐസിയുവിൻറെ മുന്നിൽ തന്നെ

നിന്നു...

നമ്മള് അപ്പൊ അവരെ എങ്ങനെ ആശ്വസിപ്പിക്കുമെന്ന് ആലോചിച്ച് ഇരിക്കേന്നു...

ഒടുവിൽ നമ്മള് അവരെ കയ്യിൽ പിടിച്ചിട്ട് ഉമ്മച്ചി നമ്മക്ക് തന്ന തസ്ബീഹ് മാല അവരെ കയ്യിലേക്ക് വെച്ച് കൊടുത്തിട്ട് കൈ അടച്ചു...

"പേടിക്കണ്ടെ... പടച്ചോൻ കൂടെയുണ്ടാകും...ഇങ്ങളെ കണ്ണീരും പ്രാർത്ഥനയും പടച്ചോൻ കാണാതെ പോകില്ല..."

എന്ന് നമ്മള് പറഞ്ഞപ്പൊ അവര് നമ്മളെ നിറമിഴികളോടെ നോക്കി നിന്നിട്ട് ഒരു പുഞ്ചിരി തന്നു...

അപ്പൊ തന്നെ താഹി നമ്മളെ വിളിച്ചിട്ട് ഉപ്പാനെ കൊണ്ട് പോകേണ്ട വാർഡിലേക്ക് കൂട്ടി കൊണ്ട് പോയി...

അവിടെ എത്തിയപ്പൊ ആ റൂമിൽ രണ്ട് ബെഡാണ് ഉണ്ടായിരുന്നത്... ഉപ്പച്ചിൻറേത് ഡോറിനടുത്തുള്ള ബെഡായിരുന്നു...

അവിടെ സാധനങ്ങൾ ഒക്കെ കൊണ്ട് വെച്ചിട്ട് വിരിപ്പൊക്കെ ശരിക്ക് വിരിച്ചപ്പോഴേക്കും ഉപ്പച്ചിനെ കൊണ്ട് വന്നിരുന്നു...

നാല് ദിവസം കഴിഞ്ഞാൽ ഡിസ്ചാർജ് ആകാമെന്ന് പറഞ്ഞ് ഡോക്ടർ പോയി...

പിന്നെ അങ്ങോട്ട് നേരം ഇരുട്ടുന്ന വരെ വിസിറ്റേഴ്സിൻറെ ബഹളായിരുന്നു അവിടെ...

കുറച്ച് കഴിഞ്ഞപ്പൊ എല്ലാവരും അവിടന്ന് പോയി നമ്മളും ഉമ്മച്ചിയും ഉപ്പച്ചിയും മാത്രായി ആ റൂമില്...

അവര് പോയതും ഇതുവരെ മിണ്ടാപ്പൂച്ചയെ പോലെ ഇരുന്ന നമ്മളെ പുന്നാര ഉമ്മച്ചി ഉപ്പച്ചിൻറെ നേരെ കൊരച്ച് ചാടാൻ തുടങ്ങി...

ഉപ്പച്ചിൻറെ സിഗററ്റ് വലിയാണ് ഇതിനോക്കെ

കാരണമെന്ന് പറഞ്ഞ് ഉമ്മച്ചി ഒരുപാട് പറഞ്ഞു...

ആ നേരത്ത് ഉപ്പച്ചിൻറെ മുഖം കണ്ടപ്പൊ നമ്മക്ക് ഓർമ്മ വന്നത് നേരത്തെ ആ നഴ്സിൻറെ മുന്നിൽ വെച്ച് നമ്മള് സസി ആയതേന്നു...അതോണ്ട് അപ്പൊ ഉപ്പച്ചി നമ്മളെ നോക്കി കളിയാക്കിയ പോലെ തിരിച്ച് നമ്മളും കളിയാക്കി ചിരിച്ചു...

അന്ന് രാത്രി ഉമ്മച്ചി അവിടെ ഉണ്ടായിരുന്ന ഒരു ബെഞ്ചിലും കിടന്നു നമ്മള് ആണെങ്കിൽ തൊട്ടടുത്തുണ്ടായിരുന്ന ബെഡിലും കേറി കിടന്നു...

പുലർച്ചെ ഒരു മൂന്ന് മണിയോട് അടുത്തപ്പോഴുണ്ട് നമ്മളെ ആരോ തട്ടി വിളിക്കുന്നു...

കണ്ണ് തുറന്ന് നോക്കിയപ്പൊ നമ്മള് കണി കണ്ടത് ആ നഴ്സിനെ ആയിരുന്നു...

അവരെ മോന്ത കണ്ടപ്പൊ തന്നെ നമ്മള് ഞെട്ടി എണീറ്റിട്ട് ആ ബെഡ് ഒഴിഞ്ഞ് കൊടുത്തു...

നമ്മളെ എണീക്കല് കണ്ടിട്ട് നമ്മളെ പുന്നാര ഉപ്പച്ചി നമ്മളെ നോക്കി കൊണ്ട് കുലുങ്ങി ചിരിക്കാണ്...

അതോണ്ട് നമ്മള് മൂപ്പർക്ക് അപ്പൊ തന്നെ ഒരു നുള്ള് കയ്യിന് നോക്കി ഒന്ന് കൊടുത്തിട്ട് പുച്ഛിച്ച് തള്ളി...

നമ്മള് നേരത്തെ കണ്ട ആ ഉമ്മ ആയിരുന്നു ആ ബെഡിലേക്ക് വന്നത്...അവര് നമ്മളെ കണ്ടപ്പൊ തന്നെ ഒരു പുഞ്ചിരി നമ്മക്ക് തന്നു...

നമ്മളും തിരിച്ച് ഒരു ചിരി പാസാക്കിയിട്ട് അവിടെ കിടന്ന ഒരു സ്റ്റൂളില് ഇരുന്ന് ഉപ്പച്ചിൻറെ ബെഡില് തല വെച്ച് കിടന്നു...

അപ്പൊ ഉപ്പച്ചി നമ്മളെ തലയിൽ തലോടി കൊണ്ട് നമ്മളെ നോക്കി ചിരിച്ചു...

നമ്മള് ഉപ്പച്ചിൻറെ കയ്യിൽ തല വെച്ച് പതിയെ ഉറക്കിലേക്ക് വഴുതി വീണു...

ആരുടെയൊക്കെയോ സംസാരം കേട്ടിട്ടാണ് നമ്മള്നമ്മള് പിന്നെ കണ്ണ് തുറന്നത്...

നോക്കുമ്പോൾ നമ്മളെ തൊട്ടടുത്ത് ഉണ്ടായിരുന്ന ബെഡിനും ഉപ്പച്ചി കിടന്ന ബെഡിനും നടുക്ക് ഒരു കർട്ടൻ ഇട്ടിട്ടുണ്ടേന്നു...

ഇത് ഇപ്പൊ എവിടെന്ന് വന്നൂന്ന് ചിന്തിച്ചോണ്ട് നമ്മള് പോയി ഫ്രഷായിട്ട് വന്നു...

അപ്പൊ നേരം വെളിച്ചം വെച്ച് തുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ...

പക്ഷേ താഹി അപ്പോഴേക്കും അവിടെ ഹാജറായിരുന്നു...

താഹി വന്ന് കുറച്ച് കഴിഞ്ഞപ്പൊ ഉമ്മച്ചി ഓൻറെ കൂടെ വീട്ടിലേക്ക് ഡ്രസൊക്കെ എടുക്കാൻ വേണ്ടി പോയി...

നമ്മള് അപ്പൊ ഉപ്പച്ചിനോട് കുറച്ച് നേരം സംസാരിച്ചിരുന്നു...

എന്നിട്ട് ചായ വാങ്ങാനായിട്ട് ഫ്ലാസ്കും എടുത്തോണ്ട് തിരിഞ്ഞപ്പോഴാണ് ആ ഉമ്മാൻറെ ഭർത്താവ് കേറി വന്നത്...

അവര് ഉപ്പച്ചിനെ കണ്ടതും ഡാ അബൂ എന്ന് പറഞ്ഞ്

ഉപ്പച്ചിൻറെ അടുത്തേക്ക് വന്നു...

"ഡാ അബൂ...അസ്സലാമു അലൈക്കും..."

"വഅലൈക്കുമുസ്സലാം....പടച്ചോനേ ആരാ ഇപ്പൊ ഇത്..

ഇജ്ജ് എവടെ ചെങ്ങായിയേ...അൻറെ ഒരു വിവരോം ഇല്ലല്ലോ.."

"നമ്മള് ഇവിടെ ഒക്കെ തന്നെയുണ്ട് അബൂ...അല്ലാ ഇജ്ജ് എന്താ ഇവടെ?"

"ഒന്നും പറയണ്ട...ഇന്നലെ രാവിലെ കടേല് ഇരിക്കുമ്പൊ ചെറുതായിട്ടൊന്ന് നെഞ്ച് വേദനിച്ചതാ...സംഭവം ഗ്യാസാണ്..പക്ഷേ ഹോസ്പിറ്റൽക്കാർക്ക് പൈസണ്ടാക്കണ്ടേ, അതോണ്ട് ബ്ലോക്കുണ്ട് എന്നൊക്കെ പറഞ്ഞ് ഓപ്പറേഷൻ ഒക്കെ ചെയ്തിട്ട് കിടത്തിയിരിക്കാ...

ഇനി ഇവിടത്തെ ബില്ല് കാണുമ്പോഴേക്കാരം ശരിക്കും

അറ്റാക്ക് വരാ..."

നമ്മളെ ഉപ്പച്ചി അതും പറഞ്ഞ് പൊരിഞ്ഞ ചിരിയായിരുന്നു...പക്ഷേങ്കില് നമ്മക്ക് മൂപ്പരെ ഡയലോഗ് കേട്ടിട്ട് വല്യ ചിരിയൊന്നും വന്നില്ല... അതോണ്ട് നമ്മള് മൂപ്പരെ ഒന്ന് അടിമുടി നോക്കി കണ്ണുരുട്ടി നിന്നു...

"ഡാ അബൂ...ഇതാരാ..?"

"അൻക്ക് ഇവളെ കണ്ടിട്ട് മനസ്സിലായില്ലേ?

സൂക്ഷിച്ച് നോക്കേ അപ്പൊ തിരിയും.."

അപ്പൊ അവര് നമ്മളെ സൂക്ഷിച്ച് അടിമുടി നോക്കിയിട്ട് മൂക്കത്ത് വിരല് വെച്ചു.

"പടച്ചോനേ... അൻറെ മോള് ഫെബിയാണോ ഇത്..?

പണ്ട് ചെറുപ്പത്തിൽ കണ്ടതാ... പെണ്ണ് അപ്പോത്തിന് വലുതായി കെട്ടിക്കാനായല്ലോ..

അൻക്ക് ഞാനാരാന്ന് മനസ്സിലായോ..?"

അവര് നമ്മളെ നോക്കി കൊണ്ട് അത് ചോദിച്ചപ്പൊ നമ്മള് ഉപ്പച്ചിനെ ഒന്ന് നോക്കിയിട്ട് അവരെ നോക്കി ഇല്ലാന്ന് തലയാട്ടി...

"എങ്ങനെ അറിയാനാ...അന്ന് ഇജ്ജ് ചെറിയ കുട്ടി അല്ലേന്നാ....

പണ്ട് ഇജ്ജ് അൻറെ വല്ലിമ്മാൻറെ ഓൽമെൻറ് തിന്നിട്ട് ഹോസ്പിറ്റലിൽ ആയാതൊക്കെ അറിയോ അൻക്ക്..?

അപ്പൊ അന്നെ ഹോസ്പിറ്റലിലേക്ക് കൊണ്ട് പോയത് ൻറെ വണ്ടീലാ..."

അവര് പറയുന്നത് കേട്ടപ്പോഴാണ് നമ്മക്ക് ആളെ പിടി കിട്ടിയത്... അതോണ്ട് തന്നെ നമ്മള് മൂപ്പരെ നോക്കി ഒന്ന് പുഞ്ചിരി തൂകി...

"അറിയാ...ഖാദർക്ക അല്ലേ...എല്ലാരും പറഞ്ഞ് കേട്ടിട്ടുണ്ട്..."

എന്ന് നമ്മള് പറഞ്ഞപ്പൊ അവര് പിന്നെ പരസ്പരം നമ്മളോട് അവര് സ്കൂളിൽ പഠിച്ചപ്പോ ഉണ്ടായിരുന്ന കാര്യങ്ങൾ ഒക്കെ പറയാൻ തുടങ്ങി...

രണ്ട് പേരും വിട്ട് കൊടുക്കാതെ പരസ്പരം പാര പണിതോണ്ട് ഒരുപാട് നേരം സംസാരിച്ചിരുന്നു...

അധിക പാരയും നമ്മളെ ഉപ്പച്ചിക്കായിരുന്നു കിട്ടിയത്... അതോണ്ട് മൂപ്പര് വേഗം വിഷയം മാറ്റി.

"അല്ലെടാ ഖാദറേ ഇജ്ജ് എന്താ ഇവടേന്ന് പറഞ്ഞില്ലല്ലോ..."

"ഇൻറെ മോന് ആക്സിഡൻറായിട്ട് രണ്ടാഴ്ച്ചയോളം ഇവിടെ ഐസിയുവിലേന്നു...

ഇന്നലെ രാത്രിയേന്നു ഓന് ബോധം വന്നത്, ദാ അപ്പുറത്ത് കിടക്കുന്നുണ്ട്..."

"അപ്പൊ അത് അൻറെ മോനേന്നോ ബൈക്ക് ആക്സിഡൻറായിട്ട് ബോധം ഇല്ലാതെ കിടന്നത്...?"

ഖാദർക്ക അതേന്ന് പറഞ്ഞോണ്ട് ആ കർട്ടൻ നീക്കിയതും നമ്മളെ മുന്നിൽ കിടക്കുന്ന ആളെ കണ്ട് നമ്മളെ കയ്യീന്ന് ഫ്ലാസ്ക് നിലത്തേക്ക് വീണു പോയി...

സമീർക്ക...ഖാദർക്കാൻറെ മോനാണ് സമീർക്ക എന്നതിലുപരി നമ്മക്ക് ഷോക്കായത് ആ ആക്സിഡൻറ് പറ്റിയത് സമീർക്കാക്ക് ആണെന്ന് തിരിച്ചറിഞ്ഞപ്പോഴാണ്.

പിന്നെ നമ്മക്ക് ഒരു നിമിഷം പോലും അവിടെ നിൽക്കാൻ നിൽപ്പ് ഉറച്ചില്ല... നമ്മള് നിലത്ത് നിന്ന് ഫ്ലാസ്ക് എടുത്തിട്ട് പെട്ടെന്ന് തന്നെ റൂമീന്ന് പുറത്തേക്ക് വന്നു...

സമീർക്ക നല്ല മയക്കത്തിലായോണ്ട് നമ്മളെ കണ്ടിട്ടില്ല എന്നതേന്നു ഏക ആശ്വാസം...

എന്താകും സമീർക്കാക്ക് അന്ന് സംഭവിച്ചതെന്ന് ആലോചിച്ചോണ്ട് നമ്മള് കാൻറീൻ ലക്ഷ്യമാക്കി നടക്കുമ്പോഴാണ് എതിരെ വന്ന ഒരാളുമായിട്ട് നമ്മള് കൂട്ടി മുട്ടിയത്...

നമ്മള് അയാളോട് സോറി പറയാൻ വേണ്ടി മുഖത്തേക്ക് നോക്കിയപ്പോഴാണ് അത് വിഷ്ണുവേട്ടനാണെന്ന് മനസ്സിലായത്...

"അല്ലാ ആരാ ഇപ്പൊ ഇത്...അപ്പൊ നിന്നെ തന്നെ ആയിരുന്നല്ലെ ഞാൻ ഇന്നലേയും കണ്ടത്..?

അത് നീ തന്നെയാണോന്ന് എനിക്ക് ചെറിയ ഡൗട്ടുണ്ടേന്നു...ഇപ്പൊ കൺഫോമായി..

നീയെന്താ ഇവിടെ?"

"അത്...വിഷ്ണുവേട്ടാ എൻറെ ഉപ്പാനെ ഇവിടെയാ അഡ്മിറ്റ് ആക്കിയിരിക്കുന്നത്...സമീർക്കാൻറെ തൊട്ടടുത്ത ബെഡ്.."

"ഹോ...അപ്പൊ നീ അവനെ കണ്ടുലേ.."

"എന്താ വിഷ്ണുവേട്ടാ സംഭവിച്ചത്?
എങ്ങനെയാ നിങ്ങക്ക് അപകടം ഉണ്ടായത്?"

"അന്ന് നിൻറെ വീട്ടിലേക്ക് വന്ന് അൻറെ ഉപ്പാനോട് നിന്നെ പെണ്ണ് ചോദിക്കുമെന്ന് സമീർ പറഞ്ഞത് ഓർമ്മയുണ്ടോ നിനക്ക്..?

നിന്നെ ഇഷ്ടാണെന്ന കാര്യം ഓൻ അതൊക്കെ എന്നോ ഓൻറെ ഉമ്മാനോടും ഉപ്പാനോടും പറഞ്ഞതേന്നു...അതോണ്ട് അന്ന് തന്നെ അൻറെ വീട്ടിലേക്ക് വരാനായിരുന്നു ഞങ്ങളെ തീരുമാനം...

ഞങ്ങൾ ഓൻറെ വീട്ടിലേക്ക് പോകുമ്പോഴായിരുന്നു ബൈക്കിന് ബ്രേക്ക് കിട്ടാതെ ആക്സിഡൻറായത്...

അപ്പൊ വണ്ടി ഒരു കാറിൻറെ അടിയിൽ പെടാൻ നേരം സമി എന്നെ വണ്ടീന്ന് തള്ളിയിട്ടിട്ട് ഓൻ വണ്ടിൻറെ

അടിയിൽ പെട്ടു...

അപ്പൊ ഓൻ എന്നെ തള്ളിയിട്ടതോണ്ട് എനിക്ക് ഇതേ സംഭവിച്ചിട്ടുള്ളൂ...

ദൈവത്തിന്റെ കൃപ കൊണ്ട് ഓനും വലിയ കുഴപ്പമൊന്നും സംഭവിച്ചില്ല.

പക്ഷേ, രണ്ടാഴ്ച്ചയോളം ബോധമില്ലാതെ ഐസിയുവിൽ കിടക്കേണ്ടി വന്നു...

പിന്നെ ഇന്നലെ രാത്രിയാണ് ഓന് ബോധം വന്നത്..."

വിഷ്ണുവേട്ടൻ പറയുന്നത് ഒക്കെ നമ്മള് തല താഴ്ത്തി നിന്ന് കേട്ടിട്ട് അവിടന്ന് നടന്നു...

വിഷ്ണുവേട്ടൻ നമ്മളോട് എന്തോ പറയാൻ വേണ്ടി നിന്നപ്പോഴേക്കും നമ്മള് അത് കേൾക്കാൻ കൂട്ടാക്കാതെ നടന്ന് അകന്നിരുന്നു...

നമ്മള് കാരണാകോ സമീർക്കാക്ക് അങ്ങനെ ഒക്കെ സംഭവിച്ചതെന്ന ചിന്ത നമ്മളെ വേട്ടയാടാൻ തുടങ്ങി...

നമ്മള് അപ്പൊ തന്നെ അച്ചൂന് വിളിച്ചിട്ട് നടന്നതൊക്കെ പറഞ്ഞു കൊടുത്തു... ഇതൊക്കെ ആരോടേലും പറഞ്ഞില്ലെങ്കിൽ പിന്നെ എനിക്ക് ഒരു മനസ്സമാധാനം എന്നത് കിട്ടില്ല...

അച്ചൂനോട് എല്ലാം പറഞ്ഞപ്പൊ ഓള് പറഞ്ഞത് ഒരേയൊരു കാര്യായിരുന്നു...

സമീർക്കാക്ക് ബോധം വരുമ്പോ ആദ്യം കാണേണ്ടത് നമ്മളെയാണെന്നും നമ്മള് ഓനോട് നമ്മളെ ഇഷ്ടം ഓനോട് തുറന്ന് പറയണമെന്നും...

അച്ചു പറഞ്ഞ കാര്യം ആലോചിച്ചോണ്ട് നമ്മള് കാൻറീനിൽ നിന്നും ചായയും വാങ്ങിച്ച് തിരിച്ച് റൂമിലേക്ക് വന്നു...

അപ്പൊ വിഷ്ണുവേട്ടൻ റൂമീന്ന് പുറത്തേക്ക് പോകേന്നു... നമ്മളെ കണ്ടപ്പൊ മൂപ്പരൊന്ന് ചിരിച്ച് തന്നിട്ട് പുറത്തേക്ക് പോയി...

അപ്പോഴേക്കും ഉമ്മച്ചി ഫ്രഷായിട്ട് ഉപ്പച്ചിൻറെ

ഡ്രസൊക്കെ കൊണ്ട് വന്നിരുന്നു...

ഉപ്പച്ചിയും ഖാദർക്കയും അപ്പോഴും സംസാരിച്ചിരിക്കാണ്...

അതേ പോലെ നമ്മളെ ഉമ്മച്ചിയും സമീർക്കാൻ്റെ ഉമ്മയും ഓരോന്ന് പറഞ്ഞിരിക്കാണ്...

അതോണ്ട് തന്നെ നമ്മളെ നോട്ടം ആദ്യം തന്നെ ചെന്ന് പതിച്ചത് സമീർക്കാനിലേക്കാണ്...നോക്കുമ്പോൾ മൂപ്പര് ഇപ്പോഴും നല്ല ഉറക്കത്തിലാണ്...

അതോണ്ട് നമ്മള് മൂപ്പരെ ഒന്ന് നോക്കിയിട്ട് ഉപ്പച്ചിൻ്റെ അടുത്തേക്ക് ചെന്നു.

നമ്മള് ഫ്ലാസ്കീന്ന് ചായ എടുത്ത് ഉപ്പച്ചിക്ക് കൊടുക്കാൻ വേണ്ടി നോക്കിയപ്പോഴാണ് അറിയുന്നത് ഉമ്മച്ചി ഗ്ലാസ് എടുക്കാൻ മറന്നെന്ന കാര്യം...

അപ്പൊ തന്നെ സമീർക്കാൻ്റെ ഉമ്മ നമ്മളോട് പറഞ്ഞു അവരെ അടുത്തുള്ള ഗ്ലാസ് എടുത്തോ എന്ന്...

നമ്മള് സമീർക്കാൻറെ അടുത്തേക്ക് ചെന്നിട്ട് ടേബിളിൽ ഉണ്ടായിരുന്ന ഗ്ലാസ് എടുത്തു...

അപ്പോഴും മൂപ്പര് നല്ല ഉറക്കായോണ്ട് നമ്മള് അങ്ങേരെ ഉണർത്താൻ തീരുമാനിച്ചു...

അതിന് വേണ്ടി മനപ്പൂർവ്വം കയ്യിൽ ഉണ്ടായിരുന്ന ഗ്ലാസ് എടുത്ത് നമ്മള് നിലത്തേക്കിട്ടു...

മൂപ്പര് എണീറ്റില്ലെങ്കിലെന്താ അതിന് നമ്മക്ക് വയറ് നിറച്ച് ഉമ്മച്ചിൻറെ തൊള്ളേന്ന് കേട്ടിട്ടുണ്ട്...

അതൊന്നും കുഴപ്പമില്ലാന്ന് സമീർക്കാൻറെ ഉമ്മ പറഞ്ഞെങ്കിലും മൈ മദർ റേഡിയോ ഓണാക്കിയ പോലെ എന്തൊക്കെയോ വിളിച്ച് കൂവാണ്...

ഇങ്ങേര് എണീക്കാത്ത ദേഷ്യവും ഉമ്മച്ചി നമ്മക്ക് വയറ് നിറച്ച് തന്നതിൻറെ ഉപഹാരവുമൊക്കെ അപ്പൊ നല്ലോണം തെളിഞ്ഞു കാണുന്നുണ്ടേന്നു...

ഇവിടെ നടക്കുന്ന കൂത്തൊന്നും അറിയാതെ സുഖായിട്ട് കിടന്നുറങ്ങുന്ന ആ മൊതലിനെ നോക്കി നമ്മള് പ്രാകി

കൊണ്ട് നിലത്ത് വീണ ഗ്ലാസ് എടുക്കാൻ വേണ്ടി ബെഡിൻറെ താഴേക്ക് കൈ ഓടിച്ചു...

അപ്പൊ നമ്മളെ മറ്റേ കൈ ഇരുന്നത് സമീർക്ക കിടക്കുന്ന ബെഡിൽ ആയിരുന്നു...

നമ്മള് ഗ്ലാസ് എടുക്കാൻ വേണ്ടി കൈ നീട്ടിയപ്പോഴേക്കും നമ്മളെ മറ്റേ കയ്യിൽ ആരോ പിടുത്തമിട്ടിട്ടുണ്ടേന്നു...

നമ്മള് ഞെട്ടിച്ചാടി കൊണ്ട് പെട്ടെന്ന് തലയുയർത്തി നോക്കിയപ്പൊ സമീർക്കയാണ് നമ്മളെ കയ്യിൽ പിടിച്ചിരിക്കുന്നത്...

നമ്മളെ കണ്ണൊക്കെ കൂടി ഇപ്പൊ പുറത്തേക്ക് ചാടും എന്ന രീതിയിൽ തള്ളി വന്നിട്ടുണ്ട്...

ഉറക്കപ്പിച്ചില് കേറി പിടിച്ചതാണ് നമ്മളെ കയ്യില്...അതും നല്ല മുറുക്കിയിട്ട്...

നമ്മള് അപ്പൊ തന്നെ കൈ വിടുവിക്കാൻ ഒരു ശ്രമം നടത്തി നോക്കിയെങ്കിലും നോ രക്ഷ... ചെക്കൻ നല്ല ടൈട്ടിലാണ് നമ്മളെ കൈ പിടിച്ചിട്ടുള്ളത്...

നമ്മള് കൈ വിടുവിക്കാൻ വേണ്ടി പഠിച്ച പണി പതിനെട്ടും ട്രൈ ചെയ്യുമ്പോഴാണ് നമ്മളെ നോട്ടം രണ്ട് ഉപ്പമാരിലും ഉമ്മമാരിലും ചെന്ന് പതിച്ചത്...

അവരെ നോട്ടം മുഴുവൻ നമ്മളെ ആയിരുന്നു. അത് കണ്ടപ്പൊ തന്നെ നമ്മള് നിന്ന് വിയർക്കാൻ തുടങ്ങി.

നമ്മള് അപ്പൊ അവരേയും സമീർക്കാനേയും മാറി മാറി നോക്കി കൊണ്ട് എന്താ ചെയ്യാ നമ്മളെന്ന് ചിന്തിക്കുമ്പോഴാണ് സമീർക്ക പെട്ടെന്ന് കണ്ണ് തുറന്നത്...

(തുടരും)

ഭാഗം. 72

നമ്മള് അപ്പൊ സമീർക്കാനേയും അവരേയും മാറി മാറി നോക്കി കൊണ്ട് നമ്മളിപ്പൊ എന്താ ചെയ്യാന്ന് ചിന്തിച്ച് നിക്കുമ്പൊ പെട്ടെന്ന് സമീർക്ക കണ്ണ് തുറന്നു...

മുന്നിൽ നിൽക്കുന്ന നമ്മളെ കണ്ടപ്പൊ തന്നെ സമീർക്ക നെറ്റി ചുളിച്ചോണ്ട് ഒരു സംശയ രൂപേണ നമ്മളെ നോക്കി.

"ഐഷൂ നീ..."

സമീർക്ക അത് പറഞ്ഞതും നമ്മള് ഞെട്ടി തിരിഞ്ഞ് അവരെ നോക്കിയിട്ട് മൂപ്പരെ നേരെ തിരിഞ്ഞു. എന്നിട്ട് കണ്ണ് കൊണ്ട് അവരെ നാല് പേരേയും കാണിച്ച് കൊടുത്തു..

അപ്പോഴാണ് മൂപ്പര് അവരെ കാണുന്നത് തന്നെ...

എന്നിട്ടും ചെക്കൻ നമ്മളെ കയ്യീന്ന് പിടിത്തം വിട്ടിട്ടില്ലേന്നു...

നമ്മള് കൈ വിടുവിക്കാൻ വേണ്ടി കെടന്ന് പെടാപാട് പെടുന്നത് കണ്ടപ്പോഴാണ് മൂപ്പര് നമ്മളെ കയ്യിൽ

പിടിച്ചത് തന്നെ ശ്രദ്ധിക്കുന്നത്...അതോണ്ട് അപ്പൊ തന്നെ മൂപ്പര് നമ്മളെ കയ്യീന്ന് വിട്ടു...

നമ്മള് എന്തോ വല്യ നിധി കിട്ടിയ പോലെ ഒന്ന് നെടുവീർപ്പിട്ടോണ്ട് തിരിഞ്ഞപ്പോഴാണ് ഞങ്ങളെ നോക്കി നിൽക്കുന്ന ആ എട്ട് കണ്ണുകളെ കണ്ടത്...

പിന്നെ അവിടെ ഒരു നിമിഷം പോലും നമ്മള് നിന്നില്ല, വീട്ടിലേക്ക് പോകാണെന്ന് പറഞ്ഞ് ഒരു ഓട്ടമായിരുന്നു പുറത്തേക്ക്...

ഹോസ്പിറ്റലിന് പുറത്ത് താഹി നിൽപ്പുണ്ടേന്നു.അതോണ്ട് ഓൻ നമ്മളെ വീട്ടിൽ കൊണ്ട് വിട്ട് തന്നു...

വീട്ടിൽ എത്തി ഫ്രെഷായിട്ട് തിരിച്ച് ഹോസ്പിറ്റലിൽ പോകാൻ നിൽക്കുമ്പോഴാണ് ഹസിയും നമ്മളെ കൂടെ വരുന്നുണ്ടെന്ന് പറഞ്ഞത്...

അങ്ങനെ ഓളും നമ്മളും കൂടി പോകുമ്പോ നമ്മളെ ചിന്ത മുഴുവൻ ഇനി അവിടെ ചെല്ലുമ്പൊ എന്തൊക്കെ

സംഭവിക്കും എന്നതേന്നു...

നമ്മളെ കാര്യമായ ആലോചന കണ്ടപ്പൊ ഹസി നമ്മളോട് എന്താ കാര്യമെന്ന് തിരക്കി...നമ്മള് സമീർക്കാനെ കണ്ടതും ഹോസ്പിറ്റലിൽ വെച്ച് നടന്നതുമൊക്കെ ഓളോട് വള്ളിപ്പുള്ളി വിടാതെ പറഞ്ഞ് കൊടുത്തു...

"അത് കൊള്ളാലോ ഫെബി...അപ്പൊ പിന്നെ കാര്യങ്ങൾ എളുപ്പായല്ലോ...

നിങ്ങൾ തമ്മിൽ പരിചയമുണ്ടെന്ന് ഇപ്പൊ അവർക്ക് നന്നായിട്ട് മനസ്സിലായിട്ടുണ്ടാകും. അതോണ്ട് സമീർക്കാനോട് നിന്നെ കുറിച്ച് നിൻറെ ഉമ്മച്ചി എന്തായാലും എന്തെങ്കിലും ചോദിച്ച് കാണും...

മിക്കവാറും മൂപ്പര് നിന്നെ ഇഷ്ടാണെന്ന കാര്യം പറയാൻ ഉള്ള ചാൻസ് കൂടുതലാ...

പോരാത്തതിന് നിൻറെ കാര്യം സമീർക്ക വീട്ടുകാരെ അറിയിച്ചിട്ടുണ്ട് എന്നല്ലെ വിഷ്ണുവേട്ടൻ പറഞ്ഞത്...അപ്പൊ ഉറപ്പിച്ചോ മോളേ ഇപ്പൊ അവരെ

ചർച്ച നിങ്ങളെ കല്യാണ കാര്യായിരിക്കും...എനിക്ക് ഉറപ്പാ..."

ഹസി പറയുന്നത് കേട്ടിട്ട് നമ്മള് നഖം കടിച്ചോണ്ട് ഹോസ്പിറ്റലിൻ്റെ കോണിപ്പടികൾ കേറി റൂമിൻ്റെ അടുത്തേക്ക് നടന്നു...

നമ്മള് റൂമിലേക്ക് കേറാൻ നിന്നപ്പോഴേക്കും ഹസി നമ്മളെ തടഞ്ഞ് വെച്ചിട്ട് അവര് പറയുന്നത് എന്താന്ന് കേട്ടിട്ട് പോയാ മതിയെന്ന് പറഞ്ഞു...

നമ്മള് കുറച്ച് നേരം പുറത്ത് നിന്നിട്ട് അവര് രണ്ട് കൂട്ടരും കൂടി പറയുന്നത് കാതോർത്തിരുന്നു...

പക്ഷേ ഒരു ഫലവും ഉണ്ടായില്ല...

നമ്മളെ കാര്യം ഒഴിച്ച് ലോക കാര്യങ്ങൾ മുഴുവനും അവര് ചർച്ച ചെയ്യുന്നുണ്ട്...അതോണ്ട് നമ്മള് ഹസിനെ തുറുക്കനെ നോക്കിയിട്ട് ഓളെ കാലിന് ഒരു ചവിട്ടും കൊടുത്തിട്ട് നമ്മള് റൂമിലേക്ക് കേറി...

നമ്മള് കേറി ചെന്നയുടനെ തന്നെ നോക്കിയത് സമീർക്കാനെ ആയിരുന്നു... മൂപ്പര് ഇപ്പൊ എഴുന്നേറ്റ് ഇരുന്നിട്ട് നമ്മളെ നോക്കി ചിരിക്കാണ്...

പക്ഷേ നമ്മള് ഓന് ചിരിച്ച് കൊടുക്കാതെ വേഗം ഉപ്പച്ചിൻറെ അടുത്തേക്ക് പോയി...

ഹസി ആണെങ്കിൽ സമീർക്കാൻറെ നോക്കി കൊണ്ട് നല്ലോണം ചിരിച്ച് കൊടുക്കുന്നുമുണ്ട്.

നമ്മളെ ഉമ്മച്ചി അപ്പോഴും സമീർക്കാൻറെ ഉമ്മാനോട് സൊള്ളി കൊണ്ട് നിക്കാണ്...നമ്മള് വന്നതൊന്നും കാണാത്ത മട്ടിലാണ് അവര് നിക്കുന്നത്..

ഹസിനെ കണ്ടപ്പൊ പിന്നെ നമ്മളെ ഉമ്മച്ചി ഓളോടായി സംസാരം...

ഇതിനിടക്ക് നമ്മളെ കണ്ണ് സമീർക്കാൻറെ അടുത്തേക്ക് പോയെങ്കിലും മൂപ്പര് നമ്മളെ തന്നെ നോക്കി ഇരിക്കുന്നത് കണ്ടപ്പൊ നമ്മള് പെട്ടെന്ന് മുഖം തിരിച്ച് നിന്നു...

പിന്നീടുള്ള ഓരോ നിമിഷവും നമ്മള് ആ ഹോസ്പിറ്റലിൽ എങ്ങനെയാ ചിലവഴിച്ചതെന്ന് നമ്മക്ക് മാത്രമേ അറിയൊള്ളൂ...

അന്ന് വൈകിട്ട് സമീർക്കാനെ കാണാൻ അവരെ ഫ്രണ്ട്സ് ഒക്കെ വന്നിരുന്നു... നമ്മളേയും കൂടെ കണ്ടതിൽ ഷോക്കായിട്ടാണ് അവര് നിന്നത്...

അതും പോരാഞ്ഞ് സഫൂക്ക ഇടക്കിടക്ക് നമ്മക്കിട്ട് താങ്ങുന്ന പോലെ ഓരോന്ന് പറയുന്നുമുണ്ട്...

നമ്മളെ ഉദ്ദേശിച്ചാണ് ഓരോന്ന് പറയുന്നത് എന്ന് നമ്മക്ക് അറിയാമെങ്കിലും തിരിച്ച് ഒരു മറുപടി കൊടുക്കാൻ പറ്റാത്ത സിറ്റുവേഷനായി പോയി...

ഇങ്ങേരെ താങ്ങലിന് എന്തേലും തിരിച്ചടി കൊടുക്കണെല്ലോന്ന് ചിന്തിച്ച് നിക്കുമ്പോഴേന്നു നമ്മളെ ഉപ്പച്ചിനെ കാണാൻ ദിയയും അമ്മായിയും കൂടി വന്നത്...

അവരെ കണ്ടതും നമ്മക്ക് ലോട്ടറി അടിച്ചതിനേക്കാൾ സന്തോഷായി...

സഫൂക്ക നമ്മളെ താങ്ങിയതിനൊക്കെ നമ്മള് ദിയയിലൂടെ പകരം വീട്ടി...അപ്പൊ മൂപ്പര് സൈലന്റ് ആയിട്ട് വേഗം അവിടന്ന് മുങ്ങി. അത് കണ്ടപ്പൊ നമ്മക്ക് ചിരി കൺട്രോൾ ചെയ്യാൻ പറ്റിയില്ല...

സഫൂക്കാനെ നമ്മള് കളിയാക്കിയത് ദിയക്ക് തീരെ പിടിച്ചിട്ടില്ല...

ഓള് നമ്മളേയും കൊണ്ട് വേഗം പുറത്തേക്ക് ഇറങ്ങിയിട്ട് സഫൂക്കാനേം കൊണ്ട് കാൻറീനിലേക്ക് പോയി...

അവറ്റകള് രണ്ട് പേരും കൂടി കുറുകി കുറുകി നേരം ഒരുപാടായി...അതും പോരാഞ്ഞ് അവര് കുറുകുന്നത് കാണുമ്പൊ നമ്മക്ക് ഒരു കണ്ണുകടി...

അതോണ്ട് നമ്മള് വേഗം ദിയയേയും കൂട്ടി തിരിച്ച് റൂമിലേക്ക് തന്നെ വന്നു...

അപ്പൊ അമ്മായീ സമീർക്കാനോട് ഒക്കെ സംസാരിക്കേന്നു...ദിയയെ കണ്ടപ്പോ പിന്നെ അവര് യാത്ര പറഞ്ഞ് പോയി...

അന്ന് രാത്രി നമ്മക്ക് ഒരു പോള കണ്ണടക്കാൻ പറ്റിയിട്ടില്ല...

നമ്മളെ മുഖത്ത് നിന്ന് കണ്ണെടുക്കാതെ കിടക്കുന്ന ആ പഹയനെ കൊണ്ട് നമ്മള് എണീറ്റ് നടക്കാനൊക്കെ തുടങ്ങി...

അല്ലെങ്കിലും നമ്മക്ക് പണ്ടേ ഹോസ്പിറ്റലിൽ കിടന്നാലൊന്നും ഉറക്കം വരാറില്ല...പക്ഷേ അന്ന് എന്താണോ എന്തോ ഭയങ്കര ഉറക്ക ക്ഷീണവും...

ആ കർട്ടൻ നീക്കിയിരുന്നെങ്കിൽ നല്ല സമാധാനത്തോടെ കിടന്നേനെ നമ്മള്...

പക്ഷേ, പഴയ ചങ്ങായിമാര് കാരണം നമ്മക്ക് അതിനും പറ്റണില്ലേന്നു...

അങ്ങനെ എങ്ങനെയൊക്കെയോ നമ്മള് നേരം വിളിപ്പിച്ച് കണ്ണ് തുറന്ന് നോക്കിയതും കണി കണ്ടത് സമീർക്കാൻ്റെ പുഞ്ചിരിക്കുന്ന മുഖമാണ്...

അത് കണ്ടപ്പോൾ തന്നെ നമ്മളെ ഉറക്ക

ക്ഷീണമൊക്കെ പെട്ടെന്ന് പമ്പ കടന്നു...

നമ്മക്ക് ആണെങ്കിൽ മൂപ്പരെ മുഖത്തേക്ക് നോക്കാൻ തന്നെ ഒരു ചമ്മല്...അതോണ്ട് വേഗം എണീറ്റ് ഫ്രഷായിട്ട് തിരിച്ച് വന്നു...

വന്നപ്പൊ റൂമില് സമീർക്കയും ഉപ്പച്ചിയും മാത്രേ ഉണ്ടായിട്ടുള്ളൂ...

നമ്മളെ ഉമ്മച്ചിയും സമീർക്കാൻറെ ഉമ്മയും കൂടി ചായ വാങ്ങാൻ വേണ്ടി പോയതാ...

സമീർക്കാൻറെ ഉപ്പയാണെങ്കിലോ അവരെ കടയിലേക്കും പോയി...

നമ്മള് സമീർക്കാനെ ഒന്ന് ഇടങ്കണ്ണിട്ട് നോക്കിയിട്ട് വേഗം ഉപ്പച്ചിൻറെ അടുത്ത് വന്ന് ഇരുന്നു...

നമ്മളെ ഉപ്പച്ചി ആണെങ്കിൽ നമ്മളെ ഒന്ന് മൈൻഡ് പോലും ചെയ്യാതെ മരുമോനോട് സൊള്ളി കൊണ്ടിരിക്കാ...

ഈ മരുമോൻ എന്ന് ഉദ്ദേശിച്ചത് വേറെ ആരേയും അല്ലട്ടൊ നമ്മളെ സമീർക്കാനെയാണ്.

"സമീറേ...ഇജ്ജ് ദുബായിലേക്ക് പോകാൻ നിക്കേണ്ണുന്ന് അൻറെ ഉപ്പ പറഞ്ഞു... ഇനി ഇപ്പൊ എങ്ങനെ കാര്യങ്ങൾ പോകുന്നുണ്ടോ?"

നമ്മളെ ഉപ്പച്ചി സമീർക്കാനോട് ചോദിക്കുന്നത് കേട്ടപ്പൊ നമ്മക്ക് എന്തോ ഒരു വിഷമം തോന്നി...

അതോണ്ട് നമ്മള് അപ്പൊ തന്നെ സമീർക്കാനെ നോക്കിയിട്ട് മൂപ്പര് എന്താ പറയാൻ പോകുന്നതെന്ന് കാതോർത്തിരുന്നു...

"ആഹ്...പോകണം എന്നൊക്കെ ഉണ്ടായിരുന്നു. പക്ഷേ...."

സമീർക്ക അതും പറഞ്ഞോണ്ട് നമ്മളെ നോക്കിയപ്പൊ നമ്മള് വേഗം മുഖം തിരിച്ചു...

"പക്ഷേ..ഇപ്പൊ പോകുന്നില്ലാന്ന് തീരുമാനിച്ചു...

കാരണം എനിക്ക് ഇവിടെ ചെയ്തു തീർക്കാൻ ഒരുപാട് കാര്യങ്ങൾ ഇനിയും ഉണ്ട്..."

അത് കേട്ടപ്പൊ നമ്മള് പുഞ്ചിരി തൂകി കൊണ്ട് മൂപ്പരെ നോക്കിയപ്പൊ അങ്ങേര് നമ്മക്ക് സൈറ്റടിച്ച് കാണിച്ച് തന്നു...

നമ്മള് അപ്പോ ഓനെ നോക്കി കണ്ണുരുട്ടി കാണിച്ച് കൊടുത്തു...

അത് കണ്ടിട്ട് മൂപ്പര് ചിരി കൺട്രോൾ ചെയ്തോണ്ട് ബെഡീന്ന് എഴുന്നേൽക്കാൻ നിന്നു.

"ഇജ്ജ് ഇതെങ്ങോട്ടാ സമീറേ എണീറ്റ് പോകുന്നേ..?" ഉപ്പച്ചിയാണ്.

"അത്.... എനിക്ക് ഒന്ന് ടോയിലറ്റില് പോകണേന്നു..."

"വയ്യാത്ത കാലും വെച്ച് ഇജ്ജ് എങ്ങനെ നടക്കാനാ?

ഫെബിയെ ഇജ്ജൊന്ന് ഓനെ അവിടെ വരെ കൊണ്ടാക്കാൻ സഹായിച്ചാ.."

നമ്മളെ ഉപ്പച്ചി പറയണത് കേട്ടിട്ട് നമ്മളെ കണ്ണ് പുറത്തേക്ക് തള്ളി വന്നു...

കേട്ടത് വിശ്വസിക്കാൻ കഴിയാതെ നമ്മള് ഉപ്പച്ചിനെ ഒന്ന് നോക്കി...

"ണെ...? എന്താ പറഞ്ഞേ?"

"ഓന് നടക്കാൻ പറ്റാഞ്ഞിട്ടല്ലെ ഫെബിയേ...ഓനെ ഒന്ന് പിടിച്ച് എഴുന്നേൽപ്പിച്ച് അവിടെ ഒന്ന് കൊണ്ടാക്കിക്കാളെ..."

ഉപ്പച്ചി പറയുന്നത് കേട്ടിട്ട് നമ്മള് സമീർക്കാനെ ഒന്ന് തിരിഞ്ഞ് നോക്കി... മൂപ്പര് അപ്പൊ നമ്മളെ നോക്കി കിണിക്കാണ്...

ഉപ്പച്ചി വീണ്ടും പറഞ്ഞ് നിർബന്ധിപ്പിച്ചപ്പൊ നമ്മള് മനസ്സില്ലാ മനസോടെ മൂപ്പരെ അടുത്തേക്ക് നടന്നു...

സത്യം പറഞ്ഞാൽ നമ്മക്ക് പെരുത്ത് സന്തോഷായിട്ടുണ്ട്...പക്ഷേ അത് പുറത്ത് കാണിച്ചാ പിന്നെ നമ്മളെ ഇമേജ് ഡാമേജ് ആകൂലേ...

അതോണ്ട് ആ സന്തോഷമൊന്നും പുറത്ത് കാണിക്കാതെ മുഖത്ത് എന്തോ വല്യ ഭാരം കേറ്റി വെച്ച പോലെയാണ് നമ്മള് നിന്നത്...

നമ്മള് സമീർക്കാനെ പിടിച്ച് എണീപ്പിച്ച് ഇരുത്തിയിട്ട് നമ്മളെ തോളിൽ കൂടി മൂപ്പരെ കയ്യിട്ടാണ് നടന്നത്...

ഹൗ...ൻറെ റബ്ബേ...കാണുന്ന പോലെ ഒന്നുമല്ലട്ടൊ ചെക്കന് മുടിഞ്ഞ വെയിറ്റാ...

ഇത്രേം കാലം നമ്മളെ പിന്നാലെ നടത്തിച്ചതിന് മൊത്തായിട്ട് പകരം വീട്ടിയതാണോ ഈ മഹാനെന്ന് നമ്മക്ക് ഒരു നിമിഷം തോന്നി പോയി.

കാരണം, മൂപ്പര് നല്ലോണം നമ്മളെ ഭാഗത്തേക്ക് ചാഞ്ഞിട്ട് ഞൊണ്ടിയാണ് നടത്തം...

മൂപ്പരെ വെയിറ്റ് താങ്ങാതെ വന്നപ്പൊ നമ്മള് മൂപ്പരെ

അരയിലൂടെ കയ്യിട്ടാണ് പിന്നെ നടന്നത്...

നമ്മള് മൂപ്പരെ മുഖത്തേക്ക് നോക്കുമ്പൊ ഓൻ ഒരു പുഞ്ചിരി തൂകി കൊണ്ട് നമ്മളെ സൈറ്റടിക്കും...പിന്നെ നമ്മള് ആ ഭാഗത്തേക്കേ നോക്കില്ല...

അങ്ങനെ നമ്മള് മൂപ്പരെ ടോയിലറ്റിൽ ആക്കിയിട്ട് പുറത്തേക്ക് വന്ന് കൈ കുടഞ്ഞോണ്ട് ഉപ്പച്ചിനെ നോക്കിയപ്പൊ മൂപ്പര് വാ പൊത്തി പിടിച്ചോണ്ട് നമ്മളെ നോക്കി ഹലാക്കിലെ ചിരിയാണ്...

അത് കണ്ടപ്പൊ നമ്മള് മൂപ്പരെ തുറുക്കനെ നോക്കി കൊണ്ട് ഒരു നുള്ള് കൊടുക്കാൻ വേണ്ടി ചെന്നപ്പോഴേക്കും സമീർക്ക ഇറങ്ങി വന്നിരുന്നു...

അപ്പൊ തന്നെ മൂപ്പര് കാല് സ്ലിപ്പായി നമ്മളെ മോളിലേക്ക് ഒരു വീഴ്ച ആയിരുന്നു...

ഭാഗ്യത്തിന് പിറകില് ചുമര് ഉണ്ടായോണ്ട് നിലം പതിച്ചില്ല .

പകരം പതിച്ചത് സമീർക്കാൻറെ ചുണ്ടുകളായിരുന്നു

അതും നമ്മളെ കവിളത്ത്...

കിട്ടിയ ഉമ്മയുടെ ഷോക്കില് നമ്മള് സമീർക്കാനെ നോക്കി കണ്ണും മിഴിച്ച് നിന്ന് പോയി...

"ഫെബിയേ ഓന് വല്ലതും പറ്റിയോ..?

നോക്കി നിക്കാതെ ഓനെ പിടിച്ച് ഇങ്ങോട്ട് കൊണ്ട് വാടീ...."

ഉപ്പച്ചിൻറെ ഓഡറ് കിട്ടിയപ്പോഴാണ് നമ്മള് ഞെട്ടി കൊണ്ട് സമീർക്കാനെ നമ്മളിൽ നിന്നും അകറ്റിയത്...

സമീർക്ക വീഴാൻ പോയത് മാത്രമേ ഉപ്പച്ചി കണ്ടിട്ടുള്ളൂന്ന് നമ്മക്ക് മൂപ്പരെ വർത്താനത്തിൽ നിന്ന് തന്നെ മനസ്സിലായി...

സമീർക്ക ആണെങ്കിലോ നമ്മളെ മുഖത്തേക്ക് നോക്കിയിട്ട് ഒരുമാതിരി അവിഞ്ഞ ചിരി പാസാക്കാണ്...

അത് കണ്ടപ്പൊ നമ്മക്ക് ദേഷ്യം വന്നു...

അതോണ്ട് മൂപ്പരെ കയ്യിന് നല്ല അഡാറ് നുള്ള് കൊടുത്തിട്ടാണ് നമ്മള് മൂപ്പരെ താങ്ങി കൊണ്ട് തിരിച്ച് ബെഡിൻറെ അടുത്തേക്ക് വന്നത്...

നമ്മളെ നുള്ള് കിട്ടിയിട്ടും മൂപ്പര് ചിരിക്കുന്നത് കണ്ടപ്പൊ നമ്മക്ക് അതിലേറെ ദേഷ്യം വന്നു... ഇവിടെ ഇട്ടിട്ട് പോയാലോന്ന് വരെ തോന്നി...

പിന്നെ നമ്മളെ ചെക്കനെല്ലെ,പാവല്ലെ,നടക്കാൻ പറ്റാത്തതല്ലെ എന്ന പരിഗണന വെച്ചോണ്ട് മാത്രം നമ്മള് മൂപ്പരെ ഒന്നും ചെയ്തില്ല...

നമ്മള് സമീർക്കാനെ ബെഡില് കിടത്തിയിട്ട് തലയണ ശരിക്ക് വെച്ച് തിരിഞ്ഞ് നടക്കാൻ ഒരുങ്ങിയതും മൂപ്പര് നമ്മളെ കയ്യിൽ പിടിച്ചു...

നമ്മള് സമീർക്കാനെ തറപ്പിച്ച് നോക്കി കൊണ്ട് ഉപ്പച്ചിനെ നോക്കിയപ്പൊ മൂപ്പര് കൊച്ച് കുട്ടികളെ

പോലെ ഫോണിൽ ഗൈം കളിച്ചോണ്ട് ഇരിക്കാണ്.

അതോണ്ട് നമ്മള് വേഗം നമ്മളെ കൈ വിടുവിച്ചിട്ട് സമീർക്കാനെ നോക്കി എന്താന്ന് ചോദിച്ചു...

"എനിക്ക് ഒന്ന് ചാരി ഇരിക്കണം..."

"ഫെബിയേ ആ തലയണ അവിടെ ചാരിയിട്ട് ഓനെ പിടിച്ച് എണീപ്പിച്ച് ഇരുത്തിയേക്ക്..."

അതുവരെ ഫോണിലേക്ക് കണ്ണും നട്ടിരുന്ന നമ്മളെ ഉപ്പച്ചി ഓൻ പറയുന്നത് കേട്ടിട്ട് നമ്മളോട് പറഞ്ഞു...

അത് കേട്ടപ്പൊ നമ്മള് ഉപ്പച്ചിനെ തിരിഞ്ഞ് നോക്കി ഒന്ന് നെടുവീർപ്പിട്ട് സമീർക്കാനെ പിടിച്ച് ഇരുത്തി...

എന്നിട്ട് ആ തലയണ എടുത്ത് ശരിക്ക് പിറകിൽ വെച്ചതും സമീർക്ക പറയുന്നത് കേട്ട് നമ്മള് തൊള്ളേം തുറന്ന് നിന്നു.

"ഐഷൂ...നിനക്ക് ഒരു കാര്യം അറിയോ?

എൻ്റെ കാലിന് ഒരു കുഴപ്പവുമില്ല...എനിക്ക് നന്നായിട്ട്

നടക്കാനും ഓടാനുമൊക്കെ പറ്റും...

പിന്നെ ഇപ്പൊ ഇങ്ങനെ ഒക്കെ ചെയ്തത്...നിനക്ക് എത്രത്തോളം ഈ ക്ഷമ എന്ന് പറയുന്ന സാധനമുണ്ടെന്ന് ടെസ്റ്റ് ചെയ്തതാ...

പിന്നെ എന്നെ താങ്ങി പിടിച്ച് ഇവടെ കൊണ്ട് വന്ന് ഇരുത്തിയതിന് പ്രത്യുപകാരം ഞാൻ തന്നില്ലേ...

തന്നത് പോരെങ്കിൽ പറഞ്ഞാ മതി വേണേൽ ഇനിയും തരാം..."

നമ്മളെ കാതില് ഓൻ ഇത് പറഞ്ഞപ്പോഴാ നമ്മക്ക് മനസ്സിലായത് ഈ ചെക്കൻ ഇതുവരെ നമ്മളെ ഇട്ട് വട്ടം കളിപ്പിക്കേന്നൂന്ന്...

നമ്മളെ അന്തം വിട്ടുള്ള നിൽപ് കണ്ടിട്ട് ഓൻ ചിരിക്കാതിരിക്കാൻ വേണ്ടി പെടാപാട് പെടേന്നു...

ഇതൊക്കെ കണ്ടോണ്ടും കേട്ടോണ്ടും ഈ ഫെബി അടങ്ങി നിൽക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

അതോണ്ട് ഓൻ്റെ പ്രത്യുപകാരത്തിനുള്ള റിട്ടേൺ ഗിഫ്റ്റ് ആയിട്ട് നമ്മള് ഓൻ്റെ കാലിന് നോക്കി നല്ല അഡാറ് തല്ലങ്ങ് കൊടുത്തു...

തല്ലിൻ്റെ ഒച്ചയും ഓൻ്റെ ഓർക്കാപ്പുറത്തെ അലർച്ചയും കേട്ട് നമ്മളെ ഉപ്പച്ചി ബേജാറായി കൊണ്ട് നമ്മളെ നേരെ തിരിഞ്ഞു.

"എന്താ ഫെബിയേ... എന്താണ്ടായേ...?

സമീറേ...എന്താ പറ്റിയേ..?"

"അതൊന്നുല്യ ഉപ്പച്ചിയേ...ഈ സമീർക്കാൻ്റെ കാലില് ഒരു വലിയ കൊതുക്....

കുറെ നേരായി അത് എന്നെ ശല്യം ചെയ്യുന്നു...

തക്കം കിട്ടിയപ്പൊ അത് വന്നിരുന്നത് സമീർക്കാൻ്റെ കാലിലും...നമ്മളെ ശല്യം ചെയ്ത കൊതുകിനെ നമ്മള് വെറുതെ വിടോ..?

അതോണ്ട് ഒരൊറ്റ തല്ലങ്ങ് കൊടുത്ത് ആ കൊതുകിനെ പരലോകത്തേക്ക് അയച്ചു..."

"ഇജ്ജ് ഇത് എന്തൊക്കെയാടീ പറയുന്നേ?

ഇൻക്ക് ഒന്നും മനസ്സിലാകുന്നില്ല..."

"അതൊക്കെ ആ കൊതുകിന് നല്ലോണം മനസ്സിലായി കാണും...അല്ലേ സമീർക്കാ...?"

നമ്മള് മൂപ്പരെ തുറുക്കനെ നോക്കി കൊണ്ട് അത് പറഞ്ഞപ്പൊ സമീർക്ക നമ്മളെ നോക്കി തലയാട്ടി ചിരിച്ചു...

മൂപ്പരെ വളിഞ്ഞ ചിരി കണ്ടപ്പൊ അറിയാതെ നമ്മക്കും ചിരി വന്നു...

പിന്നീട് ഞങ്ങൾ അവിടെ ഉണ്ടായിരുന്ന മൂന്ന് ദിവസം കൊണ്ട് ഞങ്ങൾ രണ്ട് വീട്ടുകാരും കൂടുതൽ അടുത്തു...

അതിലുപരി നമ്മക്ക് സമീർക്കാനോട് മുൻപത്തേക്കാൾ ഇഷ്ടം കൂടി...

ഉപ്പച്ചിനെ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ചെയ്തത് സത്യം പറഞ്ഞാൽ നമ്മക്ക് ഒട്ടും പിടിച്ചില്ല...

സമീർക്കാൻറെ അടുത്ത് നിന്ന് പോരാൻ തോന്നുന്നില്ല എന്നതാണ് സത്യം...

ഉപ്പച്ചിയും ഉമ്മച്ചിയും കൂടി സമീർക്കാനോടൊക്കെ യാത്ര പറഞ്ഞിട്ട് വീട്ടിലേക്ക് ക്ഷണിച്ചു...

നമ്മക്ക് ആണെങ്കിൽ സമീർക്കാനെ വിട്ട് പോരുന്ന സങ്കടം ഉള്ളതോണ്ട് അവരോട് ഒന്നും യാത്ര പറയാതെ നമ്മള് പെട്ടെന്ന് പുറത്തേക്ക് ഇറങ്ങിയിരുന്നു...

താഴെ എത്തി കാറില് സാധനങ്ങൾ വെച്ചപ്പോഴാണ് നമ്മള് ഒരു കവറ് എടുക്കാൻ മറന്ന കാര്യം ഓർത്തത്...

ഉമ്മച്ചിയോടും ഉപ്പച്ചിയോടും കാറിൽ കേറാൻ പറഞ്ഞിട്ട് നമ്മള് റൂമിലേക്ക് ഓടി ചെന്നു...

അപ്പൊ റൂമില് സമീർക്ക മാത്രം ആയിരുന്നു ഉണ്ടായത്...

സമീർക്കാൻറെ മുഖത്തേക്ക് നോക്കിയാൽ ചെലപ്പൊ നമ്മള് കരഞ്ഞ് പോകുമെന്ന് തോന്നിയതോണ്ട് മൂപ്പരെ നോക്കാതെ വേഗം കവറ് എടുത്ത് ഓടാൻ നിന്നതും സമീർക്ക നമ്മളെ വിളിച്ചു...

"ഐഷൂ...എനിക്ക് ഒരു ഉത്തരം തന്നിട്ട് പോ നീ...

നിനക്ക് എന്നെ ഇഷ്ടാണോ?"

സമീർക്കാൻറെ ചോദ്യത്തിന് കൊടുക്കാൻ നമ്മളേ കയ്യിൽ വ്യക്തമായ മറുപടി ഉണ്ടെങ്കിലും അത് പറയേണ്ട സന്ദർഭം അതല്ലെന്ന് നമ്മക്ക് തോന്നി...

"ഇവിടന്ന് ഇറങ്ങിയിട്ട് വീട്ടുകാരേയും കൂട്ടി വീട്ടിലേക്ക് വരണം..."

എന്ന് സമീർക്കാൻറെ മുഖത്തേക്ക് നോക്കാതെ പറഞ്ഞോണ്ട് നമ്മള് അവിടെ നിന്നും പെട്ടെന്ന്

താഴേക്ക് ഓടി പോയി...

(തുടരും)

ഭാഗം. 73

"ഇവിടന്ന് ഇറങ്ങിയിട്ട് വീട്ടുകാരേയും കൂട്ടി വീട്ടിലേക്ക് വരണം..."

എന്ന് സമീർക്കാൻറെ മുഖത്തേക്ക് പോലും നോക്കാതെ പറഞ്ഞോണ്ട് നമ്മള് അവിടന്ന് വേഗം താഴേക്ക് ഓടി പോയി....

വീട്ടിൽ എത്തിയപ്പൊ മുതൽ നമ്മള് സമീർക്കാനെ ഒരുപാട് മിസ് ചെയ്യുന്ന പോലെ തോന്നി...

ഒരു നിമിഷം പോലും മൂപ്പരെ വിട്ടു പോകാൻ തോന്നുന്നില്ല...

അങ്ങനെ ദിവസങ്ങൾ ശര വേഗത്തിൽ കടന്നു പോയി...അതിനനുസരിച്ച് എൻറെ ഉള്ളിലെ സമീർക്കാനോടുള്ള ഇഷ്ടവും വളർന്നു...

സ്കൂൾ തുറന്നപ്പൊ പിന്നെ ഇത്തിരി ആശ്വാസം കിട്ടി...

നമ്മളെ ഫ്രണ്ട്സിൻറെ കൂടെ അടിച്ച് പൊളിക്കാൻ കിട്ടുന്ന ടൈം വെറുതെ കളയില്ലല്ലോ...

ഒരു ശനിയാഴ്ച ദിവസം സിനുവും ഷാദിയും ഹസിയും ജസിയും നമ്മളും പിന്നെ കൂടെയുള്ള കുട്ടി പട്ടാളങ്ങളുമൊക്കെ കൂടി നമ്മളെ വീടിന്റെ മുറ്റത്ത് കണ്ണ് കെട്ടി കളിക്കേന്നു...

ആദ്യം തന്നെ നറുക്ക് വീണത് ഹസിക്കേന്നു...

നമ്മള് ഓളെ കണ്ണ് ഷോള് കൊണ്ട് നല്ലോണം മുറുക്കി കെട്ടിയിട്ട് ഓളെ കറക്കി...

ഹസി കറങ്ങി കറങ്ങി ഒരു സ്ഥലത്ത് നിന്നിട്ട് ആടാൻ തുടങ്ങി...അപ്പൊ തന്നെ ഞങ്ങൾ ഓരോരുത്തരും കൂടി കയ്യടിച്ചോണ്ട് ഓൾക്ക് ഞങ്ങൾ എവിടെയാണെന്ന്

കേൾപ്പിച്ച് കൊടുത്തു...

ഓളെ ചെവി ഭയങ്കര ഷാർപ്പായോണ്ട് പല തവണ നമ്മള് ഓളെ കയ്യീന്ന് തല നാരിഴക്ക് രക്ഷപ്പെട്ടു...

അതോണ്ട് ഓളെ തന്നെ അടുത്ത റൗണ്ടിലും കളിപ്പിക്കാൻ ഞങ്ങൾ ഒക്കെ കൂടി ഒരു ചെറിയ പ്ലാനിട്ടു...

ഓള് കണ്ണിലെ കെട്ടഴിച്ചാൽ ഓള് തന്നെ വീണ്ടും കളിക്കേണ്ടി വരും...ഓളെ കൊണ്ട് ഓളെ കണ്ണിലെ കെട്ടഴിക്കാൻ നമ്മള് ചെന്ന് ഗേറ്റ് നല്ല ശബ്ദത്തിൽ തുറന്നു...

"ഹസി ആരോ വരുന്നുണ്ട് ഞങ്ങൾ പോകാ..."

എന്ന് ജസി അപ്പോഴേക്കും പറഞ്ഞതോണ്ട് ഞങ്ങൾക്ക് കാര്യങ്ങൾ കൂടുതൽ എളുപ്പമായി...കാരണം, അത് കേട്ടപ്പൊ തന്നെ ഹസി കണ്ണിലെ കെട്ടഴിച്ച് നോക്കി...

അപ്പോ ഞങ്ങൾ എല്ലാവരും കൂടി ഓളെ കൂക്കി വിട്ടു...ഓള് അപ്പൊ തന്നെ ഞങ്ങളെ എല്ലാവരേയും ഓടിച്ച് വിട്ടിട്ട് കയ്യിൽ കിട്ടിയതും ഞങ്ങളെ എല്ലാവരേയും ഓള് തല്ലി പരുവാക്കി...പോരാത്തതിന് ഓളിനി കളിക്കാൻ ഇല്ലാന്ന് പറഞ്ഞ് പിണങ്ങി പോകാൻ നിന്നു. അപ്പോഴേക്കും ഞങ്ങൾ എല്ലാവരും കൂടി ഓളെ സമാധാനിപ്പിച്ചിട്ട് ഓളെ വീണ്ടും കണ്ണ് കെട്ടി...

ഇത്തവണ ഓള് പിടിച്ചത് ജസിയെ ആയിരുന്നു. അതിന് കാരണക്കാരൻ നമ്മളാണ്...

ഹസി നമ്മളെ പിടിക്കാൻ ആയിരുന്നു വന്നത്, അപ്പോഴേക്കും നമ്മള് ജസിയെ പിടിച്ച് ഓളെ മുന്നിൽ ഇട്ട് കൊടുത്തതാ...അതോണ്ട് നമ്മള് രക്ഷപ്പെട്ടു...

പക്ഷേ, നമ്മള് കാണിച്ച് കൂട്ടിയതിനൊക്കെ പകരായിട്ട് ഹസി നമ്മക്കിട്ടും പണി തന്നു...

ജസി കളിച്ച് ഒരു നിമിഷം പോലും ആയില്ലാ അപ്പോഴേക്കും ഹസി നമ്മളെ ഓളെ മുന്നിൽ ഇട്ട് കൊടുത്തു...അതോടെ പിന്നെ നമ്മളെ ഊഴായി...

നമ്മളാണ് കളിക്കാൻ എന്ന് കണ്ടപ്പൊ എല്ലാവർക്കും ഭയങ്കര സന്തോഷം...

കാരണം എന്താ..?

നമ്മളെ അങ്ങനെ ഒന്നും കണ്ണ് കെട്ടി കളിക്ക് കിട്ടാത്തതാ...

ഇനി അഥവാ കിട്ടി പോയാലോ...നമ്മളെ കയ്യിൽ ആരേയും കിട്ടില്ല...

ജസിൻറെ കണ്ണ് കെട്ടിയത് അഴിച്ചിട്ട് ഹസി നമ്മളെ കണ്ണിൽ നല്ലോണം മുറുക്കി കെട്ടി...

ഓളെ കെട്ടിയതിന് പകരം വീട്ടിയതാ തെണ്ടി...

എന്നിട്ട് നമ്മളെ ഒരു കൈ ഹസിയും മറ്റേ കൈ ജസിയും പിടിച്ചോണ്ട് നമ്മളെ വട്ടം കറക്കി വിട്ടു...

തെണ്ടികൾ....അവരെ കൊണ്ട് നമ്മള് കറങ്ങി കറങ്ങി എവിടെയാ നിൽക്കുന്നതെന്ന് വരെ നമ്മക്ക് അറിയാണ്ടായി...

പക്ഷേ, അവര് കൈ കൊട്ടി കൊണ്ട് വിളിക്കുന്നത് കേട്ടപ്പൊ നമ്മള് ആ ശബ്ദം കേട്ട ഭാഗത്തേക്ക്

ചലിക്കാൻ തുടങ്ങി...

പക്ഷേ, ഒരൊറ്റ ഒരെണ്ണത്തിനെ പോലും നമ്മളെ കയ്യിൽ കിട്ടിയില്ല... ഗതി കെട്ടപ്പൊ കണ്ണിൻറെ കെട്ട് അഴിച്ചാലോ എന്ന് വരെ തോന്നി...

എന്തിനാ വെറുതെ അടുത്ത റൗണ്ടിലും നമ്മള് തന്നെ കളിക്കുന്നേന്ന് ആലോചിച്ചപ്പൊ പിന്നെ ആ സാഹസത്തിന് മുതിർന്നില്ല....

പെട്ടെന്ന് ആരോ ഗേറ്റ് കടന്ന് വരുന്ന പോലെ നമ്മക്ക് തോന്നി...

നമ്മള് നേരത്തെ കാണിച്ച പോലെ നമ്മക്കിട്ട് പണി തരാണെന്ന് തോന്നിയതോണ്ട് നമ്മള് അത് കാര്യാക്കിയില്ല...

"എടീ...ഫെബീ....സമീർക്കയും ഫാമിലിയും വരുന്നുണ്ട്...."

എന്ന് ഹസി കാത് അടപ്പിക്കുന്ന രീതിയിൽ വിളിച്ച്

കൂവി...

"ആണോ...എന്നാ കസേരയിട്ട് സ്വീകരിച്ച് ഇരുത്തിക്കോ..."

എന്ന് നമ്മളും തിരിച്ച് പറഞ്ഞിട്ട് ഓളെ ശബ്ദം കേട്ട ഭാഗത്തേക്ക് നമ്മള് നീങ്ങി.

അപ്പൊ തന്നെ നമ്മള് ആരെയോ പിടിച്ചു.

"ഹേയ്... ഞാൻ ജയിച്ചു...ഞാൻ പിടിച്ചു..."

എന്ന് പറഞ്ഞ് നമ്മള് ആ ആളെ കൈ പിടിച്ച് തുള്ളി ചാടി... അപ്പോഴാ നമ്മള് വേറെ ഒരു കാര്യം ശ്രദ്ധിച്ചത്...

ആ കൈ ഭയങ്കര പരുക്കനാണെന്ന്...

ഇത് ഇപ്പൊ ഏതാ നമ്മളെ കൂട്ടത്തിലെ പരുക്കൻ കൈ എന്ന് ചിന്തിച്ചോണ്ട് നമ്മള് അയാളെ ദേഹത്ത് കൂടിയൊക്കെ ഒന്ന് കയ്യോടിച്ചോണ്ട് മുഖത്ത് എത്തിയതും തീയില് തൊട്ട പോലെ അപ്പൊ തന്നെ

പിൻവലിച്ചു...

എന്നിട്ട് കണ്ണിലെ കെട്ടഴിച്ചിട്ട് മുന്നിൽ നിൽക്കുന്ന ആളാരാന്ന് കാണാൻ വേണ്ടി കണ്ണ് തുറന്ന് നോക്കിയതും നമ്മള് നിന്ന സ്ഥലത്ത് നിന്നും ഉരുകാൻ തുടങ്ങി...

ഹസി പറഞ്ഞ പോലെ തന്നെ സമീർക്കയും ഫാമിലിയുമാണ് നമ്മളെ മുന്നിൽ നിൽക്കുന്നത്....

നമ്മള് ഓരെ അന്ധാളിച്ച് നോക്കി കൊണ്ട് ചുറ്റും ഒന്ന് കണ്ണോടിച്ചപ്പൊ നമ്മളെ കൂടെ ഉണ്ടായിരുന്ന ഒരൊറ്റ ഒരെണ്ണത്തിനെ പോലും കാണാനില്ലേന്നു...

നോക്കുമ്പോൾ എല്ലാവരും കൂടി ഹസിൻറെ വീട്ടിലേക്ക് ഓടി പോയിരിക്കാണ്...ഹസി അവിടെ നിന്നോണ്ട് നമ്മളെ നോക്കി നല്ലോണം കളിയാക്കി ചിരിക്കുന്നുണ്ട്...

നമ്മക്ക് ഓളെ ഇളി കണ്ടപ്പൊ എരിഞ്ഞ് കേറിയെങ്കിലും നമ്മള് അത് പുറത്ത് കാണിക്കാതെ അവിടെ തന്നെ നിന്നിട്ട് സമീർക്കാനേയും ഓരെ ഉമ്മാനേയും ഉപ്പാനേയും ഒന്ന് നോക്കി...

സമീർക്ക നമ്മളെ മുഖത്തേക്ക് തന്നെ നോക്കി കൊണ്ട് വാ പൊത്തി ചിരിക്കാതിരിക്കാൻ വേണ്ടി പെടാപാട് പെടാണ്...

മൂപ്പരെ ഉപ്പച്ചിയും ഉമ്മച്ചിയുമാണെങ്കിൽ സമീർക്കാനേയും നമ്മളേയും മാറി മാറി നോക്കി കൊണ്ട് അതിലേറെ ചിരിക്കാ...

അവരെ മുന്നിൽ നല്ല അന്തസായിട്ട് സസി ആയ നിർവൃതിയിൽ സൈക്കിളീന്ന് വീണ ഒരു ഇളി പാസാക്കി കൊണ്ട് അകത്തേക്ക് വേഗം ഓടി പോയി...

നമ്മളെ ഓട്ടം കണ്ടിട്ട് ഉമ്മച്ചി കാര്യം തിരക്കിയെങ്കിലും നമ്മള് ഒന്നും മിണ്ടാതെ വേഗം റൂമിലേക്ക് ഓടി...

എന്നിട്ട് കണ്ണാടിയില് നോക്കിയിട്ട് നമ്മളെ നമ്മള് തന്നെ സ്വയം കളിയാക്കി ചടപ്പിച്ചു...

അപ്പൊ തന്നെ ഹസി നമ്മളെ റൂമിലേക്ക് കേറി വന്നിട്ട് ഒരു പൊട്ടിച്ചിരി ആയിരുന്നു...

"ഹ...ഹ...ഹ...നിൻറെ ചമ്മിയ ഫേസ് ഞാൻ ആദ്യായിട്ട് കാണാണ് ഫെബീ....

ഹ...ഹ..ഹ...എന്തായാലും നല്ല ചേലായിട്ടുണ്ട്...കീപിറ്റ് അപ്...

ഹ....ഹ...ഹ..."

"പോടീ ജന്തു...എന്താടീ അവര് വന്ന കാര്യം എന്നോട് പറയാഞ്ഞത്...?"

എന്ന് പറഞ്ഞ് നമ്മള് കയ്യിൽ കിട്ടിയ സാധനങ്ങൾ കൊണ്ട് ഹസിനെ എറിഞ്ഞു...

"അത് ശരി... അപ്പൊ ഞാൻ പറഞ്ഞതൊന്നും കേട്ടില്ലേന്നോ...നിന്നോട് പച്ച മലയാളത്തിൽ അല്ലെ ഞാൻ പറഞ്ഞത് സമീർക്കയും ഫാമിലിയും വന്നിട്ടുണ്ടെന്ന്...

അപ്പൊ നീയെന്താ പറഞ്ഞേ...പോയി കസേരയിട്ട് കൊടുക്കാനല്ലെ..."

"ഞാൻ കരുതി നീ വെറുതെ എന്നെ കളിപ്പിക്കാൻ

വേണ്ടി പറഞ്ഞതാകുമെന്ന്...അതോണ്ടല്ലെ അപ്പൊ അങ്ങനെ ഒക്കെ പറഞ്ഞത്...

ഛെ...ആകെ നാണക്കേടായി...എന്നെ കുറിച്ച് എന്താണാവോ കരുതിയിട്ടുണ്ടാകാ..?"

"എന്ത് തന്നെ ആയാലും അവരെ ഈ വരവ് മിക്കവാറും നിന്നെ പെണ്ണ് കാണാനുള്ളതാകും...

വന്നയുടനെ തന്നെ പെണ്ണിനെ നല്ല രീതിയിൽ കണ്ടതോണ്ട് ആ കാര്യത്തിലും ഒരു തീരുമാനമായി..."

എന്ന് പറഞ്ഞ് ഓള് വീണ്ടും കെടന്ന് കിണിച്ചപ്പൊ നമ്മള് ഓളെ പുറത്ത് തബല വായിച്ചു...

അപ്പൊ തന്നെ ഉമ്മച്ചി പെട്ടെന്ന് നമ്മളെ റൂമിലേക്ക് കേറി വന്നിട്ട് നമ്മളോട് താഴേക്ക് വരാൻ പറഞ്ഞു...

നമ്മളെ കൊന്നാലും നമ്മള് ഓരെ മുന്നിലേക്ക് വരൂലാന്ന് ഉമ്മച്ചിനോട് കെഞ്ചി പറഞ്ഞെങ്കിലും മൂപ്പത്തി അതൊന്നും വക വെക്കാതെ നമ്മളേയും

കൊണ്ട് താഴേക്ക് ഇറങ്ങി വന്നു... നമ്മളെ പിന്നാലെ കിണിച്ചോണ്ട് ഹസിയും....

ഉമ്മച്ചി അവരെ മുന്നിലേക്ക് നമ്മളെ പിടിച്ച് നിർത്തിയപ്പൊ നമ്മക്ക് ആകെ എന്തോ പോലെയായി...ആകെ ചടച്ചു, ഓരെ മുഖത്തേക്ക് പോലും നോക്കാൻ പറ്റാതെ തലയും താഴ്ത്തി നമ്മള് അവിടെ നിന്നു...

അവരെ കൂട്ടത്തീന്ന് ഉപ്പച്ചിൻ്റെ ശബ്ദവും കാതിലേക്ക് തുളച്ച് കേറിയപ്പോഴാണ് നമ്മള് അവരെയൊക്കെ ഒന്ന് നോക്കിയത്...

അതും നോക്കിയതോ കൃത്യം സമീർക്കാൻ്റെ മുഖത്തേക്ക്...

മൂപ്പര് നമ്മളെ നോക്കി ചിരിച്ചോണ്ട് സൈറ്റടിച്ചപ്പൊ നമ്മള് വേഗം വീണ്ടും തല താഴ്ത്തി നിന്നിട്ട് ചിരി കൺട്രോൽ ചെയ്ത് വെച്ചു...

ഹസി പറഞ്ഞ പോലെ അവരൊക്കെ കൂടി

സംസാരിക്കുന്നത് നമ്മളേയും സമീർക്കാൻറേയും കല്യാണക്കാര്യം ആയിരുന്നു...

നമ്മക്ക് അതൊക്കെ കൂടി കേട്ടിട്ട് തുള്ളി ചാടാൻ തോന്നാണ്.

പക്ഷേ, ഇപ്പൊ നമ്മളെ ഫീലിങ്സ് കൺട്രോൽ ചെയ്തില്ലെങ്കിൽ നമ്മള് വീണ്ടും ഇവരെ മുന്നിൽ നാണം കെടുമെന്ന് തോന്നിയപ്പൊ നമ്മള് അടങ്ങി ഒതുങ്ങി അവര് പറയുന്നത് കേട്ടോണ്ട് നിന്നു...

"ഖാദറേ...നമുക്ക് നിശ്ചയം ഈ മാസം തന്നെ നടത്താം, എന്നിട്ട് കല്യാണം ഒരു കൊല്ലം കഴിഞ്ഞ് മതി...ഉറപ്പിച്ച് വെക്കുന്നത് നല്ല കാര്യമല്ലെ..."

നമ്മളെ ഉപ്പച്ചിൻറെ ഡയലോഗ് നമ്മളെ കാതുകളെ മാത്രല്ല നമ്മളെ മനസ്സിനും കുളിർമയേകി.

സമീർക്കാൻറെ ഉപ്പയും നമ്മളെ ഉപ്പച്ചി പറഞ്ഞതിനോട് യോജിച്ചു...

അപ്പൊ ഹസി അരിച്ചരിച്ച് നമ്മളെ അടുത്തേക്ക് വന്നിട്ട് കാതില് പതുക്കെ മൊഴിഞ്ഞു...

"കോളടിച്ചല്ലോ മോളേ...നീ ആഗ്രഹിച്ച ചെക്കൻ തന്നെ നിൻറെ എല്ലാമെല്ലാം ആകാൻ പോകല്ലേ...

വൻ ചെലവുണ്ട് മോളേ വൻ ചെലവ്...

കോഫീ മിസ്റ്റിൽ നമുക്ക് വേണ്ടി ഒരു പാർട്ടി അറേഞ്ച് ചെയ്താലോ?"

ഹസിൻറെ വർത്താനം കേട്ടപ്പൊ നമ്മക്ക് ചിരി വന്നു.. നമ്മള് ഓളെ നോക്കി കൊണ്ട് ഓക്കെ പറഞ്ഞു...

"ഡേറ്റ് തീരുമാനിക്കുന്നതിന് മുൻപ് എനിക്ക് ഇവളോട് ഒന്ന് തനിച്ച് സംസാരിക്കണം..."

സമീർക്ക പറയുന്നത് കേട്ടിട്ട് നമ്മള് ഞെട്ടി തരിച്ചോണ്ട് മൂപ്പരെ മുഖത്തേക്ക് നോക്കി...

യാതൊരു ഭാവ വ്യത്യാസവും ഇല്ലാതെ സ്വന്തം വീട് പോലെ നമ്മളെ നോക്കി കൊണ്ട് മോളിലേക്ക് കേറി ഒരു പോക്കങ്ങ് പോയി...

നമ്മള് അന്ധാളിച്ചോണ്ട് നിൽക്കുന്നത് കണ്ടപ്പൊ ഹസി

നമ്മളെ ഉന്തി തള്ളി മോളിലേക്ക് പറഞ്ഞയക്കാൻ നോക്കി... കൂടെ നമ്മളെ ഉമ്മേച്ചി കൂടി കൂടിയപ്പൊ മോളിലേക്ക് പോകയല്ലാതെ നമ്മക്ക് വേറെ നിവർത്തി ഇല്ലെന്നു...

നമ്മള് മടിച്ച് മടിച്ച് മോളില് എത്തിയപ്പൊ മൂപ്പര് ബാൽക്കണിയിൽ നിന്നിട്ട് പുറത്തേക്ക് നോക്കി നിക്കാണ്...

എന്തിനാ നമ്മളോട് സംസാരിക്കണമെന്ന് മൂപ്പര് പറഞ്ഞതെന്ന് നമ്മക്ക് നല്ലോണം ബോധ്യം ഉണ്ടായിരുന്നു...

അന്ന് ഹോസ്പിറ്റലിൽ വെച്ച് ചോദിച്ചത് തന്നെ ചോദിക്കാനാകും വിളിച്ച് വരുത്തിയത്...

അതിനുള്ള മറുപടി എങ്ങനെ നമ്മള് കൊടുക്കുമെന്ന് ആലോചിച്ചോണ്ട് നമ്മള് വന്നിട്ടുണ്ട് എന്ന് അറിയിക്കാൻ വേണ്ടി ഒന്ന് ചുമച്ചു...

അപ്പൊ മൂപ്പര് കൈ രണ്ടും പോക്കറ്റിൽ ഇട്ടിട്ട് നമ്മളെ നേരെ തിരിഞ്ഞു നിന്നു...

"ഞാൻ വരുമെന്ന് നീ ഒട്ടും പ്രതീക്ഷിച്ചില്ലലേ...?"

"വരുമെന്ന് അറിയായിരുന്നു...പക്ഷേ ഇത്ര പെട്ടെന്ന് വരുമെന്ന് വിചാരിച്ചില്ല..."

നേരത്തെ ചമ്മി നാറിയ യാതൊരു ഭാവവുമില്ലാതെ നമ്മള് ഓനോട് പറയുന്നത് കേട്ടിട്ട് ഓൻ ചിരിച്ചോണ്ട് കൈ കെട്ടി നിന്നോണ്ട് നമ്മളെ തന്നെ നോക്കി നിന്നു.

"ഞാൻ ഇപ്പൊ നിന്നോട് എന്ത് സംസാരിക്കാനാ ഇങ്ങോട്ട് വിളിച്ചതെന്ന് അറിയോ?"

നന്നായിട്ട് അറിയാമെങ്കിലും നമ്മള് ഒന്നും അറിയാത്ത പോലെ ഇല്ലാന്ന് തലയാട്ടി...

"താഴെ അവരൊക്കെ കൂടി നമ്മളെ കല്യാണം ഏതാണ്ട് ഉറപ്പിച്ച മട്ടിലാണ്...

നിനക്ക് ഈ കല്യാണത്തില് സമ്മതാണോന്ന് പോലും ചോദിക്കാതെയാണ് അവര് ഈ തീരുമാനം എടുത്തത്...

വെറുതെ എടുത്ത് ചാടി നിൻറെ ജീവിതം കുട്ടിച്ചോറാക്കാൻ താൽപര്യം ഇല്ലാത്തോണ്ട് ചോദിക്കാണ്...

തനിക്ക് ഞാനുമായിട്ടുള്ള കല്യാണത്തിന് സമ്മതാണോ?"

"സമ്മതല്ലെങ്കിൽ നിങ്ങളോട് ഞാൻ ഒരിക്കലും വീട്ടിലേക്ക് വരാൻ പറയില്ലല്ലോ..."

"എന്ന് വെച്ചാൽ..."

"എന്ന് വെച്ചാൽ എനിക്ക് ഇയാളെ ഒരുപാട് ഇഷ്ടാണ്...അതോണ്ട് ഈ കല്യാണത്തിനും സമ്മതാണ്..."

എടുത്തടിച്ച പോലെയുള്ള നമ്മളെ മറുപടി കേട്ടിട്ട് മൂപ്പരൊന്ന് ഷോക്കായെങ്കിലും പിന്നെ നമ്മളെ നോക്കി സന്തോഷത്തോടെ ചിരിക്കാൻ തുടങ്ങി...

അത് കണ്ടപ്പൊ നമ്മക്കും ഒരുപോലെ സന്തോഷായി...

പെട്ടെന്ന് സമീർക്ക നമ്മളെ നോക്കിയിട്ട് നമ്മളെ കൈ പിടിച്ച് വലിച്ച് മൂപ്പരെ അടുത്തേക്ക് നിർത്തിച്ചു....

"എങ്ങനെ... എന്തോ...നിനക്ക് എന്നെ ഒരുപാട് ഇഷ്ടാണെന്നോ...

എപ്പൊ മുതലാടീ നിനക്ക് ഈ അസുഖം തുടങ്ങിയത്...?"

മൂപ്പരെ ചോദ്യം നമ്മള് നന്നായിട്ട് കേട്ടെങ്കിലും നമ്മക്ക് ഒന്നും ഉരിയാടാൻ കഴിയാതെ വീർപ്പ് മുട്ടായിരുന്നു. കാരണം, മൂപ്പരെ ആ പിടുത്തത്തിൽ ഇപ്പോഴും ഷോക്കടിച്ച് നിക്കാണ് നമ്മള്...

പെട്ടെന്ന് നമ്മളെ കവിളില് തട്ടി കൊണ്ട് സമീർക്ക വീണ്ടും അത് തന്നെ ചോദിച്ചപ്പോഴാ നമ്മക്ക് ബോധം വന്നത്...

"നീയെന്താ പകൽ സ്വപ്നം കാണാണോ..?

അതൊക്കെ കാണാൻ ഇനിയും ഒരുപാട് സമയണ്ട്...

അത് അപ്പൊ കാണാം...

ഇപ്പൊ നീ ഞാൻ ചോദിച്ചതിന് സമാധാനം പറ..."

"അത്...അത് പിന്നെ...അന്ന് ദില്ലൂൻറെ കല്യാണത്തിന് ഇങ്ങളെ കണ്ടില്ലെ...അപ്പൊ മുതൽ എനിക്ക് നിങ്ങളെ ഇഷ്ടാ..."

"എന്നത്തേയും പോലെ തന്നെ ആണല്ലോ ഞാൻ അന്നും...പിന്നെ എന്താ നിനക്ക് അന്ന് മാത്രം നമ്മളോട് ഇഷ്ടം തോന്നിയത്.."

"കാരണം, അന്നാണ് ഞാൻ നിങ്ങളെ ആദ്യായിട്ട് നല്ല കട്ട താടി വെച്ചോണ്ട് കണ്ടത്...

നമ്മക്ക് ആണെങ്കിൽ കട്ട താടിയും ഹാഷ് നിറത്തിലുള്ള ബുള്ളറ്റുമുള്ള ചെക്കൻമാരെ പണ്ട് മുതലേ ഇഷ്ടാ...

അന്ന് ഇങ്ങളെ ശരിക്കും ഇതുപോലെ കട്ട താടിയിൽ കണ്ടപ്പൊ നമ്മള് അറിയാതെ തന്നെ ഇങ്ങള് എൻറെ ഉള്ളിൽ കേറി കൂടി..."

"ഓഹോ....അപ്പൊ അതാണ് കാര്യം...

എനിക്ക് നീ ആഗ്രഹിക്കുന്ന പോലെ ഹാഷ് നിറത്തിലുള്ള ബുള്ളറ്റില്ല...പിന്നെ ഈ താടി ഞാൻ വടിച്ചാൽ ഇതൊക്കെ കാരണമാക്കി നീ പിന്നെ എന്നെ ഇട്ടേച്ച് പോകോ?"

എന്ന് പറഞ്ഞ് സമീർക്ക ചിരിച്ചപ്പൊ തമാശക്ക് പറഞ്ഞതാണേലും നമ്മക്ക് കൊള്ളേണ്ടിടത്ത് തന്നെ കൊണ്ടു...

അതോണ്ട് നമ്മള് കണ്ണ് നിറച്ചോണ്ട് മൂപ്പരെ ഓടി ചെന്ന് കെട്ടി പിടിച്ച് നിന്നു...

നമ്മളെ ഭാഗത്ത് നിന്നും ഒട്ടും പ്രതീക്ഷിക്കാത്ത ഒരു പ്രതികരണായോണ്ട് സമീർക്ക സ്തംഭിച്ച് അങ്ങനെ നിന്നു...

നമ്മള് പെട്ടെന്ന് തന്നെ മൂപ്പരെ നെഞ്ചിൽ നിന്നും എണീറ്റു...

"ഇങ്ങേക്ക് തോന്നുന്നുണ്ടോ ഞാൻ അങ്ങനെ പോകുമെന്ന്.. പറ തോന്നുന്നുണ്ടോന്ന്.."

എന്ന് പറഞ്ഞ് നമ്മള് മൂപ്പരെ നെഞ്ചത്ത് കുത്താൻ തുടങ്ങി... നമ്മളെ കണ്ണീര് തുടച്ചിട്ട് മൂപ്പര് ചിരിച്ചോണ്ട് നമ്മളെ കൈ പിടിച്ച് വലിച്ച് മൂപ്പരോട് ചേർത്ത് നിർത്തി നമ്മളെ നെറുകയിൽ ഒരുമ്മ തന്നു....

"ഇല്ല ടീ പെണ്ണേ....നീ എന്നെ വിട്ട് അങ്ങനെയൊന്നും പോകില്ലാന്ന് എനിക്ക് നല്ലോണം അറിയാം... കാരണം ഞാൻ നിന്നെ വിട്ടിട്ട് വേണ്ടേ നീ പോകാൻ..."

എന്ന് പറഞ്ഞ് മൂപ്പര് നമ്മളെ അടുത്തേക്ക് ഒരു വശ്യമായ ചിരിയോടെ മുഖം കൊണ്ട് വന്നപ്പോ നമ്മള് അപ്പൊ തന്നെ മൂപ്പരെ പിടിച്ച് ഒരു തള്ളങ്ങ് കൊടുത്തു...

"വല്ലാണ്ട് പിടുത്തം മുറുക്കണ്ടട്ടോ...അതൊക്കെ കല്യാണം കഴിഞ്ഞിട്ട് മതി..."

എന്ന് പറഞ്ഞ് നമ്മള് ചിരിച്ചോണ്ട് അവിടന്ന് പോകാൻ നിന്നതും മൂപ്പര് നമ്മളെ കയ്യിൽ പിടിച്ച് വലിച്ചു...അപ്പൊ

തന്നെ നമ്മളെ ഹസി അങ്ങോട്ട് കേറി വന്നിട്ട് കണ്ണ് പൊത്തി നിന്നു...

"ഞാനൊന്നും കണ്ടിട്ടില്ലേയ്..."

എന്ന് ഹസി പറഞ്ഞപ്പൊ സമീർക്ക നമ്മളെ വിട്ടിട്ട് വേഗം താഴേക്ക് ഇറങ്ങി പോയി...

അപ്പൊ തന്നെ ഹസി നമ്മളെ നോക്കി കൊണ്ട് ചിരിച്ചപ്പൊ നമ്മള് ഓളെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് വേഗം അവിടന്ന് മുങ്ങാൻ നോക്കി...

പക്ഷേ അപ്പോഴേക്കും ഓള് നമ്മളെ മുന്നിൽ കേറി നിന്നിട്ട് നമ്മളെയങ്ങ് കളിയാക്കി കൊന്നു.

..

നമ്മള് ഓളെ കളിയാക്കലിന് മുന്നിൽ തിരിച്ച് ഒന്നും പറയാൻ കിട്ടാതെ ഓളെ തള്ളിയിട്ടിട്ട് വേഗം അവിടന്ന് ഓടി പോയി...

പിന്നെ അങ്ങോട്ട് എല്ലാം വളരെ പെട്ടെന്നായിരുന്നു...

രണ്ട് കൂട്ടരും കൂടി പറഞ്ഞ് ഉറപ്പിച്ച് ഒരു മാസത്തിനുള്ളിൽ എങ്കേജ്മെൻറ് നടത്താൻ പ്ലാനിടലും...

നമ്മളെ ടീംസ് നമ്മളെ കൊണ്ട് സമീർക്കാനെ വിളിപ്പിച്ചിട്ട് കോഫീ മിസ്റ്റിൽ നിന്ന് ട്രീറ്റ് മേടിക്കലും...

ഫ്രണ്ടിനെ കാണാൻ പോകാണെന്ന് പറഞ്ഞ് ഹസിയേയും അച്ചൂനേയും കൂട്ടി സമീർക്കാൻറേയും വിഷ്ണുവേട്ടൻറേയും കൂടെ ഊര് ചുറ്റാൻ പോകലുമൊക്കെയായി അങ്ങനെ ദിവസങ്ങൾ കടന്ന് പോയി...

ഇപ്പൊ ഞങ്ങൾ എല്ലാവരും നല്ല കൂട്ടാണ്...എന്തിനും ഏതിനും എപ്പോഴും കൂടെ അവരൊക്കെ ഉണ്ടാകും...

ഇന്നാണ് എൻറെ ലൈഫിലെ ഏറ്റവും പ്രധാനപ്പെട്ട ആ ദിവസം.... ഇന്ന് എൻറേയും സമീർക്കാൻറേയും എങ്കേജ്മെൻറാണ്...

കഴിഞ്ഞ ഒരു മാസായിട്ട് രണ്ട് ഇണക്കുരുവികളെ പോലെ പ്രേമിച്ച് പാറി കളിച്ച് നടന്നതിന് ഇന്നത്തോടെ ഒരു അർത്ഥം ഉണ്ടാകാൻ പോകാണ്...

ഒരു കല്യാണത്തിനുള്ള പട തന്നെയുണ്ട് ഞങ്ങക്ക് കുടുംബക്കാരായിട്ട്...അതോണ്ട് വീട് ശരിക്കും ഒരു കല്യാണവീട് ആയിട്ടുണ്ട്...

കല്യാണം ഒരു വർഷം കഴിഞ്ഞിട്ടൊള്ളൂ എന്നതോണ്ട് എങ്കേജ്മെൻറ് കുറച്ച് വല്യ പരിപാടി ആയിട്ടാണ് കഴിക്കുന്നത്...

എല്ലാത്തിനും നമ്മളെ കൂടെ തന്നെ നമ്മളെ ചങ്കത്തികളും കസിൻസുമൊക്കെ ഉള്ളതോണ്ട് നല്ല ഗംഭീരം തന്നെ ആയിരുന്നു പരിപാടി...

സമീർക്കാൻറെ വിരലിൽ അണിയാൻ നമ്മള് പറഞ്ഞ് ഉണ്ടാക്കിച്ച "ആയിഷ" എന്ന് കൊത്തി വെച്ച മോതിരം നമ്മക്ക് കയ്യീന്ന് എടുത്ത് വെക്കാൻ തോന്നുന്നില്ലേന്നു...അതിന് നമ്മക്ക് വയറ് നിറച്ച് കിട്ടേം ചെയ്തു...

അപ്പോഴാണ് നമ്മളെ അടുത്തേക്ക് താഹി ഓൻറെ ഫോണും കൊണ്ട് വന്നത്...ഫൈസൽക്കയാണെന്ന്

ഓൻ പറഞ്ഞപ്പൊ നമ്മള് ഫോൺ വാങ്ങി സംസാരിച്ചു...

ഫൈസൽക്ക നമ്മളെ വിഷ് ചെയ്തിട്ട് വേഗം ഫോൺ വെച്ചു. മറിച്ച് നമ്മക്ക് ഒരു താങ്ക്സ് പോലും പറയാൻ സാധിച്ചില്ല... നമ്മള് അതിൻറെ വിഷമം താഹിയോട് പറയേം ചെയ്തു.

ലൈറ്റ് പിങ്കിലുള്ള ഒരു ഗൗണാണ് നമ്മളെ വേഷം...

അണിഞ്ഞൊരുങ്ങി നിന്ന് ചെക്കനെ കാത്ത് നിക്കാണ് നമ്മള്....

നമ്മക്കാണെങ്കിൽ മൂപ്പരെ കാണാഞ്ഞിട്ട് ഒരു പൊറുതികേട്...

ഒടുവിൽ നമ്മളെ കാത്തിരിപ്പിന് ഒക്കെ വിരാമമിട്ട് കൊണ്ട് ചെക്കനും കൂട്ടരും വന്നുവെന്ന് താഹി വന്ന് പറഞ്ഞു....അത് കേട്ടപ്പൊ മുതൽ ഇതുവരെ ഇല്ലാത്ത ഒരു ടെൻഷൻ നമ്മക്ക് എവിടെന്നോ വന്നു...

എല്ലാവരും കൂടി നമ്മളെ പിടിച്ച് താഴെ ഹാളിലേക്ക് കൊണ്ട് പോയി നമ്മളെ സമീർക്കാൻറെ അടുത്ത് സോഫയിലിരുത്തി....

(തുടരും)

ഭാഗം. 74

നമ്മളെ കാത്തിരിപ്പിനൊക്കെ വിരാമമിട്ട് കൊണ്ട് ചെക്കനും കൂട്ടരും വന്നുവെന്ന് താഹി വന്ന് ഞങ്ങളോട് പറഞ്ഞു...

അത് കേട്ടപ്പൊ തൊട്ട് ഇതുവരെ ഇല്ലാത്ത ഒരു ടെൻഷൻ നമ്മക്ക് വന്നു...

എല്ലാവരും കൂടി നമ്മളെ പിടിച്ച് താഴേക്ക് കൊണ്ട് പോയിട്ട് സമീർക്കാൻറെ അടുത്ത് സോഫയില് ഇരുത്തി...

ഇതുവരെ നാണം എന്ന് പറയുന്ന ഒരു സാധനം നമ്മളെ ഏഴയലത്ത് വന്നിട്ടില്ലേന്നു, പക്ഷേ ഇപ്പൊ അതല്ല സ്ഥിതി...

സമീർക്കാൻറെ കൂടെ അടുത്ത് ഇരിക്കുമ്പൊ

എന്തെന്നില്ലാത്ത ഒരു ആധിയും പരവേഷവും...

ഹാർട്ട് ബീറ്റാണെങ്കിൽ പിന്നെ പറയേ വേണ്ട...

അതിൻറെ ഇഷ്ടത്തിന് അത് കുതിച്ചുയരുന്നത് നമ്മളെ കാതിലേക്ക് വരെ കേൾക്കാം...

ഇതൊക്കെ സഹിക്കാം...പക്ഷേങ്കില് നമ്മളെ ചങ്കത്തികളെയും കസിൻസിൻറേയും കളിയാക്കലുണ്ടല്ലൊ അത് ഒട്ടും സഹിക്കാൻ പറ്റില്ല...

എല്ലാവരും കൂടി ഞങ്ങളെ ചുറ്റും കൂടി നിന്നിട്ട് നമ്മളെ സമീർക്കാൻറെ മുന്നിൽ കൊച്ചാക്കി...

കുറച്ച് കഴിഞ്ഞ് എല്ലാവരുടേയും സൊറ പറച്ചില് തീർന്നപ്പൊ നമ്മളെ ഉപ്പച്ചി വന്ന് സമീർക്കാക്ക് ഇട്ട് കൊടുക്കേണ്ട മോതിരം നമ്മളെ കയ്യിൽ തന്നു...

നമ്മള് അത് മൂപ്പരെ വിരലില് ഇട്ട് കൊടുത്തിട്ട് മൂപ്പരെ നോക്കി സൈറ്റടിച്ചു...അപ്പൊ നമ്മളെ കുടുംബക്കാരൊക്കെ കൂടി നമ്മളെ അങ്ങ് കൂക്കി കൊന്നു...

നമ്മള് ഓരെ കൂക്കലും കളിയാക്കലുമൊക്കെ ഏറ്റു വാങ്ങിയ പോലെ എല്ലാവരേയും നോക്കി ഒന്ന് ചിരിച്ച് കൊടുത്തു... അപ്പൊ സമീർക്ക ചിരിച്ചോണ്ട് നമ്മളെ കൈ പിടിച്ച് നമ്മളെ വിരലിലേക്ക് വെളുത്ത കല്ല് പതിച്ച ഒരു മോതിരം ഇട്ട് തന്നു...അത് വരെ കളിയും ചിരിയും ആയിട്ട് നിന്ന നമ്മളെ മുഖത്ത് പെട്ടെന്ന് ചിരിക്കണോ കരയണോ എന്നറിയാൻ പറ്റാത്ത ഒരു അവസ്ഥ വന്നു...

മോതിരം ഇട്ട ശേഷം സമീർക്ക നമ്മളെ കൈ പിടിച്ചിട്ട് നമ്മളെ മുഖത്തേക്ക് നോക്കി...

"അയ്യേ...ഇവള് കരയണ്...."

എന്ന് സമീർക്ക പറഞ്ഞപ്പൊ എല്ലാവരും കൂടി സമീർക്കാൻറെ ഒപ്പം കൂടി നമ്മളെ നോക്കി അയ്യേന്ന് പറഞ്ഞ് കളിയാക്കി...

താഹി അതൊക്കെ അപ്പൊ തന്നെ ഫോട്ടോ എടുത്ത് സ്റ്റാറ്റസാക്കി നമ്മളെ നാറ്റിച്ചു...

"ഫെബിയേ...ഓൻ അന്നെ ഇപ്പൊ തന്നെ ഒന്നും കൊണ്ട് പോണില്ല... അതിന് ഇനിയും ഒരു കൊല്ലണ്ട്...അപ്പൊ

കരഞ്ഞാ പോരേ..." താഹിയാണ്.

"അതോണ്ടാ ഞാൻ കരഞ്ഞത്...ഇനിയും ഒരു കൊല്ലം കാത്തിരിക്കണ്ടേ..."

താഹി എല്ലാവരെ മുമ്പിൽ വെച്ചും നമ്മളെ കൊച്ചാക്കാൻ വേണ്ടി പറഞ്ഞതിന് നമ്മള് നല്ല ചുട്ട മറുപടി തന്നെയാണ് കൊടുത്തത്...

അത് കേൾക്കേണ്ട താമസം എല്ലാവരും കൂടി നമ്മളെ പിടിച്ച് സമീർക്കാനെ ഏൽപ്പിച്ചിട്ട് ഇന്നാ ഇവളെ ഇപ്പൊ തന്നെ കൊണ്ട് പൊയ്ക്കോന്ന് പറഞ്ഞ് വീണ്ടും വശളാക്കി...

സമീർക്കാൻറെ ഉമ്മ നമ്മളെ ചേർത്ത് നിർത്തിയിട്ട് നമ്മളെ കവിളില് ഒരുമ്മ തന്നു... എന്നിട്ട് സമീർക്കാനെ കൊണ്ട് നമ്മക്ക് ഒരു പെട്ടി മിഠായിയും ഒരു ഡ്രസും തരിയിപ്പിച്ചു.

എല്ലാവരും കൂടി നമ്മളോട് ആ ഡ്രസ് ഇട്ട് വരാൻ പറഞ്ഞു...

നമ്മളെ ചങ്കത്തികളൊക്കെ കൂടി നമ്മളെ വീണ്ടും ഒരുക്കിയിട്ട് സമീർക്കാൻറെ കൂടെ നിർത്തി ഫോട്ടോ എടുത്തു...

അങ്ങനെ ഫുഡ് ഒക്കെ കഴിച്ച് കുറച്ച് കഴിഞ്ഞിപ്പൊ അവരൊക്കെ യാത്ര പറഞ്ഞ് ഇറങ്ങി...

സമീർക്ക പോകുന്നതിന് മുൻപ് നമ്മളോട് വിളിക്കാം എന്ന് ആംഗ്യം കാണിച്ചിട്ട് പോയി...

ഇപ്പൊ താഹിയും സമീർക്കയും നല്ല കമ്പനിയാണ്...

അന്നത്തെ പ്രശ്നമൊക്കെ രണ്ട് പേരും കൂടി സംസാരിച്ച് സോൾവാക്കി ഫ്രണ്ട്സായിട്ടുണ്ട്...

അങ്ങനെ വന്നവരൊക്കെ തിരിച്ച് പോയി വീട്ടിലെ ബഹളമൊക്കെ ഒന്ന് കെട്ടടങ്ങിയപ്പൊ നമ്മള് റൂമിലേക്ക് പോയി സമീർക്കാനോട് ഒരുപാട് നേരം സംസാരിച്ചു...

അടുത്ത ആഴ്ച ദിയൻറെ എങ്കേജ്മെൻറിന് നമ്മളോട് വേണമെന്ന് പ്രത്യേകം പറഞ്ഞിട്ടാണ് മൂപ്പര് ഫോൺ വെച്ചത്...

ആ കാര്യം ഞാൻ നിങ്ങളോട് പറയാൻ വിട്ടല്ലേ...

ദിയൻറേയും സഫൂക്കാൻറെയും ലൗ മാറ്റർ വീട്ടിൽ പിടിച്ച് ആകെ സീൻ കോൺട്രയായി...

ഓളെ കാക്കാരൊക്കെ കൂടി അത് സഫൂക്കാൻറെ വീട്ടിൽ പോയി ചോദിക്കലായി വഴക്കായി തല്ലായി അവസാനം ഓള് സഫൂക്കാൻറെ തലയിലുമായി...

അവര് തമ്മിലുള്ള എങ്കേജ്മെൻറാണ് അടുത്ത ആഴ്ച.

അങ്ങനെ എങ്കേജ്മെൻറ് ദിവസം നമ്മളും ഹസിയുമൊക്കെ നേരത്തെ തന്നെ ഓളെ വീട്ടിൽ ഹാജറായി...

ഞങ്ങൾ എല്ലാവരും കൂടി ഓളെ നന്നായി അണിയിച്ച് ഒരുക്കിയിട്ട് ഹാളിലേക്ക് കൊണ്ട് വന്നു...

ചെക്കൻറെ കൂട്ടരെ കൂടെ നമ്മളെ ചെക്കനെ കണ്ട ഷോക്ക് നമ്മളെ ഉപ്പച്ചിക്ക് അടക്കം ഉണ്ടായിരുന്നു...

അങ്ങനെ എങ്കേജ്മെൻറ് ഒക്കെ നല്ല തകൃതിയായി നടന്നോണ്ടിരിക്കുമ്പോഴാണ് സമീർക്ക നമ്മളെ ഫോണില് വിളിച്ചിട്ട് നമ്മളോട് വീടിന്റെ പുറകിലേക്ക് വരാൻ പറഞ്ഞത്...

വീട്ടിൽ എല്ലാവരേയും കൊണ്ട് നല്ല തിരക്കായോണ്ട് നമ്മക്ക് അതിൻറെ ഇടയിൽ നിന്ന് മുങ്ങാൻ നല്ല എളുപ്പായിരുന്നു...

അങ്ങനെ നമ്മള് ആരും കാണാതെ എല്ലാവരുടേയും കണ്ണ് വെട്ടിച്ചിട്ട് വീടിന്റെ പുറകിലേക്ക് ചെന്നു...

അപ്പൊ സമീർക്ക നമ്മളെ കൈ പിടിച്ച് വലിച്ചോണ്ട് വിറക് പുരയിലേക്ക് കൊണ്ട് പോയി...

നമ്മള് മൂപ്പരെ കൈ വിടുവിച്ചിട്ട് മൂപ്പരെ നോക്കി കണ്ണുരുട്ടി...

"എന്നെ എന്തിനാ ഇങ്ങോട്ട് കൊണ്ട് വന്നേ...?

അകത്ത് ആരേലും അന്വേഷിക്കുന്നുണ്ടാകും..വേഗം വിളിപ്പിച്ച കാര്യം പറയ്..."

നമ്മളത് പറഞ്ഞപ്പൊ സമീർക്ക ചിരിച്ചോണ്ട് നമ്മളെ രണ്ട് തോളിലുമായിട്ട് കയ്യിട്ടിട്ട് നമ്മളെ കണ്ണിലേക്ക് തന്നെ നോക്കി നിന്നു...

"ഹലോ...എൻറെ കണ്ണില് വല്ലതും കളഞ്ഞ് പോയിട്ടുണ്ടോ...ഇങ്ങനെ നിന്ന് നോക്കുന്നത് കണ്ടിട്ട് ചോദിച്ചതാ...

ഇതിനാണ് വിളിപ്പിച്ചതെങ്കിൽ ഞാൻ വരില്ലേന്നു...

കൈ മാറ്റിക്കേ ഞാൻ പോകാ..."

എന്ന് പറഞ്ഞ് മൂപ്പരെ കൈ തട്ടി മാറ്റിയിട്ട് നമ്മള് തിരിച്ച് പോകാൻ നിന്നതും നമ്മളെ കൈ തട്ടി ഓലക്കൊടിയുടെ ഒരു കെട്ട് സമീർക്കാൻറെ തലയില് വന്ന് വീണു...

നമ്മള് തിരിഞ്ഞ് നിന്ന് വാ പൊത്തിയിട്ട് സോറി പറഞ്ഞ് ആ കെട്ട് നീക്കിയിട്ടു ...

"ആഹ്... എവിടെ നോക്കിയാടീ നീ നടക്കുന്നേ....

എൻറെ കണ്ണില് എന്തോ വീണു..."

"സോറി...സോറി...

നോക്കട്ടെ....ഞാൻ ഊതി തരാം...കൈ മാറ്റ്..."

എന്ന് പറഞ്ഞ് നമ്മള് മൂപ്പരെ കൈ മാറ്റിയിട്ട് കണ്ണില് ഊതി കൊടുത്തു...

മൂപ്പരാണെങ്കിൽ നമ്മളെ തന്നെ നോക്കി കൊണ്ട് അങ്ങനെ നിക്കാണ്...

പെട്ടെന്ന് സമീർക്ക നമ്മളെ അരയിൽ പിടിച്ചിട്ട് മൂപ്പരെ അടുത്തേക്ക് ചേർത്ത് നിർത്തി...

നമ്മള് ഞെട്ടി തരിച്ചോണ്ട് സമീർക്കാനെ മിഴിച്ച് നോക്കുന്നത് കണ്ടിട്ട് മൂപ്പര് പതിയെ നമ്മളെ കാതോരം ചുണ്ട് അടുപ്പിച്ചു.

"എൻറെ കണ്ണിലെ കരടിനെ നീക്കാൻ നീ ഇങ്ങനെ ഊതിയിട്ടൊന്നും ഒരു കാര്യവുമില്ല മോളേ...അതിന് ഇനി ഒരേയൊരു വഴിയുള്ളൂ..."

എന്ന് പറഞ്ഞ് മൂപ്പര് കുറച്ച് കൂടി നമ്മളെ അടുത്തേക്ക് മുഖം അടുപ്പിച്ചതും നമ്മള് മൂപ്പരെ ഒരു തള്ളങ്ങ് തള്ളി...

വെട്ടിയിട്ട വാഴയെ പോലെ ദേ കിടക്കുന്നു മൂപ്പര് താഴെ...

"അങ്ങനെ തന്നെ വേണം...

വേണ്ടാത്ത ചിന്തയും കൊണ്ട് എൻ്റെ അടുത്തേക്ക് വന്നാലേ ഇതാകും അവസ്ഥ..."

നമ്മള് ചിരിച്ചോണ്ട് അതും പറഞ്ഞ് മൂപ്പരെ കൈ പിടിച്ച് എണീപ്പിച്ച് നിർത്തി...

അപ്പൊ തന്നെ സമീർക്ക നമ്മളെ കവിളില് പിടിച്ചിട്ട് നമ്മളെ കവിളത്ത് ഒരു കടിയങ്ങ് തന്നു...

നമ്മള് ആഹ് എന്ന് അലറി കൊണ്ട് സമീർക്കാനെ തുറുക്കനെ നോക്കിയിട്ട് കവിളില് തലോടി...

അപ്പൊ സമീർക്ക വീണ്ടും നമ്മളെ മൂപ്പരെ അടുത്തേക്ക് ചേർത്ത് നിർത്തി...

"നിന്നെ ഞാൻ ഇങ്ങോട്ട് വിളിപ്പിച്ചത് ഇങ്ങനെ റൊമാൻസ് കളിച്ചോണ്ട് നിക്കാനല്ല... നിന്നോട് പ്രധാനപ്പെട്ട ഒരു കാര്യം പറയാനാ..."

"ഈ റൊമാൻസിന് അല്ലെങ്കിൽ പിന്നെ എന്തിനാ

എന്നെ ഇങ്ങോട്ട് വിളിപ്പിച്ചത്..."

"അതുക്കും മേലെ..."

"വാട്ട്...? അതുക്കും മേലെ എന്ത്...?"

"ആ...അതൊക്കെയുണ്ട്...അത് അറിയണെങ്കിലെ നീ ഇന്ന് ഇവിടെ തങ്ങണം..."

"ഈ വിറക് പുരയിലോ..?"

"ഹോ...ആവശ്യല്ലാത്ത നേരത്ത് ഒരോ ചളിയും കൊണ്ട് വന്നോളും...

ഡീ പോത്തേ...ഇന്ന് നീ ദിയൻറ്റെ വീട്ടിൽ താമസിക്കണമെന്ന്...."

"ങെ...അതെന്തിനാ..?"

"പിണ്ണാക്കിന്....അല്ല പിന്നെ ...

ഞാൻ പറയുന്നത് അങ്ങോട്ട് കേട്ടാൽ മതി, ഇല്ലെങ്കിൽ കല്യാണത്തിന് മുൻപെ തന്നെ ഒക്കത്ത് വെച്ച് നടക്കാൻ ഒരു ട്രോഫിയെ അങ്ങ് തരും..."

"പോടാ...കാര്യം പറ..സത്യായിട്ടും തരോ?"

എന്ന് നമ്മള് മൂപ്പരെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തിട്ട് ചോദിച്ചു...

സമീർക്ക നമ്മള് പറയുന്നത് കേട്ടിട്ട് സ്വയം തലക്ക് അടിച്ചിട്ട് രണ്ട് കയ്യും മേപ്പോട്ട് ഉയർത്തി.

"ഇൻറെ പടച്ചോനേ നീ കാണുന്നില്ലെ ഇതൊന്നും...

ഇവളെയൊക്കെ വിശ്വസിച്ച് ഞാൻ എങ്ങനെ ഓളെ കൂടെ ജീവിക്കാനാ.."

"അതൊക്കെ നല്ല കളറായിട്ട് തന്നെ നമ്മള് ജീവിക്കും...

ഇപ്പൊ ഇങ്ങള് ഇത് പറ...എന്തിനാ ഞാൻ ഇവടെ തങ്ങുന്നെ?"

"അതിനൊക്കെ അതിൻറേതായ കാരണമുണ്ടെന്ന് കൂട്ടിക്കോ...നീ ഇപ്പൊ ഞാൻ പറഞ്ഞത് അങ്ങോട്ട് കേട്ടാൽ മതി...

നീ പൊയ്ക്കോ എല്ലാവരും നിന്നെ അന്വേഷിക്കുന്നുണ്ടാകും...നീ ചെല്ല്..."

"എന്നാലും എന്തിനാ..."

"ചെല്ലടി അങ്ങോട്ട്... അതൊക്കെ ഞാൻ വഴിയെ പറഞ്ഞ് തരാ..."

എന്ന് പറഞ്ഞ് നമ്മളെ സമീർക്ക ഉന്തി തള്ളി അകത്തേക്ക് പറഞ്ഞയച്ചു...

എന്നാലും എന്തിനാകും സമീർക്ക നമ്മളോട് ഇന്ന് ഇവിടെ നിക്കാൻ പറഞ്ഞതെന്ന് ആലോചിച്ച് കൂട്ടി കൊണ്ട് നമ്മള് അകത്തേക്ക് നടന്നു...

ഇനി ഉമ്മച്ചിനോട് ഒക്കെ എന്ത് പറഞ്ഞ് ഇവിടെ

നിൽക്കാനുള്ള പെർമിഷൻ വാങ്ങുമെന്ന് ചിന്തിച്ച് നിൽക്കുമ്പോഴുണ്ട് ദിയ ഉമ്മച്ചിയോട് പറഞ്ഞ് സമ്മതം വാങ്ങുന്നു...

അപ്പൊ ദിയയും അറിഞ്ഞോണ്ടുള്ള പദ്ധതിയാണെന്ന് നമ്മക്ക് മനസ്സിലായി...

ഓള് ഉമ്മച്ചിൻറെ സമ്മതം കിട്ടിയപ്പൊ നമ്മളെ നോക്കി കണ്ണിറുക്കി കാണിച്ചപ്പൊ തന്നെ എല്ലാം അവളും കൂടി അറിഞ്ഞിട്ടാണെന്ന് നമ്മക്ക് ബോധ്യായി...

അങ്ങനെ വന്നവരേയും വിരുന്നുകാരേയുമൊക്കെ യാത്ര പറഞ്ഞ് അയച്ചപ്പോഴേക്കും നേരം ഇരുട്ടി തുടങ്ങിയിരുന്നു...

അതോണ്ട് നമ്മള് വേഗം ഫുഡ് ഒക്കെ കഴിച്ചിട്ട് വന്ന് കെടന്നു ...

സമീർക്കാക്ക് വിളിച്ചിട്ട് ആണെങ്കിൽ മൂപ്പര് ഫോൺ എടുക്കുന്നില്ല...അതോണ്ട് നമ്മള് വേഗം കിടന്നു...

കുറച്ച് കഴിഞ്ഞപ്പൊ ദിയ നമ്മളെ വിളിക്കുന്നത് കേട്ടാണ് നമ്മള് ഉറക്കത്തിൽ നിന്ന് എണീറ്റത്...

നമ്മള് എന്താടീ അൻക്ക് ഈ പാതിരാത്രിയിലെന്ന്

ചോദിച്ചതേയുള്ളൂ...ഓള് അപ്പോഴേക്കും നമ്മളെ വാ പൊത്തി പിടിച്ചു.

"ഡീ ഫെബി...മിണ്ടല്ലേ...

വാ നമുക്ക് ഒരു സ്ഥലം വരെ പോകാം..."

ഓള് പറയുന്നത് കേട്ട് നമ്മള് ഓളെ കൈ തട്ടി മാറ്റി...

"ഈ പാതിരാത്രി എങ്ങോട്ട് പോകാമെന്നാ നീ പറയുന്നത്... നിനക്ക് എന്താടീ ഭ്രാന്ത് പിടിച്ചോ?

മിണ്ടാതെ അടങ്ങി ഇവിടെ കിടക്കുന്നതാകും നിനക്ക് നല്ലത്..."

"നീ ഇപ്പൊ വരുന്നുണ്ടോ ഇല്ലയോ?"

"എങ്ങോട്ട്...?"

"അതൊക്കെയുണ്ട് നീ വാ..."

എന്ന് പറഞ്ഞ് ഓള് നമ്മളെ കയ്യും പിടിച്ചോണ്ട് ആരും കാണാതെ വീട്ടീന്ന് പുറത്ത് ചാടി...

എങ്ങോട്ടാ പോകുന്നതെന്ന് എത്ര ചോദിച്ചിട്ടും നശൂലം പിടിച്ച ജന്തു പറയുന്നില്ലേന്നു...

അവസാനം ഓള് നമ്മളെയും കൊണ്ട് റോഡിലേക്ക് ഇറങ്ങി വന്നിട്ട് ആർക്കോ ഫോൺ വിളിച്ചു...

ആർക്കാ, എന്തിനാ വിളിക്കുന്നതെന്ന് എത്ര ചോദിച്ചിട്ടും പെണ്ണ് കമാന്ന് ഒരക്ഷരം പോലും മിണ്ടുന്നില്ല...

കുറച്ച് കഴിഞ്ഞപ്പൊ ഞങ്ങളെ അടുത്തേക്ക് ഒരു കറുപ്പ് സ്വിഫ്റ്റ് കാറ് വന്ന് നിന്നു...

അപ്പൊ ദിയ അതിൻറെ മുന്നിലെ ഡോറ് തുറന്ന് അകത്ത് കേറി ഇരുന്നിട്ട് നമ്മളെ നോക്കി വാ കേറെന്ന് പറഞ്ഞു...

ഇവളിത് എന്തൊക്കെയാ പടച്ചോനേ കാണിച്ച് കൂട്ടുന്നതെന്ന് ചിന്തിച്ച് നിൽക്കുമ്പോഴാണ് പെട്ടെന്ന് ആരോ നമ്മളെ കൈ പിടിച്ച് വലിച്ചിട്ട് കാറിലേക്ക്

കയറ്റിയത്...

നമ്മള് കേറിയതും ആ കാറ് ചലിക്കാൻ തുടങ്ങിയിരുന്നു...

എന്തൊക്കെയാ ഇവിടെ ഒറ്റ സെക്കന്റ് കൊണ്ട് സംഭവിച്ചതെന്ന് ആലോചിച്ച് നമ്മളെ കയ്യിൽ പിടുത്തമിട്ടിരിക്കുന്ന ആളെ മുഖത്തേക്ക് ഒന്ന് സൂക്ഷിച്ച് നോക്കി...

കാറിനകത്ത് ഇരുട്ടായോണ്ട് അതാരാണെന്ന് നമ്മക്ക് കാണാൻ പറ്റുന്നില്ലേന്നു...

നമ്മള് അയാളെ കയ്യീന്ന് നമ്മളെ കൈ വിടുവിക്കാൻ വേണ്ടി ശ്രമിക്കുമ്പോഴായിരുന്നു പെട്ടെന്ന് കാറില് വെളിച്ചം വന്നത്...

ആ വെളിച്ചം നമ്മളെ കണ്ണില് വന്ന് കുത്തിയപ്പോ നമ്മള് ഒരു നിമിഷം കണ്ണടച്ചിട്ട് കണ്ണ് തുറന്നു...

നോക്കുമ്പോൾ നമ്മളെ കാലമാടൻ ചെക്കനാണ് നമ്മളെ മുന്നിൽ ഉള്ളത്...

അതും ക്ലോസപ്പിൻറെ പരസ്യം കാണിച്ചോണ്ടാണ് ചെക്കൻറെ ഇരിപ്പ്...

അത് കണ്ടപ്പൊ തന്നെ നമ്മക്ക് ദേഷ്യമങ്ങ് എരിഞ്ഞ് കേറി... കാരണം നമ്മള് നല്ല അഡാറ് പേടി പേടിച്ചിട്ടുണ്ടേന്നു, അത് പുറത്ത് കാണിക്കാഞ്ഞതാ...

അതോണ്ട് അതിനൊക്കെ കൂടിയുള്ള പ്രതിഫലായിട്ട് നമ്മള് മൂപ്പരെ താടി പിടിച്ച് ഒരു വലിയങ്ങ് വലിച്ചു...

ചെക്കൻ അലറി കൊണ്ട് കുനിഞ്ഞ് താടി തടവിയപ്പൊ നമ്മള് ആ ഗ്യാപ്പില് മൂപ്പരെ പുറത്ത് നല്ലോണം തബല കൊട്ടി...

ഇതെല്ലാം കണ്ടോണ്ടിരിക്കുന്ന ദിയയും സഫൂക്കയും കൂടിയാണെങ്കിലോ ഹലാക്കിലെ ചിരിയും...

നമ്മള് അപ്പൊ അവരെ തലക്കിട്ട് നല്ലൊരു കൊട്ടങ്ങ് കൊടുത്തു... അല്ല പിന്നെ കളിയാക്കുന്നതിനുമില്ലെ ഒരു പരുതിയൊക്കെ...

നമ്മള് കൊടുത്ത അടിയൊക്കെ കൊണ്ടിട്ട് മൂപ്പര് സൈലൻറായി എന്നൊന്നും നിങ്ങള് കരുതണ്ട...

നമ്മളെ കവിളിന് നല്ലൊരു പിച്ചും ചെവി പിടിച്ച് ഒരു തിരിക്കലും മുടി പിടിച്ച് വലിക്കലുമൊക്കെ ഇതിനോടകം നടന്നിട്ടുണ്ട്...

അവസാനം ഞങ്ങൾ തമ്മിലുള്ള വഴക്ക് കഴിഞ്ഞപ്പൊ സമീർക്ക ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് നീങ്ങി വന്നിട്ട് നമ്മളെ തോളിൽ കൂടി കയ്യിട്ടു...

നമ്മള് പിണങ്ങിയ പോലെ അഭിനയിച്ചോണ്ട് അപ്പൊ തന്നെ മൂപ്പരെ കൈ തട്ടി മാറ്റി... അപ്പൊ വീണ്ടും നമ്മളെ തോളിൽ കയ്യിട്ട് നമ്മളോട് കുറച്ച് കൂടി ചേർന്നിരുന്നു...

ഇപ്രാവശ്യവും നമ്മള് മൂപ്പരെ കൈ തട്ടി മാറ്റിയിട്ട് കുറച്ച് നീങ്ങി ഇരുന്നതും മൂപ്പര് നമ്മളെ വലിച്ച് തൊട്ടടുത്ത് ഇരുത്തിയിട്ട് നമ്മളെ കവിളില് നല്ല അഡാറ് ഉമ്മയങ്ങ് തന്നു...

അത് കിട്ടിയതും നമ്മള് കിളി പോയി മൂപ്പരെ തോളിലേക്ക് ചാഞ്ഞു...

"ഡാ...സമീ... മുന്നിൽ ഞങ്ങൾ രണ്ട് പേര്

കൂടിയുണ്ടെന്ന് മറന്ന് പോകല്ലെ..."

"ചെലക്കാൻ നിക്കാണ്ട് നീ വണ്ടിയോടിക്കടാ ചെറുക്കാ..."

എന്ന് സഫൂക്കാക്ക് മറുപടിയും കൊടുത്തോണ്ട് സമീർക്ക നമ്മളെ നോക്കി കണ്ണിറുക്കി...നമ്മള് അപ്പൊ മൂപ്പരെ തലക്ക് ഒരു കൊട്ട് കൊടുത്തിട്ട് മൂപ്പരെ നോക്കി ചിരിച്ചു...

"എങ്ങോട്ടാ നമ്മള് പോകുന്നത് സമീർക്കാ..."

"അതൊക്കെയുണ്ട് എൻ്റെ ഐഷൂ...
ഡാ സഫൂ...എത്തിയില്ലെ ഇപ്പോഴും..."

"ദേ എത്തി സമീ... ഇറങ്ങിക്കോ..."

എന്ന് പറഞ്ഞ് സഫൂക്ക വണ്ടി നിർത്തിയതും സമീർക്ക

നമ്മളെ കൈ പിടിച്ച് കാറീന്ന് ഇറക്കിയിട്ട് നമ്മളെ കണ്ണ് പൊത്തി പിടിച്ചു...

"ഇതെവിടെയാ സമീർക്കാ... എങ്ങോട്ടാ ഈ കൊണ്ട് പോകുന്നത്?"

"അതൊക്കെയുണ്ട്... നീ വാ..."

എന്ന് പറഞ്ഞ് നമ്മളെ കണ്ണ് പൊത്തി കൊണ്ട് മൂപ്പര് നടന്നു...

തിരമാലയുടെ ശബ്ദം ഒക്കെ നന്നായിട്ട് കേൾക്കുന്നതോണ്ട് കടൽ തീരത്താണ് നമ്മളിപ്പൊ ഉള്ളതെന്ന് നമ്മക്ക് മനസ്സിലായി...

"സമീർക്കാ...എന്തിനാ എന്നെ ഇങ്ങോട്ട് കൊണ്ട് വന്നത്..?

എന്നെ കടലില് മുക്കി കൊല്ലാൻ കൊണ്ട് വന്നതാണോ...?"

"നിന്ന് ചെലാക്കാതെ വാടി പെണ്ണേ...

ആ...ഇനി കണ്ണ് തുറന്നോ..."

എന്ന് പറഞ്ഞ് സമീർക്ക നമ്മളെ കണ്ണിൽ നിന്നും കൈ എടുത്തതും നമ്മള് പതിയെ കണ്ണ് തുറന്ന് നോക്കി...

മുന്നിൽ കാണുന്ന കാഴ്ച വിശ്വസിക്കാൻ കഴിയാതെ നമ്മള് വാ പൊത്തി കൊണ്ട് സമീർക്കാനെ തിരിഞ്ഞൊന്ന് നോക്കി...

മൂപ്പര് ചിരിച്ചോണ്ട് നമ്മളെ മുന്നിലേക്ക് വന്ന് നിന്നിട്ട് രണ്ട് കയ്യും നീട്ടി പിടിച്ചു...

"ഹാപ്പി ബർത്ത് ഡേ ഐഷൂ..."

എന്ന് സമീർക്ക പറഞ്ഞപ്പൊ നമ്മള് ഓടി ചെന്ന് മൂപ്പരെ കെട്ടി പിടിച്ച് അങ്ങനെ ഒരുപാട് നേരം നിന്നു...

കുറെ കാലമായിട്ട് ഞാൻ സമീർക്കാനോട് ആവശ്യപ്പെട്ട ഒരേയൊരു ആഗ്രഹം...

അതാണ് ഇന്ന് നമ്മക്ക് സഫലമാക്കി തന്നത്...

നട്ടപ്പാതിരാക്ക് കടൽ തീരത്ത് വെച്ച് ഒരു കാൻഡിൽ ലൈറ്റ് ഡിന്നർ...

നമ്മളെ ആ ആഗ്രഹം സമീർക്ക സാധിച്ച് തന്നിരിക്കാണ്...

ദിയയും സഫൂക്കയും കൂടി നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ വിഷ് ചെയ്തപ്പോഴാണ് നമ്മള് സമീർക്കാനിൽ നിന്നും അകന്ന് നിന്നത്...

"ഹലോ ഫെബീ...മെനി മെനി ഹാപ്പി റിട്ടേൺസ് ഓഫ് ദി ഡേ..."

എന്ന് പറഞ്ഞ് ആ ടേബിളിൻറെ പിറകിൽ നിന്നും വിഷ്ണുവേട്ടൻ എണീറ്റ് വന്നു...

നമ്മള് അന്തം വിട്ട് മൂപ്പരെ നോക്കി ചിരിച്ചോണ്ട് എല്ലാവരേയും ഒന്ന് നോക്കി.

"ഫെബി എങ്ങനെയുണ്ട് ഈ അറേഞ്ച്മെൻസൊക്കെ...എല്ലാം ഞാൻ ഒറ്റക്ക് ഏർപ്പാടാക്കിയതാ...എങ്ങനെയുണ്ട് പൊളിച്ചീലേ...?" വിഷ്ണുവേട്ടനാണ്.

"ഡാ...ഡാ...മതി വാചകടിച്ചത് പോയി ആ കേക്ക് കൊണ്ട് വരാൻ നോക്ക്..." സമീർക്കയാണ്.

"വിഷ്ണുവേട്ടാ...താങ്ക്സ് ...അറേഞ്ച്മെൻസൊക്കെ ഉഗ്രനായിട്ടുണ്ട്...പൊളിച്ചു..."

എന്ന് പറഞ്ഞ് നമ്മള് വിഷ്ണുവേട്ടന് കൈ കൊടുത്തു...
അപ്പൊ തന്നെ സമീർക്ക ഇടക്ക് കേറിയിട്ട് വിഷ്ണുവേട്ടനോട് പോയി കേക്ക് കൊണ്ട് വരാൻ പറഞ്ഞ് വിട്ടു...

നമ്മള് സമീർക്കാനെ നോക്കി ചിരിച്ചോണ്ട് ആ ടേബിളിൻറെ അടുത്തേക്ക് നടന്നു...

ആ ടേബിളിന് ചുറ്റും ചെറിയ എൽ ഇ ഡി ബൾബുകൾ ഘടിപ്പിച്ച് നന്നായി അലങ്കരിച്ചിട്ടുണ്ടേന്നു...

നമ്മക്ക് അതൊക്കെ കൂടി കണ്ടപ്പൊ എന്തോ ഒരു സ്വപ്നം കാണുന്ന പോലെയാണ് തോന്നിയത്...

അപ്പൊ സമീർക്ക നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ തോളില് കയ്യിട്ടിട്ട് നമ്മളെ അവിടെ പിടിച്ച് ഇരുത്തി നമ്മളെ കൂടെ ഇരുന്നു...

അപ്പൊ വിഷ്ണുവേട്ടൻ കേക്കും കൊണ്ട് വന്നിട്ട് നമ്മളെ മുന്നിലേക്ക് വെച്ചിട്ട് അവര് മൂന്നു പേരും ടേബിളിന് ചുറ്റും സ്ഥാനമുറപ്പിച്ചു...

സമീർക്ക കേക്കില് കാൻഡിൽസ് തെളിയിച്ചിട്ട് നമ്മളെ കയ്യിലേക്ക് കത്തി വെച്ച് തന്നിട്ട് എല്ലാവരും കൂടി കയ്യടിച്ചോണ്ട് നമ്മളെ വിഷ് ചെയ്ത് പാടി...

നമ്മള് കേക്ക് മുറിച്ചിട്ട് അതിൽ നിന്നും ഒരു കഷ്ണമെടുത്ത് സമീർക്കാക്ക് നേരെ നീട്ടി... സമീർക്ക അത് കഴിച്ചിട്ട് നമ്മളെ വായേക്കും കേക്ക് വെച്ച് തന്നു...

ഇത് കണ്ടിട്ട് വിഷ്ണുവേട്ടൻ ഫെബി എനിക്കും എന്ന് പറഞ്ഞ് വാ തുറന്ന് നിന്നപ്പൊ സമീർക്ക ആ കേക്ക് വാരിയിട്ട് വിഷ്ണുവേട്ടൻ്റെ വായേല് കുത്തി തിരുകി...

അത് കണ്ട് ഞങ്ങൾ എല്ലാവരും കൂടി ഒരുപാട് ചിരിച്ചു...

എന്നിട്ട് ഒരു ചെറിയ രീതിയിൽ ഒരു ഡിന്നറും പാസാക്കിയിട്ട് നമ്മളും സമീർക്കയും കൂടി കൈ കോർത്ത് പിടിച്ച് അൽപനേരം ആ കടൽ തീരത്ത് കൂടി നടന്നു...

ഞങ്ങൾക്ക് കൂട്ടിന് നിഴല് പോലെ വെളിച്ചം വീശി കൊഡ്ട് കൂടെ നിലാവും...

(തുടരും)

ഭാഗം. 75

ചെറിയ രീതിയിൽ ഒരു ഡിന്നറും പാസാക്കിയിട്ട് നമ്മളും സമീർക്കയും കൂടി കൈ കോർത്ത് പിടിച്ച് അൽപനേരം ആ കടൽ തീരത്ത് കൂടി നടന്നു...

ഞങ്ങൾക്ക് കൂട്ടിന് നിഴല് പോലെ വെളിച്ചം വീശി കൊണ്ട് നിലാവും...

സമീർക്കയും നമ്മളും കൂടി കുറച്ച് കഴിഞ്ഞപ്പൊ അവിടെ ഇരുന്നു...

എന്നിട്ട് നമ്മളും സമീർക്കയും കൂടി ഒരുപാട് സംസാരിച്ചു...

നമ്മളെ കൈ സമീർക്കാൻറെ കയ്യിൽ കോർത്തിട്ട് മൂപ്പരെ തോളില് ചാഞ്ഞ് കടലിൻറെ ഭംഗിയെ ആസ്വദിച്ചു...

"ഐഷൂ..."

"ഉം..."

"ഐഷു..."

"എന്തോ..."

"നിനക്ക് ഇനി വേറെ വല്ല ആഗ്രഹവും

ഉണ്ടോ...പറയാണെങ്കിൽ ഇപ്പൊ പറഞ്ഞോ നിൻറെ ഏത് ആഗ്രഹവും ഞാൻ സാധിച്ച് തരും..."

"എനിക്ക് ഇനി ഒരേയൊരു ആഗ്രഹം മാത്രമേയുള്ളൂ സമീർക്കാ....

ഇങ്ങളെ ബീവിയായി സന്തോഷത്തോടെ ജീവിച്ചിട്ട് ഇങ്ങളെ മടിയിൽ കിടന്ന് എനിക്ക് മരിക്കണം..."

"അതൊന്നും എന്നെ കൊണ്ട് ഇപ്പൊ തന്നെ സാധിപ്പിച്ച് തരാനൊന്നും പറ്റില്ല... വേറെ വല്ലതും ആണെങ്കിൽ ഇപ്പൊ നടന്നേനെ..."

സമീർക്ക ഒരു കള്ളച്ചിരിയോടെ അത് പറഞ്ഞപ്പൊ തന്നെ നമ്മക്ക് കാര്യം പിടി കിട്ടി...

അതോണ്ട് നമ്മള് മൂപ്പരെ നോക്കി പല്ലിളിച്ചിട്ട് വയറ്റിന് നല്ലൊരു നുള്ള് കൊടുത്തു...

അപ്പൊ സമീർക്ക ചിരിച്ചോണ്ട് നമ്മളേ തോളിലൂടെ കയ്യിട്ടു...

"ഐഷൂ...നിനക്ക് ഞാൻ എന്തായാലും ഒരു വാക്ക് തരാണ്... നമ്മൾ ഒരുമിച്ച് എത്ര കാലം ജീവിക്കുന്നോ അത്രയും കാലം സങ്കടം എന്ന് പറയുന്നത് എന്താന്ന് പോലും അറിയാത്ത വിധത്തിൽ സന്തോഷത്തോടെ നമ്മൾ ഒരുമിച്ച് ജീവിക്കും..."

"മതി...എനിക്ക് അത്രയും കേട്ടാ മതി...ഇനി എനിക്ക് ചത്താലും വേണ്ടില്ല...

ചാകുന്ന കാര്യം പറഞ്ഞപ്പോഴാ ഓർത്തത്...

ഞാൻ മരിച്ചാൽ ഇങ്ങള് എന്ത് ചെയ്യും...?"

"നീ മയ്യിത്ത് ആയാൽ അന്നെ മറവ് ചെയ്യും...അല്ലാതെ എന്ത് ചെയ്യാനാ?

അല്ല പിന്നെ... ഓരോന്ന് കൊണ്ട് വന്നോളും...

നിങ്ങൾ പെണ്ണുങ്ങൾക്ക് ഈ ഡയലോഗ് ഞങ്ങൾ ആണുങ്ങളോട് ചോദിച്ചില്ലെങ്കിൽ സമാധാനത്തോടെ

ചാകാൻ പറ്റില്ലേ?

ഓളെ ഒരു ചോദ്യം..."

"ഇൻറെ പൊന്നോ...ഞാൻ ചുമ്മാ വെറുതെ ഇങ്ങള് എന്താ പറയാന്ന് അറിയാൻ വേണ്ടി ചോദിച്ചതല്ലെ...അതിന് ഇങ്ങള് എന്നോട് ഇങ്ങനെ കൊരച്ച് ചാടണോ മനുഷ്യാ...

സ്വാഭാവികായിട്ടും ഏതൊരു പെണ്ണിനും തോന്നുന്ന ഒരു സംശയം... അത് ഇങ്ങളോട് ചോദിച്ചു, അപ്പൊ അതിന് ഒരു ഉത്തരം പറഞ്ഞൂടെ ഇങ്ങക്ക്..."

"ശരി...ഇപ്പൊ തന്നെ പറയാം... എന്താ നിൻറെ സംശയം...പറ ...എന്താന്ന്..?

നീ മരിച്ച് കഴിഞ്ഞാൽ പിന്നെ ഞാൻ ജീവനോടെ ഈ ലോകത്ത് ഉണ്ടാകുമെന്ന് നിനക്ക് തോന്നുന്നുണ്ടോ?

എന്ത് നടന്നാലും അത് നമ്മൾ ഒരുമിച്ച്...അത്

ജീവിക്കാൻ ആണെങ്കിലും ശരി മരിക്കാൻ ആണെങ്കിലും ശരി. ."

എന്ന് പറഞ്ഞ് നമ്മളോട് ചൂടായി കൊണ്ട് സമീർക്ക അവിടന്ന് എണീറ്റിട്ട് നമുക്ക് മുഖം തരാതെ തിരിഞ്ഞ് നിന്നു...

അപ്പൊ നമ്മള് എണീറ്റ് മൂപ്പരെ മുന്നിൽ പോയി നിന്നിട്ട് സമീർക്കാൻറെ മുഖം നമ്മളെ കയ്യിൽ കോരിയെടുത്തു...

"ഇൻറെ ചൂടൻ മാഷേ ഞാൻ ചുമ്മാ ചോദിച്ചതല്ലെ...ഇങ്ങള് അത് അപ്പോഴേക്കും സീരിയസ് ആക്കിയോ...ഇങ്ങള് പറഞ്ഞ പോലെ തന്നെ നമ്മള് ഒരുമിച്ച് ജീവിക്കേം ചെയ്യും ഒരുമിച്ച് മരിക്കേം ചെയ്യും... പോരേ...

ഇനിയെങ്കിലും ഒന്ന് ചിരിക്ക് മാഷേ..."

എന്ന് പറഞ്ഞപ്പൊ സമീർക്ക നമ്മളെ ചേർത്ത് പിടിച്ചിട്ട് നമ്മളെ തലയിൽ മൂപ്പരെ തല കൊണ്ട് മുട്ടിച്ചു...

നമ്മള് എരിവ് വലിച്ചോണ്ട് തല തടവിയിട്ട് മൂപ്പരെ

നോക്കി ചിരിച്ചു...

കുറച്ച് കഴിഞ്ഞ് നമ്മള് വീണ്ടും മൂപ്പരെ നോക്കി നിന്നിട്ട് തുടർന്നു...

"സമീർക്കാ...ഇനി അഥവാ ഞാൻ മരിച്ചെന്ന് കരുതി ഇങ്ങള് വെറുതെ ഇങ്ങളെ ജീവിതം പാഴാക്കാൻ നിക്കരുത്...എന്നെങ്കിലും ഒരിക്കെ നമുക്ക് ഇഷ്ടപ്പെട്ട പോലെ നമ്മളെ ലൈഫും മാറും...അതിന് വേണ്ടി കാത്തിരിക്കണം...അല്ലാതെ എടുത്ത് ചാടി ഒരു തെറ്റായ തീരുമാനവും എടുക്കരുത്..."

നമ്മളെ വർത്താനം കേട്ടിട്ട് ഇതുവരെ നമ്മളെ നെഞ്ചോട് ചേർത്ത് വെച്ച മൂപ്പര് പെട്ടെന്ന് രോക്ഷാകുലനായിട്ട് നമ്മളെ പിടിച്ച് തള്ളി...

"നീയെന്താടീ പോത്തേ ചാകാൻ പോകാണോ...?

കുറേ നേരായല്ലോ ചാകുന്നതിനെ കുറിച്ച് മാത്രം പറയുന്നു...നിനക്ക് എൻറെ കൂടെ ജീവിക്കണ്ടേ..?"

"സമീർക്കാ... ഞാൻ അങ്ങനെ ഉദ്ദേശിച്ച് പറഞ്ഞതല്ലാ...ഞാൻ..."

"നീ കൂടുതൽ ഒന്നും ഉദ്ദേശിക്കണ്ട...നമുക്ക് ഇപ്പൊ ഇവിടെ വെച്ച് ഈ ടോപ്പിക് വിടാം...

ഇനി മേലിൽ എൻറെ മുന്നിൽ നിന്ന് എങ്ങാനും ഇമ്മാതിരി വർത്താനം പറഞ്ഞാലുണ്ടല്ലോ അടിച്ച് നിൻറെ മോന്തേടെ ഷേപ്പ് ഞാൻ മാറ്റും..."

എന്ന് പറഞ്ഞ് കലിപ്പനായി കൊണ്ട് നമ്മളെ തല്ലാൻ വേണ്ടി കൈ ഓങ്ങിയപ്പൊ തന്നെ നമ്മള് കവിള് രണ്ട് കൈ കൊണ്ടും പൊത്തി പിടിച്ച് മൂപ്പരെ തന്നെ കണ്ണിമ വെട്ടാതെ നോക്കി നിന്നു...

നമ്മളെ നോട്ടവും ഭാവവും കണ്ടിട്ട് സമീർക്ക ചിരിച്ചോണ്ട് നമ്മളെ ഒന്ന് കൂടി അടുത്തെക്ക് ചേർത്ത് നിർത്തി...സത്യം പറഞ്ഞാൽ നമ്മക്ക് അപ്പോഴാണ് ശ്വാസം ഒന്ന് നേരെ വീണത്...

"ഐഷൂ...ഇന്ന് രാവിലെ ഒരു 11മണിക്ക് നീ കോഫീ

മിസ്റ്റിലേക്ക് വരണം...

നിന്നെ കാത്ത് ഒരു സർപ്രൈസ് നിൽപ്പുണ്ട്..."

"സർപ്രൈസോ...എന്ത് സർപ്രൈസ്..."

"അത് എന്താന്ന് പറഞ്ഞാൽ പിന്നെ സസ്പെൻസ് പൊളിയില്ലേ...പിന്നെ അതിലെന്ത് സർപ്രൈസാ ഉള്ളത്...

അതോണ്ട് ഇക്കാൻറെ ഐഷു കുറച്ച് മണിക്കൂർ കൂടി കാത്തിരിക്ക്ട്ടോ ആ സർപ്രൈസ് എന്താണെന്ന് അറിയാൻ..."

എന്ന് പറഞ്ഞ് സമീർക്ക നമ്മളെ കവിളില് പിച്ചി...

നമ്മള് പഠിച്ച പണി പതിനെട്ട് മാത്രല്ല ഇരുപതെട്ട് വരെ നോക്കിയിട്ടും മൂപ്പര് നമ്മളോട് അതിനെ കുറിച്ച് പിന്നെ ഒന്നും മിണ്ടിയില്ല...

പിന്നെ നമ്മളും ആ ശ്രമം വിട്ട് സ്വയം ചിന്തിച്ച് കൂട്ടാൻ തുടങ്ങി... പക്ഷേ എത്ര ആലോചിച്ച് നോക്കിയിട്ടും ആ സർപ്രൈസ് എന്താകുമെന്ന് നമ്മക്ക് പിടി കിട്ടിയില്ല...

അവര് ഞങ്ങളെ തിരിച്ച് വീട്ടിലേക്ക് തന്നെ കൊണ്ട് വിട്ടപ്പോഴും നമ്മളെ ചിന്ത അത് മാത്രമായിരുന്നു...

എത്രയും പെട്ടെന്ന് ഒന്ന് നേരം വെളുത്താൽ മതിയെന്നായി...

അങ്ങനെ രാവിലെ ആയപ്പൊ തന്നെ നമ്മള് ദിയൻ്റെ വീട്ടിൽ നിന്നും പെട്ടെന്ന് തന്നെ നമ്മളെ വീട്ടിലേക്ക് തിരിച്ച് വന്നു...

നമ്മള് എന്താ ഇത്ര നേരത്തെ വന്നതെന്ന് ഉമ്മച്ചി ചോദിച്ചപ്പൊ പുറത്തേക്ക് പോകേണ്ട കാര്യമുണ്ടെന്ന് മാത്രം പറഞ്ഞിട്ട് നമ്മള് വേഗം ഫ്രെഷായി ഹസിയേയും അച്ചൂനേയും കൂട്ടി കോഫീ മിസ്റ്റിലേക്ക് ബസ് കേറി...

നമ്മളോട് സമീർക്ക പ്രത്യേകം പറഞ്ഞിരുന്നു വരുമ്പോൾ കൂടെ നമ്മളെ രണ്ട് വാലിനേയും കൂട്ടണമെന്ന്...അതോണ്ട് അവരോട് രണ്ട് പേരോടും നമ്മള് നേരത്തെ എല്ലാം പറഞ്ഞ് സെറ്റാക്കി വെച്ചിരുന്നു...

ഞങ്ങൾ കൃത്യസമയത്ത് തന്നെ കോഫീ മിസ്റ്റില് എത്തിയെങ്കിലും അവിടെയൊന്നും സമീർക്കാൻറെ പൊടി പോലും കാണാൻ ഇല്ലേന്നു...

" എടി ഫെബീ...അൻറെ കെട്ടിയോന് തീരെ കൃത്യനിഷ്ടത എന്ന് പറയുന്ന സാധനമില്ലെന്നാ തോന്നുന്നത്...നമ്മള് ഇവിടെ വന്നിരുന്നിട്ട് അര മണിക്കൂറായി...ഇതുവരെ മൂപ്പരെ കണ്ടില്ലല്ലോ...ഇനി നിന്നെ പറ്റിക്കാൻ വല്ലതും പറഞ്ഞതാണോ ഇങ്ങോട്ട് വരാൻ..."

"പോടീ ഹസീ...അതൊന്നും അല്ല....ഞാൻ നേരത്തെ വിളിച്ചപ്പൊ സമീർക്ക പറയുന്നത് നിങ്ങളും കേട്ടതല്ലെ...ട്രാഫികിൽ പെട്ട് പോയിരിക്കാണെന്ന്....നമുക്ക് ഒരു പത്ത് മിനിറ്റ് കൂടി വെയിറ്റ് ചെയ്യാം....

സമീർക്ക ഉറപ്പായിട്ടും വരും..."

"ഞങ്ങൾ എത്ര ടൈം വേണമെങ്കിലും കാത്തിരിക്കാം....പക്ഷേ അത് വരെ വെറുതെ ഇങ്ങനെ ഇരുന്ന് വരുന്നവരും പോകുന്നവരും തിന്നുന്നതും

നോക്കി കൊതി കൂടി ഇരിക്കാൻ ഞങ്ങളെ കൊണ്ട് പറ്റില്ല..."

അച്ചു പറഞ്ഞ് പറഞ്ഞ് ഇതെങ്ങോട്ടാ വരുന്നതെന്ന് നമ്മക്ക് നന്നായിട്ട് മനസ്സിലായോണ്ട് നമ്മള് അവറ്റകളെ വായ ഒന്ന് അടക്കാൻ വേണ്ടിയിട്ട് അവർക്ക് വേണ്ടി ഐസ്ക്രീം ഓഡർ ചെയ്തു...

അവർക്ക് കിട്ടേണ്ടത് കിട്ടിയപ്പൊ ഐസ്ക്രീമും നുണഞ്ഞോണ്ട് അവര് അടങ്ങി...

പക്ഷേ അവരെ തീറ്റ കഴിഞ്ഞിട്ടും സമീർക്ക വരുന്നതേ കണ്ടില്ല...

സഹികെട്ടപ്പൊ നമ്മള് വീണ്ടും മൂപ്പരെ വിളിച്ച് നോക്കി...

അവസാനത്തെ റിങിലായിരുന്നു മൂപ്പര് ഫോണെടുത്തത്...

അത്രയും നേരം കാത്തിരുന്നിട്ടും വരാത്ത ദേഷ്യവും നമ്മളെ പോക്കറ്റ് അവളുമാരൊക്കെ കൂടി കാലിയാക്കിയ അമർഷവുമൊക്കെ കൂടി നമ്മള് മൂപ്പരോട് അപ്പൊ തന്നെ തീർത്തു...

"ഹലോ...സമീർക്കാ...ഇങ്ങളിത് എവിടെ മനുഷ്യാ... ഞങ്ങൾ ഇവിടെ കാത്ത് നിന്ന് മടുത്തുട്ടോ...ഇനിയും ഇങ്ങള് വരുന്നത് കണ്ടില്ലെങ്കിൽ ഞങ്ങൾ അടുത്ത വണ്ടിക്ക് തിരിച്ച് പോകും..."

"ഹലോ... ഡീ... നീയൊരു 10 മിനിറ്റ് കൂടി വെയ്റ്റ് ചെയ്യടി...ഞങ്ങൾ ഇപ്പോ വരാം...

ചേട്ടാ എത്ര ആയി...?"

"ദേ...ഇങ്ങള് ഇപ്പോ എവിടെയാ ഉള്ളത്...എന്ത് വാങ്ങിക്കാ?"

"അ... അത്...അതൊന്നുല്യ... നിങ്ങൾ വെയ്റ്റ് ചെയ്യ് ഞങ്ങൾ ഇതാ എത്തി..."

അതും പറഞ്ഞ് നമ്മക്ക് പറയാനുള്ളത് കേൾക്കാൻ പോലും കൂട്ടാക്കാതെ മൂപ്പര് ഫോൺ വെച്ചു...

ഇനി എന്താകും മൂപ്പര് വാങ്ങിയിട്ടുണ്ടാകാ എന്ന് ചിന്തിച്ചോണ്ട് നമ്മള് ഫോൺ കാതിൽ നിന്നും

എടുത്തിട്ട് അവളുമാരെ നോക്കി...

"എടി ഫെബി എന്തായി...നിന്റെ ഓൻ ഇപ്പോഴേങ്ങാനും വരോ...?"

"ഇപ്പോ വരുമേടി അച്ചു...ഒരു 10 മിനിറ്റ് കൂടി കാത്തിരിക്ക്..."

"ഇത് തന്നെയല്ലേ നീ ഒരു മണിക്കൂർ മുൻപും പറഞ്ഞത്...എന്നിട്ട് ഇപ്പോഴും വന്നില്ലല്ലോ...ദേ ഇപ്പോ തന്നെ ഉമ്മ ഒരുപാട് നേരായി വിളിച്ചിട്ട് എവിടെന്ന് ചോദിക്കുന്നു...ഇനിയും സമീർക്കാ വന്നില്ലേൽ ഞാൻ പോകും..."

"നമുക്ക് ഒരു 10 മിനിറ്റ് കൂടി കാക്കാം...എന്നിട്ടും വന്നില്ലെങ്കിൽ നമുക്ക് തിരിച്ച് പോകാം...പോരെ..."

ഹസി കിടന്ന് കയർ പൊട്ടിക്കുന്നത് കണ്ടിട്ടാണ് നമ്മള് അങ്ങനെ പറഞ്ഞത്...

സമയം ഒരുപാട് പോയി കൊണ്ടിരുന്നു...10 അല്ല 20 മിനിറ്റ് ആയിട്ടും സമീർക്കാനെ ഞങ്ങള് കണ്ടില്ല...

മൂപ്പരെ വിളിച്ചിട്ടാണെങ്കിൽ ഒരുപാട് നേരം റിങ് ആയിട്ട് അവസാനം സ്വിച്ച് ഓഫ് ആയി...

അവസാനം കാത്തിരുന്ന് നമ്മക്കും വട്ട് പിടിക്കാൻ തുടങ്ങി...

"വാ പെണ്ണുങ്ങളെ നമുക്ക് പോകാം..."

"അതിന് ഫെബി സമീർക്കാ വന്നില്ലല്ലോ..."

"അങ്ങേര് വരുമ്പോ വന്നോളും അച്ചു...ഞാൻ എന്തായാലും പോകാ..."

"ഡി ഫെബി...നമുക്ക് കുറച്ച് സമയം കൂടി കാത്തിരിക്കാമെടാ...എന്തായാലും ഇത്രയൊക്കെ ആയ സ്ഥിതിക്ക് കുറച്ച് കൂടി വെയ്റ്റ് ചെയ്യാം..."

"എന്നാലേ നിങ്ങള് രണ്ട് പേരും ഇവിടെ ഇരുന്ന്

കാത്തിരുന്നോ... ഞാൻ പോകാ..."

എന്ന് പറഞ്ഞ് നമ്മള് ബാഗും എടുത്ത് അവിടന്ന് പോകാൻ ഒരുങ്ങി...അപ്പോ നമ്മളെ പിന്നാലെ അവരും എണീറ്റ് വന്നു...

എന്നാലും ഒരു അവസാന ശ്രമം എന്ന നിലക്ക് നമ്മള് ഒന്ന് കൂടി മൂപ്പരെ വിളിച്ച് നോക്കി...അപ്പോഴും സ്വിച്ച് ഓഫ്...

ഇനി വല്ലതും പറ്റി കാണോ എന്ന് ഒരു നിമിഷം ചിന്തിച്ചെങ്കിലും അങ്ങനെ ഒന്നും ഉണ്ടാകില്ലാന്ന് സ്വയം മനസ്സിനോട് പറഞ്ഞ് പഠിപ്പിച്ചിട്ട് ഞങ്ങള് ബസ് കേറി...

എത്ര ആയിട്ടും മനസ്സിന് ഒരു സമാധാനവും കിട്ടുന്നില്ലെന്നു... ഞാൻ വിളിച്ചിട്ട് ഒന്ന് കട്ട് ആക്കിയിരുന്നെങ്കിൽ പിന്നേം ഒരു സമാധാനം കിട്ടിയേനെ...

നമ്മളെ മുഖത്തെ ടെൻഷൻ അച്ചുവും ഹസിയും കാണാതിരിക്കാൻ വേണ്ടി നമ്മള് അവരിൽ നിന്നും മുഖം തിരിച്ച് പുറത്തേക്ക് നോക്കി ഇരുന്നു...

കുറച്ച് കഴിഞ്ഞപ്പോ റോഡിൽ മുഴുവൻ ട്രാഫിക് ബ്ലോക്ക് ...

എന്താ സംഭവമെന്ന് ആർക്കും പിടിയില്ല... ബസ് കുറച്ച് കൂടി മുന്നോട്ട് എടുത്തപ്പോഴാണ് ഞങ്ങളെ ഒക്കെ ഹൃദയം പിടിച്ച് കുലുക്കുന്ന തരത്തിലുള്ള സംഭവം കണ്ടത്...

ഹാഷ് നിറത്തിലുള്ള ഒരു ബുള്ളറ്റും ഒരു കാറും കൂട്ടിയിടിച്ച് ആ കാറും ബുള്ളറ്റും പൂർണ്ണമായും തകർന്ന് റോഡാകെ ചോരക്കളമായി നിൽക്കുന്നു...

അങ്ങിങ്ങായി പലയിടത്തും വൈറ്റ് റോസ് പൂക്കൾ ചിതറി കിടക്കുന്നു...

ആ കാഴ്ച കണ്ടതും എന്തെന്നില്ലാത്ത ഒരു പരവേഷവും ഹൃദയം നുറുങ്ങുന്ന വേദനയും...

ആ കാഴ്ച കണ്ട് നിൽക്കാൻ നമ്മളെ കൊണ്ട് പറ്റുന്നില്ലെന്നു...

അതോണ്ട് നമ്മള് വേഗം മുഖം തിരിച്ചിരുന്നു...

ആ ആക്സിഡന്റ് നടന്ന സ്ഥലം കഴിഞ്ഞതും മനസ്സിന് ഒരു സമാധാനവും കിട്ടുന്നില്ല...

സമീർക്കാനെ എത്രെയും പെട്ടെന്ന് കാണണം എന്ന ചിന്ത മാത്രേ അപ്പോ ഉണ്ടായിരുന്നുള്ളു...

അതൊണ്ട സമീർക്കാക്ക് നമ്മള് വീണ്ടും വീണ്ടും വിളിച്ചോണ്ടിരുന്നു...

പക്ഷെ,മൂപ്പര് ഫോൺ എടുത്തില്ല... അത് നമ്മളെ മനസ്സിനെ പിടിച്ച് കുലുക്കി കളഞ്ഞു...

അതുവരെ ടെൻഷൻ ഒക്കെ മറച്ച് വെച്ച് നിന്നെങ്കിലും സമീർക്ക ഫോൺ അറ്റൻഡ് ചെയ്യാത്തത് നമ്മളെ കൂടുതൽ വിഷമത്തിൽ കൊണ്ടെത്തിച്ചു...

ഹസിയും അച്ചുവും നമ്മളെ പോലെ തന്നെ ടെൻഷൻ അടിച്ച് കൊണ്ട് സമീർക്കക്കും വിഷ്ണുവേട്ടനും മാറി മാറി വിളിച്ച് നോക്കി...

രണ്ട് പേരുടെയും ഫോൺ സ്വിച്ച് ഓഫ് ആയിരുന്നു...

എന്തോ അവർക്ക് സംഭവിച്ചിട്ടുണ്ടെന്ന് നമ്മളെ മനസ്സ് നമ്മളോട് പറയുന്ന പോലെ തോന്നി...

പക്ഷെ, അങ്ങനെ ഒന്നും ഉണ്ടായിട്ടുണ്ടാവില്ലാന്ന് വിശ്വസിക്കാൻ ശ്രമിച്ചെങ്കിലും നടക്കുന്നില്ല...

ഇനി നമ്മള് ചെല്ലുമ്പോ വീട്ടിൽ വല്ല സർപ്രൈസും ഒരുക്കി വെച്ചിട്ടുണ്ടാകോ എന്ന് ചിന്തിച്ച് നമ്മള് അച്ചൂനെയും ഹസിനെയും വീട്ടിൽ കൊണ്ടാക്കിയിട്ട് വീട്ടിലേക്ക് തിരിച്ച് വന്നു.

വീട്ടിൽ അപ്പോ ഉപ്പച്ചി വന്നിട്ടുണ്ടെന്നു... നമ്മള് വന്നത് പോലും അറിയാതെ മൂപ്പര് ഉമ്മറത്ത് കസേരയിൽ തലക്ക് താങ്ങും കൊടുത്ത് ഇരിക്കാണ്...

ആ ഇരുത്തത്തിൽ നമ്മക്ക് ചെറിയ പന്തികേട് തോന്നിയെങ്കിലും നമ്മള് അത് വക വെക്കാതെ ഒന്ന് കുരച്ച് നമ്മള് വന്നത് അറിയിച്ചു...

നമ്മളെ ശബ്ദം കേട്ട് ഉപ്പച്ചി തലയിൽ നിന്നും കൈ എടുത്തിട്ട് നമ്മളെ മുഖത്തേക്ക് നോക്കാതെ പുറത്തേക്ക് നോക്കി ഇരുന്നു...

"അല്ല...ഉപ്പച്ചി എന്താ ഇന്ന് ഇത്ര നേരത്തെ പോന്നത്..? കച്ചോടം ഒന്നുമില്ലേ...?"

നമ്മളെ ചോദ്യത്തിന് മൗനമായിരുന്നു മറുപടി...

ഇത് ഇപ്പോ എന്താ ഉപ്പച്ചിക്ക് പറ്റിയതെന്ന് ആലോചിച്ചോണ്ട് നമ്മള് നേരെ തിരിഞ്ഞ് നോക്കിയത് ഷാദിയെ ആയിരുന്നു...

നമ്മള് ഓനോട് എന്താ കാര്യം എന്ന് ആംഗ്യം കാണിച്ചെങ്കിലും ഓനും നമ്മളോട് ഒന്നും മിണ്ടാതെ ഓന്റെ റൂമിലേക്ക് പോയി...

അവരെ ഒക്കെ നിശബ്ദത കണ്ടപ്പോ നമ്മക്ക് അതിലേറെ പേടി കൂടി വന്നു...

നമ്മള് വേഗം അകത്തേക്ക് കേറി ഹാളിൽ ചെന്ന് നോക്കുമ്പോ സിനുവും ഉമ്മച്ചിയും കൂടി സോഫയിൽ ഇരുന്ന് തല താഴ്ത്തി കൊണ്ട് ഇരിക്കാണ്...

അതൊക്കെ കൂടി കണ്ടപ്പോ നമ്മക്ക് കൂടുതൽ വട്ട് പിടിക്കുന്ന പോലെ തോന്നി...

"നിങ്ങക്കൊക്കെ ഇതെന്താ പറ്റിയത്...?

ആരെങ്കിലുമൊന്ന് വാ തുറന്ന് പറ....

ഉമ്മച്ചി എന്ത് പറ്റി...? ഉപ്പച്ചി എന്താ ഇന്ന് നേരത്തെ വന്നിട്ട് അങ്ങനെ ഇരിക്കുന്നത്...?

അതുപോലെ നിങ്ങക്ക് ഇതെന്താ പറ്റിയെ...?

എന്താന്ന് വെച്ച ആരേലും ഒന്ന് പറ..."

അപ്പോ തന്നെ നമ്മളെ ഫോൺ ബെല്ലടിച്ചു...നമ്മള് അവരെയൊക്കെ ഒന്ന് നോക്കി കൊണ്ട് ഫോൺ എടുത്ത് നോക്കിയപ്പോ അച്ചുവാണ് വിളിക്കുന്നത്...

"ആ...അച്ചു പറയെടി..."

എന്ന് പറഞ്ഞ് നമ്മള് കാതോട് ഫോൺ അടുപ്പിച്ചതും അച്ചു പറയുന്നത് കേട്ട് നമ്മളെ കയ്യിൽ നിന്നും ഫോൺ നിലത്തേക്ക് ഊർന്നു വീണ് നിലം പതിച്ചു...

നമ്മളെ കണ്ണിലാകെ ഇരുട്ട് കേറി... എല്ലായിടവും മങ്ങി കാണാൻ തുടങ്ങി...പതിയെ കണ്ണുകളടഞ്ഞ് ആ ഇരുട്ടിലേക്ക് നമ്മളും വഴുതി വീണു...

അച്ചു പറഞ്ഞ കാര്യങ്ങൾ വീണ്ടും വീണ്ടും നമ്മളെ കാതിൽ മുഴങ്ങി കേട്ടോണ്ടിരിന്നു...

"സമീർക്കയും വിഷ്ണുവേട്ടനും സഞ്ചരിച്ച ബൈക്ക് അപകടത്തിലായി. അവർ രണ്ട് പേരും......."

ബാക്കി അച്ചു പൂർത്തിയാക്കുന്നതിന് മുന്നേ ഒരു തേങ്ങൽ എന്റെ കാതിൽ പതിഞ്ഞു.അതോടെ നമ്മളെ ശരീരം തളർന്ന് വീണു...

കുറച്ച് കഴിഞ്ഞ് കണ്ണ് തുറന്നു നോക്കുമ്പോ നമ്മളെ ചുറ്റും എല്ലാവരും കൂടി നിൽക്കുന്നുണ്ട്...പലരുടെയും മുഖത്ത് ഒരു ദയനീയ ഭാവം... ഹസിയും നമ്മളെ തൊട്ടടുത്ത് ഇരുന്നോണ്ട് നമ്മളെ നോക്കി കണ്ണ് നിറച്ചു...

വീണ്ടും അച്ചു പറഞ്ഞ കാര്യങ്ങൾ നമ്മളെ ഓർമ്മയിൽ തെളിഞ്ഞ് വന്നു....പിന്നെ ഒരു അലർച്ച ആയിരുന്നു...

ഭ്രാന്തത്തിയെ പോലെ കരഞ്ഞ് നിലവിളിച്ച് റൂമിൽ നിന്നും പുറത്തേക്ക് സമീർക്കാന്ന് വിളിച്ചോണ്ട് ഓടി...അപ്പോഴേക്കും എല്ലാവരും കൂടി ചേർന്ന് നമ്മളെ പിടിച്ച് വെച്ച് ആശ്വസിപ്പിക്കാൻ ശ്രമിച്ചു...

എല്ലാവരോടും കൂടി നമ്മള് കരഞ്ഞ് പറഞ്ഞു അവസാനായിട്ട് സമീർക്കാനെ ഒരു നോക്ക് കാണാൻ അനുവദിക്കണമെന്ന്....

പക്ഷെ,അവരാരും നമ്മളെ സമീർക്കാന്റെ അടുത്തേക്ക് കൊണ്ട് പോയില്ല...

എനിക്ക് കാണണമെന്ന് കരഞ്ഞ് വാശി പിടിച്ച് നോക്കിയെങ്കിലും ആരും നമ്മളെ സമീർക്കാന്റെ അടുത്തേക്ക് കൊണ്ട് പോയില്ല...

കരഞ്ഞ് തളർന്ന് വീണ്ടും നമ്മള് മയങ്ങി വീണു...

മയക്കത്തിൽ നിന്നും ഉണരുമ്പോ വീണ്ടും കരയും കരഞ്ഞ് ക്ഷീണിച്ച് അവശയായി വീണ്ടും ഉറങ്ങും...

സമീർക്കാൻറെ വേർപാട് നമ്മളെ ദിനംപ്രതി മുറിവേല്പിച്ച് കൊണ്ടിരുന്നു...റൂമിൽ നിന്നും ഇറങ്ങാതെ തികച്ചും ഒറ്റപ്പെട്ട അവസ്ഥയിൽ ജലപാനം പോലും ഇല്ലാതെ പല ദിവസം കഴിച്ച് കൂട്ടി...

ഓരോ ദിവസവും നമ്മളെ നില ഗുരുതരമായി കൊണ്ടിരുന്നു.... ഭക്ഷണവും വെള്ളവുമില്ലാതെ കഴിച്ച് കൂട്ടിയ ദിനരാത്രങ്ങളിൽ ഈ പാഴ്ജന്മം അങ്ങോട്ട് സ്വയം നശിപ്പിച്ച് കളയാൻ തോന്നിയെങ്കിലും, നമ്മളെ ജീവന് തുല്യം സ്നേഹിക്കുന്ന ഉപ്പച്ചിയെയും

ഉമ്മച്ചിയെയും കുറിച്ച് ഓർത്തപ്പോ അതിനൊന്നും ധൈര്യം വന്നില്ല...

സ്കൂളിൽ പോകുമ്പോ സമീർക്കാനെ കാണാറുള്ള സ്ഥലം കണ്ട് ഉള്ളിൽ നിന്നും സങ്കടം തികട്ടി വരും...എത്ര അടക്കി വെക്കാൻ ശ്രേമിച്ചാലും അതിനൊന്നും കഴിയാതെ കണ്ണുനീരായി അതെന്റെ മിഴികളെ തലോടി കൊണ്ടിരിക്കും...

സമീർക്ക പോയതിൽ പിന്നെ സന്തോഷം എന്താണെന്ന് നമ്മള് അറിഞ്ഞിട്ടില്ല...നമ്മളെ മുഖത്തെ വിഷമം കാണുമ്പോ അത് നമ്മളെ ഇഷ്ടപ്പെടുന്നവരെയും നന്നായി ബാധിച്ച് തുടങ്ങി...

പിന്നീട് അങ്ങോട്ട് നമ്മളെ ജീവിതം ഇവർക്ക് വേണ്ടി ആയിരുന്നു...അവരെ സന്തോഷത്തിന് വേണ്ടി ആയിരുന്നു...

ഇട്ട് മൂടാനുള്ള സങ്കടങ്ങളും വിഷമങ്ങളും ഉള്ളിൽ പേറി കൊണ്ട് പുറമെ അവർക്ക് വേണ്ടി ചിരിച്ച് കളിച്ച് നടന്നു...

ഇപ്പോ ഇതാ ഇവിടം വരെ എത്തിയിരിക്കുന്നു...

സമീർക്കാനെ നമ്മളെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയില്ല... എന്റെ എല്ലാമെല്ലാമായിരുന്ന എന്റെ ജീവനായിരുന്നു സമീർക്ക...

ജീവിതകാലം മുഴുവൻ സമീർക്കാൻറെ ഓർമ്മകളെയും കൂട്ട് പിടിച്ച് കഴിയാനായിരുന്നു ആഗ്രഹം...

പക്ഷെ, അതിനിടക്ക് എവിടെ നിന്നോ ആദി വന്ന് നമ്മളെ മനസ്സിൽ സമീർക്കാനേക്കാൾ കൂടുതൽ സ്ഥാനം പിടിച്ചിരിക്കുന്നു...

ഓനെ മനസ്സിൽ നിന്നും വേരോടെ പിഴുതെറിയാൻ പല തവണ ശ്രമിച്ചെങ്കിലും ഓൻ കൂടുതൽ ആഴത്തിൽ വേരുറപ്പിച്ച് കഴിഞ്ഞ പോലെ തോന്നുന്നു...

പക്ഷെ....നമ്മക്ക് ഒരിക്കലും ആദിയെ സമീർക്കാൻറെ സ്ഥാനത്ത് കാണാൻ കഴിയില്ല...അതുപോലെ ഓനെ ഒരിക്കലും ഉപേക്ഷിക്കാനും കഴിയില്ല... സമീർക്കാൻറെ ലോകത്തേക്ക് ഒരിക്കൽ നമ്മളെ സമീർക്ക കൊണ്ട് പോകും അതോടെ എല്ലാം ശേരിയാകും...

"ഫെബി..."

പെട്ടെന്ന് അച്ചു വന്ന് നമ്മളെ തോളിൽ കൈ വെച്ചപ്പോഴാണ് നമ്മള് ഓർമ്മകളിൽ നിന്നും ഉണർന്ന് കണ്ണ് തുറന്നത്...

തിരിഞ്ഞു നോക്കിയപ്പോ അച്ചുവും അരുണും നമ്മളെ തന്നെ നോക്കി നിൽക്കായിരുന്നു...

അവരെ കണ്ടതും വേഗം കണ്ണ് തുടച്ച് മുഖത്ത് ഒരു പുഞ്ചിരിയും ഫിറ്റ് ചെയ്തൊണ്ട് നമ്മള് അവിടന്ന് എണീറ്റു...

"അച്ചു...അരുൺ...നിങ്ങൾ എപ്പോ വന്നു..?

ഓരോന്ന് ചിന്തിച്ച് കടലിലേക്ക് നോക്കി ഇരുന്നപോ നേരം പോയതൊന്നും ഞാൻ അറിഞ്ഞില്ല...

വാ നമുക്ക് വീട്ടിൽ പോകാ...ഇപ്പോ തന്നെ ഒരുപാട് നേരായി..."

എന്ന് പറഞ്ഞ് നമ്മള് അച്ചൂന്റെ കൈ പിടിച്ച് വണ്ടിയുടെ

അടുത്തേക്ക് കൊണ്ട് പോയി...

അച്ചു ഒന്നും മിണ്ടാതെ നമ്മളെ കൂടെ വന്നിട്ട് ഞാൻ ഓടിക്കാം എന്ന് പറഞ്ഞ് നമ്മളെ കയ്യിൽ നിന്നും കീ വാങ്ങി...

"അരുൺ...നീ പൊക്കോ...ഞങ്ങൾ തിരിച്ച് വീട്ടിലേക്ക് പോകാ...നാളെ കോളേജിൽ വെച്ച് കാണാം..."

എന്ന് അച്ചു അരുണിനോട് പറഞ്ഞപ്പോ ഓൻ ശരിയെന്ന രീതിയിൽ തലയാട്ടി കൊണ്ട് നമ്മളെ നോക്കി ചിരിച്ചിട്ട് ബൈക്കിൽ തിരിച്ച് പോയി...അതിന് പിന്നാലെ ഞങ്ങളും വീട്ടിലേക്ക് തിരിച്ചു...

വണ്ടിയെടുത്ത് ഇത്രേം സമയം ആയിട്ടും അച്ചു നമ്മളോട് ഒന്നും ചോദിച്ചിട്ടില്ല...ഇനിയും നമ്മള് മിണ്ടാതെ ഇരുന്നാൽ അത് ചെലപ്പോ നമ്മളെ പഴയ ഐഷുവിലേക്ക് കൊണ്ട് പോകുമെന്ന് തോന്നി...

"അച്ചു....ഞാൻ ഇവിടെ ഉണ്ടെന്ന് നിനക്ക് എങ്ങനെ മനസ്സിലായി...?"

"നിന്നെ ഞാൻ ഇന്നും ഇന്നലെയും കാണാൻ തുടങ്ങിയതല്ലല്ലോ ഫെബി...അതൊണ്ട് നീ എവിടെയാകുമെന്ന് എനിക്ക് ഊഹിക്കാവുന്നതെ ഉള്ളു..."

അച്ചൂന്റെ മറുപടി കേട്ട് നമ്മക്ക് തിരിച്ച് ഒന്നും പറയാൻ പറ്റാത്ത അവസ്ഥയായി...അതോണ്ട് നമ്മള് അൽപനേരം മൗനത്തെ കൂട്ട് പിടിച്ചിട്ട് വീണ്ടും അച്ചുനോട് ഓരോന്ന് ചോദിച്ച് കൊണ്ടിരുന്നു...

"അച്ചു...നീ ആദിയോട് എല്ലാം പറഞ്ഞോ...?"

"ഉം..."

"എന്നിട്ട് ....ആദി ....ഓൻ എന്ത് പറഞ്ഞു...?"

"ഒന്നും പറഞ്ഞില്ല...എല്ലാം മിണ്ടാതെ കേട്ട് നിന്നിട്ട് കണ്ണും നിറച്ച് കോളേജിൽ നിന്ന് ഇറങ്ങി പോയി..."

അച്ചൂന്റെ ആ വാക്കുകൾ കേട്ടപ്പോ തൊട്ട് നമ്മളെ മനസ്സ് വീണ്ടും അസ്വസ്ഥമാകാൻ തുടങ്ങി...

നമ്മളെ ചിന്തകൾ ആദിയിലേക്ക് ചേക്കേറി...

"ഫെബി...വീടെത്തി...ഇറങ്ങുന്നില്ലേ...?"

അച്ചൂന്റെ ശബ്ദം കേട്ട് നമ്മള് വീണ്ടും ചിന്തകളിൽ നിന്നും ഉണർന്ന് അവളെ നോക്കി ഒന്ന് പുഞ്ചിരി തൂകി കൊണ്ട് നമ്മളെ ഗിറ്റാറും എടുത്ത് നമ്മളിറങ്ങി...

"ഫെബി വൺ മിനിറ്റ്..."

"എന്താടി അച്ചു..."

"പഴയതൊക്കെ നീ മറക്കണമെന്ന് ഞാൻ പറയില്ല...കാരണം അത് നിന്നെ കൊണ്ട് കഴിയില്ലാന്ന് എനിക്ക് നന്നായിട്ട് അറിയാം...

പക്ഷെ, അതും പറഞ്ഞ് നീ ഇനിയും നിന്റെ ലൈഫ് കളഞ്ഞു കുളിക്കരുത്...പ്ലീസ്...ഇതെന്റെ ഒരു അപേക്ഷയാണ്..."

അച്ചു പറഞ്ഞു വരുന്നത് ആദിയെ കുറിച്ചാണെന്ന് മനസ്സിലായപ്പോ നമ്മള് ഒളോട് ഒന്നും തിരിച്ച് പറയാതെ വീട്ടിലേക്ക് കേറി പോയി...

"നീയിത് എവിടെ ആയിരുന്നു ഫെബി...നേരം മോന്തിയായി തുടങ്ങീക്കണ്... ഇനി നാളെയും ഇജ്ജ് ഈ നേരത്താണ് വരുന്നതെങ്കിൽ നാളെ ഇജ്ജ് പോകണ്ട..."

"ഇന്റെ ഉമ്മച്ചിയെ ഞാൻ ഇന്ന് കുറച്ച് ലേറ്റ് ആയെന്ന് കരുതി എന്തിനാ നാളെ കോളേജിലേക്ക് പോകാതിരിക്കുന്നെ...?

ഇങ്ങള് ബേജാറാകല്ലി ഫൗസിയാത്ത...നാളെ ഞാൻ എന്റെ പ്രോഗ്രം കഴിഞ്ഞ ഉടനെ തന്നെ വീട്ടിലേക്ക് വന്നിരിക്കും പോരെ..."

എന്ന് പറഞ്ഞ് നമ്മള് റൂമിലേക്ക് കേറി പോയി...ഒന്ന് ഫ്രഷായി വന്നിട്ട് നിസ്കരിച്ച് നമ്മള് കിടന്നു...

കുളിച്ചപ്പോ മനസ്സിനും ഒരു കുളിരുണ്ട്... അതോണ്ട് നമ്മളെ മൈൻഡ് ഇപ്പൊ ബ്ലാങ്ക് ആണ്...

കുറച്ച് കഴിഞ്ഞപ്പോ നമ്മളെ ഫോൺ റിങ് ചെയ്യുന്നത് കെട്ടാണ് നമ്മള് എണീറ്റത്...

സ്ക്രീനിൽ തെളിഞ്ഞു വന്ന ഫോട്ടോയും പേരും കണ്ടപ്പോ തന്നെ നമ്മളെ ഉറക്കം പമ്പ കടന്നു...

ആദിയാണ് വിളിച്ചത്...അതോണ്ട് തന്നെ ഫോൺ അറ്റൻഡ് ചെയ്യാൻ നമ്മക്ക് മനസ്സ് വന്നില്ല...

പക്ഷെ ഓൻ വീണ്ടും വീണ്ടും വിളിച്ചോണ്ടിരുന്നപ്പോ ഗതികെട്ട് നമ്മള് ഫോൺ അറ്റൻഡ് ചെയ്തു...

"ഹലോ...എന്താ ആദി...?"

"നീയെന്താ ഐഷു ഞാൻ വിളിച്ചിട്ട് ഫോൺ എടുക്കാൻ വൈകിയത്...?

നിനക്ക് എന്നോട് എന്താ ഇത്രക്ക് ദേഷ്യം...?"

"അങ്ങനെ ഒന്നുമില്ല ആദി...നീ ഇപ്പോ വിളിച്ചത് എന്തിനാണെന്ന് പറഞ്ഞില്ല..."

"എനിക്ക് നിന്നോട് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ട്..."

"എന്ത് കാര്യം?"

"I love you...."

"വാട്ട്...?

നിനക്കു എന്താ ആദി ഭ്രാന്താണോ...? ഞാൻ നിന്നോട് പറയാനുള്ളതൊക്കെ പറഞ്ഞതല്ലേ ആദി...പിന്നെ എന്താ ഇതൊക്കെ..?"

"നിനക്ക് അങ്ങനെ ഒരു പാസ്റ് ഉള്ളതൊന്നും എന്നെ

ബാധിക്കില്ല ഐഷു....കാരണം,ഞാൻ സ്നേഹിക്കുന്നത് നിന്നെയാണ് അല്ലാതെ നിന്റെ കഴിഞ്ഞു പോയ കാലത്തെയല്ല...."

ആദി പറയുന്നത് കേട്ടപ്പോ നമ്മക്ക് അറിയാതെ കരച്ചിൽ വന്നു...നമ്മള് അത് കടിച്ച് പിടിച്ച് ഓനോട് വീണ്ടും സംസാരിക്കാൻ നിന്നെങ്കിലും ആദി നമ്മള് പറയുന്നതൊന്നും കേൾക്കാൻ കൂട്ടാക്കിയില്ല...

"ഐഷു...നീ ഇനി എന്തൊക്കെ തന്നെ പറഞ്ഞാലും ചെയ്താലും ശെരി...എന്റെ മനസ്സിൽ നിന്നും നിന്നെ പറിച്ച് മാറ്റാൻ സമീറിന്റെ ഓർമ്മകൾക്ക് കഴിയില്ല...

എനിക്ക് നിന്നെ നാളെ ഒന്ന് കണ്ട് ചിലതൊക്കെ സംസാരിക്കാനുണ്ട്...

എനിക്ക് പറയാനുള്ളത് നീ കേൾക്കണം..."

"എനിക്ക് ഒന്നും കേൾക്കാനും ഇല്ല...പറയാനും ഇല്ല..."

എന്ന് പറഞ്ഞ് നമ്മള് ഫോൺ വെച്ചിട്ട് സ്വിച്ച് ഓഫ്

ആക്കി കിടന്നു...

പക്ഷെ,നമ്മളെ കൂടപ്പിറപ്പിനെ ആദിയും സമീർക്കായും കൂടി ആട്ടിപ്പായിച്ചിട്ടുണ്ട്...

ഉറക്കമില്ലാതെ കരഞ്ഞ് നേരം വെളുപ്പിച്ചു...

പിറ്റേന്ന് അച്ചൂനെയും കാത്ത് വീടിന് മുന്നിൽ നിൽക്കുമ്പോഴാണ് അച്ചു വിളിക്കുന്നത്...

അവളുടെ അച്ഛൻ നാട്ടിലുണ്ട്,അതോണ്ട് ഓളെ വണ്ടിയെടുക്കാൻ സമ്മതിച്ചിട്ടില്ല...

അതോണ്ട് നമ്മള് ബസ് സ്റ്റോപ്പിലേക്ക് ചെന്ന് അവിടന്ന് അവളെയും കൂട്ടി കോളേജിലേക്ക് പോയി...

അവിടെ എത്തിയപ്പോ നമ്മളെ കുരാമീസും ബ്രദേഴ്സും കൂടി നമ്മളെ അടുത്തേക്ക് വന്ന് നമ്മളെ വിശേഷങ്ങളൊക്കെ ചോദിച്ചറിയാൻ തുടങ്ങി...

ഇവർക്കിത് ശീലമില്ലാത്തതാണല്ലോന്ന് ചിന്തിച്ചോണ്ട് അച്ചൂനെ നോക്കിയപ്പോ ഓള് ഒന്ന് തലയാട്ടി....

അപ്പോ നമ്മളെ പാസ്റ്റ് ഇവരും അറിഞ്ഞെന്ന് നമ്മക്ക് മനസ്സിലായി...

പക്ഷെ പെട്ടെന്നായിരുന്നു അവറ്റകളുടെ രൂപമാറ്റം...അത് കണ്ടതും നമ്മള് തോളേം തുറന്ന് അവറ്റകളെ നോക്കി നിന്നു...

അവന്മാരും അവളുമാരും കൂടി നമ്മളെ പിന്നെ അങ്ങോട്ട് വാരാൻ തുടങ്ങി...അതും നമ്മളെ പാട്ടിനെ കുറിച്ചൊക്കെ നല്ലോണം താങ്ങുന്നുമുണ്ട്...

നമ്മക്ക് അതിനൊന്നും നാക്ക് കൊണ്ട് മറുപടി കൊടുക്കാൻ പറ്റിയില്ലെങ്കിലും കൈ കൊണ്ട് നല്ലോണം മറുപടി നമ്മള് കൊടുത്തു...

അവരെ കൊണ്ട് അപ്പോ നമ്മളെ മനസ്സ് ഒന്ന് റിലാക്സായി...ഞങ്ങൾ എല്ലാവരും കൂടി ഒരു സ്ഥലത്ത് പോയി ഇരുന്നിട്ട് ഞങ്ങളെ പരിപാടി അങ്ങോട്ട് തുടങ്ങി...എന്താന്നല്ലേ...

കൂക്കലും വിസിലടിക്കലും...

നമ്മളെ കൊണ്ട് അതൊക്കെ അല്ലെ പറ്റൂ...

അങ്ങനെ ഏകദേശം കുറച്ച് പരിപാടിയൊക്കെ കഴിഞ്ഞപ്പോ നമ്മളെ പരിപാടി തുടങ്ങാറായി...

അതോണ്ട് നമ്മള് അവിടന്ന് എണീറ്റിട്ട് സ്റ്റേജിന്റെ പുറകിലേക്ക് പോയി...

അപ്പോ തന്നെ ആദി നമ്മളെ മുന്നിലേക്ക് വന്ന് പെട്ടു... ഓനെ കണ്ടതും നമ്മള് വേഗം മുഖം തിരിച്ച് ഓന്റെ മുന്നിൽ നിന്നും നടന്നകന്നു...

പക്ഷെ അപ്പോഴേക്കും ആദി നമ്മളെ മുന്നിലേക്ക് കേറി നിന്ന് നമ്മളെ വഴി തടസ്സപ്പെടുത്തി...

"ഐഷു...എനിക്ക് നിന്നോട് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ട്...അത് നീ കേട്ടെ പറ്റൂ..."

അപ്പോ തന്നെ നമ്മളെ പേര് മൈക്കിലൂടെ അനൗൺസ് ചെയ്തു...നമ്മള് ആദിയെ നോക്കി ഓന്റെ കൈ തട്ടി മാറ്റിയിട്ട് സ്റ്റേജിലേക്ക് കേറി പോയി...

നമ്മള് ഗിറ്റാർ കൊണ്ട് നല്ലൊരു പാട്ടും പാടി പഴയ ഓർമ്മകളെ വീണ്ടും കൊണ്ട് വന്ന് ആദിയെ നോക്കി...

ഓൻ കണ്ണിമ വെട്ടാതെ നമ്മളെ തന്നെ നോക്കി നിൽക്കായിരുന്നു... അത് കണ്ടപ്പോ വീണ്ടും നമ്മക്ക് കരച്ചിൽ വരുന്ന പോലെ തോന്നി...

അതോണ്ട് പിന്നെ നമ്മള് ആ ഭാഗത്തേക്ക് നോക്കിയില്ല... നമ്മളെ പാട്ട് കഴിഞ്ഞതും നമ്മള് പെട്ടെന്ന് തന്നെ സ്റ്റേജിൽ നിന്നും ഇറങ്ങി അച്ചൂനെയും കൂട്ടി ഗേറ്റ് ലക്ഷ്യമാക്കി നടന്നു...

പക്ഷെ,ഗേറ്റിന് മുന്നിൽ നമ്മളെയും കാത്ത് ആദി നിൽപ്പുണ്ടായിരുന്നു...

ആദി നമ്മളെ അടുത്തേക്ക് നടന്ന് വന്നിട്ട് നമ്മക്ക് അഭിമുഖമായി നിന്നു.

"ഐഷു...എനിക്ക് ഒരു കാ...."

ആദി പറയുന്നത് മുഴുമിക്കാൻ സമ്മതിക്കാതെ നമ്മള് അപ്പോഴേക്കും ഓന്റെ നേരെ കൈ നീട്ടി ഓനെ തടഞ്ഞു...

"എനിക്ക് നീ പറയുന്നതൊന്നും കേൾക്കേണ്ട ആദി...

ഇന്നലെ പറഞ്ഞത് തന്നെ വീണ്ടും എന്നോട് ആവർത്തിക്കേം വേണ്ട...

എനിക്ക് പറയാനുള്ളതൊക്കെ ഞാൻ നിന്നോട് ഇന്നലെ തന്നെ പറഞ്ഞു...ഇനി എനിക്ക് ഒന്നും

പറയാനില്ല...

നീ ഇപ്പോ വഴീന്ന് മാറ്... ഞങ്ങൾക്ക് പോകണം..."

"എനിക്ക് പറയാനുള്ളത് കേൾക്കാതെ നീ ഇവിടന്ന് പോകില്ല ഐഷു..."

"എനിക്ക് ഒന്നും കേൾക്കണ്ടെന്ന് ഞാൻ പറഞ്ഞില്ലേ..."

എന്ന് പറഞ്ഞ് നമ്മള് ഓനെ മറികടന്ന് ചെന്നതും ആദി നമ്മളെ കയ്യിൽ പിടിച്ച് വലിച്ചോണ്ട് ഓന്റെ കാറിലേക്ക് കയറ്റി...

നമ്മള് ഞെട്ടി തരിച്ചോണ്ട് കാറിൽ നിന്നും ഇറങ്ങാൻ ശ്രമിച്ചതും ആദി സീറ്റ് ബെൽറ്റ് ഇട്ടിട്ട് അച്ചുനോടും അരുണിനോടും വണ്ടിയിൽ കേറാൻ പറഞ്ഞു...

ഇവനിത് എന്തൊക്കെയാ കാണിച്ച് കൂട്ടുന്നതെന്ന് മനസ്സിലാകാതെ നമ്മള് ഓനെ തന്നെ നോക്കി...

ഓൻ കാറിൽ കേറാൻ വേണ്ടി ഡ്രൈവിങ് സീറ്റിലേക്ക് വന്നതും നമ്മള് ആ തക്കത്തിന് സീറ്റ് ബെൽറ്റ് അഴിച്ചിട്ട്

കാറിൽ നിന്നും ഇറങ്ങാൻ നോക്കി...

പക്ഷെ അപ്പോഴേക്കും ആദി കാർ സ്റ്റാർട്ട് ചെയ്ത് യാത്ര തുടങ്ങിയിരുന്നു...

"ആദി വണ്ടി നിർത്ത്....

എങ്ങോട്ടാ ഈ പോകുന്നത്...?

ആദി പ്ലീസ് stop it....

നീ വണ്ടി നിർത്തുന്നുണ്ടോ....ഇല്ലെങ്കിൽ ഞാൻ സത്യയിട്ടും ഇവിടന്ന് ചാടും...."

അതിനൊന്നും ഒരു മറുപടിയും തരാതെ ആദി വണ്ടിയുടെ സ്പീഡ് കൂട്ടി കൊണ്ടിരുന്നു....എതിരെ വരുന്ന വണ്ടികളെയൊന്നും വക വെക്കാതെ കാർ ഹൈസ്പീഡിൽ കുതിച്ചുയർന്നു...

പേടിച്ച് അച്ചുവും അരുണും മാറി മാറി ആദിയോട് വണ്ടി നിർത്താനും സ്ലോ ആക്കാനുമൊക്കെ പറഞ്ഞു...പക്ഷെ അതൊന്നും ആദി ചെവികൊണ്ട മട്ടില്ല...നമ്മക്ക് ആണെങ്കിൽ ആടിന്റെ മുഖത്തെ

ഭാവവും ഓവർ സ്പീഡിലുള്ള ഈ വണ്ടിന്റെ പോക്കും കണ്ടിട്ട് അതിലേറെ പേടിയായി...

അതോണ്ട് നമ്മള് അപ്പോ തന്നെ കണ്ണടച്ച് ആദിന്റെ കയ്യിൽ പിടിച്ചിരുന്നു...

കുറച്ച് കഴിഞ്ഞപ്പോ വണ്ടി നിർത്തിയതും നമ്മള് പെട്ടന്ന് കണ്ണ് തുറന്ന് ചുറ്റും ഒന്ന് നോക്കി...ബീച്ചിലേക്കാണ് ആദി ഞങ്ങളെ കൊണ്ട് വന്നിരിക്കുന്നത്...

എന്താ ഇവിടെ എന്ന രീതിയിൽ നമ്മള് ആദിയെ നോക്കിയപ്പോ ഓൻ നമ്മളോട് ഇറങ്ങ് എന്ന് പറഞ്ഞോണ്ട് കാറിൽ നിന്നും ഇറങ്ങി....

പക്ഷെ,നമ്മള് കയ്യും കെട്ടി കാറിൽ തന്നെ ഇരുന്നു...അത് കണ്ടതും ആദി വന്ന് ഡോർ തുറന്നിട്ട് നമ്മളോട് വീണ്ടും ഇറങ്ങാൻ പറഞ്ഞു...

നമ്മള് ഓന്റെ വാക്കിനെ വക വെക്കാതെ മുഖം തിരിച്ചിട്ട് അവിടെ തന്നെ ഇരുന്നു....

"നിന്നോട് ഇങ്ങോട്ട് ഇറങ്ങാനല്ലെടി പറഞ്ഞത്..."

എന്ന് പറഞ്ഞ് ആദി നമ്മളെ കൈ പിടിച്ച് വലിച്ച് നമ്മളെ കാറിൽ നിന്നും ഇറക്കിയിട്ട് നമ്മളെയും കൊണ്ട് കടലിന്റെ അടുത്തേക്ക് കൊണ്ട് പോയി... നമ്മള് ഓനോട് പല തവണ നമ്മളെ കയ്യിന്ന് വിടാൻ പറഞ്ഞെങ്കിലും ഓൻ അതൊന്നും കേട്ട ഭാവം പോലും നടിച്ചില്ല...

പെട്ടെന്ന് ആദി നമ്മളെ വലിച്ച് ഓന്റെ മുന്നിൽ പിടിച്ച് നിർത്തിയിട്ട് നമ്മളോട് ഒരു ചോദ്യമായിരുന്നു...

"നിനക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമല്ലേ ഇത്...

ഇവിടെ വെച്ചല്ലേ നീ നിന്റെ സങ്കടങ്ങളും വിഷമങ്ങളുമൊക്കെ ഇറക്കി വെക്കുന്നത്...?

എന്നാ...കുറച്ച് നേരത്തിന് നീ കരയാൻ തയ്യാറായിക്കോ...നിന്നെ ഞാൻ കരയിക്കാൻ പോകാ..."

ആദി പറയുന്നത് കേട്ട് നമ്മള് അന്തം വിട്ട് ഓനെ

നോക്കി നിന്നിട്ട് അച്ചൂനെയും അരുണിനെയും ഒന്ന് തിരിഞ്ഞു നോക്കി... അവരും നമ്മളെ പോലെ ആദി പറഞ്ഞത് കേട്ടിട്ട് അന്തം വിട്ട് നിൽക്കാണ്...

അത് കണ്ടതും നമ്മള് ആദിയെ നോക്കി പൊട്ടിച്ചിരിക്കാൻ തുടങ്ങി...നമ്മളെ ചിരി കണ്ടിട്ട് അച്ചുവും അരുണും നമ്മളെ കൂടെ കൂടി ചിരിക്കാൻ തുടങ്ങി...

"എന്നെ നീ കരയിക്കാൻ പോകാണെന്നോ...?

ഹ...ഹ...ഹ...ഓക്കേ....എന്തായാലും കരയിക്കാൻ പോകുന്നതിന് മുൻപ് പറഞ്ഞത് നന്നായി...എനിക്ക് ഇനി റെഡി ആകാലോ..."

എന്ന് നമ്മള് പറഞ്ഞ് ചിരിച്ചപ്പോഴും ആദിന്റെ മുഖത്ത് ഒരു ഗൗരവമായിരുന്നു...

അതിലെന്തോ കാര്യമുണ്ടെന്ന് തോന്നിയപ്പോ നമ്മള് ചിരി അടക്കി പിടിച്ചോണ്ട് ഓൻ പറയുന്നതും കാതോർത്ത് നിന്നു...

ആദി പറഞ്ഞു തുടങ്ങിയതും നമ്മളെ ചിരിയൊക്കെ എങ്ങോ മാഞ്ഞു പോയി നമ്മളെ കണ്ണ് നിറഞ്ഞൊഴുകാൻ തുടങ്ങി....നമ്മള് കുഴഞ്ഞു കൊണ്ട് അവിടെ നിലത്ത് മുട്ടുകുത്തി ഇരുന്നു...

ആദി പറഞ്ഞത് വീണ്ടും വീണ്ടും നമ്മളെ കാതിൽ മുഴങ്ങി കേട്ട് കൊണ്ടിരുന്നു...

"ഐഷു...സമീറിനെ കാറിടിച്ചത് ഞാനാണ്...അറിഞ്ഞു കൊണ്ടല്ലെങ്കിലും ഓനെ കൊല്ലാൻ കാരണം ഞാനാണ്...."

(തുടരും)

ഭാഗം.76

"ഐഷു...സമീറിനെ കാറിടിച്ചത് ഞാനാണ്...അറിഞ്ഞു കൊണ്ട് അല്ലെങ്കിലും ഓന്റെ മരണത്തിന് ഉത്തരവാദി

ഞാനാണ് ഐഷു...."

"കാക്കൂ.... ഇത് എന്തൊക്കെയാ വിളിച്ച് പറയുന്നതെന്ന് ബോധ്യമുണ്ടോ..??"

"ഞാൻ പറഞ്ഞത് സത്യമാണ് അച്ചു....ഞാൻ കാരണമാണ്....ഞാൻ ഒരൊറ്റ ഒരാൾ കാരണാണ് സമീർ മരിച്ചത്....അല്ല...കൊല്ലപ്പെട്ടത്...."

ആദി പറയുന്നത് കേട്ടപ്പോ എനിക്ക് എന്നെ തന്നെ സ്വയം നിയന്ത്രിക്കാൻ പറ്റാത്ത പോലെ തോന്നി...

ഈ കേട്ടതും അവൻ പറഞ്ഞതും ഒന്നും സത്യയിരിക്കരുതെ പടച്ചോനെ എന്ന് പ്രാർത്ഥിച്ചോണ്ട് നമ്മള് അവിടെ നിന്നും എണീറ്റിട്ട് ആദിയുടെ അടുത്തേക്ക് ചെന്നു....

●●●●●●●●●●●●●●●●●●●●

നമ്മള് പറഞ്ഞതൊന്നും വിശ്വസിക്കാത്ത രീതിയിലാണ് ഐഷു വന്ന് നമ്മളെ മുന്നില് നിന്നത്...

ഓളെ നോട്ടത്തില് നിന്ന് തന്നെ എനിക്ക് അത് മനസ്സിലാക്കാൻ പറ്റിയിരുന്നു....

"ആദി....നീയിത് വരെ പറഞ്ഞതൊക്കെ ഞാൻ വെറും കളിയായിട്ട് മാത്രേ കണ്ടിട്ടുള്ളു...കളിയായിട്ടാണെങ്കിൽ പോലും നീ അങ്ങനെ ഒക്കെ പറയുന്നത് എനിക്ക് ഒരിക്കലും ഉൾക്കൊള്ളാൻ പറ്റില്ല....അതോണ്ട് പറ ആദി....നീ പറഞ്ഞതൊക്കെ കള്ളമാണെന്ന് പറ ആദി..."

എന്ന് പറഞ്ഞ് ഐഷു നമ്മളെ കോളറിൽ പിടിച്ചിട്ട് പൊട്ടിക്കരഞ്ഞു...നമ്മള് പറഞ്ഞത് കള്ളമാണെന്ന് ഓളോട് പറയാൻ പറഞ്ഞോണ്ട് ഓള് വീണ്ടും നമ്മളെ കോളറിൽ പിടിച്ചു...

ഞാൻ പറഞ്ഞത് സത്യമായത് കൊണ്ട് എനിക്ക് അത് മാറ്റി പറയാൻ കഴിയില്ല...

"ഞാൻ പറഞ്ഞത് സത്യമാണ് ഐഷു....ഞാൻ കാരണമാണ് നിനക്ക് നിന്റെ സമീറിനെ നഷ്ടമായത്..."

എന്റെ നാവിൽ നിന്നും അവളത് ഒട്ടും പ്രതീക്ഷിച്ചിട്ടില്ലെന്നു...

ആ സത്യം അറിഞ്ഞ ഷോക്ക് കൊണ്ടാകാം കരയാൻ പോലും മറന്ന് അവളെ കൈകൾ എന്റെ കോളറിൽ നിന്നും വിട്ട് പോയി എന്നെ തന്നെ നോക്കി നിന്നു...

പതിയെ എല്ലാം അവളെ അറിയിക്കാൻ വേണ്ടി ഞാൻ തയ്യാറെടുത്തു...

അതിന് വേണ്ടി ഈ ആദിൽ സാഹിബ് കരീം രണ്ട് വർഷങ്ങൾക്ക് മുൻപ് ആരായിരുന്നു എന്ന് ഇവർ അറിയണം, എന്നാലേ എല്ലാത്തിനും ഒരു അവസാനം കാണാൻ കഴിയൂ....

"രണ്ട് വർഷങ്ങൾക്ക് മുൻപ് നിങ്ങൾ ഇതുവരെ കണ്ടിരുന്ന ആദി ആയിരുന്നില്ല ഈ ഞാൻ...

എനിക്ക് മറ്റൊരു മുഖം കൂടി ഉണ്ടായിരുന്നു... ആ മുഖം എന്നിൽ നിന്നും അടർന്നു വീണെങ്കിൽ അതിന്

കാരണം അന്ന് നടന്ന ആ അപകടമാണ്......"

×××××××××××××××××××××××××××××××××××××××

അന്ന് നമ്മള് അത്ര വലിയ കോളേജ് തരമൊന്നും അല്ലായിരുന്നു...ഒൺലി തല്ലിപ്പൊളി....കോളേജിലെ മാസ്സ് ഗുണ്ട....എന്തിനും ഏതിനും കൂട്ടിന് നിഴല് പോലെ സാലിമും കൂട്ടരും...ഞങ്ങൾ എല്ലാവരും ഒറ്റകെട്ടായിരുന്നു....

കൂട്ടത്തിൽ അവളും...എന്റെ ഒരേയൊരു മുറപ്പെണ്ണ്, എന്റെ എല്ലാമെല്ലാമായ എന്റെ ഖല്ബിലെ മൊഞ്ചത്തി....

എന്റെ സൽ മ....

അവളായിരുന്നു എനിക്ക് എല്ലാം...അവള് കഴിഞ്ഞിട്ടേ എനിക്ക് എന്റെ ഉമ്മി പോലും ഉണ്ടായിട്ടുള്ളൂ...

അവള് ആരെ തല്ലാൻ പറഞ്ഞാലും മുന്നും പിന്നും

നോക്കാതെ കാരണം പോലും തിരക്കാതെ അവനെയൊക്കെ നല്ലവണ്ണം ശരിയാക്കി വിടും....

അവളായിരുന്നു എന്റെ നിഴൽ...

അല്ല...ഞാൻ ആയിരുന്നു അവളെ നിഴൽ....

ആദ്യയിട്ട് അവൾ കോളേജിൽ വന്ന ദിവസം സ്വാഭാവികമായും എല്ലാവരും നേരിടേണ്ടി വന്ന ഒരു കാര്യം അവളും നേരിട്ടു...

അവളെ MBA ഫൈനൽ ഇയർ സ്റ്റുഡന്റ്സ് റാഗ് ചെയ്തു...അതും എല്ലാവരെ മുന്നിൽ വെച്ചും അവളെ അവരൊക്കെ കൂടി കരയിപ്പിച്ചു...

അന്ന് നമ്മള് തേർഡ് യേർസ് ആയിരുന്നു...അതോണ്ട് അവന്മാർക്ക് ഇട്ട് അന്ന് ഒരു പണി കൊടുക്കാൻ ഞങ്ങളെ കൊണ്ട് പറ്റിയില്ല...

പറ്റാഞ്ഞിട്ടല്ല, സൽമ വേണ്ട എന്ന് പറഞ്ഞത് കൊണ്ട് മാത്രം അവന്മാരെ വെറുതെ വിട്ടതായിരുന്നു....

പക്ഷെ, സൽമയെ ഞാൻ ഇതിന് മുമ്പ് അങ്ങനെ കരഞ്ഞു കലങ്ങിയ കണ്ണുമായിട്ട് കണ്ടിട്ടില്ല...അതോണ്ട് അന്ന് ഓള് കരഞ്ഞത് എന്റെ മനസ്സിൽ മായാതെ

കിടന്നു...

അവളെ കരയിപ്പിച്ചവന്മാരെ തിരിച്ച് നമ്മളും കരയിപ്പിക്കാൻ തീരുമാനിച്ചു...

അതിന് വേണ്ടി പടച്ചോൻ തന്നെ ഞങ്ങൾക്ക് മുന്നിൽ വഴി കാണിച്ച് തന്നു....

കോളേജ് ഇലക്ഷന് കോളേജിൽ വെച്ചുണ്ടായ ഒരു അടിപിടിയുടെ കൂട്ടത്തിൽ അന്ന് അവന്മാർ അവളെ കരയിപ്പിച്ചതിന് പലിശ സഹിതം തിരിച്ച് കൊടുത്തു...

പക്ഷെ, അതിനിടയിൽ ഞങ്ങള് ആരും പ്രതീക്ഷിക്കാത്ത ഒരു സംഭവം കൂടി അന്ന് അരങ്ങേറി...സാലിം ഒരു പോലീസുകാരനെ എടുത്ത് കുത്തി അയാള് സ്പോട്ടിൽ കൊല്ലപ്പെട്ടു...

അന്ന് ഞങ്ങളെ കോളേജിലെ നല്ല നടപ്പ് കാരണം എല്ലാവരും അവന് എതിരെ സാക്ഷി പറയാൻ മുതിർന്നപോ ഞാൻ പറഞ്ഞ് ഇടപെട്ടാണ് ആരും ഒന്നും മിണ്ടാഞ്ഞത്....പിന്നീട് ഓനെ കേസിൽ നിന്നും എനിക്ക് പുഷ്പം പോലെ ഇറക്കി കൊണ്ട് വരാൻ സാധിച്ചിരുന്നു....

പിന്നീട് അങ്ങോട്ട് ഞങ്ങളെ നാളുകളായിരുന്നു....ഞങ്ങളെ കോളേജിലെ വിലസലും കൂടെ നമ്മളും സൽമയും ഉള്ള കട്ട പ്രണയവും....

കോളേജ് മൊത്തം പാട്ടായിരുന്നു ഞാനും സൽമയും തമ്മിലുള്ള ബന്ധം എത്രത്തോളം വലുതായിരുന്നെന്ന്....

ഇതിനിടക്കും ഞാൻ നല്ല കുട്ടി ആകാറുണ്ട്.... അതും എന്റെ ബെസ്റ്റ് ഫ്രണ്ട്സിന്റെ കൂടെ...

നിസു, അൻസി, സിയാദ് പിന്നെ ഞാനും അടങ്ങുന്ന സംഘം....പ്ലസ് ടൂയിൽ നിന്ന് കിട്ടിയ കൂട്ട് അതുപോലെ തന്നെ നീണ്ട് നിന്നിരുന്നു...

സാലിമിനെയും കൂട്ടരേക്കാളും ഒക്കെ എനിക്ക് പ്രിയപ്പെട്ടത് എന്നും എന്റെ ഈ സൗഹൃദം തന്നെയാണ്...

അതോണ്ടാണ് സിയാദിനെ ഐർപോർട്ടിൽ നിന്നും കൊണ്ട് വരാൻ ഞാൻ സിയയെയും കൂട്ടി വരണമെന്ന് അവൻ പറഞ്ഞത്...കാരണം അത്രയ്ക്കുണ്ട് ഞങ്ങൾ തമ്മിലുള്ള ആത്മബന്ധം...

അങ്ങനെ സിയാദ് പറഞ്ഞത് അനുസരിച്ച് നമ്മള് കാറും കൊണ്ട് സിയാദിനെ വീട് ലക്ഷ്യമാക്കി യാത്ര തിരിച്ചു...

അവിടെ എത്തിയപ്പോ അൻസിയും നിസുവുമൊക്കെ കൂടി നല്ല പിടിപ്പത് പണിയിലായിരുന്നു...

കാരണം, ഇന്ന് ഞങ്ങൾക്ക് ഇരട്ടി മധുരമാണ്...

ഒന്ന്, ഞങ്ങളെ സിയാദ് പ്രവാസിപ്പട്ടം ഉപേക്ഷിച്ച് നാട്ടിലേക്ക് മടങ്ങി വരാണ്...

രണ്ട്, ഞങ്ങളെ എല്ലാവരുടെയും പെങ്ങളായ ഞങ്ങളെ സിയ മോളെ പിറന്നാൾ കൂടിയാണ് ഇന്ന്...

അതോണ്ട് അതിനൊക്കെ കൂടി ആയിട്ട് നല്ല പരിപാടി തന്നെ ഞങ്ങൾ മൂന്ന് പേരും കൂടി പ്ലാൻ ചെയ്തിട്ടുണ്ടെന്നു....

നമ്മള് വീട്ടിലേക്ക് കേറി ചെന്നപ്പോ തന്നെ നിസുവും അൻസിയും കൂടി ഹാളിൽ അലങ്കരിക്കുന്ന തിരക്കിലായിരുന്നു...

"ഡാ...നിസു...സൂക്ഷിച്ച് ചെയ്യട പോത്തെ... ഇല്ലെങ്കിൽ

എല്ലാം കൂടി വേഗം അഴിഞ്ഞ് വീഴും..."

ചെന്നപാടെയുള്ള നമ്മളെ വർത്താനം കേട്ടിട്ട് അവരൊക്കെ കൂടി നമ്മളെ ഒന്ന് തിരിഞ്ഞു നോക്കി...

"ഹോ...വന്നല്ലോ വനമാല... ഇത്രെയും നേരം നീ എവിടെ ആയിരുന്നെടാ ....നിന്റെ ഫോണിലേക്ക് ഞങ്ങൾ എത്ര തവണ വിളിച്ചു....

അല്ലെങ്കിലും നിനക്ക് ഇപ്പോ ഞങ്ങളെ ഒന്നും വേണ്ടല്ലോ...എന്തിനും ഏതിനും കൂടെ വേറെ ആൾക്കാരില്ലേ...."

"ഡാ അൻസി....നല്ലൊരു ദിവസായിട്ട് വെറുതെ കച്ചറക്ക് വരല്ലേട്ട.... നിന്റെ പറച്ചില് കേട്ടാൽ തോന്നും ഞാൻ ഇങ്ങോട്ട് വന്നിട്ടേയില്ല, നിങ്ങളുമായിട്ട് എനിക്ക് യാതൊരു വിധ ബന്ധവുമില്ലാന്ന്....

എനിക്ക് നിങ്ങള് കഴിഞ്ഞിട്ടേ മറ്റേത് ഗാങ്ങും ഉള്ളു....അത് മനസ്സിലാക്കിക്കോ..."

"ഡാ ആദി...നിനക്ക് അറിയുന്നതല്ലേ അവന്റെ സ്വഭാവം...അവന് നിന്നെ ഇടക്കിടക്ക് ഇങ്ങനെ ഞോണ്ടിയില്ലെങ്കിൽ പിന്നെ ഉറക്കം വരില്ല...

ഡാ അൻസി, വന്ന് ഈ കാര്യം സോൾവാക്ക് എന്നിട്ട് മതി അതൊക്കെ ചെയ്യുന്നത്...."

നിസു പറയുന്നത് കേൾക്കേണ്ട താമസം അൻസി ഓടി വന്ന് നമ്മളെ കെട്ടിപ്പിടിച്ച് കവിളിൽ ഒരു ഉമ്മ തന്നു...ഇതൊക്കെ പിന്നെ ഒരു സ്ഥിരം സംഭവം ആയതോണ്ട് തന്നെ ഇത് കണ്ടോണ്ട് നിൽക്കുന്ന കാണികൾക്ക് അത്ര വലിയ താത്പര്യമൊന്നും ഇല്ലെന്നു....പ്രതേകിച്ച് നമ്മളെ പുന്നാര പെങ്ങള് വായാടി മറിയത്തിന്...

"എന്തൊരു ചളിയാണ് ഇതൊക്കെ....ഈ....ഇതൊന്നും വൃത്തിയാക്കാൻ ആരുമില്ലേ ഇവിടെ..?"

സിയന്റെ സംസാരം കേട്ടിട്ട് നിസു തറയിലേക്കൊക്കെ ഒന്ന് കണ്ണോടിച്ചു...അപ്പോ തന്നെ അൻസി അവനെ തോണ്ടിയിട്ട് നമ്മളെയാണ് ഉദ്ദേശിച്ചതെന്ന മട്ടില് ആംഗ്യം കാണിച്ചു...

അത് കണ്ടപ്പോ നിസു ചിരിച്ചോണ്ട് അവളെ നോക്കി കണ്ണുരുട്ടി...അതിന് ഓളെ അടുത്ത് നിന്ന് ഒരു ലോഡ് പുച്ഛവും തിരിച്ച് ഇങ്ങോട്ടും കിട്ടി....

എന്നിട്ട് ഓള് നേരെ നടന്ന് വന്നത് നമ്മളെ നേരെ ആയിരുന്നു...

"എവിടെ ആയിരുന്നു ആദിക്കാ ഇങ്ങള്....?

എയർപ്പൊട്ടിലേക്ക് പോകാനായിട്ട് ഞാൻ മാറ്റി ഒരുങ്ങി നിന്നിട്ടെ മണിക്കൂർ രണ്ടായി..."

"പടച്ചോനെ....പച്ചക്കള്ളം...കുറച്ച് നേരം മുൻപാ ഓള് എണീറ്റ് വന്നത് തന്നെ...എന്നിട്ട് പറയുന്നത് കേട്ടില്ലേ...." അൻസിയാണ്.

"നീ പോടാ...കാക്കുവാണെന്നൊന്നും ഞാൻ നോക്കൂലാ ഒരൊറ്റ ചവിട്ട് അങ്ങ് വെച്ച് തന്നാലുണ്ടല്ലോ..."

എന്ന് പറഞ്ഞ് ഓള് കാൽ പൊക്കിയതും അൻസി വേഗം അവിടന്ന് സ്ഥലം കാലിയാക്കി....

പേടിക്കണ്ട...ഓൾക്ക് ഞങ്ങളോട് ഒക്കെ ഭയങ്കര ബഹുമാനാ....അതിന്റെ ഒരു ഭാഗാണ് നിങ്ങള് ഇപ്പോ കണ്ടത്....നാക്കിന് ഒരു ലീസെൻസും ഇല്ലാതെ ആരാണെന്ന് പോലും വക വെക്കാതെ വായേൽ തോന്നിയതൊക്കെ വിളിച്ച് പറയുന്ന നല്ല അസ്സല് വായാടി....

പക്ഷെ, ഇങ്ങനെ ഒക്കെ ആണെങ്കിലും ഞങ്ങൾക്ക് എല്ലാവർക്കും പ്രിയങ്കരിയാണ് അവള്... അതിലുപരി അവൾക്ക് എന്നെ ഭയങ്കര കാര്യവുമാണ്... അതോണ്ട് നമ്മളോട് മാത്രേ അവള് അധികം വഴക്കിന് വരാത്തതുള്ളു....

"ഇങ്ങള് ഇങ്ങനെ മിണ്ടാതെ നിൽക്കാതെ കാര്യം പറ ആദിക്കാ...എന്താ ലേറ്റ് ആയത്?

നമ്മക്ക് പോകണ്ടേ...."

"ഡി പോത്തെ....ഫ്ലൈറ്റ് ഉച്ചക്കാ....അതിന് ഇപ്പോ തന്നെ കെട്ടിയിറങ്ങണോ..?"

"വേണം...എനിക്കെ കാക്കൂന് വേണ്ടി ചിലതൊക്കെ വാങ്ങാനുണ്ട്.... അതൊക്കെ പർച്ചേസ് ചെയ്യുമ്പോഴേക്കും ഫ്ലൈറ്റ് ടേക്ക് ഓഫാകാനുള്ള ടൈം

ആയിട്ടുണ്ടാകും....അതോണ്ട് നമുക്ക് വേഗം പോകാം ആദിക്കാ..."

"ആ...ഇനി സിയാദ് വന്ന് കഴിഞ്ഞാൽ പിന്നെ നമ്മളെയൊന്നും ഒരു മൈൻഡും ഉണ്ടാകില്ല...അല്ലെടാ നിസു...."

"പിന്നല്ലാതെ....ഇപ്പോ നമ്മളെ പിന്നാലെ നടന്നിട്ട് അപ്പോ നമ്മക്ക് പാര പണിയലാകും ഇവളെ പണി...."

"ഞാൻ അങ്ങനെ ചെയ്യോ നിസുക്ക..... ഇനി അഥവാ ചെയ്താലും ഇങ്ങളെ തേച്ചിട്ട് പോയ അവളെ പോലെ ഒരു പണിയും ഞാൻ ചെയ്യൂല..."

സിയ അത് പറഞ്ഞതും നിസു ഡീന്ന് വിളിച്ചോണ്ട് ഓളെ

തല്ലാൻ വേണ്ടി പിന്നലെ ഓടി....ഓള് വേഗം ഓടി വന്ന് നമ്മളെ പിറകിൽ ഒളിച്ച് നിന്നു....

കാരണം, നിസുന്റെ കയ്യിന്ന് ഓളെ വേറെ ആരും രക്ഷപ്പെടുത്തിയില്ലെങ്കിലും നമ്മള് രക്ഷിക്കുമെന്നറിയാം...

ഒടുവിൽ അവറ്റകള് രണ്ടിന്റെയും തല്ല് കഴിഞ്ഞതും സിയന്റെ ഉമ്മ ഞങ്ങൾക്ക് അപ്പോ തന്നെ ചായ ഒക്കെ കൊണ്ട് തന്നു...അതൊക്കെ കുടിച്ച് കഴിഞ്ഞ് അവരോടൊക്കെ യാത്ര പറഞ്ഞ് ഞാനും അവളും കൂടി കാറിൽ കേറി എയർപൊട്ട് ലക്ഷ്യമാക്കി യാത്ര തിരിച്ചു...

യാത്രായിലുട നീളം റേഡിയോന്റെ പോലെ നമ്മളെ ചെവി കടിക്കലായിരുന്നു പെണ്ണിന്റെ പണി....

ഓള് തന്നെ പറയാ ഓള് തന്നെ ചിരിക്കാ.... ഓളെ കാട്ടികൂടിയാലും വർത്താനാവുമൊക്കെ കേട്ടാൽ ചെലപ്പോ ഓളെ ചവിട്ടി കാറിന് വെളിയിൽ കളയാൻ തോന്നും....

ഇതൊക്കെ മുൻകൂട്ടി കണ്ടൊണ്ട് ആകും അവന്മാരൊന്നും കൂടെ വരുന്നില്ലാന്ന് ആദ്യം തന്നെ പറഞ്ഞത്....ആ എന്തായാലും ക്ഷമിച്ചല്ലേ പറ്റൂ....

"ആദിക്കാ....ഇങ്ങള് എന്താന്നോ ഒന്നും മിണ്ടാത്തത്...? ഒറ്റക്ക് സംസാരിച്ചിട്ട് എനിക്ക് ബോറടിക്കുന്നു.... ഇങ്ങള് എന്തേലുമൊക്കെ പറയിന്നോ...."

"ഇന്റെ പുന്നാര സിയാ....ഇതുവരെ നീ എന്നെ കൊണ്ട് കമാന്ന് ഒരക്ഷരം മിണ്ടാൻ സമ്മതിച്ചിട്ടുണ്ടോ....

വണ്ടിയിൽ കേറിയപ്പോ തൊട്ട് തുടങ്ങിയതല്ലേ നിന്റെ നോൺ സ്റ്റോപ്പ് ടോക്കിങ്...."

"ഓ...അപ്പോ ഞാൻ സംസാരിക്കാനൊരു ഗാപ് തരത്തോണ്ടാണോ എന്റെ മൊഞ്ചൻ ഒന്നും മിണ്ടാഞ്ഞത്...?

ഓ സോറി...എന്റെ മൊഞ്ചൻ അല്ലല്ലോലെ...സൽമന്റെ മൊഞ്ചൻ....

അല്ലാ... അറിയാൻ പാടില്ലാത്തോണ്ട്

ചോദിക്കാ...ഇതിന് മാത്രം എന്ത് ഗുണാ ഓൾക്ക് ഉള്ളത്....ഒരു വെള്ള പാറ്റ... പിന്നെ ഇത്തിരി സൗന്ദര്യം കൂടുതലുണ്ട്....ഇതൊന്നും അല്ലാതെ എന്ത് പുണ്ണാക്കാ ഓൾക്കുള്ളത്.."

"ഡി...ഡി...വേണ്ടട്ടാ....എന്റെ സൽമനെ തൊട്ട് നീ കളിക്കണ്ടട്ടാ.... ഓളെ മുഖത്തെ മോഞ്ചിനേക്കാൾ ഓളെ ഖല്ബിലെ മോഞ്ചാണ് കൂടുതൽ....ഞാൻ അത് കണ്ടിട്ട് തന്നെയാ ഓളെ ഇഷ്ടപ്പെട്ടത്...."

"ഓഹോ....അപ്പോ ഇന്റെ ഖല്ബിലൊന്നും ഇങ്ങള് ആ മൊഞ്ച് കണ്ടില്ലല്ലേ....ആ....സാരല്യ...ഇങ്ങളെ കിട്ടിയില്ലെങ്കിൽ എന്താ എന്റെ മനസ്സിന് പിടിച്ച ഒരു മൊഞ്ചനെ ഞാൻ തന്നെ കണ്ടെത്തും....

എന്നിട്ടും ഓനെയും കൂട്ടി ഞാൻ ഇങ്ങളെ അടുത്തേക്ക് ഒരു വരവുണ്ട് മോനെ....കണ്ടാല് ഇങ്ങളെ കണ്ണ് തള്ളി പോകും..."

"പോകും പോകും....ഇമ്മാതിരി തള്ളാണെങ്കിൽ എന്തായാലും തള്ളി പോകും...ഹി...ഹി..."

"ഇങ്ങള് അങ്ങനെ ഒന്നും ഇന്നെ അടിച്ച് ആക്ഷേപിക്കണ്ടാ...എന്നെ ഇങ്ങക്ക് നല്ലോണം അറിയാലോ....ഈ സിയ വിചാരിച്ചാൽ നടക്കാത്തതായി ഒന്നുമില്ല...അതോണ്ട് വല്ലാണ്ട് പുച്ഛരിക്കല്ലേ..."

നമ്മള് ഓളെ പറച്ചില് കേട്ടിട്ട് ഒന്ന് നീട്ടി മൂളി കൊണ്ട് ഓളെ നോക്കി ചിരിച്ചു....ഓള് നമ്മളെ ചിരി കണ്ടിട്ട് തിരിച്ച് നമ്മളെ പുച്ഛിച്ചോണ്ട് മുഖം തിരിച്ചിരുന്നതും ഓള് പെട്ടെന്ന് നമ്മളോട് വണ്ടി നിർത്താൻ പറഞ്ഞു....

"ആദിക്കാ സ്റ്റോപ്പ്...സ്റ്റോപ്പ്...സ്റ്റോപ്പ്...."

"എന്താടി....എന്തിനാ ഇവിടെ നിർത്താൻ പറഞ്ഞെ?"

"ദേ നോക്കിയേ ഒരു ഫ്ലവർ ഷോപ്പ്...കാക്കൂന് വേണ്ടി നമുക്ക് ഒരു ബൊക്കെ വാങ്ങിയാലോ...വാ ഇറങ്ങ് നമുക്ക് അങ്ങോട്ട് പോകാം..."

"ഇവളെ ഒരു കാര്യം....ബൊക്കെയും മാലയും കൊടുത്ത് സ്വീകരിക്കാനെ ഓൻ വി ഐ പി ഒന്നും അല്ലല്ലോ..."

"ഇന്റെ കാക്കു അല്ലെ അപ്പോ വി ഐ പി തന്നെയാ...ചെലക്കാൻ നിക്കാണ്ട് എന്റെ കൂടെ വന്ന് ബൊക്കെ വാങ്ങി തരാൻ നോക്ക്...."

എന്ന് പറഞ്ഞ് ഓള് നമ്മളെ കാറില് നിന്നും പിടിച്ച് വലിച്ച് ഫ്ലവർ ഷോപ്പിലേക്ക് കൊണ്ട് പോയി....അവിടെ എത്തിയപ്പോഴോ സിയാദിന് വേണ്ടി സ്പെഷ്യലായിട്ട് ഓള് കാണിച്ച് കൊടുക്കുന്ന ഫ്ലവർസ് കൊണ്ട് തന്നെ ബൊക്കെ ഉണ്ടാക്കണമെന്ന് ഓൾക്ക് ഒരേ വാശി....അങ്ങനെ ആ കടക്കാരനെ ബുദ്ധിമുട്ടിച്ചോണ്ട് അയാള് ഓള് പറയുന്ന ഫ്ലവർസ് ഒക്കെ കൂടി വെച്ച് ബൊക്കെ ഉണ്ടാക്കി കൊണ്ടിരുന്നു....

"എന്റെ സിയാ...ഇതിന്റെയൊക്കെ വല്ല ആവശ്യവും ഉണ്ടായിരുന്നോ....ബൊക്കെ വാങ്ങുന്നത് തന്നെ വേണൊന്ന് കരുതി നിൽക്കുമ്പോഴാ ആ കടക്കാരൻ പ്രാകുന്ന തരത്തിൽ അയാളെ ബുദ്ധിമുട്ടിക്കുന്നത്...

എന്തായാലും നിന്നെ കെട്ടുന്നവന്റെ കഷ്ടകാലം...അല്ലാതെ എന്ത് പറയാനാ..."

"എന്റെ കെട്ട്യോനെ കുറിച്ച് ചിന്തിച്ച് ഇങ്ങള് വല്ലാണ്ട്

തല പുണ്ണാക്കണ്ടോ...എന്ത് വന്നാലും ഞങ്ങള് രണ്ടാളും കൂടി അനുഭവിച്ചോളാട്ടോ....

ദേ ആദിക്കാ...ഓനെ കുറിച്ച് പറഞ്ഞ് നാക്ക് വായിലിട്ടതെയുള്ളൂ ....ദേ വരുന്നു എന്റെ ചെക്കൻ..."

എന്ന് പറഞ്ഞ് സിയ ചൂണ്ടി കാണിച്ച ഭാഗത്തേക്ക് തിരിഞ്ഞു നോക്കിയപ്പോ ഒരു ഹാഷ് നിറത്തിലുള്ള ബുള്ളറ്റിൽ ഒരു മൊഞ്ചൻ വരുന്നുണ്ടായിരുന്നു...

ഓനെ കണ്ടതും സിയ അപ്പോ തന്നെ ഫ്ലാറ്റായെന്ന് ഓനെ നോട്ടം കണ്ടപ്പോ തന്നെ നമ്മക്ക് ഓടി....അതോണ്ട് നമ്മള് ഓളെ മുന്നിൽ കേറി നിന്നിട്ട് ഓളെ ഒന്ന് അടിമുടി നോക്കി....തിരിച്ച് ഓള് എന്തെ എന്ന മട്ടിലും നമ്മളെ നോക്കി...

"നിനക്ക് ഓനെ അറിയോടി...."

"പിന്നെ അറിയാതെ...ദിവസവും എന്റെ സ്വപ്നത്തില് വന്ന് എന്റെ ഉറക്കം കിടത്തുന്ന എന്റെ മൊഞ്ചനാണ് അത്..."

"ഓ...സ്വപ്നത്തിൽ കണ്ടിട്ടുള്ള പരിചയാണോ...ഞാൻ കരുതി നിനക്ക് ഓനെ അറിയാമെന്ന്....

ഒന്ന് പോടീ....ഓളെ ഒരു സ്വപ്നം...."

"ദേ...ഇങ്ങള് വല്ലാണ്ട് ഇന്നേ പുച്ഛിക്കലിട്ടാ...എന്റെ മൊഞ്ചന് ഇങ്ങളെക്കാൾ മൊഞ്ചുള്ള അസൂയ അല്ലെ ഇങ്ങക്ക്...

ഇങ്ങള് നോക്കിക്കോ ഓൻ നേരെ വരല് ഈ ഷോപ്പിലേക്കാകും...അങ്ങനെ ഓൻ വന്നാൽ ഞാൻ ഇവിടെ വെച്ച് ഓനെ പ്രൊപോസ് ചെയ്യും...."

"ഓ പിന്നെ....നീ പറഞ്ഞൂന്ന് കരുതി ഓൻ.... ഇങ്ങോ...ട്ട് തന്നെയാണല്ലോ വരവ്..."

സിയ പറയുന്നത് കേട്ട് നമ്മള് ആ മൊഞ്ചനെ നോക്കിയപ്പോഴാണ് ഓനും ഓന്റെ ഫ്രണ്ടും കൂടി ബുള്ളറ്റിൽ തിരിച്ച് ഫ്ലവർ ഷോപ്പിലേക്ക് തന്നെ വന്നത്....അത് കണ്ടതും നമ്മള് സിയനെ ഒന്ന് അടിമുടി നോക്കി....അപ്പോ ഓള് എങ്ങനെയുണ്ടെന്ന ഒരു രീതിയില് നമ്മളെ നോക്കി പുരികം പൊക്കി....

"ചേട്ടാ....ഇന്നലെ ഓർഡർ ചെയ്ത വൈറ്റ് റോസ് ബൊക്കെ എന്തായി..?"

ആ മൊഞ്ചൻ വന്നപാടെ അത് ചോദിച്ചതും ആ കടക്കാരൻ ഇപ്പോ തരാമെന്ന് പറഞ്ഞ് ഞങ്ങളെ ബൊക്കെ ഉണ്ടാക്കുന്നതിൽ ശ്രദ്ധ ചെലുത്തി...

എന്റെയും സിയന്റെയും നോട്ടം അവനിൽ പതിച്ചതോണ്ടാകും ഓൻ ഞങ്ങളെ നോക്കി ഒന്ന് പുഞ്ചിരി തൂക്കിയത്....അത് കാണേണ്ട താമസം അപ്പോ തന്നെ സിയ കേറി ചെന്ന് ഓനെ പരിചയപ്പെടാൻ നിന്നതും നമ്മള് ഓളെ തടഞ്ഞിട്ട് ഓളെ നോക്കി വെയിറ്റ് എന്ന് പറഞ്ഞു....

അപ്പോ ഓള് നമ്മളെ നോക്കി കണ്ണുരുട്ടിയിട്ട് ഓനെ നോക്കി വീണ്ടും ഒന്ന് പുഞ്ചിരി തൂകി...

ഇവള് ഇപ്പോ തന്നെ ഓന്റെ പിന്നലെ പോകുന്ന ലക്ഷണം കണ്ടപ്പോ നമ്മള് ചെറുതായിട്ടൊന്ന് ഓനോട് കമ്പനിയാകാൻ തീരുമാനിച്ചു....

അപ്പോ തന്നെ ഞങ്ങൾക്കുള്ള ബൊക്കെ റേഡിയാക്കിയിട്ട് അയാള് തന്നു....നമ്മളത് വാങ്ങിയിട്ട് സിയക്ക് കൊടുത്തിട്ട് ക്യാഷ് കൊടുക്കാൻ വേണ്ടി തിരിഞ്ഞതും ആ കടക്കാരൻ ഒരു വലിയ വൈറ്റ് റോസ് ബൊക്കെ ആ മൊഞ്ചന് നേരെ നീട്ടി...

"ഇത്രെയും അധികം വൈറ്റ് റോസ്....?

ആർക്ക് വേണ്ടി വാങ്ങിയതാ....?"

"എന്റെ പെണ്ണിന് വേണ്ടി വാങ്ങിച്ചതാ...."

നമ്മളെ ചോദ്യം കേട്ടതും ഓൻ നമ്മളെ നോക്കി ചിരിച്ചിട്ട് ആ ബൊക്കെ വാങ്ങി കൊണ്ട് പറയുന്നത് കേട്ടിട്ട് നമ്മള് സിയനെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി...

ഓള് ആണെങ്കിലോ ഓൻ പറയുന്നത് കേട്ടിട്ട് നമ്മളെ കാലിന് ഒരു ചവിട്ടങ്ങ് തന്നു....അത് ഓന്റെ മറുപടി കെട്ടിട്ടല്ല പകരം നമ്മളെ ചിരി കണ്ടിട്ടാണ് ഇങ്ങനെ ഒരു മധുരം തന്നതെന്ന് അതിന്റെ ഊക്ക് വെച്ച് നമ്മക്ക് മനസ്സിലായി....

അപ്പോ നമ്മക്ക് അതിലേറെ ചിരി കൂടായിരുന്നു ചെയ്തത്...

"ഇന്ന് ഓളെ പിറന്നാളാ... അപ്പോ ഒരു ചെറിയ ട്രീറ്റ് കൊടുക്കാമെന്ന് കരുതി...ഓൾക്ക് ആണെങ്കിൽ ഈ വൈറ്റ് റോസ് ഒക്കെ ഭയങ്കര ഇഷ്ടാ...."

"ഓ....ഇന്ന് ഇയാളെ പെണ്ണിന്റെ ബർത്ത് ഡേ ആണോ...? ദേ ഇവളെ ബർത്ത് ഡേയും ഇന്നാ....

നോക്ക് സിയാ എന്തൊരു പൊരുത്തം....."

എന്ന് പറഞ്ഞ് നമ്മള് ഓളെ നോക്കിയതും ഓള് കടിച്ച് കീറാൻ വരുന്ന പോലെ നിന്നിട്ട് ഓനെ നോക്കി ഒന്ന് പുഞ്ചിരി തൂകി...അപ്പോ ഓൻ ഓളെ നേരെ കൈ നീട്ടിയിട്ട് ഓളെ വിഷ് ചെയ്തു,ഓള് താങ്ക്സ് പറഞ്ഞ് ഓന് കൈ കൊടുക്കാൻ നിന്നതും ഓന്റെ ഫോൺ റിങ് ചെയ്തു....

അപ്പോ സിയ ശരിക്ക് നാണംകെട്ടു....കാരണം ഓൻ

കൈ പിൻവലിച്ചിട്ട് ഫോൺ എടുത്ത് ഓന്റെ പെണ്ണിനോട് കുറുകായിരുന്നു....

ഇതുവരെ ചിരി കടിച്ച് പിടിച്ച നമ്മക്ക് പെട്ടെന്ന് സിയന്റെ മുഖഭാവം കണ്ടപ്പോ ചിരി കൺട്രോൾ ചെയ്യാൻ പറ്റിയില്ല....ഓളെ നോക്കി കളിയാക്കി ചിരിച്ച് നമ്മള് നല്ലോണം ഓളെ കൊച്ചാക്കി....

പക്ഷെ,നമ്മക്ക് ഇതൊന്നും അല്ല അത്ഭുതായിട്ട് തോന്നിയത്...ഇത്രയൊക്കെ നടന്നിട്ടും സിയ നമ്മളെ ദേഹോപദ്രവം ചെയ്തു എന്നല്ലാതെ ഒരക്ഷരം മിണ്ടിയിട്ടില്ല....ചെലപ്പോ ഓന്റെ മുന്നിൽ ഡീസന്റ് ആകാൻ നോക്കിയതാകും.... എന്തായാലും ഇവൻ പോയി കഴിഞ്ഞാൽ നമ്മളെ കാര്യത്തിൽ ഒരു തീരുമാനമാകും അതുറപ്പാ....

"അതൊന്നുല്യ....നീ വെക്ക് ഞാൻ ഇതാ വന്നു.....

ചേട്ടാ ഇതാ കാശ്...."

എന്ന് പറഞ്ഞ് ഊണ് തിരിഞ്ഞതും നമ്മളെ നോക്കി ഒന്ന് ചിരിച്ചിട്ട് കൈ തന്നു....

"ഹായ്....എന്റെ പേര് സമീർ...."

"ആദിൽ....ഇത് സിയ...."

"പരിച്ചയപ്പെട്ടതിൽ സന്തോഷം....ഇനി ഒരു നാൾ കാണുകയാണെങ്കിൽ അന്ന് നമുക് വിഷദമായിട്ട് ഒന്ന് പരിചയപ്പെടാം....ഇപ്പോ ചെല്ലട്ടെ....അവള് അവിടെ കയർ പൊട്ടിക്കുന്നുണ്ട്....

അപ്പോ ഓക്കേ പിന്നെ കാണാം...ബൈ...."

എന്ന് പറഞ്ഞ് ഓൻ ഓൻ്റെ ബുള്ളറ്റില് കേറി പോയി....നമ്മള് കാശ് കൊടുത്തതിൻ്റെ ബാലൻസ് വാങ്ങിയിട്ട് തിരിഞ്ഞപ്പോഴുണ്ട് സിയ ഓൻ പോകുന്നതും നോക്കി നിൽക്കുന്നു.... അത് കണ്ടപ്പോൾ നമ്മക്ക് ശരിക്കും ചിരി വന്നു...

"കാത്ത് സൂക്ഷിച്ചൊരു കസ്ത്തൂരി മാമ്പഴം കാക്ക കൊത്തി പോയി...."

എന്ന് ഓളെ കളിയാക്കി പാടി കൊണ്ട് നമ്മള് വണ്ടിയില് കേറാൻ നിന്നതും ഓള് നമ്മളെ കാല് വെച്ച് വീഴ്ത്തി.... ഭാഗ്യത്തിന് മുന്നിൽ കാറുണ്ടായതോണ്ട് രക്ഷപ്പെട്ടു ഇല്ലെങ്കിൽ നമ്മളിപ്പൊ നല്ല അന്തസ്സായി വീണ് ചമ്മി നാറിയേനെ...

"ദെ...എന്നെ അങ്ങനെ അങ്ങ് തളർത്താൻ നോക്കണ്ട....അത്ര പെട്ടെന്ന് ഒന്നും തളരുന്നവളല്ല ഈ സിയ....അങ്ങേരോട് പോയി പണി നോക്കാൻ പറ...അല്ലേലും ആർക്ക് വേണം ആ പേട്ടുതലയനെ....കണ്ടേച്ചാലും മതി ഓൻ്റെ മോന്ത....

അല്ലെങ്കിലും ഓനെ പറഞ്ഞിട്ടൊന്നും ഒരു കാര്യവുമില്ല, എന്നെ പോലെ ഒരു പെണ്ണിനെ ഓന് കിട്ടാനുള്ള

ഭാഗ്യമില്ലാന്ന് പറഞ്ഞാൽ മതിയല്ലോ..."

എന്ന് പറഞ്ഞ് സ്വയം നെടുവീർപ്പിട്ടോണ്ട് ഓള് കാറിൽ കേറി...

"ആ....അതാണ് ആ ചെക്കൻ്റെ ഏറ്റവും വലിയ ഭാഗ്യം..."

എന്ന് പറഞ്ഞ് നമ്മളും കാറില് കേറിയപ്പൊ സിയ അടുത്ത വെടിക്കെട്ടിനുള്ള തിരി തെളിയിച്ചിരുന്നു...

കുറച്ച് കഴിഞ്ഞപ്പൊ ഓള് പുറത്തേക്ക് നോക്കി കൊണ്ട് നമ്മളോട് അവരെ ബുള്ളറ്റിൻ്റെ പിറകെ വിടാൻ പറഞ്ഞു...

"ആദിക്കാ വേഗം വണ്ടി വിട്....എന്നിട്ട് ആ മൊഞ്ചൻ്റെ കൂടെ വണ്ടിയോടിക്ക്...."

"എന്തിനാ ടീ അങ്ങനെ ഒക്കെ ചെയ്യുന്നത്...?

ഓൻ ഓൾറെഡി ബുക്ക്ഡ് ആണെടീ...നമുക്ക് ഇനി വേറെ വല്ലവനേയും നോക്കാം...."

"എന്തായാലും ഓനെ ഇൻക്ക് കിട്ടൂലാന്ന് ഉറപ്പാ...എന്ന് കരുതി ഫ്രീയായിട്ട് സിനിമ കാണുന്നതില് തെറ്റ് ഇല്ലല്ലോ....അങ്ങേരെ ഞാൻ ഒന്ന് കൺകുളിർക്കെ കണ്ടോട്ടേ...."

സിയൻറെ വർത്താനം കേട്ടിട്ട് നമ്മള് ചിരിച്ചോണ്ട് ഓൻറെ ബുള്ളറ്റിൻറെ തൊട്ട് പിറകിലായിട്ട് കത്തിച്ച് വിട്ടു....

"ഇൻറെ ആദിക്കാ...ഇങ്ങള് ഈ പാട്ട കാറിലുള്ള പോക്ക് നിർത്തിയിട്ട് ദെ മൂപ്പര് പോകുന്ന പോലെ ഒരു പുതിയ ബുള്ളറ്റ് വാങ്ങാൻ നോക്കി....

എന്നിട്ട് അതില് ഇങ്ങളും ഇങ്ങളെ ആ വെള്ള പാറ്റയും കൂടി പോകുന്ന ആ യാത്രയൊന്ന് ആലോചിച്ച് നോക്കിക്കേ....എന്ത് രസാകും..."

സിയ അങ്ങനെ പറഞ്ഞപ്പൊ നമ്മളും ഒരു നിമിഷം അങ്ങനെ ഒന്ന് ചിന്തിച്ച് നോക്കി...സൽമയെയും പിറകിലിരുത്തി അതുപോലെ ഒരു ബുള്ളറ്റിൽ അവളേയും കൊണ്ട് നാട് ചുറ്റാൻ ഇറങ്ങുന്നത്....എന്നിട്ട് അവൾക്ക് ഇഷ്ടപ്പെട്ട എല്ലാ സ്ഥലത്തേക്കും ഞാൻ അവളേയും കൊണ്ട് പോകും...എന്നിട്ട് ഞങ്ങളുടേത് മാത്രമായ ലോകത്ത് ഞങ്ങൾ പാറി നടക്കും....

"ആദിക്കാ....കണ്ണ് തുറക്ക്...മതി സ്വപ്നം കണ്ടത്...ബാക്കി നമുക്ക് പിന്നെ കാണാം...."

എന്ന് പറഞ്ഞ് സിയ നമ്മളെ പിടിച്ച് കുലുക്കിയപ്പോഴാണ് നമ്മള് കണ്ണ് തുറന്നത്...നോക്കുമ്പോൾ ഓളെ മുഖത്ത് നല്ലോണം പേടി നിഴലിക്കുന്നുണ്ടേന്നു....എങ്ങനെ

പേടിക്കാതിരിക്കാ....വലിയ കൺകെട്ട് വിദ്യയെ പോലെ കണ്ണടച്ചല്ലെ നമ്മള് ഇതുവരെ ഡ്രൈവ് ചെയ്തത്...

അതോണ്ട് നമ്മള് ഓളെ നോക്കി ഒന്ന് ചിരിച്ചിട്ട് കണ്ണിറുക്കി കാണിച്ചു....

അപ്പൊ തന്നെ പിറകിൽ നിന്നും ഒരു ലോറി സ്പീഡില് വന്ന് ഞങ്ങളെ കാറിനെ ഇടിച്ച് തെറിപ്പിച്ചിരുന്നു...

കാറ് പല തവണ റോഡിലൂടെ ഉരുണ്ട് മറിഞ്ഞ് ഒടുവിൽ തല കീഴായി കിടന്നപ്പോഴും നമ്മളെ കണ്ണിലപ്പൊ വന്നു പതിഞ്ഞത് ജീവന് വേണ്ടി പിടഞ്ഞ് ചോരയിൽ കുളിച്ച് കിടക്കുന്ന സിയയെയും റോഡിൽ അങ്ങിങ്ങായി ചിതറി കിടന്ന ആ വൈറ്റ് റോസുമാണ്...

ശരീരമാകെ തളർന്നു പോകുന്നു.... കണ്ണിലാകെ ഇരുട്ട് മൂടി, ചെവിയിലിരുന്ന് ആരോ കൂകി വിളിക്കുന്ന പോലെ ഒരു ശബ്ദം, നെഞ്ചിന്റെ അകത്ത് പ്രാണൻ പറിഞ്ഞ് പോകുന്ന വേദന, തലയിൽ ആരോ ചുറ്റിക വെച്ച് അടിച്ച പോലെ ഒരു തോന്നൽ....

ജീവന് വേണ്ടി പിടയുന്ന സിയയെ രക്ഷിക്കാൻ പോലും കഴിയാതെ നിസ്സഹായകനായി അവളെ നോക്കി കൊണ്ടിരുന്നു...

അവളിൽ നിന്നും അവസാന ശ്വാസവും നിലച്ചപ്പൊ പതിയെ എൻറെ കണ്ണുകളും അടഞ്ഞിരുന്നു....

(തുടരും)

ഭാഗം.77

അവളിൽ നിന്നും അവസാന ശ്വാസവും നിലച്ചപ്പോ പതിയെ എന്റെ കണ്ണുകളും അടഞ്ഞിരുന്നു....

ചോരയിൽ കുളിച്ച് കിടക്കുന്ന സിയയുടെ മുഖവും പുഞ്ചിരി തൂകി കൊണ്ട് വീട്ടിൽ നമ്മളെ കാത്ത് നിൽക്കുന്ന സൽമന്റെ മുഖവും മനസ്സിലൂടെ മിന്നി മറഞ്ഞപ്പോൾ പെട്ടെന്ന് നമ്മള് കണ്ണ് തുറന്ന് എഴുന്നേറ്റ് ഇരുന്ന് ചുറ്റും ഒന്ന് കണ്ണോടിച്ചു....

"ആദി....റിലാക്സ്.....അവിടെ അടങ്ങി കിടക്ക്... സ്റ്റിച്ച്

പൊട്ടും...."

സൽ മ നമ്മളെ കയ്യിൽ പിടിച്ച് ബെഡിൽ കിടത്തി...ശരീരം നുറുങ്ങുന്ന വേദന അനുഭവപ്പെട്ടെങ്കിലും നമ്മള് അത് കാര്യമാക്കാതെ സല്മയുടെ കൈ പിടിച്ച് ഓളെ നോക്കി ഒന്ന് പുഞ്ചിരി തൂകി....

എന്തിനെന്നില്ലാതെ എന്റെ പെണ്ണിന്റെ കണ്ണ് നിറഞ്ഞൊഴുകി കൊണ്ടിരുന്നു.... നമ്മള് ഓളെ കയ്യിൽ ഒന്ന് കൂടി പിടി മുറുക്കിയപ്പോ ഓള് കണ്ണ് തുടച്ചിട്ട് നമ്മളെ നോക്കി ചിരിച്ചിട്ട് കണ്ണ് തുടച്ചു....

സൽമയുടെ കൂടെ ഉമ്മിയും ആഷിയും ഉണ്ടായിരുന്നു....ഉമ്മിയും സൽമയെ പോലെ കാരഞ്ഞോണ്ട് സീൻ കോൺട്രയാക്കി.... ആഷി ആണെങ്കിൽ നമ്മളെ നോക്കി കൊണ്ട് നിന്നു എന്നല്ലാതെ ഒരക്ഷരം പോലും മിണ്ടുന്നില്ല....

അപ്പോ തന്നെ സാലിം ഡോക്ടറെ വിളിച്ചോണ്ട് വന്നിരുന്നു....

"ആദിൽ.... ഇപ്പോ എങ്ങനെയുണ്ട് തനിക്ക്....ആർ യു ഓക്കേ നൗ...?"

"യെസ് ഡോക്ടർ ,ഐ ആം ഫൈൻ...."

"തനിക്ക് ഒരു ഓപ്പറേഷൻ കഴിഞ്ഞിട്ടുണ്ട്, സോ... ബോഡിക്ക് അധികം സ്ട്രൈൻ കൊടുക്കണ്ടാ...

പിന്നെ മരുന്നൊക്കെ കൃത്യ സമയത്ത് കുടിക്കണം....ഇവിടന്ന് ഒരു ത്രീ ഡേയ്സിൽ ഡിസ്ചാർജ് ആകാം...

പിന്നെ വീട്ടിൽ എത്തിയാൽ ഒരു ടു വീക്സിന് ഫുൾ ബെഡ് റെസ്റ്റാണ്.... അതൊക്കെ നിങ്ങൾ വീട്ടുകാര് ശ്രദ്ധിക്കണം....

പിന്നെ വളരെ പ്രധാനപ്പെട്ട കാര്യം എന്താന്ന് വെച്ചാൽ കാലിന് ഒരു പൊട്ടലുണ്ട്...അതോണ്ട് കുറച്ച് ദിവസത്തിന് കാല് നിലത്ത് ഊന്നുന്നതിനെ കുറിച്ച് ചിന്തിക്കെ വേണ്ട...

അപ്പോ ശരി....ടേക്ക് റെസ്റ് ആദി....സീയു ലേറ്റർ...."

എന്നൊക്കെ പറഞ്ഞോണ്ട് ഡോക്ടർ പോയതും എല്ലാവരും കൂടി മാറി മാറി നമ്മളെ കൊച്ചു കുട്ടികളെ നോക്കുന്ന പോലെ പരിപാലിക്കാൻ തുടങ്ങി....

അധികവും സൽമയായിരുന്നു നമ്മളെ ഒരുപാട് കെയർ ചെയ്തത്...അതൊക്കെ കൂടി കണ്ടപ്പോ എനിക്ക് എന്റെ പെണ്ണിനോട് എന്തെന്നില്ലാത്ത ഒരു ഇഷ്ടം കൂടി വന്നു....എന്ത് വന്നാലും സൽമയെ ഒരിക്കലും കൈ വിടില്ലെന്ന് അന്ന് തീരുമാനിച്ചുറപ്പിച്ചു...

പക്ഷെ, അപ്പോഴും ആഷി നമ്മളെ തന്നെ ഉറ്റുനോക്കി കൊണ്ടിരുന്നു എന്നല്ലാതെ നമ്മളോട് ഒന്നും മിണ്ടാൻ വന്നില്ല...അവനെ അടുത്തേക്ക് വിളിച്ചിട്ട് നമ്മളെ കൂടെ ഇരുത്തിയതും എല്ലാവരും പരസ്പരം മുഖത്തോട് മുഖം നോക്കി നിന്നിട്ട് ആഷിയോട് അവിടന്ന് എണീറ്റ് പോകാൻ പറഞ്ഞു....

"ആഷി....നീ എണീറ്റ് പുറത്തേക്ക് പൊയ്ക്കോ....ആദി

കുറച്ച് നേരം റസ്റ്റ് എടുക്കട്ടേ...ഉം...ചെല്ല്..."

"ഹ...ഓൻ ഇവിടെ ഇരുന്നോട്ടെ ഉമ്മി...എന്തിനാ എല്ലാവരും കൂടി ഓനെ ഇവിടന്ന് ഓടിക്കാൻ നോക്കുന്നെ...?

എന്താടാ ആഷി...നിനക്ക് എന്നോട് വല്ലതും പറയാനുണ്ടോ?"

എന്ന് നമ്മള് ചോദിച്ചപ്പോ ഓൻ എല്ലാവരെയും ഒന്ന് നോക്കിയിട്ട് നമ്മളെ തന്നെ നോക്കി നിന്നു...

"നീ എന്തിനാട പേടിക്കുന്നെ....ഇവരൊന്നും ഒന്നും പറയില്ല...നിനക്ക് എന്താ പറയാനുള്ളതെന്ന് വെച്ചാൽ പറ...."

"ഇക്കൂ....അത്....നമ്മളെ സിയ...ആ ആക്സിഡന്റിൽ

മരിച്ചു പോയി... ഇത് ഇക്കൂനോട് പറയരുതെന്ന് ഉമ്മിയാണ് എന്നോട് പറഞ്ഞത്..."

ഹൃദയം നുറുങ്ങുന്ന വേദനയിലാണ് നമ്മള് ആഷി പറഞ്ഞത് കേട്ടത്...ഓൻ പറഞ്ഞത് വിശ്വസിക്കാൻ കഴിയാതെ നമ്മള് സൽമയെയും ഉമ്മിയെയും സാലിമിനെയും മാറി മാറി നോക്കി കൊണ്ടിരുന്നു....

"ഉമ്മി....സൽ മ....എന്തൊക്കെയാ ഇവൻ പറയുന്നത്....സിയാ....സിയാ....നോ....അങ്ങനെ ഒന്നും സംഭവിച്ച് കാണില്ല...

പറ അവൾക്ക് ഒന്നും പറ്റിയില്ലല്ലോ....പറ സൽമാ..."

എന്ന് പറഞ്ഞ് നമ്മള് ഓളെ നോക്കിയപ്പോ ഓള് തല താഴ്ത്തി കൊണ്ട് നിശ്ശബ്ദയായി...ആ മൗനത്തിൽ നിന്ന് തന്നെ എനിക്ക് എല്ലാം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു...

ഞാൻ കാരണം, എന്റെ അശ്രദ്ധ മൂലം എന്റെ സിയാ ഈ ലോകത്തോട് വിട പറഞ്ഞിരിക്കുന്നു...

ആ സത്യം മനസ്സിലായപ്പോ പിന്നെ ഒരു പൊട്ടിക്കരച്ചിലായിരുന്നു ബാക്കിയായത്...സിയാന്ന് അലറി കൊണ്ട് മുഖം പൊത്തി പിടിച്ച് നമ്മള് ഒരുപാട് കരഞ്ഞു....

അപ്പോ പെട്ടെന്ന് നമ്മളെ മനസ്സിലേക്ക് സിയാദിന്റെ മുഖം ഓർമ്മയിലേക്ക് വന്നു....

എത്രെയും പെട്ടെന്ന് നമ്മക്ക് സിയാദിനെ കാണണമെന്ന് തോന്നി...അവനെ കെട്ടിപിടിച്ച് കരയാൻ തോന്നി...പിന്നെ ഒന്നും നോക്കിയില്ല...കയ്യിലെ സൂചിയെല്ലാം എടുത്ത് മാറ്റിയിട്ട് നമ്മളെ കൊണ്ട് കഴിയുന്ന പോലെ വേഗം എണീറ്റ് ഹോസ്പിറ്റലിന്റെ റൂമിൽ നിന്നും പുറത്തേക്ക് കടക്കാൻ ഒരുങ്ങിയതും നടക്കാൻ കഴിയാതെ കാല് നിലത്ത് ഊന്നിയപ്പോ തന്നെ നമ്മള് വീഴാൻ പോയി...

അപ്പോഴേക്കും സൽ മ ഓടി വന്ന് നമ്മളെ പിടിച്ചു എന്നിട്ട് സാലിമും ഉമ്മിയും കൂടി നമ്മളെ പിടിച്ച് ബെഡിൽ കിടത്തി...

എനിക്ക് പോകണം സിയാദിനെ കാണണമെന്ന് പറഞ്ഞപ്പോ എല്ലാവരും പറഞ്ഞത് ഞാൻ ഇപ്പോ അവനെ പോയി കാണണ്ട എന്നാണ്....പക്ഷെ, സൽമ മാത്രമായിരുന്നു നമ്മളോട് പറഞ്ഞത് സിയാദിനെ എന്റെ മുന്നിലേക്ക് കൊണ്ട് വരാമെന്ന്...

അതും പറഞ്ഞ് കരഞ്ഞു കലങ്ങിയ നമ്മളെ മിഴികൾ തുടച്ചിട്ട് ഓള് നമ്മളെ നെഞ്ചോട് ചേർത്ത് വെച്ചു....

എനിക്ക് എന്തോ ഇങ്ങനെ ഒരു പെണ്ണിനെ കിട്ടിയ എന്റെ ഭാഗ്യത്തെ കുറിച്ച് ആലോചിച്ച് സന്തോഷം തോന്നി.... അന്ന് ആദ്യമായിട്ട് നമ്മള് പടച്ചോനോട് നന്ദി പറഞ്ഞു....

പറഞ്ഞ വാക്ക് സൽമ അതുപോലെ പാലിച്ചു...പിറ്റേന്ന് തന്നെ എന്റെ മുന്നിലേക്ക് സിയാദിനെ ഓള് കൊണ്ടെത്തിച്ചു....

ഓനെ കണ്ടപ്പോ ഇതുവരെ കടിച്ച് പിടിച്ചിരുന്ന സങ്കടങ്ങളൊക്കെ ഒന്നിച്ച് പുറത്തേക്ക് വന്നു...അവനെ കെട്ടിപിടിച്ച് ഞങ്ങൾ രണ്ട് പേരും ഒരുപാട് കരഞ്ഞു...

അപ്പോ നിസുവും അൻസിയും കൂടി ഞങ്ങളെ അടുത്തേക്ക് വരാൻ നിന്നതും സൽമ അവരെ

തടുത്തു....

"കുറച്ച് നേരം ആദിയും സിയാദും ഒറ്റക്ക് ഇരിക്കട്ടെ... നമുക്ക് പുറത്തേക്ക് പോകാം..."

എന്ന് പറഞ്ഞ് സൽമ അവരെയും കൂട്ടി പുറത്തേക്ക് പോയി...അവർ പോയപ്പോ സിയാദിനോട് എന്ത് പറയുമെന്ന് ഒരു നിശ്ചയവുമില്ലെന്നു...എന്ത് പറയും,എങ്ങനെ തുടങ്ങും...ഇങ്ങനെ ഒരുപാട് ചിന്തകൾ മനസ്സിലിട്ട് കുഴക്കുമ്പോഴാണ് സിയാദ് സംസാരിച്ച് തുടങ്ങിയത്...

"നിനക്ക് ഇപ്പോ എങ്ങനെയുണ്ട് ആദി...?

വേദന ഒന്നുമില്ലല്ലോ... നീ ബോധമില്ലാതെ ഒരാഴ്ചയോളം ഇവിടെ കിടക്കാണെന്ന് അറിഞ്ഞിട്ടും മനപ്പൂർവ്വം വരാതിരുന്നതല്ലടാ... ഒരുപാട്....ഒരുപാട് ജോലിയുണ്ടായിരുന്നു...."

എന്ന് പറയുമ്പോ ഓന്റെ ശബ്ദം ഇടറുകയും കൂടെ കണ്ണ് നിറഞ്ഞു ഒഴുകുകയും ചെയ്യുന്നത് നമ്മള് ശ്രദ്ധിച്ചു....

നമ്മള് ഓന്റെ കയ്യിൽ പിടിച്ചിട്ട് ഓനെ കെട്ടിപ്പിടിച്ച് ഒരുപാട് പൊട്ടിക്കരഞ്ഞു...

"എന്നോട് ക്ഷമിക്കെടാ സിയാദേ.... എനിക്ക് ഓളെ രക്ഷിക്കാൻ കഴിഞ്ഞില്ലെടാ.....എന്നോട് പൊറുക്കടെ....."

"ഏയ്....എന്താ ഇത് ആദി ഒരുമാതിരി കൊച്ചു കുട്ടിയെ പോലെ....ഒന്നും നീ അറിഞ്ഞു കൊണ്ട് ചെയ്തതല്ലല്ലോ....

പടച്ചോന്റെ കിതാബില് ഇങ്ങനെ ഒക്കെ സംഭവിക്കണമെന്നാകും എഴുതിയിട്ടുണ്ടാകാ....

നീ അതൊന്നും ഓർത്ത് വിഷമിക്കരുത്....

ഞങ്ങൾക്ക് നിന്നെ പഴയ ആദി ആയിട്ട് തന്നെ തിരിച്ച് വേണം.... ഹാർട്ട് ഓപ്പറേഷൻ കഴിഞ്ഞതല്ലേ നീ റസ്റ്റ്

എടുത്തോ..."

സിയാദ് പറയുന്നത് കേട്ടപ്പോഴാണ് ഞാൻ ആ വലിയ സത്യം മനസ്സിലാക്കുന്നത്...ഇപ്പോ എന്നിൽ തുടിച്ചു കൊണ്ടിരിക്കുന്ന ജീവൻ മറ്റാരുടെയോ ജീവനാണെന്ന്.... അതറിഞ്ഞപ്പോ പിന്നെ എന്റെ മനസ്സിലേക്ക് ഓടി വന്നത് അന്ന് നടന്ന അപകടമായിരുന്നു...

എന്റെ കണ്ണടയുന്നതിന് മുൻപ് ഞാൻ കണ്ട കാഴ്ച ചോരയിൽ കുളിച്ച് കിടക്കുന്ന സിയയേയും അങ്ങിങ്ങായി ചിതറി കിടന്ന ആ വൈറ്റ് റോസിലുമായിരുന്നു...

ആ കാഴ്ച ഓർമ്മയിൽ പതിഞ്ഞപ്പോ നെഞ്ചിലെ ഭാരം വീണ്ടും കൂടിയ പോലെ തോന്നി...

"സിയാദേ.... നീ എനിക്ക് ഒരു ഉപകാരം ചെയ്യണം..."

"എന്താ ആദി....എന്താ...?"

"അത്....ഡാ....അന്ന്.... അന്ന് ശരിക്കും എന്താ നടന്നതെന്ന് എനിക്ക് അറിയണമെടാ....അപ്പോ അവിടെ വെച്ച് മറ്റെന്തൊക്കെയോ നടന്നിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നു....അതെന്താണെന്ന് എനിക്ക് അറിയണം സിയാദേ....

അവിടെ വെച്ച് കണ്ട ആ വൈറ്റ് റോസ്....

അന്ന് അവിടെ എന്താ നടന്നത്...?"

"അത്....ആദി... നീ അതൊന്നും ഇപ്പോ അന്വെഷിക്കണ്ട....നീ ഇപ്പോ റസ്റ്റ് എടുക്ക്... ഞങ്ങൾ പിന്നെ വരാം...."

"ഡാ...നീ എന്തൊക്കെയോ എന്നിൽ നിന്നും ഒളിച്ച് വെക്കാൻ നോക്കുന്നുണ്ട്....എന്താ കാര്യം എന്ന് നീയെങ്കിലും ഒന്ന് പറ സിയാദേ.... അന്ന് ശരിക്കും എന്താ നടന്നത്...പറ..."

നമ്മക്ക് വ്യക്തമായിട്ട് ഒരു മറുപടി തരാതെ എണീറ്റ് പോകാൻ ഒരുങ്ങിയ സിയാദിനെ പിടിച്ച് നിർത്തി കൊണ്ട് നമ്മള് വീണ്ടും വീണ്ടും ചോദ്യം ആവർത്തിച്ച് കൊണ്ടിരുന്നു.... എന്റെ നിസ്സഹായകവസ്ഥ കണ്ടിട്ടാകും സിയാദ് അന്ന് നടന്നതൊക്കെ എനിക്ക് പറഞ്ഞു തരാൻ തയ്യാറായത്...

"അന്ന് നിങ്ങള് പോയ കാറിനെ പിന്നിൽ വന്ന് ഒരു ലോറി ഇടിച്ചപ്പോ നിയന്ത്രണം കിട്ടാതെ ആ കാറ് ചെന്നത് രണ്ട് ചെറുപ്പക്കാര് സഞ്ചരിച്ചിരുന്ന ഒരു ബുള്ളെറ്റിന്റെ മുകളിലേക്കാണ്....

അപ്പോ അവിടെ വെച്ച് തന്നെ അതിലെ ഒരാള് മരിച്ചിരുന്നു.... മറ്റേ അയാളെ ഇങ്ങോട്ട് കൊണ്ട് വന്ന് ഓപ്പറേഷൻ നടത്താൻ വേണ്ടി തയ്യാറെടുത്തപ്പോഴേക്കും അവനും മരണത്തിന് കീഴടങ്ങിയിരുന്നു....

അവന്റെ ഹൃദയമാണ് ആദി ഇപ്പോ നിന്നിൽ തുടിച്ച് കൊണ്ടിരിക്കുന്നത്..."

സിയാദ് ഇത്രേയും പറഞ്ഞു നിർത്തിയപ്പോഴേക്കും

നമ്മള് നെഞ്ചിൽ കൈ വെച്ചിട്ട് ഒരു നിമിഷം കണ്ണടച്ച് ഇരുന്നു....അപ്പോ മനസ്സിലേക്ക് ഓടി വന്നത് ആ സമീറിന്റെ പുഞ്ചിരിക്കുന്ന മുഖമായിരുന്നു... ഞാൻ കാരണം മറ്റു രണ്ട് ജീവനും കൂടി നഷ്ടപ്പെട്ടല്ലോ എന്നോർത്ത് എനിക്ക് എന്നോട് തന്നെ വെറുപ്പ് തോന്നി....

"ഡാ...സിയാദേ.... ഞാൻ കാരണം...ആരൊക്കെയാടാ ബലിയാടായത്.... ഞാൻ കാരണം മൂന്ന് ജീവൻ....."

എന്ന് പറഞ്ഞ് നമ്മള് പൊട്ടിക്കരഞ്ഞതും സിയാദ് നമ്മളെ തോളിൽ കൈ വെച്ചു....

"എന്താടാ ആദി ഇത്....ഏതോ ഒരുത്തന്റെ അശ്രദ്ധ കാരണം നടന്ന അപകടത്തിന് നീയെന്തിനാ സ്വയം ഇങ്ങനെ പഴി ചാരുന്നത്...ഇതില് നിന്റെ ഒരു തെറ്റും ഇല്ലടാ.... പ്ലീസ് ദയവ് ചെയ്ത് നീ ഇങ്ങനെ കരയല്ലേടാ..."

"അല്ലെടാ....അവനെ കാത്ത് അവന്റെ പെണ്ണ് കാത്തിരുന്നു കാണില്ലെടാ....ഞാൻ കാരണം അവൾക്ക് അവളുടെ പ്രണയം നഷ്ടമായില്ലേ...?"

"ആദി നീയെന്താ കൊച്ചു പിള്ളേരെ പോലെ....ഇതൊക്കെ വിധിയല്ലേടാ....ഈ വിധിയെ തടുക്കാൻ നമ്മളെ കൊണ്ടൊന്നും പറ്റില്ലല്ലോ....

സംഭവിക്കേണ്ടതെല്ലാം സംഭവിച്ച് കഴിഞ്ഞു....ഇനി അതിനെ കുറിച്ച് ആലോചിച്ചിട്ടൊന്നും ഒരു കാര്യവുമില്ല....നീ ഇപ്പോ ഒന്ന് റിലാക്സ് ആക് ആദി...നമുക്ക് ഇതിനെ കുറിച്ച് പിന്നീട് സംസാരിക്കാം....ഞങ്ങൾ ഇറങ്ങാ...."

എന്ന് പറഞ്ഞ് സിയാദ് നമ്മളെ ആശ്വസിപ്പിച്ചപ്പോഴും നമ്മള് കാരണമാണ് അങ്ങനെ ഒക്കെ നടന്നതെന്ന് എന്റെ മനസ്സിൽ തോന്നി കൊണ്ടിരുന്നു....അതിന്റെ കുറ്റബോധം എന്നെ ദിനം പ്രതി വേട്ടയാടി കൊണ്ടിരുന്നു....

പതിയെ എല്ലാം പഴയ സ്ഥിതിക്ക് മാറി വന്നു....അവരെ കുറിച്ചുള്ള കുറ്റബോധമൊക്കെ പാടെ മനസ്സിൽ നിന്നും മാറി....

വീട്ടിലേക്ക് തിരിച്ച് വന്നപ്പോഴും സൽമന്റെ സാമീപ്യവും കൊണ്ടാണ് ഞാൻ അതെല്ലാം മറന്ന് തുടങ്ങിയത്...

ഡോക്ടർ പ്രത്യേകം പറഞ്ഞിട്ടുണ്ടായിരുന്നു കാലിന് റസ്റ്റ് കൊടുക്കാൻ...അതോണ്ട് തന്നെ എഴുന്നേറ്റ് നടക്കാനും എന്റേതായ പല കാര്യങ്ങൾക്കും എനിക്ക് മറ്റൊരാളുടെ സഹായം തേടേണ്ടി വന്നു... പരസഹായമൊന്നുമില്ലാതെ എന്നെ കൊണ്ട് ഒന്നിനും പറ്റില്ലെന്ന് മനസ്സിലായപ്പോ വീട്ടിൽ ഒരു ഹോം നഴ്സിനെ വെക്കാൻ എല്ലാവരും കൂടി തീരുമാനിച്ചു....

പക്ഷെ,സൽ മ അതിനെ എതിർത്തിട്ട് നമ്മളെ കാര്യങ്ങളൊക്കെ അവള് നോക്കിക്കൊളമെന്ന് പറഞ്ഞു....

പിന്നീടുള്ള ഓരോ ദിവസവും കൂടും തോറും എനിക്ക് സൽമയോടുള്ള ഇഷ്ടം കൂടി കൂടി വന്നു എന്നല്ലാതെ ഒരു തരി പോലും കുറഞ്ഞില്ല....എന്റെ എല്ലാ

കാര്യങ്ങൾക്കും ഒരു നിഴല് പോലെ അവള് എപ്പോഴും കൂടെ ഉണ്ടായിരുന്നു....

കോളേജിലെ എനിക്ക് വേണ്ട നോട്സ് ഒക്കെ എഴുതിയെടുത്തും അതൊക്കെ എന്നെ വായിച്ച് കേൾപ്പിച്ചും അവള് എന്റെ നല്ലൊരു ടീച്ചറായി.... അതിലുപരി നല്ലൊരു സൗഹൃദം ഞങ്ങൾ തമ്മിൽ വളർന്നു വന്നു...

എനിക്ക് എന്തിനും ഏതിനും ഒരു കൂട്ടായിട്ട് അവള് എപ്പോഴും കൂടെ ഉണ്ടാകുമായിരുന്നു.... എന്റെ റസ്റ്റ് ഒക്കെ കഴിഞ്ഞപ്പോ കൊച്ചു കുട്ടികളെ പിടിച്ച് എണീപ്പിച്ച് പിച്ച വെപ്പിക്കുന്ന പോലെ അവള് എന്നെ എന്നും പിച്ച നടത്തിക്കാൻ തുടങ്ങി...സത്യം പറഞ്ഞാൽ ഓളെ പരിചരണം കൊണ്ടായിരുന്നു നമ്മള് പെട്ടെന്ന് എണീറ്റ് നടക്കാൻ തന്നെ തുടങ്ങിയത്....

ഒരു ദിവസം ഓള് എനിക്ക് വേണ്ടി ഭക്ഷണം എടുക്കാൻ വേണ്ടി റൂമിൽ നിന്നും പോയപ്പോൾ ഇത്രെയും നേരം ഇരുന്ന് ചടച്ചതോണ്ട് എണീറ്റ് നടക്കാൻ തീരുമാനിച്ചു....

സാധാരണ അവള് കൂടെ ഉള്ളപ്പോഴേ നമ്മള് നടക്കാൻ പോകാറുള്ളൂ....ഇന്ന് ഓളെ ഒന്ന് ഞെട്ടിക്കാൻ വേണ്ടി നമ്മള് സ്വയം എണീറ്റ് നിന്നിട്ട് ഊന്നുവടിയും പിടിച്ചോണ്ട് റൂമിന്റെ പുറത്തേക്ക് നടന്ന് ചെന്നിട്ട് സൽമന്റെ റൂമിന്റെ

മുന്നിലേക്ക് പോയി....

അപ്പോ സാലിമിന്റെ റൂമിൽ നിന്നും ആരൊക്കെയോ സംസാരിക്കുന്ന ശബ്ദം കേട്ടപ്പോ നമ്മള് അങ്ങോട്ട് നടന്നു നീങ്ങി....

വാതില് അടഞ്ഞു കിടന്നതോണ്ട് തന്നെ വാതിലിൽ ഒന്ന് മുട്ടാൻ നിന്നപ്പോഴാണ് അവര് സംസാരിക്കുന്നത് എന്നെ കുറിച്ചാണെന്ന് മനസ്സിലായത്...അതോണ്ട് നമ്മള് കൈ പിൻവലിച്ചിട്ട് അവര് പറയുന്നത് കാതോർത്തിരുന്നു....

അമ്മോൻ ഇന്നലെ രാത്രി വന്നിരുന്നു, അപ്പോ സാലിമും അമ്മോനും കൂടി ഇപ്പോ സംസാരിക്കുന്നത് എന്റെയും സൽമയുടെയും കല്യാണത്തെ കുറിച്ചായിരുന്നു.... അത് കേട്ടപ്പോ നമ്മക്ക് സന്തോഷം കൊണ്ട് തുള്ളിച്ചാടാൻ ആയിരുന്നു തോന്നിയത്....

പക്ഷെ അടുത്തതായി അവരെ നാവിൻ തുമ്പിൽ നിന്നും വീണത് ഞാൻ ഒരിക്കലും പ്രതീക്ഷിക്കാത്തതായിരുന്നു....അവരുടെ സംഭാഷണം കാതോർക്കുന്നത് അനുസരിച്ച് ഞാൻ കൂടുതൽ തകർന്നു പോയി കൊണ്ടിരുന്നു....

"എന്തിനാ ഉപ്പാ അവനെ ജീവനോടെ വിട്ടത്....ഇതൊന്നും അല്ലായിരുന്നില്ലല്ലോ നമ്മുടെ പ്ലാൻ...പിന്നെ എന്തിനാ അവനെ രക്ഷിച്ചത്...?"

"ഡാ സാലിമേ.... നിന്റെ ഉപ്പ ആയ ഈ ഞാൻ യാതൊരു ലാഭവും കാണാതെ ഒരു കളിക്കും നിക്കില്ലെന്ന് നിനക്ക് അറിയില്ലേ..?

അവന്റെ ഉപ്പാനെ പറഞ്ഞയച്ച പോലെ മോനെയും ഒരു ആക്സിഡന്റിൽ തീർക്കാൻ വേണ്ടി തന്നെയാ ആ ലോറിക്കാരന് കാശ് കൊടുത്ത് അവന്റെ കാറിനെ ഇടിച്ചത്....

പക്ഷെ, അതിനിടക്ക് കേറി നിന്റെ പെങ്ങള് എല്ലാം നശിപ്പിച്ചു... ഓൾക്ക് സ്വത്ത് മാത്രം പോരത്രെ കൂടെ അവനെയും ജീവനോടെ വേണമെന്ന്...

അവളുടെ ആ ഒരു നിർബന്ധ പ്രകാരം മാത്രമാണ് ഇന്ന് അവൻ ജീവനോടെ ഇരിക്കുന്നത്...ആ ലോറിക്കാരൻ

അവന്റെ കാറിനെ ഇടിച്ച് തെറിപ്പിച്ചെന്ന് വിളിച്ച് പറഞ്ഞത് അവൾ കെട്ടിട്ടില്ലായിരുന്നെങ്കിൽ അവൻ എന്നോ പരലോകത്ത് എത്തിയേനെ...

പക്ഷെ, ഒന്നുണ്ട്....എന്റെ മോള് ബുദ്ധിമതിയാ...അതോണ്ട് അവന്റെ പേരിലുള്ള സ്വത്തും അവനെയും തന്ത്രപൂർവ്വം കൈക്കലാക്കാൻ അവളെ കൊണ്ട് സാധിക്കും...അതിന് വേണ്ട കരുക്കളൊക്കെ അവളെന്നോ നീക്കി തുടങ്ങിയിട്ടുണ്ട്...അത് കൊണ്ട് ഇനി ഈ കാണുന്ന സ്വത്തുക്കൾക്കൊക്കെ ഉള്ള ഏക അവകാശി അവളായിരിക്കും....

ഹ...ഹ...ഹ...."

അയാളുടെ കൊലച്ചിരി കേട്ടതും എന്റെ കൺട്രോൾ എല്ലാം നഷ്ടപ്പെടുന്ന പോലെ എനിക്ക് തോന്നി....

'അവര് പറഞ്ഞതൊക്കെ സത്യമാണെങ്കിൽ സൽ   മ ഇതുവരെ എന്നോട് കാണിച്ചിരുന്ന സ്നേഹവും പരിഗണനയുമൊക്കെ വെറും സ്വത്തിന് വേണ്ടി മാത്രം ആയിരുന്നോ....ഇല്ലാ...അവൾ ....അവളൊരിക്കലും

അങ്ങനെ ചെയ്യില്ല....അവൾക്ക് എന്നെ അത്രത്തോളം ഇഷ്ടമാണ്....

പക്ഷെ, അവള് എന്നെ ആയിരുന്നോ സ്നേഹിച്ചത്...?

അല്ല എന്റെ സ്വത്തുക്കളെ മാത്രമായിരുന്നു...

ഇവരൊക്കെ കൂടി ചേർന്ന് എന്റെ ഉപ്പാനെ കൊന്നു....ഇപ്പോ എന്നെ കൊല്ലാൻ നോക്കി...അതും സ്വത്തിന്റെ പേരിൽ....ഇല്ലാ...ഇത് ഞാൻ ഒരിക്കലും പൊറുക്കില്ല...ഇവർക്കുള്ള ശിക്ഷ ഞാൻ ഇവിടെ വെച്ച് തന്നെ തീർപ്പാക്കും...'

എന്ന് നല്ല ദേഷ്യത്തോടെ തീരുമാനം എടുത്തിട്ട് അവന്റെ റൂമില് ആഞ്ഞടിക്കാൻ നിന്നതും അവര് പറയുന്ന മറ്റൊരു കാര്യം കൂടി നമ്മള് കേട്ടു...

"എന്നാലും എന്റെ ഉപ്പാ...അവൻ ഒരുത്തനെ തീർക്കാൻ വേണ്ടി നമ്മൾ ബലിയാടാക്കിയത് മൂന്ന് പേരെയാ....അവരുടെ ആത്മാവിന് ശാന്തി കിട്ടട്ടെ അല്ലെ...ഹ...ഹ...ഹ..."

"അത് അവരുടെ വിധിയാണ്....ആ ആക്സിഡന്റിൽ സ്പോട്ടിൽ തീർന്നു പോകാണമെന്നാകും ആ പെണ്ണിന്റെ വിധി....അതുപോലെ റെജിസ്റ്ററേഷൻ കഴിഞ്ഞ് പുറത്തിറക്കിയ ആ ബുള്ളറ്റ് ഏതാനും മണിക്കൂറിൽ ആക്സിഡന്റിൽ പെടണമെന്നും സ്പോട്ടിൽ തന്നെ വടിയകണമെന്നും ആകും ആ ചെക്കന്റെ വിധി....

ഹ...ഹ...ഹ...പിന്നെ മറ്റൊരുത്തൻ കൂടെയുണ്ടല്ലോ....എന്താ അവന്റെ പേര്... ആദിക്ക് വേണ്ടി ഹൃദയം ഡൊണേറ്റ് ചെയ്ത അവന്റെ പേരെന്താ...?"

"സമീർ..."

"ആ....സമീർ....അവന്റെ വിധിയാകും ജീവനോടെ ഇരിക്കെ ഹൃദയം ഡൊണേറ്റ് ചെയ്ത് സോറി പറിച്ചെടുത്ത് ആദിക്ക് കൊടുക്കണെമെന്ന്....

പാവം ചെക്കൻ....എന്തൊക്കെ പ്രതീക്ഷകൾ കൊണ്ട് നടന്നവനാകും...അവന്റെ വിധി വില്ലനായത് ഡോക്ടർ ഷാനവാസിന്റെ രൂപത്തിലും...."

അവർ പറയുന്നത് കേട്ട് എനിക്ക് എന്റെ സമനില തെറ്റുന്ന പോലെ തോന്നി...കാല് നിലത്തുറക്കാതെ നമ്മള് അപ്പോ തന്നെ അവിടെ ഇരുന്നു....അവരുടെ സംഭാഷണം നീളുന്നതിന് അനുസരിച്ച് ഒരുപാട് സത്യങ്ങൾ ഞാൻ അറിഞ്ഞു കൊണ്ടിരുന്നു...

ഞങ്ങൾ എല്ലാവരും വിചാരിച്ചിരുന്ന പോലെ സമീറിന്റെ ഹാർട്ട് എനിക്ക് ഡൊണേറ്റ് ചെയ്തതല്ല...പകരം അവനിൽ നിന്നും ജീവനോടെ പറിച്ചെടുത്തതാണ്...

അന്ന് ആക്സിഡന്റ് നടന്ന് ഞങ്ങളെ നാല് പേരെയും ഹോസ്പിറ്റലിലേക്ക് മാറ്റിയപ്പോ സമീറിന് അത്ര വലിയ ഗുരുതരമായ പരിക്കുകളൊന്നും ഇല്ലായിരുന്നു....അവന്റെ കാലില് ചെറിയ ഒരു ഓപ്പറേഷന്റെ ആവശ്യം മാത്രമേ ഉണ്ടായിരുന്നുള്ളു...

ഹോസ്പിറ്റലിലേക്ക് കൊണ്ട് വരുമ്പോൾ അവന് ബോധം ഇല്ലാത്തതോണ്ട് അവന്റെ കാലിന്റെ ഓപ്പറേഷനൊക്കെ നന്നായിട്ട് തന്നെ നടന്നു...

അപ്പോഴാണ് ഗുരുതരമായിട്ട് എനിക്ക് പെട്ടെന്ന് ഹൃദയം മാറ്റി വെക്കണമെന്ന് ഡോക്ടർ പറഞ്ഞത്....പക്ഷെ, എന്റെ ബ്ലഡ് ഗ്രൂപ്പിലുള്ള ഹാർട്ട് പെട്ടെന്ന് കിട്ടുക എന്നത് അത്ര എളുപ്പമലായിരുന്നു....

അതും രണ്ട് മണിക്കൂറിനുള്ളിൽ ഓപ്പറേഷൻ നടക്കണമെന്ന് പറഞ്ഞപ്പോൾ സൽമയാണ് അവർക്ക് ഒരു നിർദ്ദേശം നൽകിയത്....

അന്ന് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തവരിൽ എന്റെ ബ്ലഡ് ഗ്രൂപ്പുമായിട്ട് മാച്ചുള്ള ആളുടെ ഹൃദയം എനിക്ക് നൽകണമെന്ന്...

അപ്പോ അവിടെ ഉണ്ടായിരുന്നവരിൽ ആകെ എന്റെയും സമീറിന്റെയും ബ്ലഡ് ഗ്രൂപ്പ് മാത്രേ യോജിക്കുന്നുണ്ടായിരുന്നുള്ളു....അവന്റെ വീട്ടുകാരെയൊന്നും ആക്സിഡന്റ് ആയത് അറിയിക്കാത്തത് കൊണ്ട് തന്നെ മയങ്ങി കിടക്കുന്ന സമീറിൽ നിന്നും ഹൃദയം എടുക്കാൻ വലിയ ഫോർമാലിറ്റിയൊന്നും വേണ്ടായിരുന്നു....

മെഡിക്കൽ എത്തിക്സിന് തന്നെ നിരക്കാത്ത പ്രവർത്തിയായിരുന്നു ഡോക്ടർ ഷാനവാസ്

ചെയ്തത്....ജീവനോടെ ഇരിക്കെ തന്നെ സമീറിനെ കീറി മുറിച്ച് അവന്റെ പ്രാണൻ എനിക്ക് തന്നു....

കെട്ടു കെട്ടായി പണം വീശി എറിഞ്ഞപ്പോ അയാളെ കണ്ണും മഞ്ഞളിച്ചു.... അങ്ങനെ എനിക്ക് ഒരു മറുജന്മം കിട്ടി....

ഇതൊക്കെ അവരുടെ നാവിൽ നിന്നും തന്നെ അറിഞ്ഞിട്ടും എല്ലാം കേട്ട് നിൽക്കാനേ എന്നെ കൊണ്ട് അപ്പോ കഴിഞ്ഞൊള്ളു.... കാരണം ഇപ്പോ അവരോട് പ്രതികരിച്ചാൽ ഒരിക്കലും അവര് ചെയ്ത തെറ്റ് പുറത്തേക്ക് കൊണ്ട് വരാൻ പറ്റില്ല....ഇപ്പോ ഞാൻ ഇവിടെ മൗനം പാലിക്കുകയാണ് വേണ്ടതെന്ന് എനിക്ക് തോന്നി....

പക്ഷെ, എനിക്ക് അതിനും കഴിയാതെ വന്നു...കാരണം സമീറിന്റെ കൊലപാതകം എനിക്ക് വേണ്ടിയാണ് നടന്നത്....എന്തൊക്കെ ഞാൻ കരുതിയോ അതുപോലെ തന്നെ സംഭവിച്ചു....

അവരുടെ മൂന്ന് പേരുടെയും മരണത്തിന് ഞാൻ കാരണക്കാരനായി....

ഇതിനൊക്കെ ഇവർക്ക് കിട്ടേണ്ട തക്കതായ ശിക്ഷ തന്നെ ഞാൻ വാങ്ങിച്ച് കൊടുക്കും...എന്നാലേ അവര്

ചെയ്തതിന് പകരമാവുകയുള്ളൂ...

"ആദി....നീയെന്താ ഇവിടെ വന്നിരിക്കുന്നെ?

എണീറ്റെ വാ നമുക്ക് റൂമിലേക്ക് പോകാം...എണീറ്റ് നടക്കാൻ നിനക്ക് എന്നെ ഒന്ന് വിളിച്ചാൽ പോരായിരുന്നോ....ഇപ്പോ കണ്ടില്ലേ നിലത്ത് വീണത്....വാ എണീക്ക് റൂമിലേക്ക് പോകാം...ഞാൻ ഫുഡ് എടുത്ത് വെച്ചിട്ടുണ്ട്..."

എന്ന് പറഞ്ഞ് സൽ മ നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ ഇരുന്നിടത്ത് നിന്നും പിടിച്ച് എണീപ്പിക്കാൻ നോക്കി...നമ്മള് അപ്പോ തന്നെ കൈ കുടഞ്ഞിട്ട് അവളെയൊന്ന് രൂക്ഷമായി നോക്കി...

"എന്നെ പിടിക്കണ്ട... എണീറ്റ് നടക്കാൻ എന്നെ ആരും പഠിപ്പിക്കേണ്ട.... എന്റെ കാര്യങ്ങൾ ഇനി മുതൽ ഞാൻ നോക്കിക്കോളാം എനിക്ക് നിന്റെ സഹായമൊന്നും വേണ്ട...."

"എന്താ ആദി ഇങ്ങനെയൊക്കെ പറയുന്നേ...?
അതിനു മാത്രം ഞാൻ എന്താ ചെയ്തെ...?"

"നിന്റെ മുതല കണ്ണീരൊന്നും എനിക്ക് കാണണ്ട സൽ മ....എന്റെ മുന്നിൽ നിന്നും ഒന്ന് പോയി തരോ..."

എന്ന് പറഞ്ഞ് വേദന കടിച്ച് പിടിച്ചോണ്ട് അവിടന്ന് എണീറ്റ് റൂമിലേക്ക് നടന്നിട്ട് വേഗം വാതിലടച്ച് കുറ്റിയിട്ടു....പിന്നാലെ വന്ന് സൽ മ കരഞ്ഞോണ്ട് വാതിൽ തുറക്കാൻ പറഞ്ഞപ്പോഴും നമ്മളെ ഉള്ളിൽ പക ആളി കത്തുകയായിരുന്നു....

എല്ലാം ആലോചിച്ച് നോക്കിയപ്പോ എനിക്ക് കരച്ചിൽ അടക്കി വെക്കാൻ കഴിയാതെ വന്നു....അന്ന് മുഴുവൻ കരഞ്ഞു കൊണ്ട് തന്നെ ആ ദിവസം തള്ളി നീക്കി....

പിറ്റേന്ന് ഉമ്മി വന്ന് കതകിൽ മുട്ടിയപ്പോഴാണ് നമ്മള് എണീറ്റ് വാതിൽ തുറന്നു കൊടുത്തത്...അപ്പോ തന്നെ ഉമ്മിയും അവളും കൂടി ഇടിച്ചു കേറി റൂമിലേക്ക് വന്നു....

(തുടരും)

ഭാഗം.78

പിറ്റേന്ന് ഉമ്മി വന്ന് കതകിൽ മുട്ടിയപ്പോഴാണ് നമ്മള് എണീറ്റ് വാതില് തുറന്നു കൊടുത്തത്...അപ്പോ തന്നെ ഉമ്മിയും അവളും കൂടി ഇടിച്ചു കേറി റൂമിലേക്ക് വന്നു....

"ഡാ ആദി....നിനക്ക് എന്താ പറ്റിയത്...? നീ ഇന്നലെ മുതൽ എന്തിനാ വാതിലും അടച്ചിട്ട് റൂമിനുള്ളിൽ തന്നെ ഇരിക്കുന്നത്...?"

"ഒന്നൂല്യ ഉമ്മി..."

നമ്മള് ഉമ്മിന്റെ മുഖത്തേക്ക് നോക്കാതെ അത്

പറഞ്ഞപ്പോ ഉമ്മി നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ തലയിൽ തലോടി....

"എന്താ മോനെ നിനക്ക് പറ്റിയത്...? ഇന്നലെ നീ എന്തിനാ സൽമയോട് അങ്ങനെ ഒക്കെ പെരുമാറിയത്...?

നീ ഇവളോട് ദേഷ്യപ്പെട്ടെന്ന് പറഞ്ഞ് ഇന്നലെ മുതൽ ഇപ്പോ വരെ ഒരു തുള്ളി വെള്ളം പോലും കുടിക്കാതെ കരയായിരുന്നു.... അറിയോ നിനക്ക്..?"

ഉമ്മി അത് പറഞ്ഞപ്പോ ഇതുവരെ ഇല്ലാത്ത ഒരു ദേഷ്യവും വെറുപ്പും എനിക്ക് സൽമയോട് തോന്നി...നമ്മള് ഓളെ തുരുക്കാനെ നോക്കി ഉമ്മിയോടായിട്ട് പറഞ്ഞു...

"ഇന്ന് ഇറക്കി വിട്ടോണം ഈ വീട്ടിൽ നിന്ന് ഇവളെ..."

നമ്മള് അങ്ങനെ ഒരു കാര്യം പറയുമെന്ന് ഒട്ടും പ്രതീക്ഷിക്കാത്ത ഉമ്മിയും സല്മയും ഞെട്ടി തിരിഞ്ഞു

കൊണ്ട് നമ്മളെ നോക്കി നിന്നു...

"എന്താ...എന്താ ആദി നീ പറഞ്ഞെ...ഇവളെ ഇവിടന്ന് ഇറക്കി വിടണമെന്നോ...?

എന്താടാ നിനക്ക് ഭ്രാന്ത് പിടിച്ചോ... ആദി നിന്നോടാ ഈ ചോദിക്കുന്നത്...ഇവളെ ഇവിടന്ന് ഇറക്കി വിടാൻ മാത്രം എന്ത് തെറ്റാ ഇവള് ചെയ്തത്... പറയെടാ... എടാ പറയാൻ..."

എന്ന് പറഞ്ഞ് ഉമ്മി കരഞ്ഞോണ്ട് നമ്മളെ കവിളില് മാറി മാറി അടിച്ചു...സൽ മ കരഞ്ഞോണ്ട് ഉമ്മിയെ പിടിച്ച് മാറ്റിയപ്പോഴും നമ്മള് പറഞ്ഞ തീരുമാനത്തിൽ ഉറച്ച് തന്നെ നിന്നു...

"ഉമ്മി എന്നെ എത്ര തല്ലിയാലും ശരി...ഞാൻ പറയാനുള്ളത് പറഞ്ഞു...ഇവളെയും സാലിമിനെയും നിങ്ങളെ ആങ്ങളയെയും ഇനി ഒരു നിമിഷം പോലും ഇവിടെ നില്ക്കാൻ ഞാൻ അനുവദിക്കില്ല....

ഇപ്പോ ഈ നിമിഷം ഇറങ്ങിക്കോണം മൂന്നും എന്റെ വീട്ടീന്ന്..."

എന്ന് പറഞ്ഞ് നമ്മള് സൽമയെയും വലിച്ചോണ്ട് നമ്മളെ റൂമിൽ നിന്നും കാലിന്റെ വേദനയൊക്കെ സഹിച്ച് പുറത്തേക്ക് കൊണ്ട് പോയി അവളെ തള്ളി... ഉമ്മി പിന്നാലെ വന്നിട്ട് സൽമയെ പിടിച്ച് എണീപ്പിച്ചിട്ട് നമ്മളെ മുഖം നോക്കി ഒരടി തന്നു...

നമ്മക്ക് ആ അടിയേക്കാൾ വേദനയായത് അവളെ ഉമ്മി നെഞ്ചോട് ചേർത്ത് വെച്ചത് കണ്ടപ്പോഴാണ്...

"നീ ഇവരെ ഇവിടെ നിന്നും പുറത്താക്കിയാൽ ഇവരെ കൂടെ ഞാനും ഈ വീട് വിട്ട് ഇറങ്ങുന്നത് നീ കാണേണ്ടി വരും ആദി....

അല്ലെങ്കിലും ഇപ്പോ ഇങ്ങനെ ഒക്കെ ചെയ്യാൻ മാത്രം ഇവിടെ എന്താടാ ഉണ്ടായത്...? ഒരൊറ്റ ദിവസം കൊണ്ട് നിനക്ക് പെട്ടെന്ന് എങ്ങനെ ഒരു മനംമാറ്റം വന്നത്...?

നീ കളിയ്ക്കാൻ നിൽക്കാതെ കാര്യം പറയെടാ ആദി..."

എന്ന് ഉമ്മി പറഞ്ഞപ്പോ ഉമ്മിയോട് നമ്മള് എല്ലാം തുറന്ന് പറയാൻ വേണ്ടി തുനിയുമ്പോഴായിരുന്നു ഇവിടത്തെ ശബ്ദം കേട്ടൊണ്ട് സാലിമും അവരുടെ തന്തയും കൂടി അങ്ങോട്ട് വന്നത്...

അവരെ എന്റെ കണ്മുന്നിൽ കണ്ടപ്പോ എനിക്ക് ശരിക്കും സമനില തെറ്റുന്ന പോലെ തോന്നി...

"എനിക്ക് സൽമയെ ഇഷ്ടമല്ല...അതുപോലെ ഇവര് ഇവിടെ തങ്ങുന്നതും എനിക്ക് ഇഷ്ടമല്ല..."

എന്ന് അലറി വിളിച്ചിട്ട് നമ്മള് റൂമിൽ കേറി വാതിലടച്ചു ഒരുപാട് കരഞ്ഞു...

ആ നിമിഷം തന്നെ എനിക്ക് വേണെങ്കിൽ എന്റെ ഉമ്മിയോട് എല്ലാം തുറന്ന് പറയാമായിരുന്നു...പക്ഷെ, ഞാൻ അങ്ങനെ ചെയ്തെന്ന് കരുതി ഒരിക്കലും ഉമ്മി അത് വിശ്വസിക്കില്ല...കാരണം അത്രയ്ക്കുണ്ട് ആങ്ങളായോടുള്ള പെങ്ങളെ സ്നേഹവും

വിശ്വാസവും...

അത് ഇല്ലാതെ ആകണമെങ്കിൽ അവര് ചെയ്ത തെറ്റുകളെല്ലാം തെളിവ് സഹിതം കണ്ടെത്തണം...

പിന്നീടുള്ള എന്റെ ദിനങ്ങൾ അതിന് വേണ്ടി മാത്രമായിരുന്നു...കാല് ശരിയായി നടക്കാൻ തുടങ്ങുന്നത് വരെ സൽമയെ എന്റെ കണ്മുന്നിലേക്ക് പോലും ഞാൻ അടുപ്പിച്ചിരുന്നില്ല....

അവള് കൊണ്ട് തരുന്ന ഭക്ഷണവും അവളെ സമിപ്യവുമൊക്കെ എനിക്ക് അത്രക്ക് അരോചകമായി തീർന്നിരുന്നു... എന്റെ റസ്റ്റ് ഒക്കെ കഴിഞ്ഞ് വീണ്ടും നമ്മള് പഴയ പോലെ കോളേജിലേക്ക് പോയി തുടങ്ങി....

എല്ലാം എന്റെ ഫ്രണ്ട്സിനോടെങ്കിലും തുറന്ന് പറയണമെന്ന് എനിക്ക് തോന്നി...പക്ഷെ ഇതൊക്കെ അവര് അറിഞ്ഞാലുള്ള അവസ്ഥ എന്താകുമെന്ന് ചിന്തിച്ചപ്പോ മനഃപൂർവ്വം എല്ലാം അവരിൽ നിന്നും മറച്ചു വെച്ചു.... എന്ന് എന്റെ ഉമ്മി ഇതൊക്കെ അറിയുന്നോ അന്ന് തന്നെ അവരും അറിഞ്ഞാൽ മതിയെന്ന് ഞാൻ തീരുമാനിച്ചു... അതിന് വേണ്ടി തെളിവ് ശേഖരിക്കാൻ

തുടങ്ങി...

ആദ്യം തന്നെ അന്വേഷണം തുടങ്ങിയത് എന്നെ അഡ്മിറ്റ് ചെയ്ത ഹോസ്പിറ്റലിൽ നിന്നാണ്...അവിടെ ചെന്ന് ഡോക്ടർ ഷാനവാസിനെ കുറിച്ച് ചോദിച്ചപ്പോ അയാള് ആ ഹോസ്പിറ്റലിൽ നിന്നും റിസൈൻ ചെയ്ത് പോയെന്നാണ് അറിയാൻ കഴിഞ്ഞത്... അയാൾ എവിടെയാണെന്ന് ആർക്കും തന്നെ ഒരു അറിവും ഇല്ലായിരുന്നു...

ഇനി എന്ത് ചെയ്യുമെന്ന് ചിന്തിച്ച് നിൽക്കുമ്പോഴാണ് നമ്മളെ മനസ്സിലേക്ക് സമീറിന്റെ മുഖം ഓർമ്മ വന്നത്...

അവനെ കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയണമെന്ന് തോന്നി...ചെയ്ത തെറ്റിന് അവന്റെ ഉപ്പയോടും ഉമ്മയോടും ക്ഷമ ചോദിക്കണമെന്ന് തീരുമാനിച്ചിട്ട് ഹോസ്പിറ്റൽ റെജിസ്റ്ററിൽ സമീറിനെ കുറിച്ചുള്ള വിവരങ്ങൾ തിരക്കി....

അപ്പോഴാണ് ഞെട്ടിക്കുന്ന ആ സത്യം നമ്മള് അരിഞ്ഞത്...സമീർ എന്ന ഒരു പേഷിയെന്റിനെ അന്നൊരു ദിവസം അഡ്മിറ്റ് ചെയ്തതായി

ഹോസ്പിറ്റൽ റെക്കോർഡ്സിൽ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല...

ആ തന്ത എല്ലാം മുൻകൂട്ടി കണ്ടെന്ന വിധം എല്ല തെളിവുകളും നശിപ്പിച്ചിട്ടുണ്ട്...

പക്ഷെ, അത് കൊണ്ട് ഒന്നും ഈ ആധിയെ തളർത്താൻ അവർക്ക് ഒന്നും കഴിയില്ല...

അവർക്ക് എതിരെയുള്ള ഒരു ചെറിയ തെളിവിന് എങ്കിലും വേണ്ടി രാപകലില്ലാതെ അലഞ്ഞു... അപ്പോഴാണ് പടച്ചോൻ എന്റെ മുന്നിലേക്ക് മറ്റൊരു വാതിൽ തുറന്നു തന്നത് അതും ഒരു cctv ഫുട്ടജ് വഴി....

അന്ന് ഞങ്ങൾക്ക് നടന്ന ആക്സിഡന്റിന്റെ വീഡിയോ ആയിരുന്നു അത്.... ആ സ്പോട്ടിൽ ഉണ്ടായിരുന്ന ഒരു കടയിലെ ക്യാമറയിൽ നിന്നും കിട്ടിയതാണ്...

അതിൽ ആ ലോറിയെയും ഡ്രൈവറെയും നല്ല വ്യക്തമായിട്ട് തന്നെ കാണാൻ പറ്റുന്നുണ്ടെന്നു...

പിന്നീട് ആ ലോറി ഡ്രൈവറെ തപ്പി ആയിരുന്നു നമ്മളെ നടത്തം....ആ ലോറിയുടെ നമ്പർ വെച്ച് അതിന്റെ

ഉടമസ്ഥനെ കണ്ടെത്തിയെങ്കിലും ആ ഡ്രൈവർ അയാളല്ലായിരുന്നു...

പിന്നീട് അയാളോട് ചോദിച്ച് മനസ്സിലാക്കിയപ്പോഴാണ് ആ ഡ്രൈവർ വയനാട്ടിലുണ്ടെന്ന വിവരമറിഞ്ഞത്....

അയാള് തന്ന അഡ്രസ് വെച്ച് ഞാൻ വയനാട്ടിലേക്ക് യാത്ര തിരിച്ചു അതും ആരോടും പറയാതെ ഒറ്റക്ക് ഒരു യാത്ര... അതാണ് നല്ലതെന്ന് എനിക്ക് തോന്നി...

അവിടെ വെച്ച് ഞാൻ അയാളെ കണ്ടു...അയാളെന്നെ കണ്ടതും ഒരു ഭയത്തോടെ അവിടെ നിന്നും ഓടിയകന്നു...അയാളെ പിന്തുടർന്ന് പിറകെ ഞാനും ഓടി...അന്നാണ് ഞാൻ നിന്നെ ഇടിച്ചിട്ടിട്ട് ഓടിയത് ഐഷു....

എനിക്ക് കിട്ടിയ ആകപ്പടെയുള്ള ഒരു കച്ചിതുരുമ്പായിരുന്നു ആ ഡ്രൈവർ...അവിടെ വെച്ച് ഞാൻ അയാളെ പിന്തുടർന്ന് ഓടിയെങ്കിലും എനിക്ക് അയാളെ പിടിക്കാൻ കഴിഞ്ഞില്ല...പിന്നെ ഞാൻ അയാളെ കാണുന്നത് ഒരു വർത്തയായിട്ടാണ്...അയാളെ ബോഡി കടൽ തീരത്ത്

അടിഞ്ഞെന്ന വാർത്ത...

ഉണ്ടായിരുന്ന ഏക തെളിവും നഷ്ടപ്പെട്ട വിഭ്രാന്തിയിൽ അലഞ്ഞു തിരിഞ്ഞു നടക്കുമ്പോഴാണ് എന്റെ ജീവിതത്തിലേക്ക് നീ കടന്നു വരുന്നത്...

ഇതുവരെ സൽമയിൽ പോലും ഞാൻ കണ്ടിട്ടില്ലാത്ത എന്തോ ഒരു സ്പെഷ്യലിറ്റി നിന്നെ കണ്ടപ്പോ തൊട്ടേ എനിക്ക് തോന്നി തുടങ്ങി...അന്ന് തീരുമാനിച്ചതാണ് എന്റെ പെണ്ണ് നീയായിരിക്കുമെന്ന്...

നീ എന്റെ ജീവിതത്തിലേക്ക് വന്നതോടെ ഞാൻ പഴയതൊക്കെ പതിയെ മറന്നു തുടങ്ങി...നിന്നോട് വഴക്ക് കൂടുമ്പോഴൊക്കെ എന്തെന്നില്ലാത്ത ഒരു അനുഭൂതി തോന്നും...നിന്റെ വാശിയും കുറുമ്പും കാണുമ്പോ വീണ്ടും നിന്നോട് കൂടുതൽ എനിക്ക് ഇഷ്ടം കൂടി വന്നു...

നിനക്ക് എന്നോട് ഇഷ്ടമല്ലെന്ന് നീ പറഞ്ഞപ്പോ മുതൽ നിന്നിൽ നിന്നും അകലാൻ ഞാൻ പല തവണ ശ്രമിച്ചു...പക്ഷെ എന്തോ ഒന്ന് എന്നെ വീണ്ടും വീണ്ടും നിന്നോട് അടുപ്പിച്ച് കൊണ്ടേ ഇരുന്നു....

ഇന്നലെ വരെ അതെന്തായിരുന്നെന്ന് എനിക്ക് അറിയില്ലായിരുന്നു...പക്ഷെ എനിക്ക് ഇപ്പോ അറിയാം എന്താണ് നമ്മളെ തമ്മിൽ അടുപ്പിക്കുന്നതെന്ന്......."

ഇത്രയും നമ്മള് പറഞ്ഞു നിർത്തിയതും കരഞ്ഞു കലങ്ങിയ മിഴികളുമായി ഐഷു എന്റെ മുഖത്തേക്ക് പതിയെ മുഖമുയർത്തി നോക്കി...

നമ്മള് അപ്പോ കരയാനായി വെമ്പൽ കൊള്ളുന്ന നമ്മളെ മനസ്സിനെ അടക്കി പിടിച്ചോണ്ട് നമ്മളെ നെഞ്ചിൽ കൈ വെച്ചു....

"സമീർ....."

എന്ന് എന്റെ നാവിൽ നിന്നും വീണതും ഐഷു മുഖം പൊത്തി കൊണ്ട് അലമുറയിട്ട് കരഞ്ഞു...

അവളെ കരച്ചിൽ കാണാൻ മാത്രം ഉള്ള ഒരു കഠിന ഹൃദയമല്ല എന്റേതെന്ന് എനിക്ക് മനസ്സിലായി...കാരണം നമ്മളെ മിഴികളും ഈറൻ അണിയാൻ അധികം കാല താമസം വന്നില്ല...

എല്ലാം കേട്ട് കൊണ്ട് സാക്ഷികളായി അരുണും അച്ചുവും എന്ത് പറഞ്ഞ് ഞങ്ങളെ രണ്ട് പേരെയും ആശ്വസിപ്പിക്കണമെന്ന് അറിയാതെ നോക്കി നിന്നു...

അച്ചു കരച്ചിൽ അടക്കി പിടിചോണ്ട് ഐഷുന്റെ അടുത്തേക്ക് പോയി അവളെ തോളിൽ കൈ വെച്ചിട്ട് ഓളെ വിളിച്ചു...

ഐഷു അപ്പോ മുഖത്തു നിന്നും കൈ എടുത്തിട്ട് അച്ചൂനെ കെട്ടിപിടിച്ച് ഒരുപാട് കരഞ്ഞു....

അവളെ കരച്ചിൽ ഇനിയും കണ്ട് സഹിക്കാൻ പറ്റില്ലെന്ന് തോന്നിയപ്പോ തിരിഞ്ഞ് നിന്നിട്ട് ആ കടൽ തീരത്ത് കൂടി ഒരല്പം നടന്നു....

കഴിഞ്ഞു പോയതൊക്കെ ഒന്ന് കൂടി ഓർമ്മയിലേക്ക് കൊണ്ട് വന്നപ്പോൾ വീണ്ടും നമ്മക്ക് കരച്ചിൽ വന്നു...മിഴികളടച്ച് പിടിച്ച് ഒരല്പ നേരം അങ്ങനെ നിന്നിട്ട് ഇനിയെന്ത് ചെയ്യണമെന്നതിനെ കുറിച്ച് ആലോചിച്ചു...

അപ്പോഴാണ് നമ്മളെ തോളിൽ ഒരു കൈ വന്ന് പതിഞ്ഞത്...തിരിഞ്ഞു നോക്കിയപ്പോ അരുൺ ആയിരുന്നു....അവൻ കാണാതെ വേഗം മുഗം തിരിച്ചിട്ട് നമ്മള് കണ്ണീർ തുടച്ചു.

"ആദിൽക്ക...ഇങ്ങക്ക് എത്രത്തോളം സങ്കടം ഉള്ളിലുണ്ടെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നതെ ഉള്ളു...

ഇങ്ങനെ ഒക്കെ നടക്കണമെന്നാകും വിധി... ആദിൽക്ക അതിനെ കുറിച്ച് ചിന്തിച്ച് നിൽക്കാതെ വന്നേ നമുക്ക് പോകാം...ഇപ്പോ തന്നെ ഒരുപാട് സമയമായി...അവരെ രണ്ട് പേരെയും വീട്ടിലേക്ക് കൊണ്ടാക്കണ്ടേ..."

അരുൺ പറയുന്നത് കേട്ടപ്പോഴാണ് നമ്മള് അതിനെ കുറിച്ച് ചിന്തിച്ചത് തന്നെ...

അതോണ്ട് നമ്മള് അപ്പോ തന്നെ അരുണിന്റെ പിറകിലേക്ക് ഒന്ന് എന്തി നോക്കി...അവിടെ ഒന്നും നമ്മക്ക് ഐഷുനെയും അച്ചൂനെയും കാണാൻ കഴിഞ്ഞില്ല...

"അരുൺ....ഐഷു.....?"

ഒരു ചോദ്യ രൂപേണയുള്ള നോട്ടമെറിഞ്ഞു കൊണ്ട് നമ്മള് പറഞ്ഞപ്പോ അരുൺ അവരൊക്കെ കാറിലുണ്ടെന്ന് പറഞ്ഞു...

പിന്നെ പയ്യെ അവിടന്ന് നടന്ന് നീങ്ങി കാറിന്റെ അടുത്തേക്ക് ചെന്നു... നോക്കുമ്പോ ഐഷു കരഞ്ഞ് തളർന്ന് എങ്ങി കൊണ്ട് അച്ചൂന്റെ തോളിൽ തല ചായ്ച്ച് കിടക്കാണ്....

ആ മുഖത്തേക്ക് ഒരു തവണ മാത്രമേ നമ്മക്ക് നോക്കാൻ തോന്നിയുള്ളൂ...കാരണം അവളെ ഇപ്പോഴത്തെ അവസ്ഥ നമ്മളെ വല്ലാതെ നോവിക്കുന്നുണ്ട്....

നമ്മള് ഐഷൂനെ തിരിഞ്ഞു നോക്കാതെ കാറിൽ കയറി അവളെ വീട്ടിലേക്ക് കൊണ്ട് പോയി ഇറക്കി വിട്ടു....

നാളെ കോളേജിലേക്ക് വരണമെന്ന് അച്ചു പറഞ്ഞതിനൊന്നും ഒരു മറുപടിയും നൽകാതെ നമ്മളെ ഒന്ന് തിരിഞ്ഞു പോലും നോക്കാതെ ഐഷു അകത്തേക്ക് കേറി പോകുന്നത് ഹൃദയം നുറുങ്ങുന്ന വേദനയിൽ നമ്മള് നോക്കി നിന്നു...

oooooooooooooooooooooooooooo

ആദി പറഞ്ഞ ഓരോ കാര്യങ്ങളും എന്നെ ഭ്രാന്ത് പിടിപ്പിക്കുന്ന പോലെ തോന്നി...എന്റെ സമീർക്ക.... സമീർക്കാനെ അവരൊക്കെ കൂടി ചേർന്ന് കൊന്നതാണ്....അതും ആദിക്ക് വേണ്ടി.... അവനിൽ ഇപ്പോ തുടിച്ച് കൊണ്ടിരിക്കുന്നത് എന്റെ സമീർക്കാൻറെ ഹൃദയമാണ്...നമ്മളെ മാത്രം പ്രതിഷ്ഠിച്ച് കൊണ്ട് നടന്ന എന്റെ സമീർക്കാൻറെ ഹൃദയം...

ഈ വാർത്ത അറിഞ്ഞാൽ ഞാൻ എന്താ ചെയ്യേണ്ടതെന്റെ പടച്ചോനെ....എന്തിനായിരുന്നു എന്റെ ജീവിതത്തിൽ മാത്രം ഈ വിധി ഇങ്ങനെ കളിക്കുന്നത്...?

നമ്മക്ക് അതൊക്കെ കൂടി ആലോചിച്ച് നോക്കുമ്പോ പൊട്ടി കരയാനാണ് തോന്നിയത്... ചെന്നപാടെ

ഉമ്മച്ചിന്റെ ചോദ്യങ്ങൾക്കൊന്നും മറുപടി നൽകാതെ വേഗം റൂമിലേക്ക് പോയി വാതില് അടച്ചിട്ട് ബെഡിലേക്ക് കമിഴ്ന്ന് കിടന്ന് ഒരുപാട് കരഞ്ഞു....

ഓർമ്മകളിലേക്ക് ആദ്യം തന്നെ ഓടി വന്നത് സമീർക്ക ആയിരുന്നു...ആദ്യമായി സമീർക്കാനെ കണ്ട് മുട്ടിയത് മുതൽ അവസാനായിട്ട് നമ്മളെ കാണാൻ വന്നത് വരെ നമ്മളെ മനസ്സിലേക്ക് വന്നു....പിന്നീട് രക്തം തളം കെട്ടി കിടക്കുന്ന റോഡിൽ അങ്ങിങ്ങായി ചിതറി കിടക്കുന്ന ആ വൈറ്റ് റോസുകളാണ് നമ്മള് കണ്ടത്...

അപ്പോ തന്നെ നമ്മള് വേഗം കണ്ണ് തുറന്നിട്ട് നമ്മളെ വിരലിൽ സമീർക്ക അണിഞ്ഞ മോതിരത്തിലേക്ക് നോക്കി....അന്ന് എൻഗേജ്മെന്റിന് സമീർക്ക നമ്മളെ വിരലിൽ ചർത്തിയത്...അത് കണ്ടപ്പോ വീണ്ടും സങ്കടങ്ങൾ ഓടിയെത്തി...

കണ്ണടച്ച് പിടിച്ച് തലയണയിൽ മുഖം പൂഴ്ത്തി പൊട്ടികരഞ്ഞതും പെട്ടെന്ന് നമ്മളെ കണ്മുന്നിൽ ആദി നിൽക്കുന്ന പോലെ തോന്നി... അപ്പോ തന്നെ വേഗം

തലയുയർത്തി ചുറ്റും ഒന്ന് കണ്ണോടിച്ച് നോക്കിയപ്പോ ആദിയുടെ ഓർമ്മകൾ അലട്ടി കൊണ്ടിരുന്നു....സമീർക്ക എന്നിൽ നിന്നും അകലാൻ കാരണം ആദിയാണ്.... പക്ഷെ അറിഞ്ഞു കൊണ്ട് ആദി ഒരു തെറ്റും ചെയ്തിട്ടില്ല...

എന്ന് കരുതി ആദിയോട് ഇനി പഴയ പോലെ ഇടപഴകാൻ കഴിയുമെന്നും തോന്നുന്നില്ല....

അവന്റെ കണ്മുന്നിലേക്ക് ഞാൻ ഇനി എങ്ങനെ പോകും...? അവനെ എങ്ങനെ ഫേസ് ചെയ്യും...?

അവനെ ഒരിക്കലും എനിക്കിനി പഴയ ആദിയായി കാണാൻ പറ്റില്ല...എന്ന് കരുതി എനിക്ക് അവനിൽ നിന്നും അകലാനോ അടുക്കാനോ പറ്റില്ല... കാരണം..... എപ്പോഴൊക്കെയോ ഞാനും അവനെ സ്നേഹിച്ച് തുടങ്ങിയിരുന്നു....

പക്ഷെ, എന്റെ സമീർക്ക....ഓർക്കുമ്പോ തന്നെ മനസ്സിൽ ഒരു വിങ്ങലായി മാറി കഴിഞ്ഞിരിക്കുന്നു....

ഒരുമിച്ച് ജീവിക്കാൻ കൊതിച്ച് കൊണ്ട് എത്രയെത്ര സ്വപ്നങ്ങൾ ഞങ്ങൾ കണ്ടിട്ടുണ്ട്...എല്ലാം ഒരൊറ്റ നിമിഷം കൊണ്ട് അവസാനിപ്പിച്ചു...

സമീർക്ക എന്നിൽ നിന്നും വിട്ട് പോയതിനേക്കാൾ

വിഷമമാകുന്നതും ചങ്ക് പൊട്ടുന്ന പോലെ വേദന തോന്നുന്നതും ആദിക്ക് വേണ്ടിയാണ് എന്റെ സമീർക്കാൻറെ ജീവൻ നിലച്ചതെന്ന് ഓർത്തപ്പോഴാണ്...

അതോണ്ട് ആദിയിൽ നിന്നും കഴിവതും ഞാൻ അകലണം... കാരണം ഞാൻ അവനോട് അടുക്കുന്നത് സമീർക്കാൻറെ ഹൃദയം അവനിൽ ഉള്ളത് കൊണ്ടാണെന്ന് അവന് ഒരിക്കലും തോന്നാൻ പാടില്ല....അതിന് ഇനി അവനിൽ നിന്ന് അകലുക എന്നല്ലാതെ മറ്റൊരു വഴിയും ഞാൻ കാണുന്നില്ല.....

പെട്ടെന്ന് ആരോ വാതിലിൽ വന്ന് മുട്ടിയപ്പോ നമ്മള് വേഗം എണീറ്റ് മുഖം കഴുകി വന്നിട്ട് വാതിൽ തുറന്നു... നോക്കുമ്പോ ഉമ്മച്ചിയാണ്...

"എന്താ ഫെബി...എന്താ പറ്റിയെ...? അന്റെ കണ്ണൊക്കെ ആകെ ചീർത്തിട്ടുണ്ടല്ലോ... ഇജ്ജ് കരഞ്ഞോ...?"

"അ... അത്...അതൊന്നുല്യ ഉമ്മച്ചി...എനിക്ക് ഒരു തല

വേദന....അതോണ്ട് തോന്നുന്നതാകും അല്ലാതെ ഞാൻ കരഞ്ഞിട്ടൊന്നുല്യ...."

"എന്നാ ഞാൻ വിക്സ് പുരട്ടി തരട്ടെ...തല വേദന മാറിക്കോളും..."

"വേണ്ട ഉമ്മച്ചി...അതിന്റെ ഒന്നും ആവശ്യല്യ...ഒന്ന് കിടന്ന് ഉറങ്ങിയാൽ മാറിക്കോളും..."

"എന്നാ പിന്നെ വല്ലതും കഴിച്ചിട്ട് കിടന്നോ...ഇല്ലെങ്കിൽ പിന്നെ നട്ടപ്പാതിരാക്ക് അനക്ക് വിശക്കും..."

"വേണ്ട ഉമ്മച്ചി...ഞങ്ങൾ പുറത്തു നിന്ന് കഴിച്ചതാ...ഇങ്ങള് പോയി കഴിച്ചോളി ഞാൻ ഒന്ന് കിടക്കട്ടെ..."

"ഉം...എന്നാ ഇജ്ജ് ഉറങ്ങിക്കോ... അല്ല...ഇജ്ജ് എന്താ ഇന്ന് ലേറ്റ് ആയെ...നേരത്തെ വരുമെന്നാണല്ലോ പറഞ്ഞത്..."

"അത്....എന്റെ പ്രോഗ്രാം കുറച്ച് വൈകി ആയിരുന്നു....അതാ ലേറ്റ് ആയത്..."

ഉമ്മച്ചിയോട് ഇത്രയും അധികം കള്ളം പറയേണ്ടി വന്നതിൽ എനിക്ക് എന്നോട് തന്നെ ഒരു പുച്ഛം തോന്നി...നമ്മള് തല താഴ്ത്തി നിന്നിട്ട് ഉമ്മച്ചിക്ക് മറുപടി കൊടുത്തു...

"അപ്പോ അന്നേ ഇങ്ങോട്ട് കൊണ്ടാക്കി തന്നത് ആദിയാണോ...?"

ഉമ്മച്ചിയുടെ ഈ ചോദ്യം കേട്ടതും പെട്ടെന്ന് ഉള്ളിൽ സങ്കടം തികട്ടി വന്നു..അത് പുറത്ത് കാണിക്കാതെ ഉമ്മച്ചിയോട് അതെ എന്ന രീതിയിൽ തലയാട്ടി...

"നല്ല പയ്യനാ...പരിചയപ്പെട്ടിട്ട് അധികം ആയിട്ടില്ലെങ്കിലും ഓനോട് എന്തോ ഒരു വലിയ അടുപ്പം തോന്നാണ്... അന്റെ ഉപ്പച്ചിക്ക് വരെ ആദിയെ നന്നായി ബോധിച്ചിട്ടുണ്ട്... നിങ്ങള് തമ്മിലുള്ള അടിയും

വഴക്കൊക്കെ മാറി നിങ്ങള് ഇപ്പോ നല്ല കൂട്ടാണെന്ന് അന്റെ ഉപ്പച്ചിനോട് പറഞ്ഞപ്പോ മൂപ്പര് വിശ്വാസിക്കുന്നതെ ഇല്ല....ഇപ്പോ എല്ലാർക്കും വല്യ കാര്യമാണ് ഓനെ....."

ഇങ്ങനെ ഉമ്മച്ചി ഓനെ കുറിച്ച് എന്തൊക്കെയോ പറഞ്ഞോണ്ടിരുന്നു...എല്ലാം കേട്ടിരുന്നു എന്നല്ലാതെ നമ്മള് ഒന്നും പ്രതികരിച്ചില്ല....അപ്പോഴും നമ്മളെ മനസ്സിനെ അലട്ടിയിരുന്നത് ആദി പറഞ്ഞ കാര്യങ്ങൾ ആയിരുന്നു...

"ഫെബി....ഫെബി....ഇജ്ജ് ഞാൻ പറഞ്ഞത് വല്ലതും കേട്ടോ പെണ്ണേ...?

അന്റെ ഗിറ്റാർ എവിടേന്ന്...അത് ഇവടെ ഒന്നും കാണുന്നില്ലല്ലോ...ഇജ്ജ് വന്നപ്പോ അന്റെ കയ്യിലും ഇല്ലെന്നു...അത് കൊണ്ട് പോയി കളഞ്ഞോ...?"

ഉമ്മച്ചി നമ്മളെ തോളിൽ തട്ടി കൊണ്ട് ചോദിച്ചപ്പോഴാണ് നമ്മക്ക് നമ്മളെ ഗിറ്റാറിന്റെ കാര്യം ഓർമ്മ വന്നത്... റൂമിൽ മൊത്തം ഒന്ന് കണ്ണോടിച്ച് നോക്കിയപ്പോ അവിടെ ഒന്നും കാണാനില്ലെന്നു....

അപ്പോഴാണ് ആദിൻ്റെ കാറിൽ വെച്ച് നമ്മള് ഗിറ്റാർ മറന്ന് വെച്ചത് ഓർമ്മ വന്നത്...

"അത്...ഉമ്മച്ചി...ആദിന്റെ കാറിൽ മറന്ന് വെച്ചെന്ന് തോന്നുന്നു..."

"ഇജ്ജ് അന്റെ ഗിറ്റാർ മറന്ന് വെച്ചെന്നോ...അപ്പോ കാക്ക മലർന്ന് പറക്കുന്നുണ്ടാകല്ലോ...ഇജ്ജ് അത് തോളീന്ന് ഇറക്കി വെക്കാത്തത് ആണല്ലോ പിന്നെ എങ്ങനെ അത് ആദിന്റെ കാറില് മാറന്ന് വെച്ചത്...?"

"അതൊന്നും...ഇൻക്ക് അറീല...ഇൻക്ക് തല വേദനിക്കുന്നുണ്ട്... ഞാൻ കിടക്കട്ടെ..."

എന്ന് പറഞ്ഞ് വേഗം ചെന്ന് ബെഡിലേക്ക് ചാഞ്ഞിട്ട് തലയിൽ കൂടി പുതപ്പിട്ട് കിടന്നു...ഉമ്മച്ചി പോയെന്ന് ഉറപ്പായപ്പോ മെല്ലെ തലയിൽ നിന്നും പുതപ്പ് മാറ്റിയിട്ട് മേപ്പൊട്ടും നോക്കി അങ്ങനെ കിടന്ന് എന്തൊക്കെയോ ആലോചിച്ച് എപ്പോഴോ ഉറങ്ങി പോയി...

അപ്പോ സമീർക്ക ഒരു ഹാഷ് നിറത്തിലുള്ള ബുള്ളറ്റിൽ വന്നിട്ട് നമ്മളെ മുന്നിലായിട്ട് വണ്ടി നിർത്തി....എന്നിട്ട് നമ്മക്ക് നേരെ കൈ നീട്ടി കൊണ്ട് വണ്ടിയിൽ കേറാൻ പറഞ്ഞു... നമ്മള് ഒരു പുഞ്ചിരി തൂകി കൊണ്ട് സമീർക്കാൻറെ നേരെ കൈ നീട്ടിയതും പെട്ടെന്ന് ഒരു വണ്ടിയുടെ ഹോൺ കേട്ടു... ആ ശബ്ദം സമീർക്കാനെയും ഇടിച്ച് തെറിപ്പിച്ച് കൊണ്ട് കടന്നു പോയതും അവിടെയാകെ പുക മൂടി ഒന്നും കാണാൻ കഴിഞ്ഞില്ല... സമീർക്ക എന്ന് വിളിച്ച് കരഞ്ഞോണ്ട് ആ പുക മണ്ഡലത്തിലേക്ക് ചെന്നപ്പോ അവിടെ ആ ബുള്ളെറ്റിൽ സമീർക്ക ഇരുന്നിട്ട് നമ്മളെ നോക്കി ചിരിക്കുന്നുണ്ടെന്നു...

നമ്മള് വേഗം ഓടി ചെന്ന് സമീർക്കാനെ കെട്ടി പിടിച്ചിട്ട് മുഖത്തേക്ക് നോക്കിയതും നമ്മള് ഞെട്ടി തരിച്ച് രണ്ടടി പിന്നിലേക്ക് നീങ്ങി...അവിടെ അപ്പോ നിൽക്കുന്നത് ആദിയായിരുന്നു... ആദി എന്റെ അടുത്തേക്ക് എന്തൊക്കെയോ പറഞ്ഞോണ്ട് കടന്ന് വന്നതും പെട്ടെന്ന് സൽമ വന്ന് ആദിയുടെ നെഞ്ചിൽ ചാഞ്ഞ് നമ്മളെ നോക്കി പുച്ഛിച്ച് തള്ളി...അപ്പോ ആദി സൽമയെ തള്ളി മാറ്റി കൊണ്ട് നമ്മളെ അടുത്തേക്ക് ഓടി വന്നിട്ട് നമ്മളെ മുഖം അവന്റെ കൈകളിൽ കോരിയെടുത്തു....

"ഐഷു...നീ എന്നെ സ്നേഹിക്കുന്നില്ലേ ഐഷു....പറ.... നിനക്ക് എന്നെ ഇഷ്ടമല്ലേ..." എന്ന് ആദി ചോദിച്ചപ്പോ കരഞ്ഞ് കലങ്ങിയ കണ്ണിലും ചിരിക്കാൻ മറന്ന ചുണ്ടിലും ഒരു പോലെ പുഞ്ചിരി വിടർന്നു കൊണ്ട് അതെ എന്ന് നമ്മള് തലയാട്ടി....

അപ്പോ ആദി സന്തോഷം കൊണ്ട് നമ്മളെ നെറ്റിയിൽ ഒരുമ്മ തന്നിട്ട് നമ്മളെ കെട്ടിപ്പിടിച്ചു... നമ്മളും അവന്റെ നെഞ്ചിൽ തല ചായ്ച്ച് അങ്ങനെ കിടന്നു....

പെട്ടെന്ന് ആദി നമ്മളെ പിടിച്ച് തള്ളി മാറ്റി കൊണ്ട് നമ്മളെ നേരെ വിരൽ ചൂണ്ടി പറഞ്ഞു...

"ഇല്ലാ...നീ എന്നെ സ്നേഹിക്കുന്നില്ല...നിനക്ക് എന്നെ ഇഷ്ടമല്ല...നീ സ്നേഹിക്കുന്നത് ദേ... ഇതിനെയാണ്....ഈ ഹൃദയത്തെ....അല്ലാതെ എന്നെ അല്ല...നീ എന്നെ ഒരിക്കലും സ്നേഹിച്ചിട്ടില്ല...ഇനി സ്നേഹിക്കുകയുമില്ല..."

എന്ന് പറഞ്ഞ് ആദി ഒരു ഭ്രാന്തനെ പോലെ നിന്ന് പിച്ചും പേയും പറഞ്ഞിട്ട് ഒരു കത്തി എടുത്ത് സ്വയം നെഞ്ചിലേക്ക് ആ കത്തി കുത്തി ഇറക്കിയതും നമ്മള് അവിടെ നിന്ന് അലറി വിളിച്ചു....

"ആദീ..........."

സ്വപ്നത്തിലാണ് അലറിയതെന്ന് തെറ്റി ധരിക്കേണ്ട...നമ്മള് ശരിക്കും ആദി എന്ന് നിലവിളിച്ചിട്ടുണ്ട്...കാരണം നമ്മള് ഉറക്കിൽ നിന്നും ഞെട്ടി ഉണർന്നപ്പോ ഉമ്മച്ചിയും ഉപ്പച്ചിയും വന്ന് കതകിൽ തട്ടുന്നുണ്ട്.... കണ്ടത് സ്വപ്നമാണെങ്കിൽ പോലും അതിന്റെ ഭീതി നമ്മക്ക് ഇപ്പഴും ഉണ്ട്...

നമ്മള് വേഗം ചെന്ന് കതക് തുറന്ന് കൊടുത്തപ്പോ രണ്ടാളും കൂടി കാര്യം തിരക്കി...ഒന്നൂല്യ ഒരു സ്വപ്നം കണ്ടതാണെന്ന് പറഞ്ഞ് നമ്മള് അവരെ പറഞ്ഞയച്ചിട്ട് വാതിലടച്ചു... സമയം നാല് മണിയോട് അടുത്തിട്ടുണ്ട്...

പിന്നീട് ആണെങ്കിൽ കിടന്നിട്ട് ഉറക്കം വന്നതുമില്ല...കണ്ണടക്കുമ്പോ ആദി സ്വപ്നത്തിൽ വന്ന് പറഞ്ഞതും ചെയ്തതുമൊക്കെയാണ് ഓർമ്മ വരുന്നത്...

ശരിക്കും അങ്ങനെ സംഭവിക്കുമോ എന്നോർത്ത് നമ്മള് ഒരുപാട് കരഞ്ഞു....

"ആദിയെ എനിക്ക് ഇഷ്ടമാണ്...അത് പക്ഷെ എനിക്ക് അവനോട് പറയാൻ പറ്റില്ല... പറഞ്ഞാൽ ചെലപ്പോ

സ്വപ്നത്തിൽ കണ്ട പോലെ ആദി പറഞ്ഞാലോ.....? ഞാൻ അവനെയല്ല പകരം സമീർക്കാൻറെ ഹൃദയത്തെയാണ് സ്നേഹിക്കുന്നതെന്ന് പറഞ്ഞാലോ...? എന്റെ സ്നേഹം...അത് അവന് മുന്നിൽ ഒരു ചോദ്യചിഹ്നമായി കിടക്കില്ലേ...?

ഇല്ലാ....ഞാൻ ആദിയെ സ്നേഹിക്കുന്നില്ല....ഞാൻ കാരണം ആദിക്ക് ഒന്നും സംഭവിക്കാൻ പാടില്ല....എനിക്ക് അവനെ ഇഷ്ടമല്ല....ഞാൻ സമീർക്കാനെ മാത്രേ സ്നേഹിക്കുന്നുള്ളൂ....ആദിയെ എനിക്ക് വേണ്ടാ..........."

എന്ന് പറഞ്ഞ് സ്വയം തല പിച്ചി കൊണ്ട് ബെഡിൽ മുഖം പൂഴ്ത്തി വെച്ച് സങ്കടം മനസ്സിൽ നിന്നും മായുന്ന വരെ കരഞ്ഞു...

പെട്ടെന്ന് ഫോൺ ബെല്ലടിക്കുന്ന ശബ്ദം കേട്ടാണ് നമ്മള് ഞെട്ടി എണീറ്റത്...നോക്കുമ്പോ നമ്മക്ക് കണ്ണൊന്നും തുറക്കാൻ പറ്റുന്നില്ലെന്നു..അത്രക്ക് ചീർത്തിട്ടുണ്ട്..

നമ്മള് മെല്ലെ എണീറ്റ് ക്ലോക്കിൽ സമയം നോക്കിയപ്പോൾ 9 മണിയാകാൻ ആയിട്ടുണ്ട്...

ഇന്ന് ഒരുപാട് വൈകിയല്ലോ ഉമ്മച്ചി എന്നെ വിളിക്കാഞ്ഞതെന്ന് ചിന്തിച്ചോണ്ട് ഫോൺ തപ്പി എടുത്തതും ആ കോൾ കട്ടായി...അത് ആരാണെന്ന് നോക്കിയപ്പോ പരിചയമില്ലാത്ത നമ്പർ ആയിരുന്നു അതും 5 തവണ വിളിച്ചിട്ടുണ്ട്... ആരായിരിക്കുമെന്ന് ചിന്തിച്ചപ്പോഴേക്കും വീണ്ടും ആ നമ്പറിൽ നിന്നും കോൾ വന്നു...

നമ്മള് കോൾ അറ്റൻഡ് ചെയ്ത് കാതോട് അടുപ്പിച്ചതും അപ്പുറത്ത് നിന്നും കേട്ട ശബ്ദം കേട്ട് നമ്മള് ഞെട്ടി ഒരു തവണ കൂടി ഫോണിലേക്ക് നോക്കിയിട്ട് വീണ്ടും കാതോട് അടുപ്പിച്ചു...

(തുടരും)

ഭാഗം.79

നമ്മള് കോൾ അറ്റൻഡ് ചെയ്ത് കാതോട് അടുപ്പിച്ചതും

അപ്പുറത്ത് നിന്നും കേട്ട ശബ്ദം കേട്ട് നമ്മള് ഞെട്ടി ഒരു തവണ കൂടി ഫോണിലേക്ക് നോക്കിയിട്ട് വീണ്ടും കാതോട് അടുപ്പിച്ചു...

"ഹലോ....എന്താടി എന്റെ ശബ്ദം കേട്ടപ്പോ നിന്റെ നാവ് ഇറങ്ങി പോയോ..?"

"എന്റെ നാവൊന്നും ഇറങ്ങി പോയിട്ടില്ല സൽമാ...നീ വിളിച്ചത് എന്തിനാണെന്ന് വെച്ചാൽ പറഞ്ഞിട്ട് ഫോൺ വെക്കാൻ നോക്ക്..."

"ഞാൻ എന്തിനാ വിളിച്ചതെന്ന് നിനക്ക് അറിയില്ലേ..?

നീ എനിക്ക് നേരെ വെല്ലുവിളി ഉയർത്തിയിട്ട് ഇപ്പോ ഞാൻ കോളേജിലേക്ക് വന്നപ്പോ നിന്നെ കാണാനില്ല...

ഞാൻ ഇന്ന് കോളേജിലേക്ക് വന്നത് തന്നെ നിന്നെ ഒന്ന് ശരിക്ക് കാണാനാ... അപ്പോ നീ ഇന്ന് ലീവ്.... അത് ശരിയാണെന്ന് നിനക്ക് തോന്നുന്നുണ്ടോ...?"

"നിനക്ക് ഇപ്പോ എന്താടി വേണ്ടത്..?"

"ഹ...ഹ...ഹ....അപ്പോ നിനക്ക് ഇത്രെയൊക്കെ ആയിട്ടും ഒന്നും മനസ്സിലായില്ലേ എനിക്ക് എന്താ വേണ്ടതെന്ന്...?

എനിക്ക് നിന്നെ വേണം...അതും ജീവനോടെ...എന്നിട്ട് എന്റെ കൈക്കുള്ളിൽ കിടന്ന് നീ പെടഞ്ഞ് ഇല്ലാതാകണം....ഹ...ഹ...ഹ.."

"അല്ലെങ്കിലും നിനക്ക് അതൊന്നും വല്യ പുത്തരിയൊന്നും അല്ലലോ... അതോണ്ട് അതൊക്കെ നിനക്ക് നിസാരമായിരിക്കും..."

ഒരു പുച്ഛത്തോടെ നമ്മള് അത് പറഞ്ഞപ്പോ അവളെ ചിരി നിന്നു...

"എന്ത് ഉദ്ദേശിച്ചാ നീ അത് പറഞ്ഞത്...?"

"ഞാൻ ഒന്നും ഉദ്ദേശിച്ചിട്ടില്ല സൽ മ...എനിക്ക് ഇപ്പോ

നിന്നോട് വഴക്ക് കൂടാൻ താല്പര്യമില്ല...സൊ...ദയവ് ചെയ്ത് എന്നെ ശല്യം ചെയ്യാൻ വരരുത്..."

എന്ന് പറഞ്ഞ് അവള് പറയുന്നത് കേൾക്കാൻ കൂട്ടാക്കാതെ വേഗം ഫോൺ ഓഫ് ചെയ്തു... എന്നിട്ട് ആദിയെയും സൽമയെയും കുറിച്ച് ചിന്തിച്ച് അവിടെ തന്നെ ഇരുന്നു...ആദിയെ കുറിച്ച് ആലോചിക്കുമ്പോ തന്നെ ഉള്ളിൽ ഒരു വിങ്ങലാണ്...അപ്പോ മനസ്സിനെ മാത്രമല്ല കണ്ണിനെയും നിയന്ത്രിക്കാൻ പറ്റാതെ വരുന്നു....

എന്തൊക്കെയോ ചിന്തിച്ച് അവിടെ തന്നെ കുറച്ച് നേരം ഇരുന്നു...പിന്നെ എല്ലാം വിധിയാണെന്ന് കരുതി കൊണ്ട് ഒന്ന് നെടുവീർപ്പിട്ടിട്ട് ഫ്രഷായി നിസ്കരിച്ച് താഴേക്ക് ഇറങ്ങി അടുക്കളയിലേക്ക് പോയി... അപ്പോ അവിടെ ഉമ്മച്ചി മാത്രേ ഉണ്ടായിരുന്നുള്ളു...നമ്മള് ഉമ്മച്ചിന്റെ പുറകിലൂടെ പോയി മൂപ്പത്തിനെ വട്ടം പിടിച്ച് തോളില് താടിയും വെച്ച് അങ്ങനെ നിന്നു...

അപ്പോ ഉമ്മച്ചി ഒരു ചെറു പുഞ്ചിരി തൂകി കൊണ്ട് നമ്മളെ കവിളിൽ ഒരുമ്മ തന്നു...തിരിച്ച് നമ്മളും ഒരുമ്മ കൊടുത്തിട്ട് ഉമ്മച്ചിക്ക് അഭിമുഖമായിട്ട് നിന്നു....

"ഇന്നെന്താ ഇങ്ങള് എന്നെ വിളിക്കാഞ്ഞത് ഉമ്മച്ചി....അതോണ്ട് ഇന്ന് ക്ലാസിന് പോകാൻ പറ്റിയില്ലല്ലോ..."

"ഞാൻ നിന്നെ വിളിക്കാൻ വേണ്ടി വന്നതെന്നു... അപ്പോ നീ വാതില് തുറന്നിട്ടില്ല...പിന്നെ അനക്ക് തല വേദന ആണെന്നല്ലേ പറഞ്ഞത്...എന്നാ പിന്നെ കുറച്ച് സമയം കൂടി നീ കെടന്നോട്ടെയെന്ന് നമ്മളും കരുതി....

അതും പോരാഞ്ഞ് അന്നെ വിളിച്ചിട്ട് കിട്ടണില്ലാന്ന് പറഞ്ഞ് അച്ചു രാവിലെ വിളിച്ചീന്നു... ഓൾക്കും ഇന്ന് എന്തോ നല്ല തല വേദന ഉള്ളോണ്ട് കോളേജില് പോയിട്ടില്ല...എന്നോട് പറഞ്ഞു അന്നോടിത് പറയാൻ... പിന്നെ നമ്മളും കരുതി അച്ചു ഇല്ലാതെ ഇന്ന് ഇജ്ജ് കോളേജിൽ പോകണ്ടാന്ന്.... അതോണ്ട് പിന്നെ അന്നെ വിളിക്കാൻ നിന്നില്ല..."

ഉമ്മച്ചി പറയുന്നതൊക്കെ കേട്ടോണ്ട് നമ്മള് തലയാട്ടി ഒന്ന് മൂളിയിട്ട് ഉമ്മച്ചി ഉണ്ടാക്കി വെച്ച ദോശ എടുത്ത് കഴിച്ചോണ്ടിരുന്നു...

അല്ലെങ്കിലും നമ്മളിന്ന് കോളേജിൽ പോകാൻ തീരുമാനിച്ചിട്ടില്ലെന്നു... കാരണം ആദിയെ കാണുമ്പോ അവനെ എങ്ങനെ നമ്മള് ഫേസ് ചെയ്യുമെന്ന ചിന്ത നമ്മളിലുണ്ട്... ആദിയെ കഴിവതും എന്റെ ജീവിതത്തിൽ നിന്നും അകറ്റി നിർത്തിയാലെ എല്ലാം അവസാനിക്കുകയുള്ളു എന്ന് നമ്മക്ക് തോന്നി...

"ഫെബി...അനക്ക് എന്താ പറ്റിയെ..? ദോശയും കയ്യിൽ പിടിച്ചോണ്ട് ഇജ്ജ് ആരെ സ്വപ്നം കണ്ട് നിൽക്കാ...?

ഇന്ന് കോളേജിൽ പോകാൻ പറ്റാഞ്ഞിട്ടാണോ ഇജ്ജ് ഇങ്ങനെ ആലോചിച്ച് നിക്കണേ..."

"ഏയ്...അങ്ങനെ ഒന്നൂല്യ ഉമ്മച്ചീ....ഞാൻ വെറുതെ...എന്തൊക്കെയോ..."

എന്ന് പറഞ്ഞ് നമ്മള് പ്ലേറ്റിലേക്ക് തല താഴ്ത്തി ഇരുന്നു...

"ഫെബീ... ഇജ്ജും ആദിയും തമ്മിൽ എന്തെങ്കിലും പ്രശ്നമുണ്ടോ...?"

ഉമ്മച്ചി നമ്മളെ ഒരു നോട്ടം നോക്കിയിട്ട് ദോശ കല്ലിലേക്ക് നോക്കി മാവ് ഒഴിച്ചോണ്ട് നമ്മളോട് ചോദിച്ച ചോദ്യം കേട്ട് നമ്മള് അന്താളിച്ച് നിന്നു...

"ഇ... ഇല്ല ഉമ്മച്ചി....ങ്ങളെന്താ അങ്ങനെ ചോയിച്ചേ...?"

"അല്ലാ...അന്നേ കണ്ടപ്പോ തോന്നി അതോണ്ട് ചോയിച്ചതാ..."

ഉമ്മച്ചിക്ക് ഒരു മറുപടിയും നൽകാതെ നമ്മള് വീണ്ടും തല താഴ്ത്തി പ്ളേറ്റിൽ നിന്നും ദോശ എടുത്ത് കഴിച്ചു...

"ഇജ്ജ് ഇപ്പോ ഈയിടയായിട്ട് ആദിയെ ആണല്ലേ സ്വപ്നത്തിൽ കാണാറ്..."

ഉമ്മച്ചിന്റെ ആ ചോദ്യം കേട്ടതും നമ്മളെ തല മണ്ടയിലേക്ക് ദോശ കേറി പോയി നമ്മള് അത് തുപ്പി...അപ്പോഴേക്കും ഉമ്മച്ചി നമ്മളെ തലയിൽ കൊട്ടി

തന്നിട്ട് കുടിക്കാൻ വെള്ളം തന്നു... ഉമ്മച്ചിന്റെ കയ്യീന്ന് വെള്ളം തട്ടി പറിച്ച് വാങ്ങിയിട്ട് മടക്ക് മടക്കെന്ന് അതെടുത്ത് കുടിച്ചിട്ട് ഉമ്മച്ചിയെ ഒന്ന് ഇടങ്കണ്ണിട്ട് നോക്കി...

അപ്പോ മൂപ്പത്തി നമ്മളെ നോക്കി പുഞ്ചിരി തൂകിയിട്ട് ദോശ ചുട്ട് കൊണ്ടിരുന്നു...

നമ്മള് ഉമ്മച്ചിയോട് എന്ത് പറയുമെന്ന് അറിയാതെ മിഴിച്ച് നിന്നപോ ഉമ്മച്ചി വീണ്ടും ചോദ്യം ആവർത്തിച്ചു....

"ഇജ്ജ് എന്താ ഒന്നും മിണ്ടാത്തത്...? ഇന്നലെ ആദിയെ സ്വപ്നത്തിൽ കണ്ട് ഓന്റെ പേരും വിളിച്ച് കൂവി കൊണ്ടല്ലേ നീ എണീറ്റത്... അതോണ്ട് ചോയിച്ചതാ..."

"അ... അത്...ഉമ്മച്ചി...ഞാൻ...ആദി... അറീല.... എന്താ അവനെ സ്വപ്നത്തിൽ കണ്ടതെന്ന്...."

എന്ന് പറഞ്ഞപ്പോ ഉമ്മച്ചി ഒന്നും മിണ്ടാതെ ഒന്ന് മൂളി കൊണ്ട് പുഞ്ചിരി തൂകി...നമ്മള് പിന്നെ അധിക നേരം അവിടെ നിന്നില്ല...അപ്പോ തന്നെ അവിടന്ന് തടി തപ്പിയിട്ട് റൂമിലേക്ക് പോയി ബെഡിലേക്ക് വീണ്ടും

ചാഞ്ഞു....

എന്നിട്ട് ഉമ്മച്ചി ചോദിച്ചതിനെ കുറിച്ച് ചിന്തിച്ചോണ്ടിരുന്നു.... ഉമ്മച്ചി ഒരിക്കലും നമ്മളോട് അങ്ങനെ ഒന്ന് ചോദിക്കുമെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചിട്ടില്ല... ഉമ്മച്ചിന്റെ ചോദ്യത്തിന് മുന്നിൽ വ്യക്തമായ മറുപടി പറയാൻ കഴിയാതെ പകച്ച് നിന്നത് ഓർത്ത് എനിക്ക് എന്നോട് തന്നെ പുച്ഛം തോന്നി...

കുറച്ച് കഴിഞ്ഞപ്പോ താഴെ ആരോ വന്ന് കോളിങ് ബെല്ലടിച്ചപ്പോ ഉമ്മച്ചി നമ്മളോട് പോയി തുറക്കാൻ പറഞ്ഞു...

നമ്മള് മടിച്ച് താഴേക്ക് വന്നിട്ട് വാതിൽ തുറക്കാൻ നിന്നതും ആരാണെന്ന് അറിയാൻ വേണ്ടി ജനലിൽ കൂടി പുറത്തേക്ക് ഒന്ന് നോക്കി...

നോക്കുമ്പോ ആദിയാണ് വന്നിരിക്കുന്നത്...ഓന്റെ കണ്മുന്നിൽ ചെന്ന് പെടരുതെന്ന് തീരുമാനിച്ചിട്ട് ഒടുക്കം ഓൻ തന്നെ നമ്മളെ മുന്നിലേക്ക് വന്നിരിക്കുന്നു...

ഓന്റെ കയ്യിൽ നമ്മളെ ഗിറ്റാറും ഉണ്ട്...അപ്പോ അതിന്റെ പേരും പറഞ്ഞ് നമ്മളെ കാണാൻ വന്നതാകും...അതോണ്ട് വാതിൽ തുറക്കാൻ നമ്മക്ക്

തോന്നീല...

"എന്താടി പെണ്ണെ കോളിങ് ബെല്ല് അടിക്കുന്നത് കേട്ടിട്ടും ഇജ്ജ് വാതിൽ തുറക്കാതെ ഇവിടെ തന്നെ നിൽക്കുന്നത്...?

ഇന്നാ പോയി ആ ദോശ മറിച്ചിട് ഞാൻ വാതിൽ തുറക്കാ..."

എന്ന് പറഞ്ഞ് ഉമ്മച്ചി നമ്മളെ കയ്യിൽ ചട്ടുകം വെച്ച് തന്നിട്ട് വാതിൽ തുറക്കാൻ നിന്നതും നമ്മള് അവിടന്ന് അപ്പോ തന്നെ അടുക്കളയിലേക്ക് വെച്ച് പിടിച്ചു...

"അല്ലാ...ഇതാര് ആദിയോ... വാ..വാ...കേറിയിരിക്ക്..."

ഉമ്മച്ചി പറയുന്നത് കേട്ടപ്പോ അറിയാതെ തന്നെ നമ്മളെ കാല് അവിടെ നിന്നിട്ട് ഒന്ന് തിരിഞ്ഞു നോക്കി...

അപ്പോ ആദി നമ്മളെ തന്നെ നോക്കി കൊണ്ട് നമ്മളെ ഗിറ്റാറും കയ്യിൽ പിടിച്ച് നിൽക്കെന്നു...

ഓനെ കണ്ടപ്പോ പെട്ടെന്ന് നമ്മളെ കണ്ണ് നിറഞ്ഞു...

നമ്മള് വേഗം തിരിഞ്ഞ് നിന്നിട്ട് കണ്ണ് തുടച്ചിട്ട് അടുക്കളയിലേക്ക് ഓടി...

അപ്പോ തന്നെ ഉമ്മച്ചി നമ്മളെ ഹാളിലേക്ക് വിളിച്ചു...എന്തൊക്കെ ന്യായീകരണങ്ങൾ പറഞ്ഞിട്ടും കാര്യമില്ലെന്ന് തോന്നിയപ്പോ ഗതികെട്ട് നമ്മള് ഹാളിലേക്ക് ചെന്നു... അപ്പോ ഉമ്മച്ചി ഞങ്ങളോട് സംസാരിച്ച് ഇരിക്കാൻ പറഞ്ഞിട്ട് അടുക്കളയിലേക്ക് പോയി...നമ്മള് ഉമ്മച്ചിന്റെ പിന്നാലെ പോകാൻ നിന്നെങ്കിലും ഉമ്മച്ചി പോയ അപ്പോ തന്നെ ആദി നമ്മളെ അടുത്തേക്ക് എണീറ്റ് വന്നിരുന്നു...

അതോണ്ട് നമ്മക്ക് ഉമ്മച്ചിന്റെ പിന്നാലെ പോകാൻ പറ്റീല...

പക്ഷെ, അപ്പോഴും നമ്മള് ആദിയെ നോക്കാതെ നിലത്ത് നോക്കി നിൽക്കെന്നു... ആദി എന്റെ അടുത്തേക്ക് വന്നിട്ട് നമ്മളോട് ഒന്നും മിണ്ടാതെ നമ്മളെ കയ്യിലേക്ക് നമ്മളെ ഗിറ്റാർ വെച്ച് തന്നിട്ട് തിരിച്ച് പോയി....

അത് കണ്ടതും നമ്മള് ഞെട്ടി തരിച്ചോണ്ട് ആദി പോകുന്നതും നോക്കി കൊണ്ട് ഹാളിന്റെ ജനലിലൂടെ

പുറത്തേക്ക് നോക്കി നിന്നു...

നമ്മളെ ഒന്ന് തിരിഞ്ഞു പോലും നോക്കാതെ ആദി ഓന്റെ കാറിൽ കേറി പോകുന്നത് നമ്മള് ഹൃദയം വിങ്ങുന്ന വേദനയിൽ നോക്കി നിന്നു...

അപ്പോ തന്നെ ഉമ്മച്ചി ഓന് കുടിക്കാൻ വേണ്ടി ചായ കൊണ്ട് വന്നപ്പോ നമ്മള് ഉമ്മച്ചി കാണാതെ കണ്ണ് തുടച്ചു...

"അല്ല..ആദി അപ്പോഴേക്കും പോയോ..?"

"ആ പോയി...."

"ഈ ചെക്കൻ ഒരു തുള്ളി വെള്ളം പോലും കുടിക്കാതെയാ പോയത്...

ഓൻ എന്നാലും എന്ത്യേ പറയാതെ പോയത്..?"

"പെട്ടെന്ന് പോയിട്ട് വല്ല അത്യാവശ്യവും കാണും ഉമ്മച്ചി...ആദി എന്റെ ഗിറ്റാർ തിരിച്ച് തരാൻ വന്നതാ..."

എന്ന് പറഞ്ഞിട്ട് ഉമ്മച്ചിക്ക് മുഖം കൊടുക്കാതെ നമ്മള് റൂമിലേക്ക് ഓടി പോയി വാതിൽ കുറ്റിയിട്ടു... ആദിയിൽ നിന്ന് നമ്മള് അകലാൻ നോക്കുമ്പോ ഓൻ തന്നെ നമ്മളിൽ നിന്നും അകന്ന് പോകുന്ന പോലെ തോന്നി... ഇല്ലെങ്കിൽ ഒരു തവണ എങ്കിലും ആദി നമ്മളെ തിരിഞ്ഞു നോക്കിയേനെ...

പക്ഷെ, അത് ഒരു കണക്കിന് ചിന്തിച്ചപ്പോ നന്നായെന്ന് തോന്നിയതോണ്ട് പിന്നെ നമ്മള് അതിനെ കുറിച്ച് ഒന്നും ചിന്തിച്ചില്ല...പകരം മനസ്സിലേക്ക് മറ്റു പല ചിന്തകളും കടന്ന് വന്ന് കൊണ്ടിരുന്നു....

അങ്ങനെ അന്നത്തെ ദിവസം തട്ടിയും മുട്ടിയും കടന്ന് പോയി...

പിറ്റേന്ന് കോളേജിലേക്ക് പോകാൻ ഒന്നും തോന്നിയില്ല...പക്ഷെ അച്ചു വിളിച്ച് ഇന്ന് വരുന്നില്ലേന്ന് ചോദിച്ചപ്പോ ഇല്ലന്ന് പറയാൻ മനസ്സ് വന്നില്ല...അതോണ്ട് അധികം ഉഷാറൊന്നും ഇല്ലാതെയാണ് നമ്മള് കോളേജിലേക്ക് പോയത്...

കോളേജിൽ എത്തിയപ്പോ തന്നെ നമ്മള് ചെന്ന് പെട്ടത്

നമ്മളെ ബ്രദേഴ്സിന്റെ മുന്നിലാ... അവരുടെ മുന്നിൽ ഒന്നും നമ്മളെ സങ്കടങ്ങൾ പുറത്ത് കാണിക്കാതെ അവരോട് കുറച്ച് നേരം സംസാരിച്ച് ഇരുന്നപ്പോഴാണ് ആദി അങ്ങോട്ട് വന്നത്...

ഓനെ കണ്ടപ്പോ നമ്മള് അവിടന്ന് പോകാൻ ഒരുങ്ങി കൊണ്ട് നിന്നതും കാക്കു നമ്മളെ അവിടെ പിടിച്ച് നിർത്തി...

"നീ ഇതെങ്ങോട്ട ഫെബി പോകുന്നത്..? നിങ്ങള് തമ്മിൽ വീണ്ടും വഴക്കയോ....?"

"കാക്കൂ എനിക്ക് ഒരൽപം തിരക്കുണ്ട്...ഞാൻ ക്ലാസ്സിലേക്ക് പോകാ..."

"എന്ത് തിരക്ക്...ഓ പിന്നെ നിനക്ക് അവിടെ മല മറിക്കുന്ന പണിയല്ലേ... അവിടെ നിൽക്ക് പെണ്ണേ... ഡാ ആദി നീ ഇങ്ങോട്ട് വാ..."

"വേണ്ട സിയാദേ... നമ്മള് ഇവിടെ ഉണ്ടെന്ന് കരുതി ഇനി ആരും പോകണ്ട...ഞാൻ പോയി തന്നോളാം..."

എന്ന് പറഞ്ഞ് നമ്മളെ ഒരു തവണ പോലും നോക്കാതെ ആദി അവിടന്ന് നടന്നകന്നു...

നമ്മളെ ബ്രദേഴ്സ് ഒക്കെ കൂടി ആദിയോട് അവിടെ നില്ക്കാൻ വേണ്ടി പറഞ്ഞെങ്കിലും ഓൻ അത് ചെവി കൊള്ളാതെ ഓന്റെ ബുള്ളറ്റും കൊണ്ട് കോളേജ് ഗേറ്റ് കടന്ന് പോയി...

നമ്മള് ഓന്റെ പോക്കും നമ്മളെ ഇങ്ങനെ ഒഴിവാക്കുന്നതിനെയും കുറിച്ച് ആലോചിച്ചോണ്ട് നമ്മളും അവിടന്ന് എണീറ്റിട്ട് ക്ലാസ്സിലേക്ക് നടന്നു...അച്ചൂനോട് എല്ലാവരും കൂടി എന്താ പ്രശ്നമെന്ന് ചോദിച്ചെങ്കിലും അവൾക്ക് അറിയില്ലാന്ന് പറഞ്ഞ് ഓളും നമ്മളെ പിന്നാലെ ക്ലാസ്സിലേക്ക് വന്നു...

നമ്മളെ കുരാമീസിനെയൊക്കെ ഒരുപാട് കാലായി കണ്ടിട്ടെന്ന് നമ്മക്ക് തോന്നി പോയി...അതോണ്ട് ചെന്നപാടെ അവര് മൂന്നിനെയും കെട്ടി പിടിച്ച് വിശേഷങ്ങളൊക്കെ ചോദിച്ച് അറിഞ്ഞോണ്ട് നമ്മള്

പഴയ പോലെ തന്നെ അവരോട് പെരുമാറി....

കാരണം ഇത്രയും കാലം എല്ലാ സങ്കടങ്ങളും ഉള്ളിലൊതുക്കി കൊണ്ട് നമ്മള് പുറമെ കളിച്ച് രസിച്ചു നടന്നത് ഇവരെ സന്തോഷത്തിന് വേണ്ടിയാണ്...

നമ്മള് സങ്കടപ്പെട്ടാൽ അത് പോലെ നമ്മളെ കുരാമീസിനും ഒരുപോലെ സങ്കടാവും...

മറ്റാർക്കും വേണ്ടി അല്ലെങ്കിലും എന്റെ കുരാമീസിന്റെ സന്തോഷത്തിന് വേണ്ടി എനിക്ക് സന്തോഷം അഭിനയിച്ചേ പറ്റൂ...

@ ⌞ പുസ്തക ശാല ⌞ ✔

അങ്ങനെ നമ്മള് നല്ലോണം അവർക്ക് മുന്നിൽ തകർത്ത് അഭിനയിച്ചെങ്കിലും ഇതൊക്കെ കണ്ടിട്ട് അച്ചൂന് അത്രക്ക് ദഹിക്കുന്നില്ലെന്നു... അത് ഓളെ നോട്ടത്തിൽ നിന്നും തന്നെ നമ്മക്ക് മനസ്സിലായി... നമ്മള് ഓളോടും പഴയ ഫെബിയായി പെരുമാറിയപ്പോ അച്ചുവും അതൊക്കെ മറന്ന് നമ്മളോട് പഴയ പോലെ തന്നെ പെരുമാറി...

ഇടക്ക് എപ്പോഴോ ആദിയുടെ ക്ലാസ്സിലേക്ക് അറിയാതെ നോട്ടമെറിഞ്ഞതും അവിടെ ആദിയെ മാത്രം നമ്മക്ക് കാണാൻ കഴിഞ്ഞില്ല...

നമ്മള് ഓനോട് അപ്പോ കാണിക്കുന്നത് അത്രക്ക് ക്രൂരതയാണോന്ന് വരെ നമ്മക്ക് തോന്നി...

അന്ന് കോളേജിലെ ക്ലാസ് മൊത്തം പരമ ബോറായിരുന്നു... ഒരു പിരീഡ് പോലും മനസ്സമാധാനത്തോടെ നമ്മൾ ക്ലാസ്സില് ഇരുന്നിട്ടില്ല...ആദിന്റെ ക്ലാസ്സില് ഓനെ കാണാത്തത് കാണുമ്പോ അതിലേറെ ടെൻഷൻ കൂടാണ്...

അങ്ങനെ അന്നത്തെ ക്ലാസ് കഴിഞ്ഞ് നമ്മളും കുരാമീസും കൂടി ഗ്രൗണ്ടിലൂടെ പോകുമ്പോ പെട്ടെന്ന് നമ്മളെ മുന്നിലേക്ക് ആ സൽമയും കൂട്ടരും കടന്ന് വന്നു...അവളെ കണ്ടപ്പോ തന്നെ നമ്മളെ മനസ്സിലേക്ക് ആദ്യം കടന്ന് വന്നത് ആദി പറഞ്ഞ കാര്യങ്ങൾ ആയിരുന്നു....

അതോണ്ട് തന്നെ നമ്മള് ദേഷ്യം കൺട്രോൾ ചെയ്യാൻ ഒരുപാട് പാട്പെട്ടു....

അവളിൽ നിന്നും അകന്ന് കൊണ്ട് നമ്മള് പോകാൻ നിന്നതും ഓള് നമ്മളെ മുന്നിൽ കേറി നിന്നു...

"എങ്ങോട്ടാ...? ഞാൻ ഇവിടെ നിൽക്കുന്നത് നീ കണ്ടില്ലേ?"

"കണ്ടു....കാണാതിരിക്കാൻ ഞാൻ കണ്ണ് പൊട്ടത്തിയൊന്നുമല്ല..."

എന്ന് നമ്മള് ഓളെ നോക്കി പുച്ഛിച്ചോണ്ട് പറഞ്ഞിട്ട് ഓളെ മറികടന്ന് പോകാൻ നിന്നതും ഓ നമ്മളെ കൈ പിടിച്ച് വലിച്ച് ഓളെ മുന്നിലേക്കിട്ടു...

"ഹാ....അങ്ങനെയങ്ങ് പോയാലോ...ഞാൻ ബെഡ് റസ്റ്റ് എടുക്കുമ്പോ എന്റെ മുന്നിലേക്ക് വന്നിട്ട് ഒരുപാട് വീരവാദങ്ങൾ മുഴക്കിയ ആളാണല്ലോ...

ഇപ്പോ എന്തെ നിനക്ക് ഒന്നും പറയാനില്ലേ...?"

"ഇല്ല...എനിക്ക് നിന്നോട് ഒന്നും പറയാനില്ല...അതോണ്ട് വെറുതെ നീ ഓരോന്ന് പറഞ്ഞ് ഇനി എന്റെ മുന്നിലേക്ക് വരരുത്..."

"വന്നാൽ നീ എന്ത് ചെയ്യുമെടി..."

എന്ന് പറഞ്ഞ് സൽമ നമ്മളെ പിടിച്ച് തള്ളിയതും നമ്മള് ഗ്രൗണ്ടില് വീണു പോയി... വേണ്ട വേണ്ടാന്ന് കരുത്തിയപ്പോ അവള് തന്നെ തുടങ്ങി വെച്ചത് ആയതോണ്ട് അവളെ വെറുതെ വിടാൻ ഞാൻ ഒരുക്കമല്ലായിരുന്നു...

നമ്മളെ കുരാമീസൊക്കെ കൂടി വീണിടത്ത് നിന്നും പിടിച്ച് എണീപ്പിച്ചതും സൽമ നമ്മളെ നേരെ പാഞ്ഞു വന്നു... എന്തും നേരിടാൻ തയ്യാറായി കൊണ്ട് നമ്മളും ഓളെ നേരെ നടന്നടുത്തതും ഞങ്ങളെ മുന്നിലേക്ക് ഒരു തടസമായി കൊണ്ട് ആദി വന്ന് നിന്നു... അതും ആ സൽമയുടെ ഭാഗത്തേക്ക് തിരിഞ്ഞ് നിന്നോണ്ട്...

"ഓ വന്നോ...രക്ഷകൻ...ഇവളെ തൊടുമ്പോ മാത്രം ഇത്ര കറക്റ്റ് ആയിട്ട് നീയെങ്ങനെ അറിയുന്നു...?
അതിന് മാത്രം എന്ത് ചേമ്പാ നിങ്ങള് തമ്മിലുള്ളത്...?"

"അത് എന്ത് തന്നെ ആയാലും നിന്നെ ബാധിക്കുന്ന പ്രശ്നമല്ല...അതോണ്ട് നീ പ്രശ്നമുണ്ടാക്കാതെ ഇവിടന്ന് പോകാൻ നോക്ക് സൽമാ..."

"ആര് പറഞ്ഞു ആദി എന്നെ അത് ബാധിക്കില്ലെന്ന്...അത് എന്നെ മാത്രമേ ബാധിക്കൂ...

ഒരിക്കൽ നീ എനിക്ക് നൽകിയിരുന്ന സ്നേഹവും സംരക്ഷണവുമാണ് ഇന്ന് നീ ഇവൾക്ക് നൽകുന്നത്... അത് കണ്ട് കൊണ്ട് ഒന്നും മിണ്ടാതെ ഞാൻ പോകാണമെന്നാണോ നീ പറയുന്നത്?

അങ്ങനെ സംഭവിക്കണമെങ്കിലെ ഈ ഞാൻ സൽ മ അല്ലാതെ ഇരിക്കണം..."

"അച്ചു...നീ അവളെയും കൊണ്ട് വേഗം വീട്ടിൽ പോകാൻ നോക്ക്...നല്ല മഴ പെയ്യാൻ സാധ്യതയുണ്ട്...നിങ്ങള് ചെല്ല്..."

എന്ന് ആദി നമ്മളെ മുഖത്തേക്ക് നോക്കാതെ അച്ചൂനോട് പറഞ്ഞപ്പോ ഓള് നമ്മളെ കൈ പിടിച്ച് നമ്മളെയും കൊണ്ട് അവിടന്ന് പോകാൻ ഒരുങ്ങിയതും ആ സൽ മ അപ്പോഴേക്കും നമ്മളെ കയ്യിൽ പിടുത്തമിട്ടിരുന്നു...

ഓളെ കയ്യിൽ നിന്നും നമ്മള് കൈ വിടുവിക്കാൻ വേണ്ടി ശ്രമിക്കുമ്പോഴാണ് ഓള് നമ്മളെ പിടിച്ച് വീണ്ടും തള്ളിയത്... ഇപ്രാവശ്യം നമ്മള് നിലത്ത് വീണെങ്കിലും അത് ആദിയെയും കൊണ്ടായിരുന്നു എന്ന് മാത്രം...

ഓള് നമ്മളെ പിടിച്ച് തള്ളിയപ്പോ നമ്മള് വീഴാൻ പോയതും ആദി നമ്മളെ കൈ പിടിച്ച് ഓന്റെ അടുത്തേക്ക് വലിച്ചിട്ടിരുന്നു...അപ്പോ തന്നെ ബാലൻസ് കിട്ടാതെ നിലം പതിക്കുകയായിരുന്നു ഞങ്ങൾ...

നമ്മള് വീണിടത്ത് നിന്നും മുഖമുയർത്തി ആദിയെ നോക്കി നിന്നപോ ഓൻ നമ്മളെ കണ്ണിലേക്ക് തന്നെ നോക്കി കിടക്കെന്നു... ഓന്റെ നോട്ടം കണ്ടപ്പോ എന്തോ പോലെ തോന്നിയതോണ്ട് നമ്മള് വേഗം അവനിൽ നിന്നും മുഖം തിരിച്ചിട്ട് വേഗം അവന്റെ മോളിൽ നിന്നും എണീറ്റ് നിന്നു...

അപ്പോ ആ സൽമ ഞങ്ങളെ രണ്ട് പേരെയും മാറി മാറി രൂക്ഷമായിട്ട് നോക്കി ഒരു ഭ്രാന്തത്തിയെ പോലെ നിന്ന് അലറി... എന്നിട്ട് സമനില തെറ്റിയ ആളുകളെ പോലെ എന്തൊക്കെയോ കാണിച്ച് കൂട്ടി... അതൊക്കെ കൂടി കണ്ടപ്പോ നമ്മക്ക് ഒക്കെ നല്ലോണം പേടി തോന്നി...

കാരണം ഇവളെ ഇതിന് മുൻപ് ഇത്രക്ക് വയലാന്റായിട്ട് ഞങ്ങൾ ആരും കണ്ടിട്ടില്ല...

പെട്ടെന്ന് ഓള് അവിടെ കിടന്ന ഒരു വലിയ കല്ലും കൊണ്ട് നമ്മളെ അടുത്തേയ്ക്ക് ഓടി വന്നതും നമ്മള് പകച്ച് ഒന്നങ്ങാൻ പോലും പറ്റാതെ അങ്ങനെ നിന്ന് പോയി...

ഓള് നമ്മളെ അടുത്ത് എത്തിയതും കണ്ണടച്ച് പിടിച്ച് നമ്മള് അവിടെ നിന്നു....

അവള് ഒന്നും ചെയ്യാത്തത് കണ്ടപ്പോ നമ്മള് കണ്ണ് തുറന്ന് നോക്കി...അപ്പോ സാലിം വന്ന് സൽമയെ തടുത്ത് നിർത്തിയതായിരുന്നു...

ഓൻ ഓളോട് എന്തൊക്കെയോ പറഞ്ഞ് ഓളെ അവിടന്ന് വലിച്ച് കൊണ്ട് പോയപ്പോഴും നമ്മളെ മുന്നില് ഒരു കവചം പോലെ ആദി നിൽക്കുന്നത് നമ്മള് ശ്രദ്ധിച്ചില്ല...

സൽമയെ അവിടന്ന് കൊണ്ട് പോയതും അച്ചു നമ്മളെ പിടിച്ചോണ്ട് വേഗം ബസ് സ്റ്റോപ്പിലേക്ക് നടന്നു...

അപ്പോഴാണ് നമ്മള് ആദിയെ കുറിച്ച് ചിന്തിച്ചത് തന്നെ...

ഓനെ കുറിച്ച് ഓർമ്മ വന്നപ്പോ നമ്മള് ഗേറ്റ് കടന്ന് പോകുന്നതിന് മുൻപ് ഒന്ന് ഗ്രൗണ്ടിലേക്ക് തിരിഞ്ഞു നോക്കി... അവിടെ അപ്പോ ആദി പോയിട്ട് ഒരു ഈച്ച പോലും ഇല്ലെന്നു...

എംതൊക്കെയാ കുറച്ച് മുൻപ് വരെ നടന്നതെന്ന് ആലോചിച്ചിട്ട് നമ്മക്ക് ഒരു എത്തും പിടിയും കിട്ടുന്നില്ല... അച്ചു ആണെങ്കിൽ നമ്മളോട് കമാന്ന് ഒരക്ഷരം പോലും മിണ്ടാതെ നമ്മളെ കയ്യും പിടിച്ച് നടക്കാണ്...

ഞങ്ങള് ബസ് സ്റ്റോപ്പിൽ എത്തിയതും മഴ നല്ല തകൃതിയായി പെയ്യാൻ തുടങ്ങി...

"ഭാഗ്യം മഴ കൊണ്ടില്ല...വീട്ടിൽ എത്തുമ്പോഴേക്കും മഴ ഒന്ന് മാറി കിട്ടിയാൽ മതിയായിരുന്നു..."

അച്ചു പറയുന്നത് കേട്ട് നമ്മളൊന്ന് മൂളി കൊടുത്തു...അപ്പോ തന്നെ ഞങ്ങൾക്ക് പോകാനുള്ള ബസ് സ്റ്റോപ്പിൽ എത്തി ഞങ്ങൾ അതിൽ കേറി

ഇരുന്നു...

ബസിൽ കേറുമ്പോ നമ്മള് ചെറുതായിട്ട് നനഞ്ഞിരുന്നു, അതോണ്ട് നമ്മള് മേലാകെ ഒന്ന് കുടഞ്ഞിട്ട് കയ്യിലേക്ക് നോക്കിയതും നമ്മള് ഞെട്ടി പോയി...

സമീർക്ക നമ്മളെ അണിഞ്ഞ മോതിരം നമ്മളെ കയ്യിൽ കാണുന്നില്ല...

"അച്ചു...എന്റെ മോതിരം....സമീർക്ക എനിക്ക് ഇട്ട് തന്ന മോതിരം കാണുന്നില്ലടി..."

"അത് എവിടെ പോകാനാ ഫെബി...നീ നല്ലോണമൊന്ന് നോക്ക്..."

"ഇല്ല അച്ചു ഇവിടെ ഒന്നും കാണാനില്ല...ഒരു ചെലപ്പോ കോളേജിൽ കാണും...

വണ്ടി നിർത്ത് ആളെറങ്ങണം..."

നമ്മള് കരച്ചിൽ അടക്കി പിടിച്ചോണ്ട് ബസിൽ നിന്നും

എണീറ്റ് വിളിച്ച് കൂവിയതും ബസ് നിർത്തി...നമ്മള് അച്ചൂനോട് വീട്ടിലേക്ക് പൊയ്ക്കോ ആ മോതിരം കിട്ടാതെ ഞാൻ വരില്ലാന്ന് പറഞ്ഞപ്പോ ഓളും നമ്മളെ കൂടെ അവിടെ ഇറങ്ങി... എന്നിട്ട് നമ്മളെ കൂടെയെ ഓള് പോകൊള്ളുന്ന് പറഞ്ഞിട്ട് നമ്മളെ കൂടെ തിരിച്ച് കോളേജിലേക്ക് അവള് വന്നു...

"ഫെബി നീയോന്ന് ശരിക്ക് ഓർത്ത് നോക്ക് എവിടെയാ അത് കളഞ്ഞതെന്ന്..."

"എനിക്ക് ഓർമ്മ ഇല്ല അച്ചൂ....വാ നമുക്ക് ഗ്രൗണ്ടില് പോയി നോക്കാം..."

എന്ന് പറഞ്ഞ് ആ പെരുമഴയത്ത് നമ്മള് അച്ചൂനെയും കൊണ്ട് ഗ്രൗണ്ടിലേക്ക് നടന്നു...

ഗ്രൗണ്ട് മൊത്തം വെള്ളം കൊണ്ട് നിറഞ്ഞിട്ട് നമ്മക്ക് ഒന്നും വ്യക്തമായിട്ട് കാണുന്നില്ല...

സമീർക്കയുടെ ഓർമയ്ക്ക് നമ്മളെ കയ്യിൽ ആകെ ബാക്കിയുള്ളത് ആ മോതിരമാണ്...അതോണ്ട് നമ്മക്ക് അത് കിട്ടിയേ പറ്റൂ... അതിന് വേണ്ടി നമ്മള് ആ ഗ്രൗണ്ട്

മൊത്തം മോതിരവും തിരഞ്ഞു നടന്നു...

പക്ഷെ,നമ്മക്ക് അത് കണ്ട് കിട്ടിയില്ല...നമ്മളെ ഉള്ളിലെ വിഷമം കണ്ണീരായി പുറത്ത് വന്നെങ്കിലും മഴയിൽ നമ്മളെ കണ്ണീർ ആരും കണ്ടില്ല... ഇനി എവിടെ ചെന്ന് അത് തെരയുമെന്ന് വിഷമിച്ച് നിന്നപ്പോഴാണ് നമ്മളെ അടുത്തേക്ക് അച്ചു വന്നിട്ട് നമ്മളോട് പോകാം എന്ന് പറഞ്ഞത്...

"അച്ചു...എനിക്ക് ആ മോതിരം വേണമെടാ...പ്ലീസ്...എനിക്ക് അത് കണ്ടെത്തി താ..."

"ഫെബി നീയിങ്ങനെ കരയല്ലേ...എനിക്ക് അറിയാം നിനക്ക് ആ റിങ് എത്രത്തോളം പ്രധാന്യമുണ്ടെന്ന്... പക്ഷെ, ഇവിടെ ഒന്നും അത് കാണുന്നില്ലല്ലോ പിന്നെ നമ്മളെന്താ ചെയ്യാ..."

"നീ ഇതാണോ തിരയുന്നത്...?"

അച്ചു അത് പറഞ്ഞ് നിർത്തിയതും നമ്മളെ പിറകിൽ നിന്നും അങ്ങനെ ഒരു ശബ്ദം കേട്ടതും ഞങ്ങൾ രണ്ട് പേരും ഒരുമിച്ച് തിരിഞ്ഞു നോക്കി....അപ്പോ ആദിയതാ നമ്മളെ മോതിരവും കയ്യിൽ പിടിച്ചിട്ട് നമ്മളെ നോക്കി നിൽക്കുന്നു...

നമ്മക്ക് അപ്പോ സന്തോഷം കൊണ്ട് കരയണോ ചിരിക്കണോ എന്ന് അറിയാൻ പാടില്ലാത്ത അവസ്ഥ വന്നു... നമ്മള് ആദിയെ നോക്കി പുഞ്ചിരി തൂകി കൊണ്ട് അതെ എന്ന് തലയാട്ടി...

അപ്പോ ആദി നമ്മളെ അടുത്തേക്ക് ആ മോതിരവും കൊണ്ട് വന്നിട്ട് നമ്മളെ നേരെ അത് നീട്ടി...നമ്മക്ക് ആദിയോട് എന്തോ വീണ്ടും ഒരു ഇഷ്ടം കൂടി വന്നു... നമ്മള് ആ മോതിരത്തിന് വേണ്ടി ആദിന്റെ നേരെ കൈ നീട്ടിയതും ഓൻ പെട്ടെന്ന് കൈ പിൻവലിച്ചിട്ട് അത് അമ്മാനമാടാൻ തുടങ്ങി...

"ഇത് നിനക്ക് സമീർ തന്ന റിങ് ആകുമല്ലേ...അതോണ്ടല്ലേ ഈ മഴ പോലും വക വെക്കാതെ നീ ഇതും തേടി വന്നത്...?"

നമ്മള് അതെ എന്ന രീതിയിൽ ആദിയെ നോക്കി തലയാട്ടി...

"ഞാൻ നിന്റെ കൂടെയുള്ളപ്പോ പിന്നെ എന്തിനാ നിനക്കീ മോതിരം...?"

എന്ന് പറഞ്ഞ് നമ്മളെ മറുപടിക്ക് പോലും കാത്ത് നിൽക്കാതെ ആദി ആ മോതിരം എടുത്ത് എങ്ങോട്ടോ വീശി എറിഞ്ഞു... ആ റിങ് പോയതും ഇതുവരെ അവനിൽ എനിക്ക് തോന്നിയ ഇഷ്ടവും കൂടി ഇല്ലാതായി അവനോട് ഒരു ദേഷ്യം കൂടി...

ആ റിങ് പോയ വേദനയിൽ ആദിയോടുള്ള ദേഷ്യം നമ്മള് ഓന്റെ മുഖത്ത് അടിച്ച് കൊണ്ട് തീർത്തു...

(തുടരും)

ഭാഗം.80

ആദി ആ മോതിരം വലിച്ചെറിഞ്ഞതും നമ്മക്ക് ഓനോട് പെട്ടെന്ന് ദേഷ്യം ഇരച്ച് കേറി...ആ നിമിഷം തന്നെ ആദിന്റെ മുഖത്ത് നമ്മളെ കൈ പതിഞ്ഞു...

"ഫെബി...എന്താ നീ കാണിക്കുന്നെ...?"

എന്ന് പറഞ്ഞ് അച്ചു നമ്മളെ കൈ പിടിച്ച് നമ്മളെ അവിടന്ന് കൊണ്ട് പോകാൻ നോക്കി...നമ്മള് അപ്പോ തന്നെ അച്ചുവിന്റെ കയ്യിൽ നിന്നും കുതറി മാറി....

"എന്നെ വിട് അച്ചു... ഇന്നത്തോടെ ഇവന്റെ കാര്യത്തിൽ ഒരു തീരുമാനം എടുക്കണം... ഇവൻ ചെയ്യുന്നതൊക്കെ ഞാൻ ക്ഷമിച്ചിട്ടുണ്ട് പക്ഷെ ഇത്...ഇതെനിക്ക് ഒരിക്കലും ക്ഷമിക്കാൻ കഴിയില്ല..."

നമ്മള് അച്ചുവിന്റെ കൈ നമ്മളിൽ നിന്നും വിടുവിച്ചിട്ട് ആദിന്റെ നേരെ ചെന്ന് അവന്റെ കോളറിൽ

പിടുത്തമിട്ടു...

"എന്തിനാ നീ ഇങ്ങനെ ചെയ്തത്...? എന്റെ സമീർക്ക എനിക്ക് തന്ന മോതിരം നീ എന്തിനാ വലിച്ചെറിഞ്ഞത്...പറ...പറയാൻ..."

എന്ന് പറഞ്ഞ് ഓന്റെ കോളറിൽ പിടിച്ച് കുലുക്കിയപ്പോ ഓൻ നമ്മളെ കൈ ഓന്റെ കോളറിൽ നിന്നും വിടുവിച്ചിട്ട് ഓന്റെ ഷർട്ട് നേരെയാക്കി.... ഒന്നും സംഭവിക്കാത്ത പോലെയുള്ള ഓന്റെ മനോഭാവം കണ്ടപ്പോ നമ്മക്ക് വീണ്ടും ദേഷ്യം കൂടി...

"ഞാൻ ചോദിച്ചതിന് എന്താ നിനക്ക് മറുപടി പറയാനില്ലേ.... അല്ലെങ്കിലും നീ ആഗ്രഹിച്ചത് നേടിയെടുക്കണമെന്ന വാശിയിൽ നടക്കുന്ന നിനക്ക് ഒന്നും എന്റെ സ്നേഹത്തിന്റെയും ആ മോതിരത്തിന്റെയും വില പറഞ്ഞാൽ മനസ്സിലാകില്ല..."

"എനിക്കല്ലാതെ മറ്റാർക്കാ ഐഷു അതിന്റെ വില പറഞ്ഞാൽ മനസ്സിലാകാ...?"

ആദി അങ്ങനെ ചോദിച്ചപ്പോ അതുവരെ കരഞ്ഞോണ്ട് നിന്ന നമ്മള് ഒരു നിമിഷം പകച്ച് അവനെ തന്നെ നോക്കി നിന്നു പോയി....

"എനിക്ക് അതൊന്നും മനസ്സിലാക്കാൻ കഴിയില്ലാന്ന് പറഞ്ഞല്ലോ നീ... പിന്നെ ആർക്കാ അതൊക്കെ മനസ്സിലാകാ... പറ...."

എന്ന് പറഞ്ഞ് ആദി നമ്മളെ പിടിച്ച് കുലുക്കി...അവനോട് എന്ത് മറുപടി പറയണമെന്ന് അറിയാതെ നമ്മള് ഓനെ തന്നെ നോക്കി നിന്നു...

ഓൻ പറഞ്ഞത് ശരിയാണ്... നമ്മളെ സ്നേഹത്തെ കുറിച്ചും ആ മോതിരത്തിന് ഞാൻ കൊടുക്കുന്ന പ്രാധാന്യത്തെ കുറിച്ചും ആദിക്കല്ലാതെ മറ്റാർക്കും പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കില്ല.... കാരണം അതെല്ലാം അവന് അർഹതപെട്ടതാണ്...എന്റെ സ്നേഹവും ആ മോതിരവും...

പക്ഷെ, എത്രയൊക്കെ ശ്രമിച്ചാലും സമീർക്കാൻറെ ഹൃദയം ഓനിൽ ഉണ്ടെന്ന് വെച്ചാലും ഓൻ ഒരിക്കലും സമീർക്ക ആകില്ലല്ലോ...

അതോണ്ട് നമ്മള് പിന്നെ ഒന്നും ആദിയോട് മിണ്ടാൻ നിന്നില്ല... ഓനിൽ നിന്നും പെട്ടെന്ന് നമ്മള് മുഖം തിരിച്ചിട്ട് നമ്മള് തിരിഞ്ഞു നടന്നു...

"അവിടെ നിൽക്ക് ഐഷു... എനിക്ക് ഒരു കൃത്യമായ മറുപടി തന്നിട്ട് പോ..."

എന്ന് പറഞ്ഞ് ആദി നമ്മളെ മുന്നിലേക്ക് കേറി വന്നു...നമ്മള് ഓന്റെ മുഖത്തേക്ക് നോക്കാതെ തലയും താഴ്ത്തി അവിടെ നിന്നു...അപ്പോ ആദി നമ്മളെ മുഖം പിടിച്ച് ഉയർത്തി കൊണ്ട് നമ്മളെ കണ്ണിലേക്ക് നോക്കി നിന്നു...

"ഇനിയെങ്കിലും നീ ഒന്ന് പറ ഐഷു....നിനക്ക് എന്നോട് ഒരു തരിയെങ്കിലും സ്നേഹമില്ലേ...?"

ആദിയുടെ ചോദ്യത്തിന് മുന്നിൽ നമ്മളൊന്ന് പതറിയെങ്കിലും നമ്മള് എല്ലാം ആദ്യം തന്നെ തീരുമാനിച്ച് ഉറപ്പിച്ചതോണ്ട് ഓന്റെ ചോദ്യത്തിന് ഒരു മറുപടി എന്നോണം അവന്റെ കൈ തട്ടി മാറ്റി കൊണ്ട്

നമ്മള് നടന്ന് നീങ്ങി...

പക്ഷെ ഓൻ അപ്പോഴേക്കും നമ്മളെ കൈ പിടിച്ച് വലിച്ച് ഓന്റെ മുന്നിലേക്ക് ഇട്ടിരുന്നു...

"ഞാൻ ചോദിച്ചതിന് ഒരു മറുപടി തരാതെ നീ ഇവിടന്ന് പോകില്ല..."

ആ മഴയിൽ ആദിയുടെ കൈകൾക്കുള്ളിൽ കിടന്ന് നമ്മളെ കൈ നെരിപിരി കൊണ്ടെങ്കിലും അതിന്റെ വേദന കടിച്ച് പിടിച്ചോണ്ട് നമ്മള് ഓനിൽ നിന്നും കൈ പിൻവലിച്ചു...

"നിനക്ക് ഇപ്പോ എന്താ അറിയേണ്ടത്...എനിക്ക് നിന്നെ ഇഷ്ടമാണോ എന്നോ....എന്നാൽ കേട്ടോ ഈ മഴയെ സാക്ഷിയാക്കി ഞാൻ പറയാണ് എനിക്ക് നിന്നെ ഇഷ്ടമല്ല....ഇനി ഒരിക്കലും ഇഷ്ടപ്പെടുകയുമില്ല..."

നമ്മള് അത് പറഞ്ഞു നിർത്തിയതും കാത് തുളച്ചു കേറുന്ന രീതിയിൽ പെട്ടെന്ന് ഒരു ഇടി വെട്ടി...

അപ്രതീക്ഷിതമായ ഒരു കാര്യമായതോണ്ട് തന്നെ

നമ്മള് പേടിച്ച് ആദിയെ കെട്ടി പിടിച്ച് നിന്നു...

ആ ഇടി വെട്ടിയ ഷോക്കിൽ നമ്മള് പേടിച്ചിട്ട് നമ്മളെ ഹാർട്ട് ബീറ്റോക്കെ നന്നായി കുതിച്ചുയരുന്നുണ്ടായിരുന്നു....അപ്പോഴാണ് നമ്മളെ കാതിലേക്ക് ആദിയുടെ ഹാർട്ട് ബീറ്റ് സൗണ്ട് കേട്ടത്....അത് കേട്ടതും തീയിൽ തൊട്ട പോലെ നമ്മള് പെട്ടെന്ന് തന്നെ ആദിയിൽ നിന്നും അകന്ന് നിന്നു...

ആദി നമ്മളെ നോക്കി പുഞ്ചിരി തൂകി കൊണ്ട് നമ്മളെ അടുത്തേക്ക് നടന്നു വന്നു...നമ്മക്ക് അപ്പോ എന്ത് ചെയ്യണമെന്ന് അറിയാത്ത അവസ്ഥയായിരുന്നു...അതോണ്ട് നമ്മള് ഓനിൽ നിന്നും കണ്ണെടുക്കാതെ ഓനെ തന്നെ നോക്കി...

"നീ കള്ളസത്യം ചെയ്തത് കൊണ്ടാ ആ ഇടി പോലും നിന്നോട് പ്രതികരിച്ചത്...

നീ എന്നെ ഇഷ്ടമല്ലാന്ന് പറഞ്ഞപ്പോ തന്നെ നിന്നെ ഇനി ശല്യം ചെയ്യരുതെന്നാ കരുതിയത്...

പക്ഷെ, നീ പറഞ്ഞത് കള്ളമാണെന്ന് പടച്ചോൻ തന്നെ

എനിക്ക് കാണിച്ച് തന്ന സ്ഥിതിക്ക് ഇനി ഞാൻ എന്ത് സംഭവിച്ചാലും നിന്നെ വിട്ട് പോകുന്ന പ്രശ്നമില്ല...

നീ പറഞ്ഞത് കള്ളമാണെന്ന് അറിഞ്ഞെങ്കിലും അത് നിന്റെ വായെന്ന് തന്നെ കേൾക്കാൻ വേണ്ടി നമ്മള് ഇനി എന്തും ചെയ്യും... നീ തന്നെ വന്ന് എന്നെ ഇഷ്ടമാണെന്ന് നിന്നെ കൊണ്ട് തന്നെ പറയിപ്പിക്കും... ഇനി ഉള്ള എന്റെ നാളുകൾ അതിന് വേണ്ടി മാത്രം ആയിരിക്കും....

അച്ചൂ....ഞാൻ നിന്റെ മാമന് വിളിച്ചിട്ടുണ്ട് നിഖിൽ വരും നിങ്ങളെ കൊണ്ട് പോകാൻ...ഇവളെയും കൊണ്ട് സ്റ്റോപ്പിലേക്ക് പൊയ്ക്കോ..."

ആദി പറയുന്നതൊക്കെ നമ്മള് ഒരു പ്രതിമ കണക്കെ നിന്ന് കേട്ടു എന്നല്ലാതെ മറിച്ച് ഒന്നും പറയാൻ നമ്മളെ നാവ് പൊന്തിയില്ല... അപ്പോ അച്ചു നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ കയ്യിൽ പിടിച്ചു...

എന്നിട്ട് ആദിയോട് അവിടെ നില്ക്കാൻ പറഞ്ഞു....

"കാക്കൂ....ഇങ്ങക്ക് എങ്ങനെ എന്റെ മാമനെ അറിയാം...?"

"അത് നിന്റെ മാമനോട് തന്നെ ചോദിച്ച് നോക്ക് അവൻ പറഞ്ഞു തരും...

ഇവിടെ നിന്നിനി അധികം കറങ്ങാൻ നിക്കാണ്ട് തിരിച്ച് പോകാൻ നോക്ക്...മഴ ഇപ്പോ കുറഞ്ഞിട്ടുണ്ട്..."

എന്ന് പറഞ്ഞ് ആദി നമ്മളെ നോക്കി പുഞ്ചിരിച്ചോണ്ട് നടന്നകലുന്നത് നമ്മള് അപ്പോഴും അവിടെ ഷോക്കടിച്ച് നിന്നോണ്ട് നോക്കി നിന്നു....

അച്ചു എന്തൊക്കെയോ പറഞ്ഞ് നമ്മളെ പിടിച്ച് വലിച്ച് സ്റ്റോപ്പിലേക്ക് കൊണ്ട് പോയപ്പോ അവിടെ അച്ചൂന്റെ മാമൻ ഞങ്ങളെയും കാത്ത് നിൽക്കുന്നുണ്ടെന്നു...

അച്ചു ചെന്നപാടെ ഓളെ മാമനോട് ചോദിച്ചത് ആദിയെ കുറിച്ചാണ്...

ഓളെ മാമനും ആദിയും ഫ്രണ്ട്സാണത്രെ...അതോണ്ടാണ് ആദി പറഞ്ഞപ്പോ തന്നെ നമ്മളെ കൊണ്ട് പോകാൻ വന്നത്...

നമ്മളെ അച്ചുവും മാമനും കൂടി വീട്ടിൽ കൊണ്ടാക്കി വിട്ടപ്പോ തിരിച്ച് ഒരു താങ്ക്സ് പോലും പറയാതെ നമ്മള് വീട്ടിലേക്ക് കേറിയിരുന്നു....

അപ്പോ ഉമ്മച്ചി നമ്മളെ കോലം കണ്ടിട്ട് ഒരുപാട് ചീത്ത പറഞ്ഞെങ്കിലും നമ്മളത് കാര്യമാക്കാതെ വേഗം റൂമിലേക്ക് കേറി പോയി...

റൂമിൽ എത്തിയപ്പോ തന്നെ ബാഗ് വലിച്ചെറിഞ്ഞ് നമ്മള് ബാത്റൂമിലേക്ക് കേറി ശവറിന്റെ ചോട്ടിൽ അങ്ങനെ ഇരുന്നു...

അപ്പോ ആദി പറഞ്ഞ ഓരോ വാക്കുകളും നമ്മളെ ഓർമ്മകളിലേക്ക് വന്നു....നമ്മളെ കയ്യിലേക്ക് നോക്കിയപ്പോ സമീർക്ക ഇട്ട് തന്ന മോതിരത്തിന്റെ പാട് നന്നായിട്ട് കാണുന്നുണ്ടെന്നു...അത് കണ്ടപ്പോ നമ്മക്ക് അതിലേറെ സങ്കടം വന്നു... നമ്മള് കൈ നെഞ്ചോട് ചേർത്ത് വെച്ച് ഒരുപാട് കരഞ്ഞു....

കുറച്ച് കഴിഞ്ഞപ്പോ മനസ്സിൽ നിന്നും വലിയ ഒരു ഭാരം ഇറങ്ങി പോയ പോലെ നമ്മക്ക് തോന്നി...നമ്മള് ഫ്രഷായി നിസ്കരിച്ചിട്ട് ഉമ്മച്ചിനോട് തല വേദന ആണെന്ന് പറഞ്ഞ് പോയി കിടന്നു...

എത്ര തിരിഞ്ഞും മറിഞ്ഞും കെണഞ്ഞ് പരിശ്രമിച്ചിട്ടും നമ്മക്ക് ഉറക്കം വന്നില്ല...ആദിയാണ് ഇപ്പോ നമ്മളെ ഉറക്കം കെടുത്തി കൊണ്ടിരിക്കുന്നത്...

പിന്നീട് നമ്മള് എപ്പോഴോ ഉറക്കിലേക്ക് വഴുതി വീണിരുന്നു...

രാവിലെ നിർത്താതെ ഫോൺ ചെലച്ചോണ്ടിരിക്കുന്നത് കെട്ടിട്ടാണ് നമ്മള് ഞെട്ടി എണീറ്റത്...

നോക്കുമ്പോ അച്ചുവാണ് വിളിക്കുന്നത്...ഇവളെന്താ പതിവില്ലാതെ വിളിക്കുന്നതെന്ന് കരുതി നമ്മള് കോൾ അറ്റൻഡ് ചെയ്തപ്പോ അപ്പുറത്ത് നിന്നും അച്ചു പൊരിഞ്ഞ ചീത്ത...എന്താ സംഭവമെന്ന് അറിയാതെ നമ്മള് ഒന്ന് കൂടി ഫോണിലേക്ക് നോക്കിയപ്പോ ഒരുപാട് മിസ്സ് കോൾ കണ്ടു...അതിനുള്ള വെടികെട്ടാണെന്ന് നമ്മക്ക് മനസ്സിലായി...

ഓള് എന്തൊക്കെയോ ചീത്ത പറഞ്ഞ് നമ്മളോട് ഇനി മിണ്ടില്ലാന്ന് പറഞ്ഞ് ഓള് ഫോൺ കട്ട് ആക്കി...

ഇനി ഇപ്പോ അവളെ പിണക്കം മാറ്റാൻ ഇന്ന് കോളേജിൽ പോയെ പറ്റൂന്ന് മനസ്സിലായി...അതോണ്ട് നമ്മള് വേഗം മാറ്റി ഒരുങ്ങി ബസ് സ്റ്റോപ്പിലേക്ക് പോയി...

അവിടെ ചെന്നപ്പോ അച്ചു നമ്മളെ കണ്ടിട്ടും കാണാത്ത പോലെ നിന്നിട്ട് മുഖം തിരിച്ചു.... നമ്മള് അപ്പോ തന്നെ ഒരു വളിച്ച ഇളിയും പാസാക്കി കൊണ്ട് ഓളോട് കൊറേ സോറി പറഞ്ഞു...

അപ്പോ ഓള് നമ്മളെ ഇടങ്കണ്ണിട്ട് നോക്കിയിട്ട് പൊട്ടിച്ചിരിച്ചു... പടച്ചോനെ പെണ്ണിന് വട്ടായോന്ന് ചിന്തിച്ച് നമ്മള് ഓളെ തന്നെ നോക്കി നിന്നു...

"സോറി ഫെബി...."

"ങേ...സോറിയോ...എന്തിന്..?"

"നീ ഇന്ന് കോളേജിലേക്ക് വരില്ലെന്ന്

തോന്നി...അതോണ്ട് നിന്നെ വരുത്താൻ വേണ്ടി ഞാൻ ചുമ്മാ നിന്നോട് പിണങ്ങിയ പോലെ അഭിനയിച്ചതാ..."

ഓളെ വർത്താനം കേട്ട് നമ്മൾ ഓളെ രൂക്ഷമായി നോക്കിയിട്ട് തിരിച്ച് പോകാനൊരുങ്ങിയതും ഓള് നമ്മളെ മുന്നിൽ കേറി നിന്ന് ഒരുപാട് സോറി പറഞ്ഞോണ്ട് ഏത്തമിട്ടു... അത് കണ്ടോണ്ട് വഴിയിൽ കൂടി പോകുന്നവരൊക്കെ ഞങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങിയതും നമ്മള് ഓളെ ക്ഷമ സ്വീകരിച്ചു...

അപ്പോ തന്നെ ആ കോന്തൻ ആദിന്റെ ബസ് ഞങ്ങളെ മുന്നിൽ വന്ന് നിന്നു... അത് കണ്ടപ്പോ തിരിച്ച് വീട്ടിലേക്ക് മടങ്ങി പോകാൻ തോന്നിയെങ്കിലും നമ്മള് അതൊന്നും വക വെക്കാതെ ബസിൽ കേറി കോളേജിലേക്ക് പോയി...

ഗേറ്റിന് മുന്നിൽ തന്നെ ആ കോന്തനെ പ്രതീക്ഷിച്ചെങ്കിലും അവിടെയൊന്നും ഓനെ നമ്മള് കണ്ടില്ല... ഞങ്ങൾ ക്ലാസ്സിലേക്ക് ചെന്നപ്പോ എല്ലാവരും ക്ലാസ്സിൽ ഇരുന്ന് പൊരിഞ്ഞ പഠിത്തമായിരുന്നു...

ഇവരൊക്കെ എന്താ ഇത്ര കാര്യമായിട്ട് പഠിക്കുന്നതെന്ന് ചിന്തിച്ച് നമ്മള് കുരാമീസിന്റെ അടുത്തേക്ക് ചെന്നു...

"എന്താടി എല്ലാവരും കാര്യമായ പഠിത്തത്തിൽ ആണല്ലോ എന്താ സംഭവം...?"

"അപ്പോ സംഭവം എന്താന്ന് തമ്പുരാട്ടിക്ക് അറിയില്ലേ..? ഇന്ന് ആ ഭീമൻ രഘുവിന്റെ പിരീഡ് ക്ലാസ് ടെസ്റ്റാ...മറന്നു പോയോ..."

ഷംന പറയുന്നത് കേട്ടിട്ട് നമ്മള് ഞെട്ടി തരിച്ച് അച്ചൂനെ ഒന്ന് നോക്കി...അപ്പോ ഓള് നമ്മളെ നോക്കി അതെ എന്ന് തലയാട്ടി...അപ്പോ നമ്മക്ക് ഓളെ മോന്ത കണ്ടപ്പോ അടിച്ച് ഷേപ്പ് മാറ്റാനാ തോന്നിയത്...

"എടി അച്ചു...ഇതിനാണോടി ദുഷ്ട്ടെ രാവിലെ തന്നെ എന്നെ വിളിച്ച് എണീപ്പിച്ചത്...?"

"പിന്നെ അല്ലാതെ....ഞങ്ങൾ ഇവിടെ ഇരുന്ന് ക്ലാസ് ടെസ്റ്റ് എഴുത്തുമ്പോ നീ വീട്ടിൽ ഇരുന്ന് കൂർക്കം വലിച്ച് കിടന്നുറങ്ങാലെ....അതേവിടത്തെ ന്യായം....അതോണ്ടാ മനപ്പൂർവ്വം നിന്നെ വിളിച്ച് കൊണ്ട്

വന്നത്....എങ്ങനെ ഉണ്ടെന്റെ ഫുദ്ധി...."

"അടിപൊളി....കൊണ്ട് പോയി ഉപ്പിലിട്ട് വെക്ക്...

എടി എനിക്കാ ചാപ്റ്റർ ഒന്നും അറീല എന്നാലും എന്നോട് ഈ ചതി വേണ്ടായിരുന്നു..."

"അത് സാരല്യ...അതിപ്പോ ഞങ്ങൾക്കും അറീല...പിന്നെ നീ പേടിക്കണ്ട നമ്മളെ കൂടെ നമ്മളെ സന ഇല്ലേ....എല്ലാം ഓള് നോക്കിക്കോളും അല്ലെ സനെ...." നസിയാണ്.

"അള്ളോഹ്..... എനിക്ക് അങ്ങനെ ഒന്നും അറീല...എന്നാലും കൊറച്ചൊക്കെ പഠിച്ചിട്ടുണ്ട്...."

"നമ്മക്ക് ആ കൊറച്ചൊക്കെ ധാരാളം..."

എന്ന് പറഞ്ഞ് ഞങ്ങൾ എല്ലാവരും കൂടി ക്ലാസ് ടെസ്റ്റിന് വേണ്ടി റെഡി ആയി നിന്നപ്പോഴാണ് ഞങ്ങളാ സന്തോഷ വാർത്ത അറിഞ്ഞത്...ഇന്ന് സാർ

വന്നിട്ടില്ലാന്ന്....

ഈ വാർത്ത ഷാമിൽ ഓടി വന്ന് ഞങ്ങളോട് പറഞ്ഞപ്പോ ഞങ്ങൾ എല്ലാവരും തുള്ളി ചാടുകയായിരുന്നു...പക്ഷെ അവൻ അടുത്തതായി പറയുന്നത് കേട്ടപ്പോ നമ്മളെ സന്തോഷം മാത്രം കാറ്റത്ത് പാറി നടന്നു...

സാറില്ലെങ്കിലും ക്ലാസ് ടെസ്റ്റ് നടത്താൻ വേണ്ടി ആ കോന്തനെ ഏല്പിച്ചിട്ടുണ്ടത്രെ....

അതോണ്ട് ഓനാകും ഞങ്ങക്ക് ടെസ്റ്റ് പേപ്പേറിന് ഉണ്ടാവുക...

അതറിഞ്ഞപ്പോ നമ്മള് ഒഴിച്ച് ബാക്കി നാലിനും പൊരിഞ്ഞ സന്തോഷം...നമ്മക്ക് ആണെങ്കിൽ ഓനെ കുറിച്ച് ആലോചിച്ചിട്ട് തലക്ക് പ്രാന്ത് പിടിക്കാണ്...

"എടി ഫെബി...നമ്മള് ഈ ടെസ്റ്റിൽ രക്ഷപ്പെട്ടു മോളെ....കാക്കു ആയതോണ്ട് നമ്മക്ക് വേണെങ്കിൽ ബുക്ക് തുറന്ന് വെച്ച് വേണെങ്കിലും എക്സാം എഴുതാം....എനിക്ക് സന്തോഷമായി..."

അച്ചു പറയുന്നത് കേട്ടപ്പോ നമ്മക്ക് ദേഷ്യം വന്നു...കാരണം ഈ പെണ്ണ് കാരണമല്ലേ നമ്മക്ക് ഇന്ന് കോളേജിലേക്ക് വരേണ്ടി വന്നത്....ഓനെ നമ്മള് കോളേജിലേക്ക് കേറി വന്നപ്പോ കണ്ടില്ലെങ്കിലും ഇനി ക്ലാസ്സിനുള്ളിൽ വെച്ച് കാണേണ്ടി വരൊല്ലോ എന്നാലോചിച്ചപ്പോ ക്ലാസ്സിൽ നിന്ന് ഇറങ്ങി ഓടാൻ തോന്നി....അപ്പോ തന്നെ ബെല്ലടിച്ചതും ആ കോന്തൻ ഞങ്ങളെ ക്ലാസ്സിലേക്ക് കേറി വന്നു... അതും ഒരു വൈറ്റ് ഷർട്ട് ഇൻഷയ്ഡ് ഒക്കെ ചെയ്ത് വെച്ച് നല്ല മൊഞ്ചനായിട്ടാണ് ക്ലാസ്സിലേക്ക് കേറി വന്നത്... ഓനെ കണ്ടപ്പോ എല്ലാവരും എണീറ്റ് നിന്നിട്ട് ഓനെ വിശ് ചെയ്തു...ഓൻ ഒരു പുഞ്ചിരിയിൽ അതൊക്കെ ഒതുക്കി കൊണ്ട് തിരിച്ച് ഞങ്ങളെയും വിഷ് ചെയ്തു...

നമ്മള് അപ്പോ അതൊന്നും അധികം മൈൻഡ് ചെയ്യാതെ ബുക്കിലേക്കും നോട്ടമേറിഞ്ഞ് അങ്ങനെ ഇരുന്നു...

"എല്ലാവരും നന്നായി പഠിച്ചിട്ടുണ്ടല്ലോലെ.... സാർ ഇന്ന് ലീവാണ്... അതോണ്ട് സാറിന് പകരം ഇന്ന് ക്ലാസ് ടെസ്റ്റ്

എടുക്കുന്നത് ഞാനാണ്...

ഇതിൽ ആർക്കെങ്കിലും എന്തെങ്കിലും എതിർപ്പുണ്ടോ...?"

ഉണ്ടെന്ന് പറഞ്ഞ് എണീറ്റ് നിക്കാൻ തോന്നിയെങ്കിലും പിന്നെ വേണ്ടെന്ന് വെച്ചു... ഓൻ പറയുന്നത് കേട്ടിട്ട് എല്ലാവരുടെയും നോട്ടം നമ്മളെയാണ്... നമ്മളും ഇവരിത് എന്തിനാ നോക്കുന്നതെന്ന് കരുതി ആ കോന്തനെ നോക്കിയപ്പോ ഓൻ ബോർഡിൽ എന്തോ എഴുതായിരുന്നു...അത് കണ്ടിട്ടാണ് നമ്മളെ എല്ലാവരും കൂടി നോക്കുന്നത്...

എന്താ ഓൻ എഴുതിയതെന്ന് അറിയാൻ വേണ്ടി നമ്മള് ഓൻ തിരിഞ്ഞപ്പോ തന്നെ നോട്ടം ബോർഡിലേക്ക് മാറ്റി... ഓൻ എഴുതി വെച്ചത് കണ്ടപ്പോ നമ്മക്ക് ദേഷ്യം വന്നു...

"You are so pretty today dear... ϙ "

എന്നാണ് ആ കോന്തൻ എഴുതി വെച്ചത്....അപ്പോ

നമ്മളെ കുരാമീസൊക്കെ കൂടി ഓനെ നോക്കി ചിരിച്ചിട്ട് നമ്മളെ മുഖത്ത് നോക്കി തല താഴ്ത്തി...

ഇതൊക്കെ എഴുതി വെച്ചിട്ട് ഒന്നും ചെയ്യാത്ത പോലെ ഓൻ നിന്നിട്ട് എല്ലാവർക്കും പേപ്പർ കൊടുത്തോണ്ടിരുന്നു....

എല്ലാവരും നമ്മളെ നോക്കി എന്തൊക്കെയോ അടക്കം പറയുന്നുണ്ട്...നമ്മള് അതൊന്നും ശ്രദ്ധിക്കാതെ ബുക്കിലേക്കും നോക്കി ഇരുന്നു...

പെട്ടെന്ന് ആ കോന്തൻ ആദി വന്ന് നമ്മളെ കയ്യീന്ന് ബുക്ക് വാങ്ങിയിട്ട് അത് അടച്ചു വെച്ചു...

അപ്പോ നമ്മള് ഓനെ തുറുക്കനെ നോക്കി കണ്ണുരുട്ടിയപ്പോ ഓൻ നമ്മളെ നേരെ പേപ്പർ നീട്ടിയിട്ട് സൈറ്റടിച്ചു...

അത് കണ്ടപ്പോ ക്ലാസ് മൊത്തം ഞങ്ങളെ നോക്കി ചിരിക്കാൻ തുടങ്ങി...

നമ്മക്ക് അതൊക്കെ കൂടി കണ്ടപ്പോ ദേഷ്യം വന്നു..

അതോണ്ട് ഓന്റെ കയ്യീന്ന് പേപ്പർ തട്ടി പറിച്ച് വാങ്ങിയിട്ട് ഒന്നും അറിയാത്ത പോലെ അതിലേക്ക്

നോക്കി ഇരുന്നു... ഓൻ അപ്പോ ചിരിച്ചോണ്ട് അച്ചൂന് പേപ്പർ കൊടുത്തപ്പോ ഓള് ഓനെ അടുത്തേക്ക് വിളിച്ച് കാതിൽ പതുക്കെ എന്തോ പറഞ്ഞു... ഓൻ അത് കേട്ടിട്ട് ഒരു മൂളലും മൂളി കൊണ്ട് എല്ലാവർക്കും പേപ്പർ കൊടുത്തോണ്ടിരുന്നു...

"ഡി അച്ചൂ...നീയെന്താ ഓനോട് പറഞ്ഞത്..?"

"അത് ഫെബി...ഞാൻ പറഞ്ഞു കാക്കൂനോട് ഞങ്ങൾ ഒന്നും പഠിച്ചിട്ടില്ല...അതോണ്ട് ഞങ്ങൾ ബുക്ക് തുറന്ന് വെച്ച് എഴുതുന്നത് കാക്കു കണ്ടില്ലാന്ന് നടിക്കണമെന്ന്... കാക്കു അതിന് സമ്മതിക്കേം ചെയ്തു..."

അച്ചു അത് സന്തോഷത്തോടെ തുള്ളി ചാടി പറഞ്ഞപ്പോ നമ്മക്കും ചെറിയ സന്തോഷമൊക്കെ ആയി...

"എല്ലാവരും ബുക്ക് ഒക്കെ അടച്ച് വെച്ചിട്ട് ഈ ടേബിളിൽ കൊണ്ട് വന്ന് വെക്കുക...."

അപ്പൊ തന്നെ ആ കോന്തൻ പറയുന്നത് കേട്ടിട്ട് ഞങ്ങൾ എല്ലാവരും ഞെട്ടി തരിച്ചോണ്ട് അച്ചൂനെ തുറുക്കനെ നോക്കി... അപ്പോ ഓള് ആദിനെ നോക്കിയിട്ട് എന്നോടിത് വേണ്ടായിരുന്നു കാക്കൂ എന്ന് ആംഗ്യം കാണിച്ചപ്പോ ആ കോന്തൻ ഞങ്ങളെ നോക്കി ചിരിച്ചിട്ട് ഞങ്ങളെ ബുക്കും കൊണ്ട് ഓൻ പോയി ടേബിളിൽ വെച്ചു...

ഇനി ആകെയുള്ള പിടിവള്ളി സന മാത്രമാണ്...അതോണ്ട് പിന്നെ ഞങ്ങൾ ആരും ഓന്റെ ഭാഗത്തേക്ക് നോക്കാൻ തന്നെ നിന്നില്ല... ഞങ്ങൾ എല്ലാവരും കൂടി ഓൻ തന്ന ചോദ്യങ്ങൾക്കുള്ള ഉത്തരമൊക്കെ അതേപടി സനന്റെ പേപ്പറിൽ നോക്കി പകർത്തി കൊണ്ടിരുന്നു...

"സനാ....താൻ അവിടന്ന് എണീറ്റെ....എന്നിട്ട് ദേ ഇവിടെ വന്നിരുന്നോ..."

എന്ന് ആ കോന്തൻ വിളിച്ച് കൂകിയതും ഞങ്ങൾ അഞ്ചു പേരും വീണ്ടും ഞെട്ടി....ഇപ്പോ ഞങ്ങൾക്ക്

എല്ലാവര്ക്കും ഓനോട് വമ്പൻ കലിപ്പിലാണ്...കാരണം ഞങ്ങക്ക് ഇനി ഈ ടെസ്റ്റ് എഴുതാൻ ഒരു വഴിയും ഇല്ല...

ഓൻ വീണ്ടും സനയോട് അവിടന്ന് എണീറ്റ് പോകാൻ പറഞ്ഞപ്പോ ഓള് മനസ്സില്ല മനസ്സോടെ ഞങ്ങള് നാല് പേരെയും നോക്കിയിട്ട് അവിടന്ന് എണീറ്റ് മുന്നിൽ പോയി ഇരുന്നു...

എല്ലാം കൂടി ആയപ്പോ ഞങ്ങൾക്ക് നാലിനും പ്രാന്ത് പിടിക്കുന്ന പോലെ തോന്നി...

"ഡി...തെണ്ടി അച്ചൂ...നിനക്ക് സമാധാനയല്ലോ....നീ കാരണമാ ആ കോന്തൻ നമ്മളെ അടുത്ത് നിന്ന് ബുക്കും ഇപ്പോ ദേ സനയെയും കൊണ്ട് പോയത്... ഇനി എങ്ങനെയാടി നമ്മള് ഇത് പൂർത്തിയാക്കാ...?"

"എടി ഫെബി...ഇൻക്ക് അറിയോ ഈ കോന്തൻ ഇങ്ങനെ നമ്മക്കിട്ട് പണിയുമെന്ന്... നീ പറഞ്ഞത് ശരിയാ ഫെബി...ഓൻ കോന്തൻ തന്നെയാ...കോന്തൻ ആദി... നോക്കുന്നത് കണ്ടില്ലേ കോന്തൻ...."

അച്ചു പറയുന്നത് കേട്ടപ്പോ ഞങ്ങൾക്ക് മൂന്ന് പേർക്കും ചിരി വന്നു...ആദ്യായിട്ട ഓളും ആ കോന്തനെ തള്ളിപറയുന്നത്...അത് കേട്ടപ്പോ എന്തോ മനസ്സിന് ഒരു ആശ്വാസം പോലെ...

"ഇനി എന്തായാലും പോയത് പോയി...വാ നമുക്ക് വെട്ടി കളിക്കാം..."

എന്ന് പറഞ്ഞ് ഷംന ചോദ്യപേപ്പറിൽ കുത്തി വരയ്ക്കാൻ തുടങ്ങി...ഞങ്ങൾക്കും പ്രതേകിച്ച് പണിയൊന്നും ഇല്ലല്ലോ അതോണ്ട് ഞങ്ങളും അത് തന്നെ തുടർന്നു...

പക്ഷെ, അച്ചൂന് ഇതൊന്നും അല്ലെന്നു പണി... ആ കോന്തനെ വെച്ച് കാർട്ടൂൺ വരക്കാണ് ഓള്...

ഒരു വലിയ ചുറ്റിക കൊണ്ട് ഓന്റെ തലയിലേക്ക് ഞങ്ങൾ നാല് പേരും കൂടി ആഞ്ഞടിക്കുന്നതാണ് സീന്... അത് കണ്ടപ്പോ നമ്മള് പരിസരം മറന്ന് പൊട്ടിച്ചിരിച്ചു...

നമ്മളെ ചിരി കേട്ടതും സൈലന്റായി ഇരുന്ന ക്ലാസ് പെട്ടെന്ന് നമ്മളെ ഉറ്റു നോക്കി...അച്ചു നമ്മളെ കാലിൽ ചവിട്ടിയപ്പോഴാണ് ക്ലാസ് മൊത്തം നമ്മള് ചിരിച്ചത് കേട്ടെന്ന് മനസ്സിലായത്...

പിന്നെ പറയണ്ടല്ലോ....ക്ലാസ് മൊത്തം വമ്പൻ ചിരി...

"സൈലെൻസ്...ആയിഷ ഫെബി ....സ്റ്റാൻഡ് അപ്പ്..."

ആ കോന്തൻ ടേബിളിൽ അടിച്ചിട്ട് അങ്ങനെ പറഞ്ഞപ്പോ ക്ലാസ് മൊത്തം നിശബ്ദമായി...ഓൻ നല്ല കലിപ്പിലാണ് അങ്ങനെ ഒക്കെ പറഞ്ഞത്...അതോണ്ട് എല്ലാവരും നന്നായിട്ട് പേടിച്ചിട്ടുണ്ട്...

പക്ഷെ, ഓന്റെ വിരട്ടലൊന്നും നമ്മളെ അടുത്ത് വില പോകില്ല...അതോണ്ട് നമ്മള് എണീക്കാതെ അവിടെ തന്നെ ഇരുന്നു...

അപ്പോ ഓൻ വീണ്ടും നമ്മളെ പേര് വിളിച്ചിട്ട് നമ്മളോട് എണീക്കാൻ പറഞ്ഞു... നമ്മള് അപ്പോഴും എണീക്കില്ല എന്ന ഉറച്ച തീരുമാനത്തിൽ തന്നെ നിന്നു...

അപ്പോ തന്നെ ആ കോന്തൻ നമ്മളെ അടുത്തേക്ക് നടന്ന് വന്നിട്ട് ക്ലാസ്സിലുള്ള കുട്ടികളൊക്കെ നോക്കി നിൽക്കെ നമ്മളെ കൈ പിടിച്ച് വലിച്ച് മുന്നിൽ കൊണ്ട് വന്ന് നിർത്തി...

"ഞാൻ എണീക്കാൻ പറഞ്ഞപ്പോ എണീറ്റ് നിൽക്കാത്തതിന് ഇവൾക്ക് ഒരു ശിക്ഷ കൊടുക്കണ്ടേ..."

ഓൻ നമ്മളെ മുഖത്തേക്ക് നോക്കി കൊണ്ട് ആ ചോദ്യം ചോദിച്ചപ്പോ എല്ലാവരും നിശബ്ദരായി കൊണ്ട് ഞങ്ങളെ തന്നെ നോക്കി നിന്നു... ആരും ഒന്നും മിണ്ടുന്നില്ല... അത് കണ്ടപ്പോ ഓൻ നമ്മളിൽ നിന്നും മുഖം തിരിച്ചിട്ട് അവരെയൊക്കെ ഒന്ന് നോക്കി...

"നിങ്ങളെന്താ ഒന്നും മിണ്ടാത്തത്...?

ഇവൾക്ക് ശിക്ഷ കൊടുക്കണോ വേണ്ടയോ...?

അശ്വതി...സ്റ്റാൻഡ് അപ്പ്...താൻ പറ ഇവൾക്ക് ശിക്ഷ കൊടുക്കണോ അതോ വേണ്ടയോ...?"

ആ കോന്തൻ അച്ചൂനെ എണീപ്പിച്ച് നിർത്തി കൊണ്ട് അത് ചോദിച്ചപ്പോ നമ്മള് അച്ചു എന്താ പറയാ എന്ന് കരുതി ഓളെ ഒന്ന് നോക്കി....

ഓള് നമ്മളെ നോക്കി കൊണ്ട് ഓനോട് വേണ്ടാന്ന് തലയാട്ടി...

"തനിക്കെന്താ നാവില്ലേ...കൊടുക്കണോ വേണ്ടയോ...?"

ആ കോന്തൻ വീണ്ടും ചൂടായി കൊണ്ട് ടേബിളിൽ അടിച്ചിട്ട് അത് ചോദിച്ചപ്പോ അച്ചു ഞെട്ടി വേണ്ടാന്ന് തലയാട്ടി വേണം എന്ന് പറഞ്ഞു ...

ഓള് പറയുന്നത് കേട്ടിട്ട് നമ്മള് അന്തം വിട്ട് തോള്ളേം തുറന്ന് അച്ചൂനെ നോക്കി നിന്നപോ ഓള് നമ്മളെ നോക്കി സോറിയെടി എന്ന് പറഞ്ഞ് അവിടെ ഇരുന്നു...

തെണ്ടി അച്ചു....ഓന്റെ വിരട്ടലിൽ പേടിച്ച് നമ്മളെ കുരുതിക്ക് കൊടുത്തു... ഇനി ഈ കോന്തൻ എന്ത് ശിക്ഷയാണോ നമ്മക്ക് തരാൻ പോകുന്നതെന്ന് ചിന്തിച്ചോണ്ട് നമ്മള് ആ കോന്തനെ നോക്കി....

അപ്പോ ഓൻ യുദ്ധത്തിൽ ജയിച്ച പടനായകനെ പോലെ നമ്മളെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചു...

എന്താകും ഓൻ നമ്മക്ക് തരുന്ന ശിക്ഷ എന്ന് നമ്മക്ക് എത്ര ആലോചിച്ചിട്ടും ഒരു പിടുത്തം കിട്ടിയില്ല...

പെട്ടെന്ന് ആ കോന്തൻ നമ്മക്കുള്ള ശിക്ഷ പറയുന്നത് കേട്ട് നമ്മള് ഞെട്ടി തരിച്ച് ഓനെ നോക്കി നിന്നു...

ഇതിലും ഭേദം നമ്മള് അപ്പോ എണീറ്റ് നിൽക്കായിരുന്നെന്ന് നമ്മക്ക് തോന്നി...

(തുടരും)

ഭാഗം.81

പെട്ടെന്ന് ആ കോന്തൻ നമ്മക്കുള്ള ശിക്ഷ പറയുന്നത് കേട്ട് നമ്മള് ഞെട്ടി തരിച്ച് ഓനെ നോക്കി നിന്നു...

ഇതിലും ഭേദം നമ്മള് അപ്പോ എണീറ്റ് നിൽക്കായിരുന്നെന്ന് നമ്മക്ക് തോന്നി...

ഓന്റെ ഒലക്കീമേലെ ഒരു ശിക്ഷ....തല മണ്ട അടിച്ച് പൊട്ടിക്കാനാ തോന്നുന്നത്...

"പോ...പോയി എഴുത് ബോർഡിൽ..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മക്ക് നേരെ ഒരു ചോക്ക് നീട്ടി... നമ്മള് ഓനെയും ചോക്കിനെയും മാറി മാറി നോക്കിയിട്ട് കയ്യും കെട്ടി നിന്നു...

"ഞാൻ അങ്ങനെ എഴുതില്ല....കാരണം ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല...പിന്നെ എന്തിനാ തന്നോട് സോറി പറയുന്നത്...?"

"സോറി പറഞ്ഞാൽ മാത്രം പോരാ മോളെ...എഴുതുകയും വേണം...അതും ഈ ബോർഡ് നിറയുന്ന വരെ...

എന്താ അശ്വതി അങ്ങനെ തന്നെ അല്ലെ..?"

എന്ന് ചോദിച്ച് ആ കോന്തൻ അച്ചൂനെ നോക്കി...അപ്പോ തന്നെ ഓള് അതെ എന്ന് തലയാട്ടി തെണ്ടി അച്ചു...

"കണ്ടല്ലോ തന്റെ ബെസ്റ്റ് ഫ്രണ്ട് തന്നെ സമ്മതിച്ചു നീയിത് ചെയ്യണമെന്ന്...

അപ്പോ എങ്ങനെ തുടങ്ങല്ലേ...?

ഇപ്പോ തുടങ്ങിയാലേ ബെല്ല് അടിക്കുമ്പോഴേക്കും തീരൂ...."

ഓന്റെ പരിഹാസം കലർന്ന ആ സംസാരം നമ്മളെ തെല്ലൊന്നുമല്ല ദേഷ്യം പിടിപ്പിച്ചത്...

അവനോടുള്ള ദേഷ്യം മൊത്തം നമ്മള് എഴുതി തീർക്കുമെന്ന് തീരുമാനിച്ചിട്ട് ഓന്റെ കയ്യിന്ന് ചോക്ക് തട്ടി പറിച്ച് വാങ്ങി...

എന്നിട്ട് ഓനെ നോക്കി ഒരു ലോഡ് പുച്ഛവും വരിയെറിഞ്ഞ് ബോർഡിന്റെ നേരെ തിരിഞ്ഞതും കണ്ണിന്ന് പൊന്നീച്ച പാറുന്ന പോലെ നമ്മക്ക് തോന്നി...

അത്രേം വലിയ ബോർഡില് "I am sorry adilkka..." എന്ന് എഴുതി തീരുമ്പോഴേക്കും മനുഷ്യന്റെ ഊപ്പാട് ഇളകിയിട്ടുണ്ടാകും...

ആ കോന്തന് നമ്മളോട് അടങ്ങാത്ത മുഹബ്ബത്ത് ആയോണ്ട് നമ്മളെ ദയനീയ അവസ്ഥ കണ്ട് ശിക്ഷയിൽ ഇളവ് തരുമായിരിക്കും എന്ന് ചിന്തിച്ചോണ്ട് നമ്മള് ആ കോന്തനെ ഒന്ന് ദയനീയമായി നോക്കി...

പക്ഷെ,ആ കോന്തന് അതൊന്നും ഏശിയിട്ടില്ല...

ഓൻ നമ്മളെ നോക്കിയിട്ട് ബോർഡിലേക്ക് ചൂണ്ടി കാണിച്ചു...

"ഇത് വലിയ ബോർഡ് അല്ലെ..? ഇതിൽ എഴുതി തീരുമ്പോഴേക്കും ബെല്ലടിക്കും... അപ്പോ എനിക്ക് എന്റെ ടെസ്റ്റ് പൂർത്തിയാക്കാൻ പറ്റില്ല..."

നമ്മള് ചുമ്മാ ഒന്ന് തട്ടി വിട്ടതാ...ഇനി ഇപ്പോ ആ ടെസ്റ്റ് പൂർത്ഥിയാക്കിയാലും നമ്മള് പൊട്ടുമെന്ന കാര്യത്തില് യാതൊരു സംശയവുമില്ല...

അതോണ്ട് നമ്മള് ആ കാരണവും പറഞ്ഞ് ഓനെ

വീണ്ടും ഒന്ന് നോക്കി...

"അത് സാരല്യ...താൻ എന്തായാലും ഈ ടെസ്റ്റ് എഴുതി പൂർത്തിയാക്കിയിട്ടെ നിനക്ക് ബ്രേക്ക് ടൈം തരൂ...അതോണ്ട് വേഗം ബോർഡിൽ എഴുതി തീർക്കാൻ നോക്ക്...എന്നിട്ട് നിനക്ക് ടെസ്റ്റ് എഴുതണ്ടേ...?"

ഓൻ നമ്മളെ നോട്ടത്തിലൊന്നും വീണിട്ടില്ലെന്ന് ആ കോന്തന്റെ ഡയലോഗ് കേട്ടപ്പോ തന്നെ നമ്മക്ക് മനസ്സിലായി... എന്നാലും ഒരു അവസാനത്തെ പരിശ്രമം എന്ന നിലക്ക് നമ്മള് വീണ്ടും ഓനെ ഒന്ന് തിരിഞ്ഞു നോക്കി...

"ഞാൻ വേണമെങ്കിൽ ബോർഡിൽ എഴുതുന്നതിന് പകരം I am sorry aadhilkka...എന്ന് ഒരു നൂറ് തവണ പറഞ്ഞോളാം..."

"ഓക്കേ സമ്മതിച്ചു....നീ ബോർഡിൽ എഴുതണ്ടാ...

പകരം.................."

എന്ന് പറഞ്ഞ് നിർത്തിയിട്ട് ആ കോന്തൻ നമ്മളെ നോക്കി ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് വന്നു... നമ്മളെ കാതിന്റെ അടുത്തേക്ക് അവന്റെ മുഖം അടുപ്പിച്ചപ്പോ ഓന്റെ ചുടുനിശ്വാസം നമ്മളെ കവിളത്ത് തട്ടി തലോടി...

നമ്മക്ക് അപ്പോ നമ്മളെ ജീവൻ നിലച്ച് പോകോ എന്ന് തോന്നി പോയി...അത്രക്ക് സ്പീഡിലാണ് ഹാർട്ട് ബീറ്റോക്കെ കുതിച്ചുയർന്നത്...

"ഇവരൊക്കെ കാൺകെ എനിക്ക് ഒരു ഉമ്മ തന്നാൽ മതി..."

എന്ന് പറഞ്ഞ് ഓൻ നമ്മളിൽ നിന്നും അകന്ന് നിന്നപോ നമ്മള് ഓനെ തന്നെ നോക്കി കണ്ണുരുട്ടി...

"എന്ത് പറയുന്നു....സമ്മാതാണോ...?"

ഓന്റെ ആ ചോദ്യത്തിന് നമ്മള് ഓനെ തുറുക്കനെ

നോക്കി നിന്നിട്ട് വേഗം ബോർഡിൽ എഴുതി തുടങ്ങി...നമ്മളെ കാട്ടികൂട്ടൽ കണ്ടിട്ട് എല്ലാവരും അന്തം വിട്ട് നമ്മളെ തന്നെ നോക്കി...

ഓൻ എന്താകും നമ്മളെ കാതിൽ പറഞ്ഞതെന്ന സംശയം അവർക്കുണ്ടായിരുന്നു... ആ കോന്തൻ ആണെങ്കിലോ നമ്മളെ നോക്കി കൊണ്ട് നല്ല ചിരിയും...

ഓന്റെ മോന്ത കാണുമ്പോ ഒരു ചവിട്ട് കൊടുക്കാനാ തോന്നുന്നത്...കള്ള ഹിമാർ....

"എഴുതിയാൽ മാത്രം പോരാ...എഴുതുന്നതിന്റെ കൂടെ വായിക്കേം വേണം...

അതോണ്ട് പറഞ്ഞ് എഴുതിക്കോട്ടാ..."

എന്ന് പറഞ്ഞോണ്ട് ആ കോന്തൻ തിരിഞ്ഞപ്പോ ഞമ്മള് ഓനെ ചവിട്ടുന്ന പോലെ കാല് പൊക്കി...അത് കണ്ട് ക്ലാസ് മൊത്തം ഭയങ്കര ചിരി...

"ആയിഷ...എന്റെ പിറകിൽ നിന്ന് ഒരുപാട് കോപ്രായങ്ങളൊന്നും കാണിച്ച് കൂട്ടണ്ടാ....

പറഞ്ഞ് എഴുതിയിട്ടെ നീ ഇന്ന് ഈ ക്ലാസ് വിട്ട് പോകൂ..."

തിരിഞ്ഞ് നോക്കാതെയുള്ള കോന്തന്റെ ഡയലോഗ് കേട്ട് നമ്മള് അപ്പോ തന്നെ നമ്മളെ ജോലി തുടങ്ങി...

"പറഞ്ഞെഴുതുന്നത് കേൾക്കുന്നില്ല...കൊറച്ച് കൂടി ശബ്ദം ഉണ്ടായാൽ നന്ന്..."

ഓന്റെ വർത്താനം കേട്ടപ്പോ നമ്മക്ക് പെരുവിരൽ മുതലങ്ങ് എരിഞ്ഞ് കേറി... പക്ഷെ ഈ സാഹചര്യത്തിൽ നമ്മക്ക് ഒന്നും പറയാൻ പറ്റാത്തൊണ്ട് നമ്മള് ഓൻ പറഞ്ഞത് അതെ പടി അനുസരിച്ചു...

അങ്ങനെ പറഞ്ഞ് പറഞ്ഞ് നമ്മളെ തൊണ്ടയിലെ വെള്ളവും വറ്റി, എഴുതി എഴുതി നമ്മളെ കയ്യാണെങ്കിൽ കഴഞ്ഞു ചെയ്തു....

ഒടുവിൽ എങ്ങനെയൊക്കെയോ എഴുതി ഫുള്ളാക്കുമ്പോഴാണ് നേരത്തെ ആ കോന്തൻ എഴുതി വെച്ചത് നമ്മള് കണ്ടത്...

ആ ഭാഗം മാത്രം ഒഴിച്ചിട്ടിട്ട് ബാക്കി എല്ല സ്ഥലത്തും നമ്മള് I am sorry aadhilkka എന്ന് എഴുതി വെച്ച് ആ കോന്തന്റെ നേരെ തിരിഞ്ഞു...

"കഴിഞ്ഞു...."

എന്ന് പറഞ്ഞ് നമ്മള് നെടുവീർപ്പിട്ടതും ആ കോന്തൻ നമ്മളെ നേരെ തിരിഞ്ഞിട്ട് ബോർഡിലേക്ക് നോക്കി...

"ഇത് കംപ്ലീറ്റ് അല്ലല്ലോ...."

"ആര് പറഞ്ഞു അല്ലെന്ന്...കണ്ടില്ലേ...ബോർഡ് മൊത്തം ഞാൻ പറഞ്ഞ് എഴുതിയിട്ടുണ്ട്..."

"പക്ഷെ, ആ ഭാഗം വിട്ട് പോയല്ലോ....

ഇന്നാ ഇത് വെച്ച് അത് മായിച്ചിട്ട് അവിടെയും കൂടി എഴുതി വെക്ക്..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ നേർക്ക് ഡസ്റ്റർ എറിഞ്ഞിട്ട് തിരിഞ്ഞ് നിന്നു...ഭാഗ്യത്തിന് നമ്മള് കൃത്യ സമയത്ത് ക്യാച്ച് പിടിച്ചതോണ്ട് നമ്മളെ മേത്ത് തട്ടിയില്ല...

പക്ഷെ, ഓന്റെ ഓഡർ കേട്ടിട്ട് നമ്മക്ക് ദേഷ്യം വരാണ്.... ആ കോന്തൻ തിരിഞ്ഞ് നിന്നപോ ഓന്റെ തലമണ്ട നോക്കി ഈ ഡസ്റ്റർ ഇടാൻ തോന്നിയതാ... പിന്നെ വേണ്ടെന്ന് വെച്ച് ബോർഡ് മായിച്ചിട്ട് നമ്മള് അവിടെയും എഴുതി വെച്ചിട്ട് ഒരു തവണ കൂടി ഒന്ന് ദീർഘ ശ്വാസം വിട്ട് തിരിഞ്ഞു...

"കഴിഞ്ഞു...."

എന്ന് പറഞ്ഞ് നമ്മള് തിരിഞ്ഞ് നോക്കിയത് നേരെ അച്ചൂനെ ആയിരുന്നു... ഓളും ഷംനയും നസിയും കൂടി നമ്മളോട് എന്തൊക്കെയോ ആംഗ്യം കാണിച്ചു...

നമ്മക്ക് അവര് പറയുന്നതൊന്നും മനസ്സിലായില്ല...അതോണ്ട് എന്താന്ന് തിരിച്ച് നമ്മളും ആംഗ്യം കാണിച്ചു...

അപ്പോ അച്ചു ആ കോന്തനെയും ബോർഡിന്റെയും ചൂണ്ടി കാണിച്ചിട്ട് നോക്കാൻ പറഞ്ഞു...

ഇവൾക്കിത് വട്ടായോ പടച്ചോനെ എന്ന് ചിന്തിച്ചോണ്ട് നമ്മള് ആ കോന്തനെ നോക്കിയപ്പോ ഓൻ ഒരു ബുക്ക് എടുത്ത് വായിക്കായിരുന്നു...

"കഴിഞ്ഞോ...?"

എന്ന് ആ കോന്തൻ ബുക്കിൽ നിന്നും കണ്ണെടുക്കാതെ ചോദിച്ചപ്പോ നമ്മളൊന്ന് മൂളി കൊണ്ട് ബോർഡിലേക്ക് തിരിഞ്ഞു നോക്കി കണ്ണെടുത്തതും ഷോക്കടിച്ച പോലെ ഒരു നിർത്തമായിരുന്നു നമ്മള്...

എന്നിട്ട് പെട്ടെന്ന് സ്വബോധത്തിലേക്ക് വന്നിട്ട് വീണ്ടും ബോർഡിലേക്ക് ഒന്ന് നോക്കി....

അവിടെ നമ്മള് എഴുതി വെച്ചിട്ടുള്ളത് Iam sorry aadhilkka എന്നല്ലായിരുന്നു....പകരം I love you aadhilkka എന്നായിരുന്നു....

അത് കണ്ടപ്പോ നമ്മക്ക് ഒന്നും മനസ്സിലായില്ല... കാരണം നമ്മള് എഴുതിയത് സോറി എന്നെന്നു... പിന്നെ അതെങ്ങനെ ലവ് ആയി എന്ന് ഒരു പിടിത്തവും കിട്ടിയില്ല...

എന്തായാലും ഇത് ആ കോന്തൻ കണ്ടാൽ പണി പാളുമെന്ന് നമ്മക്ക് തോന്നി...

ഓൻ ബുക്ക് മടക്കി വെച്ച് വീണ്ടും നമ്മളോട് കഴിഞ്ഞോന്ന് ചോദിച്ച് തിരിഞ്ഞപ്പോ നമ്മള് വേഗം ആ എഴുതിയ ഭാഗത്തേക്ക് നീങ്ങി നിന്നിട്ട് ഓനെ നോക്കി ചിരിച്ചു...

നമ്മളെ ചിരി കണ്ടിട്ടെന്തോ പന്തികേട് തോന്നിയതോണ്ടാകും ആ കോന്തൻ നമ്മളോട് അവിടെ നിന്നും മാറാൻ പറഞ്ഞത്...

ഓന്റെ പറച്ചില് കേട്ടപ്പോ നമ്മള് ഒന്ന് ഞെട്ടിയെങ്കിലും അത് കാര്യമാക്കാതെ നമ്മളെ പുറം കൊണ്ട് ബോർഡ് ഉരസി കൊണ്ടിരുന്നു...

"എന്താടി പെണ്ണെ നിനക്ക് ... നിന്നോട് മാറി നില്ക്കാൻ

പറഞ്ഞിട്ട് നീയെന്താ പൊറം ചൊറിയാണോ...?"

"അ... അത്...ഹാ....പൊറം ഭയങ്കര ചൊറി...അതാ ഞാൻ..."

എന്ന് പറഞ്ഞ് നമ്മള് അവിടെ നിന്ന് മറിയപ്പോ അവിടെ നമ്മള് എഴുതി വെച്ചത് മാഞ്ഞു പോയിട്ടുണ്ട്...ഹാവൂ ആശ്വാസമായി എന്ന് പറഞ്ഞ് നമ്മള് ഒന്ന് കൂടി നെടുവീർപ്പിട്ടിട്ട് ആ കോന്തനെ ഒന്ന് നോക്കി...

"അവിടെ മാഞ്ഞു പോയത് നീ കണ്ടില്ലേ...?

ആ സാരല്യ എന്തായാലും ഇത്രയൊക്കെ എഴുതിയതല്ലേ അതോണ്ട് ഇപ്പോ ഞാൻ അത് കാര്യമാക്കുന്നില്ല...

ഇനി മേലാൽ ഞാൻ പറഞ്ഞത് അനുസരിച്ചില്ലെങ്കിൽ എന്താകും സ്ഥിതിയെന്ന് മനസ്സിലായല്ലോ... ഇനി ഇങ്ങനെ ഉണ്ടായാൽ ഇപ്പോ കിട്ടിയത് പോലെ ആകില്ല കാര്യങ്ങൾ... ഞാൻ നേരത്തെ പറഞ്ഞ കാര്യം നടപ്പാക്കേണ്ടി വരും..."

എന്ന് പറഞ്ഞ് നമ്മളെ നോക്കി ആ കോന്തൻ ചിരിച്ചപ്പോ നമ്മള് ഓനെ നോക്കി പുച്ഛിച്ച് തള്ളിയിട്ട് വേഗം സീറ്റിൽ പോയി ഇരുന്ന് കൈ കുടഞ്ഞു...

"എടി ഫെബി...നീയെന്താ ബോർഡിൽ എഴുതി വെച്ചതെന്ന് കണ്ടോ നീ...?

I love you aadhilkka എന്ന്... ഇതിനിടക്ക് എവിടെന്നാടി അത് കേറി വന്നത്...?

ഇതിൽ നിന്ന് തന്നെ ഞങ്ങൾക്ക് മനസ്സിലായി നീ എത്രത്തോളം ഓനെ സ്നേഹിക്കുന്നുണ്ടെന്ന്..."

"അച്ചൂ നീയൊന്ന് നിർത്തോ... ഓളെ ഒരു സ്നേഹം.... എനിക്ക് അറിയില്ല എഴുതി കൊണ്ടിരിക്കുന്ന സമയത്ത് എങ്ങനെയാ അങ്ങനെ എഴുതിയതെന്ന്.... ഓർക്കാതെ എഴുതിയതാകും..."

"ഉം....അത് തന്നെയാ ഞങ്ങള് പറഞ്ഞത് നിനക്ക് ആദിൽക്കാനെ ഇഷ്ടമാണെന്ന്... ഇനി എങ്കിലും നിനക്ക് അത് മൂപ്പരോട് തുറന്ന് പറഞ്ഞൂടെ പെണ്ണേ..."

നസി പറയുന്നത് കേട്ട് നമ്മള് ഒന്നും മിണ്ടാതെ തല താഴ്ത്തി പേപ്പറിൽ നോക്കി ഇരുന്നു... അപ്പോ തന്നെ ഇന്റർവെൽ ആയതും ആ കോന്തൻ എല്ലാവരോടും എഴുത്ത് നിർത്തിയിട്ട് പേപ്പർ തരാൻ പറഞ്ഞു...

ഇത്ര പെട്ടെന്ന് രണ്ട് പിരീഡ് കഴിഞ്ഞോന്ന് ചിന്തിച്ച് നമ്മള് എല്ലാവരെയും ഒന്ന് നോക്കിയിട്ട് വാച്ചിലേക്ക് നോക്കി...ശരിയാണ് ബെല്ലടിക്കാനുള്ള ടൈം ആയിട്ടുണ്ട്...ഈ കോന്തനെ കൊണ്ട് ടെസ്റ്റ് പേപ്പറും എഴുതാൻ പറ്റിയില്ലല്ലോ...അല്ലെങ്കിലും നമ്മക്ക് ഒന്നും അറീല അതോണ്ട് ഇനി ടൈം കിട്ടിയിട്ടും വല്യ കാര്യമുണ്ടെന്ന് തോന്നിയില്ല...

അച്ചുവിന്റെ കൂടെ നമ്മളും പോയി നമ്മളെ പേപ്പർ ഓന് നേരെ നീട്ടി...അപ്പോ ഓൻ നമ്മളെ അടിമുടി ഒന്ന് നോക്കി...

"നീ അപ്പോഴേക്കും എഴുതി തീർന്നോ...?"

"ആ തീർന്നു..."

എന്ന് പറഞ്ഞ് ഒരു പുച്ഛത്തോടെ നമ്മളെ പേപ്പർ ടേബിളിൽ വെച്ചിട്ട് നമ്മള് ക്ലാസ് വിട്ട് പുറത്ത് പോകാൻ നിന്നു...

"ഒന്നവിടെ നിന്നെ..."

ആ കോന്തന്റെ പിറകിൽ നിന്നുള്ള വിളി കേട്ട് നമ്മളൊന്ന് തിരിഞ്ഞു നോക്കി... അപ്പോ ഓൻ നമ്മളെ പേപ്പറും എടുത്തോണ്ട് നമ്മളെ നേരെ നടന്ന് വന്നു...

"പൊന്നു മോള് ഇത് മുഴുവൻ കംപ്ലീറ്റ് ആക്കിയിട്ട് ഇവിടന്ന് പോയാൽ മതിട്ടോ..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ കയ്യിൽ പേപ്പർ വെച്ച് തന്നിട്ട് നമ്മളോട് പോയി എഴുതാൻ പറഞ്ഞു....

നമ്മള് അപ്പോ നമ്മളെ ഉള്ളിൽ നുരഞ്ഞു പൊങ്ങിയ ദേഷ്യവും അമർശവുമെല്ലാം അടക്കി വെച്ച് തിരിഞ്ഞ് നമ്മളെ കുരാമീസിനെ ഒന്ന് ദയനീയമായി നോക്കി.... അവറ്റകൾ അതുവരെ നിന്ന് കിണിച്ചിട്ട് നമ്മള്

നോക്കുന്നത് കണ്ടപ്പോ വാ പൊത്തി ചിരി കൺട്രോൾ ചെയ്ത് കൊണ്ട് അവിടന്ന് സ്ഥലം കാലിയാക്കി...

എന്ത് ചെയ്തിട്ടും പറഞ്ഞിട്ടും കാര്യമില്ലെന്ന് തോന്നിയപ്പോ നമ്മള് ആ പേപ്പറും കൊണ്ട് ബെഞ്ചിൽ പോയി ഇരുന്നിട്ട് അത് അങ്ങോട്ടും ഇങ്ങോട്ടും മറിച്ചോണ്ട് പുറത്തേക്ക് നോക്കി ഇരുന്നു...

അപ്പോ ആ കോന്തൻ എല്ല പേപ്പറും ഓർഡറിൽ വെച്ചിട്ട് നമ്മളെ ഒന്ന് നോക്കി...

"എന്താടി എഴുതാൻ പറഞ്ഞിട്ട് എഴുതാത്തെ...

അത് മുഴുവൻ എഴുതാതെ നിന്നെ ഇവിടന്ന് വിടില്ലാട്ടോ ഐഷു..."

"എനിക്ക് ഒന്നും അറിയില്ല...പിന്നെ എങ്ങനെ എഴുതാനാ...?

എന്നെ കൊണ്ട് ഇത്രയൊക്കെയെ പറ്റൂ...ദാ പേപ്പർ... മാർക്ക് കുറഞ്ഞ് പോയാല് ഞാൻ അങ്ങ് സഹിച്ചു...."

എന്ന് ഓനോട് നല്ല കട്ട കലിപ്പിൽ പറഞ്ഞിട്ട് ഓന്റെ നേരെ പേപ്പർ വെച്ചിട്ട് നമ്മള് അവിടന്ന് എണീറ്റ് പുറത്തേയ്ക്ക് പോയി...

അല്ല പിന്നെ...ഈ ഫെബിയോടാ ഓന്റെ കളി ക്ഷമിക്കുന്നതിനും ഒരു പരിധി ഒക്കെ ഇല്ലേ..?

പിന്നീട് ബെല്ലടിച്ചപ്പോ ഞങ്ങൾ തിരിച്ച് ക്ലാസ്സിൽ കേറിയപ്പോ ഓൻ അവിടെ ഇല്ലായിരുന്നു...പോയല്ലോ ശല്യം എന്ന് ആശ്വസിച്ചിട്ട് ബോർഡിലേക്ക് നോക്കിയപ്പോ നമ്മള് ഓനോട് സോറി പറഞ്ഞ് എഴുതിയത് കണ്ടു... അത് കണ്ടപ്പോ ഓനോട് ദേഷ്യം കൂടി വന്നു...

അതോണ്ട് അപ്പോ തന്നെ ഓടി ചെന്ന് ഡസ്റ്റർ കൊണ്ട് അതൊക്കെ മായിച്ച് കളഞ്ഞിട്ട് നമ്മള് അവിടെ "പോടാ കൊരങ്ങൻ പട്ടി കോഴില് കോന്തൻ മരംകൊത്തി മോറാ...." തുടങ്ങി ഒരുപാട് തെറി എഴുതി വെച്ച് തിരിഞ്ഞ് നോക്കിയതും നമ്മളെ മുന്നിൽ നിൽക്കുന്ന രൂപം കണ്ട് നമ്മള് ഞെട്ടി...

ആ കോന്തൻ നമ്മളെ നോക്കി കൊണ്ട് അതാ മുന്നിൽ നിൽക്കുന്നു... പടച്ചോനെ പണി വീണ്ടും പാളിയോന്ന്

ചിന്തിച്ച് നമ്മള് വേഗം അത് കൈ കൊണ്ട് തന്നെ മായിച്ച് കളഞ്ഞിട്ട് ഓനെ നോക്കാതെ വേഗം പോയി സീറ്റിൽ ഇരുന്നിട്ട് തല താഴ്ത്തി...

അപ്പോ ഓൻ നമ്മളെ തുറുക്കനെ നോക്കിയിട്ട് ടേബിളിൽ ഉണ്ടായിരുന്ന ഒരു ബുക്കും എടുത്തോണ്ട് നമ്മളെ നോക്കി ക്ലാസ്സിൽ നിന്നും പോയി...

ഓൻ പോയെന്ന് ഇടങ്കണ്ണിട്ട് നോക്കി ഉറപ്പിച്ചിട്ട് നമ്മള് തല ഉയർത്തിയിട്ട് നമ്മളെ കുരാമീസിനെ നോക്കി...

"അല്ല പിന്നെ... ഓൻ ആരാണെന്ന ഓന്റെ വിചാരം...ഓൻ നോക്കി കണ്ണുരുട്ടിയാൽ നമ്മള് പേടിച്ച് പോകുമെന്നാ ഓന്റെ വിചാരം...ബ്ലഡി ഫൂൾ..."

"ഉം....അതേയതെ ശരിയാ നീ പറഞ്ഞത്...അതോണ്ടല്ലേ ആദിൽക്ക നോക്കി കണ്ണുരുട്ടിയപ്പോഴേക്കും ബോർഡ് ക്ലീൻ ആക്കി വെച്ചത്..."

എന്ന് പറഞ്ഞ് ഷംന പൊട്ടിച്ചിരിച്ചപ്പോ കൂടെ ബാക്കി

മൂന്നും കൂടി പൊരിഞ്ഞ ചിരി പാസാക്കി...അവരെ മുന്നിൽ നല്ല അന്തസ്സായി നാറിയ നിർവൃതിയിൽ നമ്മള് അവരെ നോക്കി ഒന്ന് ചിരിച്ച് കൊടുത്തു...

അപ്പോ അച്ചു നമ്മളെ അടുത്ത വന്ന് ഇരുന്നിട്ട് നമ്മളെ മുഖം അവളെ കയ്യിൽ കോരിയെടുത്തു...

"എനിക്ക് സന്തോഷമായി ഫെബി...നീ എങ്ങാനും പഴയതൊക്കെ ആലോചിച്ച് വീണ്ടും മൂകയാകോ എന്ന് വിചാരിച്ചെങ്കിലും അതൊന്നും ഉണ്ടായില്ലല്ലോ...നീ ഇപ്പോഴും ഞങ്ങളെ ആ കുറുമ്പി ഫെബി തന്നെയാണ്..."

എന്ന് അച്ചു പറഞ്ഞപ്പോ നമ്മളൊരു പുഞ്ചിരിയിൽ അത് ഒതുക്കി...കാരണം ഇവർക്ക് മുന്നിൽ ഇതുവരെ നമ്മള് ആടി തിമിർക്കാത്ത ഒരു വേഷമാണ് നമ്മളിനി മുതൽ അണിയാൻ പോകുന്നത്... നമ്മക്ക് ഇപ്പോ നമ്മളെ സ്നേഹിക്കുന്നവരെ സന്തോഷം മാത്രേ ഉള്ളു മനസ്സിൽ...അതിന് വേണ്ടി എന്തും ചെയ്യാൻ തയ്യാറാണ്... നമ്മളുടെ സന്തോഷമാണ് അവരുടെ സന്തോഷമെങ്കിൽ അത് അഭിനയിക്കല്ലാതെ നമ്മളെ

മുന്നിൽ വേറെ വഴിയില്ല...കാരണം നമ്മളെ ഉള്ളിലെ സന്തോഷമെല്ലാം ഇപ്പോ കെട്ടടങ്ങിയിട്ടുണ്ട്... അതിനി ഒരിക്കലും നമ്മളിൽ പുനർജ്ജനിക്കില്ല...

അടുത്ത പിരീഡ് കേറി വന്നത് മീനുക്കുട്ടി ആയിരുന്നു...ടീച്ചർ ക്ലാസ്സെടുത്ത് പകുതി ആയപ്പോഴാണ് ഒരു അനൗൺസ്മെന്റ് വന്നത്...

യൂണിയന്റെ എല്ല ഭരവാഹികളോടും ഉടനെ നമ്മളെ സ്വർഗ്ഗത്തിലേക്ക് ചെല്ലാൻ...

ആ കോന്തനെ ഇനി അവിടെ വെച്ചും കാണണല്ലോന്ന് ഓർത്ത് നമ്മള് അവിടെ തന്നെ ഇരുന്നു...അപ്പോ നമ്മളോട് മീനുക്കുട്ടി പോകാൻ പറഞ്ഞു... എന്തായാലും ടീച്ചർ പറഞ്ഞതല്ലേ അതോണ്ട് നമ്മള് എണീറ്റ് സ്വർഗ്ഗത്തിലേക്ക് പോയി...

അവിടെ അപ്പോ എല്ലാവരും നേരത്തെ എത്തിയിട്ടുണ്ടായിരുന്നു... നമ്മളെ ഒരു കുറവ് മാത്രേ ഉള്ളു അവിടെ...നമ്മളെ അവിടെ കണ്ടതും എല്ലാവരും

കൂടി എവ്ടെന്നു... എന്താ വൈകിയേ എന്നൊക്കെയുള്ള ഒരുപാട് ചോദ്യങ്ങൾ വന്നു...

എല്ലാവർക്കും അതിനൊക്കെ മറുപടി കൊടുത്തിട്ട് നമ്മള് നന്ന പുറകിലെ ബെഞ്ചിൽ ഒറ്റക്ക് പോയി ഇരുന്നു... കാക്കുവും നമ്മളെ ബ്രദേഴ്സുമൊക്കെ നമ്മളോട് വന്ന് മുന്നിൽ ഇരിക്കാൻ പറഞ്ഞെങ്കിലും നമ്മള് അവിടെ തന്നെ ഇരുന്ന് പുറത്തേക്ക് നോക്കി കൊണ്ടിരുന്നു... ആ കോന്തൻ നമ്മളെ തന്നെ ഉറ്റുനോക്കുന്നത് നമ്മള് കണ്ടെങ്കിലും അത് കാണാത്ത പോലെ ഡെസ്കിലെ കൊത്തുപണിയിലായി പിന്നെ ശ്രദ്ധ...

"ഓക്കേ ഗായ്സ്.... എല്ലാവരും വന്നല്ലോലെ...?

ഇപ്പോ അടിയന്തരമായിട്ട് ഈ മീറ്റിങ് വിളിച്ച് കൂട്ടിയത് എന്തിനാണെന്ന് വല്ല ഊഹവും ഉണ്ടോ..?"

"അങ്ങനെ വല്ല ഊഹവും ഉണ്ടെങ്കിൽ ഇങ്ങോട്ട് കേറി വരില്ലല്ലോ..."

ആ കോന്തൻ അങ്ങനെ പറഞ്ഞപ്പോ നമ്മള് മാത്രം കേൾക്കാൻ ഉള്ള പാകത്തിന് ആണ് നമ്മളത് പറഞ്ഞത്...പക്ഷെ എല്ലാവരും അത് നല്ല വ്യക്തമായിട്ട് തന്നെ കേട്ടിട്ടുണ്ട്...അതിനുള്ള ഒരു പ്രതികരണം എന്നോണം എല്ലാവരും കൂടി നമ്മളെ തന്നെ നോക്കി കൊണ്ട് നിന്നിട്ട് നമ്മളോട് ശൂ... പറഞ്ഞ് നമ്മളോട് മിണ്ടല്ലെന്ന് പറഞ്ഞു...

നമ്മള് അവരെ നോക്കി ഒരു പുച്ഛഭാവത്തിൽ ചിരിച്ച് കൊടുത്തിട്ട് ആ കോന്തനെ നോക്കിയപ്പോ ഓൻ നമ്മളെ നോക്കി ഒരു ആക്കി ചിരി...

ഓൻ എന്തോ മനസ്സിൽ കണക്ക് കൂട്ടിയിട്ടുണ്ടെന്ന് ഓന്റെ ചിരിയിൽ നിന്നും നമ്മക്ക് മനസ്സിലായി...

"ആദി...അവള് അങ്ങനെ പലതും പറയും നീ പറ എന്തിനാ വിളിപ്പിച്ചതെന്ന്..." കാക്കുവാണ്.

"നമ്മുടെ യൂണിയന്റെ കീഴിൽ ഒരു ഫ്രീ ക്യാമ്പ് രൂപീകരിച്ചിട്ടുണ്ട് for 5 days..."

ആ കോന്തൻ അത് പറയേണ്ട താമസം എല്ലാവരും കൂടി എണീറ്റ് നിന്ന് കയ്യടിച്ച് ഭയങ്കര ഒച്ചപ്പാടും ബഹളവും ഒക്കെ ആക്കി...സത്യം പറഞ്ഞാൽ നമ്മളെ ചെവിക്കല്ല് വരെ പൊട്ടിപോയി അത്രക്ക് ശബ്ദമായിരുന്നു... അപ്പോ ആ കോന്തൻ എല്ലാവരോടും അടങ്ങി നില്ക്കാൻ പറഞ്ഞിട്ട് ബാക്കി പറഞ്ഞു തുടങ്ങി...

"ഈ ക്യാമ്പിന്റെ പ്രത്യേകത എന്താന്ന് വെച്ചാല്... ഓരോ ബാച്ചിനും വ്യത്യസ്ത ദിവസങ്ങളിലാകും ഈ ക്യാമ്പ് നടക്കുക...

എന്ന് വെച്ചാൽ ഇപ്പോ ഞങ്ങളെ ബാച്ചിന്റെ കാര്യം തന്നെ ഉദാഹരണമായിട്ട് എടുക്കാം...

1st,2nd,3rd year BBA സ്റ്റുഡിന്റ്സും 1st,2nd year MBA സ്റ്റുഡിന്റ്സും ഒരുമിച്ചാകും ഈ ക്യാമ്പിൽ പങ്കെടുക്കുക...ഈ അഞ്ച് ക്ലാസും ഒരുമിച്ച്...."

എന്ന് ആ കോന്തൻ പറഞ്ഞപ്പോ നമ്മള് ഞെട്ടി പണ്ടാരടങ്ങി തോള്ളേം തുറന്ന് ആ കോന്തനെ നോക്കി നിന്നു... ഓൻ പറയുന്നത് കേട്ടിട്ടാണെങ്കിലോ

യൂണിയൻ ടീം മൊത്തം നമ്മളെയും ഓനെയും മാറി മാറി നോക്കി കൊണ്ട് ഓ......എന്ന് വിളിച്ച് കൂവി...

അപ്പോ അത് കേട്ട് ആ കോന്തൻ നമ്മളെ നോക്കി ചിരിച്ചിട്ട് അവരോട് എന്തൊക്കെയോ പറഞ്ഞു...നമ്മള് അപ്പോഴും ഓൻ പറഞ്ഞത് കേട്ടതിന്റെ ഷോക്കിൽ ഓനെ തന്നെ നോക്കി നിൽക്കാണ്...

"ഗായ്സ് ഞാൻ ഒന്ന് പറഞ്ഞോട്ടെ ശബ്ദം ഉണ്ടാക്കല്ലേ..."

"അതെന്നെ...എല്ലാവരും ഒന്ന് സൈലന്റ് ആക് നമ്മളെ ചെയർമാൻ ഒന്ന് പറഞ്ഞോട്ടെ..."

"എടാ നിസു...നീ ആദ്യം മിണ്ടാതിരി...എന്നാലേ എനിക്ക് പറയാൻ പറ്റൂ...

അപ്പോ ഞാൻ പറഞ്ഞു വന്നത് എല്ലാവര്ക്കും മനസ്സിലായല്ലോ... ഇങ്ങനെ ഡിഗ്രിക്കാരും പിജിക്കാരും

ഒരുമിച്ചാകും ആ ക്യാമ്പിൽ യാത്ര പോവുക...

പിന്നെ ഇതിലെ ഏറ്റവും വലിയ സ്പെഷ്യലിറ്റി എന്താന്ന് വെച്ചാൽ....നമ്മളെ യൂണിയൻ ടീം എല്ലാ ബാച്ചിന്റെയും കൂടെ ക്യാമ്പിന് പങ്കെടുക്കും എന്നതാണ്..."

എന്ന് ആദി അലറിയപ്പോ അവരൊക്കെ കൂടി അതിലേറെ അലർച്ച... സത്യം പറഞ്ഞാൽ അവരെ ബഹളം കേട്ടപ്പോഴാണ് നമ്മക്ക് ശരിക്ക് ബോധം തന്നെ വന്നത്... എല്ലാവരും കൂടി ചേർന്ന് ആദി എടുത്ത തീരുമാനത്തോട് പൂർണ്ണമായും യോജിച്ചപ്പോ സ്വാഭാവികമായും നമ്മള് അതിൽ ഇടങ്കോലിട്ടു...

"സ്റ്റോപ്പിറ്റ് ഗായ്സ്...."

നമ്മള് പെട്ടെന്ന് വയലാന്റായി കൊണ്ട് നമ്മളെ കൈ ഡെസ്കിൽ ആഞ്ഞടിച്ച് അങ്ങനെ പറഞ്ഞപ്പോ അവരൊക്കെ ഞെട്ടി തിരിഞ്ഞ് നമ്മളെ നോക്കി മിണ്ടാതെ നിന്നു...

അവരെ ശ്രദ്ധ നമ്മളിലേക്ക് തിരിക്കാൻ വേണ്ടി ഒരു

ആവേശത്തിന് എടുത്ത് ചാടിയാണ് ഡെസ്കിൽ അടിച്ചത്... അതിപ്പോ നമ്മക്ക് നല്ലൊരു മുട്ടൻ പണിയുമായി... നമ്മളെ അടി കൊണ്ട് ഡെസ്ക് പൊളിഞ്ഞില്ലെങ്കിലും നമ്മളെ കൈ ചുമന്ന് തുടുത്ത് ചെറുതായിട്ട് ചോര പൊടിഞ്ഞിട്ടുണ്ട്...

പക്ഷെ, ഈ അവസരത്തിൽ നമ്മള് ആ വേദന പുറത്ത് കാണിക്കരുത്...കാണിച്ചാൽ പിന്നെ അവരൊക്കെ ഇപ്പോ നമ്മളെ സീരിയസായി നോക്കുന്ന പോലെ നോക്കില്ല...

ഇപ്പോ എല്ലാവരുടെയും ഫുൾ ഫോക്കസും നമ്മളെയാണ്... ഇതാണ് പറ്റിയ അവസരം , അതോണ്ട് നമ്മള് നമ്മളെ അഭിപ്രായമങ്ങ് വെട്ടി തുറന്ന് പറഞ്ഞു...

"നിങ്ങൾ എല്ലാവരും ചെയർമാൻ എടുത്ത തീരുമാനത്തോട് യോചിക്കുന്നുണ്ടാകും...ബട്ട്, എനിക്ക് അതിൽ വിയോജിപ്പുണ്ട്..."

"ഫെബി...എല്ലാവർക്കും കൂടി അടിച്ച് പൊളിക്കാൻ കിട്ടുന്ന ടൈമാണ്...അതും ആദി എടുത്ത തീരുമാനം

നല്ലതാണ്...ഞങ്ങൾക്ക് ഒക്കെ ഓക്കെയാ... പിന്നെ എന്താഡാ നിനക്ക് മാത്രം..."

"കാക്കൂ...ഇതൊന്നും എവിടെയും നടന്നിട്ടില്ലാത്ത സംഭവമാണ് ഡിഗ്രിക്കാരും പിജിക്കാരും ഒരുമിച്ച് ഒരു ക്യാമ്പ്...അത് നല്ലതായിട്ട് എനിക്ക് തോന്നുന്നില്ല...

ഇതെന്റെ ഒപ്പിനിയനാണ്...

അതോണ്ട് തന്നെ ഈ ഒരു കാര്യത്തോട് എനിക്ക് വിയോജിപ്പുണ്ട്..."

"നിനക്ക് വിയോജിപ്പുള്ളതൊന്നും ഞങ്ങളെ തീരുമാനത്തെ ബാധിക്കില്ല ഐഷു... കാരണം ഇത് യൂണിയന്റെ തീരുമാനമാണ്... ഈ 5 ക്ലാസും കൂടി ഒരുമിച്ചാകും ക്യാമ്പിന് പോകുന്നത്...കൂടെ ഈ യൂണിയനും..."

"Mr. ആദിൽ സാഹിബ് കരീം.... ഞാൻ എന്റെ ഒപ്പിനിയനാണ് പറഞ്ഞത്...മനസ്സിലായോ...?

പിന്നെ ഒരു കാര്യം ഓർക്കുന്നത് നല്ലതാ...ഞാനും ഈ യൂണിയനിൽ ഉൾപ്പെടുന്ന വ്യക്തിയാണ്...അതോണ്ട്

എന്റെ അഭിപ്രായവും മുഖവുരക്ക് എടുക്കണം..."

"നിന്റെ അഭിപ്രായം മാത്രം മുഖവുരക്ക് എടുക്കാനല്ല ഈ യൂണിയൻ തുടങ്ങിയത്... ഇവിടെ ഉള്ള ഭൂരിഭാഗം പേരും... ഭൂരിഭാഗവുമല്ല, നീ ഒഴികെയുള്ള എല്ലാവരും ഈ തീരുമാനത്തോട് യോജിക്കുന്നുണ്ട്.... അതോണ്ട് എന്തായാലും ക്യാമ്പിന് പോകുന്നത് അങ്ങനെ തന്നെ ആകും...

അതും പോരാഞ്ഞ് നമ്മുടെ പ്രിൻസിയുമായി ഞാൻ സംസാരിച്ചിരുന്നു...പുള്ളിക്കാരനും ഈ കോൺസെപ്റ്റ് നന്നായിട്ട് ഇഷ്ടായിട്ടുണ്ട്...അതോണ്ട് ഞങ്ങൾ എല്ലാം തീരുമാനിച്ച് കഴിഞ്ഞു ഇനി മാറ്റമില്ല..."

"ഓക്കേ...ഫൈൻ....നിങ്ങൾ എല്ലാവരും കൂടി എന്താന്ന് വെച്ചാൽ തീരുമാനിച്ച് ആയിക്കോ...എന്നെ ഇതിൽ ഉൾപ്പെടുത്തേണ്ട... യൂണിയന്റെ ഈ തീരുമാനത്തെ ഞാൻ അംഗീകരിക്കുന്നില്ല... ഞാൻ ഈ ക്യാമ്പിന് പങ്കെടുക്കുകയുമില്ല..."

എന്ന് ആ കോന്തനോട് വാക്ക് തർക്കത്തിൽ ഏർപ്പെട്ടിട്ട് വിളിച്ച് കൂവി കൊണ്ട് നമ്മള് അവരൊന്നും പറയുന്നത് കേൾക്കാൻ കൂട്ടാക്കാതെ അവിടെ നിന്നും നല്ല ദേഷ്യത്തിൽ ഇറങ്ങി ക്ലാസ്സിലേക്ക് പോയി...

അവിടെ എത്തിയപ്പോ എല്ലാവരും കൂടി എന്തിനാ യൂണിയൻ മീറ്റിങ് വിളിച്ചതെന്ന് ചോദിച്ചപ്പോ നമ്മള് നടന്നതൊക്കെ പറഞ്ഞു കൊടുത്തു.... അത് കേട്ടപ്പോ ക്ലാസ് മൊത്തം ഭയങ്കര ചാടി കളി ആയിരുന്നു...നമ്മളെ കുരാമീസിന്റെ കാര്യം പിന്നെ പറയെ വേണ്ട...നിലത്തൊന്നും അല്ലായിരുന്നു അവറ്റകളൊന്നും...

നമ്മള് പറയുന്നത് കേട്ടിട്ട് നമ്മളെ കുരാമീസ് നമ്മളെ അടുത്തേക്ക് ഓടി വന്ന് കെട്ടിപിടിക്കലും ഉമ്മ വെക്കലും പിന്നെ ക്യാമ്പിന് ഇത് ചെയ്യണം അത് ചെയ്യണമെന്ന ചർച്ചകളുമൊക്കെയായി ആകെ കലപില കലപില....

നമ്മക്ക് ഒന്ന് പറയാനുള്ളത് കൂടി അവരൊന്നും കേൾക്കാൻ കൂട്ടാക്കിയില്ല...ക്ലാസ്സിൽ ആണെങ്കിൽ

സാറുമാരോന്നും ഇല്ലാത്തതോണ്ട് നമ്മളെ വാക്കിന് ഒന്നും ഒരു വിലയും ഒരുത്തനും തരുന്നില്ല...

ഒടുവിൽ അവരുടെ ശ്രദ്ധ ഒക്കെ നമ്മളിലേക്ക് കൊണ്ട് വരാനായിട്ട് നമ്മള് വീണ്ടും ടേബിളിൽ അടിക്കാൻ ഒരു ശ്രമം നടത്തി... പക്ഷെ, ഇനി ചെലപ്പോ അടിച്ചാൽ നമ്മളെ കൈയൊരു പരുവമാകുമെന്ന് തോന്നിയതോണ്ട് പിന്നെ ആ പണിക്ക് നിന്നില്ല... പകരം നമ്മള് വേറെ ഒരു കാര്യം ചെയ്തു...

ടേബിളിൽ കേറി നിന്നിട്ട് നമ്മളെ സർവ്വ ശക്തിയുമെടുത്ത് സ്റ്റോപ്പിറ്റ് എന്ന് അലറി വിളിച്ചു... ഭാഗ്യം അതെന്തായാലും ഏറ്റു...എല്ലാവരും നമ്മളെ തന്നെ ഉറ്റു നോക്കി കൊണ്ട് സൈലന്റായി നിന്നു...

"എന്താടി ഫെബി നീ ടേബിളിൽ ഒക്കെ കേറി നിൽക്കുന്നെ...ഇങ്ങോട്ട് ഇറങ്ങേടി പെണ്ണേ..."

"ഞാൻ ഇറങ്ങിക്കോളാം... അതിന് മുമ്പ് എനിക്ക് പറയാനുള്ളത് ദയവ് ചെയ്ത് നിങ്ങളൊന്ന് കേൾക്കാൻ

സൻമനസ്സ് കാണിക്കണം...പ്ലീസ്... നിങ്ങളോട് ഒച്ച ഒക്കെ എടുത്തിട്ട് എന്റെ ഉള്ള ശബ്ദവും കൂടി പോയിരിക്കാണ്... അതോണ്ട് പ്ലീസ് ഗായ്സ് എനിക്ക് പറയാനുള്ളത് ഒന്ന് കേൾക്കണം."

എന്ന് പറഞ്ഞ് നമ്മള് അവരെ മുന്നിൽ കൈ കൂപ്പി നിന്നു...

പക്ഷേ, നമ്മളെ നിർഭാഗ്യമെന്ന് പറയട്ടെ നമ്മളെ അലർച്ച സ്റ്റാഫ് റൂമിലേക്കും ചെന്ന് കേൾക്കുമെന്ന് നമ്മള് സ്വപ്നത്തിൽ പോലും വിചാരിച്ചിട്ടില്ലെന്നു....

നമ്മളെ ഒച്ച കേട്ട് സ്റ്റാഫ് റൂം മൊത്തം കടന്നൽ കൂട് ഇളകി വരുന്ന പോലെ ഒരു വരവായിരുന്നു ഞങ്ങളെ ക്ലാസ്സിലേക്ക്...

വന്ന് നോക്കുമ്പോ കാണുന്ന കാഴ്ചയോ നമ്മള് ടേബിളിൽ കേറി നിൽക്കുന്നതും...

പിന്നെ പറയണ്ടല്ലോ പൂരം...

"What is this ആയിഷ... താനെന്താ ടേബിളിൽ കേറി നിന്ന് കഥാപ്രസംഗം വല്ലതും നടത്തുന്നുണ്ടോ...?

നിങ്ങളെ ഈ ക്ലാസ്സിന്റെ ശബ്ദം അങ്ങ് താഴേക്ക് വരെ നല്ല വ്യക്തമായിട്ട് കേൾക്കാലോ...ഇവിടെ മറ്റു ക്ലാസ്സുകാർക്കും പഠിക്കണ്ടേ...എന്ത് ശബ്ദമാണ് നിങ്ങളെ ക്ലാസ്സിൽ നിന്നും...

ഇത്രയൊക്കെ ഞാൻ പറഞ്ഞിട്ടും അതൊന്നും കേൾക്കാത്ത മട്ടിൽ സ്റ്റേജിൽ തന്നെ കേറി നിൽക്കാതെ അവിടന്ന് ഇങ്ങോട്ട് ഇറങ്ങി വാ കൊച്ചെ...."

എന്ന് പറഞ്ഞ് ആ കാലകേയൻ നിന്ന് തുള്ളിയപ്പോഴാ നമ്മള് ഇപ്പോഴും അറ്റത്ത് കേറി നിൽക്കുന്നത് ഓർമ്മ വന്നത്... പിന്നെ ഒന്നും നോക്കിയില്ല ഒരൊറ്റ ചാട്ടമായിരുന്നു അവരെ മുന്നിലേക്ക്...

അതിനും കിട്ടി നമ്മക്ക് വയറ് നിറച്ച് ആ കാലകേയന്റെ കയ്യിന്ന്...

"ഈ പിരീഡ് ഇപ്പോ നിങ്ങൾക്ക് ആരാ?"

"റാഷി സാറാണ്..."

"ഓഹോ...സാറിപ്പോ പ്രിൻസിപ്പലിന്റെ അടുത്ത് ഒരു മീറ്റിങ്ങിലാണ്... ഇപ്പോ വരും...അതുവരെ ശബ്ദം ഉണ്ടാക്കാതെ ഇരിക്കണം... കേട്ടല്ലോ...ലീഡറോടും കൂടിയാ പറഞ്ഞത്..."

എന്ന് പറഞ്ഞ് സാർ അവിടന്ന് ഇറങ്ങി പോയപ്പോ എല്ലാവരും കൂടി നമ്മളെ നോക്കി കൊണ്ട് അടക്കി പിടിച്ച് ചിരിച്ചു... നമ്മള് അപ്പോ തന്നെ അവരോട് മിണ്ടാരുതെന്ന് ആംഗ്യം കാണിച്ചിട്ട് സീറ്റിൽ പോയി ഇരുന്നു...

അപ്പോ നമ്മളെ കുരാമീസ് നാല് പേരും കൂടി നമ്മളെ ചുറ്റും കൂടി നിന്നിട്ട് യൂണിയന്റെ തീരുമാനങ്ങളെ കുറിച്ചും എന്നാ പോകുന്നത് എപ്പോഴാ പോകുന്നത് എന്നതിനെയൊക്കെ കുറിച്ചും ചോദിച്ച് നമ്മളെ ശല്യപ്പെടുത്തി...

അപ്പോ നമ്മള് ആ കോന്തന്റെ തീരുമാനത്തെ എതിർത്ത് സംസാരിച്ചതിനെ കുറിച്ച് പറഞ്ഞതും നാലും കൂടി നമ്മളെ കടിച്ച് കീറാൻ വന്നു....

"എന്താടി ഫെബി ആദിൽക്കാന്റെ ഐഡിയക്ക് കുഴപ്പം...?

സത്യം പറഞ്ഞാൽ എനിക്ക് ഈ വാർത്ത കേട്ടിട്ട് ഭയങ്കര ത്രില്ലടിച്ച് നിൽക്കാണ്... കാരണം നമ്മളും നമ്മളെ സീനിയർസും സൂപ്പർ സീനിയർസും കൂടി ഒരുമിച്ച് ഒരു ട്രിപ്പ്...ഇത് കലക്കും... എനിക്കും എന്റെ അനൂക്കയ്ക്കും പാറി പറന്ന് നടക്കാൻ കിട്ടിയ അവസരം...അതും 5 ദിവസം....ശോ ഓർക്കുമ്പോ തന്നെ കുളിര് കോരാണ്....

ഡി...ഫെബി നിന്റെ പിടി വാശി ഒക്കെ കളഞ്ഞിട്ട് നീയും ആദിൽക്കാൻറെ തീരുമാനത്തെ അംഗീകരിക്കണം....പ്ലീസ്....ഇതെന്റെ അപേക്ഷയാണ്...

എല്ലാവരും കൂടി ഒരുമിച്ചാണ് പോകുന്നതെന്ന് അറിഞ്ഞപ്പോ തൊട്ട് ഒരൊറ്റ നിമിഷത്തിൽ ഒരുപാട് സ്വപ്നങ്ങൾ നെയ്ത് കൂട്ടിയെടി...ദയവ് ചെയ്ത് നീ എന്റെ സ്വപ്നങ്ങളിൽ മണ്ണ് വാരി ഇടല്ലെടി പ്ലീസ്...."

നസിന്റെ ഒരു വമ്പൻ ഡയലോഗ് തീർന്നതും നമ്മള്

നമ്മക്ക് പറയാനുള്ളത് പറഞ്ഞു തുടങ്ങി...അപ്പോ തന്നെ അടുത്ത ആള് ഇടങ്കോലിട്ട് നസിയെ അനുകൂലിച്ച് കൊണ്ട് പറഞ്ഞു തുടങ്ങിയിരുന്നു...

അതോണ്ട് നമ്മക്ക് പറയാനുള്ളത് അവറ്റകളൊന്നും ചെവി കൊണ്ടതെ ഇല്ല...

"ആയിഷ ഫെബി..."

പെട്ടെന്ന് പ്യൂണ് വന്ന് നമ്മളെ പേര് വിളിച്ചതും നമ്മള് ഞെട്ടി വേഗം സീറ്റീന്ന് എണീറ്റ് നിന്നു...

"ഇയാളെ പ്രിൻസിപ്പൽ ഓഫീസിലേക്ക് വിളിക്കുന്നുണ്ട്...തന്നോട് ചെല്ലാൻ പറഞ്ഞു..."

എന്ന് പറഞ്ഞ് ആ പ്യൂണ് അവിടന്ന് പോയതും എല്ലാവരും കൂടി നമ്മളെ ഒരു പ്രതിയെ നോക്കുന്ന പോലെ നോക്കാൻ തുടങ്ങി... നമ്മക്ക് ആണെങ്കിൽ പ്രിൻസി എന്തിനാകും നമ്മളെ വിളിച്ചതെന്ന് അറിയാതെ ഒരു ചെറിയ ടെൻഷനായി...

ഇനി ചിലപ്പോ നമ്മള് ടേബിളിൽ കേറി നിന്ന് ഒച്ച വെച്ചതെങ്ങാനും പ്രിൻസി അറിഞ്ഞ് കാണോ... അതിനാകോ നമ്മളെ വിളിച്ചതെന്ന് ചിന്തിച്ചോണ്ട് നമ്മളെ കുരാമീസിനെയൊക്കെ ഒന്ന് നോക്കിയിട്ട് നമ്മള് ഓഫീസ് ലക്ഷ്യമാക്കി നടന്നു...

നമ്മള് ഓഫീസിന്റെ മുന്നിൽ എത്തിയതും ഒരു ദീർഘ ശ്വാസം എടുത്തോണ്ട് നമ്മള് വാതിൽ തുറന്നു...

"May I coming sir..."

(തുടരും)

ഭാഗം.82

നമ്മള് ഓഫീസിന്റെ മുന്നിൽ എത്തിയതും ഒരു ദീർഘ ശ്വാസം എടുത്തോണ്ട് നമ്മള് വാതിൽ തുറന്നു...

"May I coming sir..."

"Yes... come.. come...."

പ്രിൻസി അങ്ങനെ പറഞ്ഞ് നമ്മളെ അകത്തേക്ക് ക്ഷണിച്ചപ്പോ നമ്മള് ഓഫീസിലേക്ക് കേറി പ്രിൻസിന്റെ ടേബിളിൽ അടുത്ത് പോയി നിന്നു...

അപ്പോഴാണ് നമ്മള് അവിടെയുള്ള ചെയറിലിരിക്കുന്ന രണ്ട് മഹാന്മാരെ കണ്ടത്...

ഒന്ന് നമ്മളെ സനന്റെ റാഷി സാറും പിന്നെ ആ കോന്തനും...

ആ കോന്തനെ കണ്ടപ്പോ തന്നെ നമ്മക്ക് പെരുവിരൽ മുതലങ്ങ് എരിഞ്ഞു കേറി വന്നു...ഓൻ ആണെങ്കിൽ

നമ്മളെ നോക്കി കൊണ്ട് പുരികം പൊക്കി കാണിച്ച് ചിരിക്കാണ് കോന്തൻ....

അതോണ്ട് പിന്നെ നമ്മള് ആ ഭാഗത്തേക്ക് നോക്കാൻ നിന്നില്ല...

"ആയിഷ ഫെബി....sit there... താൻ എന്തിനാ എണീറ്റ് നിൽക്കുന്നത്..?"

"Its okey sir, ഞാൻ ഇവിടെ നിന്നോളം..."

എന്ന് പ്രിൻസിയോട് പറഞ്ഞെങ്കിലും അവസാനം അയാള് പറഞ്ഞ് പറഞ്ഞ് നമ്മളെ അവിടെ ആ കോന്തന്റെ അടുത്തുള്ള സീറ്റിൽ തന്നെ പിടിച്ച് ഇരുത്തി...

അപ്പോ ആ കോന്തൻ നമ്മളെ നോക്കി ഒരു പരിഹാസത്തോടെ ചിരിക്കുന്നത് നമ്മള് കണ്ടെങ്കിലും കാണാത്ത പോലെ ഭാവിച്ചു...എന്നിട്ട് പ്രിൻസിയെ നോക്കി ഇരുന്നു...

"ഞാൻ ഇപ്പോ നിങ്ങളെ വിളിപ്പിച്ചത് നിങ്ങളുടെ ക്യാമ്പിനെ കുറിച്ച് പറയാനാണ്..."

അയാളത് പറഞ്ഞപ്പോ നമ്മക്ക് ബോധ്യമായി നമ്മക്ക് സമ്മതമല്ലാത്തത് ഈ കോന്തൻ പ്രിൻസിയോട് പറഞ്ഞു കാണുമെന്ന്... അതോണ്ട് തന്നെ അയാള് പറയുന്നതൊന്നും കേൾക്കാൻ താല്പര്യം ഇല്ലാത്ത പോലെയാണ് നമ്മള് ഇരുന്നത്...

" ആദിയുടെ കോൺസെപ്റ്റ് നന്നായിട്ടുണ്ട്....ബട്ട്, ഇതുവരെ എന്റെ ലൈഫിൽ ഇങ്ങനെ ഒരു ക്യാമ്പ് പോയ ചരിത്രം ഈ കോളേജിൽ എന്നല്ല ഈ ലോകത്ത് തന്നെ നടന്നതായി കേട്ടിട്ടില്ല..."

പ്രിൻസി ഇത് പറയുന്നത് കേട്ടപ്പോ നമ്മക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നി...നമ്മള് അപ്പോ തന്നെ ആ കോന്തനെ നോക്കി കൊണ്ട് ഒന്ന് ആക്കി ചിരിച്ചു...

"സർ, അത് തന്നെയാ ഞാനും ചെയർമാനോട്

പറഞ്ഞത് ഇങ്ങനെ ഒരു കോളേജിലും നടന്നിട്ടുണ്ടാകില്ലാന്ന്... പക്ഷെ, അപ്പോ എന്റെ വാക്ക് ഇവരാരും കേട്ടില്ല..."

എന്ന് പറഞ്ഞ് നമ്മള് ആ കോന്തനെ അടിമുടിയൊന്ന് നോക്കിയിട്ട് മുഖം തിരിച്ച് ഇരുന്നു...

"Yes... correct... അതാണ് ഇവിടത്തെ പ്ലസ് പോയിന്റും.... ഇതുവരെ ഒരു കോളേജിന്റെ ചരിത്രത്തിലും സംഭവിക്കാത്തതാണ് ആദി പറഞ്ഞ കോൺസെപ്റ്റ്...അതോണ്ട് തന്നെ അത് നമ്മളെ കോളേജിന്റെ ഒരു നാഴിക കല്ലാണ്... ഈ ഒരു കോൺസെപ്റ്റ് കൊണ്ട് വന്ന ആദിക്ക് എന്റെ വക ഒരു ഷെയ്ക്ക് ഹാൻഡ്..."

എന്ന് പറഞ്ഞ് ആ കഷണ്ടി തലയൻ ആ കോന്തന് നേരെ കൈ നീട്ടിയപ്പോ നമ്മള് പകച്ച് പണ്ടാറടങ്ങി ആ കോന്തനെ ഒന്ന് നോക്കി...അപ്പോ ഓൻ നമ്മളെ നോക്കി പുരികം പൊക്കി കൊണ്ട് ഇപ്പോ എങ്ങനെ ഉണ്ടെന്ന ഭാവത്തിൽ നമ്മളെ നോക്കി ചിരിച്ചിട്ട് അയാൾക്ക് കൈ കൊടുത്തു...

നമ്മക്ക് അയാള് ഓനെ പുകഴ്ത്തിയതും ഓന്റെ നോട്ടവും ഒക്കെ കണ്ടപ്പോ ദേഷ്യം വന്നു... നമ്മള് പെട്ടെന്ന് അവിടന്ന് എണീറ്റിട്ട് പ്രിൻസിന്റെ നേർക്ക് ഒച്ചയിട്ടു...

"What nonsence you are talking... എന്താ സാറെ നിങ്ങൾക്കും ബുദ്ധി ഇല്ലാതെ ആയോ?

എന്ത് foolishness ഐഡിയ ആണിത്...ഇതൊരിക്കലും നടപ്പിലാക്കാൻ നമ്മളെ കൊണ്ട് സാധിക്കില്ല... 5 ക്ലാസും ഒരുമിച്ച്... അതും ജൂനിർസും സീനിയർസും ഒരുമിച്ച്....ഇതൊക്കെ ഭയങ്കര റിസ്കായിരിക്കും സർ... സാറ് തന്നെ ഒന്ന് ചിന്തിച്ച് നോക്ക്...ഇവരെ ഒക്കെ കൂടി ഒരുമിച്ച് മൈൻഡെയ്ൻ ചെയ്യാൻ ഒരുപാട് ബുദ്ധിമുട്ടും...അതോണ്ട് സർ എങ്കിലും ഒന്ന് പ്രാക്ടിക്കലായി ചിന്തിക്ക് സർ..."

എന്ന് പറഞ്ഞ് നമ്മളൊന്ന് നേടുവീർപ്പിട്ടപ്പോഴാണ് പ്രിന്സിയോടാണ് ഇത്രെയും നേരം ഒച്ച വെച്ചതെന്ന ഓർമ്മ വന്നത്... അതോണ്ട് അപ്പോ തന്നെ നമ്മള്

സാറിനെ നോക്കി ഒരു സോറി പറഞ്ഞു... ആ കോന്തൻ ആണെങ്കിൽ നമ്മളെ നിൽപ്പ് കണ്ടിട്ട് വാ പൊത്തി കൊണ്ട് ചിരി കൺട്രോൾ ചെയ്യാൻ ബുദ്ധിമുട്ടാണ്...

നമ്മക്ക് ഓന്റെ കാട്ടികൂട്ടൽ കണ്ടപ്പോ ദേഷ്യം വന്നെങ്കിലും നമ്മള് സ്വയം കൺട്രോൾ ചെയ്യുന്നത് ഇപ്പോ നല്ലതാണെന്ന് തോന്നി...കാരണം , ആ കഷണ്ടി തലയൻ ഇപ്പോഴും നമ്മളെ തന്നെ ഫോക്കസ് ചെയ്ത് നിൽക്കാണ്... ഒടുവിൽ നമ്മള് സാറിനെ നോക്കി ഒരു സോറി കൂടി പറഞ്ഞപ്പോ അങ്ങേര് നമ്മളോട് അവിടെ ഇരിക്കാൻ പറഞ്ഞു...

"ആദി...ആയിഷ പറയുന്നതിലും കാര്യമുണ്ട്... അത്രേം സ്റ്റുഡിന്റ്സിനെ മാനേജ് ചെയ്യുക എന്ന് പറഞ്ഞാൽ... that not possible..."

പ്രിൻസി അത് പറഞ്ഞപ്പോ നമ്മക്ക് വീണ്ടും പെരുത്ത് സന്തോഷമായി... അപ്പോ തന്നെ ആ കോന്തൻ ടേബിളിന്റെ അടുത്തേക്ക് നീങ്ങി ഇരുന്നിട്ട് പ്രിൻസിയോടായിട്ട് പറഞ്ഞു...

"അതൊന്നും ഓർത്ത് സർ ടെൻഷനാകണ്ട.... അതൊക്കെ ഈ ആദി ഏറ്റു... ഈ ട്രിപ്പിന്റെ ഫുൾ ചെലവും ഞാൻ വഹിക്കും... അവരെയൊക്കെ നിയന്ത്രിക്കാനൊക്കെ എന്റെ അടുത്ത് പ്ലാനുണ്ട്... സർ ഇതിന് സമ്മതിച്ചാൽ മാത്രം മതി..."

എന്ന് പറഞ്ഞ് ആ കോന്തൻ ആ കഷണ്ടി തലയനോട് കെഞ്ചുന്നത് കണ്ടപ്പോ നമ്മക്ക് തന്നെ മനസ്സലിവ് വന്നു പോയി... അതുപോലെ തന്നെ ആ പ്രിൻസിയും അവന്റെ ആ കെഞ്ചലിൽ വീണു...അതിന് സമ്മതിച്ചു... നമ്മക്ക് അത് കണ്ടപ്പോ വീണ്ടും ദേഷ്യം വന്നു...

"ഈ ട്രിപ്പിന്റെ മുഴുവൻ ചുമതലയും ഞാൻ യൂണിയന് തന്നിരിക്കാണ്... പിന്നെ നിങ്ങളെ നേതൃത്വം നൽകാൻ നിങ്ങളെ ക്യാപ്റ്റൻ ആയിട്ട് കൂടെ റാഷി സാറും ഉണ്ടാകും..."

എന്ന് ആ കഷണ്ടി തലയൻ പറഞ്ഞപ്പോ ആ കോന്തൻ റാഷി സാറിന് കൈ കൊടുത്തു... എന്നിട്ട് അപ്പോ തന്നെ നമ്മളെ നേരെ തിരിഞ്ഞിട്ട് കൈ നീട്ടി...

നമ്മള് അപ്പോ ഓനെ തുറുക്കനെ നോക്കി കൊണ്ട് ഓന്റെ കയ്യിനോര് തട്ട് കൊടുത്തു...

അത് ശ്രദ്ധിച്ച ആ കഷണ്ടി തലയൻ നമ്മളെയും ഓനെയും മാറി മാറി നോക്കാൻ തുടങ്ങി...

"ആദി...നിങ്ങള് തമ്മിൽ Any problem...?

എന്തെങ്കിലും ഉണ്ടെങ്കിൽ അതിപ്പോ തന്നെ പറഞ്ഞ് തീർത്തേക്കണം... കാരണം ഒരാഴ്ചക്കുള്ളിൽ ഈ ക്യാമ്പിന് പോകാൻ ഉള്ളതാണ്...

So, നിങ്ങളെ പ്രശ്നം ഇവിടെ വെച്ച് തന്നെ കൈ കൊടുത്ത് സോൾവാക്കാ..."

എന്ന് ആ കഷണ്ടി തലയൻ പറഞ്ഞപ്പോ അയാളെ ചട്ടി തല എറിഞ്ഞു പൊട്ടിക്കാനാ നമ്മക്ക് തോന്നി... അയാളെ വാക്ക് കേട്ട് വീണ്ടും ആ കോന്തൻ നമ്മളെ നേരെ കൈ നീട്ടിയപ്പോ നമ്മക്ക് കൈ കൊടുക്കല്ലാതെ വേറെ വഴിയില്ലെന്നു...

നമ്മള് ഓന് കൈ കൊടുത്തിട്ട് വേറെ എങ്ങോട്ടോ

നോക്കി നിന്നു...അപ്പോ ആ കോന്തൻ നമ്മളെ കൈ പിടിച്ച് ഞെരിച്ചു....

നമ്മള് അപ്പോ തന്നെ ആ.....ന്ന് അലറി വിളിച്ചു...

നമ്മളെ അലർച്ച കേട്ട് പ്രിൻസിയും റാഷി സാറും കൂടി സീറ്റിന്ന് എണീറ്റ് നമ്മളെ നോക്കിയപ്പോ ആ കോന്തൻ നമ്മളെ കൈ തുറന്ന് പിടിച്ചു...

നോക്കിയപ്പോ നമ്മള് നേരത്തെ ഡെസ്കിലടിച്ചപ്പോ ഉണ്ടായ മുറിവ് കുറച്ച് കൂടി വലുതായിട്ടുണ്ട്...

അത് കണ്ടതും ആദി നമ്മളെ കൈ പിടിച്ച് ആ മുറിവില് ഊതി കൊണ്ടിരുന്നിട്ട് നമ്മളോട് ചൂടായി...ഓൻ നമ്മളോട് ചൂടാവാണെങ്കിലും അവൻ ഊതിയപ്പോ നമ്മളെ കയ്യിലേക്ക് ഒരു തണുത്ത കുളിര്കാറ്റ് വീശായിരുന്നു...ആ കാറ്റിൽ നമ്മളെ വേദനയൊക്കെ എങ്ങോ പോയ് മറഞ്ഞു.

"എങ്ങനെയാടി ഇങ്ങനെ മുറിഞ്ഞത്...? നിനക്ക് ഒരു കാര്യവും ശ്രദ്ധിച്ച് ചെയ്യാൻ പറ്റില്ലേ...?

കണ്ടോ നല്ലോണം മുറിഞ്ഞിട്ടുണ്ട്..."

ഇങ്ങനെ എന്തൊക്കെയോ പറഞ്ഞോണ്ട് ആ കോന്തൻ നമ്മളെ കയ്യിലേക്ക് ഊതി കൊണ്ടിരുന്നപോ ഞങ്ങളെ നോക്കി പുഞ്ചിരിക്കുന്ന മറ്റു രണ്ട് പേരുടെയും മുഖത്തേക്ക് നമ്മളെ കണ്ണ് പാഞ്ഞ് ചെന്നു.... അവര് രണ്ടാളും കൂടി ഞങ്ങളെ തന്നെ നോക്കുന്നത് കണ്ട് നമ്മള് അപ്പോ തന്നെ ആദിന്റെ കയ്യിൽ നിന്നും നമ്മളെ കൈ എടുത്തിട്ട് അവരെ നോക്കി സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി....

"അടങ്ങി നിൽക്കേടി പെണ്ണേ..."

എന്ന് ഓൻ നമ്മള് കൈ വലിച്ചപ്പോ പറയുന്നത് കേട്ട് റാഷി സാർ വാ പൊത്തി ചിരി കൺട്രോൾ ചെയ്യാൻ ബുദ്ധിമുട്ടി...

നമ്മള് അവരെയൊക്കെ നോക്കുന്നത് കണ്ടപ്പോഴാ ആ കോന്തന് തന്നെ കാര്യം പിടി കിട്ടിയത്...പിന്നെ ഓനും നമ്മളെ പോലെ ഒരു ഇളി പാസാക്കിയിട്ട് നമ്മളെ ഒന്ന് ഇടങ്കണ്ണിട്ട് നോക്കി...

"ഇപ്പോ നിങ്ങള് തമ്മിലുള്ള പ്രശ്നമൊക്കെ തീർന്നില്ലേ...?

ഇനി നമുക്ക് ക്യാമ്പിനെ പറ്റി സംസാരിക്കാം..."

"സർ എനിക്ക് ഇപ്പോ പിരീഡുണ്ട്...so, ഞാൻ അങ്ങോട്ട്..."

"ഓക്കേ...you may go now..."

എന്ന് ആ പ്രിൻസി റാഷി സാറിനോട് പറഞ്ഞപ്പോ സാർ എണീറ്റ് പോയി...ഇനി നമ്മളും ആ കോന്തനും ആ കഷണ്ടി തലയനും മാത്രേ ഉള്ളു...

"ആദി....എല്ലാ സ്റ്റുഡന്റ്സും ഈ ക്യാമ്പിൽ പങ്കെടുക്കുന്നത് നിർബന്ധമാണെന്ന് പ്രത്യേകം നോട്ടീസിൽ എഴുതണം.... പിന്നെ അടുത്ത മാസത്തിനുള്ളിൽ എല്ലാ ബാച്ചിന്റെയും ക്യാമ്പും തീരണം... കാരണം, അടുത്ത മാസം നിങ്ങൾക്ക് എക്സാം തുടങ്ങാണ്.... so dont forget it...."

അപ്പോ ആ കോന്തൻ ഓക്കേ സാർ എന്ന് പറഞ്ഞ്

നമ്മളെ നോക്കി ചിരിച്ചു... നമ്മള് ഓന്റെ മുഖത്തേക്ക് നോക്കാതെ ആ കഷണ്ടി തലയനേയും നോക്കി അവിടെ ഇരുന്നു...

"So, നിങ്ങളെ ബാച്ചിന്റെ ക്യാമ്പ് തന്നെ നമുക്ക് ആദ്യം നടത്താം... എന്നാണ് നടത്തേണ്ടതെന്ന് നിങ്ങള് യൂണിയൻ തീരുമാനിച്ചിട്ട് അറിയിച്ചാൽ മതി... എന്തായാലും എത്രെയും പെട്ടെന്ന് തന്നെ വേണം..."

"സാർ...ഞാൻ ഒന്ന് ചോയ്ച്ചോട്ടെ...?"

പ്രിൻസിക്ക് ഇടങ്കോലിട്ടോണ്ട് നമ്മള് അങ്ങനെ ചോദിച്ചപ്പോ ആ കോന്തൻ നമ്മളെ ഒന്ന് നോക്കി...

"Yes... sure.."

"സർ...അത് ഈ ക്യാമ്പിന് പങ്കെടുത്തില്ലെങ്കിൽ വല്ല കുഴപ്പവും ഉണ്ടോ..?"

"തീർച്ചയായും കുഴപ്പമുണ്ട്...ഈ ക്യാമ്പ് അറ്റൻഡ് ചെയ്തില്ലെങ്കിൽ നമ്മുടെ ഇന്റേണൽ മാർക്ക് കുറയും...അല്ലെ സാർ..."

ആ കോന്തൻ നമ്മള് ചോദിച്ചതിന് മറുപടി തന്നപോ നമ്മക്ക് കലിപ്പ് കേറി...

"ഞാൻ തന്നോട് ചോദിച്ചില്ലല്ലോ...തന്നോട് ചോദിക്കുമ്പോ താൻ പറഞ്ഞാൽ മതി..."

"എന്നോട് ചോദിച്ചാലും സാറിനോട് ചോദിച്ചാലും സാർ ഇതേ പറയൂ...അല്ലെ സർ..?"

"Yes... ആദി ഈസ് കറക്റ്റ്... ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടത് നിങ്ങളെ ഏറ്റവും വലിയ ചുമതലയാണ്...അതോണ്ട് എല്ലാ സ്റ്റുഡന്റ്സും നിർബന്ധമായും ഈ ക്യാമ്പിൽ പങ്കെടുക്കണം... വീട്ടിൽ നിന്നും വിടാത്ത വല്ല പ്രോബ്ലെംസും ഉണ്ടെങ്കിൽ കോളേജിൽ നിന്നും വിളിച്ച് പറഞ്ഞ് അവരെ കൊണ്ട് സമ്മതിപ്പിക്കേം ചെയ്യും...

ബാക്കി വിവരങ്ങളൊക്കെ നാളെ നോട്ടീസ് ബോർഡിൽ ഉണ്ടാകും...

You may go now..."

എന്ന് പറഞ്ഞ് കഷണ്ടി തലയൻ ഡോറിന്റെ അങ്ങോട്ട് കൈ നീട്ടിയതും ആ കോന്തൻ താങ്ക്യൂ സർ എന്ന് പറഞ്ഞ് അങ്ങേർക്ക് കൈ കൊടുത്തിട്ട് നമ്മളെ നോക്കി പുച്ഛിച്ച് പുറത്തേക്ക് പോയി...

ആ കോന്തൻ പോയെന്ന് ഉറപ്പായതും നമ്മള് അപ്പോ തന്നെ ആ കഷണ്ടി തലയന്റെ നേരെ തിരിഞ്ഞിട്ട് അങ്ങേരെ അടുത്തേക്ക് ചെന്നു...

"സർ, എനിക്ക് ഒരു സംശയം കൂടി ഉണ്ട് സർ..."

"ഉം...tell me... whats your doubt...?"

"സർ, അത് ഇപ്പോ.... സപ്പോസ്, എനിക്ക് ആരോഗ്യപരമായി ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ

എനിക്ക് ആ ക്യാമ്പിന് പങ്കെടുക്കണം എന്ന് നിർബന്ധമുണ്ടോ..?"

"No... No... അങ്ങനെ ഒരു നിർബന്ധവുമില്ല... നിങ്ങളെ ആരോഗ്യമല്ലേ ഞങ്ങൾക്ക് പ്രധാനം... അതോണ്ട് അങ്ങനെ വല്ല പ്രോബ്ലെംസും ഉള്ളവരുണ്ടെങ്കിൽ അവർക്ക് ക്യാമ്പിൽ പങ്കെടുക്കേണ്ട ആവശ്യമില്ല...അത് അവരുടെ ഇന്റേണലിനെ ബാധിക്കുകയുമില്ല..."

ആ കഷണ്ടി തലയൻ അങ്ങനെ പറഞ്ഞപ്പോ നമ്മക്ക് എന്തോ പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു സന്തോഷമായിരുന്നു... ഈ ക്യാമ്പിന് പോകാതിരിക്കാൻ വേണ്ടി നമ്മളെ മുന്നിൽ ഒരു വഴിയുമില്ലേ എന്ന് ചിന്തിച്ചിരിക്കേന്നു... അയാൾ പറഞ്ഞത് കേട്ടപ്പോ ഒരു സമാധാനമായി... നമ്മള് അപ്പോ തന്നെ നല്ലൊരു പുഞ്ചിരി തൂകി കൊണ്ട് സാറിനോട് താങ്ക്സും പറഞ്ഞ് നമ്മൾ തുള്ളിച്ചാടി കൊണ്ട് ഓഫീസിന്റെ വാതിൽ തുറന്ന് പുറത്തേക്ക് നടന്നു...

അപ്പോ ആ കോന്തൻ ഓഫീസിന്റെ ചുവരും ചാരി നിന്ന് കൈ കെട്ടി കൊണ്ട് നമ്മളെയും നോക്കി ചിരിച്ച് നിൽപ്പുണ്ടെന്നു... ഓനെ കണ്ടതും നമ്മള് അപ്പോ തന്നെ നമ്മളെ സന്തോഷം കൺട്രോൾ ചെയ്തിട്ട് ഓനെ നോക്കാതെ വേഗം ക്ലാസ് ലക്ഷ്യമാക്കി നടന്നു...

അപ്പോ തന്നെ ആ കോന്തൻ നമ്മളെ പുറകിൽ നിന്നും വിളിച്ചു...

"ആയിഷ ഫെബി ഒന്നവിടെ നിന്നെ..."

നമ്മള് അപ്പോ തന്നെ അവിടെ നിന്നിട്ട് തിരിഞ്ഞു നോക്കി കൊണ്ട് എന്തേന്ന് തലയാട്ടി ചോദിച്ചു...

അപ്പോ ഓൻ നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ ചുറ്റും ഒരു തവണ നടന്ന് നമ്മളെ മുന്നിൽ വന്ന് നിന്നോണ്ട് അടിമുടി ഒന്ന് നോക്കി.

"നീ പ്രിൻസിയോട് ചോദിച്ചതൊക്കെ ഞാൻ കേട്ടു...എന്തിനാ നീ അങ്ങനെ ചോദിച്ചതെന്നും എനിക്ക് അറിയാം...

പക്ഷെ, എന്തൊക്കെ ചെയ്താലും ശരി ആയിഷ

ഫെബി എന്ന നീ എന്തായാലും ആ ക്യാമ്പിന് വന്നിരിക്കും... അല്ലെങ്കിൽ കൊണ്ട് വന്നിരിക്കും ഈ ആദി..."

എന്ന് പറഞ്ഞ് ഓൻ തിരിഞ്ഞ് നടക്കാൻ ഒരുങ്ങിയതും നമ്മളും ഓനെ വിളിച്ചു.

"Mr. ആദിൽ സാഹിബ് കരീം ഒന്നവിടെ നിൽക്കണം..."

ഞമ്മള് പറയേണ്ട താമസം ഓൻ അവിടെ നിന്നിട്ട് നമ്മളെ തിരിഞ്ഞു നോക്കി... നമ്മള് ഓൻ ചെയ്ത പോലെ തന്നെ ഓന്റെ ചുറ്റും ഒരു തവണ നടന്നിട്ട് ഓന്റെ മുന്നിൽ നിന്ന് ഓനെ ഒന്ന് അടിമുടി നോക്കി...

"ഞാൻ ക്യാമ്പിന് വരാൻ വേണ്ടി നീ എന്ത് കിണഞ്ഞ് പരിശ്രമിച്ചിട്ടും കാര്യമില്ല... ആയിഷ ഫെബി എന്ന ഈ ഞാൻ ആ ക്യാമ്പിന് വരുന്നില്ലെന്ന് പറഞ്ഞാൽ വരുന്നില്ല... അതിന് വേണ്ടി എന്റെ ജീവൻ പോയാലും ശരി...

Mr. ആദിൽ സാഹിബ് കരീമിന് എന്നെ ക്യാമ്പിന്

കൊണ്ട് പോകാൻ കഴിയുമെങ്കിൽ കൊണ്ട് പോയി കാണിക്ക്..."

"ഓ...ചലഞ്ചാണോ...?"

"ഉം...അങ്ങനെ എങ്കിൽ അങ്ങനെ... എന്ത് വന്നാലും ശരി ഞാൻ ഈ ക്യാമ്പിന് വരില്ല..."

"ഹ....ഹ....ഹ.... ചലഞ്ച്....അതും എന്നോട്... വേണ്ട ഐഷു തോറ്റു പോകും..."

"അതെ...തോറ്റു പോകും...ഞാനല്ല...നീ..."

അപ്പോ ഓന്റെ ചിരി മെല്ലെ മുഖത്ത് നിന്ന് മാഞ്ഞു പോയി ഗൗരവത്തിലായി...

"നീ വരും ഐഷു...ഇല്ലെങ്കിൽ ഞാൻ നിന്നെ വരുത്തും...നിന്നെ കൊണ്ട് എന്ത് ചെയ്യാൻ പറ്റുമെങ്കിലും ചെയ്തോ...പക്ഷെ, നീ ക്യാമ്പിന് വരും...

നിനക്ക് അറിയാലോ എന്നെ... ഈ ആദി പറയുന്നത് മാത്രേ നടക്കൂ...നടക്കുന്നത് മാത്രേ പറയൂ..."

"നീയാരാടാ മമ്മൂട്ടിയോ...? അധികം ഡയലോഗ് അടിക്കാൻ നിക്കാതെ നീ ചെയ്ത് കാണിക്ക്...അപ്പോ സമ്മതിക്കാം നീ പറയുന്നതെ നടക്കൂ എന്ന്..."

എന്ന് പറഞ്ഞോണ്ട് ഓന്റെ ഒരു ലോഡ് പുച്ഛവും എറിഞ്ഞിട്ട് നമ്മള് തിരിച്ച് ക്ലാസ്സിലേക്ക് പോകാൻ നിന്നതും ഓൻ നമ്മളെ മുന്നിൽ കേറി നിന്ന് തടസം ഉണ്ടാക്കി...

"ഇനിയെന്താപ്പോ നിനക്ക് പറയാനുള്ളത്...? മുന്നീന്ന് മാറ് എനിക്ക് ക്ലാസ്സിൽ പോണം..."

"പോകാം...നിനക്ക് മാത്രല്ല...എനിക്കും ക്ലാസ്സോക്കെയുണ്ട്... എനിക്ക് പറയാനുള്ളത് മുഴുവൻ കേട്ടിട്ട് പൊയ്ക്കോ..."

"എന്താന്ന് വെച്ചാ ഒന്ന് പറഞ്ഞ് തൊലക്ക്..."

എന്ന് പറഞ്ഞ് നമ്മള് ഓനിൽ നിന്നും മുഖം തിരിച്ചിട്ട് ഗ്രൗണ്ടിലേക്ക് നോക്കി നിന്നു...

"നീ ഒരു ചലഞ്ച് തന്ന സ്ഥിതിക്ക് തിരിച്ച് ഞാനൊരു ചലഞ്ച് തരാതിരുന്നാൽ മോശല്ലേ...?"

ഓൻ അത് പറഞ്ഞപ്പോ നമ്മള് വേഗം ഓന്റെ ഭാഗത്തേക്ക് തിരിഞ്ഞ് കൊണ്ട് അതെന്താ എന്ന ഭാവത്തിൽ ഓനെ നോക്കി... അപ്പോ ഓൻ ഒരു കള്ളച്ചിരിയോടെ നമ്മളെ അടുത്തേക്ക് നീങ്ങി വന്നു...

"ഈ 5 ദിവസത്തെ ക്യാമ്പ് പൂർത്തിയാക്കുന്നതിനുള്ളിൽ നീ എന്നോട് വന്ന് നിന്റെ ഉള്ളിലെ ഇഷ്ടം തുറന്ന് പറഞ്ഞിരിക്കും...this is my challenge...

എന്ത് പറയുന്നു മിസ്സ്. ആയിഷ ഫെബി...ഈ ചലഞ്ച്

ഏറ്റെടുക്കുന്നോ...?"

ആ കോന്തൻ കിണിച്ചോണ്ട് അങ്ങനെ ചോദിച്ചപ്പോ നമ്മള് എന്ത് പറയുമെന്ന് അറിയാതെ ഓനെ തന്നെ നോക്കി മിഴിച്ച് നിന്നു...

'Come on ഫെബി... ഈ ചലഞ്ച് ഏറ്റെടുക്ക്... അതിൽ ഓൻ ജയിക്കാൻ പാടില്ല...പക്ഷെ, ഇത് ഏറ്റെടുത്തിട്ട് ഒടുക്കം അവൻ ഇനി എങ്ങാനും നമ്മളെ ഉള്ളിലെ സ്നേഹം പുറത്ത് കൊണ്ട് വരോ...

അതിന് നമ്മള് ആ ക്യാമ്പിന് പോകില്ലല്ലോ...പിന്നെ എന്തിനാ പേടിക്കുന്നത്?

അതോണ്ട് ധൈര്യായിട്ട് ചലഞ്ച് ഏറ്റെടുത്തോ...'

എന്ന് മനസ്സിൽ കണക്ക് കൂട്ടി കൊണ്ട് നമ്മള് ഒന്ന് കണ്ണടച്ച് ഒരു ദീർഘ ശ്വാസം വിട്ടിട്ട് കണ്ണ് തുറന്ന് ഓനെ നോക്കി...

"ഓക്കേ... ആദ്യം നീ എന്നെ ക്യാമ്പിന് കൊണ്ട്

പോകാൻ നോക്ക്...എന്നിട്ട് ഈ ചലഞ്ചിൽ ആരാ ജയിക്കാ എന്ന് നമുക്ക് നോക്കാം..."

"നിന്നെ ക്യാമ്പിന് കൊണ്ട് വരാനൊക്കെ എനിക്ക് എളുപ്പമാണ്...പക്ഷെ, നിന്റെ നാവിൽ നിന്നും എന്നെ ഇഷ്ടമാണെന്ന് ആത്മാർത്ഥമായി പറയിപ്പിക്കാനാണ് പാട്...

സാരല്യ...എന്തായാലും നീ അങ്ങനെ പറയില്ലെന്ന് നിനക്ക് ഉറപ്പുണ്ടെങ്കിൽ നിന്നെ കൊണ്ട് അങ്ങനെ പറയിപ്പിക്കാൻ കഴിയുമെന്ന് എനിക്കും ഉറപ്പുണ്ട്..."

"ഉം...കാണാം...ആരാകും ഈ രണ്ട് ചലഞ്ചിലും ജയിക്കാ എന്ന്..."

"എന്താ ഇത്ര മാത്രം കാണാൻ...ഞാൻ തന്നെ ആകും അല്ലാതെ ആര്..?"

"Over confidence നല്ലതല്ല മോനെ...ഈ ചലഞ്ചിൽ

ഞാനേ ജയിക്കൂ..."

"All the best..."

എന്ന് ഓൻ പറഞ്ഞപ്പോ നമ്മള് ഓനെ നോക്കി പുച്ഛിച്ചിട്ട് ക്ലാസ്സിലേക്ക് കയറിയതും ലഞ്ച് ബ്രേക്കിന് ബെല്ലടിച്ചതും ഒരുമിച്ചായിരുന്നു...

അതോണ്ട് അപ്പോ തന്നെ നമ്മളെ എല്ലാവരും കൂടി പൊതിഞ്ഞിട്ട് പ്രിൻസി വിളിപ്പിച്ചതിന്റെ കാര്യം തിരക്കി....

അവരോടൊക്കെ പ്രിൻസി പറഞ്ഞതൊക്കെ പറഞ്ഞ് കൊടുത്തിട്ട് ബാക്കി നാളെ നോട്ടീസ് ബോർഡിൽ കാണുമെന്ന് പറഞ്ഞ് നമ്മളെ കുരാമീസിനെയും കൂട്ടി കാന്റീനിലേക്ക് നടന്നു...

ക്യാമ്പിനെ കുറിച്ചാണ് അവറ്റകളുടെ ചർച്ച മുഴുവൻ... നമ്മള് അവർ പറയുന്നതിനൊക്കെ മുക്കിയും മൂളിയും ആൻസർ കൊടുത്തു എന്നല്ലാതെ കൂടുതൽ ഒന്നും മിണ്ടിയില്ല... നമ്മളെ ചിന്ത അപ്പോ മുഴുവൻ ആ

കോന്തനുമായി വെച്ച ചലഞ്ചാണ്...

എങ്ങനെയെങ്കിലും ക്യാമ്പിന് പോകാതിരിക്കണം അതിന് ഇപ്പോ എന്താ ചെയ്യാന്നാണ് നമ്മളെ ചിന്ത....

"ഡി ഫെബി...ഞങ്ങൾ പറയുന്നതിനൊന്നും നിനക്ക് യാതൊരു താല്പര്യവും ഇല്ലല്ലോ... എന്ത് ചിന്തിച്ചോണ്ടിരിക്കാ നീ...?" നസിയാണ്.

"ഞാനോ...? എന്ത് ചിന്തിക്കാനാ...നമ്മളെ ക്യാമ്പ് എങ്ങനെ ഉണ്ടാകുമെന്ന് ചിന്തിച്ച് നോക്കിയതാ...

നീയും അനൂക്കയും ദേ ഇവളും അരുണും പിന്നെ സനയും റാഷി സാറും... ഇതിൽ ഇപ്പോ ഞാനും ഷംനയും പോസ്റ്റ്... അവരെ ഒക്കെ അടുത്ത് കിട്ടിയാൽ നിങ്ങള് മൂന്നും ഞങ്ങളെ തിരിഞ്ഞ് നോക്കോ...?"

"നീ വല്ലാതെ പറയണ്ട ഫെബി...ഇതിൽ പോസ്റ്റ് ആകാൻ പോകുന്നത് ഞാനാ...എന്റെ ഇക്ക അബുദാബിയിൽ ആയോണ്ട് നമ്മള് പോസ്റ്റ്...നിനക്ക് ഇവിടെ ആദിൽക്ക ഇല്ലേ..?"

ഷംന പറയുന്നത് കേട്ട് എല്ലാവരും കൂടി അതേയതെ എന്ന് പറഞ്ഞ് അങ്ങോട്ട് തുടങ്ങി നമ്മളെ ആക്കല്.... നമ്മള് അതൊക്കെ ഒരു പുഞ്ചിരിയിൽ ഒതുക്കി കൊണ്ട് നമ്മളെ യാത്ര മുടക്കാനുള്ള പദ്ധതി ആലോചിച്ച് ഇരുന്നു...

ഇക്കാര്യത്തിൽ ഇവറ്റകളോട് ഒന്നും ഐഡിയ ചോദിക്കാൻ പറ്റില്ല...കാരണം നമ്മളെ കൂടെ കൊണ്ട് പോകാൻ ഇവർക്കാണ് അവനേക്കാൾ ഉത്സാഹം...

നമ്മള് എങ്ങാനും ക്യാമ്പിന് വരുന്നില്ല എന്നെങ്ങാനും പറഞ്ഞാൽ പിന്നെ കരച്ചിലായി പിഴിച്ചിലായി ഒടുക്കം തല്ലി പിരിയലുമായി എന്തിനാ വെറുതെ സീൻ കോൺട്രയാക്കുന്നത്.... അതോണ്ട് നമ്മള് വരാത്തത് ഇവര് അറിയേണ്ട... ഇവർ തന്നെ നമ്മളോട് ക്യാമ്പിന് വരണ്ടാന്ന് പറയുന്ന തരത്തിലുള്ള എന്തെങ്കിലും ചെയ്യണമെന്ന് നമ്മള് അപ്പോ തന്നെ തീരുമാനിച്ചു... പക്ഷെ, ഒന്നും അങ്ങോട്ട് ക്ലച് പിടിക്കാത്ത ഐഡിയകളാണ്...

അങ്ങനെ അന്നത്തെ ദിവസം മുഴുവൻ നമ്മള് യാത്ര മുടക്കാനുള്ള ഐഡിയ ആലോചിച്ച് തീർന്നു... വീട്ടിൽ എത്തിയപ്പോ നസിയോട് ചോദിക്കാമെന്ന്

തോന്നിയെങ്കിലും അവളും ഇപ്പോ ആ കോന്തന്റെ ഭഗത്താണല്ലോ എന്ന് ഓർമ്മ വന്നപ്പോ അതിനും മുതിർന്നില്ല...

നമ്മളെ ഗാഢമായ ചിന്ത കണ്ട് എല്ലാവരും എന്താ പ്രശ്നമെന്ന് ചോദിച്ചെങ്കിലും നമ്മള് ഒന്നുമില്ലാന്ന് പറഞ്ഞ് തടിതപ്പി....

പിറ്റേന്ന് കോളേജിൽ പോയപ്പോ നോട്ടീസ് ബോർഡിന്റെ അടുത്ത് ഒരാൾക്കൂട്ടം കണ്ടു... അപ്പോ തന്നെ അച്ചു നമ്മളെയും വലിച്ചോണ്ട് അങ്ങോട്ട് ചെന്നു...

"ഡി ഫെബി...ക്യാമ്പിന്റെ ഡേറ്റ് ഫിക്സയിട്ടുണ്ടാകും...വാ പോയി നോക്കാം..."

"നീ പൊയ്ക്കോ അച്ചു...ഞാൻ ഇവിടെ നിൽക്കാം..."

'നമ്മക്ക് അറിഞ്ഞിട്ടും വല്യ കാര്യമില്ലല്ലോ...'

അപ്പോ അച്ചു അവിടെയുള്ളവരെ ഒക്കെ ഇടിച്ച് തള്ളി കൊണ്ട് അങ്ങോട്ട് ചെന്നതും ഒരു രണ്ട് മിനിറ്റ് കഴിഞ്ഞിട്ട് തുള്ളി ചാടി നമ്മളെ മുന്നിലേക്ക് വന്നു...

"ഫെബി.....അടുത്ത ചൊവ്വാഴ്ചയാടാ ക്യാമ്പ്...അതും 5 ദിവസം...

ശനിയാഴ്ച തിരിച്ച് വരും...

പിന്നെ എങ്ങോട്ടൊക്കെയാ പോകുന്നതെന്ന് അറിയോ?"

നമ്മള് ഓളെ സന്തോഷം കണ്ടിട്ട് ചെറുപുഞ്ചിരി വിടർത്തി കൊണ്ട് ഇല്ലാന്ന് തലയാട്ടി... അപ്പോ ഓള് നമ്മളെ നോക്കി ചിരിച്ചിട്ട് *ഊട്ടി.....* എന്ന് ആർത്ത് പറഞ്ഞു...

ഓളെ ശബ്ദം കേട്ട് എല്ലാവരും ഞങ്ങളെ നോക്കാൻ തുടങ്ങിയതും നമ്മള് വേഗം ഓളെ വാ പൊത്തി ഓളെ ക്ലാസ്സിലേക്ക് വലിചോണ്ട് പോയി...

"എന്താടി പെണ്ണേ...നീ ഇതുവരെ ഊട്ടിയിലേക്ക് പോയിട്ടില്ലേ..? ഇങ്ങനെ കിടന്ന് ആർക്കാനായിട്ട്...

നീയും ഫാമിലിയും കൂടി അല്ലെ കഴിഞ്ഞ ഓണത്തിന് ഊട്ടിയിൽ പോയത്...പിന്നെ എന്താടി ഇത്ര ആകാംഷ...."

"എന്റെ ഫെബി...ആകാംഷ ഇല്ലാതെ ഇരിക്കോ... നീയൊന്ന് ആലോചിച്ച് നോക്കിയേ ഈ ക്ലൈമറ്റിൽ നമ്മള് എല്ലാവരും കൂടി അതും നമ്മളെ ലവ്വേഴ്സിന്റെ കൂടെ....ശോ.... ഓർക്കുമ്പോ തന്നെ കോരി തരിക്കാ..."

"എന്നാല് പൊന്നു മോള് അധികം കോരണ്ടാ.... അപ്പോ നിന്റെ മനസ്സിൽ ഇതൊക്കെ ആണല്ലേ പ്ലാൻ...ഉം...ശരിയാക്കി തരാ ഞാൻ..."

"എടി ഫെബി...ഞാൻ വേറെ ഒന്നും ഉദ്ദേശിച്ച് പറഞ്ഞതല്ല....നമുക്ക് ഇഷ്ടപ്പെട്ടവരുടെ കൂടെ ഒരുമിച്ച് യാത്ര ചെയ്യാൻ പറ്റിയ അടിപൊളി സ്ഥലമാണ് ഊട്ടി....ഞാൻ അത്രയേ ഉദ്ദേശിച്ചിട്ടുള്ളൂ...."

"എന്നാലേ... അത്രയൊക്കെ ഉദ്ദേശിച്ചാൽ മതി..."

എന്ന് പറഞ്ഞ് നമ്മള് ക്ലാസ്സിലേക്ക് കയറാൻ നിന്നതും ആരോ വാതിലിൽ കൈ വെച്ച് നമ്മളെ വഴി മുടക്കി നിന്നു...

നോക്കുമ്പോ ആ സൽമയും ഓള രണ്ട് വാലുകളുമാണ്...

എന്താണെന്ന് അറിയില്ല...ഇവളെ മോന്ത കാണുമ്പോ തന്നെ പെട്ടെന്ന് ദേഷ്യം വരുന്നുണ്ട്...പക്ഷെ, നമ്മള് ഒരിക്കലും മറ്റൊരു സൽമയാകാൻ താത്പര്യമില്ലാത്തത് കൊണ്ട് നമ്മള് ഓളെ വക വെക്കാതെ ഓളെ കൈ തട്ടി മാറ്റി ക്ലാസ്സിലേക്ക് കേറി....

"ഡി..."

എന്ന് പറഞ്ഞ് ആ സൽ മ അലറിയപ്പോഴും നമ്മളെയല്ല എന്ന് മനസ്സിനെ പറഞ്ഞ് പാകപ്പെടുത്തിയിട്ട് നമ്മള് സീറ്റിൽ പോയി ഇരുന്ന് നമ്മളെ കുരാമീസിനോട് കത്തി വെച്ചോണ്ടിരുന്നു...

അപ്പോ തന്നെ ഓള് നമ്മളെ അടുത്തേക്ക് വന്ന് നമ്മളെ മുന്നിലെ ബെഞ്ചിൽ ഇരുന്നിട്ട് നമ്മളെ തന്നെ ഉറ്റു നോക്കി....

"നീ ഈ ക്യാമ്പിന് പങ്കെടുക്കരുതെന്ന് ഞാൻ പറയില്ല.... പക്ഷെ, നീ ഈ ക്യാമ്പിന് വന്നാൽ...ഇതാകും നിന്റെ അവസാനത്തെ ക്യാമ്പ്... ആ ക്യാമ്പ് കഴിഞ്ഞ് നീ ഒരിക്കലും വീട്ടിൽ തിരിച്ചെത്തില്ല...."

എന്ന് പറഞ്ഞ് ഓള് അവിടന്ന് പൊടിയും തട്ടി എണീറ്റ് പോയി...ഓളെ സംസാരം കേട്ടപ്പോ നമ്മക്ക് ചിരി വന്നു...ഓള് ഇപ്പോ വന്ന് പറഞ്ഞില്ലെങ്കിലും നമ്മള് ആ ക്യാമ്പിന് പോകില്ല...എന്നിട്ടല്ലേ ഓളെ ഒരു ഭീഷണി...

സൽ മ പറഞ്ഞത് കേട്ട് നമ്മളെ കുരാമീസിന് ടെൻഷൻ ആയെങ്കിലും നമ്മളെ മുഖത്തെ ഭാവം കണ്ട് അവരും ഓളെ ഭീഷണിയെ വക വെച്ചില്ല...

പിന്നെ ഉള്ള ഒരൊറ്റ പിരീഡും നമ്മള്

മനസ്സമാധാനത്തോടെ ക്ലാസ്സിൽ ഇരുന്നിട്ടില്ല... കാരണം ഇനി ക്യാമ്പിന് വെറും 3 ദിവസം മാത്രേ ബാക്കി ഉള്ളു... എന്ത് ചെയ്യാണെങ്കിലും അത് പെട്ടെന്ന് ചെയ്യണം....

എന്ത് ചെയ്യുമെന്ന് ഒരു പിടിയുമില്ലാതെ ബ്രേക്ക് ടൈം ഗ്രൗണ്ടിലൂടെ അലയുമ്പോഴാണ് പെട്ടെന്ന് നമ്മളെ മുന്നിലേക്ക് ആ കോന്തൻ വന്ന് നിന്നത്...നമ്മള് ഓനെ കണ്ടപ്പോ തന്നെ മുഖം തിരിച്ച് കളഞ്ഞു...

"ഇതെന്താ റാണി ഒറ്റക്ക് വന്നിരിക്കുന്നത്? കൂടെയുള്ള ദാസികളൊക്കെ എവിടെ..?"

ഓൻ നമ്മളെ നോക്കി കൊണ്ട് അത് ചോദിച്ചപ്പോഴാ നമ്മള് പിറകിലേക്ക് തിരിഞ്ഞു നോക്കിയത്.... നോക്കുമ്പോ നമ്മളെ കുരാമീസിനെ ഒന്നും അവിടെ കാണില്ല... ഇവറ്റകളിപ്പോ എവിടെ പോയെന്ന് ചിന്തിച്ച് ഗ്രൗണ്ട് മൊത്തം ഒന്ന് കണ്ണോടിച്ചപ്പോ നാലും കൂടിയുണ്ട് നമ്മളെ ബ്രദേഴ്സിന്റെ കൂടെ മരച്ചോട്ടിൽ ഇരുന്ന് വെടി പൊട്ടിക്കുന്നു...

ഇവരിത് എപ്പോ പോയെന്ന് ചിന്തിച്ച് നമ്മള് അവരെ അടുത്തേക്ക് പോകാൻ നിന്നതും ആ കോന്തൻ

നമ്മളെ മുന്നിൽ കേറി നിന്നു...

നമ്മളപ്പോ ഓനെ നോക്കി കണ്ണുരുട്ടിയിട്ട് കയ്യും കെട്ടി അവര് ഇരിക്കുന്ന അങ്ങോട്ട് നോക്കി നിന്നു....അപ്പോ ആ കോന്തൻ നമ്മളെ മുന്നിലേക്ക് വിരല് ഞൊടിച്ചോണ്ട് നമ്മളെ നോട്ടം അവനിലേക്ക് തിരിച്ചു.

"ക്യാമ്പിന്റെ ഡേറ്റ് അറിഞ്ഞു കാണുമല്ലോ അല്ലെ..?

ഇനി വെറും 3 ദിവസം മാത്രമേ നിന്റെ മുന്നിൽ ഉള്ളു...എന്ത് ചെയ്യാണെങ്കിലും പെട്ടെന്ന് ചെയ്യണം...ഇല്ലെങ്കിൽ ഞാൻ ചലഞ്ചിൽ ജയിക്കും..."

"എനിക്ക് ഈ മൂന്ന് ദിവസമൊന്നും വേണ്ട...ഞാൻ വരില്ലെന്ന് പറഞ്ഞാൽ വരില്ല... പിന്നെ ഈ ചലഞ്ചിൽ ഞാനേ ജയിക്കൂ...മറക്കണ്ട..."

"നിന്റെ വിശ്വാസം നിന്നെ കാക്കട്ടെ..."

എന്ന് പറഞ്ഞ് ഓൻ ചിരിച്ചപ്പോ ഓന് നേരെ ഒരു ലോഡ്

പുച്ഛം എറിഞ്ഞോണ്ട് നമ്മള് ക്ലാസ്സിലേക്ക് പോയി...

ഇപ്പോ മനസ്സാകെ അസ്വസ്ഥമാണ്.... ഓരോ സമയവും കഴിയുന്തോറും ഓൻ ചലഞ്ചിൽ ജയിക്കോ എന്ന് ടെൻഷൻ കൂടി വരാൻ തുടങ്ങി...

നമ്മക്ക് ആണെങ്കിലോ എത്ര ആലോചിച്ചിട്ടും ഒരു ബൾബും കത്തുന്നില്ല...

ഉച്ചക്ക് മുൻപുള്ള പിരീഡ് ആ കാലകേയന്റെ പിരീഡ് ആയിരുന്നു...അതും ലാബ്... അതോണ്ട് നമ്മള് അതും ചിന്തിച്ച് റെക്കോഡും കയ്യിലെടുത്ത് പതുക്കെ എല്ലാവരുടെയും പിന്നിലുമായിട്ട് നടക്കുമ്പോഴാണ് നമ്മളെ മനസ്സിലേക്ക് പെട്ടെന്ന് ഒരു ചിന്ത ഉദിച്ച് വന്നത്...

അത് നമ്മളെ തലമണ്ടയിൽ ഉദിച്ചതും നമ്മള് സന്തോഷം കൊണ്ട് നിന്ന് തുള്ളി ചാടി... അപ്പോ അച്ചു നമ്മളെ അടുത്തേക്ക് വന്നിട്ട് എന്താടി വട്ടായോന്ന് ചോതിച്ചു.... നമ്മള് ഒന്നൂല്യ നീ ഈ റെക്കോഡും കൊണ്ട് പൊയ്ക്കോ നമ്മളിപ്പോ വരാമെന്ന് പറഞ്ഞ് തിരിച്ച് ക്ലാസ്സിലേക്ക് തന്നെ ഓടി പോയി...

ക്ലാസ്സിൽ അപ്പോ ആരും ഇല്ലെന്നു... നമ്മള് കുറച്ച് നേരം ക്ലാസ്സിലിരുന്നിട്ട് മെല്ലെ അവിടന്ന് എണീറ്റ് വരാന്തയിലേക്ക് നോക്കി...ഒരൊറ്റ ഈച്ച കുഞ്ഞുപോലും ഇല്ല വരാന്തയിൽ...

നമ്മള് അപ്പോ തന്നെ ക്ലാസ്സിൽ നിന്നും ഇറങ്ങിയിട്ട് നേരെ സ്റ്റെയർ കേസിന്റെ അങ്ങോട്ട് വെച്ച് പിടിച്ചു...

അന്ന് സൽ   മ നമ്മളെ അവിടന്ന് തള്ളിയിട്ടപ്പോ കാലോടിഞ്ഞ് നമ്മള് കിടന്നത് രണ്ടാഴ്ചയാണ്...അതോണ്ട് എന്ത് കൊണ്ടും നമ്മളെ ഈ ഐഡിയ നല്ലതാണെന്ന് നമ്മക്ക് തോന്നി....

പക്ഷെ, വേദനിക്കില്ലേന്ന് ഓർക്കുമ്പോഴാ ഒരു വേദന... എന്നാ ആ കോന്തന്റെ മോന്തയും ചലഞ്ചുമൊക്കെ ഓർമ്മ വന്നപ്പോ വേഗം ഇവിടന്ന് ചാടാൻ തോന്നി....

അങ്ങനെ നമ്മള് സ്റ്റെയർകേസിന്ന് വീഴാൻ വേണ്ടി മനസ്സിനെയൊക്കെ ദൃഢമാക്കി ഒരു ദീർഘ ശ്വാസവും വിട്ടിട്ട് കണ്ണ് അടച്ച് പിടിച്ച് പടച്ചോനെ കാത്തോണെ...ന്ന് പ്രാർത്ഥിച്ചോണ്ട് കാൽ എടുത്ത് വെച്ചതും നമ്മക്ക് മുന്നേ വേറെ ഒരുത്തി ഉരുണ്ടുരുണ്ട് നമ്മളെ കാൽ

ചോട്ടിൽ വന്ന് വീണതും ഒപ്പായിരുന്നു....

"യാ റബ്ബീ.....ഇത് ഇപ്പോ ആരാ...ഇവൾക്കും നമ്മളെ പോലെ ക്യാമ്പിന് പോകാൻ താത്പര്യമില്ലേ..."

എന്ന് പറഞ്ഞ് നമ്മള് ഓളെ അടുത്തേക്ക് ചെന്ന് നോക്കി... സ്റ്റെയർ കേസിന്ന് വീണ് ഉരുണ്ടുരുണ്ട് താഴെ എത്തിയപ്പോ ഓളെ മുഖം നമ്മക്ക് കാണാൻ പറ്റുന്നില്ലെന്നു....

ആരാ അതെന്ന് അറിയാൻ വേണ്ടി നമ്മള് ഓളെ പിടിച്ച് എണീപ്പിച്ച് ഇരുത്തിയതും ആളെ മുഖം കണ്ട് നമ്മള് ഞെട്ടി തരിച്ച് ഓളെ നോക്കി ഇരുന്നു....

"നീ....നീയോ....?"

(തുടരും)

ഭാഗം.83

ആരാ അതെന്ന് അറിയാൻ വേണ്ടി നമ്മള് ഓളെ പിടിച്ച് എണീപ്പിച്ച് ഇരുത്തിയതും ആളെ മുഖം കണ്ട് നമ്മള് ഞെട്ടി തരിച്ച് ഓളെ നോക്കി ഇരുന്നു....

"നീ....നീയോ...?"

നമ്മള് ഓളിൽ നിന്നും കണ്ണെടുക്കാതെ അത് ചോദിച്ചപ്പോ ഓള് പാതി അടഞ്ഞ കണ്ണിലൂടെ നമ്മളെ നോക്കി...

നിങ്ങക്ക് ഇപ്പോഴും ഇതാരാന്ന് മനസ്സിലായിട്ടില്ലലെ...?

ആ സൽമയില്ലെ....ഓളെ രണ്ട് വാലിലെ ഒരു വാലാണ് വീണ് കിടക്കുന്നത്.... സത്യം പറഞ്ഞാൽ ഇവളെ സ്വഭാവത്തിന് ഒന്നും സഹായിക്കാൻ പാടില്ലാത്തതാണ്... പക്ഷെ പെട്ടെന്ന് ഓള് ബോധം കേട്ട് നമ്മളെ മടിയിലേക്ക് വീണപ്പൊ പിന്നെ അവളെ

രക്ഷിക്കുകയല്ലാതെ മറ്റു മാർഗമില്ലെന്നു....

അപ്പോ തന്നെ അച്ചു നമ്മളെ തേടി മോളിലേക്ക് കേറി വന്നു.... അപ്പോ ഞാനും അച്ചുവും കൂടി ഓളെ പിടിച്ച് താങ്ങി കൊണ്ട് ഓഫീസിലേക്ക് പോയി...

അച്ചു ഇതൊന്നും വേണ്ടാ...ഇവള് ചാകാണെങ്കിൽ ചാകട്ടെ ശവം എന്ന് പറഞ്ഞെങ്കിലും എന്തോ എനിക്ക് അവളെ പാതി വഴിയിൽ ഉപേക്ഷിക്കാൻ തോന്നിയില്ല... അതോണ്ട് അവളെയും ഞാനും മീനുക്കുട്ടി ടീച്ചറും കൂടി ഹോസ്പിറ്റലിലേക്ക് പോയി...

അവൾക്ക് അപ്പോഴും ബോധം ഇല്ലായിരുന്നു... 2 ദിവസം അവളെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞപ്പോ ടീച്ചർ ഓളെ വീട്ടിൽ വിളിച്ച് പറയാൻ വേണ്ടി പുറത്തേക്ക് പോയി...

ഇപ്പോ നമ്മളും ഓളും മാത്രമേ ഉള്ളു റൂമിൽ....കൊറച്ച് കഴിഞ്ഞപ്പോ ഓള് പതിയെ കണ്ണ് തുറന്ന് ചുറ്റും നോക്കി...

"പേടിക്കണ്ടാ ചത്തിട്ടില്ല... ഹോസ്പിറ്റലിലാ...."

നമ്മളെ ഡയലോഗ് കേട്ട് ഓൾക്ക് ദേഷ്യം വരുമെന്ന് കരുതിയെങ്കിലും ഓള് നമ്മളെ നോക്കി ഒന്ന് പുഞ്ചിരി തൂകി... ഓളെ ചിരി കണ്ടപ്പോ നമ്മള് അന്തം വിട്ട് ഓളെ തന്നെ നോക്കി നിന്നു... ഇവൾക്ക് ഇങ്ങനെ ഒക്കെ ചിരിക്കാൻ അറിയോ പടച്ചോനെ എന്ന് ചിന്തിച്ച് നിന്നപ്പോഴാണ് ഓള് നമ്മളെ വീണ്ടും ഞെട്ടിച്ചോണ്ട് താങ്ക്സ് പറഞ്ഞത്...

"ഏയ്....താങ്ക്സിന്റെ ആവശ്യമൊന്നുല്യാ....ഇതൊക്കെ നമ്മളെ കടമയല്ലേ... ഇതൊന്നും ചെയ്തില്ലേൽ പിന്നെ വൈസ് ചെയർ പേഴ്സൺ ആണെന്ന് പറഞ്ഞ് നടന്നിട്ട് എന്താ കാര്യം..."

എന്ന് പറഞ്ഞ് നമ്മള് മുഖം തിരിച്ച് വാതിലിന്റെ അങ്ങോട്ട് നോക്കിയതും ഓടി കിതച്ച് വിയർത്തു കുളിച്ചോണ്ട് ഞങ്ങളെ അടുത്തേക്ക് രൂപത്തെ കണ്ട് നമ്മള് ഞെട്ടി പോയി...

"കാ....കാക്കൂ..... ഇവിടെ...?"

കാക്കു റൂമിലേക്ക് കേറിയപാടെ നമ്മളെ ഒന്ന് നോക്കുക പോലും ചെയ്യാതെ കരഞ്ഞ് കലങ്ങിയ കണ്ണുമായിട്ട് അവളെ അടുത്തേക്ക് ചെന്ന് അവളെ കെട്ടിപിടിച്ച് നെറുകയിൽ ഉമ്മ വെച്ചു....

കാക്കു ചെയ്യുന്നതൊക്കെ കണ്ട് നമ്മളെ കിളിയൊക്കെ ഏതൊക്കെ സൈഡിലൂടെയാ പോയതെന്ന് നമ്മക്ക് തന്നെ അറീല...

"ശാലു....നിനക്ക്....നിനക്ക് ഒന്നും പറ്റിയില്ലല്ലോ പെണ്ണെ...."

"ഇന്റെ പൊന്നിക്കാ ഇങ്ങള് ബേജാറാകല്ലി.... ഇൻക്ക് ഒരു കൊഴപ്പവും ഇല്ല... തക്ക സമായത്ത് ഇവള് അവിടെ ഉണ്ടായതോണ്ട് പെട്ടെന്ന് ഇങ്ങോട്ട് എത്താൻ പറ്റി..."

ഓള് പറയുന്നത് കേട്ട് കാക്കു നമ്മളെ നേരെ

നോക്കിയപ്പോഴും നമ്മള് കിളി പോയി ഷോക്കടിച്ച് നിൽക്കാണ്... കാക്കു നമ്മളെ അടുത്തേക്ക് വന്ന് നമ്മളെ കൈ പിടിച്ചു നമ്മളെ ചേർത്ത് നിർത്തി...

"ഫെബി...ഈ കിടക്കുന്നത് എന്റെ ജീവനാണ്... എന്റെ ഉമ്മാക്ക് ഉള്ള ആകെ ഒരു കൂട്ട്... എന്റെ ശഹല...."

കാക്കു പറയുന്നത് കേട്ട് നമ്മള് തോള്ളേം തുറന്ന് അവരെ രണ്ട് പേരെയും മാറി മാറി നോക്കി നിന്നു...

'ഇവളാണ് ശഹല എന്ന് കാക്കു എന്താ എന്നോട് ഇത്രെയും കാലമായിട്ടും പറയാഞ്ഞത്..?

അതുമല്ല ഇവള് സൽമന്റെ വലംകൈ അല്ലെ...?

എന്നിട്ടും കാക്കു എങ്ങനെ അവളെ സ്നേഹിച്ചു...?

ഇതൊക്കെ ആലോചിച്ച് നമ്മക്ക് തലക്ക് പ്രാന്താക്കോ...'

നമ്മളെ നോട്ടം കണ്ടിട്ട് കാര്യം മനസ്സിലാക്കിയ കാക്കു നമ്മളെ അവിടെ ഒരു ചെയറിൽ കൊണ്ടിരുത്തി

നമ്മളെ അടുത്ത് ഇരുന്നു...

"നിന്റെ മനസ്സിൽ ഒരുപാട് ചോദ്യങ്ങൾ മിന്നി മറയുന്നുണ്ടെന്ന് നിന്നെ കണ്ടാൽ തന്നെ അറിയാം... നിനക്ക് എല്ലാം പറഞ്ഞു തരാം...

ഇത് ശഹല... ഞങ്ങൾ ആദ്യമായി കണ്ടുമുട്ടുന്നത് ഞാൻ +1ന് പഠിക്കുമ്പോഴാണ്...അപ്പോ ഇവള് 9 ലായിരുന്നു... അന്ന് ഞങ്ങളെ തമ്മിൽ ഒരുമിപ്പിച്ച് ഞങ്ങളെ പ്രണയത്തിന് ഫുൾ സപ്പോർട്ടും തന്നത് ആദിയാണ്... +2 കഴിഞ്ഞ് എനിക്ക് ദുബായിലേക്ക് പോകേണ്ടി വന്നപ്പോ പിന്നെ എനിക്ക് ഇവളെ കുറിച്ച് ഒന്നും അറിയാൻ കഴിഞ്ഞില്ല...

പിന്നെ 2 കൊല്ലത്തിന് ശേഷം ഇവിടെ കോളേജിൽ വെച്ചാണ് ഞങ്ങൾ തമ്മിൽ വീണ്ടും കണ്ടുമുട്ടുന്നത്... അപ്പോ ഇവളും സൽമയും ഒക്കെ ബെസ്റ്റ് ഫ്രണ്ട്സായിരുന്നു... ഞങ്ങൾ തമ്മിൽ ഉള്ള ഇഷ്ടത്തെ കുറിച്ച് എന്റെ ഫ്രണ്ട്സിനെല്ലാതെ മറ്റാർക്കും അങ്ങനെ

അറിയില്ലെന്നു... അതും ഞാൻ ഇവളെയാണ് സ്നേഹിക്കുന്നതെന്ന് ഇവളെ ഫ്രണ്ട്സിനോട് പോലും ഇവള് പറഞ്ഞിട്ടില്ല...

കാരണം ഇവളെന്റെ പെണ്ണാണെന്ന് ആ സൽ മ അറിഞ്ഞാൽ പിന്നെ അവള് ഇവളെ അവരെ ഗ്രൂപ്പിൽ നിന്നും പുറത്താക്കും... അതോടെ സല്മയുടെ പ്ലാനുകൾ നമുക്ക് മനസ്സിലാവാതെ പോകും... അതിന് വേണ്ടി മനപ്പൂർവ്വം ഇവളെ അറിയാത്ത പോലെ നടിക്കേണ്ടി വന്നു....

നീ എന്നോട് പല തവണ ഇവളെ കുറിച്ച് ചോദിച്ചപ്പോഴും നിന്നോട് ഒന്നും പറയാഞ്ഞത് അത് കൊണ്ടാണ്.... ഇവള് മൂലമാണ് സല്മയുടെ പദ്ധതികളെല്ലാം ആദി മനസ്സിലാക്കിയത്...

അന്ന് യൂണിയൻറെ ഉദ്ഘടനത്തിന് നിന്റെ തലയിലേക്ക് ആ ലൈറ്റ് വീഴാൻ പോയതും സ്റ്റേജ് കത്തിയതുമോക്കെ ഇവളാണ് ആദിയെ അറിയിച്ചത്... അത് കൊണ്ടാണ് നിന്നെ അന്ന് രക്ഷപ്പെടുത്താൻ കഴിഞ്ഞതും...."

"ഇന്നിപ്പോ നിന്നെ അപായപ്പെടുത്താൻ വേണ്ടി ആ ക്യാമ്പിന് അവളെന്തോ പ്ലാൻ ചെയ്ത് വെച്ചിട്ടുണ്ട്...അതെന്താണെന്ന് അവള് ഞങ്ങളോട് ഒന്നും പറഞ്ഞിട്ടില്ല... ഇനി അവളെന്നോട് അതൊന്നും പറയാനും നിൽക്കില്ല... കാരണം, ഞങ്ങൾ തമ്മിൽ ഇഷ്ടത്തിലാണെന്നും ഞാനാണ് ഇവർക്ക് അവളെ പ്ലാനെല്ലാം അപ്പപ്പോ എത്തിച്ച് കൊടുക്കുന്നതെന്നും സൽമ അറിഞ്ഞിട്ടുണ്ട്...

അതിന്റെ ഫലമാണ് ഞാൻ ഇന്ന് ഇവിടെ കിടക്കുന്നത്...."

കാക്കുവും ശാലുവും പറയുന്നത് കേട്ട് എന്ത് പറയണമെന്ന് അറിയാതെ നമ്മള് അവരെ നോക്കി ഒന്ന് പുഞ്ചിരി തൂകി കൊണ്ട് റൂമിൽ നിന്ന് പുറത്തേക്ക് ഇറങ്ങി...

ആ കോന്തൻ നമ്മളെ സൽമയിൽ നിന്നും രക്ഷപ്പെടുത്താൻ വേണ്ടി എന്തൊക്കെയാണ് ചെയ്ത് വെച്ചിട്ടുള്ളത് എന്നൊക്കെ കണ്ടപ്പോ നമ്മക്ക് എന്തോ പോലെ ആയി....

"ഫെബി...നീ ഇനി ഇവിടെ നിന്ന് അധികം സമയം കളയണ്ട...നീ ടീച്ചറെ കൂടെ കോളേജിലേക്ക് പൊയ്ക്കോ... ഇവളെ നീ രക്ഷിച്ചതിന് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല പെണ്ണേ...."

"എന്താ കാക്കു ഇത്...എന്റെ നാത്തൂനെ രക്ഷിക്കേണ്ടത് എന്റെ കടമയല്ലേ...അതിന് താങ്ക്സ് പറയാണോ വേണ്ടത്...

എനിക്ക് ഒരു ചോക്ലേറ്റ് ഐസ് ക്രീം വാങ്ങി തന്നാൽ മതി..."

എന്ന് പറഞ്ഞപ്പോ കാക്കു നമ്മളെ തോളിൽ കൂടി കൈയിട്ടിട്ട് ചിരിച്ചോണ്ട് നമ്മളെ റൂമിലേക്ക് കൊണ്ട് വന്നു...നമ്മള് എന്നിട്ട് ശാലുവിന്റെ അടുത്ത് ഇരുന്നു...

"എന്റെ നാത്തൂനെ എന്നാലും എന്നോട് ഈ ചതി വേണ്ടായിരുന്നു...എനിക്ക് ഒരു ക്ലൂ എങ്കിലും തന്നൂടെന്നോ...ആ സാരല്യ...ആദ്യത്തെ പ്രാവശ്യം ആയോണ്ട് നമ്മള് ക്ഷമിച്ചിരിക്കുന്നു...

എന്നാലും എന്റെ നാത്തൂനെ...ഈ കാലമാടനെ

എങ്ങനെ സഹിക്കുന്നു...?"

എന്ന് ചോയിച്ചപ്പോ കാക്കു നമ്മളെ ചെവി പിടിച്ച് തിരിച്ച് പൊന്നാക്കി...നമ്മള് കൊറേ സോറി പറഞ്ഞപ്പോഴാ കാലമാടൻ നമ്മളെ വിട്ടത്...

പിന്നെ അവിടെ ഒരു ചിരി മേളമായിരുന്നു...

കുറച്ച് കഴിഞ്ഞപ്പോ ടീച്ചർ വന്നിട്ട് ഡോക്ടറിന്റെ പ്രെസ്ക്രിപ്ഷൻ ഒക്കെ കാക്കൂനെ ഏല്പിച്ചിട്ട് ശാലുന്റെ പേരെന്റ്സിനെ കൊടുക്കാൻ പറഞ്ഞു...

എന്നിട്ട് നമ്മളും ടീച്ചറും കൂടി അവരോട് യാത്ര പറഞ്ഞ് ഇറങ്ങാൻ നിന്നതും നമ്മള് കാക്കൂനെ ഒന്ന് നോക്കി...

"അതേയ്...ഇവിടെ തന്നെ നിന്നെക്കരുത്... മര്യാദക്ക് ക്യാമ്പിന് പങ്കെടുത്തോണം..."

"ഇവള് ഇങ്ങനെ ഈ കണ്ടിഷനിൽ കിടക്കുമ്പോ ഞാൻ എങ്ങനെയാ ഫെബി ക്യാമ്പിന് വന്ന് എന്ജോയ് ചെയ്യാ..."

"ആ...അതും ശരിയാ...അല്ലെങ്കിലും കാക്കു ക്യാമ്പിന് പോയാലും നമ്മള് ക്യാമ്പിന് പോകില്ലല്ലോ...അതോണ്ട് കാക്കൂനെ നിർബന്ധിക്കണ്ടാ..."

നമ്മളത് ശബ്ദം താഴ്ത്തിയാണ് പറഞ്ഞത്ട്ടോ...

"എന്താ ഫെബി...നീ വല്ലതും പറഞ്ഞോ..?"

"ഏയ്...ഒന്നൂല്യ കാക്കു...ഇങ്ങള് പറഞ്ഞ പോലെ പിന്നെ അത് തന്നെയാ നല്ലത്... എന്നാ പിന്നെ നമ്മളങ്ങോട്ട് ജാതാഹൂം...

പിന്നെ നാത്തൂനെ എന്തായാലും സൽമന്റെ ഗ്യാങിൽ നിന്ന് ഔട്ടായെന്ന് കരുതി
വിഷമിക്കണ്ടട്ടോ...അതിനേക്കാൾ പതിമടങ്ങ് ശക്തിയുള്ള നമ്മളെ ടീമിൽ ചേർന്നൊളി.... ഞങ്ങക്ക് സന്തോഷേ ഉള്ളു..."

അപ്പോ ശാലു ചിരിച്ചോണ്ട് എന്തോ പറയാൻ നിന്നതും കാക്കു നമ്മളെ ഉന്തി തള്ളി പുറത്തേക്ക് പറഞ്ഞയച്ചിട്ട് പോടീ കോളേജിലേക്കെന്ന് പറഞ്ഞ് തിരിഞ്ഞതും നമ്മള് മൂപ്പരെ നടുപ്പുറം നോക്കി ഒരെണ്ണം കൊടുത്തിട്ട് അവിടന്ന് ജീവനും കൊണ്ടോടി...

അങ്ങനെ നമ്മളും മീനുക്കുട്ടിയും കൂടി തിരിച്ച് കോളേജിലേക്ക് വന്നപ്പോ ഗേറ്റിൽ തന്നെ നമ്മളെ കാത്ത് നമ്മളെ കുരാമീസും ബ്രദേഴ്സും പിന്നെ ആ കോന്തനും നിൽപ്പുണ്ടെന്നു...

നമ്മളപോ മീനുക്കുട്ടിയെ നോക്കി ചിരിച്ചിട്ട് നേരെ അവരെ അടുത്തേക്ക് ചെന്നു...

"ഇപ്പോ ലഞ്ച് ബ്രേക്കാണോ...? വാ നമുക്ക് കാന്റീനിൽ പോയി വല്ലതും കഴിക്കാം...എനിക്ക് നന്നായിട്ട് വിശക്കുന്നുണ്ട്..."

"ഫെബി...ശഹലക്ക് ഇപ്പോ എങ്ങനെയുണ്ട്...? അവൾക്ക് കൊഴപ്പമൊന്നും ഇല്ലല്ലോ...?"

"ഇല്ല അൻസിക്കാ...കാലിന് ഒരു ചതവുണ്ട്, അത് ഒരാഴ്ച റസ്റ്റ് എടുത്താൽ മാറുമെന്ന ഡോക്ടർ പറഞ്ഞത്..."

"ഫെബി..നീ അറിഞ്ഞോ ആ ശഹല നമ്മളെ സിയാദ്ക്കന്റെ പെണ്ണാണെന്ന്... ഞങ്ങളോട് ഇപ്പോ ഇവർ പറഞ്ഞപ്പോഴാ ഞങ്ങൾ അറിഞ്ഞത്..."

"ഉം...ഞാൻ അറിഞ്ഞു അച്ചു.... എന്നോട് കാക്കു എല്ലാം പറഞ്ഞു...എന്തിനായിരുന്നു നമ്മളോട് ഇതൊക്കെ മറച്ച് വെച്ചതെന്നും..."

എന്ന് പറഞ്ഞ് നമ്മള് നോക്കിയത് ആ കോന്തനെ ആയിരുന്നു... ഓൻ അപ്പോ തന്നെ അവിടന്ന് എണീറ്റ് പോയി...നമ്മള് അത് കണ്ടപ്പോ ഓനെ നോക്കി പുച്ഛിച്ചിട്ട് നമ്മളെ കുരാമീസിനെയും കൂട്ടി കാന്റീനിലേക്ക് ചെന്നു...

"ഫെബി...നിനക്ക് വേണ്ടി എന്തൊക്കെ റിസ്കാ ആദിൽക്ക എടുക്കുന്നത്...ഫ്രണ്ട്സിന്റെ ജീവൻ വരെ

പണയം വെച്ചിട്ടാണ് ഓരോന്ന് ചെയ്യുന്നത്...എന്നിട്ട് നീ ഇപ്പോഴും അതൊന്നും കാണുന്നില്ല..."

"അത് അല്ലെങ്കിലും അങ്ങനെയാ സനാ....ഇവൾക്ക് നല്ലതൊന്നും കണ്ണിൽ പിടിക്കില്ല...പ്രത്യേകിച്ച് കാക്കൂന്റെ നല്ല ഗുണങ്ങൾ..."

അച്ചു അത് പറയുന്നത് കേട്ടപ്പോ നമ്മള് ഓളെ രൂക്ഷമായി ഒന്ന് നോക്കിയിട്ട് നമ്മളെ പ്ലേറ്റ് കാലിയാക്കി കൊണ്ട് നമ്മള് ക്യാന്റീനിന്ന് ഇറങ്ങി പോയി...

അത് കണ്ടപ്പോ പിന്നാലെ നമ്മളെ കുരാമീസും ഓടി വന്നു...

"ഡി ഫെബി നീയെന്താ പെട്ടെന്ന് പോന്നത്..?"

"പിന്നെ എന്താടി നസി കോളേജ് തീരുന്ന വരെ കാന്റീനിൽ തന്നെ ഇരിക്കണോ...എന്തായാലും തിന്ന് കഴിഞ്ഞില്ലേ പിന്നെ അവിടെ ഇരുന്ന് വേരുറപ്പിക്കണോ...?"

"ഓ അതാണോ കാര്യം...ഞാൻ കരുതി ഞാൻ കാക്കൂനെ പറ്റി പറയുന്നത് കേട്ടിട്ട് നീ എണീറ്റ് പോന്നതാണെന്ന്..."

അച്ചു പറയുന്നത് കേട്ടിട്ട് ഓളെ നോക്കി പുച്ഛിച്ചോണ്ട് നമ്മള് ക്ലാസ്സിലേക്ക് കേറി പോയി... അങ്ങനെ അന്നത്തെ ദിവസം കടന്നു പോയതും നമ്മളെ ചിന്ത ശാലുവിനെയും കാക്കൂനെയും കുറിച്ചും പിന്നെ ആ കോന്തനെയും ആ ക്യാമ്പിനെയും കുറിച്ചായിരുന്നു...

എങ്ങനെ ക്യാമ്പിൽ പങ്കെടുക്കാതിരിക്കും എന്നതാണ് മെയിൻ ചിന്ത... അതിന് വേണ്ടി

ചിന്തിച്ച് ചെല്ലാത്ത ഊടുവഴികളില്ല...ചെന്ന് മുട്ടാത്ത വാതിലുകളില്ല...

'എങ്ങനെയൊക്കെയോ ചിന്തിച്ച് കൂട്ടി ഒരു വാതിൽ തുറന്നപ്പോ അവിടെ നമ്മക്ക് പകരം ശാലു വീണു.... ഇനി എന്ത് കോപ്രായം ചെയ്തിട്ടാ ക്യാമ്പിന് പോകാതിരിക്കാ...?

ഇപ്പോ ആണെങ്കിൽ മഴയും പെയ്യുന്നില്ല... മഴ കൊണ്ടിട്ട്

പനി പിടിച്ചെങ്കിലും ആ ക്യാമ്പിന് പങ്കെടുക്കാതിരിക്കാലോ...

പനി.... പനി.... yes... യുറേക്കാ.....'

ഒടുവിൽ ചിന്തിച്ച് കൂട്ടി നമ്മളെ ചിന്താമണ്ഡലത്തിൽ ഒരിക്കൽ കൂടി ബൾബ് കത്തിയിരിക്കുകയാണ്... ക്യാമ്പിന് പോകാതിരിക്കാനുള്ള നല്ല ഉഗ്രൻ പണി....

"ഉള്ളി കൂടോത്രം"

ഉള്ളി ചതച്ച് രണ്ട് തൊക്കിലുമായി വെച്ചാൽ പനി വരുമെന്നാ കാർണോര്മാര് പറഞ്ഞിട്ടുള്ളത്...അതോണ്ട് ഇനി അതൊന്ന് പരീക്ഷിച്ച് കളയാമെന്ന് നമ്മക്ക് തോന്നി...

അതിന് വേണ്ടി വീട്ടിൽ എത്തിയപ്പോ ആദ്യം തന്നെ ഓടി ചെന്നത് അടുക്കളയിലേക്കാണ്...അവിടെ ചെന്നപ്പോ നമ്മളെ ഉമ്മച്ചിയുണ്ട് നമ്മളെ തന്നെ മിഴിച്ച് നോക്കുന്നു...

"എന്താ ഫെബിയെ ഇജ്ജ് അന്റെ റൂമിലേക്കുള്ള വഴി ഒക്കെ മറന്നോ...? ഇത് ബട്ക്കിണിയാണ്.... അന്റെ റൂമല്ല..."

എന്ന് പറഞ്ഞ് നമ്മളെ ഉമ്മച്ചി പൊരിഞ്ഞ ചിരി...നമ്മള് മൂപ്പത്തിന്റെ ചിരി കണ്ടിട്ട് ഒരു വളിച്ച ഇളിയും പാസാക്കി കൊണ്ട് പച്ചക്കറി കൊട്ടന്റെ അടുത്തേക്ക് നീങ്ങി ചെന്നു...

എന്നിട്ട് അവിടെയുള്ള ഉള്ളിയൊക്കെ എടുത്ത് നല്ല വലിയാതൊക്കെ സെലക്ട് ചെയ്ത് വെച്ചു...

"ഡി അനക്ക് എന്താ പച്ചക്കറി കൊട്ടേല് കാര്യം...? ഇജ്ജ് എന്തിനാ ആ ഉള്ളിയൊക്കെ എടുത്തെ..."

"അ... അതുമ്മച്ചി....ഉള്ളിക്കൊക്കെ എന്താ വെലാന്ന് അറിയോ...അതോണ്ട് ഉള്ളി നന്നായി സൂക്ഷിച്ചും കണ്ടും ഉപയോഗിച്ചാൽ മതിട്ടോ..."

"അതൊക്കെ ഇൻക്ക് നന്നായിട്ട് അറിയാ... അതൊന്നും ഇജ്ജ് ഇന്നേ പഠിപ്പിക്കണ്ട.... പോ...പോയി കുളിച്ച് നിസ്കരിച്ചിട്ട് വല്ലതും കഴിക്കാൻ നോക്ക്..."

എന്ന് പറഞ്ഞ് ഉമ്മച്ചി നമ്മളെ ആട്ടി പറഞ്ഞയച്ചപ്പോ നമ്മള് മൂപ്പത്തിനെ നോക്കി പല്ലിളിച്ചോണ്ട് ഉള്ളി അവിടെ വെച്ചിട്ട് റൂമിലേക്ക് ഓടി...

എന്നിട്ട് നമ്മളെ പരിപാടിയൊക്കെ കഴിഞ്ഞപ്പോ നമ്മള് മെല്ലെ താഴേക്ക് ഇറങ്ങി വന്നിട്ട് ഉമ്മച്ചി കാണാതെ അടുക്കളേൽക്ക് ഓടി പോയി...

ഉമ്മച്ചി അപ്പോ ഹസിന്റെ ഉമ്മനോട് പുറത്ത് കത്തിയടിച്ചോണ്ട് നിൽക്കെന്നു...അതോണ്ട് നമ്മള് വേഗം രണ്ട് വലിയ ഉള്ളി എടുത്തിട്ട് അമ്മിയിലിട്ട് കുത്തി ചതച്ച് വേഗം അതും കൊണ്ട് റൂമിലേക്ക് ഓടി...

ഭാഗ്യത്തിന് അപ്പോ സിനു കുളിക്കെന്നു...അതോണ്ട് ഓള് അത് അറിഞ്ഞിട്ടില്ല...പിന്നെ ഷാദി ആണെങ്കിൽ കളി കഴിഞ്ഞ് ഇതുവരെ വന്നിട്ടും ഇല്ലെന്നു... അതോണ്ട് നമ്മള് രക്ഷപ്പെട്ടു...

അങ്ങനെ നമ്മള് ആ ഉള്ളി ചതച്ചത് എടുത്ത് നമ്മളെ രണ്ട് തൊക്കിലും വെച്ച് അമർത്തി പിടിച്ചു... പടച്ചോനെ....നീറിയിട്ടാണെങ്കിൽ കണ്ണിന്നൊക്കെ പൊന്നീച്ചയും തേനീച്ചയുമൊക്കെ പാറുന്നുണ്ട്... പക്ഷെ സഹിച്ചല്ലേ പറ്റൂ....

അതും ആ ക്യാമ്പിന് പോകുന്ന കാര്യം ഓർക്കുമ്പോ ഇതൊന്നും ഒന്നുമല്ലാന്നാ തോന്നുന്നത്...

അങ്ങനെ അന്നത്തെ ദിവസം മുഴുവൻ നമ്മള് അതും തൊക്കില് വെച്ച് നടന്നു.... പക്ഷെ, പിറ്റേന്ന് എണീറ്റ് നോക്കിയപ്പോ നമ്മക്ക് പനി പോയിട്ട് ഒരു തുമ്മല് പോലും വന്നില്ല...

"ഒരു ഒലക്കീമേലെ ഐഡിയ....ഇപ്പോ ഉള്ളിയിലും വ്യാജമായതോണ്ട് അതും ഫലം കാണുന്നില്ല... ഉള്ളി തൊക്കില് വെച്ചാൽ പനി വരുമെന്ന് പറഞ്ഞ ആ മഹാനെ ആദ്യം പിടിച്ച് തല്ലണം...ഫ്രോഡ്... അല്ല പിന്നെ....

ഇനി ഇപ്പോ ക്യാമ്പിന് പോകാതിരിക്കാൻ നമ്മള് എന്താ ചെയ്യാ പടച്ചോനെ...നമ്മളെ മുന്നിൽ ഒരു വഴിയും

കാണുന്നില്ലല്ലോ..."

എന്ന് പറഞ്ഞ് നമ്മള് മേൽപ്പോട്ട് കയ്യും നീട്ടി നിന്നപ്പോഴുണ്ട് നമ്മളെ ഫോൺ കിടന്ന് കാറുന്നു... ആരാ ഈ കൊച്ചു വെളുപ്പാങ്കാലത്ത്... എന്ന് പറഞ്ഞ് നമ്മള് നോക്കിയപ്പോ ആ കോന്തനാണ്... ഓനോട് സംസാരിക്കാൻ നമ്മക്ക് താല്പര്യം ഇല്ലാത്തത് കൊണ്ട് നമ്മള് അപ്പോ തന്നെ കോൾ കട്ടാക്കി...

അതും വാലിന് തീ പിടിച്ച് നിൽക്കുമ്പോഴാ ഓന്റെ ഒരു വിളി...

പിന്നെ നമ്മള് വേഗം എണീറ്റ് ഫ്രഷായി നിസ്കരിച്ചിട്ട് ഉപ്പച്ചിനെയും കൂട്ടി ജോഗിങ്ങിന് പോകാൻ നിൽക്കുമ്പോഴുണ്ട് നമ്മളെ ഫോൺ വീണ്ടും കിടന്ന് കാറുന്നു...

നോക്കുമ്പോ അപ്പോഴും അവൻ തന്നെ... നമ്മള് അപ്പോ തന്നെ അത് വീണ്ടും കട്ടാക്കി ഉപ്പാച്ചിന്റെ കൂടെ നടന്നു...

അപ്പോ പെട്ടെന്ന് നമ്മളെ പോക്കറ്റിൽ കിടന്ന് നമ്മളെ

ഫോൺ വൈബ്രേയ്റ്റായി...എടുത്ത് നോക്കിയപ്പോ എ കോന്തന്റെ മെസ്സേജ് ആണ്... അത് കണ്ടപ്പോ അത് ഓപ്പൺ ചെയ്യാതെ ഡിലീറ്റ് ചെയ്യാൻ തോന്നിയെങ്കിലും എന്താകും ഓൻ അയച്ചതെന്ന് അറിയാനുള്ള ആകാംക്ഷയിൽ നമ്മളത് തുറന്ന് നോക്കി...

"ഇനി വെറും 2 ദിവസം മാത്രമേ ഉള്ളു നിന്റെ മുന്നിൽ....ക്യാമ്പിന് വരാതിരിക്കാനുള്ള പരിപാടി ഒക്കെ തുടങ്ങിയില്ലേ..."

ഓന്റെ ഒടുക്കത്തെ ഒരു മെസ്സേജ്....അത് കണ്ടപ്പോ ഉള്ള സമാധാനവും പോയി... എന്ത് ചെയ്തിട്ടായാലും വേണ്ടില്ല... ഈ ക്യാമ്പിന് പോകാതിരിക്കണം... എന്നാലേ ഓന്റെ ഈ പരിഹാസത്തിന് ഒരു മറുപടി കൊടുക്കാൻ പറ്റൂ എന്ന് നമ്മള് തീരുമാനിച്ച് ഉറപ്പിച്ചു....

ആ ഒരു ഐഡിയക്ക് വേണ്ടി നമ്മള് എന്തൊക്കെ ചിന്തിച്ച് കൂട്ടിയോ....ഒന്നും വർക്ഔട്ട് ആയില്ല... ഇതിനിടക്ക് ഈ രണ്ട് ദിവസമൊക്കെ രണ്ട് മിനിറ്റിനെ പോലെ പെട്ടെന്ന് കടന്ന് പോയി...

ആ കോന്തൻ ആണെങ്കിലോ നമ്മളെ ഡെയിലി

മെസ്സേജ് അയച്ച് ദിവസം ഓർമ്മിപ്പിച്ച് തരുന്നുമുണ്ട്....

നമ്മക്ക് ആണെങ്കിൽ ഇന്ന് കോളേജിലേക്ക് പോകാൻ തോന്നുന്നതെയില്ല... ആ കോന്തൻ നമ്മളെ മുന്നിൽ വന്നിട്ട് ക്യാമ്പിന് ഇനി വെറും ഒരു ദിവസമുള്ളു എന്നൊക്കെ പറഞ്ഞാലേ നമ്മക്ക് തിരിച്ച് പറയാനൊന്നും കിട്ടില്ല...

"എന്റെ ഫെബി...എന്ത് ചെയ്താലും വേണ്ടില്ല...നീ ആ ക്യാമ്പിന് പോകരുത്... നീ എങ്ങാനും ഈ ചലഞ്ചിൽ തോറ്റാൽ പിന്നെ ആ കോന്തൻ ആദി എന്തെങ്കിലും ഒക്കെ ചെയ്ത് നിന്റെ മനസ്സ് മാറ്റും...എന്നിട്ട് ഓനെ ഇഷ്ടണെന്ന് നിന്നെ കൊണ്ട് തന്നെ പറയിക്കും...

അതോണ്ട് പൊന്ന് ഫെബി മോളെ....എന്ത് ചെയ്താലും വേണ്ടില്ല നീ ക്യാമ്പിന് പോകരുത്... എന്ത് ചെയ്യാണെങ്കിലും അത് ഇന്ന് തന്നെ ചെയ്യണം.... ഈ ഒരു ദിവസം മാത്രേ നിന്റെ മുന്നിലുള്ളൂ പെണ്ണേ...എന്തെങ്കിലും ഒന്ന് ചെയ്യ്...."

ഇതൊക്കെ നമ്മള് നമ്മളോട് തന്നെ കണ്ണാടിയിൽ നോക്കി പറഞ്ഞതാട്ടോ...

അല്ലാതെ നമ്മളോട് ഇങ്ങനെ പറയാനും നമ്മക്ക് തിരിച്ച് പറയാനും വേറെ ആരും ഇല്ലല്ലോ...

അച്ചുവിനെയും കൂട്ടി കോളേജിലേക്ക് പോകുമ്പോ പെണ്ണ് വാ തുറന്ന് ക്യാമ്പിനെ പറ്റി മാത്രേ പറയുന്നുള്ളൂ... നമ്മക്ക് ആണെങ്കിൽ അത് കേൾക്കുമ്പോ അതിലേറെ ദേഷ്യവും ടെൻഷനുമൊക്കെ കൂടാണ്...

ഓള് പറയുന്നതിനൊന്നും നമ്മള് അധികം പ്രതികരിക്കാത്തത് കണ്ടിട്ട് അച്ചു നമ്മളോട് ചോദിക്കുന്നത് കേട്ട് നമ്മക്ക് മിണ്ടാട്ടം മുട്ടി...

"ഡി ഫെബി നിന്നെ ഞാൻ കുറച്ച് ദിവസമായി ശ്രദ്ധിക്കുന്നു...ആ ക്യാമ്പിനെ കുറിച്ച് അറിഞ്ഞത് മുതൽ ഞങ്ങള് അതിനെ പറ്റി പറയുമ്പോഴൊക്കെ നിനക്ക് അത് കേൾക്കാൻ എന്തോ താല്പര്യം ഇല്ലാത്ത പോലെയാണല്ലോ...

എന്താടി അനക്ക് ഈ ക്യാമ്പിന് വരാൻ ഇഷ്ടല്ലേ?"

അച്ചുവിനോട് തിരിച്ചൊന്നും പറയാൻ പറ്റാതെ നമ്മള് പതറി...പക്ഷെ, ഇപ്പോ അച്ചുവിനോട് സത്യം പറയാൻ എന്തായാലും നമ്മള് ഒരുക്കമല്ല...കാരണം, സത്യം പറഞ്ഞാൽ ഓള് നമ്മളെ ആ ക്യാമ്പിന് കൊണ്ട് പോകാൻ എന്ത് വേണേലും ചെയ്യും...

"ഏയ്...അങ്ങനെ ഒന്നൂല്യ...സത്യം പറഞ്ഞാൽ ഞാൻ എത്ര എക്സൈറ്റഡ് ആണെന്നറിയോ ക്യാമ്പിനെ കുറിച്ച് ആലോചിക്കുമ്പോ...

നമുക്ക് നാളെ പൊളിക്കണം അച്ചു.... ഈ ക്യാമ്പ് നമ്മള് ജീവിതത്തിൽ ഒരിക്കലും മറക്കാത്ത ഒരു യാത്രയാക്കി മാറ്റണം..."

ഭാഗ്യത്തിന് അങ്ങനെ തട്ടി വിട്ടപ്പോ പാവം അച്ചു...ഓള് അത് വിശ്വസിച്ചു... ഓളെ കൂടുതൽ വിശ്വസിപ്പിക്കാൻ വേണ്ടി പിന്നെ അങ്ങോട്ട് ക്യാമ്പിനെ പറ്റി മാത്രേ ഞങ്ങൾ സംസാരിച്ചിട്ടൊള്ളൂ....

പിന്നെ കോളേജിൽ എത്തിയപ്പോഴോ നമ്മളെ

കുരാമീസും അത് തന്നെ ചർച്ച...അവര് മാത്രല്ലാട്ടോ ക്ലാസ് മൊത്തമുണ്ട്...

നാളെ ഞങ്ങളെ ക്യാമ്പ് ആയതോണ്ട് ഒരൊറ്റ പിരീഡും ആരും കേറി വന്നില്ല... അതോണ്ട് ഫുൾ ടൈം വാ തോരാതെ ഇത് തന്നെയാണ് ക്ലാസ് മൊത്തം ചർച്ച...

ഇതിനിടക്ക് അച്ചു ആണെങ്കിൽ ഞങ്ങള് 5 പേര് കേൾക്കെ പറയുന്നത് കേട്ടിട്ടാണെങ്കിൽ ചിരിയും കരച്ചിലുമൊക്കെ വരാണ്...

ഓള് പറയാണ് ഊട്ടിയിൽ എത്തിയാൽ ഓള് ഓളെ സ്വറ്റർ എടുത്ത് കളഞ്ഞിട്ട് അരുണിന്റെ സ്വറ്ററും പുതച്ച് അവര് രണ്ടും കൂടി നടക്കുമെന്ന്... അത് കേൾക്കേണ്ട താമസം നസി അപ്പോഴേക്കും അടുത്തതും കൊണ്ട് വന്നു... പിന്നെ അവര് രണ്ടും കൂടി അങ്ങനെ ഓരോന്ന് പറഞ്ഞ് തല്ല് കൂടി നിൽക്കുന്നത് നമ്മള് നല്ലോണം കണ്ട് രസിച്ചു...

"ഉം...ഇതൊക്കെ നടന്നത് തന്നെ..."

നമ്മള് പറയുന്നത് കേട്ടപ്പോ രണ്ടും കൂടി നമ്മളെ നേരെ തിരിഞ്ഞു...

"നടക്കും നടത്തി കാണിക്കും ഈ അശ്വതി.... അരുണ് ക്ലാസ്സിൽ ഇല്ലല്ലോലെ.."

എന്ന് പറഞ്ഞ് ഓള് ചുറ്റും ഒന്ന് കണ്ണോടിച്ചപ്പോ ഞങ്ങള് വീണ്ടും പൊട്ടിച്ചിരിച്ചു...

"അച്ചൂ...അധികം മനക്കോട്ട പണിയണ്ടാ... ചെലപ്പോ ഒരു കുന്തവും നടന്നെന്ന് വരില്ല... അതൊണ്ട എല്ലാം വരുന്നിടത്ത് വെച്ച് കാണാം..."

"അത് ഫെബി പറഞ്ഞത് കറക്ടാ... അധികം ചിന്തിച്ച് കൂട്ടിയാൽ ചെലപ്പോ ഒന്നും നടക്കില്ല...

മാത്രമല്ല, ഇതൊക്കെ ചെലപ്പോ നടക്കുന്നത് നമുക്ക് ആയിരിക്കില്ല അച്ചു...വേറെ പലർക്കും ആയിരിക്കും...."

എന്ന് പറഞ്ഞ് നസി നമ്മളെ ഇടങ്കണ്ണിട്ട് നോക്കിയപ്പോ അവര് മൂന്നും കൂടി അവൾക്ക് ചുക്കാൻ പിടിച്ച് ഒന്ന് നീട്ടി മൂളി... അത് കണ്ടപ്പോ അവറ്റകളെ തലമണ്ട നോക്കി രണ്ടെണ്ണം കൊടുക്കാൻ വേണ്ടി കയ്യുയർത്തിയപ്പോഴാണ് ഒരു അനൗൺസ്മെന്റ് കേട്ടത്...

ഞങ്ങൾക്ക് നാളെ ക്യാമ്പ് ആയതോണ്ട് ഇന്ന് ഞങ്ങൾക്ക് ക്ലാസ് ഇല്ലത്രേ...അതോണ്ട് ഞങ്ങളോട് തിരിച്ച് വീട്ടിലേക്ക് പോകാനും നാളെ രാവിലെ10 മണിക്ക് ബസ് പുറപ്പെടും അതോണ്ട് അതിന് മുന്നേ കോളേജിൽ എത്തണമെന്നുമാണ് അനൗൺസ് ചെയ്തത്...

അത് കേട്ടപ്പോ പിന്നെ എനിക്ക് ഒരു സമാധാനവുമില്ല... ഒടുവിൽ നമ്മള് ആ കോന്തന്റെ മുന്നിൽ തോൽവി സമ്മതിക്കേണ്ട ഗതിയായി...

ഇല്ല...എന്ത് വന്നാലും ശരി ഈ യാത്ര ഞാൻ മുടക്കിയിരിക്കും...ഓനെ ഈ ചലഞ്ചിൽ ജയിക്കാൻ നമ്മള് സമ്മതിക്കില്ല...

എന്നൊക്കെ പറഞ്ഞെങ്കിലും നമ്മക്ക് ഒരു വഴിയും തെളിഞ്ഞു വരുന്നില്ലേന്നു.... ഇപ്പോ ക്ലാസ്സിൽ ഞങ്ങൾ 5 പേരും പിന്നെ ഷാമിലും അരുണും ഉള്ളു...ബാക്കി എല്ലാവരും വീട്ടിലേക്ക് പോയിട്ടുണ്ട്...

അച്ചുവും അരുണും ഭയങ്കര കുറുകലാണ്... അവർക്ക് കാവലിരിക്കാണ് ഞങ്ങള്... പിന്നെ കൂടെ ഷാമിൽ ഉള്ളതോണ്ട് ഓന്റെ വെടി കേട്ട് ഞങ്ങൾ അവിടെ തന്നെ ഇരുന്നു....

കുറച്ച് കഴിഞ്ഞ് അവരെ കുറുകലൊക്കെ കഴിഞ്ഞപ്പോ ഞങ്ങൾ ബാഗൊക്കെ എടുത്ത് ക്ലാസ്സിൽ നിന്നും പുറത്തിറങ്ങിയപ്പോ നമ്മളെ കാത്ത് ആ കോന്തൻ വരാന്തയിൽ നിൽപ്പുണ്ട്....

ഓനെ കണ്ടപ്പോഴാ നമ്മക്ക് അപ്പോ ചലഞ്ചിനെ കുറിച്ച് ഓർമ്മ വന്നത്... ഓൻ നമ്മളെ നോക്കി നാളെ എന്ന് ആംഗ്യം കാണിച്ചു എന്നല്ലാതെ നമ്മളോട് ഒന്നും മിണ്ടിയില്ല...

പക്ഷെ, ഓന്റെ ആ നാളെ എന്നുള്ള പറച്ചിലിൽ നിന്ന് തന്നെ ഓൻ എന്തൊക്കെയോ പ്ലാൻ ചെയ്തിട്ടുണ്ടെന്ന്

നമ്മക്ക് മനസിലായി...

"ഹാ...കാക്കു എന്താ ഇവിടെ നിൽക്കുന്നെ...? ഇങ്ങക്ക് ഈ ബ്ലോക്കിലേക്ക് വരാൻ പാടില്ലല്ലോ..."

"നമ്മൾക്ക് വേണ്ടപ്പെട്ടവരൊക്കെ ഈ ബ്ലോക്കിൽ ഉള്ളപ്പോ പിന്നെ ഇങ്ങോട്ട് വരുകയല്ലാതെ വേറെ നിവർത്തിയില്ലല്ലോ..."

ആ കോന്തൻ നമ്മളെ നോക്കി കൊണ്ട് അങ്ങനെ പറഞ്ഞപ്പോ അവരൊക്കെ കൂടി നമ്മളെ നോക്കിയിട്ട് ഓ....ന്ന് ഓളിയിട്ടു...

നമ്മള് അപ്പോ തന്നെ അച്ചൂനെയും വലിച്ചോണ്ട് അവിടന്ന് നടന്നകന്നു...

അവരൊക്കെ കൂടി നമ്മളെ ഓരോന്ന് പറഞ്ഞ് കളിയാക്കുന്നുണ്ടെങ്കിലും നമ്മളത് കാര്യമാക്കാതെ അച്ചൂനെയും വലിച്ച് പോകുമ്പോഴാണ് പെട്ടെന്ന് നമ്മളെ കാല് സ്റ്റെയർകേസിന്റെ അടുത്ത് എത്തിയപ്പോ നിന്നത്...

'ഒരിക്കൽ ചീറ്റി പോയ ഐഡിയ ആണെന്നറിയാം...പക്ഷെ, ഇപ്പോ ഇതല്ലാതെ നമ്മളെ മുന്നിൽ വേറെ വഴിയില്ല... അതോണ്ട് ഒരിക്കൽ കൂടി ഒന്ന് ശ്രമിച്ച് നോക്കാം...ചെലപ്പോ ശരിക്കും കാലോടിഞ്ഞ് കിടന്നാലോ...അപ്പോ പിന്നെ ക്യാമ്പിന് പോകണ്ടല്ലോ....'

അങ്ങനെ ചിന്തിച്ചോണ്ട് നമ്മള് അച്ചൂന്റെ കൈ വിട്ടു...ഓള് നമ്മള് കൈ വിട്ടതൊന്നും അറിയാതെ നമ്മളെ കുരാമീസിനോടും ഷാമിലിനോടും അരുണിനോടും ഓരോന്ന് പറഞ്ഞോണ്ട് സ്റ്റെയറൊക്കെ ഇറങ്ങി നടക്കാണ്....

ഇത് തന്നെയാണ് പറ്റിയ അവസരമെന്ന് മനസ്സിൽ കണക്ക് കൂട്ടി കൊണ്ട് നമ്മള് ഒരു ചെറിയ പേടിയോടെ കണ്ണടച്ച് പിടിച്ച് നമ്മള് കാലെടുത്ത് വെച്ചതും പേടിച്ചിട്ട് കണ്ണിന്ന് വെള്ളം വന്നു...

പക്ഷെ അപ്പോഴും നമ്മള് വീണിട്ടില്ല....

വീഴാൻ ഇനി മനപ്പൂർവ്വം കാല് പടംമറക്കണം എന്ന് നമ്മള് ഉറപ്പിച്ചു...

നമ്മള് അടുത്ത അടിയും എടുത്ത് വെച്ച് കാല് ചെരിച്ചതും ദേ കിടക്കുന്നു നമ്മള് നിലത്ത്...

എന്താ സംഭവമെന്ന് അറിയാതെ നമ്മള് കണ്ണ് തുറന്ന് നോക്കിയപ്പോ കണ്ടത് ആ കോന്തൻ നമ്മളെ നോക്കി കണ്ണുരുട്ടുന്നതാണ്... ഓന്റെ നോട്ടം കണ്ട് നമ്മള് ചുറ്റും ഒന്ന് കണ്ണോടിച്ചപ്പോ നമ്മള് നല്ല സേഫ് ആയിട്ട് തന്നെ താഴേക്ക് ലാന്റായിട്ടുണ്ട്...

എന്താപ്പോ ഉണ്ടായതെന്ന് മനസ്സിലാകാതെ നമ്മള് ഒന്ന് കൂടി നടന്നത് റീവൈൻഡ് ചെയ്ത് നോക്കി...

നമ്മള് സ്റ്റെയറിൽ നിന്നും വീഴാൻ വേണ്ടി കാല് ചെരിച്ചതും നമ്മളെയും കൊണ്ട് ആരോ സ്റ്റയറീന്ന് ഉരുണ്ടുരുണ്ട് താഴേക്ക് വന്നതുമാണെന്ന് നമ്മക്ക് മനസ്സിലായി... അത് ആരായിരുന്നെന്ന് ഇപ്പോ പൂർണ്ണമായും ബോധ്യമായി...

"നിനക്ക് എന്താടി കണ്ണില്ലേ..? എപ്പോ നോക്കിയാലും ഈ സ്റ്റെയർകേസിന്ന് വീഴാൻ നീയെന്താ കൊച്ചു കുട്ടി

വല്ലതുമാണോ...? അതും എപ്പോ നോക്കിയാലും എന്റെ മുന്നിലേക്ക് തന്നെ വീണൊളാമെന്ന് നീ വല്ല നേർച്ചയും നേർന്നിട്ടുണ്ടോ...?

പറയെടി...നിന്നോടല്ലേ ഞാൻ ഈ ചോദിക്കുന്നത്..."

"എന്റെ മേത്ത് നിന്ന് എണീക്കടാ കോന്താ...എന്നിട്ട് നിനക്കുള്ള മറുപടി ഞാൻ തരാം..."

എന്ന് പറഞ്ഞപ്പോഴാണ് ആ കോന്തൻ നമ്മളെ ശരിക്ക് ഒന്ന് നോക്കിയത്... ഓൻ അപ്പോ തന്നെ നമ്മളിൽ നിന്നും എണീറ്റ് നിന്നെങ്കിലും നമ്മള് ഓന്റെ ഭാരം ഇത്രെയും നേരം താങ്ങിയതോണ്ട് അതിന്റെ ക്ഷീണത്തിൽ അവിടെ തന്നെ കിടന്നു...

അപ്പോ തന്നെ ആ കോന്തൻ നമ്മളെ കൈ പിടിച്ച് വലിച്ച് നമ്മളെ എണീപ്പിച്ച് നിർത്തി... നമ്മക്കത് കണ്ടപ്പോ ഓനെ കൊല്ലാനുള്ള ദേഷ്യം ഉണ്ടായിരുന്നു...

പക്ഷെ, ഇപ്പോ അതിനുള്ള സമായല്ലാത്തതോണ്ട് നമ്മള് നമ്മളെ പണിയങ്ങ് തുടങ്ങി....

നമ്മളെ കാല് ഉളുക്കിയിട്ടില്ലെങ്കിലും കാല് ഉളുക്കിയെന്ന രീതിയിൽ നമ്മള് കാല് പിടിച്ച് നിന്ന് അലറാൻ തുടങ്ങി... ഇതൊക്കെ കണ്ടോണ്ട് നമ്മളെ അടുത്ത് തന്നെ നമ്മളെ കുരാമീസും ആ കോന്തനും ഉണ്ട്ട്ടോ...

"ആ..ഹ്..... ഇൻക്ക് വയ്യ...ഇന്റെ കാല്.... ആഹ്...അച്ചു...ഇൻക്ക് നടക്കാൻ വയ്യെടി... ഇന്റെ കാല് ഉളുക്കി...."

എന്ന് പറഞ്ഞ് നമ്മള് അലമുറയിട്ടപ്പോ നമ്മളെ കുരാമീസ് ഓടി നമ്മളെ അടുത്തേക്ക് വന്നു... എന്നിട്ട് നമ്മളെ പിടിച്ച് സ്റ്റെപ്പിൽ ഇരുത്തി...

അപ്പോ തന്നെ ആ കോന്തൻ അവരെയൊക്കെ മാറ്റി കൊണ്ട് നമ്മളെ മുന്നില് മുട്ടുകുത്തി ഇരുന്നിട്ട് നമ്മളെ കാല് പിടിച്ചു...

"ഞാൻ നോക്കട്ടെ എന്തെങ്കിലും പറ്റിയൊന്ന്..."

"വേ...വേണ്ടാ....അച്ചു...അവനോട് പറ വേണ്ടെന്ന്....ഇവൻ കാല് ഞെക്കി വേദന കൂട്ടും...."

"മിണ്ടാതെ അടങ്ങി നിക്കെടി പെണ്ണെ...ഞാൻ നോക്കുന്നത് കണ്ടില്ലേ...?

ഇവിടെ എവിടെയും ഉളുക്കിയ പോലെ തോന്നുന്നില്ലല്ലോ..."

"അ... അ... അത്...ഉളുക്കിയതും ചതഞ്ഞതുമൊക്കെ തിരിച്ചറിയാൻ നീ ഡോക്ടർ ഒന്നും അല്ലല്ലോ... അള്ളോഹ്....പടച്ചോനെ....ഇൻക്ക് വയ്യാ....ഇന്റെ കാല് പോയെ...ആഹ്...."

"എടി...മിണ്ടല്ലെടി...നിന്റെ അലർച്ച കേട്ട് ബാക്കി ഉള്ളവരെ കൂടി ഇങ്ങോട്ട് വരുത്തണ്ട....

എന്തായാലും നമുക്ക് ഡോക്ടറെ പോയി കാണാം... വാ എണീക്ക്..."

'പടച്ചോനെ... പണി പാളി...'

"ഡോ..ഡോക്ടറോക്കെ എന്തിനാ...? അതൊന്നും വേണ്ടാ...ഡോക്ടറെ അടുത്ത് പോയാൽ അയാളെന്നെ സൂചി വെക്കും....എനിക്ക് സൂചി പേടിയാ.....ഇൻക്ക് വീട്ടിൽ പോയാൽ മതി.... ɣ ɣ എനിക്ക് എന്റെ ഉമ്മച്ചിന്റെ കാണണം....എനിക്ക് വീട്ടിൽ പോണം..."

"ഹോ....എന്റെ പൊന്നു ഫെബി...കരയല്ലേ... നമുക്ക് വീട്ടിലേക്ക് തന്നെ പോകാം...കാക്കു നമുക്ക് ഇവളെ വീട്ടിൽ കൊണ്ട് പോയാക്കാം..."

എന്ന് അച്ചുവിന്റെ കൂടെ നമ്മളെ കുരാമീസും കൂടി ഏറ്റ് പറഞ്ഞപ്പോ ആ കോന്തൻ സമ്മതിച്ചു...നമ്മക്ക് അത് കണ്ടപ്പോ എന്തോ ഭയങ്കര സന്തോഷവും ചിരിയുമൊക്കെ വന്നു...പക്ഷെ, നമ്മളതൊന്നും പുറത്ത് കാണിക്കാതെ വേദന ഉള്ള പോലെ അഭിനയിച്ചിട്ട് കാല് പിടിച്ച് കരഞ്ഞു...

"എന്നാൽ വാ ഞാൻ നിന്നെ എടുക്കാം..."

ആ കോന്തൻ പറയുന്നത് കേട്ട് നമ്മള് അന്തം വിട്ട്

തോളേലും തുറന്ന് ഓനെ നോക്കി ....

"What??????

എന്നെ....എന്നെ എടുക്കൊന്നും വേണ്ടാ...ഞാൻ നടന്നോളാം...."

"എന്തോ...ഈ കണ്ടീഷനിൽ നീയെങ്ങാനെയാടി നടക്കാ... അപ്പോ നിന്റെ കാലിന് വേദന ഇല്ലേ..?"

'പടച്ചോനെ പറഞ്ഞതും പാരയായോ...'

"ആര് പറഞ്ഞു വേദന ഇല്ലെന്ന്....വേദന കൊണ്ട് നിലത്ത് കാല് കുത്താൻ പോലും വയ്യ....

ഞാൻ നടന്നോളാം എന്ന് ഉദ്ദേശിച്ചത് അച്ചൂന്റെ തോളിൽ കൂടി കയ്യിട്ട് ഞാൻ നടന്നോളാമെന്നാ..."

'ഹോ രക്ഷപ്പെട്ടു...'

"അയ്യടി മനമേ....എനിക്കൊന്നും വയ്യ നിന്നെയും താങ്ങി നടക്കാൻ...വേണേൽ അങ്ങ് തനിയെ നടന്ന് പോര്...."

"അച്ചൂ...."

ആ തെണ്ടി പറയുന്നത് കേട്ട് നമ്മളെ കണ്ണ് തള്ളി വന്നു...ഇവൾക്ക് ഇത്രക്ക് മനസ്സാക്ഷിയില്ലേ പടച്ചോനെ എന്ന് ചിന്തിച്ച് നമ്മള് ഓളെ തുറുക്കനെ നോക്കി...

"കണ്ടല്ലോ ഓളെ കൊണ്ട് നിന്നെ താങ്ങി നടക്കാൻ പറ്റില്ലെന്ന് പറഞ്ഞു... അപ്പോ എങ്ങനെ ഇനി പരിപാടി ഞാൻ എടുക്കല്ലേ...?"

'പടച്ചോനെ...പണി പിന്നെയും പാളിയോ...?'

നമ്മള് ഓനോട് വേണ്ടാന്ന് പറയാൻ നിന്നപ്പോഴേക്കും ആ കോന്തൻ നമ്മളെ എടുത്ത് നടക്കാൻ തുടങ്ങിയിരുന്നു... അത് കണ്ടിട്ട് നമ്മളെ

കുരാമീസൊക്കെ കൂടി വാ പൊത്തി പിടിച്ച് ഭയങ്കര ചിരിയാണ്...നമ്മള് ആണെങ്കിലോ ആ കോന്തനെ തന്നെ നോക്കി കൊണ്ട് ഓന്റെ തോളിൽ കൂടി കയ്യിട്ട് ഓന്റെ കയ്യിൽ അടങ്ങി കിടക്കാണ്...

ഓനെ കാണുമ്പോ എന്തോ മനസ്സിൽ ഒരു നീറ്റൽ അനുഭവപ്പെട്ടു...ഓന്റെ നെഞ്ചിൽ അങ്ങനെ തല ചായ്ച്ച് കിടന്നപ്പോ അവന്റെ ഹാർട്ട് ബീറ്റ് കേട്ട് അറിയാതെ നമ്മളെ കണ്ണ് നിറഞ്ഞു പോയി...

(തുടരും)

ഭാഗം.84

ഓനെ കാണുമ്പോ എന്തോ മനസ്സിൽ ഒരു നീറ്റൽ അനുഭവപ്പെട്ടു...ഓന്റെ നെഞ്ചിൽ തല ചായ്ച്ച് കിടന്നപ്പോ ഓന്റെ ഹാർട്ട് ബീറ്റ് കേട്ട് അറിയാതെ നമ്മളെ കണ്ണ് നിറഞ്ഞു പോയി...

ഓൻ നമ്മളെയും കൊണ്ട് നിസൂക്കന്റെ ജിപ്സിയുടെ

അടുത്തേക്ക് ചെന്നു...എന്നിട്ട് നമ്മളെ മുന്നിൽ ഇരുത്തിയിട്ട് അച്ചുവിനോട് കേറാൻ പറഞ്ഞു... ഓനെ തന്നെ നോക്കി ഇരുന്നതോണ്ട് ഓന്റെ മുഖത്ത് നിന്നും കണ്ണെടുക്കാൻ തോന്നുന്നില്ല...

അപ്പോഴാണ് ഓൻ നമ്മളെ മുഖത്തേക്ക് നോക്കുന്നത്...

"എന്തിനാ ഐഷു കരയുന്നെ...?

കാല് വേദനിക്കുന്നുണ്ടോ..?

എന്നാ നമുക്ക് ഹോസ്പിറ്റലിൽ പോകാം..."

നമ്മള് അപ്പോ തന്നെ കണ്ണ് തുടച്ചിട്ട് താഴേക്ക് നോക്കി.

"അതിൻ്റെ ഒന്നും ആവശ്യമില്ല...എനിക്ക് വീട്ടിലേക്ക് പോയാൽ മതി..."

"ഉം....ഡാ അരുണെ... നീ നിസൂനോട് ഓന്റെ വണ്ടി ഞാൻ എടുത്തിട്ടുണ്ടെന്ന് പറയോണ്ടി... എന്റെ ബുള്ളറ്റും കൊണ്ട് ഓനോട് ഐഷുവിന്റെ വീട്ടിലേക്ക് വരാൻ പറ..."

എന്ന് പറഞ്ഞ് ആദി വണ്ടിയിൽ കേറിയപ്പോഴാണ് നമ്മളെ കണ്ണ് ഗേറ്റിന് മുന്നിൽ നിൽക്കുന്ന സൽമയിൽ പതിച്ചത്... ഓളെ കണ്ടപ്പോ എന്തോ ഉള്ളിലൊരു പേടി കുടുങ്ങിയ പോലെ തോന്നി...

ആദി വണ്ടിയെടുത്ത് ഗേറ്റിന്റെ അടുത്ത് എത്തിയപ്പോ സൽമ പെട്ടെന്ന് മുന്നിൽ വന്ന് ചാടി...ഓൻ അപ്പോ തന്നെ ബ്രേക്ക് ചവിട്ടിയതോണ്ട് ഓള് രക്ഷപ്പെട്ടു...

"ഐഷു...നിനക്ക് കൊഴപ്പമൊന്നും ഇല്ലല്ലോ.."

നമ്മള് ആദിയുടെ ചോദ്യത്തിന് അവനെ നോക്കാതെ ഇല്ലാന്ന് തലയാട്ടി...

ഓൻ അപ്പോ തന്നെ വണ്ടിയിൽ നിന്നും ഇറങ്ങി ആ സൽമയുടെ അടുത്തേക്ക് നടന്നു...

"ഡി വഴീന്ന് മാറി നിൽക്കെടി... നിന്റെ ഷോ ഒക്കെ അങ്ങ് വീട്ടില് മതി...ഇവിടെ വേണ്ടാ...നീ പോ..."

ആദിയുടെ സംസാരത്തിന് ഓളെ അടുത്ത് നിന്നും ഒരു രൂക്ഷമായ നോട്ടമായിരുന്നു മറുപടി... എന്നിട്ട് ആ നോട്ടം നേരെ നമ്മളെ നേർക്ക് തിരിച്ച് നമ്മളെ അടുത്തേക്ക് നടന്നു വന്നു...

"നീ ആള് കൊള്ളാലോ... വന്ന് വന്നിപ്പോ കോളേജിൽ വെച്ചും തുടങ്ങിയോ നിങ്ങളെ റൊമാൻസ്...

എന്നാൽ അത് ഇന്നത്തോടെ അവസാനിച്ചു...നാളെ നീ ഇനി ക്യാമ്പിന് എങ്ങാനും വന്നാൽ പിന്നെ റൊമാൻസ് കളിയ്ക്കാൻ നിന്റെ ശരീരത്തിൽ ജീവൻ ഉണ്ടാകില്ല...ഓർത്തോ..."

എന്ന് പറഞ്ഞ് ഓള് നമ്മളെയും ആദിയെയും രൂക്ഷമായി നോക്കി കൊണ്ട് അവിടന്ന് പോയി...

ഓളെ കണ്ണിൽ കണ്ട പക അത് ആദിയെ ഞാൻ സ്വന്തമാക്കുമോ എന്ന ഭയമാണ്... ഓളെ ആ ഭയം എനിക്ക് കൂട്ടാൻ അറിയാഞ്ഞിട്ടല്ല... വെറുതെ എന്തിനാ എന്റെ കുഴി ഞാൻ തന്നെ കുഴിക്കുന്നതെന്ന് കരുതിയിട്ടാ...

ഓള് പോയപ്പോ ആദി ഒന്നും മിണ്ടാതെ വണ്ടിയിൽ കേറി നമ്മളെ ഒന്ന് നോക്കി...ഓന്റെ നോട്ടം നമ്മളെ ആണെന്ന് മനസ്സിലായപ്പോ നമ്മള് വേഗം മുഖം തിരിച്ചു...

ഓൻ അപ്പോ വണ്ടിയെടുത്ത് നമ്മളെ വീട്ടിലേക്ക് യാത്ര തിരിച്ചു... യാത്രായിലുട നീളം ഞങ്ങൾ മൂന്ന് പേരും ഒന്നും മിണ്ടുന്നില്ലെന്നു...

മിണ്ടാതെ ഇരുന്നിട്ടാണെങ്കിൽ നമ്മക്ക് എന്തോ ബോറടിക്കുന്ന പോലെ തോന്നി... പ്രേത്യേകിച്ച് ഈ കോന്തൻ മിണ്ടാതെ ഇരിക്കുന്നത് കൊണ്ട് അതിലേറെ ബോറടിക്കാണ്...

"ഡി...അച്ചു...നമ്മള് വല്ല മരണ വീട്ടിലേക്കുമാണോ ചെല്ലുന്നത്...? എന്താ ആരും ഒന്നും മിണ്ടാത്തത്...?"

"ഫെബി...എനിക്ക് നല്ല വിഷമം ഉണ്ടെടി..."

"എന്തിന് അച്ചു..."

"ഈ അവസ്ഥയിൽ നിനക്ക് നാളെ ക്യാമ്പിന് വരാൻ പറ്റില്ലല്ലോ...

അതോർക്കുമ്പോ സങ്കടാകുന്നുണ്ട്...."

അച്ചു അതും പറഞ്ഞ് മൂക്ക് ചീറ്റിയപ്പോ നമ്മക്ക് ചിരി അടക്കാൻ പറ്റുന്നില്ലെന്നു... കാരണം നമ്മക്ക് അതാണ് ഏറ്റവും വലിയ സന്തോഷം...

അച്ചു പറയുന്നത് കേട്ട് ആ കോന്തൻ നമ്മളെ നോക്കിയപ്പോ നമ്മള് വേഗം ചിരി കൺട്രോൾ ചെയ്തിട്ട് മുഖത്ത് ഒരു വിഷമമൊക്കെ വരുത്തി...

"എന്താ ചെയ്യാ അച്ചു...ഞാനും ഒരുപാട് കൊതിച്ചതായിരുന്നു ഈ ക്യാമ്പ്... എല്ലാം വെള്ളത്തിലായില്ലെന്ന് ഓർക്കുമ്പോ സങ്കടാവാ..."

എന്ന് പറഞ്ഞ് നമ്മള് മൂക്ക് വലിച്ചപ്പോ ആ കോന്തൻ എന്തോ അർഥം വെച്ച് തലയാട്ടി... അത് കണ്ടപ്പോ

നമ്മക്ക് ടെന്ഷനായി... ഇനി ചെലപ്പോ നമ്മളെ കാല്വേദന അഭിനയമാണെന്ന് ഓൻ കണ്ടെത്തോ എന്നായി ടെൻഷൻ... അതോണ്ട് പിന്നെ നമ്മളൊന്നും മിണ്ടാൻ നിന്നില്ല... വെറുതെ വടി കൊടുത്ത് അടി വാങ്ങേണ്ടല്ലോ...

അങ്ങനെ ആ കോന്തൻ നമ്മളെ വീട്ടിൽ വണ്ടി നിർത്തിയതും നമ്മള് വണ്ടിയിൽ നിന്നും ഇറങ്ങാൻ നിന്നു... അപ്പോഴാ നമ്മക്ക് അഭിനയം ഓർമ്മ വന്നത്...അതോണ്ട് അപ്പോ തന്നെ അവിടെ ഇരുന്നിട്ട് കാല് പിടിച്ചു...

"വാ ഇറങ്ങ്..."

എന്ന് പറഞ്ഞ് ആ കോന്തൻ കൈ നീട്ടിയപ്പോ നമ്മള് വേണ്ടാന്ന് തലയാട്ടി... റോഡിൽ വെച്ചാ ഓന്റെ ഒരു റൊമാൻസ്... ആരേലും കണ്ടിട്ട് വേണം അതും ഇതും പറഞ്ഞു നടക്കാൻ... അതോണ്ട് നമ്മള് അപ്പോഴും ഇല്ലാന്ന് തലയാട്ടി ഇരുന്നു...

"നീ കൈ താ പെണ്ണേ...നീ എന്നെ പിടിച്ച് നടന്നോ... ഇല്ലെങ്കിൽ ഞാൻ നിന്നെ കോളേജിൽ നിന്നും പൊക്കി കൊണ്ട് ഇരുത്തിയ പോലെ ഇവിടെന്നും പൊക്കിയെടുക്കും അത് വേണോ...?"

ഓൻ അത് പറഞ്ഞപ്പോ നമ്മള് അപ്പോ തന്നെ വേണ്ടാന്ന് തലയാട്ടി നമ്മള് ആ അച്ചൂനെ ഒന്ന് നോക്കി... അപ്പോ ഓള് നമ്മളെ നോക്കി ഓൾ ദി ബെസ്റ്റ് പറയാണ് തെണ്ടി...

നമ്മള് ഓൾക്ക് നേരെ ഒരു രൂക്ഷമായ നോട്ടമെറിഞ്ഞിട്ട് ആ കോന്തന് കൈ കൊടുത്തു...

ഓൻ നമ്മളെ താങ്ങി പിടിച്ച് കൊണ്ട് ഗേറ്റ് കടന്ന് ചെന്നപ്പോ നമ്മളെ നോട്ടം മുഴുവൻ അവനെയാണ്... പെട്ടെന്ന് ആ കോന്തൻ നമ്മളെ കാലിനിട്ട് നല്ല ചവിട്ടങ്ങ് തന്നതും നമ്മള് ഓനെ പിടിച്ച് തള്ളിയിട്ട് നമ്മളെ കാല് പിടിച്ച് തുള്ളാൻ തുടങ്ങി...

ഇപ്പോഴാണ് നമ്മളെ കാല് ശരിക്കും വേദനായത്...

നമ്മളെ ഒരു കാലിൽ നിന്നുള്ള ചാട്ടം കണ്ടിട്ട് ആ

കോന്തൻ ഒരു പരിഹാസ ചിരി നമ്മളെ നേരെ തൂകി...നമ്മള് ഓനെ തുറുക്കനെ നോക്കി കാലിലേക്ക് നോക്കിയപ്പോ കാല് ചുവന്നിട്ടുണ്ട്...

നമ്മളെ ഒച്ചപ്പാട് കേട്ട് നമ്മളെ ഉമ്മച്ചി തക്ക സമയത്തിന് ഇറങ്ങി വന്നത് നന്നായി ഇല്ലെങ്കിൽ ഈ കോന്തനെ ഞാൻ ഇപ്പോ കൊന്നേനെ...

ഉമ്മച്ചി ഓടി വന്ന് നമ്മളെ പിടിച്ച് നിർത്തിയപ്പോ നമ്മള് അച്ചൂനെ ഒന്ന് നോക്കി... ഓള് അപ്പോ തോളേം തുറന്ന് നമ്മളെ നോക്കി നിൽക്കാണ്...

"ഫെബി...എന്താ പറ്റിയെ.."

"പേടിക്കാനൊന്നുല്യ ഉമ്മാ...ഓള് കോളേജിൽ വെച്ച് കാൽ സ്ലിപ്പായി സ്റ്റെപ്പിൽ നിന്ന് ചെറുതായി ഒന്ന് വീണതാ... കുഴപ്പമൊന്നും ഇല്ല..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ നോക്കി പുച്ഛഭാവത്തോടെ ചിരിച്ചപ്പോഴും നമ്മക്ക് അതിന്റെ പൊരുള് മനസ്സിലായില്ല... അച്ചു ആണെങ്കിൽ ഇതുവരെ അന്തം

വിട്ട് നിന്നിട്ട് ഇപ്പോ നമ്മളെ തന്നെ നോക്കി നിൽക്കാണ്...

എന്താ കാര്യമെന്ന് അറിയാതെ നമ്മള് നമ്മളെ തന്നെ നോക്കിയപ്പോഴാണ് കാര്യം പിടി കിട്ടിയത്...

നമ്മളെ കാല് രണ്ടും ഇപ്പോ നിലത്ത് നന്നായിട്ട് ഊന്നിയാണ് നിൽക്കുന്നത്... അപ്പോഴാ നമ്മക്ക് നമ്മളെ അമളി മനസ്സിലായത്... നമ്മള് അപ്പോ തന്നെ ഒരു കാല് പിടിച്ചിട്ട് ഉമ്മച്ചിന്റെ ഭാഗത്തേക്ക് ചെരിഞ്ഞു...

"ആഹ്...ഉമ്മച്ചി...ഇന്റെ കാല്.... ഭയങ്കര വേദന..."

"എവിടെ നോക്കിയാ ഫെബി നീ നടക്കുന്നെ...അനക്ക് എപ്പോഴും സ്റ്റെപ്പിൽന്ന് വീഴാനെ അറിയൂ... വാ അകത്തേക്ക് പോകാം...

നിങ്ങളെന്താ അവിടെ തന്നെ നിന്നത്...വാ അകത്ത് കയറിയിട്ട് പോകാം..."

ഉമ്മച്ചി അതും പറഞ്ഞ് നമ്മളെ താങ്ങി കൊണ്ട് അകത്തേക്ക് കയറിയപ്പോ അച്ചുവും കോന്തനും നമ്മളെ നോക്കി നിൽക്കുന്നുണ്ടെന്നു...

'പടച്ചോനെ അവറ്റകളുടെ നോട്ടം കണ്ടിട്ട് നമ്മളുടേത് അഭിനയാണെന്ന് കണ്ടെത്തിയ മട്ടുണ്ടല്ലോ... പടച്ചോനെ അങ്ങനെ ഒന്നും ആയിരിക്കല്ലേ.... അവർക്ക് അതൊന്നും മനസ്സിലായിട്ടുണ്ടാകല്ലേ...'

ഉമ്മച്ചി നമ്മളെ സിനുന്റെ റൂമിൽ കൊണ്ട് കിടത്തിയിട്ട് നമ്മളെ തുടയില് നല്ല നുള്ള് വെച്ച് തന്ന് അവിടന്ന് പോയി...

"വാ... അവളാ റൂമിലുണ്ട്...ഞാൻ നിങ്ങൾക്ക് കുടിക്കാൻ വല്ലതും എടുക്കാം..."

എന്ന് ഉമ്മച്ചി പറയുന്നത് കേട്ടപ്പോ നമ്മള് വേഗം നമ്മളെ കാല് പിടിച്ച് അഭിനയം തുടങ്ങിയിരുന്നു... അപ്പോ തന്നെ അവർ രണ്ട് പേരും കൂടി റൂമിലേക്ക് കേറി വന്നു...

"ആഹ്...അച്ചു...സഹിക്കാൻ വയ്യടി...ഭയങ്കര വേദന... സ്റ്റെപ്പിൽ നിന്ന് വീണതിനേക്കാൾ ഈ കോന്തൻ എന്നെ ചവിട്ടിയതാണ് അതിലേറെ വേദനികുന്നത്.... എനിക്ക് വെയ്യടി.... ഇനി ഞാൻ നാളെ എങ്ങനെയാ ക്യാമ്പിന് വരാ...ഒരുപാട് കൊതിച്ചതായിരുന്നു വരാൻ.... ആഹ്...വിധി...."

എന്ന് പറഞ്ഞ് നമ്മള് നെടുവീർപ്പിട്ട് അവരെ ഇടങ്കണ്ണിട്ട് നോക്കിയപ്പോ അച്ചു നമ്മളെ അടുത്ത് വന്നിരുന്നു...

"നടക്കാൻ പറ്റിയില്ലെങ്കിൽ പിന്നെ എന്താ ചെയ്യാ ഫെബി....പോട്ടെ സാരല്യ...നിനക്ക് ഈ ക്യാമ്പ് മാത്രല്ലല്ലോ ഉള്ളത്...ഇനിയും ഇല്ലേ ക്യാമ്പുകൾ.... ഇതിന് പോകാൻ പറ്റിയില്ലെങ്കിലും അതിന് പോകാലോ....

പക്ഷെ, ഞങ്ങൾക്കാകും ബോറടിക്കാ...നീയല്ലാതെ ക്യാമ്പ്....ചിന്തിക്കാൻ പോലും വയ്യ... എന്ന് കരുതി ഈ അവസ്ഥയിൽ നിനക്ക് യാത്ര ചെയ്യാനും പറ്റില്ലല്ലോ...

ഹാ...നീ പറഞ്ഞ പോലെ എല്ലാം വിധി...."

'അച്ചു പറയുന്നതിലൊക്കെ എന്തോ ഒരു ഉൾകുത്തില്ലേന്ന് ഒരു സംശയം...ഏയ്...തോന്നിയതാകും....'

അച്ചുവിന് നേരെ ശോക ഭാവത്തിൽ ഒരു പുഞ്ചിരി നൽകി നമ്മള് ആ കോന്തനെ നോക്കിയപ്പോ ഓൻ നമ്മളെ നോക്കി കൊണ്ട് ചുവരും താങ്ങി നിൽപ്പുണ്ട്...

'ഇവനെന്തിനാ പടച്ചോനെ നമ്മളെ ഇങ്ങനെ നോക്കുന്നത്...ഇനി നമ്മളെ നാടകം ഓന് മനസ്സിലായി കാണോ...?

ഏയ്....എങ്ങനെ മനസ്സിലാകാനാ... അത്രക്ക് നല്ല അഭിനയം അല്ലെന്നോ... ചെലപ്പോ ചലഞ്ചിൽ തോറ്റു പോയല്ലോന്ന് ഓർത്തുള്ള വിഷമം ആകും...അതിന് ആരേലും ഇങ്ങനെ നോക്കോ....?'

നമ്മള് ഓനെ തന്നെ നോക്കുന്നത് കണ്ട് ഓൻ എന്തേന്ന് പുരികം പൊക്കി...നമ്മള് അപ്പോ തന്നെ ഒന്നുല്ല്യാന്ന്

കണ്ണിറുക്കിയിട്ട് അച്ചൂന്റെ നേർക്ക് മുഖം തിരിച്ചു...

അപ്പോ ഉമ്മച്ചി വന്നിട്ട് അവർക്ക് കുടിക്കാൻ വെള്ളം കൊടുത്ത് റൂമിൽ നിന്നും പോയപ്പോ പിന്നാലെ ആ കോന്തനും പോയി...

'ഓൻ എന്തിനാ ഉമ്മച്ചിന്റെ പുറകെ പോയത്..? അവനെന്തോ പ്ലാൻ ചെയ്ത മട്ടുണ്ടല്ലോ...

ഇനി നേരത്തെ അവനെന്റെ കാലിന് ചവിട്ടിയത് മനപ്പൂർവ്വം ആയിരിക്കോ...?'

"ഡി ഫെബി...നീ എന്ത് ചിന്തിച്ച് ഇരിക്കാ....ഇവിടെ ഒന്നുമല്ലേ നീ...?

ആ അപ്പോ പിന്നെ ഞങ്ങള് ഇറങ്ങാ... നീ നന്നായി റസ്റ്റ് എടുക്ക്ട്ടോ...കാലിലെ വേദന മാറിയിട്ട് നടക്കാൻ തുടങ്ങിയാൽ മതി..."

നമ്മള് അച്ചൂനെ നോക്കി ഒന്ന് മൂളിയിട്ട് ഒരു കൃത്രിമ പുഞ്ചിരി തൂകി... അച്ചൂനോട് ഇതുവരെ ഒന്നും

അങ്ങനെ മറച്ച് വെച്ചിട്ടില്ല...അതോണ്ട് തന്നെ ഈ നാടകം എന്തോ മനസ്സില് ഒരു കനലായി എരിയുന്നുണ്ട്...

അങ്ങനെ അച്ചു നമ്മളെ റൂമിൽ നിന്നും പോയതും അപ്പോ തന്നെ ആ കോന്തൻ കേറി വന്ന് നമ്മളെ അടുത്ത് ഇരുന്ന് നമ്മളെ നോക്കി കൊണ്ടിരുന്നു...

"ഒടുവിൽ ഈ ചലഞ്ചിൽ നീ തന്നെ ജയിച്ചു അല്ലെ..?

ക്യാമ്പിന് വരാതിരിക്കാൻ വേണ്ടി നീ പലതും ചെയ്യുമെന്ന് എനിക്ക് അറിയായിരുന്നു... പക്ഷെ, ആ പ്ലാനൊന്നും നടക്കരുതെന്ന് ഞാൻ ആശിച്ചിരുന്നു... എന്നിട്ടിപ്പോ ഞാൻ കാരണം തന്നെ നിനക്ക് ക്യാമ്പിന് വരേണ്ടി വരുമല്ലോ..."

"എന്ത്...?" ഓൻ പറയുന്നത് കേട്ട് നമ്മള് കണ്ണ് തള്ളി ചോദിക്കുന്നത് കേട്ടപ്പോ ഓൻ അത് തിരുത്തി.

"അല്ല...ഞാൻ പറഞ്ഞു വന്നത് ഞാൻ കാരണം നിനക്ക് ക്യാമ്പിന് വരാൻ പറ്റിയില്ലല്ലോ എന്നാ...

അപ്പോ ശരി എന്നാ...നമുക്ക് നാളെ കാണാം...I mean... അടുത്ത ക്യാമ്പിന് കാണാം..."

എന്ന് പറഞ്ഞ് ഓൻ പല്ലിളിച്ചോണ്ട് പോയപ്പോ നമ്മക്ക് അതിൽ എന്തോ ഒരുൾക്കുത്ത് ഫീലായി... എന്തായാലും നമ്മളെ പ്ലാൻ ഓൻ അറിഞ്ഞിട്ടുണ്ടെങ്കിൽ ഉമ്മച്ചിന്റെ പിന്നാലെ ഓൻ എന്തിനാ പോയതെന്ന് അറിയണം...

അപ്പോ തന്നെ ഉമ്മച്ചി റൂമിലേക്ക് കേറി വന്നതും നമ്മള് ഉമ്മച്ചിനെ നമ്മളെ അടുത്ത് പിടിച്ചിരുത്തി...

"ഉമ്മച്ചി...ഇങ്ങളോട് ആദി വല്ലതും പറഞ്ഞോ..?"

"ആദിയോ...ഇല്ലല്ലോ...നീ എന്താ വല്ലതും പറഞ്ഞ് വിടാൻ അയച്ചീന്നോ...?"

"ഏയ്...ഞാൻ ചുമ്മാ അറിയാൻ വേണ്ടി ചോയിച്ചതാ...ഒന്നൂല്യ...ഇങ്ങള് പൊയ്ക്കോളി..."

"ഇജ്ജ് എന്താടി ആളെ കളിയാക്കാണോ...? ഓള് തന്നെ ഇവിടെ പിടിച്ച് ഇരുത്തിയിട്ട് ഇപ്പോ നീച്ച് പോകാൻ പറയാ...എന്താ പെണ്ണേ അവിടുന്ന് വീണപ്പൊ അന്റെ തലക്ക് വല്ലതും പറ്റിയോ..."

"ഓഹ്...ഒന്നൂല്യ ഉമ്മച്ചിയെ... ആ കോന്തൻ ഇങ്ങളോട് വല്ലതും പറഞ്ഞീന്നോ എന്നറിയാൻ വേണ്ടി ഇവിടെ പിടിച്ച് വെച്ചതാ..."

"ആ...അപ്പോ അത് പറ... ആദി എന്താ എന്നോട് പറഞ്ഞതെന്ന് അനക്ക് അറിയണല്ലേ...?"

ഉമ്മച്ചി പറയുന്നത് കേട്ടിട്ട് നമ്മള് അപ്പോ തന്നെ ആ...ന്ന് തലയാട്ടി ഉമ്മച്ചിനെ തന്നെ നോക്കി ഇരുന്നു...

"ഓൻ പറയാണ് അന്റെ കാലിന് നല്ല വേദന ഉണ്ടെന്നാ ഇജ്ജ് പറയണത്...അതോണ്ട് നല്ല തൈലമിട്ട് ഉഴിഞ്ഞ് കൊടുത്താളി....പിന്നെ ഇജ്ജ് ഡോക്ടറെ അടുത്തേക്ക് പോകണ്ടാന്ന് പറഞ്ഞതോണ്ടാണ് അന്നെ ഇങ്ങോട്ട്

കൊടുന്നത്...എന്നൊക്കെ പറഞ്ഞു....

പിന്നെ അവസാനായിട്ട് ഓൻ ഒന്നൂടി പറഞ്ഞല്ലോ...എന്തേന്നു അത്....?"

"എന്താ ഓൻ പറഞ്ഞെ...പറ ഉമ്മച്ചി...നന്നായിട്ട് ആലോചിച്ച് നോക്കി...ഓൻ എന്താ പറഞ്ഞെ...പറയി...."

"നിക്കെടി പെണ്ണെ...നമ്മള് ഒന്ന് ആലോയ്ക്കട്ടെ...

ഓൻ എന്താ പിന്നെ പറഞ്ഞത്...."

എന്ന് പറഞ്ഞ് ഉമ്മച്ചി നല്ല പൊരിഞ്ഞ ചിന്തയിലെന്നു...പെട്ടെന്ന്...

"ആ....ഓർമ്മ വന്നു...."

"എന്താ എന്താ എന്താ..."

നമ്മള് വളരെ ആകാംഷയോടെ ഉമ്മച്ചിനെ തോണ്ടി കൊണ്ട് അത് ചോയിച്ചപ്പോ ഉമ്മച്ചി പറയുന്നത് കേട്ടിട്ട് നമ്മക്ക് ചൊറിഞ്ഞു വന്നു...

"ഓൻ അവസാനായിട്ട് പറഞ്ഞത്...ഓന് നമ്മളെ പെരുത്ത് ഇഷ്ട്ടയിക്കണ് എന്നാ..."

"ഉമ്മച്ചി........"

നമ്മള് കണ്ണും മിഴിച്ച് ഉമ്മച്ചിനെ ഒന്ന് അടിമുടി നോക്കിയപ്പോ നമ്മളെ ഉമ്മച്ചി നമ്മളെ നോക്കി ഒരു പുഞ്ചിരി തൂകി...

"ആ കോന്തൻ....ഇങ്ങളോട് ഇതാണോ പറഞ്ഞത്..."

നമ്മളെ വർത്താനം കേട്ടിട്ട് ഉമ്മച്ചി ഹലാക്കിലെ ചിരി... പടച്ചോനെ ആ കോന്തൻ കാരണം ഉമ്മച്ചിന്റെ പിരി ലൂസായോന്ന് ചിന്തിച്ച് നമ്മള് മൂപ്പത്തിനെ തന്നെ

നോക്കി ഇരുന്നു...

"ഞാൻ വെറുതെ പറഞ്ഞതാടി പെണ്ണേ...ഓൻ ഇന്നോട് പറഞ്ഞത് അന്നെ നന്നായി ശ്രദ്ധിക്കണെന്നാ... അന്റെ കാല് വേദന മാറുന്ന വരെ അന്നെ നടക്കാനൊന്നും സമ്മതിക്കാതെ റസ്റ്റ് എടുപ്പിക്കണം എന്നൊക്കെയാ ഓൻ പറഞ്ഞത്..."

എന്ന് പറഞ്ഞ് ഉമ്മച്ചി നമ്മളെ കവിളിൽ പിച്ചി കൊണ്ട് നടന്ന് പോയപ്പോ നമ്മക്ക് ചിരി വന്നു... ഒരു നിമിഷം നമ്മള് വേറെ എന്തൊക്കെയോ ചിന്തിച്ച് കൂട്ടി... നമ്മളെ ബുദ്ധിയെ നമ്മള് തന്നെ സ്വയം അടിച്ചിട്ട് ആ കോന്തനെ കുറിച്ച് ഓർത്ത് ഇരുന്നു...

'എന്താ പടച്ചോനെ ഇൻക്ക് സംഭവിക്കുന്നത്...ഇപ്പോ ആദിയെ കുറിച്ച് മാത്രേ നമ്മക്ക് ഓർക്കാൻ തോന്നുന്നുള്ളൂ... ഓനെ മാത്രേ ഞാൻ കാണാൻ കൊതിക്കുന്നുള്ളൂ...ഓന്റെ ശബ്ദം കേൾക്കാൻ മാത്രേ ആഗ്രഹിക്കുന്നുള്ളൂ... ഓന്റെ കൂടെ ഒരു ദിവസമെങ്കിലും ഓന്റെ ബീവിയായി ജീവിക്കണമെന്നേ ഇപ്പോ വിചാരിക്കുന്നുള്ളൂ...

ഈ ചലഞ്ചിൽ അവൻ ജയിക്കണേ എന്നായിരുന്നു ഉള്ള് കൊണ്ട് ഞാൻ ആഗ്രഹിച്ചത്...കാരണം അവന്റെ കൂടെ ഓരോ നിമിഷവും ചിലവിടുമ്പോൾ എനിക്ക് ഇനിയും ജീവിക്കണമെന്ന മോഹം കൂടി വരാണ്...

ഇതിന്റെയൊക്കെ അർത്ഥം എന്താണെന്ന് എനിക്ക് നന്നായിട്ട് അറിയാം...

ഞാൻ ആദിയെ സ്നേഹിക്കുന്നു...അവന്റെ നല്ല പാതിയായി ജീവിതകാലം മുഴുവൻ സന്തോഷത്തോടെ കഴിയണമെന്ന് ആഗ്രഹിക്കുന്നു...

പക്ഷെ, എന്നിൽ കുടികൊള്ളുന്ന ഈഗോ അവനിൽ നിന്നും എന്നെ അകറ്റുകയാണ്... എന്നാൽ എന്നെങ്കിലും ഒരിക്കൽ ഞാൻ വിചാരിച്ചതൊക്കെ നടന്നിരിക്കുമെന്ന് എനിക്ക് ഒരു പ്രതീക്ഷയുണ്ട് റബ്ബേ... ആ പ്രതീക്ഷയിലാണ് ഞാൻ ഇന്നും ജീവിക്കുന്നത്...'

ആദിയെ കുറിച്ച് ചിന്തിച്ച് കൂട്ടി എപ്പോഴാ ഉറങ്ങി പോയതെന്ന് അറിയില്ല...പിന്നെ കണ്ണ് തുറക്കുന്നത്

സിനു വിളിക്കുമ്പോഴാണ്...

"ഡി താത്ത...എണീറ്റ് പോടീ എന്റെ റൂമീന്ന്...സുഖിച്ച് ഉറങ്ങുന്നത് കണ്ടാൽ തോന്നും സ്വന്തം മുറിയാണെന്ന്... മര്യാദക്ക് എണീറ്റ് പൊയ്ക്കോ...ഇല്ലെങ്കിൽ ഞാൻ ആട്ടി പായിക്കും..."

"നീയേതാടി ശവമേ എന്നെ ആട്ടി പായിക്കുമെന്ന് പറയാൻ..?

ഞാൻ ഇവിടെ കിടക്കാൻ വിചാരിച്ചിട്ടുണ്ടെങ്കിൽ കിടന്നിരിക്കും...അതിന് എനിക്ക് നിന്റെ അനുവാദമൊന്നും ആവശ്യമില്ല ചൂലെ..."

"ഇന്നെ ചൂലെ എന്ന് വിളിച്ചാലുണ്ടല്ലോ എന്റെ കയ്യിന്ന് നീ വാങ്ങും..."

"ഓഹോ നീ അത്രക്കായോടി ചൂലെ...ഞാൻ നിന്നെ ഇനിയും വിളിക്കും ചൂലെ...ചൂലെ....ചൂലെ..."

എന്ന് പറഞ്ഞ് നമ്മള് ഓൾക്കിട്ട് രണ്ടെണ്ണം കൊടുത്തിട്ട് നമ്മളെ ജീവനും കൊണ്ട് ഒരോട്ടമായിരുന്നു മോളിലേക്ക്...

നമ്മളെ ഓട്ടം കണ്ടിട്ട് ഉമ്മച്ചി എന്തൊക്കെയോ പറയുന്നത്...പക്ഷെ നമ്മള് അതൊന്നും ചെവി കൊള്ളാതെ വേഗം റൂമിലേക്കോടി വാതിലടച്ചു...

ജസ്റ്റ് മിസ്സ് ഇല്ലെങ്കിൽ അവളെന്നെ ചട്ണി ആക്കിയേനെ... ഓളെ വേറെ എന്ത് വിളിച്ചാലും ഓള് സഹിക്കും പക്ഷെ ചൂലേന്ന് വിളിച്ചാൽ അത് വിളിച്ചത് ആരാണെന്നൊന്നും ഓള് നോക്കില്ല... കയ്യിൽ കിട്ടിയത് കൊണ്ട് അവരെ എറിയും... അങ്ങനത്തെ ഒരു പെണ്ണാ ഓള്...

റൂമിൽ എത്തിയപ്പോ പിന്നെ ഒന്നും നോക്കിയില്ല ഒരൊറ്റ കിടത്തമായിരുന്നു ബെഡിൽ.... ഇടക്ക് എപ്പോഴോ ഉമ്മച്ചി വന്ന് വാതിലിൽ മുട്ടി ചോറ് കഴിക്കാൻ വിളിച്ചെങ്കിലും വിശപ്പ് എന്ന് പറയുന്ന സാധനം അടുത്തൂടി പോകാതോണ്ട് വേണ്ടാന്ന് പറഞ്ഞു...

എന്താന്ന് അറിയില്ല ഈയിടെയായി വിശപ്പിനും നമ്മളെ

വേണ്ടാതായി...പക്ഷെ നമ്മളെ കൂടപ്പിറപ്പിന് നമ്മളെ വേണംട്ടോ...

അതോണ്ടല്ലേ ക്ഷണിക്കാത്ത അതിഥി ആയിട്ടും നമ്മക്ക് കൂട്ട് വന്നത്...

അങ്ങനെ നമ്മള് നല്ലൊരു ഉറക്കവും പാസാക്കി ആ കോന്തനെയും സ്വപ്നം കണ്ട് കിടക്കുമ്പോഴാണ് അന്ന് നമ്മള് കണ്ട സ്വപ്നം വീണ്ടും കണ്ടത്...

അത് കണ്ടതും ഞെട്ടി തരിച്ച് നമ്മള് എണീറ്റ് ഇരുന്നു... എന്നിട്ട് ജഗ്ഗിലെ വെള്ളം മുഴുവൻ അപ്പാടെ എടുത്ത് കുടിച്ചു...

എന്നിട്ടും നമ്മളെ കണ്ണിൽ നിന്നും ആ സ്വപ്നം മായുന്നില്ലെന്നു...

നമ്മള് ആദിയോട് അടുത്താൽ അത് ഓന്റെ ജീവന് വരെ ആപത്താണെന്ന് എന്റെ മനസ്സ് എന്നോട് തന്നെ പറഞ്ഞോണ്ടിരുന്നു... ഞാൻ കാരണം ആദിക്ക് എന്തെങ്കിലും സംഭവിച്ചാൽ പിന്നെ ഞാൻ ജീവിച്ചിരുന്നിട്ട് കാര്യമില്ല... അവന്റെ നല്ലതിന് വേണ്ടി നമ്മള് അവനോട് അകലണം...

നമ്മളെ ഇഷ്ടം നമ്മളിൽ തന്നെ കുഴിച്ച് മൂടണം...

പിന്നെ നമ്മക്ക് കിടന്നിട്ട് ഉറക്കം വന്നില്ല...ഓനാണ് കണ്ണടച്ചാൽ മുന്നിൽ നിൽക്കുന്നത്... നമ്മള് മെല്ലെ ബെഡിൽ നിന്നും എണീറ്റ് കിളിവാതിൽ തുറന്ന് അതിന്റെ അടുത്ത് ഇരുന്നു....

അപ്പോ ആദി നമ്മക്ക് സമ്മാനായിട്ട് തന്ന വൈറ്റ് റോസ് ഗാർഡനിൽ ആ വൈറ്റ് റോസ് ഒക്കെ പ്രകാശിക്കുന്ന പോലെ നമ്മക്ക് തോന്നി...

അവറ്റകളെ നോക്കി കൊണ്ട് മിഴി നിറച്ച് നമ്മള് എപ്പോഴോ അവിടെ ഇരുന്ന് ഉറങ്ങി പോയി.... പെട്ടെന്ന് നമ്മളെ ഫോൺ കിടന്ന് ആർക്കുന്നത് കേട്ടാണ് നമ്മള് എണീറ്റത്...

നോക്കുമ്പോ നേരം വെളുത്ത് തുടങ്ങുന്നുള്ളൂ...നമ്മള് ഫോണിലെ അലാറം ഓഫാക്കിയിട്ട് വേഗം ഫ്രഷായി വന്ന് നിസ്കരിച്ചിട്ട് താഴേക്ക് ഇറങ്ങാൻ നിന്നപോ നമ്മളെ ഫോൺ വീണ്ടും ചിലച്ചു...

എടുത്ത് നോക്കിയപ്പോ അലാറമാണ്...അപ്പോ നേരത്തെ അടിച്ചപ്പോ നമ്മള് ഓഫാക്കിയതാണല്ലോ എന്ന് ചിന്തിച്ച് ക്ലോക്കിൽ നോക്കിയപ്പോ നമ്മള് എന്നും എണീക്കുന്ന ടൈം ആയിട്ടുള്ളു...

"അപ്പോ നേരത്തെ അടിച്ചത് അലാറം അല്ലെ..?"

നമ്മള് ഫോൺ എടുത്ത് നോക്കിയപ്പോ അച്ചുവാണ് വിളിച്ചത്...

"ഇവളിതെന്തിനാ ഈ നേരത്ത് വിളിക്കുന്നത്..?"

നമ്മള് അപ്പോ തന്നെ ഓൾക്ക് വിളിച്ചു നോക്കി...ആദ്യത്തെ റിങ്ങിൽ തന്നെ ഓള് കാൾ എടുത്തു...

"ഹലോ...എന്താടി ഈ കൊച്ചു വെളുപ്പാങ്കാലത്ത് പതിവില്ലാതെ...നിനക്ക് ഉറക്കം ഒന്നും ഇല്ലേ...?"

"എങ്ങനെ വരാനാ ഫെബി...ഇന്നല്ലേ ഞങ്ങള് ക്യാമ്പിന് പോകുന്നത്...അപ്പോ അതിനെ കുറിച്ച് ചിന്തിച്ച് ഉറക്കം വരുന്നില്ല... പിന്നെ ഞാൻ ഒരു കാര്യം അറിയാൻ കൂടിയാ നിന്നെ വിളിച്ചത്..."

"ഉം...എന്തെ...?"

"നിന്റെ കാല് വേദന മാറിയോ...നീയില്ലാതെ ക്യാമ്പിന് പോകാൻ തോന്നുന്നില്ലെടി..."

"ഇല്ലടി അച്ചു...ഇപ്പോഴും നല്ല വേദനയുണ്ട്...നിങ്ങള് പോയി അടിച്ച് പൊളിച്ച് വാ...ഞാൻ ഉണ്ടാകും ഇവിടെ..."

"എടി ഫെബി... എങ്ങനെയെങ്കിലും വരാൻ നോക്കെടാ... നിന്നെ ഞങ്ങള് ഒരുപാട് മിസ്സ് ചെയ്യും..."

"അതൊക്കെ ആദ്യത്തെ ദിവസമേ കാണു മോളെ...പിന്നെ അങ്ങോട്ട് അരുണിന്റെ കൂടെ അടിച്ച്

പൊളിക്കുമ്പോ ആ വിഷമമൊക്കെ മാറും... പിന്നെ ക്യാമ്പിന്റെ വിവരങ്ങളൊക്കെ അപ്പപ്പോ എന്നെ അറിയിക്കാൻ മറക്കരുത്..."

"ഇല്ലടി തെണ്ടി...ഞങ്ങൾ എല്ലാവരും കൂടി അടിച്ച് പൊളിക്കുന്ന ഫോട്ടോ ഒക്കെ എടുത്ത് നിനക്ക് സെന്റ് ചെയ്ത് വെറുപ്പിക്കും ഞങ്ങള്... അനക്ക് അപ്പോ ക്യാമ്പിന് വന്നാൽ മതിയായിരുന്നെന്ന് തോന്നും..."

"ഓ...ആയിക്കോട്ടെ...എന്തായാലും ഒരു ഓൾ ദി ബെസ്റ്റ് ഉണ്ട്...നിങ്ങള് പോയി പൊളിക്ക് മക്കളെ...wish you a happy journey..."

അതിന് അച്ചൂന്റെ വായേന്ന് നല്ല പുളിച്ച തെറിയാണ് നമ്മള് കേട്ടത്...അതോണ്ട് കൂടുതൽ ഓളെ കൊണ്ട് പറയിപ്പിക്കാൻ നിക്കാതെ നമ്മള് വേഗം ഫോൺ കട്ടാക്കി... പാവം നമ്മള് ക്യാമ്പിന് പോകാത്തിന്റെ അമർഷാണ് ഓള് നമ്മളെ തെറി പറഞ്ഞ് തീർത്തത്...

ഓളെ കാര്യം ഓർത്ത് ചിരിച്ചോണ്ട് നമ്മള് വേഗം

താഴേക്കിറങ്ങി ഉപ്പച്ചിനെ വിളിച്ച് എണീപ്പിച്ചു... ഉപ്പച്ചി ഉറക്ക ക്ഷീണത്തില് കുറച്ച് നേരം നമ്മളെ നോക്കി ഇരുന്നിട്ട് ബാത്റൂമിലേക്ക് കേറി പോയി...

നമ്മള് അപ്പോ അടുക്കളയിലേക്ക് ചെന്ന് നോക്കിയപ്പോ നമ്മളെ ഉമ്മച്ചി നല്ല തിരക്കിലാണ്...നമ്മളെ തലവട്ടം കണ്ടതും ഉമ്മച്ചി നമ്മളെ അടിമുടിയൊന്ന് നോക്കി...

"വന്നോ അഭിനേത്രി..."

"അഭിനേത്രിയോ..?"

ഉമ്മച്ചി ഇതാരെ പറ്റിയാ പറയുന്നതെന്ന് കരുതി തിരിഞ്ഞു നോക്കിയപ്പോ അവിടെ വേറെ ആരും ഇല്ലെന്നു...അപ്പോ നമ്മളെയാണ് മൂപ്പത്തി ഉദ്ദേശിച്ചതെന്ന് മനസ്സിലായി...

"ഓ...ഇങ്ങള് എന്നെ ഉദ്ദേശിച്ചാണോ പറഞ്ഞത്..?"

"ഇജ്ജ് അല്ലാതെ വേറെ ആരാടി ഇവിടെ നടി...? ഇന്നത്തെ കാല് വേദന എന്നൊക്കെ പറഞ്ഞ് എല്ലാരേം ഇജ്ജ് പറ്റിക്കല്ലെന്നോ...?

ഇന്നലെ സിനുനേ നിന്റെ പിന്നാലെ ഓടിച്ചപ്പോഴാ നമ്മക്ക് തന്നെ മനസിലായത് ഉമ്മച്ചിന്റെ പുന്നാര മോള് അഭിനയിച്ചതാണെന്ന്..."

ഉമ്മച്ചി അതും പറഞ്ഞ് മുഖം തിരിച്ച് നിന്നതും നമ്മള് മൂപ്പത്തിനെ പുറകിൽ കൂടി പോയിട്ട് വട്ടം പിടിച്ച് നിന്ന് കവിളില് ഒരു ലോഡ് ഉമ്മ കൊടുത്തു... അപ്പൊ ഉമ്മച്ചി നമ്മളെ കയ്യിനൊരു നുള്ള് തന്നു...

"മതി ഇജ്ജ് സോപ്പിട്ടത്..."

"ഹൈ.... ഇന്റെ ഉമ്മച്ചിയെ...എനിക്ക് ഇന്ന് പോകുന്ന ക്യാമ്പിന് പോകാൻ തീരെ താത്പര്യമില്ലെന്നെ.... അങ്ങോട്ട് പോകാതിരിക്കാൻ വേണ്ടി ഞാൻ കളിച്ച കളിയല്ലെന്നോ ഈ കാല്വേദന..."

"അതെന്താ അനക്ക് ആ ക്യാമ്പിന് പോകാൻ താല്പര്യം ഇല്ലാത്തെ...?
അച്ചു ഇന്നലെ ഇവിടന്ന് കരഞ്ഞോണ്ടാ ഇറങ്ങി പോയത് ഇജ്ജ് ഇല്ലാന്ന് പറഞ്ഞിട്ട്..."

"എപ്പോ...എന്നിട്ട് ഞാൻ അറിഞ്ഞില്ലല്ലോ..."

"അല്ലെങ്കിലും അനക്ക് മറ്റുള്ളോരെ മനസ്സൊന്നും കാണാൻ പറ്റില്ലല്ലോ...അന്റെ വാശി ജയിക്കണം അനക്ക് അതല്ലേ ഉള്ളു..."

ഉമ്മച്ചി അത് പറഞ്ഞപ്പോ നമ്മള് ഉമ്മച്ചിയിൽ നിന്നും പിടി വിട്ടിട്ട് ആദിയെ കുറിച്ച് ചിന്തിച്ചു... അധികം ചിന്തിച്ച് കൂട്ടി നിൽക്കേണ്ട ആവശ്യം വന്നില്ല അപ്പോഴേക്കും നമ്മളെ ഉപ്പച്ചി നമ്മളെ വിളിച്ചിരുന്നു...

നമ്മള് ഉമ്മച്ചിയോട് ഒന്നും പറയാതെ വേഗം ഉപ്പച്ചിയെയും കൊണ്ട് നടക്കാൻ ഇറങ്ങി... അപ്പോ നമ്മളെ മുഖത്തെ വാട്ടം കണ്ട് ഉപ്പച്ചി നമ്മളെ തന്നെ നോക്കി കൊണ്ട് നടക്കാൻ തുടങ്ങി...

"എന്താ ഫെബിയെ അന്റെ മുഖത്തൊരു വാട്ടം...ഉമ്മോനേറ്റ് തല്ലുണ്ടായോ...?"

"ഏയ്...ഒന്നൂല്യ ഉപ്പച്ചിയെ ഇങ്ങക്ക് അത് വെറുതെ തോന്നുന്നതാകും..."

"ഉം...അല്ലാ ഇന്ന് അനക്ക് എന്തോ 5 ദിവസത്തെ ക്യാമ്പുണ്ടെന്ന് അന്റെ ഉമ്മ പറയുന്നത് കേട്ടല്ലോ...ഇജ്ജ് പോണില്ലേ..?"

"ഇല്ല ഉപ്പച്ചിയെ...ഇൻക്ക് ആ ക്യാമ്പിന് പോകാൻ തീരെ താല്പര്യമില്ല..."

"അതെന്ത്യേ...?"

ഉപ്പച്ചിന്റെ ചോദ്യത്തിന് ഒരു മറുപടി കൊടുക്കാൻ വേണ്ടി നമ്മള് തുനിയുമ്പോഴാണ് ഒരു കാർ ചീറി പാഞ്ഞു കൊണ്ട് ഞങ്ങളെ നേരെ വന്നത്... നമ്മളത്

കണ്ടതും നമ്മള് ഉപ്പച്ചിയെ പിടിച്ച് തള്ളി മുന്നിൽ കേറി നിന്നു....

"ഉപ്പച്ചീ.........."

(തുടരും)

ഭാഗം.85

ഉപ്പച്ചിന്റെ ചോദ്യത്തിന് ഒരു മറുപടി കൊടുക്കാൻ വേണ്ടി നമ്മള് തുണിയുമ്പോഴാണ് ഒരു കാർ ചീറി പാഞ്ഞു കൊണ്ട് ഞങ്ങളെ നേരെ വന്നത്... നമ്മളത് കണ്ടതും നമ്മള് ഉപ്പച്ചിയെ പിടിച്ച് തള്ളി മുന്നിൽ കേറി നിന്നു...

"ഉപ്പച്ചീ......."

എന്ന് അലറി വിളിച്ച് രണ്ട് കാതും പൊത്തി പിടിച്ച് കണ്ണ് രണ്ടും മുറുക്കി അടച്ചോണ്ട് നമ്മള് അങ്ങനെ നിന്നു...

എത്ര ആയിട്ടും ആ കാർ നമ്മളെ പാസ് ചെയ്ത് പോകുന്നത് കാണാത്തത് കൊണ്ട് നമ്മള് പതിയെ കണ്ണ് തുറന്ന് നോക്കിയതും നമ്മളെ കയ്യും കാലും നിന്ന് വിറക്കാൻ തുടങ്ങി....

ആദി ആ കാറിന്റെ മുന്നിൽ ചാരി നിന്നിട്ട് കയ്യും കെട്ടി നമ്മളെ നോക്കി നിൽക്കാണ്... ഓനെ കണ്ടപ്പോ തന്നെ നമ്മളെ നല്ല ജീവൻ അങ്ങ് പോയി... ബാക്കി ജീവനും കൂടി എടുക്കാനായിട്ട് കാറിൽ നിന്നും ഇറങ്ങി വന്ന രണ്ട് പേരെ കണ്ട് നമ്മള് ഞെട്ടി...

അച്ചുവും അരുണും...

അവർ രണ്ട് പേരും ആദിന്റെ ഇടവും വലവും നിന്നിട്ട് നമ്മളെ നോക്കി കണ്ണുരുട്ടാണ്... അവര് മൂന്നും കൂടി നമ്മളെ സ്കാൻ ചെയ്ത് നോക്കുന്ന പോലെ നമ്മളെ അടിമുടി നോക്കിയപ്പോഴാ നമ്മക്ക് നമ്മളെ കാലിനെ കുറിച്ച് ഓർമ്മ വന്നത്...

അപ്പോ തന്നെ നമ്മള് ഒരു കാല് പിടിച്ച് വേദനയുള്ള പോലെ അഭിനയിച്ചു...

"ഡി...ആ കാലല്ല... മറ്റേ കാലാ വേദനയുള്ളത്...ടെന്ഷനിൽ മറന്നു പോയോ..."

എന്ന് ചോദിച്ചോണ്ട് അച്ചു നമ്മളെ നേരെ വന്നപ്പോ നമ്മള് ഓളെ നോക്കി സൈക്കിളിൽ നിന്ന് വീണ ഒരു ചിരി പാസാക്കി കൊടുത്തു... അപ്പോ തന്നെ ഓള് നമ്മളെ നടുപ്പുറം നോക്കി ഒരുപാട് കുത്തി നമ്മളെ പരിപ്പെടുത്തു...

അതിന്റെ കൂടെ ഒരു ലോഡ് തെറിയും...

"ഡി...തെണ്ടി...അന്റെ ഒരു കാല് വേദന...ഏറെ പറ്റിക്കാനാടി നീ നോക്കുന്നത്...? അന്റെ കാല് വേദന നാടകം ഇന്നലെ തന്നെ ഞങ്ങൾക്ക് മനസ്സിലായതാടി തെണ്ടി...

കാക്കു അന്റെ കാലിൽ ചവിട്ടിയപ്പോ നീ ഒറ്റക്കാലിൽ നിന്ന് തുള്ളി കളിച്ചത് ഓർമ്മയുണ്ടോ...? അത് വരെ നീ കാല് വേദനയാണെന്ന് പറഞ്ഞോണ്ടിരുന്ന കാലിലാ നീ നിന്നത്... അപ്പോ തന്നെ നിന്റെ പ്ലാൻ എനിക്ക്

മനസ്സിലായെടി ..."

അച്ചു പറയുന്നത് കേട്ട് നമ്മള് ആ കോന്തനെ നോക്കിയപ്പോ ഓനും അരുണും കൂടി നമ്മളെ ഉപ്പച്ചിനെ പിടിച്ച് എണീപ്പിക്കേന്നു... അപ്പോഴാ നമ്മള് ആ കാര്യം ശ്രദ്ധിക്കുന്നത് തന്നെ...

നമ്മള് അപ്പോ തന്നെ ഉപ്പച്ചിന്റെ അടുത്തേക്ക് ഓടി ചെന്നു...

"ഉപ്പച്ചി....ഇങ്ങക്ക് ക

കൊഴപ്പൊന്നുല്യല്ലോ....?

സോറി ഉപ്പച്ചീ....ഇവര് ആ കാർ കൊണ്ട് വരുന്ന വേഗത കണ്ടപ്പോ ഇങ്ങളെ രക്ഷിക്കാൻ വേണ്ടിയാ ഞാൻ തള്ളിയത്...സോറി ഉപ്പച്ചി..."

എന്ന് പറഞ്ഞ് നമ്മള് മൂപ്പരെ കെട്ടി പിടിച്ച് ഒരുപാട് കരഞ്ഞു... അപ്പോ ആ കോന്തൻ നമ്മളെ നോക്കി ഒരു ആക്കിയ ഇളി പാസാക്കി...അത് കണ്ടപ്പോ നമ്മള് ഓനെ നോക്കി പോടാ കോന്താന്ന് വിളിച്ച് ഉപ്പച്ചിനെ കെട്ടി പിടിച്ചു...

"ഇൻക്ക് കോഴപ്പൊന്നുല്യ... ഇജ്ജ് കരയൊന്നും വേണ്ട പെണ്ണെ....

അല്ലാ...നിങ്ങള് മൂന്നും കൂടി ഞങ്ങളെ കൊല്ലാൻ വന്നതാണോ...?"

"അല്ല ഉപ്പ...ദേ ഇവളെ കൊണ്ട് പോകാൻ വന്നതാ...?"

അച്ചു പറയുന്നത് കേട്ട് നമ്മള് ഉപ്പച്ചിയിൽ നിന്നും എണീറ്റ് അവരെ മൂന്നിനെയും മാറി മാറി നോക്കി നിന്നു.... അപ്പോ ആ കോന്തൻ നമ്മളെ തന്നെ നോക്കി ചിരിക്കുന്നുണ്ട് കോന്തൻ...

"ഇത് കണ്ടോ ഉപ്പച്ചി...ഞങ്ങൾ എല്ലാവരും കൂടി പ്ലാൻ ചെയ്ത ക്യാമ്പാണ് ഇന്ന് നടക്കാൻ പോകുന്നത്...അതില് ഇവൾക്ക് വരാൻ താല്പര്യം ഇല്ലാത്തോണ്ട് ഇന്നലെ എന്തൊക്കെ നാടകാ ഓള് കളിച്ചതെന്നറിയോ...?"

"ആ ഇവളെ ഉമ്മ പറഞ്ഞീന്നു... കാല് വേദന ആണെന്ന് പറഞ്ഞ് കോളേജിന്ന് വന്നതൊക്കെ..."

ഉപ്പച്ചി പറയുന്നത് കേട്ട് നമ്മള് അന്തം വിട്ട് തോളേം തുറന്ന് മൂപ്പരെ നോക്കി നിന്നു... അപ്പോ ഉപ്പച്ചി നമ്മളെ നോക്കി ചിരിച്ചിട്ട് ഓരോട് പറയുന്നത് കേട്ട് നമ്മള് വീണ്ടും ഞെട്ടി...

"നിങ്ങള് പേടിക്കണ്ട...ഫെബി വരും ക്യാമ്പിന്... ഓള് ഞാൻ പറഞ്ഞാൽ കേക്കാതിരിക്കൂല... അല്ലെ ഫെബി..."

"ഇല്ല ഉപ്പച്ചി....ഇൻക്ക് ക്യാമ്പിന് പോകണ്ടാ... ഇൻക്ക് പോകാൻ തീരെ ഇഷ്ടല്യാ..."

"ഡി ഫെബി...മര്യാദക്ക് വന്നോ അതാ നിനക്ക് നല്ലത്... നിന്നെ കൊണ്ട് പോകാനാ ഈ കൊച്ചു വെളുപ്പാങ്കാലത്ത് തന്നെ ഞങ്ങള് ഇങ്ങോട്ട് വന്നത്... അതോണ്ട് നിന്നെയും കൊണ്ടേ ഞങ്ങള് പോകൂ..."

"എടി അച്ചു....പ്ലീസ് ഡി...ഞാൻ വരുന്നില്ല...നിങ്ങള് പോയി അടിച്ച് പൊളിച്ച് പോര്..."

"ഫെബി നീ എന്നെ കൊണ്ട് കൂടുതൽ ഒന്നും പറയിപ്പിക്കണ്ടാ... നീ എന്തിനാ ഇങ്ങനെ ഒക്കെ പറയുന്നതെന്ന് ഇൻക്ക് അറിയാ... മര്യാദക്ക് വന്നോ... നിനക്ക് ഞങ്ങളെക്കാൾ വലുത് നിന്റെ വാശി ആണെങ്കിൽ പിന്നെ നീ ഞങ്ങളോട് മിണ്ടാൻ വന്നേക്കരുത്..."

അച്ചു അതും പറഞ്ഞ് മുഖം തിരിച്ച് കളഞ്ഞപ്പോ നമ്മള് ആ കോന്തനെ ഒന്ന് രൂക്ഷമായി നോക്കി...അപ്പോ ഓൻ ഞാൻ ഒന്നും അറിയില്ല എന്ന രീതിയിൽ തോള് പൊക്കി കാണിച്ചു... അപ്പോ നമ്മള് അരുണിനെ നോക്കി പ്ലിസ്ടാ എന്ന് പറഞ്ഞപ്പോ ഓൻ നോ എന്ന് തലയാട്ടി ചെറ്റ...

ഒടുവിൽ ഒരു അവസാന ശ്രമം എന്ന നിലക്ക് നമ്മള് ഒരു അടവും കൂടി എടുത്തു...

"അച്ചു...എടാ ഞാൻ വന്നേനെ...പക്ഷെ...നിനക്ക് അറിയാലോ ഞാൻ ഇതുവരെ ഒന്നും പാക്ക് ചെയ്തിട്ട് പോലുമില്ല... പോരാത്തതിന് ക്യാമ്പിന് പോകുമ്പോ എടുക്കേണ്ട തയ്യാറെടുപ്പുകളൊന്നും നടത്തിയിട്ടുല്യ... പിന്നെ എങ്ങനെ വരാ....?"

"അതൊന്നും ഓർത്ത് നീ ടെൻഷൻ ആകണ്ട... അതൊക്കെ ഉമ്മ എപ്പോഴോ പാക്ക് ചെയ്ത് വെച്ചിട്ടുണ്ട്..."

"What?????"

അച്ചു പറയുന്നെത് കേട്ട് നമ്മളെ കണ്ണ് രണ്ടും പുറത്തേക്ക് തള്ളി വന്നു...

"ആ.... അന്റെ തിങ്ങ്സ് ഒക്കെ ഉമ്മ പായ്ക്ക് ചെയ്തിട്ടുണ്ട്...ഇനി നീ വന്നാൽ മാത്രം മതി...

ഇനി അതൊക്കെ എങ്ങനെ എന്നാണ്

ചിന്തിക്കുന്നതെങ്കിൽ അതും പറഞ്ഞു തരാം...

ഇന്നലെ തന്നെ നിന്റെ നാടകം മനസ്സിലായോണ്ട് കാക്കു ഉമ്മാനോട് എല്ലാം നേരത്തെ പറഞ്ഞ് സെറ്റാക്കിയിരുന്നു... ഉമ്മച്ചി ആണെങ്കിൽ എല്ലാം സമ്മതിച്ച് തരേം ചെയ്തു... ഇപ്പോ ഉമ്മ നമുക്കുള്ള പലഹാരങ്ങൾ ഉണ്ടാകുന്ന തിരാക്കിലാകും അല്ലെ..?"

അച്ചു പറയുന്നത് കേട്ടിട്ട് നമ്മക്ക് ദേഷ്യം ഇരച്ച് കേറാൻ തുടങ്ങി...നമ്മള് അപ്പോ തന്നെ ആ കോന്തനെ ദഹിപ്പിക്കുന്ന തരത്തിൽ ഒരു നോട്ടമെറിഞ്ഞപ്പോ ഓൻ നമ്മളെ നോക്കി പല്ലിളിച്ച് കാണിച്ച് തരാണ് തെണ്ടി...

"അപ്പോ ഇനി എങ്ങനെയാ കാര്യങ്ങൾ..? പോകല്ലേ...?"

ആ കോന്തൻ അത് ചോദിച്ച് നമ്മളെ നോക്കി സൈറ്റടിച്ചപ്പോ നമ്മളെ ഉപ്പച്ചി നമ്മളെ തോളിൽ കൂടി കൈയിട്ടിട്ട് പറഞ്ഞു...

"മോളെ ഫെബി...കോളേജ് ലൈഫിൽ ഓർത്ത് സന്തോഷിക്കാനുള്ള ഒരു നിമിഷമാണ് ഈ ക്യാമ്പ് ഒക്കെ... അതൊക്കെ മിസ്സ് ചെയ്ത് കഴിഞ്ഞാൽ പിന്നെ കോളേജ് ലൈഫിൽ തന്നെ ഒരു അർത്ഥമില്ലാതെ ആകും...

അതോണ്ട് മോള് വാശിയൊക്കെ കളഞ്ഞിട്ട് ഇവരെ കൂടെ പോകാൻ നോക്ക്... ഉമ്മ എല്ലാം റെഡി ആക്കി വെച്ചിട്ടുണ്ടാകും നീ ചെല്ല്..."

"ഉപ്പച്ചിയെ....അത്...ഇൻക്ക് ക്യാമ്പിന്....."

"ഇജ്ജ് ഒന്നും പറയാൻ നിക്കണ്ടാ.... ആദി...ഇവളെ വീട്ടിലേക്ക് കൊണ്ട് പൊയ്ക്കോ...ഓള് വരും... ഓള് ഇന്റെ വാക്ക് അനുസരിക്കോ ഇല്ലയോന്ന് ഇൻക്ക് ഇന്ന് അറിയണം.... ഞാൻ പള്ളിയിൽ പോയിട്ട് വരാ... അപ്പോഴേക്കും ഓള് റെഡി ആയി നിങ്ങളെ കൂടെ വരാൻ നിൽക്കായിരിക്കും..."

എന്ന് പറഞ്ഞ് ഉപ്പച്ചി നടന്ന് നീങ്ങിയപ്പോ നമ്മക്ക് ശരിക്കും കരച്ചിൽ വന്നു... കാരണം നമ്മള് ആ കോന്തൻ വെച്ച ചലഞ്ചിൽ തോറ്റു പോയി.... ၆

ഇനി ഒരു അടവും ഇവരെ അടുത്ത് നടക്കില്ല...ഇനിയും നമ്മള് പോകാതിരുന്നാൽ ഉപ്പച്ചിന്റെ വാക്കിന് നമ്മള് ഒരു വിലയും കൊടുക്കില്ലെന്ന് ഇവര് കരുതും... അതോണ്ട് മറ്റൊരു വഴിയും ഇല്ലാതെ നമ്മള് അവന്റെ മുന്നിൽ അടിയറവ് ചെയ്തിരിക്കുന്നു...

അച്ചു നമ്മളെ പിടിച്ച് വലിച്ചോണ്ട് കൊല്ലാൻ കൊണ്ട് പോകുന്ന പോലെ നമ്മളെ വലിച്ച് കാറിൽ കേറ്റി... എന്നിട്ട് നമ്മളെ അവര് മൂന്നും കൂടി വീട്ടിൽ കൊണ്ട് വിട്ടു....

"വാ...ഇറങ്ങ്...നിന്റെ പാക്കിങ് ഇനി തീർന്നിട്ടില്ലെങ്കിൽ ഞാൻ കൂടി സഹായിക്കാം..."

"അപ്പോ നിനക്ക് ഒന്നും പാക്ക് ചെയ്യേണ്ടേ...അച്ചു..."

"അതൊക്കെ എപ്പോഴോ ചെയ്ത് തീർത്ത് ലഗേജും കൊണ്ടാ ഞങ്ങള് വന്നിരിക്കുന്നത്..."

"ഓഹോ...അപ്പോ എല്ലാവരും എല്ലാം പ്ലാൻ ചെയ്ത് വന്നതാണല്ലേ..."

"പിന്നെ...അത് പറയാനുണ്ടോ...അധികം വാചകം അടിക്കാൻ നിക്കാണ്ട് വേഗം വാഡി പെണ്ണെ..."

എന്ന് പറഞ്ഞ് അച്ചു നമ്മളെ വലിച്ച് അകത്തേക്ക് കൊണ്ട് പോയപ്പോ നമ്മളെ ഉമ്മച്ചി നമ്മളെ നോക്കി ഒന്ന് പല്ലിളിച്ച് തന്നു...

എന്നാലും എന്നോടീ ചതി വേണ്ടായിരുന്നു ഉമ്മച്ചീ എന്ന് നമ്മള് ആത്മഗതം കൊണ്ടിട്ട് റൂമിലേക്ക് ചെന്ന് നോക്കിയപ്പോ നമ്മളെ ബാഗ് ഒക്കെ പാക്ക് ചെയ്ത് ബെഡിൽ വെച്ചിട്ടുണ്ട്...

"അന്റെ ഡ്രെസ്സൊക്കെ എടുത്ത് വെച്ചക്കണ്...എന്തേലും എടുക്കാൻ മറന്നൊന്ന് നോക്കിക്കാളെ...പിന്നെ ആ ബെഡിൽ ഉള്ള വെള്ള ടോപ് ഇല്ലേ അത് ഇട്ടാൽ മതി ഇന്ന് പോകുമ്പോ...ബാക്കി ഒക്കെ നല്ലത് ഞാൻ ബാഗില് ആക്കീക്കണ്."

നമ്മളെ പിന്നാലെ വന്ന് ഉമ്മച്ചി അത് പറഞ്ഞപ്പോഴാ ആ കോന്തനും ആ കളർ ആണല്ലോന്ന് നമ്മക്ക് ഓടിയത്... അപ്പോ അച്ചു നമ്മളെ നോക്കി ചിരിച്ചിട്ട് നല്ല മാച്ചാകും എന്ന് പറഞ്ഞ് ഇളിച്ചപ്പോ നമ്മള് ഒന്നും മിണ്ടാതെ ഉമ്മച്ചിനെ നോക്കി ഒരു ലോഡ് പുച്ഛം വിതറി കൊണ്ട് കുളിക്കാൻ പോയി....

"ഛെ....എന്നാലും നമ്മളെ പ്ലാനൊക്കെ വെള്ളത്തിലായല്ലോ പടച്ചോനെ.... എന്തൊക്കെ ചെയ്ത് വെച്ചതാ ഇതിന് പോകാതിരിക്കാൻ വേണ്ടി...ഒടുക്കം ആ കോന്തൻ കാരണം നമ്മക്ക് ഇതിന് പോകേണ്ടി വന്ന ഗതി ആയല്ലോ....

ഈ ചലഞ്ചിൽ ഓൻ ജയിച്ച് കാണും പക്ഷെ...അടുത്ത ചലഞ്ചിൽ ഓൻ ഒരിക്കലും ജയിക്കാൻ പോകുന്നില്ല....ഈ ക്യാമ്പ് കഴിഞ്ഞ് തിരിച്ച് വരുന്ന വരെ ആ കോന്തൻ എന്തൊക്കെ ചെയ്താലും നമ്മള് ഓനോട് ഇഷ്ടം പറയില്ല നോക്കിക്കോ...

പടച്ചോനെ....ആദ്യത്തെ ചലഞ്ചിലും നമ്മള് ഇങ്ങനെ ഓക്കെയാ പറഞ്ഞത്...എന്നിട്ടിപ്പോ ഓൻ

ജയിച്ചു...നമ്മക്ക് ക്യാമ്പിന് പോകേണ്ടിയും വന്നു... അതുപോലെ ആയിരിക്കല്ലേ അടുത്ത ചലഞ്ച്.... എന്തൊക്കെ തന്നെ ആദി കാണിച്ച് കൂട്ടിയാലും ഓനോട് ഉള്ള എന്റെ സ്നേഹം ഓന് പുറത്ത് കൊണ്ട് വരാൻ പറ്റല്ലേ....ആമീൻ...."

എന്നൊക്കെ പറഞ്ഞ് നമ്മള് കുളിച്ചിറങ്ങി തല തുവർത്തുമ്പോൾ അച്ചു ഉമ്മച്ചി കൊണ്ട് വന്ന പലഹാരങ്ങളൊക്കെ തിന്നോണ്ട് ബാഗിൽ വെക്കുന്ന തിരക്കിലായിരുന്നു...

"ഡി...എല്ലാം കൂടി ഇവിടന്ന് തന്നെ കാലിയാക്കിയാൽ പിന്നെ അവർക്ക് മൂന്നിനും എന്താ തിന്നാൻ കൊടുക്കാ...."

അതിന് അച്ചു എന്തോ മറുപടി പറയാൻ വേണ്ടി നിന്നപ്പോഴേക്കും ഉമ്മച്ചി ഇടയിൽ കേറി പറഞ്ഞു...

"അവർക്കുള്ളതൊക്കെ ഞാൻ എടുത്ത് വെച്ചിട്ടുണ്ട്.... നീ കഴിച്ചോ അച്ചു...ഓള് പറയുന്നതൊന്നും

കാര്യാക്കണ്ടാ..."

എന്ന് ഉമ്മച്ചി പറഞ്ഞപ്പോ ഓള് നമ്മളെ നോക്കി ഇളിച്ചിട്ട് ഉമ്മച്ചി ഉണ്ടാക്കിയ ഉള്ളിവട കടിച്ച് പറിച്ച് കഴിച്ചോണ്ടിരുന്നു....

ചെറ്റ....നമ്മളെ കൊതിപ്പിക്കാണ്....

അങ്ങനെ നമ്മള് മനസ്സില്ല മനസ്സോടെ മാറ്റി ഒരുങ്ങി താഴേക്ക് ഇറങ്ങിയപ്പോ നമ്മളെ ബാഗും പിടിച്ച് കൂലിയെ പോലെ അച്ചു പിന്നാലെ വരുന്നുണ്ടെന്നു...

ഹാളിൽ നിന്നും ഞങ്ങളെ ശബ്ദം കേട്ട് അതുവരെ കൂർക്കം വലിച്ച് കിടന്നുറങ്ങിയിരുന്ന ഷാദിയും സിനുവും കൂടി നമ്മള് പെട്ടിയൊക്കെ എടുത്ത് എങ്ങോട്ടാ എന്ന മട്ടിൽ നോക്കുന്നുണ്ട്...

അപ്പോ തന്നെ ആ കോന്തൻ കേറി വന്ന് അച്ചൂന്റെ കയ്യിന്ന് നമ്മളെ ബാഗ് വാങ്ങിയിട്ട് ഇറങ്ങി പോയപ്പോ നമ്മള് ഉമ്മച്ചിനെ കെട്ടിപിടിച്ച് കരഞ്ഞു....

"ഉമ്മാ....താത്താനെ കെട്ടിച്ച് വിട്ടോ....ഇവള് എങ്ങോട്ടാ ബാഗൊക്കെ തൂക്കി പിടിച്ചോണ്ട്.... ആദിൽക്കാൻറെ പെരേൽക്ക് ആക്കിയോ താത്താന്റെ താമസം...?"

സിനു പറയുന്നത് കേട്ട് ഇതുവരെ കരഞ്ഞോണ്ടിരുന്ന നമ്മള് പെട്ടെന്ന് എണീറ്റ് ഓളെ ഒന്ന് കനപ്പിച്ച് നോക്കിയിട്ട് ഓളെ ചെവി തിരിച്ച് പൊന്നാക്കി കയിൽ കൊടുത്തു ....

അത് കണ്ടിട്ട് എല്ലാവരും കൂടി പൊരിഞ്ഞ ചിരി ആയിരുന്നു...

"അപ്പോ നിങ്ങള് ഒന്നും അറിഞ്ഞില്ലേ...? ഇവള് ആദിൽക്കാൻറെ കൂടെ നാട് വിടാൻ പോകാ...അല്ലെടി.... ഇവരെ യാത്രയാക്കാൻ പോകാ ഞങ്ങള് അല്ലെ ഫെബി..."

അച്ചു അതും പറഞ്ഞ് ചിരിച്ചപ്പോ നമ്മള് ഓൾക്ക് നല്ല നുള്ള് അങ്ങ് വെച്ച് കൊടുത്തു...

"വെറുതെ അല്ല...ഇത്തൂസ് നമ്മളെ ഒക്കെ വിട്ട്

പോകുന്നത് ആലോചിച്ചിട്ടണല്ലേ ഇങ്ങനെ കരയുന്നത്....വിഷമിക്കണ്ട ഇത്തൂസേ... ആദിൽക്ക ഇങ്ങളെ പൊന്നു പോലെ നോക്കും ...അതിന് ഞാൻ ഗ്യാരണ്ടി...."

ഷാദിയും കൂടി അങ്ങനെ പറഞ്ഞപ്പോ പിന്നെ നമ്മക്ക് കണ്ട്രോള് കിട്ടിയില്ല... കയ്യിൽ കിട്ടിയ ഒരു പാത്രം കൊണ്ട് ഒരൊറ്റ ഏറായിരുന്നു ഓനെ...നമ്മക്ക് പിന്നെ നൽ ഉന്നം ആയതോണ്ട് ഓൻ രക്ഷപ്പെട്ടു...ഇല്ലെങ്കിൽ കാണായിരുന്നു....

അങ്ങനെ ഒടുക്കം നമ്മള് എല്ലാവരോടും യാത്ര പറഞ്ഞ് വിഷമിച്ച് ഇറങ്ങുമ്പോഴുണ്ട് നമ്മളെ ഉപ്പച്ചി ഗേറ്റ് കടന്ന് വരുന്നു...

ഓടി ചെന്ന് ഒരു കെട്ടി പിടിക്കലായിരുന്നു പിന്നെ നമ്മള്...

"ഉപ്പച്ചിയെ....എനിക്ക് ക്യാമ്പിന് പോകണ്ട ഉപ്പച്ചിയെ... നിങ്ങളെ ഒക്കെ വിട്ട് 5 ദിവസം എനിക്ക് അത്രെയും ദൂരെയൊന്നും പോകണ്ടാ...."

"ഉപ്പച്ചിയെ...ഓളെ കണ്ണീരൊന്നും കണ്ട് ഇങ്ങള് മയങ്ങണ്ടട്ടോ... പൊയ്ക്കോട്ടെ ഓള്....ഓളെ പറഞ്ഞയച്ചോളി... എന്നാ പിന്നെ അത്രെയും ദിവസം ഇവിടെ കൊറച്ച് സ്വസ്ഥത ഉണ്ടാവല്ലോ..."

സിനു വിളിച്ച് കൂവുന്നത് കേട്ട് നമ്മള് ഓളെ നോക്കി നീ പോടീ ശവമേ എന്ന് വിളിച്ച് ഉപ്പച്ചിന്റെ മുഖത്തേക്ക് നോക്കി...

"ഉപ്പച്ചിന്റെ മോള് ക്യാമ്പിന് പോയി നല്ലോണം അടിച്ച് പൊളിച്ചിട്ട് വായോട്ടാ... സൂക്ഷിച്ചൊക്കെ പോകണംട്ടാ.... അറിയാത്ത നാടല്ലേ...അതോണ്ട് ഇവരെ കൂടെ തന്നെ നടന്നാൽ മതി എപ്പോഴും...

ഇന്നാ ഇത് ചെലവിന് വെച്ചോ... എന്തേലും വാങ്ങണെങ്കില് വാങ്ങിക്കോണ്ടി..."

എന്ന് പറഞ്ഞ് ഉപ്പച്ചി നമ്മളെ കയ്യില് കുറച്ച് അഞ്ഞൂറിന്റെ നോട്ടുകൾ വെച്ച് തന്നു... നമ്മള്

അതിലേക്ക് നോക്കി കൊണ്ട് മൂക്ക് വലിച്ചോണ്ട് നിക്കുമ്പോഴാണ് ആ കോന്തൻ ഞങ്ങളെ അടുത്തേക്ക് വന്നത്...

"കാശിന്റെ ഒന്നും ആവശ്യല്യ ഉപ്പാ.... ഇവരെ ചെലവൊക്കെ ഞാൻ നോക്കിക്കോളാം..."

ആ കോന്തൻ അത് പറഞ്ഞ് തീർന്നതും നമ്മളെ ഉപ്പച്ചി അപ്പോ തന്നെ നമ്മളെ കയ്യിന്ന് അത് വാങ്ങി പോക്കറ്റിലാക്കി... അപ്പോ നമ്മക്ക് ശരിക്കും ആ കോന്തനെ കൊല്ലാനേന്നു തോന്നിയത്... കാരണം കൈയ്ക്ക് എത്തിയത് വായേക്ക് എത്തിയില്ലല്ലോ അവനെ കൊണ്ട്....

ഓന്റെ കയിൽ കാശുണ്ടെന്ന് കരുതി അതിന്റെ അഹങ്കാരത്തില് നടക്കാണ് ജന്തു... ആ ട്രിപ്പ് കഴിയട്ടെ ഓന്റെ ഈ അഹങ്കാരൊക്കെ നമ്മള് തീർത്ത് കൊടുക്കുന്നുണ്ട്...നിങ്ങള് കണ്ടോളി...

"ആദി.... നീയുള്ള ഒരൊറ്റ ധൈര്യത്തിലാ ഇവളെ വിടുന്നത്...സൂക്ഷിച്ചോണേടാ ഇവളെ.... നിങ്ങളെയൊക്കെ കണ്ണ് തെറ്റിയാൽ

ഇവളെന്തൊക്കെയാ കാണിച്ച് കൂട്ടാ എന്ന് പറയാൻ പറ്റില്ല...."

നമ്മളെ പുന്നാര ഉപ്പച്ചി പറയുന്നത് കേട്ടിട്ട് നമ്മള് തോള്ളേം തുറന്ന് മൂപ്പരെ നോക്കി നിന്നു... അപ്പോ എല്ലാവരും കൂടി നമ്മളെ നോക്കി കൊണ്ട് പൊരിഞ്ഞ ചിരി ആയിരുന്നു... കാണിച്ച് കൊടുക്കുന്നുണ്ട് എല്ലാത്തിനും ....ഈ ക്യാമ്പ് ഒന്ന് കഴിഞ്ഞോട്ടെ....

"അതൊന്നും ആലോചിച്ച് ഇങ്ങള് ബേജാറാകണ്ട.... ഇവളെ കാര്യം ഞാനേറ്റു..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ നോക്കിയപ്പോ നമ്മള് ഓനെ നോക്കി പുച്ഛിച്ച് മുഖം തിരിച്ചിട്ട് കാറിന്റെ അടുത്തേക്ക് ചെന്നു...

അപ്പോ ഞങ്ങളെ അടുത്തേക്ക് ഹസി വന്ന് ഞങ്ങളോട് ഓൾ ദി ബെസ്റ്റ് ഒക്കെ പറഞ്ഞു...

നമ്മള് ഒരിക്കൽ കൂടി എല്ലാവരോടും പോകാണെന്ന് പറഞ്ഞ് മനസ്സിനെ കല്ലാക്കി കൊണ്ട് കാറിൽ

കയറിയതും അച്ചു നമ്മളെ പിടിച്ച് വലിച്ച് മുന്നിൽ കൊണ്ട് പോയി ഇരുത്തി... ഓളെ കാട്ടികൂട്ടൽ കണ്ടിട്ടാണെങ്കിൽ നമ്മക്ക് ചൊറിഞ്ഞ് വരുന്നുണ്ട്...പക്ഷെ ഇപ്പോ അവൾക്കിട്ട് ചൊറിഞ്ഞാലെ ഓള് നമ്മളെ മാന്തും... അതോണ്ട് നമ്മളൊന്നും മിണ്ടാതെ അവിടെ ഇരുന്നു...

നമ്മള് മുന്നിൽ ഇരിക്കുന്നത് കാണുമ്പോ ഉപ്പയും ഉമ്മയും എന്ത് കരുതുമെന്ന ചിന്ത വന്നെങ്കിലും അവര് ഞങ്ങളെ സന്തോഷത്തോടെ യാത്ര അയക്കുന്നത് കണ്ടപ്പോ നമ്മക്ക് അത്ഭുതം തോന്നി...

യാത്ര തുടങ്ങിയപ്പോ തന്നെ നമ്മള് മുഖം തിരിച്ച് പുറത്തേക്ക് നോക്കി ഇരുന്നിരുന്നു... അച്ചുവും അരുണും പിന്നെ പറയണ്ടാ...രണ്ടും കൂടി അവരെ ലോകത്താ.... കൺട്രി ഫെലോസ്...

ആ കോന്തൻ ആണെങ്കിലോ ചലഞ്ചിൽ ജയിച്ചതിൻറെ മുഴുവൻ സന്തോഷവും മുഖത്ത് വാരി വിതറി കൊണ്ടാണ് ഇരിക്കുന്നത്... അത് കാണുമ്പോ നമ്മക്ക് ഓനോട് പുച്ഛമാണ് തോന്നുന്നത്...

കാരണം ഇനി അവശേഷിക്കുന്ന ആ ചലഞ്ചിൽ നമ്മളല്ലേ ജയിക്കാൻ പോകുന്നത്... അപ്പോ ഓന്റെ ഈ സന്തോഷമൊക്കെ മാഞ്ഞു പോകില്ലേ...

"എന്താ ഐഷു ചിന്തിക്കുന്നെ...?

ചലഞ്ചിൽ തോറ്റു പോയതിനെ കുറിച്ച് ആലോചിക്കാണോ..?"

"നിന്നെ പോലെ തോറ്റു പോയതിനെ കുറിച്ച് ആലോചിച്ച് വിഷമിച്ച് നടക്കുന്നവളല്ല ഈ ഞാൻ... ജയിക്കാൻ പോകുന്ന ചലഞ്ചിനെ കുറിച്ച് ആലോചിച്ച് സന്തോഷിക്കാൻ നിൽക്കാണ് ഞാൻ..."

"ഓഹോ... ഇപ്പോഴും നീ വിശ്വസിക്കുന്നുണ്ടോ അടുത്ത ചലഞ്ചില് നീ ജയിക്കുമെന്ന്..."

"വിശ്വാസം മാത്രല്ല...എനിക്ക് ഉറപ്പാണ് ഞാൻ ആയിരിക്കും അതില് ജയിക്കാന്ന്..."

"ഹ...ഹ...ഹ... ഇത് തന്നെ ആയിരുന്നു നീ ആദ്യത്തെ ചലഞ്ചിനെ കുറിച്ച് പറഞ്ഞപ്പോഴും പറഞ്ഞത്...എന്നിട്ടിപ്പോ എന്തായി ഞാൻ ജയിച്ചില്ലേ...?

അതുപോലെ തന്നെ നിന്നെ കൊണ്ട് എന്നെ ഇഷ്ടാണെന്നും ഞാൻ പറയിപ്പിക്കും മോളെ..."

"ഓ പിന്നെ...ഒരിക്കൽ ചക്ക വീണ് മുയല് ചത്തെന്ന് കരുതി എപ്പോഴും ചക്ക വീഴാൻ വേണ്ടി മുയല് പ്ലാവിന്റെ ചോട്ടിൽ തന്നെ വന്ന് നിൽക്കുമെന്ന് വല്ലാതെ പ്രതീക്ഷിക്കണ്ട... ഇതില് നീ ജയിച്ച് കാണും പക്ഷെ നിനക്ക് ഒരിക്കലും അടുത്ത ചലഞ്ചിൽ ജയിക്കാൻ പറ്റില്ല... this is my challenge..."

"ഉം....കാണാം..."

"ആ കാണാം..."

എന്ന് പറഞ്ഞ് നമ്മള് മുഖം തിരിച്ച് പുറത്തേക്ക് നോക്കി ഇരുന്നു... അരുണും അച്ചുവും കൂടി അവരുടെ ലോകത്തായത് കൊണ്ട് ഞാനും കോന്തനും കൂടി

വഴക്കിട്ടതൊന്നും അവര് അറിഞ്ഞിട്ടില്ല... അവര് രണ്ടും കൂടി എന്തൊക്കെയോ പറഞ്ഞ് രസിച്ച് ഇരിക്കാണ്...

പെട്ടെന്ന് ആ കോന്തൻ റേഡിയോ ഓണാക്കിയതും നമ്മള് ഞെട്ടി തിരിഞ്ഞ് ഓനെ നോക്കി കണ്ണുരുട്ടി...

"എന്നോമലേ എൻ ശ്വാസമേ... എൻ ജീവനെ ആയിഷ..."

ഇതാണ് പാട്ട്.... അതും ഈ അവസരത്തിൽ കേക്കാൻ പറ്റിയ പാട്ടും... ആ കോന്തൻ ആണെങ്കിലോ അരെ വാഹ്... എന്നൊക്കെ പറഞ്ഞ് ആ പാട്ട് മൂളി ഇരിക്കാണ്...

അല്ലെങ്കിലെ പിരാന്ത് പിടിച്ച് നിൽക്കുന്ന നമ്മക്ക് ഇതും കൂടി ആയാൽ പിന്നെ എല്ലാം ആയല്ലോ... അതോണ്ട് അപ്പോ തന്നെ നമ്മള് റേഡിയോ ഓഫാക്കി...

അപ്പോ ആ കോന്തൻ വീണ്ടും അത് ഓണാക്കി... നമ്മള് അപ്പോ അത് ഓഫാക്കി... ഓൻ പിന്നെയും അത് ഓണാക്കി നമ്മള് ഓഫാക്കി...ഓണാക്കി ഓഫാക്കി...

ഓണാക്കി ഓഫാക്കി.... ഇങ്ങനെ ഞങ്ങള് രണ്ടും കൂടി അതില് കളിക്കാൻ തുടങ്ങി...

"ഒന്ന് നിർത്തോ രണ്ടും... ഒന്നെങ്കിൽ അത് ഓണാക്ക് അല്ലെങ്കിൽ ഓഫാക്ക്... രണ്ടും കൂടി കൊറേ നേരായി അതില് ഞെക്കി കളിക്കുന്നു..."

പെട്ടെന്ന് അച്ചു അങ്ങനെ പറഞ്ഞ് ഒച്ച വെച്ചതും അരുണ് ഓളെ പിടിച്ച് സമാധനപ്പെടുത്തി കൂൾ ബേബി എന്നൊക്കെ പറയുന്നത് കേട്ടപ്പോ നമ്മക്ക് ചിരി വന്നു... നമ്മക്ക് മാത്രല്ലട്ടോ ആ കോന്തനും ചിരി വന്നിട്ടുണ്ട്...

ഓൻ നമ്മളെ നോക്കി ചിരിച്ചിട്ട് വീണ്ടും അത് ഓൺ ആക്കാൻ നിന്നതും നമ്മള് അപ്പോ തന്നെ ആ സ്വിച്ചില് കൈ വെച്ചിട്ട് ഓനെ നോക്കി കണ്ണുരുട്ടി... അപ്പോ ഓൻ വീണ്ടും നമ്മളെ നോക്കി ചിരിച്ചിട്ട് ഡ്രൈവിങ്ങിൽ ശ്രദ്ധിച്ചിരുന്നു...

ഇടക്ക് ഇടക്ക് ഓൻ കാണാതെ ഓനെ നമ്മള് ഇടങ്കണ്ണിട്ട് നോക്കുന്നൊക്കെ ഉണ്ട്ട്ടോ... ചുമ്മാ ഒരു രസം.... ഓൻ

അറിയാതെ ഓനെ നോക്കി ഇരിക്കുന്നത് ഒരു പ്രത്യേക ഫീലാണ്... അത് നമ്മക്ക് പറഞ്ഞറിയിക്കാൻ പറ്റില്ല...

"ഹലോ...എന്നെ നോക്കി ഇവിടെ തന്നെ ഇരിക്കാനാണോ പ്ലാൻ..?

ഇക്കണെക്കിന് പോയാൽ ക്യാമ്പ് കഴിയുന്നത് വരെയൊന്നും ഇൻക്ക് കാത്തിരിക്കേണ്ടി വരില്ലല്ലോ...അതിന് മുന്നെ തന്നെ നീ പറയുന്ന മട്ടുണ്ട്..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ മുഖത്തിന് നേരെ കൈ വീശിയപ്പോഴാണ് നമ്മള് ഓനെ നോക്കി ഇരുന്നത് ഓൻ കണ്ടെന്ന് മനസ്സിലായത്... നമ്മള് അപ്പോ തന്നെ വേഗം മുഖം തിരിച്ച് കളഞ്ഞു...

'ഛെ...നാണക്കേടായി...ഛെ... നോക്കണ്ടെന്നു...'

"നീ എന്നെ നോക്കിയെന്ന് ഞാൻ ആരോടും പറയാനൊന്നും പോകുന്നില്ല...ഇനി അത് ആലോചിച്ച് ടെൻഷൻ ആകണ്ട... വാ ഇറങ്ങ് കോളേജ് എത്തി..."

എന്ന് പറഞ്ഞ് ഓൻ ഇറങ്ങിയപ്പോ നമ്മക്ക് നല്ലോണം ചടച്ചു...നമ്മള് സ്വയം നമ്മളെ തലക്കടിച്ചിട്ട് കാറിൽ നിന്നും ഇറങ്ങിയതും നമ്മളെ കുരാമീസൊക്കെ കൂടി ഓടി വന്ന് നമ്മളെ പൊതിഞ്ഞു...

ഭാഗ്യത്തിന് അച്ചു ഇവരോടൊന്നും നമ്മളെ അഭിനയത്തെ കുറിച്ച് പറഞ്ഞിട്ടില്ലെന്ന് തോന്നുന്നു...ഇല്ലെങ്കിൽ ഇപ്പോ ഒരു പൊട്ടി തെറിയാകും ഉണ്ടാവുക...

"ഫെബി അന്റെ കാല് വേദന എങ്ങനെയുണ്ട്...കുഴപ്പം ഒന്നൂല്യല്ലോ...?

എന്നാലും അച്ചു നിന്നെ ഞങ്ങള് സമ്മതിച്ചിരിക്കുന്നു പറഞ്ഞ പോലെ തന്നെ നീ ഇവളെ കൊണ്ട് വന്നല്ലോ..."

"പിന്നെ അല്ലാതെ... ഈ അശ്വതി വെറും വാക്ക് പറയാറില്ലന്ന് ഇപ്പോ നിങ്ങക്ക് മനസ്സിലായില്ലേ..?"

എന്ന് ഓള് നമ്മളെ നോക്കി പറഞ്ഞപ്പോ നമ്മളും കുരാമീസിന്റെ കൂടെ തലയാട്ടി... അപ്പോ ഞങ്ങളെ അടുത്തേക്ക് നമ്മളെ ബ്രദേഴ്സ് വന്നിട്ട് നമ്മളെ ഇട്ട് കൊറേ താങ്ങി... അത് പിന്നെ അവരെ സ്ഥിരം പണി ആയോണ്ട് നമ്മക്ക് അത് പുത്തരി അല്ലെന്നു...

ഇപ്രാവശ്യം നമ്മളെയും ആ കോന്തന്റെയും ഡ്രെസ്സിന്റെ കളർ കണ്ടിട്ടാണ് വാരല് തുടങ്ങിയത്... ഞങ്ങള് രണ്ടും പ്ലാൻ ചെയ്ത് ഇട്ടതാണ് എന്നൊക്കെ അവന്മാരൊക്കെ കൂടി പറയാൻ തുടങ്ങിയപ്പോ പിന്നെ നമ്മളും തിരുത്താൻ നിന്നില്ല...

അവര് പറഞ്ഞതിനോട് ഒക്കെ യോചിച്ച് കൊണ്ട് നമ്മള് തലയാട്ടി നടക്കാൻ ഒരുങ്ങിയതും പുറകിൽ നിന്നും ഒരു അപശബ്ദം കേട്ട് നമ്മള് തിരിഞ്ഞു നോക്കി... നോക്കുമ്പോ ആ കോന്തനാണ്...

"ഡി... ഇതൊക്കെ കൊണ്ട് പോകാൻ ഇനി നിന്റെ കെട്ട്യോൻ വരോ... എടുത്തോണ്ട് പോടീ..."

നമ്മളെ ബാഗ് ഒക്കെ കൂടി കാറിൽ നിന്നും പുറത്തിട്ടിട്ട് ആ കോന്തൻ പറയുന്നത് കേട്ടപ്പോ നമ്മക്ക് ദേഷ്യം

വന്നെങ്കിലും നമ്മത് കൺട്രോൾ ചെയ്തു...

"പിന്നെ എന്തിനാ നീയുള്ളത്...? നീയല്ലേ എന്റെ കെട്ട്യോൻ... അപ്പോ എന്റെ ലഗേജ് ഒക്കെ നീയല്ലേ എടുക്കേണ്ടത്...?"

'ചുമ്മാ...' F

"അതൊക്കെ കല്യാണം കഴിഞ്ഞിട്ട് തീരുമാനിക്കാം... ഇപ്പോ ഇന്റെ കെട്ട്യോള് ഈ കെട്ട്യോൻ പറയുന്നതൊന്ന് അനുസരിക്ക്... എടുത്തോണ്ട് പോടീ ഇത്..."

എന്ന് പറഞ്ഞ് ഓൻ കലിപ്പായപ്പോ നമ്മള് നല്ല കുട്ടിയായി വേഗം പോയി ബാഗെടുത്ത് കൊണ്ട് വന്ന് ഓനെ നോക്കി കൊഞ്ഞനം കുത്തി... അല്ല പിന്നെ നമ്മക്ക് അതൊക്കെ അല്ലെ പാറ്റൊള്ളൂ...

അങ്ങനെ നമ്മളും കുരാമീസും കൂടി ബാഗൊക്കെ എടുത്ത് ഗ്രോണ്ടിലേക്ക് ചെന്ന് നോക്കിയപ്പോഴുണ്ട് 3

ബസുകൾ നിരന്ന് നിൽക്കുന്നു... ASK ട്രാവെൽസ്....ആ കോന്തന്റെ ബസാണ്...

ഞങ്ങള് എല്ലാവരും കൂടി ബസിന്റെ അടുത്തേക്ക് ചെന്നപ്പോ എല്ലാവരും എത്തിയിട്ടുണ്ട്... ആ കോന്തൻ എന്തോ ഒരു ലിസ്റ്റ് ഒക്കെ കയ്യിലെടുത്തിട്ട് ഓരോരുത്തരെയും ബസിൽ കേറ്റാൻ നിൽക്കാണ്...

എന്താകും ഓന്റെ കയ്യിലെ പേപ്പറിൽ എന്നറിയാനുള്ള ക്യൂരിയോസിറ്റി കൊണ്ട് നമ്മള് ആ കോന്തനെ തന്നെ ചുറ്റി പറ്റി നിന്ന് ആ പേപ്പർ കൈക്കലാക്കി...

നോക്കുമ്പോ അതിൽ ആരൊക്കെ ഏതൊക്കെ ബസിൽ കേറണമെന്ന ലിസ്റ്റാണ്...

ഞങ്ങടെ ബസിൽ ഞങ്ങളെ ക്ലാസ് മുഴുവനും പിന്നെ ആ കോന്തന്റെ ക്ലാസ്സിലെ പാതി പേരും പിന്നെ യൂണിയനുമാണ് ഉള്ളത്....

തന്ത്ര പൂർവ്വം സൽമയെയും സാലിമിനെയും ഓൻ വേറെ ബസിലേക്ക് തട്ടിയെന്ന് മനസ്സിലായപ്പോ നമ്മള് ഓനെ ഒന്ന് നോക്കി...

നമ്മളെ നോട്ടത്തിന്റെ കാര്യം മനസ്സിലായതോണ്ടാകും ഓൻ നമ്മളെ മൈന്റാക്കാതെ വേഗം നമ്മളെ കയ്യിന്ന് അത് തട്ടി പറിച്ച് വാങ്ങിയിട്ട് ബസിൽ കേറാൻ പറഞ്ഞത്...

നമ്മള് ഓനെ നോക്കി ഒന്ന് ഇരുത്തി മൂളി കൊണ്ട് ബസിൽ കേറി ബാക്കിലെ മൂന്നാമത്തെ സീറ്റിൽ ഇടം പിടിച്ചു... നമ്മളെ അടുത്ത് അച്ചുവും ഞങ്ങളെ സീറ്റിന് നേരെയുള്ള സീറ്റിൽ സനയും നസിയും ഷംനയും ഇരുന്നു...

നമ്മളെ തൊട്ട് പുറകിലായിട്ട് അരുണും ഷാമിലും പിന്നെ അവരെ നേരെ ആയിട്ട് നമ്മളെ ബ്രതേഴ്സും കൂടി ഇരുന്നപ്പോ തന്നെ നമ്മക്ക് പെരുത്ത് സന്തോഷായി... പക്ഷെ, കാക്കു ക്യാമ്പിന് ഇല്ലല്ലോ എന്ന് ആലോചിക്കുമ്പോഴാ സങ്കടം...

എല്ലാ ബസിലും ആയിട്ട് രണ്ട് ടീച്ചേർമാരും രണ്ട് സർമാരുമാണ് ഇരിക്കുന്നത്... ഞങ്ങളെ ബസിൽ ആണെങ്കിൽ റാഷി സാറും കാലകേയനും അനിതയും മീനുക്കുട്ടിയും പിന്നെ നമ്മളെ പ്രിൻസിയുമാണ് ഉള്ളത്...

യൂണിയന്റെ കീഴിൽ പോകുന്ന ക്യാമ്പ് ആയതോണ്ടും എല്ലാ ചെലവും നോക്കുന്ന ആളായോണ്ടും ആ കോന്തന് ഒരു ഒഴിവും ഇല്ലെന്നു...പാവം...

അങ്ങനെ എല്ലാവരെയും ബസിൽ കേറ്റിയിട്ട് ആ കോന്തൻ പുറകിലേക്ക് വന്നപ്പോ നമ്മള് ഓനെ നോക്കുന്നത് കണ്ട് ഓൻ നമ്മളെ നോക്കി ചിരിച്ചു...

"ഹാ...ഇന്റെ കെട്ട്യോള് ഇവിടെ ആണോ ഇരിക്കുന്നെ...വാ വന്ന് ഇക്കാൻറെ കൂടെ ഇരിക്ക്..."

എന്ന് ആ കോന്തൻ വിളിച്ച് കൂവിയപ്പോ എല്ലാവരും കൂടി നമ്മളോട് പോ പോയി ഇരിക്കെന്ന് പറഞ്ഞ് ശല്യം ചെയ്തു... നമ്മള് അവരെ വർത്താനമൊന്നും ചെവി കൊള്ളാതെ പുറത്തേക്ക് നോക്കി ഇരുന്നപ്പോ ആ കോന്തൻ ചിരിച്ചോണ്ട് ബാക്കിൽ പോയി ഇരുന്നു...

"എന്താടി ഫെബി നീ കാക്കു വിളിച്ചിട്ട് കൂടെ പോയി ഇരിക്കാഞ്ഞേ..? ഇത് ഭയങ്കര മോശായിട്ടോ...?"

അച്ചു പറയുന്നത് കേട്ട് ഓളെ നമ്മളൊന്ന് തുറുക്കനെ തിരിഞ്ഞു നോക്കി... അപ്പോ തന്നെ ഓള് നമ്മളെ നോട്ടം കണ്ട് മെപ്പോട്ട് നോക്കി ഇരുന്നിട്ട് ഇടങ്കണ്ണിട്ട് നമ്മളെ നോക്കി ചിരിച്ചു... ഓളെ ചിരി കണ്ട് നമ്മളും ഒന്ന് പുഞ്ചിരി തൂകി കൊണ്ട് പുറത്തേക്ക് നോക്കി ഇരുന്നു...

അപ്പോ ബസ് പുറപ്പെടാൻ നിന്നതും എല്ലാവരും കൂടി കുറുക്കന്മാരെ പോലെ ഓരിയിടാനും വിസിലടിക്കാനും തുടങ്ങി... നമ്മള് ആണെങ്കിൽ ഇവന്മാരെ ഒച്ചപ്പാട് കാരണം കാതടച്ച് ഇരിക്കാണ്... ഇല്ലെങ്കിൽ ചെവി കല്ല് പൊട്ടും...

ബസ് എടുത്ത് ഗേറ്റ് കടന്നില്ല അതിന് മുന്നേ തന്നെ പെട്ടെന്ന് ബസ് നിർത്തി... അത് കണ്ട് എല്ലാവരും കൂടി എന്താ സംഭവമെന്ന് അറിയാതെ മുന്നിലേക്ക് നോക്കി നിന്നു...

അപ്പോ ആ കോന്തൻ സീറ്റിന്ന് എണീറ്റ് മുന്നിലേക്ക് പോയതും എന്തോ കാര്യമായിട്ട് സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലായി... ആ...എന്താന്ന് വെച്ചാൽ ആകട്ടേന്ന്

ചിന്തിച്ചോണ്ട് നമ്മള് കോളേജിന്റെ ഭംഗിയും ആസ്വദിച്ച് പുറത്തേക്ക് നോക്കി ഇരുന്നു...

പെട്ടെന്ന് അച്ചു ഞെട്ടി തരിച്ചോണ്ട് നമ്മളെ കയ്യിൽ പിടി മുറുക്കിയപ്പോ നമ്മള് ഞെട്ടി തിരിഞ്ഞ് ഓളെ നോക്കി... ഓള് നമ്മളെ നോക്കാതെ മുന്നിലേക്ക് തന്നെ കണ്ണും നട്ട് ഇരിക്കുന്നത് കണ്ട് നമ്മള് ഏന്തി വലിഞ്ഞ് മുന്നിലേക്ക് നോക്കി....

(തുടരും)

ഭാഗം.86

പെട്ടെന്ന് അച്ചു ഞെട്ടി തരിച്ചോണ്ട് നമ്മളെ കയ്യിൽ പിടി മുറുക്കിയപ്പോ നമ്മള് ഞെട്ടി തിരിഞ്ഞ് ഓളെ നോക്കി... ഓള് നമ്മളെ നോക്കാതെ മുന്നിലേക്ക് തന്നെ കണ്ണും നട്ട് ഇരിക്കുന്നത് കണ്ട് നമ്മള് ഏന്തി വലിഞ്ഞ് മുന്നിലേക്ക് നോക്കി...

അപ്പോ ആ കോന്തൻ മോന്തയും വീർപ്പിച്ച് കട്ട കലിപ്പിൽ വന്ന് സീറ്റിൽ പോയി ഇരുന്നപ്പോഴും നമ്മക്ക്

കാര്യം പിടി കിട്ടിയില്ല... ഇവനിപ്പോ എന്താ പറ്റിയതെന്ന് ചിന്തിച്ച് നമ്മള് മുന്നിലേക്ക് തിരിഞ്ഞു നോക്കിയതും ആ സൽമയും ഓളെ ഒരു വാലും കൂടി ലഗേജ് എടുത്തോണ്ട് വരുന്നതാണ് നമ്മള് കണ്ടത്... വെറുതെ അല്ല നമ്മളെ കോന്തന് ഇത്രക്ക് കലിപ്പ്...

സൽ മ വന്നപാടെ നമ്മളെയൊന്ന് രൂക്ഷമായി നോക്കിയിട്ട് നമ്മളെ മൂന്ന് കുരാമീസും ഇരിക്കുന്ന സീറ്റിന്റെ തൊട്ട് മുന്നിൽ ആയിട്ട് നിന്ന് ആ സീറ്റിൽ ഉണ്ടായിരുന്ന കോന്തന്റെ ക്ലാസ്സിലെ കുട്ടികളോട് എണീറ്റ് പോകാൻ പറഞ്ഞു...

അവരാണെങ്കിൽ അത് കേൾക്കേണ്ട താമസം പെട്ടെന്ന് തന്നെ ഒഴിഞ്ഞു കൊടുത്തു...

എന്നിട്ട് സൽമയും ഓളെ വാലും കൂടി അവിടെ ഇരുന്നു... അപ്പോഴും സൽ മ നമ്മളെ ഭാഗത്തേക്ക് തിരിഞ്ഞു നോക്കി കൊണ്ട് കണ്ണുരുട്ടുന്നുണ്ടെന്നു... അത് കണ്ടപ്പോ ചെറിയ പതർച്ച തോന്നിയെങ്കിലും നമ്മള് അത് കാര്യമാക്കാതെ അങ്ങനെ ഒരാളേ ഈ ബസിൽ ഇല്ല എന്ന മട്ടിൽ പുറത്തേക്ക് നോക്കി ഇരുന്നു...

"എടി ഫെബി ആ ചെയ്ത്താൻ വലിഞ്ഞ് കേറി വന്നതും പോരാ നിന്നെ നോക്കി പേടിപ്പിക്കുന്നത് കണ്ടോ... ഓളെ നോട്ടം കാണുമ്പോ ഓളെ കണ്ണ് കുത്തി പൊട്ടിക്കാനാ തോന്നുന്നത്...?"

"ഓള് നോക്കിക്കോട്ടെ അച്ചു...ഓളെ കണ്ണ് കൊണ്ടല്ലേ ഓള് നോക്കുന്നത്... പിന്നെ ഓള് എത്ര നോക്കി കണ്ണുരുട്ടി കാണിച്ചാലും ആ നോട്ടം കണ്ട് പേടിച്ച് പോകുന്ന ആളൊന്നും അല്ല ഞാൻ..."

"ഓ...പിന്നെ.....നീ അതിനെ പറ്റി ഒന്നും പറയണ്ടാ.... നിനക്ക് ഓളെ പേടി ആയതോണ്ട് അല്ലെ നീ ക്യാമ്പിന് വരാതിരിക്കാൻ വേണ്ടി ഇക്കണ്ട നാടകമൊക്കെ കളിച്ചത്...? ഇൻക്ക് അറിയാ..."

അച്ചു പറയുന്നത് കേട്ട് ആദ്യം നമ്മളൊന്ന് ഷോക്കായെങ്കിലും ഓള് കരുതി വെച്ചത് അതാണെന്ന് മനസ്സിലായപ്പോ പിന്നെ ഒരു പൊട്ടിച്ചിരി ആയിരുന്നു... എത്ര കൺട്രോൾ ചെയ്യാൻ നോക്കിയിട്ടും നമ്മക്ക് ചിരിക്കാതിരിക്കാൻ പറ്റുന്നിലെന്നു.... നമ്മളെ ചിരി കണ്ടിട്ടാണെങ്കിലോ പെണ്ണിന് പ്രാന്ത് പിടിച്ച പോലെ

ആയിട്ടുണ്ട്...

"ഡി....നീ ഇങ്ങനെ കിണിക്കാൻ മാത്രം ഞാൻ ഒന്നും പറഞ്ഞില്ലല്ലോ... ഓളെ ഭീഷണി കേട്ട് പേടിച്ചിട്ടല്ലേ നീ ഈ ക്യാമ്പിന് വരുന്നില്ലെന്ന് തീരുമാനിച്ചത്..."

"ഹ...ഹ...ഹ...ഇന്റെ അച്ചു....നിന്റെ ഒരു കാര്യം.... നിനക്ക് തോന്നുന്നുണ്ടോ പെണ്ണേ ഓളെ ഭീഷണി കേട്ട് ഭയന്നാണ് ഞാൻ ക്യാമ്പിന് വരാതിരിക്കാൻ നോക്കിയതെന്ന്....

ഹ...ഹ....ഹ.... ആരാ നിന്നോട് ഇതൊക്കെ പറഞ്ഞത്....ഹ...ഹ..ഹ..."

"അ... അപ്പോ അതോണ്ടല്ലേ നീ വരാതിരിക്കാൻ നോക്കിയത്...?

എന്നിട്ട് എന്നോട് കാക്കു പറഞ്ഞത് അങ്ങനെ ആണല്ലോ..."

അച്ചു അത് പറഞ്ഞപ്പോ നമ്മള് ചിരി നിർത്തി അച്ചൂനെ

നോക്കി....

"ഓൻ എന്താ നിന്നോട് പറഞ്ഞെ...?"

"വേറെ എന്താ ഇത് തന്നെ... നീ വരാത്തത് അവളെ ഭീഷണി ഭയന്നിട്ടാണെന്ന്..."

"ഒലക്കയാണ്.... ആ കോന്തൻ കാരണാ ഞാൻ ഈ ക്യാമ്പിന് വരുന്നില്ലെന്ന് പറഞ്ഞത്... അറിയോ നിനക്ക്..."

എന്ന് പറഞ്ഞ് നമ്മള് നടന്നതൊക്കെ ഓളോട് പറഞ്ഞു... ഓൻ നമ്മളുമായി വെച്ച ആ രണ്ട് ചലഞ്ചിനെ കുറിച്ചും നമ്മള് പറഞ്ഞു കൊടുത്തു.... എല്ലാം കേട്ട് കഴിഞ്ഞപ്പോ അച്ചു നമ്മളെ തുറുക്കനെ നോക്കി കൊണ്ട് പിന്നിലേക്ക് തിരിഞ്ഞ് നോക്കിയതും ലോങ്ങ് സീറ്റിൽ അരൂല് ഇരുന്ന് പുറത്തേക്ക് നോക്കുന്ന ആ കോന്തനെ നോക്കി പിറുപിറുത്തു...

ഓളെ പിറുപിറുക്കൽ കണ്ടപ്പോ നമ്മക്ക് ചിരി വന്നെങ്കിലും ആ കോന്തന്റെ ഇരിപ്പ് കണ്ടപ്പോഴാണ് നമ്മക്ക് അതിലേറെ ചിരി വന്നത്... എന്തോ കളഞ്ഞു പോയ ആരെയോ പോലെയുണ്ട് ഓനെ ഇപ്പോ കാണാൻ...

നമ്മള് അതൊക്കെ ഓർത്ത് ചിരിച്ചോണ്ട് മുഖം തിരിച്ചപ്പോഴും ആ സൽ മ നമ്മളെ ദഹിപ്പിക്കുന്ന നോട്ടം നോക്കി കൊണ്ടിരിക്കാണ്... ഓളെ നോട്ടം നമ്മക്ക് അരോചകമായി തോന്നിയെങ്കിലും നമ്മള് ഒന്നും പറയാനും ചെയ്യാനും നിന്നില്ല... വെറുതെ ഒരു സീൻ ഉണ്ടാക്കണ്ടാ അത്രെയെ കരുതിയുള്ളൂ....

അതോണ്ട് നമ്മള് ആ ഭാഗത്തേക്ക് മൈൻഡ് ചെയ്യാതെ പുറത്തേക്ക് നോക്കി ഇരുന്നു... കുറച്ച് കഴിഞ്ഞപ്പോ അച്ചു നമ്മളെ തോണ്ടി വിളിച്ച് ശല്യം ചെയ്തപ്പോ നമ്മള് ഓളെ നേരെ തിരിഞ്ഞു...

"ഫെബി...ഫെബി...ഫെബി..."

"എന്താടി കുരിപ്പേ.... എന്താ കാര്യം...കൊറേ നേരായല്ലോ ഇജ്ജ് തുടങ്ങിയിട്ട്...."

"അത് പിന്നെ ഫെബി.... നമ്മള് ഊട്ടിയില് എത്താൻ ആകുമ്പോ അരുണിന്റെ അടുത്ത് പോയി ഇരിക്കട്ടെ..."

"അതിനി ഇപ്പോ എന്നോട് ചോയ്ക്കണോ...നിനക്ക് പോയി ഇരിക്കണെങ്കിൽ പോയി ഇരുന്നോ..."

"താങ്ക്സ് മുത്തെ..."

എന്ന് പറഞ്ഞ് അച്ചു നമ്മളെ കെട്ടി പിടിച്ച് നമ്മളെ കവിളില് ഒരുമ്മ തന്നു... നമ്മള് ഓളെ ഉത്സാഹവും ആക്രാന്തവും കണ്ടിട്ട് ചിരിച്ചോണ്ട് പുറത്തേക്ക് നോക്കി ഇരുന്നു...

പിന്നെ എപ്പോഴോ ബസില് പാട്ടൊക്കെ വെച്ചിരുന്നു... പാട്ട് ഇട്ടപ്പോ സീറ്റിൽ ഒന്നും അല്ലെന്നു നമ്മളെ കുരാമീസ്... എണീറ്റ് നിന്ന് നമ്മളെ ബ്രദേഴ്സിന്റെ കൂടെ

ചാടി കളിക്കലൊണ് അവർക്ക് പണി...

പക്ഷെ സന ഡീസന്റ് ആയിരുന്നൂട്ടോ...അത് വേറെ ഒന്നും കൊണ്ടല്ല റാഷി സാറിന്റെ ഇടക്കിടക്കുള്ള നോട്ടം ഓളെയാണ്.... അപ്പോ ഓൾക്ക് ഡീസന്റ് ആയല്ലേ പറ്റൂ....

പക്ഷെ, നമ്മളെ കുരാമീസ് എന്ന് പറയുന്ന ബാക്കി മൂന്നും കൂടി ഞങ്ങളെ രണ്ട പേരെയും സീറ്റിൽ ഇരിക്കാൻ സമ്മതിച്ചിട്ടില്ല... ഞങ്ങളെ സീറ്റീന്ന് വലിച്ച് എണീപ്പിച്ച് കളിപ്പിക്കാൻ നോക്കലൊണ് അവരെ പണി...

അങ്ങനെ ഞങ്ങളും ഞങ്ങളെ ബ്രദേഴ്സും കൂടി എന്ജോയ് ചെയ്ത് ചാടി കളിക്കുമ്പോഴും ആ കോന്തൻ അതെ ഇരുപ്പ് തുടർന്നു.... പുറത്തേക്കും നോക്കി എന്തോ ചിന്തിച്ച് കൂട്ടി കൊണ്ടിരിക്കാണ്... മിക്കവാറും നമ്മക്കുള്ള വല്ല പണിയെ കുറിച്ചും ആലോചിക്കാവും കോന്തൻ... എന്തായാലും കുറച്ച് നേരത്തിന് ഓന്റെ ശല്യം ഒന്നും ഇല്ലല്ലോ അത് തന്നെ സമാധാനം....

കുറച്ച് കഴിഞ്ഞപ്പോ നമ്മള് നമ്മളെ കുരാമീസിന്റെ ഇടയിൽ നിന്ന് ഉൾവലിഞ്ഞ് സീറ്റിൽ പോയി ഇരുന്നു... പുറത്തെ ഭംഗിയുള്ള കാഴ്ചകളിലേക്കൊക്കെ നോട്ടമേറിഞ്ഞ് എപ്പോഴോ നമ്മള് ഉറക്കിലേക്ക് വഴുതി വീണു....

പെട്ടെന്ന് അച്ചു വന്ന് നമ്മളെ കുലുക്കി എണീപ്പിച്ചപ്പോഴാണ് നമ്മള് എണീറ്റത്...

"ഫെബി...എണീക്ക് ഊട്ടി എത്തി..."

അച്ചു അങ്ങനെ പറഞ്ഞ് നമ്മളെ നോക്കി ചിരിച്ചപ്പോ നമ്മള് വാച്ചിലേക്ക് നോക്കി... അപ്പോ 12 കഴിഞ്ഞിട്ടുണ്ടായിരുന്നുള്ളൂ... ഇത്ര പെട്ടെന്നൊന്നും ഊട്ടിയിൽ എത്താൻ ഊട്ടി ഇവിടെ തൃശൂർ ഒന്നും അല്ലല്ലോ...

അതോണ്ട് നമ്മള് ഓൾക്ക് നല്ലൊരു നുള്ള് അതിന് സമ്മാനായിട്ട് കൊടുത്തു...

പക്ഷെ, ഊട്ടിയിൽ എത്തിയിട്ടില്ലെങ്കിലും ബസ് എവിടെയോ നിർത്തി ഇട്ടിട്ടുണ്ട്... ഇത് ഇപ്പോ ഏതാ

സ്ഥലം എന്ന് ചിന്തിച്ചോണ്ട് ചുറ്റും നോക്കിയപ്പോ അച്ചുവാണ് നമ്മക്ക് എവിടെയാണ് നമ്മളിപ്പോ ഉള്ളതെന്ന് പറഞ്ഞ് തന്നത്...

അതിരപ്പള്ളി വെള്ളച്ചാട്ടം...

"അതിരപ്പള്ളിയോ....? എന്തിനാ ഇങ്ങോട്ട് വന്നത്..? വേഗം ഊട്ടിയിൽ എത്തി പണ്ടാറം ക്യാമ്പ് എങ്ങനെലും തീർത്തിട്ട് വേണം തിരിച്ച് വീട്ടിലേക്ക് പോകാനെന്ന് കരുതുമ്പോഴാ ഒരു വെള്ളച്ചാട്ടം..."

"നീയൊന്ന് മിണ്ടാതെ ഇരിക്കോ ഫെബി.... ആരംഭത്തിൽ തന്നെ നിനക്ക് ഈ ക്യാമ്പിന് വരൻ താല്പര്യം ഇല്ല... അപ്പോ പിന്നെ നീ ഇങ്ങനെയൊക്കെ തന്നെ പറയൂ... പിന്നെ ഇങ്ങോട്ട് ഒക്കെ വരുന്നുണ്ടെന്ന് പച്ച മലയാളത്തിൽ തന്നെ നോട്ടീസിൽ പറഞ്ഞിട്ടുണ്ടെന്നു.... അതൊന്നും നീ ശ്രദ്ധിക്കാഞ്ഞത് ഞങ്ങളെ കുഴപ്പം അല്ലല്ലോ..."

അച്ചൂന്റെ മറുപടി കേട്ട് നമ്മള് തിരിച്ച് ഒന്നും പറയാൻ നിൽക്കാതെ സുല്ലിട്ടു.... എന്ത് തന്നെ നമ്മള് പറഞ്ഞാലും ഓള് അത് വളച്ചൊടിച്ച് നമ്മളെ കയ്യില്

വെച്ച് തരും...അതോണ്ട് ഈ ടൈമിൽ സൈലന്റ് തന്നെയാ ബെസ്റ്റ്....

അങ്ങനെ എല്ലാവരും ബസിൽ നിന്നും ഇറങ്ങിയതും നടുവൊന്ന് നിവർത്തി നമ്മള് മെല്ലെ അവിടന്ന് കുറച്ച് മാറി നടക്കാൻ തുനിഞ്ഞതും നമ്മള് പെട്ടെന്ന് ആരെയോ ചെന്ന് കൂട്ടി മുട്ടി... ഏതോ മതിലിനെയാണ് ഇടിച്ചതെന്നാ നമ്മള് കരുതിയത്... പക്ഷെ തിരിഞ്ഞ് നോക്കിയപ്പോഴല്ലേ മനസ്സിലായത് മതിലല്ല മനുഷ്യനാണെന്ന്...

അയാളെ രൂപവും ഭാവവും കണ്ടിട്ട് ആണെങ്കിൽ നമ്മള് പേടിച്ച് വേഗം അച്ചൂന്റെ അടുത്തേക് നീങ്ങി നിന്നിരുന്നു... അയാളെ പോലെ തന്നെ ഒരു നാലഞ്ച് പേരുണ്ട് ഞങ്ങളെ ചുറ്റും നിൽക്കുന്നു... അതും കറുത്ത് ഇരുണ്ട സിക്സ് പാക്ക് ബോഡിയും വെച്ച ആൾക്കാർ... വേഷം ഒരു കറുത്ത ടീശർട്ടും പാന്റടും പിന്നെ ഒരു കറുപ്പ് കൂളിംഗ് ഗ്ലാസും... കൈയൊക്കെ പുറകിലേക്ക് കെട്ടി വെച്ച് ഒരു പ്രതിമ കണക്കെയാണ് അവറ്റകളുടെ നിൽപ്പ്... അവരെ കണ്ടാൽ ശരിക്കും ബ്രോയിലർ കോഴികളെ പോലെയുണ്ട്... അല്ലേലും മസ്സിലുള്ളവർക്ക് ബുദ്ധി തീരെ ഉണ്ടാകില്ല....

അതോണ്ടല്ലേ ആ കോന്തൻ എന്റെ പിന്നാലെ നടക്കുന്നത്...

നമ്മള് പെട്ടെന്ന് അവന്മാരെ കണ്ട ഷോക്കില് പെട്ടെന്ന് അച്ചൂനോട് ഒട്ടി നിന്നപോ ആ തെണ്ടി നമ്മളെ അടിമുടി ഒന്ന് നോക്കി.

എന്നിട്ട് ഓള് നമ്മളെ മുഖത്തെ ഭാവം കണ്ടിട്ടാണെങ്കിൽ പൊരിഞ്ഞ ചിരിയും...

"എന്തിനാടി തെണ്ടി നീ ഇങ്ങനെ ചിരിക്കുന്നെ...?

അതിന് മാത്രം ഇവിടെ എന്താ ഉണ്ടായേ...?

അല്ലാ അവന്മാരൊക്കെ ഏതാ..? കണ്ടിട്ട് ഏതോ ചിക്കൻ സ്റ്റാളീന്ന് ഇറങ്ങി ഓടിയ ബ്രോയിലർ കോഴികളെ പോലെയുണ്ട് അവരെ കണ്ടാൽ... ആരാടി അവര്...?"

"അവർ ആരാന്ന് അറീലെ...? നമ്മളെ ബോഡി ഗാർഡ്സാ..."

"നമ്മളെ ബോഡി ഗാർഡ്സോ...? നമുക്ക് എന്തിനാ ബോഡി ഗാർഡ്സൊക്കെ...?"

"പിന്നെ നമ്മള് അഞ്ച് ക്ലാസ്സ്കാരെയും നിയന്ത്രിക്കാൻ നമ്മളെ ടീച്ചേഴ്സിനെ കൊണ്ട് മാത്രം സാധിക്കോ... ഇല്ലല്ലോ...? അതിന് വേണ്ടി കാക്കു ഏർപ്പാടാക്കിയതാ അവരെ... അതോണ്ട് ഇനി എല്ലാവരെയും അവർ നോക്കിക്കോളും... അപ്പോ പിന്നെ നമ്മളെ ടീച്ചേഴ്സിന് ജോലിയും കുറഞ്ഞ് കിട്ടി..."

'ഓഹോ...അപ്പോ ഇതാണല്ലേ ആ കോന്തന്റെ പ്ലാൻ... ഉം...കൊള്ളാം.... എന്നിട്ട് ആ സാധനം എവിടെ പോയി കിടക്കാ...? നമ്മള് ബസിന്ന് ഇറങ്ങിയപ്പോ തൊട്ട് ആ മോന്തായാണ് തിരയുന്നത്... എവിടെ പോയി...?'

എന്ന് ചിന്തിച്ച് നമ്മള് ചുറ്റും ഒന്ന് കണ്ണോടിച്ച് നോക്കിയപ്പോ നമ്മളെ പുറകില് ആരോ ഉള്ള പോലെ നമ്മക്ക് തോന്നി... അതോണ്ട് നമ്മള് പെട്ടന്ന് തന്നെ വെട്ടി തിരിഞ്ഞ് നോക്കിയതും നമ്മള് കാല് സ്ലിപ്പായി അയാളെ മേത്ത് തട്ടി നിന്നു... ആ കോന്തനെയാണ് നമ്മള് തട്ടിയതെന്ന് മനസ്സിലാക്കാൻ നമ്മക്ക് കൂടുതൽ

ഒന്നും ചിന്തിക്കേണ്ടി വന്നില്ല... അയാളെ മുഖം കാണിച്ച് തരുന്നതിന് മുന്നേ തന്നെ നമ്മളെ ഹൃദയം കാണിച്ച് തന്നിരുന്നു അതാരാണെന്ന്...

★★★★★★★★★★★★★★★★★★★★★★

ഐഷു ബസിൽ നിന്നും ഇറങ്ങിയപ്പോ തന്നെ ആരെയോ നോക്കുന്നുണ്ടെന്ന് നമ്മക്ക് തോന്നിയിരുന്നു... അത് നമ്മളെ തന്നെയാണോ എന്ന് ഉറപ്പിക്കാൻ വേണ്ടിയാ നമ്മള് ഓള് അറിയാതെ ഓളെ പിന്നാലെ കൂടിയത്... നമ്മള് പുറകെ ഉള്ളത് മനസ്സിലാക്കി ഓള് തിരിഞ്ഞ് നോക്കിയപ്പോ നമ്മളെ തട്ടി ഓള് അവിടെ നിൽക്കുമെന്ന് നമ്മള് ഒട്ടും പ്രതീക്ഷിച്ചില്ല...

നമ്മളെയാണ് തട്ടിയതെന്ന് മനസിലാക്കി ഓള് പെട്ടെന്ന് വിട്ട് നിന്ന് നമ്മളെ നോക്കിയതും ഇന്റെ പടച്ചോനെ നമ്മക്ക് നമ്മളെ തന്നെ നഷ്ടമാകുന്ന പോലെ തോന്നി അമ്മാതിരി നോട്ടമാണ് നമ്മളെ പെണ്ണിന്...

നമ്മള് ഓളെ തന്നെ നോക്കുന്നത് കണ്ടിട്ട് ഓള് നമ്മളെ നോക്കി പുച്ഛിച്ച് നടന്ന് നീങ്ങിയപ്പോ നമ്മള് അവിടെ തന്നെ നിന്ന് ഓളെ നോക്കായിരുന്നു...

"ഡാ ആദി... മതി നിർത്തിക്കാളെ... ഓളെ നോക്കാനെ ഇനിയും ടൈം കിട്ടും...പക്ഷെ ഇപ്പോ ഈ വെള്ളത്തിലേക്ക് ചാടാനെ ഇപ്പോഴേ പറ്റൂ.... നമുക്ക് എന്തായാലും ഒന്ന് നീന്തി തിമിർക്കണംട്ടോ..."

"പിന്നെന്താ അൻസി.... തീർച്ചയായും നമ്മള് ഈ ക്യാമ്പ് അടിച്ച് പൊളിച്ചിരിക്കും... നിങ്ങള് വാ നമുക്ക് ആദ്യം ദേ അവളുമാരെ പുറകെ പോകാം... ഇവ്ടെന്നൊക്കെ അവരെ കിട്ടൊള്ളൂ... ഊട്ടിയിൽ എങ്ങാനും എത്തിയാൽ പിന്നെ എല്ലാവരും ഓരോ വഴിക്കാവും..."

"അത് ആദി പറഞ്ഞത് ശരിയാ... അതോണ്ട് വാ നമുക്ക് അവരെ പിന്നാലെ പോകാം..."

എന്ന് പറഞ്ഞ് നിസു അവരെ പിന്നാലെ അവരുടെ പേരും വിളിച്ച് കൂവി കൊണ്ട് പോയി പിന്നാലെ

ഞങ്ങളും...

★★★★★★★★★★★★★★★★★★★★★★★★

"ഫെബി നമുക്ക് വെള്ളച്ചാട്ടം മോളിൽ നിന്ന് കണ്ടിട്ട് ദേ വെള്ളക്കെട്ടിൽ ഇറങ്ങി നീന്തണം..."

"ഉം...നിങ്ങളൊക്കെ കൂടി നീന്തിയാൽ മതിട്ടോ... ഞാൻ ഒന്നൂല്യ... ഇൻക്ക് നീന്താൻ അറിയില്ല..."

"അയ്യേ... മോശം...ഇത്രയും വളര്ന്ന പോത്തായിട്ടും ഓൾക്ക് നീന്താൻ അറീലത്രെ...മോശം..." ശംനയാണ്...

"പറച്ചില് കേട്ടാൽ തോന്നും നിനക്ക് നീന്താൻ അറിയാമെന്ന്... ദേ ഫെബി ഇവള് വെള്ളം കണ്ടാലേ പേടിച്ച് ഓടുന്ന ടീമാ...."

സന ഷംനക്കിട്ട് താങ്ങിയത് കേട്ട് ഞങ്ങള് നാലും കൂടി പൊരിഞ്ഞ ചിരി പാസാക്കിയപ്പോ ഓള് ഞങ്ങളെ

നോക്കി ക്ലോസെപ്പിന്റെ പരസ്യം കാണിക്കെന്നു... സന ആണെങ്കിലോ ഷംന ചരിത്രം മുഴുവൻ ഇതിനോടകം പറഞ്ഞിട്ടുണ്ട്... അതൊക്കെ കേട്ട് ചിരിച്ച് രസിച്ച് നടക്കുമ്പോഴാണ് ഞങ്ങളെ പിന്നാലെ നിസൂക്ക വരുന്നത് കണ്ടത്...

"ഡി...പെണ്ണുങ്ങളെ... നിങ്ങക്ക് അഞ്ചിനും ചെവി കേൾക്കില്ലേ..? എത്ര നേരായി നിങ്ങളെ പിന്നാലെ നടന്ന് വിളിച്ച് കൂവുന്നു... നിങ്ങള് ഒഴികെ ബാക്കി എല്ലാവരും കേട്ട് കാണും..."

"ഇന്റെ നിസൂക്കാ...ഇങ്ങള് ചൂടാവല്ലിന്നോ.... ഞങ്ങള് ഓരോന്ന് പറഞ്ഞ് കളിച്ച് ചിരിച്ച് നടക്കുന്നതിനിടയിൽ ഇങ്ങള് വിളിച്ചതൊന്നും കേട്ടില്ല... അല്ലാ ഇങ്ങളിപ്പോ എന്തിനാ ഞങ്ങളെ പിന്നാലെ ഇങ്ങനെ ഓടി കിതച്ച് വന്നത്...?"

"അത് വേറെ ഒന്നുമല്ല... നമ്മള് എല്ലാവരെയും ഒരുമിച്ച് ദേ ഇപ്പോഴേ കിട്ടൊള്ളൂ... ഊട്ടിയിൽ എങ്ങാനും എത്തിയാൽ പിന്നെ ഓരോരുത്തരും കപ്പിൾസ് ആയിട്ടാകില്ലേ നടക്കാ... അപ്പോ ഞങ്ങളെ ഒന്നും

മൈൻഡ് ചെയ്യലുണ്ടാകില്ല....

അതോണ്ട് ഇപ്പോ നമുക്ക് എല്ലാവർക്കും കൂടി ഒരുമിച്ച് പോകാം... എന്തെ...?"

ഞങ്ങളെല്ലാവരും അതിനോട് യോചിച്ച് ആ തീരുമാനത്തിന് സമ്മതം മൂളുമ്പോഴായിരുന്നു അവന്മാരൊക്കെ നമ്മളെ അടുത്ത് എത്തുന്നത്... അതും ആ കോന്തൻ ഞങ്ങളെ അടുത്ത് എത്തിയപ്പോ തന്നെ നമ്മളെ അടുത്തേക്ക് നീങ്ങി വന്നിരുന്നു....

ഇതിനിപ്പോ എന്ത് കുരിശിനാണെന്ന് ചിന്തിച്ച് നമ്മള് ഓനിൽ നിന്നും കുറച്ച് അകന്ന് നിന്നിട്ട് ശംനന്റെ പുറകില് പോയി നിന്നു... എന്തിനാ അങ്ങനെ ചെയ്തതെന്ന് ചോദിച്ചാൽ ആ സൽ   മ എന്ന് പറയുന്ന സാധനം ഉണ്ടല്ലോ... അവള് ഞങ്ങളെ തന്നെ ചുറ്റി പറ്റി നിൽക്കാണ്... അതോണ്ട് നമ്മളിനി ഇവനോട് അടുക്കുന്നത് കണ്ടിട്ട് ഓള് ഇനി പ്രശ്നം ഒന്നും ഉണ്ടാക്കി ക്യാമ്പ് കൊളമാക്കണ്ടാന്ന് കരുതിയാ നമ്മള് ഓനിൽ നിന്നും അകന്ന് നിന്നത്....

പക്ഷെ അത് നമ്മളെ കോന്തന് നല്ലൊണം

വിഷമായിട്ടുണ്ടെന്ന് ഓനെ കണ്ടപ്പോ തന്നെ നമ്മക്ക് മനസ്സിലായി... എന്നാലും നമ്മള് അത് മൈൻഡ് ചെയ്തില്ല... നമ്മള് ബ്രദേഴ്സിന്റെ കൂടെ ഒക്കെ നിന്നിട്ട് സെൽഫി എടുക്കലും ബഡായി പറയലുമൊക്കെയായി അവിടെ നിന്നു...

"ഹലോ ഇവിടെ നിന്നോണ്ട് പ്രസംഗിച്ചാലേ നമുക്ക് ഇവിടെ ഒന്നും ചുറ്റി കാണാനുള്ള ടൈം കിട്ടില്ല... അതോണ്ട് വാ നമുക്ക് അതിന്റെ മോളിലേക്ക് പോകാം..."

എന്ന് പറഞ്ഞ് ആ കോന്തൻ തന്നെ മുന്നിൽ നടന്നപ്പോ നമ്മക്ക് ചെറിയ ആശ്വാസമൊക്കെ തോന്നി... അങ്ങനെ ഞങ്ങളൊക്കെ കൂടി ഓനെ അനുഗമിച്ച് കൊണ്ട് നമ്മളെ ബ്രദേഴ്സിനോടും കത്തി വെച്ച് നടക്കുമ്പോഴാണ് നമ്മള് ആ വെള്ളച്ചാട്ടത്തിന്റെ ഭംഗി ആസ്വദിക്കുന്നത്...

അതും നോക്കി നടന്ന് നമ്മളെ നടത്തത്തിന്റെ സ്പീഡ് കുറഞ്ഞ് വന്നോണ്ടിരുന്നു... നമ്മള് ആ വെള്ളച്ചാട്ടവും നോക്കി പിച്ചാ പിച്ചാ വെച്ച് നടക്കുമ്പോഴായിരുന്നു

പെട്ടെന്ന് അത് സംഭവിച്ചത്....

നമ്മളെ ഒരു കാല് ചെളിക്കുഴിയിൽ പൂണ്ട് പോയി... മാനത്ത് നോക്കി നടക്കായിരുന്നതോണ്ട് നമ്മള് അത് ശ്രദ്ധിച്ചില്ലെന്നു... നമ്മളെ കാലിന്റെ ഞെരിയാണി വരെ ചെളിയിൽ പൂണ്ടിട്ടുണ്ട്... കാല് ആണെങ്കിലോ വലിച്ചിട്ട് കിട്ടുന്നുമില്ല...

ഒടുവിൽ നമ്മളെ ബാക്കിക്കാരോട് തന്നെ ഹെല്പ് ചോദിക്കണമെന്ന അവസ്ഥ വന്നപ്പോ നമ്മള് അവറ്റകളെയൊന്ന് നോക്കി... ഇങ്ങനെ ഒരു സാധനം അവരെ കൂടെ ഉണ്ടായിരുന്നെന്ന ഒരു ബോധവും ഇല്ലാതെയാണ് അവറ്റകളെ നടത്തം... എന്നാൽ ആ കോന്തൻ എങ്കിലും തിരിഞ്ഞ് നോക്കുന്നുണ്ടോ അതും ഇല്ല.... ഒടുവിൽ സഹികെട്ടപ്പോ നമ്മള് അവിടെ നിന്ന് വിളിച്ച് കൂവി....

"ഡാ..... അവിടെ നിക്ക് എന്റെ കാല് ചെളിയില് പൂണ്ടു പോയി...."

നമ്മളെ ശബ്ദം കേട്ട് അപ്പോ തന്നെ അവറ്റകള് തിരിഞ്ഞു നോക്കി... എന്നിട്ട് നമ്മളെ അവസ്ഥ കണ്ട് പൊരിഞ്ഞ ചിരിയായിരുന്നു അവര്... നശൂലങ്ങള് ചിരിക്കുന്നത് കണ്ടാൽ ഇവ്ടെന്ന് എടുത്ത് താഴേക്കിടാൻ തോന്നും ബ്ലഡി ഫൂൾസ്...

"അവിടെ നിന്ന് കിണിക്കാതെ എന്നെ വന്ന് ഒന്ന് ഹെല്പ് ചെയ്യാൻ നോക്ക് തെണ്ടികളെ..."

"ഹ...ഹ...ഹ...ഹ... ഇതെന്ത് പറ്റി ഫെബി....നീ നിലത്ത് നോക്കിയല്ലേ നടന്നത്...?"

"നിലത്ത് നോക്കിയാണ് നടന്നതെങ്കിൽ ഞാൻ ഇങ്ങനെ ചെളിക്കുഴിയിൽ കാലിട്ട് നിൽക്കോ...?

ഇങ്ങനെ വാചകമടിക്കാൻ നിൽക്കാണ്ട് ഇന്റെ കാലൊന്ന് എടുക്കാൻ ഹെല്പ് ചെയ്യ് സിദ്ധുവേട്ടാ..."

നമ്മളെ കെഞ്ചലും നിസ്സഹായക അവസ്ഥയും കണ്ട് അവറ്റകളൊക്കെ കൂടി നന്നായി രസിക്കുന്നുണ്ട്... കൂട്ടത്തില് നമ്മളെ പുന്നാര കോന്തനും...

"നിങ്ങളെന്നെ ഇങ്ങനെ നോക്കി നിൽക്കാതെ ഒന്ന് ഹെല്പ് ചെയ്യുന്നുണ്ടോ...? ഇല്ലെങ്കിൽ എന്നെ ഇങ്ങനെ നോക്കി കൊണ്ട് നിൽക്കാതെ ഒന്ന് പോയി തരോ...?"

അവറ്റകളെ നോട്ടവും ചിരിയും സംസാരവുമൊക്കെ കണ്ട അമർഷത്തിലാണ് നമ്മള് അങ്ങനെ പറഞ്ഞത്... അതെന്തായാലും ഏറ്റിട്ടുണ്ട്... നമ്മളെ രക്ഷപ്പെടുത്താനുള്ള പരിപാടി നോക്കാണ് അവര്...

"ഞാൻ എടുത്ത് തരാ നിന്റെ കാല്..."

എന്ന് പറഞ്ഞ് ആ കോന്തൻ മുന്നോട്ട് വന്നതും നമ്മള് അപ്പോ തന്നെ മുഖം തിരിച്ച് നിന്നു...

"വേണ്ടാ... എന്റെ കാലെടുക്കാൻ എനിക്ക് അറിയാ... എനിക്ക് നിങ്ങടെ സഹായം വേണ്ട..."

"അത് ശരി... ഇതുവരെ എന്റെ കാലൊന്ന് എടുക്കാൻ

ഹെല്പ് ചെയ്യെന്ന് പറഞ്ഞിട്ടിപ്പോ നീ തന്നെ ചെയ്തൊളാമെന്നോ... ഇത് നല്ല കഥ...."
അൻസിക്കയാണ്

"നിങ്ങളെ കൊണ്ട് ഹെല്പ് ചെയ്യാൻ പറ്റുമെങ്കിൽ ചെയ്താൽ മതി... അല്ലാതെ എനിക്ക് ഈ കോന്തന്റെ ഹെല്പ് ഒന്നും ആവശ്യല്യാ..."

"ഓഹോ...അങ്ങനെ ആണെങ്കിൽ ഞങ്ങൾ ആരും നിന്നെ സഹായിക്കാൻ പോണില്ല...
സഹായിക്കാണെങ്കിൽ തന്നെ ആദി മാത്രേ നിന്നെ സഹായിക്കൂ...അതിന് പറ്റുമെങ്കിൽ നിന്റെ കാല് എടുക്കാം ഇല്ലെങ്കിൽ നീ ഇവിടെ തന്നെ നിന്നോ..."

എന്ന് നിസൂക്ക പറഞ്ഞപ്പോ നമ്മക്കും വാശിയായി... ആ കോന്തന്റെ സഹായമില്ലാതെ ചെയ്യാൻ പറ്റോ എന്ന് ഞാനൊന്ന് നോക്കട്ടെ അല്ല പിന്നെ.....

അങ്ങനെ അവരോടൊക്കെ സഹായം വേണ്ടെന്ന് പറഞ്ഞ് നമ്മള് സ്വയം സർവ്വ ശക്തിയുമെടുത്ത് കാല്

വലിച്ചതും ബാലൻസ് കിട്ടാതെ ഒരൊറ്റ വീഴ്ചയായിരുന്നു ആ ചെളിയിലേക്ക്... ഭാഗ്യത്തിന് രണ്ട് കയ്യും കുത്തിയാണ് വീണത് അതോണ്ട് നമ്മളെ കൈ മാത്രേ ചെളി ആയിട്ടൊള്ളു... എന്നാൽ ഈ ജന്തുക്കൾക്ക് കൈ കൊട്ടി ചിരിക്കാൻ പിന്നെ ഇത് മാത്രം പോരെ... എല്ലാവരും കൂടി നമ്മളെ ചുറ്റും കൂടി നിന്ന് നമ്മളെ പൊങ്കാല ഇടെന്നു...

"എന്റെ ഫെബി...ആദ്യം തന്നെ കാക്കു ഹെല്പ് ചെയ്യാമെന്ന് പറഞ്ഞതല്ലെന്നോ... അത് നിരസിച്ചതോണ്ട് ഇപ്പോ എന്താ ഉണ്ടായേ... ചെളിയിൽ വീഴാൻ പോയില്ലേ...?"

എന്ന് പറഞ്ഞ് ആ അച്ചു തെണ്ടിയും നമ്മളെ കുരാമീസും ഒക്കെ കൂടി ഹലാക്കിലെ ചിരി... അവരെ ചിരി കണ്ടിട്ടാണെങ്കിലോ നമ്മക്ക് പിന്നേം ദേഷ്യം വന്നു... പക്ഷെ, ഇപ്പോ ആ ദേഷ്യം പുറത്ത് കാണിക്കാനുള്ള സമയമല്ലാത്തോണ്ട് നമ്മള് ഒന്നും മിണ്ടാതെ കാലെടുക്കാനുള്ള വഴി നോക്കി നിന്നു...

"ആദിൽക്ക...ഇവളിത് ഇങ്ങനെ ഇവിടെ നിൽക്കല്

മാത്രേ ഉണ്ടാകൊള്ളു... പ്ലീസ് ഇങ്ങളൊന്ന് ചെന്ന് ഓളെ ഹെല്പ് ചെയ്യി..." നസിയാണ്...

"എന്റെ നസീ.... ഞാൻ അവളെ സഹായിച്ചേനെ...പക്ഷേ എന്റെ ഒരു സഹായവും വേണ്ടാന്ന് പറഞ്ഞ് സ്വയം കാലെടുക്കാനല്ലേ ഓളെ തീരുമാനം... അതോണ്ട് ഓള് ഇനി പറയുന്നത് വരെ എന്റെ ഭാഗത്ത് നിന്നും ഒരു ഹെൽപും പ്രതീക്ഷിക്കണ്ടാ..."

"അല്ലെങ്കിലും എനിക്ക് ആരുടെയും സഹായം വേണ്ട... പ്രേത്യേകിച്ച് ഈ കോന്തന്റെ.... ഇതിന്റെ പേരും പറഞ്ഞ് എന്നെ ഓന്റെ വരുതിയിൽ കൊണ്ട് വരാമെന്ന് ആർക്കെങ്കിലും ഒരു തോന്നലുണ്ടെങ്കിൽ അതങ്ങ് മാറ്റിയേക്ക്... I know what to do...."

"ഉം...എന്ത് ചെയ്യണേലും പെട്ടെന്ന് വേണേ... ഞാൻ ഒരുപാട് നേരായി ഇതും കൊണ്ട് നിൽക്കുന്നു... ഇപ്പോഴേങ്ങാനും നീ കലെടുക്കോ..?"

ആരാ ഇപ്പോ അതെന്ന് കരുതി നോക്കുമ്പോ ജോണച്ചായൻ ക്യാമറയും ഓണാക്കി വെച്ചിട്ട് നമ്മളെ നോക്കി പല്ലിളിക്കാണ്... അവരെ ഒക്കെ ഒരു ഇളിയും പരിഹാസവും... ഇതിനൊക്കെ കൂടി ഉള്ള മറുപടി ഈ കാലെടുക്കുന്നതിലൂടെ ഞാൻ തരുന്നുണ്ട് എന്ന് മനസ്സിൽ വിചാരിച്ചിട്ട് ഇവറ്റകളെയൊക്കെ പ്രാകി കൊന്നിട്ട് നമ്മള് കാലെടുക്കാൻ നോക്കി...

പക്ഷെ നമ്മള് എത്രത്തോളം ബലം പ്രയോഗിക്കുന്നോ അത്രത്തോളം നമ്മളെ കാല് ചെളിയിൽ പൂണ്ട് പോയി തുടങ്ങി... ഇതിപ്പോ ഒരു തലവേദന ആയല്ലോ... ഇനി ഈ കോന്തന്റെ സഹായം തന്നെ ചോദിക്കേണ്ടി വരോ എന്ന് മനസ്സില് വിചാരിച്ചിട്ട് നമ്മള് അവരെയൊക്കെ ഒന്ന് ദയനീയമായി നോക്കിയപ്പോ അവർക്കൊന്നും നമ്മളോട് ഒരു ദയയും ഇല്ലെന്നു...

ഇനി ഇപ്പോ ഇവരെ ഒന്നും കാക്കണ്ടാന്ന് നമ്മള് സ്വയം തീരുമാനിച്ച് ഉറപ്പിച്ചിട്ട് സർവ്വ ശക്തിയുമെടുത്ത് നമ്മളെ കാല് ആഞ്ഞു വലിച്ചതും നമ്മളൊരൊറ്റ വീഴ്ചയായിരുന്നു ആ കോന്തന്റെ മേലിലേക്ക്...

അതും നമ്മളെ രണ്ട് കയ്യും ഓന്റെ നെഞ്ചത്ത് പതിയുന്ന തരത്തിലേന്നു നമ്മള് ചെന്ന് വീണത്...

നമ്മളെ കയ്യ് അപ്പാടെ അച്ചടിച്ച പോലെ ഓന്റെ ആ വെള്ള ഷർട്ടിൽ പതിഞ്ഞപ്പോ നമ്മളെ ഹാർട്ട് ബീറ്റ് ഉയർന്നെങ്കിലും അതിനേക്കാൾ വലിയ എന്തോ ഒന്ന് സംഭവിക്കാൻ പോകുന്നുണ്ടെന്ന് നമ്മക്ക് തോന്നി... കാരണം അമ്മാതിരി നോട്ടമായിരുന്നു ആ കോന്തന്റെത്.... ആ നോട്ടം കണ്ടിട്ടാണെങ്കിൽ നമ്മക്ക് ചിരി വന്നെങ്കിലും ചിരിച്ചിട്ട് ഇനി പണി വാങ്ങേണ്ടാന്ന് തോന്നിയപ്പോ നമ്മള് ചിരിയൊക്കെ കൺട്രോൾ ചെയ്തിട്ട് വേഗം ഓന്റെ അടുത്ത് നിന്ന് അകന്ന് നിന്നു...

ഇതെല്ലാം കണ്ടോണ്ട് നിൽക്കുന്ന നമ്മളെ കുരാമീസും ബ്രദേഴ്സും ആണെങ്കിലോ അന്തം വിട്ട് ഞങ്ങളെ രണ്ട് പേരെയും മാറി മാറി നോക്കി നിൽക്കാണ്...

ആ കോന്തൻ ആണെങ്കിൽ നമ്മളെ തുറുക്കനെ നോക്കി കൊണ്ട് നമ്മളെ അടുത്തേക്ക് വരാൻ നിന്നതും നിസൂക്ക ഒരു പൊട്ടിച്ചിരി ആയിരുന്നു...

വെടിക്കെട്ടിന് തിരി കൊളുത്തിയ പോലെ ആയിരുന്നു പിന്നെ അങ്ങോട്ട് സംഭവിച്ചത്... എല്ലാവരും കൂടി നല്ല പൊരിഞ്ഞ ചിരി... നമ്മളെ ബ്രദേഴ്സിന്റെ കാര്യം പിന്നെ

പറയെ വേണ്ട ...ചിരിച്ചിട്ട് നിന്ന് വട്ടം തിരിയാണ് അവറ്റകള്... അത് ഒക്കെ കൂടി ആയപ്പോ ചിരിക്കാതിരിക്കാൻ നമ്മള് ഒരുപാട് കഷ്ടപ്പെട്ടു...

അപ്പോഴും ആ കോന്തന്റെ മുഖത്തെ ഭാവം മാറിയിട്ടില്ല... അതോണ്ട് നമ്മക്ക് ചിരിക്കാനും പേടി ആയി... പോരാത്തതിന് ഓൻ ആണെങ്കിലോ നമ്മളെ നേരെ നടന്നടുക്കുന്നുണ്ട്... അത് കണ്ടിട്ടാ നമ്മക്ക് അതിലേറെ പേടിയാകുന്നത്... ഈ കോന്തൻ ഇനി എന്തൊക്കെ ചെയ്ത് കൂട്ടുമെന്ന് പറയാൻ പറ്റില്ലല്ലോ...

"എന്തായാലും ഇത്രയൊക്കെ ആയ സ്ഥിതിക്ക് എന്റെ ഈ ഷർട്ട് നീ തന്നെ അലക്കി തരണം..."

"ഓ പിന്നെ... നടന്നത് തന്നെ.... എനിക്ക് വേറെ ഒരു പണിയും ഇല്ലല്ലോ...ഇയാളെ ഷർട്ട് അലക്കാനെ ആ സൽമയോട് പോയി പറ..."

'അള്ളോഹ്... പറഞ്ഞത് അബദ്ധായല്ലോ... ഇനി ഇതിന്റെ പേരും പറഞ്ഞ് ഓൻ നമ്മളെ ഇനി എന്താ

ചെയ്യാന്ന് പടച്ചോനും ഇവനും മാത്രേ അറിയൂ... യാ റബ്ബീ.... ഈ കോന്തന്റെ കയ്യിന്ന് എന്നെ രക്ഷിക്കണേ...'

"ആരോട് അലക്കി തരണമെന്നാ നീ പറഞ്ഞത്...?"

"അ... അത്... ഞാൻ...ഞാൻ അലക്കി തരാം... ഞാനല്ലേ കറയാക്കിയത് ഞാൻ തന്നെ അലക്കാം..."

നമ്മളെ വർത്താനം കേട്ടപ്പോ ആ കോന്തൻ ഒന്ന് ചിരിച്ചു... ബാക്കി ഉള്ളവർ ആണെങ്കിലോ നമ്മളെ മുഖത്തേക്ക് തന്നെ നോക്കി നിന്നിട്ട് നമ്മക്ക് എന്താ പറ്റിയെ എന്ന രീതിയിൽ നോക്കാണ്...
അവരെയൊന്നും ഈ അവസ്ഥയിൽ നമ്മക്ക് മൈൻഡ് ചെയ്യാൻ പറ്റിയ അവസരല്ലാത്തോണ്ട് നമ്മളെ നോട്ടം മുഴുവൻ ആ കോന്തനെ ആയിരുന്നു...

"ഞാൻ അലക്കി തരാമെന്ന് പറഞ്ഞില്ലേ... ഇനി എങ്കിലും എന്നെ ഒന്ന് ഹെല്പ് ചെയ്തൂടെ...?"

നമ്മളെ അപേക്ഷ ഒക്കെ കേട്ടിട്ട് കുരാമീസും ബ്രദേഴ്സും വമ്പൻ ഞെട്ടലിലാണ്... ആ കോന്തൻ മാത്രം ഒന്നും മിണ്ടാതെ നമ്മളെ നോക്കി ചിരിച്ച് തലയാട്ടി കൊണ്ട് നമ്മളെ അടുത്തേക്ക് വന്നു...

എന്നിട്ട് അവിടെ നിലത്ത് മുട്ട് കുത്താതെ ഇരുന്നിട്ട് നമ്മളെ കാല് പിടിച്ച് പൊക്കിയതും ദേ കിടക്കുന്നു നമ്മള് ആ കോന്തന്റെ മേത്ത്....

അതില് നമ്മളെ യാതൊരു തെറ്റും ഇല്ലട്ടോ... സ്വാഭാവികമായും ആരുടെയെങ്കിലും കാല് ദേ ഇതുപോലെ കുടുങ്ങി പോയിട്ട് ഒരു കാലെടുത്ത് പൊക്കിയാൽ ഏത് കൊലകൊമ്പൻ ആണേലും നിലം പതിക്കും....

നിലം പതിച്ചതൊക്കെ ശരിയാ പക്ഷെ, ഇപ്പോ പ്രോബ്ലം അതല്ല... നമ്മള് ഇനി ഇവനെ കുളിപ്പിച്ച് കൂടി കൊടുക്കേണ്ടി വരോ എന്തോ...

കാരണം നമ്മള് ഓന്റെ മേലിലേക്ക് വീണപ്പൊ ആ കോന്തൻ വീണത് ചെളിയിലേക്കാ... അതുവരെ ചിരി കൺട്രോൾ ചെയ്യാൻ പാട്പെട്ട നമ്മക്ക് അത് കണ്ടപ്പോ ചിരിക്കാതിരിക്കാൻ പറ്റിയില്ല... അതോണ്ട് നമ്മള് ആ

കോന്തനെ നോക്കി കൊണ്ട് നല്ല ഹലാക്കിലെ ചിരി ആയിരുന്നു... ബാക്കിയുള്ളോരെ കാര്യം പിന്നെ പറയണ്ടല്ലോ അവര് ആദ്യമേ തുടങ്ങിയ പരിപാടി അതല്ലേ... ഇപ്പോ കുറച്ച് കൂടി അതിന് ഊക്ക് കൂടിയെന്ന് മാത്രം...

പക്ഷെ, നമ്മളെ ചിരി അത് നമ്മക്ക് തന്നെ വിനയാകുമെന്ന് നമ്മള് സ്വപ്നത്തിൽ പോലും കരുതിയില്ല... ആ കോന്തന് അവര് ചിരിച്ചതിനൊന്നും കുഴപ്പല്യ... പക്ഷെ നമ്മള് ചിരിച്ചതാണ് കുഴപ്പം... അതിന് ആ കോന്തൻ തെണ്ടി നമ്മളെ എന്താ ചെയ്തതെന്ന് അറിയോ...

നമ്മളെയും കൊണ്ട് ഒരൊറ്റ മറിയലേന്നു ആ കോന്തൻ... അതോണ്ട് ഇപ്പോ നമ്മളും ചെളിയിൽ നന്നായിട്ട് കുളിച്ചിട്ടുണ്ട്... എന്നിട്ട് നമ്മള് ആ കോന്തനെ നോക്കി ചിരിച്ച പോലെ ചിരിക്കാണ് ഇപ്പോ ആ കോന്തൻ...

"എന്തേടി... ഇപ്പോ നീ ചിരിക്കുന്നില്ലേ...? ഞാൻ ചെളിയിൽ കുളിച്ച് കിടന്നപ്പോ ഭയങ്കര ചിരി

ആയിരുന്നല്ലോ...ഇപ്പോ നിന്റെ ചിരിയൊക്കെ എന്തെ മാഞ്ഞ് പോയോ..?

ഹ...ഹ..ഹ..."

"എന്റെ മേത്ത് നിന്ന് എണീക്കെടാ കോന്താ... നിനക്ക് ഇതിനുള്ള മറുപടി ഞാൻ എന്നിട്ട് തരാ..."

എന്ന് പറഞ്ഞപ്പോ ആ കോന്തൻ നമ്മളെ കയ്യും പിടിച്ച് വലിച്ചോണ്ട് എണീറ്റ് നിന്നു... ഞങ്ങളെ മഢ്ഫേഷ്യൽ കണ്ടിട്ട് ഇവറ്റകളൊക്കെ ഹലാക്കിലെ ചിരിയാണ്... അവർക്കുള്ള പണി നമ്മള് വെച്ചിട്ടുണ്ട്... പക്ഷെ അതിന് മുമ്പ് നമ്മളെ ഈ അവസ്ഥയിൽ ആക്കിയ ഈ കോന്തനിട്ട് ആദ്യം ഒരു പണി കൊടുക്കണം...

★★★★★★★★★★★★★★★★★★★★★★

ഐഷൂനിട്ട് ഒരു പണി കൊടുക്കാൻ കരുതി തന്നെയാ അവളെയും ചെളിയിൽ കുളിപ്പിച്ചത്... അപ്പോ നോക്കുമ്പോ ഇവന്മാർക്കൊക്കെ ഞങ്ങളെ അവസ്ഥ കണ്ട് ഭയങ്കര സന്തോഷം... അങ്ങനെ ഇപ്പോ അവര്

മാത്രം സന്തോഷിക്കുന്നത് ശരിയല്ലല്ലോ... അതോണ്ട് അവർക്കിട്ട് ഒരു പണി കൊടുക്കാൻ നമ്മള് തീരുമാനിച്ചു... അതിന് ഒരു നമ്മള് കുറച്ച് ചെളി കയ്യിലെടുത്തിട്ട് നിസൂനെ എറിയാൻ വേണ്ടി നിന്നതും അതിന് മുന്നേ നമ്മളെ മേലിലേക്ക് ആരോ ചെളി കൊണ്ട് എറിഞ്ഞിരുന്നു... തിരിഞ്ഞു നോക്കുമ്പോ നമ്മളെ പെണ്ണാണ് ആള്...

എന്തായാലും ഓള് തുടങ്ങി വച്ച സ്ഥിതിക്ക് ഇത് അവസാനിപ്പിക്കേണ്ടത് നമ്മളെ കടമയല്ലേ... അതോണ്ട് നമ്മള് നിസൂന് എറിയാൻ വേണ്ടി വെച്ചത് അവൾക്കിട്ട് എറിഞ്ഞു...

അതുവരെ ചിരിച്ചോണ്ട് നിന്ന പെണ്ണ് പെട്ടെന്ന് രോക്ഷാകുലയായി ഭദ്രകാളിയെ പോലെ ഉറഞ്ഞു തുള്ളി നമ്മളെ നേരെ ചെളി വാരി എറിയാൻ തുടങ്ങി... ഇതൊക്കെ കിട്ടിയിട്ട് നമ്മള് അടങ്ങി നിൽക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ... കിട്ടിയത് അതുപോലെ അവൾക്കും തിരിച്ച് കൊടുത്തു...

പിന്നെ അവിടെ നടന്നത് ഞങ്ങള് രണ്ടും കൂടി ഉള്ള ചളി

ഏറായിരുന്നു... പെട്ടെന്ന് ഓള് നമ്മളെ നോക്കിയിട്ട് ഞങ്ങളെ അവസ്ഥ കണ്ട് ചിരിക്കുന്ന നമ്മളെ ബ്ലഡി ഗ്രാമവാസീസിനെ കാണിച്ച് തന്നു... അങ്ങനെ ഇപ്പോ ഞങ്ങള് മാത്രം ചെളിയിൽ ഫേഷ്യൽ ചെയ്യുന്നത് നല്ലതല്ലലോ.... അതോണ്ട് ആ നമ്മളും ഐഷുവും പരസ്പരം മുഖത്തേക്ക് നോക്കി നിന്നിട്ട് കയ്യിൽ കിട്ടിയതൊക്കെ കൊണ്ട് ഒരൊറ്റ ഏറായിരുന്നു അവറ്റകളെ...

അവരെ ഫുൾ ചെളിയിൽ കുളിപ്പിച്ചപ്പോ പിന്നെ അവർ തമ്മിലായി അടുത്ത ചെളിയേറ്...

അതൊക്കെ നോക്കി കൊണ്ട് നമ്മളും ഐഷുവും കൂടി ഒരല്പം മാറി നിന്ന് അവരെ വീക്ഷിച്ചിരുന്നു...

അപ്പോഴാണ് അപ്രതീക്ഷിതമായി ഒരു സംഭവം ഉണ്ടായത്... അച്ചുവും സനയും തമ്മിലുള്ള ചളിയേറിൽ സന അച്ചുവിന് കൊള്ളാൻ വേണ്ടി എറിഞ്ഞത് നേരെ ചെന്ന് കൊണ്ടത് ഓളെ റാഷി സാറിന് ആയിരുന്നു...

അത് കണ്ടിട്ട് സന ആകെ പേടിച്ചിട്ടുണ്ട്... സാറിന്റെ ഷർട്ടിൽ പറ്റിയ ചളി കണ്ട് സാർ സനയെ നോക്കുന്നത് കണ്ടിട്ട് എല്ലാവരും അടങ്ങി നിന്നു... പിന്നെ റാഷി സാറിന്റെ പിന്നാലെ വരുന്ന പ്രിൻസിയേയും കാലകേയനേയും കണ്ടിട്ട് എല്ലാവരും തലയും താഴ്ത്തി

നിൽക്കാണ്...

ഞങ്ങളെ കോലം കണ്ടിട്ട് അവരൊക്കെ കൂടി കണ്ണും മിഴിച്ച് നോക്കുന്നുണ്ടെന്നു...

"സനാ... what is this...? കൊച്ചു കുട്ടികളെ പോലെ ചെളിയിൽ കളിക്കുന്ന പ്രായമാണോ നിങ്ങൾക്ക്..? അതും പോരാഞ്ഞ് എന്റെ ഷർട്ട് ഒക്കെ താൻ നശിപ്പിച്ചല്ലോ..."

റാഷി സാർ ഇത്തിരി കടുപ്പിച്ചോണ്ട്സനയോട് അത് പറഞ്ഞപ്പോ ഞങ്ങള് കരുതി സന ഇപ്പോ കരയുമെന്ന്... കാരണം ഓളെ വെച്ച് നോക്കുമ്പോ ഈ അവസരത്തിൽ ഒരു കരച്ചിൽ തന്നെയാകും ഉണ്ടാവുക... പക്ഷെ ഞങ്ങളെ എല്ലാവരെയും ഞെട്ടിച്ച് കൊണ്ട് ഓള് സാറിനോട് പറയുന്നത് കേട്ട് ഞങ്ങളെല്ലാവരും പൊരിഞ്ഞ ചിരി ആയിരുന്നു...

"ചളി നല്ലതല്ലേ സാർ...?"

എന്ന് ഓള് പറഞ്ഞ് സാറിനെ നോക്കി ചിരിച്ചപ്പോ

ഇതുവരെ മസിൽ പിടിച്ച് നിന്ന സാർ നിന്ന് ചിരിക്കാൻ തുടങ്ങി... സാറിന്റെ ചിരി കണ്ടപ്പോ ഞങ്ങക്കും ആശ്വാസമായി ഞങ്ങളും സാറിന്റെ കൂടെ കൂടി ചിരിച്ചു....

അപ്പോ ഐഷു നമ്മളെ തോളിൽ കയ്യ് വെച്ചിട്ട് ചിരിക്കുന്നത് കണ്ട് നമ്മള് ഓളെ തന്നെ നോക്കി നിന്നു.... നമ്മളാണെന്ന് ശ്രദ്ധിക്കാതെ അടുത്തേക്ക് വന്നതാണ് ഓളെന്ന് പിന്നീട് ഓളെ നോട്ടം കണ്ടപോ മനസ്സിലായി.... നമ്മളെ കണ്ടതും വേഗം ഓള് അവിടന്ന് സ്ഥലം വിട്ടു...

ഓള് പോകുന്ന പോക്ക് കണ്ട് നമ്മള് ചിരിച്ചോണ്ട് നമ്മളെ ചങ്ക്സിന്റെ കൂടെ ഈ ചളിയൊക്കെ കഴുകാനായിട്ട് വെള്ളത്തിലേക്കിറങ്ങി... ഓളെ ഫ്രണ്ട്സ് ആണെങ്കിൽ ഓളെ പിന്നാലെയും വെച്ച് പിടിച്ചിട്ടുണ്ട്...

അങ്ങനെ ഞങ്ങളെല്ലാവരും കൂടി അവിടെ ഇറങ്ങി നീന്തി കുളിച്ച് ഫ്രഷായി കുറച്ച് കഴിഞ്ഞ് കേറി വന്നപ്പോ ഐഷുവും കൂട്ടരും കൂടി വരുന്നത് കണ്ടു...

അവരൊക്കെ ഫ്രഷായി ഡ്രസ്സ് ഒക്കെ ചേഞ്ച്

ചെയ്തിട്ടുണ്ട്... ഞങ്ങളെ കണ്ടിട്ടും കാണാത്ത പോലെ ആയിരുന്നു അവറ്റകള് അഞ്ചും പെരുമാറിയത്... സംഭവമെന്താന്ന് ഞാൻ പറയണ്ടല്ലോ... ഞങ്ങളെ കുളി സീൻ കാണേണ്ടെന്ന് കരുതി മാറി നടക്കാണ് അവര്...

★★★★★★★★★★★★★★★★★★★★★★★★

"അയ്യേ...ശേം...ശേം...നാണമില്ലല്ലോ അവന്മാർക്ക് ആ ബോഡിയും കാണിച്ചോണ്ട് കുളിക്കാൻ... ഛെ...മോശം..." സനയാണ്.

"എന്ത്...മോശം..? നല്ല രസണ്ടായിരുന്നു അത് കാണാൻ..." നസിയാണ്.

അവള് പറയുന്നത് കേട്ടിട്ട് ഞങ്ങള് നാല് പേരും ഒരുമിച്ച് ഓളെ നോക്കി കൊണ്ട് ഛീ.... എന്ന് പറഞ്ഞു... അപ്പോ ഓള് പറയാ ഓള് രസണ്ടെന്ന് പറഞ്ഞത് അനൂക്കാനെ കണ്ടിട്ടാണെന്ന്... അത് കേട്ടപ്പോ ഞങ്ങളൊക്കെ കൂടി ഓളെ കളിയാക്കി കൊന്നു....

എന്നിട്ട് നേരത്തെ നടന്ന ചെളിയേറിനെ കുറിച്ചായി പിന്നെ ഞങ്ങളെ ചർച്ച... ആദ്യം നമ്മക്കിട്ടാണ് അവര് താങ്ങിയതെങ്കിലും അവസാനം ചെന്ന് നിന്നത് സനയിലായിരുന്നു... ഓള് സാറിനോട് പറഞ്ഞ ഡയലോഗ് കേട്ടിട്ട് ഞങ്ങള് ഇപ്പോഴും ചിരിക്കേന്നു... അപ്പോഴുണ്ട് റാഷി സാർ ഞങ്ങളെ പാസ് ചെയ്ത് പോകുന്നു... ഞങ്ങളെല്ലാവരും കൂടി സനയോട് നൂറ് ആയുസ്സാണല്ലോടി അന്റെ സാറിനെന്ന് പറഞ്ഞ് ഓളെ വീണ്ടും കളിയാക്കി...

അപ്പോ പെട്ടെന്ന് സാർ ഞങ്ങളെ നേരെ നടന്ന് വന്നതും ഞങ്ങളെല്ലാവരും സൈലിന്റായി കൊണ്ട് സനയെ ഇടങ്കണ്ണിട്ട് നോക്കി...

"സന വൺ മിനിറ്റ്...എനിക്ക് തന്നോടൊന്ന് സംസാരിക്കണം..."

എന്ന് പറഞ്ഞ് സാർ ഒരല്പം മാറി പോയതും സന ഒരു നേടുവീർപ്പിട്ടോണ്ട് എന്റെ കാര്യത്തിൽ ഒരു തീരുമാനമായെന്ന് പറഞ്ഞ് സാറിന്റെ അടുത്തേക്ക് പോയി...

അവര് രണ്ട് പേരും കൂടി എന്താ സംസാരിക്കുന്നതെന്ന് ഞങ്ങക്ക് കേൾക്കാൻ പറ്റിയില്ലെങ്കിലും അവരെ മുഖഭാവത്തിൽ നിന്ന് തന്നെ കാര്യം ഇത്തിരി ഗൗരവമുള്ളതാണെന്ന് തോന്നി...

"ഫെബി...ഇനി ചെലപ്പോ അവളെ ഈ കാട്ടികൂട്ടല് കണ്ടിട്ട് സാറിന് ഇനി ഓളെ വേണ്ടാ എന്നെങ്ങാനും ആകോ പറയുന്നത്...?"

"ഡി നസി... കരിനാക്ക് വളച്ചൊന്നും പറയാതെ....അതൊന്നും ആയിരിക്കില്ല...ഇത് വേറെ എന്തോ ആണ്... സാർ എന്തായാലും അതൊന്നും പറയില്ല..."

അങ്ങനെ ഞങ്ങൾക്കിടയിൽ അത് ചർച്ചയായി വന്നപ്പോഴാണ് സന ഒരു കവറും കൊണ്ട് ഞങ്ങളെ അടുത്തേക്ക് വന്നത്... പോയ പോലെയല്ല പെണ്ണ് ഇപ്പോ തിരിച്ചു വന്നത്... ഓളെ മുഖത്ത് ഒരു നാണവും ചിരിയുമൊക്കെയുണ്ട്...

"ഡി...നിന്നെ എന്തിനാ സാർ വിളിച്ചത്...?"

"അത്... അതില്ലേ..."

എന്ന് പറഞ്ഞ് പെണ്ണ് നാണിച്ച് നിൽക്കുന്നത് കണ്ടിട്ട് ഞങ്ങക്ക് ചിരി വന്നു... അപ്പോ ഷംന എന്താടി കവറിലെന്ന് ചോദിച്ചോണ്ട് അത് വാങ്ങി തുറന്ന് നോക്കിയപ്പോ സാറിന്റെ ചളിയായ ഷർട്ട് ആയിരുന്നു അത്...

"ഇതെന്താടി സനാ... സാർ നിനക്ക് അലക്കാൻ തന്നതാണോ...?"

"അത് പിന്നെ ഫെബി... സാർ എന്നോട് അലക്കി തരാൻ പറ്റോ എന്ന് ചോദിച്ചപ്പോ ഇല്ലാന്ന് പറയാൻ ഇൻക്ക് മനസ്സ് വന്നില്ലേടി... കാരണം ഞാനല്ലേ ചളിയാക്കിയത്... അതോണ്ട് അലക്കി കൊടുക്കാമെന്ന് കരുതി..."

"കൊള്ളാം... ബെസ്റ്റ്... ഇക്കണക്കിന് പോയാൽ

ഇവന്മാരുടെ ഡ്രസ്സ് മുഴുവൻ അലക്കേണ്ട ചുമതല നമ്മളെ തലയിൽ ആകുമല്ലോ..."

എന്ന് പറഞ്ഞ് നസി തലയിൽ കൈ വെച്ചതും ഓളെ കൈ തലയിൽ നിന്നും എടുത്ത് അനൂക്ക ഓളെ കയ്യിലേക്ക് മൂപ്പരെ ഡ്രസ്സ് എടുത്ത് വെച്ചു... അത് കണ്ടപ്പോ ഞങ്ങൾ എല്ലാവരും കൂടി പൊരിഞ്ഞ ചിരി ആയിരുന്നു...

"എന്റെ നസി മോള് ഇക്കാൻറെ ഡ്രസ്സ് മൊത്തം കറയാക്കിയില്ലേ... അതോണ്ട് ഇതൊക്കെ അലക്കി തന്നേക്ക്ട്ടോ..."

എന്ന് അനൂക്ക പറഞ്ഞപ്പോ പെണ്ണ് ഒന്ന് മൂളി കൊണ്ട് അത് സമ്മതിച്ചു... അപ്പോഴുണ്ട് ഓരോരുത്തർ ഡ്രെസ്സും കൊണ്ട് ഞങ്ങളെ അടുത്തേക്ക് വരുന്നു... ഇനി ഇവിടെ നിൽക്കുന്നത് അത്ര പന്തിയല്ലെന്ന് തോന്നിയപ്പോ ഞങ്ങള് അപ്പോ തന്നെ അവിടന്ന് മുങ്ങി ബസിൽ പോയി ഇരുന്നു...

"ഹോ...രക്ഷപ്പെട്ടു...ഇല്ലെങ്കിൽ അവന്മാരെ ഡ്രസ്സ് ഒക്കെ കൂടി അലക്കാൻ വേണ്ടി നമ്മളെ തലയിൽ കൊണ്ട് വന്ന് തട്ടിയേനെ..."

എന്ന് പറഞ്ഞ് നമ്മള് നാക്ക് വായിലിട്ടില്ല അതിന് മുന്നേ തന്നെ ആരോ നമ്മളെ മടിയിലേക്ക് വിൻഡോ വഴി ഒരു കവറിട്ട് തന്നു... തുറന്ന് നോക്കിയപ്പോ ആ കോന്തന്റെ ഷർട്ടും പാന്റും ആയിരുന്നു അത്...

"ആഹാ...അങ്ങനെ ഫെബിക്കും കിട്ടിയല്ലോ പൊതി... നന്നായി... നീ അലക്കി കൊടുക്കാമെന്ന് പറഞ്ഞതല്ലേ അലക്കി കൊടുത്തേക്ക്..."

എന്ന് പറഞ്ഞ് അച്ചു കിണിച്ചോണ്ട് നിന്നപോഴുണ്ട് അരുൺ ഒരു കവറെടുത്ത് അച്ചുവിനെ എറിയുന്നു... അത് കൃത്യം അവള് ക്യാച്ച് പിടിച്ചതും അരുൺ ഓളെ നോക്കി കൊണ്ട് അലക്കണമെന്ന് കെഞ്ചി കൊണ്ട് ആംഗ്യം കാണിച്ചു... അപ്പോ അച്ചു ഓക്കേ എന്ന് തലയാട്ടിയപ്പോ നിനക്കും കിട്ടിയോ കവറെന്ന് പറഞ്ഞ് ഞങ്ങളും ഓളെ നോക്കി കളിയാക്കി....

അപ്പോ ആ കോന്തനും ടീമും ചിരിച്ചോണ്ട് ബസിലേക്ക് കേറി വന്ന് നമ്മളെ മുന്നിലെ സീറ്റിൽ നിന്നിട്ട് നമ്മളെ നോക്കി ചിരിച്ചു.

"അപ്പോ ഇക്കാൻറെ ഐഷു... നല്ലമ്പോലെ അലക്കി അതിലെ കറയൊക്കെ കളഞ്ഞ് പുതുപുത്തനാക്കി അയേൺ ചെയ്തിട്ട് നാളെ തന്നെ തിരിച്ച് തരണം കേട്ടല്ലോ...?"

"എനിക്ക് നാളെ തന്നെ തിരിച്ച് തരണമെന്നില്ലട്ടോ... അലക്കി കഴിഞ്ഞിട്ട് എപ്പോ വേണേലും തിരിച്ച് തന്നാൽ മതി..."

എന്ന് പറഞ്ഞ് നിസൂക്ക മൂപ്പരെ ഡ്രസ്സ് ഷംനക്ക് കൊടുത്തപ്പോ ഓള് അന്തം വിട്ട് തോള്ളേം തുറന്ന് നിസൂക്കാനെ നോക്കി നിന്നു...

"നിന്നെ ഞാൻ എന്റെ സ്വന്തം പെങ്ങളെ പോലെയാ കാണുന്നത്... അപ്പോ കാക്കാൻറെ ഡ്രസ്സ് അലക്കേണ്ടത് പെങ്ങളെ കടമയല്ലേ... അതോണ്ട്

പ്ലീസ്.... ഇന്റെ പെങ്ങളൊന്ന് ഇത് അലക്കി തരണം..."

എന്ന് നിസൂക്ക ഓളോട് കെഞ്ചിയപ്പോ ഓള് ചിരിച്ചോണ്ട് സമ്മതം മൂളി... ഇതൊക്കെ നടക്കുമ്പോഴും നമ്മളും ആ കോന്തനും പരസ്പരം മുഖത്തോട് മുഖം നോക്കി നിൽക്കെന്നു... നമ്മള് ഓനെ രൂക്ഷമായി നോക്കുമ്പോ ഓൻ നമ്മളെ വശീകരിക്കുന്ന പോലെയാണ് നോക്കിയത്... അതോണ്ട് നമ്മള് ഓന്റെ നേരെ അപ്പോ തന്നെ ആ കവർ വലിച്ചെറിഞ്ഞു... ഓൻ അത് ക്യാച്ച് പിടിച്ചിട്ട് നമ്മളെ ഒരു സംശയ ഭാവത്തോടെ നോക്കി...

"ഞാൻ നിന്റെ ഡ്രസ്സ് അലക്കുമെന്ന് നീ സ്വപ്നത്തിൽ പോലും കരുതണ്ട Mr. ആദിൽ സാഹിബ് കരീം.... അല്ലെങ്കിലും ഞാൻ എന്തിനാ നിന്റെ ഡ്രസ്സ് അലക്കി തരുന്നെ..?"

"കാരണം...നീയാണ് എന്റെ ഡ്രെസ്സിൽ കറയാക്കിയത്... അതോണ്ട് നീയാണ് അത് അലക്കി തരേണ്ടത്..."

"ഓഹോ..അപ്പോ അങ്ങനെ ആണെങ്കിൽ എന്റെ

ഡ്രെസ്സിൽ കറയാക്കിയത് നീയല്ലേ... അപ്പോ എന്റെ ഡ്രെസ്സ് നീയും അലക്ക്..."

എന്ന് പറഞ്ഞ് നമ്മള് ബാഗ് തുറന്ന് നമ്മളെ ഡ്രെസ്സ് എടുത്ത് അവന് നേരെ നീട്ടിയപ്പോ നമ്മളെ കുരാമീസും അതുപോലെ തിരിച്ച് അവന്മാർക്ക് അവരെ ഡ്രെസ്സ് അലക്കാൻ കൊടുത്തു...

അത് കണ്ടപ്പോ നമ്മക്ക് ചിരി വന്നു... അനൂക്കയും നിസൂക്കയും അരുണും കൂടി ഡാ ആദി... എന്ന് പറഞ്ഞ് ഓനെ ദയനീയമായി നോക്കുന്നുണ്ട്...

"നിന്റെ ഡ്രെസ്സ് ഒന്നും അലക്കേണ്ട ആവശ്യം എനിക്കില്ല... കാരണം നീ തന്നെയാണ് ഇത് തുടങ്ങി വെച്ചത്... അത് മാത്രല്ല നിന്റെ കാൽ എടുക്കാൻ വേണ്ടി നിന്നെ ഹെല്പ് ചെയ്താൽ എന്റെ ഡ്രെസ്സ് നീ അലക്കി തരാമെന്ന് പറഞ്ഞത് പൊന്ന് മോള് ഇത്ര പെട്ടെന്ന് മറന്ന് പോയോ...?"

എന്ന് ആ കോന്തൻ ചോദിച്ചപ്പോ നമ്മള് വേഗം നമ്മളെ

ഡ്രസ്സ് എടുത്ത് ബാഗിൽ വെച്ചിട്ട് ആ കോന്തന്റെ കയ്യീന്ന് ഓന്റെ കവർ വാങ്ങി വെച്ച് നമ്മള് ഓനോട് കൈ കൂപ്പി നിന്നു...

"ഞാൻ തന്നെ അലക്കി തരാം... ഇനി ഇപ്പോ ഞാൻ പറഞ്ഞെന്ന് പറഞ്ഞ് വെറുതെ എന്നെ ക്രൂശിക്കാൻ നിക്കണ്ടാ..."

"ഗുഡ് ഗേൾ..."

എന്ന് പറഞ്ഞ് ആ കോന്തൻ ചിരിച്ചോണ്ട് പുറകിലേക്ക് പോയതും അവന്മാരൊക്കെ കൂടി അവരെ ഡ്രസ്സ് തിരിച്ച് നമ്മളെ കുരാമീസിന് കൊടുത്തിട്ട് ഇളിച്ച് കാണിച്ചു....

അവളുമാര് അത് വാങ്ങിയിട്ട് നമ്മളെ പ്രാകി കൊണ്ട് സീറ്റിൽ ഇരുന്നപ്പോ നമ്മക്ക് ചിരിയും സന്തോഷവും അടക്കാൻ കഴിയുന്നില്ലെന്നു... നമ്മള് ചുമ്മാ ആ കോന്തൻ എന്താ പറയാ എന്നറിയാൻ വേണ്ടിയാ ഓന്റെ ഡ്രസ്സ് തിരിച്ച് ഓന് തന്നെ കൊടുത്തിട്ട് നമ്മളെ

ഡ്രെസ്സും നീട്ടിയത്... എന്തൊക്കെ നമ്മള് പറഞ്ഞാലും ഒടുക്കം ഓൻ അത് നമ്മളെ തലയിൽ തന്നെ വെച്ച് തരുമെന്ന് നമ്മക്ക് നല്ല ഉറപ്പാണ്... പിന്നെ എന്തിനാ ഇങ്ങനെ ഒക്കെ ചെയ്തതെന്ന് ചോദിച്ചാൽ....

ഇങ്ങനെ ഒക്കെ ചെയ്താലല്ലേ ഓനോട് നമ്മക്ക് ലവ് എന്ന ഫീലിങ്ങ്സ് ഇല്ലാന്ന് അറിയൊള്ളു... അതിന് വേണ്ടി ചുമ്മാ ഒരു രസത്തിന് ചെയ്തതാ... എന്തായാലും തിരിച്ച് അവന്റെ ഡ്രസ്സ് നമ്മളെ കയ്യിൽ തന്നെ കിട്ടിയത് നന്നായി ഇത് വെച്ചിട്ട് നമ്മക്ക് ഒരു കളിയുണ്ട്....

അങ്ങനെ ഉച്ചക്കുള്ള ഫുഡ് ഞങ്ങള് അവിടന്ന് തന്നെ കഴിച്ചിട്ട് നേരെ വിട്ടു ഊട്ടിയിലേക്ക്.... ഉച്ച ഭക്ഷണം ഒക്കെ കഴിച്ച് എല്ലാവരും നല്ല മയക്കത്തിലെന്നു... പിന്നെ നമ്മളെ കാര്യം പറയണ്ടല്ലോ... നമ്മക്ക് ബസിൽ കേറിയപ്പോ മുതൽ അത് തന്നെ ആയിരുന്നു പണി....

അതോണ്ട് നല്ലൊരു ഉച്ചയുറക്കവും പാസാക്കി കൊണ്ട് നമ്മള് ബസിൽ ഇരിക്കുമ്പോഴാണ് ബസ് പെട്ടെന്ന് സഡൺ ബ്രേക്കിട്ടത്... അപ്പോ നമ്മളെ തല മുന്നിലെ

സീറ്റിൽ ഇടിക്കാൻ നിന്നതും നമ്മളെ മുഖത്ത് ആരോ കൈ വെച്ച് പിടിച്ചിരുന്നു...

ബസ് നിർത്തിയതും നമ്മള് കണ്ണ് തുറന്ന് അതാരാണെന്ന് നോക്കിയപ്പോ നമ്മളെ അടുത്ത് ഇരിക്കുന്നത് അച്ചുവിന് പകരം ആ കോന്തൻ ആയിരുന്നു...

(തുടരും)

ഭാഗം.87

ബസ് നിർത്തിയതും നമ്മള് കണ്ണ് തുറന്ന് അതാരാണെന്ന് നോക്കിയപ്പോ ണ്.നമ്മളെ അടുത്ത് ഇരിക്കുന്നത് അച്ചുവിന് പകരം ആ കോന്തൻ ആയിരുന്നു...

ഓനെ കണ്ടതും നമ്മള് ഞെട്ടി തിരിഞ്ഞ് പുറകിലേക്ക് നോക്കിയപ്പോ ഓളും അരുണും നസിയും അനൂക്കയും ഉണ്ട് കപ്പിൾസ് ആയിട്ട് ഒരുമിച്ച് ഇരിക്കുന്നു... നമ്മളെ കുരാമീസ് ഇരിക്കുന്ന ഭാഗത്ത് ആണെങ്കിലോ നസിക്ക്

പകരം അൻസിക്ക ഇടം പിടിച്ചിട്ടുണ്ട്...

ഇതൊക്കെ കണ്ട് നമ്മള് അന്തം വിട്ട് ആ കോന്തനെ നോക്കി നിന്നപോ ഓൻ ചിരിച്ചോണ്ട് നമ്മളെ നോക്കി സൈറ്റടിച്ചു... അപ്പോഴും ആ കോന്തന്റെ കൈ നമ്മളെ മുഖത്ത് ആയിരുന്നു... നമ്മള് അപ്പോ തന്നെ അത് തട്ടി മാറ്റിയിട്ട് ഓനെ നോക്കി കണ്ണുരുട്ടി...

"എന്റെ ഐഷു... എന്തൊരു ഉറക്കമായിരുന്നു പെണ്ണെ നിനക്ക്.... നീ ഉറങ്ങി കഴിഞ്ഞാൽ പിന്നെ ഭൂമി കുലുങ്ങിയാൽ പോലും അറിയില്ലേ...?"

"വല്ലാണ്ട് വാചകം അടിക്കാൻ നിക്കാതെ ഇവിടന്ന് എണീറ്റ് പോ കോന്താ..."

"ഹ...ഹ..ഹ...എണീറ്റ് പോകാൻ... അതും എന്നോട്...ഹ...ഹ...ഹ... നല്ല കഥ.... എന്റെ ബസിന്ന് എന്നോട് എണീറ്റ് പോകാൻ പറയുന്നത് എവിടത്തെ മര്യാദയാ ഐഷു...."

"ഓ... സോറി... ഇത് തന്റെ ബസ് ആണെന്ന് എനിക്ക് അറിയില്ലെന്നു...പറഞ്ഞ് തന്നതിന് നന്ദി.... എന്തായാലും ബസ് മുതലാളി ഇവിടെ വന്ന് ഇരുന്ന സ്ഥിതിക്ക് ഞാൻ അങ്ങോട്ട് മാറി തരാം... നന്നായി സുഖിച്ച് വിസ്തരിച്ച് ഇരുന്നോ..."

എന്ന് പറഞ്ഞ് നമ്മള് അവിടന്ന് എണീറ്റ് ആ സീറ്റിൽ നിന്ന് ഇറങ്ങിയതും ആ കോന്തൻ നമ്മളെ നോക്കി ചിരിച്ചിട്ട് കൈ കെട്ടി ഇരുന്നു...

"ഇവിടന്ന് എണീറ്റ് പോയിട്ട് നീ വേറെ ഏത് സീറ്റിൽ പോയി ഇരിക്കാനാ പ്ലാൻ..? ഇവിടെയുള്ള എല്ലാ സീറ്റും ഫുൾ ആണെന്ന് നീ കണ്ടില്ലേ..?"

ആ കോന്തൻ പറഞ്ഞപ്പോഴാ നമ്മളും അത് നോക്കിയത്... എല്ലാ സീറ്റും ഫുൾ ആണ്... അതിൽ പാതിയോളം സീറ്റിൽ കപ്പിൾസ് ആയിട്ടാണ് പലരും ഇരിക്കുന്നത്... നമ്മള് അപ്പോ ആ അച്ചു തെണ്ടിയെയും അരുണിനെയും തുറുക്കനെ നോക്കി നിന്നപ്പോ അച്ചു നമ്മളോട് പറയാ നീ നോക്കണ്ട നിന്നോട് ഞാൻ പെർമിഷൻ ചോദിച്ചിട്ട് തന്നെയാ

ഇവിടെ വന്ന് ഇരുന്നതെന്ന്...

ങേ അതെപ്പോ എന്ന് ചിന്തിച്ചപ്പോഴാ അവള് ബസിൽ കേറിയപ്പോ തന്നെ നമ്മളോട് അതിനെ പറ്റി പറഞ്ഞത് നമ്മക്ക് ഓർമ്മ വന്നത്...

പോയതോ പോയി പിന്നെ എന്തിനാ ഇങ്ങനെ ഓർ സാധാനത്തിനെ ഇവിടെ വെച്ചിട്ട് പോയതെന്ന് ചോദിക്കണെമെന്നുണ്ടായിരുന്നു... പിന്നെ വേണ്ടെന്ന് വച്ചു.... കാര്യം നമ്മളെ ചെക്കൻ ഒക്കെ തന്നെയാ പക്ഷെ ഓൻ നമ്മളോട് അടുക്കുന്നത് ഓന് നല്ലതല്ല... അതോണ്ട് ഓന് നമ്മളോട് വെറുപ്പ് ഉണ്ടാകുന്ന തരത്തിൽ എന്തെങ്കിലും ചെയ്യണമെന്ന് നമ്മക്ക് തോന്നി...

അപ്പോഴാണ് നമ്മളെ തന്നെ തുറുക്കനെ നോക്കി കൊണ്ടിരിക്കുന്ന ആ സൽമയിൽ നമ്മളെ നോട്ടം ചെന്ന് പതിച്ചത്... അപ്പോ ഓന് നമ്മളോട് വെറുപ്പ് ഉണ്ടാകാനുള്ള മാർഗം നമ്മളെ കയ്യിൽ കിട്ടിയിരിക്കാണ്... സൽമയാണ് അതിനുള്ള ഏക മാർഗ്ഗമെന്ന് കൺഫോം ആയ സ്ഥിതിക്ക് നമ്മളെ കളിയങ്ങ് തുടങ്ങിയാലോ...

"സൽമാ... if you dont mind... ഞാൻ ഇവിടെ ഇരുന്നോട്ടെ...? വേണമെങ്കിൽ തനിക്ക് ആ സീറ്റിൽ പോയി ഇരിക്കാം..."

എന്ന് നമ്മള് പറഞ്ഞപ്പോ ഓള് കേൾക്കേണ്ട താമസം നിറപുഞ്ചിരിയോടെ ഓള് സീറ്റിൽ നിന്നും എണീറ്റ് അവിടന്ന് പോയി നമ്മളെ സീറ്റിൽ ഇരുന്നു...

അത് കണ്ടപ്പോ നമ്മളെ കുരാമീസും ബ്രദേഴ്സും കൂടി നമ്മളെ നോക്കി പല്ലിറുമ്പി മുഖം തിരിച്ച് ഇരുന്നിരുന്നു.... അവരെ പിണക്കമൊന്നും വക വെക്കാതെ നമ്മള് ആ കോന്തനെ നോക്കിയപ്പോ ഓൻ നമ്മളെ നോക്കി മുഖം കനപ്പിച്ച് ദേഷ്യത്തോടെ ഇരിക്കാണ്... ഓന്റെ നോട്ടം കണ്ടപ്പോ നമ്മക്ക് പേടി തോന്നിയതോണ്ട് നമ്മള് പിന്നെ അങ്ങോട്ട് നോക്കാൻ നിന്നില്ല...

നമ്മള് വേഗം സൽമന്റെ സീറ്റിൽ ഇരുന്നിട്ട് ഒന്ന് നെടുവീർപ്പിട്ടു...

"നിനക്കെന്താ ഫെബി ഭ്രാന്താണോ...? ആദിൽക്കക്ക്

ഓളെ ഇഷ്ടമല്ലാന്ന് അറിയില്ലേ? പിന്നെ എന്തിനാ അവളെ അവിടെ പിടിച്ച് ഇരുത്തിയത്..?"

ഇതാരാപ്പോ പടച്ചോനേ സൽമന്റെ ന്യൂ എതിരി എന്ന് കരുതി നമ്മള് തിരിഞ്ഞു നോക്കിയപ്പോ ആളെ കണ്ട് നമ്മള് തൊള്ളേം തുറന്ന് ഓളെ നോക്കി നിന്നു... ആ സൽമന്റെ രണ്ടാമത്തെ വാലാണ് ഇതൊക്കെ പറയുന്നത്... നമ്മള് ഒന്നും മിണ്ടാതെ ഓള് പറയുന്നതും കേട്ട് അന്തം വിട്ട് നിൽക്കുമ്പോ അവള് വീണ്ടും പറഞ്ഞു തുടങ്ങി...

"പുറമേക്ക് നിന്നോട് ശത്രുതയുള്ള പോലെ കാണിക്കുന്നു എന്നേ ഉള്ളു... സത്യം പറഞ്ഞാൽ നീയും ആദിൽക്കയും ഒരുമിക്കണമെന്ന് ആഗ്രഹിക്കുന്നവരിൽ ഒരാളാണ് ഞാനും... നീ തന്നെയാ ആദിൽക്കക്ക് മാച്ച്... ദയവ് ചെയ്ത് ഇങ്ങനെ ഓരോന്ന് ചെയ്ത് അവരെ തമ്മിൽ അടുപ്പിക്കാൻ നീ നോക്കരുത്..."

ഓള് പറയുന്നത് കേട്ടിട്ട് നമ്മക്ക് ഒന്നും പറയാൻ കിട്ടിയില്ല... നമ്മള് ഒരു ഊമയെ പോലെ ഇരുന്നിട്ട്

ആദിന്റെ ഭാഗത്തേക്ക് തിരിഞ്ഞ് നോക്കിയതും ആദിന്റെ കയ്യിന്റെ ഇടയിലൂടെ സൽ മ കൈയിട്ടിട്ട് ഓന്റെ തോളിൽ ചാഞ്ഞ് കിടക്കേന്നു... അത് കണ്ടപ്പോ നമ്മക്ക് കരച്ചില് വരുന്ന പോലെ തോന്നി... ശോ വേണ്ടായിരുന്നു...അവിടെ തന്നെ ഇരുന്നാൽ മതിയായിരുന്നു എന്ന് ചിന്തിച്ച് നമ്മള് ആദിയെ നോക്കി....

ഓൻ ആണെങ്കിൽ അങ്ങനെ ഒരു ജന്തു ഓന്റെ കൂടെ ഇരിക്കുന്നില്ലാ എന്ന ഭാവത്തോടെ പുറത്തേക്ക് നോക്കി ആയിരുന്നു ഇരുന്നത്... പോരാത്തതിന് ഓള് ഓന്റെ തോളിൽ ചായുമ്പോ ഓൻ തോള് ഇളക്കിയും ഓളെ കൈ തട്ടി മാറ്റിയും ഒക്കെ ഒരുപാട് കഷ്ടപ്പെടുന്നുണ്ട്...

പക്ഷെ,എന്തൊക്കെ ചെയ്തിട്ട് എന്താ..? ആ പിശാച് പിന്നെയും പിന്നെയും അത് തന്നെ ചെയ്തോണ്ടിരിക്കാണ്... ഓൻ അതൊക്കെ അരോചകമായി തോന്നുന്നുണ്ടെന്ന് ഓന്റെ മോന്ത കണ്ടപ്പോ തന്നെ നമ്മക്ക് മനസ്സിലായി...

അപ്പോഴാണ് ഓൻ നമ്മള് ഓനെ നോക്കുന്നത് കണ്ടത്... അത് കണ്ടതും ഓൻ നമ്മളെ രൂക്ഷമായി നോക്കി കൊണ്ട് മുഖം തിരിച്ചിരുന്നു... അത് നമ്മളെ മനസിനെ ചെറുതായൊന്നുമല്ല മുറിവേല്പിച്ചത്... ഓൻ മുഖം തിരിച്ച് കളഞ്ഞപ്പോ ശരിക്കും നമ്മളെ കണ്ണ് നിറഞ്ഞു പോയിരുന്നു...

"എന്താ നിനക്ക് അതൊക്കെ കണ്ടിട്ട് വിഷമാകുന്നുണ്ടോ...?

ആകണം... നീ തന്നെയല്ലേ അതിനൊക്കെ അവസരം ഉണ്ടാക്കി വെച്ചത്... എന്തായാലും ഇനി ഓള് ആ സീറ്റീന്ന് എണീറ്റ് പോകുമെന്ന് നീ കരുതണ്ട ഫെബി..."

"ചേച്ചീ.... അത് ഞാൻ വെറുതെ ഓനെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി ചെയ്തതാ... അല്ലാതെ മനപ്പൂർവ്വം ഓനെ ഇങ്ങനെ ശല്യപ്പെടുത്തണമെന്ന് കരുതിയതല്ല..."

"ഉം...അറിയാം...നിനക്ക് ആദിൽക്കാനെ ഇഷ്ടണെന്ന് എന്നോട് സിദ്ധുവേട്ടൻ പറഞ്ഞിട്ടുണ്ട്..."

"ആര്...? സി...സിദ്ധു...സിദ്ധുവേട്ടനോ...?"

"ഹാ... അതെ... എന്നെ കുറിച്ച് പറഞ്ഞിട്ടില്ലേ?"

നമ്മള് അന്തം വിട്ട് ചേച്ചിയെ നോക്കി കൊണ്ട് ഇല്ലാന്ന് തലയാട്ടി... അപ്പോ ചേച്ചി ചിരിച്ചോണ്ട് നമ്മളെ നേരെ കൈ നീട്ടി...

"ഹായ്...I am രമ്യ..."

ആ പേര് കേട്ടതും നമ്മള് ചിരിച്ചോണ്ട് ഓഹ്... എന്ന് പറഞ്ഞ് രമ്യ ചേച്ചിക്ക് കൈ കൊടുത്തു...

"ഓഹ്... അപ്പോ സിദ്ധുവേട്ടൻ സ്നേഹിക്കുന്ന പെണ്ണ് രമ്യ നിങ്ങളായിരുന്നല്ലല്ലേ...?"

"ശൂ... പതുക്കെ പറ... ആ പൂതന കേട്ടാൽ പിന്നെ

എന്നെ വെച്ചേക്കത്തില്ല... ശാലൂനെ സ്റ്റയറീന്ന് തള്ളിയിട്ട പോലെ എന്നെ ചെലപ്പോ ഈ ബസീന്ന് ചവിട്ടി പുറത്താക്കും ഓള്..."

"അപ്പോ നിങ്ങളൊക്കെ....."

"ഞങ്ങൾ എല്ലാവരും നല്ല ഫ്രണ്ട്സ് ആണ്... സല്മയുടെ നീക്കം അറിയാൻ വേണ്ടി ആദിക്ക് ചാര പണി നടത്തുന്നവർ..."

"പക്ഷെ, ഇതൊക്കെ എന്തിനാ ചേച്ചി...?"

"ആദ്യം നീ ഈ ചേച്ചി വിളി ഒന്ന് നിർത്ത്... നീ ചേച്ചി എന്ന് വിളിക്കുമ്പോ കൂടുതൽ എയ്ജ് ആയ പോലെ തോന്നാ... so, call me രമ്യ...മനസ്സിലായോ..?"

നമ്മള് രമ്യയെ നോക്കി ചിരിച്ചോണ്ട് ആ എന്ന് തലയാട്ടി... എന്നിട്ട് എന്തിനാ ഇതൊക്കെ ചെയ്യുന്നതെന്ന് ചോദിച്ചു...

★★★★★★★★★★★★★★★★★★★★★★

'ഐഷുവിന് എന്നോട് ഇത്രക്ക് വെറുപ്പുണ്ടായിരുന്നെന്ന് എനിക്ക് ഇന്നാണ് മനസ്സിലായത്... കാരണം എനിക്ക് എത്രത്തോളം സൽമയെ വെറുപ്പാണെന്ന് ആരെക്കാളും നന്നായിട്ട് ഓൾക്കാണ് അറിയുന്നത്... എന്നിട്ടിപ്പോ ആ ഓള് തന്നെ ഇവളെ എന്റെ അടുത്ത് ഇരുത്തണമെങ്കിൽ അവൾക്ക് എന്നോട് എത്ര വെറുപ്പുണ്ടാകും...

വേണ്ട ആദി... നിനക്ക് അവളുടെ സ്നേഹം വിധിച്ചിട്ടില്ല... വെറുപ്പ് മാത്രേ വിധിച്ചിട്ടുള്ളൂ... അതോണ്ട് ഇനിയും അവളെ പിന്നാലെ നടന്ന് നിന്റെ സ്നേഹത്തെ നീ തന്നെ കളങ്കപ്പെടുത്തരുത്...

ഇന്നത്തോട് കൂടി അവളും ഞാനും തമ്മിൽ ഇനി യാതൊരു വിധ ബന്ധവുമില്ല...എല്ലാം അവസാനിച്ചു...

ഇങ്ങനെയൊക്കെ ചിന്തിക്കാൻ എളുപ്പമായിരിക്കും... പക്ഷെ അതൊന്നും അത്ര പെട്ടെന്ന് നടപ്പിലാക്കാൻ

എന്നെ കൊണ്ട് സാധിക്കില്ല... പക്ഷെ, അതിന് കഴിഞ്ഞേ പറ്റൂ... എന്നാലേ എന്നെ അവള് എത്രത്തോളം വേദനിപ്പിച്ചെന്ന് അവള് മനസ്സിലാക്കൂ...'

"ആദി... എന്താടാ ചിന്തിക്കുന്നെ...? ഡാ...ഇങ്ങോട്ട് എന്റെ മുഖത്തേക്ക് നോക്കെടാ... ആദി...."

എന്ന് പറഞ്ഞ് സൽ മ നമ്മളെ ശല്യം ചെയ്തോണ്ട് നമ്മളെ മുഖം പിടിച്ച് അവളെ നേരെ തിരിച്ചപ്പോ നമ്മള് ദേഷ്യം കൊണ്ട് ഓളെ കൈ തട്ടി മാറ്റി...

"ശോ...ചൂടന്റെ ചൂട് ഇപ്പോഴും മാറിയില്ലേ...?

എന്തിനാ ആദി ചുമ്മാ എന്നെ ഇങ്ങനെ അവോയ്ഡ് ചെയ്യുന്നത്..? എന്നിട്ട് ആർക്കെന്ത് നേട്ടാ ഉള്ളത്..?"

"എനിക്കാണ് നേട്ടമുള്ളത്... കാരണം എനിക്ക് നിന്റെ സ്നേഹം വെറും അരോചകമാണ്...ഞാൻ ഈ ലോകത്ത് ഏറ്റവും കൂടുതൽ വെറുക്കുന്നതും അത് മാത്രമാണ്..."

"എന്നിട്ട് നീ എന്ത് നേടി...എന്റെ സ്നേഹത്തെ തള്ളി കളഞ്ഞപ്പോ നിനക്ക് എന്താ ആദി പകരമായിട്ട് കിട്ടിയത്..? പറ...

നീ എന്നേക്കാൾ അവളെ സ്നേഹിക്കുന്നുണ്ടെന്ന് പറഞ്ഞിരുന്നല്ലോ... എന്നിട്ട് എന്ത് കൊണ്ടാ നിന്റെ സ്നേഹം അവള് മനസ്സിലാക്കാത്തത്..?

കാരണം, നീ അവളെ സ്നേഹിച്ചെന്ന് പറഞ്ഞത് നീ നിന്റെ മനസാക്ഷിയോട് തന്നെ പറഞ്ഞു പഠിപ്പിച്ച ഒരു കള്ളമാണ് ആദി...

നീ എന്നെയല്ലാതെ മറ്റാരെയും ആത്മാർഥമായിട്ട് സ്നേഹിച്ചിട്ടില്ല...ഇനി ഒരിക്കലും സ്നേഹിക്കുകയുമില്ല... കാരണം നിന്റെ ആ സ്നേഹം ഞാൻ അനുഭവിച്ചിട്ടുണ്ട് ആദി... ആ ഫീൽ ലഭിച്ചവർ ഒരിക്കലും നിന്റെ സ്നേഹം തള്ളിക്കളയില്ല...

പക്ഷെ, അവളെന്താ ചെയ്തത്...? എനിക്ക് നിന്നെ വിട്ട് തന്നിരിക്കുന്നു...ഇതിൽ നിന്ന് തന്നെ നിനക്ക്

മനസ്സിലാക്കിക്കൂടെ അവൾക്ക് നിന്നോട് ആ ഫീൽ ഇതുവരെ തോന്നിയിട്ടില്ലെന്ന്.... കാരണം, നീ അവളെ ആത്മാർത്ഥമായിട്ട് സ്നേഹിക്കുന്നില്ല ആദി... ഇനിയെങ്കിലും നീ അത് മനസ്സിലാക്ക്..."

എന്ന് പറഞ്ഞ് സൽമ എന്റെ കവിളിൽ പിടിച്ചപ്പോ അവള് പറഞ്ഞതൊക്കെ സത്യമായിരിക്കോ എന്ന് എനിക്ക് തോന്നി പോയി...

പക്ഷെ, ഒരിക്കലും നമ്മള് സൽമയെ സ്നേഹിക്കുന്നില്ല... അവളോട് എനിക്കിപ്പോ പഴയ സ്നേഹത്തിന്റെ ഒരു കണിക പോലുമില്ല... ഉള്ളിൽ നുരഞ്ഞു പൊന്തുന്നത് പ്രതികാരം മാത്രമാണ്...

അതുപോലെ തന്നെ ഐഷൂനെ ഞാൻ സ്നേഹിക്കുന്നത് ആത്മാർത്ഥമായിട്ടാണ്... അത് എനിക്ക് നന്നായിട്ട് അറിയാം... അവളെ ഞാൻ എന്റെ ഉമ്മിയെക്കാളേറെ സ്നേഹിക്കുന്നു... പക്ഷെ അവളെന്റെ സ്നേഹം മാത്രം കാണുന്നില്ല...

ഇങ്ങനെ ഓരോന്ന് ചിന്തിച്ച് ഇരുന്നപ്പോ ബസ് നിർത്തിയതൊന്നും നമ്മള് അറിഞ്ഞില്ല... ചായ കുടിക്കാൻ വേണ്ടി ബസ് ഒരു ഹോട്ടലിന്റെ മുന്നിൽ നിർത്തിയപ്പോ നമ്മളെ ചങ്ക്സ് വാ ആദി എന്ന് ഒരു തവണ മാത്രം വിളിച്ചോണ്ട് ഇറങ്ങി പോയി... അതിന് എന്താ കാരണമെന്ന് ഞാൻ പറയണ്ടല്ലോ...

"ആദി വാ നമുക്ക് നല്ല ചൂട് കോഫീ കുടിക്കാം...അതൊക്കെ കുടിക്കുമ്പോ നിന്റെ ഈ ചൂടൊക്കെ പമ്പ കടക്കും... വാ എണീക്ക്..."

എന്ന് പറഞ്ഞ് ഓള് നമ്മളെ കൈ പിടിച്ച് വലിച്ചു...

"എനിക്ക് വേണ്ടാ...നീയൊന്ന് പോയി തരോ...?"

എന്ന് കലിപ്പായി കൊണ്ട് നമ്മള് ഓളോട് പറഞ്ഞിട്ട് ഓളെ കൈ നമ്മളിൽ നിന്നും തട്ടി മാറ്റി...

"ഹോ...ഈ കലിപ്പനെ കൊണ്ട് ഞാൻ തോറ്റല്ലോ

പടച്ചോനെ... എന്നാ നീ ഇവിടെ ഇരിക്ക്... നിനക്ക് ഞാൻ കോഫി ഇങ്ങോട്ട് കൊണ്ട് വരാം..."

എന്ന് പറഞ്ഞ് ഓള് പോയതും നമ്മളെ നോട്ടം നേരെ ചെന്ന് പതിച്ചത് ഐഷുവിലേക്ക് ആയിരുന്നു... എല്ലാവരും ബസിൽ നിന്നും എണീറ്റ് പോയിട്ടും ഓള് മാത്രം പോകാതെ നമ്മളെ നോക്കി ഇരിക്കാണ്...

നമ്മളെ നോട്ടം കണ്ടിട്ടാകും ഓള് പെട്ടെന്ന് മുഖം തിരിച്ച് അവിടന്ന് എണീറ്റ് പോയത്... ഓള് ബസിൽ നിന്നും ഇറങ്ങി പോകുന്ന വരെ നമ്മളെ നോട്ടം ഓളെ മാത്രായിരുന്നു...

എന്നാൽ ഒരു തവണ പോലും തിരിച്ച് ഓള് നമ്മളെ നോക്കിയില്ല... അത്രക്ക് ഓള് വെറുത്തിട്ടുണ്ട് നമ്മളെ...

'അവൾക്ക് അങ്ങനെ പറ്റുമെങ്കിൽ എന്ത് കൊണ്ട് നമ്മക്ക് അത് ആയിക്കൂടാ...? ഇനി മുതൽ നമ്മളും അതുപോലെ ആയിരിക്കും... ഇനി എനിക്ക് അവളേതോ ഒരുത്തി മാത്രം... എനിക്ക് അങ്ങനെ പറ്റുമോ എന്ന് അറിയില്ല... പക്ഷെ ഞാൻ എന്റെ കഴിവിന്റെ പരമാവധി അതിന് വേണ്ടി ശ്രമിക്കും...'

എന്ന് ചിന്തിച്ച് നമ്മള് കണ്ണടച്ച് വിൻഡോയിൽ തല വെച്ച് കിടന്നു... അപ്പോ സൽ മ വന്ന് എന്റെ അടുത്ത് ഇരുന്നിട്ട് നമ്മളെ മൂക്കിന് നേരെ കോഫി വെച്ചു...

കോഫിയുടെ മണം മൂക്കിലേക്ക് തുളച്ച് കേറിയപ്പോഴാണ് നമ്മള് കണ്ണ് തുറന്ന് നോക്കിയത്... അപ്പോ കാണുന്നതോ നല്ല ആവി പറക്കുന്ന ചൂട് കോഫി...

"എനിക്ക് വേണ്ട..."

എന്ന് പറഞ്ഞ് നമ്മള് അത് നിരസിച്ചപ്പോ ഓള് അത് കുറച്ച് കൂടി നമ്മളെ അടുത്തേക്ക് കൊണ്ട് വന്നു... ഇതുവരെ ദേഷ്യവും സങ്കടവും ഉള്ളിൽ അടക്കി പിടിച്ച നമ്മക്ക് പെട്ടെന്ന് എല്ലാം കൂടി ആയിട്ട് തലക്ക് പ്രാന്ത് പിടിക്കുന്ന പോലെ തോന്നി...

ആ ദേഷ്യം മൊത്തം നമ്മള് ഓളോട് ഒച്ച വെച്ച് നമ്മള് തീർത്തു...

"നിന്നോടല്ലേടി എനിക്ക് കോഫ്........"

എന്ന് മാത്രേ നമ്മക്ക് പറയാൻ കഴിഞ്ഞൊള്ളു... കാരണം നമ്മളെ കൂടെ ഇരുന്ന് നമ്മക്ക് നേരെ കോഫി നീട്ടിയത് സാൽമയല്ല... ഐഷുവാണ് എന്ന് നമ്മള് അപ്പോഴാ ശ്രദ്ധിക്കുന്നത്...

ഓള് പുഞ്ചിരി തൂകി കൊണ്ട് നമ്മളെ നോക്കി ഇരിക്കുന്നത് കണ്ട് നമ്മക്ക് ഷോക്കായി... ഇത് ഇവള് തന്നെയാണോ എന്ന് വരെ സംശയമായി...

"കോഫീ....?"

എന്ന് പറഞ്ഞ് ഓള് നമ്മളെ നേരെ ആ കപ്പ് നീട്ടിയപ്പോ നമ്മള് ഓളെ തന്നെ നോക്കി ഇരിക്കായിരുന്നു...

"ഈ കാലാവസ്ഥയിൽ കുടിക്കാൻ ഏറ്റവും നല്ലത് കോഫിയാ... കോഫി കുടിച്ചാൽ ഉറക്ക ക്ഷീണം പോയി നല്ല ഉന്മേഷം കിട്ടും... എന്നോട് ഇനിയും വഴക്ക്

കൂടാനുള്ള ആളല്ലേ അതോണ്ട് ഈ കോഫിയങ്ങ് അകത്താക്കിക്കോ... ആ ഊർജമൊക്കെ പുറത്തേക്ക് വരട്ടെ അങ്ങട്ട്..."

എന്ന് പറഞ്ഞ് ഓള് ചിരിക്കുന്നത് കണ്ട് നമ്മള് അറിയാതെ തന്നെ ഓളെ കയ്യിൽ നിന്നും അത് വാങ്ങി ഓളെ നോക്കി ഇരുന്നു... നേരത്തെ നമ്മളോട് ചൂടായി പോയ ഐഷുവേ അല്ല അവള്...
അവൾക്കെന്തൊക്കെയോ മാറ്റം വന്ന പോലെ നമ്മക്ക് തോന്നി...

ഇനി ചെലപ്പോ നമ്മളോടുള്ള ദേഷ്യത്തിന് ഇതില് വല്ലതും കലക്കിയിട്ടാണോ കൊണ്ട് വന്നതെന്ന് വരെ നമ്മക്ക് സംശയടിച്ചു... പക്ഷെ ഓളെ മുഖത്ത് അങ്ങനെ ഉള്ള ഒരു ഭാവവുമില്ലാതെ ഓളെ കോഫി എടുത്ത് കുടിച്ചോണ്ടിരിക്കാണ്...

"എന്നെ നോക്കി കൊണ്ട് നിക്കാതെ ആ കോഫി കുടിക്കാൻ നോക്ക്... ചൂട് പോയാല് കോഫി കുടിക്കാൻ കൊള്ളില്ല...

ഇനി ഞാൻ ഇതിൽ വല്ലതും കലക്കിയിട്ടുണ്ടോ എന്ന് സംശയിച്ചിട്ടാണ് ഇത് കുടിക്കാത്തതെങ്കിൽ ആ സംശയവും ഞാനിപ്പോ തീർത്ത് തരാം..."

എന്ന് പറഞ്ഞ് ഓള് നമ്മളെ കയ്യിന്ന് ആ കോഫി വാങ്ങിയിട്ട് ഓളെ കപ്പിലേക്ക് കുറച്ച് ഒഴിച്ചിട്ട് ഓളത് കുടിച്ച് നമ്മക്ക് കാണിച്ച് തന്നു...

"ഇപ്പോ ബോധ്യമായല്ലോ ഞാൻ ഇതിലൊന്നും ചേർത്തിട്ടില്ലെന്ന്... ഇനി തനിക്ക് ഇത് കുടിക്കുന്നതിൽ വല്ല കുഴപ്പവുമുണ്ടോ...?"

എന്ന് പറഞ്ഞ് ഓള് വീണ്ടും ആ കപ്പ് നമ്മക്ക് നേരെ നീട്ടിയപ്പോ നമ്മത് വാങ്ങിച്ചിട്ട് ഓളെ നോക്കി കൊണ്ട് തന്നെ അത് കുടിച്ച് തീർത്തു...

"ഇനി ഞാൻ കുടിച്ച് എച്ചിലായതാണെന്ന് കരുതി അത് കുടിക്കാതിരിക്കണ്ടാന്ന് വിചാരിച്ചാ ഞാൻ കോഫി എന്റെ കപ്പിലേക്ക് ഒഴിച്ച് കുടിച്ചത്..."

എന്നൊക്കെ ഐഷു ഭയങ്കര വിനയത്തോടെ സംസാരിക്കുന്നത് കണ്ടപ്പോ നമ്മക്ക് ഷോക്കിന്റെ മേൽ ഷോക്ക് കിട്ടിയ അവസ്ഥ ആയിരുന്നു...

'ഇവൾക്കിതെന്താ പെട്ടെന്ന് പറ്റിയത്...? നേരത്തെ എന്നോട് വഴക്കിട്ട് മാറി ഇരുന്ന ആള് തന്നെയാണോ ഇത്..? സാധാരണ ഞാൻ വിളിച്ചാൽ പോലും അടുത്തേക്ക് വരാത്ത ആള് ഇന്നിപ്പോ നമ്മക്ക് കോഫിയും കൊണ്ട് വന്ന് നമ്മളോട് മാന്യമായി സംസാരിക്കുന്നു...

ഇതൊക്കെ സത്യമാണോ അതോ ഇവളെ അടുത്ത വല്ല പ്ലാനുമാണോ..?

ഇനി അത് എന്ത് തന്നെ ആയാലും നീ അത് മൈൻഡ് ചെയ്യാൻ നിൽക്കണ്ട ആദി.... കാരണം മൈൻഡ് ചെയ്യാതെ ഇരുന്നപ്പോഴാണ് ഓള് നമ്മളോട് അടുക്കാൻ വന്നത്... നമ്മളിനി കൂടുതൽ ഓരോന്ന് സംസാരിച്ച് ഓളെ നമ്മളെ മനസ്സിൽ ഇനിയും പിടിച്ച് വെക്കാൻ നോക്കണ്ടാ...

ആദ്യം ഓളെ ഈ സ്നേഹ പ്രകടനത്തിന്റെ

കാരണമെന്താണെന്ന് അറിയണം... എന്നിട്ട് തീരുമാനിക്കാം എന്ത് വേണമെന്ന്...'

"I am really sorry....ഞാൻ വെറുതെ നിന്നെ ഒന്ന് ദേഷ്യം പിടിപ്പിക്കാൻ വേണ്ടിയാ സൽമയെ നിന്റെ അടുത്ത് ഇരുത്തിയത്... അത് നിനക്ക് ഇത്രക്ക് hurt ആകുമെന്ന് ഞാൻ കരുതിയില്ല... സോറി...."

നമ്മള് എന്തൊക്കെ പറഞ്ഞാലും അവളീ പറഞ്ഞതുണ്ടല്ലോ അതെനിക്ക് നല്ലോണം സുഖിച്ച് കേട്ടോ... അതോണ്ട് എത്രയൊക്കെ മനസ്സിനെ കൺട്രോൾ ചെയ്ത് വെക്കാൻ നോക്കിയിട്ടും നമ്മളെ കൊണ്ട് സന്തോഷം അടക്കി പിടിച്ച് വെക്കാൻ പറ്റുന്നില്ല...

പക്ഷെ, അതിപ്പോ നമ്മള് പുറത്ത് കാണിക്കരുത്...കാണിച്ചാൽ പിന്നെ ഓള് ഇത്രെയും നേരം നമ്മളെ സൽമക്ക് മുന്നിൽ ഇട്ട് കൊടുത്തതിന് പകരം വീട്ടാൻ പറ്റില്ല.... ഇനി നിങ്ങള് കണ്ടോ ഇവളെ ഞാനിന്ന് ഒരു പാഠം പഠിപ്പിക്കും... പിന്നെ അതോടെ ഓള് ഇമ്മാതിരി പരിപാടികളൊക്കെ നിർത്തിക്കോളും...

നിങ്ങള് കണ്ടോ...ഇനി എന്റെ കളിയാ...

"ആദി...താനെന്താ ഒന്നും മിണ്ടാത്തെ...?"

"ഛെ... ഈ നിസുവൊക്കെ ഇത് എവിടെ പോയി കിടക്കാ... ചായ കുടിക്കാൻ ഇത്രെയും നേരം വേണോ...?"

എന്ന് പറഞ്ഞ് നമ്മള് ഫോൺ എടുത്ത് നിസൂന് വിളിക്കുന്ന പോലെ ചെയ്തപ്പോ നമ്മക്ക് മറുപടി തന്നത് ഓളായിരുന്നു... അതൊക്കെ പ്രതീക്ഷിച്ചിട്ട് തന്നെയാ നമ്മള് അങ്ങനെ പറഞ്ഞതും...

"അവരൊക്കെ അവിടെ പാർക്കിലാ... ഈ ഹോട്ടലിന് പുറകില് ഒരു പാർക്കുണ്ട് അവിടേക്ക് പോയതാ അവര്..."

എന്ന് ഓള് പറഞ്ഞപ്പോ ചിരിയുടെ ഒരു ഭാവവും മുഖത്ത് വരുത്താതിരിക്കാൻ നമ്മള് നന്നായിട്ട്

പാട്പെട്ടു...

"ആദി...താൻ ഒന്നും പറഞ്ഞില്ല.... ഞാൻ തന്നോട് സോറി പറഞ്ഞില്ലേ... ക്ഷമിച്ചു എന്ന് ഒരു വാക്ക്... ഒരു വാക്ക് എന്നോട് പറഞ്ഞൂടെ..."

എന്ന് പറഞ്ഞ് ഓള് നമ്മളോട് കെഞ്ചിയപ്പോ നമ്മക്ക് ഓളെ കെട്ടിപിടിച്ച് ഒരു ഉമ്മ കൊടുക്കാനാ തോന്നിയത്...

അപ്പോ തന്നെ സൽമ നമ്മക്ക് കുടിക്കാൻ വേണ്ടി കോഫിയും കൊണ്ട് വരുന്നത് കണ്ടപ്പോ ഇത് ഓള് എങ്ങനെ സോൾവ് ചെയ്യുമെന്ന് നമ്മക്ക് ഒന്ന് കാണണമെന്ന് തോന്നി...

ഓളയിട്ട് നമ്മളെ അടുത്ത് കൊണ്ട് ഇരുത്തിയ മാരണമല്ലേ... ഈ മാരണത്തെ ഓള് ഇനി ഇവിടന്ന് ഒഴിവാക്കോ അതോ ഇവിടെ തന്നെ ഇരുത്തോ എന്ന് കണ്ടറിയാം... അത് അനുസരിച്ചായിരിക്കും ഐഷുവിനോടുള്ള ഇനി നമ്മളെ പെരുമാറ്റം...

എന്ന് മനസ്സിൽ ഉറപ്പിച്ച് കൊണ്ട് നമ്മള് സൽമയെയും

ഐഷുവിനെയും മാറി മാറി നോക്കി ഇരുന്നു...

"ഡി... നീയെന്താ ഇവിടെ..? നീ ഇവിടെ അല്ലല്ലോ ഇരുന്നത്...? Get up.... this is my seat.... എണീറ്റ് പോടീ..."

എന്ന് സൽമ പറഞ്ഞപ്പോ നമ്മള് ഐഷുവിനെ തിരിഞ്ഞു നോക്കി... ഓള് സൽമയെയൊന്നും വക വെക്കാതെ ഓളെ കോഫി കുടിക്കുന്ന തിരക്കിലാണ്...

"ഡി...നിന്നോടല്ലേ അവിടന്ന് എണീക്കാൻ പറഞ്ഞത്... ഇത് എന്റെ ആദിയാ... അവന്റെ അടുത്തേക്ക് ഇനി വരുന്നതിനെ കുറിച്ച് ചിന്തിക്കാൻ പോലും പാടില്ല.... എണീറ്റ് പോടീ..."

എന്ന് പറഞ്ഞ് സൽമ ഐഷുന്റെ കയ്യിൽ ഉണ്ടായിരുന്ന കോഫി തട്ടി മാറ്റി... അപ്പോ തന്നെ ഐഷു ഓളെ തുറുക്കനെ നോക്കി കൊണ്ട് പെട്ടെന്ന് നമ്മളെ കൈ പിടിച്ച് നമ്മളെ തോളിലേക്ക് ചാഞ്ഞു....

"നിന്റെ ആദിയോ...? ഹ... അതൊക്കെ പണ്ട്.... ഇത് എന്റെ ആദിയാ... ഞങ്ങള് എന്തോ പറഞ്ഞ് ഒടക്കിയെന്ന് കരുതി ആ ഗ്യാപ്പിൽ ഞങ്ങളെ ഇടയിലേക്ക് നുഴഞ്ഞ് കേറാൻ വരാണല്ലേ...?"

എന്ന് പറഞ്ഞ് ഐഷു നമ്മളെ അടുത്തേക്ക് കുറച്ച് കൂടി നീങ്ങി വന്നതും നമ്മള് അന്തം വിട്ട് ഐഷുനെ തന്നെ നോക്കി ഇരുന്നു...

അപ്പോ പെട്ടെന്ന് സൽ മ ഓളെ കയ്യിലുണ്ടായിരുന്ന ചൂട് കോഫി എടുത്ത് ഐഷുന്റെ മുഖത്തേക്ക് ഒഴിക്കാൻ നിന്നതും നമ്മള് വേഗം സൽമന്റെ കയ്യിൽ നിന്നും അത് തട്ടി മാറ്റി...

അപ്പോ അത് നമ്മളെ മേലിലേക്കാണ് വന്ന് വീണത്... ഭാഗ്യത്തിന് അത് മേത്ത് ഒന്നും തട്ടിയിട്ടില്ലെന്നു നമ്മളെ ഡ്രെസ്സിൽ മാത്രം ആയിട്ടുള്ളു... നമ്മളെ ഷർട്ടിൽ കോഫിന്റെ കറ പതിഞ്ഞതും ഐഷു പെട്ടെന്ന് സീറ്റീന്ന് എണീറ്റിട്ട് ആ സൽമയുടെ നേരെ തിരിഞ്ഞു...

"How dare you...? നീ എന്റെ ആദിയുടെ മേലിലേക്ക് കോഫി ഒഴിക്കുമല്ലേ...? നിനക്ക് ഞാൻ വെച്ചിട്ടുണ്ടെടീ

പിത്തകാളി..."

"ഡീ.... നീ ആരോടാ കളിക്കുന്നതെന്ന് ഓർമ്മയുണ്ടല്ലോ... വേണ്ടാത്ത കാര്യത്തിൽ ഇടപെട്ട് നീ വെറുതെ നിന്റെ ജീവിതം പാഴാക്കാൻ നിൽക്കണ്ടാ..."

"എനിക്കും അത് തന്നെയാടി നിന്നോട് പറയാനുള്ളത്... ഇനി മേലിൽ എന്റെ ആദിയുടെ കാര്യത്തിൽ തലയിട്ടൊണ്ട് നീ വന്നാൽ പിന്നെ നിനക്ക് തല കാണില്ല..."

എന്നൊക്കെ പറഞ്ഞ് ഐഷു നിന്ന് ഷൈൻ ചെയ്യുന്നത് കണ്ട് നമ്മക്ക് അത്ഭുതം തോന്നിയെങ്കിലും നമ്മള് അതൊന്നും പുറത്ത് കാണിച്ചില്ല...

'ഐഷുവിന് കാര്യമായിട്ട് എന്തോ സംഭവിച്ചിട്ടുണ്ട്... അതാണ് ഈ സ്നേഹ പ്രകടനം... ഇപ്പോ ഇവളോട് ഒരു അകൽച്ച കാണിക്കുന്നത് തന്നെയാകും നല്ലത്... കാരണം കുറച്ച് ടൈം ആയിട്ടുള്ളു എങ്കിലും ഓളെ ഇങ്ങനെ പിന്നാലെ നടത്തിക്കുന്നതിലും ഒരു

സുഖമൊക്കെയുണ്ട്.... പക്ഷെ, ഇവളിനി എന്റെ പിന്നാലെ വരുമോ...ടെസ്റ്റ് ചെയ്ത് നോക്കിയാലോ..?'

സൽമയും ഐഷുവും കൂടി നിന്നോണ്ട് നമ്മക്ക് വേണ്ടി പൊരിഞ്ഞ വാക്ക് തർക്കത്തിൽ ഏർപ്പെട്ടപ്പോ നമ്മള് ആ ഗ്യാപ്പിൽ അവിടന്ന് എണീറ്റ് നടന്നു...

"ആദി...ആദി...എങ്ങോട്ട് പോകാ...? ദേ ഞാനും വരുന്നു... മാറി നിൽക്കെടി..."

എന്ന് പറഞ്ഞ് ഐഷു സൽമയെ പിടിച്ച് തള്ളി കൊണ്ട് നമ്മളെ പിന്നാലെ വരുന്നത് കണ്ടപ്പോ നമ്മക്ക് എന്തോ പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം ആയിരുന്നു... ഐഷു നമ്മളെ പിന്നാലെ തന്നെ ആദി..ആദി... എന്ന് വിളിച്ച് കൂടിയിട്ടുണ്ട്... പക്ഷെ, നമ്മള് മൈൻഡ് ചെയ്തില്ലാട്ടോ... കാരണം ഓള് കുറച്ച് നേരം നമ്മളെ പുറകെ ഇങ്ങനെ നടക്കട്ടെ...

"ആദി... അവിടെ നിൽക്ക്... ആദി..."

എന്ന് പറഞ്ഞ് ഓള് പിന്നാലെ കൂടിയതും നമ്മള് വേഗം ഹോട്ടലിലെ വാഷ്‌റൂമിലേക്ക് കേറി വാതിൽ ലോക്ക് ചെയ്തു... എന്നിട്ട് നമ്മളെ ഷർട്ടിൽ പറ്റിയ കോഫിയുടെ കറ കഴുകി...

"ആദി.... ഞാൻ പറയുന്നത് ഒന്ന് കേൾക്ക്... ഞാൻ ചെയ്തത് തെറ്റ് തന്നെയാ... I am sorry.... ഇനി ഒരിക്കലും ഇങ്ങനെ ഒന്നും ചെയ്യില്ല... പ്രോമിസ്... ആദി പ്ലീസ്... എന്നോട് ക്ഷമിച്ചെന്ന് ഒരു വാക്ക് പറയെടോ... ആദി...."

എന്ന് പറഞ്ഞ് ഓള് കതകിൽ അടിച്ചതും നമ്മള് അത് തുറന്നതും ഒപ്പായിരുന്നു... അതോണ്ട് തുറന്ന പാടെ ഐഷു നമ്മളെ കൈകളിലേക്ക് വീണു...

ഓളെ അങ്ങനെ നമ്മളെ കയ്യിൽ ഭദ്രമാക്കി കൊണ്ട് നമ്മള് ഓളെ കണ്ണിലേക്ക് നോക്കി നിന്നപ്പോഴാണ് ഓളെ മുഖത്ത് ഒരു ചെറിയ പുഞ്ചിരി നമ്മള് കണ്ടത്... അത് കണ്ടപ്പോ തന്നെ നമ്മള് ഓളെ മാറ്റി നിർത്തിയിട്ട് ഓളെ നോക്കാതെ അവിടന്ന് ഇറങ്ങി ആ പാർക്കിലേക്ക് നടന്നു...

"ഡാ... ആദി.... whats wrong with you...? എത്ര നേരായി തന്റെ പിന്നാലെ നടന്ന് ഞാൻ സോറി പറയുന്നു... ക്ഷമിച്ചു എന്നൊരു വാക്ക് പറഞ്ഞാൽ ആകാശമൊന്നും ഇടിഞ്ഞ് വീഴില്ലല്ലോ... ആദി... stop there... നിൽക്ക്..."

എന്ന് പറഞ്ഞ് ഐഷു നമ്മളെ പിന്നാലെ ഓടി വന്നപ്പോ നമ്മള് നടത്തത്തിന്റെ വേഗത കൂട്ടി കൊണ്ടിരുന്നു... പക്ഷെ, ഓള് അപ്പോഴേക്കും ഓടി നമ്മളെ മുന്നിൽ രണ്ട് കയ്യും നീട്ടി തടസമായി നിന്നിട്ട് കെതച്ചോണ്ടിരുന്നു...

"നിന്നോട്....നിന്നോട് ഞാൻ സോറി പറഞ്ഞില്ലേ...? തിരിച്ച് ....ക്ഷമിച്ചൂന്ന്..."

എന്ന് പറഞ്ഞ് ഓള് നമ്മളെ നേരെ ഒരു വിരല് നീട്ടി കൊണ്ട് ബാക്കി പറയാനായിട്ട് ഒരുപാട് ബുദ്ധിമുട്ടി... പാവം ഓടി കിതച്ച് നമ്മളെ പിന്നാലെ വന്നത് ക്ഷമിച്ചു എന്ന ഒരൊറ്റ വാക്ക് കേൾക്കാൻ വേണ്ടിയാണത്രെ... പക്ഷെ, ഇത്ര പെട്ടെന്ന് ക്ഷമിക്കുന്നത് അത്രേ നല്ലതല്ല...

അതോണ്ട് നമ്മള് ഓളെ വക വെക്കാതെ ഓളെ മറി കടന്ന് നടക്കാൻ ഒരുങ്ങിയപ്പോഴേക്കും ഓള് നമ്മളെ കയ്യിൽ പിടുത്തമിട്ടിരുന്നു...

(തുടരും)

ഭാഗം.88

പാവം ഐഷു... ഓടി കിതച്ച് നമ്മളെ പിന്നാലെ വന്നത് നമ്മള് ഓളോട് ക്ഷമിച്ചു എന്ന ഒരൊറ്റ വാക്ക് കേൾക്കാൻ വേണ്ടിയാണത്രെ... പക്ഷെ, ഇത്ര പെട്ടെന്ന് ക്ഷമിക്കുന്നത് അത്ര നല്ലതല്ല...

അതോണ്ട് നമ്മള് ഓളെ വക വെക്കാതെ ഓളെ മറികടന്ന് ഒരുങ്ങിയപ്പോഴേക്കും ഓള് നമ്മളെ കയ്യിൽ പിടുത്തമിട്ടിരുന്നു....

"എനിക്ക് ഒരു കൃത്യമായ മറുപടി തരാതെ നീയിത് എങ്ങോട്ടാ ആദി...? നിന്നോട് ഞാൻ വല്യ മല മറിക്കുന്ന

പണിയൊന്നും പറഞ്ഞില്ലല്ലോ... ക്ഷമിച്ചു എന്ന് ഒരു വാക്ക് പറയാനല്ലേ പറഞ്ഞിട്ടുള്ളൂ.... അതിന് ഇത്രക്ക് ഒക്കെ മസില് പിടിക്കണോ...?"

"എനിക്ക് നിന്നോട് സംസാരിക്കാൻ താല്പര്യമില്ല... അതോണ്ട് ദയവ് ചെയ്ത് എന്റെ പിറകെ നടന്ന് ഇങ്ങനെ ശല്യം ചെയ്യരുത്...

നിന്റെ കാര്യത്തിൽ ഞാൻ ഇനി ഒരിക്കലും ഇടപെടാൻ വരില്ല... അതുപോലെ ഇനി നീയും എന്റെ കാര്യത്തിൽ ഇടപെടരുത്...

ഇനി അങ്ങോട്ട് നിനക്ക് നിന്റെ വഴി എനിക്ക് എന്റെ വഴി...."

എന്ന് പറഞ്ഞ് നമ്മള് ഓളെ കയ്യിൽ നിന്നും നമ്മളെ കൈ പിൻവലിച്ചിട്ട് തിരിച്ച് പാർക്കിലേക്ക് നടന്നു... അപ്പോ ഐഷു അവിടെ നിന്നിടത്ത് നിന്നോണ്ട് തന്നെ നമ്മളോട് എന്തൊക്കെയോ വിളിച്ച് കൂവി...

"ഡാ കോന്താ... എന്റെ കാര്യത്തിൽ നീ ഇനി ഇടപെടില്ലെന്ന് പറഞ്ഞല്ലോ പിന്നെ എന്തിനാ നീ

സൽമ എന്റെ മുഖത്തേക്ക് കോഫി ഒഴിക്കാൻ നിന്നപോ അവളെ തടഞ്ഞത്?

എന്റെ കാര്യത്തില് നീ ഇടപെടില്ലെങ്കിൽ അപ്പോ നിനക്ക് അത് കണ്ടില്ലെന്ന് നടിച്ചാൽ പോരായിരുന്നോ...എന്തിനാ എന്നെ രക്ഷപ്പെടുത്തിയത്...?

ഡാ കോന്താ.... നിന്നോടാ ഞാൻ ഈ ചോദിക്കുന്നത്... എനിക്ക് ഒരു മറുപടി തന്നിട്ട് പോ കോന്താ.... ഡാ ചൂടൻ മൈമദേ.... ഡാ..."

എന്നൊക്കെ കൂടി ഓള് അവിടെ നിന്ന് വിളിച്ച് കൂവിയപ്പോ പെട്ടെന്ന് നമ്മള് നടത്തം നിർത്തി ഒരു ദീർഘ ശ്വാസം വിട്ടിട്ട് അവളെ നേരെ തിരിഞ്ഞ് നിന്നു....

'നിനക്ക് മറുപടി കിട്ടണമല്ലേ... തരാം... പിന്നെ നീ ഒരിക്കലും ഇങ്ങനെ നമ്മളെ പിന്നാലെ നടന്ന് മറുപടി ചോദിക്കില്ല... നിനക്കുള്ള മറുപടി ഞാൻ തരാട്ടോ...'

എന്ന് മനസ്സിൽ ചിന്തിച്ചിട്ട് നമ്മള് ഓളെ നേരെ നടന്നടുത്തപ്പോ കുറച്ച് ജാഡയോടെ ഓള് കയ്യും കെട്ടി നമ്മളിൽ നിന്നും മുഖം തിരിച്ചു...

ഓൾക്ക് മാത്രം ഈ ജാഡ പോരല്ലോ... അതോണ്ട് നമ്മളും അതുപോലെ കൈ കെട്ടിയിട്ട് ഓളെ നോക്കി നിന്നു...

അത് കണ്ടപ്പോ ഓള് പെട്ടെന്ന് കൈ അഴിച്ചിട്ടു... എന്നിട്ട് ഓളെ മുഖത്തേക്ക് തൂങ്ങിയാടുന്ന മുടിയിഴകൾ നീക്കി ഓള് നമ്മളെ നോക്കി ചിരിച്ചു...

"പ്ലീസ് ആദി... എന്നോട് ക്ഷമിക്ക്... ഞാൻ ചെയ്തത് തെറ്റ് തന്നെയാ... സമ്മതിച്ചു... ഇനി ഒരിക്കലും എന്റെ ഭാഗത്ത് നിന്നും അങ്ങനെ ഒരു പെരുമാറ്റം ഉണ്ടാകില്ല... പ്രോമിസ്...

ഇനി നിനക്ക് ക്ഷമിക്കണമെങ്കിൽ ക്ഷമിക്കാം ക്ഷമിക്കുന്നില്ലെങ്കിൽ അതും ആകാം... ബട്ട് ദയവ് ചെയ്ത് എന്നെ പോലെ ഇങ്ങനെ മുഖം തിരിച്ച് പോകരുത്... അത് നിനക്ക് ഒട്ടും മാച്ചാകുന്നില്ല..."

എന്ന് ഓള് പറഞ്ഞപ്പോ നമ്മളെ ചുണ്ടിൽ അറിയാതെ ഒരു പുഞ്ചിരി വിടർന്നു... അത് കണ്ടതും ഐശൂന്റെ മുഖത്ത് ഒരു പ്രകാശം പരന്നു...

"നീ ഇപ്പോ സ്മൈൽ ചെയ്തു...? അപ്പോ അതിന് അർത്ഥം നീ എന്നോട് ക്ഷമിച്ചു എന്നല്ലേ... അല്ലെ....?

പറ ആദി... പറ...പ്ലീസ്....പ്ലീസ്...പ്ലീസ്..."

എന്ന് പറഞ്ഞ് ചിണുങ്ങി കൊണ്ട് ഐഷു നമ്മളെ മുന്നിൽ കണ്ണടച്ച് നിന്നപോ നമ്മള് ഒരു കള്ളച്ചിരിയോടെ ചുറ്റും ഒന്ന് കണ്ണോടിച്ചു... ഭാഗ്യത്തിന് ആ പരിസരത്ത് അപ്പോ ഞങ്ങള് രണ്ട് പേരും മാത്രേ ഉണ്ടായിരുന്നുള്ളു...

നമ്മള് അപ്പോ തന്നെ ഐഷുവിന്റെ അരയിലൂടെ കയ്യിട്ട് ഓളെ നമ്മളെ നെഞ്ചോട് ചേർത്ത് വെച്ച് ഓളെ ചുണ്ടോട് നമ്മളെ ചുണ്ടും ചേർന്നു... ഓളെ അധരങ്ങളിലെ തേൻ നുകർന്ന് നമ്മള് ഓളോട് ചേർന്നപ്പോ ഓളെ ഉണ്ടക്കണ്ണുകൾ പുറത്തേക്ക് തള്ളി

വന്നു...

നമ്മളെ പിൻകഴുത്തിൽ ഓളെ നഖം ആഴ്ന്നിറങ്ങി... ഓള് എന്നെ പിടിച്ച് തള്ളാൻ നോക്കുന്തോറും നമ്മള് ഓളോട് കൂടുതൽ അടുത്തു...

ഒടുവിൽ അവളിൽ നിന്നും അകന്ന് നിന്ന് നമ്മള് ഓളെ നോക്കി ഒന്ന് ചിരിച്ചപ്പോ നമ്മളെ പെണ്ണ് അപ്പോഴും ഷോക്കടിച്ച് നമ്മളെ കണ്ണും മിഴിച്ച് നോക്കി നിൽക്കേന്നു...

"ഇപ്പോ നിനക്ക് എന്റെ മറുപടി കിട്ടിയില്ലേ...? ഇനിയും അറിയണോ എന്റെ മറുപടി...?

എനിക്ക് നിന്നെ ഒരുപാട് ഇഷ്ടാണ് ഐഷു... നിന്റെ സ്ഥാനത്ത് എനിക്ക് മറ്റൊരാളെ സങ്കൽപ്പിക്കാൻ പോലും പറ്റില്ല... പക്ഷെ, നീയിന്ന് ചെയ്തത് എന്നെ തെല്ലൊന്നുമല്ല വേദനിപ്പിച്ചത്.... അതിന് ഞാൻ നിനക്ക് നൽകിയ ഒരു മധുര പ്രതികാരമായിട്ട് നീ ഇതിനെ കണ്ടാൽ മതി... ഇനിയും നിന്നിൽ നിന്നും അങ്ങനെ വല്ല പ്രവർത്തിയും ഉണ്ടായാൽ അപ്പോ ചെലപ്പോ ഞാൻ ഇങ്ങനെ ആയിരിക്കില്ല പ്രതികരിക്കുന്നത്..."

എന്ന് പറഞ്ഞ് നമ്മള് ഓളെ നോക്കി സൈറ്റടിച്ചിട്ട് തിരിച്ച് പാർക്കിലേക്ക് നടക്കാൻ ഒരുങ്ങിയപ്പോ ഐഷുവിന്റെ കണ്ണ് നിറഞ്ഞ് ഒഴുകി... അത് കണ്ടിട്ടും കാണാത്ത പോലെ നമ്മള് നിസൂന്റെ അടുത്തേക്ക് ചെന്നപ്പോഴും ഐഷു ആ നിൽപ്പ് തന്നെ ആയിരുന്നു....

★★★★★★★★★★★★★★★★★★★★★

'ഛീ....വൃത്തികെട്ടവൻ... റാസ്കൽ... രമ്യ അവനെ കുറിച്ച് പറയുന്നതൊക്കെ കെട്ടിട്ടാ ഞാൻ ഓനോട് സമാധാനം പറയാൻ പോയത്... എന്നിട്ടിപ്പോ ഓൻ നമ്മളെ.......

ഛെ.....'

എന്ന് ചിന്തിച്ചോണ്ട് നിറഞ്ഞൊഴുകുന്ന മിഴികളെ അവഗണിച്ച് നമ്മള് ചുണ്ട് നന്നായി ഒരച്ച് കഴുകാൻ തുടങ്ങി... എത്രയൊക്കെ കഴുകുന്നോ അത്രത്തോളം നമ്മളെ മനസ്സിലേക്ക് ആ സീൻ ഒഴുകി വന്നോണ്ടിരുന്നു... അത് ഓർമ്മ വരുമ്പോ നമ്മക്ക് നമ്മളോട് തന്നെ വെറുപ്പ് തോന്നുന്ന പോലെ തോന്നി...

ഓനെ ഒരുപാട് പ്രാകി കൊണ്ട് പൈപ്പിൽ നിന്നും മുഖത്തേക്ക് വെള്ളം ആഞ്ഞു വീശി.... ഓന്റെ മുഖം മനസ്സിൽ നിന്ന് മാഞ്ഞു പോകുന്ന വരെ അത് തന്നെ ആയിരുന്നു നമ്മക്ക് പണി... പക്ഷെ, അതൊന്നും നമ്മക്ക് നടപ്പിലാക്കാൻ പറ്റിയില്ല... ഇനിയും വെള്ളം മുഖത്തേക്ക് ഒഴിച്ചാൽ ഹോട്ടലിലെ ടാങ്ക് നമ്മള് കാരണം കാലിയാകും...

"നീ എന്നെ കിസ്സ് ചെയ്തു അല്ലെടാ.... ഇത് എനിക്ക് പൊറുക്കാൻ കഴിയാവുന്നതിലും അപ്പുറമാണ്... നീ ഈ ചെയ്തതിന് എന്റെ അടുത്ത് നിന്ന് നിനക്ക് മാപ്പ് കിട്ടില്ലെടാ പട്ടി... ഛീ... ഓർക്കുമ്പോ തന്നെ...."

നമ്മള് ഒരിക്കൽ കൂടി മുഖത്തേക്ക് വെള്ളം ഒഴിച്ച് നമ്മളെ മുഖം കണ്ണാടിയിൽ നോക്കിയപ്പോ നമ്മളെ മനസ്സിലേക്ക് വീണ്ടും അവിടെ നടന്നത് ഓടി വന്നു... നമ്മള് അപ്പോ തന്നെ കണ്ണടച്ച് പിടിച്ച് പല്ലിറുമ്പി കൊണ്ട് കണ്ണ് തുറന്ന് നോക്കിയതും നമ്മളെ പുറകിൽ ആ കോന്തൻ വന്ന് നിൽക്കുന്നു....

നമ്മള് വെട്ടിത്തിരിഞ്ഞ് ആ കണ്ണാടിയോട് ചേർന്ന് നിന്ന് നോക്കിയപ്പോ അവിടെ നമ്മള് മാത്രേ ഉണ്ടായിരുന്നുള്ളു... ഓനെ കണ്ട പോലെ തോന്നിയതാണെങ്കിലും മനസ്സിൽ എന്തോ ഒരു പേടി കൂടി വന്നു...

ആദി കളി തുടങ്ങി കഴിഞ്ഞു ഞാൻ ഇനി സൂക്ഷിക്കണമെന്ന് നമ്മളോട് നമ്മളെ മനസ്സ് തന്നെ മന്ത്രിച്ചു... നമ്മള് മെല്ലെ നടന്നതൊക്കെ ആലോചിച്ചോണ്ട് ഹോട്ടലിൽ നിന്നും ഇറങ്ങി ബസിന്റെ അടുത്തേക്ക് ചെന്നപ്പോ അവിടെ ബസിന്റെ അടുത്ത് ഓനും നമ്മളെ ചങ്ക്സും നിൽപ്പുണ്ടെന്നു...

ഓനെ കണ്ടപ്പോ നമ്മക്ക് ദേഷ്യവും സങ്കടവും വെറുപ്പും കരച്ചിലും പേടിയും ഒക്കെ കൂടി ഒരുമിച്ച് വന്നു... ഓൻ ആണെങ്കിൽ ഇങ്ങനെ ഒരു സംഭവം നടന്നിട്ടേ ഇല്ല എന്ന മട്ടിൽ അവരോട് ഒക്കെ സൊള്ളി നിൽക്കാണ്...

നമ്മള് അവരെയൊന്നും കാണാത്ത പോലെ ബസിലേക്ക് കേറാൻ നിന്നതും നമ്മളെ കുരാമീസ് നമ്മളെ അവിടെ തടഞ്ഞ് നിർത്തി...

"ഡി ഫെബി... എന്ത് കോലാടി ഇത്...? നീയെന്താ കുളിക്കാനാണോ പോയത്? ആകെ നനഞ്ഞ് ഒട്ടി ഒരുമാതിരി നനഞ്ഞ കോഴിയെ പോലെയുണ്ടല്ലോ... എന്താടി ഉണ്ടായേ...?"

എന്ന് അച്ചു ചോദിച്ചപ്പോ നമ്മളെ നോട്ടം ചെന്ന് പതിച്ചത് ആ കോന്തനിൽ ആയിരുന്നു... ഓൻ ഒരു ഭാവ വ്യത്യാസവും ഇല്ലാതെ നമ്മളെ നോക്കി സൈറ്റടിച്ചപ്പോ നമ്മളെ വയറിൽ കൂടി എന്തോ ഒന്ന് കാളി.... അതോണ്ട് പിന്നെ നമ്മള് അവിടെ നിന്നില്ല... നമ്മളെ കുരാമീസിനൊന്നും ഒരു മറുപടിയും കൊടുക്കാതെ വേഗം ബസിൽ കേറി സീറ്റിൽ ഇരുന്നു....

അപ്പോഴും നമ്മക്ക് അത് മനസ്സിൽ നിന്നും മായുന്നില്ല... ആ കോന്തനെ കാണുന്നതിന് അനുസരിച്ച് നമ്മക്ക് അത് മാത്രേ മനസിലേക്ക് വരുന്നുള്ളൂ... നമ്മള് അതോണ്ട് തന്നെ ഷോൾ കൊണ്ട് നമ്മളെ മുഖം പാതി മറച്ചാണ് അവിടെ ഇരുന്നത്... എന്തൊക്കെയോ പോലെ തോന്നാണ്...

ഓന്റെ പിന്നാലെ പോകാൻ തോന്നിയ നിമിഷത്തെ പഴി

ചാരി കൊണ്ട് നമ്മള് സ്വയം തലക്കടിച്ചു. അപ്പോഴാണ് നമ്മളെ ബ്രദേഴ്സും കുരാമീസും കൂടി ബസിലേക്ക് കേറി വന്നത്... വന്നപാടെ അവരൊക്കെ കൂടി നമ്മളെ ചുറ്റും നിന്നിട്ട് നമ്മളെ പ്രശ്നമെന്താന്ന് ചോദിച്ചു...

അവരെ ചോദ്യത്തിന് ഒന്നും നമ്മക്ക് കൊടുക്കാൻ ഒരു മറുപടി ഇല്ലെന്നു... ആ കോന്തൻ തെണ്ടി നമ്മളെ പിടിച്ച് കിസ്സ് ചെയ്തു എന്നൊന്നും ഇവരോട് പറയാൻ പറ്റില്ലല്ലോ... അതോണ്ട് ഒന്നൂല്യ തലവേദനയാണെന്ന് പറഞ്ഞ് നമ്മള് തടിയൂരി...

അപ്പോ ആ കോന്തൻ പെട്ടെന്ന് ബസിലേക്ക് കേറി വരുന്നത് കണ്ടതും നമ്മക്ക് എന്തൊക്കെയോ ആധിയും പരവേഷവുമൊക്കെയായി നമ്മള് വേഗം തല താഴ്ത്തി ഇരുന്നു... അപ്പോ അച്ചു പുറകില് അരുണിന്റെ അടുത്തേക്ക് പോയി ഇരിക്കാൻ നിന്നതും നമ്മള് ഓളെ തടഞ്ഞ് വെച്ചു...

"എങ്ങോട്ടാടി നീ പോകുന്നെ..?"

"ഞാൻ അരുണിന്റെ കൂടെ ഇരിക്കാൻ പോകുന്നു..."

"എന്നാ നീ അവിടെ ഇരിക്കണ്ടാ...മര്യാദക്ക് ഇവിടെ ഇരുന്നോ..."

"ഞാൻ നിന്നോട് പറഞ്ഞതായിരുന്നല്ലോ പിന്നെ എന്താ ഇപ്പോ ഒരു മനംമാറ്റം...."

"അന്നോട് അവിടെ പോയി ഇരിക്കണ്ടാന്നല്ലെടി ചൂലെ പറഞ്ഞത്... മര്യാദക്ക് ഇവിടെ ഇരുന്നോ... അതാ നിനക്കും എനിക്കും നല്ലത്... നീ നാഗവല്ലി കളിക്കാതെ ഇങ്ങോട്ട് കേറി ഇരിക്കുന്നുണ്ടോ... ഇല്ലെങ്കിൽ ഞാൻ നാഗവല്ലിയാകും...."

എന്ന് പറഞ്ഞ് അച്ചുവിനോട് ദേഷ്യപ്പെട്ട് ഒച്ച വെച്ചപ്പോ ആ കുരിപ്പ് നമ്മളെ വാ പൊത്തി പിടിച്ച് നമ്മളെ അടുത്ത് ഇരുന്നു....

"എന്താടി പെണ്ണെ നിനക്ക് പ്രാന്ത് പിടിച്ചോ..? എന്ത്

ഒച്ചയാ ഇത്... നീ ഇത്രക്ക് ഒച്ച വെക്കാൻ മാത്രം ഇപ്പോ ഇവിടെ എന്താ ഉണ്ടായേ..?"

അച്ചു അത് പറഞ്ഞപ്പോ ആ കോന്തൻ നമ്മളെ നോക്കി കൊണ്ട് അച്ചൂന്റെ പുറകിലൂടെ പാസ് ചെയ്ത് പോയതും നമ്മള് ഓനെ തുറുക്കനെ നോക്കി കൊണ്ട് കണ്ണ് നിറച്ചു... അപ്പോ അച്ചു നമ്മളെ വാ പൊത്തിയ കൈ മാറ്റിയിട്ട് നമ്മളെ തന്നെ നോക്കി...

"എന്താടി...എന്താ ഉണ്ടായേ..? നീയെന്തിനാ ഇപ്പോ കരയുന്നെ..? എന്താടി...? ആ സൽ മ നിന്നെ വല്ലതും ചെയ്തോ..? ചെയ്തെങ്കിൽ പറ... പിന്നെ അവളീ ക്യാമ്പ് തികയ്ക്കില്ല...

ഓള് നിന്റെ മുഖത്തേക്ക് കോഫീ ഒഴിക്കാൻ നോക്കിയല്ലേ..? ഞങ്ങളോട് കാക്കൂ എല്ലാം പറഞ്ഞു..."

എന്ന് അച്ചു പറഞ്ഞപ്പോ നമ്മള് ഞെട്ടി തിരിഞ്ഞ് ഓളെ നോക്കി...

"എ... എല്ലാം പറഞ്ഞൂന്ന് പറഞ്ഞാ.... എ... എന്താ പറഞ്ഞേ...?"

"ഇതൊക്കെ തന്നെ.... നീ ചെയ്ത തെറ്റിന് സോറി പറഞ്ഞ് കാക്കൂന്റെ അടുത്ത് ഇരുന്നതും ആ മൂധേവി കേറി വന്ന് നിന്റെ മുഖത്ത് കോഫി ഒഴിക്കാൻ നിന്നതും പിന്നെ നീ കാക്കൂന്റെ പിന്നാലെ നടന്ന് സോറി പറഞ്ഞതും... നിന്റെ ചോദ്യത്തിനൊക്കെ നല്ല ചുട്ടമറുപടി തന്നതും ഒക്കെ പറഞ്ഞു...

പക്ഷെ, നീ എന്താ ചോദിച്ചതെന്നോ കാക്കു എന്ത് മറുപടിയാ നിനക്ക് തന്നതെന്നോ എത്ര ചോദിച്ചിട്ടും മൂപ്പര് പറഞ്ഞ് തന്നില്ല... അതൊക്കെ നിന്നോട് തന്നെ ചോദിക്കാൻ പറഞ്ഞു... എന്താ കാര്യം ഫെബി..."

അച്ചു പറയുന്നത് കേട്ട് ഇത്തിരി സമാധാനം ആയെങ്കിലും ആ കോന്തൻ നമ്മളെ ഇവളെ മുന്നിൽ കുടുക്കിയിട്ടാണ് പോയതെന്ന് അറിഞ്ഞപ്പോ നമ്മക്ക് വീണ്ടും ഓനോടുള്ള ദേഷ്യം കൂടി.... അച്ചു ഒരു സ്വസ്ഥതയും തരാതെ നമ്മളോട് എന്താ നമ്മള് ഓനോട് ചോദിച്ചത് ആ കോന്തൻ എന്ത് മറുപടിയാ നമ്മക്ക്

തന്നതെന്ന് ചോദിച്ച് ശല്യം ചെയ്തപ്പോ നമ്മക്ക് അതൊക്കെ കൂടി ഓർമ്മയിലേക്ക് വന്നു...

അപ്പോ തന്നെ നമ്മള് കണ്ണ് രണ്ടും ഇറുക്കിയടച്ച് കാത് രണ്ടും പൊത്തി പിടിച്ചോണ്ട് നോ..... എന്ന് അലറി വിളിച്ചു... അപ്പോ തന്നെ അച്ചു നമ്മളെ വാ പിന്നെയും പൊത്തി പിടിച്ചു....

ബസിൽ അപ്പോ എല്ലാവരും കേറി ഇരുന്നതോണ്ട് നമ്മളെ അലർച്ച കേൾക്കാൻ ഇനി ബസിൽ ആരും ഇല്ലെന്നു... എല്ലാവരും ശബ്ദം കേട്ട് നമ്മളെ ഭാഗത്തേക്ക് തിരിഞ്ഞു നോക്കിയപ്പോ ഞമ്മള് വേഗം തല താഴ്ത്തി കുമ്പിട്ട് ഇരുന്നു...

അപ്പോ അച്ചു അവരെയൊക്കെ നോക്കിച്ചിരിച്ചിട്ട് ഒന്നുല്ല്യാന്ന് പറഞ്ഞ് നമ്മളെ കയ്യിന് നല്ല നുള്ള് വെച്ച് തന്നു... നമ്മള് ഓള് നുള്ളിയ ഭാഗത്ത് തടവി കൊണ്ട് ബസ് പുറപ്പെടുന്ന വരെ അങ്ങനെ ഇരുന്നു...

ബസ് നീങ്ങി തുടങ്ങിയതും നമ്മള് മെല്ലെ സീറ്റിൽ

നിന്നും തല ഉയർത്തി നോക്കിയപ്പോ നമ്മളെ കുരാമീസ് മാത്രം നമ്മളെ അന്തം വിട്ട് നോക്കുന്നുണ്ടെന്നു... നമ്മള് അവർക്ക് നേരെ സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊടുത്തപ്പോ അവറ്റകള് നമ്മളെ തുറുക്കനെ നോക്കി ഇരുന്നു...

"ഡി ഭദ്രകാളി...ഞാൻ നിന്നോട് കാക്കുവും നീയും തമ്മിൽ എന്താ പറഞ്ഞത് എന്നല്ലേ ചോയിച്ചത്... അത് നിനക്ക് പറയാൻ പറ്റില്ലെങ്കിൽ ഞങ്ങൾ കേൾക്കുന്ന പോലെ നോ പറഞ്ഞാൽ പോരെ...എന്തിനാ വെറുതെ നാട്ടുകാരെ കൂടി കേൾപ്പിക്കുന്നെ കുരുപ്പേ..."

എന്ന് പറഞ്ഞ് അച്ചു നമ്മളെ ചിറിക്ക് ഒരടി തന്നപ്പോ നമ്മള് നോ എന്ന് അലറിയതിനേക്കാൾ ഉച്ചത്തിൽ ആ....എന്ന് അലറി വിളിച്ചു... അപ്പോ തന്നെ അച്ചു നമ്മളെ വാ വീണ്ടും പൊത്തിയിട്ട് ഒരുപാട് സോറി പറഞ്ഞു...

നമ്മള് ഓളെ കൈ തട്ടി മാറ്റിയിട്ട് ഓളോട് ചൂടാകാൻ നിന്നതും നമ്മളെ ചുണ്ടിൽ നിന്നും ചോര പൊടിഞ്ഞത് അച്ചു ശ്രദ്ധിച്ചു...

"എടി ഫെബി...ഞാൻ അടിച്ചിട്ടാണോ നിന്റെ ചുണ്ട് പൊട്ടിയേ...?"

എന്ന് അച്ചു വെപ്രാളപ്പെട്ടോണ്ട് ചോദിക്കുന്നത് കേട്ടപ്പോ നമ്മക്ക് ഓർമ്മ വന്നത് ആ കോന്തൻ നമ്മളെ ചുണ്ടിൽ കടിച്ചതാണ്... അച്ചു കരച്ചിലിന്റെ വക്കോളാം എത്തിയിട്ടാണ് നമ്മളോട് ചോദിക്കുന്നത്... അതോണ്ട് അല്ലെടി എന്ന് പറയണമെന്നുണ്ട്... പക്ഷെ അപ്പോ ഓള് ഇത് പിന്നെ എങ്ങനെ ആയെന്ന് ചോദിച്ചാൽ നമ്മള് എന്ത് ഉത്തരം കൊടുക്കും...

അതോണ്ട് നമ്മള് ഓളോട് ഒന്നുമില്ലെടി അത് സാരമില്ല എന്നൊക്കെ പറഞ്ഞ് സമാധാനിപ്പിച്ച് നിർത്തിയെങ്കിലും നമ്മളെ സമാധാനം അതോടെ പോയി... കാരണം അച്ചു അടിച്ചപ്പോഴാ ആ കോന്തൻ കടിച്ച ഭാഗത്ത് കുറച്ച് കൂടി മുറിവ് കൂടിയതും ചോര വന്നതും... പോരാത്തതിന് നമ്മളെ ചുണ്ട് ഇപ്പോ ചെറുതായി വീങ്ങിയിട്ടുമുണ്ട്... എല്ലാം കൂടി കച്ചറ പിച്ചറ കുറ്റിച്ചിറ മാനാഞ്ചിറ എന്ന് പറഞ്ഞ പോലെയായി...

അപ്പോഴുണ്ട് പുറകിൽ നിന്നും ഒരു കൂട്ടച്ചിരി മുഴങ്ങുന്നു... എന്താ കാര്യമെന്ന് അറിയാൻ വേണ്ടി ഞങ്ങളൊന്ന് തിരിഞ്ഞു നോക്കിയപ്പോ അവന്മാരൊക്കെ കൂടി നമ്മളെ അലർച്ച കേട്ടിട്ട് ഹലാക്കിലെ ചിരിയാണ്... നമ്മള് വേഗം തിരിഞ്ഞിരുന്നിട്ട് നമ്മളെ തലക്ക് തന്നെ ഒരു മേട്ടവും കൊടുത്തിട്ട് തല താഴ്ത്തി ഇരുന്നപ്പോ നമ്മളെ കുരാമീസും അവരെ കൂടെ ചേർന്ന് പൊരിഞ്ഞ ചിരിയാണ്... നമ്മള് ഓരേയൊക്കെ ഒന്ന് രൂക്ഷമായി നോക്കി കൊണ്ട് തല തിരിച്ച് പുറത്തേക്ക് നോക്കി ഇരുന്നപ്പോഴും അവരെ അടക്കി പിടിച്ച ചിരി കേട്ട് നമ്മക്കും ചിരി വന്നിരുന്നു...

കുറച്ച് കഴിഞ്ഞപ്പോ നേരം ആകെ ഇരുട്ടി തുടങ്ങിയിരുന്നു... ബസിൽ ലൈറ്റ് ഒക്കെ ഇട്ട് സെറ്റപ്പ് ആക്കിയപ്പോ എല്ലാവരും കൂടി പാട്ടിന് അനുസരിച്ച് ഡാൻസ് കളിക്കുന്ന തിരക്കിലേന്നു... നമ്മക്ക് തലവേദനയാണെന്ന് പറഞ്ഞ് തടി ഊരിയതോണ്ട് നമ്മളെ കുരാമീസ് പിന്നെ നമ്മളെ നിർബന്ധിക്കാൻ വന്നില്ല...

ആ കോന്തൻ ഡാൻസ് കളിച്ചോണ്ട് മുന്നിലേക്ക് വന്ന്

നമ്മളെ നോക്കിയപ്പോ നമ്മള് വേഗം മുഖം തിരിച്ച് ഷാള് കൊണ്ട് വാ പൊത്തി ഇരുന്നു...

അത് കണ്ടിട്ട് ആ കോന്തൻ ചിരിച്ചോണ്ട് പോകുന്നത് കണ്ടപ്പോ നമ്മക്ക് ദേഷ്യം വന്നെങ്കിലും നമ്മള് ഒന്നും മിണ്ടാതെ അവിടെ ഇരുന്നു...

അപ്പോഴാണ് നമ്മള് സൽമയെ ശ്രദ്ധിച്ചത്... ഓളെ കണ്ണിൽ നേരത്തെ നമ്മള് ഓളോട് പറഞ്ഞതിനും ചെയ്തതിനുമുള്ള പക ആളി കത്തുന്നുണ്ട്....നമ്മളെ തന്നെ രൂക്ഷമായി നോക്കി കൊണ്ട് ഓള് വിരല് ചൂണ്ടിയപ്പോ നമ്മള് ഓളെ പുച്ഛിച്ച് തള്ളിയിട്ട് മുഖം തിരിച്ചിരുന്നു...

കുറച്ച് കഴിഞ്ഞപ്പോ തുള്ളിച്ചാടി ക്ഷീണിച്ച് അവറ്റകളൊക്കെ സീറ്റിൽ ഇടം പിടിച്ചു... എന്നിട്ട് ഓരോന്ന് സൊള്ളി കൊണ്ട് പൊരിഞ്ഞ ചിരി... നമ്മള് അതിൽ നിന്നൊക്കെ ഒരല്പം മാറി കൊണ്ട് വിൻഡോ ഗ്ലാസിൽ തല വെച്ച് അങ്ങനെ കിടന്നു...

കുറച്ച് കഴിഞ്ഞപ്പോ ഊട്ടി എത്തി ഞങ്ങക്ക് താമസിക്കാനുള്ള ഹോട്ടലിന് മുന്നിൽ ബസ്

നിർത്തിയിട്ടു... ഞങ്ങൾ എല്ലാവരും കൂടി ലഗേജ് ഒക്കെ എടുത്ത് ബസീന്ന് ഇറങ്ങി ഹോട്ടലിലേക്ക് പോയി...

നമ്മക്കും നമ്മളെ കുരാമീസിനും ഒരു റൂമായിരുന്നു കിട്ടിയത്... നമ്മളെ ബ്രദേഴ്സിന്റെ റൂം ആണെങ്കിൽ ഞങ്ങളെ റൂം കഴിഞ്ഞിട്ടുള്ള നാലാമത്തെയും അഞ്ചാമത്തെയും റൂമാണ്...

അങ്ങനെ ഞങ്ങള് എല്ലാവരും കൂടി റൂമിൽ കയറിയതും നമ്മള് നേരെ ബെഡിലേക്ക് ഒരു കിടത്തമായിരുന്നു... നല്ല യാത്ര ക്ഷീണം ഞങ്ങൾക്കൊക്കെ ഉണ്ടായതോണ്ട് നമ്മളെ പിന്നാലെ അവറ്റകളും ബെഡിലേക്ക് കിടന്നു...

"എടി ഫെബി...ഇപ്പോ തന്നെ ഉറങ്ങണോ...? എനിക്ക് വിശന്നിട്ട് വയ്യ... നമ്മക്ക് വല്ലതും കഴിച്ചിട്ട് കിടന്നാൽ പോരെ...?"

എന്ന് ഷംന പറഞ്ഞപ്പോ നമ്മള് പെട്ടെന്ന് ബെഡിൽ നിന്ന് ചാടി എണീറ്റു... ആ കോന്തന്റെ കണ്ണ് വെട്ടിച്ച് നമ്മള് റൂമിലേക്ക് കേറി വന്നത് എങ്ങനെ ആണെന്ന്

നമ്മക്ക് മാത്രേ അറിയൂ... ഇനി ഇപ്പോ ഫുഡ് കഴിക്കാൻ പോയാൽ ആ കോന്തന്റെ മുന്നിലേക്ക് വീണ്ടും ചെല്ലേണ്ടി വരും...

അതൊക്കെ കൂടി ആലോചിച്ചപ്പോ നമ്മക്ക് ദേഷ്യം വന്നു....

"എനിക്ക് ഫുഡ് വേണ്ട...വിശപ്പില്ല... നിങ്ങള് വേണെങ്കിൽ പോയി കഴിച്ചോ..."

കള്ളം പറഞ്ഞതല്ലട്ടോ കാര്യം പറഞ്ഞതാ... ആ കോന്തൻ നമ്മളെ കിസ്സ് ചെയ്തപ്പോ തൊട്ട് ഒരു തുള്ളി വെള്ളം പോലും തൊണ്ട വഴി ഇറങ്ങുന്നില്ല... അതും പോരാഞ്ഞ് നമ്മക്ക് ആണെങ്കിൽ വിശക്കുന്നുമില്ല... എല്ലാം ആ കോന്തനെ കൊണ്ട് തന്നെ...

"എന്നാൽ പിന്നെ നീ ഫ്രെഷായി കിടന്നോ ഫെബി... ഞങ്ങള് ഫുഡ് കഴിച്ച് വരാം..."

എന്ന് അച്ചു പറഞ്ഞപ്പോ നമ്മള് ഒന്ന് മൂളി... അപ്പോ നമ്മളെ കുരാമീസ് റൂമീന്ന് ഇറങ്ങി പോയപ്പോ

നമ്മളൊന്ന് ഫ്രഷായി വന്നിട്ട് ശംനന്റെ പർദ്ദയിട്ട് നിസ്കരിച്ച് പടച്ചോനോട് ആ കോന്തന്റെ കയ്യിന്ന് നമ്മളെ രക്ഷിക്കണേന്ന് പ്രാർത്ഥിച്ച് കിടന്നു...

ഊട്ടി ആയോണ്ട് തന്നെ തണുപ്പിനൊന്നും ഒരു കുറവും ഇല്ലെന്നു... എല്ലാം നല്ലോണം കൂടുതൽ ആയിട്ട് തന്നെയുണ്ട്... ഉമ്മ ആണെങ്കിൽ ബാഗിൽ സ്വെറ്റർ എടുത്ത് വെച്ചിട്ടില്ല... അതോണ്ട് നമ്മക്ക് നല്ലോണം തണുക്കുന്നുണ്ടേന്നു...

നമ്മള് ആ റൂമിലെ കമ്പിളി പുതപ്പ് എടുത്ത് നന്നായി പുതച്ച് മൂടിയിട്ട് നല്ല സുഖായിട്ട് കിടന്ന് അപ്പോ തന്നെ ഉറങ്ങി പോയി...

★★★★★★★★★★★★★★★★★★★★★

ഐഷു ബസീന്ന് ഇറങ്ങിയതിൽ പിന്നെ നമ്മള് ഓളെ കണ്ടിട്ടില്ല... ഓള് ഫുഡ് കഴിക്കാൻ വരുമ്പോഴെങ്കിലും പെണ്ണിനെ കാണാലോ എന്ന് കരുതി നിൽക്കുമ്പോഴാ അവളൊഴികെ ബാക്കി നാലും കൂടി ഹോട്ടലിന്റെ

റെസ്റ്റോറന്റിലേക്ക് വന്നത്...

ചോദിച്ച് നോക്കിയപ്പോ ഓൾക്ക് വിശപ്പില്ലാന്ന് പറഞ്ഞ് റൂമിൽ തന്നെ ഇരിക്കാണെന്ന് അച്ചു പറഞ്ഞപ്പോ ഓളെ വിശപ്പില്ലായ്മയുടെ കാരണം ഓർത്ത് നമ്മക്ക് ചിരി വന്നു... എന്തായാലും നമ്മളെ കാണണ്ടെന്ന് കരുതിയാകും ഇങ്ങോട്ട് വരാത്തതെന്ന് തോന്നിയതോണ്ട് നമ്മള് അവിടന്ന് മെല്ലെ മുങ്ങി...

എന്നിട്ട് ആരും കാണാതെ അവരെ റൂമിന്റെ അടുത്തേക്ക് ചെന്ന് വാതിൽ തുറന്നപ്പോ ലോക്ക് ചെയ്തിട്ടില്ലേന്നു... നോക്കുമ്പോ നമ്മളെ പെണ്ണുണ്ട് മൂടി പുതച്ച് കിടന്നുറങ്ങുന്നു... നമ്മളെ ഉറക്കം എന്തായാലും പോയ മട്ടാണ് അതോണ്ട് ഓളെയും അങ്ങനെ ഉറക്കി കെടുത്താൻ നമ്മള് തീരുമാനിച്ചിട്ടില്ല...

അതോണ്ട് നമ്മള് മെല്ലെ പമ്മി പതുങ്ങി റൂമിൽ കേറി വാതിലടച്ച് ഓളെ അടുത്തേക്ക് പോയി ബെഡിൽ ഇരുന്ന് ഓളെ നോക്കി കൊണ്ടിരുന്നു....ഓൾക്ക് നന്നായിട്ട് തണുക്കുന്നുണ്ടെന്ന് തോന്നുന്നു... മൂടി പുതച്ചിട്ടും പെണ്ണ് നന്നായി വിറക്കുന്നുണ്ട്...

ഓളെ വിറയല് കണ്ടിട്ടാണെങ്കിലോ നമ്മക്ക് നമ്മളെ കൺട്രോളും പോകുന്നുണ്ട്... അതോണ്ട് ഇനി അധികം ഇവിടെ ചുറ്റി പറ്റി നിക്കണ്ടാന്ന് നമ്മക്ക് തോന്നി... നല്ല യാത്ര ക്ഷീണം ഉള്ളതോണ്ട് ഓള് ഉറങ്ങിക്കോട്ടെ എന്ന് ചിന്തിച്ച് നമ്മള് ഓളെ മുഖത്തേക്ക് വീണ് കിടക്കുന്ന മുടിയിഴകൾ മാറ്റിയിട്ട് കുറച്ച് നേരം കൂടി ഓളെ നോക്കി ഇരുന്നു...

അപ്പോഴാണ് നമ്മള് ഓളെ ചുണ്ട് പൊട്ടിയത് ശ്രദ്ധിച്ചത്... അത് കണ്ടപ്പോ നമ്മക്ക് എന്തോ ഇന്ന് ഓളോട് പെരുമാറിയത് മോശമായി പോയെന്ന് തോന്നി...

നമ്മള് ഓളെ ഉണർത്തണോ വേണ്ടയോ എന്ന് ചിന്തിച്ച് കൂട്ടിയിട്ട് നമ്മള് ഓളെ കൈ പിടിച്ച് നമ്മളെ കൈക്കുള്ളിൽ ഭദ്രമാക്കി വെച്ചു... എന്നിട്ട് ഓളെ തലയിൽ തലോടി കൊണ്ട് ഓളെ കയ്യിലൊരു മുത്തമിട്ട് നമ്മള് എണീക്കാൻ നിന്നതും ഐഷു നമ്മളെ കൈ വിടുന്നില്ല...

പെണ്ണ് ഉറക്കപ്പിച്ചിൽ എന്തൊക്കെയോ പറയുന്നുണ്ട്...

പക്ഷെ, ഒന്നും വ്യക്തമല്ല...ഇടക്ക് എപ്പോഴോ ഒരു കോന്തൻ വിളി കേട്ടപ്പോ നമ്മളെയാണ് ഓള് സ്വപ്നത്തിൽ കാണുന്നതെന്ന് മനസ്സിലായി... നമ്മള് ഓളെ പിറുപിറുക്കല് കേട്ട് ചിരിച്ചോണ്ട് നമ്മളെ കൈ പതിയെ വിടുവിക്കാൻ നോക്കിയതും ഐഷു നമ്മളെ കൈ ഓളെ തലയണയാക്കി വെച്ച് നമ്മളെ കയ്യിൽ ഉമ്മ വെച്ചു...

നമ്മള് അന്തം വിട്ട് തോള്ളേം തുറന്ന് ഓളെ നോക്കി അവിടെ തന്നെ ഇരുന്നപ്പോ ഓളെ മുഖഭാവം കണ്ട് എന്റെ കൺട്രോൾ പോകുന്ന പോലെ തോന്നി... ഇടക്ക് പുഞ്ചിരി തൂകി കൊണ്ടും ഇടക്ക് മുഖത്ത് ഷോകഭാവവും ഒക്കെ മിന്നിമറയുന്നുണ്ട്...

നമ്മക്ക് ആണെങ്കിൽ ഓളെ കോപ്രായങ്ങൾ കണ്ടിട്ട് കൗതുകവും അതിലുപരി ചിരിയുമാണ് വരുന്നത്... ഓളെ ആ വെളുത്ത് തുടുത്ത കവിള് കാണുമ്പോ ഒരൊറ്റ കടി വെച്ച് കൊടുക്കാൻ ഒക്കെ തോന്നുന്നുണ്ട്... ഇനി ആ കടി കൂടി കിട്ടിയിട്ട് ഓള് നമ്മളെ പിടിച്ച് തിന്നണ്ട... അതോണ്ട് നമ്മള് നമ്മളെ വികാരങ്ങളൊക്കെ അടക്കി വെച്ചിട്ട് നമ്മളെ കൈ എടുക്കാനുള്ള വഴി നോക്കി...

അപ്പോഴാണ് അച്ചുവും കൂട്ടരും കൂടി പെട്ടെന്ന് വാതിൽ തുറന്ന് അകത്ത് വന്നത്. നമ്മളെ കണ്ടതും അവറ്റകൾ നാലും കൂടി അന്തം വിട്ട് നമ്മളെ നോക്കി നിന്നു...

"കാക്കു എന്താ ഇവിടെ..?"

"ശൂ.... മിണ്ടല്ലേ.... ഐഷു ഉറങ്ങാണ്... ഞാൻ ഇങ്ങോട്ട് വന്നെന്ന് എങ്ങാനും അറിഞ്ഞാൽ ഇവള് ഈ ഹോട്ടൽ രണ്ടായി പിളർക്കും..."

എന്ന് നമ്മള് ശബ്ദം താഴ്ത്തി കൊണ്ട് അവരോട് സംസാരിച്ചപ്പോൾ അവരൊക്കെ പതിയെ സംസാരിക്കാൻ തുടങ്ങി...

"ആദിൽക്കാ... ഓള് എണീക്കുന്നതിന് മുൻപ് ഇങ്ങള് ഇവിടന്ന് പോകാൻ നോക്കീ..."

"ഞാൻ എങ്ങനെ പോകാനാ സനാ... അവളെന്റെ കൈ

പിടിച്ച് തലയണയാക്കി വെച്ചേക്കല്ലേ..."

എന്ന് നമ്മള് പറഞ്ഞപ്പോഴാ അവറ്റകളും അത് ശ്രദ്ധിച്ചത്... അപ്പോ അച്ചു വൺ മിനിറ്റ് എന്ന് കാണിച്ചോണ്ട് ബെഡിലേക്ക് കയറിയിട്ട് ഐഷുന്റെ കാതോരം നിന്ന് ഓളെ ഷോൾ കൊണ്ട് ഓളെ ചെവിയിൽ ഇക്കിളി പെടുത്തി...

അപ്പോ തന്നെ ഐഷു അപ്പുറത്തേക്ക് തിരിഞ്ഞ് കിടന്നതും നമ്മള് വേഗം കൈ എടുത്തു...

അപ്പോ തന്നെ ഐഷു പെട്ടെന്ന് കണ്ണ് തുറന്ന് അച്ചൂനെ തുറുക്കനെ നോക്കി...

"എന്താടി അച്ചു നീ എന്നെ ഇങ്ങനെ നോക്കുന്നെ...?"

എന്ന് ഐഷു ചോദിച്ചപ്പോ അവറ്റകൾ നാലും കൂടി നമ്മളെ നോക്കി കൊണ്ട് ഒന്നും പറയാൻ കിട്ടാതെ നിന്ന് പരുങ്ങി... നമ്മള് അപ്പോ അവറ്റകളോട് മിണ്ടരുതെന്ന് ആംഗ്യം കാണിച്ചപ്പോ അച്ചു നമ്മളെ നോക്കി തല കുലുക്കി...

അത് കണ്ട് ഐഷു പെട്ടെന്ന് നമ്മളെ ഭാഗത്തേക്ക് തിരിഞ്ഞ് നോക്കിയതും നമ്മള് വേഗം കട്ടിലിനടിയിലേക്ക് ഇറങ്ങി ചെന്നു...

"എന്താടി നിങ്ങള് നാലിനും എന്താ പറ്റിയെ..? എന്നെ എന്തിനാ ഇങ്ങനെ മിഴിച്ച് നോക്കുന്നെ..?

ഫുഡ് അല്ലെ നിങ്ങള് കഴിച്ചത്..? അതോ വേറെ വല്ലതുമാണോ..?

ഇങ്ങനെ നോക്കി കൊണ്ട് നിൽക്കാതെ ഈ ടേബിൾ ലാംബ് ഒഴിച്ച് ബാക്കിയുള്ള ലൈറ്റ് ഒക്കെ ഓഫാക്കി വന്ന് കിടക്കാൻ നോക്ക്..."

എന്ന് പറഞ്ഞ് ഐഷു തിരിഞ്ഞ് കിടന്ന പോലെ നമ്മക്ക് തോന്നി... നമ്മള് അപ്പോ തന്നെ മെല്ലെ കട്ടിലിന്റെ അടിയിൽ നിന്നും എണീറ്റിട്ട് അവരോട് ലൈറ്റ് ഓഫാക്കാൻ ആംഗ്യം കാണിച്ചു...

നസി അപ്പോ തന്നെ ചെന്ന് എല്ലാ ലൈറ്റും ഓഫ് ചെയ്ത് വെച്ചതും നമ്മള് ഐഷുന്റെ കവിളിൽ ഒരുമ്മ

കൊടുത്തിട്ട് വേഗം റൂമീന്ന് പുറത്തേക്ക് ഓടി വാതിലടച്ചു... അകത്ത് നിന്ന് ഓള് ലൈറ്റിടാൻ പറഞ്ഞ് കൂവുന്നതൊക്കെ നമ്മക്ക് നല്ലോണം കേക്കുന്നുണ്ടെന്നു... നമ്മള് അതൊക്കെ ആലോചിച്ച് ചിരിച്ചോണ്ട് അവിടന്ന് നടന്ന് നീങ്ങിയപ്പോഴുണ്ട് സൽ മ ഓളെ റൂമിന്റെ പുറത്ത് നിന്ന് നമ്മളെ രൂക്ഷമായി നോക്കുന്നു...

ഓളെ നോട്ടത്തെയൊന്നും കാര്യമാക്കാതെ നമ്മള് റൂമിലേക്ക് പോകാൻ നിന്നതും ഓള് നമ്മളെ മുന്നിൽ വന്ന് നിന്നു...

"ഈ നേരത്ത് നിനക്ക് എന്തായിരുന്നു ആദി ഓളെ റൂമിൽ കാര്യം...?"

"എന്റെ പെണ്ണിന്റെ റൂമിൽ എനിക്ക് പല കാര്യങ്ങളും ഉണ്ടാകും...അതൊന്നും വഴീ പോകുന്നവരോടൊന്നും പറയേണ്ട ആവശ്യം എനിക്കില്ല..."

"അപ്പോ വന്ന് വന്ന് ഈ പരിപാടിയും അവള്

തുടങ്ങിയില്ലേ...?"

എന്ന് ഓള് പറഞ്ഞു തീരുന്നതിന് മുന്നേ തന്നെ ഓളെ ചെവിക്കല്ല് നോക്കി ഒരെണ്ണം നമ്മള് പൊട്ടിച്ചിരുന്നു... ഓളെ മുഖത്ത് നമ്മളെ കയ്യിന്റെ പാട് അപ്പാടെ പതിഞ്ഞ് നീര് വന്ന് ഓളെ ചുണ്ട് പൊട്ടിയിട്ടുണ്ട്...

ഓള് കവിളിൽ കൈ വെച്ച് കൊണ്ട് നിറമിഴികളോടെ നമ്മളെ രൂക്ഷമായി നോക്കിയപ്പോ നമ്മക്ക് ഒരെണ്ണം കൂടി കൊടുക്കാനായിരുന്നു തോന്നിയത്...

"നിനക്ക് കിട്ടേണ്ടത് കിട്ടിയില്ലേ... ഇനി ഇവിടെ നിന്ന് അധികം ഷോ കാണിക്കാൻ നിക്കാതെ പോകാൻ നോക്ക്..."

എന്ന് പറഞ്ഞ് നമ്മള് അവിടന്ന് പോകാൻ നിന്നപ്പോ നമ്മളെ മുന്നിലേക്ക് സാലിം വരുന്നത് കണ്ടു... ഓനെ കണ്ടതും സൽ മ ഓടി ചെന്ന് ഓനെ കെട്ടി പിടിച്ച് ഓന്റെ നെഞ്ചിൽ മുഖം താഴ്ത്തി...

നമ്മള് അതൊക്കെ ഒരു പുച്ഛത്തോടെ നോക്കിയിട്ട്

അവിടന്ന് ഞങ്ങളെ റൂമിലേക്ക് പോയി വാതിലടച്ചു....

"ഡാ ആദി...നീ എവിടെ ആയിരുന്നു ഇത്രെയും നേരം...? ഫുഡ് കഴിക്കാനും നിന്നെ കണ്ടില്ലല്ലോ..." അൻസിയാണ്.

"അത്... ഞാനെന്റെ പെണ്ണിനെ ഒന്ന് കാണാൻ പോയതാ..."

"ഓഹോ...അപ്പോ അതാണല്ലേ കാര്യം..? എനിക്ക് അപ്പോഴേ തോന്നി അതാകുമെന്ന്... കാരണം ഫെബിയും ഫുഡ് കഴിക്കാൻ വന്നിട്ടില്ലല്ലോ..." അരുണാണ്.

"എന്നിട്ട് കാണല് മാത്രമാണോ അതോ വേറെ വല്ലതും.....ഉം.....?"

എന്ന് പറഞ്ഞ് നിസു നിന്ന് മൂളിയപ്പോ നമ്മള് ഓനെ തലയണ വെച്ച് അടിച്ച് വേഗം ബാത്റൂമിൽ

കേറി...ഇല്ലെങ്കിൽ അവന്മാരൊക്കെ കൂടി ചോദ്യങ്ങൾക്ക് മേൽ ചോദ്യം ചോദിച്ച് നമ്മളെ വായീന്ന് നടന്നതൊക്കെ പറയിപ്പിക്കും....

★★★★★★★★★★★★★★★★★★★★★

"സത്യം പറയെടി ജന്തുക്കളെ... ആരാ എന്നെ ഉമ്മ വെച്ചത്..?"

"എന്റെ ഫെബി...നീ ഇങ്ങനെ തുള്ളല്ലേ... ഞാൻ പറഞ്ഞില്ലേ...ഞാൻ തന്നെയാ നിന്നെ ഉമ്മ വെച്ചത് ..."

"ദേ അച്ചു...ചുമ്മാ കള്ളം പറഞ്ഞ് രക്ഷപെടാൻ നോക്കണ്ടാ... നീയല്ല എന്നെ ഉമ്മ വെച്ചത് അതെനിക്ക് ഉറപ്പാ..."

"ഞാൻ അല്ല നിന്നെ ഉമ്മ വെച്ചതെന്ന് നിനക്ക് എന്താ ഇത്രക്ക് ഉറപ്പ്...? നീ കണ്ടോ അത് ഞാനല്ലാന്ന്... കണ്ടോ...പറ..."

എന്ന് മറുചോദ്യം ചോദിച്ചോണ്ട് അച്ചു നമ്മളെ നോക്കി കണ്ണുരുട്ടിയപ്പോ നമ്മളെ നാക്ക് ഇറങ്ങി പോയി... കാരണം, ആരാ നമ്മളെ ഉമ്മ വെച്ചതെന്ന് ഇരുട്ടായതോണ്ട് നമ്മള് കണ്ടിട്ടില്ല...

പക്ഷെ, അത് ആരായാലും ഒരിക്കലും അച്ചു ആകില്ല... എന്നെ ഉമ്മ വെച്ചപ്പോ നമ്മളെ മുഖത്ത് എന്തോ കുത്തിയിരുന്നു... അത് ആ കോന്തൻ എങ്ങാനും ആകോ എന്ന് പേടിച്ചാ നമ്മള് അവരോട് വേഗം ലൈറ്റ് ഇടാൻ പറഞ്ഞത്... അപ്പോ നോക്കുമ്പോഴോ നമ്മളെ കുരാമീസ് അല്ലാതെ മറ്റാരും റൂമിൽ ഇല്ല... പക്ഷെ എല്ലാത്തിന്റെയും മുഖത്ത് ഒരു കള്ളലക്ഷണം നന്നായിട്ടുണ്ട്...

"ഇപ്പോ എന്താടി നിന്റെ നാവിറങ്ങി പോയോ...? ഞാൻ ചോയിച്ചത് നീ കേട്ടില്ലേ..? ഞാനല്ല നിന്നെ ഉമ്മ വെച്ചതെന്ന് നിനക്കെന്താ ഇത്രക്ക് ഉറപ്പ്....?

നിന്റെ കവിളിൽ വല്ല താടിയും കുത്തിയോ..?"

എന്ന് അച്ചു ചോദിച്ചപ്പോ നമ്മള് ഓളെ നോക്കി അതെ എന്ന് തലയാട്ടി... അപ്പോ അച്ചു നിന്ന് പരുങ്ങി കൊണ്ട് ബാക്കി മൂന്നിനെയും ഒന്ന് ഇടങ്കണ്ണിട്ട് നോക്കി... എന്നിട്ട് നാലും കൂടി പൊട്ടന്മാരെ പോലെ നിന്ന് പൊട്ടിച്ചിരിച്ചിട്ട് നമ്മളെ അടുത്ത് വന്നു...

"എന്റെ ഫെബി....നീ ഇതേത് ലോകത്താ ജീവിക്കുന്നെ...?

ഞാൻ നിന്നെ ഉമ്മ വെച്ചപ്പോ നിനക്ക് എങ്ങനെയാടി കാക്കു നിന്നെ ഉമ്മ വെച്ച പോലെ തോന്നിയത്...?"

"ഞാൻ വിചാരിച്ചത് ഓനെയാണെന്ന് നിനക്ക് എങ്ങനെ മനസ്സിലായി...?"

അച്ചു പറയുന്നത് കേട്ട് നമ്മളെടുത്തടിച്ച പോലെ പെട്ടെന്ന് അങ്ങനെ ചോദിച്ചപ്പോ അച്ചു പരുങ്ങി കൊണ്ട് അവരെ മൂന്നിനെയും മാറി മാറി നോക്കി കൊണ്ടിരുന്നു...

"അ... അ... അത് പിന്നെ... നിന്നെ ഉമ്മ വെക്കുന്ന ഒരു

താടിക്കാരൻ ഉണ്ടെങ്കിൽ അത് ആദിൽക്ക ആയിരിക്കണല്ലോ... അപ്പോ നീ എന്തായാലും ആദിൽക്കാനെ കുറിച്ചായിരിക്കണല്ലോ ചിന്തിച്ചിട്ടുണ്ടാവാ... അല്ലെ നസി...." സനയാണ്.

"അ... അതെ...അല്ലാതെ ഇവിടെ ആര് വരാനാ..?"

എന്ന് നസി ചോദിച്ചപ്പോ അവരൊക്കെ കൂടി ഓളെ ഡീന്ന് വിളിച്ച് ഓളെ നോക്കി കണ്ണുരുട്ടി... അപ്പോ തന്നെ നസി തലവേദന ആകുന്നുണ്ടെന്ന് പറഞ്ഞ് വന്ന് കിടന്നു...

അതിന്റെ പിന്നാലെ ബാക്കി മൂന്നും അതുപോലെ ഭയങ്കര ക്ഷീണം എന്ന് പറഞ്ഞ് ലൈറ്റണച്ച് വന്ന് കിടന്നു...

'ഇവരുടെ കാട്ടികൂട്ടാലും ഓവർ ഡയലോഗും ഒക്കെ കാണുമ്പോ എന്തൊക്കെയോ സ്പെല്ലിങ് മിസ്റ്റേക്ക് തോന്നുന്നുണ്ട്... ഇനി ആ കോന്തൻ എങ്ങാനും ആണോ നമ്മളെ ഉമ്മ വെച്ചത്...? ഏയ് ...ഛെ...ഛെ... ആയിരിക്കില്ല...

പക്ഷെ, എന്തായാലും അച്ചു അല്ല എന്ന് ഉറപ്പാ..'

"പിന്നെ ആരായിരിക്കും അത്...?"

"ഡി ഫെബി ഞാൻ ഒരു കാര്യം പറയട്ടെ...?"

നമ്മള് മനസ്സിൽ ചോദിച്ചതാണെന്ന് കരുതി ഒച്ചയിലാണ് പറഞ്ഞതെന്ന് അച്ചുവിന്റെ ചോദ്യം കേട്ടപ്പോഴാ നമ്മക്ക് മനസ്സിലായത്... നമ്മള് അപ്പോ തന്നെ അച്ചുവിനോട് എന്തെ എന്ന് ഒന്ന് മൂളി ചോദിച്ചു...

"നീ ആ നേരത്ത് കാക്കൂനെ കുറിച്ചാണോ ചിന്തിച്ച് കിടന്നത്...? അതോണ്ടാകും ഞാൻ നിന്നെ ഉമ്മ വെച്ചപ്പോ അത് കാക്കു ഉമ്മ വെക്കുന്ന പോലെ തോന്നിയത്..."

എന്ന് അച്ചു പറഞ്ഞതും ബാക്കി മൂന്നും കൂടി ആ......എന്ന് സമ്മതിച്ച് തരുന്ന പോലെ കോറസ്സില് പാടാൻ തുടങ്ങി...

നമ്മള് അങ്ങനെ ഒന്നുമില്ലാന്ന് പറഞ്ഞ് ഒഴിഞ്ഞു മാറാൻ ശ്രമിച്ചെങ്കിലും നാലും കൂടി നമ്മളെ ഇക്കിളി ആക്കി കൊണ്ട് കൊച്ചു കള്ളി ഇതാണല്ലേ മനസ്സിലിരുപ്പ് എന്നൊക്കെ പറഞ്ഞ് കളിയാക്കി... നമ്മക്ക് പറയാനുള്ളത് കേൾക്കാതെ നാലും കൂടി ചെയ്യുന്നത് കണ്ടിട്ട് അറിയാതെ നമ്മള് ചിരിച്ചു പോയി...

ഒടുക്കം ഞങ്ങള് അഞ്ചും കൂടി പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും ഇക്കിളി ആക്കി കൊണ്ട് ഒരുപാട് നേരം കളിച്ചു... പിന്നീട് എപ്പോഴോ ക്ഷീണം കൊണ്ട് ഞങ്ങൾ എല്ലാവരും ഉറങ്ങിയിരുന്നു...

രാവിലെ അലാറം അടിച്ചത് കേട്ടാണ് നമ്മള് എണീറ്റത്... അച്ചു കാത് പൊത്തി പിടിച്ചിട്ട് ഓഫാക്കെടി എന്നൊക്കെ പറഞ്ഞ് കൂവുന്നുണ്ട്... അതോണ്ട് നമ്മള് വേഗം എണീറ്റ് അത് ഓഫാക്കിയിട്ട് വീണ്ടും കിടന്നു...ഈ തണുപ്പ് കാരണം എണീക്കാൻ തോന്നണ്ടേ....

കുറച്ച് കഴിഞ്ഞപ്പോ സനയാണ് നമ്മളെ

വിളിച്ചുണർത്തിയത്... ഓള് കുളിച്ച് മാറ്റി ഒരുങ്ങിയിട്ടുണ്ട്... ബാക്കി മൂന്നും ആണെങ്കിലോ ഇപ്പോഴും എണീറ്റിട്ട് പോലുമില്ല...

നമ്മള് അപ്പോ തന്നെ അച്ചൂന് ഒരു ചവിട്ടും നസിന്റെ ചന്തി നോക്കി ഒരടിയും ഷംനക്ക് നല്ല നുള്ളും വെച്ച് കൊടുത്തിട്ട് നമ്മള് എണീറ്റ് സനയോട് ഗുഡ് മോർണിംഗ് പറഞ്ഞ് ബാത്റൂമിലേക്ക് കേറാൻ ഒരുങ്ങി...

"എടി ഫെബി... ഹീറ്റർ വർക്ക് ചെയ്യുന്നില്ലട്ടോ...നല്ല അഡാർ തണുപ്പാണ് വെള്ളത്തിന്... നീ ഐസ് ആയി പോകും..."

"പിന്നെ നീ എങ്ങനെ കുളിച്ചു..?"

"ഞാൻ റിയന്റെ റൂമിൽ പോയി കുളിച്ചു... അവിടെ റിയ മാത്രം എണീറ്റിട്ടുള്ളൂ... വേണേൽ നീ അവിടെ പോയി കുളിച്ചോ..."

"വേണ്ട സന...ഞാൻ ഇവിടെ നിന്ന് തന്നെ കുളിച്ചോളാം... അല്ലെങ്കിലും ഈ പുലർച്ചക്ക് നല്ല തണുത്ത വെള്ളത്തിൽ കുളിക്കുന്നത് നല്ല സുഖാ...നല്ല ഉന്മേഷം കിട്ടും..."

"ഞാൻ പറയേണ്ടത് പറഞ്ഞു...ഇനിയൊക്കെ നിന്റെ ഇഷ്ടം... ഞാൻ ഇവറ്റകളെയൊക്കെ ഒന്ന് ഉണർത്തട്ടെട്ടോ..."

എന്ന് സന പറഞ്ഞപ്പോ നമ്മള് ഡ്രെസ്സൊക്കെ എടുത്ത് ബാത്‌റൂമിൽ കേറി ഷവർ തിരിച്ചതും നമ്മള് തണുതുറഞ്ഞ് ഐസായ പോലെ തോന്നി... ദേഹമാകെ തണുത്ത് മരവിച്ചു... ശരീരത്തിന്റെ പുറത്ത് മാത്രല്ല ഉള്ളിലും നല്ല തണുപ്പ് തോന്നി...

"യാ റബ്ബീ.... എന്ത് തണുപ്പാ.... ഓ...ഓള് പറഞ്ഞപ്പോ...ത...തന്നെ...റിയന്റെ റൂ...മിൽ...പോയാ...മതി...യെന്നു...."

എങ്ങനെയൊക്കെ കുളിച്ച് ഇറങ്ങി വന്നപ്പോ നമ്മള്

നിന്ന് വിറക്കുന്നത് കണ്ടിട്ട് നാലും കൂടി ഹലാക്കിലെ ചിരി ആയിരുന്നു... നമ്മള് അവറ്റകളോട് പോ....ഡീ.....ന്ന് വിറച്ച് വിറച്ച് പറഞ്ഞോണ്ട് വേഗം ബെഡിലേക്ക് പോയി മൂടി പുതച്ച് കിടന്നു...

"ഹ...ഹ...ഹ... എന്റെ ഫെബി നിന്നോട് പച്ച മലയാളത്തിലല്ലേ ഞാൻ പറഞ്ഞത് ഹീറ്റർ വർക്ക് ആവണില്ലാന്ന്... ഞാൻ പറഞ്ഞത് കേട്ട് റിയന്റെ റൂമിൽ പോയി കുളിച്ചാൽ പോരെന്നോ... ഇങ്ങനെ തണുത്തുറഞ്ഞ് വരേണ്ടി വരില്ലല്ലോ..."

സനന്റെ പറച്ചില് കേട്ട് നമ്മക്ക് ചൊറിഞ്ഞു വന്നെങ്കിലും ഇപ്പോ ഓളെ ചൊറിയുന്നത് നല്ലതല്ലെന്ന് തോന്നി അവിടെ തന്നെ കിടന്നു...

"എടി ഫെബി ഇങ്ങനെ മൂടി പുതച്ച് കിടക്കാനാണോ നിന്റെ ഭാവം...? എണീറ്റ് പോയി യൂണിയന്റെ മീറ്റിംഗിൽ പങ്കെടുക്കാൻ നോക്ക്... കുറച്ച് മുൻപാ കാക്കു വന്ന് മീറ്റിങ് ഉണ്ട് നിന്നോട് വേഗം ചെല്ലാൻ പറഞ്ഞത്..."

"എടി അ..ച്ചു...എനി...ക്ക് നല്ലോ..ണം തണു...ക്കുന്നു...ണ്ടെടാ... എ...ന്റെ ഉമ്മ ആണെ..ങ്കിൽ സ്വെറ്റർ പാ...ക്ക് ചെയ്...തിട്ടില്ല... ഞാ..ൻ ആ..കെ കുടുങ്ങി...യിരിക്കാ... നി..ങ്ങളെ...ന്തേലും ഒന്ന് ചെ..യ്യ്..."

എന്ന് നമ്മള് വിറച്ച് വിറച്ച് എങ്ങനെയൊക്കെയോ പറഞ്ഞൊപ്പിച്ചു...

"എന്നാൽ ഞാൻ കാക്കൂനെ ഇങ്ങോട്ട് വിളിക്കാം...."

അച്ചു പറയുന്നത് കേട്ട് നമ്മള് കട്ടിലിൽ നിന്നും ചാടി എണീറ്റ് ഇരുന്നു...

"എന്തിന്..?"

"ഹോ...എന്റെ ഫെബി ഒന്ന് പതുക്കെ... വേറെ ഒന്നിനുമല്ല... എക്സ്ട്രാ സ്വെറ്റർ വല്ലതും ഇരുപ്പുണ്ടെങ്കിൽ തന്ന് വിടാൻ പറയാമെന്നാ

ഉദ്ദേശിച്ചത്..."

"ഹോ....അതായിരുന്നോ... ഞാൻ കരുതി..."

"നീയെന്താടി കരുതിയെ....?"

എന്ന് ചോദിച്ച് അച്ചു നമ്മളെ ഇടങ്കണ്ണിട്ട് നോക്കിയപ്പോ നമ്മള് ഒന്നൂല്യന്ന് പറഞ്ഞ് വീണ്ടും ബെഡിൽ ചുരുണ്ടു കൂടി... അപ്പോ തന്നെ അച്ചു നമ്മള് പുതച്ച കമ്പിളി നമ്മളെ അടുത്ത് നിന്ന് വലിച്ചിട്ട് ഓള് പുതച്ചു...

"ഡി ദുഷ്ട്ടെ... ആ കമ്പിളി താടി... ഇല്ലെങ്കിൽ ഞാൻ തണുത്ത് മരവിച്ച് ചാവുമെടി... നിനക്ക് സ്വെറ്റർ ഇല്ലേ... ആ കമ്പിളി തന്നിട്ട് പോടീ..."

"എന്റെ ഫെബി പുറത്ത് ഭയങ്കര മഞ്ഞാ.... ഈ മഞ്ഞത്ത് ഇതുമില്ലാതെ പുറത്ത് പോയാല് ശെരിയാകില്ല.... അതോണ്ട് ഞാൻ ഇതും കൊണ്ട് പോയി നിനക്ക് സ്വെറ്ററും കൊണ്ട് പെട്ടെന്ന് വരാവേ.."

എന്ന് പറഞ്ഞ് കിണിച്ചോണ്ട് അച്ചു പോയപ്പോ അവളെ കൂടെ സനയും പോയി... അപ്പോ ബാക്കി രണ്ടിനോടും സ്വെറ്റർ തൽക്കാലത്തിന് ചോദിക്കാമെന്ന് വെച്ച് നോക്കുമ്പോ അവറ്റകള് രണ്ടും കുളിച്ചിട്ട് വരാമേ എന്ന് പറഞ്ഞ് ചിരിച്ചോണ്ട് ഇറങ്ങി പോയി...

"ദുഷ്ട്ടകള്.... ചങ്ക്സ് ആണ...ത്രേ ചങ്ക്സ്... ന...മ്മളെ ഇവി..ടെ ഫ്രീസ് ആക്കി...യിട്ട് പോ...യത് ക

..ണ്ടില്ലേ തെ..ണ്ടികൾ.... പട...ച്ചോനെ... ഈ തണു...പ്പീന്ന് ന..മ്മ..ളെ രക്ഷ...പ്പെടു...ത്തണെ...."

★★★★★★★★★★★★★★★★★★★

"കാക്കൂ...എല്ലാം സെറ്റ്... ഇപ്പോ ഓള് മാത്രേ റൂമിലുള്ളൂ... എന്ന് കരുതി ഓളെ ഒന്നും ചെയ്തേക്കല്ലേട്ടോ... ഓള് ഒരു പാവാ...ഇന്നലെ കാണിച്ച് കൂട്ടിയ പോലെ വല്ലതും ചെയ്താലുണ്ടല്ലോ...."

"ഇല്ല അച്ചു... എനിക്ക് ഓളോട് ഒന്ന് സംസാരിക്കണം... പിന്നെ ദേ ഈ സ്വെറ്റർ ഓൾക്ക് കൊടുക്കണം അത്രേ ഉള്ളു.... ഇതൊക്കെ ചെയ്തിട്ട് ഞാൻ പെട്ടെന്ന് വരും ....വേണെങ്കിൽ നിങ്ങള് ഇവിടെ ഓൾക്ക് വേണ്ടി കാവലിരുന്നോളി... എന്തായാലും നിങ്ങളെ ഫെബിനെ ഞാൻ പിടിച്ച് തിന്നൊന്നും ഇല്ല...."

"ഉം... ഓളെ ഇങ്ങള് തിന്നില്ലെങ്കിലും ഓള് ഇങ്ങളെ തിന്നോളും... ഇന്നലെ ഇങ്ങളാണ് ഓളെ ഉമ്മ വെച്ചതെന്ന് ഓൾക്ക് നല്ല സംശയണ്ട്... അത് ഇങ്ങള് ആണെന്ന് എങ്ങാനും ഓള് അറിഞ്ഞാൽ അതോടെ ഇങ്ങളെ കാര്യത്തിലും ഞങ്ങളെ കാര്യത്തിലും ഒരു തീരുമാനമാകും..."

എന്ന് സന പറഞ്ഞപ്പോ അച്ചുവും ഓൾക്ക് സപ്പോർട്ട് ചെയ്തു... ഞമ്മള് ഒന്നും ഉണ്ടാകില്ലാന്ന് വാക്ക് കൊടുത്ത് അവിടന്ന് ഓളെ റൂമിലേക്ക് ചെല്ലുമ്പോഴും ചിലതൊക്കെ മനസ്സിൽ കണക്ക് കൂട്ടി വെച്ചിട്ടുണ്ടെന്നു...

നമ്മള് അവരെ റൂമിന്റെ മുന്നിൽ എത്തിയതും നമ്മളെ

പിന്നാലെ അച്ചുവും സനയും വന്നിട്ട് ഞങ്ങള് ഇവിടെ തന്നെ കാണും എന്ന് ഒരു വാണിംഗിന്റെ സ്വരത്തിൽ പറഞ്ഞപ്പോ നമ്മള് അവരെ നോക്കി ഒന്ന് ചിരിച്ചിട്ട് റൂമിന്റെ വാതിൽ തുറന്ന് അകത്ത് കേറി...

അവിടെ കണ്ട കാഴ്ച കണ്ടതും നമ്മള് ഞെട്ടി കണ്ണും മിഴിച്ച് ഐഷുവിനെ തന്നെ നോക്കി നിന്നു.....

(തുടരും)

ഭാഗം.89

റൂമിന്റെ അകത്ത് കേറി അവിടെ വെച്ച് കണ്ട കാഴ്ച കണ്ടതും നമ്മള് ഞെട്ടി കണ്ണും മിഴിച്ച് ഐഷുവിനെ തന്നെ നോക്കി നിന്നു...

പെണ്ണിന്റെ തല മാത്രമേ കാണാനുള്ളു... ബാക്കിയൊക്കെ ഡ്രെസ്സിന്റെ ഉള്ളിലാ... പറഞ്ഞത് മനസ്സിലായില്ലലെ....

എല്ലാ സകല ഡ്രെസ്സുകളും കൂടി വലിച്ച് വാരിയിട്ടിട്ട് അതിന്റെ ഉള്ളിൽ ചുരുണ്ടു കൂടി തല മാത്രം പുറത്ത് കാണുന്ന വിധത്തിൽ കണ്ണും അടച്ച് പിടിച്ച് പെണ്ണ് വിറച്ച് ഇരിക്കാണ്....

ഓളെ കോലം കണ്ടപ്പോ നമ്മക് ചിരി വന്നെങ്കിലും നമ്മള് അത് കൺട്രോൾ ചെയ്ത് ഓളെ അടുത്തേക്ക് ചെന്നപ്പോ പെണ്ണ് ഒരുമാതിരി സന്ന്യാസികള് ഭജനക്ക് ഇരിക്കുന്ന പോലെയാണ് നമ്മക്ക് തോന്നിയത്...

അതും കൂടെ ആയപ്പോ പിന്നെ നമ്മക്ക് ചിരി അടക്കി വെക്കാൻ പറ്റിയില്ല... നമ്മള് അവിടെ നിന്ന് ഇരുന്നിട്ടും നിന്നിട്ടും കിടന്നിട്ടുമൊക്കെ ഹലാക്കിലെ ചിരി ആയിരുന്നു... നമ്മളെ ചിരി കേട്ട് പെണ്ണ് പെട്ടെന്ന് കണ്ണ് തുറന്ന് നമ്മളെ ദഹിപ്പിക്കുന്ന ഒരു നോട്ടം നോക്കിയിട്ട് കട്ടിലിൽ നിന്ന് ചാടി എണീറ്റു....

"നീ....നീ എന്തിനാ ഇങ്ങോട്ട് വന്നേ.... കടക്ക് പുറത്ത്..."

"പുറത്ത് ഭയങ്കര മഞ്ഞാ ഐഷു... അതോണ്ട് ഞാൻ

ഇവിടെ കിടന്നോളാം..."

"കിടക്കേ....? കിടക്കാനല്ല പറഞ്ഞത്... ഇവിടന്ന് ഇറങ്ങി പോകാനാ... മര്യാദക്ക് ഇറങ്ങി പൊയ്ക്കോ... ഇല്ലെങ്കിൽ...."

"ഇല്ലെങ്കിൽ.... ഇല്ലെങ്കിൽ എന്താ...."

എന്ന് ചോദിച്ചോണ്ട് നമ്മള് ഓളെ അടുത്തേക്ക് നടന്നടുത്തതും പെണ്ണ് അതിനനുസരിച്ച് വിക്കി കൊണ്ട് പുറകോട്ട് നീങ്ങാൻ തുടങ്ങി... ഓളെ പേടിച്ചരണ്ട മുഖം കണ്ടപ്പോ പാവം തോന്നിയതോണ്ട് നമ്മള് അവിടെ നിന്നു... അപ്പോ തന്നെ ഓളും അവിടെ സ്റ്റോപ്പായി....

"ഇല്ലെങ്കിൽ നീയെന്താ ചെയ്യാ എന്ന് പറഞ്ഞില്ല..."

"ഞാൻ ഒന്നും ചെയ്യില്ല...ദയവ് ചെയ്ത് ഇവിടന്ന് ഒന്ന് പോയി തരോ..."

എന്ന് പറഞ്ഞ് ഓള് നമ്മളെ മുന്നിൽ കൈ കൂപ്പി നിൽക്കുമ്പോഴും പെണ്ണ് നിന്ന് വിറക്കേന്നു... ഓളെ വിറയല് കണ്ടപ്പോ ഓൾക്ക് ഇനി വല്ല പനിയും പിടിച്ചോ എന്നറിയാൻ വേണ്ടി ഓളെ നെറ്റിയിൽ ഒന്ന് തൊടാൻ നിന്നതും ഓള് പിറകോട്ട് മാറി നിന്ന് നമ്മളെ നേരെ വിരൽ ചൂണ്ടി....

"തൊട്ട് പോകരുതെന്നെ..."

"ഓ പിന്നെ... നീ തൊടണ്ട എന്ന് പറഞ്ഞാൽ ഞാൻ കേൾക്കാൻ നിൽക്കല്ലേ... അന്റെ വിരട്ടലൊന്നും എന്റെ അടുത്ത് ചിലവാകില്ല മോളെ... കൈ മാറ്റി അടങ്ങി നിൽക്കെടി... നോക്കട്ടെ വല്ല പനിയും ഉണ്ടോന്ന്..."

എന്ന് പറഞ്ഞ് നമ്മള് ഓളെ കൈ തട്ടിയിട്ട് ഓളെ നെറ്റിയിൽ കൈ വെച്ചപ്പോ തണുപ്പ് കാരണം നമ്മളെ കൈ ഫ്രീസായ പോലെ തോന്നി...

"ഇതെന്താടി ഐസോ...? നല്ലോണം തണുപ്പുണ്ടല്ലോ..."

എന്ന് പറഞ്ഞ് നമ്മള് ഓളെ നെറ്റിയിൽ നിന്നും കൈ എടുത്തതും പെണ്ണ് എന്റെ കയിൽ കേറി പിടിച്ചിട്ട് നമ്മളെ കൈ ഓളെ കവിളിൽ വെച്ചു...

സംഭവം നമ്മളെ കയ്യിലെ ചൂട് തട്ടിയിട്ട് ഓള് കൈ പിടിച്ച് കവിളിൽ വെച്ചതാണെങ്കിലും നമ്മക്ക് അത് നന്നായിട്ട് ഇഷ്ടായിട്ടോ...

അതോണ്ട് നമ്മളെ മറ്റേ കൈ എടുത്ത് ഓളെ കവിളിൽ വെച്ചപ്പോ ഓളെ മുഖത്ത് ഒരു ചെറു പുഞ്ചിരി വിടർന്നു... അതൊക്കെ കണ്ടിട്ട് കൺട്രോൾ വിടാതെ പിടിച്ച നമ്മളെ നിങ്ങളൊക്കെ സമ്മതിക്കണം...

പെട്ടെന്ന് അപ്രതീക്ഷിതമായി ഐഷു നമ്മളെ കെട്ടി പിടിച്ചതും നമ്മള് ഷോക്കടിച്ച പോലെ ഒരു പ്രതിമ കണക്കെ നിന്നു... പെണ്ണ് തണുത്ത് വിറച്ചിട്ട് നമ്മളെ ഞണ്ടിറുക്കുന്ന പോലെ ഇറുക്കി പിടിച്ചിട്ടുണ്ട്... അപ്പോഴാണ് നമ്മക്ക് തന്നെ ബോധം വന്നത്...

എന്തോ ഏറെ നാളായി കൊതിച്ച ഒരു നിമിഷത്തെ പോലെ തോന്നി എനിക്ക്... നമ്മളെ കൈകൾ അതോണ്ട് തന്നെ ഓളെ വലിഞ്ഞു മുറുകി... ഓള്

നമ്മളെ കൈക്കുള്ളിൽ ഒതുങ്ങി കൂടി നമ്മളെ നെഞ്ചിൽ തല ചായ്ച്ചു...

എത്ര നേരം അങ്ങനെ തന്നെ ഞങ്ങള് നിന്നെന്ന് അറിയില്ല... പെട്ടെന്ന് എവിടന്നോ ഒരു ബോധോദയം വന്ന പോലെ ഐഷു എണീറ്റ് നമ്മളെ തള്ളി മാറ്റാൻ നോക്കി... ബെസ്റ്റ് നമ്മളോടാ ഓളെ കളി... നമ്മള് വിടോ... കൂടുതൽ ശക്തിയോടെ ഓളെ ഒന്ന് കൂടി നമ്മളെ നെഞ്ചോട് ചേർത്ത് നിർത്തി...

"എന്നെ വിട്.... ഡാ കോന്താ...വിടാൻ...വിട്...."

എന്ന് പറഞ്ഞ് ഓള് നമ്മളെ നെഞ്ചിലിട്ട് കുത്തിയിട്ട് ഓള് ഓളെ നെഞ്ചിൽ കൈ വെച്ചു... അപ്പോ ഓള് നമ്മളെ നെഞ്ചിലേക്ക് നോട്ടമെറിഞ്ഞ് കൊണ്ട് കണ്ണ് നിറക്കുന്നത് കണ്ടതും നമ്മളെ കൈ അറിയാതെ അയഞ്ഞ് ഓളിൽ നിന്നും പിടി വിട്ടു...

നമ്മള് ഓളെ വിട്ടെന്ന് മനസ്സിലായപ്പോഓള് പെട്ടെന്ന് കണ്ണ് തുടച്ച് നമ്മളെ രൂക്ഷമായി നോക്കി...

"നിങ്ങളെന്തിനാ ഇപ്പോ ഇങ്ങോട്ട് വന്നത്..?"

"അ.. അത് നിനക്ക് സ്വെറ്റർ ഇല്ലെന്ന് അച്ചു വന്ന് പറഞ്ഞു... അപ്പോ ഞാൻ കരുതി നിനക്ക് ഇത് തരാമെന്ന്... ഇത് തരാൻ വേണ്ടി വന്നതാ..."

എന്ന് പറഞ്ഞ് നമ്മള് ആ സ്വെറ്റർ കോട്ട് ഓളെ പുതപ്പിച്ചു... അപ്പോ ഓള് തല താഴ്ത്തി കൊണ്ട് അത് ശരിക്ക് ഇട്ടിട്ട് ഊമയെ പോലെ ഒന്നും മിണ്ടാതെ നിന്നു....

"ഐഷു..."

ഇന്ന് വിളിച്ചപ്പോ പ്രതികരണമൊന്നും ഇല്ലെങ്കിലും നമ്മളെ മുഖത്തേക്ക് തന്നെ ഓള് ഉറ്റുനോക്കി കൊണ്ടിരുന്നു...

"ഞാൻ ഇത് തരാൻ വേണ്ടി മാത്രമല്ല വന്നത്... നിന്നോട് ചിലത് പറയാനും കൂടിയാ...."

"ഇനി എന്താണാവോ അങ്ങുന്നിന് പറയാനുള്ളത്...?"

നമ്മള് സീരിയസായിട്ട് ഒരു കാര്യം പറയാൻ വേണ്ടി വന്നപ്പോ പെണ്ണിന്റെ ഒരു ഹുങ്ക് കണ്ടില്ലേ... നിന്റെ ഹുങ്ക് ഞാൻ മാറ്റി തരാടി...

"അത് വേറൊന്നുമല്ല... ഇന്നലെ ഞാൻ നിനക്ക് തന്ന മധുര പ്രതികാരമില്ലേ...അത് ഇനിയും എന്റെ കയ്യിൽ സ്റ്റോക്കുണ്ടെന്ന് ഓർമ്മിപ്പിക്കാൻ വന്നതാ... എന്താ വേണോ...?"

എന്ന് ഓളോട് ചേർന്ന് നിന്ന് ചോദിച്ചപ്പോ പെണ്ണ് പേടിച്ച് വേഗം ചുണ്ട് പൊത്തി പിടിച്ച് വേണ്ടാന്ന് തലയാട്ടി... അത് കണ്ട് നമ്മളൊരു ചിരി പാസാക്കി കൊണ്ട് റൂമീന്ന് പോകാൻ നിന്നതും പിന്നാലെ ഓളും നടന്ന് വന്നു...

"നീ ഇതെങ്ങോട്ടാടി എന്റെ പിന്നാലെ വരുന്നേ...?

എന്താ നിനക്ക് ഇനി ഞാൻ തന്ന പോലെ വല്ല

പ്രതികാരവും തിരിച്ച് തരണോ...?"

എന്ന് ഒരു കള്ളച്ചിരിയോടെ ഓളെ നോക്കി ചോദിച്ചപ്പോ പെണ്ണിന്റെ മുഖം ആകെ ദേഷ്യം കൊണ്ട് ചുവന്ന് തുടുത്തിരുന്നു... അത് കണ്ട് നമ്മള് ഓളെ അടുത്തേക്ക് നടക്കാൻ ഒരുങ്ങിയതും ഓള് നമ്മളെ പിടിച്ച് തള്ളി റൂമിന്റെ പുറത്താക്കി വാതിലടക്കാൻ നിന്നു...

നമ്മള് അപ്പോഴേക്കും വാതിലിനിടയിൽ കാലും കയ്യും വെച്ച് ഓള് വാതില് അടക്കുന്നത് തടുത്ത് വെച്ചു... എന്നിട്ട് ഓളെ കൈ പിടിച്ച് വലിച്ച് ഓളെ കവിളത്ത് നല്ല അഡാർ കിസ്സും കൊടുത്ത് നമ്മള് അവിടന്ന് വേഗം ഓടി പോയി....

★★★★★★★★★★★★★★★★★★★★★★

ഷോക്കിന്റെ മേൽ ഷോക്ക് കിട്ടിയ അവസ്ഥയായിരുന്നു നമ്മളുടേത്... സത്യം പറഞ്ഞാൽ എന്തിന്റെ കേടായിരുന്നു നമ്മക്ക്...? ഓന്റെ വഴിക്ക് പോകാൻ നിന്ന ചെക്കന്റെ പിന്നാലെ പോയി ഓന്റെ കയ്യിന്ന്

കിട്ടേണ്ടത് കിട്ടിയപ്പോ അടങ്ങിയല്ലോ...

ഛീ.....റാസ്കൽ തെണ്ടി....ആദിൽ കോന്തൻ കൊരങ്ങൻ...

ആവശ്യം നേരത്ത് ഒരു തുള്ളി കണ്ണീര് പോലും നമ്മളെ കണ്ണീന്ന് വരുന്നില്ലല്ലോ പടച്ചോനേ...

ആ കോന്തൻ എന്താ നമ്മളോട് ഇങ്ങനെ പെരുമാറുന്നെ...?

എന്നൊക്കെ ചിന്തിച്ചോണ്ട് നമ്മള് വാതിലടച്ച് ഷോക്കടിച്ച പോലെ കവിളത്ത് കയ്യും വെച്ച് വാതില് ചാരി അങ്ങനെ നിന്നു... എന്നിട്ട് ആ കോന്തൻ നമ്മളെ ഉമ്മ വെച്ച് ഓടിയ സീൻ ഓർത്ത് പെട്ടെന്ന് ചിരിച്ചു...

എനിക്ക് ഓന്റെ ഈ പെരുമാറ്റമൊന്നും തീരെ ഇഷ്ടമല്ലെങ്കിലും എന്താണെന്നറിയില്ല മനസ്സില് അതൊന്നും ഒരു തെല്ല് പോലും സങ്കടം ഉണ്ടാക്കുന്നില്ല... പക്ഷെ ഓനോട് നന്നായിട്ട് പക ഉണ്ടാക്കുന്നുണ്ട്...

നമ്മള് മെല്ലെ അവിടന്ന് നടന്ന് കണ്ണാടിന്റെ മുന്നിൽ

പോയി നിന്നോണ്ട് നമ്മളെ നോക്കിയപ്പോ നമ്മള് അപ്പോ അവിടെ കണ്ടത് ആദിയുടെ മുഖമായിരുന്നു...

അതെ... ഞാൻ ആദിയെ സ്നേഹിക്കുന്നു... അവനില്ലാതെ ഒരു ജീവിതം എനിക്ക് സ്വപ്നം പോലും കാണാൻ കഴിയുന്നില്ല...

പക്ഷെ, ഇതൊന്നും ഞാൻ അവനെ ഇപ്പോ തന്നെ അറിയിക്കില്ല... കാരണം നമ്മളെ ഇട്ട് ഓൻ കുറെ കഷ്ടപ്പെടുത്തിയില്ലേ അതിന്റെയൊക്കെ ഒരു തിരിച്ചടിയാ...

പോരാത്തതിന് ആദ്യത്തെ ചലഞ്ചിൽ ജയിച്ചിട്ട് തന്നെ ചെക്കന് ഭയങ്കര ജാഡ... ഇനിയിപ്പോ രണ്ടാമത്തെ ചലഞ്ചിലും ഓനെ ജയിപ്പിച്ചാൽ പിന്നെ ഓൻ നമ്മളെ ഒരു വഴിക്കാക്കും...

അതോണ്ട് എന്ത് വന്നാലും ശരി ഈ ചലഞ്ചിൽ നമ്മക്ക് ജയിച്ചേ പറ്റൂ... അതിന് വേണ്ടി ഈ ക്യാമ്പ് കഴിഞ്ഞ് പോകുന്ന വരെ നമ്മളെ ഇഷ്ടം നമ്മള് ഓനെ അറിയിക്കില്ല... ക്യാമ്പ് കഴിഞ്ഞ് അവനെ നമ്മളെന്ന് കാണുന്നോ അന്ന് എല്ലാവരും കേൾക്കെ ഒരിക്കൽ

കൂടി നമ്മള് വിളിച്ച് കൂവും "I love you aadhilkka" എന്ന്...

നമ്മളോരോന്ന് ചിന്തിച്ച് കൂട്ടി നിൽക്കുമ്പോഴാണ് പെട്ടെന്ന് നമ്മളെ കുരാമീസ് റൂമിലേക്ക് കേറി വന്നത്... വന്നതും നാലും കൂടി നമ്മള് വലിച്ച് വാരിയിട്ട ഡ്രെസ്സിലേക്കും നമ്മളിലേക്കും മാറി മാറി നോക്കി കൊണ്ട് ഒരൊറ്റ വരവായിരുന്നു നമ്മളെ നേർക്ക്....

എങ്ങനെ വരാതിരിക്കും നമ്മള് അമ്മാതിരി പണിയല്ലേ കാണിച്ച് വെച്ചേക്കുന്നത്... നമ്മളെ ഡ്രസ്സ് കൊണ്ടൊന്നും തണുപ്പ് മാറാത്തത് കൊണ്ട് നമ്മള് അവറ്റകളെ ബാഗ് തുറന്ന് അതൊക്കെ കൂടി വലിച്ച് വാരിയിട്ടാ നമ്മളെ തണുപ്പ് അകറ്റിയത്...

അപ്പോ പിന്നെ നാലും കൂടി നമ്മളെ നേർക്ക് തിരിഞ്ഞില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ...

"ഡി ജന്തു....എന്താടി ഈ കാണിച്ച് വെച്ചേക്കുന്നെ... ഞങ്ങളെ ഡ്രെസ്സൊക്കെ നീ വലിച്ച് വാരിയിട്ടല്ലേ..."

എന്ന് പറഞ്ഞോണ്ട് നാലും കൂടി നമ്മളെ അടുത്തേക്ക് വന്നപ്പോ നമ്മള് വേഗം ഓടി കട്ടിലിൽ കേറി... അപ്പോ അച്ചുവും നസിയും കൂടി ഓരോ തലയണയും എടുത്തോണ്ട് വന്ന് നമ്മളെ തല്ലാൻ തുടങ്ങി...

സനയും ഷംനയും ആണെങ്കിൽ നമ്മളെ രണ്ട് ഭാഗത്ത് നിന്നും ലോക്ക് ചെയ്ത് വെച്ച് നമ്മളെ പൊതിരെ നുള്ളി നോവിക്കാണ്... നമ്മള് അപ്പോ തന്നെ ആ ഡ്രെസ്സൊക്കെ കൂടി എടുത്ത് അവരെ മേലിലേക്ക് ഇട്ട് അവിടന്ന് ഓടാൻ നോക്കിയെങ്കിലും അപ്പോഴേക്കും ആ സന നമ്മളെ കാല് പിടിച്ച് വലിച്ചു...

അവസാനം നമ്മള് തോൽവി സമ്മതിച്ച് അതൊക്കെ മടക്കി എടുത്ത് വെച്ച് തരാമെന്ന് പറഞ്ഞ് കൈ കൂപ്പിയപ്പോഴാണ് അവറ്റകൾ നമ്മളെ വെറുതെ വിട്ടത്...

"ഞാൻ കുളി കഴിഞ്ഞ് വരുമ്പോഴേക്കും എന്റെ ഡ്രെസ്സൊക്കെ എടുത്ത് നന്നായിട്ട് മടക്കി വെച്ചില്ലെങ്കിലുണ്ടല്ലോ.... ബാക്കി ഞാൻ കുളി കഴിഞ്ഞ് വന്നിട്ട് പറഞ്ഞു തരാ...."

എന്ന് പറഞ്ഞ് നമ്മളെ ഭീഷണിപ്പെടുത്തി കൊണ്ട് അച്ചു റിയന്റെ റൂമിലേക്ക് പോയപ്പോ നമ്മള് ഓളെ നോക്കി കൊഞ്ഞനം കുത്തി... ഇനി ഇപ്പോ ഇതൊക്കെ ആരുടേതാ ഏതാ എന്നൊക്കെ ആലോചിച്ച് നമ്മള് തല പുണ്ണാക്കിയപ്പോ നമ്മളെ ബാക്കി കുരാമീസ് തന്നെ നമ്മളെ സഹായിക്കാൻ വന്നു...

അവരെ ഡ്രെസ്സൊക്കെ അവര് തന്നെ മടക്കി ബാഗില് വെച്ചു... അച്ചൂന്റേയും നമ്മളുടെയും നമ്മള് തന്നെ മടക്കി ബാഗിൽ വെച്ച് ഒന്ന് നടു നിവർത്തിയപ്പോഴാണ് നമ്മള് ആ കോന്തന്റെ ഡ്രസ്സ് അടങ്ങിയ കവർ കണ്ടത്....

നമ്മള് അതെടുത്ത് ഒന്ന് പുഞ്ചിരി തൂകി കൊണ്ട് ബാത്റൂമിലേക്ക് പോയി ഓന്റെ ഡ്രസ്സ് അലക്കി... എന്റെ ഇത്രെയും വർഷത്തെ ജീവിതാനുഭവത്തില് നമ്മള് ആദ്യയിട്ടാണ് ഡ്രസ്സ് അലക്കുന്നത്... അതും ആ കോന്തന്റെ....

ഓന്റെ ഡ്രസ്സ് ആയതോണ്ട് തന്നെ നമ്മക്ക് വല്യ ബേജാറ് ഒന്നും ഇല്ലെന്നു... ഈ ഡ്രെസ്സിന് വല്ലതും

സംഭവിച്ചാൽ ഓന് പോയി...അല്ലാതെ നമ്മക്ക് എന്താ നഷ്ടം...

പിന്നെ ഇതിപ്പോ അലക്കി തേച്ച് വെക്കുന്നത് ഓന് കൊടുക്കാൻ അല്ലട്ടോ... നമ്മക്ക് സൂക്ഷിച്ച് വെക്കാനാ...

ഇതുപോലെ ഒരുപാട് വൈറ്റ് ഷർട്ട് ഓന് കാണും...അതോണ്ട് ഇതിപ്പോ നമ്മളെ കയിൽ വെച്ചെന്ന് കരുതി ഓൻ കേസൊന്നും കൊടുക്കാൻ പോണില്ല....

അങ്ങനെ നമ്മള് എങ്ങനെയൊക്കെയോ ഓന്റെ ഡ്രസ്സ് അലക്കി വൃത്തിയാക്കി അത് വിരിച്ച് ഉണക്കാനായിട്ട് റൂമിലേക്ക് വന്നപ്പോ നമ്മളെ ഏതോ അത്ഭുത ജീവിയെ നോക്കുന്ന പോലെ നോക്കാണ് നമ്മളെ കുരാമീസ്.... കാര്യം നമ്മക്ക് പിടി കിട്ടിയെങ്കിലും നമ്മള് ഓരേ നോട്ടമൊന്നും കാണാത്ത മട്ടിൽ കർട്ടൻ നീക്കി അവിടെ ഓന്റെ ഡ്രസ്സ് വിരിച്ചിട്ടു...

"ഫെബി...are you ok...?"

"എന്താടി അച്ചു നീ ഒരുമാതിരി പ്രാന്തത്തികളോട്ചോദിക്കുന്ന പോലെ ചോദിക്കുന്നെ..? എനിക്കെന്താ ഒരു പിരി ലൂസാണോ..?"

"അതല്ലാ.... നിന്റെ ഡ്രസ്സ് പോലും നീ അലക്കാറില്ലാന്ന് ഉമ്മ പറഞ്ഞ് ഞാൻ ഒരുപാട് തവണ കേട്ടിട്ടുണ്ട്... ആ നീ ഇപ്പോ കാക്കൂന്റെ ഡ്രസ്സ് അലക്കി വൃത്തിയാക്കി വെച്ചത് കണ്ടപ്പോ ഇത് നീ തന്നെയാണോന്ന് ഒരു സംശയം..."

"നീ സംശയിക്കേണ്ട അച്ചു ഇത് ഞാൻ തന്നെയാ ആയിഷ ഫെബി... പിന്നെ ഈ ഡ്രസ്സ് അലക്കി കൊടുത്തത് വേറെ ഒന്നും കൊണ്ടല്ല.... ഓന് വേഗം കൊടുത്തിട്ട് നമ്മളെ തലയൂരാനാ... പിന്നെ ഇതിന്റെ പേരും പറഞ്ഞ് ഓൻ നമ്മളെ പിന്നാലെ നടക്കില്ലല്ലോ..."

"ഓഹോ അതാണോ...? ഞാൻ കരുതി നിനക്ക് കാക്കൂനോട് പെട്ടെന്ന് സ്നേഹം കൂടിയോന്ന്...

ആ...എന്തെങ്കിലുമൊക്കെ ആകട്ടെ... വാ നമുക്ക് പോയി ഫുഡ് കഴിക്കാം എനിക്ക് നന്നായിട്ട്

വിശക്കുന്നുണ്ട്..."

എന്ന് പറഞ്ഞ് അച്ചു റൂമിൽ നിന്നും പുറത്തിറങ്ങിയപ്പോ പിന്നാലെ ബാക്കി മൂന്നും വെച്ച് പിടിച്ചു... നമ്മള് അപ്പോ ആ കോന്തന്റെ ഷർട്ടിലേക്ക് നോക്കി ഒന്ന് പുഞ്ചിരി തൂകിയിട്ട് അവരെ പിന്നാലെ നമ്മളും പോയി....

റെസ്റ്റോറന്റിൽ എത്തിയപ്പോ എല്ലാവരും അവിടെ ഹാജറായിട്ടുണ്ട്... നമ്മളെ ബ്രദേഴ്സും ആ കോന്തനും കൂടി ഒരു വലിയ ടേബിളിന് ചുറ്റുമാണ് ഇരുപ്പ് ഉറപ്പിച്ചിട്ടുള്ളത്... അവിടെ ഞങ്ങക്ക് 5 പേർക്ക് എന്ന പോലെ 5 സീറ്റ് ഒഴിഞ്ഞ് കിടപ്പുണ്ടെന്നു...

അത് കാണേണ്ട താമസം നാലും കൂടി അവിടെ പോയി സ്ഥാനം പിടിച്ചിരുന്നു... ഇനി ഉള്ള ഒരു സീറ്റ് ആ കോന്തന്റെ അടുത്ത സീറ്റാണ് അതോണ്ട് തന്നെ നമ്മള് അങ്ങോട്ട് പോയി ഇരിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്നു....

നമ്മള് അവിടന്ന് മാറി അവരെ എതിരെയുള്ള ഒരു

ടേബിളിൽ ഇരുന്ന് അവരെയൊക്കെ ഒന്ന് നോക്കി പല്ലിളിച്ചു... അത് കണ്ട് നമ്മളെ കോന്തനും ബ്രദേഴ്‌സും കൂടി പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് ഒരൊറ്റ എഴുന്നേൽക്കലായിരുന്നു...

ഇവരിത് എന്തിനുള്ള പുറപ്പാടാന്ന് ചിന്തിച്ച് നമ്മള് അവരെ തന്നെ നോക്കി ഇരുന്നപ്പോ നമ്മളെ കോന്തനും ബ്രദേഴ്‌സും കൂടി നമ്മള് ഇരുന്ന കസേരയോടക്കനെ നമ്മളെ എടുത്ത് ആ കോന്തൻ ഇരിക്കുന്ന സീറ്റിന്റെ അടുത്ത് കൊണ്ടിരുത്തി...

അത് കണ്ട് ആ റെസ്റ്റോറന്റിൽ അപ്പോ ഉണ്ടായിരുന്ന എല്ലാവരും കൂടി നമ്മളെ നോക്കി ചിരിക്കാൻ തുടങ്ങി... നമ്മള് അപ്പോഴും ഇവിടെ ഇപ്പോ എന്താ ഉണ്ടായേ എന്ന മട്ടിൽ എല്ലാവരെയും അന്തം വിട്ട് നോക്കിയിട്ട് ആ കോന്തനെ നോക്കി തോള്ളേം തുറന്ന് നിന്നു...

അപ്പോ തന്നെ ഓൻ ഒരു കഷ്ണം ചാപ്പത്തിയെടുത്ത് നമ്മളെ വായേക്ക് എടുത്ത് വെച്ച് തന്നതും നമ്മളത് അപ്പോ തന്നെ തുപ്പാൻ നിന്നു...

അത് കണ്ട് ഓൻ നമ്മളെ തുറുക്കനെ നോക്കിയപ്പോ

എന്തിനാ വെറുതെ തുപ്പി കളഞ്ഞ് ഓന്റെ കയ്യിന്ന് വാങ്ങുന്നേന്ന് ചിന്തിച്ച് നമ്മളത് ഓനെ നോക്കി കൊണ്ട് തന്നെ കഴിച്ച് ഇറക്കി....

അത് കണ്ടിട്ട് അവറ്റകളൊക്കെ കൂടി നമ്മളെ അറഞ്ചം പുളഞ്ചം കളിയാക്കി കൊന്നു... നമ്മള് അവരെ കളിയാക്കലൊന്നും വക വെക്കാതെ നമ്മളെ പ്ലേറ്റിലെ ചപ്പാത്തി തിന്നുന്ന തിരക്കിൽ ഏർപ്പെട്ടു...

നമ്മളെ പൊരിഞ്ഞ തീറ്റ കണ്ടിട്ട് ആ കോന്തൻ ഓന്റെ പ്ലേറ്റിലെ രണ്ട് ചപ്പാത്തി കൂടി നമ്മളെ പ്ലേറ്റിലേക്ക് ഇട്ട് തന്നു... നമ്മളിപ്പോ ഇതെന്തിനാ തന്നതെന്ന മട്ടിൽ ഓനെ ഒന്ന് നോക്കി...

"അല്ലാ ഇനി നീയെങ്ങാനും ചപ്പാത്തി തികഞ്ഞില്ലെന്ന് പറഞ്ഞ് ഞങ്ങളെ കൂടി വിഴുങ്ങണ്ട... അതിന് തന്നതാ... ഇനി പോരെങ്കിൽ പറഞ്ഞാൽ മതി ഞാൻ തന്നെ ചുട്ട് തരാം..."

ഓന്റെ പരിഹാസം കലർന്ന ചിരിയും ഡയലോഗും കേട്ട്

അവറ്റകള് വീണ്ടും നിന്ന് കിണിക്കാൻ തുടങ്ങി... നമ്മള് ഓരേയൊക്കെ ഒന്ന് നോക്കി പല്ലിളിച്ചിട്ട് ചപ്പാത്തിക്ക് താങ്ക്സ് പറഞ്ഞ് ആ കോന്തനെ നോക്കി ഒന്ന് ഇളിച്ചു...

അങ്ങനെ നമ്മളെ അഡാർ തീറ്റ നടന്നോണ്ടിരിക്കുമ്പോഴാണ് ശകുനം മുടക്കിയെ പോലെ നമ്മള് പെട്ടെന്ന് നമ്മളെ ചുണ്ടിൽ കേറി കടിച്ചത്... അതും ആ കോന്തൻ കടിച്ച ഭാഗത്ത്... നല്ല അഡാർ കടി ആയോണ്ട് നമ്മക്ക് അത് നല്ലോണം വേദനിച്ചിരുന്നു... നമ്മള് വേദന കൊണ്ട് അലറിയപ്പോ എല്ലാവരും കൂടി നമ്മളോട് കാര്യം തിരക്കി...

"എന്താടി നിനക്ക് ഒന്ന് പയ്യെ തിന്നാ...അതോണ്ടല്ലേ ഇപ്പോ ചുണ്ട് വീണ്ടും മുറിഞ്ഞത്..."

എന്ന് അച്ചു നമ്മളെ സാസിച്ചപ്പോ നമ്മളെ നോട്ടം അപ്പോ തന്നെ ചെന്ന് പതിച്ചത് ആ കോന്തനെ ആയിരുന്നു... ഓൻ നമ്മളെ മുഖത്തേക്ക് നോക്കാതെ ചിരിച്ചോണ്ട് ചപ്പാത്തി എടുത്ത് തിന്നുന്നത് കണ്ടപ്പോ ഒരു വീക്ക് വെച്ച് കൊടുക്കാനാ തോന്നിയത്...

"അല്ല ഫെബി...നിന്റെ ചുണ്ട് എങ്ങാനെയാ ആദ്യം മുറിഞ്ഞത്..? ഇനി ഇവനെങ്ങാനും നിന്നെ കടിച്ചതാണോ..?"

എന്ന് നിസ്സൂക്ക ചിരിച്ചോണ്ട് ചോദിച്ചപ്പോ നമ്മളുടെയും ആ കോന്തന്റെയും തലയിലേക്ക് ഒരുമിച്ച് തരിപ്പിൽ കേറി ഞങ്ങള് രണ്ട് പേരും കൂടി ഇരുന്ന് കൊരക്കാൻ തുടങ്ങി...

അപ്പോ തന്നെ അച്ചു നമ്മളെ തലയിൽ അടിച്ച് നമ്മക്ക് കുടിക്കാൻ വെള്ളം നീട്ടിയതും നമ്മളതെടുത്ത് കുടിച്ചോണ്ട് ആ കോന്തനെ ഇടങ്കണ്ണിട്ട് നോക്കി... ഓനും അപ്പോ അതുപോലെ വെള്ളം കുടിച്ചോണ്ട് നമ്മളെ നോക്കേന്നു...

നമ്മക്ക് പിന്നെ ഒരു സെക്കന്റ് പോലും അവിടെ ഇരുപ്പുറച്ചില്ല... നമ്മള് പെട്ടെന്ന് തന്നെ അവിടന്ന് എണീറ്റ് പോകാൻ ഒരുങ്ങിയതും അതുപോലെ ആ കോന്തനും അപ്പോ തന്നെ എണീറ്റ് നിന്നു... അത് കണ്ടിട്ട് അവരൊക്കെ കൂടി ഞങ്ങളെ രണ്ട് പേരെയും ഉറ്റുനോക്കുന്നത് കണ്ട് നമ്മള് അവിടെ തന്നെ

ഇരിക്കാൻ തീരുമാനിച്ച് ഇരുന്നതും അപ്പോ തന്നെ ആ കോന്തനും അവിടെ ഇരുന്നു....

അത് കണ്ടതും അവരൊക്കെ കൂടി ഹലാക്കിലെ ചിരിയായിരുന്നു... ഓനും നമ്മളും ഒരുമിച്ച് അവരെ മുന്നില് ആകെ ചമ്മി നാറി ഒരു വശായി....

ഒടുവിൽ എല്ലാവരും എണീറ്റ് പോകുന്ന വരെ ഞങ്ങള് രണ്ട് പേരും അവിടെ തന്നെ ഇരുന്നു...

എന്നിട്ട് ഒടുക്കം നമ്മളും എണീറ്റ് പോകാൻ നിന്നതും ആ കോന്തൻ നമ്മളെ കൈ പിടിച്ച് വലിച്ച് അവിടെ ഇരുത്തിയിട്ട് നമ്മളെ കണ്ണിലേക്ക് തന്നെ നോക്കി ഇരുന്നു...

"നിസു ചോദിച്ചതിന് നീയെന്താ മറുപടി നൽകാതെ പതറിയത്...? ഞാനാണ് കടിച്ചതെന്ന് നിനക്ക് പറഞ്ഞൂടായിരുന്നോ?"

"അ... അത്... ഇയാളോടും കൂടി ആയിട്ടുള്ള ചോദ്യായിരുന്നല്ലോ ചോദിച്ചത്...എന്തെ ഇയാൾക്ക്

പറഞ്ഞൂടായിരുന്നോ... എന്തിനാ പേടിച്ച് പതുങ്ങി നിന്നത്..."

"പേ...പേടിച്ചിട്ടൊന്നുമല്ല... എനിക്ക് പബ്ലിസിറ്റി ഇഷ്ടമല്ല...അതാ..."

"ആണോ.... ഞാൻ അറിഞ്ഞില്ല കേട്ടോ..."

എന്ന് പറഞ്ഞ് നമ്മള് ഓന്റെ കൈ പിടിച്ച് തിരിച്ചിട്ട് അവിടന്ന് വേഗം ജീവനും കൊണ്ട് ഓടി രക്ഷപ്പെട്ടു... പക്ഷെ, ഓടിയിട്ടുള്ളൂ... രക്ഷപ്പെട്ടിട്ടില്ല... കാരണം നമ്മള് ഓടി വന്ന് നേരെ ചെന്ന് പെട്ടത് മറ്റൊരു കുരുക്കിലേക്കായിരുന്നു...

★★★★★★★★★★★★★★★★★★★★

"എടാ ആദി എല്ലാവരും ബസിൽ കേറിയിട്ടുണ്ട് പക്ഷെ ഫെബിയെ മാത്രം കാണുന്നില്ലെടാ..."

"അവളെവിടെ പോകാനാ അൻസി... നീയൊന്ന് ശെരിക്ക് നോക്ക്... അവള് അവിടെ എവിടേലും പതുങ്ങി ഇരിപ്പുണ്ടാകും..."

"ഇല്ല കാക്കു അൻസിക്ക പറഞ്ഞത് സത്യാ... ഫെബിയെ ഇവിടെ ഒന്നും കാണാനില്ല... എനിക്കെന്തോ പേടിയാകുന്നു..."

"നീ വിഷമിക്കല്ലേ അച്ചു... നിങ്ങള് പേടിക്കാതെ ഞാൻ ഒന്ന് പോയി നോക്കട്ടെ..."

"എടാ ഞങ്ങളും വരുന്നു..."

എന്ന് പറഞ്ഞ് നമ്മളെ ചങ്ക്സും നമ്മളെ പിന്നാലെ വന്നു... അപ്പോഴാണ് സൽമയും രമ്യയും കൂടി ഹോട്ടലിൽ നിന്നും ഇറങ്ങി വന്നത്...

സൽമയുടെ മുഖത്ത് ഒരു സന്തോഷം വെട്ടി തിളങ്ങുന്നുണ്ടായിരുന്നു... രമ്യ ആണെങ്കിൽ ഞങ്ങളെ

നോക്കി പേടിച്ചരണ്ട് നിൽക്കാണ്... സൽ മ നമ്മളെ നോക്കി പുച്ഛിച്ച് കൊണ്ട് ബസിൽ കേറിയപ്പോ രമ്യ ഞങ്ങളെ അടുത്തേക്ക് ഒരു തുണ്ട് പേപ്പർ ഇട്ട് തന്നു...

നമ്മളത് അപ്പോ തന്നെ എടുത്ത് തുറന്ന് വായിച്ചതും എന്റെ ഉള്ളിൽ ഭീതി പടർന്നു... രമ്യയെ തിരിഞ്ഞ് നോക്കിയിട്ട് ഒരോട്ടമായിരുന്നു ഹോട്ടലിലേക്ക്... നമ്മളെ പിന്നാലെ കാര്യം അറിയാതെ നമ്മളെ ചങ്ക്സും ഓടി വന്നു...

'പടച്ചോനേ.... എന്റെ ഐഷൂന് ഒരാപത്തും വരുത്തരുതേ...'

(തുടരും)

ഭാഗം.90

നമ്മളത് അപ്പോ തന്നെ എടുത്ത് തുറന്ന് വായിച്ചതും

നമ്മളെ ഉള്ളിൽ ഭീതി പടർന്നു... രമ്യയെ തിരിഞ്ഞൊന്ന് നോക്കിയിട്ട് ഒരോട്ടമായിരുന്നു ഹോട്ടലിലേക്ക്... നമ്മളെ പിന്നാലെ കാര്യം അറിയാതെ നമ്മളെ ചങ്ക്സും ഓടി വന്നു...

'പടച്ചോനേ.... എന്റെ ഐഷൂന് ഒരാപത്തും വരുത്തരുതെ....' എന്ന് മാത്രമായിരുന്നു നമ്മളെ പ്രാർത്ഥന...

★★★★★★★★★★★★★★★★★★★

"ആയിഷ ഫെബി... കോളേജ് ചെയർമാൻ ആദിൽ സാഹിബ് കരീമിന്റെ പ്രണയിനി...

ഇന്നിപ്പോ ഈ സാലിമിന്റെ മുന്നിൽ നീ വെറും ഒരു പെണ്ണ്.... അതും നിസ്സഹായകയായ വെറും ഒരു പെണ്ണ്... ഹ...ഹ...ഹ...

നീ പേടിച്ചോ....? പേടിക്കണ്ടട്ടോ.... നിന്നെ അത്ര പെട്ടെന്ന് ഒന്നും കൊല്ലില്ലാ ഞങ്ങള്.... കാരണം നീ ഇഞ്ചിഞ്ചായി നരകിച്ച് ചാകുന്നത് ഞങ്ങൾക്ക്

കൺകുളിർക്കെ കാണണം അതിലുപരി നീ എന്റെ പെങ്ങളെ സ്നേഹം തട്ടിയെടുത്തിനുള്ള ശിക്ഷ നിനക്ക് കിട്ടണം.... അത് ഇന്ന് ഞങ്ങള് അങ്ങോട്ട് നടപ്പിലാക്കാൻ പോകാ..."

എന്ന് പറഞ്ഞ് സാലിം നമ്മളെ നേരെ നടന്നടുത്തപ്പോ ഒരു പ്രതിമ കണക്കെ നിശ്ചലമായി നിൽക്കാനേ നമ്മളെ കൊണ്ട് പറ്റിയുള്ളൂ... കാരണം അവന്മാര് നമ്മളെ കയ്യും കാലും കെട്ടിയിട്ടിട്ട് ഏതോ ഒരു റൂമിൽ അടച്ച് വെച്ചിരിക്കാണ്... ഇവിടന്ന് വിളിച്ച് കൂവിയാൽ പുറത്തേക്ക് കേൾക്കുമോ എന്ന് പോലും അറിയില്ല...

എന്ന് കരുതി നമ്മക്ക് ആണെങ്കിൽ വിളിച്ച് കൂവാനും പറ്റുന്നില്ല... തൊണ്ടയിൽ നിന്നും നമ്മളെ ശബ്ധം പുറത്തേക്ക് വരുന്നില്ല...അത്രക്ക് നമ്മള് പേടിച്ചിട്ടുണ്ട്...

ഇവന്മാരെ കൈ കൊണ്ട് ഇന്ന് നമ്മള് പിടഞ്ഞ് തീരുമല്ലോ എന്നോർത്തപ്പോ നമ്മള് അറിയാതെ ആദിയെ ഓർത്ത് പോയി... ഓൻ വരും... വന്ന് നമ്മളെ രക്ഷപ്പെടുത്തുമെന്ന ഒരു വിശ്വാസം നമ്മക്കുണ്ട്...

കാരണം നമ്മളെ ഇങ്ങോട്ട് പിടിച്ചോണ്ട് വന്നതൊക്കെ രമ്യ കണ്ടിട്ടുണ്ട്...അതോണ്ട് ഓള് എങ്ങനെയെങ്കിലും ഇത് ആദിയെ അറിയിക്കാതിരിക്കില്ല... ഇനി ചിലപ്പോ ആദി വരില്ലേ... അങ്ങനെ ഓൻ വന്നില്ലെങ്കിൽ ഇന്നത്തോടെ ആയിഷ ഫെബി എന്ന നമ്മളെ ചാപ്റ്റർ ക്ലോസ്...

"എന്താടി ഇങ്ങനെ ആലോചിച്ച് കൂട്ടുന്നേ...? ഓഹ്... നിന്നെ രക്ഷപ്പെടുത്താൻ ആദി വരുന്നതും പ്രതീക്ഷിച്ച് നിൽക്കായിരിക്കുമല്ലേ പൊന്നു മോള്... എന്നാലേ ആ പ്രതീക്ഷ മാത്രേ കാണൂ... അവരൊക്കെ എപ്പോഴോ ഇവിടന്ന് പോയിട്ടുണ്ടാകും... അതോണ്ട് നിന്നെ ഇവിടന്ന് രക്ഷപ്പെടുത്താൻ ഇനി ആരും വരുമെന്ന് നീ പ്രതീക്ഷിക്കണ്ട...."

എന്ന് പറഞ്ഞ് ഓൻ നമ്മളെ മുടിക്കുത്തിൽ പിടിച്ച് നമ്മളെ മുഖം അവന്റെ അടുത്തേക്ക് അടുപ്പിച്ചതും നീട്ടി ഒരു തുപ്പലായിരുന്നു ഓന്റെ മുഖത്ത്...

അപ്പോ തന്നെ ഓൻ നമ്മളെ കരണത്ത് നല്ല അഡാർ തല്ല് വെച്ച് തന്നതും നമ്മളെ കണ്ണിൽ കൂടി പൊന്നീച്ച പാറി നമ്മള് നിലം പതിച്ചു...

അപ്പോ ആ അനസും സാലിമിന്റെ വേറെ രണ്ട് ഫ്രണ്ട്സും കൂടി നമ്മളെ പിടിച്ച് എണീപ്പിച്ച് നമ്മളെ സാലിമിന്റെ മുന്നിലേക്ക് എറിഞ്ഞു കൊടുത്തു... നമ്മള് നേരെ ഓന്റെ കൈകളിലേക്ക് ചെന്ന് വീണതും ഓൻ നമ്മളെ കവിളിൽ പിടിച്ച് ഞെക്കി...

"ഇന്ന് നീ ഇവിടന്ന് ജീവനോടെ പോകില്ലെടി... നിന്നെ ഒന്ന് അനുഭവിച്ചിട്ട് വിടാമെന്നാ കരുതിയത്... പക്ഷെ, നിന്നെ അങ്ങനെ വിട്ടാൽ പറ്റില്ല... ഇന്നലെ ആദി നിന്റെ റൂമിൽ നിന്നും ഇറങ്ങി വരുന്നത് കണ്ട് അത് ചോദ്യം ചെയ്തപ്പോ സൽമയെ ഓൻ തല്ലിയതിനൊക്കെ കൂടി പലിശ സഹിതം നിന്നിലൂടെ അവന് കൊടുത്താലേ എനിക്ക് സമാധാനമാകൂ.... അതിന്റെ ബോണസ് ആയിട്ട് നീ ഇത് കൂടി വാങ്ങിക്കോടി..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ കവിളിൽ ആഞ്ഞ് തല്ലിയതും നമ്മള് വേദന കൊണ്ട് അലറി നേരെ ചെന്ന് വീണത് മറ്റൊരാളുടെ കൈകളിലായിരുന്നു...

അതാരാണെന്ന് നമ്മക്ക് കാണാൻ കഴിയുന്നില്ല...

കണ്ണിലൊക്കെ ഇരുട്ട് മൂടിയ പോലെ തോന്നി... പെട്ടെന്ന് നമ്മള് അവിടെ കുഴഞ്ഞ് നിലത്തേക്ക് വീണു...

★★★★★★★★★★★★★★★★★★★★

രമ്യ പറഞ്ഞത് അനുസരിച്ച് ഹോട്ടലിന്റെ സ്റ്റോർ റൂമിൽ എത്തിയപ്പോ അത് പുറത്ത് നിന്നും പൂട്ടിയിരിക്കായിരുന്നു... ഇനി വേറെ വല്ല റൂമും ആയിരിക്കോന്ന് കരുതി നമ്മള് അവിടന്ന് പോകാൻ ഒരുങ്ങിയതും അതിനകത്ത് നിന്ന് ആരൊക്കെയോ സംസാരിക്കുന്ന ശബ്ദം കേട്ടു...

അവര് പറയുന്നതൊന്നും വ്യക്തമല്ലെങ്കിലും ഇടക്കെപ്പോഴോ ഒരു പെണ്ണിന്റെ അലർച്ച കേട്ടപ്പോ അത് ഐഷുവാണെന്ന് നമ്മക്ക് ഒരു നിമിഷം തോന്നി പോയി...

പിന്നെ മുന്നും പിന്നൊന്നും നോക്കിയില്ല ഞങ്ങളെല്ലാവരും കൂടി സർവ്വ ശക്തിയുമെടുത്ത് ആ വാതില് ചവിട്ടി തുറന്ന് അകത്ത് കടന്നതും നമ്മളെ

നെഞ്ചിലേക്ക് ഐഷു വന്ന് പതിഞ്ഞിരുന്നു...

നമ്മളെ പെണ്ണിന്റെ കോലം കണ്ടപ്പോ നമ്മളെയും നമ്മളെ ചങ്ക്സിന്റെയും ദേഷ്യം എത്ര മടങ്ങ് കൂടിയെന്നറിയില്ല... ഐഷു തളർന്ന് നിലത്തേക്ക് വീണതും നമ്മള് സാലിമിന്റെ രോക്ഷാകുലനായി നോക്കി കൊണ്ട് അവന്റെ നേരെ പാഞ്ഞടുത്തു....

എന്നിട്ട് ഓന്റെ മൂക്കിനിട്ട് ഒരു കുത്ത് കൊടുത്ത് ഓന്റെ മുടി പിടിച്ച് വലിച്ച് ചുവരിൽ തല വെച്ച് അടിച്ചു... നമ്മളെ ദേഷ്യം തീരുന്ന വരെ ഒരു ഭ്രാന്തനെ പോലെ ഓന്റെ നെറ്റി ചുവരിൽ അടിച്ച് നിൽക്കുമ്പോ പെട്ടെന്ന് നമ്മളെ പിറകിലൂടെ മറ്റാരോ വന്ന് നമ്മളെ കഴുത്തിൽ കൈ വെച്ച് ഞെരിച്ചു...

നമ്മള് അപ്പോ തന്നെ സാലിമിന്റെ വിട്ട് മറ്റവന്റെ കൈ നമ്മളെ കഴുത്തിൽ നിന്നും ബലമായി പിടിച്ച് മാറ്റി നമ്മള് കൈ ഒടിച്ചിട്ട് അവന്റെ മുഖത്തേക്ക് നോക്കി... അത് അനസ് ആണെന്ന് മനസ്സിലായപ്പോ പിന്നെ ഒന്നും നോക്കീല ഓന്റെ കിടുക്കാമണി നോക്കി ഒരൊറ്റ ചവിട്ടങ്ങ് കൊടുത്തു...

അപ്പോ നമ്മളെ ചങ്ക്സ് സാലിമിന്റെ മറ്റു കിങ്കരന്മാരെ ഒതുക്കുന്ന തിരക്കിലേന്നു... നമ്മള് ഐശൂന്റെ ഭാഗത്തേക്ക് നോക്കിയപ്പോ ബോധമറ്റ് കിടക്കാണ് ഓള്...

അത് കണ്ട് നമ്മള് അപ്പോ തന്നെ സിദ്ധുവിനോട് ഓളെ അവിടന്ന് കൊണ്ട് പോകാൻ പറഞ്ഞ് തിരിഞ്ഞതും നമ്മളെ തലക്ക് ഒരു വടി കൊണ്ട് സാലിം നമ്മളെ അടിച്ച് വീഴ്ത്തിയതും ഒരുമിച്ചായിരുന്നു...

ആ അടി കിട്ടിയപ്പോ തല കറങ്ങുന്ന പോലെ തോന്നിയെങ്കിലും ഐഷുന്റെ മുഖം ഓർമ്മ വന്നപ്പോ പിന്നെ ഒന്നും നോക്കിയില്ല വീണ്ടും ഓൻ നമ്മളെ തല്ലാൻ വേണ്ടി ഉയർത്തിയ ആ വടി പിടിച്ച് വാങ്ങി തിരിച്ച് ഓനെ തല്ലി പരുവമാക്കി...

അപ്പോഴേക്കും ഹോട്ടലിലുള്ളവർ പോലീസിനെ വിവരമറിയിച്ച് അങ്ങോട്ട് പാഞ്ഞു വന്നിരുന്നു... അവർ സാലിമിനെയും കൂട്ടരെയും അറസ്റ്റ് ചെയ്ത് കൊണ്ട് പോയപ്പോ ആരും അവരെ തടുക്കാൻ നിന്നില്ല....

നമ്മള് അപ്പോ നെറ്റിയിൽ നിന്നും ഒലിച്ചിറങ്ങുന്ന ചോര ഒപ്പി കൊണ്ട് എല്ലാവരിലേക്കും ഒന്ന് നോട്ടമെറിഞ്ഞപ്പോഴാണ് നമ്മക്ക് ഐഷൂന്റെ ഓർമ്മ വന്നത്...

ഒളെവിടെയെന്ന് ചോദിച്ചപ്പോ പ്രിൻസിയാണ് പറഞ്ഞത് ഓളെ ഹോസ്പിറ്റലിലേക്ക് കൊണ്ട് പോയെന്ന്... പിന്നെ ഒരു നിമിഷം പോലും വൈകിക്കാതെ നമ്മളും ഹോസ്പിറ്റലിലേക്ക് വെച്ച് പിടിച്ചു...

★★★★★★★★★★★★★★★★★★★★★★

ഹോ... നല്ല കടുത്ത വേദന വന്നപ്പോഴാണ് നമ്മള് കണ്ണ് തുറന്ന് നോക്കിയത്... നോക്കുമ്പോ കാണുന്നതോ കറങ്ങി കൊണ്ടിരിക്കുന്ന ഒരു ഫാനും നമ്മളെ നോക്കി കൊണ്ട് ചുറ്റും നമ്മളെ കുരാമീസും... ഇതിപ്പോ ഏതാ സ്ഥലമെന്ന് ചിന്തിച്ച് നമ്മള് ചാടി എണീറ്റതും അച്ചു നമ്മളെ അവിടെ പിടിച്ച് കിടത്തി...

"ഡി...അച്ചു...ഇതേതാടി സ്ഥലം...? നിങ്ങളൊക്കെ ഇതെവിടെന്ന് വന്നു...? അപ്പോ ഞാൻ ചത്തില്ലേ...?"

"ഉം...ചത്തേനെ... തക്ക സമയത്ത് കാക്കു അവിടെ എത്തിയിട്ടില്ലെന്നുവെങ്കിൽ...."

'ഓ... അപ്പോ നമ്മളെ വിശ്വാസം നമ്മളെ കാത്തുലെ...നമ്മളെ കോന്തൻ വന്ന് നമ്മളെ രക്ഷപ്പെടുത്തിയല്ലോ... എന്നിട്ട് ആ അവതാരമിതെവിടെ പോയി...?'

എന്ന് ചിന്തിച്ചോണ്ട് നമ്മള് ചുറ്റും ഒന്ന് കണ്ണോടിച്ചപ്പോ സിദ്ധുവേട്ടനും റാഷി സാറും കൂടി വരുന്നത് കണ്ടു... അപ്പോഴും ഞമ്മള് പുറത്തേക്ക് നോക്കി കണ്ണും നട്ട് നമ്മളെ ചെക്കനെ നോക്കി ഇരിക്കേന്നു...

"ഫെബി...നിനക്ക് ഇപ്പോ കുഴപ്പമൊന്നും ഇല്ലല്ലോ...?"

"ഇല്ല സിദ്ധുവേട്ടാ... i am fine... "

"കുറച്ച് കഴിഞ്ഞാൽ നമുക്ക് തിരിച്ച് പോകാമെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്... അത് വരെ take rest... ഓക്കേ..?"

"ഓക്കേ സർ..."

എന്ന് നമ്മള് റാഷി സാറിനോട് പറഞ്ഞപ്പോ സാർ സനയെ നോക്കിയിട്ട് പുറത്തേക്ക് വരാൻ ആംഗ്യം കാണിച്ചു... ഞങ്ങള് അത് കണ്ടിട്ട് ഒന്ന് നീട്ടി മൂളി കൊണ്ട് ഓളോട് ചെല്ലാൻ പറഞ്ഞു...

അങ്ങനെ അവര് രണ്ട് പേരും പുറത്തേക്ക് പോയി കുറച്ച് കഴിഞ്ഞതും ചോരയിൽ കുളിച്ചോണ്ട് ആദി നമ്മളെ മുന്നിലേക്ക് ഓടി വന്നു...

ഓന്റെ കോലം കണ്ടതും നമ്മള് ഞെട്ടി തരിച്ച് ഓനെ തന്നെ നോക്കി നിന്നു...

നമ്മളെ ബ്രദേഴ്സ് ഒക്കെ കൂടി ഓനോട് ഡോക്ടറെ

അടുത്തേക്ക് പോകാമെന്ന് പറഞ്ഞ് വലിക്കുന്നുണ്ടെങ്കിലും ആദി നമ്മളെ അടുത്തേക്കാണ് വന്നത്...

ഓൻ നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ കയ്യിൽ പിടിച്ച് നമ്മളെ തലയിൽ തലോടി...

"ഐഷു...നിനക്ക് കുഴപ്പമൊന്നും ഇല്ലല്ലോ...?

സോറി... ഞാൻ അങ്ങോട്ട് നേരത്തെ വരണമായിരുന്നു... എന്നാൽ ഇങ്ങനെ ഒന്നും ഒരിക്കലും സംഭവിക്കില്ലെന്നു... സോറി..."

"ആദി... എന്താ...എന്താ ഇതൊക്കെ...? നിന്റെ നെറ്റിയൊക്കെ മുറിഞ്ഞിട്ടുണ്ട്... നിസൂക്കാ ഇവനെ കൊണ്ട് പോയി ഡോക്ടറെ കാണിക്ക്..."

എന്ന് പറഞ്ഞ് നമ്മളെ കണ്ണ് നിറയാൻ തുടങ്ങി... അപ്പോ ആദി ചിരിച്ചോണ്ട് നമ്മളെ കണ്ണ് തുടച്ചു...

"നീ എനിക്ക് വേണ്ടി ഇപ്പോ പൊഴിച്ച കണ്ണീരുണ്ടല്ലോ...

അത് മതി.... ഞാൻ ഇപ്പോ ഹാപ്പിയാണ്...പിന്നെ ഈ മുറിവ്... അതൊന്നും അത്ര വലിയ കാര്യമൊന്നും ആക്കണ്ട... അതൊക്കെ മാറിക്കോളും..."

"അതൊന്നും പറഞ്ഞാൽ പറ്റില്ല... എത്രമാത്രം ചോരയാ പോകുന്നതെന്ന് കണ്ടോ...അൻസിക്ക ഇങ്ങള് എങ്കിലും ഇവനെ ഒന്ന് ഇവിടന്ന് ഡോക്ടറെ അടുത്തേക്ക് കൊണ്ട് പോ..."

"ഞാൻ പൊയ്ക്കോളാം ഐഷു... അതിന് മുമ്പ് എനിക്ക് ഒരു കാര്യം അറിയണം... എന്നിട്ട് ഞാൻ പൊയ്ക്കോളാം..."

ആദി ഇനി എന്താണാവോ ചോദിക്കാന്ന് ചിന്തിച്ചോണ്ട് നമ്മള് ഓനെ തന്നെ നോക്കി നിന്നു...

"നീ ഇപ്പോ എന്തിനാ എന്റെ നെറ്റി മുറിഞ്ഞ് ചോര വന്നതിന് കരഞ്ഞത്...?

എനിക്ക് അതിനുള്ള മറുപടി നീ തന്നെ പറ്റൂ... എന്നാൽ ഞാൻ പൊയ്ക്കോളാം..."

ഓൻ ചോദിക്കുന്നത് കേട്ടിട്ട് നമ്മക്ക് തിരിച്ച് ഒരു മറുപടി കൊടുക്കാൻ കിട്ടിയില്ല... നമ്മള് നമ്മളെ കുരാമീസിനെയും ബ്രദേഴ്സിനെയും ഒന്ന് നോക്കിയിട്ട് നമ്മളെ ചെക്കനെ ഒന്ന് നോക്കി...

"പറ ഐഷു... നീ എന്തിനാ കരഞ്ഞത്...?"

"അ... അത്...അത് ഞാൻ കാരണമല്ലേ നിന്റെ നെറ്റി മുറിഞ്ഞത്... അപ്പോ അത് ഓർത്തപ്പോ കരച്ചിൽ വന്നതാ...."

"ഓഹോ... അപ്പോ അതിന് നീ എന്തിനാ കരഞ്ഞത്...? എനിക്ക് എന്തേലും സംഭവിച്ചാൽ നീ സന്തോഷിക്കല്ലേ വേണ്ടത്...?"

"അങ്ങനെ സന്തോഷിക്കാൻ മാത്രം കണ്ണിചോര ഇല്ലാത്തവളല്ല ഞാൻ... എനിക്ക് വേണ്ടി ആരെങ്കിലും കഷ്ടപ്പെട്ടാൽ എനിക്കത് സഹിക്കില്ല... അതോണ്ടാണ് അത് കണ്ണീരായി പുറത്തേക്ക് വന്നത്... ഇപ്പോ നിനക്ക്

ഒരു മറുപടി കിട്ടിയില്ലേ... ഇനി പോ...പോയി ഡോക്ടറെ കാണാൻ നോക്ക്...."

"പക്ഷെ...എനിക്ക് വേണ്ടത് ഈ മറുപടി അല്ലല്ലോ ഐഷു..."

"പിന്നെ...?"

"ഇന്നലെ നിനക്ക് ഞാൻ ഒരു മറുപടി തന്നില്ലേ... അത് പ്രതീക്ഷിച്ചാ ഞാൻ ഇപ്പോ ഈ ചോദ്യം ചോദിച്ചത് തന്നെ..."

എന്ന് ആ കോന്തൻ നമ്മളെ നോക്കി സൈറ്റടിച്ചോണ്ട് പറഞ്ഞപ്പോ നമ്മള് അപ്പോ തന്നെ അന്തം വിട്ട് നമ്മളെ കുരാമീസിനെയും ബ്രദേഴ്സിനെയും ഒന്ന് നോക്കിയിട്ട് ആ കോന്തനെ രൂക്ഷമായി നോക്കി പല്ലിറുമ്പി...

നമ്മളെ കുരാമീസിനും ബ്രദേഴ്സിനും കാര്യം പിടി കിട്ടിയില്ലെങ്കിലും നമ്മളെ തന്നെ മിഴിച്ച്

നോക്കുന്നുണ്ടെന്നു... ഇനിയും ഈ കോന്തൻ ഇവിടെ നിന്നാൽ നമ്മളെ കൈക്ക് പണിയുണ്ടാക്കുമെന്ന് തോന്നിയതോണ്ട് നമ്മള് ആ കോന്തന് നേരെ തലയണ കൊണ്ട് ഒരു ഏറ് കൊടുത്തു...

ഓൻ അത് അപ്പോ തന്നെ ക്യാച്ച് ചെയ്തിട്ട് ഒരു പുഞ്ചിരി തൂകി കൊണ്ട് ഓൻ അവിടന്ന് എണീറ്റ് പോയി... അപ്പോ തന്നെ നമ്മളെ കുരാമീസ് ഒക്കെ കൂടി എന്താ കാര്യം എന്ത് മറുപടിയാ ഓൻ തന്നത് എന്ന ഒരു ലോഡ് ചോദ്യവും കൊണ്ട് നമ്മളെ മുന്നിലേക്ക് വന്നു...

നമ്മള് അപ്പോ തന്നെ നല്ല തലവേദന ഉണ്ടെന്ന് പറഞ്ഞ് ബോധം കെട്ട പോലെ കിടന്നിട്ട് നല്ല സുഖായിട്ട് കിടന്നുറങ്ങി...

കുറച്ച് കഴിഞ്ഞപ്പോ തലയിൽ ഒരു ബാന്ഡേജും ഇട്ടിട്ട് നമ്മളെ കോന്തനും കൂട്ടരും വന്ന് നമ്മളെ തിരിച്ച് ഹോട്ടലിലേക്ക് കൊണ്ട് പോയി... നമ്മക്ക് അപ്പോ ആദിയെ തന്നെ ഇടങ്കണ്ണിട്ട് നോക്കലായിരുന്നു പണി...

ഓന്റെ നെറ്റി മുറിഞ്ഞപ്പോ നമ്മക്ക് അതിലും വലിയ വേദന ഒന്നും വരാനില്ലെന്നു... പക്ഷെ, നമ്മളെ വേദനയൊക്കെ ഇപ്പോ പുറത്ത് കാണിക്കാതിരിക്കുന്നതല്ലേ നല്ലത്... അതോണ്ട് നമ്മള് ഒന്നും മിണ്ടാൻ പോയില്ല...

ഹോട്ടലിൽ എത്തിയപ്പോ എല്ലാവരും കൂടി ഞങ്ങളെ സുഖവിവരമൊക്കെ തിരക്കി... ഞങ്ങള് രണ്ട് പേരും കുഴപ്പമില്ലെന്ന് പറഞ്ഞ് റൂമിലേക്ക് പോയി റസ്റ്റ് എടുത്തു...

ഞങ്ങള് കാരണം ബാക്കി ഉള്ളവരുടെ ട്രിപ്പ് കുളമാകണ്ടാന്ന് പറഞ്ഞിട്ട് ആദി അവരെയൊക്കെ പറഞ്ഞയച്ചു... നമ്മക്ക് കൂട്ടിന് നമ്മളെ കുരാമീസിനെയും ഓന് കൂട്ടിന് നമ്മളെ ബ്രദേഴ്സിനെയും നിർത്തിയിട്ട് ബാക്കി ഉള്ളവരെ പറഞ്ഞയച്ചു...

അവരൊക്കെ പോയതും എന്തോ ഒരു വലിയ സ്വസ്ഥത നമ്മക്ക് ഫീൽ ചെയ്തു... അങ്ങനെ നമ്മള് റൂമിലെ

ബെഡിലേക്ക് മലർന്ന് കിടന്ന് കണ്ണടച്ചതും ആ സാലിം നമ്മളോട് പറഞ്ഞ ഓരോ ഡയലോഗും നമ്മളെ മനസ്സിലേക്ക് ഓടി വന്നു... അപ്പോ തന്നെ നമ്മള് ചാടി എണീറ്റ് നമ്മളെ കുരാമീസിനെയൊക്കെ ഒന്ന് നോക്കി...

"എന്താടി ഫെബി... എന്താ പറ്റിയെ...? വെള്ളം വേണോ...?" നസിയാണ്.

"വെള്ളമൊക്കെ നമ്മക്ക് കുടിക്കാം... അതിന് മുമ്പ് എനിക്ക് ചില കാര്യങ്ങൾ അറിയണം..."

"എന്ത് കാര്യങ്ങൾ...?" ശംനയാണ്.

"ഇന്നലെ രാത്രി നമ്മളെ റൂമിലേക്ക് ആരെങ്കിലും കേറി വന്നിരുന്നോ...?"

നമ്മളെ ആ ചോദ്യം കേട്ടതും നാലും കൂടി ഒരു കള്ളച്ചിരിയോടെ പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് ഇല്ലാന്നും ഉണ്ടെന്നും തലയാട്ടി... അപ്പോ

തന്നെ നമ്മക്ക് കാര്യം ഏകദേശം പിടി കിട്ടിയെങ്കിലും നമ്മള് അതൊന്നും അറിയാത്ത പോലെ വീണ്ടും അവരോട് ചോദിച്ചു...

"ആരാ വന്നത്...?"

"ആ... ആരാ... ആരാ വന്നത് അച്ചു...?" സനയാണ്.

"ആര് വന്നു....? ആരും വന്നില്ല ഫെബി ഇവരൊക്കെ കൂടി കൺഫ്യൂസ് ആയതാ... അല്ലെടി...."

എന്ന് പറഞ്ഞ് അച്ചു അവരെ നോക്കി കണ്ണുരുട്ടിയപ്പോ അവരൊക്കെ കൂടി അതേന്ന് തലയാട്ടി... നമ്മള് അപ്പോ തന്നെ ബെഡിൽന്ന് എണീറ്റിട്ട് നമ്മളെ കുരാമീസിന്റെ അടുത്തേക്ക് പോയി...

"അപ്പോ ആരും ഇന്നലെ രാത്രി ഇങ്ങോട്ട് വന്നിട്ടില്ലല്ലേ..?

അപ്പോ ആ കോന്തൻ ഇന്നലെ രാത്രി ഇവിടന്ന് ഇറങ്ങി പോകുന്നത് കണ്ടവരുണ്ടല്ലോ....."

"ഇ... ഇറങ്ങി പോകേ...? ആര് കാക്കുവോ...? എന്നിട്ട് ഞങ്ങള് അറിഞ്ഞില്ലല്ലോ...?"അച്ചുവാണ്.

"നിങ്ങള് അറിഞ്ഞില്ലല്ലേ...? കാണിച്ച് തരാം നാലിനും..."

എന്ന് പറഞ്ഞ് നമ്മള് അവരെയൊക്കെ കൂടി തല്ലാൻ വേണ്ടി ഓടിയപ്പോ അവര് നാലും ജീവനും കൊണ്ട് ഒരോട്ടമായിരുന്നു പുറത്തേക്ക്...

അവര് പോയതും ഞമ്മള് വേഗം വാതില് അടച്ചിട്ട് വീണ്ടും വന്ന് കിടന്നു...

അപ്പോഴാണ് ആ കോന്തന്റെ ഷർട്ടും പാന്റും നമ്മളെ കണ്ണിൽ പെട്ടത്... നമ്മള് അതെടുത്തിട്ട് നമ്മളെ മുഖത്തോട് അടുപ്പിച്ചപ്പോ ആ അത്തറിന്റെ മണം നമ്മളെ മൂക്കിലേക്ക് തുളച്ച് കേറി... നമ്മളത് കുറെ നേരം മണത്ത് നിന്നിട്ട് നമ്മള് അതില് സൂചിയും നൂലും കൊണ്ട് എംബ്രോയ്ഡറി ചെയ്യാൻ തുടങ്ങി...

ഓന്റെ ഷർട്ടിന്റെ പോക്കറ്റിൽ വെള്ള നൂല് കൊണ്ട് I ã U എന്ന് തുന്നി വെച്ചു... പെട്ടെന്നൊന്നും ആർക്കും അത് കണ്ടെത്താൻ കഴിയാത്ത വിധത്തിലാണ് നമ്മളത് തുന്നിയത്... ഓന് കഴിയുമെങ്കിൽ നമ്മളെ ഇഷ്ടം ഇതിലൂടെ കണ്ടെത്തട്ടെ എന്ന് കരുതിയാണ് നമ്മള് അത് തുന്നിയത്...

പക്ഷെ, ഇപ്പോ തന്നെ ഒന്നും ആ കോന്തന് ഇത് കൊടുക്കത്തില്ലെന്ന് നമ്മള് തീരുമാനിച്ചതാ... നമ്മളെ ഇട്ട് ഒരുപാട് വട്ടം കറക്കിയ കോന്തനല്ലേ... ഇനി കുറച്ച് ദിവസം ഓനും കറങ്ങട്ടെ....

★★★★★★★★★★★★★★★★★★★★★★

"ഡാ.... എനിക്ക് കൊഴപ്പം ഒന്നുമില്ല... വേദനയൊക്കെ മാറി... ഇനിയെങ്കിലും ഈ ഓവർ കേറിങ് ഒന്ന് നിർത്തോ നിങ്ങള്...."

"ഇല്ല മോനെ... നീ എന്തൊക്കെ പറഞ്ഞാലും ഞങ്ങള് അത് നിർത്തില്ല... കാരണം ഞങ്ങൾക്ക് നീ ഒരാളെ

ഉള്ളു... അപ്പോ നിനക്ക് എന്തെങ്കിലും പറ്റിയാൽ അത് കണ്ടോണ്ട് നിൽക്കാൻ ഞങ്ങളെ കൊണ്ട് പറ്റില്ല..."

എന്ന് നിസു പറഞ്ഞ് തീർന്നതും ആരോ വാതില് തല്ലി പൊളിക്കുന്ന പോലെ അതില് മുട്ടാൻ തുടങ്ങി... ശബ്ദം കേട്ടപ്പോ തന്നെ എന്തോ പന്തികേട് തോന്നിയതോണ്ട് ഞങ്ങള് എല്ലാവരും ഞങ്ങളെ കയ്യില് കിട്ടിയ സാധനങ്ങൾ കൊണ്ട് വാതിലിനടുത്തേക്ക് ചെന്നു...

നമ്മള് എന്നിട്ട് അവരോടൊക്കെ റെഡിയല്ലേന്ന് ചോദിച്ചിട്ട് ഒരു ദീർഘ ശ്വാസം വിട്ട് നമ്മള് ആ വാതില് തുറന്നതും എല്ലാവരും കൂടി ചേർന്ന് എറിയാൻ വേണ്ടി നിന്നതും മുന്നിൽ നിൽക്കുന്ന രൂപങ്ങളെ കണ്ട് കയ്യൊക്കെ താഴ്ന്നു...

"എറിഞ്ഞ് കൊല്ലണ്ടട്ട്... ഇനി അതിന്റെ ഒരു കുറവ് കൂടിയുള്ളൂ..."

"ഹാ...ആരിത് നമ്മളെ സിസ്റ്റെർസോ...? നിങ്ങള് നാലും കൂടി ഇങ്ങോട്ട് വന്നാൽ പിന്നെ ഐഷുന്റെ അടുത്ത്

ആരാ ഉള്ളത്...?"

"അവളുടെ അടുത്ത് ആരുമില്ല.... ആ പെണ്ണ് ഞങ്ങളെ നാലിനെയും പുറത്താക്കി വാതിലടച്ച് അകത്തിരിക്കാ..."നസിയാണ്.

"പുറത്താക്കേ....? എന്തിന്..?" അനൂക്കയാണ്.

"എന്തിനാണെന്ന് ദേ ഈ നിൽക്കുന്ന മഹാനോട് തന്നെ ചോദിച്ച് നോക്ക്... എല്ലാം വരുത്തി വെച്ചിട്ട് ഒന്നും അറിയാത്ത പോലെ നോക്കുന്നത് കണ്ടില്ലേ...?"

"എടി അച്ചു നീ ഇങ്ങനെ വയലെന്റാകാതെ ഞാൻ എന്താ ചെയ്തതെന്ന് പറ..."

"ഒന്നും അറീലലെ...? ഇന്നലേ ഇങ്ങള് റൂമിലേക്ക് കേറി വന്നിട്ട് ഓളെ ഉമ്മ വെച്ച് ഓടിയില്ലേ... അത് നിങ്ങളാണെന്ന് ഓൾക്ക് മനസ്സിലായി..."

"ങേ...? അതൊക്കെ എപ്പോ...?" നിസു തോള്ളേം തുറന്ന് അത് ചോദിച്ചപ്പോ നമ്മള് ഓനെ നോക്കി ഒന്ന് പല്ലിളിച്ചു...

"ആ...നിസൂക്ക...അതൊക്കെ സംഭവിച്ചു......"

എന്ന് പറഞ്ഞ് അവര് നാലും കൂടി ഇന്നലെ അവരെ റൂമില് വെച്ച് ഉണ്ടായതൊക്കെ വള്ളിപുള്ളി വിടാതെ പറഞ്ഞു കൊടുത്തു...

അത് കേട്ടതും അവന്മാരൊക്കെ കൂടി നമ്മളെ ഒന്ന് അടിമുടി നോക്കിയപ്പോ നമ്മള് ഒരു ഇളി പാസാക്കി കൊണ്ട് അവിടന്ന് വേഗം സ്കൂട്ടായി ഓളെ റൂമിലേക്ക് പോയി....

പിന്നാലെ നമ്മളെ ചങ്ക്സും അവളുമാരും....

★★★★★★★★★★★★★★★★★★★★★★

നമ്മള് അതൊക്കെ തുന്നി വെച്ചിട്ട് അയേൺ ചെയ്യുമ്പോഴാണ് ആരോ വാതില് മുട്ടിയത്... നമ്മളെ കുരാമീസ് ആകുമെന്ന് മനസ്സിലായോണ്ട് നമ്മള് ചെന്ന്

വാതില് തുറക്കാൻ നിന്നതും ചുമ്മാ വാതിലിന്റെ ലെൻസിലൂടെ ഒന്ന് പുറത്തേക്ക് നോക്കി...

അപ്പോ നമ്മള് കണ്ടത് ആ കോന്തനെയാണ്... അതോണ്ട് അപ്പോ തന്നെ നമ്മള് വേഗം ചെന്ന് ആ കോന്തന്റെ ഡ്രസ്സ് ഒക്കെ എടുത്ത് നമ്മളെ ബാഗിൽ വെച്ചിട്ട് പോയി വാതില് തുറന്നു....

നമ്മള് വാതില് തുറക്കാൻ കാത്തിരുന്ന പോലെ എല്ലാവരും കൂടി ഇടിച്ച് കേറി കൊണ്ട് റൂമിലേക്ക് വന്നു... എന്നിട്ട് ആ കോന്തനും നമ്മളെ ബ്രദേഴ്സും കൂടി കട്ടിലിലേക്ക് ചാടി കയറിയിട്ട് അവിടെ കിടന്ന് കുത്തി മറിയാൻ തുടങ്ങി...

അവറ്റകളുടെ കാട്ടികൂട്ടല് കണ്ടിട്ട് നമ്മക്ക് പെരുത്ത് ദേഷ്യം വന്നതോണ്ട് നമ്മളെ കുരാമീസിനെയൊക്കെ ഒന്ന് രൂക്ഷമായി നോക്കിയിട്ട് അവന്മാരെ അവിടന്ന് താലി ഓടിക്കാൻ ഒരു ശ്രമം നടത്തി... പക്ഷെ, ആ തെണ്ടികൾ അവിടന്ന് ഒരടി പോലും അനങ്ങിയില്ല....

"എടി ഫെബി... ഇവൻ നിനക്ക് ഇന്നലെ എന്തൊക്കെയോ തന്നെന്ന് ഒരു ജനസംസാരം ഉണ്ടല്ലോ..."

അതുവരെ അവന്മാരെ റൂമീന്ന് ഓടിക്കാൻ വേണ്ടി തലയണ വെച്ച് അടിച്ചോണ്ടിരുന്ന നമ്മളെ കൈ നിസൂക്കാൻ്റെ ആ ഒരൊറ്റ ഡയലോഗിൽ താഴ്ന്നു പോയി.... എന്നിട്ട് ആ കോന്തനെ ഒരു നോട്ടം നോക്കിയപ്പോ ഓൻ ഓൻ്റെ ചുണ്ട് കടിച്ച് കാണിച്ച് തന്നു.... അത് കണ്ടതും നമ്മക്ക് ആ കോന്തനോട് എത്ര മടങ്ങ് ദേഷ്യം കൂടിയെന്ന് ഇൻക്കും പടച്ചോനും മാത്രേ അറിയൂ...

പക്ഷെ, ആ ദേഷ്യം ഒക്കെ ഉള്ളിൽ വെച്ചിട്ട് ഇപ്പോ നിസൂക്കാക്ക് ഒരു മറുപടി കൊടുക്കണെല്ലോന്ന് ചിന്തിച്ച് നമ്മള് അന്തം വിട്ട് നിന്നു...

"നീ എന്താ ഫെബി ഇത്രക്ക് ആലോചിക്കുന്നത്..? ഇവന് ഇന്നലെ രാത്രി നിന്നെ ഉമ്മ വെച്ചിട്ട് ഓടി പോയെന്ന് ഒരു വാർത്ത കേട്ടു..."

എന്ന് പറഞ്ഞ് അവന്മാരൊക്കെ കൂടി ചിരിച്ചപ്പോ നമ്മക്ക് ആശ്വാസമായി... കാരണം നമ്മള് വിചാരിച്ചത് ഓൻ ഇന്നലെ വൈകിട്ട് നമ്മക്കിട്ട് തന്ന ഉമ്മയെ കുറിച്ചാണ് ഇവര് പറയുന്നതെന്നാ.... ഹാവൂ...അതിനെ കുറിച്ചല്ലല്ലോ സമാധാനം...

പക്ഷെ,എന്നാലും ഇവന്മാരും ഇവളുമാരും കൂടി അതും പറഞ്ഞ് ഞങ്ങളെ രണ്ട പേരുടെയും ഇറച്ചി വേണ്ടുവോളം തിന്നുന്നുണ്ട്... ഇനി അതും കൂടെ അറിഞ്ഞാൽ പിന്നെ എല്ലാം ആയി....

"നിങ്ങളെല്ലാരും കൂടി അതും പറഞ്ഞ് ഞങ്ങളെ കളിയാക്കാൻ വന്നതാണോ..? എന്നാലേ കളിയാക്കല് മതിയാക്കി എല്ലാവരും ഇവിടന്ന് പോയേ.... അല്ലെങ്കിൽ ഞാൻ ഇറങ്ങി പോകും..."

"അതേയതെ... കളിയാക്കലൊക്കെ നിർത്തിയിട്ട് നിങ്ങള് പോയേ... ഞങ്ങൾക്ക് രണ്ട് പേർക്കും കൂടി ചില ഭാവി കാര്യങ്ങളൊക്കെ തീരുമാണിക്കാനുണ്ട്.... ചെല്ല്... ചെല്ല്...."

"അവരെക്കാൾ ഒക്കെ മുൻപ് നീയാ ഇവിടന്ന് പോകേണ്ടത്... പോ പുറത്തേക്ക്....."

"ഓ പിന്നെ...നീ പറഞ്ഞെന്ന് കരുതി പോകാൻ നിക്കല്ലേ ഞാൻ.... ഞാൻ വന്നത് അങ്ങനെ വെറും കയ്യോടെ മടങ്ങി പോകാനല്ല...."

"പിന്നെ....?"

"ഇന്നലെ ഞാൻ നിനക്ക് തന്നത് തിരിച്ച് വാങ്ങാൻ വന്നതാ.... അതും ഇവരുടെയൊക്കെ മുന്നിൽ വെച്ചിട്ട്... ഇനി നാളെ ആരും പറയരുതല്ലോ ഞങ്ങളൊന്നും കണ്ടിട്ടില്ലെന്ന്....."

"എ.... എ... എന്ത് തിരിച്ച് ....വാങ്ങാൻ....?"

നമ്മള് ചെറുതായി പതറി കൊണ്ട് അത് ചോദിച്ചപ്പോ ഓൻ ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് നടന്ന് വന്നു...

നമ്മക്ക് അതിനനുസരിച്ച് പുറകോട്ട് പോകണമെന്ന് ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല... പക്ഷെ നമ്മള് ആദ്യമേ നിക്കുന്നത് ചുമരിനോട് ചാരിയാണ്.... ഇനി ഇവിടന്ന് എങ്ങോട്ട് പോകാനാ....

അപ്പോഴേക്കും ആ കോന്തൻ നമ്മളെ അടുത്തേക്ക് നടന്നടുത്തിരുന്നു... ഓൻ നമ്മളെ ഒരു ഭാഗത്ത് ചുവരിൽ കൈ കുത്തി നിർത്തിയിട്ട് നമ്മളെ അടുത്തേക്ക് മുഖം അടുപ്പിച്ചതും നമ്മള് വേഗം കണ്ണടച്ച് പിടിച്ചു....

ഓന്റെ ശ്വാസം നമ്മളെ മുഖത്തേക്ക് വീശുന്നതിനനുസരിച്ച് നമ്മളെ ഹാർട്ട് ബീറ്റും കുതിച്ചുയർന്നു... പെട്ടെന്ന് ഓൻ നമ്മളിൽ നിന്നും അകന്ന് നിന്നിട്ട് നമ്മളെ നോക്കി ചിരിച്ചു... നമ്മള് അപ്പോ തന്നെ കണ്ണ് തുറന്നിട്ട് നമ്മളെ വിയർപ്പ് ഒക്കെ തുടച്ചിട്ട് അവനേയും ബാക്കിയുള്ളവരെയും ഒന്ന് നോക്കി....

അവരൊക്കെ കിളി പോയ പോലെ തോള്ളേം തുറന്ന് ഞങ്ങളെ രണ്ടിനെയും മാറി മാറി നോക്കാണ്... അപ്പോ

ആ കോന്തൻ വീണ്ടും ചിരിച്ചോണ്ട് നമ്മളെ മുന്നിൽ കൈ കെട്ടി നിന്നു....

"ഞാൻ എന്റെ ഡ്രസ്സ് തിരിച്ചു വാങ്ങാനാ വന്നത്... അത് അലക്കി കഴിഞ്ഞോ...?"

ഓൻ അത് ചോദിച്ചപ്പോ നമ്മളെ ശ്വാസം മാത്രല്ല ബാക്കിയുള്ളോരെ ശ്വാസം കൂടി അപ്പോഴാ നേരെ വീണത്....

"ഡാ ആദി.... നീ നിന്റെ ഡ്രെസ്സിന്റെ കാര്യമാണോ പറഞ്ഞത്.... ഞങ്ങള് കരുതി... ഇന്നലെ രാത്രി നീ ഇവൾക്ക് കൊടുത്തത് തിരിച്ച് വാങ്ങാൻ വന്നതാണെന്ന്...."

അൻസിക്കാൻറെ ഡയലോഗ് കേട്ട് അവിടെ മൊത്തം വീണ്ടും ചിരി മേളമായിരുന്നു... നമ്മക്ക് ആണെങ്കിൽ അതൊക്കെ കേട്ടിട്ട് ആകെ ചടച്ചു.... അതിനിടക്കാണ് ആ കോന്തന്റെ വക അടുത്ത ഡയലോഗ് നമ്മള് നിന്നിടത്ത് നിന്ന് ഉരുകിയില്ലേ...

"ഓൾക്ക് ഇനി അത് ഇഷ്ടായിട്ടില്ലെങ്കിൽ ഓള് അത് തിരിച്ച് തന്നോട്ടെ... എനിക്ക് യാതൊരു എതിർപ്പും ഇല്ലെയ്...."

നമ്മള് ഓന്റെ വർത്താനം കേട്ടിട്ട് തിരിച്ച് ഒന്നും പറയാൻ കഴിയാതെ ഓനെ നോക്കി കണ്ണുരുട്ടി...

"അത് ശരിയാ ഫെബി... കാക്കു നിൻക്ക് തന്നത് ഇഷ്ടായിട്ടിലെങ്കിൽ തിരിച്ച് കൊടുത്തേക്ക്..."

അച്ചൂനെ അനുകൂലിച്ചോണ്ട് അവരെല്ലാവരും കൂടി ആ...അതെ എന്നൊക്കെ പറഞ്ഞ് കൂവുന്നുണ്ട്.... നമ്മളെ അടുത്ത് നിന്ന് ഒരു പ്രതികരണവും കാണാതോണ്ട് അവരൊക്കെ കൂടി അടുത്തത് പറഞ്ഞുണ്ടാക്കി....

"കണ്ടോ ഓള് ഒന്നും മിണ്ടുന്നില്ല... അപ്പോ അതിന് അർത്ഥമെന്താ...?

ആദിൽക്ക കൊടുത്തത് ഓൾക്ക് ഇഷ്ടായിട്ടുണ്ട്.... അതോണ്ട് തിരിച്ച് തരില്ലെന്നല്ലേ...?"

എന്ന് നസി വിളിച്ച് കൂവിയപ്പോ അവരൊക്കെ കൂടി നമ്മളെ ജീവനോടെ പൊരിച്ചു.... എല്ലാം കൂടി ആയപ്പോ സഹികെട്ട് നമ്മള് അവറ്റകളെയൊക്കെ അവിടന്ന് ആട്ടിപായിച്ചു...

നമ്മളെ കുരാമീസിനെ മാത്രം അകത്താക്കിയിട്ടാണ് നമ്മള് ബാക്കിയുള്ളവരെ പുറത്താക്കിയത്...

അപ്പോ ആ കോന്തൻ വീണ്ടും നമ്മളെ അടുത്തേക്ക് വന്നു...

"എന്റെ ഡ്രസ്സ് എവിടെ എന്ന് നീ പറഞ്ഞില്ല..."

"അ.... അത് അലക്കിയിട്ടില്ല... അലക്കി കഴിഞ്ഞിട്ട് തരാം..."

എന്ന് പറഞ്ഞ് നമ്മള് കയ്യും കെട്ടി ഓനെ നോക്കി പുച്ഛിച്ചിട്ട് മുഖം തിരിച്ചു.... അപ്പോ നമ്മളെ കുരാമീസ്

അന്തം വിട്ട് നമ്മളെ തന്നെ നോക്കുന്നുണ്ടെന്നു... നമ്മള് അവരേ നോക്കിയിട്ട് മിണ്ടരുതെന്ന് തലയാട്ടി... അപ്പോ അവര് ഓക്കേ എന്ന് തിരിച്ചും തലയാട്ടി...

"ഓ...അപ്പോ ഇതുവരെ അത് അലക്കിയില്ലേ..? അപ്പോ ഇതുവരെ എന്തായിരുന്നു നിനക്ക് പണി...?

മര്യാദക്ക് അത് അലക്കിയിട്ട് എനിക്ക് ഇന്ന് രാത്രിക്കുള്ളിൽ തിരിച്ച് തരണം... ഇല്ലെങ്കിൽ ഉണ്ടല്ലോ...?"

"ഇല്ലെങ്കിൽ ഇയാളെന്താ ചെയ്യാ... എന്നെ മൂക്കിൽ വലിച്ച് കേറ്റോ...?"

"ഏയ്.... അതൊന്നും ചെയ്യില്ല... അതൊക്കെ മോശല്ലേ... ഇന്നലെ നിൻക്ക് തന്ന മറുപടി വീണ്ടും തരും അത്രേയുള്ളൂ... അപ്പോ മറക്കണ്ടാ...ഇന്ന് രാത്രിക്കുള്ളിൽ...."

എന്ന് ഒരു ഭീഷണി മുഴക്കി കൊണ്ട് ആ കോന്തൻ റൂമീന്ന് പോയപ്പോ നമ്മളെ കിളികളൊക്കെ

ഏതൊക്കെ വഴിയിൽ കൂടിയാ പാറി പോയതെന്ന് പടച്ചോന് അറിയാ... അപ്പോഴാണ് നമ്മളെ കുരാമീസ് നമ്മളെ അടിമുടി നോക്കി കൊണ്ട് നമ്മളെ അടുത്തേക്ക് വന്നത്...

കാര്യം എന്താണെന്ന് നമ്മക്ക് ആദ്യം പിടി കിട്ടിയില്ലെങ്കിലും പിന്നെ നോട്ടത്തിന്റെ ഗൗരവം കണ്ടപ്പോ സംഭവം മനസ്സിലായി... പിന്നെ അങ്ങോട്ട് നമ്മളെ നാലും കൂടി നാല് സൈഡീന്നും ചേർന്ന് നമ്മളെ പൊരിഞ്ഞ ചോദ്യം ചെയ്യലായിരുന്നു...

ആ കോന്തന്റെ ഡ്രസ്സ് അലക്കിയിട്ടും നമ്മളെന്തേ അത് കൊടുക്കാഞ്ഞത്...? എന്നതാണ് മെയിൻ ചോദ്യം... നമ്മള് അവസാനം എന്തൊക്കെയോ പറഞ്ഞ് അവരെ മുന്നീന്ന് തടി തപ്പിയിട്ട് പുറത്തേക്ക് പോയി... പിന്നാലെ നമ്മളെ കുരാമീസും...

അന്ന് മുഴുവൻ ഞങ്ങള് ഹോട്ടലിൽ തന്നെ ആയിരുന്നു... ഫുഡ് ഒക്കെ ഞങ്ങളെല്ലാവരും കൂടി ഒരുമിച്ചാണ് കഴിച്ചത്... അതും കഴിച്ചെന്ന് പറയാൻ പറ്റില്ല... വിഴുങ്ങിയെന്ന് പറയുന്നതാകും നല്ലത്...

കാരണം നമ്മക്കിട്ട് ചാമ്പല് അല്ലെന്നോ അവറ്റകളുടെയൊക്കെ പണി... എന്തായാലും സംഭവം എനിക്ക് നല്ല പൊളിപ്പനായിരുന്നു...

പിന്നേ ഞങ്ങള് എല്ലാവരും കൂടി ഹോട്ടലിന്റെ ഗാർഡനിലേക്ക് പോയി അവിടെ കുറച്ച് നേരം ഇരുന്നിട്ട് ഒരുപാട് സംസാരിച്ചു...അവിടെ ആ ഗാർഡന്റെ നടുക്ക് ഒരു സ്വിമ്മിങ് പൂളും ഉണ്ടായിരുന്നു... ഞങ്ങള് അഞ്ച് പേരും ആദ്യായിട്ട് കോളേജിലേക്ക് വന്നപ്പോ തൊട്ട് ഇതുവരെ ഉണ്ടായിട്ടുള്ള നമ്മളെയും കോന്തന്റെയും വഴക്കിനെ കുറിച്ചാണ് ഫുൾ ചർച്ചയും നടന്നത്...

അത് കഴിഞ്ഞപ്പോ പിന്നെ ഞങ്ങള് രണ്ട് പേരും കൂടി ഉണ്ടായിരുന്ന റൊമാൻസായി ചർച്ച... അതൊക്കെ ഞങ്ങളെ കുരാമീസും ബ്രദേഴ്‌സും കൂടി പറയുന്നത് കേട്ടപ്പോഴാണ് ഇത്രക്കൊക്കെ റൊമാൻസ് ഞങ്ങള് തമ്മിലുണ്ടോന്ന് തോന്നിയത്...

പക്ഷെ, ഞങ്ങള് രണ്ട് പേരും തമ്മില് ഇതിനേക്കാൾ കൂടുതൽ റൊമാൻസ് ഉണ്ടായിട്ടുണ്ടെന്ന് അവർക്ക് അറിയില്ലല്ലോ... നമ്മക്ക് അതൊക്കെ കൂടി

ആലോചിച്ചപ്പോ ചിരി വന്നു...

നമ്മള് അപ്പോ ആ കോന്തനെ നോക്കിയപ്പോ ഓൻ നമ്മളെ തന്നെ കണ്ണെടുക്കാതെ നോക്കി കൊണ്ടിരിക്കേന്നു... അത് കണ്ടപ്പോ നമ്മളും അറിയാതെ ഓന്റെ കണ്ണിലേക്ക് നോക്കി അങ്ങനെ ഇരുന്ന് പോയി...

പെട്ടെന്ന് നമ്മളെ കുരാമീസ് നമ്മളെ മുഖത്തേക്ക് വെള്ളം കുടഞ്ഞപ്പോഴാണ് നമ്മള് കണ്ണ് തുറന്ന് നോക്കിയത്... അപ്പോ കണ്ടതോ നമ്മളെ തന്നെ നോക്കി മിഴിച്ചോണ്ടിരിക്കുന്ന നമ്മളെ കുരാമീസിനെയും ബ്രദേഴ്സിനെയും... അവര് രണ്ട് കൂട്ടരും കൂടി നമ്മളെയും കോന്തന്റെയും മുഖത്തേക്ക് സ്വിമ്മിങ് പൂളിന്ന് വെള്ളം ഒഴിച്ചിരിക്കാണ്... അതുവരെ ശാന്തരായി ഇരുന്നിരുന്ന ഞങ്ങള് രണ്ട് പേരും കൂടി പരസ്പ്പരം മുഖത്തേക്ക് നോക്കിയിട്ട് അവറ്റകളെ നോക്കി കണ്ണുരുട്ടി...

എന്നിട്ട് ഒരൊറ്റ തള്ളായിരുന്നു അവറ്റകളെ പൂളിലേക്ക്... അവർക്കൊക്കെ നല്ലോണം നീന്താൻ

അറിയുന്നതോണ്ട് അവറ്റകള് അതൊക്കെ നല്ലോണം ആസ്വദിക്കുന്നുണ്ട്... അതിലുപരി നല്ലോണം വിറക്കുന്നുമുണ്ട്.... അത് കണ്ടിട്ട് നമ്മളും കോന്തനും പൊരിഞ്ഞ ചിരി ആയിരുന്നു...

നമ്മള് ചിരിച്ചോണ്ട് അറിയാതെ ആ കോന്തന്റെ തോളിൽ കയ്യിട്ടപ്പോ ഓൻ നമ്മളെ തന്നെ നോക്കി നിന്നു... ഓന്റെ ഭാഗത്ത് നിന്നും ഒരു പ്രതികരണവും കാണാത്തത് ശ്രദ്ധിച്ചപ്പോഴാ നമ്മള് ആ കോന്തനെ നോക്കിയത്... അപ്പോ ഓൻ നമ്മളെ തന്നെ നോക്കി നിൽക്കാണ്...

അത് കണ്ടപ്പോ നമ്മള് അപ്പോ തന്നെ ഓന്റെ തോളീന്ന് കയ്യെടുത്തിട്ട് ഓനെ നോക്കി ചിരിച്ചു... അപ്പോ ഓനും നമ്മളെ നോക്കി ചിരിച്ചിട്ട് ചാടിയാലോ എന്ന് ആംഗ്യം കാണിച്ചു... നമ്മള് ആ പൂളിലേക്ക് നോക്കിയിട്ട് വേണ്ടാന്ന് തലയാട്ടി തീർന്നില്ല അപ്പോഴേക്കും പുറകിൽ നിന്നും ആരോ ഞങ്ങളെ രണ്ട് പേരെയും ഒരുമിച്ച് ഒരൊറ്റ തള്ളായിരുന്നു പൂളിലേക്ക്...

★★★★★★★★★★★★★★★★★★★★★

പ്രതീക്ഷിക്കാത്ത വീഴ്ച ആയോണ്ട് നമ്മള് പൂളിന്റെ താഴേക്ക് വരെ പോയിരുന്നു... മുകളിലേക്ക് നീന്തിയിട്ട് ഏത് തെണ്ടിയാ നമ്മളെ പിടിച്ച് തള്ളിയതെന്ന് നോക്കിയപ്പോ നിസുവാണ്... എല്ലാവരും അപ്പോഴേക്കും കരയിലേക്ക് കേറിയിട്ടുണ്ട്... തണുത്തിട്ടാണെങ്കിൽ നമ്മക്ക് വേഗം കേറി പോകാനാ തോന്നിയത്...

"കാക്കൂ...ഫെബിയെ രക്ഷിക്ക്... ഓൾക്ക് നീന്താൻ അറീല..."

അച്ചു വിളിച്ച് കൂവിയത് കേട്ട് ഞാൻ പെട്ടെന്ന് തന്നെ ഐഷുന്റെ ഭാഗത്തേക്ക് തിരിഞ്ഞു നോക്കി... അപ്പോ ഐഷു അവിടെ മുങ്ങി പൊന്തായിരുന്നു...

നമ്മള് അപ്പോ തന്നെ അങ്ങോട്ട് നീന്തിയിട്ട് ഐഷുവിനെ പൊക്കിയെടുത്ത് കരയിലേക്ക് കെടുത്തി... സ്വർഗം കിട്ടിയ പോലെ ഉള്ള ഫീലിൽ ഓള് മേൽപ്പോട്ട് നോക്കി കിടന്നപ്പോ നമ്മള് ഓളെ അടുത്തേക്ക് ചെന്നു...

അപ്പോ തന്നെ ഷോക്കടിച്ച പോലെ ഓള് പെട്ടെന്ന് എണീറ്റിട്ട് നിസൂനെ തുറുക്കനെ നോക്കി കൊരക്കാൻ തുടങ്ങി...

"ഐഷു നീ അപ്പോഴേക്കും എണീറ്റോ...?

കളിക്കാതെ അവിടെ അടങ്ങി കിടന്നെ... വെള്ളത്തിൽ നിന്നും രക്ഷപ്പെടുത്തിയ ആളെ ചെയ്യേണ്ട എന്തൊക്കെ പ്രോസസ് ഉണ്ടെന്ന് അറിയോ...?

ആദ്യം നീ അവിടെ കിടന്നിട്ട് നിന്റെ വയർ അമർത്തി വെള്ളം പുറത്തെടുക്കണം... അപ്പോ വെള്ളം വന്നില്ലെങ്കിൽ വായോട് വാ വെച്ച് വെള്ളം എടുക്കണം... ഇങ്ങനെ എന്തൊക്കെ പണി ഉള്ളതാ.... നീ കിടന്നെ...നമുക്ക് ഒന്നിൽ നിന്ന് തുടങ്ങാം...."

എന്ന് നമ്മള് പറഞ്ഞപ്പോ പെണ്ണിന്റെ മുഖമൊക്കെ ചുവന്ന് തുടുത്തതൊന്ന് കാണണമെന്റെ സാറെ.... നിന്നിടത്ത് നിന്ന് നമ്മള് കത്തി തീരും...അത്രക്ക് തീക്ഷ്ണത ഉണ്ടായിരുന്നു അവളെ നോട്ടത്തിന്...

നമ്മളെ ഡയലോഗ് കേട്ട് എല്ലാവരും പൊരിഞ്ഞ ചിരിയാണ്... അതോണ്ട് നമ്മളെ പെണ്ണിന് അതും പറ്റിയിട്ടില്ല... എല്ലാ ദേഷ്യവും ഓൾക്ക് ഇപ്പോ നമ്മളോടാ...

"അപ്പോ ഒന്നിന്ന് തുടങ്ങാലെ...?"

എന്ന് കിണിച്ചോണ്ട് ഓള് ചോദിച്ചപ്പോ നമ്മളെ ഇങ്ങനെ ചെയ്യുമെന്ന് നമ്മള് കരുതിയില്ല... ഓള് എണീറ്റ് വന്നിട്ട് നമ്മളെ പിടിച്ച് ഒരു തള്ളായിരുന്നു വീണ്ടും പൂളിലേക്ക്... കൂട്ടത്തിൽ നിസൂനെയും...

ഞങ്ങള് രണ്ടും കൂടി തണുത്ത് മരവിച്ച് കാണിച്ച് കൂട്ടുന്നത് കണ്ടപ്പോ ഓള് പൊരിഞ്ഞ ചിരി.... ബാക്കി ഉള്ളവരൊന്നും ചിരിക്കുന്നത് കാണാഞ്ഞിട്ട് ഓള് അവരെയൊക്കെ നോക്കി കണ്ണുരുട്ടിയപ്പോ അവരും ഓളെ കൂടെ കൂടി നമ്മളെ കളിയാക്കി ചിരിച്ചിട്ട് അവിടന്ന് പോയി....

"ഇതിന് ഞാൻ നിനക്ക് നല്ല അഡാർ പണി തന്നെ തരും മോളെ.... ഇല്ലെങ്കിൽ എന്റെ പേര് ആദിൽ സാഹിബ് കരീം എന്നല്ല..."

"നിന്റെ കൂടെ ഞാനും ഉണ്ടെടാ ആദി..."

നിസൂന്റെ പറച്ചില് കേട്ടിട്ട് നമ്മള് അന്തം വിട്ട് ഓനെ നോക്കി...

"എന്തിന്...?"

"പണി കൊടുക്കാനെ... പണി...."

"ആ....എന്നാലേ...ഓൾക്കുള്ള പണി ഞാൻ കൊടുത്തോളാം നീ കൊടുക്കണ്ടെട്ടാ.... ഓൾക്ക് പണി കൊടുക്കാൻ ബെസ്റ്റ് ഞാനാ... അതോണ്ട് നീ പണിയണ്ടാ...."

"ഓഹോ.....മനസ്സിലായി... നിന്റെ പണി എന്താണെന്ന് മനസ്സിലായി മോനെ.... അപ്പോ അതാണല്ലേ മനസ്സിലിരുപ്പ്....ആ...നടക്കട്ടെ....നടക്കട്ടെ...."

എന്ന് പറഞ്ഞ് നിസു കിണിച്ചപ്പോ ഓനെ നമ്മള് പൂളിൽ മുക്കി താഴ്ത്തിയിട്ട് വേഗം കേറി റൂമിലേക്ക് പോയി... ഇല്ലെങ്കിൽ തണുത്ത് ഉറഞ്ഞ് ഐസായേനെ....

"നിനക്കുള്ള അടുത്ത പണിയും കൊണ്ട് ഞാൻ ഇതാ വരുന്നു ഐഷു.... ഇതിന് ശേഷം നീ എന്നോട് കളിക്കാൻ ഒന്ന് ആലോചിക്കും..."

നമ്മള് ഓൾക്ക് കൊടുക്കേണ്ട പണിയെ കുറിച്ച് ചിന്തിച്ചോണ്ട് റൂമിലേക്ക് പോയി ഡ്രെസ്സ് ചേഞ്ച് ചെയ്തിട്ട് അവരെ റൂമിലേക്ക് വെച്ച് പിടിച്ചു...

വാതിലിൽ രണ്ട് കൊട്ട് കൊടുത്തപ്പോഴേക്കും അച്ചു വന്ന് വാതിൽ തുറന്നു തന്നു...

"ഓ...വന്നല്ലോ വനമാല... ഇയാളെ കുറിച്ച് സംസാരിക്കായിരുന്നു ഞങ്ങള്.... ആകെപ്പാടെ ഉണ്ടായിരുന്ന ഒരു സ്വെറ്ററും നനയിപ്പിച്ചപ്പോ സമാധാനയല്ലോ രണ്ടിനും... ഇനി ഞങ്ങളെന്താ ചെയ്യാ...?"

അച്ചു ഇങ്ങനെ ഓരോന്ന് പറഞ്ഞോണ്ടിരുന്നപ്പോഴും നമ്മളെ കണ്ണ് മുഴുവൻ ഐശൂന്റെ തിരയായിരുന്നു... പെണ്ണിനെ റൂമിലൊന്നും കാണുന്നില്ല...

"ഹലോ മാഷെ...നിങ്ങളോടാ ഈ സംസാരിക്കുന്നത്...ഞാൻ പറയുന്നത് വല്ലതും കേൾക്കുന്നുണ്ടോ...?"

"ഐഷു എവിടെ...?"

"ആരാ അവിടെ വന്നത് അച്ചൂ...."

എന്ന് ഐഷു ബാത്റൂമിൽ നിന്നും വിളിച്ച് കൂവുന്നത്

കേട്ടു... അപ്പോ തന്നെ അച്ചു മറുപടി കൊടുക്കാൻ വേണ്ടി തുനിഞ്ഞതും നമ്മള് ഓളെ വാ പൊത്തി പിടിച്ചിട്ട് ശബ്ദം മാറ്റി സംസാരിച്ചു....

"റൂം സർവീസ് ആണ് മാഡം..."

എന്ന് പറഞ്ഞ് നമ്മള് അവളുമാരെ നോക്കിയപ്പോ എല്ലാത്തിന്റെയും കിളി പോയിട്ടുണ്ട്... അച്ചു അപ്പോ തന്നെ നമ്മളെ കൈ തട്ടി മാറ്റി നമ്മളെ അടിമുടിയൊന്ന് നോക്കി...

"എന്താ ഉദ്ദേശം...? ഓളോട് എന്തിനാ അങ്ങനെ പറഞ്ഞത്...?"

"അതൊക്കെ ഉണ്ട് മക്കളെ... നിങ്ങള് ഗാർഡനിലേക്ക് പൊയ്ക്കോ അവന്മാര് അവിടെ തീ കൂട്ടിയിട്ടിട്ടുണ്ട്... ചെല്ല്... പോയി തണുപ്പകറ്റാൻ നോക്ക്...."

"അപ്പോ ഫെബിയോ...? ഓള് വന്നിട്ട് ഞങ്ങള് ഒരുമിച്ച്

പൊയ്ക്കോളാം..." സനയാണ്.

"പിന്നെ എന്തിനാ മുത്തെ ചേട്ടൻ ഇങ്ങോട്ട് വന്നത്...?"

നമ്മളെ ഡയലോഗ് കേട്ട് നാലും കൂടി ചിരിച്ചോണ്ട് റൂമിൽ നിന്നും ഇറങ്ങിയതും അച്ചു തിരിഞ്ഞ് നമ്മളെ അടുത്തേക്ക് വന്നു...

"ദേ കാക്കു...ഇന്നലെ കാണിച്ച പോലെ ഒരു കുരുത്തക്കേടും ഒപ്പിച്ചേക്കല്ലേ... ഞങ്ങളെ ഫെബി പാവാ... പക്ഷെ ചില നേരത്ത് ഭദ്രകളിയാ...ചിലപ്പോ നിങ്ങളോടുള്ള ദേഷ്യം ഞങ്ങളോടാകും തീർക്കാ...അതോണ്ട് ഇന്നലെ കാണിച്ച പോലെ ഒന്നും ചെയ്തേക്കല്ലേ..."

"ഛെ...ഛെ... എന്താ അച്ചു നീയീ പറയുന്നേ...? ഞാൻ അങ്ങനെ ചെയ്യോ..?"

'അതിലും വലുതല്ലേ ചെയ്യൂ...'

"നിങ്ങള് ചെല്ല് അവന്മാര് അവിടെ കാത്തിരിക്കുന്നുണ്ടാകും... ഞാൻ ഐഷുനെയും കൊണ്ട് അങ്ങോട്ട് വരാം..."

അവര് നാല് പേരും കൂടി ഒന്ന് നീട്ടി മൂളി കൊണ്ട് അവിടന്ന് പോയതും നമ്മള് വേഗം വാതിലടച്ചു...

"ഇന്ന് നിനക്ക് ഞാൻ വെച്ചിട്ടുണ്ടെടി കാന്താരീ..."

★★★★★★★★★★★★★★★★★★★

"എന്തിനാ അച്ചൂ റൂം ബോയ് വന്നത്...?"

എന്ന് ചോദിച്ചോണ്ട് നമ്മള് ബാത്റൂമിൽ നിന്നും ഇറങ്ങിയതും അവിടെ ഒന്നും ആരെയും കാണാൻ ഇല്ലെന്നു...

"അച്ചൂ....സനാ....ഷംനാ... നസീ.... ഈ നാലും കൂടി ഇതെവിടെ പോയി...?

അച്ചൂ..... ഡി കുരുപ്പുകളെ... എവിടെ പോയി കിടക്കാ...."

എന്ന് പറഞ്ഞ് നമ്മള് റൂം മൊത്തം അവറ്റകളെ തിരഞ്ഞ് നടന്നതും പെട്ടെന്ന് റൂമിലെ ലൈറ്റ് അണഞ്ഞു... നമ്മള് ഞെട്ടി തിരിഞ്ഞ് നോക്കിയപ്പോ റൂം ആകെ ഇരുട്ട് പടർന്നു...

നമ്മക്ക് ഇരുട്ട് ചെറുപ്പം തൊട്ടേ അലർജി ആയോണ്ട് നമ്മള് പേടിച്ച് ഒരു വഴിക്കായിട്ടുണ്ട്... അതിനിടക്ക് ആരോ പുറകിലൂടെ പോകുന്ന പോലെയും പെട്ടെന്ന് നമ്മളെ മുന്നിലേക്ക് വരുന്ന പോലെയും ഒക്കെ നമ്മക്ക് തോന്നി...

"അച്ചൂ...ഡി...ദേ കളി നിർത്തിക്കോട്ടൊ... ഇൻക്ക് പേടിയാകുന്നുണ്ട്... അച്ചൂ..."

എന്ന് വിളിച്ചു കൂവി നമ്മള് കരച്ചിലിന്റെ വക്കോളം

എത്തിയിട്ടുണ്ട്... ഇരുട്ടായോണ്ട് നമ്മളെ ഫോൺ എവിടെയാ വെച്ചതെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ലെന്നു... ആരോ റൂമിലൂടെ അങ്ങോട്ടും ഇങ്ങോട്ടും പോകുന്നത് പോലെ തോന്നിയപ്പോ തൊട്ട് നമ്മളെ കണ്ണ് നിറഞ്ഞ് ഒഴുകി...

നമ്മള് പേടിച്ച് വേഗം കട്ടിലിൽ കേറി നിന്നപോ നമ്മളെ കാലിൽ നമ്മളെ ഫോൺ തട്ടി... നമ്മള് അപ്പോ തന്നെ അതെടുത്ത് ഫ്ലാഷ് ഓണാക്കി റൂമിൽ മൊത്തം ഒന്ന് അടിച്ചപ്പോ അവിടെ ഒന്നും നമ്മക്ക് ആരെയും കാണാൻ ഇല്ലെന്നു...

നമ്മള് പേടിച്ച് വിറച്ച് അപ്പോ തന്നെ കട്ടിലിൽ നിന്ന് ചാടി ഇറങ്ങിയിട്ട് വാതിലിന്റെ അടുത്തേക്ക് വെച്ച് പിടിച്ചു... നമ്മള് വാതിൽ തുറക്കാൻ വേണ്ടി നിന്നപ്പോഴേക്കും ആരോ നമ്മളെ ചെവിന്റെ അടുത്ത് നിന്ന് ഊതി...

നമ്മള് പേടിച്ച് തിരിഞ്ഞപ്പോഴേക്കും നമ്മളെ കയ്യിന്ന് ഫോൺ നിലം പതിച്ചിരുന്നു... നമ്മള് വേഗം ഫോൺ തിരഞ്ഞ് എടുത്തപ്പോ ആ കുന്ത്രാണ്ടം ഓണാകുന്നില്ല...

അതോടെ നമ്മളെ ഉള്ളിലെ പേടി ഡബിൾ സ്ട്രോങ്ങായിട്ട് പുറത്തേക്ക് വരാൻ തുടങ്ങി... നമ്മളെ ഹാർട്ട് ബീറ്റും ശ്വാസവും കുതിച്ചുയരുന്ന പോക്ക് അവസാനം നമ്മളെ മരണത്തിലേക്ക് ആണെന്ന് നമ്മക്ക് തോന്നി പോയി...

ഇങ്ങനെ പേടിച്ച് നിന്നാൽ നമ്മള് ഇവിടെ കിടന്ന് ചാകുമെന്ന് തോന്നിയപ്പോ എവിടെന്നൊക്കെയോ ഒരു തുള്ളി ധൈര്യവും ഒപ്പിച്ചോണ്ട് നമ്മള് വാതിലിനടുത്തേക്ക് നടന്നതും പെട്ടെന്നാണ് അത് സംഭവിച്ചത്....

(തുടരും)

ഭാഗം.91

ഇങ്ങനെ പേടിച്ച് നിന്നാൽ നമ്മള് ഇവിടെ കിടന്ന് ചാകുമെന്ന് തോന്നിയപ്പോ എവിടെന്നൊക്കെയോ ഒരു തുള്ളി ധൈര്യവും ഒപ്പിച്ചോണ്ട് നമ്മള് വാതിലിനടുത്തേക്ക് നടന്നതും പെട്ടെന്നാണ് അത് സംഭവിച്ചത്...

ആരോ നമ്മളെ കൈ പിടിച്ച് വലിച്ച് കൈ പിറകിലേക്ക് തിരിച്ചിരിക്കുന്നു.... നമ്മള് അപ്പോ തന്നെ അലറാൻ വേണ്ടി മുതിർന്നതും അയാളെന്റെ വാ പൊത്തി പിടിച്ചു...

അയാളിൽ നിന്നും കുതറി മാറാൻ ശ്രമിച്ചെങ്കിലും നമ്മളെ കൊണ്ട് അതിന് കഴിഞ്ഞില്ല... ഒടുക്കം നമ്മള് അയാളെ കയ്യിൽ കടിച്ചപ്പോ അയാള് നമ്മളെ കയ്യിൽ നിന്നും പിടി വിട്ടു...

നമ്മള് അപ്പോ തന്നെ റൂമിന്റെ ഒരു മൂലയിൽ ചുരുണ്ടു കൂടി ഇരുന്നിട്ട് രണ്ട് കൈ കൊണ്ടും വാ പൊത്തി പിടിച്ചിട്ട് അയാള് നടന്ന് വരുന്ന കാലൊച്ച ശ്രദ്ധിച്ച് അവിടെ ഇരുന്നു... നമ്മളെ ശ്വാസം പോലും പുറത്തേക്ക് വിടാൻ പേടിയായി തുടങ്ങി.... നമ്മള്

പേടിച്ച് ഒരുപാട് കരഞ്ഞു...

★★★★★★★★★★★★★★★★★★★

ഐഷുവിനെ ഒന്ന് പേടിപ്പിക്കാൻ വേണ്ടിയാ നമ്മള് അങ്ങനെ ഒക്കെ ചെയ്തത്... അതിന് പെണ്ൺ ഇങ്ങനെ കടിക്കുമെന്ന് നമ്മള് സ്വപ്നത്തിൽ പോലും കരുതിയില്ല...

നമ്മളെ കടിച്ചിട്ട് പെണ്ണ് പെട്ടെന്ന് ഇതെങ്ങോട്ടാ മായാവി ആയതെന്ന് പടച്ചോന് മാത്രേ അറിയൂ... ഇരുട്ടായോണ്ട് നമ്മള് ആണെങ്കിൽ പല സ്ഥലത്തും മുട്ടുന്നുണ്ട്... പക്ഷെ അവിടെ ഒന്നും നമ്മളെ പെണ്ണിനെ കാണാൻ ഇല്ലെന്നു...

ഇനി ഓള് എങ്ങാനും നമ്മളെ പിന്നാലെ വന്ന് വല്ലതും കൊണ്ട് നമ്മളെ തലക്കടിക്കോ എന്ന് ചിന്തിച്ചോണ്ട് നമ്മള് സ്വിച്ച് ബോഡിന്റെ അടുത്തേക്ക് ചെന്നു...

നമ്മക്ക് ആണെങ്കിൽ ഐഷു എന്ന് വിളിച്ച് കൂവാനും പറ്റില്ലല്ലോ... അതോണ്ട് മിണ്ടാതെ ശബ്ദം ഒന്നും ഉണ്ടാക്കാതെ നമ്മള് പോയി ലൈറ്റിട്ട് ചുറ്റും ഒന്ന് കണ്ണോടിച്ചപ്പോ നമ്മളെ പെണ്ണുണ്ട് ഒരു മൂലയിൽ ചുരുണ്ടു കൂടി വാ പൊത്തി ഇരിക്കുന്നു...

ഓളെ കോലം കണ്ടതും നമ്മളെ പ്രവർത്തി ഓളെ ഇത്രക്ക് പേടിപ്പിച്ചോന്ന് നമ്മക്ക് തോന്നി...

പേടിച്ചിട്ട് പെണ്ണ് വിറക്കുന്നുണ്ട്...പോരാത്തതിന് കരഞ്ഞ് കലങ്ങിയ കണ്ണ് മിഴിച്ച് ചുറ്റും കണ്ണോടിക്കാണ്....

പെട്ടെന്ന് നമ്മള് ലൈറ്റിട്ട് മുന്നിൽ വന്ന് നിന്നതും ഐഷു നമ്മളെ അടുത്തേക്ക് ഓടി വന്നിട്ട് നമ്മളെ കെട്ടിപിടിച്ച് കരഞ്ഞു... ഓള് പൊഴിക്കുന്ന ഓരോ തുള്ളി കണ്ണീരും നമ്മളെ നെഞ്ചിലാണ് വന്ന് പതിഞ്ഞത്...

ഓള് എത്രമാത്രം നമ്മളെ ചെയ്തി കൊണ്ട് പേടിച്ചെന്ന് ഓളെ ഈ കെട്ടിപിടുത്തം കൊണ്ട് തന്നെ നമ്മക്ക് മനസ്സിലായി... നമ്മള് ഓളെ തലയിൽ തലോടി കൊണ്ട് വിരലുകൾ പായിച്ചപ്പോ ഓള് കുറച്ച് ശാന്തമായി....

"ഐഷു.... പേടിച്ച് പോയോ..? ഒന്നൂല്യടാ.... ഞാൻ ചുമ്മാ ഒരു തമാശക്ക് ചെയ്തതല്ലേ...

അതിന് ഇങ്ങനെ കൊച്ചു കുട്ടികളെ പോലെ കരയാണോ വേണ്ടത്...?

അയ്യേ...ഷെയിം... ഷെയിം..."

എന്ന് നമ്മള് പറഞ്ഞപ്പോ ഓള് പെട്ടെന്ന് നമ്മളെ പിടിച്ച് തള്ളിയിട്ട് നമ്മളെ രൂക്ഷമായി നോക്കി നെഞ്ചിൽ കൈ വെച്ചു... ഓനെ നോട്ടം കണ്ടപ്പോ നമ്മളൊന്ന് പതറിയെങ്കിലും നമ്മള് ഓളെ നോക്കി ഒന്ന് ഇളിച്ച് കാണിച്ച് കൊടുത്തു...

അപ്പോ ഓള് അവിടെ ഉണ്ടായിരുന്ന ഒരു ഫ്ലവർ വെസ് എടുത്തോണ്ട് നമ്മളെ നേരെ ചീറ്റപ്പുലി പാഞ്ഞ് വരുന്ന പോലെ സ്പീഡിൽ വന്നു... എന്നിട്ട് അതെടുത്ത് നമ്മളെ തല്ലാൻ നിന്നതും നമ്മള് അത് കൈ കൊണ്ട് തടുത്ത് നിർത്തി...

"ഐഷു...വേണ്ടാ... ചില്ലാണ് പൊട്ടും.... പൊട്ടിയാൽ

ചോര പൊടിയും.... സോറി...എന്നോട് ക്ഷമിക്ക് നീ...ഇനി ഇങ്ങനെ ഒരിക്കലും ചെയ്യില്ല... സോറി സോറി... ആ വെസ് മാറ്റ് പ്ലീസ്..."

എന്ന് പറഞ്ഞ് ഓളോട് കേണപേക്ഷിച്ചപ്പോഴാണ് പെണ്ണ് അതെടുത്ത് ടേബിളിൽ വെച്ചത്... എന്നിട്ട് നമ്മളെ നേരെ വീണ്ടും ഒരു രൂക്ഷമായ നോട്ടം പാസാക്കിയപ്പോ നമ്മള് കളമൊന്ന് മാറ്റി ചവിട്ടി...

"ഐഷു നിന്റെ ഈ നോട്ടം കാണാൻ നല്ല ഭംഗിയുണ്ട്...."

അത് കേട്ടപ്പോ തന്നെ ഓള് നമ്മളിൽ നിന്നും മുഖം തിരിച്ചിട്ട് മോന്ത കനപ്പിച്ച് വെച്ചു...

"നിന്റെ ഈ ഗൗരവം കാണാനും നല്ല രസാ...."

അത് കേട്ടതും ഓള് കണ്ണടച്ചിട്ട് കുറച്ച് ശാന്തമായി...

"ഈ ശാന്തത കാണാനും നല്ല ഭംഗിയുണ്ട്..."

എന്ന് നമ്മള് പറഞ്ഞപ്പോ ഓള് അപ്പോ തന്നെ ആ ഫ്ലവർ വെസ് എടുത്ത് നമ്മളെ നേർക്ക് നീട്ടി...

"നിന്റെ...ഈ ആറ്റിട്യൂടും കാണാൻ നല്ല രസണ്ട്... പക്ഷെ അതോണ്ട് തല്ലല്ലേട്ടോ... അനക്ക് പിന്നെ കെട്ട്യോൻ ഇല്ലാതെയാകും..."

എന്ന് നമ്മള് പറഞ്ഞപ്പോ ഓള് നമ്മളെ നോക്കി കൊണ്ട് ചിരിക്കാൻ തുടങ്ങി... അത് കണ്ടതും നമ്മക്ക് ആശ്വാസായി.... നമ്മള് അപ്പോ തന്നെ ഓളെ കയ്യിന്ന് ആ വെസ് വാങ്ങി വെച്ചു... ഇല്ലെങ്കിൽ പെട്ടെന്ന് ഓള് അത് വെച്ച് നമ്മളെ തലക്കടിച്ചാലോ....

"നിന്റെ ഈ ചിരി കാണാനും നല്ല ഭംഗിയുണ്ട് ഐഷു..."

എന്ന് പറഞ്ഞപ്പോ ഓള് നമ്മളെ ഇത്തിരി ഗൗരവത്തിൽ നോക്കി... പിന്നെ വീണ്ടും പെട്ടെന്ന് ചിരിച്ചോണ്ട് നമ്മളെ കെട്ടി പിടിച്ചു....

നേരത്തെ നമ്മളെ പേടിച്ചിട്ടാണ് കെട്ടിപിടിച്ചതെങ്കിൽ ഇപ്പോ അവളെന്നെ കെട്ടി പിടിച്ചതില് ഒരു ആശ്വാസവും സ്നേഹവും നമ്മക്ക് കാണാൻ കഴിഞ്ഞു...

"നീ എന്നെ കെട്ടിപ്പിടിച്ചതും നല്ല രസണ്ട് ഐഷു..."

എന്ന് പറഞ്ഞപ്പോ പെണ്ണ് നമ്മളിൽ നിന്നും അകന്ന് നിന്നിട്ട് നമ്മളെ കയ്യിനൊക്കെ പൊതിരെ തല്ലി... നമ്മള് അതൊക്കെ കൊള്ളാൻ ബാധ്യസ്ഥൻ ആയോണ്ട് നമ്മളത് ഫുള്ളും കൊണ്ട് നിന്നു...

കുറച്ച് കഴിഞ്ഞപ്പോ ഐഷു തല്ല് നിർത്തിയതും നമ്മള് ഓളെ നോക്കി.

"കഴിഞ്ഞോ....? കഴിഞ്ഞെങ്കിൽ നമുക്ക് പുറത്തേക്ക് പോകാമായിരുന്നു... അവിടെ എല്ലാവരും നമ്മളെ വെയിറ്റ് ചെയ്യാണ്..."

ഓള് അപ്പോ ഓളെ തട്ടം നേരെയാക്കിയിട്ട് നമ്മളെ നോക്കി പോകാൻ ആംഗ്യം കാണിച്ചു...

"അതൊക്കെ പോകാം...അതിന് മുമ്പ് നിന്റെ മുഖം പോയി കഴുകി വാ... കണ്ണൊക്കെ ആകെ കലങ്ങിയിട്ടുണ്ട്... നീ ഈ കോലത്തിൽ പുറത്തേക്ക് വന്നാലേ അവന്മാര് കരുതും ഞാൻ നിന്നെ വല്ലതും ചെയ്തെന്ന്..."

"പിന്നെ ചെയ്തില്ലേ...? എന്നെ എന്ത് മാത്രം പേടിപ്പിച്ചെന്ന് അറിയോ...? ഞാൻ എങ്ങാനും പേടിച്ച് വടിയായിരുന്നേൽ ആര് സമാധാനം പറഞ്ഞേനെ...?"

"എന്റെ ഐഷു നീ ഇങ്ങനെ തുള്ളുന്നത് കണ്ടാൽ തോന്നും ഞാൻ നിന്നെ പീഡിപ്പിക്കാനാണ് വന്നതെന്ന്... കാര്യം അതിന് തന്നെയാണ് വന്നതെങ്കിലും നിന്റെ പേടി കണ്ടപ്പോ തന്നെ പീഡിപ്പിക്കാനുള്ള നമ്മളെ മൂഡും പോയി...."

നമ്മളെ ഡയലോഗ് കേട്ട് പെണ്ണ് തോളേം തുറന്ന് നമ്മളെ നോക്കി നിന്നു...

എന്നിട്ട് നമ്മളെ വയറ്റിനിട്ട് ഒരു കുത്ത് തന്നു...

"എടാ തെണ്ടി...അപ്പോ ഇതായിരുന്നല്ലേ നിന്റെ മനസ്സിലിരുപ്പ്.... ഇപ്പോ ഇവിടന്ന് ഇറങ്ങി പൊയ്ക്കോ....ഇല്ലെങ്കിൽ ഞാൻ ഇപ്പോ വിളിച്ച് കൂവും...."

"നീ വിളിച്ച് കൂവോ...?"

"ആ കൂവും..."

"എന്നാലേ നിന്റെ ചുണ്ട് ഇനിയും മുറിയും...അത് വേണോ..?"

അപ്പോ തന്നെ ഓള് വാ പൊത്തി പിടിച്ചിട്ട് വേണ്ടാന്ന് തലയാട്ടി...

"വേണ്ടെങ്കില് മര്യാദക്ക് പോയി മുഖമൊക്കെ കഴുകിയിട്ട് എന്റെ കൂടെ പുറത്തേക്ക് വാ... പോ..."

എന്ന് നമ്മള് പറയേണ്ട താമസം ഓള് അപ്പോ തന്നെ ബാത്റൂമിലേക്ക് വാണം വിട്ട പോലെ ഒരു പോക്കായിരുന്നു.... അത് കണ്ട് നമ്മള് ചിരിച്ചോണ്ട് ബെഡിൽ ഇരുന്നിട്ട് ഫോണിൽ തോണ്ടി കളിച്ചു....

നമ്മളെ ഉണ്ടായിരുന്ന ഒരു സ്വെറ്ററും നനഞ്ഞതോണ്ട് നമ്മള് അവിടെ ഉണ്ടായിരുന്ന ഒരു കമ്പിളി എടുത്ത് പുതച്ചോണ്ട് അവിടെ ഇരുന്നു...

അപ്പോഴാണ് ഐഷു ഇറങ്ങി വന്നത്... പെണ്ണ് വന്ന ഉടനെ തന്നെ നമ്മളെ കയ്യിന്ന് ആ കമ്പിളി തട്ടി പറിച്ച് വാങ്ങി...

"ഇത് ഞങ്ങളെ റൂമിലെ കമ്പിളിയാ... ഇയാൾക്ക് വേണെങ്കിൽ ഇയാളെ റൂമിൽ പോയി എടുത്തോ.."

എന്ന് പറഞ്ഞ് ഓള് വാതില് തുറന്ന് പുറത്തേക്ക് പോയതും എന്ത് ജാഡയാ ഈ പന്നിക്ക് എന്ന് ചിന്തിച്ചോണ്ട് നമ്മളും ഓളെ പിന്നാലെ നടന്നു...

ഞങ്ങള് രണ്ട് പേരും കൂടി ഗാർഡനിലേക്ക് നടക്കുമ്പോ നമ്മള് തണുത്തിട്ട് നിന്ന് വിറക്കുന്നുണ്ടെന്നു... എല്ലാം കണ്ടിട്ടും ഒന്ന് സഹായിക്കാതെ ഓള് നടക്കുന്നത് കണ്ടപ്പോ ഒരു ചവിട്ട് കൊടുക്കാനാ തോന്നിയത്...

അതിന് വേണ്ടി നമ്മള് കാല് പൊക്കിയതും അപ്പോ തന്നെ ആ പിശാച് തിരിഞ്ഞു നോക്കി...

നമ്മള് ഓളെ നേരെ കാല് പൊക്കിയത് കണ്ടിട്ട് ഓള് നമ്മളെ പുരികം പൊക്കി ഒന്ന് രൂക്ഷമായി നോക്കി... നോട്ടത്തിന്റെ കാര്യം മനസ്സിലായോണ്ട് നമ്മള് അപ്പോ തന്നെ കാല് താഴ്ത്തിയിട്ട് ഓളെ നോക്കി ഒന്ന് ചിരിച്ചു...

"ഒരു സൂചി കുത്താനുള്ള ഇടം തന്നാൽ പിന്നെ അവിടെ കമ്പിപാര കുത്തി ഇറക്കുന്ന ടീമാണെന്ന് അറിയാം... എന്നാലും എനിക്ക് വേണ്ടി സ്വെറ്ററൊക്കെ തന്നതല്ലേ എന്ന പരിഗണന വെച്ച് ഈ പുതപ്പിന്റെ ഒരറ്റം വേണേൽ തരാം..."

എന്ന് പറഞ്ഞ് മുഴുമിക്കുന്നതിന് മുന്നേ തന്നെ നമ്മള് അത് കൈക്കലാക്കിയിരുന്നു... നമ്മള് ഓളോട് ചേർന്ന് നിന്ന് ഒരു പുതപ്പിലൂടെ നടക്കാൻ ഒരുങ്ങിയതും ഓള്

അവിടെ തന്നെ നിന്നിട്ട് നമ്മളെ രൂക്ഷമായി ഒന്ന് നോക്കി....

"അതേ... ഇയാള് അധികം എന്നോട് ഒട്ടണ്ടട്ടോ.... ഒട്ടിയാൽ പിന്നെ അടർത്തി മാറ്റാൻ ഭയങ്കര പാടാ..."

എന്ന് പറഞ്ഞ് ഓള് നമ്മളെ തള്ളിയപ്പോ നമ്മള് കുറച്ച് നീങ്ങിയിട്ട് നടുക്ക് കുറച്ച് സ്പേസ് വിട്ട് നടന്നു.... അത് കണ്ടിട്ട് അതുവഴി പോയ ഒരു കപ്പിൾസ് ഞങ്ങളെ നോക്കി ചിരിച്ചു....

അവരെ ചിരി കണ്ടിട്ട് ഐഷുവും ചിരിച്ചെങ്കിലും നമ്മക്ക് അവരെ പരിഹാസ ചിരി ഒട്ടും ദഹിച്ചില്ല... അതോണ്ട് നമ്മള് അപ്പോ തന്നെ ആ കമ്പിളി ഒന്ന് നീട്ടി വലിച്ചതും ദേ നിൽക്കുന്നു പെണ്ണ് നമ്മളെ നെഞ്ചത്ത്.... നമ്മള് ഓളെ ഒന്നൂടെ നമ്മളോട് ചേർത്ത് നിർത്തി നടന്നതും ആ കപ്പിൾസ് പരസ്പരം മുഖത്തേക്ക് നോക്കിയിട്ട് നമ്മളെ നോക്കി ഒന്ന് ചിരിച്ചിട്ട് അവിടന്ന് നടന്നു നീങ്ങി.... അപ്പോ നമ്മക്കും കുറച്ച് ആശ്വാസായി...

അപ്പോ തന്നെ ഐഷു നമ്മളെ പിടിച്ച് തള്ളിയിട്ടു... എന്നിട്ട് നമ്മളെ നോക്കി കണ്ണുരുട്ടിയിട്ട് ആ കമ്പിളി പുതച്ചു...

"സൂചി കുത്താൻ ഇടം തന്നാൽ കമ്പിപ്പാര കേറ്റുമെന്ന് പറഞ്ഞ് നാക്ക് വായിലിട്ട് അധികമായില്ല അപ്പോഴേക്കും തന്റെ സ്വഭാവം പുറത്ത് വന്നല്ലോ... ഇനി താൻ അങ്ങോട്ട് തണുത്ത് വിറച്ച് വന്നാൽ മതിട്ടോ കോന്താ..."

എന്ന് പറഞ്ഞ് നമ്മളെ ഒന്ന് പിടിച്ച് എണീപ്പിക്കപോലും ചെയ്യാതെ ഓള് ഗാർഡനിലേക്ക് പോയി...

പാവമല്ലേ എന്ന് കരുതി ഓളെ വെറുതെ വിട്ടത് തെറ്റായി പോയെന്ന് നമ്മക്ക് ഇപ്പോ തോന്നുന്നുണ്ട്.... ഓളെ ഈ ജാഡ മാറണമെങ്കിൽ നമ്മള് കാര്യമായിട്ട് ഓൾക്ക് വല്ല പണിയും കൊടുത്തെ പറ്റൂ.... വരട്ടെ ഇനിയും കിട്ടുമല്ലോ ഓളെ നമ്മളെ കയിൽ.... അപ്പോ കൊടുക്കാം പലിശ സഹിതം....

★★★★★★★★★★★★★★★★★★★★★

നമ്മള് ഗാർഡനിലേക്ക് ചെന്ന് നോക്കുമ്പോ അവിടെ നമ്മളെ ടീംസ് ഒക്കെ എത്തി സൊറ പറയല് തുടങ്ങിയിരുന്നു... നമ്മളെ കണ്ടപ്പോ അവര് ആദ്യം തന്നെ ചോദിച്ചത് ആ കോന്തൻ എവിടെ എന്നാ...?

അതിനൊക്കെ നമ്മളെ കുരാമീസിന് നല്ല നുള്ള് കൊടുത്തിട്ട് വരുന്നുണ്ടെന്ന് പറഞ്ഞ് നമ്മള് അവിടെ ഇരുന്ന് തീയിന്റെ നേരെ കൈ നീട്ടി... നല്ല തണുപ്പും ഒപ്പം ഇങ്ങനെ ഒരു സെറ്റപ്പും കൂടി ആയപ്പോ സംഭവം കളറായിട്ടുണ്ട്....

അങ്ങനെ ഞങ്ങളെല്ലാവരും കൂടി ഓരോന്ന് സംസാരിച്ച് ഇരിക്കുമ്പോഴാണ് ഞങ്ങളെ അടുത്തേക്ക് ആ കോന്തൻ വന്നത്... ഓൻ വന്നതും പോരാ നമ്മള് ഇരുന്ന സ്ഥലത്ത് ഇരുന്നിട്ട് ഓൻ നമ്മളെ പിടിച്ച് തള്ളിയിട്ട് അവിടെ കേറി ഇരുന്നു...

അതുവരെ വേണ്ട വേണ്ടാന്ന് വിചാരിച്ച് അടങ്ങി ഒതുങ്ങി നിന്ന നമ്മളെ തലയിൽ ഓൻ ബ്രേക്ക് ഡാൻസ് കളിക്കാണ്... അതൊണ്ട നമ്മളും ഓനെ പിടിച്ച് തള്ളി

ചെക്കൻ അപ്പോ തന്നെ നിലം പതിച്ചു... പിന്നെ അവിടെ ഒരു കൂട്ടച്ചിരിയായിരുന്നു...

ഒടുക്കം അൻസിക്ക ഓനെ പിടിച്ച് എണീപ്പിച്ചിട്ട് മൂപ്പരെ അടുത്ത് പോയി ഇരുത്തി... അപ്പോ ആ കോന്തൻ നമ്മളെ നോക്കി പോടീ എന്ന് വിളിച്ചു... അപ്പോ നമ്മള് തിരിച്ച് പോടാന്ന് വിളിച്ചു... പിന്നെ അങ്ങോട്ട് വെടിക്കെട്ടിന് തിരി തെളിയിച്ച പോലെ ഞങ്ങള് രണ്ടു പേരും കൂടി പൊരിഞ്ഞ തെറി ആയിരുന്നു....

അപ്പോഴാണ് നേരത്തെ കണ്ട കപ്പിൾസ് അത് വഴി പോയത്... ഞങ്ങടെ തെറി വിളി കണ്ടിട്ട് അവര് പൊരിഞ്ഞ ചിരിയായിരുന്നു... സത്യം പറഞ്ഞാൽ അത് നമ്മക്ക് അത്രക്ക് പിടിച്ചില്ല കേട്ടോ...

നമ്മളെ തെറി കേട്ടിട്ട് ചിരിക്കണമെങ്കിൽ അവർ മലയാളീസ് ആണെന്ന് നമ്മക്ക് ഉറപ്പാണ്... അതോണ്ട് അവർക്ക് ഒരു മറുപടി കൊടുക്കാൻ വേണ്ടി നമ്മള് അപ്പോ തന്നെ ഞങ്ങളെ ഇടയിൽ നിൽക്കുന്ന അൻസിക്കാനെ തള്ളി മാറ്റിയിട്ട് ആ കോന്തന്റെ കൂടെ ഇരുന്ന് ഓന്റെ തോളിൽ തല ചായ്ച്ചു...

ഇത് കണ്ടിട്ട് നമ്മളെ ടീംസ് കിളി പോയ അവസ്ഥയിൽ ഞങ്ങളെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു... ആ കോന്തനും ഏകദേശം കാര്യം പിടി കിട്ടിയതോണ്ട് ഓനും അങ്ങട്ട് തുടങ്ങീലേ ബെസ്റ്റ് ആക്ടർ അവാർഡ്....

നമ്മളെ തൊടലും പിടിക്കലും തോളിൽ കൂടി കയ്യിടലും നമ്മളെ പുതപ്പ് ഷെയർ ചെയ്യലുമൊക്കെ ആയി സീൻ മൊത്തം നമ്മളെ കൈ വിട്ട് പോയി... ആ കോന്തൻ മധുവിധു ആഘോഷിക്കാൻ വന്ന ഒരു കപ്പിൾസിനെ പോലെയാണ് പെരുമാറുന്നത്... ഇതൊക്കെ കണ്ടിട്ട് നമ്മക്ക് തോള്ളേം തുറന്ന് നോക്കി നിൽക്കാനും നമ്മളെ കുരാമീസിനും ബ്രദേഴ്സിനും അന്തം വിടാനെ നേരം ഉണ്ടായിരുന്നുള്ളു...

ഒടുക്കം അവറ്റകൾ അവിടന്ന് പോയപ്പോ നമ്മള് വീണ്ടും അടുത്ത യുദ്ധം പ്രഖ്യാപിച്ചു... സംഭവം കൈവിട്ട് പോയെന്ന് മനസ്സിലാക്കി കൊണ്ട് എല്ലാവരും കൂടി ഞങ്ങളെ പിടിച്ച് മാറ്റി ഇല്ലേൽ നല്ല പൊരിഞ്ഞ തല്ല് നടന്നേനെ....

പിന്നെ കുറച്ച് നേരത്തിന് നമ്മള് ഒന്നും മിണ്ടാതെ തീയിന് നേരെ കൈ നീട്ടി വെച്ചിട്ട് ആ കോന്തനെ നോക്കി കണ്ണുരുട്ടി കൊണ്ടിരുന്നു... തിരിച്ച് ഓനും അങ്ങനെ നമ്മളെ നോക്കി കണ്ണുരുട്ടിയപ്പോ നമ്മക്കും വാശിയായി...

നമ്മള് ഓനെ തന്നെ കണ്ണെടുക്കാതെ നോക്കിയിട്ട് ഓനെ ഒരുപാട് കൊഞ്ഞനം കുത്തി... അത് കണ്ടപ്പോ ഓൻ നമ്മളെ നോക്കി നല്ല ചിരിയും... പിന്നെ നമ്മള് ആ കോപ്രായം കാണിക്കാൻ നിന്നിട്ടില്ല...

"ഡാ ആദി ആ സാലിമിനെയും കൂട്ടരെയും ഒരു വിവരവും ഇല്ലല്ലോ...? പൊലീസുകാർ അവരെ വിട്ട് കാണോ..?"

നിസൂക്ക ചോദിക്കുന്നത് കേട്ട് നമ്മള് അന്തം വിട്ട് മൂപ്പരെ നോക്കി നിന്നു... അപ്പോഴാണ് അച്ചു നമ്മളോട് പറഞ്ഞത് അവരെ പോലീസ് പിടിച്ച കാര്യം...

"ഓൻ ഇനി നമ്മളെ മുന്നിൽ അധികം തല പൊക്കില്ല നിസു.... ഈ ഒരു സംഭവത്തിന് ശേഷം ഇനിയും ഓനെ കോളേജിൽ വെച്ച് പൊറുപ്പിക്കില്ലെന്ന് പ്രിൻസി

പറഞ്ഞിട്ടുണ്ട്... അതോണ്ട് ഇനി അവനെ പേടിക്കേണ്ട യാതൊരു കാര്യവുമില്ല..."

ആ കോന്തൻ അത് പറഞ്ഞപ്പോ നമ്മക്ക് സന്തോഷം ആയെങ്കിലും ആ സൽമ ഇവിടെ ഒക്കെ തന്നെ കാണില്ലേന്ന് ചിന്തിച്ചപ്പോ ഉള്ള സന്തോഷവും പോയി...

"ആദിൽക്ക ഇത്രെയും നല്ലൊരു വാർത്ത പറഞ്ഞിട്ടും നിന്റെ മുഖതെന്താ ഫെബി ഒരു തെളിച്ചം ഇല്ലാത്തത്...?"

"ഓളെ മുഖത്തെ തെളിച്ചം ഇല്ലായ്മ എന്താന്ന് ഞാൻ പറഞ്ഞു തരാം അരുൺ....

സാലിം പോയാലും ആ സൽ മ ഇവിടെയൊക്കെ തന്നെ കാണില്ലേ എന്നാകും ഓളെ ചിന്ത..."

നമ്മളെ മനസ്സ് വായിച്ച പോലെ അച്ചു അത് പറഞ്ഞപ്പോ നമ്മള് ഓളെ നോക്കി അതേന്ന് തലയാട്ടി....

"ഇപ്പോ സാലിം പോയില്ലേ?

വൈകാതെ ഇനി അവളും പൊയ്ക്കോളും..."

എന്ന് നമ്മളെ കോന്തൻ പറഞ്ഞപ്പോ നമ്മക്ക് എന്തൊക്കെയോ പ്രതീക്ഷ കൂടി... അതോടെ ഞങ്ങള് ആ ചാപ്റ്റർ വിട്ടു... പകരം നാളത്തെ ദിവസം എന്തൊക്കെ ചെയ്യണമെന്നായി ചർച്ച...

നേരം ഇരുട്ടി തുടങ്ങിയപ്പോ തന്നെ ഞങ്ങളെല്ലാവരും ഹോട്ടലിലേക്ക് കേറി ഫുഡും കഴിച്ച് ഞങ്ങളെ റൂമിലേക്ക് മടങ്ങി പോയി... കുറച്ച് കഴിഞ്ഞപ്പോ മീനുക്കുട്ടി ടീച്ചർ വന്ന് നമ്മളെ സുഖവിവരം അന്വേഷിച്ചിട്ട് തിരിച്ച് റൂമിലേക് പോയി...

പോയവരൊക്കെ തിരിച്ചു വന്നെന്ന് ഞങ്ങക്ക് അപ്പോഴാ മനസ്സിലായത്... പക്ഷെ ഞങ്ങള് അഞ്ച് പേരും അതൊന്നും കാര്യമാക്കാതെ നല്ല സുഖായിട്ട് കിടന്നുറങ്ങി....

പിറ്റേന്ന് നല്ല ഉന്മേഷത്തോടെയാണ് ഞങ്ങള് എണീറ്റത്... കാരണം ഞങ്ങള് ഇന്ന് പുറത്തേക്ക് പോകല്ലേ...

അതോണ്ട് അതിന് വേണ്ട തയ്യാറെടുപ്പുകളൊക്കെ നടത്തിയിട്ടുണ്ട്...

ഇന്ന് ഞങ്ങള് ഒരു ഗാർഡനിലേക്കും ഒരു തേയില ഫാക്ടറിയിലേക്കുമാണ് മെയിൻ ആയിട്ട് പോയത്... പിന്നെ അല്ലറ ചില്ലറ ഷോപ്പിങ്ങും...

ബസില് ഇരിക്കുമ്പോ ആ സൽമയെ കാണിക്കാൻ വേണ്ടി ആ കോന്തനെ പിടിച്ച് നമ്മളെ അടുത്ത് ഇരുത്തണമെന്നുണ്ട്... പക്ഷെ അത് ചിലപ്പോ നമ്മളെ കുഴി നമ്മള് തന്നെ കുഴിക്കുന്നത് പോലെയാകില്ലേ... അതോണ്ട് പിന്നെ ആ പണിക്ക് നിന്നില്ല...

അങ്ങനെ അന്നത്തെ ദിവസം മുഴുവൻ ഞങ്ങള് അടിച്ച് പൊളിച്ച് ക്യാമ്പ് കളറാക്കി... ഇടക്കിടക്ക് നമ്മളും ആ കോന്തനും കൂടി തല്ല് കൂടിയപ്പോ പിന്നെ പറയേ വേണ്ടാ ക്യാമ്പ് തകർത്തു....

അങ്ങനെ അന്നത്തെ ചുറ്റിയടിയൊക്കെ കഴിഞ്ഞ് ഞങ്ങള് തിരിച്ച് ഹോട്ടലിലേക്ക് വന്നപ്പോഴാണ് നമ്മളും

കുരാമീസും ആ സാലിമിന്റെ റൂമിൽ നിന്നും എന്തൊക്കെയോ ശബ്ദം കേട്ടത്... അത് അവന്റെ റൂമായത് കൊണ്ട് തന്നെ അത് തുറന്ന് നോക്കാൻ ഞങ്ങൾക്ക് ഒക്കെ നല്ല പേടി ഉണ്ടായിരുന്നു..

ഒടുക്കം നമ്മളെ കോന്തനെയും ബ്രദേഴ്സിനെയും ഞങ്ങള് വിളിച്ചോണ്ട് വന്നിട്ട് ആ വാതില് തുറക്കാൻ പറഞ്ഞു... അപ്പോഴേക്കും ഹോട്ടലിലെ മാനേജറടക്കം ഞങ്ങളെ കൂടെയുള്ള എല്ലാവരെയും നമ്മളെ ബ്രദേഴ്സ് വിളിച്ചോണ്ട് വന്നിരുന്നു...

അങ്ങനെ അവരൊക്കെ കൂടി അത് തള്ളി തുറന്ന് അകത്ത് കടന്നപ്പോ കണ്ടത് സാലിമും കൂട്ടരും കൂടി ഇരുന്ന് കള്ള് കുടിക്കുന്നതാണ്... ആ റൂം തുറന്നപ്പോ തന്നെ ബാഡ് സ്മെൽ വന്നതോണ്ട് നമ്മളൊന്നും അകത്ത് കേറിയില്ല...

പകരം നമ്മളെ കോന്തനും കൂട്ടരും കേറി അവന്മാരെ പെട്ടിയും കിടക്കയുമൊക്കെ എടുത്ത് വെളിയിൽ കളഞ്ഞ് ഹോട്ടലിൽ നിന്നും പുറത്താക്കി... അപ്പോഴും അവന്റെ നോട്ടം നമ്മളെയും കോന്തനെയും

ആയിരുന്നു...

അന്ന് നമ്മക്ക് എത്രയൊക്കെ കിണഞ്ഞ് പരിശ്രമിച്ചും ഉറക്കം വന്നില്ല... കണ്ണടച്ചാൽ ആ സാലിമിന്റെ നോട്ടമാണ് മനസ്സിലേക്ക് വരുന്നത്... ആ നോട്ടത്തിൽ എന്തൊക്കെയോ നിഘൂഡതകളുണ്ട്... അത് നമ്മളെ ഉറക്കം കെടുത്തണെങ്കിൽ അത് സാധാരണമായി കാണാൻ നമ്മക്ക് കഴിഞ്ഞില്ല...

പിറ്റേന്ന് ഒരു പേടിയോടെയാണ് നമ്മള് പുറത്തേക്കിറങ്ങിയത്... കാരണം ഏത് നേരത്തും ഒരു അറ്റാക്ക് പ്രതീക്ഷിക്കാം... ഇന്നാണ് ഞങ്ങളെ ഊട്ടിയിലെ അവസാനത്തെ ദിവസം... നാളെ രാവിലെ തന്നെ ഞങ്ങള് ഇവിടന്ന് എറണാകുളത്തേക്ക് പുറപ്പെടും... പിന്നെ അവിടന്ന് ചില ഷോപ്പിംഗ് ഒക്കെ ചെയ്ത് രാത്രി ആവുമ്പോഴേക്കും തിരിച്ച് വീട്ടിലേക്ക് പോകും... അതോടെ ക്യാമ്പ് തീരും..

അതോണ്ട് ഞങ്ങള് ഇന്നത്തെ ദിവസം മുഴുവൻ ചുറ്റിക്കറങ്ങലായിരുന്നു പണി... പിന്നെ നല്ല ഫ്രഷായിട്ടുള്ള ക്യാരറ്റ്,മുന്തിരി,ചോക്ലേറ്റ് ഇതൊക്കെ

വേണ്ടുവോളം വാങ്ങി കൂട്ടി പൊരിഞ്ഞ തീറ്റയും... കൂടാതെ ഊട്ടിയിലെ ആ തണുത്ത തെരുവോരങ്ങളിൽ നിന്ന് വീട്ടിലുള്ളവർക്ക് വേണ്ടി കുറച്ച് ഐറ്റംസ് ഒക്കെ വാങ്ങി... എല്ലാത്തിനും നമ്മളെ കോന്തനാണ് ബില്ലടച്ചത്... പാവം എത്ര പൊടിച്ചോ എന്തോ....

അങ്ങനെ അന്നത്തെ ദിവസവും തട്ടിയും മുട്ടിയും കടന്ന് പോയി... അന്ന് രാത്രി ഞങ്ങള് 5 പേരും ബെഡ് കണ്ടപ്പോ തന്നെ പോയി കിടന്നിരുന്നു... അത്രക്ക് ക്ഷീണണ്ട് ഞങ്ങൾക്ക്...

അങ്ങനെ നല്ല അഡാർ ഉറക്കം പാസാക്കി കൊണ്ടിരിക്കുന്ന നേരത്താണ് നട്ടപ്പാതിരാക്ക് നമ്മളെ ഫോൺ കിടന്ന് കാറുന്നത്... അതിന്റെ ശബ്ദം കേട്ട് നമ്മള് ഞെട്ടി എണീറ്റ് എടുത്ത് നോക്കിയപ്പോ വിളിക്കുന്നത് നമ്മളെ അച്ചുവാണ്...

അച്ചുവാണെന്ന് കണ്ടതും നമ്മള് അപ്പോ തന്നെ നമ്മളെ അടുത്തേക്ക് നോട്ടമെറിഞ്ഞു... അപ്പോ അവിടെ അച്ചുവിന്റെ പൊടി പോലും കാണാൻ ഇല്ലേന്നു...

"പടച്ചോനെ... ഈ പെണ്ണ് ഇതെങ്ങോട്ട് പോയതാ..."

എന്ന് ചിന്തിച്ച് നമ്മള് ഫോൺ അറ്റൻഡ് ചെയ്തു...

"ഹലോ..."

"ഹലോ ഫെബി... ഇത് ഞാനാ അച്ചു..."

"ഡി...ബലാലെ...നീ എവിടെ പോയി കിടക്കാടി... നമ്മളൊക്കെ ഒരുമിച്ചല്ലേ കിടന്നത്...ഇതിനിടക്ക് നീ ഇത് എങ്ങോട്ട് എപ്പോ എണീറ്റ് പോയി...?"

"അതൊക്കെ ഞാൻ നിന്നോട് വിശദമായിട്ട് പറഞ്ഞ് തരാം... ഇപ്പോ നീ എന്നെ ഒന്ന് ഹെല്പ് ചെയ്യണം..."

"ഹെൽപോ....? എന്ത് ഹെല്പ്...? അതിന് മുമ്പ് നീ ഇപ്പോ എവിടെയാണെന്ന് പറ...."

"ഞാൻ....ഞാൻ ഇവിടെ അരുണിന്റെ റൂമിന് മുന്നിലുണ്ട്.... നീയൊന്ന് ഇങ്ങോട്ട് പെട്ടെന്ന് വാ ഫെബി... പ്ലീസ്.... ഞങ്ങള് പെട്ടു.... ഒന്ന് വേഗം വാ..."

എന്ന് പറഞ്ഞ് കൊണ്ട് ആ ഫോൺ സംഭാഷണം അവിടെ നിലച്ചു... 'പടച്ചോനെ രണ്ടും കൂടി വേണ്ടാത്തത് കാണിച്ച് വെച്ച് ഒടുക്കം പെട്ട് പോയോ...? ഇനി ഇപ്പോ എന്താ ചെയ്യാ...? എന്തായാലും അങ്ങോട്ട് ചെന്ന് നോക്കാം... എന്നിട്ട് എന്താന്ന് വെച്ചാൽ തീരുമാനിക്കാം... തൽക്കാലത്തിന് ഇവര് ഉറങ്ങിക്കോട്ടെ... അവരെയൊന്നും അറിയിക്കാൻ നിൽക്കണ്ട... അറിയിച്ചാൽ പിന്നെ നമ്മളെക്കാൾ ടെൻഷൻ ഇവറ്റകൾക്കാകും...

എന്തായാലും ആ രണ്ടിനും ഞാൻ വെച്ചിട്ടുണ്ട്... പാതിരാത്രി ഓരോന്ന് ഒപ്പിച്ച് വെച്ചിട്ട് മനുഷ്യന്റെ ഉറക്കം കളയാനായിട്ട് വിളിച്ചോളും...

ആ ഫ്രണ്ടായി പോയില്ലേ..?ചെന്നല്ലേ പറ്റൂ...'

അങ്ങനെ ഓരോന്ന് ചിന്തിച്ച് കൂട്ടി കൊണ്ട് നമ്മള്

റൂമിൽ നിന്നും പുറത്തിറങ്ങി അരുണിന്റെ റൂം ലക്ഷ്യമാക്കി നടന്നു... അവിടെ നമ്മളെ കാത്തിരിക്കുന്ന ധൗത്യം എന്താണെന്ന് അറിയാതെ....

(തുടരും)

ഭാഗം.92

അങ്ങനെ ഓരോന്ന് ചിന്തിച്ച് കൂട്ടി കൊണ്ട് നമ്മള് റൂമിൽ നിന്നും പുറത്തിറങ്ങി അരുണിന്റെ റൂം ലക്ഷ്യമാക്കി നടന്നു... അവിടെ നമ്മളെ കാത്തിരിക്കുന്ന ദൗത്യം എന്താണെന്ന് അറിയാതെ...

നമ്മള് അരുണിന്റെ റൂമിന് മുന്നിൽ എത്തിയപ്പോ അവിടെ അച്ചുവും അരുണും താടിക്ക് കയ്യും കൊടുത്ത് നിലത്തേക്ക് നോക്കി നിൽക്കുന്നതാണ് നമ്മള് കണ്ടത്...

"ഇവരിതെന്താ ഒരുമാതിരി ഇഞ്ചി കടിച്ച കൊരങ്ങിനെ പോലെ...? യാ റബ്ബീ.... രണ്ടും കൂടി എന്തേലും ഗുലുമാലിൽ ചെന്ന് ചാടിയോ...?"

നമ്മള് സ്വയം ഓരോന്ന് പിറുപിറുതോണ്ട് അവരെ അടുത്തേക്ക് ചെന്നതും അച്ചു നമ്മളെ കൈ പിടിച്ചു...

"എടി ഫെബി നിനക്കൊന്ന് പെട്ടെന്ന് വന്നാൽ എന്തേന്നു...? ഞങ്ങള് എത്ര നേരായി കാത്തിരിക്കാണെന്ന് അറിയോ...?"

"രണ്ടും കൂടി ഏത് ഏടാകൂടത്തിൽ ചെന്ന് ചാടിയിട്ടാ വന്നത്...? എന്നോട് കാര്യമായിട്ട് ഹെൽപോക്കെ ചോദിച്ചല്ലോ..."

"ഏടാകൂടോ....? എന്ത് ഏടാകൂടം..."

എന്ന് അച്ചു ചോയ്ച്ചോണ്ട് അരുണിനെ നോക്കി ഓൻ വാ പൊത്തി പിടിച്ച് ഭയങ്കര ചിരി അത് കണ്ട് അച്ചു

തെണ്ടി ആണെങ്കിൽ അവനേക്കാൾ പൊരിഞ്ഞ ചിരി....

"എടി അച്ചു... ഞാൻ നിന്നോട് അപ്പോഴേ പറഞ്ഞില്ലേ ഇവളോട് എല്ലാം വ്യക്തമായിട്ട് പറയ് അല്ലേൽ ഓള് കോൺഫ്യൂസ് ആകുമെന്ന്.... ഇപ്പോ എന്തായി ഞാൻ പറഞ്ഞ പോലെ തന്നെ ആയില്ലേ...?" അരുണാണ്.

"എന്റെ ഫെബി ഞങ്ങള് ഒരു ഏടാകൂടത്തിലും ചെന്ന് ചാടിയിട്ടില്ല... ഇന്ന് കാക്കൂന്റെ ബെർത്ത് ഡേ ആണ്... അപ്പോ ഞങ്ങള് കരുതി കാക്കൂനെ ആദ്യം തന്നെ വിഷ് ചെയ്യുന്നത് നീ ആയിക്കോട്ടെ എന്ന്... കാരണം കാക്കൂനും അത് തന്നെയല്ലേ ഇഷ്ടം... അതോണ്ട് ഞങ്ങള് ഇപ്പോ നിന്നെ വിളിച്ച് വരുത്തിയത് നീ കാക്കൂനോട് നേരിട്ട് ബർത്ത് ഡേ വിഷ് അറിയിക്കാൻ ആണ്...."

"ബ...ബർത്ത് ഡേയോ...? ആദിന്റെയോ...?"

"ഹാ.... അതല്ലേ പെണ്ണേ നിന്നോട് ഇത്രേം നേരം

തൊണ്ട കാറി പറഞ്ഞത്...

പിന്നെ 12 മണി ആകാൻ ഇനി വെറും 5 മിനിറ്റ് മാത്രേ ബാക്കിയുള്ളൂ... അതോണ്ട് നീ വേഗം ചെന്ന് മൂപ്പരെ വിഷ് ചെയ്തിട്ട് വാ.... ചെല്ല്...."

എന്ന് പറഞ്ഞോണ്ട് അച്ചു നമ്മളെ പിടിച്ച് തള്ളാൻ തുടങ്ങി...

"എടി അച്ചു...എന്നാലും... ഞാൻ...എങ്ങനെയാ ഓനെ...."

"ദേ ഫെബി....നീ ഇങ്ങനെ ഇവിടെ നിന്ന് കഥകളി തുടങ്ങാതെ പോയി കാക്കൂനെ വിഷ് ചെയ്യാൻ നോക്ക്... ടൈം പോകുന്നു....

ഇപ്പോ റൂമിൽ കാക്കൂ മാത്രേ ഉള്ളു...അതും പുള്ളിക്കാരൻ നല്ല ഉറക്കാണ്....
ബാക്കിയുള്ളവരൊക്കെ മുകളിൽ എല്ലാവർക്കും പാർട്ടി

ഒരുക്കുന്ന തിരക്കിലാ...

നീ വേഗം മൂപ്പരെ വിഷ് ചെയ്തിട്ട് മുകളിലേക്ക് കൂട്ടി കൊണ്ട് വാ... നമ്മളെ വാലുകളുമൊക്കെ നേരത്തെ അവിടെ എത്തി കാണും... നീ ഇനിയും ആലോചിച്ച് നിൽക്കാതെ വേഗം പോ..."

"അച്ചു...അതിന് അവരും മൂന്നും പൊരിഞ്ഞ ഉറക്കമെല്ലേ...?"

"അതൊക്കെ നീ ഇങ്ങോട്ട് വരുന്ന വരെ... നീ ഇങ്ങോട്ട് പോന്ന ടൈമിൽ മൂന്നും കൂടി മുകളിലേക്ക് പോയിട്ടുണ്ട്... ദേ ഞങ്ങളും മുകളിലേക്ക് പോകാൻ നിൽക്കാ... നീ വേഗം പോയി കാക്കൂനെ വിഷ് ചെയ്യ്....

അരുൺ വാ നമുക്ക് പോകാം..."

എന്ന് പറഞ്ഞ് അച്ചു അവനെയും കൂട്ടി മുകളിലേക്ക് പോയി...

നമ്മള് ആണെങ്കിൽ റൂമിലേക്ക് കേറണോ എന്ന്

അറിയാതെ അവിടെ നിന്ന് വട്ടം കറങ്ങി...

ഒടുക്കം അകത്തേക്ക് പോകാൻ തന്നെ നമ്മള് തീരുമാനിച്ചു... നമ്മള് നല്ലൊരു ദീർഘശ്വാസവും വിട്ട് പടച്ചോനെയും മനസ്സിൽ ധ്യാനിച്ച് കൊണ്ട് നമ്മള് വാതില് തുറന്നു അകത്ത് കേറി...

നമ്മളെ ബർത്ത് ഡേ ബോയ്യുണ്ട് വെട്ടിയിട്ട വാഴയെ പോലെ മലർന്ന് സുഖായിട്ട് ഉറങ്ങുന്നു... വെറുതെ ഓന്റെ ഉറക്കം കളയണോ എന്ന് ചിന്തിച്ചിട്ട് നമ്മള് കുറച്ച് നേരം ഓനെ തന്നെ നോക്കി നിന്നു... അപ്പോ തന്നെ തെണ്ടി അച്ചു നമ്മളെ ഫോണിലേക്ക് വിളിച്ചതും നമ്മള് ഞെട്ടി ഫോൺ അറ്റൻഡ് ചെയ്തിട്ട് ആ കോന്തനെയൊന്ന് നോക്കി...

ഓൻ എന്തൊക്കെയോ പിച്ചും പേയും പറഞ്ഞോണ്ട് തിരിഞ്ഞ് കിടന്നതും നമ്മള് ഫോൺ കാതോട് അടുപ്പിച്ചു...

"ഹലോ... ഡി പോത്തെ ഇപ്പോഴും നീ പറഞ്ഞില്ലേ..?

ദേ നീ കളിക്കല്ലേട്ടോ ഇനി വെറും ഒരു മിനിറ്റ് മാത്രേ ബാക്കിയുള്ളൂ വേഗം ഒന്ന് വിഷ് ചെയ്യ്..."

എന്ന് പറഞ്ഞ് നമ്മളെ കൊണ്ട് ഒന്നും തിരിച്ച് പറയിക്കാതെ അച്ചു അപ്പോ തന്നെ ഫോൺ വെച്ചു ശവം... ഇനി ഇപ്പോ ഇവനെ എങ്ങനെ ഉണർത്തുമെന്ന് ചിന്തിച്ചോണ്ട് നമ്മള് രണ്ടും കൽപ്പിച്ച് ആദിന്റെ തോളിൽ ഒന്ന് തട്ടി വിളിച്ചു...

"ആദി...ആദി...എണീക്ക്..."

എന്ന് പറഞ്ഞപ്പോ ഓൻ തിരിഞ്ഞ് കിടന്ന് നമ്മളെ മിഴിച്ച് നോക്കി ചിരിച്ചിട്ട് വീണ്ടും തിരിഞ്ഞ് കിടന്നു...

അത് കണ്ടപ്പോ നമ്മക്ക് ദേഷ്യം വന്നു പിന്നെ ഒന്നും നോക്കീലാ...

ആ കോന്തന്റെ നടുപ്പുറം നോക്കി രണ്ട് ഇടിയങ്ങ് കൊടുത്തു....

ഓൻ പടച്ചോനേന്ന് വിളിച്ച് കൂവി കൊണ്ട് പെട്ടെന്ന് എണീറ്റ് ഇരുന്നു... എന്നിട്ട് നമ്മളെ അന്തം വിട്ട് നോക്കി

ഇരുന്നിട്ട് കണ്ണ് തിരുമി കൊണ്ട് ഓൻ ഒന്നൂടെ നമ്മളെ അടിമുടി നോക്കി....

"ഞാൻ എന്താടി ഇവിടെ...? അല്ല...നീയെന്താടി ഇവിടെ... അതും ഈ നേരത്ത്... അവന്മാരൊക്കെ ഇതെവിടെ പോയി....?

ഡി പോത്തെ....അന്നോടാ ഈ ചോദിക്കുന്നത് മിഴിച്ച് നോക്കാതെ കാര്യം പറയെടി...."

"ആദി...ഹാപ്പി ബർത്ത് ഡേ..."

എന്ന് പറഞ്ഞ് നമ്മള് ഓന് നേരെ കൈ നീട്ടിയപ്പോ ചെക്കൻ അന്തം വിട്ട് നമ്മളെ മുഖത്തേക്ക് തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു.... നമ്മള് ഓനെ നോക്കി കൊണ്ട് ഒരു ഇളി പാസാക്കിയപ്പോ ചെക്കൻ നമ്മക്ക് കൈ തന്നിട്ട് ഒരൊറ്റ വലിയായിരുന്നു നമ്മളെ....

നമ്മള് അപ്പോ തന്നെ ഓന്റെ മേത്തേക്ക് വീണതും ഓൻ നമ്മളെയും കൊണ്ട് ബെഡിലേക്ക് മറിഞ്ഞു... നമ്മള് ഇപ്പോ ഇവിടെ എന്താ ഉണ്ടായേ എന്ന മട്ടിൽ അവനെ

നോക്കിയപ്പോ ഓൻ നമ്മളെ നോക്കി സൈറ്റടിച്ചു...

നമ്മള് എങ്ങനെയൊക്കെയോ ഓന്റെ മേത്ത് നിന്ന് എണീറ്റതും കോന്തൻ തെണ്ടി നമ്മളെ തട്ടം പിടിച്ച് ഒരു വലി ആയിരുന്നു... പക്ഷെ ഇപ്രാവശ്യം നമ്മള് വീണത് ഓന്റെ കവിളത്ത് ഒരു മുത്തമിട്ട് കൊണ്ടാണ്...

അതും ഓന്റെ ആ മുള്ള് വേലികളൊക്കെ കടന്നിട്ടാണ് നമ്മളെ ചുണ്ട് അവന്റെ കവിളിൽ പതിഞ്ഞത്...

അപ്പോ തന്നെ നമ്മളെ ബ്രദേഴ്സും കുരാമീസും കൂടി ഹാപ്പി ബർത്ത് ഡേ.... എന്ന് വിളിച്ച് കൂവി കൊണ്ട് അകത്തേക്ക് വന്നതും ഞങ്ങളെ കിടപ്പ് കണ്ട് അവറ്റകൾ അന്തം വിട്ട് തോള്ളേം തുറന്ന് നോക്കി നിന്നു...

അത് കണ്ടതും നമ്മള് വേഗം ആ കോന്തനിൽ നിന്നും എണീറ്റിട്ട് ഒന്നും അറിയാത്ത പോലെ ഒരു മൂലയിൽ പോയി നിന്നു...

"ഹെലോ... ഞങ്ങള് കേറി വന്നത് നിങ്ങൾക്ക്

ഡിസ്റ്റർബെൻസ് ആയോ...? ആയാലും സാരല്യ... കുറച്ച് നേരത്തിന് ഞങ്ങള് ഈ സാധനത്തിനെ ഒന്ന് കൊണ്ട് പോകാണേ പെങ്ങളെ... കുറച്ച് കഴിഞ്ഞിട്ട് നിങ്ങളെത്ര വേണേലും ഇതായിക്കോ.... ബട്ട് ഇപ്പോ നീ ഞങ്ങളെ കൂടെ വന്നേ പറ്റൂ....
നിസൂ....അൻസി...പൊക്കിക്കോടാ ഈ മൊതലിനെ...."

എന്ന് പറഞ്ഞോണ്ട് അവന്മാര് അവനെയും എടുത്തോണ്ട് പോയപ്പോ ഓന്റെ നോട്ടം നമ്മളെ ആയിരുന്നു... നമ്മള് അപ്പോഴും ഓന്റെ നോട്ടം തെറ്റിച്ച് വേറെ എങ്ങോട്ടോ നോക്കി നിന്നു...

അപ്പോ നമ്മളെ കുരാമീസ് നമ്മളെയും കൂട്ടി അവന്മാരെ പിന്നാലെ മുകളിലേക്ക് കൊണ്ട് പോയി... അവിടെ മൊത്തം ഒരുപാട് ലൈറ്റുകൾ കൊണ്ടൊക്കെ അലങ്കരിച്ച് വെച്ചിട്ടുണ്ട്... സത്യം പറഞ്ഞാൽ നന്നായി ചെയ്തിട്ടുണ്ട് അതൊക്കെ....

അവിടെ അപ്പോ എല്ലാവരും എത്തിയിട്ടുണ്ടായിരുന്നു... നമ്മള് കരുതിയത് നമ്മളെ ടീംസ് മാത്രാകും ഉണ്ടാവുക എന്നാ... പക്ഷെ, അവിടെ അപ്പോ കോളേജ് മൊത്തം

ഉണ്ടായിരുന്നു...

അവരൊക്കെ കൂടി ആദിയെ കണ്ടതും ഓനെ വിഷ് ചെയ്തോണ്ട് അവനെയങ്ങ് പൊതിഞ്ഞു... എന്നിട്ട് എല്ലാവരും കൂടി ചേർന്ന് ഓന്റെ കൂടെ നിന്ന് ഫോട്ടോ എടുക്കലും ഗിഫ്റ്റ് കൊടുക്കലുമൊക്കെ ആയി ഭയങ്കര ബിസി...

നമ്മള് ആണെങ്കിൽ ഓന് കൊടുക്കാൻ ഒരു ഗിഫ്റ്റ് പോലുമില്ലാതെ വെറും കയ്യോടെ എങ്ങനെ ഓന്റെ മുന്നിലേക്ക് ചെല്ലുമെന്ന് കരുതി നിൽക്കുമ്പോഴാണ് നമ്മക്ക് ഓന്റെ ഡ്രസ്സ് ഓർമ്മ വന്നത്... അതിൽ നമ്മളെ ഇഷ്ടം ഓനെ അറിയിക്കാൻ വേണ്ടി തുന്നി വെച്ചിട്ടുണ്ട്...

അതോണ്ട് അത് തന്നെ ആയിക്കോട്ടെ ഓന് നമ്മള് കൊടുക്കുന്ന ബർത്ത് ഡേ ഗിഫ്റ്റ് എന്ന് ചിന്തിച്ചോണ്ട് നമ്മള് അവിടന്ന് ആരും കാണാതെ താഴേക്ക് പോയി...

റൂമിൽ എത്തിയ ഉടനെ തന്നെ ഓന്റെ ഡ്രസ്സ് എടുത്ത് നന്നായി മടക്കി വെച്ച് അതിന് ഒരുമ്മയും കൊടുത്ത് നേരത്തെ അച്ചു ഒക്കെ കൂടി ഓന്റെ ഗിഫ്റ്റ്

പൊതിയാൻ വെച്ച ബാക്കി രാപ്പറിൽ അത് പൊതിഞ്ഞു... എന്നിട്ട് ഇതിപ്പോ ഓന് എങ്ങനെ കൊടുക്കുമെന്ന് ചിന്തിച്ച് റൂമിൽ നിന്ന് ഇറങ്ങിയിട്ട് വരാന്തയിലൂടെ നടന്നു...

അപ്പോ പെട്ടെന്ന് വരാന്തയിലെ ലൈറ്റണഞ്ഞു... അവിടെ മൊത്തം ഇരുട്ട് പടർന്ന് പിടിച്ചു... നമ്മള് പേടിച്ചിട്ട് നടത്തത്തിന്റെ സ്പീഡ് കൂട്ടി കൊണ്ടിരുന്നു...

ആരൊക്കെയോ നമ്മളെ പിന്നാലെ വന്ന് ഫോളോ ചെയ്യുന്ന പോലെ നമ്മക്ക് തോന്നി... നമ്മള് അപ്പോ തന്നെ ആ ഇരുട്ടിലൂടെ തട്ടി തടഞ്ഞ് ഓടാൻ നോക്കി...

പെട്ടെന്ന് ആരോ നമ്മളെ ഇടങ്കാല് വെച്ച് വീഴ്ത്തിയതും നമ്മള് അവിടെ നിലം പതിച്ചു... നമ്മളെ കയിൽ നിന്നും ആദിന്റെ ഡ്രസ്സ് പറന്ന് പോയി... ആ വീഴ്ചയിൽ നമ്മളെ കൈ നല്ലോണം വേദനിച്ചു...

നമ്മള് വേദന കൊണ്ട് പുളഞ്ഞപ്പോ നമ്മളെ മുടിയിൽ പിടിച്ച് വലിച്ച് ആരോ നമ്മളെ എണീപ്പിച്ച് ചുവരിനോട് അടുപ്പിച്ച് നിർത്തി...

ഇരുട്ടിൽ നിന്നും നീണ്ട് വന്ന ആ കൈകൾ പെട്ടെന്ന് നമ്മളെ കഴുത്തില് പിടി മുറുക്കി.... നമ്മള് ശ്വാസം കിട്ടാതെ ആ കൈകളിൽ കിടന്ന് പിടഞ്ഞപ്പോ ഒരു അട്ടഹാസം കെട്ടു... പക്ഷെ അതാരാണെന്ന് നമ്മക്ക് വ്യക്തമായില്ല...

കാരണം നമ്മളെ കാതോക്കെ ഇപ്പോ അടഞ്ഞിട്ടുണ്ട്...ഒന്നും കേൾക്കാൻ പറ്റുന്നില്ല...

നമ്മളെ കഴുത്തിലെ പിടി മുറുകുന്നതിനനുസരിച്ച് നമ്മള് ശ്വാസം കിട്ടാതെ പിടഞ്ഞപ്പോ നമ്മളെ മരണത്തെ നമ്മള് മുഖാമുഖം കണ്ടു... എന്ത് ചെയ്യണം എന്നറിയാതെ നിസ്സഹായക അവസ്ഥയിൽ നമ്മളാ കൈകളിൽ കിടന്ന് പിടഞ്ഞു...

പെട്ടെന്ന് ദൈവദൂതനെ പോലെ ഒരാൾ അങ്ങോട്ട് ഒരു ടോർച്ചും തെളിയിച്ചോണ്ട് നടന്ന് വന്നതും അയാളെന്നിലെ പിടി വിട്ട് അവിടന്ന് ഇരുട്ടിലേക്ക് ഓടി മറഞ്ഞു...

അപ്പോ തന്നെ അവിടെ ലൈറ്റ് കത്തിയതും നമ്മള് അവിടെ മുട്ടുകുത്തി ഇരുന്ന് കഴുത്തില് പിടിച്ചിട്ട് ഒരു ചുമച്ചു... വളരെ വേഗത്തിൽ ശ്വാസമെടുത്ത് നമ്മള് കണ്ണ് തുറന്ന് മുന്നിൽ നിൽക്കുന്ന ആളെ മുഖത്തേക്ക് ഒന്ന് നോക്കി...

അത് നമ്മളെ കോന്തനാണെന്ന് നമ്മക്ക് മനസ്സിലായത് ആ ഓട്ടത്തിന്റെ വേഗതയും അവന്റെ വിളിയും കേട്ടാണ്... ഐഷു എന്ന് വിളിച്ചോണ്ട് നമ്മളെ അടുത്തേക്ക് ഓൻ ഓടി വന്ന് നമ്മളെ മുഖം ഓന്റെ കൈക്കുള്ളിൽ ഒതുക്കി...

"ഐഷു...എന്താ എന്ത് പറ്റി...? ഡി പോത്തെ...അന്നോടാ ചോദിക്കുന്നെ... എന്തിനാ നീ ഇവിടെ ഇരിക്കുന്നെ..? ആരാ ഇപ്പോ ഇവിടന്ന് പോയത്...? ഡി...ഐഷു..."

നമ്മള് കാരണം ഇന്നത്തെ ഒരു നല്ലൊരു ദിവസം കുളമാകരുതെന്ന് നമ്മക്ക് നിർബന്ധം ഉണ്ട്... അതോണ്ട് തന്നെ നമ്മക്ക് സംഭവിച്ചത് നമ്മള് മനപ്പൂർവ്വം ആദിയിൽ നിന്നും മറച്ച് വെക്കാൻ

തീരുമാനിച്ചു...

"ഐഷു... നിന്നോടാ ചോദിക്കുന്നത്... നീ വാ തുറന്ന് എന്തേലും ഒന്ന് മിണ്ടുന്നുണ്ടോ...?"

"എനിക്ക്....എനിക്ക് കൊഴപ്പമൊന്നുമില്ല കോന്താ... ഞാൻ... റൂമീന്ന് വന്നപ്പോ ....പെട്ടെന്ന് ഇവിടെ ലൈറ്റ് പോയി .... അപ്പോ തട്ടി തടഞ്ഞ് വീണതാ...അല്ലാതെ ഒന്നുമില്ല...."

നമ്മള് പറഞ്ഞത് ഓൻ പൂർണ്ണമായും വിശ്വസിച്ചിട്ടില്ലെന്ന് ഓന്റെ മുഖഭാവം കണ്ടപ്പോ തന്നെ നമ്മക്ക് വ്യക്തമായി... ഓൻ നമ്മളോട് വേറെ എന്തോ ചോദിക്കാൻ നിന്നതും അങ്ങോട്ട് അപ്പോഴേക്കും നമ്മളെ ബാക്കിക്കാര് ഓടി വന്നിരുന്നു...

"അത് ശരി...രണ്ടും കൂടി ഇവിടെ ഇരുന്ന് കണ്ണും കണ്ണും നോക്കി ഇരിക്കാലെ... ഞങ്ങള് അവിടെ മുകളിൽ നിങ്ങളെയും കാത്ത് കേക്ക് മുറിക്കാൻ കാത്തിരിക്കുമ്പോ ഇവിടെ രണ്ടിനും റൊമാൻസ്..."

അച്ചുവാണ്.

"മതി രണ്ടും കഥകൾ കൈമാറിയത്... നിന്നെ തിരഞ്ഞ് ഇങ്ങോട്ട് ഇറങ്ങി വന്നതാ ഈ മഹാൻ... നീ ഇല്ലാതെ അവൻ കേക്ക് മുറിക്കല്ലത്രേ..."

സിദ്ധുവേട്ടൻ അത് പറഞ്ഞപ്പോ നമ്മള് ആ കോന്തനെ ഒന്ന് നോക്കി. ഓൻ അപ്പോ നമ്മളെ നോക്കി പല്ലിളിച്ചിട്ട് നമ്മളെ അവിടന്ന് എണീപ്പിച്ച് നിർത്തി...

"അല്ല...നീയെന്തിനാ ഇപ്പോ ഇങ്ങോട്ട് ഇറങ്ങി വന്നത്..? മുകളിൽ പാർട്ടി നടക്കുമ്പോ നിനക്കെന്താ ഇവിടെ കാര്യം...?"

ആ കോന്തൻ അത് ചോദിച്ചപ്പോഴാ നമ്മള് ഓന്റെ ഡ്രസ്സ് അവിടെയൊക്കെ ഒന്ന് പരതി നോക്കിയത്... നമ്മള് എന്തോ തിരയുന്നത് കണ്ടിട്ട് അവരും നമ്മളെ കൂടെ കൂടി ചുറ്റുമൊന്ന് കണ്ണോടിച്ചു...

"നീയിത് എന്താടി തിരയുന്നെ...?"

എന്ന് ആ കോന്തൻ ചോദിച്ച് തീർന്നില്ല നമ്മള് അപ്പോ തന്നെ ആ പൊതി കണ്ടെടുത്തിട്ട് അത് അവന് നേരെ നീട്ടി... ഓൻ അത് നമ്മളെ കയ്യീന്ന് വാങ്ങുമ്പോ ഓന്റെ മുഖത്തും നമ്മളെ കുരാമീസിനെയും ബ്രദേഴ്സിനെയും മുഖത്തും അതെന്താകും എന്ന ഒരു ആകാംഷ നിഴലിച്ചത് നമ്മള് ശ്രദ്ധിച്ചു...

കാത്തിരിക്കാനുള്ള ക്ഷമ ഇല്ലാത്തോണ്ടാകും ആ കോന്തൻ അത് അപ്പോ തന്നെ തുറന്ന് നോക്കി... അതില് ഓന്റെ ഡ്രസ്സ് കണ്ടതും അവറ്റകളൊക്കെ കൂടി ആ കോന്തനെ നോക്കി കളിയാക്കി ചിരിച്ചു... അപ്പോഴത്തെ ഓന്റെ മുഖത്തെ ഭാവം കണ്ട് നമ്മക്കും ചിരി വന്നു...

"എന്റെ ഡ്രസ്സ്.... അതും എനിക്ക് തന്നെ.... എന്റെ ബർത്ത് ഡേക്ക് ഗിഫ്റ്റായി കിട്ടുന്നത് ഇത് ആദ്യമായിട്ടാണ്.... എന്നാലും എന്നോടിത് വേണ്ടായിരുന്നു ബാലാ... ഞാൻ കുറച്ച് അധികം പ്രതീക്ഷിച്ചു..."

"ആരോട് ചോയിച്ചിട്ടാ ഓവർ പ്രതീക്ഷിക്കാൻ നിന്നത്...ഞാൻ പറഞ്ഞോ ഇയാളോട് കൂടുതൽ പ്രതീക്ഷിക്കാൻ....

ഇപ്പോ തൽക്കാലം എന്റെ കയ്യിൽ ഇതേയുള്ളൂ ബർത്ത് ഡേ ബോയ്ക്ക് തരാനായിട്ട്... ഇഷ്ടയില്ലെങ്കിൽ വേണ്ട ഇങ്ങ് തിരിച്ച് തന്നേക്ക്...ഞാൻ വേറെ വല്ല പിച്ചക്കാർക്കും കൊടുത്തോളാം...."

നമ്മള് അത് പറഞ്ഞപ്പോ ആ കോന്തൻ നമ്മളെ ആ ഡ്രെസ് കൊണ്ട് തല്ലുന്ന പോലെ വീശിയടിച്ചിട്ട് ഓന്റെ തോളിലേക്കിട്ടിട്ട് കേറി വാടി പിച്ചക്കാരി എന്ന് വിളിച്ചോണ്ട് നമ്മളെ മുകളിലേക്ക് കൊണ്ട് പോയി...

അവിടെ എത്തിയതും നമ്മളെ ബ്രദേഴ്സ് ഒക്കെ കൂടി ചേർന്ന് ഞങ്ങളെ മുന്നിലേക്ക് വലിയ ഒരു കേക്ക് കൊണ്ട് വന്ന് വെച്ചു.... എന്റെ ജീവിതത്തിൽ ഇന്നേ വരെ ഇത്രെയും വലിയ ഒരു കേക്ക് സ്വപ്നത്തിൽ പോലും കണ്ടിട്ടില്ല...

ഞമ്മള് അങ്ങനെ ആ കേക്കിന്റെ വലിപ്പവും നോക്കി വെള്ളമിറക്കി കൊണ്ട് നിൽക്കുമ്പോഴാണ് ആദി കേക്ക് മുറിച്ച് നമ്മളെ നേർക്ക് നീട്ടിയത്... നമ്മള് എല്ലാവരിലേക്കും ഒരു നോട്ടമെറിഞ്ഞ് കൊണ്ട് ആദിയെ ഒന്ന് നോക്കിയപ്പോ എല്ലാവരും കൂടി നമ്മളോട് വാങ്ങ്...വാങ്ങ് എന്ന് പറഞ്ഞ് നിർബന്ധിപ്പിക്കുന്നുണ്ട്...

നമ്മള് ഓന്റെ കണ്ണിലേക്ക് തന്നെ നോട്ടമെറിഞ്ഞ് ആ കേക്ക് കഴിച്ചതും എല്ലാവരും കൂടി ചേർന്ന് കൈ കൊട്ടി ആർത്ത് രസിച്ചു... നമ്മള് അപ്പോ തന്നെ അടുത്ത കഷ്ണം കേക്ക് മുറിച്ചിട്ട് ആദിന്റെ വായിൽ വെച്ച് കൊടുത്തു...

അങ്ങനെ ആ ചടങ്ങ് അങ്ങ് പൂർത്തിയായതും എല്ലാവരും കൂടി കേക്ക് എടുത്ത് കഴിക്കലും എറിയലും തേക്കലുമൊക്കെയായി അടിച്ച് പൊളിച്ചു....

പരിപാടി ഒക്കെ കഴിഞ്ഞ് തിരിച്ച് റൂമിലേക്ക് പോകാൻ നിന്നതും നമ്മള് ആദിനെ നോക്കി ചിരിച്ചു...

നമ്മളെ ചിരിയിൽ ഒരുപാട് പ്രതീക്ഷ കണ്ടത്

കൊണ്ടാകും ഓൻ നമ്മളെ നോക്കി നാളെ ഞാൻ അവനോട് ഇഷ്ടണെന്ന് പറയുമെന്ന് ആംഗ്യം കാണിച്ചത്... നമ്മള് അപ്പോ തന്നെ മുഖം ഗൗരവത്തിൽ പിടിച്ചോണ്ട് നോ എന്ന് തലയാട്ടിയപ്പോ ഓൻ നമ്മളെ കൊന്ന് കളയുമെന്ന് ആംഗ്യം കാണിച്ചു...

നമ്മള് അപ്പോ തന്നെ നമ്മളെ കലിപ്പ് മോഡ് ആക്റ്റീവ് ആക്കിയിട്ട് നമ്മളെ ചെരുപ്പ് ഊരി ഓനെ കാണിച്ചിട്ട് പോടാ കോന്താ എന്ന് വിളിച്ച് കൂവിയിട്ട് റൂമിലേക്ക് ഒരൊറ്റ ഒരോട്ടമായിരുന്നു...

★★★★★★★★★★★★★★★★★★★★★

'ഈ പെണ്ണിന്റെ ഒരു കാര്യം... പടച്ചോനേ... ഒരുപാടായില്ലേ ഓള് നമ്മളെ ഇട്ട് ഇങ്ങനെ വട്ടം കറക്കുന്നു... ഇന്നെങ്കിലും ഓള് നമ്മളോട് ഇഷ്ടം തുറന്ന് പറയോ...?

എവടെ പറയാൻ... ആ ബലാല് കൊന്നാലും പറയൂല നമ്മളെ ഇഷ്ടണെന്ന്... ഇത്രെയും ദിവസം ആയിട്ടും നമ്മക്ക് ഓളോട് വഴക്ക് കൂടാൻ അല്ലാതെ ഓളെ കൊണ്ട് ഇഷ്ട്ടാണെന്ന് പറയിപ്പിക്കാൻ പറ്റിയിട്ടില്ല...

ഇന്നെങ്കിലും നമ്മളോട് ഒരു മനസ്സലിവ് തോന്നിയിട്ട് നമ്മളെ ഇഷ്ടണെന്ന് സമ്മതിച്ചാൽ മതിയായിരുന്നു....'

അങ്ങനെ പ്രാർത്ഥിച്ചോണ്ട് നമ്മള് കിടന്നപ്പോഴാണ് നമ്മക്ക് വരാന്തയിൽ വെച്ച് നടന്ന കാര്യം ഓർമ്മ വന്നത്... ഐഷു നമ്മളോട് അപ്പോ പറഞ്ഞത് പച്ചക്കള്ളമാണെന്ന് ഓളെ മുഖം തന്നെ പറയുന്നുണ്ട്...അത് നമ്മള് ശ്രദ്ധിച്ചതാണ്...

എന്തായാലും അപ്പോ എന്തൊക്കെയോ അവിടെ വെച്ച് നടന്നിട്ടുണ്ട്... കാരണം ഐഷു വീണാലും ഓൾക്ക് കഴുത്ത് പിടിച്ച് ചുമക്കേണ്ട കാര്യമില്ല... പോരാത്തതിന് ആ ഇരുട്ടിലേക്ക് ആരോ ഓടി മറയുന്നത് നമ്മള് ശ്രദ്ധിച്ചതുമാണ്...

അതോണ്ട് എവിടെയൊക്കെയോ എന്തൊക്കെയോ മിസ്റ്റേക്ക്.... അത് ആരായാലും അയാളാണ് ഐഷുനെ ഉപദ്രവിച്ചത്.... അത് ഒന്നെങ്കിൽ സാലിമോ അല്ലെങ്കിൽ സൽമയോ ആയിരിക്കും.... പരിപാടി നടക്കുമ്പോ സൽമയെ ഒന്നും ആ പരിസരത്ത് കണ്ടിട്ടില്ല...

അപ്പോ അത് അവള് തന്നെയാകാനാകും ചാൻസ്.... വരട്ടെ...കണ്ട് പിടിക്കാം....

അതിന് മുമ്പ് നമ്മളെ പെണ്ണിനെ കൊണ്ട് നമ്മളെ ഇഷ്ട്ടാണെന്ന് പറയിപ്പിക്കാൻ നോക്കട്ടെ...

അപ്പോഴാണ് നമ്മളെ കണ്ണില് ഐഷു അലക്കി തേച്ച് തന്ന നമ്മളെ ഡ്രസ്സ് ഉടക്കിയത്... നമ്മള് അപ്പോ തന്നെ അതെടുത്ത് നമ്മളെ നെഞ്ചോട് ചേർത്ത് വെച്ചതും എന്തെന്നില്ലാത്ത ഒരു ഫീല് നമ്മളിലേക്ക് വന്നു.... ആ ഫീല് നമ്മക്ക് പറഞ്ഞറിയിക്കാൻ പറ്റാത്ത അത്ര കുളിർമ്മ മനസ്സിന് നൽകുന്നുണ്ട്...

നമ്മള് അങ്ങനെ ആ ഡ്രെസ്സും കെട്ടി പിടിച്ച് ബെഡിലേക്ക് ചാഞ്ഞപ്പോ നമ്മളെ ചങ്ക്സൊക്കെ കൂടി നമ്മക്ക് ഭ്രാന്താ എന്ന് പറഞ്ഞ് കളിയാക്കി കൊണ്ട് ലൈറ്റണച്ച് വന്ന് കിടന്നു...

★★★★★★★★★★★★★★★★★★★

"ഡി അച്ചൂ... എല്ലാം എടുത്ത് വെച്ചില്ലേ... ഒന്നും

എടുക്കാൻ മറന്നില്ലല്ലോ...?"

"ഇല്ല ഫെബി... ഒക്കെ റെഡിയാക്കിയിട്ടുണ്ട്..."

എന്ന് നമ്മളെ കുരാമീസും കൂടി പച്ച കൊടി കാണിച്ചപ്പോ പിന്നെ നമ്മള് റൂം അടച്ചിട്ട് ഞങ്ങളെ ലഗേജും കൊണ്ട് ബസിന്റെ അടുത്തേക്ക് ചെന്നു.... ഞങ്ങളെ കണ്ടതും നമ്മളെ ബ്രദേഴ്സ് ഒക്കെ കൂടി നമ്മളെ ലഗേജ് പിടിച്ച് കൊണ്ട് പോയി ബസില് വെച്ചിട്ട് ഞങ്ങളോട് കേറി ഇരിക്കാൻ പറഞ്ഞു...

അപ്പോ നമ്മള് ആ കോന്തനെ നോക്കുന്ന തിരക്കിലായോണ്ട് അവന്മാര് പറഞ്ഞതൊന്നും നമ്മള് ചെവി കൊണ്ടില്ല...

"എന്റെ പുന്നാര ഫെബി... നീ ഇങ്ങനെ കണ്ണോടിച്ച് ഓനെ തിരഞ്ഞ് ബുദ്ധിമുട്ടണ്ടാ... ഓൻ ഹോട്ടലിൽ ബില്ല് സെറ്റിൽ ചെയ്യാണ്.... നീ വന്ന് ബസിൽ കേറ് ഓൻ വന്നോളും...."

എന്ന് പറഞ്ഞോണ്ട് നിസൂക്ക നമ്മളെ എല്ലാവരെ മുന്നിൽ വെച്ചും കൊച്ചാക്കിയപ്പോ നമ്മള് അങ്ങേരെ നോക്കി കൊഞ്ഞനം കുത്തിയിട്ട് കാലിന് നോക്കി നല്ല അഡാർ ചവിട്ട് കൊടുത്ത് ബസിൽ കേറി ഇരുന്നു...

അപ്പോ സൽ മ നമ്മളെ ഉറ്റു ഉറ്റു നോക്കുന്നത് കണ്ട് നമ്മള് ഓളെ നോക്കി ഒന്ന് ഇളിച്ച് കാണിച്ച് ഹോട്ടലിലേക്ക് നോട്ടമെറിഞ്ഞ് അങ്ങനെ ഇരുന്നു... ഇന്നത്തോടെ ഊട്ടിയോട് ബൈ പറഞ്ഞ് പോകാണ്... എത്ര പെട്ടെന്നാ ദിവസം കടന്ന് പോയത്... സത്യം പറഞ്ഞാൽ ഇവിടന്ന് പോകാനെ മനസ്സ് വരുന്നില്ല...

നമ്മള് ഒരു നിമിഷം കണ്ണടച്ച് പിടിച്ചിട്ട് ഈ ക്യാമ്പിന് വന്നപ്പോ തൊട്ട് നടന്ന ഓരോ കാര്യങ്ങളും ഒന്ന് റീവൈൻഡ് ചെയ്ത് നോക്കി...അപ്പോഴൊക്കെ നമ്മളെ മനസ്സിലേക്ക് ഓടി വന്നത് ഒരേയൊരു മുഖം... ആദി....

ഇന്നത്തോട് കൂടി നമ്മളെ പിന്നാലെ ഉള്ള ഈ അലച്ചില് നമ്മള് അവസാനിപ്പിച്ച് കൊടുക്കുന്നുണ്ട്... ഇന്ന് രാത്രി ബസ് കോളേജിൽ എത്തിയതും നമ്മള് ആദിയോട് ആദ്യം തന്നെ പറയാൻ പോകുന്നത് നമ്മളെ ഇഷ്ടത്തെ കുറിച്ചാകും...

എന്തിനാ അത്രക്ക് വൈകിപ്പിക്കുന്നതെന്നാകും നിങ്ങള് ചിന്തിക്കുന്നതല്ലേ... കാര്യമുണ്ട്... ആദ്യത്തെ ചലഞ്ചിൽ ഓൻ എന്തായാലും ജയിച്ചു... ഇനിയുള്ള രണ്ടാമത്തെ ചലഞ്ചിൽ കൂടി ഓനെ ജയിപ്പിക്കാൻ അനുവദിച്ചാലെ നമ്മളെ ഓന് യാതൊരു വിലയും കാണില്ല...

അതോണ്ട് ഇന്നൊരു ദിവസം കൂടി ഓൻ നമ്മളെ പിന്നാലെ അലയട്ടെ... ആ അലച്ചില് കാണാൻ തന്നെ ചേലാ... എന്നൊക്കെ ചിന്തിച്ചോണ്ട് നമ്മള് ഒന്ന് ചിരിച്ചു...

പെട്ടെന്ന് എവിടുന്നോ ദിശ മാറി ഒഴുകുന്ന ഒരു കാറ്റ് നമ്മളെ തട്ടത്തിലും മുടിയിലും മുഖത്തുമൊക്കെ തട്ടി തലോടി പോയത്... നമ്മള് അപ്പോ തന്നെ കണ്ണ് തുറന്ന് വിൻഡോയിൽ കൂടി പുറത്തേക്ക് നോക്കിയതും ഹോട്ടലിൽ നിന്നും ഇറങ്ങി വരുന്ന നമ്മളെ കോന്തനെയാണ് നമ്മള് കണ്ടത്....

ഓനെ കണ്ടതും നമ്മള് നമ്മളെ തന്നെ മറന്ന് ഓനെ നോക്കി നിന്ന് പോയി... ചെക്കൻ നമ്മള് അലക്കി തേച്ച്

കൊടുത്ത ആ വൈറ്റ് ഷർട്ട് ഇട്ടിട്ടാണുള്ളത്... എന്തോ ആ കോന്തന് ഇപ്പോഴാണ് ആ ഷർട്ട് നന്നായി മേച്ചാകുന്നതെന്ന് നമ്മക്ക് തോന്നി പോയി... അമ്മാതിരി കിടുക്കാച്ചി ലുക്കായിരുന്നു നമ്മളെ ചെക്കന്...

ഓൻ വരുന്നത് കണ്ടിട്ട് ബസിലുള്ള പെമ്പിള്ളേർ മൊത്തം ഓനെ വായി നോക്കുന്നത് കണ്ടപ്പോ നമ്മക്ക് ദേഷ്യം വന്നു... അച്ചു ആണെങ്കിൽ തോള്ളേം തുറന്ന് ഓനെ നോക്കുന്നത് കണ്ടിട്ട് ഓളെ തലക്കിട്ട് ഒരു മേട്ടം കൊടുത്ത് ഓളെ വാ നമ്മള് അടച്ച് വെച്ചു...

കാര്യം ഓള് നമ്മളെ ഫ്രണ്ടും നമ്മളെ ചെക്കന് പെങ്ങളെ പോലെ ആണെങ്കിലും നമ്മക്കെന്തോ ഇപ്പോ അവറ്റകളെ നോട്ടം കണ്ടിട്ട് ദേഷ്യം വരുന്നുണ്ട്...

ആദി ബസിൽ കയറിയതും ബസ് പുറപ്പെടാൻ തുടങ്ങി... അപ്പോ ആദി നേരെ വന്നത് നമ്മളെ അടുത്തേക്ക് ആയിരുന്നു... അതും ഓൻ നമ്മളെ അടുത്ത് എത്തിയതും ഞങ്ങളെ സീറ്റിനോട് ചാരി നിന്നിട്ട് നമ്മളെ നോക്കി പുരികം പൊക്കി...

"എന്താടാ നിന്റെ കണ്ണിന് വല്ല കുഴപ്പവുമുണ്ടോ...?

ഉണ്ടാകും... അതോണ്ടല്ലേ ഇമ്മാതിരി കോലവും കെട്ടി കണ്ണിക്കണ്ട പെമ്പിള്ളേരെ മുന്നിലൂടെ നടക്കുന്നത്...."

"എന്റെ ഈ കോലത്തിന് എന്താടി കുഴപ്പം...?"

"ഒരു കുഴപ്പവുമില്ല കാക്കൂ... നല്ല കിടുക്കാച്ചി ലുക്കായിട്ടുണ്ട്... പൊളിച്ചു... ഇപ്പോ ഇൻക്ക് വരെ ഇങ്ങളോട് പ്രേമം തോന്നുന്നുണ്ട്... ഇവൾക്ക് അസൂയയാ കാക്കു അത് കാര്യമാക്കണ്ടാ..."

എന്ന് അച്ചു പറഞ്ഞപ്പോ നമ്മക്ക് ഓളെ കഴുത്ത് നെരിച്ച് കൊല്ലാനാണ് തോന്നിയത്... ഓള് പറയുന്നത് കേട്ടതും ആ കോന്തൻ മൈനായി കൊണ്ട് ഓന്റെ കൂളിംഗ് ഗ്ലാസ് എടുത്ത് വെച്ചതും ഓനെ ചവിട്ടി വെളിയിൽ കളഞ്ഞാലോ എന്ന് വരെ തോന്നി പോയി...

അപ്പോഴാണ് നമ്മളെക്കാൾ രൂക്ഷമായിട്ട് കണ്ണിൽ

നിന്നും തീപ്പൊരി പാറുന്ന വിധത്തിൽ ആ സൽ മ ഞങ്ങളെയൊക്കെ നോക്കി കണ്ണുരുട്ടിയത്...

അത് കണ്ടപ്പോ തന്നെ നമ്മക്ക് ദേഷ്യം ഒക്കെ കൂടി എരിഞ്ഞ് കേറി... നമ്മള് ആ ഫെസ്ട്രേഷൻ എല്ലാം കൂടി നേരെ സൽ മ മുന്നിൽ കൊട്ടി...

"എന്താടി ഉണ്ടക്കണ്ണും കാണിച്ച് ഇങ്ങോട്ട് നോക്കിനിൽക്കുന്നെ...?

ഇവിടെ എന്താ വല്ല ഫിലിമും കാണിക്കുന്നുണ്ടോ...?

ഇനി ഒരു തവണ കൂടി നീ ഇങ്ങോട്ട് നോക്കി കണ്ണുരുട്ടിയാലുണ്ടല്ലോ നിന്റെ ആ രണ്ട് ഉണ്ടക്കണ്ണും കുത്തി ഞോണ്ടി എടുക്കും ഞാൻ...#$%@"

എന്നൊക്കെ കണ്ണ് പൊട്ടുന്ന തെറി വിളിച്ച് കൂവിയപ്പോ ആ സൽ മ നമ്മളെ തല്ലാനായി കയ്യുയർത്തിയതും ആദി ഓളെ കൈ തടഞ്ഞ് വെച്ചു...

"ഇവളെ ദേഹത്ത് നീ കൈ വെക്കണമെങ്കിൽ അത് എന്നെ തല്ലി വീഴ്ത്തിയിട്ടാകണം..."

എന്ന് ഓൻ പറഞ്ഞപ്പോ ഓള് ഒന്നും മിണ്ടാതെ നമ്മളെയും ഓനെയും നോക്കി കൊണ്ട് സീറ്റിൽ ഇരുന്ന് മുഖം പൊത്തി പിടിച്ച് തല താഴ്ത്തി പൊട്ടി കരഞ്ഞു... അത് കണ്ടപ്പോ നമ്മക്ക് വേണ്ടിയിരുന്നില്ല എന്ന് തോന്നി പോയി...

അപ്പോഴാണ് ആ കോന്തൻ അച്ചുവിനെ നമ്മളെ അടുത്ത് നിന്നും മാറ്റി ഇരുത്തിയിട്ട് അവിടെ കേറി ഇരുന്ന് നമ്മളെ പിടിച്ച് ഓന്റെ അടുത്ത് ഇരുത്തിയത്...

നമ്മള് അപ്പോ തന്നെ അവിടന്ന് എണീറ്റ് പോകാൻ നോക്കിയെങ്കിലും ആ കോന്തൻ നമ്മളെ കൈ പിടിച്ച് വെച്ചിട്ട് നമ്മളെ അനങ്ങാൻ പോലും സമ്മതിക്കുന്നില്ലെന്നു...

"എന്താടി നിന്റെ തലക്ക് തീരെ സുഖമില്ലേ...? ആ സൽ മ ഓളെ പാട്ടിന് കണ്ണുരുട്ടി നോക്കിയെന്ന് കരുതി നീ എന്തിനാ വെറുതെ തുള്ളാൻ പോകുന്നത്...?

ഒടുക്കം ഓളെ കയ്യീന്ന് പണി വാങ്ങിയിട്ട് രക്ഷിക്കണേ എന്ന് അലറി വിളിച്ചോണ്ട് എന്റെ അടുത്തേക്ക് ഒന്നും വന്നേക്കരുത്...."

നമ്മള് ഓന്റെ പറച്ചില് കേട്ടിട്ട് ഓന്റെ കയ്യിൽ നിന്നും നമ്മളെ കൈ വിടുവിച്ചിട്ട് നമ്മള് ഓനെ നോക്കി കണ്ണുരുട്ടി...

"ഞാൻ എനിക്ക് ഇഷ്ടമുള്ള പോലെ എന്തും ചെയ്യും...അത് ചോദിക്കാൻ താനാരാ...?

പിന്നെ... ഇയാള് വലിയ ഹീറോ ഒന്നും ആകണ്ടാ എന്നെ രക്ഷിക്കാനേ എനിക്ക് അറിയാം... ബർത്ത് ഡേ ബോയ് അധികം ഇരുന്ന് വിയർക്കാണ്ട് ഒന്ന് എണീറ്റ് പോണം...."

എന്ന് നമ്മള് പറഞ്ഞപ്പോ ഓൻ നമ്മളെ മുഖം ഓന്റെ നേരെ ചേർത്ത് പിടിച്ചോണ്ട് നമ്മളെ കവിളിൽ പെട്ടെന്ന് ഒരു കടി തന്ന് എണീറ്റ് പോയി... നമ്മള് അപ്പോ തന്നെ ആ വേദനയിൽ അലറി കൊണ്ട് കവിളിൽ കൈ വെച്ചതും എല്ലാവരുടെയും നോട്ടം നമ്മളിലേക്കായി... ഭാഗ്യത്തിന് ഒരുത്തനും ഓൻ നമ്മളെ കടിച്ചത് കാണാത്തത് കൊണ്ട് നമ്മള് രക്ഷപ്പെട്ടു...

അതുവരെ ഉണ്ടായിരുന്ന ഓനോടുള്ള പിണക്കമൊക്കെ ആ ഒരൊറ്റ കടിയിലൂടെ അലിഞ്ഞ് ഇല്ലാതായി... നമ്മള് കവിളിൽ കൈ വെച്ച് ചിരിക്കുന്നത് കണ്ടിട്ട് അച്ചു കാര്യം തിരക്കിയപ്പോ നമ്മള് പറഞ്ഞു ഓൻ നമ്മളെ തല്ലിയെന്ന്...

"ആര്...? കാക്കുവോ..? നിന്നെയോ..? തല്ലേ...? നല്ല കഥയായി... കാക്കു വേണേൽ നിന്നെ നുള്ളി എന്ന് പറഞ്ഞോ ഞാൻ വിശ്വസിക്കാം പക്ഷെ തല്ലിയെന്ന് മാത്രം പറയണ്ടാ... നമ്മള് വിശ്വാസിക്കൂല..."

"ഡി തെണ്ടി...ഞാൻ സത്യാ പറഞ്ഞത്... ഓൻ എന്നെ തല്ലി...."

എവിടെ...നമ്മള് തൊണ്ട കാറി പറഞ്ഞിട്ടൊന്നും ഒരു കാര്യവുമില്ല... അവള് നമ്മള് പറയുന്നത് കേൾക്കാൻ പോലും കൂട്ടാക്കുന്നില്ല... ഇക്കണെക്കിന് പോയാൽ ഈ കോന്തൻ നമ്മളെ ശരിക്ക് തല്ലിയാൽ പോലും ഇവറ്റകള് വിശ്വാസിക്കില്ലല്ലോ... എന്ന് ചിന്തിച്ചോണ്ട് നമ്മള് പുറത്തേക്ക് കണ്ണോടിച്ച് ഊട്ടിയുടെ ഭംഗി ആസ്വദിച്ചിരുന്നു...

അങ്ങനെ നീണ്ട യാത്രക്കൊടുവിൽ ഞങ്ങള് എറണാകുളത്തേക്ക് വണ്ടി തിരിച്ച് വിട്ടു... അവിടെ ഒന്ന് കറങ്ങിയിട്ട് ഇരുട്ടുന്നതിന് മുൻപ് വീട്ടിലേക്ക് തിരിക്കാമെന്ന് പറഞ്ഞിരുന്ന ഞങ്ങളെ ടൈം ടേബിളിനെയൊക്കെ മാറ്റി മറിച്ച് കൊണ്ട് പെട്ടന്നാണ് അത് സംഭവിച്ചത്...

(തുടരും)

ഭാഗം.93

അങ്ങനെ നീണ്ട യാത്രക്കൊടുവിൽ ഞങ്ങള് എറണാകുളത്തേക്ക് വണ്ടി തിരിച്ച് വിട്ടു... അവിടെ ഒന്ന് കറങ്ങിയിട്ട് ഇരുട്ടുന്നതിന് മുൻപ് വീട്ടിലേക്ക് തിരിക്കാമെന്ന് പറഞ്ഞിരുന്ന ഞങ്ങളെ ടൈം ടേബിളിനെയൊക്കെ മാറ്റി മറിച്ച് കൊണ്ട് പെട്ടെന്നാണ് അത് സംഭവിച്ചത്....

തൃശ്ശൂരിൽ ഹർത്താൽ ആണത്രേ.... അതുവഴി 7 മണി വരെ വണ്ടികളൊന്നും പോകത്തില്ലാന്ന്.... അതോണ്ട് വൈകുന്നേരം വരെ എറണാകുളത്ത് തന്നെ കറങ്ങാൻ ഞങ്ങള് തീരുമാനിച്ചു...

അങ്ങനെ ആദ്യം തന്നെ വണ്ടി വിട്ടു നേരെ ലുലു മാളിലേക്ക്.... അവിടെ എത്തി നല്ല ഷോപ്പിങ്ങും നടത്തി ഫുഡും അടിച്ച് കറങ്ങി നടക്കാമെന്ന ഞങ്ങളെ പ്ലാൻ വീണ്ടും തെറ്റി...

നമ്മളെ കുരാമീസ് ഒക്കെ അവിടെ എത്തിയതും ഓരോരോ വഴിക്ക് പിരിഞ്ഞു പോയി തെണ്ടികൾ...

അച്ചു അരുണിന്റെ കൂടെയും നസി അനൂക്കാൻറെ കൂടെയും പിന്നെ സന റാഷി സാറെ കൂടെയും ലുലു മാള് കറങ്ങിയപ്പോ ഞാനും ഷംനയും പോസ്റ്റായി...

"ഷംനാ... അന്റെ ഇക്ക ഇവിടെ ഇല്ലാഞ്ഞത് നന്നായി... ഇല്ലെങ്കിൽ ഞാൻ തനിച്ചായേനെ..."

എന്ന് നമ്മള് പറഞ്ഞപ്പോ പെണ്ണ് ഭയങ്കര ചിരി... നമ്മളും ഓളെ കൂടെ കൂടി അവറ്റകള് മൂന്നും പൊണപോക്ക് കണ്ട് കുറച്ച് നേരം അവിടെ തന്നെ നിന്നു... എന്നിട്ട് മൊത്തത്തിൽ ആ മാളിന്റെ വലിപ്പം ഒന്ന് നോക്കി ആസ്വദിച്ചിട്ട് നമ്മളും ഷംനയും കൂടി എസ്കിലേറ്റർ വഴി മോളിലേക്ക് പോയി...

എന്നിട്ട് അവിടെയുള്ള ഓരോ ഷോപ്പിലെയും ഡിസ്പ്ലെക്ക് വെച്ച സാധനങ്ങളും നോക്കി അന്താളിച്ച് നടക്കുമ്പോഴാണ് ഞങ്ങളെ ആരോ ഫോളൊ ചെയ്യുന്ന പോലെ തോന്നിയത്... നമ്മള് അപ്പോ തന്നെ നടത്തം നിർത്തി തിരിഞ്ഞു നോക്കിയപ്പോ ആ കോന്തനും നിസൂക്കയും അൻസിക്കയും കൂടി ഞങ്ങളെ പിന്നാലെ വരുന്നത് കണ്ടു...

നമ്മള് അപ്പോ തന്നെ ശംനന്റെ കൈ പിടിച്ച് വലിച്ച് ഓളെയും കൊണ്ട് വേഗം ലിഫ്റ്റിലേക്ക് കേറി... അവന്മാര് ഞങ്ങളെ പിന്നാലെ വന്നെങ്കിലും ലിഫ്റ്റ് അപ്പോഴേക്കും ക്ലോസ് ആയിരുന്നു...

"എന്താടി ഫെബി അനക്ക് വട്ടായോ...? എന്തിനാ എന്നെ

വലിച്ച് ലിഫ്റ്റിലേക്ക് കയറ്റിയത്...?

അവിടെ ഉണ്ടായിരുന്ന ഷോപ്പിൽ നല്ല ഡ്രസ്സ് ഒക്കെ ഡിസ്പ്ലെക്ക് വെച്ചിരുന്നു... അതൊന്നും നേരാം വണ്ണം നോക്കാൻ പോലും സമ്മതിച്ചില്ല തെണ്ടി...."

ഓളെ ആ പറച്ചിലിന് നമ്മള് ഒരു ക്ലോസ്ആപ്പിന്റെ പരസ്യം കാണിച്ച് കൊടുത്തിട്ട് ലിഫ്റ്റിൽ ഉള്ളവരെ ഒക്കെ ഒന്ന് നോക്കി... അവരെ കണ്ടതും ചെറുതായിട്ട് നമ്മളെ വയറ് കാളിയോ എന്നൊരു സംശയം....

ആ സൽമയും രമ്യയുമാണ് അതിൽ ഉള്ളത്... രമ്യ നമ്മളെ നോക്കി കൊണ്ട് സ്വയം തലക്കടിക്കുന്നുണ്ട്... എന്നിട്ട് നമ്മളോട് പോ വേഗം പോ എന്നൊക്കെ ആംഗ്യം കാണിച്ചു...

നമ്മള് ഒന്നും മനസ്സിലാകാതെ രമ്യയെ തന്നെ നോക്കുന്നത് കണ്ട് പെട്ടെന്ന് സൽമ തിരിഞ്ഞു നോക്കിയപ്പോ രമ്യ നമ്മളെ തുറുക്കനെ നോക്കുന്ന പോലെ നിന്നു... അത് കണ്ടപ്പോ നമ്മക്ക് ചിരി പൊട്ടി വന്നെങ്കിലും അത് കണ്ട്രോൾ ചെയ്ത് വെച്ചിട്ട് രമ്യയെ തന്നെ നോക്കി...

ആ സൽമ രമ്യയിൽ നിന്നും കണ്ണെടുത്തിട്ട് ഞങ്ങളെ രൂക്ഷമായ നോട്ടമെറിഞ്ഞ് കൊണ്ട് തിരിഞ്ഞതും ഷംന പേടിച്ചിട്ട് നമ്മളെ കയ്യിൽ പിടുത്തമിട്ടു... നമ്മള് അപ്പോ ഓളെ കയ്യിൽ പിടിച്ച് ആശ്വസിപ്പിച്ചിട്ട് രമ്യയെ നോക്കി...

ഓള് അപ്പോ നമ്മളോട് വേഗം ഇറങ്ങി പോ... എന്നൊക്കെ ആംഗ്യം കാണിച്ചു... ഇല്ലെങ്കിൽ ഓള് നമ്മളെ കൊല്ലും എന്നും കൂടി രമ്യ ആംഗ്യം കാണിച്ചപ്പോ നമ്മളെ പേടി പുറത്തേക്ക് വരാൻ തുടങ്ങി... സൽമ നമ്മളെ നേരെ നടന്നടുക്കുന്നതിനനുസരിച്ച് നമ്മള് പുറകോട്ട് പോയി കൊണ്ടിരുന്നു...

ഒടുക്കം നമ്മള് പുറകോട്ട് നടന്ന് ലിഫ്റ്റിൽ തട്ടി നിന്നതും സൽമയുടെ മുഖത്ത് ഒരു പുച്ഛം കലർന്ന ഭാവമായിരുന്നു...

"ഇന്നലെ തന്നെ നീ എന്റെ കൈ കൊണ്ട് തീർന്നേനെ... ഒരു മിനിറ്റ് കൂടി നിന്റെ കഴുത്തിൽ ആ പിടി മുറുക്കി വെച്ചിരുന്നെങ്കിൽ ഇന്ന് നീ എന്റെ മുന്നിൽ ഷോ

കാണിക്കില്ലേന്നു... പക്ഷെ, അപ്പോഴേക്കും ആദി അങ്ങോട്ട് ഇറങ്ങി വന്നു....ഡാമിറ്റ്....

സാരമില്ല... ഇന്ന് ...ഇപ്പോ... ഈ നിമിഷം എന്റെ കൈ കൊണ്ട് ചാവണമെന്നാകും നിന്റെ വിധി... അതും ഇവിടെ വെച്ച്... ഇനി നിന്നെ ആരാ എന്റെ കയ്യിൽ നിന്ന് രക്ഷിക്കാ എന്ന് എനിക്കൊന്ന് കാണണം..."

എന്ന് പറഞ്ഞ് സൽ മ നമ്മളെ നേരെ പാഞ്ഞടുത്തതും നമ്മള് കണ്ണടച്ച് പിടിച്ച് അങ്ങനെ നിന്നു... പെട്ടെന്ന് ലിഫ്റ്റിന്റെ ഡോർ തുറന്നതും നമ്മള് ഒരൊറ്റ വീഴ്ചയായിരുന്നു പിറകിലേക്ക്...

പക്ഷെ നമ്മള് വീഴുന്നതിന് മുന്നേ തന്നെ നമ്മളെ ആരോ ക്യാച്ച് ചെയ്തിട്ടുണ്ടായിരുന്നു... കണ്ണ് തുറന്നു നോക്കുമ്പോ നമ്മളെ കോന്തനാണ് നമ്മളെ പിടിച്ചിരിക്കുന്നത്... അവരെ കണ്ടതും പേടിച്ച് നിന്ന ഷംന വേഗം അൻസിക്കാൻറെ അടുത്തേക്ക് ചെന്നിട്ട് മൂപ്പരെ പിറകിൽ പോയി ഒളിച്ചു...

നമ്മളെ അപ്പോഴേക്കും കോന്തൻ പിടിച്ച് നേരെ നിർത്തിയിരുന്നു... നമ്മള് ഓനെ നോക്കി നന്ദിയോടെ ചിരിച്ചപ്പോ ഓൻ നമ്മളെ മുഖത്തേക്ക് പോലും നോക്കാതെ സൽമയെ നോക്കി കണ്ണുരുട്ടി കൊണ്ട് നമ്മളെ കൈ പിടിച്ച് ഓളെ മുന്നിൽ കൂടി കടന്ന് പോയി...

അത് കണ്ട് ഓള് ദേഷ്യം കൊണ്ട് ലിഫ്റ്റിൽ ആഞ്ഞടിച്ചു... അതൊന്നും നമ്മളെ ഏശൂല എന്ന രീതിയിലുള്ള നമ്മളെ കോന്തന്റെ നടത്തം കണ്ടപ്പോ ശരിക്കും ഹീറോയെ പോലെ തോന്നി പോയി...

അല്ലെങ്കിലും നമ്മളെ ഹീറോ മൂപ്പര് തന്നെ ആണല്ലോ....

അങ്ങനെ ഓൻ നമ്മളെ കയ്യും പിടിച്ച് നമ്മളെ കൊണ്ട് പോകുന്നതിന് പിന്നാലെ ബോബനും മോളിയിലെ പട്ടിയെ പോലെ പിന്നാലെ ഷംനയും അൻസിക്കയും നിസൂക്കയും ഉണ്ടായിരുന്നു...

ഇവനിത് എങ്ങോട്ടാ കൊണ്ട് പോകുന്നതെന്ന് അറിയാതെ നമ്മള് പെട്ടെന്ന് തന്നെ ഓന്റെ കയ്യിൽ നിന്നും നമ്മളെ കൈ വിടുവിച്ചിട്ട് അവിടെ നിന്നു...

അപ്പോ ഓൻ തിരിഞ്ഞ് നിന്നിട്ട് നമ്മളെ നോക്കി കണ്ണുരുട്ടി... ഓന്റെ കണ്ണുരുട്ടൽ കണ്ട് പേടിക്കുന്ന ആളൊന്നും അല്ലാത്തോണ്ട് നമ്മളും തിരിച്ച് ഓനെ നോക്കി കണ്ണുരുട്ടി...

"എന്താ ഇയാളെ ഉദ്ദേശം...? എങ്ങോട്ടാ എന്റെ കയ്യും പിടിച്ച് വലിച്ചോണ്ട് പോകുന്നത്...?"

"എങ്ങോട്ടും ഇല്ല... ആ സൽമന്റെ മുന്നില് നിന്നും അന്നെ ഒന്ന് കൊണ്ട് വരണമെന്നെ ഉദ്ദേശിച്ചിട്ടുള്ളൂ..."

"ഓഹോ... എന്തായാലും ചെയ്ത് തന്ന ഉപകാരത്തിന് നന്ദിയുണ്ട്... എന്ന് കരുതി ഇനിയും ഞങ്ങളെ പിന്നാലെ ഇങ്ങനെ നടക്കാൻ നിൽക്കണ്ടാ...

വാടി ഷംനാ...."

എന്ന് ആ കോന്തനെ നോക്കി പറഞ്ഞോണ്ട് നമ്മള് ഷംനനേയും കൊണ്ട് അവിടന്ന് നടന്നു...

"നിനക്ക് ശരിക്കും ഭ്രാന്താണോ അതോ നീ ഭ്രാന്ത് അഭിനയിക്കാണോ...?"

"എന്താടി നിനക്ക് എന്നെ കണ്ടിട്ട് ഭ്രാന്തുള്ള പോലെ തോന്നുന്നുണ്ടോ..?"

"കണ്ടിട്ട് തോന്നുന്നില്ല... പക്ഷെ, ചില നേരത്ത് നീ ആദിൽക്കാനെ കാണുമ്പോഴുള്ള നിന്റെ ഈ പെരുമാറ്റമുണ്ടല്ലോ അപ്പോ ശരിക്കും തോന്നാറുണ്ട്... നിനക്ക് ഭ്രാന്താണെന്ന്..."

ഷംന പറയുന്നത് കേട്ടിട്ട് നമ്മള് ചിരിച്ചോണ്ട് ഓളെയും കൂട്ടി ഒരു ഫാൻസിയിൽ കയറി... അപ്പോ അവിടെ ന്യൂ കളക്ഷൻസ് ഡിസ്പ്ലെക്ക് വെക്കുന്ന തിരക്കിലായിരുന്നു അവര്... അതോണ്ട് നമ്മള് അവരെയൊന്നും അധികം ബുദ്ധിമുട്ടിപ്പിക്കാതെ അവിടെയൊക്കെ ഒന്ന് കേറി നോക്കി...

അപ്പോഴാണ് നമ്മളെ കണ്ണിൽ ഒരു ഗ്രീറ്റിംഗ് കാർഡ് ഉണ്ടാക്കിയത്... ഹാപ്പി ബർത്ത് ഡേ മൈ സ്വീറ്റ് ഹാർട്ട്

എന്ന് എഴുതി വെച്ച ആ കാർഡ് കണ്ടപ്പോഴാ ആദിയുടെ ബർത്ത് ഡേ ആണ് ഇന്നെന്ന് ഓർമ്മ വന്നത്...

അപ്പോ തന്നെ ഓന് എന്തെങ്കിലും ഗിഫ്റ്റ് കൊടുക്കണമെന്ന് നമ്മക്ക് തോന്നി... അതിന് വേണ്ടി നമ്മള് ആ ഫാൻസിയിലെ ഗിഫ്റ്റ് സെക്ഷൻ ഒക്കെ ഒരുപാട് പരതി നോക്കിയെങ്കിലും നമ്മളെ മനസ്സിന് പിടിച്ച ഒന്നും കിട്ടിയില്ല...

"ഡി ഫെബി... കൊറേ നേരായല്ലോ ഈ തിരയുന്നു... എന്താ നീ ഇത്ര കാര്യമായിട്ട് തിരയുന്നത്..? എന്നോട് കൂടി പറ ഞാനും തിരയാൻ സഹായിക്കാം..."

"അത് ഷംനാ... ഇന്ന് ആ കോന്തന്റെ ബർത്ത് ഡേ അല്ലെ... അപ്പോ ഞാൻ കരുതി അവന് നല്ല ഗിഫ്റ്റ് കൊടുക്കാമെന്ന്... പക്ഷെ ഇവിടെ ഒന്നും നല്ലതില്ല... അവന് എന്താ വാങ്ങാ...?"

"വാങ്ങുന്നതൊക്കെ അവിടെ നിക്കട്ടെ... അതിന് മുമ്പ്

നിന്റെ കയ്യിൽ കാശുണ്ടോ...?"

"കാശില്ല..."

"ബെസ്റ്റ്...."

"പകരം കാർഡുണ്ട്..."

എന്ന് പറഞ്ഞ് ഇളിച്ചോണ്ട് നമ്മള് പേഴ്സിൽ നിന്നും കാർഡെടുത്തപ്പോ ഷംന ആ കാർഡ് നമ്മളെ കയ്യിന്ന് വാങ്ങിയിട്ട് അത് തിരിച്ചും മറിച്ചും നോക്കി...

"എടി ദുഷ്ട്ടെ... ഇത് കയ്യിൽ വെച്ചിട്ടാണോ നീ ഇതുവരെ ഊട്ടിയിൽ നിന്നും ഒന്നും വാങ്ങാഞ്ഞേ...?"

"എടി പോത്തെ അതിന് നമ്മളെ കയ്യിൽ കാർഡ് മാത്രം ഉണ്ടായിട്ട് കാര്യമില്ലല്ലോ... കേറി ചെല്ലുന്ന കടയിൽ സ്വിപ്പിങ്ങ്മിഷൻ കൂടി വേണ്ടേ... എന്നാലല്ലേ ഇത് കൊണ്ട് കാര്യമുള്ളു...."

എന്ന് നമ്മള് ഓളെ തലക്ക് ഒരു മേട്ടം കൊടുത്ത് കൊണ്ട് ചോദിച്ചപ്പോ ഓള് നമ്മളെ നോക്കി പല്ലിളിച്ചിട്ട് കാർഡ് തിരിച്ച് നമ്മക്ക് തന്നെ തന്നു...

"അതുപോട്ടെ... നീ ഇത് പറ... ആ കോന്തന് എന്ത് ഗിഫ്റ്റാ കൊടുക്കാ...?"

"അതിന് ഇപ്പോ ഓവറായിട്ട് ചിന്തിക്കാൻ എന്തിരിക്കുന്നു...? നല്ലൊരു വാച്ച് മേടിച്ച് കൊടുക്ക്... ഇനിയെങ്കിലും മൂപ്പരെ സമയം ശരിയാകോ എന്ന് നോക്കാലോ...?"

ഒരു കള്ളച്ചിരിയോടെ ഷംന അത് പറഞ്ഞപ്പോ നമ്മളെ ഉദ്ദേശിച്ചാണ് ഓള് അങ്ങനെ പറഞ്ഞതെന്ന് നമ്മക്ക് മനസ്സിലായി... അതോണ്ട് അപ്പോ തന്നെ ഞമ്മള് ഓളെ കയ്യിന് നല്ല നുള്ള് വെച്ച് കൊടുത്തിട്ട് ആ ഫാൻസിയിൽ നിന്നും ഇറങ്ങി...

അപ്പോ തന്നെ നമ്മള് ചെന്ന് പെട്ടത് ആ കോന്തന്റെ

മുന്നിലായിരുന്നു... ഓനെ കണ്ടപ്പോ നമ്മളും ഷംനയും ഒന്നും കാണാത്ത പോലെ അവരെ മൈൻഡ് ചെയ്യാതെ നടന്നെങ്കിലും അവന്മാര് ഞങ്ങളെ പിറകെ നടക്കാൻ തുടങ്ങി...

"എടി ഷംനാ... ഇനി ഇപ്പോ എന്താ ചെയ്യാ...? അവന്മാര് നമ്മളെ പുറകേന്ന് മാറുമെന്ന് എനിക്ക് തോന്നുന്നില്ല... പിന്നെ എങ്ങനെ നമ്മള് ഓന് വേണ്ടി വാച്ച് വാങ്ങും..?"

"അതാണോ ഇപ്പോ ഇത്ര വലിയ കാര്യം...?

ആ കാര്യം ഞാൻ ഏറ്റു...

ഞാൻ ഇപ്പോ ആദിൽക്കാൻറെ അടുത്തേക്ക് ചെന്നിട്ട് എന്തെങ്കിലും ഒക്കെ പറഞ്ഞ് അവരെ പിടിച്ച് നിർത്തും... ആ ഗ്യാപ്പിൽ നീ ഇവിടന്ന് പോയി വാച്ച് വാങ്ങിക്കോ...ഓക്കേ?"

"ഓക്കേ....."

എന്ന് നമ്മള് പറഞ്ഞതും ഷംന തിരിഞ്ഞ് അവരെ

അടുത്തേക്ക് നടന്നു... നമ്മള് അപ്പോ തന്നെ അവിടന്ന് അവരെ കണ്ണ് വെട്ടിച്ച് വാച്ച് ഷോപ്പിലേക്ക് മുങ്ങി...

എന്നിട്ട് അവിടന്ന് ന്യൂ കളക്ഷൻസ് ഒക്കെ നോക്കുമ്പോഴാണ് നമ്മളെ കണ്ണിൽ ഒരു വാച്ചുടക്കിയത്... എന്താണെന്ന് അറിയില്ല ആ വാച്ച് നമ്മളെ ഒരുപാട് സ്വാധീനിച്ച പോലെ നമ്മക്ക് തോന്നി...

നമ്മള് ആ വാച്ച് എടുത്ത് നോക്കി അത് ആദിന്റെ കയ്യിലേക്ക് എങ്ങനെ ഉണ്ടാകുമെന്ന് ഒന്ന് ഇമാജിൻ ചെയ്ത് നോക്കി...

" ഇത് ന്യൂ കളക്ഷൻ ആണ് മാഡം... ആകെ ഈയൊരു പീസ് മാത്രേ ബാക്കിയുള്ളൂ... മാർക്കറ്റിൽ ഇതിന് ഭയങ്കര ഡിമാൻഡ് ആണ്...

ഈ വാച്ചിന്റെ സ്പെഷ്യലിറ്റി എന്താന്ന് വെച്ചാൽ ഇതിന് ഒരു സീക്രട്ട് അറ ഉണ്ടെന്നതാണ്..."

എന്നൊക്കെ പറഞ്ഞോണ്ട് അയാള് ആ വാച്ചിന്റെ നടു പൊളിച്ചതും അതിന്റെ ഉള്ളിൽ ഒരു ചെറിയ അറ

ഉണ്ടായിരുന്നു... അത് കണ്ടപ്പോ നമ്മളെ മുഖത്ത് പെട്ടെന്ന് ഒരു പുഞ്ചിരി വിടർന്നു... നമ്മള് ആ വാച്ച് വാങ്ങിയിട്ട് അതിലേക്ക് തന്നെ നോക്കി നിന്നു...

സെയിൽസ് മാന്റെ ശബ്ദം വീണ്ടും വീണ്ടും കാതിൽ മുഴങ്ങി കേട്ടപ്പോഴാണ് നമ്മള് സ്വപ്നലോകത്ത് നിന്നും ഉണർന്നത്...

"മാഡം... ഇത് പാക്ക് ചെയ്യല്ലേ...?"

"ഓ...ഹാ...ആ...പാക്ക് ചെയ്തോളൂ..."

"ഇത് ആർക്കെങ്കിലും വേണ്ടി സ്പെഷ്യലായിട്ട് വാങ്ങുന്നതാണോ...?"

"അതെ... എന്റെ ലൈഫിൽ ഏറ്റവും ഇമ്പോർട്ടന്റ് ഉള്ള ഒരാൾക്ക് വേണ്ടിയാ ഇത്..."

എന്ന് പറഞ്ഞ് നമ്മള് പുഞ്ചിരിച്ചപ്പോ അയാളും നമ്മളെ നോക്കി ഒന്ന് ചിരിച്ചു....

"ബോയ് ഫ്രണ്ടാണോ..?"

"അല്ല... ഹസ്ബന്റാ...."

എന്ന് പറഞ്ഞ് നമ്മള് ബില്ല് അടച്ച് വാച്ച് വാങ്ങിയിട്ട് അതും കൊണ്ട് ചിരിച്ചോണ്ട് പുറത്തേക്ക് നടന്നപ്പോ അവിടെയൊന്നും നമ്മളെ കൂടെ ഉള്ള ഒരൊറ്റ ഒരെണ്ണത്തെയും കാണുന്നില്ലേന്നു...

നമ്മള് ആ ഫ്ലോർ മൊത്തം അവരെയും തപ്പി അവിടെ ആകെ നടന്നു... ഇനി നമ്മളെ കൂട്ടാതെ അവറ്റകളൊക്കെ സ്ഥലം കാലിയാക്കിയോ എന്ന് ചിന്തിച്ചോണ്ട് നമ്മള് താഴത്തെ ഫ്ലോറിൽ ചെന്നപ്പോ ഉണ്ട് അവിടെ ഷംന അവന്മാരോടൊക്കെ കത്തിയടിച്ച് നിൽക്കുന്നു...

നമ്മള് അവരെ കണ്ട സന്തോഷത്തില് ഒന്ന് നെടുവീർപ്പിട്ടോണ്ട് അവരെ അടുത്തേക്ക് ചെന്നു... അപ്പോ നമ്മളെ കോന്തൻ ആരോടോ ഫോണിൽ

സംസാരിക്കായിരുന്നു...

ഷംന നമ്മളെ കണ്ടതും നമ്മള് കേൾക്കുന്ന വിധത്തിൽ നമ്മളെ കാതിന്റെ അടുത്തേക്ക് വന്ന് പറഞ്ഞു...

"നീ ഇപ്പോഴെങ്കിലും വന്നത് നന്നായി മോളെ... ഇവന്മാരെ ഇവിടെ പിടിച്ച് നിർത്താൻ ഞാൻ പെട്ടപാട് ഇൻക്കെ അറിയൂ... എന്നിട്ട് നീ സാധനം വാങ്ങിയോ...?"

നമ്മള് ഓളെ നോക്കി കൊണ്ട് ഒന്ന് നീട്ടി മൂളി തലയാട്ടി... അപ്പോ തന്നെ ആ കോന്തൻ ഫോൺ വിളി കഴിഞ്ഞ് ഞങ്ങളെ അടുത്തേക്ക് വന്നു...

"എവിടെ ആയിരുന്നെടി നീ ഇത്രെയും നേരം...?

നിനക്ക് മൂത്രമൊഴിക്കാൻ ഇത്രയും സമയം വേണോ..?"

ഓൻ പായുന്നത് കേട്ട് നമ്മള് ഷംനനെ നോക്കിയപ്പോ ഓള് നമ്മളെ നോക്കി പല്ലിളിച്ചു... അപ്പോ നമ്മള് ഒന്ന് തലയാട്ടി കൊണ്ട് ആ കോന്തനെ നോക്കി ഓന്റെ

നേരെ നമ്മളെ കയ്യിലുള്ള ആ വാച്ച് നീട്ടി...

അത് കണ്ടതും അവരൊക്കെ കൂടി ആദിയെയും നമ്മളെയും മാറി മാറി നോക്കാൻ തുടങ്ങി...

"ഇനി ഇപ്പോ ഞാൻ ഒന്നും തന്നില്ലെന്ന് പറയരുത്... ഇന്നാ പിടിച്ചോ...

Many more happy returns of the day...."

എന്ന് പറഞ്ഞ് ഓന്റെ കയ്യിൽ അത് വെച്ച് കൊടുത്തപ്പോ അവര് മൂന്നും കൂടി കയ്യടിക്കാൻ തുടങ്ങി... അത് കേട്ട് എല്ലാവരും ഞങ്ങളെ നോക്കിയപ്പോ നമ്മള് അവരോട് അടങ്ങി നില്ക്കാൻ പറഞ്ഞു...

"എടാ ആദി തുറന്ന് നോക്കെടാ.... അവളെന്താ നിനക്ക് തന്നതെന്ന് ഒന്ന് അറിയണല്ലോ..." നിസൂക്കയാണ്.

"മോളെ ഐഷു... എനിക്ക് എന്റെ ഷർട്ട് തിരിച്ച് തന്ന പോലെയുള്ള ഉടായിപ്പ് പരിപാടി ഒന്നും അല്ലല്ലോ

ഇത്...?"

"സംശയമുണ്ടെങ്കിൽ തുറന്ന് നോക്ക് കോന്താ.... എന്നിട്ട് പറ ഉണ്ടായിപ്പാണോ എന്ന്..."

എന്ന് നമ്മള് പറഞ്ഞപ്പോ ഓൻ നമ്മളെ നോക്കി ചിരിച്ച് ആ ബോക്സ് തുറന്ന് വാച്ച് കയ്യിലെടുത്തു... അത് കണ്ട് നിസൂക്കയും അൻസിക്കയും കൂടി നമ്മളോട് പൊളിച്ചു മോളെ എന്ന് പറഞ്ഞ് അഭിനന്ദിച്ചപ്പോ ബർത്ത് ഡേ ബോയ് മാത്രം ഒന്നും മിണ്ടാതെ ആ വാച്ചിലേക്ക് തന്നെ നോക്കി നിന്നു...

ഇവനിതെന്താ പടച്ചോനെ വാച്ച് കണ്ടിട്ട് കാറ്റ് പോയോ എന്ന് ചിന്തിച്ച് നമ്മള് ഓനെ തന്നെ നോക്കി നിന്നപ്പോ ചെക്കൻ പെട്ടെന്ന് പൊട്ടിച്ചിരിക്കാൻ തുടങ്ങി... ഓന്റെ പൊരിഞ്ഞ ചിരി കണ്ട് ഞങ്ങളൊക്കെ ഓനെ നോക്കി തോള്ളേം തുറന്ന് നോക്കി നിന്നപോ അവിടെ ഉണ്ടായിരുന്നവരൊക്കെ ഞങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങി...

അത് കണ്ട് അൻസിക്കയും നിസൂക്കയും കൂടി ആദിനോട് മിണ്ടാതിരിക്കാൻ പറഞ്ഞെങ്കിലും ഓൻ അതൊന്നും വക വെക്കാതെ ഹലാക്കിലെ ചിരി ആയിരുന്നു... ഒടുക്കം കൈ വിട്ട് പോയെന്ന് മനസ്സിലായപ്പോ അവര് രണ്ട് പേരും കൂടി ഓന്റെ വാ പൊത്തി പിടിച്ച് ഓനെയും കൊണ്ട് വേറെ ഒരു സ്ഥലത്തേക്ക് നടന്നു...

അവിടെ അധികം ആൾക്കൂട്ടം കമ്മി ആയതോണ്ട് അവന്മാര് കയ്യെടുത്ത് ഓനെ നോക്കിയപ്പോ ചെക്കൻ അപ്പോഴും ആ വാച്ചിലേക്ക് നോക്കി പൊരിഞ്ഞ ചിരിയിലാണ്...

ഇവൻ ഇങ്ങനെ കിടന്ന് കിണിക്കാൻ മാത്രം എന്താ വാച്ചിലുള്ളതെന്ന് ചിന്തിച്ചോണ്ട് നമ്മള് ഓന്റെ കയ്യിന്ന് അത് വാങ്ങിയിട്ട് തിരിച്ചും മറിച്ചും ഒരുപാട് നോക്കി... പക്ഷെ നമ്മളെ കണ്ണിലൊന്നും ചിരിക്കാൻ മാത്രം അതില് ഒന്നും കണ്ടില്ല...

"എന്ത് കണ്ടിട്ടാടാ കോന്താ നീ ഇങ്ങനെ കിണിക്കുന്നെ...? അതിന് മാത്രം ഇതിലെന്ത് കോമഡിയാ ഉള്ളത്...?"

എന്ന് നമ്മള് കലിപ്പായി ചോദിച്ചപ്പോ ഓൻ ചിരി കൺട്രോൾ ചെയ്ത് വെച്ചിട്ട് നമ്മളെ മുഖത്തേക്ക് നോക്കി... എന്നിട്ട് വീണ്ടും പൊട്ടിച്ചിരിക്കാൻ തുടങ്ങി...

ഓന്റെ ഈ ഒലക്കീമലെ ചിരി കണ്ടിട്ട് ആണെങ്കിൽ നമ്മക്ക് മാത്രല്ല ബാക്കി മൂന്നിനും നല്ലോണം ദേഷ്യം വരുന്നുണ്ട്....

അതോണ്ട് അൻസിക്ക അപ്പോ തന്നെ ഓന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തിട്ട് കാര്യം പറയാൻ പറഞ്ഞു...

"അ... അൻസി...ഇത്...ഇത് കണ്ടോടാ നീ....ഹ...ഹ..ഹ...

ബ്രാന്റഡ് മാത്രം ഉപയോഗിച്ച് ശീലമുള്ള ഞാൻ ഈ പൊട്ട വാച്ചിട്ട് നടന്നാലുള്ള അവസ്ഥയൊന്ന് ആലോചിച്ച് നോക്ക്....ഹ...ഹ...ഹ..."

എന്ന് പറഞ്ഞ് ആ കോന്തൻ നിന്ന് കിണിക്കുന്നത് കണ്ടപ്പോ നമ്മളെ മനസ്സ് വല്ലാതെ നൊന്തു...

ആദ്യമായിട്ട് നമ്മള് ഓന് കൊടുക്കുന്ന സമ്മാനമാണ്... അതിനെ ഓന് ഇങ്ങനെ കൊച്ചാക്കുമെന്ന് നമ്മള് ഒട്ടും പ്രതീക്ഷിച്ചില്ല...

ആദി നമ്മളെ കയ്യീന്ന് ആ വാച്ച് വാങ്ങിയിട്ട് നിസൂക്കന്റെ നേരെ നീട്ടി...

"ഇങ്ങോട്ട് നോക്ക് നിസൂ.... ഇതിന്റെ കോലമൊന്ന് നോക്കിയേ നീ... ഇത് ഇക്കാലത്ത് ആരെങ്കിലും കയ്യിൽ കെട്ടി നടക്കോ.... ഹ...ഹ...ഹ... അതും എന്നെ പോലെയുള്ളവർ....ഹ...ഹ....ഹ... എന്തായാലും നല്ല തമാശ....

എനിക്ക് ചിരിക്കാൻ വയ്യടാ.... ഹ...ഹ...ഹ..."

ആദിയുടെ ഓരോ പരിഹാസ വാക്കുകളും നമ്മളെ ഹൃദയത്തിൽ വന്ന് തറച്ചു... അത് നമ്മളെ കണ്ണിനെ നനയിച്ചു... ഓന്റെ കൊലച്ചിരി കണ്ടിട്ട് നമ്മക്ക് ദേഷ്യവും സങ്കടവും ഒക്കെ വന്നു...

ഇനിയും ഓന്റെ മുന്നിൽ ഇങ്ങനെ നിന്നാൽ നമ്മള് ചെലപ്പോ വല്ലതും ചെയ്ത് പോകുമെന്ന് തോന്നിയപ്പോ

നമ്മള് അവര് കാണാതെ നമ്മളെ കണ്ണ് തുടച്ചിട്ട് അവിടന്ന് വേഗം ഓടി പോയി ബസിൽ ഇരുന്നു....

നമ്മളെ പിന്നാലെ ഷംന പാതി വഴി വന്നിട്ട് തിരിച്ച് അവന്റെ അടുത്തേക്ക് തന്നെ പോയി....

ബസിൽ അപ്പോ ആരും ഇല്ലാത്തത് കൊണ്ട് തന്നെ നമ്മള് ഓനോട് തോന്നിയ ദേഷ്യവും സങ്കടവും എല്ലാം കരഞ്ഞ് തീർത്തു...

പക്ഷെ എത്രയൊക്കെ പൊട്ടിക്കരഞ്ഞിട്ടും ഓന്റെ ആ പരിഹാസ വാക്കുകൾ മനസ്സിൽ നിന്നും മാഞ്ഞു പോയില്ല... ഉള്ളിൽ വീണ്ടും വീണ്ടും സങ്കടം നുരഞ്ഞു പൊന്തി....

എത്ര കരഞ്ഞിട്ടും ഉള്ളിലെ ഭാരം കുറഞ്ഞു പോകാത്ത പോലെ...

കുറച്ച് കഴിഞ്ഞപ്പോ ഷോപ്പിങ്ങും കറക്കവുമൊക്കെ കഴിഞ്ഞ് എല്ലാവരും തിരിച്ച് ബസിലേക്ക് കയറാൻ തുടങ്ങി... ഇനി നമ്മള് കരഞ്ഞത് കണ്ട് ആ കോന്തൻ അതും കളിയാക്കണ്ടാന്ന് കരുതി നമ്മള് വെള്ളമെടുത്ത്

മുഖം കഴുകിയിട്ട് മുഖത്ത് സ്കാഫ് ഇട്ടിട്ട് വിൻഡോയിൽ തല വെച്ച് കിടന്നു...

അപ്പോ അച്ചു നമ്മളെ അടുത്ത് വന്ന് ഇരുന്നിട്ട് നമ്മളെ മുഖത്ത് നിന്നും സ്കാഫ് എടുത്ത് മാറ്റി...

"എടി ഫെബി എന്ത് പറ്റി...? എന്താ നിന്റെ കണ്ണൊക്കെ കലങ്ങിയിരിക്കുന്നെ...?"

"അത് ഒന്നുല്ല്യാ അച്ചു... ഒരു ചെറിയ തല വേദന..."

"തല വേദനയോ...? ഇതുവരെ കുഴപ്പമൊന്നും ഇല്ലായിരുന്നല്ലോ... പിന്നെ ഇതെന്തേ പെട്ടെന്ന് പറ്റി...?"

"അത്...അത് ചിലപ്പോ ഈ യാത്ര കൊണ്ടാകും... സാരല്യ അത് മാറിക്കോളും..."

"മാറിക്കോളും എന്ന് പറഞ്ഞാൽ എങ്ങനെ ശരിയാകാനാ... നിക്ക് ഞാൻ കാക്കൂനോട് പറയാം..."

"വേണ്ട...അതിന്റെ ഒന്നും ആവശ്യമില്ല... ഒന്ന് ഉറങ്ങിയാൽ മാറിക്കോളും... ദയവ് ചെയ്ത് ഇതിനി അവനോട് പറഞ്ഞ് തല വേദന ഒന്ന് കൂടി കൂട്ടരുത്..."

"ഉം.... മനസ്സിലായി.... അപ്പോ ഞാൻ ഉദ്ദേശിച്ചത് തന്നെയാണല്ലേ കാര്യം...?"

"എന്ത് കാര്യം...?"

"കാക്കുവാണല്ലേ നിന്റെ തല വേദനന്റെ കാരണം...

അതോണ്ടല്ലേ നീ കാക്കൂനോട് പറയാണ്ടാന്ന് പറഞ്ഞത്..."

എന്ന് പറഞ്ഞ് അച്ചു കിണിച്ചപ്പോ നമ്മള് ഓളെ നോക്കി നാല് തെറി പറയാൻ വേണ്ടി തുനിയുമ്പോഴാണ് ആ കോന്തൻ കേറി വരുന്നത് കണ്ടത്... നമ്മള് അപ്പോ തന്നെ നമ്മളെ സ്കാഫ് ഓളെ കയ്യീന്ന് തട്ടി പറിച്ച് വാങ്ങിയിട്ട് അത് മുഖത്ത് ഇട്ടിട്ട് വീണ്ടും വിൻഡോയിൽ

തല വെച്ച് കിടന്നു...

അപ്പോ ആ കോന്തൻ അച്ചൂനോട് നമ്മളെ ചൂണ്ടിയിട്ട് എന്താ പറ്റിയെന്ന് ആംഗ്യം കാണിച്ചു... അപ്പോ ഓള് തല വേദനയാണെന്ന് തിരിച്ച് മറുപടി കൊടുത്തപ്പോ ഓൻ തലയാട്ടി ചിരിച്ചോണ്ട് അവിടന്ന് പിറകിലേക്ക് പോയി...

ഇതൊക്കെ നമ്മള് സ്കാഫിന്റെ ഇടയിലൂടെ കണ്ടതാട്ടോ...

അങ്ങനെ പ്രത്യേകിച്ച് ലക്ഷ്യങ്ങളൊന്നും ഇല്ലാതെ ബസ് കൊച്ചി നഗരം ചുറ്റി കറങ്ങി ഒടുക്കം ബീച്ചിൽ കൊണ്ട് പോയി നിർത്തി...

നമ്മള് അപ്പോ തന്നെ എല്ലാവരെയും കടത്തി വെട്ടി കൊണ്ട് ആദ്യം തന്നെ ബസിൽ നിന്നും ഇറങ്ങി കടൽ തീരത്തേക്ക് നടന്നു... പിന്നാലെ നമ്മളെ കുരാമീസും...

അവിടെ എത്തിയതും കടലിലേക്ക് നോക്കി അങ്ങനെ കുറച്ച് നേരം നിന്നിട്ട് എന്തിനെന്നില്ലാതെ കണ്ണ് നിറച്ചു... അച്ചു വന്ന് തോളിൽ കൈ വെച്ചപ്പോ നമ്മള് പെട്ടെന്ന് കണ്ണ് തുടച്ച് ഓളെ നോക്കി ചിരിച്ചിട്ട് അവിടെ മണൽ

പരപ്പിൽ ഇരുന്നു... കൂടെ നമ്മളെ കുരാമീസും...

ഷംന അപ്പോ അവരോട് ഡേറ്റിങ് എങ്ങനെ ഉണ്ടായിരുന്നെന്ന് ചോദിക്കേന്നു... അവര് ഓരോരുത്തരും പറയുന്ന മറുപടി കേട്ട് അവര് ചിരിച്ചിരുന്നപ്പോഴും നമ്മളെ മനസ്സിലേക്ക് ഓടി വന്നത് ആദി നമ്മളെ പരിഹസിച്ച് ചിരിച്ചതായിരുന്നു...

അത് ഓർമ്മയിലേക്ക് വരുംതോറും നമ്മളെ ചങ്ക് പൊട്ടുന്ന വേദനയൊക്കെ തോന്നി... എന്ത് ചെറിയ ഗിഫ്റ്റ് ആണ് കൊടുക്കുന്നതെങ്കിലും അതിന്റെ വലിപ്പ ചെറുപ്പം നോക്കാതെ അത് സന്തോഷത്തോടെ സ്വീകരിക്കുന്നതിന് പകരം ഓൻ ചെയ്തതെന്താ നമ്മളെ അപമാനിച്ചു... നമ്മള് കൊടുത്ത വാച്ചിന് ഒരു പുല്ല് വില പോലും ഓൻ കൊടുത്തില്ല...

എന്താ കാരണം...? ജാഡ.... അവന്റെ കയ്യിൽ ഇട്ട് മൂടാനുള്ള പണമുണ്ടെന്ന അഹങ്കാരം... അല്ലെങ്കിലും നമ്മള് ആരാ...? ഓന്റെ നിലക്കും വിലക്കും ഓനെ ഒന്ന് എത്തി പിടിക്കാൻ പോലും പറ്റാത്ത അത്ര ദൂരത്താണ് ഓനുള്ളത്... അങ്ങനെ ഉള്ള ഓന് നമ്മള് അങ്ങനെ ഒരു

ഗിഫ്റ്റ് കൊടുത്തതെ തെറ്റാണ്... ഒരിക്കലും ചെയ്യാൻ പാടില്ലാത്ത തെറ്റ്...

"ഫെബി...നീ ഇതേത് ലോകത്താ...? ഞങ്ങള് സംസാരിക്കുന്നതൊന്നും നീ കേൾക്കുന്നില്ലേ...?

ബസിൽ കേറിയപ്പോ തൊട്ട് ഞാൻ ശ്രദ്ധിക്കുന്നതാ നിനക്ക് എന്താ പറ്റിയെ..."

അച്ചു നമ്മളെ പിടിച്ച് കുലുക്കി കൊണ്ട് അങ്ങനെ ചോദിച്ചപ്പോ നമ്മള് കടലിൽ നിന്നും നോട്ടം തെറ്റിച്ച് അച്ചുവിനെ നോക്കി ഒന്ന് ചിരിച്ചു...

"നമുക്ക് ഒന്ന് നടന്നാലോ...?"

നമ്മള് അത് ചോദിച്ചോണ്ട് അവിടന്ന് എണീറ്റപ്പോ അവരും എണീറ്റിട്ട് നമ്മളെ പിന്നാലെ നടന്നു... നമ്മള് ഓനോടുള്ള ദേഷ്യമൊക്കെ മറക്കാൻ ശ്രമിച്ച് കൊണ്ട് തിരമാലകളിലേക്ക് നോട്ടമെറിഞ്ഞ് നടക്കുമ്പോഴാണ് അച്ചു നമ്മളെ കൈ പിടിച്ച് വലിച്ചത്...

"ഫെബി...ദേ അങ്ങോട്ട് നോക്കിയേ ഒരു കൈ നോട്ടക്കാരി... വാ നമുക്ക് അവരെ അടുത്തേക്ക് പോകാം..."

"ഞാൻ ഇല്ല അച്ചു നിങ്ങള് ചെല്ല്..."

"നീ വരുന്നുണ്ടോ.... മര്യാദക്ക് ഇങ്ങോട്ട് വാ..."

എന്ന് പറഞ്ഞ് അച്ചു നമ്മളെ പിടിച്ച് വലിച്ച് അങ്ങോട്ട് കൊണ്ട് പോയി... എന്നിട്ട് അച്ചു ഓളെ കൈ അവർക്ക് നോക്കാൻ കൊടുത്തു... ഓളെ കുറിച്ചുള്ള ഫുൾ ചരിത്രവും കുരുത്തക്കേടുമൊക്കെ അവര് വിളിച്ച് കൂവുന്നത് കേട്ട് ഓള് ചമ്മി നാറിയെങ്കിലും നമ്മള് നല്ല ഹാപ്പി ആയിരുന്നു...

ഞങ്ങള് നാല് പേരും അത് കേട്ട് ഒരുപാട് ചിരിച്ചു...

അങ്ങനെ ഓളത് കഴിഞ്ഞതും അച്ചു വേഗം നമ്മളെ കൈ നീട്ടി അവരെ കാണിച്ചു... നമ്മള് അപ്പോ തന്നെ

കൈ പിൻവലിച്ചു...

"വേണ്ട അച്ചു... ഇതിലൊന്നും വിശ്വസിക്കാൻ പാടില്ല... ഇതൊക്കെ ഞങ്ങളെ മതത്തിന് എതിരാ..."

"ഓക്കേ...നീ വിശ്വാസിക്കണ്ട... പകരം എന്താ പറയുന്നത് നമ്മക്ക് അറിയാലോ..."

എന്ന് പറഞ്ഞ് നമ്മളെ എതിർപ്പിനെ അവഗണിച്ച് കൊണ്ട് അച്ചു നമ്മളെ കൈ പിടിച്ച് വലിച്ച് അവരെ മുന്നിലേക്ക് നീട്ടി... അവര് നമ്മളെയും നമ്മളെ കയ്യിനെയും മാറി മാറി നോക്കി കൊണ്ടിരിക്കുന്നത് കണ്ട് നമ്മളും കുരാമീസും പരസ്പരം മുഖത്തോട് മുഖം നോക്കി ഇരുന്നു...

"എന്താടി ഫെബി നിന്റെ കൈ കണ്ടപ്പോ ഇവര് പഠിച്ച ശാസ്ത്രമൊക്കെ മറന്ന് പോയോ...?"

എന്ന് കളിയാക്കി കൊണ്ട് നസി ചിരിച്ചപ്പോ കൂടെ

നമ്മളും കൂടി ഒന്ന് ചിരിച്ചു... അപ്പോ തന്നെ അച്ചു ശൂ പറഞ്ഞ് ചുണ്ടിൽ കൈ വെച്ചിട്ട് അവരെ നോക്കി ഇരുന്നു...

നമ്മക്ക് ആണെങ്കിൽ കേൾക്കാൻ ഒട്ടും താല്പര്യം ഇല്ലാത്തോണ്ട് അങ്ങോട്ട് ശ്രദ്ധിക്കാതെ കടലിലെ തിരമാലയെയും നോക്കി ഇരുന്നപ്പോഴാണ് പെട്ടെന്ന് അവര് വാ തുറന്ന് മിണ്ടാൻ തുടങ്ങിയത്...

"നല്ല രാശിയുള്ള കയ്യാണെങ്കിലും മനസ്സിന് സ്വസ്ഥത ഇതുവരെ ലഭിച്ചിട്ടില്ല...

പല ആപത്തുകളും മുഖാമുഖം കണ്ട് തലനാരിഴക്ക് രക്ഷപ്പെട്ടിട്ടുണ്ട്... അപ്പോഴൊക്കെ മോളെ രക്ഷപ്പെടുത്താൻ ആ ഈശ്വരൻ പറഞ്ഞയച്ച പോലെ ഒരു രക്ഷകൻ നിഴല് പോലെ കൂടെ ഉണ്ടായിരുന്നു...."

അവര് പറയുന്നതൊക്കെ കേട്ട് നമ്മള് ഒരു നിമിഷം കഴിഞ്ഞ് പോയതൊക്കെ ഒന്ന് റീവൈൻഡ് ചെയ്ത് നോക്കി... നമ്മളെ പല ആപത്തിൽ നിന്നും ആദി രക്ഷപ്പെടുത്തിയത് അപ്പോ നമ്മളെ മനസ്സിലൂടെ മിന്നി മറഞ്ഞു... നമ്മളെ കുരാമീസ് ആണെങ്കിൽ ഭയങ്കര

ഇന്ററെസ്റ്റിലാണ് കേൾക്കാൻ ഇരിക്കുന്നത്... രക്ഷകൻ എന്ന് അവര് പറഞ്ഞപ്പോ തന്നെ ഇവറ്റകള് ചുമക്കാൻ തുടങ്ങിയിട്ടുണ്ട്...

"പക്ഷെ......"

പെട്ടെന്ന് അവര് അങ്ങനെ ഒന്ന് പറഞ്ഞപ്പോ ഇതുവരെ എല്ലാവരെ മുഖത്തും ഉണ്ടായിരുന്ന ചിരി മാഞ്ഞ് പോയി പകരം ആകാംഷ കൂടി... അതുവരെ കേൾക്കാൻ താല്പര്യം ഇല്ലാതെ ഇരുന്ന നമ്മക്ക് പോലും ആ പക്ഷെ കേട്ടപ്പോ മുതൽ അവരെന്ത് പറയുമെന്ന് ടെൻഷനായി....

ഒരു നിമിഷത്തെ നിശ്ശബ്ദതക്ക് ഒടുവിൽ അവര് പറയുന്നത് കേട്ട് നമ്മളെ നെഞ്ചിൽ ഒരു കൊള്ളിയാൻ മിന്നിയ പോലെ തോന്നി... നമ്മളെ കുരാമീസ് ഒക്കെ ഒരു ഞെട്ടലോടെ നമ്മളെ മുഖത്തേക്ക് തിരിഞ്ഞു നോക്കി....

"പക്ഷെ..... ഈ രക്ഷകന് പോലും രക്ഷിക്കാൻ

കഴിയാത്ത ഒരു വലിയ ആപത്ത് കുട്ടിയെ കാത്തിരിക്കുന്നുണ്ട്.... അതിൽ ജീവൻ തന്നെ നഷ്ടമായേക്കാം....."

(തുടരും)

ഭാഗം.94

"പക്ഷെ,...... ഈ രക്ഷകന് പോലും രക്ഷിക്കാൻ കഴിയാത്ത ഒരു വലിയ ആപത്ത് കുട്ടിയെ കാത്തിരിക്കുന്നുണ്ട്.... അതിൽ ജീവൻ തന്നെ നഷ്ടമായേക്കാം...."

"നിങ്ങള് ആ പറഞ്ഞത് മാത്രം നടക്കാത്ത കാര്യമാണല്ലോ...."

എന്ന് ഞങ്ങളെ പിറകിൽ നിന്നും ഒരു അശരീരി

കേട്ടപ്പോ ഞങ്ങള് അഞ്ച് പേരും ഒരുമിച്ച് തിരിഞ്ഞു നോക്കി.... അപ്പോ ആ കോന്തൻ നമ്മളെ പിറകില് കയ്യും കെട്ടി അവര് പറയുന്നതൊക്കെ കേട്ടോണ്ട് നമ്മളെ നോക്കി നിൽക്കാണ്...

ഓൻ അതും പറഞ്ഞോണ്ട് നമ്മളെ അടുത്ത് വന്ന് മണലിൽ മുട്ട് കുത്തി ഇരുന്നതും നമ്മള് ഓനിൽ നിന്നും മുഖം തിരിച്ച് ഇരുന്നു....

"നിങ്ങള് അവസാനായിട്ട് പറഞ്ഞ ആ ഒരു കാര്യമുണ്ടല്ലോ... ആ രക്ഷകൻ വിചാരിച്ചാൽ പോലും രക്ഷിക്കാൻ കഴിയാത്ത ഒരാപത്തുള്ള കാര്യം.... അതും അതില് ചിലപ്പോ ഇവളെ ജീവൻ വരെ നഷ്ടമായേക്കാം എന്ന വാദം.... അത് മാത്രം ഒരിക്കലും നടക്കില്ലല്ലോ...

കാരണം.... നിങ്ങള് ഇതുവരെ പറഞ്ഞോണ്ടിരുന്ന ഇവളെ രക്ഷകനില്ലേ...? അത് ഞാനാ.... അല്ലെ ഐഷു...?"

എന്ന് ഓൻ നമ്മളെ മുഖത്തേക്ക് നോക്കി ചോദിച്ചപ്പോ

അവര് നമ്മളെ മുഖത്തേക്ക് ഒന്ന് ഉറ്റു നോക്കി... നമ്മള് അപ്പോ തന്നെ അവിടന്ന് എണീറ്റ് പോകാൻ വേണ്ടി നിന്നെങ്കിലും ആ കോന്തൻ നമ്മളെ പിടിച്ച് വലിച്ച് അവിടെ തന്നെ ഇരുത്തി....

"നീ ഇതെങ്ങോട്ടാ പോകുന്നെ...? ഇവര് മുഴുവൻ പറയുന്നത് കേട്ടിട്ട് നീ പോയാൽ മതി....

ദേ നോക്കിയേ.... ഇമ്മാതിരി ട്രാജഡികളെ കുറിച്ചൊന്നും പറയാതെ കുറച്ച് നല്ല നല്ല കാര്യങ്ങളൊക്കെ പറഞ്ഞ് കൊടുക്കാൻ നോക്ക്....

ഉദാഹരണത്തിന് ഞങ്ങളെ കല്യാണം എന്ന് കഴിയും...ഞങ്ങൾക്ക് എത്ര സന്താനങ്ങൾ ഉണ്ടാകും... ഇങ്ങനെയുള്ള നല്ല നല്ല കാര്യങ്ങളൊക്കെ പറഞ്ഞ് കൊടുക്ക്...

ഐഷു നീയാ കയ്യൊന്ന് നീട്ടി കൊടുത്തെ... അവരത് നോക്കി പറയട്ടെ നമ്മക്ക് എത്ര കുട്ടികൾ ഉണ്ടാകുമെന്ന്... എന്നിട്ട് വേണം അതിന് അനുസരിച്ച്

കാര്യങ്ങളൊക്കെ ഒന്നൂടെ വേഗത്തിൽ നടത്താൻ.... കൊടുക്ക്..."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ കൈ പിടിച്ച് അവരെ നേരെ നീട്ടിയപ്പോ നമ്മളെ കുരാമീസ് അണ്ണാച്ചികൾ നാലും കൂടി പൊരിഞ്ഞ ചിരി ആയിരുന്നു... അവറ്റകളുടെ ചിരിയും അവന്റെ പരിഹാസവും ഓനോടുള്ള ദേഷ്യവും സങ്കടവും എല്ലാം കൂടി നമ്മളെ തലയിൽ കിടന്ന് പെരുകാൻ തുടങ്ങിയപ്പോ നമ്മള് അപ്പോ തന്നെ ഓന്റെ കയ്യിൽ നിന്നും നമ്മളെ കൈ വിടുവിച്ചിട്ട് അവിടന്ന് എണീറ്റ് പോയി....

നമ്മളെ പിന്നാലെ ഫെബി എന്ന് വിളിച്ചോണ്ട് നമ്മളെ കുരാമീസ് വന്നെങ്കിലും ഞമ്മള് അവരെ വാക്ക് ചെവി കൊള്ളാതെ എങ്ങോട്ട് എന്നില്ലാതെ ആ തീരത്ത് കൂടി നടന്നു... എന്നിട്ട് അധികം ആൾക്കാരൊന്നും ഇല്ലാത്ത ഒരു സ്ഥലത്ത് പോയി അവിടെ ഇരുന്നിട്ട് കടലിലേക്ക് നോക്കി....

അപ്പോ നമ്മളെ മനസ്സിലേക്ക് ആ കാക്കോത്തി പറഞ്ഞ കാര്യങ്ങളാണ് മനസ്സിലൂടെ മിന്നി മറഞ്ഞത്...

'അവര് പറഞ്ഞത് സത്യമായിരിക്കോ...? എന്റെ മരണം അടുത്ത് തുടങ്ങിയോ...? ആദിക്ക് പോലും നമ്മളെ രക്ഷപ്പെടുത്താൻ കഴിയാത്ത എന്ത് ആപത്താകും നമ്മളെ കാത്തിരിക്കുന്നത്...?

ഇല്ല ഫെബി... അതൊക്കെ വ്യാജമാണ്... ഒരിക്കലും അത് പോലെയുള്ളത്തിലൊന്നും വിശ്വസിക്കാൻ പാടില്ല... പടച്ചോൻ എന്ന് നമ്മളെ വിളിക്കാൻ ഉദ്ദേശിച്ചോ അന്ന് നമ്മള് പോയിരിക്കും... പിന്നെ അതിനെ കുറിച്ച് അധികം ചിന്തിക്കണ്ടാ....

പക്ഷെ, ആ കോന്തൻ ആദി.....

ഓൻ എന്താ പടച്ചോനെ ഇങ്ങനെ...? ഞാൻ കൊടുത്ത വാച്ചിനെ പരിഹസിച്ച് ചിരിച്ചവൻ ഇപ്പോ നമ്മളെ അടുത്ത് വന്ന് കുട്ട്യോളെ കണക്ക് എടുക്കാണ്... തെണ്ടി.... ഇവന് സാമാന്യ ബോധം പോലും ഇല്ലേ...?

ഇന്നത്തോടെ ഓൻ നമ്മളെ പിന്നാലെ നടക്കുന്നതിന് ഒരു അറുതി വരുത്തിയിട്ട് നമ്മളെ കൂടെ

നടത്തിക്കണമെന്ന് കരുതുമ്പോ കുരിശ് വേറെ ഓരോന്ന് കൊണ്ട് വന്ന് നമ്മളെ മനസ്സ് മാറ്റാണ് കോന്തൻ.... ഇനി ഇപ്പോ എനിക്കും വാശിയാ... ഓൻ വന്ന് നമ്മളെ ഗിഫ്റ്റിനെ പരിഹസിച്ചതിന് പരസ്യമായി മാപ്പ് പറയാതെ ഇനി നമ്മള് ഓനോട് മിണ്ടില്ല.... നമ്മളെ ഇഷ്ടം ഓനെ അറിയിക്കുകയുമില്ല....

നോക്കിക്കോ....കോന്താ...'

"ഡി ഫെബി... മതി ദിവാസ്വപ്നം കണ്ടത്... വാ എണീക്ക് പോകാം... എല്ലാവരും നിന്നെ കാത്ത് നിൽക്കാ...."

നമ്മളെ കുരാമീസ് വന്ന് നമ്മളോട് അത് പറഞ്ഞപ്പോ നമ്മക്ക് ഒട്ടും താല്പര്യം ഇല്ലെന്നു അവിടന്ന് എണീറ്റ് പോകാൻ... അതോണ്ട് നമ്മള് അവര് പറഞ്ഞതൊന്നും കേൾക്കാത്ത മട്ടിൽ കടലിലേക്ക് തന്നെ നോക്കി ഇരുന്നപ്പോ നാലും കൂടി നമ്മളെ ഇടവും വലവും നിന്നോണ്ട് നമ്മളെ പിടിച്ച് എണീപ്പിച്ചു....

എന്നിട്ട് നമ്മളെയും വലിച്ചോണ്ട് നാലും കൂടി ബസിന്റെ അടുത്തേക്ക് കൊണ്ട് പോയി...

അപ്പോ അവിടെ ആ കോന്തൻ ഡോറിന്റെ അടുത്ത് തന്നെ നിൽപ്പുണ്ട്... നമ്മള് ഓനെ ഒന്ന് രൂക്ഷമായി നോക്കി കൊണ്ട് ബസിൽ കേറിയപ്പോ ഓൻ നമ്മളെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി... നമ്മള് അപ്പോ തന്നെ ഓനെ നോക്കി പുച്ഛിച്ചിട്ട് സീറ്റിൽ പോയി ഇരുന്ന് പുറത്തേക്ക് നോക്കി ഇരുന്നു...

നേരം ഒക്കെ ഇരുട്ടി തുടങ്ങിയിട്ടുണ്ട്... സൂര്യൻ അസ്തമിക്കുന്നത് ബസിൽ ഇരുന്നോണ്ട് നമ്മള് കണ്ടു....

അങ്ങനെ കുറച്ച് കഴിഞ്ഞ് ബസ് പുറപ്പെട്ട് തുടങ്ങിയതും ആ കോന്തൻ ഞങ്ങളെ അടുത്തേക്ക് വന്ന് നിന്നു...

"അച്ചു....അത്യാവശ്യമായിട്ട് നിന്നോട് അരുണിന് എന്തോ പറയാനുണ്ടെന്ന് പറഞ്ഞു... ചെന്ന് നോക്ക് എന്താണെന്ന്...."

എന്ന് ആ കോന്തൻ പറഞ്ഞത് കേട്ടതും അപ്പോ തന്നെ അച്ചു അവിടന്ന് എണീറ്റു പോയി ദുഷ്ട്ടാ....

ഓള് എണീറ്റ് പോകാൻ കാത്തിരുന്ന പോലെ ആ കോന്തൻ അപ്പോ തന്നെ നമ്മളെ അടുത്ത് വന്ന് ഇരുന്നതും നമ്മക്ക് ദേഷ്യം വന്നു....

നമ്മള് അപ്പോ തന്നെ ഓനെ തുറുക്കനെ നോക്കി കൊണ്ട് അവിടന്ന് എണീറ്റ് വേറെ സീറ്റിലേക്ക് മാറി ഇരിക്കാൻ വേണ്ടി നിന്നതും ആ കോന്തൻ മുന്നിലെ സീറ്റിൽ കാല് കേറ്റി വെച്ച് നമ്മക്ക് മുന്നിൽ തടസം സൃഷ്ടിച്ചു...

"കാലെടുക്ക്.... എനിക്ക് പോകണം..."

നമ്മള് ഇത്തിരി ഗൗരവത്തോടെ അവന്റെ മുഖത്തേക്ക് നോക്കാതെ പറഞ്ഞു...

"പൊയ്ക്കോ... അതിന് എന്നോട് എന്തിനാ അനുവാദം ചോദിക്കുന്നെ...?

നിനക്ക് പോകണമെങ്കിൽ നീ പോ.... പക്ഷെ അതിന് മുമ്പ് എന്നെ കടന്ന് പോകാൻ പറ്റുമെങ്കിൽ നീ പോ...."

എന്ന് ഓൻ ഒരു വെല്ലുവിളിയുടെ സ്വരത്തിൽ പറഞ്ഞപ്പോ നമ്മള് അപ്പോ തന്നെ ഓന്റെ കാല് എടുത്ത് തട്ടി മാറ്റിയിട്ട് സീറ്റ് കടന്ന് ചെന്നതും ആ കോന്തൻ നമ്മളെ കൈ പിടിച്ച് വലിച്ചു... നമ്മള് അപ്പോ തന്നെ ഓന്റെ മടിയിലേക്ക് ഒരൊറ്റ വീഴ്ചയായിരുന്നു...

നമ്മള് ഒരു നിമിഷം ഞെട്ടി തരിച്ചോണ്ട് ആ കോന്തന്റെ മുഖത്തേക്ക് നോക്കിയപ്പോ ഓന്റെ മുഖത്ത് ഒരു ചെറു പുഞ്ചിരി വിടർന്നു... അത് കണ്ടതും ഉണ്ടല്ലോ എന്റെ സാറേ..... ഞാൻ ഓനിൽ അലിഞ്ഞ് ഇല്ലാതായി....

ഓന്റെ കാന്തകണ്ണിലേക്ക് നോക്കി കൊണ്ട് നമ്മള് അങ്ങനെ ഇരുന്നപ്പോ നമ്മക്ക് വേറെ എന്തൊക്കെയോ മനസ്സില് ഫീൽ ചെയ്തു...

" *ഡാ......* "

പെട്ടെന്ന് അങ്ങനെ ഒരു അലർച്ച കേട്ടതും നമ്മള് ഞെട്ടി ഓന്റെ കണ്ണിൽ നിന്നും നോട്ടം തെറ്റിച്ച് ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി.... അപ്പോ ഞങ്ങളെ ചുറ്റും നമ്മളെ ബ്രദേഴ്സും കുരാമീസും കൂടി നിന്നിട്ട് ഞങ്ങളെ തന്നെ ഫോക്കസ് ചെയ്തോണ്ട് നിൽക്കാണ്...

"എന്താടി ഇരിക്കാൻ നിനക്ക് സീറ്റില്ലാഞ്ഞിട്ടാണോ നല്ല സോഫയിൽ തന്നെ കേറി ഇരിക്കുന്നെ...?"

ഷംന പറയുന്നത് കേട്ട് നമ്മള് ഓളെ നെറ്റി ചുളിച്ചോണ്ട് നോക്കിയിട്ട് ആ കോന്തന്റെ മുഖത്തേക്ക് നോക്കിയപ്പോഴാണ് നമ്മള് ആ കോന്തന്റെ മടിയിലാണ് ഇരിക്കുന്നതെന്ന ഓർമ്മ വന്നത്.... അപ്പോ തന്നെ നമ്മള് ചാടി എണീറ്റ് അവറ്റകളെയൊക്കെ ഒന്ന് നോക്കി കൊണ്ട് സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊടുത്തു... അത് കണ്ടിട്ട് അവരൊക്കെ കൂടി നമ്മളെയങ്ങ് കളിയാക്കി ചിരിച്ച് കൊല്ലാനാക്കി...

നമ്മള് മുഖം പൊത്തി കൊണ്ട് വേഗം സീറ്റിൽ പോയി ഇരുന്നിട്ട് അവരെ ഇടങ്കണ്ണിട്ട് ഒന്ന് നോക്കി... അപ്പോ അവരും ആ കോന്തനും കൂടി നമ്മളെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു....

പിന്നെ നമ്മള് ആ ഭാഗത്തേക്ക് പോലും തിരിഞ്ഞ് നോക്കാതെ അവര് പറയുന്ന കമന്റൊക്കെ കേട്ടോണ്ട് പുറത്തേക്ക് നോക്കി ഇരുന്നു...

ഇടക്ക് അവരെ കമന്റ് കേൾക്കുമ്പോ നമ്മക്ക് ചിരി

വന്നിട്ട് മുഖം പൊത്തി പിടിച്ചാണ് നമ്മള് ഇരുന്നത്...

അങ്ങനെ അവറ്റകളെ കലാപരിപാടിയൊക്കെ കഴിഞ്ഞ് അവര് സീറ്റില് പോയി ഇരുന്ന് സെറ്റിൽ ആയപ്പോ നമ്മള് മെല്ലെ തല പൊക്കിയിട്ട് ഒന്ന് നെടുവീർപ്പിട്ടു... അപ്പോഴാണ് ആ കോന്തൻ ഇപ്പോഴും എണീറ്റ് പോകാതെ നമ്മളെ അടുത്ത് ഇരുന്നിട്ട് നമ്മളെ നോക്കി ചിരിക്കുന്നത് കണ്ടത്....

"നീ ഇതുവരെ എണീറ്റ് പോയില്ലേ..?"

"ഞാൻ എങ്ങോട്ട് പോകാനാ...? വേറെ എവിടേക്കും സീറ്റ് നീ തരപ്പെടുത്തി വെച്ചിട്ടുണ്ടോ...?"

"നീ എവിടേലും പോയി ഇരിക്ക്... അതൊന്നും എനിക്ക് അറിയണ്ട ആവശ്യല്യാ..."

"ഓക്കേ.... എന്നാ പിന്നെ ഞാൻ ഇവിടെ തന്നെ ഇരുന്നോളാം... കാരണം ഇത് എന്റെ ബസല്ലേ....

അതോണ്ട് എനിക്ക് ഏത് സീറ്റിൽ വേണേലും പോയി ഇരിക്കാം... ആരും ഒന്നും ചോദിക്കാൻ വരില്ല... അതോണ്ട് ഞാൻ ഇവിടെ തന്നെ ഇരിക്കും...."

"ഛെ....ഇത് വലിയ ശല്യമായല്ലോ...."

"എന്റെ സ്നേഹം നിനക്ക് ഒരു ശല്യമാണോ...?"

പെട്ടെന്ന് ആദി ഇത്തിരി ഗൗരവത്തോടെ അങ്ങനെ ചോദിച്ചപ്പോ മറുപടി നൽകാൻ ആകാതെ നമ്മള് ഓനെ തന്നെ നോക്കി ഇരുന്നു....

"പറ... എന്റെ സ്നേഹം നിനക്ക് ശല്യമാണോ എന്ന്...?

ഇനി അഥവാ ശല്യമാണെങ്കിൽ തന്നെ എനിക്ക് പുല്ലാണ്....പുല്ല്...

ഈ ബസ് നാട്ടിൽ എത്തുന്ന വരെ നീ എന്റെ ശല്യം സഹിച്ചേ പറ്റൂ മോളെ ഐഷു...."

എന്ന് കൊഞ്ചി കൊണ്ട് ഓൻ നമ്മളെ താടിയിൽ പിടിച്ച് നുള്ളി പറഞ്ഞപ്പോ നമ്മള് അപ്പോ തന്നെ ഓന്റെ കയ്യിനിട്ട് ഒരു തട്ട് കൊടുത്ത് പുറത്തേക്ക് നോക്കി ഇരുന്നു...

അപ്പോ ഓൻ നമ്മളെ നോക്കി ചിരിച്ചിട്ട് വിൻഡോയിൽ കർട്ടൻ നീക്കി വെച്ചു... നമ്മള് അപ്പോ തന്നെ ഓനെ രൂക്ഷമായി നോക്കി കൊണ്ട് ആ കർട്ടൻ നീക്കി... അപ്പോ ഓൻ നമ്മളെ തൊട്ടുരുമ്മി കൊണ്ട് വീണ്ടും കർട്ടൻ നീക്കി...

നമ്മക്ക് ആകെപ്പാടെ തലക്ക് പ്രാന്തൊക്കെ കൂടി പിടിച്ച് നമ്മള് അപ്പോ തന്നെ ഓനെ പിടിച്ച് ഒരു തള്ളങ്ങ് കൊടുത്തു...

നമ്മളെ ചെക്കൻ ദേ കിടക്കുന്നു നിലത്ത്...

ഓൻ വീഴുമെന്ന് കരുതി ചെയ്തത് അല്ലാത്തൊണ്ട് ഓൻ വീണത് കണ്ട് നമ്മള് വാ പൊത്തി പിടിച്ച് ഓനെ നോക്കി... അപ്പോ എല്ലാവരും കൂടി ഓന്റെ അടുത്തേക്ക് ചെന്നിട്ട് ഓനോട് എന്താ കാര്യമെന്ന് അന്വേഷിച്ചപ്പോ നമ്മള് വേഗം മുഖം തിരിച്ച് ഒന്നും

അറിയാത്ത പോലെ കർട്ടൻ നീക്കി പുറത്തേക്ക് നോക്കി ഇരുന്നു...

"ഡാ...എന്താടാ പറ്റിയെ...? ഇവള് നിന്നെ തള്ളിയിട്ടോ...?"

അൻസിക്ക അത് ചോദിച്ചപ്പോ നമ്മള് അവരെ തുറുക്കനെ നോക്കി കൊണ്ട് ആ കോന്തനെ നോക്കിയപ്പോ ഓൻ അവിടന്ന് എണീറ്റ് നമ്മളെ നോക്കി ദേഹത്തെ പൊടി തട്ടി...

എന്നിട്ട് അവന്മാരോട് ഒന്നുല്ല്യാ എന്ന് പറഞ്ഞിട്ട് ഓൻ വീണ്ടും നമ്മളെ അടുത്ത് തന്നെ വന്നിരുന്നു...

നമ്മള് അപ്പോ തന്നെ വേഗം മുഖം തിരിച്ച് ഇരുന്നിട്ട് ചെവിയില് ഹെഡ് ഫോണും തിരുകി വെച്ച് പാട്ട് കേൾക്കുന്ന പോലെ അഭിനയിച്ചു...

ആ കോന്തൻ ആണെങ്കിൽ നമ്മളെ ചെവിയിൽ നിന്നും ഹെഡ് ഫോൺ ഊരി വെച്ചിട്ട് നമ്മളെ ദഹിപ്പിക്കുന്ന ഒരു നോട്ടം നോക്കി...

ഓന്റെ നോട്ടം കണ്ടപ്പോ പേടിയും അതിലുപരി ഒരു പന്തികേടും തോന്നിയതോണ്ട് നമ്മള് എന്തും നേരിടാൻ തയ്യാറാണെന്ന മട്ടിലാണ് ഓനെ തിരിച്ച് നോക്കിയത്...

"നീ എന്നെ തള്ളിയിട്ടു അല്ലെ...?

അതും എന്റെ ബസിലെ എന്റെ സീറ്റിൽ നിന്നും...

ഇതിന് ഞാൻ നിന്നോട് പകരം ചോദിച്ചില്ലേൽ......."

"പ്ലീസ്... ഇനിയും ഓരോരോ വെല്ലുവിളികളും കൊണ്ട് വരരുത്... എനിക്ക് വയ്യ തന്റെ പിറകെ നടന്ന് പകരം വീട്ടാൻ... അതോണ്ട് തന്നെ തള്ളിയിട്ടതിന് സോറി..."

ഓൻ പറഞ്ഞ് മുഴുമിക്കുന്നതിന് മുൻപ് തന്നെ നമ്മള് അങ്ങനെ പറഞ്ഞോണ്ട് ഓന്റെ നേരെ കൈ കൂപ്പിയിട്ട് വീണ്ടും ഹെഡ് ഫോൺ തിരുകി വെച്ചു...

അപ്പോ ഓൻ നമ്മളെ ഓന്റെ നേരെ തിരിച്ചിട്ട് നമ്മളെ കാതിൽ നിന്നും അത് ഊരി നിലത്തേക്ക് എറിഞ്ഞു...

"അന്റെ ഒരു പാട്ട് കേൾക്കല്.... അവിടെ കിടക്കട്ടെ ആ

കുന്ത്രാണ്ടം... എനിക്ക് പറയാനുള്ളത് കേട്ടിട്ട് പൊന്നു മോളിനി പാട്ട് ക്ലാസ്സിലേക്ക് പോയാൽ മതി...."

നമ്മള് ഓനെ തുറുക്കനെ നോക്കിയിട്ട് ഓന്റെ പിടിയിൽ നിന്നും കുതറി...

"ഇനിയും നിനക്ക് എന്ത് കുന്താ പറയാനുള്ളത് കോന്താ...?"

"കോന്തൻ നിന്റെ..... ആ അല്ലെങ്കിൽ വേണ്ട നീ അങ്ങനെ തന്നെ വിളിച്ചോ... അത് കേൾക്കാനും ഒരു സുഖമൊക്കെയുണ്ട്..."

നമ്മള് അപ്പോ ഓനെ നോക്കി പുച്ഛിച്ചിട്ട് മുഖം തിരിച്ച് ഇരുന്നു... അപ്പോ ഓൻ നമ്മളെ കവിളില് പിടിച്ചിട്ട് ഓന്റെ നേരെ നമ്മളെ മുഖം തിരിച്ചു...

"ഇങ്ങോട്ട് നോക്ക്.... ഞാൻ ഇവിടെയാ ഇരിക്കുന്നത്..."

നമ്മള് ഓന്റെ കൈ തട്ടി മാറ്റി ഓനെ നോക്കി കണ്ണുരുട്ടി... അപ്പോ ഓൻ നമ്മളെ നോക്കി ഒരു ചെറു പുഞ്ചിരി തൂകി...

"എനിക്ക് ഇനി എന്താ നിന്നോട് പറയാനുള്ളതെന്നല്ലേ നീ ചോദിച്ചത്...?

എനിക്ക് നിന്നെ ഇഷ്ടമാണ്.... അതിനിനി നീ എന്തൊക്കെ ചെയ്താലും ശരി അതിൽ ഒരു മാറ്റവും വരില്ല....

നിന്റെ ഇപ്പോഴത്തെ പിണക്കം എന്തിനാണെന്ന് എനിക്കറിയാം... ഞാൻ നീ തന്ന വാച്ചിനെ കുറിച്ച് അങ്ങനെ ഒക്കെ പറഞ്ഞതോണ്ടല്ലേ നീ ഇപ്പോ എന്നോട് പിണങ്ങിയത്...?"

എന്ന് വളരെ മയത്തോടെ ആദി നമ്മളോട് ചോദിച്ചപ്പോ നമ്മളെ മനസ്സില് എന്തോ ഒരു ശാന്തത തോന്നി നമ്മള് ഓന്റെ മുഖത്തേക്ക് തിരിഞ്ഞു നോക്കി...

ഓൻ നമ്മളെ മുഖത്തേക്ക് നോക്കി പുഞ്ചിരി തൂകി കൊണ്ട് ഇരുന്നിട്ട് പെട്ടെന്ന് വീണ്ടും നമ്മളെ നോക്കി

പൊട്ടി ചിരിച്ചു...

"ഹ...ഹ...ഹ... ഞാൻ ഒരു സത്യം പറഞ്ഞതിന് നീ ഇങ്ങനെ പിണങ്ങി നടന്നാൽ പിന്നെ അതിനെ നേരം കാണോളളൂ..... ഹ...ഹ...ഹ... അല്ലെങ്കിലും.... ആരെങ്കിലുമൊക്കെ ഇതുപോലെ ഒരു പൊട്ട വാച്ച് ആർക്കേലും ഗിഫ്റ്റായി കൊടുക്കോ.... ഹ...ഹ...ഹ..."

"പൊട്ട വാച്ച് ആയതോണ്ട് തന്നെയാ നല്ല അസ്സല് പൊട്ടന് തന്നെ അത് ഗിഫ്റ്റായി തന്നത്..."

എന്ന് നമ്മള് ഓന്റെ പരിഹാസത്തിന് തിരിച്ച് മറുപടി നല്കിയപ്പോ ഓന്റെ ചിരി നിന്നു... അത് കണ്ടപ്പോ നമ്മക്ക് പെരുത്ത് സന്തോഷായി...

"ചുമ്മാ ബോറടിച്ചപ്പോ ആ ഷോപ്പിൽ ഒന്ന് കേറിയതാ... അപ്പോഴാ അവിടെ ആ പൊട്ട വാച്ച് മാത്രം ഒറ്റക്ക് നിൽക്കുന്നത് കണ്ടത്...

അപ്പോ ഞാനും കരുതി ആ പൊട്ട വാച്ചിന് കൂട്ട് കൊടുക്കാൻ ഒരു നല്ല പൊട്ടനെ കൊടുക്കാമെന്ന്...

അപ്പോ നമ്മളെ മനസ്സിലേക്ക് ആദ്യം തന്നെ വന്നത് നിന്റെ മുഖാ... കാരണം നിന്നെക്കാൾ വലിയ പൊട്ടനെ ഞാൻ എന്റെ ജീവിതത്തിൽ ഇന്നേവരെ കണ്ടിട്ടില്ല... അപ്പോ ഈ പൊട്ടന് അയ പൊട്ട വാച്ച് ഇരിക്കട്ടെ എന്ന് ഞാനും കരുതി... അതോണ്ട് മാത്രാ അത് ഗിഫ്റ്റായി തന്നത്...

പോരാത്തതിന് ഇന്ന് ഈ പൊട്ടന്റെ ബർത്ത് ഡേ അല്ലെന്നോ ഇനി ഞാൻ ഒന്നും തന്നില്ലെന്ന പരാതിയും വേണ്ട... അതോണ്ട് നിനക്ക് പറ്റിയത് തന്നെ വാങ്ങി...

എങ്ങനെ ഉണ്ട് ഉഷാറായില്ലേ...?"

നമ്മള് അങ്ങനെ പറഞ്ഞപ്പോ ഓന് അത് നന്നായിട്ട് ഏറ്റ പോലെ നമ്മക്ക് തോന്നി... അപ്പോഴത്തെ ഓന്റെ മുഖഭാവം കണ്ടപ്പോഴാണ് നമ്മക്കത് ബോധ്യമായത്...

ഇപ്പോഴാ നമ്മക്കും കുറച്ച് സമാധാനയത്... ഓന്റെ പരിഹാസത്തിന് നല്ല ചുട്ട മറുപടി തന്നെ കൊടുക്കാൻ പറ്റിയല്ലോ....

"ശരിയാ.... ഞാൻ പൊട്ടനാ.... അതോണ്ടാണല്ലോ നിന്റെ സ്നേഹത്തിന് വേണ്ടി നിന്റെ പിന്നാലെ ഇങ്ങനെ അലയുന്നത്...."

"അത് കൊണ്ട് തന്നെയല്ലേ ഞാൻ നിന്നോട് പറഞ്ഞത് നീ പൊട്ടനാണെന്ന്... നീയല്ലാതെ വേറെ ആരേലും ഇഷ്ടമല്ല എന്ന് അറിഞ്ഞിട്ടും ഇങ്ങനെ പിന്നാലെ നടക്കോ...പൊട്ടൻ...."

"ഡി.... നിന്റെ ഡയലോഗ് ഇത്തിരി കൂടുന്നുണ്ട്.... മര്യാദക്ക് സംസാരിച്ചോ..."

"എന്റെ ഡയലോഗിന് തിരിച്ച് മറുപടി തരാൻ കഴിയാഞ്ഞപ്പോ എന്റെ മെക്കട്ട് കേറാൻ നോക്കാലെ...?"

"അപ്പോ നിനക്ക് എന്റെ കയ്യിന്ന് ഒരിക്കൽ മറുപടി കിട്ടിയിട്ടും നിനക്ക് മതിയായില്ലേടി... ഇനിയും എന്റെ വായേന്ന് നിനക്ക് മറുപടി വേണോ...?"

ഓൻ പറയുന്നത് കേട്ട് അന്തം വിട്ട് നമ്മള് തോള്ളേം തുറന്ന് ഓനെ നോക്കി നിന്നപോ ഓൻ ഒരു കള്ളച്ചിരിയോടെ നമ്മളെ അടുത്തേക്ക് നീങ്ങി വരാൻ

തുടങ്ങി...

"എന്തായാലും നീ മറുപടി ചോദിച്ച സ്ഥിതിക്ക് ഇനി ഞാൻ എങ്ങനെയാ അത് തരാതിരിക്കാ...?"

ഓൻ അതും പറഞ്ഞ് നമ്മളെ നേരെ നീങ്ങി കൊണ്ടിരുന്നപോ നമ്മള് വിൻഡോ ഗ്ലാസ്സിനോട് ചേർന്ന് ഇരുന്ന് ചുണ്ടും പൂട്ടി കണ്ണടച്ച് പേടിച്ചിരുന്ന് വേണ്ടാന്ന് തലയാട്ടി കൊണ്ടിരുന്നു...

എത്ര ആയിട്ടും ആ കോന്തൻ നമ്മളെ ഉമ്മ വെക്കാത്തത് കണ്ടപ്പോ നമ്മള് ഒരു കണ്ണ് തുറന്ന് പിടിച്ചോണ്ട് ഓനെ നോക്കി... ആ കോന്തൻ തെണ്ടി അപ്പോ അതൊക്കെ വീഡിയോ എടുക്കായിരുന്നു...

നമ്മളത് കണ്ടതും ആ ഫോണിൽ പൊത്തി പിടിച്ചു... ഓൻ നമ്മളെ നോക്കി ഹലാക്കിലെ ചിരി ചിരിച്ചോണ്ട് ഫോൺ നമ്മളെ കയ്യിൽ നിന്നും പിടിച്ച് വാങ്ങി പോക്കറ്റിലിട്ടു...

"നിനക്ക് എന്നെ ഇത്രക്ക് പേടി ഉണ്ടായിരുന്നെന്ന് ഞാൻ ഇപ്പോഴാ അറിയുന്നത്.... ഇതൊക്കെ ഞാൻ ആരോടെങ്കിലും പറഞ്ഞാലേ ആരും വിശ്വസിക്കില്ല... അതാ ഞാൻ വീഡിയോ എടുത്ത് വെച്ചത്... എപ്പോഴാ ഇത് കൊണ്ട് ഉപയോഗം വരാ എന്ന് പറയാൻ പറ്റില്ലല്ലോ...."

"ഡാ കോന്താ... കളിക്കാതെ മര്യാദക്ക് അത് ഡിലീറ്റ് ആക്കുന്നതാകും അനക്ക് നല്ലത്.... ഇല്ലെങ്കിൽ പിന്നെ ആ ഫോൺ എങ്ങാനും എന്റെ കയിൽ കിട്ടിയാൽ പിന്നെ വീണ്ടും അത് എറിഞ്ഞു പൊട്ടിക്കും..."

"ഓ പിന്നെ.... അതിന് നിനക്ക് ഇത് കിട്ടിയിട്ട് വേണ്ടേ...."

'പറഞ്ഞ പോലെ ഓന്റെ കയ്യീന്ന് അത് കിട്ടിയിട്ട് വേണ്ടേ... ഇനി ഇപ്പോ എന്താ ചെയ്യാ....?

ഇനി ഒരു വഴിയേ ഉള്ളു....കാല് പിടിക്കാ.... കാര്യം കാണാൻ കഴുത കാലും പിടിക്കണമെന്നാണ്... പക്ഷെ ഇവിടെ ഇപ്പോ ഈ കോന്തന്റെ കാല് പിടിക്കേണ്ട

അവസ്ഥ... ആ സാരല്യ... ഇതിനൊക്കെ കൂടി അവനിട്ട് ഒരു പണി കൊടുക്കാൻ നമ്മളെ കൊണ്ട് പറ്റും... അന്ന് പലിശ സഹിതം കൊടുക്കാം... ഇപ്പോ ഇവന്റെ കാല് പിടിച്ച് നോക്കാം....'

"ആദി പ്ലീസ്..... ഞാൻ നിന്റെ കാല് പിടിക്കാം ആ വീഡിയോ ഡിലീറ്റ് ആക്ക്... പ്ലീസ് ആദി.... പ്ലീസ്....."

"ആഹഹാ.... എന്താ സുഖം.... നീ കെഞ്ചുന്നത് കേൾക്കാൻ തന്നെ നല്ല സുഖാ.... അതോണ്ട് കുറച്ച് കൂടി എന്നെ സുഖിപ്പിക്ക് എന്നിട്ട് ആലോചിക്കാം ഇത് ഡിലീറ്റ് ആക്കണോ വേണ്ടയോ എന്ന്..."

'കാലമാടൻ.... ഇവന്റെ കൂടെ ഒക്കെ ഞാൻ എങ്ങനെയാ പടച്ചോനെ ജീവിക്കാൻ പോകുന്നത്...?

മിക്കവാറും കെട്ടിയ അന്ന് തന്നെ കെട്ട്യോനെ തല്ലി എന്ന ചീത്തപ്പേര് വാങ്ങി തരുന്ന മട്ടുണ്ട്.... ആ സഹിച്ചല്ലേ പറ്റൂ.....'

അങ്ങനെ നമ്മള് ഓനെ സുഖിപ്പിക്കാൻ വേണ്ടി ഒരുപാട്

തവണ സോറിയും ഒപ്പം ആദിൽക്ക എന്ന വിളിയും ഒക്കെ കൂടി ആയി ആ കഴുതന്റെ കാല് പിടിക്കേണ്ട അവസ്ഥ വരെ എത്തി...അപ്പൊ....

"ഉം..മതി...മതി.... നീ എന്റെ കാലൊന്നും പിടിക്കണ്ടാ.... പകരം എനിക്ക് ചെറിയ മറുപടി തന്നാൽ മതി..."

ഓൻ പറയുന്നത് കേട്ട് നമ്മളെ കണ്ണ് രണ്ടും പുറത്തേക്ക് തള്ളി വന്നു... എന്നിട്ട് ഓന്റെ ഉദ്ദേശം മനസ്സിലാകാതെ ഓനെ നോക്കി നെറ്റി ചുളിച്ചു....

"എന്ത്....? മറുപടിയോ....?

എന്ത് മറുപടി.....?"

"ശോ...ഒന്നും അറിയാത്ത പോലെ..... നിനക്ക് ഞാൻ തന്ന മറുപടി ഇല്ലേ.... അത് താ എന്നാൽ ഇത് നിനക്ക് തന്നെ ഡിലീറ്റ് ആക്കാം... ഇല്ലെങ്കിൽ പിന്നെ ഈ വീഡിയോ എല്ലാവരും കാണും...."

ഓന്റെ മറുപടി കേട്ട് നമ്മള് മറുപടി പറയാനാകാതെ ഓന് മറുപടി കൊടുക്കണോ വേണ്ടയൊന്ന് ചിന്തിച്ചു.... ഓന് മറുപടി കൊടുത്തിട്ട് ഓൻ എങ്ങാനും അത് ഡിലീറ്റ് ആക്കിയില്ലേൽ നമ്മളെ മറുപടിക്ക് ആര് മറുപടി നൽകും...? അതോണ്ട് ഓന് മറുപടി കൊടുക്കുന്നതിന് മുൻപ് അങ്ങനെ ഒരു വീഡിയോ ഉണ്ടോ എന്ന് കാണണം...

"അ... അതിന്...അതിന് നിന്റെ കയ്യിൽ ആ വീഡിയോ ഉണ്ടെന്ന് എന്താ ഇത്ര ഉറപ്പ്.... അതോണ്ട് എനിക്ക് അത് കാണണം.... എന്നിട്ട് ആലോചിക്കാം നിനക്ക് മറുപടി തരണോ വേണ്ടയൊന്ന്..."

"ഓക്കേ...അങ്ങനെ എങ്കില് അങ്ങനെ..."

എന്ന് പറഞ്ഞ് ആ കോന്തൻ ഫോൺ എടുത്ത് നമ്മക്ക് ആ വീഡിയോ കാണിച്ച് തന്നു... അതിലെ നമ്മളെ കോലം കണ്ടിട്ട് നമ്മക്ക് തന്നെ ചിരിയും കരച്ചിലുമൊക്കെ വരുന്നുണ്ട്... ഛെ അത്രക്ക് പേടിച്ച് വിറക്കുന്നുണ്ട് അതില്...

എങ്ങനെ എങ്കിലും ആ ഫോൺ കൈക്കലാക്കണം

എന്നായി നമ്മളെ ചിന്ത... അതിന് വേണ്ടി നമ്മള് അപ്പോ തന്നെ ആ ഫോൺ കൈക്കലാക്കാൻ ഒരു ശ്രമം നടത്തി നോക്കിയെങ്കിലും പാളി പോയി....

"ഹ..ഹ...ഹ.. നീ ഇങ്ങനെ വല്ലതും ചെയ്യുമെന്ന് എനിക്ക് ആദ്യമേ അറിയായിരുന്നു ഐഷു.... ഒരിക്കൽ നിന്റെ കയ്യിൽ എന്റെ ഫോൺ കിട്ടിയപ്പോ നീ എന്താ ചെയ്തതെന്ന് എനിക്ക് നല്ലോണം ഓർമ്മയുണ്ട്... അതോണ്ട് ഇനി ഒരിക്കലും ആ തെറ്റ് ഞാൻ ആവർത്തിക്കില്ല....

ഇനി നിനക്ക് ഈ ഫോൺ വേണമെങ്കിൽ ഞാൻ പറഞ്ഞത് എനിക്ക് കിട്ടണം... മറുപടി....."

എന്ന് പറഞ്ഞ് ആ കോന്തൻ ഇളിച്ചോണ്ട് അവിടന്ന് എണീറ്റ് പോയിട്ട് ബസില് ഇട്ട പാട്ടിന് അനുസരിച്ച് ഡാൻസ് കളിക്കാൻ തുടങ്ങി... അപ്പോ നമ്മളെ കുരാമീസും ബ്രദേഴ്സും കൂടി ഓന്റെ കൂടെ കൂടി ഡാൻസ് കളിച്ചു...

അവര് നമ്മളെയും ഡാൻസ് കളിയ്ക്കാൻ വിളിച്ചെങ്കിലും നമ്മള് ഇല്ലെന്ന് ആംഗ്യം കാണിച്ചിട്ട് ഇനി

എന്തോ ചെയ്യുമെന്ന് ആലോചിച്ചിരുന്നു...

"ഡി ഫെബി.. അവിടെ കുന്തം വിഴുങ്ങിയ പോലെ ഇരിക്കാതെ ഞങ്ങളെ കൂടെ ഇറങ്ങി ഡാൻസ് കളിക്കാൻ നോക്ക്...."അച്ചുവാണ്.

'അമ്മേക്കിവിടെ പ്രാണവേദന അപ്പോഴാ മോളെ ഒരു വീണവായന...'

"ഡി...വാ ഫെബി...."

എന്ന് പറഞ്ഞ് നമ്മളെ കുരാമീസ് ഒക്കെ കൂടി നമ്മളെ പിടിച്ച് സീറ്റീന്ന് എണീപ്പിച്ചിട്ട് ഒരൊറ്റ തള്ളായിരുന്നു ആ കോന്തന്റെ മേത്തേക്ക്...

നമ്മള് അന്തം വിട്ട് ഓനെ നോക്കി നിന്നപ്പോ ഓന്റെ കൈകൾ നമ്മളെ അരയിലൂടെ വലിഞ്ഞ് മുറുകിയിരുന്നു...

അപ്പോ ഓൻ നമ്മളെ പുറകിലേക്ക് നോക്കിയിട്ട്

അച്ചുവിനോട് താങ്ക്സ് മുത്തെ എന്ന് പറഞ്ഞു... നമ്മള് അപ്പോ ഓളെ തുറുക്കനെ നോക്കി കൊണ്ട് അച്ചൂ എന്ന് അലറി...

"അലറണ്ട ഫെബി... നിനക്ക് ഓർമ്മയുണ്ടോ അന്ന് നമ്മള് വയനാട്ടിലേക്ക് ടൂർ പോയപോ ബസിൽ വെച്ച് നീ എന്നെ അരുണിന്റെ ദേഹത്തേക്ക് പിടിച്ച് തള്ളിയത്....

അന്ന് തന്നെ നിനക്ക് ഞാനിത് ഓങ്ങി വെച്ചതാ... ഇപ്പോഴാ ഒന്ന് നടപ്പിലാക്കാൻ പറ്റിയത്..."

എന്ന് പറഞ്ഞ് ആ തെണ്ടി കിണിച്ചപ്പോ നമ്മളെ ദേഷ്യം ഇരട്ടിച്ച് വന്നു... നമ്മള് ഓളെ നോക്കി പോടീ....ന്ന് അലറിയിട്ട് ആ കോന്തനെ നോക്കി...

യാ റബ്ബീ.... ഓന്റെ കണ്ണും ആ നോട്ടവും ചിരിയും.... ഹൌ..... നമ്മള് അലിഞ്ഞ് ഇല്ലാതായ പോലെ തോന്നാ....

നമ്മക്ക് ആണെങ്കിൽ ആ പിടിയിൽ നിന്ന് കുതറി മാറാനും തോന്നുന്നില്ല.... ഇനി അഥവാ തോന്നിയാൽ

തന്നെ എത്ര ആയാലും ഈ കോന്തൻ നമ്മളെ വിടാനും പോണില്ല...

എന്നാലും ഒന്ന് ശ്രമിച്ചു നോക്കുന്നതിൽ തെറ്റില്ലല്ലോ... അങ്ങനെ നമ്മള് ഓന്റെ പിടിയിൽ നിന്ന് കുതറി മാറാൻ വേണ്ടി നോക്കുന്നതിന് അനുസരിച്ച് ഓൻ പിടി മുറുക്കി കൊണ്ടിരുന്നു...

അപ്പോ ആ കോന്തൻ നമ്മളെ നോക്കി സൈറ്റടിച്ചിട്ട് മറുപടി എന്ന് ഓർമിപ്പിച്ചു...

നമ്മള് അത് കേട്ടപ്പോ തന്നെ അന്തം വിട്ട് ഓന്റെ കാന്തകണ്ണിലേക്ക് തന്നെ നോട്ടമെറിഞ്ഞ് കൊണ്ടിരുന്നു.... അപ്പോ ഓൻ വീണ്ടും വീണ്ടും മറുപടി മറുപടി മറുപടി എന്ന് പറഞ്ഞ് നമ്മളെ ശല്യം ചെയ്തു...

"ങേ...മറുപടിയോ? എന്ത് മറുപടി...?" നിസൂക്കയാണ്.

"എസ് നിസൂ....മറുപടി.... അല്ലെ ഐഷു..."

ആ കോന്തൻ നമ്മളെ നോക്കി സൈറ്റടിച്ചോണ്ട് ചോദിച്ചിട്ട് നമ്മളെ അരയിൽ നിന്നും പിടി വിട്ടു... നമ്മക്ക് അപ്പോ സ്വർഗം കിട്ടിയ പോലെയാണ് തോന്നിയത്... അപ്പോ തന്നെ ഓൻ നമ്മളെ കൈ പിടിച്ച് വലിച്ച് നമ്മളെ ഓന്റെ അടുത്തേക്ക് നിർത്തി എന്നിട്ട് കപ്പിൾ ഡാൻസ് കളിക്കുന്ന പോലെ നമ്മളെ ഇട്ട് ഒരുപാട് കറക്കി....

എന്നിട്ട് നമ്മളെ വീണ്ടും പിടിച്ച് വലിക്കലും വിടലും കറക്കലും അതിനിടക്ക് മറുപടി എന്ന് പറയലുമൊക്കെയായി ഓൻ ഇന്നെ വട്ട് കളിപ്പിച്ചു...

ഒടുക്കം ആ കോന്തന്റെ കയ്യീന്ന് എങ്ങനെയൊക്കെയോ രക്ഷപ്പെട്ടിട്ട് നമ്മള് വേഗം പോയി സീറ്റിൽ ഇരുന്ന് ഒന്ന് നെടുവീർപ്പിട്ടു...

അപ്പോഴാണ് നമ്മക്ക് ശരിക്കും ആശ്വാസമായത്...

പക്ഷെ, അതിന് ഒരു സെക്കന്റിന്റെ ആയുസ്സ് പോലും ഇല്ലേന്നു... അപ്പോഴേക്കും ആ കാലമാടൻ നമ്മളെ അടുത്ത് വന്നിരുന്നു...

"നല്ല രാസണ്ടായിരുന്നല്ലേ ഡാൻസ്...?"

എന്ന് ഓൻ നമ്മളോട് ചോദിച്ചപ്പോ നമ്മള് ഓനെ തുറുക്കനെ അടിമുടിയൊന്ന് നോക്കിയിട്ട് വേഗം മുഖം തിരിച്ചു... ഓൻ അപ്പോഴും നമ്മളെ നോക്കി ചിരിക്കാണ്...

കുറച്ച് കഴിഞ്ഞപ്പോ ഓൻ എന്തൊക്കെയോ മൂളി പാടാൻ തുടങ്ങി.... ഇടക്കിടക്ക് മറുപടി എന്ന് കേട്ടപ്പോ മനസ്സിലായി നമ്മളെ കേൾപ്പിക്കാൻ പാടാണെന്ന്....

അതോണ്ട് നമ്മള് അപ്പോ തന്നെ ചെവി പൊത്തി പിടിച്ച് കണ്ണടച്ചിരുന്നു... അപ്പോ ആ കോന്തൻ നമ്മക്ക് ഒരു സ്വസ്ഥതയും തരാതെ നമ്മളെ തോണ്ടി വിളിച്ചു....

ഒടുക്കം സഹികെട്ടപ്പോ നമ്മള് കണ്ണ് തുറന്ന് ഓന്റെ നേരെ പൊട്ടി തെറിച്ചു...

"എന്താടാ കോന്താ അനക്ക് വേണ്ടത് മറുപടിയല്ലേ....? അത് തരാൻ സൗകര്യമില്ലെടാ...."

എന്ന് പറഞ്ഞപ്പോ ഓൻ നമ്മളെ നോക്കി കൊണ്ട് പെട്ടെന്ന് പൊട്ടി ചിരിച്ചു.... ഓന്റെ ചിരി കണ്ട് നമ്മള് ബസിലൊക്കെ ഒന്ന് കണ്ണോടിച്ച് നോക്കിയപ്പോ അവിടെ ഒന്നും ഒരാളും ഇല്ലേന്നു...

പടച്ചോനെ പെട്ടുപോയല്ലോ എന്ന് ചിന്തിച്ചോണ്ട് നമ്മള് ഓനെ നോക്കി ഒരു അവിഞ്ഞ ഇളി പാസാക്കി....അപ്പോ തന്നെ ഓൻ ചിരി നിർത്തി നമ്മളെ അടുത്തേക്ക് നീങ്ങി വന്നു... നമ്മള് പേടിച്ചിട്ട് ചിരിക്കണോ കരയണോ എന്നറിയാൻ പാടില്ലാത്ത അവസ്ഥയിൽ ഓനെ നോക്കി ഇരുന്നു...

"പേടിച്ചു പോയോ...?"

നമ്മള് ആദ്യം അതെ എന്നും പിന്നെ ഇല്ലാന്നും തലയാട്ടിയപ്പോ ഓൻ ചിരിച്ചോണ്ട് നമ്മളിൽ നിന്നും വിട്ട് ഇരുന്നു... നമ്മള് അപ്പോ ഒന്ന് നെടുവീർപ്പിട്ടിട്ട് ബസിൽ ഉള്ളവരൊക്കെ എവിടെ പോയെന്ന് ചിന്തിച്ചു...

"ഞാൻ നിന്നെ ഫുഡ് കഴിക്കാൻ വേണ്ടി വിളിച്ചതല്ലേ....

നീയെന്താ കരുതിയെ മറുപടി വാങ്ങാൻ ആണെന്നോ...?

ആ പോട്ടെ... അതിന് ഇനി നമ്മള് നാട്ടിൽ എത്തുവോളം ടൈം ഉണ്ടല്ലോ.... അതൊക്കെ അപ്പോ നോക്കാം....

നീ ഇപ്പോ വാ നമുക്ക് പോയി ഫുഡ് കഴിക്കാം..."

"എനിക്ക് വേണ്ട...."

"നല്ല ചിക്കൻ ബിരിയാണിയാണ് കഴിക്കാനുള്ളത്... വേണേൽ പോര്...."

"എനിക്ക് വിശപ്പില്ല... ഇയാൾക്ക് വേണേൽ പോയി കഴിച്ചോ..."

നമ്മള് ചുമ്മാ ഒരു ബിൽഡപ്പിന് വേണ്ടി പറഞ്ഞതാട്ടോ... സത്യം പറഞ്ഞാൽ നമ്മക്ക് ഒരു ആനയെ തിന്നാനുള്ള വിശപ്പുണ്ട്... ഇന്നാണെങ്കിൽ ഉച്ചക്കും വൈകിട്ടും ഈ കോന്തനെ കൊണ്ട് നമ്മള് മര്യാദക്ക് ഭക്ഷണം കഴിച്ചിട്ട്

പോലുമില്ല.... അതോണ്ട് നമ്മക്ക് നല്ലോണം വിശക്കുന്നുണ്ട്....

എന്തായാലും നമ്മളെ കോന്തൻ നമ്മളെ നിർബന്ധിപ്പിച്ച് കഴിക്കാൻ വിളിക്കുമല്ലോ അപ്പോ പോകാം...എന്ന് കരുതി നമ്മള് വേണ്ടാ എന്ന് പറഞ്ഞ് ഇരുന്നു...

"എന്നാ ശരി...വേണ്ടെങ്കിൽ വേണ്ടാ... എന്തായാലും ഞാൻ പോയി കഴിക്കാൻ പോകാ... എന്താണെന്ന് അറിയില്ല ഇന്ന് വല്ലാത്ത വിശപ്പ്.... അപ്പോ ഓക്കേ ഞാൻ നല്ല ചിക്കൻ ബിരിയാണി തട്ടിയിട്ട് വരാട്ടോ...."

എന്ന് പറഞ്ഞ് ആ കോന്തൻ ഇറങ്ങി പോയത് കണ്ടപ്പോ നമ്മക്ക് കരച്ചില് വന്നു... ദുഷ്ടൻ നമ്മളെ ഒരിക്കൽ പോലും നിർബന്ധിപ്പിച്ചതേയില്ലല്ലോ.... കാലമാടൻ....

നമ്മക്ക് ആണെങ്കിൽ വിശന്നിട്ട് വയറ്റീന്ന് കോഴി വരെ കൂകുന്നുണ്ട്....

അതും പോരാഞ്ഞ് ബസിൽ ആണെങ്കിൽ ഒരു ഈച്ച

കുഞ്ഞ് പോലും ഇല്ല... ഒടുക്കത്തെ ഇരുട്ട് കാരണം പേടിച്ചിട്ട് നമ്മള് കർട്ടൻ നീക്കിയിട്ട് വിൻഡോ തുറന്നിട്ടു....

അപ്പോ ഹോട്ടലിൽ നിന്നും നല്ല ബിരിയാണിന്റെ മണം നമ്മളെ മൂക്കിലേക്ക് തുളച്ച് കേറിയപ്പോ എണീറ്റ് പോകാൻ തോന്നിയെങ്കിലും ആ കോന്തനോട് വേണ്ടാ എന്ന് പറഞ്ഞിട്ട് അങ്ങോട്ട് കേറി ചെന്നാൽ ഓൻ നമ്മളെ തൊലി ഉരിക്കുമെന്ന് ഉറപ്പാണ്....

അതോണ്ട് അങ്ങോട്ട് പോകാനും തോന്നുന്നില്ല....

നമ്മളെ കുരാമീസും ബ്രദേഴ്സും കൂടി അവിടെ ഇരുന്ന് ചിക്കന്റെ കാലൊക്കെ കടിച്ച് പറിക്കുന്നത് കണ്ടപ്പോ നമ്മളെ വായേല് വെള്ളം വന്നു...

അങ്ങനെ അവറ്റകളുടെ തീറ്റയും നോക്കി വെള്ളമിറക്കി കൊണ്ടിരിക്കുമ്പോഴാണ് ആരോ ബസിലേക്ക് കേറി വരുന്നതിന്റെ കാൽപെരുമാറ്റം കേട്ടത്...

ഇരുട്ടായതോണ്ട് ആരാണ് വരുന്നതെന്ന് നമ്മക്ക് കാണാൻ പറ്റുന്നില്ല...

ആ കാലൊച്ച നടന്ന് നമ്മളെ അടുത്തേക്കാണ് വരുന്നതെന്ന് മനസ്സിലായപ്പോ നമ്മക്ക് പേടി കൂടി വന്നു... പെട്ടെന്ന് ആ കാലൊച്ച നിന്ന് നമ്മലിരിക്കുന്ന സീറ്റിന്റെ അവിടെ ലൈറ്റ് കത്തിയതും നമ്മളെ മുന്നിൽ നിൽക്കുന്ന രൂപത്തെ കണ്ട് നമ്മള് ഞെട്ടി....

(തുടരും)

ഭാഗം.95

ആ കാലൊച്ച നടന്ന് നമ്മളെ അടുത്തേക്കാണ് വരുന്നതെന്ന് മനസ്സിലായപ്പോ നമ്മക്ക് പേടി കൂടി വന്നു.... പെട്ടെന്ന് ആ കാലൊച്ച നമ്മളെ അടുത്ത് എത്തിയപ്പോ നിന്നതും നമ്മളിരിക്കുന്ന സീറ്റിന്റെ അവിടെ ലൈറ്റ് കത്തിയതും ഒരുമിച്ചായിരുന്നു... അപ്പോ നമ്മളെ മുന്നിൽ നിൽക്കുന്ന രൂപത്തെ പെട്ടെന്ന് കണ്ടതും നമ്മള് ഞെട്ടി പോയി...

ആ കോന്തനാണ് വന്നതെന്ന് അറിഞ്ഞപ്പോ ഓൻ

ഫുഡ് കഴിച്ചില്ലേ എന്ന് ചിന്തിച്ച് ഓനെ തന്നെ നോക്കി... അപ്പോ ഓൻ നമ്മളെ നോക്കി ഇളിച്ചോണ്ട് നമ്മളെ അടുത്ത് വന്നിരുന്നു...

എന്നിട്ട് ഓന്റെ കോട്ടിന്റെ ഉള്ളിൽ നിന്നും ഒരു പൊതി എടുത്ത് തുറന്നു...

അത് തുറന്നതും നമ്മളെ മൂക്കിലേക്ക് ബിരിയാണിന്റെ മണം അടിച്ച് കേറി.... ഇതുവരെ അടക്കി വെച്ച വിശപ്പൊക്കെ കൂടി ഓരോന്നായി തല പൊക്കി കൊണ്ട് വന്ന് വായേല് വെള്ളം നിറച്ചു....

"ഇവിടെ വേറെയും ഒരുപാട് സീറ്റുണ്ടല്ലോ... നിനക്ക് എന്താ അവിടെ പോയി ഇരുന്നാ....?"

"ഞാൻ ഇവിടെയാ ഇരുന്നത് അതോണ്ട് ഞാൻ ഇവിടെയെ ഇരിക്കൂ...

ആഹഹാ..... എന്താ ഒരു മണം.... അത് കേക്കുമ്പോ തന്നെ വായേല് വെള്ളമൂറാ.... അല്ലെ ഐഷു...."

എന്ന് പറഞ്ഞ് ഓൻ നമ്മളെ മുഖത്തേക്ക് നോട്ടമെറിഞ്ഞപ്പോ നമ്മള് പെട്ടെന്ന് തന്നെ മുഖം തിരിച്ച് പുറത്തേക്ക് നോക്കി ഇരുന്നു....

ഇല്ലെങ്കിൽ നമ്മളെ വായേല് വെള്ളം വന്നത് ആ കോന്തൻ കാണും....

"ശോ....എനിക്ക് വയ്യ...എന്ത് ടേസ്റ്റാ ഈ ബിരിയാണിക്ക്....

ചിക്കൻ ഫ്രൈ ചെയ്ത ബിരിയാണിയും ഒപ്പം നല്ല മുളക് അച്ചാറും ഉള്ളി തൈരും.... ഹോ.... എന്ത് ടേസ്റ്റാണോ....

അരെ വ്വാഹ്...."

എന്ന് കോന്തൻ വിളിച്ച് കൂവുന്നത് കേട്ട് നമ്മള് വെള്ളമിറക്കി കൊണ്ട് ഓന്റെ ഭാഗത്തേക്ക് ഒന്ന് തിരിഞ്ഞു നോക്കി... ഒരു മനസ്സാക്ഷിയും ഇല്ലാതെ വെട്ടി വിഴുങ്ങാണ് നമ്മളെ പ്രിയദമൻ....

ബിരിയാണി ആസ്വദിച്ചിട്ടുള്ള ഓന്റെ കഴിക്കല് കണ്ടാൽ ആർക്കായാലും അത് കഴിക്കാൻ തോന്നും... അപ്പോ പിന്നെ വിശന്നിരിക്കുന്ന എന്റെ അവസ്ഥ പറയണ്ടല്ലോ...

ഓനെ വരെ തിന്നാൻ തോന്നുന്നുണ്ട്....

നമ്മളെ നോട്ടം കണ്ടിട്ടാകും പെട്ടെന്ന് ഓൻ തിന്നുന്നത് നിർത്തിയിട്ട് നമ്മളെ ഒന്ന് ഉറ്റു നോക്കി... നമ്മള് അപ്പോ തന്നെ ഒന്നും അറിയാത്ത പോലെ മേൽപ്പോട്ട് നോക്കി ഇരുന്നു...

"ഇങ്ങനെ നോക്കി ഇരുന്ന് വെള്ളമിറക്കണ്ട... ദാ വേണേൽ കഴിച്ചോ..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ നേരെ അത് നീട്ടിയതും നമ്മക്ക് അത് അപ്പോ തന്നെ ഓന്റെ കയ്യീന്ന് വാങ്ങാൻ തോന്നിയെങ്കിലും നമ്മള് ഇത്തിരി ജാഡ കാണിച്ച് ഇരുന്നു...

"ഈ..... എനിക്കൊന്നും വേണ്ട നിന്റെ എച്ചിലായത്..... അതൊക്കെ കഴിക്കാനെ നിന്റെ കെട്ട്യോളോട് പോയി പറ... എന്നെ കിട്ടില്ല അതിനൊന്നും...."

എന്ന് പറഞ്ഞ് നമ്മള് മുഖം തിരിച്ചപ്പോ ഓൻ ഓക്കേ

എന്ന് പറഞ്ഞ് ഒരു കൂസലും ഇല്ലാതെ വീണ്ടും ഇരുന്ന് വെട്ടി വിഴുങ്ങി കൊണ്ടിരുന്നു... അത് കണ്ടപ്പോ ശോ അങ്ങനെ പറയേണ്ടായിരുന്നെന്ന് തോന്നി പോയി... കാരണം നമ്മക്ക് നല്ലോണം വിശക്കുന്നുമുണ്ട് ഇവന്റെ തീറ്റ കണ്ടിട്ട് കൊതിയാകുന്നുമുണ്ട്....

"അരെ വ്വഹ്... ഈ ബിരിയാണി ഉണ്ടാക്കിയ കുക്കിനെ വീട്ടിലേക്ക് കൊണ്ട് പോയാലോ...? അത്രക്ക് ഉഷാറായിട്ടുണ്ട്...

എല്ലാ ഫ്ലേവേഴ്സും നല്ലോണം ഉണ്ട്.... നല്ല ടേസ്റ്റ്... അതും ഈ ചിക്കന്റെ കാര്യം പിന്നെ പറയെ വേണ്ടാ.... ആഹഹാ.... എന്താ ഒരു ടേസ്റ്റ്.... ഇതൊക്കെ വേണ്ടാന്ന് പറയുന്നവരെ ജീവിതം തന്നെ പാഴായി..."

"ഒന്ന് നിർത്തോ... കൊറേ നേരായല്ലോ താൻ തുടങ്ങിയിട്ട്.... എന്നെ കൊതിപ്പിക്കാൻ വേണ്ടി മനപ്പൂർവ്വം താൻ പറയുന്നതല്ലേ ഇതൊക്കെ...?"

"ഓ പിന്നെ നിന്നെ കൊതിപ്പിച്ചെന്ന് കരുതി എനിക്ക് എന്ത് കിട്ടാനാ.? എന്റെ വിശപ്പ് അത് കൊണ്ട് മാറോ...?

ഞാൻ കാര്യം പറഞ്ഞതാ... ഇത് പോലെ ഒരു ബിരിയാണി ഞാൻ എന്റെ ജീവിതത്തില് കഴിച്ചിട്ടില്ല..."

എന്ന് ഓൻ പറഞ്ഞപ്പോ നമ്മക്ക് കരച്ചില് വരുന്ന പോലെ തോന്നി... കുറച്ച് കഴിഞ്ഞപ്പോ നമ്മളെ കൊതി കൊണ്ടാണെന്ന് തോന്നുന്നു ഓന് വിക്കല് വന്നിട്ട് ഓൻ നമ്മളോട് വെള്ളം ചോദിച്ചു... നമ്മള് അപ്പോ നമ്മളെ കാലിയായ കുപ്പിയെടുത്ത് ഓന് കാണിച്ച് കൊടുത്തപ്പോ ഓൻ നമ്മളെ കയ്യിലേക്ക് ആ ബിരിയാണി പൊതി വെച്ച് തന്നു....

"ഞാൻ പോയി......വെള്ളം വാങ്ങി.....വരുമ്പോ....ഇതിൽ നിന്ന്....ഒരു വറ്റ് പോലും....മിസ്സാകരുത്...കേട്ടല്ലോ...."

"ഓ പിന്നെ... നീ കഴിച്ചതിന്റെ ബാക്കി കഴിക്കാൻ ഞാൻ നിന്റെ കെട്ട്യോൾ അല്ലെ... ഒന്ന് പോടാ...."

"നീ ചിലപ്പോ.... അതും കരുതി എന്റെ..... ബിരിയാണി കഴിക്കാൻ സാധ്യതയുണ്ട്...... അതോണ്ടാ പറഞ്ഞത്...

എന്റെ ബിരിയാണി... നീയെങ്ങാനും.....
തൊട്ടാലുണ്ടല്ലോ..."

എന്ന് വിക്കി കൊണ്ട് നമ്മക്ക് നേരെ വിരല് ചൂണ്ടി കൊണ്ട് ഓൻ പറഞ്ഞപ്പോ നമ്മള് ഓനെ പുച്ഛിച്ച് തള്ളി കൊണ്ട് പോടാ എന്ന് വിളിച്ച് മുഖം തിരിച്ചു....

ഓൻ പോയെന്ന് മനസ്സിലായപ്പോ നമ്മള് മെല്ലെ തല തിരിച്ച് ബസില് മൊത്തം ഒന്ന് കണ്ണോടിച്ച് നോക്കിയിട്ട് ആ ബിരിയാണി പൊതി തുറന്നു.... അപ്പോ മൂക്കിലേക്ക് കേറി വന്ന മണം ആസ്വദിച്ചപ്പോ നമ്മക്ക് അതെടുത്ത് കഴിക്കാൻ തോന്നി...

"അല്ലെങ്കിൽ തന്നെ ഇതില് ഇനി ബിരിയാണി ഇല്ല... അതോണ്ട് ഇതീന്ന് ഒരുള കഴിച്ചെന്ന് കരുതി ഓൻ അത് കണ്ടെത്താനൊന്നും പോണില്ല...."

എന്ന് പറഞ്ഞ് നമ്മള് ആർത്തിയോടെ ഒരുള എടുത്ത് കഴിച്ചതും ബിരിയാണിന്റെ ഫ്ലേവേഴ്സ് ഒക്കെ കൂടി നമ്മളെ വായേല് നിറഞ്ഞു... അതിന്റെ രുചി നമ്മക്ക്

പറഞ്ഞു തരാൻ വാക്കുകളെ കൊണ്ട് കഴിയുന്നില്ല...

ആ കോന്തൻ ചുമ്മാ പറഞ്ഞതല്ല ബിരിയാണിക്ക് നല്ല ടേസ്റ്റുണ്ട്... ഇനി നമ്മക്ക് വിശന്നിട്ട് തോന്നാണോ എന്നറീല.... എന്തായാലും ഇത്രെയും ടേസ്റ്റുള്ള ബിരിയാണി ഞാനും എന്റെ ജീവിതത്തിൽ കഴിച്ചിട്ടില്ല.....

അതോണ്ട് നമ്മളെ വിശപ്പും അതിലുപരി കൊതിയും നമ്മളെ വീണ്ടും വീണ്ടും അതെടുത്ത് കഴിക്കാൻ പ്രേരിപ്പിച്ചോണ്ട് ഇരുന്നു... നമ്മള് ആ കോന്തൻ വരുന്നതിന് മുമ്പ് കഴിച്ച് തീർക്കണമെന്ന ചിന്തയോടെ അതെടുത്ത് ആർത്തിയോടെ കഴിച്ചോണ്ടിരുന്നു....

അപ്പോ പെട്ടെന്ന് നമ്മളെ തൊണ്ടയില് ബിരിയാണി ഇരുന്ന് നമ്മക്ക് വിക്കല് വന്നു.... നമ്മള് വേഗം കുപ്പി എടുത്ത് നോക്കിയപ്പോ അത് കാലിയായിരുന്നു...

നമ്മള് വിക്കി കൊണ്ട് തിരിഞ്ഞ് നോക്കിയപ്പോ നമ്മളെ നേരെ ആരോ ഒരു കുപ്പി നീട്ടി....

നമ്മള് അത് വേഗം തട്ടി പറിച്ച് വാങ്ങിയിട്ട് അതെടുത്ത് കുടിച്ച് നമ്മളെ വിക്കല് മാറ്റി... എന്നിട്ട് ഒന്ന്

നെടുവീർപ്പിട്ടോണ്ട് അയാളെ നോക്കി താങ്ക്സ് പറഞ്ഞതും അയാളെ മുഖം കണ്ട് നമ്മക്ക് വീണ്ടും വിക്കല് വന്നു....

ആ കോന്തൻ ഇളിച്ചോണ്ട് നമ്മളെ മുന്നിലുള്ള സീറ്റിൽ നിന്നിട്ട് നമ്മളെ കയ്യിന്ന് ആ ബിരിയാണി പൊതി വാങ്ങി നോക്കി....

എന്നിട്ട് പതിയെ നടന്ന് വന്ന് നമ്മളെ അടുത്ത് ഇരുന്നു....

"ഞാൻ പറഞ്ഞത് പോലെ നല്ല ടേസ്റ്റുണ്ടായിരുന്നല്ലേ ബിരിയാണിക്ക്....?"

എന്ന് ഒരു പരിഹാസത്തോടെ ഓൻ നമ്മളോട് ചോദിച്ചപ്പോ നമ്മക്ക് ചിരിക്കണോ കരയണോ എന്നറിയാൻ പാടില്ലാത്ത അവസ്ഥ ആയിരുന്നു...

"ഇനി ഇപ്പോ ഇതില് എന്താ ബാക്കിയുള്ളത് കഴിക്കാൻ... പിന്നെ എന്തിനാ എനിക്ക് ഇത്...?"

എന്ന് ഓൻ പറഞ്ഞപ്പോ നമ്മള് സൈക്കിളീന്ന് വീണ ഒരു ഇളി പാസാക്കി കൊണ്ട് വേഗം തല താഴ്ത്തി...

"അല്ലാ...ഇവിടെ ആരോ പറയുന്നത് കേട്ടു... എന്റെ എച്ചില് കഴിക്കാൻ അവര് എന്റെ കെട്ട്യോള് അല്ലാന്ന്.... എന്നിട്ടിപ്പോ ഇത് മുഴുവൻ കാലിയാക്കിയത് എന്റെ കെട്ട്യോള് തന്നെയാണോ...?"

ഓൻ നമ്മളെ കളിയാക്കി ചിരിച്ചോണ്ട് അതും കൂടി പറഞ്ഞപ്പോ നമ്മക്ക് തിരിച്ച് പറയാൻ ഒന്നും കിട്ടിയില്ല... അതോണ്ട് നമ്മള് വേഗം മുഖം തിരിച്ച് ഇരുന്നിട്ട് ഛെ.... എന്ന് പറഞ്ഞ് ഓന്റെ മുന്നിൽ ചമ്മിയതിനെ കുറിച്ച് ആലോചിച്ചിട്ട് സ്വയം തലക്കടിച്ചു...

'ഛെ....ആകെ നാണം കെട്ടു.... ഇനി ഇപ്പോ എന്താ ചെയ്യാ...? ഓൻ ഇനി ഇത് തന്നെ പറഞ്ഞോണ്ടിരുന്ന് നമ്മളെ കളിയാക്കി കൊല്ലും... കളിയാക്കുന്നതോ പോട്ടെ... നമ്മക്ക് ഇപ്പോ നല്ലോണം വിശക്കുന്നുണ്ട്... ഓന് കഴിച്ചതിന്റെ ബാക്കി ആയോണ്ട് കുറച്ച് മാത്രേ ഉണ്ടായിരുന്നുള്ളു...

ഓന്റെ കളിയാക്കല് സഹിച്ചാലും ഈ വിശപ്പ്

സഹിക്കാൻ പറ്റുന്നില്ലല്ലോ പടച്ചോനെ....'

"ദാ... കഴിച്ചോ... നിനക്ക് നല്ലോണം വിശപ്പുണ്ടെന്ന് അറിയാം... അതാ ഞാൻ ഇത് പോയി വാങ്ങിയത്...

ഇനിയും ജാഡ കാണിച്ച് ഇത് വാങ്ങാതിരിക്കാനാണ് ഉദ്ദേശമെങ്കിൽ നീ വിശന്ന് ഇരിക്കെ ഉള്ളൂ...."

എന്ന് പറഞ്ഞോണ്ട് ഓൻ നമ്മളെ നേരെ മറ്റൊരു പൊതി നീട്ടി... നമ്മള് ഓന്റെ മുഖത്തേക്ക് നോക്കാതെ മടിച്ച് മടിച്ച് ആ പൊതി വാങ്ങി ബിരിയാണി കഴിച്ചു....

ഓൻ നമ്മള് കഴിക്കുന്നതും നോക്കി സീറ്റ് പിറകോട്ട് ചെരിച്ചിട്ട് അതില് ചാരി കിടന്നു... എന്നിട്ട് നമ്മളെ നോക്കി ഇടക്കിടക്ക് ചിരിക്കുന്നൊക്കെ ഉണ്ട്... കാര്യം എന്താണെന്ന് അറിയുന്നതോണ്ട് നമ്മള് പിന്നെ അധികം അങ്ങോട്ട് ശ്രദ്ധിക്കാതെ അതെടുത്ത് കഴിച്ചു...

എന്താണെന്ന് അറിയില്ല ബിരിയാണിക്ക് നേരത്തെതിന്റെ അത്ര ടേസ്റ്റ് പോരാ... ഇനി അത് ഓൻ കഴിച്ചതിന്റെ ബാക്കി ആയോണ്ട് നമ്മക്ക് ടേസ്റ്റുള്ള പോലെ തോന്നിയതാണോ എന്തോ.... ω

അങ്ങനെ ഫുഡടി ഒക്കെ കഴിഞ്ഞ് നമ്മള് കൈ കഴുകി വെള്ളം കുടിക്കുമ്പോ ബാക്കി ഉള്ളവരൊക്കെ വന്നിരുന്നു... നമ്മളെ കുരാമീസും ബ്രദേഴ്സും കൂടി നമ്മളോട് ആദി കൊണ്ട് വന്ന ബിരിയാണി കഴിച്ചില്ലേ എന്നൊക്കെ കുശലം ചോദിച്ചിട്ട് അവരെ സീറ്റിൽ പോയി ഇരുന്നു...

നമ്മള് തിരിഞ്ഞിട്ട് ആ കോന്തനെ നോക്കിയപ്പോ ഓൻ സീറ്റില് ചാഞ്ഞ് കണ്ണടച്ച് കിടക്കാണ്... എന്താന്ന് അറീല ഓനെ നോക്കി നില്ക്കാൻ തന്നെ നല്ല രസാ....

അതോണ്ട് നമ്മള് കുറച്ച് നേരം അങ്ങനെ നോക്കി ഇരുന്നു....

"എന്നെ ഇങ്ങനെ വെറുതെ നോക്കി ഇരിക്കുന്ന നേരം കൊണ്ട് നിനക്ക് ഒരു ഉമ്മ തന്നാൽ എന്താടി....?"

പെട്ടെന്ന് കണ്ണ് തുറക്കാതെയുള്ള ആദിയുടെ ചോദ്യം കേട്ട് നമ്മള് ഞെട്ടി ഓനെ തന്നെ മിഴിച്ചു നോക്കി... അപ്പോ ഓൻ കണ്ണ് തുറന്ന് ശരിക്ക് ഇരുന്നു....

"അയ്യടാ....ഉമ്മ വെക്കാൻ പറ്റിയ ഒരു സാധനം...."

"അപ്പോ ഞാൻ നിന്നെ ഉമ്മ വെച്ചതോ അതിനൊന്നും കുഴപ്പമില്ലേ..."

"ദേ...എന്റെ നാക്ക് ചൊറിഞ്ഞ് വരുന്നുണ്ട്ട്ടോ.... മര്യാദക്ക് അടങ്ങി അവിടെ ഇരുന്നോ ഇല്ലെങ്കിൽ നേരത്തെ തള്ളിയിട്ട പോലെ ഒറ്റ തള്ളാകും.... പറഞ്ഞില്ലെന്ന് വേണ്ട...."

എന്ന് പറഞ്ഞ് നമ്മള് ഓന്റെ നേരെ വിരല് ചൂണ്ടിയപ്പോ ഓൻ നമ്മളെ കൈ പിടിച്ച് തിരിച്ചു...

എന്നിട്ട് നമ്മളെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചിട്ട് നമ്മളെ കൈ വിട്ട് സീറ്റിലേക്ക് ചാരി കിടന്നു...

"താൻ എന്താടോ ഈ കാണിക്കുന്നെ...?"

"നിനക്ക് എന്താടി കണ്ണ് കണ്ടൂടെ...? ഞാൻ കിടക്കാണ്..."

"എന്റെ നെഞ്ചത്താണോ താൻ കിടക്കുന്നത്...?

തനിക്ക് എന്താ തൊട്ടുരുമ്മി ഇരിക്കാതെ ഉറക്കം വരില്ലേ...?

മര്യാദക്ക് കിടക്കടോ..."

എന്ന് നമ്മള് ഓനോട് ചൂടായപ്പോ ഓൻ നമ്മളെ അടുത്തേക്ക് കുറച്ച് കൂടി നീങ്ങി വന്ന് കണ്ണടച്ചോണ്ട് നമ്മളെ കെട്ടി പിടിച്ചു... നമ്മള് അപ്പോ തന്നെ ഓനെ പിടിച്ച് തള്ളി നെഞ്ചത്ത് കൈ വെച്ചിട്ട് ഓന്റെ നെഞ്ചിനിട്ട് ഒരു കുത്ത് കൊടുത്തു...എന്നിട്ട് വീണ്ടും നെഞ്ചത്ത് കൈ വെച്ച് ഓനെ നോക്കി കണ്ണുരുട്ടി...

അപ്പോ ഓൻ നെഞ്ച് തടവി കൊണ്ട് നമ്മളോട്

പിണങ്ങിയ പോലെ മോന്ത വെച്ചിട്ട് നീങ്ങി ഇരുന്നു...നമ്മക്ക് അത് കണ്ടപ്പോ ചിരിയും അതിലുപരി വിഷമവും ആയെങ്കിലും അതൊന്നും പുറത്ത് കാണിക്കാതെ നമ്മളും സീറ്റിൽ ചാഞ്ഞു...

"പിന്നെ ഇനി ഞാൻ പറഞ്ഞില്ലെന്ന് പറയരുത്... ഈ സിനിമയിൽ കാണുന്ന പോലെ നായകൻ നായികന്റെ തോളിൽ തല ചായിച്ച് കിടക്കുന്നത്, എന്നിട്ട് ഉറങ്ങിയ പോലെ അഭിനയിക്കുന്നത് ഇതൊക്കെ ഉണ്ടല്ലോ എന്റെ അടുത്ത് ചിലവാകില്ല.... ഇനി ഞാൻ പറഞ്ഞില്ലെന്ന് വേണ്ട.... അതോണ്ട് keep distunce..."

എന്ന് പറഞ്ഞ് നമ്മള് വീണ്ടും സീറ്റിലേക്ക് ചാഞ്ഞ് കിടന്നു... അപ്പോഴും ഓന്റെ ഭാഗത്ത് നിന്നും ഒരു പ്രതികരണവും ഇല്ല...

ഇനി നമ്മളോട് ഓൻ തെറ്റി കാണോ എന്ന് ഒരു നിമിഷം ചിന്തിച്ചെങ്കിലും ഓന്റെ ഈ സൈലന്റ് കാണുമ്പോ പേടിക്കണമെന്ന ഒരു അപായ സൂചന നമ്മക്ക് ഇതിന് മുന്നേ കിട്ടി പരിചയം ഉള്ളതോണ്ട് നമ്മള് പിന്നെ ആ ഭാഗത്തേക്ക് നോക്കിയതെ ഇല്ല...

അങ്ങനെ ബസ് വീണ്ടും ചലിച്ച് തുടങ്ങി... ഫുഡ് കഴിച്ചതോണ്ടുള്ള ക്ഷീണം കൊണ്ടാണോ അതോ നേരം ഒരുപാട് വൈകിയതോണ്ട് ആണോ എന്നറീല... പിന്നെ ഒറ്റൊരുത്തനും സീറ്റീന്ന് എണീക്കുന്നത് കണ്ടില്ല... നമ്മളെ ചെക്കനും നല്ല ഉറക്കത്തിൽ ആണെന്ന് തോന്നുന്നു യാതൊരു അനക്കവുമില്ല.... അതോണ്ട് നമ്മള് ഓനെ തന്നെ നോക്കി സീറ്റിൽ ഇരുന്നു....

കുറച്ച് കഴിഞ്ഞപ്പോ ബസിലെ എല്ലാ ലൈറ്റും ഓഫാക്കി എല്ലായിടത്തും ഇരുട്ട് പടർന്നതും നമ്മക്ക് പേടി ആയെങ്കിലും കൂടെ ആദി ഉള്ളത് കൊണ്ട് ആ പേടിയൊക്കെ ഇല്ലാതായി...

നമ്മള് പതിയെ വിൻഡോയിലെ കർട്ടൻ നീക്കിയിട്ട് പുറത്തെ നിലാവിന്റെ വെളിച്ചത്തിൽ ആദിന്റെ മുഖത്തേക്ക് അങ്ങനെ നോക്കി ഇരുന്നു...

അപ്പോ അവന്റെ മുഖത്ത് നിന്ന് കണ്ണെടുക്കാനേ തോന്നുന്നില്ല... നമ്മള് മെല്ലെ ഓന്റെ കൈ പിടിച്ച് നമ്മളെ കൈക്കുള്ളിൽ ഒതുക്കി വെച്ചിട്ട് വീണ്ടും അവനെ നോക്കി ഇരുന്ന് എപ്പോഴോ ഉറക്കിലേക്ക് വഴുതി വീണു....

എന്തോ ഒന്ന് തോളിലേക്ക് ചാഞ്ഞ പോലെ തോന്നിയപ്പോഴാണ് നമ്മള് കണ്ണ് തുറന്ന് നോക്കിയത്... നോക്കുമ്പോ നമ്മളെ കോന്തന്റെ തല നമ്മളെ തോളില് കിടക്കാണ്...

നമ്മക്ക് അപ്പോ എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നി... നമ്മള് പതിയെ ഓന്റെ തലയിൽ കൈ വെച്ച് ഓന്റെ മുടിയിഴയിൽ കൂടി നമ്മളെ വിരലുകൾ പായിച്ചു... പെട്ടെന്ന് എവിടുന്നോ വന്ന ബോധോദയം പോലെ നമ്മള് അപ്പോ തന്നെ തോള് താഴ്ത്തിയിട്ട് ഓന്റെ തലക്ക് ഒരു കൊട്ട് കൊടുത്തു... ഓൻ അപ്പോ തന്നെ കണ്ണ് തുറന്ന് നമ്മളെ നോക്കി...

"ഞാൻ തന്നോട് പറഞ്ഞതല്ലേ എന്നെ തൊട്ടുരുമ്മി ഇരിക്കരുത് എന്റെ തോളിൽ തല വെക്കരുതെന്ന്... ഉറങ്ങിയ പോലെ അഭിനയിച്ചിട്ട് നീ ആളെ കളിയാക്കാലെ...?"

"നിന്റെ തോളില് തലയല്ലേ വെച്ചിട്ടുള്ളൂ കാല് വെച്ചില്ലല്ലോ...?

എന്റെ പൊന്നു ഐഷു സോറി... ഉറക്കത്തിൽ

അറിയാതെ വെച്ചതാ ഇനി ആവർത്തിക്കില്ല... പോരെ..."

എന്നും പറഞ്ഞ് ഓൻ വീണ്ടും കിടന്നപ്പോ നമ്മള് അന്തം വിട്ട് തോളേം തുറന്ന് ഓനെ നോക്കി ഇരുന്നു...

'ഓനോട് വഴക്ക് കൂടാലോ എന്ന് കരുതി ഓനെ വിളിച്ചപ്പോ ഈ കോന്തൻ ഇങ്ങനെ പറഞ്ഞ് വീണ്ടും കിടന്നല്ലോ.... ശോ പറയണ്ടായിരുന്നു.... ഓന്റെ തല നമ്മളെ തോളില് വെച്ച് അങ്ങനെ കിടന്നാൽ മതിയായിരുന്നു.... ഛെ... എല്ലാം നശിപ്പിച്ച്....'

എന്ന് ചിന്തിച്ചോണ്ട് നമ്മളെ തലക്ക് നമ്മള് തന്നെ സ്വയം അടിച്ചു... എന്നിട്ട് ഓൻ ഉറങ്ങുന്നതും നോക്കി ഇരുന്ന് നമ്മള് ഉറക്കമുളച്ച് ഇരുന്നു....

ഓൻ ഉറങ്ങുന്നത് കാണാന് നല്ല രസാ... ഓനെ ഇങ്ങനെ ഉറക്കിലേക്ക് തള്ളിയിട്ടിട്ട് വെളുക്കുവോളം ഓനെ തന്നെ നോക്കി ഇരിക്കണമെന്ന് നമ്മള് ഒന്ന് ആശിച്ചു....

ഏകദേശം എല്ലാവരും ഉറങ്ങി കാണും.... നമ്മള് പതിയെ എണീറ്റ് നിന്നിട്ട് എല്ലാവരെയും ഒന്ന് വീക്ഷിച്ചു... എല്ലാവരും നല്ല ഉറക്കത്തിലാണ്...

നമ്മള് അപ്പോ തന്നെ നമ്മളെ കോന്തന്റെ അടുത്തേക്ക് നീങ്ങി ഇരുന്നിട്ട് ഓന്റെ മുഖത്തേക്ക് നോക്കി കൊണ്ടിരുന്നു...

നമ്മള് പതിയെ ഓന്റെ മുഖത്തിന്റെ അടുത്തേക്ക് ചെന്ന് ഓന്റെ മീശ പിടിച്ച് തിരിച്ചിട്ട് ആ ലുക്ക് നമ്മളെ ക്യാമറയിൽ പകർത്തി... പക്ഷെ ഫ്ലാഷ് മുഖത്തേക്ക് അടിച്ചപ്പോ ഓൻ പെട്ടെന്ന് കണ്ണ് തിരുമ്മി....നമ്മള് അപ്പോ തന്നെ ഫോൺപോത്തി പിടിച്ച് സീറ്റിൽ ഇരുന്നിട്ട് ഉറങ്ങിയ പോലെ കിടന്നു...

ഓൻ കണ്ണ് തുറന്നിട്ട് നമ്മളെയും എല്ലാവരെയും ഒന്ന് നോക്കിയിട്ട് വീണ്ടും കണ്ണ് തിരുമ്മി... പാവം ശരിക്കും ഉറങ്ങായിരുന്നു... എന്നിട്ട് ഓൻ നമ്മളെ നേരെ തിരിഞ്ഞ് ഇരുന്നിട്ട് നമ്മളെ പതിയെ ഐഷു എന്ന് ഒരു മൂന്നാല് തവണ വിളിച്ചു...

നമ്മള് ഉറങ്ങിയോ എന്ന് ഓൻ ടെസ്റ്റ് ചെയ്യാണെന്ന് മനസ്സിലായപ്പോ നമ്മള് ഒന്നും മിണ്ടാതെ അങ്ങനെ

ഉറങ്ങിയ പോലെ ഇരുന്നു...

ഓൻ എന്താ ചെയ്യാൻ പോകുന്നതെന്ന് നമ്മകൊന്ന് അറിയണല്ലോ....

ഓൻ പതിയെ നമ്മളെ അടുത്തേക്ക് നീങ്ങി ഇരുന്നിട്ട് നമ്മളെ മുഖത്തേക്ക് തന്നെ നോക്കി ഇരിക്കാൻ തുടങ്ങി... നമ്മള് ചെയ്ത അതെ പോലെ... ഇതൊക്കെ നമ്മള് ഇടങ്കണ്ണിട്ട് നോക്കിയപ്പോ കണ്ടതായോണ്ട് ഓൻ ഇനി നമ്മള് നോക്കുന്നത് കാണോ എന്ന് കരുതി ഉണരുന്ന പോലെ പതിയെ കണ്ണ് തുറക്കാൻ നിന്നതും ഓൻ വേഗം സീറ്റിലേക്ക് ചാഞ്ഞ് കിടന്നു...

അത് കണ്ടതും നമ്മക്ക് ചിരി പൊട്ടി വന്നു... നമ്മള് വേഗം മുഖം വിൻഡോയുടെ നേരെ തിരിച്ചിട്ട് വാ പൊത്തി പിടിച്ച് ചിരിച്ചു.... എന്നിട്ട് ഓൻ ഉറങ്ങുന്നത് വരെ ആകാശത്തേക്ക് നോക്കി കൊണ്ട് അവിടെ ഉള്ള നക്ഷത്രത്തെയൊക്കെ എണ്ണി കൊണ്ടിരുന്നു...

ഇടക്കിടക്ക് ഉറക്കം തൂങ്ങുന്നുണ്ടെങ്കിലും പെട്ടെന്ന് ഞെട്ടി എണീക്കും... അങ്ങനെ കുറച്ച് കഴിഞ്ഞപ്പോ നമ്മള് വീണ്ടും ആദിന്റെ ഭാഗത്തേക്ക് നീങ്ങി ഇരുന്നിട്ട്

ഓൻ ഉറങ്ങിയെന്ന് ഉറപ്പ് വരുത്തി....

എന്നിട്ട് ഓന്റെ പോക്കറ്റിൽ നിന്നും പതിയെ ഓന്റെ ഫോൺ എടുത്തിട്ട് അത് തുറന്നു.... ഭാഗ്യത്തിന് ഫിംഗർ പ്രിന്റായിരുന്നു ലോക്ക്.... അതോണ്ട് നല്ല ഈസി ആയിട്ട് തന്നെ ഓന്റെ വിരല് പതിപ്പിച്ച് നമ്മള് ലോക്ക് തുറന്നു...

എന്നിട്ട് ആദ്യം തന്നെ ഗാലറിയിൽ ചെന്ന് നമ്മളെ പേടിച്ച് വിറച്ച് നിൽക്കുന്ന വീഡിയോ എടുത്ത് ഡിലീറ്റ് ആക്കിയിട്ട് വെറുതെ അതിലെ ഓരോ ഫോട്ടോസും നോക്കി കൊണ്ടിരുന്നു...

My life എന്ന ഒരു ഫോൾഡറിൽ മൊത്തം നമ്മളെ ഫോട്ടോസ് പല പോസിൽ നിന്നിട്ടുള്ളതും അതിലുണ്ടായിരുന്നു... അതും നമ്മള് പോലും അറിയാതെ എടുത്ത നൂറ് കണക്കിന് ഫോട്ടോസ്... നമ്മള് അതൊക്കെ സെലക്ട് ചെയ്തിട്ട് ഡിലീറ്റ് ചെയ്യാൻ വേണ്ടി നിന്നെങ്കിലും പിന്നെ എന്തോ മനസ്സ് അതിന് അനുവദിച്ചില്ല...

അതോണ്ട് ഫോൺ തിരിച്ച് ഓന്റെ പോക്കറ്റിൽ തന്നെ

വെച്ച് ഓന്റെ മുഖത്തേക്കും നോക്കി ഇരുന്നു.

എന്നിട്ട് നമ്മള് മെല്ലെ ഓന്റെ നെഞ്ചിൽ നമ്മളെ തല ചായിച്ചിട്ട് ഓന്റെ ഹാർട്ട് ബീറ്റും കേട്ട് കിടന്നു...

ഓന്റെ ഓരോ ഹൃദയമിടിപ്പും നമ്മളെ കാതിൽ വന്ന് പതിച്ചപ്പോ നമ്മളെ കണ്ണ് അറിയാതെ ഈറനണിഞ്ഞു... ഈ ഒരു നിമിഷത്തിന് വേണ്ടി കൊതിച്ചിരുന്ന നാളുകളെ ഓർത്ത് എനിക്ക് കരച്ചില് അടക്കാൻ പറ്റിയില്ല... നമ്മള് ഓന്റെ നെഞ്ചില് ഒരുമ്മ കൊടുത്തിട്ട് വേഗം തിരിഞ്ഞ് വിൻഡോയിലേക്ക് തല ചായിച്ചിട്ട് കണ്ണ് തുടച്ചു...

പഴയതൊക്കെ വീണ്ടും ഓർമ്മയിൽ വന്ന് പതിഞ്ഞപ്പോ നമ്മള് അറിയാതെ തന്നെ കണ്ണ് നിറഞ്ഞ് പോയി... ഒരിക്കലും അതൊന്നും മനസ്സിൽ നിന്നും മാഞ്ഞു പോകില്ലെന്ന സത്യം നമ്മള് മനസ്സിലാക്കി....

പിന്നെ എപ്പോഴോ കരഞ്ഞ് തളർന്ന് നമ്മള് ഉറങ്ങി പോയി....

കണ്ണ് തുറന്ന് നോക്കുമ്പോ നമ്മളെ കോന്തനുണ്ട്

നമ്മളെ നോക്കി ഇളിച്ചോണ്ട് ഇരിക്കുന്നു... കാര്യം അറിയാതെ നമ്മള് ഓനെ തന്നെ മിഴിച്ച് നോക്കിയപ്പോഴാ കാര്യം മനസ്സിലായത്...

നമ്മളിപ്പോ കിടക്കുന്നത് ഓന്റെ നെഞ്ചത്ത് തല ചായിച്ചാണ്... അപ്പോ തന്നെ നമ്മള് ഓനിൽ നിന്നും വിട്ട് ഇരുന്ന് നമ്മള് എപ്പോഴാ ഓന്റെ തോളില് കിടന്നതെന്ന് ആലോചിച്ച് തലയിൽ കൈ വെച്ചു...

അപ്പോഴുണ്ട് നമ്മളെ കയ്യിലിരുന്ന് എന്തോ തൂങ്ങി കളിക്കുന്നു... എന്താണെന്ന് സൂക്ഷിച്ച് നോക്കിയപ്പോ ഒരു ഗോൾഡൻ കൈചെയ്ൻ നമ്മളെ കയ്യിൽ കിടപ്പുണ്ട്... അതില് ആദി വലിച്ചെറിഞ്ഞ സമീർക്ക നമ്മളെ വിരലിലണിഞ്ഞ ആ മോതിരം കോർത്ത് വെച്ചിട്ടുണ്ട്....

അത് കണ്ടതും നമ്മള് ഞെട്ടി തിരിഞ്ഞ് ആദിയെ നോക്കിയപ്പോ ഓൻ നമ്മളെ നോക്കി സൈറ്റടിച്ചിട്ട് നമ്മളെ അടുത്തേക്ക് നീങ്ങി ഇരുന്നു....

"എങ്ങനെയുണ്ട് എന്റെ സമ്മാനം...? കൊള്ളാമോ...?

അന്ന് ഞാൻ ഈ മോതിരം വലിച്ചെറിഞ്ഞതോണ്ടല്ലേ നിന്റെ കൈ എന്റെ മുഖത്ത് പതിഞ്ഞത്...?

അപ്പോ ഞാനും കരുതി ഇനി എന്ത് തുടങ്ങാണെങ്കിലും അത് ഇതിൽ നിന്നും തുടങ്ങട്ടെ എന്ന്...."

എന്ന് ഓൻ പറഞ്ഞ് ചിരിച്ചപ്പോ നമ്മള് അത് കയ്യിൽ നിന്നും ഊരാൻ വേണ്ടി കിണഞ്ഞ് പരിശ്രമിക്കായിരുന്നു... ഇത് ഒരു സാധാരണ കൈചെയ്ൻ പോലെയല്ല... ഇതില് കൊളുത്തിന് പകരം ഒരു ചെറിയ സ്വർണ്ണത്തിന്റെ പൂട്ടാണുള്ളത്... പോരാത്തതിന് ആ ചെയ്നിന് നല്ല ഉറപ്പും ഉണ്ട്.... അത് എത്ര വലിച്ചിട്ടും പൊട്ടുന്നില്ല...

"ഹ...ഹ...ഹ... നീ എത്രയൊക്കെ കിണഞ്ഞ് പരിശ്രമിച്ചാലും എന്തൊക്കെ ചെയ്താലും അത് നിന്റെ കയ്യിൽ നിന്നും അത്ര പെട്ടെന്ന് പൊട്ടി പോകില്ല.... കാരണം, അത് എനിക്ക് നിന്നോടുള്ള സ്നേഹത്തെ പോലെയാണ് അതിന് അത്രക്ക് ബലം കാണും...

അത് തുറക്കാനെ എന്നെ കൊണ്ട് മാത്രേ സാധിക്കൂ.... അതും ഈ ചാവി കൊണ്ട്...."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ നേരെ ഒരു ചെറിയ ഗോൾഡൻ ചാവി നീട്ടി... നമ്മളത് അപ്പോ തന്നെ ഓന്റെ കയ്യിൽ നിന്നും വാങ്ങാൻ നിന്നതും ഓൻ കൈ മടക്കി പിടിച്ചു...

"നോ...നോ... അത് തുറക്കാനുള്ള സമയമായിട്ടില്ലല്ലോ ഐഷു...."

"ഇനി ഇത് തുറക്കാൻ നേരവും കാലവുമൊക്കെ നോക്കണോ...? നിന്ന് പ്രസംഗിക്കാൻ നിക്കാതെ ഇത് തുറക്കുന്നുണ്ടോ അതോ ഞാൻ തന്നെ ഇത് പൊട്ടിക്കണോ...?"

"ഹ...ഹ...ഹ... ഇത് നല്ല കഥ .... നിന്നോടല്ലേടി പോത്തെ ഞാൻ പറഞ്ഞത് ഇത് നിന്റെ കയ്യീന്ന് ഊരണമെങ്കിൽ അതിന് ഈ ചാവി വേണമെന്ന്...."

"എന്നാ പിന്നെ ഇതൊന്ന് തുറന്ന് താ...."

"കൂൾ ഐഷു കൂൾ.... നീ ഇങ്ങനെ ഹോട്ടാകല്ലേ... നമുക്ക് പരിഹാരമുണ്ടാക്കാം.... നിനക്ക് ഇപ്പോ എന്താ വേണ്ടേ...? ഇത് നിന്റെ കയ്യീന്ന് ഊരണം അത്രേ അല്ലെയുള്ളൂ... ഊറി തരാം....

പക്ഷെ, അതിന് മുമ്പ് എനിക്ക് പറയാനുള്ളത് കേട്ടിട്ട് ഇത് ഊരാം..."

"ഇനി എന്ത് കുന്താ പറയാനുള്ളെ...? എന്താന്ന് വെച്ചാ വേഗം പറഞ്ഞ് തൊലച്ചിട്ട് ഇതൊന്ന് അഴിക്ക്...."

അപ്പോ ഓൻ ഒരു കള്ളച്ചിരിയോടെ പറയുന്നത് കേട്ടതും നമ്മളെ കിളിയൊക്കെ പറന്ന് പോയി....

"നിന്റെ കയ്യിൽ നിന്നും ഈ ചെയിൻ എന്ന് അഴിഞ്ഞ് പോകുന്നോ അന്ന് നമ്മുടെ കല്യാണമായിരിക്കും...."

" *വാട്ട്....?* "

"Yes darling.... സ്വമേധയാ ഞാൻ തന്നെ ഇത് നിന്റെ കയ്യീന്ന് അഴിക്കാണെങ്കിലും ശരി അല്ലെങ്കിൽ ഏതെങ്കിലും വിധേന നീ ഇത് പൊട്ടിച്ചാലും ശരി അന്ന് നമ്മുടെ കല്യാണമായിരിക്കും....

ഇനി പറ നിനക്കിത് അഴിക്കണോ...? വേണെങ്കിൽ പറഞ്ഞാൽ മതി ഞാൻ റെഡിയാ...."

എന്ന് പറഞ്ഞ് ഓൻ നമ്മളെ കൈ പിടിച്ച് ആ പൂട്ട് തുറക്കാൻ നിന്നതും നമ്മള് അപ്പോ തന്നെ കൈ പിൻവലിച്ചിട്ട് വേണ്ടാന്ന് തലയാട്ടി.... അപ്പോ ഓൻ വീണ്ടും ഒരു കള്ളച്ചിരി പാസാക്കി കൊണ്ട് നമ്മളെ നോക്കി....

"ഇത് എത്രകാലം നിന്റെ കയ്യിലിരിക്കുന്നോ അത്രത്തോളം നിനക്ക് എന്നെ ഇഷ്ടമാണെന്നാണ് അർത്ഥം.... അപ്പോ നീയിത് തുറക്കാൻ സമ്മതിക്കാത്തത് എന്നോട് അത്രക്ക് സ്നേഹം ഉണ്ടായിട്ടല്ലേ...?"

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മക്ക് നേരെ അടുത്ത ട്വിസ്റ്റും കൊണ്ട് വന്നപ്പോ നമ്മളെ കാറ്റ് പോകാറായ പോലെ തോന്നി.....

നമ്മള് അപ്പോ തന്നെ അല്ലാന്ന് തലയായിട്ട് അത് അഴിക്കാൻ ആയിട്ട് ഓന്റെ നേരെ കൈ നീട്ടി...

"എനിക്ക് നിന്നോട് ഒരു സ്നേഹവുമില്ല ഒരു കുന്ത്രാണ്ടവുമില്ല... ഇത് തുറക്ക്..."

"അപ്പോ നിനക്ക് എന്നോട് സ്നേഹമില്ല അപ്പോ എന്നെ കല്യാണം കഴിക്കണമല്ലേ...?

ആ എന്നാ പിന്നെ അങ്ങനെ എങ്കിൽ അങ്ങനെ...."

എന്ന് ഓൻ പറഞ്ഞപ്പോ നമ്മള് വീണ്ടും കൈ പിൻവലിച്ചു....

"അപ്പോ നിനക്ക് എന്നെ ഇഷ്ടമാണല്ലേ....? കൊച്ചു കള്ളി.... ഇത്രെയും കാലം അത് ഒളിപ്പിച്ച്

വെച്ചതാണല്ലേ..."

ഓൻ ചിരിച്ചോണ്ട് പറയുന്ന ഓരോന്ന് കേട്ട് നമ്മള് അന്തം വിട്ട് ഓനെ നോക്കി ഇരുന്നു... ഇതിപ്പോ ഒരുമാതിരി നെല്ലിക്കന്റെ അവസ്ഥ ആയി പോയി നമ്മക്ക്....

കയിച്ചിട്ട് ഇറക്കാനും വയ്യാ മധുരിച്ചിട്ട് തുപ്പാനും വയ്യാന്ന് പറഞ്ഞ അവസ്ഥ.... ഈ കോന്തൻ നമ്മളെ നന്നായിട്ട് പെടുത്തി....

നമ്മക്ക് ഓനെ ഇഷ്ടാണെന്നുള്ളത് സത്യാ.... പക്ഷെ അത് ഇപ്പോ പറഞ്ഞാൽ ആ കോന്തൻ പറയും രണ്ടാമത്തെ ചലഞ്ചിലും ഓനാണ് ജയിച്ചതെന്ന്... പിന്നെ അത് മതി നമ്മളെ സ്വസ്ഥത പോകാൻ...

അതോണ്ട് എന്ത് വന്നാലും ശരി വീട്ടിൽ എത്തുന്ന വരെ ഓനോട് ഇതിനെ കുറിച്ച് ഒന്നും മിണ്ടാൻ പോകുന്നില്ലെന്ന് നമ്മള് തീരുമാനിച്ച് കഴിഞ്ഞു....

"ഐഷു.... നിനക്ക് എന്നോട് പിണക്കമൊണെന്ന് അറിയാം... അത് എന്തിനാണെന്നും അറിയാം...."

എന്ന് ഓൻ കുറച്ച് ഗൗരവത്തോടെ പറഞ്ഞിട്ട് ഓന്റെ കൈ നമ്മളെ നേരെ നീട്ടി... അതില് നമ്മള് ഓന് കൊടുത്ത വാച്ച് ഓൻ കെട്ടിയിട്ടുണ്ട്... അത് കണ്ടപ്പോ നമ്മളെ കണ്ണിനെ നമ്മക്ക് തന്നെ വിശ്വസിക്കാൻ കഴിഞ്ഞില്ല... നമ്മള് ആ വാച്ചിലേക്ക് ഉറ്റു നോക്കി കൊണ്ട് ആദിന്റെ മുഖത്തേക്ക് നോക്കി...

"ഇത് നീ എനിക്ക് തന്നപോ ഞാൻ നിന്നെ പരിഹസിച്ച് ചിരിച്ചിട്ട് ഇപ്പോ എന്തിനാ ഇത് കയ്യിൽ കെട്ടിയതെന്നാണോ നീ ചിന്തിക്കുന്നെ...?

നീ എനിക്ക് വേണ്ടി ഒരു മൊട്ടുസൂചി തന്നാൽ പോലും അത് സന്തോഷത്തോടെ ഞാൻ വാങ്ങും.... പിന്നെ അപ്പോ അങ്ങനെ കളിയാക്കിയത് എന്തിനാന്ന് വെച്ചാല് ദേഷ്യം വരുമ്പോഴുള്ള നിന്റെ ഭാവം കാണാൻ വേണ്ടിയാ.... എന്താന്ന് അറീല എനിക്കത് കാണുന്നത് ഭയങ്കര ഇഷ്ട്ടാ.... അതാ ഞാൻ അപ്പോ നിന്നെ അങ്ങനെ കളിയാക്കിയത്....

അല്ലാതെ നീ തന്ന ഗിഫ്റ്റിനെ ഞാൻ ഒരിക്കലും

പരിഹസിക്കില്ലല്ലോ ഐഷു...."

എന്ന് ആദി പറഞ്ഞപ്പോ നമ്മളെ കണ്ണ് സന്തോഷം കൊണ്ട് നിറയോ എന്ന് സംശയായി...സത്യം പറഞ്ഞാൽ നമ്മക്ക് ഓനെ കെട്ടി പിടിക്കാനൊക്കെ തോന്നി പോയി... പക്ഷെ, നമ്മളെ വികാരങ്ങളെയൊക്കെ അടക്കി വെക്കുന്നതാണ് ഇപ്പോ നമ്മേക്ക് നല്ലതെന്ന് തോന്നിയതോണ്ട് നമ്മള് ഒന്നും മിണ്ടാതെ തലയും താഴ്ത്തി ആ കൈചെയ്നിലേക്ക് നോട്ടമെറിഞ്ഞു....

"എല്ലാവരും എണീറ്റ് തുടങ്ങിയിട്ടുണ്ട്.... നമ്മളിനി കൂടി പോയാൽ ഒരു അര മണിക്കൂറിനുള്ളിൽ നാട്ടിലെത്തും....

പക്ഷെ, അതിന് മുന്നേ ഞാൻ ഇറങ്ങും... ഇവിടന്ന് ഒരു രണ്ട് കിലോമീറ്റർ മാറി ഞങ്ങളെ കാത്ത് ഞങ്ങളെ കാർ നിൽപ്പുണ്ട്... അതോണ്ട് കോളേജ് വരെ ഞാൻ ഉണ്ടാകില്ല...."

ഓൻ പറയുന്നത് കേട്ടപ്പോ നമ്മള് ഓന്റെ മുഖത്തേക്ക് നോക്കി നെറ്റി ചുളിച്ചു... അപ്പോ ഒരു ചെറുപുഞ്ചിരി

തൂകി കൊണ്ട് ആദി നമ്മളെ നോക്കി....

"എന്തിനാ ഞങ്ങള് ഇവിടെ ഇറങ്ങുന്നതെന്നാകും നീ നോക്കുന്നതിന്റെ പൊരുള് അല്ലെ...?

എന്റെ ഉപ്പച്ചിന്റെ ബെസ്റ്റ് ഫ്രണ്ടിന്റെ മോളെ കല്യാണമാണ് ഇന്ന്... അതോണ്ട് ഞങ്ങക്ക് അതിന് പോയെ പറ്റൂ....

സത്യത്തിൽ നമ്മള് ഇന്നലെ തന്നെ നാട്ടിൽ എത്തേണ്ടതാണ്... പക്ഷെ, ആ ഹാർത്താല് കാരണം നമ്മള് ഇന്നാണ് എത്തുന്നത്....

ഇന്നത്തെ ഈ പരിപാടിയിൽ എനിക്ക് പങ്കെടുക്കാതെ പറ്റില്ല... അത് കൊണ്ടാണ് നമ്മളെ ക്യാമ്പിന്റെ തീയതി പോലും മാറ്റി ഇന്നലെ വരുന്നതാക്കി മാറ്റിയത്....

എന്തായാലും നാട്ടിലെത്തി തിരിച്ച് ഇങ്ങോട്ട് വരുമ്പോഴേക്കും ഒരുപാട് ലേറ്റ് ആകും... അതോണ്ട് ഞങ്ങളെ കൊണ്ട് പോകാൻ കാർ വരും....

ഇപ്പോ നമ്മള് തമ്മിൽ പിരിഞ്ഞാൽ പിന്നെ 3 ദിവസം കഴിഞ്ഞേ നമ്മള് കാണൂ.... കാരണം ഈ കല്യാണം 3 ദിവസത്തെ ആഘോഷമാണ്.... അതോണ്ട് ചോദിക്കാണ്.... നിനക്ക് എന്നോട് വല്ലതും പറയാനുണ്ടോ...?"

നമ്മള് ഒന്നും മിണ്ടാതെ തല താഴ്ത്തി ഇരുന്നു... അപ്പോ ആദി നമ്മളെ കൈ പിടിച്ച് ഓന്റെ കൈക്കുള്ളിൽ ആക്കി വെച്ചപ്പോ നമ്മള് ഓനെ ഒന്ന് നോക്കി...

"നിനക്ക് ഇനി ഒന്നും പറയാനില്ലേലും എനിക്ക് പറയാനുള്ളത് ഞാൻ പറയാം.... നീ എനിക്കായി പിറന്നവളാ.... അതോണ്ട് നീ എത്ര തന്നെ എന്നോട് അകൽച്ചയും വെറുപ്പും കാണിച്ചാലും അതൊക്കെ ഒരു ദിവസം അലിഞ്ഞ് ഇല്ലാതാകുന്ന കാലം വരും.... അന്ന് നിന്നെയും കാത്ത് ഞാനുണ്ടാകും ഈ ലോകത്തിന്റെ ഏതേലും കോണിൽ....

അങ്ങനെ രണ്ടാമത്തെ ചലഞ്ചിൽ നീ ജയിച്ചു.... ഈ ചലഞ്ചിലും ഞാനാകും ജയിക്കുക എന്ന ഒരു വിശ്വാസം ഉണ്ടായിരുന്നു....

പക്ഷെ, അതിനേക്കാൾ ഒക്കെ എത്രയോ വലുതാണ് നിനക്ക് എന്നോടുള്ള സമീപനമെന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്... എന്നാലും നീ എന്റെ ഉള്ളിൽ ഉണ്ടാകും എന്നും....

ഞങ്ങക്ക് ഇറങ്ങാനുള്ള സ്ഥലം എത്താറായി... any way congrats.... രണ്ടാമത്തെ ചലഞ്ചിൽ ജയിച്ചതിന്..."

എന്നൊക്കെ പറഞ്ഞ് ഓൻ നമ്മളെ കയ്യ് പിടിച്ച് കുലുക്കിയിട്ട് വിട്ടപ്പോ നമ്മക്ക് കരച്ചില് വന്നു... നമ്മക്ക് ഓനോട് ഇപ്പോ തന്നെ ഇഷ്ടം തുറന്ന് പറയണമെന്ന് തോന്നി... പക്ഷെ, കഴിഞ്ഞില്ല....

അങ്ങനെ അവർക്ക് ഇറങ്ങേണ്ട സ്ഥലം എത്തിയതും ആദി സീറ്റിൽ നിന്നും ഇറങ്ങിയിട്ട് ഓന്റെ ബാഗൊക്കെ എടുത്തു.... ഓന്റെ കൂടെ അപ്പോ സൽമയും പോകുന്നുണ്ടെന്ന് നമ്മള് അപ്പോഴാണ് ശ്രദ്ധിച്ചത്...

ആദി ബാഗ് എടുത്തിട്ട് നമ്മളെ കുരാമീസിനോടും

ബ്രദേഴ്സിനോടും യാത്ര പറഞ്ഞ് ഇറങ്ങാൻ നിന്നപ്പോ നമ്മളെ തിരിഞ്ഞ് നോക്കിയിട്ട് നമ്മളെ അടുത്ത് വന്നിരുന്നു....

നമ്മള് ഓനെ നോക്കാതെ തല താഴ്ത്തി ഇരുന്നു... കാരണം ഓനെ നോക്കിയിട്ട് നമ്മക്ക് എങ്ങാനും കരച്ചില് വന്നാലോ എന്ന് കരുതിയിട്ടാ....

പെട്ടെന്ന് ആദി നമ്മളെ കെട്ടി പിടിച്ചതും നമ്മള് ഷോക്കടിച്ച പോലെ അങ്ങനെ ഇരുന്നു...

"ഐ ലവ് യു ഐഷു.... ഐ മിസ്സ് യു...."

എന്ന് ഓൻ പറഞ്ഞോണ്ട് നമ്മളെ നെറ്റിയില് ഒരുമ്മ തന്ന് എണീറ്റ് പോയപ്പോ നമ്മളെ കണ്ണ് നിറഞ്ഞ് ഒഴുകി.... ഓൻ ബസിൽ നിന്നും ഇറങ്ങി പോകുന്ന വരെ നമ്മളെ ഒരു തവണ പോലും ഓൻ തിരിഞ്ഞു നോക്കിയില്ല... ചെലപ്പോ ഓനും നമ്മളെ പോലെ കരച്ചില് വന്ന് കാണും...

ഓൻ ബസീന്ന് ഇറങ്ങി നമ്മള് ഇരിക്കുന്ന സീറ്റിന്റെ

അവിടെ വന്ന് നിന്നപോ നമ്മക്ക് ഓനെ തിരിഞ്ഞ് നോക്കാൻ തോന്നിയെങ്കിലും നമ്മള് തല താഴ്ത്തി അങ്ങനെ ഇരുന്നു... എന്നിട്ട് ഓൻ കാണാതെ കണ്ണ് തുടച്ചിട്ട് ആ കൈചെയ്‌നിലെ മോതിരം പിടിച്ച് നെടുവീർപ്പിട്ടു....

★★★★★★★★★★★★★★★★★★★

ഐഷു നമ്മളെ ഒരു തവണ എങ്കിലും തിരിഞ്ഞ് നോക്കും എന്ന പ്രതീക്ഷയോടെയാണ് നമ്മള് അവിടെ നിന്ന് ഓളെ നോക്കിയത്... പക്ഷെ, ഓള് നോക്കിയില്ല....

ബസ് സ്റ്റാർട്ടാക്കിയതും പെട്ടെന്ന് ഓള് തല ഉയർത്തി മുന്നിലേക്ക് നോക്കിയിട്ട് നമ്മളെ ഭാഗത്തേക്ക് തിരിഞ്ഞ് നോക്കി.... നമ്മള് അപ്പോ ഓളെ നോക്കി ചിരിച്ചിട്ട് റ്റാറ്റ കാണിച്ചപ്പോ ഓളും തിരിച്ച് നമ്മളെ നോക്കി ചിരിച്ചിട്ട് സൈറ്റടിച്ച് കാണിച്ചു....

നമ്മക്ക് നമ്മളെ കണ്ണിനെ വിശ്വസിക്കാൻ കഴിഞ്ഞില്ല... നമ്മള് ഓളെ നോക്കി കൊണ്ട് അന്തം വിട്ട്

നിൽക്കുന്നത് കണ്ടപ്പോ ഓള് വാ പൊത്തി ഭയങ്കര ചിരി ആയിരുന്നു...

നമ്മള് അത് കണ്ടതും യെസ് എന്ന് പറഞ്ഞ് തുള്ളി ചാടി തിരിഞ്ഞപ്പോഴേക്കും ബസ് പോയിരുന്നു.... ഓള് ചിരിച്ചതിന്റെ പൊരുള് ഉറപ്പായിട്ടും എന്നോടുള്ള ഇഷ്ടമായിരിക്കുമെന്ന് നമ്മളെ മനസ്സ് നമ്മളോട് പറയാൻ തുടങ്ങി...

നമ്മള് സന്തോഷം കൊണ്ട് തുള്ളിച്ചാടുന്നത് കണ്ടിട്ട് ഇവിടെ ഒരുത്തി കലിപ്പില് നിൽക്കുന്നതൊന്നും വക വെക്കാതെ നമ്മള് ബാഗെടുത്ത് കാറിലിട്ടു...

പെട്ടെന്ന് പുറകിൽ നിന്നും ഒരു വലിയ പൊട്ടിത്തെറി ശബ്ദം കേട്ടതും നമ്മള് ഞെട്ടി തിരിഞ്ഞ് നോക്കി... അപ്പോ ഞങ്ങളെ ബസില് ഒരു പാണ്ടി ലോറി വന്ന് ഇടിച്ചിട്ട് ബസ് മറിഞ്ഞ് വീഴുന്ന കാഴ്ചയാണ് കണ്ടത്...

അത് കണ്ടതും എന്റെ ഹൃദയം നിലച്ച് പോയ പോലെ തോന്നി എനിക്ക്.... കണ്ണിലാകെ ഇരുട്ട് കേറുന്ന പോലെ

തോന്നിയെങ്കിലും ഒരു ഓട്ടമായിരുന്നു ബസിന്റെ അടുത്തേക്ക്....

ബസ് ആകെ തകർന്ന് തരിപ്പണമായി തല കീഴായിട്ടാണ് നിൽക്കുന്നത്.... എന്ത് ചെയ്യണമെന്ന് അറിയാതെ എന്റെ തലയൊക്കെ കൂടി പെരുത്ത് വന്നു.... ഞാൻ എന്തൊക്കെയോ ചെയ്ത് കൂട്ടി...

അപ്പോഴേക്കും നാട്ടുകാരൊക്കെ കൂടി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടപ്പോ ഞാനും കൂടി ആരെയൊക്കെയോ എടുത്ത് പുറത്തേക്ക് കൊണ്ട് വന്നു.... ആംബുലൻസൊക്കെ ചീറി പാഞ്ഞ് സംഭവ സ്ഥലത്ത് എത്തി...

അപ്പോഴാണ് ചോരയിൽ കുളിച്ച ഒരു കൈ ബസില് നിന്നും പുറത്തേക്ക് വീണ് കിടക്കുന്നത് കണ്ടത്....

അത് ഐഷു ആണെന്ന് ആ കയ്യിലെ കൈചെയ്ൻ കണ്ടപ്പോ നമ്മക്ക് മനസ്സിലായി... ഞാൻ ഓടി ചെന്ന് ഐഷു എന്ന് വിളിച്ച് ഓളെ ബസിൽ നിന്നും പുറത്തേക്ക് വലിച്ചു...

എന്റെ പെണ്ണിന്റെ കോലം കണ്ടതും നമ്മള് പൊട്ടിക്കരഞ്ഞു.... ചോരയിൽ കുളിച്ച് കിടക്കുന്ന ഓളെ മുഖം കോരിയെടുത്ത് ഐഷു എന്ന് അലറി കരഞ്ഞു....

"ഐഷു....ഐഷു...കണ്ണ് തുറക്ക് ഐഷു.... ഐഷു.... നിന്റെ ആദിയാ വിളിക്കുന്നത് ഐഷു....പ്ലീസ് ഐഷു കണ്ണ് തുറക്ക് ഐഷു.... എനിക്ക് വേണ്ടി കണ്ണ് തുറക്ക് ഐഷു...

ഐഷു...... "

എന്ന് അലറി വിളിച്ചോണ്ട് ഓളെ എന്റെ നെഞ്ചോട് ചേർത്ത് വെച്ചപ്പോ ഓളെ കൈ പെട്ടെന്ന് ചലിച്ചത് നമ്മള് കണ്ടു....

"ഐഷു...ഐഷു..."

എന്ന് വിളിച്ച് ഓളെ കവിളില് തട്ടി വിളിച്ചപ്പോ ഓള് പതിയെ കണ്ണ് തുറന്ന് നമ്മളെ നോക്കി.... നമ്മക്ക്

അപ്പോ കരച്ചിലും സന്തോഷവും വന്നിട്ട് എന്ത് ചെയ്യണമെന്ന് അറിയാത്ത അവസ്ഥ....

അപ്പോഴാണ് ഐഷു നമ്മളോട് എന്തോ പറയാൻ വേണ്ടി ശ്രമിക്കുന്നത് ഞാൻ ശ്രദ്ധിച്ചത്...

"ഐഷു...... എന്താ....എന്താടാ...."

"ആ.....ആ....ആ.....ദി..... ഞാ....ഞാ...ൻ.... മ..രി..ച്ച്...പോ..കും..."

"എന്തൊക്കെയാടി നീ ഈ പറയുന്നേ...? അങ്ങനെയങ്ങ് നിന്നെ പോകാൻ ഞാൻ അനുവദിക്കോ.... ഇനിയങ്ങനെ പറഞ്ഞാൽ നിന്നെ ഞാൻ കൊല്ലും....

വാ...ഹോസ്പിറ്റലിൽ പോകാം....നിനക്ക് ഒന്നും സംഭവിക്കാൻ ഈ ആദി ജീവനോടെ ഉള്ളിടത്തോളം കാലം സമ്മതിക്കില്ല...."

"ആ....ദി... എനി..ക്ക്... ഒ..രു കാ..ര്യം... നി..ന്നോ..ട്...

പറ..യണം...ഐ....എ..നിക്ക്....നി..ന്നെ....ഇ....."

എന്ന് പറഞ്ഞ് ഓൾക്ക് പറയാനുള്ളത് പൂർണ്ണമാക്കാൻ കഴിയാതെ ഓള് നിശ്ചലമായി കൊണ്ട് എന്റെ കൈകളിലേക്ക് വീണു... *ഐഷു* ....എന്ന് അലറി കരഞ്ഞോണ്ട് ഓളെ നെഞ്ചോട് ചേർത്ത് പിടിച്ച് ഓളെ എടുത്ത് കാറിന്റെ അടുത്തേക്ക് നടന്നു....

എന്നിട്ട് ഓളെ കാറിൽ കിടത്തിയിട്ട് നമ്മളും കാറിൽ കേറാൻ നിന്നപോ സൽ മ നമ്മളെ കൈ പിടിച്ച് തടുത്തു....

"ആദി നീ ഇത് എന്തിനുള്ള പുറപ്പാടാ.... അവള് ചാകുന്നെങ്കിൽ ചാകട്ടെ അതിന് നിനക്കെന്താ..."

" *ഡി...* "

എന്ന് അലറി കൊണ്ട് ഓളെ കഴുത്തിന് പിടിച്ച് തള്ളി കൊണ്ട് ഓളെ നേരെ വിരല് ചൂണ്ടി...

"അവളെന്റെ ജീവനാ... അവൾക്ക് എന്തേലും സംഭവിച്ചാൽ പിന്നെ ഈ ആദിയെ ആരും ജീവനോടെ കാണില്ല...."

എന്ന് പറഞ്ഞ് എങ്ങോട്ടെന്നില്ലാതെ കാർ പറപ്പിച്ച് വിട്ടു... അപ്പോഴൊക്കെ ഐഷു എന്ന് ഇടക്കിടക്ക് വിളിച്ച് ഓളെ ഉണർത്താൻ നോക്കിയെങ്കിലും ഓള് പിന്നെ കണ്ണ് തുറന്നില്ല...

കണ്ണ് നിറഞ്ഞൊഴുകിയിട്ട് ആണെങ്കിൽ കാഴ്ചകളൊക്കെ മങ്ങിയാണ് കാണുന്നത്... എങ്ങനെയൊക്കെയോ അവളെയും കൊണ്ട് ഹോസ്പിറ്റലിലേക്ക് എത്തിയപ്പോ നമ്മളെ പിറകെ രണ്ട് ആംബുലൻസിൽ അച്ചുവിനെയും സനയെയും നിസൂനെയും ഒക്കെ കൊണ്ട് വന്നിരുന്നു....

പിന്നെ അവളെയും കൊണ്ട് ഒരോട്ടമായിരുന്നു അകത്തേക്ക്...

"ഡോക്ടർ.....ഡോക്റ്റർ....ഹെല്പ്......."

എന്ന് നമ്മള് വിളിച്ച് കൂവിയപ്പോ ആരൊക്കെയോ വന്ന് ഒരു സ്റ്റെയറിൽ ഐഷുവിനെ പിടിച്ച് കിടത്തിയിട്ട് ഓളെ കൊണ്ട് പോയി.... അപ്പോ ഓള് നമ്മളെ കൈ മുറുകെ പിടിച്ച് വെച്ചിരിക്കായിരുന്നു... അതോണ്ട് നമ്മളും അവരെ പിന്നാലെ ഐഷു എന്ന് പറഞ്ഞ് പോയി...

"ഐഷു....കണ്ണ് തുറക്ക് ഐഷു... നിന്റെ കോന്തൻ വിളിക്കുന്നത് നീ കേൾക്കുന്നില്ലേ...?

ഐഷു പ്ലീസ്......കണ്ണ് തുറക്ക്......"

എന്ന് പറഞ്ഞ് നമ്മള് പൊട്ടി കരഞ്ഞു.... അപ്പോഴേക്കും ഞങ്ങളെ മുന്നിലേക്ക് ഓപ്പറേഷൻ റൂമിന്റെ വാതിലുകൾ തുറക്കപ്പെട്ടു.... ഐഷുവിനെ എന്നിൽ നിന്നും അകറ്റി മാറ്റി അവളെയും കൊണ്ട് അവര് അതിനകത്തേക്ക് പോകുന്നത് നിറമിഴികളോടെ നമ്മള് നോക്കി നിന്നു....

അപ്പോ ഒരു ഡോക്ടർ അതിന്റെ അകത്തേക്ക് കേറി പോകുന്നത് കണ്ടതും നമ്മള് അവരെ തടഞ്ഞു.

"ഡോക്ടർ...ഡോക്ടർ.... അകത്ത് കിടക്കുന്നത് എന്റെ ജീവനാ ഡോക്ടർ... പ്ലീസ് ഡോക്ടർ അവൾക്കൊന്നും പറ്റാതെ ഓളെ പൂർണ്ണ സ്ഥിതിയിൽ എനിക്ക് തിരിച്ച് തരണം
ഡോക്ടര്.....ഡോക്ടർ....പ്ലീസ്....ഡോക്ടർ...ഞാൻ നിങ്ങളെ കാല് പിടിക്കാം ഡോക്ടർ...."

"ഏയ്....എന്താ ഇത്....താൻ ഇങ്ങനെ ഇമോഷൻ ആകാതെ.... ആദ്യം ഓപ്പറേഷൻ കഴിയട്ടെ എന്നിട്ട് നമുക്ക് സംസാരിക്കാം.... താൻ പ്രാർത്ഥിക്ക്...."

എന്ന് പറഞ്ഞ് ഡോക്ടർ നമ്മൾ തോളിൽ തട്ടി കൊണ്ട് അകത്തേക്ക് പോയി.... നമ്മള് പൊട്ടി കരഞ്ഞ് കൊണ്ട് അതിന്റെ മുന്നിൽ കിടന്ന് എന്തൊക്കെയോ കാണിച്ച് കൂട്ടി... ഓളെ ചോര നമ്മളെ കയ്യില് കണ്ടപ്പോ ഓള് നമ്മളെ കയിൽ കിടന്ന് പിടഞ്ഞത് നമ്മക്ക് ഓർമ്മ വന്നു....

നമ്മള് അവിടന്ന് എണീറ്റ് വാഷ്റൂമിലേക്ക് കയറിയിട്ട് കണ്ണാടിന്റെ മുന്നിൽ നിന്ന് ഒരുപാട് പൊട്ടിക്കരഞ്ഞു... നമ്മളെ ദേഹമാകെ ഓളെ ചോര പറ്റി പിടിച്ചത് കണ്ട്

എത്രയൊക്കെ അടക്കി വെക്കാൻ നോക്കിയിട്ടും പൊട്ടി കരയാതിരിക്കാൻ കഴിയുന്നില്ല....

"ഇല്ല....എന്റെ ഐഷൂന് ഒന്നും സംഭവിക്കില്ല....ഒന്നും സംഭവിക്കില്ല.... ഇതൊക്കെ അവള് അഭിനയിക്കാ.... എന്നെ പറ്റിക്കാൻ വേണ്ടി....വെറുതെ... അവൾക്ക് ഒരു കുഴപ്പവുമില്ല.... അവൾക്ക് ഒരു കുഴപ്പവുമില്ല....ഒരു കുഴപ്പവുമില്ല....ഒരു കുഴപ്പവുമില്ല...."

എന്ന് പറഞ്ഞ് നമ്മള് വീണ്ടും പൊട്ടി കരഞ്ഞ് ആ കണ്ണാടിയിലേക്ക് നോക്കിയതും നമ്മള് ആ കാഴ്ച കണ്ട് ഞെട്ടി...

നമ്മളെ ഷർട്ടിന്റെ പോക്കറ്റില് എന്തോ എഴുതി വെച്ചത് ഐഷുന്റെ ചോര പതിഞ്ഞപ്പോ നമ്മള് കണ്ടു...

നമ്മള് അപ്പോ തന്നെ ഷർട്ടിലേക്ക് നോക്കി അതെന്താണെന്ന് വായിച്ചതും എനിക്ക് ഭ്രാന്ത് പിടിക്കുന്ന പോലെ തോന്നി....

"ഐ ലവ് യു.....ഐ ലവ് യു....."

ഐഷു നമ്മളോട് പറയാൻ കൊതിച്ചത് ഇതാണെന്ന് അറിയാൻ നമ്മള് ഒരുപാട് വൈകി പോയി... ഓള് ഈ ഷർട്ട് നമ്മക്ക് തിരിച്ച് തന്നതിനെ കുറിച്ചൊക്കെ ആലോചിച്ചപ്പോ അപ്പോ തന്നെ നമ്മളിത് മനസ്സിലാകാതെ പോയതിനെ കുറിച്ച് ചിന്തിച്ച് വീണ്ടും അലമുറയിട്ടു....

ഇപ്പോ തന്നെ ഈ നിമിഷം തന്നെ നമ്മക്ക് ഐഷൂനെ കാണണമെന്ന് തോന്നി..നമ്മള് അവിടന്ന് ഓടി ഓപ്പറേഷൻ തീയേറ്ററിലേക്ക് പോകാൻ നിന്നതും നമ്മള് ആരെയോ ഇടിച്ചിട്ട് അയാളെയും കൊണ്ട് നിലം പതിച്ചു...

നോക്കുമ്പോ അത് സിയാദ് ആണ്.... ദേഹത്ത് വന്നിടിച്ചതിന് നമ്മളെ ശകാരിക്കുമ്പോഴാണ് ഓൻ നമ്മളെ ശ്രദ്ധിച്ചത്... ഓൻ നമ്മളെ കണ്ടതും ഒരത്ഭുതത്തോടെ നോക്കിയിട്ട് നമ്മളെ പിടിച്ച് എണീപ്പിച്ച് നിർത്തി....

"ആദി....നീയെന്താ ഇവിടെ...? നിന്റെ ദേഹത്ത് എന്താ

ചോരയൊക്കെ...? എന്താടാ....എന്താ സംഭവിച്ചേ...?"

അതിന് അവന് കൊടുക്കാൻ എന്റെ കയ്യിൽ മറുപടി ഇല്ലായിരുന്നു... ഓനെ കെട്ടിപിടിച്ച് പൊട്ടിക്കരഞ്ഞപ്പോ കാര്യം അറിയാതെ സിയാദ് നമ്മളെ പിടിച്ച് ആശ്വസിപ്പിച്ചു..

"ഡാ....നീ മനുഷ്യനെ ടെൻഷനക്കതെ എന്താ ഉണ്ടായതെന്ന് പറയെടാ.... നീ ആദ്യം ഒന്ന് ഈ കരച്ചില് നിർത്ത് ആദി....എന്നിട്ട് കാര്യം പറ..."

"സിയാദേ.... അത്....നമ്മളെ ....നമ്മളെ ഐഷു....."

"ഐഷു.....ഐഷുവിന് എന്താ....എടാ മോങ്ങാതെ കാര്യം പറയെടാ..."

നടന്നതൊക്കെ ഓനോട് എങ്ങനെയൊക്കെയോ പറഞ്ഞ് നിർത്തിയതും നമ്മളെ കോളറിൽ കേറി പിടിച്ചോണ്ട് ഓനും കരയാൻ തുടങ്ങി.... എന്നിട്ട്

നമ്മളെയും കൂട്ടി ഓപ്പറേഷൻ തീയേറ്ററിന്റെ മുന്നിലേക്ക് പോയി കതകിൽ തട്ടി...

അപ്പോ ഒരു നേഴ്സ് വാതില് തുറന്നു...

"സിസ്റ്റർ....ഞങ്ങളെ ഐഷൂന് ...ഓൾക്കിപ്പോ എങ്ങനെയുണ്ട്...."സിയാദാണ്.

"ഒന്നും പറയാൻ ആയിട്ടില്ല....ഓപ്പറേഷൻ നടന്നോണ്ടിരിക്കാണ്..."

"സിസ്റ്റർ...എനിക്ക്...എനിക്കൊന്ന് ഐഷൂനെ കാണണം ...പ്ലീസ് സിസ്റ്റർ..."

"സോറി മിസ്റ്റർ.... ഓപ്പറേഷൻ കഴിയുന്ന വരെ പേഷ്യന്റിനെ ആർക്കും കാണാൻ പറ്റില്ല...."

"സിസ്റ്റർ പ്ലീസ്...ഒരു തവണ....പ്ലീസ്..."

എന്ന് പറഞ്ഞ് നമ്മള് കെഞ്ചിയെങ്കിലും അവരത് പോലും വക വെക്കാതെ വാതിലടച്ചു... നമ്മള് പൊട്ടി കരഞ്ഞോണ്ട് നമ്മളെ നെഞ്ചില് കൈ വെച്ച് ഓള് തുന്നി പിടിപ്പിച്ച എഴുത്തിലേക്ക് നോട്ടമെറിഞ്ഞ് ചുമരിൽ ആഞ്ഞടിച്ചു....

അവളുടെ ഇഷ്ടം നമ്മള് അറിഞ്ഞിട്ട് ഓളെ ഒന്ന് നമ്മളെ നെഞ്ചോട് ചേർത്ത് വെക്കാൻ പോലും കഴിയുന്നില്ലല്ലോ എന്നോർത്ത് വീണ്ടും വീണ്ടും പൊട്ടി കരഞ്ഞു...

സിയാദ് നമ്മളെ ചേർത്ത് നിർത്തിയിട്ട് ഒന്നുമില്ലെടാ എന്ന് പറയുമ്പോഴും ഓന്റെ മിഴികളും ഈറനണിഞ്ഞിരുന്നു....

അപ്പോഴാണ് ആ സിസ്റ്റർ പുറത്തേക്ക് വന്ന് ഞങ്ങളോട് പെട്ടെന്ന് B+ve ബ്ലഡ് വേണമെന്ന് ആവശ്യപ്പെട്ടത്.... അപ്പോ തന്നെ സിയാദ് ഓന്റെ ബ്ലഡ് ഗ്രൂപ് അതാണെന്ന് പറഞ്ഞ് ഓൾക്ക് ബ്ലഡ് കൊടുക്കാൻ പോയി...

അപ്പോ നമ്മക്ക് സിയാദിനെ കണ്ടപ്പോ ഒരു ദൈവദൂതനെ പോലെയാണ് തോന്നിയത്... അല്ലെങ്കിൽ ഓനെ ഇവിടെ വെച്ച് നമ്മള് ഒരിക്കലും

കണ്ട് മുട്ടില്ലല്ലോ...

അങ്ങനെ ഓൻ ബ്ലഡ് കൊടുത്ത് നമ്മളെ അടുത്തേക്ക് വന്നതും നമ്മള് ഓനെ കെട്ടി പിടിച്ചു... ഓൻ അപ്പോ നമ്മളെ തോളിൽ തട്ടിയിട്ട് നമ്മളെ അവിടെ ഒരു സീറ്റിൽ പിടിച്ച് ഇരുത്തി...

പെട്ടെന്ന് ഒരു സൈറൺ മുഴങ്ങിയതും ഒരു നേഴ്സ് വാതില് തുറന്ന് പുറത്തേക്ക് ഒരു ഓട്ടമായിരുന്നു... എന്നിട്ട് വേറെ ഒരു ഡോക്ടറെയും വിളിച്ചോണ്ട് വന്ന് അകത്തേക്ക് കയറി വന്നു... നമ്മള് ചോദിച്ചിട്ടാണെങ്കിൽ അവരൊന്നും മിണ്ടാതെ അങ്ങോട്ട് പോയി കൊണ്ടിരുന്നു...

ഞാനും സിയാദും ടെൻഷൻ അടിച്ച് കരഞ്ഞോണ്ട് അവർ വാതില് തുറന്ന് വരുന്നതും പ്രതീക്ഷിച്ച് ഇരുന്നു... അപ്പോ തന്നെ ഒരു ഡോക്ടർ പുറത്തേക്ക് വന്ന് നമ്മളെ നോക്കി.... നമ്മള് ഓടി ചെന്ന് ആ ഡോക്ടറെ കൈ പിടിച്ചു...

"ഡോക്ടർ... അവള് ഐെഷു... അവൾക്ക് കുഴപ്പമൊന്നും ഇല്ലല്ലോ... ഡോക്ടർ... അവള് ഈ കാണുന്ന പൊട്ടി തെറിയേ ഉള്ളു പക്ഷെ ഉള്ളിൽ പാവാ... അവൾക്ക് ഈ സൂചി ഭയങ്കര പേടിയാ... അതോണ്ട് ഓളെ വേദനിപ്പിക്കാതെ ചെയ്യണേ.... ഡോക്ടർ ഓൾക്ക് കുഴപ്പമില്ലല്ലോ...ഞാൻ ഒന്ന് പോയി കണ്ടോട്ടെ..."

അയാള് മുഖത്തെ മാസ്ക് ഊരി മാറ്റിയിട്ട് നമ്മളെ ദയനീയതോടെ നോക്കി കൊണ്ട് നമ്മളെ തോളിൽ കൈ വെച്ച് തട്ടി....

"I am sorry..... ഞങ്ങൾ ഞങ്ങളെ കഴിവിന്റെ പരമാവധി ശ്രമിച്ച് നോക്കി... പക്ഷെ ഞങ്ങളെ കൊണ്ട് അവളെ കൊണ്ട് രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല...സോറി..."

" *നോ* ....."

ഡോക്ടർ പറയുന്നത് കേട്ട് നമ്മളെ സമനില തെറ്റി....

ഐഷു...ഓള്...എന്നെ വിട്ട് പോയെന്ന് നമ്മളെ കൊണ്ട് വിശ്വസിക്കാൻ കഴിയുന്നില്ല... ഐഷു ഇല്ലാത്ത എന്റെ ജീവിതം... എല്ലാം അവസാനിച്ചിരിക്കുന്നു... എല്ലാം...

(തുടരും)

ഭാഗം.96

കണ്ണിൽ എന്തൊക്കെയോ പുകപടലങ്ങൾ മൂടി കാഴ്ചയെ മറയ്ക്കുന്നു... തലയൊക്കെ പൊട്ടി ചിതറുന്ന പോലെ അത്രക്ക് വേദനിക്കുന്നു...

ബസിലേക്ക് ഒരു ലോറി വന്ന് ഇടിച്ച് തെറിപ്പിച്ചപ്പോ ആ ബസിന്റെ കൂടെ ഈ ലോകം മുഴുവൻ കറങ്ങുന്ന പോലെ തോന്നുന്നു... ഒരു നിമിഷത്തേക്ക് ആ കാഴ്ചകളൊക്കെ എന്റെ കണ്ണിലേക്ക് തുളച്ച് കേറുന്നു...

കണ്തടങ്ങളിലൂടെ ഒലിച്ചിറങ്ങുന്ന ചുടുചോരയിലും

ഞാൻ കണ്ടു ആ മുഖം.... ഇനി ഒരിക്കലും കാണാൻ സാധിക്കില്ല എന്ന സത്യം മനസ്സിലാക്കി കൊണ്ട് അവനോടെന്റെ ഇഷ്ടം തുറന്ന് പറയാൻ തുനിഞ്ഞെങ്കിലും എനിക്ക് അതിന് കഴിയാതെ എന്റെ കണ്ണുകൾ അടഞ്ഞതും അവന്റെ സ്വരം എന്റെ കാതിലേക്ക് തുളച്ച് കേറി...

"ആദി......"

നമ്മള് പെട്ടെന്ന് തന്നെ കണ്ണ് തുറന്ന് ഞെട്ടി തരിച്ച് ചുറ്റും ഒന്ന് കണ്ണോടിച്ച് കൊണ്ട് ആദി എന്ന് ഉരുവിട്ടു.... അപ്പോ തന്നെ റൂമിൽ ഉണ്ടായിരുന്ന ഒരു നേഴ്സ് ഡോക്ടർ എന്ന് വിളിച്ചു കൂവി കൊണ്ട് പുറത്തേക്ക് ഓടി പോയതും നമ്മളെ ശബ്ദം കേട്ട് പുറത്ത് നിന്ന് ഉമ്മച്ചി കരഞ്ഞോണ്ട് ഓടി വന്നു....

എന്നിട്ട് നമ്മളെ കെട്ടിപിടിച്ച് നമ്മളെ തുരുതുരെ ഉമ്മ വെച്ചു... എന്താ ഇവിടെ നടക്കുന്നതെന്ന് ഒന്നും

മനസ്സിലാകാതെ നമ്മള് ഉമ്മച്ചിനെ തന്നെ നോക്കി ഇരുന്നപ്പോ പിന്നാലെ ഉപ്പച്ചിയും വന്ന് എന്നെ നെഞ്ചോട് ചേർത്ത് വെച്ച് കരഞ്ഞു....

"മോളെ...ഫെബി... എത്ര നാളായി മോളെ നീ ഈ കിടപ്പ് തുടർന്നിട്ട്.... നിനക്ക് ഇപ്പോഴാണോ കണ്ണ് തുറക്കാൻ തോന്നിയത്...?"

"നീ ഞങ്ങളെ തീ തീറ്റിച്ച് കളഞ്ഞല്ലോ ഫെബീ...."

എന്ന് ഉമ്മച്ചിയും ഉപ്പച്ചിയും കൂടി മാറി മാറി പറയുന്നത് കേട്ട് എനിക്ക് ഒന്നും മനസ്സിലായില്ല... അവരുടെ കരച്ചിലൊക്കെ കണ്ടിട്ട് എന്തെങ്കിലുമൊക്കെ പറയണമെന്നുണ്ട് പക്ഷെ അതിനൊന്നും കഴിയുന്നില്ല....

അപ്പോ തന്നെ ഒരു ലേഡി ഡോക്ടർ റൂമിലേക്ക് കേറി വന്നിട്ട് ഉമ്മച്ചിനോടും ഉപ്പച്ചിനോടും പുറത്തേക്ക് പോകാൻ പറഞ്ഞു... അവര് പോയതും ഡോക്ടർ എന്നെ പരിശോധിക്കാൻ തുടങ്ങി... അപ്പോഴും ഇവിടെ എന്തൊക്കെയാ നടക്കുന്നതെന്ന് എനിക്ക് ഒരു എത്തും

പിടിയും കിട്ടുന്നില്ലേന്നു....

"തനിക്ക് ഇപ്പോ ഒരു കുഴപ്പവുമില്ല... you are perfectly alright now...

തന്റെ കയ്യിലെയും കാലിലെയും ബാന്റേജ് 2 ദിവസം കഴിഞ്ഞിട്ട് റിമൂവ് ചെയ്യും... അന്ന് തന്നെ തനിക്ക് ഡിസ്ചാർജും ആകാം...

ഇപ്പോ ടേക്ക് റസ്റ്റ് ഓക്കേ...?

നേഴ്സ് ഇവരെ കാര്യം പ്രതേകം ശ്രദ്ധിക്കണം... ഒരു കുറവും ഉണ്ടാകരുത്...

എന്ത് ആവശ്യമുണ്ടെങ്കിലും എന്നെ വിളിക്കാൻ മറക്കരുത്...."

എന്നൊക്കെ ആ ഡോക്ടർ അവിടെ ഉണ്ടായിരുന്ന ഒരു നഴ്സിനോട് പറഞ്ഞപ്പോ ആ നേഴ്സ് ഓക്കേ ഡോക്ടർ എന്ന് പറഞ്ഞ് എന്നെ നോക്കി ഒന്ന് പുഞ്ചിരിച്ചു... ഡോക്ടർ ഒരു പേപ്പറിൽ എന്തൊക്കെയോ കുത്തിക്കുറിച്ചിട്ട് ഇത് എന്റെ പേരെന്റ്സിന് കൊണ്ട് പോയി കൊടുത്തിട്ട് ഈ മരുന്ന് പെട്ടെന്ന് വാങ്ങി

വരാൻ പറയണമെന്ന് പറഞ്ഞ് ഡോക്ടർ പോകാൻ നിന്നതും നമ്മള് അവരെ കയ്യിൽ പിടിത്തമിട്ടു....

"ഡോക്ടർ.... എനിക്ക്... എനിക്ക് എന്താ പറ്റിയത് ഡോക്ടർ...?

ഞാൻ എങ്ങനെ ഇവിടെ എത്തി...?

നേരത്തെ ഉമ്മച്ചി എന്നോട് എന്തൊക്കെയോ പറഞ്ഞു... എനിക്ക് ഒന്നും മനസ്സിലാകുന്നില്ല ഡോക്ടർ... ഞാൻ ഇവിടെ ഇങ്ങനെ കിടക്കാണ് തുടങ്ങിയിട്ട് എത്ര ദിവസായി ഡോക്ടർ...?"

എന്താണെന്ന് അറിയില്ല ഇതൊക്കെ ഒരൊറ്റ ശ്വാസത്തിൽ ഡോക്ടറോട് ചോദിച്ചപ്പോഴേക്കും എന്റെ മിഴികളിൽ ഈറനണിഞ്ഞിരുന്നു...

ഡോക്ടർ അപ്പോ ആ നഴ്സിനെ നോക്കിയപ്പോ അവർ അവിടന്ന് പുറത്തേക്ക് ആ പേപ്പറും കൊണ്ട് പോയി... എന്നിട്ട് ഡോക്ടർ എന്റെ അടുത്ത് വന്നിരുന്നിട്ട് എന്റെ കയ്യിൽ പിടിച്ചു....

"ആയിഷ ഫെബി എന്നല്ലേ ഇയാളെ പേര്...?"

ഞാൻ അതെ എന്ന് തലയാട്ടിയപ്പോ അവരൊന്ന് പുഞ്ചിരി തൂകി...

"താൻ ഈ ഹോസ്പിറ്റലിൽ എന്റെ ട്രീറ്റ്മെന്റ് എടുക്കാൻ തുടങ്ങിയിട്ട് മൂന്ന് മാസം കഴിഞ്ഞു.... ഈ കഴിഞ്ഞ മൂന്ന് മാസവും താൻ കോമയിൽ ആയിരുന്നു..."

ഡോക്ടർ പറയുന്നത് കേട്ട് എനിക്ക് എന്ത് പറയണമെന്ന് ഒരു പിടിയും കിട്ടിയില്ല... കഴിഞ്ഞ മൂന്ന് മാസമായി ഞാൻ ഒരു ജീവച്ഛവം പോലെ കിടക്കേന്നു എന്നത് എനിക്ക് വിശ്വസിക്കാൻ പോലും കഴിയുന്നില്ല....

"ഡോക്ടർ പറയുന്നത്....ഒന്നും എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല ഡോക്ടർ... കഴിഞ്ഞ മൂന്ന് മാസം.... നോ...."

"റിലാക്സ് ഫെബി.... തനിക്ക് ഇപ്പോ ഒരു കുഴപ്പവുമില്ല... കഴിഞ്ഞ് പോയതൊക്കെ ഒരു സ്വപ്നം പോലെ കണ്ട് മറന്ന് കളഞ്ഞേക്ക്.... ഇത് തന്റെ പുനർജന്മമാണ്... ഇനിയും കഴിഞ്ഞ് പോയതിനെ കുറിച്ച് ആലോചിച്ച് കൂടുതൽ അസുഖങ്ങളൊന്നും വരുത്തി വെക്കേണ്ട... ഓക്കേ...?

ടേക്ക് റസ്റ്റ്... ഞാൻ ഇടക്ക് വരാം..."

എന്ന് പറഞ്ഞ് ആ ഡോക്ടർ പോയതും നമ്മളെ തല പൊട്ടി തെറിക്കുന്ന പോലെയുള്ള ഒരു വേദന അനുഭവപ്പെട്ടു... അന്ന് നടന്ന ആക്സിഡന്റ് എന്റെ കണ്മുന്നിലേക്ക് വീണ്ടും വന്ന് കൊണ്ടിരുന്നു.... കണ്ണിലേക്ക് പുകപടലങ്ങൾ വന്ന് കാഴ്ചയെ വീണ്ടും മറച്ചപ്പോഴും അവന്റെ മുഖം മാത്രം കണ്മുന്നിലേക്ക് തെളിഞ്ഞു വന്നു....

ആദി.....

ഞാൻ അപ്പോ തന്നെ കണ്ണ് തുറന്നു... എന്നിട്ട് എന്തൊക്കെയോ ചിന്തിച്ച് കൂട്ടി കൊണ്ട് ആ റൂമിന് ചുറ്റും ഒന്ന് കണ്ണോടിച്ചപ്പോ അവിടെയൊക്കെ

ആദിയുടെ സാമിപ്യം ഉള്ള പോലെ തോന്നി...

അന്ന് അവനോട് എന്റെ ഉള്ളിലെ ഇഷ്ടം പോലും അറിയിക്കാൻ കഴിയാതെ പോയത് വീണ്ടും വീണ്ടും മനസ്സിനെ മുറിവേല്പിച്ച് കൊണ്ടിരുന്നു.... കുറച്ച് കഴിഞ്ഞപ്പോ ആരോ വാതില് തുറന്ന് അകത്ത് വന്നതും നമ്മള് കണ്ണ് തുടച്ചിട്ട് ബെഡിൽ കിടന്ന് കണ്ണടച്ച് പിടിച്ചു...

ഉമ്മച്ചി ആയിരുന്നു അതെന്ന് നമ്മളെ വിളിച്ച് ഉണർത്താതെ നമ്മളെ തലയിൽ തലോടിയപ്പോ തന്നെ നമ്മക്ക് മനസ്സിലായി... അപ്പോഴും തലക്ക് നല്ലോണം വേദന ഉണ്ടേന്നു... പിന്നീട് എപ്പോഴോ ഞാൻ ഉറക്കിലേക്ക് വഴുതി വീണു....

കുറച്ച് കഴിഞ്ഞപ്പോ ആരുടെയൊക്കെയോ ശബ്ദം കാതിലേക്ക് വന്ന് പതിച്ചപ്പോഴാണ് നമ്മള് കണ്ണ് തുറന്നത്... അപ്പോ നമ്മളെ കൂടെ ഇരിക്കുന്ന ആളെ കണ്ടതും നമ്മള് ചാടി എണീറ്റിരുന്നു...

"അച്ചൂ...."

എന്ന് ഞാൻ പൂർത്തിയാക്കുന്നതിന് മുന്നേ തന്നെ അച്ചു കരഞ്ഞോണ്ട് നമ്മളെ കെട്ടി പിടിച്ചു.... നമ്മളും ഓളെ കണ്ട സന്തോഷത്തിൽ എന്തിനെന്നില്ലാതെ പൊട്ടി കരഞ്ഞു....

അപ്പോ ഓളെ അമ്മ വന്ന് ഓളെ തോളിൽ കൈ വെച്ചപ്പോഴാണ് അച്ചു നമ്മളിൽ നിന്നും എണീറ്റത്... എന്നിട്ട് നമ്മളെ നോക്കി കൊണ്ട് കണ്ണീരിൽ കുതിർന്ന ഒരു പുഞ്ചിരി ഓള് സമ്മാനിച്ചു...

അച്ചൂന്റെ അമ്മ നമ്മളോട് സുഖവിവരങ്ങളൊക്കെ അന്വേഷിക്കുമ്പോഴും അച്ചുവിന്റെ മുഖം സങ്കടങ്ങൾ കൊണ്ട് പൊതിഞ്ഞിരുന്നു... ഞാൻ അവളെ നോക്കുന്നുണ്ടെന്ന് കാണുമ്പോൾ മാത്രം ഓള് ചിരിക്കാൻ ശ്രമിക്കും... അവളുടെ ഈ പെരുമാറ്റം എന്നെ തെല്ലൊന്നുമല്ല ഭ്രാന്ത് പിടിപ്പിച്ചത്... അതോണ്ട് തന്നെ അവളുടെ വിഷമത്തിന്റെ കാരണം അറിയാൻ വേണ്ടി ഞാൻ അച്ചുവിനെ എന്റെ കൂടെ ഇരുത്തിച്ചു...

"എന്താടി... എന്താ നിനക്ക് പറ്റിയെ അച്ചൂ...? നിന്റെ മുഖത്ത് നല്ലോണം വിഷമമുണ്ടല്ലോ... എന്ത് പറ്റി...?"

നമ്മളെ ചോദ്യം കേട്ടപ്പോ അച്ചു നമ്മളെ നോക്കിയിട്ട് ചുറ്റുമൊന്ന് കണ്ണോടിച്ചു... അപ്പോ നമ്മളെ ഉമ്മച്ചി അടക്കം എല്ലാവരും കൂടി അച്ചുവിനെ തന്നെ ഉറ്റു നോക്കി കൊണ്ടിരിക്കായിരുന്നു...

"ഡി... അച്ചു... നീ എന്താ ഒന്നും മിണ്ടാത്തെ...?

എന്താ കാര്യമെന്ന് നീ പറയുന്നുണ്ടോ...?"

"അ... അത്... അതൊന്നും ഇല്ല ഫെബി... നിനക്ക് വെറുതെ തോന്നിയതാകും...."

എന്ന് അച്ചു പറഞ്ഞപ്പോ തന്നെ ഓള് കള്ളം പറയാണെന്ന് നമ്മക്ക് മനസ്സിലായി... പക്ഷെ നമ്മക്ക് ഇതിൽ കൂടുതൽ ഒന്നും ഓളോട് ചോദിക്കാൻ പറ്റിയില്ല അതിനുള്ളിൽ നമ്മളെ കാണാൻ നമ്മളെ കുടുംബക്കാര് വന്ന് റൂം ആകെ നിറഞ്ഞിരുന്നു...

ആ തക്കത്തിന് അച്ചു അപ്പോഴേക്കും അവിടന്ന് നമ്മളോട് ഒരു വാക്ക് പോലും പറയാതെ ഓളെ അമ്മയെയും കൊണ്ട് മുങ്ങി....

'എന്തിനാണ് അച്ചു എന്നോട് ഒരു വാക്ക് പോലും പറയാതെ ഇവിടന്ന് പോയത്..? ഓള് എന്നിൽ നിന്നും എന്തൊക്കെയോ ഒളിക്കാൻ ശ്രമിക്കുന്നുണ്ട്... എന്തായിരിക്കും അത്..? ഞാൻ കോമയിൽ നിന്നും എണീറ്റിട്ട് ഓളെ മുഖത്ത് അതിന്റെ ഒരു തരത്തിലുമുള്ള സന്തോഷമോ എനിക്ക് കാണാൻ പറ്റിയില്ല... എന്താകും അതിന് കാരണം...?

അച്ചുവിന് എന്തൊക്കെയോ വിഷമങ്ങളുണ്ട്... അതൊക്കെ എന്നോട് പറയണമെന്ന് ഓള് ആഗ്രഹിക്കുന്നു.... പക്ഷെ എന്ത് കൊണ്ടാ ഓള് ഒന്നും പറയാഞ്ഞത്...?

ഈ കഴിഞ്ഞ മൂന്ന് മാസത്തിൽ എനിക്ക് ചുറ്റും എന്തൊക്കെ കാര്യങ്ങളാ നടന്നത്...?

എന്റെ ഈ ചോദ്യങ്ങൾക്കൊക്കെ ആര് ഉത്തരം നൽകും..?'

ഇങ്ങനെയൊക്കെ ചിന്തിച്ച് കൂട്ടി കൊണ്ട് നമ്മള് ഏതോ

ലോകത്തെന്ന പോലെ വന്നവരെയൊന്ന് ശ്രദ്ധിക്ക പോലും ചെയ്യാതെ അവിടെ ഒരു പ്രതിമ കണക്കെ ഇരുന്നു...

ദിവസങ്ങൾ ഒക്കെ പെട്ടെന്ന് കടന്ന് പോയി... അന്ന് വന്നതിന് ശേഷം പിന്നീട് ഒരിക്കൽ പോലും അച്ചു എന്നെ കാണാൻ വന്നില്ല.... അവള് മാത്രമല്ല എന്റെ ബാക്കി മൂന്ന് കുരാമീസും ബ്രദേഴ്സും പിന്നെ എന്റെ എല്ലാമെല്ലാമായ എന്റെ ആദി പോലും എന്നെ കാണാൻ വന്നില്ല...

രണ്ട് ദിവസത്തിന് ശേഷം ഹോസ്പിറ്റലിൽ നിന്നും തിരിച്ച് വീട്ടിലേക്ക് വന്നപ്പോ നമ്മളെ സ്വീകരിക്കാൻ വീടിന് മുന്നിൽ തന്നെ അച്ചുവും ഹസിയും ഉണ്ടായിരുന്നു...

അവരെ കണ്ടതും നമ്മള് ഓടി അവരുടെ അടുത്തേക്ക് ചെന്നെങ്കിലും അവർക്ക് നമ്മളെ കണ്ടതിൽ അത്ര വലിയ സന്തോഷമുള്ള പോലെയൊന്നും എനിക്ക് തോന്നിയില്ല...

കാലിലെ പ്ലാസ്റ്റർ ഇന്ന് എടുത്ത് മാറ്റിയത് ആയോണ്ട് എനിക്ക് ശെരിക്ക് നടക്കാൻ പറ്റിയില്ല... ഉമ്മച്ചിയും ഉപ്പച്ചിയും കൂടിയാണ് എന്നെ റൂമിലേക്ക് കൊണ്ട് വന്ന് കിടത്തിയത്....

അവര് റൂമിൽ നിന്ന് ഇറങ്ങിയതും നമ്മളെ അടുത്തേക്ക് ഷാദിയും സിനുവും ഒപ്പം അച്ചുവും ഹസിയും കേറി വന്നു... അവരെ നോക്കി ഞാൻ ഒന്ന് ചിരിച്ചിട്ട് ഷാദിയോടും സിനുവിനോടും ഓരോന്ന് സംസാരിച്ച് ഇരുന്നു....

"ഷാദി.... നിങ്ങള് പൊയ്ക്കോ എനിക്ക് ഇവരോട് കുറച്ച് സംസാരിക്കാനുണ്ട്...."

എന്ന് നമ്മള് ഷാദിയോട് പറഞ്ഞപ്പോ ഓൻ അവരെ രണ്ട് പേരെയും ഒന്ന് നോക്കിയിട്ട് സിനുവിനെയും കൊണ്ട് അവിടന്ന് ഇറങ്ങി പോയി... അപ്പോ തന്നെ ഹസി ചെന്ന് വാതില് അടച്ചിട്ട് അവര് രണ്ടും കൂടി എന്റെ ഇടവും വലവും വന്നിരുന്നു...

ഊമയെ പോലെ അവര് രണ്ടും കൂടി പരസ്പരം മുഖത്തോട് മുഖം നോക്കി ഇരുന്നു എന്നല്ലാതെ നമ്മളെ മുഖത്തേക്ക് ഒന്ന് നോക്കുകയോ എന്തേലും പറയുകയോ ചെയ്യാതെ അങ്ങനെ ഇരുന്നു... ഒടുവിൽ നമ്മള് തന്നെ അവരുടെ മൗനത്തെ ഭേദിച്ച് കൊണ്ട് സംസാരിച്ചു....

"നിങ്ങള് രണ്ട് പേർക്കും ഇതെന്താ പറ്റിയെ...?

ഞാൻ ജീവനോടെ തിരിച്ച് വന്നത് നിങ്ങക്ക് രണ്ടിനും ഇഷ്ടപ്പെടാത്ത പോലെ ഉണ്ടല്ലോ രണ്ടിന്റെയും മുഖം കണ്ടാൽ...."

നമ്മള് ആ പറഞ്ഞത് രണ്ടിനും പറ്റിയിട്ടില്ല... അതോണ്ട് തന്നെ നമ്മളെ രണ്ട് ഭാഗത്ത് നിന്നും പൊരിഞ്ഞ അക്രമമായിരുന്നു രണ്ടും കൂടി കാഴ്ച വെച്ചത്...

"മതി...മതി...ഒന്ന് നിർത്ത് എന്റെ മക്കളെ... എനിക്ക് വേദനിക്കുന്നുണ്ട്..."

"വേദനിക്കാൻ വേണ്ടി തന്നെയാ ചെയ്തത്... അല്ലാതെ

ആനി സുഗിപ്പിക്കാൻ വേണ്ടിയല്ല..." ഹസിയാണ്.

"ഇനിയും അങ്ങനെ വല്ലതും പറഞ്ഞാലുണ്ടല്ലോ ഇതായിരിക്കില്ല ഞങ്ങളെ പ്രതികരണം.... പറഞ്ഞില്ലെന്ന് വേണ്ട..."

എന്ന് പറഞ്ഞോണ്ട് അച്ചു നമ്മളിൽ നിന്നും മുഖം തിരിച്ച് ഇരുന്നു...

"ശോ... പിണങ്ങല്ലേടാ... ഞാൻ കാര്യമല്ലേ പറഞ്ഞത്...? നിങ്ങള് രണ്ടിന്റെയും പെരുമാറ്റം കണ്ടാ ആർക്കായാലും ആ സംശയം തോന്നി പോകും... അതോണ്ട് ചോദിച്ചതല്ലേ...?"

എന്ന് ഒരു പുഞ്ചിരി തൂകി കൊണ്ട് നമ്മള് സംസാരിച്ചപ്പോ അവറ്റകളെ മുഖത്ത് വീണ്ടും സങ്കടം നിഴലിച്ചു... അത് എന്നിൽ കൂടുതൽ സംശയങ്ങൾ ഉണ്ടാക്കി...

എന്തൊക്കെയോ ദുരൂഹത ഉള്ള പോലെ നമ്മക്ക് തോന്നി....

"അച്ചു.....ഹസി.... എന്താ...? എന്താ നിങ്ങള് എന്നില് നിന്നും ഒളിക്കുന്നത്...?

എന്താന്ന് വെച്ചാൽ എന്നെ ഇങ്ങനെ ടെൻഷൻ അടിപ്പിക്കാതെ ഒന്ന് പറ...."

എവിടെ...? നമ്മള് എന്തൊക്കെ കിണഞ്ഞ് പരിശ്രമിച്ചിട്ടും അവര് രണ്ട് പേരും കമാന്ന് ഒരക്ഷരം ഉരിയാടിയില്ല.... അതൊക്കെ കണ്ടിട്ട് ആണെങ്കിലോ നമ്മക്ക് നല്ലോണം ദേഷ്യം വരുന്നുണ്ട് താനും...

അപ്പോഴാണ് നമ്മക്ക് നമ്മളെ കുരാമീസിനെയും ബ്രദേഴ്സിനെയും ആദിയെയും ഓർമ്മ വന്നത്... ഇവരോട് ചോദിച്ചാൽ അവരെ കുറിച്ച് എന്തെങ്കിലുമൊക്കെ ഒരു സൂചന കിട്ടാതിരിക്കില്ലെന്ന് എനിക്ക് ഉറപ്പായിരുന്നു....

ആ ആക്സിഡന്റ്റ് നടന്നതിന് ശേഷം അവരെ ആരെയും ഞാൻ ഇതുവരേ കണ്ടിട്ടില്ല... അത് കൊണ്ട് തന്നെ അവർക്കൊന്നും സംഭവിച്ചിട്ടില്ലെന്ന് അറിയുന്ന വരെ എനിക്ക് ഇനി മനസ്സമാധാനം ഉണ്ടാകില്ല....

"അച്ചു.... നമ്മളെ കുരാമീസും ബ്രദേഴ്സും എവ്ടെയാടാ...?

ഇത്ര ദിവസമായിട്ടും അവരാരും എന്നെ ഒന്ന് കാണാൻ വന്നില്ലല്ലോ...

അവർക്ക് ഒന്നും ഒന്നും പറ്റിയിട്ടില്ലല്ലോ അച്ചൂ...?"

എന്ന നമ്മളെ ചോദ്യം കേട്ട് അച്ചു നമ്മളിൽ നിന്നും മുഖം തിരിച്ചിട്ട് ഹസിയെ നോക്കിയിട്ട് അവര് രണ്ട പേരും കൂടി തലയും താഴ്ത്തി അവിടെ ഇരുന്നു.... അവരുടെ മൗനം കണ്ടപ്പോ നമ്മക്ക് എന്തൊക്കെയോ അസ്വസ്ഥത തോന്നിയതോണ്ട് നമ്മള് വീണ്ടും വീണ്ടും ചോദ്യം ആവർത്തിച്ച് കൊണ്ടിരുന്നു...

പക്ഷെ അച്ചുവും ഹസിയും നമ്മളോട് ഒന്നും മിണ്ടിയില്ല... പകരം അവര് രണ്ട് പേരും കൂടി തലയും താഴ്ത്തി പിടിച്ച് കൊണ്ട് കരയുകയായിരുന്നു....

അവരുടെ കരച്ചില് വന്ന് പതിച്ചത് എന്റെ ഹൃദയത്തിലാണ്... അത്രക്ക് എരിഞ്ഞ് നീറുന്നുണ്ട്

എന്റെ ഉള്ള്...

"അച്ചു ഞാൻ ചോദിച്ചത് നീ കേട്ടില്ലെന്നുണ്ടോ...? പറ... നമ്മളെ കുരാമീസ് എവിടെ...? നമ്മളെ ബ്രദേഴ്സ് എന്താ എന്നെ കാണാൻ വരാഞ്ഞത്...?

എന്താ നീ ഒന്നും മിണ്ടാത്തെ...? പറ....പറയെടി...."

എന്ന് പൊട്ടിക്കരഞ്ഞോണ്ട് നമ്മള് അച്ചുവിനെ പിടിച്ച് കുലുക്കി കൊണ്ട് ചോദിച്ചപ്പോ ഓള് ഓളെ മുഖം പൊത്തി പിടിച്ച് കരയാൻ തുടങ്ങി.... അതിൽ നിന്ന് തന്നെ അവർക്ക് എന്തോ സംഭവിച്ചിട്ടുണ്ടെന്ന് എന്റെ മനസ്സ് പറയാൻ തുടങ്ങി...

അതോണ്ട് നമ്മള് അച്ചുവിൽ നിന്നും അപ്പോ തന്നെ പിടി വിട്ടു... എന്നിട്ട് ഓളെയും ഹസിയേയും മാറി മാറി നോക്കിയിട്ട് നമ്മളും കരഞ്ഞു... അപ്പോ അച്ചു മുഖത്ത് നിന്നും കയ്യെടുത്തിട്ട് ഓളെ ബാഗിൽ നിന്നും ഒരു പത്രം എടുത്ത് എനിക്ക് നേരെ നീട്ടി...

വിറയാർന്ന കൈകളോടെ നമ്മളത് വാങ്ങി കൊണ്ട് അച്ചുവിനെ നോക്കിയപ്പോ ഓള് തല താഴ്ത്തി പിടിച്ച് മൂകമായി കരഞ്ഞു...

എന്താണെന്ന് അറിയില്ല ആ പത്രം തുറന്ന് നോക്കാൻ എന്റെ മനസ്സ് എന്നെ അനുവദിക്കുന്നില്ല... അതോണ്ട് അത് കയ്യിൽ വെച്ച് അതിലേക്ക് നോക്കി ഇരുന്നു എന്നല്ലാതെ നമ്മളത് തുറന്നില്ല....

ഒടുവിൽ അച്ചു തലയുയർത്തി പിടിച്ചിട്ട് നമ്മളെ ഒന്ന് ദയനീയമായി ഒന്ന് നോക്കിയപ്പോ മനസ്സിനെ കല്ലാക്കി കൊണ്ട് നമ്മളത് തുറന്ന് നോക്കാൻ തീരുമാനിച്ചു...

ആ പത്രം തുറന്നപ്പോ തന്നെ നമ്മളെ കണ്ണിൽ വന്ന് പതിച്ചത് ബസ് മറിഞ്ഞ് കിടക്കുന്ന കാഴ്ചയാണ്... അത് കണ്ടപ്പോ നമ്മളെ ഉള്ള് വല്ലാതെ പിടഞ്ഞു പോയി... അന്ന് സംഭവിച്ചതൊക്കെ വീണ്ടും കണ്മുന്നിൽ മിന്നി മറഞ്ഞു....

ആ ഫോട്ടോയിൽ നിന്നും കാഴ്ച മാറ്റി കൊണ്ട് നമ്മള് നേരെ കണ്ണ് കൊണ്ട് പോയത് ആ വാർത്തയുടെ തലക്കെട്ടിലേക്ക് ആയിരുന്നു...

"ടൂറിസ്റ്റ് ബസും ലോറിയും കൂട്ടിയിടിച്ച് അപകടം: മരണം 18."

അത് വായിച്ചപ്പോ തന്നെ ബാക്കി വായിക്കാൻ എന്നെ കൊണ്ട് സാധിച്ചില്ല... അപ്പോഴേക്കും എന്റെ കയ്യിൽ നിന്നും ആ പത്രം ഊർന്ന് വീണ് നമ്മളെ കണ്ണിൽ ഇരുട്ട് കേറാൻ തുടങ്ങി.... കൂട്ടത്തിൽ മരിച്ചവരുടെ ഫോട്ടോയും കൂടി ആ വാർത്തയുടെ താഴെ കണ്ടതും നമ്മള് പൂർണ്ണമായും ബോധരഹിതയായി ബെഡിലേക്ക് മറിഞ്ഞ് വീണു...

മുഖത്തേക്ക് ആരോ വെള്ളം ഒഴിച്ചപ്പോഴാണ് നമ്മള് പിന്നെ എണീക്കുന്നത്... എണീറ്റ് നോക്കുമ്പോ നമ്മളെ അടുത്ത് തന്നെ അച്ചുവും ഹസിയും നിൽക്കുന്നുണ്ട്... അവരേ കണ്ടപ്പോ നമ്മക്ക് നമ്മളെ സങ്കടം മനസ്സില് അടക്കി വെക്കാൻ പറ്റിയില്ല... അതോണ്ട് തന്നെ നമ്മള് അച്ചൂനെ കെട്ടിപിടിച്ച് ഒരുപാട് കരഞ്ഞു....

എന്നിട്ട് അച്ചുവിനെ നോക്കി കൊണ്ട് എന്തൊക്കെയോ പറയാൻ തുനിഞ്ഞെങ്കിലും ഒന്നിനും നമ്മളെ കൊണ്ട് കഴിഞ്ഞില്ല.... നമ്മള് വീണ്ടും ആ പത്രം കയ്യിലെടുത്തിട്ട്

അതില് കൊടുത്തിരിക്കുന്നവരുടെ ഫോട്ടോയിലേക്ക് നോക്കി...

എന്റെ നസി,ഷംന,മിഥുനേട്ടൻ,അനൂക്ക,സിദ്ധുവേട്ടൻ, അക്കുവേട്ടൻ, ഷാമിൽ,റിയ,രമ്യ,റാഷി സാർ....ഇവരൊക്കെ ഞങ്ങളെ വിട്ട് ഈ ലോകത്ത് നിന്നും പോയിരിക്കുന്നു.... ആ സത്യം എന്നെ കൊണ്ട് അപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല.... എന്റെ കുരാമീസ് എന്റെ ബ്രദേഴ്സ്.... അവരിനി എനിക്ക് വെറും ഓർമ്മകൾ മാത്രമായി കഴിഞ്ഞിരിക്കുന്നു....

എന്തൊക്കെയാണ് അന്ന് സംഭവിച്ചതെന്ന് ആലോചിക്കുമ്പോ തന്നെ കണ്ണീർ കാഴ്ചകളെ മറയ്ക്കുന്നു.... ആ പത്രം അങ്ങനെ നോക്കി കൊണ്ട് എത്ര കരഞ്ഞുവെന്ന് എനിക്ക് തന്നെ നിശ്ചയമില്ല... ആ പത്രം നെഞ്ചോട് ചേർത്ത് വെച്ചോണ്ട് നമ്മള് അവരുമായി കഴിഞ്ഞിരുന്ന ആ നല്ല നിമിഷങ്ങളെ കുറിച്ച് ഓർത്ത് വീണ്ടും കരഞ്ഞു...

"ഫെബി... കരയല്ലേടാ.... അവര് നമ്മളെയൊക്കെ വിട്ട് പോയെന്ന സത്യം ഉൾക്കൊള്ളാൻ ഞങ്ങൾക്ക്

ആർക്കും കഴിഞ്ഞിട്ടില്ല... ഇത് നിന്നെ അറിയിക്കരുതെന്നാ കരുതിയത്... പക്ഷെ എന്നായാലും നീ ഇതിനെ കുറിച്ചൊക്കെ ഒരിക്കൽ അറിയും.... അത് കൊണ്ടാ നിന്നോട് എല്ലാം പറഞ്ഞത്...."

ഹസി എന്റെ തോളിൽ കൈ വെച്ചിട്ട് ആശ്വസിപ്പിച്ചു...

"അച്ചു... എന്താ ഇതൊക്കെ...?

നമ്മളെ....."

ഒന്നും പൂർത്തിയാക്കാൻ കഴിയാതെ നമ്മള് വീണ്ടും പൊട്ടിക്കരഞ്ഞു... അപ്പോ അച്ചു നമ്മളെ നെഞ്ചോട് ചേർത്ത് വെച്ചിട്ട് ഓളെ സങ്കടത്തെ ഓള് കടിച്ച് പിടിച്ചു.... എന്നിട്ട് ഓള് നമ്മക്ക് കുടിക്കാൻ വെള്ളം എടുത്ത് തന്നിട്ട് നമ്മളെ ബെഡിലേക്ക് ചാരി കിടത്തി....

"പോകേണ്ടവരെല്ലാം നമ്മളെ വിട്ട് പോയി കഴിഞ്ഞു ഫെബി..... ഇനി അവരൊന്നും നമ്മളെ അടുത്തേക്ക് വരില്ല... സംഭവിക്കേണ്ടതൊക്കെ സംഭവിച്ചു അതിന്റെ ഒരുപാട് പാർശ്വഫലങ്ങളും നമ്മള് അനുഭവിച്ചു... ഇനി

അതെല്ലാം നമുക്ക് മറക്കാം... അത് പറയാൻ എളുപ്പമാണെന്ന് അറിയാം പക്ഷെ നടപ്പിലാക്കാൻ ഒരുപാട് ബുദ്ധിമുട്ടാ....

കഴിഞ്ഞ മൂന്ന് മാസമായി നിന്റെ സ്ഥിതി കണ്ട് ഭ്രാന്ത് പിടിച്ച് നടക്കായിരുന്നു ഞങ്ങൾ.... നിനക്ക് ബോധം വന്നെന്ന് ഉമ്മ വിളിച്ച് പറഞ്ഞപ്പോഴാണ് പോയ ജീവനൊക്കെ തിരിച്ച് വന്നത്..."

അച്ചു ഇങ്ങനെ എന്തൊക്കെയോ പറഞ്ഞോണ്ടിരുന്നപ്പോഴും നമ്മളെ ചിന്ത നമ്മളെ കുരാമീസിനെയും ബ്രദേഴ്സിനെയും കുറിച്ച് ആയിരുന്നു....

"അച്ചു....സന....സന അവളെവിടെ...?"

"അവൾക്ക് കുഴപ്പമൊന്നുമില്ല ഫെബി... പക്ഷെ, റാഷി സാറിന്റെയും ഷംനന്റെയും മരണത്തിന്റെ ഷോക്കിൽ നിന്നും അവള് ഇപ്പോഴും മുക്തയായിട്ടില്ല..."

അച്ചു പിന്നീട് പറയുന്ന ഓരോ കാര്യങ്ങൾ കേട്ടപ്പോ എന്തിനായിരുന്നു എനിക്ക് ഈ ജീവൻ തിരിച്ച് നൽകിയതെന്ന് തോന്നി പോയി.... കാരണം അതുപോലെ ഉള്ള ഹൃദയം നുറുങ്ങുന്ന വാർത്തകളാണ് കേട്ടോണ്ടിരിക്കുന്നത്...

എന്റെ കാക്കൂന്റെ ഉമ്മ ഒരു മാസം മുമ്പ് മരണപ്പെട്ടിരുന്നു. വീട്ടിൽ ഒറ്റപ്പെട്ട അവസ്ഥയിൽ കഴിഞ്ഞിരുന്ന കാക്കു ഒരു ദിവസം എങ്ങോട്ടോ നാട് വിട്ട് പോയി... ഇപ്പോ കാക്കു എവിടെയാണ് എന്താണ് അവസ്ഥ എന്നൊന്നും ആർക്കും അറിയില്ല....

എല്ലാം കൊണ്ടും എനിക്ക് സഹിക്കാൻ കഴിയുന്നതിനും അപ്പുറമാണ് ഞാൻ കേട്ട ഓരോന്നും... ഇതൊക്കെ കേട്ടപ്പോ ഈ ജീവിതം തന്നെ അവസാനിപ്പിക്കാനൊക്കെ തോന്നി പോകാണ്....

അപ്പോഴാണ് ഉമ്മച്ചി വാതിലിൽ വന്ന് മുട്ടിയത്... നമ്മള് അപ്പോ തന്നെ കണ്ണ് തുടച്ചിട്ട് ബെഡിൽ ഉറങ്ങിയ പോലെ കിടന്നു... ഹസി ചെന്ന് വാതില് തുറന്നിട്ട് ഞാൻ ഉറങ്ങിയെന്ന് പറഞ്ഞിട്ട് അച്ചുവിനെയും കൊണ്ട്

റൂമിൽ നിന്നും ഇറങ്ങി പോയി...

അപ്പോ ഉമ്മച്ചി വന്ന് നമ്മക്ക് പുതച്ച് തന്നിട്ട് വാതില് ചാരിയിട്ട് ഇറങ്ങി പോയി...

നമ്മള് അപ്പോ തന്നെ കണ്ണ് തുറന്നിട്ട് എണീറ്റിരുന്ന് അവരെ കുറിച്ച് ആലോചിച്ച് ഒരുപാട് കരഞ്ഞു... അവരുടെ ഓർമ്മകൾ മനസ്സിനെ ഒരുപാട് മുറിവേല്പിച്ച് കൊണ്ടിരുന്നു... അന്നത്തെ ദിവസം ആ റൂമിൽ നിന്നും എങ്ങോട്ടും വെളിയിൽ പോകാതെയും ആരെയും അകത്തേക്ക് കടക്കാൻ അനുവാദിക്കാതെയും കഴിഞ്ഞു കൂട്ടി കൊണ്ടിരുന്നു...

==============================

ദിവസങ്ങളൊക്കെ ശരവേഗത്തിൽ കുതിച്ചുയർന്നു... ഒരാഴ്ചയോളം പുറം ലോകവുമായി ബന്ധമില്ലാതെ തീർത്തും ഒറ്റപ്പെട്ട അവസ്ഥയിൽ റൂമിൽ കഴിഞ്ഞ് കൂടിയപ്പോ അവിടത്തെ നിത്യ സന്ദർഷകരായിരുന്നു അച്ചുവും ഹസിയും....

അവര് രണ്ട് പേരും വരുമ്പോഴാണ് സത്യം പറഞ്ഞാൽ

ഞാൻ ശരിക്കും ഞാനായി മാറുന്നത്.... എന്നെ പഴയ ഫെബിയാക്കി മാറ്റാൻ വേണ്ടി അവര് രണ്ട് പേരും അവരുടെ വിഷമങ്ങൾ എന്നിൽ നിന്നും മറച്ച് വെച്ച് എന്നോട് കൂട്ട് കൂടും... അവരുടെ സന്തോഷത്തിന് ഞാനും എല്ലാം മറന്ന് സന്തോഷിക്കുന്ന പോലെ അഭിനയിക്കും...

അപ്പോഴും എന്റെ ഉള്ളിൽ ഒരു ചോദ്യചിഹ്നമായി ആദി ഒളിഞ്ഞ് കിടപ്പുണ്ടായിരുന്നു... ഓനെ കുറിച്ച് ഇതുവരെ അച്ചുവോ ഹസിയോ ഒന്നും പറയുന്നത് ഞാൻ കേട്ടിട്ടില്ല... ഓൻ എന്താകും എന്നെ കാണാൻ വരാത്തതെന്ന് ആലോചിച്ചിട്ട് ആണെങ്കിൽ ഒരു എത്തും പിടിയും കിട്ടുന്നില്ല...

ആദി എന്റെ കയ്യിൽ ചാർത്തിയ ആ ഗോൾഡൻ കൈചെയ്ൻ ഇപ്പോഴും എന്റെ കയ്യിൽ കിടപ്പുണ്ട്... അത് കാണുമ്പോ വിഷമങ്ങളൊക്കെ തികട്ടി വരും...

എങ്ങനെ എങ്കിലും ആദിയെ കുറിച്ച് എന്തെങ്കിലും ഒരു വിവരം അറിയണമെന്ന് ഞാൻ തീരുമാനിച്ചു... അതിന് വേണ്ടി ചെക്കപ്പിന് ഹോസ്പിറ്റലിൽ പോകാൻ ഹസിയേയും അച്ചുവിനെയും കൂട്ടി... ഉമ്മച്ചി ആണെങ്കിൽ യാതൊരു എതിർപ്പും പ്രകടിപ്പിക്കാതെ

അവരുടെ രണ്ടു പേരുടെയും കൂടെ നമ്മളെ പറഞ്ഞയച്ചു....

നമ്മളെ ഹോസ്പിറ്റലിൽ കൊണ്ട് വിട്ടത് താഹിയായിരുന്നു... അതോണ്ട് തന്നെ ആദിയെ കുറിച്ച് എനിക്ക് ഒന്നും അവരോട് ചോദിക്കാൻ പറ്റിയില്ല...

അങ്ങനെ ഹോസ്പിറ്റലിൽ എത്തി ഡോക്ടറെ കാണിച്ച് ഇറങ്ങാൻ നേരം ഞാൻ അവരെ രണ്ട് പേരെയും കൊണ്ട് കാന്റീനിലേക്ക് പോയി...

"എന്തിനാ ഫെബി ഇങ്ങോട്ട് വന്നേ...? അവിടെ നമ്മളെ താഹി കാത്ത് നിൽക്കുന്നുണ്ടാകും... വാ നമുക്ക് പോകാം..."

"നമുക്ക് പോകാം ഹസി... അതിന് മുമ്പ് ഒരു കോഫി ഒക്കെ കുടിച്ചിട്ട് നമുക്ക് പോകാം..."

എന്ന് പറഞ്ഞ് ഞാൻ ഞങ്ങക്ക് മൂന്ന് കോഫി ഓഡർ

ചെയ്തിട്ട് അവരെ രണ്ടിനെയും നോക്കി ഇരുന്നു... ഒടുവിൽ ഞങ്ങളിലെ നിശബ്ദതയെ കീറി മുറിച്ചോണ്ട് നമ്മള് തന്നെ സംസാരിച്ച് തുടങ്ങി....

"മൂന്ന് മാസത്തോളം കോമയിൽ കിടന്നിട്ട് കണ്ണ് തുറന്ന് നോക്കിയപ്പോ കാണാൻ കൊതിച്ചത് എന്നെ നൊന്തു പ്രസവിച്ച ഉമ്മാനെയോ എന്തിനും എനിക്ക് കൂട്ടായി നിന്ന എന്റെ ഉപ്പച്ചിനെയോ അല്ല....പകരം മറ്റൊരു മുഖമാണ് ഞാൻ കാണാൻ ആഗ്രഹിച്ചത്...."

ഞാൻ അങ്ങനെ പറഞ്ഞ് നിർത്തിയതും അവര് രണ്ട് പേരും പിന്നെ ആരെയാ എന്ന രീതിയിൽ എന്നെ തന്നെ നോക്കി കൊണ്ടിരുന്നു...

"ആദി....നിങ്ങളുടെയൊക്കെ ഹീറോയെ..."

എന്ന് ഞാൻ പറഞ്ഞപ്പോ അച്ചുവും ഹസിയും പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് കൊണ്ട് വന്ന് വെച്ച കോഫിയിലേക്ക് നോക്കി ഇരുന്നു...

അവരുടെ ആ നിശബ്ദത എന്നെ വീണ്ടും തലർത്തുന്ന

പോലെ തോന്നി...

"മുഖവുര ഒന്നും ഇല്ലാതെ തന്നെ പറയാം... എനിക്ക് ആദിയെ കാണണം... എനിക്ക് ബോധം വന്നപ്പോ മുതൽക്ക് ഞാൻ കാണാൻ കൊതിക്കുന്നത് ആ മുഖമാണ്... അതോണ്ട് പറ.... ആദി എവിടെ...?"

"ഞങ്ങൾക്ക് അറിയില്ല ഫെബി.... കാക്കു നിന്നെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിട്ട് പിന്നെ എങ്ങോട്ടാ പോയതെന്ന് ആർക്കും അറിയില്ല...."

"എന്ത്...?"

"അച്ചു പറഞ്ഞത് സത്യാ ഫെബി... ഞാൻ നിസൂക്കാനോടും ചോദിച്ചതാ ആദിൽക്കാനെ കുറിച്ച്... പക്ഷെ അവർക്കാർക്കും ആദിൽക്കാനെ കുറിച്ച് ഒരു വിവരവും അറിയില്ല... ആദിൽക്ക വീട്ടിൽ ഒന്നും ഇല്ല... അവരുടെ വീടൊക്കെ പൂട്ടിയിട്ടിരിക്കാ... പലരോടും ചോദിച്ച് നോക്കി... പക്ഷെ ആർക്കും അറിയില്ല..."

ഹസി പറയുന്നത് കേട്ടിട്ട് എനിക്ക് ഒന്നും വിശ്വസിക്കാൻ കഴിയുന്നില്ല... ആദിയും ഫാമിലിയും ആരോടും ഒന്നും പറയാതെ എങ്ങോട്ട് പോയതാകും എന്ന് ചിന്തിച്ച് എനിക്ക് ഭ്രാന്ത് പിടിച്ചു....

"അപ്പോ ആദിയെ നിങ്ങൾ ആരും ഇതുവരെ കണ്ടില്ലേ അച്ചു....?

ഇത്രെയും കാലത്തിനിടക്ക് ഒരിക്കൽ പോലും...?"

"ഇല്ല ഫെബി... കാക്കുവും സിയാദ്ക്കയുമാണ് അന്ന് നിന്റെ കൂടെ ഉണ്ടായിരുന്നതെന്ന് പറഞ്ഞ് കേട്ടിരുന്നു... അതിന് ശേഷം കാക്കു എങ്ങോട്ടാ പോയതെന്ന് ആർക്കും അറിയില്ല... പലരും പറയുന്നത് കാക്കുവും സിയാദ്ക്കയും കൂടി പ്ലാൻ ചെയ്ത് നാട് വിട്ടതാണെന്നാ..."

"എന്തിന്...എന്തിനാ അച്ചു അവർ നാട് വിടുന്നെ...?

ഇനി ഇപ്പോ അവർ നാട് വിട്ടെന്ന് തന്നെ ഇരിക്കട്ടെ.. അപ്പോ ആദിന്റെ ഫാമിലി എവിടെ പോയി...?"

"ഇതൊക്കെ ഞങ്ങള് തന്നെ പരസ്പരം ചോദിച്ച് നോക്കിയ ചോദ്യങ്ങളാണ് ഫെബി... ഞങ്ങക്ക് അതിനൊന്നും ഒരു വ്യക്തമായ മറുപടി കണ്ടെത്താനും പറ്റിയിട്ടില്ല..."ഹസിയാണ്.

"പിന്നെ അവരൊക്കെ എവിടെ പോയെന്ന് ചോദിച്ചാൽ ആർക്കും അറിയില്ല ...ആർക്കും...."

അച്ചു അങ്ങനെ പറഞ്ഞ് നിർത്തിയതും എനിക്ക് കരച്ചില് വരുന്ന പോലെ തോന്നി... അപ്പോഴാണ് ആരോ എന്റെ തോളിൽ കൈ വെച്ചത്... നമ്മള് അപ്പോ തന്നെ അതാരാണെന്ന് അറിയാൻ വേണ്ടി തിരിഞ്ഞ് നോക്കിയതും കണ്ടത് എന്നെ ട്രീറ്റ് ചെയ്തിരുന്ന നഴ്സിനെയാണ്...

ഞാൻ അവരെ നോക്കി പെട്ടെന്ന് കണ്ണ് തുടച്ചിട്ട് ഒന്ന് പുഞ്ചിരി തൂകി...

"ഹലോ... എനിക്കും കൂടി നിങ്ങളെ ഈ ചർച്ചയിൽ പങ്കെടുക്കാമോ...? Can I sit here...?"

"Sure.... pls sit..."

എന്ന് നമ്മള് പറഞ്ഞ് കൊണ്ട് അവർക്ക് ഇരിക്കാൻ സീറ്റ് കൊടുത്തു... അവര് അവിടെ ഇരുന്നിട്ട് ഞങ്ങളെ മൂന്ന് പേരുടെയും മുഖത്തേക്ക് മാറി മാറി നോക്കി കൊണ്ടിരുന്നു.... ഞങ്ങള് തല താഴ്ത്തി ഇരിക്കുന്നത് കണ്ടിട്ട് അവരൊന്ന് ചുമച്ചു...

അപ്പോ ഞങ്ങളൊക്കെ അവരെ നോക്കി....

"ഇതെന്താ മൂന്ന് പേരെ മുഖത്തും ഒരു വിഷാദം...? മൂന്നും കൂടി വഴക്കാണോ?"

"ഏയ്...അങ്ങനെ ഒന്നുല്ല്യാ...ഞങ്ങള് വെറുതെ....." അച്ചുവാണ്.

"ഉം.... എന്തായാലും നിങ്ങളെ ഇരുപ്പ് കണ്ടിട്ട് എനിക്ക് അത്ര വലിയ പന്തികേട് തോന്നുന്നില്ല... അതോണ്ട് ഞാൻ വന്ന കാര്യം പറയാം...."

എന്ന് ആ നേഴ്സ് ഒരു മുഖവുരയോടെ സംസാരിച്ചപ്പോ ഞങ്ങളൊക്കെ പരസ്പരം മുഖത്തേക്ക് നോക്കിയിട്ട് ആ നഴ്സിനെ നോക്കി...

"നിങ്ങളുടെ ചർച്ചാ വിഷയം ആദി അല്ലേ..?"

അവര് അങ്ങനെ ചോദിച്ചപ്പോ ഞങ്ങള് ഞെട്ടി തരിച്ചോണ്ട് അവരെ നോക്കി ഇരുന്നു...

"സംശയിക്കേണ്ട... നിങ്ങള് സംസാരിച്ചത് ഞാൻ കേട്ടിരുന്നു... അതോണ്ട് ചോദിച്ചതാ...."

"സിസ്റ്റർ....നിങ്ങക്ക് അറിയോ ആദി ഇപ്പോ എവിടെയുണ്ടെന്ന്...?"

"അവനിപ്പോ എവിടെയാണെന്നൊന്നും എനിക്കറിയില്ല... ഞാൻ ഇപ്പോ വന്നത് അതിനെ കുറിച്ച് സംസാരിക്കാനല്ല... നിന്നെ കുറിച്ച് സംസാരിക്കാനാ..."

എന്ന് അവരെന്നോട് പറഞ്ഞപ്പോ എനിക്ക് ഒന്നും മനസ്സിലായില്ല.... അവരപ്പൊ തന്നെ ബാഗിൽ നിന്നും ഒരു പെൻഡ്രൈവ് എടുത്തിട്ട് അതിലേക്ക് നോക്കി കൊണ്ട് പറഞ്ഞ് തുടങ്ങി...

"ഈ ഹോസ്പിറ്റലിലെ ഏറ്റവും ബെസ്റ് ഡോക്ടർ പോലും നീ മരിച്ചെന്ന് വിധിയെഴുതിയപ്പോ ആ വിധിയെ തകർത്ത് കൊണ്ട് വീണ്ടും നീ നിന്റെ പഴയ ജീവിതത്തിലേക്ക് മടങ്ങി വന്നത് എങ്ങനെയാണെന്ന് നിന്നെ അറിയിക്കാനാ ഞാൻ വന്നത്...."

എന്ന് അവര് പറയുന്നത് കേട്ട് നമ്മള് അച്ചൂനെയും ഹസിനെയും നോക്കിയപ്പോ അവർക്കും നമ്മളെ പോലെ ഇവരെന്താ പറഞ്ഞ് വരുന്നതെന്ന് മനസ്സിലായിട്ടില്ല...

അപ്പോ തന്നെ ആ നേഴ്സ് എന്റെ കയ്യിലേക്ക് ആ പെൻഡ്രൈവ് വെച്ച് തന്നു...

"ഇതിൽ ഉണ്ട് നീയെങ്ങനെ പഴയ ജീവിതത്തിലേക്ക്

തിരിച്ചു വന്നതെന്ന സത്യം.....

ഇത് നിന്നെ ഏൽപ്പിക്കാൻ ഇതിന് മുമ്പ് ശ്രമിച്ചതായിരുന്നു പക്ഷെ നടന്നില്ല.... നീ ഇത് കണ്ട് നോക്ക്.... നീ അന്വേഷിക്കുന്ന ആളെവിടെയാണെന്ന് അപ്പോ ഒരു ക്ലൂ കിട്ടിയാലോ...?

അപ്പോ ശരി എന്നാ... ഞാൻ പോകാ...എനിക്ക് ഇപ്പോ ഡ്യൂട്ടി ടൈം ആണ്... എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ എന്നെ വിളിക്കാൻ മറക്കരുത്... ഇതാണെന്റെ നമ്പർ.... ബൈ..."

എന്ന് പറഞ്ഞ് അവരുടെ വിസിറ്റിങ് കാർഡ് എനിക്ക് നേരെ നീട്ടിയിട്ട് അവര് അവിടന്ന് പോയി... ഞാൻ ആ പെൻഡ്രൈവിലേക്ക് തന്നെ നോക്കി കൊണ്ട് അച്ചൂനെയും ഹസിയേയും നോക്കിയപ്പോ അവരുടെ മുഖത്തും അതിലെന്താണെന്ന ഒരു ആകാംഷ നിഴലിച്ചിരുന്നു...

പിന്നെ ഒട്ടും വൈകിക്കാതെ തന്നെ ഞങ്ങള് അവിടന്ന് ഇറങ്ങി വീട്ടിലേക്ക് യാത്ര തിരിച്ചു... താഹി എന്തൊക്കെയോ ചോദിക്കുന്നുണ്ടെങ്കിലും നമ്മള്

അതിനൊന്നും ഒരു മറുപടിയും നൽകിയില്ല... ഹസിയാണ് എല്ലാം സംസാരിച്ചത്... അപ്പോഴും എന്റെ മനസ്സിൽ ഈ പെൻഡ്രൈവിൽ എന്തായിരിക്കുമെന്ന ചിന്ത മാത്രമായിരുന്നു....

വീട്ടിൽ എത്തിയതും അപ്പോ തന്നെ റൂമിലേക്ക് ഒരോട്ടമായിരുന്നു നമ്മള്...

എന്നിട്ട് കബോഡിൽ നിന്നും നമ്മളെ ലാപ് എടുത്തിട്ട് നമ്മള് അതില് ആ പെൻഡ്രൈവ് കുത്തിവെച്ച് അത് ഓപ്പൺ ആക്കി....

അതിൽ അപ്പോ ലോഡിങ് എന്ന എഴുതി കാണിച്ചപ്പോ ദേഷ്യം വന്നെങ്കിലും ആദിയെ കുറിച്ച് ആലോചിച്ചപ്പോ ക്ഷമയോടെ തന്നെ അത് ലോഡ് ആയി വരുന്ന വരെ കാത്തിരിക്കാൻ തീരുമാനിച്ചു....

ഒടുവിൽ ലോഡിങ്ങായതും നമ്മള് അതിലെ ഫോൾഡർ തുറന്ന് നോക്കിയപ്പോ അതിൽ ഒരു വീഡിയോ കിടപ്പുണ്ട്... നമ്മക്ക് അത് തുറന്ന് നോക്കാൻ ആഗ്രഹം ഉണ്ടെങ്കിലും മനസ്സിലെന്തോ ഒരു വിങ്ങൽ... അതോണ്ട് നമ്മള് അത് ഓപ്പൺ ആക്കാതെ കുറച്ച് നേരം

അങ്ങനെ ഇരുന്നപ്പോ നമ്മളെ അടുത്തേക്ക് അച്ചുവും ഹസിയും വന്നിട്ട് വാതിൽ അടച്ചു...

"എന്തായി ഫെബി...? നീ അവര് തന്ന വീഡിയോ കണ്ടോ...?"

"ഇല്ല അച്ചു....എനിക്ക് എന്തോ... അത് കാണാൻ മനസ്സ് വരുന്നില്ല...."

"ഫെബി...ചിലപ്പോ അതിൽ ആദിൽക്കാനെ കുറിച്ച് വല്ല തുമ്പും കിട്ടിയാലോ...? അതോണ്ട് നീ അത് എടുക്ക്..."

എന്ന് പറഞ്ഞ് അച്ചു നമ്മളെ കയ്യിൽ നിന്നും ലാപ് വാങ്ങിയിട്ട് ആ വീഡിയോ പ്ലേ ചെയ്തു...

അത് ഓപ്പറേഷൻ തിയേറ്ററിന്റെ അടുത്തുള്ള റൂമിലെ cctv ഫൂട്ടേജ് ആണ്...അതിലെ വോയിസ് ഒന്നും കേൾക്കുന്നില്ലെങ്കിലും നല്ല ക്ലിയർ ആയിട്ട് കാണുന്നുണ്ട്... അവിടെ ഒരു ബെഡിൽ നമ്മള് കിടക്കാണ്....

പെട്ടെന്ന് ആദി എന്റെ അടുത്തേക്ക് ഓടി വന്നിട്ട് എന്നെ ഒരുപാട് തട്ടി വിളിക്കുന്നുണ്ട്...ഞാൻ കണ്ണ് തുറക്കുന്നത് കാണാഞ്ഞിട്ട് ഓൻ അവിടെയുള്ള എല്ലാ സാധനങ്ങളും നിലത്തേക്ക് എറിഞ്ഞു പൊട്ടിച്ചിട്ട് ഒരു ഭ്രാന്തനെ പോലെ പൊട്ടിക്കരഞ്ഞു.... അത് കണ്ടപ്പോ എനിക്കും എന്റെ കണ്ണുകൾ നിയന്ത്രിക്കാൻ കഴിഞ്ഞില്ല...ഞാനും ഒരുപാട് കരഞ്ഞു...

അവിടത്തെ ശബ്ദം കേട്ടിട്ട് ആണെന്ന് തോന്നുന്നു കാക്കു ഓടി വന്ന് ആദിയെ പിടിച്ച് മാറ്റാൻ ശ്രമിക്കുന്നുണ്ട്... അവര് തമ്മിൽ എന്തൊക്കെയോ പറഞ്ഞ് വാക്ക് തർക്കത്തിൽ ഏർപ്പെടുമ്പോഴും അവര് രണ്ട് പേരും കരയായിരുന്നു...

ആദി വീണ്ടും എന്റെ അടുത്തേക്ക് വന്നിട്ട് എന്തൊക്കെയോ പറഞ്ഞ് എന്നെ പിടിച്ച് കുലുക്കുന്നുണ്ട് പക്ഷെ ഞാൻ കണ്ണ് തുറക്കുന്നില്ല... അപ്പോ ആദി എന്നെ അവിടന്ന് എടുത്ത് കൊണ്ട് പോകാൻ ശ്രമിച്ചതും കാക്കു ഓനെ തടഞ്ഞു... അപ്പോ ഓൻ കാക്കൂനെ തള്ളി മാറ്റി കൊണ്ട് എന്നെ വീണ്ടും എടുക്കാൻ നിന്നപോ കാക്കു ആദിയെ പിടിച്ച്

തള്ളിയിട്ടു...

ആദി നിലത്തേക്ക് മറിഞ്ഞ് വീണതും പെട്ടെന്ന് എന്റെ കൈ ചലിച്ചു... അത് കണ്ടപ്പോ ആദി പെട്ടെന്ന് എണീറ്റ് എന്റെ അടുത്ത് വന്നിട്ട് എന്നെ വിളിച്ചു...

എന്റെ പ്രതികരണം ഒന്നും കാണാത്തത് കൊണ്ടാകും ആദി കാക്കൂനോട് എന്തൊക്കെയോ പറഞ്ഞ് നിർബന്ധിക്കുന്നുണ്ട്... അപ്പോ തന്നെ കാക്കു വീണ്ടും ആദിയെ പിടിച്ച് തള്ളിയപ്പോ എന്റെ കൈ വീണ്ടും ചലിച്ചു തുടങ്ങി.... അവര് വീണ്ടും വീണ്ടും അത് ആവർത്തിക്കുന്നതിന് അനുസരിച്ച് എന്റെ ഹൃദയമിടിപ്പിന്റെ തോത് കൂടി കൊണ്ടിരുന്നു....

അപ്പോ തന്നെ കാക്കു പുറത്തേക്ക് ഓടി പോയതും ആദി എന്റെ അടുത്ത് വന്നിരുന്ന് എന്നെ കെട്ടിപ്പിടിച്ച് നെറ്റിയിൽ ഉമ്മ വെച്ചിട്ട് കരഞ്ഞ് കൊണ്ട് പുഞ്ചിരി തൂകി.... അപ്പോ ഡോക്ടർ അകത്തേക്ക് വന്നിട്ട് അവരോട് പുറത്തേക്ക് പോകാൻ പറഞ്ഞതും കാക്കു ആദിയെ നിർബന്ധിച്ച് പുറത്തേക്ക് കൊണ്ട് പോയി....

അതോടെ ആ വീഡിയോ അവസാനിച്ചു... അത് കണ്ട് കഴിഞ്ഞതും ഹസിയും അച്ചുവും ഒരുപോലെ എന്നെ നോക്കി.... ഞാൻ ആ വീഡിയോയിലേക്ക് തന്നെ നോക്കി ഇരുന്നിട്ട് ഒരുപാട് കരഞ്ഞു....

"ഫെബി...നിന്നെ എന്ത് പറഞ്ഞ് ആശ്വസിപ്പിക്കണമെന്ന് ഞങ്ങൾക്ക് അറിയില്ല.... പക്ഷെ, ഞങ്ങൾക്ക് ഇപ്പോ പൂർണ്ണ വിശ്വാസമുണ്ട് കാക്കു നിന്നെ കാണാൻ ഉറപ്പായും വരുമെന്ന്....

ഇത്രയൊക്കെ നിന്നെ സ്നേഹിക്കുകയും നിന്റെ ജീവൻ തിരിച്ച് നൽകുകയും ചെയ്ത അവന് ഒരിക്കലും നിന്നെ തനിച്ചാക്കി പോകാൻ പറ്റില്ല ഫെബി.... അതോണ്ട് കാക്കു വരും... നിന്നെ കാണാൻ...."

"എന്നാലും അച്ചു... ഇതിന് ശേഷം എന്താ ഉണ്ടായതെന്നല്ലേ നമുക്ക് അറിയേണ്ടത്...കാരണം ആദിൽക്ക ഇപ്പോ എവിടെയാണെന്ന് സൂചിപ്പിക്കുന്ന ഒന്നും നമ്മള് ഇതിൽ നിന്നും കണ്ടിട്ടില്ല... ഇനി ഇപ്പോ എന്താ ചെയ്യാ....?"

എന്ന് ഹസി ചോദിച്ചപ്പോഴാണ് നമ്മള് അതിനെ കുറിച്ച് ചിന്തിച്ചത്... അപ്പോ തന്നെ കണ്ണ് തുടച്ചിട്ട് ആ നഴ്സിന്റെ നമ്പറിലേക്ക് വിളിച്ചു... എന്നിട്ട് ഇതിന് ശേഷം ആദിയും കാക്കുവും എങ്ങോട്ടാണ് പോയതെന്ന് കാണിക്കുന്ന വീഡിയോ അയച്ച് തരാൻ അപേക്ഷിച്ചപ്പോ ആ നേഴ്സ് എന്നോട് ഒരു ദിവസത്തെ സാവകാശം ചോദിച്ചിട്ട് ഫോൺ വെച്ചു...

ഞാൻ ഫോണെടുത്ത് ബെഡിൽ ഇട്ടിട്ട് അസ്വസ്ഥമായി ഇരിക്കുന്നത് കണ്ടപ്പോ അച്ചുവും ഹസിയും എന്നെ സമാധാനിപ്പിച്ചു... ആദിക്ക് ഒന്നും സംഭവിക്കില്ല എന്നൊക്കെ പറഞ്ഞ് എനിക്ക് കരുത്ത് നൽകി...

അന്ന് ഹസി എന്റെ കൂടെയായിരുന്നു ദിവസം മുഴുവൻ....പിറ്റേന്ന് ഞായറാഴ്ച്ച ആയതോണ്ട് അച്ചുവും വീട്ടിലേക്ക് വന്നു... ഞങ്ങളെല്ലാവരും കൂടി ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ച് ഓരോന്ന് സംസാരിച്ച് ഇരിക്കുമ്പോഴാണ് ആ നഴ്സിന്റെ നമ്പറിൽ നിന്നും ഒരു കാൾ വന്നത്...

എന്റെ വാട്സാപ്പിലേക്ക് അന്നത്തെ അവരെ വീഡിയോ അയച്ചിട്ടുണ്ട് എന്നായിരുന്നു അവര് പറഞ്ഞത്... നമ്മള് അപ്പോ തന്നെ അച്ചൂനെയും ഹസിനെയും കൂട്ടി റൂമിലേക്ക് പോയി വാട്സാപ്പ് തുറന്ന് ആ വീഡിയോ ഡൗൺലോഡ് ആക്കി...

അതിൽ കാക്കുവും ആദിയും എന്തൊക്കെയോ സംസാരിക്കുന്നതും ഒടുക്കം കാക്കൂനോട് ദേഷ്യപ്പെട്ട് കൊണ്ട് ആദി പുറത്തേക്കിറങ്ങി പാർക്കിങ് ഏരിയയിൽ നിന്നും ഫാസ്റ്റിൽ കാറെടുത്ത് പോകുന്നതുമാണ് ഉള്ളത്...

അത് കണ്ട് കഴിഞ്ഞപ്പോ അവര് തമ്മിൽ എന്തായിരിക്കും സംസാരിച്ചത്, പിന്നീട് ആദി എങ്ങോട്ടാകും പോയതെന്നായി ഞങ്ങളെ ചർച്ച... അപ്പോഴും നമ്മക്ക് ആദിയെ കാണാൻ കഴിയാത്ത വിഷമമായിരുന്നു ഉള്ള് നിറയെ... അവനെ ഓർത്ത് കരയുന്നത് കണ്ടിട്ട് അച്ചുവും ഹസിയും കൂടി എന്നെ സമാധാനിപ്പിക്കാൻ നോക്കി....

"ഫെബി...എന്താ ഇത്...? നീ കരയല്ലെടി... കാക്കു

ഉറപ്പായും തിരിച്ച് വരും... ഞങ്ങൾക്ക് ഉറപ്പുണ്ട്... നീ ഇങ്ങനെ കരയല്ലേ ഫെബി..."

"ഞാൻ എന്ത് സ്വർത്ഥയാണ് അച്ചു.... എന്റെ നിലനിൽപ്പിന് വേണ്ടി എന്റെ വാശി ജയിക്കാൻ വേണ്ടി ഞാൻ ഒരിക്കലും ആദിയെ എന്നിൽ നിന്നും അകറ്റാൻ പാടില്ലായിരുന്നു....

അച്ചൂ...നിനക്ക് ഓർമ്മയുണ്ടോ... അന്നൊരിക്കൽ നീ പറഞ്ഞില്ലേ ആദിന്റെ സ്നേഹത്തെ തിരിച്ചറിയാതെ പോയതിന് ഞാൻ ഒരിക്കൽ ഖേദിക്കുമെന്ന്... ഓന്റെ സ്നേഹത്തിന് വേണ്ടി ഞാൻ കെഞ്ചുമെന്ന്.... ഇപ്പോ എനിക്ക് ആ അവസ്ഥയാണ്...."

എന്ന് പറഞ്ഞ് ഞാൻ പൊട്ടിക്കരഞ്ഞപ്പോ അച്ചു എന്നെ ഓളെ നെഞ്ചോട് ചേർത്ത് വെച്ച് വിലപിച്ചു...

"ഫെബി...നീ അതൊക്കെ ഇപ്പോഴും മനസ്സിൽ വെച്ചിരിക്കാണോ...?

ഞാൻ അതൊക്കെ അപ്പോഴത്തെ ഒരു ദേഷ്യത്തിന്

വേണ്ടി പറഞ്ഞതല്ലേ.... നീ അതൊന്നും ഓർക്കരുത്... ഞാൻ എന്തെങ്കിലും ഒക്കെ പറഞ്ഞെന്ന് കരുതി നീയെന്തിനാ വിഷമിക്കുന്നെ...? കാക്കു വരും എനിക്ക് ഉറപ്പുണ്ട്...

ഞാൻ ഇറങ്ങട്ടെ...നാളെ കോളേജിൽ പോകണം... നീ മാറ്റി ഒരുങ്ങി നിന്നോണ്ടി.... ഞാൻ വരണ്ട് നിന്നെ കൂട്ടിക്കൊണ്ട് പോകാൻ..."

എന്ന് പറഞ്ഞ് അച്ചു എല്ലാവരോടും യാത്ര പറഞ്ഞ് പോയി.... അതെ നാളെ മുതൽ എന്റെ കുരാമീസും ബ്രദേഴ്സും എന്റെ ആദിയുമില്ലാത്ത കോളേജിലേക്ക് ഞാൻ പോകാണ്... അവരില്ലാത്ത കോളേജ് ആണ് ഇനി മുതല് എന്റെ കോളേജ് ലൈഫ്....

അന്ന് ഒരുപാട് ഓർമ്മകൾ അയവിറക്കി കരഞ്ഞ് കൊണ്ടാണ് ഉറങ്ങിയത്... പുതിയ ഒരു പുലരിയെ വരവേറ്റപ്പോൾ ഉള്ളിൽ നീറി പുകഞ്ഞത് അളവറ്റ സങ്കടങ്ങളാണ്... എന്നത്തേയും പോലെ ഈയിടെയായി ജോഗിങ്ങിന് പോക്കില്ല ഉപ്പച്ചി... എല്ലാം ഞാൻ ഹോസ്പിറ്റലിൽ കിടന്നപ്പോ നിലച്ച് കാണും...

അതോണ്ട് വീണ്ടും പഴയ ശീലങ്ങൾ തുടരാൻ തീരുമാനിച്ചോണ്ട് തന്നെ നമ്മള് എണീറ്റ് ഫ്രഷായി നിസ്കരിച്ച് ഉപ്പച്ചിയെയും കൊണ്ട് ജോഗിങ്ങിന് പോയി വന്നു.... നടത്തിലുടനീളം നമ്മള് ഉപ്പച്ചിയോട് വാ തോരാതെ സംസാരിക്കുന്നത് കണ്ടിട്ട് ഉപ്പച്ചിന്റെ മുഖത്ത് ആ പഴയ തെളിച്ചം വന്നത് നമ്മള് ശ്രദ്ധിച്ചു...

തിരിച്ച് വീട്ടിൽ എത്തിയപ്പോ സിനു എണീറ്റിട്ടില്ല...അതോണ്ട് ഓളെ മുഖത്തേക്ക് വെള്ളം ഒഴിച്ച് ഓളെ ബെഡിൽ നിന്നും എണീപ്പിച്ചപ്പോ മനസ്സിന് ഒരല്പം സമാധാനം കിട്ടി... പിന്നെ ഞാനും അവളും കൂടി പൊരിഞ്ഞ തല്ലായിരുന്നു... അത് കണ്ടിട്ട് ഉമ്മച്ചി വന്ന് പിടിച്ച് മാറ്റുമെന്ന് കരുതിയെങ്കിലും മൂപ്പത്തി ഞങ്ങളെ തല്ല് കണ്ട് ആസ്വദിച്ച് നിൽക്കായിരുന്നു....

അവിടന്ന് ഓളോട് വഴക്കിട്ട് വേഗം റൂമിലേക്കോടി വാതിലടച്ചപ്പോ എന്തിനെന്നില്ലാതെ എന്റെ മിഴികൾ നനഞ്ഞു...

അങ്ങനെ പതിവിലും നേരത്തേ തന്നെ അച്ചു വീട്ടിലേക്ക് വന്ന് എന്റെ ബുക്ക്സ് ഒക്കെ എടുത്ത്

വെക്കാൻ സഹായിച്ചു...

എന്നിട്ട് ഫുഡ് ഒക്കെ കഴിച്ച് എല്ലാവരോടും യാത്ര പറഞ്ഞ് അച്ചൂന്റെ സ്കൂട്ടിയിൽ കോളേജ് ലക്ഷ്യമാക്കി യാത്ര തിരിച്ചു... പിജി ഫൈനൽ ഇയേഴ്സിന്റെ ക്ലാസ്സോക്കെ കഴിഞ്ഞ് അവര് പോയെന്ന് അച്ചു പറഞ്ഞപ്പോ നമ്മള് അതെല്ലാം കേട്ടിരുന്നു എന്നല്ലാതെ ഒന്നും മിണ്ടിയില്ല....

കോളേജിൽ എത്തിയപ്പോ എന്തോ വല്ലാണ്ട് മിസ്സ് ചെയ്തു എന്റെ ചങ്ക്സിനെ.... ബ്രദേഴ്സും കുരാമീസും കൂടി ചേർന്ന് ഇരിക്കാറുള്ള ആ ചീനി മരത്തിന്റെ ചുവട്ടിലെ ശൂന്യത കണ്ട് കരയാൻ വെമ്പി തുടങ്ങുന്നുണ്ട് കണ്ണുകൾ...

അച്ചു വന്ന് എന്റെ തോളിൽ കൈ വെച്ചപ്പോഴാണ് ഞാൻ ചിന്തയിൽ നിന്നും ഉണർന്നത്... എന്നിട്ട് അവളെയും കൂട്ടി കോളേജിന്റെ പടി കയറുമ്പോ എല്ലാം ഒന്ന് മുതൽക്ക് എന്റെ മനസ്സിലേക്ക് ഓടി വന്നു... ഓർമ്മകൾ വീണ്ടും പുതുക്കി...

ക്ലാസ്സിൽ എത്തിയപ്പോ ആരും വന്നിട്ടില്ലാത്ത പോലെ തോന്നി പോയി... അപ്പോഴാ എനിക്ക് തന്നെ ഓർമ്മ വന്നത് അവരൊന്നും ഇനി വരില്ലല്ലോ എന്ന്.... ɰ

എന്നെ കണ്ടതും പലരുടെയും മുഖത്ത് ഒരു പുഞ്ചിരി വിടർന്നെങ്കിലും അതിലൊന്നും ഒരു പൂർണ്ണത ഇല്ലെന്നു...

അപ്പോഴാണ് ഞങ്ങളെ ബെഞ്ചിലേക്ക് എന്റെ ശ്രദ്ധ പതിഞ്ഞത്.... എന്റെ കുരാമീസ് ഇല്ലാത്ത ഞങ്ങളെ ക്ലാസ് മുറി... ഞാൻ അവിടെ ചെന്നിരുന്ന് ജനലിലൂടെ ആദിന്റെ ക്ലാസ്സിലേക്ക് നോക്കിയപ്പോ ഒഴിഞ്ഞ് കിടക്കുന്ന ആ ക്ലാസ് മുറിയിൽ ആദി ഇരുന്ന് എന്നെ നോക്കി പുഞ്ചിരിക്കുന്ന പോലെ എനിക്ക് തോന്നി...

ഡെസ്കിൽ "FANSS..." എന്ന് കൊത്തി വെച്ചത് കണ്ടപ്പോ ചങ്കിൽ നിന്ന് ചോര പൊടിയുന്ന പോലെ... ഞാൻ കുറച്ച് നേരം ഡെസ്കിലെ തല വെച്ച് കിടന്ന് എന്റെ കുരാമീസിനെ കുറിച്ച് ആലോചിച്ചപ്പോ വീണ്ടും കണ്ണ് നിറഞ്ഞു....

അവറ്റകളൊക്കെ കൂടി നമ്മളെ ഇട്ട് താങ്ങുന്നതും

എന്നെ സന്തോഷിപ്പിക്കാൻ വേണ്ടി ഓരോ കോപ്രായങ്ങൾ കാണിച്ച് കൂട്ടുന്നതുമൊക്കെ അറിയാതെ ഓർത്ത് പോയി...

അപ്പോഴാണ് ക്ലാസ്സിലേക്ക് റാഷി സാറിന് പകരം പുതിയതായി വന്ന സാറിനെ ഞാൻ കാണുന്നത്... അയാളെ കണ്ടതും ഒന്ന് ഞെട്ടിയെങ്കിലും ഞാൻ അത് കാര്യമാക്കാതെ തല താഴ്ത്തി അവിടെ ഇരുന്നു...

ഫൈസൽക്ക ആയിരുന്നു റാഷി സാറിന് പകരം വന്ന സാർ... ഗസ്റ്റ് ലെക്ചർ ആയിട്ടാണ് ഫൈസൽക്ക വന്നതെന്ന് അച്ചു നമ്മളോട് അപ്പോഴാണ് പറഞ്ഞത്...

ഫൈസൽക്ക നമ്മളെ കണ്ടതും ഒരു പുഞ്ചിരി സമ്മാനിച്ചെങ്കിലും തിരിച്ച് ഒന്ന് ചിരിക്കാൻ പോലും എന്നെ കൊണ്ട് സാധിച്ചില്ല... എന്റെ വിഷമം മനസ്സിലാക്കിയത് കൊണ്ടാകും ഫൈസൽക്ക പിന്നെ എന്നെ ഒന്ന് നോക്കുക പോലും ചെയ്യാതെ ക്ലാസ് എടുത്ത് ഇറങ്ങി പോയത്...

അടുത്ത പിരീഡും എന്റെ ഭാവത്തിലോ ഇരുപ്പിലോ ഒരു മാറ്റവും കാണാത്തത് കൊണ്ട് തന്നെ അച്ചുവിന് അത് നല്ലോണം വിഷമായിട്ടുണ്ട്...

അങ്ങിങ്ങായി ഒഴിഞ്ഞ് കിടക്കുന്ന ബെഞ്ചുകളൊക്കെ കാണുമ്പോ അന്ന് നടന്നതൊക്കെ വീണ്ടും കണ്മുന്നിലേക്ക് വരാണ്... എന്റെ മൂകഭാവം മാറ്റാൻ വേണ്ടി അച്ചുവും ഒപ്പം അരുണും കൂടി ഓരോന്ന് പറഞ്ഞ് നമ്മളെ രസിപ്പിക്കാൻ നോക്കിയെങ്കിലും എനിക്ക് അതിലൊന്നും ഒരു താല്പര്യവും ഇല്ലെന്നു...

ഒടുക്കം എന്നെ രസിപ്പിക്കാണെന്ന പേരിൽ രണ്ടും കൂടി ഓരോന്ന് പറഞ്ഞ് വഴക്ക് കൂടാൻ തുടങ്ങിയപ്പോ നമ്മള് ഇടപെട്ട് പ്രശനം സോൾവാക്കി കൊടുത്തപ്പോ അവര് രണ്ട് പേരും ഹാപ്പി ആയി... അപ്പോ നമ്മളും ചെറുതായിട്ട് ഒന്ന് ഹാപ്പി ആയ പോലെ കാണിച്ചു...

ബ്രേക്ക് ടൈമിൽ ക്ലാസ്സിൽ തന്നെ ഇരിക്കുന്ന എന്നെ പിടിച്ച് വലിച്ച് അച്ചു പുറത്തേക്ക് കൊണ്ട് പോയപ്പോ എന്തോ ലൈബ്രറിയിലേക്ക് ഒക്കെ പോകാൻ തോന്നി... അതോണ്ട് ഞങ്ങള് രണ്ടും കൂടി ലൈബ്രറിയിലേക്ക്

പോയി അവിടെയൊക്കെ ഒന്ന് കണ്ണോടിച്ചപ്പോ എന്തൊക്കെയോ ഒരു ഫീല്.... ആദി ഇവിടെ എവിടെയോ ഉള്ള പോലെ ഒക്കെ തോന്നാ....

അച്ചു എന്റെ കയ്യിൽ ഒന്ന് പിടി മുറുക്കിയപ്പോഴാണ് നമ്മള് ചിന്തയിൽ നിന്നും ഉണർന്ന് അവളെ നോക്കുന്നത്... ഓള് അപ്പോ തന്നെ നമ്മളെയും കൊണ്ട് അകത്തേക്ക് കയറിയിട്ട് ഏതൊക്കെയോ ബുക്ക് എടുത്ത് തിരിച്ചും മറിച്ചും നോക്കി അവിടെ തന്നെ വെക്കാൻ തുടങ്ങി...

നമ്മള് ഓളെ കാട്ടികൂട്ടല് കണ്ടിട്ട് ഒന്ന് പുഞ്ചിരി തൂകി കൊണ്ട് ഓരോ ഷെൽഫിലേക്കും മാറി മാറി നോക്കുമ്പോഴായിരുന്നു എന്റെ കണ്ണ് നോട്ടീസ് ബോർഡിലേക്ക് ചെന്ന് പതിച്ചത്...

അവിടെ ഒരു പേപ്പറിൽ എഴുതി വെച്ചിരിക്കുന്ന വാചകം എന്റെ കണ്ണിന് കുളിർമ്മയേകുന്നതായിരുന്നു...

"നീ തേടിക്കൊണ്ടിരിക്കുന്നത് ഇതിലുണ്ട്...."എന്ന്

ഇംഗ്ലീഷിൽ എഴുതിയിട്ട് അതിന് താഴെ ഒരു ചെറിയ പാരഗ്രാഫ് കൊടുത്തിട്ടുണ്ട്...അതിന് താഴെ " *ആദിൽ സാഹിബ് കരീം passout student of MBA finalyear* " എന്ന് കണ്ടപ്പോ ആദിക്ക് എന്നോട് പറയാനുള്ള എന്തോ ഒന്നാണ് ഈ പരാഗ്രഫിലുള്ളതെന്ന് എനിക്ക് മനസ്സിലായി...

നമ്മള് അതിലേക്ക് തന്നെ ഉറ്റുനോക്കി കൊണ്ട് അതെന്താണെന്ന് മനസ്സിലാക്കിയെടുക്കുമ്പോഴായിരുന്നു അച്ചു വന്നിട്ട് ബെല്ലടിച്ചു വാ എന്ന് പറഞ്ഞ് നമ്മളെ പിടിച്ച് വലിച്ചത്...

നമ്മള് അപ്പോ തന്നെ നോട്ടീസ് ബോർഡിൽ നിന്നും ആ പേപ്പർ എടുത്തിട്ട് അത് കയ്യിൽ ചുരുട്ടി പിടിച്ച് കൊണ്ട് അച്ചുവിന്റെ കൂടെ ക്ലാസ്സിലേക്ക് നടന്ന് നീങ്ങി...

ക്ലാസ്സിൽ എത്തിയപ്പോ തന്നെ നമ്മള് ആ പേപ്പർ തുറന്നിട്ട് ആ പാരഗ്രാഫ് വീണ്ടും വീണ്ടും വായിച്ച് നോക്കി... എത്രയൊക്കെ ശ്രമിച്ചിട്ടും എനിക്ക് അവനെന്താണ് ഉദ്ദേശിക്കുന്നതെന്ന് കണ്ടെത്താൻ കഴിഞ്ഞില്ല...

ഇതിനിടക്ക് ക്ലാസ്സെടുക്കാൻ വേണ്ടി ഫൈസൽക്ക വീണ്ടും കേറി വന്നതൊന്നും അറിയാതെ നമ്മള് അപ്പോഴും ആ പേപ്പറിലേക്ക് നോക്കി ഇരിക്കായിരുന്നു....

എത്രെയും പെട്ടെന്ന് തന്നെ എന്താണ് ഇതിന്റെയൊക്കെ അർത്ഥമെന്ന് കണ്ടെത്തണമെന്ന എന്റെ ചിന്ത കൊണ്ടാകും കരച്ചില് കൊണ്ട് എനിക്ക് ഒന്നും മനസ്സിലാകുന്നില്ലായിരുന്നു...

ഒടുക്കം മനസ്സിനെ ശാന്തമാക്കി കൊണ്ട് നമ്മള് ആ പേപ്പറിലേക് ഒരിക്കൽ കൂടി നോക്കിയപ്പോ അതിൽ ഒളിഞ്ഞു കിടക്കുന്ന ചില വാചകങ്ങൾ മാത്രം എന്റെ കണ്ണിലേക്ക് തെളിഞ്ഞു കണ്ടു...അതൊക്കെ കൂടി ചേർത്ത് വായിച്ചപ്പോ ഹിസ്റ്ററി സെക്ഷനിലെ നാലാമത്തെ ഷെല്ഫിലുള്ള ഒരു പുസ്തകത്തിൽ ഞാൻ തിരയുന്നതിനുള്ള ഉത്തരമുണ്ടെന്ന് മനസ്സിലായതും പിന്നെ ഒന്നും നോക്കാതെ ഒരു ഓട്ടമായിരുന്നു ലൈബ്രറിയിലേക്ക്...

അച്ചു പുറകിൽ നിന്നും നമ്മളെ വിളിച്ച് കൂവുന്നുണ്ടെങ്കിലും നമ്മളത് കാര്യമാക്കിയില്ല... നമ്മള് ലൈബ്രറിയിലേക്ക് ഓടി കയറിയിട്ട് ഹിസ്റ്ററി

സെക്ഷനിലേക്ക് ചെന്ന് ആ ബുക്ക് തിരഞ്ഞപ്പോ ആ ബുക്ക് വെച്ച സ്ഥലം ശൂന്യമായിരുന്നു...

നമ്മള് അവിടെയൊക്കെ ആ ബുക്ക് തിരഞ്ഞ് നോക്കിയെങ്കിലും എനിക്ക് അത് കണ്ടെത്താൻ കഴിഞ്ഞില്ല...നമ്മള് അപ്പി തന്നെ രാജേഷ് സാറിന്റെ അടുത്തേക്ക് ചെന്നു...

"സാർ...സാർ ആ ഹിസ്റ്ററി സെക്ഷനിൽ നാലാമത്തെ ഷെൽഫിൽ ഉണ്ടായിരുന്ന അവസാനത്തെ ബുക്ക് എവിടെയാണെന്ന് അറിയോ സാർ..."

ഞാൻ പറയുന്നത് കേട്ടിട്ട് സാർ എന്നെ ഒന്ന് സംശയത്തോടെ നോക്കിയിട്ട് നമ്മളെ കൂടെ ഹൈസ്റ്റോറി സെക്ഷനിലേക്ക് നടന്നു... എന്നിട്ട് നമ്മള് അവിടെ ഉണ്ടായിരുന്ന ആ ബുക്കിന്റെ സ്ഥാനം കാണിച്ച് കൊടുത്തപ്പോ സാർ എന്തൊക്കെയോ ചിന്തിച്ച് കൂട്ടിക്കൊണ്ട് റെജിസ്റ്ററിൽ നോക്കാൻ തുടങ്ങി....

"ഓ.... ആ ബുക്ക് കുറച്ച് മുൻപ് വന്ന് ആദി കൊണ്ട് പോയല്ലോ...."

സാർ പറയുന്നത് കേട്ട് ഞാൻ അന്താളിച്ച് കൊണ്ട് വാട്ട് എന്ന് ചോദിച്ചപ്പോ സാർ പുറത്തേക്ക് ചൂണ്ടി കാണിച്ചു....

"നീ ഇങ്ങോട്ട് വരുന്നതിന് തൊട്ട് മുന്പാണ് ആദി ആ ബുക്കും എടുത്ത് ഇവിടന്ന് പോയത്..."

എന്ന് സാർ പൂർത്തിയാക്കുന്നതിന് മുന്നേ തന്നെ നമ്മള് വാതിൽ കടന്ന് പുറത്തേക്ക് ഓടി സ്റ്റെയർ ഇറങ്ങിയതും എനിക്ക് തൊട്ട് മുന്നിലായിട്ട് ആദി പോകുന്നത് ഞാൻ കണ്ടു...

ഓനെ കണ്ടതും സന്തോഷം കൊണ്ടാണോ സങ്കടം കൊണ്ടാണോ എന്നറിയില്ല എനിക്ക് കരച്ചില് വന്ന് പൊട്ടിക്കരഞ്ഞ് കൊണ്ട് ആദിയെ തിരിഞ്ഞ് നോക്കിയപ്പോ ഓനെ അവിടെ കാണാൻ ഇല്ലായിരുന്നു....

(തുടരും)

ഭാഗം.97

ഓനെ കണ്ടതും സന്തോഷം കൊണ്ടാണോ സങ്കടം കൊണ്ടാണോ എന്നറിയില്ല എനിക്ക് കരച്ചില് വന്ന് പൊട്ടിക്കരഞ്ഞ് കൊണ്ട് ആദിയെ നോക്കിയപ്പോ ഓനെ അവിടെ കാണാൻ ഇല്ലായിരുന്നു...

"ആദി...."

എന്ന് വിളിച്ചോണ്ട് നമ്മള് സ്റ്റെയർ ഇറങ്ങി ഓഫീസ് റൂമിന് മുന്നിൽ എത്തിയതും അവിടെ മൊത്തം ആൾക്കാരെ കൊണ്ട് നടക്കാൻ പോലും പറ്റുന്നില്ലെന്നു...അത്രക്ക് തിരക്ക്....

ഫസ്റ്റ് ഇയേർസിനുള്ള അഡ്മിഷന് വേണ്ടിയാണ്

അവരൊക്കെ വന്നതെന്ന് എനിക്ക് അപ്പോഴാ ഓർമ്മ വന്നത്...

നമ്മള് അവരെ ഇടയിൽ കൂടി നടന്ന് അവിടെ മൊത്തം ആദിയെ തിരഞ്ഞ് നോക്കിയെങ്കിലും അവനെ കാണാൻ പറ്റിയില്ല... അപ്പോഴാണ് ആരോ എന്നെ ഇടിച്ച് തള്ളി കൊണ്ട് എന്നെ കടന്ന് പോയത്...

ആ നിമിഷം തന്നെ എന്റെ ഹാർട്ട് ബീറ്റിന്റെ തോത് ഉയർന്നതും അത് ആദിയാണെന്ന് നമ്മക്ക് മനസ്സിലായി...

ഞാൻ അപ്പോ തന്നെ വെട്ടിത്തിരിഞ്ഞ് നോക്കിയതും ആദി ആരോടോ ഫോണിൽ സംസാരിച്ചോണ്ട് പോകുന്നത് കണ്ടു.... അത് കണ്ടതും നമ്മളെ മുഖത്ത് വീണ്ടും ഒരു പുഞ്ചിരി വിടർന്നു...

നമ്മള് ആദി എന്ന് മന്ത്രിച്ച് കൊണ്ട് ഓന്റെ പിന്നാലെ ആ ആൽക്കൂട്ടത്തിനിടയിൽ നിന്നും പുറത്തേക്ക് വന്നതും ഓൻ സ്റ്റെയർ ഇറങ്ങി താഴേക്ക് പോയിരുന്നു....

"ആദി..... ആദി...... ആദി നിൽക്ക്......ആദി....."

എന്ന് വിളിച്ചോണ്ട് നമ്മള് ഓൻ്റെ പിറകെ ഓടിയെങ്കിലും ആദി ഒരിക്കൽ പോലും ഒന്ന് തിരിഞ്ഞു നോക്കിയില്ല... ഞാൻ ഓൻ്റെ പിന്നാലെ ആദി എന്ന് വിളിച്ച് ഒരുപാട് ഓടി.... പക്ഷെ അപ്പോഴേക്കും ആദി അവൻ്റെ കാറിൽ കേറി കോളേജിൻ്റെ കോമ്പൗണ്ട് കടന്നിരുന്നു....

അവൻ്റെ കാറിൻ്റെ പിറകെ ആദി എന്ന് കരഞ്ഞ് വിളിച്ചോണ്ട് ഓടി ചെന്നെങ്കിലും ഒരു ഫലവും ഉണ്ടായില്ല.... ഒടുവിൽ എല്ലാ പ്രതീക്ഷകളും അറ്റ് നമ്മള് ഗ്രൗണ്ടിൽ മുട്ടുകുത്തി ഇരുന്ന് മുഖം പൊത്തി പിടിച്ചോണ്ട് ആദി എന്ന് പറഞ്ഞ് ഒരുപാട് കരഞ്ഞു...

'അവൻ്റെ തൊട്ട് പിറകെ ഞാൻ ഉണ്ടായിരുന്നിട്ട് കൂടി ഒന്ന് തിരിഞ്ഞു പോലും നോക്കാതെ ആദി പോയത് എന്ത് കൊണ്ടാണെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല....

ഞാൻ വിളിച്ചത് കേൾക്കാത്തത് കൊണ്ടാകോ അവൻ തിരിഞ്ഞ് നോക്കാതെ പോയത്? അതോ ആദി എന്നെ മറന്നോ....?

നോ.....ആദി ഒരിക്കലും എന്നെ മറക്കില്ല... അവന്

ഒരിക്കലും അതിന് കഴിയില്ല....'

എന്ന് സ്വയം പിറുപിറുത്തു കൊണ്ട് മുഖം പൊത്തി കരയുമ്പോഴായിരുന്നു ആരോ എന്റെ അടുത്തേക്ക് നടന്നടുക്കുന്ന ശബ്ദം കേട്ടത്... അപ്പോ തന്നെ നമ്മള് മുഖത്ത് നിന്നും കയ്യെടുത്ത് നിലത്തേക്ക് നോക്കിയപ്പോ നമ്മളെ മുന്നിൽ രണ്ട് കാലുകൾ കണ്ടു....

ആദിയാകുമെന്ന് പ്രതീക്ഷിച്ച് കൊണ്ട് ഒരു പുഞ്ചിരിയോടെ അയാളെ മുഖത്തേക്ക് നോക്കിയതും അത് അരുണാണെന്ന് കണ്ടപ്പോ വീണ്ടും കരച്ചില് വന്നു....

അപ്പോ തന്നെ അച്ചുവും അങ്ങോട്ട് വന്നിട്ട് നമ്മളെ അവിടന്ന് പിടിച്ച് എണീപ്പിച്ചപ്പോൾ നമ്മള് പരിസരം മറന്നൊണ്ട് അച്ചുവിനെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു....

"അ... അച്ചു.....ആദി....അവൻ... അവൻ എന്നെ ഒരിക്കൽ പോലും തിരിഞ്ഞു നോക്കാതെ പോയി അച്ചൂ......

അവൻ എന്തോണ്ടാ അച്ചു ഞാൻ വിളിച്ചിട്ടും തിരിഞ്ഞ് നോക്കാതെ പോയത്...?

ചെലപ്പോ....ചെലപ്പോ അവൻ ഫോൺ വിളിക്കുന്നത് കൊണ്ട് ഞാൻ വിളിച്ചത് കേട്ടിട്ടുണ്ടാവില്ല...അല്ലെ അച്ചൂ...?

അതെ ...അത് തന്നെയാ....അല്ലാതെ ഒരിക്കലും ആദിക്ക് എന്നെ അവോയ്ഡ് ചെയ്യാൻ പറ്റില്ല.....

അവൻ ഞാൻ വിളിച്ചത് കേട്ട് കാണില്ല....."

എന്നൊക്കെ സ്വയം പിറുപിറുത്ത് നമ്മള് അച്ചൂനെ നോക്കിയപ്പോ ഓള് നമ്മളെ കവിളില് പിടിച്ചിട്ട് എന്റെ കണ്ണീർ തുടച്ചു....

"നീ വിളിച്ചത് അവൻ കേട്ടാലും അവൻ തിരിഞ്ഞ് നോക്കില്ല ഫെബി...."

എന്ന് അച്ചു കണ്ണ് നിറച്ച് കൊണ്ട് പറയുന്നത് കേട്ടപ്പോ എന്റെ നെഞ്ചിലൊരു ഐഡി വെട്ടിയ പോലെ എനിക്ക്

തോന്നി ഞാൻ അച്ചുവിനെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു....

അപ്പോ അച്ചു അരുണിന്റെ കയ്യിൽ നിന്നും ഒരു കാർഡ് വാങ്ങിയിട്ട് അത് എനിക്ക് നേരെ നീട്ടി.... നമ്മള് ഓളെയും ആ കാർഡിലേക്കും മാറി മാറി നോക്കി കൊണ്ട് അത് വാങ്ങിയതും അച്ചു പറയുന്നത് കേട്ട് ഈ ഭൂമി പിളർന്ന് ഞാൻ താഴേക്ക് പോയിരുന്നെങ്കിൽ എന്ന് വരെ ആശിച്ചു....

"അടുത്ത ആഴ്ച ആദിന്റെയും സൽമന്റെയും എൻഗേജ്മെന്റാണ്... അതിന് പ്രിൻസിയെ ക്ഷണിക്കാൻ വേണ്ടിയാ ആദി വന്നത്...."

അവള് പറഞ്ഞത് വിശ്വസിക്കാൻ കഴിയാതെ നമ്മള് ഓളെ നോക്കി വിറയാർന്ന കൈകളാലെ ആ കാർഡ് തുറന്ന് നോക്കി... അതിൽ ആദിയും സൽമയും കൂടി ഒരുമിച്ച് ചിരിച്ചോണ്ട് നിൽക്കുന്ന ഒരു ഫോട്ടോയാണ് എനിക്ക് കാണാൻ കഴിഞ്ഞത്....

അതിന് താഴെ

ആദിൽ

Engage

സൽ   മ

എന്ന് കണ്ടതും നമ്മള് ഞെട്ടി തരിച്ച് കൊണ്ട് ആ കാർഡിലേക്ക് തന്നെ നോക്കി നിന്നു... കരയാൻ പോലും മറന്ന് പോയ നിമിഷമായിരുന്നു അത്... ആ കാർഡും നോക്കി കൊണ്ട് എത്ര നേരം അങ്ങനെ നിന്നെന്ന് എനിക്ക് തന്നെ അറിയില്ല.... അച്ചു വന്ന് എന്നെ വിളിച്ചോണ്ട് പോയപ്പോഴാണ് നമ്മള് അതിൽ നിന്നും കണ്ണെടുക്കുന്നത്....

ആദിയുടെ ചിരിച്ച മുഖം ആ കാർഡിൽ കണ്ടപ്പോ നെഞ്ചില് ആരോ തീ കോരിയിടുന്ന പോലെ തോന്നി പോയി... കൂടെ സൽ   മയെ കണ്ടതും എനിക്ക് ഒന്നും ഉൾക്കൊള്ളാൻ കഴിയുന്നില്ല... ആദിക്ക് എങ്ങനെ ഇതിന് കഴിഞ്ഞെന്ന് എത്ര ചിന്തിച്ചിട്ടും എനിക്ക് മനസ്സിലായില്ല....

ഇതിനിടക്ക് ആ കാർഡിലേക് നോക്കി ഇരുന്ന് എപ്പോഴാ നേരം പോയതൊന്നും ഞാൻ അറിഞ്ഞില്ല... അച്ചു എന്നെ വീട്ടിൽ കൊണ്ട് വന്ന് വിട്ടപ്പോഴും എന്റെ

കയ്യിൽ ആ കാർഡ് ഭദ്രമായി തന്നെ ഉണ്ടായിരുന്നു.... അച്ചു എന്നോട് എന്തൊക്കെയോ പറയുന്നുണ്ടെങ്കിലും ഞാൻ ഒന്നും കേട്ടില്ല....

ഞാൻ അവളുടെ സംസാരത്തെ ഒന്നും വക വെക്കാതെ വീട്ടിലേക്ക് കേറി പോയതും ഉമ്മച്ചിയും എന്തൊക്കെയോ എന്നോട് ചോദിക്കുന്നുണ്ട് പക്ഷെ അപ്പോഴൊക്കെ അച്ചു എന്നോട് പറഞ്ഞത് മാത്രമായിരുന്നു കാതിൽ മുഴങ്ങി കേട്ടോണ്ടിരുന്നത്...

"നീ വിളിച്ചത് അവൻ കേട്ടാലും അവൻ തിരിഞ്ഞു നോക്കില്ല ഫെബി.....

അടുത്ത ആഴ്ച ആദിന്റെയും സൽമന്റെയും എൻഗേജ്മെന്റാണ്...."

എന്ന് ഓള് പറഞ്ഞത് മനസ്സിലേക്ക് വന്നതും നമ്മള് അപ്പോ തന്നെ റൂമിലെ ടേബിളിൽ കാൽ തട്ടി വീഴാൻ പോയി...

അപ്പോഴാണ് ഞാൻ റൂമിൽ എത്തിയത് പോലും അറിഞ്ഞത്... നമ്മള് അപ്പോ തന്നെ തിരിഞ്ഞിട്ട്

വാതിലടച്ച് ചാരി നിന്ന് ആ കാർഡിലേക്ക് നോക്കി ആ വാതിലിനോട് ചേർന്ന് ഇരുന്നു....

എന്നിട്ട് ആ കാർഡിലേക്ക് നോക്കി പൊട്ടിക്കരഞ്ഞിട്ട് ആദിന്റെ ഫോട്ടോയിലൂടെ വിരലുകളോടിച്ച് ആ കാർഡ് നെഞ്ചോട് ചേർത്ത് വെച്ചു.... അപ്പോ വീണ്ടും അച്ചു പറഞ്ഞത് എന്റെ കാതുകളിലേക്ക് തുളഞ്ഞ് കയറിയതും നമ്മള് അപ്പോ തന്നെ ആ കാർഡിലെ ആദിയെയും സൽമയെയും മാറി മാറി നോക്കിയിട്ട് അത് വലിച്ച് കീറി കളഞ്ഞ് ഒരു ഭ്രാന്തിയെ പോലെ അലറി കരഞ്ഞു....

എന്നിട്ട് ടേബിളിൽ കിടന്ന ബുക്സും ലൈറ്റും ഫ്ലവർ വേസും ഒക്കെ എടുത്ത് വലിച്ചെറിഞ്ഞ് പൊട്ടിക്കരഞ്ഞോണ്ട് ബെഡിലേക്ക് വീണു.... ശബ്ദം കേട്ട് ഉമ്മച്ചി വന്ന് കതക് തുറക്കാൻ പറഞ്ഞെങ്കിലും നമ്മള് അവിടന്ന് എഴുന്നേൽക്കാതെ ബെഡിൽ മുഖം പൂഴ്ത്തി വെച്ചിട്ട് ഒരുപാട് കരഞ്ഞു...

കരഞ്ഞ് തളർന്ന് നമ്മള് എപ്പോഴോ ഉറങ്ങി പോയിരുന്നു....

പെട്ടെന്ന് ആദിയും സൽമയും കൂടി ഒരുമിച്ച് നിൽക്കുന്നത് കണ്മുന്നിൽ കാണുന്ന പോലെ തോന്നിയതും നമ്മള് ഞെട്ടി ഉണർന്ന് ഇരുന്നു... എന്നിട്ട് ചുറ്റും ഒന്ന് കണ്ണോടിച്ചോണ്ട് ആദിയെയും സൽമയെയും കുറിച്ച് ചിന്തിച്ച് വീണ്ടും ഒരുപാട് കരഞ്ഞു....

അപ്പോ എന്തോ ഒന്ന് പാറി വന്ന് എന്റെ കാലിൽ വീണപ്പൊ നമ്മള് അതെടുത്ത് നോക്കി.... അത് ഞാൻ വലിച്ച് കീറിയ കാർഡിലുണ്ടായിരുന്ന ആദിന്റെ മുഖായിരുന്നു... ഞാൻ അത് കയ്യിൽ ഒതുക്കി വെച്ചിട്ട് അതിൽ ഉമ്മ വെച്ച് നെഞ്ചോട് ചേർത്ത് വെച്ചു....

അപ്പോ വീണ്ടും ഉമ്മച്ചി കതകിൽ മുട്ടുന്നത് കേട്ടതും നമ്മള് കണ്ണ് തുടച്ചിട്ട് ചെന്ന് വാതിൽ തുറന്ന് കൊടുത്തു... ഉമ്മച്ചി റൂമിന്റെ കോലം കണ്ടിട്ട് നമ്മളോട് കാര്യം അന്വേഷിച്ചെങ്കിലും നമ്മള് അവിടെയും മൗനം പാലിച്ച് നിന്നു....

ഉമ്മച്ചി പിന്നെ ഒന്നും മിണ്ടിയില്ല, അവിടെ എറിഞ്ഞതൊക്കെ എടുത്തിട്ട് അതാത് സ്ഥാനത്ത് വെച്ചു....

എന്നിട്ട് ഉമ്മച്ചി എന്നെ ദയനീയമായി നോക്കുന്നത് കണ്ടപ്പോ എനിക്ക് എന്റെ കരച്ചിലിന്റെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല...ഉമ്മച്ചിനെ കെട്ടിപ്പിടിച്ച് കരഞ്ഞിട്ട് നടന്നതൊക്കെ ഉമ്മച്ചിയോട് പറഞ്ഞു...

ഉമ്മച്ചി എന്നെ ആശ്വസിപ്പിച്ചിട്ട് മറുത്തൊന്നും പറയാതെ നമ്മള് കീറി കളഞ്ഞ ആ കാർഡ് പെറുക്കി കൊണ്ട് പോയി... ഇനി എന്ത് ചെയ്യണം എന്ന് ഒരു എത്തും പിടിയും കിട്ടാതെ ബാൽക്കണിയിലേക്ക് ചെന്ന് പുറത്തേക്ക് നോക്കി ഇരുന്നു...

അവിടന്ന് താഴോട്ട് നോക്കിയപ്പോ ആദി എനിക്ക് ഗിഫ്റ്റായിട്ട് തന്ന ആ വൈറ്റ് റോസ് ഗാർഡൻ ആകെ വാടി പോയിട്ടുണ്ട്.... എന്റെ മനസ്സിനെ പോലെ അതും തളർന്നു... കുറച്ച് നേരം കൂടി അവിടെ ഇരുന്നിട്ട് കയ്യിൽ ഉണ്ടായിരുന്ന ആദിന്റെ ഫോട്ടോയിലേക്ക് നോക്കി ഇരുന്നു...

"ഇനിയും ഇത് എന്റെ കയ്യിൽ വെച്ച് നടക്കാൻ എനിക്ക് അർഹതയില്ല.... ആദി ഇപ്പോ എന്റേതല്ല

സൽമയുടേതാണ്.... ആ യാഥാർഥ്യത്തോട് ഞാൻ പൊരുത്തപ്പെടണം...."

എന്ന് പറഞ്ഞ് മനസ്സിനെ കല്ലാക്കി കൊണ്ട് ഞാൻ ആ ഫോട്ടോ പുറത്തേക്ക് വലിച്ചെറിഞ്ഞ് ദൂരേക്ക് മിഴികൾ പായിച്ച് എന്തൊക്കെയോ ആലോജിച്ച് അവിടെ തന്നെ ഇരുന്നു....

അതിന് ശേഷം കുറച്ച് ദിവസം ഞാൻ കോളേജിൽ പോയിരുന്നില്ല...അച്ചു ഒരുപാട് നിർബന്ധിച്ചിരുന്നെങ്കിലും എന്തോ എനിക്ക് പോകാൻ തോന്നിയില്ല...

ഒരു ദിവസം രാവിലെ തന്നെ അച്ചു എന്റെ വീട്ടിലേക്ക് വന്നു... ഇവളെന്താ ഈ നേരത്ത് എന്ന് ചിന്തിച്ചോണ്ട് നമ്മള് ഓളെ അകത്തേക്ക് കൊണ്ട് പോയി....

"ഡി അച്ചു...നീയെന്താ പതിവില്ലാതെ ഇന്ന് രാവിലെ തന്നെ...?

എന്തേലും പ്രശ്നമുണ്ടോ...?"

എന്ന നമ്മളെ ചോദ്യത്തിന് വിഷാദ ഭാവമായിരുന്നു മറുപടി.... നമ്മള് അപ്പോ തന്നെ ഓളെ നമ്മളെ റൂമിലേക്ക് കൊണ്ട് പോയിട്ട് ഉമ്മച്ചിയോട് ഓൾക്ക് ചായ എടുക്കാൻ പറഞ്ഞു.

"എന്താടി...എന്താ പ്രശ്നം...?

നിന്റെയും റൂണിന്റെയും കാര്യം വീട്ടിൽ പിടിച്ചോ...?"

എന്ന് ചോദിച്ചപ്പോ പെണ്ണ് നമ്മളെ പിടിച്ച് നുള്ളി പരുവമാക്കി... നമ്മള് ചുമ്മ ഓളെ ആ ഭാവം മാറ്റാൻ വേണ്ടി പറഞ്ഞതെന്നു....

"ഡി നുള്ളല്ലെടി കഴുതെ....വേദനിക്കുന്നുണ്ട്..... അതല്ല കാര്യമെങ്കിൽ പിന്നെ എന്തിനാ മുഖത്ത് ഇമ്മാതിരി എക്സ്പ്രെഷൻ....?"

"ഫെബി....അത്...."

"എന്താടി....വല്ല പ്രശ്നവുമുണ്ടോ...?

പറ എന്താ കാര്യം...? ഒരു കാര്യവുമില്ലാതെ നീ ഈ നേരത്ത് ഇങ്ങോട്ട് വരില്ലല്ലോ... എന്താ സംഭവം...?"

"അത്.... എന്റെ അച്ഛന് ട്രാൻസ്ഫെറായി... ഹൈദരാബാദിലേക്ക്....അടുത്ത ആഴ്ച ഞങ്ങള് അങ്ങോട്ട് പോകാ...."

അച്ചു കരഞ്ഞോണ്ട് അത് പറഞ്ഞപ്പോ ഞാൻ ഓളെ നോക്കി ഒന്ന് പുഞ്ചിരി തൂകി.... എന്നിട്ട് ഓളെ കണ്ണ് തുടച്ചിട്ട് ഓളെ തോളിൽ കയ്യിട്ടു....

"അതിന് നീയെന്തിനാ കരയുന്നത്..? സന്തോഷിക്കല്ലേ വേണ്ടത്...?

എന്നെ പോലെ ഒരു ശാപം പിടിച്ച ഒരു ജന്മത്തിലെ കൂടെ ചങ്ങാത്തം കൂടുന്നതിനേക്കാൾ നിനക്ക് നല്ലത് എന്നിൽ നിന്ന് അകലുന്നതാണ് അച്ചൂ....."

"ഫെബി....നീയെന്തൊക്കെയാ ഈ പറയുന്നേ...?

നിന്നെയൊക്കെ വിട്ടിട്ട് ഞാൻ ഇവിടന്ന് പോകുമെന്ന് നിനക്ക് തോന്നുന്നുണ്ടോ...?

ഇല്ല....ഞാൻ പോകില്ല...എന്നെ കൊന്നാലും ശരി ഞാൻ ഇവിടന്ന് നിന്നെയും അരുണിനെയും വിട്ടിട്ട് എങ്ങോട്ടും പോകില്ല....എങ്ങോട്ടും..."

എന്ന് പറഞ്ഞ് അവളെന്നെ കെട്ടിപിടിച്ച് കരഞ്ഞപ്പോ കരയാതിരിക്കാൻ വേണ്ടി ഞാൻ നന്നായി പാട്പെട്ടു... എന്നിട്ട് അച്ചുവിനെ സമാധാനിപ്പിച്ചിട്ട് ഓളെ ബെഡിൽ ഇരുത്തി....

"നീ പോകണം അച്ചൂ... പോയെ പറ്റൂ.... ഈ ചുറ്റുപാടിൽ നിന്നാൽ പഴയതൊക്കെ ആലോജിച്ച് കൂട്ടി മനസ്സിന് ഒരു സമാധാനവും കിട്ടില്ല.... അതോണ്ട് നീ പോകണം....

പിന്നെ അരുണിന്റെ കാര്യം... അതിന് എന്ത് മറുപടി നിനക്ക് നൽകണമെന്ന് എനിക്കറിയില്ല... പക്ഷെ എന്ത് വന്നാലും അരുൺ നിന്നെ വിട്ട് പോകില്ലെന്ന് എനിക്ക് ഉറപ്പുണ്ട്... അതോണ്ട് നീ പോകണം..."

എന്ന് പറഞ്ഞ് നിർത്തിയപ്പോഴേക്കും ഉമ്മച്ചി അച്ചുവിനുള്ള ചായയും കൊണ്ട് വന്നിരുന്നു... ഉമ്മച്ചിയോട് അച്ചൂ പോകുന്നതിനെ കുറിച്ച് പറഞ്ഞപ്പോ ഉമ്മച്ചിക്കും അത് ഒരുപാട് സങ്കടായി...

പക്ഷെ, നമ്മള് ഓള് പോകുന്നതിന്റെ സങ്കടമൊന്നും മുഖത്ത് വരുത്താതെ തന്നെ ഞാനും ഹസിയും കൂടി ഓളെയും ഓളെ ഫാമിലിയെയും ഹൈദരാബാദിലേക്ക് ട്രെയിൻ കയറ്റി വിട്ടു... ഒടുവിൽ ഞാൻ വീണ്ടും തനിച്ചായി.... ദിനം പ്രതി ഓരോരുത്തരായിട്ട് എന്നിൽ നിന്നും അകന്ന് പോയി കൊണ്ടിരിക്കാണ്...

ആദ്യം എൻറെ സമീർക്ക... പിന്നെ എന്റെ ബ്രദേഴ്സും കുരാമീസും ആദിയും.... ഇപ്പോ എന്റെ അച്ചുവും....

എല്ലാം എന്റെ വിധി ആയിരിക്കാം സ്നേഹിക്കപ്പെടുന്നവരിൽ നിന്നും അകന്ന് നിൽക്കണമെന്നത്....

അച്ചു പോയതോടെ കോളേജ് ലൈഫ് ആകെ മടുത്ത്

തുടങ്ങി... അരുണിന് ആണെങ്കിൽ അവളെ കാണാതിരിക്കാൻ പോലും കഴിയുന്നില്ലെന്നു... അതോണ്ട് അവന്റെ കസിൻ മുഘേന അവനും നാട് കടന്നു ഹൈദരാബാദിലേക്ക് അവളെ കാണാൻ.....

എല്ലാം കൊണ്ടും ഒറ്റപ്പെട്ട അവസ്ഥ... കോളേജ് വിട്ടാൽ വീട്....വീട് വിട്ടാൽ കോളേജ്... ഇതുമാത്രം ആയി എന്റെ ലോകം... തനിച്ചുള്ള കോളേജിൽ പോക്കും ഒറ്റക്ക് ഇരിക്കുന്ന ബെഞ്ചുകളുമൊക്കെ മനസ്സിനെ വീണ്ടും മുറിവേല്പിക്കുമ്പോഴും തളരില്ല ഇനി ഒരിക്കലും എന്ന് കരുതി കൊണ്ട് തന്നെ മുന്നേറി...

ഇതിനിടക്ക് പലരും കൂട്ടുകൂടാൻ വന്നെങ്കിലും അവർക്കൊന്നും എന്റെ കുരാമീസ് എന്നെ സ്വാധീനിച്ച അത്ര പ്രാധാന്യം ചെലുത്താൻ പറ്റിയില്ല... ഫൈസൽക്ക ആണെങ്കിൽ എന്റെ ഒറ്റപ്പെട്ട അവസ്ഥ എന്നിൽ നിന്നും മാഞ്ഞു പോകാൻ വേണ്ടി എന്നോട് കൂടുതൽ അടുക്കുമ്പോഴും പേടി ആയിരുന്നു എനിക്ക്...

കാരണം, എന്നോട് അടുക്കുന്നവരൊക്കെ ഇപ്പോ കയ്യെത്താ ദൂരങ്ങളിലേക്ക് എന്നിൽ നിന്നും അകന്ന് പോയിട്ടുണ്ട്....

അതോണ്ട് എനിക്ക് വീട്ടിൽ ഉള്ളവരോട് പോലും കൂട്ട് കൂടാൻ പേടിയായി തുടങ്ങി.... അവരും എന്നെ വിട്ട് എങ്ങോട്ടേലും പോയാലോ എന്ന ചിന്ത എന്നെ വേട്ടയാടി കൊണ്ടിരുന്നു...

ഇതിന്റെ ഇടയിൽ രണ്ട് വർഷമൊക്കെ പെട്ടെന്ന് കടന്ന് പോയി... ആദ്യമൊക്കെ അച്ചൂ എന്നെ ഡെയിലി വിളിച്ചിരുന്നെങ്കിലും പതിയെ ഞാൻ അവളിൽ നിന്നും അകലാൻ ശ്രമിച്ചു തുടങ്ങി...അതിന് വേണ്ടി പുതിയ സിം വരെ മാറ്റി ഉപയോഗിച്ച് തുടങ്ങി... അവള് മറ്റുള്ളോരെ ഫോണിലെക്ക് വിളിക്കാണെങ്കിൽ തന്നെ ഞാൻ അവിടെ ഇല്ലെന്ന് അവളോട് പറയാൻ പറഞ്ഞിട്ട് ഞാൻ തടിയൂരും.... ഇപ്പോ ആ വിളിയും പൂർണ്ണമായും നിലച്ചു... ഈ ഏകാന്തതയും ഇപ്പോ ഞാൻ ആസ്വദിക്കുന്നുണ്ട്....

ഈ രണ്ട് വർഷത്തിനിടക്ക് ലോകത്ത് ഒരുപാട് മാറ്റങ്ങൾ സംഭവിച്ച പോലെ എനിക്കും മാറ്റങ്ങൾ സംഭവിച്ചു... ഡിഗ്രി കഴിഞ്ഞതും തുടർ പഠനത്തിന് പോകണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും ഉപ്പച്ചിന്റെ പ്രാരാപ്തത്തെയും കടത്തേയും കുറിച്ച്

ചിന്തിച്ചപ്പോ ആയ വഴി ഉപേക്ഷിച്ചു...

ഇപ്പോ ഒരു ടെക്സ്റ്റൈൽസിൽ സെയിൽസ് ഗേർളായി ജോലി ചെയ്യാണ്... ഉപ്പച്ചിന്റെ കടം എങ്ങനെ എങ്കിലും വീട്ടണം, സിനുവിനും ഷാദിക്കും ഒരു മുടക്കവും കൂടാതെ അവരെ പഠനം മുന്നോട്ട് കൊണ്ട് പോകണം അത് മാത്രേ ഇപ്പോ എന്റെ ചിന്തയിലുള്ളൂ....

വീട്ടിലെ ചെലവൊക്കെ ഉപ്പച്ചി തന്നെ നോക്കുമെങ്കിലും മറ്റുള്ളതിനൊന്നും ഉപ്പച്ചിനെ കൊണ്ട് കഴിയാത്ത അവസ്ഥ വന്നപ്പോഴാ ഈ ജോലിക്ക് ഇറങ്ങി തിരിച്ചത്.... ഉപ്പച്ചിക്ക് ഞാൻ ജോലിക്ക് പോകുന്നത് തീരെ ഇഷ്ടമല്ലെങ്കിലും നിവർത്തിയില്ലാത്തത് കൊണ്ട് സമ്മതിച്ചതാണ്...

കടം കേറിയിട്ട് വീടും സ്ഥലവും വിൽക്കാൻ തുനിഞ്ഞപ്പോഴാണ് ഈ സാഹസത്തിന് ഇറങ്ങി പുറപ്പെട്ടത്...

4 മാസമായി ഈ ജോലിയിൽ കേറിയിട്ട്.... വരുന്ന കസ്റ്റമേഴ്സിന്റെ ആവശ്യാനുസരണം എല്ലാം ചെയ്ത് കൊടുക്കേം വേണം അതിലുപരി ആ ഓണറെ

പഞ്ചാരയടി സഹിക്കേം വേണം...

ഞാൻ എങ്ങാനും പഴയ ഫെബി ആയിരുന്നെങ്കിൽ ഇപ്പോ അയാള് മുട്ടിലിഴഞ്ഞേനെ.... അങ്ങനെ ചെയ്യാത്തത് ഈ ജോലി ഇപ്പോ എന്റെയും കുടുംബത്തിന്റെയും നില നിൽപ്പിന് അത്യാവശ്യം ആയതോണ്ടാ....

അയാളെ കാര്യം ആണെങ്കിൽ പിന്നെ പറയേ വേണ്ട.... എപ്പി നോക്കിയാലും എന്നെ നോക്കി കൊണ്ടുള്ള ഒരു അവിഞ്ഞ ചിരിയും ഇടക്കിടക്കുള്ള ക്യാബിനിലേക്കുള്ള വിളിപ്പിക്കലും അറിയാതെ ദേഹത്ത് തൊടുന്ന പോലെയുള്ള അയാളുടെ പെരുമാറ്റവും കാണുമ്പോ അയാൾക്കിട്ട് രണ്ട് കൊടുത്തിട്ട് അവിടന്ന് ഇറങ്ങി പോകാനൊക്കെ തോന്നും... പക്ഷെ, ഇപ്പോ എനിക്ക് ഇതൊക്കെ സഹിച്ചേ പറ്റൂ... എന്ന് കരുതി അയാളെ എല്ല കൊള്ളരുതായ്മയും ഞാൻ സഹിക്കേം പൊറുക്കേം ചെയ്യില്ല... ഗതി കേട്ടാൽ ചിലപ്പോ അയാളെ കൊല്ലാൻ വരെ ഞാൻ മടിക്കില്ല....

ഇങ്ങനെ തട്ടിയും മുട്ടിയും എന്റെ ജീവിതം കടന്ന്

പോകുമ്പോഴായിരുന്നു അപ്രതീക്ഷിതമായി എന്റെ മുന്നിലേക്ക് അവർ കടന്ന് വന്നത്...

(തുടരും)

ഭാഗം.98

ഇങ്ങനെ തട്ടിയും മുട്ടിയും എന്റെ ജീവിതം കടന്ന് പോകുമ്പോഴായിരുന്നു അപ്രതീക്ഷിതമായി എന്റെ മുന്നിലേക്ക് അവർ കടന്ന് വന്നത്....

എന്നത്തേയും പോലെ വലിച്ചുവാരി വെച്ചേക്കുന്ന എല്ലാ ഡ്രെസ്സും അടുക്കി വെക്കുമ്പോഴാണ് സുമിത്രേച്ചി എന്നോട് വിളിച്ചു കൂവിയത്....

"ഫെബീ ഡ്രസ്സ് ഒന്നും മടക്കി വെക്കേണ്ടട്ടോ... നിനക്ക് കസ്റ്റമേഴ്സ് വരുന്നുണ്ട്...."

മടക്കി വെച്ചോണ്ടിരുന്ന ഡ്രെസ്സുകളിലേക്ക് നോക്കി ഒന്ന് നെടുവീർപ്പിട്ടിട്ട് ആ ഡ്രെസ്സുകളൊക്കെ അവിടെ വിരിച്ച് വെച്ചു... അപ്പോഴേക്കും നമ്മളെ മുന്നിലേക്ക് ആ രണ്ട് പേർ കടന്ന് വന്നിരുന്നു...

നമ്മള് ആ ഡ്രെസ്സൊക്കെ വിരിച്ച് വെക്കുന്ന തിരക്കിലായോണ്ട് വന്നവരുടെ മുഖത്തേക്ക് തലയുയർത്തി നോക്കിയിട്ടില്ലേന്നു... അങ്ങനെ മടക്കി വെച്ച ഡ്രെസ്സൊക്കെ നിവർത്തി വെച്ചോണ്ട് അവരെ മുഖത്തേക്ക് നോക്കിയതും എന്റെ മുഖത്ത് ഞാൻ പോലും അറിയാതെ ഒരു പുഞ്ചിരി വിടർന്നു....

"അച്ചൂ.....അരുൺ....നിങ്ങൾ....?"

എന്ന് ഒരു അമ്പരപ്പോടെ അവരെ നോക്കി പറഞ്ഞപ്പോഴും അവരെ മുഖത്ത് യാതൊരു ഭാവ വ്യത്യാസവും ഇല്ലായിരുന്നു... അവര് എന്റെ മുഖത്തേക്ക് ഒന്ന് ശെരിക്ക് നോക്കപോലും ചെയ്യാതെ വിരിച്ച് വെച്ച ടോപ്പിലേക്കാണ് രണ്ടിന്റെയും നോട്ടം....

"ഡാ അച്ചൂ... നീയാകെ മാറി പോയല്ലോ പെണ്ണേ...നീ ഇത്രക്ക് വണ്ണം വെച്ചോ...?"

ഞാൻ ചോദിച്ചത് കേൾക്കാത്ത പോലെയുള്ള അവളുടെ ഭാവം കണ്ടപ്പോ ഞാൻ ശെരിക്കും ഞെട്ടിപ്പോയി... അരുണും അതുപോലെ തന്നെ ആയിരുന്നു എന്നോട് പെരുമാറിയത്...

"ആ ബ്ലാക്ക് കളർ ടോപ് ഒന്ന് എടുത്തേ..."

എന്ന് പറഞ്ഞ് കൊണ്ട് അച്ചു എന്റെ മുഖത്തേക്ക് പോലും നോക്കാതെ ഏതോ ഒരു ടോപ്പിലേക്ക് ചൂണ്ടി കാണിച്ചു....

നമ്മള് ആണെങ്കിൽ ഓളെ പറച്ചില് കേട്ട് ആകെ ഞെട്ടി നിക്കാണ്... അപ്പോ...

"ഹലോ...പറഞ്ഞത് കെട്ടില്ലെന്നുണ്ടോ... ആ ബ്ലാക്ക് കളർ ടോപ് എടുത്ത് തരാൻ...."

എന്ന് അച്ചൂ എന്റെ മുഖത്ത് നോക്കി പറഞ്ഞപ്പോ നമ്മള് ഓളെ തന്നെ സൂക്ഷിച്ച് നോക്കി കൊണ്ടിരുന്നു...

"ഡോ... തന്നോടാ പറഞ്ഞെ ആ ടോപ് എടുക്കാൻ...ചെവി കേൾക്കില്ലേ...?

ഇതിന്റെ ഓണറാരാ...? ചെവി കേൾക്കാത്തവരെയാണോ ഇവിടെ നിർത്തിയിരിക്കുന്നെ...?"

എന്ന് പറഞ്ഞ് അച്ചൂ ഒച്ച വെച്ചപ്പോഴാണ് നമ്മള് സ്ഥലകാല ബോധം വന്ന് ചുറ്റും ഓൺ നോക്കിയത്... അപ്പോഴേക്കും ഇവളെ ശബ്ദം കേട്ട് ആ ഓണർ മണ്ടി പാഞ്ഞ് വന്നീന്ന്... എന്നിട്ട് അയാളെ വക നമ്മക്ക് കിട്ടി പള്ള നിറച്ച്....

"എന്താടി ഇവിടെ മര്യാദക്ക് ജോലി ചെയ്യാൻ നിന്നെ കൊണ്ട് പറ്റില്ലേ...?

കസ്റ്റമേഴ്സ് പറയുന്നതൊന്നും കേൾക്കാതെ ആരെ സ്വപ്നം കണ്ടോണ്ട് നിൽക്കായിരുന്നു നീ...?

തൊലി വെളുപ്പ് കണ്ടപ്പോഴേ തോന്നിയതാ ഇത് ഇങ്ങനെയൊക്കെ തന്നെ ആകൊള്ളു എന്ന്..."

എന്നിങ്ങനെ തുടങ്ങി അയാള് എന്തൊക്കെയോ വിളിച്ച് കൂവി കൊണ്ട് അത്രെയും ആൾക്കാരെ മുന്നിൽ വെച്ച് എന്റെ തൊലിയുരിച്ച് കളഞ്ഞു... അയാളോടുള്ള ദേഷ്യവും അച്ചുവിന്റെ പെരുമാറ്റം കണ്ടിട്ടുള്ള വിഷമവും ഒക്കെ കൂടി എന്റെ കണ്ണ് നിറക്കാൻ തുടങ്ങി...

അപ്പോഴാണ് ഞാൻ ഒട്ടും പ്രതീക്ഷിക്കാതെ അങ്ങനെ ഒരു സംഭവം ഉണ്ടായത്... എന്താ ഉണ്ടായതെന്നല്ലേ കണ്ടോളി....

"നിർത്തടോ....താൻ ഒരുപാട് നേരായല്ലോ ഇവിടെ നിന്നോണ്ട് പ്രസംഗിക്കുന്നു.... താനൊക്കെ എന്ത് വിചാരിച്ചെടോ ഇവളെ പറ്റി...?

ഇനി ഇവളെ കുറിച്ചെങ്ങാനും ഒരക്ഷരം മിണ്ടി പോയാലുണ്ടല്ലോ തന്റെ പേട്ടുതല വെട്ടിയെടുത്ത് അത് കൊണ്ട് ഫുട്ബോൾ തട്ടി കളിക്കും ഞാൻ.... പറഞ്ഞില്ലെന്ന് വേണ്ട...

ഇനിയും എന്ത് കണ്ടിട്ടാടി കുന്തം വിഴുങ്ങിയ പോലെ അവിടെ തന്നെ നിൽക്കുന്നെ...? ഇറങ്ങി വാടി പോത്തെ ഇവിടന്ന്....

ഇനി ഒരു നിമിഷം പോലും നീ ഇവിടെ നിന്ന് പോകരുത്... വാ ഞങ്ങളെ കൂടെ...."

എന്നൊക്കെ പറഞ്ഞോണ്ട് അച്ചൂ നമ്മളെ കൈ പിടിച്ച് വലിച്ചപ്പോഴാണ് നമ്മള് തൊള്ള അടച്ച് വെച്ചിട്ട് അച്ചുനേയും അരുണിനെയും മാറി മാറി നോക്കിയത്.... അപ്പോ തന്നെ നമ്മള് അച്ചൂന്റെ കൈ വിടുവിച്ചിട്ട് വേണ്ടാന്ന് തലയാട്ടി...

"ഇല്ല അച്ചൂ...ഇവിടന്ന് ഞാൻ എങ്ങോട്ടും വരില്ല... ഒരുപാട് ബുദ്ധിമുട്ടിയിട്ടാണ് ഇവിടെ ജോലി കിട്ടിയത്... ഈ ജോലി കളയാൻ എനിക്ക് ഉദ്ദേശമില്ല..."

എന്ന് പറഞ്ഞിട്ട് നമ്മള് നിന്ന സ്ഥലത്തേക്ക് തന്നെ തിരിച്ച് പോയി അവിടെയുള്ള ഡ്രെസ്സൊക്കെ മടക്കി വെച്ചപ്പോ ആ ഓണർ അച്ചൂനെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചു...

പെട്ടെന്ന് അച്ചു രോക്ഷാകുലയായി കൊണ്ട് നമ്മളെ നേരെ പാഞ്ഞ് വന്നു...

"അപ്പോ നീ ഇവിടന്ന് വരുന്നില്ലാന്ന് തീരുമാനിച്ച് കഴിഞ്ഞോ...?"

"ഉം...."

എന്ന് അവളെ മുഖത്തേക്ക് നോക്കാതെ ഡ്രെസ്സിലേക്ക് നോക്കി കൊണ്ട് മൂളി...

"ഓഹോ... അപ്പോ അങ്ങനെയാണല്ലേ...? നിനക്ക് കാണിച്ച് തരാ ഞാൻ..."

എന്ന് പറഞ്ഞോണ്ട് അച്ചു അവിടെ വെച്ചിരുന്ന എല്ല ഡ്രെസ്സും കൂടി വലിച്ച് വാരിയിട്ടിട്ട് അതൊക്കെ കൂടി ചവിട്ടി മെതിച്ചു...

"ടി...അച്ചൂ...നീയിതെന്താ കാണിക്കുന്നേ...? അടങ്ങി നിക്ക്.... ഡി മാറി പോ..."

എന്നൊക്കെ പറഞ്ഞോണ്ട് നമ്മള് ഓളെ ഓളെ പിടിച്ച് മാറ്റിയിട്ട് ആ ഡ്രെസ്സൊക്കെ എടുത്ത് വെച്ചു... പക്ഷെ അവള് വീണ്ടും അത് തന്നെ അവർത്തിച്ചപ്പോ നമ്മക്ക് ദേഷ്യം എരിഞ്ഞ് കേറി വന്നു....

"നിങ്ങളിതെന്താ ഈ കാണിക്കുന്നേ...?

സെക്യൂരിറ്റി..... പിടിച്ച് പുറത്താക്ക് ഇവരെ... ഇല്ലെങ്കിൽ പോലീസിനെ വിളിക്ക്...." ആ ഓണറ് ഫോണെടുത്തു...

"വേണ്ട സാർ... പ്ലീസ്... പൊലീസിലൊന്നും അറിയിക്കണ്ട... അച്ചൂ സ്റ്റോപ്പിറ്റ്...." നമ്മള് അയാളോട്

കെഞ്ചി....

"എങ്കിൽ താൻ വിളിക്കെടോ തന്റെ പോലീസിനെ... അവരെന്നെ മൂക്കിൽ വലിച്ച് കേറ്റുന്നതൊന്ന് എനിക്ക് കാണണം... താൻ വിളിക്കെടോ...വിളിക്കാൻ..."

അച്ചൂ അയാളോട് കൊരച്ച് ചാടി കൊണ്ട് പറയുന്നത് കണ്ടിട്ട് അരുൺ പൊരിഞ്ഞ ചിരിയിലാണ്... അവളെ ഒന്ന് പിടിച്ച് മാറ്റാൻ നിൽക്കാതെ ഓളെ ഷോ കണ്ട് രസിച്ച് നിൽക്കാ കൊരങ്ങൻ....

"ഡാ...അരുൺ.... ഇവളെ ഒന്ന് ഇവിടന്ന് വിളിച്ചോണ്ട് പോ....പ്ലീസ്....

അച്ചൂ നീ ഒന്ന് അടങ്ങുന്നുണ്ടോ....?

സോറി സാർ.... പോലീസിനെ വിളിക്കരുത്....

അരുൺ പ്ലീസ്..."

എന്ന് പറഞ്ഞോണ്ട് ഒകനെ നോക്കിയപ്പോ ഓൻ ഫോൺ കാതിലും വെച്ചോണ്ട് അവിടന്ന് ഇറങ്ങി

പോയി... ഈ കൊരങ്ങത്തി ആണെങ്കിലോ ഞാൻ നേരക്കി വെച്ച ഡ്രെസ്സൊക്കെ ഷെൽഫിൽ നിന്നും വലിച്ച് വാരിയിട്ടിട്ട് അതിന്റെ മോളിൽ നിന്ന് ഡാൻസ് കളിക്കാണ്...

ആ ഓണർ കാലമാടൻ ആണെങ്കിൽ എന്നെ ദഹിപ്പിക്കുന്ന ഒരു നോട്ടം നോക്കി കൊണ്ട് അച്ചൂനെ നോക്കി എന്തൊക്കെയോ പിറുപിറുത്തു... അങ്ങോട്ട് വന്ന കസ്റ്റമേഴ്സ് ഒക്കെ കൂടി അച്ചൂനെയും ഞങ്ങളെയും കണ്ണും മിഴിച്ച് നോക്കി നിന്നു...

അപ്പോഴേക്കും സെക്യൂരിറ്റികൾ അങ്ങോട്ടേക്ക് വന്നപ്പോ തന്നെ കാര്യങ്ങൾ ഏകദേശം കൈ വിട്ട് പോയെന്ന് നമ്മക്ക് തോന്നി... അതോണ്ട് അവള് കാണിച്ചു കൂട്ടിയ കോപ്രായങ്ങളൊക്കെ നോക്കി കൊണ്ട് തലക്ക് താങ്ങും കൊടുത്ത് നമ്മള് നിന്നു....

"ഡൊ... ആയിഷ ഫെബി... താനെന്ത് നോക്കി കൊണ്ട് നിൽക്കാ... ഈ പെണ്ണ് ഇവിടെ നശിപ്പിച്ച ഡ്രെസ്സിന്റെയൊക്കെ മുഴുവൻ ഉത്തരവാദിത്തവും നിനക്കാ.... മര്യാദക്ക് ആ ഡ്രെസ്സിന്റെയൊക്കെ കാശ്

തന്നിട്ട് ഇവിടന്ന് പോകുന്നതാകും നിനക്ക് നല്ലത്....
ഇനി തനിക്ക് ഇവിടെ ജോലി ഇല്ല...."

എന്ന് അയാൾ കടുപ്പിച്ച് കൊണ്ട് പറയുന്നത് കേട്ടതും അച്ചൂ അപ്പോ തന്നെ മെതിക്കൽ നിർത്തി വെച്ചിട്ട് ഒരു നെടുവീർപ്പിട്ടിട്ട് ഞാങ്കേ അടുത്തേക്ക് വന്നു...

"ഡോ... താൻ ഇത് നേരത്തെ പറഞ്ഞിരുന്നെങ്കിൽ ഞാൻ ഇതൊക്കെ വലിച്ച് വാരി ഇങ്ങനെ നശിപ്പിക്കുമായിരുന്നോ...?

തന്റെ വായേല് അപ്പോ എന്താ കൊഴുക്കട്ടയായിരുന്നോ...?"

എന്ന് വീണ്ടും അച്ചൂ അയാളോട് കയർത്തപ്പോൾ നമ്മള് ഇടങ്കോലിട്ട് കൊണ്ട് അച്ചൂനോട് അടങ്ങി നിക്കാൻ പറഞ്ഞിട്ട് തന്നെ ജോലിയിൽ നിന്ന് പിരിച്ച് വിടരുതെന്ന് അയാളോട് കെഞ്ചി....

"ഡി....നിന്നോടല്ലേ പറഞ്ഞെ ഇവിടന്ന് ഇറങ്ങി വരാൻ....
എന്നിട്ടും ഈ പേട്ടുതലയന്റെ മുന്നിൽ ഇങ്ങനെ

കേഞ്ചാൻ നാണമില്ലേടി അനക്ക്...?"

"അച്ചൂ...നിന്നോട് ഞാൻ മിണ്ടതിരിക്കാൻ പറഞ്ഞില്ലേ...? പ്ലീസ് ദയവ് ചെയ്ത് എന്നെ ഉപദ്രവിക്കാതെ ഇവിടന്ന് ഒന്ന് ഇറങ്ങി പോകോ...?

സാർ...പ്ലീസ്...ഇതിന്റെ ഒക്കെ നഷ്ട പരിഹാരം ഞാൻ ജോലിയെടുത്ത് വീട്ടിക്കോളാം പ്ലീസ് സാർ എന്നെ ജോലിയിൽ നിന്നും പിരിച്ച് വിടരുത്...."

എന്ന് പറഞ്ഞ് അയാളോട് കെഞ്ചിയപ്പോ അയാൾക്ക് മനസ്സലിവ് വന്നിട്ടാണോ അതോ വേറെ വല്ല ഉദ്ദേശവും മനസ്സിൽ വെച്ചിട്ടാണോ എന്നറിയില്ല അയാള് ഒന്ന് മൂളി...

"സമ്മതിച്ചു... തന്നെ ഇപ്പോ പറഞ്ഞ് വിടുന്നില്ല... പക്ഷെ ദേ ഇവളെ ഇവിടന്ന് ഇപ്പോ പറഞ്ഞ് വിട്ടോണം...."

എന്ന് പറഞ്ഞോണ്ട് അയാള് തിരിഞ്ഞതും നമ്മളൊന്ന് നെടുവീർപ്പിട്ടോണ്ട് അച്ചൂനെ തിരിഞ്ഞ് നോക്കിയപ്പോ

ഓള് വെടിക്കെട്ടിന് തിരി കൊളുത്തിയിരുന്നു....

"ഡോ... പേട്ടുതലയാ... ഈ വയസ്സാങ്കാലത്ത് നാണമില്ലല്ലോടോ ഇവളെ പോലെയുള്ള പെമ്പിള്ളേരെ വായിനോക്കി വെള്ളമിറക്കി നിക്കാൻ... ഇത്രയൊക്കെ ഞാൻ പറഞ്ഞിട്ടും യാതൊരു ഉളുപ്പുമില്ലാതെ ഇതൊക്കെ കേട്ടോണ്ട് നില്ക്കാൻ താൻ മനുഷ്യൻ തന്നെയാണോ....?"

എന്നിങ്ങനെ തുടങ്ങി വായിതോന്നിയ എന്തൊക്കെയോ അവൾ വിളിച്ച് കൂവാൻ തുടങ്ങി... നമ്മള് ആണെങ്കിലോ ഓളെ വാ പൊത്തി പിടിച്ചും ഓളെ അവിടന്ന് വലിച്ചോണ്ട് പോകാൻ നോക്കിയും ഒരുപാട് ശ്രമിച്ചെങ്കിലും നോ രക്ഷ... ഇവള് എന്നെയും കൊണ്ടേ പോകൂ എന്ന് നമ്മക്ക് ഏതാണ്ട് ഉറപ്പായി തുടങ്ങി...

അപ്പോഴുണ്ട് അരുൺ ഇതൊക്കെ കണ്ടൊണ്ട് കാണികളെ കൂട്ടത്തിൽ നിന്നിട്ട് പോപ്കോൺ തിന്നോണ്ടിരിക്കുന്നു... ഓന്റെ ഭാവം കണ്ടിട്ട് ഇങ്ങനെ ഒരു സാധനത്തിനെ ഓന് ഇതിന് മുൻപ് കണ്ടിട്ട് പരിചയം പോലുമില്ലെന്ന് തോന്നും.... നമ്മള് ഓടിനെ

രൂക്ഷമായി നോക്കിക്കൊണ്ട് വന്ന് കൊണ്ട് പോടാ എന്ന് ആംഗ്യം കാണിച്ചപ്പോ ഓൻ നമ്മക്ക് ഇളിച്ച് കാണിച്ച് തന്നിട്ട് അവിടെ തന്നെ നിന്നു തെണ്ടി...

"സെക്യൂരിറ്റി....പിടിച്ച് പുറത്താക്ക് ഇവളെ..."

പെട്ടെന്ന് അയാള് അങ്ങനെ പറഞ്ഞോണ്ട് ഗർജ്ജിച്ചതും രണ്ട് സെക്യൂരിറ്റികൾ അച്ചുവിന്റെ അടുത്തേക്ക് വന്നു...അരുൺ അപ്പോ തന്നെ ഓന്റെ പോപ്കോൺ അവിടെ ഇട്ടിട്ട് ശർട്ടിന്റെ കൈ മടക്കി കൊണ്ട് അടുത്തേക്ക് വന്നപ്പോഴേക്കും ആ സെക്യൂരിറ്റികൾ ഓളെ പിടിച്ച് വലിക്കാൻ വേണ്ടി ഓളെ കയ്യിലേക്ക് പിടിത്തമിടാൻ നിന്നു...

ഇതൊക്കെ കണ്ടോണ്ട് നില്ക്കാൻ നമ്മളെ കൊണ്ട് പറ്റോ... ഇല്ലല്ലോ.... കാരണം അവളെ തൊട്ടാൽ അത് എന്നെ തൊടുന്ന പോലെയാ... അത് കൊണ്ട് തന്നെ അവളുടെ കയിലേക്ക് അവരുടെ കൈകൾ പതിയുന്നതിന് മുന്നേ തന്നെ നമ്മളെ ശബ്ദം ആ ഫ്ലോർ മൊത്തം പ്രതിധ്വനിച്ചിരുന്നു....

"തൊട്ടു പോകരുത് അവളെ....."

എന്ന് പറഞ്ഞോണ്ട് നമ്മള് അച്ചൂനെ അവിടന്ന് വലിച്ച് നമ്മളെ അടുത്തേക് നിർത്തിച്ചിട്ട് ആ ഓണറേയും അവിടെ കൂടി നിന്നവരെയുമൊക്കെ ഒന്ന് നോക്കി കൊണ്ട് അവരുടെ നേരെ വിരൽ ചൂണ്ടി....

"നിങ്ങളുടെ ആരുടെയെങ്കിലും കൈ ഇവളെ ദേഹത്തെങ്ങാനും പതിഞ്ഞാൽ ഈ ആയിഷ ഫെബിന്റെ മറ്റൊരു മുഖം നിങ്ങൾക്ക് കാണേണ്ടി വരും.... "

എന്ന് പറഞ്ഞോണ്ട് നമ്മള് നമ്മളെ ബാഗും എടുത്ത് അച്ചൂന്റെ കയ്യും പിടിച്ച് അവിടന്ന് പോകാൻ നിന്നതും ആ പേട്ടു തലയൻ ഞങ്ങളെ മുന്നിൽ വന്ന് കേറി നിന്നിട്ട് തടസം സൃഷ്ടിച്ചു...

"ഇവിടെ വരുത്തി വെച്ച എല്ലാത്തിന്റെയും നാശനഷ്ടങ്ങൾക്കും ഒരു പരിഹാരം കണ്ടിട്ടേ ഇനി നിങ്ങള ഇവിടന്ന് പോകൂ..."

എന്ന് അയാള് പറഞ്ഞപ്പോ നമ്മള് അച്ചൂനെ ഒന്ന് രൂക്ഷമായി തിരിഞ്ഞു നോക്കി...അപ്പോ തന്നെ ഓള് മേൽപ്പോട്ട് നോക്കി നിന്നിട്ട് വായേല് വിരലും വെച്ച് എന്തോ ആലോജിച്ച് നിന്നു...

നമ്മള് ഓളെ ഭാവം കണ്ട് ഒന്ന് ചിരിച്ചിട്ട് അയക്ക് നേരെ തിരിഞ്ഞോണ്ട് എന്ത് പറയുമെന്ന് ചിന്തിച്ച് നിന്നപ്പോഴാണ് ആരോ അയാൾക്ക് നേരെ ഒരു കാർഡ് നീട്ടിയത്...

"ദാ... കൊണ്ട് പോയി ഇയാളെ കണക്ക് ഒക്കെ തീർത്തിട്ട് കൊണ്ട് വന്നാൽ മതി.... ഇവിടെ വാലിക്ക് വാരിയിട്ട എല്ലാ ഡ്രെസ്സിന്റെയും ക്യാഷ് ഇതിൽ നിന്നും തനിക്ക് എടുക്കാം...."

എന്ന് പറഞ്ഞോണ്ട് അരുൺ ഒരു ഹീറോയെ പോലെ ആ കാർഡ് അയാൾക്ക് നേരെ നീട്ടി നമ്മളെ തിരിഞ്ഞ് നോക്കി കോളർ പൊക്കി കാണിച്ചതും നമ്മൾ ഓനെ നോക്കി തൂ...ഫ് എന്ന് നിലത്തേക്ക് തുപ്പി കാണിച്ചു...

അത് കണ്ടപ്പോ അരുൺ അപ്പോ തന്നെ ഒരു ചമ്മിയ ഭാവത്തിൽ നമ്മളെ നോക്കി ചിരിച്ചിട്ട് അയാളെ കണക്ക് സെറ്റിൽ ആക്കിയിട്ട് കാർഡ് തിരിച്ച് വാങ്ങിച്ചു...

"ദേ...ആ കിടക്കുന്ന ഡ്രസ്സ് മുഴുവൻ എടുത്തിട്ട് പുറത്ത് കാണുന്ന ആ ബ്ലാക്ക് കാർ കണ്ടില്ലേ... അതിൽ കൊണ്ട് പോയി വെക്ക്...."

എന്ന് പറഞ്ഞ് ആ സെക്യൂരിറ്റിക്കാരോട് പുറത്തേക്ക് ചൂണ്ടി കൊണ്ട് അരുൺ അത് പറഞ്ഞതും അവരത് അത് പോലെ അനുസരിച്ചു...

എന്നിട്ട് അച്ചു അയാളെ നോക്കി പുച്ഛിച്ച് ചിരിച്ചോണ്ട് എന്നെയും കൊണ്ട് അവിടന്ന് പോകാൻ നിന്നതും അരുൺ അയാളെ അടുത്തേക്ക് നടന്നു...

"ഇപ്പോ തനിക്ക് കിട്ടാനുള്ള എല്ലാ കണക്കും പൂർത്തിയായില്ലേ...? ഇനി ഞങ്ങള് അങ്ങോട്ട് പൊയ്ക്കോട്ടെ...?"

"ഇല്ല.... മുഴുവൻ കണക്കുകളും പൂർത്തിയായിട്ടില്ല...."

എന്ന് നമ്മള് പറഞ്ഞപ്പോ എല്ലാവരും നമ്മളെ തന്നെ നോക്കി നിന്നു... നമ്മള് അപ്പോ തന്നെ അച്ചൂന്റെ കൈ വിടുവിച്ചിട്ട് അയാളിലേക്ക് നടന്ന് അടുത്തിട്ട് ബാഗ് തുറന്ന് എന്തോ തിരഞ്ഞു...

എന്റെ തിരയല് കണ്ടിട്ട് എല്ലാവരും എന്നെയും ബാഗിനെയും മാറി മാറി നോക്കി കൊണ്ട് നിന്നതും നമ്മള് പെട്ടെന്ന് ബാഗിൽ നിന്നും കയ്യെടുത്ത് അയാളെ കരണക്കുറ്റി നോക്കി ഒന്ന് പൊട്ടിച്ചു...

അത് കണ്ടതും അച്ചൂ അപ്പോ തന്നെ ഒന്ന് നീട്ടി വിസിലടിച്ചിട്ട് കയ്യടിച്ചു... അരുണും അത് കണ്ടിട്ട് ചിരിച്ചോണ്ട് നിന്നു...

നമ്മള് ആണെങ്കിൽ അയാളെ തല്ലിയിട്ട് അയാളെ തുറിച്ച് നോക്കി കൊണ്ട് അയാൾക്ക് നേരെ വിരൽ ചൂണ്ടി...

"ഇനി മേലാൽ മറ്റുള്ളവരുടെ നിസ്സഹായകവസ്ഥ താൻ

മുതലെടുക്കാതിരിക്കാൻ വേണ്ടിയാണ് ഞാൻ ഇത് തന്നത്... അതും താൻ ചോദിച്ച് വാങ്ങിയതാ.... ഒരുപാട് നാളായി തനിക്ക് ഞാനിത് ഓങ്ങി വെച്ചിട്ട് ഇപ്പോഴാ ഇതൊന്ന് നടന്നത്...

തന്റെ പ്രായം കണക്കിലെടുത്തിട്ടാ ഇത്രെയും കാലം തന്നെ ഒന്നും ചെയ്യാഞ്ഞത്....എന്റെ വീട്ടിലെ അവസ്ഥ കൊണ്ടാ ഈ ജോലി ഇട്ടെറിഞ്ഞ് പോകാതെ ഇവിടെ തന്നെ കടിച്ച് തൂങ്ങിയത്... ഇനി എന്തായാലും അതിന്റെ ആവശ്യമില്ലല്ലോ.... അത് കൊണ്ടാ തനിക്ക് ഇപ്പോ ഒരു ഡോസ് തന്നത്... ഇനിയും ഞാൻ ഇവിടെ കൂടുതൽ നേരം നിന്നാലേ തന്റെ ശരീരത്തിന് അത് താങ്ങാൻ കഴിയില്ല....

അതോണ്ട് ഞാൻ പോകുന്നു..."

എന്ന് പറഞ്ഞ് നമ്മള് അവിടന്ന് പുറത്തേക്ക് നടന്നതും അച്ചുവും അരുണും കൂടി നമ്മളെ പിന്നാലെ വന്നു.... അത് കണ്ടതും നമ്മള് അപ്പോ തന്നെ അവിടെ നിന്നിട്ട് അവരെ തിരിഞ്ഞ് ഒരു സംശയത്തോടെ നെറ്റി ചുളിച്ച് നോക്കി...

"എന്താടി ഫെബീ ഞങ്ങളെ നീ ഇങ്ങനെ നോക്കുന്നേ...?" അരുണാണ്.

"എന്റെ ഈ ജോലി കളഞ്ഞപ്പോ സമാദാനയല്ലോ രണ്ട് പേർക്കും...? എത്ര കഷ്ടപ്പെട്ടിട്ടാണെന്ന് അറിയോ ഈ ജോലി കിട്ടിയത്... ഇനി എന്റെ ഉപ്പച്ചിന്റെ കടവും ഷാദിന്റെയും സിനുവിന്റേയും പഠിത്തതിനുള്ള വകയും ഞാൻ എവിടന്ന് കൊടുത്ത് വീട്ടും....?"

"ഡി...ഡിഗ്രി കന്ലീറ്റ് ചെയ്ത നിനക്ക് ഈ സെയിൽസ് ഗേളിന്റെ പണി അല്ലാതെ വേറെ ഒന്നും കിട്ടിയില്ലേ..? പിന്നെ എന്തിനാ ആ ഡിഗ്രിയും കക്ഷത്തിൽ വെച്ചോണ്ട് നിൽക്കുന്നത്...?"

"എടി അച്ചൂ...നീ കരുതുന്ന പോലെ ഒന്നുമല്ല കാര്യങ്ങൾ.....

ജോലി അന്വേഷിച്ച് ഒരുപാട് സ്ഥലത്ത് പോയതാ... പക്ഷെ നല്ല പോലെ സ്വാധീനമുള്ളവർക്കെ അവിടെയൊക്കെ ജോലി കൊടുത്തിട്ടുള്ളൂ... പിന്നെ ഒരുപാട് ജോബ് അപ്പ്ലിക്കേഷൻസ് പല പല

കമ്പനികളിൽ ആയിട്ട് കൊടുത്തിട്ടുമുണ്ട്....

പക്ഷെ, എവിടെന്ന് ഒന്നും എന്നെ ഇന്റർവ്യൂഇന് ഇതുവരെ വിളിച്ചിട്ടില്ല...

അങ്ങനെ ആകെ പെട്ട് പോയ അവസ്ഥയിൽ നിൽക്കുമ്പോഴാണ് എനിക്ക് ഇവിടെ ജോലി കിട്ടിയത്... ഈ അവസ്ഥയിൽ ഒരു ജോലി എന്തായാലും വേണമെന്നുള്ളത് കൊണ്ടാ ഇതിന് ഇറങ്ങി തിരിച്ചത്....

അല്ലാതെ എല്ലാവരുടെ മുന്നിലും ഒരു കാഴ്ച വസ്തുവിനെ പോലെ നില്ക്കാൻ കൊതി ആയിട്ടൊന്നുമല്ല... നിവർത്തികേട് കൊണ്ടാ....

ഹാ... എന്തായാലും അയാളെ നോട്ടവും സംസാരവുമൊക്കെ സഹിക്കുന്നതിലും ബേദം അവിടന്ന് പെട്ടെന്ന് ഇറങ്ങിയത് നന്നായി... ഇല്ലേൽ നിങ്ങളെന്നെ കാണാൻ ജൈലിലേക്ക് വരേണ്ടി വന്നേനെ..."

"എന്തിന്...?" അരുണാണ്.

"അയാളെ കൊന്ന കേസിന് അല്ലാതെ എന്തിനാ...?"

എന്ന് പറഞ്ഞ് നമ്മള് ചിരിച്ചപ്പോ അവര് രണ്ട് പേരും നമ്മളെ നോക്കി ചിരിക്കാൻ തുടങ്ങി... അപ്പോഴാ നമ്മക്ക് ഇവര് എങ്ങനെ ഇവിടെ എത്തിയെന്ന് സംശയായത്....

"അല്ലാ...നിങ്ങള് രണ്ട് പേരുമെങ്ങനെ ഇവിടെ എത്തി...? നിങ്ങള് ഹൈദരാബാദിൽ അല്ലെന്നോ...? അതും ഒരുമിച്ച്....? എങ്ങനെ...?"

നമ്മളെ ചോദ്യം കേട്ട് അവര് രണ്ട് പേര് ഒന്ന് പരസ്പരം മുഖത്തേക്ക് നോക്കി ചിരിച്ചിട്ട് നമ്മളെ നേരെ നോക്കി...

"അതൊക്കെ ഞങ്ങള് വിശദമായിട്ട് പറഞ്ഞു തരാം... ഇപ്പോ നീ വണ്ടിയിൽ കേറ്..."

എന്ന് പറഞ്ഞ് അരുൺ ഓന്റെ കാറിന്റെ ഡോർ എനിക്ക് മുന്നിൽ തുറന്നതും നമ്മള് കാറിൽ

കേറിയിരുന്നു... അച്ചൂ മുന്നിൽ ഇരുന്നിട്ട് നമ്മളെ നോക്കി കണ്ണിറുക്കി കാണിച്ചു... അതിൽ തന്നെ എന്തൊക്കെയോ കാര്യമായിട്ടുണ്ടെന്ന് നമ്മക്ക് മനസ്സിലായി...

അങ്ങനെ അരുൺ കാറെടുത്ത് ആദിന്റെ കോഫി ഹൗസ്സിലേക്ക് കൊണ്ട് പോയി വണ്ടി നിർത്തിയിട്ട് എന്നോട് കാറിൽ നിന്നും ഇറങ്ങാൻ പറഞ്ഞു... നമ്മള് കാറിൽ നിന്നും ഇറങ്ങിയിട്ട് കോഫി മിസ്റ്റ് എന്ന ആ ബോർഡിലേക്ക് നോക്കിയിട്ട് അവരെ രണ്ട് പേരെയും ഒന്ന് നോക്കി...

"എന്തിനാ അച്ചൂ നമ്മള് ഇങ്ങോട്ട് വന്നത്...?"

"കോഫി കുടിക്കാൻ... നിനക്ക് ഇവിടത്തെ കോഫി ഒരുപാട് ഇഷ്ടല്ലേ..? അതാ ഇങ്ങോട്ട് വന്നത്...വാ..."

"വേണ്ട അച്ചൂ....എനിക്ക് വീട്ടിലേക്ക് പോയാ മതി... ഞാൻ പോകാ...."

"ദേ ഫെബി....നിന്റെ ഈ സ്വഭാവം എനിക്ക് തീരെ പിടിക്കുന്നില്ലട്ടോ... മര്യാദക്ക് ഇങ്ങോട്ട് വരാൻ നോക്ക് ഇല്ലേൽ ഒരു വീക്ക് വെച്ച് തരും...."

എന്ന് പറഞ്ഞ് അച്ചൂ നമ്മളെ തല്ലാൻ ഓങ്ങിയപ്പോ മനസ്സില്ലാ മനസ്സോടെ നമ്മളും അവരെ കൂടെ അതിന്റെ അകത്തേക്ക് കേറി...

അപ്പോ അന്ന് ഞാനും ആദിയും കൂടി ഇരുന്ന സീറ്റിൽ ഒരു കപ്പിൾസ് ഇരിക്കുന്നത് കണ്ടതും നമ്മക്ക് അന്ന് നടന്നതൊക്കെ ഓർമ്മ വന്നു...

"ഡി ഫെബി...അവിടെ നിന്ന് സ്വപ്നം കാണാതെ ഇവിടെ വന്നിരിക്കടി..."

എന്ന് അച്ചൂ പറഞ്ഞപ്പോഴാ ഞാൻ ഓർമ്മകളിൽ നിന്നും ഉണർന്നത്... നമ്മള് അപ്പോ തന്നെ അച്ചൂനെ നോക്കി ഒന്ന് ചിരിച്ചിട്ട് അവിടെ ഇരുന്ന ആ സീറ്റിലേക്ക് നോക്കി കൊണ്ട് അച്ചൂന്റെ അടുത്ത് പോയി ഇരുന്നു...

എന്താ ഞാൻ അവിടെ നിന്ന് നോക്കിയതെന്ന് അവര്

ചോദിച്ചപ്പോ ഒന്നുമില്ലെന്ന് തലയായിട്ട് ഞങ്ങള് മൂന്ന് കോഫി ഓഡർ ചെയ്തു...

"ഉം....ഇനി പറ... നിങ്ങളെന്താ ഇവിടെ...? ഹൈദരാബാദിൽ നിന്നും എപ്പോ ഇങ്ങോട്ട് വന്നു...?"

"എന്റെ ഫെബി നീയൊന്ന് ആദ്യം നിർത്ത് എന്നിട്ട് ഞങ്ങള് പറയാം..." അരുണാണ്...

"ഉം..ഓക്കേ നിർത്തി...ഇനി നിങ്ങള് പറ...."

"അത്.....ഞങ്ങള്....."

എന്ന് പറഞ്ഞ് അച്ചുവും അരുണും കൂടി ഒരു കള്ളച്ചിരിയോടെ ചിരിക്കുന്നത് കണ്ടപ്പോ തന്നെ നമ്മക്ക് ചെറുതായിട്ട് ഒരു സൂചന കിട്ടി...

"ഒന്ന് പറയുന്നുണ്ടോ നിങ്ങള്... ഇല്ലേൽ ഞാൻ എണീറ്റ് പോകുവേ..."

"ഹോ എന്റെ ഫെബീ... പറയാ....നീയൊന്ന് അടങ്ങ്...." അരുണാണ്.

"എന്നാ ഒന്ന് പറ..."

"അത്....ഞങ്ങളിപ്പോ നാട്ടിലേക്ക് വന്നത് ഞങ്ങളെ എങ്കേജ്മെന്റിന് വേണ്ടിയാ....?"

"വാട്ട്...?"

അച്ചു പറയുന്നത് കേട്ട് നമ്മള് അന്തം വിട്ട് വിളിച്ച് കൂവിയത് കേട്ട് എല്ലാവരും ഞങ്ങളെ നോക്കാൻ തുടങ്ങി...അച്ചു അപ്പോ തന്നെ നമ്മളെ കയ്യിന് ഒരു കൊട്ട് തന്നപ്പോഴാ നമ്മക്ക് തന്നെ മനസ്സിലായത് നമ്മളെ ഒച്ചക്ക് ഇത്രക്ക് കേൾവിക്കാരുണ്ടെന്ന്... അതോണ്ട് അപ്പോ തന്നെ അവറ്റകളെ ഒക്കെ ഒന്ന് നോക്കി പല്ലിളിച്ച് കാണിച്ചിട്ട് അച്ചുവിനെയും അരുണിനെയും മാറി മാറി നോക്കി കൊണ്ടിരുന്നു...

"നിങ്ങള് പറഞ്ഞത് സത്യാണോ...? എനിക്ക് വിശ്വസിക്കാൻ പോലും വയ്യ.... ഇതൊക്കെ എപ്പോ സംഭവിച്ചു...?"

"ഹാ....അതൊക്കെ ഒരു വലിയ കഥയാണ് മോളെ.... ഇവളെ അടുത്ത് ഞാൻ പെട്ടുപോയെന്ന് പറഞ്ഞാൽ പോരെ..."

എന്ന് അരുൺ പറഞ്ഞപ്പോ അച്ചു അവന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തു...അപ്പോ അരുൺ ഓളെ നോക്കി ചിരിച്ചിട്ട് കണ്ണടച്ചപ്പോ ഓളും ഓനെ നോക്കി ഒന്ന് ചിരിച്ച് കണ്ണും കണ്ണും നോക്കി ഇരിക്കാൻ തുടങ്ങി...

അവരെ കാട്ടികൂട്ടൽ കണ്ടപ്പോ നമ്മള് അപ്പോ തന്നെ ഒന്ന് ചൊമച്ചു... അത് കേട്ടപ്പോ രണ്ടിന്റെ മുഖത്തും പെട്ടെന്ന് ചമ്മൽ വന്നു...അത് കണ്ട് നമ്മളൊന്ന് ചിരിച്ചോണ്ട് കൊണ്ട് വെച്ച കോഫി കുടിച്ചു....

"എന്നിട്ട് പറ....എന്താ ഉണ്ടായേ...? എങ്ങനെ വീട്ടുകാര്

സമ്മതിച്ചേ...?"

"ഞങ്ങളെ കാര്യം വീട്ടിൽ പിടിച്ച് ആകെ സീനായി മോളെ.... ഇവനെ അല്ലാതെ വേറെ ഒരുത്തനെയും കെട്ടില്ലെന്ന് പറഞ്ഞപ്പോ ഇവന്റെ വീട്ടിലൊക്കെ അന്വേഷിച്ചു...."

"നമ്മളെ ബാഗ്രൗണ്ടൊക്കെ ഓക്കെ ആയോണ്ട് ആർക്കും പിന്നെ എതിർപ്പ് ഇല്ലെന്നു... എന്നാലും ഒരേ വയസ്സായതിന് അവർക്കൊക്കെ ഒരു ചെറിയ സമ്മതക്കേട് ഉണ്ടായിരുന്നു...അതൊക്കെ പിന്നെ ഞങ്ങളൊക്കെ കൂടി പറഞ്ഞ് സംസാരിച്ച് സോൾവാക്കി അങ്ങനെ അടുത്ത ആഴ്ച എങ്കേജ്മെന്റ് വരെ എത്തി നിൽക്കുന്നു...."

"എന്നാലും ഇത്രയൊക്കെ നടന്നിട്ടും എന്നെ ഒന്ന് അറിയിക്കണമെന്ന് നിങ്ങൾക്ക് തോന്നിയില്ലല്ലോ...."

"ഡി...തെണ്ടി...നീ എന്നെ കൊണ്ട് കൂടുതൽ ഒന്നും പറയിപ്പിക്കരുത്.... നിന്നെ വിളിക്കാൻ എത്ര തവണ

ശ്രമിച്ചെടി കുരിപ്പേ...?

നീ നമ്പർ മാറ്റിയിട്ട് ഞങ്ങളിൽ നിന്നും മുങ്ങി നടക്കല്ലെന്നോ...?"

എന്ന് അച്ചു പറഞ്ഞോണ്ട് ചൂടായപ്പോ നമ്മള് വേഗം തല താഴ്ത്തിയിട്ട് മെനു കാർഡ് കൊണ്ട് മുഖം പൊത്തി ഒന്ന് ചുറ്റും കണ്ണോടിച്ചപ്പോ എല്ലാവരും ഞങ്ങളെ തന്നെ നോക്കി ഇരിക്കാണ്.... അരുൺ അപ്പോ തന്നെ അച്ചുവിന്റെ കയിൽ തടവി കൊണ്ട് കൂൾ ബേബി കൂൾ എന്ന് പറഞ്ഞപ്പോ അച്ചൂ കുറച്ച് ശാന്തമായിട്ട് നമ്മളെ നോക്കി കണ്ണുരുട്ടി പേടിപ്പിച്ചു...

നമ്മള് അപ്പോ തന്നെ ഓളെ നോക്കി ഒന്ന് സൈറ്റടിച്ച് പല്ലിളിച്ചോണ്ട് ഒരു സോറി പറഞ്ഞപ്പോ ഓള് നമ്മളെ പുച്ഛിച്ച് മുഖം തിരിച്ച് കളഞ്ഞു... ഒടുക്കം നമ്മള് കാല്പിടിക്കുന്ന അവസ്ഥ വരെ എത്തിയപ്പോഴാണ് പെണ്ണ് നമ്മളോട് ക്ഷമിച്ചത്...

പിന്നെ അങ്ങോട്ട് അവരെ രണ്ട് പേരുടെയും വിശേഷങ്ങള് ചോദിച്ചറിയലായിരുന്നു നമ്മളെ പണി... എങ്കേജ്മെന്റ് തീയതി ഫിക്സ് ചെയ്തതിന് ശേഷമുള്ള

അവരുടെ സന്തോഷങ്ങളൊക്കെ അവര് പറഞ്ഞപ്പോ നമ്മക്കും സന്തോഷായി... അപ്പോഴാണ് അരുൺ പറയുന്നത് കേട്ടത്.....

"ഞങ്ങളിപ്പോ ദുബായിൽ നിന്നും എങ്കേജ്മെന്റിന് ബോസിന്റെ കാല് പിടിച്ചിട്ടാ ലീവ് തന്നത്.... എങ്കേജ്മെന്റ് കഴിഞ്ഞിട്ട് വേണം ഞങ്ങക്ക് തിരിച്ച് പോകാൻ ആകെ 2 ആഴ്ചയെ ആ കാലമാടൻ ലീവ് തന്നിട്ടുള്ളൂ...."

അരുൺ പറയുന്നത് കേട്ട് നമ്മക്ക് ഒന്നും മനസ്സിലായില്ല... നമ്മള് അവരെ തന്നെ ഉറ്റു നോക്കുന്നത് കണ്ടപ്പോഴാണ് അച്ചു നമ്മളോട് അത് പറഞ്ഞത്....

"ഞങ്ങളിപ്പോ ദുബായിൽ സെറ്റിലാണ് ഫെബീ.... ഞങ്ങക്ക് അവിടെ ഒരു കമ്പനിയിൽ ജോലി കിട്ടി... ഇപ്പോ അവിടെ കൂടിയിട്ട് ഒന്നര വർഷമായി..."

"അതെ... അവിടെ ആയിരുന്നെങ്കിൽ പോലും

ഇവിടത്തെ നിന്റെ വിശേഷങ്ങളൊക്കെ ഞങ്ങള് പലരിൽ നിന്നും ചോദിച്ച് മനസ്സിലാക്കിയിരുന്നു... അതോണ്ട് ഈ വരവിന് നിനക്ക് ഒരു ഗുണമുള്ള കാര്യവും കൊണ്ടാ ഞങ്ങള് വന്നത്...."

അരുൺ അതും പറഞ്ഞോണ്ട് അച്ചുവിനെ നോക്കിയപ്പോ നമ്മള് എന്തോ പോയ ആരെയോ പോലെ അവരെ തന്നെ നോക്കി ഇരിക്കേന്നു....

"ഞങ്ങള് എങ്കേജ്മെന്റിന് മാത്രമായിട്ടിയല്ല ഫെബി വന്നത്...." അരുണാണ്.

"പിന്നെ...?"

"ഞങ്ങൾ നിന്നെ കൊണ്ട് പോകാൻ വേണ്ടി വന്നതാ.... ഞങ്ങളെ കൂടെ ദുബായിലേക്ക്..."

"എന്തൊക്കെയാ അച്ചൂ നീ ഈ പറയുന്നേ...? എനിക്കൊന്നും മനസ്സിലാകുന്നില്ല... നിങ്ങള് ഒന്ന്

തെളിച്ച് പറ..."

"ഇതിൽ കൂടുതൽ എന്താ ഫെബി തെളിച്ച് പറയാനുള്ളത്...?

ഞങ്ങള് നിനക്ക് വേണ്ടി ദുബായിൽ ഒരു ജോലി തരപ്പെടുത്തിയിട്ടാ ഇങ്ങോട്ട് വന്നത്.... ഇവിടന്ന് ഞങ്ങളെ എങ്കേജ്മെന്റ് കഴിഞ്ഞ് തിരിച്ച് പോകുമ്പോ ഞങ്ങളെ കൂടെ നീയും കാണും ദുബായിലേക്ക്...."

അച്ചു പറയുന്നത് കേട്ട് ഷോക്കടിച്ച അവസ്ഥയിൽ നമ്മള് ഇരിക്കുന്നത് കണ്ട് അച്ചു നമ്മളെ ഒന്ന് തട്ടി വിളിച്ചു....

"ഡി...ഫെബി...കാറ്റ് പോയോ...ഡി കോപ്പേ... നിന്നോടാ ചോദിക്കുന്നെ... അപ്പോ എങ്ങനാ കാര്യങ്ങൾ...? നമുക്ക് ഒരുമിച്ച് പറക്കല്ലേ...?"

"അ... അത്...അ... അച്ചൂ... ഞാൻ....എനിക്ക്..."

"വേണ്ട വേണ്ട വേണ്ട....ഇനി ഇങ്ങോട്ട് ഒന്നും പറയാൻ നിൽക്കണ്ട.... മറ്റുള്ളോരെ മുന്നിൽ നിന്നെ ഒരു കാഴ്ച വസ്തുവിനെ പോലെ ഇട്ടേറിഞ്ഞ് കൊടുക്കാൻ മനസ്സില്ലാത്തത് കൊണ്ട് തന്നെയാ ഈ ജോലി അതും ഞങ്ങളെ കമ്പനിയിലെ ജോലി തന്നെ നിനക്ക് ഒപ്പിച്ച് തന്നത്...." അച്ചുവാണ്.

നല്ല ജോലിയാണ് അധികം ബുദ്ധിമുട്ടേണ്ട ഒരു ആവശ്യവും ഇല്ലാത്ത ജോലി...വെറുതെ ഒരു കമ്പ്യൂട്ടറിന്റെ മുന്നിൽ നിന്നിട്ട് കീബോർഡിലൊക്കെ ഒന്ന് തട്ടി കൊടുത്താൽ മതി... മാസം ഇരുപത്തയ്യായിരം രൂപയാണ് ശമ്പളം...

പിന്നെ അങ്ങോട്ട് നമ്മുടെ പെർഫോമൻസിന് അനുസരിച്ച് അവര് ശമ്പളവും കൂട്ടി തരും..." അരുണാണ്.

അവര് പറയുന്നതൊക്കെ കേട്ടപ്പോ ഓക്കേ പറയണമെന്ന് തോന്നിയെങ്കിലും വീട്ടുകാരെ വിട്ട് അത്രെയും ദൂരെ എങ്ങനെ പോകും എന്നാലോജിച്ചപ്പോ വേണ്ടെന്ന് തോന്നി....

"വേണ്ട അച്ചൂ...അത് ശരിയാകില്ല...വീടും നാടും വിട്ട് അത്രെയും ദൂരെ....അത് വേണ്ട.... ഞാൻ ഇവിടെ തന്നെ വല്ല ജോലിക്കും ട്രൈ ചെയ്തോളം....."

"ഇവിടെ എങ്ങനെ ഉള്ള ജോലിയാ പൊന്നു മോൾക്ക് വേണ്ടി കാത്തിരിക്കുന്നത്...? അത് കൂടി മാഡം ഒന്ന് പറഞ്ഞു തന്നാൽ വല്യ ഉപകാരമായേനെ..."

എന്ന് ഒരു പരിഹാസ രൂപേണ അച്ചു പറഞ്ഞപ്പോ നമ്മളൊന്നും മിണ്ടാതെ തലയും താഴ്ത്തി അവിടെ ഇരുന്നു....

"ഇതുപോലെ വേറെ വല്ല സ്ഥലത്തും പ്രതിമ കണക്കെ നിൽക്കാനാണ് നിന്റെ ഭാവമെങ്കിൽ നിന്നെ തൂക്കിയെടുത്ത് ഇവിടന്ന് കൊണ്ട് പോകാനും ഞങ്ങൾക്ക് അറിയാം... ഞങ്ങള് അതൊക്കെ പ്ലാൻ ചെയ്തിട്ട് തന്നെയാ ഇങ്ങോട്ട് ലാൻഡ് ആയത്...

ഒരുപാട് കഷ്ടപ്പെട്ട് ഞങ്ങളെ ബോസിന്റെ കാല്

പിടിച്ചിട്ടാ നിനക്ക് കൂടി ഞങ്ങളെ കമ്പനിയിൽ ഒരു ജോലി തരപ്പെടുത്തിയത്...അതോണ്ട് ഇനി ഒന്നും പറഞ്ഞ് ഒഴിയാൻ നോക്കണ്ട നമ്മള് മൂന്ന് പേരും ഒരുമിച്ചായിരിക്കും ഇവിടന്ന് വണ്ടി കേറുക എന്ന് പറഞ്ഞാൽ കേറുക...."

എന്ന് പറഞ്ഞ് അച്ചുവും അരുണും കൂടി ഓരോന്ന് പറഞ്ഞ് നമ്മളെ പിരി കേറ്റി പിരി കേറ്റി ഒടുക്കം നമ്മള് പോകാമെന്ന് സമ്മതിച്ചു... അപ്പോ തന്നെ അച്ചൂ നമ്മളെ പരിസരം മറന്ന് കെട്ടിപ്പിടിച്ച് കവിളത്ത് ഉമ്മ തന്നു...

"ഹോ...ഞാൻ ഒരു ഉമ്മ ചോദിച്ചാൽ പോലും വല്യ ഡിമാൻഡ് ഉള്ള പുള്ളിയാ ഇപ്പോ ഇവൾക്ക് കൊടുക്കുന്നത് കണ്ടില്ലേ..."

എന്ന് അരുൺ പറഞ്ഞപ്പോ അച്ചൂ ഓനെ നോക്കി കൊഞ്ഞനം കുത്തി കാണിച്ചു... പിന്നെ അങ്ങോട്ട് അവരെ രണ്ടിന്റെയും വഴക്കും കോപ്രായങ്ങളുമൊക്കെ ആയിരുന്നു.... അതൊക്കെ കണ്ട് നമ്മള് ചിരിച്ചോണ്ടിരിക്കുമ്പോഴാണ് നമ്മക്ക്

പെട്ടെന്ന് ആദിയെ ഓർമ്മ വന്നത്...

"അച്ചൂ.... ഞാൻ ചോദിക്കുന്നത് കൊണ്ട് ഒന്നും വിചാരിക്കരുത്...."

"എന്താടാ...ഞങ്ങളോട് എന്തെങ്കിലും നിനക്ക് ചോദിക്കണമെങ്കിൽ ഇത്രക്ക് മുഖവുരയൊക്കെ ആവശ്യണ്ടോ... നീ പറ മുത്തേ....എന്താ കാര്യം...?"

"അ... അത്.....അത് പിന്നെ....."

"ഹാ....നീ ഇങ്ങനെ ചുറ്റി വളക്കാതെ പറ ഫെബീ...."

എന്ന് അരുൺ കൂടി പറഞ്ഞപ്പോ നമ്മളൊന്ന് കണ്ണടച്ച് പിടിച്ചിട്ട് ഒന്ന് നെടുവീർപ്പിട്ട് അവരെ നോക്കി... അപ്പോ അവര് രണ്ടും കൂടി ഞാൻ എന്താകും പറയുക എന്ന ആകാംക്ഷയിൽ നമ്മളെ തന്നെ നോക്കി ഇരിക്കാണ്....

"അത്....നിങ്ങള്.... നിങ്ങള് അവിടെ വെച്ച് ആദിയെ

കണ്ടിരുന്നോ...?"

നമ്മളെ ചോദ്യം കേട്ടതും അവരുടെ മുഖത്തെ ചിരി മാഞ്ഞു പോയി... എന്നിട്ട് പരസ്പരം മുഖത്തോട് മുഖം നോക്കി തല താഴ്ത്തി കോഫിയിലേക്ക് നോട്ടമെറിഞ്ഞു....

"അച്ചൂ....നീയെന്താ ഒന്നും മിണ്ടാത്തെ...?

പറ....നീ ആദിയെ കണ്ടിരുന്നോ...?"

എന്ന് പറഞ്ഞനൂലെ കയ്യിൽ പിടിച്ചപ്പോ ഓള് നമ്മളെ മുഖത്തേക്ക് നോക്കി കൊണ്ട് മുഖത്ത് ഒരല്പം ഗൗരവം വരുത്തി....

"ഉം...കണ്ടിരുന്നു....ഒരു തവണയല്ല....പല തവണ...."

(തുടരും)

ഭാഗം.99

"ഉം... കണ്ടിരുന്നു....ഒരു തവണയല്ല.... പല തവണ..."

അച്ചൂ പറയുന്നത് കേട്ടപ്പോ ആദിയെ കുറിച്ച് കൂടുതൽ അറിയാനുള്ള ആകാംഷ എന്റെ മുഖത്ത് തെളിഞ്ഞ് വന്നു... അത് കണ്ടിട്ടാണെന്ന് തോന്നുന്നു അച്ചു പെട്ടെന്ന് മുഖം കടുപ്പിച്ച് വെച്ചതും നമ്മള് തല താഴ്ത്തി വെച്ചു....

"ഫെബി....നിനക്ക് ആദിൽക്കാനെ ഇപ്പോഴും ഇഷ്ടണെന്ന് ഞങ്ങൾക്ക് അറിയാ... പക്ഷെ, ആദിൽക്ക ഇപ്പോ ആ പഴയ ആദിൽ അല്ല...

നിസൂക്കയും അൻസിക്കയും കൂടി പാർട്ണർഷിപ്പിൽ ഒരു സൂപ്പർമാർക്കറ്റ് തുടങ്ങിയിട്ടുണ്ട് ദുബായിൽ.... അവിടെ വെച്ച് ഞങ്ങൾ പല തവണ ആദിൽക്കയെ

കണ്ടിരുന്നു.... പക്ഷെ, ഞങ്ങളെ ഒന്ന് കണ്ട പരിചയം പോലും കാണിക്കാതെ സല്മയുടെ കൂടെ പോകായിരുന്നു ആദിൽക്ക..."

അരുൺ പറയുന്നത് കേട്ടപ്പോഴാണ് അങ്ങനെ ഒരു മാരണം ഇപ്പോഴും ജീവനോടെയുണ്ടോ എന്ന് വരെ നമ്മള് ചിന്തിച്ചത്... ആ സൽ മ എന്ന മാരണം തന്നെ.... എന്റെ ആദി എന്നിൽ നിന്നും അവന്റെ ഫ്രണ്ട്സിൽ നിന്നും ഇങ്ങനെ അകലണമെങ്കിൽ അതിന് ഒരേയൊരു കാരണമേയുണ്ടാകൂ.... ആ സൽമ...

എന്നാലും എന്ത് കൂടോത്രമാ അവളെന്റെ ആദിയിൽ നടത്തിയതെന്നാ എനിക്ക് മനസ്സിലാകാത്തത്....

"ഫെബി...."

പെട്ടെന്ന് അച്ചൂ അങ്ങനെ വിളിച്ചപ്പോ നമ്മള് ഞെട്ടി തരിച്ച് ഓളെ ഒന്ന് നോക്കി പുഞ്ചിരിച്ചു....

"നീ വല്ലാണ്ട് ഇളിച്ച് കാണിക്കൊന്നും വേണ്ട...നിന്റെ

ഉള്ളിൽ ഇപ്പോ നീറി പുകയാണെന്ന് ഞങ്ങൾക്ക് അറിയാ...

കാക്കു ഇങ്ങനെ ഒക്കെ ചെയ്യുന്നതിനും കാരണമുണ്ട് ഫെബി... അത് നിനക്ക് അവിടെ എത്തുമ്പോ മനസ്സിലാവും..."

അച്ചു അങ്ങനെ പറഞ്ഞോണ്ട് അവിടന്ന് എണീറ്റ് പോകാൻ നിന്നതും അരുണും അതുപോലെ അവളെ പിന്നലെ എണീറ്റു... നമ്മള് ആണെങ്കിൽ ഒന്നും മനസ്സിലാകാതെ അവിടെ തന്നെ ഇരിക്കുന്നത് കണ്ടിട്ട് അവരൊക്കെ കൂടി നമ്മളെ വലിച്ച് അവിടന്ന് കൊണ്ട് പോയി....

പിന്നീടുള്ള ഓരോ ദിവസവും ശടപടെന്ന് തീർന്നോണ്ടിരുന്നു....

നമ്മള് ദുബായിൽ പോകുന്ന കാര്യം അറിഞ്ഞ ഉമ്മച്ചിയും ഉപ്പച്ചിയുമൊക്കെ നമ്മളെ പറഞ്ഞ് വിടില്ലെന്ന് പറഞ്ഞ് ആകെ മൊത്തം കരച്ചിലും പിഴിച്ചിലും ഒക്കെ കൊണ്ട് സീൻ ഡാർക്ക് ആയപ്പോ അച്ചൂ ആണ് എല്ലാവരെ കൊണ്ടും സമ്മതിപ്പിച്ചത്...

ഈ വാർത്ത കേട്ടപ്പോ മുതൽ സിനുവിനെയും ഷാദിന്റെയും മുഖത്തെ ഷോകഭാവം കണ്ട് നമ്മള് അന്താളിച്ച് നിന്ന് പോയി... കാരണം ഇനി വഴക്ക് കൂടാൻ നമ്മളെ കിട്ടില്ലല്ലോ അവർക്ക്... പിന്നെ അവരെ വകയായി ഇത്തൂസ് പോകാണ്ടാ എന്ന് പറഞ്ഞോണ്ടുള്ള പ്രകടനം....

അങ്ങനെ അവരെ എല്ലാവരെയും കണ്ട് അവരോടൊക്കെ സമ്മതം വാങ്ങി നിൽക്കുമ്പോഴാണ് ഹസി വീട്ടിലേക്ക് വന്നത്... അച്ചുവും അരുണും അവളെ വീട്ടിലേക്ക് എങ്കേജ്മെന്റിന് ക്ഷണിക്കാൻ പോയപ്പോ അവള് അവിടെ ഇല്ലായിരുന്നു... അവള് ഇപ്പോ ഒരു യൂ പി സ്കൂൾ ടീച്ചറാണ്...

അങ്ങനെ ഹസി വന്നപ്പോ അവരോടൊക്കെ കത്തിയടിച്ച് ഞങ്ങള് നാലും കൂടി ഒരുപാട് നേരം അന്ന് സംസാരിച്ചിരുന്നു... നിസൂക്ക ഇപ്പോ ദുബായിലാണെന്നും അവര് അവിടെ ഒരു സൂപ്പർമാർക്കറ്റ് നടത്താണെന്നും ഹസി പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്... പക്ഷെ, നമ്മള് ഒരിക്കൽ പോലും അവരുമായി യാതൊരു വിധ കോണ്ടാക്റ്റും വെക്കാതെ

അവരിൽ നിന്നും അകന്ന് കഴിയുകയായിരുന്നു...

അങ്ങനെ ആ ദിവസവും കടന്ന് പോയി.... ഇന്ന് അച്ചുവിനെയും അരുണിനെയും എങ്കേജ്മെന്റാണ്... പടച്ചോന്റെ കൃപ കൊണ്ട് എല്ലാം നല്ല രീതിയിൽ തന്നെ കഴിഞ്ഞു...

എങ്കേജ്മെന്റ് കഴിഞ്ഞപ്പോ എല്ലാത്തിനും ലൈസെൻസ് കിട്ടിയല്ലോ എന്ന സന്തോഷത്തിലാണ് രണ്ട് പേരും.... അരുണിന് കല്യാണ പ്രായം ആകാതോണ്ട് രണ്ട് കൊല്ലം കഴിഞ്ഞാണ് കല്യാണമെന്ന് തീയതി തീരുമാനിച്ചു... അതില് രണ്ട് പേർക്കും വിഷമം ഉണ്ടെങ്കിലും ഈ രണ്ട് കൊല്ലവും ആരെയും പേടിക്കാതെ പ്രേമിച്ച് നടക്കാലോ എന്നാണ് അവരുടെ ഏക ആശ്വാസം...

അങ്ങനെ അവരുടെ നിശ്ചയത്തിൽ പങ്ക് ചേരാൻ പലരും വന്നു... അതിലൊക്കെ ഞാൻ ആ മുഖം തേടി കൊണ്ടിരുന്നു... ആദിയുടെ മുഖം... പക്ഷെ, അതെനിക്ക് അവിടെയൊന്നും കാണാൻ കഴിഞ്ഞില്ല.... ആ നിരാശയെ എല്ലാം എന്നിൽ നിന്നും അകറ്റിയത്

അച്ചുവും അരുണും ഹസിയുമാണ്...

എങ്കേജ്മെന്റ് പാർട്ടിയിൽ വെച്ച് അച്ചുവിന്റേയും അരുണിന്റേയും നല്ല സൂപ്പർ കപ്പിൾ ഡാൻസുണ്ടായിരുന്നു... അത് കണ്ട് ഞങ്ങളൊക്കെ പൊരിഞ്ഞ കയ്യടികളും വിസിലുമൊക്കെ ആയി അവരെയൊക്കെ നന്നായിട്ട് അഭിനന്ദിച്ചു....

അങ്ങനെ അവരുടെ എങ്കേജ്മെൻറെന്ന കടമ്പ നല്ല ഹാപ്പി ആയിട്ട് തന്നെ കഴിഞ്ഞു... ഇനി ഈ നാട്ടിലുള്ള എന്റെ ദിനങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു... ഇനി വെറും രണ്ട് ദിവാൻ കൂടിയേ ഞാൻ ഇനി നാട്ടിലുണ്ടാകൂ... അത് കഴിഞ്ഞാൽ ഞാൻ ഒരു പ്രവാസി... സ്വന്തം നാട്ടിലേക്ക് വിരുന്ന് വരുന്നവരിൽ ഒരാൾ...

പക്ഷെ, ഞാൻ ഒരിക്കലും അങ്ങനെ ആകില്ല... കാരണം, എനിക്ക് ഉപ്പച്ചിന്റെ കടം വീട്ടാനുള്ള പണം കിട്ടി കഴിഞ്ഞാൽ പിന്നെ ഒരിക്കലും അവിടെ ഞാൻ നിൽക്കില്ല.... അവിടുന്ന് ഇങ്ങോട്ട് തന്നെ മടങ്ങി വരും...

ഈ ഒരു ലക്ഷ്യം കൂടാതെ മറ്റൊരു ലക്ഷ്യം കൂടിയുണ്ട് എന്റെ ഈ യാത്രക്ക്... കഴിയുമെങ്കിൽ ആദിയെ ഒന്ന് നേരിട്ട് കാണണം... അവനോട് എനിക്ക് ഒരല്പ്പം സംസാരിക്കണം...

എന്തിനായിരുന്നു എന്നെ അവോയ്ഡ് ചെയ്ത് പോയതെന്ന് എനിക്ക് അറിയണം... പറ്റിയാൽ രണ്ട് വർഷങ്ങൾക്ക് മുൻപ് അവനോട് പറയാൻ കഴിയാതെ പോയ എന്റെ ഇഷ്ടം അവനോട് തുറന്ന് പറയണം....

ഹസിയും ഉമ്മച്ചിയും ഇപ്പോ എന്റെ ബാഗ് ഒകെ പാക്ക് ചെയ്യുന്ന തിരക്കിലാണ്... അവർക്കൊക്കെ നമ്മെ പിരിയുന്നതിൽ നല്ല വിഷമം ഉണ്ടെങ്കിലും അതൊന്നും പുറത്ത് കാണിക്കാതെ പുറമെ ചിരിച്ച് നടക്കാ....

പിന്നെ ഹസി ആണെങ്കിൽ ആരും കാണാതെ നിസൂക്കാക്ക് കൊടുക്കാൻ വേണ്ടിയിട്ട് നമ്മളെ കയ്യിൽ ഒരുപാട് ഐറ്റംസും തന്നിട്ടുണ്ട്... ഇനി ഇതൊക്കെ കൊണ്ട് കൊടുത്തിട്ട് വേണം അവരുടെ പിണക്കം മാറ്റാൻ...

അങ്ങനെ എന്റെ ജന്മനടിനോട് വിട പറയാനുള്ള സമയം ആയി തുടങ്ങിയിരിക്കുന്നു... ഇന്നത്തെ ഇവനിങ് ഫ്ലൈറ്റിന് നമ്മള് പറക്കാൻ പോകാ.... ഞാൻ പോകാൻ വേണ്ടി ഒരുങ്ങുമ്പോഴായിരുന്നു അച്ചുവും ഹസിയും കൂടി റൂമിലേക്ക് വന്നത്... പിന്നെ അവരോട് സംസാരിച്ച് കൊണ്ട് തന്നെ നമ്മള് ഷാളെടുത്ത് സ്കാഫ് ചെയ്യുന്നത് കണ്ടിട്ട് അച്ചൂ വമ്പൻ ഞെട്ടലിലാണ്... കാരണം നമ്മക്ക് ഈ സ്കാഫ് ചെയ്യുന്ന പരിപാടി വശമില്ലാത്തത് അല്ലായിരുന്നോ...? ഇപ്പോ നല്ല സൂപ്പറായിട്ട് സ്കാഫ് ചെയ്യുന്നത് കണ്ടിട്ടാണ് അവൾക്കിത്ര ഞെട്ടൽ...

അങ്ങനെ നമ്മളെ പരിപാടിയൊക്കെ കഴിഞ്ഞ് നമ്മള് താഴോട്ടിറങ്ങാൻ നിൽക്കുമ്പോഴാണ് നമ്മളെ അടുത്തേക്ക് വരുന്ന ആളെ കണ്ടത്... വേറെ ആരാ എന്റെ പൂസീമ... ഓളെ എടുത്തിട്ട് നമ്മള് ഓളെ കൊഞ്ചിച്ചപ്പോ ഓള് ങ്യാവൂ ങ്യാവൂന്ന് പറഞ്ഞ് എന്തൊക്കെയോ നമ്മളെ കയ്യിൽ കിടന്ന് കാണിക്കുന്നുണ്ട്... നമ്മള് പോകാണെന്ന് ആ മിണ്ടാപ്രാണിക്കും മനസ്സിലായി കാണും... ഓളെ നെഞ്ചോട് ചേർത്ത് വെച്ച് ഒരു ഉമ്മ കൊടുത്തിട്ട് ഞങ്ങള് താഴേക്കിറങ്ങി...

എന്നിട്ട് ഓളെ ഞാൻ സിനുവിന്റെ കയ്യിൽ ഏല്പിച്ചിട്ട് ഓളെ നന്നായി നോക്കണമെന്ന് പറഞ്ഞു...

സിനൂന്റെ കയ്യിലേക്ക് അവളെ കൊടുത്തത് മുതൽ പൂസീമ നമ്മളെ കയ്യിലേക്ക് തന്നെ കൊച്ചു കുട്ടികളെ പോലെ ചാടാൻ നിൽക്കാണ്... ഓളെ ആ സ്നേഹം കണ്ടപ്പോ നമ്മക്ക് നല്ലോണം വിഷമായി....

രാവിലെ തന്നെ എല്ലാ കുടുംബക്കാരും നമ്മളെ വീട്ടിലേക്ക് വന്നെത്തിയിരുന്നു... അവരൊക്കെ അവരെ ബന്ധുക്കൾക്ക് കൊടുക്കാൻ വേണ്ടി നമ്മളെ കയ്യിലേക്ക് ഒരുപാട് ഐറ്റംസ് തന്നിട്ട് നമ്മളോട് സൂക്ഷിച്ച് കണ്ടും കൊണ്ട് പോകണേ എന്ന താക്കീതൊക്കെ നല്കുമ്പോ ഉള്ളിൽ വെറും പുച്ഛമായിരുന്നു ഇവരോട്....

ഇവരൊക്കെ ആദ്യമേ നമ്മളെയൊക്കെ സഹായിക്കാൻ കൂടെ ഉണ്ടായിരുന്നെങ്കിൽ എനിക്ക് ഒരിക്കലും കടല് കടന്ന് പോകേണ്ട ഗതികേട് ഉണ്ടാകില്ലായിരുന്നു....

അങ്ങനെ എന്ത് വന്നാലും കരയരുതെന്ന് മനസ്സിനെ പറഞ്ഞ് പഠിപ്പിച്ചിട്ട് എല്ലാവരോടും യാത്ര പറഞ്ഞ് ഇറങ്ങിയതും ചങ്ക് പൊട്ടി പോകുന്ന പോലെയുള്ള വേദനയായിരുന്നു... ഷാദിയോടും സിനുവിനോടും നന്നായി പഠിക്കണമെന്ന് പറഞ്ഞ് തിരിഞ്ഞതും അവര് രണ്ട് പേരും കൂടി നമ്മളെ കെട്ടിപ്പിടിച്ചതും ഇതുവരെ അടക്കി വെച്ച സങ്കടമൊക്കെ പുറത്തേക്ക് കണ്ണുനീരായി വരാൻ തുടങ്ങി...

അവരെയൊക്കെ ആശ്വസിപ്പിച്ചോണ്ട് ഉപ്പച്ചിയേയും ഉമ്മച്ചിയേയും കെട്ടിപ്പിടിച്ച് ഒരുപാട് കരഞ്ഞു... അപ്പോ ഉപ്പച്ചി പറയുന്നത് കേട്ടിട്ട് എന്റെ കരച്ചിലിന്റെ ശക്തി കൂടി വന്നു...

"എല്ലാ ഉപ്പമാരും പെണ്മക്കളെ മറ്റൊരുത്തന്റെ കയ്യിലേക്ക് പിടിച്ച് കൊടുത്ത് പറഞ്ഞയക്കേണ്ട സമയത്ത് ഞാൻ എന്റെ മോളെ എന്റെ കടം വീട്ടാനായിട്ട് നാട് കടത്താണ്.... എന്റെ മോൾക്ക് ഈ ഉപ്പനോട് ദേഷ്യമൊന്നും തോന്നരുത് ഫെബിയെ...."

എന്ന് ഉപ്പച്ചി പറഞ്ഞു തീർന്നതും ഉപ്പച്ചിയെ കെട്ടിപിടിച്ച്

കരഞ്ഞ് കൊണ്ട് ഇല്ലാന്ന് തലയാട്ടിയിട്ട് എല്ലാവരോടും സലാം പറഞ്ഞ് തിരിഞ്ഞു നോക്കാതെ വേഗം അരുണിന്റെ കാറിലേക്ക് കേറി.... എന്നിട്ട് അവിടന്ന് വണ്ടിയെടുക്കുന്ന വരെ തല താഴ്ത്തി പിടിച്ചിട്ട് വണ്ടിയെടുത്തതും നമ്മള് മുഖം പൊത്തി പിടിച്ച് ഒരുപാട് കരഞ്ഞു....

"എന്താ ഫെബീ ഇത്...? നീയിത്രക്ക് സില്ലി ആയി പോയല്ലോ.... അവർക്ക് വേണ്ടിയല്ലേ പെണ്ണേ നീ അവരെ വിട്ട് പോകുന്നത്... അവരുടെ നല്ലതിന് വേണ്ടിയല്ലേ....?

അതോണ്ട് നീ കരയല്ലേ പെണ്ണേ... ഞങ്ങളെ കൊണ്ട് അത് കണ്ടോണ്ടിരിക്കാൻ പറ്റില്ല...."

അച്ചു അത് പറഞ്ഞ് നമ്മളെ കണ്ണ് തുടച്ചതും നമ്മള് അവരെ നോക്കി ഒന്ന് ചിരിച്ചിട്ട് പുറത്തേക്ക് നോക്കി ഇരുന്നു.... ഞാൻ നടന്ന് പോയ പാതകളൊക്കെ കണ്ടപ്പോ പഴയതൊക്കെ ചിന്തിച്ചോണ്ട് നമ്മള് പുറത്തേക്ക് തന്നെ നോക്കി ഇരുന്നു....

അങ്ങനെ ഒടുക്കം ഞങ്ങള് കരിപ്പൂർ എയർപോട്ടിൽ

എത്തിയതും ഞങ്ങൾ കാറിൽ നിന്നും ഇറങ്ങി ലഗേജ് ഒക്കെ എടുത്ത് അകത്തേക്ക് കയറി... നമ്മക്ക് എല്ലാം ഒരു പുതിയ അനുഭവമായൊണ്ട് തന്നെ നമ്മളെ ഒരു ഗൈഡെന്ന നിലക്ക് അച്ചുവും അരുണുമാണ് നമ്മക്ക് എല്ലാം പറഞ്ഞ് തന്നത്....

അങ്ങനെ എല്ലാ പേപ്പേഴ്സ് ക്ലിയറിങ്ങിന് ശേഷം ഞങ്ങള് ഫ്ലൈറ്റിലേക്ക് കേറി ഞങ്ങളുടെ സീറ്റിൽ ഇരുന്നു... അച്ചുവും അരുണും വേറെ ഭാഗത്തും നമ്മള് വേറെ ഭാഗത്തുമായിട്ടാണ് സീറ്റ് കിട്ടിയത്... അത് വേണേൽ മാറ്റി അവരുടെ അടുത്ത് പോയി ഇരിക്കാമെന്ന് പറഞ്ഞ് അവര് നിർബന്ധിച്ചെങ്കിലും നമ്മള് സമ്മതിക്കാതെ അവിടെ തന്നെ ഇരുന്നു...

നമ്മക്ക് വിൻഡോ സീറ്റാണ് കിട്ടിയത്... നമ്മളെ അടുത്തുള്ള സീറ്റിൽ ആരും വന്നിട്ടില്ലെന്നു... അതിന്റെ തൊട്ടടുത്തുള്ള സീറ്റിൽ ആണെങ്കിലോ ഏതോ ഒരു മദാമയുമാണ് ഇരുത്തം... അങ്ങനെ ഫ്ലൈറ്റ് എടുക്കാനുള്ള ടൈം ആയെന്ന് അനൗൺസ് വന്നതും ആ എയർ ഹോസ്റ്റേഴ്സ് കാണിച്ചു തരുന്ന പോലെ സീറ്റ് ബെൽറ്റ് ഒക്കെ ഇട്ട് പടച്ചോനെ കാത്തോളണേ എന്ന് മനസ്സിൽ പ്രാർത്ഥിച്ച് കണ്ണടച്ചിരുന്നതും പെട്ടെന്ന്

അടുത്ത അനൗൺസ്മെന്റ് വന്നു...

ഏതോ ഒരു വിഐപി വരുന്നുണ്ട് അതോണ്ട് ഫ്ലൈറ്റ് അല്പം ഡീലയ് ആണെന്ന്... അത് കേട്ടപ്പോ എന്തോ കുറച്ച് സമാധാനം കിട്ടി...

അപ്പോഴാണ് ആരോ ഫ്ലൈറ്റിലേക്ക് കേറി വന്നത്... കണ്ടാൽ തന്നെ ഒരു ബിസിനസ് മാൻ ലുക്ക് ഉണ്ട്... ഒരു കറുത്ത കൂളിങ് ഗ്ലാസും കൊട്ടും സൂട്ടുമാണ് വേഷം... അയാൾ കേറി വന്നപ്പോ തന്നെ എയർ ഹോസ്റ്റേഴ്സ് ഒക്കെ കൂടി അയാളെ പൊതിഞ്ഞിട്ട് ഒരുപാട് സോറി പറഞ്ഞിട്ട് എന്തൊക്കെയോ ഇംഗ്ലീഷിൽ പറയുന്നുണ്ട്....

'വിഐപി സീറ്റുകളൊക്കെ ഫുള്ളാണ് അത് കൊണ്ട് സാർ ഇവിടെ ഇരുന്ന് അഡ്ജസ്റ്റ് ചെയ്യണമെന്ന്' പറഞ്ഞ് അവറ്റകളൊക്കെ കൂടി അയാളോട് കെഞ്ചിയപ്പോ തന്നെ അയാള് 'its OK babes... I will manage...' എന്ന് പറഞ്ഞ് അയാളെ ഗ്ലാസ് പൊക്കി അവരെ നോക്കി ഒന്ന് സൈറ്റടിച്ചിട്ട് അകത്തേക്ക് വന്ന് നിന്നു... അതൊക്കെ കണ്ടപ്പോ തന്നെ നമ്മക്ക് മനസ്സിലായി ഇയാള് ആസ്ഥാന കോഴിയാണെന്ന്...

പിന്നെ നമ്മള് ആ ഭാഗത്തേക്ക് നോക്കാനെ നിന്നില്ല... നമ്മള് പുറത്തേക്ക് തല തിരിച്ച് ഇരുന്നിട്ട് ആദി നമ്മളെ കയ്യിൽ കെട്ടിയ കൈ ചെയ്നിലേക്ക് നോക്കി ഇരുന്നു... അപ്പോഴാണ് നമ്മളെ അടുത്ത് ആരോ ഇരിക്കുന്ന പോലെ തോന്നിയത്... നോക്കുമ്പോ ആ ആസ്ഥാന കോഴിയാണ് ആള്... ഇയാൾക്ക് വേറെ എവിടെയും ഇരിക്കാൻ സീറ്റ് കിട്ടിയില്ലേന്ന് ചിന്തിച്ചോണ്ട് നമ്മള് പെട്ടെന്ന് തന്നെ മുഖം തിരിച്ച് ഇരുന്നു...

അപ്പോ തന്നെ ഫ്ലൈറ്റ് എടുക്കാൻ പോകാണെന്ന് വീണ്ടും അനൗൺസ്മെന്റ് വന്നതും നമ്മള് കണ്ണൊക്കെ കൂടി ഇറുക്കിയടച്ചിട്ട് കൊറേ സ്വലാത്തും ചൊല്ലി കൊണ്ട് ഇരിക്കുമ്പോഴാണ് പെട്ടെന്ന് ഫ്ലൈറ്റ് പറന്നത്... നമ്മള് പേടിച്ചിട്ട് അപ്പോ തന്നെ കൂടെ ഇരുന്ന ആ കോഴിന്റെ കയ്യിൽ കേറി പിടിച്ചു... എന്നിട്ട് കണ്ണൊക്കെ ഇറുക്കിയടച്ച് വീണ്ടും സ്വലാത്ത് ചൊല്ലിയിരുന്നു...

കുറച്ച് കഴിഞ്ഞപ്പോ നമ്മളെ ഉള്ളിലെ പേടിയൊക്കെ അകലാൻ തുടങ്ങി... നമ്മള് പതിയെ കണ്ണ് തുറന്ന് ഒന്ന് നെടുവീർപ്പിട്ടിട്ട് സീറ്റിലേക്ക് ചാരിയിരുന്നു...

"ഫസ്റ്റ് ടൈമാണോ...?"

പെട്ടെന്ന് നമ്മളെ നേരെ അങ്ങനെ ഒരു ചോദ്യം കേട്ടപ്പോ തന്നെ നമ്മള് മുഖം തിരിച്ച് ആ കോഴിയെ നോക്കി... ഹോ നല്ല കിടുക്കാച്ചി മൊഞ്ചൻ... അടുത്ത് നിന്ന് കാണുമ്പോഴല്ലേ ചെക്കന്റെ പൊളി ലുക്ക് കാണുന്നത്... നമ്മക്ക് അപ്പോഴാ ഓൻ നമ്മളെക്കാൾ വേറെ ലെവലിലുള്ള കോഴിയാണെന്ന കാര്യം ഓർമ്മ വന്നത്... അതോണ്ട് അപ്പോ തന്നെ ഓനിൽ നിന്നും പെട്ടെന്ന് തന്നെ നമ്മള് മുഖം തിരിച്ച് ഇരുന്നു...

"ഇയാള് ഫസ്റ്റ് ടൈമാണ് ഫ്ലൈറ്റിൽ കേറുന്നതെന്ന് ഇപ്പോഴും എന്റെ കൈ പിടിച്ചിരിക്കുന്നത് കാണുമ്പോ തന്നെ അറിയാം..."

ഓൻ അങ്ങനെ പറയുന്നത് കേട്ടതും നമ്മള് പെട്ടെന്ന് തല തിരിച്ച് ഓനെ നോക്കിയപ്പോ ഓൻ നമ്മളെ കയ്യിലേക്ക് നോട്ടമെറിഞ്ഞു... നമ്മള് അപ്പോ തന്നെ നമ്മളെ കയ്യിലേക്ക് നോക്കിയപ്പോഴാണ് ഓന്റെ കൈ പിടിച്ച് ഇരിക്കുന്നത് കണ്ടത്...

അപ്പോ തന്നെ നമ്മള് കയ്യെടുത്തിട്ട് ഒരു സോറി

പറഞ്ഞ് വേഗം തല തിരിച്ചിരുന്ന് ഒന്ന് കൂടി നെടുവീർപ്പിട്ടു...

"Hai... I am Zain.... Zain shaa.... Zahra ഇവെന്റ്സിന്റെ one an only owner.... ദുബായിലെ കോടിക്കണക്കിന് സ്വത്തിന്റെ ഒരേയൊരു അവകാശി......"

ഇങ്ങനെ തുടങ്ങി അവൻ എന്തൊക്കെയോ പറയാൻ തുടങ്ങി... അതിൽ അധികവും sp ആയിരുന്നു... അതോണ്ട് തന്നെ നമ്മക്ക് അത് കേൾക്കാൻ വല്ല്യ താല്പര്യമൊന്നും തോന്നിയില്ല... so, നമ്മള് അപ്പോ തന്നെ ഉറങ്ങിയാ പോലെ കണ്ണടച്ച് പിടിച്ച് കിടന്നു...

അപ്പോ അവൻ ഹലോ...ഉറങ്ങിയോ എന്നൊക്കെ ചോദിക്കുന്നത് കേൾക്കുന്നുണ്ടായിരുന്നെങ്കിലും നമ്മള് മൈന്റ് ചെയ്തില്ല...

അങ്ങനെ കുറച്ച് കഴിഞ്ഞപ്പോ അവന്റെ അനക്കമൊന്നും കാണാത്തത് കൊണ്ട് നമ്മള് മെല്ലെ ഒന്ന് തിരിഞ്ഞ് നോക്കിയപ്പോ ആ മദാമയുമായിട്ട് സൊള്ളിക്കൊണ്ട് ഇരിക്കാണ് കോഴി...

അത് കണ്ടപ്പോ നമ്മക്ക് ചിരി വന്നു...

ആ മദാമ ആണെങ്കിലോ ഓനോടും ഒരുപാട് സംസാരിക്കുന്നുണ്ട് ഓൻ അതിനൊക്കെ തിരിച്ച് മറുപടിയും കൊടുക്കുന്നുണ്ട്.... പോരാത്തതിന് അവന് എന്തേലും സഹായം വേണോ എന്ന് ചോദിച്ചോണ്ട് ഇടവും വലവും നിന്നോണ്ട് ആ എയർ ഹോസ്റ്റേഴ്സിന്റെ ബഹളമായിരുന്നു... അതൊക്കെ കണ്ടിട്ട് നമ്മക്ക് വീണ്ടും ചിരി വന്നു...

കുറച്ച് കഴിഞ്ഞപ്പോ ഞങ്ങൾക്ക് കഴിക്കാനുള്ള ഫുഡും കൊണ്ട് ഒരു എയർ ഹോസ്റ്റർ ഞങ്ങളെ അടുത്തേക്ക് വന്നതും നമ്മക്ക് വേണ്ട ഫുഡൊക്കെ എടുത്ത് തന്നത് ആ കോഴിയായിരുന്നു... ഓൻ അതൊക്കെ എടുത്തിട്ട് നമ്മക്ക് തരുന്നത് കണ്ടിട്ട് നമ്മള് അന്തം വിട്ടോണ്ട് അതൊക്കെ എടുത്ത് കഴിച്ചു...

"ഞാൻ എന്നെ കുറിച്ച് ഇത്രയൊക്കെ പറഞ്ഞിട്ടും തന്നെ കുറിച്ചൊന്നും താൻ പറഞ്ഞില്ലല്ലോ..."

"അപരിചിതരുമായിട്ട് പേർസണൽ വിഷയങ്ങൾ സംസാരിക്കുന്നത് എനിക്ക് ഇഷ്ടമല്ല... so, pls dont disturb me..."

എന്ന് നമ്മള് പറഞ്ഞപ്പോ ഓൻ 'ഓഹോ..അങ്ങനെ ആണോ...' എന്ന രീതിയിൽ മുഖം കോടിയിട്ട് തലയാട്ടി... എന്നിട്ട് ഫുഡൊക്കെ കഴിച്ച് കഴിഞ്ഞിട്ട് നമ്മള് ഒന്ന് കണ്ണടച്ചിട്ട് വീട്ടിലുള്ളോരെ കുറിച്ച് ചിന്തിച്ചിരുന്നു...

കുറച്ച് കഴിഞ്ഞപ്പോ നമ്മള് മെല്ലെ കണ്ണ് തുറന്നു നോക്കിയതും ആ കോഴിയുണ്ട് കണ്ണിമ വെട്ടാതെ നമ്മളെ തന്നെ നോക്കി ഇരിക്കുന്നു... അത് കണ്ടപ്പോ തന്നെ നമ്മള് ഓനെ തുറുക്കനെ നോക്കി കൊണ്ട് എന്താന്ന് പുരികം പൊക്കിയപ്പോ ഓൻ ഒന്നുമില്ലെന്ന് തലയാട്ടി ചിരിച്ചിട്ട് കണ്ണടച്ച് കിടന്നു...

നമ്മക്ക് അതിലെന്തൊക്കെയോ പന്തികേട് തോന്നിയതോണ്ട് പിന്നെ ഉറങ്ങാൻ നിന്നില്ല... കണ്ണ് തുറന്ന് പിടിച്ചിട്ട് ആ കോഴിയെ ഇടക്കിടക്ക് നോക്കി ഇരുന്നു...

അങ്ങനെ മണിക്കൂറുകളുടെ യാത്രക്കൊടുവിൽ ഞങ്ങൾ മരുഭൂമിയുടെ മണ്ണിൽ ലാൻഡ് ചെയ്തു... ഫ്ലൈറ്റിൽ നിന്ന് ഇറങ്ങാൻ നേരം ആ കോഴിയെയാണ് ആദ്യം പുറത്തേക്ക് ഇറക്കാൻ നിന്നത്.... ആ കോഴി പോകാൻ നിന്നതും ഓൻ പെട്ടെന്ന് നമ്മളെ നേരെ തിരിഞ്ഞിട്ട് ഒരു കാർഡ് നമ്മളെ നേരെ നീട്ടി...

"This is my card... തനിക്ക് ഇവിടെ എന്ത് സഹായം വേണേലും എന്നോട് ചോദിക്കാം... എന്റെ സഹായം തനിക്ക് എപ്പോഴും ഉണ്ടാകും..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ നോക്കി സൈറ്റടിച്ചിട്ട് നടന്ന് പോയപ്പോ നമ്മളൊന്ന് ചിരിച്ചിട്ട് ആ കാർഡിലേക്ക് നോക്കി...

Zahra events

എന്ന് വായിച്ചിട്ട് താഴെ അവന്റെ പേരിലേക്കും ഡ്രെസ്സിലേക്കും നമ്പറിലേക്കും നോക്കി നിന്നപ്പോഴാണ് അച്ചൂ നമ്മളെ തോളിൽ കൈ വെച്ചത്...

"ഡി... വന്നപ്പോ തന്നെ നീ പുളിങ്കൊമ്പിൽ കേറി

പിടിച്ചല്ലോ... ഇവിടത്തെ നമ്പർ വൺ event കമ്പനി നടത്തുന്ന ആളാ പുള്ളിക്കാരൻ... Zain shaa... നമ്മളെ കമ്പനിയൊക്കെ അയാളെ വെച്ച് നോക്കുമ്പോ ഒന്നുമല്ല... ഇയാളെ പാർട്ണർഷിപ്പ് കിട്ടാൻ വേണ്ടി തെണ്ടാണ് നമ്മളെ കമ്പനി.... അതറിയോ നിനക്ക്...?"

"ഓഹോ...അപ്പോ കാണുന്ന പോലെയൊന്നുമല്ലല്ലേ ആള്... നല്ല ഡിമാൻഡ് ഉള്ള ടീമാണല്ലേ...?

അപ്പോ എന്തായാലും ഈ കാർഡ് കയ്യിൽ ഇരുന്നോട്ടെ... വല്ല ആവശ്യവും വരും...."

എന്ന് പറഞ്ഞ് അച്ചുവിനെ നോക്കി സൈറ്റടിച്ച് ചിരിച്ചോണ്ട് നമ്മള് എയർപോട്ടിൽ നിന്നും ഇറങ്ങി... അപ്പോ തന്നെ ഞങ്ങളെ മൂന്ന് പേരെയും കാത്ത് അവിടെ ഒരു അപരിചിത മുഖം നിൽപ്പുണ്ടായിരുന്നു... അരുണിന്റേയും അച്ചുവിന്റേയും പെരുമാറ്റം കണ്ടപ്പോ തന്നെ അവർക്ക് പരിചിതമുള്ള മുഖമാണ് അതെന്ന് നമ്മക്ക് മനസ്സിലായി...

അയാളുടെ കാറിലേക്ക് കേറി ഇരുന്നപ്പോഴാണ് അച്ചു പറഞ്ഞത് അത് കമ്പനിയുടെ ഡ്രൈവർ ആണെന്ന്...

അയാളൊരു ഹിന്ദിക്കാരൻ ആയതോണ്ട് തന്നെ നമ്മക്ക് ആ ഭാഷനോട് വല്യ തെല്ലര്യമൊന്നും ഇല്ലെന്ന്... പക്ഷെ, അച്ചുവും അരുണും കൂടി മത്സരിച്ച് അയാളോട് ഹിന്ദിയിൽ സംസാരിക്കുന്നത് കണ്ടപ്പോ നമ്മക്ക് ഷോക്കിന്റെ മേൽ ഷോക്ക് കിട്ടിയ പോലെ ആയിരുന്നു...

പണ്ട് സ്കൂളിൽ പഠിക്കുമ്പോ ഹിന്ദിക്കൊക്കെ വട്ട പൂജ്യം വാങ്ങിച്ചിട്ട് ഉള്ള ഹിന്ദിക്കാരെയും അവരുടെ അപ്പനപ്പൂപ്പന്മാരെയും തെറി വിളിച്ച് നടന്നിരുന്ന ആ അച്ചു തന്നെയാണോ നമ്മളെ അടുത്ത് ഇരിക്കുന്നതെന്ന് നമ്മക്ക് തോന്നി പോയി... അത്രക്ക് നന്നായി അവള് ഹിന്ദി സംസാരിക്കുന്നുണ്ട്...

അവള് അയാൾക്ക് നമ്മളെ പരിചയപ്പെടുത്തി കൊടുക്കുകയും അയാളെ നമ്മക്കും പരിചയപ്പെടുത്തി തരേം ചെയ്തു... അമരേന്ദർ സിങ് എന്നാണ് അയാളെ പേര്... എല്ലാവരും അമർ എന്നാണ് വിളിക്കാറ്... ഏകദേശം ഞങ്ങളെയൊക്കെ പ്രായമേ അയാൾക്കും കാണൂ... കമ്പനി ആവശ്യങ്ങൾക്കുള്ള എല്ല യാത്രകൾക്കും കൂടെ ഉണ്ടാകാറ് അമറാണ്... പിന്നെ ഇതുപോലെ സ്റ്റാഫ്സിനെയൊക്കെ എയർപോട്ടിലേക്ക്

കൊണ്ട് പോകുന്നതും കൊണ്ട് വരുന്നതുമൊക്കെ അമറിന്റെ ഡ്യൂട്ടി ആണ്...

പക്ഷെ, നമ്മളെ ഇതൊന്നും അല്ലട്ടോ ഞെട്ടിച്ചത്... അമർ നന്നായിട്ട് മലയാളം സംസാരിക്കാൻ ട്രൈ ചെയ്യുന്നുണ്ട്... പക്ഷെ ഇടക്ക് ഒക്കെ ഹിന്ദി കേറി വരുമെന്ന് മാത്രം.... ഞങ്ങളെ കമ്പനിയിൽ ഭൂരിഭാഗം പേരും മലയാളീസ് ആണത്രേ...അതോണ്ട് അമറിന് മലയാളം പഠിക്കാൻ അധികം ബുദ്ധിമുട്ടൊന്നും ഉണ്ടായിട്ടില്ലെന്ന് അവരൊക്കെ പറഞ്ഞു...

എയർപോട്ടിൽ നിന്നും ഏകദേശം ഒരു ഇരുപത് മിനിറ്റ് എടുത്തു അവരെ ഫ്ലാറ്റിലേക്ക് എത്താൻ... അവിടെ എത്തി ലഗേജ് ഒക്കെ എടുത്ത് നമ്മള് ആ ഫ്ലാറ്റിന്റെ വലിപ്പം നോക്കി മേൽപ്പോട്ട് നോക്കുന്നത് കണ്ടിട്ട് അച്ചൂ നമ്മളെ തലക്ക് ഒരു മേട്ടം തന്നു...

"മതിയെടി നോക്കിയത്.... ഫ്ലാറ്റിന്റെ ഭംഗി നമുക്ക് പിന്നെ ആസ്വദിക്കാം..."

എന്ന് പറഞ്ഞ് അച്ചു നമ്മളെ ട്രോളി ബാഗ് തള്ളി കൊണ്ട് അകത്തേക്ക് കയറിയിട്ട് ലിഫ്റ്റിലേക്ക് കേറി... എന്നിട്ട് 27 എന്ന സ്വിച്ച് അമർത്തിയപ്പോ മനസ്സിലായി ആ ഫ്ലോറിലാണ് നമ്മളെ ഫ്ലാറ്റ് എന്ന്....

അങ്ങനെ നമ്മള് ലിഫ്റ്റിൽ കേറി നിന്നിട്ട് ഓരോ ഫ്ലോറും കഴിയുന്നതിങ്ങനെ വെയിറ്റ് ചെയ്തോണ്ടിരുന്നപ്പോഴാണ് അച്ചു പറയുന്നത് കേട്ടത് ആ ഫ്ലോറിലെ എട്ട് ഫ്ലാറ്റുകളും പിന്നെ 28ലെ നാല് ഫ്ലാറ്റുകളും കമ്പനിയുടേത് ആണെന്ന്... അരുണിന്റെ ഫ്ലാറ്റ് ഞങ്ങളെ ഫ്ലാറ്റിന്റെ ഓപ്പോസിറ്റ് ആണെന്നും...

"ആ പിന്നെ ഫെബി... നിന്നോട് പറയാൻ മറന്നു പെണ്ണെ... ഫ്ലാറ്റിൽ എത്തിയ ഉടനെ തന്നെ നിന്നെ കാത്ത് ഒരു സർപ്രൈസ് ഉണ്ട്ട്ടോ..." അച്ചുവാണ്.

"സർപ്രൈസോ....? എന്ത് സർപ്രൈസ്...?"

"അതൊക്കെ ഉണ്ട് മോളെ... അതെന്താണെന്ന് പറഞ്ഞാൽ പിന്നെ അതിലെന്താ സർപ്രൈസ്

ഉള്ളത്...?"

എന്ന് അരുൺ കൂടി പറഞ്ഞപ്പോ നമ്മക്ക് വേണ്ടി ഇവറ്റകൾ എന്തൊക്കെയോ പ്ലാൻ ചെയ്തിട്ടുണ്ടെന്ന് മനസ്സിലായി... അങ്ങനെ ഞങ്ങളെ ഫ്ലോറിൽ എത്തിയതും അച്ചുവും അരുണും കൂടി നമ്മളെ ഇടവും വലവും നിന്നിട്ട് പുറത്തേക്ക് പോകാനായിട്ട് കൈ നീട്ടി... നമ്മള് അവറ്റകളെ നോക്കി ചിരിച്ചോണ്ട് പുറത്തേക്ക് കടന്ന് അവിടെയൊക്കെ ഒന്ന് കണ്ണോടിച്ചപ്പോ അച്ചു നമ്മളോട് പോകല്ലേന്ന് പറഞ്ഞ് നമ്മളെ തള്ളി...

നമ്മള് ഓളെ നോക്കി ചിരിച്ചോണ്ട് അതിലൂടെ നടന്നപ്പോ ഇടവും വലവും ഫ്ലാറ്റുകളുണ്ടായിരുന്നു... ഒടുക്കം ആ ഫ്ലോറിന്റെ അവസാനത്തെ ഫ്ലാറ്റിന്റെ മുന്നിൽ എത്തിയതും അച്ചു ആർക്കോ ഫോൺ വിളിച്ചിട്ട് എല്ലാം സെറ്റല്ലേ എന്ന് ചോദിച്ച് ഉറപ്പ് വരുത്തിയിട്ട് ഫോൺ വെച്ച് നമ്മളോട് കാളിങ് ബെല്ലടിക്കാൻ പറഞ്ഞു...

നമ്മള് അച്ചൂനെയും അരുണിനെയും മാറി മാറി നോക്കി കൊണ്ട് നിൽക്കുന്നത് കണ്ടിട്ട് അവറ്റകൾ നമ്മളോട്

ബെല്ലടിക്ക് എന്ന് പറഞ്ഞപ്പോ നമ്മള് മടിച്ച് മടിച്ച് ആ കാളിങ് ബെല്ലിൽ വിരലമർത്തിയതും ആരോ വന്ന് കതക് തുറക്കുന്ന ശബ്ദം കേട്ടു...

നമ്മള് അവറ്റകളെ രണ്ടിനെയും മാറി മാറി നോക്കി കൊണ്ട് ആ വാതിലിലേക്ക് നോട്ടമെറിഞ്ഞതും പെട്ടെന്ന് അത് നമ്മളെ മുന്നിൽ തുറക്കപ്പെട്ടു...

ആ വാതില് തുറന്ന് നമ്മളെ മുന്നിലേക്ക് സർപ്രൈസ് എന്ന് പറഞ്ഞ് ചാടി വന്ന രൂപത്തെ കണ്ടതും നമ്മള് ഞെട്ടി വാ പൊത്തി പിടിച്ചു...

"സർപ്രൈസ്..... എന്നെ നീ ഇവിടെ ഒട്ടും പ്രതീക്ഷിച്ചില്ലലെ....? എങ്ങനെ ഉണ്ടായിരുന്നു സർപ്രൈസ്....?"

എന്ന് അവള് പറഞ്ഞപ്പോ നമ്മള് ഓളെ കണ്ട ഷോക്കിൽ നിന്നും വിട്ട് മാറി കൊണ്ട് ഒരു ആനന്ദ കണ്ണീരോടെ ഓളെ കെട്ടിപ്പിടിച്ച് അങ്ങനെ നിന്നു....

"സനാ..... നീ.....എനിക്ക് വിശ്വസിക്കാൻ പോലും

പറ്റുന്നില്ല.... എത്ര നാളായെടി നിന്നെ കണ്ടിട്ട്...?"

"അയ്യോ.... എന്റെ ഫെബി കൊച്ചു കുട്ടികളെ പോലെ കരയാണോ...? നിങ്ങളൊക്കെ പറഞ്ഞോണ്ടിരുന്ന തൊട്ടാവാടി പെണ്ണ് ഇതുവരെ ഞാനായിരുന്നല്ലോ... ഇപ്പോ അത് നീയായോ...?"

എന്ന് പറഞ്ഞ് സന നമ്മളെ കണ്ണ് തുടച്ച് പറയുന്നത് കേട്ടപ്പോ നമ്മള് ചിരിച്ചോണ്ട് ഓളെ കയ്യിനോര് നുള്ള് വെച്ച് കൊടുത്തു... ഓള് അപ്പോ ഞങ്ങളെ അകത്തേക്ക് കേറാൻ പറഞ്ഞിട്ട് നമ്മളെ കയ്യും പിടിച്ച് ഒരു സോഫയിൽ കൊണ്ട് പോയി ഇരുത്തി...

"എന്നിട്ട് എന്തൊക്കെ ഫെബി നിന്റെ വിശേഷങ്ങൾ...? എത്ര കാലമായി നമ്മളൊക്കെ ഇങ്ങനെ ഒന്ന് കൂടിയിട്ട്...?

യാത്ര ഒക്കെ സുഖായിരുന്നില്ലേ...?

നിങ്ങളിരിക്ക് ഞാൻ കുടിക്കാൻ വല്ലതും എടുത്തിട്ട് വരാം..."

എന്നൊക്കെ പറഞ്ഞോണ്ട് സന അവിടന്ന് എണീറ്റ് പോകാൻ നിന്നപ്പോൾ നമ്മള് ഓളെ അവിടെ തന്നെ പിടിച്ച് വെച്ചു...

"ഇത്രയും കാലം നീ എവിടെയായിരുന്നു സന...? നീയെങ്ങനെയാ ഇവിടെ എത്തിയെ...?"

നമ്മളെ ചോദ്യം കേട്ടിട്ട് സന പുഞ്ചിരി തൂകി കൊണ്ട് പറയാൻ നിന്നതും അച്ചു ഇടക്ക് കേറി പറഞ്ഞു...

"അതൊക്കെ വിശദമായിട്ട് ഞാൻ പറഞ്ഞ് തരാം... സന നീ പോയി ഞങ്ങൾക്ക് കുടിക്കാൻ വല്ലതും എടുത്തിട്ട് വാ... നല്ല ക്ഷീണമുണ്ട് പോയി കിടക്കണം... ചെല്ല്...."

"അതേയതെ....വേഗം ചെല്ല്.... എന്നിട്ട് വേണം എനിക്കും പോയി കിടക്കാൻ...."

അരുൺ പറയുന്നത് കേട്ട് ഞങ്ങള് മൂന്ന് പേരും ഒരുമിച്ച്

അരുണിനെ തിരിഞ്ഞ് നോക്കി...

"നീയിതുവരെ പോയില്ലേ...? പോ....ഇവിടന്ന്.... ബോസ്സ് എങ്ങാനും അറിഞ്ഞാലുള്ള ഗതി ഞാൻ പറയാതെ തന്നെ അറിയാലോ അനക്ക്....?

7 മണിക്ക് ശേഷം ഇങ്ങോട്ട് ആണുങ്ങളാരും കേറി പോകരുതെന്ന് പറഞ്ഞത് നീ ഇത്ര പെട്ടെന്ന് മറന്നോ അരുണേ...."

അച്ചു കലി തുള്ളി കൊണ്ട് അരുണിനോട് പറയുന്നത് കേട്ടിട്ട് നമ്മള് അന്തം വിട്ട് ഇരുന്നു... അരുൺ അതൊന്നും വക വെക്കാതെ അവിടെ തന്നെ നിൽക്കുന്നത് കണ്ടപ്പോ അച്ചു അവിടന്ന് എണീറ്റിട്ട് ഓനെ ഉന്തി തള്ളി പറഞ്ഞയക്കാൻ നോക്കി....

"അരുൺ...പ്ലീസ്... ഇവിടന്ന് പോ.... ബോസ്സ് എങ്ങാനും അറിഞ്ഞാൽ...."

"അറിഞ്ഞാലെന്താ...? നീ എന്റെ ഭാര്യ ആകാൻ പോകുന്ന ആളല്ലേ...? അതോണ്ട് ഇങ്ങോട്ട് ഏത്

നേരത്ത് വേണേലും എനിക്ക് കേറി വരാം...."

"ആഹാ... അങ്ങനെ പറഞ്ഞ് ഇവിടെ നിന്നോ...

ഇവിടെ എന്നെ കൂടാതെ വേറെയും രണ്ട് പേരുള്ള കാര്യം നീ മറക്കണ്ട...."

"ഓ.... അത് ശരിയാണല്ലോ.... എന്നാ നീ ഒരു കാര്യം ചെയ്യ്... നീ അങ്ങോട്ട് എന്റെ ഫ്ലാറ്റിലേക്ക് വാ...അപ്പോ പ്രോബ്ലം സോൾവായില്ലേ....?"

അരുണും അച്ചുവും കൂടി ഡോറിന്റെ അവിടെ നിന്ന് കുറുകുന്നത് കണ്ടിട്ട് നമ്മള് പൊരിഞ്ഞ ചിരിയായിരുന്നു... എത്ര പറഞ്ഞിട്ടും അരുൺ പോകാൻ കൂട്ടാക്കുന്നതേയില്ല.... ഒടുക്കം...

"ഡാ....ദേ ബോസ്സ്...."

എന്ന് ഞെട്ടിത്തരിച്ച് കൊണ്ട് അച്ചൂ വിളിച്ച് കൂവിയതും അരുൺ ജീവനും കൊണ്ട് ഒരോട്ടമായിരുന്നു

പുറത്തേക്ക്.... അപ്പോ തന്നെ അച്ചു വാതിലടച്ചിട്ട് നെഞ്ചിൽ കൈ വെച്ച് ഒന്ന് നെടുവീർപ്പിട്ടു....

"ഡി അച്ചൂ....നീയെന്നെ ബോസ്സ് എന്ന് പറഞ്ഞ് പറ്റിച്ചതാണല്ലേ...? നിനക്ക് ഞാൻ ഇതിന് വെച്ചിട്ടുണ്ടെടി...."

എന്നൊക്കെ അരുൺ വിളിച്ച് കൂവുന്നത് കേട്ട് അച്ചു വാ പൊത്തി ചിരിച്ചോണ്ട് നമ്മളെ അടുത്ത് വന്നിരുന്നതും സന ഞങ്ങൾക്ക് കുടിക്കാനുള്ള വെള്ളവും കൊണ്ട് വന്നിരുന്നു...

ഞങ്ങള് മൂന്ന് പേരും കൂടി അതെടുത്ത് കുടിക്കുമ്പോഴും ഓരോന്ന് പറഞ്ഞ് ഇരിക്കായിരുന്നു...

സന ഇങ്ങോട്ട് വന്നിട്ട് ഒരു കൊല്ലം ആകുന്നതെയുള്ളൂ എന്ന് അച്ചുവാണ് നമ്മളോട് പറഞ്ഞത്... ആ ആക്സിഡന്റിന് ശേഷം മനസ്സൊടഞ്ഞ് നിൽക്കുന്ന അവൾക്ക് ഒരു മാറ്റം കൊണ്ട് വരാനാണ് അവളെ ഇങ്ങോട്ട് പറഞ്ഞയച്ചത്... ആ അവസ്ഥയിൽ ഇവൾക്ക് ഒരു മാറ്റം വേണമെന്നത് അനിവാര്യമായതോണ്ട് ഇവിടന്നും ഒരു ജോബ് ഓഫർ വന്നപ്പോ

തള്ളിക്കളയാൻ നിന്നില്ല... അങ്ങനെ ഷാഹിക്ക മുന്നിട്ടാണ് സനയെ ഇങ്ങോട്ട് പറഞ്ഞയച്ചത്... ഇവിടെ അച്ചുവൊക്കെ ഉണ്ടല്ലോ എന്നതായിരുന്നു അവരുടെ ഏക ആശ്വാസവും....

അങ്ങനെ അവള് വന്നപ്പോ തൊട്ടുള്ള അവളുടെ ജോബ് എക്സ്പീരിയൻസ് ഒക്കെ പറഞ്ഞോണ്ടും അരുണിന്റെയും അച്ചുവിന്റെയും എങ്കേജ്മെന്റിന് നടന്നതുമൊക്കെ ഞങ്ങള് സംസാരിച്ചിരുന്നു.....

അന്ന് എടുത്ത ഫോട്ടോസും വിഡിയോസുമൊക്കെ കണ്ടോണ്ട് ഓരോന്ന് പറഞ്ഞ് ഞങ്ങൾ ഒരുപാട് ചിരിച്ചു...

അപ്പോഴാണ് അച്ചു നമ്മളെ നേരെ കുറച്ച് പെപേഴ്സും കൊണ്ട് വന്നിട്ട് എന്നോട് സൈൻ ചെയ്യാൻ പറഞ്ഞത്....

"ഇതെന്തിനാ അച്ചൂ....?"

"ഇത് ഈ ഫ്ലാറ്റിലേക്ക് നീയും കൂടി വന്നത് കൊണ്ട് ഫ്ലാറ്റിന്റെ മേൽനടത്തിപ്പിനുള്ള എഗ്രിമെന്റാണ്....

ഇതിൽ നീ സൈൻ ചെയ്തില്ലേൽ പിന്നെ പൊന്നു മോൾക്ക് വേറെ വല്ല സ്ഥലവും നോക്കേണ്ടി വരും താമസിക്കാൻ...."

എന്ന് അച്ചു രണ്ട് പേപ്പേഴ്സ് കാണിച്ചോണ്ട് പറഞ്ഞപ്പോ തന്നെ നമ്മള് അതില് ഒപ്പിട്ടു.... പിന്നെ ഉണ്ടായിരുന്ന മൂന്നാല് പേപ്പേഴ്സ് എന്താണെന്ന് പോലും ചോദിക്കാതെ നമ്മള് അപ്പോ തന്നെ ഒപ്പിട്ട് കൊടുത്തു...

"എന്താടി ഫെബി...ഇതൊക്കെ എന്തിനാണെന്ന് നിനക്ക് അറിയണ്ടേ...?" സനയാണ്...

"വേണ്ട മോളെ... അതിനി കറന്റിന്റെയും വെള്ളത്തിന്റെയും വല്ല പേപ്പറും ആണെങ്കിൽ പിന്നെ ഞാൻ ഇവിടെ തെണ്ടി പോകില്ലേ...?"

എന്റെ പറച്ചില് കേട്ടതും അവര് രണ്ടും കൂടി പൊരിഞ്ഞ ചിരി ആയിരുന്നു... അതിന് ചുക്കാൻ പിടിച്ചോണ്ട് നമ്മളും കൂടെയുണ്ട്ട്ടോ...

"എടി പൊട്ടി....ഇത് നിന്റെ ഇൻഷുറൻസ് പേപ്പേഴ്സും പിന്നെ ഇത് കമ്പനി പേപ്പേഴ്സുമാണ്.... ഇതൊന്നും നോക്കാതെയും വായിക്കാതെയും ഒപ്പിട്ടിട്ട് ഒടുക്കം എന്റെ മെക്കട്ടിക്ക് കേറാൻ വരരുത്..."

"ഹോ...ഇല്ല എന്റെ അച്ചുവേ.... ഞാൻ ഇപ്പോ ഭയങ്കര ഹാപ്പിയാ.... എന്റെ ബെസ്റ്റ് ഫ്രണ്ട്സിനെ എനിക്ക് വീണ്ടും തിരിച്ച് കിട്ടിയതിലുള്ള പൊരിഞ്ഞ സന്തോഷത്തിൽ.... ഇനി എന്തായാലും നമുക്ക് ഇവിടന്ന് കൊറച്ച് നാൾ അടിച്ച് പൊളിച്ച് ആഘോഷിച്ചേ പറ്റൂ...."

"അത് ഫെബി പറഞ്ഞത് ശെരിയാ.... കൊറേ നാളായി വിചാരിക്കുന്നു പുറത്തേക്ക് ഒക്കെ ഒന്ന് പോയി കറങ്ങിയിട്ട് വരാൻ.... നാളെ എന്തായാലും ഞായറാഴ്ചയല്ലേ... ഓഫീസ് ലീവുമാണ്... അപ്പോ നമുക്ക് എന്തായാലും നാളെ ഒന്ന് ദുബായ് ചുറ്റി കറങ്ങിയിട്ട് വരാം...."

സന പറയുന്നത് കേട്ട അപ്പോ തന്നെ ഞങ്ങള് രണ്ട് പേരും കൂടി ചാടി കേറി ഓക്കേ പറഞ്ഞ് ഭയങ്കര

ഒച്ചപ്പാടായിരുന്നു...

പിന്നെ കുറച്ച് നേരത്തിന് പാട്ടും ഡാൻസും കൂത്തുമൊക്കെയായിട്ട് ഞങ്ങള് മൂന്ന് പേരും കൂടി അടിച്ച് പൊളിക്കുമ്പോഴാണ് ഞാൻ ചുവരിൽ തൂക്കിയിട്ട ഫോട്ടോ ശ്രദ്ധിച്ചത്...

അത് കണ്ടതും നമ്മള് അതിന്റെ അടുത്തേക്ക് പോയി അത് കയ്യിലെടുത്തിട്ട് ആ ഫോട്ടോയിലേക്ക് നോക്കി രണ്ട് തുള്ളി കണ്ണീർ പൊഴിച്ചു... ഞാനും എന്റെ കുരാമീസും ഓണത്തിന് ഒരേ പോലെയുള്ള ധാവണി ഉടുത്തിട്ടുള്ള നല്ല അടിപൊളി ഫോട്ടോയാണ് അത്....

നമ്മള് അതിലേക്ക് തന്നെ നോക്കി ഇരിക്കുന്നത് കണ്ടിട്ട് അച്ചുവും സനയും നമ്മളെ അടുത്തേക്ക് വന്നിട്ട് ആ ഫോട്ടോയിലേക്ക് തന്നെ നോക്കി നിന്നു.... ഞങ്ങൾ മൂന്ന് പേരും അതിലേക്ക് നോക്കി നിന്നു എന്നല്ലാതെ ഒന്നും മിണ്ടിയില്ല....

കുറച്ച് കഴിഞ്ഞപ്പോ നമ്മള് അതെടുത്ത് ആ ചുവരിൽ തൂക്കിയിട്ട് ഫ്രഷായി വന്ന് നിസ്കരിച്ചിട്ട് ഹാളിലേക്ക് വന്നപ്പോ അച്ചുവും സനയും കൂടി ടേബിൾ നിറയെ

വിഭവങ്ങൾ നിരത്തി വെച്ചിട്ടുണ്ടെന്നു...

നമ്മള് അതൊക്കെ ഒന്ന് രുചിച്ച് നോക്കിയിട്ട് സൂപ്പർ എന്ന് ആംഗ്യം കാണിച്ചു...

"വൗ...കൊള്ളാലോ.... ഇതൊക്കെ നീയുണ്ടാക്കിയതാണോ സന... സൂപ്പർ ടേസ്റ്റ് മോളെ...."

"എസ് ഡിയർ.... ഇതൊക്കെ നിങ്ങൾക്ക് വേണ്ടി കഷ്ടപ്പെട്ട് നമ്മളുണ്ടാക്കിയാതാ.... അതോണ്ട് അല്ലെ ഇത്ര കൈപ്പുണ്യം...."

എന്ന് പറഞ്ഞ് സന കോളർ പൊക്കി പറഞ്ഞപ്പോ അച്ചുവിന്റെ മുഖത്ത് ഓ പിന്നേ... എന്നൊരു പുച്ഛ ഭാവമായിരുന്നു....

നമ്മള് പിന്നെ അങ്ങോട്ടൊന്നും തിരിഞ്ഞ് നോക്കാതെ എല്ലാ വിഭവങ്ങളും കൂടി കഴിച്ച് നോക്കുമ്പോഴാണ് ഒരു കവർ ടേബിളിന്റെ അടിയിൽ നിന്നും കിട്ടിയത്...

"സനാ.... എത്ര പൊടിച്ചെടി....?"

"എന്തിനാടി....?"

"ദേ ഇതൊക്കെ കൂടി ഹോട്ടലിൽ നിന്ന് വാങ്ങി കൊണ്ട് വരാൻ എത്ര പൊടിച്ചെന്ന്...?"

"ഏയ്... അത് കൂടുതലൊന്നും ഇല്ലെടി.... ഒരു പത്തിരുപത്തഞ്ച് ആയി കാണും....അറീല...അമറാ കൊണ്ട് വന്നത്....

അയ്യയ്യോയോ......"

സനക്ക് അപ്പോഴാണ് കള്ളി വെളിച്ചത്തായത് മനസിലായത്... പെണ്ണ് അപ്പൊ തന്നെ സ്വയം തലക്ക് ഒരു മേട്ടം കൊടുത്തിട്ട് എരിവ് വലിച്ചോണ്ട് അവിടന്ന് വേഗം തിന്നിട്ട് എണീറ്റ് പോയി... പിന്നാലെ നമ്മളും അച്ചുവും കൂടി വേഗം ഭക്ഷണം കഴിച്ചിട്ട് ഓളെ പിന്നാലെ വിട്ടു...

എന്നിട്ട് ഓളെ റൂമിൽ വെച്ച് ഓളെ വളഞ്ഞിട്ട് പിടിച്ചിട്ട് ഓളെ പൊരിഞ്ഞ തല്ലലായിരുന്നു നമ്മക്ക് പണി....

ഫ്ലാറ്റിൽ ആകപ്പാടെ രണ്ട് റൂമാണുള്ളത്... ഒന്ന് അച്ചുവിന്റേതും ഒന്ന് സനന്റെയും... അച്ചുവിന്റെ റൂമിൽ ഇന്ന് കിടന്നാൽ മതിയെന്ന് പറഞ്ഞ് അച്ചുവും വേണ്ട ഇന്ന് സനന്റെ റൂമിൽ കിടന്നാൽ മതിയെന്ന് പറഞ്ഞ് സനയും കൂടി നമ്മളെ പിടിച്ച് വലിക്കാൻ തുടങ്ങിയപ്പോ നമ്മള് ഒരു തലയണയും പുതപ്പും എടുത്തോണ്ട് ഹാളിലെ സോഫയിൽ പോയി കിടന്നു... അപ്പോ അവര് രണ്ടും കൂടി അവിടെയും വന്ന് നമ്മളെ ഉറങ്ങാൻ സമ്മതിക്കാതെ നമ്മളെ സോഫയിൽ നിന്നും തള്ളിയിട്ടു...

നമ്മള് ആ ഗ്യാപ്പിൽ അപ്പോ തന്നെ സനന്റെ റൂമിലേക്ക് ഓടിയിട്ട് അവിടെ കട്ടിലിൽ മലർന്ന് കിടന്നതും അവറ്റകൾ രണ്ടും കൂടി നമ്മളെ ഇടവും വലവും വന്ന് കിടന്നിട്ട് നമ്മളെ പിടിച്ച് ഇക്കിളിയാക്കലും കെട്ടിപ്പിടിക്കലുമൊക്കെയായി നമ്മളെ ഒരു പോള കണ്ണടക്കാൻ സമ്മതിച്ചില്ല പെണ്ണുങ്ങള്....

കുറച്ച് കഴിഞ്ഞപ്പോ രണ്ടും കൂടി നമ്മളെ കെട്ടിപ്പിടിച്ച് എപ്പോഴോ ഉറങ്ങി പോയിരുന്നു... അവരെ രണ്ട് പേരെയും വീണ്ടും എനിക്ക് പഴയ പോലെ തിരിച്ച്

തന്നതിന് പടച്ചോനോട് നന്ദി പറഞ്ഞ് നമ്മളും ഉറക്കിലേക്ക് വഴുതി വീണു....

പിറ്റേന്ന് നേരത്തെ തന്നെ എണീറ്റിട്ട് അച്ചുവിനെയും സനയെയും കൂട്ടി ഒന്ന് ജോഗിങ്ങിന് പോകാൻ തീരുമാനിച്ചു.... അതിന് വേണ്ടി ആ അച്ചുവിനെ എത്ര തവണ വിളിച്ചിട്ടും ആ പോത്ത് എണീറ്റ് വന്നില്ല... ഒടുക്കം അരുൺ വന്ന് അവളെ കൂടെ കിടന്നപ്പോൾ പെണ്ണ് വാണം വിട്ട പോലെയൊരു പോക്കായിരുന്നു ബാത്റൂമിലേക്ക്.... അത് കണ്ടപ്പോ നമ്മളൊക്കെ കൂടി ഹലാക്കിലെ ചിരിയായിരുന്നു... ഇനി ഇതുപോലെയുള്ള ആവശ്യത്തിന് എന്നെ വിളിച്ചാൽ മതിട്ടോ...എന്ന് പറഞ്ഞ് അരുൺ ഹാളിൽ പോയി ഇരുന്നു...

കുറച്ച് കഴിഞ്ഞപ്പോ അച്ചൂ ഫ്രഷായി വന്നിട്ട് ജോഗിങ്ങിന് പോകാൻ നിന്നതും ഓള് അരുണിനെ നോക്കി കൊഞ്ഞനം കുത്തി കൊണ്ട് ഫ്ലാറ്റിൽ നിന്നും ഇറങ്ങി... അതിന് പിന്നാലെ അരുണും അവരെ പിന്നാലെ ഞങ്ങളും നടന്നു...

അങ്ങനെ ജോഗിങ് ഒക്കെ കഴിഞ്ഞ് തിരിച്ച് ഫ്ലാറ്റിൽ

എത്തി കുളിച്ച് മാറ്റിയിട്ട് പുറത്തേക്ക് പോകാൻ ഒരുങ്ങി... ഇന്ന് പുറത്ത് നിന്നായിരുന്നു ഭക്ഷണമൊക്കെ.... അങ്ങനെ ദുബായ് ഒക്കെ ചുറ്റി കറങ്ങി കണ്ടിട്ട് ഞങ്ങള് നേരെ വണ്ടി വിട്ടു നിസൂക്കാനെയും അൻസിക്കാനെയും കാണാൻ അവരെ സൂപ്പർ മാർക്കറ്റിലേക്ക്.... അവിടെ എത്തിയപ്പോ നമ്മളെ ഒഴിച്ച് ബാക്കി മൂന്നിനോടും പൊരിഞ്ഞ കത്തിയടിയായിരുന്നു അവറ്റകൾ....

ഒടുക്കം നമ്മള് കരഞ്ഞ് സീൻ ഡാർക്കാക്കിയപ്പോഴാ രണ്ടും നമ്മളോട് മിണ്ടിയത്.... അച്ചുവിന്റെ എങ്കേജ്മെന്റിന് വരാഞ്ഞത് കടയിലെ തിരക്ക് കൊണ്ടാണെന്നൊക്കെ അവര് പറഞ്ഞപ്പോ അച്ചൂ അതിന് പ്രതിഫലമായിട്ട് അവിടന്ന് വേണ്ടുവോളം സ്നാക്സും ചോക്ലേറ്റ്സും അടിച്ച് മാറ്റിയിരുന്നു...

അങ്ങനെ അവരെ കൂടെ കുറച്ച് നേരം കത്തിയടിച്ച് തിരിച്ച് പോകാൻ വേണ്ടി ഡോറിന്റെ അടുത്തേക്ക് ചെന്നപ്പോഴാണ് നമ്മള് ആരെയോ ചെന്നിടിച്ച് അയാളെ കയ്യിലെ സാധനങ്ങളൊക്കെ നിലത്ത് വീണത്.... നമ്മള് അതൊക്കെ എടുത്ത് കൊടുത്തിട്ട് അവരോട് സോറി പറയാൻ വേണ്ടി മുഖത്തേക്ക് നോക്കിയപ്പോഴാണ്

നമ്മള് ആളെ കണ്ടത്...

അത് ആദിന്റെ ഉമ്മി ആയിരുന്നു...അവരും സാധനങ്ങളൊക്കെ എടുക്കുന്ന തിരക്കിലായോണ്ട് നമ്മളെ മുഖം കണ്ടിട്ടില്ലെന്നു.... നമ്മള് സോറി പറഞ്ഞത് കേട്ട് സാരല്യന്ന് പറഞ്ഞ് അവരെന്റെ മുഖത്തേക്ക് നോക്കാൻ നിന്നതും സന അപ്പോഴേക്കും നമ്മളെ അവിടന്ന് വലിച്ച് പുറത്തേക്ക് കൊണ്ട് പോയിരുന്നു....

നമ്മള് തിരിഞ്ഞു നോക്കിയപ്പോഴോ അച്ചുവും അരുണും കൂടി ഉമ്മിയോട് എന്തൊക്കെയോ സംസാരിക്കുന്നുണ്ട്.... എന്നിട്ട് അവർ വേഗം അവിടന്ന് ഇറങ്ങി വന്നിട്ട് പോകാമെന്ന് പറഞ്ഞ് വണ്ടിയെടുത്തു....

ഇവരുടെ മൂന്നിന്റെയും കാട്ടികൂട്ടൽ കണ്ടിട്ടാണെങ്കിൽ നമ്മക്ക് ഒന്നും മനസ്സിലാകുന്നില്ല.... അവിടന്ന് ഇറങ്ങിയത് മുതൽ കമാന്ന് ഒരക്ഷരം മൂന്നും നമ്മളോട് മിണ്ടിയിട്ടില്ല....

"അച്ചൂ...എന്താടാ....എന്താ പറ്റിയെ...?"

"എന്താ...ഒന്നൂല്യ ഫെബി..."

"അല്ല...എന്തോ ഉണ്ട്... നിങ്ങളെന്തൊക്കെയോ എന്നിൽ നിന്നും ഒളിക്കുന്നുണ്ട്... സത്യം പറ....

ഡി സന....നീയെന്തിനാ എന്നെ ആദിന്റെ ഉമ്മിന്റെ അടുത്ത് നിന്ന് പെട്ടെന്ന് വലിച്ചോണ്ട് വന്നത്...?"

"അത്...നിനക്ക് അറിയില്ലേ ഫെബി... അവർക്ക് നിനെ കണ്ണെടുത്താൽ കണ്ടൂടാന്ന്.... എന്നിട്ട് നീയെന്തിനാ അവരെ മുന്നിൽ പോയി നിന്നിട്ട് അവരെ ബിപി കൂട്ടുന്നേ...?"

സന പറയുന്നത് കേട്ടപ്പോ നമ്മക്കും അത് ശരിയാണെന്ന് തോന്നി... പിന്നെ ഒന്നും നമ്മള് മിണ്ടാൻ നിന്നില്ല... തിരിച്ച് ഫ്ലാറ്റിലേക്ക് ചെന്നപ്പോ അരുണിന്റെ ഫ്ലാറ്റിന് മുന്നിൽ നിൽക്കുന്ന രൂപത്തെ കണ്ടതും നമ്മള് ഓടി അടുത്തേക്ക് ചെന്നു... ജോണച്ചായനായിരുന്നു അത്... മൂപ്പറും നമ്മളെ കമ്പനിയിലാണത്രെ ജോലി...

നമ്മക്ക് ഒരു സർപ്രൈസ് ആയിക്കോട്ടെന്ന് കരുതി അവരാരും മിണ്ടാഞ്ഞതാണത്രെ....

"ഓഹോ... ഇനിയും ഉണ്ടോ ഇതുപോലെ വേറെ വല്ല സർപ്രൈസും... അറിയാനുള്ള ആകാംഷ കൊണ്ട് ചോദിച്ചതാ..."

"ഉണ്ടോന്നോ...? ഇത് നല്ല കഥ.... എന്റെ ഫെബി ഇനിയങ്ങോട്ട് നിന്നെ കാത്തിരിക്കുന്നത് സർപ്രൈസിന്റെ കൊടുമുടികളല്ലേ.... നീ നാളെ ഓഫീസിലേക്ക് വാ മോളെ അപ്പോ മനസ്സിലാകും നിന്റെ സർപ്രൈസ് എന്താണെന്ന്..."

സന പറയുന്നതിനോട് യോജിച്ചോണ്ട് ബാക്കി മൂന്നും കൂടി തലയാട്ടിയപ്പോ തന്നെ ഇനിയും എന്തൊക്കെയോ നമ്മളെ കാത്ത് നിൽപ്പുണ്ടെന്ന് നമ്മക്ക് മനസ്സിലായി... അങ്ങനെ അന്നത്തെ ദിവസം നല്ല ഹാപ്പി ആയിട്ട് അവ്വസാനിച്ചു....

ഇന്ന് ഞാൻ ഓഫീസിലേക്ക് പോകാണ്... എന്നെ

കാത്തിരിക്കുന്നത് വലിയ ഒരു ദൗത്യമാണെന്ന് അച്ചുവും സനയുമൊക്കെ പറഞ്ഞ് നമ്മളെ ഇടക്കിടക്ക് ആത്മധൈര്യം ഉണ്ടാക്കുന്നുണ്ട്.... അവര് തന്നെ ഓരോന്ന് പറഞ്ഞ് ആ ധൈര്യമൊക്കെ ഇല്ലാണ്ടാക്കുന്നുമുണ്ട് അതാണ് അതിലേറെ രസം....

ഞങ്ങളെ ബോസ്സ് ഒരു ചൂടാനാണ് സൂക്ഷിച്ചും കണ്ടും അയാളോട് പെരുമാറണം ഇല്ലെങ്കിൽ അയാള് കടിച്ച് കീറും എന്നൊക്കെ പറഞ്ഞ് ഇവറ്റകൾ രണ്ടും കൂടി രാവിലെ തുടങ്ങിയതാണ് നമ്മളെ ഇറച്ചി തിന്നല്....

ഇവറ്റകളോട് ആണെങ്കിൽ നമ്മള് രണ്ട് കയ്യും കൂപ്പിയിട്ട് നിർത്താൻ പറഞ്ഞിട്ട് പോലും നിർത്താതെ അയാളെ ചൂടൻ സ്വഭാവം പറഞ്ഞോണ്ടിരിക്കാ...

ഒടുക്കം രണ്ടിന്റെയും വാ അടക്കാൻ അരുണും ജോണച്ചായനും തന്നെ വേണ്ടി വന്നു...

"മതിയെടി രണ്ടും കൂടി അവളെ പേടിപ്പിച്ചത്....

എന്റെ ഫെബി നീ ഇവര് പറയുന്നതൊന്നും കാര്യമാക്കണ്ടാ... ഞങ്ങളെ ബോസ്സ് പഞ്ചപാവമാ.... പക്ഷെ, കൊടുത്ത വർക്ക് ശരിയായി പൂർത്തിയാക്കിയില്ലേൽ ഒരു രാക്ഷസനാ... അത്

ഇവറ്റകൾക്ക് രണ്ടിനും നല്ല പരിചയവും ഉണ്ട്... കാരണം ബോസിന്റെ കയ്യിന്ന് കണക്കിന് ചീത്തവിളിയും പനിഷ്മെന്റും വാരിക്കൂട്ടിയ സാധനാ ഈ രണ്ടും...അതോണ്ട് നീ അവരെ വാക്കൊന്നും കേട്ട് പേടിക്കണ്ട.... നീ നിനക്ക് തന്ന ജോലി നന്നായിട്ട് ചെയ്ത് കൊടുത്താൽ ബോസ്സ് നിന്നോട് കൂടുതൽ അടുക്കുകയെ ഉള്ളു..."

എന്നൊക്കെ ജോണച്ചായൻ പറഞ്ഞപ്പോഴാണ് നമ്മക്ക് ആശ്വാസയത്... നമ്മള് അപ്പോ തന്നെ നമ്മളെ പീഡിപ്പിച്ച് നിർത്തിയതിന് അവറ്റകളെ രണ്ടിനെയും നുള്ളി പരുവമാക്കിയിരുന്നു...

അങ്ങനെ ഒരുപാട് പ്രതീക്ഷകളോടെ നമ്മള് നമ്മളെ ജോലിയിലേക്ക് പ്രവേശിക്കാൻ വേണ്ടി അവരെ കൂടെ ഓഫീസിലേക്ക് പോയി... നമ്മളിറങ്ങുന്നതിന് മുന്നേ തന്നെ അച്ചുവും അരുണും സനയും ചാടിയിറങ്ങിയിരുന്നു...

ഇതിപ്പോ എന്താ സംഭവമെന്ന് മനസ്സിലാകാതെ നമ്മളും ഇറങ്ങി ആ ഓഫീസിനെ ഒന്ന് അടിമുടി

നോക്കുമ്പോഴുണ്ട് അച്ചായൻ നമ്മളെ മുന്നിൽ കേറി നിന്നിട്ട് വാ പോകാം എന്ന് പറയുന്നു... നമ്മളും അപ്പോ തന്നെ മൂപ്പരെ നോക്കി ഇളിച്ചോണ്ട് കൂടെ നടന്ന് ഓഫീസിനുള്ളിലെ ഓരോ ഡോറും കടന്ന് ചെല്ലുമ്പോഴുണ്ട് ഒരു തടസം പോലെ മൂന്നും കൂടി ഒരുമിച്ച് നിൽക്കുന്നു...

അവരെ നിൽപ്പ് കണ്ടിട്ട് നമ്മക്ക് അത്ര പന്തിയൊന്നും തോന്നതോണ്ട് നമ്മള് അത് കാര്യമാക്കാതെ അവര് മൂന്ന് പേരും കൂടി തുറന്നു തരുന്ന ഡോറിൽ കൂടി അകത്തേക്ക് കടക്കാൻ തുടങ്ങി...

ഒടുക്കം ഒരുപാട് പേര് ഒരുമിച്ച് ഓരോരോ കാബിനിൽ ഇരിക്കുന്ന ഒരു വലിയ ഹാളിൽ എത്തിയതും അച്ചു അവിടെ നിന്നിട്ട് ഒന്ന് കയ്യടിച്ചു... ആ ശബ്ദം കേട്ടിട്ട് ഇതുവരെ വർക്ക് ചെയ്തോണ്ടിരുന്ന എല്ലാവരും കൂടി തലയുയർത്തി ഞങ്ങളെ നോക്കി നിന്നു... അതിൽ പലരുടെയും നോട്ടം ചെന്ന് പതിച്ചത് നമ്മളിലായിരുന്നു...

"ഡിയർ ഫ്രണ്ട്സ്... ഇതാണ് നമ്മുടെ കമ്പനിയിലേക്ക് പുതുതായി ജോയിൻ ചെയ്യാൻ പോകുന്ന ആൾ...

ഞങ്ങളുടെ എല്ലാവരുടെയും പൊന്നോമന പുത്രിയായ മിസ്. ആയിഷ ഫെബി...."

എന്ന് പറഞ്ഞ് കാറി കൊണ്ട് അച്ചു കയ്യടിച്ചപ്പോ കൂടെ അവറ്റകളും കൂടി കയ്യടിച്ചു... പിന്നെ കുറച്ച് നേരത്തേക്ക് അവരെ ഒക്കെ പരിചയപ്പെടലായിരുന്നു നമ്മളെ പണി... ആരൊക്കെയോ വന്ന് ആരെയൊക്കെയോ പരിചയപ്പെടുത്തി...നമ്മള് അവർക്കൊക്കെ ഒരു പുഞ്ചിരി നൽകി കൊണ്ടിരുന്നു....

"ബോസ് വരുന്നുണ്ട്..... എല്ലാവരും അവരവരുടെ കാബിനിൽ പോയി ഇരിക്ക്...."

എന്ന് പ്യൂണാണെന്ന് തോന്നിപ്പിക്കുന്ന ഒരു വയസ്സായ ആള് വന്ന് പറഞ്ഞത്... പ്യൂണ് മുതൽ മലയാളി ആണല്ലോ എന്ന് ഓർത്ത് നമ്മളൊന്ന് നെടുവീർപ്പിട്ട് ചുറ്റും തിരിഞ്ഞ് നോക്കിയപ്പോ ഒരൊറ്റ ഒരെണ്ണത്തിനെയും നമ്മളെ അടുത്ത് കാണുന്നില്ല... എല്ലാവരും അവരവരുടെ മാളത്തിൽ കേറി ഒളിച്ചിട്ടുണ്ട്....

അപ്പോഴാണ് ഓഫീസിന്റെ ഡോർ തുറന്ന് ഒരാൾ അകത്തേക്ക് കയറി വന്നത്... ഒരു കറുത്ത കൂളിങ് ഗ്ലാസും കോട്ടും സൂട്ടും ഇട്ട് ആരെയോ ഫോൺ വിളിച്ചോണ്ട് ആണ് പുള്ളിക്കാരന്റെ വരവ്.... അയാളെ പിന്നാലെ ആ പ്യൂണും കുറച്ച് ഫയൽസ് കൊണ്ട് വരുന്നുണ്ട്... അപ്പോ തന്നെ എല്ലാവരും കൂടി ചേർന്ന് അയാളെ വിഷ് ചെയ്യാൻ വേണ്ടി എണീറ്റ് നിന്നതും അച്ചൂന്റെ കൈ തട്ടി നമ്മളെ മുന്നിലേക്ക് കുറച്ച് പേപ്പേഴ്സ് വീണു...

നമ്മള് അതെടുത്ത് അച്ചുവിന് കൊടുത്തിട്ട് തിരിഞ്ഞ് നോക്കിയതും ബോസ്സ് അയാളെ ക്യാബിനിലേക്ക് കേറി പോയിരുന്നു.... എല്ലാം എടുപിടീന്ന് നടന്നതോണ്ട് നമ്മക്ക് അയാളെ മോന്ത നേരാം വണ്ണം കാണാൻ പറ്റിയില്ലായിരുന്നു....

അപ്പോഴുണ്ട് നമ്മളെ ആരോ പുറകേന്ന് തോണ്ടി വിളിക്കുന്നു.... നമ്മളും ഇതാരാപ്പോ എന്ന് കരുതി തിരിഞ്ഞ് നോക്കിയപ്പോ അച്ചുവാണ് ആള്....

"ദേ ആ പോയതാ നമ്മളെ ബോസ്... നീ ആളെ

കണ്ടിലെ...?"

"ഇല്ലടി...അപ്പോഴേക്കും അങ്ങേര് കാബിനിലേക്ക് കേറി പോയിരുന്നു..."

"ആ അത് സാരല്യ...നീയെന്തായാലും ഇപ്പോ അയാളെ മുന്നിലേക്ക് തന്നെ അല്ലെ കേറി ചെല്ലേണ്ടത്... അപ്പോ എന്തായാലും അയാളെ മോന്ത കാണാം...

നീ വാ അങ്ങേരെ അടുത്തേക്ക് പോകാം... ഈ ജോബ് നിനക്ക് എന്തായാലും കിട്ടുംഎന്നാലും ഒരു ചെറിയ ഇന്റർവ്യൂ അയാള് നടത്തും....ഒരു ഒന്ന് രണ്ട് സിമ്പിൾ ചോദ്യങ്ങൾ.... അതിൽ നീ പാസായാൽ പിന്നെ നീ വേറെ ലെവലായിരിക്കും മോളെ..."

എന്നൊക്കെ പറഞ്ഞ് അച്ചു നമ്മളെ കൂടുതൽ താങ്ങുന്ന പോലെയൊക്കെ നമ്മക്ക് തോന്നി പോയി...

അങ്ങനെ അച്ചു നമ്മളെയും കൊണ്ട് അയാളെ ക്യാബിന്റെ മുന്നിൽ നിന്നിട്ട് "എന്റെ പാച്ചോനെ... ആ കാലമാടന്റെ മൂഡ് ഇന്ന് നന്നായിരിക്കണേ.... ഇല്ലേൽ

എന്റെ കാര്യം കട്ടപ്പൊക..." എന്നൊക്കെ പറഞ്ഞ് അച്ചു കുരിശൊക്കെ വരച്ചോണ്ട് ഡോർ തുറക്കുന്നത് കണ്ടിട്ട് നമ്മക്ക് ചിരി അടക്കി വെക്കാൻ പറ്റുന്നില്ലേന്നു...

"May I coming sir....?"

"Yes ...come...."

എന്ന ഒരു ഗൗരവമേറുന്ന ശബ്ദം കേട്ടതും അച്ചു നമ്മളെ കൈ പിടിച്ച് നെരിച്ചോണ്ട് അകത്തേക്ക് കേറി... അവളെ ആ പിടിത്തതിൽ നിന്ന് തന്നെ അവൾക്ക് എന്ത് മാത്രം ബോസിനെ പേടിയുണ്ടെന്ന് നമ്മക്ക് വ്യക്തമായിരുന്നു...

അങ്ങനെ അകത്ത് കേറി നമ്മള് ചുറ്റും ഒന്ന് കണ്ണോടിച്ചിട്ട് ആ സീറ്റിലേക്ക് നോക്കിയപ്പോ പുള്ളിക്കാരൻ തിരിഞ്ഞ് ഇരുന്ന് കസേരയിൽ ആടി ഇരിക്കാണ്...

"എന്താ അശ്വതി... തന്ന വർക്ക് കംപ്ലീറ്റ് ചെയ്തില്ലേ...?"

തിരിഞ്ഞിരിക്കാതെയുള്ള അയാളുടെ ചോദ്യം കേട്ടതും അച്ചു നിന്ന് വിക്കാൻ തുടങ്ങി... ഓളെ കോപ്രായം കണ്ടിട്ട് ആണെങ്കിലോ നമ്മക്ക് ചിരി വരാണ്....

"അ... അതല്ല സാർ.... ഇത്... ഇത് പുതിയ അപ്പോയ്മെന്റാണ്.... അപ്പോ സാറിനെ പരിചയപ്പെടുത്താൻ വേണ്ടി........"

എന്ന് പറഞ്ഞ് അച്ചു നിർത്തിയതും അയാള് ആട്ടം നിർത്തി....

"ഓ.... ആയിഷ ഫെബി അല്ലെ...? തനിക്ക് അവിടെ ഇരിക്കാം..."

എന്ന് അയാള് തിരിയാതെ തന്നെ പറയുന്നത് കേട്ട് നമ്മള് അവിടെ ഇരുന്ന് അച്ചൂനെ ഒന്ന് നോക്കി.... അപ്പോ തന്നെ അച്ചു ഞാൻ പോകാണ് ഓൾ ദി ബെസ്റ്റ് എന്ന് പതുക്കെ പറഞ്ഞോണ്ട് ഓള് തിരിഞ്ഞു നടന്നതും...

"അശ്വതി ഒന്നവിടെ നിന്നേ...."

എന്ന് അയാള് പറഞ്ഞപ്പോ അച്ചു തിരിഞ്ഞ് നിന്നിട്ട് നമ്മളെ നോക്കി കൊണ്ട് പെട്ട് മോളേ എന്ന് പറഞ്ഞ് തല താഴ്ത്തി ഇരുന്നു... ഓളെ മുഖഭാവം കണ്ടിട്ട് നമ്മള് പൊട്ടിച്ചിരിക്കുമെന്ന അവസ്ഥ വന്നപ്പോ നമ്മള് വാ പൊത്തി പിടിച്ചോണ്ട് ടേബിളിലേക്ക് നോക്കിയതും ഞാൻ അറിയാതെ തന്നെ എന്റെ ചിരി മാഞ്ഞു പോയി....

ആ ടേബിളിൽ കൊടുത്തിരിക്കുന്ന പേര് വായിച്ചതും എന്റെ ഉള്ളിൽ കൂടി ഒരു കൊള്ളിയാൻ മിന്നി നമ്മള് അച്ചൂനെ തിരിഞ്ഞു നോക്കി... നമ്മളെ നോട്ടം കണ്ടപ്പോ തന്നെ കാര്യം പിടി കിട്ടിയതോണ്ട് അച്ചൂ നമ്മളെ മുഖത്തേക്ക് പോലും നോക്കാതെ തല താഴ്ത്തി നിന്നു....

നമ്മളെ കണ്ണുകളെ നമ്മക്ക് വിശ്വസിക്കാൻ പറ്റാത്തത് കൊണ്ട് നമ്മള് വീണ്ടും അതിലെഴുതിയത് വായിച്ചു നോക്കി....

"ആദിൽ സാഹിബ് കരീം

മാനേജിങ് ഡിറക്ടർ ആൻഡ് എംഡി....."

എന്ന് നമ്മള് വായിച്ച് തീർന്നില്ല അപ്പോഴേക്കും ആ ചെയറ് തിരിഞ്ഞ് എനിക്ക് അഭിമുഖമായി നിന്നിരുന്നു.... അതിൽ ഇരിക്കുന്ന ആളെ കണ്ടതും നമ്മള് അപ്പോ തന്നെ ഞെട്ടി തരിച്ച് സീറ്റിൽ നിന്നും എണീറ്റ് നിന്നിട്ട് അയാളെ നോക്കി കണ്ണ് നിറച്ചു....

"ആ....ദി....."

(തുടരും)

ഭാഗം.100

"ആദിൽ സാഹിബ് കരീം

മാനേജിങ് ഡിറക്ടർ ആൻഡ് എംഡി...."

എന്ന് നമ്മള് വായിച്ച് തീർന്നില്ല അപ്പോഴേക്കും ആ ചെയർ തിരിഞ്ഞ് എനിക്ക് അഭിമുഖമായി നിന്നിരുന്നു....

അതിൽ ഇരിക്കുന്ന ആളെ കണ്ടതും നമ്മള് അപ്പോ തന്നെ ഞെട്ടി തരിച്ച് സീറ്റിൽ നിന്നും എണീറ്റ് നിന്നിട്ട് അയാളെ നോക്കി കണ്ണ് നിറച്ചു....

"ആ....ദി....."

എന്ന് നമ്മള് മെല്ലെ ഉരുവിട്ട് കൊണ്ട് ആദിയെ തന്നെ നോക്കി നിന്നപോ ഓൻ എന്നോട് ഇരിക്കാൻ ആംഗ്യം കാണിച്ചു... നമ്മള് അപ്പോ തന്നെ സീറ്റിൽ ഇരുന്നിട്ട് അച്ചുവിനെ ഇടങ്കണ്ണിട്ട് നോക്കി...

ആദി അപ്പോ ഓന്റെ കയ്യിൽ ഉണ്ടായിരുന്ന ഫയലെടുത്ത് ടേബിളിലേക്ക് ഇട്ടിട്ട് അച്ചുവിനെ രൂക്ഷമായി നോക്കി കൊണ്ട് ചെയറിൽ ചാരി ഇരുന്നു....

"അശ്വതി... തനിക്ക് തന്ന വർക്ക് പൂർത്തിയാക്കി ഇന്ന് മോർണിങ് തന്നെ എന്റെ ടേബിളിൽ അത് സബ്മിറ്റ് ചെയ്യണമെന്ന് തന്നോട് പറഞ്ഞതല്ലേ...?എന്നിട്ട്

അതെവിടെ...?"

"അ... അത് സാർ.... ഞാൻ നാട്ടീന്ന് ഇന്നലെ വന്നിട്ടുള്ളൂ.... അതോണ്ട് കംപ്ലീറ്റ് ആക്കാൻ പറ്റിയില്ല.....സോറി സാർ..."

അച്ചു പേടിച്ച് വിറച്ച് തല താഴ്ത്തി കൊണ്ട് പറയുന്നത് കേട്ടിട്ട് നമ്മള് കിളി പോയി ഇരിക്കാണ്... ഇവളെന്തിനാ ആദിയെ ഇത്രത്തോളം പേടിക്കുന്നതെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല....

"ഇന്നലെ രാത്രി വരെ ദുബായ് മൊത്തം കറങ്ങി നടക്കാൻ തനിക്ക് സമയം ഉണ്ടായിരുന്നല്ലോ.... ഞാൻ തന്ന വർക്ക് കംപ്ലീറ്റ് ആക്കാൻ തനിക്ക് സമയം കിട്ടിയില്ല അല്ലെ...?"

എന്ന് നല്ല കട്ട കലിപ്പില് ആദി ചോദിക്കുന്നത് കേട്ടിട്ട് അച്ചു മാത്രമല്ല ഞാനും പേടിച്ചു പോയി... അപ്പോഴാണ് ആദി നമ്മളെ മുഖത്തേക്ക് പോലും നോക്കുന്നത്... നമ്മളെ കണ്ടതും ഓൻ നമ്മളോട് ഫയൽ തരാൻ

വേണ്ടി ആംഗ്യം കാണിച്ചപ്പോ നമ്മള് അറിയാതെ തന്നെ നമ്മളെ കയ്യിലെ ഫയൽ ആദിക്ക് മുന്നിൽ നീട്ടി വെച്ചു....

"ആയിഷ ഫെബി.... ഡിസ്റ്റിങ്ങ്ഷനോടെ പാസ്സായിട്ടും എന്ത് കൊണ്ടാ നാട്ടിലുള്ള ഒരു കമ്പനിയിലും തനിക്ക് ജോലി കിട്ടാഞ്ഞത്...?"

എന്റെ ഫയൽ നോക്കി കൊണ്ട് ആദി ഒരു ഭാവ വ്യത്യാസവും ഇല്ലാതെ ചോദിക്കുന്നത് കേട്ട് നമ്മള് ഞെട്ടി തരിച്ചു...

"ഹലോ... തന്നോടാ ചോദിക്കുന്നത്.... എന്താ മറുപടി പറയാൻ ഇയാൾക്ക് നാക്കില്ലേ...?"

പെട്ടെന്ന് കലിപ്പായി കൊണ്ട് ആദി ചോദിക്കുന്നത് കേട്ടിട്ട് അച്ചു നമ്മളെ പിടിച്ച് തള്ളി....അപ്പോഴാണ് നമ്മള് ശരിക്കും സ്വബോധത്തിലേക്ക് വന്നത്....

"അ... അത്.... ഒരുപാട് കമ്പനികളിൽ ട്രൈ ചെയ്തതാ.... പക്ഷെ, ആരും ഇന്റർവ്യൂവിന് വിളിച്ചില്ല...."

എന്ന് വിക്കി കൊണ്ട് പൂർത്തിയാക്കിയിട്ട് നമ്മള് ഓനെ തന്നെ നോക്കി ഇരുന്നു...

പഴയ ആദിയെ അല്ല ഇവൻ.... ആകെ മാറി പോയിരിക്കുന്നു... കട്ട താടിയൊക്കെ ഷേവ് ചെയ്ത് അവന്റെ മുഖത്ത് ഇപ്പോ ഒരു തെളിച്ചം കാണുന്നുണ്ട്... ചെക്കന് ഇത്രത്തോളം മൊഞ്ചുള്ളത് നമ്മക്ക് ഇപ്പോഴാ മനസ്സിലാകുന്നത്... പക്ഷെ, നമ്മക്ക് എന്നാലും ഓന്റെ ആ കട്ട താടിയോട് തന്നെയാ മൊഹബ്ബത്ത്....

നമ്മള് ഓനെ താനെ കണ്ണിമ വെട്ടാതെ നോക്കുന്നത് കണ്ടിട്ടാകും ആദി പെട്ടെന്ന് നമ്മളെ നോക്കി കൊണ്ട് പുരികം പൊക്കി എന്താ എന്ന രീതിയിൽ നോക്കിയത്... നമ്മള് അപ്പോ തന്നെ ഓനെ നോക്കി ഒന്നുമില്ലെന്ന് കണ്ണിറുക്കി കാണിച്ചപ്പോ ഓൻ വീണ്ടും നമ്മളെ ഫയലിലേക്ക് നോട്ടമെറിഞ്ഞ് ഇരുന്നു....

ആദിയുടെ ഈ മാറ്റം എന്നെ തെല്ലൊന്നുമല്ല

അത്ഭുതപ്പെടുത്തിയത്... കാരണം, എന്നെ ഇതിന് മുൻപ് കണ്ടിട്ടേയില്ല എന്ന ഭാവമാണ് അവനിപ്പോ.... എന്താ ഇതിന്റെയൊക്കെ അർത്ഥമെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലായില്ല....

അത് എന്തായാലും ശരി അതൊക്കെ ഓനോട് തന്നെ ചോദിച്ച് മനസ്സിലാക്കാൻ ഞാൻ തീരുമാനിച്ചു...

അങ്ങനെ നമ്മള് ആദിയോട് സംസാരിച്ച് തുടങ്ങാനിരിക്കുമ്പോഴാണ് ശകുനം മുടക്കിയെ പോലെ പിറകിൽ നിന്നും ഒരു അപശബ്ദം കേട്ടത്...

"ആദി...."

അങ്ങനെ ഒരു വിളി കേട്ടതും നമ്മള് അപ്പോ തന്നെ തിരിഞ്ഞ് അതാരാണെന്ന് നോക്കിയതും നമ്മക്ക് എവിടെ നിന്നൊക്കെയോ ദേഷ്യം പൊട്ടി മുളച്ചു വന്നു...

ആ സൽമ അണ്ണാച്ചിയാണ് ആദി എന്ന് വിളിച്ച് ഒലിപ്പിച്ചോണ്ട് വന്നത്...

നമ്മളെ നോട്ടം ഓളിൽ പതിച്ച പോലെ തന്നെ ഓളെ

നോട്ടവും നമ്മളിൽ പതിഞ്ഞിരുന്നു... നമ്മളെ കണ്ടതും ഓളെ മുഖത്ത് ഒരുതരം പുച്ഛം കലർന്ന ചിരിയാണ് ഉണ്ടായത്...

ഓള് എന്നെ തന്നെ നോക്കി നടന്നോണ്ട് ആദിന്റെ അടുത്ത് ചെന്ന് നിന്നതും നമ്മക്ക് ദേഷ്യം ഒക്കെ കൂടി എരിഞ്ഞ് കേറി വന്നു...

"ആ സൽമാ...നീ ഇങ്ങോട്ട് വന്നോ...?

ഞാൻ ഇവിടന്ന് ഇറങ്ങാൻ തുടങ്ങായിരുന്നു... ഒരു 5 മിനിറ്റ് ഞാൻ ഇത് തീർത്തിട്ട് ഇപ്പോ വരാം..."

"Its ok ആദി... ഞാൻ എത്ര വേണേലും കാത്തിരുന്നോളം.... ഇത്രയൊക്കെ കാത്തിരുന്ന എനിക്കാണോ 5 മിനിറ്റ് കാത്തിരിക്കാൻ പാട്..."

എന്ന് ആദി പറഞ്ഞതിന് നമ്മളെ നോക്കി മറുപടി നൽകി കൊണ്ട് സൽമ ഒരു പുച്ഛത്തോടെ ചിരിച്ചു... അതൊക്കെ നമ്മക്ക് കാണാൻ കഴിയുന്നതിലും അപ്പുറമായിരുന്നു.... അതോണ്ട് നമ്മള് അപ്പോ തന്നെ കണ്ണൊക്കെ ഇറുക്കിയടച്ച് മനസ്സിനെ ശാന്തമാക്കാൻ

നോക്കി...

"ഓക്കേ.... ആയിഷ.... തനിക്ക് ഇപ്പോ മുതൽ തന്നെ ജോലിക്ക് കേറാം... തന്റെ വർക്ക് എന്താണെന്ന് അശ്വതിയും സൻഹയും പറഞ്ഞ് തരും... Any way welcome to ASK events...."

എന്ന് പറഞ്ഞ് ആദി നമ്മളെ കൈ നീട്ടിയതും ആ സൽമ പന്നി ഓന്റെ കൈ താഴ്ത്തി വെച്ചിട്ട് ഓന്റെ ചെയറിന്റെ കയ്യിൽ ഇരുന്നിട്ട് ഓന്റെ ടൈ ശരിയാക്കുന്ന പോലെ കാണിക്കാൻ തുടങ്ങി... ഇതൊക്കെ അവള് ചെയ്യുന്നത് നമ്മളെ കൊള്ളിക്കാനാണെന്ന് അറിയാമെങ്കിലും നമ്മക്ക് നല്ലോണം കൊള്ളേണ്ടിടത്ത് തന്നെ കൊള്ളുന്നുമുണ്ട്...

"ആദി ആരാ ഇത്...?"

നമ്മളെ ഇതിന് മുൻപ് കണ്ട് പരിചയമേ ഇല്ലാത്ത പോലെയുള്ള സല്മയുടെ ചോദ്യം കേട്ടതും നമ്മള് ഞെട്ടി തിരിഞ്ഞ് ഓളെ നോക്കി....

"ഇത് നമ്മുടെ കമ്പനിയിൽ പുതുതായി ജോയിൻ ചെയ്യാൻ പോകുന്ന ആളാണ് ആയിഷ ഫെബി...."

എന്ന് ആദിയും അവൾക്ക് മറുപടി കൊടുക്കുന്നത് കണ്ടതും നമ്മളെ തലക്ക് പ്രാന്ത് പിടിക്കുന്ന പോലെ തോന്നി... ഇതൊക്കെ കണ്ടോണ്ട് അച്ചുവും നമ്മളെ കൂടെ തന്നെയുണ്ട്ട്ടോ... പക്ഷെ, അവൾക്ക് ഓന്റെ പെരുമാറ്റം കണ്ടിട്ട് വല്യ അത്ഭുതമൊന്നും തോന്നുന്നില്ല...

"ഓഹോ.... അപ്പോ ഇവളാണോ എന്റെ recommentൽ ഈ കമ്പനിയിലേക്ക് വന്ന ന്യൂ അപ്പോയ്മെന്റ്...."

എന്ന് ആ സൽ മ ഇത്തിരി അഹങ്കാരത്തോടെ പറയുന്നത് കേട്ടതും നമ്മള് അപ്പോ തന്നെ അച്ചുവിനെ തുറിച്ച് നോക്കി... അപ്പോ അച്ചൂ നമ്മളെ നോട്ടം കണ്ടിട്ട് അപ്പോ തന്നെ മേൽപ്പോട്ട് നോക്കി നിന്നു... നമ്മക്ക് അപ്പോ വന്ന ഒരു ദേഷ്യം പറഞ്ഞറിയിക്കാൻ പറ്റുന്നില്ല....

"ആദി....ടൈം പോകുന്നു... വാ എണീറ്റെ... നമുക്ക് പോകാം.... ഇന്ന് എന്റെ കൂടെ പുറത്തേക്ക് വരാമെന്ന് പ്രോമിസ് ചെയ്തതല്ലേ വാ...."

എന്ന് കിണുങ്ങി കൊണ്ട് ആ ഭദ്രകാളി പറയുന്നതും കൂടി കേട്ടപ്പോ ഇതുവരെ ഉള്ളിൽ അടക്കി വെച്ചിരുന്ന ദേഷ്യം മുഴുവനായിട്ട് പുറത്തേക്ക് വരാൻ തുടങ്ങി... നമ്മള് അപ്പോ തന്നെ ആ ടേബിളിൽ ആഞ്ഞടിച്ച് കൊണ്ട് എണീറ്റിട്ട് ആദിന്റെ കയ്യിൽ നിന്നും നമ്മളെ ഫയൽ ബലമായി പിടിച്ച് വാങ്ങി...

"സോറി സാർ... എനിക്ക് ഈ കമ്പനിയിൽ ജോലി ചെയ്യാൻ ബുദ്ധിമുട്ടുണ്ട്....

അങ്ങനെ കണ്ണിക്കണ്ടവരുടെ ഔദാര്യത്തിലൊന്നും കഴിയേണ്ട ഗതികേട് എനിക്ക് ഇതുവരെ വന്നിട്ടില്ല... അത് കൊണ്ട് എനിക്ക് ഈ ജോലി വേണ്ട... I am leaving..."

എന്ന് കടുപ്പിച്ച് പറഞ്ഞോണ്ട് ആ നശൂലത്തെയും

അച്ചൂനെയും നോക്കി കൊണ്ട് നമ്മള് ആ ക്യാബിന്റെ ഡോർ തുറക്കാൻ നിന്നതും പെട്ടെന്ന് നമ്മളെ പുറകിൽ നിന്നും ഒരു കൈ വന്ന് ഡോറിൽ പിടി മുറുക്കി ഡോർ തുറക്കാൻ സമ്മതിച്ചില്ല...

നമ്മള് അപ്പോ തന്നെ ഞെട്ടി തിരിഞ്ഞ് പുറകിലേക്ക് നോക്കിയതും നമ്മളെ കാല് സ്ലിപ്പായി ആദിന്റെ കൈകളിലേക്ക് വീണു...

ഓൻ നമ്മള് വീഴാതിരിക്കാൻ വേണ്ടി നമ്മളെ അരയിലൂടെ പിടിച്ചിട്ട് നമ്മളെ കണ്ണിലേക്ക് തന്നെ നോക്കി നിൽക്കാണ്...

എത്രയൊക്കെ ലുക്ക് മാറിയാലും എന്താ എന്റെ ആദിന്റെ കണ്ണിലെ എ കാന്തികതക്ക് ഇപ്പോഴും ഒരു കുറവുമില്ല... നമ്മള് ഓന്റെ നോട്ടത്തിലങ്ങനെ മതി മറന്ന് നിൽക്കുമ്പോഴാണ് പെട്ടെന്ന് ഒരു അടക്കി പിടിച്ച ചിരി കേട്ടത്...

അത് കേട്ടതും നമ്മള് അപ്പോ തന്നെ ആദിയിൽ നിന്നും എണീറ്റ് ഒരല്പം മാറി നിന്നു... നോക്കുമ്പോ അച്ചു വാ പൊത്തി പിടിച്ചോണ്ട് ചിരിക്കാതിരിക്കാൻ വേണ്ടി പാട്പെടാണ്... നമ്മള് ഓളെ ചിരി കണ്ടിട്ട് ഓളെ ഒന്ന്

രൂക്ഷമായി നോക്കിയപ്പോ ഓള് നമ്മക്ക് കണ്ണ് കൊണ്ട് സൽമയെ കാണിച്ച് തന്നു...

അപ്പോഴാണ് നമ്മള് ശരിക്കും ആ മോന്തമ്മക്ക് ശ്രദ്ധിക്കുന്നത്... കടന്നൽ കുത്തിയ പോലെ ദേഷ്യം കൊണ്ട് ചീർത്ത് വന്നിട്ടുണ്ട് ഓളെ മോന്ത...അത് കണ്ടപ്പോ നമ്മക്കും ചിരി വന്നു... പക്ഷെ ആദിന്റെ മോന്ത കണ്ടപ്പോ ആ ചിരിയൊക്കെ ഫ്ലൈറ്റ് പിടിച്ച് നാട്ടിലേക്ക് തിരിച്ച് പോയി...

ചെക്കൻ അത്രക്ക് കലിപ്പിലാണ്.... ഓൻ മാത്രം കലിപ്പിൽ ആയാൽ പറ്റില്ലല്ലോ അതോണ്ട് നമ്മളും ഓനെ ഇച്ചിരി കടുപ്പിച്ച് തന്നെ നോക്കാൻ ശ്രമിച്ചു... പക്ഷെ, ഓന്റെ നോട്ടത്തിന് മുന്നിൽ നമ്മളെ നോട്ടമൊന്നും ഒന്നുമല്ലാതായി തീർന്നു....

"താനെന്താ പറഞ്ഞത്..?

തനിക്ക് ഇവിടെ ജോലി ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്നോ...? അതൊക്കെ പറഞ്ഞോണ്ട് ഇവിടന്ന് അത്ര പെട്ടെന്ന് ഇറങ്ങി പോകാമെന്ന് താൻ കരുതിയോ...?"

ആദി കലിപ്പിൽ നമ്മളെ നേരെ നടന്നടുത്ത് കൊണ്ട് അത് ചോദിച്ചപ്പോ നമ്മള് പുറകോട്ട് നടന്നിട്ട് സൽമയേ നോക്കി... ഓളെ മുഖത്ത് അപ്പൊ വീണ്ടും ഒരു തെളിച്ചം വന്നു...

അത് കണ്ടപ്പോ നമ്മക്കും വാശിയായി... നമ്മള് അവിടെ തന്നെ നിന്നിട്ട് ആദിനെ രൂക്ഷമായി നോക്കി നമ്മളും അങ്ങോട്ട് തിരിച്ച് ഡയലോഗ് കാച്ചി...

"അതെ.... എനിക്ക് ഈ സ്ഥാപനത്തിൽ വർക്ക് ചെയ്യാൻ ബുദ്ധിമുട്ടുണ്ട് അത് കൊണ്ട് എനിക്ക് ഇവിടത്തെ ജോലി വേണ്ട...."

എന്ന് പറഞ്ഞ് നമ്മള് ഡോർ തുറക്കാൻ നിന്നതും ആദിന്റെ വായേന്ന് വന്ന അടുത്ത ഡയലോഗ് കേട്ടതും നമ്മള് പകച്ച് പണ്ടാറമടങ്ങി പോയി....

"ഓക്കേ ഫൈൻ.... നീ പൊയ്ക്കോ , പക്ഷെ പോകുന്നതിന് മുൻപ് 5 കോടി ഈ ടേബിളിൽ എടുത്ത് വെച്ചിട്ട് നീ പൊയ്ക്കോ..."

അത് കേട്ടതും നമ്മള് അപ്പോ തന്നെ ഞെട്ടി തിരിഞ്ഞ് ഉണ്ടക്കണ്ണും മിഴിച്ച് ഓനെ നോക്കി നിന്നു....

"അ... അഞ്ച് കോടിയോ...?

ഏത് വകയിലാടോ ഞാൻ നിങ്ങക്ക് 5 കോടി തരേണ്ടത്....?"

എന്ന നമ്മളെ ചോദ്യം കേട്ടതും ഓൻ നമ്മളെ നോക്കി കൊണ്ട് പൊട്ടിച്ചിരിക്കാൻ തുടങ്ങി...എന്നിട്ട് പെട്ടെന്ന് അച്ചുവിന്റെ നേരെ തിരിഞ്ഞിട്ട് ഓളോട് ചോദിച്ചു...

"എന്താ അശ്വതി... പേപ്പേഴ്സിൽ സൈൻ ചെയ്യിക്കുന്നതിന് മുൻപ് തന്റെ ഫ്രണ്ടിനോട് ഇതൊക്കെ എന്തിനുള്ളതാണെന്ന് പറയാൻ മറന്ന് പോയോ..?"

ആദി അങ്ങനെ ചോദിച്ചിട്ട് ഒരു പുച്ഛത്തോടെ നമ്മളെ നോക്കി കൊണ്ട് ഒരു ഫയലെടുത്തിട്ട് നമ്മളെ നേരെ

നീട്ടി.... നമ്മള് അച്ചൂനെ നോക്കി കൊണ്ട് അത് വാങ്ങിച്ച് തുറന്ന് നോക്കിയതും വീണ്ടു പകച്ച് പണ്ടാറമടങ്ങി പോയി നമ്മള്....

ഫ്ലാറ്റിന്റെ എഗ്രിമെന്റിന്റെ കൂടെ ഉണ്ടായിരുന്ന ബാക്കി പേപ്പേഴ്സ് ആണത്... അതിലൊക്കെ നമ്മള് നല്ല അന്തസ്സായി സൈൻ ചെയ്ത് വെച്ചിട്ടുമുണ്ട്... അതിൽ എഴുതി പിടുപ്പിച്ചതൊന്നും നമ്മള് ശ്രദ്ധിക്കാതെ പോയത് നമ്മക്ക് ഇത്രക്ക് വല്ല്യ പാരയായി വരുമെന്ന് നമ്മള് സ്വപ്നത്തിൽ പോലും വിചാരിച്ചില്ല...

ഈ കമ്പനിയിൽ രണ്ട് വർഷം ജോലി ചെയ്തോളാമെന്ന് സമ്മതിച്ച് കൊണ്ട് നമ്മള് പേരെഴുതി സൈൻ ചെയ്തിട്ടുണ്ട്.... മറിച്ച് ഈ രണ്ട് വർഷത്തിനിടക്ക് എങ്ങാനും ഈ കമ്പനിയിൽ നിന്നും നമ്മള് റീസൈൻ ചെയ്ത് പോയാൽ കമ്പനിക്ക് നഷ്ടപരിഹാരമായിട്ട് 5 കോടി നൽകാമെന്നും കമ്പനി തന്നെ നമ്മളെ ചവിട്ടി പുറത്താക്കാണെങ്കിൽ നഷ്ടപരിഹാരം കൊടുക്കേണ്ടതില്ലെന്നുമാണ് അതിൽ എഴുതി പിടിപ്പിച്ചിരിക്കുന്നത്...

ഇതൊന്നും പൂർണ്ണമായും വായിക്കാതെ ആ പേപ്പേഴ്സിൽ ഒക്കെ ഒപ്പിടാൻ കണ്ട എന്റെ സമയത്തെ ഞാൻ തന്നെ സ്വയം പഴിച്ച് കൊണ്ട് അച്ചൂനെ തുറുക്കനെ നോക്കി കണ്ണുരുട്ടി...

ഓള് അപ്പോ നമ്മളെ നോക്കി കൊണ്ട് ഇളിച്ച് കാണിച്ചിട്ട് വേഗം തല തിരിച്ച് നിന്നു...

"ഇപ്പോ ബോധ്യമായല്ലോ എല്ലാം...? ഏത് വകുപ്പിലാ താൻ കമ്പനിക്ക് 5 കോടി തരേണ്ടതെന്ന് ഇപ്പോ മനസ്സിലായില്ലേ...?"

എന്ന് ആദി നമ്മളോട് ചോദിച്ചപ്പോ നമ്മക്ക് വീണ്ടും ദേഷ്യം വന്ന് നമ്മള് അപ്പോ തന്നെ ആ പേപ്പേഴ്സ് ഒക്കെ കൂടി എടുത്ത് കീറിയിട്ട് ഓന്റെ മുഖത്തേക്ക് വലിച്ചെറിഞ്ഞു...

"ദേ കിടക്കുന്നു ഞാൻ സൈൻ ചെയ്ത പേപ്പേഴ്സ്.... ഇനി നിങ്ങൾ എന്ത് പറഞ്ഞ് എന്നെ ഇവിടെ പിടിച്ച് നിർത്തും...?"

"നിന്റെ കയ്യിലേക്ക് ഒറിജിനൽ പേപ്പേഴ്സ് വെച്ച് തരാൻ മാത്രം മണ്ടനാണ് ഞാനെന്ന് നീ കരുതിയോ...?

നീ ഇപ്പോ കീറി കളഞ്ഞത് അതിന്റെ കോപ്പിയാണ്... ഇതിന്റെ ഒറിജിനൽ വളരെ സേഫ് ആയിട്ട് എന്റെ കയ്യിലുണ്ട്.... ഇനി എന്ത് പറയുന്നു മിസ് ആയിഷ ഫെബി....?

ഇവിടെ തുടരുന്നോ... അതോ 5 കോടി തന്നിട്ട് മടങ്ങി പോകുന്നോ...?"

എന്ന് ഓൻ പറയുന്നത് കേട്ടപ്പോ ആദി ഇത്രക്ക് ക്രൂരനാണോ എന്ന് വരെ നമ്മക്ക് തോന്നി പോയി... നാട്ടിലെ ഉപ്പച്ചിന്റെ കടം വീട്ടാൻ വേണ്ടിയാ ഇങ്ങോട്ട് കേറി പോന്നത്... ഇവനീ പറയുന്ന 5 കോടി എന്റെ കൈയ്യിൽ ഉണ്ടായിരുന്നെങ്കിൽ ഞാൻ ഒരിക്കലും ഇങ്ങോട്ട് വരില്ലായിരുന്നല്ലോ...

എന്തായാലും നമ്മളെ ഓൻ നല്ലോണം പെടുത്തിയിട്ടുണ്ട്... അതോണ്ട് നമ്മക്ക് ഇനി ഇവിടെ തുടരുകയല്ലാതെ വേറെ നിവർത്തിയില്ല...

ഇനി രണ്ട് കൊല്ലം സൽമയും ആദിയും ഒരുമിച്ച് കഴിയുന്നത് എനിക്ക് കാണേണ്ടി വരുമല്ലോ എന്ന്

ഓർക്കുമ്പോഴാണ് സങ്കടം....

"എന്തായി തീരുമാനം...? 5 കോടി തരുവല്ലേ...?"

"അച്ചൂ എന്റെ ജോലിയെന്താ...?"

ആദി ചോദിക്കുന്നതിന് മറുപടി നൽകാതെ അച്ചുവിന്റെ നേരെ തിരിഞ്ഞോണ്ട് നമ്മള് അത് ചോദിച്ചപ്പോ ആദി ഒരു പുച്ഛത്തോടെ നമ്മളെ നോക്കി ചിരിച്ചു...

"നിന്റെ ഇന്നത്തെ ജോലി തീരുമാനിക്കുന്നത് അവളല്ല... ഞാനാ...."

എന്ന് ആദി പറഞ്ഞപ്പോ നമ്മക്ക് എന്തോ കാര്യമായിട്ട് കോന്തൻ പണിഞ്ഞിട്ടുണ്ടെന്ന് മനസ്സിലായി...

ഓൻ അപ്പോ തന്നെ ഓന്റെ ടേബിളിലെ ബെല്ലടിച്ചതും പ്യൂണ് അകത്തേക്ക് കയറി വന്നു...

"ഭാസ്കരേട്ടാ... നമ്മുടെ കമ്പനിയിൽ ഇതുവരെ വന്നിട്ടുള്ള എല്ലാ ഇവെന്റ്സിന്റെയും ഫയൽസ് ഇപ്പോ തന്നെ ഇവൾക്ക് കൊണ്ട് കൊടുക്കണം....

ആ ഫയൽസിന്റെയൊക്കെ അക്കൗണ്ട്സ് ക്ലിയർ ചെയ്ത് അതൊക്കെ ഒരു ഫോൾഡറിലാക്കി എനിക്ക് മെയിൽ ചെയ്തിട്ട് ആ ഫയൽസൊക്കെ ഒന്ന് കൂടി റീക്രിയേറ്റ് ചെയ്ത് നാളെ മോർണിങ് എന്റെ ടേബിളിൽ കാണണം....മനസ്സിലായല്ലോ തനിക്ക്...?"

എന്ന് ഓൻ നമ്മളോട് കലിപ്പായി കൊണ്ട് ചോദിച്ചപ്പോ നമ്മളൊന്ന് ഓനെ നോക്കുക മാത്രം ചെയ്തോണ്ട് ഓനെ പുച്ഛിച്ച് മുഖം തിരിച്ചു...

അപ്പോ ഭാസ്കരേട്ടൻ നമ്മളെ ഒന്ന് ദയനീയമായി നോക്കുന്നത് കണ്ടിട്ട് നമ്മള് അച്ചൂനെ നോക്കിയപ്പോ ഓള് നമ്മക്ക് വീണ്ടും പല്ലിളിച്ച് കാണിച്ച് തന്നു ശവം...

എന്നിട്ട് ആദി അവന്റെ കോളിങ് ഗ്ലാസും വെച്ച് നമ്മളെ ഒന്ന് നോക്കിയിട്ട് ഡോർ തുറന്ന് അവിടന്ന് പുറത്തേക്ക് പോയതും ആ സൽ മ പിശാച് നമ്മളെ നോക്കി പുച്ഛിച്ച് ചിരിച്ചോണ്ട് ഓന്റെ പിറകെ വെച്ച് പിടിച്ചു...

പെട്ടെന്ന് ഓള് തിരിച്ച് നടന്നിട്ട് നമ്മളെ ഒന്ന് അടിമുടി നോക്കി കൊണ്ട് പല്ലി ചിലക്കുന്ന പോലെ ചിലച്ച് കാണിച്ചു...

"നീ എന്റെ ഒരു നമ്പർ വൺ ശത്രുവാണ്... ആ നിന്നെ തന്നെ ഞാൻ എന്തിനാ ഈ കമ്പനിയിൽ... അതും എന്റെ recommentationൽ ആദിന്റെ കീഴിൽ ജോലി വാങ്ങിച്ച് തന്നതെന്ന് നിനക്ക് മനസ്സിലാകുന്നില്ലല്ലേ...?

എന്നാ ഞാൻ എല്ലാം മനസ്സിലാക്കിപ്പിച്ച് തരാം....

നീ നാട്ടീന്ന് പല കമ്പനികൾക്കും അപ്പ്ലിലിക്കേഷൻ അയച്ചിട്ട് അവിടന്ന് ഒന്നും നിന്നെ ഇന്റർവ്യൂവിന് വിളിക്കാഞ്ഞത് എന്ത് കൊണ്ടാണെന്ന് അറിയോ..?"

ഓളെ ചോദ്യം കേട്ടതും നമ്മള് ഓളെ ഒരു സംശയ ഭാവത്തോടെ നോക്കി നിന്നു...

"ഞാൻ പറഞ്ഞിട്ടാ നിന്നെ അവിടന്ന് ഒന്നും

ഇന്റർവ്യൂവിന് വിളിക്കാഞ്ഞത്.... അത് എന്തിനാണെന്ന് അറിയോ...? നിന്നെ ഇവിടെ എന്റെ മുന്നിൽ വരുത്താൻ..."

ഓള് പറയുന്നത് കേട്ടിട്ട് നമ്മള് ഒന്നും മനസ്സിലാകാത്ത പോലെ ഓളെ നോക്കിയപ്പോ ഓള് ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് വന്നു...

"നീ കാണണം.... ആദി എന്നെ എത്രത്തോളം സ്നേഹിക്കുന്നുണ്ടെന്ന് നീ കൺകുളിർക്കെ കണ്ട് അതൊന്നും സഹിക്കാൻ കഴിയാതെ നീ നീറി നീറി എന്റെ മുന്നിൽ കഴിയണം... അതിന് വേണ്ടിയാ ഞാൻ നിന്നെ ഇവിടെ വരുത്തിക്കാൻ ഇത്രക്ക് ഉത്സാഹം കാണിച്ചത്..."

ഓളെ ഓരോ വാക്കും നമ്മളെ തെല്ലൊന്നുമല്ല വേദനിപ്പിച്ചത്... പിന്നെ പണ്ടേ സൽമയുടെ മുന്നിൽ തോറ്റ് ശീലമില്ലാത്തോണ്ട് ഓള് ഏതറ്റം വരെ പോകുമെന്ന് എനിക്കും ഒന്ന് കാണണമായിരുന്നു....

"ഈ ഇവന്റ് മാനേജ്മെന്റ് കമ്പനിയിൽ തന്നെ നിനക്ക് ജോലി വാങ്ങി തന്നതിന് മറ്റൊരു ഉദ്ദേശം കൂടിയുണ്ട്...

എന്റേയും ആദിയുടെയും എങ്കേജ്മെന്റും കല്യാണവുമൊക്കെ നിന്റെ നേതൃത്വത്തിൽ നിന്റെ കണ്മുന്നിൽ വെച്ച് തന്നെ നടക്കണമെന്നത് എന്റെ ഒരു വാശിയാണ്... ഇല്ലെങ്കിൽ എനിക്ക് ഒരു സമദാനവും കിട്ടില്ല...."

സൽ മ അവസാനമായി പറയുന്നത് കേട്ടതും നമ്മള് ഞെട്ടി കൊണ്ട് വീണ്ടും അച്ചുവിനെ നോക്കി... അപ്പോ ഓള് നമ്മളെ നോക്കി കണ്ണിറുക്കി കാണിച്ചു തന്നു...

ആദിന്റെയും സൽമന്റെയും കല്യാണം ഈ രണ്ട് വർഷത്തിനിടക്ക് കഴിഞ്ഞ് കാണുമെന്ന് പ്രതീക്ഷിച്ച നമ്മളെ മുന്നിലേക്ക് സന്തോഷത്തിന്റെ പെരുമഴ തൂകുന്ന വാർത്തയാണ് സൽ മ പറഞ്ഞത്... കല്യാണം പോയിട്ട് അവരെ എങ്കേജ്മെന്റ് പോലും നടന്നിട്ടില്ലെന്ന് എനിക്ക് വിശ്വസിക്കാൻ പോലും പറ്റുന്നില്ല...

ഇതുവരെ സൽമക്കെതിരെ ഗോൾ അടിക്കാൻ വേണ്ടി പന്ത് തിരഞ്ഞോണ്ട് നിന്ന നമ്മക്ക് നേരെ തന്നെ ഓള് ഗോളടിക്കാൻ അവസരം തന്നിരിക്കാണ്... ഇത് നമ്മള് മുതലാക്കിയല്ലേ പറ്റൂ....

അങ്ങനെ നമ്മളെ വാ അടപ്പിച്ചോണ്ട് സൽ മ അവിടന്ന് പോകാൻ നിന്നതും നമ്മള് ഓളെ മുന്നിൽ ഒരു തടസമായി നിന്നോണ്ട് അവളെ പോകാൻ സമ്മതിച്ചില്ല...

"ഹാ...അങ്ങനെയങ്ങ് പോയാലെങ്ങനെയാ സൽമാ ശരിയാകാ...?

നീ ഇതുവരെ പറയുന്നതൊക്കെ കേട്ടോണ്ട് കമാന്ന് ഒരക്ഷരം മിണ്ടാതെ നമ്മള് നിന്നില്ലേ...?

ഇനി എനിക്ക് പറയാനുള്ളത് കൂടി കേട്ടിട്ട് നീ പൊയ്ക്കോ....?"

എന്ന് നമ്മള് പറഞ്ഞപ്പോ ഓള് കയ്യും കെട്ടി നമ്മളെ മുന്നിൽ നിന്നിട്ട് പറയാൻ പറഞ്ഞു... നമ്മള് അപ്പോ തന്നെ ഇത്തിരി ഗമയിൽ ഓളെ അടുത്തേക്ക് നടന്നിട്ട്

നമ്മളും നല്ല കിടുക്കാച്ചി ഡയലോഗ് അങ്ങോട്ട് തട്ടി വിട്ടു...

"നീ എന്നെ ഇങ്ങോട്ട് കൊണ്ട് വന്നത് തെറ്റായി പോയല്ലോ സൽമ.... അതിനേക്കാൾ വലിയ തെറ്റ് എന്താണെന്ന് അറിയോ നിനക്ക്...?

നീയും ആദിയും തമ്മിൽ ഇപ്പോഴും കല്യാണം പോയിട്ട് ഒരു എങ്കേജ്മെന്റ് പോലും കഴിഞ്ഞിട്ടിലെന്ന സത്യം നീയെന്നോട് പറഞ്ഞല്ലോ... അതാണ് നീ ചെയ്തതിൽ വെച്ച് ഏറ്റവും വലിയ തെറ്റ്..."

നമ്മള് പറയുന്നത് കേട്ടിട്ട് ഓള് നമ്മളെ രൂക്ഷമായി നോക്കുന്നത് കണ്ടപ്പോ നമ്മളെ ഡയലോഗ് ഏറ്റെന്ന് നമ്മക്ക് ബോധ്യമായി...

"ആദി എന്ത് കൊണ്ടാ എന്നെ കണ്ട പരിചയം പോലും കാണിക്കാത്തത് എന്നൊന്നും എനിക്കറിയില്ല... പക്ഷെ, അവന്റെ ഉള്ളിൽ എന്നോട് ഇപ്പോഴും ആ പഴയ സ്നേഹം ഒളിഞ്ഞ് കിടപ്പുണ്ടെന്ന് ഇന്നത്തെ ഓന്റെ

നോട്ടത്തിലൂടെ തന്നെ നമ്മക്ക് മനസ്സിലായി മോളെ....

പടച്ചോനായിട്ടാ എന്നെ ഇങ്ങോട്ട് കൊണ്ട് വരാൻ നീയൊരു നിമിത്തമായത്... അതിന് നിന്നോട് എത്ര നന്ദി പറഞ്ഞാലും തീരില്ല സൽമ... തീരില്ല.... താങ്ക്യൂ താങ്ക്യൂ താങ്ക്യൂ താങ്ക്യൂ താങ്ക്യൂ സോ മച്...."

നമ്മളെ പറച്ചില് കേട്ട് അവളെ ഉള്ളിൽ ഉറങ്ങി കിടന്നിരുന്ന ഭദ്രകാളിയെ ഉണർത്തിയെടുത്തിട്ടുണ്ട് നമ്മളെന്ന് പിന്നീടുള്ള അവളെ നോട്ടത്തിൽ നിന്ന് തന്നെ നമ്മക്ക് മനസ്സിലായി... എന്നാലും നമ്മള് ആ നോട്ടം കണ്ട് പതറാൻ പാടില്ലല്ലോ... അതോണ്ട് നമ്മള് ഓളെ നേറീ അടുത്ത ഡയലോഗും തൊടുത്ത് വിട്ടു....

"പിന്നെ നീ വേറെ എന്തോ പറഞ്ഞിരുന്നല്ലോ.... നിന്റെയും ആദിന്റെയും എങ്കേജ്മെന്റും കല്യാണവും എന്റെ നേതൃത്വത്തിൽ വെച്ച് ഞാൻ നടത്തി തരുമെന്നോ.....?

ഹ...ഹ...ഹ... അത് ഞാൻ വരുന്നത് വരെയുള്ള നിന്റെ

വെറും തോന്നല് മാത്രമാണ് സൽമാ...

നീ കാണാൻ പോകുന്നത് നിന്റെയും ആദിന്റെയും ഒന്നിക്കലെല്ല... എന്റെയും ആദിന്റെയും ഒന്നിക്കലൊണ്... അതിന്റെ ഒരു ചെറിയ ഡോസാണ് നേരത്തെ ഞാൻ വീഴാൻ പോയപ്പോ ഓൻ എന്നെ പിടിച്ചില്ലേ... അത്....

ഇനി ഇത് പോലെ നീ എന്തൊക്കെ കാണാൻ കിടക്കാ.... എല്ലാം ഓരോന്നായിട്ട് നിനക്ക് കാണിച്ച് തരാവേ..."

എന്ന് പറഞ്ഞ് നമ്മള് ഓളെ നോക്കി പല്ലിളിച്ചതും അച്ചു നീട്ടിയൊരു വിസിലടിയായിരുന്നു...

"ഡി.... നീയാ ഉദ്ദേശമൊക്കെ മനസ്സിൽ വെച്ചിട്ടാണ് ഇങ്ങോട്ട് വന്നിട്ടുള്ളത് എങ്കിൽ അതൊക്കെ മുളയിലേ നുള്ളി കളയുന്നതാകും നിനക്ക് നല്ലത്... കാരണം ആദി എന്റെയാ...എന്റേത് മാത്രം....

നിനക്ക് ഞാൻ അവനെ ഒരിക്കലും വിട്ട് തരില്ല... മാത്രല്ല അവന് ഇപ്പോ നിന്റെ സ്നേഹത്തെക്കാൾ എന്റെ സ്നേഹമാണ് വലുത്... ആദിക്ക് നീയാരാണെന്ന്

പോലും അറിയില്ല... പിന്നെയല്ലേ നിങ്ങള് തമ്മിൽ ഒന്നിക്കാൻ പോകുന്നത്...."

"ഹ...ഹ...ഹ... അതൊക്കെ ആദി നിന്നെ വിശ്വസിപ്പിക്കാൻ വേണ്ടി നിന്റെ മുന്നിൽ അഭിനയിക്കുന്നതല്ലേ.... അവന് എന്നെ തന്നെയാ ഇപ്പോഴും ഇഷ്ടം.... അത് നിനക്ക് വൈകാതെ തന്നെ മനസ്സിലാകും..."

"മനസ്സിലാകാൻ പോകുന്നത് എനിക്കാണോ അതോ എനിക്കാണോ എന്ന് നീ കാണാൻ ഇരിക്കുന്നതെയുള്ളൂ..."

എന്ന് പറഞ്ഞ് നമ്മളെ നേരെ കുരച്ച് ചാടി കൊണ്ട് അവള് അവിടന്ന് ഇറങ്ങി പോയപ്പോഴാ നമ്മക്ക് ശരിക്കും ആശ്വാസമായത്...

സത്യം പറഞ്ഞാൽ ഇത്രയും നേരം അവളോട് എന്തൊക്കെയാ വിളിച്ച് കൂവിയതെന്ന് എനിക്ക് പോലും ഓർമ്മയില്ല... ആ നേരത്ത് വായേല് തോന്നിയതൊക്കെ വിളിച്ച് കൂവിയിട്ടുണ്ട്....

പക്ഷെ അപ്പോഴൊക്കെ നമ്മളെ മനസ്സിൽ ഒരു ചോദ്യചിഹ്നമായി കൊണ്ട് ആദി നിൽപ്പുണ്ട്...

ഓന് എന്നെ ശരിക്കും ഓർമ്മയില്ലേ അതോ അത് പോലെ അഭിനയിക്കാണോ എന്നതായിരുന്നു നമ്മളെ മെയിൻ സംശയം....

ഇങ്ങനെ അതൊക്കെ കൂടി ചിന്തിച്ച് കൂട്ടുമ്പോഴാണ് അച്ചൂ വന്ന് നമ്മളെ തോളിൽ കൈ വെച്ചത്...

"എന്റെ ഫെബി... നീ പൊളിച്ചു മോളെ... നിന്റെ ഡയലോഗ് കേട്ടപ്പോഴുള്ള ആ സൽമന്റെ മോന്ത ഒന്ന് കാണണമായിരുന്നു..."

എന്ന് പറഞ്ഞ് ഓള് ഹലാക്കിലെ ചിരിയായിരുന്നു... പക്ഷെ നമ്മളെ ടെററായിട്ടുള്ള ഫേസ് കണ്ടതും ഓള് അപ്പോ തന്നെ ചിരി നിർത്തി നമ്മളെ നോക്കി ഇളിച്ചിട്ട് ഒരു സോറിയും പറഞ്ഞോണ്ട് ഒരൊറ്റ ഓട്ടമായിരുന്നു പുറത്തേക്ക്....

നമ്മള് വിടോ... ഓളെ പിന്നാലെ നമ്മളും ഓടി പോയി

ഒടുവിൽ ഓളെ കൈയിൽ കിട്ടിയപ്പോ കണക്കിന് കൊടുത്തു വീട്ടി....

അത് കണ്ടിട്ട് സനയും അരുണും അച്ചയനും കൂടി ഞങ്ങളെ അടുത്തേക്ക് വന്നിട്ട് കാര്യം അന്വേഷിച്ചപ്പോ നമ്മള് അവരെ നേരെ പൊട്ടി തെറിച്ചു....

"അയ്യേ... വല്യ ചക്കപോത്ത് ആയിട്ടും കൊച്ചു പിള്ളേരെ പോലെ കരയുന്നത് കണ്ടില്ലേ പെണ്ണ്... അയ്യേ...."

എന്ന് പറഞ്ഞ് അച്ചായൻ നമ്മളെ കളിയാക്കിയപ്പോ നമ്മള് മൂപ്പരെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തിട്ട് അവരെ കളിയാക്കല് കേട്ട് ഒന്ന് ചിരിച്ച് കൊടുത്തു....

അത് കണ്ടപ്പോ അവര് ആ കളിയാക്കലും നിർത്തി....

"ഇനി പറ എന്താ ഞങ്ങളെ ഫെബി മോൾക്ക് അറിയേണ്ടത്..? എല്ലാം ഈ ഞങ്ങള് പറഞ്ഞു തരും..." സനയാണ്.

"എന്നാ പിന്നെ ആദ്യം മുതൽക്കെയുള്ള ഓളെ സംശയം മാറ്റാൻ ഞാൻ തന്നെ പറഞ്ഞ് തുടങ്ങാം..."

എന്ന് അച്ചു പറഞ്ഞപ്പോ നമ്മള് ഓളെ തന്നെ നോക്കി ഇരുന്നിട്ട് ഓള് പറയുന്നത് കേൾക്കാനായിട്ട് കാത് കൂർപ്പിച്ച് ഇരുന്നു....

"അന്ന് നിന്നെ ഹോസ്പിറ്റലിൽ ആക്കിയതിന് ശേഷം കാക്കു സ്പീഡിൽ കാറും എടുത്തോണ്ട് പോയത് ഒരു അപകടത്തിലേക്ക് ആയിരുന്നു... പടച്ചോന്റെ കൃപ കൊണ്ട് അന്ന് കാക്കൂനെ കൂടുതൽ പരിക്കുകളൊന്നും ഇല്ലാതെ രക്ഷപ്പെടുത്താൻ കഴിഞ്ഞെങ്കിലും കാക്കു പഴയതൊക്കെ മറന്നിരുന്നു....

കാക്കൂന് അപ്പോ അവർ ഡിഗ്രിക്ക് പഠിക്കുന്നത് വരെ ഓർമ്മകളിൽ ഉണ്ടായിരുന്നുള്ളു...

അന്ന് സമീർക്കയുമായി നടന്ന ആക്സിഡന്റിന് മുമ്പുള്ള കാര്യങ്ങൾ മാത്രമേ ഓർമ്മ ഉണ്ടായിരുന്നുള്ളുവെന്ന്...

എന്ന് വെച്ചാൽ നിന്നെയോ ഞങ്ങളെയോ ഒന്നും

കാക്കുവിന് ഇപ്പോ ഓർമ്മയില്ല.... ഓർമ്മയിലുള്ളത് സൽമയെയും അവളുടെ സ്നേഹത്തെയും മാത്രമാണ്..."

അച്ചു പറയുന്നത് കേട്ടപ്പോ എനിക്ക് അതൊന്നും ഉൾക്കൊള്ളാൻ കഴിയുന്നില്ലായിരുന്നു...

ആദി...അവന് എന്നെ ഓർമ്മയില്ലെന്ന സത്യം എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല...

"ഇതൊക്കെ ഞങ്ങള് ഇങ്ങോട്ട് വന്നതിന് ശേഷമാണ് ഫെബി അറിഞ്ഞത്.... അതും അൻസിക്കയും നിസൂക്കയും പറഞ്ഞ അറിവാ ഇതൊക്കെ..." അരുണാണ്.

"ഇതൊക്കെ നിന്നോട് പറഞ്ഞാൽ നീ വിശ്വസിക്കില്ലെന്ന് ഞങ്ങൾക്ക് ഉറപ്പായിരുന്നു ഫെബി... അത് കൊണ്ടാ ഞങ്ങളെ ബോസ് ആദിൽക്കയാണെന്ന് ഞങ്ങൾ മനപ്പൂർവ്വം മറച്ച് വെച്ചത് ...

കാരണം, ആദിൽക്കക്ക് നിന്നെ ഓർമ്മയില്ലെന്ന സത്യം നീ നേരിട്ട് കണ്ട് ബോധ്യപ്പെടണമെന്ന് ഞങ്ങൾക്ക്

നിർബന്ധമുണ്ടായിരുന്നു..." സനയാണ്.

"പിന്നെ അവര് തമ്മിലുള്ള എങ്കേജ്മെന്റ് എങ്ങനെയാ മുടങ്ങിയതെന്ന് ചോദിച്ചാൽ.... നിനക്ക് അറിയോ എന്നറിയില്ല... ആദിന്റെ കുടുംബത്തിൽ ആരെങ്കിലും മരണപ്പെട്ടാൽ പിന്നെ മൂന്ന് വർഷത്തേക്ക് അവരെ കുടുംബത്തിൽ യാതൊരു ആഘോഷവും പാടില്ലെന്നാണ്...."

എന്ന് അച്ചായൻ പറഞ്ഞപ്പോ അന്ന് ആദി അവന്റെ ഉപ്പ മരിച്ചതിന് ശേഷം മൂന്ന് കൊല്ലം കഴിഞ്ഞിട്ടേ ആഘോഷങ്ങളൊക്കെ നടത്തിയിരുന്നുള്ളു എന്ന് പറഞ്ഞത് എന്റെ ഓർമ്മയിലേക്ക് വന്നു...

"അന്ന് നാട്ടിൽ വെച്ച് അവരെ എങ്കേജ്മെന്റ് നടത്താനിരുന്ന ദിവസമായിരുന്നു ആദിന്റെ വല്ലിമ്മ മരിച്ചത്... അത് കൊണ്ട് അന്നത്തെ അവരെ എങ്കേജ്മെന്റും മുടങ്ങി..."

അച്ചായൻ പറയുന്നത് കേട്ടപ്പോ നമ്മക്ക് വീണ്ടും

സങ്കടായി... ആ വീട്ടിൽ കുറച്ചെങ്കിലും മനുഷ്യപറ്റോടെ നമ്മളെ നോക്കിയിരുന്നത് ആദിന്റെ വല്ലിമ്മയായിരുന്നു... ആ വല്ലിമ്മ ഇന്നില്ല എന്ന വാർത്ത എന്നെ വല്ലാതെ തളർത്തി കളഞ്ഞു....

"അതിന് ശേഷം അവര് അവിടം വിട്ട് ഇങ്ങോട്ട് വന്നതാണ്... ഇവിടെ വന്നിട്ട് ആ സൽമന്റെ ഉപ്പയുമായിട്ട് അവരെ ബിസിനെസ്സ് ഒക്കെ നോക്കി നടത്തി...

ആയിടക്കാണ് എനിക്ക് ഇവിടന്ന് ഫാഷൻ ഡിസൈനറെ പോസ്റ്റിലേക്ക് അപ്പോയ്മെന്റ് കിട്ടുന്നതും ഇങ്ങോട്ട് പോന്നതും... അതിന്റെ പിന്നാലെ അരുണിന് ഫോട്ടോഗ്രാഫർ ആയിട്ടും അച്ചായന് വിഡിയോഗ്രാഫറായിട്ടും സനക്ക് ഓഫീസ് സ്റ്റാഫുമായിട്ട് ജോലി കിട്ടി ഇങ്ങോട്ട് വന്നത്....

ഇവിടെ വന്നപ്പോ കാക്കൂനെ കണ്ട ഷോക്കും സന്തോഷവും ഞങ്ങൾക്ക് ഉണ്ടായിരുന്നെങ്കിലും കാക്കൂന് ഞങ്ങളെ ഒന്നും ഓർമ്മ ഇല്ലെന്നത് ഞങ്ങളെ നല്ലോണം വിഷമിപ്പിച്ച് കളഞ്ഞു..." അച്ചുവാണ്.

"പിന്നെ അങ്ങോട്ടുള്ള ഓരോ ദിവസവും ഞങ്ങളെ ബോസ് ആയി മാറുകയായിരുന്നു ആദിൽക്ക.... സത്യം പറഞ്ഞാൽ പണിഷ്മെന്റ് വാരി കൂട്ടി വാരി കൂട്ടി വെറുത്തു പോയി മൂപ്പരെ ഞങ്ങള്..."

സന അങ്ങനെ ഒരു കോമെഡിയിലേക്ക് ആ ട്രാക്ക് വഴി തിരിച്ചതും ഞങ്ങളൊക്കെ ഒന്ന് ചിരിച്ചു... പക്ഷെ അപ്പോഴും എന്റെ ഉള്ളിൽ ഇട്ടുമൂടാൻ മാത്രം ചോദ്യങ്ങൾ കിടന്ന് തുള്ളി കളിക്കുന്നുണ്ടായിരുന്നു...

"അങ്ങനെ ആണെങ്കിൽ ആദിക്ക് കാക്കൂനെയും അൻസിക്കാനെയും നിസൂക്കാനെയും ഒക്കെ ഓർമ്മ കാണില്ലേ...?

എന്നിട്ട് എന്താ അവരെയൊക്കെ ആദിയിൽ നിന്നും ഇങ്ങനെ മാറ്റി നിർത്തിയത്...?"

"ആ ചോദ്യം ഒരു നല്ല ചോദ്യമാണ്... പക്ഷെ അതിനുള്ള മറുപടി നൽകേണ്ടത് ഞങ്ങള് അല്ല... നിസൂക്കയും

അൻസിക്കയുമാണ്... അവരേ നേരിൽ കാണുമ്പോ നീ തന്നെ ചോദിക്ക്...."

എന്ന് സന പറഞ്ഞപ്പോ അവരും അതിനോട് യോജിച്ചു...

"പിന്നെ ഫെബി...നിന്നെ ഞങ്ങള് ഇങ്ങോട്ട് കൊണ്ട് വരാൻ വേണ്ടി ആ സൽമന്റെ കാല് വരെ പിടിച്ചത് നിന്റെ അവിടത്തെ ജീവിത സാഹചര്യം കൊണ്ട് മാത്രമല്ല... മറിച്ച് കാക്കുവിന്റെ പഴയ ഓർമ്മകൾ തിരിച്ച് കൊണ്ട് വന്ന് കാക്കൂനെ പഴയ നമ്മുടെ കാക്കുവായി മാറ്റാനാണ്...

അതിന് ഞങ്ങളെ ആരെ കൊണ്ടും സാധിച്ചില്ലെങ്കിലും നിന്നെ കൊണ്ട് അതിന് കഴിയുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്....

അതോണ്ട് ഇനിയുള്ള നമ്മുടെ ഓരോ നീക്കവും ഇനി അതിന് വേണ്ടിയുള്ളത് ആയിരിക്കണം... കാക്കൂനെ നമുക്ക് തിരിച്ച് കൊണ്ട് വരണം... അതും നമ്മുടെ പഴയ ആദിയായി തന്നെ...."

എന്നൊക്കെ അച്ചൂ പറഞ്ഞപ്പോ തന്നെ നമ്മള് അതൊക്കെ കണക്ക് കൂട്ടിയിരുന്നു... എന്ത് വില കൊടുത്തും ആദിയുടെ പഴയ ഓർമ്മകൾ അവനിലേക്ക് തിരിച്ച് കൊണ്ട് വരാൻ ഞാൻ എന്തും ചെയ്യുമെന്ന് അപ്പോ തന്നെ തീരുമാനിച്ച് ഉറപ്പിച്ചു....

എനിക്ക് വേണം എന്റെ ആദിയെ....അതും പഴയ പോലെ...അതിന് വേണ്ടി ആ സൽമയുമായി ഏറ്റുമുട്ടാനും ഞാൻ തയ്യാറാണ്...

"ഡി ഫെബി....മതി ആലോജിച്ച് നിന്നത്... ആ കാലമാടൻ ഇപ്പോ കേറി വരും അശ്വതി എവിടെ ഞാൻ തന്ന വർക്കിന്റെ റിപ്പോർട്ട് എന്ന് ചോദിച്ചോണ്ട്... അപ്പോ എടുത്ത് കൊടുക്കാൻ റിപ്പോർട്ട് ഇല്ലെങ്കിലേ പണിഷ്മെന്റിന് മേൽ പണിഷ്മെന്റാകും കിട്ടാ...

ശോ ഇന്നലെ അവനെ ആ സൂപ്പർ മാർക്കറ്റിൽ വെച്ച് കണ്ടതാണ് കുഴപ്പായത്... ഇല്ലെങ്കിൽ എന്തെങ്കിലുമൊക്കെ പറഞ്ഞിട്ട് നാളെ കൊടുത്താൽ മതിയായിരുന്നു...."

"ഓഹോ... അപ്പോ ആദിയെ ഇന്നലെ സൂപ്പർ

മാർക്കറ്റിൽ വെച്ച് കണ്ടതോണ്ടാണല്ലേ എന്നെ അവിടന്ന് വേഗം വലിച്ചോണ്ട് വന്നത്...?"

നമ്മള് അച്ചുവിനെ നോക്കി കൊണ്ട് ചോദിക്കുന്നത് കേട്ടപ്പോ അവള് അതെ എന്ന് തലയാട്ടി...

"എന്റെ ഫെബി... ഇന്നലെ അങ്ങേരെ അവിടെ വെച്ച് കണ്ടതോണ്ട് തന്നെയാ നിന്നെ അവിടന്ന് പിടിച്ചോണ്ട് വന്നത്... അല്ലാതെ അങ്ങേരെ ഉമ്മിനെ കണ്ടെന്ന് കരുതി അല്ല...

ഇനിയും ഇവിടെ നിന്ന് പ്രസംഗിക്കാനെ എനിക്ക് ടൈം ഇല്ല... ആ കാലമാടൻ ഒരു ഇവന്റിന്റെ പ്രൊജക്റ്റ് എന്റെ തലയിൽ കെട്ടി വെച്ചിട്ടാ ഇവിടന്ന് പോയത്... നാളെ രാവിലെ അതിന്റെ എല്ലാ കോൺസെപ്റ്റസും കാര്യങ്ങളും ഓന്റെ ടേബിളിൽ കാണണമെന്നാണ് ഓഡർ... ഇല്ലേൽ ആ കുരിപ്പ് ഞങ്ങളെ കുരിശിൽ തറക്കും...."

"ഡി... എന്റെ ആദിയെ കുറിച്ച് സംസാരിക്കുമ്പോ

സൂക്ഷിച്ച് സംസാരിക്കണം... ഇല്ലെങ്കിൽ ഉണ്ടല്ലോ എല്ലാത്തിനെയും ചവിട്ടി കൂട്ടി ഒരു മൂലക്കലൊക്കും ഞാൻ...."

എന്ന് സനന്റെ പറച്ചില് കേട്ടിട്ട് ഓളെ നുള്ളി കൊണ്ട് മറുപടി കൊടുത്തതും എല്ലാവരും കൂടി ചേർന്ന് നമ്മളെ പൊങ്കാലയിട്ടു... നമ്മള് അവറ്റകളെ നോക്കി കൊണ്ട് ഒരു താക്കീതും കൊടുത്തിട്ട് നമ്മളെ സീറ്റിൽ പോയി ഇരുന്നു...

നമ്മക്കും സനക്കും തൊട്ടടുത്ത് തന്നെയാണ് സീറ്റ്... അച്ചുവിന് പിന്നെ പ്രേത്യേകമായിട്ട് ഒരു ക്യാബിനുണ്ട്... അരുണും അച്ചയാനും ഒരുമിച്ച് മറ്റൊരു ക്യാബിനിലുമാണ്...

അച്ചുവിന്റെ മെയിൻ പരിപാടി എന്താന്ന് വെച്ചാൽ കിട്ടുന്ന ഇവെന്റ്സിന് അവർക്ക് ധരിക്കേണ്ട കോസ്റ്റുംസൊക്കെ ഡിസൈൻ ചെയ്ത് കൊടുക്കലൊണ്....

ഇവള് നാട്ടിലേക്ക് പോകുന്നതിന് മുൻപ് ഒരു ഡിസൈനർ ക്ലോത്തുമായിട്ട് ബന്ധപ്പെട്ടാണ് ആദി

അവളോട് റിപ്പോർട്ട് തയ്യാറാക്കാൻ പറഞ്ഞത്... അതൊക്കെ നാട്ടിൽ തിരിച്ച് എത്തിയിട്ട് ചെയ്യാമെന്ന് പറഞ്ഞ് ഒടുക്കം അതൊന്നും കമ്പ്ലീറ്റ് ചെയ്യാതെ തെണ്ടി തിരിഞ്ഞ് നടന്നതിനാണ് ആദിന്റെ കയിൽ നിന്നും കണക്കിന് കേട്ടത്....

അങ്ങനെ നമ്മക്ക് എന്തൊക്കെയാണ് ചെയ്യേണ്ടതെന്നും നമ്മളെ പണി എന്താണെന്നും സന നമ്മക്ക് വിശദീകരിച്ച് തരുമ്പോഴായിരുന്നു പെട്ടെന്ന് നമ്മളെ ടേബിളിലേക്ക് ഒരു കെട്ട് ഫയൽസ് വന്ന് വീണത്...

ഇതെന്താ മലയോ... എന്ന് സംശയിച്ചോണ്ട് നമ്മള് അത് കൊണ്ട് വന്ന് വെച്ച മുഖത്തേക്ക് നോക്കി കൊണ്ട് ചോദിക്കുന്നത് കേട്ടപ്പോ സനയാണ് പറഞ്ഞത് ഇതാണ് നമ്മക്കുള്ള പണിയെന്ന്...

"മോളോട് ഈ ഫയൽസ് ഒക്കെ നോക്കി അതിന്റെ അക്കൗണ്ട്സ് ഒക്കെ ക്ലീയറാക്കിയിട്ട് അതൊക്കെ സാറിന്റെ മ

മെയ്ലിലേക്ക് ഇന്ന് രാത്രിക്കുള്ളിൽ അയക്കാൻ

പറഞ്ഞു.... പിന്നെ ഇതൊക്കെ ഒന്ന് കൂടി റീക്രിയേറ്റ് ചെയ്ത് ഈ ഫയൽസൊക്കെ നാളെ രാവിലെ തന്നെ സാറിന്റെ ടേബിളിൽ കാണണമെന്ന്...."

എന്ന് പ്യൂണ് ഭാസ്കരേട്ടൻ പറയുന്നത് കേട്ടപ്പോ കണ്ണിൽ കൂടി പൊന്നീച്ച പാറി.... നമ്മള് അപ്പോ തന്നെ ഒരു നിസ്സഹായകാവസ്ഥയിൽ സനയെ നോക്കിയതും ഇതൊന്നും പുത്തരിയല്ലെന്ന മട്ടിൽ അവളെന്റെ അടുത്തേക്ക് നീങ്ങി വന്നു...

"സത്യം പറ ഫെബി... കേറി വന്ന ആദ്യ ദിവസം തന്നെ നിനക്കിട്ട് ഇത്ര വലിയ പണി തരണമെങ്കിൽ നീ കാര്യമായിട്ട് എന്തോ ഒപ്പിച്ചിട്ടുണ്ടല്ലോ...എന്താ കാര്യം...?"

സന ചോദിക്കുന്നത് കേട്ടപ്പോഴാണ് നമ്മള് നേരത്തെ കാബിനിൽ വെച്ച് ഓനോട് കയർത്ത് സംസാരിച്ചതും ഓന്റെ മുന്നിലേക്ക് ആ പേപ്പേഴ്സ് ഒക്കെ കൂടി കീറി എറിഞ്ഞതും ഓർമ്മ വന്നത്... നമ്മള് അത് അപ്പോ തന്നെ സനയോട് പറഞ്ഞതും പെണ്ണ് തുടങ്ങീലേ ഹലാക്കിലെ ചിരി.... എന്നിട്ട് ഒടുക്കം, നീ അനുഭവിച്ചോ

നിന്റെ ആദിയല്ലേ എന്നൊരു ഡയലോഗും....

നമ്മള് ഓളെ പറച്ചില് കേട്ടിട്ട് ഓളെ നേരെ തിരിയാൻ നിന്നപ്പോഴാണ് ഭാസ്ക്കരേട്ടൻ ഞെട്ടിക്കുന്ന മറ്റൊരു സത്യം കൂടി പറഞ്ഞത്...

"ഇതൊക്കെ പെട്ടെന്ന് ചെയ്ത് തീർക്കാൻ നോക്ക് മോളെ... ഇനിയും ഇതുപോലെയുള്ള രണ്ട് കെട്ട് അവിടെ കിടപ്പുണ്ട്...."

എന്ന് പറഞ്ഞ് ഭാസ്കരേട്ടൻ പോയതും എന്നാലും എന്നോടീ ചതി വേണ്ടായിരുന്നു കോന്താ എന്ന് നമ്മള് അറിയാതെ മനസ്സിൽ വിളിച്ച് പോയി...

നമ്മക്ക് ആണെങ്കിലോ ആ ഫയൽസ് നോക്കിയിട്ട് എവിടെന്നാ തുടങ്ങേണ്ടതെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല... ഒടുക്കം സനയാണ് നമ്മക്ക് ഓരോന്ന് പറഞ്ഞ് എങ്ങനെയാ ചെയ്യേണ്ടതെന്ന് മനസ്സിലാക്കിയത്.... ഓൾക്കും ഈ പണിഷ്മെന്റ് ഒരിക്കൽ കിട്ടിയതാണത്രെ... അതാ ഇത്രക്ക്

നൈപുണ്യം....

അങ്ങനെ സന പറഞ്ഞ് തന്ന അറിവ് വെച്ച് നമ്മള് ഓരോ ഫയൽസും അരിച്ച് പെറുക്കി കൊണ്ടിരുന്നു... എത്ര ആയിട്ടും നമ്മക്ക് അത് തീർക്കാൻ കഴിയുന്നില്ലായിരുന്നു... അത്രക്ക് ഉണ്ട് ചെയ്ത് തീർക്കാൻ....

ഉച്ചക്കുള്ള ലഞ്ചും വൈകിട്ടത്തെ ചായയും ഒഴിവാക്കി നമ്മള് ആ ദിവസം മുഴുവൻ അതിൽ ചിലവഴിച്ചിട്ടും ഒരു കെട്ട് മാത്രേ പൂർത്തിയാക്കാൻ പറ്റിയുള്ളൂ.... അത് പൂർത്തിയാക്കി ഒന്ന് നടുനിവർത്തിയപ്പോഴുണ്ട് ഭാസ്കരേട്ടൻ അടുത്ത രണ്ട് കെട്ടും കൊണ്ട് നമ്മളെ അടുത്തേക്ക് വരുന്നു....

"ഇതെന്താ ഭാസ്കരേട്ടാ തീരുമ്പോ തീരുമ്പോ പണി തരാനായിട്ട് ഞാൻ ഭൂതോ...?

ഇന്ന് കേറി വന്നതല്ലേയുള്ളു ഞാൻ... ആ ഒരു പരിഗണന വെച്ചിട്ടെങ്കിലും ഇത് നിർത്തിക്കൂടെ...?

ഉച്ചയ്ക്കും ഒന്നും കഴിച്ചില്ല വൈകിട്ടും ഒന്നും കഴിച്ചില്ല

വിശന്നിട്ടാണെങ്കിൽ വയറ് കത്തിയെരിയാ... ഞാൻ ഒരു മനുഷ്യ ജീവിയാണെന്ന പരിഗണനവെച്ചെങ്കിലും ഞാൻ വല്ലതും കഴിച്ച് വന്നോട്ടെ ഭാസ്കരേട്ടാ....?"

"പറ്റില്ല...."

നമ്മള് എങ്ങനെയൊക്കെയോ നമ്മക്കെ നിസ്സഹായകവസ്ഥ ഭാസ്കരേട്ടനോട് പറഞ്ഞ് മനസ്സിലാക്കിപ്പിക്കുമ്പോഴാണ് ഭാസ്കരേട്ടന്റെ പുറകേന്ന് അങ്ങനെ ഒരു ശബ്ദം കേട്ടത്....

ഏത് അവളാ ആ പറഞ്ഞതെന്ന് ചിന്തിച്ചോണ്ട് നമ്മള് ഒന്ന് ഏന്തി വലിഞ്ഞ് നോക്കിയപ്പോഴുണ്ട് ആ അച്ചൂ തെണ്ടി നമ്മളെ അടുത്തേക്ക് വരുന്നു...

"അത് പറ്റില്ലല്ലോ മോളെ.... കൊടുത്ത പണി മുഴുവനാക്കാതെ നിനക്ക് ഇവിടന്ന് ഒന്ന് അനങ്ങാൻ പോലും പറ്റില്ല.... മര്യാദക്ക് പറഞ്ഞ പണിയൊക്കെ വേഗം ചെയ്ത് തീർക്കാൻ നോക്ക്..."

"എടി അച്ചു കുരിപ്പേ.... ഈ ഒരു കെട്ട് തന്നെ നോക്കി

ക്ലിയറാക്കിയപ്പോഴേക്കും ഞാൻ ഒരു വഴിക്കായി... ഇനി ഇത് രണ്ട് കൂടി നോക്കിയാലേ എന്നെ നിങ്ങൾക്ക് ജീവനോടെ കാണാൻ പറ്റില്ല.... പോരാത്തതിന് വിശന്നിട്ട് ആണെങ്കിൽ കണ്ണ് കാണുന്നുമില്ല... എനിക്ക് വിശക്കുന്നുണ്ട് ഞാൻ പോയി വല്ലതും കഴിക്കട്ടെ..."

എന്ന് പറഞ്ഞ് നമ്മള് എണീക്കാൻ നോക്കിയതും ആ അച്ചു തെണ്ടി നമ്മളെ അവിടെ തന്നെ പിടിച്ച് ഇരുത്തിയിട്ട് നമ്മക്ക് കഴിക്കാൻ വേണ്ടി ഒരു സ്നാക്സ് ബോക്സും കയ്യിൽ തന്നിട്ട് ജോലി പെട്ടെന്ന് തീർക്കാൻ നോക്ക്ട്ടൊ എന്ന് പറഞ്ഞ് ഓള് ഓളെ ക്യാബിനിലേക്ക് പോയി...

നമ്മള് ആ അച്ചു തെണ്ടിയെ പ്രാകി കൊണ്ട് അവളോടുള്ള ദേഷ്യമൊക്കെ ആ സ്നാക്സിനോട് തീർത്തിട്ട് നമ്മളെ ബാക്കി ജോലി നോക്കി....

അങ്ങനെ സമയം പെട്ടെന്ന് തന്നെ കടന്ന് പോയി കൊണ്ടിരുന്നു... ഓഫീസ് ടൈം കഴിഞ്ഞ് ഓരോരുത്തരായി ഇറങ്ങി പോകാൻ തുടങ്ങി...

"ഡി ഫെബി.... ഇതുവരെ തീർന്നില്ലേ...? ടൈം 5 മണി

ആയിട്ടോ... ഇന്നത്തെ നമ്മളെ ജോലി തീർന്നു... വാ ബാക്കി നാളെ നോക്കാം..."

"വേണ്ട സന... ഇതിപ്പോ കഴിയും നിങ്ങള് ചെല്ല് ഞാൻ വന്നോളാം... ഇത് തീർത്തിട്ട് വേണം ആ കോന്തന്റെ മുന്നിൽ ഒന്ന് ഞെളിഞ്ഞ് നിക്കാൻ..."

എന്ന് ഞമ്മള് പറയുന്നത് കേട്ട് സന ചിരിച്ചോണ്ട് തലയാട്ടി അവിടന്ന് പോയി... കുറച്ച് കഴിഞ്ഞപ്പോ മതി ചെയ്തതെന്ന് പറഞ്ഞ് അച്ചുവും നമ്മളെ വിളിച്ചപ്പോ നമ്മള് അവരെയൊക്കെ അവിടന്ന് പറഞ്ഞയച്ചിട്ട് വീണ്ടും ഫയൽസൊക്കെ നോക്കി കൊണ്ടിരുന്നു....

അങ്ങനെ സമയം ആറായി ഏഴായി എട്ടായി ഒമ്പതായി എന്നിട്ടും നമ്മളെ വർക്ക് മാത്രം തീർന്നില്ല... ഓഫീസ് ആണെങ്കിലോ ഫുൾ കാലി... ഇനി നമ്മളും ഭാസ്കരേട്ടനും മാത്രമുണ്ട് ഓഫീസിൽ....

"മോളെ... ഇതുവരെ തീർന്നില്ലേ...? നേരം ഒരുപാടായി മോള് വേഗം ഫ്ലാറ്റിലേക്ക് പോകാൻ നോക്കിക്കോ...

ഇതൊക്കെ നാളെ വന്നിട്ടും ചെയ്യാലോ..."

"ഇല്ല ഭാസ്കരേട്ടാ.... ഇനി ഇത് തീർക്കാതെ എനിക്ക് സ്വസ്ഥത ഉണ്ടാകില്ല... അതോണ്ട് ഇത് തീരുന്ന വരെ ഇവിടന്ന് പോകാനും വയ്യ...."

എന്ന് നമ്മള് പറഞ്ഞപ്പോ നമ്മക്ക് കാവലായിട്ട് ഭാസ്കരേട്ടൻ അവിടെ തന്നെ ഇരുന്നിരുന്നു...

നേരം ഒരുപാട് വൈകിയതോണ്ട് നമ്മളെ കാണാതെ വിഷമിച്ചോണ്ട് അച്ചുവും സനയും മാറി മാറി നമ്മക്ക് വിളിക്കാൻ തുടങ്ങി... ഇപ്പോ വരും ദേ കഴിഞ്ഞു... എന്നൊക്കെ പറഞ്ഞു എന്നല്ലാതെ അതൊന്നും തീരുന്നത് കണ്ടില്ല....

അപ്പോ ഭാസ്കരേട്ടൻ നമ്മളെ കയിൽ ഓഫീസിന്റെ ചാവി തന്നിട്ട് ഭാസ്കരേട്ടൻ പോകാണെന്ന് പറഞ്ഞ് പോയപ്പോ നമ്മളെ ഉള്ളിൽ ഒരു ചെറിയ ഭയം കടന്ന് കൂടിയിരുന്നു...

എന്നാലും നമ്മളത് പുറത്ത് കാണിക്കാതെ ഭാസ്കരേട്ടനോട് പൊയ്ക്കോ എന്ന് പറഞ്ഞ് ചെവിയും

വാങ്ങി നമ്മളെ പണി തുടങ്ങി...

സമയം വീണ്ടും കടന്നു പോയി കൊണ്ടിരുന്നു... പെട്ടെന്ന് ക്ലോക്കിൽ നിന്നും ഒരു മണിക്കുള്ള ശബ്ദം കേട്ടപ്പോഴാണ് ഞെട്ടി എണീറ്റത്... അപ്പോ നോക്കുമ്പോ നമ്മള് എപ്പോഴോ ഉറങ്ങി പോയിരുന്നെന്ന് മനസ്സിലായി...

പിന്നെ ഉറക്കം പിടിച്ച് വെക്കാൻ പറ്റാത്തത് കൊണ്ട് ബാക്കി ഇനി പിന്നെ എന്ന് പറഞ്ഞ് നമ്മള് ബാഗും ഫോണുമൊക്കെ എടുത്ത് ഓഫീസും ക്യാബിനുമൊക്കെ പൂട്ടി പുറത്തേക്ക് നടക്കുമ്പോഴുണ്ട് നമ്മളെ പിന്നാലെ മറ്റാരോ വരുന്ന പോലെ ഒരു തോന്നൽ....

തിരിഞ്ഞ് നോക്കിയപ്പോഴോ അവിടെ നമ്മള് അല്ലാതെ മറ്റാരും ഇല്ലതാനും... പിന്നെ നമ്മക്ക് പണ്ടേ ഭയങ്കര ധൈര്യം ആയോണ്ട് ഒരോട്ടമായിരുന്നു ലിഫ്റ്റിന്റെ അടുത്തേക്ക്... അതിൽ ഞെക്കി കൊണ്ട് നിന്നപ്പോഴാണ് ലിഫ്റ്റ് വർക്ക് അല്ല എന്ന സത്യം നമ്മക്ക് മനസ്സിലായത്...

പിന്നെ ഒന്നും നോക്കാതെ പൊരിഞ്ഞ ഓട്ടമായിരുന്നു

സ്റ്റെയർ വഴി താഴേക്ക്...

നമ്മളെ ഫോൺ ആണെങ്കിലോ ചാർജ് തീർന്ന് എപ്പോഴോ ഓഫ് ആയി പോയിട്ടുണ്ട് അതോണ്ട് അച്ചുവിനെയോ സനയെയോ ഒന്ന് വിളിക്കാനും മാർഗമില്ല...

അങ്ങനെ നമ്മള് താഴേക്ക് ഇറങ്ങുമ്പോഴുണ്ട് നമ്മള് ഇറങ്ങുന്നതിന് അനുസരിച്ച് ആരോ മുകളിൽ നിന്നും താഴോട്ട് ഇറങ്ങി വരുന്നു....

പോരേ പൂരം.... പേടിച്ച് പണ്ടാറമടങ്ങി നമ്മള് ഒരു നെട്ടോട്ടമായിരുന്നു താഴേക്ക്.... അങ്ങനെ ഓടി അവശയായി കൊണ്ട് എങ്ങനെയൊക്കെയോ താഴെ എത്തിയതും ഓഫീസ് പൂട്ടി റോഡിലേക്ക് ഇറങ്ങി ഓടി...

ഇവിടന്ന് ഇനി എങ്ങോട്ട് പോകുമെന്ന് എത്ര ആലോജിച്ചിട്ടാണെങ്കിലും നമ്മക്ക് ഒരു എത്തും പിടിയും കിട്ടുന്നില്ലേന്നു... അവിടെ അങ്ങനെ നിൽക്കുക എന്ന് വെച്ചാ അതും അത്ര പന്തിയല്ല... കാരണം,ഈ നേരത്ത് സ്ട്രീറ്റിൽ കൂടി ഇറങ്ങി നടക്കുന്നവരൊക്കെ പല ഉദ്ദേശങ്ങളും ഉള്ളവരാണെന്ന്

ഞാൻ കേട്ടിട്ടുണ്ട്...

അതോണ്ട് നമ്മള് അവിടന്ന് എങ്ങോട്ടെന്നില്ലാതെ സ്ട്രീറ്റ് ലൈറ്റിന്റെ വെളിച്ചത്തിൽ ഓടി റോഡ് ക്രോസ് ചെയ്യാൻ നിന്നതും നമ്മളെ നേരെ ഒരു കാർ പാഞ്ഞ് നമ്മളെ മുന്നിൽ വന്ന് നിന്നതും ഒരുമിച്ചായിരുന്നു...

നമ്മളെ ഇപ്പോ ഇടിച്ച് തെറിപ്പിച്ചേനെ എന്ന രീതിയിൽ പേടിച്ച് കണ്ണടച്ച് നിന്ന നമ്മളെ മുന്നിലേക്ക് ആ കാറിൽ നിന്നും ഒരാൾ ഇറങ്ങി വന്നു....

"ഹലോ.... നേരം വെളുക്കുവോളം ഇങ്ങനെ നിൽക്കാനാണോ ഇയാളെ ഭാവം...?"

എന്ന ചോദ്യം കേട്ടതും നമ്മള് ഞെട്ടി കണ്ണ് തുറന്ന് അയാളെ നോക്കി...

(തുടരും)

ഭാഗം.101

"ഹലോ... നേരം വെളുക്കുവോളം ഇങ്ങനെ നിൽക്കാനാണോ ഇയാളെ ഭാവം...?"

എന്ന ചോദ്യം കേട്ടതും നമ്മള് ഞെട്ടി കണ്ണ് തുറന്ന് അയാളെ നോക്കി...

ആ ആസ്ഥാന കോഴിയാണ് ആളെന്ന് മനസ്സിലായതും നമ്മള് അയാളെ നോക്കാതെ വേഗം തിരിഞ്ഞ് നടക്കാൻ നിന്നു...

"അതെ... ഈ രാത്രി ഒറ്റക്ക് ഇങ്ങനെ കറങ്ങി നടക്കുന്നത് അത്ര നല്ലതല്ലട്ടോ.... വേണേൽ ഒരു ലിഫ്റ്റ് തരാം എവിടെയാ ഇറക്കേണ്ടതെന്ന് പറഞ്ഞാൽ മതി..."

എന്ന് അവൻ പറഞ്ഞപ്പോ നിരസിക്കാൻ തോന്നിയെങ്കിലും ഈ അവസരത്തിൽ അത് നല്ലതല്ലെന്ന് നമ്മക്ക് തന്നെ ബോധ്യമായി... നമ്മള്

അതോണ്ട് തന്നെ തിരിഞ്ഞ് അയാളെ അടുത്തേക്ക് ചെന്നു...

"If you dont mind.... ഇയാളെ ഫോൺ ഒന്ന് തരോ...? എന്റെ ഫോണിൽ ചാർജ് ഇല്ല..."

"Why not... take it...."

പറഞ്ഞ് ഒരു നിറ പുഞ്ചിരിയോടെ ഓന്റെ ഫോൺ നമ്മക്ക് നേരെ നീട്ടിയതും നമ്മള് അത് വാങ്ങിയിട്ട് അച്ചുവിന് വിളിച്ചു... അവളും അരുണും കൂടി നമ്മളെ തിരഞ്ഞ് ഓഫീസിലേക്ക് വരാൻ തുടങ്ങുകയാണെന്ന് പറഞ്ഞപ്പോ നമ്മള് 'വേണ്ട ഞാൻ അങ്ങോട്ട് വന്നോളാം' എന്ന് പറഞ്ഞ് ഫോൺ വെച്ചിട്ട് അവന് തിരിച്ച് നൽകി...

ഇനി നമ്മളെങ്ങനെ ഇവനോട് ലിഫ്റ്റ് ചോദിക്കുമെന്ന് ചിന്തിച്ചോണ്ട് അവിടെ നിന്ന് പരുങ്ങുന്നത് കണ്ടതും ഓൻ നമ്മളോട് കേറുന്നില്ലേന്ന് ചോദിച്ചതും നമ്മള് മറിച്ച് ഒന്നും ചിന്തിക്കാതെ അവന്റെ കാറിലേക്ക്

കേറി....

നമ്മള് കയറിയതും അവൻ ഡ്രൈവറോട് വണ്ടിയെടുക്കാൻ പറഞ്ഞു... നമ്മള് അവന്റെ കൂടെ ബാക്കിലെ സീറ്റിൽ ആണ് ഇരുത്തം... അതോണ്ട് തന്നെ ഒരു ചെറിയ ടെൻഷൻ ഇല്ലാതില്ലാതില്ലാ....

കാറിൽ കയറി ഇത്ര നേരമായിട്ടും അവൻ നമ്മളോട് ഒന്നും മിണ്ടാത്തത് കാണാഞ്ഞപ്പോ നമ്മള് മെല്ലെ ഇടങ്കണ്ണിട്ട് ഓനെ നോക്കിയപ്പോ പുള്ളിക്കാരൻ ലാപ്പിൽ അക്കൗണ്ട്സ് നോക്കുന്ന തിരക്കിലായിരുന്നു...

കോഴിയാണെങ്കിലെന്താ അവന്റെ അക്കൗണ്ട്സ് നോക്കുന്നതിലുള്ള സ്പീഡൊക്കെ കണ്ടപ്പോ തന്നെ പുള്ളിക്കാരൻ നമ്മള് വിചാരിക്കുന്ന അത്ര തറ അല്ലെന്ന് മനസ്സിലായി... കുറച്ച് കഴിഞ്ഞപ്പോ ഓൻ ലാപ് അടച്ച് വെച്ചിട്ട് ഒന്ന് നെടുവീർപ്പിട്ടോണ്ട് നമ്മളെ തിരിഞ്ഞു നോക്കി....

"സോറി... ഓഫീസിലെ അക്കൗണ്ട്സ് ഒക്കെ ഒരുപാട്

ചെക്ക് ചെയ്യാനുണ്ടായിരുന്നു... അതാ ഇയാളെ മൈൻഡ് ചെയ്യാതിരുന്നത്..."

എന്ന് ഓൻ വളരെ മാന്യമായി സംസാരിക്കുന്നത് കണ്ടതും നമ്മളൊന്ന് പുഞ്ചിരി തൂകി കൊണ്ട് നോ പ്രോബ്ലം എന്ന് പറഞ്ഞ് പുറത്തേക്ക് കണ്ണോടിച്ചു....

"ഇയാൾക്ക് എവിടെയാ പോകേണ്ടതെന്ന് പറഞ്ഞാൽ അവിടെ ഡ്രോപ്പ് ചെയ്യായിരുന്നു.... ഇല്ലെങ്കിൽ കാർ നേരെ പോകുന്നത് എന്റെ വീട്ടിലേക്ക് ആയിരിക്കും..."

എന്ന് അവൻ പറഞ്ഞപ്പോ നമ്മള് അപ്പോ തന്നെ നമ്മളെ ഫ്ലാറ്റിന്റെ പേര് പറഞ്ഞ് കൊടുത്തപ്പോ ഓൻ ഒന്ന് ചിരിച്ചോണ്ട് പുറത്തേക്ക് നോക്കി ഇരുന്നു...

അവന്റെ ഇപ്പോഴത്തെ പെരുമാറ്റം കാണുമ്പോ നമ്മക്ക് നമ്മളെ മൈന്റിൽ ഓനെ കുറിച്ച് കരുതി വെച്ചതൊക്കെ ഡിലീറ്റ് ചെയ്യാനൊക്കെ തോന്നി... അത്രക്ക് നല്ല പെരുമാറ്റമായിരുന്നു അവന്...

"ഞാൻ തന്നോട് ഒരു കാര്യം ചോദിച്ചോട്ടെ...?"

പെട്ടെന്ന് ഓനിൽ നിന്നും അങ്ങനെ ഒരു പ്രതികരണം വന്നതും നമ്മളെന്താ എന്ന രീതിയിൽ ഓനെ ഒന്ന് നോക്കി...

"അന്ന് ഫ്ലൈറ്റിൽ വെച്ച് ഞാൻ ഇയാളെ കുറിച്ച് ചോദിച്ചപ്പോ മുൻപരിചയമില്ലാത്തവരുമായിട്ട് പേർസണൽ കാര്യങ്ങൾ സംസാരിക്കില്ലെന്ന് പറഞ്ഞില്ലേ...?

എന്നിട്ടിപ്പോ ഒരു പരിചയവുമില്ലാത്ത ഞാൻ വിളിച്ചപ്പോ തന്നെ ഇയാള് എന്ത് ധൈര്യത്തിലാ എന്റെ കൂടെ കാറിൽ കേറിയത്...?"

നമ്മളെ മുഖത്ത് നിന്നും കണ്ണെടുക്കാതെയുള്ള ഓന്റെ ചോദ്യം കേട്ടപ്പോഴ നമ്മള് തന്നെ നമ്മളോട് ആ ചോദ്യം സ്വയം ചോദിച്ച് നോക്കിയത്...

എന്ത് ധൈര്യത്തിലാ ഞാൻ ഇവന്റെ കൂടെ പോന്നതെന്ന്....

അതിന് എത്ര തന്നെ ആലോചിച്ചിട്ടും നമ്മളെ കയ്യിൽ ഉത്തരം ഇല്ലെന്നു... എന്തോ ആ നേരത്ത് ഇവന്റെ

ലിഫ്റ്റ് കിട്ടിയത് നിരസിക്കാൻ നമ്മളെ കൊണ്ട് കഴിഞ്ഞില്ല....

"ഹലോ... ഇയാള് എന്താ ഒന്നും മിണ്ടാത്തത്...? ഞാൻ ചോദിച്ചതിന് താൻ ഒന്നും പറഞ്ഞില്ല...."

"അ... അത്.... എനിക്ക് ഇപ്പോ ഇയാളെ പരിചയമുണ്ടല്ലോ.... അന്ന് ഫ്ലൈറ്റിൽ വെച്ച് നമ്മള് പരിചയപ്പെട്ടതല്ലേ...? ആ ഒരു പരിചയത്തിന്റെ പുറത്ത് ഈ നേരത്ത് ഇയാളൊരു ലിഫ്റ്റ് ചോദിച്ചപ്പോ തള്ളിക്കളയാൻ തോന്നിയില്ല...."

എന്നൊക്കെ നമ്മള് തട്ടി വിട്ടപ്പോ ഓൻ അടുത്തതും കൊണ്ട് വന്നു....

"അതിന് നമ്മൾ എപ്പോഴാ പരിചയപ്പെട്ടത്...?

അന്ന് ഫ്ലൈറ്റിൽ വെച്ച് ഞാൻ സ്വയം പരിചയപ്പെടുത്തി എന്നല്ലാതെ ഇയാള് അന്ന് ഒന്നും പറഞ്ഞില്ലല്ലോ... പിന്നെ എങ്ങനെയാ അത് പരിചയപ്പെടലാകാ...?"

എന്ന് നമ്മളെ നോക്കി ചിരിച്ചോണ്ട് ഓൻ ചോദിച്ചപ്പോ നമ്മളും ഒന്നു നോക്കി ഒന്ന് ചിരിച്ചിട്ട് നമ്മളെ കുറിച്ച് ഓനോട് പറഞ്ഞ് കൊടുത്തു... എങ്ങനെയാ ഇങ്ങോട്ട് വന്നതെന്നും ഏത് കമ്പനിയിലാ ജോലി എന്നും എന്താ ഇത്രക്ക് ലേറ്റ് ആയതെന്നും ഒക്കെ അവനോട് പറഞ്ഞു....

അങ്ങനെ നമ്മളെല്ലാം പറഞ്ഞ് കൊടുത്തത് കേട്ടിട്ട് ഓൻ ഹലാക്കിലെ ചിരിയായിരുന്നു... ഇയാളിപ്പോ എന്തിനാ ഇങ്ങനെ ഇരുന്ന് കിണിക്കുന്നതെന്ന് ചിന്തിച്ചോണ്ട് നമ്മള് ഓനെ നോക്കിയപ്പോ ഓൻ ചിരി കൺട്രോൾ ചെയ്ത് വെച്ചിട്ട് പറഞ്ഞു തുടങ്ങി...

"I know Adhil.... But, അവനിത്രക്ക് ഭീകരനാണെന്ന് ഇപ്പോഴാ മനസ്സിലാക്കുന്നത്... ഹ...ഹ...ഹ... that is so funny.... ഇത്രെയും വലിയ പണിഷ്മെന്റൊക്കെ സഹിച്ച് എങ്ങനെയാ കമ്പനിയിൽ ഉള്ളവർ വർക്ക് ചെയ്യുന്നത്...?"

എന്നൊക്കെ പറഞ്ഞ് ഓൻ ചിരിച്ചപ്പോ ആദിക്ക്

വേണ്ടിയാണെന്ന് പറയണം എന്നുണ്ടായിരുന്നു പക്ഷെ നമ്മള് ഒന്നും മിണ്ടാതെ നമ്മളെ കയ്യിലെ ചെയ്നിലേക്ക് നോക്കിയിട്ട് പുറത്തേക്ക് നോക്കി ഇരുന്നു...

അപ്പോ തന്നെ നമ്മളെ ഫ്ലാറ്റിന്റെ മുന്നിൽ കാർ വന്ന് നിന്നതും താഴെ നമ്മളെയും കാത്ത് നമ്മളെ ചങ്ക്സ് വെയിറ്റ് ചെയ്യുന്നുണ്ടായിരുന്നു....

നമ്മള് കാറിൽ നിന്നും ഇറങ്ങിയപ്പോ തന്നെ അച്ചുവും സനയും കൂടി നമ്മളെ കെട്ടിപ്പിടിച്ച് കരയാനായിട്ടുണ്ടായിരുന്നു....

നമ്മള് അവറ്റകളോടൊക്കെ ഒന്നുമില്ലെന്ന് പറഞ്ഞ് അവരെയും കൂട്ടി പോകാൻ ഒരുങ്ങുമ്പോഴായിരുന്നു നമ്മളെ zain വിളിച്ചത്...

"ഹലോ ഫെബി... തനിക്ക് ഈ ബാഗൊന്നും വേണ്ടേ...?"

ഓന്റെ ശബ്ദം കേട്ട് തിരിഞ്ഞ് നോക്കി കൊണ്ട് നമ്മള് സ്വയം തലക്ക് ഒരു മേട്ടം കൊടുത്തിട്ട് zain നോട് താങ്ക്സ് പറഞ്ഞ് തിരിഞ്ഞപ്പോഴുണ്ട് അരുണും

അച്ചയാനും അച്ചുവും സനയും കൂടി zain നെ വളഞ്ഞിരിക്കുന്നു....

അവര് നാലും കൂടി ഓന്റെ ഇടവും വലവും നിന്നോണ്ട് എന്തൊക്കെയോ കലപില കലപില ചിലക്കുന്നുണ്ട്.... ഓൻ ആണെങ്കിലോ അതിനൊക്കെ മറുപടിയും കൊടുത്തിട്ട് നമ്മളെ നോക്കി ചിരിച്ചിട്ട് ബൈയും പറഞ്ഞ് ഓൻ പോയി...

"ഡി ഫെബി....നിന്നെ zain ഷാ ആണോ ഇവിടം വരെ കൊണ്ട് വന്ന് വിട്ടത്...?"

നമ്മള് ഫ്ലാറ്റിലേക്ക് പോകുന്നതിനിടക്ക് നമ്മളെ പിന്നാലെ മണ്ടി പാഞ്ഞ് വന്നിട്ട് സന ചോദിക്കുന്നത് കേട്ടതും നമ്മള് യാതൊരു ഭാവ വ്യത്യാസവും ഇല്ലാതെ അതെ എന്ന് പറഞ്ഞ് ഫ്ലാറ്റിലേക്ക് കേറാൻ നിന്നതും നാലും കൂടി നമ്മളെ വളഞ്ഞിട്ട് ഒന്നാനങ്ങാൻ പോലും സമ്മതിക്കാതെ ചോദ്യശരങ്ങൾ കൊണ്ട് വീർപ്പ് മുട്ടിച്ചു....

"അവനാരാണെന്ന് അറിയോ നിനക്ക്...?

Zain shaa... Zahra events ന്റെ ദി വൺ ആൻ ഒൺലി ഓണർ....

നമ്മുടെ കമ്പനിയൊക്കെ അവന്റെ പാർട്ണർഷിപ്പ് കിട്ടാൻ വേണ്ടി തെണ്ടാണ്..." സന ഒറ്റ ശ്വാസത്തിൽ അതൊക്കെ പറഞ്ഞ് നിർത്തിയതും നമ്മളെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു...

"അറിയാം...."

നമ്മള് യാതൊരു ഭാവ വ്യത്യാസവുമില്ലാതെ അതും പറഞ്ഞ് ഫ്ലാറ്റിലേക്ക് കയറി പോന്നതും അരുണും അച്ചയനും കൂടി അവരെ ഫ്ലാറ്റിലേക്ക് കേറി... അച്ചുവും സനയും ആണെങ്കിലോ നമ്മളെ പിന്നാലെയും....

"ഡി...ഫെബി....ഒന്നവിടെ നിന്നെ ഞാൻ ചോദിക്കട്ടെ..."

എന്ന് പറഞ്ഞോണ്ട് നമ്മളെ പിന്നാലെ സന വന്നതും ഇവൾക്ക് നമ്മളെ വിടാനുള്ള ഉദ്ദേശമില്ലെന്ന്

മനസ്സിലായി...

"എന്താടി കോപ്പേ... എന്താ അനക്ക് അറിയാനുള്ളത്...?

എന്താന്ന് വെച്ച വേഗം പറ... എനിക്ക് ഉറക്കം വരുന്നുണ്ട്...."

"അതൊക്കെ പിന്നെ ഉറങ്ങാം.... ഇപ്പോ നീ ഇത് പറ... നിനക്ക് എങ്ങനെയാ അവനെ പരിചയം...?

ഒന്ന് ഒന്നര വർഷമായി ഞങ്ങളെ കൊണ്ട് പോലും അവന്റെ അടുത്തേക്ക് ഇതുവരെ ചെല്ലാൻ പറ്റിയിട്ടില്ല... എന്നിട്ട് നീ എങ്ങനെ ഒരൊറ്റ ദിവസം കൊണ്ട് അവനുമായി ഇത്രെയും അടുത്തു...?

അതും നിന്നെ ഫെബി എന്നൊക്കെ അവൻ വിളിക്കണമെങ്കിൽ നിങ്ങള് തമ്മിൽ നല്ല പരിചയം കാണണമല്ലോ...?"

"ഓ...ഇതൊന്നും ഇത്ര വലിയ കാര്യം ഒന്നുമല്ല സനാ.... അവനെ എനിക്ക് ഇങ്ങോട്ട് വന്നപ്പോ ഉണ്ടായ പരിചയാ... അതെന്താ എന്നൊക്കെ അച്ചു പറയും... ബാക്കി ഒക്കെ നമുക്ക് പിന്നെ സംസാരിക്കാം... ഞാൻ

പോകാ ഉറങ്ങാൻ...

ഗുഡ് നൈറ്റ് ആൻഡ് ഗുഡ് മോർണിങ്...."

എന്ന് പറഞ്ഞ് നമ്മള് വേഗം സനന്റെ റൂമിലേക്ക് ഓടിയിട്ട് ഡോറടച്ചിട്ട് ഫ്രഷായി വന്ന് കിടന്നു... നല്ല ക്ഷീണം കൊണ്ടാകും ബെഡ് കണ്ടപ്പോ തന്നെ നമ്മള് നല്ല അഡാർ ഉറക്കമായിരുന്നു...

പിന്നെ എപ്പോഴോ ആരോ വാതില് മുട്ടുന്ന ശബ്ദം കേട്ടാണ് നമ്മള് എണീക്കുന്നത്... എണീറ്റെന്നത് നേരാ പക്ഷെ നമ്മള് അപ്പോഴും ഉറങ്ങായിരുന്നു...

നമ്മള് വാതില് തുറന്നു കൊടുത്തിട്ട് വീണ്ടും ബെഡിലേക്ക് ഒരൊറ്റ കിടത്തമായിരുന്നു...

അച്ചുവാണോ സനയാണോ എന്നൊന്നും അറിയില്ല നമ്മളോട് എണീക്കാൻ പറഞ്ഞിട്ട് നമ്മളെ നന്നായി ചന്തിക്ക് അടിക്കുന്നുണ്ട്... നമ്മള് ആണെങ്കിലോ ഫൈവ് മിനിറ്റ്സ് എന്ന് പറഞ്ഞ് വീണ്ടും പുതച്ച് മൂടി കിടന്നു...

പെട്ടെന്ന് ആരോ നമ്മളെ അടുത്ത് നിന്ന് പുതപ്പ് വലിച്ച് നീക്കിയിട്ട് നമ്മളെ മുഖത്തേക്ക് വെള്ളം ഒഴിച്ചു... നമ്മള് ഞെട്ടി എണീറ്റ് നോക്കുമ്പോ അച്ചുവും സനയും ഓഫീസിൽ പോകാൻ വേണ്ടി റെഡിയായിട്ടുണ്ട്... സനന്റെ കയ്യിൽ പുതപ്പും അച്ചൂന്റെ കയ്യിൽ ജഗ്ഗും കണ്ടപ്പോ തന്നെ ഏതാണ്ട് കാര്യം പിടി കിട്ടി...

ഓഫീസിൽ പോകാൻ ലേറ്റ് ആയിരിക്കുന്നു.... ക്ലോക്കിലേക്ക് നോക്കിയപ്പോ ടൈം 9 മണി... 10 മണിക്കാണ് ഓഫീസ് ടൈം... ഇവിടന്ന് മാറ്റിയൊരുങ്ങി ഓഫീസിൽ എത്തുമ്പോഴേക്കും ലേറ്റ് ആകുമെന്ന് ഉറപ്പാണ്...

പിന്നെ സനന്റെയും അച്ചൂന്റെയും കാര്യം പറയണ്ടല്ലോ രണ്ടും ഭദ്രകാളികളെ പോലെ നമ്മളെ നേർക്ക് ഉറഞ്ഞു തുള്ളുന്നുണ്ട്...

നമ്മള് പെട്ടെന്ന് തന്നെ എണീറ്റിട്ട് അവറ്റകളോട് പോകാൻ പറഞ്ഞിട്ട് ബാത്റൂമിലേക്ക് ഓടി പോയി...

ആദ്യം ബ്രെഷ് ചെയ്യണോ കുളിക്കണോ എന്നൊക്കെ ചിന്തിച്ച് കൺഫ്യൂസയിട്ട് അവസാനം

എന്തൊക്കെയോ കാണിച്ച് കൂട്ടി കൊണ്ട് ഇറങ്ങി വന്നപ്പോ അവറ്റകളൊക്കെ പോയിരുന്നു...

പിന്നെ നമ്മളൊന്നും നോക്കീലാ പെട്ടെന്ന് മാറ്റിയൊരുങ്ങി രണ്ട് ബ്രെഡും കയ്യിൽ പിടിച്ചോണ്ട് ഒരോട്ടമായിരുന്നു ലിഫ്റ്റിലേക്ക്...

താഴെ എത്തിയതും ഒരു ടാക്സി വിളിച്ച് ഓഫീസിൽ ചെന്നിറങ്ങി തിരിഞ്ഞ് നോക്കിയപോ കണ്ട കാഴ്ച നമ്മളെ ഞെട്ടിച്ച് കളഞ്ഞു...

എല്ലാവരുമുണ്ട് ഓഫീസിന് മുന്നിൽ കൂട്ടം കൂടി നിന്നോണ്ട് എന്തൊക്കെയോ പിറുപിറുക്കുന്നു... ഇത് ഇപ്പോ എന്താ സംഭവം...? ഇന്ന് ഓഫീസ് ഇല്ലേ എന്നൊക്കെ ചിന്തിച്ചോണ്ട് നമ്മള് അവരെ അടുത്തേക്ക് നടന്നടുത്തപ്പോഴുണ്ട് എല്ലാവരും കൂടി നമ്മളെ ഒരു കുറ്റവാളിയെ പോലെ നോക്കി നിൽക്കുന്നു...

അവരുടെ നോട്ടമൊക്കെ കണ്ട് നമ്മള് പകച്ച് പണ്ടാറമടങ്ങി കൊണ്ട് നടന്നപ്പോഴുണ്ട് അച്ചുവും സനയും കൂടി നമ്മളെ അടുത്തേക്ക് പാഞ്ഞ് വരുന്നു....

"എന്താടി ഇവിടെ പ്രശ്നം...? എന്താ എല്ലാവരും പുറത്ത് നിൽക്കുന്നെ..? ഇന്ന് ഓഫീസ് ഇല്ലേ..? ഇല്ലെന്ന് നേരത്തെ അറിഞ്ഞിരുന്നെങ്കിൽ ഇങ്ങനെ കെട്ടി ഒരുങ്ങി രാവിലെ തന്നെ വരില്ലായിരുന്നു... എനിക്ക് ആണേൽ ഉറക്കം വന്നിട്ട് വയ്യ..."

" ഇക്കണെക്കിന് പോയാൽ നിനക്കിനി ഉറങ്ങേണ്ടി വരില്ല... നിന്റെ എല്ലാ ദിവസത്തെയും ഉറക്കം ഇനി ഗോവിന്ദാ...." എന്ന് കലിപ്പിൽ അച്ചൂ പറയുന്നത് കേട്ട് നമ്മക്ക് ഒന്നും മനസ്സിലായില്ല...

"നീയെന്തൊക്കെയാ ഈ പറയുന്നേ..? ഞാൻ എന്താ ചെയ്തേ..?"

"എടി ചക്കപോത്തെ അന്റെ അടുത്തല്ലേ ഓഫീസിന്റെ കീ ഭാസ്കരേട്ടൻ തന്നത്... നീ വരാൻ ലേറ്റ് ആയതോണ്ട് ഓഫീസ് തുറക്കാൻ പറ്റിയില്ല... അതിന് ആ കാലമാടൻ ഭാസ്കരേട്ടനെ എല്ലാവരെ മുന്നിൽ വെച്ചും ചീത്ത പറഞ്ഞു... ഭാസ്കരേട്ടൻ ആണെങ്കിലോ

കീ നിന്റെ കയ്യിൽ തന്നിട്ടുണ്ടെന്ന് പറയാതെ കളഞ്ഞ് പോയെന്ന് പറഞ്ഞ് നിനക്ക് കേൾക്കേണ്ട ചീത്ത കൂടി അത് കേൾക്കാണ് പാവം...."

എന്ന് സന പറഞ്ഞപ്പോ നമ്മക്ക് ഭാസ്കരേട്ടനെ കുറിച്ച് ആലോചിച്ചപ്പോ സങ്കടായി... നമ്മളെ കയ്യിലാണ് ഓഫീസിന്റെ കീ ഉള്ളതെന്ന കാര്യം നമ്മക്ക് തന്നെ ഇപ്പോഴാ ഓർമ്മ വന്നത്...

നമ്മള് ഓഫീസിന്റെ ഡോറിന്റെ അടുത്തേക്ക് ചെന്നപ്പോ ഡോറിന്റെ അടുത്ത് തല താഴ്ത്തി കൊണ്ട് നിൽക്കുന്ന ഭാസ്കരേട്ടനെ കണ്ടപ്പോ എനിക്ക് ശരിക്കും വിഷമായി... ആ കോന്തൻ ആണെങ്കിലോ പ്രായത്തെ പോലും മാനിക്കാതെ ഭാസ്കരേട്ടനോട് എന്തൊക്കെയോ കയർത്ത് സംസാരിക്കുന്നുണ്ട്...

നമ്മള് അപ്പോ തന്നെ ബാഗിൽ നിന്നും കീ എടുത്തിട്ട് ആ കോന്തന്റെ മുന്നിലേക്ക് ചെന്ന് നിന്ന് അവന്റെ നേരെ ആ കീ നീട്ടി...

"ഓഫീസിന്റെ കീ എന്റെ കയ്യിലായിരുന്നു... ഇന്നലെ വർക്ക് കഴിഞ്ഞ് ഇവിടന്ന് പോകുമ്പോ ഭാസ്കരേട്ടനാ എന്നെ ഇത് ഏൽപ്പിച്ചത്.... കാര്യം അറിയാതെ ഒരാളെ ക്രൂശിക്കുമ്പോ അയാളെ പ്രായത്തെയെങ്കിലും മാനിക്കുന്നത് നന്നായിരിക്കും..."

എന്ന് നമ്മള് ഇത്തിരി കടുപ്പിച്ച് കൊണ്ട് ഓനോട് പറഞ്ഞപ്പോ ഓൻ കൂളിംഗ് ഗ്ലാസ് എടുത്ത് വെച്ചിട്ട് ഭാസ്കരേട്ടനെ നോക്കി... ഭാസ്കരേട്ടൻ അപ്പോ തന്നെ നമ്മളെ കയ്യിൽ നിന്നും കീ വാങ്ങിയിട്ട് ഓഫീസ് തുറന്ന് കൊടുത്തു....

ഇതുവരെ എല്ലാവരെ മുന്നിൽ വെച്ചും ചീത്ത പറഞ്ഞതിനൊന്നും ആ പാവത്തിനോട് ഒരു സോറി പോലും പറയാതെ പോകുന്ന ആദിയെ കണ്ടപ്പോ എനിക്ക് അവനോട് പുച്ഛമായിരുന്നു...

അങ്ങനെ എല്ലാവരും ഓഫീസിലേക്ക് കയറി പോയപ്പോ അവസാനം ബാക്കിയായ നമ്മളും നമ്മളെ ചങ്ക്സും കൂടി ഭാസ്കരേട്ടന്റെ അടുത്തേക്ക് ചെന്നു...

എന്നിട്ട് നമ്മള് ഭാസ്കരേട്ടന്റെ കൈ പിടിച്ചിട്ട് മൂപ്പറോഡ്

സോറി പറഞ്ഞു...

"എന്താ മോളെ ഇത്... അതൊന്നും സാരല്യ.... സാർ എന്നെ ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഈ വഴക്ക് പറയലൊക്കെ... അതോണ്ട് എനിക്കും ഇപ്പോ അതൊന്നും കെട്ടില്ലേൽ ഒരു സമാധാനവും കിട്ടില്ല...."

എന്ന് ഒരു പുഞ്ചിരി തൂകി കൊണ്ട് ഭാസ്കരേട്ടൻ പറഞ്ഞെങ്കിലും നമ്മളെ ഉള്ള് നീറായിരുന്നു...

"എന്നാലും എന്തിനാ ഭാസ്കരേട്ടാ കീ കളഞ്ഞ് പോയതാണെന്ന് കള്ളം പറഞ്ഞത്...?

കീ എന്റെ അടുത്ത് ആണെന്ന് പറഞ്ഞൂടായിരുന്നോ...?"

"ഇന്നലത്തെ ജോലിയൊക്കെ കഴിഞ്ഞ് മോള് പോകുമ്പോ തന്നെ നേരം ഒരുപാടാകുമെന്ന് എനിക്ക് ഉറപ്പായിരുന്നു... അതോണ്ട് ഇന്ന് വരാൻ മോള് ലേറ്റ് ആകുമെന്നും എനിക്ക് തോന്നി...

പിന്നെ സാറിന്റെ സ്വഭാവം വെച്ച് നോക്കുമ്പോ മോളോട് വല്ലതും കടുപ്പിച്ച് പറയുകയോ ചെയ്താൽ പിന്നെ മോൾക്ക് അത് താങ്ങാൻ പറ്റില്ല... മോള് വന്ന് കേറിയപ്പോ തന്നെ മനസ്സ് വേദനികുന്നത് നല്ലതെന്ന് തോന്നിയതോണ്ടാ കീ കളഞ്ഞ് പോയതാണെന്ന് പറഞ്ഞത്..."

എന്ന് ഭാസ്കരേട്ടൻ പറഞ്ഞപ്പോ നമ്മള് അറിയാതെ തന്നെ നമ്മളെ മിഴികൾ ഈറനണിഞ്ഞിരുന്നു... ഇതിന് മുമ്പ് ഒരു പരിചയവുമില്ലാത്ത ഭാസ്കരേട്ടൻ നമ്മക്ക് വേണ്ടി ഇതൊക്കെ ചെയ്തപ്പോ നമ്മക്ക് പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷമായിരുന്നു...

ഏകദേശം നമ്മളെ ഉപ്പച്ചിന്റെയൊക്കെ പ്രായം കാണുമായിരിക്കും ഭാസ്കരേട്ടന്... അതോണ്ട് തന്നെ നമ്മക്ക് പിന്നെ ഭാസ്കരേട്ടാ എന്ന് വിളിക്കാൻ തോന്നിയിട്ടില്ല...

നമ്മള് അപ്പോ മുതൽ ഭാസ്കരേട്ടനെ പപ്പാ എന്ന് വിളിക്കാൻ തുടങ്ങി...

ഭാസ്കരേട്ടനും അങ്ങനെ വിളിക്കുന്നതിൽ

പ്രശ്നമില്ലെന്ന് പറഞ്ഞതും ബാക്കി നാലും അതുപോലെ ഭാസ്കരേട്ടനെ പപ്പാ എന്ന് വിളിക്കാൻ തുടങ്ങി...

ഞങ്ങള് അങ്ങനെ പപ്പയോട് ഓരോന്ന് സംസാരിച്ചോണ്ട് നിൽക്കുമ്പോഴായിരുന്നു പെട്ടെന്ന് ആ കോന്തൻ ബെല്ലടിച്ചത്... അത് കേട്ടതും പപ്പ വാണം വിട്ട പോലെയൊരു പോക്കായിരുന്നു അകത്തേക്ക്...

അത് കണ്ടപ്പോ ഞങ്ങക്ക് എല്ലാവർക്കും നല്ലോണം ദേഷ്യം വന്നു... ഇനിയും മൂപ്പർക്കിട്ട് വല്ല പണിയും കൊടുക്കാനാകും കോന്തൻ വിളിക്കുന്നതെന്ന് മനസ്സിൽ പറഞ്ഞോണ്ട് ഞങ്ങളും പപ്പന്റെ പിന്നാലെ അകത്തേക്ക് കയറിയതും അവിടെ കണ്ട കാഴ്ച കണ്ട് ഞങ്ങളൊക്കെ കൂടി ഷോക്കടിച്ച പോലെ നിന്നിട്ട് തോളേം തുറന്ന് നിന്നു....

ഓഫീസിലെ ആ ഹാൾ മൊത്തം വർണ്ണക്കടലാസ് കൊണ്ട് അലങ്കരിച്ച് വെച്ചേക്കുന്നു... അവിടെയും ഇവിടെയും ഒക്കെ ആയിട്ട് പല നിറത്തിലുമുള്ള ബലൂൺസും തൂക്കിയിട്ടിട്ടുണ്ട്...

ഇതൊക്കെ എന്താ സംഭവമെന്ന് മനസ്സിലാകാതെ പരസ്പരം മുഖത്തോട് മുഖം നോക്കി നിൽക്കുന്ന ഞങ്ങളെ മുന്നിൽ നിന്നും ആരോ കയ്യടിച്ച് കൊണ്ട് വന്ന് നിന്നു...

നോക്കുമ്പോ നമ്മളെ കോന്തനാണ് ആള്... അത് കലിപ്പൻ ലുക്ക് മാറി പുഞ്ചിരി തൂകി കൊണ്ടാണ് മൂപ്പരെ നിൽപ്പ്... പെട്ടെന്ന് ഇവനിത് എന്ത് പറ്റിയെന്ന് ചിന്തിച്ച് നിൽക്കുമ്പോഴാണ് ആദി കയ്യടിച്ചോണ്ട് പറയുന്നത്...

"Happy birthday to you... Happy birthday to you... Happy birthday to you...."

എന്നൊക്കെ പാടി കൊണ്ട് പപ്പന്റെ അടുത്തേക്ക് ആദി പോകുന്നത് കണ്ടതും ബാക്കി സ്റ്റാഫ്സും അതുപോലെ കയ്യടിച്ച് പാടി കൊണ്ട് പപ്പന്റെ അടുത്തേക്ക് വന്നു...

സത്യം പറഞ്ഞാൽ ഇവിടെ ഇപ്പോ എന്താ നടക്കുന്നതെന്ന് നമ്മക്ക് ഒരു എത്തും പിടിയും

കിട്ടുന്നില്ല... പപ്പയാണെങ്കിൽ ഷോക്കടിച്ച് നിൽക്കാണ് അവരുടെ സർപ്രൈസ് കണ്ടിട്ട്... നമ്മള് ആണെങ്കിൽ അതിലേറെ ഷോക്കിലാണ്...

'കാരണം, ഇന്നലെ പോകുന്ന വരെ ഇവിടെ ഒന്നും ആരും അലങ്കരിച്ച് വെച്ചിട്ടില്ലെന്നു... അപ്പോ നമ്മള് പോയി കഴിഞ്ഞതിന് ശേഷമാണ് അതൊക്കെ ചെയ്തിരിക്കുന്നത്... അപ്പോ ഇന്നലെ നമ്മളെ പിന്നാലെ ആരോ ഉണ്ടായിരുന്ന പോലെ നമ്മക്ക് തോന്നിയതല്ലെന്ന് മനസ്സിലായി... അപ്പോ അത് ആദി ആയിരിക്കോ... നമ്മള് അപ്പോ ഓഫീസ് പൂട്ടി പോയതാണല്ലോ... പിന്നെ എങ്ങനെ ഓൻ ഇവിടന്ന് പോയി...?

വേണ്ട ഫെബി ഇമ്മാതിരി ചോദ്യങ്ങളെ കുറിച്ച് ആലോജിച്ച് വെറുതെ തല പുണ്ണാക്കണ്ടാ... അല്ലെങ്കിൽ തന്നെ ഒരു നൂറായിരം സംശയങ്ങളുണ്ട് അതിന്റെ കൂടെ ഇതും കൂടി വലിച്ച് വാരിവെക്കണ്ട മോളെ... താങ്ങൂല....'

എന്ന് നമ്മള് സ്വയം ചിന്തിച്ച് വെച്ചോണ്ട് അവരെ

നോക്കിയപ്പോ പപ്പയെ കൊണ്ട് കേക്ക് മുറിപ്പിക്കായിരുന്നു ആദി... മറ്റുള്ളോരെ ഹാപ്പി ആക്കി വെക്കാൻ ഇമ്മാതിരി ഒരുപാട് സർപ്രൈസുകൾ ഓന്റെ കയ്യിലുണ്ടെന്ന് ഓൻ വീണ്ടും വീണ്ടും തെളിയിക്കുകയായിരുന്നു....

ഇതിനിടക്ക് ആദി പപ്പന്റെ കൈ പിടിച്ച് സോറി പറഞ്ഞിട്ടുണ്ട്... ആദിയെ കുറിച്ച് ഒരു നിമിഷം മോശമായി ചിന്തിച്ചതിന് നമ്മക്ക് നമ്മളോട് തന്നെ വെറുപ്പ് തോന്നി പോയി...

അങ്ങനെ പപ്പ കേക്ക് മുറിച്ചിട്ട് ആദിക്ക് കൊടുത്തതിന് ശേഷം അത് നേരെ നീണ്ട് വന്നത് നമ്മളെ നേർക്കായിരുന്നു... ആദി കഴിച്ചതിന്റെ ബാക്കി തന്നെ പപ്പ നമ്മളെ നേരെ നീട്ടിയതും നമ്മക്ക് സന്തോഷം കൊണ്ട് ഇരിക്കാൻ വയ്യെന്ന്... ഇത് കാണാൻ ആണെങ്കിൽ ആ സൽ   മ ഇവിടെ ഇല്ലാതെ പോയല്ലോ എന്ന് ചിന്തിച്ചോണ്ട് നമ്മള് ആ കേക്ക് കഴിച്ചു...

അങ്ങനെ ആ പരിപാടി കഴിഞ്ഞ് നമ്മള് ആദിയെ

നോക്കുമ്പോഴുണ്ട് ഓൻ നമ്മളെ തന്നെ നോക്കി നിൽക്കുന്നു... ഇതിപ്പോ എന്താ കഥാന്ന് ചിന്തിച്ചോണ്ട് നമ്മളും ഓനെ തന്നെ നോക്കി നിന്നപോ ഓൻ പെട്ടെന്ന് മുഖം തിരിച്ച് കളഞ്ഞു...

എന്നിട്ട് ഒരു ചെറിയ ചമ്മലോടെ ഓൻ എല്ലാവരെയും ഒന്ന് നോക്കിയിട്ട് അവരോടൊക്കെ വർക്ക് ചെയ്യാൻ പറഞ്ഞ് നമ്മളോട് ക്യാബിനിലേക്ക് വരാൻ പറഞ്ഞു....

ഓന്റെ പെട്ടെന്നുള്ള മാറ്റം കണ്ടതും പഴയതൊക്കെ ആദിക്ക് ഓർമ്മ വന്ന പോലെ നമ്മക്ക് തോന്നി...

അതോണ്ട് മറിച്ചൊന്നും ചിന്തിക്കാതെ സന്തോഷം കൊണ്ട് തുള്ളി ചാടി ഓന്റെ ക്യാബിനിലേക്ക് നടന്നു....

"May I coming sir...."

"Yeah...."

എന്ന് ആദി പറയേണ്ട താമസം നമ്മള് അപ്പോ തന്നെ അകത്തേക്ക് കേറിയിട്ട് ഒരു പുഞ്ചിരിയോടെ ഓനെ തന്നെ നോക്കി നിന്നു... അപ്പോ ഓൻ നമ്മളെ

മുഖത്തേക്ക് നോക്കാതെ കയ്യിൽ ഒരു ഫയല് വെച്ചിട്ട് അതിലേക്ക് നോക്കി ഇരിക്കേന്നു...

നമ്മള് വന്നെന്ന് നോക്കാതെ തന്നെ മനസ്സിലാക്കി കൊണ്ട് ആദി നമ്മളെ നേരെ ഒരു കൈ നീട്ടിയപ്പോ നമ്മള് അന്തം വിട്ട് ഇതെന്തിനാ എന്ന മട്ടിൽ ഓനെയും കയ്യിനെയും മാറി മാറി നോക്കി നിന്നു... അപ്പോഴും ചെക്കൻ ഫയലിലേക്ക് തന്നെ നോക്കി ഇരിക്കായിരുന്നതോണ്ട് ചെലപ്പോ നമ്മളോട് നമ്മളെ കൈ തരാനാകും ഉദ്ദേശിച്ചതെന്ന് കരുതി നമ്മള് നമ്മളെ കയ്യെടുത്ത് ഓന്റെ കയ്യിൽ വെച്ച് കൊടുത്തു...

അത് കണ്ടതും ഓൻ ഒരു സംശയത്തോടെ നമ്മളെയും നമ്മളെ കയ്യിനെയും മാറി മാറി നോക്കിയിട്ട് അവന്റെ കയ്യിലെ ഫയൽ മടക്കി വെച്ചു....

"എന്തായിത്...?"

ആദി ഒരു സംശയത്തോടെ ചോദിക്കുന്നത് കണ്ടപ്പോ നമ്മക്കും സംശയമായി...

"ഇതെന്റെ കൈ...."

"അത് മനസ്സിലായി... അത് എന്റെ കയ്യിൽ വെച്ചതിന്റെ ഉദ്ദേശമാണ് എനിക്ക് മനസ്സിലാകാത്തത്..."

"അ...അ... അപ്പോ.... സാറല്ലേ കൈ നീട്ടി വെച്ചിട്ട് എന്നോട് കൈ തരാൻ പറഞ്ഞത്..."

നമ്മള് ഒരു പരുങ്ങലോടെ അത് പറഞ്ഞപ്പോ ആദി പെട്ടെന്ന് നമ്മളെ രൂക്ഷമായി നോക്കാൻ തുടങ്ങി...

"തന്നോട് ഞാൻ കയ്യെടുത്ത് വെക്കാനല്ല പറഞ്ഞത്... ഇന്നലെ തന്ന ഫയൽസ് എടുത്ത് വെക്കാനാ...

തന്നോട് ഞാൻ അത് രാവിലെ തന്നെ എന്റെ ടേബിളിൽ കൊണ്ട് വന്ന വെക്കണമെന്ന് പറഞ്ഞതല്ലേ.... എന്നിട്ട് എവിടെ അതൊക്കെ..."

പെട്ടെന്ന് ആ കോന്തൻ അങ്ങനെ നമ്മളെ മുന്നിൽ നിന്ന് അലറിയപ്പോ നമ്മള് പകച്ച് നിന്നോണ്ട്

വാക്കുകൾക്ക് വേണ്ടി പരതി...

"അ... അ... അത്...അവിടെ...ഉണ്ട്...."

'ശോ പണ്ടാറക്കാലൻ നമ്മളെ നോക്കി ക്യാബിനിലേക്ക് വരാൻ പറഞ്ഞത് നമ്മളോട് കൊഞ്ചാനല്ല... നമ്മളെ കഴുത്തറക്കാനാ... ഹോ ഇന്റെ പടച്ചോനെ ഇവന്റെ നോട്ടം കണ്ടപ്പോ ഇവനെല്ലാം ഓർമ്മ വന്ന് കാണുമെന്ന് ഒരു നിമിഷമെങ്കിലും തോന്നിപ്പിച്ച് കളഞ്ഞല്ലോ... എന്നിട്ട് ഈ കോന്തൻ ആണെങ്കിലോ നമ്മളെ കടിച്ച് കീറാൻ നിക്കാ... ഇക്കണെക്കിന് പോയാൽ ഇവന് ഓർമ്മ വരുമ്പോഴേക്കും നമ്മളൊരു വഴിക്ക് ആയി കാണുമല്ലോ....'

"ഡോ... എന്ത് ചിന്തിച്ചോണ്ട് നിൽക്കാ.... ഞാൻ പറഞ്ഞത് കേട്ടില്ലേ...? പോയി ആ ഫയൽസൊക്കെ എടുത്തോണ്ട് വരാൻ..."

എന്ന് പറഞ്ഞ് ഓൻ നമ്മളോട് കൊരച്ച് ചാടിയപ്പോ നമ്മള് ഞെട്ടി തരിച്ചോണ്ട് ഓനെ നോക്കി തലയാട്ടിയിട്ട്

ഓനെ തന്നെ നോക്കി നിന്നു...

"തന്നോടല്ലേ പോയി ഫയൽസ് കൊണ്ട് വരാൻ പറഞ്ഞത്...?

എന്നിട്ട് എന്തിനാ എന്റെ മോന്തയും നോക്കി നിൽക്കുന്നെ...?

പറഞ്ഞ പണി ഒന്ന് വേഗം ചെയ്തൂടെ...."

"എന്റെ കൈ....."

ആദി നമ്മളോട് കലിപ്പായി കൊണ്ട് തുള്ളിയപ്പോ നമ്മള് ഒരൽപം പേടി മുഖത്ത് വരുത്തിയിട്ട് അങ്ങനെ പറഞ്ഞ് ചിണുങ്ങി....

"എന്ത്....?"

"എന്റെ കൈയ്യെന്ന്....

ഇത് വിട്ടാലല്ലേ എനിക്ക് ഫയൽസ് എടുത്തോണ്ട്

വരാൻ പറ്റൂ..."

എന്ന് നമ്മള് പറയുന്നത് കേട്ടപ്പോഴാണ് ആദി നമ്മളെ കയിലേക്ക് നോക്കുന്നത്... അപ്പോ പിടിച്ച പിടി ഇപ്പോഴും വിട്ടിട്ടില്ലെന്ന് കണ്ടപ്പോ തന്നെ ആദി പരുങ്ങി കൊണ്ട് വേഗം നമ്മളെ കയ്യിൽ നിന്നും കൈ പിൻവലിക്കാൻ നോക്കിയതും ഓന്റെ കൈ അതേ വേഗത്തിൽ തന്നെ തിരിച്ച് നമ്മളെ കയ്യിൽ പിടിച്ചിരുന്നു...

സംഭവം എന്താണെന്ന് ആദ്യം നമ്മക്കും മനസ്സിലായില്ലായിരുന്നു... പിന്നെ നോക്കിയപ്പോഴല്ലേ സംഭവം പിടി കിട്ടിയത്... ആദി നമ്മളെ കയ്യിൽ കെട്ടി തന്ന ചെയിൻ ഓന്റെ കോട്ടിന്റെ കയ്യിലെ ബട്ടണിൽ കുടുങ്ങി നിൽക്കാണ്...

ആദി അപ്പോ തന്നെ നമ്മളെ കൈ ചെയ്നിൽ നിന്നും ഓന്റെ കോട്ടിന്റെ ബട്ടൺ ശെരിയാക്കി എടുത്ത് തന്നിട്ട് നമ്മളെ കൈയിലെ ചെയ്നിലേക്ക് തന്നെ നോക്കാൻ തുടങ്ങി...

ഓന്റെ നോട്ടം നമ്മളെ കയ്യിലേക്ക് ആണെന്ന് കണ്ടതും

ഓന് ആ ചെയിൻ ഓർമ്മയിലേക്ക് വരുന്ന പോലെ നമ്മക്ക് തോന്നി...

"ഇ... ഇത്....."

എന്ന് പറഞ്ഞ് ആദി നമ്മളെ കൈ ചെയ്നിലേക്ക് ചൂണ്ടിയപ്പോ നമ്മക്ക് വീണ്ടും പ്രതീക്ഷകൾ കൂടി വന്നു...

"ആ...അതെ... ഇത്... ഇത് നിനക്ക് ഓർക്കാൻ കഴിയുന്നുണ്ടോ... പറ...."

എന്ന് പറഞ്ഞ് നമ്മള് ഓനെ അതൊക്കെ ഓർമ്മിപ്പിക്കാൻ വേണ്ടി ട്രൈ ചെയ്തപ്പോ ആദി കയ്യിലേക്ക് ചൂണ്ടി കൊണ്ട് ഇത്...ഇതെന്ന് പറഞ്ഞ് നെറ്റിയിൽ കൈ വെച്ച് എന്തൊക്കെയോ ഓർമ്മിക്കാൻ ശ്രമിച്ചു....

"പറ....പറ ആദി... നിനക്ക് ഈ ചെയിൻ ഓർമ്മ വരുന്നുണ്ടോ...? പറ... ഒന്ന് നല്ലോണം ഓർത്തു

നോക്ക്...."

"ഇത്....ആ..... ഇതുപോലെ ഒരെണ്ണം സൽമക്ക് വാങ്ങി കൊടുക്കണമെന്ന് ഒരുപാട് നാളായി ആഗ്രഹിക്കുന്നു... ഇപ്പോഴാ ഓർമ്മ വന്നത്... എന്തായാലും ഇന്ന് തന്നെ അത് വാങ്ങി കൊടുക്കണം....."

പണ്ടാറക്കാലൻ കോദി അങ്ങനെ പറഞ്ഞ് തിരിച്ച് ഫയലിലേക്ക് തന്നെ നോട്ടമെറിഞ്ഞതും ഇതുവരെ നമ്മളെ മുഖത്ത് ഉണ്ടായിരുന്ന പ്രതീക്ഷയൊക്കെ പോയി പകരം നല്ല കട്ട കലിപ്പ് കേറി വന്നു....

ഒന്നും അറിയാത്ത പോലെ മോന്തയും വെച്ചോണ്ട് നമ്മളോട് സൽമയെ കുറിച്ച് പറഞ്ഞിട്ട് ഫയലിൽ നോക്കി ഇരിക്കുന്ന ഓനെ കണ്ടതും നമ്മള് അപ്പോ തന്നെ ഓനോട് ചൂടായി....

"ഒലക്ക...."

"What....?"

"ഒന്നുമില്ലായെ.... നാട്ടിൽ ഒലക്കക്കൊക്കെ ഭയങ്കര ഡിമാന്റാ... അതോണ്ട് സാറിന്റെ സൽമക്ക് വേണ്ടി രണ്ടെണ്ണം കൊടുത്തു വിടട്ടേന്ന് ചോദിച്ചതാ...

എന്ത് പറഞ്ഞാലും ഒരു സൽ മ സൽ മ സൽ മ...."

"വാട്ട്...? താൻ ഇത് എന്തൊക്കെയാടോ പറയുന്നത്...? എന്താണെങ്കിലും കുറച്ച് ഉച്ചത്തിൽ സംസാരിച്ചാലെ ബാക്കി ഉള്ളവർക്ക് കൂടി കേൾക്കൂ...."

"ഓ........ ഒന്നുമില്ലായേ....."

എന്ന് പറഞ്ഞ് നമ്മള് ഓന്റെ മുന്നിൽ കൈ കൂപ്പി നിന്നപോ ചെക്കൻ പെട്ടെന്ന് കലിപ്പായി....

"തന്റെ നാടകം കാണാനല്ല തന്നെ ഇങ്ങോട്ട് വിളിച്ച് വരുത്തിയത്... ആ ഫയൽസൊക്കെ കൊണ്ട് വരാനാ... ഇവിടെ നിന്ന് വേരൊറക്കാതെ പോയി പറഞ്ഞ പണി

ചെയ്യടി..."

എന്ന് ഓൻ ടേബിളിൽ അടിച്ചോണ്ട് പറഞ്ഞതും നമ്മള് ഒരൊറ്റ ഓട്ടമായിരുന്നു നമ്മളെ സീറ്റിലേക്ക്...എന്നിട്ട് അപ്പോ തന്നെ ആ ഫയൽസൊക്കെ കൂടി എടുത്തോണ്ട് വന്ന് ഓന്റെ ടേബിളിൽ എടുത്ത് വെച്ചു...

ഇതൊക്കെ ചെയ്തത് ഓനോടുള്ള പേടി കൊണ്ടൊന്നും അല്ലട്ടോ... എനിക്ക് ജോലിയോടുള്ള സിൻസിയാരിറ്റി കൊണ്ടാ... π

അങ്ങനെ ആ ഫയൽസൊക്കെ കൊണ്ട് വെച്ചിട്ട് നമ്മള് ഓനെ നോക്കിയപ്പോഴുണ്ട് കള്ളപ്പന്നി ആ സൽമയോട് ഫോണിൽ കുറുകി കൊണ്ടിരിക്കുന്നു... നമ്മള് വന്ന് നിന്നത് ഒന്ന് നോക്കുന്നു പോലുമില്ലാതെ ഭയങ്കര ഒളിപ്പിക്കലിലാ തെണ്ടി...

ഇതൊക്കെ കണ്ടോണ്ട് മോന്തയും വീർപ്പിച്ച് നിൽക്കാനേ ഞാൻ സൽ മ അല്ലാത്തൊണ്ട് നമ്മള് അപ്പോ തന്നെ "സാറെ ഫയൽസ്...." എന്ന് ഓന്റെ ചെവിന്റെ അടുത്ത് നിന്ന് കാറിയതും ഓൻ ഞെട്ടി തരിച്ച് എണീറ്റിട്ട് ഫോൺ നിലത്തിട്ടിട്ട് നമ്മളെ

രൂക്ഷമായി നോക്കി കൊണ്ട് നെഞ്ചിൽ കൈ വെച്ചു...

ഓന്റെ മുഖത്തെ ആ പേടി കണ്ടതും നമ്മക്ക് ചിരി പൊട്ടി വന്നെങ്കിലും നമ്മളത് പിടിച്ച് വെച്ച് ഓനെ നോക്കി നിന്നപോ ഓൻ നമ്മളെ നേരെ തല്ലാൻ വേണ്ടി കയ്യുയർത്തി....

"ഒരൊറ്റ വീക്ക് വെച്ച് തന്നാലുണ്ടല്ലോ... പെണ്ണായി പോയി ഇല്ലേൽ അടിച്ച് മോന്തന്റെ ഷേപ്പ് മാറ്റിയേനെ...."

എന്ന് ഓൻ കട്ട കലിപ്പിൽ പറഞ്ഞപ്പോ നമ്മള് പിണങ്ങിയ പോലെ മോന്ത വെച്ചിട്ട് ഒന്ന് ചിണുങ്ങി കൊണ്ട് ഓനെ നോക്കി...

ഓൻ നിലത്ത് വീണ ഫോൺ എടുത്തിട്ട് ഓണാക്കി കൊണ്ട് നമ്മളെ മുഖത്ത് നോക്കിയപ്പോഴും നമ്മളെ മോന്ത അങ്ങനെ ആയിരുന്നു...

"നോക്കുന്ന നോട്ടം കണ്ടില്ലേ... കൂമത്തികളെ പോലെ... രാവിലെ തുടങ്ങിയതാ പെണ്ണ് മനുഷ്യനെ മെനക്കെടുത്തിക്കാനായിട്ട്.... ഫയൽ വെച്ചിട്ട്

പോകാൻ പറഞ്ഞിട്ടുണ്ടേൽ വെച്ചിട്ട് പോകണം അല്ലാതെ ചെവിയിൽ നിന്ന് സൈറൺ വിളിക്കല്ല വേണ്ടത്.... ഇക്കണെക്കിന് പോയാൽ നീ എന്റെ തലയിൽ കയറി നിരങ്ങില്ലെന്ന് എന്താ ഉറപ്പ്....?"

"അതൊന്നും ഞാൻ എന്തായാലും ചെയ്യൂല... കാരണം ആ തലയിൽ എന്റെ ഒരു കാല് വെക്കാൻ പോലും പറ്റില്ല... പിന്നെയല്ലേ നെരങ്ങുന്നത്..."

എന്ന് നമ്മള് തല താഴ്ത്തി കൊണ്ട് കൊച്ചു കുട്ടികളെ പോലെ പറയുന്നത് കേട്ടതും ആദി നമ്മളെ നോക്കി ചിരിച്ചു.... അത് കണ്ടതും നമ്മളും ഓനെ നോക്കി ചിരിച്ചപ്പോ ഓൻ പെട്ടെന്ന് മുഖത്ത് ഗൗരവം വരുത്തിയിട്ട് ചെയറിൽ ഇരുന്ന് നമ്മള് കൊണ്ട് വെച്ച ഫയൽസൊക്കെ നോക്കാൻ തുടങ്ങി....

"സാർ.... എന്നാ പിന്നെ ഞാൻ അങ്ങോട്ട്.....?"

"നോ...stay there..."

എന്ന് പറഞ്ഞിട്ട് ഓൻ ആ ഫയൽസൊക്കെ നോക്കി കഴിയുന്ന വരെ നമ്മളെ അവിടെ നിർത്തിച്ചു... കോന്തൻ...

കാല് കടഞ്ഞിട്ട് നമ്മള് കാല് മടക്കിയും നിവർത്തിയും വെച്ച് നിൽക്കുമ്പോഴാണ് ആ കോന്തൻ പെട്ടെന്ന് നമ്മളെ നേരെ ആ ഫയൽസൊക്കെ കൂടി എടുത്ത് എറിഞ്ഞത്...

"What nonsence this...?

തന്നോട് ഇതൊക്കെ കംപ്ലീറ്റ് ചെയ്ത് വെച്ച് ഇന്ന് രാവിലെ കൊണ്ട് വന്ന് വെക്കാൻ പറഞ്ഞതല്ലേ...? എന്നിട്ട് ഇതൊന്നും കംപ്ലീറ്റ് ചെയ്യാതെ കൊണ്ട് വന്ന് വെച്ചേക്കുന്നു..."

"May i coming sir...."

"Yes come....

രാവിലെ തന്നെ കെട്ടിയൊരുങ്ങി വന്നിട്ട് കാര്യമില്ല... പറഞ്ഞ ജോലി പറഞ്ഞ സമയത്തിനുള്ളിൽ ചെയ്ത്

തീർക്കാൻ കഴിയണം... ഇതിനൊന്നും പറ്റില്ലെങ്കിൽ പിന്നെ ഈ പണിക്ക് വരരുതായിരുന്നു..."

സനയാണ് ഇപ്പോ കേറി വന്നത്... ഓൻ നമ്മളോട് ചൂടാകുന്നത് കണ്ടിട്ട് ഓള് ഒരല്പം പേടിയോടെയാണ് ഓന്റെ മുന്നിൽ ഓനെ ഫയൽസ് കൊണ്ട് വന്ന് വെച്ചത്....

ഇതുവരെ ഓൻ പറഞ്ഞതൊക്കെ നമ്മള് മിണ്ടാതെ കേട്ട് നിന്നെങ്കിലും ഇപ്പോ ഓൻ പറഞ്ഞതിന് ഒരു മറുപടി നൽകണമെന്ന് നമ്മക്ക് തോന്നി... ഇല്ലെങ്കിൽ പിന്നെ നമ്മക്ക് സ്വസ്ഥത കിട്ടില്ല....

"Mr. ആദിൽ.... നിങ്ങൾ പറയുന്നത് ഇതുവരെ ഞാൻ കേട്ട് നിന്നു എന്ന് കരുതി എന്തും വിളിച്ച് പറയാമെന്ന് കരുതരുത്....

നിങ്ങളിപ്പോ പറഞ്ഞല്ലോ പറഞ്ഞ ജോലി ചെയ്ത് തീർക്കാൻ പറ്റിയില്ലേൽ പിന്നെ ഈ പണിക്ക് വരരുതായിരുന്നെന്ന്.... എന്നാ പിന്നെ എന്തിനാ ഇങ്ങനെ വെച്ചോണ്ടിരിക്കുന്നത് എന്നെ അങ്ങ് പിരിച്ച് വിട്ടൂടെ...?

പക്ഷെ, നിങ്ങളത് ചെയ്യില്ല... കാരണം ഞാൻ ഈ കമ്പനിയിൽ തുടരേണ്ടത് ഈ കമ്പനിയുടെ തന്നെ നിലനിൽപ്പിന് അത്യാവശ്യമാണ്.... ഞാൻ എന്ന ഒരാളുടെ ബലത്തിലാ നിങ്ങളെ കമ്പനി ഇപ്പോ നിലനിൽക്കുന്നത്... അല്ലെന്ന് പറയാൻ പറ്റോ നിങ്ങൾക്ക്...."

എന്ന് നമ്മള് തറപ്പിച്ച് പറഞ്ഞപ്പോ സന തൊള്ളേം തുറന്ന് നമ്മളെ നോക്കി നിൽക്കേന്നു... ആദി ആണെങ്കിലോ നമ്മളെ നോക്കി അന്തം വിട്ടോണ്ട് മൗനം പാലിച്ചു...

"ഞാൻ എന്ന ഒരാൾ കൂടി ഈ അവസരത്തിൽ നിങ്ങളെ കമ്പനിയിലേക്ക് വന്നില്ലായിരുന്നെങ്കിൽ... പ്രൊജക്റ്റ് സബ്മിറ്റ് ചെയ്യാൻ പറ്റിയവരിൽ ഒരു ടാലെന്റുള്ള ആളെ കണ്ടെത്താൻ നിങ്ങൾക്ക് മാസങ്ങൾ എടുക്കുമായിരുന്നു.... അത് നിങ്ങളുടെ കമ്പനിയുടെ ഡ്രീമിനെ തന്നെ ഇല്ലാതാക്കിയേനെ... ശരിയല്ലേ ഞാൻ പറഞ്ഞത്..."

എന്ന് ഓന്റെ നേരെ തിരിഞ്ഞോണ്ട് ചോദിച്ചപ്പോഴും

ഓൻ മൗനമായിരുന്നു....

"ഇതൊക്കെ ഞാൻ എങ്ങനെ അറിഞ്ഞെന്നാകും നിങ്ങള് ചിന്തിക്കുന്നതല്ലേ...?

ഇന്നലെ എന്നെ കൊണ്ട് സൈൻ ചെയ്യിപ്പിച്ച പേപ്പേഴ്സിൽ ഈ പറഞ്ഞ വിവരങ്ങളും നന്നായിട്ട് അച്ചടിച്ച് വെച്ചിട്ടുണ്ടായിരുന്നു....

അത് കൊണ്ട് കൂടുതൽ ഡയലോഗ് ഒന്നും വേണ്ട..."

എന്ന് നമ്മള് കൊറച്ച് ഷൈൻ ചെയ്തോണ്ട് പറഞ്ഞതും ആദി ഒരൊറ്റ അലറലായിരുന്നു....

"Get out....."

ആ അലർച്ച കേട്ട് പകച്ച് പണ്ടാറമടങ്ങി നമ്മള് കണ്ണടച്ച് നിന്നിട്ട് പിന്നെ കണ്ണ് തുറന്ന് നോക്കിയതും സനന്റെ പൊടി പോലും അവിടെയൊന്നും കാണുന്നില്ല.... തിരിഞ്ഞ് ഡോറിന്റെ ഭാഗത്തേക്ക്

നോക്കിയപ്പോഴാണെങ്കിലോ ഓരോരുത്തർ തലയിട്ട് അകത്തേക്ക് ഏന്തി നോക്കുന്നുണ്ട്....

അപ്പോ തന്നെ നമ്മക്ക് മനസ്സിലായി അടുത്ത പണി പാലുംവെള്ളത്തിൽ വരുന്നുണ്ടെന്ന്... അതോണ്ട് അപ്പോ തന്നെ ആ കോന്തനെ നോക്കി സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊണ്ട് നമ്മള് അപ്പോ തന്നെ അവിടെ ഉണ്ടായിരുന്ന ഫയൽസൊക്കെ പെറുക്കി കൂട്ടി കയ്യിൽ വെച്ചു....

"ഇതൊക്കെ ഇന്ന് ഈവനിങ്ങിനുള്ളിൽ സാറിന്റെ ടേബിളിൽ കാണും സാർ...."

എന്ന് പറഞ്ഞ് തിരിഞ്ഞ് നോക്കാതെ ഒരു നെട്ടോട്ടമായിരുന്നു പുറത്തേക്ക്... ഈ കടുവന്റെ മുന്നിൽ നിന്നും പെട്ടെന്ന് രക്ഷപ്പെട്ടാൽ മതിയെന്ന് ചിന്തിച്ച് ഓടി ഡോർ തുറന്ന് ഫയൽസൊക്കെ അവിടെ ഇട്ടിട്ട് നിലത്തിരുന്ന് ഒരു ദീർഘശ്വാസം വിട്ടോണ്ട് ചുറ്റും ഒന്ന് കണ്ണോടിച്ചപ്പോ എല്ലാവരും നമ്മളെ നോക്കി നിൽക്കാണ്....

"ഒന്നുമില്ല.... ചുമ്മാ..."

എന്ന് പറഞ്ഞോണ്ട് അവരെയൊക്കെ നോക്കി ഒന്ന് സൈറ്റടിച്ചിട്ട് നമ്മള് അവിടന്ന് എണീറ്റപ്പോഴുണ്ട് നമ്മളെ കീടങ്ങൾ നമ്മളെ നോക്കി കിണിക്കുന്നു.... അവറ്റകളെ കിണിക്കൽ കേട്ടിട്ട് അവരെ തുറുക്കനെ നോക്കി കൊണ്ട് നിൽക്കുമ്പോഴാണ് നമ്മളെ പുറകേന്ന് ഒരു ചിരി കേൾക്കുന്നത്... അതും ആദിന്റെ ക്യാബിന്റെ ഉള്ളീന്ന്...

ഇതിപ്പോ എന്താ കാര്യമെന്ന് ചിന്തിച്ചോണ്ട് നമ്മള് പതുക്കെ ഡോർ തുറന്ന് അകത്തേക്ക് തലയിട്ട് നോക്കിയപ്പോഴുണ്ട് ആ കോന്തൻ ഇരുന്ന് പൊരിഞ്ഞ ചിരി... നമ്മളെ നേരത്തെ നെട്ടോട്ടം കണ്ടിട്ടാണ് ഓൻ ചിരിക്കുന്നതെന്ന് മനസ്സിലായെങ്കിലും നമ്മക്ക് അതൊരു ബമ്പർ ലോട്ടറി അടിച്ചതിന്റെ സന്തോഷമായിരുന്നു....

കാരണം, ഓൻ നമ്മളെ ഓർത്ത് ഒന്ന് ചിരിച്ചില്ലേ.... ആ സന്തോഷത്തിൽ നമ്മള് ഓന്റെ ക്യാബിന്റെ പുറത്ത് നിന്നിട്ട് yes എന്ന് പറഞ്ഞിട്ട് ചാടി കളിക്കുന്നത് കണ്ടിട്ട്

എല്ലാവരുടെയും കിളി പോയി കിടക്കാണ്...

നമ്മളെ ചാടി കളി കണ്ട് എല്ലാവരും കൂടി ചിരിക്കാൻ തുടങ്ങിയെങ്കിലും അത് പെട്ടെന്ന് തന്നെ നിന്നിട്ട് നമ്മളെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു...

അവറ്റകളുടെ ചിരിയൊക്കെ പെട്ടെന്ന് ഇതെങ്ങോട്ടാ മാഞ്ഞതെന്ന് ചിന്തിച്ചോണ്ട് നമ്മള് തിരിഞ്ഞ് നോക്കിയപ്പോ ആ കോന്തനുണ്ട് നമ്മളെ കളിയും കണ്ടോണ്ട് കയ്യും കെട്ടി ഡോർ ചാരി നിൽക്കുന്നു....

അത് കണ്ടതും നമ്മള് ഞെട്ടി തരിച്ച് നിന്നിട്ട് ഒരു സല്യൂട്ട് കൊടുത്തോണ്ട് വേഗം ഫയൽസൊക്കെ പെറുക്കി കൊണ്ട് നമ്മളെ സീറ്റിലേക്ക് നുഴഞ്ഞു കേറി.... സനയാണെങ്കിൽ നമ്മളെ നോക്കി കൊണ്ട് പൊരിഞ്ഞ ചിരിയിലാണ് ബലാല്.... ആ അവർക്കുള്ളതൊക്കെ ഞാൻ വെച്ചിട്ടുണ്ട് ഈ ജോലിയൊന്ന് തീർന്നോട്ടെ....

അങ്ങനെ ഒരു വെടിക്കെട്ട് തീർന്ന സന്തോഷത്തിൽ ഇങ്ങനെ ഉന്മാദിച്ച് കൊണ്ട് നമ്മള് എല്ലാ ഫയൽസും

ക്ലിയർ ചെയ്ത് പറഞ്ഞ ജോലി മുഴുവൻ ചെയ്തിട്ട് ആദിക്ക് കൊണ്ട് പോയി കൊടുത്തു... ഓൻ അതൊക്കെ നമ്മളെ കയ്യീന്ന് വാങ്ങി വെച്ചിട്ട് നമ്മളോട് പോകാൻ പറഞ്ഞു... പോകാൻ പറഞ്ഞത് വേറൊന്നും കൊണ്ടല്ല ആ അണ്ണാച്ചി സൽ മ അവിടെ ഉണ്ടായിരുന്നു...

അതോണ്ട് നമ്മള് അവിടെ നിന്നാൽ അവർക്ക് കുറുകാൻ പറ്റില്ലല്ലോ....

ഇങ്ങനെ ദിവസങ്ങൾ പെട്ടെന്ന് തന്നെ നീങ്ങി കൊണ്ടിരുന്നു... നമ്മളിപ്പോ ദുബായിൽ എത്തിയിട്ട് ഒരാഴ്ച കഴിഞ്ഞിരിക്കുന്നു...

ഇതിനിടക്ക് പല തവണ ആദിയുടെ ഓർമ്മ തിരിച്ച് കൊണ്ട് വരാനായിട്ട് നമ്മള് ശ്രമം നടത്തിയെങ്കിലും ഓൻ ഒന്നിനും പിടി തരുന്നില്ലേന്നു... ഓൻ ഇനി ഓർമ്മ ഇല്ലാത്ത പോലെ അഭിനയിക്കാണോ എന്ന് വരെ നമ്മക്ക് ഡൗട്ടടിച്ച് തുടങ്ങി...

നാട്ടിലേക്ക് നമ്മള് എന്നും വിളിക്കാറുണ്ട്... അധികവും വീഡിയോ കാളിങ് ആണ് ഉണ്ടാവാറ് ... അതോണ്ട് തന്നെ വീട്ടുകാരെ വല്ലാതെ ഒന്നും മിസ്സ് ചെയ്യാറില്ല...

പിന്നെ ഹസിയോടൊക്കെ ഡെയിലി ചാറ്റിങ്ങും കാളിങ്ങും ഒക്കെ ഉള്ളത് കൊണ്ട് അവളെ വിശേഷങ്ങളൊക്കെ നമ്മക്ക് അറിയാൻ പറ്റിയിരുന്നു.... ആദിയാണ് നമ്മളെ ബോസ് എന്ന് ആ കുരിപ്പിന് നേരത്തെ തന്നെ അറിയായിരുന്നെന്ന് തെണ്ടി ഇപ്പോഴാ പറയുന്നത്... അതൊക്കെ നിസൂക്ക ഒപ്പിച്ച പണിയാ...

ഇപ്പോ മനസ്സിലൊക്കെ ഒരു ആശ്വാസമുണ്ടെങ്കിലും കാക്കു എവിടെയാണെന്ന് ചിന്തിക്കുമ്പോ മനസ്സിൽ ഒരു വിങ്ങലാണ്... കാക്കു ദുബായിൽ ഉണ്ടെന്ന് എന്റെ കൂടെ പഠിച്ചിരുന്ന റംല പറഞ്ഞ് ഒരു കേട്ടറിവ് ഉണ്ടെങ്കിലും ഈയിടക്ക് നമ്മള് ഒരിക്കൽ പോലും മൂപ്പരെ കണ്ടിട്ടില്ല...

നമ്മളോ പോട്ടെ ഒന്നര കൊല്ലമായി ഇവിടെ സ്റ്റമ്പടിച്ച് നിൽക്കുന്ന നമ്മളെ ടീംസ് പോലും കാക്കുവിനെ ഇവിടെ വെച്ച് കണ്ടതായി പറഞ്ഞ് കേട്ടിട്ടില്ല... എന്തായാലും മൂപ്പര് ഇവിടെ എവിടേലും ഉണ്ടെങ്കിൽ എന്ത് വില കൊടുത്തും നമ്മള് കണ്ടെത്തിയിരിക്കും.... അത് ഒരു തരം വാശിയാണെന്ന് തന്നെ കൂട്ടിക്കോളി നിങ്ങള്...

കാരണം, കാക്കു കൂടി വന്നാലേ ആദിന്റെ ഓർമ്മ തിരിച്ച് കൊണ്ട് വരാനും ആ സൽമക്കിട്ട് പാര പണിയാനും സഹായമാകൊള്ളു....

ആ സൽ   മ തെണ്ടി ഒറ്റൊരുത്തി കാരണാ അൻസിക്കയോടും നിസൂക്കാനോടും ആദി പിണങ്ങിയത്....

അവരെ രണ്ട് പേരെയും ആദിയിൽ നിന്നും അകറ്റാൻ വേണ്ടിയിട്ട് അവര് അവളെ ഉപദ്രവിച്ചെന്ന് വരെ അവള് വരുത്തി തീർത്ത് ആദിന്റെ മുന്നിൽ അഭിനയിച്ചു... പക്ഷെ കൂട്ടുകാരെ അവിശ്വസിക്കാൻ ആദി തയ്യാറല്ലെന്ന് കണ്ടപ്പോ സൽ   മ പതിയെ കരുക്കൾ നീക്കി കൊണ്ട് അൻസിക്കയെയും നിസൂക്കയെയും അവളെ ഉപദ്രവിക്കാൻ വേണ്ടി മനപ്പൂർവ്വം ഓരോന്ന് പറഞ്ഞ് അവരെ പ്രേരിപ്പിച്ചപ്പോ അൻസിക്ക അവളെ കഴുത്ത് നെരിക്കുന്നത് അവള് ഷൂട്ട് ചെയ്ത് ആദിയെ കാണിപ്പിച്ച് അവനെ കൊണ്ട് അവള് പറഞ്ഞത് സത്യമാണെന്ന് വിശ്വസിപ്പിച്ചു....

അങ്ങനെ ആദി അവരിൽ നിന്നും അകന്നു.. എന്നാലും

ആദിക്കുള്ളിലെ അവരോടുള്ള സൗഹൃദം കൊണ്ടാകും അവരോട് അടുക്കില്ലെങ്കിലും അവരുടെ കടയിൽ നിന്ന് അല്ലാതെ വേറെ എവിടെ നിന്നും ഒന്നും വാങ്ങാത്തത്....

ആദ്യം കാക്കുവിന് കണ്ടെത്തണം... എന്നിട്ട് നിസൂക്കാനെയും അൻസിക്കാനെയും പഴയ പോലെ ആദിക്ക് തിരിച്ച് നല്കണം, ആ സൽമയെ ഒരു പാഠം പഠിപ്പിക്കണം... എന്നിട്ട് എനിക്ക് എന്റെ ആദിയെ സ്വന്തമാക്കണം...

ഇങ്ങനെ എന്തോരം ലക്ഷ്യങ്ങളാണെന്ന് അറിയോ എന്റെ മുന്നിലുള്ളത്....

ഇതൊക്കെ വെറും സാമ്പിൾ ആണ് ഇനിയും ഉണ്ട് ഒരുപാട് ലക്ഷ്യങ്ങൾ... അതൊക്കെ നിങ്ങക്ക് വഴിയേ മനസ്സിലാവും....

എത്ര നേരമെന്ന് വെച്ചിട്ടാ ഞാൻ തന്നെ ഇങ്ങനെ വായിട്ടലക്കുന്നത്.... കേൾക്കുന്ന നിങ്ങൾക്കും പറയുന്ന എനിക്കും ബോറടിക്കുന്നുണ്ട്.... അതോണ്ട് നമ്മള് കുറച്ച് നേരം റസ്റ്റ് എടുക്കട്ടെട്ടോ... ബാക്കി ആ കോന്തൻ പറയും....

★★★★★★★★★★★★★★★★★★★

എനിക്കും ഉണ്ട് ഒരുപാട് കാര്യങ്ങൾ പറയാൻ... അതൊക്കെ ഞാൻ നാളെ പറയാട്ടോ... ഇപ്പോ തീരെ ടൈമില്ല... ഫുഡ് കഴിക്കാൻ സൽ മ വിളിക്കുന്നുണ്ട്... അപ്പോ ബൈ.... നാളെ കാണാം...

(തുടരും)

ഭാഗം.102

കമ്പനിന്റെ അക്കൗണ്ട്സ് ഒക്കെ നോക്കി കൊണ്ടിരികുമ്പോഴാണ് നമ്മള് വേറെ എന്തൊക്കെയോ ചിന്തിച്ചോണ്ടിരുന്നത്....

"എന്താ ആദി അക്കൗണ്ട്സ് ഒക്കെ മനക്കണക്ക് കൂട്ടാണോ...?

ലാപ് തുറന്ന് വെച്ചിട്ട് നീയിതെന്താ ചിന്തിച്ച് കൂട്ടുന്നേ...?

കുറച്ച് ദിവസായി ഞാൻ ശ്രദ്ധിക്കുന്നു നീ ഈ ലോകത്തൊന്നും അല്ലല്ലോ... വേറെ എന്തൊക്കെയോ ചിന്തിച്ച് കൂട്ടി കൊണ്ടിരിക്കാ... എന്താ കാര്യം...?"

പെട്ടെന്ന് നമ്മളെ ചിന്തകളിൽ നിന്നും ഉണർത്തി കൊണ്ട് സൽമ ചോദിക്കുന്നത് കേട്ടതും ഞാൻ ലാപ് അടച്ച് വെച്ചിട്ട് അവളെ ഒന്ന് നോക്കി ചിരിച്ചു....

"എന്താണെന്ന് അറിയില്ല ഇപ്പോ ഈയിടയായിട്ട് എന്റെ മനസ്സ് ഒന്നും എന്റെ അടുത്തല്ല... എത്രയൊക്കെ കമ്പനി കാര്യങ്ങൾ ശ്രദ്ധിച്ച് നോക്കാൻ ട്രൈ ചെയ്യുന്നോ അത്രക്ക് മനസ്സ് അസ്വസ്ഥമാകാണ്...."

"എന്താ ആദി പെട്ടെന്ന് ഇങ്ങനെ ഒക്കെ ആകാൻ മാത്രം ഉണ്ടായേ...?"

"എനിക്കറിയില്ല സൽമ... സത്യം പറഞ്ഞാൽ ഞാൻ ഇങ്ങനെ ആകാൻ കാരണം ആ ആയിഷ ഫെബിയാണോ എന്ന് വരെ എനിക്ക് ഡൗട്ടുണ്ട്... കാരണം അവളെ കണ്ടത് മുതലാണ് ഞാൻ ഇങ്ങനെ ആയത്...

ഇപ്പോ എപ്പോ നോക്കിയാലും അവളെ ചിന്ത മാത്രമേയുള്ളൂ... അവളെ ഇതിന് മുന്പും എനിക്ക് നല്ലോണം പരിചയം ഉള്ള പോലെയൊക്കെ തോന്നാ... എന്താ ഇതിന്റെയൊക്കെ അർത്ഥമെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല സൽമാ...."

എന്ന് പറഞ്ഞോണ്ട് ഞാൻ അവളെ മുഖത്തേക്ക് നോക്കിയതും അവളെ മുഖം പെട്ടെന്ന് ദേഷ്യം കൊണ്ട് ചുമന്ന് തുടുത്തിട്ടുണ്ട്... അവളെ നോട്ടം കണ്ടിട്ട് ആണെങ്കിലോ എനിക്ക് കൂടുതൽ പേടിയാകാ...

"ഡി സൽമ... നീയെന്താ എന്നെ ഇങ്ങനെ നോക്കി പേടിപ്പിക്കുന്നേ....?

ഞാൻ ഒരു തമാശ പറഞ്ഞതല്ലേ.... വെറുതെ ബോറടിച്ചപ്പോ നിന്നെയിട്ട് വട്ട് കളിപ്പിക്കാമെന്ന് കരുതി

ചെയ്തതാ എന്റെ പൊന്നോ...."

എന്ന് പറഞ്ഞ് ഞാൻ അവളെ താടിയിൽ പിടിച്ച് പറഞ്ഞപ്പോ അവള് പെട്ടെന്ന് എന്റെ കൈ തട്ടി മാറ്റിയിട്ട് എന്റെ അടുത്ത് നിന്നും പിണങ്ങി എണീറ്റ് പോയപ്പോ നമ്മളും ഓളെ പിന്നാലെ വിട്ടു....

ഞാൻ ആ ആയിഷ ഫെബിയെ കുറിച്ച് പറഞ്ഞത് അവൾക്ക് പറ്റിയിട്ടില്ല അതാ പിണക്കത്തിന് കാരണം... ഇതാണെങ്കിലോ ഇങ്ങനെ ഒരു പൊട്ടിപ്പെണ്ണും....

അങ്ങനെ ഒടുക്കം അവളെ പിന്നാലെ നടന്ന് കാല് പിടിച്ച് സോറി പറഞ്ഞപ്പോഴാ അവള് ഒന്ന് എന്നോട് ചിരിച്ചത്...

"ആദി...നീ എന്റേതാ... എന്റേത് മാത്രം.... നീ മറ്റൊരാളുടേത് ആകുന്നത് എനിക്ക് സ്വപ്നം പോലും കാണാൻ കഴിയില്ല... അതും പോരാഞ്ഞ് ആ ആയിഷ... അവള്... അവള് അത്ര നല്ലവളൊന്നും അല്ല... അവൾക്ക് വന്നപ്പോ തൊട്ട് നിന്റെ നേർക്കാ കണ്ണ്... അത് കാണുമ്പോ എന്റെ ഉള്ളിലൊരു പെടപ്പാ.... നീ എന്നെ വിട്ട് പോകോ എന്ന് പേടിച്ചിട്ട്...."

എന്ന് പറഞ്ഞോണ്ട് അവള് മിഴികൾ നിറച്ചതും ഞാൻ അവളെ കണ്ണ് തുടച്ച് കൊടുത്തിട്ട് അവളെ രണ്ട് തോളിലുമായി കൈ വെച്ച് അവളെ മുഖത്തേക്ക് നോക്കി നിന്നു....

"അയ്യേ.... നീയിത്രക്ക് പൊട്ടിപെണ്ണായി പോയല്ലോ എന്റെ പെണ്ണെ... അങ്ങനെ ഏതെങ്കിലും ഒരുത്തി കേറി വന്നെന്ന് കരുതി ഞാൻ എന്റെ പെണ്ണിനെ മറക്കോ.... ഞാൻ നിനക്ക് ഉള്ളത് പോലെ തന്നെ നീ എനിക്കും ഉള്ളതാണ് സൽ മ... നിന്നെ ഞാൻ ഒരിക്കലും കൈ വിടില്ല പെണ്ണെ..... മനസ്സിലായോ...?"

എന്ന് ചോദിച്ചോണ്ട് നമ്മള് ഓളെ മുഖത്തേക്ക് നോക്കിയപ്പോ ഓള് ഒന്ന് മൂളി കൊണ്ട് തലയാട്ടിയിട്ട് ഒന്ന് ചിരിച്ചു....

"ഇനി കൂടുതൽ ഒന്നും ചിന്തിച്ച് കൂട്ടാൻ നിൽക്കാതെ പോയി ഉറങ്ങാൻ നോക്ക്... നാളെ കമ്പനി മീറ്റിംഗ് ഉള്ളതാ... മറക്കണ്ടേ.. നാളെ നീയും വരണം എന്റെ കൂടെ ഓഫീസിലേക്ക്... അപ്പോ ഓക്കേ ഗുഡ് നൈറ്റ്..."

എന്ന് പറഞ്ഞ് ഓളെ റൂമിലേക്ക് പറഞ്ഞ് വിട്ടിട്ട് ഞാൻ വീണ്ടും അക്കൗണ്ട്സ് നോക്കാൻ ഇരുന്നു... അപ്പോ സൽമയോട് അങ്ങനെ ഒക്കെ പറഞ്ഞെങ്കിലും എന്താണെന്ന് അറിയില്ല ആദ്യത്തെ പോലെ എനിക്ക് സൽമയെ സ്നേഹിക്കാൻ കഴിയുന്നില്ല... അവളെ എത്രയൊക്കെ എന്റെ നെഞ്ചോട് ചേർത്ത് വെച്ചാലും മനസ്സിൽ ഒരു വിങ്ങലാണ്...

ആയിഷ... അവള്... അവൾക്ക് എന്റെ ലൈഫിൽ എന്തൊക്കെയോ സ്ഥാനമുണ്ട്... അതെനിക്ക് ഫീല് ചെയ്യാൻ പറ്റുന്നുണ്ട്... പക്ഷെ...... അതെന്താ...?

അറിയില്ല...എത്രയൊക്കെ ആലോചിച്ചിട്ടും ഒരു എത്തും പിടിയും കിട്ടുന്നില്ല...

അവളെ കാര്യം ഇങ്ങനെ ആലോജിച്ച് നിന്നാൽ ചിലപ്പോ എനിക്ക് വട്ടാകും... വന്നിട്ട് ഒരാഴ്ചയെ ആയിട്ടുള്ളു എങ്കിലും ഓഫീസ് കാര്യങ്ങളിലും കൊടുക്കുന്ന വർക്കിലുമൊക്കെ അവള് അതിന്റെതായ നീതി പുലർത്തുന്നുണ്ട്... ഈ ചുരുങ്ങിയ നാൾ കൊണ്ട് എൻറെ മനസ് പോലും

അവള് മാറ്റിയെടുത്തു... എല്ലാം അവളെ മിടുക്ക് തന്നെയാ....

പിറ്റേന്ന് ഓഫീസിൽ കമ്പനിയുടെ ഒരു പ്രധാനപ്പെട്ട മീറ്റിംഗ് ഉള്ളതോണ്ട് പിന്നീട് അക്കൗണ്ട്സ് ഒന്നും നോക്കാൻ നിൽക്കാതെ പെട്ടെന്ന് പോയി ഉറങ്ങി...

രാവിലെ സൽമ വന്ന് വിളിച്ചപ്പോഴാണ് എണീക്കുന്നത്...

പിന്നെ ഓഫീസിലേക്ക് പോകാൻ റെഡിയായി സൽമയെയും കൊണ്ട് ഓഫീസിലേക്ക് എത്തിയപ്പോ എല്ലാവരും നേരത്തെ തന്നെ എത്തിയിരുന്നു... പക്ഷെ, എന്നാലും ഞാൻ തിരയുന്ന വ്യക്തിയുടെ മുഖം മാത്രം എനിക്ക് ആ ആൾക്കൂട്ടത്തിൽ കാണാൻ കഴിഞ്ഞില്ല...

അവളെ....ആ ആയിഷ ഫെബിയെ....

"അശ്വതി...ആ ആയിഷ വന്നില്ലേ...?"

ഞാൻ ഇത്തിരി കടുപ്പിച്ച് കൊണ്ട് അവളോട് ചോദിച്ചപ്പോ അവള് ചുറ്റുമൊന്ന് കണ്ണോടിച്ച് കൊണ്ട് എന്തോ പറയാൻ മുതിർന്നപ്പോഴായിരുന്നു മീറ്റിംഗ് നടക്കുന്ന ഹാളിലേക്ക് അവള് കടന്ന് വന്നത്....

"ഞാൻ ഇവിടെയുണ്ട് സാർ... അത് നാട്ടിൽ നിന്നും ഒരു അർജന്റ് കാൾ വന്നു... അപ്പോ അതൊന്ന് അറ്റൻഡ് ചെയ്യാൻ വേണ്ടി....."

എന്ന് അവൾ പൂർത്തിയാക്കുന്നതിന് മുന്നേ തന്നെ ഞാൻ അവളോട് പോയി സീറ്റിലേക്ക് ഇരിക്കാൻ ആംഗ്യം കാണിച്ചു...

അവള് അപ്പോ തന്നെ അശ്വതിന്റെയുംസനയുടെയും നടുക്കുള്ള സീറ്റിൽ പോയി ഇരുന്നിട്ട് എന്നെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു..

ഞാൻ ആണെങ്കിലോ അവളെ തന്നെ നോക്കി ചെയറിൽ ചാരിയിരിക്കുന്നത് കണ്ടിട്ട് സൽ മ എന്നെ പിടിച്ച് കുലുക്കി കൊണ്ട് മീറ്റിംഗ് തുടങ്ങാമെന്ന് പറഞ്ഞു.. അപ്പോഴാ ഞാൻ അവളിൽ നിന്ന് കണ്ണെടുത്തത് തന്നെ... ഇല്ലേൽ അവളെയും നോക്കി

കൊണ്ട് അങ്ങനെ ഇരുന്നേനെ...

അങ്ങനെ ഞാൻ സീറ്റീന്ന് എണീറ്റ് അവരുടെ എല്ലാവരുടെയും മുന്നിൽ പോയി നിന്നിട്ട് എന്തിനാണ് ഈ മീറ്റിംഗ് ഇവിടെ കൂടിയതെന്ന കാര്യം പറഞ്ഞു തുടങ്ങി...

അപ്പോ എല്ലാവരുടെ നോട്ടവും എന്നിൽ വന്ന് പതിച്ചപ്പോഴും സൽമന്റെ നോട്ടം മാത്രം ചെന്ന് പതിച്ചത് ആയിഷയിലേക്കാണ്...

അതോണ്ട് ഞാൻ അപ്പോ തന്നെ എന്റെ നോട്ടം സൽമയിൽ നിന്നും അവളിലേക്ക് തിരിച്ചപ്പോ അവള് എന്റെ മുഖത്ത് നിന്നും കണ്ണെടുക്കാതെ എന്നെ തന്നെ നോക്കി താടിക്ക് കയ്യും കൊടുത്തിരിക്കാ....

പിന്നെ എങ്ങനെ സൽ മ അവളെ നോക്കാതിരിക്കാ...

അങ്ങനെ അവളെ നോട്ടത്തെയൊന്നും വക വെക്കാതെ എങ്ങനെയൊക്കെയോ പറയാനുള്ളതൊക്കെ പറഞ്ഞ് തീർത്തിട്ട് അവരുടെ ഒക്കെ ഐഡിയകൾ കേൾക്കാൻ വേണ്ടി വേഗം സീറ്റിൽ പോയി ഇരുന്ന് അവരുടെ

അഭിപ്രായങ്ങളൊക്കെ കേട്ടു....

★★★★★★★★★★★★★★★★★★★

ഇന്ന് നടക്കാൻ പോകുന്ന മീറ്റിംഗ് വളരെ പ്രധാനപ്പെട്ടതാണെന്ന് ഇന്നലെ മുതൽക്ക് നമ്മളോട് ക്ലാസ്സെടുത്ത് പറയലായിരുന്നു അച്ചുവിനും സനക്കും പണി... അതോണ്ട് തന്നെ ഈ മീറ്റിംഗ് നല്ല കാര്യഗൗരവത്തോട് കൂടിയാണ് ഞാൻ കണ്ടിരുന്നത്....

ആദി മീറ്റിംഗ് തുടങ്ങി കഴിഞ്ഞപ്പോ തന്നെ ഞാൻ ചുമ്മ ആ സൽമയെ ഒന്ന് നോക്കിയപ്പോഴുണ്ട് അവളെന്നെ നോക്കി കണ്ണുരുട്ടുന്നു.... അവളുടെ ആ നോട്ടത്തിന് ഒരു മറുപടി കൊടുക്കണമെന്ന് തീരുമാനിച്ച് കൊണ്ട് തന്നെയാ നമ്മള് കണ്ണെടുക്കാതെ ആദിയെയും നോക്കി താടിക്ക് കയ്യും കൊടുത്ത് ഇരുന്നത്... സംഭവം എന്തായാലും ഏറ്റിട്ടുണ്ട് അവളെ മുഖമൊക്കെ ദേഷ്യം കൊണ്ട് ചുവക്കുന്നത് നമ്മക്ക് കാണാതെ തന്നെ കാണാമായിരുന്നു...

അങ്ങനെ ആദിക്ക് പറയാനുള്ളത് കേട്ട് കഴിഞ്ഞിട്ട് ഓരോരുത്തരും അവരുടെ ഐഡിയകൾ പങ്ക് വെച്ചോണ്ടിരുന്നു...

ആദിയുടെ ഓർമ്മ തിരിച്ച് കൊണ്ട് വരണം എന്ന ഒരു ലക്ഷ്യം മാത്രം അല്ലാതെ നമ്മള് ഇങ്ങോട്ട് വന്നതിന് വേറെ ഒരു ലക്ഷ്യം കൂടിയുണ്ടല്ലോ...

നമ്മളെ ഉപ്പച്ചിന്റെ എല്ല കടവും വീട്ടി സിനുന്റെയുംഷാദിന്റെയും ഭാവി സുരക്ഷിതമാക്കാ...

അതൊക്കെ നടക്കണമെങ്കിൽ ഈ മീറ്റിംഗിൽ എന്റെ ഐഡിയ സ്വീകരിക്കണം... കാരണം ഈയൊരു കാര്യം നടന്ന് കിട്ടിയാൽ ചെലപ്പോ നമ്മളെ ശമ്പളം ഉയരാനും സാധ്യത കൂടുതലാണ്... ആ ചാൻസ് വെറുതെ തട്ടി തെറുപ്പിക്കാൻ എനിക്ക് ഉദ്ദേശമില്ലാത്തത് കൊണ്ട് ഒരു അടിപൊളി ഐഡിയ കയ്യിൽ ഉണ്ടായിരുന്നു...

ഞങ്ങളെ കമ്പനിയാണ് ദുബായിലെ ഇവന്റ് മാനേജ്മന്റ് കമ്പനികളിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നത്... ഒന്നാം സ്ഥാനത്ത് Zain shaaയുടെ Zahra ഇവന്റ്സും....

അടുത്ത വർഷം ദുബായിൽ വെച്ച് നടക്കാനിരിക്കുന്ന ഒരു ബിഗ് ഇവന്റിന്റെ കോൺട്രാക്ട് ഞങ്ങളെ കമ്പനിക്ക് കിട്ടാൻ വേണ്ടിയാണ് ഈ മീറ്റിംഗ് വിളിച്ചത്... അതാണ് കമ്പനിയുടെ ഡ്രീമെന്ന് തന്നെ പറയാം...

കമ്പനിയുടെ ഡ്രീമെന്ന് പറയുമ്പോ അത് ആദിയുടെ ഡ്രീമാണ്, ആദിയുടെ ഡ്രീമെന്ന് പറയുമ്പോ സ്വാഭാവികമായും അത് എന്റെയും കൂടി ഡ്രീമല്ലേ..?

അതോണ്ട് എന്ത് വന്നാലും ആ ഇവന്റ് ഞങ്ങളെ കമ്പനിക്ക് തന്നെ കിട്ടണം...

പക്ഷെ, അതിലൊരു പ്രശ്നമുണ്ട്... ദുബായിലെ നമ്പർ വൺ ഇവന്റ് മാനേജ്മന്റ് കമ്പനിക്ക് മാത്രമേ അവര് ഈ ഇവന്റ് കൊടുക്കുകയുള്ളു... മറ്റു ഗൾഫ് രാജ്യങ്ങൾക്കും ഈ ഇവന്റിന്റെ സ്പോൺസർഷിപ്പ് ഉള്ളത് കൊണ്ട് എന്ത് വില കൊടുത്തും ആ ഇവന്റ് ഞങ്ങളെ കമ്പനിക്ക് തന്നെ കിട്ടണം... അത് കമ്പനിയുടെ നിലനിൽപ്പിന് വളരെ അത്യാവശ്യമാണ്...

അതിനാണ് ഈ മീറ്റിംഗ്... എത്രെയും പെട്ടെന്ന് തന്നെ ദുബായിലെ നമ്പർ വൺ സ്ഥാനത്ത് നിൽക്കുന്ന ഒരു

ഇവന്റ് മാനേജ്മെന്റ് കമ്പനി ഞങ്ങളുടേത് ആകണം...

അതിന് നമ്മളെ കയ്യിൽ ഒരു ചെറിയ ഐഡിയ ഒക്കെയുണ്ട്... പക്ഷെ നടക്കോ ഇല്ലയോ എന്ന് കണ്ടറിയണം....

അങ്ങനെ ഓരോരുത്തരായി വന്ന് അവരുടെ ഐഡിയകളൊക്കെ പങ്ക് വെച്ചപ്പോഴും അതൊന്നും ആദിക്ക് തൃപ്തി നൽകിയില്ല... അവസാനം എല്ലാവരുടെയും പറച്ചിലൊക്കെ കഴിഞ്ഞ് നോക്കുമ്പോ ആദി തലക്ക് താങ്ങും കൊടുത്ത് എന്തോ ഗാഢമായ ചിന്തയിൽ ആയിരുന്നു...

അവന്റെ ഈ ലക്ഷ്യം എങ്ങനെയെങ്കിലും നടത്തി കൊടുക്കണമെന്ന് എനിക്ക് നിർബന്ധമുണ്ട്...

കാരണം ആദി ഇങ്ങനെ ടെൻഷൻ അടിച്ച് നിൽക്കുന്നത് എനിക്ക് കാണാൻ കഴിയില്ല...

ഇനി നമ്മള് ഒരാള് മാത്രമേ പറയാനുള്ളു... അതോണ്ട് തന്നെ നമ്മള് സീറ്റീന്ന് എണീറ്റിട്ട് ആദിയെ ഒന്ന് നോക്കി കൊണ്ട് സംസാരിച്ച് തുടങ്ങി....

"ഞാൻ ഒരു ഐഡിയ പറയട്ടെ...."

"നീയൊരു ഐഡിയയും പറയണ്ട... വന്ന് കേറിയിട്ട് ഒരാഴ്ചയല്ലേ ആയിട്ടുള്ളു അതിനുള്ളിൽ ഐഡിയ പറയാനൊന്നും നീ വളർന്നിട്ടില്ല...."

"സൽ മ.... അവൾക്ക് പറയാനുള്ളത് അവള് പറഞ്ഞോട്ടെ... ഇനി അവളായിട്ട് പറയാൻ ബാക്കിയാകുന്നത് എന്തിനാ...?

You may proseed...."

നമ്മള് പറഞ്ഞ് തുടങ്ങുന്നതിന് മുന്നേ തന്നെ ആ സൽ മ കൂതറ ഇടങ്കോലിട്ട് ഇളക്കിയെങ്കിലും നമ്മക്ക് പറയാനുള്ളത് പറഞ്ഞോട്ടെ എന്ന് പറഞ്ഞ് ആദി പച്ചക്കൊടി കാണിച്ചപ്പോ നമ്മള് ആദിയോട് താങ്ക്സ് പറഞ്ഞിട്ട് സൽമയെ ഒരു പുച്ഛത്തോടെ നോക്കി ചിരിച്ച് കൊണ്ട് നമ്മള് തുടർന്നു....

"ഞാൻ ഇങ്ങോട്ട് വന്നിട്ട് ഒരാഴ്ചയെ ആയിട്ടുള്ളൂ... അതോണ്ട് എന്റെ ഐഡിയ എത്രത്തോളം വർക്ക് ആകുമെന്ന് അറിയില്ല.... So, pls co-operate with me...

അച്ചൂ എന്റെ ലാപ് ആ സിസ്റ്റമുമായി ഒന്ന് കണക്ട് ചെയ്യോ...?"

എന്ന് നമ്മള് പറഞ്ഞപ്പോ അച്ചു അതുപോലെ തന്നെ ചെയ്തു...നമ്മള് അതിൽ സെർച്ച് ചെയ്ത് പ്രൊജക്ടർ ഓണാക്കി നമ്മളെ പണി തുടർന്നു...

"ഇപ്പോ നമ്പർ വൺ ആയിട്ട് തുടരുന്ന Zahra events ന്റെ ഇപ്പോഴത്തെ നിലവാരമാണ് ഇതിൽ കാണിക്കുന്നത്... നമ്മുടെ കമ്പനിയേക്കാൾ 10% കൂടുതൽ വാല്യൂ ഈ കമ്പനിക്കുണ്ട്... ഈ 10% നമുക്ക് കുറച്ച് കൊണ്ട് വരണം എന്നതാണ് നമ്മുടെ ലക്ഷ്യം...."

"ഇതൊക്കെ ഞങ്ങൾക്കും അറിയാം... ഇത് പറയാൻ ഇത്രയും ഷോ കാണിക്കേണ്ടായിരുന്നു...

കമ്പനി നമ്പർ വൺ ആക്കാനുള്ള ഐഡിയയാണ്

ചോദിച്ചത് അല്ലാതെ Zahra events ന്റെ വളർച്ചയെ കുറിച്ച് പറയാനല്ല...."

നമ്മള് പറയുന്നതിന് ഇടക്ക് കേറി സൽമ അങ്ങനെ ഒക്കെ പറഞ്ഞതും നമ്മക്ക് ദേഷ്യം വന്നു... പിന്നെ അതിപ്പോ കാണിക്കേണ്ട ടൈം അല്ലാത്തൊണ്ട് നമ്മള് ഓളോടുള്ള ദേഷ്യം കടിച്ചമർത്തി....

"അങ്ങോട്ട് തന്നെയാണ് മാ...ഡം....ഞാൻ പറഞ്ഞ് വരുന്നത്...."

എന്ന് പല്ലിറുമ്പി പറഞ്ഞപ്പോ ഓള് മോന്ത കനപ്പിച്ച് വെച്ചിട്ട് മുഖം തിരിച്ച് ഇരുന്നു...

നമ്മള് ഒന്ന് കണ്ണടച്ച് പിടിച്ചോണ്ട് ഒരു നെടുവീർപ്പിട്ടിട്ട് തുടർന്നു...

"നമ്മുടെ കമ്പനിയുടെ ഉയർച്ച കൂടണമെങ്കിൽ നമുക്ക് ഇനിയും ഒരുപാട് പ്രോഫിറ്റ് വരുന്ന ഇവെന്റ്സ് കിട്ടണം... അതിന് നമ്മുടെ കമ്പനിയുടെ ഒരു ന്യൂ ആഡ് ഫിലിം ഇത്രെയും പെട്ടെന്ന് പബ്ലിഷ് ചെയ്യണം... ആ ആഡ്

ഫിലിമിൽ എല്ലാ ഇവന്റ്സും അടങ്ങിയിരിക്കണം... അത് കല്യാണമായിക്കോട്ടെ റീസെപ്ഷനായിക്കോട്ടെ പാർട്ടിയായിക്കോട്ടെ എല്ലാം അതിൽ വരണം...

നമ്മുടെ കമ്പനിയുടെ ആഡ് ഫിലിം ഞാൻ കണ്ടു...അത് നല്ല ഓൾഡാണ്... ന്യൂ ആയിട്ട് കൊണ്ട് വന്ന ടെക്നോളജിസ് ഒന്നും അതിൽ ഉൾപ്പെടുത്തിയിട്ടില്ല... സൊ, ഇതാണ് എന്റെ ഒരു ഐഡിയ...

പിന്നെ....മറ്റൊന്ന് നമ്മുടെ കമ്പനി representate ചെയ്യുന്ന ഒരു tradional ആയിട്ടുള്ള ഒരു ഫാഷൻ ഷോ നമുക്ക് കൊണ്ട് വരണം... അതിന്റെ കോസ്റ്റുംസ് വർക്ക് ഒക്കെ അച്ചു സോറി അശ്വതി നോക്കിക്കോളും... ഇങ്ങനെ ഒരു സ്റ്റേജ് ഷോ അറേഞ്ച് ചെയ്യുന്നത് കൂടുതൽ വിദേശികളെയും ഇതിലേക്ക് involve ചെയ്യാൻ പറ്റും.... So, this is my ideas...."

എന്ന് പറഞ്ഞ് ഒന്ന് നെടുവീർപ്പിട്ടോണ്ട് നമ്മള് എല്ലാവരെയും ഒന്ന് നോക്കിയപ്പോ അവരൊക്കെ എന്നെ ഒന്ന് നോക്കിയിട്ട് നേരെ ആദിയുടെ നേർക്ക്

തിരിഞ്ഞു നോക്കി... ആദി എന്ത് പറയുമെന്നത് ആണല്ലോ ഏറ്റവും പ്രധാനം...

അവൻ ആണെങ്കിൽ നമ്മളെ കണ്ണെടുക്കാതെ നോക്കി കൊണ്ട് ചെയറിൽ കാലുമേൽ കാൽ കേറ്റി വെച്ച് എന്തോ ചിന്തിച്ചിരുന്നു... എന്നിട്ട് അവൻ പെട്ടെന്ന് സീറ്റിൽ നിന്നും എണീറ്റിട്ട് അവന്റെ കോട്ടിന്റെ ബട്ടൺസ് ഇട്ടിട്ട് ഒന്നും മിണ്ടാതെ തിരിഞ്ഞ് നടന്നു...

അതിന്റെ പിന്നാലെ ആ സൽ   മ കൂതറയും നമ്മളെ ഇളിച്ച് കാണിച്ചിട്ട് പോയപ്പോ നമ്മക്ക് എരിഞ്ഞ് കേറി വന്നു... ഛെ, അതും പോയെന്ന് പറഞ്ഞ് തലയും താഴ്ത്തി നിൽക്കുമ്പോഴാണ് ആദി പെട്ടെന്ന് നിന്നിട്ട് തിരിഞ്ഞ് ഞങ്ങളെ നോക്കിയത്...

"നൈസ് ഐഡിയ... നമ്മളിത് ചെയ്യുന്നു... എല്ലാം നിന്റെ നേതൃത്വത്തിലായിരിക്കും നടക്കുക... അതും 2 ഡേയ്സിനുള്ളിൽ ആഡ് ഫിലിം ചെയ്യാനുള്ള എല്ലാ കാര്യങ്ങളും പെട്ടെന്ന് ചെയ്ത് തീർക്കണം..."

എന്ന് പറഞ്ഞ് ഓൻ ഡോർ തുറന്ന് ഒരു പോക്കങ്ങ് പോയപ്പോ നമ്മളെ കാതിലൂടെ കിളി പറന്നു പോയി... ആ കോന്തൻ ആദ്യം ഇത് ചെയ്യാമെന്ന് പറഞ്ഞപ്പോ നമ്മക്ക് ഹലാക്കിലെ സന്തോഷമായിരുന്നു... പക്ഷെ , ഇതൊക്കെ കൂടി രണ്ട് ദിവസത്തിനുള്ളിൽ ചെയ്യണമെന്ന് പറഞ്ഞപ്പോ നമ്മള് കരഞ്ഞില്ലെന്നെ ഉള്ളു... എന്നാലും കണ്ണ് നിറഞ്ഞ് പോയി....

"ഡി...ഫെബി...ഡി... എന്ത് ചിന്തിച്ചോണ്ട് നിൽക്കാ...വേഗം ചെല്ല് അവന്റെ പിന്നാലെ എന്നിട്ട് 2 ദിവസം കൊണ്ടൊന്നും ആഡ് ഫിലിം ചെയ്ത് തീർക്കാൻ പറ്റില്ലെന്ന് പറ ...ചെല്ല്...."

എന്ന് പറഞ്ഞ് അച്ചൂ നമ്മളെ പിടിച്ച് കുലുക്കിയപോഴാ ബോധം വന്നത്.... പിന്നെ ഒന്നും നോക്കീല ഡോർ തുറന്ന് അവന്റെ പിന്നാലെ ഒരു ഓട്ടമായിരുന്നു...

"സാർ....സാർ.....സാർ വൺ മിനിറ്റ്.... സാർ...."

എന്ന് പറഞ്ഞ് നമ്മള് പിറകെ ഓടിയപ്പോ ആദി

പെട്ടെന്ന് നിന്നിട്ട് തിരിഞ്ഞു നോക്കി... നമ്മള് അവന്റെ അടുത്ത് എത്തിയിട്ട് കെതച്ചോണ്ട് നമ്മക്ക് പറയാനുള്ളത് പറഞ്ഞു...

"സാ...ർ..... 2...2 ദിവ....സം കൊണ്ടൊ.... ന്നും ആ...ഡ് ചെയ്ത് ...തീർക്കാൻ പറ്റില്ല സാർ...."

എന്ന് നമ്മള് പറഞ്ഞ് തീർന്നതും ഓൻ ഓന്റെ കറുത്ത കണ്ണട എടുത്തിട്ട് നടക്കാൻ ഒരുങ്ങിയതും നമ്മളും ഓന്റെ പിന്നാലെ വെച്ച് പിടിച്ചു....

"എന്റെ തീരുമാനത്തിൽ മാറ്റമില്ല... 2 ദിവസം...

2 ദിവസത്തിനുള്ളിൽ ആ ആഡിന്റെ ഷൂട്ടിന് റെഡിയായിരിക്കണം....

സെറ്റും മറ്റു കാര്യങ്ങളും സ്റ്റേജ് അറേഞ്ച്മെൻസും ഒക്കെ താൻ തന്നെ മുൻകൈയെടുത്ത് സെറ്റാക്കണം... ആഡിനുള്ള ഡയറക്ടറെ ഞാൻ സങ്കടിപ്പിച്ചോളാം...."

"But sir.... This is impossible.... 2 ദിവസത്തിനുള്ളിൽ ഇത്രേയും കാര്യങ്ങൾ ചെയ്ത് തീർക്കാൻ പറ്റില്ല... അതോണ്ട്...."

എന്നൊക്കെ പറഞ്ഞ് നമ്മള് ആ കോന്തന്റെ പിന്നാലെ നടന്ന് പോയതും അവൻ പെട്ടെന്ന് നിന്നിട്ട് നമ്മക്ക് പറയാനുള്ളത് പൂർണ്ണമാക്കാൻ സമ്മതിക്കാതെ ശൂ എന്ന് പറഞ്ഞ് ആംഗ്യം കാണിച്ചു...

ഓന്റെ ആ ശൂ പറയലിൽ നമ്മള് ചെറുതായിട്ട് പതറി പോയതോണ്ട് നമ്മളൊന്നും മിണ്ടിയില്ല...

പെട്ടെന്ന് അവൻ കണ്ണട മാറ്റിയിട്ട് കുറച്ച് ഗൗരവത്തോടെ എന്നെ നോക്കി....

"എനിക്ക് പറയാനുള്ളത് പറഞ്ഞ് കഴിഞ്ഞു... ഇനി നമുക്കിടയിൽ ഇതിനെ കുറിച്ച് ഒരു ടോക്ക് ഉണ്ടാകാൻ പാടില്ല... *Do what I say.....* "

എന്ന് നമ്മളോട് കുരച്ച് ചാടി കൊണ്ട് പറഞ്ഞിട്ട് ആ കോന്തൻ വീണ്ടും കണ്ണട വെച്ച് പോയപ്പോ നമ്മള് ഓന്റെ പിറകിൽ നിന്നിട്ട് അവിടെ ഉണ്ടായിരുന്ന ഒരു

ഫ്ലവർ വേസ് എടുത്തിട്ട് അവനെ ഓങ്ങാൻ നിന്നു... പിന്നെ പാവല്ലേ നമ്മളെ ചെക്കനെല്ലേ എന്ന് കരുതിയപ്പോ നമ്മള് അത് അവിടെ തന്നെ വെച്ചിട്ട് തലക്ക് കയ്യും കൊടുത്ത് അവിടെ നിന്നു....

"എന്തായി ഫെബി... ബോസ് സമ്മതിച്ചോ...?" സനയാണ്.

"അവൻ ബോസ് അല്ലെടി ബിഗ് ബോസാ...ബിഗ് ബോസ്...

ടാസ്കിന് മേലെ ടാസ്ക് തന്ന് എന്റെ നടു ഒടിക്കാനാ അവന്റെ ഭാവം...

ആ കോന്തന്റെ ഓർമ്മ പോയത് നന്നായി ഇല്ലേൽ ഇതോണ്ട് എറിഞ്ഞ് അവന്റെ ഉള്ള ഓർമ്മയും കൂടി ഞാൻ ഇല്ലാതാക്കിയേനെ... ഡ്രാക്കുള..."

എന്ന് നമ്മള് കലി തുള്ളി പറയുന്നത് കേട്ടിട്ട് നമ്മളെ ടീംസ് മൊത്തം ഹലാക്കിലെ ചിരിയാണ് നമ്മളെ നോക്കി കൊണ്ട്...

"എന്ത് ഒലക്കക്കൊടി നിങ്ങളൊക്കെ കൂടി നിന്ന് കിണിക്കുന്നെ...."

"അല്ല ഫെബി... ഞങ്ങള് അങ്ങേരെ തെറി പറയുമ്പോ ശകാരിച്ച് വിട്ടിരുന്ന നീ തന്നെ ഇപ്പോ മൂപ്പരെ കുറിച്ച് ഇത്രക്ക് പുകഴ്ത്തുമ്പോ ആർക്കായാലും ചിരി വരില്ലേ..."

എന്ന് പറഞ്ഞ് സന തുടങ്ങിയപ്പോ നമ്മളും ഓളെ കൂടെ കൂടി ഒരുപാട് ചിരിച്ചു... അപ്പോഴാണ് ആ കാലമാടത്തി സൽ മ ഞങ്ങളെ അടുത്തേക്ക് വരുന്നത് കണ്ടത്... അപ്പോ തന്നെ നമ്മള് ടീംസിനെയും കൂട്ടി അവിടന്ന് നടക്കാൻ തുടങ്ങിയിരുന്നു...

"ഒന്നവിടെ നിന്നെ...."

നമ്മള് അപ്പോ തന്നെ തിരിഞ്ഞ് നോക്കാതെ അങ്ങനെ നിന്നു... അപ്പോ അവള് ഞങ്ങളെ മുന്നിലൊരു തടസമായി വന്ന് നിന്നിട്ട് നമ്മളെയൊന്ന് അടിമുടി

നോക്കി....

"കൊള്ളാലോ നിന്റെ ഐഡിയ... പക്ഷെ ആ ഐഡിയ തന്നെ നിനക്ക് വിനയായത് നീ കണ്ടില്ലേ...?

ജോലിയുടെ കാര്യത്തിൽ ആദിക്ക് യാതൊരു വിധ കോംപ്രമൈസും ഇല്ല... പറഞ്ഞ സമയത്തിനുള്ളിൽ പറഞ്ഞ ജോലി ചെയ്തിരിക്കണം... ഇല്ലെങ്കിൽ ചിലപ്പോ നിനക്ക് ഇവിടെ തുടരാൻ പറ്റിയെന്ന് വരില്ല...

എന്തായാലും 2 ദിവസം കൊണ്ട് ആ ആഡ്സിന് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കുക എന്നത് ഒരിക്കലും നടക്കാത്ത കാര്യാ... മിക്കവൊറും ഈ ആഴ്ച തന്നെ നിനക്ക് തിരിച്ച് പോകേണ്ടി വരുമല്ലോ നാട്ടിലേക്ക്.... How sad...?

അങ്ങനെ ആയാൽ പിന്നെ നീയെങ്ങനെ നിന്റെ ഉപ്പാന്റെ കടം വീട്ടും... നിന്റെ അനിയനേയും അനിയത്തിയെയും എങ്ങനെ പഠിപ്പിക്കും....Any way All the best..."

എന്ന് പറഞ്ഞ് ഒരു പുച്ഛത്തോടെ അവളെന്നെ നോക്കി ചിരിച്ചപ്പോ നമ്മളും മിണ്ടാതിരിക്കാൻ തയ്യാറല്ലായിരുന്നു...

"താങ്ക്യൂ സൽ മ.... നിന്റെ ഈ മോട്ടിവേഷൻ സ്പീച്ച് കേട്ടപ്പോഴാ എനിക്ക് ജോലിയോട് ഒക്കെ കൂടുതൽ താല്പര്യം തോന്നുന്നത്... പോരാത്തതിന് എന്റെ കുടുംബത്തെ ഓർത്ത് നീ അധികം ടെൻഷനടിക്കണ്ട... അവരുടെ കാര്യം എങ്ങനെ ഡീൽ ചെയ്യണമെന്ന് എനിക്ക് അറിയാം...

പിന്നെ നിന്നോട് ഇങ്ങനെ കൂടുതൽ നേരം കൊഞ്ചി കുഴഞ്ഞ് നില്ക്കാൻ എനിക്ക് തീരെ സമയമില്ല... So... bye...

നമുക്ക് ആഡ് ഫിലിം ഷൂട്ടിന്റെ അന്ന് കാണാം...ബൈ...."

എന്ന് പറഞ്ഞ് നമ്മള് അവിടന്ന് ഇറങ്ങി നേരെ നമ്മളെ സീറ്റിലേക്ക് വിട്ടു... അവിടെ എത്തിയപ്പോ മുതൽ ഇനി എന്ത് ചെയ്യുമെന്ന് ആലോജിച്ച് ആകെ തലക്ക് വട്ട് പിടിച്ച് നിന്നപ്പോഴാ അച്ചുവും അരുണും സനയും

അച്ചയനും കൂടി നമ്മളെ അടുത്തേക്ക് വന്നത്...

അവര് നമ്മളെ കൂടെ നിന്ന് ഫുൾ സപ്പോർട്ടും തന്നപ്പോ നമ്മക്ക് ആത്മധൈര്യം കൂടി...

അങ്ങനെ ആ 2 ദിവസം ഊണില്ലാ ഉറക്കമില്ലാ എന്ന നിലയിൽ രാപകലില്ലാതെ കഷ്ടപ്പെട്ടു... അങ്ങനെ ആഡ് ഷൂട്ട് നടക്കുന്നതിന്റെ തലേന്ന് രാത്രി സ്റ്റേജ് ഡെക്കറേഷൻ നടന്ന് കൊണ്ടിരിക്കുമ്പോഴാണ് ആദിയും സൽമയും കൂടി അങ്ങോട്ട് വന്നത്...

നമ്മക്ക് നല്ല എട്ടിന്റെ പണി തന്നെങ്കിലും നമ്മക്ക് അത്ര വലിയ സ്ട്രെസ്സൊന്നും ഇല്ലായിരുന്നു... കാരണം അത്രക്ക് വർക്കേഴ്സിനെ സെറ്റാക്കി തന്നിട്ടുണ്ട് ആദി... അതോണ്ട് വർക്ക് ഒക്കെ പെട്ടെന്ന് തന്നെ കമ്പ്ലീറ്റ് ആകുന്നുണ്ട്...

പിന്നെ കൂടെ കമ്പനി സ്റ്റാഫ്സും നമ്മളെ ടീംസും ഉള്ളതൊണ്ട് ജോലിഭാരമില്ല...

ആദിയും സൽമയും കൂടി ഒരുമിച്ച് വരുന്നത് കണ്ടപ്പോ കയ്യിലുണ്ടായിരുന്ന പേന ഒടിച്ചിട്ടാണ് നമ്മള്

അവരോടുള്ള ദേഷ്യം തീർത്തത്... വർക്ക് എവിടം വരെയായി എന്നറിയാൻ വേണ്ടിയാ അവര് രണ്ടും കൂടി ഈ നാട്ടപ്പാതിരാക്ക് ഇങ്ങോട്ട് കെട്ടി എഴുന്നള്ളിയത്...

ആദിയെ കണ്ടപ്പോ തന്നെ പലരും അവന്റെ അടുത്തേക്ക് ചെന്നിട്ട് സ്റ്റേജ് അറേഞ്ച്മെൻസിന്റെ കാര്യങ്ങളൊക്കെ അവനോട് ചർച്ച ചെയ്യുന്നത്... ഓന്റെ കൂടെ ആ ഭദ്രകാളിയെ കണ്ടോത് തന്നെ നമ്മള് അങ്ങോട്ട് പോകാൻ നിന്നില്ല... പകരം അവിടെ സ്റ്റേജിൽ നിന്നിട്ട് അവിടെയുള്ള വർക്കേഴ്സിനെയൊക്കെ ഒന്ന് ഹെല്പ് ചെയ്യാൻ നോക്കി...

അപ്പോഴാണ് ഇടക്കിടക്ക് ആദിന്റെ നോട്ടം നമ്മളെ മേലിലേക്ക് പതിക്കുന്നത് നമ്മള് ശ്രദ്ധിച്ചത്... നമ്മള് അത് കണ്ടിട്ടും കാണാത്ത പോലെ അവിടെ നിന്നിട്ട് അവിടെ ഉണ്ടായിരുന്ന ഒരുകൂട്ടം വൈറ്റ് റോസ് കയ്യിൽ വെച്ചിട്ട് ആദിയെ ഒന്ന് നോക്കി...

എവടെ... അപ്പോഴേക്കും ആ കോന്തന്റെ പൊടി പോലും അവിടെ കാണാൻ ഇല്ലായിരുന്നു... ഇനി പോയി

കാണുമെന്ന് ചിന്തിച്ചോണ്ട് അല്പം വിഷമത്തോടെ ആ വൈറ്റ് റോസിലേക്ക് നോട്ടമെറിഞ്ഞു... അപ്പോ സന വന്നിട്ട് നമ്മളോട് എന്താന്ന് ആംഗ്യം കാണിച്ചപ്പോ നമ്മള് ഒന്നുമില്ലെന്ന് തലയാട്ടി കൊണ്ട് അത് എടുത്ത് സ്റ്റേജിൽ വെക്കാൻ നോക്കുമ്പോഴായിരുന്നു നമ്മള് അവിടെ കിടന്ന ഒരു വയറിൽ കാല് കുരുങ്ങി വീഴാൻ പോയത്...

അപ്പോ തന്നെ നമ്മളെ കയ്യിൽ നിന്നും ആ വൈറ്റ് റോസ് പറന്ന് നമ്മുടെ തലക്ക് മോളിൽ കൂടി പറന്ന് വീണതും നമ്മളെ നടു ഒടിഞ്ഞ് ഒരു പരുവമാകുമെന്ന് കരുതിയ നമ്മക്ക് തെറ്റി... നമ്മളെ അപ്പോഴേക്കും ആദി പിടിച്ചിരുന്നു...

നമ്മളെ രണ്ട് കയ്യും ഓന്റെ കഴുത്തിലൂടെയിട്ട് ഓന്റെ കാന്തകണ്ണിലേക്ക് അങ്ങനെ നോക്കി നിന്നതും ഞങ്ങളെ മേലിലേക്ക് ആ വൈറ്റ് റോസുകൾ വീണിരുന്നു...

അപ്പോ ഞാൻ അനുഭവിച്ച ഫീല് എന്താണെന്ന് എനിക്ക് ഇപ്പോഴും മനസ്സിലാകുന്നില്ല... ആ നേരത്ത് ഞാൻ എങ്ങാനും വടിയായി പോയിരുന്നേൽ എന്ന് വരെ

ഞാൻ ആഗ്രഹിച്ചു പോയി...

" *ആദി....* "

പെട്ടെന്ന് അങ്ങനെ ഒരു അലർച്ച കേട്ടതും നമ്മള് അപ്പോ തന്നെ ആദിന്റെ കയ്യിൽ നിന്നും എണീറ്റ് നിന്നിട്ട് ആ കൂതറന്റെ മുഖത്തേക്ക് ഒന്ന് നോക്കി... അപ്പോ ഓള് അവിടെ കലി തുള്ളി കൊണ്ട് മോന്തയും വീർപ്പിച്ച് നിൽക്കുന്നത് കണ്ടപ്പോ നമ്മക്ക് ചിരി അടക്കാൻ പറ്റുന്നില്ലേന്നു...

നമ്മള് ആദിന്റെ പുറകിലേക്ക് അല്പം മാറി നിന്നിട്ട് സൽമയെ നോക്കി കൊണ്ട് നമ്മള് കോളർ പൊക്കി ആക്ഷൻ കാണിച്ചതും അവള് നമ്മളെ നേരെ പാഞ്ഞടുത്തിരുന്നു...

"ഡി....നീയെന്റെ ആദിയെ...."

എന്ന് പറഞ്ഞ് അവളെന്റെ നേരെ വന്നതും പെട്ടെന്ന് ആദി നമ്മളെ മുന്നിൽ കേറി നിന്നിട്ട് അവളെ പിടിച്ച് നിർത്തി... അത് നമ്മക്ക് ഉള്ളിൽ ഒരു കുളിര് തൂകി...

"സൽ മ...സ്റ്റോപ്പ് ഇറ്റ്... അവള് അറിയാതെ കാൽ സ്ലിപ്പായി വീഴാൻ പോയപ്പോ ഞാൻ ഒന്ന് പിടിച്ചതാ അല്ലാതെ വേറെ ഒന്നുമില്ല.... അതിനെ നീ വെറുതെ വളച്ചൊടിക്കരുത്..."

"അല്ലെങ്കിലും അവൾക്ക് പണ്ടേയുള്ളതാണല്ലോ നിന്നെ കാണുമ്പോഴുള്ള ഈ വീഴ്ച... അതൊന്നും എനിക്ക് മനസ്സിലാകുന്നില്ലെന്ന് നീ കരുതണ്ട..."

എന്ന് സൽ മ നമ്മളെ നേരെ വിരൽ ചൂണ്ടി സംസാരിക്കുന്നത് കേട്ടതും നമ്മളെ മുഖത്ത് അറിയാതെ ഒരു പുഞ്ചിരി വിടർന്നു... അത് കേട്ടിട്ട് ആണെന്ന് തോന്നുന്നു ആദി അവളിലുള്ള പിടി വിട്ടിട്ട് അവളെ തന്നെ നോക്കി നിന്നത്...

"What...? നീയെന്താ പറഞ്ഞെ...?"

എന്ന് ആദി സൽമയോട് ചോദിച്ചപ്പോഴാ അവൾക്ക് തന്നെ ഓർമ്മ വന്നത് അവളെന്താ പറഞ്ഞതെന്ന്...

അപ്പോ തന്നെ അവള് നിന്ന് പരുങ്ങി കൊണ്ട് ബ ബ്ബ ബ്ബ ബ്ബ അടിക്കുന്നത് കണ്ടതും നമ്മക്ക് സന്തോഷം കൊണ്ട് ചിരി അടക്കി വെക്കാൻ പറ്റുന്നില്ലേന്നു...

നമ്മള് ഓളെ നോക്കി സൈറ്റടിച്ചിട്ട് താങ്ക്യൂ എന്ന് മെല്ലെ പറഞ്ഞോണ്ട് അവിടന്ന് തിരിച്ച് നടക്കാൻ നിൽക്കുമ്പോഴും അവള് ആദിന്റെ മുന്നിൽ ബ ബ്ബ ബ്ബ ബ്ബ അടിച്ച് നിൽക്കാണ്...

നമ്മള് അത് കണ്ട് നല്ല അഡാർ ഹാപ്പിയിൽ അവിടന്ന് നടന്ന് നീങ്ങിയപ്പോഴാണ് പെട്ടെന്ന് അച്ചു ഫെബീ.... എന്ന് വിളിച്ച് കൂവി കൊണ്ട് നമ്മളെ അടുത്തേക്ക് ഓടി വരുന്നത് കണ്ടത്....

നമ്മള് കാര്യമെന്താണെന്ന് അറിയാതെ പകച്ച് അവിടെ തന്നെ നിൽക്കുമ്പോഴുണ്ട് നമ്മളെ പുറകിൽ നിന്നും നമ്മള് ഏറെ കൊതിക്കാൻ ആഗ്രഹിക്കുന്ന ആ വിളി കേൾക്കുന്നു...

" *ഐഷു...*"

എന്ന വിളി കേട്ടപ്പോ തന്നെ നമ്മള് ഞെട്ടി തരിച്ച് തിരിഞ്ഞ് നോക്കിയതും നമ്മളെ തലയിലേക്ക് ഒരു വലിയ ലൈറ്റ് വീണത്.... പക്ഷെ അതെന്റെ തലയിൽ തട്ടുന്നതിന് മുന്നേ തന്നെ ആദി എന്നെയും കൊണ്ട് അവിടന്ന് നിലത്തേക്ക് മറിഞ്ഞിരുന്നു....

ആ ഒരു നിമിഷം വീണ്ടും എനിക്ക് പഴയതൊക്കെ ഓർമ്മയിലേക്ക് വന്നു... അന്ന് കോളേജിൽ വെച്ച് നടന്ന അതെ പോലെ ഇവിടന്നും സംഭവിച്ചതും ആദി എന്നെ രക്ഷപ്പെടുത്തിയിരിക്കുന്നു... അതും ഐഷു എന്ന് വിളിച്ച് കൊണ്ട്... ഈ ഒരു നിമിഷത്തിന് വേണ്ടി ഞാൻ എന്ത് മാത്രം കൊതിച്ചതാണ്... അതിതാ ഇപ്പോ സംഭവിച്ചിരിക്കുന്നു...

ആദി ഇപ്പോ എന്റെ മേത്താണ് കിടക്കുന്നത്... നമ്മളെ കണ്ണിലേക്ക് നോക്കി കൊണ്ട് അവൻ അങ്ങനെ കിടക്കുന്നത് കണ്ടതും അറിയാതെ എന്റെ കണ്ണ് നിറഞ്ഞ് പോയി... ആദി അപ്പോ തന്നെ നമ്മളെ പിടിച്ച് എഴുന്നേല്പിച്ചതും നമ്മള് പരിസരം മറന്ന് ഓനെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു...

അപ്പോ ആദി ഷോക്കടിച്ച പോലെ എന്ത് ചെയ്യണമെന്ന് അറിയാത്ത അവസ്ഥയിൽ നിൽക്കുന്ന പോലെ നമ്മക്ക് തോന്നിയതും നമ്മള് അപ്പോ തന്നെ ഓനിൽ നിന്നും അകന്ന് നിന്നിട്ട് താഴേക്ക് നോക്കി...

"ഐഷു....ഐഷു...നിനക്ക് കുഴപ്പമൊന്നും ഇല്ലല്ലോ..."

എന്ന് വെപ്രാളപ്പെട്ടൊണ്ട് ഓൻ നമ്മളെ കവിളില് കൈ വെച്ച് ചോദിക്കുന്നത് കേട്ടതും നമ്മള് ഓനെ തന്നെ ഉറ്റു നോക്കി.... നമ്മള് ഓന്റെ കയ്യിൽ പിടിച്ചിട്ട് ആദി എന്ന് വിളിച്ചതും പെട്ടെന്ന് അവൻ എന്നിൽ നിന്നും കയ്യെടുത്തിട്ട് അകന്ന് നിന്നു...

എന്നിട്ട് അവന്റെ കൈകളിലേക്കും എന്റെ മുഖത്തേക്കും നോക്കിയിട്ട് അവൻ തലയിൽ കൈ വെച്ച് കൊണ്ട് മുടി പിച്ചുന്ന പോലെ കാണിച്ചതും നമ്മക്ക് ഒന്നും മനസ്സിലാകാതെ ഓനെ നോക്കി നിന്നു....

പെട്ടെന്ന് ആദി ഒരു ഭ്രാന്തനെ പോലെ നോ....എന്ന്

അലറി കൊണ്ട് മുടി പിച്ചിയിട്ട് അവിടന്ന് ഇറങ്ങിയിട്ട് കാറും കൊണ്ട് എങ്ങോട്ടെന്നില്ലാതെ ഓടിച്ചു പോയി...

നമ്മള് അവന്റെ പിന്നാലെ ആദിയെന്ന് വിളിച്ച് ഓടിയെങ്കിലും അപ്പോഴേക്കും ഓൻ പോയിരുന്നു... ഓൻ പോകുന്നതും നോക്കി കൊണ്ട് നമ്മള് അവിടെ നിന്നപോ അച്ചുവും സനയും നമ്മളെ അടുത്തേക്ക് ഓടി വന്നിട്ട് നമ്മളെ തോളിൽ കൈ വെച്ചതും നമ്മളെ സങ്കടങ്ങളെല്ലാം അവരെ കെട്ടിപ്പിടിച്ച് കരഞ്ഞോണ്ട് തീർത്തു....

അപ്പോഴാണ് മിഴികളിൽ ഈറനണിഞ്ഞ് നമ്മളെ രൂക്ഷമായി നോക്കി കൊണ്ടിരിക്കുന്ന സൽമയെ കണ്ടത്... അവളെ കണ്ടതും കണ്ണ് തുടച്ച് നമ്മള് അവളെ അടുത്തേക്ക് ചെന്നു...

"ഇതുവരെ നിനക്ക് ഒരു വിചാരം ഉണ്ടായിരുന്നു... ആദി എന്നും നിന്റേത് മാത്രം ആയിരിക്കുമെന്ന്... അവനൊരിക്കലും അവന്റെ ഓർമ്മകൾ തിരിച്ച് കിട്ടില്ലെന്ന്...

പക്ഷെ, ഇപ്പോ സംഭവിച്ചത് നിനക്ക് ഒരിക്കലും മറക്കാൻ കഴിയില്ലെന്ന് എനിക്കറിയാം... കാരണം മുൻപ് എനിക്ക് നടന്ന ഇതുപോലെയുള്ള ഒരു അറ്റാക്കിൽ നിന്നും ആദി എന്നെ രക്ഷിച്ചതാണ് ഞങ്ങൾക്കുള്ളിലെ ശത്രുതയെ കുറച്ചത്...

അന്ന് നീ കാരണമാണ് അത് നടന്നതെങ്കിൽ ഇന്ന് ഇത് നടന്നത് ആദിക്ക് പഴയതൊക്കെ ഓർമ്മിക്കാൻ വേണ്ടി പടച്ചോൻ കൊടുത്ത അവസരമാണ്...

നീയും കേട്ടതല്ലേ അവനെന്നെ ഐഷു എന്ന് വിളിച്ച് എന്റെ അടുത്തേക്ക് ഓടി വന്നത്...

ആ ഒരു വിളി കേട്ടിട്ട് എത്ര നാളയെന്ന് അറിയോ നിനക്ക്...?

അല്ലെങ്കിലും സ്നേഹമൊക്കെ പിടിച്ച് പറിക്കാൻ നോക്കുന്ന നിനക്കൊന്നും ഞങ്ങളെ സ്നേഹത്തിന്റെ വില പറഞ്ഞാൽ മനസ്സിലാകില്ല...

നീ കണ്ടോ സൽ മ... വൈകാതെ തന്നെ ആദിക്ക് പഴയതൊക്കെ ഓർമ്മ വരും... അവന് എന്റെ സ്നേഹം

മനസ്സിലാകും... അന്നൊരിക്കൽ നമ്മള് വീണ്ടും കണ്ട് മുട്ടും... അത് നിനക്ക് താങ്ങാൻ കഴിയുന്നതിലും അപ്പുറമായിരിക്കും..."

എന്ന് പറഞ്ഞ് പിടിച്ച് വെക്കാൻ ശ്രമിച്ച കണ്ണ് നീർ തുള്ളികളെ കവിളില് നിന്നും മായ്ച്ച് കൊണ്ട് നമ്മള് അവളെ നോക്കി ഒന്ന് ചിരിച്ചിട്ട് അവിടന്ന് നടന്നകന്നു... പിന്നാലെ നമ്മളെ ടീംസും....

★★★★★★★★★★★★★★★★★★★★

'എന്താ എനിക്ക് പെട്ടെന്ന് സംഭവിച്ചത്...?

അവളുടെ തലയിലേക്ക് ആ ലൈറ്റ് വീഴാൻ പോയപ്പോ ഞാൻ എന്തിനാ അവളെ ഐഷു എന്ന് വിളിച്ചോണ്ട് അവളെ രക്ഷപ്പെടുത്തിയത്...?

അവള് പൊഴിക്കുന്ന ഓരോ കണ്ണീരും എന്തിനാ എന്നെ ഇത്രമാത്രം വേദനിപ്പിക്കുന്നത്...?

അതിന് മാത്രം ഞങ്ങള് തമ്മിൽ എന്ത് ബന്ധമാണുള്ളത്...?

അവളെന്നെ കെട്ടിപ്പിടിച്ചപ്പോ ഞാൻ എന്നിൽ അനുഭവിച്ച ഫീൽ.... എനിക്കത് ഓർക്കാൻ കൂടി വയ്യ... അവളുടെ സാമിപ്യം എന്നെ വല്ലാണ്ട് disturb ചെയ്യുന്നു.... ഐഷു എന്ന് വിളിച്ച് അവളെ അടുത്തേക്ക് ഓടി ചെന്നപ്പോ എന്തൊക്കെയോ ഒരു മിന്നായം പോലെ എന്റെ ഓർമ്മയിൽ വന്ന് പോയി.... അത് അവളെ മുഖമായിരുന്നു.... അതും ചോരയിൽ കുളിച്ച് കിടക്കുന്ന അവളുടെ മുഖം... അതാണ് ഞാൻ അവിടന്ന് അലറി കൊണ്ട് പെട്ടെന്ന് കാറെടുത്ത് പോന്നത്....

പക്ഷെ, മനസ്സ് ഇപ്പോഴും അസ്വസ്ഥമാണ്...അവളുടെ ആദി എന്ന വിളി... എന്നെ ഏറെ കുഴപ്പിക്കുന്നു.... സത്യത്തിൽ അവളാരാ...?

എനിക്കും അവൾക്കും ഇടയിൽ എന്ത് ബന്ധമാണുള്ളത്..?

കണ്ട് പിടിക്കണം....അത് കണ്ട് പിടിച്ചേ പറ്റൂ....'

എന്ന് മനസ്സിൽ ഉറപ്പിച്ചോണ്ട് സ്റ്റിയറിൽ പിടിച്ച് തിരിച്ചതും മറ്റൊരു കാറുമായി കൂട്ടിയിടിച്ച് എന്റെ കാർ

നേരെ ഒരു മതിലിൽ ചെന്ന് ഇടിച്ചതും സ്റ്റിയറിൽ തലയിടിച്ച് ഞാൻ ബോധരഹിതനായി വീണിരുന്നു....

★★★★★★★★★★★★★★★★★★★

അവിടന്ന് ഇറങ്ങി കാറിൽ കേറിയതിന് ശേഷം അവര് നാലും എന്നോട് കമാന്ന് ഒരക്ഷരം മിണ്ടിയിട്ടില്ല... നമ്മളും അവരുടെ മൗനത്തെ വക വെക്കാതെ പുറത്തേക്ക് കണ്ണോടിച്ചിരുന്നപ്പോഴുണ്ട് മുന്നിലെ മിററിലൂടെ അച്ചായനും അരുണും കൂടി നമ്മളെ മുഖത്തേക്ക് നോക്കുന്നു....

നമ്മളെ നോട്ടം അവരിൽ ചെന്ന് പതിക്കുന്നുണ്ടെന്ന് കണ്ടതും അവര് വേഗം മുഖം തിരിച്ച് കളഞ്ഞു... അപ്പോ ചുമ്മാ നമ്മളെ കൂടെ ഇരിക്കുന്ന ആ രണ്ട് ബലാലുകളുടെയും മുഖത്തേക്ക് നോക്കിയപ്പോഴുണ്ട് അവറ്റകളും ഇടക്കിടക്ക് നമ്മളെ നോക്കി ഇരിക്കുന്നു...

"അരുൺ...വണ്ടി നിർത്ത്.... നിർത്താൻ..."

എന്ന് നമ്മള് കടുപ്പിച്ച് പറഞ്ഞപ്പോ അരുൺ കാർ റോഡിന്റെ സൈഡിലേക്ക് മാറ്റി നിർത്തി... നമ്മള് അപ്പോ തന്നെ കാറിൽ നിന്നും ചാടിയിറങ്ങിയിട്ട് കാറിനോട് ചാരി കയ്യും കെട്ടി നിന്നു... അപ്പോ തന്നെ അവറ്റകൾ കാറിൽ നിന്ന് ഇറങ്ങിയിട്ട് നമ്മളെ ചുറ്റും കൂടി നിന്നപോ നമ്മള് തലയും താഴ്ത്തി വെച്ച് നിൽക്കാണ്...

"ഫെബി...എന്താടി എന്ത് പറ്റി...?" അച്ചായനാണ്.

"എന്താ ഫെബി വല്ല അസ്വസ്ഥതയും തോന്നുണ്ടോ..?

ഒമിറ്റ് ചെയ്യാനോ മറ്റോ...?"

എന്ന് അച്ചു പറഞ്ഞപ്പോ നമ്മള് ഓളെ രൂക്ഷമായി നോക്കോയപ്പോ ഓള് ഒന്ന് ഇളിച്ച് കാണിച്ച് തന്നപ്പോ നമ്മള് വീണ്ടും തല താഴ്ത്തി നിന്നു...

"എന്താ ഫെബി എന്താ കാര്യം...? നീയെന്താ ഒന്നും മിണ്ടാതെ ഇങ്ങനെ നിൽക്കുന്നെ...?" അരുണാണ്.

"ഡി... സംഭവിച്ചതൊക്കെ ഓർതോണ്ട് സെന്റി അടിക്കാനാണോ നിന്റെ ഭാവം...?

ഡി...കോപ്പെ എന്തേലും ഒന്ന് മിണ്ടടി..." സനയാണ്.

നാലും കൂടി നമ്മളെ ചുറ്റും നിന്നിട്ട് നമ്മളോട് ഭയങ്കര ചോദ്യം ചെയ്യലായിരുന്നു... ഒടുക്കം അവരോടൊക്കെയായിട്ട് നമ്മള് തിരിച്ചൊരു ചോദ്യം ചോദിച്ചപ്പോ നാലിനും മിണ്ടാട്ടം മുട്ടി...

"ആ ലൈറ്റ്സ് എങ്ങനെയാ വീണത്...?"

അവരുടെ മുഖത്തേക്ക് നോക്കാതെയുള്ള നമ്മളെ ചോദ്യം കേട്ടതും അവര് പെട്ടെന്ന് സൈലന്റായി... നമ്മള് അപ്പോ തന്നെ അവരുടെ നാലിനെയും മുഖത്തേക്ക് നോക്കിയപ്പോ നാലിനും ഒരു കള്ളലക്ഷണം...

നാലും പരസ്പരം ഇടങ്കണ്ണിട്ട് മുഖത്തേക്ക് നോക്കി നിൽക്കാണ് എന്നല്ലാതെ നമ്മളെ മുഖത്തേക്ക് നോക്കുന്നില്ലായിരുന്നു....

"അപ്പോ ഞാൻ വിചാരിച്ചത് ശരിയാണല്ലേ... ആ ലൈറ്റ്സ് വീഴാൻ കാരണം നിങ്ങളൊക്കെ അല്ലേ...?

ആ ലൈറ്റ് വീഴുന്നതിന് മുന്നേ തന്നെ അച്ചു എന്നെ ഫെബി എന്ന് വിളിച്ച് കൂവിയത് കേട്ടപ്പോഴേ മനസ്സിലായി അത് നിങ്ങളെ പ്ലാൻ ആണെന്ന്... ആദി എന്നെ തിരിഞ്ഞ് നോക്കാൻ വേണ്ടിയല്ലേ അപ്പോ എന്നെ അങ്ങനെ വിളിച്ചത്...?

പറ... നിങ്ങളുടെ പ്ലാൻ അല്ലായിരുന്നോ അത്... പറ..."

എന്ന് പറഞ്ഞ് നമ്മള് നാലിനെയും മാറി മാറി നോക്കി കൊണ്ടിരിക്കുമ്പോഴാണ് ഒരു ചെറിയ പതർച്ചയോടെ സന എന്തോ പറയാൻ വേണ്ടി നമ്മളെ അടുത്തേക്ക് വന്നത്... നമ്മള് അപ്പോ തന്നെ അവളെ കെട്ടിപ്പിടിച്ചോണ്ട് കണ്ണ് നിറച്ചപ്പോ അവരൊക്കെ നമ്മളെ അന്തം വിട്ട് നോക്കായിരുന്നു...

"താങ്ക്സ്....താങ്ക്യൂ സൊ മച്ച് ഫ്രണ്ട്സ്.... നിങ്ങള് അങ്ങനെ ചെയ്തില്ലായിരുന്നു എങ്കിൽ ആദി ഒരിക്കലും അങ്ങനെ പ്രതികരിക്കില്ലായിരുന്നു..."

എന്ന് ഒരു ചെറുപുഞ്ചിരി ചുണ്ടിൽ വിടർത്തി കൊണ്ട് നമ്മളത് പറഞ്ഞതും അവരും നമ്മളെ കൂടെ കൂടി നമ്മളെ കെട്ടി പിടിച്ചു...

"ആദിന്റെ ഓർമ്മ തിരിച്ച് കൊണ്ട് വരേണ്ടത് ഞങ്ങളെ കൂടി ആവശ്യമല്ലേ ഫെബി... അതിന് വേണ്ടി ഞങ്ങൾക്ക് ഈയൊരു മർഗ്ഗമേ അപ്പോ പരീക്ഷിക്കാൻ തോന്നിയുള്ളൂ...."

അച്ചായൻ അതും പറഞ്ഞോണ്ട് നമ്മളെ തലയിൽ തലോടിയപ്പോ നമ്മള് അവരിൽ നിന്നും വിട്ട് നിന്ന് അവരെയൊക്കെ ഒന്ന് നോക്കി പുഞ്ചിരി തൂകി കൊണ്ട് ഫ്ലാറ്റിലേക്ക് വണ്ടിയെടുത്തു...

★★★★★★★★★★★★★★★★★★★★★★

തലക്ക് എന്തോ വലിയ ഒരു ഭാരം തോന്നിയപ്പോഴാണ് നമ്മള് കണ്ണ് തുറന്ന് നോക്കിയത്... അപ്പോ നമ്മളെ ചുറ്റും ആരൊക്കെയോ കൂടി നിൽപ്പുണ്ടായിരുന്നു...

കണ്ണിനെന്തോ ഒരു മങ്ങൽ പോലെ തോന്നിയതും കണ്ണടച്ച് പിടിച്ചിട്ട് ഒന്ന് കൂടി കണ്ണ് തുറന്ന് നോക്കിയപ്പോ ഉമ്മിയും ആഷിയും സൽമയുമാണ് നമ്മളെ അടുത്തുള്ളത്...

"എന്താ മോനെ ഇത്...? നിനക്ക് ഒന്ന് സൂക്ഷിച്ചും കണ്ടും വണ്ടിയോടിച്ചൂടെ...?

ഇത് എത്രാമത്തെ തവണയാ ഇങ്ങനെ സംഭവിക്കുന്നതെന്ന് നിനക്ക് വല്ല നിശ്ചയവും ഉണ്ടോ...?"

ഉമ്മി കരഞ്ഞോണ്ട് ഇങ്ങനെ എന്തൊക്കെയോ പറയാൻ തുടങ്ങിയതും ഞാൻ ആഷിയെ നോക്കിയിട്ട് അവനോട് ഉമ്മിനെ ഇവിടന്ന് കൊണ്ട് പോകാനായിട്ട് ആംഗ്യം കാണിച്ചപ്പോ ഓൻ ഉമ്മിയെയും കൊണ്ട് അവിടന്ന് പുറത്തേക്ക് പോയി...

അപ്പോ സൽമ എന്റെ അടുത്ത് വന്ന് ഇരുന്നിട്ട് എന്റെ കയ്യിൽ പിടിച്ചോണ്ട് വേദനയുണ്ടോന്ന് ചോദിച്ചപ്പോ ഇല്ലെന്ന് തലയാട്ടി ഒന്ന് ചിരിച്ചു...

"എന്നെ...ആരാ ഇങ്ങോട്ട് കൊണ്ട് വന്നത്..?"

"ഹായ് ആദിൽ....May I...?"

എന്ന് പെട്ടെന്ന് ഞങ്ങളെ സംസാരത്തിനിടയിലേക്ക് അങ്ങനെ ഒരു സംഭാഷണവും കൊണ്ട് കടന്ന് വന്ന ആളെ കണ്ടതും ഞാൻ കിടന്നിടത്ത് നിന്ന് ഒന്ന് എണീക്കാൻ ശ്രമിച്ചു...

"ഏയ്....നോ നോ നോ.... ടേക്ക് റസ്റ്റ്.... എണീക്കൊന്നും വേണ്ട...

Actually ഇന്നലെ തന്റെ കാർ വന്ന് crash ആയത് എന്റെ കാറിലാണ്... പിന്നെ അപ്പോഴത്തെ ആ ഷോക്കിൽ ആണെന്ന് തോന്നുന്നു തന്റെ ബോധം അപ്പോഴേക്കും പോയിരുന്നു....

പിന്നെ തന്നെ പെട്ടെന്ന് ഇങ്ങോട്ട് കൊണ്ട് വന്നു...

Are you okay now ആദിൽ...?"

"Yeah I am fine... താങ്ക്യൂ Zain.... ഇത്രെയും ബുദ്ധിമുട്ടി എന്നെ ഇങ്ങോട്ട് കൊണ്ട് വന്നതിന്..."

"Its okay ആദിൽ...

ഓക്കേ....എനിക്ക് ഇപ്പോ ഒരു അർജന്റ്റ് മീറ്റിംഗുണ്ട്... So, i am leaving now... നമ്മള് അധികം പരിചയപ്പെട്ടിട്ടില്ല.... ഇനി കാണുമ്പോ തീർച്ചയായും പരിചയപ്പെടണം... ബൈ ആദിൽ...ബൈ സ്വീറ്റീ...."

എന്ന് പറഞ്ഞ് ഓൻ സൽമയെ നോക്കി സൈറ്റടിച്ചിട്ട് പോയപ്പോ ഓള് ഓനെ നോക്കി ഒന്ന് ഇളിച്ച് കൊടുത്തിട്ട് ഓൻ പോയപ്പോ ഓനെ പ്രാകി കൊന്നു....

സൽമന്റെ പ്രാകൽ കേട്ട് ഞാൻ ചിരിച്ചോണ്ട് ക്ലോക്കിലേക്ക് നോക്കിയപ്പോഴാണ് ടൈം ശ്രദ്ധിച്ചത്... ഇന്ന് ആഡ് ഫിലിം ഷൂട്ട് നടത്താൻ വെച്ച കാര്യം എനിക്ക് പെട്ടെന്ന് ഓർമ്മ വന്നു...

പിന്നെ ഒന്നും നോക്കാതെ പെട്ടെന്ന് ഹോസ്പിറ്റലിൽ നിന്നും ഇറങ്ങി... സൽമയും ഉമ്മിയും ആഷിയുമൊക്കെ

എന്നെ തടഞ്ഞെങ്കിലും ഞാൻ അവരെ വക വെക്കാതെ അവിടന്ന് വീട്ടിലേക്ക് പോയി...

എന്നിട്ട് വേഗം ഫ്രഷായിട്ട് ആഡ് ഷൂട്ട് നടക്കുന്ന സ്ഥലത്തേക്ക് ചെന്ന് നോക്കിയപ്പോ എന്നെ കാത്തിരിക്കായിരുന്നു എല്ലാവരും.... എന്റെ നെറ്റി ചെറുതായി ചുവന്നിട്ടുണ്ടെന്നല്ലാതെ പുറമെ വലിയ കുഴപ്പമൊന്നും ഇല്ലായിരുന്നു...

എന്നെ കണ്ടതും എല്ലാവരും കൂടി ഞാൻ എവിടെയായിരുന്നു എന്താ വൈകിയതെന്ന് ചോദിക്കുമ്പോഴും അവള് എന്നെ ഒന്ന് തിരിഞ്ഞ് പോലും നോക്കുന്നില്ലായിരുന്നു... അവള് തന്നെ ആയിഷ...

ഇന്നലെ ഞാൻ അവളോട് പെരുമാറിയ വിധം അവൾക്ക് ഇഷ്ടപ്പെട്ട് കാണില്ല അതാകും എന്നെ നോക്കാത്തത്...

അവളോട് ഇന്നലെ അങ്ങനെ ഒക്കെ പെരുമാറിയതിന് സോറി പറയണമെന്ന് തീരുമാനിച്ചോണ്ട് അവളെ അടുത്തേക്ക് നടന്നു....

അപ്പോഴാണ് എന്റെ ഫ്രണ്ടും ആഡ് ഫിലിം ഷൂട്ടിന്റെ ഡിറക്ടറുമായ എബ്രഹാം എന്ന എബി എന്റെ മുന്നിൽ വന്ന് ചാടിയത്... അവൻ എന്നോട് സുഖവിവരങ്ങൾ ചോദിച്ച് കെട്ടിപ്പിടിച്ചപ്പോഴും എന്റെ നോട്ടം മുഴുവൻ അവളെയായിരുന്നു...

നമ്മളെ നോട്ടം പല തവണ കണ്ടിട്ടും അവള് കാണാത്ത പോലെ നടിക്കുന്നത് കണ്ടപ്പോ എനിക്ക് നല്ലോണം ദേഷ്യവും ഒപ്പം സങ്കടവും ഒരുമിച്ച് വന്നു...

★★★★★★★★★★★★★★★★★★★★★

"ഡി ഫെബി...ബോസ് നിന്നെ തന്നെ കണ്ണിമ വെട്ടാതെ നോക്കുന്നത് കണ്ടോ നീ...?"

"അതൊക്കെ ഞാൻ കണ്ടു അച്ചൂ..."

"എന്നിട്ട് എന്താടി നീ മൂപ്പരെ ഒന്ന് തിരിഞ്ഞ് പോലും നോക്കാത്തത്..?"

"അത് എന്റെ ഒരു നമ്പറാ... നീ നോക്കിക്കോ അവനിന്ന് എന്റെ പുറകേന്ന് മാറാതെ പിന്നാലെ നടക്കും...."

"ഉം....നടന്നത് തന്നെ.... അങ്ങോട്ട് ഒന്ന് നോക്കിയേ ആരാ ആ വരുന്നതെന്ന്...."

അച്ചു പറയുന്നത് കേട്ട് ഫയൽസിൽ നിന്നും നോട്ടം തെറ്റിച്ച് നമ്മള് തിരിഞ്ഞ് നോക്കിയപ്പോഴുണ്ട് ആ ഭദ്രകാളി വരുന്നു... ഇനി ഇപ്പോ അവനെ നമ്മക്ക് മഷിയിട്ടാൽ പോലും കിട്ടില്ലെന്ന് ചിന്തിച്ചോണ്ട് നമ്മള് ഫയലിലേക്ക് തന്നെ നോട്ടമെറിഞ്ഞു...

അപ്പോഴാണ് നമ്മളെ ഫോൺ റിങ് ചെയ്തത്... നമ്മള് കാൾ അറ്റൻഡ് ചെയ്ത് കാതോട് അടുപ്പിച്ചതും അയാള് പറയുന്ന വാർത്ത കേട്ട് എനിക്ക് തല കറങ്ങുന്ന പോലെ തോന്നി... നമ്മളെ അപ്പോ തന്നെ അച്ചു പിടിച്ചതോണ്ട് നമ്മള് വീണില്ല....

"ഫെബി...എന്താടി... ആരാ വിളിച്ചേ...?"

"അ.. അത്....അത്...അച്ചൂ...."

എന്ന് പറഞ്ഞോണ്ട് നമ്മള് നേരെ നോക്കിയത് ആദിയുടെ നേർക്കാണ്... അപ്പോ തന്നെ എന്റെ ഉള്ളിൽ കൂടി ഒരു കൊള്ളിയാൻ മിന്നി....

(തുടരും)

ഭാഗം.103

"ഫെബി...എന്താടി...ആരാ വിളിച്ചേ...?"

"അ... അത്...അത് അച്ചൂ...."

എന്ന് പറഞ്ഞോണ്ട് നമ്മള് നേരെ നോക്കിയത് ആദിയുടെ നേർക്കാണ്.... അപ്പോ തന്നെ എന്റെ ഉള്ളിൽ കൂടി ഒരു കൊള്ളിയാൻ മിന്നി....

"ഡി....അവനെ മിഴിച്ച് നോക്കി നിൽക്കാതെ കാര്യം പറയെടി കുരിപ്പേ.... ആരാ വിളിച്ചേ...?"

എന്ന് പറഞ്ഞ് അച്ചൂ നമ്മളെ കുലുക്കിയപ്പോ നമ്മള് ഓനിൽ നിന്നും നോട്ടം തെറ്റിച്ചോണ്ട് അച്ചുവിനെ നോക്കി ചിണുങ്ങാൻ തുടങ്ങി...

"എടി അച്ചൂ...പെട്ടു മോളെ.... ആഡ് ഷൂട്ടിന് വരാനിരുന്ന ആ മെയിൽ മോഡലിന് ഒരു ആക്സിഡന്റ് പറ്റിയെന്ന്... അതോണ്ട് അയാള് വരില്ലെന്ന്...."

"ഡി....നീയെന്തൊക്കെയാ ഈ പറയുന്നേ....ഇതൊക്കെ ബോസ് അറിഞ്ഞാൽ നിന്റെ ഇവിടെ ജോലി ഇന്നത്തോടെ തീരും....

ഇനി ഇപ്പോ എന്താ ചെയ്യാ...?"

"എനിക്ക് അറിയില്ല അച്ചൂ....കരച്ചിലൊക്കെ വരുന്നു.... ആദ്യായിട്ട് എനിക്ക് കിട്ടിയ ഒരു അവസരമായിരുന്നു... അത് പോയി കിട്ടി...."

എന്ന് പറഞ്ഞ് നമ്മള് തേങ്ങുമ്പോഴായിരുന്നു അച്ചായൻ അങ്ങോട്ട് വന്നത്...അച്ചായനോട് കാര്യം പറഞ്ഞപ്പോ അച്ചായൻ നമ്മളെ ആശ്വസിപ്പിച്ചിട്ട് ഞാൻ ഒന്ന് നോക്കട്ടെ എന്ന് പറഞ്ഞ് ഫോണിൽ ആരെയോ വിളിച്ചിട്ട് പോയി...

അപ്പോഴും നമ്മള് ഇനി എന്ത് ചെയ്യുമെന്ന് ചിന്തിച്ച് നിൽക്കുമ്പോഴുണ്ട് ആ ശൂർപ്പണക ഞങ്ങളെ അടുത്തേക്ക് വരുന്നു...

"എന്ത് പറ്റി...? ഷൂട്ട് മാറ്റി വെക്കാൻ പോകാണോ...?

അല്ലാ ഹീറോ ഇല്ലാതെ ഷൂട്ട് നടത്തിയിട്ട് വല്യ കാര്യമൊന്നും ഇല്ലല്ലോ..."

അവളുടെ ഒരു പരിഹാസ ചിരിയും ആ ഡയലോഗും

കേട്ടപ്പോ തന്നെ മനസ്സിലായി ഇതിനൊക്കെ പിന്നിൽ അവളാണെന്ന്...

"ഇപ്പോ നീ ചിന്തിക്കുന്നുണ്ടാകും ഇതൊക്കെ ഞാൻ അറിഞ്ഞു കൊണ്ടുള്ള പണിയാണെന്ന് അല്ലെ..?

എന്നാൽ നിന്റെ ഊഹം ശരിയാ... ഞാൻ തന്നെയാ എല്ലാത്തിനും കാരണം....

ഈ കോൺട്രാക്ട് കയ്യിൽ കിട്ടിയപ്പോ മുതൽ ഭയങ്കര നികളിപ്പ് അല്ലായിരുന്നോ... ഇനി നീ എങ്ങനെ ഇത് പൂർത്തിയാക്കുമെന്ന് എനിക്ക് ഒന്ന് കാണണം..."

എന്ന് ഒരു പുച്ഛത്തോടെ ചിരിച്ചോണ്ട് അവള് അവിടന്ന് പോകാൻ നിന്നതും അച്ചു അവളോട് എന്തോ പറയാൻ മുതിർന്നപോ നമ്മള് ഓളെ തടഞ്ഞു... എന്നിട്ട് അവൾക്ക് മറുപടി കൊടുക്കേണ്ടത് വാക്ക് കൊണ്ടല്ല ഈ ആഡ് ഫിലിം ഷൂട്ട് പൂർത്തിയാക്കി കൊണ്ടാണെന്ന് അച്ചുവിനോട് പറഞ്ഞിട്ട് ഇനി എന്ത് ചെയ്യുമെന്ന് ചിന്തിച്ചിരുന്നു...

അവസാനം ടെൻഷൻ അടിച്ച് ദാഹിച്ചിട്ട് വെള്ളം കുടിക്കാൻ വേണ്ടി ചെന്നപ്പോഴുണ്ട് ആദിയും ഡയറക്ടർ എബിയും കൂടി എന്തൊക്കെയോ സംസാരിച്ചിരിക്കുന്നു...

അതിനിടക്ക് കേറി അരുൺ ആ എബിക്ക് അവന്റെ ഫോണിലെ എന്തോ കാണിച്ച് കൊടുത്തതും അയാള് പെട്ടെന്ന് എണീറ്റിട്ട് ആദിയെയും നമ്മളെയും മാറി മാറി നോക്കാൻ തുടങ്ങി...

"എസ്...ഇവര് തന്നെ...ഇവര് തന്നെ എന്റെ ആഡിന്റെ ഹീറോയും ഹീറോയ്നും..."

എന്ന് എബി പറഞ്ഞപ്പോ നമ്മള് കുടിച്ചോണ്ടിരുന്ന വെള്ളം പെട്ടെന്ന് നമ്മളെ തലമണ്ടയിൽ കേറി നമ്മള് അന്തം വിട്ട് അവരെ മൂന്നിനെയും നോക്കി നിന്നു... ഏതാണ്ട് നമ്മളെ അതെ അവസ്ഥയിൽ തന്നെയായിരുന്നു ആദിയും...അവനും എബി എന്താ പറയുന്നതെന്ന് മനസ്സിലായിട്ടില്ല...

"എബി....താൻ ഇതെന്തൊക്കെയാ ഈ പറയുന്നത്...? Whats wrong with you...?"

"ആദി...ഞാൻ തിരഞ്ഞ് കൊണ്ടിരുന്ന രണ്ട് പേരെയാണ് എനിക്ക് ഇപ്പോ കിട്ടിയിരിക്കുന്നത്.... അതും നിങ്ങളെ രണ്ട് പേരെ കൊണ്ടല്ലാതെ ഈ ആഡ് ചെയ്യാൻ പറ്റില്ല...."

എന്ന് എബി പറഞ്ഞപ്പോ ഞാനും ആദിയും പരസ്പരം മുഖത്തോട് മുഖം നോക്കി നിന്നു...

"നിങ്ങൾ തമ്മിൽ ഇത്രക്ക് കെമിസ്ട്രി ഉണ്ടായിരുന്ന വിവരം നിങ്ങളെന്താ മറച്ച് വെച്ചത്...? എന്നാ പിന്നെ മറ്റൊരാളെ ഇതിന് തെരെഞ്ഞെടുക്കില്ലായിരുന്നല്ലോ....."

"എബി സ്റ്റോപ്പിറ്റ്....

ഞങ്ങള് തമ്മിൽ എന്ത് കെമിസ്ട്രി ഉണ്ടെന്നാ നീ പറഞ്ഞു വരുന്നത്...?"

എന്ന് ആദി ചോദിച്ചതും എബി അവന്റെ കയ്യിൽ

ഉണ്ടായിരുന്ന അരുണിന്റെ ഫോൺ ആദിക്ക് നേരെ നീട്ടിയപ്പോ നമ്മള് അരുണിനെ നോക്കി കൊണ്ട് എന്താ അതെന്ന് ആംഗ്യം കാണിച്ചു... അപ്പോ അവൻ നമ്മക്ക് പല്ലിളിച്ച് കാണിച്ച് തന്നിട്ട് പോയി നൊക്കെന്ന് പറഞ്ഞപ്പോ നമ്മള് അപ്പോ തന്നെ ആദിന്റെ അടുത്തേക്ക് നീങ്ങിയിട്ട് അവരെന്താ കാണുന്നതെന്ന് കണ്ടു....

അത് ഞാൻ ഫ്രഷേഴ്സ് ഡേക്ക് ആദിയെ പ്രൊപോസ് ചെയ്യുന്ന വീഡിയോ ആയിരുന്നു.... അത് കണ്ടതും ആദി നമ്മളെയും ആ വിഡിയോയെയും ഉറ്റു നോക്കുന്നത് കണ്ടപ്പോ നമ്മള് ഒന്ന് ചെറുതായി പുഞ്ചിരിച്ചു...

"ഇത്.....ഞാൻ...."

"യെസ് മാൻ.... നീ തന്നെ... ഞാൻ തീരുമാനിച്ച് കഴിഞ്ഞു ഈ ആഡ് ഞാൻ ചെയ്യുന്നുണ്ടേൽ അതിലെ ആക്ടർസ് നിങ്ങളായിരിക്കും... അല്ലെങ്കിൽ എനിക്ക് ഇതിന് താല്പര്യമില്ല...ഞാൻ തിരിച്ച് പോകും...."

എന്ന് എബി പറഞ്ഞപ്പോ നമ്മക്ക് സന്തോഷം കൊണ്ട് ഒരു ബ്രേക്ക് ഡാൻസ് കളിക്കാനൊക്കെ തോന്നി പോയി... പക്ഷെ ആദി ആണെങ്കിലോ അത് നടക്കില്ലെന്ന് എബിയോട് വാദിക്കാണ്.... അത് കണ്ടപ്പോ നമ്മക്ക് ചെറിയ ഒരു വിഷമായെങ്കിലും നമ്മള് അത് പുറത്ത് കാണിക്കാതെ ഒരല്പം മാറി നിന്നിട്ട് സനന്റെ അടുത്ത് നിന്നു....

"ആയിഷ...."

പെട്ടെന്ന് നമ്മളെ പുറകേന്ന് ആ വിളി കേട്ടതും നമ്മള് ഞെട്ടി തിരിഞ്ഞ് നോക്കിയപ്പോ ആദി നമ്മളെ അടുത്തേക്ക് വരായിരുന്നു...

"എബിയോട് എത്ര പറഞ്ഞിറയും അവൻ സമ്മതിക്കുന്നില്ല....അതോണ്ട് എനിക്ക് വേറെ മാർഗമില്ല... നമ്മൾ ഈ ആഡ് ചെയ്യുന്നു.... നിനക്ക് അറിയാലോ ഈ ആഡ് നമ്മുടെ കമ്പനിക്ക് എത്രത്തോളം വലുതാണെന്ന്.... അത് കൊണ്ട് ഞാൻ തീരുമാനിച്ച് കഴിഞ്ഞു... വേഗം പോയി ഡ്രസ്സ് ചേഞ്ച് ചെയ്ത് വാ ....ഷൂട്ടിന് ടൈം ആയി...."

"ബട്ട് സർ.....എനിക്ക് ഈ ആഡ് ചെയ്യാൻ ഒരു താൽപ്പര്യവുമില്ല... അത് കൊണ്ട് എന്നെ ഇതിൽ നിന്നും ഒന്ന് ഒഴിവാക്കി തരണം... എനിക്ക് പകരം വേണേൽ സാറിന്റെ ഫിയാൻസിയെ നിർത്തുന്നത് ആകും എനിക്കും സാറിനും പിന്നെ നമ്മളെ കമ്പനിക്കും നല്ലത്..."

എന്ന് ഒരു ബിൽഡ് അപ്പിന് പറഞ്ഞിട്ട് നമ്മള് തിരിച്ച് നടക്കാൻ തുടങ്ങിയതും ആദി നമ്മളെ കൈ പിടിച്ച് വെച്ച് നമ്മളെ അവിടെ നിർത്തിയിരുന്നു....

അവന്റെ ഈ പ്രവർത്തി എല്ലാവരും നല്ലോണം വീക്ഷിക്കുന്നത് കൊണ്ട് തന്നെ നമ്മക്ക് ആദിയെ എതിർത്ത് ഒന്നും പറയാൻ പറ്റിയില്ല.... പകരം അവന്റെ കയിൽ നിന്നും നമ്മളെ കൈ വിടുവിക്കാൻ ഒരു ശ്രമം നടത്തി...

"ഞാൻ തീരുമാനിച്ച് കഴിഞ്ഞു... ഈ ആഡ് നമ്മൾ ചെയ്യും... പിന്നെ സല്മയുടെ കാര്യം... അവൾക്ക് ഇതിന് ഒരു എതിർപ്പും ഇല്ല....

ഇല്ലല്ലോ സൽ മ....?"

എന്ന് നമ്മളിൽ നിന്നും മുഖം തിരിച്ചോണ്ട് ഓൻ ഓളോട് ചോദിച്ചപ്പോ നമ്മളും ഓളെ ഒന്ന് നോക്കി... ഓള് മുഖത്ത് ഒരു കൃത്രിമ പുഞ്ചിരി വിടർത്തി കൊണ്ട് ഇല്ലാന്ന് തലയാട്ടിയപ്പോ നമ്മക്ക് അതിലേറെ സന്തോഷം... നമ്മള് അപ്പോ തന്നെ സൽമയെ നോക്കി കൊണ്ട് എങ്ങനെയുണ്ടെന്ന് പുരികം പൊക്കി ആംഗ്യം കാണിച്ചപ്പോ അവള് നമ്മളെ നോക്കി പല്ലുറുമ്പി....

"അശ്വതി...."

"എസ് സാർ...."

ഓൻ നമ്മളെ കയ്യിൽ നിന്ന് വിട്ടിട്ട് പെട്ടെന്ന് അച്ചുവിനെ വിളിച്ചതും ഓള് അപ്പോ തന്നെ സ്ഥലത്ത് ഹാജറായി....

"ഇവൾക്ക് ധരിക്കേണ്ട കോസ്റ്റുംസ് ഒക്കെ കൊടുത്തിട്ട് വേഗം ഷൂട്ടിന് വേണ്ടി തയ്യാറാക്ക്..."

"ഓക്കേ സർ..."

എന്ന് പറഞ്ഞോണ്ട് ഓൻ ഒരു പോക്കങ്ങ് പോയതും എല്ലാവരും കൂടി നമ്മളെയങ്ങ് പൊതിഞ്ഞിട്ട് കെട്ടിപിടിക്കലും ഉമ്മ വെക്കലുമൊക്കെയായി... ഒടുക്കം സനന്റെ വക ഒരു ഡയലോഗും....

"കിട്ടിയ ചാൻസാ നന്നായിട്ട് മുതലാക്കിക്കോ..."

എന്ന്... അത് കേട്ടതും നമ്മള് അവറ്റകളെയൊക്കെ അവിടന്ന് വേഗം ആട്ടിപ്പായിച്ചിട്ട് ഷൂട്ടിന് വേണ്ടി അച്ചു തന്ന ഒരു ഡാർക്ക് ബ്ലൂ ലെഹങ്ക ഇട്ട് വന്നു....

എന്നിട്ട് makeup ചെയ്യാൻ വേണ്ടി നമ്മളെ ഒരു റൂമിലേക്ക് കൊണ്ട് പോയപ്പോ അവിടെ നിൽക്കുന്ന makeup artist നെ കണ്ടതും ഞാൻ ഓടി ചെന്ന് കെട്ടിപ്പിടിച്ചു....

നമ്മളെ അഖിലയാണ് ആള്... അച്ചായൻ കൊണ്ട് വന്നതാണ് അവളെയെന്ന് നമ്മക്ക് അതോടെ മനസ്സിലായി... പിന്നെ ഓരോരോ വിശേഷങ്ങൾ

അവളോട് ചോദിച്ചറിയുന്നതിനും അനുസരിച്ച് അവള് എന്നെ നന്നായിട്ട് ഒരുക്കേം ചെയ്തു...കൂടെ അച്ചുവും സനയും ഉണ്ട്ട്ടോ എല്ലാം വീക്ഷിച്ചോണ്ട്...

അങ്ങനെ ആ കടമ്പ കഴിഞ്ഞതും നമ്മളെ അച്ചുവും സനയും കൂടി അവിടന്ന് ഷൂട്ട് നടക്കുന്ന ഒരു ഗാർഡനിലേക്ക് കൊണ്ട് പോയി...അവിടെയാണ് ഞങ്ങള് ആ സ്റ്റേജും സെറ്റുമൊക്കെ ഒരുക്കിയിരിക്കുന്നത്....

നമ്മളെ കണ്ടതും എല്ലാവരും കൂടി നമ്മളെ അന്തം വിട്ട് തൊള്ളേം തുറന്ന് നോക്കുന്നത് കണ്ടപ്പോ നമ്മക്ക് എന്തോ പോലെയായി.... ആകെ ഒരു നാണവും പരവേഷവുമൊക്കെ...

അപ്പോഴാണ് ഞാൻ ആ ഭദ്രകാളിയെ അവിടെ കണ്ടത്... എന്തായാലും നമ്മക്ക് ഈ ഒരു അവസരം ഒരുക്കി തന്ന ആൾക്ക് ഒരു നന്ദി പോലും പറയാതെ പോകുന്നത് മോശമല്ലേ...?

അതോണ്ട് നമ്മള് അപ്പോ തന്നെ അവളെ അടുത്തേക്ക് ചെന്നു...

"ഹായ് സൽ മ....Any way... ഒരു താങ്ക്സ് ഉണ്ട്ട്ടോ... നീ കാരണമല്ലേ എനിക്ക് ഇന്റർ ആദിയുടെ കൂടെ അഭിനയിക്കാൻ ഒരു ചാൻസ് കിട്ടിയത്... പക്ഷെ...എത്ര ആലോചിച്ചിട്ടും എനിക്ക് ഒരു കാര്യം മാത്രം മനസ്സിലാകുന്നില്ല...

നീ എന്തിനാ ഞാൻ ഈ ആഡിന് ആദിന്റെ കൂടെ അഭിനയിക്കുന്നതിന് സമ്മതാണെന്ന് പറഞ്ഞത്...?

ഒടുക്കം നീ തന്നെ എനിക്ക് ആദിയെ വിട്ട് തരാൻ പോകാണോ..."

"നീ വല്ലാതെ സന്തോഷിക്കണ്ട... ഈ സന്തോഷത്തിനൊക്കെ കൂടി ഒരു നല്ല തിരിച്ചടി തന്നെ നിന്നെ കാത്തിരിപ്പുണ്ട്.... അതിന് ഇനി നീ അധികം കാത്തിരിക്കേണ്ടി വരില്ല...

പിന്നെ ഞാൻ ഇതിന് സമ്മതിച്ചത് ആദിക്ക് ഈ പ്രൊജക്റ്റ് എത്രത്തോളം വലുതാണെന്ന് അറിഞ്ഞിട്ടാ... മാത്രമല്ല നീ എന്തൊക്കെ കാണിച്ചാലും ആദി എന്നെ അല്ലാതെ മറ്റാരെയും വിവാഹം ചെയ്യില്ല എന്ന് എനിക്ക് നല്ല ഉറപ്പുണ്ട്... അതോണ്ട് നിനക്ക് പറ്റുന്ന അത്ര നീ

കളിച്ചോ.... ഈ കളി ഏതറ്റം വരെ പോകുമെന്ന് നമുക്ക് കാണാം..."

എന്ന് ഒരു പുച്ഛത്തോടെ അവള് പറയുന്നത് കേട്ടപ്പോ എന്റെ ചുണ്ടിലെ ചിരി മാഞ്ഞു പോയി...

"ഫെബി വാ...ഷോട്ട് റെഡിയായി...."

എന്ന് പറഞ്ഞ് സന എന്നെ അവിടന്ന് വലിച്ചോണ്ട് പോകുമ്പോഴും ഞാൻ ഒരു മരവിച്ച അവസ്ഥയിൽ ആയിരുന്നു... അവളെന്നെ നേരെ സ്റ്റേജിൽ കൊണ്ട് ചെന്ന് നിർത്തിയതും ഒരു ഇളം തെന്നൽ എന്റെ കൺപീലികളിൽ തട്ടി തടഞ്ഞ് കടന്ന് പോയി...

നമ്മള് അപ്പോ തന്നെ ആ കാറ്റിന്റെ ദിശയിലേക്ക് നോക്കിയതും ആദി ഒരു ഡാർക്ക് ബ്ലൂ കോട്ടും സ്യൂട്ടും ഇട്ടോണ്ട് നമ്മളെ നേരെ സ്റ്റേജിലേക്ക് കേറി വന്നു...

അതുവരെ ഏതോ ചിന്തയിലായിരുന്ന നമ്മളെ ചിന്ത മുഴുവൻ അപ്പോ അവനെ കുറിച്ചായി... ഏതോ ദിശയിലേക്ക് കടന്ന് പോയ ആ ഇളംതെന്നൽ എല്ലാം

എന്റെ മനസ്സിൽ ഒരു കുളിർമഴ പെയ്യിച്ച് കൊണ്ട് എന്റെ ചുണ്ടിൽ അറിയാതെ ഒരു പുഞ്ചിരി വിടർത്തി....

ആദി എന്റെ അടുത്ത് എത്തിയതും നമ്മളെ നോക്കി ഒന്ന് ചിരിച്ചിട്ട് എബിയെ നോക്കി.... നമ്മള് ആണെങ്കിലോ നമ്മളെ ചെക്കനെ വായിനോക്കി കൊണ്ടും നിന്നു....

പെട്ടെന്ന് എബി മൈക്കിലൂടെ നമ്മളെ പേര് വിളിച്ചപ്പോഴാ നമ്മളെ ശ്രദ്ധ ആദിയിൽ നിന്നും മാറിയത്... നമ്മക്ക് അപ്പോ തന്നെ നല്ലോണം ചടച്ചിട്ടുണ്ട്...കാരണം എല്ലാവരും കൂടി ഇപ്പോ നമ്മളെ പൊങ്കാലയിടാ....

അങ്ങനെ ഷൂട്ട് ആരംഭിച്ച് കുറച്ച് കഴിഞ്ഞതും എന്നോടും ആദിയോടും കുറച്ച് കൂടി ചേർന്ന് നില്ക്കാൻ പറഞ്ഞ് ഒരു മെലഡി സോങ് വെച്ചു....

ആ പാട്ടിലങ്ങനെ ലയിച്ച് നമ്മള് ആദിയെ നോക്കിയിട്ട് ഓന്റെ നെഞ്ചിൽ പതിയെ എന്റെ കൈ വെച്ചു... എന്നിട്ട് ചെറുതായിട്ട് ആ പാട്ടിന് അനുസരിച്ച് താളം ചവിട്ടാൻ തുടങ്ങിയപ്പോ ഒരു ചെറു പുഞ്ചിരിയോടെ ആദിയും

എന്നെ നോക്കി...

"സത്യത്തിൽ നീ ആരാ...?"

ആദി നമ്മളെ മുഖത്ത് നോക്കി കൊണ്ട് ആ ചോദ്യം ചോദിച്ചപ്പോ നമ്മള് എന്ത് എന്ന രീതിയിൽ അവനെ തന്നെ ഉറ്റുനോക്കി....

"ഇതിന് മുന്പും നമ്മൾ തമ്മിൽ കണ്ടിട്ടുണ്ട്... പക്ഷെ എനിക്ക് അതൊന്നും ഓർമ്മയില്ല.... എന്നാലും നിനക്ക് എന്റെ ലൈഫിൽ എന്തോ വലിയ ഒരു സ്ഥാനം ഉണ്ടെന്ന് മാത്രം എനിക്ക് മനസ്സിലാക്കാൻ പറ്റുന്നുണ്ട്... അതെന്താ...?"

ഒരു പുഞ്ചിരിയിൽ തന്നെ ആദി അത് ചോദിച്ചതും നമ്മക്ക് എന്ത് പറയണമെന്ന് ഒരു നിശ്ചയവും ഇല്ലായിരുന്നു... ഇതൊക്കെ നമ്മള് മാത്രം കേൾക്കാൻ പാകത്തിന് പതിഞ്ഞ ഒച്ചയിലാട്ടോ ആദി നമ്മളോട് പറഞ്ഞത്... അതോണ്ട് തന്നെ ആദിക്ക് അതിനൊരു മറുപടി കൊടുക്കാൻ ഞാൻ തീരുമാനിച്ചു...

"സാർ പറഞ്ഞത് ശരിയാ... സാറിന്റെ ജീവിതത്തിൽ ആർക്കും പങ്ക് വെച്ച് കൊടുക്കാൻ പറ്റാത്ത ഒരു സ്ഥാനം എനിക്ക് തന്നിട്ടുണ്ട്... അതെന്താണെന്ന് ഒരിക്കൽ സാർ മനസ്സിലാക്കും.... അപ്പോഴും ഞാൻ ഇവിടെ ഒക്കെ തന്നെ കാണും..."

ഞാൻ പറഞ്ഞതിന്റെ പൊരുൾ മനസ്സിലാകാതെ ആദി എന്നെ നോക്കുന്നത് കണ്ടതും നമ്മള് അപ്പോ തന്നെ ഓനെ നോക്കി സൈറ്റടിച്ചു.... അത് കണ്ട് ഓൻ ഷോക്കായി നിന്ന അപ്പോ തന്നെ എബി കട്ട് പറഞ്ഞിട്ട് സൂപ്പർ പറഞ്ഞതും നമ്മള് ഓനിൽ നിന്നും പിടിവിട്ടിരുന്നു...

ഞങ്ങളോട് പോയി അടുത്ത കോസ്റ്റും ഇട്ട് വരാൻ പറഞ്ഞിട്ട് എബി എല്ലാവരോടും ബ്രേക്ക് ടൈം എന്ന് പറഞ്ഞിട്ട് ആദിയെയും കൊണ്ട് അവിടന്ന് പോയി...

അപ്പോഴും നമ്മളെ ചെക്കൻ നമ്മളെ നോക്കിയായിരുന്നു പോയത്... അപ്പോ തന്നെ നമ്മള് വീണ്ടും ഓനെ നോക്കി സൈറ്റടിച്ച് കാണിച്ച് കൊടുത്തു... ആദി അപ്പോ തന്നെ അല്പം പരുങ്ങി

കൊണ്ട് വേഗം എബിയെയും വലിച്ചോണ്ട് അവിടന്ന് പോയി... നമ്മള് അത് കണ്ടിട്ട് ഒന്ന് ചിരിച്ചോണ്ട് അച്ചൂന്റെ കൂടെയും നടന്നു...

"ഹൂം....എന്തായിരുന്നു ബോസും സ്റ്റാഫും തമ്മിൽ ഒരു കുശു കുശു.... ഞങ്ങൾ ഒന്നും കണ്ടിട്ടില്ലെന്ന് കരുതണ്ട..."

അച്ചു അത് ചോദിച്ചപ്പോ നമ്മള് ഓളെ നോക്കി ഒന്ന് ചിരിച്ചിട്ട് കണ്ണാടിക്ക് മുന്നിൽ ചെന്ന് നിന്നു....

"എന്താടി നിന്റെ മുഖത്ത് ഇത്രക്ക് തെളിച്ചം...? കാക്കുവിന് വല്ലതും ഓർമ്മ വന്നോ..? അതോ ഇപ്പോഴും ബോസ് തന്നെയാണോ..?"

"അതൊക്കെ നീ പോയി അങ്ങ് ചോദിച്ച് നോക്ക് അപ്പോ പറഞ്ഞു തരും...ഇപ്പോ നീ എനിക്കുള്ള അടുത്ത കോസ്റ്റും എടുത്ത് തന്നെ... ഷൂട്ടിന് ടൈം ആയി...."

"ഉം...ഉം....എന്റെ ഫെബി ബോസിനെ പഴയ പോലെ ആദിയാക്കാൻ നിന്നെ കൊണ്ട് പറ്റില്ലേലും ബോസിനെ നിന്റെ മാത്രം ആദിയാക്കാൻ നിന്നെ കൊണ്ട് ഇപ്പോ പറ്റുമെന്ന് എനിക്ക് കുറച്ച് കോൺഫിഡൻസൊക്കെ കൂടി വന്നിട്ടുണ്ട് മോളെ.... നീ പോയി പൊളിക്കേടി.... ആ സൽമന്റെ ഡയലോഗിന് നല്ല ചുട്ട മറുപടി നൽകാൻ നോക്ക്... ദാ... പോയി ചേഞ്ച് ചെയ്യ്..."

എന്ന് പറഞ്ഞോണ്ട് അച്ചൂ എനിക്ക് നേരെ ഒരു വൈറ്റ് ഗൗൺ നീട്ടി... നമ്മള് ഓളെ നോക്കി നല്ല അഡാർ ചിരിയും ചിരിച്ചോണ്ട് പോയി ഡ്രസ്സ് ചേഞ്ച് ചെയ്ത് വന്നു.... എന്നിട്ട് അതിന് സ്കാഫ് ചെയ്തോണ്ട് വരുന്നത് കണ്ടപ്പോ അച്ചു നമ്മളെ വാനോളം പുകഴ്ത്തിയിട്ട് സനയെയും അഖിലയെയും കൂട്ടി ഒരുപാട് സെൽഫിയും ഫോട്ടോസും ഒക്കെ എടുത്തു... അപ്പോ തന്നെ ഒരുത്തൻ വന്നിട്ട് പറഞ്ഞു ഷോട്ട് റെഡിയെന്ന്...

പിന്നെ അങ്ങോട്ട് എല്ലാം എബിന്റെ സ്ക്രിപ്റ്റിന് അനുസരിച്ചുള്ള പ്രകടനങ്ങൾ ആയിരുന്നു ഞങ്ങൾ കാഴ്ച വെച്ചത്... അപ്പോഴൊക്കെ ആദിക്ക് നമ്മളെ കാണുമ്പോൾ നമ്മളെ എങ്ങനെയാ മുൻപ് ഓന്

പരിചയം ഉള്ളതെന്ന സംശയം ഓനിൽ ഉള്ള പോലെ തോന്നി.... കാരണം ഇടക്കിടക്ക് ഓൻ നമ്മളെ മുഖത്തേക്ക് തന്നെ ഉറ്റുനോക്കുന്നത് കണ്ടാൽ തന്നെ മനസ്സിലാകും....

ഇതൊക്കെ എല്ലാവരിലും ഉന്മാദം ഉണ്ടാക്കിയെങ്കിലും സൽമയിൽ മാത്രം നമ്മളോടുള്ള പകയും ദേഷ്യവും വളർത്തുകയായിരുന്നു...

ഞങ്ങളെ പ്രകടനം കണ്ട് സഹിക്കാനാവാതെ അവള് നിന്ന നിൽപ്പിൽ ഒരു ബിയർ ബോട്ടിൽ ഫുൾ അകത്താക്കുന്നത് കണ്ടപ്പോ തന്നെ നമ്മക്ക് അത് മനസ്സിലായതാ... അതും പോരാഞ്ഞ് നമ്മളോടുള്ള ദേഷ്യം ഒരു ഗ്ലാസ് കയ്യിൽ വെച്ച് നെരിച്ച് പൊട്ടിച്ചോണ്ട് തീർത്തതും ഓളെ കയ്യിൽ ഇനി നമ്മളെ കിട്ടിയാൽ മിക്കവൊറും അവള് ഇതേ ചെയ്യൂന്ന് മനസ്സിലായി...

അങ്ങനെ ഒടുക്കം പത്തിരുപത് പേരെ വെച്ച് ഞങ്ങള് ആ ആഡ് ഫിലിം ഷൂട്ട് പൂർത്തിയാക്കിയപ്പോഴേക്കും രാത്രി പന്ത്രണ്ട് മണി കഴിഞ്ഞിരുന്നു.... എല്ലാവരും ആശിച്ച പോലെ തന്നെ ഷൂട്ട് എല്ലാം നല്ല ഗംഭീരമായി തീർന്നതിന്റെ ഒരു ചെറിയ പാർട്ടിയും അപ്പോ തന്നെ ആദി എല്ലാവർക്കും അവിടെ വെച്ച് നൽകി...

അപ്പോ ആ സൽമ നിൽപ്പുറക്കാതെ ആദിയുടെ മേലേക്ക് വീണതും ഓൻ അവളെ താങ്ങി എടുത്തോണ്ട് കാറിന്റെ അടുത്തേക്ക് പോയി... ഇതൊക്കെ നമ്മക്ക് സഹിക്കാവുന്നതിലും അപ്പുറം ആയോണ്ട് നമ്മളെ ടീമിനോട് ഇപ്പോ വരാമെന്ന് പറഞ്ഞിട്ട് അവന്റെ പിന്നാലെ വെച്ച് പിടിച്ചു...

ഓൻ ഓളെ കാറിൽ കിടത്തിയിട്ട് ഓളെ തട്ടി വിളിക്കുന്നുണ്ട്...

"സൽമാ...ഡി....സൽമാ....

ശവം...കണ്ണിക്കണ്ടതൊക്കെ മോന്തി കുടിച്ചിട്ട് കിടക്കുന്ന കിടപ്പ് കണ്ടില്ലേ...? ഒരൊറ്റ ചവിട്ട് കൊടുക്കാനാ തോന്നുന്നത്... ഡി....സൽമാ...."

ആദി ഓളെ പറയുന്നതൊക്കെ കേട്ടിട്ട് നമ്മള് അന്തം വിട്ടോണ്ട്ആദിന്റെ പുറകിൽ തന്നെ നില്പുണ്ടായിരുന്നു...

ആദി പെട്ടെന്ന് ഓളെ അവിടെ കിടത്തിയിട്ട് നമ്മളെ നേരെ തിരിഞ്ഞ് നോക്കിയതും നമ്മള് നിന്ന് പരുങ്ങി...

ഓൻ ആണെങ്കിലോ നമ്മളെ കട്ട കലിപ്പിൽ നോക്കാണ്...

"ഹും....താനെന്താ ഇവിടെ..? പാർട്ടി അവിടെ നടക്കുമ്പോ നിനക്ക് എന്താ ഇവിടെ കാര്യം...?"

"അ... അത്...അതൊരു കോൾ വന്നപ്പോ.... അത് എടുക്കാൻ.....റേഞ്ച്...."

എന്ന് പറഞ്ഞോണ്ട് നമ്മള് കയ്യിലുള്ള ഫോൺ കാണിച്ച് കൊടുത്തപ്പോ ഓൻ നമ്മളെ ഒന്ന് അടിമുടി നോക്കി കൊണ്ട് കാറിൽ കേറി അവിടന്ന് പോയി...

അവന്റെ ആ ഭാവം കണ്ടിട്ടാണെങ്കിലോ നമ്മക്ക് ഒന്നും മനസ്സിലാകുന്നുമില്ല...

'അവൻ സൽമയെ തെറി വിളിക്കുന്നത് ഞാൻ നല്ല വ്യക്തമായിട്ട് കേട്ടതാണ് അപ്പോ അതിന് അർഥം അവന് പഴയതൊക്കെ ഓർമ്മയുണ്ടെന്നല്ലേ...?

പക്ഷെ, അവന്റെ ആ നേരത്തെ നമ്മളോടുള്ള

പെരുമാറ്റം ആണെങ്കിലോ നമ്മളെ മാർക്കറ്റിൽ കണ്ട പരിചയം പോലും കാണിക്കാത്ത പോലെ.... ഇതിൽ ഏതാകും ശെരിയായ ആദി...?

അവൻ അഭിനയിക്കാണോ അതോ ശരിക്കും ഓർമ്മയില്ലേ..?

എത്ര ചിന്തിച്ചിട്ടും അതിനുള്ള മറുപടി മാത്രം എനിക്ക് കിട്ടുന്നില്ല...'

"ഡാ എന്ത് ആലോജിച്ച് നിൽക്കാ...? നീ എന്തിനാ ഇങ്ങോട്ട് വന്നേ...?"

എന്നൊക്കെ നമ്മളെ ടീം ചോദിക്കാൻ തുടങ്ങിയപ്പോ അവരോടൊക്കെ ഒന്നുമില്ലെന്ന് പറഞ്ഞ് ഞങ്ങൾ ഫ്ലാറ്റിലേക്ക് പോയി...

അവിടെ എത്തിയപ്പോ തന്നെ നമ്മളെ ഉള്ളിൽ തോന്നിയ സംശയം ഞാൻ അച്ചുവിനോടും സനയോടും പറഞ്ഞു.... പക്ഷെ, അവർക്ക് അങ്ങനെ ഒന്നും ഇതുവരെ തോന്നിയിട്ടില്ലെന്നാ ആ ജന്തുക്കള് പറയുന്നത്... അതോണ്ട് പിന്നെ നമ്മളും ആ സംസാരം അവിടെ വെച്ച് നിർത്തി...

രണ്ട് ദിവസത്തിനകം തന്നെ എഡിറ്റിംഗും മറ്റു പ്രോസസുമൊക്കെ കഴിഞ്ഞ് *ASK events* ന്റെ ആഡ് പബ്ലിഷ് ആയതും ഫാഷൻ ഷോ എന്ന നമ്മളെ കോൺസെപ്റ്റ് പോലും ഇനി ചെയ്യേണ്ടാത്ത തരത്തിൽ ഞങ്ങളെ ഇവന്റ് കമ്പനി റെക്കോർഡ് ബ്രേക്ക് ചെയ്ത് Zahra events നേക്കാൾ 20% കൂടുതൽ പ്രോഫിറ്റ് നേടി...

നമ്മള് അവിടെ കേറി കൂടിയ ഒരു മാസത്തിനുള്ളിൽ തന്നെ 12 കോടിയുടെ 5 ഇവെന്റ്സായിട്ട് ഞങ്ങൾക്ക് ലഭിച്ചു... അതിൽ മനം മറന്ന് സന്തോഷിക്കാണ് ആദിയും ഞങ്ങളും... ഇപ്പോ ഞങ്ങളെ കമ്പനിയാണ് ഒരൊറ്റ ആഡ് ഫിലിം കൊണ്ട് ദുബായിലെ നമ്പർ വൺ ഇവന്റ് കമ്പനിയായത്...

അഞ്ചാറ് മാസത്തോളം ഞങ്ങള് എല്ലാവരും ആ ഇവന്റുകളുടെ പിന്നാലെ ആയിരുന്നു ഓട്ടം.... അത് പൂർത്തിയാക്കുന്നതിനിടക്ക് ആണെങ്കിലോ വേറെയും ഒരുപാട് ഇവന്റുകൾ ഞങ്ങൾക്ക് കിട്ടി കൊണ്ടിരുന്നു... അതിനനുസരിച്ച് ഒരുപാട് പേരെ ജോലിക്കെടുക്കുകയും ശമ്പളം ഇരട്ടിയാക്കുകയും ചെയ്ത് ASK events മുന്നേറി കൊണ്ടിരുന്നു...

ഇതിനിടക്ക് ഒക്കെ നമ്മക്ക് ആ ആദി പണ്ടാരക്കാലനെ കൊണ്ട് പഴയതൊക്കെ ഓർമ്മിപ്പിക്കാൻ അവസരം കിട്ടിയെങ്കിലും മുതലാക്കാൻ ഒന്നെങ്കിൽ നമ്മളെ ടീമും അല്ലെങ്കിൽ ആ സൽമയും സമ്മതിക്കില്ല...
അതിനിടക്ക് കേറി വന്ന് എല്ലാം കുളമാക്കി തരും...

കമ്പനിയിലേക്ക് വന്ന ന്യൂ അപ്പോയ്മെന്റിൽ ഫൈസൽക്കയും ഞങ്ങളെ കമ്പനിയിലേക്ക് നുഴഞ്ഞു കേറിയിരുന്നു... അത് ഒരു കണക്കിന് എനിക്ക് നല്ലതായിരുന്നു... കാരണം നമ്മള് ആദിയെ കാണിക്കാനായിട്ട് അവന്റെ മുന്നിൽ വെച്ച് ഇടക്കിടക്ക് ഫൈസൽക്കയോട് സംസാരിക്കുന്നത് ഓൻ കാണുമ്പോ അവന് ദേഷ്യം വരുന്നതൊക്കെ ഞാൻ ശ്രദ്ധിക്കാറുണ്ട്... പാവം ഫൈസൽക്ക ഇതൊന്നും അറിയാതെ നമ്മളോട് സംസാരിച്ച് നിൽക്കും...

എന്നാലും ഫൈസൽക്കക്ക് അറിയാട്ടോ എനിക്ക് ആദിയെ ഇപ്പോഴും ഇഷ്ടമുള്ള കാര്യവും അവന് ഓർമ്മ പോയതും അവന് ഓർമ്മ വരാൻ വേണ്ടി ഞങ്ങള് പെടാപ്പാട് പെടുന്നതും...അതോണ്ട് ഫൈസൽക്കയും നമ്മക്ക് കട്ട സപ്പോർട്ട് ആണ്...

ഇതിനിടക്ക് മറ്റൊരു സംഭവം കൂടി ഉണ്ടായിട്ടോ... നമ്മളെ ഹസിന്റേയും നിസൂക്കാൻറെയും എങ്കേജ്മെന്റ് കഴിഞ്ഞു... നാല് മാസം കഴിഞ്ഞാൽ അവരെ കല്യാണമാണ്... നിസൂക്ക നാട്ടിൽ പോയി കല്യാണം ഉറപ്പിച്ചിട്ടാണ് വന്നത്...

അങ്ങനെ അത് റാഹത്തായി...

ഇപ്പോ കമ്പനിയിൽ നമ്മക്ക് അതിന്റേതായ ഒരു ബഹുമാനവും സ്നേഹവുമൊക്കെ കിട്ടുന്നുണ്ട്... എല്ലാം അന്നത്തെ നമ്മളെ ഒരൊറ്റ ഐഡിയയുടെ ഫലമാ.... ഈ ആറ് മാസം കൊണ്ട് എന്റെ ഉപ്പച്ചിന്റെ പാതി കടം വീട്ടാൻ എന്നെ കൊണ്ട് പറ്റി... അതൊക്കെ ഈ കമ്പനിയിൽ വന്നത് കൊണ്ടുള്ള മാറ്റമാണ്... ഇനിയൊരു 6 മാസം കൂടി പിടിച്ച് നിന്നാൽ എന്തായാലും ഉപ്പച്ചിന്റെ മുഴുവൻ കടവും എന്നെ കൊണ്ട് വീട്ടാൻ പറ്റും...

ഇന്ന് ഒരു പ്രധാനപ്പെട്ട ഇവന്റ് നടക്കാൻ പോകാ... എന്താണെന്നല്ലേ ചോയ്ക്കുന്നെ...?

ഞങ്ങളെ കമ്പനിയാണ് നമ്പർ വൺ കമ്പനിയെന്ന് ഇന്ന് പ്രഖ്യാപിക്കാൻ പോകാണ്... അതിന്റെ ആഘോഷത്തിലാ എല്ലാവരും...

പിന്നെ ഏറ്റവും രസമുള്ള കാര്യമെന്താണെന്ന് വെച്ചാ Zahra events ആണ് നമ്മളെ ഈ പരിപാടിന്റെ സ്പോൺസേഴ്സ്.... അതും ചോദിച്ച് വാങ്ങിയതാണെന്നൊക്കെയാണ് കേട്ട് കേൾവി...

"ഡി...നീയിവിടെ കഥ പറഞ്ഞോണ്ട് നിന്നോ 4 മണിക്ക് അവിടെ ഫങ്ഷൻ തുടങ്ങും... വേഗം ഒരുങ്ങാൻ നോക്ക് ചെല്ല്..."

അച്ചുവാണ് ഇപ്പോ വിളിച്ച് കൂവിയത്... നമ്മള് അങ്ങനെ അച്ചു സ്വയം ഡിസൈൻ ചെയ്ത് തന്ന ഒരു അടിപൊളി പാർട്ടി വെയറും സ്കാഫുമാണ് നമ്മളെ വേഷം... അച്ചുവും സനയും ആണെങ്കിലോ അത് പോലത്തെ കളർ ചേഞ്ചും...

അങ്ങനെ ഞങ്ങള് മൂന്നും കൂടി അണിഞ്ഞൊരുങ്ങി

ഇറങ്ങി വന്നിട്ടും അരുണിന്റെയും അച്ചായന്റെയും ഒരുക്കം ഇതുവരെ തീർന്നിട്ടില്ലായിരുന്നു...

അവരുടെ കോസ്റ്റുമും അച്ചുവാണ് ഡിസൈൻ ചെയ്തത്... അവള് ഡിസൈൻ ചെയ്ത ഡ്രെസ്സിനൊക്കെ ഇപ്പോ മാർക്കറ്റിൽ ഭയങ്കര ഡിമാന്റാ... അതോണ്ട് പെണ്ണ് രക്ഷപ്പെട്ടു...

അവരെ കല്യാണം കഴിഞ്ഞിട്ട് സ്വന്തമായി ഒരു boutique തുടങ്ങാനാ അവളെ പ്ലാൻ... അതിനുള്ളതൊക്കെ സമ്പാദിച്ചിട്ടുണ്ട്...

അങ്ങനെ അവന്മാരെ ഒരുക്കം കഴിഞ്ഞ് ഇറങ്ങി വരുന്നത് കണ്ടപ്പോ ഞങ്ങളെ എല്ലാവരുടെയും കണ്ണ് തള്ളിപോയി... അച്ചുവും അരുണും ഒരേ കളറാണ്... ഇപ്പോ കണ്ടാൽ രണ്ടും made for each other...

അങ്ങനെ അവറ്റകളെ പുകഴ്ത്തികൊണ്ട് ഞങ്ങള് നേരെ വിട്ടു Zahra ഓഡിറ്റോറിയത്തിലേക്ക്.... അവിടെ വെച്ചാണ് ഫങ്ഷൻ നടക്കുന്നത്... അതും ഗാർഡൻ ഏരിയയിൽ വെച്ച്...

ഞങ്ങള് അവിടെ എത്തിയപ്പോഴേക്കും ലേറ്റായിരുന്നു... ഫങ്ഷൻ തുടങ്ങിയിട്ടുണ്ട്... ഞങ്ങള് അവന്മാരെ പ്രാകി കൊണ്ട് അവിടെ ബാക്കിലുള്ള ഒരു റൗണ്ട് ടേബിളിൽ ഇടം പിടിച്ചു...

സ്റ്റേജ് മുഴുവൻ വിഐപികളെ കൊണ്ട് നിറഞ്ഞിട്ടുണ്ട്... അതിനിടക്ക് നമ്മളും കണ്ടു നമ്മളെ വിഐപിയെ... ചെക്കൻ ഇന്ന് അഡാർ ലുക്കിലാണ് ഇരിക്കുന്നത്... അവന് ഇപ്പോ ആദ്യത്തെ പോലെ തന്നെ അവന്റെ കട്ട താടി തിരിച്ച് വന്നിട്ടുണ്ട്... പക്ഷെ പഴയ ഓർമ്മ മാത്രം ഇതുവരെ വന്നിട്ടില്ല...

ഇപ്പോ സ്റ്റേജിൽ കേറി നിന്നോണ്ട് ആരൊക്കെയോ ആരെയൊക്കെയോ പറ്റി ഏതൊക്കെയോ ഭാഷയിലാണ് സംസാരിക്കുന്നത്... ഒരുപാട് അറബികളും ഇമ്ഗ്ലീഷുകാരും കൊണ്ടൊക്കെ മുന്നിലെ ടേബിളൊക്കെ നിറഞ്ഞ് കവിഞ്ഞിട്ടുണ്ട്...

അതിനിടക്ക് ഒരു ടേബിളിലേക്ക് പെട്ടെന്ന് എന്റെ ശ്രദ്ധ തിരിഞ്ഞു... അവിടെ ഇരിക്കുന്നത് സൽമയും സാലിമും ആദിന്റെ ഉമ്മിയും ആഷിയുമാണ്...

ഇവിടെ നടക്കുന്ന പരിപാടിയിൽ ഒന്നും ഒരു താല്പര്യവും ഇല്ലാത്ത പോലെയാണ് ആ സാലിം ഇരിക്കുന്നത്... എന്നാ പിന്നെ അവന് അവിടന്ന് എണീറ്റ് പൊയ്ക്കൂടെ കുരിപ്പെന്ന് ചിന്തിച്ചോണ്ട് നമ്മള് പിന്നെ നോക്കിയത് സൽമന്റെ കൂടെ ഇരിക്കുന്ന ഒരു മധ്യവയസ്ക്കനെയാണ്... അയാളെ കണ്ടപ്പോ തന്നെ മനസ്സിലായി അയാളാണ് ആദിന്റെ ഉപ്പാന്റെ ഘാതകൻ എന്ന്....

"ഡി...നീയത് കണ്ടോ എല്ലാ വില്ലന്മാരും ഉണ്ട് ആ ടേബിളിൽ...ഒരു ബോംബ് എറിഞ്ഞ് കൊന്ന് കളഞ്ഞാലോ അവരെ..."

അച്ചുവിന്റെ ഡയലോഗ് കേട്ടിട്ട് നമ്മള് ഓളെ തലക്ക് ഒരു മേട്ടം കൊടുത്തു...

"ഡി അവിടെ ആ വില്ലന്മാരേ കൂടാതെ എന്റെ അനിയനും ഉമ്മിയും ഉള്ള കാര്യം മറക്കണ്ട...."

"ഓ...പിന്നെ....അത് ഞങ്ങൾക്ക് മാത്രം ഓർമ്മ ഉണ്ടായാൽ മതിയോ..? അവർക്കും കൂടി ഓർമ്മ വരണ്ടേ..."

"നീ പോടീ തള്ളച്ചി സനേ...."

എന്ന് പറഞ്ഞ് നമ്മള് അവരിൽ നിന്നും മുഖം തിരിച്ച് ആദിയെ നോക്കി ഇരുന്നപ്പോ അവന്റെ നോട്ടം എന്നിൽ വന്ന് പതിച്ചത് ഞാൻ കണ്ടു... നമ്മള് അപ്പോ തന്നെ ഓനെ നോക്കി ഒന്ന് സൈറ്റടിച്ചിട്ട് ഒരു ഫ്ലയിങ് കിസ്സും കൊടുത്തപ്പോ ചെക്കന്റെ കിളി പോയിട്ടുണ്ട്....

ഇത് നമ്മള് അവന് ഇടക്കിടക്ക് കൊടുക്കുന്ന ഡോസാണ്... അതോണ്ട് അതൊന്നും വല്യ കാര്യമല്ല... പക്ഷെ, നമ്മള് ഇതൊക്കെ അവനെ കാണിച്ച് ചെയ്യുമ്പോ ഒരു ഈച്ചകുഞ്ഞ് പോലും കാണാറില്ല... ഇന്ന് എന്താണോ എന്തോ നമ്മളെ തല തിരിഞ്ഞ് നോക്കിയപ്പോഴാ നമ്മളെ തന്നെ നോക്കി നിൽക്കുന്ന ആ നാലെണ്ണത്തിലേക്കും നമ്മളെ കണ്ണ് പോയത്...

അവരൊക്കെ നമ്മള് കാണിച്ച് കൂട്ടിയത് കണ്ടിട്ട് അന്തം വിട്ട് നിൽക്കാണ്... എങ്ങനെ അന്തം വിടാതിരിക്കും...കമ്പനിയിൽ വെച്ച് അമ്മാതിരി ഫൈറ്റ് അല്ലെ ഞാനും ആദിയും തമ്മിൽ....

അത് ഫൈറ്റ് എന്നൊന്നും പറയാൻ പറ്റില്ല... അവൻ ഫയൽ കൊണ്ട് നമ്മളെ എറിയുമ്പോ നമ്മള് ഓന് ഫ്ലയിങ് കിസ്സടിച്ച് കാണിച്ച് കൊടുക്കും... അവൻ കണ്ണുപൊട്ടുന്ന തെറി വിളിക്കുമ്പോ നമ്മള് പുഞ്ചിരിച്ചോണ്ട് അവനെ സൈറ്റടിക്കും.... ഇതൊന്നും ആർക്കും അറിയില്ല... എല്ലാവരുടെയും വിചാരം ഞാനും അവനും തമ്മിൽ തല്ലാണെന്നാ....

പിന്നെ ഇതൊക്കെ കൊണ്ടുള്ള ഉപയോഗം എന്താന്ന് വെച്ചാ പിന്നെ അവൻ ഒരിക്കലും നമ്മളെ ഓന്റെ മുന്നിൽ കൊണ്ട് വന്ന് നിർത്തി ശകാരിക്കില്ല എന്നതാണ്... എന്നാലും വിളിക്കേണ്ട സാഹചര്യം വന്നാലോ നമ്മളെ പ്രവർത്തി ഇതും... അതിനുവേണ്ടി മാത്രം പലരും ചെയ്ത പിഴവ് ഞാനാണ് ചെയ്തതെന്ന് വരുത്തി തീർത്ത് നമ്മള് ഓന്റെ മുന്നിൽ പോയി നിന്നിട്ട് നമ്മക്ക് ഇതാ പണി... പിന്നെ നമ്മളെ ഒരു ആട്ടലാകും...

Get out

ഹോ....അത് ആലോജിച്ചപ്പോഴാ നമ്മക്ക് ഇവറ്റകൾ നമ്മളെ ഇങ്ങനെ നോക്കി കൊണ്ടിരിക്കുന്നത് ഓർമ്മ വന്നത്... അവറ്റകളൊക്കെ കൂടി പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് നമ്മളെ നേരെ ഒരു ആക്രമണത്തിന് തയ്യാറായി തുടങ്ങുമ്പോഴായിരുന്നു ദൈവവിളി പോലെ പെട്ടെന്ന് നമ്മളെ ഫോൺ റിങ് ചെയ്തത്... അപ്പോ തന്നെ അവറ്റകളെ നോക്കി സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കിയിട്ട് നമ്മള് ഒരോട്ടമായിരുന്നു ഫോണും കൊണ്ട്...

എന്നിട്ട് ഗാർഡൻ ഏരിയയിലെ ആരും അധികം ഫോക്കസ് ചെയ്യാത്ത സ്ഥലത്ത് പോയിട്ട് നമ്മള് ഫോണെടുത്ത് നോക്കി...അപ്പോ ഫൈസൽക്കയാണ് വിളിക്കുന്നത്... ഞങ്ങള് ഇവിടെ എത്തിയോ എന്നറിയാനുള്ള വിളിയാണ്... മൂപ്പര് വരൻ കുറച്ച് ലേറ്റ് ആകും ഒന്ന് അഡ്ജസ്റ്റ് ചെയ്യണമെന്ന് പറഞ്ഞ് മൂപ്പര് ഫോൺ വെച്ചു...

നമ്മള് ഫോൺ കട്ടാക്കി തിരിച്ച് നമ്മളെ ടീമിന്റെ

അടുത്തേക്ക് പോകാൻ നിന്നതും പെട്ടെന്ന് ഒരാളുമായി കൂട്ടിയിടിച്ചു... നമ്മള് ഫോണിൽ നോക്കി കൊണ്ട് തന്നെ നടന്നതോണ്ട് എതിരെ ആള് വരുന്നതൊന്നും കണ്ടില്ലായിരുന്നു...

"I am sorry...am really sorry.... ഫോണിൽ നോക്കി കൊണ്ട് തിരിഞ്ഞതോണ്ട് ഞാൻ കണ്ടില്ലായിരുന്നു... സോറി...."

"It's OK...."

എന്ന് പറഞ്ഞ് നിലത്ത് വീണ അയാളെ ഫോൺ എടുത്തോണ്ട് എണീറ്റതും അയാളെ മുഖം കണ്ട് നമ്മള് ഒന്ന് പുഞ്ചിരി തൂകി.... ആഷി....

എന്നെ കണ്ടപ്പോ ഒരു ആശ്ചര്യം ആദ്യം അവന്റെ മുഖത്ത് വന്നെങ്കിലും പിന്നെ അത് മാറി ഒരു ചെറിയ പുഞ്ചിരിയിൽ ഒതുക്കി....

"ആഷി....നീ...നീയാകെ മാറി പോയല്ലോടാ.... നിന്റെ ഇക്കൂസിനെ പോലെ തന്നെ താടിയൊക്കെ വെച്ച്

ശരിക്കും ആദിയെ പോലെ തന്നെ ആയിട്ടുണ്ട്...."

എന്ന് നമ്മള് ഒരു പുഞ്ചിരിയോടെ സംസാരിച്ചപ്പോ അവന്റെ മുഖത്ത് ഒരു പുച്ഛത്തോടെയുള്ള ചിരിയായിരുന്നു...

"എന്താ ആഷി...നിനക്ക് പഴയ ആ ഉത്സാഹമൊന്നും ഇപ്പോ ഇല്ലല്ലോ... എന്ത് പറ്റി...?"

"ഒന്നുമില്ല ഐഷുത്ത.... എന്നാ ഞാൻ അങ്ങോട്ട് ചെല്ലട്ടെ അവിടെ എന്നെ അന്വേഷിക്കുന്നുണ്ടാകും..."

എന്ന് പറഞ്ഞ് നമ്മളിൽ നിന്നും മുഖം തിരിച്ചോണ്ട് ആഷി പോകാൻ നിന്നപോ ഓന്റെ കയ്യിൽ പിടിച്ച് നമ്മള് അവിടെ നിർത്തിച്ചു...

"എന്താ ആഷി...നീയും ആദിയെ പോലെ എന്നെ അവോയ്ഡ് ചെയ്യാണോ...?"

"No.... അങ്ങനെ ഒന്നും ഇല്ല ഐഷുത്ത.... സത്യം പറഞ്ഞാൽ എനിക്ക് നിങ്ങളെ ഫേസ് ചെയ്യാൻ പറ്റുന്നില്ല... നിങ്ങളെ എന്റെ ഇത്തൂസായി കിട്ടാനാണ് ഞാൻ ആശിച്ചത് ... എന്റെ ആദിക്കാൻറെ മണവാട്ടിയായിട്ട്... പക്ഷെ...."

എന്ന് പറഞ്ഞ് നിർത്തി കൊണ്ട് ആഷി പെട്ടെന്ന് തല കുനിച്ചിട്ട് എങ്ങോട്ടെന്നില്ലാതെ ദിശ മാറ്റി നോക്കി... അപ്പോഴേക്കും നമ്മളെ കണ്ണും നിറഞ്ഞൊഴുകിയിരുന്നു... നമ്മളത് ഓൻ കാണാതെ പെട്ടെന്ന് തുടച്ചിട്ട് ആദി നമ്മളെ കയ്യിലണിഞ്ഞ ചെയ്നിലേക്ക് നോക്കി നിന്നു....

"ആദ്യം ഒന്നും ഇക്കൂസ് ആ സൽമയെ സ്നേഹിക്കുന്നത് കാണുമ്പോ എനിക്ക് വലിയ എതിർപ്പൊന്നും തോന്നിയിരുന്നില്ല... പിന്നെ എന്റെ ഹയർ സ്റ്റഡീസിന് വേണ്ടി എന്നെ ബോഡിങ്ങിലേക്ക് മാറ്റിയതോണ്ട് നാട്ടിലെ അവസ്ഥയൊന്നും എനിക്ക് അറിയില്ലായിരുന്നു... അവിടന്ന് പഠിപ്പ് കഴിഞ്ഞ് തിരിച്ച് വന്നപ്പോഴേക്കും ഇക്കൂസിന് സൽമാ എന്ന് വെച്ചാൽ വെറുപ്പ് മാത്രമായി തീർന്നിരുന്നു...

അതിനെന്താണ് കാരണമെന്ന് ഞാൻ ഇതുവരെ ഇക്കൂസിനോട് ചോദിച്ചിട്ടില്ല... എന്തേലും കാരണമില്ലാതെ ഇക്കൂസ് ഇങ്ങനെ ഒന്നും ചെയ്യാനും പോണില്ല...

എന്നിട്ടിപ്പോ ആ ആക്സിഡന്റിന് ശേഷം ഇക്കൂസിന്റെ ഓർമ്മ പോയപ്പോ സൽമയോടുള്ള പഴയ സ്നേഹവും തിരികെ വന്നു... പക്ഷെ അതൊന്നും കണ്ട് നില്ക്കാൻ എന്നെ കൊണ്ട് പറ്റില്ല...

ഇക്കൂസിനോട് പല തവണ പറയാൻ ശ്രമിച്ചിട്ടുണ്ട് ഇക്കൂസ് സ്നേഹിച്ചത് സൽമയെയല്ല ഐഷുത്താനെയാണെന്ന്... പക്ഷെ, അതൊന്നും ഇക്കൂസ് വിശ്വസിക്കില്ലെന്ന് എനിക്ക് ഉറപ്പാണ്... കാരണം ഇക്കൂസിന്റെ ഓർമ്മകളിൽ ഇപ്പോ ഐഷുത്ത ഇല്ലല്ലോ... പിന്നെ ഞാൻ പറഞ്ഞിട്ട് എന്ത് കാര്യം..?

അല്ലെങ്കിൽ പിന്നെ ആ സൽമയെ ഇക്കൂസ് വെറുക്കാനുള്ള കാരണം കണ്ടെത്തണം... അതിന് കഴിഞ്ഞാൽ പിന്നെ ഇക്കൂസിനോട് ധൈര്യമായി

എനിക്ക് വിളിച്ച് പറയാൻ പറ്റും ഇക്കൂസ് സ്നേഹിക്കുന്നത് ഈ നിക്കുന്ന ഐഷുത്താനെയാണെന്ന്.... പക്ഷെ, എനിക്ക് അതിനെ കുറിച്ചൊന്നും ഒരു അറിവുമില്ല... എന്തിനാ ഇക്കൂസ് അവരെ വെറുത്തതെന്ന് ഇക്കൂസിന് പോലും ഓർമ്മ ഇല്ലാത്ത സ്ഥിതിക്ക് പിന്നെ ഞാൻ എന്ത് ചെയ്യാനാ...?"

എന്നൊക്കെ ആഷി പറഞ്ഞപ്പോഴേക്കും അവന്റെ നിസ്സഹായകാവസ്ഥ അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ തുള്ളിയായി എന്റെ മുന്നിലേക്ക് വന്ന് പതിച്ചു... അവനോട് എന്ത് പറയണമെന്ന് ഒരു എത്തും പിടിയും എനിക്ക് കിട്ടുന്നില്ല.... അവരെ കുറിച്ചുള്ള സത്യം ഞാൻ ഇപ്പോ ഇവനോട് പറഞ്ഞാൽ അത് പ്രശ്നം കൂടുതൽ വഷളാക്കുകയെ ചെയ്യൂ... കാരണം അവന് ഒരിക്കലും അതൊന്നും കേട്ട് നില്ക്കാൻ പറ്റില്ല... അത് കൊണ്ട് എങ്ങനെ എങ്കിലും അതിനുള്ള തെളിവുകൾ ഉണ്ടാക്കണം എന്നിട്ടെ ഇവനോടൊക്കെ പറഞ്ഞിട്ട് കാര്യമുള്ളു....

എന്നൊക്കെ മനസ്സിൽ ചിന്തിച്ച് കൂട്ടി കൊണ്ട് നമ്മള് ആ വിഷയം വിട്ട് ആഷിയുടെ പഠിപ്പിനെ കുറിച്ച് ചോദിച്ച് നിന്നു...

★★★★★★★★★★★★★★★★★★★

'ഛെ...ഇതുവരെ നമ്മളെ നോക്കി സൈറ്റടിച്ചോണ്ട് നിന്ന പെണ്ണാ... ഇവള് ഇത് അപ്പോഴേക്കും എങ്ങോട്ടാ പോയെ...? ഛെ.... അവളെ തെരഞ്ഞ് പോകാമെന്ന് വെക്കുമ്പോ ഇവിടന്ന് ഒന്ന് അനങ്ങാൻ പോലും പറ്റില്ലല്ലോ.... പിന്നെ ഇപ്പോ എന്താ ചെയ്യാ...?'

എന്ന് ചിന്തിച്ചോണ്ട് ഇരുന്നിടത്ത് നിന്ന് തന്നെ നമ്മള് നാല് പാടും നോക്കി ഇരിക്കുമ്പോഴുണ്ട് ഒരു മൂലക്കലിൽ ഒരു മരത്തിന് പുറകിലായിട്ട് അവള് ആരോടോ ചിരിച്ച് കളിച്ച് സംസാരിക്കുന്നു.... അത് കണ്ടപ്പോ എന്റെ രക്തമൊക്കെ തിളച്ച് മാറിയാൻ തുടങ്ങി... എന്നാൽ ആ ആളെ കണ്ടതോ എന്റെ ഉള്ളില് ഇതുവരെ തിളച്ച് മറിഞ്ഞതൊക്കെ ആവിയായി പോയി... ആഷിയോടാണ് അവള് സംസാരിക്കുന്നത്...

'ആഷിയും അവളും തമ്മിൽ എന്താകും സംസാരിക്കുന്നത്..?

ഇവര് തമ്മിൽ നേരത്തെ പരിചയമുണ്ടോ..?

ഏയ്...ഉണ്ടാകില്ല ഇവിടന്ന് പരിചയപ്പെട്ടതാകും...

പക്ഷെ അവരെ കളിയും ചിരിയും കണ്ടിട്ട് നേരത്തെ പരിചയമുള്ള പോലെയുണ്ടല്ലോ...

അവളരാണെന്ന് ആഷിയോട് തന്നെ ചോദിച്ച് നോക്കണം... ആയിഷ ഫെബി ഇന്നത്തോടെ നിന്റെ കണ്ണിറുക്കലിനും ഫ്ലയിങ് കിസ്സിനും അറുതി വരുത്തി തരാട്ടോ...'

ഇങ്ങനെയൊക്കെ ചിന്തിക്കുന്നു എന്നെ ഉള്ളു...എനിക്ക് അവളെ ഈ കോപ്രായങ്ങളൊക്കെ കാണുന്നത് വല്യ ഇഷ്ടാ... എന്താണെന്ന് അറിയില്ല ഇതൊന്നും കണ്ടില്ലേൽ അന്ന് എന്തോ പോലെയാ... സത്യം പറഞ്ഞാൽ അവളീ കാണിക്കുന്നതൊക്കെ കണ്ടോണ്ടിരിക്കാനാ അധിക പ്രോജക്ടും അവളെ തലയിൽ കെട്ടി വെക്കുന്നത്... അപ്പോ അതൊന്നും

കമ്പ്ലീറ്റ് ചെയ്യാതെ എന്റെ മുന്നിൽ വന്ന് നിൽക്കുമ്പോഴുണ്ടല്ലോ എനിക്ക് എന്നെ തന്നെ കൺട്രോൾ ചെയ്യാൻ പറ്റുന്നില്ല...

സത്യം പറഞ്ഞാൽ എനിക്ക് ഇതിന് മുമ്പ് ഇങ്ങനെ ഒരു ഫീല് ഉണ്ടായിട്ടേയില്ല... ഇവളെ കണ്ട് മുട്ടിയതിന് ശേഷമാണ് എനിക്ക് ഇങ്ങനെ ഓരോന്ന് തോന്നി തുടങ്ങിയതും... ഇപ്പോ എത്രയൊക്കെ ശ്രമിച്ചിട്ടും എനിക്ക് സൽമയോട് അടുക്കാൻ തോന്നുന്നില്ല... അവളെ വെറുക്കാനോ എനിക്ക് പ്രേത്യേകിച്ച് കാരണമോ ഇല്ല... പക്ഷെ അവളിൽ നിന്ന് അകലാനും ഇവളോട് അടുക്കാനും തോന്നുന്നു....

ഇതിനെയാണോ പ്രണയം എന്ന് പറയുന്നത്...?

അറിയില്ല.... ഇനി അങ്ങനെ ആണെങ്കിൽ ഞാൻ അവളെ പ്രണയിക്കുന്നു.... yes ഐ ലവ് ഹേർ....

" *Yes I love you....* "

എന്ന് നമ്മള് വിളിച്ച് കൂവി... അപ്പോ പെട്ടെന്ന് ചുറ്റും

നിശബ്ദത പരന്നപ്പോഴാണ് ഞാൻ കണ്ണ് തുറന്ന് നോക്കിയത്... അപ്പോ ഞാൻ സീറ്റിൽ നിന്നും എണീറ്റിട്ട് രണ്ട് കയ്യും നീട്ടി വെച്ച് നിൽക്കാണ്....

എന്റെ നിൽപ്പ് കണ്ടിട്ടാണെങ്കിലോ എല്ലാവരും കൂടി എന്നെ തന്നെ ഉറ്റുനോക്കുന്നുണ്ട്...

കൂട്ടത്തിൽ ആയിഷയും സൽമയും കൂടി നോക്കുന്നത് കണ്ടപ്പോ നമ്മള് പെട്ടെന്ന് ഡീസന്റ് ആയി... ടൈ ഒന്ന് മുറുക്കിയിട്ട് കോട്ടിന്റെ ബട്ടൺ ഇട്ടിട്ട് വേദിയിൽ നിന്ന് വെടി പറയുന്ന അയാളെ നോക്കി കയ്യടിച്ചിട്ട് നൈസ് എന്ന് പറഞ്ഞു... അത് കണ്ടപ്പോ നമ്മളെ കൂടെ കൂടി എല്ലാവരും കയ്യടിച്ചു...

നമ്മള് ചമ്മിയ ഫേസ് ആരും കാണാതിരിക്കാൻ വേണ്ടി പെടാപ്പാട് പെട്ട് കുറച്ച് ഗൗരവത്തിൽ വെച്ചിട്ട് വെറുതെ ഒന്ന് ആയിഷയെ നോക്കിയപ്പോ ഓളെ മുഖത്ത് എന്തോ ഒരു ദേഷ്യമുള്ള പോലെ തോന്നി... കാര്യം അറിയാതെ നമ്മള് നേരെ നമ്മളെ ഫോക്കസ് സൽമയിലേക്ക് കൊണ്ട് പോയപ്പോ അവളുണ്ട് നമ്മളെ നോക്കി ഒരു നാണത്തോടെ ചിരിച്ച് മുഖം താഴ്ത്തി വെച്ചേക്കുന്നു... ശോ ഇത്രക്ക് ഒക്കെ ഒച്ചയുണ്ടായിരുന്നു നമ്മക്ക് എന്ന് ഇപ്പോഴാ അറിയാൻ

കഴിഞ്ഞത്....

അങ്ങനെ എങ്ങനെയൊക്കെയോ ആ ഒരു പ്രസംഗമൊക്കെ തീർന്നതും ഒടുവിൽ അത് പ്രഖ്യാപിച്ചു.... ദുബായിലെ നമ്പർ വൺ കമ്പനി ഇനി മുതൽ ഞങ്ങളെ കമ്പനിയെന്ന്.... അത് കാണേണ്ടത് അവനാണ് Zain shaa....

പക്ഷെ പുള്ളിക്കാരൻ ഇതുവരെ വന്നിട്ടില്ല...

അങ്ങനെ ആ മൊമെന്റോ നമ്മള് കരസ്ഥമാക്കിയതും എല്ലാവരും ഒന്നടങ്കം കയ്യടിച്ച് നമ്മളെ പ്രോത്സാഹിച്ചു... നമ്മളത് ഏറ്റു വാങ്ങി കൊണ്ട് ഓഡിഎൻസിലേക്ക് നോട്ടം കൊണ്ട് പോയപ്പോ നേരത്തെ കലിപ്പിൽ നിന്ന മുഖം പെട്ടെന്ന് നമ്മക്ക് ചിരിച്ച് തന്നിട്ട് നമ്മളെ നോക്കി ഒന്ന് സൈറ്റടിച്ചു... അത് കണ്ട് നമ്മള് ഓളെ നോക്കി ചിരിച്ചപ്പോ പെണ്ണ് അന്തം വിട്ട് തൊള്ളേം തുറന്ന് നിൽക്കുന്നത് കണ്ട് നമ്മള് വീണ്ടും ചിരിച്ചു...

അങ്ങനെ നമ്മള് ഇംഗ്ലീഷിൽ ഒരു കിടുക്കാച്ചി പ്രസംഗവും കാച്ചി കൊണ്ട് സ്റ്റേജിൽ നിന്ന് ഇറങ്ങിയതും വേറെ എന്തൊക്കെയോ പ്രോഗ്രാംസ്

സ്റ്റേജിൽ നടന്നോണ്ടിരുന്നു... നമ്മള് ഇറങ്ങിയ ഉടനെ തന്നെ നമ്മളെ ഒരു കൂട്ടം മീഡിയാസ് വളഞ്ഞിരുന്നു...

എന്നിട്ട് അവിടന്നും ഇവിടന്നുമൊക്കെയായിട്ട് ഒരുപാട് ചോദ്യങ്ങൾ... അധികവും ചോദിച്ചത് ഞങ്ങളെ കമ്പനിയുടെ പെട്ടെന്നുള്ള വളർച്ചക്ക് എന്താണ് കാരണമെന്നാണ്.... അതിന് ഞാൻ കൊടുത്ത മറുപടി ഒന്നേയൊന്ന്

"അത് വൈകാതെ അറിയും..." എന്ന് പറഞ്ഞോണ്ട് ഞാൻ ഉമ്മിയൊക്കെ ഇരിക്കുന്ന ടേബിളിന്റെ അടുത്തേക്ക് പോയി...

അവിടെ എത്തിയപ്പോ ഉമ്മി എന്നെ കെട്ടിപ്പിടിച്ച് നെറ്റിയിൽ ഉമ്മ വെച്ചു... സാലിമും അമ്മോനും ആഷിയും ഷെയ്ക്ക് ഹാൻഡ് താൻ കെട്ടിപ്പിടിച്ചു... അപ്പോ തന്നെ സൽമാ നമ്മളെ കെട്ടിപ്പിടിച്ച് കവിളിൽ ഒരുമ്മ വെച്ചതും നമ്മളെ നോട്ടം പെട്ടെന്ന് തന്നെ ആയിഷയിൽ ചെന്ന് പതിച്ചു....

സൽമന്റെ പെരുമാറ്റം കണ്ടതോണ്ട് ആണെന്ന് തോന്നുന്നു അവള് നമ്മളെ നോട്ടം കണ്ടപ്പോ തന്നെ

പെട്ടെന്ന് നോട്ടം തെറ്റിച്ചിട്ട് അവളെ ഫ്രണ്ട്സിന്റെ കൂടെ പോയി ഇരുന്നത്.... ഇവള് ഇങ്ങനെ ഒക്കെ ചെയ്യുന്നത് ശരിക്കും അവൾക്ക് എന്നെ ഇഷ്ടായത് കൊണ്ടാവോ അതോ എന്നെ വെറുതെ ഹറാസ് ചെയ്യാൻ വേണ്ടി ചെയ്യാണോ.... എന്നൊക്കെ നമ്മള് നമ്മളോട് തന്നെ ചോദിച്ച് നോക്കി.....

അപ്പോഴാണ് നമ്മക്ക് ആഷിയെ ഓർമ്മ വന്നത്... നമ്മള് അപ്പോ തന്നെ ആർക്കും ഒരു തരത്തിലുമുള്ള സംശയവും വരാത്ത രീതിയിൽ അവനേയും കൊണ്ട് അവിടന്ന് മാറി നിന്നു....

"ഡാ ആഷി.... നിന്നോട് ഞാൻ ഒരു കാര്യം ചോദിച്ചാൽ നീ സത്യം പറയോ..?"

"എന്താ ഇക്കൂസ് ഇങ്ങനെ ചുറ്റി വളഞ്ഞ് സംസാരിക്കുന്നെ...? എന്താ കാര്യമെന്ന് വെച്ച തെളിച്ച് പറ...."

"എടാ അത്.... നിനക്ക് അവളെ നേരത്തെ

പരിചയമുണ്ടോ..?"

"ഏതവളെ...?"

നമ്മളെ ചോദ്യം കേട്ടിട്ട് ചെക്കൻ നമ്മളെ ഒന്ന് അടിമുടി നോക്കി കൊണ്ട് ഒരു സംശയത്തോടെ ചോദിച്ചതും നമ്മള് അപ്പോ തന്നെ ഇത്തിരി ഗൗരവത്തിൽ നിന്ന് പറഞ്ഞു...

"അവളെ.... ആ ആയിഷ ഫെബിയെ..... നിനക്ക് ഇതിന് മുൻപ് പരിചയം ഉണ്ടോ ഇല്ലയോ...?"

"ഇല്ല....."

"ഇല്ലേ...? അപ്പോ നീ നേരത്തെ അവളോട് സംസാരിക്കുന്നത് ഞാൻ കണ്ടല്ലോ....അപ്പോ അതോ...?"

"ഓ.... അതാണോ... അത് ഞാൻ ആ ഇത്താനെ

പോയി ഇടിച്ചിരുന്നു... അപ്പോ എന്റെ ഫോൺ നിലത്ത് വീണു...അപ്പോ എന്നോട് സോറി പറഞ്ഞ് കൂട്ടായതാ....

അല്ലാ.... ഇക്കൂസ് എന്തിനാ പതിവില്ലാതെ ഇങ്ങനെ ഒക്കെ ചോദിക്കുന്നത്...?"

"ഞാൻ നിന്റെ ബ്രദർ ആണ്... അതോണ്ട് നീ ആരോട് എന്തിന് എന്ത് സംസാരിച്ചു എന്നൊക്കെ അറിയാനുള്ള റൈറ്റ്സ് എനിക്കുണ്ട്... under സ്റ്റാൻഡ്....?"

"എന്റെ ഇക്കൂസെ... Now i am 18... ഞാൻ ഇപ്പോഴും കൊച്ചു കുട്ടിയൊന്നുമല്ല എന്നെ ഇങ്ങനെ ക്രൂശിക്കാൻ... now you under stand that..."

എന്ന് പറഞ്ഞ് ചെക്കൻ വിരൽ ഞൊടിച്ചോണ്ട് നമ്മളെ മുന്നിൽ നിന്നും പോയതും അവൻ ഇത്രെയും വളർന്ന കാര്യം എനിക്ക് അപ്പോഴാ ഓർമ്മ വന്നത്... എന്തായാലും അവന്റെ മുന്നിൽ ഒരു ചെറിയ രീതിയിൽ നാറിയ സംതൃപ്തിയിൽ ഒന്ന് നെടുവീർപ്പിട്ട് തിരിഞ്ഞ് നോക്കിയപ്പോഴുണ്ട് ആയിഷ ആ ഫൈസലുമായി കൊഞ്ചി കുഴഞ്ഞ് നിൽക്കുന്നു....

അത് കണ്ടപ്പോ എന്റെ ഉള്ളിലെ രക്തം വീണ്ടും തിളച്ച് മാറിയാൻ തുടങ്ങി... ഞാൻ എത്രയൊക്കെ കൺട്രോൾ ചെയ്യാൻ നോക്കിയിട്ടും എന്നെ കൊണ്ട് ദേഷ്യം പിടിച്ച് വെക്കാൻ പറ്റുന്നില്ല.... എന്തിനാ സത്യം പറഞ്ഞാൽ ഇത്രക്ക് ദേഷ്യം കൂടുന്നതെന്ന് എത്ര ചിന്തിച്ച് നോക്കിയിട്ടും നോ ഐഡിയ... അവള് ആരോടെലും സംസാരിച്ചെന്ന് കരുതി എനിക്ക് ഇപ്പോ എന്താ... അറിയില്ല.... പക്ഷെ എന്നെ കൊണ്ട് അധിക നേരം അത് കണ്ടോണ്ട് നില്ക്കാൻ പറ്റില്ല....

അതോണ്ട് തന്നെ എന്തിനെന്നില്ലാതെ നല്ല കട്ട കലിപ്പിൽ അവരെ ലക്ഷ്യമാക്കി നടന്ന് നീങ്ങിയതും സൻഹയും അശ്വതിയും ചേർന്ന് അവളെ അവിടന്ന് പിടിച്ചോണ്ട് പോയി... എന്നാ പിന്നെ അവനിട്ട് രണ്ടെണ്ണം കൊടുക്കാമെന്ന് വെച്ച് നടന്നപ്പോഴുണ്ട് സൽമ വന്ന് നമ്മളെ പിടിച്ചോണ്ട് പോകുന്നു....

അതോണ്ട് പിന്നെ ഞാനും അത് വലിയ കാര്യമാക്കിയില്ല... പക്ഷെ ഇനിയും അവളിൽ നിന്നും ഇങ്ങനെ ഒരു പ്രവർത്തി ഉണ്ടായാൽ അവൾക്ക് ഞാൻ എങ്ങനെയാകും മറുപടി നൽകുക എന്ന്

നിങ്ങൾക്കൊന്നും ഊഹിക്കാനേ കഴിയില്ല...

★★★★★★★★★★★★★★★★★★★

"ഇതെങ്ങോട്ടാ സന നിങ്ങൾ എന്നെ വലിച്ചോണ്ട് പോകുന്നത്...?"

"അതൊക്കെ ഉണ്ട് മോളെ... നിന്നെയും കാത്ത് ഒരു ബിഗ് സർപ്രൈസ് കാത്തിരിപ്പുണ്ട്..." സനയാണ്.

"സർപ്രൈസോ...? എന്ത് സർപ്രൈസ്...."

"അതൊക്കെ നീ കുറച്ച് സമയത്തിനുള്ളിൽ അറിയും മോളെ....

അതുവരെ ദേ ഇവിടന്ന് നീ ഒരടി അനങ്ങി പോകരുത്... പറഞ്ഞത് കേട്ടല്ലോ...?"

എന്നൊക്കെ പറഞ്ഞ് നമ്മളെ അവിടെ എല്ലാവരും കൂടി നിൽക്കുന്ന ഒരു സ്ഥലത്തേക്ക് കൊണ്ട് പോയി നിർത്തി... ഇതിലും ബേദം അവിടെ നിന്ന് ആ കോന്തനെ കാണിച്ചോണ്ട് ആ ഫൈസൽക്കാനോട് സംസാരിക്കുന്നത് ആയിരുന്നെന്ന് ചിന്തിച്ചോണ്ട് നോക്കിയപ്പോഴുണ്ട് ആ സൽമയും ആ കോന്തനും കൂടി നിന്ന് സെൽഫി എടുക്കുന്നു.... ആ കോന്തനാണ് സെൽഫി എടുക്കുന്നത്... അതിനനുസരിച്ച് ഓരോ പോസിൽ നില്ക്കാൻ ആ ഭദ്രകാളിയും...

അവരെ കണ്ടപ്പോ നമ്മക്ക് ദേഷ്യവും സങ്കടവും ഒരുമിച്ച് വന്നപ്പോ നമ്മള് അവിടന്ന് കുറച്ച് മാറി നില്ക്കാൻ തീരുമാനിച്ചോണ്ട് ആദിയെയും നോക്കി നടന്ന് പെട്ടെന്ന് ഒരാളെ ചെന്ന് മുട്ടി അയാളെ കയ്യിലെ ഡ്രിങ്ക്സ് എന്റെ ഡ്രെസ്സിലായി...

അയാളോട് ഇടിച്ചിട്ടത്തിന് സോറി പറഞ്ഞ് ഡ്രെസ്സിലെ നനഞ്ഞ ഭാഗം തുടച്ചോണ്ട് നടന്നപ്പോഴുണ്ട് നമ്മള് വേറെ ആരെയോ ചെന്ന് ഇടിക്കുന്നു... അയാളെ നോക്കി ഒരു സോറി പറഞ്ഞ് തിരിഞ്ഞപ്പോ ദേ മുട്ടുന്നു അടുത്ത ആളെ...

ഇതെന്താ പടച്ചോനെ എനിക്ക് കണ്ണും

കാണാതെയായോ എന്ന് ചിന്തിച്ചോണ്ട് നോക്കി നടക്കാൻ നേരമുണ്ട് നമ്മള് ദേ ചെന്നിടിക്കുന്നു വേറെ ഒരുത്തനെ....

അതും അയാളെ ചെന്നിടിച്ചപ്പോ അയാളെ മേത്തേക്ക് അയാളെ കയ്യിലെ ഡ്രിങ്ക്സ് മറിഞ്ഞിട്ടുണ്ട്... നമ്മള് വാ പൊത്തി പിടിച്ചോണ്ട് അയാളെ നോക്കി സോറി പറഞ്ഞതും അയാള് എന്നെ നോക്കി ഒന്ന് പുഞ്ചിരി തൂകി...

"എന്താ ഫെബി കമ്പനി നമ്പർ വൺ ആയപ്പോഴേക്കും കണ്ണിന്റെ കാഴ്ച പോയോ...?"

"Zain.... oh my god... I am really sorry... സത്യയിട്ടും ഞാൻ കണ്ടില്ലായിരുന്നു... സോറി സൂട്ട്സ് ആകെ ഡ്രിങ്ക്സ് ആയി..."

"It's okay febi.... അതൊന്നും കുഴപ്പമില്ല... അല്ലാ കമ്പനി നമ്പർ വൺ ആയത് ഇയാളെ മിടുക്ക് കൊണ്ടാണെന്ന് ഒരു സംസാരം ഉണ്ടല്ലോ... എന്താ

ശരിയാണോ..."

"ഏയ്...അങ്ങനെ ഒന്നുമില്ല... ഞങ്ങളെ വിജയത്തിന് പുറകിൽ ഞങ്ങളെ ബോസ്സ് മാത്രമാണ് കാരണം... ബോസിനാണ് എല്ലാവിധ ക്രെഡിറ്റും...."

എന്ന് പറഞ്ഞ് ഞങ്ങള് ഒരുപാട് നേരം സംസാരിച്ച് നിന്നു... അപ്പോഴുണ്ട് സ്റ്റേജിൽ നിന്നും ഒരു അനൗൺസ്മെന്റ് കേൾക്കുന്നു.... അവാർഡ് കൊടുക്കുന്ന ചടങ്ങണത്രെ...

ഏതൊക്കെയോ ഇവെന്റ്സിലെ ആരെയൊക്കെയോ വിളിച്ചു... അധികവും Zahra ഇവെന്റ്സിൽ ഉള്ളവർക്കാണ്... അതിന് ഞാൻ ഒരു സ്പെഷ്യൽ കൺഗ്രാറ്സ് Zain നോട് ആദ്യമേ പറഞ്ഞ് ഷെയ്ക്ക് ഹാൻഡ് കൊടുത്തപ്പോഴുണ്ട് Best idea എന്ന കാറ്റഗറി അവർഡിൽ എന്റെ പേര് വിളിക്കുന്നു...

നമ്മള് ഷോക്കായി കൊണ്ട് എല്ലാവരെയും നോക്കിയപ്പോഴുണ്ട് എവിടെന്നൊക്കെയോ നമ്മളെ ടീം

വന്നിട്ട് നമ്മളോട് പോയി അത് വാങ്ങാൻ പറയുന്നു... അപ്പോ ഇതാണ് അവരേ സർപ്രൈസ് എന്ന് മനസ്സിലായപ്പോ നമ്മള് സ്റ്റേജിൽ കേറി അത് വാങ്ങി....

എന്നിട്ട് നേരെ നോക്കിയത് ആദിയെ ആയിരുന്നു... അവൻ നമ്മളെ നോക്കി കൊണ്ട് കയ്യടിച്ചിട്ട് ഒരു പുഞ്ചിരി നമ്മക്ക് നേരെ തന്നു...അത് നമ്മക്ക് ഷോക്കിന്റെ മേലെ ഷോക്ക് കിട്ടിയ പോലെയായി....

കാരണം, ഇക്കണ്ട കാലം അത്രയും അവനിൽ നിന്നും ഒരു പുഞ്ചിരി കിട്ടാൻ വേണ്ടി തെണ്ടിയിരുന്ന ഞാൻ ഇപ്പോ ദേ തെണ്ടാതെ തന്നെ അവനിൽ നിന്നും ഒരു പുഞ്ചിരി കരസ്ഥമാക്കിയിരിക്കുന്നു... അതാണ് എനിക്ക് കിട്ടിയ ഏറ്റവും വലിയ അവാർഡ്....

നമ്മള് അവിടന്ന് ഇറങ്ങി നമ്മളെ ടീമിന്റെ അടുത്തേക്ക് ചെന്നപ്പോ അവരൊക്കെ കൂടി നമ്മളെ പൊതിഞ്ഞോണ്ട് നമ്മളെ പ്രശംസിച്ച് കൊന്നു.... അങ്ങനെ അവരെ സ്നേഹപ്രകടനം കഴിഞ്ഞ് നമ്മള് ആദിയെ ലക്ഷ്യമാക്കി നടന്നപ്പോഴുണ്ട് നമ്മളെ മുന്നിലേക്ക് Zain വന്ന് നിന്നിട്ട് നമ്മക്ക് കൈ തരുന്നു....

നമ്മള് അവന് കൈ കൊടുത്തോണ്ട് താങ്ക്യൂ പറഞ്ഞ് തിരിഞ്ഞ് നോക്കിയപ്പോ ആദിയെ അവിടെ ഒന്നും കാണാനില്ല...

★★★★★★★★★★★★★★★★★★★★★★

'അവളാരാ എന്റെ...? എന്തിനാ അവള് മറ്റുള്ളവന്മാരോട് സംസാരിക്കുമ്പോഴും ഇടപഴകുമ്പോഴും എനിക്ക് ദേഷ്യം വരുന്നത്...?

അവളൊരു ചീപ്പാണ് ആദി... സൽമ പറഞ്ഞത് തന്നെയാകും ശരി...അവൾക്ക് ഓരോരുത്തരെ വശത്താക്കുന്നത് ആകും പണി.... എന്തായാലും ശരി ഇതിനുള്ള ഒരു തിരിച്ചടി ഞാൻ നിനക്ക് വെച്ചിട്ടുണ്ട് മിസ്. ആയിഷ ഫൈബി.... നിന്റെ ജോലിയോട് ബൈ ബൈ പറയാൻ തയ്യാറായി നിന്നോ....'

★★★★★★★★★★★★★★★★★★★★★★

ഏതോ ഒരുത്തന്റെ കയ്യീന്ന് ഡ്രിങ്ക്സ് വീണത് തുടച്ചിട്ടുള്ളൂ അപ്പോഴേക്കും നമ്മളെ ടീമിന്റെ കയ്യീന്നും

കിട്ടി എട്ടിന്റെ പണി... കുരിപ്പുകള് എല്ലാരും കൂടി ചേർന്ന് നമ്മളെ മേലിലൂടെ അവരെ കയ്യിലെ ഡ്രിങ്ക്സ് ഒക്കെ കൂടി ഒഴിച്ച് നമ്മളെ കുളിപ്പിച്ചു.... അവർക്കിട്ട് ഞാൻ ഓങ്ങി വെച്ചിട്ടുണ്ട് അവസരം വരട്ടെ കൊടുക്കുന്നുണ്ട് നാലിനും പലിശ സഹിതം....

നമ്മള് ആ ഡ്രിങ്ക്സ് ആയതൊക്കെ കഴുകാൻ വേണ്ടി വാഷ്റൂം ചെന്ന് ഡ്രെസ്സിലെ ഡ്രിങ്ക്സ് തുടക്കുമ്പോഴുണ്ട് നമ്മളെ പുറകിൽ നിന്നും ആരോ ചൂളം വിളിക്കുന്നു....

നമ്മള് പേടിച്ച് ഞെട്ടി തിരിഞ്ഞ് നോക്കിയപ്പോ ആ സാലിമുണ്ട് ഡോറും ചാരി നിന്ന് നമ്മളെ അടിമുടി നോക്കി വീണ്ടും ചൂളം വിളിക്കുന്നു....

അവനെ കണ്ടതും നമ്മള് അപ്പോ തന്നെ അവിടന്ന് പോകാൻ നിന്നു.... പക്ഷെ അപ്പോഴേക്കും അവൻ എനിക്ക് മുന്നിൽ തടസം സൃഷ്ടിച്ചോണ്ട് നിന്നിരുന്നു...

"സാലിം മാറ്.... എനിക്ക് പോകണം...."

"ഹ....നിനക്ക് പോകാലോ എന്റെ ഖൽബേ.... നിന്നെ ഞാൻ ഇവിടെ പിടിച്ച് വെച്ചിട്ടൊന്നും ഇല്ലല്ലോ..."

"എന്ന പിന്നെ വല്യ ഡയലോഗ് അടിക്കാൻ നിക്കാതെ മാറി നില്ക്കാൻ നോക്ക്...."

"ഹാ...അങ്ങനെ പറഞ്ഞാൽ എങ്ങനെയാ ശരിയാവാ ഐഷു.... ഓ സോറി നിന്നെ അങ്ങനെ ആദി അല്ലാതെ മറ്റാരും വിളിക്കുന്നത് നിനക്ക് ഇഷ്ടമല്ലല്ലോലെ...?

സാരമില്ല....ഇനി ഇതും ശീലമായിക്കോളും... കാരണം നിന്നെ ഇവിടന്ന് വീണ്ടും കണ്ടത് മുതൽ എന്റെ ഉള്ളിൽ ഉറങ്ങി കിടന്നിരുന്ന മുഹബ്ബത്ത് ഇപ്പോ പുറത്ത് വന്നിരിക്കാണ്.... നീ പഴയതിനേക്കാൾ കൂടുതൽ സുന്ദരിയായിട്ടുണ്ട് മോളെ..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ കവിളില് തലോടി കൊണ്ട് ചുണ്ടിലേക്ക് വിരലോടിച്ചതും നമ്മളോന്റെ കയ്യിൽ നല്ല അഡാർ കടി കൊടുത്തിട്ട് കാൽ മടക്കി അവന്റെ ഗോൾ പോസ്റ്റിലേക്ക് ഒരു ഗോളടിച്ച് വിട്ടിട്ട് ഒരൊറ്റ ഓട്ടമായിരുന്നു...

അവിടന്ന് ജീവനും കൊണ്ട് ഓടിയിട്ട് നമ്മള് നേരെ ഒരാളെ ചെന്നിടിച്ച് അയാളെയും കൊണ്ട് ഉരുണ്ട് വീണു... നമ്മള് തലയിൽ പിടിച്ചോണ്ട് കണ്ണ് തുറന്ന് നോക്കിയപ്പോ ആദിയെയാണ് ഇടിച്ചിട്ടതെന്ന് മനസ്സിലായി....

"എന്താടി നീ ഒളിമ്പിക്സിലേക്ക് മത്സരിക്കുന്നുണ്ടോ...? എന്തോട്ടമാ നീ ഓടിയത്...?

ഒടുന്നതോ പോകട്ടെ... നീയെന്തിനാ എന്നെ ഇടിച്ചിട്ടത്...?

ഞാൻ ഇത്രയൊക്കെ പറഞ്ഞിട്ടും യാതൊരു കൂസലുമില്ലാതെ കിടക്കുന്നത് കണ്ടില്ലേ... എണീക്കടി...എണീക്കാൻ..."

"ഹലോ....ഈ എണീക്കാൻ പറയുന്ന സാറൊന്ന് എണീറ്റ് പോയാലേ എനിക്ക് ഇവിടന്ന് എണീറ്റ് പോകാൻ പറ്റൂ..."

എന്ന് തിരിച്ച് നമ്മള് മറുപടി നൽകിയപ്പോഴാ അവനത് ശ്രദ്ധിക്കുന്നത് തന്നെ... എപ്പോഴും ആ ഭദ്രകാളിയേയും

മനസ്സിൽ വിജാരിച്ച് നടക്കല്ലേ... അപ്പോ പിന്നെ ശ്രദ്ധ ഉണ്ടായില്ലെങ്കിലെ അത്ഭുതമുള്ളൂ....

അങ്ങനെ ആദി നമ്മളിൽ നിന്ന് എണീറ്റിട്ട് അവന്റെ കോട്ട് റെഡിയാക്കിയതും നമ്മളെ ഊര നമ്മക്ക് പണി തന്നു.... നമ്മളെ കൊണ്ട് എണീക്കാൻ പറ്റിയില്ല... ഊര കൊളുത്തി പിടിച്ചു...

"എന്താടി അവിടെ തന്നെ ഇരിക്കുന്നത്..? എണീറ്റ് പോകാൻ നോക്കെടി..."

"അത് ശരി...ഇത്രെയും നേരം എന്റെ മേത്ത് വീണ് കിടന്നിട്ട് ഇപ്പോ ഒരു കൈ സഹായം പോലും ചെയ്യാതെ നിന്ന് പ്രസംഗിക്കുന്നത് കണ്ടില്ലേ... എനിക്ക് എണീക്കാൻ വയ്യ സാർ... ഊര കൊളുത്തി പിടിച്ചു... യാ റബ്ബീ...."

എന്ന് പറഞ്ഞ് നമ്മള് വേദന കൊണ്ട് ഊരയിൽ കൈ വെച്ച് ഇരുന്നപ്പോഴുണ്ട് ആദി പെട്ടെന്ന് നമ്മളെ സമ്മതം പോലും ചോദിക്കാതെ നമ്മളെ എടുത്തോണ്ട്

പോകുന്നു... നമ്മള് അന്തം വിട്ട് ഓനെ നോക്കി ഓന്റെ കയ്യിൽ കിടന്നപ്പോഴുണ്ട് ഓൻ നമ്മളെ തറപ്പിച്ച് നോക്കുന്നു....

നമ്മളെ ടീം നമ്മളെയും കാത്ത് പാർക്കിംഗ് ഏരിയയിൽ നിൽപ്പുണ്ടായിരുന്നു... എന്നെ എടുത്തോണ്ട് ആദി വരുന്നത് കണ്ടിട്ട് ഷോക്കടിച്ച് നിൽക്കാണ് നാലും... ആദി അവരോട് കാറിന്റെ ഡോർ തുറക്കാൻ പറഞ്ഞപ്പോഴാണ് അവർക്ക് ബോധം വന്നത് തന്നെ...

നമ്മളെ ആദി കാറിൽ ഇരുത്തിയിട്ട് ഡോറടച്ചിട്ട് അവരെയൊന്നും നോക്കുക പോലും ചെയ്യാതെ കൈ കുടഞ്ഞു കൊണ്ട് ഒരു പോക്കങ്ങ് പോകുന്നത് നമ്മള് താടിക്ക് കയ്യും കൊടുത്തോണ്ട് നോക്കി ഇരുന്നു....

സത്യം പറഞ്ഞാൽ നമ്മക്ക് ഊര വേദന പോയിട്ട് ഒരു നടുവേദന പോലുമില്ല... അവൻ എന്നെ പിടിച്ച് എണീപ്പിക്കാൻ വേണ്ടി ചുമ്മാ പറഞ്ഞതാ... പക്ഷെ, അവൻ അപ്പോഴേക്കും നമ്മളെയും എടുത്തോണ്ട് കാറിൽ കൊണ്ട് വന്നിരുത്തുമെന്ന് നമ്മള് സ്വപ്നത്തിൽ പോലും വിചാരിച്ചിട്ടില്ല....

അപ്പോഴേക്കും നമ്മളെ വിചാരണ ചെയ്യാൻ കോടതി മുന്നോട്ട് വന്നപ്പോഴേക്കും നമ്മള് നടന്നതൊക്കെ വള്ളിപുള്ളി വിടാതെ അവറ്റകളോട് പറഞ്ഞതോണ്ട് കൂടുതൽ വിചാരണ ഒന്നും ഉണ്ടായില്ല....

പിറ്റേന്ന് ഓഫീസിൽ പോകാനൊക്കെ ഭയങ്കര ഇന്ററെസ്റ്റ്.... എന്താ കാര്യമെന്നൊന്നും അറിയില്ല എന്നാലും ഭയങ്കര ഇന്ററെസ്റ്റിലാണ് നമ്മള്.... അതോണ്ട് നേരത്തെ തന്നെ ഇന്ന് കമ്പനിയിൽ എത്തിയിട്ടുണ്ട്....

നമ്മളെ കണ്ടപ്പോ തന്നെ പലരെ മുഖത്തും ഒരു അയ്യോ പാവം ഫീല്.... ഇത് എന്താപ്പോ കാര്യമെന്ന് അറിയാതെ നമ്മള് അന്തം വിട്ട് നമ്മളെ ടീമിനെ നോക്കിയപ്പോ അവർക്കും കാരണം മനസ്സിലായില്ല....

പിന്നെ നമ്മളത് വല്യ കാര്യമാക്കാതെ നമ്മളെ സീറ്റിലേക്ക് നടന്നപ്പോഴുണ്ട് അവിടെ വേറെ ഒരുത്തൻ കേറി ഇരിക്കുന്നു... എന്ത് ധൈര്യമുണ്ടായിട്ടാ അവനെന്റെ സീറ്റിൽ കേറി ഇരുന്നതെന്ന് ചിന്തിച്ചോണ്ട് നമ്മള് കയ്യൊക്കെ ചുരുട്ടി കൊണ്ട് നമ്മളെ ടേബിളിൽ

അടിച്ചു....

"ഹലോ.... താൻ ആരാ...? ആരോട് ചോദിച്ചിട്ടാ താൻ എന്റെ സീറ്റിൽ ഇരിക്കുന്നത്...?"

എന്ന് ചോദിച്ചോണ്ട് വീണ്ടും ടേബിളിൽ അടിച്ചപ്പോ അയാള് എണീറ്റ് നിന്നിട്ട് നമ്മളെ മുഖത്തേക്ക് നോക്കി...നമ്മളും ഏതാ ഈ അലവലാതി എന്ന മട്ടിൽ ഓന്റെ മുഖത്തേക്ക് ഉറ്റുനോക്കിയതും പകച്ച് പണ്ടാറമടങ്ങി പോയി നമ്മള്.....

(തുടരും)

ഭാഗം.104

"ഹലോ... താൻ ആരാ...? ആരോട് ചോദിച്ചിട്ടാ താൻ എന്റെ സീറ്റിൽ ഇരിക്കുന്നത്...?"

എന്ന ചോദിച്ചോണ്ട് വീണ്ടും ടേബിളിൽ അടിച്ചപ്പോ അയാള് എണീറ്റ് നിന്നിട്ട് നമ്മളെ മുഖത്തേക്ക് നോക്കി... നമ്മളും ഏതാ ഈ അലവലാതി എന്ന മട്ടിൽ ഓന്റെ മുഖത്തേക്ക് ഉറ്റുനോക്കിയതും പകച്ച് പണ്ടാറമടങ്ങി പോയി നമ്മള്.....

"ഡാ ജാസിഫെ.....നീയോ...?"

"ഡി...ഫെബി...നീ..."

നമ്മള് ഓനെ നോക്കി വിരല് ചൂണ്ടി കൊണ്ട് അന്തം വിട്ട് നിൽക്കുന്നത് കണ്ടപ്പോഴാ അച്ചുവും അവനെ നോക്കിയത്... നിങ്ങക്ക് ആളെ മനസ്സിലായില്ലേ...?

ഏഴാം ക്ലാസ് വരെ നമ്മളെ കൂടെ ഉണ്ടായിരുന്ന ജാസിഫ്... ഇവനിട്ട് ഒരു പണി കൊടുത്തിട്ടാ അന്ന് സ്കൂളിൽ നിന്ന് ഇറങ്ങിയത്.... ചെക്കൻ ഒരുപാട് മാറിയിട്ടുണ്ട്... ട്രിം ചെയ്ത താടിയും നല്ല കട്ടിയുള്ള മീശയും വെച്ച് ചെക്കൻ അഡാർ ലുക്കായിട്ടുണ്ട്...

"ഡാ ജാസിഫെ..നീയെന്താടാ ഇവിടെ...?" അച്ചുവാണ്.

"അത് ഞാൻ ന്യൂ അപ്പോയ്മെന്റാ... ഇന്ന് ജോയിൻ ചെയ്തിട്ടുള്ളൂ..."

"ഡാ അപ്പോ നീ പുതിയ കമ്പനി ഒന്നും തുടങ്ങിയില്ലേ...? ഞാൻ ഇവിടത്തെ ജോലി രാജി വെച്ചിട്ട് നിന്റെ കമ്പനിയിൽ വന്ന് ജോലി ചെയ്യാൻ കാത്തിരിക്കായിരുന്നു..."

"ഡി...ഡി....ഫെബി....ഊതല്ലേ....അതൊന്നും നീ ഇപ്പോഴും വിട്ടില്ലേ...?

എന്നാലും നീ എന്നെ കണ്ടപ്പോ തന്നെ ഓർത്തല്ലോ സമാധാനം...

നീ പണ്ടത്തേക്കാൾ സുന്ദരിയായിട്ടുണ്ട് ഫെബി... അന്ന് തന്നെ ഒരു റൂട്ട് ഇട്ടാൽ മതിയായിരുന്നല്ലേ...?"

ഒരു കള്ളച്ചിരിയോടെയുള്ള ജാസിഫിന്റെ ചോദ്യത്തിന് നമ്മളെ കൈയാണ് പിന്നെ മറുപടി നൽകിയത്... പിന്നെ അവിടെ അരങ്ങേറിയത് നല്ല ഒന്നൊന്നര പരിചയപ്പെടലായിരുന്നു...

"ഡാ ജാസി... അതൊക്കെ പോട്ടെ .... നീയെന്താ എന്റെ സീറ്റിൽ കേറി ഇരിക്കുന്നെ...? ഇത് സ്ഥലം വേറെയ മോനെ...എണീറ്റ് പോകാൻ നോക്ക്...."

"ഓ...ഇത് നിന്റെ സീറ്റാണോ...? എന്നോട് ഇവിടെ ഇരിക്കാനാ ബോസ് പറഞ്ഞത്..."

"ആദിയോ....? അവനെന്തിനാ അങ്ങനെ പറഞ്ഞെ...?

അല്ല.... അവൻ പറഞ്ഞെന്ന് കരുതി നീ വന്നിരിക്കോ... എണീറ്റ് പോകാൻ നോക്കേടാ..."

"ദേ ഫെബി ഞാൻ വന്ന് കേറിയിട്ടുള്ളൂ... നീ അപ്പോഴേക്കും കച്ചറക്ക് വരല്ലേട്ടോ... ദേ നോക്ക് എന്റെ അപ്പോയ്ന്മെന്റ് ലെറ്റർ... സാർ എന്നോട് ഇവിടെ ഇരിക്കാനാ പറഞ്ഞെ... ഇനി വല്ല ഡൗട്ടും ഉണ്ടെങ്കിൽ അത് പോയി സാറിനോട് ചോദിക്ക്...."

എന്ന് പറഞ്ഞോണ്ട് ഓന്റെ അപ്പോയ്ന്മെന്റ് ലെറ്റർ

നമ്മളെ നേരെ നീട്ടിയതും നമ്മള് അത് തുറന്ന് നോക്കിയപ്പോ നമ്മളെ സ്ഥാനത്തേക്കാണ് ഒന്നു അപ്പോയിൻറ്റ് ചെയ്തിട്ടുള്ളത്...

അത് കണ്ടപ്പോ മുതൽ ഇതുവരെ ഉണ്ടായിരുന്ന ഉത്സാഹമൊക്കെ പോയി പകരം ആ കോന്തനെ കൊല്ലാനുള്ള ദേഷ്യം വന്നു... ഒരു തെറ്റും ചെയ്യാതെ എന്നെ ജോലിയിൽ നിന്ന് പിരിച്ച് വിടാൻ അവനാരാ...? എന്തായാലും ഇതിന് ഒരു തീരുമാനം ഉണ്ടാക്കാൻ തന്നെ നമ്മള് തീരുമാനിച്ചു...

അച്ചുവും സനയുമൊക്കെ നമ്മളെ ഒരു ദയനീയതോടെ നോക്കുന്നത് കണ്ടപ്പോ രണ്ടിന്റെയും മുഖമടക്കി ഒന്ന് കൊടുക്കാനാ തോന്നിയത്... പക്ഷെ ഇപ്പോ അതിന് നിന്നാൽ ആ കൊന്തനോട് ചൂടാകാനുള്ള പവർ കുറഞ്ഞു പോകുമെന്ന് തോന്നിയതോണ്ട് അപ്പോ തന്നെ വെച്ച് പിടിച്ചു അവന്റെ ക്യാബിനിലേക്ക്...

അവന്റെ അനുവാദത്തിനൊന്നും കാത്ത് നിൽക്കാതെ ക്യാബിന്റെ ഡോർ തള്ളി തുറന്ന് നമ്മള് ഓന്റെ നേരെ പാഞ്ഞടുത്തു...

നമ്മള് നല്ല കലിപ്പിൽ വരുന്നത് കണ്ടിട്ടും യാതൊരു കൂസലുമില്ലാതെ അവനെന്നെ ഒന്ന് നോക്കിയിട്ട് അവൻ വിളിച്ചോണ്ടിരുന്ന കോൾ കട്ടാക്കി നമ്മളെ മൈൻഡ് ചെയ്യാതെ ലാപ്പിലേക്ക് നോട്ടമെറിഞ്ഞു...

ഇതൊക്കെ കണ്ടോണ്ട് പ്രഷർ കൂട്ടാൻ നമ്മക്ക് തീരെ സമയമില്ല...അതോണ്ട് ഓന്റെ ടേബിളിൽ നമ്മളെ രണ്ട് കയ്യും ആഞ്ഞു വീശിയടിച്ചു...

"Mr. ആദിൽ സാഹിബ് കരീം.... താൻ എന്ത് ഉദ്ദേശത്തിലാ എന്റെ സ്ഥാനത്ത് മറ്റൊരാളെ അപ്പോയിൻറ്റ് ചെയ്തതെന്ന് എനിക്ക് ഇപ്പോ അറിയണം..."

നമ്മളെ ടേബിളിൽ അടിച്ചുള്ള ഡയലോഗ് കേട്ട് ഓൻ നമ്മളെ രൂക്ഷമായി നോക്കിയിട്ട് വീണ്ടും ലാപ്പിലേക്ക് നോട്ടം തെറ്റിച്ചു... അത് കണ്ടപ്പോ നമ്മക്ക് വീണ്ടും കലിപ്പ് കേറി വന്നു...

നമ്മള് അപ്പോ തന്നെ ഓന്റെ ലാപ് അടച്ച് വെച്ചിട്ട്

അവനെ രൂക്ഷമായി നോക്കിയപ്പോ ഓൻ വീണ്ടും കൂളായിട്ട് അവന്റെ ചെയറിലേക്ക് ചരിയിരുന്ന് അതിൽ ആടി കളിച്ച് നമ്മളെ നോക്കി....

"ഞാൻ പറഞ്ഞതൊന്നും നിങ്ങള് കേട്ടില്ലെന്നുണ്ടോ...?

എന്റെ കാര്യത്തിൽ ഒരു തീരുമാനം എടുത്തിട്ട് മതി ഇനി നിങ്ങളെ വർക്ക് ഒക്കെ..."

എന്ന് നമ്മള് പറഞ്ഞ് തീർന്നില്ല അപ്പോഴേക്കും ഓൻ നമ്മക്ക് നേരെ ഒരു എൻവലപ് നീട്ടി...

പടച്ചോനെ അപ്പോഴേക്കും ഓൻ നമ്മളെ റെസിഗ്നഷൻ ലെറ്റർ ഒക്കെ തയ്യാറാക്കി വെച്ചിരിക്കായിരുന്നോന്ന് ചിന്തിച്ചോണ്ട് നമ്മള് അത് വാങ്ങിച്ചിട്ട് ഓനെ ഒന്ന് രൂക്ഷമായി നോക്കി...

എന്തായാലും നമ്മളെ ഇവിടന്ന് പുറത്താക്കി അപ്പോ ഇവനിട്ട് രണ്ട് പറയാതെ പോകുന്നതും നമ്മളെ എന്തിനാ പുറത്താക്കിയതെന്ന് അറിയാതെ പോകുന്നതും മോശല്ലേ.... ഇനി എന്തായാലും അതും കൂടി അറിഞ്ഞിട്ടെ നമ്മളിവിടന്ന് പോകൂ എന്ന്

തീരുമാനിച്ചോണ്ട് നമ്മള് അങ്ങോട്ട് തുടങ്ങി...

"Mr. ആദിൽ... എന്നെ കൊണ്ട് ഈ കമ്പനിക്കുള്ള നിങ്ങളുടെ ആവശ്യം കഴിഞ്ഞപ്പോ ഒരു കറിവേപ്പില പോലെ എന്നെ അത്ര പെട്ടെന്ന് ഒഴിവാക്കാമെന്ന് താൻ സ്വപ്നത്തിൽ പോലും കരുതണ്ട....

എന്നെ ജോലിയിൽ നിന്നും പിരിച്ച് വിടാനുള്ള തക്കതായ റീസൺ പറയാതെ ഞാൻ ഇവിടന്ന് ഒരടി പോലും അനങ്ങില്ല Mr. ആദിൽ സാഹിബ് കരീം....

ഞാൻ ഒരാൾ കാരണാ ഇന്ന് നിങ്ങളെ കമ്പനി ദുബായിലെ തന്നെ നമ്പർ വൺ കമ്പനിയായി മാറിയത്... അത് കൊണ്ട് മറ്റുള്ളവരുടെ വാക്ക് കേട്ട് എന്നെ പുറത്താക്കാൻ നോക്കുന്നതിന് മുൻപ് അതൊന്ന് ചിന്തിക്കുന്നത് നല്ലതാ....

എനിക്കറിയാം നിങ്ങളെ കൊണ്ടിത് ആരാ ചെയ്യിക്കുന്നതെന്ന്.... ഇപ്പോ അവള് പറയുന്നതാണല്ലോ വേദ വാക്യം....

എന്തിരുന്നാലും ശരി... എന്നെ ഈ കമ്പനിയിൽ നിന്ന് അത്ര പെട്ടെന്ന് ഒന്നും നിങ്ങൾക്ക് എന്നെ പുറത്താക്കാൻ കഴിയില്ല Mr.

ഇനി അഥവാ പുറത്താക്കിയാൽ തന്നെ അത് ASK ഇവെന്റ്സിന്റെ നാശത്തിനായിരിക്കും കാരണാമാകാ...."

നമ്മള് ഇത്രയൊക്കെ പറഞ്ഞിറയും ആ കോന്തന് ഒന്നും ഏശിയിട്ടില്ല... അവൻ ഇപ്പോഴും നമ്മളെയും നോക്കി ഇരിക്കാണ്...

"തന്റെ പ്രസംഗം കഴിഞ്ഞെങ്കിൽ അതൊന്ന് എടുത്ത് വായിക്കണം..."

ഒരു ആജ്ഞയുടെ സ്വരത്തിൽ അവൻ അങ്ങനെ പറഞ്ഞപ്പോ നമ്മള് എന്ത് എന്ന രീതിയിൽ ഓനെ തന്നെ നോക്കി നിന്നു...

"പറഞ്ഞത് കേട്ടില്ലെന്നുണ്ടോ...? അത് തുറന്നു വായിക്കാൻ...

Read it now...."

എന്ന് കലിപ്പായി കൊണ്ട് ആ കോന്തൻ പറഞ്ഞപ്പോ തന്നെ നമ്മളത് പൊട്ടിച്ച് തുറന്ന് വായിച്ചതും നമ്മളെ ദേഷ്യമൊക്കെ അറബിക്കടെല് കടന്ന് പോയി പകരം അഞ്ഞൂറ് വാട്ടിന്റെ ഒരു നല്ല അഡാർ പുഞ്ചിരി വിടർന്നു....

നമ്മക്ക് തുറന്ന് വായിച്ചതിന്റെ ഷോക്ക് ഇപ്പോഴും വിട്ട് മാറിയിട്ടില്ല... നമ്മള് ആ പേപ്പറിലേക്കും ആദിയിലേക്കും മാറി മാറി നോക്കി ഇരുന്നപ്പോ ഓൻ പുച്ഛത്തോടെയുള്ള ഒരു ചിരി സമ്മാനിച്ചോണ്ട് നമ്മളെ അടുത്തേക്ക് എണീറ്റ് വന്നു...

"ഇ...ഇത്....അ....I am really sorry sir...സാറെന്നെ ജോലിയിൽ നിന്നും പിരിച്ചു വിട്ടെന്ന് കരുതിയ അപ്പോ അങ്ങനെ ഒക്കെ പറഞ്ഞത്...."

"So, you are my new personal അസിസ്റ്റന്റ്... മാസം

75,000... ഇനി മുതൽ എന്റെ എല്ലാ കാര്യങ്ങളും നോക്കേണ്ട ചുമതല നിനക്കാണ്...

ഡേ ആൻഡ് നൈറ്റ് ഞാൻ എപ്പോ വിളിച്ചാലും നീ സ്ഥലത്ത് എത്തിയിരിക്കണം...

എനിക്ക് വരുന്ന അപോയ്മെന്റുകളും മീറ്റിങ്ങുകളും എപ്പോഴൊക്കെയാണെന്ന് ഓർമ്മിപ്പിക്കണം....

ചുരുക്കി പറഞ്ഞാൽ എന്റെ നിഴലായി നീ എപ്പോഴും കൂടെ വേണം...."

എന്ന് ആദി പറയുന്നത് കേട്ടതും നമ്മള് സന്തോഷം കൊണ്ട് അപ്പോ തന്നെ ആദിയെ കെട്ടിപ്പിടിച്ച് കവിളില് ഒരുമ്മ കൊടുത്തിട്ട് ചാടി കളിച്ചു...

നമ്മളെ പെട്ടെന്നുള്ള അറ്റാക്ക് കണ്ടിട്ടാകും ചെക്കൻ കിളി പോയ പോലെ നമ്മളെ തന്നെ മിഴിച്ചു നോക്കുന്നുണ്ട്...

നമ്മള് അപ്പോ തന്നെ ഡീസന്റ് ആയിട്ട് ആദിയോട് സോറി പറഞ്ഞിട്ട് ഓനെ നോക്കി ഒന്ന് ചിരിച്ചു... അപ്പോ തന്നെ ഓൻ നമ്മളിൽ നിന്നും നോട്ടം തെറ്റിച്ചിട്ട് നമ്മളെ

നോക്കാതെ തന്നെ ഡോറിന്റെ മൂലയിലെ ഭാഗത്തേക്ക് ചൂണ്ടി...

"അതാണ് തന്റെ സീറ്റ്... ഇനി ഞാൻ എപ്പോ വിളിച്ചാലും താൻ വിളിപ്പുറത്ത് ഉണ്ടാകണം... അതിനാണ് ഈ സെറ്റപ്പ്...

പിന്നെ ഇന്ന് പ്രത്യേകിച്ച് തനിക്ക് കാര്യമായ പണിയൊന്നുമില്ല... തന്റെ ടേബിളിൽ ഒരു റെഡ് ഫയൽ കാണും... അതിലുള്ളത് ഒന്ന് മെയിൽ ചെയ്താൽ മതി..."

എന്നൊക്കെ നമ്മളെ മുഖത്തേക്ക് നോക്കാതെ പറഞ്ഞോണ്ട് ആദി പോയി അവന്റെ സീറ്റിൽ ഇരുന്നു... നമ്മള് അപ്പോ തന്നെ നമ്മളെ സീറ്റിലേക്ക് പോയി ഇരുന്നിട്ട് ആ കറങ്ങുന്ന ചെയറിൽ ഒരു മൂന്നാല് വട്ടം കറങ്ങി തിരിഞ്ഞ് നോക്കിയപ്പോഴുണ്ട് ആദി നമ്മളെ ഒരു സംശയ രൂപേണ നോക്കുന്നു...

നമ്മക്ക് വട്ടാണെന്ന് തോന്നി കാണും... പാവം...

പിന്നെ ഓനെ പറഞ്ഞിട്ടും കാര്യമില്ല... നമ്മള് ഓന്റെ പിഎ ആണെന്ന് അറിഞ്ഞപ്പോ തൊട്ടേ നമ്മള് നല്ല അഡാർ ആകാംശയിലാ.... ഇനി എന്നും എന്റെ ചെക്കന്റെ തെറി കേൾക്കാനായി ഇങ്ങോട്ടും പോകണ്ടല്ലോ... ഓന്റെ കൂടെ തന്നെ നമ്മളൊരു നിഴല് പോലെ കൂടെ കാണില്ലേ...?

ശോ ഇപ്പോഴാണ് ശരിക്കും ആദിക്ക് ഓർമ്മ തിരിച്ച് കിട്ടേണ്ടത്... എന്ന പിന്നെ ഈ ക്യാബിനൊരു മണിയറ ആയേനെ.... ശോ ആലോചിക്കുമ്പോ തന്നെ കുളിര് കോരാ....

"ആയിഷ....ഡോ... താനെന്താ സ്വപ്നം കാണാണോ...? ഡോ...."

പെട്ടെന്ന് ആ കോന്തന്റെ ശബ്ദം കാതുകളിൽ തുളച്ച് കേറിയപ്പോഴാണ് നമ്മക്ക് ശരിക്കും സ്ഥലകാല ബോധം വന്നത് തന്നെ... നമ്മള് അപ്പോ തന്നെ നമ്മളെ ദിവസ്വപ്നത്തിൽ നിന്നും കരകേറി കണ്ണ് തുറന്ന് നോക്കിയപ്പോഴുണ്ട് നമ്മളെ കോന്തൻ നമ്മളെ നോക്കി കണ്ണുരുട്ടുന്നു..

ഓന്റെ നോട്ടം കണ്ടപ്പോ തന്നെ പേടിച്ച് വേഗം എണീറ്റ് നിന്നിട്ട് നമ്മള് ഓനെ നോക്കി ഒന്ന് ചിരിച്ചു കൊടുത്തു... പക്ഷെ ചെക്കൻ കലിപ്പിലായിരുന്നു... ഓൻ കലി തുള്ളി കൊണ്ട് നമ്മളോട് എന്തൊക്കെയോ പറഞ്ഞോണ്ട് വീണ്ടും ഓൻ സീറ്റിൽ പോയി ഇരുന്നപ്പോ നമ്മള് താടിക്ക് കയ്യും കൊടുത്ത് ഓനെ നോക്കി അവിടെ ഇരുന്നു...

അപ്പോ തന്നെ ഓൻ നമ്മളെ തിരിഞ്ഞ് നോക്കിയിട്ട് വർക്ക് ചെയ്യടി എന്ന് പറഞ്ഞ് അലറിയപ്പോ തന്നെ നമ്മള് ഞെട്ടി കൊണ്ട് ഓനെ നോക്കി സൈറ്റടിച്ചിട്ട് ആ ഫയലിലുള്ളത് മെയിൽ അയക്കാൻ തുടങ്ങി...

ആദിന്റെ ക്യാബിനിലേക്ക് കേറി പോയിട്ട് ഇത്രെയും നേരമായിട്ടും നമ്മളെ കാണാത്തത് കൊണ്ടാകും നമ്മളെ ടീം മാറി മാറി വിളിച്ചോണ്ടിരിക്കാണ് നമ്മക്ക്...

ഫോണിന്റെ റിങ് കേട്ട് അറ്റൻഡ് ചെയ്യാൻ നിന്നതും ആ കോന്തൻ അപ്പോ തന്നെ നമ്മളെ വിലക്കി... അതോണ്ട് നമ്മള് ഫോൺ സൈലെന്റിലിട്ടു...

പിന്നെയുണ്ട് ഓരോരുത്തരായിട്ട് ക്യാബിനിലേക്ക് ആദിയെ ഫയല് കാണിക്കാൻ എന്ന വ്യാജേന കേറി വരുന്നു... നമ്മളെ അവിടെ പിടിച്ച് ഇരുത്തിയത് കണ്ടിട്ട് അവറ്റകളുടെ കിളി പോയിട്ടുണ്ട്...

അവരൊക്കെ എന്താ അവിടെ ഇരിക്കുന്നതെന്ന് ആംഗ്യം കാണിച്ചപ്പോ നമ്മളെ ടേബിളിലെ ബോർഡ് എടുത്ത് നമ്മള് അവർക്ക് കാണിച്ചു കൊടുത്തു.... അവരൊക്കെ കൂടി തലയാട്ടി ചിരിച്ചിട്ട് ചെലവ് വേണമെന്ന് പറഞ്ഞ് അവരെ പണിയും നോക്കി പോയി...

പെട്ടെന്ന് ആദി ഒരു കോൾ വിളിച്ചോണ്ട് സീറ്റിൽ നിന്നും എണീറ്റിട്ട് നമ്മളെ നോക്കി കൂടെ വരാൻ കൈ കൊണ്ട് ആംഗ്യം കാണിച്ചു... അത് കാണേണ്ട താമസം നമ്മള് അപ്പോ തന്നെ അവന്റെ പിന്നാലെ വെച്ച് പിടിച്ചു...

നമ്മള് ഓന്റെ പിന്നാലെ പോകുന്ന പോക്ക് കണ്ടിട്ട് നമ്മളെ ടീമൊക്കെ കൂടി ഞങ്ങളെ നോക്കി ചിരിച്ചോണ്ട് റ്റാറ്റ കാണിച്ച് വിട്ടു... നമ്മള് ഓരേയൊക്കെ ഒന്ന്

പുച്ഛത്തോടെ നോക്കി കൊണ്ട് ആദിയുടെ പിന്നാലെ പോയി...

ഓനെ കണ്ടപ്പോ തന്നെ അമർ കാറും കൊണ്ട് ഞങ്ങളെ മുന്നിലേക്ക് വന്നു... അപ്പോഴും ആദി ആരോടോ ഫോണിൽ സംസാരിച്ചിരിക്കായിരുന്നു...

അങ്ങനെ ആദി കാറിൽ കയറിയതും നമ്മള് അവനിരിക്കുന്ന സീറ്റിന്റെ ഓപ്പോസിറ്റുള്ള സീറ്റിന്റെ ഡോർ തുറന്ന് അകത്ത് കയറി ഇരുന്നു...

"താനിതെങ്ങോട്ടാ...?"

പെട്ടെന്ന് ആദി നമ്മളെ നോക്കി കൊണ്ട് അങ്ങനെ ഒരു ചോദ്യം ചോദിച്ചതും നമ്മള് ഓനെ നോക്കി തൊള്ളേം തുറന്ന് ഇരുന്നു...

"അ... അപ്പോ....സാറല്ലേ....പറഞ്ഞെ...കൂ..കൂടെ പോരാൻ..."

"അത് പാർക്കിംഗ് വരെ കൂടെ വരാനാ പറഞ്ഞത് അല്ലാതെ എന്റെ കൂടെ പോരാനല്ല... ഞാൻ എന്റെ സൽമയുടെ കൂടെ പുറത്തേക്ക് പോകാ...അതിന് തന്നെ കൂടെ കൊണ്ട് നടക്കാനൊന്നും പറ്റില്ല..."

അത് ഓൻ പറഞ്ഞപ്പോ നമ്മക്ക് വന്ന ദേഷ്യം ചില്ലറയൊന്നും അല്ല... നമ്മള് അപ്പോ തന്നെ അവനെ നോക്കി പല്ലിറുമ്പി കൊണ്ട് പെട്ടെന്ന് തന്നെ കാറിൽ നിന്നും ഇറങ്ങി തിരിഞ്ഞു പോലും നോക്കാതെ ഓഫീസിലേക്ക് കേറി പോയി...

ചിലപ്പോ തിരിഞ്ഞ് നോക്കിയാലേ ഞാൻ കരയുന്നത് അവൻ കാണും... അപ്പോ ഞാൻ തോറ്റ പോലെയാകും... അങ്ങനെ ഇപ്പോ ഓന്റെ മുന്നിൽ തോറ്റു കൊടുക്കാൻ ഈ ആയിഷാ ഫെബി തയ്യാറല്ല.....നേരെ വിട്ടു ക്യാബിനിലേക്ക്...

എന്നിട്ട് അവിടുന്ന് കയ്യിൽ കിട്ടിയ എല്ലാതും നമ്മള് എറിഞ്ഞ് തകർത്തു... ശബ്ദം കേട്ട് എല്ലാവരും കൂടി വന്ന് നമ്മളെ പിടിച്ച് മാറ്റിയപ്പോഴാ എന്താ ഇപ്പോ

ചെയ്തതെന്ന ബോധം വന്നത്....

അവന്റെ ക്യാബിൻ എങ്ങാനും നമ്മള് ഇങ്ങനെ തമർത്തത് അവനെങ്ങാനും അറിഞ്ഞാലുള്ള പൊല്ലാപ്പ് ആലോജിച്ചതും അപ്പോ തന്നെ അതൊക്കെ വൃത്തിയാക്കി വെച്ചിട്ട് പൊട്ടിയത്തിന് പകരം അതുപോലെയുള്ളത് അരുണും അച്ചായനും കൂടി വാങ്ങിച്ച് പെട്ടെന്ന് കൊണ്ട് വെച്ചു....ഇല്ലെങ്കിൽ ഇപ്പോ നമ്മളെ ശരിക്കും അവൻ പുറത്താക്കിയേനെ...

അവന്റെ പിഎ ആയതിന്റെ ആദ്യത്തെ ഉത്സാഹമൊന്നും നമ്മക്ക് കാര്യത്തോട് അടുത്തപ്പോ തോന്നിയില്ല... കാരണം നമ്മള് അവന്റെ ഒരു ചലിക്കുന്ന ടൈം ടേബിൾ ആയിരുന്നു... അവന്റെ അന്നന്നക്കത്തെ എല്ലാ പ്രോഗ്രാംസും പറയേണ്ടത്, നേരത്തിന് ഭക്ഷണം കൊടുക്കേണ്ടത്, അവന് വരുന്ന അർജൻഡ് കോൾസ് അറ്റൻഡ് ചെയ്യേണ്ടത്... ഇതൊക്കെയായി നമ്മളെ ഡ്യൂട്ടി... അതും പോരാഞ്ഞ് അവന്റെ മീറ്റിങ്ങുകളിലൊക്കെ അധികവും നമ്മള് തന്നെ അറ്റൻഡ് ചെയ്യണം... കാരണം സാർ അപ്പോ സൽമയുമായി ബിസി ആയിരിക്കും....

എല്ലാം എന്റെ തലയെഴുത്ത്...തിരുത്തി എഴുതാൻ പറ്റില്ലല്ലോ.... അങ്ങനെ സമാധാനിച്ച് കൊണ്ട് കാലം കടന്ന് നീങ്ങിയപ്പോ നമ്മക്ക് പതിയെ ഈ ലൈഫിനോട് തന്നെ ബോറിങ്ങായി തുടങ്ങിയിരുന്നു...

ഹസിന്റേയും നിസൂക്കാന്റെയും കല്യാണത്തിന്റെ ഡേറ്റ് അടുത്തെത്താറായി... കല്യാണപെണ്ണിനുള്ള ഡ്രെസ്സും ഡ്രസ്സ് കോഡിനുള്ള ക്ലോതുമൊക്കെ അച്ചുവിന്റെ വകയായിരുന്നു... അതൊക്കെ ഒരു മാസം മുൻപ് തന്നെ ഞങ്ങള് അയച്ച് കൊടുത്തിരുന്നു...

നിസൂക്കയാണെങ്കിൽ രണ്ട് മാസം മുമ്പ് തന്നെ അൻസിക്കാനെ സൂപ്പർ മാർക്കറ്റ് ഏല്പിച്ചിട്ട് ഇവിടന്ന് നാട്ടിലേക്ക് പോയിട്ടുണ്ട്... കല്യാണ തിരക്കിലാണ് മൂപ്പര്...

ആദിയെ കല്യാണത്തിന് ക്ഷണിച്ചിട്ടുണ്ടെങ്കിലും അവന് പോകാൻ യാതൊരു വിധ താല്പര്യവും ഇല്ലാത്ത പോലെയായിരുന്നു അവൻ അവരോട് പെരുമാറിയത്... അതോണ്ട് തന്നെ നിസൂക്ക അധികം നിർബന്ധിച്ചതുമില്ല... ആ സൽ   മ എന്ന മാരണത്തെ

കൊണ്ട് ഇവര് അകന്ന് പോയല്ലോ എന്നാലോജിക്കുമ്പോഴാ സങ്കടം...

അവരെ കല്യാണം കൂടാൻ വേണ്ടി ആദിയോട് ഞാനും നമ്മളെ ടീമും ചേർന്ന് ഒരുപാട് കെഞ്ചി നോക്കി... ബട്ട് ആ കോന്തൻ ഞങ്ങക്ക് ലീവ് തരില്ലെന്ന് പറഞ്ഞു... അതിൽ വിഷമിച്ച് നടക്കാണ് ഞങ്ങള് ഏഴു പേരും...

ആരാ ആറാമത്തേയും ഏഴാമത്തെയും ആളെന്നാകും ചിന്തിക്കുന്നതല്ലേ...? വേറെ ആരാ ആ ജാസിഫും പിന്നെ ഫൈസൽക്കയും തന്നെ... അവരിപ്പോ ഞങ്ങളെ ഗ്യാങിലെ ഒരു മെമ്പറായി മാറി കഴിഞ്ഞു... സത്യം പറഞ്ഞാൽ ഫ്രണ്ട്സിന്റെ കൂടെ ലൈഫ് ഒക്കെ അടിച്ചു പൊളിച്ചിട്ട് ഒരുപാട് നാളായി... എല്ലാത്തിലും തടങ്ങൽ വെക്കുന്നത് ഈ കോന്തനാണ്....

ഹസിക്ക് വിളിച്ചിട്ട് ഓളെ കല്യാണത്തിന് വരാൻ പറ്റില്ല ലീവില്ലെന്ന് പറഞ്ഞിട്ട് അവള് ഞങ്ങളോടൊക്കെ തെറ്റിയിരിക്കാ... അവൾക്ക് പറഞ്ഞാൽ മനസ്സിലാക്കില്ലല്ലോ ഞങ്ങളെ ഇവിടത്തെ അവസ്ഥ....

എന്തായാലും എന്റെ ഉപ്പച്ചിന്റെ കടം എനിക്ക് പൂർണ്ണമായും വീട്ടാൻ സാധിച്ചു... അതിന് ആദിയോട് എന്നും നമ്മക്ക് കടപ്പാടുണ്ടാകും...

കടം വീടിയതോണ്ട് തന്നെ നമ്മളോട് മടങ്ങി വരാനൊക്കെ ഉപ്പച്ചിയും ഉമ്മച്ചിയും മാറി മാറി നിർബന്ധിക്കുന്നുണ്ട്... അവരോടൊക്കെ പെട്ടെന്ന് വരാമെന്ന് പറഞ്ഞ് ഒഴിവാകും എന്നല്ലാതെ വേറെ എന്ത് പറയാനാ...?

ഇതിനിടക്ക് മറ്റൊരു സംഭവം കൂടി ഉണ്ടായി... നമ്മളെ ജാസിക്ക് സനയോട് അടങ്ങാത്ത മൊഹബ്ബത്ത്... അവൻ ആദ്യം അത് പറഞ്ഞത് നമ്മളോടാണ്... അവന്റെ പറച്ചിലിന്റെ റൂട്ടൊക്കെ പോകുന്നത് ഒരു പ്രേമത്തിലേക്കാണെന്ന് തോന്നിയതോണ്ട് നമ്മള് അതിൽ നിന്നും എങ്ങനെ ഒഴിവാക്കുമെന്ന് ചിന്തിച്ച് നിൽക്കുമ്പോഴാ ആള് നമ്മളല്ല സനയാണെന്ന് അറിയുന്നത്...

സനയെ കുറിച്ച് എല്ലാം ഞങ്ങള് പറഞ്ഞ അറിവ് അവനുണ്ടായിരുന്നതോണ്ട് അവന് പൂർണ്ണ സമ്മതമായിരുന്നു... പക്ഷെ സനയെ എങ്ങനെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിപ്പിക്കും എന്ന്

ടെൻഷൻ അടിച്ചോണ്ട് അവളോട് കാര്യം അവതരിച്ചപ്പോ ഒരു കരച്ചിലായിരുന്നു മറുപടി...

പിന്നീടുള്ള കുറച്ച് നാളത്തേക്ക് അവള് ഞങ്ങളോട് ആരോടും മിണ്ടാൻ വന്നില്ല...

പക്ഷെ, നമ്മക്ക് അങ്ങനെ വിട്ട് കൊടുക്കാൻ പറ്റില്ലല്ലോ... ഒടുക്കം ഞങ്ങള് എല്ലാവരും കൂടി ചേർന്ന് അവളെ ബ്രെയിൻ വാഷ് ചെയ്ത് ചെയ്ത് ഒടുക്കം അവള് ഓക്കേ പറഞ്ഞു... അപ്പോ തന്നെ ഷാഹിക്കാനോട് പറഞ്ഞ് അവരെ കാര്യവും സെറ്റാക്കി... അങ്ങനെ അതും റാഹത്തായി... ഇപ്പോ രണ്ടും മുടിഞ്ഞ പ്രേമത്തിലാ...

എല്ലാരെ പ്രേമവും സെറ്റായി... നമ്മളോ...ഇപ്പോഴും തേരാപാര ആയിട്ട് ആ കോന്തന്റെ പിന്നാലെ കറങ്ങുന്നു... അവന് ആണെങ്കിൽ ബോധം ഇടക്ക് വരുന്ന പോലെയും ബോധമില്ലാത്ത പോലെയുമാണ് ചില നേരത്തെ പെരുമാറ്റം...ആർക്കറിയാം സത്യം എന്താണെന്ന്...

എന്തായാലും ഈ ലൈഫ് ശരിക്കും മടുത്തു തുടങ്ങി...

ഇന്ന് ഞങ്ങളെ ഡ്യൂട്ടി ആദിന്റെ വീട്ടിൽ വെച്ചിട്ടാണ്... ആദിന്റെ ഉമ്മിന്റെ പിറന്നാളാണ് രണ്ട് ദിവസം കഴിഞ്ഞാൽ... അതോണ്ട് അതിന്റെ പുറകെയാ ഞാൻ... കാരണം എന്റെ തലയിലാണ് ആ കോന്തൻ ഇതൊക്കെ കെട്ടി വെച്ചിരിക്കുന്നത്...

അങ്ങനെ ഞാനും കമ്പനിന്റെ സ്പെഷ്യൽ ടീമും ചേർന്ന് ആദിന്റെ വീട്ടിലേക്ക് ചെന്നു... കൂട്ടത്തിൽ സനയും ജാസിയും ഫൈസൽക്കയും ഉണ്ട്ട്ടോ...

ഫൈസൽക്കാൻറെ കാറിലാണ് പോകുന്നത്... സനയും ജാസിയും പുറകിലും നമ്മള് ഫൈസൽക്കാൻറെ കൂടെ മുന്നിലുമാണ് ഇരുത്തം...

അവിടെ എത്തിയപ്പോ തന്നെ വർകേഴ്സ് ഒക്കെ കൂടി അവരെ പണി തുടങ്ങി
കഴിഞ്ഞിരുന്നു...അവരെയൊക്കെ ഞങ്ങൾ നേരത്തെ പറഞ്ഞയച്ച് കാര്യങ്ങൾ സെറ്റാക്കിയതാണ്...

ആദിന്റെ പിഎ ആണെങ്കിലും ആദ്യമായിട്ടാണ് ഞാൻ അവന്റെ വീട്ടിലേക്ക് വരുന്നത്... നാട്ടിലെ അവന്റെ വീടിനേക്കാൾ ഒരു മൂന്നിരട്ടി വലിപ്പം കാണും

ഇവിടത്തെ വീട്...

അവന്റെ വീടിന്റെ ഭംഗിയും ആസ്വദിച്ച് കൊണ്ട് ഞങ്ങള് നാല് പേരും കൂടി വീട്ടിലേക്ക് കയറിയതും അവിടത്തെ സെർവന്റ് അപ്പോഴേക്കും ഞങ്ങൾക്ക് കുടിക്കാനുള്ള വെള്ളവും കൊണ്ട് വന്നിരുന്നു... ഞങ്ങളത് കുടിച്ചോണ്ട് ഞങ്ങളെ പണി തുടങ്ങിയതും ആദിയുണ്ട് അവന്റെ ഐ പാഡിൽ നോക്കി കൊണ്ട് താഴേക്ക് വരുന്നു...

ഓനെ കണ്ടപ്പോ തന്നെ ഞങ്ങള് അവനെ വിഷ് ചെയ്തെങ്കിലും ഓന്റെ നാക്കേന്ന് വന്നത് കലിപ്പിലുള്ള ഡയലോഗ് ആയിരുന്നു...

അതിന് പ്രത്യേകിച്ച് രണ്ട് കാരണങ്ങളുണ്ട്....

ഒന്ന്, ഞങ്ങള് ഇത്തിരി ലേറ്റ് ആയിട്ടാണ് വന്നത്...

പിന്നെ രണ്ട്, നടക്കാൻ പോകുന്ന ഫങ്ഷന്റെ പ്രോഗ്രാം ഡീറ്റൈൽസ് അവന് അയച്ച് കൊടുക്കാൻ എന്നോട് പറഞ്ഞിരുന്നു... അത് മറന്നതിനാണ് ഇത്രക്ക് കലിപ്പ്...

അങ്ങനെ ഓന്റെ ഡയലോഗ് അടി കഴിഞ്ഞ് ഓൻ

ഹാളിലെ സോഫയിൽ ഇരുന്നിട്ട് ഐ പാഡിൽ എന്തൊക്കെ ചെക്ക് ചെയ്തോണ്ടിരുന്നു....

ഞങ്ങള് നാലും പേരും അപ്പോ തന്നെ ഞങ്ങളെ വർക്കേഴ്സിനെ ഗൈഡ് ചെയ്തോണ്ട് എങ്ങനെയാ ചെയ്യേണ്ടതെന്ന് പറഞ്ഞു കൊടുത്തു...

അപ്പോഴാണ് ഉമ്മി അങ്ങോട്ട് വന്നത്... ഉമ്മിയെ കണ്ടപ്പോ തന്നെ നമ്മള് മുഖം പൊത്തി പിടിച്ചോണ്ട് ഉമ്മി എന്നെ കണ്ട് സീൻ കോൺട്രയാകണ്ടാന്ന് കരുതി അവിടന്ന് തടി തപ്പി...പക്ഷേ അപ്പോഴേക്കും ഉമ്മി എന്നെ കണ്ടിരുന്നു....

"എന്താ മോളെ... പഴയ ദേഷ്യവും വാശിയും മനസ്സിൽ വെച്ചോണ്ട് ഞാൻ മോളെ വഴക്ക് പറയുമെന്ന് കരുതിയിട്ടാണോ എന്നെ കണ്ടപ്പോ മുഖം മറച്ച് പോകാൻ നോക്കിയത്...?"

പെട്ടെന്ന് ഉമ്മി നമ്മളോട് അങ്ങനെ ചോദിച്ചപ്പോ സന്തോഷം കൊണ്ട് നമ്മളെ കണ്ണ് നിറഞ്ഞൊഴുകി.... നമ്മള് അപ്പോ തന്നെ അല്ലാന്ന് തലയാട്ടിയപ്പോ ഉമ്മി എന്റെ കയ്യിൽ പിടിച്ച് തലയിൽ തലോടി...

"അന്ന് ഞാൻ മോളോട് അങ്ങനെ ഒക്കെ പെരുമാറിയത് മോള് മനസ്സിൽ വെച്ചേക്കരുത്...

അന്ന് അങ്ങനെ ഒക്കെ മോളോട് പെരുമാറിയതിന് മോളെന്നോട് ക്ഷമിക്കണം..."

"എന്താ ഉമ്മി ഇത്... ഞാൻ അതൊക്കെ അപ്പോഴേ വിട്ടതാ...."

"പക്ഷെ എനിക്കറിയാം അന്ന് ഞാൻ മോളെ എന്ത് മാത്രം വേദനിപ്പിച്ചെന്ന്... മോളതൊന്നും മനസ്സിൽ വെച്ചേക്കരുത്... സ്വന്തം ഉമ്മ മോളോട് ചെയ്തതാണെന്ന് കരുതിയാൽ മതി... ഇനി മോൾക്ക് എപ്പോ വേണമെങ്കിലും ഇവിടെ വരാം... ആരും ഒരു എതിർപ്പും പറയില്ല...."

എന്ന് പറഞ്ഞ് ഉമ്മി നമ്മളെ നെറ്റിയിൽ ഉമ്മ വെച്ചിട്ട് അവരെ കണ്ണ് തുടച്ചോണ്ട് പോകുന്നത് കണ്ടപ്പോ നമ്മക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷമായിരുന്നു... നമ്മളെ കണ്ടാൽ കടിച്ച് കീറാൻ വരുമെന്ന്

വിചാരിച്ചപ്പോ നമ്മളെ ചേർത്ത് നിർത്തി നെറ്റിയിൽ ഉമ്മ വെച്ചിരിക്കുന്നു... ഉമ്മിയുടെ ഈ മാറ്റം എനിക്ക് കൂടുതൽ പ്രതീക്ഷ കൂട്ടി കൊണ്ടിരുന്നു...

നമ്മളെ ടീം നമ്മളോട് കണ്ണ് തുടച്ചിട്ട് ചിരിക്കാൻ ആംഗ്യം കാണിച്ചപ്പോ നമ്മള് അതുപോലെ ചെയ്തിട്ട് നമ്മളെ പണിയിൽ ഏർപ്പെട്ടോണ്ടിരുന്നു....

അപ്പോഴാണ് നമ്മള് മോളിൽ ആഷിയെ കണ്ടത്... ഓനും ഞങ്ങളെ സഹായിക്കാൻ വേണ്ടി അവിടെ ഉണ്ടായിരുന്ന പൂകൊട്ടയും കൊണ്ട് വരാൻ നിന്നു... നമ്മള് അപ്പോഴേക്കും മോളിലേക്ക് ചെന്നിട്ട് ആഷിയെ അവിടന്ന് വിലക്കിയിട്ട് നമ്മള് ഓനോട് കുറച്ച് നേരം സംസാരിച്ചിരുന്നു...

സിനുവായിരുന്നു സംസാരവിഷയം... അവന് ഇപ്പോഴും അവളെ ഇഷ്ടാണ് അവന് കൊടുക്കോ അവളെ എന്നാണ് അവനെന്നോട് ചോദിച്ചത്... നമ്മളുടേതോ നടക്കുന്നില്ല... എന്ന പിന്നെ ഇവരുടേതെങ്കിലും നടക്കട്ടെന്ന് ചിന്തിച്ചോണ്ട് അവളോട് പറഞ്ഞിട്ട് പറയാം എന്ന് പറഞ്ഞു...

അപ്പോ തന്നെ ആഷിക്ക് ഒരു കോൾ വന്നപ്പോ അവനത് അറ്റൻഡ് ചെയ്ത് അവിടന്ന് പോയതും നമ്മള് ആ പൂകൊട്ടയും എടുത്തോണ്ട് താഴേക്ക് ഇറങ്ങി വരാൻ നേരമുണ്ട് ആ സാലിം അവിടന്ന് കേറി വരുന്നു...

ഓനെ കണ്ടപ്പോ തന്നെ മുഖത്ത് ദേഷ്യം ആളി കത്തി... നമ്മള് അപ്പോ തന്നെ ഓനിൽ നിന്നും മുഖം തിരിച്ച് സ്റ്റെയർ ഇറങ്ങിയതും കാല് സ്ലിപ്പായി ദേ പോണൂ നമ്മള് താഴോട്ട്....

പക്ഷെ താഴോട്ട് അല്ലാട്ടോ വീണത് ആ സാലിമിന്റെ കൈകളിലേക്കാ...

നമ്മള് അപ്പോ തന്നെ കണ്ണ് തുറന്നിട്ട് അവന്റെ കയ്യിൽ നിന്നും കുതറി മാറിയിട്ട് രണ്ട് പറയാൻ വേണ്ടി മുഖത്തേക്ക് നോക്കിയപ്പോഴാണ് ആള് സാലിമല്ല നമ്മളെ കോന്തൻ ആണെന്ന് മനസ്സിലായത്... സാലിം ഒക്കെ എപ്പോഴോ നമ്മളെ പാസ് ചെയ്ത് പോയിട്ടുണ്ട്...നമ്മള് അപ്പോ തന്നെ ഓനെ നോക്കി കൊണ്ട് ഒരു അവിഞ്ഞ ചിരി പാസാക്കിയിട്ട് ഒരു സോറി പറഞ്ഞു...

"നീയെന്താടി വല്ല നേർച്ചയും നേർന്നിട്ടുണ്ടോ സ്റ്റെയറീന്ന് വീഴുമ്പോ നേരെ എന്റെ മുന്നിൽ വന്ന് വീണോളാമെന്ന്...

ഇത്രയും കാലമായിട്ടും നീ ഈ സ്റ്റെയർ ഇറങ്ങാൻ പഠിച്ചില്ലേ...?

അ... എ...എന്ത് നോക്കി കൊണ്ട് നിൽക്കാടി നീ...? പോയി പറഞ്ഞ ജോലി ചെയ്യാൻ നോക്ക്... എല്ലാ ജോലിയും പെട്ടെന്ന് തീർക്കണം... പറഞ്ഞില്ലെന്ന് വേണ്ട...."

എന്ന് പറഞ്ഞ് ഓൻ നമ്മളെ പാസ് ചെയ്ത് പോയതും നമ്മള് തോളേം തുറന്ന് അവിടെ തന്നെ ഷോക്കടിച്ച പോലെ നിന്നു....

ആദി പറഞ്ഞ ഡയലോഗ് ആണ് ഇപ്പോ മനസ്സ് മുഴുവൻ....

'ഞാൻ സ്റ്റെയറിൽ നിന്ന് വീഴുമ്പോ എപ്പോഴും അവന്റെ മുന്നിലേക്കാ വീഴുന്നതെന്ന് അവന് എങ്ങനെയാ

ഓർമ്മ വന്നത്...?

അപ്പോ അതിനർത്ഥം അവന് ഓർമ്മ വന്നു എന്നല്ലേ...?

പക്ഷെ പിന്നെ എന്തിനാ അവൻ എന്നോട് ബോസിനെ പോലെ അധികാരത്തിൽ ചൂടായി കൊണ്ട് വർക്ക് ചെയ്യാൻ പറഞ്ഞത്...?

അപ്പോ ആദി അഭിനയിക്കായിരുന്നോ...?

ഇത്രെയും നാൾ ഞങ്ങളെയൊക്കെ വിഡ്ഢിവേഷം കെട്ടിക്കായിരുന്നോ അവൻ...?

അങ്ങനെ വല്ലതുമാണെങ്കിൽ എന്നെ ഇത്രെയും കാലം തീ തീറ്റിച്ചതിന് അവനിട്ട് ഒരു പണി കൊടുക്കാതെ ഞാൻ അടങ്ങില്ല....

പക്ഷെ ആദിക്ക് ശരിക്ക് ഓർമ്മയുണ്ടെന്ന് എങ്ങനെ ഞാൻ മനസ്സിലാക്കും?

അതിന് തക്കതായ തെളിവ് ഇല്ലാതെ എങ്ങനെ അത് നടക്കും...?

ഇനി ചെലപ്പോ അവന് ഓർമ്മ വരുന്നതിനെ കുറിച്ച്

ചിന്തിച്ച് നടന്നതോണ്ട് അവന് ഓർമ്മ വന്ന പോലെ തോന്നിയതാണെങ്കിലോ...?

ശോ...ഇത് വലിയ പൊല്ലാപ്പ് ആയല്ലോ...

എന്തയാലും Mr. ആദിൽ നിങ്ങള് കളിക്കുന്നത് ഒരു നടകമാണെന്ന് എങ്ങാനും ഞാൻ അറിഞ്ഞാൽ അന്ന് അതിന് നീ വലിയ വില തരേണ്ടി വരും മോനെ....

അന്ന് നിന്നെ ഞാൻ ഒരു പാഠം പഠിപ്പിക്കും...

ആദ്യം നിനക്ക് ശരിക്കും ഓർമ്മ വന്നിട്ടുണ്ടോ എന്നറിയണം...എന്നിട്ട് പണിയെ കുറിച്ച് ആലോചിക്കാം....'

നമ്മളെ മനസ്സിൽ തോന്നിയ സംശയം നമ്മള് ആരോടും പറയാതെ അവനെ നീരീക്ഷിച്ച് കൊണ്ടിരുന്നു... നമ്മക്ക് തോന്നിയ സംശയം അവരോട് പറഞ്ഞിട്ടും കാര്യമില്ല... അവർക്ക് അറിയില്ലെന്നേ അവര് പറയൂ.... അതോണ്ട് അന്നത്തെ ദിവസം മുഴുവൻ അവൻ അറിയാതെ അവനെ നിരീക്ഷിക്കലായിരുന്നു നമ്മളെ പണി.... പക്ഷെ നമ്മക്ക് ഒരു തുമ്പും കിട്ടിയില്ല....

അപ്പോഴാണ് ഉമ്മിന്റെ പഴയ ഫോട്ടോസ് ഒക്കെ വെച്ചിട്ട് ഒരു കൊളാഷ് ഉണ്ടാക്കാമെന്ന് ഞങ്ങക്ക് തോന്നിയത്... അതിന് വേണ്ടി ആദി നമ്മളോട് ഓന്റെ റൂമിലെ കബോർഡിന്റെ മുകളിലുള്ള ആൽബം എടുത്തോണ്ട് വരാൻ പറഞ്ഞു...

പിന്നെ ആ ഭദ്രകാളി സൽമ നമ്മളെ നോക്കി ഒരു ആക്കിച്ചിരി നമ്മള് വന്നപ്പോ തന്നെ ഉണ്ടായിരുന്നതോണ്ട് ആ മോന്ത കാണുന്നതിലും ബേദം അവിടന്ന് പോകുന്നതാണെന്ന് തോന്നി...

അങ്ങനെ ആദിന്റെ മുറി തപ്പി മോളിലേക്ക് പോയപ്പോ ആ കോന്തന്റെ റൂം ഏതാണെന്ന് നമ്മക്ക് കൺഫ്യൂഷനായി... അപ്പോ ആഷി വന്നിട്ട് ആദിന്റെ റൂം അതാണെന്ന് പറഞ്ഞ് കാണിച്ച് തന്നപ്പോഴാ ഒരു സമാധാനം ആയത്... കൂടുതൽ തെണ്ടി തിരിയേണ്ടി വന്നില്ലല്ലോ....

അങ്ങനെ നമ്മള് ഓന്റെ റൂമിൽ കേറിയിട്ട് ആ കബോർഡിന്റെ വലിപ്പവും നോക്കി കൊണ്ട് അങ്ങനെ നിന്നു.... ഇനിയിപ്പോ ഈ മല കേറി എങ്ങനെ ആ

ആൽബം എടുക്കുമെന്ന് ചിന്തിച്ചോണ്ട് നാല് പാടും നോക്കിയപ്പോഴുണ്ട് ഒരു ടീപോയ് ഇരിക്കുന്നു....

നമ്മള് അപ്പോ തന്നെ അതെടുത്ത് കബോർഡിനോട് ചാരി വെച്ചിട്ട് അതിൽ കേറിയിട്ട് മോളിലെ ആൽബം എടുക്കാൻ നോക്കി... നമ്മക്ക് പിന്നെ അത്യാവശ്യം ഹൈറ്റ് ഉണ്ടായോണ്ട് തന്നെ അധികം ബുദ്ധിമുട്ടില്ലാതെ സംഭവം കിട്ടി...

അത് ഫുൾ പൊടി പിടിച്ച് കിടക്കായിരുന്നു... നമ്മളതിൽ അപ്പോ തന്നെ രണ്ട് തട്ട് തട്ടി ഊതിയതും അതിലെ പൊടി നമ്മളെ മൂക്കിൽ കേറി നമ്മളൊരൊറ്റ നീട്ടി തുമ്മലായിരുന്നു....

ദേ കിടക്കുന്നു വെട്ടിയിട്ട വാഴയെ പോലെ നമ്മള് നിലത്ത്.... ഇത്തവണ നമ്മളെ താങ്ങി പിടിക്കാനൊന്നും ആരെയും കണ്ടില്ല.... നമ്മള് വീണിടത്ത് ഇരുന്നിട്ട് ബുക്ക് ഷെൽഫിനോട് ചാരി ഇരുന്നിട്ട് തല ഉഴിഞ്ഞു....

കാരണം വീണ വീഴ്ചയിൽ നമ്മളെ തല ബുക്കിന്റെ ഷെൽഫിൽ തട്ടിയാണ് വീണത്... അതോണ്ട് തല നല്ല വേദനയുണ്ട്... നമ്മളെ ഭാരം കൊണ്ടാകും ശെൽഫ് അപ്പോ തന്നെ നീങ്ങി പോയി ചുവരിൽ തട്ടി നിന്നു....

നമ്മള് ആ ആല്ബവും പൊക്കി പിടിച്ച് ഒരു കയ്യോണ്ട് തലയും തടവി കൊണ്ട് എണീറ്റ് നോക്കിയപ്പോഴുണ്ട് ആ ഷെൽഫ് നിന്നിരുന്ന ഭാഗത്ത് ആയിട്ട് ഒരു ഡോർ....

അത് കണ്ടപ്പോ നമ്മക്ക് ആദ്യം ഒന്നും പിടി കിട്ടിയില്ല... നമ്മള് ആ ഷെൽഫിലേക്കും ആ ഡോറിലേക്കും നോക്കി കൊണ്ട് അങ്ങനെ പകച്ച് നിന്നു....

ഇത്രയും രഹസ്യമായിട്ട് ഇങ്ങനെ ഒരു ഡോർ ഇവിടെ ഉണ്ടാകണമെങ്കിൽ അപ്പുറത്ത് എന്തോ കാര്യമായിട്ട് ഉണ്ടെന്ന് എനിക്ക് ഉറപ്പായി...

അതോണ്ട് നമ്മള് അത് അപ്പോ തന്നെ തുറക്കാൻ നിന്നതും ആരോ നടന്ന് വരുന്ന കാൽപെരുമാറ്റം കേട്ട് നമ്മള് ആ ശെൽഫ് ആദ്യം നിന്ന പോലെ തന്നെ ആ ഡോറിനെ മറച്ച് വെച്ചിട്ട് നീക്കി....

അപ്പോ തന്നെ ആദി റൂമിലേക്ക് കേറി വന്നിട്ട് എന്നെയും ഷെൽഫിനെയും മാറി മാറി നോക്കാൻ തുടങ്ങി...

"നീ....നിനക്ക് എന്താ അവിടെ കാര്യം...? ആൽബം കിട്ടിയില്ലേ...?"

കലിപ്പായി കൊണ്ടുള്ള ആദിയുടെ ചോദ്യം കേട്ടപ്പോ നമ്മളൊന്ന് പതറിയെങ്കിലും ഒന്നും അറിയാത്ത പോലെ ആ ആൽബം അവന് നേരെ നീട്ടി..ഓൻ നമ്മളെ കയ്യിന്ന് അത് തട്ടി പറിച്ച് വാങ്ങിയിട്ട് നമ്മളെ നോക്കി....

"ഇനിയും എന്തിനാ ഇവിടെ നിൽക്കുന്നെ...?"

"അ... അത് സാർ....നൈസ് ബുക്ക് കളക്ഷൻസ്.... ഞാൻ ഈ ബുക്ക്സ് ഒക്കെ നോക്കായിരുന്നു.... ഒരു മിനി ലൈബ്രറി തന്നെ റൂമിൽ ഉണ്ടല്ലോ..."

"ആ...താൻ അധികം വാചകമൊന്നും അടിക്കാൻ നിൽക്കാതെ താഴേക്ക് ചെല്ലാൻ നോക്ക്... പോ...."

എന്ന് പറഞ്ഞ് ആദി കലിപ്പായപ്പോ നമ്മള് ഓന്റെ കണ്ണ് വെട്ടിച്ച് നമ്മളെ ഫോൺ അവിടെ വെച്ചിട്ട് റൂമിൽ നിന്നും ഇറങ്ങി നടന്നു....

കുറച്ച് കഴിഞ്ഞപ്പോ ആദിയും ഇറങ്ങി വരുന്നത് കണ്ട് ഞാൻ നിന്നിടത്ത് നിന്നും പരുങ്ങിയിട്ട് ഫോൺ എടുക്കാൻ മറന്നെന്ന് പറഞ്ഞ് വീണ്ടും അവന്റെ റൂമിലേക്ക് പോയി...

അപ്പോ ആദി താഴേക്ക് ഇറങ്ങി പോകുന്നത് കണ്ട് ഉറപ്പ് വരുത്തിയതിന് ശേഷമാണ് നമ്മള് അവന്റെ ആ ബുക്ക് ശെൽഫ് നീക്കിയത്....

അപ്പോ അവിടെ കണ്ട ആ ഡോർ എന്നിൽ കൂടുതൽ ഭീതിയും ആകാംക്ഷയും ഉളവാക്കി....

എന്താകും ഈ കതകിന് പുറകിൽ...? എന്തിനാകും ഈ മുറി ഇത്രക്ക് രഹസ്യമാക്കി വെച്ചേക്കുന്നത്...?

എന്നിങ്ങനെയുള്ള നൂറുകൂട്ടം ചോദ്യങ്ങൾ എന്റെ

മനസ്സിൽ മിന്നി മറഞ്ഞു....

ഇനിയും കൂടുതൽ നേരം ചിന്തിച്ച് നില്ക്കാൻ സമയം ഇല്ലാത്തത് കൊണ്ട് വിറയാർന്ന കൈകളാൽ ഒരല്പം ഭീതിയോടെ ഞാൻ ആ ഡോർ തുറന്നു.... ആ മുറിയാകെ ഇരുട്ടിനാലെ മൂടപ്പെട്ടിരുന്നു.... നമ്മള് അപ്പോ തന്നെ ചുമരിൽ കൈ വെച്ച് പരതി കൊണ്ട് സ്വിച്ച് ബോർഡിൽ കൈ വെച്ച് ആ റൂമാകെ വെളിച്ചം വീശിയതും കണ്മുന്നിൽ കാണുന്നത് സത്യമാണോ എന്ന് തിരിച്ചറിയാൻ ആകാതെ ഞാൻ വാ പൊത്തി പിടിച്ചു....

(തുടരും)

ഭാഗം.105

കൂടുതൽ നേരം ചിന്തിച്ച് നില്ക്കാൻ സമയം ഇല്ലാത്തത് കൊണ്ട് വിറയാർന്ന കൈകളാൽ ഒരല്പം ഭീതിയോടെ

ഞാൻ ആ ഡോർ തുറന്നു... ആ മുറിയാകെ ഇരുട്ടിനാലെ മൂടപ്പെട്ടിരുന്നു... നമ്മള് അപ്പോ തന്നെ ചുമരിൽ കൈ വെച്ച് പരതി സ്വിച്ച് ബോർഡിൽ കൈ തട്ടി ആ റൂമാകെ വെളിച്ചം വീശിയതും കണ്മുന്നിൽ കാണുന്നത് സത്യമാണോ എന്ന് തിരിച്ചറിയാൻ ആകാതെ ഞാൻ വാ പൊത്തി പിടിച്ചു...

ആ റൂമിന്റെ നാല് ചുവരുകളിലും എന്റെ പല പല പോസുകളിലുള്ള ഒരുപാട് ഫോട്ടോസ് കൊണ്ട് നിറഞ്ഞിട്ടുണ്ട്... അതും അവയിലധികവും ഞാൻ പോലും അറിയാതെ എടുത്ത ഫോട്ടോസ്.... അവയിൽ പകുതിമുക്കാലും ഞാനും ആദിയും നിന്നിട്ടുള്ള എഡിറ്റ് ചെയ്യാത്ത ഫോട്ടോസ്....

അവയൊക്കെ കണ്ടപ്പോ അറിയാതെ എന്റെ കണ്ണ് നിറഞ്ഞു പോയി... ഞാൻ അപ്പോ തന്നെ ആ ചുമരിന്റെ അടുത്തേക്ക് ചെന്ന് അതിലെ ഓരോ ഫോട്ടോയും വീക്ഷിച്ചു... അതൊക്കെ എനിക്ക് ഒരുപാട് മധുരമേരുന്നതും കൈപ്പേറുന്നതുമായ ഓർമ്മകൾ സമ്മാനിച്ചു...

അവയിൽ ഏറ്റവും വലിയ ഒരു ഫോട്ടോ ഞാനും ആദിയും കൂടി എന്റെ ബർത്ത്ഡേക്ക് എടുത്ത ഒന്നാണ്... അതിൽ ഞാനും ആദിയും ഒരുമിച്ച് നിൽക്കുന്ന ഒരു സെൽഫി... അത് കണ്ടപ്പോ വീണ്ടും സങ്കടം വന്നു... അതിലെ ആദിയുടെ മുഖത്തേക്ക് പതിയെ എന്റെ വിരലുകൾ ഓടിച്ചു...എന്റെ അധരങ്ങൾ അവന്റെ കവിളില് പതിഞ്ഞു...

എന്നിട്ട് എന്റെ ഫോണിൽ അതൊക്കെ അപ്പോ തന്നെ ഫോട്ടോ എടുത്ത് വെച്ച് പിറകോട്ട് ചലിച്ചതും ഒരു ടേബിളിൽ തട്ടി ഞാൻ നിന്നു....

നമ്മള് അപ്പോ തന്നെ തിരിഞ്ഞു നോക്കിയിട്ട് ആ ടേബിളിനെ വീക്ഷിച്ചു...

ആ ടേബിളിലോ ചുവരിലോ ഒന്നും ഒരു പൊടി പോലും പിടിച്ചതായി കാണുന്നില്ല... അപ്പോ അതിനർത്ഥം ഇവിടേക്ക് ആദി ഡെയിലി വരാറുണ്ടെന്നാണെന്ന് എനിക്ക് മനസ്സിലായി...

നമ്മള് അപ്പോ തന്നെ ആ ടേബിളിലെ ഒരു വലിപ്പ് തുറക്കാൻ നോക്കിയപ്പോ അത് ലോക്ക് ആയിരുന്നു...

നമ്മളത് തുറക്കാൻ വേണ്ടി കുറെ ട്രൈ ചെയ്തെങ്കിലും നടന്നില്ല... അപ്പോ തന്നെ നമ്മള് അടുത്ത വലിപ്പ് തുറന്നതും അതിൽ നിന്നും നമ്മക്ക് ഒരു പെട്ടി കിട്ടി... നമ്മളത് ടേബിളിൽ വെച്ചിട്ട് തുറന്ന് നോക്കിയപ്പോ അതിൽ രക്തക്കറ പതിഞ്ഞ ഒരു വൈറ്റ് ഷർട്ടാണ് ഉണ്ടായത്...

നമ്മളത് കയ്യിലെടുത്ത് അതിലേക്ക് നോക്കിയപ്പോ അത് അന്ന് ഞാൻ തുന്നി പിടിപ്പിച്ച ഷർട്ട് ആണെന്ന് മനസ്സിലായി... അതിൽ പറ്റി പിടിച്ച ചോര എന്റെയാണെന്ന് അന്നത്തെ ആ ആക്സിഡന്റിനെ കുറിച്ച് ആലോചിച്ചപ്പോ നമ്മക്ക് ഉറപ്പായി....

അത് കണ്ടതും എനിക്ക് എന്റെ കരച്ചിലിനെ അടക്കി വെക്കാൻ കഴിഞ്ഞില്ല.... ആ ഷർട്ട് നെഞ്ചോട് ചേർത്ത് വെച്ചിട്ട് അതില് തുന്നി പിടുപ്പിച്ചതിലേക്ക് വിരലുകളോടിച്ച് പൊട്ടി കരഞ്ഞു... ആ ഷർട്ടിന് അപ്പോഴും ആദിയുടെ മണമുണ്ടായിരുന്നു....

അത് ഞാൻ ഒന്നൂടെ നെഞ്ചോട് ചേർത്ത് വെച്ചോണ്ട് ആ അറയിലെ തന്നെ മറ്റൊരു ചെറിയ ബോക്സ്

തുറന്ന് നോക്കി... അതിൽ ചില്ല് പൊട്ടി പോയ ഒരു വാച്ചാണ് ഉള്ളത്... ഞാൻ ആദിയുടെ പിറന്നാളിന് അവന് ഗിഫ്റ്റ് ചെയ്ത ആ വാച്ച്.... അതും കൂടി കണ്ടപ്പോ നമ്മളെ കരച്ചിലിന് ശക്തി കൂടി വന്നു....

ആദി ഒന്നും മറന്നിട്ടില്ലെന്ന് വീണ്ടും വീണ്ടും തെളിയിക്കാൻ പാകത്തിന് എന്റെ കയ്യിൽ തെളിവുകൾ കിട്ടി....

ആദി ഒന്നും മറന്നിട്ടില്ലെന്ന് മനസ്സിലായപ്പോ സങ്കടവും അതിലുപരി സന്തോഷവും ഉണ്ട്... എന്നിൽ നിന്നും ഇത്രെയും കാലം അകലം പാലിച്ചതിനാണ് അവനോട് ദേഷ്യവും സങ്കടവും തോന്നുന്നത്...

'ഇതൊക്കെ കാണുമ്പോ തന്നെ എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട് ആദി ഒന്നും മറന്നിട്ടില്ലെന്ന്... അവന് ഒരിക്കലും അതൊന്നും മറക്കാൻ പറ്റില്ലെന്ന്...

അവൻ ഇങ്ങനെയൊക്കെ ചെയ്യുന്നതിന് ചിലപ്പോ തക്കതായ കാരണം കാണും.... എന്നാലും എന്നിൽ നിന്നും എല്ലാം ഒളിപ്പിച്ച് വെക്കാൻ നോക്കരുതായിരുന്നു....

കാരണം അവന്റെ ഈ നാടകം എന്നെ തെല്ലൊന്നുമല്ല വിഷമിപ്പിച്ചത്... അതിന് ഞാൻ അവനിട്ട് ഒരു പണി കൊടുത്തിരിക്കും.... അത് വേറെ കാര്യം... ആദ്യം ഇവിടെ ഒക്കെ പഴയ പോലെ ആക്കണം... എന്നിട്ട് താഴേക്ക് പോകാം...'

എന്നൊക്കെ ചിന്തിച്ചോണ്ട് കണ്ണിൽ നിന്നും ഊർന്നു വീഴുന്ന ആനന്ദ കണ്ണീരിനെ പിടിച്ച് നിർത്തി കൊണ്ട് നമ്മളതൊക്കെ എടുത്ത സ്ഥലത്തു തന്നെ എടുത്ത് വെച്ച് ആ റൂമിൽ നിന്നും ഇറങ്ങി ഡോറടച്ച് ആ ഷെൽഫും പഴയ പോലെ നീക്കി വെച്ചിട്ട് ഒന്ന് നെടുവീർപ്പിട്ടു....

എന്നിട്ട് പതിയെ കണ്ണാടിയുടെ അടുത്തേക്ക് നീങ്ങി നിന്നിട്ട് കലങ്ങിയ കണ്ണുകളിലെ കണ്മഷി തുടച്ചിട്ട് മുഖത്ത് പുഞ്ചിരി വരുത്തി കൊണ്ട് നമ്മള് റൂമിൽ നിന്നും ഇറങ്ങാൻ നിന്നതും എതിരെ വന്ന ആരുടെയോ തലയും നമ്മളെ തലയും കൂട്ടി മുട്ടി...

നമ്മള് തല ഉഴിഞ്ഞോണ്ട് കണ്ണ് തുറന്ന് നോക്കിയപ്പോ

ആദിയാണ് മുന്നിൽ നിൽക്കുന്നത്... ഇത്രെയും നേരമായിട്ടും ഫോൺ കിട്ടിയില്ലേന്ന് ചോദിച്ച് നമ്മളെ ശകാരിക്കാണ് അവൻ.... അവന് കൊടുക്കാൻ നമ്മളെ കയ്യിൽ നല്ല അഡാർ "മറുപടി" ഉണ്ടെങ്കിലും നമ്മള് അതിനൊന്നും മുതിരാതെ മറുത്തൊരു വാക്ക് പോലും പറയാതെ ഓനെ നോക്കി ചിരിച്ചോണ്ട് താഴേക്ക് ഇറങ്ങി പോയി....

അവിടെ അപ്പോ സനയും ജാസിയും ഫൈസൽക്കയും നമ്മളെയും കാത്ത് നിൽക്കായിരുന്നു... നേരം ഒരുപാട് വൈകിയിട്ടുണ്ട്... അതോണ്ട് ഉമ്മിയോടും ആഷിയോടുമൊക്കെ നാളെ വരാമെന്ന് പറഞ്ഞ് ഞങ്ങള് ഇറങ്ങി....

അപ്പോ മോളിൽ നിന്നും ആദി ഞങ്ങളെ തന്നെ നോക്കി കൊണ്ട് നിൽപ്പുണ്ട്... ഞാൻ ഓനെ നോക്കി ഒന്ന് സൈറ്റടിച്ചിട്ട് ഫൈസൽക്കാൻ്റെ കൂടെ കാറിൽ കയറി...

ഞങ്ങള് അവന്റെ വീടിന്റെ കോമ്പോണ്ട് കടന്ന് പോകുന്നത് വരെ ഓൻ മോളിൽ നിന്നിട്ട് ഞങ്ങളെ നോക്കായിരുന്നു....

ഫ്ലാറ്റിലേക്ക് എത്തുന്നതിന് തൊട്ടു മുന്നേ തന്നെ അവരോട് മൂന്നിനോടും നമ്മള് കണ്ട കാഴ്ചയെ പറ്റിയൊക്കെ വള്ളി പുള്ളി വിടാതെ പറഞ്ഞു കൊടുത്തു... അത് കേട്ടിട്ട് അവരൊക്കെ നമ്മളെ സപ്പോർട്ട് ചെയ്തോണ്ട് അവനോട് ഞാൻ എന്റെ ഇഷ്ടം തുറന്ന് പറയണമെന്ന് പറഞ്ഞ് നമ്മളെ ശല്യം ചെയ്തു....

അവരൊക്കെ കൂടി നമ്മളെ നിർബന്ധിപ്പിച്ച് നിർബന്ധിപ്പിച്ച് ഒടുക്കം അവനോട് ഞാൻ എന്റെ ഇഷ്ടം തുറന്ന് പറയാമെന്ന് സമ്മതിച്ചു...

അത് കേട്ടപ്പോ തന്നെ ഫൈസൽക്ക നേരെ വണ്ടി വിട്ടത് നമ്മളെ പേഴ്സ് കാലിയാക്കാൻ വേണ്ടി ഒരു ഹോട്ടലിലേക്ക് ആയിരുന്നു... അവിടന്ന് അങ്ങനെ നല്ല അഡാർ ഫുഡും തട്ടി അവറ്റകൾ എന്റെ പേഴ്സ് കാലിയാക്കിയപ്പോ തിരിച്ച് ഫ്ലാറ്റിലേക്ക് തന്നെ വണ്ടി വിട്ടു...

ഫ്ലാറ്റിൽ എത്തിയപ്പോ തന്നെ സന അച്ചുവിനോട് നടന്നതൊക്കെ വിളിച്ചു കൂവിയപ്പോ അവളും നമ്മളോട്

ചെലവ് ചോദിച്ചു... എല്ലാം നേരത്തെ പ്രതീക്ഷിച്ചതോണ്ട് ഞങ്ങള് ആദ്യമേ അവർക്ക് പാഴ്സൽ വാങ്ങിച്ചിരുന്നു... അത് കൊടുത്തപ്പോ അവളും ഹാപ്പി...

അന്ന് രാത്രി എനിക്ക് ഒരു പോള കണ്ണടക്കാൻ സാധിച്ചില്ല... നാളെ എങ്ങനെ ആദിയോട് എന്റെ ഇഷ്ടം തുറന്ന് പറയുമെന്ന് ചിന്തിച്ച് നമ്മളെ ഉള്ള ഉറക്കവും പോയി...

അതും പോരാഞ്ഞ് മറ്റു രണ്ടു പേരും കൂടി ഉറങ്ങുന്നതിന് മുന്നേ നമ്മളെ നെഞ്ചത്തേക്ക് ഒരു പാറക്കല്ല് കേറ്റി വെച്ചിട്ടാ ഉറങ്ങിയത് ശവങ്ങൾ...

ആദി എന്തിനാകും ഓർമ്മ പോയ അഭിനയിച്ചത്..?

ഓന്റെ ഉപ്പാന്റെ കൊലപാതകത്തിനുള്ള തെളിവ് ഉണ്ടാക്കാനാകോ..?

ആദിക്ക് എന്നിട്ട് അതിനുള്ള തെളിവ് കിട്ടി കാണോ എന്നിങ്ങനെയുള്ള ചോദ്യവും കൊണ്ട് അച്ചു വന്നപ്പോ ഇതൊന്നും അറിയാത്ത സന ഞങ്ങളെ മിഴിച്ചു

നോക്കായിരുന്നു...

പിന്നെ ഒരിക്കൽ കൂടി ചരിത്രം മുഴുവൻ സനക്ക് മുന്നിൽ വിളമ്പിയിട്ട് ഇതൊന്നും ആരോടും പുറത്ത് പറയരുതെന്ന് താക്കീതും നൽകി....

അങ്ങനെ അച്ചുവിന്റേത് കഴിഞ്ഞപ്പോ ദേ അടുത്തത് സന തുടങ്ങി വെച്ചു...

ആദി അഭിനയിക്കുന്നത് അല്ലെങ്കിലോ...? അവന് ശരിക്കും ഓർമ്മ പോയതാണെങ്കിലോ...? ഞാൻ കണ്ടതൊക്കെ മറ്റാരെങ്കിലും ചെയ്തത് ആണെങ്കിലോ... എന്നിങ്ങനെ ആ കുരിപ്പും ചോദിച്ചോണ്ട് ഉറങ്ങാൻ കിടന്നപ്പോ തന്നെ നമ്മളെ ഉറക്കിന്റെ കാര്യത്തിൽ ഒരു തീരുമാനം ആയെന്ന് നമ്മക്ക് മനസ്സിലായി...

പിന്നെ അങ്ങോട്ട് ചിന്ത മുഴുവൻ അവര് രണ്ടും പറഞ്ഞ കാര്യങ്ങൾ ആയിരുന്നു... അതിനിടക്ക് നമ്മക്കും വേറെയും സംശയങ്ങൾ പൊട്ടി മുളക്കാൻ തുടങ്ങി... ഇനിയും അതിനെ കുറിച്ച് ചിന്തിച്ചാൽ മിക്കവാറും എനിക്ക് ഭ്രാന്ത് പിടിക്കുമെന്ന് തോന്നിയപ്പോ

ചിന്തകൾക്കൊക്കെ ഫുൾ സ്റ്റോപ്പ് ഇട്ടിട്ട് നാളെ എന്ത് സംഭവിച്ചാലും ആദിയെ ഞാൻ പ്രൊപോസ് ചെയ്തിരിക്കും അതിനി അവന് ഓർമ്മ ഉണ്ടായാലും ശരി ഇല്ലേലും ശരിയെന്ന് ദൃഢ പ്രതിജ്ഞ എടുത്ത് നമ്മള് ഉറക്കിലേക്ക് വഴുതി വീണു...

പിറ്റേന്ന് അലാറം അടിക്കുന്നതിന് തൊട്ടു മുൻപ് തന്നെ ഞാൻ എണീറ്റു... എന്നിട്ട് അച്ചുവിനും സനക്കും ബ്രേക്ക് ഫാസ്റ്റ് തയ്യാറാക്കി വെച്ചിട്ട് പോയി കുളിച്ച് വന്നപ്പോഴേക്കും അവര് ഉണർന്നിരുന്നു...

"ന്റെ പടച്ചോനെ... ഞാൻ ഇതെന്താ ഈ കാണുന്നെ...? മരുഭൂമിയിലും മഞ്ഞ് വീഴോ...?"

രാവിലെ തന്നെ നമ്മക്കിട്ട് വാരാണ് സന അണ്ണാച്ചി... നേരത്തെ എണീറ്റ് ഫുഡ് ഒക്കെ ഉണ്ടാക്കി കുളിച്ച് മാറ്റി വന്നത് കണ്ടിട്ടുള്ള ഷോക്കാണ്.... സാധാരണ ഇത്ര നേരത്തെ ഇതൊന്നും പതിവില്ലാത്തതാ....

"നീ ഇതെങ്ങോട്ടാടി ഇത്ര നേരത്തെ തന്നെ ചാടി കേറി

പോകുന്നത്...?

കാക്കു ഒന്ന് ബെഡീന്ന് എണീറ്റോട്ടെ... എന്നിട്ട് പോയാൽ പോരെ...?"

അച്ചുവും നമ്മക്കിട്ട് താങ്ങാൻ തുടങ്ങിയപ്പോ രണ്ടിനും മറുപടി നൽകാതെ നല്ല അസ്സല് ഇളിയും പാസാക്കിയിട്ട് നമ്മള് ഒരുങ്ങാൻ തുടങ്ങി....

സാധാരണ കണ്ണെഴുതുന്നതിനേക്കാൾ നല്ല കട്ടിയിലാണ് ഇന്ന് കണ്ണെഴുതിയത്... പൗഡറിന്റെ ആവശ്യമൊന്നും ഇല്ലെങ്കിൽ തന്നെ ഇത്തിരി പൗഡറും ഇട്ട് വെളുപ്പിച്ച് സുന്ദരിയായെന്ന് പല തവണ കണ്ണാടിക്ക് മുന്നിൽ നിന്ന് ഉറപ്പു വരുത്തിയതിന് ശേഷം ഷാൾ സ്കാഫ് ചെയ്തിട്ട് പിന്നെയും കണ്ണാടിക്ക് മുന്നിൽ നിന്ന് അടി മുതൽ മുടി വരെ നോക്കി....

നമ്മക്ക് നമ്മളെ കണ്ടിട്ട് ഇപ്പോ നമ്മളോട് തന്നെ പ്രേമം തോന്നുന്നു... അത്രക്ക് നന്നായി ഒരുങ്ങിയിട്ടുണ്ട്...

നമ്മള് കണ്ണാടിക്ക് മുന്നിൽ നിന്നോണ്ട് കാണിക്കുന്ന കോപ്രായം കണ്ടിട്ട് അച്ചുവും സനയും നമ്മളെ തന്നെ കണ്ണിമ വെട്ടാതെ നോക്കി കൊണ്ടിരിക്കാണ്....

"എന്റെ ഫെബി...നീ ഇത്രയൊക്കെ അണിഞ്ഞൊരുങ്ങിയിട്ട് ആരെ കാണിക്കാൻ വേണ്ടിയാ പോകുന്നത്...? ആദിൽക്ക നിന്നെ ഇതിന് മുന്പും കണ്ടിട്ടുള്ളതല്ലേ...? പിന്നെ എന്തിനാടി പെണ്ണേ ഇത്രക്ക് ഒരുക്കം...?"

"അവള് ഒരുങ്ങിക്കോട്ടെ സനാ... ഇന്നൊരു ദിവസമെങ്കിലും ഇവള് നേരത്തെ എല്ല പണിയും തീർത്തല്ലോ എന്ന സന്തോഷത്തിലാ ഞാൻ...

ഇവള് ഈ നേരത്ത് തന്നെ പോയിട്ട് കാക്കു എണീറ്റ് കാണോ എന്നാണ് എന്റെ സംശയം...?"

"അതോർത്ത് നീ ടെൻഷൻ ആകണ്ട... അവനെ ഉണർത്താൻ ഞാൻ ഇവിടെ ഉണ്ട്... ഇന്ന് ആദിയെ ഉണർത്താൻ പോകുന്നതെ ഞാനാ...

രണ്ട് പേരും റെഡിയായിട്ട് പെട്ടെന്ന് വരാൻ നോക്ക്...ഞാൻ എന്തായാലും ഇന്ന് നേരത്തെ ഇറങ്ങിയെ...."

എന്ന് അവറ്റകളോട് പറഞ്ഞോണ്ട് നമ്മള് ബാഗും എടുത്ത് സനന്റെയും അച്ചുന്റെയും കവിളില് മുത്തം കൊടുത്തോണ്ട് അവിടന്ന് ഓടി പോയി...

എന്നിട്ട് ഒരു ടാക്സി വിളിച്ച് ആദിന്റെ വീട്ടിലേക്ക് പോയി... പോകുന്ന വഴിക്ക് ഒരു ഫ്ലവർ ഷോപ്പിൽ കേറി ഒരു കൂട്ടം വൈറ്റ് റോസ് വാങ്ങിയിട്ട് ആദിന്റെ വീട്ടിലേക്ക് ചെന്നു...

അവിടെ ചെന്നിറങ്ങിയപ്പോ മുതൽ ആകപ്പാടെ ഒരു എക്സൈറ്റ്മെന്റ്.... ഞാൻ ലവ് പ്രൊപോസ് ചെയ്യുമ്പോ ആദിന്റെ പ്രതികരണം എന്താകുമെന്ന് ചിന്തിച്ച് കൂട്ടി നമ്മക്ക് ചിരി വന്നു...

നമ്മള് ആ വൈറ്റ് റോസ് പിറകിൽ മറച്ച് പിടിച്ചോണ്ട് ആദിന്റെ വീട്ടിലേക്ക് കയറിയതും വാതിൽ തുറന്ന് തന്നത് അവിടത്തെ സെർവന്റ് ആയിരുന്നു...

"മാഡം.... മാഡം എന്താ ഇത്ര നേരത്തെ...അകത്തേക്ക് വരൂ..."

"അത്...ആദി...സോറി സാർ....?"

എന്ന് ഒരു ചോദ്യ രൂപേണ ചോദിച്ചോണ്ട് നമ്മള് അകത്തേക്ക് കയറി...

"സാർ ഇപ്പോ ഓഫീസ് റൂമിൽ കാണും... നേരത്തെ അങ്ങോട്ട് കയറി ചെല്ലുന്നത് കണ്ടിരുന്നു...."

"ഓഫീസ് റൂം...എവിടെയാ...?"

"ദേ സാറിന്റെ റൂമിന്റെ തൊട്ടടുത്തുള്ള റൂമാ..."

"ഓ...ഓക്കേ...താങ്ക്സ്..."

എന്ന് നമ്മള് പറഞ്ഞപ്പോ അയാള് ഒന്ന് ചിരിച്ചിട്ട് അടുക്കളയിലേക്ക് പോയി... നമ്മള് അവിടെ നിന്നോണ്ട് തന്നെ ആദിന്റെ ഓഫീസ് റൂമിലേക്ക് നോക്കി...

"ഞാൻ വിചാരിച്ച പോലെ ഓൻ ഉറങ്ങല്ല... ചെക്കൻ നേരത്തെ എണീറ്റ് പണി സ്ഥലത്ത് കേറിയിട്ടുണ്ട്...

ഉം...വരട്ടെ...നിനക്ക് ഇന്ന് ഞാൻ വെച്ചിട്ടുണ്ട് മോനെ..."

എന്ന് പറഞ്ഞ് ചിരിച്ചോണ്ട് നമ്മള് മോളിലേക്ക് കേറി ആദിന്റെ ഓഫീസ് റൂമിന്റെ മുന്നിൽ നിന്നിട്ട് ആ വൈറ്റ് റോസിലേക്ക് നോക്കി ചിരിച്ച് ഒന്ന് നെടുവീർപ്പിട്ടു...

എന്നിട്ട് ഡോർ തുറന്ന് അകത്തേക്ക് നോക്കിയതും അവിടത്തെ കാഴ്ച കണ്ട് എന്റെ കയിൽ നിന്നും ആ വൈറ്റ് റോസ് നിലം പതിച്ചു...

കണ്ണിലാകെ പുകമൂടുന്ന പോലെ തോന്നി... എന്റെ ശക്തിയെല്ലാം ചോർന്ന് പോയി തുടങ്ങി...

ഞാൻ അപ്പോ തന്നെ എന്റെ നോട്ടം തെറ്റിച്ച് കൊണ്ട് അവിടെ നിന്നും പുറത്തേക്കിറങ്ങി വാ പൊത്തി പിടിച്ച് ഒരുപാട് കരഞ്ഞു...

ആദിയും സൽമയും കൂടി കിസ്സ് ചെയ്യുന്ന സീനാണ് ഞാൻ ഡോർ തുറന്നപ്പോ കണ്ടത്... എന്നെ കണ്ടതും

സൽമ പെട്ടെന്ന് എന്നെ തുറുക്കനെ നോക്കിയെങ്കിലും ആദി തിരിഞ്ഞു നോക്കിയില്ല...

അത് കണ്ടപ്പോ എന്റെ മൈൻഡ് മൊത്തം ബ്ലാങ്ക് ആകാൻ തുടങ്ങി...അവിടന്ന് പെട്ടെന്ന് എങ്ങോട്ടേലും ഇറങ്ങി ഓടാൻ തോന്നി...

ഞാൻ അപ്പോ തന്നെ അവിടന്ന് ഒരു പൊട്ടിക്കരച്ചിലോട് കൂടി ഇറങ്ങി ഓടി സ്റ്റെയർ ഇറങ്ങിയതും ആഷി മോളിലേക്ക് വരുന്നുണ്ടായിരുന്നു...

"ഐഷുത്ത....ഇതെപ്പോ വന്നു...?
ഐഷുത്താ....ഐഷു..."

ആഷിയേ ഒന്ന് തിരിഞ്ഞു പോലും നോക്കാതെ അവന് ഒന്നും ഒരു മറുപടിയും കൊടുക്കാൻ കാത്ത് നിൽക്കാതെ ഞാൻ അവിടന്ന് പുറത്തേക്ക് ഓടി...

അപ്പോഴേക്കും സനയും അച്ചുവും അരുണും ജാസിയും ഫൈസൽക്കയും അച്ചായനും അവിടെ എത്തിയിരുന്നു...

അവരെ കണ്ടതും ഞാൻ ബാഗൊക്കെ അവിടെ ഇട്ടിട്ട് ഫൈസൽക്കാൻറെ അടുത്തേക്ക് ഓടി ചെന്ന് മൂപ്പരെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു....

കാര്യം അറിയാതെ പകച്ചു നിന്ന അവരൊക്കെ എന്റെ കരച്ചില് കണ്ടിട്ട് എന്നോട് എന്താ ഉണ്ടായതെന്ന് അന്വേഷിച്ചെങ്കിലും എന്റെ നാവ് ചലിച്ചില്ല...

കാരണം, ആ കാഴ്ച എന്നെ കൂടുതൽ മുറിവേല്പിച്ച് കൊണ്ടിരുന്നു... ഒരിക്കലും ഞാൻ കാണാൻ പാടില്ലാത്തത് കണ്ടു... ആദിയും സൽമയും........

ഞാൻ എങ്ങനെ ഇവരോട് അത് പറയും...?

അതോണ്ട് സങ്കടം തീരുവോളം ഫൈസൽക്കാനെ കെട്ടിപ്പിടിച്ച് അങ്ങനെ ഒരുപാട് നേരം നിന്ന് കരഞ്ഞ് തളർന്ന് അവസാനം ഞാൻ മയങ്ങി ഫൈസൽക്കാൻറെ കൈകളിലേക്ക് വീണു...

കണ്ണ് തുറന്നു നോക്കിയപ്പോ ഞാൻ ഹോസ്പിറ്റലിൽ ആയിരുന്നു... ബിപി കുറഞ്ഞതാണെന്ന് അവര് പരസ്പരം പറയുന്നത് കേട്ടു....

അച്ചൂ നമ്മളെ അടുത്ത് വന്നിട്ട് എന്താ ഉണ്ടായതെന്ന് ചോദിച്ചതും അവളെ കെട്ടിപ്പിടിച്ച് ഞാൻ വീണ്ടും കരഞ്ഞു...

ഒടുക്കം നടന്നതൊക്കെ അവരോട് തുറന്ന് പറഞ്ഞപ്പോ അവർക്ക് ഒക്കെ ആദിയോട് വെറുപ്പായി... അവനിൽ നിന്നും ഇങ്ങനെ ഒരു പ്രവർത്തി ഒരിക്കലും ഉണ്ടാകുമെന്ന് ഞാൻ കരുതിയില്ല... അതോണ്ട് സന പറഞ്ഞ പോലെ ആദിക്ക് ഒന്നും ഓർമ്മ കാണില്ലെന്ന് ഞാൻ എന്നോട് തന്നെ സ്വയം പറഞ്ഞ് വിശ്വസിപ്പിച്ചു...

അന്ന് അവരെന്നെ തിരിച്ച് ഫ്ലാറ്റിലേക്ക് കൊണ്ടാക്കിയിട്ട് ആദിന്റെ വീട്ടിലേക്ക് പോയി... കാരണം അവർക്ക് അങ്ങോട്ട് പോയെ പറ്റൂ...

അപ്പോഴാണ് ഫൈസൽക്ക കൊണ്ട് വെച്ച നമ്മളെ ബാഗിൽ നിന്നും നമ്മളെ ഫോൺ റിങ് ചെയ്തത്...സ്ക്രീനിൽ ആദിന്റെ മുഖം തെളിഞ്ഞതും നമ്മള് അപ്പോ തന്നെ കോൾ ഓഫ് ചെയ്തു...

അപ്പൊ അവൻ വീണ്ടും വീണ്ടും എന്നെ വിളിക്കാൻ തുടങ്ങിയപ്പോ ഞാൻ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് വെച്ചിട്ട് ബെഡിലേക്ക് കമിഴ്ന്ന് കിടന്ന് പൊട്ടിക്കരഞ്ഞു...

പിന്നീടുള്ള ഒരാഴ്ചയോളം ഞാൻ ഓഫീസിൽ പോയില്ല.... ആദിയെ എനിക്ക് ഫേസ് ചെയ്യാൻ അത്രക്ക് ബുദ്ധിമുട്ടുണ്ടായിരുന്നു... അവനെ നേരിൽ കണ്ടാൽ ചിലപ്പോ ഞാൻ അവനോട് എങ്ങനെയാ പെരുമാറുക എന്ന് പറയാൻ കഴിയില്ല...

അതോണ്ട് അച്ചുവിനെ കൊണ്ട് നമ്മക്ക് മെഡിക്കൽ ലീവ് ചോദിച്ച് വാങ്ങിയിട്ടാ ഒരാഴ്ച കമ്പനിയിലേക്ക് പോകാതിരുന്നത്....

ഈ ഒരാഴ്ച വീട്ടുകാരോടോ ഫ്രണ്ട്സിനോടോ സംസാരിക്കാതെ ഫ്ലാറ്റിന് അകത്ത് തന്നെ ആയിരുന്നു എന്റെ വാസം....

എന്റെ ഈ ഇരുപ്പൊന്നും കണ്ട് നില്ക്കാൻ സഹിക്കാതെ നമ്മളെ ടീം ഒക്കെ കൂടി ചേർന്ന് നമ്മളെയും കൊണ്ട് സൺഡേ ഒന്ന് ചുറ്റി കറങ്ങാൻ

ഇറങ്ങി....

ആദ്യം തന്നെ എന്നെയും കൊണ്ട് അവര് പോയത് സൂപ്പർ മർക്കറ്റിലേക്കാണ്.... അവിടെ ഒറ്റക്ക് പോസ്റ്റായി ഇരിക്കുന്ന അൻസിക്കാനെ കണ്ടപ്പോ തന്നെ നമ്മള് ഒന്ന് ചിരിച്ചു...

പിന്നെ അൻസിക്ക കുറെ നിർബന്ധിപ്പിച്ചോണ്ട് നമ്മളൊന്ന് ഷോപ്പിംഗ് ചെയ്യാൻ തീരുമാനിച്ചു...

അങ്ങനെ എല്ലാവരും കൂടി ചേർന്ന് സൂപ്പർ മാർക്കറ്റ് അരിച്ചു പെറുക്കുന്ന നേരത്തായിരുന്നു നമ്മളെ ഡ്രെസ്സിൽ പിടിച്ച് ആരോ വലിച്ചത്...

നമ്മള് അപ്പോ തന്നെ തിരിഞ്ഞു നോക്കിയപ്പോ നമ്മളെ ഡ്രെസ്സും പിടിച്ച് മോണ കാട്ടി ചിരിക്കുന്ന ഒരു ആൺകുട്ടിയെയാണ് ഞാൻ കണ്ടത്...

അവനെ കണ്ടപ്പോ തന്നെ എന്റെ ചുണ്ടിൽ അറിയാതെ ഒരു പുഞ്ചിരി വിടർന്നു...

നമ്മള് അപ്പോ തന്നെ അവിടന്ന് ഒരു ഗാലക്സി

ചോക്ലേറ്റ് എടുത്തിട്ട് അവിടെ മുട്ടുകുത്തി ഇരുന്ന് അവന് നേരെ അത് നീട്ടി.... ഓൻ അത് വാങ്ങിയിട്ട് വായേല് വിരല് വെച്ച് നമ്മളെ നോക്കി ചിരിച്ച് ഓൻ നമ്മളെ കവിളില് ഉമ്മ വെച്ചു...

നമ്മള് ഓൻക്കും തിരിച്ച് ഒരുമ്മ കൊടുത്തിട്ട് ഓനെ എടുത്തു... എന്നിട്ട് ഓനെ കൊഞ്ചിച്ചോണ്ട് നിൽക്കുമ്പോ അവൻ എന്നെ നോക്കി കൊണ്ട് മേമ...മേമ എന്ന് ഇടക്കിടക്ക് പറയുന്നുണ്ട്...

ഏകദേശം ഒരു ഒന്നര രണ്ട് വയസ് പ്രായമേ അവന് കാണൂ...

"മോന്റെ പേരെന്താ...അന്റെ ഉമ്മച്ചി എവിടെ...?"

എന്നിങ്ങനെ നമ്മള് ഓരോന്ന് ചോദിച്ചു കൊണ്ടിരുന്നപ്പോഴും ഓൻ ആ ചോക്ലേറ്റിലേക്ക് നോക്കിയിട്ട് എന്നെ മേമ...മേമ എന്ന് വിളിക്കാണ്...

"ഫെബി...ഏതാടി ഈ കുട്ടി...?

Wow... how cute... വാ...വാ...ചേച്ചിന്റെ അടുത്തേക്ക്

വാ...."

എന്ന് പറഞ്ഞ് അച്ചൂ കൈ നീട്ടിയപ്പോ അവന് എന്റെ തോളിലേക്ക് ചാഞ്ഞ് എന്നെ ഇറുക്കി പിടിച്ചു...

അപ്പോ എന്റെ മുഖത്ത് വീണ്ടും ഒരു സന്തോഷവും പുഞ്ചിരിയും വിടർന്നു...

"അപ്പൂ.... അപ്പൂ.... മോനെ.... അപ്പൂ...."

എന്ന് വിളിച്ചോണ്ട് ഞങ്ങളെ അടുത്തേക്ക് ആരോ വന്നതും ആ ശബ്ദം കേട്ട ഭാഗത്തേക്ക് അവൻ എണീറ്റ് നോക്കി ഓന്റെ മോണ കാട്ടി 'മ്മാ...' എന്ന് വിളിച്ചതും ഞാനും നമ്മളെ ടീമും കൂടി ഒരുമിച്ച് തിരിഞ്ഞു നോക്കി....

ഞങ്ങളെ മുന്നിൽ നിൽക്കുന്ന ആളെ കണ്ടതും ഞങ്ങൾ എല്ലാവരും പരസ്പരം മുഖത്തോട് മുഖം നോക്കി നിന്നിട്ട് അവളെ നേരെ തിരിഞ്ഞു...

(തുടരും)

ഭാഗം.106

ഞങ്ങളെ മുന്നിൽ നിൽക്കുന്ന ആളെ കണ്ടതും ഞങ്ങൾ എല്ലാവരും പരസ്പരം മുഖത്തോട് മുഖം നോക്കി നിന്നിട്ട് അവളെ നേരെ തിരിഞ്ഞു...

"ശാ.... ശാലൂ.... നീ...ഇവിടെ....?"

നമ്മള് ഒരു ഞെട്ടലോടെ അത് ചോദിച്ചതും ശാലു ചിരിച്ചോണ്ട് ഞങ്ങളെ അടുത്തേക്ക് വന്നു... അപ്പോ തന്നെ എന്റെ കയ്യിൽ ഉണ്ടായിരുന്നവൻ മ്മാ... ന്ന് വിളിച്ചോണ്ട് അവളെ മേലിലേക്ക് ചാടി...

ഞങ്ങള് എല്ലാവരും അവളെ നോക്കി അന്തം വിട്ട് നിൽക്കുന്ന പോലെ ഞങ്ങളെ എല്ലാവരെയും ഒരുമിച്ച്

കണ്ട ഷോക്കിൽ ആയിരുന്നു അവൾ...

"ഫെബി...നിങ്ങളൊക്കെ എങ്ങനെ...?" ശാലുവാണ്.

"ശാലൂ...ഇത് നിന്റെ മോനാണോ...?" അച്ചുവാണ്.

ശാലു അപ്പോ തന്നെ ഓളെ മോനെ നോക്കി ഒന്ന് ചിരിച്ചു...

"അതെ...എന്റെ മോനാ... അഫ്സിയാൻ എന്നാ പേര്...ഞങ്ങള് അപ്പൂന്ന് വിളിക്കും..."

"അപ്പോ ഇവന്റെ ഉപ്പ....?"

നമ്മളെ ചോദ്യം കേട്ടപ്പോ തന്നെ ശാലു ഒന്ന് ചിരിച്ചിട്ട് തിരിഞ്ഞു നോക്കി... അപ്പോ അവിടെ ഒരാള് പുറം തിരിഞ്ഞു നിന്ന് എന്തോ സാധനം നോക്കായിരുന്നു...

ശാലു അയാളെ അടുത്തേക്ക് ചെന്നിട്ട് അയാളെ

തോളിൽ കൈ വെച്ച് ഇക്കാ എന്ന് വിളിച്ചതും തിരിഞ്ഞു നോക്കിയ ആളെ കണ്ട് ഞാൻ ഞെട്ടി...

"കാക്കൂ...."

എന്ന് ഞാൻ അറിയാതെ തന്നെ എന്റെ ചുണ്ട് മൊഴിഞ്ഞു... അപ്പോ തന്നെ കാക്കു ഞങ്ങളെ നേരെ നോക്കി കൊണ്ട് ഒരത്ഭുതത്തോടെ ഫെബി എന്ന് മന്ത്രിച്ചതും ഒരൊറ്റ ഓട്ടമായിരുന്നു നമ്മള് കാക്കൂന്റെ അടുത്തേക്ക്...

എന്നിട്ട് മൂപ്പരെ കെട്ടിപ്പിടിച്ചോണ്ട് നമ്മള് പൊട്ടിക്കരഞ്ഞു... ഇത്രയും നാൾ ദുബായ് ചുറ്റി കറങ്ങിയത് തന്നെ ഈയൊരു മുഖം കാണാൻ വേണ്ടിയായിരുന്നു... ആ മുഖം വളരെ യാഥർച്ഛികമായി ഇവിടെ വെച്ച് കണ്ടതും എനിക്ക് സന്തോഷവും സങ്കടവും കൊണ്ട് കരച്ചില് അടക്കി വെക്കാൻ കഴിഞ്ഞില്ല....

"ഫെബി....ഡാ....നീ കരയാണോ...?

ഫെബി...എന്തായിത് ഒരുമാതിരി കൊച്ചു പിള്ളേരെ പോലെ....അയ്യേ....

എന്റെ അപ്പു മോൻ പോലും ഇങ്ങനെ കരയാറില്ലല്ലോ..... അയ്യേ മോശം...."

എന്ന് പറഞ്ഞോണ്ട് കാക്കു എന്റെ തലയിൽ തലോടിയതും നമ്മള് കണ്ണ് തുടച്ചിട്ട് നല്ല കട്ട കലിപ്പില് മൂപ്പരിൽ നിന്നും അകന്ന് നിന്നു.....

"എവിടെയായിരുന്നു ഇത്രേയും കാലം...? പറ എവിടെയായിരുന്നെന്ന്...?

ഇങ്ങളെയും അന്വേഷിച്ച് ഞങ്ങള് എവിടെയൊക്കെ പോയെന്ന് അറിയോ...?

ഇത്രേയും കാലമായിട്ടും ഒരു കോൾ പോലും ചെയ്യാൻ തോന്നിയില്ലല്ലോ...? ഇങ്ങളെ ഞാൻ ഇന്ന് ശരിയാക്കും നോക്കിക്കോ..."

എന്ന് പറഞ്ഞ് നമ്മള് കാക്കൂന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തിട്ട് രണ്ട് കയ്യിലും പൊതിരെ തല്ലി... എന്റെ കൈ കുഴയുന്നത് വരെ മൂപ്പരെ തല്ലി തല്ലി

പരുവമാക്കി...

എല്ലാം ഒരു പുഞ്ചിരിയോടെ സഹിച്ചു നിന്നു എന്നല്ലാതെ മൂപ്പര് മറുത്തൊരു വാക്ക് പോലും മിണ്ടിയില്ല...

ഞാൻ കാക്കൂനെ തല്ലുന്നത് കണ്ടിട്ട് എല്ലാവരും കൂടി പൊരിഞ്ഞ ചിരിയാണ്... അപ്പു ആണെങ്കിലോ നമ്മളെ സപ്പോർട്ട് ചെയ്തോണ്ട് ശാലുന്റെ കയ്യീന്ന് കാക്കൂനെ തല്ലാൻ വേണ്ടി ഓങ്ങുന്നുണ്ട്... എന്നിട്ട് മൂപ്പര് ചിരിക്കുന്നത് കണ്ടിട്ട് ഓനും ചിരിച്ചു....

അവസാനം നമ്മളെ കൈ കഴഞ്ഞപ്പോ നമ്മള് തല്ല് നിർത്തി മൂപ്പരെ നോക്കിയപ്പോ അങ്ങേര് നമ്മളെ മുഖത്തേക്ക് നോക്കി ഒരു ഇളി പാസാക്കി...

"കഴിഞ്ഞോ....?"

"ആ കഴിഞ്ഞു.... അടുത്തത് വഴിയേ വരുന്നുണ്ട്... ഇപ്പോ തല്ക്കാലം ഇതേയുള്ളൂ..."

എന്ന് നമ്മള് പറയുന്നത് കേട്ടപ്പോ തന്നെ മൂപ്പര് ഒരു ദീർഘ ശ്വാസം വിട്ടിട്ട് രണ്ട് കയ്യും ശരിക്കും കുടഞ്ഞിട്ട് നമ്മളെ നോക്കി കൊണ്ട് ഇത്രക്ക് വേണ്ടിയിരുന്നില്ല എന്ന് പറഞ്ഞപ്പോ നമ്മള് മൂപ്പരെ കവിളില് ഒരു നുള്ള് കൊടുത്തിട്ട് ചിരിച്ചു....

നമ്മള് ചിരിച്ചത് കണ്ടപ്പോ എല്ലാവരും ഹാപ്പിയായി...

ഞങ്ങളെ ശബ്ദം കേട്ടിട്ട് കൗണ്ടറിൽ നിന്നും അൻസിക്ക എണീറ്റ് വന്നപ്പോ കാക്കൂനെ കണ്ട് മൂപ്പര് ഷോക്കായി... എന്നിട്ട് ഓടി വന്ന് കാക്കൂനെ കെട്ടിപ്പിടിച്ചിട്ട് നമ്മള് കൊടുത്തതിന്റെ ബാക്കി മൂപ്പറും കൊടുത്തു വീട്ടി....

"ഡാ സിയാദേ.... എവിടെയായിരുന്നെടാ ഇത്രെയും കാലം...? നിന്നെ തേടി ഞങ്ങള് എത്ര അലഞ്ഞെന്ന് അറിയോ...?"

"എന്റെ അൻസി.... എല്ലാം അറിയാടാ... സംഭവിച്ചതൊക്കെ ഞാൻ വിശദമായിട്ട് പറയുന്നുണ്ട്...

വാ നമുക്ക് ഇവിടന്ന് മറ്റു എങ്ങോട്ടേലും പോകാം...

ആദ്യം എനിക്ക് പറയാനുള്ളത് കേൾക്കുന്നതിന് മുൻപ് നിങ്ങൾക്ക് പറയാനുള്ളത് എനിക്ക് കേൾക്കണം...."

എന്ന് പറഞ്ഞോണ്ട് കാക്കു അപ്പൂനെയും എടുത്തോണ്ട് ഷോപ്പിൽ നിന്നും ഇറങ്ങിയതും അൻസിക്ക കട നോക്കാൻ അവിടെ ഒരുത്തനെ നിർത്തിയിട്ട് ഞങ്ങളെ പിന്നാലെ വന്നു...

ഞങ്ങള് നേരെ പോയത് ബീച്ചിലേക്കാണ്....

ദുബായിലേക്ക് വന്നിട്ട് ഇത്രെയും കാലം ആയിട്ടും ഒരിക്കൽ പോലും എനിക്ക് ഇങ്ങോട്ട് വരാൻ തോന്നിയിട്ടില്ല... കാരണം, ഈ ബീച്ച് എന്ന് പറയുന്നത് എനിക്ക് നൽകിയിരിക്കുന്നത് എപ്പോഴും വേദനകളാണ്...

ഞങ്ങള് എല്ലാവരും കൂടി അവിടെ വട്ടം കൂടി മണലിൽ ഇരുന്നിട്ട് ആ ആക്സിഡന്റിന് ശേഷം ഞങ്ങളെ ലൈഫിൽ സംഭവിച്ച എല്ലാ മാറ്റങ്ങളേയും നഷ്ടങ്ങളെയും കുറിച്ച് ഇതുവരെ നടന്ന എല്ലാം കാക്കൂനോട് പറഞ്ഞു...

എല്ലാം കേട്ട് കഴിഞ്ഞപ്പോ കാക്കു പതിയെ അവിടെ നിന്നും എണീറ്റു... എന്നിട്ട് വിശാലമായ കടലിലേക്ക് നോട്ടം തെറ്റിച്ച് കൊണ്ട് കാക്കു പറഞ്ഞു തുടങ്ങി....

"അന്ന് ബസ് മറിഞ്ഞ് ആക്സിഡന്റ് ആയിട്ട് നീ മരണത്തോട് മല്ലിട്ടപ്പോ ആദിക്ക് കൂട്ടായിട്ട് ഉണ്ടായിരുന്നത് ഞാനായിരുന്നു.... അന്നത്തെ ആ ഒരൊറ്റ ദിവസം കൊണ്ട് തന്നെ ആദി നിന്നെ എത്രത്തോളം ജീവന് തുല്യം സ്നേഹിക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലായതാ....

ആ ആദി ഒരിക്കലും നിന്നെ ചതിക്കില്ല ഫെബി.... അവന് ഒരിക്കലും അതിന് കഴിയില്ല...."

കാക്കു പറയുന്നത് കേട്ട് നമ്മള് അവിടന്ന് എണീറ്റ് കാക്കൂന്റെ അടുത്തേക്ക് പോയി...

"അന്ന് നിനക്ക് ജീവൻ തിരിച്ച് കിട്ടിയപ്പോ തന്നെ നിന്റെ ജീവനെടുക്കാൻ കാരണക്കാരായവരെ വെറുതെ

വിടില്ലെന്ന് പറഞ്ഞ് എന്നെ തള്ളി മാറ്റി കൊണ്ടാണ് ആദി അവിടന്ന് പോയത്....

ആ ആക്സിഡന്റിന് പിന്നിൽ സൽമയും സാലിമുമാണെന്ന് അവന് ഉറപ്പായിരുന്നു...

പക്ഷെ, അവൻ അവിടന്ന് ഇറങ്ങിയതിന് ശേഷം ഞാൻ അവനെ ഇതുവരെ കണ്ടിട്ടില്ല.... കാണാൻ ശ്രമിച്ചില്ല എന്ന് പറയുന്നത് ആകും ശരി...

കാരണം, അപ്പോ ഞാൻ അത്രക്ക് ഏകാന്തതയെ പ്രണയിച്ചു തുടങ്ങിയിരുന്നു....

എന്റെ ഉമ്മ കൂടി എന്നെ വിട്ടകന്നപ്പോ ഞാൻ തീർത്തും ഒറ്റപ്പെട്ടു പോയി...

ഉമ്മാന്റെയും പ്രിയപ്പെട്ടവരുടെയും ഓർമ്മകൾ ദിനം പ്രതി എന്നെ വേട്ടയാടി കൊണ്ടിരുന്നപ്പോൾ വേറെ നിവർത്തിയില്ലാതെ നാട് വിട്ടതാണ്....

എങ്ങോട്ടെന്നില്ലാതെ എവിടെയൊക്കെയോ പോയി...എന്തൊക്കെയോ ജോലി ചെയ്തു....

ഒടുക്കം എപ്പോഴോ ഇവളെ ഓർമ്മയിൽ വന്നപ്പോ വീണ്ടും നാട്ടിലേക്ക് തിരിച്ചു...

എന്റെ യാതൊരു വിവരവുമില്ലാതെ വിഷമിച്ച് പട്ടിണി കിടന്ന ഇവൾക്ക് മുന്നിൽ ഞാൻ ചെന്ന് നിന്നപ്പോൾ ആരുമില്ലാത്ത ഈ അനാഥനെ ഇവളെ ഉമ്മയും ഉപ്പയും രണ്ട് കയ്യും നീട്ടി സ്വീകരിച്ചു... കൂടെ ഇവളെ എന്റെ കൈകളിലേക്ക് ഏല്പിച്ചു...

പിന്നെ ഇവളെയും കൊണ്ട് കടല് കടന്ന് ഇങ്ങോട്ട് വന്ന് ഒരു ചെറിയ ബിസിനെസ്സ് തുടങ്ങി... എന്റെ ഉപ്പാനെ അറിയുന്നവരുടെ പരിചയത്തിൽ തുടങ്ങിയ ആ ബിസിനെസ്സ് കുറച്ച് കാലം കൊണ്ട് തന്നെ വളർന്നു...

പിന്നെ ഇവിടന്ന് നേരെ ഖത്തറിലേക്ക് വിട്ടു... അവിടെയായിരുന്നു ഒന്നര വർഷത്തോളം.... ഇവിടെ ഇപ്പോ ഒരു പുതിയ ബിസിനെസ്സിനെ സംബന്ധിച്ച് രണ്ട് ദിവസം മുൻപ് വന്നതാണ്... അപ്പോഴാ നിങ്ങളെ ഇവിടെ വെച്ച് കാണുന്നത്...."

കാക്കു ഇത്രെയും പറഞ്ഞ് നിർത്തിയപ്പോഴേക്കും എല്ലാവരും എണീറ്റിട്ട് കാക്കുവിന് ചുറ്റും കൂടി നിന്നിരുന്നു... അടുത്തത് ആയിട്ട് കാക്കു എന്താകും പറയുക എന്ന ആകാംഷയിലാണ് ഞങ്ങള്...

"അന്നത്തെ ആദിയുടെ പോക്ക് ഒരു അപകടത്തിലേക്ക് ആകുമെന്ന് ഞാൻ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല... അറിഞ്ഞിരുന്നുവെങ്കിൽ അവനെ ഞാൻ അവിടന്ന് വിടില്ലായിരുന്നു....

നിങ്ങളൊക്കെ പറഞ്ഞത് വെച്ച് നോക്കുമ്പോ I think ആദി അഭിനയിക്കുക ആവില്ല.... കാരണം, അവന് ഒരിക്കലും ഫെബിയെ ചതിക്കാൻ പറ്റില്ല അവന് അത്രക്ക് ഇഷ്ടാണ് ഇവളെ...."

അത് കാക്കു പറഞ്ഞപ്പോ എന്റെ മിഴികളിൽ ഈറനണിഞ്ഞത് ഞാൻ അറിഞ്ഞു...

"അല്ലെങ്കിൽ ചിലപ്പോ ഇവള് കണ്ടത് ആദിയെ ആയിരിക്കില്ല.... അങ്ങനെ ആണെങ്കിൽ അവൻ ഒന്നും

മറന്നിട്ടില്ലെന്ന് നമുക്ക് ഉറപ്പിക്കാം....

നീ അപ്പോ കണ്ടത് ആദിയെ തന്നെയാണെന്ന് നിനക്ക് ഉറപ്പാണോ ഫെബി....?"

"അ... അത്.... ഞാൻ...ഞാൻ അയാളെ മുഖം വ്യക്തമായി കണ്ടില്ല... അയാള് പുറം തിരിഞ്ഞു നിൽക്കായിരുന്നു...."

എന്ന് നമ്മള് പറഞ്ഞപ്പോ തന്നെ ചിലർ നമ്മളെ കടിച്ച് കീറുന്ന പോലെയാ നോക്കിയത്.... എങ്ങനെ നോക്കാതിരിക്കും അത് ആദിയാണെന്ന് പറഞ്ഞ് നമ്മള് ഇവറ്റകളെ സമാധാനം പോലും തല്ലിക്കെടുത്തിയില്ലേ....

"അപ്പോ പിന്നെ അത് ആദിയാണെന്ന് നമുക്ക് ഒരിക്കലും പറയാൻ പറ്റില്ല.... ചിലപ്പോ മറ്റാരെങ്കിലുമാണ് അപ്പോ സൽമയുടെ കൂടെ ഉണ്ടായിരുന്നത് എങ്കിലോ...?

ആദിയോട് സംസാരിക്കാതെ ഇതിന് ഒരു പോംവഴി കാണാൻ എന്നെ കൊണ്ട് പറ്റില്ല... അതോണ്ട് നമ്മൾ

ഇപ്പോ തന്നെ ആദിയുടെ വീട്ടിലേക്ക് പോകുന്നു...."

"ഞാൻ ഇല്ല കാക്കു.... എനിക്ക്....എനിക്ക് ആദിയെ ഫേസ് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്...."

"എന്തിന്...? ആദി അങ്ങനെയൊക്കെ ചെയ്യുമെന്ന് നീയും വിശ്വസിക്കുന്നുണ്ടോ...?"

കാക്കു അങ്ങനെ ചോദിച്ചപ്പോ തന്നെ ഞാൻ ഇല്ലാന്ന് തലയാട്ടി കരഞ്ഞു... കാക്കു എന്റെ കണ്ണീർ തുടച്ചിട്ട് എന്നെ നെഞ്ചോട് ചേർത്ത് നിർത്തി....

"ആദി അങ്ങനെ ഒരിക്കലും സ്വബോധത്തോടെ ചെയ്യില്ലെന്ന് നീ വിശ്വസിക്കുന്നില്ലേ...? പിന്നെ എന്തിനാ നീ വിഷമിക്കുന്നെ...?

ആദി നമുക്ക് മുന്നിൽ അഭിനയിക്കാണോ അല്ലയോ എന്ന് ഞാൻ ഇന്നത്തോടെ നിങ്ങൾക്ക് മനസ്സിലാക്കി തരും... പോരെ....

ഇനി എങ്കിലും എന്റെ ഫെബി മോള് ഈ ഷോകഭാവമൊക്കെ മുഖത്ത് നിന്ന് മാറ്റി ഹാപ്പി ആയിട്ട് നിൽക്കണംട്ടോ... ഇല്ലെങ്കിൽ അത് എനിക്കും വിഷമാകും....

അതോണ്ട് ഇനി എന്ത് തന്നെ പ്രതിസന്ധി നേരിട്ടാലും എന്റെ ഫെബിയുടെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണീര് പോലും വീഴില്ലെന്നും പ്രശ്നങ്ങളെയെല്ലാം ഒരു പുഞ്ചിരിയോടെ നേരിടുമെന്നും എനിക്ക് വാക്ക് താ...."

എന്ന് പറഞ്ഞ് കാക്കു എന്റെ നേരെ കൈ നീട്ടിയപ്പോ നമ്മള് കണ്ണ് തുടച്ചിട്ട് നിറ പുഞ്ചിരിയോടെ കാക്കൂന്റെ കയ്യിലടിച്ച് വാക്ക് കൊടുത്തു...

പിന്നെ കാക്കു എന്റെ കൈ പിടിച്ച് ആദിന്റെ വീട്ടിലേക്ക് പോകാമെന്ന് പറഞ്ഞപ്പോ ഞാൻ അത് ആദ്യം എതിർത്തു... പിന്നെ എല്ലാവരും കൂടി നമ്മളെ കത്തിക്കുന്ന പോലെയുള്ള നോട്ടം നോക്കിയപ്പോ തന്നെ നമ്മള് കൂടെ ചെല്ലാമെന്ന് സമ്മതിച്ചു...

അങ്ങനെ ആദിയുടെ വീട്ടിലേക്ക് ഞാനും കാക്കുവും ശാലുവും അപ്പുവും കൂടി യാത്രയായി...

അപ്പുവും ഞാനും ഭയങ്കര കളിയായിരുന്നു കാറിൽ വെച്ച്... എന്റെ ഫോട്ടോ കാക്കൂന്റെ ഫോണിൽ നിന്ന് അവന് കാണിച്ച് കൊടുത്തിട്ട് ഞാൻ അവന്റെ മേമ ആണെന്ന് പറഞ്ഞ് പഠിപ്പിച്ചിരിക്കാണ് രണ്ടും കൂടി.... അതാ അവനെന്നെ മേമ എന്ന് വിളിച്ചത്....

സത്യം പറഞ്ഞാൽ ഇപ്പോഴാണ് എന്റെ മനസ് ശാന്തമായത്... ഇന്ന് കാക്കുവിനെ ഞാൻ കണ്ടു മുട്ടിയിട്ടില്ലായിരുന്നെങ്കിൽ ഞാൻ എന്റെ ആദിയെ കുറിച്ച് എന്തൊക്കെ ചിന്തിച്ച് കൂട്ടുമായിരുന്നു...

കാക്കു പറഞ്ഞ പോലെ അത് ആദിയല്ലെങ്കിലോ.... അപ്പോ ഞാൻ എന്റെ ആദിയെ കുറിച്ച് മോശമായി ചിന്തിച്ചതൊക്കെ തെറ്റായി പോയില്ലേ...?

ശരിയാ...എന്റെ ആദി ഒരിക്കലും എന്നെ ചതിക്കില്ല.... അതിന് അവന് കഴിയില്ല... അവന്റെ സ്നേഹത്തിന്റെ ആഴം പോലും മനസ്സിലാക്കാതെ അവനെ കുറിച്ച് ചീപ്പായി ചിന്തിച്ചത് എന്റെ തെറ്റാ.....

അത് ആദിയല്ലെങ്കിൽ പിന്നെ ആരായിരിക്കും...? എന്നോട് എന്തിനാ ആ സെർവന്റ് ആദി ആ റൂമിലാണെന്ന് കള്ളം പറഞ്ഞത്...?

അങ്ങനെ ആണെങ്കിൽ ആദിക്ക് എല്ലാം ഓർമ്മയുണ്ടോ...? അതോ ഓർമ്മയുണ്ടായിട്ടും അഭിനയിക്കാണോ...?

എല്ലാം ഇന്നത്തോടെ കലങ്ങി തെളിയണം.... അത് കാക്കുവിനെ കൊണ്ട് കഴിയുമെന്ന് എനിക്ക് ഉറപ്പാ....

എന്തായാലും എന്നിൽ ഉണ്ടായിരുന്ന ആദിയോടുള്ള തെറ്റിദ്ധാരണയും മനോഭാവവും ഇപ്പോ മാറിയിട്ടുണ്ട്... അവനെ ഒരിക്കലും ഞാൻ ചീപ്പായി കരുതാൻ പാടില്ലായിരുന്നു... അന്ന് അയാളെ മുഖം ഞാൻ കണ്ടില്ലല്ലോ അപ്പോ അത് ഒരിക്കലും എന്റെ ആദി ആയിരിക്കില്ല....

എന്നൊക്കെ ഓരോന്ന് ചിന്തിച്ച് കൂട്ടിയപ്പോഴേക്കും ഞങ്ങള് ആദിയുടെ വീട്ടിൽ എത്തിയിരുന്നു...

പണ്ട് കാക്കൂന്റെ ഉപ്പാന്റെ കൂടെ ഇങ്ങോട്ട് ഒരുപാട്

തവണ വന്നിട്ടുണ്ടെന്ന് കാക്കു പറഞ്ഞപ്പോഴാ ഞാൻ അറിയുന്നത്...

ഞങ്ങള് കാർ പാർക്ക് ചെയ്ത് വീട്ടിലേക്ക് കയറിയതും മോളിൽ നിന്ന് ഞങ്ങളെ കണ്ടിട്ട് ആദി സിയാദ്...എന്ന് വിളിച്ചു കൂവി കൊണ്ട് താഴേക്ക് ഓടി വന്ന് കാക്കൂനെ കെട്ടിപ്പിടിച്ചു...

എന്നിട്ട് നമ്മളും അൻസിക്കയും കൂടി മൂപ്പരോട് ചോദിച്ചതും കൊടുത്തതും ഒക്കെ ഡബിളായിട്ട് ആദിന്റെ കയ്യീന്നും വാങ്ങിച്ചു...

കാക്കുവിനെയും ശാലുവിനെയും ഒരുമിച്ച് കണ്ട ഷോക്കിലാണ് അവൻ... അതിന്റെ കൂടെ നമ്മളെയും അപ്പൂനെയും കൂടി കണ്ടപ്പോ ഓൻ അതിലേറെ ഡൗട്ടായി....

"നീയെന്താടി ഇവരെ കൂടെ...? നിന്റെ മെഡിക്കൽ ലീവ് കഴിഞ്ഞില്ലേ..?"

"അ... ത്... ഞാൻ...കാക്കു..."

"ഇവളെന്റെ പെങ്ങളാ ആദി...."

നമ്മള് വിക്കി കൊണ്ട് എന്തൊക്കെയോ പറഞ്ഞൊപ്പിക്കാൻ നിന്നപ്പോഴേക്കും കാക്കു ഇടക്ക് കേറി പറഞ്ഞു...

"നിന്റെ പെങ്ങളോ...? അപ്പോ സിയ....?

ഇവള് എങ്ങനെ....?"

"അതൊക്കെ വലിയ കഥയാ.... നീ വന്നേ എനിക്ക് നിന്നോട് കുറച്ച് സംസാരിക്കാനുണ്ട്..."

എന്ന് പറഞ്ഞ് ആദിയെയും തള്ളിക്കൊണ്ട് കാക്കു അവന്റെ റൂമിലേക്ക് കൊണ്ട് പോയി.... അപ്പോ തന്നെ ഉമ്മിയും ആഷിയും സൽമയും കൂടി അങ്ങോട്ട് വന്നു...

എന്നിട്ട് എന്നെയും ശാലൂനെയും സോഫയിൽ ഇരുത്തിയിട്ട് കുടിക്കാൻ വെള്ളം തന്നു.... സൽമ

ശാലൂനോട് യാതൊരു വിരോധമോ പരിഭവമോ ശത്രുതയോ ഇല്ലാതെയാണ് പെരുമാറിയത്....

അവള് ശാലൂനോട് പെരുമാറുന്നത് കണ്ടിട്ട് ഇവള് തന്നെയാണോ അന്ന് ശാലൂനെ സ്റ്റെയറീന്ന് തള്ളിയിട്ടത് എന്ന് വരെ എനിക്കും ശാലൂനും ഡൗട്ടായി...

ഉമ്മിയും സൽമയും കൂടി ശാലൂനോട് വിശേഷങ്ങൾ ചോദിച്ചറിയുമ്പോ ആഷി എന്നോട് സിനുവിനെ പറ്റി രഹസ്യമായി ചോദിക്കായിരുന്നു....

അവളെ നമ്പർ വേണോ എന്ന് നമ്മള് ചോദിച്ചപ്പോ ആദ്യം വേണമെന്ന് പറഞ്ഞിട്ട് പിന്നെ അവൻ വേണ്ടെന്ന് നിരസിച്ചു...

കാരണം അവളെ നമ്പർ അവള് തന്നെ അവന് കൊടുക്കണമത്രെ.... ρ

ഇതിനിടക്ക് സൽ മ അപ്പൂനെ ശാലൂന്റെ കയ്യീന്ന് വാങ്ങി എടുത്തപ്പോ ചെക്കൻ ഇതുവരെ ഇല്ലാത്ത എല്ലാ പോക്കിരിത്രങ്ങളും അവളോട് ചെയ്യാൻ തുടങ്ങി.... ഓളെ മുഖത്താകെ മാന്തി മുറിയാക്കി ഓളെ തോളിൽ ഒരു അഡാർ കടിയും കൊടുത്തപ്പോഴേക്കും സൽ മ ഒരു വഴിക്കായിട്ടുണ്ട്....

ഓള് അപ്പോ തന്നെ അപ്പൂനെ തിരിച്ച് നമ്മളെ കയ്യിൽ കൊണ്ട് ഇരുത്തിയിട്ട് ഓള് അവിടന്ന് വാണം വിട്ട പോലെ ഒരു പോക്കായിരുന്നു മുറിയിലേക്ക്... അത് കണ്ടിട്ട് ഉമ്മിയടക്കം ഞങ്ങള് എല്ലാവരും പൊട്ടിച്ചിരിച്ചു... നമ്മള് അപ്പോ തന്നെ അപ്പൂനെ കെട്ടിപ്പിടിച്ച് തുരുതുരെ ഉമ്മ വെച്ചു....

സമയം ഒരുപാട് കടന്ന് പോയി കൊണ്ടിരുന്നു... മുകളിലേക്ക് പോയ രണ്ടെണ്ണത്തെയും പിന്നെ എത്രയായിട്ടും താഴേക്ക് കണ്ടില്ല.... ഇതിന് മാത്രം എന്താണ് രണ്ടും കൂടി സംസാരിക്കുന്നതെന്ന് ചിന്തിച്ച് കൂട്ടി നമ്മക്ക് വട്ടായി.... ആദിക്ക് ഓർമ്മയുണ്ടോ ഇല്ലയോ എന്നൊക്കെ കൂടി വീണ്ടും ചിന്തിച്ച് കൂട്ടി...

ഒടുക്കം രണ്ടും കൂടി സയാമീസ് ഇരട്ടകളെ പോലെ തോളിൽ കൂടി കയ്യൊക്കെ ഇട്ട് കളിച്ച് ചിരിച്ച് വരുന്നത് കണ്ടപ്പോ അതിലേറെ സംശയമായി... ആദിക്ക് പഴയതൊക്കെ ഓർമ്മയുണ്ടോ അവൻ അഭിനയിക്കാണോ അതോ അവന് അതൊന്നും ഓർമ്മയില്ലേ...?

ഇതൊക്കെ ചിന്തിച്ചാ മിക്കവാറും നമ്മളെ മെന്റൽ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആക്കേണ്ടി വരുമെന്ന് തോന്നിയപ്പോ പിന്നെ കൂടുതൽ ഒന്നും ചിന്തിക്കാൻ നിന്നില്ല...

എന്താ ഉണ്ടായതെന്ന് കാക്കൂനോട് തന്നെ ചോദിച്ച് നോക്കാമെന്ന് തീരുമാനിച്ചു....

"ഡി ആയിഷ.... നീ ഇനി എന്നാ കമ്പനിയിലേക്ക് വരുന്നത്...? ഇപ്പോ തന്നെ താൻ ഒരുപാട് ലീവാക്കിയിട്ടുണ്ട്... അതോണ്ട് ഇനി ഒരു ലീവ് തനിക്ക് പ്രതീക്ഷിക്കണ്ട...."

"ഞാൻ....നാളെ മുതൽ ഓഫീസിലേക്ക് വന്നോളാം സാർ..."

എന്ന് പറഞ്ഞ് നമ്മള് അവിടന്ന് പെട്ടെന്ന് തന്നെ പുറത്തേക്കിറങ്ങി... കാക്കുവും ശാലുവുമൊക്കെ അവരോട് യാത്ര പറഞ്ഞിട്ട് നമ്മളെ പിന്നാലെ വന്നു...

"എന്തായി കാക്കൂ....?

ആദി എന്താ പറഞ്ഞെ...? അവന് എല്ലാം ഓർമ്മയില്ലേ...?"

കാറിൽ കേറിയ ഉടനെ തന്നെ നമ്മള് കാക്കൂനോട് അത് ചോദിച്ചതും കാക്കു അതൊന്നും മൈൻഡ് ചെയ്യാതെ വണ്ടി സ്റ്റാർട്ടാക്കി....

'കാക്കു എന്താ ഒന്നും മിണ്ടാത്തത്...?

ആദി ചെലപ്പോ കാക്കൂനോട് ദേഷ്യപ്പെട്ട് കാണോ...?

ഏയ് ഉണ്ടാകില്ല... ഉണ്ടെങ്കിൽ പിന്നെ അവര് അങ്ങനെ ചിരിച്ച് കളിച്ച് വരില്ലല്ലോ...

പിന്നെ എന്താകും കാക്കൂന്റെ ഈ മൗനത്തിന് പിന്നിൽ...?

ആദി അഭിനയിക്കാണോ അതോ അവന് ശരിക്കും ഓർമ്മയില്ലേ...?

ഓന് ഒന്നും ഓർമ്മ ഇല്ലെങ്കിൽ പിന്നെ ആരാകും ആദിയുടെ റൂമിൽ അങ്ങനെ ഒക്കെ ചെയ്ത് വെച്ചത്...?

അപ്പോ ആദിക്ക് ഓർമ്മയുണ്ടെന്നല്ലേ അതിനർത്ഥം....'

"ഫെബി...ഞാൻ പറയുന്നത് നീ ക്ഷമയോടെ ശ്രദ്ധിച്ച് കേൾക്കണം...

ആദിക്ക് നിന്നെ കണ്ട് മുട്ടിയത് പോയിട്ട് എന്റെ സിയാ മരിച്ചത് പോലും ഓർമ്മയിൽ ഇല്ല...

അവൻ എന്നോട് കൂടുതലും ചോദിച്ചത് വീട്ടുകാരെ കുറിച്ചാണ്... എല്ലാം അറിഞ്ഞ് വെച്ചോണ്ട് ആദി ഒരിക്കലും എന്നെ വേദനിപ്പിക്കുന്ന ഒന്നും ചോദിക്കില്ലെന്ന് എനിക്ക് ഉറപ്പാ... ആദിക്ക് ഒന്നും ഓർമ്മയില്ല ഫെബി..."

കാക്കു നമ്മളെ ചിന്തകളെ മുറിച്ച് കൊണ്ട് നമ്മളെ ചങ്കിൽ കൊള്ളുന്ന വർത്താനം പറഞ്ഞപ്പോ നമ്മക്ക് അത് നല്ലോണം സങ്കടമായി... എന്നാലും എന്റെ കണ്ണിൽ നിന്നും ഒരു ഇറ്റ് കണ്ണീര് പോലും പുറത്തേക്ക് വരാൻ ഞാൻ സമ്മതിച്ചില്ല...

"കാക്കു.... പറഞ്ഞതൊക്കെ സത്യമാണോ...? ആദിക്ക്

ഒന്നും ഓർമ്മയില്ലേ...? ഈ എന്നെ പോലും...?"

"ഇല്ല ഫെബി.... അവൻ അതൊന്നും ഓർമ്മയില്ല.... അവൻ അഭിനയിക്കുന്ന പോലെ എനിക്ക് ഒരു നിമിഷം പോലും തോന്നിയില്ല...."

"അപ്പോ.... ആദിന്റെ റൂമിൽ ഞാൻ കണ്ട ആ രഹസ്യ റൂമോ...? അതിൽ ഉണ്ടായിരുന്ന എന്റെ ഫോട്ടോസും ആദിന്റെ ആ വൈറ്റ് ഷർട്ടും വാച്ചോ... അതൊക്കെ പിന്നെ അവന് ഓർമ്മയുണ്ടെന്ന് തെളിയിക്കുന്നത് അല്ലെ...?"

കരയാൻ വെമ്പുന്ന എന്റെ കണ്ണുകളെ അടക്കി പിടിച്ചോണ്ട് ഞാൻ അങ്ങനെ ചോദിച്ചതും കാക്കു പറയുന്ന മറുപടി കേട്ട് ഞാൻ ഞെട്ടി തരിച്ചു...

"നീ പറഞ്ഞ പോലെ ഞാൻ ആ ബുക്ക് ശെൽഫ് ആദി വാഷ്റൂമിൽ പോയ തക്കത്തിന് നീക്കി നോക്കി... പക്ഷെ അവിടെയൊന്നും നീ പറയുന്ന പോലെയുള്ള ഒരു റൂമോ ഡോറോ ഒന്നും ഞാൻ കണ്ടില്ല..."

"ഇല്ല.... ഇത് ഞാൻ വിശ്വസിക്കില്ല.... ആ ഷെൽഫിന് പിറകിൽ അങ്ങനെ ഒരു റൂം ഞാൻ കണ്ടതാണ്... കാക്കു ശ്രദ്ധിക്കാഞ്ഞത് ആകും..."

"നീ വിശ്വസിക്കില്ലെന്ന് എനിക്കറിയാം ഫെബി... അത് കൊണ്ടാ ഞാൻ അത് വീഡിയോ എടുത്ത് വെച്ചത്..."

എന്ന് പറഞ്ഞ് കാക്കൂന്റെ ഫോൺ എനിക്ക് നേരെ നീട്ടിയതും ഞാൻ അപ്പോ തന്നെ അത് തട്ടി പറിച്ച് വാങ്ങിയിട്ട് അതിലെ വീഡിയോ നോക്കി...

കാക്കു പറഞ്ഞത് ശരിയായിരുന്നു അവിടെ അങ്ങനെ ഒരു റൂമോ ഡോറോ ഒന്നുമില്ല... അവിടെ ചുമരാണ് ഇപ്പോ ഉള്ളത്...

നമ്മള് അപ്പോ തന്നെ നമ്മളെ ബാഗ് തുറന്ന് ഫോണെടുത്തിട്ട് അതിലെ ഗാലറി എടുത്ത് നോക്കിയപ്പോ അന്ന് ഞാൻ ആ റൂമിൽ നിന്നും എടുത്ത ഫോട്ടോസ് ഒന്നും തന്നെ കാണുന്നില്ലായിരുന്നു... അത് കണ്ടപ്പോ എനിക്ക്

ഷോക്കിന്റെ മേൽ ഷോക്കായി...

'അന്ന് ഞാൻ ആ റൂമിൽ നിന്ന് എടുത്ത ഒരൊറ്റ ഫോട്ടോ പോലും ഇതിൽ ഇല്ല... പിന്നെ അതെവിടെ പോയി...?

ഈ വീഡിയോയിൽ കാണുന്ന പോലെ അവിടെ ചുമരാണെങ്കിൽ പിന്നെ അന്ന് ഞാൻ അവിടെ കണ്ട റൂം എവിടെ...?

എനിക്ക് അതൊക്കെ തോന്നിയതാണോ...?

അതോ അപ്പോഴേക്കും അതൊക്കെ അവിടെ ഡോർ ഒഴിവാക്കി അടച്ച് വെച്ചതാണോ..?

ഒരിക്കലും അത് എനിക്ക് തോന്നിയതല്ല... കാരണം ഞാൻ അവിടെയൊക്കെ വ്യക്തമായി കണ്ടതാ... അവിടെ വെച്ച് എനിക്ക് ആദിന്റെ ഷർട്ടും വാച്ചും കിട്ടിയതുമാണ്.... അപ്പോ അതൊന്നും ഒരിക്കലും എന്റെ തോന്നലല്ല....

അപ്പോ പിന്നെ ആ റൂം എവിടെ പോയി...?

എന്റെ കയ്യിൽ ഉണ്ടായിരുന്ന ആ റൂമിലെ ഫോട്ടോസ് ഒക്കെ ആരാകും ഡിലീറ്റ് ആക്കിയത്...?

എനിക്ക് എത്ര ആലോചിച്ചിട്ടും ഒന്നും മനസ്സിലാകുന്നില്ലല്ലോ റബ്ബേ....

എന്തിനാ ഇങ്ങനെ പരീക്ഷണങ്ങൾക്ക് മേൽ പരീക്ഷണങ്ങൾ തന്ന് നീ എന്നെ ഇങ്ങനെ ക്രൂശിക്കുന്നത്...?

ചിലപ്പോ ഇതൊക്കെ എന്റെ നല്ലതിന് വേണ്ടിയാകും... ആദിയെ എനിക്ക് കിട്ടില്ലെന്ന് വീണ്ടും വീണ്ടും എന്നോട് നീ പറയാതെ പറയുന്നതാകും....

പക്ഷെ, എനിക്ക് ഒരിക്കലും ആദിയെ അങ്ങനെ ആർക്കും വിട്ട് കൊടുക്കാൻ പറ്റില്ല... അവന് ഓർമ്മ ഉണ്ടായാലും ഇല്ലെങ്കിലും ശരി I love him.... അവനെ ഞാൻ ഒരിക്കലും വെറുക്കില്ല....'

"ഫെബി...ഇതല്ലേ നിന്റെ ഫ്ലാറ്റ്...?"

എന്ന് ചോദിച്ചോണ്ട് കാക്കു ഞങ്ങളെ ഫ്ളാറ്റിന് മുന്നിൽ വണ്ടി നിർത്തിയപ്പോ അതെ എന്നോ അവരെ അകത്തേക്ക് ക്ഷണിക്കാനോ പറയാനോ ഞാൻ നിന്നില്ല... കാരണം എന്റെ ചിന്തകളൊന്നും ഇവിടെ അല്ലായിരുന്നു...

ഞാൻ അപ്പോ തന്നെ കാറിൽ നിന്നിറങ്ങി തിരിഞ്ഞു പോലും നോക്കാതെ ഏതോ ഒരു ഹാലിൽ ഫ്ലാറ്റിലേക്ക് പോയി... ആ റൂമിലെ രഹസ്യ റൂം എങ്ങോട്ട് പോയി? എന്റെ ഫോണിൽ നിന്നും ആ ഫോട്ടോസ് ആര്, എപ്പോ, എന്തിന് ഡിലീറ്റ് ആക്കി...? ഇതൊക്കെയാണ് അപ്പോ എന്റെ മനസ്സിൽ ഉണ്ടായിരുന്നത്...

ഞങ്ങളെ ഫ്ലാറ്റിൽ എത്തിയപ്പോ തന്നെ അച്ചുവും സനയും കൂടി നമ്മളോട് എന്തൊക്കെയോ ചോദിച്ചോണ്ട് പിന്നാലെ വന്നെങ്കിലും ഞാൻ അതൊന്നും കേൾക്കുന്നില്ലായിരുന്നു...

പെട്ടെന്ന് അച്ചൂ എന്റെ തലക്ക് അടിച്ചപ്പോഴാണ് ഞാൻ ഇപ്പോ ഫ്ലാറ്റിൽ എത്തിയ വിവരം തന്നെ അറിഞ്ഞത്...

അവരൊക്കെ കൂടി എന്നോട് എന്താ ഉണ്ടായതെന്ന് ചോദിക്കേണ്ട താമസം ഞാൻ എല്ലാം അവരോട് തുറന്ന് പറഞ്ഞു... അത് കേട്ടിട്ട് എന്നേക്കാൾ സംശങ്ങളാണ് അവർക്ക് വന്നത്...

"ഫെബി നീയതൊക്കെ കണ്ടെന്നുള്ളത് നേര് തന്നെയാണോ...?"

"അതെ സന.... ഞാൻ അതൊക്കെ കണ്ടതാ... പോരാത്തതിന് അതൊക്കെ എന്റെ ഫോണിൽ ഫോട്ടോ എടുത്ത് വെച്ചതുമാണ്... ആ ഫോട്ടോസ് ഞാൻ നിങ്ങൾക്ക് കാണിച്ച് തന്നില്ലേ...?"

"ഇല്ല ഫെബി... നീ അതിനെ കുറിച്ച് പറഞ്ഞു എന്നല്ലാതെ ഞങ്ങള് ആരും ഫോട്ടോ കണ്ടിട്ടുമില്ല...നീയൊട്ട് കാണിച്ച് തന്നിട്ടുമില്ല...."

അച്ചൂ പറയുന്നത് കേട്ടപ്പോഴാണ് എനിക്ക് തന്നെ അത് ഓർമ്മ വന്നത്... ഞാൻ അതിനെ പറ്റിയൊക്കെ പറഞ്ഞു എന്നല്ലാതെ അവർക്ക് ആ ഫോട്ടോസ് ഒന്നും

കാണിച്ച് കൊടുത്തിട്ടില്ല... അത് ഞാൻ ചെയ്ത ഏറ്റവും വലിയ മണ്ടത്തരമായി പോയെന്ന് എനിക്ക് തോന്നി...

"ഫെബി... നീ വിഷമിക്കാതെ... നീ കണ്ടെന്ന് പറഞ്ഞത് നിനക്ക് തോന്നിയത് അല്ലെന്ന് തന്നെയാ ഞങ്ങളും വിശ്വസിക്കുന്നത്... പക്ഷെ, ആ ഫോട്ടോസ് ഒക്കെ ആരാ നിന്റെ ഫോണീന്ന് ഡിലീറ്റ് ആക്കിയത്...?"

സനയുടെ ചോദ്യം കേട്ടപ്പോ മുതൽ എന്റെ ചിന്ത പിന്നെ അത് മാത്രമായി... അന്ന് ആ ഫോൺ എന്റെ കയ്യിൽ തന്നെയായിരുന്നു... പിറ്റേന്ന് ആദിന്റെ വീട്ടീന്ന് ഇറങ്ങി വന്നപ്പോ ഞാൻ എന്റെ ബാഗ് അവിടെ ഇട്ടിരുന്നു.... പിന്നെ ഹോസ്പിറ്റലിൽ നിന്നും വന്നതിന് ശേഷം രാത്രിയാണ് ഫൈസൽക്ക എന്റെ ബാഗ് തിരിച്ച് കൊണ്ട് വന്നത്....

അതോർത്തെടുത്തപ്പോ തന്നെ ഞാൻ ഒരു ഓട്ടമായിരുന്നു അരുണിന്റെ ഫ്ലാറ്റിലേക്ക്...

അരുണിന്റെ ഫ്ലാറ്റിലാണ് ഇപ്പോ ഫൈസൽക്കയും ജാസിയും താമസിക്കുന്നത്...

ഞാൻ അവരെ ഫ്ലാറ്റിന്റെ മുന്നിൽ എത്തിയ ഉടനെ തന്നെ കോളിങ് ബെല്ലടിച്ചും വാതിലിൽ മുട്ടിയും അവരെ ശല്യം ചെയ്ത് വാതില് തുറപ്പിച്ചു....

ഞങ്ങളെ കണ്ട ഷോക്കിൽ നാലും പരസ്പരം അന്തം വിട്ട് നിൽക്കാണ്...

"എന്താ ഫെബി... എന്താ എല്ലാരും കൂടി ഈ നേരത്ത്...? അതും വാതിലൊക്കെ തല്ലി പൊളിച്ചോണ്ട് എന്താ കാര്യം...?"

"ഫൈസൽക്ക.... അന്ന് ഹോസ്പിറ്റലിൽ വന്നതിന് ശേഷം രാത്രി എന്റെ ബാഗ് കൊണ്ട് വന്നത് ഇങ്ങളല്ലേ...?

ഇങ്ങക്ക് അത് എവിടെന്നാ കിട്ടിയേ...?"

"അതന്ന് നിന്നെ ഫ്ലാറ്റിൽ കൊണ്ടാക്കിയിട്ട് തിരിച്ച് ഞങ്ങള് ആദിന്റെ വീട്ടിലേക്ക് പോയില്ലേ... അപ്പോ അവിടത്തെ സെർവന്റ് എടുത്ത് തന്നതാ അല്ലെടാ അരുണെ...."

"അതെ ഫെബി... അയാള് എനിക്കാണ് നിന്റെ ബാഗ് എടുത്ത് തന്നത്... ഇവിടന്ന് ഫൈസൽക്ക നിനക്ക് കൊണ്ട് തന്നതാ..."

അരുണും ഫൈസൽക്കയും പറയുന്നത് കേട്ടപ്പോ എനിക്ക് പ്രാന്ത് പിടിക്കുന്ന പോലെ തോന്നി... അപ്പോ ആദിന്റെ വീട്ടിലുള്ള ആരോ ആണ് അത് ചെയ്തത്... ചെലപ്പോ അത് ആദി തന്നെ ആണെങ്കിലോ എന്ന് വരെ നമ്മക്ക് സംശയമായി...

നമ്മള് അപ്പോ തന്നെ അവര് ചോദിച്ചതിന് മറുപടിയൊന്നും നൽകാതെ തിരിച്ച് റൂമിലേക്ക് പോയി ടവ്വൽ എടുത്ത് ബാത്റൂമിലേക്ക് കേറി... എന്നിട്ട് അതേപടി ശവറിന്റെ ചുവട്ടിൽ നിന്നിട്ട് എന്റെ തലയൊക്കെ ഒന്ന് തണുപ്പിച്ചു....

ഇനിയും ഈ സംശയങ്ങൾ തലയിൽ പേറി നടന്നാൽ ഞാൻ ചെലപ്പോ വല്ല കടുംകൈയും ചെയ്യുമെന്ന് എനിക്ക് തന്നെ തോന്നി പോയി... അതോണ്ട് കുളിച്ചിറങ്ങിയപ്പോ ആ സംശയമൊക്കെ അപ്പാടെ നമ്മളിൽ നിന്നും ആട്ടിയിറക്കിയിട്ട് യാഥാർഥ്യത്തിന്റെ

കൂടെ സഞ്ചരിക്കാൻ തീരുമാനിച്ചു...

പിറ്റേന്ന് ഓഫീസിലേക്ക് ചെന്നപ്പോ ആദിക്ക് ഒരു ബോസ് എന്ന നിലക്കുള്ള എല്ലാ റെസ്പെക്ടും കൊടുത്തു... അതിൽ കവിഞ്ഞ് ഒന്നും എന്റെ ഭാഗത്ത് നിന്നും ഞാൻ പ്രകടമാക്കിയില്ല...

ചുരുക്കി പറഞ്ഞാൽ നമ്മളെ സ്ഥിരം കണ്ണിറുക്കലും ഫ്ലയിങ് കിസ്സുമൊന്നും ഉണ്ടായില്ലാന്ന്.....

"ആയിഷ.... സിയാദിന്റെ കസിൻ സിസ്റ്ററാണ് താനെന്ന് എന്ത് കൊണ്ടാ എന്നോട് പറയാഞ്ഞത്...?"

ആദി ചോദിക്കുന്നത് കേട്ടപ്പോ നമ്മളെ കാക്കു അങ്ങനെയാണ് ആദിക്ക് പരിചയപ്പെടുത്തി കൊടുത്തത് എന്ന് മനസ്സിലായി...

"അത്... സാറിന്റെ ഫ്രണ്ടാകും കാക്കു എന്ന് എനിക്കും അറിയില്ലായിരുന്നു... അതാ പറയാഞ്ഞത്..."

എന്ന് അവന്റെ മുഖത്ത് നോക്കാതെ നമ്മളും മറുപടി കൊടുത്തപ്പോ ആദി ഒന്ന് മൂളുക മാത്രം ചെയ്തു....

അപ്പോഴാണ് നമ്മക്ക് ഹസിന്റെ കല്യാണത്തിന് ഒരിക്കൽ കൂടി ലീവ് ചോദിച്ചാലോന്ന് തോന്നിയത്... കാരണം ഇപ്പോഴത്തെ അവസ്ഥയിൽ എനിക്ക് ഒരു ബ്രേക്ക് വേണം... അതിന് നാട്ടിലേക്ക് പോകയല്ലാതെ വേറെ വഴിയില്ല....

അതോണ്ട് രണ്ടും കൽപ്പിച്ച് ഞാൻ ആദിയോട് ഒരാഴ്ചത്തെ ലീവ് ചോദിച്ചു... ആ കല്യാണമൊന്ന് കൂടിയിട്ട് വരാനുള്ള സാവകാശം... പക്ഷെ, ആ കോന്തൻ നമ്മക്ക് ഇനി ലീവ് തരില്ലെന്ന് പറഞ്ഞു...

നമ്മള് ഇപ്പോ തന്നെ ഒരുപാട് ലീവ് എടുത്തിട്ടുണ്ട് അതൊണ്ട ലീവില്ലാന്ന് ആ കോന്തൻ പറഞ്ഞപ്പോ എല്ലാം കൂടി ഇട്ടെറിഞ്ഞിട്ട് ഒരു പോക്കങ്ങ് പോയാലോന്ന് വരെ തോന്നി പോയി...

വീണ്ടും അവന്റെ പിന്നാലെ നടന്ന് ഒരു രണ്ട് ദിവസത്തെ ലീവെങ്കിലും തരാൻ പറഞ്ഞു... അവൻ അതിനും സമ്മതിച്ചില്ല... അപ്പോ എനിക്ക് വന്ന ദേഷ്യം അവനെ കൊല്ലാനുള്ളതായിരുന്നു...

"ഈ മാസം 21ന് ഒരു ഇവന്റ് നടക്കാനിരിക്കാ... അതോണ്ട് ആർക്കും ലീവൊന്നും തരാൻ പറ്റില്ല... that event is very important...."

"But sir, എന്റെ കസിന്റെ കല്യാണം 28നാണ്... അതോണ്ട് ആ ഇവന്റ് തീരുന്നതിന് ശേഷം എനിക്ക് ലീവ് തന്നൂടെ...?"

"തന്നോടല്ലേ മലയാളത്തിൽ പറഞ്ഞത് തനിക്ക് ഇനി ലീവ് തരില്ലെന്ന്... പിന്നെ എന്തിനാ ഓരോന്ന് പറഞ്ഞ് വരുന്നത്...?

21ന് നടക്കാനിരിക്കുന്ന ഇവന്റ് എങ്ങാനും കുളമായാൽ എന്റെ മറ്റൊരു മുഖം കൂടി തനിക്ക് കാണേണ്ടി വരും... അതോണ്ട് മര്യാദക്ക് ആ ഇവെന്റിനുള്ള അറേഞ്ച്മെൻസ് ചെയ്യാൻ നോക്ക്..."

എന്ന് ആ കോന്തൻ നമ്മളോട് പറഞ്ഞപ്പോ ഓന്റെ ആ താടിക്ക് തീ കൊളുത്തിയിട്ട് ഓന്റെ തലമണ്ട നോക്കി ഒരെണ്ണം കൊടുത്താലോ എന്ന് വരെ നമ്മക്ക് തോന്നി

പോയി... കോന്തൻ തെണ്ടി...

പിന്നെ അവിടന്നുള്ള എല്ലാ ദിവസവും എനിക്കും അച്ചുവിനും ഒക്കെ ആദിയോട് ലീവ് തരണമെന്ന് അപേക്ഷിക്കലും ആ ഇവെന്റിനുള്ള പ്ലാൻ തയ്യാറാക്കലുമായിരുന്നു പണി...

ഒടുക്കം പ്ലാനൊക്കെ പൂർത്തിയായെങ്കിലും ലീവിന് ആ കോന്തന്റെ സമ്മതം മാത്രം കിട്ടിയില്ല...

അങ്ങനെ അന്നത്തെ ആഴ്ച ഓഫീസിൽ മല്ലിട്ട് തീർന്നപ്പോഴും നമ്മളെ മനസ്സിൽ ഇടക്കിടക്ക് പഴയ സംശയങ്ങൾ കൂടി വന്നിരുന്നു... കൂടുതൽ ചിന്തിക്കുമ്പോ എനിക്ക് ഭ്രാന്ത് പിടിക്കുന്ന പോലെ തോന്നിയതും ആ ചിന്തക്കളെ ഒക്കെ എന്നിൽ തന്നെ കുഴിച്ച് മൂടും...

ഇന്ന് ഹോളിഡേ ആയോണ്ട് ഫ്ലാറ്റിലേക്ക് കാക്കൂനെയും ശാലൂനെയും ഞങ്ങൾ ഡിന്നറിന് ക്ഷണിച്ചിട്ടുണ്ട്...

അതോണ്ട് രാവിലെ മുതൽ ഞങ്ങൾക്ക് മൂന്നിനും കിച്ചണിൽ ആയിരുന്നു പണി...

കൂട്ടത്തിൽ ഞങ്ങളെ സഹായിക്കാൻ ആ നാല് കൊരങ്ങന്മാരും....

"എന്റെ ഫെബി... നിന്റെ ഫുഡൊക്കെ എന്താ ടേസ്റ്റെന്ന് അറിയോ നിനക്ക്...?

കഴിച്ച് കഴിച്ച് ഒടുക്കം നമ്മള് വിരല് വരെ കടിച്ച് പോകും അത്രക്ക് ടേസ്റ്റാ...."

"സത്യം... ഇവളെ ഉമ്മച്ചി ഫുൾ കൈപ്പുണ്യവും ഇവൾക്ക് കിട്ടിയിട്ടുണ്ട്... പണ്ട് ഉപ്പിട്ട കാരറ്റ് ഹൽവ ഉണ്ടാക്കിയ പെണ്ണ് തന്നെയാണോ ഇതെന്ന് എനിക്ക് ഇപ്പോഴും ഡൗട്ടാ...."

"ഓ....മതി രണ്ടും കൂടി എന്നെ പുകഴ്ത്തിയത്... ഞാൻ പറഞ്ഞില്ലേ രണ്ടിനോടും ഫുഡൊക്കെ ഞാൻ തന്നെ ഉണ്ടാക്കിക്കോളാമെന്ന് പിന്നെന്തിനാ ഇങ്ങനെ ഐസ് വെക്കുന്നെ...?"

"എന്റെ ഫെബി...ഞങ്ങള് കാര്യം പറഞ്ഞതല്ലേ... അല്ലാതെ നിന്നെ സുഖിപ്പിക്കാൻ പറയാൻ വേണ്ടി

എനിക്കെന്താ വട്ടാണോ...?"

എന്ന് പറഞ്ഞ് അച്ചൂ നിന്ന് കിണിച്ചപ്പോ നമ്മള് കയ്യിലുണ്ടായിരുന്ന ചട്ടുകം കൊണ്ട് ഓളെ ചന്തിക്ക് ഒരെണ്ണം പൊട്ടിച്ചതും കോളിങ് ബെല്ലടിച്ചതും ഒരുമിച്ചായിരുന്നു...

"ദേ അച്ചൂ ആരാ വന്നതെന്ന് ചെന്ന് നോക്കിയേ... ചെലപ്പോ അവന്മാരാകും... കൊണ്ട് വരാൻ പറഞ്ഞ സാധനങ്ങളും കൊണ്ടാകും വരവ്... പോയി അത് വാങ്ങി വാ..."

എന്ന് പറഞ്ഞ് അവളെ ആട്ടിയപ്പോ അവള് ഒരു കാരറ്റും കടിച്ചോണ്ട് അവിടന്ന് ആടിപ്പാടി പോകുന്നതിന് പിന്നാലെ സനയും പോയി...

കുറച്ച് കഴിഞ്ഞപ്പോ രണ്ടും കൂടി മോന്തയും വീർപ്പിച്ചോണ്ട് കയ്യിലൊന്നും ഇല്ലാതെ വരുന്നത് കണ്ടിട്ട് നമ്മള് അവറ്റകളെ ഒന്ന് അടിമുടി നോക്കി....

"എന്തേടി അച്ചൂ... അവന്മാര് ഒന്നും കൊണ്ട് വന്നില്ലേ...?"

എന്ന നമ്മളെ ചോദ്യത്തിന് അവള് മോന്ത കനപ്പിച്ച് കൊണ്ട് മുഖം തിരിച്ചു...

"എന്താടി സന....? ആരാ വന്നേ..? അവന്മാരല്ലേ...?"

"അത് അവന്മാരല്ല.... വന്നത് ഞങ്ങളെ കാണാനുമല്ല.... നിന്നെ കാണാനാ..." സനയാണ്.

"എന്നെ കാണാനോ..? ആര്...? ആരാടി അച്ചൂ വന്നേ...?"

"ആരാ വന്നതെന്ന് ചെന്ന് പോയി നോക്ക്... അപ്പോ മനസ്സിലാകും..."

എന്ന് കലിപ്പായി കൊണ്ട് അച്ചു പറയുന്നത് കേട്ടപ്പോ തന്നെ അവരാറുമല്ല ആളെന്ന് മനസ്സിലായി... പിന്നെ

നമ്മളെ ആരാപ്പോ ഇവിടെ വന്ന് കാണാൻ എന്ന് ചിന്തിച്ചോണ്ട് നമ്മള് അവിടന്ന് ഹാളിലേക്ക് ചെന്ന് നോക്കി...

അപ്പോ അവിടെ സോഫയിലിരുന്ന് മാഗസിൻ മറിച്ച് നോക്കുന്ന ആളെ കണ്ടതും എന്റെ മുഖവും കടന്നൽ കുത്തിയ പോലെയായി....

"സൽമ....."

(തുടരും)

ഭാഗം.107

"സൽമാ...."

നമ്മളെ വിളി കേട്ടതും അവള് ആ മാഗസിനിൽ നിന്നും തലയുയർത്തി നമ്മളെ നോക്കി ഒന്ന് ആക്കിച്ചിരിച്ചിട്ട് മാഗസിൻ അവിടെ വെച്ച് എണീറ്റ് നമ്മളെ അടുത്തേക്ക്

വന്നു....

"ഹായ്... ഹോളിഡേ ആയിട്ട് കാര്യമായ പരിപാടിയിലാണെന്ന് തോന്നുന്നു.... ഞാൻ വന്നത് ശല്യമായോ...

ഇനിയിപ്പോ ശല്യമായാൽ തന്നെ ഒരു ഫൈവ് മിനിറ്റസ് എന്നെ നിങ്ങൾ സഹിച്ചേ പറ്റൂ...."

ഒരു പരിഹാസത്തോടെയുള്ള ചിരിയോടെ സൽമ പറയുന്നത് കേട്ടപ്പോ നമ്മള് അപ്പോ തന്നെ സനയെയും അച്ചൂനെയും ഒന്ന് തിരിഞ്ഞു നോക്കി... രണ്ടും നമ്മളെ പുറകിൽ നിന്നിട്ട് സൽമയെ നോക്കി മുഖം തിരിച്ച് നിൽക്കാണ്...

"എന്താ പറയാനുള്ളതെന്ന് വെച്ചാ ഒന്ന് വേഗം പറഞ്ഞിട്ട് പോ...." അച്ചുവാണ്.

"സോറി എനിക്ക് പറയാനല്ല തരാനാ ഉള്ളത്...."

എന്ന് പറഞ്ഞോണ്ട് ഓള് ബാഗ്തുറന്ന് എന്തോ എടുക്കാൻ നിന്നപ്പോ നമ്മള് ഒരു ചെറിയ സംശയത്തോടെ ഓളെ നോക്കി...

അപ്പോ തന്നെ അവളെന്റെ നേരെ ഒരു എൻവലപ് നീട്ടിയിട്ട് പുരികം പൊന്തിച്ച് ഇളിച്ച് കാണിച്ചു....

നമ്മളത് ഓളെ കയ്യിൽ നിന്നും വാങ്ങിച്ച് തുറന്ന് നോക്കിയപ്പോ ആദിയും സൽമയും നിൽക്കുന്ന ഒരു ഫോട്ടോയും അതിന് താഴെ വേറെ എന്തൊക്കെയോ കൊടുത്തിട്ടുണ്ട്.... പക്ഷെ, എന്റെ കണ്ണ് ചെന്നത് ആ ഫോട്ടോയിലേക്ക് ആയിരുന്നു...

"എന്റെയും ആദിയുടെയും എങ്കേജ്മെന്റാണ് ഈ വരുന്ന 21ന്... ആ ദിവസത്തിന് വേണ്ടി കാത്തിരിക്കാണ് ഞാനും ആദിയും... ചെലപ്പോ ഈ ന്യൂസ് അറിയുന്ന അവസാനത്തെ ആളാകും നീ... എന്താ അശ്വതി ഞാൻ പറഞ്ഞത് ശരിയല്ലേ...?"

എന്ന് ഓള് അച്ചുവിന്റെ നേരെ തിരിഞ്ഞ് ചോദിച്ചതും

നമ്മള് അപ്പോ തന്നെ അച്ചൂനെ തിരിഞ്ഞു നോക്കി.... ഓള് എനിക്ക് മുഖം തരാതെ തല താഴ്ത്തി നിന്നപോ തന്നെ ഇത് അവർക്ക് അറിയാമായിരുന്നെന്ന് എനിക്ക് മനസ്സിലായി... അതോണ്ട് നമ്മള് വീണ്ടും ആ കാർഡിലേക്ക് നോട്ടമിട്ട് കൊണ്ട് അങ്ങനെ നിന്നു....

എന്താണെന്ന് അറിയില്ല അന്ന് ഞാൻ അനുഭവിച്ച അത്ര ടെൻഷനോ സങ്കടമോ ഒന്നും ഈ വാർത്ത കേട്ടപ്പോ എനിക്ക് തോന്നിയില്ല... വെറും ഒരു മരവിപ്പ് മാത്രം...

"നിങ്ങളെ പ്രത്യേകം ക്ഷണിക്കേണ്ട ആവശ്യമില്ലെന്ന് അറിയാം... കാരണം നിങ്ങളാണല്ലോ ഇവന്റിന്റെ മാസ്റ്റർ ബ്രെയിൻസ്... പക്ഷെ, ഒഫീഷ്യൽ ആയിട്ട് ഇവരെ ആരെയും ക്ഷണിച്ചില്ലേലും നിന്നെ ക്ഷണിക്കാതിരിക്കുന്നത് മോശമല്ലേ...?

അതോണ്ടാ ഇപ്പോ ഇങ്ങനെ ഒരു കൂടിക്കാഴ്ച നടത്തിയത്...

അപ്പോ മറക്കരുത് ഈ വരുന്ന 21ന് ഞങ്ങളെ ഓഡിറ്റോറിയത്തിൽ വെച്ചിട്ട്... ഇനി വെറും നാല് ദിവസമേ ഉള്ളുട്ടോ അതോണ്ട് വർക്ക് ഒക്കെ ഫാസ്റ്റ്

ആയിക്കോട്ടെ...."

എന്ന് പറഞ്ഞ് അവള് പരിഹാസത്തോടെ നമ്മളെ നോക്കി ചിരിച്ചപ്പോഴും നമ്മള് മറുത്തൊന്നും പറയാതെ അവൾക്ക് നേരെ ഒരു പുച്ഛത്തിന്റെ ചിരി നൽകി... അത് കണ്ടപ്പോ അവളെ മുഖത്തെ ചിരി മാഞ്ഞു പോയി...

"നീ ഇങ്ങനെ അഹങ്കാരിക്കാൻ മാത്രം ആദി നിന്റെ സ്വന്തം ആയിട്ടില്ലല്ലോ സൽമാ.... അതിന് ഇനിയും ദിവസങ്ങൾ കിടക്കല്ലേ...

പിന്നെ നീ ഇങ്ങനെയൊക്കെ പറയുന്നത് കേട്ടാൽ തോന്നും ആദിയേ നിനക്ക് നിന്റെ സ്നേഹം കൊണ്ട് കിട്ടിയതാണെന്ന്...

അല്ല സൽമാ.... ആദിയെ നീ സ്വന്തമാക്കാൻ പോകുന്നുണ്ടെങ്കിൽ അത് എന്റെ ഒരാളുടെ ഔദാര്യം കൊണ്ട് മാത്രമാണ്... ഞാൻ ഒന്ന് മനസ്സ് വെച്ചാൽ ആദി എന്നോ എന്റേത് ആയേനെ... അല്ലേൽ ഞാൻ ആക്കിയേനെ...

പിന്നെ അതിനൊന്നും മുതിരാഞ്ഞത് എന്റെ സ്നേഹം മനസ്സിലാക്കാത്തവരുടെ സ്നേഹം എനിക്ക് വേണ്ടെന്ന് തോന്നിയത് കൊണ്ടാ... എന്ന് കരുതി ആദിയെ ഞാൻ പൂർണ്ണമായും വിട്ട് തന്നെന്ന് നീ കരുതണ്ട...
ഇന്നല്ലെങ്കിൽ നാളെ ആദി സത്യം തിരിച്ചറിയുമല്ലോ അപ്പോ നിനക്ക് മനസ്സിലാകും എന്റെ ഔദാര്യമാണ് നിനക്ക് ഇപ്പോ കിട്ടാൻ പോകുന്ന സൗഭാഗ്യമെന്ന്..."

എന്ന് പറഞ്ഞ് തീർന്നതും നമ്മള് അപ്പോ തന്നെ ആ കാർഡ് വലിച്ച് കീറിയിട്ട് ഓളെ മുഖത്തേക്ക് എറിഞ്ഞു....

"പുതുമണവാട്ടി ചെല്ല്.... നമുക്ക് എങ്കേജ്മെന്റിന് കാണാം... പോ..."

എന്ന് നമ്മള് പറഞ്ഞപ്പോ ഓളെ മുഖം ദേഷ്യം കൊണ്ട് ചുവന്ന് തുടുത്തിട്ട് നമ്മളെ നേരെ വിരൽ ചൂണ്ടി അവിടന്ന് ഇറങ്ങി പോയി...

നമ്മള് അപ്പോ തന്നെ ഒന്ന് നെടുവീർപ്പിട്ടോണ്ട് തിരിഞ്ഞു നോക്കിയതും സനയും അച്ചുവും കൂടി കയ്യും കെട്ടി നമ്മളെ നോക്കി നിൽപ്പുണ്ടായിരുന്നു...

അവരെ നോക്കി ഒന്ന് പല്ലിളിച്ച് കാണിച്ചിട്ട് നമ്മള് അപ്പോ തന്നെ കിച്ചണിലേക്ക് വെച്ച് പിടിച്ചു...നമ്മളെ പിന്നാലെ അവറ്റകൾ രണ്ടും....

"ഫെബി...നീയെന്തിനാ അവളോട് അങ്ങനെ ഒക്കെ പറഞ്ഞത്...?" അച്ചുവാണ്.

"അവളെ വാ അടപ്പിക്കാൻ വേണ്ടി എനിക്ക് അപ്പോ അങ്ങനെ ഓക്കെയാ പറയാൻ തോന്നിയത് അതോണ്ട് പറഞ്ഞു..."

"സൽമ ആ വിവരം നിന്നോട് അറിയിക്കുമ്പോൾ നീ സങ്കടം വന്ന് കരയുമെന്നാ ഞാൻ കരുതിയത്... പക്ഷെ നിനക്ക് യാതൊരു വിധ ഭാവമാറ്റവും ഇല്ലേന്നല്ലോ...." സനയാണ്.

"നിങ്ങളൊക്കെ അറിയുന്നതിന് മുൻപ് ഞാൻ അറിഞ്ഞതാ അവരുടെ എങ്കേജ്മെന്റാണ് ഈ മാസം 21ന് എന്ന്... അന്ന് കാക്കൂനെയും കൂട്ടി ആദിന്റെ വീട്ടിലേക്ക് പോയപ്പോൾ ഉമ്മി സംസാരിച്ചത് ഇതിനെ

കുറിച്ചാണ്... ആ കാർഡ് അടിക്കാനുള്ള കണ്ടെന്റ് വരെ ഞാനാ പ്രെസ്സിലേക്ക് അയച്ച് കൊടുത്തത്..."

പാചകം ചെയ്യുന്നതിനിടയിൽ കൂടി തന്നെ നമ്മള് അവരുടെ ചോദ്യത്തിനുള്ള മറുപടിയൊക്കെ നൽകി കൊണ്ടിരുന്നു...

"അപ്പോ ഫെബി.... നീ ആദിൽക്കാനെ അവൾക്ക് വിട്ട് കൊടുക്കാൻ പോകാണോ...?"

സനന്റെ ചോദ്യം കേട്ടപ്പോ ഞാൻ അറിയാതെ തന്നെ നിശ്ചലമായി നിന്ന് പോയി...

"അറിയില്ല.... എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല സനാ... ഉറങ്ങുന്നവരെ നമുക്ക് എണീപ്പിക്കാൻ പറ്റും പക്ഷെ ഉറക്കം നടിക്കുന്നവരെ നമുക്ക് ഒരിക്കലും ഉണർത്താൻ കഴിയില്ല...."

"നീയെന്താ ഫെബി ഈ പറഞ്ഞ് വരുന്നത്...?

കാക്കു അഭിനയിക്കാണെന്ന് നീ ഇപ്പോഴും വിശ്വസിക്കുന്നുണ്ടോ...?"

"അറിയില്ല...എനിക്ക് ഒന്നും അറിയില്ല... പക്ഷെ എന്തൊക്കെയോ കളി ആരൊക്കെയോ ഇതിനിടയിൽ കൂടി കളിക്കുന്നുണ്ട്...

ആദിയെ ഞാൻ മറക്കാൻ ശ്രമിക്കാണ്... അവനെ പോലെ എല്ലാം മറന്ന് ഇന്നത്തെ അവസ്ഥയോട് പൊരുത്തപ്പെടാൻ നോക്കാണ്... ആദിയെ എനിക്ക് കിട്ടിയില്ലേലും ഞാൻ ഹാപ്പിയാണ്... പക്ഷെ അവനെ എന്റെ ഇഷ്ടം അറിയിക്കാൻ കഴിയാത്തത് ആലോചിക്കുമ്പോഴാ സങ്കടം... സാരല്യ... എല്ലാം മാറുമായിരിക്കും...

പിന്നെ സൽമയോട് ഒരു വെല്ലുവിളിയുടെ സ്വരത്തിൽ സംസാരിച്ചത് വേറെ ഒന്നിനുമല്ല....എന്റെ ഒരു മനസ്സമാധാനത്തിനാ..."

എന്നൊക്കെ പറഞ്ഞോണ്ട് നമ്മള് നമ്മളെ പണിയിൽ ശ്രദ്ധ ചെലുത്തി... എന്റെ മാറ്റം കണ്ടിട്ട് അന്തം വിട്ട് നിൽക്കാണ് അച്ചുവും സനയും... ആദിന്റെ എങ്കേജ്മെന്റ് സൽമയുമായി നടക്കുന്നത് എനിക്ക്

പ്രശ്നമില്ലെന്ന് അവര് കരുതിയാലും ശെരിക്ക് എന്റെ ഉള്ളിൽ നീറി പുകയായിരുന്നു...

അന്നത്തെ ദിവസം മുഴുവൻ ഞങ്ങള് കാക്കൂന്റെയും ശാലുന്റെയും അപ്പൂന്റെയും കൂടെ അടിച്ച് പൊളിച്ച് തീർത്തു.... അവര് പോകാൻ നേരം ആദി അവരെ എങ്കേജ്മെന്റിന് ക്ഷണിച്ച വിവരവും പറഞ്ഞിട്ടാണ് പോയത്... അതുവരെ മറന്ന കാര്യം കാക്കു നമ്മളെ വീണ്ടും ഓർമിപ്പിച്ചു....

പിന്നീടുള്ള നാല് ദിവസവും ആ എങ്കേജ്മെന്റിനുള്ള ഓട്ടത്തിലായിരുന്നു ഞങ്ങള്... സത്യം പറഞ്ഞാൽ ഞാൻ എന്തിനാ ഇതൊക്കെ ചെയ്ത് കൊടുക്കുന്നതെന്ന് എനിക്ക് തന്നെ അറിയില്ല... ഞാൻ അറിയാതെ തന്നെ ഇതെല്ലാം ചെയ്യാൻ ബാധ്യസ്ഥ ആവുകയായിരുന്നു... ഓഡിറ്റോറിയത്തിലെ അറേഞ്ച്മെൻസിന് നമ്മള് ഓടി നടന്ന് എല്ലാം നല്ല ഭംഗിയായി ചെയ്ത് കൊടുക്കുന്നത് കണ്ടിട്ട് എല്ലാവർക്കും അത്ഭുതമായിരുന്നു...

എന്തോ എന്റെ മനസിപ്പോ യാഥാർഥ്യത്തോട് പൊരുത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നു... അതോണ്ട് ഇതൊന്നും വല്യ വിഷയമായി എനിക്ക് തോന്നിയില്ല.

ഇന്നാണ് ആദിന്റെയും സൽമന്റെയും എങ്കേജ്മെന്റ്... രാവിലെ മുതൽ തന്നെ എല്ലാ കാര്യങ്ങൾക്കും ഞാനും എന്റെ ടീമും ഓഡിറ്റോറിയത്തിൽ ഉണ്ടായിരുന്നു... കമ്പനിന്റെ നെയിം പ്രിന്റ് ചെയ്ത ഒരേ പോലെയുള്ള ഡ്രസ്സ് ആയിരുന്നു ഞങ്ങളുടേത്....

ആദിയും സൽമയും കുടുംബവും നേരത്തെ എത്തിയിട്ടുണ്ട്... ഓഡിറ്റോറിയത്തിൽ വെച്ചാണ് അവര് ഡ്രസ്സ് മാറ്റുന്നത്... അച്ചൂ അവർക്ക് വേണ്ടിയുള്ള ഡ്രസ്സ് ഒക്കെ റെഡിയാക്കുന്ന തിരക്കിൽ ആയിരുന്നു....

ആദിയും സൽമയും എത്തിയിട്ടുണ്ടെന്ന് പറയാൻ വേണ്ടി ഞാൻ അച്ചുവിന്റെ കോസ്റ്റ്യൂംസ് റൂമിലേക്ക് പോയി... അപ്പോ അവള് ആദിക്കും സൽമക്കും വേണ്ടിയുള്ള ഡ്രസ്സ് മടക്കി വെക്കായിരുന്നു....

"അച്ചൂ...കഴിഞ്ഞില്ലേ....?

അവരൊക്കെ എത്തി... wow... സൂപ്പർ അച്ചൂ.... ഈ ഡാർക്ക് റെഡ് ലെഹങ്ക കാണാൻ നല്ല ഭംഗിയുണ്ട്... ഈ ഗൗണും കൊള്ളാം....

ഇതിൽ ഏതാ ഇന്ന് അവള് ഇടാൻ പോകുന്നെ...?"

"ആവോ...അതൊക്കെ ആ മൂദേവി തന്നെ തീരുമാനിക്കട്ടെ... അവളെന്നോട് ഈ ഗൗണും ലെഹങ്കയും ഉണ്ടാക്കാൻ പറഞ്ഞു... ഞാൻ രണ്ടും ഒരേ കളറിൽ ഉണ്ടാക്കി വെക്കേം ചെയ്തു... ഇതിൽ ഏത് ഇടണമെന്ന് അവള് തീരുമാനിക്കട്ടെ..."

അച്ചു ആ ഡ്രെസ്സിലേക്ക് നോക്കി കൊണ്ട് തന്നെ മറുപടി പറഞ്ഞപ്പോ നമ്മളൊന്ന് ചിരിച്ചോണ്ട് തിരിഞ്ഞ് നോക്കിയപ്പോ അവിടെ ഒരു ഹാങ്കറിൽ ആദിക്കുള്ള ഡാർക്ക് റെഡ് ശർവാണിയും കോട്ടും സൂട്ടും വെച്ചിട്ടുണ്ടായിരുന്നു....

നമ്മള് പതിയെ അതിന്റെ അടുത്തേക്ക് നടന്നിട്ട് ആ ശർവാണി കയ്യിലെടുത്തു....

"ഇത് ആദിക്ക് നന്നായിട്ട് മാച്ചാകും...."

"ഉം... നീ ഇവിടെ അവന് മാച്ചുള്ളതും നോക്കി നിന്നോ... ആ മൂദേവി കാക്കൂനെ തട്ടിയെടുക്കാൻ പോകാണെന്ന്

നീ മറക്കണ്ട...."

അച്ചു നമ്മളോട് കലിപ്പായി കൊണ്ട് അങ്ങനെ പറഞ്ഞ് തുള്ളിയപ്പോ നമ്മക്ക് ഒരുതരം പുച്ഛമായിരുന്നു... ഞാൻ ഒന്ന് നെടുവീർപ്പിട്ടോണ്ട് ആ ശർവാണി അവിടെ വെച്ചു....

"അശ്വതി... എന്റെ കോസ്റ്റ്യൂംസ് എവിടെ...?"

പെട്ടെന്ന് നമ്മളെ പിറകിൽ നിന്നും ആദിന്റെ ശബ്ദം കേട്ടതും ഞാൻ അപ്പോ തന്നെ തിരിഞ്ഞ് നിന്ന് അവനെ നോക്കി...

അപ്പോ എന്റെ കണ്ണിൽ അവനെ മാത്രമേ കാണാൻ കഴിഞ്ഞുള്ളു... അച്ചൂ അവനോട് എന്തൊക്കെയോ പറഞ്ഞിട്ട് എന്റെ നേരെ വരുന്നുണ്ട്.... ഓള് അപ്പോ തന്നെ എന്നെ പിടിച്ച് മാറ്റിയിട്ട് ഓന്റെ കോസ്റ്റ്യൂംസ് അവന് കാണിച്ച് കൊടുത്തു...

ഞാൻ അപ്പോഴും ഏതോ ലോകത്തെന്ന പോലെ ഓനെയും നോക്കി കൊണ്ട് നിന്നപ്പോഴാണ് അച്ചു

നമ്മളെ കാലിൽ ചവിട്ടിയത്... നമ്മള് അപ്പോ തന്നെ ആ....ന്ന് അലറി കൊണ്ട് ഒറ്റക്കാലിൽ നിന്ന് തുള്ളി കളിച്ചു...

അത് കണ്ട് ആദി വാട്ട് ഈസ് ദിസ് എന്ന് പറഞ്ഞപ്പോ നമ്മള് അവിടെ നിന്ന് തല താഴ്ത്തിയിട്ട് ആ അച്ചൂനെ തുറുക്കനെ നോക്കി....

നമ്മക്കിട്ട് പണി തന്നിട്ട് പണ്ടാറക്കാലത്തി നിന്ന് കിണിക്കാണ്... ആ അവൾക്ക് ഞാൻ കൊടുക്കുന്നുണ്ട് ആദ്യം ഈ പുതുമണവാളൻ ഒന്ന് പോകട്ടെ...

"നൈസ്... ബട്ട് എനിക്ക് ഈ ശർവാണി മതി...."

എന്ന് പറഞ്ഞ് ആദി ആ ശർവാണി സെലക്ട് ചെയ്തപ്പോ ഞാനും അച്ചുവും പരസ്പരം തൊള്ളേം തുറന്നോണ്ട് മുഖത്തോട് മുഖം നോക്കി നിന്ന് ഒന്ന് പുഞ്ചിരി തൂകി....

ആദി അതേടുത്തോണ്ട് പോകാൻ നിന്നതും സൽമക്ക് എടുത്ത് വെച്ച ഡ്രെസ്സുകൾ അവൻ കണ്ടു...

"ഇത് സൽമാക്കുള്ളതല്ലേ...?

അവളോട് ഈ ലെഹങ്ക ഇട്ടിട്ട് വരാൻ പറഞ്ഞാൽ മതി.... ദാ.... കൊണ്ട് പോയി അവൾക്ക് കൊടുത്തിട്ട് ഞാൻ ഇത് ഇടാൻ പറഞ്ഞെന്ന് ചെന്ന് പറ...."

എന്ന് പറഞ്ഞ് ആദി എന്റെ നേരെ ആ ലെഹങ്ക നീട്ടിയപ്പോ നമ്മള് അച്ചൂനെയൊന്ന് തിരിഞ്ഞ് നോക്കി... അപ്പോ അവളെന്നോട് കാതിൽ പതുക്കെ, 'എല്ലാം വരുത്തി വെച്ച് ഈ സീൻ ഇതുവരെ കൊണ്ടെത്തിച്ചത് നീയല്ലേ... അതോണ്ട് ആ മൂദേവിക്ക് നീ തന്നെ ഈ ലെഹങ്ക കൊണ്ട് കൊടുക്കുന്നതാ നല്ലത്...' എന്ന് പറഞ്ഞ് നമ്മളെ നോക്കി പുച്ഛിച്ചു...

നമ്മള് ഓളെ തുറുക്കനെ നോക്കി കൊണ്ട് ആദിയുടെ മുഖത്തേക്ക് നോക്കാതെ അവന്റെ കയിൽ നിന്നും ആ ലെഹങ്ക വാങ്ങി... ഓൻ അപ്പോ തന്നെ അവിടന്ന് ഇറങ്ങി പോയി... നമ്മള് അപ്പോ ഓനെയും ആ ലെഹങ്കയിലേക്കും നോക്കി അവിടെ നിന്നപ്പോ ആ ലെഹങ്ക ഇട്ടോണ്ട് ആദിന്റെ കൂടെ മണവാട്ടിയായി നിൽക്കുന്നത് ഒരു നിമിഷം സ്വപ്നം കണ്ട് പോയി...

"സ്വപ്ന റാണി സ്വപ്നം കാണുന്നത് നിർത്തിയിട്ട് ആ മൂദേവിക്ക് ഇത് കൊണ്ട് കൊടുക്കാൻ നോക്ക്.... നിന്നെ കൊണ്ട് ഇങ്ങനെ സ്വപ്നം കാണാനേ കഴിയൂ ഫെബി... കാക്കൂനെ സ്വന്തമാക്കാൻ പറ്റില്ല..."

എന്ന് പറഞ്ഞ് അവളെന്റെ തലക്ക് ഒരു കൊട്ട് തന്നപ്പോഴാ നമ്മള് സ്വപ്നത്തിൽ നിന്നും ഉണർന്നത്... അതുവരെ അവള് പറഞ്ഞതൊന്നും ഞാൻ കേട്ടിട്ടില്ലെങ്കിലും അവസാനം അവള് പറഞ്ഞത് മാത്രം ഞാൻ നന്നായിട്ട് കേട്ടു....

'എന്നെ കൊണ്ട് ഇങ്ങനെ സ്വപ്നം കാണാൻ മാത്രേ പറ്റൂ ആദിയെ സ്വന്തമാക്കാൻ പറ്റില്ല 'എന്ന്... may be... അവള് പറഞ്ഞത് ശരിയായിരിക്കാം....

പക്ഷെ, എന്നെങ്കിലും ഒരിക്കൽ എന്റെ സ്വപ്നങ്ങളും നടക്കുന്ന കാലം വരും... ആ ഉറപ്പ് ഉള്ളത് കൊണ്ടാ ഞാൻ ഈ പരിപാടിക്ക് ഇറങ്ങി തിരിച്ചത്...

എന്താണെന്ന് അറിയില്ല... ഇന്ന് എന്തൊക്കെയോ നടക്കാൻ പോകുന്ന പോലെ ഒക്കെ തോന്നുന്നു...

ഞങ്ങൾ എല്ലാവരും പ്രതീക്ഷിക്കുന്നതിലും അപ്പുറം എന്തോ ഒന്ന്....

"ഡി.... അത് കൊണ്ട് പോയി കൊടുക്കടി... ആ മൂദേവി വിളിക്കുന്നുണ്ട്... അവളുടെ റൂമിൽ കൊണ്ട് പോയി നീ തന്നെ അവൾക്ക് ഇത് കൊടുക്കണമത്രെ....

ചെല്ല്... ചെന്ന് അവളെ പോയി ഇതൊക്കെ ഉടുപ്പിച്ചിട്ട് അണിയിച്ച് ഒരുക്കി താഴേക്ക് കൊണ്ട് വാ...."

എന്ന് പറഞ്ഞ് നമ്മളെ നോക്കി പിറുപിറുതോണ്ട് അച്ചു അവിടന്ന് ഇറങ്ങി പോയി... നമ്മള് ഒരു ദീർഘ ശ്വാസം വിട്ടിട്ട് മുഖത്ത് ഒരു പുഞ്ചിരിയും വിടർത്തി കൊണ്ട് സൽമന്റെ റൂമിലേക്ക് പോയി...

അവിടെ എത്തിയിട്ട് ഡോറിൽ രണ്ട് തട്ട് കൊടുത്തപ്പോ അവള് അകത്തേക്ക് കേറി വരാൻ പറഞ്ഞു... നമ്മള് ഡോർ തുറന്ന് അകത്തേക്ക് കയറി നോക്കുമ്പോഴുണ്ട് അവള് ഫേസ് പാക്കും ഇട്ടോണ്ട് മുടി ചുരുളൻ ആക്കി വെക്കുന്നു... നമ്മള് ഓളെ കോലം കണ്ടിട്ട് ചിരി കൺട്രോൾ ചെയ്ത് വെച്ചോണ്ട് ആ ലെഹങ്ക എടുത്ത് അവളെ ബെഡിൽ കൊണ്ട് പോയി വെച്ച് തിരിച്ച്

പോകാൻ നിന്നതും....

"ഒന്നവിടെ നിന്നെ..."

അവളെ വിളി കേട്ടപ്പോ തന്നെ നമ്മള് ഓളെ നേരെ തിരിഞ്ഞ് നിന്നു... അപ്പോ അവള് എന്നെ ഒരു പുച്ഛത്തോടെ നോക്കി ചിരിച്ചോണ്ട് ആ ലെഹങ്ക തിരിച്ചും മറിച്ചും നോക്കിയിട്ട് എന്റെ മുഖത്തേക്ക് വലിച്ചെറിഞ്ഞു... നമ്മള് ഒന്നും മനസ്സിലാകാതെ അവളെ തന്നെ നോക്കി നിന്ന് ആ ഡ്രസ്സ് കയ്യിൽ പിടിച്ചു...

"എനിക്ക് ഇതല്ല ആ ഗൗണാണ് വേണ്ടത്...

ചെല്ല് ...ചെന്ന് ആ ഗൗൺ എടുത്തിട്ട് വാ..."

"എന്നോട് ആദി...സോറി സാർ പറഞ്ഞത് നിനക്ക് ഈ ലെഹങ്ക തരാനാ... അതോണ്ടാ ഇത് കൊണ്ട് വന്നത്... നീ ഇത് ഇട്ട് വന്നാൽ മതി..."

"ഞാൻ ഇത് ഡ്രസ്സ് ധരിക്കണം ധരിക്കേണ്ട എന്നൊക്കെ തീരുമാനിക്കുന്നത് ഞാനാണ്... അല്ലാതെ ആദിയല്ല.... അതോണ്ട് പറഞ്ഞത് അങ്ങോട്ട് അനുസരിച്ചാൽ മതി... പോ... പോയി ആ ഗൗൺ കൊണ്ട് വാ...."

എന്ന് പറഞ്ഞ് ആ ഭദ്രകാളി നമ്മളോട് ചൂടായപ്പോ അവളെ മോന്തയടക്കി ഒന്ന് പൊട്ടിക്കാൻ തോന്നിയതാ... പക്ഷേ, അത് വേണ്ടാന്ന് മനസ്സിനെ പറഞ്ഞ് സമാധാനിപ്പിച്ചിട്ട് ഒന്ന് നേടുവീർപ്പിട്ടോണ്ട് അതും കൊണ്ട് തിരിച്ച് നടന്നു...

എന്നിട്ട് അച്ചൂന്റെ അടുത്ത് എത്തിയപ്പോ നമ്മള് ആ ലെഹങ്ക ആ ടേബിളിൽ ഇട്ടിട്ട് ആ ഗൗണും കൊണ്ട് പോകാൻ നിന്നപോ അച്ചൂ നമ്മളോട് കാര്യം തിരക്കി.... നടന്നതൊക്കെ പറഞ്ഞപ്പോ അച്ചൂന് നമ്മളെക്കാൾ ദേഷ്യം... ഓള് സൽമനെ കൊന്ന് കൊലവിളിക്കും എന്ന മട്ടിൽ എന്തൊക്കെയോ വിളിച്ച് കൂവിയപ്പോ നമ്മള് ഓളോട് സിമ്പിൾ ആയിട്ട് അടങ്ങി നിക്കെടി പോത്തെ എന്ന് പറഞ്ഞോണ്ട് ആ ഗൗണും കൊണ്ട് അവളെ റൂമിലേക്ക് പോയി... എന്നിട്ട് ആ ഗൗൺ അവിടെ വെച്ചിട്ട് നമ്മള് പോകാൻ നിന്നു....

"ഹാ... നീയിതെങ്ങോട്ടാ ഇത്ര പെട്ടെന്ന് പോകുന്നത്...?"

"എനിക്ക് താഴെ ഒരുപാട് വർക്ക് ഉണ്ട് ചെയ്യാൻ...."

"ഹാ...അങ്ങനെ പോകല്ലേ... നിന്നെ കൊണ്ടുള്ള എന്റെ ആവശ്യം തീർന്നിട്ടില്ലല്ലോ മോളെ.... അപ്പോ നീയെങ്ങനെ പോകാൻ പറ്റും..."

എന്ന് പോകാൻ തിരിഞ്ഞ നമ്മളെ കയ്യിൽ പിടിത്തമിട്ടോണ്ട് അവള് പറഞ്ഞപ്പോ നമ്മള് അപ്പോ തന്നെ ഓളെ കയ്യിൽ നിന്നും നമ്മളെ കൈ വേർപ്പെടുത്തി...

"ഇനിയെന്താ നിനക്ക് വേണ്ടേ...?"

"പ്രത്യേകിച്ച് ഒന്നും വേണ്ട... ദേ ഈ ഗൗൺ നീയൊന്ന് നിന്റെ മേത്ത് വെച്ച് കാണിച്ച് താ... അത്രേ വേണ്ടൂ... നിനക്ക് ഇത് എങ്ങനെ ഉണ്ടെന്ന് നോക്കണല്ലോ..."

എന്ന് പറഞ്ഞോണ്ട് അവളാ ഗൗൺ എടുത്ത് എന്റെ നേർക്ക് എടുത്ത് വെച്ചിട്ട് നമ്മളെ അടിമുടിയൊന്ന് നോക്കി... എന്നിട്ട് പോരാ എന്ന് പറഞ്ഞോണ്ട് ആ ഗൗൺ കയ്യിലെടുത്തു...

"ഇത് നിനക്ക് പോരാ.... അതോണ്ട് എനിക്ക് നല്ല മാച്ചാകും... ഇനി നീ ചെല്ല് സമയം ഒരുപാടായി.... നിനക്ക് താഴെ വർക്കില്ലേ...?"

എന്ന് ഓള് പല്ലിളിച്ചോണ്ട് നമ്മളോട് പറഞ്ഞപ്പോ നമ്മള് ഓളെ നോക്കി പല്ലിറുമ്പി കൊണ്ട് അവിടന്ന് പോകാൻ നിന്നതും എന്തോ കീറുന്ന ശബ്ദം കേട്ട് നമ്മള് അവിടെ സ്തംഭിച്ച് നിന്നു.... എന്നിട്ട് തിരിഞ്ഞ് നോക്കിയപ്പോഴുണ്ട് നമ്മളെ ഡ്രസ്സ് കബോർഡിലെ ആണിയിൽ കുരുങ്ങി പുറമാകെ കീറിയിരിക്കുന്നു....

നമ്മള് ഞെട്ടി തരിച്ച് അപ്പോ തന്നെ കൈ കൊണ്ട് പിറകിൽ പിടിച്ച് അത് മറച്ചു.... എന്നിട്ടും അവിടെ നന്നായിട്ട് കീറിയത് കാണുന്നുണ്ടായിരുന്നു...

"അയ്യയ്യോ.... പാവം.... എന്ത് പറ്റി....? ഡ്രസ്സ് കീറി പോയോ...? ഇനി ഇപ്പോ നീയെന്താ ചെയ്യാ...? താഴെ എല്ലാവരും നിന്നെ തിരയാകും.... ഈ അവസ്ഥയിൽ നീയെങ്ങനെ അവരുടെ അടുത്തേക്ക് ചെല്ലും....?

ശോ... കഷ്ടം തന്നെ....."

എന്ന് പറഞ്ഞ് ഓള് പല്ലി ചിലക്കുന്ന പോലെ ചിലച്ചോണ്ട് അവിടന്ന് ആ ഗൗണും കൊണ്ട് ഇറങ്ങി പോയതും അപ്പോ തന്നെ അച്ചു അങ്ങോട്ട് കേറി വന്നു... നമ്മള് ഓടി ചെന്ന് അച്ചൂനെ കെട്ടി പിടിച്ചിട്ട് ഡ്രസ്സ് കീറിയ കാര്യം പറഞ്ഞതും അച്ചു തലക്ക് കൈ വെച്ച് നിന്നു....

"ഇനി ഇപ്പോ എന്താ ചെയ്യാ ഫെബി...?

ഞാൻ നിന്നെ താഴേക്ക് കൊണ്ട് പോകാൻ വേണ്ടി വന്നതാ... അവിടെ താഴെ എല്ലാവരും നിന്നെ കാത്ത് നിൽക്കാണ്... ഈ അവസ്ഥയിൽ നീ എങ്ങനെ അവരെ മുന്നിലേക്ക് പോകും...?"

"എനിക്കറിയില്ല അച്ചൂ... ഡ്രെസ്സാകെ കീറിയിട്ടുണ്ട്... ഈ അവസ്ഥയിൽ ഇനി ഇപ്പോ എന്താ ചെയ്യാ...?"

"ഒരു വഴിയുണ്ട്... നീ എന്റെ കൂടെ വാ..."

എന്ന് പറഞ്ഞ് അച്ചൂ എന്റെ കൈ പിടിച്ച് വലിച്ചപ്പോ നമ്മൾ അപ്പോതന്നെ കൈ വിടുവിച്ചിട്ട് ഇല്ലാന്ന് തലയാട്ടി....

"ഈ അവസ്ഥയിൽ ഞാൻ ഇല്ല എങ്ങോട്ടും...."

"ഓ...ഞാനില്ലേ പെണ്ണെ നിന്റെ കൂടെ... നീ വന്നേ ഞാൻ ഒരു വഴി കണ്ടിട്ടുണ്ട്....

നിന്റെ ഒന്നും ആരും കാണില്ല... നീ ധൈര്യമായിട്ട് മുന്നിൽ നടന്നോ ഞാൻ നിന്റെ പിറകെ വന്നോളാം...."

എന്ന് പറഞ്ഞ് അവിടെ കിടന്ന ഒരു ഷാൾ കൊണ്ട് എന്നെ പൊതിഞ്ഞിട്ട് അച്ചൂ എന്നെയും കൂട്ടി കോസ്റ്റും റൂമിലേക്ക് കൊണ്ട് പോയി...

നമ്മള് ആകെ മൂഞ്ചിയ അവസ്ഥയിൽ അവിടെ ചെയറിൽ താടിക്ക് കയ്യും കൊടുത്ത് ഇരുന്നപ്പോഴുണ്ട് അച്ചു എന്റെ നേരെ ആ ലെഹങ്ക നീട്ടുന്നു...

നമ്മള് ഓളെ നോക്കി പുരികം പൊന്തിച്ച് എന്താന്ന് ചോദിച്ചു....

"ദാ.... ഇപ്പോ തൽക്കാലത്തിന് നീയിത് ഇട്ടോ അല്ലാതെ വേറെ വഴിയില്ല..."

ഓള് അതും പറഞ്ഞ് ഒന്നൂടെ എന്റെ നേരെ ആ ലെഹങ്ക നീട്ടിയതും നമ്മള് അത് തട്ടി മാറ്റി കൊണ്ട് അവിടന്ന് എണീറ്റു...

"നീയെന്താ ആളെ കളിയാക്കാ...?

ഈ ലെഹങ്കയും ഇട്ടോണ്ട് ഞാൻ താഴേക്ക് ഇറങ്ങി ചെന്നാലുണ്ടാകുന്ന പുകില് എന്താന്ന് അറിയോ അനക്ക്...?"

"നിനക്ക് ആ പുകില് ആണോ വലുത് അതോ നിന്റെ മാനമോ...?

ഡി പോത്തെ മര്യാദക്ക് ഇത് ഇടാൻ പറ്റുമെങ്കിൽ ഇട്ടിട്ട് താഴേക്ക് വാ... ഇല്ലെങ്കിൽ ദേ ഈ കോലത്തിൽ താഴേക്ക് ഇറങ്ങി വാ... എന്ന പിന്നെ കാണികൾ ഒരുപാടുണ്ടാകും....

ഇത് ഇപ്പോ ഇടല്ലാതെ നിന്റെ മുന്നിൽ ഇപ്പോ വേറെ ഒരു വഴിയുമില്ല ഫെബി... ഇതിട്ടിട്ട് താഴേക്ക് വരാൻ നോക്ക്... ഞാൻ പോകാ താഴേക്ക്...."

എന്ന പറഞ്ഞോണ്ട് നമ്മക്ക് പറയാനുള്ളത് ഒന്ന് കേൾക്കാൻ പോലും കൂട്ടാക്കാതെ അച്ചൂ അവിടന്ന് പോയി... നമ്മക്ക് ഒക്കെ കൂടി ആലോജിച്ചിട്ടാണെങ്കിലും പിരാന്തും ഒപ്പം കരച്ചിലുമൊക്കെ വരുന്നുണ്ട്...

'ഈ കോലത്തിൽ എങ്ങാനും ഞാൻ താഴോട്ട് പോയാൽ പിന്നെ ഞാൻ ജീവിച്ചിരുന്നിട്ട് കാര്യമില്ല... എന്നാൽ ഈ ലെഹങ്ക ഇട്ടോണ്ട് എങ്ങാനും ഞാൻ താഴേക്ക് ഇറങ്ങി ചെന്നാലോ...?

എന്നാ പിന്നെ ഇന്നത്തോടെ എന്റെ കാര്യത്തിൽ ഒരു തീരുമാനമാകും...

യാ റബ്ബീ.... ഇത് വല്ലാത്ത കുരുക്കിൽ തന്നെയാണല്ലോ

ഞാൻ ചെന്ന് പെട്ടത്.... ഇനി ഇപ്പോ ഇത് ഇടാതെ എന്റെ മുന്നിൽ വേറെ വഴിയില്ല... എല്ലാം വിധി പോലെ നടക്കട്ടെ... ന്റെ പടച്ചോനെ കാത്തോളണേ...'

എന്നൊക്കെ മനമുരുകി പ്രാർത്ഥിച്ചോണ്ട് നമ്മള് ആ ലെഹങ്ക എടുത്തിട്ടിട്ട് താഴേക്ക് ഇറങ്ങി പോയി... എന്നെ കണ്ടിട്ട് എല്ലാവരും അന്തം വിട്ട് പരസ്പരം മുഖത്തോട് മുഖം നോക്കി നിന്നിട്ട് എന്തൊക്കെയോ പിറുപിറുക്കുന്നുണ്ട്.... അവരെയൊക്കെ നോക്കി സൈക്കിളീന്ന് വീണ ഒരു ഇളി പാസാക്കിയിട്ട് താഴേക്ക് ഇറങ്ങിയപ്പോഴുണ്ട് സ്റ്റേജിൽ നിന്നോണ്ട് ആദി നമ്മളെ രൂക്ഷമായി നോക്കുന്നു...

എന്നിട്ട് ഓൻ അവിടന്ന് ഇറങ്ങി എന്റെ നേരെ സ്പീഡിൽ പാഞ്ഞ് വരുന്നത് കണ്ടതും നമ്മള് കണ്ണടച്ച് നിന്നിട്ട് പടച്ചോനെ ഞാൻ പെട്ട്.... എന്നെ ഈ കോന്തന്റെ കയ്യീന്ന് കാത്തോളണേന്ന് പ്രാർത്ഥിച്ച് നിന്നപ്പോഴേക്കും ആദി എന്റെ അടുത്ത് എത്തിയിരുന്നു...

"ആരോട് ചോദിച്ചിട്ടാടി നീയീ ഡ്രസ്സ് എടുത്ത് ഇട്ടത്...?

പറയെടി...."

ആ കോന്തൻ കലിപ്പായി കൊണ്ട് എന്നോട് കൊരച്ച് ചാടിയതും വന്നവരൊക്കെ എന്നെയും ആദിയെയും ശ്രദ്ധിക്കാൻ തുടങ്ങി....

"അ... അത്....അത്..... എന്റെ ഡ്രസ്സ്...."

എന്നൊക്കെ അവന്റെ മുഖത്തേക്ക് നോക്കാതെ കണ്ണടച്ച് പിടിച്ചോണ്ട് തന്നെ പൂർത്തിയാക്കാൻ നിന്നപ്പോഴേക്കും ആ സൽമ ഞങ്ങളെ അടുത്ത് എത്തിയിരുന്നു...

"എന്താ ആദി.... എന്താ പ്രശനം...?"

അവളെ ശബ്ദം കേട്ടപ്പോ നമ്മള് കണ്ണ് തുറന്നിട്ട് ഓളെയും ആദിയെയും ഒന്ന് നോക്കി.... ആദി അപ്പോ തന്നെ സല്മന്റെ കയ്യിൽ പിടിച്ചു...

"സൽമ....എന്താ ഇതൊക്കെ...? നിന്നോട് ഞാൻ ഈ

ലെഹങ്ക ഇടാനല്ലേ പറഞ്ഞത്...?

എന്നിട്ട് നീയെന്താ ഈ ഗൗണിൽ വന്നത്...?"

"അതിന് ആദി എന്നോട് ഇവള് പറഞ്ഞത് നീയീ ഗൗണിട്ട് വരാനാണ് പറഞ്ഞതെന്നാ.... അതോണ്ടല്ലേ ഈ ലെഹങ്ക ഇവളെ കയ്യിൽ കൊടുത്തിട്ട് ഞാൻ ഈ ഗൗണിട്ടത്....

അപ്പോ നീ ഇതല്ലേ ഇടാൻ പറഞ്ഞെ...?"

സൽമന്റെ വായേന്ന് വീണ നുണ കേട്ട് എന്റെ ഉള്ളിൽ ഇടി വെട്ടിയ ഒരു ഫീലിംഗ് ആയിരുന്നു ഉണ്ടായത്... നമ്മള് ഓളെ മുഖത്തേക്ക് നോക്കി ഞെട്ടി നിൽക്കുന്നത് കണ്ടപ്പോ അവളെന്നെ നോക്കി ഒന്ന് കോട്ടി ചിരിച്ചു....

അവള് പറഞ്ഞത് കേൾക്കാൻ നിന്ന പോലെ ആദി അപ്പോ തന്നെ എന്റെ നേരെ കയർത്ത് കൊണ്ട് വന്നതും സൽമ അവനെ പിടിച്ച് മാറ്റിയിട്ട് എല്ലാവരും ശ്രദ്ധിക്കുന്നുണ്ട് പോട്ടെ സാരമില്ലെന്ന് പറഞ്ഞ് അവനെയും കൊണ്ട് സ്റ്റേജിലേക്ക് കേറി....

അപ്പോ തന്നെ അച്ചുവും സനയും കൂടി എന്റെ ഇടവും വലവും നിന്നോണ്ട് നമ്മളെ തോളിൽ കൈ വെച്ചതും പെയ്യാൻ കാത്തിരുന്ന പോലെ നമ്മളെ കണ്ണിൽ നിന്നും കണ്ണീര് ഒലിച്ചിറങ്ങി എന്റെ കവിളുകളെ തലോടി... അപ്പോ തന്നെ കാക്കൂന് കൊടുത്ത വാക്ക് ഓർമ്മ വന്നതും നമ്മള് പെട്ടെന്ന് കണ്ണീര് തുടച്ച് മുഖത്ത് ഒരു പുഞ്ചിരി വരുത്തിയിട്ട് അവരെയൊക്കെ നോക്കി ചിരിച്ചു.... അവരെന്റെ നിസ്സഹായകാവസ്ഥ കണ്ടിട്ട് മനസ്സുടഞ്ഞ് നിൽക്കുന്നത് കണ്ടപ്പോ എനിക്കും വിഷമായി....

അപ്പോഴാണ് കാക്കുവും ശാലുവും അപ്പുവും കൂടി അങ്ങോട്ട് വന്നത്... നമ്മള് അപ്പോ തന്നെ അവരുടെ അടുത്തേക്ക് ചെന്നിട്ട് അപ്പൂനെ കയ്യിലെടുത്തു....

അവരെന്നെ അടിമുടി നോക്കി കൊണ്ട് നമ്മളെ വേഷത്തിനെ കുറിച്ച് ചോദിയ്ക്കാൻ നിന്നതും നമ്മള് അവരെ സ്റ്റേജിലേക്ക് ഉന്തി തള്ളി പറഞ്ഞയച്ചു....

അവരെ കണ്ടപ്പോ ആദി കാക്കൂനെ കെട്ടിപ്പിടിച്ചിട്ട് അവിടെ നിന്ന് ഫോട്ടോക്ക് പോസ് കൊടുത്തോണ്ടിരുന്നു.... നമ്മളൊക്കെ അവിടെ നിന്നോണ്ട് അതെല്ലാം നോക്കി... അപ്പോഴാണ്

അൻസിക്ക വന്നത്....

അൻസിക്കാനെയും ആദി ക്ഷണിച്ചിരുന്നെങ്കിലും മൂപ്പരെ കണ്ടിട്ട് വല്ല്യ സന്തോഷമൊന്നും ആദിന്റെ മുഖത്ത് ഞാൻ കണ്ടില്ല.... എന്നാലോ സൽമന്റെ മുഖത്ത് വേണ്ടുവോളം പുച്ഛം കലർന്ന ചിരി ഉണ്ട് താനും.... അൻസിക്ക ആദിന്റെ കൂടെ നിന്ന് ഫോട്ടോ എടുത്തിന് ശേഷം അവർക്ക് ഒരു ഗിഫ്റ്റും കൊടുത്തിട്ട് കാക്കൂന്റെ അടുത്ത് പോയി ഇരുന്നു....

അങ്ങനെ എങ്കേജ്മെന്റിനുള്ള സമയം അടുത്തു.... എല്ലാവരും സ്റ്റേജിന് ചുറ്റും കൂടി നിന്നിട്ട് ആദിയെയും സൽമയെയും നോക്കി നിന്നപ്പോ അവിടെ ഏതോ ഒരു കോണിൽ നിന്നോണ്ട് ഞാനും എന്റെ ടീമും അവരെ നോക്കി.... അവരെ മുഖത്തൊക്കെ നമ്മളോട് ഒരു സഹതാപമൊക്കെ ഉള്ള പോലെയാണ് ഭാവം.... അതോണ്ട് ഞാൻ പിന്നെ അവരെ മൈൻഡ് ചെയ്യാനെ പോയില്ല...

അങ്ങനെ ആദിന്റെയും സൽമന്റെയും എങ്കേജ്മെന്റ് നല്ല ഭംഗിയായി പൂർത്തിയായി... ഇരുവരും പരസ്പരം

മോതിരമാറ്റം നടത്തി പുഞ്ചിരി തൂകി കൊണ്ട് സ്റ്റേജിൽ നിന്നപോ ആൾക്കൂട്ടത്തിനിടയിൽ നിന്നോണ്ട് കയ്യടിക്കാൻ ഞാനും ഉണ്ടായിരുന്നു.... ഈ കാഴ്ച എങ്ങനെ എന്നെ കൊണ്ട് കണ്ട് നിൽക്കാൻ കഴിഞ്ഞെന്ന് എനിക്ക് തന്നെ മനസ്സിലാകുന്നില്ല....

പിന്നെ എല്ലാവരും ഭക്ഷണം കഴിക്കാൻ വേണ്ടി പോയപ്പോഴും ഞാൻ ആ നിർത്തം അവിടെ തുടർന്നു... അപ്പോഴാണ് നമ്മളെ അടുത്ത് നിന്ന് ആരോ തൊണ്ടയനക്കിയ ശബ്ദം കേട്ടത്.... നമ്മള് അപ്പോ തന്നെ ശബ്ദം കേട്ട ഭാഗത്തേക്ക് തിരിഞ്ഞ് നോക്കിയപോ സൽ മ നമ്മളെ അടുത്ത് വന്ന് നിൽപ്പുണ്ട്....

"നിരാശ കാമുകി ഇവിടെ നിന്നിട്ട് സ്വപ്നം കാണുകയാണോ...? അറിഞ്ഞില്ലേ.... ഞാൻ എന്റെ ആദിയുടേതാകാൻ ഇനി ഒരു 5 മാസം കൂടി ഞാൻ കാത്തിരുന്നാൽ മതിയത്രെ.... പിന്നെ ആദി എന്റേത് മാത്രമായി തീരും...."

പരിഹാസത്തോടെയുള്ള അവളുടെ സംസാരത്തിന്

തിരിച്ച് ഒരു പുഞ്ചിരി നൽകി കൊണ്ട് ഞാൻ അവിടന്ന് പോകാൻ വേണ്ടി തിരിഞ്ഞതും അവിടെ കത്തിച്ച് വെച്ചിരുന്ന കാന്റീലിന്റെ സ്റ്റാൻഡ് പെട്ടെന്ന് മറിഞ്ഞ് വീണ് അത് സൽമന്റെ ഗൗണിൽ കത്തി പിടിച്ചു....

ആ കാഴ്ച കണ്ട് നമ്മള് ഞെട്ടി തരിച്ച് വാ പൊത്തി പിടിച്ച് നിന്നു.... അപ്പോഴേക്കും സൽമ കരഞ്ഞ് ബഹളമുണ്ടാക്കി ആളുകളെ ഒക്കെ വിളിച്ച് കൂട്ടി...

ആദി സല്മാന്ന് വിളിച്ചോണ്ട് ഓടി വന്ന് എന്തൊക്കെയോ കാണിച്ച് കൂട്ടി കൊണ്ട് തീയണച്ചു....

അപ്പോ തന്നെ സൽമ ബോധം കെട്ട് ആദിന്റെ കൈകളിലേക്ക് വീണതും ആദി അവളെ എടുത്തോണ്ട് റൂമിലേക്ക് പോയി... അതിന് പിന്നാലെ ഞങ്ങളും....

എന്നിട്ട് ഓളെ ബെഡിൽ കിടത്തിയിട്ട് ഓളെ മുഖത്തേക്ക് വെള്ളം ഒഴിച്ചതും അവള് ഞെട്ടി എണീറ്റു....

എന്നിട്ട് ഓള് കരഞ്ഞോണ്ട് ആദിയെ കെട്ടിപ്പിടിച്ചതും എനിക്ക് കരച്ചിലും ദേഷ്യവുമൊക്കെ വരുന്ന പോലെ തോന്നി....

"സൽമ....are you okay? നിനക്ക് ഇപ്പോ കുഴപ്പം ഒന്നുമില്ലല്ലോ...?

നിന്നോട് ആരാ ആ ക്യാൻഡിലിന്റെ അടുത്തേക്ക് ഒക്കെ പോകാൻ പറഞ്ഞത്...?

എന്നിട്ട് എങ്ങനെയാ ഇത് സംഭവിച്ചേ...?"

ആദി ചോദിക്കുന്നത് കേട്ടപ്പോ ഓള് അവനിൽ നിന്നും തല ഉയർത്തിയിട്ട് കലങ്ങിയ കണ്ണുകളാലെ എന്നെ നോക്കി കൊണ്ട് വിരല് ചൂണ്ടിയിട്ട് വീണ്ടും പൊട്ടിക്കരഞ്ഞോണ്ട് ആദിന്റെ നെഞ്ചിലേക്ക് അവൾ ചാഞ്ഞു....

അത് കണ്ടതും എന്റെ ഉള്ളിൽ കൂടി ഒരു കൊള്ളിയാൻ മിന്നി..... ഞാൻ... ഞാനാണ് അവളെ ദേഹത്തേക്ക് ആ ക്യാൻഡിൽസ് ഇട്ടതെന്നാണ് ഓള് ആദിയോട് പറഞ്ഞത്....

അപ്പോ തന്നെ ആദി എന്നെ രൂക്ഷമായി നോക്കിയിട്ട് സൽമന്റെ അടുത്ത് നിന്നും എന്റെ അടുത്തേക്ക് വരാൻ തുടങ്ങി....

"ആദി..... ഞാൻ.... ഞാൻ പറയുന്നതൊന്ന് കേൾക്കണം.... ഞാൻ അല്ല അത്.... എങ്ങനെയാ അത് സംഭവിച്ചതെന്ന് എനിക്ക് അറിയില്ല.... ആദി.... എന്നെ വിശ്വസിക്കണം....."

എന്ന് ഞാൻ പറഞ്ഞ് തീരുന്നതിന് മുന്നെ തന്നെ ആദിയുടെ കരങ്ങൾ എന്റെ കവിളിൽ പതിഞ്ഞിരുന്നു....

(തുടരും)

ഭാഗം.108

എന്ന് ഞാൻ പറഞ്ഞു തീരുന്നതിന് മുൻപ് തന്നെ ആദിന്റെ കരങ്ങൾ എന്റെ കവിളിൽ പതിഞ്ഞിരുന്നു....

അടി കൊണ്ട ഭാഗത്ത് ഒരു തരം മരവിപ്പായിരുന്നു

എനിക്ക് അപ്പോ തോന്നിയത്....

എന്നെ തലോടാൻ മാത്രം ഉയർത്തിയിരുന്ന ആ കൈകൾ ഇപ്പോ എന്നെ വേദനിപ്പിച്ചു എന്ന് എനിക്ക് വിശ്വസിക്കാൻ പോലും കഴിഞ്ഞില്ല....

ഞാൻ കവിളിൽ കൈ വെച്ചിട്ട് എത്രയൊക്കെ കരയാതിരിക്കാൻ ശ്രമിച്ചിട്ടും കണ്ണിൽ നിന്നും കണ്ണീര് ഒഴുകി കൊണ്ടിരുന്നു....

അപ്പോഴേക്കും ആദി വീണ്ടും എന്റെ നേർക്ക് കൈ ഉയർത്തിയതും ഞാൻ കണ്ണടച്ച് പിടിച്ച് അങ്ങനെ നിന്ന് കൊടുത്തു... എത്ര ആയിട്ടും അവന്റെ കൈ എന്റെ കവിളത്ത് പതിയാത്തത് കണ്ടപ്പോ ഞാൻ കണ്ണ് തുറന്ന് നോക്കി...

അപ്പോ കാക്കുവും അൻസിക്കയും കൂടി ആദിന്റെ കൈ പിടിച്ച് വെച്ചിരിക്കായിരുന്നു....

"ആദി...നിനക്ക് എന്താ ഭ്രാന്ത് പിടിച്ചോ...?

നീയെന്താ ഈ ചെയ്യുന്നതെന്ന് നിനക്ക് വല്ല ബോധവും ഉണ്ടോ...?" കാക്കുവാണ്.

"സിയാദ്....എന്നെ വിട്.... ഇന്നത്തോടെ ഇവളെ ഇവിടത്തെ സഹവാസം ഞാൻ നിർത്തും... മാറി നിൽക്ക്...."

എന്ന് പറഞ്ഞോണ്ട് ആദി അവരെ തള്ളി മാറ്റി കൊണ്ട് എന്റെ നേരെ വന്നു... എന്നിട്ട് എന്റെ മുടിക്കുത്തിൽ പിടിച്ച് എന്റെ കയ്യും പിടിച്ചോണ്ട് അവൻ എന്നെ ബലമായി താഴേക്ക് കൊണ്ട് പോയി....

ഞാൻ വേദന കൊണ്ട് പുളയുമ്പോഴും എന്റെ കണ്ണ് ചെന്നത് ആദിയുടെ മുഖത്തേക്ക് ആയിരുന്നു... എന്നെ കൊല്ലാനുള്ള ദേഷ്യം അവന്റെ മുഖത്ത് എനിക്ക് കാണാൻ കഴിഞ്ഞു...

ഞങ്ങളെ പിന്നാലെ നമ്മളെ ടീമും കാക്കുവും അൻസിക്കയും ആഷിയുമൊക്കെ ആദിയെ തടുക്കാൻ വേണ്ടി വരുന്നുണ്ടെങ്കിലും ആദി അവരെ ഒന്നും വക വെച്ചില്ല.... അവൻ എന്നെ അവിടന്ന് പിടിച്ച് പുറത്തേക്ക് തള്ളിയതും ഞാൻ മറ്റാരുടെയോ കൈകളിലേക്ക് ചെന്ന് വീണു....

അയാളിൽ നിന്നും മുഖമുയർത്തി നോക്കിയപ്പോ ഫൈസൽക്ക ആയിരുന്നു അത്... എന്റെ കവിളില് പതിഞ്ഞ ആദിയുടെ വിരലടയാളത്തിലേക്ക് പതിയെ ഫൈസൽക്ക കൈ കൊണ്ട് പോയപ്പോഴേക്കും അവിടമാകെ ഒരു തരം നീറ്റൽ അനുഭവപ്പെട്ടു.... ഫൈസൽക്ക അപ്പോ തന്നെ എന്റെ കവിളില് നിന്നും കൈ പിൻവലിച്ചിട്ട് ആദിയെ ഒരു രൂക്ഷത്തോടെ നോക്കി കൊണ്ട് അവന്റെ അടുത്തേക്ക് പോകാൻ നിന്നതും ഞാൻ ഫൈസൽക്കാനെ തടുത്തിട്ട് വേണ്ടാന്ന് തലയാട്ടി....

അപ്പോഴും എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു...

"പൊയ്ക്കോണം ഇവിടന്ന്.... ഇനി മേലാൽ നിന്നെ എന്റെ കമ്പനിയിൽ കണ്ട് പോകരുത്.... ഇന്നത്തോടെ തീർന്നു നിന്റെ ഇവിടത്തെ ജോലിയൊക്കെ....

നിനക്ക് തരാനുള്ള സെറ്റില്മെൻസൊക്കെ എന്താന്ന് വെച്ചാ വാങ്ങിയിട്ട് ഇന്ന് തന്നെ പൊയ്ക്കോണം.... ഗെറ്റ് ലോസ്റ്റ് ബ്ലഡി %#@$....."

എന്ന് ആദി പറയുന്നത് കേട്ടപ്പോ തന്നെ നമ്മളെ

ടീമിനൊക്കെ ആദിയോട് നല്ലോണം ദേഷ്യം വന്നിട്ടുണ്ട്...

ഫൈസൽക്ക എന്നെ മാറ്റി കൊണ്ട് ആദിന്റെ നേരെ വീണ്ടും പോകാൻ നിന്നതും ഫൈസൽക്കാനെ തടുത്തോണ്ട് ഞാൻ മെല്ലെ തിരിഞ്ഞ് നിന്ന് ആദിയെ നോക്കി... എന്നിട്ട് ഓനെ നോക്കി ഒന്ന് പുഞ്ചിരി തൂകി...

"പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരുപാട് നന്ദിയുണ്ട് നിങ്ങളോടും നിങ്ങളെ കമ്പനിയോടും.... ചെയ്ത് തന്ന ഉപകാരങ്ങൾക്കൊക്കെ നന്ദി.... ഇനി ഒരിക്കലും ഈ മണ്ണിലേക്കും നിങ്ങളെ മുന്നിലേക്കും ഈ ആയിഷ ഫെബി കടന്ന് വരില്ല.... Thank you.... Thank you so much for every thing....

എന്നാലും സത്യാവസ്ഥ അറിയാൻ ശ്രമിക്കുന്നതിന് മുന്നേ തന്നെ ഇങ്ങനെ ഓരോ തീരുമാനം എടുക്കുന്നത് നിങ്ങളെ നല്ലതിന് ആകില്ല.... ഈ ജോലി എനിക്ക് ഒരുപാട് ഉപകരിച്ചിട്ടുണ്ട്... ഇവിടെ വന്നതിന് ശേഷമാ എന്റെ ഉപ്പാന്റെ കടങ്ങൾ എനിക്ക് വീട്ടാൻ സാധിച്ചത്... താങ്ക്യൂ.... ആൻഡ് ഗുഡ് ബൈ ഫോർ എവർ.... ഇനി ഒരിക്കലും നിങ്ങളെ മുന്നിലേക്ക് ഞാൻ വരില്ല...."

എന്ന് പറഞ്ഞ് കണ്ണ് തുടച്ചിട്ട് അവനെ നോക്കി ഒന്ന്

ചിരിച്ചിട്ട് ഞാൻ അവിടന്ന് പോകാൻ നിന്നതും സനയും അച്ചുവും കൂടി കണ്ണും നിറച്ചോണ്ട് എന്റെ അടുത്തേക്ക് വന്നിട്ട് എന്റെ കയ്യിൽ പിടിച്ച് എന്നെ അവിടെ നിർത്തിച്ചു....

അവരെ മുഖത്തേക്ക് ഒന്നും നോക്കാതെ അവരെ കൈ വിടുവിച്ചോണ്ട് ഞാൻ അവിടന്ന് ഇറങ്ങി ഓടി... എന്തിനെന്നില്ലാതെ എന്റെ മിഴികൾ അപ്പോഴും നിറഞ്ഞൊഴുകി കൊണ്ടിരുന്നു...

അവിടന്ന് അപ്പോ തന്നെ ഒരു ടാക്സി വിളിച്ചോണ്ട് ഞാൻ ഫ്ലാറ്റിലേക്ക് ചെന്നു... എന്നിട്ട് ഡോറടച്ചിട്ട് അവിടെ ഇരുന്ന് ഒരുപാട് കരഞ്ഞു... കണ്ണിൽ കണ്ട സാധനങ്ങളൊക്കെ എറിഞ്ഞ് പൊട്ടിച്ചു... എന്നിട്ട് റൂമിലേക്ക് ഓടി ചെന്ന് ബാഗെടുത്തിട്ട് അതിലേക്ക് എന്റെ ഡ്രസ്സ് ഒക്കെ എടുത്ത് വെച്ചിട്ട് അത് പൂട്ടി തിരിയാൻ നിന്നതും എന്റെ കൈ ചെയിൻ ബാഗിൽ കുരുങ്ങി നിന്നു...

നമ്മള് പതിയെ കയ്യിലേക്ക് നോക്കി കൊണ്ട് ആ കൈ നെഞ്ചോട് ചേർത്ത് വെച്ച് വീണ്ടും പൊട്ടിക്കരഞ്ഞു... എന്നിട്ട് ബെഡിൽ ഇരുന്ന് മുഖം പൊത്തി പിടിച്ചിട്ട് ആദിയിൽ നിന്നും നമുക്ക് നേരിട്ട എല്ല കാര്യങ്ങളും

ചിന്തിച്ചിരുന്നു....

അവസാനം അവൻ പറഞ്ഞത് എന്റെ കാതുകളിൽ വീണ്ടും മുഴങ്ങി കേട്ടപ്പോ കരച്ചില് നിർത്തി കണ്ണ് തുടച്ചിട്ട് ഞാൻ ബാഗും എടുത്ത് ഡോറിന്റെ അടുത്തേക്ക് ചെന്നപ്പോ നമ്മളെ എല്ലാവരുമുണ്ട് ഹാളിൽ... അവരെന്നെ കണ്ടപ്പോ തന്നെ എന്റെ അടുത്തേക്ക് വന്നു...

അച്ചുവും സനയും കൂടി എന്നെ കെട്ടിപ്പിടിച്ച് കരഞ്ഞപ്പോ എനിക്കും കരച്ചില് അടക്കി വെക്കാൻ പറ്റിയില്ല... പക്ഷെ അവരെ ഞാൻ അവരെ നോക്കി ഒന്ന് ചിരിച്ചിട്ട് പോകാണെന്ന് പറഞ്ഞ് പോകാൻ നിന്നതും അവരെന്നെ തടുത്തു...

"ഫെബി... നീയിതെങ്ങോട്ടാ പോകുന്നത്..?

നാട്ടിലേക്ക് തിരിച്ച് പോകാൻ നിനക്ക് തോന്നുന്നുണ്ടോ...? കാക്കൂനെ നീ അത്രക്ക് വെറുത്തോ...?"

"ഇല്ല അച്ചൂ.... എനിക്ക് ഒരിക്കലും എന്റെ ആദിയെ വെറുക്കാൻ പറ്റില്ല... പക്ഷെ അവന് വേണ്ടത് ഞാൻ ഇവിടന്ന് പോകണമെന്നാണ്.... എനിക്ക് അപ്പോ ഇതല്ലാതെ വേറെ മാർഗമില്ല...

അതുമല്ല ഞാൻ ഇങ്ങോട്ട് വന്നത് എന്റെ ഉപ്പാന്റെ കടം വീട്ടാനല്ലേ... അതൊക്കെ തീർന്നില്ലേ അച്ചൂ... ഇനിയും ഞാൻ ഇവിടെ നിൽക്കുന്നതിന് അത്ര വലിയ അർത്ഥമൊന്നും ഇല്ല... അതിന്റെ ആവശ്യവുമില്ല....

എന്തായാലും ഹസിന്റെ കല്യാണത്തിന് നാട്ടിൽ പോകണമെന്ന് വിജാരിച്ച് നിൽക്കായിരുന്നു... ലീവ് കിട്ടാതെ വന്നപ്പോ അവളെ കല്യാണം കൂടാൻ പറ്റില്ലേന്ന് വിഷമിച്ചിരുന്നു... ഇനി എന്തായാലും അതിന്റെ ആവശ്യമില്ലല്ലോ...

ഞാൻ പോകാണ് ഗായ്സ്.... ചെയ്ത് തന്ന എല്ലാ ഉപകാരങ്ങൾക്കും നിങ്ങളോട് ഞാൻ എന്നും കടപ്പെട്ടിരിക്കും..."

എന്ന് പറഞ്ഞ് അവിടന്ന് പോകാൻ നിന്നതും അച്ചു എന്റെ കയ്യീന്ന് ബാഗ് വാങ്ങി വെച്ചു... സന വാതിലും

ചെന്ന് അടച്ചിട്ടു....

"നീയിന്ന് എങ്ങോട്ടും പോണില്ല ഫെബി... നിനക്ക് ഇവിടെ തുടരാൻ താല്പര്യം ഇല്ലാത്ത സ്ഥിതിക്ക് ഞങ്ങളാരും നിന്നെ നിർബന്ധിക്കാനും പോണില്ല... പക്ഷെ, ഇന്ന് നീ എങ്ങോട്ടും പോണില്ല... നിനക്ക് പോകാനുള്ള ടിക്കറ്റ് ഒക്കെ ഞാൻ റെഡിയാക്കി തരാം...

നാളെ വീട്ടിലുള്ളവർക്ക് വല്ലതും വാങ്ങിയിട്ട് ഹസിക്ക് ഒരു ഗിഫ്റ്റും കൊണ്ട് നീ പോയാൽ മതി.... അതുവരെ നീ എങ്ങോട്ടും പോണില്ല..."

എന്ന് പറഞ്ഞോണ്ട് ഫൈസൽക്ക ഫ്ലാറ്റിൽ നിന്നും ഇറങ്ങി പോയതും പിന്നാലെ ബാക്കിയുള്ളോരും ഇറങ്ങി പോയി...

പിന്നെ അവിടെ ആകെ ഒരു ശ്മശാനമൂകത ആയിരുന്നു... അച്ചുവും സനയും ഒന്നും എന്നോട് മിണ്ടാൻ വരാതെ എന്നെ തനിച്ച് വിട്ടു...

അത് ഒരു കണക്കിന് ഞാൻ ആഗ്രഹിച്ചതും

ആയിരുന്നു... അതോണ്ട് അവരോട് ഞാനും മിണ്ടാൻ പോകാതെ അവിടെ ഹാളിലെ സോഫയിൽ തലക്ക് താങ്ങും കൊടുത്ത് ഞാൻ ഇരുന്നു...

പിന്നെ കുറച്ച് കഴിഞ്ഞപ്പോ അച്ചുവും സനയും കൂടി എന്റെ ഇടവും വലവും വന്നിരുന്നു... എന്നിട്ട് രണ്ട് ഭാഗത്ത് നിന്നും കൂടി അവര് രണ്ടാളും നമ്മളെ ഇക്കിളിപ്പെടുത്തിയപ്പോ നമ്മള് വിഷമങ്ങളൊക്കെ മറന്ന് ചിരിച്ചു...

എന്നിട്ട് അവരെയും ഇക്കിളിപ്പെടുത്തിയിട്ടും പില്ലോ കൊണ്ട് അടിച്ച് വീഴ്ത്തിയും ഒക്കെ ഞങ്ങള് കളിച്ച് രസിച്ചു... അപ്പോ എന്റെ സങ്കടങ്ങളൊക്കെ ഞാൻ മറന്ന് തുടങ്ങിയിരുന്നു... എന്റെ ഓർമ്മയിൽ നിന്ന് തന്നെ അവരത് മായ്ച്ച് കളയാൻ അവരെ കൊണ്ട് സാധിച്ചിരുന്നു... അതാണ് എന്റെ ചങ്ക്...

പിറ്റേന്ന് ഞങ്ങള് എല്ലാവരും കൂടി ഒരു ഷോപ്പിംഗ് ഒക്കെ നടത്തി വീട്ടിലുള്ളോർക്കും കുടുംബക്കാർക്കും പ്രത്യേകിച്ച് ഹസിക്കും ഒരുപാട് ഗിഫ്റ്റ്സോക്കെ വാങ്ങി ഞങ്ങള് തിരിച്ച് ഫ്ലാറ്റിലേക്ക് വന്നു....

ഇന്ന് ഇവനിങ് ഉള്ള ഫ്ലൈറ്റിലാണ് ഞാൻ നാട്ടിലേക്ക് പോകുന്നത്... അച്ചുവും സനയും ഇന്ന് എനിക്ക് വേണ്ടി ഓഫീസിൽ പോകാതെ ലീവ് എടുത്തിട്ട് എന്റെ ബാഗ് ഒക്കെ പാക്ക് ചെയ്യാൻ ഹെല്പ് ചെയ്തു...

അപ്പോ ഫൈസൽക്ക നമ്മക്ക് വിളിച്ചിട്ട് പറഞ്ഞു ടിക്കറ്റ് കൊടുത്ത് വിട്ടിട്ടുണ്ട് ഇപ്പോ എത്തുമെന്ന്... ഞാൻ ഓക്കേ പറഞ്ഞ് കോൾ ഓഫ് ചെയ്തപ്പോ തന്നെ ആരോ വന്ന് കോളിങ് ബെല്ലടിച്ചു... ടിക്കറ്റ് കൊണ്ട് വന്നതാകും എന്ന് പറഞ്ഞ് ഞാൻ ചെന്ന് ഡോർ തുറന്നപ്പോ ആ സൽമയായിരുന്നു വന്നത്...

ഓള് എന്നെ നോക്കി ഒന്ന് ചിരിച്ചിട്ട് അകത്തേക്ക് കേറി വന്നു... എന്നിട്ട് ഹാളിൽ നിന്ന് അച്ചുവൊക്കെ പാക്ക് ചെയ്യുന്നതിലേക്ക് നോക്കി ചിരിച്ചോണ്ട് എന്റെ നേർക്ക് തിരിഞ്ഞു...

"ഓ... അപ്പോ ഇവിടന്ന് പോകാൻ തന്നെ തീരുമാനിച്ചല്ലേ...? പാക്കിങ് ഒക്കെ നല്ല ഉഷാറായിട്ട് തന്നെ നടക്കുന്നുണ്ടല്ലോ... ഉം നടക്കട്ടെ....

ദാ.... നിനക്ക് പോകാനുള്ള ഫ്ലൈറ്റ് ടിക്കറ്റ്... ഞാൻ

ഇങ്ങോട്ട് കേറി വരാൻ നേരം ഒരുത്തൻ ഇതും കൊണ്ട് വരുന്നുണ്ടായിരുന്നു... നിനക്ക് ഉള്ളതാണെന്ന് അറിഞ്ഞപ്പോ ഞാൻ അതങ്ങ് വാങ്ങിച്ചു.... നിനക്ക് എന്റെ കൈ കൊണ്ട് തന്നെ ഇരുന്നോട്ടെ ടിക്കറ്റ്...

കാരണം, ഇനി നീ ഒരിക്കലും ഈ മണ്ണിലേക്ക് കാൽ കുത്താൻ പാടില്ല..."

അതും പറഞ്ഞോണ്ട് അവളെന്റെ നേരെ ആ ടിക്കറ്റ് നീട്ടിയതും നമ്മള് ഓളെ മുഖത്തേക്ക് നോക്കാതെ അത് വാങ്ങിച്ചിട്ട് അതിലേക്ക് നോക്കി നിന്നു....

അപ്പോ അവളൊരു പുച്ഛം കലർന്ന ഭാവത്തോടെ എന്നെ നോക്കി ചിരിച്ചു...

"ഞാൻ എന്തിനാ ഇപ്പോ ഇങ്ങോട്ട് വന്നതെന്ന് എന്താ നിങ്ങളാരും എന്നോട് ചോദിക്കാത്തത്...?"

"അത് എന്തിനായാലും ഞങ്ങളെ നല്ലതിനല്ലെന്ന് അറിയാം... അത് കൊണ്ട് വന്നതെന്തിനാണെന്ന് പറഞ്ഞിട്ട് മാഡം ഒന്ന് പോയി തരണം.... ഞങ്ങൾക്ക് ഒരുപാട് പണിയുണ്ട്..." സനയാണ്.

"ഉം..... അപ്പോ എല്ലാം അറിയാം.... ഞാൻ വന്നത് ഇവളെ യാത്രയയാക്കാനും പിന്നെ ഇവളോട് കുറച്ച് സംസാരിക്കാനുമാണ്... അത് കഴിഞ്ഞിട്ട് ഞാൻ പൊയ്ക്കോളാം..."

സൽമ എന്ത് ഉദ്ദേശത്തിലാ അങ്ങനെ ഒക്കെ പറഞ്ഞതെന്ന് എനിക്ക് നല്ലോണം ബോധ്യമുണ്ടായിരുന്നു... അന്ന് ഞാൻ അവളോട് ഒരു വെല്ലുവിളിയുടെ സ്വരത്തിൽ പറഞ്ഞതിനൊക്കെ ഒരു മറുപടി തരാനാകും വന്നത്....

"നിന്റെ ആദിയെന്ന് നീ വലിയ ആത്മവിശ്വാസത്തോടെ പറഞ്ഞിട്ട് അവനെ കൊണ്ട് തന്നെ നിന്നെ അവിടന്ന് ആട്ടിയിറക്കിയത് നീ കണ്ടില്ലേ...? അതാണ് എന്റെ മിടുക്ക്..."

അവള് പറയുന്നത് കേട്ടിട്ട് ഞാൻ അവളെ ഉറ്റുനോക്കുന്നത് കണ്ടപ്പോ അവള് ചിരിച്ചിട്ട് ഞങ്ങളെ ഒക്കെ ഒന്ന് നോക്കി.

"നിന്റെ ഡ്രസ്സ് എങ്ങനെ കീറിയാതെന്നാ നീ കരുതിയത്...? കബോഡിൽ കൊണ്ടിട്ടാണെന്നോ....? ഹ...ഹ....ഹ... അല്ല.... ഞാനാ അവിടെയുള്ള ആണിയിൽ നിന്റെ ഡ്രസ്സ് കൊളുത്തി വെച്ചത്.... എന്തിനാണെന്ന് അറിയോ ആദി എനിക്ക് വേണ്ടി സെലക്ട് ചെയ്ത ആ ലെഹങ്ക നിന്നെ കൊണ്ട് ഇടിയിച്ചിട്ട് ആദിക്ക് നിന്നോട് ദേഷ്യം കൂടാൻ....

ഞാൻ വിചാരിച്ച പോലെ ഒന്നും സംഭവിച്ചില്ലെങ്കിലും ആദിക്ക് നിന്നോട് ദേഷ്യം വന്നിരുന്നു.... അത് പോരായിരുന്നു എനിക്ക് നിന്നെ അവിടന്ന് പുറത്താക്കാൻ... അതോണ്ടാ എന്റെ ഗൗണിലേക്ക് ഞാൻ തന്നെ ആ ക്യാൻഡിൽസ് തള്ളിയിട്ട് കത്തിച്ചത്....

അത് എന്തായാലും നന്നായി ഏറ്റു....

അത് കണ്ട് ആദി നിന്നെ പുറത്താക്കുമെന്ന് എനിക്കറിയാമായിരുന്നു.... പക്ഷെ അവൻ നിന്നെ തല്ലുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല... അപ്പോ അത്രക്ക് ആദിക്ക് എന്നെ ഇഷ്ടമാണെന്ന് അവൻ

എനിക്ക് തെളിയിച്ച് കാണിച്ചു തന്നു....

അതിന് നിന്നോട് ഒരു പ്രത്യേക നന്ദിയുണ്ട്... നീ ഇല്ലായിരുന്നെങ്കിൽ ഞാൻ ഒരിക്കലും അത് അറിയില്ലായിരുന്നു... ഇനി ആദിയെ ആര് വിചാരിച്ചാലും എന്നിൽ നിന്നും അകറ്റാൻ കഴിയില്ല... അവൻ അത്രക്ക് എന്നെ സ്നേഹിക്കുന്നുണ്ട്...

അവൻ ഇനി എന്റേതാകുന്നത് ആരെ കൊണ്ടും തടുക്കാൻ കഴിയില്ല...."

"എങ്കേജ്മെന്റല്ലേ സൽമ കഴിഞ്ഞിട്ടുള്ളൂ.... കല്യാണം ഇനിയും ബാക്കിയില്ലേ...? നീ എന്തൊക്കെ പറഞ്ഞാലും ആദി ഇപ്പോഴും നിന്റേത് ആയിട്ടില്ല... പിന്നെ അവൻ എന്നെ അടിക്കുന്നത് ആദ്യമായിട്ട് ആണെങ്കിലും നിനക്കും അവന്റെ കയ്യീന്ന് ഇഷ്ടം പോലെ തല്ല് കിട്ടിയിട്ടുണ്ടല്ലോ.... അപ്പോ അവൻ എന്നെയാണോ അതോ നിന്നെയാണോ കൂടുതൽ സ്നേഹിക്കുന്നത്...?"

എന്ന് നമ്മള് പറഞ്ഞപ്പോ അവൾക്ക് മിണ്ടാട്ടം മുട്ടി ഓള് എന്നെ രൂക്ഷമായി നോക്കി കൊണ്ട് പല്ലിറുമ്പി... അത് കണ്ടപ്പോ എനിക്ക് സന്തോഷായി...

"പിന്നെ നീ കരുതുന്ന പോലെ ആദി എന്നെ അടിച്ചത് നിന്നെ കത്തിക്കാൻ ശ്രമിച്ചതിന് അല്ല... നിന്നെ കൊല്ലാതെ ജീവനോടെ വിട്ടതിനാ...."

"ഡി....."

എന്ന് പറഞ്ഞ് അവളെന്റെ നേരെ കയ്യുയർത്തിയതും നമ്മള് ഓളെ കൈ തടുത്ത് മാറ്റി.... എന്നിട്ട് ഓളെ നോക്കി ഒരു ലോഡ് പുച്ഛം വിതറി....

"നീയെന്തായാലും ഇപ്പോ വന്നത് നന്നായി... നിന്നെ ഞാൻ കാണാൻ ഇരിക്കായിരുന്നു... നീ വന്നതോണ്ട് എനിക്ക് അങ്ങോട്ട് വന്ന് കാണേണ്ട ആവശ്യം വന്നില്ലല്ലോ... നിനക്ക് ഞാൻ ഒരു സമ്മാനം വെച്ചിട്ടുണ്ട് അത് കയ്യോടെ വാങ്ങിയിട്ട് നീ ഇവിടന്ന് പോയാൽ മതി..."

എന്ന് നമ്മള് പറഞ്ഞ് തീരുന്നതിന് മുന്നേ തന്നെ ഞാൻ അവളെ മോന്തയടക്കി ഒന്ന് പൊട്ടിച്ചിരുന്നു... അത്

കണ്ടപ്പോ തന്നെ അച്ചുവും സനയും കൂടി ഒപ്പം കൈ കൊട്ടി വിസിലടിച്ചു.... സൽമ അവളെ കവിള് പൊത്തി പിടിച്ചോണ്ട് എന്നെ രൂക്ഷമായി നോക്കി....

"ഇപ്പോ ഇത് നിനക്ക് തരാതെ പോയാൽ പിന്നെ എനിക്ക് ഒരു മനസ്സമാധാനം കിട്ടില്ല... പിന്നെ ഇത് നീ അർഹിക്കുന്നതുമാണ്.... ഞാൻ ഇങ്ങോട്ട് വന്ന അന്ന് മുതൽ ഞാൻ ഇത് നിനക്ക് ഓങ്ങി വെച്ചതാ....

അന്നൊക്കെ എനിക്ക് നഷ്ടമാകാൻ ആദിന്റെ ഇഷ്ടം ഉണ്ടായിരുന്നു... അതോണ്ടാ അതൊക്കെ ക്ഷമിച്ചത്....

പക്ഷെ എനിക്ക് ഇപ്പോ നഷ്ടപ്പെടാൻ ഒന്നുമില്ല അതോണ്ട് എനിക്ക് ധൈര്യമായിട്ട് നിന്നെ ഒന്നൂടെ വേണേൽ പൊട്ടിക്കാം...."

എന്ന് പറഞ്ഞ് ഞാൻ വീണ്ടും അവളെ നേരെ കൈ ഉയർത്തിയതും അവള് അവിടന്ന് നീങ്ങി നിന്നു.... അത് കണ്ട് ഞാൻ ചിരിച്ചപ്പോ അവളെന്റെ കഴുത്തിൽ പിടി മുറുക്കി എന്നെ ശ്വാസം മുട്ടിച്ചു....

"നിന്നെ ജീവനോടെ ഇക്കാലം അത്രെയും വെറുതെ വിട്ടത് എനിക്ക് ഒരു ലക്ഷ്യം പൂർത്തിയാക്കാൻ ഉണ്ടായത് കൊണ്ടാ... പക്ഷെ അത് പൂർത്തിയാക്കുന്നതിന് മുന്നേ തന്നെ നീ എന്നെ കൊണ്ട് വല്ല കടുംകൈയും ചെയ്യിപ്പിക്കും...."

എന്ന് ഓള് പറഞ്ഞ് പൂർത്തിയാക്കുന്നതിന് മുന്നേ തന്നെ സനയും അച്ചുവും ഒക്കെ കൂടി അവളെ അവിടന്ന് പിടിച്ച് തള്ളി... ഓള് അവിടെ നിന്നിട്ട് ഞങ്ങളെ നേരെ തിരിഞ്ഞോണ്ട് ഞങ്ങളെ നേർക്ക് വിരൽ ചൂണ്ടി....

"എന്നെ ഇപ്പോ തല്ലിയതിന് ഞാൻ നിന്നോട് പകരം ചോദിയ്ക്കാൻ പോകുന്നത് ആദിയുടെ രൂപത്തിൽ ആയിരിക്കും... നോക്കിക്കോ നീ...."

എന്ന് പറഞ്ഞോണ്ട് അവളവിടന്ന് പോയതും ആദിയെ കുറിച്ച് ഓർത്തപ്പോ വീണ്ടും കണ്ണ് നിറഞ്ഞു... അതപ്പോ തന്നെ തുടച്ചിട്ട് അവരെ നോക്കി ചിരിച്ചോണ്ട് ഞാൻ ബാഗ് എടുത്ത് താഴേക്ക് നടന്നു...

അപ്പോഴേക്കും എന്നെ എയർപോർട്ട് വരെ കൊണ്ട് വിടാൻ ഫൈസൽക്ക വന്നിരുന്നു... മൂപ്പര് എന്റെ ബാഗൊക്കെ കാറിലെടുത്ത് വെച്ചു... ഞാൻ അച്ചൂനെയും സനയെയും കെട്ടിപ്പിടിച്ചിട്ട് അവരോട് യാത്ര പറഞ്ഞ് അവിടന്ന് ഇറങ്ങി....

എയർപ്പോട്ടിൽ എന്നേയും കാത്ത് കാക്കുവും ശാലുവും ഉണ്ടായിരുന്നു... ഫ്ലൈറ്റ് എടുക്കുന്നതിന് കുറച്ച് മുൻപ് അവരെ നേരം ടൈം സ്പെൻഡ് ചെയ്തിട്ട് ഞാൻ അകത്തേക്ക് കയറി....

"ഫെബി....."

പെട്ടെന്ന് നമ്മളെ പിറകിൽ നിന്നും ഫൈസൽക്ക അങ്ങനെ വിളിച്ചപ്പോഴാ മൂപ്പരോട് ഞാൻ യാത്ര പറയാഞ്ഞത് ഓർമ്മ വന്നത്... ഞാൻ അപ്പോ തന്നെ ഫൈസൽക്കാൻറെ അടുത്തേക്ക് ചെന്നിട്ട് മൂപ്പർക്ക് കൈ കൊടുത്തു....

"താങ്ക്യൂ ഫൈസൽക്ക.... എന്നെ പല സന്ദർഭങ്ങളിലും

എനിക്ക് താങ്ങായി നിന്നത് നിങ്ങൾ ആയിരുന്നു... അതിന് തിരിച്ചൊന്നും നല്കാൻ എന്നെ കൊണ്ട് കഴിഞ്ഞിട്ടില്ല.... ഫൈസൽക്കാനെ ഞാൻ ഒരിക്കലും മറക്കില്ല..."

എന്ന് പറഞ്ഞ് മൂപ്പരോട് യാത്ര പറഞ്ഞ് ഞാൻ അങ്ങനെ ഫ്ലൈറ്റിൽ കേറി.... ഞാൻ ഫൈസൽക്കാനോട് യാത്ര പറയാൻ മടിച്ചത് മറന്നിട്ടല്ല മനഃപൂർവ്വമായിരുന്നു....

കാരണം, അച്ചുവും സനയും എന്നോട് ഇപ്പോ പറയുന്നത് ആദിയെ മറന്നിട്ട് ഞാൻ ഫൈസൽക്കാനെ സ്വീകരിക്കണം എന്നാണ്.... അത് എനിക്ക് ഒരിക്കലും കഴിയില്ല... മാത്രല്ല ഫൈസൽക്ക എന്നോട് ഇപ്പോ ആ പഴയ പോലെ പെരുമാറാറ് പോലുമില്ല... മൂപ്പർക്ക് ഞാൻ ഇപ്പോ ഒരു നല്ല ഫ്രണ്ടാണ് എനിക്കും അതെ.... പക്ഷെ അവർ എന്നോട് പറഞ്ഞതൊക്കെ കേട്ടപ്പോ ഞാൻ ഫൈസൽക്കാൻറെ സ്നേഹം കാണാതെ പോകുന്നുണ്ടോ എന്നൊരു സംശയം....

അങ്ങനെ ചിന്തകൾക്കൊക്കെ വിരാമമിട്ട് കൊണ്ട് ഒരു

കൊല്ലത്തിന് ശേഷം ഞാൻ വീണ്ടും എന്റെ നാട്ടിലേക്ക് വന്നിരിക്കയാണ്... ആരോടും ഞാൻ വരുന്ന വിവരം പറഞ്ഞിട്ടില്ല... അവർക്ക് ഒക്കെ ഒരു സർപ്രൈസ് കൊടുക്കാനാണ് പ്ലാൻ...

അങ്ങനെ എയർപോട്ടിൽ നിന്നും ഒരു ടാക്സി വിളിച്ച് വീട്ടിലേക്ക് ചെന്നപ്പോ സമയം രാത്രി ആയിട്ടുണ്ട്.... എല്ലാവരും ഹസിന്റെ വീട്ടിൽ ആണെന്ന് തോന്നുന്നു... അവളെ നിക്കാഹ് ആണ് നാളെ... അപ്പോ അതിന്റെ ബഹളമൊക്കെ അവളെ വീട്ടീന്ന് കേൾക്കുന്നുണ്ട്.... നമ്മളെ വീട്ടിൽ ആണെങ്കിലോ ഒരു വേട്ടമോ വെളിച്ചമോ ഒന്നുമില്ല... അപ്പോ തന്നെ എല്ലാവരും ഓളോടെയാണെന്ന് മനസ്സിലായി...

നമ്മള് അപ്പോ തന്നെ നമ്മളെ ലഗേജ് ഒക്കെ കൂടി എടുത്ത് മതിലിനപ്പുറം ഇട്ടിട്ട് നമ്മള് വീടിന്റെ മതില് ചാടി... എന്നിട്ട് ബാഗൊക്കെ എടുത്തോണ്ട് ആരും കാണാതെ വീടിന്റെ സൈഡിലേക്ക് ചെന്നിട്ട് ഏണിയിൽ കയറി ബാൽക്കണിയിൽ എത്തി....

എന്നിട്ട് ബാഗൊക്കെ ബാൽക്കണിയിൽ വെച്ചിട്ട്

നമ്മളെ റൂമിലെ കിളി വാതില് വഴി നമ്മളെ റൂമിലേക്ക് വന്നു... റൂം ആകെ ഇരുട്ട് പടർന്നത് കണ്ടപ്പോ ഒരു ചെറിയ പേടി തോന്നി എങ്കിലും നമ്മളത് പുറത്ത് കാണിക്കാതെ വേഗം ഫോണിലെ ഫ്ലാഷ് ഓൺ ആക്കിയിട്ട് ബാൽക്കണിയിലെ വാതിൽ തുറന്ന് ബാഗൊക്കെ അകത്തേക്ക് വെച്ചു....

എന്നിട്ട് എല്ലാ ഡോറും അടച്ചിട്ട് സീറോ ബൾബ് മാത്രം ഇട്ട് വെച്ചു... ഇല്ലേൽ പുറത്തേക്ക് നന്നായിട്ട് വെളിച്ചം കാണാൻ സാധ്യത ഉണ്ട്... എന്നിട്ട് വേഗം പോയി ഒന്ന് ഫ്രഷായി വന്ന് നിസ്കരിച്ചിട്ട് നമ്മളെ ബെഡിലേക്ക് ഒന്ന് ചാഞ്ഞു....

എന്റെ റൂം ഇപ്പോഴും ഒരു മാറ്റവും ഇല്ലാതെ പഴയ പോലെ തന്നെ കൊണ്ട് നടന്നിട്ടുണ്ട്... അപ്പോഴാണ് ഞാൻ ഹസിന്റെ വീട്ടീന്ന് ഓളെ ശബ്ദം കേട്ടത്... നമ്മളെ ഉമ്മച്ചിനോട് ഞാൻ വരാത്തതിനുള്ള പരിഭവവും നമ്മളെ പ്രാകലുമാണ് അവളെ മെയിൻ പണി...

നമ്മളതൊക്കെ കേട്ട് ചിരിച്ചോണ്ട് നിന്നപ്പോഴാ

അവൾക്കിട്ട് ഒരു സർപ്രൈസ് കൊടുക്കാൻ തീരുമാനിച്ചത്... നമ്മള് അപ്പോ തന്നെ ഉമ്മച്ചിന്റെ റൂമിലേക്ക് ഓടി ചെന്നിട്ട് ഉമ്മച്ചിന്റെ പർദ്ദയും ഹിജാബും ഇട്ടോണ്ട് നമ്മളെ റൂമിലെ ലൈറ്റും ഡോറുമൊക്കെ ലോക്കാക്കി ബാൽക്കണി വഴി പുറത്തേക്ക് വന്നു...

എന്നിട്ട് ഏണിയിൽ കൂടി താഴോട്ട് ഇറങ്ങിയിട്ട് നമ്മള് വീണ്ടും മതില് ചാടി റോഡിലേക്ക് ഇറങ്ങി... അപ്പോ തന്നെ നമ്മളെ മുന്നിലേക്ക് മൂത്താപ്പ വന്നതും നമ്മള് ബുർക്ക താഴ്ത്തിയിട്ട് മൂത്താപ്പാക്ക് മുഖം കൊടുക്കാതെ അരികിൽ കൂടി നടന്നു...

മൂത്താപ്പ ഭയങ്കര ഫോൺ വിളിയിൽ ആയോണ്ട് ഭാഗ്യത്തിന് നമ്മളെ ശ്രദ്ധിച്ചിട്ടില്ല... നമ്മള് ഒന്ന് തിരിഞ്ഞ് നോക്കിയിട്ട് നെഞ്ചിൽ കൈ വെച്ച് ഒന്ന് നെടുവീർപ്പിട്ടിട്ട് ഗേറ്റ് കടന്ന് ഹസിന്റെ വീട്ടിലേക്ക് കേറി...

പന്തലിൽ കൂട്ടുകാരോടൊപ്പം സൊറ പറഞ്ഞ് നിൽക്കുന്ന ഷാദിയെ കണ്ടപ്പോ ഓടി പോയി ഓനെ കെട്ടിപ്പിടിക്കാനാ തോന്നിയത്... പക്ഷെ നമ്മള് ആരാണെന്ന് ഇപ്പോ തന്നെ അവനെ കാണിക്കാൻ

ഉദ്ദേശിക്കാത്തോണ്ട് അവനെ കൺകുളിരേ നോക്കി നിന്നു....

"മോള് ഏതാ....?"

പെട്ടെന്ന് നമ്മളെ പിറകിൽ നിന്നും നമ്മളെ ഉപ്പച്ചിന്റെ ശബ്ദം കേട്ടതും ഞാൻ അപ്പോ തന്നെ തിരിഞ്ഞു നോക്കി... ഉപ്പാനെ കണ്ടപ്പോ എന്റെ മുഖത്ത് അറിയാതെ പുഞ്ചിരിയും കണ്ണ് നിറഞ്ഞൊഴുകാൻ ആയിട്ട് വെമ്പൽ കൊണ്ടു...

"മോള് എവിടെയുള്ളതാ....?"

ഉപ്പച്ചി വീണ്ടും എന്നോട് ചോദ്യം ഉയർത്തിയപ്പോ ഞാൻ നിന്ന് വിക്കാൻ തുടങ്ങി... ഉപ്പച്ചി ആണെങ്കിലോ എന്റെ കണ്ണിലേക്ക് തന്നെ സൂക്ഷിച്ച് നോക്കുന്നുണ്ട്... എന്റെ കണ്ണ് കണ്ടിട്ട് എങ്ങാനും ഞാൻ ആരാണെന്ന് കണ്ട് പിടിക്കോ എന്ന് പേടിച്ചിട്ട് നമ്മള് അപ്പോ തന്നെ തല താഴ്ത്തിയിട്ട് ശബ്ദം മാറ്റി സംസാരിച്ചു...

"ഞ....ഞാൻ.... ഹസിന്റെ കൂട്ടുകാരിയാ.... നാളത്തെ നിക്കാഹിന് എനിക്ക് വരാൻ പറ്റില്ല... അതോണ്ട് അവളെ ഒന്ന് കാണാമെന്ന് കരുതി വന്നതാ...."

"ഓ... എന്നാ മോള് അകത്തേക്ക് ചെല്ല്... അവളെവിടെ ഓളെ അമ്മായിന്റെ മക്കളെ കൂടെ റൂമിൽ കാണും..."

എന്ന് ഉപ്പച്ചി പറഞ്ഞപ്പോ നമ്മള് തല താഴ്ത്തി കൊണ്ട് തലയാട്ടിയിട്ട് അവിടന്ന് വേഗം തിരിഞ്ഞ് ഒന്ന് നെടുവീർപ്പിട്ടിട്ട് നടന്നു... എന്നിട്ട് വീട്ടിലേക്ക് കയറുന്നതിന് മുൻപ് വെറുതെ ഒന്ന് തിരിഞ്ഞ് നോക്കിയപ്പോ നമ്മളെ ഉപ്പച്ചി നമ്മളെ തന്നെ ഒരു സംശയത്തോടെ നോക്കി നിൽപ്പുണ്ടായിരുന്നു...

അത് കണ്ടപ്പോ തന്നെ നമ്മള് അകത്തേക്ക് വാണം വിട്ട ഒരൊറ്റ പോക്കായിരുന്നു... അപ്പോ തന്നെ നമ്മളെ എതിരെ നിന്നും ആരോ കടന്ന് വന്നതും ഞാൻ അയാളെ അവിടെ ഇടിച്ച് തെറിപ്പിച്ച് ഇട്ടു... തിരിഞ്ഞു നോക്കിയപ്പോ വന്നവർക്കൊക്കെ കുടിക്കാനായിട്ട് വെള്ളം കൊണ്ട് പോകുന്ന താഹിയെയാണ് നമ്മള് ഇടിച്ചിട്ടത്...

ഓൻ ആ വെള്ളത്തിൽ കുളിച്ച് കിടക്കുന്നത് കണ്ടപ്പോ നമ്മള് കൺട്രോൾ പോയി പൊട്ടിച്ചിരിച്ചു... അത് കണ്ടിട്ട് വീണിടത്ത് നിന്നും ഓൻ എണീറ്റ് നമ്മളെ രൂക്ഷമായി നോക്കുന്നത് കണ്ടപ്പോ നമ്മള് സോറി എന്ന് പറഞ്ഞിട്ട് ഓന്റെ കാലിനിട്ട് ഒരു ചവിട്ടും കൊടുത്ത് അവിടന്ന് വേഗം ഓടി പോയി...

ഓൻ അവിടെ കിടന്ന് ഢീന്ന് അട്ടഹസിക്കുന്നത് കേട്ടപ്പോ തന്നെ എല്ലാവരും കൂടി ഹാളിലേക്ക് ഒഴുകി എത്താൻ തുടങ്ങിയിരുന്നു.... നമ്മള് അപ്പോ തന്നെ അവിടന്ന് വേഗം കോണിപ്പടിന്റെ ചുവട്ടിലേക്ക് മാറി നിന്നിട്ട് വാ പൊത്തി പിടിച്ച് ഭയങ്കര ചിരിയായിരുന്നു...

"എന്താടാ താഹിയെ..? എന്താ ഉണ്ടായേ...? ഇജ്ജ് വീണോ....?" നമ്മെ ഉമ്മച്ചിയാണ്.

"ഞാൻ വീണതല്ല അമ്മായി... ഒരു പർദ്ദക്കാരി ഇബിലീസ് എന്നെ ഇടിച്ചിട്ടിട്ട് ഓടിയതാ.... അള്ളോ ന്റെ ഉമ്മാ.... അവളെയെങ്ങാനും എന്റെ കയ്യിൽ കിട്ടിയാലുണ്ടല്ലോ.... എന്റെ കാലിൽ ചവിട്ടിയിട്ടാ അവള്

ഓടിയത്... അവൾക്ക് ഞാൻ വെച്ചിട്ടുണ്ട്...."

"അതേതാ ആ പർദ്ദക്കാരി...? ഇനി വല്ല പർദ്ദ ഫാത്തിമയേയും ആകോ താഹിക്ക കണ്ടത്..." നമ്മളെ സിനുവാണ്.

"പർദ്ദ ഫാത്തിമ അല്ലെടി അന്റെ കെട്ട്യോൻ... അള്ളോന്റെ ഉമ്മാ.... ആ ബലാലിനെ കൊണ്ട് എന്റെ നടു പോയെ..."

എന്ന് പറഞ്ഞ് താഹി കിടന്ന് വിളിച്ച് കൂവുന്നത് കേട്ടിട്ട് നമ്മളടക്കം എല്ലാവരും പൊരിഞ്ഞ ചിരിയാണ്.... അപ്പോഴാണ് നമ്മള് അവിടെ മെയിൻ സ്വിച്ചിന്റെ ബോർഡ് കണ്ടത്... പിന്നെ ഒന്നും നോക്കീല വേഗം ചെന്ന് അത് ഓഫ് ആക്കിയിട്ട് ഒരു ഓട്ടമായിരുന്നു ഹസിന്റെ റൂമിലേക്ക് എന്നിട്ട് തട്ടി തടഞ്ഞ് ഒരു വിധത്തിൽ ഓളെ കട്ടിലിനടിയിൽ ഒളിച്ചിരുന്നു....

അപ്പോ തന്നെ ആരൊക്കെയോ വന്ന് മെയിൻ സ്വിച്ച് ഇട്ടപ്പോ എല്ലാവരും കൂടി ചേർന്ന് താഹിനെ എണീപ്പിച്ച്

നിർത്തി... എന്നിട്ട് ഓനെ കളിയാക്കി ചിരിച്ചോണ്ട് അവരൊക്കെ അവരെ പാടും നോക്കി പോയി... അപ്പോ ഹസിയും ദിയയും ജസിയും നമ്മളെ പുന്നാര അനിയത്തിയും പിന്നെ വേറെ രണ്ട് കസിൻസും കൂടി റൂമിലേക്ക് കേറി വന്നു...

താഹിന്റെ വീഴ്ചയെ കുറിച്ച് പറഞ്ഞ് ചിരിക്കാണ് അവരൊക്കെ... ഹസിന്റെ കയ്യിൽ മൈലാഞ്ചി ഇട്ട് കൊടുക്കാണ് ദിയ....

"ഇപ്പോ നമ്മളെ കൂടെ ഫെബി ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായേനെ... അല്ലെ ദിയാ....?" ഹസിയാണ്.

"പക്ഷെ പറഞ്ഞിട്ടെന്താ കാര്യം അവൾക്ക് ലീവ് കിട്ടണ്ടേ..." ദിയയാണ്.

"പാവം ഫെബി... ആ ആദിൽക്കയും സൽമയും കൂടി അവളെ ഒരുപാട് അവിടെ ഇട്ട് കഷ്ടപ്പെടുത്തുന്നുണ്ടെന്ന് നിസൂക്ക പറഞ്ഞിരുന്നു... ഇന്നലെ അവരെ എങ്കേജ്മെന്റ് ആയിരുന്നത്രെ..." ഹസിയാണ്.

"എന്നിട്ട് ആദി വരുന്നുണ്ടോ നിങ്ങളെ കല്യാണത്തിന്...?" ജസിയാണ്.

"അറീല... നിസൂക്ക വിളിച്ചിട്ടുണ്ട്... പക്ഷെ വരുമെന്ന് തോന്നുന്നില്ല... കാരണം അവരെ തമ്മിൽ അടിപ്പിച്ച് അവരെ രണ്ടാക്കി മാറ്റിയിരിക്കാ ആ സൽമ...." ഹസി ഒരു അമർഷത്തോടെ പറഞ്ഞു.

"എന്നാ നമുക്ക് അവളെ അങ്ങ് തട്ടി കളഞ്ഞാലോ...?" എന്റെ കസിനാ.

"ഓ... എന്നിട്ട് വേണം ആദി നമ്മളെ കൊല്ലാൻ... ഒന്ന് പോടീ പുല്ലേ... ഓളെ ഒരു ഊള ഐഡിയ..." നമ്മളെ മറ്റൊരു കസിൻ ആണ്.

അവള് പറയുന്നത് കേട്ടിട്ട് ഞാൻ മാത്രല്ല അവരും കൂട്ടച്ചിരി ആയിരുന്നു... അപ്പോഴാണ് പെട്ടെന്ന് സിനു അലറി കരയുന്ന ശബ്ദം കേട്ടത്... പടച്ചോനെ നമ്മള് പെട്ടോന്ന് കരുതി നമ്മള് കട്ടിലിനടിയിൽ തന്നെ ചുരുണ്ട്

കൂടി കിടന്നു....

പെട്ടെന്ന്......

(തുടരും)

ഭാഗം.109

അവള് പറയുന്നത് കേട്ടിട്ട് ഞാൻ മാത്രല്ല അവരും കൂട്ടച്ചിരി ആയിരുന്നു... അപ്പോഴാണ് പെട്ടെന്ന് സിനു അലറി കരയുന്ന ശബ്ദം കേട്ടത്... പടച്ചോനെ നമ്മള് പെട്ടോന്ന് കരുതി നമ്മള് കട്ടിലിനടിയിൽ തന്നെ ചുരുണ്ട് കൂടി കിടന്നു....

പെട്ടെന്ന് എല്ലാവരും കൂടി സിനുന്റെ അടുത്തേക്ക് ഓടി ചെന്ന് കാര്യം അന്വേഷിച്ചു... അണ്ണാച്ചി ഒരു പല്ലിയെ കണ്ടിട്ടാ ഒച്ച വെച്ചതെന്ന് അറിഞ്ഞപ്പോഴാ നമ്മക്ക് തന്നെ ആശ്വാസമായത്... എല്ലാവരും ചേർന്ന് അവൾക്കിട്ട് രണ്ടെണ്ണം പൊട്ടിച്ചിട്ട് അവര് വീണ്ടും

കത്തിയടി തുടർന്നു...

അപ്പോ ആരോ വാതിലിൽ മുട്ടിയതും ദിയ ചെന്ന് വാതില് തുറന്ന് കൊടുത്തു... നോക്കുമ്പോ നമ്മളെ ഉപ്പച്ചിയാണ് ആള്...

"നിങ്ങള് ഇതുവരെ മൈലാഞ്ചി ഒന്നും ഇട്ട് കൈഞ്ഞില്ലേ...? പോയി വല്ലതും കഴിച്ച് ഉറങ്ങാൻ നോക്കി.... പിന്നെ ചോർ കഴിക്കാൻ പോകുമ്പോ നിങ്ങളെ കൂട്ടുകാരിയെ കൂടി കൂട്ടിക്കോളി...."

ഉപ്പച്ചി പറയുന്നത് കേട്ടപ്പോ നമ്മള് സ്വയം ഒന്ന് തലക്കടിച്ചു... അപ്പോ തന്നെ വന്നു എല്ലാവരിൽ നിന്നും ആ ചോദ്യം ഏത് കൂട്ടുകാരിയെന്ന്...?

ഒരു പർദ്ദ ഇട്ട കുട്ടിയാണെന്ന് ഉപ്പച്ചി പറയുന്നത് കേട്ടിട്ട് ഹസിക്ക് ആളെ മനസ്സിലായിട്ടില്ല....

"അതിന് അങ്ങനെ ആരും ഇങ്ങോട്ട് വന്നില്ലല്ലോ ആപ്പാ.... എന്റെ ഫ്രണ്ട്സിൽ അങ്ങനെ ആരും പർദ്ദയും ബുർക്കയും ഇടുന്ന ആളുമില്ല.... ഇങ്ങൾക്ക് ചെലപ്പോ

ആള് മാറിയതാകും...." ഹസിയാണ്.

"ഹൈ... അല്ല ഹസിയെ... ഞാൻ അല്ലെ ആ കുട്ടിനെ അകത്തേക്ക് പറഞ്ഞയച്ചേ... അന്റെ കൂട്ടുകാരിയാണെന്നാ ആ കുട്ടി പറഞ്ഞെ.... ഓൾക്ക് നാളെ വരാൻ പറ്റില്ല അതോണ്ടാ ഈ നേരത്ത് വന്നതെന്നും ആ കുട്ടി പറഞ്ഞു..."

"ഉപ്പച്ചി പറയുന്ന ഈ പർദ്ദക്കാരി ആകോ നേരത്തെ താഹിക്കാനെ ഇടിച്ചിട്ട് ഓടിയത്...?" സിനുവാണ്.

"അങ്ങനെ ആയിക്കോട്ടെ.... എന്നാലും എനിക്ക് അങ്ങനെ ഒരു ഫ്രണ്ട് ഇല്ലല്ലോ.... ഇനി ചെലപ്പോ വല്ല കള്ളനും മറ്റോ ആകോ...?" ഹസിയാണ്.

ഓള് പറയുന്നത് കേട്ടിട്ട് നമ്മളെ ഉപ്പച്ചി എന്തൊക്കെയോ ചിന്തിച്ചോണ്ട് അവിടന്ന് പോയി... പിന്നാലെ അവറ്റകളും... കാരണം അത്രക്ക് പേടിച്ചിട്ടുണ്ട്... പിന്നെ കുറച്ച് കഴിഞ്ഞപ്പോ അവര് തിരിച്ച് റൂമിലേക്ക് വന്നിട്ട് വാതിലടച്ച് കിടന്നു...

അപ്പോഴും ഹസിന്റെ പരിഭവം ഞാൻ കല്യാണം കൂടാൻ ഇല്ലാത്തത് ആണ്...

നമ്മളെ പോലെ തന്നെ നമ്മളെ കസിൻസും ഇരുട്ട് പേടിയുള്ള ടീമുകളായോണ്ട് റൂമിൽ സീറോ ബൾബ് ഇട്ടിട്ടാണ് അവരെ ഉറക്കം... അത് ഒരു കണക്കിന് നമ്മക്ക് ഉപകാരമായി... അവര് ഉറങ്ങിയെന്ന് ഉറപ്പ് വരുത്തിയ ശേഷം നമ്മള് കട്ടിലിന്റെ അടിയിൽ നിന്ന് എണീറ്റ് നടുവൊന്ന് നിവർത്തി....

എന്നിട്ട് ആ കുരിപ്പുകളെയൊക്കെ ഒന്ന് നോക്കിയിട്ട് നമ്മള് പതിയെ അവരെ അടുത്തേക്ക് നടന്നു... ഹസിയാണ് അരൂല് കിടക്കുന്നത്.... അതോണ്ട് നമ്മള് എന്തെ ചെയ്തെന്ന് വെച്ചാ ഹസിന്റെ അടുത്ത് അരൂല് ഓളെ ഇടയിൽ കുത്തി തിരുകി കിടന്നു.... പെണ്ണ് ഇപ്പോ എണീക്കുമെന്ന് കരുതിയെങ്കിലും അതുണ്ടായില്ല... ഓളും ദിയയും ജസിയും ആണ് റൂമിൽ ഉള്ളത്... ബാക്കി ഉള്ളവര് നമ്മളെ വീട്ടിലേക്കാ പോയിരിക്കുന്നത്... ഇവറ്റകൾ ആണെങ്കിലോ വമ്പൻ ഉറക്കമെല്ലേ അതോണ്ട് ഇപ്പോ തന്നെ ഉണരുമെന്ന് ടെൻഷൻ ഇല്ല...

നമ്മള് എന്നിട്ട് മെല്ലെ തിരിഞ്ഞ് കിടന്ന് കാല് ചുമരിൽ വെച്ചിട്ട് അവറ്റകളെ ഒരൊറ്റ നീക്കലായിരുന്നു... ദേ കിടക്കുന്നു ജസി നിലത്ത്.... പിന്നെ വീണ്ടും അതുപോലെ നീക്കി തള്ളി മാറ്റി ദിയയേയും നമ്മള് കട്ടിലിൽ നിന്ന് നിലത്തിട്ടു... ഓള് ചെന്ന് വീണതോ ജസിന്റെ മേലേക്കും... രണ്ടാളും കൂടി വീണിടത്ത് നിന്ന് അലറി കൊണ്ട് ഹസിനെ തല്ലാൻ വേണ്ടി ലൈറ്റ് ഇട്ടതും നമ്മള് ഹസിന്റെ പുതപ്പിനടിയിൽ ചുരുണ്ടു കൂടി കിടന്നു....

ഇതൊന്നും അറിയാതെ നല്ല സുഖനിദ്രയിലാണ് മണവാട്ടി... അവര് അപ്പോ തന്നെ കലി തുള്ളി കൊണ്ട് ഹസിനെ പൊതിരെ തല്ലി.... വേദന കൊണ്ട് ഞെട്ടി എണീറ്റ് ഹസി ചുറ്റും നോക്കുമ്പോ രണ്ടും കൂടി അവളെ നോക്കി പേടിപ്പിക്കാണ്....

"എന്താടി നശൂലങ്ങളെ വെറുതെ എന്നെ തല്ലുന്നേ...? മനുഷ്യനെ ഉറങ്ങാനും സമ്മതിക്കില്ലേ...?" ഹസിയാണ്.

"അത് ശരി ഞങ്ങളെ രണ്ടിനെയും ചവിട്ടി താഴെയിട്ടിട്ട് അനക്ക് സുഖായിട്ട് കിടന്ന് ഉറങ്ങണമല്ലേ.... ഉറക്കി

തരാടി നിന്നെ ഞങ്ങള്...."

അതും പറഞ്ഞോണ്ട് ദിയ അവളെ നേരെ തലയണ കൊണ്ട് പൊതിരെ തല്ലാൻ തുടങ്ങി... നമ്മള് അപ്പോ തന്നെ പതിയെ തലയിൽ കൂടി പുതപ്പിട്ട് കൊണ്ട് ഹസിന്റെ പുറകിൽ നിന്നും എണീറ്റു...

അത് കണ്ട് അമ്പരന്ന് ജസിയും ദിയയും കൂടി ഉണ്ടക്കണ്ണും കാണിച്ച് പ്രതിമ കണക്കെ നിന്നിട്ട് വിറക്കാൻ തുടങ്ങി...

"എന്തേടി എന്നെ തല്ലുന്നില്ലേ...? നിർത്തിയോ...? പാതിരാത്രി മനുഷ്യനെ വിളിച്ചുണർത്തി തല്ലിയിട്ട് ഇപ്പോ രണ്ടും കൂടി നിന്ന് വിറക്കുന്നത് കണ്ടില്ലേ...

പോയി ആ ലൈറ്റ് അണച്ചിട്ട് വന്ന് കിടക്കാൻ നോക്കെടി പെണ്ണുങ്ങളെ...."

എന്ന് പറഞ്ഞ് ഹസി കിടക്കാൻ നിന്നതും ജസിയും ദിയയും കൂടി പേടിച്ച് വിറച്ചോണ്ട് ഓളെ പിറകിലേക്ക് ചൂണ്ടി കാണിച്ചു... അത് കണ്ട് ഹസി മെല്ലെ നമ്മളെ തിരിഞ്ഞ് നോക്കിയതും പുതപ്പ് മാത്രം നിൽക്കുന്നത്

കണ്ടിട്ട് അവറ്റകൾ മൂന്നും കൂടി അലറി കരഞ്ഞു...

അവരെ അലർച്ച കേട്ട് ഉറങ്ങി കിടന്ന വീട് മുഴുവൻ ഉണർന്നു... എല്ലാവരും കൂടി വന്ന് വാതിലിൽ മുട്ടാൻ തുടങ്ങി... പേടിച്ച് വിറച്ചിട്ടാണെങ്കിൽ മൂന്നും കൂടി ഒരു മൂലയിൽ പോയി നിൽക്കാണ്.... അല്ലാതെ ഒരടി മുന്നോട്ട് പോകുന്നില്ല...

അത് കണ്ടിട്ടാണെങ്കിൽ നമ്മക്ക് ചിരി വന്ന് ഇണ്ടെത്തിയിട്ടുണ്ട്.... നമ്മള് ചിരി അടക്കി പിടിച്ചോണ്ട് ആ പുതപ്പും കൊണ്ട് മെല്ലെ കട്ടിലിൽ നിന്നും എണീറ്റിട്ട് അവരെ നേരെ നടന്നടുത്തു... മൂന്നും അതിനനുസരിച്ച് അലറി കരയുന്നത് കണ്ടിട്ട് നമ്മക്ക് ചിരി പൊട്ടി വന്ന് നമ്മള് ഹലാക്കിലെ ചിരിയായിരുന്നു... അത് കേട്ടിട്ട് അവറ്റകൾ അതിലേറെ കരച്ചിലും...

ഒടുക്കം സീൻ കോൺട്രയാകുന്ന മട്ടിൽ ആരൊക്കെയോ ചേർന്ന് വാതിൽ തള്ളി തുറക്കാനൊക്കെ നോക്കുന്നത് കണ്ടപ്പോ നമ്മള് പെട്ടെന്ന് തന്നെ അവരെ നേരെ പാഞ്ഞടുത്തു.... പക്ഷെ പുതപ്പ് കട്ടിലിനിടയിൽ കുരുങ്ങിയതോണ്ട്

നമ്മള് നടന്നപ്പോ അതും അവിടെ തങ്ങി... ഇപ്പോ നമ്മള് ആ പർദ്ദയിലാണ് നിൽക്കുന്നത്... അത് കണ്ടിട്ട് അവറ്റകൾ വീണ്ടും അലറി കരയാൻ തുടങ്ങി...

നമ്മളാണെങ്കിലോ പൊരിഞ്ഞ ചിരിയിലും... ചിരിച്ച് ചിരിച്ച് നമ്മക്ക് കണ്ണീന്ന് വെള്ളവും വരുന്നുണ്ട് വയറും വേദനിക്കുന്നുണ്ട്... അത്രക്ക് ചിരിക്കുന്നുണ്ട്... നമ്മളെ ചിരി കണ്ടപ്പോ അവറ്റകളെ കരച്ചില് നിന്നു.... എന്നിട്ട് മൂന്നും കൂടി പതിയെ നമ്മളെ അടുത്തേക്ക് വന്നു....

എന്നിട്ട് കൂട്ടത്തിൽ ഏറ്റവും ധൈര്യവതിയായ ഹസി പേടിച്ച് വിറച്ചോണ്ട് നമ്മളെ തലയിലെ തട്ടം പിടിച്ച് വലിച്ചു... നമ്മളെ മുഖം കണ്ടതും അവറ്റകൾ മൂന്നും കൂടി വീണ്ടും ഒച്ച വെച്ച് ശരിക്കും നമ്മളെ പൊങ്കാലയിട്ട് പരുവമാക്കി...

പിന്നെ അവിടെ നടന്നത് ഒരു സ്നേഹപ്രകടനമായിരുന്നു... നമ്മളെ കെട്ടിപിടിക്കലും ഉമ്മ വെക്കലുമൊക്കെ ആയിട്ട് അവറ്റകൾ നമ്മളെ പൊതിഞ്ഞു... പക്ഷെ രംഗം അപ്പോഴും ശാന്തമല്ല... ഇനിയും ചെന്ന് വാതില് തുറന്നില്ലെങ്കിൽ എല്ലാം കൂടി

വാതില് പൊട്ടിച്ച് അകത്ത് കടക്കും... അതോണ്ട് നമ്മള് ഹസിയോട് ചെന്ന് വാതില് തുറക്കാൻ പറഞ്ഞിട്ട് വാതിലിന്റെ അപ്പുറത്ത് മാറി നിന്നു.... എന്നിട്ട് ഹസി വാതിൽ തുറന്നതും എല്ലാവരും കൂടി അകത്തേക്ക് വരാൻ നിന്നു....

"എന്താ ഹസി...? എന്താ പറ്റിയെ...?"

എന്ന് ചോദിച്ച് മൂത്താപ്പ റൂമിൽ കേറാൻ നിന്നതും നമ്മള് വാതിലിന്റെ മറവിൽ നിന്നും പെട്ടെന്ന് അവരെ മുന്നിലേക്ക് ചാടിയിട്ട് അലറിയപ്പോ അവര് പേടിച്ച് പിറകോട്ട് പോയി... അത് കണ്ട് ഞങ്ങള് നാലും കൂടി പൊരിഞ്ഞ ചിരിയായിരുന്നു... ഞാനാണ് ആളെന്ന് മനസ്സിലായപ്പോ മൂത്താപ്പ നമ്മളെ ചെവി പിടിച്ച് തിരിച്ച് പൊന്നാക്കി.... നമ്മള് കൊറേ സോറി പറഞ്ഞ് കരഞ്ഞപ്പോഴാ മൂപ്പര് പിന്നെ നമ്മളെ കാത് വിട്ടത്...

ഇവിടത്തെ അലർച്ച കേട്ടിട്ട് നമ്മളെ വീട്ടിലുള്ളോര് മുതൽക്ക് അവിടന്ന് ഓടി വന്നിട്ടുണ്ട്... അവര് വന്ന് കോളിങ് ബെല്ലടിച്ചപ്പോ എല്ലാവരും കൂടി നിർബന്ധിപ്പിച്ച് നമ്മളെ കൊണ്ട് വാതില് തുറപ്പിച്ചു....

നമ്മളെ കണ്ടതും അവരൊക്കെ കൂടി ഞെട്ടി തരിച്ച് നിന്നു...

എന്നിട്ട് ഉമ്മച്ചിയും ഉപ്പച്ചിയും കൂടി നമ്മളെ കെട്ടിപ്പിടിച്ച് ഒരുപാട് ഉമ്മ വെച്ചു... ഉപ്പച്ചിക്ക് ആദ്യമേ ഡൗട്ടുണ്ടായിരുന്നു അത് ഞാനാണെന്ന് ഉപ്പച്ചി പറഞ്ഞു... പിന്നെ താഹിന്റെ വക നമ്മക്കും കിട്ടി നല്ല അഡാർ ചവിട്ട് തിരിച്ച് നമ്മളും കൊടുത്തു ഓൻകിട്ടും ഒന്ന്....

പിന്നെ അങ്ങോട്ട് സന്തോഷത്തിന്റെ നാളുകൾ ആയിരുന്നു എനിക്ക്... സത്യം പറഞ്ഞാൽ മനസ്സമാധാനത്തോടെ ഉറങ്ങിയത് അന്നായിരുന്നു... എല്ലാവരും കൂടി ഒരുമിച്ച് ഹാളിൽ ആയിരുന്നു കിടന്നത്... കഥ പറയാൻ നമ്മളും കേൾക്കാൻ അവരും...

ആദിയെ ഒഴിച്ച് ബാക്കി ഉണ്ടായിരുന്ന എല്ല കാര്യങ്ങളും ഞാൻ അവരുമായി പങ്ക് വെച്ചു... ഇനി നമ്മളെ ഇങ്ങോട്ടും വിടില്ലെന്നാണ് ഉമ്മച്ചിന്റെ തീരുമാനം... അതിനെ അനുകൂലിച്ചോണ്ട് ബാക്കിയുള്ളവരും....

ഇനി അവരെ വിട്ട് ഇങ്ങോട്ടും പോകില്ല ദുബായ് മണ്ണിനോട് ബൈ പറഞ്ഞിട്ടാണ് ഇങ്ങോട്ട് വന്നത് എന്നൊക്കെ പറഞ്ഞപ്പോ എല്ലാവരും ഹാപ്പി ആയി...

പിറ്റേന്ന് നിക്കാഹ് ഒക്കെ നല്ല ഭംഗിയായി കഴിഞ്ഞു... നിസൂക്കാന്റെയും ഹസിന്റേയും കൂടെ നിന്നിട്ടുള്ള ഒരുപാട് ഫോട്ടോസ് ഒക്കെ എടുത്ത് ഞാൻ നമ്മളെ ടീമിന് വിട്ട് കൊടുത്തു... പരിപാടിയിൽ പങ്കെടുക്കാൻ പറ്റാത്ത എല്ലാ വിഷമവും ഉണ്ടായിരുന്നു അവരെ സംസാരത്തിൽ...

കല്യാണത്തിന് മുൻപ് ഉണ്ടായിരുന്ന കുറച്ച് നാൾ എല്ല കുട്ടിപട്ടാളങ്ങളെയും ഉമ്മമാരെയും ഉപ്പമാരെയും കൂട്ടിയിട്ട് ഒരു ടു ഡേയ്സ് ട്രിപ്പ് പോയി അടിച്ച് പൊളിച്ച് വന്നു... സത്യം പറഞ്ഞാൽ എന്റെ ഓർമ്മകളിൽ നിന്നും ആദിയെ ഞാൻ പൂർണ്ണമായും മറന്ന സമയമായിരുന്നു അപ്പോ....

ഇന്നാണ് ഹസിന്റെ കല്യാണം... ഇന്നലെ മുതൽ ഇതിന് പിന്നാലെ ആയിരുന്നു നമ്മള്... എങ്ങോട്ട് തിരിഞ്ഞാലും എല്ലാവര്ക്കും നമ്മളെ വേണം... ഹസി ആണെങ്കിലോ

നമ്മളെ പുറകേന്ന് പോകുന്നുമില്ല നമ്മളെ പോകാനും അനുവദിക്കുന്നില്ല.... ഇന്നലെ രാത്രി പെണ്ണ് ഒരുപോള കണ്ണടച്ചിട്ടില്ല... കണ്ണടക്കാൻ ഞങ്ങള് സമ്മതിച്ചില്ല എന്ന് പറയുന്നതാകും ശരി...

ഞങ്ങളെ കസിൻസിന്റെ കൂട്ടത്തിൽ ഞാനും ഹസിയും മാത്രമേ കല്യാണം കഴിക്കാൻ ബാക്കി ഉണ്ടായിരുന്നുള്ളു... അതോണ്ട് ആദ്യരാത്രിയെ കുറിച്ച് പറഞ്ഞ് പെണ്ണിനെ പേടിപ്പിച്ച് നിർത്തിയിരിക്കാണ് ജസിയും ദിയയും... പിന്നെ കൂട്ടിന് നമ്മളും... എന്തായാലും പെണ്ണ് നല്ലോണം പേടിച്ചിട്ടുണ്ട്... ഞങ്ങള് പറഞ്ഞത് കേട്ടിട്ട് ഇപ്പോ കല്യാണം തന്നെ വേണ്ടാന്ന് പറഞ്ഞ് നടക്കാണ് പെണ്ണ്... ഇവളെ ഫസ്റ്റ് നൈറ്റ് ഇനി എന്താകോ എന്തോ...? നിസൂക്ക മിക്കവാറും ഇവളെ തിരിച്ച് ഇങ്ങോട്ട് തന്നെ കൊണ്ട് വിടേണ്ടി വരും... ρ

അങ്ങനെ കല്യാണ പരിപാടികൾ ഒക്കെ തകൃതിയായി നടന്നോണ്ടിരിക്കാണ്... അച്ചു ഡിസൈൻ ചെയ്ത പീച്ച് കളർ ലഹങ്കയിൽ ഹസി കൂടുതൽ സുന്ദരിയായിട്ടുണ്ട്... ഞങ്ങള് ഒക്കെ ഡ്രസ്സ് കോഡിൽ മിന്നി തിളങ്ങാണ്... അതും അച്ചൂന്റെ സെക്ഷൻ ആണ്... ശരിക്കും നല്ലോണം മിസ്സ് ചെയ്യുന്നുണ്ട് അവരെ.... ഇപ്പോ അവര്

ഞങ്ങളെ കൂടെ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായേനെ...

പക്ഷെ ആ കോന്തൻ അവരെ അവിടന്ന് വിട്ടിട്ട് വേണ്ടേ... കോദിൽ... തെണ്ടി...

"ഫെബി നീ ഇവിടെ നിൽക്കാണോ...? നിന്നെ ഞാൻ എവിടെയൊക്കെ തിരഞ്ഞെന്ന് അറിയോ...? നിന്നെ കാണാൻ ആരോ വന്നിട്ടുണ്ട്... വേഗം ചെല്ല് അവര് ആ പന്തലിൽ കാണും...?"

"എന്നെ കാണാനോ...? ആരാടി ദിയാ...?"

"ആ... എനിക്കറിയില്ല... മുൻപ് ഇവിടെ കണ്ട പരിചയമൊന്നുമില്ല... നീ ചെന്ന് നോക്ക് ഞാൻ അങ്ങോട്ട് ചെല്ലട്ടെ എന്നെ തിരക്കുന്നുണ്ടാകും...."

എന്ന് പറഞ്ഞ് ദിയ പോയപ്പോ നമ്മളെ തിരഞ്ഞ് ആരാകും വന്നതെന്ന് ചിന്തിച്ചോണ്ട് നമ്മള് പന്തലിലേക്ക് നടന്നു... അപ്പോ തന്നെ ഹസി വന്ന് എന്നെ ഫോട്ടോ എടുക്കാൻ വേണ്ടി വിളിച്ചപ്പോ ഞാൻ

ഇപ്പോ വരാമെന്ന് പറഞ്ഞിട്ടും പെണ്ണ് കേൾക്കാതെ എന്നെയും വലിച്ചോണ്ട് സ്റ്റേജിലേക്ക് കേറി...

'എന്നാലും ആരായിരിക്കും എന്നെ കാണാൻ വന്നത്...? ആദി ആയിരിക്കോ...? ഓ പിന്നെ.... ഇപ്പോ വന്നത് തന്നെ നോക്കി നിന്നോ... അവൻ അതിന് ആ സൽമന്റെ സാരിതുമ്പ് വിട്ടിട്ട് വേണ്ടേ ഇങ്ങോട്ട് വരാൻ....

പിന്നെ ആരാകും വന്നത്...?'

ഇങ്ങനെ ഒക്കെ ചിന്തിച്ചോണ്ട് നമ്മള് ഫോട്ടോക്ക് പോസ് ചെയ്തിട്ട് അവിടന്ന് വേഗം മുങ്ങി പന്തലിലേക്ക് ചെന്നു... അവിടെ ചെന്ന് ചോദിച്ചപ്പോ പറഞ്ഞു അവർ ഹാളിലേക്ക് കേറി പോയെന്ന്... അതിനി ഇപ്പോ ഏതാ അവരെന്ന് കരുതി നമ്മള് അകത്ത് കയറി നോക്കിയതും ഹസിന്റെ കൂടെ നിന്ന് ഫോട്ടോ എടുക്കുന്നവരെ കണ്ട് നമ്മള് അന്താളിച്ച് നിന്നു...

"അച്ചൂ....അരുൺ...."

നമ്മള് അവരെ തന്നെ നോക്കി കൊണ്ട് നിൽക്കുന്നത്

കണ്ടിട്ട് അവര് അവിടന്ന് ഇറങ്ങി നമ്മളെ അടുത്തേക്ക് വന്നു... ഹസിന്റെ മുഖത്ത് ഇപ്പോ നല്ല ഒരു തെളിച്ചം കാണാൻ ഉണ്ട്... അത് ഇവര് വന്നത് കൊണ്ടാണ്...

"എടി അച്ചൂ, അരുൺ... നിങ്ങൾ എങ്ങനെ ഇവിടെ..?"

"എന്താടി ഞങ്ങൾക്ക് ഞങ്ങളെ ഫ്രണ്ടിന്റെ കല്യാണത്തിന് വന്നൂടെ...?"

"ഓ നിങ്ങളെ ഈ വർത്താനം നിർത്തിയിട്ട് എങ്ങനെ ഇവിടെ എത്തിയെന്ന് പറയാൻ നോക്ക്.... ആ കോന്തന്റെ കയ്യീന്ന് പെർമിഷൻ വാങ്ങിച്ചിട്ട് നിങ്ങള് ഒരിക്കലും ഇങ്ങോട്ട് വരില്ല... സത്യം പറ... നിങ്ങള് അവിടന്ന് മുങ്ങിയതല്ലേ...?"

"അതൊക്കെ ഞങ്ങള് വിശദമായിട്ട് പറഞ്ഞു തരാം... നീ ഇപ്പോ ഞങ്ങളെ കൂടെ വാ...."

എന്ന് പറഞ്ഞോണ്ട് അച്ചു നമ്മളെയും വലിച്ചോണ്ട്

മുകളിലെ ബാൽക്കണിയിലേക്ക് കൊണ്ട് പോയി... എന്നിട്ട് അവര് രണ്ടും കൂടി പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് നമ്മളെ നോക്കി ഒന്ന് പുഞ്ചിരിച്ചു... നമ്മള് തിരിച്ച് അവറ്റകളെ ഒരു സംശയരൂപേണയും നോക്കി....

"നിങ്ങളെന്നെ ഇങ്ങനെ നോക്കി നിൽക്കാനാണോ അവിടന്ന് ഫ്ലൈറ്റും പിടിച്ച് ഇങ്ങോട്ട് വന്നത്...?

എന്താ കാര്യമെന്ന് പറയെടാ അരുണേ..."

"ഞങ്ങള് ഇങ്ങോട്ട് വന്നത് നിന്നെ കാണാനും ഹസിന്റെ കല്യാണം കൂടാൻ വേണ്ടിയും മാത്രല്ല...." അച്ചുവാണ്.

"പിന്നെ.....?"

"നിന്നെ തിരിച്ച് കൊണ്ട് പോകാൻ വേണ്ടി വന്നതാ...."

അച്ചു പറയുന്നത് കേട്ട് ഞാൻ അന്തം വിട്ട് ഒന്നും മനസ്സിലാകാതെ അവരെ രണ്ട് പേരെയും മാറി മാറി

നോക്കി...

"വാട്ട്....? നിങ്ങളെന്താ എന്നെ കളിയാക്കാണോ...?"

"ഫെബി...ഞങ്ങള് കാര്യം പറഞ്ഞതാ.... ഞങ്ങള് നിന്നെ തിരിച്ച് കൊണ്ട് പോകാൻ വേണ്ടി വന്നതാ.... ASK ഇവന്റ്സിന് നിന്നെ ആവശ്യമാണ്...." അരുണാണ്.

"Excuse me.... നിങ്ങൾക്ക് രണ്ട് പേർക്കുമെന്താ ഭ്രാന്ത് പിടിച്ചോ...? എന്നെ അവിടന്ന് പുറത്താക്കിയ വിവരം രണ്ടിനും നന്നായിട്ട് അറിയുന്നത് അല്ലെ...? പിന്നെ എന്തിനാ ഇക്കാര്യവും പറഞ്ഞ് ഇങ്ങോട്ട് വന്നത്...?"

"നിന്നെ പുറത്താക്കിയ ആള് തന്നെയാണ് ഞങ്ങളോട് നിന്നെ കയ്യോടെ കൂട്ടി കൊണ്ട് വരാൻ പറഞ്ഞത്...."

അരുൺ പറയുന്നത് കേട്ട് ഞാൻ അന്തം വിട്ട് തൊള്ളേം തുറന്ന് രണ്ടിനെയും മാറി മാറി നോക്കി കൊണ്ടിരുന്നു...

"അതെ ഫെബി... നീ പോയതിൽ പിന്നെ ദുബായിൽ വെച്ച് നടക്കാനിരിക്കുന്ന ആ ബിഗ് ഇവന്റിന്റെ കോൺട്രാക്ട് ഞങ്ങളെ കമ്പനിക്ക് കിട്ടി... അത് കിട്ടിയെങ്കിലും അവര് ഒരു നിബന്ധന വെച്ചിരുന്നു... ഈ ഇവന്റ് നീയുണ്ടെങ്കിലെ അവര് നമ്മുടെ കമ്പനിക്ക് തരൂ എന്ന്....

അത് കേട്ടതിൽ പിന്നെ ബോസ് ഭയങ്കര ഡിസ്റ്റർബ് ആണ്... നിന്നെ എത്രയും പെട്ടെന്ന് തിരിച്ച് കൊണ്ട് വരണമെന്നാണ് ബോസിന്റെ ഓഡർ... അതിനാ ഞങ്ങള് വന്നത്.... നിന്നെ തിരിച്ച് കൊണ്ട് പോകാൻ..." അച്ചുവാണ്.

"ഈ അവസ്ഥയിൽ നീ കമ്പനിയിലേക്ക് തിരിച്ച് വന്നേ പറ്റൂ ഫെബി... ഇല്ലെങ്കിൽ ഇത്രയും നാൾ നമ്മളൊക്കെ കൂടി സ്വപ്നം കണ്ട ആ ഇവന്റ് നമ്മളെ കൈ വിട്ട് പോകും... അതോടെ ASK ഇവന്റ്സും തകരും...."

അവര് രണ്ടും കൂടി പറയുന്നത് കേട്ടിട്ട് നമ്മക്ക് എന്തെന്നില്ലാത്ത സന്തോഷം നമ്മളെ ഉള്ളാകെ അലയടിക്കാൻ തുടങ്ങി... നമ്മക്ക് അപ്പോ രണ്ട് സ്റ്റെപ്പ് ബ്രേക്ക് ഡാൻസ് എങ്കിലും കളിക്കണമെന്ന് തോന്നി...

കാരണം അത്രക്ക് ഹാപ്പിയിൽ ആയിരുന്നു ഞാൻ...

പക്ഷെ നമ്മളെ സന്തോഷം പുറത്ത് കാണിക്കാനുള്ള ടൈം ആയിട്ടില്ല അതോണ്ട് നമ്മള് മുഖത്ത് അല്പം ഗൗരവം വരുത്തി...

"നോ.... സോറി ഗായ്സ്... ഞാൻ ഇനി ആ മണ്ണിലേക്കും നിങ്ങളെ കമ്പനിയിലേക്കും വരില്ല... കാരണം എന്നെ അത്രക്ക് ഹറാസ് ചെയ്തിട്ടുണ്ട് നിങ്ങളെ ബോസ്...

അതോണ്ട് ഞാൻ അങ്ങോട്ട് ഇനി വരില്ല... അത് ഞാൻ തീരുമാനിച്ചതാ..."

എന്ന് പറഞ്ഞ് ഞാൻ പോകാൻ നിന്നതും അച്ചൂ നമ്മളെ അവിടെ പിടിച്ച് നിർത്തി...

"നിന്റെ ഈ വാശി എന്തിനാണെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട്... പക്ഷെ അതിന് ഞങ്ങളെ കഞ്ഞിയിൽ നീ പാറ്റയിടരുത്.... നീ ഇപ്പോ ഞങ്ങളെ കൂടെ ദുബായിലേക്ക് വന്നില്ലെങ്കിൽ ഞങ്ങളെ ജോലി പോകും... അതും പോരാഞ്ഞ് കോടികൾ പ്രതിഫലം കൊടുക്കേണ്ടി വരും... അതോണ്ട് നീ വരില്ലെന്ന് മാത്രം

പറഞ്ഞേക്കല്ലേടാ...."

എന്ന് പറഞ്ഞ് രണ്ടും കൂടി നമ്മളോട് കേഞ്ചാൻ തുടങ്ങിയപ്പോ നമ്മളെ മനസ്സ് അങ്ങ് അലിഞ്ഞു... പക്ഷെ അത് പൂർണ്ണമായും അലിഞ്ഞിട്ടില്ല... എന്നെ ദുബായിൽ എല്ലാരെ മുന്നിൽ വെച്ചും നാണം കെടുത്തിയതിനും എന്നെ അവിടെയിട്ട് ചക്രശ്വാസം വലിപ്പിച്ചതിനും ഞാൻ പകരം ചോദിച്ചില്ലേൽ പിന്നെ ഞാൻ ആയിഷ ഫെബി ആണെന്ന് പറഞ്ഞ് നടക്കുന്നതിൽ എന്ത് ന്യായാ ഉള്ളത്....

ഇപ്പോ എന്തായാലും പന്ത് എന്റെ കോർട്ടിലാ വന്ന് ചാടിയിരിക്കുന്നത്... അതോണ്ട് ഇനി എന്റെ തീരുമാനങ്ങൾക്ക് അനുസരിച്ച് ഇരിക്കും ഇനി ASK ഇവെന്റ്സിന്റെ ചലനം...

"നിങ്ങള് രണ്ട് പേരും ഇത്രക്ക് കെഞ്ചിയത് കൊണ്ടും നിങ്ങളെന്റെ ഫ്രണ്ടായത് കൊണ്ടും നിങ്ങളെ നല്ലതിന് വേണ്ടി ഞാൻ വരാം....."

എന്ന് നമ്മള് പറഞ്ഞപ്പോ തന്നെ അച്ചു നമ്മളെ കെട്ടിപ്പിടിച്ചിട്ട് താങ്ക്യൂ ഡി... എന്ന് പറഞ്ഞോണ്ട് എന്നെ ഉമ്മ വെച്ചു...

"നിക്ക്....നിക്ക്....ഞാൻ പറഞ്ഞ് തീർന്നിട്ടില്ല..."

അത് പറഞ്ഞപ്പോ അവള് എന്നിൽ നിന്നും അകന്ന് നിന്നിട്ട് എന്നെ തന്നെ ഉറ്റുനോക്കി...

"ഞാൻ തിരിച്ച് ദുബായിലേക് വന്ന് നിങ്ങളെ കമ്പനിയിൽ ജോയിൻ ചെയ്തോളാം.... പക്ഷെ, അതിന് മുമ്പ് എനിക്ക് ചില കണ്ടീഷൻസ് ഒക്കെയുണ്ട്... അതിന് സമ്മതമാണെങ്കിൽ ഞാൻ വരും ഇല്ലെങ്കിൽ പിന്നെ......"

"ഏയ് അങ്ങനെ ഒന്നും ഉണ്ടാകില്ല... നീ പറ മുത്തെ എന്താ നിന്റെ കണ്ടീഷൻസ്....?" അച്ചുവാണ്.

നമ്മള് അവരെ രണ്ടിനെയും മാറി മാറി നോക്കി കൊണ്ട്

ഒന്ന് ചിരിച്ചിട്ട് നമ്മളെ ആവശ്യം പറഞ്ഞു....

"അന്ന് എല്ലാവരെ മുമ്പിൽ വെച്ചും ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ എന്നെ അടിച്ച് പുറത്താക്കിയതിന് നിങ്ങളെ ബോസ് Mr. ആദിൽ സാഹിബ് കരീം എന്നോട് പരസ്യമായി മാപ്പ് പറയണം...

അതും വെറുതെ മാപ്പ് പറഞ്ഞാൽ പോരാ... ഇനി ഒരിക്കലും അവന്റെ ഭാഗത്ത് നിന്നും എന്റെ നേർക്ക് യാതൊരു വിധ പ്രതികരണവും ഉണ്ടാകരുതെന്ന് എഗ്രിമെന്റ് എഴുതി സൈൻ ചെയ്ത് എനിക്ക് തരണം... എഗ്രിമെന്റിൽ വേറെ എന്തൊക്കെ ചേർക്കണമെന്ന് ഞാൻ പറഞ്ഞ് തരാം.... എന്താ പറ്റോ...?"

നമ്മളെ കണ്ടീഷൻ കേട്ടിട്ട് രണ്ടിന്റെയും കാറ്റ് പോയിട്ടില്ലെന്നെ ഉള്ളു... പക്ഷെ ബോധം പോയിട്ടുണ്ട്... നമ്മള് അവരെ അടുത്ത് ചെന്ന് അവരെ പിടിച്ച് കുലുക്കിയപ്പോഴാ രണ്ടിനും ബോധം വന്നത്....

"എ.... എൻ....എന്താ....എന്താ നീ പറഞ്ഞെ...? ബോസ് നിന്നോട് പരസ്യമായി മാപ്പ് പറയണമെന്നോ....?

വാ അച്ചൂ... ഇത് നടപ്പിലാക്കുന്നതിലും ബേദം നമുക്ക് ജയിലിൽ കിടക്കുന്നതാ..."

"ഹ.... എന്റെ ഈ ഒരു കണ്ടീഷൻ കേട്ടപ്പോ തന്നെ നിങ്ങള് ഇങ്ങനെ ആയാൽ പിന്നെ എന്റെ അടുത്ത കണ്ടീഷൻസ് ഒക്കെ കേട്ടാൽ പിന്നെ എന്തായിരിക്കും നിങ്ങളെ സ്ഥിതി....?"

"ഹോ... അപ്പോ ഇനിയും ഉണ്ടോ...? ഞങ്ങളെ കൊലക്ക് കൊടുക്കാൻ തന്നെയാണല്ലേ ഫെബി നിന്റെ തീരുമാനം... നീ ഈ പറഞ്ഞ കണ്ടീഷൻ തന്നെ അങ്ങേര് ചെയ്യോ എന്നറിയില്ല അപ്പോഴാ അവൾക്ക് വേറെയും കണ്ടീഷൻസ്... എടി ഫെബി നീ ഞങ്ങളെ സിറ്റുവേഷൻ ഒന്ന് മനസ്സിലാക്കിയിട്ട് ഈ കണ്ടീഷനിൽ ഒരു ചെറിയ ഇളവ് തരണം പ്ലീസ്... ഞങ്ങള് നിന്റെ കാല് പിടിക്കാം... പ്ലീസ് ഡി...."

എന്ന് പറഞ്ഞ് അവറ്റകൾ വീണ്ടും നമ്മളോട് കെഞ്ചാൻ തുടങ്ങി... നമ്മള് ആദ്യമൊക്കെ ഇത്തിരി മസിൽ പിടിച്ചോണ്ട് പറ്റില്ലാന്ന് പറഞ്ഞെങ്കിലും അവറ്റകളെ ചിണുക്കം കേട്ട് സഹിക്കാതെ വന്നപ്പോ നമ്മക്ക്

സമ്മതിക്കേണ്ടി വന്നു...

"ഓക്കേ.... സമ്മതിച്ചു.... ഇളവ് തരാം.... പക്ഷെ, എഗ്രിമെന്റിന്റെ കാര്യത്തിൽ മാറ്റമില്ല..."

"ഓക്കേ സമ്മതിച്ചു...."അരുണാണ്.

"എന്നാ പിന്നെ അവൻ എന്നോട് പരസ്യമായി മാപ്പ് പറയണ്ട... പകരം എനിക്ക് അവനോട് ഒന്ന് സംസാരിക്കണം... ഞങ്ങള് തമ്മിലുള്ള പ്രശ്നം ഞങ്ങള് തന്നെ പരസ്പരം പറഞ്ഞ് തീർത്തോളാം...."

"ഓക്കേ.... ഞാൻ ഇപ്പോ തന്നെ ബോസിനെ വിളിച്ച് സംസാരിക്കാം.... ഇവിടെ തന്നെ നിൽക്ക്... ഒരു ടു മിനിറ്റസ്..."

എന്ന് പറഞ്ഞ് അരുൺ ഫോണും കൊണ്ട് അല്പം മാറി നിന്നിട്ട് ആദിക്ക് കോൾ ചെയ്തു... ഇനിയാണ് ഈ ആയിഷ ഫെബിയുടെ കളി ആ കോന്തനും ഭദ്രകാളിയും

കാണാൻ പോകുന്നത്... ഞാൻ ആരാണെന്ന് നിങ്ങള് അറിയാൻ ഇരിക്കുന്നതെ ഉള്ളു....

"ഓക്കേ സാർ ഞാൻ അവൾക്ക് കൊടുക്കാം.... ഫെബി ദാ ബോസാ സംസാരിക്ക്...."

എന്ന് പറഞ്ഞ് അരുൺ എനിക്ക് അവന്റെ ഫോൺ തന്നപോ നമ്മളൊരു ചിരിയോടെ അത് വാങ്ങിച്ച് കാതിൽ വെച്ചിട്ട് അത് കട്ടാക്കി അവന് തന്നെ തിരിച്ച് കൊടുത്തു...

"ഡി ഫെബി... നീയിതെന്താ കാണിച്ചേ...? ബോസിനോട് സംസാരിച്ച് എല്ലാം നിങ്ങള് തമ്മിൽ പറഞ്ഞ് തീർത്തോളമെന്ന് പറഞ്ഞിട്ട് നീയെന്തിനാ ഇപ്പോ കോൾ കട്ടാക്കിയെ....?"

അച്ചുവിന്റെ ചോദ്യത്തിന് നമ്മളൊരു ചിരി പാസാക്കി കൊണ്ട് അവിടന്ന് ഇറങ്ങി താഴേക്ക് ചെന്നു... നമ്മളെ പിന്നാലെ അവരും...

"ഫെബി... നീയിതെങ്ങോട്ടാ പോകുന്നത്...?
ചോദിച്ചതിന് മറുപടി തന്നിട്ട് പോടീ പെണ്ണേ...."

"ഞങ്ങള് തമ്മിൽ സംസാരിക്കണമെങ്കിൽ അതിന് ഇടനിലക്കാരെ ആവശ്യമില്ല...

I mean... നിങ്ങളെ ബോസിന് എന്നോട് സംസാരിക്കണമെങ്കിൽ വിളിക്കേണ്ടത് നിങ്ങള് അല്ല... നിങ്ങളെ ബോസാണ്... കാരണം എനിക്ക് നിങ്ങളെ കമ്പനിയിലേക്ക് വരേണ്ട ഒരു ആവശ്യവുമില്ല... പക്ഷെ നിങ്ങളെ കമ്പനിക്ക് എന്റെ ആവശ്യമുണ്ട്... അതോണ്ട് നിങ്ങളെ ബോസിനോട് ഇതൊന്ന് പറഞ്ഞേക്ക്..."

എന്ന് പറഞ്ഞിട്ട് നമ്മള് അവിടന്ന് മുങ്ങി നമ്മളെ പണി നോക്കി നടന്നു... എല്ലാ ഉമ്മമാരും കൂടി ചേർന്ന് വട്ടമേശ സമ്മേളനം നടത്തിയിട്ട് നമ്മെളെ കുറിച്ചാണ് കാര്യമായിട്ട് ചർച്ച നടത്തുന്നത്... നമ്മളും ആ സഭയിലേക്ക് കയറി ചെന്നതും അപ്രതീക്ഷിതമായി എന്റെ നേർക്ക് ഫൈസൽക്കാൻറെ ഉമ്മാന്റെ ചോദ്യം ഉയർന്നു....

"എന്താ ഫെബി മോളെ.... അനക്ക് ഇങ്ങനെ ഒക്കെ നടന്നാൽ മതിയോ... അനക്കും വേണ്ടേ ഇതുപോലെ ഒരു കല്യാണം....?

അനക്ക് സമ്മാതാണെങ്കിൽ പറഞ്ഞാൽ മതി എന്റെ മോൻ ഫൈസല് അന്നെ കെട്ടിക്കോളും...."

എന്ന് പറഞ്ഞ് അവരൊക്കെ കൂടി ഇരുന്ന് ചിരിച്ചപ്പോ നമ്മളെ ഉമ്മച്ചി മാത്രം എന്റെ മുഖത്തേക്ക് നോക്കി ഇരിക്കായിരുന്നു... ഉമ്മച്ചിന്റെ നോട്ടത്തിന്റെ പൊരുള് എന്താണെന്ന് മനസ്സിലായോണ്ട് നമ്മള് വേഗം നോട്ടം തെറ്റിച്ചു...

അപ്പോ തന്നെ ഒരു ദൈവവിളി പോലെ എന്റെ ഫോൺ ബെല്ലടിച്ചതും ആ പേരും പറഞ്ഞ് നമ്മള് അവിടന്ന് മുങ്ങിയിട്ട് പുറത്തേക്കിറങ്ങി ഒന്ന് നെടുവീർപ്പിട്ടു... എന്നിട്ട് ആരാ വിളിക്കുന്നതെന്ന് ഫോണെടുത്ത് നോക്കിയപ്പോ സ്ക്രീനിൽ കോന്തൻ എന്ന പേരും ആ കോന്തന്റെ ഫോട്ടോയും തെളിഞ്ഞ് വന്നു....

അത് കണ്ടപ്പോ നമ്മളെ ചുണ്ടിൽ അറിയാതെ ഒരു പുഞ്ചിരി വിടർന്നു... നമ്മള് അപ്പോ തന്നെ ആ കോൾ കട്ടാക്കി... എന്നിട്ട് അകത്തേക്ക് ചെന്നിട്ട്

വന്നവരെയൊക്കെ ചോറ് കഴിക്കാൻ വേണ്ടി പന്തലിലേക്ക് പറഞ്ഞയച്ചു... ഇതിനിടക്ക് പല തവണ ആദി നമ്മക്ക് വിളിച്ചെങ്കിലും നമ്മള് ഒരൊറ്റ കോളും അറ്റൻഡ് ചെയ്യാതെ എല്ലാം കട്ടാക്കി...

ഇപ്പോ അവൻ ദുബായിൽ കിടന്ന് ഞെരിപിരി കൊണ്ട് നമ്മളെ കൊല്ലാനുള്ള ദേഷ്യവും കൊണ്ട് നടക്കാവുമെന്ന് ഊഹിച്ചിട്ട് അടുത്തതായി വന്ന പത്താമത്തെ കോളിൽ നമ്മള് അറ്റൻഡ് ചെയ്ത് കാതോട് അടുപ്പിച്ചതും കണ്ണ് പൊട്ടുന്ന നല്ല അസ്സല് തെറിയായിരുന്നു ഞാൻ കേട്ടത്...അതും മലയാളവും ഇംഗ്ലീഷും ഒക്കെ കൂടി കൂടി കലർന്നിട്ടാണ് തെറിയഭിഷേകം... അത് കേട്ട് കഴിഞ്ഞപ്പോ നമ്മള് ചിരിച്ചോണ്ട് വീണ്ടും കോൾ കട്ടാക്കി....

കുറച്ച് നേരം അവൻ അവിടെ കിടന്ന് നട്ടം തിരിയട്ടെ... നമ്മളെ ഒരുപാട് ദ്രോഹിച്ചതല്ലേ.... അതിനൊക്കെ കൂടി ഞാൻ പകരം വീട്ടാൻ പോകുന്നതെ ഉള്ളു....

കുറച്ച് കഴിഞ്ഞപ്പോ ഓൻ വീണ്ടും നമ്മക്ക് വിളിക്കാൻ തുടങ്ങി... പക്ഷെ ഞാൻ എടുക്കാൻ തയ്യാറല്ലായിരുന്നു... കാരണം നമ്മളെ ഒരുപാട്

വെറൈറ്റി തെറികള് വിളിച്ചില്ലേ അതിനുള്ള ശിക്ഷയാ....

ഒടുക്കം എന്റെ ഫോൺ റിങ് ചെയ്യുന്ന ശബ്ദം കേട്ടിട്ട് ബാക്കി ഉള്ളവർക്കും അലോസരം വരാൻ തുടങ്ങിയെങ്കിലും നമ്മക്ക് അത് ഐശ്വര്യത്തിന്റെ സൈറൺ മുഴങ്ങുന്ന പോലെയാ തോന്നിയത്... അതോണ്ട് അത് ഓഫ്ആക്കാനും തോന്നുന്നില്ല.... ആ സൈറൺ കേട്ടോണ്ടിരിക്കാനാ തോന്നുന്നത്....

എന്തായാലും ഇത്രയൊക്കെ ആയ സ്ഥിതിക്ക് പാവല്ലേ എന്ന് കരുതി നമ്മള് ആ കോളെടുത്തു... എന്നിട്ട് അപ്പുറത്ത് നിന്നും ഒരു ശബ്ദവും കേൾക്കാത്തത് കണ്ടപ്പോ നമ്മള് കാത് കൂർപ്പിച്ചോണ്ട് നിന്നു.... ഇവിടെ ആണെങ്കിൽ എല്ലാരെ ശബ്ദവും കൊണ്ട് നമ്മക്ക് ഒന്നും കേൾക്കുന്നുമില്ല ഇവൻ ആണെങ്കിൽ ഒന്നും മിണ്ടുന്നുമില്ല.... അതോണ്ട് നമ്മള് പതിയെ കല്യാണ വീട്ടീന്ന് ഇറങ്ങിയിട്ട് അച്ചൂനെയും അരുണിനെയും കൂട്ടി നമ്മളെ വീടിന്റെ സൈഡിലേക്ക് പോയി... വീടിന്റെ മുന്നിലൊക്കെ എല്ലാവരും വണ്ടി പാർക്ക് ചെയ്ത് ഭയങ്കര ഒച്ചപ്പാട് ആയതോണ്ടാ സൈഡിലേക്ക് ചെന്നത്...

അവിടെ എത്തിയതും നമ്മള് രണ്ടും കൽപ്പിച്ച് ഹലോ പറഞ്ഞു....

"ഹലോ..... ആരാ ഇത്...? കൊറേ നേരായല്ലോ താൻ വിളിച്ച് ശല്യപ്പെടുത്തുന്നു.... എന്താടോ തനിക്ക് നാക്കില്ലേ...?"

നമ്മളെ ഡയലോഗ് കേട്ടിട്ട് അച്ചു വേണ്ടാന്ന് കയ്യോണ്ട് ആംഗ്യം കാണിച്ച് തലക്ക് കയ്യും കൊടുത്ത് നിന്നു... നമ്മളത് കണ്ടിട്ട് ചിരി അടക്കി പിടിച്ചിട്ട് ഓനോട് വീണ്ടും സംസാരിച്ചു...

"ഹെലോ... എന്താടോ തന്റെ കാറ്റ് പോയോ...? തനിക്ക് നാക്കില്ലേ...? അതോ താൻ ഊമയാണോ...? വാ തുറന്ന് എന്തേലും പറയെടോ കോന്താ..."

"ആയിഷ.... you cross your limit.... മര്യാദക്ക് സംസാരിച്ചോണം.... I am your boss...."

ചെക്കൻ നല്ല കട്ട കലിപ്പിൽ നമ്മളോട് തിരിച്ച് ഡയലോഗ് കാച്ചിയപ്പോ നമ്മക്ക് ചിരി വരുകയായിരുന്നു... അതോണ്ട് നമ്മള് അവരെ നോക്കി ശബ്ദം പുറത്ത് വരാത്ത രീതിയിൽ ചിരിച്ചിട്ട് അവന് മറുപടി കൊടുത്തോണ്ടിരുന്നു....

"ബോസോ...? ഏത് ബോസ്...? എനിക്ക് ഒരു ബോസിനെയും അറിയില്ല.... ഓ... ഇപ്പോ മനസ്സിലായി.... നിങ്ങള് ബിഗ് ബോസാണോ... മറ്റേ ടിവിയിൽ ഒക്കെ കാണിക്കുന്ന ആ റിയാലിറ്റി ഷോയിലെ ബിഗ് ബോസ്...?"

"അല്ലെടി... നിന്റെ @#$%.....ബോസാ.... വേണ്ടാ വേണ്ടാന്ന് വെക്കുമ്പോ നീ ഓവർ സ്മാർട്ടാകാൻ നോക്കാണോ....?

ഞാൻ ആരാണെന്നും ഞാൻ എന്തിനാ വിളിക്കുന്നതെന്നും നിനക്ക് നന്നായിട്ട് മനസ്സിലായിട്ടുണ്ടെന്ന് എനിക്ക് അറിയാം...

അതോണ്ട് ഞാൻ പറയുന്നത് മിണ്ടാതെ അങ്ങോട്ട് കേട്ടോണം.... മനസ്സിലായോ...?"

"ഇല്ല.... എനിക്ക് മനസ്സിലായില്ല... താൻ സംസാരിക്കുന്നത് കേൾക്കാൻ എനിക്ക് താൽപ്പര്യവുമില്ല അതോണ്ട് ഈ ബോസ് ഫോൺ വെച്ചിട്ട് ഒന്ന് പോണം...."

എന്ന് നമ്മള് പറഞ്ഞ് കോൾ കട്ടാക്കാൻ നിന്നപോ അച്ചുവും അരുണും കൂടി നമ്മളെ കാല് പിടിക്കാം പ്ലീസ് സംസാരിക്ക് എന്ന് പറഞ്ഞ് കെഞ്ചി... അതോണ്ട് നമ്മള് കോൾ കട്ടാക്കാതെ വീണ്ടും കാതോട് അടുപ്പിച്ചു...

"എന്തായാലും വിളിച്ചതല്ലേ... എന്തിനാ വിളിച്ചതെന്ന് പറഞ്ഞിട്ട് ഫോൺ വെച്ചോ..."

അത് പറഞ്ഞപ്പോ അപ്പുറത്ത് നിശബ്ദത ആയിരുന്നു മറുപടി... നമ്മളോട് എങ്ങനെ ഇപ്പോ സോറി പറയാ എന്ന് ചിന്തിക്കാവും... ആ ചിന്തിക്കട്ടെ... അവന് ഞാൻ വേറെ പണി വെച്ചിട്ടുണ്ട്...

"അത്.... അന്ന് എല്ലാവരെ മുൻപിൽ വെച്ചും തന്നെ തല്ലിയതിന് സോറി..."

"ഓ.... അപ്പോ അത് പറയാനാണോ ഈ ബോസ് വിളിച്ചത്... എന്ന പറയണ്ടേ... എനിക്ക് വേറെ കുറച്ച് കൂടി പറയാൻ ഉണ്ടായിരുന്നു...."

എന്ന് നമ്മള് പറഞ്ഞപ്പോ അച്ചുവും അരുണും ഒരുമിച്ച് നമ്മളോട് അതിനി എന്തുവാ...എന്ന് ചോദിച്ചപ്പോ നമ്മള് അവരെ നോക്കി കണ്ണിറുക്കി കാണിച്ചു...

"എനിക്ക് നിങ്ങളെ സോറി ഫോണിലൂടെ കേട്ടാൽ പോരല്ലോ ബോസെ.... ഇവിടെ വെച്ച് നേരിട്ട് എന്റെ മുന്നിൽ വന്ന് പറയണം നിങ്ങളെ സോറി... അപ്പോ ഞാൻ ആലോചിക്കാം നിങ്ങളെ കമ്പനിയിലേക്ക് വരണോ അതോ വേണ്ടയോ എന്ന്...

എന്ത് പറയുന്നു ബോസ്... ഹലോ... ഹെലോ... പോയോ...."

എന്ന് നമ്മള് പറഞ്ഞപ്പോ അപ്പുറത്ത് നിന്നും ഒരു റിപ്ലയും വന്നില്ല... പകരം ഒരു സ്വസ്ഥതയും തരാതെ

അച്ചു നമ്മളെ തോണ്ടി ശല്യം ചെയ്യുന്നുണ്ട്....

"എന്താടി കുരിപ്പേ നീ തോണ്ടി കളിക്കാ...?"

എന്ന നമ്മളെ ചോദ്യം കേട്ടപ്പോ ഓള് നമ്മളെ നോക്കിയിട്ട് നമ്മളെ പിറകിലേക്ക് നോക്കാൻ കണ്ണ് കൊണ്ട് ആംഗ്യം കാണിച്ചു... പടച്ചോനെ പിറകിൽ വല്ല പട്ടിയും മറ്റുമാണ് വന്ന് നിന്നതെങ്കിൽ ഇവിടന്ന് ഓടി രക്ഷപ്പെടാൻ പോലും പറ്റില്ലല്ലോന്ന് ചിന്തിച്ചോണ്ട് നമ്മള് പതിയെ തിരിഞ്ഞ് നോക്കിയതും ഷോക്കടിച്ച പോലെ ഒരു നിൽപ്പായിരുന്നു ഞാൻ...

ആ കോന്തൻ അതാ നമ്മളെ പിറകിൽ ഒരു കാറിനോട് ചാരി നിന്നിട്ട് ഫോൺ കാതോട് അടുപ്പിച്ച് നമ്മളെ രൂക്ഷമായി നോക്കുന്നു... ഓനെ കണ്ടപ്പോ തന്നെ നമ്മളെ കയ്യീന്ന് അറിയാതെ നമ്മളെ ഫോൺ നിലത്തേക്ക് വീണു...

ഇങ്ങോട്ട് വരണമെന്ന് പറഞ്ഞപ്പോ ഇത്ര പെട്ടെന്ന് വരുമെന്ന് പ്രതീക്ഷിച്ചില്ല എന്ന് കരുതി ഓനെ തന്നെ

നോക്കി നിന്നപ്പോ ഓൻ പതിയെ എന്റെ അടുത്തേക്ക് നടന്നടുക്കാൻ തുടങ്ങി...

നമ്മള് അപ്പോ തന്നെ തിരിഞ്ഞ് അവറ്റകളെ നോക്കിയപ്പോ രണ്ടിന്റെയും പൊടി പോലും അവിടെ കാണുന്നില്ല...

ഇന്നത്തോടെ നമ്മളെ കാര്യത്തിൽ ഒരു തീരുമാനം ആകുമെന്ന് ഏതാണ്ട് മനസ്സിലായപ്പോ നമ്മള് ഓൻ വരുന്നതിന് അനുസരിച്ച് പുറകോട്ട് പോകാൻ തുടങ്ങി...

സത്യം പറഞ്ഞാൽ ഈ കോന്തൻ ഇവിടെ ഇല്ലല്ലോ എന്ന ഒരൊറ്റ ധൈര്യത്തിന്റെ പുറത്താ ഞാൻ അവനോട് ഇത്രക്ക് ഒക്കെ ഡയലോഗ് അടിച്ചത്... ഇവൻ ഇവിടെ ഉണ്ടെന്ന് അറിഞ്ഞിരുന്നെങ്കിൽ സത്യമായിട്ടും ഓനെ ഇട്ട് ഞാൻ ഇത്രക്ക് വട്ട് പിടിപ്പിക്കില്ലായിരുന്നു... കാരണം നമ്മക്ക് ഓനെ അത്രക്ക് ഇല്ലേലും ഇത്തിരി പേടി തന്നെയാ....

പടച്ചോനെ ഇനി എന്തൊക്കെയാ ഇവിടെ നടക്കാൻ പോകുന്നതെന്ന് കണ്ട് തന്നെ അറിയണം... എന്ത് വന്നാലും ഈ കോന്തന്റെ മുന്നിൽ എന്നെ പരാജയപ്പെടുത്തല്ലേ നാഥാ....

(തുടരും)

ഭാഗം.110

പടച്ചോനെ ഇനി എന്തൊക്കെയാ ഇവിടെ നടക്കാൻ പോകുന്നതെന്ന് കണ്ട് തന്നെ അറിയണം... എന്ത് വന്നാലും ഈ കോന്തന്റെ മുന്നിൽ എന്നെ പരാജയപ്പെടുത്തല്ലേ നാഥാ....

എന്ന് പ്രാർത്ഥിച്ചോണ്ട് നമ്മള് ഓൻ വരുന്നതിന് അനുസരിച്ച് പുറകോട്ട് പോയി ഒടുക്കം മതിലിൽ സ്റ്റിക്കയറായി ഒട്ടി നിന്നു...

ഓൻ നമ്മളെ അടുത്തേക്ക് വന്നിട്ട് പെട്ടെന്ന് നമ്മളെ അടുത്ത് അവന്റെ ഒരു കൈ കുത്തി നിർത്തി എന്റെ നേരെ മുഖം അടുപ്പിച്ചതും നമ്മള് കണ്ണ് രണ്ടും ഇറുക്കിയടച്ച് വാ പൊത്തി കൊണ്ട് അങ്ങനെ നിന്നു....

"നേരിട്ട് ഇവിടെ വന്ന് നിന്നോട് സോറി പറയണമെന്ന് പറഞ്ഞ് വീരവാദം മുഴക്കിയിട്ടിപ്പൊ നിനക്ക് എന്താ ഒന്നും കേൾക്കണ്ടേ...?"

ആ കോന്തൻ നമ്മളെ ചെവിന്റെ അടുത്തേക്ക് വന്നിട്ട് അത് പറഞ്ഞതും ഓന്റെ ചുടു നിശ്വാസം നമ്മളെ മുഖത്തേക്ക് വീശി നമ്മള് പെട്ടെന്ന് കണ്ണ് തുറന്ന് ഓന്റെ നേരെ തിരിഞ്ഞതും നമ്മളെ ചുണ്ട് അവന്റെ കവിളിൽ പതിഞ്ഞു... കുറച്ച് നേരത്തിന് ആ ഷോക്കിൽ ഞാൻ അങ്ങനെ തന്നെ നിന്നോണ്ട് ഓനെ തന്നെ നോക്കി നിന്നപ്പോ ഓനും അന്തം വിട്ട് നിൽക്കായിരുന്നു...

പെട്ടെന്ന് എവിടെന്നോ ഒരു ബോധം വന്നതും നമ്മള് ഓനെ തള്ളി മാറ്റി നമ്മളെ നെഞ്ചിൽ കൈ വെച്ച് നിന്ന് വാ പൊത്തി പിടിച്ചു... അപ്പോ ഓൻ പതിയെ നമ്മളെ മുഖത്തേക്ക് നോക്കി കൊണ്ട് അവന്റെ കവിളില് കൈ വെച്ചിട്ട് എന്നെ രൂക്ഷമായി നോക്കി അടുത്തേക്ക് വന്നതും നമ്മള് പേടിച്ച് ഒരു വഴിക്കായി....

'പടച്ചോനെ.... എന്തിന്റെ കേടാ എനിക്ക്...? എവിടെയോ കിടന്ന അവനെ വിളിച്ച് വരുത്തിയിട്ട്

ഞാൻ ഇതെന്താ ഇങ്ങനെ അവനെ പേടിക്കുന്നെ...? ഫെബി... നീ തളരരുത്... ഇവൻ നിന്നെ ഒന്നും ചെയ്യില്ല... ഇവൻ ഇപ്പോ വന്നത് തന്നെ നിന്റെ സഹായത്തിന് വേണ്ടിയാ... സഹായം ചോദിച്ച് വരുന്ന ആളെ നീ എന്തിനാ പേടിക്കുന്നെ...?

അതോണ്ട് യാതൊരു വിധ പേടിയും കൂടാതെ അവനോട് എതിരിടാൻ തയ്യാറായിക്കോ...എന്തിനും ഏതിനും നിന്റെ കൂടെ ഞാനുണ്ട്....'

എന്ന് നമ്മളെ മനസാക്ഷി നമ്മളോട് തന്നെ പറഞ്ഞ് നമ്മക്ക് കുറച്ച് ആത്മബലം തന്നതും എന്തും നേരിടാൻ തയ്യാറായി കൊണ്ട് ഞാൻ അവന്റെ മുന്നിൽ തന്നെ നിന്നു....

"Mr. ആദിൽ സാഹിബ് കരീം... ഇവിടെ വന്ന് നേരിട്ട് എന്നോട് മാപ്പ് പറയണമെന്ന് ഞാൻ പറഞ്ഞപ്പോ നിങ്ങള് ഇത്ര പെട്ടെന്ന് ഇങ്ങോട്ട് വരുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല...

കൂട്ടുകാരന്റെ കല്യാണം കൂടാൻ വന്നതാകും അല്ലെ...?"

എന്റെ ചോദ്യം കേട്ടപ്പോ ഓൻ പെട്ടെന്ന് നിന്നിട്ട് എന്തൊക്കെയോ ചിന്തിച്ചോണ്ട് വേറെ എങ്ങോട്ടോ നോക്കി നിന്നു... നമ്മള് ഒരു ചെറുപുഞ്ചിരിയോടെ അവന്റെ അടുത്തേക്ക് ചെന്നിട്ട് അവിടെ വീണ് കിടന്ന നമ്മളെ ഫോൺ എടുത്ത് അത് ഓൺ ആക്കി ഓന്റെ നേരെ തിരിഞ്ഞു...

"എന്തായാലും ഇത്രയും ദൂരത്ത് നിന്ന് കൂട്ടുകാരന്റെ കല്യാണം കൂടാൻ വന്നതല്ലേ... കല്യാണം കൂടിയിട്ട് നല്ല ബിരിയാണിയും കഴിച്ച് നാല് ഏമ്പക്കവും വിട്ടിട്ട് ഈ സാർ അങ്ങോട്ട് തിരിച്ച് ചെല്ലാൻ നോക്ക്... ഇല്ലേൽ നിങ്ങളെ ഫിയാൻസി വിഷമിക്കും...."

എന്ന് ഒരു പുച്ഛത്തോടെ പറഞ്ഞോണ്ട് നമ്മള് അവിടന്ന് പോകാൻ നിന്നതും ഓൻ പെട്ടെന്ന് നമ്മളെ കയ്യിൽ പിടിച്ച് വലിച്ച് നമ്മളെ മതിലിനോട് ചേർത്ത് നിർത്തി... അവനിൽ നിന്നുമുള്ള അപ്രതീക്ഷിത അറ്റാക്ക് ആയോണ്ട് ഞാൻ കണ്ണും മിഴിച്ച് ഓനെ നോക്കി നിന്നു....

ഓൻ അപ്പോ പതിയെ എന്റെ മുഖത്തേക്ക് നോക്കിയപ്പോ അവന്റെ മുഖത്ത് നിന്നും ആ ഗൗരവമെല്ലാം മാഞ്ഞു പോയിരുന്നു... ഇപ്പോ ഒരു

നിഷ്കളങ്കമായ മുഖമാണ് അവനുള്ളത്....

'എന്റെ പൊന്നു ഫെബി... അവന്റെ ഈ ഭാവം കണ്ടിട്ട് നീ അതിൽ പെട്ട് പോകല്ലേ മോളെ.... ഇതൊക്കെ അവൻ കാര്യം കാണാൻ വേണ്ടി കളിക്കുന്ന നടകമാ... ഇതിലൊന്നും വീഴാതെ ഓന്റെ മുഖത്ത് നിന്നും പെട്ടെന്ന് മുഖം തിരിച്ചോ... ഇല്ലേൽ നീ അവന്റെ വലയിൽ പെട്ട് പോകും....'

എന്ന് സ്വയം പറഞ്ഞോണ്ട് നമ്മള് പെട്ടെന്ന് തന്നെ ഓനിൽ നിന്നും മുഖം തിരിച്ചിട്ട് ഓന്റെ കൈ തട്ടി മാറ്റി... അപ്പോ ഓൻ വീണ്ടും മുഖം അല്പം ഗൗരവത്തിൽ വെച്ചിട്ട് എന്നെ തന്നെ നോക്കാൻ തുടങ്ങി...

"ആയിഷ.... ഇപ്പോ നമ്മുടെ കമ്പനി ഒരു വലിയ പ്രതിസന്ധിയിൽ പെട്ടിരിക്കയൊണ്... അതിൽ നിന്നും നമ്മുടെ കമ്പനിയെ കര കയറ്റാൻ നിന്നെ കൊണ്ടേ കഴിയൂ...

നീ തിരിച്ച് നമ്മുടെ കമ്പനിയിൽ ജോയിൻ ചെയ്താലേ നമ്മുടെ ഡ്രീം പ്രൊജക്റ്റ് ആയ ആ ഇവന്റ് നമുക്ക് കിട്ടൂ... ഇല്ലെങ്കിൽ അത് കമ്പനി തകരാൻ തന്നെ

കാരണമാകും....So.."

"Excuse me... താങ്കൾ എന്താ ഈ പറഞ്ഞു വരുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.... ഇടക്കിടക്ക് നമ്മുടെ കമ്പനി, നമ്മുടെ ഡ്രീം എന്നൊക്കെ പറയുന്നത് കേട്ടല്ലോ.... എനിക്ക് മനസ്സിലാകുന്നില്ല ആരുടെ കമ്പനി ആരുടെ ഡ്രീമെന്ന്....?"

എന്ന് തിരിച്ച് നമ്മളും ഓൻക്ക് നന്നായിട്ട് കൊള്ളുന്ന വിധത്തിൽ പറഞ്ഞതും ചെക്കന്റെ മുഖത്തെ ഭാവങ്ങളൊക്കെ പെട്ടെന്ന് മാറി മറിഞ്ഞ് നമ്മളോടുള്ള ദേഷ്യം കൊണ്ട് ഓൻ പല്ലിറുമ്പുന്നുണ്ട്... അത് കണ്ടപ്പോ നമ്മക്ക് ഒരു ചെറിയ പേടി തോന്നിയെങ്കിലും നമ്മള് ഓന്റെ മുന്നിൽ ചിരിച്ച് നിന്നു... പെട്ടെന്ന് ഓൻ കണ്ണടച്ച് പിടിച്ച് ഒരു ദീർഘ ശ്വാസം വിട്ടിട്ട് വീണ്ടും നമ്മളെ മുഖത്തേക്ക് വളരെ ശാന്തമായി നോക്കി...

"I am sorry.... അന്ന് എല്ലാവരെ മുന്നിൽ വെച്ചും പരസ്യമായി നിന്നെ അപമാനിച്ചതിനും നിന്നെ തല്ലി പുറത്താക്കിയതിനും ഒരിക്കൽ കൂടി സോറി...."

ആദി നമ്മളെ മുഖത്തേക്ക് നോക്കാതെ സോറി പറഞ്ഞപ്പോ എന്റെ ചങ്കിൽ കൊള്ളുന്ന പോലെയാണ് എനിക്ക് തോന്നിയത്... ആദി എന്നോട് സോറി പറയുന്നത് എനിക്ക് ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമാണ്... പക്ഷെ അവൻ എന്നോട് ചെയ്തത് അത്ര കുറവുമല്ല... അതോണ്ട് ഇതൊന്നും പറഞ്ഞാൽ പോരാ....

"എന്നെ എന്തിനാ തല്ലിയത് എന്തിനാ അവിടെ നിന്നും പുറത്താക്കിയത്...? ഇതൊക്കെ പറഞ്ഞിട്ട് വേണം എന്നോട് മാപ്പ് പറയാൻ...

കാരണം ചെയ്യാത്ത കുറ്റത്തിന്റെ പേരിലാ താൻ അന്ന് എന്നെ അടിച്ച് പുറത്താക്കിയത്... അത് എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല... എന്നെ വേദനിപ്പിക്കാനായി ആദ്യമായിട്ടാ നിന്റെ കൈ എന്റെ നേർക്ക് ഉയരുന്നത്... അത് എനിക്ക് ഒരിക്കലും പൊറുക്കാൻ കഴിയില്ല... അതോണ്ട് നിങ്ങളെന്നോട് മാപ്പ് പറഞ്ഞെന്ന് കരുതി ഞാൻ നിങ്ങളെ കമ്പനിയിലേക്ക് തിരിച്ച് വരില്ല... അതിന് എനിക്ക് ചില കണ്ടീഷൻസ് ഒക്കെ ഉണ്ട്...

അതിന് സമ്മതമാണെങ്കിൽ അങ്ങോട്ട് വരുന്നതിനെ കുറിച്ച് ആലോചിക്കാം..."

എന്റെ സംസാരം അവനെ നല്ലോണം ദേഷ്യം പിടിപ്പിച്ചിട്ടുണ്ടെന്ന് അവന്റെ ഭാവത്തിൽ നിന്ന് തന്നെ നമ്മക്ക് മനസ്സിലായി... പക്ഷെ നമ്മളോട് എങ്ങനെ ദേഷ്യത്തിൽ പെരുമാറുമെന്ന് ചിന്തിച്ച് തല പുണ്ണാക്കി മാറ്റിയിട്ട് ഓൻ ഒടുക്കം മനസ്സില്ലാ മനസ്സോടെ നമ്മളോട് എഗ്രി പറഞ്ഞു...

"നോ....നോ..... സമ്മതമാണെന്ന് വാക്ക് കൊണ്ട് പറഞ്ഞാൽ മാത്രം പോരല്ലോ സാറെ.... എന്റെ കണ്ടീഷൻസിനൊക്കെ സമ്മതമാണെന്ന് പറഞ്ഞോണ്ട് ഒരു എഗ്രിമെന്റ് തയ്യാറാക്കി സൈൻ ചെയ്ത് എനിക്ക് നൽകണം... എന്നിട്ട് ആലോചിക്കാം ഞാൻ വരണോ വേണ്ടയോ എന്ന്...."

"*Enough ആയിഷ*...."

നമ്മക്ക് പറയാനുള്ളത് പറഞ്ഞ് പൂർത്തിയാക്കുന്നതിന് മുൻപ് തന്നെ ആ കോന്തൻ നിന്ന് അലറിയതും നമ്മക്ക് അവിടന്ന് എങ്ങോട്ടേലും ഓടി പോയാലോന്ന് വരെ തോന്നി പോയി... പക്ഷെ നമ്മളെ പേടി നമ്മള് പുറത്ത്

കാണിച്ചില്ലട്ടോ അത് മോശല്ലേ... അതോണ്ട് അവന് പറയാനുള്ളത് പറഞ്ഞ് തീർന്നതും ഞാനും തുടങ്ങി....

"Enough..... നിന്റെ കണ്ടീഷൻസിന് ഒക്കെ എനിക്ക് സമ്മതമാണെന്ന് പറഞ്ഞല്ലോ പിന്നെ എന്തിനാ എഗ്രിമെന്റ് ചെയ്യുന്നത്...? ആദിൽ സാഹിബ് കരീമെന്ന എനിക്ക് വാക്ക് ഒന്നേയുള്ളൂ... അതോണ്ട് ഒരു എഗ്രിമെന്റിന്റെയും ആവശ്യമില്ല...."

"അത് പറഞ്ഞാൽ പറ്റില്ലല്ലോ സാർ... നമ്മള് മനുഷ്യന്മാരുടെ കാര്യമല്ലേ ഏത് നേരത്താ നമ്മുടെയൊക്കെ സ്വഭാവം മാറുക എന്ന് പറയാൻ പറ്റില്ല... പ്രത്യേകിച്ച് നിങ്ങളെ കാര്യത്തിൽ... അതോണ്ട് എനിക്ക് എഗ്രിമെന്റ് സൈൻ ചെയ്ത് കിട്ടിയേ പറ്റൂ...."

നമ്മളും ഒരല്പം കനപ്പിച്ച് കൊണ്ട് ആദിയോട് അത്രയും പറഞ്ഞതും ചെക്കൻ പെട്ടെന്ന് നമ്മളെ സൈഡിലേക്ക് കൈ കുത്തി നിർത്തിയിട്ട് എന്നെ രൂക്ഷമായി നോക്കി...

"തന്നോട് ചെയ്തതിനൊക്കെ താൻ വാശി

തീർക്കാണോ എന്നോട്...?

വേണ്ട മോളെ... അത് ചിലപ്പോ നിന്റെ നല്ലതിന് ആയിരിക്കില്ല... ഞാൻ വിചാരിച്ചാൽ നിന്റെ സമ്മതം പോലും കൂടാതെ എനിക്ക് നിന്നെ ഇവിടന്ന് കൊണ്ട് പോകാൻ കഴിയും കാണണോ നിനക്ക്....?"

"Mr. ആദിൽ സാഹിബ് കരീം... താൻ ആരാന്നാടോ തന്റെ വിചാരം..? താൻ അങ്ങനെ വിചാരിച്ചെന്ന് കരുതി എന്റെ നാട്ടിൽ നിന്നും ഈ ആയിഷ ഫെബിയെ കൊണ്ട് പോകാമെന്ന് താൻ സ്വപ്നത്തിൽ പോലും കരുതണ്ട... ഇതുവരെ തന്റെ കൂടെ ദുബായിലേക്ക് വരുന്നതിനെ കുറിച്ച് ഞാൻ ചിന്തിച്ചിരുന്നെങ്കിലും തന്റെ അഹങ്കാരം കൊണ്ട് ഞാൻ എന്റെ തീരുമാനം മാറ്റി... ഇനി താൻ എന്തൊക്കെ പറഞ്ഞാലും ശരി ആദിൽ സാഹിബ് കരീം എന്ന തന്റെ കമ്പനിയിലേക്ക് തിരിച്ച് ഞാൻ ജോയിൻ ചെയ്യുന്ന പ്രശ്നമേയില്ല....

ഇതാണ് എന്റെ തീരുമാനം... അതിൽ ഇനി യാതൊരു വിധ മാറ്റവുമില്ല... അതോണ്ട് അധികം വെയിലിൽ നിന്ന് വാടാതെ സാർ ഒന്ന് പോയി തരണം..."

എന്നൊക്കെ കൂടി നമ്മളെ ഇസ് പ്യാർ കോയിലെ ഖുഷിയെ മനസ്സിൽ കരുതി കൊണ്ട് പറഞ്ഞ് തീർത്തിട്ട് ഒരു ദീർഘശ്വാസവും വിട്ടോണ്ട് നമ്മള് തിരിഞ്ഞ് സ്ലോ മോഷനിൽ നടന്ന് പോയെങ്കിലും നമ്മളെ പിറകിൽ നിന്നും ഓൻ കയ്യടിക്കുന്ന ശബ്ദം കേട്ട് നമ്മളെ കാൽ അറിയാതെ നിന്നു... എന്നിട്ട് തിരിഞ്ഞ് നോക്കിയപ്പോ ഓൻ നമ്മളെ നോക്കി ഒരു പുച്ഛ ഭാവത്തോടെ ചിരിച്ചിട്ട് കയ്യടിച്ചോണ്ട് എന്റെ അടുത്തേക്ക് വന്നു...

"കൊള്ളാം.... നന്നായിട്ടുണ്ട് തന്റെ സംസാരം... പക്ഷെ ആരോടാ ഈ സംസാരിക്കുന്നതെന്ന് തനിക്ക് ബോധം ഉണ്ടല്ലോല്ലേ...?"

ഒരു കള്ളച്ചിരിയോടെ ഓൻ പറയുന്നത് കേട്ടപ്പോ ഓൻ എന്തോ മനസ്സിൽ കണ്ടിട്ടുണ്ടെന്ന് നമ്മക്ക് മനസ്സിലായി...

എന്താകും അതെന്ന് ചിന്തിച്ചോണ്ട് നമ്മള് ഓനെ തന്നെ ഉറ്റുനോക്കി കൊണ്ടിരുന്നപ്പോ ഓന്റെ കോട്ടിൽ നിന്നും ഒരു പേപ്പർ എടുത്തിട്ട് എനിക്ക് നേരെ നിവർത്തി കാണിച്ച് തന്നു...

"നമ്മള് തമ്മിൽ ഇനിയൊരു കരാർ ഒപ്പ് വെക്കുന്നതിന് മുൻപ് നമ്മളാദ്യം ചെയ്ത ഒരു കരാറിനെ കുറിച്ച് തനിക്ക് ഓർമ്മയുണ്ടല്ലോ അല്ലെ...?

രണ്ട് വർഷം എന്റെ കമ്പനിയിൽ ജോലി ചെയ്തോളാമെന്നും അത് പൂർത്തിയാക്കുന്നതിന് മുന്നേ തന്നെ കമ്പനിയിൽ നിന്നും നീ സ്വമേധയാ ഇറങ്ങി പോയാൽ കമ്പനിക്ക് 5 കോടി രൂപ പ്രതിഫലം നൽകാമെന്നും നീ പേരെഴുതി സൈൻ ചെയ്ത ഈ കരാർ നീ അത്ര പെട്ടെന്ന് മറന്നോ...?"

ആ കോന്തൻ ബലാൽ പറയുന്നത് കേട്ട് നമ്മള് കിളി പോയ അവസ്ഥയിൽ അവനെ തന്നെ നോക്കാൻ തുടങ്ങിയതും അവൻ നമ്മളെ നോക്കി പുച്ഛിച്ച് ചിരിച്ചിട്ട് തുടർന്നു....

"നീ സ്വമേധയാ കമ്പനിയിൽ നിന്ന് പോയത് അല്ലെങ്കിലും നീ സ്വമേധയാ ഇറങ്ങി പോയതാണെന്ന് വരുത്തി കൊണ്ട് ഞാൻ ഒരു പെറ്റീഷൻ ഫയൽ ചെയ്താൽ നീ തെണ്ടി പോകുമല്ലോ മിസ് ആയിഷ ഫെബി...."

ഓന്റെ സംസാരം കേട്ട് ഇതുവരെ മസിൽ പിടിച്ച നമ്മളെ മസിലൊക്കെ കാറ്റുപോയ ബലൂൺ കണക്കെ ചുരുങ്ങി പോയി...

"നോ... അങ്ങനെ നിങ്ങൾ ചെയ്താലും ഞാൻ ഒരിക്കലും കുടുങ്ങില്ല മിസ്റ്റർ.... കാരണം നിങ്ങളെന്നെ അവിടന്ന് അടിച്ച് പുറത്താക്കിയതാണെന്ന് കണ്ട സാക്ഷികളുണ്ട്... അതും നിങ്ങളെ കമ്പനിയിൽ ഉള്ളവര് തന്നെ... അതോണ്ട് നിങ്ങള് എന്ത് തന്നെ ഫയൽ ചെയ്താലും ഞാൻ അതിൽ നിന്ന് എല്ലാം ഈസിയായിട്ട് ഊരി പോരും..."

നമ്മളെ സംസാരം കേട്ട് ആ കോന്തൻ ഹലാക്കിലെ ചിരിയായിരുന്നു... ഓന്റെ ചിരി കണ്ടിട്ട് നമ്മക്ക് പിന്നെയും എന്തോ ഒരു സ്പെല്ലിങ് മിസ്റ്റേക്ക് മണത്തു...

"ഹ...ഹ....ഹ.... നീ എന്താ എന്നെ കുറിച്ച് കരുതിയത്... ഞാൻ വെറും ഉണ്ണാക്കൻ ആണെന്നോ...? ഞാൻ ഇങ്ങോട്ട് വന്നത് നിന്നെ കൊണ്ട് പോകാൻ ആണെങ്കിൽ ഞാൻ നിന്നെ കൊണ്ട് പോയിരിക്കും...

അതിന് എനിക്ക് നിന്റെ എന്നല്ല ആരുടേയും സമ്മതം വേണ്ട... പിന്നെ നീ പറഞ്ഞ പോലെ നിന്നെ ഞാൻ അടിച്ച് പുറത്താക്കിയതിന് സാക്ഷികൾ ഉണ്ടായിട്ടുണ്ടാകും... പക്ഷെ അവരൊന്നും നിനക്ക് അനുകൂലമായിട്ട് വിധി പറയില്ല...

എന്തിനേറെ പറയുന്നു നിന്റെ ഫ്രണ്ട് അശ്വതി... അവള് പോലും നിന്റെ കൂടെ നിൽക്കില്ല... കാണണോ നിനക്ക്...."

ആ കോന്തൻ അപ്പറഞ്ഞത് തീർത്തും ശരിയാണെന്ന് എനിക്ക് ബോധ്യമാണ്... കാരണം അവറ്റകളെയൊക്കെ അത്രക്ക് പറഞ്ഞ് പേടിപ്പിച്ച് നിർത്തിയിട്ടുണ്ട് ഈ കോന്തൻ തെണ്ടി.... അതോണ്ട് ഇനിയിപ്പോ ഇവന്റെ കൂടെ ഞാൻ പോവുകയല്ലാതെ വേറെ ഒരു മാർഗവും എന്റെ മുന്നിൽ ഇല്ല... ഈ കോന്തനിട്ട് പണി കൊടുക്കാമെന്ന് കരുതിയ നമ്മക്കിട്ട് ആണല്ലോ ഈ കോപ്പ് പണി തന്നത്... ഇന്റെ പടച്ചോനെ എന്നാലും എന്നോട് ഈ ചതി പാടില്ലായിരുന്നു... ഇനിയിപ്പോ ഞാൻ എന്താ ചെയ്യാ....?

"അന്ന് ഞാൻ തന്നോട് ചെയ്തത് തെറ്റ് തന്നെയാ... ആ

പ്രവർത്തിയിൽ ഞാൻ ഖേദിക്കുന്നുമുണ്ട്... ഒരു സോറി പറഞ്ഞാലൊന്നും അന്ന് താൻ അനുഭവിച്ചതിന് പകരമാവില്ലെന്ന് അറിയാം... എന്നാലും സോറി....

എന്റെ ആ പ്രവർത്തിക്ക് പ്രതിഫലമായി തന്റെ കണ്ടീഷൻസ് വെച്ചിട്ടുള്ള എഗ്രിമെന്റിൽ ഒപ്പ് വെക്കാൻ എനിക്ക് സമ്മതമാണ്..."

ഇത്രെയും നേരം അണ്ടി പോയ അണ്ണാനെ പോലെ നമ്മള് നിന്നെങ്കിലും അവസാനമായിട്ട് അവൻ പറഞ്ഞ ഈ ഡയലോഗ് ഉണ്ടല്ലോ അതെന്നെ ഒരുപാട് അങ്ങ് സന്തോഷിപ്പിച്ചു... എഗ്രിമെന്റിൽ അവൻ സൈൻ ചെയ്യാമെന്ന് സമ്മതിച്ച സ്ഥിതിക്ക് അതിലിനി എന്തൊക്കെയാ കൂട്ടി ചേർക്കേണ്ടതെന്ന് എനിക്ക് നന്നായിട്ട് അറിയാം... മതി... എനിക്ക് ഇത്രെയും മതി... ഇനി ഞാൻ ഏത് നരകത്തിലേക്ക് വരാനും തയ്യാറാണ് കോന്താ....

"താൻ എന്താ ഒന്നും മിണ്ടാത്തെ...? എഗ്രിമെന്റ് തയ്യാറാക്കണോ അതോ ഞാൻ ഇവിടന്ന് വലിച്ചോണ്ട് പോണോ...? അല്ലെങ്കിൽ വേണ്ട ഒരു പെറ്റീഷൻ ഫയൽ ചെയ്യാലെ...?"

"അ... അതെന്തിനാ...? അതിന്റെ ആവശ്യമൊന്നുമില്ല... എഗ്രിമെന്റിന് എനിക്ക് സമ്മതാ... ഞാൻ നിങ്ങളെ കമ്പനിയിൽ തിരിച്ച് ജോയിൻ ചെയ്യാൻ സമ്മതിച്ചിരിക്കുന്നു...."

'മോനെ ആദി.... ആദ്യത്തെ നിന്റെ ഡയലോഗ് അടിയിൽ ഞാൻ ചെറുതായൊന്ന് പതറിയെങ്കിലും നീ എഗ്രിമെന്റിൽ സൈൻ ചെയ്യാമെന്ന് സമ്മതിച്ചല്ലോ എനിക്ക് അത് മതി മോനെ... ഇനി നീ കണ്ടോ ആ ഒരു എഗ്രിമെന്റ് വെച്ച് ഞാൻ എങ്ങനെയാ പകരം വീട്ടുന്നതെന്ന് അപ്പോഴും നീ ഇങ്ങെയൊക്കെ തന്നെ ചിരിച്ച് കണ്ടാൽ മതിയായിരുന്നു...'

എന്ന് നമ്മള് ആദിന്റെ ചിരിക്ക് പകരമായി അവന് ചിരിച്ച് കൊടുത്തോണ്ട് ചിന്തിച്ചിട്ട് കല്യാണവീട്ടിലേക്ക് ചെന്നു...

ഇനി ഇപ്പോ വീട്ടുകാരോട് ഒക്കെ എന്ത് പറഞ്ഞാ തിരിച്ച് പോകാ എന്ന് ചിന്തിച്ച് നമ്മള് അകത്ത് കയറിയതും ഹസിനെ മാറ്റിക്കുന്ന തിരക്കിൽ ആയിരുന്നു എല്ലാവരും... അവളെ കൊണ്ട് പോകാൻ ഇതിനിടക്ക്

നിസൂക്കയും കൂട്ടരും വന്നിട്ടുണ്ട്...

കല്യാണ തിരക്കൊക്കെ കഴിഞ്ഞിട്ട് എല്ലാവരോടും പതിയെ കാര്യങ്ങൾ പറഞ്ഞ് ബോധിപ്പിക്കാമെന്ന് കരുതി കൊണ്ട് നമ്മള് നിൽക്കുമ്പോഴാണ് അച്ചു നമ്മളെ അടുത്തേക്ക് വന്നിട്ട് എന്തായി കാര്യങ്ങളെന്ന് ചോദിച്ചത്...

അവന്റെ മുന്നിൽ നമ്മള് പതറിയാതൊന്നും പറയാതെ അവൻ എഗ്രിമെന്റിന് സമ്മതിച്ചു ഞാൻ തിരിച്ച് വരുമെന്ന് പറഞ്ഞതും അവള് ഭയങ്കര ഹാപ്പി ആയിരുന്നു...

അപ്പോഴാണ് പുറത്ത് നിസൂക്കന്റെ കൂടെ നിന്നോണ്ട് സംസാരിക്കുന്ന നമ്മളെ കോന്തനെ ഞാൻ കാണുന്നത്... എന്തൊക്കെയോ അവര് തമ്മിൽ കാര്യമായി സംസാരിക്കുന്നുണ്ട്... പക്ഷെ എന്താണെന്ന് മനസിലാകുന്നില്ല... പെട്ടെന്ന് ആദി എന്തോ പറഞ്ഞപ്പോ നിസൂക്ക ആദിനെ കെട്ടിപ്പിടിച്ച് കണ്ണ് നിറക്കുന്നുണ്ട്... തിരിച്ച് ആദിയും അങ്ങനെ തന്നെയാ...

അവര് തമ്മിലുള്ള പ്രശ്നമൊക്കെ അവര് പറഞ്ഞ്

തീർത്തോ എന്ന് ചിന്തിച്ചോണ്ട് നമ്മള് അവരെ തന്നെ നോക്കി നിൽക്കുമ്പോഴാണ് അവരെ രണ്ട് പേരുടെയും അടുത്തേക്ക് കാക്കുവും അപ്പുവും അൻസിക്കയും വരുന്നത് കണ്ടത്... അവരും കല്യാണത്തിന് വന്നിട്ടുണ്ടെന്ന് അറിഞ്ഞപ്പോ എനിക്ക് പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം ആയിരുന്നു... അവര് നാല് പേരും കൂടി ഒരുമിച്ച് നിന്നോണ്ട് കെട്ടിപ്പിടിക്കുന്നതും കളിച്ച് ചിരിച്ച് സംസാരിക്കുന്നതും എന്റെ കണ്ണിന് കുളിർമ നൽകി... അവര് നാല് പേരും കൂടി ഒരുമിച്ച് നിന്നോണ്ട് സെൽഫീസ് എടുക്കുന്നതും ക്യാമറ മാനിന് ഓരോ പോസിൽ ഫോട്ടോക്ക് നിന്ന് കൊടുക്കുന്നതും ഞാനും അച്ചുവും ഒരു കൗതുകത്തോടെ നോക്കി നിന്നു...

പെട്ടെന്ന് നമ്മളെ കണ്ടതും അപ്പു കാക്കൂന്റെ കയ്യീന്ന് മേമ എന്ന് വിളിച്ചോണ്ട് നമ്മളെ അടുത്തേക്ക് ഓടി വന്നു... അത് കണ്ട് അവരൊക്കെ നമ്മളെ നേരെ നോക്കിയതും ഞാൻ അപ്പുവിനെ എടുത്തോണ്ട് അച്ചുവിനെയും കൂട്ടി അവരെ അടുത്തേക്ക് നടന്നു... അപ്പോ അരുണും അങ്ങോട്ട് എത്തിയിരുന്നു...

നമ്മളെ കണ്ടതും നിസൂക്കയും അൻസിക്കയും

കാക്കുവുമൊക്കെ നമ്മളോട് വിശേഷങ്ങൾ ചോദിച്ചറിയുമ്പോഴും ആദി നമ്മളെ നോക്കാതെ വേറെ എങ്ങോട്ടോ നോക്കി നിൽക്കാണ്...

അത് കണ്ടിട്ടാണോ എന്തോ കാക്കു ആദിയോട് നമ്മള് എല്ലാവരും നിൽക്കുന്ന ഒരു സെൽഫി എടുക്കാൻ പറഞ്ഞു... ഫ്രണ്ട്സ് നിർബന്ധിച്ചത് കൊണ്ടാകും മറുത്തൊന്നും പറയാതെ ആദി സെൽഫി എടുക്കാൻ തയ്യാറായത്...

അപ്പോ കാക്കു എന്റെ കയ്യീന്ന് അപ്പുവിനെ വാങ്ങിയിട്ട് എന്നെ ആദിന്റെ അടുത്തേക്ക് നിർത്തിച്ചു... ഞാൻ കാക്കുവിനെ നോക്കി കൊണ്ട് നോ എന്ന് തലയാട്ടിയെങ്കിലും എല്ലാവരും കൂടി പറഞ്ഞ് നമ്മളെ അവിടെ നിർത്തിച്ചു...

എന്നിട്ട് ആദി സെൽഫി എടുക്കാൻ ടൈമർ സെറ്റ് ചെയ്ത നേരം പെട്ടെന്ന് നമ്മളെ പിറകിൽ നിന്നും ആ അച്ചു തെണ്ടി നമ്മളെ പിടിച്ച് ഒരു തള്ളങ്ങ് തന്നതും നമ്മള് ആദിനെ ചെന്നിടിച്ച് ഓന്റെ കയ്യിലേക്ക് ചെന്ന് വീണു....

ഓൻ നമ്മളെ ഒരു കൈ കൊണ്ട് താങ്ങി പിടിച്ചോണ്ട്

എന്റെ കണ്ണിലേക്ക് തന്നെ നോക്കി നിന്നതും പെട്ടെന്ന് ടൈമറിന്റെ ശബ്ദം കേട്ട് ഞങ്ങള് ഫോണിലേക്ക് നോക്കി നല്ല പോസില് തന്നെ ഫോട്ടോക്ക് നിന്ന് കൊടുത്തു....

ഞാൻ പെട്ടെന്ന് തന്നെ ആദിന്റെ അടുത്ത് നിന്നും അകന്ന് നിന്നിട്ട് തിരിഞ്ഞ് നോക്കിയപ്പോ അവറ്റകളൊക്കെ ഞങ്ങളെ അവിടെ ആക്കിയിട്ട് പന്തലിലേക്ക് പോയി ഇരുന്നിട്ട് നമ്മളെ നോക്കി ചിരിക്കാണ്... അവറ്റകളെ നോക്കി നമ്മള് പല്ലിറുമ്പി കൊണ്ട് ആദിയെ തിരിഞ്ഞ് നോക്കിയപ്പോ ഓൻ ഇപ്പോ എടുത്ത ആ ഫോട്ടോ നോക്കായിരുന്നു...

അതിൽ ഞാൻ ഓന്റെ കൈകളിലേക്ക് വീണിട്ട് ഫോട്ടോക്ക് പോസ് ചെയ്യാനെന്ന രീതിയിൽ ഫോണിലേക്ക് നോക്കിയപ്പോഴുള്ള നല്ല അഡാർ ലുക്ക് ഫോട്ടോ തന്നെ കിട്ടിയിട്ടുണ്ട്...

അത് കണ്ടപ്പോ നമ്മളെ ചുണ്ടിൽ അറിയാതെ ഒരു പുഞ്ചിരി വിടർന്നു... അപ്പോ ആ കോന്തൻ നമ്മളെ മുഖത്തേക്ക് പതിയെ തല ഉയർത്തി നോക്കിയതും

നമ്മള് വേഗം തലയും താഴ്ത്തി അവിടന്ന് സ്കൂട്ടായി അകത്തേക്ക് കയറി പോയി...

ഭാഗ്യത്തിന് ആ ഭാഗത്ത് അധികം ആരുമില്ലാത്തോണ്ട് ഞാൻ രക്ഷപ്പെട്ടു ഇല്ലേൽ ആ പൊസിങ് കണ്ട് നമ്മള് പെട്ട് പോയേനെ....

അങ്ങനെ കല്യാണമൊക്കെ നല്ല ഗംഭീരമായിട്ട് തന്നെ കഴിഞ്ഞു... എല്ലാവരോടും യാത്ര പറഞ്ഞ് കരച്ചിലും പിഴിച്ചിലുമായി ഹസി പടിയിറങ്ങിയപ്പോ കരയാതിരിക്കാൻ ഞങ്ങളൊക്കെ നല്ലോണം പാട്പെട്ടു... പിന്നെ നിസൂക്കന്റെ കൈകളിലേക്ക് ആണല്ലോ അവളെ ഏല്പിച്ചതെന്ന ആശ്വാസമാണ് ഇപ്പോ ഞങ്ങൾക്ക് ഉള്ളത്...

അങ്ങനെ കല്യാണത്തിന് വന്നവരൊക്കെ യാത്ര പറഞ്ഞ് മടങ്ങി പോയെങ്കിലും പോകാതെ നമ്മളെയും കാത്ത് നിക്കുന്ന മൂന്ന് പേര് അപ്പോഴും അവിടെ ഉണ്ടായിരുന്നു... അച്ചുവും അരുണും പിന്നെ ആ കോന്തനും...

രണ്ട് ദിവസത്തിനകം തിരിച്ച് ചെല്ലണമെന്നാണ്

കോന്തന്റെ ഓഡർ... ഫ്ലൈറ്റ് ടിക്കറ്റും വിസയുമൊക്കെ അവൻ ഏർപ്പാടാക്കിയിട്ടുണ്ട്... അതോണ്ട് മാത്രം നമ്മളെ പ്രോബ്ലം തീർന്നില്ലല്ലോ വീട്ടുകാരെ സമ്മതം കൂടി വേണ്ടേ...?

അതിനാണ് എനിക്ക് രണ്ട് ദിവസത്തെ ടൈം തന്നത് അത്രേ കോന്തൻ തെണ്ടി....

ഇതൊക്കെ നമ്മളോട് പറഞ്ഞിട്ട് ഓനും അരുണും അച്ചുവും കൂടി അവിടന്ന് പോയി... ഇനി എങ്ങനെ വീട്ടിൽ ഇതിനെ കുറിച്ച് സംസാരിക്കുമെന്ന് ചിന്തിച്ച് തല പുണ്ണാക്കി ഒടുക്കം നമ്മള് ഉപ്പച്ചിനോടും ഉമ്മച്ചിയോടുമായിട്ട് പോകുന്ന കാര്യത്തെ കുറിച്ച് സംസാരിച്ചു...

ഉപ്പച്ചി ഒന്നും മിണ്ടാതെ മൗനത്തെ കൂട്ട് പിടിച്ചെങ്കിലും നമ്മളെ ഉമ്മച്ചി ഒരു നടക്കും പോകുന്ന ലക്ഷണം ഇല്ലേന്നു... എന്നെ ഇവിടന്ന് എങ്ങോട്ടും വിടില്ലെന്ന് പറഞ്ഞ് ഉമ്മച്ചി പോകാൻ സമ്മതിച്ചില്ല... അവസാനം രണ്ടും കൽപ്പിച്ച് നമ്മള് സെന്റിയങ്ങ് അടിച്ച് വിട്ടു...

"ഉമ്മച്ചിയെ നമുക്ക് ഒരു കഷ്ടകാലം വന്നപ്പോ നമ്മളെ

സഹായിക്കാൻ എനിക്ക് ആ ജോലിയെ ഉണ്ടായിരുന്നുള്ളു... ഇന്ന് ആ കമ്പനിക്ക് ഒരു കഷ്ടകാലം വരുമ്പോ ആ കമ്പനിയെ രക്ഷിക്കേണ്ട ചുമതല എനിക്കും ഇല്ലേ ഉമ്മച്ചീ....

ഇനിയും ഒരേയൊരു കൊല്ലം കൂടി... അത് കഴിഞ്ഞാൽ പിന്നെ ഞാൻ ആ ഭാഗത്തേക്ക് തിരിഞ്ഞ് പോലും നോക്കില്ല... പ്ലീസ് ഉമ്മച്ചി... സമ്മതിക്ക്...

ഉപ്പച്ചി...ഇങ്ങളെങ്കിലും ഞാൻ പറയുന്നത് ഒന്ന് മനസ്സിലാക്കീ...."

"ഫൗസിയേ.... ഓള് പറഞ്ഞതിലും കാര്യമുണ്ട്... കടം കേറി നട്ടം തിരിഞ്ഞ് നടന്നപ്പോ നമ്മക്ക് താങ്ങായിട്ട് ഇവളെ ആ ജോലിയെ ഉണ്ടായിരുന്നുള്ളു... ആ ജോലി കൊണ്ടാ ഇന്ന് നമ്മള് സ്വസ്ഥതയോടെ ജീവിക്കുന്നതും... അതോണ്ട് ആ കമ്പനിക്ക് വേണ്ടി ഫെബി പോകുന്നതിൽ എനിക്ക് എതിർപ്പില്ല...

പോരാത്തതിന് ആദിന്റെ കമ്പനിയല്ലേ... അവന് ഓർമ്മ ഇല്ലെങ്കിലും അവന്റെ കീഴിൽ ഇവള് വർക്ക് ചെയ്യുന്നതോണ്ട് പേടിക്കും വേണ്ട... ആദി കൂടെ ഉണ്ടെങ്കിൽ എന്തിനാ പിന്നെ ടെൻഷൻ...?"

ഉപ്പച്ചി പറയുന്നത് കേട്ട് ഞാൻ അന്തം വിട്ട് ഉപ്പച്ചിനെ നോക്കുന്നത് കണ്ടിട്ട് ഉപ്പച്ചി ഒരു പുഞ്ചിരിയോടെ തുടർന്നു...

"നീ ഞങ്ങളിൽ നിന്നൊക്കെ ആ സത്യം മറച്ച് വെച്ചെങ്കിലും ആദി എന്നോട് എല്ലാ സത്യവും പറഞ്ഞിരുന്നു ഫെബി.... ഇന്നലെ അവനെ കല്യാണ വീട്ടിൽ വെച്ച് കണ്ടപ്പോ ഞാൻ അവനോട് സംസാരിച്ചിരുന്നു... എന്നെ പരിചയമില്ലാത്ത പോലെ സംസാരിക്കുന്നത് കണ്ടപ്പോ തന്നെ എനിക്ക് എന്തോ പോലെ തോന്നിയിരുന്നു... പിന്നെ നിസുവും സിയാദും അൻസിയുമൊക്കെ അപ്പോ വന്ന് എന്നോട് കാര്യം പറഞ്ഞപ്പോഴാ അവന് ഓർമ്മ ഇല്ലാത്ത കാര്യം അറിഞ്ഞത്....

ഞാൻ നിന്റെ ഉപ്പയാണെന്ന് സിയാദ് അവനോട് പറഞ്ഞപ്പോ ഒരു നിറപുഞ്ചിരിയോടെ എന്നോട് സലാം ഒക്കെ പറഞ്ഞ് അവൻ പരിചയപ്പെട്ടു... എന്നിട്ട് നിന്നെ ഇവിടന്ന് കൊണ്ട് പോകാൻ എന്റെ സമ്മതവും വാങ്ങിച്ചു...

അവന് ഞാൻ വാക്ക് കൊടുത്തു മോളെ... അതോണ്ട് നീ പോണം... ഒരു പ്രതിസന്ധി ഘട്ടത്തിൽ അവനെ ഉണ്ടായിരുന്നുള്ളു നമുക്ക്... അത് ഓർത്തപ്പോ ഞാൻ വാക്ക് കൊടുത്തു പോയി... അതോണ്ട് മോള് പൊയ്ക്കോ... ഇവളോട് ഞാൻ പറഞ്ഞ് സമ്മതിപ്പിച്ചോളാം...."

ഉപ്പച്ചി പറയുന്നത് കേട്ടപോ നമ്മൾ ഉപ്പച്ചിയെ കെട്ടിപ്പിടിച്ച് കണ്ണ് നിറച്ചിട്ട് ഉമ്മച്ചിന്റെ കാൽ വരെ പിടിച്ച് പോകാനുള്ള സമ്മതം വാങ്ങിച്ചു...

എന്നാലും ആദി നമ്മളെ ഉപ്പനോടൊക്കെ സമ്മതം ചോദിച്ചിരുന്നെന്ന് എനിക്ക് വിശ്വസിക്കാൻ പോലും കഴിഞ്ഞില്ല... അവനെ കുറിച്ച് ഓർക്കുമ്പോ വീറും വാശിയുമൊക്കെ എങ്ങോട്ടോ പോകാണ്...

ഇന്നാണ് ആ ദിനം... ഇനി ഒരിക്കലും ആ മണ്ണിലേക്ക് കാല് കുത്തില്ലെന്ന് ശബദം ചെയ്തിട്ട് തിരിച്ച് ആ മണ്ണിലേക്ക് തന്നെ പറക്കാൻ പോകുന്ന ദിവസം...

ഉച്ചക്കുള്ള ഫ്ലൈറ്റിനാണ് പോകുന്നത്... രാവിലെ തന്നെ അരുണും അച്ചുവും കൂടെ ആ കോന്തനും കൂടി നമ്മളെ വീട്ടിലേക്ക് വന്നിട്ടുണ്ട്... അച്ചു എന്റെ അടുത്തേക്ക് വന്നപ്പോ താഴെ ഉപ്പച്ചിയോടും ഷാദിയോടുമൊക്കെ ഭയങ്കര കത്തിയടിയിലായിരുന്നു ആ കോന്തൻ...

അങ്ങനെ എല്ലാം പാക്ക് ചെയ്ത് നമ്മള് താഴേക്കിറങ്ങി എല്ലാരോടും യാത്ര പറഞ്ഞ് ഇറങ്ങാൻ നിന്നപോ നമ്മളെ ഉമ്മച്ചി പെട്ടെന്ന് നമ്മളെ അവിടെ പിടിച്ച് നിർത്തി....

"ഫെബി... നീ ഇവിടന്ന് ഇപ്പോ പോയാൽ പിന്നെ ഒരു കൊല്ലം കഴിഞ്ഞിട്ടേ മടങ്ങി വരൂ... അതുവരെ നിന്നെ ഇങ്ങനെ കയറൂരി വിടാൻ ഞങ്ങളെ കൊണ്ട് പറ്റില്ല... അതോണ്ട് ഞങ്ങള് ഒക്കെ കൂടി ഒരു തീരുമാനം എടുത്തിട്ടുണ്ട്... നിന്റെയും ഫൈസലിന്റെയും കല്യാണം നീ അവിടന്ന് വന്ന ഉടനെ തന്നെ ഞങ്ങള് നടത്തും... നീ ഇതിന് എതിരൊന്നും നിൽക്കരുത്...

ഫൈസലിന്റെ ഉമ്മനോടൊക്കെ ഞങ്ങള് സംസാരിച്ച് വാക്കാലെ ഉറപ്പിച്ചിട്ടുണ്ട്... ഫൈസലിനും അന്നെ

ഇഷ്ടള്ള സ്ഥിതിക്ക് എന്താ അന്റെ അഭിപ്രായം...?

അനക്ക് ആ തീരുമാനത്തോട് എതിർപ്പുണ്ടോ...?"

ഉമ്മച്ചി നല്ല അഡാർ ബോംബ് തന്നെ നമ്മളെ നെഞ്ചത്തിട്ട് പൊട്ടിച്ചതും തിരിച്ച് എന്ത് മറുപടി നൽകുമെന്ന് അറിയാതെ ഞാൻ ഒരു നിമിഷം പകച്ച് നിന്ന് പോയി...

എന്നിട്ട് പതിയെ തല തിരിച്ച് ആദിയെ നോക്കിയപ്പോ ഓൻ ഫോണിൽ കുത്തിക്കൊണ്ടിരിക്കാണ്... അത് കണ്ടപ്പോ നമ്മക്ക് അതിലേറെ സങ്കടം വന്നു...

അച്ചു ആണെങ്കിൽ നമ്മളോട് ഓക്കേ പറഞ്ഞോ എന്ന് പറഞ്ഞ് കൈ കൊണ്ട് ആംഗ്യം കാണിച്ചു... അവളും എല്ലാവരും അതാണ് ആഗ്രഹിക്കുന്നത് എങ്കിൽ പിന്നെ ഞാൻ എന്തിനാ മുടക്ക് പറയുന്നതെന്ന് ചിന്തിച്ചു...

"എനിക്ക് സമ്മതമാണ് ഉമ്മച്ചി.... ഫൈസൽക്കാൻറെ ഉമ്മാനോട് വിളിച്ച് പറഞ്ഞോളി...അല്ലെങ്കിലും ഇനി ആർക്ക് വേണ്ടിയാ ഞാൻ കാത്തിരിക്കുന്നത്...?"

അത് ഞാൻ ആദിയെ നോക്കി കൊണ്ടായിരുന്നു

പറഞ്ഞത്... അപ്പോ തന്നെ ആദി ഫോണിൽ നിന്നും തല ഉയർത്തി എന്നെ നോക്കിയതും ഞാൻ വേഗം ഓന്റെ നോട്ടം തെറ്റിച്ചോണ്ട് എല്ലാവരോടും യാത്ര പറഞ്ഞ് ഇറങ്ങി...

ഞാൻ എടുത്ത തീരുമാനം തന്നെയാണ് ശരിയെന്ന് അരുണും അച്ചുവും കൂടി എന്നെ അനുകൂലിച്ചോണ്ട് സംസാരിച്ചപ്പോഴും എന്റെ നോട്ടം ആദിയെ ആയിരുന്നു... ഞങ്ങള് ആരും ഇവിടെ ഇല്ലാത്ത പോലെയാണ് അവന്റെ ഇപ്പോഴത്തെ പെരുമാറ്റം... അത് എന്നിൽ കൂടുതൽ സംശയങ്ങൾ പടർത്തി...

എയർപോട്ടിൽ എത്തിയതും ഞങ്ങള് എല്ലാവരും ലഗേജ് ഒക്കെ എടുത്ത് അകത്തേക്ക് കയറി എല്ലാ ക്ലിയറെൻസും കഴിഞ്ഞ് ഫ്ലൈറ്റ് വരാൻ വേണ്ടി കാത്തിരിക്കുമ്പോഴാണ് നമ്മക്ക് നമ്മള് തയ്യാറാക്കിയ എഗ്രിമെന്റിന്റെ ഓർമ്മ വന്നത്...

നമ്മള് അപ്പോ തന്നെ അതെടുത്ത് ആദിന്റെ അടുത്തേക്ക് ചെന്ന് അവന്റെ നേർക്ക് നീട്ടി....

"എന്തായിത്...?"

"ഇത്ര പെട്ടെന്ന് മറന്ന് പോയോ.... നമ്മള് തമ്മിലുള്ള എഗ്രിമെന്റാണ്... ഇതിൽ പറഞ്ഞിരിക്കുന്നതിനൊക്കെ സമ്മതമാണെന്ന് പറഞ്ഞിട്ടല്ലേ ഞാൻ നിങ്ങളെ കമ്പനിയിലേക്ക് തിരിച്ച് വരാൻ സമ്മതിച്ചത്.... അതോണ്ട് ഈ പേപ്പേഴ്സിൽ സൈൻ ചെയ്തിട്ട് മതി ഇനി നമ്മുടെ യാത്ര...."

എന്ന് ഞാൻ പറഞ്ഞപ്പോ ആദി എന്നെ തുറുക്കനെ നോക്കിയിട്ട് അതില് എഴുതിയിരിക്കുന്നത് വായിക്കപോലും ചെയ്യാതെ അതില് സൈൻ ചെയ്തിട്ട് എനിക്ക് തന്നു...

അത് എന്തായാലും ഒരു കണക്കിന് നന്നായി... ഇതെങ്ങാനും വായിച്ചിരുന്നേൽ ചിലപ്പോ അവൻ സൈൻ ചെയ്യാൻ സാധ്യത ഇല്ലായിരുന്നു...

നമ്മക്ക് എന്ത് കൊണ്ടും ലാഭമായൊണ്ട് നമ്മള് സന്തോഷത്തോടെ തന്നെ അത് വാങ്ങിച്ചിട്ട് ആദിയെ നോക്കി ഒരു വളിച്ച ഇളി പാസാക്കിയിട്ട് ആ പേപ്പേഴ്സ് ഭദ്രമായി എടുത്ത് വെച്ചു...

അങ്ങനെ ഞങ്ങക്ക് പോകാനുള്ള ഫ്ലൈറ്റ് വന്നെന്ന

അനൗൺസ്മെന്റ്റ് വന്നതും ഞങ്ങള് ഫ്ലൈറ്റിലേക്ക് കയറി... ബിസിനസ് ക്ലാസ് ടിക്കറ്റ് ആയിരുന്നു ഞങ്ങൾക്കും ആദി എടുത്തത്... അതോണ്ട് നല്ല വിഐപികളെ പോലെ നന്നായി ഞെളിഞ്ഞിരുന്നോണ്ട് ഞങ്ങള് ബിസിനസ് ക്ലാസ് ടിക്കറ്റ് ശരിക്കും മുതലാക്കി...

അങ്ങനെ ദുബായി എയർപോട്ടിൽ തിരിച്ച് എത്തിയതും ആദി ഒന്നും പറയാതെ അവന്റെ കാറിൽ കയറി പോയി... അവനെ കാത്ത് അമർ കാറും കൊണ്ട് വന്ന് നിന്നിരുന്നു... എന്നാലും ആ കോന്തൻ ഒന്നും പറയാതെ പോയല്ലോ എന്ന് ചിന്തിച്ചോണ്ട് ഞങ്ങള് ഒരു ടാക്സി വിളിച്ച് ഫ്ലാറ്റിലേക്ക് പോയി...

നാട്ടിൽ നിന്നും എല്ലാവർക്കും കൊടുക്കാൻ ആയിട്ട് ഒരുപാട് ഐറ്റംസ് നമ്മളെ ഉമ്മച്ചി കൊടുത്ത് വിട്ടിട്ടുണ്ടായിരുന്നു... അതൊക്കെ നമ്മള് നമ്മളെ ടീമിന് എടുത്ത് കൊടുക്കുമ്പോഴാണ് ഫൈസൽക്ക നമ്മളെ തന്നെ നോക്കി നിൽക്കുന്നത് കണ്ടത്....

മൂപ്പരെന്താപ്പോ നമ്മളെ ഇങ്ങനെ നോക്കുന്നെ എന്ന് കരുതി നമ്മള് സനന്റെ കയ്യിൽ ബാഗ് കൊടുത്തിട്ട്

ഫൈസൽക്കാൻറെ അടുത്തേക്ക് പോകാൻ നിന്നതും മൂപ്പര് എന്നെയും വലിച്ചോണ്ട് പെട്ടെന്ന് ബാൽക്കണിയിലേക്ക് നടന്നു...

നമ്മള് അന്തം വിട്ടോണ്ട് എന്താ സംഭവമെന്ന് അറിയാതെ മൂപ്പരെ തന്നെ നോക്കി നിന്നതും ഫൈസൽക്ക ചോദിക്കുന്നത് കേട്ടപ്പോ ഞാൻ ഒന്നും മിണ്ടിയില്ല....

"ഫെബി.... ഞാൻ കേട്ടത് സത്യമാണോ...?

നീ ഞാനുമായുള്ള വിവാഹത്തിന് സമ്മതിച്ചോ...?

അപ്പോ നിനക്ക് ആദിയോടുണ്ടായിരുന്ന സ്നേഹമൊക്കെ വെറുതെയാണോ...?"

"എന്റെ സ്നേഹം അവന് തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എനിക്ക് എന്തിനാ ഫൈസൽക്ക അവന്റെ സ്നേഹം...? അല്ലെങ്കിലും ഇനി എന്ത് ഗ്യാരേണ്ടിയിലാ ഞാൻ അവന് വേണ്ടി കാത്തിരിക്കുന്നത്...?

പിന്നെ ഇങ്ങളെ ഉമ്മയും എന്റെ ഉമ്മച്ചിയും കൂടി എല്ലാം

പറഞ്ഞ് തീരുമാനിച്ചപ്പോ എനിക്കും തോന്നി ഇതാണ് ശരിയെന്ന്....

ചിലപ്പോ ഇങ്ങനെ ഒക്കെ ആയി തീരണമെന്നാകും എന്റെ വിധി...."

"അങ്ങനെ ആണെങ്കിൽ ഞാൻ നിന്നോട് ഒന്ന് ചോദിച്ചോട്ടെ...?"

ഫൈസൽക്ക എന്താ ചോദിക്കാ എന്ന ആശങ്കയോടെ ഞാൻ മൂപ്പരെ നോക്കി നിന്നു...

"നമ്മൾ തമ്മിലുള്ള കല്യാണം ഉറപ്പിച്ച് കല്യാണത്തിന്റെ അന്ന് ആദിക്ക് എങ്ങാനും പഴയതൊക്കെ ഓർമ്മ വന്ന് അവൻ നിന്റെ അടുത്തേക്ക് വന്നാൽ നീ അപ്പോ എന്നെ സ്വീകരിക്കോ അതോ ആദിയെ സ്വീകരിക്കോ...?"

ഫൈസൽക്കാൻറെ ഒടുക്കത്തെ ചോദ്യം കേട്ടതും ഞാൻ ഉത്തരം കിട്ടാതെ വാക്കുകൾക്ക് വേണ്ടി മൂപ്പരെ മുന്നിൽ പരതി...

"നിന്റെ ഈ മൗനം തന്നെ എനിക്ക് അതിനുള്ള ഒരു വ്യക്തമായ മറുപടി നൽകുന്നുണ്ട് ഫെബി.... നിനക്ക് ഒരിക്കലും ആദിയെ മറന്ന് ഒരു ജീവിതം തിരഞ്ഞെടുക്കാൻ കഴിയില്ല ഫെബി... മറ്റുള്ളോരെ സന്തോഷത്തിന് വേണ്ടി നീ നിന്റെ ജീവിതം തന്നെ തെജിച്ചിട്ട് നമുക്ക് സന്തോഷത്തോടെ ജീവിക്കാൻ കഴിയുമെന്ന് നിനക്ക് തോന്നുന്നുണ്ടോ...?"

ഫൈസൽക്ക എന്നോട് ചോദിക്കുന്നതിനൊന്നും എനിക്ക് മറുപടി നൽകാൻ എത്ര ആയിട്ടും കഴിയുന്നില്ല... ഫൈസൽക്ക പറയുന്നതൊക്കെ ശരിയാണ്... എന്നെ കൊണ്ട് ഒരിക്കലും അതിനൊന്നും കഴിയില്ല.... ആദിയെ മറന്ന് മറ്റൊരു സന്തോഷ ജീവിതം ഉണ്ടാകില്ല....

"നിനക്ക് തന്നെ ഉറപ്പ് നൽകാൻ കഴിയാത്ത സ്ഥിതിക്ക് എനിക്ക് എന്റെ ലൈഫിൽ റിസ്കെടുക്കാൻ കുറച്ച് ബുദ്ധിമുട്ടുണ്ട് ഫെബി....

അതോണ്ട് വീട്ടുകാരോട് പറഞ്ഞ് നീ തന്നെ ഈ ബന്ധത്തിൽ നിന്നും ഒഴിഞ്ഞ് തരണം..."

"അത്..... ഫൈസൽക്ക.... നമ്മുടെ ഉമ്മമാരൊക്കെ എല്ലാം പറഞ്ഞ് തീരുമാനിച്ച് ഉറപ്പിച്ച മട്ടാണ്... എനിക്ക് ഒന്നും അവരോട് പറയാൻ കഴിയില്ല... കാരണം ഞാൻ എന്റെ ഉമ്മാക്ക് വാക്ക് കൊടുത്തു പോയി..."

"നീ വാക്ക് കൊടുത്തെന്ന് കരുതി ഞാൻ എന്റെ പെണ്ണിനെ അനാഥയാക്കണോ...?"

"വാട്ട്....?"

ഫൈസൽക്ക പറയുന്നത് കേട്ട് നമ്മള് തൊള്ളേം തുറന്ന് മൂപ്പരെ നോക്കുന്നത് കണ്ടപ്പോ മൂപ്പര് സ്വയം തലക്കടിച്ചോണ്ട് എന്നെ നോക്കി ഒരു അവിഞ്ഞ ഇളി പാസാക്കി തന്നു... മൂപ്പരെ നാവേന്ന് അറിയാതെ പുറത്ത് ചാടിയ സത്യം ആയോണ്ടാകും മൂപ്പര് വേഗം നമ്മളെ മുന്നിൽ നിന്ന് സ്കൂട്ട് ആകാൻ നോക്കിയതും നമ്മള് മൂപ്പരെ അവിടെ പിടിച്ച് നിർത്തി...

"എന്താ.... എന്താ ഇങ്ങള് പറഞ്ഞെ...? ഇങ്ങളെ

പെണ്ണോ...? അതേതാ ഇപ്പോ ഞാൻ അറിയാത്ത ഒരു പുതിയ അവതാരം...? അപ്പോ നമ്മളോട് ഇഷ്ടണെന്ന് പറഞ്ഞ് നടന്നിട്ട് വേറെ ആരെയോ ആ ഗ്യാപ്പിൽ വളച്ചിരുന്നുലെ...?"

നമ്മള് പിടിച്ച പിടിയാലെ ഫൈസൽക്കാനെ കൊണ്ട് അവളെ കുറിച്ചുള്ള ഫുൾ ഡീറ്റൈൽസും പറയിപ്പിച്ചു... ഉപ്പയും ഉമ്മയും ചെറുപ്പത്തിലേ നഷ്ടപ്പെട്ട ഒരു യതീമായ പെൺകുട്ടി... പേര് നൂറ... അവര് തമ്മിൽ ഇഷ്ടത്തിലായിട്ട് ഇപ്പോ രണ്ട് കൊല്ലം കഴിഞ്ഞെന്ന് മൂപ്പര് പറഞ്ഞപ്പോ ഞാൻ പകച്ച് പോയി... ഓളെ അല്ലാതെ മൂപ്പര് വേറെ ആരെയും കെട്ടില്ലെന്ന് ശബദം ചെയ്തിരിക്കണത്രെ....

ഓള് യതീമായത് കൊണ്ട് തന്നെ ഫൈസൽക്കാൻറെ വീട്ടിൽ നിന്നും എതിർപ്പുണ്ടാകുമെന്ന് മൂപ്പർക്ക് നല്ല ബോധ്യമുണ്ട്... അതോണ്ട് പതിയെ വീട്ടുകാരെ കൊണ്ട് പറഞ്ഞ് സമ്മതിപ്പിക്കാമെന്ന് കരുതി ഇരിക്കുമ്പോഴാണ് ഞങ്ങളെ രണ്ട് പേരുടെയും കാര്യം പറഞ്ഞ് സെറ്റാക്കിയത്....

ഇനി ഇപ്പോ എന്താ ചെയ്യാന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല എന്ന് വളരെ ദയനീയതയോടെ ഫൈസൽക്ക പറയുന്നത് കേട്ടപ്പോ എന്താപ്പോ ചെയ്യാന്ന് ഞാനും ഒന്ന് ചിന്തിച്ച് നോക്കി... ഒടുക്കം നമ്മളെ തലയിൽ ഒരു ബുദ്ധി ഉദിച്ചു...

"ഫൈസൽക്ക ഇപ്പോ തല്ക്കാലം വീട്ടുകാർ നമ്മളെ കാര്യം ഉറപ്പിച്ച് വെച്ചോട്ടെ.... അതൊക്കെ കാര്യത്തോട് അടുക്കുമ്പോ മുടക്കുന്ന കാര്യം ഞാൻ ഏറ്റു... പിന്നെ അതിന് ശേഷം നാണം കെട്ട് ഇങ്ങള് ഇനി നൂറയെ അല്ലാതെ വേറെ ഒരു പെണ്ണിനെയും ഇങ്ങക്ക് വേണ്ടാന്ന് പറയുമ്പോ വേറെ നിവർത്തിയില്ലാതെ നൂറാനെ തന്നെ ഇങ്ങക്ക് വീട്ടുകാര് കെട്ടിച്ച് തരും..."

"അതെന്ത് വഴിയാ ഫെബി....?"

"ആ...അതൊക്കെ ഉണ്ട് ഇങ്ങള് കണ്ടോളി.... ഇങ്ങളെയും നൂറയേയും ഞാൻ ഒന്നിപ്പിച്ച് തന്നിരിക്കും ഇത് ഈ ഫെബിന്റെ വാക്കാ... നിങ്ങക്ക് എന്നെ ധൈര്യമായിട്ട് വിശ്വസിക്കാം..."

എന്ന് നമ്മള് മൂപ്പർക്ക് വാക്ക് കൊടുത്തപ്പോ മൂപ്പരും ഹാപ്പി ആ വാർത്ത കേട്ട ഞാനും ഹാപ്പി... കാരണം എനിക്ക് ഒരിക്കലും ഫൈസൽക്കാനെ ആ കണ്ണോണ്ട് കാണാൻ കഴിയില്ല... മൂപ്പര് എനിക്ക് എന്റെ സ്വന്തം ബ്രദറിനെ പോലെയാണ്... എന്തായാലും ഫൈസൽക്കാക്ക് ഇങ്ങനെ ഒരു ബന്ധം ഉണ്ടായത് നന്നായി... ഇത് വെച്ച് ഞാൻ ഒരു കളി കളിയ്ക്കാൻ പോകാ.... കാത്തിരുന്ന് കണ്ടോളി....

പിറ്റേന്ന് രാവിലെ തന്നെ ഓഫീസിലേക്ക് ഞങ്ങള് എല്ലാവരും പുറപ്പെട്ടെങ്കിലും വഴിയിൽ വെച്ച് ഫൈസൽക്കാൻറെ കാർ പഞ്ചറായി ഞാനും അച്ചായനും ഫൈസൽക്കയും നടു റോഡിൽ നിന്നു... ഒടുക്കം ടാക്സി വിളിച്ച് ഓഫീസിൽ എത്തിയപ്പോഴേക്കും ലേറ്റ് ആയിട്ടുണ്ടായിരുന്നു....

നമ്മള് വേഗം ഓടി ചെന്ന് ഓഫീസിന്റെ ഡോർ തുറന്ന് അകത്ത് കടന്നതും നമ്മളെ ഫൈസൽക്കയും അച്ചായനും കൂടി അകത്തേക്ക് ഒറ്റ തള്ളായിരുന്നു... നമ്മള് നേരെ ചെന്ന് വീണതോ ആ കോന്തന്റെ മേലിലേക്കും... നമ്മള് അപ്പോ തന്നെ ഓനിൽ നിന്നും വിട്ട് നിന്നിട്ട് ചുറ്റും ഒന്ന് കണ്ണോടിച്ചതും നമ്മളെ രണ്ട്

സൈഡിൽ നിന്നും ഠോ എന്ന വെടി മുഴക്കം കേട്ട് നമ്മള് കാത് പൊത്തി പിടിച്ച് കണ്ണ് തുറന്ന് നോക്കിയപ്പോ ഗ്ലിറ്റേഴ്സിൽ മുങ്ങി നിൽക്കാണ് നമ്മള്....

ഇതെന്താപ്പോ കഥ... ഇന്ന് നമ്മളെ ബർത്ത് ഡേ ഒന്നും അല്ലല്ലോ എന്ന് ചിന്തിച്ചോണ്ട് നമ്മള് ചുറ്റും ഒന്ന് കണ്ണോടിച്ചതും എല്ലാ സ്റ്റാഫ്സും കൂടി കയ്യടിച്ചോണ്ട് നമ്മളെ അടുത്തേക്ക് വന്നു....

നമ്മള് അന്തം വിട്ട് അവരെ നോക്കി നിൽക്കുമ്പോഴുണ്ട് പെട്ടെന്ന് ആദി നമ്മളെ നേർക്ക് കൈ നീട്ടുന്നു... നമ്മള് ഓനെയും കയ്യിനെയും മാറി മാറി നോക്കി കൊണ്ട് അവന് കൈ കൊടുത്തതും അവൻ പറയുന്നത് കേട്ട് നമ്മള് വീണ്ടും അന്തം വിട്ട് നിന്നു.....

(തുടരും)

ഭാഗം.111

നമ്മള് അന്തം വിട്ട് അവരെ നോക്കി നിൽക്കുമ്പോഴുണ്ട് പെട്ടെന്ന് ആദി നമ്മളെ നേർക്ക് കൈ നീട്ടുന്നു... നമ്മള്

ഓനെയും കയ്യിനെയും മാറി മാറി നോക്കി കൊണ്ട് അവന് കൈ കൊടുത്തതും അവൻ പറയുന്നത് കേട്ട് നമ്മള് വീണ്ടും അന്തം വിട്ട് നിന്നു....

"Congrats Miss Ayisha febi... and one more time welcome to our ASK events..."

ആദി പറയുന്നത് ഒന്നും മനസ്സിലാകാതെ നമ്മള് ഓനെ തന്നെ നോക്കിയപ്പോ ഓൻ നമ്മക്ക് നേരെ ഒരു ബൊക്കെ നീട്ടി.... നമ്മളത് വാങ്ങിച്ചതും ഓൻ തിരിഞ്ഞ് നോക്കാതെ ഓന്റെ ക്യാബിനിലേക്ക് പോയി... അപ്പോഴും നമ്മള് കാര്യം അറിയാതെ അവനെ തന്നെ നോക്കി നിൽക്കുമ്പോഴാണ് പെട്ടെന്ന് സനയും അച്ചുവും കൂടി ഓടി വന്ന് നമ്മളെ കെട്ടിപ്പിടിച്ചത്...

അവരെ പെട്ടെന്നുള്ള സ്നേഹ പ്രകടനം കണ്ട് പകച്ച് നിന്നോണ്ട് അവരോട് കാര്യം ചോദിച്ചറിഞ്ഞപ്പോഴാ മനസ്സിലായത് എന്താ ഇതിനൊക്കെ അർത്ഥമെന്ന്...

ഞാനാണ് ഈ വർഷത്തെ എംപ്ലോയ് ഓഫ് ദി ഇയർ പുരസ്കാരം കരസ്ഥമാക്കിയിരിക്കുന്നത്... അതാണ് ഇപ്പോ നടന്ന പ്രകടനത്തിന്റെ കാരണം... അതും

പോരാഞ്ഞ് നമ്മക്ക് വേണ്ടി സ്പെഷ്യൽ ആയിട്ട് ഇന്ന് നൈറ്റ് ഒരു പാർട്ടിയും കമ്പനി അറേഞ്ച് ചെയ്തിട്ടുണ്ട്... അതൊക്കെ കൂടി അറിഞ്ഞപ്പോ നമ്മക്ക് സന്തോഷം കൊണ്ട് ഇരിക്കാൻ വയ്യേന്നു...

നമ്മള് അപ്പോ തന്നെ എല്ലാവരോടും താങ്ക്സ് ഒക്കെ പറഞ്ഞോണ്ട് മെല്ലെ ആദിന്റെ സോറി ഞങ്ങളെ ക്യാബിനിലേക്ക് ചെന്നു... അപ്പോ ആദി എന്തോ തിരക്കിട്ടോണ്ട് ലാപ്പിൽ ടൈപ്പ് ചെയ്തോണ്ടിരിക്കാണ്... എന്തായാലും ഓനെ ഡിസ്റ്റർബ് ചെയ്യേണ്ടാന്ന് കരുതി ഞാൻ നമ്മളെ സീറ്റിൽ പോയി ഇരുന്ന് ഓനെ ഒന്ന് നോക്കി...

എവടെ... ആ ജാഡ തെണ്ടി ലാപ്പിൽ നിന്നും ഒന്ന് തല ഉയർത്തി നമ്മളെ നോക്കുന്നത് പോലുമില്ല കുരിപ്പ്... പിന്നെ ഇപ്പോ അവനേക്കാൾ കൂടുതൽ ജാഡ വേണ്ടത് നമ്മക്ക് ആയോണ്ട് നമ്മളും ഇത്തിരി ഗമയോടെ നമ്മളെ ലാപ് തുറന്ന് അതിലെ ഇവന്റിന്റെ പ്ലാൻസിനെ ഡിസൈൻ ചെയ്തോണ്ടിരുന്നു....

കുറച്ച് കഴിഞ്ഞപ്പോ പെട്ടെന്ന് ക്യാബിനിലേക്ക് ഇടിച്ച്

കേറി കൊണ്ട് സൽമ വന്നിട്ട് നമ്മളെ നോക്കി കണ്ണുരുട്ടി കൊണ്ട് ആദിന്റെ അടുത്തേക്ക് ചെന്നു... അത് കണ്ടതും നമ്മള് അപ്പോ തന്നെ അവിടന്ന് എണീറ്റിട്ട് ആദിന്റെ അടുത്തേക്ക് പോയി...

"സാർ.... എനിക്ക് ഇവിടെ ജോലി ചെയ്യാൻ ബുദ്ധിമുട്ടുണ്ട്..."

നമ്മളെ സംസാരം കേട്ടതും ആദി നമ്മളെ മുഖത്തേക്ക് ഒരു സംശയരൂപേണ നോക്കി...

"വാട്ട്....? അതിന് മാത്രം ഇവിടെ ഇപ്പോ എന്താ ഉണ്ടായത്...?"

"അവൾക്ക് ബുദ്ധിമുട്ടാണെങ്കിൽ അവള് പോയിക്കോട്ടെ ആദി... പിടിച്ച് നിർത്താൻ നോക്കണ്ടാ...."

അതിനിടക്ക് ആ സൽമ കൂടി ഡയലോഗ് അടിച്ചപ്പോ

നമ്മക്ക് വീണ്ടും ദേഷ്യം കൂടി വന്നു...

"ദേ ഇതുപോലെയുള്ളവര് ഇങ്ങോട്ട് കേറി വരുന്നത് എനിക്ക് ഇത്തിരി ബുദ്ധിമുട്ടുള്ള കാര്യമാണ്... അത് കൊണ്ട് എത്രെയും പെട്ടെന്ന് ഇവളെ ഇവിടന്ന് പുറത്താക്കണം..."

"നീയാരാടി എന്നെ ഇവിടന്ന് പുറത്താക്കാൻ പറയാൻ... ആരാന്ന്...?"

എന്ന് പറഞ്ഞോണ്ട് അവളെന്റെ നേരെ പാഞ്ഞടുത്തതും ആദി അവളെ പിടിച്ച് വെച്ചു...

"സൽമ നോ... കൂൾ...

ആയിഷ whats wrong with you..? സൽമ ഇവിടെ ഉണ്ടെന്ന് കരുതി ഇപ്പോ തനിക്ക് എന്താ ബുദ്ധിമുട്ട്...?"

"ഇവള് ഇവിടെ ഉള്ളത് തന്നെയാണ് എന്റെ ബുദ്ധിമുട്ട്.... കമ്പനിയിൽ എന്ത് ജോലിയാ ഇവൾക്കുള്ളത്...? അത്

പോട്ടെ എന്ത് സ്ഥാനമാ ഇവൾക്കുള്ളത്...? ഒരു ബന്ധവും ഇല്ലാത്ത ഇവളൊക്കെ ഇങ്ങോട്ട് വരുന്നത് എനിക്ക് ബുദ്ധിമുട്ടാണ്...

മാത്രമല്ല ഇവള് ഇനി ഇങ്ങോട്ട് കയറി വന്നാൽ പിന്നെ ഞാൻ ഈ കമ്പനിയിൽ നിൽക്കില്ല എന്ന് ഞാൻ എഴുതിയ നിങ്ങള് സൈൻ ചെയ്ത എഗ്രിമെന്റിൽ വ്യക്തമായിട്ട് എഴുതിയിട്ടുണ്ട്... അതോണ്ട് ഇവളെ ഇവിടന്ന് പുറത്താക്കണോ അതോ ഞാൻ ഇവിടന്ന് ഇറങ്ങി പോണോ എന്ന് സാറിന് തീരുമാനിക്കാം...."

എന്ന് നമ്മള് പറയുന്നത് കേട്ടപ്പോ ആദിയും സൽമയും കൂടി നമ്മളെ രൂക്ഷമായി നോക്കി നിൽപ്പുണ്ട്.... അവൻ പറഞ്ഞത് വിശ്വസിക്കില്ലെന്ന് തോന്നിയപ്പോ എന്റെ കൈപ്പടയിൽ എഴുതി അവൻ സൈൻ ചെയ്ത ആ എഗ്രിമെന്റ് ഞാൻ അവന് കാണിച്ച് കൊടുത്തു... അത് കണ്ടപ്പോ അവന് വിശ്വാസമായി...

അവൻ ആ എഗ്രിമെന്റിലേക്കും എന്നെയും മാറി മാറി നോക്കിയിട്ട് സൽമയെ ഒന്ന് ദയനീയതയോടെ നോക്കി സോറി പറഞ്ഞു...

"വാട്ട്...? ആദി.... അപ്പോ നീ ഇവള് പറയുന്നത് കേട്ട് എന്നെ ഇവിടന്ന് പുറത്താക്കാൻ പോകാണോ...?"

"അതേലോ.... മാഡത്തിന് അത് ഇതുവരെ മനസ്സിലായില്ലേ..? ഞാൻ ഈ കമ്പനിയിൽ വർക്ക് ചെയ്യുന്നിടത്തോളം കാലം നീ ഇനി ഇവിടേക്ക് വരരുത്... വന്നാൽ ഞാൻ ഇവിടന്ന് ഇറങ്ങി പോകും... അത് നിങ്ങളെ കമ്പനിക്കാ ദോഷം ചെയ്യാ അല്ലാതെ എനിക്കല്ല....

കാരണം ഇതെല്ലാം സാർ എഗ്രിമെന്റിൽ ഒപ്പ് വെച്ചിട്ടുള്ള നിബന്ധനകളിൽ പെടുന്നതാണ് അതോണ്ട് അക്കാര്യം മറക്കണ്ട...."

"ഡി....നീ എന്നെ ഇവിടന്ന് പുറത്താക്കാൻ മാത്രം വളർന്നോ...? നിന്നെ ഇന്ന് ഞാൻ ...."

"സൽമ നോ... അടങ്ങി നിൽക്ക്....

ഇവളെ നമ്മുടെ കമ്പനിക്ക് വളരെ അത്യാവശ്യമാണ്... അതോണ്ട് ഇപ്പോ ഇനി വേറെ വഴിയില്ല... നീ ഇവിടന്ന്

ഇപ്പോ പൊയ്ക്കോ... ഞാൻ നിന്നെ വീട്ടിൽ വന്ന് കണ്ടോളാം.... ഇപ്പോ നീ തൽക്കാലം പോ..."

"ബട്ട് ആദി.... ഇവള്....."

"സൽമാ.... ഇങ്ങോട്ട് നോക്ക്.... ഞാൻ പറഞ്ഞാൽ നീ അനുസരിക്കില്ലേ...? ഇപ്പോ നീ പൊയ്ക്കോ... ഞാൻ വന്നിട്ട് നമുക്ക് ഒരുമിച്ച് ഇന്നത്തെ പാർട്ടിക്ക് പോകാം... എന്തെ...?"

ആദി ഓളെ കവിളില് പിടിച്ചോണ്ട് ഓന്റെ നേരെ ഓളെ മുഖം ഉയർത്തി പിടിച്ച് ഓളോട് പറഞ്ഞപ്പോ നമ്മക്ക് പെരുവിരൽ മുതലങ്ങ് എരിഞ്ഞ് കേറായിരുന്നു... സൽമ അപ്പോ ഇടങ്കണ്ണിട്ട് എന്നെ നോക്കി ഒരു പരിഹാസത്തോടെ ചിരിച്ചിട്ട് ആദിന്റെ കയ്യിൽ പിടിച്ച് തല കുലുക്കി സമ്മതിച്ചു...

അവളെ ഈ പ്രവർത്തി ഞാൻ ഒരിക്കലും ക്ഷമിക്കാൻ പോണില്ല... മുൻപ് ഇവരെ സ്നേഹപ്രകടനമൊക്കെ കണ്ട് കണ്ണ് നിറച്ച് നിന്ന ആയിഷ ഫെബിയല്ല ഇപ്പോ

ഞാൻ.... അതോണ്ട് ഇവൾക്കിട്ട് ഇപ്പോ തന്നെ ഞാൻ ഒരു പണി കൊടുത്തിരിക്കും.... ഓള് എന്നെ നോക്കി കണ്ണുരുട്ടി കൊണ്ട് അവിടന്ന് പോകാൻ വേണ്ടി ഡോർ തുറന്നതും നമ്മള് അപ്പോ തന്നെ ആ ഡോറടച്ചു...

നമ്മളെ ഈ പ്രവർത്തി കണ്ട് ആദിയും സല്മയും നമ്മളെ തന്നെ ഉറ്റു നോക്കി നിൽക്കാണ്...

"അങ്ങനെ അങ്ങ് ഇറങ്ങി പോയാൽ ശരിയാവില്ലല്ലോ.... നിങ്ങള് തന്നെ ഇവളെ ഇവിടന്ന് അടിച്ച് പുറത്താക്കണം.... എന്നാലേ ഞാൻ ഇവിടെ ഉണ്ടാകൂ..."

"വാട്ട്....? എന്തൊക്കെയാ താൻ പറഞ്ഞു വരുന്നത്...?"

"അപ്പോ സാറിന് ഞാൻ പറഞ്ഞത് ഒന്നും മനസിയിലായില്ലേ...? എന്നാ ഞാൻ കുറച്ച് കൂടി തെളിച്ച് പറയാം...

എന്നെ നിങ്ങള് എങ്ങനെയാണോ ഈ കമ്പനിയിൽ നിന്നും അടിച്ച് പുറത്താക്കിയത് അതുപോലെ തന്നെ ഇവളെ ഇവിടന്ന് അടിച്ച് പുറത്താക്കണമെന്ന്... ഇപ്പോ മനസ്സിലായില്ലേ...?"

നമ്മളെ പറച്ചില് കേട്ടിട്ട് സൽമ അന്താളിച്ച് ആദിയെ നോക്കി... ഓൻ എന്നെ കണ്ണിമ വെട്ടാതെ രൂക്ഷമായി നോക്കിയിട്ട് പല്ലിറുമ്പി കൊണ്ട് എന്റെ നേരെ വരാൻ നിന്നതും സൽമ അവനെ തടുത്തു... എന്നിട്ട് അവനോട് വേണ്ടാന്ന് തലയാട്ടി...

അത് കണ്ടപ്പോ നമ്മളൊരു പുച്ഛത്തോടെ ഓളെ നോക്കി ചിരിച്ചു...

"അപ്പോ എങ്ങനെയാ കാര്യങ്ങളെ കിടപ്പ്...? സാർ ഇവളെ അടിച്ച് പുറത്താക്കണോ അതോ ഞാൻ ഇവിടന്ന് പോകണോ...? The choice is yours...."

നമ്മള് ഓനോട് അങ്ങനെ പറഞ്ഞപ്പോ സൽമ എന്നിൽ നിന്നും നോട്ടം തെറ്റിച്ച് ആദിയെ നോക്കിയിട്ട് അവന്റെ കയ്യിൽ പിടിച്ചു...

"ആദി... നീ എന്നെ എത്രത്തോളം സ്നേഹിക്കുന്നുണ്ടെന്ന് എനിക്കറിയാം... അതോണ്ട് തന്നെ നീ അടിച്ചാലും എനിക്ക് വേദനിക്കില്ല ആദി....

അതോണ്ട് നീ എന്നെ അടിക്കണം... ഇവളെ മുന്നിൽ ഒരിക്കലും നീ തോറ്റു കൊടുക്കാൻ പാടില്ല... എന്നെ അടിക്ക് ആദി... അടിക്ക്..."

"നോ സൽമാ... I can't... എനിക്ക് നിന്നെ ഒരിക്കലും വേദനിപ്പിക്കാൻ കഴിയില്ല... ഞാൻ നിന്നെ അത്രത്തോളം സ്നേഹിക്കുന്നുണ്ട്... അറിഞ്ഞ് കൊണ്ട് എന്റെ പെണ്ണിനെ എനിക്ക് വേദനിപ്പിക്കാൻ കഴിയില്ല... അതോണ്ട് എന്നെ കൊണ്ട് ഇതിന് പറ്റില്ല..."

"ഓ.... ഒന്ന് നിർത്തോ ഈ ഡ്രാമ... ഞാൻ നിങ്ങളെ ഈ ഡ്രാമ കാണാൻ വേണ്ടിയല്ല ഇവിടെ വന്ന് നിൽക്കുന്നത്... അതോണ്ട് എന്താണ് നിങ്ങളെ തീരുമാനം എന്ന് വെച്ചാൽ അത് പെട്ടെന്ന് തന്നെ അറിയിക്കണം... എനിക്ക് ഇവിടന്ന് ഒന്ന് പോകാനാ..."

നമ്മളെ സംസാരം അവരെ രണ്ട് പേരെയും വീണ്ടും ദേഷ്യം പിടിപ്പിച്ചു... സൽമ എന്നെ തുറുക്കനെ നോക്കി കൊണ്ട് ആദിയോട് അവളെ തല്ലാനായിട്ട് വീണ്ടും വീണ്ടും പറഞ്ഞ് അവനെ നിർബന്ധിപ്പിച്ചോണ്ടിരുന്നു... പക്ഷെ അവനാണെങ്കിലോ അതിന് സമ്മതിക്കുന്നത്

പോലുമില്ല... അവളോടുള്ള ഓന്റെ ഒലക്കീമലെ സ്നേഹം കണ്ടിട്ട് നമ്മക്കാണ് ഓൻക്കിട്ട് ഒന്ന് പൊട്ടിക്കാൻ തോന്നുന്നത്...

ഒടുക്കം സൽമ പറഞ്ഞ് പറഞ്ഞ് ചെക്കനെ പിരി കേറ്റി വിട്ടപ്പോ നമ്മളോടുള്ള ദേഷ്യം മൊത്തം ഒരൊറ്റ അടി കൊണ്ട് ഓൻ അത് സൽമയോട് തീർത്തു.... നമ്മളത് കണ്ടതും പകച്ച് പണ്ടാറമടങ്ങി വാ പൊത്തി കൊണ്ട് ആദിയെയും സൽമയെയും നോക്കി നിന്നു... കാരണം അമ്മാതിരി പവറിലാണ് ആദി അവളെ അടിച്ചത്... ആ കാഴ്ച കണ്ട എന്റെ കണ്ണിൽ കൂടി വരെ പൊന്നീച്ച പാറി പിന്നെ അടി കൊണ്ട അവളെ അവസ്ഥ പറയെ വേണ്ടല്ലോ, പൊന്നീച്ച മാത്രം ആകില്ല അവളെ കിളി പോലും പറന്ന് പോയി കാണും...

അടി കൊണ്ട ശേഷം കവിളില് കൈ വെച്ചോണ്ട് സൽമ പതിയെ തലയുയർത്തി നോക്കി... അപ്പോ ആദി വേറെ എങ്ങോട്ടോ നോക്കി നിൽക്കാണ്... വേദന കടിച്ച് പിടിച്ചോണ്ട് ഓള് എന്നെ നോക്കി ചിരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഓളെ കണ്ണ് നിറഞ്ഞൊഴുകുന്നുണ്ട്, പോരാത്തതിന് ചുണ്ട് പൊട്ടി ചോരയും വരുന്നുണ്ട്... അപ്പോ തന്നെ മനസ്സിലായി

ഓൻ എന്ത് നല്ല അഡാർ തല്ലാ ഓളെ തല്ലിയതെന്ന്...

ഇതൊക്കെ കൂടി കണ്ടപ്പോ തന്നെ നമ്മളെ മനസ്സ് സന്തോഷം കൊണ്ട് തുള്ളിച്ചാടുകയായിരുന്നു.... അതോണ്ട് തന്നെ ഓളെ മുഖം കണ്ടപ്പോ നമ്മക്ക് ചിരി അടക്കാൻ കഴിഞ്ഞില്ല... നമ്മള് ഓളെ നോക്കി നല്ലോണം ഒന്ന് ചിരിച്ച് കാണിച്ച് കൊടുത്തു...

ഓള് അപ്പോ എന്നെ തുറുക്കനെ നോക്കിയിട്ട് ആദിന്റെ കയ്യിൽ പിടിച്ചു... അപ്പോ ആദി ഓളെ മുഖത്തേക്ക് അല്പം ദയനീയതയോടെ നോക്കിയിട്ട് ഓളോട് സോറി പറഞ്ഞ് അവൻ കണ്ണ് നിറച്ചു... അത് കണ്ടിട്ട് നമ്മക്ക് വീണ്ടും ദേഷ്യം വന്നു... നമ്മള് അറിയാതെ തന്നെ നമ്മളെ ചുണ്ട് ഓനെ നോക്കി 'പെൺകോന്തൻ' എന്ന് മൊഴിഞ്ഞതും ഓൻ നമ്മളെ തിരിഞ്ഞ് നോക്കി.

പടച്ചോനെ നമ്മള് പറഞ്ഞത് കോന്തൻ കേട്ടോ...? എന്നാ പിന്നെ അടുത്ത അടി വന്ന് വീഴുന്നത് നമ്മളെ കവിളിലാകും എന്ന് ചിന്തിച്ചോണ്ട് ആദി നമ്മളെ തല്ലുന്നത് ഒന്ന് ഇമാജിൻ ചെയ്ത് നോക്കിയപ്പോ തന്നെ അറിയാതെ നമ്മള് കവിളത്ത് കൈ വെച്ച് പോയി... അത് കണ്ട് ആദി ചെറുതായി ഒന്ന് ചിരിക്കുന്നത്

കണ്ടപ്പോ നമ്മള് വേഗം കവിളത്ത് നിന്ന് കയ്യെടുത്തിട്ട് ചമ്മിയ ഭാവം പെട്ടെന്ന് മുഖത്ത് നിന്നും മാറ്റി ഒരു ദീർഘ ശ്വാസം വിട്ടു...

എന്നിട്ട് ആദിയെ നോക്കിയിട്ട് നമ്മള് കയ്യും കെട്ടി നിന്ന് സൽമന്റെ നേരെ നോക്കി...

"അപ്പോ വെടിക്കെട്ട് എന്തായാലും തീർന്ന സ്ഥിതിക്ക് ഇനി ഇവിടെ ഇവളെ നിർത്തിക്കേണ്ട.... പിടിച്ച് പുറത്താക്കിയേക്ക് എന്തിനാ അത് കൂടി ബാക്കിയാക്കിയത്...?"

നമ്മളെ വർത്താനം കേട്ട് ആദി പല്ലിറുമ്പി കൊണ്ട് അവൻ മുഷ്ടി ചുരുട്ടിയിട്ട് ടേബിളിൽ ആഞ്ഞടിച്ചു... അത് കണ്ടപ്പോ നമ്മള് പേടിച്ചെങ്കിലും അടുത്തതായിട്ട് അവിടെ നടന്ന സംഭവം കണ്ടപ്പോ പേടിയൊക്കെ പോയി പകരം സന്തോഷ പെരുമഴയായി....

ആദി സൽമന്റെ മുടിയിൽ പിടിച്ചും കയ്യിൽ പിടിച്ചും ഓളെ അവിടന്ന് വലിച്ച് ക്യാബിന്റെ പുറത്തേക്ക് പോയി... നമ്മളും അവരെ പിന്നാലെ തന്നെ വെച്ച് പിടിച്ചു... ആദി സൽമയെ വലിച്ചോണ്ട് പോകുന്ന സീൻ

കണ്ടിട്ട് അവിടെ ഉണ്ടായിരുന്ന എല്ലാ സ്റ്റാഫ്സും അന്താളിച്ച് ഞങ്ങളെ തന്നെ നോക്കാണ്....

അവളെ വലിച്ച് കൊണ്ട് പോയി കമ്പനിന്റെ പുറത്തേക്ക് തള്ളിയതും അവള് അവിടെ നിലത്ത് വീണു.... ആദിന്റെ മുഖം അപ്പോ ദേഷ്യം കൊണ്ട് ചുവന്ന് തുടുക്കുകയും അതിന് അനുസരിച്ച് കണ്ണ് നിറഞ്ഞിട്ടുമുണ്ട്...

ഓനെ പുറത്താക്കിയതിന് ശേഷം അവളെ ഒന്ന് തിരിഞ്ഞ് പോലും നോക്കാതെ ഓൻ തിരിച്ച് ഓഫീസിലേക്ക് കേറി പോകുന്നത് കണ്ടപ്പോ നമ്മള് അന്താളിച്ച് ഓനെ നോക്കി... അപ്പോ ആദി എന്നെ രൂക്ഷമായി നോക്കിയിട്ട് അവിടന്ന് ഒരൊറ്റ പോക്കായിരുന്നു അകത്തേക്ക്...

നമ്മള് അപ്പോ തന്നെ അവിടെ വീണ് ഇരിക്കുന്ന സൽമന്റെ അടുത്തേക്ക് ചെന്നിട്ട് അവിടെ മുട്ടുകുത്തി ഇരുന്ന് അവളെ നോക്കി പല്ലി ചിലക്കുന്ന പോലെ ചിലച്ചു....

"എന്ത് പറ്റി സൽമ...? ആദി നിന്നെ അടിച്ചത് വേദനിച്ചോ...? നോക്കട്ടെ അവൻ അടിച്ച ഭാഗം എങ്ങനെ ഉണ്ടെന്ന്...?

അയ്യയ്യോ... ഇത് എന്നെ അടിച്ചതിനേക്കാൾ നന്നായിട്ട് ചുവന്ന് കല്ലിച്ചിട്ടുണ്ടല്ലോ.... അപ്പോ ആദി നിന്നോടുള്ള ദേഷ്യം മൊത്തം ഈ തല്ലിലൂടെ തീർത്ത് കാണുമല്ലേ...? പാവം.... സാരല്യട്ടോ... നിന്റെ ആദിയല്ലേ... അതും നിന്നെ സ്നേഹിക്കുന്നവൻ... അതോണ്ട് ഓൻ തല്ലിയാലും അനക്ക് വേദനിക്കില്ലല്ലോ അല്ലെ....?"

എന്ന് അവളെ നമ്മള് നന്നായിട്ട് കളിയാക്കി പരിഹസിച്ചോണ്ട് ഒരുപാട് ചിരിച്ചു... അപ്പോ സൽമന്റെ ഭാഗത്ത് നിന്നും ഒരു പ്രതികരണവും ഇല്ലായിരുന്നു... അവളെന്നെ തന്നെ നോക്കി കണ്ണുരുട്ടാണ്...

"നിനക്ക് ഓർമ്മയുണ്ടല്ലോ അല്ലെ... അന്നൊരിക്കൽ നിന്റെ വക്കും വിശ്വസിച്ച് ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ എന്നെ ഇവിടന്ന് അടിച്ച് പുറത്താക്കിയത്...

അത് നീ മറന്നാലും എനിക്ക് മറക്കാൻ പറ്റില്ല... അന്നെ ഞാൻ തീരുമാനിച്ച് ഉറപ്പിച്ചതാ നിന്നെ ഇതുപോലെ ആദിക്ക് പുറത്താക്കുമെന്ന്... അതും ആദിയെ കൊണ്ട്

തന്നെ....

ഇതുവരെ നീയല്ലേ കളിച്ചോണ്ടിരുന്നത്... ഇനി മുതൽ ഞാൻ കളിയ്ക്കാൻ തുടങ്ങാ.... അതിൽ നീ കരയാനും അത് കണ്ട് സന്തോഷിക്കാൻ ഞാനും.... ആ കളിന്റെ ഒരു ചെറിയ തുടക്കമാ ഇപ്പോ നീ അവന്റെ കയ്യീന്ന് വാങ്ങിച്ചത്...

ബാക്കി കയ്യോടെ വരുന്നുണ്ട് വാങ്ങി കൂട്ടാൻ തയ്യാറായിക്കോ..."

എന്ന് പറഞ്ഞ് ഓൾക്ക് പറയാനുള്ളത് കേൾക്കാൻ പോലും കൂട്ടാക്കാതെ നമ്മള് അവിടന്ന് എണീറ്റ് ഓഫീസിലേക്ക് കടക്കാൻ നിന്നതും നമ്മളെ നോക്കി കണ്ണും മിഴിച്ചോണ്ട് നമ്മളെ ടീം നോക്കി നിൽപ്പുണ്ടായിരുന്നു...

നമ്മള് അവരെ നോക്കി ഒന്ന് ചിരിച്ച് കൊടുത്തിട്ട് അവിടന്ന് അകത്തേക്ക് പോകാൻ നിന്നതും അച്ചു നമ്മളെ തടഞ്ഞ് നിർത്തി....

"ഡി ഫെബി... എന്തൊക്കെയാടി ഇവിടെ നടക്കുന്നെ...?

ബോസ്സ് എന്തിനാ സൽമനെ പുറത്താക്കിയത്...? ബോസിന് പഴയതൊക്കെ ഓർമ്മ വന്നോ പറ..."

എന്ന് അച്ചുവും നമ്മളെ ടീമും കൂടി നമ്മളെ ശല്യം ചെയ്ത് ചോദിച്ചോണ്ടിരുന്നപ്പോ നമ്മള് അവരോട് സംഭവിച്ചതൊക്കെ അതുപോലെ പറഞ്ഞ് കൊടുത്തു... അത് കേട്ടപ്പോ നമ്മളെക്കാൾ ഹാപ്പിയായി അവര്... അവൾക്കിട്ട് ഇനിയും കൊടുക്കണം പണിയെന്ന് സന പറഞ്ഞപ്പോ നമ്മള് നല്ലൊരു ചിരി പാസാക്കി കൊണ്ട് ക്യാബിനിലേക്ക് പോയി...

അപ്പോ ആദി തിരിഞ്ഞ് ഇരിക്കായിരുന്നു... ചെലപ്പോ സങ്കടം കൊണ്ട് കരയാകും കാമുകൻ... അത് നമ്മള് കണ്ടാൽ മോശമാകുമെന്ന് കരുതിയിട്ടാകും തിരിയാത്തത് എന്നൊക്കെ ചിന്തിച്ച് ചിരിച്ചോണ്ട് നമ്മള് സീറ്റിൽ ഇരുന്ന് നമ്മളെ വർക്ക് തുടങ്ങി...

കുറച്ച് കഴിഞ്ഞപ്പോ ആദി തിരിഞ്ഞ് ഇരുന്ന് ലാപ്പിലേക്ക് നോക്കി എന്തൊക്കെയോ ടൈപ്പ് ചെയ്യുമ്പോഴും മോന്ത കടന്നൽ കുത്തിയ പോലെ ചീർത്തിട്ടുണ്ട്... എങ്ങനെയാ ചീർക്കാതിരിക്കാ

അത്രക്ക് നല്ല പ്രവർത്തിയല്ലേ ഞാൻ ചെയ്ത് വെച്ചേക്കുന്നത്....

അങ്ങനെ അന്നത്തെ കമ്പനി വർക്ക് ഒക്കെ കഴിഞ്ഞ് ഞങ്ങള് നേരത്തെ തന്നെ ഫ്ലാറ്റിലേക്ക് ചെന്ന് ഫ്രഷായി പാർട്ടി വെയർ ഒക്കെ ഇട്ട് പാർട്ടിക്ക് പോകാൻ വേണ്ടി തയ്യാറായി... എന്നിട്ട് ഞങ്ങള് എല്ലാവരും കൂടി കമ്പനിന്റെ ഓഡിറ്റോറിയത്തിലേക്ക് ചെന്നു... അവിടെ അപ്പോ പാർട്ടിയുടെ ഒരുക്കങ്ങളൊക്കെ തുടങ്ങുന്നതെ ഉണ്ടായിരുന്നുള്ളു... അതോണ്ട് ഞങ്ങള് എല്ലാവരും കൂടി ഗാർഡനിൽ ചെന്നിരുന്ന് ഒരുപാട് ഫോട്ടോസ് എടുത്തും സംസാരിച്ചും സമയം കളഞ്ഞു...

ഇപ്പോ നേരം ഇരുട്ടി തുടങ്ങിയിട്ടുണ്ട്... ആകാശം ചുവപ്പ് കലർന്ന നീല നിറമായി തുടങ്ങിയപ്പോ തന്നെ അവിടമാകെ വെളിച്ചം കൊണ്ട് പ്രകാശം പടർന്നിരുന്നു...

അച്ചുവും അരുണും, സനയും ജാസിയും, കപ്പിൾസ് ആയിട്ട് ആ ഗാർഡനിൽ ഒക്കെ ചുറ്റി കറങ്ങി...

ഞാനും ഫൈസൽക്കയും അച്ചായനും ആണെങ്കിൽ പോസ്റ്റും... കുറച്ച് കഴിഞ്ഞപ്പോ അഖിലയും വന്നപ്പോ

അച്ചായനും അവിടന്ന് എണീറ്റ് സ്കൂട്ടായി...

പിന്നെ ഞാനും ഫൈസൽക്കയും കൂടി അവിടെ ഇരുന്ന് നൂറയെ പറ്റി സംസാരിച്ച് ഇരുന്നു... ഫൈസൽക്ക ഓളെ ഫോട്ടോസ് ഒക്കെ എനിക്ക് കാണിച്ച് തന്നു.. നല്ല മൊഞ്ചത്തി കുട്ടി തന്നെ ഫൈസൽക്കക്ക് നല്ല മാച്ചാണ് ഓള്... ഓളെ കുറിച്ച് പറയുമ്പോ തന്നെ ഫൈസൽക്കാക്ക് നൂർ നാവാ... മൂപ്പരെ സംസാരവും കേട്ട് ഇരുന്ന് സമയം പോയതൊന്നും ഞങ്ങള് അറിഞ്ഞില്ല...

ഇപ്പോ പരിപാടി തുടങ്ങിയിട്ടുണ്ട്... ആ കോന്തനും ഭദ്രകളിയും ഒരുമിച്ച് കാറിൽ വരുന്നത് കണ്ടപ്പോ നമ്മക്ക് വീണ്ടും ദേഷ്യം വന്നു... ഇവൾക്കിട്ട് ഇന്നൊരു നല്ല അഡാർ പണി കൊടുത്തിട്ടും അതിന്റെ യാതൊരു വിധ ഭാവവുമില്ലാതെയാണ് ആ കോന്തന്റെ കൂടെ കെട്ടി ഒരുങ്ങി വന്നിരിക്കുന്നത്...

അവൻ തല്ലിയ ഭാഗത്ത് നന്നായി ചുവന്നിട്ടുണ്ടെങ്കിലും അത് അറിയാതിരിക്കാൻ വേണ്ടി അവള് കവിള് രണ്ടും ബ്ലഷ് ചെയ്ത് ചുവപ്പിച്ചിട്ടുണ്ട്... എന്നാലും സൂക്ഷിച്ച്

നോക്കിയാൽ ആദിന്റെ വിരലടയാളം നന്നായിട്ട് കാണുന്നുണ്ട്... നമ്മക്ക് അത് മതി തൃപ്തിയാകാൻ....

അങ്ങനെ പരിപാടി തുടങ്ങി കുറച്ച് കഴിഞ്ഞപ്പോ നമ്മളെ നെയിം അനൗൺസ് ചെയ്ത് നമ്മളോട് സ്റ്റേജിലേക്ക് വരാൻ പറഞ്ഞു... നമ്മള് കേറി ചെന്നപ്പോ ആദി നമ്മക്ക് എംപ്ലോയ് ഓഫ് ദി ഇയറിന്റെ ഒരു അവാർഡ് എനിക്ക് തന്നിട്ട് എനിക്ക് ഷേക്ക് ഹാൻഡ് തന്നു... അപ്പോഴും കോന്തന്റെ മോന്ത കടന്നൽ കുത്തിയ പോലെ തന്നെ ചീർത്തിട്ടായത് കൊണ്ട് നമ്മള് ഓന് ഷേക്ക് ഹാൻഡ് കൊടുത്തപ്പോ ഓന്റെ കയ്യിന്റെ ഉള്ളനടിയിൽ ഒന്ന് ഇക്കിളിയാക്കി...

എവടെ.... അപ്പോഴും ആ കോന്തന്റെ നോട്ടം അതിലേറെ രൂക്ഷമാകാണ്... അതോണ്ട് നമ്മള് അപ്പോ തന്നെ പിടി വിട്ടിട്ട് എല്ലാവരോടും രണ്ട് വാക്ക് നന്ദി വാക്ക് ഇംഗ്ലീഷിൽ പറഞ്ഞ് അവിടന്ന് ഇറങ്ങി നമ്മളെ ഫ്രണ്ട്സിന്റെ അടുത്തേക്ക് പോയി...

എന്നിട്ട് ഞങ്ങള് എല്ലാവരും കൂടി ആ പാർട്ടി ആടി പാടി ഉല്ലസിച്ച് കളറാക്കി...

അപ്പോഴാണ് സ്വിമ്മിങ് പൂളിന്റെ അടുത്ത് നിന്ന് ആദിയും സൽമയും സംസാരിക്കുന്നത് എന്റെ ശ്രദ്ധയിൽ പെട്ടത്... ഓൻ ഓളെ കവിളിൽ കൈ വെച്ചിട്ട് എന്തൊക്കെയോ സംസാരിക്കുന്നുണ്ട്... അത് കേട്ടിട്ട് സൽമ ചിരിച്ചോണ്ട് ഓന്റെ തോളിലേക്ക് ചാഞ്ഞു...

അത് കണ്ടപ്പോ നമ്മള് തൊള്ളേം തുറന്ന് അവരെ നോക്കി കൊണ്ട് അവരെ അടുത്തേക്ക് പാഞ്ഞടുത്തു... എന്നിട്ട് സൽമന്റെയും ആദിന്റെയും നടുക്ക് കേറി നിന്നിട്ട് ഞാൻ അവളെ പിടിച്ച് തള്ളി മാറ്റി...

"നിന്നോട് ഞാൻ ഇങ്ങോട്ട് വരരുതെന്ന് പറഞ്ഞിട്ടുള്ളതല്ലേ.... പിന്നെ എന്തിനാ വന്നേ...?"

"നീ എന്നോട് കമ്പനിയിലേക്ക് വരരുതെന്നാ പറഞ്ഞത്... അല്ലാതെ ഇങ്ങോട്ട് വരരുതെന്നല്ല.... മാറി നിൽക്കെടി എന്റെ ആദിന്റെ അടുത്ത് നിന്ന്...."

എന്ന് പറഞ്ഞ് അവളെന്നെ പിടിച്ച് തള്ളിയതും നമ്മള് പൂളിലേക്ക് വീഴാൻ പോയെങ്കിലും വീണില്ല...

തലനാരിഴക്ക് അതിന്റെ അടുത്ത് വരെ എത്തി... എന്തായാലും ഇവിടം വരെ എത്തിയ സ്ഥിതിക്ക് ഒന്ന് ചാടിയേക്കാം... ആദി വന്ന് രക്ഷപ്പെടുത്തോ എന്ന് നോക്കാലോ എന്ന് ചിന്തിച്ചോണ്ട് നിന്നപ്പോഴേക്കും നമ്മളെ കാൽ സ്ലിപ്പായി നമ്മള് ശരിക്കും വെള്ളത്തിലേക്ക് വീണു...

നീന്താൻ അറിയാതെ കയ്യും കാലും ഒക്കെ ഇട്ടടിച്ച് നമ്മള് മുങ്ങി പൊന്തുമ്പോഴും നമ്മള് നോക്കിയത് ആ കോന്തനെ ആയിരുന്നു... ഓൻ നോക്കി നിന്നു എന്നല്ലാതെ നമ്മളെ രക്ഷപ്പെടുത്താൻ വരുന്നില്ല... പടച്ചോനെ എടുത്ത് ചാടി വെള്ളത്തിലേക്ക് വീണത് നമ്മളെ അന്ത്യത്തിനാണോ എന്ന് ചിന്തിച്ച് പതിയെ ഞാൻ കണ്ണുകൾ അടച്ചു....

★★★★★★★★★★★★★★★★★★

ഞാനും സൽമയും കൂടി സംസാരിക്കുന്നതിനിടക്ക് വെച്ച് അവള് കേറി വന്ന് സൽമയെ പിടിച്ച് തള്ളിയപ്പോ ഓളെ അപ്പോ തന്നെ ഈ പൂളിലേക്ക് തള്ളിയിടണമെന്ന് കരുതിയതാ... അതിന് മുന്നേ തന്നെ സൽമ അവളെ

പിടിച്ച് തള്ളി പൂളിലിട്ടിരുന്നു....

അവള് നീന്താൻ അറിയാതെ വെള്ളത്തിൽ കിടന്ന് മുങ്ങി പൊന്തുന്നത് കണ്ടപ്പോ എന്റെ ഖൽബ് പിടയുന്ന പോലെ ഒരു തരം ഫീല് അനുഭവപ്പെട്ടതും ഓളെ രക്ഷിക്കാൻ വേണ്ടി വെള്ളത്തിലേക്ക് ചാടാൻ നിന്നതായിരുന്നു...

അപ്പോഴേക്കും സൽമ എന്റെ കൈ പിടിച്ച് എന്നെ തടഞ്ഞു നിർത്തി വേണ്ടെന്ന് തലയാട്ടി.... പക്ഷെ ഈ കാഴ്ച എന്നെ കൊണ്ട് കണ്ട് നില്ക്കാൻ പറ്റാത്തത് കൊണ്ട് ഞാൻ സൽമയിൽ നിന്നും കൈ വിടുവിച്ചിട്ട് പൂളിലേക്ക് എടുത്ത് ചാടിയിട്ട് അവളുടെ അടുത്തേക്ക് നീന്തി ചെന്നു...

എന്നിട്ട് അവളെയും എടുത്തോണ്ട് തിരിച്ച് കരയിലേക്ക് ചെന്ന് ഓളെ അവിടെ കിടത്തി... അപ്പോ അവൾക്ക് ബോധം ഇല്ലാതെ കിടക്കാണ്... അത് കണ്ടപ്പോ എനിക്ക് കരച്ചിലൊക്കെ വരുന്ന പോലെ തോന്നി...

ഞാൻ അവളെ കവിളിൽ പിടിച്ച് കുലുക്കി കൊണ്ട് ആയിഷ എന്ന് പല തവണ വിളിച്ചു നോക്കി... പക്ഷെ

അവള് കണ്ണ് തുറന്നില്ല...

അപ്പോ അവളെ വയറിൽ കൈ വെച്ച് അമർത്തി വെള്ളം പുറത്തെടുക്കാൻ വേണ്ടി നോക്കിയെങ്കിലും അവള് കണ്ണ് തുറന്നില്ല... ഇതൊക്കെ കൂടി കണ്ടപ്പോ തന്നെ എന്റെ സമനില തെറ്റുന്ന പോലെ എനിക്ക് തോന്നിയിരുന്നു...

ഒടുവിൽ രണ്ടും കൽപ്പിച്ച് ഞാൻ അവളിലേക്ക് അടുത്ത് നിന്ന് അവളെ ചുണ്ടോട് ചുണ്ട് ചേർത്ത് കൃത്രിമ ശ്വാസം കൊടുത്ത് ഒന്നൂടെ ഓളെ വയറിൽ പിടിച്ച് അമർത്തിയതും അവള് വെള്ളം തുപ്പി കൊണ്ട് കണ്ണ് തുറന്ന് നെടുവീർപ്പിട്ടു...

അത് കണ്ടപ്പോ എന്റെ മുഖത്ത് സന്തോഷം കൊണ്ട് ഒരു പുഞ്ചിരി വിടർന്നു... ആയിഷ എന്ന് വിളിച്ചോണ്ട് ഓളെ ഞാൻ പിടിച്ച് എണീപ്പിച്ച് ഇരുത്തിയതും അപ്രതീക്ഷിതമായി അവളെന്നെ കെട്ടിപ്പിടിച്ച് പൊട്ടി കരഞ്ഞു... ഞാൻ അറിയാതെ തന്നെ എന്റെ കൈകളും അവളെ വലിഞ്ഞ് മുറുകി...

★★★★★★★★★★★★★★★★★★★★

ആ കോന്തൻ തെണ്ടിന്റെ ഭാഗത്ത് നിന്നും ഒരു പ്രതികരണവും കാണാത്തത് കണ്ടപ്പോ എല്ലാം അവസാനിച്ചെന്ന് വിധിയെഴുതി കൊണ്ട് കണ്ണടച്ചപ്പോഴാ ഓൻ വന്ന് എന്നെ രക്ഷപ്പെടുത്തിയത്...

ഇത്രെയും നേരം എന്നെ വെള്ളത്തിൽ മുക്കിയിട്ട് കരയിൽ നിന്ന് രസിച്ച് കണ്ടില്ലേ അതിന് ഒരു തിരിച്ചടി കൊടുക്കണമെന്ന് തീർമാനിച്ച് ഉറപ്പിച്ചാണ് ഞാൻ കണ്ണടച്ച് ബോധം വരാത്ത പോലെ കിടന്നത്...

ഞാൻ പ്രതീക്ഷിച്ച പോലെ തന്നെ എനിക്ക് ബോധം വരാൻ വേണ്ടി ഓൻ വയറിൽ പിടിച്ച് അമർത്തിയതും നമ്മള് അപ്പോ തന്നെ വായേല് വെച്ച വെള്ളം തുപ്പാൻ ഇരിക്കായിരുന്നു... പക്ഷെ ഒട്ടും പ്രതീക്ഷിക്കാതെ ആദിന്റെ ചുണ്ട് എന്റെ ചുണ്ടിൽ പതിഞ്ഞതും നമ്മള് കണ്ണ് തുറന്നു പോയി... ഇനി ഇപ്പോ ബോധം വന്ന പോലെ കാണിച്ചേ പറ്റൂ എന്നുള്ളതോണ്ടാ അങ്ങനെ ഒക്കെ ചെയ്തത്...

ഇതുപോലെ ഉള്ള സീനൊക്കെ ഒരുപാട്

സിനിമയിലൊക്കെ കണ്ടിട്ടുള്ളതോണ്ട് അധികം ബുദ്ധിമുട്ടില്ലാതെ കാര്യം നടന്നു... നമ്മള് ആദിയെ കെട്ടിപ്പിടിച്ച് ഇരുന്നപ്പോ അറിയാതെ ആദിയുടെ കൈകളും എന്നെ വലയം ചെയ്തപ്പോ എന്റെ കണ്ണ് സന്തോഷം കൊണ്ട് നിറഞ്ഞു പോയി... ഞാൻ ഏറ്റവും കൂടുതൽ സന്തോഷിച്ച നിമിഷങ്ങളിൽ ഒരു നിമിഷമായിരുന്നു ഇത്...

ഞാൻ കണ്ണ് തുറന്ന് നോക്കിയപ്പോ തന്നെ കണ്ടത് ആ ഭദ്രകാളി സൽമയെയാണ്... ഞാൻ സന്തോഷം കൊണ്ട് കണ്ണ് നിറക്കുമ്പോൾ അവള് സങ്കടം കൊണ്ട് കണ്ണ് നിറക്കായിരുന്നു... അത് കണ്ടപ്പോ നമ്മക്ക് പിന്നേം സന്തോഷായി...

നമ്മള് അപ്പോ തന്നെ ഓളെ നോക്കി ഒന്ന് ചിരിച്ചിട്ട് സൈറ്റടിച്ച് കാണിച്ച് കൊടുത്തു... അത് കണ്ടപ്പോ തന്നെ ഓൾക്ക് മനസ്സിലായി നമ്മള് അഭിനയിച്ചത് ആണെന്ന്... ഓള് നമ്മളെ തുറുക്കനെ നോക്കി കൊണ്ട് അവിടന്ന് പെട്ടെന്ന് തന്നെ തിരിഞ്ഞ് നടന്നു...

അവളെ കാൽപെരുമാറ്റത്തിന്റെ ശബ്ദം കേട്ടതും ആദി

എന്നിൽ നിന്നും വിട്ട് നിന്നിട്ട് തിരിഞ്ഞ് നോക്കി... എന്നിട്ട് സൽമാ എന്ന് വിളിച്ചോണ്ട് അവിടന്ന് ഓൻ പോകാൻ നിന്നതും നമ്മള് ഓന്റെ കോളറിൽ പിടിച്ച് വലിച്ചു....

പണ്ടാറമടങ്ങാൻ.... ഒരു ആവേശത്തിന്റെ പുറത്ത് കേറി നമ്മള് പിടിച്ച് വലിച്ചത് ആണേലും അത് നമ്മക്ക് തന്നെ പാരയായി... ആ കോന്തൻ എന്റെ മേലിലേക്ക് വന്ന് വീണതും നമ്മളെ ചുണ്ടും ഓന്റെ ചുണ്ടും വീണ്ടും കൂട്ടി മുട്ടി...

ഷോക്കിന്റെ ഷോക്ക് കിട്ടിയ അതെ അവസ്ഥ... നമ്മള് അപ്പോ തന്നെ ഓനെ പിടിച്ച് തള്ളി മാറ്റിയിട്ട് തിരിഞ്ഞ് നോക്കാതെ ഒരൊറ്റ ഓട്ടമായിരുന്നു ഗാർഡനിലേക്ക്....

നനഞ്ഞ കോഴിയെ പോലെ നമ്മള് വരുന്നത് കണ്ടിട്ട് നമ്മളോട് എല്ലാരും കൂടി കാര്യം അന്വേഷിച്ചെങ്കിലും ആ ഷോക്ക് കിട്ടിയതോണ്ട് ആണോ എന്തോ നാവ് ചലിക്കുന്നില്ല.... അച്ചായൻ അപ്പോ തന്നെ മൂപ്പരെ കോട്ട് ഊരിയിട്ട് എനിക്ക് തന്നു... നമ്മള് അത് പുതച്ച് നിന്ന് വിറക്കാൻ തുടങ്ങി....

കുറച്ച് കഴിഞ്ഞപ്പോ ആദിയും നമ്മളെ അതെ കോലത്തിൽ വരുന്നത് കണ്ടതും എല്ലാവരും കൂടി ഞങ്ങളെ രണ്ട് പേരെയും ഉറ്റുനോക്കാൻ തുടങ്ങി... ആദിന്റെ നോട്ടവും എന്നിൽ പതിക്കുന്നത് കണ്ടതും നമ്മള് വേഗം അവന്റെ നോട്ടം തെറ്റിച്ചിട്ട് അവിടന്ന് പാർക്കിങ് ഏരിയയിലേക്ക് ഓടി... എന്നിട്ട് അവിടെ ഒരു കാറിനോട് ചാരി നിന്നിട്ട് ആദി നമ്മളെ കിസ്സ് ചെയ്തത് ആലോജിച്ച് ചിരിച്ചിട്ട് നാണം കൊണ്ട് മുഖം പൊത്തി പിടിച്ചു...

അപ്പോഴാണ് സൽമയുടെ ശബ്ദം ഒരു കാറിന്റെ പുറകിൽ നിന്നും നമ്മള് കേട്ടത്... അവള് മറ്റാരോടോ സംസാരിക്കാണ്... നമ്മള് ശബ്ദം കേട്ട ഭാഗത്തേക്ക് ഒച്ചയുണ്ടാക്കാതെ പതിയെ നടന്നടുത്ത് ആ കാറിന്റെ പുറകിലേക്ക് നോക്കിയപ്പോ ഇരുട്ടിന്റെ മറവിൽ നിന്നോണ്ട് സൽമ മറ്റാരോടോ സംസാരിക്കുന്നുണ്ട്... അത് ആരാണെന്ന് എനിക്ക് കാണാൻ കഴിഞ്ഞില്ല... പകരം അയാളെ നിഴല് മാത്രേ കാണുന്നുള്ളൂ....

ആരാണ് അയാൾ...? എന്താകും അയാളും ഇവളും തമ്മിൽ ബന്ധം...? എന്താകും അവര് സംസാരിക്കുന്നത്...? എന്നിങ്ങനെ ഒരു നൂറായിരം സംശയങ്ങൾ എന്നെ പിന്തുടർന്നു....

ഞാൻ ഒന്നൂടെ ആ കാറിന്റെ അടുത്തേക്ക് ചെന്നതും അവര് സംസാരിക്കുന്നത് എന്താണെന്ന് നന്നായി കേട്ടു...

"ഇനിയും എന്നെ കൊണ്ട് ഇങ്ങനെ കാത്തിരിക്കാൻ പറ്റില്ല... അവള് അവളുടെ ലിമിറ്റോക്കെ ക്രോസ് ചെയ്യുന്നുണ്ട്... ഇന്നത്തെ അവളെ പ്രവർത്തിയോടെ അവളെ കൊന്ന് കളയാനാ എനിക്ക് തോന്നുന്നത്.... നീ എന്നെ അതിൽ നിന്നും തടഞ്ഞതോണ്ടാ അവൾക്ക് എതിരെ ഒന്നും ചെയ്യാത്തത്.... പക്ഷെ ഇനിയും അവളിൽ നിന്നും അങ്ങനെ ഒരു പ്രവർത്തി ഉണ്ടായാൽ പിന്നെ അവള് ജീവനോടെ ഉണ്ടാകില്ല... അതോടെ നിനക്ക് തന്ന വാക്ക് ഞാൻ അങ്ങ് മറക്കും..."

സൽമ പറയുന്നത് ഒക്കെ എന്നെ കുറിച്ചാണെന്ന് നമ്മക്ക് മനസ്സിലായപ്പോ തന്നെ അവളിതൊക്കെ ആരോടാകും സംസാരിക്കുന്നതെന്ന സംശയം എന്നെ പിന്തുടർന്നു.... അതാരാണെന്ന് അറിഞ്ഞേ പറ്റൂ എന്ന് തീരുമാനിച്ചോണ്ട് നമ്മള് പതിയെ ആ കാറിന്റെ അടുത്തേക്ക് ചെന്നതും നമ്മളെ തോളിൽ ആരോ കൈ വെച്ചു....

നമ്മള് അപ്പോ തന്നെ ഞെട്ടി തിരിഞ്ഞ് നോക്കിയപ്പോ

ഫൈസൽക്ക നമ്മളെ നോക്കി അന്താളിച്ച് നിൽക്കാണ്...

"നീ ഇവിടെ വന്ന് ഒളിച്ച് നിന്നിട്ട് ആരെ നോക്കി കൊണ്ട് നിൽക്കാടി... നിന്റെ ഞെട്ടി തിരിയല് കണ്ടിട്ട് ഞാൻ വരെ പേടിച്ച് പോയല്ലോ..."

എന്നൊക്കെ പറഞ്ഞോണ്ട് ഫൈസൽക്ക വന്നപ്പോ തന്നെ ഞാൻ മൂപ്പരെ വാ അപോത്തി പിടിച്ചിട്ട് ശൂ പറഞ്ഞു... അപ്പോ മൂപ്പര് എന്നോട് എന്താന്ന് ആംഗ്യം കാണിച്ചപ്പോ നമ്മള് മിണ്ടല്ലേ എന്ന് ശബ്ദം താഴ്ത്തി പറഞ്ഞിട്ട് മെല്ലെ ആ കാറിന്റെ പിറകിലേക്ക് നോക്കിയപ്പോ ആദിയും സൽമയും കൂടി അവരെ കാറിൽ കേറി പോകുന്നതാണ് ഞാൻ കണ്ടത്....

അപ്പോ അവിടെ ഉണ്ടായത് ആദിയാണോ...? എന്ന് ചിന്തിച്ചോണ്ട് ഫൈസൽക്കാനെ നോക്കിയപ്പോ മൂപ്പര് എന്റെ കൈ തട്ടി മാറ്റിയിട്ട് ഒരു ലോഡ് ചോദ്യവും കൊണ്ട് നമ്മളെ അടുത്തേക്ക് വന്നു... ഏതായാലും നമ്മള് കേട്ടതിന്റെ സത്യാവസ്ഥ അറിയാതെ ആരോടും എന്തും പറഞ്ഞിട്ട് കാര്യമില്ലെന്ന് തോന്നിയതോണ്ട്

ഒന്നുമില്ലെന്ന് പറഞ്ഞ് നമ്മള് വേഗം അവിടന്ന് സ്കൂട്ടായിട്ട് വേഗം കാറിൽ കയറി ഇരുന്നു....

ഫൈസൽക്ക അപ്പോഴും നിർത്താതെ നമ്മളോട് എന്താ കാര്യം എന്ന് ചോദിക്കുന്നത് കേട്ട് ബാക്കി ഉള്ളോരും തുടങ്ങി നമ്മളോട് കാര്യം അന്വേഷിക്കാൻ ...

ഒടുക്കം അവറ്റകളുടെ ചോദ്യം ചെയ്യല് കേട്ട് സഹിക്ക വയ്യാതെ ഞാൻ നടന്നതൊക്കെ അവരോട് പറഞ്ഞു... അതാരാകും ആളെന്ന് അവര് എന്നോടും ചോദിയ്ക്കാൻ തുടങ്ങിയപ്പോ എനിക്ക് അറിയില്ലെന്ന് പറഞ്ഞു... പിന്നെ അതായിരുന്നു അവിടെ ചർച്ച വിഷയം...

തിരിച്ച് ഫ്ലാറ്റിലേക്ക് വന്നിട്ട് പോലും അവരത് വിട്ടിട്ടില്ലായിരുന്നു... ആരാകും അതെന്ന് പരസ്പരം ചോദിച്ചോണ്ടിരുന്നു... നമ്മളും അതാരാകുമെന്ന് ചിന്തിച്ചോണ്ട് അന്നത്തെ ഉറക്കത്തെ ആട്ടിയകറ്റി...

പിറ്റേന്ന് ഓഫീസിൽ എത്തിയപ്പോ ആദിയെ ഫേസ്

ചെയ്യാൻ എന്തോ ഒരു ചടപ്പ്... ഇന്നലത്തെ സംഭവം അവനെ കാണുമ്പോ പിന്നെയും ഓർമ്മ വരാണ്... ആദി ആണെങ്കിലോ നമ്മളെ മുഖത്തേക്ക് നോക്കുന്നത് പോലുമില്ല... ചെലപ്പോ അവനും കാണും ചടപ്പ് അതാകും നമ്മളെ നോക്കാത്തത്....

ഉച്ചക്ക് ലഞ്ച് ബ്രേക്കിന് ഞാനും നമ്മളെ ടീമും കൂടി കാന്റീനിൽ ഇരുന്ന് ഫുഡ് കഴിക്കുമ്പോഴായിരുന്നു സന ഓടി കിതച്ചോണ്ട് ഞങ്ങളെ അടുത്തേക്ക് വന്നത്...

"സന...എന്താടി എന്ത് പറ്റി....? നീയെന്താ വല്ല ഒളിമ്പിക്സിലേക്കും പോകുന്നുണ്ടോ ഇങ്ങനെ ഓടി വരാൻ... എന്താടി കാര്യം....?"

ഞാനും നമ്മളെ ടീമും കൂടി മാറി മാറി അവളോട് ഓരോന്ന് ചോദിക്കുമ്പോഴും പെണ്ണ് നിന്ന് കിതച്ചിട്ട് അവള് പറയുന്നത് ഒന്നും വ്യക്തമാകുന്നില്ല.... അത് കണ്ട് ജാസി അവളെ അവിടെ പിടിച്ച് ഇരുത്തിയിട്ട് അവൾക്ക് കുടിക്കാൻ വെള്ളം കൊടുത്തിട്ട് ഓളോട് കാര്യം അന്വേഷിച്ചു....

അപ്പോ സന പറഞ്ഞ സന്തോഷ വാർത്ത കേട്ടതും ഞാൻ പരിസരം മറന്ന് അവളെ കെട്ടിപ്പിടിച്ച് ഉമ്മ വെച്ചിട്ട് തുള്ളി ചാടി...

(തുടരും)

ഭാഗം.112

അപ്പോ സന പറഞ്ഞ സന്തോഷ വാർത്ത കേട്ടതും ഞാൻ പരിസരം മറന്ന് അവളെ കെട്ടിപ്പിടിച്ച് ഉമ്മ വെച്ചിട്ട് തുള്ളി ചാടി...

ദുബായിൽ വെച്ച് നടക്കാൻ പോകുന്ന ഇവന്റിന്റെ ഭാഗമായിട്ട് ഒരു മീറ്റിങ് പാരീസിൽ വെച്ച് നടക്കുന്നുണ്ട്... അതില് പങ്കെടുക്കാൻ വേണ്ടി ഞാനും ആദിയുമാണ് നമ്മളെ കമ്പനിയിൽ നിന്നും അങ്ങോട്ട് പോകാണ്... അതും 4 ദിവസത്തിന്....

ഈ വാർത്ത സന പറഞ്ഞപ്പോ മുതൽ ഞാൻ നിലത്തൊന്നും അല്ലായിരുന്നു... എനിക്ക് എന്താ

സംഭവിക്കുന്നതെന്ന് എനിക്ക് തന്നെ നിശ്ചയമില്ല... ഉള്ളിൽ എന്തൊക്കെയോ സന്തോഷങ്ങൾ അലയടിക്കാണ്... മറ്റന്നാൾ ആണത്രേ പാരിസിലേക്ക് പോകുന്നത്... സനയാണ് ടിക്കറ്റിന്ന് വേണ്ടിയുള്ള അറേഞ്ച്മെൻസ് ചെയ്തത്... അങ്ങനെയാ അവള് അറിയുന്നത്...

നമ്മള് അപ്പോ തന്നെ ലഞ്ചൊക്കെ പെട്ടെന്ന് അകത്താക്കി നേരെ പോയി ക്യാബിനിലേക്ക്... അപ്പോ ആദി ആരോടോ ഫോണിൽ സംസാരിക്കായിരുന്നു... നമ്മള് ഓനെ ഡിസ്റ്റർബ് ചെയ്യാതെ സീറ്റിൽ ഇരുന്നിട്ട് ഇടക്കിടക്ക് അവനെ ഇടങ്കണ്ണിട്ട് തിരിഞ്ഞ് നോക്കി കൊണ്ടിരുന്നു....

"ആയിഷ... പാരീസിൽ വെച്ച് ഒരു മീറ്റിങ് നടക്കുന്നുണ്ട്... ആ ബിഗ് ഇവന്റിന്റെ എന്തോ മീറ്റിംഗ് ആണ്... അതിന് വേണ്ടി നമ്മൾ മറ്റന്നാൾ തന്നെ പാരിസിലേക്ക് പോകുന്നു... മീറ്റിങ്ങിൽ സംസാരിക്കേണ്ടത് നീയാണ്... അതിന് വേണ്ടി ഒക്കെ തയ്യാറായിക്കോണം..."

എന്നൊക്കെ തുടങ്ങി അവൻ എന്തൊക്കെയോ

പറഞ്ഞു... 4 ദിവസം ഇവന്റെ കൂടെ പാരീസിൽ അടിച്ച് പൊളിക്കാമെന്ന് കരുതുമ്പോ അപ്പോഴും അവന് കമ്പനി കാര്യമാ മുഖ്യം... ആ വരട്ടെ... പാരീസിൽ എത്തിയിട്ട് വേണം നിന്റെ മനസ്സീന്ന് ആ ഭദ്രകാളി സൽമയെ അടിച്ച് പുറത്താക്കാൻ... ഈ വിവരം എത്രെയും പെട്ടെന്ന് അവളെ അറിയിക്കണം... അവളും അറിയട്ടെ നമ്മളെ ട്രിപ്പിന്റെ കാര്യം....

നമ്മള് അപ്പോ തന്നെ ആ സന്തോഷ വാർത്ത അവളെ വിളിച്ച് അറിയിച്ചതും പെണ്ണ് നമ്മളോട് വെല്ലുവിളി നടത്തി കൊണ്ട് ഫോൺ വെച്ചു... നമ്മള് ഓളെ വർത്താനം കേട്ടിട്ട് ചിരിച്ചോണ്ട് ഇരിക്കുമ്പോഴുണ്ട് ആദിന്റെ ഫോൺ ബെല്ലടിക്കുന്നു...

അവനത് അറ്റൻഡ് ചെയ്തിട്ട് എന്തൊക്കെയോ പറയാൻ ശ്രമിക്കുന്നുണ്ടെങ്കിലും പക്ഷെ അതിനൊന്നും പറ്റുന്നില്ല... അപ്പോ തന്നെ നമ്മക്ക് മനസ്സിലായി സൽമയാകും ആളെന്ന്.... നമ്മള് ചിരി അടക്കി പിടിച്ചോണ്ട് ഇടക്കിടക്ക് ആദിയെ നോക്കിയപ്പോ ആ കോന്തൻ നമ്മളെ രൂക്ഷമായി നോക്കി കൊണ്ടിരിക്കാണ്... നമ്മളാണ് സൽമയോട് പറഞ്ഞതെന്ന് അവന് മനസ്സിലായിട്ടുണ്ട് അതാണ് ആ

നോട്ടത്തിന്റെ അർത്ഥം...

ഓഫീസിൽ നിന്ന് വീട്ടിൽ എത്തിയപ്പോ തന്നെ അച്ചുവും സനയും എന്റെ ഡ്രസ്സ് ഒക്കെ പാക്ക് ചെയ്യാൻ തുടങ്ങിയിരുന്നു... നമ്മളെ ടീം എന്തിനും കട്ടക്ക് നമ്മളെ കൂടെ സപ്പോർട്ടിന് ഉള്ളതോണ്ട് അധികം ടെൻഷൻ ഇല്ല... അന്ന് തന്നെ എല്ലാവരോടും ഞാൻ ആ സന്തോഷ വാർത്ത പറഞ്ഞിരുന്നു... അവരൊക്കെ എന്നോട് ചോയിച്ചത് ഞാൻ എന്തിനാ ഇങ്ങനെ കൂടുതൽ എക്സൈറ്റഡ് ആകുന്നതെന്നാ... സത്യം പറഞ്ഞാൽ അത് എന്ത് കൊണ്ടാണെന്ന് എനിക്ക് തന്നെ മനസ്സിലാകുന്നില്ല....

ഇന്നാണ് ഞാനും ആദിയും പാരിസിലേക്ക് പറക്കാൻ പോകുന്നത്...ഞങ്ങളെ യാത്രയയക്കാൻ വേണ്ടി നമ്മളെ കാക്കുവും അൻസിക്കയും പിന്നെ നമ്മളെ ടീമും ഒക്കെ എയർപോട്ടിലേക്ക് വന്നിരുന്നു... ആദിന്റെ കൂടെ ആ ഭദ്രകാളിയും... കാക്കുവും അൻസിക്കയും കൂടി ആദിയോട് സംസാരിക്കാൻ വേണ്ടി അവന്റെ അടുത്തേക്ക് ചെന്നപ്പോ നമ്മള് ആ തക്കത്തിന് സൽമന്റെ അടുത്തേക്ക് ചെന്നു... ഈ സന്ദർഭത്തിൽ ഇവളെ കുത്തി നോവിക്കാൻ പറ്റുന്ന ഒരു അവസരവും

പാഴാക്കാൻ പാടില്ലല്ലോ....

"ഹായ് സൽമ.... ഞാൻ കരുതി നീയും കാണും ഞങ്ങളെ കൂടെ പാരിസിലേക്ക് എന്ന്.... എന്ത് പറ്റി സൽമ നിന്റെ ആദി വരാൻ സമ്മതിച്ചില്ലേ...?

ഊപ്സ്... ഞാൻ അവന്റെ കൂടെയുള്ളപ്പോ പിന്നെ എന്തിനാ അല്ലെ നീ...?

നീ ഞങ്ങളെ കൂടെ ഉണ്ടായാൽ അത് ഞങ്ങൾക്ക് ഇത്തിരി uncomfortable ആയിരിക്കും.... അതാകും ആദി നിന്നോട് വരണ്ടാന്ന് പറഞ്ഞത്...

അത് എന്തായാലും ഒരു കണക്കിന് നന്നായി... നീ വന്നിട്ടും പ്രത്യേകിച്ച് കാര്യമൊന്നുമില്ല... കാരണം ആദിയും ഞാനും എപ്പോഴും ഒപ്പായിരിക്കും അപ്പോ നിന്നെ മൈൻഡ് ചെയ്യാൻ ടൈം കിട്ടില്ലന്നേ...."

നമ്മള് ഓളെ പിരി കേറ്റാൻ വേണ്ടി ഇങ്ങനെ എന്തൊക്കെയോ പറഞ്ഞ് നമ്മളെ വായീലെ വെള്ളം വറ്റി... എന്നിട്ടും അവള് കമാന്ന് ഒരക്ഷരം മിണ്ടാതെ എന്നെ തന്നെ രൂക്ഷമായി നോക്കി നിന്നു...

"അപ്പോ ഓക്കേ സൽമാ... 4 ദിവസം കഴിഞ്ഞിട്ട് കാണാമെ... അപ്പോഴും നീ ഇവിടെ ഒക്കെ തന്നെ കാണണം...."

"ഞാൻ ഇവിടെ ഒക്കെ തന്നെ കാണും വേറെ എങ്ങോട്ടും പോകില്ല... അതുപോലെ നീയും 4 ദിവസം കഴിഞ്ഞിട്ട് ഇങ്ങോട്ട് തന്നെ വരണം... അപ്പോ നിനക്ക് തരാനായിട്ട് ഒരു സ്പെഷ്യൽ ഗിഫ്റ്റ് തന്നെ ഞാൻ റെഡിയാക്കി വെച്ചിട്ടുണ്ടാകും.... അത് ചെലപ്പോ നിനക്ക് താങ്ങാൻ കഴിഞ്ഞെന്ന് വരില്ല..."

എന്ന് അവള് നമ്മളോട് തിരിച്ച് ഡയലോഗ് അടിച്ചപ്പോ നമ്മള് ഓളെ പുച്ഛിച്ച് തള്ളി ചിരിച്ചോണ്ട് അകത്തേക്ക് പോയി... എന്നാലും അവള് പറഞ്ഞത് എന്താണെന്ന് എനിക്ക് നല്ല ബോധ്യം ഉണ്ടായിരുന്നു... ആദിയുടെയും അവളുടെയും കല്യാണം ആകും എന്നെ കാത്തിരിക്കുന്നതെന്ന് എനിക്ക് അവളെ സംസാരത്തിൽ നിന്ന് തന്നെ മനസ്സിലായി... പക്ഷെ ഞാൻ അതൊന്നും കാര്യമാക്കാതെ ഞങ്ങളെ ഫ്ലൈറ്റിലേക്ക് കയറി....

ബിസിനസ് ക്ലാസ് ടിക്കറ്റിൽ നമ്മള് ആദിന്റെ കൂടെ ഇരുന്ന് യാത്ര തുടങ്ങി.... യാത്രയിലുടനീളം നമ്മളെ നോട്ടം അവനെ ആയിരുന്നു... നമ്മളെ നോട്ടം കൊണ്ട് ഇടക്കിടക്ക് അവൻ നമ്മളെ നോക്കുമ്പോ നമ്മള് അപ്പോ തന്നെ ഓന് ഇളിച്ച് കാണിച്ച് കൊടുക്കും... അത് കാണുമ്പോ ഓൻ വേഗം മുഖം തിരിച്ചിട്ട് മാഗസിനിലേക്ക് നോട്ടം തെറ്റിക്കും... നമ്മള് അതൊക്കെ കണ്ട് ആസ്വദിച്ചിട്ട് വീണ്ടും വീണ്ടും അത് തന്നെ ചെയ്തോണ്ടിരിക്കും.... അല്ലാതെ നമ്മക്ക് എന്ത് എന്റർടൈന്മെന്റാ ഉള്ളത്...?

നീണ്ട യാത്രക്കൊടുവിൽ ഞങ്ങള് പാരീസ് മണ്ണിൽ കാല് കുത്തി... അവിടെ എയർപോട്ടിൽ നിന്നും ഇറങ്ങിയ ഉടനെ തന്നെ ആദിന്റെ ഒരു ഫ്രണ്ട് വന്ന് ഞങ്ങളെ പിക്ചെയ്തു... ഇതിനിടക്ക് ആ സൽമയോട് ഒരുപാട് തവണ ആദി ഫോണിൽ സംസാരിച്ചെങ്കിലും നമ്മളോട് ഒന്നും മിണ്ടാൻ വന്നിട്ടില്ല കുരിപ്പ്... അതോണ്ട് നമ്മളും ഓനോട് മിണ്ടാൻ പോയില്ല... മീറ്റിംഗിന് എന്തായാലും മിണ്ടേണ്ടത് ഞാൻ അല്ലെ അപ്പോ കൊടുക്കുന്നുണ്ട് ഓന് ഇതിനുള്ളത്....

ആദിയും അവന്റെ ഫ്രണ്ടും കൂടി പരസ്പരം മിണ്ടുന്നുണ്ടെങ്കിലും രണ്ട് പേരും നമ്മളോട് മിണ്ടാൻ വരുന്നില്ല... അയാള് ഞങ്ങളെ ഒരു ഫൈവ് സ്റ്റാർ ഹോട്ടലിൽ ഇറക്കിയിട്ട് അവിടന്ന് പോയി...

ആദി അവന്റെ ലഗേജും എടുത്തോണ്ട് ഹോട്ടലിലേക്ക് കയറിയപ്പോ നമ്മളും പിന്നാലെ വെച്ച് പിടിച്ചു... എന്നിട്ട് റിസപ്ഷനിൽ എത്തിയപ്പോ ആദി അവന്റെ കാർഡ് കൊടുത്തിട്ട് എന്തൊക്കെയോ ഇംഗ്ലീഷിൽ അവരോട് പറഞ്ഞു... നമ്മക്ക് ഇംഗ്ലീഷ് ഒക്കെ നന്നായിട്ട് അറിയാമെങ്കിലും അവൻ പറഞ്ഞ ഭാഷ നമ്മക്ക് മനസ്സിലായില്ല... അതോണ്ട് നമ്മള് അവിടന്ന് നോട്ടം തെറ്റിച്ചോണ്ട് ആ ഹോട്ടലിന് ചുറ്റും ഒന്ന് കണ്ണോടിച്ച് അവിടത്തെ പ്രകൃതി ഭംഗി ആസ്വദിച്ചു...

"റൂം റെഡിയാകാൻ ഇത്തിരി ടൈം എടുക്കും... വാ അവിടെ പോയി ഇരിക്കാം..."

എന്ന് പെട്ടെന്ന് ആദി നമ്മളോട് വന്ന് പറഞ്ഞപ്പോ നമ്മളും അവന്റെ പിന്നാലെ പോയി അവിടെ ഒരു സോഫയിൽ ഇരുന്നു... ഓനെ നോക്കിയപ്പോ

ഫോണിലേക്ക് കണ്ണും നട്ടിരിക്കാണ് കോന്തൻ... അതോണ്ട് നമ്മളും നമ്മളെ ഫോണെടുത്ത് അവിടന്ന് ഒരുപാട് ഫോട്ടോസ് ഒക്കെ എടുത്ത് എല്ലാവർക്കും അയച്ച് കൊടുത്തിട്ട് അവറ്റകളുടെ കമന്റ് ഒക്കെ കേട്ട് അതിന് റിപ്ലൈ കൊടുത്തോണ്ടിരുന്നു...

കുറച്ച് കഴിഞ്ഞപ്പോ ഒരു റൂം ബോയ് ആണെന്ന് തോന്നിപ്പിക്കുന്ന ഒരു ചെക്കൻ വന്നിട്ട് റൂം റെഡിയാണെന്ന് പറഞ്ഞപ്പോ ആദി എണീറ്റ് റിസെപ്ഷനിലേക്ക് ചെന്നു... അതിന് പിന്നാലെ നമ്മളും...

"സാർ... റൂം കീ..."

എന്ന് പറഞ്ഞ് ആ റീസെപ്ഷനിസ്റ്റ് ആദിക്ക് നേരെ ഒരു കാർഡ് നീട്ടിയപ്പോ അവനത് തിരിച്ചും മറിച്ചും നോക്കാൻ തുടങ്ങി... ഇവൻ ഇപ്പോഴും ഇതുപോലെ ഉള്ള കീയൊന്നും കണ്ടിട്ടില്ലെന്ന് നമ്മള് ഒരു നിമിഷം ചിന്തിച്ച് പോയി... കാരണം അമ്മാതിരി നോട്ടമായിരുന്നു അവൻ...

"ഇത് ഒരു കീ അല്ലെയുള്ളൂ... ഞങ്ങൾക്ക് വേണ്ടത് രണ്ട് റൂമാണ്...."

എന്ന് ആദി അവരോട് ഇംഗ്ലീഷിൽ പറയുന്നത് കേട്ടപ്പോ അവനിട്ട് രണ്ട് കൊടുക്കാനാ എനിക്ക് തോന്നിയത്... ഒരു റൂം കിട്ടിയതിന് നമ്മള് ഇവിടെ സന്തോഷിച്ച് നിൽക്കുമ്പോഴാ അവന്റെ ഒലക്കീമലെ ഒരു വർത്താനം....

"സോറി സാർ... ഇപ്പോ ഇവിടെ ഒരു റൂം മാത്രേ ഉള്ളു... മറ്റൊരു റൂം കിട്ടാൻ രണ്ട് ദിവസം എടുക്കും..."

എന്ന് ആ പെമ്പറന്നോത്തി വളരെ താഴ്മയോടെ അവനോട് പറഞ്ഞെങ്കിലും അവൻ രണ്ട് റൂം വേണമെന്ന് പറഞ്ഞ് വാശി പിടിച്ചോണ്ടിരുന്നു... ഇക്കണക്കിന് പോയാല് ചെലപ്പോ ഉള്ള റൂം കൂടി പോകുമെന്ന് നമ്മക്ക് തോന്നിയപ്പോ നമ്മള് ആദിയെ ഒന്ന് തോണ്ടി... അപ്പോ തന്നെ ഓൻ എന്തേ എന്ന രീതിയിൽ നമ്മളെ നോക്കി....

"അവര് പറഞ്ഞില്ലേ ഇപ്പോ ഒരു റൂം ഉള്ളു എന്ന്... പിന്നെ എന്തിനാ രണ്ട് റൂമിന് വേണ്ടി ഇങ്ങനെ നിന്ന് വാദിക്കുന്നത്...? രണ്ട് ദിവസം കഴിഞ്ഞാൽ അവര് വേറെ റൂം തരുമല്ലോ അതുവരെ ഒരേ റൂമിൽ കഴിയാൻ സാറിന് ബുദ്ധിമുട്ടുണ്ടോ...?

ഓ........ എനിക്ക് ഇപ്പോഴല്ലേ മനസ്സിലായത്... ഒരു അതിസുന്ദരിയായ എന്നെ പോലെയുള്ള ഒരാളുടെ കൂടെ ഒരു റൂമിൽ കഴിഞ്ഞാൽ സാറിന്റെ കൺട്രോൾ പോകുമെന്ന് പേടിയുണ്ടല്ലേ.... അതല്ലേ രണ്ട് റൂം വേണമെന്ന് വാശി പിടിക്കുന്നത്...? അല്ലെ... അതല്ലേ സത്യം...?"

"എനിക്ക് ആ വക പേടിയൊന്നുമില്ല... അങ്ങനെ പെട്ടെന്ന് കൺട്രോൾ പോകുന്ന ആളുമല്ല ഞാൻ... പിന്നെ നീ പറഞ്ഞ പോലെ അതിസുന്ദരിയായ ഒരു പെണ്ണിന്റെ കൂടെ ഒരേ റൂമിൽ കഴിഞ്ഞാൽ ചെലപ്പോ എന്റെ കൺട്രോൾ പോയെന്നിരിക്കും...

എന്തായാലും നീ പേടിക്കണ്ട... ഞാൻ നിന്നെ ഒന്നും ചെയ്യില്ല... കാരണം ഞാൻ ഈ പറഞ്ഞതൊക്കെ അതിസുന്ദരിയായ ഒരു പെണ്ണിനെ കുറിച്ചാ അല്ലാതെ

നിന്നെ പറ്റിയല്ല...."

നമ്മള് പറഞ്ഞ ഡയലോഗിന് ആദി തിരിച്ചും ഡയലോഗ് അടിച്ചപ്പോ നമ്മള് ഒരു നിമിഷം തൊള്ളേം തുറന്ന് നിന്നിട്ട് അവന്റെ നേരെ തിരിഞ്ഞു....

"എന്നാ പിന്നെ എന്തിനാ രണ്ട് റൂം വേണമെന്ന് പറയുന്നത്...? അത്രക്ക് കൺട്രോൾ ഉള്ള ആളാണെങ്കിൽ അത് തെളിയിച്ച് കാണിച്ച് തരുകയാ വേണ്ടത് അല്ലാതെ ഇങ്ങനെ നിന്ന് ഡയലോഗ് അടിക്കുകയല്ല...."

എന്ന് നമ്മള് പറഞ്ഞ് തീർന്നതും ആദി അപ്പോ തന്നെ ആ കീയും എടുത്തോണ്ട് ലിഫ്റ്റിലേക്ക് കയറി അതിന് പിന്നാലെ ഞാനും.... എന്നിട്ട് റൂമിലെത്തിയതും അവൻ ലഗേജ് ഒക്കെ ഒരു സൈഡിലേക്ക് മാറ്റി വെച്ചിട്ട് ബെഡിലേക്ക് വീണ് കണ്ണടച്ച് കിടന്നു...

നമ്മള് അപ്പോ തന്നെ നമ്മളെ ഡ്രെസ്സും എടുത്തോണ്ട് ബാത്റൂമിലേക്ക് കേറി ഫ്രഷായിട്ട് തിരിച്ച് വന്നു... വേഗം

തന്നെ പോയി ഫ്രഷായി വന്നതിനും ഒരു കാരണമുണ്ട്... അവനാണ് ആദ്യം ഫ്രഷാകാൻ പോയതെങ്കിൽ നമ്മള് ഫ്രഷായി വരുമ്പോഴേക്കും അവൻ ബെഡ് കയ്യടക്കി വെച്ചിട്ടുണ്ടാകും... ഇതിപ്പോ ഞാൻ തന്നെ ആദ്യം പോയി ഫ്രഷായതോണ്ട് ഓൻ പോകുന്ന തക്കത്തിൽ നമ്മക്ക് ബെഡിൽ കിടക്കാലോ....

നമ്മള് വിചാരിച്ച പോലെ തന്നെ നടന്നു... ഞാൻ ഫ്രഷായി വന്ന ഉടനെ തന്നെ ആദി എണീറ്റ് ബാത്റൂമിലേക്ക് കയറിയതും നമ്മള് ബെഡിലേക്ക് കേറി മൂടി പുതച്ച് കിടന്നു.... യാത്ര ക്ഷീണം കൊണ്ടാണോ എന്തോ ഒന്ന് കണ്ണടച്ചപ്പോഴേക്കും നമ്മള് ഉറങ്ങിയിരുന്നു...

പെട്ടെന്ന് നമ്മളെ മുഖത്തേക്ക് വെള്ളം വന്ന് വീണപ്പോഴാണ് നമ്മള് ഞെട്ടി കണ്ണ് തുറന്നത്... നോക്കുമ്പോ ആ കോന്തനുണ്ട് ഒരു ജഗ്ഗും കൊണ്ട് നിന്നിട്ട് നമ്മളെ നോക്കി കണ്ണുരുട്ടുന്നു... നമ്മള് അപ്പോ തന്നെ അവിടന്ന് ചാടി എണീറ്റ് ഇരുന്നിട്ട് തിരിച്ച് നമ്മളും ഓനെ നോക്കി കണ്ണുരുട്ടി....

"ഞാൻ കുളിച്ച് വന്നത് കണ്ടതല്ലേ പിന്നെ എന്തിനാ എന്നെ വീണ്ടും കുളിപ്പിച്ചേ...?"

"നിന്നെ കുളിപ്പിക്കല്ല വേണ്ടത് കുളിപ്പിച്ച് കിടത്താണ്.... മര്യാദക്ക് ഇവിടന്ന് എണീറ്റിട്ട് ദേ ആ സോഫയിൽ പോയി കിടന്നോണം.... ഇവിടെ കിടക്കാൻ പോകുന്നത് ഞാനാ..."

"അയ്യടാ.... അത് നിങ്ങള് മാത്രം അങ്ങ് തീരുമാനിച്ചാൽ മതിയോ...? ഞാനാ ഇവിടെ ആദ്യം വന്ന് കിടന്നത്... അതോണ്ട് ഞാൻ ബെഡിൽ കിടക്കും... വേണേൽ സാറ് പോയി സോഫയിൽ കിടന്നോ...."

എന്ന് പറഞ്ഞോണ്ട് നമ്മള് പുതപ്പ് എടുത്ത് തലയിലൂടെ ഇട്ടിട്ട് മൂടി പുതച്ച് കിടന്നതും ആ കോന്തൻ വന്ന് ആ പുതപ്പ് എടുത്ത് വലിച്ചു...

"നിന്നോട് മര്യാദക്ക് പറഞ്ഞാൽ നീ അനുസരിക്കില്ലല്ലേ... നിന്നെ ഇന്ന് ഞാൻ..."

എന്ന് പറഞ്ഞോണ്ട് ഓൻ നമ്മളെ കാല്പിടിച്ച് വലിച്ച് നമ്മളെ കട്ടിലിൽ നിന്നും നിലത്തേക്ക് ഇട്ട് അവൻ ബെഡിലേക്ക് ചാടി കേറി കിടന്നു... ഇത് കണ്ടോണ്ട് നമ്മക്ക് നിക്കാൻ പറ്റോ...

നമ്മള് അപ്പോ തന്നെ ബെഡിന്റെ മറുതലക്കൽ പോയി കിടന്നു...

"നിനക്ക് എന്താടി എന്റെ വാക്കിന് ഒന്നും ഒരു വിലയും ഇല്ലേ...? ഞാൻ നിന്റെ ബോസാണ്... അതോണ്ട് അതിന്റെ ബഹുമാനവും മര്യാദയും എനിക്ക് തരണം..."

"അതൊക്കെ അങ്ങ് ഓഫീസിൽ.... ഇപ്പോ ഇവിടെ ഞാനാ ബോസ്... കാരണം എന്റെ ഒരാളെ പ്രസന്റേഷൻ അനുസരിച്ച് ഇരിക്കും നിങ്ങളെ കമ്പനിക്ക് കിട്ടാൻ പോകുന്ന ഇവന്റിന്റെ കോൺട്രാക്ട്.... അതോണ്ട് ഈ ബോസ് ഞാൻ പറയുന്നത് കേട്ടാലും വലിയ പ്രശ്നം ഒന്നും വരില്ല..."

"ഓഹോ... എന്നാ നീയാണോ അതോ ഞാൻ ആണോ ഇവിടെ കിടക്കേണ്ടതെന്ന് തീരുമാനിച്ചിട്ട് തന്നെ ബാക്കി കാര്യം..."

എന്ന് പറഞ്ഞ് ആ കോന്തൻ വീണ്ടും നമ്മളെ അടുത്തേക്ക് ഉരുണ്ട് വന്നിട്ട് നമ്മളെ പിടിച്ച് കട്ടിലിൽ നിന്ന് തള്ളി താഴെയിട്ടു... നമ്മള് ഊരക്ക് കയ്യും കൊടുത്തോണ്ട് അവിടന്ന് എണീറ്റിട്ട് അവന്റെ അടുത്ത് നിന്ന് പുതപ്പ് വലിചെറിഞ്ഞ് അവന്റെ കാൽ പിടിച്ച് വലിച്ചോണ്ട് നമ്മളും ഓനെ കട്ടിലിന് താഴെയിട്ടു... പിന്നെ അങ്ങോട്ട് രണ്ട് പേർക്കും ഇത് തന്നെ ആയിരുന്നു പണി... നമ്മക്ക് ആണെങ്കിൽ ഈ കോന്തന്റെ കാട്ടികൂട്ടൽ കണ്ടിട്ട് അവനിട്ട് ഒരു ചവിട്ട് കൊടുക്കാൻ ഓക്കെയാ തോന്നുന്നത്...

ഒടുക്കം ഞാനും അവനും ഒരുപോലെ ക്ഷീണിച്ചിട്ട് ഒരുമിച്ച് ബെഡിലേക്ക് മറിഞ്ഞു... എന്നിട്ട് മാനത്തേക്ക് നോക്കി കിടന്നിട്ട് പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് ഞങ്ങള് രണ്ട് പേരും കൂടി പൊട്ടിച്ചിരിച്ചു....

"ഞാൻ ഈ ബെഡിൽ നിങ്ങളെ കൂടെ കിടക്കുന്നത് കൊണ്ട് നിങ്ങൾക്ക് പ്രത്യേകിച്ച് വല്ല പ്രശ്നവുമുണ്ടോ...? അതായത് നിങ്ങൾക്ക് കൺട്രോൾ ചെയ്യാൻ പറ്റാത്തോണ്ടാണോ എന്നെ അവിടെ സോഫയിൽ കിടത്താൻ നോക്കുന്നത്..?"

എന്ന് നമ്മള് ചോദിച്ചപ്പോ ആദി പെട്ടെന്ന് എന്റെ അടുത്തേക്ക് നീങ്ങി കിടന്നിട്ട് എന്റെ നേരെ കിടന്ന് എന്റെ കണ്ണിലേക്ക് തന്നെ നോക്കി നിന്നു... എന്റെ ശ്വാസത്തിന്റെ വേഗത കൂടി കൂടി വന്നു... പടച്ചോനെ ഒരാവേഷത്തിന്റെ പുറത്ത് ചെക്കനെ പിരി കേറ്റിയതും കുഴപ്പയോ എന്ന് ചിന്തിച്ച് നമ്മള് ഓനെ നോക്കിയപ്പോ ഓൻ ഒന്ന് ചിരിച്ചോണ്ട് നമ്മളിൽ നിന്നും അകന്ന് നന്നേ അറ്റത്ത് പോയി കിടന്നു...

അപ്പോഴാണ് നമ്മക്ക് ശരിക്കും ശ്വാസം നേരെ വീണത്... നമ്മള് അപ്പോ തന്നെ ഒന്ന് നെടുവീർപ്പിട്ടിട്ട് ആദിയെ നോക്കി... അപ്പോ ഓൻ ആ ഭാഗത്തേക്ക് തിരിഞ്ഞ് കിടക്കാണ്... ഓന്റെ കൂടെ ഒരേ റൂമിൽ ഒരേ കട്ടിലിൽ ഒരുമിച്ച് ഇങ്ങനെ കിടക്കാൻ കഴിയുമെന്ന് ഞാൻ ചിന്തിച്ചത് പോലുമില്ല... നമ്മള് ചിന്തിക്കുന്നതിനേക്കാൾ എത്രയോ അപ്പുറത്താണ് പടച്ചോൻ എഴുതി വെച്ചിട്ടുള്ളത്.... എന്തായാലും ഇന്നത്തെ ദിവസം എനിക്ക് ഒരുപാട് അങ്ങ് ഇഷ്ടായി... എന്റെ ആദിയുമൊത്ത് ഒരുമിച്ച് ഇങ്ങനെ ഒരു സുദിനം എനിക്ക് ഓർക്കുമ്പോ തന്നെ സന്തോഷം കൊണ്ട് തുള്ളിച്ചാടാൻ ആണ് തോന്നുന്നത്...

അങ്ങനെ എന്തൊക്കെയോ ചിന്തിച്ച് കൂട്ടി കൊണ്ട് നമ്മള് എപ്പോഴോ ഉറങ്ങി പോയിരുന്നു... പിന്നീട് എപ്പോഴോ കണ്ണ് തുറന്ന് നോക്കിയപ്പോ നമ്മള് കാണുന്നത് നമ്മളെ കോന്തൻ എന്റെ തോളിൽ തല വെച്ച് കിടക്കുന്നതാണ്... അത് കണ്ടിട്ട് എനിക്ക് ചിരി വന്നു... ഞാൻ പതിയെ അവന്റെ മുടിയിലൂടെ വിരലോടിച്ചിട്ട് ഓന്റെ തലയെടുത്ത് മാറ്റി കിടത്തി...

അപ്പോഴാണ് നമ്മക്ക് ആ ഭദ്രകാളി സൽമയെ കുറിച്ച് ഓർമ്മ വന്നത്... അതോണ്ട് അപ്പോ തന്നെ പഴയ പോലെ ആദിയുടെ തല എന്റെ തോളിൽ ചാരി വെച്ചിട്ട് നമ്മളത് ഓന്റെ ഫോണിൽ ഫോട്ടോ എടുത്ത് ഓൾക്ക് അയച്ച് കൊടുത്തു... ഈ ഫോട്ടോ കണ്ടിട്ട് അവള് അവിടെ കിടന്ന് വീർപ്പ് മുട്ടി ചത്ത് പോകട്ടെ ശവം... നമ്മള് അങ്ങനെ ഓരോന്ന് ചിന്തിച്ച് ചിരിച്ചോണ്ട് ആദിയെ ഉണർത്താതെ പതിയെ എണീറ്റ് ഫ്രഷായി രണ്ട് കോഫി ഓഡർ ചെയ്തു...

കുറച്ച് കഴിഞ്ഞപ്പോ റൂം ബോയ് വന്ന് കോളിങ് ബെല്ലടിച്ചതും ആ ശബ്ദം കേട്ട് ആദി എണീറ്റു.... നമ്മള് ആ കോഫി വാങ്ങി വെച്ചിട്ട് ആദിക്ക് കൊണ്ട് പോയി

കൊടുത്ത് അവനോട് ഗുഡ് മോണിംഗ് പറഞ്ഞപ്പോ അവൻ തിരിച്ച് ഒരു പുഞ്ചിരി സമ്മാനിച്ച് ബാത്റൂമിലേക്ക് പോയി...

ആദിന്റെ ഈ മാറ്റം കണ്ടപ്പോ സന്തോഷം കൊണ്ട് എന്റെ കണ്ണ് നിറഞ്ഞു... അവന്റെ ഓർമ്മകളിൽ ഞാൻ ഇല്ലെങ്കിലും എന്നെ വെറുക്കാൻ അവനെ കൊണ്ട് പറ്റുന്നില്ലല്ലോ... അത് ആലോചിച്ചപ്പോ അവനോട് വീണ്ടും ഇഷ്ടം കൂടി വന്നു...

അവനെ എന്നിൽ നിന്നും ഒരു ശക്തിയും അകറ്റരുതെ പടച്ചോനെ എന്ന പ്രാർത്ഥന മാത്രേ എനിക്ക് ഇപ്പോ ഉള്ളു....

കുറച്ച് കഴിഞ്ഞപ്പോ ആദി കുളിച്ച് ഫ്രഷായിട്ട് ഇറങ്ങി വന്നപ്പോ ഞങ്ങള് രണ്ട് പേരും കൂടി ഹോട്ടലിലെ റെസ്റ്റോറന്റിൽ പോയി ഭക്ഷണം കഴിച്ചിട്ട് മീറ്റിംഗിന് പോകാൻ വേണ്ടി തയ്യാറായി...

ഞാൻ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ ആളുകൾ ഉണ്ടായിരുന്നു ആ മീറ്റിംഗിൽ പങ്കെടുക്കാൻ... അതും മറ്റു പല രാജ്യങ്ങളിൽ നിന്നുള്ളവർ.... അക്കൂട്ടത്തിൽ പക്ഷെ നമ്മക്ക് പരിചയമുള്ള ഒരു മുഖം കൂടി

ഉണ്ടായിരുന്നു... Zain shaa...

അവരെയൊക്കെ കണ്ടപ്പോഴേക്കും എന്റെ കോൺഫിഡൻസ് ഒക്കെ ചോർന്ന് പോകുന്ന പോലെ തോന്നി... നമ്മളെ പ്രസന്റേഷൻ എങ്ങനെ ഇവരെ മുന്നിൽ അവതരിപ്പിക്കുമെന്ന് ടെൻഷൻ അടിച്ച് നിന്നപ്പോ ആദിയാണ് നമ്മക്ക് കോൺഫിഡൻസ് നൽകിയത്....

അതിന്റെ പുറത്ത് ഞാൻ ആ പ്രസന്റേഷൻ നല്ല ഭംഗിയായി തന്നെ അവതരിപ്പിച്ചതും ആദി സീറ്റിൽ നിന്നും എണീറ്റ് കയ്യടിച്ചു... അതിന് പിന്നാലെ ഓരോരുത്തരും എണീറ്റ് നിന്ന് നമ്മളെ അഭിനന്ദിച്ചു... എന്നാൽ അതിനേക്കാൾ ഒക്കെ എനിക്ക് സന്തോഷമേകിയത് ആദിയുടെ മുഖത്തെ പുഞ്ചിരി ആയിരുന്നു...

പ്രസന്റേഷൻ കഴിഞ്ഞ് മീറ്റിങ് ഹാളിൽ നിന്നും ഇറങ്ങിയതും ഞങ്ങളെ മുന്നിലേക്ക് Zain കേറി വന്നു... എന്നിട്ട് നമ്മളോട് കൺഗ്രാറ്റ്സ് പറഞ്ഞോണ്ട് ഷേക്ക് ഹാൻഡ് തന്നപ്പോ നമ്മള് ആദിയുടെ മുഖത്തേക്ക് ഒന്ന്

നോക്കി...

നമ്മളെ നോട്ടം അവനിൽ ചെന്ന് പതിച്ചത് കണ്ടപ്പോ ഓൻ പെട്ടെന്ന് മുഖം തിരിച്ച് വേറെ എങ്ങോട്ടോ നോക്കി നിന്നു... അത് കണ്ടപ്പോ നമ്മക്ക് ചിരി വന്നു... നമ്മള് Zain ന് കൈ കൊടുത്തിട്ട് താങ്ക്സ് പറഞ്ഞു...

Zain നമ്മളെ പ്രസന്റേഷനെ കുറിച്ചും നമ്മളെ അവതരണത്തെ കുറിച്ചും ഇങ്ങനെ ഓരോന്ന് പൊക്കി പറയുന്ന നേരത്തും നമ്മള് നോക്കിയത് ആദിയെയാണ്... ചെക്കന്റെ മുഖത്ത് ഇപ്പോ ഒരു കടന്നൽ കുത്തിയ പോലെ ചീർത്തിട്ടുണ്ട്... അതോടെ നമ്മക്ക് മറ്റൊരു കാര്യം മനസ്സിലായി... ആദിക്ക് Zain നമ്മളോട് സംസാരിക്കുന്നത് ജലസി ഉണ്ടാക്കുന്നുണ്ടെന്ന്.... അതറിഞ്ഞപ്പോ നമ്മള് കൂടുതൽ സാറിന് നോട് സംസാരിക്കാൻ തുടങ്ങി....

"ആയിഷ.... നമ്മള് ഇപ്പോ തന്നെ ഒരുപാട് ലേറ്റ് ആയിട്ടുണ്ട്... ഇന്ന് ഇവനിങ് പാർട്ടിയുള്ളത് നീ മറന്നോ...

വേഗം വാ..."

പെട്ടെന്ന് ആദി അങ്ങനെ പറഞ്ഞോണ്ട് Zain ന്റെ ഇടയിൽ നിന്നും നമ്മളെ കൈ പിടിച്ച് വലിച്ച് കൊണ്ട് പോയി നമ്മളെ കാറിൽ കയറ്റി... എന്നിട്ട് ഡ്രൈവറോട് കാറെടുക്കാൻ പറഞ്ഞു....

"സാർ എന്തിനാ ഇത്രക്ക് ടെൻഷൻ ആകുന്നെ...? പാർട്ടി ഇവനിങ് അല്ലെ... ഇപ്പോ ടൈം 2 മണി ആയിട്ടല്ലേ ഉള്ളു... അതിന് ഇത്രക്ക് പ്രഷർ കൂട്ടണോ...?"

"അ... അത്...നിങ്ങള് പെണ്ണുങ്ങളെ ഒരുക്കമെല്ലേ... അത് ഇപ്പോ തുടങ്ങിയാലേ ഇവനിങ് ആകുമ്പോ പാർട്ടിയിൽ പങ്കെടുക്കാൻ പറ്റൂ...."

ആദി പറയുന്നത് കേട്ട് നമ്മള് പരിസരം മറന്ന് പൊട്ടി ചിരിച്ചു.... നമ്മളെ ചിരി കണ്ടിട്ട് ആ ഡ്രൈവർ പോലും കണ്ണാടിയുടെ നമ്മളെ നോക്കി ചിരിക്കാൻ തുടങ്ങി....

"ഹ...ഹ...ഹ.... സത്യം പറ സാറെ.... ഞാൻ Zain shaa യോട് സംസാരിക്കുന്നത് കണ്ടിട്ട് അസ്സൂയ

തോന്നിയിട്ടല്ലേ എന്നെ അവിടന്ന് കൊണ്ട് വന്നേ...? എന്നിട്ട് അതിന് ഓരോരോ ന്യായങ്ങള് കണ്ടെത്താ...?"

എന്ന് പറഞ്ഞ് നമ്മള് വീണ്ടും ചിരിച്ചപ്പോ ഓൻ നമ്മളെ തറപ്പിച്ച് നോക്കി... അത് കണ്ട് നമ്മള് ചിരി കൺട്രോൾ ചെയ്ത് വെച്ചിട്ട് വാ പൊത്തി പിടിച്ച് വീണ്ടും ചിരിച്ചു... അത് കണ്ട് അവനെന്തോ പറയാൻ വന്നതും ഓന്റെ ഫോൺ റിങ് ചെയ്തു.... അപ്പോ അതിൽ സൽമന്റെ ഫോട്ടോ തെളിഞ്ഞ് വന്നതും നമ്മളെ ചിരി മാഞ്ഞ് പോയി...

ആദി അവളോട് കൊഞ്ചി കുഴഞ്ഞ് സംസാരിക്കുന്നത് കണ്ടപ്പോ നമ്മക്ക് ദേഷ്യം വന്നത് ആയിരുന്നു പിന്നെ ആദി ഒന്നും മിണ്ടാതെ അവള് പറയുന്നതൊക്കെ കേട്ട് അന്താളിച്ച് നിൽക്കുന്നത് കണ്ടപ്പോ നമ്മളെ ദേഷ്യമൊക്കെ പമ്പ കടന്നു...

നമ്മള് രാവിലെ കൊടുത്ത ഡോസ് അവൾക്ക് ഇപ്പോഴാണ് കിട്ടുന്നതെന്ന് തോന്നുന്നു... അത് കണ്ടിട്ടുള്ള വിളിയാണ്...

അവള് എന്തൊക്കെയോ ആദിയോട് പറഞ്ഞ്

ദേഷ്യപ്പെടുന്നുണ്ട് പാവം നമ്മളെ ചെക്കൻ ഒന്നും മനസ്സിലാകാതെ പകച്ച് നിൽക്കാണ്... ഒടുക്കം അവള് ഫോൺ കട്ടാക്കിയതും ആദി തിരിച്ച് അവൾക്ക് ഒരുപാട് വിളിച്ചു... പക്ഷെ ഓള് ഫോൺ എടുത്തില്ല... അത് കണ്ടപ്പോ നമ്മക്ക് പിന്നേം സന്തോഷായി...

അപ്പോ തന്നെ ആദി ഓൻ്റെ ഫോണിൽ ഗാലറി തുറന്ന് നോക്കിയതും അതിൽ ഓൻ എൻ്റെ തോളിൽ തല ചായ്ച്ചു കിടക്കുന്ന ഫോട്ടോ കണ്ട് അവൻ അന്താളിച്ച് എന്നെയും ഫോണിനെയും മാറി മാറി നോക്കി... മിക്കവാറും നമ്മക്കിട്ട് എന്തോ ഒന്ന് വലുത് വരുന്നുണ്ടെന്ന് മനസ്സിലായപ്പോ തന്നെ നമ്മള് ആദിയെ നോക്കി ഒരു വളിച്ച ഇളി പാസാക്കി കൊണ്ട് കാർ നിർത്തിയ ഉടനെ തന്നെ അവിടന്ന് ഇറങ്ങി ഹോട്ടലിലേക്ക് ഓടി...

നമ്മളെ പിന്നാലെ ആദി നിക്കെടി അവിടെ ഇന്ന് നിൻ്റെ അവസാനമാടി എന്ന് പറഞ്ഞോണ്ട് ഓടി വരുന്നുണ്ട്... നമ്മള് അപ്പോ തന്നെ ലിഫ്റ്റിലേക്ക് കേറിയിട്ട് പെട്ടെന്ന് ഫ്ലോർ നമ്പർ അടിച്ചിട്ട് ഡോർ അടക്കാൻ വേണ്ടി പ്രാർത്ഥിച്ചു...

ആദി ലിഫ്റ്റിൻ്റെ അടുത്ത് എത്താനായപ്പോഴേക്കും

ലിഫ്റ്റിന്റെ ഡോർ അടഞ്ഞിരുന്നു... നമ്മള് അപ്പോ തന്നെ നെഞ്ചിൽ കൈ വെച്ച് ഒന്ന് നെടുവീർപ്പിട്ട് കണ്ണ് തുറന്ന് നോക്കിയപ്പോ നമ്മളെ മുന്നിൽ നിൽക്കുന്ന ആളെ കണ്ടതും നമ്മളെ കൈ കാലുകൾ തളരുന്ന പോലെ തോന്നി....

(തുടരും)

ഭാഗം.113

ആദി ലിഫ്റ്റിന്റെ അടുത്ത് എത്താനായപ്പോഴേക്കും ലിഫ്റ്റിന്റെ ഡോർ അടഞ്ഞിരുന്നു... നമ്മള് അപ്പോ തന്നെ നെഞ്ചിൽ കൈ വെച്ച് ഒന്ന് നെടുവീർപ്പിട്ട് കണ്ണ് തുറന്ന് നോക്കിയപ്പോ നമ്മളെ മുന്നിൽ നിൽക്കുന്ന ആളെ കണ്ടതും നമ്മളെ കൈ കാലുകൾ തളരുന്ന പോലെ തോന്നി....

ആ കോന്തൻ ആദി ഇതാ നമ്മളെ മുന്നിൽ നിന്ന്

നമ്മളെ നോക്കി കണ്ണുരുട്ടുന്നു... പടച്ചോനെ ഇവനിത് എപ്പോ കേറിയെന്ന് ചിന്തിച്ചോണ്ട് നമ്മളൊന്ന് റിവേഴ്‌സിൽ ആലോചിച്ചപ്പോഴാ കാര്യം പിടി കിട്ടിയത്... ആ കോന്തൻ ലിഫ്റ്റ് ഡോറിന്റെ ഇടയിൽ കാൽ വെച്ചിട്ടാണ് അകത്ത് കയറിയത്... ഇപ്പോ നമ്മള് നന്നായിട്ട് പെട്ടിട്ടുണ്ട്...

എന്റെ കഷ്ടകാലത്തിന് ലിഫ്റ്റിൽ ആണെങ്കിൽ ഞാനും അവനും മാത്രേ ഉള്ളു താനും...

ഓന്റെ നോട്ടം കണ്ട് നമ്മള് ഒരു നിസ്സഹായകാവസ്ഥയിൽ പെട്ട് പോയപോലെ ഓനെ നോക്കി ഒന്ന് ചിരിച്ച് കൊടുത്തു... അവൻ ആണെങ്കിൽ രൂക്ഷമായി നോക്കി കൊണ്ട് നമ്മളെ അടുത്തേക്ക് വന്നതും നമ്മള് ലിഫ്റ്റിലേക്ക് സ്റ്റിക്കയെറായി അമർന്ന് നിന്നു...

"എന്താ ഇത്...?"

ആദി പെട്ടെന്ന് നമ്മളോട് കലിപ്പായി കൊണ്ട് ഓന്റെ ഫോൺ നമ്മളെ നേരെ നീട്ടിയപ്പോ നമ്മള് ഓന്റെ ഫോണിലേക്ക് ഒന്ന് നോക്കി....

"ഇ...ഇത് സാറിന്റെ ഫോൺ..."

"ഇതെന്താ എന്നല്ല ചോദിച്ചത് ഇതിനകത്തുള്ള ഈ ഫോട്ടോ എന്താണെന്ന്...?"

ഓൻ അതും പറഞ്ഞ് നമ്മളെ നേർക്ക് ആ ഫോൺ കൊണ്ട് വന്നപ്പോ നമ്മളത് വാങ്ങി അതിലേക്ക് നോക്കി... ഓനും ഞാനും കൂടി കിടക്കുന്ന ആ ഫോട്ടോ കണ്ടപ്പോ നമ്മക്ക് വീണ്ടും ചിരി വന്നു... പക്ഷെ നമ്മള് ചിരിക്കാതെ അതൊക്കെ അടക്കി പിടിച്ചോണ്ട് നമ്മളും ഒരു നമ്പർ അങ്ങോട്ട് അവന്റെ മുന്നിലേക്ക് ഇറക്കി....

"ആഹാ.... ഇത് കൊള്ളാലോ... ഇതൊക്കെ എപ്പോ സംഭവിച്ചു..?"

"ആയിഷ... ഒന്നും അറിയാത്ത പോലെ നീ അഭിനയിക്കൊന്നും വേണ്ട... ഇതെങ്ങനെ എന്റെ ഫോണിൽ വന്നെന്ന് പറയുന്നതാകും തനിക്ക് നല്ലത്..."

"അത് ശരി... അപ്പോ സാറിന്റെ ഫോണിൽ എങ്ങനെ ഇത് വന്നെന്ന് സാറിന് അറിയില്ലേ...? എന്നാൽ ഞാൻ പറഞ്ഞു തരാം... ഞാനാണ് ഈ ഫോട്ടോ എടുത്തത്... നിങ്ങള് എങ്ങാനും കൺട്രോൾ പോയി എന്നെ വല്ലതും ചെയ്താൽ അതിന് ഉത്തരവാദി നിങ്ങള് ആണെന്ന് എല്ലാവരും അറിയാൻ വേണ്ടിയാ ഞാൻ അങ്ങനെ ചെയ്തത്..."

നമ്മളെ സംസാരം കേട്ടിട്ട് ചെക്കൻ പകച്ച് പണ്ടാറമടങ്ങിയിട്ടുണ്ട്.... ഓൻ നമ്മളെ തന്നെ ഉറ്റു നോക്കി കൊണ്ട് അല്പം മാറി നിന്നതും നമ്മള് ഒന്ന് നെടുവീർപ്പിട്ടിട്ട് വീണ്ടും തുടർന്നു...

"കണ്ടില്ലേ നിങ്ങളെ തല എവിടെയാ കിടക്കുന്നതെന്ന്.... എന്റെ തോളിൽ...

ഇന്നലെ തോള് വരെ എത്തിയ നിങ്ങൾ ഇന്ന് എവിടെ വരെ എത്തില്ലെന്ന് ആര് കണ്ടു...? അപ്പോ എനിക്ക് വല്ലതും സംഭവിച്ചാൽ അതിന് എനിക്ക് നീതി ലഭിക്കണ്ടെ... വേണ്ടേന്ന്....?"

നമ്മള് അതും ചോയ്ച്ചോണ്ട് ഓന്റെ നേരെ ചെന്നപ്പോ ചെക്കൻ പെട്ടെന്ന് നമ്മളെ രൂക്ഷമായി നോക്കിയിട്ട് ഡീ....എന്ന് അലറിയതും ലിഫ്റ്റ് ഓപ്പൺ ആയതും ഒരുമിച്ചായിരുന്നു... പിന്നെ ഒന്നും നോക്കീലാ ഒരൊറ്റ പാച്ചിൽ ആയിരുന്നു റൂമിലേക്ക്...

എന്നിട്ട് വേഗം ഓടി ചെന്ന് ബാത്റൂമിലേക്ക് കയറി ഡോറടച്ചു... ആ കോന്തൻ നമ്മളോട് വാതിൽ തുറക്കാൻ പറഞ്ഞ് വിളിച്ചെങ്കിലും നമ്മള് ഡോർ തുറന്നില്ല... അതിനകത്ത് കയറിയിട്ട് അവിടെ ചിരിച്ചോണ്ടിരുന്നു...

കുറച്ച് കഴിഞ്ഞപ്പോ ആ കോന്തന്റെ ഒച്ചയും അനക്കവുമൊന്നും കേൾക്കാതായപ്പോ നമ്മള് മെല്ലെ ഡോർ തുറന്ന് പുറത്തേക്ക് നോക്കി, അപ്പോ ആ കോന്തൻ സൽമക്ക് വിളിച്ച് പ്രശ്നം പറഞ്ഞ് പരിഹരിക്കായിരുന്നു... അത് കണ്ടപ്പോ നമ്മക്ക് ദേഷ്യം വന്നു... കോന്തൻ തെണ്ടി എന്ന് പിറുപിറുതോണ്ട് നമ്മള് വൈകിട്ടുള്ള പാർട്ടിക്ക് വേണ്ടി റെഡിയായി കൊണ്ടിരുന്നു...

ഇന്നത്തെ പാർട്ടി എന്തിനാണെന്ന് പറഞ്ഞില്ലല്ലോ അല്ലെ...?

ഇവിടെ ഏതോ ഒരു കോടീശ്വരപുത്രന്റെ എങ്കേജ്മെന്റും ഒപ്പം ആ കോടീശ്വരന്റെ 25th ആനിവേഴ്സറിയുമാണ് ഇന്ന്... അപ്പോ അതിന്റെ ഒരു പാർട്ടിക്കാണ് ഞങ്ങള് പോകുന്നത്... ഇന്ന് അവിടെ മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും ഇൻവിറ്റേഷൻ കിട്ടിയിട്ടുണ്ട്... പോരാത്തതിന് അയാൾക്ക് ആദിയെ നന്നായിട്ട് അറിയുകയും ചെയ്യും... അതോണ്ട് വൈകിട്ട് അതിന് പോകണം...

നമ്മള് ഫ്രഷായി മാറ്റി ഒരുങ്ങി പാർട്ടിക്ക് പോകാൻ വേണ്ടി റെഡിയായി വന്നപ്പോഴും ആ കോന്തന്റെ കുറുകല് കഴിഞ്ഞിട്ടില്ലായിരുന്നു... അത് കണ്ടപ്പോ അവിടെ ഉണ്ടായിരുന്ന ഫ്ലവർ വേസ് എടുത്ത് അവന്റെ തലക്കിട്ട് ഒരു മേട്ടം കൊടുക്കാനാ തോന്നിയത്... പിന്നെ അവന്റെ ഉള്ള ബോധവും കൂടി പോയാൽ ഞാൻ കുടുങ്ങല്ലോ എന്ന് കരുതി അവനെ വെറുതെ വിട്ടിട്ട് നമ്മള് ബാൽക്കണിയിലേക്ക് ചെന്ന് പാരീസിനെ ഒന്ന് മൊത്തമായി വീക്ഷിച്ചു...

ഐഫിൽ ടവറിന്റെ രൂപവും അവിടത്തെ പ്രകൃതി

ഭംഗിയും ആസ്വദിച്ചോണ്ട് നമ്മള് എന്തൊക്കെയോ ചിന്തിച്ച് അങ്ങോട്ട് തന്നെ കണ്ണും നട്ടിരുന്നു.... എന്റെ ചിന്തയിൽ അപ്പോ മിന്നി മറഞ്ഞത് ആദിയുടെ കയ്യും പിടിച്ച് അവിടമാകെ ചുറ്റി കറങ്ങാൻ നമ്മള് പോകുന്ന കാഴ്ചയാണ്... അപ്പോഴേക്കും ആദി നമ്മളെ അടുത്തേക്ക് വന്ന് lets go... എന്ന് പറഞ്ഞപ്പോ ആ ചിന്ത നൂലില്ലാത്ത പട്ടം പോലെ കാറ്റിൽ പാറി നടന്നു... അല്ലേലും നമ്മക്ക് സ്വപ്നം കാണാൻ മാത്രേ വിധിച്ചിട്ടുള്ളൂ... നടപ്പിലാകുന്നത് നമ്മളെ ലൈഫിൽ അല്ലല്ലോ...

അങ്ങനെ നമ്മള് ആദിയുടെ കൂടെ റെസ്റ്റോറന്റിൽ പോയി ഭക്ഷണം കഴിച്ചിട്ട് കാറിൽ ഇരുന്നോണ്ട് തന്നെ പാരിസ് ഒന്ന് ചുറ്റി കണ്ട് പാർട്ടി നടക്കുന്ന ഹാളിലേക്ക് ഡ്രൈവർ വണ്ടി വിട്ടു....

സൽമയുമായിട്ട് പ്രോബ്ലം സോൾവായെന്ന് തോന്നുന്നു... ആദിന്റെ മുഖത്ത് അതിന്റെ ഒരു പ്രകാശം കാണാനുമുണ്ട്... അല്ലേലും നായയുടെ വാല് പന്തീരാണ്ട് കൊല്ലവും കുഴലിലിട്ടാലും നിവരില്ലല്ലോ അതോണ്ട് അവരെ ചാപ്റ്റർ അതോടെ വിട്ട് നമ്മള് പാർട്ടിയിൽ ശ്രദ്ധ ചെലുത്തി...

എല്ലാവരും നല്ല റിച്ച് ടീംസാണ് അതോണ്ട് അതിനൊത്ത ജാഡയും അവർക്കുണ്ട്... നമ്മക്ക് പിന്നെ ഈ പറഞ്ഞ രണ്ടും ഇല്ലാത്തോണ്ട് നമ്മള് ആ കൂട്ടത്തിൽ നിന്നും ഒരല്പം മാറി നിന്നു... കാരണം നമ്മളെ വേഷം കണ്ടിട്ട് പലരുടെയും നോട്ടം വന്ന് പതിക്കുന്നത് നമ്മളെയാണ്...

നമ്മളൊരു ബ്ലാക്ക് ഗൗണും അതിലേക്ക് ഗോൾഡൻ കളർ ഷോൾ സ്കാഫ് ചെയ്തുമാണ് ഇട്ടിട്ടുള്ളത്... അവിടെ വന്ന സ്ത്രീകളൊക്കെ ഉടുക്കാൻ തുണി പോലും ഇല്ലാത്ത പോലെ കഴുത്ത് ഒരുപാട് ഇറങ്ങിയിട്ടും ഷോർട്ടായിട്ടുള്ള ടോപ്പുമാണ് പലരുടെയും വേഷം... അവരുടെ ഒക്കെ കോലം കണ്ടപ്പോ നമ്മളെ നാടിനോട് നമ്മക്ക് തന്നെ ഒരഭിമാനം തോന്നിപ്പോയി... കാരണം നമ്മക്ക് ഒന്നും ഇത്രക്ക് ദാരിദ്ര്യമില്ലല്ലോ...

പാർട്ടി തുടങ്ങിയതിൽ പിന്നെ നമ്മള് ആദിയെ മഷിയിട്ട് നോക്കിയിട്ട് പോലും കണ്ടിട്ടില്ല... അവനെ തിരഞ്ഞ് ആ കൂട്ടത്തിലൂടെ ഒക്കെ ഒന്ന് ചെന്ന് നോക്കിയപ്പോഴാണെങ്കിലോ ആ കോന്തൻ ഏതൊക്കെയോ ഇംഗ്ലീഷ്കാരോട് എന്തൊക്കെയോ സംസാരിച്ച് ചിരിച്ചോണ്ട് നിൽപ്പുണ്ട്... നമ്മളെ ഒന്ന്

മൈൻഡ് പോലും ചെയ്യുന്നില്ല തെണ്ടി...

നമ്മള് അവനോട് ഉള്ള പരിഭവവും മനസ്സിൽ വെച്ചോണ്ട് ഷോകഭാവത്തിൽ തിരിഞ്ഞ് നടക്കാൻ ഒരുങ്ങിയതും നമ്മളെ മുന്നിലേക്ക് പെട്ടെന്ന് Zain കടന്ന് വന്നു... അവനെ കണ്ടപ്പോ എന്തോ ഒരു വലിയ ആശ്വാസം തോന്നി പോയി... കാരണം വിളിക്കാത്ത കല്യാണത്തിന് പോയിട്ട് അവിടെ ഉള്ളവരെ വായിനോക്കുന്ന പരിപാടി പോലെയാ നമ്മക്ക് ഇതുവരെ തോന്നിയത്.... ഇപ്പോ എന്തായാലും കമ്പനിക്ക് Zain നെ കിട്ടിയ സന്തോഷത്തിലാണ് ഞാൻ...

"ഹായ് ഫെബി... എന്താ ഇവിടെ ഒറ്റക്ക് നിൽക്കുന്നെ...? വാ നമുക്ക് അവിടെ പോയി ഇരുന്ന് സംസാരിക്കാം..."

എന്ന് പറഞ്ഞ് ഓൻ നമ്മളെ ഡ്രിങ്ക്സ് കൊടുക്കുന്ന അങ്ങോട്ട് ക്ഷണിച്ചപ്പോ നമ്മള് ആ കോന്തനെ ഒന്ന് തിരിഞ്ഞു നോക്കി... എവടെ ആ കോന്തൻ തെണ്ടി നമ്മളെ ഒന്ന് നോക്കുന്നത് പോലുമില്ല.... അതോണ്ട് നമ്മള് Zain ന്റെ കൂടെ പോയി അവിടെ ഇരുന്നു...

എന്നിട്ട് നമ്മക്ക് ഒരു ഓറഞ്ച് ജ്യൂസും അവന് ഒരു കോളയും പറഞ്ഞു....

"Zain ഡ്രിങ്ക്സ് കഴിക്കില്ലേ...?"

"ഏയ്.... ആ ശീലമൊന്നും ഞാൻ പണ്ട് തൊട്ടേ ശീലിച്ചിട്ടില്ല... ആൽക്കഹോളിക് ഒന്നും എന്റെ സ്ട്രെസ് കുറക്കാൻ പരിഹാരമല്ല... അതോണ്ട് ആ വഴിക്ക് പോയിട്ടില്ല...."

എന്ന് അവൻ പറഞ്ഞപ്പോ നമ്മളൊന്ന് പുഞ്ചിരി തൂകിയിട്ട് ജ്യൂസ് കുടിച്ചു... എന്നിട്ട് Zain നോട് അവന്റെ ഓഫീസ് വർക്കിനെ കുറിച്ചും വീട്ടുകാരെ കുറിച്ചും ചോദിച്ചോണ്ടിരുന്നപ്പോഴാണ് പെട്ടെന്ന് ഒരു അനൗൺസ്മെന്റ് കേട്ടത്... ഞങ്ങള് അപ്പോ തന്നെ ആ ഭാഗത്തേക്ക് തിരിഞ്ഞ് നോക്കിയപ്പോ ഒരാള് സ്റ്റേജിൽ കയറി നിന്നിട്ട് എന്തൊക്കെ പ്രസംഗിക്കുന്നുണ്ട്...

അപ്പോ സ്റ്റേജിലേക്ക് ആ കപ്പിൾസ് കേറി വന്നിട്ട് അവരെ എങ്കേജ്മെന്റ് നടത്തി കേക്ക് മുറിച്ചു... അത് കഴിഞ്ഞപ്പോ അങ്ങേര് വീണ്ടും മൈക്ക് കയ്യിലെടുത്തിട്ട് lets celebrate the party... എന്ന് പറഞ്ഞപ്പോ

എല്ലാവരും കയ്യടിച്ചു...

പെട്ടെന്ന് അവിടമാകെ ചെറുതായി ഇരുട്ട് പടർന്നു... ചെറിയ ചെറിയ LED ലൈറ്റുകളുടെ പ്രകാശം മാത്രം അവിടെ പരന്നപ്പോ ഒരു മെലഡി മ്യൂസിക് അവിടമാകെ മുഴങ്ങി.... അപ്പോ ഓരോരുത്തരും കപ്പിൾസായി കൊണ്ട് ആ മ്യൂസിക്കിന് അനുസരിച്ച് ഡാൻസ് കളിക്കുന്നത് കണ്ടപ്പോ നമ്മക്ക് അതൊക്കെ ഒരു കൗതുകമായിരുന്നു...

ഇതൊക്കെ ടിവിയിലും മറ്റും കണ്ടിട്ടുണ്ടെന്നല്ലാതെ നേരിട്ട് ആദ്യമായിട്ടാണ് നമ്മള് ഇത് കാണുന്നത്...

നമ്മള് അവര് കളിക്കുന്നതും നോക്കി നിൽക്കുന്നതിനിടക്ക് എപ്പോഴോ ആദിയും ഞാനും കൂടി അവിടെ നിന്ന് കളിക്കുന്ന പോലെ തോന്നി നമ്മള് ഒന്നൂടെ അങ്ങോട്ട് ശ്രദ്ധ ചെലുത്തിയപ്പോ നമ്മളെ നേർക്ക് ഒരു കൈ നീണ്ട് വന്നു...

"Can I dance with you...?"

എന്ന് കേട്ടപ്പോ നമ്മള് അപ്പോ തന്നെ തല ചെരിച്ച് അയാളെ മുഖത്തേക്ക് ഒന്ന് നോക്കി, Zain നമ്മളെ നേരെ കൈ നീട്ടി നമ്മളെ സമ്മതത്തിന് വേണ്ടി കാത്തിരിക്കാണ്...

നമ്മള് Zain ന്റെ കയ്യിലേക്ക് നോക്കിയിട്ട് ആദിയെ തിരിഞ്ഞ് നോക്കിയപ്പോ അവന്റെ നോട്ടമിപ്പോ നമ്മളിലാണ് വന്ന് പതിക്കുന്നത് എന്ന് മനസ്സിലായി... അതോണ്ട് നമ്മള് അപ്പോ തന്നെ Zain ന് കൈ കൊടുത്ത് അവന്റെ കൂടെ ഡാൻസ് കളിച്ചു...

അപ്പോഴൊക്കെ നമ്മക്ക് ഇടങ്കണ്ണിട്ട് ആദിന്റെ മുഖഭാവം വീക്ഷിക്കൽ ആയിരുന്നു പണി... ചെക്കൻ കലിപ്പിൽ മോന്ത കേറ്റി വെച്ചിട്ട് ഞങ്ങളെ നോക്കി കൊണ്ട് ഡ്രിങ്ക്സ് ഏരിയയിലേക്ക് ചെന്ന് അവിടന്ന് ഡ്രിങ്ക്സ് കഴിക്കാൻ തുടങ്ങി...

അത് കണ്ടപ്പോ നമ്മക്ക് അപ്പോ തന്നെ ഓന്റെ മോന്തയടക്കി ഒന്ന് പൊട്ടിക്കാനാണ് തോന്നിയത്... പക്ഷെ അതിന് ഈ Zain നമ്മളെ വിട്ടിട്ട് വേണ്ടേ ഒന്ന് പോകാൻ...

Zain നമ്മളെ മുഖത്തേക്ക് തന്നെ കണ്ണിമ വെട്ടാതെ

നോക്കി കൊണ്ട് ആ മ്യൂസിക്കിന് ഒത്ത് സ്റ്റെപ്പ് വെച്ചോണ്ടിരിക്കാണ്... ആദിനെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി ഇവന്റെ കൂടെ കളിയ്ക്കാൻ വന്നതും അബദ്ധമായോ എന്ന് ചിന്തിച്ച് ആദിയെ നോക്കിയപ്പോ അവൻ വീണ്ടും വീണ്ടും ഡ്രിങ്ക്സ് കഴിച്ചോണ്ട് ഞങ്ങളെ തന്നെ നോക്കാണ്...

പെട്ടെന്ന് ആദി അവിടന്ന് ആടിക്കുഴഞ്ഞ് ഞങ്ങളെ അടുത്തേക്ക് വന്നിട്ട് എന്റെയും Zain ന്റെയും ഇടയിൽ കേറി നിന്നു... എന്നിട്ട് എന്റെ നേരെ തിരിഞ്ഞിട്ട് പാതിയടഞ്ഞ കണ്ണുകളാലെ നാവ് കുഴഞ്ഞോണ്ട് അവൻ എന്തൊക്കെയോ പറയാൻ നിന്നപ്പോഴേക്കും എന്റെ തോളിലേക്ക് അവൻ മയങ്ങി വീണിരുന്നു...

നമ്മള് ഓനെ അപ്പൊ തന്നെ താങ്ങി പിടിച്ചോണ്ട് അവനെ വിളിച്ച് എണീപ്പിക്കാൻ നോക്കിയെങ്കിലും കോന്തൻ കണ്ണ് തുറക്കുന്നില്ല... കണ്ടതൊക്കെ മോന്തി കുടിച്ചതല്ലേ അതിന്റെ എഫക്ട് ആകുമെന്ന് ചിന്തിച്ച് നമ്മള് ആദിന്റെ കൈ തോളിലൂടെ ഇട്ടിട്ട് അവനെയും കൊണ്ട് പോകാൻ നിന്നപോ Zain നമ്മളെ മുന്നിൽ വന്ന് നിന്നു...

"ഫെബി... any problem...? ഞാൻ ഹെല്പ് ചെയ്യണോ...?"

"No... its ഓക്കേ... ഞാൻ മാനേജ് ചെയ്തോളം... നിങ്ങള് പാർട്ടി എന്ജോയ് ചെയ്തോളൂ..."

എന്ന് പറഞ്ഞ് നമ്മള് ആദിനെ വലിച്ചോണ്ട് പുറത്തേക്ക് നടന്നു... ഈ കോന്തൻ തെണ്ടി ആണെങ്കിലോ കാണുന്നതിനേക്കാൾ മുടിഞ്ഞ വെയിറ്റ് ഉള്ള പോലെയാ തോന്നുന്നത്... ഓന്റെ ഭാരം താങ്ങാൻ പറ്റാതെ നമ്മളും ഓനെ പോലെ നിന്ന് ആടുന്നുണ്ട്...

മിക്കവാറും പാർക്കിങ്ങിൽ എത്തുന്നതിന് മുന്നേ തന്നെ ഇവനും ഞാനും ഇവിടെ കിടക്കേണ്ടി വരുമെന്ന് തോന്നിയെങ്കിലും വിചാരിച്ച പോലെയൊന്നും സംഭവിച്ചില്ല...

നമ്മള് ഓനെയും താങ്ങി പിടിച്ച് എങ്ങനെയൊക്കെയോ പാർക്കിങ്ങിൽ എത്തിയതും ഞങ്ങളെ ഡ്രൈവർ വന്ന് നമ്മളെ സഹായിച്ചിട്ട് നമ്മളെ തോളിൽ നിന്നും ആ ലഗേജ് എടുത്ത് കാറിൽ കയറ്റി വെച്ച് തന്നു... നമ്മള് ഓനെ സീറ്റിൽ ഇരുത്തിയിട്ട് ഒന്ന് നെടുവീർപ്പിട്ടിട്ട് ഓന്റെ മുഖത്തേക്ക് ഒന്ന് നോക്കി...

ഒന്നും ചെയ്യാത്ത പഞ്ച പാവത്തിനെ പോലെ കിടക്കുന്ന അവനെ കണ്ടപ്പോ അവന്റെ താടി പിടിച്ച് വലിക്കാനാ നമ്മക്ക് തോന്നിയത്... പിന്നെ ഒരു കണക്കിന് അവിടന്ന് പെട്ടെന്ന് എണീറ്റ് പോന്നത് നന്നായി കാരണം ഈയിടെയായി Zain ന്റെ പെരുമാറ്റത്തിൽ എന്തൊക്കെയോ മാറ്റം വന്ന പോലെ തോന്നുന്നുണ്ട്... അത് നമ്മക്ക് പാരയാകാതെ ഇരിക്കാനാ വേഗം അവിടന്ന് ഇറങ്ങിയത്...

അങ്ങനെ കാർ ഹോട്ടലിനെ ലക്ഷ്യമാക്കി സഞ്ചരിച്ച് തുടങ്ങിയതും പെട്ടെന്ന് ആദി നമ്മളെ തോളിലേക്ക് വന്ന് ചാഞ്ഞ് കിടന്നു... ആദ്യത്തെ തവണ നമ്മള് തോള് താഴ്ത്തി അവന്റെ തലയെടുത്ത് അസൈഡിലേക്ക് മാറ്റിയെങ്കിലും ഓന്റെ തല വീണ്ടും എന്റെ തോളിലേക്ക് വന്ന് വീണു... അതും പോരാഞ്ഞ് അവന്റെ കൈ ആണെകിലോ നമ്മളെ ചുറ്റും ഒരു വലയം തീർത്തിട്ടുമുണ്ട്... നമ്മക്ക് ഒന്ന് ശ്വാസം വിടാൻ പോലും പറ്റാത്ത അവസ്ഥ...

പിന്നെ നമ്മക്ക് ഇതൊക്കെ സന്തോഷം ഉണ്ടാക്കുന്ന കാര്യം ആയതോണ്ട് തന്നെ നമ്മള് അതൊന്നും

കാര്യമാക്കാതെ ഒരു ദീർഘശ്വാസവും വിട്ട് ആദിന്റെ തലയിൽ നമ്മളെ തലയും ചാരി വെച്ചു...

അപ്പോ തന്നെ ആദിന്റെ ഫോൺ റിങ് ചെയ്യുന്നത് കേട്ടതും നമ്മള് ഓന്റെ പോക്കറ്റിൽ നിന്നും ഫോണെടുത്ത് ആരാണെന്ന് നോക്കിയപ്പോ ആ സൽമയാണ് ആള്... അതും വീഡിയോ കോൾ...

എന്തായാലും അവൾക്ക് വീഡിയോ കോൾ ചെയ്യാൻ കണ്ട നേരം കൊള്ളാം... നല്ല ബെസ്റ്റ് ടൈമിലാണ് മാഡത്തിന്റെ കോളിങ്.... ഇന്നത്തോടെ ഇവളെ വിളി ഞാൻ നിർത്തി കൊടുക്കുമെന്ന് തീരുമാനിച്ച് ഉറപ്പിച്ചോണ്ട് നമ്മള് കോൾ അറ്റൻഡ് ചെയ്തു...

"haaaaaaaaai സൽമാ....."

എന്ന് കൈയ്യാട്ടി കൊണ്ട് അവളോട് പറഞ്ഞപ്പോ അവളെ മുഖത്ത് പെട്ടെന്ന് ഒരു സംശയം നിഴലിച്ചു... നമ്മളെ കണ്ടതും അവളെ മുഖം ദേഷ്യം കൊണ്ട് ചുവന്ന് തുടുക്കുന്നുണ്ട്... അത് കണ്ടപ്പോ നമ്മള് നല്ല

അസ്സല് ചിരി തന്നെ പാസാക്കി കൊടുത്തു...

"ഡി.... നീയെന്താടി എന്റെ ആദിന്റെ ഫോൺ കയ്യിൽ വെച്ചിരിക്കുന്നത്...? മര്യാദക്ക് ഫോൺ ആദിക്ക് കൊടുക്കടി..."

"അയ്യോ സൽമ... അതിന് ഇപ്പോ പറ്റില്ലല്ലോ... സാർ സോറി ആദി ഇപ്പോ നല്ല മയക്കത്തിലാ... ഇപ്പോ ഒരു പാർട്ടി കഴിഞ്ഞ് വന്ന ക്ഷീണം കൊണ്ട് ദേ എന്റെ തോളിൽ ചാഞ്ഞ് എന്നെ കെട്ടിപ്പിടിച്ച് ഇരിപ്പുണ്ട്... നോക്കിയേ..."

എന്ന് പറഞ്ഞ് നമ്മള് ആദിയെ കാണിച്ച് കൊടുത്തതും അവള് അവിടെ ഉണ്ടായിരുന്ന എന്തൊക്കെയോ എടുത്ത് എറിഞ്ഞിട്ട് പല്ലിറുമ്പി കൊണ്ട് നമ്മളെ രൂക്ഷമായി നോക്കി കണ്ണ് നിറച്ചു...

"ദേ സൽമാ... നിന്നോട് പ്രത്യേകം ഒരു കാര്യം പറയാം.... ഇനി ഇന്ന് നീ ഇതിലേക്ക് വിളിച്ച് ഞങ്ങളെ സ്വർഗത്തിലെ കട്ടുറുമ്പാകാൻ നോക്കരുത്ട്ടോ...

ഇനി അഥവാ നീ വിളിച്ചാലും തന്നെ ഞങ്ങള് ഫോണെടുക്കണമെന്നുമില്ല അത് വേറെ കാര്യം....

അതോണ്ട് വെറുതെ വിളിച്ച് ട്രൈ ചെയ്യാൻ നോക്കണ്ടാ ഞങ്ങള് ബിസിയാകും... അപ്പോ ഓക്കേ ബൈ സിയു....റ്റാറ്റ..."

എന്ന് പറഞ്ഞ് നമ്മള് ആദിന്റെ നെറ്റിയിൽ ഉമ്മ വെച്ചതും അവള് അലറി കൊണ്ട് ആ ഫോണെടുത്ത് എറിഞ്ഞെന്ന് തോന്നുന്നു... ആ കോൾ പെട്ടെന്ന് തന്നെ കട്ടായി...

ഹൈവാ... അവളെ സമാധാനം കെടുത്തിയപ്പോ എന്തൊരു ആശ്വാസം... എന്ന് ചിന്തിച്ച് ഇരുന്നപ്പോഴേക്കും ഞങ്ങള് ഹോട്ടലിൽ എത്തിയിരുന്നു...

ആദിയെ കാറിൽ നിന്നും ഇറക്കാൻ വേണ്ടി ആ ഡ്രൈവർ സഹായിച്ചെങ്കിലും പിന്നെ അവിടന്ന് അങ്ങോട്ട് നമ്മള് തന്നെ ആ കോന്തനെ ഏറ്റെണ്ടി വന്നു...

അവന്റെ കോട്ടൂരി നമ്മള് തോളിൽ ഇട്ടിട്ട് അവന്റെ കൈ നമ്മളെ തോളിലൂടെയും നമ്മളെ കൈ ഓന്റെ

അരയിലും കയ്യിലും പിടിച്ചോണ്ട് അവനെയും കൊണ്ട് നമ്മള് ലിഫ്റ്റിൽ കേറി...

എന്നിട്ട് ഓനെ അവിടെ ഒരു മൂലയിൽ ചാരി നിർത്തിയിട്ട് നമ്മള് കൈ കുടഞ്ഞ് ഫ്ലോർ നമ്പർ അമർത്തി തിരിഞ്ഞപ്പോഴേക്കും ആ കോന്തൻ വീണ്ടും നമ്മളെ മേലിലേക്ക് വന്ന് വീണു...

അവന്റെ ഈ ഒടുക്കത്തെ വീഴ്ച കാണുമ്പോ പണ്ടാറക്കാലൻ മനപ്പൂർവ്വം നമ്മക്കിട്ട് പണിയാൻ വേണ്ടി ബോധം പോയ പോലെ അഭിനയിക്കാണോ എന്ന് വരെ സംശയിക്കേണ്ടി വന്നു...

ഒടുക്കം എങ്ങനെയൊക്കെയോ അവനെ താങ്ങി നിർത്തി കൊണ്ട് നമ്മള് റൂമിന്റെ ഫ്ലോറിൽ എത്തിയതും അവനെയും വലിച്ചോണ്ട് ആടിക്കുഴഞ്ഞ് നമ്മള് റൂമിലേക്ക് ചെന്നു... എന്നിട്ട് ചെന്നപാടെ ആദിയെ വലിച്ചോണ്ട് പോയി ബെഡിലേക്ക് ഇട്ട് നടുനിവർത്താൻ നോക്കിയതും നമ്മളെ കയ്യും പിടിച്ചോണ്ട് ആ കോന്തൻ ബെഡിലേക്ക് വീണു...

നമ്മള് നമ്മളെ കൊണ്ട് ആവുന്ന വിധത്തിൽ ഓന്റെ

കയ്യീന്ന് ഊരി പോകാൻ വേണ്ടി കുതറി മാറാൻ ഒക്കെ ശ്രമിച്ചെങ്കിലും നടന്നില്ല... ആ കോന്തൻ നമ്മളെ ഒരു ടെഡി ബെയർ എന്ന കണക്കെ കെട്ടിപ്പിടിച്ച് ഒന്ന് അനങ്ങാൻ പോലും കഴിയാത്ത വിധം അവന്റെ കൈക്കുള്ളിൽ നമ്മളെ ഒതുക്കി... അതും പോരാഞ്ഞ് അവന്റെ ആനക്കാലെടുത്ത് നമ്മളെ മേലിലേക്ക് വെച്ചിട്ട് അവൻ നമ്മളിൽ ഒന്ന് കൂടി പിടി മുറുക്കി...

നമ്മള് ഒന്ന് നേരാം വണ്ണം ശ്വാസം പോലും വിടാൻ കഴിയാതെ ഓന്റെ കയ്യിൽ കിടന്ന് വീർപ്പ് മുട്ടിയപ്പോഴും നമ്മള് കുതറി മാറാനുള്ള ശ്രമം തുടർന്ന് കൊണ്ടേ ഇരുന്നു...

എവടെ ഈ കോന്തന്റെ പിടി ഉടുമ്പ് പിടിച്ച പോലെ അത്രക്ക് ശക്തിയിലാണ് പിടിച്ചിട്ടുള്ളത്... ഇനിയിപ്പോ ഈ കിടത്തം തുടരുകയല്ലാതെ വേറെ നിവർത്തി ഇല്ലാതെ നമ്മള് അവിടെ അനങ്ങാതെ കിടന്നു...

എന്നിട്ട് പതിയെ ആദിന്റെ മുഖത്തേക്ക് തല തിരിച്ചിട്ട് ഓനെ നോക്കിയങ്ങനെ കിടന്നു... ആ താടിക്കുള്ളിൽ ഒളിഞ്ഞ് കിടക്കുന്ന അവന്റെ ആ നിഷ്കളങ്കമായ മുഖത്തേക്ക് നോക്കുമ്പോ മനസ്സിൽ എവിടെയൊക്കെയോ ഒരു നഷ്ടബോധത്തിന്റെയും

കുറ്റബോധത്തിന്റെയും അംശം എന്നെ വേട്ടയാടുന്ന പോലെ എനിക്ക് തോന്നി...

അവന്റെ ഈ സ്പർശനം ഞാൻ ഏറെ കൊതിക്കുന്ന ഒന്നാണെങ്കിൽ പോലും എന്തോ അവനിപ്പോ എന്നിൽ തൊടുമ്പോ പൊള്ളുന്ന പോലെ തോന്നാണ്.... ഇവനെ ഒരിക്കലും എന്നെ കൊണ്ട് നഷ്ടപ്പെടുത്താൻ കഴിയില്ല... കാരണം അത്രക്ക് അവനെ ഞാൻ സ്നേഹിക്കുന്നുണ്ട്... പക്ഷെ, ആദിയുടെ ഓർമ്മയിൽ പോലും ഞാൻ എന്ന അവന്റെ ഐഷു ഇപ്പോ ഇല്ല... ഞാൻ അവന് വെറും ഒരു ആയിഷ മാത്രം അതും അവന്റെ ഒരു പിഎ...

ഇങ്ങനെ ഓരോന്ന് ചിന്തിച്ച് കൂട്ടി നമ്മള് കണ്ണ് നിറച്ചപ്പോ പെട്ടെന്ന് ആദി എന്തൊക്കെയോ പിറുപിറുക്കാൻ തുടങ്ങി... നാക്ക് കുഴഞ്ഞതോണ്ട് തന്നെ അവൻ എന്താണ് പറയുന്നതെന്ന് ഒന്നും വ്യക്തമാകുന്നില്ല... സൽമ എന്ന് ഇടക്ക് ഓൻ പറയുന്നത് കേട്ടപ്പോ ആ ഭദ്രകാളിയെയാണ് ഓൻ കണ്ടതെന്ന് നമ്മക്ക് മനസ്സിലായി... അതോണ്ട് നമ്മള് അപ്പോ തന്നെ ഓന്റെ തലയിൽ ചെന്ന് നമ്മളെ തല വെച്ച് ഇടിച്ചു...

പിന്നെ ആർക്കായാലും ദേഷ്യം വരില്ലേ...?

കെട്ടിപ്പിടിച്ച് കിടക്കുന്നത് നമ്മളെയും മന്ത്രിക്കുന്നത് ആ നശൂലത്തിന്റെ പേരും... ഇവനെ ഒക്കെ മുക്കാലിൽ കെട്ടിയിട്ട് ചാട്ടവാർ കൊണ്ട് അടിക്കണം കോന്തൻ...

നമ്മള് നേരത്തെ തല കൊണ്ട് ഇടിച്ചപ്പോ അത് അവന് നന്നായി വേദനിച്ചെന്ന് തോന്നുന്നു... നമ്മക്കും വേദനിച്ചിട്ടുണ്ട് അപ്പോ സ്വാഭാവികമായും അവനും വേദനിക്കല്ലോ... അതോണ്ട് ആണോ എന്തോ ഓന്റെ പിടുത്തം ഇപ്പോ ഒരല്പം അയഞ്ഞിട്ടുണ്ട്...

നമ്മള് ആ തക്കത്തിന് അപ്പോ തന്നെ അവിടന്ന് മെല്ലെ എണീറ്റ് ആദിന്റെ ഷൂ ഒക്കെ അഴിച്ച് വെച്ച് അവന് പുതച്ച് കൊടുത്തു... എന്നിട്ട് ഓന്റെ നെറ്റിയിൽ തടവി കൊടുത്ത് ഒരുമ്മ വെച്ചിട്ട് നമ്മള് സോഫയിൽ പോയി കിടന്നു....

ഓന്റെ ഭാരം മുഴുവൻ ചുമലിൽ പേറിയത് കൊണ്ടാകും ഒരു സൈഡ് നല്ല വേദനയുമുണ്ട് നല്ല ക്ഷീണവുമുണ്ട്... അതോണ്ട് നമ്മള് പെട്ടെന്ന് തന്നെ ഉറങ്ങി പോയി...

പിറ്റേന്ന് രാവിലെ എണീറ്റ് കണ്ണ് തുറന്ന് നോക്കിയപ്പോഴും കോന്തൻ നല്ല ഉറക്കത്തിലാണ്... ഇന്നലത്തെ കെട്ട് വിട്ടിട്ടുണ്ടാകില്ല അതാകും ഇത്രക്ക് ക്ഷീണം...

ഇന്ന് പിന്നെ കാര്യമായിട്ട് പ്രത്യേകിച്ച് ഒരു ജോലിയും ഇല്ല... ഒരു ചെറിയ ഷോപ്പിങ്ങും നടത്തണം Zain ആയിട്ട് ഒരു മീറ്റിംഗും കൂടണം...

ആദി പുതിയതായി ഒരു ബിസിനെസ്സ് തുടങ്ങുന്നുണ്ട്... അതിന്റെ പാർട്ണർശിപ്പിന് വേണ്ടിയാണ് Zain ആയിട്ടുള്ള ഈ മീറ്റിംഗ്... അതിന് നമ്മളോട് വരാനാണ് Zain പറഞ്ഞിട്ടുള്ളത്... ഇന്ന് രാത്രി അപ്പോ അതിനും പോകണം...

നമ്മള് ഫ്രഷായി വന്ന് കോഫി ഓഡർ ചെയ്തിട്ട് സോഫയിൽ ഇരുന്നു... എന്നിട്ട് നാട്ടിലേക്കും ദുബായിലേക്കും വിളിച്ച് പരസ്പരം വിശേഷങ്ങളൊക്കെ കൈ മാറി കൊണ്ടിരിക്കുമ്പോഴാണ് ആദി എണീറ്റത്.... അവൻ എണീറ്റപ്പോ തന്നെ നമ്മള് കോൾ കട്ട് ചെയ്ത് ഓനെ

നോക്കി കൊണ്ട് അവിടെ തന്നെ ഇരുന്നു...

ഇന്നലെ അടിച്ച് പൂസായതിന്റെ ഹാങ്ങോവർ ആണോ അതോ നമ്മള് ഇന്നലെ അവന്റെ തലക്കിട്ട് കൊടുത്ത മേട്ടം കൊണ്ടാണോ എന്തോ കോന്തൻ എണീറ്റപ്പോ തന്നെ തലയിൽ കൈ വെച്ചാണ് എണീറ്റത്... എന്നിട്ട് ചുറ്റും ഒന്ന് കണ്ണോടിച്ചിട്ട് നെറ്റിയിൽ തടവി കൊണ്ട് അവിടന്ന് എണീറ്റ് ബാത്ത്റൂമിലേക്ക് പോകാൻ നിന്നതും ഓൻ നമ്മളെ ഒന്ന് നോക്കി....

"ഇന്നലെ....ഇന്നലെ എന്താ സംഭവിച്ചേ...? നമ്മൾ എപ്പോഴാ ഇങ്ങോട്ട് വന്നേ...? നമ്മള് പാർട്ടിയിൽ അല്ലെ ഉണ്ടായത് പിന്നെയെങ്ങനെ....?"

"അപ്പോ സാറിന് ഇന്നലെ ഇവിടെ നടന്ന പേക്കൂത്ത് ഒന്നും ഓർമ്മയില്ലേ...?

ഇയാള് ഇന്നലെ കുടിച്ച് കൂത്താടി ആ പാർട്ടി ആകെ മൊത്തം അലമ്പാക്കി... എന്നിട്ട് ബോധം കെട്ടുവീണപ്പോ എല്ലാവരും കൂടി ചേർന്ന് ഇങ്ങോട്ട് കൊണ്ട് വന്നു..."

എന്ന് നമ്മള് പറഞ്ഞപ്പോ ആദി അവന്റെ നെറ്റിയിൽ തടവി കൊണ്ട് അതൊക്കെ ഓർമ്മിക്കാൻ ശ്രമിച്ചു...

"എനിക്ക് അതൊന്നും ഓർമ്മയില്ല...."

"അതൊക്കെ പോട്ടെ എന്ന് വെക്കാം... ഇന്നലെ നിങ്ങളെ ഫിയാൻസി വീഡിയോ കോൾ ചെയ്തപ്പോ നിങ്ങളെന്നെ കെട്ടിപ്പിടിച്ച് ഉമ്മ വെച്ചില്ലേ മനുഷ്യാ..."

എന്നും കൂടി നമ്മള് ചിണുങ്ങി കൊണ്ട് തട്ടി വിട്ടപ്പോ അവൻ തലക്ക് കയ്യും കൊടുത്ത് വാ പൊത്തി പിടിച്ച് നമ്മളെ അടുത്തേക്ക് നീങ്ങി വന്നു... നമ്മള് അപ്പോ കരയുന്ന പോലെ കണ്ണീന്ന് വെള്ളമൊക്കെ വരുത്തിച്ചിട്ട് തല താഴ്ത്തിയപ്പോ ആദി എന്റെ തോളിൽ കൈ വെച്ച് ആശ്വസിപ്പിച്ചിട്ട് സോറി പറഞ്ഞു... നമ്മക്ക് അപ്പോ പൊട്ടി ചിരിക്കാനാണ് തോന്നിയത്...

അപ്പോഴത്തെ ഓന്റെ മോന്തന്റെ കോലം കണ്ടപ്പോ തന്നെ അറിയാതെ നമ്മക്ക് ചിരി പൊട്ടി വന്ന് ഞാൻ

ഓൻ്റെ മുഖത്തേക്ക് നോക്കി ചിരിച്ചപ്പോഴാ ചെക്കൻ നേരാം വണ്ണം ശ്വാസം വിടുന്നത്....

നമ്മളെ ബഡായി കേട്ട് ചെക്കൻ കലിപ്പായി നമ്മളെ വല്ലതും ചെയ്യുമെന്ന് പ്രതീക്ഷിച്ചു എങ്കിലും ഒന്നും ഉണ്ടായില്ല... നമ്മളെ ചിരി കണ്ടിട്ട് ഓനും ചിരിച്ചിട്ട് നമ്മളെ തലയിൽ കൈ വെച്ച് കുലുക്കിയിട്ട് ഓൻ ബാത്റൂമിലേക്ക് കേറി പോയി...

ഓൻ നമ്മളെ തലയിൽ കൈ വെച്ചത് ആലോജിച്ച് ചിരിച്ചോണ്ട് നമ്മള് അവിടന്ന് ബാൽക്കണിയിലേക്ക് നീങ്ങിയിട്ട് ആദിനെ കുറിച്ച് ഓർത്ത് ചിരിച്ചോണ്ടിരുന്നു...

പിന്നെ അങ്ങോട്ട് ഞാനും ആദിയും നല്ല കമ്പനിയായിരുന്നു....

എന്നേക്കാൾ കൂടുതൽ അവനായിരുന്നു സംസാരിച്ചോണ്ടിരുന്നത്... നമ്മളെ ഒരു ഫ്രണ്ട് എന്ന നിലയിൽ ഒരുപാട് ട്രീറ്റ് ചെയ്യുന്നുമുണ്ട്.... ഫുഡ് കഴിക്കാൻ വേണ്ടി റെസ്റ്റോറൻ്റിലേക്ക് പോയപ്പോ നമ്മക്ക് വേണ്ടത് ഒക്കെ ആദി തന്നെ ചോദിച്ച് അറിഞ്ഞ് ഓഡർ ചെയ്യുന്നത് കണ്ടപ്പോ നമ്മക്ക് സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞു....

നമ്മള് കണ്ണിമ വെട്ടാതെ ഇടക്കിടക്ക് ആദിയെ നോക്കി ഇരിക്കുമ്പോ ഓൻ എന്ത്യേ എന്ന് തലകൊണ്ട് ആംഗ്യം കാണിക്കും.... നമ്മള് തിരിച്ച് ഒന്നുല്ല്യാന്ന് തലയാട്ടുമ്പോ ആദി ഒന്ന് പുഞ്ചിരിക്കും....

മസില് പിടിച്ച് എപ്പോഴും മോന്ത കനാപ്പിച്ച് വെക്കുന്ന ആദിന്റെ മുഖത്ത് ഇപ്പോ എപ്പോഴും പുഞ്ചിരിയാണ്... ഒരാൾക്ക് 2 ദിവസം കൊണ്ട് ഇത്രക്ക് ഒക്കെ മാറ്റം സംഭവിക്കുമെന്ന് നമ്മക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല....

എനിക്ക് സെപറേറ്റായിട്ട് വേറെ റൂം കീ കിട്ടിയെങ്കിലും ആദി അത് വേണ്ടെന്ന് പറഞ്ഞ് നിരസിച്ചു... കാരണം നാളത്തെ മോർണിങ് ഫ്ലൈറ്റിന് ഞങ്ങള് തിരിച്ച് ദുബായിലേക്ക് പോകാണ്... അതോണ്ട് ഇന്നത്തെ ഒരു ദിവസത്തിന് വേണ്ടി ഇനി വേറെ റൂം വേണ്ടെന്ന് ആദി പറഞ്ഞപ്പോ നമ്മളും ഒന്ന് തല കുലുക്കി സമ്മതം അറിയിച്ചു....

പിന്നെ ഞങ്ങള് ഹോട്ടലിൽ നിന്നും ഇറങ്ങിയിട്ട് പാരീസിലെ ഫേമസ് പ്ലെയ്സ് ആയ ഐഫിൽ ടവറിന്റെ അടുത്തേക്ക് പോയി... എന്നിട്ട് അവിടെ വെച്ച് നമ്മള്

കൊറേ ഫോട്ടോസും സെൽഫീസും ഒക്കെ എടുത്തു... ഇടക്ക് ആദിന്റെ കോഡ് നിന്നും ഫോട്ടോ എടുക്കാൻ ഞാൻ മറന്നില്ലട്ടോ....

ഇടക്ക് എപ്പോഴോ ആദി ആരെയോ ഫോണിൽ വിളിച്ചിട്ട് കിട്ടാതെ വിഷമിച്ച് നിൽക്കുന്നത് കണ്ടപ്പോ നമ്മള് ചെന്ന് ഓനോട് കാര്യം അന്വേഷിച്ചപ്പോ ആ ഭദ്രകാളിയെ ഫോൺ വിളിച്ചിട്ട് കിട്ടുന്നില്ല എന്ന പരാതിയാണ് കോന്തനുള്ളത്...

അവളെ ഫോണിൽ വിളിച്ചാൽ കിട്ടില്ല ഫോൺ ഒക്കെ അവള് എറിഞ്ഞ് ഉടച്ചു എന്നൊക്കെ അവനോട് പറയണമെന്ന് തോന്നിയെങ്കിലും നമ്മള് അതിനെ പറ്റിയൊന്നും കമാന്ന് ഒരക്ഷരം മിണ്ടാതെ അതൊക്കെ ആലോജിച്ച് ചിരിച്ചിട്ട് ആദിയുടെ കോഡ് നടന്നു...

എന്നിട്ട് ഞങ്ങള് ഒരു ഷോപ്പിങ് കോംപ്ലക്സിൽ കേറിയിട്ട് നമ്മളെ ടീമിനും വീട്ടുകാർക്കും വേണ്ടി ഒരുപാട് സാധനങ്ങൾ വാങ്ങിച്ച് കൂട്ടി...

ഇരുട്ടുന്ന വരെ ആദിയുടെ കൂടെ പാരീസ് മൊത്തം ചുറ്റി കറങ്ങി കണ്ടിട്ട് ഞങ്ങള് തിരിച്ച് ഹോട്ടലിലേക്ക് മടങ്ങി....

ഹോട്ടലിൽ തിരിച്ച് എത്തിയതും നമ്മളെ ഫോണിലേക്ക് Zain വിളിച്ചിട്ട് ഫുഡ് കഴിച്ച് കഴിഞ്ഞിട്ട് അവന്റെ റൂമിലേക്ക് വരാൻ പറഞ്ഞു... അവൻ താമസിക്കുന്നതും ഇതേ ഹോട്ടലിൽ ആയതോണ്ട് നമ്മള് ഓക്കേ പറഞ്ഞ് കോൾ വെച്ചു... എന്നിട്ട് ആദിയുടെ കൂടെ ഫുഡ് കഴിക്കാൻ ചെന്നിട്ട് നമ്മള് റൂമിലെത്തി ഫയൽസൊക്കെ എടുത്തിട്ട് ആദിയോട് ഉറങ്ങാൻ പറഞ്ഞ് നമ്മള് Zain ന്റെ റൂം ലക്ഷ്യമാക്കി നടന്നു...

"ഹാ ഫെബി... കം.... ഞാൻ കാത്തിരിക്കായിരുന്നു എന്താ വൈകിയേ...?"

നമ്മള് കോളിങ് ബെല്ലടിച്ചു ഉടനെ തന്നെ വാതില് തുറന്നിട്ട് Zain ചോദിക്കുന്നത് കേട്ട് നമ്മളൊന്ന് പുഞ്ചിരി തൂകി മറുപടി നൽകിയിട്ട് അകത്തേക്ക് കയറി... അപ്പോ തന്നെ അവൻ വാതിൽ കുറ്റിയിട്ടതും നമ്മളെ ഉള്ളിൽ കൂടി എന്തൊക്കെയോ ഒരു ആന്തല് കേറി... അരുതാത്തത് എന്തൊക്കെയോ സംഭവിക്കാൻ പോകുന്ന പോലെയൊക്കെ തോന്നി തുടങ്ങി...

എന്തായാലും നമ്മളെ ഊഹം തെറ്റിയില്ല നമ്മള് വിചാരിച്ച പോലെ തന്നെ Zain ഒരു കള്ളച്ചിരിയുമായി എന്റെ അടുത്തേക്ക് നടന്നടുത്തു...

"Zain.... എന്തിനാ ഡോർ ലോക്ക് ചെയ്തത്....? ഡോർ തുറക്ക് എനിക്ക് പോകണം...."

"ഡോർ ലോക്ക് ചെയ്തില്ലേൽ പിന്നെ അത് നമ്മൾക്കിടയിൽ വേറെ വല്ല ശല്യങ്ങളും കടന്ന് വരാൻ ഇടയാക്കും.... അപ്പോ നമ്മളെ മീറ്റിംഗ് കുളമാകില്ലേ...?

ഇതാകുമ്പോ ആരുടേയും ശല്യം ഇല്ലാതെ നമുക്ക് സ്വസ്ഥമായി ഇരുന്ന് മീറ്റിംഗ് കൂടാന്നെ...."

എന്ന് പറഞ്ഞോണ്ട് അവൻ എന്റെ തോളിൽ കൈ വെച്ചതും നമ്മള് അപ്പൊ തന്നെ അവനെ പിടിച്ച് തള്ളിയിട്ട് അവിടന്ന് ഡോറിന്റെ അടുത്തേക്ക് ചെന്ന് ലോക്ക് തുറക്കാൻ നിന്നതും അവനെന്റെ പിറകിലൂടെ വന്ന് എന്റെ കൈ ബലമായി പിടിച്ച് മാറ്റി എന്നെ തള്ളിയിട്ടു...

"നിന്നെ ആദ്യമായി കണ്ട അന്ന് മുതൽക്കേ ഞാൻ മനസ്സിൽ കൊണ്ട് നടക്കാൻ തുടങ്ങിയതാ ദാ ഇതുപോലെയൊരു ദിവസം... ഞാൻ ആഗ്രഹിച്ച ഒരു പെണ്ണിനെയും എനിക്ക് ഇന്നേവരെ കിട്ടാതിരുന്നിട്ടില്ല.... അതുപോലെ നിന്നെയും ഞാൻ സ്വന്തമാക്കാൻ പോകാ.... ഇത് നിനക്ക് അത്ര വലിയ കാര്യമൊന്നും ആകില്ലല്ലോ.... കാരണം ആദിയുടെ കൂടെ ഒരു റൂമിൽ കഴിയുന്ന നിനക്കാണോ ഇന്നത്തെ രാത്രി എന്റെ കോക്ടെ കഴിയാൻ ബുദ്ധിമുട്ട്...."

എന്ന് അവൻ അശ്ലീല ചുവയോടെ എന്തൊക്കെയോ പറയാൻ തുടങ്ങിയതും നമ്മളെ ദേഷ്യം പതിമടങ്ങ് വർധിച്ച് വന്നു... നമ്മള് അപ്പോ തന്നെ വീണിടത്ത് നിന്നും എണീറ്റിട്ട് അവന്റെ കരണക്കുറ്റി നോക്കി ഒരെണ്ണം പൊട്ടിച്ചു....

അപ്പോ തന്നെ അവൻ രൂക്ഷമായി എന്നെ നോക്കി ചിരിച്ചിട്ട് എന്നെ വലിച്ചോണ്ട് പോയി ബെഡിലേക്ക് തള്ളി എന്റെ കൈകളെ അവന്റെ ബലിഷ്ഠമായ കൈക്കുള്ളിലാക്കി...

"എന്റെ കൈ കരുത്തിന് മുമ്പിലൊന്നും നിന്റെ കരുത്ത്

എത്തില്ല മോളെ....

എന്റെ കയ്യിൽ കിടന്ന് പിടഞ്ഞ് തീരാനാകും ചിലപ്പോ നിന്റെ വിധി..."

എന്ന് പറഞ്ഞ് അവൻ എന്റെ നേരെ മുഖം അടുപ്പിക്കാൻ നിന്നതും നമ്മള് നമ്മളെ കൊണ്ട് കഴിയുന്ന പോലെ അവിടെ കിടന്ന് അലറി വിളിക്കാൻ തുടങ്ങി....

"നീ എത്ര വേണേലും അലറി കരഞ്ഞോ ഫെബി.... ഇതിനകത്തേക്ക് ആരും ചോദിക്കാനും പറയാനും വരില്ല... അതിന് വേണ്ടതൊക്കെ ഞാൻ ആദ്യമേ ചെയ്ത് വെച്ചിട്ടുണ്ട്.... അതോണ്ട് നീ എത്ര വേണേൽ കരഞ്ഞോ.... നിന്നെ അങ്ങനെ വിട്ട് കളയാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ല...."

അവൻ വീണ്ടും എന്റെ അടുത്തേക്ക് അടുക്കാൻ തുടങ്ങിയതും നമ്മളെ കൈകാലുകളൊക്കെ കുഴഞ്ഞ് പോകുന്ന പോലെ നമ്മക്ക് തോന്നി.... നമ്മള് അവിടെ കിടന്ന് ആദി എന്ന് അലറി കരഞ്ഞു.... പക്ഷെ ആരും കേട്ടില്ല....

അപ്പോ തന്നെ എന്റെ ഫോൺ റിങ് ചെയ്തതും ഞാൻ കഴിയുന്ന വിധത്തിൽ അവന്റെ പിടിയിൽ നിന്നും കുതറി മാറാൻ ശ്രമിച്ചോണ്ട് ആ കോൾ അറ്റൻഡ് ചെയ്യാൻ നോക്കിയെങ്കിലും നമ്മക്ക് അതിന് കഴിഞ്ഞില്ല...

കാരണം അവൻ അപ്പോഴേക്കും എന്റെ കയ്യിൽ നിന്നും ആ ഫോൺ തട്ടി പറിച്ച് വാങ്ങിയിരുന്നു....

"കോന്തൻ..... കൊള്ളാലോ... ആദിക്ക് വെച്ച പേര് കൊള്ളാം കോന്തൻ....

എന്തായാലും ഈ കോന്തൻ അവിടെ കിടന്ന് വിളിക്കട്ടെ ഫെബി... നമ്മക്ക് നമ്മളെ കാര്യത്തിലേക്ക് കടക്കാം...."

എന്ന് പറഞ്ഞ് അവൻ എന്റെ ഫോൺ ബെഡിലേക്ക് ഇട്ടിട്ട് എന്റെ മുഖത്തേക്ക് അവന്റെ മുഖം അടുപ്പിച്ച് കൊണ്ട് വന്നു... അവന്റെ ശ്വാസം എന്റെ മുഖത്തേക്ക് വീശിയടിക്കുന്നതിന് അനുസരിച്ച് എന്നെ ഭയം വേട്ടയാടി കൊണ്ടിരുന്നു...

ഒരു പെണ്ണ് അവളുടെ മാനം രക്ഷിക്കാൻ വേണ്ടി

എന്തും ചെയ്യുന്ന പോലെ ഞാനും എന്തൊക്കെയോ ചെയ്തെങ്കിലും അവന്റെ കൈ കരുത്തിന് മുന്നിൽ എനിക്ക് അടിയറവ് പറയേണ്ടി വന്നു....

പതിയെ അവനിലെയും എന്നിലെയും അകലം കുറഞ്ഞ് വരുന്നതിന് അനുസരിച്ച് എന്റെ ശക്തിയെല്ലാം ചോർന്ന് പോയി തുടങ്ങി.... ഞാൻ കണ്ണുകൾ ഇറുക്കിയടച്ച് ഈ ഒരു നിമിഷം എന്റെ ജീവൻ ഒന്ന് എടുത്ത് തരാനായി പടച്ചോനോട് കരഞ്ഞ് അപേക്ഷിച്ചു....

അവനിൽ നിന്നും കുതറി മാറാൻ ശ്രമിച്ചിരുന്ന എന്റെ ശരീരം പതിയെ ബലം കുറഞ്ഞ് വന്നു.....

(തുടരും)

ഭാഗം.114

പതിയെ അവനിലെയും എന്നിലെയും അകലം കുറഞ്ഞ് വരുന്നതിന് അനുസരിച്ച് എന്റെ ശക്തിയെല്ലാം ചോർന്ന് പോയി തുടങ്ങി.... ഞാൻ കണ്ണുകൾ ഇറുക്കിയടച്ച് ഈ ഒരു നിമിഷം എന്റെ ജീവൻ ഒന്ന് എടുത്ത് തരാനായി പടച്ചോനോട് കരഞ്ഞ് അപേക്ഷിച്ചു....

അവനിൽ നിന്നും കുതറി മാറാൻ ശ്രമിച്ചിരുന്ന എന്റെ ശരീരം പതിയെ ബലം കുറഞ്ഞ് വന്നു.....

വീണ്ടും എന്റെ ഫോണിന്റെ റിങ് കേട്ടതും ഞാൻ പെട്ടെന്ന് കണ്ണ് തുറന്ന് കാൽ മടക്കി അവനിട്ട് ഒരു ചവിട്ട് കൊടുത്ത് തള്ളി മാറ്റിയിട്ട് നമ്മളെ ഫോണും എടുത്ത് ഡോറിന്റെ അടുത്തേക്ക് ഓടി...

ആ നേരത്ത് എനിക്ക് ഫോൺ എടുക്കാനല്ല തോന്നിയത് പകരം അവിടന്ന് എങ്ങനെലും ഓടി രക്ഷപ്പെടാനാണ്... അതോണ്ട് ഓനെ തള്ളിയിട്ട ഉടനെ തന്നെ നമ്മള് പോയി ഡോർ തുറന്ന് പോകാൻ നിന്നതും അവനെന്റെ കയ്യിൽ പിടിച്ച് വീണ്ടും അകത്തേക്ക് വലിച്ചിട്ടു...

നമ്മള് നേരെ ചെന്ന് ഒരു ടേബിളിൽ തട്ടി നിന്നതും

നമ്മളെ കൈ ചെന്ന് പതിച്ചത് ഒരു ഫ്ലവർ വേസിൽ ആയിരുന്നു... ഞാൻ അത് എടുത്ത് പുറകിലേക്ക് മാറ്റി പിടിച്ചിട്ട് അവനെ രൂക്ഷമായി നോക്കി കൊണ്ട് കണ്ണ് നിറച്ചു....

"അത്ര പെട്ടെന്ന് എന്റെ കയ്യീന്ന് ആരും രക്ഷപ്പെട്ട് പോകാറില്ല... നീയും അതുപോലെ ഇവിടന്ന് പോകാനും പോണില്ല...."

എന്ന് പറഞ്ഞ് അവൻ എന്റെ നേരെ വന്നതും എന്റെ കയ്യിലുണ്ടായിരുന്ന വേസ് എടുത്ത് അവന്റെ തലയിലടിച്ചു... ആ വേസ് പൊട്ടി ചിതറി അവന്റെ നെറ്റിയിലൂടെ രക്തം ഒലിച്ചിറങ്ങി അവൻ അവിടെ പതിയെ നിലത്തേക്ക് അലറി കൊണ്ട് വീണു....

അത് കണ്ടപ്പോ എനിക്ക് ശ്വാസം മുട്ടുന്ന പോലെ തോന്നി ഞാൻ അവിടന്ന് വേഗം ഓടി റൂമിന് പുറത്തേക്ക് പോയി കെതച്ചോണ്ടിരുന്നു.... എന്നിട്ട് പതിയെ ഒന്ന് തല ചെരിച്ച് നോക്കിയപ്പോ ആ ഫ്ലോറിൽ ആദി നിൽക്കുന്നത് കണ്ടു... ഓൻ ഫോൺ കാതോട് അടുപ്പിച്ചോണ്ട് എന്നെ തന്നെ നോക്കി നിൽക്കാണ്...

ഓനെ കണ്ടതും ഞാൻ അവന്റെ അടുത്തേക്ക് ഓടി ചെന്ന് അവനെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു.... എന്റെ ഉള്ളിൽ കുടികൊണ്ടിരുന്ന പേടിയെ മുഴുവൻ അവനെ കെട്ടിപ്പിടിച്ച് എന്നിൽ നിന്നും അകറ്റി മാറ്റി... എന്നാലും ആ റൂമിനകത്ത് വെച്ച് ഞാൻ അനുഭവിച്ച മാനസികാവസ്ഥ ആലോചിച്ചപ്പോ വീണ്ടും പൊട്ടിക്കരഞ്ഞു പോയി....

★★★★★★★★★★★★★★★★★★★★

Zain ആയിട്ടുള്ള മീറ്റിങ്ങിൽ അവളെ തനിച്ച് വിടാൻ എനിക്ക് ഒട്ടും താല്പര്യം ഇല്ലായിരുന്നു... പക്ഷെ അവളോട് അങ്ങനെ വല്ലതും പറഞ്ഞാൽ അവളത് വേറെ രീതിയിലെ കാണൂ അതാ ഞാൻ എതിർക്കാഞ്ഞത്...

പക്ഷെ എത്രയൊക്കെ ആയിട്ടും റൂമിൽ ഇരുന്നിട്ട് ഒരു സ്വസ്ഥതയും കിട്ടുന്നില്ല... അതാ അവൾക്ക് വിളിച്ച് നോക്കിയത്...

അപ്പോഴാണെങ്കിലോ ഫോൺ റിങ് ചെയ്യുന്നുണ്ടെന്ന് അല്ലാതെ അവള് കോൾ എടുകുന്നില്ല... എനിക്ക് എന്തോ എന്റെ മനസ്സിനെ ശാന്തമാക്കാൻ കഴിയുന്നില്ല... അതോണ്ട് Zain ന്റെ റൂമിലേക്ക് പോകാൻ തന്നെ ഞാൻ തീരുമാനിച്ച് അവൾക്ക് വിളിച്ചോണ്ട് ആ ഫ്ലോറിൽ എത്തിയപ്പോഴാണ് അവള് അവന്റെ റൂമിന്റെ മുന്നിൽ നിന്നിട്ട് കിതച്ചോണ്ട് നമ്മളെ നോക്കിയത്....

നമ്മളെ കണ്ടതും അവളോടി വന്ന് എന്നെ കെട്ടിപ്പിടിച്ചപ്പോ ഞാൻ ഒരു പ്രതിമ കണക്കെ നിന്ന് കൊണ്ട് അവളെ നോക്കി... അവളെന്നെ നല്ല ശക്തിയിൽ ഇറുക്കി പിടിച്ചിട്ടുണ്ട് ആ പിടിയിൽ നിന്ന് തന്നെ എനിക്ക് വ്യക്തമായിരുന്നു അവള് എന്ത് മാത്രം പേടിച്ചിട്ടുണ്ടെന്ന്....

അവളുടെ കരച്ചില് കാണുമ്പോ അത് കണ്ട് നില്ക്കാൻ കഴിയാതെ എന്റെ കൈകൾ ഞാൻ പോലും അറിയാതെ അവളിൽ വലയം തീർത്തിരുന്നു... എന്നിട്ട് പതിയെ അവളെ തലയിൽ കൈ വെച്ചിട്ട് വളരെ ശാന്തമായി ഞാൻ അവളിൽ നിന്നും കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കി...

അവള് പറയുന്നത് കേട്ടപ്പോ എന്റെ രക്തം ഒക്കെ തിളച്ച് മറിയുന്ന പോലെ തോന്നി... എനിക്ക് എന്നെ തന്നെ കൺട്രോൾ ചെയ്യാൻ പറ്റാത്ത പോലെ അത്രക്ക് ദേഷ്യം നുരഞ്ഞ് പൊന്തി...

അവളെ ആശ്വസിപ്പിക്കാൻ വല്ലതും പറയാൻ വേണ്ടി ഞാൻ തുനിഞ്ഞെങ്കിലും അപ്പോഴേക്കും അവള് എന്റെ കൈകളിലേക്ക് മയങ്ങി വീണിരുന്നു...

ഞാൻ അവളെ കവിളില് തട്ടി കൊണ്ട് അവളെ വിളിച്ചെങ്കിലും അവള് കണ്ണ് തുറന്നില്ല... ഞാൻ അപ്പോ തന്നെ അവളെയും എടുത്തോണ്ട് റൂമിലേക്ക് ചെന്നു... എന്നിട്ട് അവളെ ബെഡിൽ കിടത്തിയിട്ട് എണീക്കാൻ നിന്നതും അവളെന്റെ ഷർട്ടിൽ പിടുത്തമിട്ടിരുന്നു...

ഞാൻ പതിയെ അവളെ കൈ എന്റെ ഷർട്ടിൽ നിന്നും വിടുവിച്ചിട്ട് അവളെ കയ്യിലേക്ക് നോക്കിയപ്പോ അവൻ അവളെ കയ്യിൽ പിടിച്ചതിന്റെ പാട് നന്നായിട്ട് കാണുന്നുണ്ടായിരുന്നു....

അത് കണ്ടപ്പോ എനിക്ക് വീണ്ടും ദേഷ്യം കൂടി വന്നു... അവളെ അവിടെ കിടത്തി അവളെ ചെര്‍പ്പൊക്കെ

അഴിച്ച് മാറ്റി അവൾക്ക് പുതച്ച് കൊടുത്തിട്ട് അവളെ നെറ്റിയിൽ ഞാൻ പോലും അറിയാതെ എന്റെ ചുണ്ട് പതിഞ്ഞു....

★★★★★★★★★★★★★★★★★★★★★

ആ Zain ചോരയിൽ കുളിച്ചോണ്ട് കിടക്കുന്ന പോലെ പെട്ടെന്ന് നമ്മളെ ഓർമ്മയിലേക്ക് വന്നതും ഞാൻ ഞെട്ടി കണ്ണ് തുറന്ന് എണീറ്റ് നോക്കിയപ്പോ ഞാൻ റൂമിൽ ബെഡിൽ ഇരിക്കാണ്...

ഇങ്ങോട്ട് എപ്പോ എത്തിയെന്ന് ചിന്തിച്ചോണ്ട് ഞാൻ റൂമിന് ചുറ്റും ഒന്ന് കണ്ണോടിച്ചപ്പോ ആദി സോഫയിൽ കിടന്ന് ഉറങ്ങുന്നതാണ് കണ്ടത്...

സമയം രണ്ട് മണി ആയിട്ടുള്ളു... നമ്മളെ ബെഡിൽ കിടത്തിയിട്ട് ആദി സോഫയിൽ കിടക്കുന്നത് കണ്ടപ്പോ എന്തോ പോലെ തോന്നി ഞാൻ അവിടന്ന് എണീറ്റ് അവന്റെ അടുത്ത് പോയി അവിടെ മുട്ട് കുത്തി ഇരുന്നു...

ഒരു പുതപ്പെടുത്ത് അവന് പുതച്ച് കൊടുത്തപ്പോ

പെട്ടെന്ന് ആദി എന്റെ കയ്യിൽ പിടിത്തമിട്ടു... എന്നിട്ട് എന്റെ കൈ ഒരു തലയണയാക്കി കൊണ്ട് അവന്റെ കവിളിൽ വെച്ച് അവൻ ഉറങ്ങി...

അത് കണ്ടപ്പോ എന്റെ ചുണ്ടിൽ അറിയാതെ ഒരു പുഞ്ചിരി വിടർന്നു... ഞാൻ അവന്റെ നെറ്റിയിൽ ഒരുമ്മ കൊടുത്തിട്ട് ആ സോഫയിൽ തലവെച്ച് കിടന്നു....

അപ്പോഴാണ് എനിക്ക് Zain നെ ഓർമ്മ വന്നത്... അവനെന്ത് പറ്റി കാണുമെന്ന് ചിന്തിച്ചിട്ട് ആണെങ്കിൽ എനിക്ക് പിന്നീട് ഉറക്കവും വരുന്നില്ല... അവൻ എങ്ങാനും ചത്ത് പോയാൽ ഞാൻ ആകില്ലേ അവന്റെ മരണത്തിന് ഉത്തരവാദി... എന്നൊക്കെ ചിന്തിച്ച് കൂട്ടിയപ്പോ എന്റെ മനസ്സിലെ ധൈര്യമൊക്കെ ചോർന്ന് പോകുന്ന പോലെ തോന്നി...

ഞാൻ പതിയെ ആദിയുടെ മുഖത്തേക്ക് നോട്ടമിട്ടപ്പോ ആദിയിൽ നിന്ന് എനിക്ക് അകലേണ്ടി വരുമോ എന്ന ഭയം കൂടി വന്നു.... പക്ഷെ എന്താണെന്നറിയില്ല ആദിന്റെ മുഖം കാണുമ്പോ ആ ടെൻഷനും ഭയവുമൊക്കെ എന്നിൽ നിന്നും അകന്ന് പോകാണ്....

ആദിയെ നോക്കി ഇരുന്ന് എപ്പോഴാ ഉറങ്ങിയതെന്ന് അറിയില്ല... കണ്ണിലേക്ക് സൂര്യന്റെ വെളിച്ചം തുളച്ച് കേറിയപ്പോഴാണ് ഞാൻ കണ്ണ് തുറന്നത്... അപ്പോ നോക്കുമ്പോ ആദി എണീറ്റ് കർട്ടൻ നീക്കിയിട്ട് എന്നെ നോക്കി നിൽക്കാണ്....

"ഇങ്ങനെ ഇവിടെ ഇരുന്ന് ഉറങ്ങിയാൽ മതിയോ.. ? ഇന്ന് തിരിച്ച് പോകണ്ടേ...?

പെട്ടെന്ന് റെഡിയാകാൻ നോക്ക് ഫ്ലൈറ്റ് 10.30 നാ... get ready...."

എന്ന് പറഞ്ഞ് നമ്മളെ തോളിൽ ഒന്ന് തട്ടിയിട്ട് ആദി ബാത്റൂമിലേക്ക് കയറി... ഇന്നലെ രാത്രി സംഭവിച്ചതൊക്കെ ആലോചിച്ചിട്ട് ആണെങ്കിൽ എനിക്ക് ഒരു മനസ്സമാധാനവും കിട്ടുന്നില്ല... ഇവനാണെങ്കിലോ ഒന്നും സംഭവിക്കാത്ത പോലെയുള്ള കാട്ടിക്കൂട്ടലും...

അതോണ്ട് നമ്മളും അത് വലിയ കാര്യമാക്കാതെ

നമ്മക്ക് വേണ്ടി കൊണ്ട് വന്ന കോഫി എടുത്ത് കുടിച്ചിട്ട് ബാൽക്കണിയിലേക്ക് ചെന്നു... അവിടന്ന് താഴോട്ട് നോക്കിയപ്പോ താഴെ ആകെ ആളുകളും പൊലീസുമൊക്കെ കൂടി നിൽപ്പുണ്ട്... എന്താണ് സംഭവമെന്ന് മനസ്സിലാകുന്നില്ല...

എന്താകും താഴെ നടക്കുന്നതെന്ന് ചിന്തിച്ചോണ്ട് നമ്മള് തിരിഞ്ഞ് നോക്കിയതും ബാത്ത് ടവ്വൽ മാത്രം ഉടുത്തോണ്ട് ആദി ബാത്‌റൂമിൽ നിന്നും ഇറങ്ങി വന്നു... അത് കണ്ടപ്പോ ഇതുവരെ നമ്മള് എന്താ ചിന്തിച്ച് നിന്നതെന്ന് വരെ ഞാൻ മറന്ന് പോയി തൊള്ളേം തുറന്ന് ഓനെ തന്നെ നോക്കി നിന്നു...

നമ്മളെ നോട്ടം കണ്ടിട്ടെന്ന വണ്ണം ആദി നമ്മളെ നോക്കിയിട്ട് എന്താ എന്ന രീതിയിൽ പുരികം പൊക്കിയപ്പോ നമ്മള് ഒന്നുമില്ലെന്ന് തോള് പൊന്തിച്ച് കാണിച്ചിട്ട് ഓനെ നോക്കി ചിരിച്ചു...

ഒട്ടും രോമമില്ലാത്ത അവന്റെ സിക്സ് പാക്ക് ബോഡിയിലേക്ക് തന്നെ നോക്കി കൊണ്ട് പുഞ്ചിരിച്ച് നിൽക്കുന്ന നമ്മളെ കണ്ടതും ഓൻ സ്വയം ഓനെ തന്നെ നോക്കിയിട്ട് വേഗം കൈ കൊണ്ട് മേനി മറച്ച് തിരിഞ്ഞു നിന്നു...

നമ്മളത് കണ്ടിട്ട് ചിരി അടക്കി പിടിച്ചോണ്ട് അവന്റെ അടുത്തേക്ക് ചെന്ന് അവന്റെ മുന്നിലുള്ള എന്റെ ടവ്വൽ എടുത്തതും ഓൻ ഓന്റെ ടവ്വൽ പിടിച്ചോണ്ട് രണ്ട് സ്റ്റെപ്പ് പിറകോട്ട് നീങ്ങി നിന്നു.... ഓന്റെ കാട്ടിക്കൂട്ടല് കണ്ട് നമ്മള് വാ പൊത്തി ചിരിക്കുന്നത് കണ്ടപ്പോ ഓന്റെ മുഖത്തെ ഭാവം പെട്ടെന്ന് മാറി....

ബാത്‌റൂമിലേക്ക് കയറാൻ നിന്ന നമ്മളെ തോളിൽ പിടിച്ച് തിരിച്ച് നിർത്തിയിട്ട് എന്റെ കൈ പിടിച്ച് വലിച്ച് എന്നെ അവനിലേക്ക് അടുപ്പിച്ച് നിർത്തി... ആ നേരത്ത് പെട്ടെന്ന് നമ്മളെ വയറ്റിലൂടെ ഒരു കാളലങ്ങ് കയറിയതും നമ്മള് കണ്ണ് തള്ളി കൊണ്ട് ഓനെ തന്നെ നോക്കി നിന്നു....

അപ്പൊ ആദി പതിയെ എന്റെ നേരെ അവന്റെ മുഖം അടുപ്പിച്ച് കൊണ്ട് വരുന്നത് കണ്ടപ്പോ നമ്മളെ കണ്ണുകൾ പതിയെ അടഞ്ഞ് അവനിലേക്ക് കുറച്ച് കൂടി അടുത്ത് നിന്നു....

അവന്റെ അധരങ്ങൾ ഇപ്പോ എന്നിൽ വന്ന് ചേരുമെന്ന് വിചാരിച്ച നമ്മളെ ചിന്തകളെ മാറ്റി മറിച്ചോണ്ട് ആ

കോന്തൻ നമ്മളെ തലക്ക് ഓന്റെ തല കൊണ്ട് ഒരു മേട്ടം തന്നിട്ട് നമ്മളെ കൈ വിട്ട് അകന്ന് നിന്നു...

നമ്മള് നെറ്റി തടവി കൊണ്ട് ആ കോന്തനെ നോക്കി കണ്ണുരുട്ടിയപ്പോ ഓൻ ചിരിച്ചോണ്ട് പറയാ വല്ലാണ്ട് ഊതല്ലേന്ന്.... ഓൻ പറഞ്ഞതിന്റെ പൊരുള് നമ്മക്ക് അപ്പോ മനസ്സിൽ ആയില്ലെങ്കിലും പിന്നീട് നമ്മള് ഓനെ കളിയാക്കി ചിരിച്ചതിനെയാണ് ഓൻ ഉദ്ദേശിച്ചതെന്ന് മനസ്സിലായി...

കോന്തൻ നമ്മളെ നെറ്റിയിൽ ഓന്റെ തല മുട്ടിച്ചിട്ട് നല്ലോണം വേദന എടുക്കുന്നുണ്ട്... നമ്മള് തല ഉഴിയുന്നത് കണ്ടിട്ട് അവൻ നിന്ന് ചിരിക്കാണ്...

ഓന്റെ ചിരി കണ്ടപ്പോ നമ്മക്ക് ദേഷ്യം വന്നു നമ്മള് അപ്പൊ തന്നെ ഓന്റെ അടുത്തേക്ക് ചെന്ന് ബാത്ത് ടവ്വൽ അവന്റെ അരയിൽ നിന്നും ഊരി വലിച്ചിട്ട് കണ്ണ് പൊത്തി തിരിഞ്ഞ് നോക്കാതെ വേഗം ബാത്റൂമിലേക്ക് ഓടി വാതിലടച്ചു....

എന്നിട്ട് ഓൻ അവിടെ കിടന്ന് നമ്മളോട് വിളിച്ച് കൂവുന്നതും തെറി പറയുന്നതുമൊക്കെ കേട്ട് നമ്മള്

പൊരിഞ്ഞ ചിരിയായിരുന്നു... ഓന്റെ ടവ്വലിലേക്ക് നോക്കിയിട്ട് ഓൻ ഇപ്പോ അവിടെ നിൽക്കുന്ന കോലം എങ്ങനെയായിരിക്കുമെന്ന് ചിന്തിച്ച് നോക്കിയപ്പോ നമ്മക്ക് വീണ്ടും ചിരി വന്നു...

നമ്മള് ആ ബാത്റൂമിൽ കിടന്ന് അങ്ങോട്ടും ഇങ്ങോട്ടും ഓടി ഹലാക്കിലെ ചിരിയായിരുന്നു...

അങ്ങനെ നമ്മള് കുളിയൊക്കെ കഴിഞ്ഞ് പതിയെ ഡോർ തുറന്ന് പുറത്തേക്ക് തലയിട്ട് നോക്കിയപ്പോ ആ കോന്തന്റെ പൊടി പോലും അവിടെ കാണുന്നില്ല...

നമ്മള് അപ്പോ തന്നെ നെഞ്ചിൽ കൈ വെച്ച് ഒന്ന് നെടുവീർപ്പിട്ടിട്ട് റൂമിലേക്ക് കയറിയതും റൂമിന്റെ വാതില് പെട്ടെന്ന് ആരോ അടക്കുന്ന ശബ്ദം കേട്ട് നമ്മള് ഞെട്ടി തിരിഞ്ഞ് നോക്കി...

അപ്പോഴുണ്ട് നമ്മളെ കോന്തൻ കൈ രണ്ടും കെട്ടി ഡോറിനോട് ചാരി നിന്നിട്ട് നമ്മളെ നോക്കി നിൽക്കുന്നു... നമ്മള് ഓനെ കണ്ടപ്പോ തന്നെ പെട്ടെന്ന് മുഖം പൊത്തി പിടിച്ച് നിന്നു.... എന്നിട്ട് പതിയെ വിരലുകൾ നീക്കി അതിന്റെ ഇടയിലൂടെ ഓനെ ഒന്ന് അടിമുടി നോക്കി...

നമ്മള് പ്രതീക്ഷിച്ച പോലെ ഒന്നും ഇടാതെ ഒന്നുമല്ല ചെക്കന്റെ നിർത്തം... ഓൻ പാന്റ്സ് മാത്രം ഇട്ടോണ്ട് മസിലും പെരിപ്പിച്ചങ്ങനെ നിൽക്കാ വെറുതെ മനുഷ്യനെ കൊതിപ്പിക്കാൻ...

നമ്മള് അപ്പോ തന്നെ കൈ താഴ്ത്തി വെച്ചിട്ട് നിലത്തേക്ക് നോക്കി കൊണ്ട് പതിയെ അവന്റെ മുഖത്തേക്ക് നോക്കി കൊണ്ട് ഒന്ന് ചിരിച്ച് കൊടുത്തു... അപ്പോ തന്നെ ആദി നമ്മളെ നേരെ പാഞ്ഞ് വരുന്നത് കണ്ടതും നമ്മള് പിറകോട്ട് പോയി ബാൽക്കണിയിലെ ഗ്ലാസ് ഡോറിൽ തട്ടി അവിടെ നിന്നു...

ആദി നമ്മളെ നേർക്ക് വന്നതാണെന്ന് നമ്മക്ക് തോന്നി പോയതാ ഓൻ നേരെ ചെന്നത് ബെഡിൽ കിടക്കുന്ന ഓന്റെ ഷർട്ടിന്റെ അടുത്തേക്കാ...

ഛെ നമ്മളെ വീണ്ടും ചെക്കൻ കൊതിപ്പിച്ചു...

നമ്മള് ഒരു ചെറിയ നിരാശയുടെ ഭാവത്തിൽ തലയിലെ ടവ്വൽ ഊരി മാറ്റി തല തുവർത്തി കൊണ്ട് നിന്നപോ

ആദി പെട്ടെന്ന് നമ്മളെ മുന്നിലേക്ക് അവന്റെ ഷർട്ട് നീട്ടി...

നമ്മള് അന്തം വിട്ട് ഓന്റെ ഷർട്ടിലേക്കും ഓനെയും നോക്കി നിന്നപ്പോ ഓൻ നമ്മളെ അടുത്തേക്ക് വന്നു...

"നിനക്ക് ടവ്വൽ പറിച്ച് ഓടാൻ നന്നായിട്ട് അറിയാമെന്ന് മനസ്സിലായി... അതുപോലെ എന്റെ ഈ ഷർട്ട് എനിക്ക് ഇട്ട് തരാൻ നിനക്ക് അറിയോ എന്നൂടെ ഞാൻ ഒന്ന് അറിയട്ടെ...

വേഗം എനിക്ക് ഇത് ഇട്ട് താ...."

"ന്ത്.....?"

ഓൻ പറയുന്നത് കേട്ട് തൊള്ളേം തുറന്ന് നമ്മള് ഓനെ ഒരു സംശയ രൂപേണ നോക്കിയപ്പോ ഓൻ നമ്മളെ കയ്യീന്ന് ടവ്വൽ വാങ്ങി സോഫയിലേക്ക് ഇട്ടു...

"പറഞ്ഞത് കേട്ടില്ലേ...? എനിക്ക് ഈ ഷർട്ട് ഇട്ട് താ എന്ന്...."

"എന്തിന്...? നിങ്ങക്കെന്താ കയ്യില്ലേ...? തന്നത്താൻ അങ്ങ് ഇട്ടാലെന്താ...?"

"എനിക്ക് കൈയുണ്ടെന്ന് കണ്ടില്ലേ...? പിന്നെ എന്തിനാ നീ എന്റെ ടവ്വൽ പറിച്ച് ഓടിയത്...? നീ ചെയ്തതിനുള്ള ശിക്ഷയായിട്ട് ഇതിനെ കൂട്ടിയാൽ മതി... നീ ഇത് ചെയ്തില്ലെങ്കിൽ നീ എന്നെ ഇവിടെ നിർത്തിച്ച പോലെ നിന്നെയും നിർത്തിക്കും കാണണോ നിനക്ക്...?"

നമ്മള് അപ്പോ തന്നെ പേടിച്ചോണ്ട് വേണ്ടാന്ന് തലയാട്ടിയിട്ട് അവന്റെ കയ്യീന്ന് ഷർട്ട് വാങ്ങി അവന് ഇട്ട് കൊടുത്തു... എന്നിട്ട് ഷർട്ടിന്റെ ഓരോ ബട്ടണും ഇട്ട് കൊടുക്കുമ്പോ നമ്മള് പതിയെ അവനിലേക്ക് ഇടങ്കണ്ണിട്ട് നോക്കി കൊണ്ടിരുന്നു....

ഏതോ പട്ടാള ക്യാമ്പിൽ ചെന്ന് അറ്റെൻഷനിൽ നേരെ നോക്കി നിൽക്കുന്ന പോലെയാ ചെക്കൻ നിൽക്കുന്നത്... ഓന്റെ നിർത്തം കാണുമ്പോ ഒരു സല്യൂട്ട് കൊടുക്കാൻ തോന്നുന്നുണ്ട്...

അതോണ്ട് നമ്മള് അപ്പോ തന്നെ ഓനെ നോക്കി സല്യൂട്ട് അടിച്ച് കാണിച്ചു... അത് കണ്ട് ഓൻ ചിരിച്ചോണ്ട് ഓന്റെ കോട്ടെടുത്ത് ഇട്ടിട്ട് നമ്മളോട് വേഗം റെഡിയായി റെസ്റ്റോറന്റിലേക്ക് വരാൻ പറഞ്ഞ് ഓൻ റൂമീന്ന് പോയി...

നമ്മള് ഓൻ പോയത് നോക്കി കൊണ്ട് നിന്നിട്ട് നമ്മളും ഒന്ന് ചിരിച്ചോണ്ട് പെട്ടെന്ന് റെഡിയായി താഴെക്ക് ചെന്നു....

നമ്മള് ലിഫ്റ്റ് തുറന്ന അപ്പോ തന്നെ കണ്ടത് ആദിയുടെ മുഖമായിരുന്നു... ലിഫ്റ്റിന്റെ മുന്നിൽ തന്നെ നിന്ന് നമ്മളെ വെയിറ്റ് ചെയ്യാകും...

ലിഫ്റ്റ് ഓപ്പൺ ആയത് കണ്ട് ഓൻ ഫോണിൽ നിന്നും നോട്ടം തെറ്റിച്ചോണ്ട് നമ്മളെ നോക്കി പതിയെ അടുത്തേക്ക് വന്നു...

"എവിടെ ആയിരുന്നു നീ...? ഞാൻ എത്ര നേരമായെന്ന് അറിയോ ഇവിടെ വെയിറ്റ് ചെയ്യാൻ തുടങ്ങിയിട്ട്...? നിനക്ക് റെഡിയാകാൻ ഒക്കെ ഇത്രക്ക് ടൈം വേണോ..."

എന്ന് ഇത്തിരി കലിപ്പിൽ ഓൻ പറയുന്നത് കേട്ടപ്പോ നമ്മള് ഓനെ തന്നെ നോക്കി കൊണ്ട് ഓന്റെ പിന്നാലെ റെസ്റ്റോറന്റിലേക്ക് ചെന്നു... അപ്പോ അവിടെ റിസപ്ഷനിൽ പൊലീസുകാരൊക്കെ നിൽക്കുന്നത് കണ്ടപ്പോ നമ്മക്ക് പെട്ടെന്ന് Zain നെ ഓർമ്മ വന്നു...

ഇതുവരെ മറന്ന് തുടങ്ങിയിരുന്ന മുഖം പെട്ടെന്ന് മനസ്സിലേക്ക് വന്നതും എന്റെ കാലുകൾ അവിടെ തന്നെ നിന്ന് ആ പൊലീസുകാരെ നോക്കി.... അപ്പോ തന്നെ ആദി നമ്മളെ കൈ പിടിച്ചോണ്ട് നമ്മളെയും കൊണ്ട് റെസ്റ്റോറന്റിലേക്ക് കയറി ഫുഡ് ഓഡർ ചെയ്തു...

നമ്മള് അപ്പോഴും Zain നെ കുറിച്ച് ചിന്തിച്ചോണ്ട് ഇന്നലെ രാത്രി സംഭവിച്ചതൊക്കെ ഓർത്തെടുത്തു... Zain ന് വല്ലതും പറ്റിയിട്ടാകുമോ പോലീസ് വന്നതെന്ന് ചിന്തിച്ചിരുന്നപ്പോ പെട്ടെന്ന് ആദി എന്റെ കയ്യിൽ പിടി മുറുക്കി...

നമ്മള് ചിന്തയിൽ നിന്നും ഞെട്ടിയുണർന്നിട്ട് ആദിയെ നോക്കിയപ്പോ ഓൻ നമ്മളോട് ഫുഡ് കഴിക്കാൻ

ആംഗ്യം കാണിച്ചു... നമ്മള് ഫുഡിലേക്ക് നോക്കി ഇരുന്നോണ്ട് വീണ്ടും ഓരോന്ന് ചിന്തിച്ച് ഇരുന്നപ്പോ പെട്ടെന്ന് ആദി അതെടുത്ത് നമ്മളെ വായേല് വെച്ച് തന്നു...

നമ്മള് അന്തം വിട്ട് പ്ലേറ്റിലേക്ക് നോക്കിയിട്ട് ആദിയിലേക്ക് നോക്കിയപ്പോ "സ്വപ്നം കാണാതെ വേഗം കഴിക്കാൻ നോക്ക്... ഫ്ലൈറ്റിന് സമയമായി.."എന്ന് പറഞ്ഞോണ്ട് ഓൻ ഫുഡ് കഴിച്ചോണ്ടിരുന്നു...

ഓന്റെ മുഖത്ത് യാതൊരു ഭാവ വ്യത്യാസവും കാണാത്തത് കാണുമ്പോ Zain ന് ഒന്നും സംഭവിച്ചിട്ടില്ലെന്ന് ഞാൻ എന്നോട് തന്നെ പറഞ്ഞ് ആശ്വസിപ്പിച്ചു... എന്നിട്ട് ഫുഡൊക്കെ കഴിച്ച് റൂമിലേക്ക് ചെന്നു....

ബാഗൊക്കെ പാക്ക് ചെയ്ത് ഞാനും ആദിയും റൂമിൽ നിന്നും ഇറങ്ങാൻ നിന്നപ്പോ നമ്മക്ക് ആ റൂമീന്ന് പോരാൻ തോന്നുന്നില്ല... എന്തോ അത്രക്ക് മിസ്സ് ചെയ്തു പോയി ആ റൂമിൽ ഞങ്ങള് കഴിച്ച് കൂട്ടിയ

നിമിഷങ്ങൾ ഓർത്തപ്പോ...

അവിടന്ന് ഇറങ്ങി ഞങ്ങള് താഴെ എത്തിയപ്പോ പൊലീസുകാരൊക്കെ പോയിട്ടുണ്ടായിരുന്നു... ആദി ബിൽ സെറ്റിൽ ചെയ്യാൻ വേണ്ടി റീസെപ്ഷന്റെ അടുത്തേക്ക് ചെന്നപ്പോ നമ്മള് അവിടെ നിന്നോണ്ട് ഒന്ന് നെടുവീർപ്പിട്ട് ചുറ്റും കണ്ണോടിച്ചപ്പോ അവിടത്തെ സ്റ്റാഫ്സൊക്കെ കൂടി എന്തൊക്കെയോ കാര്യമായി ചർച്ച ചെയ്യുന്നത് കണ്ടു...

അവര് പറയുന്നത് സൂക്ഷിച്ച് കാതോർത്തതും നമ്മള് ഞെട്ടി വാ പൊത്തി....

ഇന്നലെ രാത്രി Zain അവന്റെ റൂമിൽ നിന്നും മദ്യപിച്ച് ലെക്ക് കെട്ട് ബാൽക്കണിയിൽ നിന്നും താഴേക്ക് എടുത്ത് ചാടി ഇപ്പോ ബോധമില്ലാതെ ഹോസ്പിറ്റലിൽ കിടക്കാണ്.... അതാണ് അവര് സംസാരിക്കുന്നത്...

ആ വാർത്ത... എനിക്ക് അതെന്തോ അത്രക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല...

അതോണ്ട് സത്യാവസ്ഥ ചോദിച്ച് മനസ്സിലാക്കാൻ

വേണ്ടി ഞാൻ അവരെ അടുത്തേക്ക് പോകാൻ നിന്നതും പെട്ടെന്ന് ആദി വന്ന് എന്റെ അരയിലൂടെ കൈയിട്ടിട്ട് ഞങ്ങളെ ലഗേജ് എടുത്തോണ്ട് അവിടന്ന് നടന്നു...

അവന്റെ ഈ പെരുമാറ്റം കണ്ട് നമ്മള് അന്തളിച്ച് വാ പൊളിച്ചോണ്ട് ഓനെ തന്നെ നോക്കി നടന്നപ്പോഴും ഓൻ യാതൊരു ഭാവ വ്യത്യാസവും ഇല്ലാതെ എന്നെയും കൂട്ടി അവിടന്ന് കാറിൽ കേറി ഇരുന്നു...

നമ്മള് അപ്പോഴും ഓനെ തന്നെ നോക്കി ഇരുന്നെങ്കിലും ഒരൊറ്റ തവണ പോലും ആദി എന്റെ മുഖത്തേക്ക് തിരിഞ്ഞ് നോക്കിയില്ല... അപ്പോ തന്നെ നമ്മക്ക് ഏതാണ്ട് ഒക്കെ കാര്യങ്ങൾ പിടി കിട്ടി തുടങ്ങി...

'നമ്മള് Zain ന്റെ റൂമിൽ നിന്നും ഇറങ്ങി വന്നതിന് ശേഷം അവിടെ വേറെയെന്തൊക്കെയോ സംഭവിച്ചിട്ടുണ്ട്...

Zain മദ്യപിക്കാറില്ലെന്നത് സത്യാ... പിന്നെയെങ്ങനെ അവൻ മദ്യപിച്ച് അവിടന്ന് താഴേക്ക് വീഴും..?

ഞാൻ അവന്റെ തലക്ക് അടിച്ച് വീഴ്ത്തിയപ്പോ അവൻ ബോധമില്ലാതെ അവിടെ കിടന്നതല്ലേ...? പിന്നെ

എങ്ങനെ അത് സംഭവിക്കും..?

ഇനി ആദിയെങ്ങാനും ആകോ അത് ചെയ്തത്...?'

എന്ന് ചിന്തിച്ചോണ്ട് നമ്മള് കണ്ണിമ വെട്ടാതെ അവനെ നോക്കി ഇരിക്കുമ്പോഴും ആദി എന്നെ നോക്കാതെ നേരെ നോക്കി ഇരിക്കാണ്... അപ്പോ തന്നെ മനസ്സിലായി അതിന് പിന്നിൽ ആദിയാണെന്ന്... നമ്മക്ക് അപ്പോ സന്തോഷം കൊണ്ട് കണ്ണ് നിറയുന്ന പോലെ തോന്നി...

കുറച്ച് കഴിഞ്ഞപ്പോ ആദിന്റെ ഫോൺ റിങ് ചെയ്തതും അവൻ കോൾ അറ്റൻഡ് ചെയ്തിട്ട് പുറത്തേക്ക് നോക്കി ഇരുന്നു...

"yes സുധീർ.... thats true.... വാർത്ത കേട്ട് ഞങ്ങളും ഷോക്കായി ഇരിക്കാണ്... Zain shaa ഓവറായിട്ട് മദ്യപിച്ച് ഇങ്ങനെ താഴേക്ക് വീഴുമെന്ന് ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല... ചിലപ്പോ അവൻ ചെയ്ത വല്ല പാപങ്ങൾക്കും ദൈവം കൊടുത്ത ശിക്ഷയാകും ഇത്..."

എന്ന് പറഞ്ഞ് ആദി ഫോൺ വെച്ചപ്പോ എനിക്ക് ഉറപ്പായി ആദി തന്നെയാണ് അതെന്ന്... നമ്മള് അപ്പോ തന്നെ ആദിന്റെ കയ്യിലേക്ക് നോക്കിയിട്ട് ഓന്റെ കയ്യിൽ പിടിച്ചതും ഓൻ നമ്മളെ തിരിഞ്ഞ് നോക്കി....

നമ്മള് അപ്പോ ഓനെ നോക്കി പുഞ്ചിരിച്ചപ്പോ നമ്മക്ക് മറുപടി എന്നോണം ആദിയും തിരിച്ച് ചിരിച്ചു...

അങ്ങനെ ഞങ്ങൾ എയർപോട്ടിൽ എത്തി ഫ്ലൈറ്റിൽ കേറി ദുബായിൽ ലാന്റായി...

ഞങ്ങളെ സ്വീകരിക്കാൻ വേണ്ടി എയർപോട്ടിലേക്ക് നമ്മളെ ടീമും സൽമയും വന്നിട്ടുണ്ട്....

നമ്മള് അവരെ കണ്ടപ്പോ തന്നെ ഹായ് പറഞ്ഞ് കൈ കാണിച്ചോണ്ട് അവരെ അടുത്തേക്ക് ചെന്നെങ്കിലും അവരെ മുഖത്ത് അത്ര തെളിച്ചം ഇല്ലായിരുന്നു...

നമ്മള് അവരെ നോക്കിയിട്ട് എന്താണെന്ന് കാര്യം അന്വേഷിച്ചപ്പോ അവര് അപ്പോ സൽമയിലേക്ക് നോട്ടം തെറ്റിച്ചു... അത് കണ്ട് നമ്മളും അവളിലേക്ക് നോക്കിയപ്പോ ഓള് ആദിയെ കെട്ടിപ്പിടിച്ച് നമ്മളെ

നോക്കി ചിരിക്കാണ്... നമ്മക്ക് അപ്പോ വന്ന ദേഷ്യം നമ്മൾ കയ്യിൽ ഉണ്ടായിരുന്ന ബാഗിന്റെ പിടിയിൽ പിടി മുറുക്കി കൊണ്ട് നിയന്ത്രിച്ച് നിർത്തി വേഗം നോട്ടം തെറ്റിച്ചു....

"ആദി... നീ പാരീസിൽ നിന്നും വരാൻ കാത്തിരിക്കായിരുന്നു നിന്നോട് ഒരു ഗുഡ് ന്യൂസ് പറയാൻ..."

"ഗുഡ് ന്യൂസോ...? എന്ത് ഗുഡ് ന്യൂസ്...?'

"നിനക്ക് വല്യ പരാതി അല്ലായിരുന്നോ നമ്മളെ കല്യാണം 5 മാസത്തേക്ക് നീട്ടി വെച്ചതിന്... ഇനി നീ 5 മാസമൊന്നും കാത്തിരിക്കണ്ടാട്ടോ വെറും 5 ദിവസം കാത്തിരുന്നാൽ മതി...."

സൽമ പറയുന്നത് കേട്ട് നമ്മള് ഞെട്ടി തരിച്ച് അവളിലേക്ക് നോക്കിയപ്പോ അവളെന്നെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചിട്ട് ആദിക്ക് നേരെ ഒരു കാർഡ് നീട്ടി... ആദി അത് തുറന്ന് നോക്കിയിട്ട് എന്നെ

ഇടങ്കണ്ണിട്ട് നോക്കി കൊണ്ട് സൽമയെ നോക്കി ചിരിച്ചു....

"ഇത്ര പെട്ടെന്ന് എങ്ങനെ കല്യാണത്തിന് തീയതി തീരുമാനിച്ചു...?"

"അതൊക്കെ ഞാൻ പറഞ്ഞ് തരാം സാറെ.... ഇപ്പോ വാ നമുക്ക് വീട്ടിലേക്ക് പോകാം അവിടെ എല്ലാവരും നമ്മളെ കാത്തിരിക്കാണ്..."

എന്ന് പറഞ്ഞോണ്ട് സൽമ ആദിയെ വലിച്ചോണ്ട് പോയി കാറിൽ കയറ്റിയപ്പോ അവളെന്നെ തിരിഞ്ഞ് നോക്കി ഒരു പുച്ഛത്തോടെ ചിരിച്ച് കാണിച്ചിട്ട് അവന്റെ ഒപ്പം കാറിൽ കയറി പോയി...

അത് കണ്ടപ്പോ ഇതുവരെ എന്നിൽ ഉണ്ടായിരുന്ന സന്തോഷങ്ങളൊക്കെ അസ്തമിച്ച് കഴിഞ്ഞിരുന്നു... വീണ്ടും എന്റെ ജീവിതം ഇരുളിലേക്ക് വീഴാൻ പോകയാണ്... ആദി എന്റെ കയ്യെത്തും ദൂരത്ത് എത്തിയിട്ടും അവനെ എനിക്ക് സ്വന്തമാക്കാൻ

കഴിയാതെ പോകയാണെന്ന സത്യം എനിക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല....

മറന്ന് തുടങ്ങിയിരുന്ന വിഷമങ്ങളും സങ്കടങ്ങളും ഇപ്പോ കൂടപ്പിറപ്പ് പോലെ കൂട്ടിന് എത്തുകയാണ്... അവരുടെ കാർ എന്റെ കണ്ണിൽ നിന്നും മാഞ്ഞ് പോകുന്ന വരെ ഞാൻ അങ്ങോട്ട് നോക്കി നിൽക്കുന്നത് കണ്ട് അച്ചു എന്റെ തോളിൽ കൈ വെച്ചതും ഞാൻ പരിസരം മറന്ന് മുഖം പൊത്തി പിടിച്ച് പൊട്ടി കരഞ്ഞോണ്ട് അവിടെ ഇരുന്നു....

അപ്പോ തന്നെ നമ്മളെ ടീം നമ്മളെ അവിടന്ന് പിടിച്ച് എണീപ്പിച്ച് നിർത്തിയതും ഞാൻ അച്ചുവിനെ കെട്ടിപ്പിടിച്ച് കരഞ്ഞു... അത് കണ്ട് അവരൊക്കെ കണ്ണ് നിറക്കുന്നത് കണ്ടപ്പോ നമ്മള് കണ്ണ് തുടച്ചിട്ട് ഒന്നുമില്ലെന്ന് പറഞ്ഞ് അവരെ നോക്കി ചിരിച്ചോണ്ട് ഫൈസൽക്കാൻറെ കാറിൽ കേറി ഇരുന്നു....

നമ്മളെ ഉള്ളിലെ വിഷമം നന്നായിട്ട് മനസ്സിലാക്കാൻ കഴിയുന്ന എന്റെ കൂട്ടുകാർക്ക് ഞാൻ അഭിനയിക്കാണെന്ന് മനസ്സിലായിരുന്നു... ഞാൻ

പതിയെ സീറ്റിലേക്ക് തല ചാരി വെച്ചിട്ട് കണ്ണടച്ച് പിടിച്ച് ആദിയെ ഓർത്തപ്പോ വീണ്ടും കണ്ണ് നിറഞ്ഞു...

ഫൈസൽക്ക കാറിൽ കയറി ഡോറടക്കുന്ന ശബ്ദം കേട്ടതും നമ്മള് വേഗം കണ്ണ് തുടച്ചിട്ട് മുഖത്ത് ഒരു പുഞ്ചിരി വിടർത്തി അവരെയൊക്കെ ഒന്ന് നോക്കി...

പക്ഷെ അവരാരും എന്റെ മുഖത്തേക്ക് നോക്കാതെ മൗനത്തെ കൂട്ട് പിടിച്ചത് കണ്ടപ്പോ അവരെ മിണ്ടിക്കാൻ വേണ്ടി ഞാൻ എന്തൊക്കെയോ വാ തോരാതെ സംസാരിച്ചു... പക്ഷെ അവരൊന്നും മിണ്ടിയില്ല...

"മതി ഫെബി നീ അഭിനയിച്ചത്... ഞങ്ങളിൽ നിന്നും നിന്റെ വിഷമം നീ ഒളിക്കാൻ നോക്കണ്ടാ..."

എന്ന് നമ്മളെ സംസാരം കേട്ട് സഹികെട്ട് ഫൈസൽക്ക പറഞ്ഞതും എന്റെ മുഖത്തെ പുഞ്ചിരി മാഞ്ഞ് പോയി ഞാൻ ഒന്നും മിണ്ടാതെ ഇരുന്നു...

തിരിച്ച് ഫ്ലാറ്റിൽ എത്തിയതും നമ്മളെ ലഗേജും എടുത്തോണ്ട് റൂമിലേക്ക് പോയി ബാത്റൂമിലേക്ക്

ചെന്ന് ശവറിന്റെ ചുവട്ടിൽ ഇരുന്ന് ഒരുപാട് കരഞ്ഞു...

എന്റെ വിഷമങ്ങളും സങ്കടങ്ങളുമൊക്കെ കരഞ്ഞ് തീർത്തിന് ശേഷം ഫ്രെഷായിട്ട് നമ്മള് റൂമിലേക്ക് ഇറങ്ങി വന്നപ്പോ അച്ചുവും സനയും ബെഡിൽ ഇരുന്ന് താഴേക്ക് നോക്കി ഇരിക്കുന്നുണ്ട്....

"കരച്ചില് തീർന്നോ...?"

അച്ചു എന്റെ മുഖത്തേക്ക് നോക്കാതെ അങ്ങനെ ചോദിച്ചപ്പോ നമ്മള് ഓളെ ഒന്ന് നോക്കി... അപ്പോ അച്ചുവും സനയും ഒരുമിച്ച് നമ്മളെ മുഖത്തേക്ക് നോക്കിയിട്ട് എന്റെ അടുത്തേക്ക് എണീറ്റ് വന്നു...

"മതി ഫെബി... മതി... ഇന്നത്തോടെ നിർത്തിക്കോണം അവന് വേണ്ടി നീ പൊഴിക്കുന്ന ഈ കണ്ണീരൊക്കെ... അവൻ പഴയ നമ്മുടെ ആദിയല്ല ഫെബി... അവനെ ഇനി നമുക്ക് തിരിച്ച് കിട്ടാനും പോണില്ല... നീ അവന്റെ കൂടെ ഒന്നര വർഷത്തോളം കൂടെ ഉണ്ടായിട്ടും അവന് നിന്നെ മനസ്സിലാക്കാൻ പറ്റിയില്ലല്ലോ... ഇനിയും

എന്തിനാ അവനെ പ്രതീക്ഷിക്കുന്നത്...? ഇനി നീ കരയരുത്... അതും അവന് വേണ്ടി.... മറന്നേക്ക് എല്ലാം..."

എന്ന് കണ്ണ് നിറച്ചോണ്ട് ഉറച്ച ശബ്ദത്തോടെ അച്ചു പറഞ്ഞിട്ട് റൂമിൽ നിന്നും ഇറങ്ങി പോയി.... അപ്പോ സന നമ്മളെ നോക്കി കൊണ്ട് കണ്ണ് നിറച്ചിട്ട് അവളും അച്ചുവിന്റെ പിന്നാലെ പോയി...

ശരീരമാകെ മരവിച്ച പോലെ നമ്മള് അവിടെ നിന്നിട്ട് പതിയെ ബെഡിലേക്ക് ഇരുന്നു.... അച്ചൂ പറഞ്ഞതൊക്കെ ആലോചിച്ചോണ്ട് എല്ലാം മറക്കണമെന്ന് സ്വയം തീരുമാനിച്ച് ഉറപ്പിച്ച് വെച്ചു....

പിറ്റേന്ന് രാവിലെ ഞങ്ങള് ആദിന്റെ വീട്ടിലേക്ക് ചെന്നപ്പോ വീടാകെ അലങ്കരിക്കുന്ന തിരക്കിലായിരുന്നു എല്ലാവരും... ഉമ്മി ദൃതിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നിട്ട് എന്തൊക്കെയോ ചെയ്യുന്നുണ്ട്.... ആഷി ആണെങ്കിൽ ഞങ്ങള് വന്ന ഉടനെ തന്നെ എന്നെ ഒന്ന് ദയനീയമായി നോക്കി കൊണ്ട് അവിടന്ന് ഇറങ്ങി പോയി....

അപ്പോ സൽമ ഞങ്ങളെ അടുത്തേക്ക് വരുന്നത് കണ്ടതും ഞാൻ പെട്ടെന്ന് അവിടന്ന് മാറി നിന്ന് അവിടത്തെ അറേഞ്ച്മെൻസിന് അവരെ ഉള്ളവരെ സഹായിച്ചു... അവളെ മുന്നിലേക്ക് ചെന്ന് അവളെ അഹങ്കാരം കാണേണ്ടി വന്നാൽ എനിക്ക് അത് ചിലപ്പോ സഹിക്കാൻ കഴിഞ്ഞെന്ന് വരില്ല... അതാണ് മാറി നിന്നത്...

നമ്മളെ ടീമുകളൊക്കെ ഇപ്പോ ഓരോരോ ജോലിയിൽ ഏർപ്പെട്ടോണ്ടിരിക്കാണ്... നമ്മള് അവിടന്ന് മുകളിലേക്ക് കയറി ചെന്നപ്പോ ആദി എന്തോ തിരക്കിട്ട ജോലിയിൽ ആയിരുന്നു... ആരെയൊക്കെയോ വിളിക്കുന്നുണ്ട് എന്തൊക്കെയോ ചെക്ക് ചെയ്യുന്നുണ്ട്... അവനെ കണ്ടാൽ തന്നെ മനസ്സിലാക്കാം ടെൻഷനിലാണ് അവനെന്ന്... പെട്ടെന്ന് തീരുമാനിച്ച കല്യാണമല്ലേ അതിന്റെതാകും...

പിന്നീട് ഉണ്ടായിരുന്ന ദിവസങ്ങൾ എല്ലാം മിനുറ്റുകൾ കടന്ന് പോകുന്ന പോലെ പോയി.... ഇതിനിടക്ക് ആദിന്റെ മുന്നിൽ പോയി നിൽക്കേണ്ട പല സന്ദർഭങ്ങൾ വന്നെങ്കിലും അവൻ എന്നെ ഒന്ന്

നോക്കുക പോലും ചെയ്യാതെ വലിയ തിരക്കിലായിരുന്നു... അത് ഒരു കണക്കിന് ചിന്തിച്ചപ്പോ എന്റെ മനസ്സിനും ഒരല്പം ആശ്വാസം നൽകി ഇനിയും എന്നെ മോഹിപ്പിക്കുന്നില്ലല്ലോ....

പിന്നെ സല്മയുടെ കാര്യം പറയെ വേണ്ട... അവളെ മുന്നിൽ ചെന്ന് പെടാതിരിക്കാൻ ഞാൻ പല തവണ ശ്രമിച്ചെങ്കിലും എനിക്ക് അവളെ മുന്നിലേക്ക് ചെല്ലേണ്ടി വന്നു...

അന്നവൾ ഈ ലോകം മുഴുവൻ അവളുടെ കാൽ ചുവട്ടിൽ വന്ന പോലെ നമ്മളെ മുന്നിൽ നിന്ന് അഹങ്കരിച്ചപ്പോ മറുത്തൊന്നും പറയാൻ കഴിയാതെ തല കുനിച്ച് നിൽക്കേണ്ടി വന്നു എനിക്ക്...

ഒടുവിൽ ആദിക്ക് വേണ്ടിയുള്ള യുദ്ധത്തിൽ അവൾ ജയിച്ചിരിക്കുന്നു... എല്ലാം നഷ്ടപ്പെട്ട് ശീലമായ എനിക്ക് നഷ്ട കണക്കുകളുടെ കൂട്ടത്തിൽ എഴുതാൻ ഒരാളുടെ പേര് കൂടി കിട്ടി... ആദി...

ഇന്ന് അവരെ കല്യാണമാണ്... കാത്തിരുന്ന് കിട്ടിയ അവരുടെ രണ്ടു പേരുടെയും സുദിനം.... ഇന്നത്തെ ഈ

ദിവസം മനസ്സിൽ കുറിച്ചിട്ട് കഴിഞ്ഞു... എന്റെ ജീവനുള്ളിടത്തോളം കാലം മറക്കില്ല ഒരിക്കലും...

കാരണം ഈ ദിവസം ഓർക്കുമ്പോഴേ എനിക്ക് വീണ്ടും വാശിയോടെ ജീവിക്കാൻ തോന്നൂ... സ്വപ്നങ്ങളും ആഗ്രഹങ്ങളുമൊക്കെ ഒരുമിച്ച് തകർന്നടിയാൻ പോകുന്ന ദിനം... മറക്കാൻ കഴിയില്ല... മറക്കുകയുമില്ല...

ഇന്നലെ മുതൽ നല്ല തിരക്കിലായിരുന്നു ഞങ്ങള്... പെട്ടെന്ന് തീരുമാനിച്ച കല്യാണം ആയതോണ്ടും അധികം ആരെയും ക്ഷണിച്ചിട്ടില്ലെന്ന് നമ്മക്ക് തോന്നി.... എന്നാലും ഒരുപാട് വിഐപികളൊക്കെ നാട്ടിൽ നിന്നും ഇവിടെ നിന്നും ഒക്കെ എത്തിയിട്ടുണ്ട്...

അവർക്കൊക്കെ വേണ്ട സൗകര്യങ്ങളൊക്കെ ഒരുക്കി കൊടുക്കുന്ന തിരക്കിലായിരുന്നു ഞാൻ... കൂട്ടത്തിൽ നമ്മളെ കാക്കുവും ശാലുവും അപ്പുവും ഉണ്ട്... അവരോടൊന്നും അധികം സംസാരിക്കാൻ നിൽക്കാതെ ഒരു പുഞ്ചിരിയിൽ എല്ലാം ഒതുക്കി ഞാൻ എന്റെ ജോലിയിൽ ഏർപ്പെട്ടു....

അരുണും അച്ചായനും വന്നവരുടെയൊക്കെ ഫോട്ടോസും വീഡിയോയും എടുക്കുന്ന തിരക്കിലാണ്... അച്ചുവും അഖിലയും സൽമയെ ഒരുക്കാൻ പോയി... സന പിന്നെ എന്റെ കൂടെ തന്നെ എന്നെ സഹായിക്കാൻ ഉണ്ട്... ഫൈസൽക്കയും ജാസിയും കാറ്ററിങ്ങിന്റെ ഭാഗത്താണ്....

കുറച്ച് കഴിഞ്ഞ് ആദി അന്ന് ആഡ് ഫിലിം ഷൂട്ടിന് ധരിച്ച അതുപോലെയുള്ള ഒരു ഡാർക്ക് ബ്ലൂ കോട്ടും സൂട്ടും ഇട്ടോണ്ട് സ്റ്റേജിലേക്ക് കയറി വന്നു.... ഓനെ കണ്ടപ്പോ തന്നെ ഞാൻ പെട്ടെന്ന് മുഖം തിരിച്ചിട്ട് അവിടന്ന് മാറി നിന്നു...

അതിന് പിറകെ സൽമയും അതേ നിറത്തിലുള്ള ഒരു ഹെവി വർക്ക് ലെഹങ്കയും ഇട്ടോണ്ട് സ്റ്റേജിലേക്ക് കയറി വന്നതും അച്ചുവും അഖിലയും എന്റെ അടുത്തേക്ക് വന്ന് നിന്നു...

ആദിക്കും സൽമക്കും ഇടയിൽ ഒരു ഗോൾഡൻ കളർ നെറ്റ് ഷോൾ വെച്ചിട്ട് ഒരു മറ തീർത്തിട്ടുണ്ട്...

അതിനിടയിൽ കൂടി അവര് രണ്ട് പേരും പരസ്പരം നോക്കോ ചിരിക്കുന്നത് കണ്ടപ്പോ എന്റെ ഉള്ളാകെ നീറി പുകയുന്ന പോലെ തോന്നി...

കുറച്ച് കഴിഞ്ഞപ്പോ ആദിയെ കാക്കുവും അൻസിക്കയും കൂടി അവിടെ ഒരു സോഫയിൽ പിടിച്ച് ഇരുത്തി... നിസൂക്ക കല്യാണം കഴിഞ്ഞിട്ട് ഇതുവരെ തിരിച്ച് വന്നിട്ടില്ല... അതോണ്ട് അവർക്കിടയിൽ മൂപ്പരെ കുറവ് നല്ലോണം ഉണ്ടായിരുന്നു...

അപ്പുറത്ത് സല്മയുടെ കൂടെ നിൽക്കുന്നത് ശാലുവാണ്... അവള് സൽമയെ അവിടെയുള്ള ഒരു സോഫയിലും ഇരുത്തിയിട്ടുണ്ട്...

നിക്കാഹ് തുടങ്ങാൻ പോകാണെന്ന് അവിടെ കൂടി നിന്ന ആരൊക്കെയോ പറയുന്നത് കേട്ടപ്പോ ഞാൻ അറിയാതെ തന്നെ എന്റെ മിഴികളിൽ ഈറനണിഞ്ഞു...

ആദിയുടെ അടുത്തുള്ള ചെയറുകളിൽ സൽമയുടെ ഉപ്പയും സാലിമും ഉസ്താദുമാരുമൊക്കെ കൂടി വട്ടത്തിൽ ഇരിക്കുന്നത് കണ്ടതും എനിക്ക് എന്നെ നിയന്ത്രിക്കാൻ കഴിയാത്ത പോലെ തോന്നി....

ആദിയും അവളുടെ ഉപ്പയും കൂടി പരസ്പരം കൈ കൊടുത്തതും നമ്മള് അപ്പോ തന്നെ തിരിഞ്ഞ് നിന്ന് പൊട്ടി കരഞ്ഞു പോയി....

അവളുടെ ഉപ്പ ഇരിക്കുന്ന സ്ഥാനത്ത് എന്റെ ഉപ്പച്ചി ഇരിക്കുന്ന പോലെ ഞാൻ പല തവണ സ്വപ്നത്തിൽ കണ്ടിട്ടുണ്ട്...

അതിന്ന് തീർത്തും സ്വപ്നമായി തീർന്നിരിക്കുന്നു.... എല്ലാം അവസാനിച്ചു...

നമ്മളോരോന്ന് ചിന്തിച്ച് കണ്ണടച്ച് പിടിച്ച് കരഞ്ഞതും അച്ചു വന്ന് എന്റെ തോളിൽ കൈ വെച്ചിട്ട് സ്റ്റേജിലേക്ക് തന്നെ നോക്കി അന്തം വിട്ട് നിൽക്കുന്നത് കണ്ടു....

അവളെ നിൽപ് കണ്ട് ഞാൻ കണ്ണ് തുടച്ചിട്ട് തിരിഞ്ഞ് നോക്കിയപ്പോ എല്ലാവരും എണീറ്റ് നിന്ന് സ്റ്റേജിലേക്ക് ഞെട്ടി കൊണ്ട് നോക്കാണ്... നമ്മള് അവരെയൊക്കെ നോട്ടം കണ്ട് അപ്പോ തന്നെ നമ്മളെ നോട്ടം സ്റ്റേജിലേക്ക് തിരിച്ചതും എല്ലാവരെയും പോലെ ഞാനും അമ്പരന്ന് നിന്ന് പോയി...

(തുടരും)

ഭാഗം.115

നമ്മളോരോന്ന് ചിന്തിച്ച് കണ്ണടച്ച് പിടിച്ച് കരഞ്ഞതും അച്ചു വന്ന് എന്റെ തോളിൽ കൈ വെച്ചിട്ട് സ്റ്റേജിലേക്ക് തന്നെ നോക്കി അന്തം വിട്ട് നിൽക്കുന്നത് കണ്ടു....

അവളെ നിൽപ് കണ്ട് ഞാൻ കണ്ണ് തുടച്ചിട്ട് തിരിഞ്ഞ് നോക്കിയപ്പോ എല്ലാവരും എണീറ്റ് നിന്ന് സ്റ്റേജിലേക്ക് ഞെട്ടി കൊണ്ട് നോക്കാണ്... നമ്മള് അവരെയൊക്കെ നോട്ടം കണ്ട് അപ്പോ തന്നെ നമ്മളെ നോട്ടം സ്റ്റേജിലേക്ക് തിരിച്ചതും എല്ലാവരെയും പോലെ ഞാനും അമ്പരന്ന് നിന്ന് പോയി...

ആദിന്റെ കൈ പിടിച്ച് നിൽക്കുന്ന സൽമന്റെ ഉപ്പാന്റെ കയ്യിൽ ആദി വിലങ്ങ് വെക്കുന്നതാണ് സ്റ്റേജിൽ അരങ്ങേറി കൊണ്ടിരിക്കുന്നത്... അത് കണ്ട് നിൽക്കുന്ന എല്ലാവരും ഒന്നടങ്കം അമ്പരന്ന് ആദിയെ തന്നെ നോക്കി നിൽക്കാണ്...

സൽമ അവന്റെ പ്രവർത്തി കണ്ടിട്ട് സോഫയിൽ നിന്നും എണീറ്റ് വന്ന് ആ നെറ്റ് വലിച്ച് മാറ്റി ആദിയുടെ അടുത്തേക്ക് പോയി... എന്നിട്ട് അവന്റെ മുഖത്തേക്കും അവളുടെ ഉപ്പാന്റെ കയ്യിലേക്കും അവള് മാറി മാറി നോക്കി നിന്നു...

"ആദി....എന്തായിത്...? നീയെന്താ ഈ ചെയ്യുന്നേ...? ഇത് നമ്മുടെ ഉപ്പയാണ്... ഇന്ന് നമ്മുടെ നിക്കാഹാ..."

അവള് ആദിന്റെ കൈ പിടിച്ചോണ്ട് അങ്ങനെ പറഞ്ഞപ്പോ ആദി അവളെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചിട്ട് അവളെ കൈ തട്ടി മാറ്റി....

"നമ്മുടെ ഉപ്പയോ...? ഹ...ഹ...ഹ... നമ്മുടെ ഉപ്പയല്ല നിന്റെ ഉപ്പ.... പിന്നെ ഇവിടെ നടക്കാൻ പോകുന്നത് നമ്മുടെ നിക്കാഹല്ല... നിങ്ങളെ ജയിൽ വാസത്തിനുള്ള ചവിട്ട് പടിയാ...."

ആദി പറയുന്നത് കേട്ട് സദസ്സ് ആകെ ഭ്രമിച്ച് നിന്ന്

ആദിയെ തന്നെ ഉറ്റുനോക്കി... സൽമ അവനെ നോക്കി അന്താളിച്ച് നിന്നിട്ട് കരഞ്ഞു....

"Officers.... he is the criminal.... arrest him.... ഇയാളും ഇയാളെ മക്കളും കൂടി ചേർന്ന് ചെയ്ത് കൂട്ടിയ എല്ലാ കുറ്റകൃത്യങ്ങൾക്കും തക്കതായ തെളിവുകൾ ഞാൻ നിങ്ങൾക്ക് ആദ്യമേ അയച്ച് തന്നിട്ടുള്ളതാണ്... So, ഇനി നിങ്ങൾക്ക് നിങ്ങളെ ഡ്യൂട്ടി ചെയ്യാം...."

"ആദി... നീയെന്താ ഈ പറയുന്നത്...? എന്റെ ഉപ്പ എന്ത് ചെയ്തെന്നാ...?"

"നിന്റെ ഉപ്പ ഇനി എന്താടി ചെയ്യാൻ ബാക്കിയുള്ളത്...?"

ആദി അത് പറഞ്ഞ് തീരും മുൻപ് തന്നെ അവിടെ ഉണ്ടായിരുന്ന വിഐപികളിൽ ചിലർ എണീറ്റ് വന്ന് സൽമന്റെ ഉപ്പാനെ പിടിച്ച് കൊണ്ട് പോകാൻ നോക്കി... അപ്പോ തന്നെ സൽമയും സാലിമും കൂടി അവരെയൊക്കെ തടഞ്ഞ് നിർത്താൻ ശ്രമിച്ചിട്ട് അവരെ ഉപ്പയെ അവിടന്ന് കൊണ്ട് പോകാൻ

സമ്മതിച്ചില്ല....

അപ്പോ അക്കൂട്ടത്തിൽ ഉണ്ടായിരുന്ന രണ്ട് സ്ത്രീകൾ വന്ന് സൽമയെ പിടിച്ച് മാറ്റി... അവള് അപ്പോ അവിടെ നിന്ന് നോ... എന്ന് അലറി കരഞ്ഞു....

എന്നിട്ട് അവരെ കൈകളിൽ നിന്നും കുതറി മാറിയിട്ട് അവള് ആദിയുടെ അടുത്തേക്ക് ചെന്ന് അവന്റെ കോളറിൽ പിടുത്തമിട്ടു....

"എന്ത് തെറ്റാ ഞാൻ നിന്നോട് ചെയ്തേ...? നിന്നെ സ്നേഹിച്ചത് ഇത്രെയും വലിയ തെറ്റാണോ...? നീയെന്നെ സ്നേഹിച്ചത് സത്യമല്ലേ ആദി...? ഇവിടെ ഈ നടക്കുന്നതൊക്കെ വെറുമൊരു നാടകമല്ലേ...? പറ.... പറ..."

എന്ന് പറഞ്ഞ് അവള് പൊട്ടിക്കരഞ്ഞപ്പോ യാതൊരു ഭാവ വ്യത്യാസവും ഇല്ലാതെ ആദി അവളെ കൈ അവന്റെ കോളറിൽ നിന്നും വിടുവിച്ചു...

"അതിന് ഞാൻ നിന്നെ എപ്പോഴാ സ്നേഹിച്ചത്...? ഞാൻ നിന്നോട് കാണിച്ചത് വെറും അഭിനയം

മാത്രമായിരുന്നു... വെറും അഭിനയം..."

എന്ന് പറഞ്ഞോണ്ട് ആദി സൽമയിൽ നിന്നും നോട്ടം തെറ്റിച്ച് നമ്മളെ നേരെ നോക്കി... എന്നിട്ട് ഓൻ അവിടന്ന് ഇറങ്ങി എന്റെ നേരെ സ്പീഡിൽ നടന്ന് വന്നിട്ട് എന്റെ കണ്ണുകളിലേക്ക് നോക്കി നിന്ന് ഒന്ന് നെടുവീർപ്പിട്ടു... എന്നിട്ട് എന്റെ കൈ പിടിച്ചോണ്ട് അവിടന്ന് എന്നെയും കൊണ്ട് സ്റ്റേജിലേക്ക് നടന്നു... എന്താ ഇവിടെ സംഭവിക്കുന്നതെന്ന് മനസ്സിലാകാതെ ഞാൻ ആദിയെ നോക്കി കൊണ്ട് തന്നെ അവന്റെ പിന്നാലെ പോയി....

സ്റ്റേജിൽ എത്തിയപ്പോ സൽമന്റെ മുന്നിൽ നിന്നിട്ട് ആദി നമ്മളെ കൈ വിട്ട് പെട്ടെന്ന് എന്റെ തോളിലൂടെ കയ്യിട്ട് എന്നെ അവനിലേക്ക് അടുപ്പിച്ച് നിർത്തി... നമ്മള് ഞെട്ടി തരിച്ച് ആദിയെ നോക്കി നിന്നപ്പോഴും അവൻ സൽമയെ രൂക്ഷമായി നോക്കി കൊണ്ടിരിക്കായിരുന്നു....

"ഇവളെയാണ് ഞാൻ സ്നേഹിച്ചിരുന്നത്... സ്നേഹിച്ചത്... ഇപ്പോഴും സ്നേഹിക്കുന്നത്... ആദിൽ

സാഹിബ് കരീം എന്ന എനിക്ക് ജീവിതത്തിൽ ഒരു പെണ്ണുണ്ടെങ്കിൽ അത് ഇവള് മാത്രമായിരിക്കും.... എന്റെ ഐഷു....."

എന്ന് ആദി പറഞ്ഞപ്പോ എന്റെ കണ്ണ് നിറഞ്ഞൊഴുകി... കാലങ്ങളായി അവന്റെ നാവിൽ നിന്നും ഞാൻ കേൾക്കാൻ കൊതിച്ചിരുന്ന വാക്ക്... ഐഷു... എന്റെ ഐഷു....

സന്തോഷം കൊണ്ട് എന്റെ കണ്ണ് നിറഞ്ഞൊഴുകുന്നത് എനിക്ക് തടയാൻ കഴിയുന്നില്ല.... ആദിക്ക് അവന്റെ ഓർമ്മയൊക്കെ തിരിച്ച് കിട്ടിയിരിക്കുന്നു... അതോ അവൻ അഭിനയിക്കായിരുന്നോ...

★★★★★★★★★★★★★★★★★★★★★

എന്റെ ഇതുവരെയുള്ള പ്രകടനങ്ങളൊക്കെ കണ്ട് ഒന്നും മനസ്സിലാകാതെ നോക്കി നിൽക്കുന്നവരെയൊക്കെ സാക്ഷിയാക്കി കൊണ്ട് ഞാൻ എന്റെ ഐഷൂനെ ഒന്ന് കൂടി എന്നിലേക്ക് അടുപ്പിച്ച് നിർത്തിയിട്ട് അവളെ നെറ്റിയിൽ ചുംബിച്ചു...

അവളുടെ കണ്ണുകളിൽ നിന്നും ഒഴുകുന്ന കണ്ണീരിനെ തുടച്ച് നീക്കി ഞാൻ അവളെ നോക്കി ഒന്ന് പുഞ്ചിരി തൂകി.... നമ്മളെ പെണ്ണ് അപ്പോഴും ഷോക്കടിച്ച പോലെ നിൽക്കാണ്... ഇതുവരെ അവളെ ബോസായിരുന്ന ഞാൻ ഇത്ര പെട്ടെന്ന് അവളെ പഴയ ആദിയായി മാറിയത് അവൾക്ക് വിശ്വസിക്കാൻ കഴിയുന്നുണ്ടാകില്ല...

ഐഷൂന് ഒരുപാട് സംശയങ്ങളും പരിഭവങ്ങളുമൊക്കെ ചോദിക്കാനും പറയാനും തീർക്കാനുമൊക്കെ കാണുമെന്ന് അറിയാം.. പക്ഷെ അതിന് മുമ്പ് എനിക്ക് ചില കണക്കുകളൊക്കെ വീട്ടാനുണ്ട്... അത് കഴിഞ്ഞിട്ട് ഐഷുവിലേക്ക് വരാം...

എന്ന് തീരുമാനിച്ചോണ്ട് ഞാൻ നേരെ സൽമയുടെ അടുത്തേക്ക് നടന്നു...

അപ്പോഴും ഇതിനൊക്കെ സാക്ഷികളായി സൽമന്റെ ഉപ്പയും സാലിമും ഒക്കെ അവിടെ തന്നെ ഉണ്ടായിരുന്നു... ദുബായ് പൊലീസുകാരോട് അയാളെ കൊണ്ട് പോകാൻ പറഞ്ഞപ്പോ ഇതുവരെ എന്നെ

രൂക്ഷമായി നോക്കിയിരുന്ന കണ്ണുകൾ പെട്ടെന്ന് നിറഞ്ഞൊഴുകി സൽമ അവരെ തടഞ്ഞു...

"എന്റെ ഉപ്പാനെ ഇവരെന്തിനാ കൊണ്ട് പോകുന്നതെന്ന് എനിക്ക് അറിയണം... അതിന് മാത്രം എന്ത് കുറ്റാ എന്റെ ഉപ്പ ചെയ്തത്? അത് നീ പറയാതെ ഇവരെ ഞാൻ ഇവിടന്ന് പോകാൻ അനുവദിക്കില്ല...."

സൽമ എന്നെ നോക്കി കൊണ്ട് അങ്ങനെ ചോദിച്ചതും ഞാൻ അവളെ അടുത്തേക്ക് ചെന്നിട്ട് അവളെ അവിടന്ന് പിടിച്ച് മാറ്റി...

"നിന്റെ ഉപ്പയെന്ന് പറയുമ്പോ തന്നെ സ്നേഹം പൊഴിയുകയാണല്ലോ.... ഇതിനേക്കാൾ കൂടുതൽ സ്നേഹം തരുന്ന ഒരു ഉപ്പ ഉണ്ടായിരുന്നു എനിക്ക് ഓർമ്മയുണ്ടോ....?"

എന്ന് അവളെ കൈ പിടിച്ച് തിരിച്ചോണ്ട് ഞാൻ ചോദിച്ചപ്പോ അവളെ കരച്ചില് മാഞ്ഞ് പോയി അവളെന്നെ തന്നെ നോക്കി കൊണ്ടിരുന്നു....

"പത്താമത്തെ വയസ്സിൽ ഉപ്പ നഷ്ടപ്പെട്ട എനിക്ക് എങ്ങനെ ആ നഷ്ടം വന്നെന്ന് അറിയില്ലേ നിനക്ക്...?

എന്റെ ഉപ്പാന്റെ സ്നേഹം എന്നിൽ നിന്നും തട്ടി പറിച്ചത് ഈ നിൽക്കുന്ന നിന്റെ തന്തയാ...."

ആ ഹാളിൽ മുഴുവൻ നിശബ്ദത പടർന്നു... എന്റെ ശബ്ദം ആ നാല് ചുവരുകൾക്ക് ഉള്ളിൽ പ്രതിധ്വനിച്ച് കേട്ടു... ഇതുവരെ എനിക്കും ഐഷുവിനും അരുണിനും അച്ചുവിനും മാത്രം അറിയാവുന്ന രഹസ്യം... ഇന്നിതാ എല്ലാവരെ മുന്നിലും ഞാൻ വെളിപ്പെടുത്താൻ പോകുന്നു....

"പതിനഞ്ച് വർഷങ്ങൾക്ക് മുമ്പ് നിന്റെ തന്ത എന്റെ ഉപ്പയെ ഒരു കാർ ആക്സിഡന്റിൽ കൊന്നൊടുക്കിയത് നിനക്ക് ഒന്നും അറിയില്ലേ...?

എന്നെയും ആഷിയെയുമൊക്കെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതൽ സ്നേഹവും വാത്സല്യവും തന്ന എന്റെ ഉപ്പയെ സ്വത്തിന് വേണ്ടി കൊന്ന് കളഞ്ഞില്ലേ...?"

"*നോ..........*

നോ....ഇല്ല....ഞാൻ ഇത് വിശ്വസിക്കില്ല... എന്റെ ഉപ്പ അങ്ങനെ ഒരിക്കലും ചെയ്യില്ല.... പറ ഉപ്പാ...ഇങ്ങളല്ല ആദിന്റെ ഉപ്പാനെ കൊന്നതെന്ന് പറ ഉപ്പാ..."

സൽമ അയാളെ അടുത്തേക്ക് ഓടി ചെന്നിട്ട് അയാളോട് അങ്ങനെ പറഞ്ഞപ്പോ അയാള് മൗനം പാലിച്ച് തല താഴ്ത്തി നിന്നു....

"അങ്ങേര് മിണ്ടില്ലടി... കാരണം അയാളാണ് എന്റെ ഉപ്പാന്റെ മരണത്തിന് ഉത്തരവാദി... അല്ലെ...?"

എന്ന് ഞാൻ അയാളെ നേരെ തിരിഞ്ഞ് ചോദിച്ചപ്പോ അയാള് തല കുലുക്കി സമ്മതിച്ചു... അത് കണ്ടപ്പോ സൽമ ഞെട്ടി തരിച്ച് അയാളിൽ നിന്നും അകന്ന് നിന്നിട്ട് അവിടെ നിലത്തിരുന്ന് പൊട്ടിക്കരഞ്ഞു...

"ഇത് അറിഞ്ഞപ്പോഴേക്കും നീ ഇങ്ങനെ ആണെങ്കിൽ

നിനക്ക് അറിയാവുന്നതും എനിക്ക് അറിയില്ലെന്ന് നിങ്ങൾ കരുതിയതുമായ എന്തൊക്കെ ഇനി പറയാനുണ്ട്...."

എന്ന് നമ്മള് പറഞ്ഞപ്പോ അവളടക്കം എല്ലാവരും എന്നിലേക്ക് തന്നെ നോക്കി നിന്നു... നമ്മള് അപ്പോ തന്നെ അവിടന്ന് പോയി ഭാസ്കരേട്ടനെയും കൂട്ടി സ്റ്റേജിലേക്ക് കേറിയിട്ട് സൽമയെ അവിടന്ന് എണീപ്പിച്ച് നിർത്തി അവൾക്ക് മുന്നിൽ നിന്നു....

"ഇദ്ദേഹത്തെ അറിയോ നിനക്ക്...? നമ്മുടെ കമ്പനിയിലെ പ്യൂണ് എന്നതിലുപരി മറ്റെന്തെങ്കിലും അറിയോ നിനക്ക്...?"

എന്ന എന്റെ ചോദ്യം കേട്ട് ഒന്നും മനസ്സിലാകാതെ എല്ലാവരും എന്നെ തന്നെ നോക്കി നിന്നു... സൽമ എന്നെയും ഭാസ്കരേട്ടനെയും നോക്കിയിട്ട് നെറ്റി ചുളിച്ചു....

"ഹും.... അറിയാൻ വഴിയില്ല... കൊലപാതക

പരമ്പരകൾ തുടർന്ന് പോയപ്പോൾ ജീവൻ നിലച്ചവരെ കുറിച്ചൊന്നും നീ അറിഞ്ഞ് കാണില്ലല്ലോ...

ഇത് വിഷ്ണുവിന്റെ അച്ഛൻ... നിന്റെ ആങ്ങളയും തന്തയും കൂടി എന്നെ കൊല്ലാൻ വേണ്ടി നടത്തിയ ആക്സിഡന്റിൽ ഒന്നും അറിയാത്ത മൂന്ന് നിരപരാധികളെ ജീവൻ നഷ്ടപ്പെട്ടത് ഇത്ര പെട്ടെന്ന് മറന്ന് പോയോ...?

ഞങ്ങളെ കുഞ്ഞു പെങ്ങൾ സിയ, നീയൊക്കെ കൂടി ജീവിച്ചിരിക്കെ ജീവൻ പറിച്ച് എനിക്ക് നൽകിയ സമീർ, സമീറിന്റെ ഫ്രണ്ട് വിഷ്ണു.... മറന്നോ നീ ഇവരെ...? ആ വിഷ്ണുവിന്റെ അച്ഛനാണ് ഈ നിൽക്കുന്ന ഭാസ്കരേട്ടൻ..."

എന്ന് നമ്മള് പറഞ്ഞതും ഐഷു ഞെട്ടി തരിച്ച് നിന്ന് ഭാസ്കരേട്ടനെയും എന്നെയും നോക്കി... സൽമയും ഏതാണ്ട് അതുപോലെ അമ്പരന്ന് നിൽക്കാണ്...

"നിങ്ങളൊക്കെ കൂടി അന്ന് പറിച്ച് നൽകിയ ജീവനുണ്ടല്ലോ... അതിന്റെ യഥാർത്ഥ അവകാശിയാണ് ഇവള്... എന്റെ ഐഷു... അപ്പോ പിന്നെ ഞാൻ ഇവളുടേത് തന്നെയല്ലേ...?"

എന്റെ ചോദ്യം കേട്ട് സൽമ ഐഷൂനെ തുറുക്കനെ നോക്കി കൊണ്ട് നിന്നു...

ഞാൻ പറയുന്നതൊന്നും വിശ്വസിക്കാൻ കഴിയാതെ എല്ലാവരും എന്നെ ഉറ്റു നോക്കുമ്പോഴും ഐഷു ഒരു നിസ്സഹായകാവസ്ഥയിൽ എന്നെ നോക്കി കണ്ണ് നിറക്കാണ്....

ഞാൻ അപ്പോ തന്നെ ഐഷുവില് നിന്നും നോട്ടം തെറ്റിച്ചിട്ട് സൽമയുടെ അടുത്തേക്ക് ചെന്നു...

"എനിക്ക് ഈ സത്യം ഒന്നും അറിയില്ലെന്ന് നിങ്ങള് മൂന്ന് പേരും കരുതി... പക്ഷെ അതറിഞ്ഞപ്പോ തൊട്ട് നിങ്ങളെ മൂന്ന് പേരെയും ഞാൻ വെറുക്കുകയായിരുന്നു... നിങ്ങൾ ചെയ്ത തെറ്റിന് വൈകി ആണെങ്കിലും ശിക്ഷ ലഭിക്കണെമെന്ന് കരുതി....

എന്റെ ഉമ്മിയോട് ഇതെല്ലം തുറന്ന് പറയണമെന്ന് കരുതിയതാണ്... പക്ഷെ, സ്വന്തം ആങ്ങളയോട് ഉണ്ടായിരുന്ന എന്റെ ഉമ്മിയുടെ വിശ്വാസം അതൊരിക്കലും എനിക്ക് തകർക്കാൻ കഴിഞ്ഞില്ല... അതോണ്ട് തന്നെ ഈ സത്യങ്ങളെല്ലാം മറച്ച് വെച്ച്

ഞാൻ നീറി നീറിയായിരുന്നു നിങ്ങളെ കൂടെ ഒരു വീട്ടിൽ കഴിഞ്ഞിരുന്നത്...

പിന്നീട് അങ്ങോട്ട് ഉമ്മിയോട് എല്ലാ സത്യങ്ങളും ബോധിപ്പിച്ചിട്ട് നിങ്ങളെ വീട്ടീന്ന് പുറത്താക്കാൻ വേണ്ടി തെളിവുകൾക്ക് വേണ്ടി അലയുകയായിരുന്നു ഞാൻ...

അതിനിടയിലാണ് ഞാൻ എന്റെ ഐഷുവിനെ പരിചയപ്പെടുന്നത്... അതുവരെ പ്രതികാര മനോഭാവവുമായി നടന്നിരുന്ന എന്റെ മനസ്സിനെ മാറ്റി മറിച്ചതും ഇവളാണ്...

ഇവൾക്ക് വേണ്ടിയായിരുന്നു പിന്നെ ജീവിച്ചത്... പക്ഷെ അതിനിടയിലും നീയൊക്കെ കൂടി കളിയ്ക്കാൻ തുടങ്ങിയപ്പോ തീരുമാനിച്ചതാ നിങ്ങളുടെ പതനം കൊണ്ടേ ഞങ്ങക്ക് ഒരുമിക്കാൻ പറ്റൂ എന്ന്....

എന്നിട്ടും ഞാൻ നിങ്ങൾക്കെതിരെ ഒരു നടപടിയും ചെയ്തില്ല... അത് ഞാൻ നിങ്ങൾക്ക് നൽകിയ ഒരു അവസാനത്തെ ചാൻസ് ആയിരുന്നു.... ഇനിയെങ്കിലും നേരാം വണ്ണം ജീവിക്കാൻ ഞാൻ തന്ന അവസരം...

പക്ഷെ അതൊന്നും നിങ്ങൾക്ക് മുതലാക്കാൻ കഴിഞ്ഞില്ല... ചെയ്തതിനേക്കാൾ കൂടുതൽ തെറ്റുകൾ നിങ്ങൾ വീണ്ടും വീണ്ടും ആവർത്തിച്ചോണ്ടിരുന്നു....

ഒക്ടോബർ25.... ഓർമ്മയുണ്ടോ ഈ ദിവസം...? ഇവളെ ജീവൻ ഇല്ലാതാക്കാൻ വേണ്ടി നീ ബലിയാടാക്കി ജീവിതം നശിപ്പിച്ച ഞങ്ങളെ കൂടപ്പിറപ്പുകളെ ഓർമ്മയുണ്ടോ നിനക്ക്...?

പല തവണ നിന്റെ കയ്യിൽ നിന്നും തലനാരിഴക്ക് രക്ഷപ്പെട്ട ഇവളെ കൊല്ലാൻ വേണ്ടി നീ നടത്തിയ ആക്സിഡന്റ്... അതിൽ ജീവൻ നഷ്ടപ്പെട്ട് പോയ 18 പേർ... അതിലെ ഞങ്ങളെ ഫ്രണ്ട്സ്... എല്ലാം നീ ഒരൊറ്റ നിമിഷം കൊണ്ട് തട്ടി തെറിപ്പിച്ചില്ലെടി..."

എന്ന് പറഞ്ഞ് ഒച്ചയിട്ട് കൊണ്ട് ഞാൻ സൽമന്റെ മുഖത്തേക്ക് ഒരെണ്ണം പൊട്ടിച്ചു... എന്നിട്ട് അവളെ അവിടന്ന് വലിച്ചോണ്ട് പോയി സ്റ്റേജിൽ നിന്നും തള്ളിയിട്ടു... എന്നിട്ടും എനിക്ക് എന്റെ കലി അടക്കാൻ പറ്റുന്നില്ലായിരുന്നു... അവളെ വീണിടത്ത് നിന്നും മുടിയിൽ പിടിച്ച് വലിച്ചോണ്ട് പുറത്തേക്ക് കൊണ്ട് പോയി...

എന്നെ തടയാൻ ഒന്നും ആരും മുതിർന്നില്ല... എന്റെ ഉമ്മി പോലും ഒരു പുഞ്ചിരി തൂകി കൊണ്ട് കണ്ണ് നിറച്ചിരുന്നു... പക്ഷെ പെട്ടെന്ന് അപ്രതീക്ഷിതമായി നമ്മളെ കയിൽ ആരോ പിടിച്ച് നിർത്തി... തിരിഞ്ഞ് നോക്കിയപ്പോ ഐഷു എന്നെ നോക്കി കൊണ്ട് വേണ്ടെന്ന് തലയാട്ടി...

അത് കണ്ടപ്പോ അവളിലെ പിടി വിട്ട് ഞാൻ ഐഷുനെ എന്റെ തോളോട് ചേർത്ത് നിർത്തി....

"കണ്ടോടി ഇത്.... ഇത്രെയും ആൾക്കാർ നോക്കി നിൽക്കെ നിന്നെ ഞാൻ വലിച്ചോണ്ട് പോകുന്നത് കണ്ടിട്ട് ഒരുത്തൻ വന്ന് എന്നെ തടഞ്ഞോ.... ഇല്ലല്ലോ... അപ്പോ തന്നെ നിനക്ക് മനസിലാക്കാം നീ ഇനി ജീവിക്കേണ്ടവൾ അല്ലെന്ന്....

നീ ഇവളുടെ ശത്രു ആയിരുന്നിട്ട് കൂടി നിന്നെ ദ്രോഹിക്കുന്നത് ഇവള് തടഞ്ഞത് കണ്ടില്ലേ... ഇതാണ് എടി എന്റെ പെണ്ണ്...

നിന്റെ മുന്നിൽ നിന്നെ സ്നേഹിക്കുന്ന പോലെ അഭിനയിച്ച് തകർത്തപ്പോ എനിക്ക് എന്റെ പെണ്ണിനെ

നീ കാരണം പല തവണ ഉപദ്രവിക്കേണ്ടി വന്നിട്ടുണ്ട്... അതിന് ഒന്നും എനിക്ക് നിന്നോട് ക്ഷമിക്കാൻ പറ്റില്ല...

അന്ന് നമ്മൾ തമ്മിൽ നടത്തിയ ആ നാടക എങ്കേജ്മെന്റിന് ഇവളെ എന്റെ മുന്നിൽ മോശക്കാരി ആക്കിയിട്ട് ഇവളെ ഞാൻ തന്നെ പുറത്താക്കണമെന്ന് നീ ആഗ്രഹിച്ചപ്പോ ഞാനും അത് തന്നെ ആയിരുന്നു ആഗ്രഹിച്ചത്... നിന്നെ പോലെയുള്ള നശിച്ച മാരണത്തിന്റെ കയ്യീന്ന് ഇവളെ രക്ഷപ്പെടുത്തണമെങ്കിൽ എനിക്ക് അപ്പോ അതെ വഴി ഉണ്ടായിരുന്നുള്ളു...

പക്ഷെ വിധി... അവളെ വീണ്ടും ഇങ്ങോട്ട് തന്നെ കൂട്ടി കൊണ്ട് വരാൻ ഇടയാക്കി... അതും നല്ലതിനായിരുന്നു അതോണ്ട് എനിക്ക് എന്റെ ഐഷൂനെ സത്യങ്ങൾ ഒക്കെ ബോധിപ്പിക്കാൻ കഴിഞ്ഞു..."

എന്ന് പറഞ്ഞ് ഞാൻ അവളെ ഒന്നൂടെ എന്നിലേക്ക് ചേർത്ത് നിർത്തിയപ്പോ ഐഷു എന്നെ തന്നെ കണ്ണിമ വെട്ടാതെ നോക്കി നിൽക്കായിരുന്നു... പെട്ടെന്ന് സൽമ അവിടന്ന് എണീറ്റ് എന്നെയും ഐശൂനെയും മാറി മാറി

നോക്കി കണ്ണുരുട്ടി...

"മൂന്നര വർഷായിട്ട് ഞാൻ നിങ്ങൾക്ക് മുന്നിൽ ആടി തിമിർത്തിരുന്ന ഓർമ്മയില്ലാത്ത പൊട്ടൻ വേഷം ഇന്നത്തോടെ അഴിച്ച് വെക്കാണ്... എല്ലാം ഓർമ്മ ഉണ്ടായിട്ടും ഇല്ലാത്ത പോലെ അഭിനയിച്ച് നടന്നത് ദേ ഇതുപോലെ ഒരു അവസരത്തിന് വേണ്ടി ആയിരുന്നു...

നിങ്ങൾ മൂന്ന് പേരും കൂടി ചെയ്തു കൂട്ടിയ പാപങ്ങളുടെ തെളിവുകൾ ഉണ്ടാക്കാനാ ഒന്നും ഓർമ്മയില്ലാത്ത പോലെ നിങ്ങളെ കൂടെ നടന്നത്... എന്തായലും കിട്ടേണ്ടത് എനിക്ക് കിട്ടി... അതോണ്ട് ഇനിയും ആ ഒരു കാരക്ടർ എനിക്ക് വേണ്ട...

ഇനി ഞാൻ ഒരു പുതിയ ജീവിതം തുടങ്ങാൻ പോകാണ് എന്റെ ഐഷുന്റെ കൂടെ... പക്ഷെ അത് കാണാൻ നീ ഇവിടെ ഉണ്ടാകില്ല... ഇനി ബാക്കിയുള്ള കാലം അഴിയെണ്ണി തന്തക്കും മക്കൾക്കും ജീവിക്കാം.... തന്ത ഇവിടെ ദുബായ് ജയിലിൽ കിടന്നും നിങ്ങള് അവിടെ നാട്ടിലെ ജയിലിൽ കിടന്നും...."

എന്ന് പറഞ്ഞോണ്ട് ഞാൻ എന്റെ കയ്യിൽ കിടന്ന ആ റിങ് എടുത്ത് അവളെ മുഖത്തേക്ക് എറിഞ്ഞു... എന്നിട്ട് എന്റെ ഫ്രണ്ടും നാട്ടിലെ പോലീസ് ഓഫീസറുമായ ACP റാമിനെ വിളിച്ച് അവന്റെ കയ്യിൽ സൽമയെയും സാലിമിനെയും ഏല്പിച്ചു... റാമിനെ ഞാൻ ഇതിന് വേണ്ടി നേരത്തെ നാട്ടിൽ നിന്നും വിളിച്ച് വരുത്തിയിട്ടുണ്ടായിരുന്നു...

റാമും അവന്റെ ടീമും കൂടി ചേർന്ന് സൽമയെയും സാലിമിനെയും വിലങ്ങ് വെച്ചിട്ട് അവിടന്ന് കൊണ്ട് പോകാൻ നിന്നപോ അവര് രണ്ട് പേരും എന്നെയും ഐഷുനെയും രൂക്ഷമായി നോക്കുന്നുണ്ട്....

"ഇവിടം കൊണ്ട് എല്ലാം അവസാനിച്ചെന്ന് നീ കരുതണ്ടാ... ഇന്നല്ലെങ്കിൽ നാളെ ഞങ്ങള് പുറത്ത് വരും... അന്ന് നിങ്ങളെ ആരെയും സന്തോഷത്തോടെ ജീവിക്കാൻ ഞങ്ങൾ അനുവദിക്കില്ല..."

എന്നൊക്കെ വെല്ലുവിളി മുഴക്കി കൊണ്ട് സാലിമിനെ അവിടന്ന് അവര് കൊണ്ട് പോയപ്പോ പിന്നാലെ വന്നവരൊക്കെ ഇറങ്ങി പോയി രംഗം പതിയെ

ശാന്തമായി...

ഇപ്പോ ഇവിടെ ഞാനും എന്റെ പ്രിയപ്പെട്ടവരും മാത്രമേ ഉള്ളു... ബാക്കി ഉള്ളവരൊക്കെ പോയി കഴിഞ്ഞിട്ടുണ്ട്....

എങ്ങും നിശബ്ദത പടർന്ന് പിടിച്ചു... എല്ലാവരെ മുഖത്തും എന്തോ പറഞ്ഞറിയിക്കാൻ പറ്റാത്ത ഭാവങ്ങൾ... ഐഷു ആണെങ്കിൽ എന്റെ മുഖത്തേക്ക് ഒന്ന് നോക്കപോലും ചെയ്യാതെ തല താഴ്ത്തി നിൽക്കാണ്...

പെട്ടെന്ന് അപ്രതീക്ഷിതമായി എന്റെ ഉമ്മി ഓടി വന്ന് എന്നെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു... അതിന് പിറകെ ആഷിയും വന്നെന്നെ വാരി പുണർന്നു...

"ഈ ഉമ്മിനോട് നീ പൊറുക്കെടാ മോനെ... നീ പറഞ്ഞ സത്യങ്ങളൊക്കെ എനിക്ക് നേരത്തെ അറിയാമായിരുന്നിട്ടും ഞാൻ അതെല്ലാം മനപ്പൂർവ്വം നിന്നിൽ നിന്നും മറച്ച് വെച്ചതായിരുന്നു...."

ഉമ്മി പറയുന്നത് എന്താണെന്ന് മനസ്സിലാകാതെ ഞാൻ ഉമ്മിയിൽ നിന്നും അകന്ന് ഉമ്മിനെ നോക്കി നിന്നു...

"നിന്റെ ഉപ്പച്ചിനെ കൊന്നത് എന്റെ ഇക്കാക്ക ആണെന്ന് എനിക്ക് അറിയായിരുന്നു മോനെ.... അത് ഞാൻ പുറത്ത് പറഞ്ഞാൽ എന്റെ മക്കളെ അയാള് കൊന്ന് കളയുമെന്ന് ഭീക്ഷണിപ്പെടുത്തിയിട്ടാണ് ഞാൻ അതെല്ലാം നിങ്ങളിൽ നിന്നും മറച്ച് വെച്ചിട്ട് അവര് പറയുന്ന പോലെ എല്ലാം അനുസരിച്ച് നിനക്ക് ഇഷ്ടമില്ലാത്ത ബന്ധത്തിന് നിന്നെ നിർബന്ധിപ്പിച്ചത്...

അല്ലതെ ഈ ഉമ്മി അത്ര വലിയ നീചയൊന്നും അല്ല മോനെ... നിങ്ങൾക്ക് ഒന്നും സംഭവിക്കാതിരിക്കാൻ വേണ്ടി എനിക്ക് അപ്പോ അവരെ അനുസരിക്കയല്ലാതെ വേറെ വഴി ഇല്ലായിരുന്നു...."

എന്ന് പറഞ്ഞോണ്ട് ഉമ്മി എന്നെ കെട്ടിപിടിച്ച് കരഞ്ഞപ്പോ ഞാൻ ഉമ്മിയെ ആശ്വസിപ്പിച്ചിട്ട് നെറ്റിയിൽ ഒരു ഉമ്മ കൊടുത്തു... എന്നിട്ട് നമ്മളെ ചങ്ക്സിനെയൊക്കെ ഒന്ന് നോക്കിയിട്ട് ഒരു സോറി പറഞ്ഞതും എല്ലാവരും കൂടി ചേർന്ന് എന്നെ കുനിച്ച്

നിർത്തി പുറത്ത് തബല കൊട്ടി...

അധികവും കിട്ടിയത് അച്ചുവിന്റെയും സനന്റെയും കയ്യിൽ നിന്നാണ്... കാരണം ബോസ് എന്ന പേരിൽ രണ്ടിനെയും ഞാൻ ഒരുപാട് കഷ്ടപ്പെടുത്തിയിട്ടുണ്ട്....

അങ്ങനെ അവറ്റകളുടെ പൊങ്കാല കഴിഞ്ഞതും നമ്മളൊരു സോറി പറഞ്ഞോണ്ട് നേരെ നോക്കിയത് നമ്മളെ പെണ്ണിനെ ആയിരുന്നു... അവൾ അപ്പോഴും നിന്നിടത്ത് നിന്നും ഒന്നനങ്ങാതെ തലയും താഴ്ത്തി ആ നിൽപ്പ് തുടർന്നപ്പോൾ ഇവരിൽ നിന്നും കിട്ടിയതിനേക്കാൾ വലിയ വേറെ എന്തോ ആണ് നമ്മളെ കാത്തിരിക്കുന്നതെന്ന് എനിക്ക് ബോധ്യമായി...

അതോണ്ട് നമ്മള് പതിയെ അവളെ അടുത്തേക്ക് നടന്ന് അടുത്തിട്ട് അവളെ മുഖം പിടിച്ച് ഉയർത്തി എനിക്ക് അഭിമുഖമായി വെച്ചു... എന്നിട്ട് നിറഞ്ഞ് തുളുമ്പുന്ന അവളെ മിഴികളിലേക്ക് നോക്കി കൊണ്ട് നമ്മളൊരു സോറി അങ്ങ് കാച്ചിയതും ഇപ്പോ നടു പൊളിയുമെന്ന് പ്രതീക്ഷിച്ചു... പക്ഷെ അവളെ ഭാഗത്ത് നിന്നും ഒരു പ്രതികരണവും ഉണ്ടായില്ല...

"ഐഷു.... ഞാൻ നിന്നോട് ചെയ്തത് ഒകെ തെറ്റ് തന്നെയാ അതിനൊക്കെ ഞാൻ നിന്നോട് ക്ഷമ ചോദിക്കുന്നു... വെറും സോറി മാത്രം പറഞ്ഞാൽ തീരുന്ന പ്രശ്നമല്ലെന്ന് അറിയാം... അതോണ്ട് നിന്റെ ദേഷ്യം തീരുന്ന വരെ നീ എന്ത് വേണേലും എന്നെ ചെയ്തൊ ഞാൻ നിന്ന് തരാം.... പക്ഷെ നീ എന്നോട് പൊറുക്കണം... എനിക്ക് മാപ്പ് തരണം...

ഞാൻ നിന്നിൽ നിന്നും മനപ്പൂർവ്വം തന്നെയാ അകന്ന് നിന്നത്... അത് നിന്നോടുള്ള സ്നേഹ കൂടുതൽ കൊണ്ടാ... ഞാൻ കാരണം ഇനിയും നീ വേദനിക്കരുതെന്ന് നിർബന്ധം ഉള്ളത് കൊണ്ടാ നിന്നെ ഞാൻ അവോയ്ഡ് ചെയ്തത്....

പക്ഷെ പലപ്പോഴും എനിക്ക് എന്നെ തന്നെ നിയന്ത്രിക്കാൻ കഴിയാതെ വരുമ്പോൾ അറിയാതെ ഞാൻ നിന്നോട് പഴയ ആദിയായിട്ട് പെരുമാറിയിട്ടുണ്ട്... പക്ഷെ അതൊക്കെ നീ മുഖവുരക്ക് എടുത്തില്ല... എടുക്കാൻ ഞാൻ സമ്മതിച്ചില്ല...

എന്റെ ഈ അഭിനയത്തെ കുറിച്ച് എനിക്ക് നിന്നോട്

പറയാമായിരുന്നു... പക്ഷെ അങ്ങനെ ഞാൻ പറഞ്ഞിരുന്നെങ്കിൽ നീ ചിലപ്പോ ഇത് അപ്പോ തന്നെ കുളമാക്കി കയ്യിൽ തന്നേനെ....

കാരണം ഞാൻ സൽമയോട് ഇടപഴകുന്നത് നീ ഇതുവരെ കണ്ട് സഹിച്ചത് എനിക്ക് ഓർമ്മയില്ലെന്ന ഒരൊറ്റ കാരണം കൊണ്ടാണ്... അപ്പോ അതൊക്കെ ഞാൻ അഭിനയിക്കുകയാണെന്ന് നീ അറിഞ്ഞിരുന്നെങ്കിൽ എന്റെ പരിശ്രമം മൊത്തം പാഴായേനെ... അത് കൊണ്ടാ നിന്നിൽ നിന്നും എല്ലാവരിൽ നിന്നും ഞാൻ ഇത് മറച്ച് വെച്ചത്.... എന്നോട് പൊറുക്കെടാ.... നിന്റെ ആദിയല്ലേ ക്ഷമിച്ചേക്ക്...."

നമ്മള് വായിൽ തോന്നിയതൊക്കെ തട്ടി വിട്ടിട്ട് ഐശൂന്റെ കൈ പിടിച്ച് നാലഞ്ച് സോറി കാച്ചിയിട്ടും പെണ്ണ് ഒരു മിണ്ടാട്ടവും ഇല്ല... ഒടുക്കം ഓളെ അങ്ങ് പ്രൊപോസ് ചെയ്യാൻ തന്നെ നമ്മള് അങ്ങോട്ട് തീരുമാനിച്ചു...

അവളെ കയ്യും പിടിച്ച് അവിടെ നിലത്ത് മുട്ട് കുത്തി നിന്ന് പതിയെ അവളെ മുഖത്തേക്ക് ഒന്ന് നോക്കി ചിരിച്ചു...

"Will you marry me...?"

എന്ന് അവളെ കാപ്പി കുരു കണ്ണിലേക്ക് നോക്കി കൊണ്ട് ചോദിച്ചതും എല്ലാവരും കൂടി കയ്യടിക്കാൻ തുടങ്ങി... അത് കണ്ട് ഐഷു അവരിലേക്ക് ഒക്കെ ഒന്ന് കണ്ണോടിച്ചിട്ട് പെട്ടെന്ന് എന്റെ കയ്യിൽ നിന്നും അവളെ കൈ പിൻവലിച്ച് അവിടന്ന് കരഞ്ഞോണ്ട് ഇറങ്ങി പുറത്തേക്ക് ഓടി....

"ഐഷൂ....."

എന്ന് വിളിച്ച് അവളെ പിറകെ പോകാൻ നിന്നതും എന്നെ ഫൈസൽ തടഞ്ഞ് നിർത്തി...

"വേണ്ട ആദി അവള് പൊയ്ക്കോട്ടെ... പെട്ടെന്ന് നീ എല്ലാ സത്യങ്ങളും വിളിച്ച് പറഞ്ഞപ്പോ അവൾക്ക് അതൊക്കെ ഉൾക്കൊള്ളാൻ പറ്റി കാണില്ല... അതോണ്ടാകും ഒന്നും മിണ്ടാതെ ഇവിടന്ന് പോയത്... അവളെ മനസ് ഒന്ന് ശാന്തമായിക്കോട്ടെ എന്നിട്ട്

അവളോട് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാം..."

എന്ന് ഫൈസൽ പറഞ്ഞപ്പോ എല്ലാവരും അത് ശരി വെച്ചു... എനിക്കും അത് ശരിയാണെന്ന് തോന്നി... ഞാൻ ഫൈസലിനെ കെട്ടിപ്പിടിച്ചിട്ട് അവനോട് താങ്ക്സ് പറഞ്ഞു... എന്നിട്ട് എല്ലാവരോടും ഒരിക്കൽ കൂടി സോറി പറഞ്ഞിട്ട് അവരോട് സംസാരിച്ചിരുന്നു....

★★★★★★★★★★★★★★★★★ ★

ആദിന്റെ വീട്ടിൽ നിന്നും ഇറങ്ങിയിട്ട് ഞാൻ നേരെ ചെന്നത് ഫ്ലാറ്റിലേക്കാണ്... അവിടെ എത്തിയതും ഇന്ന് നടന്ന കാര്യങ്ങളൊക്കെ ചിന്തിച്ചപ്പോ ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി...

ആദി അഭിനയിക്കാണെന്ന് പല തവണ തോന്നിയിട്ടുണ്ടെങ്കിലും അത് വെറും എന്റെ തോന്നല് മാത്രമാണെന്ന് അവൻ തന്നെ തെളിയിച്ചിരുന്നു... അതോണ്ട് നമ്മളും പിന്നീട് അതിനെ കുറിച്ച് ചിന്തിച്ചില്ല...

പക്ഷെ ഇന്നവൻ നടത്തിയ വെളിപ്പെടുത്തലുകൾ എന്നിൽ എത്രത്തോളം സന്തോഷമുണ്ടാക്കിയെന്ന് എനിക്ക് തന്നെ അറിയില്ല... ലോകത്ത് ഏറ്റവും വലിയ സന്തോഷവതി ഞാനാണെന്ന് വരെ ഒരു നിമിഷം എനിക്ക് തോന്നി പോയി...

എങ്കിലും ഇത്രയും കാലം എന്നെ ആ സൽമക്ക് മുന്നിലിട്ട് നരകിപ്പിച്ചത് അവന് ബോധമുള്ളപ്പോ തന്നെയാണെന്ന് ചിന്തിച്ചപ്പോ അവനോട് ദേഷ്യവും വെറുപ്പും ഒക്കെ കൂടി വരാണ്...

അവൻ പറഞ്ഞതിൽ ന്യായമൊക്കെയുണ്ടെന്നത് നേരാ... കാരണം അവൻ അഭിനയിക്കാണെന്ന് എന്നോട് നേരത്തെ പറഞ്ഞിരുന്നെങ്കിൽ ആ സല്മയുമായിട്ടുള്ള അവന്റെ ഇടപഴലുകൾ ഞാനായിട്ട് തന്നെ കുളമാക്കിയേനെ....

എന്നാലും അവൻ എന്നെ വിഷമിപ്പിച്ചതിന് കയ്യും കണക്കുമില്ലല്ലോ... അതോണ്ട് അതിനൊക്കെ ഒരു നല്ല തിരിച്ചടി തന്നെ ഞാനവന് കൊടുത്തിരിക്കും... അതും അവൻ എങ്ങനെയൊക്കെ ആണോ എന്റെ മുന്നിൽ

അഭിനയിച്ച് തകർത്തത് അതുപോലെ... അല്ലെങ്കിൽ അതുക്കും മേലെ....

മോനെ ആദി... ഇനി അങ്ങോട്ട് നീ കാണാൻ പോകുന്നത് നിന്റെ ഐഷുന്റെ നല്ല അഡാർ പ്രതികാരമാണ്... ഞാൻ വിഷമിച്ച പോലെ നിന്നെയും ഞാൻ കരയിപ്പിക്കും മോനെ... this is the challege of your life partner aishu....

°°

പിറ്റേന്ന് ഓഫീസ് ലീവായൊണ്ട് നമ്മള് നല്ല അഡാർ സുഖനിദ്രയിൽ ആയിരുന്നു... ഇന്നലെ രാത്രി ഫുഡ് കഴിക്കാൻ നേരമാണ് സനയും അച്ചുവും കേറി വന്നത്... വന്നപാടെ നമ്മള് അവരോട് ഒന്നും മിണ്ടാതെ പോയി കിടന്നപ്പോ അവരും കൂടുതൽ ഒന്നും ചോദിച്ച് ബുദ്ധിമുട്ടിച്ചില്ല...

ഇന്നെന്താണെന്ന് അറിയില്ല ബെഡിൽ നിന്നും എണീക്കാനെ തോന്നുന്നില്ല...ഒരുപാട് നാളുകൾക്ക്

ശേഷം ഇന്നലെയാണ് ഒന്ന് സ്വസ്ഥതയോടെ ഉറങ്ങിയത്... നമ്മളെ പോലെ തന്നെ അച്ചുവും സനയും സമയം പത്ത് മണി ആയിട്ട് പോലും എണീറ്റിട്ടില്ല... സാധാരണ ഇവരെ വിളിച്ച് എണീപ്പിക്കാറുള്ള ഞാൻ തന്നെ പോത്ത് പോലെ കിടന്ന് ഉറങ്ങുമ്പോ പിന്നെ അവരെ കാര്യം പ്രത്യേകിച്ച് പറയണോ...

"ഡിങ്ടോങ്...."

ആ ശബ്ദം വേറൊന്നുമല്ലാട്ടോ ആരോ കോളിങ് ബെല്ലടിച്ചതാ... നമ്മള് ഉറക്കപ്പിച്ചിൽ നിന്നും എണീറ്റിട്ട് അച്ചൂനെ വിളിച്ചിട്ട് പോയി വാതില് തുറക്കാൻ പറഞ്ഞു.... ഓള് അപ്പോ തന്നെ അടുത്ത് കിടക്കുന്ന സനയെ തട്ടി വിളിച്ചിട്ട് ഓളോട് പോയി തുറക്കാൻ പറഞ്ഞു....

എവടെ ഈ രണ്ടും ഇവിടന്ന് എണീറ്റ് പോകില്ലെന്ന് തോന്നിയതും നമ്മള് മടിച്ച് മടിച്ച് എണീറ്റിട്ട് വേഗം ചെന്ന് വാതില് തുറന്ന് വാതിലും ചാരി നിന്ന് ഉറക്കം തൂങ്ങി നിന്നു... അപ്പോ തന്നെ നമ്മളെ മുന്നിലേക്ക് ഒരു രൂപം വന്നിട്ട് ഗുഡ് മോർണിങ് ഐഷു എന്ന് പറഞ്ഞതും

ഉറങ്ങി തൂങ്ങി നിന്ന നമ്മളെ ഉറക്കമൊക്കെ എപ്പോഴോ പമ്പ കടന്നു...

നമ്മള് അപ്പോ തന്നെ നേരെ നിന്ന് അവനെ നോക്കി കണ്ണ് തിരുമ്മിയിട്ട് വീണ്ടും അവനെ നോക്കി നിന്നു... അപ്പോ തന്നെ നമ്മള് കാണുന്നത് സ്വപ്നമല്ലെന്ന് മനസ്സിലായി...

രാവിലെ തന്നെ ഈ കോന്തനെയാണല്ലോ പടച്ചോനെ കണി കണ്ടതെന്ന് ചിന്തിച്ചോണ്ട് നമ്മള് പുറകോട്ട് നടക്കാൻ ഒരുങ്ങിയതും ഉറക്ക പ്രാന്തിൽ ബാലൻസ് തെറ്റി ഒരൊറ്റ വീഴ്ചയായിരുന്നു നമ്മള്....

നിങ്ങള് കരുതിയ പോലെ അപ്പോ നമ്മളെ ആ കോന്തൻ പിടിച്ചിട്ടൊന്നും ഇല്ലട്ടോ നമ്മള് നടും തല്ലി വീണത് നോക്കി ചെക്കൻ നിന്ന് ചിരിക്കാണ് കോന്തൻ....

"എന്തോന്നടി ഇത് ഇത്രെയും സമയായിട്ടും നീ എണീക്കാതെ കിടന്നുറങ്ങായിരുന്നോ...? അതിന്റെ പ്രതികരണമാണോ ഇത്....?"

എന്ന് പറഞ്ഞ് ആ കോന്തൻ നിന്ന് കിണിച്ചപ്പോ നമ്മള് ഓനെ തുറുക്കനെ നോക്കി കൊണ്ട് അവിടന്ന് എണീറ്റ് ഇരുന്നതും നടുവുളുക്കി നമ്മള് അവിടെ തന്നെ കിടന്നു...

അത് കണ്ടപ്പോ ആദി ചിരി നിർത്തി എന്റെ അടുത്തേക്ക് വന്നിട്ട് എന്റെ എതിർപ്പ് പോലും കണക്കിൽ എടുക്കാതെ എന്നെ എടുത്തോണ്ട് പോയി സോഫയിൽ ഇരുത്തി....

"നോക്കട്ടെ എവിടെയാ വേദനയുള്ളതെന്ന്.... വീക്കം ഉണ്ടെങ്കിൽ നമുക്ക് ഹോസ്പിറ്റലിലേക്ക് പോകാം..."

"അതൊന്നും വേണ്ട... എന്റെ വേദനയെ കുറിച്ചൊക്കെ ചിന്തിച്ച് ആരും ടെൻഷൻ ആകണ്ട... I know what to do...."

എന്ന് പറഞ്ഞ് അവനെ നോക്കി പുച്ഛിച്ചിട്ട് നമ്മള് അവിടന്ന് എണീറ്റ് പോകാൻ നിന്നതും നടുവുളുക്കി പിടിച്ചോണ്ട് നമ്മള് അപ്പോ തന്നെ സോഫയിലേക്ക്

വീണു... അത് കണ്ട് ആദി നമ്മളെ നോക്കി ചിരിച്ചപ്പോ നമ്മള് വേദന കടിച്ച് പിടിച്ചിട്ട് ഒന്നു ദഹിപ്പിക്കുന്ന ഒരു നോട്ടം നോക്കി കൊണ്ട് അച്ചൂന്റെ റൂമിലേക്ക് നടന്നു...

അവളെ റൂമിൽ ആയിരുന്നു ഫസ്റ്റ് എയ്ഡ് ബോക്സ് ഒക്കെ വെച്ചിട്ടുള്ളത്... അവളും സനയും സനന്റെ റൂമിൽ പൊരിഞ്ഞ ഉറക്കിലയോണ്ട് ഈ കോന്തൻ വന്നത് ഒന്നും അറിഞ്ഞിട്ടില്ല...

നമ്മള് അങ്ങനെ എങ്ങനെ ഓക്കെയോ നടന്നിട്ട് അച്ചൂന്റെ റൂമിലെത്തി ഫസ്റ്റ് എയ്ഡിൽ നിന്ന് ബാം എടുത്ത് തിരിഞ്ഞതും ആ കോന്തൻ നമ്മളെ നോക്കി കൊണ്ട് ഡോറും ചാരി നിൽപ്പുണ്ടായിരുന്നു....

"വാതിലിന്റ അവിടന്ന് മാറ്... എനിക്ക് ഇത് അടക്കണം...."

"എന്തിന്...?"

"എനിക്ക് ഈ ബാം പുരട്ടാനാ...."

"അതിനാണോ എന്നാ പിന്നെ അതിങ്ങ് തന്നേക്ക് ഞാൻ പുരട്ടി തരാം..."

"ചെയ്ത് തന്ന ഉപകാരങ്ങൾക്ക് ഒക്കെ നന്ദിയുണ്ട്... അതോണ്ട് ഇത് ഞാൻ തന്നെ ചെയ്തോളം...."

"പിന്നെ എന്തിനാ മുത്തെ ചേട്ടൻ ഇങ്ങനെ ഇവിടെ വടി പോലെ നിൽക്കണേ... ഞാൻ ഉള്ളപ്പോ എന്റെ ഐഷൂട്ടി ബുദ്ധിമുട്ടുണ്ടാന്നെ ചേട്ടൻ തടവി തരാം ബാം...."

എന്ന് പറഞ്ഞ് അവൻ എന്റെ കയ്യീന്ന് ബാം തട്ടി പറിച്ച് വാങ്ങിയിട്ട് എന്റെ അടുത്തേക്ക് നടന്നടുത്തു... നമ്മള് ആണെങ്കിൽ അതിനനുസരിച്ച് പുറകോട്ട് പോയി കട്ടിലിൽ കാല് തട്ടിയതും നമ്മള് ബെഡിലേക്ക് മറിഞ്ഞ് വീണു....

"അതെന്തായാലും നന്നായി... നിന്നെ എങ്ങനെ അവിടെ കിടത്തുമെന്ന് ഞാൻ ചിന്തിച്ചിരിക്കായിരുന്നു... എന്തായാലും നീ അങ്ങോട്ട് തന്നെ വീണത് നന്നായി... അപ്പോ കാര്യങ്ങൾ കുറേക്കൂടി എളുപ്പമായല്ലോ...?"

"എന്ത്......?"

നമ്മള് പേടിച്ചിറുകി കൊണ്ട് ആ കോന്തനെ നോക്കിയപ്പോ ഓൻ നമ്മളെ എതിരെയായി നിന്നോണ്ട് പതിയെ എന്റെ അടുത്തേക്ക് നീങ്ങി വരാൻ തുടങ്ങി... നമ്മള് ഓനെ നോക്കി പേടിച്ച് കണ്ണ് രണ്ട് ഇറുക്കിയടച്ച് വാ അടച്ച് പിടിച്ച് മുഖം തിരിച്ച് കിടന്നു... അവന്റെ ചുടു നിശ്വാസം എന്റെ കഴുത്തിലൂടെ വീശിയപ്പോ നമ്മള് പെട്ടെന്ന് കണ്ണ് തുറന്ന് ഓനെ അവിടന്ന് പിടിച്ച് തള്ളി മാറ്റി...

ഓൻ നമ്മളെ നോക്കി ചിരിച്ചോണ്ട് അവിടന്ന് എണീറ്റപ്പോ നമ്മളും ഒന്ന് എണീക്കാൻ നോക്കി... പക്ഷെ നടുവുലുക്കിയതോണ്ട് നമ്മള് അപ്പോ തന്നെ ബെഡിലേക്ക് മറിഞ്ഞു... അത് കണ്ടപ്പോ ആ കോന്തൻ വീണ്ടും നിന്ന് കിണിച്ചു... നമ്മള് ഓനെ തുറുക്കനെ

നോക്കി കൊണ്ട് നടുവിന് കൈ വെച്ച് എണീക്കാൻ നോക്കിയതും നമ്മള് വീണ്ടും അവിടെ തന്നെ വീണ് കിടന്നു....

"മതി നിന്റെ അഭ്യാസം... അങ്ങോട്ട് കമിഴ്ന്ന് കിടക്ക് ഞാൻ ബാം പുരട്ടി തരാ..."

"വേണ്ട... എന്റെ കാര്യം ഞാൻ നോക്കിക്കോളാ... ഇയാള് ഒന്നിവിടന്ന് പോയി തരോ..."

"ഇയാളോ.....? ഇപ്പോ അങ്ങനെ ഒക്കെ ആയല്ലേ....? അപ്പോ എന്തായാലും നിനക്ക് ഇനി ബാം പുരട്ടി തരാതെ ഞാൻ പോകുന്ന പ്രശ്നമില്ല... കിടക്കടി അങ്ങോട്ട്..."

എന്ന് പറഞ്ഞ് അവൻ എന്റെ നേരെ വന്നതും നമ്മള് ഓനെ കയ്യോണ്ട് തടയാൻ നോക്കി... അപ്പോ ഓൻ നമ്മളെ കയ്യിൽ പിടിച്ചിട്ട് അടങ്ങി കിടക്കാൻ പറഞ്ഞോണ്ട് ഒച്ച വെച്ചതും നമ്മളൊരു പൂച്ചകുട്ടിയെ പോലെ മിണ്ടാതെ അടങ്ങി കിടന്നു....

"അപ്പൊ കലിപ്പായാലെ ഇക്കാൻറെ ഐഷൂട്ടി പറഞ്ഞാൽ കേക്കൊള്ളുലെ...?

ഉം... ഇനി കമിഴ്ന്ന് കിടന്നിട്ട് ആ ടോപ് പൊന്തിക്ക്...എന്നിട്ട് എവിടെയാ വേദന ഉള്ളതെന്ന് കാണിച്ച് താ...."

"അയ്യടാ.... ആ പൂതിയങ്ങ് മനസ്സിൽ വെച്ചാൽ മതി... എന്റെ നടുവ് നീയിപ്പോ അങ്ങനെ കാണണ്ട...."

"ഓഹോ.... അപ്പോ അതാണല്ലേ കാര്യം...? എനിക്ക് കൺട്രോൾ പോകുമെന്ന് നിനക്ക് പേടിയുണ്ടോ...? എന്തായാലും ഞാൻ തന്നെയല്ലേ അതൊക്കെ കാണാൻ ഉള്ളത്... അതിത്തിരി നേരത്തെ ആയെന്ന് കരുതി എന്താ പ്രശ്നം...?"

എന്ന് ഒരു കള്ളച്ചിരിയോടെ ആ കോന്തൻ പറഞ്ഞപ്പോ നമ്മള് വേദന കടിച്ച് പിടിച്ചോണ്ട് അവിടന്ന് എണീറ്റ് ഇരുന്നിട്ട് അവന്റെ കയ്യീന്ന് ആ ബാം തട്ടി പറിച്ച് വാങ്ങി...

"നീ ഒന്ന് പോയെ... ഇത് ഞാൻ തന്നെ മാനേജ് ചെയ്തോളം... എന്നെ അങ്ങനെ ആരും കാണുന്നത് എനിക്ക് ഇഷ്ടമല്ല... അതോണ്ട് ഇവിടന്ന് ഇറങ്ങി പോ...."

നമ്മള് ഓന്റെ മുഖത്തേക്ക് നോക്കാതെ അത് പറഞ്ഞതും ഓൻ റൂമിന് ചുറ്റും ഒന്ന് കണ്ണോടിച്ച് നോക്കിയിട്ട് എന്തോ തിരഞ്ഞു... ആ നോട്ടം നേരെ എന്റെ ഷാളിൽ വന്ന് പതിഞ്ഞതും എന്റെ കഴുത്തിൽ കിടന്ന ഷാൾ വലിച്ച് ഊരി അവന്റെ കണ്ണ് കെട്ടി വെച്ചു...

"ഇപ്പോ പ്രശ്നം സോൾവായില്ലേ...? ഇനി പുരട്ടാലോ...?"

എന്ന് ചോദിച്ചോണ്ട് ഓൻ കൈ നീട്ടിയപ്പോ നമ്മള് ആ ബാം അവന്റെ കയ്യിൽ വെച്ച് കൊടുത്തിട്ട് കമിഴ്ന്ന് കിടന്നു... എന്നിട്ട് കണ്ണാടിയിൽ ആദിയെ നോക്കി ചിരിച്ചോണ്ട് നമ്മള് ടോപ്പ് ചെറുതായി പൊന്തിച്ചിട്ട് വേദനയുള്ള ഭാഗത്ത് അവന്റെ കൈ വെച്ച് തൊട്ട് കാണിച്ച് കൊടുത്തു...

ഓൻ മുഖത്ത് ഒരു ചെറു പുഞ്ചിരി വിടർത്തിയിട്ട് നമ്മളെ നടുവില് ബാം പുരട്ടി തടവി തന്നു... അവന്റെ തടവല് കൊണ്ടാണോ അതോ ആ ബാമിന്റെ പവറാണോ എന്തോ നമ്മളെ നടുവേദന കുറഞ്ഞ് വരാൻ തുടങ്ങി...

നമ്മള് അപ്പോഴും അവനെ കണ്ണാടിയിലൂടെ നോക്കി കിടക്കായിരുന്നു... അവൻ ഷോൾ മാറ്റി ഇടങ്കണ്ണിട്ട് നോക്കുമെന്ന് നമ്മള് പ്രതീക്ഷിച്ചെങ്കിലും അതൊന്നും ഉണ്ടായില്ല... പക്ഷെ തടവലിൽ നിന്നും പതിയെ വെതി ചലിച്ച് അത് ഒരു ഇക്കിളിയിലേക്ക് മാറി പോയൊന്ന് ഒരു സംശയം....

സംശയം അല്ല... നേരാണ്... ആ കോന്തൻ ഇപ്പോ നടുവില് നിന്നും കൈ കൊണ്ട് പോയിട്ട് നമ്മളെ വയറ്റില് ഇക്കിളിപ്പെടുത്താൻ നോക്കാണ്... ഓന്റെ ഉദ്ദേശം കണ്ടറിഞ്ഞപ്പോ തന്നെ നമ്മള് പെട്ടെന്ന് തിരിഞ്ഞ് കിടന്നതും നമ്മളെ കാല് തട്ടി ആ കോന്തൻ നേരെ നമ്മളെ മേലിലേക്ക് വന്ന് വീണു....

ലിപ് ടു ലിപ് ജസ്റ്റ് മിസ്സ്... ഇല്ലേൽ ഇവിടെ അടുത്ത കിസ്സും നടന്നേനെ... അവന്റെ മുഖം ഇപ്പോ എന്റെ തൊട്ട് മുന്നിലാണ്... നമ്മളെ ഹാർട്ട് ആണെങ്കിലോ ട്രെയിൻ പോകുന്ന വേഗത്തിൽ കുതിച്ചുയരുന്നുണ്ട്...

നമ്മള് ഒന്നും മിണ്ടാൻ പറ്റാതെ ആദിയെ തന്നെ നോക്കി അങ്ങനെ കിടന്നപ്പോ അവനൊരു ഉമ്മ കൊടുക്കാനൊക്കെ തോന്നി പോയി... പിന്നെ അത് നമ്മക്ക് തന്നെ പാരയാകുമെന്ന് തോന്നിയതും നമ്മള് ആ സാഹസത്തിന് മുതിർന്നില്ല...

പെട്ടെന്ന് ആദി അവന്റെ കണ്ണിലെ കെട്ടഴിച്ച് എന്റെ കണ്ണിലേക്ക് നോക്കി ഒരു വശ്യമായ പുഞ്ചിരി തൂകി... നമ്മളത് കണ്ടിട്ട് ഓനെ തന്നെ കണ്ണിമ വെട്ടാതെ നോക്കി കിടന്നപ്പോ ആദിന്റെ മുഖം പതിയെ എന്നിലേക്ക് അടുക്കുന്നതായി എനിക്ക് തോന്നി....

ഞങ്ങള് തമ്മിലുള്ള അകലം ഇപ്പോ ശ്വാസം പോലും വിടാൻ പറ്റാത്ത രീതിയിലാണ്... അത്രക്ക് അടുത്തിട്ടുണ്ട്...

എന്തും സംഭവിക്കാമെന്ന് നമ്മളോട് നമ്മളെ മനസ്സ്

തന്നെ പറഞ്ഞോണ്ടിരുന്നപോ ഞാൻ പതിയെ എന്റെ കണ്ണുകളടച്ച് പിടിച്ചു....

ആദിന്റെ ശ്വാസം എന്റെ മുഖത്ത് തട്ടുന്നതിന് അനുസരിച്ച് എന്റെ ഹൃദയമിടിപ്പിന്റെയും ശ്വാസത്തിന്റെയും വേഗത കൂടി കൂടി വന്നു... പതിയെ എന്റെ അധരങ്ങളിലേക്ക് അവന്റെ ചുണ്ട് ചേർന്നതും ഞങ്ങളെ പിറകിൽ നിന്നും ഒരു നിലവിളി കേട്ടു....

"ആ........... സനാ.... ഇങ്ങ് വാടി....."

എന്ന് അച്ചൂ നിലവിളിക്കുന്നത് കേട്ടതും ആദിയും ഞാനും പെട്ടെന്ന് തിരിഞ്ഞ് ഡോറിന്റെ അടുത്തേക്ക് നോക്കിയപ്പോ അച്ചു രണ്ട് കവിളിലും കൈ വെച്ചിട്ട് ഞങ്ങളെ നോക്കി സ്തംഭിച്ച് നിൽക്കുന്നതാണ് കണ്ടത്...

അത് കണ്ടപ്പോഴാ നമ്മക്ക് തന്നെ മനസിലായത് ഇവിടെ എന്തൊക്കെയാ ഇപ്പോ നടന്നത്... നമ്മള് അപ്പോ തന്നെ ആദിയെ നമ്മളെ മേത്ത് നിന്നും തള്ളി

മാറ്റിയിട്ട് നെഞ്ചിൽ കൈ വെച്ച് പെട്ടെന്ന് എണീറ്റ് നിന്നു.... അച്ചൂന്റെ നിലവിളി കേട്ട് സന ഓടി പാഞ്ഞ് വന്നപ്പോഴോ തലയിൽ തട്ടമില്ലാതെ നിൽക്കുന്ന നമ്മളും ബെഡിൽ തലക്ക് താങ്ങും കൊടുത്ത് കിടക്കുന്ന കോന്തനെയും കണ്ടപ്പോ ഓളും അന്തം വിട്ട് നിന്നു...

നമ്മള് ആണെകിൽ അവറ്റകളെ മുഖത്തേക്ക് പോലും നോക്കാൻ കഴിയാതെ തല താഴ്ത്തി പിടിച്ചോണ്ട് അങ്ങനെ നിൽപ്പ് തുടർന്നതും ആ കോന്തൻ പെട്ടെന്ന് നമ്മളെ കൈ പിടിച്ച് വലിച്ച് ബെഡിലേക്ക് ഇട്ട് നമ്മളെ കെട്ടി പിടിച്ച് കവിളില് ഒരുമ്മ തന്നതും നമ്മള് വാ പൊളിച്ചോണ്ട് ഓനെ നോക്കി....

അത് കണ്ടപ്പോ അച്ചുവും സനയും ഒരുമിച്ച് ഷോക്കായി കൊണ്ട് വാ പൊത്തി പിടിച്ച് ഞങ്ങളെ നോക്കി നിന്നു...

നമ്മളെ നോട്ടം കണ്ടിട്ട് ആ കോന്തൻ ഒന്ന് സൈറ്റടിച്ചിട്ട് അവിടന്ന് എണീറ്റ് ഹായ് സന ഹായ് അച്ചൂ... എന്ന് പറഞ്ഞ് റൂമീന്ന് പുറത്തേക്ക് ഇറങ്ങി പോയതും അവരും അവന്റെ പിന്നാലെ പോയി... നമ്മള് ആണെങ്കിൽ നടന്നതൊക്കെ ആലോചിച്ചോണ്ട് തലക്ക്

കയ്യും കൊടുത്ത് അവിടെ ഇരുന്നിട്ട് ഛെ...ഛെ എന്ന് പറഞ്ഞ് തലക്ക് രണ്ട് കൊട്ടും കൊടുത്ത് ഹാളിലേക്ക് ചെന്നു....

അപ്പോഴും ആ മഹാൻ പോകാതെ സോഫയിൽ ഇരുന്നിട്ട് ന്യൂസ് പേപ്പർ എടുത്ത് വായിച്ചോണ്ട് കാലുമേൽ കാല് കയറ്റി വെച്ചിരിക്കാണ്... അത് കണ്ട് നമ്മക്ക് ദേഷ്യം അങ്ങ് ഇരച്ച് കേറി...

"താൻ ഇതുവരെ വരെ പോയില്ലേ...? വേഗം ഇവിടന്ന് ഇറങ്ങി പോകാൻ നോക്ക്... സ്ത്രീകൾ മാത്രം താമസിക്കുന്ന ഫ്ലാറ്റാ.... അതോണ്ട് ഇയാള് ഇവിടന്ന് ഇറങ്ങി പോകണം...."

നമ്മളെ ഡയലോഗ് കേട്ടിട്ട് മറ്റേ രണ്ട് പേരും നമ്മളെ നോക്കി പുച്ഛിച്ച് ചിരിക്കാണ്... അവറ്റകളെ നോട്ടം കണ്ടപ്പോ തന്നെ നേരത്തെ റൂമിൽ വെച്ച് നടന്നതാകും മനസ്സിലെന്ന് നമ്മക്ക് ഓടി.. അതോണ്ട് നമ്മള് വേഗം അവരിൽ നിന്നും മുഖം തിരിച്ചിട്ട് ആ കോന്തനെ നോക്കി...

"അത് ശരി... എന്റെ ഫ്ലാറ്റിൽ കേറി വന്നിട്ട് അവിടന്ന് എന്നോട് ഇറങ്ങി പോകാൻ പറയുന്നത് എവിടത്തെ ന്യായാ....?"

ആ കോന്തൻ പറയുന്നത് കേട്ടപ്പോഴാ നമ്മക്ക് തന്നെ ആ കാര്യം ഓർമ്മ വന്നത്... അതോണ്ട് പിന്നെ നമ്മളൊന്നും പറയാൻ നിന്നില്ല... പകരം ഓടിനെ നോക്കി കണ്ണുരുട്ടി പല്ലിറുമ്പി നിന്നു... അത് കണ്ടിട്ട് ആ കോന്തൻ ഒന്ന് സൈറ്റടിച്ചു...

"ഹാ... എന്താ അച്ചൂ ഇത്...? ആദ്യമായിട്ട് ഞാൻ നിങ്ങളെ ഫ്ലാറ്റിലേക്ക് കേറി വന്നിട്ട് എനിക്ക് കുടിക്കാൻ എന്തെങ്കിലും വേണോ എന്ന് നിനക്ക് ചോദിയ്ക്കാൻ തോന്നിയില്ലല്ലോ..."

"അപ്പോ നേരത്തെ ഇവളെ കയ്യീന്ന് വാങ്ങിച്ചിട്ടും കാക്കൂന്റെ ദാഹം മാറിയില്ലേ...?"

അച്ചൂ പറയുന്നത് കേട്ട് നമ്മള് അപ്പോ തന്നെ അവളെ കാലിനൊരു ചവിട്ട് കൊടുത്തിട്ട് പോടീന്ന് പറഞ്ഞ്

ആട്ടിപ്പായിച്ചു... അപ്പോ ഓള് വാ പൊത്തി പിടിച്ച് ചിരിച്ചോണ്ട് സനയേയും കൂട്ടി അടുക്കളയിലേക്ക് ചെന്നതും നമ്മള് വീണ്ടും നാണം കെട്ട് തൊലിയുരിഞ്ഞ അവസ്ഥയിലായി...

ഇനിയും ഈ കോന്തന്റെ അടുത്ത് നിന്നാൽ ശരിയാകില്ല... കാരണം പഹയൻ അമ്മാതിരി നോട്ടമാണ് നമ്മളെ... അതോണ്ട് നമ്മളും അവിടന്ന് പതിയെ തിരിഞ്ഞ് നടക്കാൻ ഒരുങ്ങിയതും ഓൻ എന്റെ കയ്യിൽ പിടിച്ച് എന്നെ അവിടെ നിർത്തിച്ചു... നമ്മള് ഓന്റെ കയ്യിൽ നിന്നും നമ്മളെ കൈ വിടുവിക്കാൻ വേണ്ടി ശ്രമിച്ചോണ്ട് നിന്നതും ഓൻ പെട്ടെന്ന് നമ്മളെ കൈ വിട്ട് നമ്മളെ അരയിലൂടെ കൈ കൊണ്ട് പോയി എന്നെ അവനിലേക്ക് അടുപ്പിച്ച് നിർത്തിച്ചു...

എന്റെ കണ്ണിപ്പോ പുറത്തേയ്ക്ക് ചാടുമെന്ന അവസ്ഥയിൽ തുറിച്ച് നിന്നു...

"ഒരല്പം ശ്വാസം വിടടി... ഇല്ലെങ്കിൽ ചത്ത് പോകും..."

എന്ന് പറഞ്ഞ് അവന്റെ പിടി ഒരല്പം ലൂസാക്കിയപ്പോ നമ്മളൊരു ദീർഘ ശ്വാസം വിട്ടിട്ട് ഓനെ തന്നെ നോക്കി

നിന്നു... അപ്പോ അവനൊന്ന് ചിരിച്ചിട്ട് മറ്റേ കയ്യിൽ വെച്ചിരുന്ന ഒരു പൊതിയെടുത്ത് എനിക്ക് നേരെ നീട്ടി....

"എന്റെ ഐഷൂന് എന്നോട് ഇപ്പോഴും ദേഷ്യമാണെന്ന് അറിയാം... നിന്റെ ദേഷ്യത്തിൽ മാറ്റം വരുത്തണമെന്നൊന്നും ഞാൻ പറയില്ല... പക്ഷെ ഇത് നീ തുറന്ന് നോക്കണം... ഇതിൽ എനിക്ക് പറയാനുള്ളത് മുഴുവനും ഞാൻ പറഞ്ഞിട്ടുണ്ട്... സമയം കിട്ടുമ്പോ ഇതൊന്ന് എടുത്ത് നോക്കണം... ഇതൊക്കെ എനിക്ക് നേരിട്ട് പറയാവുന്നതെയുള്ളൂ... പക്ഷെ അത് കേൾക്കാൻ നീയോ പറയാൻ എന്നെ കൊണ്ടോ പറ്റിയെന്ന് വരില്ല...

ഇപ്പോ തന്നെ ഞാൻ ഇങ്ങോട്ട് വന്നപ്പോഴുള്ള അവസ്ഥ നീ കണ്ടില്ലേ...

അതോണ്ട് ഇക്കാൻറെ ഐഷു ഇത് വായിച്ചിട്ട് നല്ലൊരു *മറുപടി*തന്നെ എനിക്ക് നൽകുമെന്ന് പ്രതീക്ഷിക്കുന്നു...."

എന്ന് പറഞ്ഞ് എന്റെ അരയിൽ നിന്നും പിടി വിട്ടിട്ട് അവനത് എന്റെ കയ്യിൽ വെച്ച് തന്നു... അവന്റെ മറുപടി എന്ന പറച്ചിലിൽ തന്നെ അവൻ എന്താ

ഉദ്ദേശിച്ചതെന്ന് നമ്മക്ക് പിടി കിട്ടിയതും നമ്മള് ഓനെ തുറുക്കനെ നോക്കി... അപ്പോ തന്നെ ആദിക്ക് കുടിക്കാൻ വേണ്ടി അച്ചൂ കോഫി കൊണ്ട് വന്നു.... ഓനത് നമ്മളെ നോക്കി കൊണ്ട് കുടിച്ച് കാലിയാക്കിയിട്ട് ഞങ്ങളോട് നാളെ ഓഫീസിൽ വെച്ച് കാണാമെന്ന് പറഞ്ഞ് ഇറങ്ങി നമ്മളെ നോക്കി കൊണ്ട് നാളെ മറുപടി തരണം എന്ന് പറഞ്ഞ് ഒരു ചിരി പാസാക്കി കൊണ്ട് ഓൻ പോയി....

ഓൻ പോയതും നമ്മള് ആ പൊതി നെഞ്ചോട് ചേർത്ത് വെച്ച് ചിരിച്ചിട്ട് അതിലേക്ക് നോക്കി തിരിഞ്ഞപ്പോ നമ്മളെ നോക്കി കൊണ്ട് ബാക്കി രണ്ടും നിൽപ്പുണ്ടായിരുന്നു...

പിന്നെ അങ്ങോട്ട് നമ്മളെ രണ്ട് സൈഡീന്നും പൊങ്കാല ഇടായിരുന്നു അവറ്റകൾ... അതും നേരത്തെ അടിച്ച കിസ്സിന്റെ പേരും പറഞ്ഞ്... നമ്മള് അവറ്റകളെ മുന്നീന്ന് രക്ഷപ്പെടാൻ വേണ്ടി എന്തൊക്കയോ പറഞ്ഞ് തടി തപ്പാൻ നോക്കിയെങ്കിലും നടന്നില്ല...

ഒടുക്കം നടന്നതൊക്കെ അവരോട് പറഞ്ഞ് കഴിഞ്ഞപ്പോ രണ്ടിന്റെയും മുഖത്ത് നമ്മളെ നോക്കി കൊണ്ടുള്ള ഒരു അവിഞ്ഞ ചിരി ആയിരുന്നു...

"ഡി ഫെബി... നീയിത് തുറന്ന് നോക്ക്... കാക്കൂന് എന്താ എന്നോട് പറയാനുള്ളതെന്ന് നമുക്ക് അറിയാലോ..."

"അതെ ഫെബി നീയത് തുറക്ക്... ഞങ്ങള് ഇവിടെ ത്രില്ലടിച്ച് നിൽക്കാ... നീ അത് തുറന്നെ...."

എന്ന് പറഞ്ഞ് അവറ്റകൾ രണ്ടും ശല്യം ചെയ്തപ്പോ നമ്മള് അവിടെ സോഫയിൽ ഇരുന്നിട്ട് ആ പൊതി തുറന്ന് നോക്കി... അതിൽ അപ്പോ ഒരു കട്ടിയുള്ള ബുക്ക് ആയിരുന്നു ഉണ്ടായിരുന്നത്...

നമ്മള് അതിന്റെ പേര് വായിച്ച് നോക്കിയതും നമ്മക്ക് എ ബുക്കിനെ കുറിച്ച് ഓർമ്മ വന്നു...

അന്ന് ആദി കോളേജിൽ നിന്നും കൊണ്ട് പോയിരുന്ന ബുക്കായിരുന്നു അത്... നമ്മള് അതിനെ പറ്റി അപ്പോ തന്നെ അവരോട് പറഞ്ഞതും അവരത് തുറന്ന് നോക്കാൻ പറഞ്ഞു...

നമ്മള് ഒന്ന് തലയാട്ടി സമ്മതിച്ചിട്ട് ആ ബുക്ക് തുറന്നതും അതിൽ നിന്ന് ഒരു പേപ്പർ നിലത്തേക്ക് വീണു... ഞാൻ

ആ ബുക്ക് അവിടെ ടേബിളിൽ വെച്ചിട്ട് ആ പേപ്പർ തുറന്ന് നോക്കി അതിലുള്ളത് വായിച്ചു....

(തുടരും)

ഭാഗം.116

അന്ന് ആദി കോളേജിൽ നിന്നും കൊണ്ട് പോയിരുന്ന ബുക്കായിരുന്നു അത്... നമ്മള് അതിനെ പറ്റി അപ്പോ തന്നെ അവരോട് പറഞ്ഞതും അവരത് തുറന്ന് നോക്കാൻ പറഞ്ഞു...

നമ്മള് ഒന്ന് തലയാട്ടി സമ്മതിച്ചിട്ട് ആ ബുക്ക് തുറന്നതും അതിൽ നിന്ന് ഒരു പേപ്പർ നിലത്തേക്ക് വീണു... ഞാൻ ആ ബുക്ക് അവിടെ ടേബിളിൽ വെച്ചിട്ട് ആ പേപ്പർ തുറന്ന് നോക്കി അതിലുള്ളത് വായിച്ചു....

"ഐഷൂ...

ഈ പേപ്പർ നിന്റെ കയ്യിൽ കിട്ടുമ്പോൾ ഞാൻ നിന്റെ കൂടെ ഉണ്ടായിരിക്കണമെന്നില്ല... മറ്റൊരു രൂപത്തിലും ഭാവത്തിലും ആയിരിക്കും ചിലപ്പോ നിനക്ക് എന്നെ കാണാൻ സാധിക്കുക... അപ്പോ ഞാൻ നിന്നോട് കാണിക്കുന്ന പെരുമാറ്റവും ഇടപെടലുകളും നിനക്ക് സഹിച്ചെന്ന് വരില്ല...

നിന്റെ മനസ്സിനെ മുറിപ്പെടുത്തുന്ന രീതിയിൽ നിനക്ക് പലതും കാണേണ്ടിയും കേൾക്കേണ്ടിയും വന്നേക്കാം... പക്ഷെ നീ അതൊന്നും കാര്യമായി എടുത്തേക്കരുത്... കാരണം അതെല്ലാം എന്റെ ഒരു നിസ്സഹായകാവസ്ഥയാണ്...

എനിക്ക് നിന്നെ ഒരിക്കലും വെറുക്കാനോ മറക്കാനോ കഴിയില്ല...

നിന്നെ വിട്ട് എത്ര ദൂരേക്ക് ഞാൻ പോയാലും ഒരിക്കൽ നിനക്ക് വേണ്ടി ഞാൻ മടങ്ങി വരും നമ്മുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ... ആ നാൾ വരെ നീ എനിക്ക് വേണ്ടി കാത്തിരിക്കണം... നിന്നെയും മനസ്സിലോർത്ത് കൊണ്ട് ഈ ലോകത്തിന്റെ ഏതെങ്കിലും കോണിൽ ഞാനുണ്ടാകും.... I miss you aishu....and I still love you...

ആദി............"

ആ പേപ്പറിലുള്ളത് വായിച്ച് തീർന്നതും എന്റെ കണ്ണ് നിറഞ്ഞു... അന്ന് ആദി എന്നോട് പറയാൻ ആഗ്രഹിച്ചിരുന്നത് ഇതായിരുന്നു എന്ന് മനസ്സിലായപ്പോ വീണ്ടും കരച്ചില് വന്നു... പിന്നെ എന്തിനാകും അവനിത് അവിടന്ന് എടുത്തോണ്ട് പോയതെന്ന് ഞാൻ ചിന്തിച്ചിരുന്നപ്പോഴാണ് അച്ചൂ ആ ബുക്ക് ഒന്നൂടെ എടുത്ത് നോക്കിയത്...

"ഫെബി...ദേ ഇതിൽ വേറൊരു പേപ്പർ കൂടിയുണ്ട്... ഇത് വായിച്ച് നോക്ക്... ഇതിലെന്താ എഴുതിയിരിക്കുന്നതെന്ന് നോക്കാലോ..."

എന്ന് പറഞ്ഞ് അച്ചൂ ആ പേപ്പർ എനിക്ക് നേരെ നീട്ടിയപ്പോ ഞാൻ കണ്ണ് തുടച്ച് അത് വാങ്ങി തുറന്ന് നോക്കി...

"ഹായ് ഐഷു.... ആ പേപ്പറിലുള്ളത് വായിച്ചിട്ട് എന്റെ പെണ്ണ് കരയാണോ...? അയ്യേ... വിട്ട് കളയെന്നെ എല്ലാം ഇപ്പോ ഓക്കേ ആയില്ലേ...? വൈകി ആണെങ്കിലും ഞാൻ എന്റെ ഉപ്പാന്റെ ഘാതകർക്ക് അവർ

അർഹിക്കുന്ന ശിക്ഷ വാങ്ങി കൊടുത്തില്ലേ...? ഇനിയങ്ങോട്ട് നമ്മുടെ നാളുകളാണ്...ആദിയുടെയും ഐഷുവിനെയും നാളുകൾ....."

"ഓ പിന്നെ... ഇങ്ങോട്ട് വാ നമ്മുടെ നാളുകൾ എന്ന് പറഞ്ഞോണ്ട്... എന്നെ ഇട്ട് കഷ്ടപ്പെടുത്തിയതിന് ഒന്നും കയ്യും കണക്കുമില്ല അപ്പോഴാ അവന്റെ ഒരു ഒലിപ്പീരി..."

നമ്മളത് വായിച്ചിട്ട് ഇടക്ക് കേറി പറയുന്നത് കേട്ടിട്ട് അച്ചുവും സനയും പൊരിഞ്ഞ ചിരിയാണ്... നമ്മള് അവരെ നോക്കി ഒന്ന് ചിരിച്ചിട്ട് ബാക്കി വായിച്ചു...

".....ഇപ്പോ നീ എന്നോട് ഇത്തിരി കലിപ്പിൽ ആണെന്ന് എനിക്കറിയാം... അത് സ്വഭാവികവുമാണ്... കാരണം അത്രക്ക് ഞാൻ നിന്നെ കഷ്ടപ്പെടുത്തിയിട്ടുണ്ടല്ലോ...

പോട്ടെ അതൊക്കെ വിട്ട് കള... ഒന്നുമില്ലെങ്കിലും ഞാൻ നിന്റെ ആദിയല്ലേ... ആ പരിഗണന വെച്ചെങ്കിലും നീ എന്നോട് ഒന്ന് പൊറുത്ത് തരണം....പ്ലീസ്......"

"ഒരു പ്ലീസുമില്ല മോനെ... ആ സൽമക്ക് മുന്നിൽ വെച്ച് നീ എന്നോട് കാട്ടികൂട്ടിയതിനൊക്കെ ഞാൻ പകരം വീട്ടിയിരിക്കും... അതോണ്ട് നിന്നോട് ക്ഷമിക്കുന്ന പ്രശ്നമേയില്ല...."

നമ്മളത് പറഞ്ഞ് തീർന്നതും അച്ചൂ എന്റെ തലക്ക് ഒരു മേട്ടം തന്നിട്ട് ബാക്കി വായിക്കേടി എന്ന് പറഞ്ഞപ്പോ നമ്മള് ഒന്ന് ചിരിച്ച് കൊടുത്തിട്ട് വീണ്ടും തുടർന്നു...

"......അന്ന് ആ ആസിഡന്റിന് ശേഷം നിന്നെ ഹോസ്പിറ്റലിൽ ആക്കിയിട്ട് ഞാൻ സിയാദിനോട് വഴക്കിട്ട് ചെന്നത് നേരെ ആ സൽമയെ ലക്ഷ്യമാക്കി ആയിരുന്നു.. കാരണം ആ ആക്സിഡന്റിന് പിന്നിൽ അവളല്ലാതെ മറ്റാരും ആയിരിക്കില്ലെന്ന് എനിക്ക് ഉറപ്പായിരുന്നു... പക്ഷെ, അവളുടെ അടുത്ത് എത്തുന്നതിന് മുന്നേ തന്നെ ഓവർ സ്പീഡ് കാരണം എന്റെ കാർ ആക്സിഡന്റായി എന്നിലെ ബോധം നശിച്ചിരുന്നു...

പിന്നീട് ഞാൻ കണ്ണ് തുറന്ന് നോക്കിയപ്പോ ഞാൻ ഹോസ്പിറ്റലിൽ ആയിരുന്നു... നിന്നെ ട്രീറ്റ്

ചെയ്തിരുന്ന ഡോക്ടർ വിമല ആയിരുന്നു എന്നെയും ചികിത്സിച്ചത്... അങ്ങനെ ഡോക്ടറുടെ സഹായത്തോടെ ഞാൻ അവർക്ക് മുന്നിൽ ഒരു പുതിയ നാടകത്തിന് വേണ്ടി തുടക്കം കുറിക്കുകയായിരുന്നു... അത് അവര് ചെയ്ത കുറ്റകൃത്യങ്ങൾക്കുള്ള തെളിവ് ഉണ്ടാക്കാൻ മാത്രം....

അതിന് വേണ്ടി എനിക്ക് അവരെ മുന്നിൽ അഭിനയിക്കാൻ ഒരുപാട് കഷ്ടപ്പെടേണ്ടി വന്നെങ്കിലും അവർക്കത് ഒക്കെ വിശ്വാസമാകാൻ അധികം നാളുകൾ ഒന്നും വേണ്ടി വന്നില്ല....

പിന്നീടങ്ങോട്ട് ഞാൻ എഴുതുന്ന തിരക്കഥയിലെ വെറും അഭിനേതാക്കൾ മാത്രമായിരുന്നു അവർ... ഞാൻ പറയുന്നതിന് അപ്പുറം അവർക്ക് മറ്റൊന്നും ഇല്ലായിരുന്നു... അതും പറയുന്നതൊക്കെ അവർക്ക് സന്തോഷം ഉണ്ടാക്കുന്ന കാര്യങ്ങൾ മാത്രമായിരുന്നു...

അപ്പോഴും നീ കോമയിൽ ബോധം നഷ്ടപ്പെട്ട് ഹോസ്പിറ്റലിൽ കിടക്കായിരുന്നു... പല തവണ ആരും കാണാതെ ഇരുട്ടിന്റെ മറവിൽ നിന്ന് നിന്നെ ഒരു നോക്ക് കണ്ട് ഞാൻ പോകാറുണ്ടായിരുന്നു.... പക്ഷെ അന്നൊന്നും നിന്റെ അടുത്തേക്ക് ഞാൻ വന്നിരുന്നില്ല...

ഒരിക്കൽ ഉറക്കിൽ നിന്നും ഞെട്ടി ഉണർന്നത് നിന്റെ ചോരയിൽ കുളിച്ച് കിടക്കുന്ന മുഖം കണ്ടാണ്... അന്ന് എനിക്ക് ഒരുപോള കണ്ണടക്കാൻ കഴിഞ്ഞില്ല...

നിന്നെ ഒരു നോക്ക് കാണണമെന്ന് എന്റെ മനസ്സ് വല്ലാതെ വെമ്പൽ കൊണ്ടു... അതോണ്ട് അന്ന് പുലർച്ചെ 4 മണിക്ക് ആരും അറിയാതെ ഞാൻ ഹോസ്പിറ്റലിൽ വന്ന് നിന്നെ കണ്ടു നിന്റെ അടുത്ത് ഒരുപാട് നേരം ഇരുന്നു... നിന്നെ അകറ്റി നിർത്തേണ്ടി വന്ന എന്റെ സാഹചര്യം ഓർത്തപ്പോ സ്വയം ശപിച്ച് മിഴിയിൽ ഈറനണിഞ്ഞു...

അവിടന്ന് പോകുന്നതിന് മുൻപ് നിന്റെ നെറ്റിയിൽ തലോടി ഒരു ചുംബനം നൽകി തിരിഞ്ഞ് ഞാൻ നടക്കാൻ ഒരുങ്ങിയതും നീ ഉണരുന്ന പോലെ എനിക്ക് തോന്നി...

അപ്പോ ഞാൻ അനുഭവിച്ച മാനസികാവസ്ഥ എനിക്ക് പറഞ്ഞറിയിക്കാൻ പറ്റുന്നതിനും അപ്പുറമായിരുന്നു... ഒരു ഉറക്കിൽ നിന്നും ഞെട്ടി ഉണരുന്ന പോലെ നീ എന്റെ പേരും വിളിച്ച് ഞെട്ടി എണീറ്റതും ഞാൻ അവിടെ ഒരു കർട്ടന് മറവിൽ ഒളിച്ച് നിന്നു...

നിനക്ക് ബോധം വന്നെന്ന് മനസ്സിലായപ്പോ എനിക്ക് ഓടി വന്ന് നിന്നെ വാരിപ്പുണരാനൊക്കെ തോന്നിയതായിരുന്നു... പക്ഷെ എന്റെ സാഹചര്യം എനിക്ക് അനുകൂലമല്ലായിരുന്നു... അപ്പോഴേക്കും നിന്റെ ഉമ്മയും ഉപ്പയുമൊക്കെ ഉണർന്ന് നിന്റെ അടുത്തേക്ക് വന്നപ്പോ ഞാൻ പെട്ട് പോയെന്നാ കരുതിയത്... പക്ഷെ അപ്പോഴേക്കും ഡോക്ടർ അകത്തേക്ക് കയറി എല്ലാവരോടും പോകാൻ പറഞ്ഞപ്പോ എന്റെ മനസ്സിന് ഒരല്പം സമാധാനം കിട്ടി...

ഡോക്ടറോട് നിനക്ക് എന്താണ് സംഭവിച്ചതെന്ന് നീ ചോദിക്കുന്നതൊക്കെ ഞാൻ അവിടെ നിന്ന് കേൾക്കുന്നുണ്ടായിരുന്നു... നിന്നെ മയക്കി കെടുത്തിയിട്ട് അവർ അവിടന്ന് പോയതും ഞാൻ വീണ്ടും നിന്റെ അടുത്തേക്ക് വന്നിരുന്നു... നിന്നെ നെഞ്ചോട് ചേർത്ത് വെച്ച് ഞാൻ ഒരുപാട് ഉമ്മകൾ കൊണ്ട് പൊതിഞ്ഞു...

അപ്പോഴേക്കും ഡോക്ടർ അകത്തേക്ക് കയറി വന്നതും എന്നെ കണ്ട് ഷോക്കായി നിന്നു... ഞാൻ നിന്നെ അവിടെ കിടത്തിയിട്ട് ഡോക്ടറോട്

നമുക്കിടയിലെ ബന്ധത്തെ കുറിച്ചും എന്റെ ഇപ്പോഴത്തെ സാഹചര്യത്തെ കുറിച്ചും പറഞ്ഞപ്പോ ഡോക്ടർ എന്നെ അവിടന്ന് പുറത്തേക്ക് കടക്കാൻ സഹായിച്ചു....

പിന്നീട് അങ്ങോട്ട് നിന്റെ എല്ലാ ഹെൽത്ത് പ്രോഗ്രെസ്സുകളും ഞാൻ ഇവിടെ നിന്ന് കൊണ്ട് തന്നെ എല്ലാം അറിയുന്നുണ്ടായിരുന്നു...

അങ്ങനെ എല്ലാം നല്ല രീതിയിൽ പോയി കൊണ്ടിരിക്കുന്ന സമയത്താണ് സൽമന്റെ ഉപ്പ ഞങ്ങള് തമ്മിലുള്ള എങ്കേജ്മെന്റ് നാട്ടിൽ വെച്ച് നടത്തണമെന്ന് പറഞ്ഞത്... അതെനിക്ക് എതിർക്കാൻ കഴിയാത്ത കാര്യമായത് കൊണ്ട് എനിക്ക് അപ്പോ അതിന് സമ്മതിക്കേണ്ടി വന്നു... അന്ന് നാട്ടിലേക്ക് തിരിച്ച് വന്നപ്പോ എന്റെ മുന്നിൽ ഒരേയൊരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു നീ ഒരിക്കലും ഞാൻ അഭിനയിക്കുക ആണെന്ന് അറിയരുതെന്ന്... കാരണം ഈ എങ്കേജ്മെന്റ് നാടകം ആണെങ്കിലും അത് നിനക്ക് സഹിക്കാത്ത പ്രവർത്തി ആയോണ്ട് നീ അത് മുടക്കാനെ ശ്രമിക്കൂ എന്ന് എനിക്ക് ഉറപ്പായിരുന്നു...

അതോണ്ട് പ്രിൻസിയെ എങ്കേജ്മെന്റിന് ക്ഷണിക്കാൻ

എന്ന വ്യാജേന ഞാൻ അന്ന് കോളേജിലേക്ക് വന്നത് ലൈബ്രറിയിൽ ഞാൻ പതിപ്പിച്ചിരുന്ന നോട്ടീസ് മാറ്റാൻ ആയിരുന്നു... പക്ഷെ ഞാൻ അവിടെ എത്തിയപ്പോഴേക്കും ആ നോട്ടീസ് അവിടന്ന് ആരോ കീറി കളഞ്ഞിരുന്നു... അത് നീയാണെന്ന് രാജേഷ് സാർ പറഞ്ഞപ്പോ നീ ഞാൻ എഴുതിയ ലെറ്റർ വായിച്ച് കാണോ എന്ന് പരിഭ്രാന്തി പെട്ടോണ്ട് ആ ബുക്ക് തിരഞ്ഞപ്പോ അതിനകത്ത് ആ ലെറ്റർ ഉണ്ടായിരുന്നു...

അപ്പോഴാണ് എനിക്ക് ശെരിക്കും ആശ്വാസമായത്... ഞാൻ അപ്പോ തന്നെ ആ ബുക്ക് അവിടന്ന് എടുത്തിട്ട് നിന്റെ കണ്മുന്നിൽ പെടുന്നതിന് മുൻപ് അവിടന്ന് രക്ഷപ്പെടണമെന്ന് കരുതി ഇറങ്ങിയപ്പോ തന്നെ നീ കേറി വരുന്നത് ഞാൻ കണ്ടു... പിന്നെ നിന്റെ കണ്ണിൽ പെടാതിരിക്കാൻ വേണ്ടി ഒരു പാച്ചിൽ ആയിരുന്നു ഞാൻ... പക്ഷെ അവിടെയും എനിക്ക് പിഴച്ചു... നീയെന്നെ കണ്ട് എന്റെ പിന്നാലെ ഓടി വരുന്നത് ഞാൻ അറിഞ്ഞു...

അതോണ്ട് ഞാൻ അവിടന്ന് പെട്ടെന്ന് നിന്റെ കണ്ണ് വെട്ടിച്ച് ഓഫീസ് റൂമിൽ കയറി... അവിടമാകെ ആളുകളെ കൊണ്ട് നിറഞ്ഞത് കൊണ്ട് നീ എന്നെ

ശ്രദ്ധിച്ചില്ല... ഞാൻ പ്രിൻസിക്ക് ഇൻവിറ്റേഷൻ നൽകി പുറത്തേക്ക് വന്നപ്പോഴും നീയാ ആൾക്കൂട്ടത്തിനിടയിൽ കരഞ്ഞോണ്ട് എന്നെ തിരയുന്നത് കണ്ടപ്പോ എന്റെ മനസ്സിൽ അനുഭവപ്പെട്ട നോവ് ചെറുതൊന്നുമല്ല...

നീ കാണാതിരിക്കാൻ വേണ്ടി ഞാൻ നന്നേ പാട്പെട്ടാണ് അവർക്കിടയിലൂടെ നടന്നത്... പക്ഷെ അപ്രതീക്ഷിതമായി ഞാൻ ഒരാളിൽ കൂട്ടിമുട്ടി നേരെ വന്നിടിച്ചത് നിന്നെ ആയിരുന്നു... അത് കണ്ടപ്പോ തന്നെ ഞാൻ അവിടന്ന് തിരിഞ്ഞ് നോക്കാതെ സ്റ്റെയർ ഒക്കെ ഇറങ്ങി ഓടി... നീ എന്റെ പിറകെ ആദി എന്ന് അലറി കരഞ്ഞ് ഓടി വരുന്നതൊക്കെ അറിഞ്ഞിട്ടും ഞാൻ മനപ്പൂർവ്വം തിരിഞ്ഞ് നോക്കിയില്ല... അപ്പോ ഞാൻ അങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ എനിക്ക് എന്നെ തന്നെ നിയന്ത്രിക്കാൻ കഴിഞ്ഞെന്ന് വരില്ലായിരുന്നു...

അതോണ്ട് ഞാൻ പെട്ടെന്ന് കാറിൽ കയറി കോളേജ് കോമ്പോണ്ട് കടന്നപ്പോ നീ കാറിന് പിന്നാലെ ഓടി വരുന്നതൊക്കെ കരഞ്ഞു കലങ്ങിയ കണ്ണ് കൊണ്ട് നോക്കി നിൽക്കാനേ എനിക്ക് പറ്റിയുള്ളൂ... നിന്നെ അങ്ങനെ ഒക്കെ വിഷമിപ്പിച്ചതിന് പടച്ചോനോട്

ഒരുപാട് കരഞ്ഞ് മാപ്പിരന്നിട്ടുണ്ട് ഞാൻ...

എന്റെ ഈ അഭിനയത്തെ കുറിച്ച് അറിയാവുന്ന ഏക വ്യക്തിയായിരുന്നു എന്റെ വല്ലിമ്മ... വല്ലിമ്മാനോട് ഒന്നും മറച്ച് വെച്ച് ശീലമില്ലാത്തൊണ്ട് ഞാൻ എല്ലാം തുറന്ന് പറഞ്ഞിരുന്നു... എല്ലാം കേട്ട് കഴിഞ്ഞപ്പോ വല്ലിമ്മ എന്നോട് പറഞ്ഞത് ഇപ്പോഴും എന്റെ കാതിൽ മുഴങ്ങുന്നുണ്ട്...

'മോൻ വിഷമിക്കണ്ട എല്ലാം നല്ല രീതിയിൽ നടക്കും... നിന്റെയും സൽമന്റെയും വിവാഹം പെട്ടെന്ന് നടത്തണമെന്നാണ് അവര് പറയുന്നത്... നിങ്ങളെ നിശ്ചയം കഴിഞ്ഞ ഉടനെ തന്നെ അതും പ്രതീക്ഷിക്കാം... പക്ഷെ മോൻ അതൊന്നും ഓർത്ത് വിഷമിക്കണ്ട... നീ ആഗ്രഹിച്ച പെണ്ണിനെ മാത്രേ നീ കല്യാണം കഴിക്കൂ... ഈ വല്ലിമ്മ അതെ നടത്തൂ... മോന്റെ എല്ലാ ലക്ഷ്യങ്ങളും നീ പൂർത്തീകരിക്കും... അതിന് ഞാൻ ഒരു വഴി കണ്ടിട്ടുണ്ട്....'

അന്ന് വല്ലിമ്മ അങ്ങനെ പറഞ്ഞതിന്റെ പൊരുള് എനിക്ക് മനസ്സിലായില്ല, എന്നെ ആശ്വസിപ്പിക്കാൻ

വേണ്ടി പറഞ്ഞതാകുമെന്ന് ഞാൻ കരുതി... പക്ഷെ പിന്നീടാണ് ഞാൻ അറിഞ്ഞത് മരണം തന്ന് തോല്പിക്കുകയായിരുന്നു എന്നെയെന്ന്......"

അത് വായിച്ചതും എന്റെ കയ്യീന്ന് ആ പേപ്പർ നിലത്തേക്ക് ഊർന്ന് വീണു... എന്റെ കണ്ണീര് തടുത്ത് നിർത്താൻ എനിക്ക് കഴിയാതെ വന്നു... ഞങ്ങൾക്ക് വേണ്ടി വല്ലിമ്മ സ്വന്തം ജീവൻ പോലും കളഞ്ഞെന്ന് അറിഞ്ഞപ്പോ ഞാൻ മുഖം പൊത്തി പിടിച്ച് പൊട്ടിക്കരഞ്ഞു... എന്റെ കരച്ചില് കണ്ട് അച്ചുവും സനയും എന്നെ സമാധാനിപ്പിച്ചിട്ട് ബാക്കി അച്ചു വായിക്കാൻ തുടങ്ങി....

"......വല്ലിമ്മാന്റെ മരണം കൊണ്ട് അന്ന് നടക്കാനിരുന്ന ഞങ്ങളെ എങ്കേജ്മെന്റ് മുടങ്ങി... മൂന്ന് വർഷങ്ങൾക്ക് ശേഷം അത് നടത്താമെന്ന് തീരുമാനിച്ച് ഞങ്ങള് വീണ്ടും ഇങ്ങോട്ട് വന്നു... പിന്നീട് അങ്ങോട്ട് നിന്നെ കുറിച്ച് എനിക്ക് ഒരറിവും ലഭിച്ചിരുന്നില്ല... അതിനിടക്ക് വളരെ സമർത്ഥമായി എന്റെ ഫ്രണ്ട്സിനെയും അവള് എന്നിൽ നിന്നും അകറ്റിയതോടെ ഞാൻ തീർത്തും ഒറ്റപ്പെട്ടു...

പിന്നെ പലരിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് അച്ചുവിനെയും സനയെയും നിന്നെയും കുറിച്ചൊക്കെ ഞാൻ അറിഞ്ഞു... നീ അപ്പോഴും ഡിഗ്രി കംപ്ലീറ്റ് ആക്കാനുള്ള ഓട്ടത്തിലായിരുന്നു... സനയും അച്ചുവും അരുണുമൊക്കെ പഠനം ഉപേക്ഷിച്ച് ജോലി തേടുന്ന വിവരം അറിഞ്ഞപ്പോ അവര് മുഘേന നിന്നെ കുറിച്ച് അറിയാൻ വേണ്ടി അവർക്ക് എന്റെ കമ്പനിയിൽ ജോലി കൊടുത്തു...

എന്റെ അവരോടുള്ള പെരുമാറ്റം കണ്ടപ്പോഴാണ് ഞാൻ എത്രത്തോളം മാറി പോയെന്ന് അവര് മനസ്സിലാക്കിയത്... അപ്പോഴാണ് നീ ഏതോ ഒരു ടെക്സ്റ്റൈൽസ് ഷോപ്പിൽ സെയിൽസ് ഗേളായി വർക്ക് ചെയ്യാണെന്ന് അറിയാൻ കഴിഞ്ഞത്... അത് എനിക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.. അതോണ്ടാ ആരും അറിയാതെ അച്ചുവിനെ ഞാൻ ഈ കാര്യം ഒരു കൊറിയർ വഴി അറിയിച്ചത്.. അതിൽ നീ സെയിൽസ് ഗേളായിട്ട് വർക്ക് ചെയ്യുന്ന ചില ഫോട്ടോസ് ആയിരുന്നു... കൂടെ ആ ഷോപ്പിന്റെ ഡീറ്റൈൽസും...

പിന്നെ എല്ലാം ഞാൻ വിചാരിച്ച പോലെ തന്നെ

കാര്യങ്ങൾ നടന്നു... നിന്നെ എത്രെയും പെട്ടെന്ന് എന്റെ മുന്നിൽ കൊണ്ട് നിർത്താൻ വേണ്ടി ഞാൻ തന്നെ പല നാടകങ്ങളും കളിച്ച് നിന്നെ ഒടുവിൽ ഇവിടെ എത്തിച്ചു... പക്ഷെ അത് ഞാൻ ചെയ്ത വലിയൊരു തെറ്റായിരുന്നെന്ന് എനിക്ക് പിന്നീടാണ് മനസ്സിലായത്...."

അച്ചു അത് വായിച്ച് തീർന്നതും ഞാൻ അവളെ കയ്യീന്ന് അത് വാങ്ങിച്ചിട്ട് ബാക്കി വായിച്ചു...

".......ഞാൻ തന്നെ നിന്നെ നോവിക്കുന്ന തരത്തിൽ എനിക്ക് ഒരുപാട് തെറ്റുകൾ ആ സൽമക്ക് കൂട്ട് പിടിച്ച് ചെയ്യേണ്ടി വന്നു... ഓരോ തവണയും നിന്നെ സങ്കടപ്പെടുത്തുമ്പോഴും അതിനനുസരിച്ച് ഞാനും നീറിപ്പുകയായിരുന്നു...

അന്ന് നീ ജോലിക്ക് വന്ന ആദ്യ ദിവസം തന്നെ നിനക്ക് ഇട്ട് മൂടാൻ മാത്രം വർക്കുകൾ തന്ന് ഞാൻ പോയപ്പോഴും എനിക്ക് ഉറപ്പായിരുന്നു ഉറക്കമുളച്ചിരുന്ന് നീ അത് കംപ്ലീറ്റ് ആക്കുകയായിരിക്കുമെന്ന്... അതോണ്ട് നീ പോലും അറിയാതെ ഞാൻ നിനക്ക് വേണ്ടി അവിടെ കാവലിരുന്നു... സമയം ഒരുപാട് വൈകിയതോണ്ട് നിന്നെ അവിടന്ന് ഓടിക്കാൻ വേണ്ടി

ആയിരുന്നു ഞാൻ നിന്നെ ചെറുതായി ഒന്ന് പേടിപ്പിച്ചത്... സംഗതി വർക്ക്ഔട്ട് ആയെങ്കിലും നീയാ Zain ന്റെ കൂടെ കാറിൽ കേറി പോയത് എന്നെ ദേഷ്യം പിടിപ്പിച്ചു...

അതോണ്ടാ അതിനുള്ള തിരിച്ചടിയായി പിറ്റേന്ന് തന്നെ ഫയൽസൊക്കെ നിന്റെ മുഖത്തേക്ക് വീശി എറിഞ്ഞതും... അതിന് നീയും മറുപടി എന്നോണം കാച്ചിയ ഡയലോഗുകളും പ്രക്കുകളുമൊക്കെ ഞാൻ ഇപ്പോഴും മറന്നിട്ടില്ല... സത്യം പറഞ്ഞാൽ ഞാൻ അതൊക്കെ വീണ്ടും ആസ്വദിക്കുകയായിരുന്നു...

പക്ഷെ അതിനിടക്ക് ഒക്കെ സൽമയുമായുള്ള എന്റെ ഇടപഴലുകൾ നിന്നെ വേദനിപ്പിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയത് മുതൽ പലതിലും ഞാൻ ചെറിയ അകൽച്ച മൈന്റൈൻ ചെയ്തിരുന്നു... പക്ഷെ അപ്പോ അതൊക്കെ സൽമക്ക് എന്നിൽ കൂടുതൽ സംശയം ഉണ്ടാക്കാൻ കാരണമായി... അതോണ്ട് അവളെ മുന്നിൽ വെച്ച് നിന്നെ വേദനിപ്പിക്കാൻ കിട്ടുന്ന ഒരവസരവും ഞാൻ പാഴാക്കിയില്ല... പക്ഷെ അതൊക്കെ എന്നേയും വേദനിപ്പിക്കുന്നത് ആയോണ്ട് നിന്നെ എത്രെയും പെട്ടെന്ന് തിരിച്ച് നാട്ടിലേക്ക്

വിടണമെന്ന് ഞാൻ തീരുമാനിച്ചു... നിന്റെ ഉപ്പച്ചിന്റെ കടമൊക്കെ വീടിയത് കൊണ്ട് നീ നാട്ടിൽ പോയി നിൽക്കുന്നത് നല്ലതാണെന്ന് എനിക്ക് തോന്നി...

അതിന് വേണ്ടി സൽമയിൽ നിന്ന് അകലുന്ന പോലെയും നിന്നോട് അടുക്കുന്ന പോലെയും ഞാൻ പെരുമാറിയെങ്കിലും അത് കൂടുതലും എന്റെ സമനിലയെ തെറ്റിപ്പിക്കുന്നത് ആയിരുന്നു... കാരണം ഞാൻ അഭിനയിക്കാണെന്ന് എനിക്ക് പൂർണ്ണ ബോധ്യം ഉണ്ടെങ്കിലും അറിയാതെ പല സന്ദർഭങ്ങളിലും കാര്യങ്ങൾ എന്നിൽ നിന്നും കൈ വിട്ട് പോയിട്ടുണ്ട്... അതൊക്കെ നിനക്ക് തന്നെ മനസ്സിലായി കാണുമെന്ന് എനിക്കറിയാം...

അന്ന് ഉമ്മിന്റെ ബർത്ത് ഡേ ഫങ്ക്ഷന് നീ എന്റെ റൂമിലെ രഹസ്യ മുറി കണ്ടെത്തിയെന്ന് അറിഞ്ഞപ്പോ തൊട്ടേ എനിക്ക് ഉറപ്പായിരുന്നു ഇന്നല്ലെങ്കിൽ നാളെ നീ എന്നോട് ഇതിന്റെ സത്യാവസ്ഥ ചോദിച്ച് മനസ്സിലാക്കാൻ വരുമെന്ന്... പക്ഷെ ഞാൻ പ്രതീക്ഷിച്ച പോലെ ഒന്നും നടന്നില്ല അതെന്താണെന്ന് അന്വേഷിച്ചപ്പോഴാ നീ ഹോസ്പിറ്റലിൽ ആണെന്ന് അറിഞ്ഞത്... കാണാൻ വരണമെന്ന് തോന്നിയത്

ആണെങ്കിലും ഞാൻ എന്റെ മനസ്സിനെ കല്ലാക്കി കൊണ്ട് ആ ശ്രമം ഉപേക്ഷിച്ചു... അപ്പോഴാണ് ഗാർഡനിൽ നിന്റെ ബാഗ് ഞാൻ കണ്ടത്... അതീന്ന് നിന്റെ ഫോണെടുത്ത് നോക്കിയപ്പോ അതിൽ നീ ആ റൂമീന്ന് എടുത്ത ഫോട്ടോസ് കാണാനിടയായി... ഞാൻ അതൊക്കെ അപ്പോ തന്നെ ഡിലീറ്റ് ചെയ്ത് വെച്ച് അവിടെയുള്ള വെയ്റ്ററെ ഏല്പിച്ചിട്ട് അരുണിന് കൊടുക്കാൻ പറഞ്ഞു....

അതിന് ശേഷമാണ് നീ സിയാദിനെയും കൊണ്ട് എന്റെ അടുത്തേക്ക് വന്നത്.. അത് ഞാൻ പ്രതീക്ഷിക്കാത്ത കാര്യമായത് കൊണ്ട് തന്നെ അവന്റെ മുന്നിൽ അഭിനയിക്കാൻ എനിക്ക് നന്നേ പാട്പെടേണ്ടി വന്നു... നീ എല്ലാ കാര്യങ്ങളും അവനോട് പറഞ്ഞിട്ടുണ്ടാകുമെന്ന ഉത്തമ ബോധ്യം എനിക്ക് ഉണ്ടായിരുന്നു... നീ ആ രഹസ്യ മുറിയെ കുറിച്ച് അന്വേഷിച്ച് വീണ്ടും വന്നാലോ എന്ന് കരുതി ഞാൻ അതൊക്കെ അടച്ചിരുന്നു... നീ അത് തേടി വന്നില്ലെങ്കിലും സിയാദ് അത് തേടുന്നത് ഞാൻ മറഞ്ഞിരുന്ന് കണ്ടു... അതോണ്ട് അത് മറച്ച് വെച്ചത് നന്നായെന്ന് എനിക്കും തോന്നി....

അങ്ങനെ എല്ലാം ഞാൻ വിചാരിച്ച പോലെ തന്നെ നടന്നു... എന്റെയും സൽമന്റെയും എങ്കേജ്മെന്റിന്റെ അന്ന് അവള് തന്നെ എന്തെങ്കിലും കാരണമുണ്ടാക്കി നിന്നെ പുറത്താക്കുമെന്ന് എനിക്ക് ഉറപ്പായിരുന്നു... അതിന് വേണ്ടി കാത്തിരിക്കായിരുന്നു ഞാൻ... പ്രതീക്ഷിച്ച പോലെ തന്നെ സംഭവിച്ചു അവളെ ഗൗണിൽ അവള് തന്നെ തീ പിടിപ്പിക്കുന്നത് ഞാൻ എന്റെ കണ്ണ് കൊണ്ട് കണ്ടു... അത് നിന്നെ ഇവിടന്ന് പുറത്താക്കാൻ കഴിയുന്ന ഒരവസരമായൊണ്ട് ഞാൻ അതിന് കൂട്ട് നിന്നു.... പക്ഷെ അപ്പോ നിന്നെ എനിക്ക് തല്ലേണ്ടി വന്നത് ഒരാവേഷത്തിന്റെ പുറത്ത് എടുത്ത് ചാടിയതാണ്... അത് നിന്നെ വേദനിപ്പിച്ചതിനേക്കാൾ ഏറെ എന്നെ വേദനിപ്പിച്ചിട്ടുണ്ട് അതോണ്ട് നീയത് എന്തായാലും മറന്നേക്കണം... this is my request darling......."

"എന്നെ അവരെയൊക്കെ മുന്നിൽ വെച്ച് തല്ലിയതും പോരാ റിക്വസ്റ്റും കൊണ്ട് വന്നേക്കുന്നു കോന്തൻ... നിനക്ക് ഞാൻ അതിന് സ്പെഷ്യലായിട്ട് ഒന്ന് കരുതി വെച്ചിട്ടുണ്ട് നോക്കിക്കോ...."

നമ്മലതും പറഞ്ഞോണ്ട് ബാക്കി വായിച്ചു...

"......ഇവിടന്ന് നിന്നെ പുറത്താക്കിയതിന് ശേഷം എല്ലാ പ്രശ്നങ്ങളും തീർത്തിട്ട് നിന്റെ മുന്നിലേക്ക് ഒരു സർപ്രൈസും കൊണ്ട് വരാമെന്ന് കരുതി നിന്നപ്പോഴാ നീയില്ലാതെ ദുബായ് ഫെസ്റ്റിന്റെ ഇവന്റ് നമുക്ക് കിട്ടില്ലെന്ന് അവര് പറഞ്ഞത്... അപ്പോ പിന്നെ നിന്നെ തിരിച്ച് ഇങ്ങോട്ട് കൊണ്ട് വരുകയല്ലാതെ എനിക്ക് വേറെ നിവർത്തി ഇല്ലായിരുന്നു... അപ്പോഴാണെങ്കിലോ നിന്റെയും ഫൈസലിന്റെയും കല്യാണക്കാര്യമാണ് നിന്റെ വീട്ടുകാർക്ക് പറയാൻ ഉണ്ടായിരുന്നത്... നീ അതിന് സമ്മതിക്കില്ലെന്ന് ഞാൻ കരുതിയെങ്കിലും നീ വാക്ക് കൊടുത്തത് കണ്ടപ്പോ പിന്നെ അവിടെ എനിക്ക് നില്ക്കാൻ തോന്നിയില്ല കാരണം എനിക്ക് അത്രക്ക് മനസ്സ് നൊന്തിരുന്നു.....

പിന്നെ ഇങ്ങോട്ട് നീ തിരിച്ച് വന്നപ്പോ തന്ന കണ്ടീഷൻസൊക്കെ ഞാൻ ആദ്യമേ വായിച്ചിട്ടാണ് ഒപ്പ് വെച്ചത്...അതിൽ നീ ആ സൽമക്കെതിരെ കൊടുത്തിരുന്ന വാചകങ്ങളൊക്കെ എനിക്ക് നന്നായിട്ട് ബോധിച്ചിരുന്നു... അതോണ്ടാ തിരിച്ച് അവൾക്കൊരു അടി കൊടുക്കേണ്ട സാഹചര്യം വന്നാപോ നിനക്ക് ഞാൻ തന്നതിന് ഇരട്ടി തന്നെ അവൾക്ക് തിരിച്ച് കൊടുത്തത്... അതെന്റെ പെണ്ണിന് നന്നായിട്ട് ബോധിച്ചിട്ടുണ്ടെന്ന് എനിക്കറിയാം... അതുപോലെ

എനിക്കും അത് നന്നായിട്ട് ഇഷ്ടപ്പെട്ടു.... അതോണ്ട് തന്നെ തിരിച്ച് കാബിനിൽ എത്തിയപ്പോ ഡിസ്കോ കളിക്കലായിരുന്നു എനിക്ക് പണി... നീ വരുന്നത് മനസ്സിലായപ്പോ സന്തോഷം കടിച്ച് പിടിച്ചിട്ട് ചെയറിൽ തിരിഞ്ഞിരുന്ന് ഞാൻ പൊരിഞ്ഞ ചിരിയായിരുന്നു... ചിരിച്ച് ചിരിച്ച് അവസാനം കണ്ണീന്ന് വെള്ളം ഒക്കെ വരാൻ തുടങ്ങി....."

"എടാ തെണ്ടി കോന്താ അപ്പോ നീയത് കരഞ്ഞതല്ലേ...?" നമ്മള് അന്നത്തെ ഇൻസിഡന്റ് ഓർത്തോണ്ട് അത് പറഞ്ഞിട്ട് കവിളത്ത് കൈ വെച്ചപ്പോ നമ്മള് വായിക്കുന്നതൊക്കെ കേട്ടിട്ട് ബാക്കി രണ്ടും ചിരിക്കാണ്...

".......അവളെ ഓഫീസിൽ നിന്നും പുറത്താക്കിയെങ്കിലും അന്നത്തെ പാർട്ടിക്ക് വന്ന് അവളെന്നോട് കൂടുതൽ അടുക്കുന്നത് നിന്റെ ശ്രദ്ധയിൽ പെട്ടതായി കണ്ടപ്പോ ഞാനും ഒന്ന് നന്നായിട്ട് അഭിനയിച്ചു... അവളെ കവിളില് കൈ വെച്ചിട്ട് കെട്ടിപ്പിടിക്കാൻ നിന്നപ്പോ നീ ഞങ്ങളെ ഇടക്ക് കേറി കളിക്കുന്നത് ഒക്കെ കണ്ടപ്പോ ഞാൻ ചിരിക്കാതിരിക്കാൻ പാട്പെടായിരുന്നു... പക്ഷെ നീ

പൂളിൽ മുങ്ങി പൊന്തുന്നത് കണ്ടപ്പോ എനിക്ക് എന്റെ മനസ്സിനെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല... അതോണ്ട് തന്നെ സൽമന്റെ കൈ വിടുവിച്ചിട്ട് നിന്നെ രക്ഷപ്പെടുത്തിയപ്പോഴും ഞാൻ അവളെ കുറിച്ച് ചിന്തിച്ചതേയില്ല....

അല്ലാ ഫ്ലാഷ്ബാക്ക് ഒക്കെ അവിടെ നിൽക്കട്ടെ... ഇത്രെയും കൊല്ലം ആയിട്ടും നീയിത് വരെ നീന്താൻ പഠിച്ചില്ലെടി കുരിപ്പേ....?"

"ങേ... എന്തൊക്കെയാടി ഫെബി നീ വായിക്കുന്നെ...?" സനയാണ്...

"ദേ...ഡി ആ കോന്തൻ ഇങ്ങനെയാ ഇതിൽ എഴുതി വെച്ചിട്ടുള്ളത്.... ഞാൻ നീന്താൻ പഠിച്ചിട്ടില്ല കോന്താ നീ പഠിപ്പിച്ച് തരോ.... അല്ല പിന്നെ...?"

"....... ആ കല്യാണം കഴിയട്ടെ നമ്മളെ റൂമിൽ തന്നെ ഒരു സ്വിമ്മിങ് പൂള് ഉണ്ടാക്കിയിട്ട് നിന്നെ ഞാൻ നീന്താൻ പഠിപ്പിക്കുന്നുണ്ട്... എന്നിട്ട് നമുക്ക് ഒരുമിച്ച്

നീന്താവേ....."

അത് വായിച്ചപ്പോ തന്നെ എനിക്ക് ആകെ ഒരുമാതിരി ചടപ്പായി... അച്ചുവും സനയും വാ പൊത്തി പിടിച്ചോണ്ട് കിണിക്കാണ്... അവറ്റകളെ കളിയാക്കി ചിരി കണ്ടിട്ട് നാണം കൊണ്ട് എനിക്ക് മുഖം പൊത്തേണ്ടി വന്നു... അത് കണ്ടപ്പോ അവറ്റകൾ വീണ്ടും കളിയാക്കി.... പിന്നെ ഉള്ളതൊന്നും എനിക്ക് വായിക്കാൻ തോന്നിയില്ല... നമ്മളത് ഒകെ മടക്കി വെച്ച് എണീക്കാൻ നിന്നതും അച്ചൂ എന്നെ അവിടെ പിടിച്ച് ഇരുത്തിയിട്ട് സന എന്റെ കയ്യീന്ന് അത് വാങ്ങിച്ച് ബാക്കി വായിച്ചു....

"...... പിന്നീട് സംഭവിച്ച കാര്യം എനിക്ക് ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത ചില മനോഹരമായ നിമിഷങ്ങളിലുള്ള ഒന്നായിരുന്നു... നിന്നെ സ്വബോധത്തിലേക്ക് കൊണ്ട് വരാനായി എന്റെ ചുണ്ടുകൾ നിന്റെ ചുണ്ടുകളുമായി ചേർന്ന് കഥകൾ പറഞ്ഞ നിമിഷം... നമ്മുടെ രണ്ടാമത്തെ കിസ്സ്......"

സന അത് വായിച്ചതും നമ്മള് ഇരുന്നിടത്ത് നിന്നും പെട്ടെന്ന് എണീറ്റ് നിന്നിട്ട് അവറ്റകളെ രണ്ടിനെയും

മിഴിച്ച് നോക്കി നിന്നു... അവറ്റകളാണെങ്കിലോ വാ പൊളിച്ചോണ്ട് നമ്മളെ നോക്കാണ്...

"രണ്ടാമത്തെ കിസ്സോ...? ഇതൊക്കെ എപ്പോ സംഭവിച്ചു....?" സനയാണ്.

"എന്നിട്ട് ഞങ്ങള് അറിഞ്ഞില്ലല്ലോ..." അച്ചുവാണ്.

"ഓ പിന്നെ നിങ്ങളെ അറിയിച്ചിട്ടല്ലേ കിസ്സടിക്കാ... ആ പേപ്പറിങ്ങ് തന്നെ മതി നിങ്ങള് വായിച്ചത്..."

എന്ന് പറഞ്ഞ് ഞാൻ സനന്റെ കയ്യീന്ന് അത് തട്ടിപ്പറിച്ച് വാങ്ങാൻ നോക്കിയപ്പോ അച്ചൂ എന്നെ പിടിച്ച് വെച്ചിട്ട് സനയോട് ബാക്കി വായിക്കാൻ പറഞ്ഞു... ഓളോട് ഞാൻ വേണ്ടാന്ന് കരഞ്ഞ് പറഞ്ഞെങ്കിലും നശൂലങ്ങള് അത് കേൾക്കാതെ അത് വായിക്കാൻ തുടങ്ങി....

".....അത് കഴിഞ്ഞ് നിനക്ക് ബോധം വന്നപ്പോ സൽമ അവിടന്ന് പോകുന്ന ശബ്ദം കേട്ട് അവളെ തിരിച്ച്

വിളിക്കാൻ ഒരുങ്ങുമ്പോഴാണ് അപ്രതീക്ഷിതമായി നീ എന്റെ കോളറിൽ പിടിച്ച് വലിച്ചപ്പോ നമ്മളെ ചുണ്ടുകൾ പരസ്പരം കൂട്ടിമുട്ടിയത്... നമ്മുടെ മൂന്നാമത്തെ കിസ്സ്... ഓർക്കുമ്പോ തന്നെ കുളിര് കോരാ... ഇപ്പോഴും അതിന്റെ കിക്ക് വിട്ടിട്ടില്ല ന്റെ ഐഷു...."

സന അത് വായിച്ചപ്പോ ഇതുവരെ കുതറി ഓളെ കയ്യീന്ന് പേപ്പർ വാങ്ങാൻ പോയ നമ്മള് അവിടെ ഇരുന്നിട്ട് രണ്ട് കയ്യൊണ്ടും മുഖം പൊത്തിപ്പിടിച്ചു... ഇവറ്റകളെ മുന്നിൽ നാണംക്കെട്ട് തൊലിയുരിഞ്ഞ് നമ്മളൊരു വഴിക്കായെന്ന് പറഞ്ഞാൽ മതിയല്ലോ... ഏത് നേരത്താണോ എന്തോ എനിക്ക് ഇത് ഇവരെ മുന്നിൽ വായിക്കാൻ തോന്നിയതെന്ന് നമ്മളെ നമ്മള് തന്നെ സ്വയം പഴിച്ചു....

"എന്റെ അച്ചൂ... നീ കേട്ടില്ലേ അതിന്റെ കിക്ക് ഇതുവരെ വിട്ട് പോയിട്ടില്ലെടാ...."

സന ഒരുമാതിരി ആണുങ്ങളെ വശീകരിച്ച് സംസാരിക്കുന്ന പെണ്ണുങ്ങളെ പോലെ ചുണ്ടൊക്കെ കടിച്ചോണ്ട് നമ്മളെ അടുത്തേക്ക് വന്നപ്പോ നമ്മളെ

കൂടെ ഇരിക്കുന്ന ഒരുത്തി നമ്മളെ കവിളത്തും ചുണ്ടിലുമൊക്കെ തലോടാണ്...

രണ്ട് ജന്തുക്കളുടെയും പ്രകടനം കണ്ടിട്ട് നമ്മക്ക് ചിരിയും അതിലുപരി കരച്ചിലുമാണ് വരുന്നത്...

അവളുമാരൊക്കെ കൂടി കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾക്കൊക്കെ സാക്ഷിയായി നമ്മളങ്ങനെ അമാന്തടിച്ച് ഡോറിന്റെ അടുത്തേക്ക് നോക്കിയപ്പോ ഇവറ്റകളെ രണ്ടിന്റെയും പ്രകടനം കണ്ട് തൊള്ളേം പൊളിച്ച് നോക്കി നിക്കുന്ന നാല് കണ്ണുകളെ കണ്ടതും നമ്മക്ക് ചിരി വന്നു...

അരുണും ജാസിയും അച്ചൂനെയും സനയെയും നോക്കി കൊണ്ട് വാതിലിന്റെ അടുത്ത് നിൽക്കുന്നത് കണ്ടപ്പോ നമ്മള് അവറ്റകളെ നോക്കി കൊണ്ട് അവന്മാര് നിൽക്കുന്നത് കാണിച്ച് കൊടുത്തതും രണ്ടും കൂടി നിന്ന് പരുങ്ങുന്നത് കണ്ട് നമ്മള് ഹലാക്കിലെ ചിരി ചിരിച്ചോണ്ട് സനന്റെ കയ്യീന്ന് ആ പേപ്പർ വാങ്ങി റൂമിലേക്ക് ഓടി വാതിലടച്ചു....

എന്തായാലും അവറ്റകളെ കാര്യത്തിൽ അരുണും

ജാസിയും തീരുമാനം ആക്കിക്കോളും... നമ്മള് അതോർത്ത് ചിരിച്ചോണ്ട് ബെഡിലേക്ക് മലർന്ന് കിടന്നു... എന്നിട്ട് ആ പേപ്പർ എടുത്ത് നോക്കി....

"കോന്തൻ... എന്തൊക്കെ എഴുതി വെക്കണമെന്ന് തീരെ വ്യവസ്ഥയില്ലേ...? അവരൊക്കെ ഇത് കാണുമെന്ന് അവന് ബോധമില്ലെന്നോ...?"

എന്ന് പറഞ്ഞ് നമ്മള് ചിരിച്ചോണ്ട് കമിഴ്ന്ന് കിടന്ന് ബാക്കി വായിക്കാൻ തുടങ്ങി...

"......പിന്നെ എനിക്ക് പറയാനുള്ളത് നമ്മളെ പാരീസ് ട്രിപ്പിനെ കുറിച്ചാണ്... അന്ന് ഒരൊറ്റ മുറിയെ ഉണ്ടായിരുന്നുള്ളുവെന്ന് പറഞ്ഞപ്പോ സത്യം പറഞ്ഞാൽ പടച്ചോനോട് ഞാൻ പ്രാർഥിച്ചത് എന്റെ കൺട്രോൾ നീയായിട്ട് നശിപ്പിക്കരുതെന്നായിരുന്നു... വിചാരിച്ച പോലെ അല്ലെങ്കിലും നീ കുളിച്ച് കഴിഞ്ഞ് ഈറനണിഞ്ഞ മുടിയുമായി എന്റെ മുന്നിൽ നിൽക്കുമ്പോ ഇല്ലാത്ത കൺട്രോളൊക്കെ ഉണ്ടാക്കിയ പിടിച്ച് വെച്ച എന്നെ നീ സമ്മതിക്കണം...."

അത് വായിച്ചപ്പോ നമ്മക്ക് ചിരി വന്നു...

"......അന്നത്തെ പാർട്ടിയിൽ നീ ആ Zain ആയിട്ട് സംസാരിക്കുന്നത് കണ്ടപ്പോ എനിക്ക് ദേഷ്യം വരായിരുന്നു... അവനിട്ട് രണ്ട് പൊട്ടിക്കാനൊക്കെയാ എനിക്ക് തോന്നിയത്... നീ സംസാരിക്കുന്നത് തന്നെ എനിക്ക് കണ്ട് നില്ക്കാൻ പറ്റുന്നില്ലായിരുന്നു അപ്പോഴാ നിങ്ങളെ ഒരു ഓലക്കീമലെ ഡാൻസ്...

അത് കണ്ടപ്പോ ഇതുവരെ ഉണ്ടായിരുന്ന കൺട്രോൾ മൊത്തം പോയി... അവൻ നിന്റെ അരയിലൂടെ ഒക്കെ കൈ വെച്ച് കളിക്കുന്നത് കണ്ടപ്പോ അവന്റെ കൈ വെട്ടിമാറ്റാൻ ആയിട്ട് എന്റെ രക്തം തിളച്ച് മറിഞ്ഞു....."

നമ്മള് ബാക്കി വായിക്കാൻ വേണ്ടി നിന്നപ്പോഴാണ് ആരോ കതകിൽ വന്ന് മുട്ടിയത്... അവറ്റകൾ ആണെന്ന് പൂർണ്ണ ബോധ്യം ഉള്ളതോണ്ട് തന്നെ നമ്മള് വാതില് തുറന്നില്ല... പക്ഷെ അവറ്റകൾ ഒക്കെ കൂടി വാതില് ചവിട്ടി പൊളിച്ച് അകത്ത് വരുമെന്ന് തോന്നിയപ്പോ നമ്മള് വേറെ നിവർത്തി ഇല്ലാതെ തുറന്ന് കൊടുത്തതും നാലും കൂടി ഇടിച്ച് കേറി അകത്ത്

വന്നിട്ട് നമ്മളെ കയ്യീന്ന് ആ പേപ്പർ തട്ടി പറിച്ച് വാങ്ങി...

എന്നിട്ട് ജാസിയും അരുണും കൂടി അത് ആദ്യം മുതലേ വായിക്കാൻ തുടങ്ങിയതും നമ്മള് ചെന്ന് ആ പേപ്പർ തട്ടി പറിച്ച് വാങ്ങിയിട്ട് നമ്മളെ വയേലിട്ട് ചവച്ചരച്ചു... അല്ലാ പിന്നെ ഈ ഫെബിയോടാ അവന്മാരെ കളി... അങ്ങനെ ഇപ്പോ ആരും അത് വായിക്കണ്ടാ...

നമ്മളെ കാട്ടിക്കൂട്ടല് കണ്ടിട്ട് നാലും പൊരിഞ്ഞ ചിരിയായിരുന്നു... അച്ചുവും സനയും ആണെങ്കിലോ എപ്പോഴാ ഫസ്റ്റ് കിസ്സ് നടന്നതെന്ന് ചോദിച്ച് നമ്മളെ ശല്യം ചെയ്തു.... അരുണും ജാസിയും അവിടെ ഉണ്ടായത് കൊണ്ട് തന്നെ നമ്മക്ക് അത് പറയാൻ ഭയങ്കര മടിയാവാ...

അത് മനസ്സിലാക്കിയ വണ്ണം അവറ്റകൾ രണ്ടും അവന്മാരെ രണ്ടിനെയും അടിച്ച് ഫ്ലാറ്റിന് പുറത്താക്കി വാതിലടച്ചിട്ട് നമ്മളോട് കാര്യം ചോദിച്ചു.... നമ്മള് അവറ്റകളെ ടോർച്ചർ കാരണം സഹിക്ക വയ്യാതെ അന്ന് ക്യാമ്പിന് പോയപ്പോ നടന്നതിനെ കുറിച്ച് പറഞ്ഞതും അവറ്റകൾ ആ ദിവസം ഓർത്തെടുത്തിട്ട്

നമ്മള് ചുണ്ട് പൊട്ടി നടന്നതിനെ കുറിച്ച് പറഞ്ഞ് വീണ്ടും കളിയാക്കി... നമ്മളാകെ നാണം കെട്ടിട്ട് അവറ്റകളോട് ഇതൊന്നും ആരോടും പറയരുതെന്ന് പ്രോമിസ് ചെയ്യിപ്പിപ്പിച്ചപ്പോ രണ്ടും കൂടി നമ്മളെ പേഴ്സ് കാലിയാക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യായിരുന്നു....

എന്തായാലും നമ്മളെ പേഴ്സിന്റെ കാര്യത്തിൽ ഒരു തീരുമാനം ആയെന്ന് മനസ്സിലായപ്പോ അവറ്റകളെ കൂട്ടി പുറത്തേക്കിറങ്ങി ഒരുപാട് കറങ്ങി... കൂടെ അവന്മാരും ഉണ്ട്ട്ടോ.... നമ്മളെ പേഴ്സ് കാലിയാക്കാൻ എന്ന് പറഞ്ഞിട്ട് കാലിയായത് അവന്മാരെ പേഴ്സായിരുന്നു... അത് അച്ചുവും സനയും കൂടി കൊടുത്ത പണിയായിരുന്നു....

അങ്ങനെ ഞങ്ങള് ഒരു മാളിൽ കേറി കുറച്ച് പാർച്ചേസിങ്ങ് നടത്തി കൊണ്ടിരിക്കുമ്പോഴാണ് നമ്മളെ കോന്തനെ ഞാൻ ഒരു ഷോപ്പിൽ വെച്ച് കണ്ടത്... അവനെ കണ്ടതും നമ്മള് അവളുമാർക്ക് അവനെ കാണിച്ച് കൊടുക്കാൻ വേണ്ടി തിരഞ്ഞെങ്കിലും അവറ്റകൾ രണ്ടും അവന്മാരോട് കൊഞ്ചി കുഴഞ്ഞ് നിൽക്കാണ്...

അതോണ്ട് നമ്മള് അവറ്റകളെ നോക്കി പുച്ഛിച്ച് തള്ളിയിട്ട് നമ്മളെ കോന്തനെ കണ്ട ഷോപ്പിലേക്ക് വെച്ച് പിടിച്ചു... അവനെന്താ അവിടെ കാര്യമെന്ന് അറിയണല്ലോ... നോക്കുമ്പോ അതൊരു അത്തർ ഷോറൂം ആയിരുന്നു... ചെക്കന് പിന്നെ അത്തറിനോട് പണ്ടേ മൊഹബ്ബത്ത് ഉള്ള കക്ഷിയാണെന്ന് നമ്മക്ക് പണ്ടേ അറിയുന്നതല്ലേ....

അതോണ്ട് ഓൻ അവിടന്ന് ഇറങ്ങിയപ്പോ ഓൻ കാണാതെ നമ്മള് ഓനെ ഫോളോ ചെയ്ത് നടന്നു... ഓൻ അപ്പോ തന്നെ ഒരു പർദ ഷോപ്പിലേക്ക് കയറിയപ്പോ തന്നെ നമ്മക്ക് വേണ്ടി പർദ വാങ്ങാൻ ആകുമെന്ന് ചിന്തിച്ചോണ്ട് അവന്റെ പിന്നാലെ ചെന്നപ്പോ അവിടെ ഉമ്മിയും ആഷിയും നിൽപ്പുണ്ടായിരുന്നു...

ഓഹോ അപ്പോ ഫാമിലി പർച്ചേസ് ആണല്ലേ...എന്ന് ചിന്തിച്ചോണ്ട് നമ്മള് അവിടന്ന് പോകാൻ നിന്നതും പെട്ടെന്ന് ആരോ നമ്മളെ കൈ പിടിച്ച് വലിച്ചിട്ട് ഡ്രെസ്സിങ് റൂമിലേക്ക് കൊണ്ട് പോയി തള്ളി...

നമ്മള് ആ റൂമിൽ കയറി കണ്ണാടിയിലൂടെ നോക്കിയപ്പോ നമ്മളെ പുറകിൽ ഡോറടച്ച് നിൽക്കുന്ന രൂപത്തെ കണ്ട് നമ്മക്ക് കയ്യും കാലും വിറക്കാൻ തുടങ്ങി... നമ്മളെ കോന്തൻ അതാ നമ്മളെ നോക്കി കൊണ്ട് നിൽക്കുന്നു... പടച്ചോനെ എന്നെ ഇതുപോലെ അങ്ങ് മേൽപ്പോട്ട് എടുത്തിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ച നിമിഷം....

ഓൻ പതിയെ എന്റെ അടുത്തേക്ക് നടന്ന് വന്നതും പിന്നോട്ട് പോകാൻ ഗ്യാപ്പ് ഇല്ലാതെ നമ്മള് അവിടെ ഓനെ നോക്കി പേടിച്ച് നിന്നു... ഓൻ അപ്പോ നമ്മളെ രണ്ട് ഭാഗത്തായിട്ട് അവന്റെ കൈ രണ്ടും കുത്തി നിർത്തിയിട്ട് പുഷ് അപ്പ് എടുക്കുന്ന പോലെ നമ്മളെ അടുത്തേക്ക് വന്ന് നമ്മളെ നെറ്റിയിൽ ഉമ്മ വെച്ചിട്ട് അകന്ന് നിന്നു... എന്നിട്ട് വീണ്ടും വന്ന് ഉമ്മ വെച്ചിട്ട് അകന്ന് നിൽക്കും... ഇങ്ങനെ ഓൻ ചെയ്യുന്നതിനനുസരിച്ച് നമ്മള് കണ്ണടച്ചും തുറന്നും ഒന്നു നോക്കി നിന്നു....

"കൊറേ നേരായല്ലോ ഐഷുട്ടി ഇക്കാനെ ഫോളോ ചെയ്യാൻ തുടങ്ങിയിട്ട് എന്താ കാര്യം....."

എന്ന് ഓൻ ചോദിക്കുന്നുമുണ്ട് ഇടക്കിടക്ക് ഓരോന്ന് നെറ്റിയിൽ തരുന്നുമുണ്ട്... അതോണ്ട് നാളെ നാക്ക് പൊന്തുന്നില്ല... നമ്മള് ഓനെ നോക്കി പരുങ്ങുന്നത് കണ്ടപ്പോ ഓൻ കിസ്സിങ്ങിന്റെ place മാറ്റാൻ തുടങ്ങി...

ഇപ്പോ നമ്മളെ രണ്ട് കവിളത്തും മാറി മാറിയാണ് ഓന്റെ കിസ്സിങ് പ്രകടനം... ഇത് ഒടുക്കം നമ്മക്ക് തന്നെ പാരയാകുമെന്ന് തോന്നിയതും നമ്മള് ഉള്ള ധൈര്യം വെച്ച് ഒപ്പിച്ചിട്ട് ഓന്റെ വാ പൊത്തി പിടിച്ചു...

എന്നിട്ട് ഓനെ ദഹിപ്പിക്കുന്ന ഒരു നോട്ടം നോക്കി കൊണ്ട് നമ്മള് പതിയെ ഓനെയും കൊണ്ട് തിരിഞ്ഞ് തിരിഞ്ഞ് നിന്നിട്ട് ഓനെ ഉമ്മ വെക്കാൻ പോകുന്ന പോലെ അടുത്തേക്ക് ചെന്നു...

എന്നിട്ട് പതിയെ അവന്റെ വാ പൊത്തിയതിൽ നിന്നും കൈ നീട്ടിയിട്ട് അവന്റെ ചുണ്ട് ലക്ഷ്യമാക്കി അവന്റെ അടുത്തേക്ക് ചെന്നതും ഓൻ കണ്ണുകൾ പതിയെ അടക്കാൻ തുടങ്ങി....

അത് കണ്ടപ്പോ തന്നെ നമ്മളൊരു ചിരി പാസാക്കി കൊണ്ട് അവനെ അവിടെ തള്ളിയിട്ടിട്ട് നെഞ്ചിൽ കയ്യും

വെച്ച് ഡോറും തുറന്ന് ഒരോട്ടമായിരുന്നു പുറത്തേക്ക്.... നേരെ ചെന്ന് പെട്ടതോ ഉമ്മിന്റെയും ആഷിന്റെയും നമ്മളെ ടീമിന്റെയും മുന്നിൽ...

നമ്മള് അവരെ നോക്കി കണ്ണും മിഴിച്ച് നിന്നിട്ട് ഒരു അവിഞ്ഞ ചിരി പാസാക്കിയപ്പോഴുണ്ട് നമ്മളെ പിന്നാലെ ഡ്രെസ്സിങ് റൂമീന്ന് ഡീന്ന് പറഞ്ഞ് ആദി വരുന്നു....

"ഡീ.... മറുപടി തരുന്ന പോലെ ആക്റ്റ് ചെയ്തിട്ട് നീ എനിക്ക് മറുപടി തരാതെ മുങ്ങാമെന്ന് കരുതിയല്ലേ.... നീയിന്ന് അത് തരാതെ നിന്നെ ഞാൻ ഇന്ന് വിടുന്ന പ്രശ്നമേയില്ല...."

ആ കോന്തൻ നമ്മളെ കയ്യിൽ കേറി പിടിച്ചോണ്ട് പറയുന്നത് കേട്ടിട്ട് അച്ചുവും സനയും വാ പൊത്തി പിടിച്ചോണ്ട് ഭയങ്കര ചിരിയാണ്... ബാക്കി നാല് പേരും ആണെങ്കിലോ ഞങ്ങള് രണ്ടും കൂടി ഒരു ഡ്രെസ്സിങ് റൂമീന്ന് ഇറങ്ങി വന്നത് കണ്ടിട്ട് അന്തം വിട്ട് നിൽക്കാണ്...

എന്തായാലും നമ്മള് നല്ലോണം ചമ്മി നാറിയെന്ന് മനസ്സിലായതും നമ്മള് അപ്പോ തന്നെ അവന് കണ്ണ് കൊണ്ട് അവരെ കാണിച്ച് കൊടുത്തു... അവരെ കണ്ടതും ഓൻ പെട്ടെന്ന് നമ്മളെ കയ്യീന്ന് വിട്ടിട്ട് അവരെ നോക്കി സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊടുത്തു....

"അ... അത്...അത് ഉമ്മി... ഓഫീസിലെ ഒരു മെയിൽ അയക്കുന്നതിന്റെ മറുപടിയെ കുറിച്ച് പറയായിരുന്നു ഞങ്ങള്... അല്ലെ...?"

ആദി നമ്മളെ മുഖത്തേക്ക് ഇത്തിരി ദയയോടെ നോക്കി കൊണ്ട് അത് പറഞ്ഞതും നമ്മള് ഒരു നിസ്സഹായകാവസ്ഥയിൽ തിരിച്ച് അവനെ നോക്കി കൊണ്ട് ഇല്ലാന്ന് പതിയെ തലയാട്ടിയപ്പോഴും അച്ചുവും സനയും കൂടി ചിരി കൺട്രോൾ ചെയ്യാൻ പറ്റാതെ അവസാനം അവിടന്ന് ഇറങ്ങി പോയി....

നമ്മള് ഉമ്മിനെ നോക്കി ചിരിച്ചിട്ട് സലാം പറഞ്ഞോണ്ട് ആഷിന്റെ വയറ്റിനിട്ട് ഒരു കുത്തും കൊടുത്ത് അവരെ പിന്നാലെ പുറത്തേക്ക് ഓടി... ആഷി നമ്മളെ നോക്കി

ആക്കി ചിരിക്കാണ്... ആ സിനൂന്റെ ചെക്കനല്ലേ അപ്പോ ഇതൊക്കെ അവന്റെന്നും പ്രതീക്ഷിച്ചാൽ മതി...

പുറത്തെത്തിയതും അവരൊക്കെ കൂടി നമ്മളെ ചുറ്റും കൂടി നിന്നിട്ട് അകത്ത് എന്താ സംഭവിച്ചതെന്ന് ചോദിച്ചപ്പോ എന്തായാലും നനഞ്ഞതല്ലേ ഇനി കുളിച്ചേക്കാം എന്ന് കരുതി നടന്നതൊക്കെ പറഞ്ഞ് കൊടുത്തു... അപ്പോ തന്നെ അവറ്റകൾ പറയാ മറുപടി കൊടുത്തേക്ക് ഞങ്ങള് വെയിറ്റ് ചെയ്തോളാമെന്ന്.... അവറ്റകൾ രണ്ടിനോടും മറുപടിയെ കുറിച്ച് പറഞ്ഞതോണ്ട് അവരിപ്പോ അതും പറഞ്ഞാണ് കളിയാക്കുന്നത്....

അങ്ങനെ അന്നത്തെ ആ ചുറ്റിക്കറക്കം അതോടെ നിർത്തിയിട്ട് ഞങ്ങള് തിരിച്ച് ഫ്ലാറ്റിൽ എത്തിയപ്പോ തന്നെ നമ്മളെ ഫോണിലേക്ക് ഒരു മെസേജ് വന്നു.... അത് കണ്ടതും നമ്മള് ഷോക്കായി കൊണ്ട് അവിടെ സോഫയിൽ ഇരുന്ന് ആ മെസേജിലേക്ക് തന്നെ നോക്കി ഇരുന്നു...

"ഇന്ന് നീ കാരണം ആഷിന്റെയും ഉമ്മിന്റെയും മുന്നിൽ

ഞാൻ നാണം കെട്ട് നിന്നതിന് കയ്യും കണക്കുമില്ല... അതോണ്ട് ഇക്കാൻറെ ഐഷു മോളെ നീ സൂക്ഷിച്ചോ.... ഇതിനുള്ള തിരിച്ചടി ഞാൻ ഓഫീസിൽ വെച്ച് നിനക്ക് മറുപടി ആയിട്ട് തരുന്നുണ്ട്.... Just wait and watch..."

ആ കോന്തന്റെ മെസേജ് വായിച്ചപ്പോ മുതല് നമ്മക്ക് ഊണുമില്ല ഉറക്കവുമില്ല... ഓഫീസിൽ പോകാനൊക്കെ പേടിയായി തുടങ്ങി... കാരണം നമ്മള് ഓന്റെ കാബിനിൽ അല്ലെ ഇരുത്തം... അതോണ്ട് എപ്പോ വേണേലും അറ്റാക്ക് പ്രതീക്ഷിക്കാം...

നമ്മള് എങ്ങനെ തിരിഞ്ഞും മറിഞ്ഞും കിടന്നിട്ട് നമ്മക്ക് ഉറക്കം വരുന്നില്ല... അച്ചുവും സനയും ആണെങ്കിലോ അവൾക്ക് മറുപടി ആലോചിച്ചിട്ട് ഉറക്കം വരുന്നുണ്ടാകില്ലാന്ന് പറഞ്ഞ് കിണിച്ചോണ്ട് കിടന്നു....

പിറ്റേന്ന് ഓഫീസിൽ പോകാനൊക്കെ ഒരു തരം പേടി...ലീവെടുത്ത് ഫ്ലാറ്റിൽ ഇരുന്നാലോ എന്ന് ചിന്തിച്ചപ്പോ ആരും ഇല്ലാത്ത ഒരു സാഹചര്യം നമ്മളായിട്ട് അവന് ഒരുക്കണോ എന്ന്

തോന്നിയതോണ്ട് മനസ്സില്ലാ മനസ്സോടെ നമ്മള് ഓഫീസിലേക്ക് പോയി...

അച്ചുവും സനയും ആണെങ്കിൽ indirect ആയിട്ട് നമ്മക്കിട്ട് ഇടക്കിടക്ക് താങ്ങുന്നുണ്ടെങ്കിലും നമ്മള് മൈൻഡ് ചെയ്തില്ല... കാരണം നമ്മളെ മനസ്സിൽ മൊത്തം അപ്പോഴും ആ കോന്തനും ഓന്റെ മറുപടിയുമാണ്...

ഓഫീസിൽ എത്തിയപ്പോഴാണെങ്കിലോ എല്ലാ സ്റ്റാഫ്സും നമ്മളെ നോക്കി കൊണ്ട് ഒരു ആക്കിയ ചിരി ചിരിക്കുന്നു... അത് നമ്മക്ക് തോന്നിയതാണോ അതോ അങ്ങനെ തന്നെയാണോ എന്ന് ചിന്തിച്ച് നടന്ന് നമ്മള് കാബിനിന് മുന്നിൽ എത്തിയത് അറിഞ്ഞില്ല...

അവന്റെ ക്യാബിന്റെ ഡോർ കണ്ടപ്പോ തന്നെ നമ്മളെ ഉള്ളാകെ പെരുമ്പറയും ബാന്റ് മേളവും ചെണ്ട മേളവും നാസിക് ദൂളും ഒക്കെ ഒരുമിച്ച് കൊട്ടാൻ തുടങ്ങി...നമ്മള് പേടിച്ച് വിറച്ച് ഒരു പരുവമായി കൊണ്ട് സനയെയും അച്ചൂനെയും തിരിഞ്ഞ് നോക്കിയപ്പോ അവറ്റകൾ നമ്മളെ നോക്കി കിസ്സ് തരാണ്...

നമ്മള് അവറ്റകളെ നോക്കി പോടീന്ന് പറഞ്ഞിട്ട് ഒരു ദീർഘ ശ്വാസം എടുത്ത് വിട്ടിട്ട് ഡോർ തുറന്ന് നോക്കിയതും കാബിനിൽ കണ്ട കാഴ്ച നമ്മളെ ഞെട്ടിച്ച് കളഞ്ഞു...

(തുടരും)

ഭാഗം.117

നമ്മള് അവറ്റകളെ നോക്കി പോടീന്ന് പറഞ്ഞിട്ട് ഒരു ദീർഘ ശ്വാസം എടുത്ത് വിട്ടിട്ട് ഡോർ തുറന്ന് നോക്കിയതും കാബിനിൽ കണ്ട കാഴ്ച നമ്മളെ ഞെട്ടിച്ച് കളഞ്ഞു...

ക്യാബിൻ മൊത്തം വൈറ്റ് റോസുകൾ കൊണ്ട് അലങ്കരിച്ച് വെച്ചേക്കുന്നു... ആ കാഴ്ച കണ്ടതും

നമ്മള് അത്ഭുതം കൊണ്ട് വാ പൊത്തി പിടിച്ച് ക്യാബിൻ മൊത്തം ഒന്ന് കണ്ണോടിച്ച് നോക്കി...

ആ കാഴ്ച കണ്ടപ്പോ ഞാൻ പോലും അറിയാതെ എന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു....

നമ്മള് പതിയെ അവയുടെ അടുത്തേക്ക് ചെന്നിട്ട് അവയുടെ ഭംഗി ആസ്വദിച്ച് തലോടി നടക്കുമ്പോഴാണ് നമ്മളെ ടേബിളിൽ ഒരു വലിയ വൈറ്റ് റോസ് ബൊക്കെ എന്റെ ശ്രദ്ധയിൽ പെട്ടത്...

നമ്മള് അപ്പോ തന്നെ അതിന്റെ അടുത്തേക്ക് ചെന്ന് അത് കയ്യിലെടുത്തപ്പോ അതിൽ തൂക്കിയിരിക്കുന്ന സ്ലിപ് കണ്ണിൽ പെട്ടു... അതിൽ "ഐ ലവ് യു ഐഷു...ദിസ് ഈസ് ഫോർ യു..." എന്ന് എഴുതി വെച്ചത് വായിച്ചതും നമ്മള് അത് മുഖത്തോട് അടുപ്പിച്ചിട്ട് അതിന്റെ സുഗന്ധം ആസ്വദിച്ച് അങ്ങനെ കണ്ണടച്ച് പിടിച്ച് നിന്നതും നമ്മളെ മൂക്കിലേക്ക് പെട്ടെന്ന് ആ കോന്തന്റെ അത്തറിന്റെ മണം ഇരച്ച് കേറി...

നമ്മള് അപ്പോ തന്നെ കണ്ണ് തുറന്ന് നോക്കിയതും നമ്മളെ കണ്ണിപ്പോ പുറത്തേക്ക് തള്ളി വരുമെന്ന അവസ്ഥയിൽ നിൽക്കാണ്... കാരണം ആ കോന്തൻ

ഇപ്പോ നമ്മളെ തൊട്ടടുത്ത് അതും ആ ബൊക്കെന്റെ തൊട്ടടുത്ത് നിന്നിട്ട് നമ്മള് അതിന്റെ സുഗന്ധം ആസ്വദിക്കുന്ന പോലെ ഓനും ആസ്വദിക്കാണ്...

നമ്മള് അപ്പോ തന്നെ പെട്ടെന്ന് പിറകിലേക്ക് നടക്കാൻ ഒരുങ്ങിയതും അവൻ രണ്ട് കാല് കൊണ്ടും എന്നെ ബന്ധിപ്പിച്ചിട്ട് അവന്റെ അടുത്തേക്ക് വലിച്ച് കൊണ്ട് വന്നു... നമ്മള് അന്തം വിട്ട് ഓനെ നോക്കിയപ്പോഴല്ലേ കാര്യം പിടി കിട്ടിയത്... ചെക്കൻ ഇപ്പോ നമ്മളെ ടേബിളിൽ കേറി ഇരിക്കാണ്... അവിടെ ഇരുന്നോണ്ട് ഇപ്പോ ദെ അവന്റെ രണ്ട് കാൽ കൊണ്ടും നമ്മളിൽ വലയം തീർത്തിട്ടുണ്ട്....

നമ്മള് എത്രയൊക്കെ കിണഞ്ഞ് പരിശ്രമിച്ചിട്ടും ഓന്റെ കാലിൽ നിന്നും ഒരു മോചനം നമ്മക്ക് കിട്ടീല... നമ്മളെ വെപ്രാളം കണ്ടിട്ട് ആണെങ്കിലോ ആ കോന്തൻ നല്ല ചിരിയുമാണ്... അത് കണ്ട് നമ്മള് ഓനെ രൂക്ഷമായി നോക്കി കൊണ്ട് അവിടന്ന് രക്ഷപ്പെടാൻ നോക്കിയതും അവൻ എന്റെ കൈ പിടിച്ച് അവനിലേക്ക് വലിച്ചിട്ടു...

നമ്മള് നേരെ ചെന്ന് അവന്റെ നെഞ്ചിനിട്ട് ഒരു കുത്ത്

കൊടുത്തതും നമ്മളെ നെഞ്ചിൽ നമ്മള് കൈ വെച്ചിട്ട് ഓന്റെ മുഖത്തേക്ക് പതിയെ തല ഉയർത്തി നോക്കി....

അപ്പോ ഓൻ ഒരു വശ്യമായ പുഞ്ചിരിയോടെ എന്റെ കവിളുകൾ രണ്ടും അവന്റെ കൈപ്പിടിയിൽ ആക്കിയിട്ട് അവന്റെ അടുത്തേക്ക് എന്റെ മുഖം അടുപ്പിച്ച് കൊണ്ട് വരാൻ തുടങ്ങി...

ഓൻ കാണിച്ച് കൂട്ടുന്നത് കണ്ടിട്ടാണെങ്കിലോ നമ്മക്ക് എന്താ ചെയ്യേണ്ടതെന്ന് നമ്മക്ക് തന്നെ പിടിയില്ല...

'മോളെ ഫെബി... ഇപ്പോ നീ അവന് വഴങ്ങി കൊടുക്കേണ്ടി വന്നാൽ പിന്നെ നീയെത്രയൊക്കെ അവനോട് പകരം വീട്ടാൻ നോക്കിയാലും നടക്കില്ല മോളെ... അതോണ്ട് എന്തെങ്കിലും ചെയ്ത് വേഗം രക്ഷപ്പെടാൻ നോക്ക്...'

എന്ന് നമ്മള് നമ്മളെ മനസ്സിനോട് തന്നെ പറഞ്ഞിട്ട് രണ്ടും കൽപ്പിച്ച് നമ്മളെ കയ്യിൽ ഉണ്ടായിരുന്ന ബൊക്കെ എടുത്ത് അവന്റെ മുഖത്തിന് നേരെ വെച്ചതും ചെക്കൻ നമ്മളെ പിടി വിട്ടിട്ട് ഒരു നീട്ടി തുമ്മലായിരുന്നു...

അത് കണ്ടതും നമ്മള് വാ പൊത്തി പിടിച്ചോണ്ട് ഓനെ

നോക്കി ഹലാക്കിലെ ചിരി ചിരിച്ചിട്ട് അവിടന്ന് തിരിഞ്ഞ് ഓടാൻ നിന്നതും ഓൻ പെട്ടെന്ന് ടേബിളിൽ നിന്ന് ചാടി ഇറങ്ങി നമ്മളെ കൈ പിടിച്ച് അവനിലേക്ക് അടുപ്പിച്ച് നിർത്തി....

ഇപ്പോ നമ്മള് അറ്റാക്ക് വന്ന് ചത്ത് പോകുമെന്ന അവസ്ഥയിൽ ഓനെ നോക്കി കണ്ണും മിഴിച്ച് നമ്മള് നിന്നു...

"അത്ര പെട്ടെന്ന് എന്റെ കയ്യീന്ന് നീ രക്ഷപ്പെടാമെന്ന് കരുതണ്ട ഐഷൂട്ടി... നിന്നെ ഞാൻ ഇന്ന് എങ്ങോട്ടും വിടാൻ ഉദ്ദേശിച്ചിട്ടില്ല... ഇന്നലെ നീ എന്നെ ഒരുപാട് കൊതിപ്പിച്ച് കടന്ന് കളഞ്ഞില്ലേ... അതിനുള്ള ഒരു *മറുപടി* ഞാൻ തിരിച്ച് തന്നില്ലെങ്കിൽ മോശമല്ലേ....?"

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ അടുത്തേക്ക് മുഖം കൊണ്ട് വരാൻ തുനിഞ്ഞതും നമ്മള് കയ്യിലെ ബൊക്കെ അവിടെ നിലത്ത് ഇട്ടിട്ട് ഓന്റെ കയ്യിൽ നിന്നും നമ്മളെ കൈ വിടുവിക്കാൻ വേണ്ടി നമ്മള് എന്തൊക്കെയോ കാണിച്ച് കൂട്ടി... എന്നിട്ട് കണ്ണ് രണ്ടും അടച്ചിട്ട് അവന്റെ കൈ വരുന്നതിന് അനുസരിച്ച് അതൊക്കെ തട്ടി മാറ്റി പിറകോട്ട് നടന്ന് നടന്ന് അവസാനം നമ്മള് ചെന്ന് നിന്നതോ ആ കോന്തന്റെ

ടേബിളിലും...

ഇനി ഇവിടന്ന് പോകാൻ ഒരിഞ്ച് സ്ഥലം പോലും ബാക്കിയില്ല... ഇനി എന്ത് ചെയ്യും നമ്മളെന്ന് ചിന്തിച്ച് ആ കോന്തനെ നോക്കിയപ്പോ ഓൻ വിജയശ്രീലാളിതനെ പോലെ നമ്മളെ നേർക്ക് പുഞ്ചിരി തൂകി വന്നു... നമ്മളതിന് അനുസരിച്ച് പിറകോട്ട് ചാഞ്ഞ് ചാഞ്ഞ് ഒടുക്കം ടേബിളിൽ കിടക്കേണ്ട അവസ്ഥ വരെ വന്നതും വേറെ നിവർത്തിയില്ലാതെ നമ്മള് ഓന്റെ കവിളില് പെട്ടെന്ന് ഒരുമ്മ കൊടുത്തിട്ട് അവനെ തള്ളി മാറ്റി കാബിനിൽ നിന്നും തിരിഞ്ഞ് നോക്കാതെ പുറത്തേക്ക് ഓടി...

എന്നിട്ട് പുറത്ത് എത്തിയതും നമ്മള് വാ പൊത്തി പിടിച്ചോണ്ട് ഭയങ്കര ചിരിയായിരുന്നു... ക്യാബിന്റെ ഉള്ളിൽ വെച്ച് കളിച്ച മോസ് ആൻഡ് ക്യാറ്റിന്റെ കളി ഓർത്തിട്ടാണെങ്കിൽ നമ്മക്ക് അതിലേറെ ചിരി വന്നു...

അപ്പോഴാണ് നമ്മളെ എല്ലാ സ്റ്റാഫ്സും ഉറ്റുനോക്കുന്നത് കണ്ടത്... അത് കണ്ടപ്പോ തന്നെ നമ്മള് പെട്ടെന്ന് ചിരി നിർത്തി ഇത്തിരി ഡീസന്റ് ആയിട്ട് മെല്ലെ അവരെയൊക്കെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് പിറകോട്ട് നടന്നതും പെട്ടെന്ന് ആ

കോന്തൻ ക്യാബിന്റെ ഡോർ തുറന്ന് വന്നതും ഒപ്പം ആയിരുന്നു...

പിന്നെ ഒന്നും പറയണ്ടല്ലോ ഡോറും ചാരി നിന്ന നമ്മളിതാ പോണൂ ഓന്റെ കയ്യിലേക്ക്... നമ്മള് ഓന്റെ കയ്യിൽ കിടന്നോണ്ട് ഓനെ തന്നെ നോക്കി നിന്നപ്പോ ഓൻ ഒരു പുഞ്ചിരി തൂകി കൊണ്ട് നമ്മളെ നോക്കി സൈറ്റടിച്ചു...

അപ്പോ തന്നെ ഞങ്ങളിലേക്ക് ഒരു കാറ്റ് വീശിയതും നമ്മള് പെട്ടെന്ന് സ്വബോധത്തിലേക്ക് വന്നിട്ട് പെട്ടെന്ന് ഡീസന്റ് ആയി ചുറ്റും ഒന്ന് നോക്കിയപ്പോ ടേബിൾ ഫാൻ ഞങ്ങളെ നേരെ തിരിച്ച് വെച്ചിട്ട് അതിൽ കയ്യും വെച്ച് നിൽക്കുന്ന ഫൈസൽക്കാനെ ആയിരുന്നു കണ്ടത്...

"എന്താ സാറെ ഈ കാറ്റ് പോരെ നിങ്ങളെ റൊമാൻസിന്...?"

എന്ന് ഫൈസൽക്ക പറഞ്ഞപ്പോ നമ്മള് മൂപ്പരെ

രൂക്ഷമായി നോക്കി കൊണ്ട് നേരെ ആ കോന്തനെ നോക്കിയതും ഓൻ നമ്മളോട് ഓക്കേ അല്ലെ എന്ന രീതിയിൽ തലയാട്ടി... നമ്മള് അപ്പോ തന്നെ ഓനിൽ നിന്നും മുഖം തിരിച്ചിട്ട് ഫൈസൽക്കാനെയും വലിച്ചോണ്ട് അവിടന്ന് കൊണ്ട് പോയി നേരെ കാന്റീനിലേക്ക്....

"എന്താ ഫെബി നിങ്ങളെ റൊമാൻസിന് സപ്പോർട്ട് ചെയ്തതിന് നീ എനിക്ക് ട്രീറ്റ് തരാൻ പോകാണോ... നോട് ബാഡ്..."

"ഒരൊറ്റ വീക്ക് വെച്ച് തന്നാലുണ്ടല്ലോ... ഒരു റൊമാൻസ്... ഞാൻ നിങ്ങളെ ഇപ്പോ ഇങ്ങോട്ട് കൊണ്ട് വന്നത് ഒരു പ്രധാനപ്പെട്ട കാര്യം പറയാനാ..."

"അതെന്താപ്പോ ഇത്ര പ്രധാനപ്പെട്ട കാര്യം...?"

"നിങ്ങൾക്ക് നിങ്ങളെ നൂറാനെ ബീവിയാക്കേണ്ടേ...?"

"എന്ത് ചോദ്യാടി പെണ്ണേ ഇത്...? പിന്നെ വേണ്ടാതെ... എത്രെയും പെട്ടെന്ന് ആയാൽ അത്രെയും നന്ന്... അത്രക്ക് മോഹിച്ച് പോയെടി...."

"ആണല്ലോ.... എന്നാ പിന്നെ ഇയാൾക്ക് ഒരുപകാരം ചെയ്യുമ്പോ തിരിച്ച് നമ്മളും അത് പ്രതീക്ഷിക്കാലോ...?"

"ഉം... പ്രതീക്ഷിക്കാം... പറ നിനക്ക് എന്താ ഞാൻ പ്രത്യുപകാരമായിട്ട് ചെയ്യേണ്ടത്...? അത് നീ പറ...."

"ഞാൻ പറയുന്ന പോലെ ഫൈസൽക്ക ചെയ്താൽ ഇങ്ങൾക്ക് നൂറാനെ കിട്ടുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട..."

"ഓ...നീയിങ്ങനെ ആളെ വടിയാക്കാതെ ഞാൻ എന്താ ചെയ്യേണ്ടതെന്ന് പറ കുരിപ്പേ...."

നമ്മള് ഒന്ന് നെടുവീർപ്പിട്ട് കൊണ്ട് നമ്മളെ പ്ലാൻ മൂപ്പരോട് പറഞ്ഞതും അങ്ങേര് ഫീസ് പോയ പോലെ

നമ്മളെ നോക്കി നിന്നു... ഫൈസൽക്കാൻറെ ഇരുത്തം കണ്ടിട്ട് നമ്മള് മൂപ്പരെ ഒന്ന് തട്ടി വിളിച്ചതും ചെക്കൻ പെട്ടെന്ന് ഞെട്ടി തിരിഞ്ഞ് നമ്മളെ നോക്കി...

"എടി ഫെബി എന്തൊക്കെയാടി നീയീ പറയുന്നേ...? ഇതൊന്നും നടപ്പുള്ള കാര്യമല്ല... എവിടേലും ഒരു പാളിച്ച പറ്റിയാൽ നമ്മുടെ രണ്ട് പേരുടെയും ജീവിതം കൊളമാകും... അതോണ്ട് ഞാൻ ഇല്ല ഈ കളിക്ക്...."

"ദേ എന്റെ കൂടെ നിൽക്കാമെന്ന് പറഞ്ഞ് വാക്ക് തന്നിട്ട് ഒടുക്കം കാല് മാറിയാലുണ്ടല്ലോ ഇയാളെ നൂറയെ പറ്റി ഞാൻ ഇങ്ങളെ ഉമ്മാനോട് പോയി പറഞ്ഞ് കൊടുക്കും... പിന്നെ മോൻ നൂറാ... നൂറാ... എന്ന് പറഞ്ഞ് കടപ്പുറത്തൂടെ പാടി നടക്കേണ്ടി വരും..."

"എന്റെ പൊന്നോ ചതിക്കല്ലെടി... ഞാൻ നിന്റെ കാല് പിടിക്കാം ദയവ് ചെയ്ത് നീയിത് വീട്ടിൽ പറയരുത്... നിനക്ക് ഇപ്പോ എന്താ വേണ്ടത്...? നിന്റെ കാര്യസാധ്യത്തിന് വേണ്ടി ഞാൻ നിനക്ക് കൂട്ട് നിൽക്കണം അത്രേ അല്ലെയുള്ളൂ...

ഓക്കേ... ഞാൻ സമ്മതിച്ചെടി കുരിപ്പേ...."

എന്ന് പറഞ്ഞ് ഫൈസൽക്ക കരഞ്ഞോണ്ട് ചിരിക്കുന്നത് കണ്ടപ്പോ നമ്മള് മൂപ്പരെ കവിളില് പിച്ചി കോണ്ട് ഗുഡ് ബോയ് എന്ന് പറഞ്ഞ് അവിടന്ന് എണീറ്റ് ഓഫീസിലേക്ക് ചെന്നപ്പോ എല്ലാവരും കോൺഫറൻസ് ഹാളിൽ മീറ്റിങ്ങിൽ ആയിരുന്നു...

നമ്മക്കും അപ്പോഴാണ് അങ്ങനെ ഒരു കാര്യമുള്ളത് ഓർമ്മ വന്നത്. അപ്പോ തന്നെ ഒരോട്ടമായിരുന്നു ഹാളിലേക്ക്... അവിടെ ഞാനും ഫൈസൽക്കയും ഒഴികെ ബാക്കി എല്ലാവരും വന്നിട്ടുണ്ടായിരുന്നു...

ഞങ്ങളെ കണ്ടപ്പോ എല്ലാവരും ഒരുമിച്ച് ഞങ്ങളെ തിരിഞ്ഞ് നോക്കി... നമ്മള് ഇത് തന്നെ അവസരമെന്ന് കരുതി ഫൈസൽക്കാൻറെ കൈ പിടിച്ചോണ്ട് മൂപ്പരെ വലിച്ച് നമ്മളെ അടുത്തുള്ള സീറ്റിൽ പിടിച്ച് ഇരുത്തി... അത് കണ്ടിട്ട് ആ കോന്തൻ നമ്മളെ തുറുക്കനെ നോക്കിയെങ്കിലും നമ്മളത് കാര്യമാക്കാതെ ഫൈസൽക്കാൻറെ കൈ പിടിച്ച് ഇരുന്നു...

ഫൈസൽക്ക ആണെങ്കിലോ ആ കോന്തന്റെ നോട്ടം

കണ്ടിട്ട് നമ്മളെ കയ്യീന്ന് മൂപ്പരെ കൈ വിടുവിക്കാൻ ആയിട്ട് ആവുന്ന വിധത്തിൽ ശ്രമിക്കുന്നുണ്ട്... പക്ഷെ നമ്മളാരാ മോള്... മൂപ്പരെ നോക്കി നൂറാ എന്ന് പറഞ്ഞതും ഒരു പൂച്ചക്കുട്ടിയെ പോലെ അടങ്ങി ഒതുങ്ങി അവിടെ ഇരുന്നു...

അത് കണ്ട് നമ്മള് ചിരി അടക്കി പിടിച്ചോണ്ട് ആ പ്രൊജെക്ടറിലേക്ക് നോക്കി നിന്നപ്പോഴും കോന്തൻ നമ്മളെ നോക്കി നിൽക്കേന്നു... ഓന്റെ നോട്ടമൊന്നും കാര്യമാക്കാതെ നമ്മള് നേരെ ഫൈസൽക്കാൻറെ മുഖത്തേക്ക് താടിക്ക് കയ്യും കൊടുത്ത് നോക്കി ഇരുന്നു... നമ്മളെ ഇരുത്തം കണ്ടിട്ടും ആദിന്റെ മോന്ത കണ്ടിട്ടും നമ്മളെ ടീമടക്കം എല്ലാ സ്റ്റാഫ്‌സും ഞങ്ങളെ തന്നെ നോക്കി ഇരിക്കാണ്...

ഫൈസൽക്ക ആണെങ്കിലോ നമ്മളെ ഒരു ദയനീയതയോടെ നോക്കിയിട്ട് നമ്മളെ തല തിരിച്ച് പ്രൊജെക്ടറിന് നേരെ വെക്കും... നമ്മള് ആണെങ്കിൽ ആ കോന്തനെ ദേഷ്യം പിടിപ്പിക്കാൻ ആയിട്ട് വീണ്ടും ഫൈസൽക്കാൻറെ മുഖത്തേക്ക് നോക്കി ഇരുന്നു...

അത് കണ്ടതും നമ്മളെ കോന്തൻ പെട്ടെന്ന് നമ്മളെ അടുത്തേക്ക് എണീറ്റ് വന്നിട്ട് നമ്മള് താടിക്ക് വെച്ചിരുന്ന കയ്യും പിടിച്ച് വലിച്ചോണ്ട് നമ്മളെ ആ ഹാളിൽ നിന്നും പുറത്തേക്ക് കൊണ്ട് പോയി... പോകുന്നതിനിടക്ക് അവരോടൊക്കെ മീറ്റിങ് തുടരാൻ പറഞ്ഞോണ്ടാണ് കോന്തൻ നമ്മളെയും കൊണ്ട് നടക്കുന്നത്...

നമ്മള് അപ്പോ ഒന്ന് തിരിഞ്ഞ് നോക്കിയതും ഫൈസൽക്ക നമ്മക്ക് നല്ല അഡാർ ക്ലോസെപ്പിന്റെ പരസ്യം കാണിച്ച് തന്നിട്ട് റ്റാറ്റ കാണിച്ച് വിട്ടു... നമ്മള് മൂപ്പരെ നോക്കി പല്ലിറുമ്പി കൊണ്ട് ആ കോന്തന്റെ കയ്യിൽ നിന്നും പിടി വിടാൻ നിന്നതും നമ്മളെ കൈ അതിലേറെ വേദനിക്കാൻ തുടങ്ങി... കാരണം ഓൻ അത്രക്ക് ടൈറ്റായിട്ടാണ് നമ്മളെ കൈ പിടിച്ചിട്ടുള്ളത്...

നമ്മള് വേദന കൊണ്ട് ആ കോന്തനോട് കയ്യീന്ന് വിടാൻ പറഞ്ഞിട്ടും ഓൻ വിട്ടില്ല... നമ്മളെ നേരെ ഓന്റെ ക്യാബിനിലേക്ക് കൊണ്ട് പോയിട്ട് അവിടെ ഉണ്ടായിരുന്ന സോഫയിലേക്ക് തള്ളിയിട്ടിട്ട് ഓൻ ഡോർ ലോക്ക് ചെയ്തു... അത് കണ്ടതും നമ്മളെ വയറ്റീലൂടെയൊക്കെ ഒരു കാളലങ്ങ് കേറി... നമ്മളെ

കയ്യും കാലും വിറക്കാൻ തുടങ്ങി....

ഓൻ പതിയെ ഡോറിന്റെ അവിടന്ന് തിരിഞ്ഞ് നിന്ന് നമ്മളെ നോക്കി കൊണ്ട് ഓന്റെ കോട്ട് ഊരി മാറ്റി.... എന്നിട്ട് നമ്മളെ അടുത്തേക്ക് വരുന്നതിന് അനുസരിച്ച് ഓന്റെ ടൈയും ഷർട്ടിന്റെ കയ്യിലെ ബട്ടണും അഴിച്ച് കൈ കേറ്റി വെച്ചോണ്ട് നമ്മളെ അടുത്തെത്തി... നമ്മള് ആണെങ്കിൽ ഇതൊക്കെ കണ്ടോണ്ട് പകച്ച് പണ്ടാറടങ്ങി സോഫയിൽ ഒരു പൂച്ചകുട്ടിയെ പോലെ പതുങ്ങി ഇരുന്ന് മുഖം പൊത്തി പിടിച്ചു...

നമ്മളെ ഇപ്പോ ഈ കോന്തൻ റോസ്റ്റാക്കുമെന്ന് പ്രതീക്ഷിച്ച് പേടിച്ച് ഇരുന്നിട്ട് എത്ര ആയിട്ടും നമ്മളെ നേർക്ക് ഓന്റെ അറ്റാക്ക് കാണുന്നില്ല... ചെക്കൻ ഇനി പോയി കാണോ എന്ന് ചിന്തിച്ചോണ്ട് നമ്മക്ക് കൈ എടുത്ത് മാറ്റാൻ തോന്നിയെങ്കിലും എന്തോ ആ സാഹസത്തിന് മുതിരാതെ നമ്മള് അങ്ങനെ തന്നെ നിന്നു...

കുറച്ച് കഴിഞ്ഞപ്പോ ആദി പതിയെ നമ്മളെ കൈ നമ്മളെ മുഖത്ത് നിന്ന് എടുത്ത് മാറ്റി... നമ്മള് അപ്പൊ

ഇടങ്കണ്ണിട്ട് ഓനെ നോക്കി കൊണ്ട് പെട്ടെന്ന് കണ്ണിറുക്കി അടച്ചു....

ഓൻ ഇപ്പോ സോഫന്റെ അടുത്ത് മുട്ട് കുത്തി ഇരുന്ന് നമ്മളെ നോക്കാണ്...

നമ്മളെ മുഖത്തെ പേടിച്ചുള്ള നവരസങ്ങൾ കണ്ടിട്ടാകും ഓൻ നമ്മളെ നോക്കി ചിരിച്ചു എന്നല്ലാതെ ഒന്നും ചെയ്യുന്നില്ല... നമ്മള് അപ്പോ തന്നെ പതിയെ കണ്ണ് രണ്ട് തുറന്നതും ഓൻ പെട്ടെന്ന് നമ്മളെ നേരെ മുഖം കൊണ്ട് വന്നു... നമ്മള് ഞെട്ടി തരിച്ച് പെട്ടെന്ന് അവിടന്ന് നീങ്ങി ഇരുന്നിട്ട് എണീറ്റ് നിന്നതും ഓൻ സോഫയിൽ കേറി ഇരുന്നു...

എന്നിട്ട് നമ്മളെ നോക്കി കൊണ്ട് കാലുമേൽ കാലും കയറ്റി വെച്ച് ഓൻ ചിരിച്ചു... ഓന്റെ ചിരിയെ നമ്മള് പുച്ഛിച്ച് തള്ളി പോകാൻ നിന്നതും ഓൻ പെട്ടെന്ന് അവിടെ കിടന്ന ടീ പോയ് നമ്മളെ നേരെ ചവിട്ടി നീക്കി നമ്മളെ മുന്നിൽ തടസം സൃഷ്ടിച്ചു....

നമ്മളത് കണ്ട് ഓനെ ഒന്ന് തിരിഞ്ഞ് നോക്കിയപ്പോ ഓൻ നമ്മളെ അടുത്തേക്ക് വിരല് കൊണ്ട് മാടി

വിളിച്ചു... നമ്മള് ഇച്ചിരി പേടിയോടെ ഓന്റെ അടുത്തേക്ക് നടന്നടുത്തതും ഓൻ ചോദ്യശരങ്ങൾ കൊണ്ട് നമ്മളെ വീർപ്പ് മുട്ടിച്ചു...

"നിനക്ക് അറിയാവുന്നതല്ലേ എനിക്ക് നീ ഫൈസലിനോട് കൂടുതൽ അടുത്തിടപഴകുന്നത് ഇഷ്ടമല്ലെന്ന്... പിന്നെ എന്തിനാ നീ അങ്ങനെ ചെയ്തത്...?"

"അത്... ഞാനും ഫൈസൽക്കയും തമ്മിലുള്ള കല്യാണം ഉറപ്പിച്ചതാ... നാല് മാസം കഴിഞ്ഞ് ഞങ്ങളിവിടന്ന് നാട്ടിലേക്ക് പോയ ഉടനെ കല്യാണം ഉണ്ടാകും... സാറിനെ ഞങ്ങള് എന്തായാലും കല്യാണത്തിന് ക്ഷണിക്കും... കാരണം ഞങ്ങളെ ഒരുപാട് സഹായിച്ചിട്ടുള്ള വ്യക്തിയല്ലേ.... അപ്പോ മറക്കാൻ പറ്റില്ലല്ലോ...

അതോണ്ട് സാർ മനസ്സിൽ എന്നെ കുറിച്ച് ചിന്തിച്ച് നടക്കുന്ന എല്ലാ കാര്യങ്ങളും ഓർമ്മയിൽ നിന്ന് ഡിലീറ്റ് ചെയ്തേക്ക്... നമുക്ക് എന്നും നല്ല ഫ്രണ്ട്സായിട്ട് ഇരിക്കാം...."

എന്ന് പറഞ്ഞ് നമ്മള് ഓന്റെ നേരെ ഒരു പുഞ്ചിരി തൂകി കൊണ്ട് ഷേക്ക് ഹാൻഡ് കൊടുത്തതും ഓൻ എന്തോ അർഥം വെച്ച രീതിയിൽ തലയാട്ടി കൊണ്ട് നമ്മക്ക് കൈ തന്നിട്ട് നമ്മളെ പിടിച്ച് വലിച്ച് ഓന്റെ മടിയിലിരുത്തി...

"എങ്ങനെ...എങ്ങനെ...എങ്ങനെ... നമുക്ക് ഫ്രണ്ട്സാകാമല്ലേ....? നിന്റെയും ഫൈസലിന്റെയും കല്യാണത്തിന് നീയെന്നെ ക്ഷണിക്കുമെന്നല്ലേ.....? ശെരിയാക്കി തരാടി നിന്നെ ഞാൻ.... കല്യാണം അവന്റെ കൂടെ നടന്നാലും ഫസ്റ്റ് നൈറ്റ് എന്റെ കൂടെ ദേ ഇപ്പോ ഞാൻ നടത്തും...."

"നോ.....നോ.....സാർ....പ്ലീസ്..... ഡാ കോന്താ....അടങ്ങി നിൽക്കേടാ...."

ഓൻ നമ്മളെ കയ്യ് രണ്ടും പിടിച്ച് വെച്ചിട്ട് നമ്മളെ ഓന്റെ കൈക്കുള്ളിൽ ഒതുക്കാൻ വേണ്ടി ഓൻ നന്നായിട്ട് പാട്പെടുന്നുണ്ട്... നമ്മളാണെങ്കിൽ ആ കോന്തന്റെ ഓലക്കീമലെ ഡയലോഗ് കേട്ടിട്ട് അവിടന്ന് ഓടാനുള്ള ഗ്യാപ് നോക്കായിരുന്നു...

ഒടുക്കം സഹികെട്ട് ഓന്റെ കയ്യിന് നോക്കി നല്ല അഡാർ കടി കൊടുത്തിട്ട് പെട്ടെന്ന് അവിടന്ന് എണീറ്റ് ഡോർ ലോക്ക് തുറന്നതും ഓൻ കയ്യ് കുടഞ്ഞിട്ട് എടി വടയെക്ഷി നിക്കെടി അവിടെ എന്ന് പറഞ്ഞ് പിന്നാലെ ഓടി വന്നു....

എന്നിട്ട് കതക് തുറന്ന് പുറത്തേക്ക് ഓടാൻ നിന്ന നമ്മളെ അരയിലൂടെ കയ്യിട്ട് വലിച്ച് അകത്ത് കയറ്റിയപ്പോ നമ്മള് കാലിനൊരു ചവിട്ടും അവന്റെ വയറ്റിനിട്ട് ഒരു കുത്തും ഓന്റെ താടി പിടിച്ച് ഒരു വലിയും വലിച്ചോണ്ട് പുറത്തേക്ക് ഓടി ഡോറടച്ചതും അവന്റെ വലം കൈ ഡോറിനിടയിൽ കുടുങ്ങി അവൻ അലറി...

അവന്റെ അലർച്ച കേട്ട് നമ്മള് ഞെട്ടി തിരിഞ്ഞ് നോക്കിയപ്പോഴാണ് ആദിന്റെ കൈ ഡോറിനിടയിൽ കുടുങ്ങിയത് നമ്മളെ ശ്രദ്ധയിൽ പെട്ടത്... നമ്മള് അപ്പോ തന്നെ ഓടി ചെന്ന് വാതില് തുറന്നിട്ട് ചോരയിൽ കുളിച്ച് കിടക്കുന്ന അവന്റെ കൈ എന്റെ കൈക്കുള്ളിലാക്കി....

"അ... അയാം സോറി ആദി.... പെട്ടെന്ന്...പെട്ടെന്ന് ഡോറടച്ചപ്പോ ഞാൻ കണ്ടില്ല.... സോറി...."

എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞോണ്ട് നമ്മള് ഓനെ കെട്ടിപ്പിടിച്ചു....

"ഏയ്.... എന്താ ഐഷു ഇത് കൊച്ചു കുട്ടികളെ പോലെ.... ഇതൊരു ചെറിയ മുറിയെ ഉള്ളു... പോട്ടെ സാരമില്ല... എനിക്ക് കുഴപ്പമില്ലെടാ..."

എന്ന് പറഞ്ഞ് ആദി എന്റെ തലയിൽ തലോടിയപ്പോ നമ്മള് അപ്പോ തന്നെ കണ്ണ് തുടച്ചിട്ട് ആദിന്റെ കൈ പിടിച്ച് വലിച്ചു...

"വാ.... നടക്ക്... നമുക്ക് ഹോസ്പിറ്റലിൽ പോകാം... നോക്ക് നല്ലോണം ബ്ലീഡിങ് ഉണ്ട്.... ദിസ് ഈസ് danger... വാ ആദി...."

"റിലാക്സ് ഐഷു.... എനിക്ക് കുഴപ്പം ഒന്നുമില്ല... I am perfectly alright.... എന്റെ പെണ്ണ് കണ്ണ് തുടച്ചിട്ട് ഒന്ന് ചിരിച്ചേ..."

എന്ന് പറഞ്ഞ് ആദി നമ്മളെ ചുണ്ടിൽ സ്മൈൽ വിടർത്തിയപ്പോ അവന്റെ കയ്യിനൊരു തട്ട് കൊടുത്തിട്ട് നമ്മളെ കർച്ചീഫ് കൊണ്ട് ഓന്റെ കൈ കെട്ടിയിട്ട് അവനെയും കൊണ്ട് ഹോസ്പിറ്റലിലേക്ക് പോയി.... മുറിഞ്ഞ ഭാഗത്ത് ഡ്രെസ്സിങ് ചെയ്തിട്ട് സ്കാനിങ് റിപ്പോർട്ടിന് വേണ്ടി ഞങ്ങള് ഡോക്ടറെ റൂമിൽ വെയിറ്റ് ചെയ്ത് ഇരുന്നു...

അപ്പോ ആദി ഉറക്കം തൂങ്ങി കൊണ്ട് നമ്മളെ തോളിലേക്ക് ചാഞ്ഞതും നമ്മള് ഓനെ ഒന്നൂടെ നെഞ്ചോട് ചേർത്ത് വെച്ചിട്ട് ഡോറിലെ ഗ്ലാസ്സിലേക്ക് നോക്കിയപ്പോ കോന്തൻ ഇരുന്ന് ചിരിക്കാണ്... അത് കണ്ടിട്ട് നമ്മള് അപ്പോ തന്നെ ഓന്റെ മോന്തക്കിട്ട് ഒരു തട്ട് കൊടുത്തിട്ട് തോള് താഴ്ത്തി വെച്ചു....

അപ്പോ ആദി കൊച്ചു കുട്ടികളെ പോലെ പോ അവിടന്ന് മിണ്ടൂല എന്ന് പറയുന്ന പോലെ തലയാട്ടിയിട്ട് കവിളത്ത് കൈ വെച്ച് തിരുമ്മി...

അപ്പോഴത്തെ ആദിന്റെ മുഖം കണ്ടതും നമ്മള് ചിരിച്ചോണ്ട് ഓന്റെ തല പിടിച്ച് നമ്മളെ തോളോട് ചേർത്ത് വെച്ചിട്ട് കവിളില് മെല്ലെ തടവി കൊണ്ടിരുന്നു... അപ്പോ ഓൻ വിരല് ഊമ്പി കൊണ്ട് കൊച്ചു കുട്ടികളെ പോലെ ഉറങ്ങുന്നത് കാണിച്ചപ്പോ നമ്മള് വാ പൊത്തി പിടിച്ച് ചിരി അടക്കി വെക്കാനായിട്ട് ഒരുപാട് പാട്പെട്ടു...

അപ്പോ തന്നെ ഡോക്ടർ സ്കാനിങ് റിപ്പോർട്ട് കൊണ്ട് വന്നതും ഞങ്ങള് രണ്ട് പേരും ഡീസന്റ് ആയി ഇരുന്നിട്ട് പരസ്പരം മുഖത്തോട് മുഖം നോക്കി ചിരിച്ചു... ഡോക്ടർ ഞങ്ങളെ ചിരി കണ്ടിട്ട് ഞങ്ങളെ നോക്കുന്നത് കണ്ടിട്ട് ഞങ്ങള് വീണ്ടും ചിരി കടിച്ച് പിടിച്ചു....

"Mr.ആദിൽ... താങ്കളുടെ നാല് വിരലുകൾക്കും ഒരു ചെറിയ പൊട്ടലുണ്ട്... അതോണ്ട് മിനിമം ഒന്നര മാസത്തേക്ക് എങ്കിലും ആ കൈ വെച്ചുള്ള ഉപയോഗം നിർത്തേണ്ടി വരും....

I know you are a bussiness man... but ഈയൊരു സിറ്റുവേഷനിൽ ഇയാളെ കൈ സൂക്ഷിക്കേണ്ടത് മിസിസ് ആദിലിന്റെ കടമയാണ്...."

ആ ഡോക്ടർ നമ്മളെ നോക്കി കൊണ്ട് പറയുന്നത് കേട്ടതും നമ്മള് അന്തം വിട്ട് ഓനെ നോക്കിയപ്പോ ഓൻ അതെ എന്ന രീതിയിൽ ഒന്ന് തലയാട്ടി...

"മിസിസോ... ഞാനോ... നോ...ഞാൻ...."

"ഓക്കേ ഡോക്ടർ.... അതൊക്കെ ഇവള് മാനേജ് ചെയ്തോളും..."

നമ്മള് പറയുന്നതിനിടക്ക് കേറി ആദി അങ്ങനെ പറഞ്ഞപ്പോ നമ്മള് ഓനെ തുറുക്കനെ നോക്കി... ഓൻ അപ്പോ നമ്മളെ നോക്കി സൈറ്റടിച്ചപ്പോ നമ്മളൊന്ന് പുഞ്ചിരിച്ചോണ്ട് തല തിരിച്ചു...

"ഓക്കേ ഫൈൻ... ആദിലിന്റെ വലം കൈ ആയിട്ട് ഇനി എപ്പോഴും മിസിസ് ആദിൽ കൂടെ തന്നെ കാണണം... പിന്നെ വളരെ ഇമ്പോർട്ടന്റ് ആയ കാര്യം എന്താന്ന് വെച്ചാൽ ഇയാളോടുള്ള പക മൊത്തം ആ ഡോർ വലിച്ചടക്കുമ്പോ അയാള് തീർത്തിട്ടുണ്ടെന്ന്

തോന്നുന്നു... കാരണം അത്രക്ക് ഉണ്ട് ഇഞ്ചുറി..."

അത് പറഞ്ഞപ്പോ ആദി നമ്മളെ ഇടങ്കണ്ണിട്ട് തുറുക്കനെ നോക്കി... ഓന്റെ നോട്ടം കണ്ടിട്ട് നമ്മള് അപ്പോ തന്നെ സീലിങ്ങിന്റെ ഭംഗി ആസ്വദിച്ചോണ്ട് മേൽപ്പോട്ട് നോക്കി നിന്നു... അത് കണ്ടപ്പോ ആദി ചെറുതായി ഒന്ന് പുഞ്ചിരിച്ചപ്പോ നമ്മളും ഒന്ന് ചിരിച്ച് പോയി...

"സൊ.... ഈ കൈ കൊണ്ട് അധികം അഭ്യാസങ്ങളൊന്നും ഇറക്കണ്ട... പിന്നെ ഈ ടാബ്ലറ്റ് കഴിക്കുമ്പോ ചെറിയ ഒരു പനി വരാൻ സാധ്യതയുണ്ട്... അതോണ്ട് മിസിസ് ആദിൽ കൂടെ തന്നെ വേണം എപ്പോഴും.... ഓക്കേ...?"

"ഓക്കേ ഡോക്ടർ... താങ്ക്യൂ...."

എന്ന് പറഞ്ഞ് ഞങ്ങള് രണ്ട് പേരും അവിടന്ന് ഇറങ്ങി നടന്നു... ആ ഡോക്ടർ ഇതൊക്കെ പറഞ്ഞത് ഇംഗ്ലീഷിൽ ആണ് ട്ടോ....

"ഉം.... കേട്ടല്ലോ ഇനി മുതൽ എന്റെ വലംകൈ ആയിട്ട് എന്റെ കൂടെ തന്നെ കാണണമെന്ന്...."

"അത് എന്നോടല്ല മിസിസ് ആദിലിനോടാണ് പറഞ്ഞത്... ഞാൻ അതിന് ഇയാളെ ഭാര്യ ഒന്നും അല്ലല്ലോ..."

"അതിന് ഇനി അധികം നാളൊന്നും ഇല്ലല്ലോ... അതോണ്ട് നീ തന്നെയാ എന്റെ മിസിസ്... അതും പോരാഞ്ഞ് ഒന്നര മാസത്തിന് ഈ കൈ കൊണ്ട് ഒരു പ്രയോജനവും ഇല്ലാണ്ട് ആക്കിയത് നീയല്ലേ... അപ്പോ എന്തായാലും നീ തന്നെ എന്റെ കാര്യം നോക്കണം..."

ഓന്റെ പറച്ചില് കേട്ട് നമ്മള് ഒന്ന് നെടുവീർപ്പിട്ട് തിരിഞ്ഞ് നോക്കിയപ്പോഴുണ്ട് നമ്മളെ ടീം ഞങ്ങളെയും തിരഞ്ഞ് വരുന്നു... നേരം ഇരുട്ടി തുടങ്ങിയിട്ടുണ്ട്.... അതോണ്ട് നമ്മളെ തിരഞ്ഞ് വന്നതാകും....

"ആദി...are you all right...? ഇപ്പോ കുഴപ്പമൊന്നും ഇല്ലല്ലോ....?" ഫൈസൽക്കയാണ്.

"നോ...I am fine... സമയം ഒരുപാട് ആയതൊന്നും ഞങ്ങള് അറിഞ്ഞില്ല... സ്കാനിങ് റിപ്പോർട്ട് വരാൻ ഇത്തിരി വൈകി പോയി..."

"Actually എന്താ സംഭവിച്ചത് കാക്കു...? ഇങ്ങളെന്താ ഡോറടക്കുന്നതും നോക്കി നിൽക്കായിരുന്നോ അതിനിടയിൽ കൈ വെക്കാൻ....?

അതോ........."

എന്ന് പറഞ്ഞ് ഒരു കള്ളച്ചിരിയോടെ അച്ചൂ എന്നെ നോക്കി ചിരിച്ചപ്പോ ബാക്കി പറഞ്ഞത് സനയായിരുന്നു....

"അതോ..... ആദിൽക്കക്ക് മറുപടി തരാതെ ഇവള് മുങ്ങാൻ ശ്രമിച്ചപ്പോ പറ്റിയതാണോ....?"

എന്ന് പറഞ്ഞ് അച്ചുവും സനയും പരസ്പരം മുഖത്തേക്ക് നോക്കിയിട്ട് ചിരിച്ചതും നമ്മള് ചമ്മി നാറി

ആദിന്റെ മുഖത്ത് പോലും നോക്കാൻ കഴിയാതെ തല താഴ്ത്തി നിന്നു.... എന്നിട്ട് പതിയെ ഇടങ്കണ്ണിട്ട് ഓനെ നോക്കിയപ്പോ ഓൻ നമ്മളെ നോക്കി കൊണ്ട് പറഞ്ഞോ എന്ന രീതിയിൽ തലയാട്ടി, നമ്മള് ഒന്ന് പല്ലിളിച്ച് കാണിച്ച് കൊടുത്തിട്ട് അതേന്ന് തിരിച്ച് തലയാട്ടിയതും ഓൻ ശെരിയാക്കി തരാമെന്ന രീതിയിൽ നമ്മളെ നോക്കി തല കുലുക്കി.... നമ്മള് അപ്പോ തലക്ക് താങ്ങ് കൊടുത്തിട്ട് അവറ്റകളെ രണ്ടിനെയും തുറുക്കനെ നോക്കി....

ഭാഗ്യത്തിന് ബാക്കിയുള്ള നാലിനും സംഭവം ഒന്നും മനസ്സിലാകാത്തത് കൊണ്ട് ഞങ്ങള് രക്ഷപ്പെട്ടു... ഇല്ലേൽ അവരെ കളിയാക്കല് കൂടി സഹിക്കേണ്ടി വന്നേനെ....

ഇനി ഇവിടെ നിൽക്കുന്നത് അത്ര വലിയ പന്തിയല്ലെന്ന് തോന്നിയതും നമ്മള് അപ്പോ തന്നെ ഫൈസൽക്കാൻറെ കൈ പിടിച്ച് പോകാമെന്ന് പറഞ്ഞപ്പോ പെട്ടെന്ന് ആദി അവന്റെ കൈ പിടിച്ച് അലറി...

അത് കണ്ട് നമ്മള് വെപ്രാളപ്പെട്ടൊണ്ട് ആദിന്റെ അടുത്തേക്ക് ഓടി ചെന്ന് ഓന്റെ കൈ പിടിച്ചപ്പോ ഓൻ

ചുമ്മാ എന്ന് പറഞ്ഞ് നമ്മളെ നോക്കി ചിരിച്ചു... അത് കണ്ട് നമ്മള് ഓന്റെ കയ്യിനൊരു തല്ല് കൊടുത്ത് തിരിച്ച് പോകാൻ നിന്നതും ഓൻ എന്റെ കൈ പിടിച്ച് അവിടെ നിർത്തിച്ചു....

"നിങ്ങള് പൊയ്ക്കോ ഗായ്സ്... ഇവള് എന്നെ വീട്ടിൽ കൊണ്ട് വിട്ടിട്ടേ വരികയുള്ളൂ.... ഒന്നുല്ലെങ്കിലും എന്റെ പിഎ അല്ലെ... അപ്പോ എന്റെ കാര്യങ്ങൾ നോക്കേണ്ടത് ഇവളെ കടമയല്ലേ...."

ഓൻ നമ്മളെ കണ്ണിൽ നോക്കി കൊണ്ട് അത് പറയേണ്ട താമസം തിരിഞ്ഞ് നോക്കിയപ്പോ അവര് അവിടന്ന് സ്ഥലം കാലിയാക്കിയിരുന്നു.... നമ്മള് അപ്പോ തന്നെ ആ കോന്തന്റെ കയ്യീന്ന് നമ്മളെ കൈ വിടുവിച്ചിട്ട് ഓനോട് നടക്കെന്ന് ആംഗ്യം കാണിച്ചു... ഓൻ അപ്പോ ചിരിച്ചോണ്ട് അവിടന്ന് നടന്ന് നീങ്ങിയപ്പോ നമ്മള് ഓന്റെ പുറകിലായിട്ട് ചിരി അടക്കി പിടിച്ച് നടന്ന് ഹോസ്പിറ്റലിൽ നിന്നും ഇറങ്ങി....

നമ്മക്ക് അത്യാവശ്യം ഡ്രൈവിങ് ഒക്കെ അറിയാവുന്നത് കൊണ്ട് അധികം ബുദ്ധിമുട്ടില്ലാതെ

ഞങ്ങള് ആദിന്റെ വീട്ടിൽ എത്തി... ഓന്റെ കയ്യിലെ കെട്ട് കണ്ടിട്ട് ആഷിയും ഉമ്മിയും കൂടി പരിഭ്രാന്തിയിലായി കൊണ്ട് കാര്യം അന്വേഷിച്ചപ്പോ ഭാഗ്യത്തിന് നമ്മള് ഓന്റെ കൈ ഡോർ വെച്ച് അടച്ചതാണെന്ന് ഓൻ പറഞ്ഞില്ല... അല്ലെങ്കിലും അങ്ങനെ വല്ലതും പറഞ്ഞാൽ ഓൻ തന്നെയല്ലേ ചമ്മി നാറാനും പോകുന്നത്....

അങ്ങനെ ആദിനെ വീട്ടിൽ ആക്കിയിട്ട് നമ്മള് തിരിച്ച് പോകാൻ നിന്നതും ഉമ്മി എന്നെ അവിടെ നിർത്തി കൊണ്ട് ഈ രാത്രി മോളെങ്ങോട്ടും പോകണ്ട ഇന്നിവിടെ തങ്ങിയിട്ട് നാളെ നിങ്ങൾക്ക് ഒരുമിച്ച് ഓഫീസിൽ പോകാമെന്ന് പറഞ്ഞപ്പോ നമ്മള് അത് ആദ്യം ഒന്ന് എതിർത്തെങ്കിലും അവസാനം ഉമ്മി പറഞ്ഞ് നിർബന്ധിപ്പിച്ച് നമ്മളെ കൊണ്ട് സമ്മതിപ്പിച്ചു....

നമ്മള് അപ്പോ തന്നെ അവളുമാരോട് ഇന്ന് വരുന്നില്ലെന്ന് പറഞ്ഞപ്പോ അവറ്റകൾ പറയാ മറുപടി കൊടുക്കാനാകും അല്ലെ അവിടെ നിന്നതെന്ന്... അവറ്റകളോട് ചൂടായി രണ്ട് പറയാൻ നിന്നപ്പോഴേക്കും കുരിപ്പുകള് അപ്പോ തന്നെ ഫോൺ വെച്ചു....

ഉമ്മി എനിക്ക് ആദിന്റെ തൊട്ടടുത്തായിട്ടുള്ള സൽമന്റെ റൂം കാണിച്ച് തന്നിട്ട് നമ്മളോട് ഫ്രഷായി വരാൻ പറഞ്ഞു... നമ്മള് ഓളെ റൂമിൽ പോയി നോക്കിയപ്പോ ഓളും ആദിയും ഒരുമൈക്ക് നിൽക്കുന്ന ഫോട്ടോസ് അവിടെ കണ്ടതും അതൊക്കെ അവിടുന്ന് പെറുക്കിയിട്ട് പുറത്തേക്ക് വലിച്ചെറിഞ്ഞു... എന്നിട്ട് ഫ്രഷായി സൽമന്റെ ഒരു ഡ്രെസ്സും ഇട്ട് നമ്മള് റൂമീന്ന് ഇറങ്ങിയതും നമ്മളെ കോന്തൻ ഉണ്ട് റൂമിന് പുറത്ത് നിൽക്കുന്നു...

എന്നിട്ട് നമ്മളെ ഒന്ന് അടിമുടി നോക്കിയിട്ട് നമ്മളെ അടുത്തേക്ക് വന്നു...

"ഡി...ആരോട് ചോദിച്ചിട്ടാ നീയാ എരണം കെട്ടവളുടെ ഡ്രസ്സ് എടുത്തിട്ടത്...?"

"ഹാ...ഇയാള് എന്തിനാ എന്നോട് കുരച്ച് ചാടുന്നെ... എന്നോട് ഉമ്മിയാ പറഞ്ഞത് സൽമന്റെ ഡ്രെസ്സ് എടുത്തിടാൻ അതിപ്പോ കുറ്റായോ...?"

"ആ കുറ്റമായി... മര്യാദക്ക് ഇത് അഴിച്ച് വെച്ചിട്ട് ദേ ഇതും ഇട്ടോണ്ട് നീ താഴേക്ക് വന്നാൽ മതി... ഇല്ലേൽ ഞാൻ ഇതൊക്കെ കൂടി വലിച്ച് കീറി കളയും..."

എന്ന് ആ കോന്തൻ പറഞ്ഞതും നമ്മള് ഓന്റെ കയ്യീന്ന് ആ കവർ തട്ടിപ്പറിച്ച് വാങ്ങിയിട്ട് റൂമിൽ കേറി വാതിലടച്ചു... അതില് ഒരു സ്കൈ ബ്ലൂ ചുരിദാർ ആയിരുന്നു ഉണ്ടായിരുന്നത്... നമ്മളത് എടുത്ത് ഇട്ടിട്ട് പുറത്തേക്ക് വന്നപ്പോ ആദിന്റെ പൊടി പോലും അവിടെ കാണുന്നില്ലായിരുന്നു...

നമ്മള് താഴേക്ക് ഇറങ്ങി ചെന്നപ്പോ ഉമ്മിയും ഒരു സെർവന്റും കൂടി ഭക്ഷണം വിളമ്പായിരുന്നു... നമ്മള് ഉമ്മിനോട് ഇരിക്കാൻ പറഞ്ഞ് നമ്മള് വിളമ്പാൻ നിന്നപോ ഉമ്മി നമ്മളെ അവിടെ പിടിച്ച് ഇരുത്തിയിട്ട് നമ്മക്ക് ഭക്ഷണം വിളമ്പി തന്നു....

അപ്പോ തന്നെ ആദിയും ആഷിയും ഇറങ്ങി വന്ന് ആദി നമ്മളെ അടുത്ത് ഇരുന്നു... നമ്മള് അപ്പോ എണീറ്റ് പോകാൻ നിന്നതും ഓൻ നമ്മളെ കൈ പിടിച്ച് വെച്ചിട്ട് അവിടെ തന്നെ ഇരുത്തി... അത് കണ്ട് ആഷിയും

ഉമ്മിയും കൂടി ഒന്ന് ചൊമച്ചപ്പോ ഓൻ പെട്ടെന്ന് നമ്മളെ കൈ വിട്ടു...

നമ്മളൊരു ചെറിയ ചടപ്പോടെ പ്ലേറ്റിലേക്ക് നോക്കി തല താഴ്ത്തി ഇരുന്നപ്പോ ആദിന്റെ അവസ്ഥയും ഇത് തന്നെ ആയിരുന്നു...

അങ്ങനെ ഞങ്ങള് ഭക്ഷണം കഴിക്കുമ്പോഴാണ് ആദി സ്പൂൺ വെച്ച് കഴിക്കാൻ ബുദ്ധിമുട്ടുന്നത് കണ്ടത്... നമ്മള് കാരണം സംഭവിച്ചതോണ്ട് തന്നെ മറ്റുള്ളോര് എന്ത് പറയുമെന്നൊന്നും ചിന്തിക്കാതെ ഞാൻ അവന്റെ കൈ താഴ്ത്തി വെച്ചിട്ട് അവന് വാരി കൊടുത്തു...

അവനത് കഴിക്കുമ്പോഴും നോട്ടം നമ്മളെയായിരുന്നു... അതോണ്ട് ഞങ്ങളെ രണ്ട് പേരെയും മിഴിച്ച് നോക്കുന്ന ബാക്കി രണ്ടിനെയും ഞങ്ങള് വക വെച്ചതേയില്ല...

അങ്ങനെ അവന് വാരി കൊടുത്ത് അവന് കുടിക്കാൻ വെള്ളവും മരുന്നുമൊക്കെ കൊടുത്ത് നമ്മള് പ്ലേറ്റ് ഒക്കെ എടുത്ത് വെക്കാൻ സഹായിച്ചു... അപ്പോ തന്നെ ഉമ്മി നമ്മളെ തടഞ്ഞിട്ട് നമ്മളോട് പോയി കിടക്കാൻ പറഞ്ഞു...

നമ്മള് കുറച്ച് നേരം ആഷിയോട് കത്തിയടിച്ച് ഇരുന്നിട്ട് സൽമന്റെ റൂമിലേക്ക് കിടക്കാൻ പോയതും ആദിന്റെ റൂമിൽ നിന്ന് എന്തൊക്കെയോ ഒച്ചപ്പാട് നമ്മള് കേട്ടു... നമ്മള് ഡോറിൽ മുട്ടി കൊണ്ട് ആദിയെ വിളിച്ചിട്ടും അവന്റെ യാതൊരു വിധ അനക്കവും കേൾക്കാതായപ്പോ നമ്മള് പേടിച്ച് വാതില് തുറന്ന് നോക്കി...

(തുടരും)

ഭാഗം.118

നമ്മള് കുറച്ച് നേരം ആഷിയോട് കത്തിയടിച്ച് ഇരുന്നിട്ട് സൽമന്റെ റൂമിലേക്ക് കിടക്കാൻ പോയതും ആദിന്റെ റൂമിൽ നിന്ന് എന്തൊക്കെയോ ഒച്ചപ്പാട് നമ്മള് കേട്ടു... നമ്മള് ഡോറിൽ മുട്ടി കൊണ്ട് ആദിയെ വിളിച്ചിട്ടും അവന്റെ യാതൊരു വിധ അനക്കവും കേൾക്കാതായപ്പോ നമ്മള് പേടിച്ച് വാതില് തുറന്ന്

നോക്കി...

അപ്പോഴുണ്ട് ആദി പുതച്ച് മൂടി കിടന്നോണ്ട് വിറക്കുന്നു... ആദ്യം അഭിനയിക്കുകായോണോന്ന് തോന്നി പോയെങ്കിലും പിന്നീട് ഡോക്ടർ പറഞ്ഞ കാര്യം ഓർമ്മ വന്നപ്പോ അഭിനയം അല്ലെന്ന് ബോധ്യമായി...

നമ്മള് ഓന്റെ അടുത്തേക്ക് ചെന്ന് അവനെ വിളിച്ചിട്ട് അവൻ വിളി കേൾക്കുന്നുണ്ട്, പക്ഷെ കണ്ണ് തുറക്കാതെ മൂടി പുതച്ച് കിടക്കാണ്... നമ്മള് ഓന്റെ നെറ്റിയിൽ കൈ വെച്ചപ്പോ നമ്മളെ കൈ പൊള്ളി പോകുന്ന തരത്തിലുള്ള ചൂട്... നമ്മള് അപ്പോ തന്നെ താഴോട്ട് ഇറങ്ങി പോയിട്ട് ചുക്കും കാപ്പി പൊടിയുമൊക്കെ ഇട്ട് തിളപ്പിച്ച നല്ല കടുപ്പത്തിലുള്ള ചുക്ക് കാപ്പിയും കൊണ്ട് നമ്മള് അവന്റെ അടുത്തേക്ക് ചെന്നു...

എന്നിട്ട് അവനെ പിടിച്ച് എണീപ്പിച്ച് ഇരുത്തിയിട്ട് നമ്മള് ഓനെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് അത് കുടിക്കാൻ കൊടുത്തതും ഓൻ പതിയെ കണ്ണ്

തുറന്ന് നമ്മളെ നോക്കി ചിരിച്ചു...

എന്നിട്ട് നമ്മള് അവന്റെ ചുണ്ടിൽ വെച്ച് കൊടുത്ത കാപ്പി കുടിച്ചതും ഓൻ നമ്മളെ തുറുക്കനെ നോക്കി കണ്ണ് മിഴിച്ചു... അതിനനുസരിച്ച് ഓന്റെ കണ്ണും നിറയുന്നുണ്ടായിരുന്നു...

എങ്ങനെ നിറയാതിരിക്കും അമ്മാതിരി പണിയല്ലേ ഞാൻ ചെയ്ത് വെച്ചേക്കുന്നത്... നമ്മളെ പണ്ട് നല്ല എരിവുള്ള ചുക്ക് കാപ്പി കുടിപ്പിച്ച് പോയ വ്യക്തി അല്ലെ അപ്പോ ഇതുപോലെ ഒരു അവസരം നമ്മക്ക് കിട്ടിയാൽ പാഴാക്കാൻ പറ്റോ... അതോണ്ട് അന്നത്തെ പണിക്ക് നമ്മള് തിരിച്ചും പണിതു... thats all... ഇപ്പോ മനസ്സിന് കൊറച്ച് സമാധാനം ഒക്കെ തോന്നുന്നുണ്ട്....

ഒരു തവണ കുടിച്ചപ്പോ തന്നെ ചെക്കൻ നാവ് പുറത്തിട്ടിട്ട് ആഹ്...എന്ന് പറഞ്ഞ് നാവിന് വീശി കൊടുക്കുന്നത് കണ്ടപ്പോ സത്യം പറഞ്ഞാൽ പാവം തോന്നി... എന്നാലും അതിനേക്കാൾ ഉപരി നമ്മക്ക് ചിരിയാണ് വന്നത്... അന്ന് നമ്മളെയും ഇതുപോലെയല്ലേ ഓൻ വട്ട് കളിപ്പിച്ചത്...

"അയ്യോടാ.... എന്ത് പറ്റി ബോസ്...? എരിവ് കൂടി പോയോ...? അത് പിന്നെ സാറിന്റെ എല്ലാ രോഗങ്ങളും പെട്ടെന്ന് മറിക്കോട്ടെ എന്ന് കരുതി ഞാൻ കുറച്ചധികം ചുക്ക് എടുത്ത് ഇട്ടിരുന്നു അതാകും ഇത്രക്ക് എരിവ്... സരല്യട്ടോ അത് പെട്ടെന്ന് മാറിക്കോളും...."

എന്ന് പറഞ്ഞ് നമ്മള് വാ പൊത്തി പിടിച്ച് ചിരി അടക്കി പിടിക്കാൻ നോക്കുന്നത് കണ്ടിട്ട് ആ കോന്തൻ നമ്മളെ തുറുക്കനെ നോക്കി കൊണ്ട് നമ്മളെ കയ്യീന്ന് അത് തട്ടി പറിച്ച് വാങ്ങി മുഴുവനും ഒറ്റ വലിക്ക് കുടിച്ച് തീർത്തു... ഓൻ അത് കുടിക്കുന്നത് കണ്ട് നമ്മള് തൊള്ളേം തുറന്ന് ഓനെ തന്നെ നോക്കി നിന്നതും അപ്രതീക്ഷിതമായി ആ കോന്തൻ നമ്മളെ തലയിൽ പിടിച്ച് വലിച്ച് നമ്മളെ ചുണ്ട് ഓന്റെ ചുണ്ടോട് ചേർത്തതും നമ്മള് ഷോക്കടിച്ച പോലെ ആ ബെഡിൽ ഇരുന്നു.... നമ്മള് ഉണ്ടാക്കി കൊടുത്ത ആ ചുക്ക് കാപ്പിക്ക് എത്രത്തോളം എരിവുണ്ടെന്ന് നമ്മക്ക് അപ്പോഴാ മനസ്സിൽ ആയത്...

കുറച്ച് കഴിഞ്ഞ് അവൻ പതിയെ എന്നിൽ നിന്ന് അകന്നിട്ട് എന്നെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ച് നമ്മളെ മടിയിൽ തല വെച്ച് കിടന്നു... അപ്പോഴാണ്

നമ്മക്ക് ബോധം വന്നത്... നമ്മള് അപ്പോ തന്നെ അവന്റെ തലയെടുത്ത് നമ്മളെ മടിയിൽ നിന്ന് മാറ്റി കിടത്തിയതും ആ കോന്തൻ വീണ്ടും നമ്മളെ മടിയിൽ തന്നെ അവന്റെ തല വെച്ചിട്ട് നമ്മളെ അരയിലൂടെ കൈ ഇട്ട് കിടന്നു... നമ്മള് ഓനെ പ്രാകി കൊണ്ട് മോന്തക്ക് ഒരെണ്ണം കൊടുക്കാൻ വേണ്ടി കൈ ഉയർത്തിയെങ്കിലും നമ്മളെ കൈ ഓന്റെ മോന്ത കണ്ടപ്പോ തന്നെ താഴ്ന്ന് പോയി....

ഇനിയിപ്പോ ഈ കോന്തൻ ഉറങ്ങി കഴിഞ്ഞിട്ടേ ഇവിടന്ന് എണീക്കാൻ പറ്റുകയുള്ളൂ എന്ന് മനസ്സിലായപ്പോ നമ്മള് അവിടെ താടിക്ക് കയ്യും കൊടുത്ത് ആ കോന്തനെ നോക്കി ഇരുന്ന് എപ്പോഴോ നമ്മളും ഉറങ്ങി പോയി....

★★★★★★★★★★★★★★★★★★★★★

പകരം വീട്ടുന്നതിൽ മാസ്റ്റർ ഡിഗ്രി എടുത്ത ടീമാണ് ഇവളെന്ന് നമ്മക്ക് നന്നായിട്ട് അറിയാമെങ്കിലും അവള് ഇങ്ങനെ ഒരു കൊലച്ചതി നമ്മളോട് ചെയ്യുമെന്ന് നമ്മള് കരുതീലാ... അതാ തിരിച്ച് അവക്കിട്ട് ഒരു പണി മറുപടിയായിട്ട് കൊടുത്തത്...

ഹാ.... ഇപ്പോ എനിക്കും കുറച്ച് സമാധാനം ഒക്കെ തോന്നുന്നുണ്ട്...

ഓളെ മടിയിൽ തല വെച്ച് അരയിലൂടെ കയ്യിട്ട് കിടന്നപ്പോ നമ്മക്ക് പെട്ടെന്ന് ഉറക്കം വരുന്ന പോലെ തോന്നി... നമ്മളൊന്ന് കണ്ണടച്ച് തുറന്നപ്പോഴേക്കും അവള് ഇരുന്നിടത്ത് നിന്ന് ഉറങ്ങി തൂങ്ങായിരുന്നു...

അത് കണ്ടപ്പോ നമ്മള് പതിയെ എണീറ്റ് അവളെ പിടിച്ച് ബെഡിൽ കിടത്തി നമ്മള് സോഫയിൽ പോയി കിടന്നു... എന്നിട്ട് അവിടെ കിടന്ന് ഓളെ നോക്കി നോക്കി നമ്മള് എപ്പോഴോ ഉറക്കിലേക്ക് വഴുതി വീണു...

പിറ്റേന്ന് കണ്ണ് തുറന്ന് നോക്കിയപ്പോ ഐശൂന്റെ പൊടി പോലും അവിടെയൊന്നും കാണാനില്ല... നമ്മള് എണീക്കുന്നതിന് മുന്നേ തന്നെ അവള് എണീറ്റ് പോയെന്ന് മനസ്സിലായപ്പോ നമ്മക്ക് അറിയാതെ ചിരി വന്ന് പോയി...

നമ്മള് എണീറ്റപ്പോ തൊട്ട് കയ്യാണെങ്കിൽ ഭയങ്കര

വേദന... എനിക്ക് ആണെങ്കിൽ ഇടങ്കൈ ഉപയോഗിച്ച് ബ്രെഷ് ചെയ്തൊന്നും ശീലമില്ലാത്തതാണ്... ഇനി ഇപ്പോ എങ്ങനെ ബ്രെഷ് ചെയ്യുമെന്ന് ചിന്തിച്ച് തല പുകക്കുമ്പോഴാണ് ആരോ റൂമിലേക്ക് കയറി വന്നത്... തിരിഞ്ഞ് നോക്കിയപ്പോ ഐഷു ആയിരുന്നു...

"സാർ അത്... ഇന്നലെ നൈറ്റ് ഞാൻ എന്റെ ഫോൺ ഇവിടെ വെച്ച് മറന്നു... So, ഞാൻ അതെടുക്കാൻ വേണ്ടി...."

എന്ന് പറഞ്ഞ് അവള് അകത്തേക്ക് കയറി നമ്മളെ നോക്കി പരുങ്ങി കൊണ്ട് ടേബിളിൽ കിടന്ന അവളെ ഫോൺ എടുത്ത് അവള് പോകാൻ നിന്നതും നമ്മള് ഓളെ കയ്യിൽ പിടിച്ച് അവിടെ നിർത്തി...

"ഇതെങ്ങോട്ടാ ഇത്ര പെട്ടെന്ന് പോകാൻ നോക്കുന്നെ...?"

എന്ന് നമ്മള് പറഞ്ഞ് തീരുന്നതിന് മുന്നേ തന്നെ അവളെന്റെ കയ്യിൽ നിന്നും കുതറിയിട്ട് നമ്മളെ

തുറുക്കനെ നോക്കി കണ്ണുരുട്ടി... അത് കണ്ട് നമ്മളൊന്ന് പുഞ്ചിരി തൂകി അവളെ അടുത്തേക്ക് നടന്നു....

"എന്നെ ഈ അവസ്ഥയിൽ ആക്കിയിട്ട് അങ്ങനെ അങ്ങ് പോയാൽ ശരിയാകില്ലല്ലോ..."

"അതിന് ഇപ്പോ ഞാൻ എന്ത് വേണമെന്നാ സാർ പറഞ്ഞ് വരുന്നേ...?"

"അതിനി ഞാൻ പറഞ്ഞ് തരണോ...? എനിക്ക് ബ്രെഷ് ചെയ്യണം... അതിന് നീ ഹെല്പ് ചെയ്യണം..."

"വാട്ട്...? ഇയാൾക്ക് എന്താ റൈറ്റ് ഹാൻഡ് കൊണ്ട് മാത്രേ ബ്രെഷ് ചെയ്യാൻ പറ്റൂ... ലെഫ്റ്റുണ്ടല്ലോ അത് കൊണ്ട് അങ്ങ് ബ്രെഷ് ചെയ്തോടെ... എനിക്ക് ഒന്നും വയ്യ ഇയാൾക്ക് ബ്രെഷ് ചെയ്ത് തരാൻ...

ആളെ മെനക്കെടുത്താതെ ഒന്ന് മാറി നിന്നെ എനിക്ക് ഓഫീസ് പോകാൻ വേണ്ടി റെഡിയാകാൻ ഉള്ളതാ...."

എന്ന് പറഞ്ഞ് അവളെന്നെ മറി കടന്ന് പോകാൻ നിന്നതും നമ്മള് വീണ്ടും അവളെ കൈ പിടിച്ച് വലിച്ച് നമ്മളെ മുന്നിൽ നിർത്തിച്ചു...

"നിനക്ക് മാത്രമല്ല എനിക്കും ഓഫീസിൽ പോകാനുള്ളതാ... കമ്പനിന്റെ എംഡിയായ എന്നെ ഈ ഗതിയിൽ ആക്കിയിട്ട് എന്റെ പിഎ മാത്രം അങ്ങനെ ഇപ്പോ ഓഫീസിൽ പോകണ്ട... എന്നെ റെഡിയാക്കിയിട്ട് മതി നീ റെഡിയാകൽ..."

എന്ന് നമ്മള് പറഞ്ഞപ്പോ ഓള് കടിച്ച് കീറാൻ വരുന്ന പോലെ പല്ലിറുമ്പി കൊണ്ട് എന്റെ നേർക്ക് വന്നിട്ട് ഓള് പെട്ടെന്ന് നിന്ന് ഒന്ന് ദീർഘ ശ്വാസം വിട്ടു... എന്നിട്ട് നമ്മളെ രൂക്ഷമായി നോക്കി കൊണ്ട് എന്നോട് നടക്കാൻ ആംഗ്യം കാണിച്ചു... നമ്മളൊന്ന് ചിരിച്ച് കൊടുത്തിട്ട് ബാത്‌റൂമിലേക്ക് കയറിയതും നമ്മളെ പിന്നാലെ ഓളും വന്നു...

ഓള് എന്റെ മുഖത്തേക്ക് നോക്കാതെ മോന്തയും വീർപ്പിച്ചോണ്ട് ബ്രെഷിൽ പേസ്റ്റ് തേച്ചിട്ട് നമ്മക്ക് നേരെ

നീട്ടി... നമ്മള് ഓളെ കണ്ണാടിയിലൂടെ നോക്കി ചിരിക്കുന്നത് കണ്ടിട്ട് ഓള് വീണ്ടും നമ്മളെ തുറുക്കനെ നോക്കി തലക്ക് ഒരു മേട്ടം തന്നിട്ട് വാ തുറക്കാൻ പറഞ്ഞു...

നമ്മള് ചിരിച്ചോണ്ട് വാ തുറന്ന് കൊടുത്തപ്പോ ഓള് ചിരിക്കാതിരിക്കാൻ വേണ്ടി പല്ലിറുമ്പുന്നത് കണ്ട് നമ്മള് വീണ്ടും ചിരിച്ചു... അങ്ങനെ നമ്മക്ക് നല്ലോണം പല്ല് പോരുന്ന തരത്തിലുള്ള ബ്രെഷിങ് തീർന്നതും വായയും കഴുകി തന്നിട്ട് ഓളൊന്ന് നെടുവീർപ്പിട്ട് ബാത്ത്രൂമീന്ന് ഇറങ്ങി പോയി....

"അതെ ഒന്നവിടെ നിന്നെ...."

ഓള് റൂമീന്ന് പോകാൻ നിന്നപോ നമ്മള് ഓളെ പിറകേന്ന് വിളിച്ച് നിർത്തിയപ്പോ ഓള് ഇനി എന്താ എന്ന നിലയിൽ തിരിഞ്ഞിട്ട് നമ്മളെ നോക്കി....

"ഇനി എന്താ സാറെ പ്രശ്നം...? ഞാൻ ബ്രെഷ് ചെയ്ത് തന്നില്ലേ...?"

"ഹാ ഇനിയല്ലേ യഥാർത്ഥ പ്രശ്നം...?"

"ഇനി ഞാൻ എന്താ വേണ്ടേ... ഇയാളെ കുളിപ്പിച്ച് തരണോ...?"

"yes, of course.... അത് തന്നെയാ വേണ്ടത്...?"

"വാട്ട്...?"

നമ്മള് പറയുന്നത് കേട്ടിട്ട് പെണ്ണിന്റെ കണ്ണ് രണ്ടും ഇപ്പോ പുറത്തേക്ക് ചാടുമെന്ന നിലയിലാണ് ഉള്ളത്...

അത് കണ്ട് നമ്മളൊന്ന് ചിരിച്ചിട്ട് അവളെ അടുത്തേക്ക് നടന്നു...

"അതെ... എന്നെ നീ കുളിപ്പിച്ച് തരണം... എന്തെ പറ്റില്ലേ...?"

"ദേ നോക്ക്.... മതിയാക്കിക്കോ... ഇത് കുറച്ച് ഓവറാകുന്നുണ്ട്... മര്യാദക്ക് പോയി തന്നത്താൻ അങ്ങ് കുളിച്ചാൽ മതി... അല്ല പിന്നെ.... കുളിപ്പിച്ച് കൊടുക്കാൻ പറ്റിയ ഒരു സാധനം...?"

"ഓഹോ... എന്താടി എനിക്ക് ഇത്രക്ക് കുറവ്...? എന്നെ കുളിപ്പിച്ച് തരാൻ ഒന്നും നിന്നെ കൊണ്ട് പറ്റില്ലേ...?"

എന്ന് പറഞ്ഞ് അവളെ അടുത്തേക്ക് നടന്നടുത്തതും അതിന് അനുസരിച്ച് അവള് വിക്കി കൊണ്ട് പിറകോട്ട് ചെന്ന് ചുമരിൽ ഇടിക്കാൻ നിന്നപ്പോ പെട്ടെന്ന് ആരോ വാതില് തുറന്ന് അകത്തേക്ക് വന്നു....

"അ... അയാം സോറി ബ്രോ... ഞാൻ കരുതി ഇക്കൂസ് ഒറ്റക്ക് ആകുമെന്ന്... its okay ഞാൻ പിന്നെ വരാം..."

എന്ന് ഒരു കള്ളച്ചിരിയുമായി പറഞ്ഞിട്ട് ആഷി അവിടന്ന് പോകാൻ നിന്നതും ഐഷു അവനെ അടുത്തേക്ക് വിളിപ്പിച്ചു... നമ്മള് അപ്പോ തന്നെ അവളിൽ നിന്നും കുറച്ച് അകന്ന് നിന്നിട്ട് അവരെ

രണ്ടിനെയും നോക്കി...

"ദേ നോക്ക് ആഷി... നിന്റെ ഇക്കൂസിന് ഓഫീസിൽ പോകാൻ ലേറ്റ് ആകുന്നുണ്ട്... അതോണ്ട് ഈ പൊന്നനിയൻ ഇയാളെ ഇക്കൂസിനെ ഒന്ന് കുളിപ്പിച്ച് കൊടുത്തേക്ക്ട്ടോ....

ഇപ്പോ സാറിന്റെ പ്രോബ്ലം തീർന്നില്ലേ...? ദേ നിൽക്കുന്നു കുളിപ്പിച്ച് തരാൻ ആള്..."

എന്ന് ഐഷു എന്റെ നേരെ തിരിഞ്ഞ് പറഞ്ഞതും ഞാൻ ആഷിയെ നോക്കിയിട്ട് കണ്ണ് കൊണ്ട് പോകാൻ ആംഗ്യം കാണിച്ചു... അത് കണ്ടപ്പോ തന്നെ കാര്യം മനസ്സിലാക്കിയ പോലെ ഓൻ ഒന്ന് തലയാട്ടി...

"സോറി ഐഷുത്ത... എന്നെ കൊണ്ടൊന്നും വയ്യ ഇക്കൂസിനെ കുളിപ്പിക്കാൻ... അതൊക്കെ ഐഷുത്ത തന്നെ ചെയ്താൽ മതി... എനിക്ക് ഒരു നൂറു കൂട്ടം പണിയുണ്ട്... കോളേജിൽ പോകാനുള്ളതാ...."

എന്ന് പറഞ്ഞ് ആഷി അവിടന്ന് പോകാൻ നിന്നതും

ഐഷു ഓന്റെ കൈ പിടിച്ച് അവിടെ നിന്നിട്ട് ആഷിന്റെ കാതിൽ എന്തോ ഒന്ന് പറഞ്ഞു... അത് കേട്ടപ്പോ ആഷി അപ്പോ തന്നെ എന്നെ ഉന്തി തള്ളി ബാത്റൂമിലേക്ക് പറഞ്ഞയച്ചിട്ട് അവനും പിന്നാലെ വന്നപ്പോ ഐഷു എന്നെ നോക്കി പല്ലിളിച്ചു....

★★★★★★★★★★★★★★★★★★★★★★★

ഈയിടെയായിട്ട് കോന്തന് കുറച്ച് കൂടുന്നുണ്ട്... അവനെ ഇപ്പോ തന്നെ നിയന്ത്രിച്ചില്ലേൽ ഒടുക്കം അത് നമ്മക്ക് തന്നെ പാരയാകും...

ഇന്നിപ്പോ അവനെ ബ്രെഷ് ചെയ്ത് കൊടുക്കേണ്ട അവസ്ഥ വന്നു... അതും പോരാഞ്ഞ് അവനെ കുളിപ്പിക്ക കൂടെ ഞാൻ ചെയ്യണമത്രെ....

ഭാഗ്യത്തിനാ ആ നേരത്ത് ആഷി കേറി വന്നത്... അവനോട് സിനൂന്റെ കാര്യം ഓക്കേ ആക്കി തരാമെന്ന് പറഞ്ഞപ്പോ ഓൻ തന്നെ ആ കോന്തനെ കുളിപ്പിക്കാൻ കേറി...

ഇന്റെ പടച്ചോനെ ഇവന്റെ ഇടയിൽ ഞാൻ എങ്ങനെ

ഇനി ഈ നാല് മാസം കൂടി പിടിച്ച് നിൽക്കുമെന്ന് ഒരു പിടിയും കിട്ടുന്നില്ല....

നമ്മള് ഫ്രഷായി മാറ്റിയൊരുങ്ങി ഷാൾ സ്കാഫ് ചെയ്യുമ്പോഴായിരുന്നു ആരോ വാതിലിൽ മുട്ടിയത്... തുറന്ന് നോക്കിയപ്പോ ആഷി ആയിരുന്നു...

"എന്താടാ ആഷി നിന്റെ ഇക്കൂസിനെ കുളിപ്പിച്ചില്ലേ...?"

"അതൊക്കെ കഴിഞ്ഞു ഐെഷുത്താ... മൂപ്പർക്ക് അത്യാവശ്യമായിട്ട് നിങ്ങളെ കാണണമെന്ന് പറഞ്ഞു... റൂമിലേക്ക് വിളിക്കുന്നുണ്ട്...."

എന്ന് പറഞ്ഞ് ആഷി പോയപ്പോ പടച്ചോനെ ഇനിയിപ്പോ അതെന്തിനാ എന്ന് കരുതി നമ്മളെ സ്കാഫ് ചെയ്യൽ പരിപാടി തീർത്തിട്ട് നമ്മള് ഓന്റെ റൂമിലേക്ക് ചെന്നു...

റൂമിന്റെ കതകിൽ തട്ടിയപ്പോ തന്നെ ഓൻ കമിങ്

പറഞ്ഞപ്പോ നമ്മള് അകത്തേക്ക് കയറി... ആ കോന്തൻ അപ്പോ ഒരു പാന്റിൽ നിൽക്കായിരുന്നു... ഇനിയിപ്പോ ഇവനെ ഒരുക്കേണ്ടതും നമ്മളെ ഡ്യൂട്ടി ആകോ... എന്ന് ചിന്തിച്ചോണ്ട് അവന്റെ അടുത്തേക്ക് ചെന്നു...

"എന്തിനാ സാർ വിളിപ്പിച്ചത്...?"

"ഉം....എന്റെ കോലം കണ്ടാൽ തന്നെ അറിയില്ലേ നിനക്ക് ഞാൻ എന്തിനാണ് വിളിപ്പിച്ചതെന്ന്...? എനിക്ക് ഡ്രസ്സ് ഇട്ട് തരണം..."

എന്ന് ഓൻ പുറം തിരിഞ്ഞു നിന്ന് പറഞ്ഞപ്പോ തന്നെ നമ്മള് ഓന്റെ തലക്ക് ഒന്ന് കൊടുക്കാൻ വേണ്ടി കയ്യുയർത്തിയതും ഓൻ തിരിഞ്ഞ് നമ്മക്ക് അഭിമുഖമായി നിന്നു... എന്നിട്ട് നമ്മളെയും കയ്യിനെയും ഓൻ മാറി മാറി നോക്കുന്നത് കണ്ടിട്ട് നമ്മള് തൊള്ളേം തുറന്ന് അങ്ങനെ നിന്നിട്ട് പെട്ടെന്ന് കൈ താഴ്ത്തി...

എന്നിട്ട് മറുത്തൊരു വാക്ക് പോലും പറയാതെ

അവന്റെ ഷർട്ട് എടുത്തിട്ട് അവന് ഇട്ട് കൊടുക്കാൻ തുടങ്ങി... അത് കണ്ട് ഓൻ ചിരിക്കുന്നത് കണ്ടപ്പോ ഒരൊറ്റ വീക്ക് വെച്ച് കൊടുക്കാനാ തോന്നിയത് കോന്തനെ....

ഷർട്ട് ഇട്ട് കൊടുത്തിട്ട് നമ്മള് ടൈ കെട്ടി കൊടുക്കാൻ വേണ്ടി നിന്നപ്പോ ഓൻ പെട്ടെന്ന് നമ്മളെ അരയിലൂടെ കയ്യിട്ട് അവനിലേക്ക് നമ്മളെ അടുപ്പിച്ചു....

"മര്യാദക്ക് കയ്യെടുത്തോ... ഇല്ലേൽ ഞാൻ ഒച്ചവെച്ച് ആളെ കൂട്ടി ഉമ്മിന്റെ മുന്നിൽ നിന്നെ വീണ്ടും നാറ്റിക്കും...."

"ഓഹോ.... എന്നാ നീയൊന്ന് ഒച്ചവെക്ക്... ഒച്ചവെക്ക്..."

എന്ന് പറഞ്ഞ് നമ്മളെ അടുത്തേക്ക് വന്നതും നമ്മള് ഓന്റെ കാലിനൊരു ചവിട്ട് കൊടുത്തു....

ഓൻ അപ്പോ തന്നെ കാല് പിടിച്ച് കറങ്ങി കൊണ്ട് ഔ... ഔ... ഔ... എന്ന് പറയുന്നത് കേട്ട് നമ്മളൊന്ന് ചിരിച്ചിട്ട് ഓനെ അവിടെ പിടിച്ച് നിർത്തി... എന്നിട്ട് ഓന്റെ രണ്ട് കയ്യും നീട്ടി വെച്ച് കുരിശിലേറ്റിയ പോലെ നിർത്തിച്ചു....

അപ്പോ ഓന്റെ മുഖത്തെ ഒരു നിഷ്കളങ്കത കണ്ടിട്ട് നമ്മക്ക് ചിരി വന്നിട്ട് എന്താ ചെയ്യേണ്ടതെന്ന് ഒരു പിടുത്തവും ഇല്ലായിരുന്നു... എന്നിട്ട് അവന് ടൈ കെട്ടി കൊടുത്തിട്ട് നമ്മളത് പിടിച്ച് വലിച്ച് മുറുക്കിയപ്പോ ഓൻ നമ്മളെ നോക്കി കണ്ണുരുട്ടി... അത് കണ്ട് ചിരിച്ചോണ്ട് നമ്മള് ടൈ ലൂസാക്കി കൊടുത്തു...

എന്നിട്ട് കോട്ടൊക്കെ ഇട്ട് കൊടുത്ത് ഓന്റെ തലയും ചീകി കൊടുത്തപ്പോ നമ്മള് ഒന്ന് നെടുവീർപ്പിട്ടിട്ട് ഓനെ നോക്കി സൂപ്പർ എന്ന് പറഞ്ഞു... അപ്പോ ഓൻ നമ്മളെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചിട്ട് ഓന്റെ ഗ്ലാസ് എടുത്ത് വെച്ച് നമ്മളോട് ഓന്റെ പെട്ടിയും ഫയൽസും എടുക്കാൻ പറഞ്ഞ് അവൻ റൂമീന്ന് പോയി...

ഓന്റെ അപ്പോഴത്തെ ജാഡ കണ്ടിട്ട് നമ്മള് ഓന്റെ തലക്ക് നേരെ കയ്യിൽ ഉണ്ടായിരുന്ന ചീർപ്പ് എടുത്ത് എറിഞ്ഞതും കൃത്യം ഓന്റെ തലയിൽ തന്നെ കൊണ്ടു... അത് കണ്ട് നമ്മള് വാ പൊത്തി പിടിച്ച് കണ്ണും മിഴിച്ച് ഓനെ നോക്കി നിന്നപ്പോ നമ്മള് തന്നെ അന്തം വിട്ട് പോയി...

കാരണം ആദ്യയിട്ടാ ഞാൻ എറിഞ്ഞ ഒരു സാധനം കൃത്യം ലക്ഷ്യ സ്ഥാനത്ത് കൊള്ളുന്നത്... പക്ഷെ കൊണ്ടത് ആ കോന്തന്റെ തല മണ്ടയിലായതാണ് പ്രോബ്ലം....

അത് കൊണ്ടപ്പോ തന്നെ ഓൻ തിരിഞ്ഞ് നമ്മളെ നോക്കിയിട്ട് ഓന്റെ ഗ്ലാസ് ഊരി മാറ്റി... നമ്മള് അപ്പോ തന്നെ വേഗം ഫയലെടുത്തിട്ട് അതിലേക്ക് നോക്കി കണ്ണും നട്ട് നിന്നപ്പോ ആ കോന്തൻ അത് കാര്യമാക്കാതെ തല തടവി കൊണ്ട് അവിടന്ന് ഇറങ്ങി പോയി... നമ്മള് അപ്പോ തന്നെ ഒന്ന് നെടുവീർപ്പിട്ടിട്ട് അവന്റെ പിന്നാലെ ഫയൽസും പെട്ടിയും എടുത്ത് നടന്നു...

ഓഫീസിൽ എല്ലാവരും ഞങ്ങളെ രണ്ടിനെയും മാറി മാറി നോക്കി ചിരിച്ചോണ്ട് വിഷ് ചെയ്തപ്പോ തന്നെ നമ്മക്ക് മനസ്സിലായി ഇന്നലെ നമ്മള് ഈ കോന്തന്റോടെയാണ് അന്തി ഉറങ്ങിയതെന്ന് അവര് അറിഞ്ഞെന്ന്...

അത് പറഞ്ഞ് പരത്താൻ ആയിട്ട് നമ്മക്ക് ഉണ്ടല്ലോ കട്ട ചങ്ക്സ്...

അവിടന്ന് അങ്ങോട്ടുള്ള ദിവസം മുഴുവൻ അവന്റെ എല്ലാ ജോലിയും നമ്മളെ തലയിൽ വന്ന് ചാടിയപ്പോഴും ആ കോന്തൻ ഗെയിം കളിച്ച് ഇരിക്കായിരുന്നു... അവന് അങ്ങനെ ഒക്കെ ചെയ്താൽ മതിയല്ലോ കഷ്ടപ്പാട് എനിക്കല്ലേ....

അല്ലേലും എന്തിന്റെ കേടായിരുന്നു എനിക്ക്... ആ കോന്തന്റെ കൈ കേട് വന്നിട്ട് നമ്മക്ക് ആണേൽ ഒരു പ്രയോജനവുമില്ല, എന്നാലോ ഒരുപാട് പണി വാരി കൂട്ടേം ചെയ്തു....

അവന്റെ കയ്യിലെ കെട്ട് അഴിക്കുന്ന വരെയുള്ള ഈ ഒന്നര മാസത്തോളം ഓന്റെ കൂടെ നിഴല് പോലെ എല്ലാത്തിനും നമ്മള് തന്നെയായിരുന്നു ഉണ്ടായത്... ഇടക്കിടക്ക് ഓൻ ചെറിയ കുസൃതിയൊക്കെ നമ്മളോട് എടുക്കാൻ വരുമെങ്കിലും ഓന്റെ കൈ പിടിച്ച് ഞെക്കുമ്പോ ഓൻ പതിയെ ആ സാഹസത്തിന് മുതിരുന്നത് നിർത്തി തുടങ്ങി... അതൊക്കെ കാണുമ്പോ നമ്മക്ക് പൊട്ടി ചിരിക്കാൻ തോന്നും....

എന്തായാലും ഇന്നത്തോടെ ഓന്റെ വലംകൈ പോസ്റ്റ്

ഇന്നത്തോടെ രാജി വെക്കാൻ ഉള്ള ടൈം ആയി... ഇന്ന് ഓന്റെ കയ്യിന്റെ കെട്ടഴിക്കും... അതോടെ നമ്മള് കുറച്ചെങ്കിലും ഫ്രീ ആകുമല്ലോ...

അങ്ങനെ ഞാനും ആദിയും കൂടി രാവിലെ തന്നെ ഹോസ്പിറ്റലിൽ ചെന്നിട്ട് ഡോക്ടറെ കാണാൻ വേണ്ടി വെയിറ്റ് ചെയ്തിരിക്കുമ്പോഴാണ് ആദി എങ്ങോട്ടോ നോക്കി കൊണ്ട് ആരെയോ തേടുന്ന പോലെ നമ്മക്ക് തോന്നിയത്...

നമ്മള് അപ്പോ തന്നെ ഓനോട് എന്താന്ന് ചോദിച്ചെങ്കിലും ഓൻ ഒന്നുമില്ലെന്ന് പറഞ്ഞ് ചിരിച്ചിട്ട് ഡോക്ടറെ അടുത്തേക്ക് ചെന്നു....

★★★★★★★★★★★★★★★★★★★★★★★★★

'അതെ.... അത് അവൻ തന്നെ സാലിം.... ഞാൻ ഇന്ന് അവനെ ഹോസ്പിറ്റലിൽ വെച്ച് കണ്ടത് ഐഷുവിനോട് മനപ്പൂർവ്വം മറച്ച് വെച്ചതാണ്... കാരണം അവൻ ജയിലിൽ നിന്നും ഇറങ്ങിയ വിവരം അവള് അറിഞ്ഞാൽ അവള് പേടിക്കും....

അത് അവളെ മുഖത്തെ ഇപ്പോഴത്തെ ചിരി മായ്ച്ച് കളയും... അത് പാടില്ല....

എന്നാലും അവൻ എങ്ങനെ ജയിലിൽ നിന്ന് ഇറങ്ങി...? അവനെ ജയിലിൽ നിന്ന് ഇറങ്ങാൻ ആരാകും സഹായിച്ചത്...?

ഏതായാലും ഇപ്പോ തന്നെ കയ്യിലെ കെട്ടഴിച്ചത് നന്നായി... കാരണം, ഇത് കൊണ്ട് ഇനിയും ഒരുപാട് പണികൾ ചെയ്ത് തീർക്കാൻ ഉള്ളതാ....'

"സാർ.... ഞാൻ ഒരുപാട് നേരായി ശ്രദ്ധിക്കുന്നു.... ഹോസ്പിറ്റലിൽ നിന്നും ഇറങ്ങിയത് മുതൽ സാർ ഭയങ്കര അപ്സെറ്റ് ആണല്ലോ.... any problem സർ...?"

ഓഫീസിലേക്ക് പോകുന്നതിനിടക്ക് വെച്ച് ഐഷുവിന്റെ ചോദ്യം കേട്ടതും നമ്മള് ചിന്തകൾക്ക് ഒക്കെ ഒരു ഫുൾ സ്റ്റോപ്പ് ഇട്ടിട്ട് അവളോട് ഒന്നുമില്ലെന്ന് പറഞ്ഞ് അവളോട് ഒട്ടി ഇരുന്നപ്പോ ഓള് ഹീലിട്ട കാല് കൊണ്ട് നമ്മളെ കാലിനിട്ട് ഒരു ചവിട്ടങ്ങ് തന്നു.... നമ്മള് അപ്പോ തന്നെ കുറച്ച് അകന്ന് ഇരുന്നിട്ട് പിറുപിറുക്കുന്നത് കണ്ടപ്പോ ഓള് വാ പൊത്തി പിടിച്ച് ചിരിക്കായിരുന്നു...

ഇനിയുള്ള കാലവും ഓളെ മുഖത്തെ സന്തോഷവും ചിരിയും അങ്ങനെ തന്നെ നിലനിൽക്കണം... അതിന് ഇനി ഈ ഭൂമിയിൽ സാലിമും സൽമയും ജീവിച്ചിരിക്കാൻ പാടില്ല... അതിന് എന്ത് ചെയ്യേണ്ടി വന്നാലും അതൊക്കെ ചെയ്യണമെന്ന് കണക്ക് കൂട്ടി കൊണ്ട് നമ്മള് ആരും അറിയാതെ അവരെ തപ്പി വേഷം മറിയൊക്കെ രാത്രിയിൽ കറങ്ങി നടക്കാൻ തുടങ്ങി... പക്ഷെ അവരെ കുറിച്ച് ഒരു തുമ്പും എനിക്ക് കിട്ടിയില്ല....

★★★★★★★★★★★★★★★★★★★★★

കുറച്ച് ദിവസമായി ഞാൻ ആദിയെ ശ്രദ്ധിക്കുന്നു... എന്തൊക്കെയോ ടെൻഷൻ ഉള്ള പോലെയൊക്കെ തോന്നുന്നു... നമ്മള് ചെന്ന് ചോദിച്ചാൽ ഒന്നുമില്ലെന്ന് പറഞ്ഞിട്ട് നമ്മളെ മറുപടിക്ക് വേണ്ടി ടോർച്ചർ ചെയ്യും... അതോണ്ട് ഇപ്പോ എന്താ പ്രോബ്ലം എന്ന് ചോദിച്ച് അവന്റെ പിന്നാലെ നടക്കാറില്ല....

ഇന്ന് ഞാനും ആദിയും കൂടി ഒരു ബിസിനെസ്സ് ട്രിപ്പ്

പോകാണ് പാരിസിലേക്ക്.... മുൻപ് അങ്ങോട്ട് പോയപ്പോ നമ്മക്ക് ഭയങ്കര ഉത്സാഹമായിരുന്നെങ്കിലും ഇപ്പോ അതോർക്കുമ്പോ ചങ്കിനകത്ത് ഒരു പെടപെടപ്പാ.... ഈ കോന്തന്റെ കൂടെയൊക്കെ അങ്ങോട്ട് പോയലുള്ള നമ്മളെ അവസ്ഥ ഗോവിന്ദ ആയിരിക്കും...

അതൊക്കെ ആദ്യമേ അറിയാവുന്നത് കൊണ്ട് തന്നെ നമ്മള് ഒരുപാട് കഷ്ടപ്പെട്ട് ബുദ്ധിമുട്ടി ഈ ട്രിപ്പിന് പോകാതിരിക്കാൻ വേണ്ടി കിണഞ്ഞ് പരിശ്രമിച്ചെങ്കിലും ഒരു രക്ഷയും ഉണ്ടായില്ല... ഒടുക്കം പാരീസ് ട്രിപ്പിന് ആ കോന്തന്റെ കൂടെ പോകാനുള്ള തയ്യാറെടുപ്പുകൾ എടുക്കേണ്ടി വന്നു....

അങ്ങനെ ഞാനും ആദിയും കൂടി പാരിസിലേക്ക് പോകാൻ വേണ്ടി എയർപോട്ടിലേക്ക് ചെന്ന് ബിസിനെസ്സ് ക്ലാസ് ടിക്കറ്റിൽ വീണ്ടും പാരിസിലേക്ക് പറന്നു... യാത്രായിലുട നീളം നമ്മള് ആദിയെ മൈൻഡ് ചെയ്യാതെ ഇരുന്നെങ്കിലും കോന്തൻ തെണ്ടി നമ്മളെ കയ്യില് പിച്ചി കൊണ്ടും നമ്മളെ ഇക്കിളിയാക്കി കൊണ്ടുമൊക്കെ നമ്മളെ സ്വസ്ഥത കളഞ്ഞെന്ന് പറഞ്ഞാൽ മതിയല്ലോ....

ഒടുവിൽ ഉച്ചക്ക് മുൻപ് തന്നെ ഞങ്ങള് പാരീസിൽ ലാന്റായി... കഴിഞ്ഞ തവണ ഇങ്ങോട്ട് വരുമ്പോ അവന്റെ ലഗേജ് ഒക്കെ കൊണ്ട് വന്നിരുന്ന ട്രോളി ആയിരുന്നു നമ്മളെങ്കിലും ഇപ്രാവശ്യം അവൻ ആയിരുന്നു നമ്മളെ ലഗേജ് ഒക്കെ എടുക്കാൻ സഹായിച്ചത്.... അതൊക്കെ കാണുമ്പോ കോന്തനോട് ഒരു പ്രത്യേക ഇഷ്ടമൊക്കെ തോന്നുമെങ്കിലും അവന്റെ പെരുമാറ്റം കാണുമ്പോ അതിനേക്കാൾ ഇരട്ടി ദേഷ്യമാണ് വരാ....

അന്ന് ഞങ്ങള് താമസിച്ചിരുന്ന ഹോട്ടലിലേക്ക് തന്നെ ഇപ്രാവശ്യവും വന്നപ്പോ ഉള്ളിൽ എന്തൊക്കെയോ ഭീതി കൂടിയിട്ട് ഒരടി പോലും മുന്നോട്ട് എടുത്ത് വെക്കാൻ പറ്റുന്നില്ലായിരുന്നു...

"ഐഷു.... എന്താ അവിടെ തന്നെ നിന്ന് കളഞ്ഞേ....? വാ അകത്തേക്ക് പോകാം..."

എന്ന് പറഞ്ഞ് ആദി എന്നെയും കൂട്ടി അകത്തേക്ക് നടന്നു.... അന്ന് Zain വീണ് കിടന്ന സ്പോട്ട് കണ്ണിൽ

പതിഞ്ഞപ്പോ നമ്മള് പെട്ടെന്ന് ആദിന്റെ കയ്യിൽ പിടി മുറുക്കി അവന്റെ കൂടെ തന്നെ നടന്നു....

സത്യം പറഞ്ഞാൽ ഇപ്പോ തോന്നും ഞാനാണോ ആ Zain നെ തള്ളിയിട്ടതെന്ന് കാരണം, തള്ളിയിട്ട മഹാന് പോലും ടെൻഷൻ എന്ന് പറയുന്ന സാധനം അടുത്തൂടെ പോയിട്ടില്ല... പക്ഷെ നമ്മക്ക് ആണേൽ പേടിച്ചിട്ട് കയ്യും കാലും വിറക്കുന്നുമുണ്ട്....

ഇനിയിപ്പോ ഇവനല്ലേ Zain നെ തള്ളിയിട്ടതെന്ന് വരെ നമ്മക്ക് ചിന്തിക്കേണ്ടി വന്നു.... കാരണം അങ്ങനെ ഉള്ള പെരുമാറ്റം അല്ലെ ഇവന്റേത്....

ഇവന് ടെൻഷൻ ഇല്ലെങ്കിൽ പിന്നെ നമ്മളെന്തിനാ വെറുതെ ടെൻഷൻ അടിക്കുന്നത്...? അതോണ്ട് നമ്മളും അത് അങ്ങ് വിട്ട് റീസെപ്ഷനിലേക്ക് നടന്നു...

അപ്പോ ആദി റിസപ്ഷനിൽ ഡീറ്റൈൽസ് ഒക്കെ എഴുതി കൊടുക്കുന്നത് കണ്ട് നമ്മള് മെല്ലെ തലയിട്ട് അതിലേക്ക് നോക്കിയപ്പോ ആ കോന്തൻ കൊടുത്തിട്ടുള്ളത് Mr&Mrs. ആദിൽ സാഹിബ് കരീം എന്നായിരുന്നു.... അത് കണ്ടപ്പോ തന്നെ അവനോട് രണ്ട് പറയാൻ വേണ്ടി തുനിഞ്ഞപ്പോഴുണ്ട് ഓൻ ഒരു കീ

മാത്രം വാങ്ങിച്ചിട്ട് ആ റീസെപ്ഷനിസ്റ്റിനോട് താങ്ക്സ് പറഞ്ഞ് തിരിയുന്നു....

"അതേയ്... ഇതെന്താ ഒരു കീ....? നമ്മള് രണ്ട് പേരില്ലേ...? അതോണ്ട് രണ്ട് റൂം ഉണ്ടായേ പറ്റൂ...."

എന്ന് നമ്മള് വാശി പിടിച്ച് ഒച്ച വെച്ചപ്പോ അവിടെ ഉണ്ടായിരുന്നവരൊക്കെ ഞങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങി... അത് കണ്ടപ്പോ ആദി അവരോടൊക്കെ സോറി പറഞ്ഞിട്ട് എന്റെ വാ പൊത്തി പിടിച്ചിട്ട് അവിടന്ന് പുറത്തേക്ക് കൊണ്ട് പോയി....

നമ്മള് പുറത്തെത്തിയ ഉടനെ അവന്റെ കൈ തട്ടി മാറ്റിയിട്ട് അവനെ തുറുക്കനെ നോക്കി....

"ഇയാൾ എന്തിനാ എന്റെ വാ പൊത്തിയെ...?"

"പിന്നെ നീ അവിടെ നിന്ന് കാറുന്നത് കേട്ടിട്ട് ഞാൻ അടങ്ങി നിൽക്കണോ...?

ഇവിടെ നമ്മളെ കൂടാതെ വേറെയും ഒരുപാട്

പേരുണ്ടെന്നുള്ള ബോധം പോലും ഇല്ലാതെ....."

"ഓക്കേ ഓക്കേ... അത് വിട്.... അതല്ല സാർ എന്തിനാ ഡീറ്റൈൽസ് എഴുതി കൊടുക്കുമ്പോ Mr&Mrs. ആദിൽ സാഹിബ് കരീമെന്ന് എഴുതിയത്....? അതിന് ഞാൻ ഇയാളെ ഭാര്യ ഒന്നും അല്ലല്ലോ....?"

"ഭാര്യ ഇപ്പോ അല്ലേലും ഭാവിയിൽ ആകുമല്ലോ.... അതോണ്ട് ഇപ്പോ എന്താ പ്രോബ്ലം...? പോരാത്തതിന് എന്റെ ഫ്രണ്ട് ജെയിംസിനോട് ഞാൻ പറഞ്ഞിരിക്കുന്നത് നീയും ഞാനും ഭാര്യയും ഭർത്താവും ആണെന്നാ.... അപ്പോ പിന്നെ അവൻ നമ്മളെ അന്വേഷിച്ച് വരുമ്പോ അവന് തോന്നരുതല്ലോ ഞാൻ അവനോട് കള്ളം പറഞ്ഞതാണെന്ന്... അതോണ്ട് ഞാൻ അങ്ങനെ എഴുതി അത്രേയുള്ളൂ...."

"അപ്പോ പിന്നെ എന്തിനാ രണ്ട് റൂമിന് പകരം ഒറ്റ റൂം മതിയെന്ന് പറഞ്ഞത്...."

നമ്മളെ വർത്താനം കേട്ടിട്ട് ഓൻ നാക്ക് കടിച്ചോണ്ട്

എന്റെ നേരെ വന്നിട്ട് ഊരക്ക് കയ്യും കൊടുത്ത് നിന്ന് എന്നെ ഒന്ന് അടിമുടി നോക്കി.....

"ഇന്റെ പടച്ചോനെ... പോത്തിനോട് ആയിരുന്നോ ഞാൻ ഇതുവരെ വേദം ഓതി കൊടുത്തത്...?"

അത് ഓൻ പറഞ്ഞപ്പോ നമ്മള് ഓനെ തുറുക്കനെ നോക്കി....

"ഡി പോത്തെ..... ഭാര്യക്കും ഭർത്താവിനും കൂടി താമസിക്കാനെ ഒരു റൂമേ എവിടെയും കിട്ടൂ.... അല്ലാതെ രണ്ട് റൂം കിട്ടില്ല.... ഇതൊക്കെ ഞാൻ ആരോട് പറയാനാ....?"

ഓൻ പറഞ്ഞത് കേട്ടപ്പോഴാ നമ്മള് അങ്ങനെ തന്നെ ആലോചിക്കുന്നത്... അതോണ്ട് പിന്നെ നമ്മളൊന്നും മിണ്ടാൻ നിന്നില്ല.... പക്ഷെ ആ കോന്തൻ അപ്പോഴാണ് തുടങ്ങി വെക്കുന്നത്...

"അല്ലാ ഞാൻ ഒരു കാര്യം ചോദിക്കട്ടെ.... നീയെന്തിനാ രണ്ട് റൂം വേണമെന്ന് വാശി പിടിക്കുന്നത്...? നമ്മള് ഇതിന് മുമ്പ് ഇങ്ങോട്ട് വന്നപ്പോഴും ഒരു റൂമിൽ ആണല്ലോ കഴിഞ്ഞത്.... പിന്നെയെന്താ പ്രോബ്ലം...?"

"അന്ന് നിനക്ക് ഓർമ്മയില്ലെന്ന് പറഞ്ഞ് പറ്റിച്ചതോണ്ട് എനിക്ക് അത് പ്രോബ്ലം അല്ലെന്നു.... ബട്ട് ഇപ്പോ നിനക്ക് ഒരു ഓർമ്മക്കുറവും ഇല്ലാത്ത സ്ഥിതിക്ക് ഞാൻ എങ്ങനെ നിന്റെ കൂടെ ഒരുമിച്ച് കഴിയാനാ....?"

എന്ന് നമ്മള് പതുക്കെ പറഞ്ഞപ്പോ അവൻ എന്താ പറഞ്ഞെന്ന് ചോദിച്ചപ്പോ നമ്മളൊന്നുമില്ലെന്ന് പറഞ്ഞ് അവിടന്ന് പോകാൻ നിന്നപോ ഓൻ എന്റെ കൈ പിടിച്ച് വലിച്ച് ഓന്റെ മുന്നിൽ നിർത്തിയിട്ട് നമ്മളെ രണ്ട് തോളിലും കൈ വെച്ചിട്ട് നമ്മളെ കണ്ണിലേക്ക് തന്നെ നോക്കി നിന്നു....

"സത്യം പറ.... നീ എന്ത് കൊണ്ടാ രണ്ട് റൂം വേണമെന്ന് വാശി പിടിക്കുന്നത്...? എന്റെ കൺട്രോൾ പോകുമെന്ന് കരുതിയിട്ടാണോ അതോ..... നിന്റെ കൺട്രോൾ പോകുമെന്ന് കരുതിയിട്ടാണോ....?"

ആ കോന്തൻ ഒരു കള്ളച്ചിരിയോടെ അത് പറഞ്ഞപ്പോ നമ്മള് അപ്പോ തന്നെ അവന്റെ കൈ തട്ടി മാറ്റിയിട്ട് ഓന്റെ കയ്യീന്ന് കീ വാങ്ങിച്ച് ലിഫ്റ്റിലേക്ക് കയറി... നമ്മളെ പോക്ക് കണ്ട് ആദി ചിരിച്ചോണ്ട് നമ്മളെ പിന്നാലെ ലഗേജും എടുത്ത് വന്നപ്പോ റൂം ബോയ് അവനെ സഹായിക്കാൻ നിന്നു.... ആദി അത് നിരസിച്ചിട്ട് അതും കൊണ്ട് ലിഫ്റ്റിലേക്ക് കേറാൻ നിന്നതും ലിഫ്റ്റ് അപ്പോഴേക്കും ക്ലോസ് ആയിരുന്നു....

അത് നമ്മളെ കൂടുതൽ പേടിപ്പിച്ചെങ്കിലും ആ കോന്തനേക്കാൾ മുൻപ് റൂമിൽ എത്താലോ എന്ന് ആശ്വസിച്ച് നമ്മള് അന്ന് ഞങ്ങൾക്ക് കിട്ടിയ അതെ റൂമിലേക്ക് പോയി... നമ്മക്ക് ഇപ്രാവശ്യവും ആ റൂമാണ് കിട്ടിയിരിക്കുന്നത്....

നമ്മള് നേരത്തെ റൂമിൽ എത്തി വാതില് തുറന്നിട്ട് നേരെ ചെന്ന് ബെഡിൽ പോയി കിടന്നു.... അപ്പോഴുണ്ട് നമ്മളെ ലഗേജ് ഒക്കെ എടുത്തോണ്ട് ആ കോന്തൻ ക്ഷീണിച്ച് റൂമിലേക്ക് കയറി വരുന്നു.... ഓന്റെ കോലം കണ്ടിട്ട് നമ്മക്ക് ചിരി വന്നെങ്കിലും നമ്മളത് അടക്കി പിടിച്ചിട്ട് നമ്മളെ ബാഗ് തുറന്ന് നമ്മളെ ഡ്രസ്സ് എടുത്തിട്ട്

ഫ്രഷാകാൻ ബാത്‌റൂമിലേക്ക് കയറാൻ നിന്നതും ആ കോന്തൻ അതിന് മുന്നെ തന്നെ ഓടി കയറി വാതില് അടച്ചിരുന്നു...

അത് കണ്ട് നമ്മളാ കതകിൽ ആഞ്ഞ് ചവിട്ടി ഓനെ കുറെ പ്രാകി കൊണ്ട് അവനിട്ട് എന്തേലും പണി കൊടുക്കണമെന്ന് നമ്മള് തീരുമാനിച്ചു....

ഓൻ ആദ്യമേ തന്നെ ബാത്‌റൂമിലേക്ക് കയറി പോയത് കട്ടിലിൽ കിടക്കാൻ ആണെന്ന് നല്ല ബോധ്യം ഉള്ളതോണ്ട് തന്നെ നമ്മള് അവനിട്ട് നല്ല അസ്സല് പണി തന്നെ ബെഡിൽ ഒരുക്കി വെച്ചിട്ട് അവൻ കുളി കഴിഞ്ഞ് ഇറങ്ങി വരുന്നതും നോക്കി അവിടെ നിന്നു...

★★★★★★★★★★★★★★★★★★ ★★★

കഴിഞ്ഞ തവണ വന്നപ്പോ അവള് വേഗം കുളിച്ച് ഫ്രഷായി ഇറങ്ങി വന്നതോണ്ട് അവൾക്ക് ബെഡിൽ കിടക്കാൻ പറ്റി... ഇത്തവണ എന്തായാലും നമ്മക്ക് തന്നെ ബെഡിൽ ആദ്യം കേറി കിടന്നിട്ട് അവളെ ഒരു പാഠം പഠിപ്പിക്കണമെന്ന് ഉറപ്പിച്ചതോണ്ടാ ആദ്യം തന്നെ ബാത്‌റൂമിൽ കയറിയത്....

അങ്ങനെ നമ്മളൊരു നല്ല മൂളിപ്പാട്ടും പാടി കുളിയൊക്കെ കഴിഞ്ഞ് ഇറങ്ങി വന്നപ്പോഴുണ്ട് ഐഷു നമ്മളെ നോക്കി പല്ലിളിക്കുന്നു.... അവളെ ഇളി കണ്ടിട്ട് എന്തോ ഒരു പന്തികേട് തോന്നിയെങ്കിലും നമ്മളത് കാര്യമാക്കാതെ തല തുവർത്തിയിട്ട് ആ ടവ്വലെടുത്ത് ഓളെ തലയിലൂടെ മൂടി വെച്ചു....

പെണ്ണ് അപ്പോ തന്നെ ടവ്വൽ ഓളെ തലേന്ന് എടുത്തിട്ട് നമ്മളെ നേരെ എറിഞ്ഞു... നമ്മളത് ചിരിച്ചോണ്ട് ക്യാച്ച് പിടിച്ചിട്ട് സോഫയിൽ വിരിച്ചിട്ട് ഓളെ നോക്കി ഒരു ക്ലോസപ്പിന്റെ പരസ്യം കാണിച്ച് ചിരിച്ച് ബെഡിലേക്ക് എടുത്ത് ചാടിയത് മാത്രം എനിക്ക് ഓർമ്മയുണ്ട്... പിന്നെ ഒരു അലർച്ചയായിരുന്നു നമ്മള്.... അത് കണ്ടോണ്ട് കിണിക്കാൻ നമ്മളെ ഈ പരുവത്തിൽ ആക്കിയ അണ്ണാച്ചിയും....

(തുടരും)

ഭാഗം.119

പെണ്ണ് അപ്പോ തന്നെ ടവ്വൽ ഓളെ തലേന്ന് എടുത്തിട്ട് നമ്മളെ നേരെ എറിഞ്ഞു... നമ്മളത് ചിരിച്ചോണ്ട് ക്യാച്ച് പിടിച്ചിട്ട് സോഫയിൽ വിരിച്ചിട്ട് ഓളെ നോക്കി ഒരു ക്ലോസെപ്പിന്റെ പരസ്യം കാണിച്ച് ചിരിച്ച് ബെഡിലേക്ക് എടുത്ത് ചാടിയത് മാത്രം എനിക്ക് ഓർമ്മയുണ്ട്... പിന്നെ ഒരു അലർച്ചയായിരുന്നു നമ്മള്.... അത് കണ്ടോണ്ട് കിണിക്കാൻ നമ്മളെ ഈ പരുവത്തിൽ ആക്കിയ അണ്ണാച്ചിയും....

നമ്മള് അപ്പോ തന്നെ ബെഡിൽ നിന്ന് ചാടി എണീറ്റ് ബെഡ് ഷീറ്റ് മാറ്റി നോക്കിയപ്പോ അവളെ ഹെയർ ക്ലിപ്പ്, ഫ്ലവർ വേസ്, റിമോട്ട്, പിന്നെ അവളെ ഹീലുള്ള ചെരുപ്പ് ഇങ്ങനെ തുടങ്ങി കണ്ണിക്കണ്ട സാധനങ്ങൾ മൊത്തം അവള് ബെഡ്ഷീറ്റിന് അടിയിൽ വെച്ചിട്ടുണ്ട്.... പിന്നെ നമ്മള് അലറിയില്ലെങ്കിലെ അത്ഭുതമുള്ളൂ....

നമ്മള് അപ്പോ തന്നെ ആ സാധനങ്ങളൊക്കെ എടുത്തിട്ട് അവളെ തുറുക്കനെ നോക്കിയപ്പോ ആ

ബലാല് വയറ് പൊത്തി പിടിച്ചോണ്ട് ഹലാക്കിലെ ചിരി ആയിരുന്നു.... ഓളെ ചിരി ഞാൻ മാറ്റി കൊടുക്കുന്നുണ്ട്... നമ്മളെ ഈ പരുവത്തിൽ ആക്കിയതിന് ഒരു തിരിച്ചടി അവൾക്ക് ഉറപ്പായിട്ടും ഞാൻ കൊടുത്തിരിക്കും....

എന്നൊക്കെ മനസ്സിൽ കണക്ക് കൂട്ടി കൊണ്ട് അവളെ ഹീൽസ് കൊണ്ട് അവളെ നേരെ പാഞ്ഞടുത്തതും അവള് വേഗം ബാത്റൂമിൽ കയറി വാതിലടച്ചു... എന്തായാലും നീരാട്ട് കഴിഞ്ഞിട്ട് ഇറങ്ങി വന്നല്ലേ പറ്റൂ അപ്പോ അവൾക്ക് വെച്ചിട്ടുണ്ടെന്ന് മനസ്സിൽ വിചാരിച്ചിട്ട് തിരിച്ച് അവൾക്ക് കൊടുക്കാനുള്ള പണിന്റെ പ്ലാൻ തയ്യാറാക്കി....

★★★★★★★★★★★★★★★★★★★★★

ഇന്നത്തേക്ക് എന്തായാലും കോന്തന് കിട്ടാനുള്ളത് കിട്ടിയിട്ടുണ്ട്... ഇനി നമ്മള് കൊടുത്ത പണിക്ക് തിരിച്ച് നമ്മക്കിട്ട് പണിയോ എന്നാണ് നമ്മള് നോക്കേണ്ടത്... ഓന്റെ സ്വഭാവം വെച്ച് നോക്കുമ്പോ എന്തായാലും നമ്മക്ക് ഒരു പണി കിട്ടുമെന്നത് ഉറപ്പാ...

അതോണ്ട് സൂക്ഷിച്ചും കണ്ടും വേണം ഇനി അങ്ങോട്ടുള്ള ഓരോ ചുവടുകളും എടുത്ത് വെക്കാൻ...

നമ്മള് അങ്ങനെ കുളിയൊക്കെ കഴിഞ്ഞ് ഡോർ തുറക്കാൻ നിന്നതും പുറത്തെ നിശബ്ദത നമ്മളെ കൂടുതൽ ജാഗ്രതയായിരിക്കാൻ പ്രേരിപ്പിച്ചു... അതോണ്ട് തന്നെ നമ്മള് കയ്യിൽ ഒരു കപ്പ് വെള്ളവും എടുത്തോണ്ട് പതിയെ ഡോർ തുറന്ന് പുറത്തേക്ക് തലയിട്ട് നോക്കിയപ്പോ അവിടെ ഒന്നും അവനെ കാണാനേ ഇല്ലായിരുന്നു....

ഇനി അന്നത്തെ പോലെ നമ്മളെ പിന്നിൽ എങ്ങാനും വന്ന് നില്പുണ്ടോ എന്നറിയാൻ വേണ്ടി ബാത്റൂമിൽ നിന്ന് ഇറങ്ങിയപ്പോ തന്നെ പിന്നിലേക്ക് തിരിഞ്ഞ് നോക്കിയിട്ട് പതിയെ മുന്നോട്ട് നടന്ന് വന്ന് വീണ്ടും ചുറ്റുമൊന്ന് കണ്ണോടിച്ച് നോക്കി...

എവടെ... ആ കോന്തന്റെ പൊടി പോലും ഇവിടെ എങ്ങും കാണാനില്ല...

ആ കോന്തൻ ഇപ്പോ ഇതെവിടെ പോയെന്ന് ചിന്തിച്ച് നമ്മള് തലയും ചൊറിഞ്ഞോണ്ട് നിന്നപ്പോ ആരോ

നമ്മളെ പിറകിലൂടെ വന്ന് *ഠോ* എന്ന് കാതടപ്പിക്കുന്ന തരത്തിൽ ഒച്ചയുണ്ടാക്കിയതും നമ്മള് കണ്ണടച്ച് പിടിച്ച് അലറി കൊണ്ട് തിരിഞ്ഞ് നിന്നിട്ട് അയാളെ മേലേക്ക് നമ്മളെ കയ്യിൽ ഉണ്ടായിരുന്ന വെള്ളം ഒഴിച്ച് ആ കപ്പ് കൊണ്ട് അയാളെ പൊതിരെ തല്ലി...

അയാള് തല്ല് കിട്ടിയ ഉടനെ നമ്മളെ കൈ ബലമായി പിടിച്ച് വെച്ചപ്പോ നമ്മള് പതിയെ കണ്ണ് തുറന്ന് നോക്കി.... അപ്പോ ആ കോന്തനാണ് നമ്മളെ മുന്നിൽ നിൽക്കുന്നത്... പോരാത്തതിന് അവന്റെ നെറ്റിയാകെ എൽഇഡി ബൾബ് പോലെ മുഴച്ച് നിൽക്കുന്നുണ്ട്... അത് കണ്ടപ്പോഴാ ഇത്രെയും നേരം ഇവനെയാണ് തല്ലിയതെന്ന ബോധം നമ്മക്ക് വന്നത്...

ഓൻ നമ്മളെ കൈ പിടിച്ച് വെച്ച് നനഞ്ഞ് കുളിച്ചിട്ട് നമ്മളെ രൂക്ഷമായി നോക്കി കൊണ്ടിരിക്കാണ്... ഓന്റെ നോട്ടം കണ്ടിട്ട് നമ്മള് സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊണ്ട് ഓനോട് ഒരു സോറി പറഞ്ഞു... അത് കേൾക്കേണ്ട താമസം അവനെന്റെ കയ്യീന്ന് പിടിവിട്ടിട്ട് നമ്മളെ തോളിൽ കൈ വെച്ച് നമ്മളെ പിടിച്ച് കുലുക്കി കൊണ്ട് നമ്മളെ കഴുത്ത് നെരിക്കുന്ന പോലെ കഴുത്തിൽ കൈ വെച്ചു....

പടച്ചോനെ ഈ കോന്തൻ നമ്മളെ ഇപ്പോ കൊന്ന് കൊലവിളിക്കോ എന്ന് പേടിച്ച് വിറച്ച് നമ്മള് കണ്ണടച്ച് നിന്നപ്പോ ഓൻ നമ്മളെ കഴുതീന്ന് കയ്യെടുത്തിട്ട് നമ്മളെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചു...

ഓന്റെ ചിരി കണ്ടിട്ട് നമ്മള് അടിച്ചപ്പോ ഒരു പിരി ലൂസായി പോയോന്ന് വരെ നമ്മക്ക് സംശയം വന്നെങ്കിലും പിന്നെയാണ് അവന്റെ ചിരിന്റെ പൊരുള് നമ്മക്ക് മനസ്സിലായത്....

ആ കോന്തൻ ജന്തു നമ്മളെ കഴുത്തിൽ കൈ വെച്ചത് നമ്മളെ കൊല്ലാനല്ല... പകരം ഒരു പല്ലിനെ നമ്മളെ തോളിൽ വെക്കാൻ ആയിരുന്നു... അതിനെ നമ്മളെ തോളിൽ കണ്ടതും നമ്മള് ഹലാക്കിലെ അലറലായിരുന്നു.... അതിനെ തോളിൽ നിന്ന് തട്ടിയിടാൻ ആണെങ്കിൽ കൈയൊന്നും അനങ്ങുന്നത് പോലുമില്ല....

നമ്മള് നിന്നിടത്ത് നിന്ന് ചാടി കുതറി അലറി കരഞ്ഞ് ആ കോന്തനെ പോയി കെട്ടിപ്പിടിച്ചപ്പോ ഓൻ അതൊക്കെ കണ്ട് രസിച്ചോണ്ട് ഭയങ്കര

ചിരിയായിരുന്നു... നമ്മള് ഓനോട് കരഞ്ഞ് പറഞ്ഞ് അതെടുത്ത് തരാൻ പറഞ്ഞപ്പോ അവനതിനെ വളരെ സിമ്പിൾ ആയിട്ട് എടുത്ത് നമ്മളെ തട്ടി വിളിച്ചു...

"ഡി... അതിനെ എടുത്തു... കണ്ണ് തുറന്ന് നോക്ക്... ഡി ഐഷു...."

ഓൻ നമ്മളെ തട്ടി വിളിച്ചപ്പോ നമ്മള് പതിയെ ഓന്റെ നെഞ്ചിൽ നിന്നും മുഖം ഉയർത്തി നോക്കിയതും ആ കോന്തനുണ്ട് ആ പല്ലിന്റെ വാലിൽ പിടിച്ച് നിൽക്കുന്നു...

അത് കണ്ടിട്ട് നമ്മള് വീണ്ടും അലറി കൊണ്ട് അവന്റെ നെഞ്ചിൽ തല പൂഴ്ത്തി വെച്ചപ്പോ ആ കോന്തൻ ഹലാക്കിലെ ചിരി ആയിരുന്നു...

"ഡി... ഐഷു പോത്തെ.... ഇത് പ്ലാസ്റ്റിക് പല്ലിയാടി.... ഒറിജിനൽ അല്ല.... ഹ...ഹ...ഹ..."

കോന്തന്റെ പറച്ചിലും ഇളിയും കേട്ട് നമ്മള് ഓനിൽ നിന്നും വിട്ട് നിന്ന് അവന്റെ കയ്യിലെ പല്ലിയെ സൂക്ഷിച്ച് നോക്കി... ശരിയാ അതൊരു പ്ലാസ്റ്റിക്

പല്ലിയായിരുന്നു.... അത് അറിഞ്ഞപ്പോഴാണ് നമ്മക്ക് ശരിക്കും ആശ്വാസമായത്...

നമ്മള് അപ്പോ തന്നെ നെഞ്ചിൽ കൈ വെച്ച് ഒന്ന് നെടുവീർപ്പിട്ടതും ആ കോന്തൻ അതെടുത്ത് നമ്മളെ മേലിലേക്ക് ഇട്ടു...

നമ്മള് വീണ്ടും അലറി കൊണ്ട് അതെടുത്ത് അവന്റെ നേരെ എറിഞ്ഞിട്ട് തലയണ എടുത്ത് അവന്റെ പിന്നാലെ ഓടി അവനെ പൊതിരെ തല്ലി.... എല്ലാം കൊണ്ട് നിന്നിട്ട് അവൻ വീണ്ടും നിന്ന് കിണിക്കുന്നത് കണ്ടപ്പോ നമ്മക്കും ചിരി വന്നു... നമ്മള് ഓന്റെ നേരെ തലയണ എറിഞ്ഞിട്ട് സോഫയിൽ പോയി ഇരുന്ന് ഒരുപാട് ചിരിച്ചു...

അപ്പോഴാണ് ഞാൻ ആദിന്റെ നെറ്റിയിലെ വീങ്ങിയത് ശ്രദ്ധിച്ചത്... നമ്മള് അപ്പോ തന്നെ ചെന്ന് ബാം എടുത്ത് ഒരു പഞ്ഞിയിൽ തേച്ചിട്ട് അവന്റെ നെറ്റിയിൽ വെക്കാൻ നിന്നപോ ആ കോന്തൻ നമ്മളെ തടഞ്ഞു... നമ്മള് അപ്പോ തന്നെ ഓന്റെ കൈ തട്ടി മാറ്റിയിട്ട് പതിയെ വീങ്ങിയ ഭാഗത്ത് ആ പഞ്ഞി വെച്ച് തടവി കൊടുത്തു....

എന്നിട്ട് ഓന്റെ മുഖത്ത് നോക്കാതെ സോറി പറഞ്ഞിട്ട് വീണ്ടും അതാവർത്തിച്ചപ്പോ ഓൻ പെട്ടെന്ന് നമ്മളെ കൈ പിടിച്ച് വലിച്ച് നമ്മളെ ഓന്റെ മടിയിൽ ഇരുത്തി... നമ്മള് അവിടന്ന് കുതറി എണീക്കാൻ നിന്നപോ ഓൻ അതിന് സമ്മതിക്കാതെ നമ്മളെ അടുത്തേക്ക് ഓന്റെ മുഖം അടുപ്പിച്ച് കൊണ്ട് വന്നതും നമ്മള് രണ്ടും കൽപ്പിച്ച് നമ്മളെ തല വെച്ച് അവന്റെ തലക്കിട്ട് ഒരു മേട്ടം കൊടുത്തു....

ഓന്റെ വീങ്ങിയ ഭാഗത്ത് തന്നെ നമ്മള് വീണ്ടും നെറ്റി കൊണ്ട് പോയി മുട്ടിച്ചതും ഓൻ നമ്മളെ മടിയിൽ നിന്ന് തള്ളിയിട്ടിട്ട് നമ്മളെ രൂക്ഷമായി നോക്കി കൊണ്ട് നെറ്റി ഉഴിഞ്ഞു... നമ്മള് വീണിടത്ത് നിന്ന് എണീറ്റിട്ട് നമ്മളും തിരിച്ച് ഓനെ നോക്കി കണ്ണുരുട്ടി കൊണ്ട് നെറ്റി ഉഴിഞ്ഞപ്പോ ഓൻ പെട്ടെന്ന് എണീറ്റ് നമ്മളെ അടുത്തേക്ക് വന്ന് നമ്മളെ കവിള് പിച്ചി വലിച്ചോണ്ട് പുറത്തേക്ക് ഇറങ്ങി ഓടി...

കൊച്ചു കുട്ടികളെ പോലെ നമ്മളെ കവിളില് പിച്ചി ഓടുന്ന കോന്തനെ നോക്കി ചിരിച്ചോണ്ട് നമ്മള് കവിള് തടവി അവിടെ നിന്നു...

★★★★★★★★★★★★★★★★★★★★★★

ഐഷുവുമായിട്ട് ചില കുസൃതികളൊക്കെ ഒപ്പിക്കുമ്പോ ടൈം പോകുന്നതെ അറിയുന്നില്ല... ഇന്ന് ഞങ്ങളെ ഇവന്റിന്റെ സ്പോൺസർ ഗോമെസിന്റെ മകന്റെ കല്യാണ പാർട്ടിയുണ്ട് വൈകിട്ട്.... അങ്ങോട്ട് പോകാൻ റെഡിയാകാണ് ഞാനും ഐഷുവും...

കഴിഞ്ഞ തവണ വന്നപ്പോഴായിരുന്നു അവരെ എങ്കേജ്മെന്റ്... ഇന്ന് അവരെ കല്യാണവും... സത്യം പറഞ്ഞാൽ ബിസിനസ്സിന്റെ ആവശ്യത്തിന് കൂടാതെ ഞങ്ങള് ഇങ്ങോട്ട് വന്നത് ഈ കല്യാണത്തിൽ കൂടാൻ കൂടിയാണ്... എന്തായാലും മാര്യേജ് ഒക്കെ ഭംഗിയായിട്ട് രാവിലെ തീർന്നിട്ടുണ്ട്... ഇന്ന് നൈറ്റ് അതിന്റെ ഒരു പാർട്ടിയുണ്ട്... അങ്ങോട്ടാണ് ഇപ്പോ ഞങ്ങള് പോകുന്നത്...

അങ്ങനെ ഐഷുവും ഞാനും കൂടി റെഡിയായി പാർട്ടിക്ക് ചെന്നപ്പോ നമ്മളെയൊന്നു ഒരുത്തനും മൈൻഡ് ചെയ്യുന്നില്ല... എല്ലാവന്മാരും വന്നപ്പോ മുതൽ ഐഷൂനെ പൊതിഞ്ഞ് നടക്കാണ്... അത് നമ്മക്ക്

ഉണ്ടാക്കിയ ദേഷ്യം ചെറുതൊന്നുമല്ല...

അതോണ്ട് തന്നെ അവളെ കയ്യിൽ പിടിച്ചാണ് നമ്മള് ആ പാർട്ടിയിൽ നടന്നത്... അവളോട് ഓരോരുത്തർ വന്ന് ഡാൻസ് കളിയ്ക്കാൻ വേണ്ടി വിളിക്കുമ്പോ ഈ പോത്ത് ആണെങ്കിലോ അവർക്ക് നേരെ കൈ നീട്ടി പോകാൻ നിൽക്കാ....

പക്ഷെ നമ്മള് വിടോ...? നമ്മളാരാ മോൻ...

ഞാൻ അവരിൽ നിന്ന് ഐശൂന്റെ കൈ വിടുവിച്ചിട്ട് പറഞ്ഞു "she is my own property... she don't like dance with you..." എന്ന് തട്ടി വിടുമ്പോ ഐശൂന്റെ മോന്ത ചുവന്ന് തുടുക്കുന്നത് ഒന്ന് കാണണമെന്റെ പൊന്ന് സാറേ.... പിന്നെ ഒരിക്കൽ പോലും നമ്മക്ക് അത് കാണാൻ തോന്നില്ല... അത്രക്ക് ടെററായിരുന്നു അവളെ മുഖം...

അതോണ്ട് പിന്നെ നമ്മള് ഓളെ മുഖത്തേക്ക് അധികം നോക്കാൻ നിന്നില്ല... എന്ന് കരുതി അവളിലെ നമ്മളെ പിടിയൊന്നും നമ്മള് വിട്ടിട്ടില്ലട്ടോ... അങ്ങനെ ഇപ്പോ എന്റെ പെണ്ണ് മറ്റുള്ളവന്മാരെ കൂടെ ഡാൻസ്

കളിക്കണ്ട... അതിനല്ലേ നമ്മള് ഇവിടെ ഉള്ളത്...

★★★★★★★★★★★★★★★★★★★

ആദിന്റെ മുഖത്തെ ഇപ്പോഴത്തെ ഭാവം കാണാൻ നല്ല ഭംഗിയാ... കാരണം നമ്മള് വേറെ ഒരുത്തന്റെ കൂടെ നിന്ന് ഡാൻസ് കളിക്കുന്നത് കാണാൻ പോലും ചെക്കന് പറ്റുന്നില്ല... അതോണ്ട് നമ്മളെ പിടിച്ച പിടിയാലെ അവന്റെ കൂടെ ഇരുത്തിയിരിക്കാണ്.... അവനെ ദേഷ്യം പിടിപ്പിക്കാൻ കിട്ടുന്ന അവസരം ഒട്ടും പാഴാക്കാൻ പാടില്ലാത്തത് ആയോണ്ട് നമ്മള് ഇടക്കിടക്ക് അവിടെ ഉണ്ടായിരുന്ന സായിപ്പന്മാരോടൊക്കെ കത്തിയടിക്കാൻ തുടങ്ങി...

അത് കണ്ട് സഹിക്കാതെ ആ കോന്തൻ നമ്മളെ അവിടന്ന് വലിച്ചോണ്ട് പോയി ഡ്രിങ്ക്സ് കുടിക്കുന്ന അവിടെ ഇരുത്തിയിട്ട് രണ്ട് ജ്യൂസ് ഓഡർ ചെയ്തു... ഓൻ ജ്യൂസ് ഓഡർ ചെയ്യുന്നത് കണ്ടിട്ട് നമ്മള് ഓനെ ഒന്ന് സംശയത്തോടെ നോക്കി...

ഇനി ചെലപ്പോ നമ്മളെ മുന്നിൽ ഡീസന്റ് ആകാൻ വേണ്ടി ഡ്രിങ്ക്സ് കുടിക്കാത്തത് ആകും...

"ഹേയ് ആദിൽ... താൻ എന്താ ഡ്രിങ്ക്സ് ഒന്നും കഴിക്കുന്നില്ലേ...?"

ഒരു സായിപ്പ് വന്ന് ഇംഗ്ലീഷിൽ അത് പറഞ്ഞപ്പോ ഓൻ പറയാ അവനതൊന്നും കുടിച്ച് ശീലമില്ലെന്ന്... ഓൻ പറയുന്നത് കേട്ട് നമ്മള് വാ പൊളിച്ച് ഓനെ നോക്കുന്നത് കണ്ടിട്ട് ഓൻ നമ്മളെ നോക്കി സൈറ്റടിച്ച് കാണിച്ച് തന്നു...

അത് കണ്ടപ്പോ തന്നെ അവൻ കള്ളം പറഞ്ഞതാണെന്ന് നമ്മക്ക് മനസ്സിലായി... അതോണ്ട് നമ്മള് ഓനെ തുറുക്കനെ നോക്കി കൊണ്ട് ഇരിക്കുമ്പോഴാണ് അവൻ പെട്ടെന്ന് എന്റെ കയ്യും പിടിച്ച് ആ മ്യൂസിക്കിന് അനുസരിച്ച് ഡാൻസ് കളിയ്ക്കാൻ തുടങ്ങിയത്...

നല്ല അടിപൊളി മെലഡി സോങ്ങിന് അനുസരിച്ചുള്ള ആദിന്റെ ഓരോ ചലനവും നമ്മളെ കൂടുതൽ അത്ഭുതപ്പെടുത്തിയെങ്കിലും നമ്മള് ഓനെ തുറുക്കനെ നോക്കുന്നത് നിർത്തിയിട്ടില്ലായിരുന്നു...

"ഡാ കോന്താ... എന്തിനാ അയാളോട് നീ കുടിക്കില്ലെന്ന് കള്ളം പറഞ്ഞത്...? നീ ഡ്രിങ്ക്സ് കഴിക്കറില്ലേ...?"

അവന്റെ കൂടെ കപ്പിൾ ഡാൻസ് കളിക്കുമ്പോ നമ്മള് ചോദിക്കുന്നത് കേട്ടിട്ട് അവൻ പുഞ്ചിരി തൂകി കൊണ്ട് എന്നെ അവന്റെ അടുത്തേക്ക് വലിച്ചു... എന്നിട്ട് നമ്മളെ അരയിലൂടെ കൈ കൊണ്ട് പോയി നമ്മളെ അവനിലേക്ക് ഒന്ന് കൂടി അടുപ്പിച്ച് നിർത്തി...

"ഞാൻ അതിന് കള്ളം അല്ലല്ലോ പറഞ്ഞത്... ഞാൻ ഡ്രിങ്ക്സ് കഴിക്കാറുമില്ല എനിക്ക് അത് കഴിച്ച് ശീലവുമില്ല...."

ആ കോന്തൻ പറയുന്നത് കേട്ട് നമ്മള് വാ പൊളിച്ചോണ്ട് ഓനെ നോക്കി നിന്നപോ ഓൻ നമ്മളെ പിടിച്ച് കറക്കി വിട്ടിട്ട് വീണ്ടും അവനിലേക്ക് നമ്മളെ ചേർത്ത് നിർത്തി...

"അ... അപ്പോ അന്ന് നീ ഡ്രിങ്ക്സ് കഴിച്ച പോലെ ആക്റ്റ്

ചെയ്യായിരുന്നോ...?"

"yes darling... നീയത് എന്താ ഇപ്പോഴാണോ അറിയുന്നത്...? അന്ന് ഞാൻ നിനക്ക് തന്ന ലെറ്ററിൽ എല്ലാം വിശദമായി എഴുതിയത് ആണല്ലോ... എന്ത്യേ നീയത് വായിച്ചില്ലേ...?"

ഓൻ പറയുന്നത് കേട്ട് നമ്മള് ഇല്ലെന്ന് തലയാട്ടി അവന്റെ മുഖത്തേക്ക് നോക്കിയപ്പോ അന്ന് അവൻ കാറിൽ വെച്ചും റൂമില് വെച്ചും കാണിച്ച് കൂട്ടിയതൊക്കെ നമ്മക്ക് ഓർമ്മ വന്നു...

"അപ്പോ ഇയാള് ഡ്രിങ്ക്സ് കഴിക്കില്ലെങ്കിൽ പിന്നെ.... അന്ന് എന്നെ കാറില് വെച്ച് കെട്ടിപ്പിടിച്ച് ഇരുന്നതും റൂമില് എന്നെയും കൊണ്ട് ബെഡിലേക്ക് മറിഞ്ഞതുമൊക്കെ സ്വബോധത്തോടെയാണോ...?"

നമ്മളെ ചോദ്യത്തിന് അവൻ കണ്ണിറുക്കി കൊണ്ട് അതേന്ന് തലയാട്ടി ചിരിച്ചപ്പോ നമ്മള് അപ്പോ തന്നെ നമ്മളെ ഹീൽസിട്ട കാല് കൊണ്ട് അവന്റെ കാലിനിട്ട്

ഒരു ചവിട്ട് കൊടുത്തിട്ട് അവന്റെ വിരല് പിടിച്ച് തിരിച്ചോണ്ട് നമ്മള് കറങ്ങി...

അപ്പോ ആ കോന്തൻ വേദന കൊണ്ട് നെരിപിരി കൊള്ളുന്നത് കണ്ടിട്ട് നമ്മള് ഓനെ നോക്കി പല്ലിളിച്ചോണ്ട് ഡാൻസ് അവസാനിപ്പിച്ചിട്ട് അവിടന്ന് മാറി നിന്നു... അപ്പോ ഓൻ ഓന്റെ കയ്യും കാലുമൊക്കെ പിടിച്ച് ഡാൻസ് കളിക്കുന്നത് കണ്ടിട്ട് എല്ലാവരും കൂടി വമ്പൻ കയ്യടി ആയിരുന്നു...

നമ്മള് ആണെങ്കിലോ ഓന്റെ കാട്ടികൂട്ടല് കണ്ടിട്ട് ഹലാക്കിലെ ചിരിയും... പിന്നെ എങ്ങനെ ചിരിക്കാതിരിക്കും നമ്മക്ക് മാത്രല്ലേ അവന്റെ ഡാൻസിന്റെ സീക്രട്ട് അറിയൂ.... ρ

അങ്ങനെ പാർട്ടിയൊക്കെ നല്ല ഗംഭീരമായിട്ട് അടിച്ച് പൊളിച്ച് വയറൊക്കെ ഫുള്ളാക്കി ഞങ്ങള് തിരിച്ച് റൂമിലേക്ക് വന്ന് ഫ്രെഷായി നമ്മള് ഉറങ്ങാൻ വേണ്ടി സോഫയിൽ പോയി കിടന്നു...

നമ്മള് ആദ്യമേ സോഫയിൽ സ്ഥാനം പിടിച്ചതിനും കാര്യമുണ്ട്... കാരണം എന്തായാലും അവന്റെ കൂടെ

ഒരുമിച്ച് കട്ടിലിൽ കിടന്നാലെ ചെലപ്പോ അത് ശെരിയായെന്ന് വരില്ല...

അതോണ്ട് ആദ്യം തന്നെ ഒരു പ്രശ്നത്തിന് നിക്കണ്ടാന്ന് കരുതിയിട്ടാ നമ്മള് പോയി സോഫയിൽ കിടന്നത്...

കുറച്ച് കഴിഞ്ഞപ്പോഴുണ്ട് ആ കോന്തൻ നമ്മളെ കാല് പിടിച്ച് തട്ടി മാറ്റി നമ്മളെ സോഫയിൽ നിന്ന് തള്ളിയിട്ടിട്ട് അവിടെ കേറി ഇരിക്കുന്നു...

അല്ലെങ്കിലേ ഉറക്കം വന്ന് ഇങ്ങെത്തിയതാ ആ കോന്തനെ കൊണ്ട് ആണെങ്കിൽ ഉള്ള ഉറക്കവും പോയി... അവനെ ശല്യം ചെയ്യണ്ടാന്ന് കരുതി സോഫയിൽ വന്ന് കിടന്നപ്പോ കോന്തൻ ഇങ്ങോട്ട് വന്ന് നമ്മക്ക് പണിയുണ്ടാക്കാ...

നമ്മളെ സോഫയിൽ നിന്ന് തള്ളിയിട്ടിട്ട് മഹാന് എന്താ പണിയെന്ന് അറിയോ...? ലാപ്പും തുറന്ന് വെച്ച് ഏതോ ഒരു മദാമയും ആയിട്ട് ഈ നട്ടപ്പാതിരാക്ക് കോൺഫറൻസ് നടത്താ... ചോദിച്ചപ്പോ പറയാ ഇവെന്റിനെ കുറിച്ചുള്ള മീറ്റിംഗാണ് ആ മദാമ ഇപ്പോ

ഇന്ത്യയിൽ ആണ് അതോണ്ട് നമ്മളോട് പോയി ഉറങ്ങാൻ...

ആ മദാമ ഇന്ത്യയിൽ ആയതിന് നമ്മളെന്തിനാ ഉറങ്ങുന്നതെന്ന് ചിന്തിച്ചോണ്ട് നമ്മള് അവിടെ നിലത്തിരുന്നിട്ട് ആ കോന്തനെ നോക്കി....

"ഉറക്കമുളച്ച് എന്റെ മുഖത്തിന്റെ ചന്തം നോക്കി ഇരിക്കാതെ പോയി ആ ബെഡിൽ കിടന്നോ ഐഷു.... ഈ മീറ്റിങ് തീരാൻ കുറച്ച് ടൈം എടുക്കും... അതോണ്ട് പോയി കിടന്നോ..."

"അയ്യട മനമേ... അങ്ങനെ ഇപ്പോ എന്നെ ആ ബെഡിൽ കിടത്താമെന്ന് നീ കരുതണ്ട സാറെ... എത്രയൊക്കെ ലേറ്റ് ആയാലും ശരി ഈ കോൺഫറൻസും കഴിഞ്ഞ് സാറിവിടന്ന് എണീറ്റ് പോയിട്ടേ ഈ ആയിഷ ഫെബി ഉറങ്ങുന്നുള്ളൂ...."

'അയ്യടാ... ചെക്കന്റെ മനസ്സിലിരുപ്പ് കൊള്ളാം... നമ്മള് അവിടെ പോയി കിടന്നിട്ട് ഓന്റെ മീറ്റിംഗ് കഴിഞ്ഞ് വരുമ്പോ നമ്മളെ കൂടെ കിടക്കാനുള്ള ഓന്റെ പുതിയ അടവ്... അതൊന്നും നമ്മളെ അടുത്ത് ചിലവാകില്ല

കോന്തൻ ആദി....'

★★★★★★★★★★★★★★★★★★★★★

മീറ്റിംഗ് കഴിയാൻ എന്തായാലും ലേറ്റ് ആകും... അപ്പോ പിന്നെ എനിക്ക് ഇവിടെ സോഫയിൽ തന്നെ കിടക്കാലോ എന്ന് കരുതിയാ അവളോട് പോയി ബെഡിൽ കിടക്കാൻ പറഞ്ഞത്... നമ്മളെ തീരെ വിശ്വാസം അവൾക്കില്ലെന്ന് നമ്മക്ക് അതോടെ മനസ്സിലായി...

എപ്പോഴാ എന്റെ കൺട്രോൾ പോകാ എന്ന് കരുതി ടെൻഷനായിട്ടാകുമെന്ന് നമ്മക്ക് നല്ല ഉറപ്പാണ്... അതോണ്ട് അവള് അവിടെ തന്നെ ഇരിക്കട്ടെന്ന് നമ്മളും കരുതി...

കാത്തലീന്റെ കൂടെ കോൺഫറൻസ് നടത്തി കൊണ്ടിരിക്കുമ്പോഴാണ് ഐഷു ഇരുന്ന് ഉറക്കം തൂങ്ങുന്നത് നമ്മളെ ശ്രദ്ധയിൽ പെട്ടത്... അത് കണ്ട് നമ്മളൊന്ന് പുഞ്ചിരി തൂകി കൊണ്ട് മീറ്റിംഗിൽ ശ്രദ്ധ

ചെലുത്തി....

കുറച്ച് കഴിഞ്ഞപ്പോ പെട്ടെന്ന് ഐഷു ഉറക്കം തൂങ്ങി കൊണ്ട് നമ്മളെ കാലിലേക്ക് തല കൊണ്ട് വന്നു... എന്നിട്ട് എന്റെ കാലിൽ തല ചായ്ച്ചു വെച്ച് അവള് നന്നായി ഉറങ്ങുന്നത് കണ്ടപ്പോ നമ്മള് ഓളെ തലയിൽ തലോടി കൊണ്ട് അങ്ങനെ ഇരുന്നു....

മീറ്റിംഗ് തീർന്നതും ലാപ് ഓഫാക്കിയിട്ട് ഐഷൂനെ അവിടന്ന് എടുത്ത് ബെഡിൽ കൊണ്ട് പോയി കിടത്തി... ഓളെ മുഖത്തേക്ക് കുറച്ച് നേരം നോക്കി ഇരുന്നിട്ട് ഓളെ നെറ്റിയിൽ ഒരുമ്മ കൊടുത്ത് അവിടന്ന് എണീക്കാൻ നിന്നതും എന്തോ ഒന്ന് നമ്മളെ വീണ്ടും അവളിലേക്ക് വലിച്ചടുപ്പിച്ചു....

നോക്കിയപ്പോ നമ്മള് അവളെ കയ്യിൽ കെട്ടി കൊടുത്ത കൈ ചെയിൻ നമ്മളെ ഷർട്ടിൽ കുടുങ്ങിയതാണ്... നമ്മളത് വിടുവിച്ചിട്ട് അവളെ കൈ നമ്മളെ കൈക്കുള്ളിലാക്കി വെച്ചു....

"ഈ ചെയിൻ നിന്റെ കയ്യിൽ നിന്നും അഴിച്ച് മാറ്റാനുള്ള ടൈം ആയി ഐഷു... ഇനി നമ്മുടെ ദിനങ്ങളാണ്... പക്ഷെ, അതിനിടയിലേക്ക് വീണ്ടും അവർ രണ്ട് പേരും കടന്ന് വന്നാൽ.... ചെലപ്പോ എനിക്ക് അവരെ തീർക്കേണ്ടി വരും... എന്ത് വന്നാലും ശരി നിന്നെ ഇനി ഒറ്റപ്പെടുത്താനോ നിന്നെ ഇനി വിട്ട് കളയാനോ ഞാൻ ഒരുക്കമല്ല ഐഷു... അതോണ്ട് ഈ ഇവന്റ് പൂർത്തിയായതും നിന്നെ ഞാൻ എത്രെയും പെട്ടെന്ന് സ്വന്തമാക്കിയിരിക്കും...."

എന്ന് പറഞ്ഞ് അവളെ കയ്യിൽ ഉമ്മ വെച്ചിട്ട് നമ്മള് പോയി സോഫയിൽ കിടന്ന് ഐഷൂനെ നോക്കി.... അവളെ ഇനി കരയിപ്പിക്കാനോ അവളെ മനസ്സമാധാനം കളയാനോ ഞാൻ ഇനി ആരെയും അനുവദിക്കില്ല... കാരണം ഒരുപാട് നാളുകൾക്ക് ശേഷം അവള് സന്തോഷത്തോടെ കഴിഞ്ഞത് ഇപ്പോഴാണ്... ആ സന്തോഷം ഇനിയങ്ങോട്ട് എന്നും എനിക്ക് നിലനിർത്തിയെ പറ്റൂ.... അതിന് തടസമായി നിൽക്കുന്ന ആരെയും ഞാൻ ഇനി ഈ ഭൂമിയിൽ അവശേഷിപ്പിക്കില്ല എന്ന് തീരുമാനിച്ച് ഉറപ്പിച്ചോണ്ട് നമ്മള് പതിയെ ഉറക്കിലേക്ക് വഴുതി വീണു...

★★★★★★★★★★★★★★★★★★★

രാവിലെ എണീറ്റ് കണ്ണ് തുറന്ന് നോക്കിയപ്പോ നമ്മള് കിടക്കുന്നത് ബെഡിൽ ആയിരുന്നു... ഇതെപ്പോ നമ്മളിവിടെ വന്ന് കിടന്നെന്ന് ആലോജിച്ച് നമ്മള് സോഫായിലേക്ക് നോക്കിയപ്പോഴുണ്ട് നമ്മളെ ചെക്കൻ അവിടെ കിടന്ന് ഉറങ്ങുന്നു...

അത് കണ്ടപ്പോ നമ്മക്ക് പാവം തോന്നി പോയി... അതോണ്ട് അവനെ ഉണർത്താതെ നമ്മള് എണീറ്റ് ഫ്രഷായി വന്നപ്പോ ഓൻ എണീറ്റിട്ടുണ്ടായിരുന്നു...

അവനോട് ഗുഡ് മോർണിങ് ഒക്കെ പറഞ്ഞിട്ട് കോഫി കുടിച്ചോണ്ട് നമ്മള് കുറച്ച് നേരം ബാൽക്കണിയിൽ പോയി നിന്നു... പിന്നെ ആദിന്റെ ഒരുക്കമൊക്കെ കഴിഞ്ഞിട്ട് ഞങ്ങള് ഫുഡൊക്കെ കഴിച്ച് ഒരു കോൺഫറൻസിൽ പങ്കെടുക്കാൻ പോയി...

അത് ആദി പുതുതായി ഇന്ത്യയിൽ തുടങ്ങാൻ പോകുന്ന ഒരു ചാരിറ്റബിൾ ട്രസ്റ്റിന്റെ കോൺഫറൻസ് ആയിരുന്നു... അതില് നമ്മക്ക് പ്രതേകിച്ച് വല്യ റോൾ ഒന്നും ഇല്ലാത്തോണ്ട് നമ്മക്ക് അവിടെ നടന്നത് ഒന്നും

മനസ്സിലായില്ല...

അങ്ങനെ ആ പരിപാടി കഴിഞ്ഞ ഉടനെ ആദിന്റെ ഫ്രണ്ട് ജെയിംസിനെ കാണാൻ പോയി ലഞ്ച് അവിടന്ന് കഴിച്ചിട്ട് തിരിച്ച് റൂമിലേക്ക് വന്ന് ഇവനിങ് ഫ്ലൈറ്റിന് തിരിച്ച് ദുബായിലേക്ക് തന്നെ പോയി....

രാവിലെ ആയിട്ടുണ്ടായിരുന്നു ഞങ്ങള് തിരിച്ച് എത്തിയപ്പോ... അതോണ്ട് ആദി നമ്മളെ ഫ്ലാറ്റിൽ ഇറക്കി വിട്ടിട്ട് അവൻ പോയി...

നമ്മള് ഫ്ലാറ്റിൽ ചെന്നിട്ട് കാളിങ് ബെൽ അമർത്തി ഒരു പരുവമായെങ്കിലും ഒരൊറ്റ ഒരുത്തിയും വന്ന് വാതിൽ തുറന്നില്ല... ഒടുക്കം ഫൈസൽക്കന്റെയും ജാസിന്റെയും അരുണിന്റെയും അച്ചായന്റെയും സഹായം വേണ്ടി വന്നു അവരെ കൊണ്ട് അത് തുറപ്പിക്കാൻ...

രണ്ട് പോത്തുകളും പൊരിഞ്ഞ ഉറക്കമായിരുന്നു... നമ്മള് വന്നത് തീരെ ഇഷ്ടപ്പെടാത്ത പോലെയാ അവറ്റകളുടെ പെരുമാറ്റം... വന്നിട്ട് ഒരു സുഖവിവരം പോലും അന്വേഷിക്കാതെ ആ ബലാലുകൾ വീണ്ടും

പോയി കിടന്നു...

പിന്നെ നമ്മളെ കാര്യം പ്രത്യേകിച്ച് പറയണ്ടല്ലോ ഫ്ലൈറ്റിൽ നിന്ന് ഒരുപോള കണ്ണടക്കാൻ ആ കോന്തൻ നമ്മളെ സമ്മതിച്ചിട്ടില്ല... ഐഷു... ഐഷു... എന്ന് വിളിച്ചോണ്ട് ഉള്ള ഉറക്കം കൂടി കളഞ്ഞു കോന്തൻ...

അതോണ്ട് നമ്മളാ ഉറക്ക ക്ഷീണവും യാത്രാ ക്ഷീണവുമൊക്കെ അങ്ങ് ഉറങ്ങി തന്നെ തീർത്തു....

പിന്നീടുള്ള ദിനങ്ങൾ ഒക്കെ ഞങ്ങള് ആ ഇവെന്റിന് വേണ്ടി മാറ്റി വെച്ചതായിരുന്നു... ദുബൈയുടെ ചരിത്രത്തിൽ തന്നെ ആദ്യമായിട്ടാണ് ഇത്രെയും വലിയ ഒരു ഇവന്റ് നടക്കുന്നത്... അതോണ്ട് അതിന്റേതായ എല്ലാ തിരക്കുകളും ഞങ്ങൾക്ക് ഉണ്ടായിരുന്നു...

ഇതിൽ അധികവും പെട്ട് പോയത് ഞാനാ... എല്ലാത്തിന്റെയും ഡിസൈനും അറേഞ്ച്മെൻസും ഒക്കെ എന്റെ തലയിലാ കോന്തൻ വെച്ച് തന്നത്...

എന്തായാലും രണ്ട് വർഷത്തെ സ്വപ്നം പൂവണിഞ്ഞു....

നല്ല തകൃതിയായിട്ട് തന്നെ ആ ഇവന്റ് പൂർത്തിയായി...

അത് കൊണ്ട് കമ്പനിക്ക് ഉണ്ടായ ലാഭം മുഴുവൻ ആദി അവന്റെ പുതിയ ചാരിറ്റിയിലേക്ക് ഇൻവെസ്റ്റ് ചെയ്തു....

ഇതാണ് ആദിയെ എനിക്ക് കൂടുതൽ ഇഷ്ടമാകുന്നത്... മറ്റുള്ളവർക്ക് വേണ്ടി അവൻ ഓരോന്ന് ചെയ്യുന്നത് കാണുമ്പോ അവനെ എനിക്ക് കിട്ടിയത് എന്ത് ഭാഗ്യമാണെന്ന് തോന്നി പോകാ....

ഇന്നത്തെ ഇവന്റ് കഴിഞ്ഞപ്പോ എല്ലവരും നമ്മളെ പുകഴ്ത്തുകയായിരുന്നു... പക്ഷെ നമ്മള് ആ ക്രെഡിറ്റ് ഒക്കെ നമ്മളെ കോന്തന് തന്നെ കൊടുത്തു... ഞങ്ങളെ രണ്ട് പേരെയും മാധ്യമങ്ങൾ പൊതിഞ്ഞപ്പോ അവർക്കൊക്കെ ഒന്നേ അറിയാൻ ഉണ്ടായിരുന്നുള്ളു എന്നാണ് ഞങ്ങൾ തമ്മിലുള്ള ഒരുമിക്കലെന്ന്....

അതിനൊക്കെ ആദി പുഞ്ചിരി തൂകി കൊണ്ട് എത്രെയും പെട്ടെന്ന് എന്നൊക്കെ പറയുമ്പോ മനസ്സിൽ ആനന്ദത്തിന്റെ പെരുമ്പറ കൊട്ടായിരുന്നു... പക്ഷെ അത്ര പെട്ടെന്ന് ഒന്നും അവന്റെ വലയിൽ വീഴാൻ നമ്മള് ഉദ്ദേശിച്ചിട്ടില്ലാത്തൊണ്ട് നമ്മളെ

സന്തോഷങ്ങളൊക്കെ നമ്മള് ഉള്ളിൽ തന്നെ അടക്കി വെച്ചു....

അപ്പോഴാണ് ആൾക്കൂട്ടത്തിനിടയിൽ എന്റെ കണ്ണുകൾ അവളെ നേരെ ചെന്ന് പതിഞ്ഞത്.... അവൾ... സൽമ....

അവൾ ജയിലിൽ നിന്ന് ഇറങ്ങിയ സത്യം എനിക്ക് വിശ്വസിക്കാൻ പോലും കഴിഞ്ഞില്ല... അതോണ്ട് ഞാൻ കണ്ടത് അവളെ തന്നെയാണോ എന്നറിയാൻ വേണ്ടി അവളെ കണ്ട ഭാഗത്തേക്ക് നോക്കിയപ്പോ അത് മറ്റാരോ ആയിരുന്നു...

അത് അറിഞ്ഞപ്പോ നമ്മക്ക് വീണ്ടും സമാധാനം ആയി... സന്തോഷം എന്താണെന്ന് അറിഞ്ഞ് തുടങ്ങിയിട്ടേയുള്ളൂ അപ്പോഴേക്കും ഒരു കരിനിഴലായി വീണ്ടും അവര് ഞങ്ങളെ ജീവിതത്തിലേക്ക് കടന്ന് വന്നാൽ....

നോ.... അവര് ഇനി വരില്ല... അവരുടെ അധ്യായം കഴിഞ്ഞിരിക്കുന്നു... ഇനി എന്റെയും ആദിന്റെയും ദിവസങ്ങളാണ്... ഞങ്ങൾക്കിടയിലേക്ക് ഇനി ഒരാൾക്കും കടന്ന് വരാൻ കഴിയില്ല... അതിന് ഞാൻ

ഇനി അനുവദിക്കാനും പോണില്ല...

★★★★★★★★★★★★★★★★★★★★★★

ഇന്നലത്തെ ഇവന്റിന്റെ പാർട്ടി കഴിഞ്ഞിട്ട് എല്ലാവരും നല്ല സന്തോഷത്തിലാണ്...

കാരണം ഇനി ASK ഇവെന്റ്സിന്റെ അടുത്ത് എത്താൻ പോലും മറ്റൊരു കമ്പനിക്കും കഴിയില്ല.... അത്രക്ക് വളർന്ന് കഴിഞ്ഞു കമ്പനി....

ഇന്നത്തെ കമ്പനിന്റെ വളർച്ചക്ക് പിന്നിൽ ആരെങ്കിലും ഉണ്ടെങ്കിൽ തന്നെ അത് എന്റെ ഐഷു ആയിരിക്കും.... ഇന്നത്തെ പ്രസ് മീറ്റിൽ എല്ലാവർക്ക് മുന്നിൽ വെച്ചും ഞാൻ ഐഷൂനെ വീണ്ടും പ്രൊപോസ് ചെയ്യാൻ പോകാണ്... അതിന് മുമ്പ് അവൾക്ക് ഒരു ചെറിയ ഗിഫ്റ്റ് കൊടുക്കണം.... അതും ഞാൻ കരുതി വെച്ചിട്ടുണ്ട്....

പക്ഷെ, ഇന്ന് എത്ര ആയിട്ടും ഐഷു വരുന്നത് കാണുന്നില്ല... എന്ന് നമ്മള് വിചാരിച്ചിട്ടേയുള്ളു അപ്പോഴേക്കും അവള് ക്യാബിനിലേക്ക് കയറി വന്നു...

എന്താണെന്ന് അറിയില്ല ഇന്ന് അവളുടെ മുഖത്ത് എന്നത്തേക്കാളും ഇരട്ടി സന്തോഷം നിഴലിക്കുന്നുണ്ട്... അതും പോരാഞ്ഞ് അവള് ഇന്ന് കൂടുതൽ സുന്ദരിയായിരിക്കുന്നു....

അവള് എന്നെ കണ്ടപ്പോ തന്നെ ഒരു പുഞ്ചിരി തൂകി കൊണ്ട് എന്റെ അടുത്തേക്ക് വന്നു....

എന്നിട്ട് എന്റെ നേരെ ഒരു എൻവലപ് നീട്ടിയിട്ട് this is for you sir എന്ന് പറഞ്ഞു... ഞാൻ അവൾക്ക് കൊടുക്കാൻ വേണ്ടി കരുതി വെച്ച ഗിഫ്റ്റ് ഒരു കയ്യിൽ മുറുകെ പിടിച്ചോണ്ട് മറുകൈ കൊണ്ട് ഞാൻ ആ എൻവലപ് വാങ്ങിച്ച് തുറന്ന് നോക്കിയതും നമ്മള് അറിയാതെ തന്നെ സീറ്റിൽ നിന്നും ഞെട്ടി എണീറ്റ് ഐഷുവിനെ നോക്കി....

(തുടരും)

ഭാഗം.120

അവള് എന്നെ കണ്ടപ്പോ തന്നെ ഒരു പുഞ്ചിരി തൂകി കൊണ്ട് എന്റെ അടുത്തേക്ക് വന്നു....

എന്നിട്ട് എന്റെ നേരെ ഒരു എൻവലപ് നീട്ടിയിട്ട് this is for you sir എന്ന് പറഞ്ഞു... ഞാൻ അവൾക്ക് കൊടുക്കാൻ വേണ്ടി കരുതി വെച്ച ഗിഫ്റ്റ് ഒരു കയ്യിൽ മുറുകെ പിടിച്ചോണ്ട് മറുകൈ കൊണ്ട് ഞാൻ ആ എൻവലപ് വാങ്ങിച്ച് തുറന്ന് നോക്കിയതും നമ്മള് അറിയാതെ തന്നെ സീറ്റിൽ നിന്നും ഞെട്ടി എണീറ്റ് ഐഷുവിനെ നോക്കി....

"yes sir, ഇന്നത്തോട് കൂടി എന്റെ ഇവിടത്തെ ജോലി തീർന്നിരിക്കുന്നു... നമ്മൾ തമ്മിൽ ഉണ്ടായിരുന്ന രണ്ട് വര്ഷകരാർ ഞാൻ പൂർത്തിയാക്കി... സൊ.... ഞാൻ ഇവിടന്ന് പോകാണ്... this is my resignation letter....

Thank you സാർ... താങ്ക്യൂ സൊ മച് ഫോർ എവേരിതിങ്....

ഇപ്പോ ഞാൻ ഇവിടന്ന് പോയെന്ന് കരുതി സാറിനെ ഞാൻ അത്ര പെട്ടെന്ന് ഒന്നും മറക്കില്ലാട്ടോ... എന്റെയും ഫൈസൽക്കന്റെയും കല്യാണത്തിന് എന്തായാലും

ഞങ്ങള് വിളിക്കും... അപ്പോ വരണം... എന്നിട്ട് ഒരു ഏട്ടന്റെ സ്ഥാനത്ത് നിന്നിട്ട് ഞങ്ങളെ കല്യാണം നടത്തി തരണം..."

എന്ന് പറഞ്ഞ് ഒരു പുച്ഛത്തോടെ നമ്മളെ നോക്കി ചിരിച്ചിട്ട് ഐഷു അവിടന്ന് ഇറങ്ങി പോയപ്പോഴും ഞാൻ ആ ലെറ്ററിലേക്ക് നോക്കി നിൽക്കായിരുന്നു...

★★★★★★★★★★★★★★★★★★★

ആ കോന്തന്റെ മുന്നിലേക്ക് പോകാൻ ധൈര്യം തരണേ പടച്ചോനേ എന്ന് പ്രാർത്ഥിച്ചിട്ടാ നമ്മള് അവന്റെ മുന്നിലേക്ക് കയറി ചെന്നത്... നമ്മള് ചെന്നപ്പോ തന്നെ അവൻ എന്തോ പ്രതീക്ഷിച്ച് നിൽക്കായിരുന്നു എന്ന് എനിക്ക് ഉറപ്പായിരുന്നു...

ഞാൻ എന്റെ resignation ലെറ്റർ അവന് കൊടുത്തപ്പോഴുള്ള അവന്റെ ഭാവം കണ്ടപ്പോ എന്തോ പോയ ആരെയോ പോലെ തോന്നി പോയി നമ്മക്ക്...

ഞാൻ അവന്റെ കാബിനിൽ നിന്നും ഇറങ്ങിയതും

നെഞ്ചിൽ കൈ വെച്ചിട്ട് ഇതുവരെ പിടിച്ച് വെച്ച മസിലൊക്കെ ഒരു നെടുവീർപ്പോടെ അയച്ച് വെച്ച് നമ്മളൊന്ന് സന്തോഷ പുളകിതയായി... കാരണം ഇനിയാണ് ആദിയോട് ഞാൻ പകരം വീട്ടാൻ പോകുന്നത്... അതിന് പറ്റിയ ബെസ്റ് ടൈം ആണ് ഇനിയുള്ളത്....

സനന്റെയും ജാസിന്റെയും എങ്കേജ്മെന്റിന്റെ കാര്യത്തിന് വേണ്ടി അവര് കഴിഞ്ഞ ആഴ്ച നാട്ടിലേക്ക് പോയിട്ടുണ്ട്... അവരെ എങ്കേജ്മെന്റാണ് രണ്ട് ആഴ്ച കഴിഞ്ഞാൽ...

പിന്നെ നമ്മളെ അച്ചുവിന്റെയും അരുണിന്റെയും കല്യാണമാണ് രണ്ട് മാസം കഴിഞ്ഞാൽ... അതോണ്ട് അവരും നാട്ടിലേക്ക് മടങ്ങാൻ ഇരിക്കാണ്...

ഇത് കഴിഞ്ഞാൽ അച്ചായന്റെയും അഖിലന്റെയും കല്യാണമുണ്ട്... അതോണ്ട് അവരും ഇപ്പോ നാട്ടിലാ...

ചുരുക്കി പറഞ്ഞാൽ ഇപ്പോ ഇവിടെ ഞാനും ഫൈസൽക്കയും അച്ചുവും അരുണും മാത്രേ ഉള്ളു....

ഈയൊരു സന്ദർഭത്തിൽ തന്നെ ഞങ്ങള് തമ്മിലുള്ള കരാർ തീർന്നതും നന്നായി, അത് കൊണ്ട് അച്ചുവും

അരുണും നാട്ടിലേക്ക് മടങ്ങി പോകുമ്പോ കൂടെ നമ്മക്കും പോകാം.... അവരിപ്പോ ലീവിലാ അതോണ്ട് ഫുൾ കറക്കമാ അവരെ പണി...

മറ്റന്നാളെ ഞങ്ങള് നാട്ടിലേക്ക് പോകും... കൂടെ ഫൈസൽക്കയുമുണ്ട്... ഇതും ഒരു തരത്തിൽ ഉള്ള പകരം വീട്ടലാണ്...

ആദിന്റെ കയ്യിലേക്ക് രാജി കത്ത് കൊടുത്ത് ഓഫീസിൽ നിന്ന് ഇറങ്ങിയപ്പോ മുതൽ മനസ്സിന് ഒരു തരം അസ്വസ്ഥത... ഞാൻ ചെയ്യാൻ പോകുന്നത് നല്ലതിനല്ല എന്നൊക്കെ ആരോ പറയുന്ന പോലെ ഒരു തോന്നൽ...

പക്ഷെ, അവൻ നമ്മക്ക് ചെയ്ത് തന്ന കാര്യങ്ങൾ ഒക്കെ ഓർക്കുമ്പോ ഇതുമല്ല ഇതിനപ്പുറവും ചെയ്യാൻ തോന്നും... കാരണം അത്രക്ക് നമ്മളെ ഓൻ ദ്രോഹിച്ചിട്ടുണ്ട്...

നാട്ടിലേക്കും വീട്ടിലേക്കും ഒക്കെ ആയിട്ട് ഞങ്ങള് നാല് പേരും കൂടി ഒരുപാട് സാധനങ്ങൾ നമ്മളെ നിസൂക്കാന്റെയും അൻസിക്കാൻറെയും സൂപ്പർ മാർക്കറ്റിൽ നിന്ന് എടുത്തിട്ടുണ്ട്... അവര് ആ

ബിസിനസ് ഒക്കെ നിർത്തി നാട്ടിൽ സെറ്റിലാകാൻ പോകാണത്രെ... അതോണ്ട് അൻസിക്കയും കാണും നമ്മളെ കൂടെ നാട്ടിലേക്ക്...

പിന്നെ നിസൂക്ക ആണെങ്കിലോ കല്യാണം കഴിഞ്ഞതിൽ പിന്നെ ഈ മണ്ണിലേക്ക് കാല് കുത്തിയിട്ട് പോലുമില്ല... അപ്പോ പിന്നെ നാട്ടിലേക്ക് തിരിച്ചു വരുന്നത് തന്നെയാണ് മൂപ്പർക്കും നല്ലതെന്ന് അൻസിക്കാക്കും തോന്നിയിട്ടുണ്ട്...

അവന്മാരൊക്കെ കെട്ടി പോകുമ്പോഴും അൻസിക്ക മാത്രം ബാച്ലർ ആയിട്ട് നടക്കുന്നത് എന്താണെന്ന് നിങ്ങള് ചിന്തിച്ചിട്ടുണ്ടോ...? എന്നാലേ അത് പോലെ ഞാനും ചിന്തിച്ചിരുന്നു...

അതിനെ പറ്റി മൂപ്പരോട് ചോദിച്ചാൽ പറയും മൂപ്പരെ വരിയെല്ലിൽ നിന്ന് പടച്ച പെണ്ണ് ജനിച്ചിട്ടില്ലെന്ന്....

ആ വർത്താനത്തിൽ എന്തോ ഒരു സ്പെല്ലിങ് മിസ്റ്റേക്ക് ഇല്ലേ...?

ഉണ്ട്... എനിക്ക് അത് ഏതാണ്ട് ഉറപ്പായിട്ടുണ്ട്...

മൂപ്പർക്ക് ഒരു നഷ്ട പ്രണയം ഉണ്ടായിട്ടുണ്ടെന്ന് പണ്ട് കോളേജിൽ പഠിക്കുമ്പോ ആദി പറഞ്ഞ ഒരു ഓർമ്മയുണ്ട്... ചിലപ്പോ അതാകും ഈ സംന്യാസത്തിന് കാരണം....

എന്തായാലും ഈ നാട്ടിൽ പോക്കിൽ മൂപ്പർക്ക് ഒരു പെണ്ണിനെ സെറ്റാക്കി കൊടുത്തിട്ടേ ഈ ഫെബിക്ക് ഇനി വിശ്രമമുള്ളു... അത് തീരുമാനിച്ച് കഴിഞ്ഞതാ....

നമ്മള് പറഞ്ഞ് പറഞ്ഞ് ഒരുപാട് പോയല്ലേ... ഇപ്പോ നമ്മള് എവിടെയാ എത്തി നിൽക്കുന്നതെന്ന് പറഞ്ഞില്ലല്ലോ...

ഞങ്ങൾ 5 പേരും ഇപ്പോ ഫ്ലൈറ്റിന് വേണ്ടി എയർപോട്ടിൽ കാത്തിരിക്കാണ്...

എന്താണെന്ന് അറിയില്ല ഫ്ലൈറ്റ് ഡിലേയ് ആണെന്ന് ഒക്കെ പറയുന്നുണ്ട്... അതോണ്ട് ഞങ്ങള് എയർപോട്ടിൽ വെയിറ്റ് ചെയ്ത് ഇരുന്നിട്ട് നമ്മളെ സ്ഥിരം പരിപാടി അങ്ങ് തുടങ്ങി മാർക്കിടൽ...

ഇത്തവണ നമ്മള് ഒറ്റക്കാണ് മാർക്കിടാൻ നിന്നത്...

കാരണം ആ അച്ചു അരുണുമായി കൊഞ്ചി കുഴയാണ്... പിന്നെ അവർക്ക് അവരുടെ ഭാവി കാര്യങ്ങളെ കുറിച്ച് തീരുമാനിക്കാനൊക്കെ ഉണ്ടാകുമല്ലോ അതോണ്ട് നമ്മള് അവറ്റകളെ ശല്യം ചെയ്യാൻ നിന്നില്ല...

ഫൈസൽക്കാൻറെ കാര്യം പിന്നെ പറയെ വേണ്ട... മൂപ്പര് നൂറാനോട് വീഡിയോ കോൾ ചെയ്ത് അവരുടെ സ്വർഗ ലോകത്ത് ആറാടാണ്... ഇടക്ക് നമ്മളൊന്ന് കട്ടുറുമ്പയെങ്കിലും ഫൈസൽക്ക നമ്മളെ ആട്ടി പായിച്ചു...

പിന്നെ ആകെയുള്ള ഒരാള് അൻസിക്കയാണ്... അങ്ങേര് ആണെങ്കിൽ ഇവിടെ വന്ന് ഇരുന്നപ്പോ തൊട്ട് ഉറങ്ങാൻ തുടങ്ങിയിട്ടുണ്ട്...

അപ്പോ പിന്നെ നമ്മള് ഇനി എന്ത് ചെയാനാ... അതോണ്ട് നമ്മക്കും വേണ്ടേ ഒരു എന്റർടൈന്മെന്റ്... അതാണ് നമ്മളെ മാർക്കിടൽ... ψ

അങ്ങനെ നമ്മളെ മാർക്കിടൽ പരിപാടിയങ്ങനെ കൊഴുത്ത് വന്നോണ്ടിരിക്കുമ്പോഴാണ് പെട്ടെന്ന്

നമ്മളെ കണ്ണ് ആരോ വന്ന് പൊത്തിയത്...

നമ്മള് അപ്പോ തന്നെ അയാളെ കൈ തട്ടി മാറ്റി തിരിഞ്ഞ് നോക്കിയപ്പോ നമ്മളെ പിറകിൽ ഇരിക്കുന്ന രൂപത്തെ കണ്ട് നമ്മള് ഞെട്ടി പണ്ടാറടങ്ങി...

അതെ അവൻ തന്നെ... എന്റെ കോന്തൻ...

അവനെ ഇവിടെ ഒട്ടും പ്രതീക്ഷിക്കാത്തതാണ് നമ്മള്... പക്ഷെ അവന്റെ കയ്യിലെ ബാഗും വേഷവും ഒക്കെ കണ്ടപ്പോ തന്നെ അവനും നാട്ടിലേക്ക് വരാണെന്ന് മനസ്സിലായി...

അതോണ്ട് പിന്നെ നമ്മള് അങ്ങോട്ട് തിരിഞ്ഞ് നോക്കാനെ പോയില്ല... അതും പോരാഞ്ഞ് നമ്മളെ മാർക്കിടൽ കണ്ടിട്ട് കോന്തന്റെ മോന്ത ഇപ്പോ ചീർത്ത് പൊട്ടും എന്ന നിലക്ക് വന്നിട്ടുണ്ട്... അപ്പോ പിന്നെ ആർക്കേലും തിരിഞ്ഞ് നോക്കാൻ തോന്നോ...?

അപ്പോഴാണ് നമ്മള് കൂടെ ഇരിക്കുന്ന ഫൈസൽക്കാനെ ശ്രദ്ധിച്ചത്... മൂപ്പര് ഇതൊന്നും അറിയാതെ നൂറാനോട് കൊഞ്ചി കുഴയാണ്... അത്

എങ്ങാനും ആ കോന്തൻ കണ്ടാൽ നമ്മളെ പ്ലാൻ ഒക്കെ അതോടെ കുളമാകും എന്നൊക്കെ അറിയുന്നത് കൊണ്ട് തന്നെ നമ്മള് വേഗം ഫൈസൽക്കാൻറെ കയ്യീന്ന് ഫോൺ തട്ടി പറിച്ച് വാങ്ങി വെച്ചു....

അത് കണ്ട് മൂപ്പരെന്നോട് ചൂടാകാൻ നിന്നപോ നമ്മള് കണ്ണ് കൊണ്ട് ആ കോന്തനെ കാണിച്ച് കൊടുത്തു... അപ്പോ തന്നെ ഫൈസൽക്ക കളം മാറ്റി ചവിട്ടി ആദിനെ കാണാത്ത പോലെ അഭിനയിച്ചിട്ട് നമ്മളോട് വർത്താനം പറയാൻ തുടങ്ങി...

നമ്മള് ആ തക്കത്തിന് ഫൈസൽക്കാൻറെ കൈ പിടിച്ചിട്ട് ഒരുപാട് സെൽഫി ഒക്കെ എടുത്തു...

അപ്പോ തന്നെ പുറകിൽ നിന്നും എന്തോ ഒന്ന് വീണുടയുന്ന ശബ്ദം കേട്ടപ്പോ എല്ലാവരും ഞെട്ടി തരിച്ച് പിറകിലേക്ക് തിരിഞ്ഞ് നോക്കിയപ്പോഴും നമ്മള് തിരിയാതെ അവിടെ തലയും താഴ്ത്തി ഫോണിലേക്ക് നോക്കി ചിരിക്കായിരുന്നു....

ആദിന്റെ ഫോൺ അവൻ എറിഞ്ഞ് പൊട്ടിച്ചതിന്റെ ശബ്ദമാണ് ആ കേട്ടതെന്ന് ഫോണിന്റെ ബാറ്ററി

നമ്മളെ കാലിൽ വന്ന് തട്ടിയപ്പോ തന്നെ നമ്മക്ക് മനസ്സിലായി... അതോണ്ട് നമ്മള് തിരിഞ്ഞ് നോക്കാതെ നമ്മുടെ കൂടെ ഇരിക്കുന്നവരെ നോക്കിയപ്പോ അരുണും അച്ചുവും ആദിയെ നോക്കി അന്തം വിട്ട് നിൽക്കാണ്... പിന്നെ അൻസിക്ക ആണെങ്കിലോ ആദിനെ കണ്ടിട്ട് സ്വപ്നം കാണാണോ എന്ന് സംശയിച്ചോണ്ടാണ് അവനെ നോക്കുന്നത്...

നമ്മള് അവറ്റകളെയൊക്കെ നോട്ടം കണ്ടിട്ട് മെല്ലെ ഫൈസൽക്കാനെ നോക്കിയപ്പോഴുണ്ട് മൂപ്പര് നമ്മളെ ഇടങ്കണ്ണിട്ട് നോക്കിയിട്ട് ഞെട്ടി നിൽക്കുന്നു... ഇവരെ മുഖഭാവത്തിൽ നിന്ന് തന്നെ ആദി എത്രത്തോളം ദേഷ്യത്തിലാണ് ഉള്ളത് എന്ന് നമ്മക്ക് ഊഹിക്കാവുന്നതേയുള്ളൂ... അതോണ്ട് നമ്മള് തിരിഞ്ഞ് നോക്കാൻ നിന്നില്ല....

അൻസിക്ക അവന്റെ ഫോണിന്റെ പാർട്സ് ഒക്കെ പെറുക്കി എടുത്തിട്ട് ആദിക്ക് കൊടുത്തപ്പോ അവനത് വീണ്ടും തട്ടി മാറ്റി അവിടന്ന് എണീറ്റ് പോയി... അത് കണ്ട് അവറ്റകള് നമ്മളെ ചുറ്റും കൂടി നിന്ന് കാര്യം ചോദിച്ചപ്പോ നമ്മള് നമ്മളെ പകരം വീട്ടലിനെ കുറിച്ച് അവരോട് പറഞ്ഞു...

അവര് അതിന് എതിര് നിൽക്കുമെന്ന് പ്രതീക്ഷിച്ചെങ്കിലും അവരും നമ്മക്ക് കട്ട സപ്പോർട്ടായിരുന്നു ഈ കാര്യത്തിന്... പക്ഷെ ആദിയെ കൂടുതൽ വിഷമിപ്പിക്കരുതെന്ന നിബന്ധന മാത്രേ അവർ വെച്ചിട്ടുള്ളൂ.... നമ്മള് അതിന് സമ്മതിക്കേം ചെയ്തു...

ഇവർക്കും ഉണ്ടല്ലോ അവനോട് ചെറിയ രീതിയിലായിട്ട് ഒരു പകരം വീട്ടൽ... അതോണ്ട് അവരും കട്ട സപ്പോർട്ടായോണ്ട് നമ്മക്ക് ഇനി എന്തുമാകാം.... ഈ ഒരു പകരം വീട്ടലോട് കൂടി അവൻ എല്ലാം നിർത്തിക്കോളും... പിന്നെ ഒരു പ്രശ്നത്തിനും അവൻ ഇനി വരില്ലെന്ന് ഉറപ്പാ....

അങ്ങനെ ഫ്ലൈറ്റ് എത്തിയതും ഞങ്ങള് ചെന്ന് ഫ്ലൈറ്റിൽ കേറി ഇരുന്നു... അപ്പോഴും നമ്മളെ നോട്ടം ആദിയെ ആയിരുന്നു... അവനെ കണ്ടില്ലല്ലോ എന്ന് മനസ്സ് പുലമ്പാൻ തുടങ്ങിയപ്പോ നമ്മളെ കണ്ണുകൾ അറിയാതെ അവനെ തിരയാൻ തുടങ്ങി...

പെട്ടെന്ന് നമ്മളെ അടുത്ത് ഒരാള് വന്നിരുന്നതും നമ്മള് ഞെട്ടി തിരിഞ്ഞ് അയാളെ മുഖത്തേക്ക് നോക്കി... ദേ ഇരിക്കുന്നു നമ്മളെ തൊട്ടടുത്ത് ആ മഹാൻ...

ഓനെ കണ്ടപ്പോ തന്നെ നമ്മള് കൂടെയുള്ള ഫൈസൽക്കാൻറെ കയ്യിൽ പിടിച്ചു...

അത് കണ്ട് ഫൈസൽക്ക എന്താ എന്ന ഭാവത്തിൽ നമ്മളെ നോക്കിയതും നമ്മള് മൂപ്പർക്ക് ആ കോന്തനെ കണ്ണ് കൊണ്ട് കാണിച്ച് കൊടുത്തു....

ആദിനെ കണ്ടപ്പോ തന്നെ ഫൈസൽക്ക തലക്ക് താങ്ങും കൊടുത്തിട്ട് നമ്മളെ അടുത്തേക്ക് നീങ്ങി വന്നിട്ട് നമ്മളെ കാതിൽ മൊഴിഞ്ഞു...

"ന്റെ പൊന്നാര ഫെബിയെ... ആ ചെക്കനെ ഇട്ട് ഇങ്ങനെ കഷ്ടപ്പെടുത്തല്ലേട്ടോ... അവസാനം ഓൻ ചെലപ്പോ എനിക്കിട്ട് വല്ല കൊട്ടേഷനും കൊടുക്കും... അങ്ങനെ ആയാൽ എന്റെ നൂറ...."

"ഹൈ... നിങ്ങളെന്ത് മനുഷ്യനാ ഫൈസൽക്കാ... എന്തിനാ നിങ്ങള് ഇങ്ങനെ പേടിക്കുന്നെ...? ഇങ്ങളെ നൂറാനെ ഞാൻ നിങ്ങൾക്ക് തന്നെ തരുമെന്ന് വാക്ക് പറഞ്ഞതല്ലേ... പിന്നെ എന്തിനാ ടെൻഷൻ..?

പിന്നെ ദേ ഇവന്റെ കാര്യം അത്ര സീരിയസ് ആക്കണ്ട...
ഈ ചൂടൊക്കെ പയ്യെ മാറിക്കോളും...."

എന്ന് നമ്മള് മൂപ്പരെ കാതിലും ഓതി കൊടുത്ത് തിരിഞ്ഞതും ദേ നമ്മളെ നോക്കി പേടിപ്പിക്കുന്നു കോന്തൻ... നമ്മള് അപ്പോ തന്നെ മുഖം തിരിച്ച് ഇരുന്നിട്ട് ഇങ്ങനെ ഒരാളെ കണ്ടിട്ട് പോലുമില്ല എന്ന ഭാവത്തിൽ അവിടെ തന്നെ ഇരുന്നു...

കുറച്ച് കഴിഞ്ഞ് ഫ്ലൈറ്റ് എടുത്ത് ഞങ്ങളെ യാത്ര തുടർന്നപ്പോ നമ്മള് മെല്ലെ ഇടങ്കണ്ണിട്ട് നമ്മളെ കോന്തനെ ഒന്ന് നോക്കി... മാക്കാൻ നമ്മളെ മുഖത്ത് നിന്ന് കണ്ണെടുക്കാതെ രൂക്ഷമായി നോക്കി കൊണ്ടിരിക്കാണ്... നമ്മള് പിന്നെ അതൊന്നും മൈൻഡ് ആക്കാൻ നിന്നില്ല...

നമ്മളെ ഓപ്പോസിറ്റ് സൈഡിൽ ഇരിക്കുന്ന മൂന്ന് അലവലാതികൾ ആണെങ്കിലോ ഇങ്ങോട്ട് ഒന്ന് നോക്കുന്നത് പോലുമില്ല... ഈ മൊച്ച ഫൈസൽക്കയും അതുപോലെ തന്നെ... ഞാൻ ഒരുത്തി ഇവിടെ ഇരുപ്പുണ്ടെന്ന് പോലും മൈൻഡ് ചെയ്യാതെ ഹെഡ്

സെറ്റ് തിരുകി വെച്ച് പാട്ട് കേൾക്കാണ്....

നമ്മള് അപ്പോ തന്നെ എന്തെ ചെയ്തെന്നോ.... ഫൈസൽക്കാൻറെ തോളിലേക്ക് മെല്ലെ നമ്മളെ തല ചായ്ച്ചു വെച്ചിട്ട് മൂപ്പരെ കയ്യും പിടിച്ച് കണ്ണടച്ച് കിടന്നു.... അത് കണ്ടിട്ട് മൂപ്പര് തൊള്ളേം തുറന്ന് എന്നെയും ആദിനെയും നോക്കുന്നുണ്ട്.... പക്ഷെ നമ്മള് മൈൻഡ് ആക്കിയില്ല...

പക്ഷെ അപ്രതീക്ഷിതമായി അവിടെ മറ്റൊന്നും കൂടി അരങ്ങേറി... നമ്മളെ കോന്തൻ പെട്ടെന്ന് നമ്മളെ കൈ രണ്ടും ഫൈസൽക്കാൻറെ മേലിൽ നിന്ന് എടുത്തിട്ട് അവന്റെ കയ്യിൽ വെപ്പിച്ചു... എന്നിട്ട് നമ്മളെ തലയെടുത്ത് അവന്റെ തോളിലേക്ക് ചായ്ച്ചു...

അത് കണ്ടിട്ട് നമ്മള് കിളി പോയ അവസ്ഥയിൽ ഓന്റെ തോളിൽ നിന്ന് തലയെടുത്ത് ഓനെ നോക്കിയപ്പോ ഓൻ വീണ്ടും നമ്മളെ തല ഓന്റെ തോളിൽ വെച്ചിട്ട് നമ്മളെ തലയിൽ തലോടി കൊണ്ടിരുന്നു...

നമ്മള് അപ്പോ തന്നെ ഫൈസൽക്കാനെ നോക്കിയപ്പോ മൂപ്പര് വേഗം കണ്ണടച്ച് വെച്ചിട്ട് ഉറങ്ങുന്ന പോലെ

അഭിനയിച്ചു കൊരങ്ങൻ...

അത് കണ്ടപ്പോ നമ്മള് അപ്പോ തന്നെ ആദിന്റെ കൈ തട്ടി മാറ്റി എണീറ്റ് നേരെ ഇരുന്നതും ആദി ഫ്ലൈറ്റ് കുലുങ്ങുന്ന തരത്തിൽ ഡീ എന്ന് അലറി നമ്മളെ നേരെ വിരല് ചൂണ്ടിയപ്പോ എല്ലാവരുടെയും നോട്ടം നമ്മളിലേക്ക് പതിച്ചു...

ഓന്റെ അലർച്ച കേട്ട് നമ്മള് ഓനെ നോക്കി വിറച്ച് നിന്നപോ ഓൻ കിടക്കാൻ ആംഗ്യം കാണിച്ചിട്ട് നമ്മളെ നേരെ തോള് വെച്ചു... നമ്മള് നോ എന്ന് തലയാട്ടിയപ്പോ ഓൻ നമ്മളെ നേരെ വരാൻ നിന്നതും നമ്മള് വേഗം ഓന്റെ തോളിൽ തല ചായ്ച്ച് വെച്ചു....

ഇത്രയൊക്കെ ഇവിടെ സംഭവിച്ചിട്ടും ഒന്നും അറിയാത്ത പോലെ ഇരുന്ന നമ്മളെ നാല് കട്ട ചങ്ക്സും വെട്ടിയിട്ട വാഴയെ പോലെ ഒരൊറ്റ കിടത്തമായിരുന്നു ബലാലുകൾ...

നമ്മള് ആണെങ്കിൽ ഇത്തിരി ഉൾഭയവും അതിലേറെ സന്തോഷവും കൊണ്ട് ആദിന്റെ തോളിലേക്ക് ചാഞ്ഞ് നമ്മളെ കൂടപ്പിറപ്പിനെ കൂട്ടിന് വിളിച്ചിട്ട് നന്നായിട്ട് ഒന്ന്

ഉറങ്ങി....

പിന്നെ ഞാൻ ആ തോളിൽ നിന്ന് എണീറ്റത് ഫ്ലൈറ്റ് നാട്ടിൽ എത്തിയപ്പോഴാണ്... അതും കണി കണ്ടതോ ഓന്റെ തുറുക്കനെയുള്ള നോട്ടവും... നമ്മള് അപ്പോ തന്നെ ഓന്റെ കണ്ണ് വെട്ടിച്ച് വേഗം ഫ്ലൈറ്റിൽ നിന്ന് ഇറങ്ങി... എന്നിട്ട് എല്ലാ വേരിഫിക്കേഷൻസും ക്ലിയറെൻസും കഴിഞ്ഞ് പെട്ടെന്ന് തന്നെ എയർപോട്ടിൽ നിന്നും പുറത്തേക്ക് ഇറങ്ങി...

അവിടെ അപ്പോ എന്നെയും ഫൈസൽക്കനേയും കാത്ത് താഹി നിൽപ്പുണ്ടായിരുന്നു.... നമ്മള് അപ്പോ തന്നെ ലഗേജ് എടുത്തിട്ട് അവന്റെ അടുത്തേക്ക് ഓടി ചെന്ന് വേഗം കാറിൽ കേറിയിരുന്ന് പുറത്തേക്ക് നോക്കി...

അപ്പോ ബാക്കി നാലും കൂടി ആ കോന്തനോട് സൊള്ളി കൊണ്ട് ഇറങ്ങി വരുന്നതാണ് നമ്മള് കണ്ടത്... പടച്ചോനെ അവന്മാര് നമ്മളെ പ്ലാൻ അവന് പറഞ്ഞ് കൊടുക്കല്ലേ എന്ന് പ്രാർത്ഥിച്ചോണ്ട് നമ്മള് രണ്ടും കൽപ്പിച്ച് അവിടെ നിന്ന് ഫൈസൽക്കാ... എന്ന്

തൊണ്ട കാറി വിളിച്ചതും മൂപ്പര് ആദിനോട് യാത്ര പറഞ്ഞ് നമ്മളെ അടുത്തേക്ക് വന്നു...

അപ്പോ ആദി അവിടെ നിന്നോണ്ട് നമ്മളെ തന്നെ കണ്ണിമ വെട്ടാതെ നോക്കുന്നത് കണ്ടപ്പോ നമ്മള് ഓനെ നോക്കി പുച്ഛിച്ച് തള്ളിയിട്ട് ബാക്കി മൂന്നിനോടും ഒരു യാത്ര പോലും പറയാതെ താഹിയോട് വേഗം വണ്ടിയെടുക്കാൻ പറഞ്ഞ് നമ്മള് ദൃതി കൂട്ടി...

ഫൈസൽക്ക ആണെങ്കിൽ നമ്മളെ ദൃതി കണ്ടിട്ട് പൊരിഞ്ഞ ചിരിയിലാണ് ഹംക്ക്...

താഹി ആണെങ്കിലോ നമ്മള് വല്ലതും ഒപ്പിച്ച് വന്നിട്ടാണോ ഇത്രക്ക് ദൃതി കൂട്ടുന്നതെന്ന് കരുതി നിൽക്കാ...

ഒടുക്കം താഹി കാറെടുത്ത് യാത്ര തുടങ്ങിയതും നമ്മള് സീറ്റിലേക്ക് ചാഞ്ഞ് ഇരുന്നിട്ട് ഒന്ന് നെടുവീർപ്പിട്ട് തിരിഞ്ഞ് നോക്കിയപ്പോ ആദി അവിടന്ന് നോക്കി നിൽക്കുന്നത് കണ്ടു... അത് കണ്ടപ്പോ എന്തോ പോലെ തോന്നി... അവന് വിഷമായി കാണോ എന്ന് ചിന്തിച്ച് തലയും താഴ്ത്തി അങ്ങനെ ഇരുന്നു....

"ഇതുവരെ വണ്ടിയെടുക്കാൻ ദൃതി കാണിച്ച നിനക്ക് എന്താടി ഇപ്പോ ഒന്നും പറയാനില്ലേ...? എന്തോ പോയ ആരെയോ പോലെയുണ്ടല്ലോ അന്റെ ഇരുപ്പ് കണ്ടിട്ട്... എന്താടി പ്രശ്നം...."

"ഡാ താഹി... അപ്പോ അനക്ക് മനസ്സിലായില്ലേ ഇവളെ പ്രശ്നം എന്താണെന്ന്...? ആദിൽ സാഹിബ് കരീമാണ് ഇവളെ ഇപ്പോഴത്തെ പ്രശ്നം...."

എന്ന് പറഞ്ഞ് ഫൈസൽക്ക കിണിച്ചോണ്ട് നമ്മളെ എല്ലാ പ്ലാനിനെ കുറിച്ചും മൂപ്പര് പറഞ്ഞ് കൊടുത്തു... എല്ലാം കേട്ട് കഴിഞ്ഞപ്പോ നമ്മള് മെല്ലെ താഹിയെ ഒന്ന് തലയുയർത്തി നോക്കി... അപ്പോ അവനുണ്ട് ഫൈസൽക്കാനെ പോലെ ചിരി അടക്കി പിടിച്ച് ഇരിക്കുന്നു...

അത് കണ്ടപ്പോ നമ്മക്ക് ദേഷ്യം വന്നു... നമ്മള് അപ്പോ തന്നെ അവന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തപ്പോ ഓൻ അടക്കി വെച്ച ചിരിയൊക്കെ കൂടി പുറത്തേക്ക് വന്നു... പിന്നെ പറയണ്ടല്ലോ രണ്ടും കൂടി എന്റെ ചെവി തിന്നലായിരുന്നു മെയിൻ പണി...

"ഫെബി എന്തൊക്കെ ആയാലും അവന്റെ ഭാഗത്തും ന്യായം ഇല്ലേ പെണ്ണേ... പിന്നെ എന്തിനാ അവനെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നെ...?"

"അങ്ങനെ അങ്ങ് പറഞ്ഞ് കൊടുക്ക് താഹി... ഞാൻ പറഞ്ഞ് ഒഴിഞ്ഞു ഇവളെ കൊണ്ട്.... അവളെ ഒരു ഓലക്കീമലെ പകരം വീട്ടല്...."

"തന്നെ.... കാഴ്ചക്കാരനും കേൾവികാരനുമായ നിങ്ങൾക്ക് അത് പറയാം... കാരണം അനുഭവിച്ചത് ഞാനാ... അപ്പോ എനിക്കെ അറിയൂ അതിന്റെ മനോവിഷമം....

പിന്നെ അവനെ ഇങ്ങനെ വിഷമിപ്പിക്കുന്നതിൽ എനിക്ക് സങ്കടമുണ്ട് പക്ഷെ ഇത് ഞാൻ ഇപ്പോ ചെയ്തില്ലേൽ പിന്നെ എനിക്ക് ജീവിതാവസാനം വരെ മനസ്സമാധാനം എന്ന് പറയുന്ന സാധനം കിട്ടില്ല... അതോണ്ട് ദയവ് ചെയ്ത് സപ്പോർട്ട് ചെയ്തില്ലേലും തളർത്തരുത്..."

എന്ന് നമ്മള് കൈ കൂപ്പി കൊണ്ട് അവരോട് പറഞ്ഞു...

"ഹൈ... നീ ഇങ്ങനെ സെന്റി ആകല്ലേ രാമൻ കുട്ടി.... നീ ഇങ്ങനെ ആയാൽ പിന്നെ ആര് അവനോട് പകരം വീട്ടി എനിക്ക് എന്റെ നൂറാനെ എന്റെ കരങ്ങളിൽ ഏൽപ്പിച്ച് തരും...? അതോണ്ട് തളരരുത് രാമൻ കുട്ടി... തളരരുത്...."

ഫൈസൽക്കാൻറെ ആശ്വസിപ്പിക്കല് കേട്ടിട്ട് നമ്മള് മൂപ്പരെ ഒന്ന് തുറുക്കനെ നോക്കിയപ്പോ ഫൈസൽക്ക നമ്മക്ക് ഇളിച്ച് കാണിച്ച് തന്നിട്ട് ഞാൻ ഉണ്ട് നിന്റെ കൂടെ എന്ന് ആംഗ്യം കാണിച്ചു...

അത് കണ്ട് നമ്മളൊന്ന് ചിരിച്ചോണ്ട് പുറത്തേക്ക് നോക്കി ഇരുന്നു....

താഹി നേരെ നമ്മളെ വീട്ടിലേക്ക് ആണ് ഞങ്ങളെ കൊണ്ട് വന്നത്... അവിടെയാണെങ്കിലോ ഇല്ലാത്തത് ആയിട്ട് ആരും ഉണ്ടായിരുന്നില്ല.... ഫൈസൽക്കന്റെയും എന്റെയും ഫുൾ ഫാമിലിയും ഒരുമിച്ച് കൂടിയിട്ടുണ്ട്...

ഞങ്ങളെ രണ്ട് പേരെയും കണ്ടപ്പോ തന്നെ അവരൊക്കെ കൂടി ഞങ്ങളെ ആനയിച്ച് അകത്തേക്ക് കൊണ്ട് വന്നിട്ട് സോഫയിൽ ഇരുത്തി.... ഞങ്ങള് രണ്ട് പേരും പരസ്പരം മുഖത്തോട് മുഖം നോക്കി ഇരുന്നപ്പോഴുണ്ട് ഞങ്ങളെ രണ്ട് പേരുടെയും ഉമ്മമാരും കൂടി സ്വീറ്റ്സും കൊണ്ട് വന്നിട്ട് ഞങ്ങളെ രണ്ട് പേരെയും തീറ്റിക്കുന്നു....

ഞങ്ങള് രണ്ട് പേരും താഹിനെ നോക്കി കൊണ്ട് എന്താ ഇവിടെ നടക്കുന്നതെന്ന് ആംഗ്യം കാണിച്ചപ്പോ ഓൻ ഗോപി വരച്ച് വാ പൊത്തി പിടിച്ചോണ്ട് പുറത്തേക്ക് ഇറങ്ങി പോയി.... അവിടെ കൂടി നിന്നവരൊക്കെ ഞങ്ങളെ ഇതുവരെ കാണാത്ത പോലെ നോക്കി നിന്നിട്ട് എന്തൊക്കെയോ കുശുകുശുക്കുന്നുണ്ട്....

ഞങ്ങൾക്ക് ആണെങ്കിലോ എന്താ ഇവിടെ നടക്കുന്നതെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ലതാനും....

അപ്പോഴാണ് ഹസിയും ഫസിയും കൂടി ഞങ്ങളെ രണ്ട് പേരുടെയും ഇടവും വലവും വന്ന് ഇരുന്നത്.... നമ്മള് അപ്പോ തന്നെ കൂടെ ഇരിക്കുന്ന ഹസിനെ നോക്കി കൊണ്ട് എന്താടി ഇവിടെ നടക്കുന്നതെന്ന് ചോദിച്ചു....

"എന്റെ ഫെബി.... അപ്പോ നിങ്ങള് ഒന്നും അറിഞ്ഞില്ലേ...? ഇന്ന് നിങ്ങളെ രണ്ട് പേരുടെയും മിട്ടായി കൊടുക്കലാ... രണ്ട് വീട്ടുകാരും കൂടി അതങ്ങ് പറഞ്ഞ് ഉറപ്പിച്ചു... ഈ വരുന്ന സൺഡേ നിങ്ങളെ എങ്കേജ്മെന്റാ...."

ഹസി പറയുന്നത് കേട്ട് ഞാനും ഫൈസൽക്കയും ഒരുമിച്ച് ഞെട്ടി പരസ്പരം മുഖത്തേക്ക് നോക്കി ഇരുന്നു...

"എന്റെ ഇക്കാക്കാനെ പറ്റില്ലാന്ന് പറഞ്ഞ് ഒടുക്കം നീ മൂപ്പരെ തന്നെ ചാക്കിട്ട് പിടിച്ചല്ലേടി കൊച്ചു കള്ളി...."

എന്ന് ഫസി നമ്മളോട് പറഞ്ഞപ്പോ നമ്മള് ഓളെ നോക്കി കൊണ്ട് സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊടുത്തു...

അപ്പോ തന്നെ ഫൈസൽക്ക എന്റെ അടുത്തേക്ക് നീങ്ങി ഇരുന്നു...

"ഫെബി കാര്യങ്ങൾ ഒക്കെ കൈ വിട്ട് പോകുന്ന പോലെ എനിക്ക് തോന്നുന്നു... എനിക്ക് എന്റെ പെണ്ണിനെ വിഷമിപ്പിക്കാൻ പറ്റില്ല അതോണ്ട് ഞാൻ ഇത് മുടക്കാൻ പോകാ...."

എന്ന് നമ്മളെ കാതിൽ പറഞ്ഞിട്ട് മൂപ്പര് നമ്മക്ക് പറയാനുള്ളത് കേൾക്കാൻ പോലും കൂട്ടാക്കാതെ പെട്ടെന്ന് എണീറ്റു...

"എനിക്ക് നിങ്ങളോടൊക്കെ ഒരു കാര്യം പറയാൻ ഉണ്ട്... ഇനിയും അത് പറഞ്ഞില്ലേൽ ചിലപ്പോ ശരിയാകില്ല...... എനിക്ക്......"

"ഫൈസൽക്ക......"

ഫൈസൽക്കാനെ പറയാൻ സമ്മതിപ്പിക്കാതെ നമ്മള് അപ്പോഴേക്കും ഇടങ്കോലിട്ട് അവിടന്ന് എണീറ്റ് മൂപ്പരെ കയ്യിൽ പിടിച്ചിട്ട് അവരെയൊക്കെ ഒന്ന് നോക്കി ചിരിച്ചു....

"ഫൈസൽക്ക ഇത് എന്തൊക്കെയാ പറയാൻ പോകുന്നത്....? അത് എന്തായാലും ശരി എനിക്ക് ഇങ്ങളോട് ഒന്ന് സംസാരിക്കണം ഒന്നിങ്ങ് വന്നേ....

വാ... വാ ഫൈസൽക്ക...."

എന്ന് പറഞ്ഞ് മൂപ്പരെ കൈ പിടിച്ച് വലിച്ച് നമ്മള് മോളിലേക്ക് കൊണ്ട് പോയപ്പോ അവരൊക്കെ കൂടി ഓരോ അർഥം വെച്ച പോലെയുള്ള നോട്ടവും ചിരിയുമൊക്കെ ആയിരുന്നു... നമ്മളതൊന്നും കാര്യമാക്കാതെ മൂപ്പരേയും കൊണ്ട് നമ്മളെ റൂമിലേക്ക് ചെന്നിട്ട് വാതിലടച്ചു...

"എന്താ നിനക്ക് പറയാനുള്ളത്...? എന്താന്ന് വെച്ചാ ഒന്ന് വേഗം പറ... എനിക്ക് വേറെ പണിയുണ്ട്...."

എന്ന് മൂപ്പര് പറഞ്ഞ് തീർന്നതും നമ്മള് കൈ മടക്കി പിടിച്ച് മൂപ്പരെ കുത്തുന്ന പോലെ അടുത്തേക്ക് കൊണ്ട് പോയി...

"ഒരൊറ്റ വീക്ക് വെച്ച് തന്നാലുണ്ടല്ലോ....

കാര്യങ്ങളൊക്കെ നമ്മള് വിചാരിച്ച പോലെ തന്നെ സ്മൂത്തായിട്ട് നടക്കുന്നില്ലേ പിന്നെ എന്തിനാ വെറുതെ ഇടങ്കോലിടുന്നെ....?"

"ഡി... അതിന് നീ പറഞ്ഞത് അച്ചൂന്റെയും അരുണിന്റെയും കല്യാണം കഴിഞ്ഞിട്ടാണ് നമ്മളെ പ്ലാൻ എന്നല്ലേ... പക്ഷെ ഇത് കാര്യങ്ങളൊക്കെ കൈ വിട്ട് പോകാണല്ലോ.... ഇത്ര പെട്ടെന്ന് തന്നെ എങ്കേജ്മെന്റൊക്കെ എന്ന് പറഞ്ഞാൽ അത് നടക്കില്ല ശരിയാകില്ല..."

"ഓ.... പൊട്ടൻ മണകുണാഞ്ചൻ ഫൈസലെ... എപ്പോ ആയാലും ഇതൊക്കെ തന്നെയല്ലേ അപ്പോഴും നടക്കാൻ പോകുന്നത്... പക്ഷെ ഇതൊന്നും നടക്കില്ലെന്ന് മാത്രം... അതിന് മുമ്പ് തന്നെ നമ്മളെ ചെക്കൻ വന്ന് അത് കുളം തോണ്ടിയിരിക്കും....

അപ്പോ എത്രെയും പെട്ടെന്ന് എങ്കേജ്മെന്റ് വെക്കുന്നോ അത്രെയും നല്ലതല്ലേ നിങ്ങക്ക് നൂറാനെ കിട്ടാനുള്ള വഴിയും...."

നമ്മള് പറയുന്നത് കേട്ടപ്പോ ഇതുവരെ മിന്നി കത്തിയ

മൂപ്പരെ മോന്ത പെട്ടെന്ന് സന്തോഷം കൊണ്ട് കത്തി ജ്വലിക്കാൻ തുടങ്ങി... ശോ അപ്പോ ആ മോന്തയൊന്ന് കാണണം എന്റെ പൊന്നോ... എന്തൊരു തേജസാ.... നൂറാന്റെ കാര്യം പറഞ്ഞിട്ടാ ഇത്രക്ക് തേജസ്...

ഒടുക്കം മൂപ്പരോട് നമ്മളെ പ്ലാൻ ഒക്കെ ഒന്ന് കൂടി പറഞ്ഞ് ഉറപ്പിച്ചിട്ട് ഞങ്ങള് താഴേക്ക് ഇറങ്ങി വന്നു... അപ്പോഴും അവരൊക്കെ കൂടി നിന്ന് കുശുകുശുക്കുന്നത് കണ്ടപ്പോ ഞങ്ങള് രണ്ട് പേരും ഒരുമിച്ച് ഒരു അവിഞ്ഞ ചിരി പാസാക്കി കൊടുത്തിട്ട് ഫോട്ടോക്ക് ഒക്കെ പോസ് ചെയ്ത് നിന്നു...

പിന്നെ ഫൈസൽക്കാന്റെ ഉമ്മ വന്നിട്ട് മൂപ്പരെ കയ്യിൽ ഒരു മിട്ടായി പെട്ടി കൊടുത്തിട്ട് നമ്മക്ക് തരാൻ പറഞ്ഞു...

നമ്മളത് രണ്ട് കയ്യും നീട്ടി സ്വീകരിച്ചിട്ട് അവരെയൊക്കെ ഒന്ന് നോക്കി ചിരിച്ചു....

ഫൈസൽക്കക്ക് ഉപ്പയില്ല അപ്പോ ഉമ്മയാണ് എല്ലാം... അതോണ്ട് മൂപ്പത്തി സമ്മതം വേണം ഫൈസൽക്കക്ക് എന്തിനും... അതാണ് നൂറാന്റെ കാര്യം ഉമ്മാനോട് മിണ്ടാത്തത്...

എന്തായാലും ആ നാടകം അങ്ങനെ അരങ്ങേറി തീർന്നതും വന്നവരൊക്കെ തിരിച്ച് പോയി വീട്ടുകാര് മാത്രം ബാക്കിയായി... നമ്മള് അപ്പോ തന്നെ ഹസിനെയും നിസൂക്കാനെയും നമ്മളെ റൂമിലേക്ക് കൊണ്ട് വന്നിട്ട് നമ്മളെ പ്ലാനിനെ കുറിച്ചൊക്കെ പറഞ്ഞ് കൊടുത്തു....

അത് കേട്ടപ്പോ നിസൂക്ക എതിർത്തെങ്കിലും ഹസി പറഞ്ഞ് ഒടുക്കം മൂപ്പരും നമ്മളെ കൂടെ നിൽക്കാമെന്ന് വാക്ക് തന്നു.... എന്നാലും അവന്മാരൊക്കെ തമ്മിൽ അപ്പോഴും കൂട്ടുണ്ടാകും... പക്ഷെ നമ്മളെ പ്ലാനിങ്ങിനെ പറ്റി ഒന്നും അവര് അവനോട് മിണ്ടില്ല... അതാണ് ഏക ആശ്വാസം...

അന്ന് തന്നെ എല്ലാവരോടും നമ്മളെ നാടക എങ്കേജ്മെന്റിനെ പറ്റി വിളിച്ച് പറഞ്ഞിട്ട് അവരെയൊക്കെ സൺഡേ വീട്ടിലേക്ക് ക്ഷണിച്ചു... പ്രത്യേകിച്ച് നമ്മളെ കോന്തനെ.... അവനെ വിളിച്ച് നമ്മളെ എങ്കേജ്മെന്റാണെന്ന് പറയാനുള്ള ധൈര്യം നമ്മക്ക് പടച്ചോൻ തന്നിട്ടില്ലാത്തൊണ്ട് ഫൈസൽക്കാനെ ബ്ലാക്ക് മെയിൽ ചെയ്തിട്ടാണ്

നമ്മള് മൂപ്പരെ കൊണ്ട് ആദിക്ക് വിളിപ്പിച്ചത്...

ഫൈസൽക്ക പറയുന്നതൊക്കെ കേട്ടിട്ട് മറുത്ത് ഒരു വാക്ക് പോലും മിണ്ടാതെ ആദി ഫോൺ കട്ടാക്കിയപ്പോ നമ്മളെക്കാൾ ടെൻഷൻ ഫൈസൽക്കാക്ക് ആയിരുന്നു... ആദിയെ വേദനിപ്പിക്കാതെ പെട്ടെന്ന് ഇതൊന്ന് അവസാനിപ്പിക്കെന്ന് മൂപ്പര് പറഞ്ഞപ്പോ നമ്മളൊന്ന് ചിരിച്ച് കൊടുത്തു...

ഇന്നാണ് നമ്മളെ എങ്കേജ്മെന്റ്... നമ്മളെ വീട്ടിൽ വെച്ചാണ് എല്ലാ പരിപാടിയും... അതോണ്ട് ഇന്നലെ മുതൽ വീട്ടിൽ മൊത്തം കലപില ശബ്ദം മാത്രേ കേൾക്കാനുള്ളു.... നമ്മളെ ഉമ്മച്ചിയും ഉപ്പച്ചിയും ഒക്കെ പൊരിഞ്ഞ ബിസി... നമ്മള് മാത്രം നേരത്തെ അണിഞ്ഞൊരുങ്ങി ഇരുന്ന് കട്ട പോസ്റ്റ്...

പിന്നെ നമ്മളെ എല്ലാ ചങ്ക്സും നേരത്തെ തന്നെ എത്തിയിരുന്നുട്ടോ.... അതാണ് നമ്മക്ക് ആശ്വാസമായത്... കൂട്ടത്തിൽ മറ്റൊരു അതിഥി കൂടി ഉണ്ടായിരുന്നു അവരെ കൂടെ.... വേറെ ആരുമല്ല ഫൈസൽക്കാൻറെ പൊന്നാര നൂറ...

അവളുമായിട്ട് ഫോണിലൂടെയുള്ള പരിചയമേ ഉണ്ടായിരുന്നുള്ളു എങ്കിലും ഞങ്ങള് നല്ല കൂട്ടായിരുന്നു.... ഇന്ന് നടക്കാൻ പോകുന്ന നാടകത്തെ കുറിച്ചൊക്കെ ഒരു കണക്കിന് പറഞ്ഞ് സെറ്റാക്കി അവളെ സമ്മതിപ്പിച്ചിട്ടാ എല്ലാവരും അവളെ കൊണ്ട് വന്നത്... പെണ്ണ് ഇടക്ക് വെച്ച് കുളമാക്കില്ലെന്ന് വിശ്വസിക്കാം....

അങ്ങനെ നമ്മള് അവരോടൊക്കെ സംസാരിച്ച് നിൽക്കുമ്പോഴുണ്ട് ഫൈസൽക്കയും കൂട്ടരും കൂടി വരുന്നുണ്ടെന്ന് ആരോ വിളിച്ച് കൂവുന്നു... അത് കേട്ടപ്പോ മുതൽ ഇവിടെ ഒരുത്തി ടാങ്കിന്റെ പൈപ്പ് തുറന്ന് വിട്ട പോലെ ഭൂലോക കരച്ചില് ആയിരുന്നു....

ഒടുക്കം എല്ലാവരും കൂടി പറഞ്ഞ് അവളെ പിടിച്ച് നിർത്തി...

അങ്ങനെ ഫൈസൽക്ക നമ്മളെ അടുത്തേക്ക് വന്നിട്ട് നൂറാനെ ദയനീയതയോടെ നോക്കുന്നത് കണ്ടപ്പോ നമ്മക്ക് വരെ പാവം തോന്നി പോയി... പിന്നെ ഇതൊക്കെ ഒരു കണക്കിന് അവരെ നല്ലതിന് കൂടി

വേണ്ടിയല്ലേ എന്ന് ചിന്തിച്ചപ്പോ ഒരല്പം ആശ്വാസം കിട്ടി...

അപ്പോഴാണ് നമ്മളെ ചങ്ക് ബ്രദേഴ്സിന്റെ കൂടെ കയറി വരുന്ന എന്റെ ചെക്കനെ കണ്ടത്.... അവനെ കണ്ടപ്പോ പരിസരം മറന്ന് ഞാൻ അവനെ തന്നെ നോക്കി നിന്ന് പോയി... അവന്റെ മുഖത്ത് ഒരു തരത്തിലുള്ള ഗൗരവം കണ്ടപ്പോ തന്നെ ഇന്നത്തെ പരിപാടിയുടെ കാര്യത്തിൽ ഒരു തീരുമാനം ആയെന്ന് ഞാൻ ഉറപ്പിച്ചു...

നമ്മളെ ഉപ്പച്ചി നമ്മളെ ബ്രദേഴ്സിനെയും ആദിയെയും അകത്തേക്ക് ക്ഷണിച്ച് ഇരുത്തിയിട്ട് കുടിക്കാൻ വെള്ളം കൊടുത്തു.... ആദി വേണ്ടെന്ന് പറഞ്ഞ് നിരസിച്ചിട്ട് എന്നെയും ഫൈസൽക്കന്റെയും മാറി മാറി നോക്കാൻ തുടങ്ങി...

ഓന്റെ നോട്ടം കണ്ടിട്ട് നമ്മള് ഫൈസൽക്കാനെ നോക്കിയപ്പോ മൂപ്പര് അപ്പോഴും നൂറാനെ നോക്കി നിൽക്കാണ് ഹംക്ക്... നമ്മള് അപ്പോ തന്നെ മൂപ്പരെ കയ്യിന് ഒരു നുള്ള് കൊടുത്തിട്ട് ആദി വന്നിട്ടുണ്ടെന്ന് പതിയെ കാതിൽ മൊഴിഞ്ഞ് ചിരിച്ചു....

അപ്പോ ഫൈസൽക്കയും ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് നമ്മളെ ബ്രദേഴ്സിനെയും ആദിനെയും നോക്കി ഹായ് കാണിച്ചു... ആദി ഒഴികെ ബാക്കി ഉള്ളവരൊക്കെ നമ്മളെ നോക്കി ഹായ് തിരിച്ചും പറഞ്ഞു....

നമ്മക്ക് അത് കണ്ടപ്പോ ചിരി വന്നു... പക്ഷെ അതിലുപരി കരച്ചിലാണ് വരുന്നത്... ഇനി എന്താ ഇവിടെ നടക്കാൻ പോകുന്നതെന്ന് അറിയില്ലല്ലോ...

അപ്പോഴാണ് നമ്മളെ ഉപ്പച്ചി വന്നിട്ട് നമ്മളെ കയ്യിൽ ഒരു റിങ് വെച്ച് തന്ന് ഫൈസൽക്കാക്ക് ഇട്ട് കൊടുക്കാൻ പറഞ്ഞത്...

നമ്മള് അത് ഉപ്പച്ചിന്റെ കയ്യിൽ നിന്നും വാങ്ങിച്ചിട്ട് ആദിനെ ഒന്ന് നോക്കി... ഓൻ കണ്ണിമ വെട്ടാതെ എന്നെ നോക്കി ഇരിക്കുന്നത് കണ്ടപ്പോ നമ്മള് പടച്ചോനെ കത്തോളണേ എന്ന് പ്രാർത്ഥിച്ചോണ്ട് ഫൈസൽക്കാൻറെ നേരെ തിരിഞ്ഞു....

(തുടരും)

ഭാഗം.121

നമ്മള് അത് ഉപ്പച്ചിന്റെ കയ്യിൽ നിന്നും വാങ്ങിച്ചിട്ട് ആദിനെ ഒന്ന് നോക്കി... ഓൻ കണ്ണിമ വെട്ടാതെ എന്നെ നോക്കി ഇരിക്കുന്നത് കണ്ടപ്പോ നമ്മള് പടച്ചോനെ കത്തോളണേ എന്ന് പ്രാർത്ഥിച്ചോണ്ട് ഫൈസൽക്കാൻറെ നേരെ തിരിഞ്ഞു....

എന്നിട്ട് മൂപ്പരെ വിരലിലേക്കും മോതിരത്തിലേക്കും നോക്കി നിന്നു...

"മോളെ ഫെബി.... നോക്കി നിൽക്കാതെ അവന്റെ വിരലിലേക്ക് ഇട്ട് കൊടുക്ക് മോളെ...."

ഉപ്പച്ചി നമ്മളെ പിടിച്ച് കുലുക്കി കൊണ്ട് അത് പറഞ്ഞപ്പോ നമ്മള് ഞെട്ടി തിരിഞ്ഞ് ഉപ്പച്ചിനെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കിയിട്ട് ആദിയെ നോക്കി...

അവിടെ അപ്പോ ആദിയെയും നമ്മളെ ബ്രദേഴ്സിനെയും കാണാൻ ഇല്ലായിരുന്നു...

ഇനി ഇപ്പോ എന്ത് ചെയ്യും പടച്ചോനെ... നമ്മളെ പ്ലാൻ ഒക്കെ തകരുന്ന പോലെയുണ്ടല്ലോ ഇതിന്റെ പോക്ക് കണ്ടിട്ടെന്ന് ചിന്തിച്ചോണ്ട് നിന്നപ്പോഴേക്കും എല്ലാവരും കൂടി നിർബന്ധിച്ച് എന്നെ കൊണ്ട് ഫൈസൽക്കാൻറെ കയ്യിൽ മോതിരം അണിയിച്ചു...

അന്നേരത്തെ മൂപ്പരെ മോന്ത എന്നെ ചുട്ടെരിക്കാൻ മാത്രം പാകത്തിനുള്ള കനലിൽ ആളി കത്തുകയായിരുന്നു... മൂപ്പര് എന്നെ ഇങ്ങനെ നോക്കിയിട്ട് എന്താ കാര്യം...? ഇങ്ങനെ ഒക്കെ ആകുമെന്ന് ഞാനും കരുതിയതില്ലല്ലോ...

അവസാന നിമിഷത്തിൽ ആ കോന്തൻ വന്ന് കല്യാണം നിർത്തുമെന്ന് പ്രതീക്ഷിച്ചിട്ട് ഒരു പുണ്ണാക്കും നടക്കാതിരുന്നത് എന്റെ തെറ്റാണോ...? ഒരു കണക്കിന് ചിന്തിക്കുമ്പോ എന്റെ തെറ്റ് തന്നെയാ... എന്നാലും ആ കോന്തൻ ഒരിക്കലും ഇങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു... എനിക്ക് നല്ലോണം വിഷമായി....

ഫൈസൽക്ക ആണെങ്കിൽ നമ്മളെ മുഖത്തേക്ക് പോലും നോക്കാതെ തലയും താഴ്ത്തി പല്ലിറുമ്പി

നിൽക്കാണ്... ഫൈസൽക്കാൻറെ ഉമ്മ മൂപ്പർക്ക് ഒരു റിങ് കൊടുത്തിട്ട് അത് നമ്മക്ക് ഇട്ട് തരാൻ പറഞ്ഞപ്പോ എന്റെ സാറെ ആ ഹംക്കിന്റെ നോട്ടമൊന്ന് കാണണം... എന്നെ ഇപ്പോ കൊന്ന് തിന്നാനുള്ള കൊലവെറി അതിലുണ്ട്...

നൂറയാണെങ്കിലോ ഇവിടെ നടക്കുന്നതൊക്കെ കണ്ടിട്ട് കരഞ്ഞോണ്ട് അകത്തേക്ക് ഓടിപ്പോയി... നമ്മളെ പുച്ഛിച്ച് തള്ളി കൊണ്ട് പിന്നാലെ നമ്മളെ ചങ്ക്സും.... ഫൈസൽക്ക എന്റെ കൈ പിടിച്ച് നെരിച്ച് കൊണ്ട് നമ്മളെ കയ്യിൽ റിങ് ഇട്ട് തന്നപോ നമ്മള് വേദന കൊണ്ട് മൂപ്പരെ കാലിനൊരു ചവിട്ട് കൊടുത്തു....

പടച്ചോനെ... എല്ലാം ഞാൻ വിചാരിച്ച പോലെ നടക്കാൻ വേണ്ടിയാ ഇങ്ങനെ ഒക്കെ ഞാൻ ചെയ്ത് ആദിയെ വെറുപ്പിച്ചത്.... ആ കോന്തൻ വന്ന് ഈ പരിപാടി കുളമാക്കുമെന്ന് പ്രതീക്ഷിച്ചിട്ട് അവന്റെ പൊടി പോലും ഇവിടെ ഒന്നും കാണുന്നില്ലല്ലോ.... ഞാൻ ഈ ചെയ്തത് ഒക്കെ കുറച്ച് കൂടി പോയെന്ന് മനസ്സിലായി... പക്ഷെ ആ കോന്തൻ എന്ത് കൊണ്ടാ ഇത് തടുക്കാഞ്ഞത്...? അപ്പോ അവന് എന്നോട് ഉണ്ടായിരുന്ന സ്നേഹം അത്രേ ഉണ്ടായിരുന്നൊള്ളു....

★★★★★★★★★★★★★★★★★★★★

"ഡാ ആദി... നീയെന്താ ഫങ്ക്ഷൻ പാതി വഴിയിൽ വിട്ടിട്ട് അവിടന്ന് ഇങ്ങോട്ട് ഇറങ്ങി വന്നത്...? എന്തേലും പ്രോബ്ലം ഉണ്ടോടാ...?" സിയാദാണ്.

"പിന്നെ പ്രോബ്ലം ഉണ്ടാകാതിരിക്കോ...? അവളും ആ ഫൈസലുമായിട്ടുള്ള എങ്കേജ്മെന്റ് എന്റെ കണ്മുന്നിൽ വെച്ച് നടക്കുന്നത് എനിക്ക് കണ്ട് നില്ക്കാൻ പറ്റുമെന്ന് തോന്നുന്നുണ്ടോ നിങ്ങൾക്ക്...?

അത് എന്നെ ജീവനോടെ കത്തിക്കുന്നതിന് സമമാ...."

"ഡാ ആദി.... ഇതുപോലെ ഒരു അവസ്ഥ അവൾക്ക് വന്നിരുന്നല്ലോ അപ്പോ അവളെ മാനസികാവസ്ഥ എന്തായിരുന്നു എന്ന് നീ ചിന്തിച്ചിരുന്നോ..?

നീയും സൽമയും ആയിട്ടുള്ള എങ്കേജ്മെന്റ് അവളെ കണ്മുന്നിൽ വെച്ച് നടന്നപ്പോ അവള് അനുഭവിച്ച വേദനയും സങ്കടവുമൊക്കെ എന്തായിരുന്നെന്ന് ഇപ്പോ നിനക്ക് മനസ്സിലായോ...?" നിസുവാണ്.

"എനിക്കറിയാം നിസൂ... അവളീ കാണിക്കുന്നത് ഒക്കെ എന്നോട് ഉള്ള വാശി തീർക്കാണെന്ന്...

അവള് അനുഭവിച്ച ആ വേദന എന്താണെന്ന് എനിക്ക് മനസ്സിലാക്കി തരാൻ വേണ്ടി അവള് മനപ്പൂർവ്വം ഫൈസലുമായിട്ടുള്ള ഈ വിവാഹത്തിന് സമ്മതിച്ചത്.... അവളെ വാശി അവളെ ഭാഗത്ത് നിന്ന് ചിന്തിക്കുമ്പോ ശരിയാണ്...

അത് കൊണ്ട് അവളെ വാശി അങ്ങ് ജയിക്കട്ടെ.... അവള് ഏതറ്റം വരെ പോകുമെന്ന് എനിക്കും ഒന്ന് കാണണം..."

"അപ്പോ എന്താ നിന്റെ പ്ലാൻ...?

അവരെ രണ്ട് പേരുടെയും കല്യാണം നടത്തി കൊടുക്കാൻ പോകാണോ...?"

ജോൺ പറയുന്നത് കേട്ടിട്ട് നമ്മളൊന്ന് ചിരിച്ചോണ്ട് അവരെ എല്ലാവരെയും ഒന്ന് നോക്കി...

"അവരുടെ രണ്ട് പേരുടെയും കല്യാണം അതിന് നടന്നിട്ട് വേണ്ടേ...? അതിന് മുമ്പ് ഈ നാടകമൊക്കെ തുടങ്ങി വെച്ച അവള് തന്നെ എല്ലാവരോടും വിളിച്ച് കൂവും അവൾക്ക് ഈ വിവാഹത്തിൽ ഇഷ്ടമില്ലെന്നും എന്നെ ആണ് അവൾക്ക് ഇഷ്ടമെന്നും... അത് എന്തായാലും നടക്കും... അതിന് വേണ്ടിയാ ഞാൻ ഇപ്പോ അവിടന്ന് ഇറങ്ങി പോന്നത്.... നിങ്ങള് വേണേൽ കണ്ടോ അവള് ഇപ്പോ വാലിന് തീ പിടിച്ച പോലെ അകത്ത് അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നുണ്ടാകും..."

എന്ന് പറഞ്ഞ് നമ്മള് ചിരിച്ചപ്പോ അവന്മാരും നമ്മളെ ചിരിക്ക് കൂട്ടായി നമ്മളെ കൂടെ കൂടി ചിരിക്കാൻ തുടങ്ങി...

★★★★★★★★★★★★★★★★★★★★★

"ഓ എന്റെ ഫെബി... കൊറേ നേരായല്ലോ നീ അങ്ങോട്ടും ഇങ്ങോട്ടും ഇങ്ങനെ നടക്കാൻ തുടങ്ങിയിട്ട് എന്താടി നിന്റെ മനസ്സില്...?"

"എന്റെ മനസ്സില് എന്താണെന്നല്ലേ...? അവൻ തന്നെ നിന്റെ കാക്കു കോന്തൻ... അവനാണ് എന്റെ മനസ്സില്...

എന്ത് ധൈര്യമുണ്ടായിട്ടാ അവൻ എന്റെ എങ്കേജ്മെന്റ് മുടക്കാതിരുന്നത്...? അപ്പോ അവന് എന്നെ ഇഷ്ടമല്ല എന്നല്ലേ അതിന് അർഥം...? ഇഷ്ടം ഉണ്ടായിരുന്നെങ്കിൽ അവൻ അത് മുടക്കില്ലായിരുന്നോ... പറ..."

"അതിന് അങ്ങനെയും അർത്ഥമുണ്ടോ...? ആദിൽക്ക ചെലപ്പോ ആ സീൻ കാണാതിരിക്കാൻ വേണ്ടി എണീറ്റ് പോയതും ആയിക്കൂടെ...?"

"ദേ സന... ഞാൻ വാലിൽ തീ പിടിച്ച് നിൽക്കാ ഇനിയും അവനെ സപ്പോർട്ട് ചെയ്തൊണ്ട് എന്തേലും പറഞ്ഞാലുണ്ടല്ലോ അടുത്ത ആഴ്ച അന്റെ എങ്കേജ്മെന്റ് ആകില്ല നടക്കാ...."

"ദേ നിങ്ങള് ഒന്ന് നിർത്തിക്കെ... ഇപ്പോ ഇവിടത്തെ പ്രശ്നം ആദിൽക്ക എങ്കേജ്മെന്റ് മുടക്കാത്തത് ആണോ അതോ മൂപ്പർക്ക് നിന്നെ ഇഷ്ടമില്ലാത്തത് ആണോ...?"

"ഓ........ എന്റെ പൊന്ന് ദിയാ നിന്റെ ആ പൊട്ട വാ അടച്ച് വെച്ചിട്ട് ഒന്ന് മിണ്ടാതിരിക്കോ... ഞാൻ വേണേൽ നിന്റെ കാല് പിടിക്കാം...."

നമ്മള് പറയുന്നത് കേട്ടിട്ട് അവറ്റകൾ ഒക്കെ കൂടി നിന്ന് ചിരിക്കാൻ തുടങ്ങി. അത് കണ്ട് നമ്മള് വൈലന്റായി കൊണ്ട് സൈലെൻസ് പറഞ്ഞപ്പോ അവറ്റകൾ വാ പൊത്തി പിടിച്ച് ചിരി അടക്കി വെച്ചു...

അപ്പോഴാണ് ബാൽക്കണിയിൽ നിന്നും നൂറയും ഫൈസൽക്കയും കൂടി സംസാരിക്കുന്നത് കേട്ടത്... നമ്മള് കാരണം അവറ്റകളുടെ കാര്യമാണ് ഇപ്പോ കഷ്ടത്തിൽ ആയിരിക്കുന്നതെന്ന് ചിന്തിച്ചപ്പോ നമ്മക്ക് തന്നെ നമ്മളോട് പുച്ഛം തോന്നി...

നമ്മള് അപ്പോ തന്നെ ബാൽക്കണിന്റെ വാതിൽ തുറന്നിട്ട് അവരെ രണ്ട് പേരുടെയും അടുത്തേക്ക് ചെന്നു....

"ഓ... വന്നല്ലോ എല്ലാത്തിനും കാരണക്കാരി ആയവൾ...

ദേ നോക്ക് ഫെബി... നീ കാരണാ ഇവള് ഇങ്ങനെ കരയുന്നത്... ഇതിന് ഒരു തീരുമാനം നീ കണ്ടില്ലേൽ ഞാൻ ചെലപ്പോ ആദിക്ക് വിളിച്ച് എല്ലാം പറയും കണ്ടോ..."

"ഓ... ഫൈസൽക്ക ഇങ്ങളൊന്ന് അടങ്ങി.... എങ്കേജ്മെന്റ് അല്ലെ കഴിഞ്ഞിട്ടുള്ളൂ കല്യാണം ഒന്നും അല്ലലോ കഴിഞ്ഞത്... നിങ്ങളൊന്ന് സബൂറാക്ക്... ഞാൻ ഇല്ലേ കൂടെ..."

"നീ കൂടെ ഉണ്ടായതിന്റെ കൊണം കൊണ്ടാണല്ലോ ഞങ്ങൾക്ക് ഇപ്പോ ഈ ഗതി വന്നത്... ദേ നീ എന്ത് ചെയ്യും ഏത് ചെയ്യുമെന്നൊന്നും എനിക്ക് അറിയില്ല... എന്റെ പെണ്ണിന്റെ കരച്ചില് നീ നിർത്തി തരണം അവളെന്നോട് പഴയ പോലെ മിണ്ടാനും വരണം... കാരണം നിന്നെ കൊണ്ടാ അവള് ഇപ്പോ എന്നോട് മിണ്ടാത്തത്..."

"ഓക്കേ...ഓക്കേ... നൂറാനെ കൊണ്ട് മിണ്ടിപ്പിക്കുന്ന കാര്യം ഞാൻ ഏറ്റു പോരെ..."

എന്ന് പറഞ്ഞ് നമ്മള് നൂറാന്റെ അടുത്ത് പോയി ഇരുന്നു... പെണ്ണ് അപ്പോഴും ഹലാക്കിലെ കരച്ചില് തന്നെയായിരുന്നു...

നമ്മള് ഓളെ കൊറേ സമാധാനിപ്പിക്കാൻ നോക്കിയെങ്കിലും നോ രക്ഷ... ഒടുക്കം നമ്മളെ തനി കൊണം പുറത്തെടുത്തപ്പോ അവള് അടങ്ങി....

"നൂറ... നിന്നോടല്ലെടി കരയല്ലേ കരയല്ലേ എന്ന് പറഞ്ഞ് പിന്നാലെ നടക്കുന്നത്... എന്താടി അനക്ക് ചെവി കേൾക്കില്ലേ...?

നിർത്തേടി നിന്റെ പൂങ്കണ്ണീര്...."

നമ്മളെ തൊള്ളയിടല് കേട്ടിട്ട് പെണ്ണ് പേടിച്ച് കരച്ചില് നിർത്തി... ഓൾക്ക് നമ്മളെ കുറിച്ച് അറിവില്ലതൊണ്ടും ഓളൊരു തൊട്ടാവാടി പെണ്ണായതോണ്ടും ഭാഗ്യത്തിന് നമ്മളെ വിരട്ടല് കേട്ടിട്ട് ചിരിക്കാതെ അത് അനുസരിക്കുന്നുണ്ട്...

"ഉം... ഗുഡ്... ഇനി കണ്ണ് തുടക്ക്... തുടക്കാൻ..."

അവള് പേടിച്ചോണ്ട് കണ്ണ് തുടച്ചിട്ട് നമ്മളെ നോക്കുന്നത് കണ്ടിട്ട് നമ്മളെ ഗ്യാങ്ങും എന്തിന് ഏറെ പറയുന്നു ഫൈസൽക്ക മുതൽക്ക് പൊരിഞ്ഞ ചിരിയാണ്... നമ്മള് അപ്പോ തന്നെ അവറ്റകളെ നോക്കി കണ്ണുരുട്ടി ശൂ പറഞ്ഞപ്പോ അവർ വാ പൊത്തി പിടിച്ചോണ്ട് ഞങ്ങളെ നോക്കി നിന്നു....

"നൂറ... ഞാൻ പറയുന്നത് നീ ശ്രദ്ധിച്ച് കേൾക്കണം... എനിക്ക് ഫൈസൽക്ക എന്റെ സ്വന്തം ബ്രദറിനെ പോലെയാണ്... എനിക്ക് എന്റെ ആദിന്റെ സ്ഥാനത്ത് ആണെങ്കിൽ മറ്റൊരുത്തനെ കാണാൻ പോലും കഴിയില്ല... പിന്നെ ഇന്ന് നടന്ന ഈ എങ്കേജ്മെന്റ് അത് ഞങ്ങൾക്ക് രണ്ട് പേർക്കും മനസ് കൊണ്ട് സമ്മതം അല്ലാത്ത സ്ഥിതിക്ക് നടന്നത് ഒരിക്കലും നിശ്ചയമല്ല....

പോരാത്തതിന് ഞങ്ങളെ പ്ലാനിനെ കുറിച്ചൊക്കെ ഞങ്ങള് നിന്നോട് വിശദമായിട്ട് പറഞ്ഞത് അല്ലായിരുന്നോ... പിന്നെ എന്തിനാ നീ ടെൻഷൻ അടിക്കുന്നെ...? കല്യാണം അല്ലല്ലോ വെറും മോതിരമാറ്റം അല്ലെ നടന്നുള്ളൂ... അത് ഇങ്ങനെ ഊരി

കഴിഞ്ഞാൽ അതും കഴിഞ്ഞു... സിമ്പിൾ...."

എന്ന് പറഞ്ഞ് നമ്മള് ആ റിങ് ഊരിയിട്ട് ഫൈസൽക്കാനെ അടുത്തേക്ക് വിളിച്ചു... എന്നിട്ട് മൂപ്പരെ കയ്യിൽ നിന്നും നമ്മള് ഇട്ട് കൊടുത്ത റിങ് ഊരിയിട്ട് അവരോട് രണ്ട് പേരോടും പരസ്പരം റിങ് മാറ്റിയിടാൻ പറഞ്ഞു...

അപ്പോ ഫൈസൽക്ക മുഖത്ത് ഒരല്പം നാണമൊക്കെ വരുത്തി കൊണ്ട് നൂറാന്റെ വിരലിലേക്ക് റിങ് ഇട്ട് കൊടുത്തപ്പോ തിരിച്ച് അവള് ആനന്ദ കണ്ണീര് പൊഴിച്ച് കൊണ്ട് മൂപ്പർക്കും മോതിരം ഇട്ട് കൊടുത്തു....

അത് കണ്ട് നമ്മളും ഗ്യാങ്ങും ചേർന്ന് കയ്യടിച്ച് അവരെ രണ്ട് പേരെയും ആശീർവദിച്ചു... എന്നിട്ട് നൂറയോട് ഇപ്പോ ഹാപ്പി ആയില്ലേന്ന് ചോദിച്ചപ്പോ അവള് തല കുലുക്കി കൊണ്ട് ചിരിച്ചിട്ട് ഫൈസൽക്കാൻറെ പിറകിൽ ഒളിച്ച് നിന്നു...

അത് കണ്ട് നമ്മളൊക്കെ അവരെ രണ്ട് പേരെയും കളിയാക്കിയപ്പോ ഫൈസൽക്ക ഞങ്ങളെ അവിടന്ന് പുറത്താക്കിയിട്ട് നൂറയുമായിട്ട് കൊഞ്ചാൻ

തുടങ്ങി...

സത്യം പറഞ്ഞാൽ ഇപ്പോഴാ കുറച്ചെങ്കിലും ആശ്വാസം ആയത്... നൂറാന്റെ സങ്കടമെങ്കിലും തീർത്ത് കൊടുക്കാൻ പറ്റിയല്ലോ... പക്ഷെ ഇപ്പോഴും നമ്മളെ സങ്കടം മാത്രം ബാക്കി നിൽക്കാ...

"എന്നാലും എന്താകും ആദി ഈ എങ്കേജ്മെന്റ് മുടക്കാഞ്ഞത്...?"

"I think.... കാക്കു ചിലപ്പോ നിന്റെ സന്തോഷം ഇതാണെങ്കിൽ അങ്ങനെ തന്നെ നടന്നോട്ടെ എന്ന് കരുതി ഒഴിഞ്ഞ് തന്നത് ആണെന്നാ... അല്ലാ അങ്ങനെയും സംഭവിക്കാലോ...?"

"അച്ചൂ പറഞ്ഞതിലും കാര്യമുണ്ട് ഫെബി... മിക്കവാറും ആദിൽക്ക അങ്ങനെ വിചാരിച്ചിട്ടാകും ഇത് മുടക്കാഞ്ഞത്...

നിനക്ക് മൂപ്പരോട് ഇഷ്ടം ഇല്ലെങ്കിൽ പിന്നെ നിന്റെ പിറകെ നടന്നിട്ട് കാര്യമില്ലെന്ന് മൂപ്പർക്കും തോന്നി

കാണും..."

അച്ചുവും ഹസിയും കൂടി മാറി മാറി പറയുന്നത് കേട്ടപ്പോ നമ്മക്ക് കരച്ചില് വരുന്ന പോലെ തോന്നി.... ഇനി ഓൻ എങ്ങാനും അങ്ങനെ വല്ലതും കരുതിയിട്ടാണ് ഇറങ്ങി പോയതെങ്കിൽ ഞാൻ വിചാരിച്ച പോലെ കാര്യങ്ങൾ നടക്കോ....? ഏയ് ആകില്ല... ആദി ഒരിക്കലും അങ്ങനെ ചിന്തിക്കില്ല.... ഇനി ചെലപ്പോ അവൻ അങ്ങനെ ആണ് ചിന്തിച്ചതെങ്കിൽ ഞാൻ എന്ത് ചെയ്യും...?

"ഡി ഫെബി... ഹസിയും അച്ചുവും പറഞ്ഞ പോലെയാണ് ആദിൽക്ക മനസ്സിൽ കണ്ടിട്ടുള്ളത് എങ്കിൽ നീ ഇനി എന്ത് ചെയ്യുമെടി....?"

"ഇവളിനി എന്ത് ചെയ്യാനാ സന... ആ നൂറാക്ക് വാക്ക് കൊടുത്തിട്ട് ഒടുക്കം ഫൈസൽക്കാക്ക് ഇവളെ കെട്ടേണ്ട അവസ്ഥ വരും അത്ര തന്നെ...."

"നോ......... നോ..... അങ്ങനെ ഒരിക്കലും

സംഭവിക്കില്ല.... നിങ്ങള് കണ്ടോ എല്ലാം ഞാൻ വിചാരിച്ച പോലെ തന്നെ നടക്കും... ആദി തന്നെ വന്ന് ഈ കല്യാണം മുടക്കും.."

"ഉം.... അങ്ങനെ ആയാൽ നിനക്കും ഫൈസൽക്കാകും കൊള്ളാം... ഇല്ലെങ്കിൽ രണ്ടാളെ ജീവിതവും കട്ട പൊക...." അച്ചുവാണ്.

"അല്ലെങ്കിലും നീ ചെയ്യുന്നത് ഒക്കെ ഇത്തിരി ഓവറാണ് ഫെബി... ആദിൽക്കാൻറെ ഭാഗത്തെ ന്യായം കണ്ടിട്ടും നീയിങ്ങനെ ഒക്കെ ചെയ്യുമ്പോ തിരിച്ച് നിനക്ക് ഇങ്ങനെ തിരിച്ചടി കിട്ടുന്നത് നന്നായേ ഉള്ളു...."

ഹസി പറയുന്നത് കേട്ടിട്ട് നമ്മള് ഓളെ തുറുക്കനെ നോക്കുന്നത് കണ്ടപ്പോ അവരൊക്കെ അവിടന്ന് പെട്ടെന്ന് സ്ഥലം കാലിയാക്കി പോയി... നമ്മള് ആണെങ്കിലോ അവര് പോയ അപ്പോ തന്നെ ഡോർ അടച്ചിട്ട് ബെഡിലേക്ക് മറിഞ്ഞിട്ട് നമ്മള് കാട്ടിക്കൂട്ടിയതൊക്കെ ഓർത്തു...

ഒരു കണക്കിന് അവര് പറയുന്നതും ശരിയാണ്... പക്ഷെ എന്റെ ഭാഗത്ത് നിന്ന് എന്താ അവര് ചിന്തിച്ച് നോക്കാത്തത്..?

എന്തായാലും ഇനി വരുന്നിടത്ത് വെച്ച് എല്ലാം കാണാം... അവസാനം ഒരു ഗതിയും ഇല്ലെങ്കിൽ ആ കോന്തന്റെ തലമണ്ട നോക്കി ഒരെണ്ണം കൊടുത്തിട്ട് അവന്റെ ഉള്ള ഓർമ്മയും കളയണം... കോന്തൻ തെണ്ടി....

★★★★★★★★★★★★★★★★★★★★★

"കാക്കൂ... എല്ലാം സെറ്റ്... ഇങ്ങള് പറഞ്ഞ പോലെ തന്നെ ഞങ്ങള് എല്ലാവരും കൂടി ചേർന്ന് ഓളെ പിരി കേറ്റി വിട്ടിട്ടുണ്ട്... മിക്കവാറും അവള് ഇന്ന് തന്നെ ഇങ്ങളോട് വന്ന് ഇഷ്ടം പറയും..."

"ആര് ഐശുവോ...? ഉം... നടന്നത് തന്നെ... എന്റെ അച്ചൂ നിനക്ക് എന്നേക്കാൾ നന്നായിട്ട് അറിയാവുന്നതല്ലേ അവളെ കുറിച്ച്.... അവള് അത്ര പെട്ടെന്ന് അത് പറയുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ...?"

"അത് ആദിൽക്ക പറഞ്ഞത് ശരിയാണ്... അവള് ഇപ്പോ തന്നെ ഇങ്ങളോട് വന്ന് ഇഷ്ടണെന്ന് പറയുമെന്ന് എനിക്ക് തോന്നുന്നില്ല...."

"എങ്കിൽ നീ നോക്കിക്കോ ഹസി... എനിക്ക് ഉറപ്പാ അവള് കാക്കൂനെ എന്തായാലും ഇന്ന് കോൾ ചെയ്യും...."

എന്ന് പറഞ്ഞ് അച്ചൂ നാക്ക് വായിലിട്ടില്ല അതിന് മുന്നേ നമ്മളെ ഫോൺ കിടന്ന് കാറാൻ തുടങ്ങി... ആരാണെന്ന് എടുത്ത് നോക്കിയപ്പോ സ്ക്രീനിൽ ഐശൂന്റെ മുഖം തെളിഞ്ഞതും നമ്മളത് അപ്പോ തന്നെ അവർക്ക് ഒക്കെ കാണിച്ച് കൊടുത്തു....

അവര് എല്ലാവരും കൂടി ചേർന്ന് നമ്മളോട് സ്പീക്കറിൽ ഇടാൻ പറഞ്ഞിട്ട് അവര് നിശബ്ദരായി... നമ്മള് പൊട്ടി വന്ന ചിരിയൊക്കെ അടക്കി പിടിച്ച് വെച്ചിട്ട് കോൾ അറ്റൻഡ് ചെയ്തു...

"ഹലോ....."

"........."

"ഹലോ.... ആരായിത്....? ഹലോ...."

"അ..... അ......"

"ഹലോ.... ഇത് ആരാണെന്ന് പറയുന്നോ അതോ ഞാൻ ഫോൺ വെക്കണോ..?"

നമ്മള് പറയുന്നത് കേട്ടിട്ട് ഇവിടെ ഉള്ളവരൊക്കെ ചിരി അടക്കി പിടിച്ച് അവള് പറയുന്നതിനോട് കാതോർത്ത് നിൽക്കാണ്....

"ഞ.... ഞാൻ.... ഞാൻ ഐഷു.... ഐഷുവാണ്...."

വിക്കി വിക്കി നമ്മളെ പെണ്ണ് പറയുന്നത് കേട്ടിട്ട് നമ്മള്

ശബ്ദം പുറത്ത് വരാത്ത രീതിയിൽ ഹലാക്കിലെ ചിരിയാണ്... അതിന്റെ കൂടെ അവരും കൂടി ചിരിക്കാൻ തുടങ്ങിയപ്പോ നമ്മള് അവരെ നോക്കി ശൂ പറഞ്ഞിട്ട് ചിരി അടക്കി വെച്ച് അവളോട് സംസാരിച്ചു...

"ഐഷുവോ...? ഏത് ഐഷു....?"

നമ്മളത് പറഞ്ഞതും അപ്പുറത്ത് കോൾ കട്ടായതും ഒരുമിച്ചായിരുന്നു... അത് കണ്ടിട്ട് ഞങ്ങള് എല്ലാവരും കൂടി പൊരിഞ്ഞ ചിരിയിലായിരുന്നു....

"ഇപ്പോ എങ്ങനെ ഉണ്ട് കാക്കൂ... ഞാൻ പറഞ്ഞില്ലേ അവള് വിളിക്കുമെന്ന്... കണ്ടോളി വൈകാതെ ഓള് വന്ന് ഇങ്ങളോട് ഇഷ്ടണെന്ന് പറഞ്ഞിരിക്കും..."

എന്ന് അച്ചൂ പറഞ്ഞപ്പോ നമ്മള് ഓളെ തോളിൽ കൂടി കയ്യിട്ട് ചേർത്ത് നിർത്തിയിട്ട് നീയാണെടി യഥാർത്ഥ ഫ്രണ്ട് എന്ന് പറഞ്ഞപ്പോ എല്ലാവരും കൂടി ചേർന്ന് ചെലവിന് എങ്ങോട്ട് പോകുമെന്ന് ഡിസ്കസ് ചെയ്യായിരുന്നു... എന്തായാലും ഹോട്ടൽ മൊത്തം നോ

എൻട്രി ബോർഡ് വെക്കാൻ മാത്രം ആൾക്കാർ ഉള്ളതോണ്ട് നമ്മള് അപ്പോ തന്നെ നമ്മളെ കഫേക്ക് അവറ്റകളെ കൊണ്ട് പോയി അവർക്ക് വേണ്ടത് അത്രെയും ഓഡർ ചെയ്ത് കഴിക്കാൻ പറഞ്ഞു....നിങ്ങൾക്ക് ഇപ്പോഴും ചില സംശയങ്ങൾ ഒക്കെ ഉണ്ടല്ലേ... എല്ലാം ഞാൻ ക്ലിയർ ചെയ്ത് തരാം....

ഐഷു എന്നോട് പകരം വീട്ടാൻ വേണ്ടി തയ്യാറാക്കി വെച്ച പദ്ധതിയെ കുറിച്ചൊക്കെ അന്ന് തന്നെ നമ്മളെ അച്ചു നമ്മളോട് വിളിച്ച് പറഞ്ഞിരുന്നു... അതോണ്ടാണ് അവര് പോകുന്ന ഫ്ലൈറ്റിൽ തന്നെ നമ്മളും നാട്ടിലേക്ക് തിരിച്ചത്....

അവള് നമ്മക്കിട്ട് കൊള്ളാൻ വേണ്ടി ഫൈസലിനോട് അടുത്തിടപഴകുന്നത് ആണെങ്കിലും എന്തോ അത് കണ്ടോണ്ട് നിൽക്കുമ്പോ നമ്മളെ കൺട്രോൾ അറിയാതെ പോകാണ്... അതാണ് ഫ്ലൈറ്റിൽ വെച്ചൊക്കെ അങ്ങനെ നടന്നത്...

എന്നാലിപ്പോ അവിടന്ന് ഒരു പ്രശ്നവും ഉണ്ടാക്കാതെ ഇറങ്ങി വന്നത് അവള് കുഴിച്ച കുഴിയിൽ അവള് തന്നെ

വീഴാനും അവളടിച്ച അതെ നാണയത്തിൽ തിരിച്ച് അടിക്കാനുമാണ്...

എന്തായാലും ഈ കളിയിൽ ഒടുക്കം ആരാ ജയിക്കാൻ പോകുന്നതെന്ന് കാത്തിരുന്ന് തന്നെ കാണേണ്ടി വരും...

★★★★★★★★★★★★★★★★★★★

"കോന്തൻ... വഷളൻ.... തെണ്ടി.... അവന് ഞാൻ ആരാണെന്ന് അറിയില്ല പോലും... കൺട്രി ഫെലോ... അപ്പോഴേക്കും എന്നെ മറക്കാൻ അവന്റെ തലയിൽ വീണ്ടും വല്ല ഇടുത്തീയും വീണോ... കോന്തൻ....

എനിക്കറിയാം... അവൻ എന്നെ മനപ്പൂർവ്വം അവോയ്ഡ് ചെയ്യുന്നതാ... ചെലപ്പോ ഫൈസൽക്കയുമായിട്ടുള്ള എങ്കേജ്മെന്റ് നടന്നതിന് എന്നോട് പകരം വീട്ടിയതാകും.... ഞാൻ ആരാണെന്ന് നിനക്ക് അറിയില്ലല്ലേ കോന്താ...? എന്നാ അത് നിനക്ക് ഞാൻ അറിയിച്ച് കാണിച്ച് തന്നിരിക്കും.... അച്ചുവിന്റെ മാര്യേജ് ഒന്ന് അടുത്തോട്ടേ... അതിനുള്ളിൽ നിന്നെ കൊണ്ട് ഞാൻ പറയിപ്പിച്ചിരിക്കും എന്നെ ഇഷ്ടമാണ് നിന്നെ ഞാൻ ആർക്കും വിട്ട് കൊടുക്കില്ലെന്ന്.... കോന്തൻ...."

നിങ്ങള് ഇപ്പോ ചിന്തിക്കുന്നുണ്ടാകും അവന് എന്നെ ഇഷ്ടാണല്ലോ പിന്നെ എന്താ പ്രോബ്ലം എന്ന്... വേറെന്താ പ്രോബ്ലം ഈഗോ തന്നെ... അവൻ എങ്കേജ്മെന്റ് മുടക്കിയില്ലല്ലോ അതും ഈഗോ കാരണം.... അതോണ്ട് ഓൻ തന്നെ ഈ കല്യാണം മുടക്കണം അത് എന്റെയും ഒരുതരം ഈഗോയാ....

ഞങ്ങളെ രണ്ട് പേരുടെയും വാശി കണ്ടിട്ട് നിങ്ങക്ക് ആകെ പ്രാന്ത് പിടിക്കുന്നുണ്ടല്ലേ... എന്ത് ചെയ്യാനാ ആ കോന്തനെ കൊണ്ട് ഉണ്ടായതല്ലേ അപ്പോ അവൻ തന്നെ തീർക്കട്ടെ കോന്തൻ....

വീട്ടിൽ ആണെങ്കിൽ ഇപ്പോ എല്ലാവരും നല്ല ഹാപ്പി മോഡിലാണ്... ഞങ്ങളെ കല്യാണം 3 മാസം കഴിഞ്ഞിട്ട് നടത്താനാണ് എല്ലാവരുടെയും തീരുമാനം... അവരുടെ മുഖത്തെ സന്തോഷമൊക്കെ കാര്യത്തോട് അടുക്കുമ്പോ നമ്മളോടുള്ള വെറുപ്പായി മാറുമോ എന്നാണ് ഇപ്പോ നമ്മളെ സംശയം.... ഹാ... വേണ്ടാത്ത പണിക്ക് നിന്നിട്ടല്ലേ അനുഭവിക്കാ... അത്രേ തന്നെ....

ദിനങ്ങളൊക്കെ എത്ര പെട്ടെന്നാ കൊഴിഞ്ഞ് പോകുന്നത്... നമ്മളെ പഴയ വാട്സാപ്പ് ഗ്രൂപ് വീണ്ടും പുനരുദ്ധാരണം ചെയ്തിട്ടുണ്ട്.... അതിൽ നമ്മളെ ടീമും കൂടെ ആ കോന്തനുമൊക്കെയുണ്ട്....

അവരൊക്കെ നമ്മളെ കൂടെ നിന്നിട്ട് ആ കോന്തനിട്ട് ഓരോരോ കൊട്ട് കൊടുക്കലാണ് അവരെ മെയിൻ പണി... അതോണ്ട് നമ്മക്ക് ഒന്നും പറയേണ്ട ആവശ്യം വന്നിട്ടില്ല....

എന്നാലോ ആ കോന്തൻ ആണെങ്കിൽ ഒന്നും മിണ്ടുന്നുമില്ല... നമ്മളെ പോലെ എല്ലാം നോക്കി നിൽക്കും എന്നല്ലാതെ ഒരു റിപ്ലയും തന്നില്ല....

ഈഗോ മൂരാച്ചി.... അവന് ഈഗോ ആണേൽ എനിക്കും ഈഗോയാ അല്ലാ പിന്നെ....

ഇതിനിടക്ക് സനന്റെയും ജാസിന്റെയും എങ്കേജ്മെന്റ് കഴിഞ്ഞുട്ടോ.... അന്ന് ആ കോന്തനെ കണ്ടെങ്കിലും നമ്മള് ഓനെ മൈൻഡ് ചെയ്യാൻ നിന്നില്ല... അവനാണെങ്കിൽ നമ്മളെയും തിരിച്ച് മൈൻഡ് ചെയ്യുന്നില്ല...

അതോണ്ട് നമ്മള് അവിടന്ന് പെട്ടെന്ന് തന്നെ ഇറങ്ങി പോന്നു....

ഇതിനിടക്ക് പല തവണ വേണ്ടാ വേണ്ടാന്ന് മനസ്സ് പറഞ്ഞിട്ട് കൂടി നമ്മള് ആ കോന്തന് വിളിക്കാറുണ്ട്... കോൾ എടുത്തയുടനെ ഓൻ ആരാന്ന് ചോദിക്കുമ്പോ തന്നെ നമ്മള് ഫോൺ കട്ടാക്കും.... ആരാണെന്ന് അറിഞ്ഞ് വെച്ചിട്ട് കൂടി അവൻ കളിച്ചാൽ പിന്നെ ഞാൻ എന്ത് ചെയ്യാനാ...

അതോട് കൂടി വിളി നിർത്തി.... പിന്നെ ചാറ്റിംഗ് ആയി... അതും നമ്മള് മെസേജ് അയച്ച അപ്പോ തന്നെ അത് ഡിലീറ്റ് ആക്കും എന്നിട്ട് എങ്കിലും ഓൻ എന്തേലും പറയാൻ വേണ്ടി...

എവടെ ആ കോന്തൻ എന്നിട്ടും നമ്മക്ക് ഒരു റിപ്ലയും തന്നില്ല.... കോന്തൻ തെണ്ടി... ഈഗോ മൂരാച്ചി.... അവന് വാശിയാണേൽ നമ്മക്കും വാശിയാ ഇനി ഓനെ തിരിഞ്ഞ് പോലും നോക്കില്ല... നോക്കിക്കോ....

xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

ഇന്ന് രാവിലെ നമ്മള് എണീറ്റത് തന്നെ അച്ചുവിന്റെ

കോൾ കണ്ടിട്ടാണ്... കണ്ണ് തിരുമ്മി കൊണ്ട് എണീറ്റ് ഇരുന്നിട്ട് നമ്മള് കോൾ അറ്റൻഡ് ചെയ്തു...

"ഹലോ.... എന്താടി ഈ കൊച്ചു വെളുപ്പാങ്കാലത്ത് നിനക്ക് പണി...? വെച്ചിട്ട് പോടീ... എനിക്ക് ഉറക്കം വരുന്നുണ്ട്..."

"ഡി ഉറക്ക പിരാന്തത്തി.... മതി നീ ഉറങ്ങിയത്... നേരം എത്രയായെന്ന് കരുതിയിട്ടാ പൊന്ന് മോള് കിടന്നുറങ്ങുന്നത്...? നേരം 9 കഴിഞ്ഞു..."

"അത്രേയല്ലേ ആയുള്ളൂ... പിന്നെ എന്താ...? ഞാൻ കുറച്ച് കൂടി ഉറങ്ങട്ടെ..."

"ഓ.... നീ ഉറങ്ങിക്കോ പോത്തെ... അതിന് മുമ്പ് എനിക്ക് പറയാൻ ഉള്ളത് കൂടി ഒന്ന് കേൾക്ക്...."

"ഉം....നീ പറ ഞാൻ കേൾക്കാം...."

"ദേ അടുത്ത ആഴ്ചയുടെ പ്രത്യേകത എന്താണെന്ന് അറിയാലോ നിനക്ക്...?"

"പിന്നെ അറിയാതെ.... അടുത്ത ആഴ്ചയോട് കൂടി നീയാ പാവം അരുണിന്റെ തലയിൽ കയറാൻ പോകല്ലേ.... ആ ചെക്കന്റെ വിധി...."

"യേ.... ഇജ്ജ് തമാശിച്ചതാ.... എന്നാലേ വല്ലാണ്ട് തമാശിക്കല്ലേ...? കിടന്ന് കിണിക്കാതെ ഞാൻ പറയുന്നത് അങ്ങോട്ട് കേൾക്കെടി കുരിപ്പേ..."

നമ്മള് അപ്പോ തന്നെ ചിരി അടക്കി പിടിച്ചോണ്ട് ഒന്ന് മൂളി കൊടുത്തു...

"അടുത്ത ആഴ്ചയാണ് കല്യാണം എന്ന് പറഞ്ഞിട്ട് കാര്യമില്ല ഫെബി... നീ ഇന്ന് തന്നെ ഇങ്ങോട്ട് വരണം... നമ്മള് ഒരുപാട് പ്ലാൻ ചെയ്തിട്ടുള്ളതാ ഞങ്ങളെ കല്യാണത്തിന് വേണ്ടിയിട്ട് നീയതൊക്കെ മറന്നോ...?"

"എന്റെ അച്ചൂ ഞാൻ അതൊക്കെ മറക്കുമെന്ന് നിനക്ക് തോന്നുന്നുണ്ടോ...? നമ്മള് ഉണ്ടാകും പെണ്ണേ എല്ലാത്തിനും നിന്റെ കൂടെ... നമ്മള് പ്ലാൻ ചെയ്തതിനേക്കാൾ അതിഗംഭീരമായിട്ട് തന്നെ നമ്മള് ആ ചടങ്ങ് അങ്ങ് പൂർത്തിയാക്കും നീ കണ്ടോ..."

"ഹോ... എനിക്കത് കേട്ടാൽ മാത്രം മതി എന്റെ മുത്തെ..."

"പക്ഷെ ഒരു പ്രശ്നമുണ്ട്..."

"എന്ത് പ്രശ്നം...?"

"നിങ്ങളെ കല്യാണം ആലപ്പുഴ വെച്ചിട്ടല്ലേ..? അങ്ങോട്ട് ഞാൻ എങ്ങനെ വരും...? നമ്മളെ ടീമൊക്കെ ആണെങ്കിൽ എന്നോട് ഒരു വാക്ക് പോലും മിണ്ടാതെ ഇന്നലെ തന്നെ അങ്ങോട്ട് ലാന്റായില്ലേ...? ഇനി ഞാൻ എങ്ങനെ വരാനാ...? അവറ്റകളൊക്കെ അവിടെ തന്നെ ഉണ്ടല്ലോ അല്ലെ...?"

"ആ അവരൊക്കെ ഇവിടെ തന്നെയുണ്ട്...നിന്നെ കാത്തിരിക്കാ എല്ലാവരും... പറയുമ്പോ ഇന്നലെ ഇവരെ കൂടെ നൂറയും ഫൈസൽക്കയും മുതൽക്ക് വന്നു... എന്നിട്ടും നീ വന്നില്ലല്ലോ..."

"അതിന് അവറ്റകൾ എന്നോട് ഒന്നും പറഞ്ഞില്ലലോ അങ്ങോട്ട് വരുന്ന കാര്യം പിന്നെ എങ്ങനെ ഞാൻ അറിയാനാ...?"

"ആ... എന്തായാലും പോട്ടെ... നീ ഇന്ന് തന്നെ ഇങ്ങോട്ട് വരാൻ നോക്ക്..."

"ഞാൻ എങ്ങനെയാടി അത്രെയും ദൂരം അങ്ങോട്ട് വരുന്നേ...?"

"ഓ അതിനാണ് പോത്തെ ഞാൻ വിളിച്ചത് നിനക്ക്.... എന്റെ ഒരു കസിൻ ഉണ്ട് രോഹിത്... അവൻ ഇന്ന് വൈകിട്ട് ആ വഴി പാസ് ചെയ്ത് ഇങ്ങോട്ട് വരുന്നുണ്ട്... വേണേൽ ഞാൻ പറഞ്ഞ് അവനോട് നിനക്ക് ഒരു ലിഫ്റ്റ് തരാൻ പറയാം...

അല്ലെങ്കിൽ വേണ്ട... കാക്കു ഇന്ന് വരുന്നുണ്ടെന്ന് പറഞ്ഞിരുന്നു എന്ന പിന്നെ മൂപ്പരെ കൂടെ പോര്...."

"നോ.... നെവർ.... ഞാൻ നിന്റെ കസിന്റെ കൂടെ തന്നെ വന്നോളാം... ആ കോന്തന്റെ കൂടെ ഞാൻ വരില്ല..."

"എടി എന്റെ കസിൻ ആണെങ്കിലും നിനക്ക് മുൻപരിചയം ഒന്നും ഇല്ലാത്ത ആളാണ്... അവനെ വിശ്വസിക്കാം എന്നാലും അറിയുന്ന ഒരാളെ കൂടെ വരുന്നതല്ലേ സേഫ്...?"

"ദേ അച്ചൂ... ഞാൻ തീരുമാനിച്ച് കഴിഞ്ഞു... ഞാൻ രോഹിതിന്റെ കൂടെ അങ്ങോട്ട് വന്നോളാം... എനിക്ക് അവന്റെ നമ്പർ ഒന്ന് അയച്ച് തന്നേക്ക് ബാക്കി ഞാൻ നോക്കിക്കോളാം..."

"ഉം.... ബാക്കി നീ നോക്കുന്നതൊക്കെ കൊള്ളാം... ചെക്കൻ ഇത്തിരി കലിപ്പനാ... നിന്റെ മാർക്കിടൽ പരിപാടിയും കൊണ്ട് അവന്റെ അടുത്തേക്ക് ഒന്നും ചെന്നേക്കല്ലേ.... പിന്നെ നിന്നെ നടുറോഡീന്ന് പിക്ക്

ചെയ്യാൻ ഞങ്ങള് തന്നെ വേണ്ടി വരും...."

"ഹോ... അപ്പോ അത്രക്ക് കലിപ്പനാണോ എന്നാ പിന്നെ അതും ഒന്ന് പരീക്ഷിച്ച് കളയാം..."

"ഹോ... നിന്നോട് ഒന്നും പറഞ്ഞിട്ട് ഒരു കാര്യവും ഇല്ലല്ലോ... നീ എന്താന്ന് വെച്ചാ കാണിക്ക്... എന്തായാലും അവന്റെ നമ്പറും ഫോട്ടോയും ഞാൻ നിനക്ക് അയക്കാം... ഇനി ആളെ മാറി പോകണ്ടാ..."

നമ്മള് ഓളോട് ഓക്കേ പറഞ്ഞിട്ട് എണീറ്റ് ഫ്രഷായി നിസ്കരിച്ച് ഫോണെടുത്ത് നോക്കിയപ്പോ അവള് അവന്റെ നമ്പറും ഫോട്ടോയും അയച്ചിട്ടുണ്ടായിരുന്നു...

"ഹാ... ഇവനാള് കൊള്ളാലോ അച്ചൂ... മിക്കവാറും ഇവന് മർക്കിടേണ്ടി വരും..."

"പൊന്ന് മോള് അധികം അവന് മാർക്കിടണ്ട... he is already engaged... അതും love മാര്യേജ്... അതോണ്ട്

വല്ലാണ്ട് മാർക്കിടണ്ടട്ടോ..."

"ഓ... എന്ന പിന്നെ വേണ്ട... എന്തായാലും നീ അവനോട് ഒന്ന് പറഞ്ഞ് സെറ്റാക്കിയേക്ക്... എനിക്ക് കുറച്ച് പാക്കിങ് ഒക്കെ ഉണ്ട്..."

ഓള് ഓക്കേ പറഞ്ഞ് പോയപ്പോ തന്നെ നമ്മള് പോകുന്ന കാര്യം ഉമ്മച്ചിനെയും ഉപ്പച്ചിനെയും അറിയിച്ചു... അവരൊക്കെ കല്ല്യാണത്തിനാ അങ്ങോട്ട് വരുന്നത്... പോരാത്തതിന് അച്ചു നേരത്തെ എല്ലാം പറഞ്ഞ് സെറ്റാക്കിയോണ്ട് നമ്മളെ വിടുന്നതിൽ അവർക്കും എതിർപ്പില്ല...

ആലപ്പുഴ അച്ചൂന്റെ അമ്മന്റെ വീടാണ്... അവിടെ ഒരു റിസോർട്ടിൽ വെച്ചാണ് കല്യാണം... ഇന്നലെ തന്നെ രണ്ട് പേരുടെയും ഫാമിലി അടക്കം എല്ലാവരും റിസോർട്ടിലേക്ക് വന്നിട്ടുണ്ട്... നമ്മളും ഇപ്പോ പോകാൻ പോകുന്നത് ആ റിസോർട്ടിലേക്കാണ്...

നമ്മള് പാക്കിങ് ഒക്കെ കഴിഞ്ഞിട്ട് ഉച്ചക്ക് ലഞ്ചും കഴിച്ച്

ഇരിക്കുമ്പോഴാണ് രോഹിത് നമ്മക്ക് വിളിച്ചത്... അവൻ മൂന്ന് മണിക്കുള്ളിൽ ഇവിടെ എത്തും റെഡിയായി നിൽക്കാൻ പറഞ്ഞു...

നമ്മള് അപ്പോ തന്നെ മാറ്റി റെഡിയായി സിറ്റ്ഔട്ടിൽ അവനെയും കാത്ത് ഇരുന്നപ്പോ ഒരു കൊട്ട കണക്കിന് ഉപദേശം തരുന്നുണ്ട് നമ്മളെ പുന്നാര ഉമ്മച്ചി...

അതൊക്കെ കേട്ട് കിണിച്ചോണ്ട് ബാക്കി മൂന്നും....

കുറച്ച് കഴിഞ്ഞപ്പോ ഗേറ്റിന് മുന്നിൽ ഒരു ബുള്ളറ്റ് വന്ന് നിന്ന ശബ്ദം കേട്ടതും നമ്മളെ വയറ്റിലൂടെ എന്തോ ഒന്ന് കാളി മോളിലേക്ക് പോയി... ആദിന്റെ ബുള്ളറ്റിന്റെ അതെ ശബ്ദം... ഇപ്പോ നിങ്ങള് ചോയ്ക്കും എല്ലാ ബുള്ളെറ്റിനും ഒരേ ശബ്ദം അല്ലേ എന്ന്...

ആയിരിക്കാം... പക്ഷെ എന്തോ എന്റെ മനസ് പറയുന്നു അത് ആദിന്റെ ബുള്ളെറ്റ് ആണെന്ന്...

അപ്പോ തന്നെ നമ്മളെ ഫോൺ ശബ്ദിച്ചപ്പോ നമ്മളെടുത്ത് നോക്കി... രോഹിതാണ്... അവനാണത്രെ ബുള്ളറ്റിൽ വന്നിട്ടുള്ളത്... അത് കേൾക്കേണ്ട താമസം നമ്മള് അപ്പോ തന്നെ ഓടി ചെന്ന് ഗേറ്റ് തുറന്ന് നോക്കി...

അപ്പോ അവിടെ ഹാഷ് നിറത്തിലുള്ള ഒരു ബുള്ളറ്റിൽ ബ്ലാക്ക് ജാക്കറ്റും ഒരു ബ്ലാക്ക് കൂളിംഗ് ഗ്ലാസും ഗ്ലൗസുമൊക്കെ ഇട്ടിട്ട് ഒരു മൊഞ്ചൻ ഹെൽമറ്റ് കയ്യിൽ വെച്ചോണ്ട് ഫോണിൽ നോക്കുന്നത് കണ്ടു...

നമ്മള് ഗേറ്റ് തുറന്നത് കണ്ട് അവൻ ഫോണിൽ നിന്നും നോട്ടം തെറ്റിച്ച് നമ്മളെ നോക്കിയിട്ട് അവന്റെ ഗ്ലാസ് ഊരി മാറ്റി നമ്മളെ അടുത്തേക്ക് വന്നു...

"Are you febi...? I am rohith... അച്ചുവിന്റെ കസിനാണ്...."

"ആ... മനസ്സിലായി... അവള് ഫോട്ടോ കാണിച്ച് തന്നിട്ടുണ്ട്...."

"ഓക്കേ... അപ്പോ പോകാം..."

വളരെ ക്യൂട്ട് ആയിട്ടുള്ള ഫേസ് ആണെങ്കിലും ഗൗരവം വിടാതെയുള്ള അവന്റെ ചോദ്യത്തിന് നമ്മളൊന്ന് തല കുലുക്കിയിട്ട് നമ്മള് ബാഗ് തോളിൽ ഇട്ട് ആ

ബുള്ളറ്റിലേക്ക് തന്നെ നോക്കി നിന്നു...

"എന്താ എന്റെ കൂടെ ഇതിൽ വരാൻ ബുദ്ധിമുട്ടുണ്ടോ...? ഉണ്ടെങ്കിൽ പറഞ്ഞാൽ മതി... അച്ചൂനോട് പറഞ്ഞ് വേറെ ആളെ ഏർപ്പാടാക്കാം...."

"ഏയ്.... അതിന്റെയൊന്നും ആവശ്യമില്ല... ഞാൻ വന്നോളാം..."

എന്ന് പറഞ്ഞ് നമ്മള് അവന്റെ തോളിൽ കൈ വെച്ച് ബുള്ളറ്റിൽ കയറി ഇരുന്നു...

"ഓക്കേ... പോകാം...."

"Dont touch me.... ഓക്കേ?"

അവന്റെ ഒടുക്കത്തെ ജാഡ കണ്ടിട്ട് നമ്മള് തോളീന്ന് കയ്യെടുത്തിട്ട് ഓക്കേ പറഞ്ഞ് എല്ലാവർക്കും റ്റാറ്റ ഒക്കെ കാണിച്ച് ഞങ്ങള് യാത്ര തുടർന്നു...

ആദ്യയിട്ടാണ് ഒരു ബുള്ളറ്റിൽ കയറുന്നത്... അതും നമ്മളെ ഫേവറിറ്റ് കളറിലുള്ള ബുള്ളറ്റിൽ... പക്ഷെ ആദിയുടെ കൂടെ പോകാൻ ആയിരുന്നു ആഗ്രഹം... നമ്മക്ക് ചെലപ്പോ വിധിച്ചത് ഇവന്റെ കൂടെ പോകാൻ ആകും....

എന്താണെന്ന് അറിയില്ല ഇതിന്റെ പുറത്ത് കേറിയതിൽ പിന്നെ ഒരു ഫ്രീ ബേഡിനെ പോലെ പറക്കുന്ന ഒരു ഫീൽ... ശരിക്കും പറഞ്ഞാൽ അച്ചം എന്പത് മടമയടാ ഫിലിമിലെ മഞ്ജിമയെയാണ് നമ്മക്ക് അപ്പോ ഓർമ്മ വന്നത്....

എന്തൊക്കെയോ പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു തരം ആനന്ദം... പക്ഷെ എന്തോ മിണ്ടാതെ ഇരുന്നിട്ട് നമ്മളെ നാക്ക് ചൊറിയുന്ന പോലെ തോന്നാ... രോഹിതിനോട് സംസാരിക്കാൻ നമ്മള് ഓരോന്ന് പറഞ്ഞെങ്കിലും അവൻ ഒന്ന് മൈൻഡ് പോലും നമ്മളെ ചെയ്തില്ല... അതോണ്ട് പിന്നെ നമ്മളും മിണ്ടാൻ നിന്നില്ല....

നേരം ഒരു 6 മണിയായി കാണും... പെട്ടെന്ന് അവൻ വണ്ടി ഒരു റെസ്റ്റോറന്റിലേക്ക് കൊണ്ട് പോയിട്ട് നമ്മളോട് ഇറങ്ങാൻ പറഞ്ഞു... നമ്മള് അങ്ങോട്ട് നോക്കി കൊണ്ട് അവിടന്ന് ഇറങ്ങിയിട്ട് രോഹിതിന്റെ നോക്കി....

"വണ്ടി ഇനി ഒരു സ്റ്റോപ്പിലും നിർത്തില്ല... സ്ട്രൈറ്റ് ആയിട്ട് ആലപ്പുഴ പോയി ഇറങ്ങും... അതോണ്ട് എന്താ വേണ്ടതെന്ന് വെച്ചാ ഓഡർ ചെയ്തിട്ട് കഴിക്കാൻ നോക്ക്... ഞാൻ ഒന്ന് വാഷ്റൂം പോയിട്ട് വരാം...."

എന്ന് പറഞ്ഞ് നമ്മളോട് ഒരു സീറ്റിൽ പോയി ഇരിക്കാൻ പറഞ്ഞിട്ട് അവൻ അവിടന്ന് വാഷ്റൂമിലേക്ക് പോയി...

നമ്മളാ തക്കത്തിന് മെനു കാർഡ് നോക്കി വേണ്ടതൊക്കെ ഓഡർ ചെയ്തിട്ട് നമ്മളെ അറ്റാക്കിങ് തുടങ്ങിയിരുന്നു...

കുറച്ച് കഴിഞ്ഞ് രോഹിത് വന്നപ്പോ നമ്മള് ഓഡർ ചെയ്തത് തന്നെ അവനും ഓഡർ ചെയ്ത് കഴിക്കാൻ തുടങ്ങി... പിന്നെ നമ്മള് പയ്യെ പയ്യെ അവന്റെ

ഫിയാൻസിയെ പറ്റി ചോദിച്ച് അറിയുന്ന ഗ്യാപ്പിൽ ഓനോട് പെട്ടെന്ന് കൂട്ടായി മാറി...

അച്ചൂ പറഞ്ഞ പോലെ അത്രക്ക് ആള് കലിപ്പനല്ലെന്ന് നമ്മക്ക് അതോടെ ബോധ്യമായി...

പിന്നെ അങ്ങോട്ട് സൊറ പറച്ചിലായിരുന്നു ഞങ്ങക്ക് പണി....

അങ്ങനെ ഞങ്ങളെ രണ്ട് പേരുടെയും അറ്റാക്കിങ് കഴിഞ്ഞപ്പോ രോഹിത് ബില്ല് അടച്ചിട്ട് പാർക്കിങ്ങിലേക്ക് നടന്നു... നമ്മള് ഓനോട് വാഷ്റൂമിൽ പോയിട്ട് വരാമെന്ന് പറഞ്ഞ് തിരിച്ച് അങ്ങോട്ട് തന്നെ കേറി ചെന്നിട്ട് പോയ കാര്യം സാധിപ്പിച്ച് നമ്മളെ സ്കാഫ് ചെയ്തതൊക്കെ നേരെയാക്കി...

എന്നിട്ട് ഒരു മൂളിപ്പാട്ടും പാടി കൊണ്ട് നമ്മള് വാഷ്റൂമിൽ നിന്നും പുറത്തേക്ക് വന്നതും നമ്മളെ മുന്നിൽ നിൽക്കുന്ന മൂന്ന് പേരെ കണ്ടപ്പോ നമ്മള് ഞെട്ടി തരിച്ച് നിന്നു....

"സാ....സാലിം...."

(തുടരും)

ഭാഗം.122

എന്നിട്ട് ഒരു മൂളിപ്പാട്ടും പാടി കൊണ്ട് നമ്മള് വാഷ്റൂമിൽ നിന്നും പുറത്തേക്ക് വന്നതും നമ്മളെ മുന്നിൽ നിൽക്കുന്ന മൂന്ന് പേരെ കണ്ടപ്പോ നമ്മള് ഞെട്ടി തരിച്ച് നിന്നു....

"സാ....സാലിം...."

"ഹ..ഹ...ഹ... അപ്പോ എന്നെ മറന്നിട്ടില്ലല്ലേ മിസിസ് ആദിൽ സാഹിബ് കരീം....

ഓ സോറി സോറി... മിസിസ് ആയിട്ടില്ലല്ലോ അല്ലെ...?

ഞാൻ ആണെങ്കിൽ ഇപ്പോ വരുകയും ചെയ്തു നിങ്ങളെ കല്യാണം ആണെങ്കിൽ കഴിഞ്ഞതുമില്ല... ഇനിയിപ്പോ നീ എങ്ങനെ മിസിസ് ആകാനാ.... ങേ...?

ഹ...ഹ...ഹ..."

എന്നൊക്കെ പറഞ്ഞോണ്ട് അവൻ എന്റെ നേർക്ക് വരാൻ തുടങ്ങി... എന്താണെന്ന് അറിയില്ല അവനെ കാണുമ്പോ തന്നെ കയ്യും കാലും തളർന്ന് പോകുന്ന പോലെ തോന്നുന്നു... അവന്റെ കൂടെയുള്ള രണ്ട് പേരെ എനിക്ക് മുന്പും കണ്ട് നല്ല പരിചയമുണ്ട്... ഒന്ന് അനസും മറ്റേത് ആദിയോട് പകയുള്ള ഒരുത്തനും...

സാലിം നടന്ന് വരുന്നതിന് അനുസരിച്ച് അവന്മാരും എന്റെ അടുത്തേക്ക് നടന്ന് അടുക്കാൻ തുടങ്ങിയതും നമ്മള് സാലിമിനെ പിടിച്ച് തള്ളിയിട്ട് ജീവനും കൊണ്ട് ഒരോട്ടമായിരുന്നു അവിടന്ന്...

പിറകിലേക്ക് തിരിഞ്ഞ് നോക്കി കൊണ്ട് ഓടുന്നതിനിടക്ക് നമ്മള് ഒരു വെയ്റ്ററെ ചെന്നിടിച്ച് നമ്മള് ടേബിളിലേക്ക് വീണു...

അവിടന്ന് എണീറ്റ് നോക്കിയപ്പോഴേക്കും അവന്മാര് നമ്മളെ അടുത്ത് എത്തിയിരുന്നു... നമ്മള് അപ്പോ തന്നെ ആ ടേബിളിൽ ഉണ്ടായിരുന്ന ചൂട് സൂപ്പെടുത്ത് അവന്മാരെ മുഖത്തേക്ക് ഒഴിച്ചിട്ട് പുറത്തേക്ക് ഓടി പോയി....

അവിടെ രോഹിത് ബുള്ളറ്റ് സ്റ്റാർട്ട് ചെയ്തിട്ട് നമ്മക്ക് വേണ്ടി വെയിറ്റ് ചെയ്യുന്നത് കണ്ടപ്പോ തന്നെ നമ്മള് ഓടി വണ്ടിയിൽ കയറി തിരിഞ്ഞ് നോക്കി കൊണ്ട് രോഹിതിനോട് പെട്ടെന്ന് വണ്ടിയെടുക്കാൻ പറഞ്ഞ് ദൃതി കൂട്ടി കൊണ്ടിരുന്നു...

അവൻ എന്താ പ്രശ്നം എന്ന് ചോദിച്ചെങ്കിലും നമ്മളൊന്നും മിണ്ടാതെ വേഗം പോകാൻ പറഞ്ഞ് ശല്യം ചെയ്തു...

അത് കേട്ട് അവൻ സ്പീഡിൽ ബുള്ളറ്റും കൊണ്ട് കുതിച്ചുയർന്നപ്പോ നമ്മള് കണ്ണടച്ചു പിടിച്ച് അവന്റെ തോളിൽ മുറുകെ പിടിച്ചിരുന്നു...

കുറെ ദൂരം പിന്നിട്ടപ്പോ അവൻ പതിയെ വേഗത കുറച്ച് കൊണ്ട് വന്നിട്ട് നോർമൽ സ്പീഡിൽ ഓടിക്കാൻ തുടങ്ങി... അപ്പോ നമ്മള് പതിയെ കണ്ണ് തുറന്നിട്ട് ഒന്ന്

നെടുവീർപ്പിട്ട് കൊണ്ട് അവന്റെ തോളിൽ നിന്നും കയ്യെടുത്തു...

"സോറി രോഹിത്... സ്പീഡ് കൊണ്ട് അറിയാതെ പിടിച്ചതാ...."

"It's okay febi... എന്തിനാ താൻ പെട്ടെന്ന് വണ്ടിയെടുക്കാൻ പറഞ്ഞെ...? എന്തേലും പ്രശ്നം ഉണ്ടോ...?"

രോഹിതിന്റെ ചോദ്യം കേട്ടപ്പോ നമ്മക്ക് എന്താ പറയേണ്ടതെന്ന് ഒരു നിശ്ചയവും ഇല്ലെന്നു... സാലിമിനെ കുറിച്ച് ഇവനോട് പറഞ്ഞിട്ട് എന്താകാനാ...?

"പ്ര...പ്രശ്നമോ...? എന്ത് പ്രശ്നം...? പ്രശ്നം ഒന്നുമില്ല രോഹിത്... പിന്നെ പെട്ടെന്ന് വണ്ടിയെടുക്കാൻ പറഞ്ഞത് എന്തിനാന്ന് വെച്ചാ.... അത്.... അത്... പെട്ടെന്ന് അവിടെ എത്താൻ വേണ്ടിയാ....

കാരണം അച്ചൂ കുറച്ച് മുന്നേ കൂടി എനിക്ക് വിളിച്ച് പറഞ്ഞിരുന്നു വേഗം വരാൻ... അതാ ഞാൻ അപ്പോ

അങ്ങനെ ഒക്കെ......"

എന്നൊക്കെ നമ്മള് ഏതാണ്ട് പറഞ്ഞ് ഒപ്പിച്ചപ്പോ അത് കേട്ട് അവനൊന്ന് ഇരുത്തി മൂളി.... നമ്മളൊരു ദീർഘ ശ്വാസം വിട്ടിട്ട് നമ്മളെ ഇരു സൈഡിലും പല നിറത്തിലുള്ള ലൈറ്റുകൾ കത്തിച്ചത് നോക്കി കൊണ്ട് അങ്ങനെ ഇരുന്നു...

എന്താണെന്ന് അറിയില്ല, കുറച്ച് മുൻപ് വരെ ആ സാലിമിനെ കണ്ടപ്പോഴുണ്ടായിരുന്ന പേടിയൊക്കെ എന്നിൽ നിന്നും അകന്നിരിക്കുന്നു... എന്റെ കൂടെ ആദിയുണ്ടാകുമ്പോ എനിക്ക് കിട്ടുന്ന ഒരു മനക്കരുത്തൊക്കെ ഇപ്പോ എന്നിലുണ്ട്... അത് ആദി എന്റെ കൂടെ തന്നെയുണ്ടെന്ന് തോന്നിപ്പിക്കുന്ന പോലെ...

'ഇനി ആദി എന്റെ കൂടെ എങ്ങാനും ഉണ്ടോ...? ഇത് ഇനി രോഹിത് ആയിരിക്കില്ലേ...? ഹോട്ടലിൽ നിന്ന് ഇറങ്ങിയപ്പോ മുതൽ ഇവന്റെ ശബ്ദത്തിലൊക്കെ എന്തോ മാറ്റം സംഭവിച്ച പോലെയൊക്കെ തോന്നുന്നു... ചെലപ്പോ വണ്ടിയിലൂടെയുള്ള യാത്രയല്ലേ അതിന്റേത്

ആയിരിക്കും... വണ്ടിയോടിക്കുമ്പോ സംസാരിച്ചിട്ട് കേൾക്കാഞ്ഞത് ആകും...

എന്നാലും ഇവിടെ എവിടെയോ ആദിയുള്ള പോലെ ഒക്കെ തോന്നാ.... ശരിക്കും മിസ്സ് ചെയ്യുന്നുണ്ട് എന്റെ കോന്തനെ...

ശോ അവന്റെ കൂടെ വന്നാൽ മതിയായിരുന്നു...'

ഇങ്ങനെ ഓരോന്ന് ചിന്തിച്ചോണ്ടും പുറത്തെ കാഴ്ചയുടെ ഭംഗിയൊക്കെ ആസ്വദിച്ചോണ്ടും ഇരുന്ന് ഒടുക്കം നമ്മക്ക് ഉറക്കം വരാൻ തുടങ്ങി... നമ്മള് പതിയെ ഉറക്കം തൂങ്ങി കൊണ്ട് രോഹിതിന്റെ പുറത്ത് തല ചായിച്ച് കിടന്നപ്പോ നമ്മളെ മൂക്കിലേക്ക് ആദിന്റെ അത്തറിന്റെ മണം തുളച്ച് കേറി...

നമ്മള് അപ്പോ തന്നെ ഞെട്ടി തരിച്ച് അവന്റെ പുറത്ത് നിന്ന് എണീറ്റിട്ട് അവനെ തന്നെ നോക്കി ഇരുന്നു...

'ഈ സ്മെൽ... ആദി യൂസ് ചെയ്യുന്ന അത്തറിന്റെ അതെ സ്മെൽ ആണ്... അപ്പോ എന്റെ തോന്നല് സത്യം ആയിരുന്നോ...? ഇത് രോഹിത് അല്ലെ...?

പക്ഷെ, ഈ അത്തർ ലോകത്ത് ആദിന്റെ കയ്യിൽ

മാത്രമേ ഉള്ളൂ എന്ന് പറയാൻ പറ്റില്ലല്ലോ... അപ്പോ ഇത് ആദിയാണെന്ന് എങ്ങനെ ഉറപ്പിക്കും...?

ഇനി ഇപ്പോ ഞാൻ എങ്ങനെ അതൊന്ന് അറിയാ...?'

എന്ന് ചിന്തിച്ചോണ്ട് നമ്മള് നഖം കടിച്ച് അവനെ തന്നെ നോക്കി ഇരുന്നു... പണ്ടാറടങ്ങാൻ ഇവന്റെ തലയിൽ ആണെങ്കിലോ ഒരു ചട്ടിയും കമിഴ്ത്തി ഇട്ടിട്ടുണ്ട്... ഇനി എങ്ങനെ അറിയാനാ ഇത് രോഹിതാണോ അതോ ആ കോന്തൻ ആണോ എന്ന്...?

'അതല്ല... ഇത് എങ്ങനെ ആദിയാകും..? രോഹിത് അല്ലെ ആകൂ... കാരണം രോഹിതും ആദിയും തമ്മിൽ പരിചയമുണ്ടാകാൻ വഴിയില്ലല്ലോ... അപ്പോ ഇത് രോഹിത് ആകും... ആകണം... ആകണമല്ലോ...'

എന്ന് നമ്മള് ചിന്തിച്ച് തീർന്നില്ല അപ്പോഴേക്കും ഒരു പട്ടി വണ്ടിക്ക് കുറുകെ വന്ന് ചാടിയതും വണ്ടി പെട്ടെന്ന് ബ്രേക്കിട്ടു... അതിന്റെ ആഘാതത്തിൽ നമ്മള് വന്ന് ഓനെ ഇടിക്കാൻ നിന്നപ്പോഴേക്കും നമ്മളെ രണ്ട് കയ്യും അവന്റെ നടുപുറത്ത് തന്നെ വന്ന് പതിഞ്ഞു...

എന്റെ കൈ അവന്റെ പുറത്ത് ആഞ്ഞ് പതിഞ്ഞതും എന്റെ ഹൃദയമിടിപ്പ് പെട്ടെന്ന് ഉയർന്നു... നമ്മള് നെഞ്ചിൽ കൈ വെച്ച് ഞെട്ടി തരിച്ച് അവനിൽ നിന്നും കൈ പിൻവലിച്ചു... എന്നിട്ട് അപ്പോ തന്നെ നമ്മള് ബുള്ളറ്റിൽ നിന്നും ചാടിയിറങ്ങി നെഞ്ചില് കയ്യും വെച്ചോണ്ട് ഓന്റെ മുന്നിൽ പോയി നിന്നു...

എന്നിട്ട് ഓനെ ഒന്ന് അടിമുടി നോക്കിയിട്ട് ഒരു സംശയ രൂപേണ അവന്റെ അടുത്തേക്ക് നടന്നടുത്ത് അവന്റെ തലയിൽ നിന്നും ആ ചട്ടി നമ്മള് ഊരി മാറ്റി...

അപ്പോ നമ്മളെ മുന്നിൽ ഇരുന്ന് ഇളിച്ച് കാണിക്കുന്ന ആ രൂപത്തെ കണ്ടതും നമ്മള് വാ പൊളിച്ചു... നമ്മളെ കണ്ണ് രണ്ടും ഇപ്പോ പുറത്തേക്ക് ചാടുമെന്ന അവസ്ഥയിൽ അവനെ തന്നെ തുറിച്ചു നോക്കി...

അതെ അവൻ തന്നെ നമ്മളെ കോന്തൻ...

എന്നാലും ഇവൻ എങ്ങനെ ഇവിടെ...?

"നീ.... നീയോ....?"

"ഞ....ഞാൻ തന്നെ... എന്താ നിനക്ക് കണ്ണ് കണ്ടൂടെ...?"

"നീയെപ്പോഴാ ഇതിൽ കേറി കൂടിയേ...? അപ്പോ രോഹിത് എവിടെ...?"

"അവനൊക്കെ ഈ സിറ്റി വിട്ട് എപ്പോഴോ പോയിട്ടുണ്ട്... രോഹിതും ഞാനും തമ്മിൽ ഒരു ചെറിയ ബന്ധമുണ്ട്... ഹി ഈസ് മൈ ചൈൽഡ് ഹുഡ് ഫ്രണ്ട്...

നിനക്ക് മനസ്സിലാകുന്ന തരത്തിൽ കുറച്ച് കൂടി വ്യക്തമായി പറഞ്ഞാൽ അരുണിന്റെ കസിൻ ബ്രദർ... ഇവൻ പറഞ്ഞിട്ടാ ഞാൻ അരുണിന് നമ്മുടെ കോളേജിൽ അഡ്മിഷൻ ശരിയാക്കിയത്..."

നമ്മളെ കോന്തൻ പറയുന്ന സത്യങ്ങൾ കേട്ടിട്ട് നമ്മള് ഓനെ മിഴിച്ച് നോക്കി കൊണ്ട് വാ പൊളിച്ച് നിന്നപോ അവൻ നമ്മളെ വാ അടച്ച് വെച്ചു...

"മതിയെടി വാ പൊളിച്ച് നിന്നത്... വാ കേറ് നമുക്ക് പോകാം... ഇപ്പോ തന്നെ ഒരുപാട് ലേറ്റ് ആയി...നേരം

വെളുക്കുന്നതിന് മുൻപ് നമുക്ക് അവിടെ എത്താൻ ഉള്ളതാ... വാ കയറ്...."

എന്ന് പറഞ്ഞ് അവൻ എന്റെ കൈ പിടിച്ച് വലിച്ചപ്പോ നമ്മള് അവനിൽ നിന്നും കൈ വിടുവിച്ചിട്ട് ഓനെ രൂക്ഷമായി നോക്കാൻ തുടങ്ങി...

"അപ്പോ അച്ചുവൊക്കെ അറിഞ്ഞ് കൊണ്ടുള്ള പ്ലാൻ ആയിരുന്നല്ലേ ഈ ട്രിപ്പ്...?"

"ഏയ്... അച്ചുവിന് ഒന്നും ഇതിനെ കുറിച്ച് യാതൊരു അറിവുമില്ല... നീ രോഹിതിന്റെ കൂടെ ആലപ്പുഴ പോകുന്നത് എന്നോട് വിളിച്ച് പറഞ്ഞത് തന്നെ അവനാ...

ആ റെസ്റ്റോറന്റിൽ കയറിയത് നിങ്ങൾക്ക് ഫുഡടിക്കാൻ മാത്രല്ല ട്രാഫിക്കിൽ പെട്ട് പോയ എന്നെ ഇവിടെ വരുത്തിക്കാൻ കൂടിയുള്ള അവന്റെ പ്ലാൻ ആയിരുന്നു...

പിന്നെ ദേ ഈ ബുള്ളെറ്റ്... ഇത് എന്റേത് തന്നെയാ...

അവൻ ബിൽ സെറ്റിൽ ആക്കിയിട്ട് പാർക്കിങ് ഏരിയയിലേക്ക് പോയ ആ ടൈമിൽ തന്നെ ഞങ്ങള് പരസ്പരം മാറിയിരുന്നു... എന്നിട്ട് അവൻ ഞാൻ വന്ന വണ്ടിയിലും പോയി... ഞാൻ നിന്നെ വെയിറ്റ് ചെയ്ത് അവിടെ തന്നെ നിൽക്കേം ചെയ്തു...

ഇപ്പോ നിന്റെ ഡൗട്ട് ഒക്കെ ക്ലിയർ ആയല്ലോ... ഇനി ഇവിടെ നിന്ന് എന്നെ നോക്കി കണ്ണുരുട്ടാതെ വേഗം വന്ന് കേറാൻ നോക്ക്....വാ..."

"ഇല്ല..... ഞാൻ നിന്റെ കൂടെ എങ്ങോട്ടും വരില്ല...."

"ഐഷു... വാശി കള... അതിനുള്ള ടൈം ഒന്നും അല്ലട്ടോ ഇത്... നേരം പത്ത് മണി കഴിഞ്ഞു... ഉറക്കം ഉളച്ച് ഇനിയും മൈലുകൾ താണ്ടി പോകണം അവിടെ എത്താൻ... നീ കളിക്കാതെ കയറാൻ നോക്ക്...."

"ഇല്ല.... ഇല്ല.... ഇല്ലാ... നിന്റെ കൂടെ ഞാൻ എങ്ങോട്ടും വരില്ല... പ്രത്യേകിച്ച് ദേ നിന്റെ ഈ പാട്ട വണ്ടിയിൽ..."

എന്ന് പറഞ്ഞ് ബുള്ളറ്റിനൊരു ചവിട്ട് കൊടുത്തപ്പോ

ആദി നമ്മളെ തുറുക്കനെ നോക്കി... നമ്മളെ കാൽ ആണെങ്കിൽ ആ ഇരുമ്പില് തട്ടിയിട്ട് വേദനയും ആയി...

നമ്മള് കാൽ പിടിച്ച് നിന്നപോ ഓൻ ചിരി വന്നത് അടക്കി പിടിച്ചു... അത് കണ്ട് നമ്മള് തുറുക്കനെ നോക്കി....

"അല്ലേലും ഞാൻ എന്തിനാ നിന്റെ കൂടെ ഇതിൽ വരുന്നത്...? അതിന് മാത്രം എന്ത് ബന്ധമാ നമ്മള് തമ്മിലുള്ളത്...?"

നമ്മള് ഈ ഡയലോഗ് മനപ്പൂർവ്വം എടുത്ത് കാച്ചിയതാണ്... കാരണം ഇനിയെങ്കിലും അവന് പറയേണ്ടി വരുമല്ലോ എന്നെ അവന് ഇഷ്ടമാണെന്ന്... അത് അവന്റെ നാവീന്ന് എനിക്ക് ഒരിക്കൽ കൂടി കേട്ടാലെ നമ്മളെ പകരം വീട്ടലിന് ഒരു ഊർജം കിട്ടൂ...

"പറഞ്ഞ പോലെ നമ്മള് തമ്മിൽ അതിന് മാത്രം എന്ത് ബന്ധമാ ഉള്ളത്...? ഒന്നും ഇല്ലല്ലോ അല്ലെ...?

അപ്പോ പിന്നെ എന്റെ കൂടെ വരാൻ നിന്നെ കൊണ്ട് പറ്റില്ല....ഓക്കേ...?

അല്ലാ... നീ ഇതുവരെ ആരെ കൂടെയാ വന്നത്...? ആ രോഹിതിന്റെ കൂടെയല്ലേ...? അവനും നീയും തമ്മിൽ അപ്പോ എന്ത് ബന്ധം ഉണ്ടായിട്ടാ നീ അവന്റെ കൂടെ വന്നത്...?"

ഓന്റെ ചോദ്യം കേട്ടപ്പോ നമ്മള് ഉത്തരം മുട്ടി ഓന്റെ മുന്നിൽ പരുങ്ങി... അത് കണ്ട് ഓൻ നമ്മളെ നോക്കി പുച്ഛിച്ച് ചിരിച്ചപ്പോ നമ്മള് മുഖം തിരിച്ച് കളഞ്ഞു...

"ഇതുവരെ മുന്നും പിന്നും അറിയാത്ത ഒരുത്തന്റെ കൂടെ നീ വന്നെങ്കിൽ മൂന്നാല് കൊല്ലത്തെ പരിചയമുള്ള എന്റെ കൂടെ വന്നാൽ എന്താ ഇനി കുഴപ്പം...?"

"നീ അധികം ഇവിടെ നിന്ന് ഡയലോഗ് അടിക്കാൻ നിൽക്കണ്ട.... ഞാൻ നിന്റെ കൂടെ വരില്ലെന്ന് പറഞ്ഞാൽ വരില്ല..."

"ഉറപ്പാണല്ലോ... അവസാനം ഞാൻ ഇവിടെ ഇട്ടിട്ട് പോയിട്ട് ഒരുമാതിരി കണകൊണാ വർത്താനം ഒന്നും

എന്നോട് പറഞ്ഞോണ്ട് എന്റെ അടുത്തേക്ക് വന്നേക്കരുത്... അതോണ്ട് അവസാനായിട്ട് ചോദിക്കാണ് നീ എന്റെ കൂടെ വരുന്നുണ്ടോ ഇല്ലയോ...?"

"ഇല്ല...."

"ഓക്കേ... നിന്റെ നിലപാടിൽ ഉറച്ച് നിൽക്കാനാണ് നിന്റെ തീരുമാനം എങ്കിൽ എനിക്ക് ഒന്നും പറയാനില്ല...

ഓർത്തോ രാത്രിയാണ്.... നേരം ഒരുപാട് ഇരുട്ടിയിട്ടുണ്ട്... ഇതിലൂടെ ആണെങ്കിൽ അധികം വണ്ടികളൊന്നും പോകാത്തതുമാണ് എല്ലാം ചിന്തിച്ചിട്ട് തന്നെയാണല്ലോ അല്ലെ ഈ പറയുന്നത്...?"

ആ കോന്തൻ ഓരോന്ന് പറഞ്ഞ് നമ്മളെ പേടിപ്പിക്കാൻ നോക്കിയെങ്കിലും നമ്മള് ധൈര്യം കൈ വിടാതെ അങ്ങനെ തന്നെ നിന്നു....

"ഞാൻ അതൊക്കെ ഓർത്തിട്ട് തന്നെയാ പറഞ്ഞത്... എന്റെ കാര്യം ഞാൻ നോക്കിക്കോളാം അതിൽ ഇനി

താൻ ഇടപെടണ്ട...."

"ഓക്കേ... ഫൈൻ... വരാനുള്ളത് വഴിയിൽ തങ്ങില്ലല്ലോ അത് നിന്നെയും കൊണ്ടല്ലേ പോകൂ... എന്തായാലും ഓൾ ദി ബെസ്റ്റ്... ആലപ്പുഴയിലേക്ക് നാളെ ജീവനോടെ എത്താണെങ്കിൽ നമുക്ക് അപ്പോ കാണാട്ടാ... ബൈ...."

എന്ന് പറഞ്ഞ് ഒരു മനസ്സാക്ഷിയും ഇല്ലാതെ ആ കോന്തൻ അവിടന്ന് ബുള്ളറ്റും കൊണ്ട് പറപ്പിച്ച് പോയപ്പോ ഓന്റെ പിന്നാലെ നമ്മളെ ഉള്ള ധൈര്യവും കൂടി ചോർന്ന് പോയി...

ആ കോന്തൻ നമ്മളെ വാശി കണ്ടിട്ട് നമ്മക്കിട്ട് ഒരെണ്ണം പൊട്ടിച്ച് ഇവിടുന്ന് പിടിച്ചോണ്ട് പോകുമെന്ന് പ്രതീക്ഷിച്ചാ നമ്മള് അങ്ങനെ ഒക്കെ പറഞ്ഞെ...

എന്നിട്ടിപ്പോ ഓൻ നമ്മളെ ഇവിടെ ഒറ്റക്ക് ആക്കി പോയേക്കുന്നു കോന്തൻ...

"കോന്തൻ... തെണ്ടി.... എന്നെ ഈ രാത്രിയിൽ ഇവിടെ തനിച്ചാക്കി പോയത് കണ്ടില്ലേ... കോന്തൻ...

പടച്ചോനെ ഓൻ പറഞ്ഞ പോലെ ഇതിലൂടെ

ആണെങ്കിൽ അധികം വണ്ടികളും പോണില്ല... കടകളുമില്ല.... ഈ സ്ട്രീറ്റ് ലൈറ്റ് കൂടി ഇല്ലായിരുന്നെങ്കിൽ പിന്നെ ഞാൻ പേടിച്ച് ചത്തേനെ...

ഇല്ല ഫെബി... ആദി ഒരിക്കലും നിന്നെ തനിച്ചാക്കി പോകില്ല... നീ കണ്ടോ ആ കോന്തൻ അവിടെ എവിടേലും മറഞ്ഞ് നിന്നിട്ട് നമ്മളെ നിരീക്ഷിക്കുന്നുണ്ടാകും...

കുറച്ച് കഴിഞ്ഞാൽ നമ്മളെ അടുത്തേക്ക് തന്നെ വന്ന് നമ്മളെ കൂട്ടിക്കൊണ്ട് പോകേം ചെയ്യും....

പടച്ചോനെ എന്റെ കോന്തൻ വന്നേക്കണേ...."

എന്ന് കണ്ണടച്ച് പ്രാർത്ഥിച്ചോണ്ട് നമ്മള് സ്വലാത്തൊക്കെ ചൊല്ലി കൊണ്ട് നിന്നപ്പോഴാണ് ആദിന്റെ ബുള്ളറ്റിന്റെ ശബ്ദം എന്റെ കാതുകളിൽ തുളച്ച് കേറുന്ന തരത്തിൽ പാഞ്ഞടുത്തത്...

നമ്മള് അപ്പോ തന്നെ പടച്ചോനോട് മനസ്സ് കൊണ്ട് നന്ദി പറഞ്ഞിട്ട് കണ്ണ് തുറന്ന് നോക്കിയപ്പോ ആദി വണ്ടി നിർത്തി അതിൽ നിന്ന് സ്പീഡിൽ ഇറങ്ങി വന്നു...

നമ്മള് ഇത്തിരി ഗെറ്റപ്പിന് വേണ്ടി ഓനെ പുച്ഛിച്ച് മുഖം തിരിച്ച് നിന്നിട്ട് ചിരി അടക്കി വെച്ചു... അപ്പോ തന്നെ ആദി നമ്മളെ കയ്യിൽ പിടിച്ചതും നമ്മള് പ്രതീക്ഷിച്ച പോലെ തന്നെ അവൻ നമ്മളെ പിടിച്ച് വലിച്ചോണ്ട് പോകുമെന്ന് നമ്മള് ഉറപ്പിച്ച് നിന്നു...

പക്ഷെ, ആ കോന്തൻ നമ്മളേക്കാൾ ജഗജാല കില്ലാടി ആയോണ്ട് അവൻ നമ്മളെ കൈ പിടിച്ചിട്ട് ഓന്റെ ചട്ടി തട്ടി പറിച്ച് വാങ്ങിച്ച് നമ്മളെ കൈ വിട്ടു... ആ കോന്തൻ തെണ്ടി തിരിച്ച് വന്നത് നമ്മളെ കൊണ്ട് പോകാനല്ല പകരം ഓന്റെ ചട്ടി എടുക്കാൻ ആണെന്ന് നമ്മക്ക് അപ്പോഴാണ് മനസ്സിൽ ആയത്...

അത് അറിഞ്ഞപ്പോ തന്നെ നമ്മളെ ഉള്ളം കാൽ മുതലങ്ങ് പെരുത്ത് വന്നതേന്നു... പിന്നെ അവൻ നമ്മളോട് അവസാനായിട്ട് പോരുന്നോ എന്ന് ചോദിച്ചാലോ എന്ന പ്രതീക്ഷ ചെറുതായിട്ട് ഉള്ളതോണ്ട് അത് പുറത്ത് കാണിച്ചില്ല....

പകരം മുഖം വീർപ്പിച്ചോണ്ട് ഓനെ നോക്കി നിന്നു....

അപ്പോ ഓൻ ആ ചട്ടി തലയിൽ കമിഴ്ത്തിയിട്ട്

ബുള്ളറ്റിൽ കയറി വണ്ടി സ്റ്റാർട്ടാക്കി നമ്മളെ ഒന്ന് നോക്കി... നമ്മള് ഓന്റെ നോട്ടം കണ്ട് പെട്ടെന്ന് മുഖം തിരിച്ചിട്ട് കയ്യും കെട്ടി നിന്നു...

"ഒരിക്കൽ കൂടി അവസാനായിട്ട് ചോദിക്കാ എന്റെ കൂടെ പോരുന്നോ...."

നമ്മള് അപ്പോ തന്നെ ഇത്തിരി പ്രതീക്ഷയോടെ ഓനെ നോക്കി കൊണ്ട് ഒരു ചെറിയ പുഞ്ചിരി സമ്മാനിച്ച് മുന്നോട്ട് ഒരടി എടുത്ത് വെക്കാൻ നിന്നതും....

".......എന്നൊക്കെ ചോദിക്കണമെന്നുണ്ട്.... പക്ഷെ ചോദിച്ചിട്ട് നീ ഇല്ലാന്ന് മറുപടി പറയുമെന്ന് ഉറപ്പുള്ളത് കൊണ്ട് ചോദിക്കുന്നില്ല.... ബായ്....."

എന്ന് പറഞ്ഞോണ്ട് ആ കോന്തൻ അവിടന്ന് പോയപ്പോ നമ്മള് ഓന്റെ നേരെ ഒരു കല്ലെടുത്ത് എറിയാൻ നിന്നു... പക്ഷെ അപ്പോഴേക്കും ഓൻ ദൂരങ്ങൾ താണ്ടിയിരുന്നു.... നമ്മളെ കയ്യീന്ന് കല്ല് അപ്പോ തന്നെ നിലം പതിച്ചു....

അത് കണ്ടപ്പോ നമ്മളെ കണ്ണ് അറിയാതെ നിറഞ്ഞൊഴുകി.... ഓൻ വിളിച്ചപ്പോ തന്നെ പോകാതെ ബിൾഡപ്പ് കാണിച്ച് നിന്നതിന് നമ്മള് സ്വയം നമ്മളെ തലക്കടിച്ചിട്ട് സ്ട്രീറ്റ് ലൈറ്റിന് അടുത്തുള്ള ഒരു കോൺഗ്രീറ്റ് തറയിൽ താടിക്ക് കയ്യും കൊടുത്ത് ഇരുന്നു.... എന്നിട്ട് ആ കോന്തൻ പോയ ഭാഗത്തേക്ക് നോക്കി കൊണ്ട് കണ്ണ് നിറച്ചു...

'ഇല്ല... ഇനി ആ കോന്തൻ വരില്ല... അത്രക്ക് ഞാൻ ജാഡ കാണിച്ചത് അല്ലെ... അപ്പോ എന്തായാലും വരില്ല... എന്നാലും അവന് എങ്ങനെ തോന്നി എന്നെ ഇവിടെ ഒറ്റക്ക് നിർത്തിയിട്ട് പോകാൻ...?

ആദി മുമ്പത്തെ പോലെയെയല്ല... എന്റെ ആദ്യത്തെ ആദി ആയിരുന്നെങ്കിൽ ഈ നേരത്ത് എന്നെ ഒരിക്കലും തനിച്ചാക്കി പോകില്ലായിരുന്നു.... അവനാകെ മാറി...

എന്തായാലും ശരി ഇനി ഇവിടെ ഇങ്ങനെ ഇരുന്ന് കണ്ണീർ വാർത്തിട്ട് ഒരു കാര്യവുമില്ല... ഇതിനുള്ള തിരിച്ചടി അവന് കൊടുത്തെ പറ്റൂ.... കഴിയുമെങ്കിൽ

അവൻ അവിടെ എത്തുന്നതിന് മുന്നേ തന്നെ എനിക്ക് അവിടെ എത്തണം... അതിന് ഇപ്പോ എന്താ ചെയ്യാ...?'

അപ്പോഴാണ് ഒരു ക്രോയ്സർ വാൻ ചീറി പാഞ്ഞ് വരുന്നത് നമ്മള് കണ്ടത്... നമ്മള് അപ്പോ തന്നെ അവിടന്ന് എണീറ്റിട്ട് നടുറോഡിൽ പോയി നിന്നിട്ട് നിർത്താൻ വേണ്ടി കൈ കൊണ്ട് ആംഗ്യം കാണിച്ചു...

നമ്മള് വണ്ടിന്റെ മുന്നിൽ നിന്നിട്ട് കൈ കാണിച്ചത് കൊണ്ടാണോ അതോ നമ്മക്ക് ലിഫ്റ്റ് തരാൻ വേണ്ടിയാണോ എന്നറിയില്ല ആ വാൻ അപ്പോ തന്നെ അവിടെ നിന്നു...

നമ്മള് അപ്പോ തന്നെ ഒരു ദീർഘ ശ്വാസം വിട്ടിട്ട് ആ വാനിന്റെ അടുത്തേക്ക് നടക്കാൻ ഒരുങ്ങിയതും ആ കാറിൽ നിന്ന് അപ്പോഴേക്കും മൂന്ന് പേർ ഇറങ്ങിയിരുന്നു... അവരെ കണ്ടതും നമ്മള് മുന്നോട്ടെടുത്ത കാൽ പിന്നോട്ട് തന്നെ വെച്ചു....

"ഹാ.... എന്തിനാ ആദിന്റെ ഐഷു വണ്ടിന്റെ മുന്നിൽ കേറി നിന്നിട്ട് ഒക്കെ ലിഫ്റ്റ് ചോദിക്കുന്നെ...? നിന്നെ കണ്ടാൽ തന്നെ ഓട്ടോമാറ്റിക്കായിട്ട് എന്റെ ഈ വണ്ടി

നിൽക്കുമെന്ന് നിനക്ക് അറിഞ്ഞൂടെ...?"

സാലിം അവന്റെ വണ്ടിയിൽ അടിച്ച് ഒരു പുച്ഛത്തോടെ ചിരിച്ച് കൊണ്ട് അത് പറഞ്ഞപ്പോ നമ്മള് ഏത് വഴി ഓടുമെന്ന് ആലോചിച്ച് നിൽക്കായിരുന്നു...

"എന്ത് പറ്റി ആദിന്റെ ഐഷൂന്...? അവൻ നിന്നെ പെരുവഴിയിൽ ഇറക്കി വിട്ടിട്ട് അവന്റെ പാട്ടിന് പോയോ..? ആദിന്റെ ഐഷു ഒന്ന് കൊണ്ടും പേടിക്കണ്ടാട്ടോ മോൾക്ക് എവിടെയാ പോകേണ്ടതെന്ന് പറഞ്ഞാൽ മതി... ഞങ്ങള് മൂന്ന് പേരും ഒരുമിച്ച് നിന്നെ അങ്ങോട്ട് കൊണ്ടെത്തിക്കാം..."

"പേടിയോ...? എനിക്കോ...? അതും നിങ്ങളെ...?"

സാലിം ഒരു പരിഹാസ ചിരിയോടെ പറയുന്നത് കേട്ട് നമ്മളും ഒട്ടും പതറാതെ അവന് അങ്ങനെ മറുപടി കൊടുത്തപ്പോ അവൻ ചിരി നിർത്തി എന്നെ രൂക്ഷമായി നോക്കി...

"എന്താടി നിനക്ക് ഞങ്ങളെ പേടിയില്ലേ..? അവൻ ഇവിടെ ഇല്ലെന്ന് അറിഞ്ഞിട്ടും എന്താടി നീ പേടിക്കാത്തെ..?"

അനസ് ചോദിക്കുന്നത് കേട്ട് നമ്മളൊന്ന് അവന്മാരെ നോക്കി കൊണ്ട് പുച്ഛിച്ച് ചിരിച്ചു...

"ഹും.... എന്താ പേടിയില്ലാത്തതെന്ന് മനസ്സിലായില്ലേ...? രായിക്ക് രാമാനം ഇവൻ പറഞ്ഞല്ലോ ആദിന്റെ ഐഷു... ആദിന്റെ ഐഷു എന്ന്.... അത് തന്നെയാടാ എന്റെ ധൈര്യവും...

അതേടാ ഞാൻ ആദിന്റെ ഐഷു തന്നെയാ.... അതോണ്ട് തന്നെ എന്നെ നിങ്ങളെ മുന്നീന്ന് രക്ഷപ്പെടുത്താനും അവൻ വന്നിരിക്കും....

പറഞ്ഞ് തീർന്നില്ല ദേ വന്നല്ലോ എന്റെ ആദി നിങ്ങളെ തീർക്കാൻ...."

എന്ന് നമ്മള് പറയുന്നത് കേട്ട് മൂന്ന് പേരും ഇത്തിരി ഭീതിയോടെ അവരെ പുറകിലേക്ക് തിരിഞ്ഞ് നോക്കിയപ്പോ തന്നെ ആ ഗാപ്പില് നമ്മള് ജീവൻ

കയ്യിൽ പിടിച്ചോണ്ട് എങ്ങോട്ടെന്നില്ലാതെ ഓടി....

"ദേ ഡാ... അവള് നമ്മളെ പറ്റിച്ച് ഓടുന്നു... പിടിക്ക് അവളെ... വിട്ട് കളയരുത്... എനിക്ക് അവളെ ജീവനോടെ വേണം..."

പിറകിൽ നിന്നും സാലിമിന്റെ ഗർജ്ജനം കേട്ട് നമ്മള് തിരിഞ്ഞ് നോക്കിയപ്പോ അനസും മറ്റവനും കൂടി നമ്മളെ പിന്നാലെ കൂടിയിട്ടുണ്ട്... സാലിം ആണെങ്കിൽ അവന്റെ വണ്ടിയിലും നമ്മളെ പിന്നാലെ വരുന്നുണ്ട്...

ഇനി എന്ത് ചെയ്യും പടച്ചോനെ ഞാൻ... അപ്പോ തന്നെ ആദിന്റെ കൂടെ പോയാൽ മതിയായിരുന്നു... ഇപ്പോ അവൻ എന്റെ കൂടെ ഉണ്ടായിരുന്നെങ്കിൽ എന്നൊക്കെ ആലോചിച്ച് നമ്മള് കരഞ്ഞ് കൊണ്ട് സ്ട്രീറ്റ് ലൈറ്റിന്റെ വെളിച്ചത്തിൽ ഒരു ഊടുവഴിയിലൂടെ ഓടി...

അതിലൂടെ വാഹനങ്ങൾ പോകാത്തത് കൊണ്ട് സാലിം അവിടന്ന് യൂ ടേൺ എടുത്തു... എന്നിട്ടും മറ്റവന്മാര് നമ്മളെ വിടാൻ ഉദ്ദേശമില്ലാതെ പിന്നലെ തന്നെ നമ്മളെ തൊട്ടു തൊട്ടില്ല എന്ന വിധത്തിൽ ഓടി വരുന്നുണ്ട്....

നമ്മള് ആണെങ്കിൽ ഓടിയാകെ ക്ഷീണിച്ചു... നമ്മള് അപ്പോ തന്നെ ഒരു മരത്തിന് പിറകിൽ ഒളിച്ചിരുന്നിട്ട് നമ്മളെ കിതപ്പ് മാറ്റി കൊണ്ടിരുന്നു... അപ്പോ അവന്മാര് രണ്ട് പേരും നമ്മളെ അടുത്ത് കൂടി പാസ് ചെയ്യുന്നത് കണ്ടപ്പോ നമ്മള് വാ പൊത്തി പിടിച്ച് ശ്വാസം പോലും വിടാതെ അങ്ങനെ നിന്നു....

പെട്ടെന്ന് നമ്മളെ ഫോൺ റിങ് ചെയ്തതും നമ്മള് ഞെട്ടി തരിച്ച് ഫോണെടുത്ത് നോക്കി... അച്ചുവാണ് വിളിക്കുന്നത്... ഓൾക്ക് വിളിക്കാൻ കണ്ടൊരു നേരമെന്ന് പുലമ്പി കൊണ്ട് നമ്മള് കോൾ കട്ടാക്കിയപ്പോ തന്നെ എന്റെ കയ്യിൽ ആരോ പിടിച്ച് വലിച്ചു...

നോക്കിയപ്പോ ആ അനസാണ്...മറ്റവൻ ഓടി അടുത്ത് എത്തുന്നതെയുള്ളൂ.... നമ്മള് അപ്പോ തന്നെ അവന്റെ കാലിനിട്ട് ഒരു ചവിട്ടും അവന്റെ മൂക്കിനിട്ട് ഒരു കുത്തും കൊടുത്തിട്ട് വീണ്ടും അവിടന്ന് ഓടി.... ഓടി ഓടി നമ്മളിത് എവിടെയാ വന്നിരിക്കുന്നതെന്ന് നമ്മക്ക് തന്നെ ഒരു നിശ്ചയമില്ല...

ആദിയെ വിളിക്കാമെന്ന് വെച്ച് ഫോൺ തിരഞ്ഞപ്പോഴാ ഫോൺ അവിടെ മിസ്സായ വിവരം തന്നെ മനസ്സിൽ ആകുന്നത്....

പിന്നെ ഒന്നും നോക്കീല രണ്ടും കൽപ്പിച്ച് അവിടന്ന് ഓടി നമ്മള് ഒരു ജങ്ഷനിൽ എത്തി... അവിടെ ആണെങ്കിൽ കടകളൊക്കെ അടച്ചിട്ടിരിക്കാണ്... ഓടിയോടി തളർന്ന് നമ്മക്ക് ആണെങ്കിൽ നന്നായിട്ട് ദാഹിക്കുന്നുമുണ്ട്....

തിരിഞ്ഞ് നോക്കിയപ്പോ അവന്മാരെയൊന്നും പൊടി പോലും അവിടെ കാണാൻ ഇല്ല....

അതോണ്ട് തന്നെ നമ്മള് ഓട്ടം നിർത്തി പതിയെ നടക്കാൻ തുടങ്ങി... എങ്ങോട്ട് പോകുമെന്ന് അറിയാതെ ആ ജങ്ഷനിൽ തന്നെ നിന്ന് ഒടുക്കം വെളിച്ചം അധികമായിട്ട് കാണുന്ന റോഡ് വഴി പോകാൻ തീരുമാനിച്ച് കൊണ്ട് നമ്മള് അങ്ങോട്ട് പോകാൻ നിന്നതും പെട്ടെന്ന് നമ്മളെ മുന്നിലേക്ക് ഒരു തടസം സൃഷ്ടിച്ച് കൊണ്ട് സാലിമിന്റെ വണ്ടി വന്ന് നിന്നു...

അവന്മാര് മൂന്ന് പേരും അതിൽ നിന്ന് ഇറങ്ങി വന്നപ്പോ

നമ്മള് അപ്പോ തന്നെ തിരിഞ്ഞ് ഓടി... നമ്മളെ പിന്നാലെ അവന്മാരും....

അല്ലെങ്കിൽ തന്നെ നമ്മളെ കാണുമ്പോ വെറുതെ വിടാത്തവന്മാരാ... കൂടാതെ നമ്മള് ഒറ്റക്കല്ലേ ഇപ്പോ ഉള്ളത് അപ്പോ പിന്നെ നമ്മളെ കയ്യിൽ കിട്ടിയാൽ വെറുതെ വിടാനും പോണില്ല...

അതൊക്കെ നന്നായിട്ട് അറിയുന്നത് കൊണ്ട് തന്നെ നമ്മളെ ജീവൻ പോയാലും മാനം കളയാൻ അവന്മാരെ അനുവദിക്കില്ലെന്ന് തീരുമാനിച്ചുറപ്പിച്ച് നമ്മള് ഓടി... തിരിഞ്ഞ് നോക്കിയപ്പോ നശൂലങ്ങള് നമ്മളെ വിടാതെ പിന്തുടർന്നിരിക്കാണ്... ഈ നിമിഷത്തിൽ എന്റെ ജീവൻ വരെ പോകാൻ ഞാൻ പ്രാർത്ഥിച്ച് പോയി....

വയ്യ... ഇനി ഒരടി പോലും എടുത്ത് വെക്കാൻ വയ്യ... അത്രക്ക് തളർന്ന് പോയി... ഒരു തുള്ളി വെള്ളത്തിന് വേണ്ടി നാക്ക് കൊതിച്ചു.... അവന്മാരെ നോക്കി കൊണ്ട് ഓടിയോടി അവസാനം നമ്മള് ആരെയോ ചെന്നിടിച്ചു....

നമ്മള് അപ്പോ തന്നെ ഇടിച്ചയാളെ മുഖത്തേക്ക്

നോക്കി നെഞ്ചിൽ കൈ വെച്ച് നിന്നപ്പോ നമ്മളെ കണ്ണിന് നാലായിട്ടാണ് ഓനെ കണ്ടത്.... അത് ആദിയാണെന്ന് മനസ്സിലായപ്പോ തന്നെ നമ്മള് ഓടി ചെന്ന് അവനെ കെട്ടിപ്പിടിച്ചു...

എന്നിട്ട് ഇതുവരെ നമ്മള് പേടിച്ച് ഓടിയ നിമിഷങ്ങളിലെ ഭാരമെല്ലാം കരഞ്ഞ് തീർത്തു....

"എവിടെ ആയിരുന്നു.... എവിടെ ആയിരുന്നു നീ...? എന്നെ അവിടെ തനിച്ചാക്കിയിട്ട് പോകാൻ നിനക്ക് എങ്ങനെ പറ്റിയെടാ കോന്താ... പറയെടാ... പറയെടാ...."

എന്ന് പറഞ്ഞ് നമ്മള് ഓനെ പൊതിരെ തല്ലിയപ്പോ ഓൻ ചിരിച്ചോണ്ട് അതൊക്കെ കൊണ്ട് നിന്നിട്ട് കൂൾ ബേബി കൂൾ എന്ന് പറഞ്ഞ് നമ്മളെ ഓൻ ഒന്നൂടെ ഓന്റെ നെഞ്ചോട് ചേർത്തു..... നമ്മള് ഓനെ കെട്ടിപ്പിടിച്ച് നിന്ന് നമ്മളെ സങ്കടമൊക്കെ അകറ്റിയപ്പോഴേക്കും നമ്മളെ പിന്നാലെ വന്ന മഹാന്മാര് അവിടെ എത്തിയിരുന്നു....

അവരെ കണ്ടതും ആദി അവരെ രൂക്ഷമായി നോക്കി പല്ലിറുമ്പി കൊണ്ട് നമ്മളെ അവനിൽ നിന്നും അകറ്റി

നിർത്തി നമ്മളെ ഓന്റെ പിറകിലേക്ക് ആക്കി... എന്നിട്ട് അവരെ മൂന്ന് പേരെയും മാറി മാറി നോക്കി ആദി രണ്ട് സ്റ്റെപ്പ് മുന്നോട്ട് വെച്ചപ്പോഴേക്കും ആദിയോട് പകയുണ്ടായിരുന്ന മറ്റവൻ അപ്പോ തന്നെ അവിടന്ന് ഓടി പോയി...

അത് കണ്ടിട്ട് അനസിനും പേടി വന്നിട്ടുണ്ടെങ്കിലും അവൻ അത് പുറത്ത് കാണിക്കാതെ ആദിന്റെ നേർക്ക് പാഞ്ഞടുത്തു... പിന്നെ അവിടെ നടന്നത് നല്ല ഉഗ്രൻ ഫൈറ്റ് ആയിരുന്നു...

സിനിമയെ പോലും വെല്ലുന്ന തരത്തിലുള്ള ആദിന്റെ മാസ് ഫൈറ്റ് കണ്ടിട്ട് നമ്മളെ ക്ഷീണമൊക്കെ പമ്പ കടന്ന് ഒരു ബൂസ്റ്റ് കുടിച്ച എനർജി ലഭിച്ചു...

സാലിമും അനസും തല്ലുന്നതൊക്കെ തടഞ്ഞ് കൊണ്ട് ആദി അവരെ തിരിച്ച് തല്ലുന്നുണ്ടെങ്കിലും ഇടക്ക് നമ്മളെ ഹീറോക്ക് ഇട്ടും തല്ലൊക്കെ കിട്ടുന്നുണ്ട്... അത് കാണുമ്പോ നമ്മളെ നെഞ്ചിനുള്ളിൽ ഒരു പെടപ്പാ.... അതോണ്ട് നമ്മളും ഇങ്ങനെ നോക്കി നിന്നിട്ട് കാര്യമില്ലെന്ന് തോന്നിയപ്പോ നമ്മള് ഒരു മുട്ടൻ വടിയെടുത്ത് ആ അനസിനെ പൊതിരെ തല്ലി....

ആ നേരത്ത് ആദി സാലിമിനെ കൈകാര്യം ചെയ്യുന്ന ദ്യതിയിൽ ആയിരുന്നു...അതോണ്ട് അനസിന്റെ കാര്യം നമ്മളും അങ്ങ് ഏറ്റു... പക്ഷെ അപ്രതീക്ഷിതമായി ആ അനസ് നമ്മളെ കയ്യീന്ന് ആ വടി പിടിച്ച് വാങ്ങിയിട്ട് നമ്മളെ കയ്യിൽ കേറി പിടിച്ചപ്പോ നമ്മളോന്റെ മണികണ്ഠ സ്വാമിയിൽ നല്ല അഡാർ ഗോളങ്ങ് കാച്ചി കൊടുത്തു...

അത് കിട്ടിയപ്പോ തന്നെ ഓൻ വീണ്ടും ഫ്ലാറ്റ്... ഇത്തവണ അവന് ജീവൻ പോയാലും നമ്മക്ക് നോ പ്രോബ്ലം എന്ന നിലക്ക് ആയോണ്ട് നമ്മള് ഓനെ തിരിഞ്ഞ് പോലും നോക്കാതെ ആദിനെ നോക്കിയപ്പോ ഓൻ നമ്മളെ ഗോൾ കണ്ടിട്ട് നമ്മളെ നോക്കി ചിരിക്കാണ്....

നമ്മളും ഓന്റെ ചിരി കണ്ടിട്ട് മറുപടി എന്നോണം ഒന്ന് ചിരിച്ച് കൊടുത്ത് അവന്റെ അടുത്തേക്ക് പോകാൻ നിന്നതും വീണിടത്ത് നിന്നും ഒരു വടി എടുത്തോണ്ട് സാലിം എണീറ്റ് വന്ന് ആദിന്റെ തലക്ക് അടിക്കാൻ നിന്നപ്പോ നമ്മള് *ആദീ*.... എന്ന് അലറി വിളിച്ച് കാത് പൊത്തി കണ്ണിറുക്കിയടച്ച് നിന്നു....

നമ്മള് പേടിച്ച് വിറച്ച് കണ്ണടച്ച് നിന്നപ്പോ പെട്ടെന്ന് നമ്മളെ മുഖത്തേക്ക് ഒരു ചെറിയ കാറ്റ് വീശി... നമ്മള് പതിയെ കിതച്ച് കൊണ്ട് കണ്ണ് തുറന്ന് നോക്കിയപ്പോ ആദി നമ്മളെ നോക്കി ക്ലോസെപ്പിന്റെ പരസ്യം കാണിക്കുന്നുണ്ട് സാലിം ആണെങ്കിൽ വെട്ടിയിട്ട വാഴയെ പോലെ നിലത്തും കിടപ്പുണ്ട്....

നമ്മള് അപ്പോ തന്നെ ഓനെ ഞെണ്ടിറുക്കുന്ന പോലെ ഇറുക്കി കെട്ടിപ്പിടിച്ച് കൊറേ കരഞ്ഞു.... അപ്പോ ഓൻ നമ്മളെ തലയിൽ തലോടി കൊണ്ട് "ഒന്നുമില്ല ഐഷു... ജസ്റ്റ് റിലാക്സ് & കൂൾ..." എന്ന് പറഞ്ഞപ്പോ നമ്മള് അവനിൽ നിന്നും എണീറ്റിട്ട് തല താഴ്ത്തി നിന്നു....

അപ്പോ ആദി എന്റെ മുഖം പിടിച്ച് ഉയർത്തിയിട്ട് നമ്മളെ കണ്ണ് തുടച്ച് നമ്മളെ നോക്കി സൈറ്റടിച്ച് ചിരിച്ചു... നമ്മളും തിരിച്ച് ഓന് ഒരു പുഞ്ചിരി നൽകിയിട്ട് ഓന്റെ കയ്യും പിടിച്ച് ഓന്റെ തോളിൽ ചായ്ഞ്ഞ് കൊണ്ട് ബുള്ളറ്റിന്റെ അടുത്തേക്ക് നടന്നു....

അപ്പോ ആദി ചിരിക്കാതിരിക്കാൻ വേണ്ടി

കഷ്ടപ്പെടുന്നത് കണ്ടപ്പോ നമ്മള് ഓന്റെ തോളിൽ നിന്ന് തലയെടുത്തിട്ട് ഓന്റെ മുഖത്തേക്ക് നോക്കി... ഓൻ അപ്പോ തന്നെ പൊട്ടിച്ചിരിക്കുന്നത് കണ്ടപ്പോഴാണ് നമ്മള് ഇതുവരെ എന്തൊക്കെയാ കാണിച്ച് കൂട്ടിയിരുന്നതെന്ന് ഓർമ്മ വന്നത്....

നമ്മള് ഓന്റെ മുന്നിൽ വെച്ച ബിൾഡപ്പ് ഒക്കെ ഒറ്റ നിമിഷം കൊണ്ട് നമ്മള് തന്നെ തകർത്തല്ലോ എന്ന് ഓർമ്മ വന്നപ്പോ നമ്മള് ഓന്റെ പിടി വിട്ടിട്ട് ഇത്തിരി ഡിസ്റ്റൻസില് ഓന്റെ കൂടെ നടന്നു.... അത് കണ്ട് ഓൻ വീണ്ടും ചിരി അടക്കി പിടിക്കുന്നത് കണ്ടപ്പോ അറിയാതെ നമ്മക്കും ചിരി വന്ന് പോയി...

ഒടുക്കം ഞങ്ങള് ബുള്ളറ്റിന്റെ അടുത്ത് എത്തിയപ്പോ ആദി ചട്ടിയെടുത്ത് ഓന്റെ തലയിൽ കമിഴ്ത്തി വെച്ച് വണ്ടിയിൽ കേറിയിട്ട് നമ്മളെ നോക്കി.... നമ്മള് ആണെങ്കിൽ കേറണോ ഇനി അഥവാ കേറിയാൽ ഇവൻ വല്ലതും പറയോ എന്ന് ചിന്തിച്ച് നമ്മള് അവിടെ തന്നെ തലയും താഴ്ത്തി നിന്നു....

അപ്പോ ആദി ചുമച്ച് നമ്മളോട് എന്ത്യേ എന്ന് തല

കൊണ്ട് ആംഗ്യം കാണിച്ചപ്പോ നമ്മള് തിരിച്ച് ഒന്നുല്യാന്ന് തോള് പൊന്തിച്ച് കണ്ണിറുക്കി കാണിച്ച് കൊടുത്തു...

"എന്താ ഇനിയും ഇവിടെ നിന്നിട്ട് അവന്മാരെ കയ്യീന്ന് വീണ്ടും പണി വാങ്ങണോ...?"

നമ്മള് അപ്പോ തന്നെ വേണ്ടാന്ന് തലയാട്ടി കൊണ്ട് പെട്ടെന്ന് തന്നെ വണ്ടിയിൽ കയറി ഇരുന്നിട്ട് ഓനെ നോക്കിയപ്പോ ഓൻ ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് വണ്ടിയെടുത്തു.... യാത്രയിലുടനീളം ഞങ്ങള് രണ്ട് പേരും പരസ്പരം ഒന്നും മിണ്ടിയില്ല.... നമ്മക്ക് ആണെങ്കിൽ ഉറക്കം വന്നിട്ട് ഇടക്കിടക്ക് ഓന്റെ പുറത്ത് പോയി തല ചെന്ന് ഇടിക്കുന്നുമുണ്ട്.... അതോണ്ട് നേരാംവണ്ണം ഉറങ്ങാനും വഴിയില്ല....

അപ്പോഴാണ് ആദി എവിടെയോ വണ്ടി കൊണ്ട് നിർത്തിയിട്ട് നമ്മളോട് ഇറങ്ങാൻ പറഞ്ഞത്... നമ്മള് എവിടെയാ അവൻ നിർത്തിയിരിക്കുന്നതെന്ന് നോക്കിയിട്ട് പതിയെ വണ്ടിയിൽ നിന്നും ഇറങ്ങി...

ഒരു ലോഡ്ജിന് മുന്നിലാണ് വണ്ടി നിൽക്കുന്നത്... ആദി എന്നെ നോക്കി കൊണ്ട് അകത്തേക്ക് വാ എന്ന് പറഞ്ഞ് വിളിച്ചപ്പോ നമ്മള് എന്തിനെന്ന ഭാവത്തിൽ ഓനെ നോക്കി നെറ്റി ചുളിച്ചു....

"എന്താടി നീ ഉണ്ടകണ്ണ് കാണിച്ച് പേടിപ്പിക്കാ...? സമയം 12 മണി കഴിഞ്ഞു... അവന്മാരെയൊക്കെ അടിച്ചോടിച്ചതിൽ തന്നെ എന്റെ എനർജി മൊത്തം പോയി... അതോണ്ട് എനിക്ക് റസ്റ്റ് എടുക്കണം... ഇപ്പോ ഈ നേരത്ത് ഇതുപോലുള്ള ലോഡ്ജ് മാത്രേ കിട്ടൂ.... എന്തായാലും ഞാൻ ഇന്ന് ഇവിടെ ഒരു റൂം എടുക്കാൻ തീരുമാനിച്ചു... നിനക്ക് എന്റെ കൂടെ വരണമെങ്കിൽ വരാം... ഇല്ലെങ്കിൽ പോകാം...."

"ഞാൻ... ഞാൻ അതിന് വരുന്നില്ലെന്ന് പറഞ്ഞില്ലല്ലോ... ഞാനും ഉണ്ട് കൂടെ... എനിക്കും ഉറങ്ങണം...."

നമ്മള് നിലത്ത് നോക്കി കൊണ്ട് പറയുന്നത് കേട്ടിട്ട് ആ കോന്തൻ ഒന്ന് തലയാട്ടി ചിരിച്ചോണ്ട് ആ ലോഡ്ജിലേക്ക് കയറി പോയി... പിന്നാലെ നമ്മളും....

പൊട്ടി തകരാറായ പോലെയുള്ള ഒരു കെട്ടിടത്തിന് മേല്കൂരയൊക്കെ വെച്ച പോലെയാണ് അതിന്റെ അന്തരീക്ഷം... ചുറ്റും പൊടിയും അഴുക്കും മാത്രം... ഒട്ടും വൃത്തിയില്ല... ഇവിടെ ഒക്കെ എങ്ങനെ ഈ രാത്രി കഴിച്ച് കൂട്ടും എന്ന് കരുതി നമ്മള് അത് ചുറ്റുമൊന്ന് കണ്ണോടിച്ചു...

★★★★★★★★★★★★★★★★★★★★★★

ഐശൂന്റെ മുഖം കണ്ടാൽ തന്നെ അറിയാം ഈ ലോഡ്ജ് അവൾക്ക് ഇഷ്ടായിട്ടില്ലെന്ന്... പക്ഷെ ഈ രാത്രി കഴിച്ച് കൂട്ടാൻ ഇപ്പോ ഇതല്ലാതെ വേറെ വഴി ഇല്ലതാനും... അതാ ഇങ്ങോട്ട് തന്നെ വന്നത്....

കുറച്ച് മുൻപ് വരെ ഇവളെ കാണാതെ ഞാൻ അടിച്ച ടെൻഷനും പേടിയുമൊക്കെ ആലോചിക്കുമ്പോ ഇപ്പോഴും നെഞ്ചിടിപ്പ് കൂടാ....

ഓളെ ജാഡ തീർക്കാൻ വേണ്ടിയാ ഓളെ അവിടെ ഒറ്റക്ക് നിർത്തിയിട്ട് ഞാൻ അവിടന്ന് മാറി നിന്നത്... കുറച്ച് കഴിഞ്ഞിട്ട് പേടിച്ച് വിറച്ച് നിൽക്കുന്ന ഓളെ മുന്നിൽ ചെന്നാൽ ഓളെ ജാഡ കുറയുമെന്ന് എനിക്ക്

ഉറപ്പായിരുന്നു...

പക്ഷെ, കുറച്ച് കഴിഞ്ഞ് അങ്ങോട്ട് ചെന്ന് നോക്കിയപ്പോ ഓളെ പൊടി പോലും അവിടെയൊന്നും കാണാനില്ലായിരുന്നു... അപ്പോ ഞാൻ അനുഭവിച്ച പേടിയും ടെൻഷനും എന്താണെന്ന് എനിക്ക് തന്നെ പറയാൻ കഴിയുന്നില്ല....

ഓളെ തിരഞ്ഞ് അവിടെയൊക്കെ പരതി നടന്നെങ്കിലും ഒരു തുമ്പും കിട്ടിയില്ല... അപ്പോഴാണ് ഒരു ക്രോയ്സർ ചീറി പാഞ്ഞ് കൊണ്ട് പോകുന്നത് എന്റെ ശ്രദ്ധയിൽ പെട്ടത്... അതിനെ തുടർന്ന് പോയാൽ ഐഷുവിനെ കുറിച്ച് വല്ല തുമ്പും കിട്ടുമെന്ന് മനസ്സ് പറഞ്ഞപ്പോ നമ്മള് അതിന് പിന്നാലെ വെച്ച് പിടിച്ചു...

അപ്പോഴാണ് ആ വണ്ടിക്ക് മുന്നിലൂടെ രണ്ട് പേർ ഒരു പെണ്ണിന്റെ പിറകെ ഓടുന്നത് കണ്ടത്... അത് ഐഷുവാണെന്ന് ആ വേഷം കണ്ടപ്പോ തന്നെ എനിക്ക് മനസ്സിലായി....

ഓളെ രക്ഷപ്പെടുത്താൻ വേണ്ടി ആ ഊടുവഴിയിലൂടെ ചെന്ന് നമ്മള് വേറെ റോഡിലൂടെ ചെന്നപ്പോ അവള് ഏത് വഴിയേ ആണ് പോയതെന്ന് ഒരു എത്തും പിടിയും കിട്ടിയില്ല...

അപ്പോഴാണ് ഐഷുന്റെ ഫോൺ വഴിയിൽ നിന്നും നമ്മക്ക് കിട്ടിയത്...

അതിലേക്ക് അച്ചൂ വിളിക്കുന്നുണ്ട്... അപ്പോ ഓള് ഏത് വഴിയാ പോയതെന്ന് മനസ്സിലായതും പിന്നെ ഒന്നും നോക്കാതെ ഒരോട്ടമായിരുന്നു... ഒടുക്കം അവള് എന്റെ മുന്നിൽ തന്നെ വന്ന് പെടുകയേം ചെയ്തു... ഭാഗ്യത്തിന് അവൾക്ക് ഒന്നും സംഭവിച്ചില്ല... എല്ലാം പടച്ചോന്റെ കൃപ...

നമ്മള് ഈ ലോഡ്ജിൽ എത്തിയിട്ട് കൊറേ തൊണ്ടകാറി വിളിച്ചിട്ടും ആരും വരുന്നത് കണ്ടില്ല... അവസാനം അവിടെ ഉണ്ടായിരുന്ന ഒരു ബെല്ല് പിടിച്ച് അമർത്തിയപ്പോ ഒരു 30,40 വയസ്സ് തോന്നിക്കുന്ന ഒരാള് കണ്ണ് തിരുമ്മി കൊണ്ട് വന്നിട്ട് എന്നെയും ഐഷുനെയും മാറി മാറി നോക്കി ഒരു കള്ളച്ചിരി പാസാക്കി...

അയാളെ ചിരി എന്ത് അർഥം വെച്ചിട്ടാണെന്ന് നല്ലോണം ബോധ്യമുള്ളോണ്ട് നമ്മളും തിരിച്ച് ഒരു ചിരിയങ്ങ് പാസാക്കി കൊടുത്തു... അപ്പോ അയാള് രജിസ്റ്റർ എടുത്തിട്ട് നമ്മളെ നോക്കി....

"എത്ര മണിക്കൂറത്തേക്കാ...?"

അയാളെ ചോദ്യം കേട്ടപ്പോ നമ്മള് ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് ഐഷൂനെ നോക്കിയപ്പോ ഓള് വാ പൊളിച്ചോണ്ട് നമ്മളെ നോക്കി നിൽക്കാണ്... പൊട്ടത്തിക്ക് കാര്യം മനസ്സിലായോ ഇല്ലയോ ഒന്നും നമ്മക്ക് അറീലെങ്കിലും അയാളെ നോട്ടം കൊണ്ട് അവൾക്ക് ചില ഡൗട്ട് ഒക്കെ വന്നിട്ടുണ്ട്... കാരണം അമ്മാതിരി നോട്ടമാണ് അയാൾക്ക്...

നമ്മള് അയാളെ നോക്കി കൊണ്ട് തന്നെ കള്ള പേരിൽ ആ റെജിസ്റ്ററിൽ പേരെഴുതി ഒപ്പിട്ടിട്ട് ഐഷൂനെ നമ്മളിലേക്ക് ചേർത്ത് നിർത്തി അയാളോട് കീ ചോദിച്ചപ്പോ അയാള് ഓളിലെ നോട്ടം പിൻവലിച്ചിട്ട് ഒരു കീ തന്നു... എന്നിട്ട് മുകളിലത്തെ നിലയിൽ വലത്തോട്ട്

തിരിഞ്ഞിട്ടുള്ള രണ്ടാമത്തെ റൂം ആണെന്ന് പറഞ്ഞപ്പോ നമ്മള് അയാളെ പേയ്മെന്റ് സെറ്റിൽ ആക്കി കൊണ്ട് ഓളെയും കൊണ്ട് അങ്ങോട്ട് കേറി....

പെണ്ണ് മുകളിൽ എത്തിയതും ചേർത്ത് പിടിച്ച നമ്മളെ വയറ്റിനിട്ട് ഒരു കുത്ത് തന്നിട്ട് അഡ്വാൻറ്റേജ് എടുക്കണ്ടെട്ടാ എന്ന് പറഞ്ഞ് നമ്മളെ കയ്യീന്ന് കീ വാങ്ങി അവള് പോയി റൂം തുറന്നു....

ഇടിഞ്ഞ് വീഴാറായ ലോഡ്ജ് ആണെന്ന് പറഞ്ഞിട്ട് കാര്യമില്ല റൂമൊക്കെ നല്ല സെറ്റപ്പാണ്... ആവശ്യത്തിന് വൃത്തിയും വെടിപ്പുമൊക്കെയുണ്ട്...

റൂമിൽ കേറിയ ഉടനെ തന്നെ ഐഷു ചെന്ന് ബെഡിൽ കിടന്നിട്ട് മേൽപ്പോട്ട് നോക്കിയിരുന്നു... നമ്മള് ഓളെ നോക്കി ചിരിച്ചിട്ട് വാതിലടച്ചതും അവള് പെട്ടെന്ന് ബെഡിൽ നിന്ന് ചാടി എണീറ്റു...

"അയാളെന്തിനാ അങ്ങനെ പറഞ്ഞത്...?"

"എങ്ങനെ...?"

നമ്മള് ജാക്കറ്റ് ഊരി മാറ്റി കൊണ്ട് ചോദിച്ചപ്പോ ഓള് കട്ടിലിൽ നിന്ന് എണീറ്റ് നമ്മളെ നേർക്ക് വന്നു....

"എത്ര മണിക്കൂറത്തേക്കാ എന്ന് അയാളെന്തിനാ ചോദിച്ചത്...?"

ഓള് ചൂടായി കൊണ്ട് ചോദിക്കുന്നത് കേട്ടിട്ട് നമ്മക്ക് ചിരി വന്നു... നമ്മള് മുഖത്ത് ഒരല്പം നാണം കലർത്തി കൊണ്ട് ഓളെ നോക്കി ചിരിച്ചു...

"അതോ..... അതെന്തിനാണെന്ന് നിനക്ക് മനസ്സിലായില്ലേ....?

ഇങ്ങ് അടുത്തേക്ക് വാ നിന്റെ ചെവിയിൽ പറഞ്ഞ് തരാം...."

എന്ന് പറഞ്ഞ് നമ്മളത് ഓളോട് പറഞ്ഞതും ഓള് ഷോക്കടിച്ച പോലെ അങ്ങനെ നിന്നു....

"ഛീ....... ഇത്രക്ക് വൃത്തികെട്ട സ്ഥലത്തേക്ക് ആണോ നീയെന്നെ കൂട്ടിക്കൊണ്ട് വന്നിരിക്കുന്നത്...? ഇനി ഒരു നിമിഷം പോലും ഞാൻ ഇവിടെ നിൽക്കില്ല... ഞാൻ പോകാ...."

എന്ന് പറഞ്ഞ് ഐഷു അവിടന്ന് പോകാൻ ഒരുങ്ങിയതും നമ്മള് ഓളെ തടഞ്ഞ് നിർത്തി....

"ഈ രാത്രി താങ്ങാൻ നമുക്ക് വേറെ സ്ഥലമില്ല ഐഷു... അതോണ്ട് ഇന്നൊരു രാത്രി ഇവിടെ നമുക്ക് തങ്ങിയെ പറ്റൂ... കുറച്ച് മണിക്കൂറുകൾ കൂടി കഴിഞ്ഞാൽ നേരം വെളുക്കും... അപ്പോ പിന്നെ നമുക്ക് എന്തായാലും ഇവിടന്ന് ഇറങ്ങി പോകാം...

നേരം വെളുക്കുവോളം നീയൊന്ന് ക്ഷമിക്ക് ഐഷു....

ഇനി ഞാൻ ഈ റൂമിൽ ഉള്ളതാണ് നിന്റെ പ്രോബ്ലം എങ്കിൽ ഞാൻ ഇവിടന്ന് ഇറങ്ങി പൊയ്ക്കോളാം...."

എന്ന് പറഞ്ഞ് നമ്മള് വാതില് തുറന്ന് പോകാൻ നിന്നതും ഐഷു എന്റെ കോളറിൽ പിടിച്ച് അകത്തേക്ക് വലിച്ചു... അപ്പോ തന്നെ നമ്മള് ഓളെയും കൊണ്ട് നിലത്തേക്ക് വീണ് അവളെ തല നിലത്തിടിച്ചു... ഓള് തല ഉഴിഞ്ഞോണ്ട് നമ്മളെ തുറുക്കനെ നോക്കിയപ്പോ നമ്മക്ക് ഓളെ കടിച്ച് തിന്നാനാണ് തോന്നിയത്....

പക്ഷെ നമ്മളെ വികാരങ്ങളും വിചാരങ്ങളുമൊക്കെ കൺട്രോൾ ചെയ്ത് പെരുമാറേണ്ട ടൈം ആയോണ്ട് നമ്മള് അപ്പോ തന്നെ ഓളെയും കൊണ്ട് അവിടന്ന് എണീറ്റു... അപ്പോ ഐഷു തല ഉഴിഞ്ഞ് കൊണ്ട് പോയി വാതിലടച്ച് നമ്മളെ മുന്നിൽ വന്ന് നിന്നിട്ട് എന്തോ ഒന്ന് പറയാൻ നിന്നു... പക്ഷെ അത് പൂർണ്ണമാക്കാതെ ഓള് വിഴുങ്ങിയിട്ട് വീണ്ടും പോയി ബെഡിൽ കിടന്നു....

നമ്മള് ചിരിച്ചോണ്ട് ആ ബെഡിന്റെ ഒരറ്റത്ത് ചെന്ന് നടുനിവർത്താൻ വേണ്ടി കിടക്കാൻ നിന്നപോ ഓള് അവിടെ ഉണ്ടായിരുന്ന തലയണയും പുതപ്പും എടുത്ത് നിലത്തേക്ക് ഇട്ടു.... അത് കണ്ട് നമ്മള് ഓളെ നോക്കിയപ്പോ ഓള് നമ്മക്ക് പല്ലിളിച്ച് കാണിച്ച് തന്നു....

"എന്തായിത്...?"

"കണ്ടിട്ട് മനസ്സിലായില്ലേ...? തലയണയും പുതപ്പും...."

"അത് മനസ്സിലായി... അത് നിലത്തേക്ക് ഇട്ടതിന്റെ ഉദ്ദേശമാണ് എനിക്ക് മനസ്സിലാകാത്തത്...."

"അതില് എന്താ ഇത്രമാത്രം മനസ്സിലാക്കാൻ...? ഞാൻ കട്ടിലിലും ഇയാള് തറയിലും കിടക്കും അത്ര തന്നെ...."

"ആഹാ.... അത് നീയങ്ങ് തീരുമാനിച്ചാൽ മതിയോ...?"

"ആഹാ.... തല്ക്കാലം ഞാൻ മാത്രം അങ്ങ് തീരുമാനിച്ചാൽ മതി... എന്നെ ഇതുപോലെയുള്ള സ്ഥലത്തേക്ക് ഒക്കെ കൊണ്ട് വന്ന് താമസിപ്പിച്ചതിനുള്ള ശിക്ഷയായിട്ട് ഇതിനെ കണ്ടാൽ മതി..."

ഓള് പറയുന്നത് കേട്ടിട്ട് നമ്മള് ഓൾക്കിട്ടൊരു മറുപടി

കൊടുക്കാൻ വേണ്ടി കയ്യും കയറ്റി വെച്ചോണ്ട് അവളെ അടുത്തേക്ക് പോകാൻ നിന്നതും കതകിൽ ആരോ മുട്ടാൻ തുടങ്ങി...

അത് കേട്ട് ഞാനും ഐഷുവും പരസ്പരം മുഖത്തോട് മുഖം നോക്കി നിന്നിട്ട് ആ വാതിലിലേക്ക് നോക്കി.... ഇപ്പോ കതകിൽ ആഞ്ഞ് തട്ടുന്നതിന്റെ ഊക്ക് കൂടി വന്നിട്ടുണ്ട്... അത് കേട്ടിട്ട് ആണെന്ന് തോന്നുന്നു ഐഷു പേടിച്ച് നമ്മളെ കയ്യിൽ ഇറുക്കി പിടിച്ചു....

നമ്മക്കും അതാരാകുമെന്ന് ചിന്തിച്ചിട്ട് ഇത്തിരി ടെൻഷൻ ഒക്കെയുണ്ട്... പക്ഷെ നമ്മള് ഇപ്പോ അത് പുറത്ത് കാണിച്ചാൽ ഐഷു കൂടുതൽ പേടിക്കും... അതോണ്ട് രണ്ടും കൽപ്പിച്ച് നമ്മൾ ചെന്ന് വാതില് തുറക്കാൻ അടുത്തേക്ക് ചെന്നപ്പോ നമ്മളെ കൈ പിടിച്ചോണ്ട് പിറകെ ഐഷുവും വന്നു...

കതകിന് മുട്ടുന്നതിന്റെ ഊക്ക് കൂടി വന്നപ്പോ ഐഷു പേടിച്ച് എന്റെ പിറകിൽ ഒളിച്ച് നിന്നു... നമ്മള് അപ്പോ ഓളെ കയ്യിൽ പിടിച്ചിട്ട് ഒന്നുമില്ലെന്ന് കണ്ണിറുക്കി ഒരു ദീർഘ ശ്വാസം എടുത്ത് വിട്ട് പെട്ടെന്ന് തന്നെ വാതില്

തുറന്ന് നോക്കി....

(തുടരും)

ഭാഗം.123

കതകിന് മുട്ടുന്നതിന്റെ ഊക്ക് കൂടി വന്നപ്പോ ഐഷു പേടിച്ച് എന്റെ പിറകിൽ ഒളിച്ച് നിന്നു... നമ്മള് അപ്പോ ഓളെ കയ്യിൽ പിടിച്ചിട്ട് ഒന്നുമില്ലെന്ന് കണ്ണിറുക്കി ഒരു ദീർഘ ശ്വാസം എടുത്ത് വിട്ട് പെട്ടെന്ന് തന്നെ വാതില് തുറന്ന് നോക്കി....

"സാറേ.... ഇവിടെയും ഉണ്ട് രണ്ട് പേർ..."

ഒരു പോലീസായിരുന്നു അത്... അയാള് അങ്ങനെ വിളിച്ച് കൂവിയപ്പോ എസ് ഐ ഞങ്ങളെ അടുത്തേക്ക് വന്നിട്ട് ഞങ്ങളെ രണ്ട് പേരെയും മാറി മാറി നോക്കി....

ആ കോൺസ്റ്റബിൾ ആണെങ്കിൽ ഐഷൂനെ നോക്കുന്ന വിധം കണ്ടിട്ട് എന്റെ രക്തം കിടന്ന് തിളച്ച് മറിയുന്നുണ്ട്... ഐഷു ആണെങ്കിലോ നമ്മളെ കയ്യ് ഇറുക്കി പിടിച്ച് എന്റെ പിറകിലായി നിൽക്കാണ്...

"ഇങ്ങോട്ട് ഇറങ്ങി വാടാ...."

എന്ന് പറഞ്ഞ് ആ എസ് ഐ പെട്ടെന്ന് എന്റെ കോളറിൽ പിടിച്ച് വലിച്ച് അയാളെ മുന്നിലേക്ക് നിർത്തിയപ്പോ ഐഷു അവിടെ നിന്നിട്ട് ആദി എന്ന് വിളിച്ച് കരച്ചിലിന്റെ വക്കിൽ എത്തിയിട്ടുണ്ട്...

"സാർ... എന്താ സാർ... എന്താ പ്രശ്നം...? ഞങ്ങൾ എന്ത് തെറ്റാ ചെയ്തത്...?"

നമ്മള് ഉള്ളിലുള്ള ദേഷ്യമൊക്കെ അടക്കി വെച്ചിട്ട് അയാളെ കൈ നമ്മളെ കോളറിൽ നിന്ന് വിടുവിച്ച് അങ്ങനെ ചോദിച്ചപ്പോ ആ എസ് ഐ യുടെ മുഖത്ത് ദേഷ്യം നിഴലിച്ചു...

"പന്ന....#@$% മോനെ... നിങ്ങള് എന്ത് തെറ്റാ ചെയ്തതെന്ന് അറിയില്ലല്ലേ...?

പെൺ വാണിഭം... ഈ കേസിൽ രണ്ട് പേരും അകത്ത് കിടന്ന് അഴിയെണ്ണും മക്കളേ... പിടിച്ച് വണ്ടിയിൽ കേറ്റഡോ രണ്ടിനെയും...."

എന്ന് അയാള് പറഞ്ഞപ്പോഴേക്കും ആ കോൺസ്റ്റബിൾ ഐഷുന്റെ കയ്യിൽ കേറി പിടിച്ചു... നമ്മള് അപ്പോ തന്നെ അയാളെ കൈ തട്ടി മാറ്റി കൊണ്ട് അയാളെ കോളറിൽ പിടിത്തമിട്ടു....

"തൊട്ട് പോകരുത് അവളെ.... അവളെന്റെ ഭാര്യയാണ്...."

നമ്മള് പറയുന്നത് കേട്ടിട്ട് ഇതുവരെ പേടിച്ച് നിന്ന ഐഷു പെട്ടെന്ന് വാ പൊളിച്ചോണ്ട് നമ്മളെ നോക്കാൻ തുടങ്ങി... അപ്പോഴേക്കും എസ് ഐ നമ്മളെ പിടിച്ച് തള്ളി...

"പൊലീസുകാരെ ദേഹത്ത് കൈ വെക്കുന്നോടാ...

ഇവിടെ ഉണ്ടായിരുന്ന അധിക പേരും പറഞ്ഞത് കൂടെയുള്ളത് ഭാര്യയാണ് ഭർത്താവാണ് എന്നൊക്കെയാ... അതോണ്ട് ആ വിളച്ചിലൊന്നും ഞങ്ങളെ അടുത്ത് വില പോകില്ല.... എന്താടി ഇവൻ പറഞ്ഞത് സത്യമാണോ..? ഇവൻ നിന്റെ ഭർത്താവാണോ...?"

ആ എസ് ഐ ഐശൂനോട് ചോദിക്കുന്നത് കേട്ടിട്ട് പെണ്ണ് നമ്മളെ മിഴിച്ച് നോക്കി... നമ്മള് അപ്പോ തന്നെ കണ്ണിറുക്കി കൊണ്ട് അതേന്ന് സമ്മതിക്കാൻ ആംഗ്യം കാണിച്ചു....

"പറയെടി... ആണോ...?"

അയാളെ ഗർജ്ജനം കേട്ടിട്ട് ഐഷു പേടിച്ചിട്ട് അപ്പോ തന്നെ അതേന്ന് തലയാട്ടി... അവളെ തലയാട്ടൽ കണ്ടിട്ട് നമ്മക്ക് ചിരി പൊട്ടി വന്നു... പക്ഷെ അതൊന്നും അവർ വിശ്വസിക്കാൻ തയ്യാറല്ലായിരുന്നു...

"നോ.... നിങ്ങളെ വിശ്വസിക്കാൻ അല്പം ബുദ്ധിമുട്ടുണ്ട്...

അതോണ്ട് രണ്ട് പേരും ഇപ്പോ തന്നെ സ്റ്റേഷനിലേക്ക് വരണം... ഇവളെ മുഖം കണ്ടാൽ തന്നെ അറിയാം പറയുന്നത് കള്ളമാണെന്ന്.... അതോണ്ട് നടക്ക് രണ്ട് പേരും സ്റ്റേഷനിലേക്ക്..."

അയാള് പറയുന്നത് കേട്ടിട്ട് ഐഷു ഞെട്ടി അവളെ കണ്ണിൽ നിന്നും കണ്ണീരൊഴുകാൻ തുടങ്ങി...

★★★★★★★★★★★★★★★★★★★★★

തലനാരിഴക്കാണ് ആ സാലിമിന്റെയും ഗ്യാങിന്റെയും കയ്യീന്ന് രക്ഷപ്പെട്ട് ഞങ്ങള് വന്നത്... ഇവിടെ വന്നപ്പോഴാണെങ്കിലോ പോലീസ് റൈഡും... ഞാൻ അപ്പോഴേ പറഞ്ഞതാ ഇവിടെ വേണ്ട പോകാമെന്ന്... അപ്പോ ഞാൻ പറഞ്ഞത് ഈ കോന്തൻ കേട്ടിരുന്നെങ്കിൽ ഇന്ന് ഇപ്പോ ഇങ്ങനെ ഒരു അവസ്ഥ വരില്ലായിരുന്നു....

ഈ കോന്തൻ രക്ഷപ്പെടാൻ വേണ്ടി ഞാൻ അവന്റെ ഭാര്യയാണെന്ന് പറഞ്ഞിട്ടൊന്നും അവര്

വിശ്വസിക്കുന്നില്ല... സ്റ്റേഷനിലേക്ക് കൊണ്ട് പോയിട്ട് അവിടെ വെച്ചാകാം ബാക്കി വിചാരണ എന്നാണ് അവര് പറയുന്നത്....

അപ്പൊ തന്നെ നമ്മള് ഏകദേശം കരച്ചിലിന് വക്കത്തെത്തിയിട്ടുണ്ട്... കൂടെ നമ്മളെ കോന്തൻ ഉണ്ടെന്ന് പറഞ്ഞിട്ടെന്താ കാര്യം... ഈ പോലീസുകാരെ കാണുമ്പോ തന്നെ പേടിയാകുന്നുണ്ട്...

"സർ... ഞങ്ങള് ഭാര്യയും ഭർത്താവും ആണെന്ന് പറഞ്ഞത് സത്യമാണ്... വേണെങ്കിൽ ഞാൻ തെളിവ് കാണിച്ച് തരാം...."

നമ്മള് ടെൻഷനടിച്ച് നിൽക്കുന്ന നേരത്ത് ആ കോന്തൻ പറയുന്നത് കേട്ട് നമ്മള് അപ്പോ തന്നെ അവനെ ഞെട്ടി തിരിഞ്ഞ് നോക്കി... അപ്പോ ഓൻ നമ്മളെ ഒന്ന് നോക്കി കൊണ്ട് അവന്റെ ഫോൺ എടുത്തിട്ട് എന്തൊക്കെ അങ്ങോട്ടും ഇങ്ങോട്ടും നീക്കി ആ പോലീസുകാരന് നേരെ ഫോൺ നീട്ടി...

അയാള് അത് നോക്കിയിട്ട് എന്നെയും ആദിനേയും മാറി മാറി നോക്കി കൊണ്ട് ആ ഫോൺ തിരിച്ച് ആദിയെ തന്നെ ഏൽപ്പിച്ചു... നമ്മള് അപ്പോ തന്നെ ഏന്തി വലിഞ്ഞ് ഓന്റെ ഫോണിലേക്ക് നോട്ടമെറിഞ്ഞപ്പോ ദുബായിൽ വെച്ച് നടന്ന ആഡ് ഫിലിം ഷൂട്ടിന് ഞാനും ആദിയും കൂടി വെഡിങ് ഡ്രെസ്സിൽ ഒരുമിച്ച് നിക്കുന്ന ഫോട്ടോയാണ് കണ്ടത്...

നമ്മളത് കണ്ടിട്ട് വീണ്ടും വാ പൊളിച്ച് ഓനെ നോക്കി നിന്നു...

"ഭാര്യയേയും കൂട്ടി താമസിക്കാൻ ഇതുപോലെ ഉള്ള സ്ഥലമല്ലാതെ വേറെ ഏതും കണ്ടില്ലേടോ...?"

"അത് സാർ ഞങ്ങള് ആലപ്പുഴ ഫ്രണ്ടിന്റെ കല്യാണത്തിന് പോകുന്ന വഴിയാണ്... അപ്പോ നേരം ഒരുപാട് ഇരുട്ടിയതോണ്ട് ഈ രാത്രിയൊന്ന് കഴിച്ച് കൂട്ടാൻ ഇവിടെ അടുത്ത് ഒന്നും മറ്റു ഹോട്ടലുകൾ ഒന്നും കണ്ടില്ല... അതാ ഇങ്ങോട്ട് വന്നത്..."

"ഉം... എന്തായാലും നാളെ രാവിലെ തന്നെ ഇവിടന്ന് സ്ഥലം കാലിയാക്കിക്കോണം... ഈ ഏരിയ ഒന്നും

അത്ര നല്ലതല്ല...."

"ഓക്കേ സാർ...."

എന്ന് പറഞ്ഞ് ആദി തിരിഞ്ഞിട്ട് നമ്മളെ റൂമിലേക്ക് തള്ളി പറഞ്ഞയച്ച് റൂമിൽ കേറി വാതിലടച്ച് നെഞ്ചിൽ കൈ വെച്ച് ഒരു ദീർഘ ശ്വാസം എടുത്ത് വിട്ടു.... എന്നിട്ട് നമ്മളെ ഒന്ന് തിരിഞ്ഞ് പോലും നോക്കാതെ ഓൻ പോയി കട്ടിലിൽ കിടന്നപ്പോ നമ്മളും ഓനോട് ഒന്നും മിണ്ടാതെ നിലത്ത് കിടന്ന തലയണയും പുതപ്പും എടുത്ത് കട്ടിലിൽ ഇട്ടിട്ട് മറ്റൊരു തലക്കൽ പോയി കിടന്നു....

പക്ഷെ എന്താന്നെന്ന് അറിയില്ല... നമ്മക്ക് കിടന്നിട്ട് ഒട്ടും ഉറക്കം വരുന്നില്ല... ആദിയെ ഇനിയും എന്നിൽ നിന്ന് അകറ്റിയാൽ അത് എനിക്ക് ഒരു തീരാ നഷ്ടം ആയിരിക്കുമെന്ന് എന്റെ മനസ്സ് എന്നോട് തന്നെ പറഞ്ഞോണ്ടിരുന്നു...

നമ്മള് അപ്പോ തിരിഞ്ഞ് കിടന്ന് ആദിയെ

നോക്കിയപ്പോ ഓൻ കണ്ണും മിഴിച്ച് നമ്മളെ തന്നെ നോക്കി കിടക്കാണ്... നമ്മള് അത് കണ്ടിട്ട് എന്താന്ന് തലയാട്ടിയപ്പോ ഓൻ ഒന്ന് പുഞ്ചിരി തൂകി കൊണ്ട് കണ്ണടച്ചു....

അത് കണ്ടപ്പോ നമ്മളും ഒന്ന് ചിരിച്ചിട്ട് പതിയെ കണ്ണുകളടച്ചു...

കുറച്ച് കഴിഞ്ഞ് കണ്ണ് തുറന്ന് നോക്കിയപ്പോ ആദി വീണ്ടും നമ്മളെ നോക്കി കിടക്കാണ്... അത് കണ്ടിട്ട് നമ്മള് ഓനെ നോക്കി കണ്ണുരുട്ടി ഓന്റെ കണ്ണ് അടച്ച് വെച്ചു... അപ്പോ ഓൻ വീണ്ടും കണ്ണ് തുറന്ന് നമ്മളെ കണ്ണിമ വെട്ടാതെ നോക്കുന്നത് കണ്ട് നമ്മള് പുതപ്പെടുത്ത് നമ്മളെ തലയിൽ കൂടി ഇട്ടിട്ട് ഓൻ നോക്കിയതിനെ കുറിച്ച് ആലോചിച്ചോണ്ട് ചിരിച്ചു....

പിറ്റേന്ന് രാവിലെ നമ്മള് നേരത്തെ തന്നെ എണീറ്റ് ഫ്രഷായി വന്നിട്ട് ആദിയെ വിളിച്ചു... ഓൻ തിരിഞ്ഞ് കിടന്നു എന്നല്ലാതെ എണീറ്റില്ല... അവസാനം സഹികെട്ട് നമ്മള് ഓന്റെ മുഖത്തേക്ക് വെള്ളം ഒഴിച്ചിട്ട് എണീറ്റ് പോടാ എന്ന് പറഞ്ഞപ്പോ ചെക്കൻ പെട്ടെന്ന് എണീറ്റ് വന്ന് നമ്മളെ കൈ പിടിച്ച് വലിച്ചു....

നമ്മള് ഓൻ്റെ അടുത്തേക്ക് ചേർന്ന് നിന്നപോ നമ്മളെ ഹാർട്ട് ബീറ്റ് അതിൻ്റെ ഇഷ്ടത്തിന് വേഗത്തിൽ കുതിച്ചുയർന്നു... ആദി നമ്മളെ കണ്ണിലേക്ക് തന്നെ നോക്കി കൊണ്ട് പതിയെ നമ്മളെ അടുത്തേക്ക് വന്നതും നമ്മള് കണ്ണടച്ച് വെച്ച് അവന് മുന്നിൽ ഒരു പ്രതിമ കണക്കെ നിന്ന് കൊടുത്തു....

പെട്ടെന്ന് ആദി എന്നിലെ പിടി വിട്ടിട്ട് ഒരു ചിരിയും പാസാക്കി നമ്മളെ കവിളിൽ ഒന്ന് തട്ടിയിട്ട് ഫ്രഷാകാൻ പോയി...

നമ്മള് ഓൻ പോയപ്പോ ശെ എന്ന് പറഞ്ഞ് തലയിൽ കൈ വെച്ച് ചിരിച്ചിട്ട് പുറപ്പെടാൻ റെഡിയായി...

കുറച്ച് കഴിഞ്ഞ് ആദിയും റെഡിയായി വന്നപ്പോ ഞങ്ങള് ഒരുമിച്ച് റൂം പൂട്ടി താഴേക്ക് ചെന്ന് നോക്കി... അവിടെ അപ്പോ ആരും ഇല്ലായിരുന്നു... ഞങ്ങള് ആ കീ അവിടെ വെച്ചിട്ട് ഞങ്ങളെ യാത്ര തുടർന്നു...

ആദ്യം തന്നെ ഒരു റെസ്റ്റുറൻ്റിൽ കയറി മൂക്ക് മുട്ടെ

ഭക്ഷണം തട്ടി ഞങ്ങള് ആലപ്പുഴയിലേക്ക് തിരിച്ചു... സൈഡ് മിററിലൂടെ നമ്മള് ഇടക്കിടക്ക് ആദിയെ നോക്കുന്ന പോലെ ഓനും നോക്കുന്നത് കാണുമ്പോ നമ്മള് പെട്ടെന്ന് മുഖം തിരിച്ചിട്ട് പുറത്തെ ഭംഗിയുള്ള കാഴ്ചയിലേക്ക് നോട്ടമെറിയും...

അത് കണ്ടിട്ട് ആദി ചിരിക്കുന്നത് കാണുമ്പോ നമ്മക്ക് തന്നെ ചടച്ചു...

ഇനിയും വൈകിയാൽ ശരിയാകില്ല ആദിയോടുള്ള പകയൊക്കെ വിട്ടിട്ട് ഓനോട് ഇപ്പോ തന്നെ സംസാരിക്കണം എന്ന് നമ്മള് തീരുമാനിച്ചു... പക്ഷെ എങ്ങനെ അവനോട് ഇതിനെ കുറിച്ച് പറഞ്ഞ് തുടങ്ങുമെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല... എങ്ങനെയെങ്കിലും തുടങ്ങിയല്ലേ പറ്റൂ അതോണ്ട് നമ്മള് രണ്ടും കൽപ്പിച്ച് ഓനെ വിളിച്ചു...

"ആദി...."

"ഹ്...."

"അ... അത്.... എനിക്ക്... എനിക്ക് ഒരു കാര്യം...."

എന്ന് പറഞ്ഞില്ല അപ്പോ തന്നെ നമ്മളെ ഫോൺ റിങ് ചെയ്തു... നമ്മള് സ്വയം തലക്കടിച്ചിട്ട് നമ്മളെ ഫോൺ നമ്മളെ ബാഗിൽ തിരഞ്ഞപ്പോ കാണാൻ ഇല്ല... അപ്പോഴാണ് ഫോൺ ഇന്നലെ രാത്രി മിസ്സ് ആയത് ഓർമ്മ വന്നത്... പക്ഷെ ഇപ്പോ നമ്മളെ ഫോണിന്റെ ഒച്ച കേൾക്കുന്നുണ്ട്...

ഇതിപ്പോ എവിടെന്നാ എന്ന് ചിന്തിച്ചോണ്ട് നമ്മള് ബാഗിൽ മൊത്തം അരിച്ച് പെറുക്കുമ്പോഴാണ് ആദി നമ്മക്ക് നേരെ നമ്മളെ ഫോൺ നീട്ടിയത്... നമ്മള് അന്തം വിട്ട് കൊണ്ട് അത് ഓന്റെ കയ്യീന്ന് വാങ്ങിച്ചിട്ട് ഫോണിലേക്ക് നോക്കി...

"ഇന്നലെ നിന്നെ കണ്ടെത്താൻ സഹായിച്ചത് നിന്റെ ഫോൺ ആയിരുന്നു... ആ നേരത്ത് അച്ചൂ വിളിച്ചതോണ്ട് നിന്റെ ഫോൺ എനിക്ക് കണ്ടെത്താൻ പറ്റി... കൂടെ നിന്നെയും..."

ആദി മിററിലൂടെ നോക്കി കൊണ്ട് അങ്ങനെ പറഞ്ഞപ്പോ നമ്മളൊന്ന് ചിരിച്ച് കൊടുത്തു... അപ്പോ തന്നെ അച്ചു നമ്മളെ വിളിച്ചു... നൂറായുസ്സാണ് പെണ്ണിനെന്ന് ചിന്തിച്ചോണ്ട് നമ്മള് ഫോൺ അറ്റൻഡ് ചെയ്തപ്പോ അപ്പുറത്ത് നിന്നും മുട്ടൻ തെറി...

ഇന്നലെ മുതൽ വിളിക്കാൻ തുടങ്ങിയിട്ട് നമ്മള് ഫോൺ എടുക്കാത്തതിനാണ് ഈ കേൾക്കുന്നത്... ഒടുക്കം ഇന്നലെ മുതൽ ഇപ്പോ വരെ നടന്ന സംഭവങ്ങളൊക്കെ നമ്മള് വള്ളിപുള്ളി വിടാതെ ഓൾക്ക് പറഞ്ഞ് കൊടുത്തപ്പോഴാ പെണ്ണൊന്ന് അടങ്ങിയത്... പെട്ടെന്ന് വരാമെന്ന് പറഞ്ഞ് നമ്മള് കോൾ കട്ട് ചെയ്തിട്ട് ആദിന്റെ തോളിൽ കൈ വെച്ചു...

അപ്പോ തന്നെ ആദി എന്റെ കയ്യിലേക്ക് നോക്കിയിട്ട് ചിരിക്കുന്നത് നമ്മള് മിററിലൂടെ കണ്ടപ്പോ നമ്മള് തോളിൽ നിന്ന് കയ്യെടുത്ത് ഓന്റെ അരയിലൂടെ കൈ ഇട്ടിട്ട് പുറത്ത് തല വെച്ച് കിടന്നു....

"ഐ ലവ് യു ആദി...."

നമ്മളെ നാവിൽ നിന്നും അറിയാതെ അങ്ങനെ പുറത്ത് വന്നത് കേട്ടതും ആദി പെട്ടെന്ന് ബ്രേക്കിട്ട് വണ്ടി നിർത്തി... അപ്പോഴാണ് നമ്മക്ക് തന്നെ ബോധം വന്നത് നമ്മള് എന്താ പറഞ്ഞതെന്ന്... അതോണ്ട് അപ്പോ തന്നെ നമ്മള് ഓനിൽ നിന്നും അകന്ന് ഇരുന്നിട്ട് വാ പൊത്തി പിടിച്ചു...

"ഏയ്...ഏയ്... നീ... നീയെന്താ ഇപ്പോ പറഞ്ഞെ...? ഞാൻ ശരിക്കും കേട്ടില്ല... ഒരു തവണ കൂടി പറ... ഐഷു നീയിപ്പോ എന്താ പറഞ്ഞെ...?"

"ഞാൻ... ഞാൻ ഒന്നും പറഞ്ഞില്ലല്ലോ... പിന്നെ എങ്ങനെ പറയാ...?"

"ഏയ്... കള്ളം പറയണ്ട ഐഷു... നീയിപ്പോ എന്തോ ഒന്ന് പറഞ്ഞു... ഞാൻ കേട്ടതാ...."

"ഓഹോ കേട്ടതാണെങ്കിൽ ഇയാള് തന്നെ പറ ഞാൻ എന്താ പറഞ്ഞതെന്ന്...."

"അത്... നീ... നീയിപ്പോ ഐ ലവ് യു ആദി എന്ന് പറഞ്ഞില്ലേ...?"

നമ്മള് പറയുന്നത് ഓൻ കേട്ടെന്ന് മനസ്സിലായപ്പോ നമ്മക്ക് എന്താ അവന് മറുപടി കൊടുക്കേണ്ടതെന്ന് ഒരു പിടിയും കിട്ടിയില്ല... നമ്മക്ക് ആണേൽ ഓന്റെ ചോദ്യം കേട്ടിട്ട് ഓന്റെ മുഖത്തേക്ക് നോക്കാൻ പോലും തോന്നുന്നില്ല... തല താഴ്ത്തി വെച്ചിട്ട് നമ്മളാകെ സസി ആയിട്ട് ഇരിക്കാണ്....

"പറ... നീയതല്ലേ ഇപ്പോ പറഞ്ഞത്...? പറ ഐഷു..."

"വാ....വാട്ട്...? നോ..നോ..നോ.. ഞാൻ അതൊന്നും അല്ല പറഞ്ഞത്...? ഞ... ഞാൻ ഒന്നും പറഞ്ഞിട്ടേയില്ല... ഇയാള് വാചകടിക്കാൻ നിൽക്കാതെ വണ്ടി വിടാൻ നോക്കിയേ... ഇപ്പോ തന്നെ ഒരുപാട് വൈകി..."

നമ്മള് ഓന്റെ മുഖത്ത് നോക്കാതെ അത്രെയും ടപ്പ് ടപ്പേന്ന് പറഞ്ഞിട്ട് വേഗം മുഖം തിരിച്ച് ഇരുന്നു... അത് കണ്ടിട്ട് ആദി നമ്മളെ പുച്ഛിച്ച് നോക്കിയിട്ട് വണ്ടി

സ്റ്റാർട്ടാക്കി...

"നിന്റെ വായേന്ന് അറിയാതെ ഐ ലവ് യു പറയിപ്പിച്ച എനിക്കാണോ നിന്നെ കൊണ്ട് ശരിക്കും ഐ ലവ് യു പറയിപ്പിക്കാൻ പാട്... നീ നോക്കിക്കോ അതിനും ഞാൻ പെട്ടെന്ന് തന്നെ വഴി കണ്ടിരിക്കും...."

"എന്ത്...?"

"ഒന്നുമില്ലേയ്......"

ആദി പറയുന്നത് കേട്ടിട്ട് നമ്മള് ഒന്നും കേൾക്കാത്ത പോലെ ഇരുന്ന് ഭയങ്കര ചിരിയായിരുന്നു... നമ്മളെ വായേന്ന് തന്നെ ഓൻ അത് ഇനി എങ്ങനെയാ പറയിപ്പിക്കാ എന്ന് അറിയാഞ്ഞിട്ട് നമ്മക്ക് ഒരു പൊറുതികേട്... എന്തായലും അവൻ പറയിപ്പിച്ചില്ലേലും നമ്മക്ക് പറയാനുള്ളത് എത്രേയും പെട്ടെന്ന് തന്നെ ആദിനോട് പറയണം... പക്ഷെ അതിന് മുമ്പ് എനിക്ക് നമ്മളെ ഗ്യാങ്ങിനെ കാണണം... എന്നിട്ടാകാം ആദിയോട് ഉള്ള എന്റെ ഇഷ്ടം തുറന്ന് പറയുന്നത്....

ഉച്ച ആയപ്പോഴേക്കും ഞങ്ങള് ആലപ്പുഴയിലെ റിസോർട്ടിൽ എത്തിയിരുന്നു... ഞങ്ങളെ കാത്ത് നമ്മളെ ഗ്യാങ്ങ് മൊത്തം റിസോർട്ടിന് മുന്നിൽ കാത്ത് നിൽക്കുന്നത് കണ്ടപ്പോ നമ്മള് വേഗം ബുള്ളറ്റിൽ നിന്ന് ചാടിയിറങ്ങി അവരെ അടുത്തേക്ക് ഓടി ചെന്ന് അച്ചൂനെ കെട്ടിപ്പിടിച്ചു....

അച്ചു, സന, ശാലു, അഖില, നൂറ, ഹസി ഈ ആറ് പേരും കൂടി നമ്മളെ പൊതിഞ്ഞിട്ട് ലേഡീസ് മാത്രം താമസിക്കുന്ന റിസോർട്ടിലേക്ക് കൊണ്ട് പോയി... നമ്മളൊന്ന് തിരിഞ്ഞ് ആദിയെ നോക്കിയപ്പോ ഓനേയും അതുപോലെ നമ്മളെ ബ്രദേഴ്സ് ഒക്കെ കൂടി പൊതിഞ്ഞിട്ട് ബോയ്സിന് മാത്രമുള്ള റിസോർട്ടിലേക്ക് കൊണ്ട് പോയി...കൂട്ടത്തിൽ രോഹിതും ഉണ്ട്ട്ടോ...

നമ്മള് അപ്പോ ആദിയെ നോക്കി ഒന്ന് ചിരിച്ചപ്പോ ഓനും തിരിച്ച് നമ്മളെ നോക്കി പുഞ്ചിരിച്ചു... അപ്പോഴേക്കും അവിടെ ആരോ ആദിയെ വലിച്ചോണ്ട് റൂമിലേക്ക് കൊണ്ട് പോയപ്പോ തന്നെ നമ്മളെ ഇവിടെയും ആരോ പിടിച്ച് വലിച്ച് റൂമിലാക്കിയിരുന്നു...

"ദേ ഫെബി... ഇതാണ് നമ്മള് പെണ്ണുങ്ങൾക്കുള്ള റിസോർട്ട്... ആണുങ്ങൾക്ക് വേറെ സപറേറ്റ് ആയിട്ട് ഇതിന് ഓപ്പോസിറ്റ് ഉള്ള റിസോർട്ടുണ്ട്...

കായലിന് നടുക്ക് വെച്ചിട്ടുള്ള ഈ കല്യാണം നമ്മക്ക് പൊളിക്കണം കേട്ടോ..."

"അത് പിന്നെ പ്രത്യേകിച്ച് പറയണോടി... താലിക്കെട്ട് കഴിഞ്ഞതും ചെക്കനെയും പെണ്ണിനേയും എടുത്ത് കായലിലേക്ക് എടുത്ത് എറിയുന്ന ഒരു സീനുണ്ട് മോളെ തകർക്കും..."

"ഡി ഫെബി... ചതിക്കല്ലെടി... നിങ്ങൾ അങ്ങനെ ഒക്കെ ചെയ്ത് ഞങ്ങളെ മുക്കി കൊല്ലോ...?"

അച്ചു പേടിച്ചോണ്ട് പറയുന്നത് കേട്ടിട്ട് ഞങ്ങള് എല്ലാവരും കൂടി പൊരിഞ്ഞ ചിരിയായിരുന്നു... നമ്മള് ഓളെ തലക്കിട്ട് ഒന്ന് കൊടുത്തിട്ട് ജസ്റ്റ് വെയിറ്റ് ആൻഡ് വാച്ച് എന്ന് പറഞ്ഞ് നമ്മള് ഫ്രഷാകാൻ പോയി...

എന്നിട്ട് കുളിച്ച് ഫ്രഷായി വന്ന് നിസ്കരിച്ചിട്ട് അച്ചൂന്റെ അമ്മന്റെ അടുത്തേക്ക് ചെന്നു... എന്നിട്ട് അവിടെയുള്ള അമ്മമാരോടും കുട്ടീസിനോടും ഒക്കെ സംസാരിച്ചും വഴക്ക് കൂടിയുമൊക്കെ നേരം കളയുമ്പോഴായിരുന്നു ആദിയും നമ്മളെ ബ്രദേഴ്സും കൂടി അങ്ങോട്ട് വന്നത്...

എല്ലാവരും എത്തിയപ്പോ ഉച്ചക്കുള്ള ഭക്ഷണം ഞങ്ങള് എല്ലാവരും കൂടി ചേർന്ന് ഒരുമിച്ച് കഴിച്ചു... എന്നെയും ആദിയെയും അവരൊക്കെ കൂടി സൽക്കരിക്കുന്നത് കണ്ടിട്ട് എന്തൊക്കെയാ കഴിക്കേണ്ടതെന്ന് വരെ അറിയാണ്ടായി...

ഒടുക്കം വയറ് പൊട്ടുന്ന തരത്തിൽ എല്ലാം കഴിച്ച് കാലിയാക്കിയിട്ട് എല്ലാവരും കൂടി ആ റിസോർട്ടിലെ നടുമുറ്റത്ത് ഒരുമിച്ച് കൂടി....

കായലിന്റെ കരയിൽ നല്ല അടിപൊളി പച്ച പട്ട് വിരിച്ച പോലെയുള്ള പ്രദേശത്ത് ഇങ്ങനെ ഒരു റിസോർട്ട്... സംഭവം സൂപ്പർ ആയിട്ടുണ്ട്.... ഈ പ്രകൃതി ഭംഗി ആസ്വദിച്ച് അങ്ങനെ ഇരുന്നാൽ സമയം തീരുന്നതൊന്നും അറിയുന്നതേയില്ല...

നമ്മളെ ഗ്യാങ്ങും ബ്രദേഴ്സും കൂടി ഒരുമിച്ച് കായലിന്റെ അടുത്തേക്ക് ചെന്ന് അവിടെ തമ്പടിച്ചിട്ട് ഓരോന്ന് സംസാരിക്കാൻ തുടങ്ങി... അധികവും സംസാരിച്ചത് ഞങ്ങളെ കോളേജ് ലൈഫിനെ കുറിച്ചും ഞങ്ങളെ ഫ്രണ്ട്സിനെ കുറിച്ചുമാണ്...

എല്ലാവരും ഒരുമിച്ചുള്ള ഈ നിമിഷത്തിൽ അവരൊന്നും കൂടെയില്ലാത്തത് ഞങ്ങളെ മനസ്സിനെ കൂടുതൽ മുറിവേല്പിച്ചു... പക്ഷെ ഇത് സങ്കടപ്പെടേണ്ട സമയം അല്ലാത്തൊണ്ട് എല്ലാവരും കൂടി ചേർന്ന് നമ്മക്കും ആദിക്കുമിട്ട് പാര പണിയാൻ തുടങ്ങി...

"അല്ലാ.... ഇന്നലെ രാത്രി തന്നെ ഇവിടെ എത്തുമെന്ന് പറഞ്ഞ് പുറപ്പെട്ട രണ്ട് പേരും തിരിച്ചെത്തിയത് ഇന്ന് ഉച്ചക്ക്... ഇവളെ കൂട്ടാൻ പോയ ഞാൻ ആണെങ്കിലോ നേരത്തെ തന്നെ എത്തുകേം ചെയ്തു... അപ്പോ ഇന്നലെ രാത്രി എവിടെയായിരുന്നു രണ്ട് പേരും...?"

രോഹിതിന്റെ ചോദ്യം കേട്ടിട്ട് നമ്മള് ഇടങ്കണ്ണിട്ട് ആദിയെ നോക്കിയപ്പോ ഓൻ കായലിലേക്ക് ഓരൊ കല്ലും എറിയുന്നതിനിടക്ക് നമ്മളെ നോക്കി സൈറ്റടിക്കാണ്...

"രോഹിത് പറഞ്ഞത് ശരിയാ... ഞാനും കരുതിയതാ അത് നിങ്ങളോട് ചോദിക്കണമെന്ന്... സത്യം പറ... എവിടെയായിരുന്നു ഇന്നലെ രണ്ട് പേരും..."

കാക്കുവും അവരെ കൂടെ കൂടി കൊണ്ട് ചോദ്യം ചെയ്യാൻ ആരംഭിച്ചപ്പോ ഞാനും ആദിയും നടന്നതൊക്കെ അവരോട് പറഞ്ഞു... എല്ലാം കേട്ട് കഴിഞ്ഞപ്പോ അവരൊക്കെ നിശബ്ദരായി....

"യാ അള്ളാഹ്... അവന്മാര് ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ...? പടച്ചോന്റെ കൃപ കൊണ്ട് രണ്ട് പേരും യാതൊരു കുഴപ്പവും ഇല്ലാതെ രക്ഷപ്പെട്ടല്ലോ അത് തന്നെ ധാരാളം..." ഹസിയാണ്.

"ഇനി അവരെ ഇങ്ങനെ വെറുതെ വിട്ടാൽ പറ്റില്ല ആദി... അവന്റെ ജീവൻ പോയാലേ ഇനി നിങ്ങക്ക് സ്വസ്ഥത ഉണ്ടാവൊള്ളു... സാലിമോ സൽമയോ ആരെങ്കിലും ഇനിയും നിങ്ങളെ ജീവിതത്തിൽ കയറി വന്നാൽ അവരെ എന്താ ചെയ്യേണ്ടതെന്ന് ഞങ്ങൾക്ക് നന്നായിട്ട് അറിയാം...." നിസൂക്കയാണ്.

"കൊന്ന് കളയണം രണ്ടിനേയും...."

"ഡാ അരുണെ മതി ഒന്ന് നിർത്തിക്കെ... കല്യാണം ആണെന്ന് ഒരു ചിന്തയുമില്ലാതെ എല്ലാവരും കൂടി പറയുന്നത് കേട്ടില്ലേ... അവരെ കൊന്നിട്ട് എന്താണാവോ എല്ലാവരെയും പ്ലാൻ... ശിഷ്ടകാലം ജയിലിൽ ഗോതമ്പുണ്ട കഴിക്കാൻ പോകാണോ...?

അവര് ഇനി ഞങ്ങളെ ജീവിതത്തിലേക്ക് കടന്ന് വരില്ല... അതോർത്ത് നിങ്ങളാരും ടെൻഷൻ ആകണ്ട... ഇനി അഥവാ അവര് വന്നാൽ തന്നെ അവരെ എങ്ങനെ നേരിടണമെന്ന് ഞങ്ങൾക്ക് അറിയാം... ഇതിൽ നിങ്ങള് കൂടി തലയിട്ടിട്ട് നിങ്ങളെ ജീവിതം കൂടി കളയാൻ നോക്കണ്ടാ..."

"അതെ... ഐഷു പറഞ്ഞത് തന്നെയാണ് അതിന്റെ ശരി... അവര് രണ്ട് പേരും നമ്മുടെയൊക്കെ ജീവിതത്തിൽ നിന്നും പോയി കഴിഞ്ഞു... അവര് ഇനി വന്നാൽ തന്നെ അവരെ ഞങ്ങള് രണ്ട് പേരും കൂടി ഒരുമിച്ച് നേരിടും... അതിൽ നിങ്ങള് കൂടി ഇൻവോൾവ് ആയിട്ട് ജീവിതം പാഴാക്കണ്ട...."

നമ്മള് പറഞ്ഞ് തീർന്നതും ഇരുന്നിടത്ത് നിന്ന് എണീറ്റോണ്ട് ആദി പറയുന്നത് കേട്ടിട്ട് നമ്മള് ഓനെ തന്നെ അന്തം വിട്ട് നോക്കി നിന്നു... ഓന്റെ ഡയലോഗ് കേട്ടിട്ട് ആണെങ്കിലോ എല്ലാവരും കൂടി നമ്മളെയും ആദിയെയും മാറി മാറി നോക്കി കൊണ്ട് തലയാട്ടി ചിരിക്കാണ്....

"എങ്ങനെ.... എന്തോ... നിങ്ങള് രണ്ട് പേരും കൂടി ഒരുമിച്ച് അവരെ നേരിട്ടോളാമെന്നല്ലേ.... മോനെ ആദിലേ... ഓളെ എങ്കേജ്മെന്റ് കഴിഞ്ഞതാണെന്നും ഓളെ ചെക്കൻ ഇവിടെ തന്നെ ഉണ്ടെന്നുമുള്ള കാര്യം മറന്നേക്കല്ലേ... അല്ലെടാ ഫൈസലേ..."

അച്ചായൻ ആദിയെ ചൊടിപ്പിക്കാൻ വേണ്ടി അങ്ങനെ പറഞ്ഞോണ്ട് ഫൈസൽക്കാനെ നോക്കിയപ്പോ മൂപ്പര് എന്നെയും നൂറാനെയും മാറി മാറി നോക്കായിരുന്നു... അപ്പോ നൂറ ഫൈസലിനോട് കണ്ണ് കൊണ്ട് സമ്മതം കൊടുത്തപ്പോ ഫൈസൽക്ക അതേയതെ എന്ന് പറഞ്ഞ് ആദിനെ നോക്കി...

ഫൈസൽക്ക പറയുന്നത് കേട്ടിട്ട് ആദി ഒന്ന് ചിരിച്ചോണ്ട് നമ്മളെ നോക്കി തിരിഞ്ഞ് അവരെ റിസോർട്ടിലേക്ക് പോയി... അത് കണ്ടപ്പോ ആദിനെ തടുക്കാൻ എന്റെ മനസ്സ് വല്ലാതെ കൊതിച്ചു... പക്ഷെ കഴിഞ്ഞില്ല....

"എന്താടി ഫെബി നിനക്ക് ആകെ ഒരു മൂഡൗട്ട്... സുഖമില്ലേ...?"

"ഒന്നുമില്ല അച്ചൂ... ഒരുപാട് ദൂരം ട്രാവൽ ചെയ്തത് കൊണ്ടാണെന്ന് തോന്നുന്നു ഭയങ്കര തല വേദന... ഞാൻ ഒന്ന് പോയി കിടക്കട്ടെ...."

"ആഹാ... അങ്ങനെ അങ്ങ് പോയാലെങ്ങനെ ശരിയാകാ... ഇങ്ങോട്ട് വന്നേ..."

നമ്മള് എണീറ്റ് പോകാൻ നിന്നപോ നമ്മളെ എല്ലാവരും കൂടി ചേർന്ന് അവിടെ തന്നെ പിടിച്ച് ഇരുത്തി...

"സത്യം പറ ഫെബി... എന്താ ഇപ്പോ നിന്റെ പ്രശ്നം...? നിനക്ക് തലവേദനയൊന്നുമല്ല... അത് നീ പറഞ്ഞാലും ഞങ്ങള് വിശ്വസിക്കില്ല... പിന്നെ എന്താടി...പറ..."

"അച്ചൂ... അത്.... ഞാൻ ചെയ്യുന്നത് ശരിയാണോ തെറ്റാണോ എന്ന് എനിക്ക് തന്നെ അറിയുന്നില്ലെടി... ആദിയോടുള്ള എന്റെ സ്നേഹം ഞാൻ അത് ഇനിയും മറച്ച് വെച്ചാൽ അവനെ എനിക്ക് നഷ്ടപ്പെട്ട് പോകോ എന്ന് പേടിയാകുന്നു..."

എന്ന് പറഞ്ഞ് നമ്മള് കരയാൻ തുടങ്ങിയപ്പോ അവരൊക്കെ കൂടി നമ്മളെ ആശ്വസിപ്പിച്ചു...

"ഡി നീ പറഞ്ഞിട്ടല്ലേ ഞങ്ങളൊക്കെ നിന്റെ ഈ കളിക്ക് കൂട്ട് നിന്നത്... ന്നിട്ടിപ്പോ നീയെന്താ ഇങ്ങനെ പറയുന്നത്...?" സനയാണ്.

"അതൊക്കെ ഞാൻ ആദിയോടുള്ള അപ്പോഴത്തെ ദേഷ്യത്തിന് പറഞ്ഞതാ... നിങ്ങളെയൊക്കെ ഫ്രണ്ടല്ലേ അവൻ... എന്നിട്ട് നിങ്ങൾക്കെങ്ങനെ തോന്നി അവനെ

കൂടെ നിന്ന് ചതിക്കാൻ...?"

"ന്റെ കൃഷ്ണാ... നീ കേൾക്കുന്നില്ലേ ഈ കുരിപ്പ് പറയുന്നത് ഒന്നും... എടി കഴുതെ നീ പറഞ്ഞിട്ടല്ലേ ഞങ്ങള് ഇതിനൊക്കെ കൂട്ട് നിന്നത്... ഇപ്പോ കുറ്റം മുഴുവൻ ഞങ്ങക്ക് ആയോ... ഇത് നല്ല കൂത്ത്...

ഞാൻ അപ്പോഴേ പറഞ്ഞതാ നിങ്ങളോടൊക്കെ ഇവളെ വാക്കും കേട്ട് കാക്കൂനെ ഒറ്റപ്പെടുത്തണ്ടാന്ന്... എന്നിട്ടിപ്പോ എന്തായി... ഇവളെ കൂടെ നിന്ന നമ്മള് വിഡ്ഢികളായില്ലേ....?" അച്ചുവാണ്.

"എന്നാലും എന്റെ ഫെബി... നീയിത്ര പെട്ടെന്ന് പ്ലേറ്റ് മറിക്കുമെന്ന് ഞങ്ങള് കരുതീലാ... ഇപ്പോ എല്ലാത്തിനും കൂടെ നിന്ന ഞങ്ങൾക്ക് തന്നെ അവസാനം നീ കൊട്ട് തന്നല്ലേ... സന്തോഷമായി മകളെ... സന്തോഷമായി...." കാക്കുവാണ്.

അവര് പറയുന്ന ഓരോന്ന് കേട്ട് നമ്മള് എല്ലാരേയും ഒന്ന് നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി കൊടുത്തിട്ട് അവിടന്ന് എണീറ്റ് പോകാൻ നിന്നതും എല്ലാവരും കൂടി പിടിച്ച് വലിച്ച് നമ്മളെ അവിടെ തന്നെ

ഇരുത്തി നമ്മളെ കാത് പറിഞ്ഞ് പോരുന്ന തരത്തില് ഓരോന്ന് പറഞ്ഞു...

"ഓ.... സ്റ്റോപ്പിറ്റ്.... ഒന്ന് നിർത്തുന്നുണ്ടോ എല്ലാവരും... ശരിയാ നിങ്ങളെ ഒക്കെ ഇതിലേക്ക് വലിച്ചിഴച്ചത് ഞാൻ തന്നെയാ... അതോണ്ട് ഇതിനുള്ള പരിഹാരവും ഞാൻ തന്നെ കണ്ടോളാം...

എന്തെ....?"

നമ്മളെ ചോദ്യത്തിന് അവരൊക്കെ കൂടി എന്ത് പരിഹാരമെന്ന് ഒരുമിച്ച് ചോദിച്ചപ്പോ തന്നെ നമ്മള് കാത് പൊത്തി പോയി... അത്രക്ക് ഉച്ചത്തിലാ അവറ്റകളെ സംസാരം...

"ഇന്ന് രാത്രി തന്നെ ഞാൻ എന്റെ ഇഷ്ടം ആദിയോട് തുറന്ന് പറയാൻ പോകാ... പക്ഷെ അതിന് എനിക്ക് നിങ്ങളെ സഹായം വേണം..."

"നീ ആദിയോട് ഇഷ്ടം പറയുന്നതൊക്കെ കൊള്ളാം... ഒടുക്കം നിനക്ക് കൂട്ട് നിന്നിട്ട് എല്ലാം ഞങ്ങളെ തലയിൽ

കൊണ്ട് ഇടോ...?"

അൻസിക്ക പറയുന്നത് കേട്ടിട്ട് നമ്മള് അവരെയൊക്കെ ഒന്ന് രൂക്ഷമായി നോക്കി കൊണ്ട് മോന്തയും വീർപ്പിച്ച് പോകാൻ നിന്നപ്പോ അവര് എന്നെ അവിടെ പിടിച്ച് ഇരുത്തിയിട്ട് നമ്മളെ പ്ലാൻ എന്താണെന്ന് ചോദിച്ചു...

നമ്മള് ദേഷ്യം ഒക്കെ മറന്ന് അവരോട് നമ്മളെ പ്ലാനിനെ കുറിച്ച് പറഞ്ഞപ്പോ അവരൊക്കെ കട്ട സപ്പോർട്ട്...

അപ്പോ ഇന്ന് രാത്രി ഞങ്ങളെ രാത്രി...

★★★★★★★★★★★★★★★★★★★

അവരെ ഇടയിൽ നിന്നും പെട്ടെന്ന് എണീറ്റ് വന്നത് ഐഷൂന് ഫീലാകാൻ വേണ്ടി തന്നെയായിരുന്നു... പക്ഷെ, സത്യം പറഞ്ഞാൽ അവളെ മറ്റൊരാളുടെയും പെണ്ണായിട്ട് ആരും പറയുന്നതൊന്നും എനിക്ക് കേട്ട് നില്ക്കാൻ പോലും പറ്റുന്നില്ല... അത്രക്ക് മനസ്സിൽ പറ്റി കൂടിയിട്ടുണ്ട് ആ കുറിപ്പ്...

പിന്നെ ഫൈസൽ... അവൻ നല്ലവനൊക്കെയാണ്... പക്ഷെ അവന് ഐഷൂനെ ഇഷ്ടമാണെന്ന് നമ്മക്ക് അറിയാവുന്ന സ്ഥിതിക്ക് അവൻ ഈ കാണിച്ച് കൂട്ടുന്ന അഭിനയം പോലും എനിക്ക് താങ്ങാൻ കഴിയുന്നില്ല.... ഫൈസലിന് ഐശൂനോട് ഇനി അങ്ങനെ ഒരു ഇഷ്ടം ഇപ്പോഴും ഉണ്ടാകോ എന്നാ എന്റെ ഇപ്പോഴത്തെ സംശയം...

ഇനി അഥവാ ഉണ്ടെങ്കിൽ അത് ചിലപ്പോ ഐഷു എന്നിൽ നിന്നും അകലാൻ കാരണം ആകും... അതിന് ഞാൻ അനുവദിച്ച് കൂടാ... ഐശൂനോട് എത്രെയും പെട്ടെന്ന് സംസാരിച്ചിട്ട് ഈ വാശിയും പകയുമൊക്കെ ഇവിടം കൊണ്ട് അവസാനിപ്പിക്കണം....

നമ്മള് അങ്ങനെ ചിന്തിച്ചോണ്ട് റൂമീന്ന് ഇറങ്ങാൻ നിന്നപോ തന്നെ അൻസിയും സിയാദും നിസുവും കൂടി റൂമിലേക്ക് കയറി വന്നു....

"നീയിതെങ്ങോട്ടാടാ ആദി...?" നിസുവാണ്.

"അത്... ഞാൻ... എനിക്ക് ഐഷൂനെ ഒന്ന് കാണണം...."

"നീയെന്തിനാ ഇപ്പോ അവളെ കാണുന്നത്...? നീ അവളെ അടുത്ത് നിന്നല്ലേ വന്നത്...?" സിയാദാണ്.

"അത് എനിക്ക് അവളോട് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ട്..."

"അതെന്താപ്പോ ഞങ്ങള് അറിയാത്ത ഒരു പ്രധാനപ്പെട്ട കാര്യം...? ഞങ്ങളോട് കൂടി ഒന്ന് പറ...." അൻസിയാണ്.

"ഞാൻ ഐശൂനോട് എന്റെ ഇഷ്ടം തുറന്ന് പറഞ്ഞിട്ട് ഫൈസലുമായിട്ട് നടന്ന എങ്കേജ്മെന്റ് മുടക്കി അവര് തമ്മിലുള്ള കല്യാണം നടത്താതിരിക്കാൻ പോകാ...."

നമ്മള് പറയുന്നത് കേട്ടിട്ട് അവന്മാര് മൂന്ന് പേരും പരസ്പരം മുഖത്തോട് മുഖം നോക്കി ചിരിക്കാൻ തുടങ്ങി... അവരേ ചിരി കണ്ടിട്ട് നമ്മള്

അവരെയൊക്കെ ഒന്ന് സംശയത്തോടെ നോക്കിയപ്പോ അവര് മൂന്ന് പേരും തിരിഞ്ഞ് നിന്ന് എന്തോ കുശുകുശു പറഞ്ഞ് നമ്മളെ നേരെ തിരിഞ്ഞു....

"അല്ലാ ആദി... എന്താ ഇപ്പോ പെട്ടെന്ന് നിനക്ക് അങ്ങനെ ഒരു മനംമാറ്റം വന്നേ...? അവളെ വാശിയും പകയും എവിടം വരെ പോകുമെന്ന് നിനക്കും കാണണം എന്ന് പറഞ്ഞിട്ട് നീയെന്താ പെട്ടെന്ന് തീരുമാനം മാറ്റിയെ...?"

അൻസിന്റെ ചോദ്യം കേട്ടപ്പോ നമ്മള് തിരിഞ്ഞ് നടന്ന് ബെഡിൽ പോയി ഇരുന്നു... അപ്പോ നമ്മളെ പിന്നാലെ അവന്മാരും വന്ന് ഇരുന്നിട്ട് നമ്മളെ തോളിലൂടെ കയ്യിട്ടു...

"എന്താടാ ആദി...? എന്ത് പറ്റി...?

ഫൈസല് നിന്റെ ഐഷൂനെ അടിച്ച് മാറ്റി കൊണ്ട് പോകുമെന്ന് നിനക്ക് തോന്നുന്നുണ്ടോ...?" സിയാദാണ്.

"അത്... അതല്ലടാ... എന്തോ ഇന്നലത്തെ രാത്രിയിൽ

സംഭവിച്ചതൊക്കെ കൂടി ഓർക്കുമ്പോ അവളെ ഇനിയും എന്നിൽ നിന്ന് അകറ്റിയാൽ ഇനി തിരിച്ച് കിട്ടില്ലേ അവളെ എന്നൊക്കെ ഒരു തോന്നൽ..."

"ഹ...ഹ...ഹ... എന്താടാ ആദി ഇത്... നീയെന്താ അങ്ങനെ ഒക്കെ ചിന്തിക്കുന്നെ...? എന്തായാലും നിന്റെ തീരുമാനം എന്ത് കൊണ്ടും നന്നായി... നിനക്ക് അവളോട് വല്ലതും പറയാൻ ഉണ്ടെങ്കിൽ അതിനുള്ള അവസരവും ഞങ്ങള് ഒരുക്കി തരാം... എന്ത്യേ...?" നിസുവാണ്.

"അതെ... ഇന്ന് രാത്രി പന്ത്രണ്ട് മണിക്ക് ഗാർഡൻ ഏരിയയിലേക്ക് ഫെബിയെ കൊണ്ട് വരുന്ന കാര്യം ഞങ്ങള് ഏറ്റു...

നിനക്ക് എന്താണോ അവളോട് പറയാനുള്ളതെന്ന് വെച്ചാ നീ പറഞ്ഞോ..."

സിയാദ് അങ്ങനെ പറഞ്ഞപ്പോ തന്നെ നമ്മള് അവന്മാരെ കെട്ടിപ്പിടിച്ചിട്ട് താങ്ക്സ് പറഞ്ഞു... അപ്പോ അവന്മാര് പരസ്പരം മുഖത്തോട് മുഖം നോക്കിയിട്ട് കണ്ണ് കൊണ്ട് എന്തൊക്കെയോ ആംഗ്യമൊക്കെ

കാണിക്കുന്നുണ്ട്... നമ്മക്ക് ഒന്നും മനസ്സിലായില്ല...

"ആ... പിന്നെ ആദി.... ഞങ്ങള് ഒരു കാര്യം ചോദിയ്ക്കാൻ വിട്ട് പോയി... നീ അവളുമാരെ കൂടെ ഒരു പുതുമുഖത്തെ കണ്ടോ ഒരു നൂറയെ....?" നിസുവാണ്.

"ഹാ... ശ്രദ്ധിച്ചിരുന്നു... പക്ഷെ അതാരാണെന്ന് അറിയില്ല... അന്ന് ഐശൂന്റെ വീട്ടിൽ വെച്ചും കണ്ടിരുന്നു ആ കുട്ടിയെ ഞാൻ... എന്ത്യേടാ...?"

"ഏയ്... ഒന്നുമില്ലെടാ ആദി... ആ നൂറയെ നമ്മളെ അൻസി വന്നപ്പോ മുതൽ നോട്ടമിട്ടിരിക്കാ.... അപ്പോ നിനക്ക് അറിയോ എന്നറിയാൻ വേണ്ടി ചോദിച്ചതാ..."

"ഡാ.... കള്ളം പറയുന്നോടാ ഹംക്കെ... അനക്ക് ഞാൻ ഇന്ന് വെച്ചിട്ടുണ്ടെടാ...നിക്കെടാ അവിടെ..."

സിയാദ് പറയുന്നത് കേട്ടിട്ട് അന്സിന് അവനെ

പഞ്ഞിക്കിടാൻ വേണ്ടി പിന്നാലെ ഓടുന്നത് കണ്ടിട്ട് ഞങ്ങള് ഹലാക്കിലെ ചിരിയായിരുന്നു... സിയാദ് അത് വെറുതെ പറഞ്ഞതാണെന്ന് എനിക്ക് ഉറപ്പാ... കാരണം അൻസിക്ക് ഒരിക്കലും അവന്റെ ആദ്യ പ്രണയത്തെ അത്ര പെട്ടെന്ന് ഒന്നും മറക്കാൻ സാധിക്കില്ല... അത്രക്ക് ആഴത്തിൽ പതിഞ്ഞിട്ടുണ്ട് അവൾ...

അങ്ങനെ അവന്മാരെ അടിയും തെറിയും ഫൈറ്റുമൊക്കെ കഴിഞ്ഞിട്ട് അവര് നമ്മളോട് രാത്രി പന്ത്രണ്ട് മണി എന്ന് ഓർമിപ്പിച്ചിട്ട് അവിടന്ന് ഇറങ്ങി പോയി...

നമ്മള് അവരോട് ഓക്കേ പറഞ്ഞ് ബെഡിലേക്ക് ചാഞ്ഞിട്ട് കണ്ണടച്ച് ഐഷുവിനോട് എങ്ങനെ പറഞ്ഞ് തുടങ്ങുമെന്ന് ആലോജിച്ച് കണക്ക് കൂട്ടി കൊണ്ടിരുന്നു...

◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆

"ഡാ നിസൂ നീയൊരു കാര്യം ശ്രദ്ധിച്ചോ...? ആദിക്ക് നൂറയും ഫൈസലും തമ്മിലുള്ള ഇഷ്ടം അറിയില്ല.... അതാ ഫെബിന്റെ കാര്യത്തിൽ ആദി ഇത്രക്ക്

ടെൻഷൻ അടിക്കുന്നത്..."

"എടാ സിയാദേ അത് ഞാനും ശ്രദ്ധിച്ചു... അവൻ ഇപ്പോഴും കരുതുന്നത് ഫൈസലിന് ഫെബിയെ ഇഷ്ടാണെന്നാ...."

"ഡാ അൻസി... എനിക്ക് ഒരു ഐഡിയ തോന്നുന്നു... നമുക്ക് ഇവർക്ക് രണ്ടിനും ഇട്ട് ഒരു ചെറിയ പണി കൊടുത്താലോ..?

അവര് പരസ്പരം പാര പണിഞ്ഞാൽ മാത്രം പോരല്ലോ... നമുക്കും വേണ്ടേ ഒരു പാര പണിയലൊക്കെ...."

"അത് ശരിയാ... അവറ്റകൾ രണ്ടും കൂടി പരസ്പരം പാര പണിയുന്ന കൂട്ടത്തിൽ നമുക്കും ഒന്ന് കൊടുത്ത് കളയാം... പക്ഷെ അത് കൂടുതല് ഒന്നും വേണ്ടാ ഒരു മീഡിയം മതി...."

"അതൊന്നും ഓർത്ത് നിങ്ങള് ആരും ബേജാറാകണ്ട എന്ത് പാരയാ അവർക്ക് കൊടുക്കേണ്ടതെന്ന് ഞാൻ

കണക്ക് കൂട്ടി വെച്ചിട്ടുണ്ട്... പക്ഷെ അതിന് അവളുമാരെ സപ്പോർട്ട് കൂടി വേണ്ടി വരും..."

"അതൊക്കെ നമുക്ക് സെറ്റാക്കാം... നീ ആദ്യം കാര്യം പറ സിയാദേ...."

"അതൊക്കെയുണ്ട് മക്കളെ... അവളുമാര് കൂടി വന്നിട്ട് ഞാൻ പറഞ്ഞ് തരാം... ഇത്രെയും കാലം നമ്മളെ കഷ്ടപ്പെടുത്തിയ രണ്ട് പേർക്കും കൂടി നമ്മള് കൊടുക്കുന്ന നല്ല ഒരു പണി....

പക്ഷെ ഇത് എന്ത് വന്നാലും ഫെബിയും ആദിയും അറിയാതെ നോക്കണം...."

"ഓക്കേ....."

★★★★★★★★★★★★★★★★★★★★★★★

'നേരം 12 മണി ആകാറായല്ലോ... ഗാർഡനിൽ അവരൊക്കെ സെറ്റാക്കി വെച്ചിട്ടുണ്ടാകോ...? ആദി

വരില്ലേ...?

വന്നാൽ തന്നെ ഞാൻ എങ്ങനെ അവനെ പ്രൊപോസ് ചെയ്യും...? ഒരു റിഹേഴ്സൽ നോക്കിയാലോ...?'

നമ്മള് അപ്പോ തന്നെ വൈറ്റ് റോസ് ബൊക്കെ കയ്യിലെടുത്തിട്ട് കണ്ണാടിക്ക് മുന്നിൽ പോയി നിന്നിട്ട് ഒരു ദീർഘ ശ്വാസം എടുത്ത് വിട്ട് ഒന്ന് പുഞ്ചിരി തൂകി...

"ഞാൻ നിന്നെ എന്റെ ജീവന് തുല്യം സ്നേഹിക്കുന്നു ആദി... ഐ ലവ് യു....

ഛെ..ഛെ... തുടക്കം തന്നെ അങ്ങനെ പറഞ്ഞാൽ ഒരു ഗുമ്മുണ്ടാകില്ല.... പിന്നെ ഇപ്പോ എന്താ പറയാ...?

നീയുമായി തല്ല് കൂടിയ കോളേജ് ലൈഫിൽ ഒടുക്കം നീയെന്റെ ഹൃദയത്തിൽ സ്ഥാനം നേടുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല... പല സന്ദർഭങ്ങളിലും നീയില്ലാതെ എനിക്ക് ജീവിക്കാൻ കഴിയില്ലെന്ന് വീണ്ടും വീണ്ടും മനസ്സിലായി തുടങ്ങിയപ്പോ അത് നിന്നോട് തുറന്ന് പറയാൻ ഞാൻ ശ്രമിച്ചു...

പക്ഷെ വിധി നമ്മളെ അകറ്റി നിർത്തി...

നീണ്ട രണ്ട് വർഷങ്ങൾക്ക് ശേഷം നമ്മൾ വീണ്ടും കണ്ട് മുട്ടിയപ്പോ സാഹചര്യങ്ങൾക്ക് നമുക്ക് അപ്പോഴും പ്രതികൂലമായിരുന്നു... വീണ്ടും നമുക്ക് പിരിയേണ്ട അവസ്ഥ വരെ എത്തിപ്പെട്ടു... അപ്പോഴൊക്കെ ഞാൻ നിന്നിൽ നിന്ന് അകലാൻ ശ്രമിച്ചത്... എന്റെ ഒരു തരം വാശിയായിരുന്നു... എന്നാൽ ഇന്നാ വാശി ഞാൻ പൂർണ്ണമായും കളഞ്ഞിട്ടാണ് നിന്റെ മുന്നിൽ നിൽക്കുന്നത്....

നാല് വർഷം... നാല് വർഷം നിനക്ക് വേണ്ടി കാത്തിരുന്നത് മതിയായി ആദി... ഇനിയും എന്നെ കൊണ്ട് കാത്തിരിക്കാൻ കഴിയില്ല.... അടുത്ത വർഷം അപ്പുവിന്റെ കൂടെ കളിക്കാൻ വേണ്ടി എനിക്ക് ഒരു പൊന്നോമനയെ വേണം... നിനക്ക് സമ്മതമെങ്കിൽ will you marry me...?

ഹീ......ഹീ.... മതി മോളെ... നീ പൊളിച്ചു... ഇതേ ഡയലോഗ് തന്നെ അങ്ങ് അവന്റെ മുന്നിൽ കാച്ചിയേക്ക് അവൻ ഫ്ലാറ്റായി നിന്റെ കയ്യിൽ വീഴും...."

നമ്മള് തുള്ളിച്ചാടി കൊണ്ട് ഒരു ദീർഘ ശ്വാസം എടുത്ത് വിട്ടിട്ട് വീണ്ടും കണ്ണാടിയിൽ നോക്കി നമ്മക്ക് നമ്മള് തന്നെ ഫ്ലയിങ് കിസ്സ് കൊടുത്തു...

അപ്പോഴാണ് നമ്മളെ റൂമിലേക്ക് നമ്മളെ പെൺപട കേറി വന്നത്... നൂറ ഒഴിച്ച് ബാക്കി അഞ്ചും വന്നിട്ടുണ്ട്... അവറ്റകൾ നമ്മളെ ഒരുക്കം കണ്ടിട്ട് നമ്മളെ അടിമുടി നോക്കാണ്...

"എന്റെ ഫെബി നീ പ്രൊപോസ് അല്ലെ ചെയ്യാൻ പോകുന്നത്.... അല്ലാതെ കല്യാണവും ഇന്ന് തന്നെ നടത്താൻ പോണില്ലല്ലോ....?

അതും അവള് ഇട്ടേക്കുന്ന വേഷം കണ്ടില്ലേ ആ സൽമക്ക് വേണ്ടി ഞാൻ ഡിസൈൻ ചെയ്ത ലെഹങ്ക... ഇതൊക്കെ കുറച്ച് ഓവറല്ലേ മോളെ....?"

അവളെ ഡയലോഗ് കേട്ട് ബാക്കി നാലും നിന്ന് കിണിക്കാൻ തുടങ്ങിയപ്പോ നമ്മക്ക് ദേഷ്യം വന്ന് അവറ്റകളെ നമ്മള് അവിടന്ന് തലയണ കൊണ്ട് അടിച്ച്

ഓടിക്കാൻ നോക്കി.... അപ്പോ അച്ചൂ ചിരിച്ചോണ്ട് നമ്മളോട് ഗാർഡനിലേക്ക് ചെല്ല് അവനിപ്പോ വരുമെന്ന് പറഞ്ഞപ്പോ നമ്മള് ഒന്ന് ചിരിച്ചിട്ട് ആ ബൊക്കെയും എടുത്തോണ്ട് ഗാർഡനിലേക്ക് നടന്നു....

അവിടെ മൊത്തം ചെറിയ ചെറിയ ലൈറ്റ് കൊണ്ട് അവരൊക്കെ അലങ്കരിച്ച് വെച്ചേക്കുന്നത് കണ്ടിട്ട് നമ്മക്ക് സന്തോഷം കൊണ്ട് തുള്ളിച്ചാടാൻ ആണ് തോന്നിയത്... നമ്മളെ ബ്രദേഴ്സ് ഒക്കെ നാളെ കണ്ടപ്പോ തന്നെ നമ്മളെ അടുത്തേക്ക് വന്നു...

"മോളെ ഫെബി നീ പൊളിച്ചല്ലോ....ഈ ഡ്രെസ്സിൽ നല്ല അടിപൊളിയായിട്ടുണ്ട് നിന്നെ കാണാൻ..."

"താങ്ക്യൂ നിസൂക്ക.. പിന്നെ ലൈറ്റ് അറേഞ്ച്മെൻസൊക്കെ സൂപ്പർ ആയിട്ടുണ്ട്... എനിക്ക് ഒത്തിരി ഇഷ്ടായി... താങ്ക്യൂ സോ മച്ച് ഗായ്സ്..."

"ആ മതി താങ്ക്സ് ഒക്കെ പറഞ്ഞത്... ആദി ഇപ്പോ വരും.... എന്തൊക്കെയാ പറയേണ്ടത് എന്നൊക്കെ

ഓർമ്മയുണ്ടല്ലോ അല്ലെ...?"

"ആ... അതൊക്കെ ഓർമ്മയുണ്ട്...."

"എന്നാലേ ഞങ്ങള് ഈ ലൈറ്റ്സ് ഒക്കെ ഓഫ്ആക്കാൻ പോകാ... അവന്റെ എൻട്രി വരുമ്പോ ഞങ്ങള് ലൈറ്റ്സ് ഇട്ടോളാം... എന്ത്യേ...?"

നമ്മക്ക് പേടിയുള്ള ഏർപ്പാട് ആണേൽ നമ്മള് ഓക്കേ പറഞ്ഞു... നമ്മളെ ആദിക്ക് വേണ്ടി ഇത്തിരി പേടിക്കുന്നതിൽ ഒന്നും കുഴപ്പമില്ലന്നെ....

അങ്ങനെ അവന്മാരും അവളുമാരും കൂടി ലൈറ്റ്സ് ഒക്കെ ഓഫാക്കിയിട്ട് എവിടെയോ പോയി ഒളിച്ച് നിന്നു.... നമ്മള് കണ്ണടച്ച് വെച്ചിട്ട് പടച്ചോനോട് എല്ലാം നന്നാക്കി തരണേ എന്ന് പ്രാർത്ഥിച്ച് നിന്നു...

അപ്പോഴാണ് ആരോ നടന്ന് വരുന്ന ശബ്ദം കേട്ട് നമ്മള് കണ്ണ് തുറന്നത്... അപ്പോ തന്നെ നമ്മെ കണ്ണ് കുത്തുന്ന

തരത്തിൽ പെട്ടെന്ന് അവിടെ പ്രകാശം പരന്നതും ആദി നിൽക്കുന്നത് നമ്മള് കണ്ടു....

ഓനെ കണ്ടപ്പോ നമ്മള് കൈ പിറകിലേക്ക് ആക്കിയിട്ട് അവനെ നോക്കി ചിരിച്ചു... അതേപോലെ തിരിച്ച് ആദിയും നമ്മളെ നോക്കി ചിരിച്ചപ്പോ നമ്മള് പതിയെ അവന്റെ അരികിലേക്ക് നടന്നു... അതേപോലെ ആദിയും നമ്മളെ അടുത്തേക്ക് നടന്ന് വന്നു....

നമ്മള് ആദിന്റെ അടുത്ത് എത്തിയതും പറയാൻ വന്ന ഡയലോഗ് മറന്നിട്ട് ഓനെ തന്നെ കണ്ണും മിഴിച്ച് നോക്കി നിന്നു.... ആദി ആണെങ്കിൽ നമ്മളിൽ നിന്നും കണ്ണെടുക്കാതെ നമ്മളെ നോക്കി നിൽക്കാണ്...

പെട്ടെന്ന് നമ്മളെ കാലിൽ ഒരു കല്ല് വന്ന് തട്ടിയപ്പോ നമ്മള് തിരിഞ്ഞ് നോക്കിയതും അവറ്റകൾ ഒക്കെ കൂടി നമ്മളോട് പറ എന്ന് പറഞ്ഞ് ആംഗ്യം കാണിച്ചു... നമ്മള് അവരെ നോക്കി ഓക്കേ പറഞ്ഞിട്ട് ആദിയെ നോക്കി.....

"ആ.... ആദി ആക്ച്വലി.... എനിക്ക് ഒരു കാര്യം..... ഞാൻ.... അത് നാല് വർഷം.... കോളേജ്.... കല്യാണം...."

'പടച്ചോനെ.... എന്തൊക്കെയാ ഞാൻ ഈ പറയുന്നത്...? പറയാൻ വന്നതൊക്കെ ഈ കോന്തനെ കണ്ടപ്പോഴേക്കും മറന്ന് പോയല്ലോ... ഇനിയിപ്പോ എന്താ ചെയ്യാ...?

നമ്മളെ പരുങ്ങല് കണ്ടിട്ട് ആദിയും അവറ്റകളും ഒക്കെ ചിരിക്കാണ്... ഫെബി നല്ലൊരു ദീർഘ ശ്വാസം എടുത്ത് വിട്ടിട്ട് അവനോട് ഐ ലവ് യൂ എന്ന് ഒറ്റയടിക്ക് പറഞ്ഞേക്ക് എന്നാലേ ശരിയാകൂ.... ആലോജിച്ച് നിൽക്കാതെ പറയെടി...'

"ആദി....ഐ....."

നമ്മള് പറഞ്ഞ് തുടങ്ങിയില്ല അപ്പോഴേക്കും ഗാർഡൻ ഏരിയയിലേക്ക് ഒരു വൈറ്റ് കാർ ഇടിച്ച് കേറി എന്റെയും ആദിന്റെയും മുന്നിലായി പാഞ്ഞ് വന്ന് നിന്നു.... ആ കാറിന്റെ ലൈറ്റ് കണ്ണിൽ കുത്തിയപ്പോ ഞാനും ആദിയും ഒരുപോലെ കണ്ണടച്ച് ആ കാറിൽ

നിന്നും ഇറങ്ങി വരുന്ന മുതലിനെ നോക്കി....

പെട്ടെന്ന് ആ കാറിന്റെ ലൈറ്റ് അണഞ്ഞു.... കാറിന്റെ ഡോർ തുറന്ന് ഹൈ ഹീൽസ് ഇട്ട രണ്ട് കാലുകൾ ഇറങ്ങി വന്നു.... നമ്മള് ആ പുതിയ അവതാരത്തിന്റെ മുഖത്തേക്ക് നോക്കിയപ്പോ മുൻപ് എവിടെയും കണ്ടാതായിട്ട് നമ്മക്ക് ഓർമ്മയില്ലാത്ത മുഖം.... അവൾ ഞങ്ങളെ അടുത്തേക്ക് നടന്ന് വന്നതും അപ്രതീക്ഷിതമായി അവള് ഓടി വന്ന് ആദിയെ കെട്ടി പിടിച്ചു.....

അത് കണ്ട് നമ്മള് അന്തം വിട്ട് തൊള്ളേം തുറന്ന് ആദിയെ നോക്കിയപ്പോ ഓൻ അവളെ നോക്കി ചിരിക്കായിരുന്നു....

'പാച്ചോനെ.... ഒരാള് പോയാൽ വേറെ ഒരാളാണല്ലോ.... ഇനി ഇതേതാ പുതിയ അവതാരം... അതും എന്റെ ആദിയെ കെട്ടി പിടിച്ച് നില്ക്കാൻ മാത്രം അധികാരം ഉള്ളവൾ.... ഇവളെ കണ്ടിട്ട് എനിക്ക് ഉള്ളം കാൽ മുതലങ്ങ് എരിഞ്ഞ് കേറുന്നുണ്ട് പടച്ചോനെ.... ഞാൻ ഒന്ന് പൊട്ടിച്ചാലോ...?'

എന്ന് ചിന്തിച്ചോണ്ട് അവളെ നേരെ നടന്നടുക്കാൻ ശ്രമിച്ചതും നമ്മളെ ബ്രദേഴ്സും ഒളിവിൽ നിന്ന് വെളിച്ചത്തേക്ക് വന്നിട്ട് അവളെ അടുത്തേക്ക് ചെന്നു....

അവളെ കണ്ടതും അവരൊക്കെ കൂടി അവൾക്ക് കൈ കൊടുക്കലും വാരി പുണരലുമൊക്കെയായി ആഹാ കണ്ണിന് കുളിർമയേകുന്ന കാഴ്ച.... പക്ഷെ എനിക്കും ശാലൂനും ഹസിക്കും ഒഴിച്ച് ബാക്കിയുള്ളവർക്കാണെന്ന് മാത്രം....

ഞങ്ങള് മൂന്ന് പേരും കൂടി അവന്മാരെ അടുത്തേക്ക് ചെന്ന് നിന്നത് പോലും അറിയാതെ അവളോട് കൊഞ്ചി കുഴയാണ് നാല് പേരും.... ആദി ആണെങ്കിൽ അവളെ കൈ ഇതുവരെ വിടാതെ പിടിച്ച് വെച്ചേക്കാണ്... എന്നിട്ട് ഞങ്ങളെ ഒന്ന് മൈൻഡ് പോലും ചെയ്യാതെ അവര് നാലും കൂടി അവളോട് സംസാരിച്ചോണ്ട് അവളെ റിസോർട്ടിലേക്ക് കൊണ്ട് പോയപ്പോ നമ്മള് അവരെ പിന്നാലെ വെച്ച് പിടിച്ചെങ്കിലും അച്ചൂ നമ്മളെ തടഞ്ഞ് നിർത്തി....

(തുടരും)

ഭാഗം.124

ഞങ്ങള് മൂന്ന് പേരും കൂടി അവന്മാരെ അടുത്തേക്ക് ചെന്ന് നിന്നത് പോലും അറിയാതെ അവളോട് കൊഞ്ചി കുഴയാണ് നാല് പേരും.... ആദി ആണെങ്കിൽ അവളെ കൈ ഇതുവരെ വിടാതെ പിടിച്ച് വെച്ചേക്കാണ്... എന്നിട്ട് ഞങ്ങളെ ഒന്ന് മൈൻഡ് പോലും ചെയ്യാതെ അവര് നാലും കൂടി അവളോട് സംസാരിച്ചോണ്ട് അവളെ റിസോർട്ടിലേക്ക് കൊണ്ട് പോയപ്പോ നമ്മള് അവരെ പിന്നാലെ വെച്ച് പിടിച്ചെങ്കിലും അച്ചൂ നമ്മളെ തടഞ്ഞ് നിർത്തി....

"മാറി നിൽക്ക് അച്ചൂ... അവളേതാ എന്ന് എനിക്ക് ഇപ്പോ അറിയണം... അവരെ നാല് പേരെയും കയ്യിലെടുക്കാൻ മാത്രം മിടുക്കുള്ള അവളാരാണെന്ന് എനിക്ക് അറിഞ്ഞേ പറ്റൂ...."

"ഞങ്ങൾക്കും....."

അച്ചുവിനോട് നമ്മള് വാക്ക് തർക്കത്തിൽ ഏർപ്പെട്ട നേരത്ത് നമ്മളെ പിന്താങ്ങി കൊണ്ട് ഹസിയും ശാലുവും കൂടി രംഗത്ത് വന്നപ്പോ അച്ചു ഞങ്ങളെ മൂന്നിനെയും മാറി മാറി നോക്കി...

"നിങ്ങക്ക് ഇപ്പോ അതാരാണെന്ന് അറിയണം അത്രയല്ലേയുള്ളു... അതിന് എന്നോട് ചോദിച്ചാൽ പോരെ ഞാൻ അല്ലെ ഇവിടെ നിൽക്കുന്നത്... അതിന് വെറുതെ പ്രശ്നത്തിന് പോകണോ...?"

"ഡി...അപ്പോ നിനക്ക് അറിയോ അവളാരാ എന്നൊക്കെ...?" നമ്മളാണ്.

"അത്... പിന്നെ.... അവള്...."

"പറയെടി... ആരാ അവള്....?" ഹസിയാണ്.

"അവള്... അവളെന്റെ അച്ഛന്റെ ഫ്രണ്ടിന്റെ മകളാ....

പക്ഷെ അവളും അവന്മാരും തമ്മിൽ എന്താ ബന്ധം എന്നൊന്നും എനിക്കറിയില്ല...."

"ഓഹോ... എന്നാ പിന്നെ അവളാരാ... ഏതാ... അവന്മാരുമായിട്ടുള്ള ബന്ധമെന്താ എന്നൊക്കെ അറിഞ്ഞിട്ട് തന്നെ ബാക്കി കാര്യം.... വാ ശാലു..."

എന്ന് പറഞ്ഞ് ഹസി അവന്മാരെ കോർട്ടേഴ്‌സിലേക്ക് ശാലുവിന്റെ കയ്യും പിടിച്ച് പോകാൻ നിന്നപ്പോ നമ്മളും പിന്നാലെ പോകാൻ നിന്നു... പക്ഷെ അച്ചു അപ്പോഴേക്കും എന്നെ അവിടെ പിടിച്ച് വെച്ചിരുന്നു...

"എന്താടി അച്ചൂ... നീയെന്തിനാ എന്റെ കയ്യ് പിടിച്ച് വെച്ചേ...?"

"ഫെബി നീയിപ്പോ അങ്ങോട്ട് പോയി പ്രോബ്ലം ഒന്നും ഉണ്ടാക്കരുത്... അല്ലെങ്കിൽ തന്നെ നമ്മള് പെട്ട് നിൽക്കാണ്..."

"നീയെന്തൊക്കെയാ ഈ പറഞ്ഞ് വരുന്നത്...? എനിക്ക് ഒന്നും മനസ്സിലാകുന്നില്ല...."

"എടി ഫെബി... നിനക്ക് അവളെ അറിയില്ലായിരിക്കും പക്ഷെ അവളെ തന്തപ്പടിയെ നിനക്ക് നന്നായിട്ട് അറിയാം..."

"എനിക്കോ... നീയിതാരെ പറ്റിയാ പറയുന്നത്...?"

"ഡി... നീ രണ്ട് വർഷം മുൻപ് ഒരു ടെക്സ്റ്റൈൽസിൽ സെയിൽസ് ഗേളായിട്ട് വർക്ക് ചെയ്തത് ഓർക്കുന്നുണ്ടോ...?

അതിന്റെ ഓണറെ മോളാ അവള്... അയാളെന്റെ അച്ഛന്റെ ഫ്രണ്ടാ..."

"ഡി...അച്ചൂ... നീയെന്തൊക്കെയാ ഈ പറയുന്നേ...? അയാളെ... അയാളെ മകളാണോ അവള്...? അയാള് നിന്റെ അച്ഛന്റെ ഫ്രണ്ടാണെന്ന് എന്നിട്ടെന്താടി എന്നോട് നേരത്തെ പറയാഞ്ഞത്...?"

"ഞാൻ തന്നെ ഈ സത്യം അറിഞ്ഞത് കല്യാണത്തിന് ക്ഷണിക്കാൻ പോയപ്പോഴാ... പിന്നെ ഓരോരോ തിരക്കുകൾക്കിടയിൽ അത് നിന്നോട് പറയാൻ ഞാൻ മറന്നും പോയി...

ഭാഗ്യത്തിന് അയാൾക്ക് എന്നെ ഓർമ്മയില്ല... ഉണ്ടായിരുന്നെങ്കിൽ ഇപ്പോ കാണായിരുന്നു... ദേ ഫെബി അങ്ങേർക്ക് നിന്നെ നല്ലോണം ഓർമ്മ കാണും അതോണ്ട് അധികം അങ്ങേരെ മുന്നിൽ ഒന്നും ചെന്ന് പെടണ്ട..."

"അതെന്താ...?"

"ഡി... അയാൾക്കിട്ട് നമ്മള് കൊടുത്ത പണി ഒക്കെ നീ ഇത്ര വേഗം മറന്നോ...?"

"അയ്യടി മനമേ... നമ്മള് പണി കൊടുക്കേ എപ്പോ...? നമ്മളല്ല നിങ്ങൾ...."

"ഓ... സമ്മതിച്ചു ഞങ്ങള് തന്നെ... എന്തായാലും അയാളെ മുന്നിൽ അധികം ചെന്ന് പെടണ്ട... നീ പെട്ടാൽ കൂടെ ഞങ്ങളും പെടും എന്ന കാര്യവും മറക്കണ്ട..."

അച്ചു അതും പറഞ്ഞോണ്ട് ഞങ്ങളെ കോർട്ടേഴ്സിലേക്ക് പോയപ്പോ നമ്മള് അവിടന്ന് നേരെ അവന്മാരെ കോർട്ടേഴ്സിലേക്ക് വിട്ടു... അവിടെ അപ്പോ ശാലുവും ഹസിയും കൂടി അവരെ റൂമിന് പുറത്ത് നിന്നിട്ട് കാതോർക്കാണ്...

നമ്മള് അവരെ രണ്ടിനെയും തട്ടി വിളിച്ചിട്ട് എന്താ എന്ന് ആംഗ്യം കാണിച്ചപ്പോ നമ്മളോട് ശൂ പറഞ്ഞ് അവര് വീണ്ടും കാതോർത്ത് നിന്നു...

അത് കണ്ടിട്ട് നമ്മള് അവറ്റകളെ അവിടന്ന് മാറ്റിയിട്ട് നമ്മള് അവരെ റൂമിന്റെ കതകിൽ ആഞ്ഞടിച്ചു... ശബ്ദം കേട്ട് നിസൂക്ക ആരാ എന്ന് ചോദിച്ച് ഡോർ തുറക്കുന്ന ശബ്ദം കേട്ടതും നമ്മള് ഹസിനെ മുന്നിൽ ആക്കിയിട്ട് അവളെ പിറകിൽ ഒളിച്ച് നിന്നു...

"ഹോ... നിങ്ങള് ആയിരുന്നോ...? നിങ്ങൾക്ക് എന്താ

ഇന്ന് ഉറക്കം ഒന്നുമില്ലേ...?"

നിസൂക്കാൻറെ ചോദ്യം കേട്ടിട്ട് തെല്ല് പോലും പതറാതെ ഹസി മൂപ്പരെ തള്ളി മാറ്റി കൊണ്ട് റൂമിലേക്ക് ഇടിച്ച് കേറി പിന്നാലെ ശാലുവും നമ്മളും...

ഞങ്ങളെ വരവ് കണ്ടിട്ട് അവന്മാരെ റൂമിൽ ഉണ്ടായിരുന്ന അവള് ഞങ്ങളെ മൂന്നിനെയും ഒരു പരിഹാസത്തോടെ നോക്കി... ആദിയും അൻസിക്കയും കാക്കുവും ആണെങ്കിലോ അവളെ ഓപ്പോസിറ്റ് ആയിട്ട് ഇരിക്കാണ്... അത് കണ്ടപ്പോ നമ്മക്ക് നല്ലോണം ദേഷ്യം എരിഞ്ഞ് കേറി...

"ഹാ... ആരൊക്കെയാ ഈ വന്നിരിക്കുന്നത്... സുഹാന ഇതാണ് എന്റെ വൺ ആൻ ഒൺലി വൈഫ് ശഹല..."

കാക്കു എണീറ്റ് വന്നിട്ട് ശാലൂന്റെ തോളിൽ പിടിച്ച് മൂപ്പരെ അടുത്തേക്ക് ചേർത്ത് നിർത്തി കൊണ്ട് അത് പറഞ്ഞപ്പോ ചൂടാകാൻ വന്ന ശാലു ദേഷ്യം മറന്ന് കാക്കൂന്റെ കണ്ണിൽ തന്നെ നോക്കി നിന്നു...

അതൊക്കെ കണ്ടപ്പോ തന്നെ നമ്മക്ക് മനസ്സിലായി അവള് ഫ്ലാറ്റായെന്ന്... കാക്കൂന്റെ പരിചയപ്പെടുത്തൽ കണ്ടതും ആ സുഹാന എണീറ്റ് വന്നിട്ട് ശാലൂന്റെ മുന്നിൽ നിന്നു....

"ഹോ... ശഹല... ഇവന്റെ ശാലു... ഒടുക്കം നീ ഇവനെ തന്നെ വളച്ച് കയ്യിലെടുത്തു അല്ലെ..?"

അവളെ ചോദ്യം കേട്ടിട്ട് ശാലു അവളെ നെറ്റി ചുളിച്ചോണ്ട് നോക്കി...

"ശാലു... നിനക്ക് ഇവളെ മനസ്സിലായില്ലേ...? എടി ഞങ്ങളെ നാല് പേരുടെയും കൂടെ +2 വിന് പഠിച്ച സുഹാന... സുഹാന ജാസ്മിൻ..." കാക്കുവാണ്.

"ഓ... ഈ മാരണായിരുന്നോ... ഇവള് ഇതുവരെ ചത്തില്ലേ... മിക്കവാറും ഞാൻ തന്നെ ഇവളെ കൊല്ലേണ്ടി വരും..."

ശാലു പല്ലിറുമ്പി കൊണ്ട് ഞാൻ മാത്രം കേൾക്കുന്ന വിധത്തിൽ അങ്ങനെ പറഞ്ഞിട്ട് അവളെ നോക്കി ചിരിച്ചപ്പോ നമ്മക്കും ചിരി വന്നു...

ശാലു പിറു പിറുക്കുന്നത് കണ്ടിട്ട് അവരൊക്കെ എന്താ പറഞ്ഞതെന്ന് ചോദിച്ചപ്പോ ശാലു അവൾക്ക് കൈ കൊടുത്ത് നൈസ് ടു മീറ്റ് യു എന്ന് പറഞ്ഞു... അത് കേട്ട് നമ്മള് വാ പൊത്തി പിടിച്ചിട്ട് ചിരിയൊക്കെ അടക്കി പിടിച്ചു...

"സിയാദ്.... ഇതൊക്കെ ആരാ...?"

"ഇത് എന്റെ ബീവി ഹസീന..."

നിസൂക്ക ഹസിന്റെ പിറകിലൂടെ വന്നിട്ട് ഓളെ തോളിൽ കൈ വെച്ച് അങ്ങനെ പറഞ്ഞപ്പോ ഹസി സുഹാനക്ക് കൈ കൊടുത്തു...

"അപ്പോ ഇത്...?"

അവള് എന്നെ നോക്കി കൊണ്ട് അങ്ങനെ ചോദിച്ചപ്പോ ഞാൻ നോക്കിയത് നമ്മളെ കോന്തനെ ആയിരുന്നു... ഓൻ ബെഡിൽ ഇരുന്നിട്ട് നമ്മളെ നോക്കി ചിരിക്കാണ്... ഓനെ കണ്ടിട്ട് നമ്മള് ഒന്ന് പുച്ഛിച്ചിട്ട് അവിടന്ന് പോകാൻ നിന്നപോ കാക്കു എന്റെ കൈ പിടിച്ച് വെച്ച് നമ്മളെ തോളിലൂടെ കയ്യിട്ടു...

"ദേ ഇവളാണ് ഞങ്ങളെയൊക്കെ പുന്നാര പെങ്ങള് ആയിഷ ഫെബി.... പെങ്ങള് എന്ന സ്ഥാനം ഞങ്ങൾക്ക് മാത്രം ഉള്ളുട്ടോ... ഇവിടെയുള്ള വേറെ ഒരാൾക്ക് ഇവള് മറ്റാരൊക്കെയോ ആണ്... അല്ലെടാ ആദി...?"

കാക്കു ആദിനെ നോക്കി കൊണ്ട് അങ്ങനെ ചോദിച്ചപ്പോ നമ്മള് ഓനെ ഇടങ്കണ്ണിട്ട് നോക്കി... അപ്പോ ഓൻ അവിടന്ന് എണീറ്റിട്ട് ഞങ്ങളെ അടുത്തേക്ക് വന്നു...

"ആണോ ആദി...? ഇവന്മാരെയൊക്കെ പെങ്ങളായ ഇവളുമായിട്ട് നിനക്ക് എന്താടാ ബന്ധം...?"

അവള് ചോദിക്കുന്നത് കേട്ടിട്ട് ആദി നമ്മളെ കണ്ണിമ വെട്ടാതെ നോക്കി നിന്നു... എന്നിട്ട് ഒരു ചെറു പുഞ്ചിരി തൂകി കൊണ്ട് അവന്റെ കൈ എനിക്ക് നേരെ നീട്ടി... അത് കണ്ട് നമ്മള് ഓനെയും ഓന്റെ കയ്യിനെയും മാറി മാറി നോക്കി കൊണ്ട് അവന് കൈ കൊടുത്തപ്പോ ഓൻ നമ്മളെ വലിച്ച് അവന്റെ അടുത്ത് നിർത്തിച്ചിട്ട് എന്റെ തോളിലൂടെ കയ്യിട്ടു...

"ഇവൾ... ഇവളെന്റെ..."

ആദി എന്റെ മുഖത്തേക്ക് നോക്കി നിൽക്കുന്നത് കണ്ടപ്പോ തന്നെ അവൻ ഇപ്പോ നമ്മളോടുള്ള ഇഷ്ടം പറയുമെന്ന് നമ്മക്ക് ഉറപ്പായി...

"എന്റെ...."

"നിന്റെ....? ആരാടാ ഇവള്...?" സുഹനയാണ്.

"ഫ്രണ്ട്...."

ആദി നമ്മളെ മുഖത്തേക്ക് നോക്കി ഒരു പുഞ്ചിരിയോടെ പറയുന്നത് കേട്ടിട്ട് നമ്മള് ഓനെ നോക്കിയപ്പോ ഓൻ നമ്മളെ തോളിൽ നിന്നും കയ്യെടുത്ത് അവളെ അടുത്തേക്ക് പോയി നിന്ന് നമ്മളെ നോക്കി...

"എന്റെ ഫ്രണ്ടാണ്... മൈ ബെസ്റ്റ് ഫ്രണ്ട് ഇൻ ദി വേൾഡ്...."

ആദി അത് പറഞ്ഞപ്പോ നമ്മക്ക് ദേഷ്യവും സങ്കടവും ഒരുമിച്ച് വന്നു... അവരെ മുന്നിലൊക്കെ കരയാതിരിക്കാൻ വേണ്ടി നമ്മള് ഒരുപാട് കഷ്ടപ്പെട്ടു... ആ ഒരുമ്പെട്ടവൾ ആണെങ്കിൽ നമ്മളെ നേരെ കൈ നീട്ടിയപ്പോ അവളെ കയിലേക്ക് നോക്കിയിട്ട് നമ്മള് ആദിയെ രൂക്ഷമായി നോക്കി കൊണ്ട് അവിടന്ന് ഇറങ്ങി പോയി...

എന്നിട്ട് കായലിന്റെ തീരത്തേക്ക് പോയി നിന്നിട്ട് അവനോടുള്ള ദേഷ്യമൊക്കെ അവിടെയുള്ള കല്ല് എടുത്ത് കായലിലേക്ക് ഇട്ട് തീർക്കാൻ നോക്കി...

പക്ഷെ അപ്പോഴും നമ്മളെ കണ്ണ് എന്തിനെന്നില്ലാതെ ഒഴുകി കൊണ്ടിരുന്നു...

"ഈഗോ പിടിച്ച കഴുത... ഞാൻ അവന്റെ ഫ്രണ്ട് ആണത്രേ... എപ്പോ മുതൽ ആണാവോ അവനീ ബോധം വന്നത്...?

മൈ ബെസ്റ്റ് ഫ്രണ്ട് ഇൻ ദി വേൾഡ് പോലും... മണ്ണാങ്കട്ട... കോന്തൻ തെണ്ടി...

എന്നെ ഇഷ്ട്ടമാണ് ഞാൻ കെട്ടാൻ പോകുന്ന പെണ്ണാണ് ഇവളെന്ന് പറഞ്ഞാൽ എന്താ അവന്... ഈഗോ പിടിച്ച കഴുത....

എത്രയോ നാളായിട്ട് മനസ്സിൽ കൊണ്ട് നടന്ന ഇഷ്ടം ഇന്ന് തുറന്ന് പറയാമെന്ന് കരുതി നിൽക്കുമ്പോ എവിടെന്നോ കെട്ടി എഴുന്നള്ളി വന്നിരിക്കുന്നു ഒരു മുതല്...

ചുകാനാ കോസ്മിൻ... കൊരങ്ങത്തി...

ഓ....... ഇഷ്ടല്ല ഒന്നിനെയും..."

എന്ന് പറഞ്ഞ് നമ്മള് ഒരു വലിയ കല്ലെടുത്ത് കായലിലേക്ക് എറിഞ്ഞിട്ട് തിരിഞ്ഞ് പോകാൻ നിന്നപോ നമ്മളെ മുന്നിലേക്ക് ആരോ കടന്ന് വന്നു... ആളാരാണെന്ന് അറിയാൻ വേണ്ടി നമ്മള് മുഖത്തേക്ക് നോക്കിയപ്പോ ആ കോന്തനുണ്ട് കയ്യും കെട്ടി കൊണ്ട് നമ്മളെ മുന്നിൽ നിന്ന് ചിരിക്കുന്നു...

ഓനെ കണ്ടപ്പോ തന്നെ നമ്മള് ഒരു ദീർഘ ശ്വാസം എടുത്ത് വിട്ട് ഓനെ നോക്കാതെ മുഖം തിരിച്ച് നടക്കാൻ നിന്നതും ആ കോന്തൻ പെട്ടെന്ന് നമ്മളെ കൈ പിടിച്ച് വലിച്ച് നമ്മളെ ഓന്റെ മുന്നിൽ നിർത്തിച്ചു...

നമ്മള് അപ്പോ തന്നെ നമ്മളെ കൈ അവന്റെ കയ്യിൽ നിന്നും വിടുവിച്ചിട്ട് ഗൗരവം ഒട്ടും വിടാതെ കയ്യും കെട്ടി പുറം തിരിഞ്ഞ് നിന്നു...

"ഹ... ഇക്കാൻറെ ഐഷു ഈ ലെഹങ്കയിൽ മൊഞ്ചത്തി ആയിട്ടുണ്ടല്ലോ... എനിക്ക് ഒരുപാട് ഇഷ്ടായി... എന്താ ന്റെ ഐഷു ഒന്നും മിണ്ടാത്തെ...? ഇക്കാൻറെ ഐഷുട്ടി ഇക്കാനോട് പിണക്കണോ....?"

"ഞാൻ ആരുടേയും ഐഷുവും ഐഷുട്ടിയൊന്നും അല്ല... ഇനി എന്നെ അങ്ങനെ വിളിക്കേം വേണ്ട... വഴീന്ന് മാറ് എനിക്ക് പോകണം..."

എന്ന് പറഞ്ഞ് നമ്മള് ഓനെ തള്ളി മാറ്റി കൊണ്ട് പോകാൻ നിന്നപോ കോന്തൻ നമ്മളെ അരയിലൂടെ പിടിച്ച് ഓന്റെ അടുത്തേക്ക് ചേർത്ത് നിർത്തി... നമ്മള് ഓന്റെ പിടിയിൽ നിന്നും കുതറി മാറാൻ ശ്രമിച്ചെങ്കിലും കോന്തൻ നമ്മളിലുള്ള പിടി വിട്ടില്ല... എന്നിട്ട് ഓൻ നമ്മളെ കാതിന്റെ അടുത്തേക്ക് അവന്റെ മുഖം അടുപ്പിച്ച് കൊണ്ട് വന്ന് ഊതിയപ്പോ ഇക്കിളിയായിട്ട് നമ്മള് അടങ്ങി നിന്നു...

"ഇക്കാൻറെ ഐഷു എനിക്ക് എന്നും എന്റെ നല്ലൊരു ഫ്രണ്ട് ആയിരിക്കും... ഫ്രണ്ട് മാത്രമല്ല എന്റെ ഭാര്യയും ഉമ്മയും മകളും കാമുകിയും എന്തിനേറെ പറയുന്നു എന്റെ ഒരു നല്ല ശത്രു കൂടിയായിരിക്കും നീ..."

ആദി പറയുന്നത് കേട്ടിട്ട് നമ്മള് പതിയെ ഓന്റെ മുഖത്തേക്ക് തിരിഞ്ഞ് നോക്കിയപ്പോ നമ്മളെ മിഴികളിൽ സന്തോഷം കൊണ്ട് ഈറനണിഞ്ഞിരുന്നു...

അപ്പോ ആദി എന്റെ കണ്ണീര് തുടച്ചിട്ട് ഓന്റെ നെറ്റി എന്റെ തലയിൽ ഇടിപ്പിച്ച് നിർത്തി...

"ഈ പറഞ്ഞ സ്ഥാനത്തേക്കൊക്കെ ലൈഫ് ലോങ്ങ് എന്റെ കൂടെ... എന്റെ നല്ല പാതിയായി പോരുന്നോ...?"

ആദി ചോദിക്കുന്നത് കേട്ടിട്ട് നമ്മള് പരിസരം മറന്ന് ഓനെ കെട്ടിപ്പിടിച്ച് നിന്നു... അപ്പോ ആദി ചിരിച്ചോണ്ട് ലവ് യു ഐഷു എന്ന് പറഞ്ഞ് എന്റെ തലയിൽ ഉമ്മ വെച്ചിട്ട് നമ്മളെ ഇറുക്കി പിടിച്ചു...

നമ്മക്ക് അപ്പോ ഉണ്ടായ സന്തോഷം ഈ ലോകം കീഴടക്കിയതിനേക്കാൾ ഒക്കെ എത്രയോ വലുതായിരുന്നു....

നമ്മള് ആദിയോട് ചോദിയ്ക്കാൻ വിചാരിച്ചത് അവൻ തന്നെ ഇങ്ങോട്ട് വന്ന് ചോദിച്ചപ്പോ എനിക്ക് സന്തോഷം കൊണ്ട് എന്താ ചെയ്യേണ്ടതെന്ന് ഒരു എത്തും പിടിയും കിട്ടിയില്ല....

ആദിയും ഞാനും അങ്ങനെ കെട്ടിപ്പിടിച്ചോണ്ട് എത്ര

നേരാ നിന്നതെന്ന് ഒരു അറിവുമില്ല... കുറച്ച് കഴിഞ്ഞപ്പോ നമ്മള് പതിയെ അവനിൽ നിന്നും അകന്ന് നിന്ന് ഓന്റെ കാന്ത കണ്ണിലേക്ക് നോക്കി നിന്നിട്ട് കാല് പൊന്തിച്ച് ഓന്റെ നെറ്റിയിൽ ഒരുമ്മ കൊടുത്തു....

നമ്മള് അത്യാവശ്യം നീളമൊക്കെ ഉള്ള കൂട്ടത്തിൽ ആണെങ്കിലും ഇവന്റെ നെറ്റിയിൽ ഉമ്മ വെക്കണമെങ്കിൽ കാല് പൊന്തിച്ചേ തീരൂ...

"ഇതൊള്ളു....?"

ആദി ഒരു ചെറിയ കള്ളച്ചിരിയോടെ എന്നോട് അത് ചോദിച്ചോണ്ട് നമ്മളെ അടുത്തേക്ക് മുഖം കൊണ്ട് വരാൻ നിന്നപോ നമ്മള് ഓന്റെ മുഖത്ത് ഒരു തട്ട് കൊടുത്തിട്ട് ഓനെ പിടിച്ച് തള്ളി മാറ്റി പോടാ കോന്താ എന്ന് പറഞ്ഞ് നമ്മളെ കോർട്ടേഴ്സിലേക്ക് ഓടി...

നമ്മളെ പിന്നാലെ ആദി ഓടി വന്നെങ്കിലും അപ്പോഴേക്കും നമ്മള് റൂമിൽ കയറി വാതിലടച്ചു... അപ്പോ ആദി വാതിലിൽ തട്ടി വിളിച്ചിട്ട് നമ്മളോട് കതക് തുറക്കാൻ പറഞ്ഞ് ശല്യം ചെയ്തെങ്കിലും നമ്മള് തുറന്ന് കൊടുക്കാതെ ചിരിച്ചോണ്ട് ജനലിന്റെ

അടുത്തേക്ക് നീങ്ങി...

അപ്പോ ആദി പുറത്ത് നിന്നിട്ട് നമ്മളോട് ഒരു മറുപടി താ ഐഷു എന്ന് പറഞ്ഞ് കെഞ്ചി... നമ്മള് നോ പറഞ്ഞ് പോടാ കോന്താ എന്ന് വിളിച്ച് കൂവി കൊണ്ട് ജനലടച്ച് ബെഡിലേക്ക് വന്ന് കിടന്നു...

എന്നിട്ട് കുറച്ച് മുൻപ് നടന്നതൊക്കെ ആലോജിച്ച് കൂട്ടി കൊണ്ട് നമ്മള് മുഖം പൊത്തി പിടിച്ച് ചിരിച്ചു... ഇപ്പോ ഈ ലോകത്ത് ഏറ്റവും വലിയ സന്തോഷവതി ഞാനാണെന്ന് വരെ തോന്നി പോയ നിമിഷം.... നമ്മള് കണ്ണാടിക്ക് മുന്നിൽ വന്ന് നിന്നിട്ട് ആദിയെ കുറിച്ച് ഓർത്തോണ്ട് ചിരിച്ച് വീണ്ടും മുഖം പൊത്തി...

★★★★★★★★★★★★★★★★★★★

ഐഷൂന് എന്നെ ഇഷ്ടമാണെന്ന് എനിക്ക് അറിയാമെങ്കിലും അവള് ഇന്ന് അത് സമ്മതിച്ച് തന്നപ്പോ എനിക്ക് സന്തോഷം കൊണ്ട് എന്താ ചെയ്യേണ്ടതെന്ന് വരെ മറന്ന് പോയി... നട്ടപ്പാതിരാക്ക്

ഓണം ബമ്പർ ലോട്ടറി അടിച്ചവനെ പോലെ ഞാൻ അവിടെ വെച്ച് എന്തൊക്കെയോ കാണിച്ച് കൂട്ടി...

എന്നിട്ട് സന്തോഷം കൊണ്ട് തുള്ളിച്ചാടി കോർട്ടേഴ്സിലേക്ക് ചെന്നപ്പോ അവരൊക്കെ കൂടി നമ്മളെ കോപ്രായം കണ്ടിട്ട് നമ്മളെ തന്നെ കണ്ണും മിഴിച്ച് നോക്കി നിക്കാണ്... അത് കണ്ട് നമ്മള് അവറ്റകളെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് റൂമിലേക്ക് പോയി കണ്ണാടിക്ക് മുന്നിൽ നിന്നു....

എന്നിട്ട് ഐഷു നമ്മളെ കെട്ടിപ്പിടിച്ചതും നെറ്റിയിൽ ഉമ്മ വെച്ചതുമൊക്കെ ഓർത്ത് ചിരിച്ചോണ്ട് തട്ടത്തിൻ മറയത്തിലെ നിവിൻ പോളി കാണിച്ച പോലെ എന്തൊക്കെയോ കാണിച്ച് കൂട്ടി കൊണ്ട് തിരിഞ്ഞ് നോക്കിയപ്പോ അവന്മാര് മൂന്നും കൂടി നമ്മളെ മിഴിച്ച് നോക്കായിരുന്നു...

അത് കണ്ട് നമ്മള് ചിരി അടക്കി വെച്ചിട്ട് അവന്മാരെ നോക്കാതെ വന്ന് കിടന്നു... അപ്പോ അവര് സ്വയം കൈ മലർത്തി കാണിച്ചിട്ട് ലൈറ്റണച്ച് വന്ന് കിടന്നപ്പോ നമ്മള് സന്തോഷം കൊണ്ട് അപ്പോഴും തുള്ളിച്ചാടായിരുന്നു....

നമ്മളെ സന്തോഷം അതിര് കടന്നത് കൊണ്ടാണോ എന്തോ ഇപ്പോ നമ്മള് കിടക്കുന്നത് നിലത്താണ്...

"ഡാ തെണ്ടി... അല്ലെങ്കിൽ തന്നെ കെട്ട്യോള് കൂടെ ഇല്ലാത്തതോണ്ട് ഫീലിങ്ങ്സ് ഒക്കെ കൺട്രോൾ ചെയ്ത് കിടക്കാണ്... അതിനിടക്ക് അവൻ വന്ന് ഓരോ ഉമ്മയും തന്നോണ്ട് മനുഷ്യന്റെ കൺട്രോൾ പോയിപ്പിക്കുന്നു ബലാല്... നീ പോയി അന്റെ ഐഷൂന് കൊടുക്കടാ അന്റെ ഉമ്മ...."

എന്നും പറഞ്ഞ് നിസു നമ്മളെ കട്ടിലിൽ നിന്ന് ചവിട്ടി താഴെയിട്ടപ്പോഴാ നമ്മളെ വികാരങ്ങളൊക്കെ അതിര് കടന്നതെന്ന് മനസ്സിലായത്... നമ്മള് അപ്പോ തന്നെ അവന്മാരെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് അവിടന്ന് എണീക്കാൻ നിന്നപോ നിലത്ത് കിടക്കുന്നത് തന്നെയാണ് സേഫ് എന്ന് തോന്നി പോയി... അതോണ്ട് നമ്മള് അവിടെ തന്നെ കിടന്ന് സെറ്റിലായി....

★★★★★★★★★★★★★★★★★★★★★★

ആദി പോയപ്പോ തന്നെ ശാലുവും ഹസിയും കൂടി ആ സുഹാനയേയും കൂട്ടി ഞങ്ങളെ കോർട്ടേഴ്സിലേക്ക് വന്നു... നമ്മളെ റൂമിൽ ശാലുവും ഞാനും ഹസിയും അപ്പുവും മാത്രേ ഉള്ളു... ഞങ്ങളെ തൊട്ടടുത്ത റൂമിൽ അച്ചുവും അവളെ കസിൻസുമാണ്... അതിന്റെ അടുത്തുള്ള റൂമിലാണ് നൂറയും അഖിലയും ഉള്ളത്...

ഈ നേരത്ത് അവരെ രണ്ട് പേരെയും ബുദ്ധിമുട്ടിക്കണ്ടോന്ന് കരുതി ഞങ്ങളെ റൂമിലേക്ക് കൊണ്ട് വന്നതാണെന്ന് ഹസി പറഞ്ഞപ്പോ നമ്മള് ഒന്ന് ചിരിച്ച് കൊടുത്തിട്ട് അവരെ റൂമിലേക്ക് കയറ്റി...

സൂചി കുത്താൻ ഇടം കൊടുത്താൽ കമ്പി പാര വരെ കയറ്റുന്ന ആളാണ് വന്നതെന്ന് അറിയാൻ ഞങ്ങള് വൈകി പോയി... വന്നയുടനെ തന്നെ അവള് ബെഡിലേക്ക് കിടന്നിട്ട് അവൾക്ക് ഒറ്റക്ക് കിടന്നാലെ ഉറക്കം വരൂ അത് കൊണ്ട് ഞങ്ങളോട് നിലത്ത് കിടക്കാൻ പറഞ്ഞ് അവള് സുഖിച്ച് കിടന്നു...

അത് കണ്ട് ശാലു ഒരു തലയണ എടുത്ത് അവളെ അടിക്കാൻ ഓങ്ങിയപ്പോ നമ്മള് ഓളെ തടുത്തിട്ട്

നിലത്ത് വിരുപ്പ് വിരിച്ചിട്ട് ഞങ്ങള് മൂന്നും അവിടെ കിടന്നു... അപ്പൂനെ നേരത്തെ തന്നെ ഒരു തൊട്ടിയിൽ കിടത്തിയിരുന്നു... ചെക്കൻ നല്ല ഉറക്കത്തിലാ....

പെട്ടെന്ന് ഹസി കിടന്നിടത്ത് നിന്നും എണീറ്റിട്ട് ആ സുഹാന വെച്ചിരുന്ന തലയണ എടുത്ത് അവളെ തലയിൽ വെച്ച് കിടന്നു...

"What the hell...? **എന്താടോ ഈ കാണിക്കുന്നെ...? അപ്പോ എനിക്ക് പില്ലോ വേണ്ടേ...?"**

ഹസി തലയണ എടുത്തപ്പോ തന്നെ അവളിൽ നിന്നും അങ്ങനെ ഒരു ഗർജ്ജനം പെട്ടെന്ന് വന്നു...

"ഞങ്ങളെ ബെഡിൽ നിന്നും നിലത്തേക്ക് കിടത്തിയില്ലേ അപ്പോ ആലോചിക്കണമായിരുന്നു ഞങ്ങൾക്ക് ഈ പില്ലോന്റെ ആവശ്യം വരുമെന്ന്...

വേണേൽ പറഞ്ഞാൽ മതി തരാം... പക്ഷെ ഞാനും കൂടി ബെഡിൽ കിടക്കും എന്ത്യേ...?"

ഓള് പറയുന്നത് കേട്ടിട്ട് ആ സുഹാന എന്തൊക്കെയോ ഇംഗ്ലീഷിൽ പിറു പിറുത്തിട്ട് ഓളെ കയ്യിൽ തല വെച്ച് കിടന്നു...

"കൺട്രി ഫെലോ...."

"യെസ് മാം... വീ ആർ കൺട്രി ഫെലോസ് ബട്ട് നോട്ട് ബെഗേഴ്‌സ്... ജസ്റ്റ് റീമെമ്പർ ദാറ്റ്... ഷിറ്റ്..."

ആ സുഹാന പറയുന്നത് കേട്ടിട്ട് ഹസി ജയന്റെ ഡയലോഗിന്റെ കൂടെ സുരേഷ് ഗോപിന്റെ ഡയലോഗ് കൂട്ടി കലർത്തി കൊണ്ട് ഒരു ഷിറ്റും പറഞ്ഞ് ഞങ്ങളെ കൂടെ വന്ന് കിടന്നപ്പോ ഞാനും ശാലുവും ഹലാക്കിലെ ചിരിയായിരുന്നു...

ശാലു ആണെങ്കിൽ ഹസിയെ അപ്പോ തന്നെ കെട്ടി പിടിച്ചിട്ട് ഓളെ കവിളത്ത് ഒരുമ്മ കൊടുത്തു....

"പൊളിച്ചു ഹസി... അവൾക്കിട്ട് ഇങ്ങനെ ഇടക്കിടക്ക് ഓരോന്ന് കൊടുക്കുന്നത് നല്ലതാ..."

"ശാലു നിനക്ക് ഇവളെ പരിചയമുണ്ടോ...?"

"പരിചയമുണ്ടോന്നോ...? നല്ല ചോദ്യം...

ഈ ബലാല് ഒറ്റ ഒരുത്തി കാരണം ഞാൻ സിയാദ്ക്കന്റെ മുന്നിൽ എത്ര തവണ നാണം കെട്ടിട്ടുണ്ടെന്ന് അറിയോ...? അന്ന് തന്നെ എനിക്ക് ഇവളെ കണ്ണെടുത്താൽ കണ്ടൂടായിരുന്നു വൃത്തിക്കെട്ട ശവം...

അവന്മാരെ കൂടെ +2വിന് പഠിക്കുന്ന മൊതലായിരുന്നു... എപ്പോ നോക്കിയാലും അവരെ പിന്നാലെ തന്നെ കാണും... സിയാദ്ക്കാനോട് ഒന്ന് ഒറ്റക്ക് സംസാരിക്കാൻ പോലും സമ്മതിക്കാറില്ല ഈ ജന്തു..."

ശാലു അവളെ പറ്റി പറയുന്ന ഓരോന്ന് കേട്ടിട്ട് ഞാനും ഹസിയും ചിരിക്കാൻ തുടങ്ങി...

"മോളെ ഫെബിയെ നീ വല്ലാണ്ട് കിണിക്കാൻ നിക്കണ്ടാ... ഇവൾക്കെ അന്ന് തന്നെ നിന്റെ ആദിന്റെ

മേലിൽ ഒരു കണ്ണുണ്ടായിരുന്നു... അന്ന് പിന്നെ സൽമ ഉണ്ടായിരുന്നത് കൊണ്ട് അവള് ആദിയിൽ നിന്ന് ഇത്തിരി ഡിസ്റ്റൻസ് കീപ് ചെയ്താ നിന്നത്... കാരണം അവൾക്കും നല്ല പേടിയായിരുന്നു സൽമയെ....

ഇന്നിപ്പോ സൽമന്റെ ചാപ്റ്റർ ക്ലോസാക്കി അവള് ജയിലിൽ കിടക്കാണ് എന്നൊക്കെ അറിഞ്ഞാലെ ഇത്തിൾ കണ്ണിയെ പോലെ ആദിയിൽ ഒട്ടി പിടിച്ച് നിൽക്കും... പിന്നെ അവളെ വേർപ്പെടുത്താനെ നീ കുറച്ചധികം മെനക്കെടും.... ആ സൽമയേക്കാൾ എടങ്ങാർ പിടിച്ച സാധനാ ആ കിടക്കുന്നത്... അതോണ്ട് നീ ആദിയെ ഒന്ന് സൂക്ഷിച്ചോ മോളെ... ചെക്കൻ ചിലപ്പോ കൈ വിട്ട് പോകും..."

"ഷ്..... അത്ര പെട്ടെന്നൊന്നും ഏത് ഇത്തിൾക്കണ്ണി വന്ന് ഒട്ടിയാലും നമ്മളെ ചെക്കൻ കൈ വിട്ട് പോകില്ല മോളെ.... ഓൻ എന്റെ മാത്രാ.... അവനെ ഇനി ഏത് ഭൂലോക രംഭ വന്നാലും ഞാൻ വിട്ട് കൊടുക്കില്ല...."

"ഹും.... അതിന് ഞങ്ങളോട് ഇവിടെ കിടന്ന് വീമ്പ് പറഞ്ഞിട്ട് ഒരു കാര്യവുമില്ല മോളെ... അത് പോയി നീ

ആദിൽക്കാനോട് പറയാൻ നോക്ക്...."

"ഹോ.... ഇനിയിപ്പോ അതിന്റെയൊന്നും ആവശ്യമില്ല ഹസി... എല്ലാം കെട്ടിപ്പിടിച്ച് ബോധിപ്പിച്ചിട്ടുണ്ട്...."

നമ്മള് ഒരു കള്ളച്ചിരിയോടെ അത് പറഞ്ഞിട്ട് തലയിൽ കൂടി പുതപ്പ് വലിച്ചിട്ടപ്പോ അവര് രണ്ടും കൂടി വാട്ട് എന്ന് ചോദിച്ചോണ്ട് നമ്മളെ മിഴിച്ച് നോക്കി പുതപ്പ് ഊരി മാറ്റി.... അവറ്റകളെ ശബ്ദം കേട്ട് അപ്പു എണീറ്റ് കരയാൻ തുടങ്ങിയപ്പോ ശാലു എണീറ്റ് ചെന്ന് തൊട്ടില് ആട്ടി കൊടുത്ത് അവന്റെ കരച്ചില് നിർത്തിക്കാൻ ശ്രമിച്ചു...

"വാട്ട് നോൺസെൻസ് ദാറ്റ്... ഇവിടെ മനുഷ്യന്മാർക്ക് കിടന്ന് ഉറങ്ങണമെന്ന് ഒരു ചിന്തയുമില്ലേ...? ഹോ.... എന്തേലും ചെയ്ത് അതിന്റെ സൈറനൊന്ന് ഓഫ് ആക്കാൻ നോക്ക്.... That noise was irritating me... ഒരുപാട് ദൂരം ട്രാവൽ ചെയ്ത് വന്നതാണ് എനിക്ക് കുറച്ച് സ്വസ്ഥതയോടെ കിടന്നുറങ്ങണം...."

"പുറത്ത് ഇതിനേക്കാൾ വലിയ സ്വസ്ഥത ആയിരിക്കും തമ്പുരാട്ടി... നിങ്ങൾക്ക് ഇത് ഒരു അസ്വസ്ഥത ആണെങ്കിൽ പുറത്ത് പോയി നിലാവിനെയും നോക്കി കൊണ്ട് നല്ല സുഖത്തോടെ കിടന്നുറങ്ങിക്കോ...."

ഹസി പറഞ്ഞ വളിച്ച തമാശ കേട്ട് ഞാനും ശാലുവും നിന്ന് ചിരിക്കാൻ തുടങ്ങി... അത് കണ്ട് അവള് ഞങ്ങളെ തുറുക്കനെ നോക്കി പല്ലിറുമ്പി...

"സൈലെൻസ്..."

അവളെ അമർച്ച കേട്ട് ഉറങ്ങാനിരുന്ന അപ്പു വീണ്ടും കരയാൻ തുടങ്ങി... അത് കേട്ട് അവള് കാത് പൊത്തി പിടിച്ചിട്ട് അവിടന്ന് എണീറ്റു...

"ശഹല... നിന്റെ കൊച്ചിന്റെ വായേല് എന്തേലും ഒന്ന് കുത്തി തിരുകുന്നുണ്ടോ... ഈ കരച്ചിലും കേട്ട് സഹിച്ചോണ്ട് എനിക്ക് ഇവിടെ കിടക്കാൻ പറ്റില്ല..."

"ലുക്ക് സുഹാന... കുട്ടികളായാൽ കരയും, അതൊക്കെ അഡ്ജസ്റ്റ് ചെയ്ത് ബിഹേവ് ചെയ്യേണ്ടത് നമ്മളെ ഉത്തരവാദിത്തമാണ്...

നിനക്ക് അത്രക്ക് ഇരിട്ടേറ്റ് ആകുന്നുണ്ടെങ്കിൽ നീ പോയി വെളിയിൽ കിടന്നോടി...."

നമ്മളെ ഡയലോഗ് കേട്ട് അവള് നമ്മളെ ഒരു അമർഷത്തോടെ നോക്കിയിട്ട് അവിടന്ന് പുറത്തേക്ക് ഇറങ്ങി പോയി... അല്ല പിന്നെ... ഒരു പരിഗണന വെച്ച് അവളെ റൂമിലേക്ക് വിളിച്ച് വരുത്തിയിട്ട് ഇപ്പോ അവള് ഭരിക്കാൻ നോക്കാ...

എന്തായാലും നമ്മള് ഓളോട് പറഞ്ഞത് കേട്ട് അവള് ഇറങ്ങി പോയപ്പോ തന്നെ ഹസി വേഗം കട്ടിലിൽ കേറി കിടന്നു... പിന്നാലെ നമ്മളും...

"ശാലു... അപ്പു ഉറങ്ങിയെങ്കിൽ വേഗം വന്ന് കിടക്കാൻ നോക്ക് ഇല്ലേൽ ആ ഭദ്രകാളി കേറി വന്നാൽ പിന്നെ അതും പറ്റില്ല...."

ഹസി പറയുന്നത് കേട്ട് ശാലു ചിരിച്ചോണ്ട് അപ്പൂനെ ഉറക്കി കിടത്തിയിട്ട് ഞങ്ങളെ അടുത്ത് വന്ന് കിടന്നു... കുറച്ച് കഴിഞ്ഞപ്പോ അവളെ ഒച്ചപ്പാടൊന്നും കേൾക്കാത്തത് കണ്ട് ഞങ്ങള് മൂന്നും കൂടി വാതില് തുറന്ന് പുറത്തൊക്കെ ഓൻ കണ്ണോടിച്ച് നോക്കിയപ്പോ അവളെ പൊടി പോലും കാണാൻ ഇല്ലായിരുന്നു...

ശാലുവും ഹസിയും ഒരുമിച്ച് ഒഴിഞ്ഞ് പോയല്ലോ മാരണം എന്ന് പറഞ്ഞ് വന്ന് കിടന്നപ്പോഴും അവള് എവിടെ പോയെന്ന് ചിന്തിക്കായിരുന്നു നമ്മള്...

★★★★★★★★★★★★★★★★★★★★★★

ഐശൂനെയും സ്വപ്നം കണ്ട് നല്ല സുഖത്തോടെ ഉറങ്ങുമ്പോഴായിരുന്നു പെട്ടെന്ന് ആരോ വന്ന് കതകിൽ മുട്ടിയ ശബ്ദം കേട്ടത്... നേരം വെളുക്കാൻ ഇനി 2 മണിക്കൂർ മാത്രേ ബാക്കിയുള്ളൂ... ഈ അവസാന നിമിഷത്തിൽ ഇതിപ്പോ ആരാ എന്ന് ചിന്തിച്ചോണ്ട് നമ്മള് നിസൂനോട് ചെന്ന് വാതിൽ തുറക്കാൻ പറഞ്ഞപ്പോ ഓൻ ഹസിയോട് ചെന്ന് വാതില് തുറക്കാനാ പറയുന്നത്...

ഇവന്മാരോടൊന്നും പറഞ്ഞിട്ട് കാര്യമില്ലെന്ന് മനസ്സിലായപ്പോ നമ്മള് തന്നെ എണീറ്റ് പോയി കതക് തുറന്നു... അപ്പോ തന്നെ സുഹാന ഇടിച്ച് കേറി റൂമിലേക്ക് വന്നു...

എന്നിട്ട് അവന്മാരെയൊക്കെ തട്ടി വിളിച്ച് എണീപ്പിച്ചിട്ട് അവള് ബെഡിൽ കേറി കിടന്നു...

അവളെ കാട്ടികൂട്ടല് കണ്ടിട്ട് അവരൊക്കെ കൂടി അവളോട് ഓരോന്ന് ചോദിയ്ക്കാൻ ചെന്നപ്പോ നമ്മള് അവരെ തടഞ്ഞിട്ട് അവളെ അവിടെ സ്വസ്ഥതയോടെ കിടക്കാൻ അനുവാദിച്ചോണ്ട് ഞങ്ങള് നാല് പേരും കൂടി പുറത്തേക്ക് നടന്നു...

അവള് പണ്ടും അങ്ങനെ തന്നെയാ... എന്തും നേടണമെന്ന ഒരു തരം വാശി അവൾക്ക് ഉണ്ടെങ്കിലും അതൊക്കെ മറ്റൊരു സന്ദർഭത്തിൽ ആർക്കെങ്കിലും വിട്ട് കൊടുക്കേണ്ടി വന്നാൽ അതിനും മടിക്കില്ല... അവൾക്ക് ഞങ്ങള് നാല് പേരും എന്തിനാ ഇത്രക്ക് കൺസേൺ കൊടുക്കുന്നതെന്ന് ചിന്തിക്കുന്നുണ്ടാകുംലെ...?

അവളെ +1ൽ വെച്ച് കണ്ട് മുട്ടിയത് മുതൽക്ക് എനിക്ക് അവളെ നന്നായിട്ട് അറിയാം... ഉമ്മയില്ല... ചെറുപ്പത്തിലേ ഉമ്മ നഷ്ടപ്പെട്ട അവൾക്ക് എല്ലാം ഉപ്പയായിരുന്നു....

പക്ഷെ അയാള് അവളെ സ്വന്തം മകളെ കാണുന്ന ഒരു കണ്ണിലൂടെ അല്ലായിരുന്നു നോക്കുന്നത്... അയാളെ നോട്ടവും സംസാരവുമൊക്കെ അവളെ അസ്വസ്ഥമാക്കാൻ തുടങ്ങിയപ്പോ അവള് പല തവണ ആത്മഹത്യക്ക് വരെ ശ്രമിച്ചിട്ടുണ്ടായിരുന്നു...

പിന്നെ അവളെ പ്രോബ്ലെംസ് ഒക്കെ ചോദിച്ച് അറിഞ്ഞ് ഞങ്ങള് മനസ്സിലാക്കിയപ്പോ അവളെ ഞങ്ങളിൽ ഒരാളായി കണ്ട് അവളെ കൂടെ കൂട്ടി അവൾക്ക് ഹോസ്റ്റലിൽ താങ്ങാനുള്ള സൗകര്യമൊക്കെ ചെയ്ത് കൊടുത്തു...

+2 കഴിഞ്ഞതിന് ശേഷം എന്റെ കെയർ ഓഫിൽ തന്നെ അവളെ ബാംഗ്ലൂരിലേക്ക് ഹയർ സ്റ്റഡീസിന് പറഞ്ഞയച്ചിട്ട് അവളെ ഇപ്പോഴാണ് കാണുന്നത്...

അന്നത്തെ പാവം പിടിച്ച പെണ്ണൊന്നുമല്ല അവളിന്ന്...

അവളുടെ സംസാരത്തിൽ നിന്ന് തന്നെ അതൊക്കെ വളരെ വ്യക്തമാണ്...

എനിക്ക് അവളോട് ഒരു ചെറിയ സോഫ്റ്റ് കോർണർ ഉണ്ടെന്ന് തന്നെ കൂട്ടിക്കോളി... അത് എന്താണെന്ന് എനിക്ക് അറിയില്ല...

ഇവൾക്ക് അൻസിനെ ആലോജിച്ചാലോ എന്ന് വരെ ഞാൻ ഇപ്പോ ചിന്തിക്കുന്നുണ്ട്... പക്ഷെ അവൻ ഒരിക്കലും അതിന് സമ്മതിക്കില്ലെന്ന് ഉറപ്പാ... പിന്നെ അവളെ മനസ്സിൽ എന്താണെന്നൊന്നും അറിയില്ലല്ലോ... അതോണ്ട് ഒന്നും മനപ്പൂർവ്വം പറയാഞ്ഞതാണ്....

നിസുവും അൻസിയും സിയാദും കൂടി അവളുമാരെ കോർട്ടേഴ്സിന്റെ വരാന്തയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്... ഇനി നേരം വെളുക്കാൻ അധികം സമയം ഒന്നും ഇല്ലാത്തോണ്ട് നമ്മള് അവിടെ തന്നെ തമ്പടിച്ച് നിന്നിട്ട് ആകാശത്തെ നിലാവിനെയും നക്ഷത്രങ്ങളെയും നോക്കി നിന്നു...

★★★★★★★★★★★★★★★★★★★★★★★

ആ മൂദേവിയെ പറഞ്ഞ് വിട്ടതിന് ശേഷം കണ്ണടച്ച് തുറന്നപ്പോഴേക്കും നേരം വെളുത്ത പോലെ തോന്നി പോയി...

നമ്മള് അവളുമാരെ വിളിച്ചിട്ട് ഫ്രഷായി നിസ്കരിച്ച് വാതില് തുറന്ന് നോക്കിയപ്പോ കണി കണ്ടത് തന്നെ ആദിന്റെ മുഖമായിരുന്നു...

ചെക്കനുണ്ട് ഞങ്ങളെ പടിക്കല് വന്നിരുന്ന് ഉറങ്ങുന്നു... നമ്മളത് കണ്ട് അന്തം വിട്ട് ചുറ്റുമൊന്ന് കണ്ണോടിച്ചപ്പോ ബാക്കി മൂന്നും വരാന്തയിൽ ചുരുണ്ടു കൂടി കിടപ്പുണ്ട്...

നമ്മള് അപ്പോ തന്നെ അവളുമാരെ വിളിച്ച് വരുത്തിയിട്ട് അവർക്ക് ഈ കാഴ്ച കാണിച്ച് കൊടുത്തപ്പോ അവര് മൂക്കത്ത് വിരലും വെച്ച് നോക്കി നിന്നു...

എന്നിട്ട് ശാലു കാക്കൂനെയും ഹസി നിസൂക്കാനെയും വിളിച്ചുണർത്തി...

ആ ശബ്ദം കേട്ട് അപ്പോ തന്നെ അൻസിക്കയും ഉണർന്നു...

പക്ഷെ നമ്മളെ കോന്തൻ ഇപ്പോഴും എണീറ്റിട്ടില്ല... ആ തൂണും ചാരിയിരുന്ന് പൊരിഞ്ഞ ഉറക്കമാണ്... അത് കണ്ട് നിസൂക്ക ആദി എണീക്കെടാ എന്ന് പറഞ്ഞ് ആദിയെ ചവിട്ടാൻ നിന്നപോ നമ്മള് അവരെ തടഞ്ഞിട്ട് അവരോട് അവിടന്ന് പോകാൻ പറഞ്ഞു...

അപ്പോ അവറ്റകൾ ഒന്ന് ഇരുത്തി മൂളി കൊണ്ട് അവിടന്ന് പോയപ്പോ നമ്മള് പതിയെ ആദിന്റെ അടുത്ത് പോയി ഇരുന്നു.... എന്നിട്ട് കണ്ണിമ ചിമ്മാതെ ഓനെ തന്നെ നോക്കി ഇരുന്നിട്ട് ആദി എന്ന് പതിയെ തട്ടി വിളിച്ചതും ഓൻ നമ്മളെ തോളിലേക്ക് വന്ന് ചാഞ്ഞു...

ചെക്കന്റെ ഈ ഉറക്കം കാണുമ്പോ തന്നെ മനസ്സിലായി ഇന്നലെ ഒരുപോള കണ്ണടച്ചിട്ടില്ലെന്ന്... അതോണ്ട് അവനെ ഉണർത്താതെ നമ്മള് അവിടെ തന്നെ ഇരുന്നിട്ട് അവന്റെ തലയിൽ തലോടി...

കുറച്ച് കഴിഞ്ഞപ്പോ ആ സുഹാന അവരെ കോർട്ടേഴ്സിൽ നിന്ന് ഇറങ്ങി വരുന്നത് കണ്ടു... അപ്പോ തന്നെ നമ്മക്ക് ഏകദേശം കാര്യം പിടി

കിട്ടിയതോണ്ട് നമ്മള് അങ്ങോട്ട് നോക്കാൻ നിന്നില്ല...

പക്ഷെ ആ സുഹാന ഞങ്ങളെ അടുത്തേക്ക് വന്നിട്ട് നമ്മളെ രൂക്ഷമായി നോക്കിയിട്ട് ആദിയെ തട്ടി വിളിച്ച് എണീപ്പിച്ചു... സുഹാന വിളിച്ചത് കേട്ട് ആദി കണ്ണ് തുറന്ന് നമ്മളെ നോക്കിയിട്ട് കണ്ണ് തിരുമ്മി...

"ഐഷു... നീ.. നീയെപ്പോഴാ വന്നേ...? ഞാൻ എപ്പോഴാ നിന്റെ തോളിൽ കിടന്നത്...?"

ആദിന്റെ ചോദ്യത്തിന് നമ്മളൊരു പുഞ്ചിരി തൂകി കൊണ്ട് മറുപടി പറയാൻ നിന്നപ്പോഴേക്കും ആ സുഹാന ആദിയെ അവിടന്ന് വലിച്ച് കൊണ്ട് പോയിരുന്നു... ആദി നമ്മളെ തിരിഞ്ഞ് നോക്കിയിട്ട് ഇത് കാര്യമാക്കണ്ടാ എന്ന് ആംഗ്യം കാണിച്ചെങ്കിലും നമ്മക്ക് ഓളെ കോപ്രായങ്ങളൊന്നും തീരെ ഇഷ്ടപ്പെട്ടില്ല...

അന്നത്തെ ദിവസം മുഴുവൻ ഞങ്ങൾക്ക് ആഘോഷമായിരുന്നു... ആദി നമ്മളെ

ബ്രദേഴ്സിനോടും നമ്മള് നമ്മളെ ഫ്രണ്ട്സിനോടും ഇതുവരെ ഇന്നലെ നടന്നത് ഒന്നും പറഞ്ഞിട്ടില്ല... ഇടക്കിടക്ക് അച്ചുവൊക്കെ വന്നിട്ട് നമ്മളോട് എപ്പോഴാ ആദിയോട് പറയുന്നത് എന്നൊക്കെ ചോദിക്കാണ്... നമ്മള് അതിനൊക്കെ ഒന്ന് ചിരിച്ച് കൊടുത്തു എന്നല്ലാതെ ഞാൻ ഒന്നും മിണ്ടാൻ പോയില്ല....

അന്ന് ഞങ്ങള് എല്ലാവരും കൂടി ബീച്ചിലും പാർക്കിലുമൊക്കെ പോയി കറങ്ങിയെങ്കിലും നമ്മക്ക് ആദിയോട് ഒന്ന് മിണ്ടാനോ അവനോട് ഒന്ന് അടുത്തിടപഴകാനോ കഴിഞ്ഞില്ല... കാരണം എന്താ ആ സുഹാന തന്നെ....

ഇന്ന് അച്ചൂന്റെയും അരുണിന്റെയും മഞ്ഞൾ നീരാട്ടാണ്... അതിന്റെ ചടങ്ങുകൾക്കുള്ള ഒരുക്കത്തിലാ ഞങ്ങളൊക്കെ... ഇന്ന് ഉമ്മച്ചിയും ഉപ്പച്ചിയും സിനുവും ഷാദിയുമൊക്കെ വന്നിട്ടുണ്ട്... ഷാദിയും ഉപ്പച്ചിയും ബോയ്സിന്റെ സ്ഥലത്തും ഉമ്മച്ചിയും സിനുവും ഞങ്ങളെ അടുത്തുമാണ് ഉള്ളത്...

ഉമ്മച്ചി വന്നപ്പോ തന്നെ അച്ചൂന്റെ അമ്മന്റെ

അടുത്തേക്ക് പോയിട്ടുണ്ട്... രണ്ട് പേരും ഫ്രണ്ട്സല്ലേ അതിന്റെ കുശലന്വേഷണം തന്നെ... പിന്നെ സിനു നയനന്റെ കൂടെ കൂടിയിട്ടുണ്ട്...

നയന ഇപ്പോ ഭയങ്കര ഹാപ്പിയിലാണ്... കാരണം ശരത് തന്നെ... അരുണിന്റെ അനിയൻ ആയതോണ്ട് നയനയും ശരത്തും ഇടക്കിടക്ക് ഒറ്റക്ക് നിന്ന് സംസാരിക്കുന്നതൊക്കെ നമ്മള് കാണാറുണ്ട്...

നമ്മള് അതൊക്കെ അപ്പോ തന്നെ അരുണിനും അച്ചുവിനും കാണിച്ച് കൊടുക്കുമ്പോ അവര് അവറ്റകളെ കാത് തിരിച്ച് പൊന്നാക്കും... ആ നേരത്ത് രണ്ടും കൂടി കണ്ടം വഴി ഓടുന്ന കാഴ്ച ഒന്ന് കാണേണ്ടത് തന്നെയാണ്...

ഇന്ന് ശരത് ക്ഷണിച്ചിട്ടും അരുൺ ക്ഷണിച്ചിട്ടും ആഷി വരുമെന്ന് ആദി പറഞ്ഞിരുന്നു... ഉമ്മി നാളെ അവരെ കല്യാണത്തിനെ വരൂ.... ഇന്ന് എന്തായാലും ആഷി വന്നിട്ട് വേണം സിനൂന്റെയും അവന്റെയും കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ...

അവള് ഇപ്പോ +2വിനാ പഠിക്കുന്നത്... എന്ന് വെച്ചാ അവളെയും കെട്ടിച്ച് വിടാൻ ആയിട്ടുണ്ടെന്ന് അർഥം... നമ്മള് എന്തായാലും ആഷിക്ക് വാക്ക് കൊടുത്തിട്ടുള്ള സ്ഥിതിക്ക് ഈ ബലാലിനെ അവൻ തന്നെ ചുമക്കുന്നത് അല്ലെ നല്ലത്...

പക്ഷെ നമ്മക്ക് ഇതൊന്നും അല്ല സങ്കടം ഇവളെ ആദിന്റെ വീട്ടിലും നമ്മള് സഹിക്കണെല്ലോ എന്നോർക്കുമ്പോഴാ....

അങ്ങനെ ചടങ്ങുകളൊക്കെ നല്ല സൂപ്പർ ആയിട്ട് ആട്ടവും പാട്ടുമൊക്കെയായി ഞങ്ങള് പൊടിപൊടിച്ചു.... രാത്രിയിലെ ഒരു ചെറിയ പാർട്ടി തുടങ്ങാൻ നിൽക്കുമ്പോഴായിരുന്നു ആഷി വന്നത്...

ഓനെ ആദിയും നമ്മളെ ബ്രദേഴ്സുമൊക്കെ കോർട്ടേഴ്സിലേക്ക് കൊണ്ട് പോയപ്പോ അവന്റെ കാര്യത്തിൽ ഇനി ടെൻഷൻ അടിക്കണ്ടെ എന്ന് മനസ്സിലായി... ചെക്കനെ ഇപ്പോ കണ്ടാൽ ശരിക്കും ആദിയെ പോലെയുണ്ട്... പക്ഷെ ആദിന്റെ അത്ര നീളവും കട്ട താടിയുമില്ലെന്ന് മാത്രം....

അങ്ങനെ രാത്രിയിലെ പാർട്ടി ഒക്കെ നല്ല തകർപ്പനായി അങ്ങേറി കൊണ്ടിരുന്നപോ ആകെ പെട്ട് പോയത് ഞാനും ഫൈസൽക്കയും ആയിരുന്നു....

കാരണം നമ്മളെ ഫാമിലി വന്നിട്ടുള്ളത് കൊണ്ട് ഫൈസൽക്കാക്ക് നൂറയോട് കൊഞ്ചി കുഴയാനൊന്നും പറ്റുന്നില്ല... നമ്മളെ സ്ഥിതി ആണെങ്കിലോ അതിലും ദയനീയമാണ്...

ആദിയെ ഒന്ന് കാണാനോ മിണ്ടാനോ ഒന്നും ഉമ്മച്ചി സമ്മതിക്കുന്നില്ല... നമ്മളെ പിടിച്ച് വലിച്ച് ഫൈസൽക്കാൻറെ കൂടെ നിർത്തിക്കാണ്... അപ്പോ തന്നെ ഉമ്മച്ചിയോട് തുറന്ന് പറയണമെന്നുണ്ട് ആദിയെ എനിക്ക് ഇഷ്ടമാണെന്ന്...

പക്ഷെ അത് കൂടുതൽ ബാധിക്കൽ ചിലപ്പോ ഫൈസൽക്കന്റെയും നൂറന്റേയും ലൈഫിനെയാകും...

അതോണ്ട് തന്നെ നമ്മളതൊക്കെ കണ്ടില്ലെന്ന് നടിച്ചു... ഇവരെ കല്യാണം കഴിഞ്ഞിട്ട് വീട്ടിൽ തിരിച്ചെത്തിയിട്ട് വേണം എല്ലാവരെയും എല്ലാം ബോധിപ്പിക്കാൻ എന്ന് കരുതി നിൽക്കാണ് ഇപ്പോ നമ്മള്....

പിന്നീട് എല്ലാം വളരെ പെട്ടെന്നായിരുന്നു... പിറ്റേന്ന് അച്ചൂന്റെയും അരുണിന്റെയും താലികെട്ട് വളരെ ഗ്രാൻഡ് ആയിട്ട് തന്നെ കായലിന് നടുക്ക് വെച്ച് നടന്നു...

ഞങ്ങള് എല്ലാവരും കേരളാസാരിയും അവന്മാര് കുർത്തയും മുണ്ടുമായിരുന്നു വേഷം...

എന്തായാലും സംഭവം നല്ല കളറായിട്ടുണ്ട്... ഒരേ നിറത്തിലുള്ള ഡ്രസ്സ് കോഡിൽ ഞങ്ങള് തകർത്തു....

താലികെട്ട് കഴിഞ്ഞിട്ട് ഗാർഡൻ ഏരിയയിൽ വെച്ച് ഞങ്ങളെ ടീമിന്റെ വക നല്ലൊരു തകർപ്പൻ ഡാൻസും കൂടെ ചെക്കനും പെണ്ണും...

എല്ലാം കൊണ്ടും ഒരുത്സവമാക്കി മാറ്റി കൊണ്ട് ഞങ്ങള് അടിച്ച് പൊളിച്ചു... അപ്പോഴാണ് നമ്മക്ക് അപ്പുക്കുട്ടൻ നല്ല മുട്ടൻ പണി തന്നത്... ചെക്കൻ എന്റെ സാരിയിൽ പിടിച്ച് തൂങ്ങിയിട്ട് സാരി അഴിയാറായി തുടങ്ങിയിരുന്നു....

നമ്മള് അപ്പോ തന്നെ അവരെ കൂട്ടത്തിൽ നിന്നും തടി

തപ്പിയിട്ട് റൂമിൽ പോയി സാരി നേരെയാക്കി തിരിഞ്ഞ് നോക്കിയപ്പോഴുണ്ട് സിനു റൂമിൽ തന്നെ കുത്തിയിരിക്കുന്നു....

"ഡി.... നീയിതെപ്പോഴാ ഇതിന്റെ അകത്ത് കയറി കൂടിയത്...? അവിടെ പുറത്ത് ആഘോഷം നടക്കുമ്പോ നിനക്ക് എന്തോടി ഇതിനകത്ത് പണി...?"

അപ്പോ സിനു പറയുന്ന കാര്യങ്ങൾ കേട്ട് നമ്മള് ഞെട്ടി തരിച്ച് ഓളെ നോക്കി നിന്നു.... എന്നിട്ട് അവളെന്തൊക്കെയാ ഈ പറഞ്ഞതെന്ന് അവളോട് ഒന്ന് കൂടി ചോദിച്ചറിഞ്ഞപ്പോ എനിക്ക് എന്റെ കാതുകളെ വിശ്വസിക്കാൻ പോലും കഴിഞ്ഞില്ല....

"നീ..... നീ പറഞ്ഞത് സത്യമാണോ സിനു.... അതോ നിനക്ക് തോന്നിയതാണോ...?"

"അല്ല താത്ത.... ഞാൻ എന്റെ കണ്ണ് കൊണ്ട് കണ്ട സത്യാ നിങ്ങളോട് പറഞ്ഞത്... ഫൈസൽക്ക നല്ലവൻ അല്ല താത്ത...."

(തുടരും)

ഭാഗം.125

"നീ..... നീ പറഞ്ഞത് സത്യമാണോ സിനു.... അതോ നിനക്ക് തോന്നിയതാണോ...?"

"അല്ല താത്ത.... ഞാൻ എന്റെ കണ്ണ് കൊണ്ട് കണ്ട സത്യാ നിങ്ങളോട് പറഞ്ഞത്... ഫൈസൽക്ക നല്ലവൻ അല്ല താത്ത...."

"അ... അത്... അത് പിന്നെ നിനക്ക് അങ്ങനെ തോന്നിയതാകും... അങ്ങനെ ഒന്നും നടന്നിട്ടുണ്ടാകില്ല..."

"ഞാൻ എന്റെ കണ്ണ് കൊണ്ട് കണ്ടതാണെന്ന് പറഞ്ഞിട്ട് എന്താ താത്താ വിശ്വസിക്കാത്തത്...?

ഫൈസൽക്കയും ആ പെണ്ണും കൂടി കെട്ടിപ്പിടിച്ച് നിൽക്കുന്നത് കണ്ടപ്പോ തന്നെ എനിക്ക് ദേഷ്യം വന്നു... ആ ചതിയന് വേണ്ടിയാണല്ലോ താത്ത ആദിൽക്കാനെ തള്ളി കളഞ്ഞതെന്ന് ആലോചിക്കുമ്പോ എല്ലാം എല്ലാവരോടും തുറന്ന് പറയാനാ തോന്നുന്നത്..."

'ന്റെ പടച്ചോനെ... ഈ നൂറാനെ കൊണ്ടും ഫൈസൽക്കാനെ കൊണ്ടും ഞാൻ തോറ്റല്ലോ... ഇവള് ഇതെങ്ങാനും നമ്മളെ വീട്ടുകാരോട് പോയി പറഞ്ഞാൽ അതോടെ അവരെ കാര്യത്തിൽ ഒരു തീരുമാനം ആകും... അത് പാടില്ല... എന്ത് വില കൊടുത്തും അത് തടയണം....'

"സിനു... അ... അത് ഇപ്പോ തല്ക്കാലം നമ്മള് രണ്ട് പേരും മാത്രം അറിഞ്ഞാൽ മതി... നീയിത് വേറെ ആരോടും പോയി പറയാൻ നിൽക്കണ്ട... മനസ്സിലായോ നിനക്ക്...?"

"ഇതാരോടും പറയണ്ടാ എന്ന് പറഞ്ഞാൽ എങ്ങനെ

അത് ശരിയാകാ താത്താ... അത് ആരും അറിഞ്ഞില്ലെങ്കിൽ ആ ചതിയനെ കൊണ്ട് ഇങ്ങളെ കെട്ടിക്കില്ലേ...? അപ്പോ ഇങ്ങളെ ജീവിതമല്ലേ കോഞ്ഞാട്ടയാകാ...?"

"സിനു നീയാദ്യം ഞാൻ പറയുന്നതൊന്ന് കേൾക്ക്... നീ ചിലപ്പോ കണ്ടത് ഫൈസൽക്ക അവള് വീഴാൻ പോകുമ്പോ പിടിച്ചതൊ മറ്റോ ആകും... വ്യക്തമായ തെളിവ് ഒന്നും ഇല്ലാതെ നീയൊന്നും ആരോടും പറയാൻ നിൽക്കണ്ട...

ഞാൻ ആദ്യം എന്റെ വഴിക്ക് ഒന്ന് അന്വേഷിക്കട്ടെ... എന്നിട്ട് നമുക്ക് തീരുമാനിക്കാം ഇത് ആരോടെലും പറയണോ വേണ്ടയോ എന്ന്...

അതുവരെ ഇത് നമ്മള് മാത്രം അറിഞ്ഞാൽ മതി... ഓക്കേ...?"

നമ്മളെ ചോദ്യത്തിന് അവള് എന്തൊക്കെ ആലോചിച്ചോണ്ട് സമ്മതം മൂളിയപ്പോ നമ്മളൊന്ന് നെടുവീർപ്പിട്ടിട്ട് അവിടന്ന് എണീറ്റ് പോകാൻ നിന്ന് പെട്ടെന്ന് അവിടെ തന്നെ ഇരുന്നു...

"അല്ലാ... നീ എവിടെ വെച്ചാ അവരെ കണ്ടത്...?"

"അത് ബോയ്സിന്റെ കോർട്ടേഴ്സിലെ ഒരു റൂമിൽ വെച്ച്...."

"ഓഹോ.... നീയെന്തിനാ അവന്മാരെ കോർട്ടേഴ്സിലേക്ക് ചെന്നത്...? അതും ഈ സമയത്ത്...?"

നമ്മളെ ചോദ്യം കേട്ടതും സിനു നിന്ന് പരുങ്ങി കൊണ്ട് വാക്കുകൾക്ക് വേണ്ടി പതറി നമ്മളെ ഇടങ്കണ്ണിട്ട് നോക്കി...

"അ... അത്... അത് പിന്നെ... ഞാൻ... ഞാൻ നയനനെ തിരഞ്ഞ് പോയതാ..."

"അതിന് നയന ഗാർഡനിൽ ഉണ്ടായിരുന്നല്ലോ പിന്നെയെന്തിനാ നീ അങ്ങോട്ട് പോയത്...?"

"അത്... അവളെ ഞാൻ അവിടെ കാണാത്തത് കൊണ്ട് കോർട്ടേഴ്സിലേക്ക് ചെന്നതാ... എന്നാ പിന്നെ ഞാൻ അങ്ങോട്ട് ചെല്ലട്ടെ..."

എന്ന് പറഞ്ഞ് നമ്മളിൽ നിന്നും മുങ്ങാൻ നോക്കിയ സിനുവിനെ പിടിച്ച് വലിച്ച് നമ്മള് കൂടെ ഇരുത്തി...

"ഹാ അങ്ങനെ അങ്ങ് പോകല്ലേ മൈ ഡിയർ സ്വീറ്റ് സിസ്റ്റർ... നീയെന്തിനാ അങ്ങോട്ട് പോയതെന്ന് പറഞ്ഞിട്ട് നീയിവിടന്ന് പോയാൽ മതി...

നിന്റെ നോട്ടത്തിൽ തന്നെ ഒരു കള്ളലക്ഷണം ഒളിഞ്ഞിരിപ്പുണ്ട്... സത്യം പറ... നീയാരെ കാണാനാടി അങ്ങോട്ട് പോയത്...? ആഷിയെ കാണാൻ അല്ലെ...?"

നമ്മളെ ചോദ്യം കേട്ടതും ഓള് അപ്പോ തന്നെ നമ്മളെ മുഖത്തേക്ക് നോക്കി കൊണ്ട് അല്ലെന്ന് പെട്ടെന്ന് തലയാട്ടിട്ട് പതിയെ അതേന്ന് തലയാട്ടി... എന്നിട്ട് തല താഴ്ത്തി ഇരുന്ന് ഇടക്കിടക്ക് നമ്മളെ ഇടങ്കണ്ണിട്ട് നോക്കി...

നമ്മക്ക് ഓളെ കോപ്രായം കണ്ടിട്ട് ചിരി വന്നെങ്കിലും

നമ്മളത് അടക്കി പിടിച്ച് വെച്ചിട്ട് ഓളെ നോക്കി കണ്ണുരുട്ടി...

"നീയെന്തിനാ ആഷിയെ കാണുന്നത്..? അതിന്റെ ആവശ്യം എന്താ...?

ഓ... അത് ശരി അപ്പോ അവൻ വിളിച്ചിട്ടാകും അല്ലെ നീ അങ്ങോട്ട് ചെന്നത്...?"

"അല്ലല്ല.... ഞാൻ ചുമ്മാ ഒന്ന് കാണാൻ വേണ്ടി പോയതാ...

ഇന്നലെ അവൻ വന്നിട്ടുണ്ടെന്ന് കേട്ടിരുന്നു എന്നല്ലാതെ ഇതുവരെ നേരിൽ കാണാൻ പറ്റിയില്ല... അപ്പോ ഒന്ന് കാണാമെന്ന് കരുതി ചെന്നതാ...."

"ഓഹോ... അപ്പോ അവൻ അവിടെയുണ്ടെന്ന് നിന്നോട് ആരാ പറഞ്ഞത്...?"

"അതാരും പറഞ്ഞതല്ല... അവൻ അങ്ങോട്ട് ഫോൺ വിളിച്ചോണ്ട് പോകുന്നത് കണ്ടപ്പോ പിന്നാലെ

പോയതാ... അപ്പോഴാ ഞാൻ അത് കണ്ടത്..."

"ഹാ... ഓക്കേ ഓക്കേ നീയത് വിട്... അല്ലാ നീ അവനെ കണ്ടില്ലേ പിന്നെ എന്തിനാ അവന്റെ പിന്നാലെ പോയത്...? അവൻ ആരോടാ സംസാരിക്കുന്നതെന്ന് അറിയാൻ വേണ്ടി പോയതാണോ...?"

"നോ... എനിക്ക് അവനോട് ഒരു കാര്യം പറയാൻ വേണ്ടി....."

"കാര്യം പറയാൻ വേണ്ടി.....? പറയെടി ബാക്കി പറ.... എന്ത് പറയാനാ നീ പോയത്...?"

"അത്... അത് പിന്നെ... ഞാൻ..."

എന്ന് പറഞ്ഞ് സിനു അവിടന്ന് എണീറ്റ് പുറത്തേക്ക് ഒരൊറ്റ ഓട്ടമായിരുന്നു... അവളെ പിന്നാലെ നമ്മളും ഓടി പോയെങ്കിലും വാതില് കടന്ന് വന്ന ആരോ ആയിട്ട് നമ്മള് കൂട്ടി മുട്ടി പിറകിലേക്ക് രണ്ടടി വേച്ച് പോയി....

ഇടിച്ചിട്ടപ്പോ തന്നെ നമ്മക്ക് ആരാ ഇടിച്ചതെന്ന് മനസ്സിലായോണ്ട് നമ്മക്ക് മുഖത്തേക്ക് നോക്കേണ്ട ആവശ്യം വന്നില്ല... എന്നാലും നമ്മളൊരു നോട്ടം ഓനെ നോക്കിയപ്പോ ചെക്കൻ നെഞ്ചിൽ തടവി നമ്മളെ നോക്കാണ്...

നമ്മള് അപ്പോ തന്നെ ഓനോട് ഇടിച്ചിട്ടത്തിന് സോറി പറഞ്ഞിട്ട് അവിടന്ന് പോകാൻ നിന്നപോ നമ്മളെ മുന്നിൽ ഒരു തടസമായി ആദി നിന്നു... നമ്മള് നീങ്ങി പോകുന്ന സൈഡിലേക്ക് ഒക്കെ അവനും നീങ്ങി വന്ന് നമ്മക്ക് മുന്നിൽ തടസം ഉണ്ടാക്കിയപ്പോ നമ്മള് ഓനെ നോക്കി കണ്ണുരുട്ടി...

"ഇടിച്ചിട്ടിട്ട് സോറി പറഞ്ഞാൽ പ്രശ്നം തീർന്നെന്നാണോ നീ വിചാരിച്ചേ...?"

"പിന്നെ ഞാൻ എന്താ വേണ്ടേ ഇയാളെ കാലിൽ വീണ് കരയണോ...?"

"ഏയ്... എന്റെ ഐഷു അതൊന്നും ചെയ്യണ്ട... എന്നെ കെട്ടിപ്പിടിച്ച് നിന്നിട്ട് ഒരു മറുപടി തന്നാൽ മതി എന്നാൽ നിന്നെ വിടാം..."

ആദി ഒരു കള്ളച്ചിരിയോടെ അത് പറഞ്ഞപ്പോ നമ്മള് ചിരിച്ച് കൊണ്ട് മുഖത്ത് ഒരല്പം ഗൗരവം വരുത്തി...

"ആദി... നീ ചുമ്മാ കളിക്കാൻ നിക്കാതെ മാറിക്കെ... അവിടെ അവരെന്നെ അന്വേഷിക്കുന്നുണ്ടാകും..."

"അവിടെ ഇപ്പോ നിന്നെ ആരും അന്വേഷിക്കുന്നില്ല അതോണ്ട് നീയിപ്പോ ഞാൻ പറഞ്ഞത് അനുസരിച്ചിട്ട് ഇവിടന്ന് പോയാൽ മതി...

ഹ്മ്... വേഗം ആകട്ടെ... എന്നെ കെട്ടിപ്പിടിച്ച് ഒരു മറുപടി താ... വേഗം പറഞ്ഞത് അനുസരിച്ചാൽ നിനക്ക് വേഗം പോകാം... ഇല്ലെങ്കിൽ നീ ഇവിടന്ന് ഇന്ന് എങ്ങോട്ടും പോകില്ല മോളെ...."

എന്ന് പറഞ്ഞ് ആദി നമ്മളെ അടുത്തേക്ക് നീങ്ങി വന്നപ്പോ നമ്മള് പുറകിലേക്ക് നീങ്ങി കൊണ്ട് പെട്ടെന്ന്

അവനെ കെട്ടിപ്പിടിച്ചിട്ട് അവന്റെ കവിളില് ഒരുമ്മ കൊടുത്തു....

"ഇപ്പോ തൽക്കാലം ഈ ചെറിയ മറുപടി കൊണ്ട് മോൻ അഡ്ജസ്റ്റ് ചെയ്യ്ട്ടോ... ബാക്കി ഇനി നമ്മളെ കല്യാണം കഴിഞ്ഞിട്ട്..."

എന്ന് പറഞ്ഞ് നമ്മള് ചിരിച്ചോണ്ട് ഓന്റെ കവിളിനൊരു തട്ട് കൊടുത്തിട്ട് അവിടന്ന് പോകാൻ തിരിഞ്ഞപ്പോ സിനുവുണ്ട് ഞങ്ങളെ രണ്ട് പേരെയും മിഴിച്ച് നോക്കി കൊണ്ട് തൊള്ളേം തുറന്ന് നിൽക്കുന്നു...

ഓളെ കണ്ടതും നമ്മള് അപ്പോ തന്നെ സ്വയം തലക്കടിച്ചിട്ട് ഓളെ നോക്കി സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊടുത്തപ്പോ ഓള് തിരിച്ച് നമ്മക്ക് ഒരു അവിഞ്ഞ ചിരി പാസാക്കി തന്നിട്ട് ഞങ്ങളെ അടുത്തേക്ക് വന്നു...

ഓളെ കണ്ടതും ആദി അപ്പോ തന്നെ അവിടന്ന് മുങ്ങാൻ നിന്നതും നമ്മള് ഓന്റെ കയ്യിൽ പിടിച്ച് വലിച്ച് നമ്മളെ കൂടെ തന്നെ നിർത്തിച്ചിട്ട് തലയും താഴ്ത്തി വെച്ച് ഇടങ്കണ്ണിട്ട് ഓളെ നോക്കി നിന്നു....

"താത്താ.... അപ്പോ ഫൈസൽക്കാനെ മാത്രം കുറ്റം പറഞ്ഞാൽ പോരല്ലേ...? മണവാട്ടി തന്നെ ഇങ്ങനെ ആണെങ്കിൽ പിന്നെ മണവാളന്റെ കാര്യം പ്രത്യേകിച്ച് പറയണോ...?

എന്തായാലും പടച്ചോൻ നിങ്ങളെ രണ്ട് പേരുടെയും കള്ളത്തരം എനിക്ക് ഒരുമിച്ച് കാണിച്ച് തന്നത് നന്നായി... ഞാൻ ഇത് ഇപ്പോ തന്നെ എല്ലാവരോടും പോയി പറയും നോക്കിക്കോ..."

എന്ന് പറഞ്ഞ് സിനു അവിടന്ന് പോകാൻ നിന്നപോ നമ്മള് ആദിന്റെ പിടി വിട്ട് സിനുവിനെ അവിടെ പിടിച്ച് വെച്ചു... അപ്പോ തന്നെ നമ്മളെ കോന്തൻ 'നീയായി നിന്റെ അനിയത്തിയായി ഞാൻ ഒന്നിനും ഇല്ലേ...' എന്ന് പറഞ്ഞ് അവിടന്ന് തടി തപ്പി...

നമ്മളെ കോന്തൻ പോകുന്നത് നോക്കി നമ്മള് ഓനെ പ്രാകി കൊണ്ട് സിനുവിന്റെ നേരെ തിരിഞ്ഞു... എന്നിട്ട് അവളോട് ഫൈസൽക്കന്റെയും നൂറാന്റെയും കാര്യവും നമ്മളെ പകരം വീട്ടലാണ് ഇവിടം വരെ ഇത്

എത്തിച്ചതെന്നും എന്നൊക്കെ വിവരിച്ച് ഓൾക്ക് പറഞ്ഞ് കൊടുത്തപ്പോ അവളും നമ്മളെ കൂടെ നിന്ന് ഫൈസൽക്കനെയും നൂറാനെയും ഒരുമിപ്പിക്കാൻ സഹായിക്കാമെന്ന് വാക്ക് തന്നു...

എന്തായാലും അതങ്ങനെ തീർന്നല്ലോ എന്ന് ആശ്വസിച്ച് കൊണ്ട് നമ്മള് സിനുവിനെയും കൊണ്ട് ഗാർഡനിലേക്ക് പോകുമ്പോഴായിരുന്നു ആ ടെക്സ്റ്റൈൽസിന്റെ ഓണർ അച്ചൂന്റെ അച്ഛന്റെ കൂടെ ഗേറ്റിന്റെ അടുത്തേക്ക് പോകുന്നത് കണ്ടത്...

നമ്മള് അപ്പോ തന്നെ സിനുന്റെ പിറകിൽ ഒളിച്ച് നിന്നിട്ട് അയാള് കാറിൽ കേറി പോകുന്നത് നോക്കി നിന്നു... അയാള് പോയതും നമ്മളൊന്ന് നെടുവീർപ്പിട്ടിട്ട് തിരിഞ്ഞ് നോക്കിയപ്പോഴുണ്ട് ആ സുഹാന നമ്മളെ ആദിന്റെ കൂടെ നിന്ന് ഡാൻസ് കളിക്കുന്നു... കൂടെ നമ്മളെ കൂട്ടരും ഉണ്ട്...

അത് കണ്ടപ്പോ തന്നെ നമ്മളും അവരെ ഇടയിൽ കേറി കൂടിയിട്ട് അവള് ആദിന്റെ കൈ പിടിച്ചത് തട്ടി മാറ്റി... എല്ലാവരും കൂടി ഒരുമിച്ച് ഓരോന്ന് കളിക്കുന്നത്

കൊണ്ട് തന്നെ അവള് നമ്മളാണ് ഓളെ കൈ തട്ടിയതെന്ന് ശ്രദ്ധിച്ചിട്ടില്ലായിരുന്നു...

എന്നാലും നമ്മള് ആദിയെ തുറുക്കനെ നോക്കി കൊണ്ട് ഇനി അവളെ കൈ പിടിച്ചാൽ കഴുത്തറക്കുമെന്ന് ആംഗ്യം കാണിച്ചപ്പോ ഓൻ കഴുത്ത് പിടിച്ചിട്ട് നമ്മളെ നോക്കി ഇല്ലാന്ന് തല കുലുക്കി...

അത് കണ്ട് നമ്മളൊന്ന് ചിരിച്ച് കൊടുത്തപ്പോ ആദിയും നമ്മളെ നോക്കി സൈറ്റടിച്ചു...

അങ്ങനെ വളരെ ഗംഭീരമായിട്ട് അച്ചുവിന്റെയും അരുണിന്റെയും കല്യാണം ഞങ്ങള് പൊടി പൊടിച്ച് അവരെ കയ്യിൽ വെച്ച് കൊടുത്തപ്പോ അവരും ഹാപ്പി നമ്മളും ഹാപ്പി...

കല്യാണത്തിന്റെ റിസപ്ഷൻ ഒക്കെ ഇന്ന് രാത്രി തന്നെ ഇവിടെ വെച്ച് നടത്താൻ ആണ് പ്ലാൻ... അപ്പോഴാണ് ഇതിനേക്കാൾ തകർക്കാൻ പോകുന്നത്...

ആദിന്റെ ഉമ്മി റിസപ്ഷൻ വരെ നിൽക്കുന്നില്ലെന്ന് പറഞ്ഞ് വൈകിട്ട് തന്നെ നാട്ടിലേക്ക് പോയിരുന്നു...

നമ്മള് മനപ്പൂർവ്വം ഇന്ന് ഉമ്മിന്റെ മുന്നിലേക്ക് ചെന്നതുമില്ല... കാരണം നമ്മളെ എങ്കേജ്മെന്റ് കഴിഞ്ഞ കാര്യം ഉമ്മി അറിഞ്ഞിട്ടുണ്ട്... അപ്പോ ഉമ്മിയെ ഫേസ് ചെയ്യാൻ എനിക്ക് ഒരു ബുദ്ധിമുട്ട്... അതോണ്ട് മനപ്പൂർവ്വം ചെല്ലാഞ്ഞതാ... അത് ആണെങ്കിൽ ആദിക്ക് നല്ലോണം ഫീലായിട്ടുണ്ട്... ഇപ്പോ അതിന്റെ പിണക്കത്തിൽ നടക്കാണ് ഓൻ... ഇനി അത് മാറ്റാൻ നടക്കണം...

അങ്ങനെ റിസപ്ഷന് വേണ്ടി അച്ചൂനെ ഒരുക്കുന്ന തിരക്കിൽ ഞങ്ങള് ഏർപ്പെട്ട് കൊണ്ടിരിക്കുമ്പോഴായിരുന്നു സുഹാന റൂമിലേക്ക് കയറി വന്നത്... അവളെ കണ്ടപ്പോ തന്നെ ഞാനും ഹസിയും ശാലുവും കൂടി തുമ്മാനും ചുമക്കാനും ഒക്കെ തുടങ്ങിയപ്പോ അവള് അവിടന്ന് ഇറങ്ങി പോയി... അത് കണ്ട് ഞങ്ങള് പൊരിഞ്ഞ ചിരിയായിരുന്നു...

അങ്ങനെ അച്ചുവിനെ വൈറ്റ് ഗൗണിൽ അണിയിച്ചൊരുക്കി ഞങ്ങള് സ്റ്റേജിലേക്ക് കൊണ്ട് വന്നപ്പോ ആദിയും കൂട്ടരും കൂടി അരുണിനെയും വൈറ്റ് ഷർട്ടിൽ അണിയിച്ചോണ്ട് കൊണ്ട് വന്നിരുന്നു...

നമ്മള് അപ്പോ ആദിയെ ഇടങ്കണ്ണിട്ട് സൈറ്റടിച്ചിട്ട് നമ്മളെ ലുക്ക് എങ്ങനെ ഉണ്ടെന്ന് കണ്ണ് കൊണ്ട് ആംഗ്യം കാണിച്ച് ചോദിച്ചപ്പോ ഓൻ തല ചൊറിയുന്ന പോലെ കൈ കൊണ്ട് പോയിട്ട് സൂപ്പർ എന്ന് ആംഗ്യം കാണിച്ചു... അത് കണ്ട് നമ്മളൊന്ന് ചിരിച്ചിട്ട് എല്ലാവരിലേക്കും ഒന്ന് നോക്കിയപ്പോ എല്ലാവരും എന്നെയും ആദിയെയും ഉറ്റു നോക്കാണ്...

ഞങ്ങള് കണ്ണ് കൊണ്ട് കാണിച്ച കോപ്രായങ്ങൾ കണ്ടിട്ടൊന്നും അല്ലട്ടോ അവരൊക്കെ നോക്കിയത്... എന്റെയും ആദിന്റെയും ഡ്രസ്സ് കണ്ടിട്ടാണ് അവര് ഇങ്ങനെ നോക്കുന്നത്...

ബ്ലാക്ക് ആൻഡ് വൈറ്റ് കോമ്പിനേഷനിൽ ചതുര പാറ്റേൺ ഉള്ള ഒരു ടോപ്പാണ് നമ്മളെ വേഷം... അതെ പോലെ അതെ പാറ്റേണിൽ അതെ നിറത്തിലുമുള്ള ഷർട്ടുമാണ് ആദിന്റെ വേഷം... പിന്നെ എങ്ങനെ നോക്കാതിരിക്കും...?

ഞങ്ങളെ രണ്ട് പേരുടെയും ഡ്രസ്സ് ഒരുപോലെ ആയത്

എങ്ങനെ ആണെന്ന് വാങ്ങിച്ച് തന്ന അവനോട് തന്നെ ചോദിക്കേണ്ടി വരും... ഇന്നലെ എങ്ങോട്ടോ പോയി വന്നിട്ട് നമ്മക്ക് കൊണ്ട് തന്നതാ ഈ ടോപ്പ്... അത് ഇന്ന് രാത്രി റിസപ്ഷന് ഇടേം വേണമെന്ന് അവൻ പറഞ്ഞപ്പോ ഇങ്ങനെ ഒരു മാച്ചിങ് നമ്മള് പ്രതീക്ഷിച്ചില്ല...

കുറച്ച് കഴിഞ്ഞപ്പോ ഞങ്ങള് സ്റ്റേജിൽ നിന്ന് ഇറങ്ങിയിട്ട് ഞങ്ങളെ കലാപരിപാടികളൊക്കെ അങ്ങ് തുടങ്ങി വെച്ചു... തുടക്കം മംഗല്യം തന്തുനാനേനാ എന്ന് പാടി കൊണ്ട് ഞങ്ങള് അവരെ രണ്ട് പേരെയും സ്റ്റേജിൽ നിന്ന് വിളിച്ചിറക്കിയിട്ട് ഞങ്ങള് ഒരുമിച്ച് കളിച്ച് ഉഷാറാക്കി...

അതിനിടക്ക് നമ്മളെ ഉമ്മച്ചി നമ്മളെ വിളിച്ച് കൊണ്ട് പോയിട്ട് ആദിന്റെയും എന്റെയും ഡ്രസ്സ് എങ്ങനെ ഒരുപോലെയായി എന്നൊക്കെ ഇൻവെസ്റ്റിഗേഷൻ നടത്തിയപ്പോ നമ്മള് അറിയില്ലെന്ന് പറഞ്ഞ് തടിയൂരി കൊണ്ട് തിരിച്ച് അവരെ അടുത്തേക്ക് ചെന്നു... അപ്പോ അവിടെ ആദിയും ആ സുഹാനയും കൂടി കപ്പിൾ ഡാൻസ് കളിക്കായിരുന്നു... കൂടെ നമ്മളെ ബാക്കിക്കാരുമുണ്ട്...

ആ കാഴ്ച കണ്ടപ്പോ നമ്മക്ക് ദേഷ്യം എരിഞ്ഞ് കേറി വന്നു... അവൾക്കിട്ട് രണ്ട് പൊട്ടിക്കാനൊക്കെ നമ്മളെ കൈ തരിച്ചു... പക്ഷെ ഇവിടെ വെച്ച് ഒരു സീനുണ്ടാക്കണ്ട എന്ന് കരുതി കൊണ്ട് നമ്മള് അവരെ രണ്ട് പേരെയും തുറുക്കനെ നോക്കി നിന്നപ്പോ ആദിന്റെ നോട്ടം പെട്ടെന്ന് നമ്മളിൽ വന്ന് പതിച്ചു...

നമ്മളെ നോട്ടം കണ്ടതും ചെക്കൻ നമ്മക്ക് നേരെ ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് അവളെ കൂടെ കളിക്കുന്നത് കണ്ടപ്പോ നമ്മക്ക് വീണ്ടും കൺട്രോൾ പോയി... അവന്റെ അടുത്തേക്ക് പാഞ്ഞ് ചെല്ലാൻ നിൽക്കുമ്പോഴായിരുന്നു നമ്മളെ കണ്ണിൽ ഫൈസൽക്ക ഉടക്കിയത്...

നമ്മളെ ഫാമിലി മൊത്തം ഇവിടെ ഉള്ളത് കൊണ്ട് നൂറയുമായിട്ട് ഡാൻസ് കളിക്കാൻ മൂപ്പരെ കൊണ്ട് പറ്റില്ല.... അതോണ്ട് കണ്ണുകൾ കൊണ്ട് പരസ്പരം കഥകൾ കൈ മാറുകയാണ് ഇണക്കുരുവികൾ...

എന്തായാലും അത് ഈ അവസ്ഥയിൽ

നന്നായതെയുള്ളു എന്ന് ചിന്തിച്ചോണ്ട് നമ്മള് അപ്പോ തന്നെ ഫൈസൽക്കാൻ്റെ കൈ പിടിച്ച് വലിച്ച് അവരെ മുന്നിൽ നിന്നിട്ട് ഡാൻസ് കളിയ്ക്കാൻ തുടങ്ങി...

ഫൈസൽക്ക ആണെങ്കിൽ നൂറയെ നോക്കി കൊണ്ട് ഒരു നടക്കും നമ്മളോട് അടുക്കുന്നില്ല... നമ്മക്ക് ആണെങ്കിൽ ആ കോന്തനെ ദേഷ്യം പിടിപ്പിക്കാൻ ഇതല്ലാതെ വേറെ മാർഗവും കണ്ടില്ല...

അതോണ്ട് നമ്മള് അപ്പോ തന്നെ ഫൈസൽക്കാനെ നിലക്ക് നിർത്താൻ വേണ്ടി നൂറാന്റെ കാര്യം എന്ന് പറഞ്ഞപ്പോ മൂപ്പര് നമ്മളെ കൂടെ ഡാൻസ് കളിയ്ക്കാൻ നിന്ന് തന്നു...ഡാൻസ് നമ്മളെ കൂടെയാണ് കളിക്കുന്നത് എങ്കിലും നോട്ടം മുഴുവൻ നൂറയെ ആയിരുന്നു മൂപ്പര്...

നമ്മള് അപ്പോ തന്നെ നമ്മളെ ഉമ്മച്ചി നോക്കുന്നുണ്ട് ഇങ്ങളെ എന്ന് പറഞ്ഞപ്പോ ഫൈസൽക്ക അപ്പോ തന്നെ ഓളിൽ നിന്നും മുഖം തിരിച്ചിട്ട് നമ്മളെ മുഖത്തേക്ക് നോക്കി...

ഫൈസൽക്കാൻ്റെ നിസ്സഹായകാവസ്ഥ നമ്മള്

നല്ലോണം മുതലാക്കുന്നത് കൊണ്ട് നമ്മക്ക് തന്നെ പാവം തോന്നി പോയി മൂപ്പരെ കണ്ടപ്പോ.... എന്തായാലും നമ്മള് വിചാരിച്ച പോലെ തന്നെ കാര്യങ്ങൾ നടന്നു...

നമ്മള് ഫൈസൽക്കാൻറെ കൂടെ കളിക്കുന്നത് കണ്ടിട്ട് കോന്തൻ ഇപ്പോ നമ്മളെ രൂക്ഷമായി നോക്കാണ്... ഓന്റെ നോട്ടം കണ്ടിട്ട് നമ്മള് ഓനെ പുച്ഛിച്ച് തള്ളി മുഖം തിരിച്ച് ഫൈസൽക്കാനെ നോക്കി...

എന്നിട്ട് അടുത്ത സ്റ്റെപ് ആയ കപ്പിൾസ് ചെയ്ഞ്ചിങ് വന്നപ്പോ നമ്മള് കറങ്ങി കൊണ്ട് കാക്കൂന്റെ അടുത്തേക്ക് പോയി, പിന്നെ അവിടന്ന് നിസൂക്കന്റെ അടുത്തേക്കും അരുണിന്റെ അടുത്തേക്കും അച്ചായന്റെ അടുത്തേക്കും ഒടുക്കം ആ കോന്തന്റെ അടുത്തേക്കും എത്തിപ്പെട്ടു...

ഓന്റെ കയ്യിൽ എത്തിയപ്പോ തന്നെ നമ്മള് ഓനെ നോക്കാതെ അൻസിക്ക നീട്ടിയ കയ്യിലേക്ക് നമ്മളെ കൈ കൊടുക്കാൻ നിന്നതും ആദി നമ്മളെ ഓന്റെ അടുത്തേക്ക് വലിച്ചിട്ടു...

എന്നിട്ട് നമ്മളെ കണ്ണിലേക്ക് വളരെ റൊമാന്റിക് ആയിട്ട് നോക്കി കൊണ്ട് നമ്മളെ പിടിച്ച് കറക്കി വിട്ട് അവനിലേക്ക് അടുപ്പിച്ച് നിർത്തി... ഓന്റെ ഈ പ്രവർത്തി കണ്ട് നമ്മളെ ഉമ്മച്ചിയടക്കം എല്ലാവരും ഇപ്പോ ഞങ്ങളെയാണ് നോക്കുന്നത്... ആദി ആണെങ്കിൽ അതൊന്നും കാര്യമാക്കാതെ എന്നെ ഒന്ന് വിടുന്നത് പോലുമില്ല...

എല്ലാവരും ഡാൻസ് നിർത്തിയിട്ട് ഞങ്ങളെ ചുറ്റും കൂടി നിന്ന് നോക്കുന്നത് പോലും ശ്രദ്ധിക്കാതെ ആ പാട്ടിലും ഡാൻസിലും മുഴുകിയിരിക്കാണ് ഞങ്ങള്.... പെട്ടെന്ന് മ്യൂസിക് നിന്നതും ആദി നമ്മളിലേക്ക് നോക്കിയിട്ട് ചുറ്റുമൊന്ന് കണ്ണോടിച്ചപ്പോഴാണ് നമ്മള് പോലും ആ കാഴ്ച കാണുന്നത്...

ഞങ്ങളെ തന്നെ ഉറ്റുനോക്കുന്നവരിലേക്ക് നമ്മളും ആദിയും കൂടി ഒരു അവിഞ്ഞ ചിരി പാസാക്കി കൊടുത്തപ്പോ പെട്ടെന്ന് സുഹാന കയ്യടിച്ച് ഞങ്ങളെ മുന്നിലേക്ക് വന്നു... അപ്പോ തന്നെ അവിടെ കൂടി നിന്ന എല്ലാവരും ഞങ്ങളെ പ്രശംസിച്ച് കൊണ്ട് കയ്യടിച്ചപ്പോ നമ്മള് ആദിയെ ഒന്ന് ഇടങ്കണ്ണിട്ട് നോക്കി... അപ്പോ ഓൻ നമ്മളെ നോക്കി സൈറ്റടിച്ചിട്ട് ഓൻ എല്ലാവരെയും

നോക്കി ഒന്ന് ചിരിച്ച് കൊടുത്തു...

അങ്ങനെ അന്നത്തെ പരിപാടിയൊക്കെ കഴിഞ്ഞ് അരുണിനും അച്ചുവിനും മണിയറയിൽ ഒരു മുട്ടൻ പണി വെച്ച് കൊടുത്തിട്ട് ഞങ്ങള് പോയി....

അവരെ റൂമിൽ കട്ടിലിനടയിൽ ഒരു വലിയ സബ്ബ് വെച്ചിട്ടാണ് ഞങ്ങള് ഇറങ്ങി വന്നത്... അതാണെങ്കിൽ കൃത്യം 12 മണി ആയപ്പോ തന്നെ കിടന്ന് കാറാനും തുടങ്ങി...

അതിന്റെ ശബ്ദം കേട്ടിട്ട് അവറ്റകൾ റൂമീന്ന് ഇറങ്ങി വരുന്നത് കണ്ട് ഞങ്ങളൊക്കെ ചിരിച്ചോണ്ട് അതിന് മുന്നിൽ തന്നെയുണ്ടായിരുന്നു... ഞങ്ങള് അവറ്റകളെ നോക്കി കൊണ്ട് എങ്ങനെ ഉണ്ടായിരുന്നു ഫസ്റ്റ് നൈറ്റ് എന്ന് ചോദിച്ചപ്പോ രണ്ടും കൂടി ഞങ്ങളെ അവിടന്ന് ഓടിച്ച് വിട്ടു...

ഞങ്ങളൊക്കെ അപ്പോ തന്നെ അവിടന്ന് ഓടി രക്ഷപ്പെട്ടിട്ട് റൂമിൽ പോയി ബാഗ് ഒക്കെ പാക്ക് ചെയ്ത് വെച്ചു... കാരണം നാളെ എല്ലാവരും തിരിച്ച് നാട്ടിലേക്ക് പോകാണ്... അതോണ്ട് ആ പണിയൊക്കെ

കഴിഞ്ഞപ്പോ നമ്മള് കിടന്നുറങ്ങി....

★★★★★★★★★★★★★★★★★★★★★★

ഇന്ന് രാവിലത്തെ ട്രെയിനിന് തന്നെ സുഹാനക്ക് ബാംഗ്ലൂരിലേക്ക് തിരിച്ച് പോകണമെന്ന് പറഞ്ഞപ്പോ ഞാൻ അവളെ എന്റെ ബുള്ളറ്റിൽ സ്റ്റേഷൻ വരെ കൊണ്ട് വിട്ടു... അത് നമ്മളെ പെണ്ണിന് തീരെ പിടിച്ചിട്ടില്ല അതിന് മോന്ത കനപ്പിച്ച് വെച്ചിട്ടുമുണ്ട്...

സുഹാനയോട് ഞാൻ ആദ്യം തന്നെ ഐഷുവിനെ കുറിച്ചൊക്കെ പറഞ്ഞിട്ടുള്ളത് കൊണ്ട് അവളെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി ആയിരുന്നു സുഹാന നമ്മളോട് അടുത്തിടപഴകിയത്... അത് അവൾ പോകുന്നതിന് മുൻപ് ഐഷുവിനോട് നേരിട്ട് പറഞ്ഞപ്പോഴാ പെണ്ണിന്റെ മോന്തന്റെ കനം കുറഞ്ഞത്...

പിന്നെ ഐഷു തന്നെയാ നമ്മളെ നിർബന്ധിപ്പിച്ച് സുഹാനയെ സ്റ്റേഷനിൽ വിടാൻ പറഞ്ഞത്... അവളെ അവിടെ കൊണ്ടാക്കിയിട്ട് അവളോട് അൻസിന്റെ

കാര്യം പറയാൻ വേണ്ടി നമ്മള് തീരുമാനിച്ചു... പക്ഷെ അതിന് മുമ്പ് തന്നെ ബാംഗ്ളൂരിൽ ഉള്ള അവളെ കൂടെ പഠിക്കുന്ന ഒരാളെ ഇഷ്ടാണെന്നും അവര് തമ്മിൽ രജിസ്റ്റർ മാര്യേജ് കഴിഞ്ഞതുമാണെന്ന് പറഞ്ഞപ്പോ നമ്മളോട് ഇതുവരെ അത് മറച്ച് വെച്ചതിന് ഒരല്പം പരിഭവമൊക്കെ നടിച്ചെങ്കിലും ഒടുക്കം നല്ല രീതിയിൽ തന്നെ അവളെ യാത്രയാക്കി വിട്ടു...

അവിടന്ന് വീണ്ടും തിരിച്ച് റിസോർട്ടിലേക്ക് വന്നപ്പോ എല്ലാവരും ഓരോരോ ടാക്സിയും വിളിച്ച് നാട്ടിലേക്ക് പോകാൻ നിൽക്കായിരുന്നു... ഐഷു നമ്മളെ നോക്കി കൊണ്ട് പോകാണെന്ന് കണ്ണ് കൊണ്ട് യാത്ര പറഞ്ഞിട്ട് അവളെ ഫാമിലിയുടെ കൂടെ കാറിൽ കേറി പോയപ്പോ ആഷി നമ്മളെ ബാഗും കൊണ്ട് നമ്മളെ അടുത്തേക്ക് വന്നു...

എന്നിട്ട് അവരെ കാറിന് പിന്നാലെ കത്തിച്ച് വിടാൻ പറഞ്ഞ് ഓനും നമ്മളെ പിറകിൽ കേറി കൂടി...

അത് നമ്മള് ഐഷൂനെ സൈറ്റടിച്ചോട്ടെ എന്നൊന്നും കരുതിയിട്ടല്ലട്ടോ സിനുനേ അത്രയും നേരം നോക്കി നിക്കാലോ എന്ന് കരുതിയിട്ടാ....

എന്തായാലും അവരെ വണ്ടിക്ക് പിറകിൽ തന്നെ എസ്കോട്ടിന് പോകുന്ന പോലെ നമ്മള് ബുള്ളറ്റിൽ വന്നപ്പോ ഐഷുവും സിനുവും ഒരുപോലെ ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു...

യാത്രക്ക് ഇടക്ക് വെച്ച് ഉച്ചക്കുള്ള ഫുഡ് കഴിക്കാൻ ഒക്കെ അവര് ഹോട്ടലിൽ കയറിയപ്പോ പിന്നാലെ ഞങ്ങളും കയറി കൂടി....

എന്നിട്ട് അവരെ കൂടെ ഇരുന്ന് ഫുഡൊക്കെ തട്ടി വിട്ടപ്പോ നമ്മളെ നോട്ടം മുഴുവൻ ഐഷുവിനെയായിരുന്നു... തിരിച്ച് അവളും അങ്ങനെ തന്നെ... പക്ഷെ ഞങ്ങളെ നോട്ടം ഓളെ ഉമ്മച്ചി നന്നായിട്ട് നോക്കുന്നുണ്ടെന്ന് മനസ്സിലായപ്പോ നമ്മള് ഓളിൽ നിന്നുള്ള നോട്ടം തെറ്റിച്ചു....

അന്ന് രാത്രിയാണ് ഞങ്ങള് തിരിച്ച് നാട്ടിലെത്തിയത്... അവര് വീട്ടിൽ ചെന്നിറങ്ങിയിട്ട് ഐഷു നമ്മളെ നോക്കി ഒരു ബൈ കാണിച്ചപ്പോഴാ ഞങ്ങള് വീട്ടിലേക്ക് തിരിച്ചത്...

വീട്ടിൽ എത്തിയപ്പോ തന്നെ നമ്മൾ കുളിച്ച് ഫ്രഷായിട്ട്

ഐഷുവിന് വിളിച്ചു... എന്നിട്ട് പുലരുവോളം അവളോട് ഫോണിൽ സംസാരിച്ചിരുന്നു... യാത്ര ക്ഷീണം കൊണ്ടാകും നമ്മള് ആദ്യം തന്നെ ഉറങ്ങിയിരുന്നു... നേരം വെളുത്തപ്പോ എണീറ്റ് ഫോൺ നോക്കിയപ്പോ കാൾ അപ്പോഴും കട്ടായിട്ടില്ല...

അത് കണ്ടിട്ട് നമ്മള് ചിരിച്ചോണ്ട് അത് ഓഫാക്കിയിട്ട് അവൾക്ക് വീണ്ടും തിരിച്ച് വിളിച്ചപ്പോ ഓള് നമ്മളെ കണ്ണ് പൊട്ടുന്ന തെറിന്റെ അഭിഷേകം തന്നെ നടത്തി...

ഉറക്കം വരുന്നുണ്ടെൽ പോയി ഉറങ്ങിക്കോ എന്ന് ഓള് ഒരു നൂറ് തവണ പറഞ്ഞതായിരുന്നു... അത് കേൾക്കാതെ അവളോട് സംസാരിച്ച് എപ്പോഴോ ഉറങ്ങി പോയപ്പോ അവള് കട്ട പോസ്റ്റും... പിന്നെ എങ്ങനെ തെറി പറയാതിരിക്കും...

നമ്മള് അപ്പോ തന്നെ അതിനൊക്കെ കൂടി ആയിട്ട് ഒരു സോറിയും ഉമ്മയും കൊടുത്തപ്പോഴേക്കും അവളെ പിണക്കം മാറി... അന്ന് അവള് സിനുവിനെയും കൊണ്ട് പബ്ലിക് ലൈബ്രറിയിലേക്ക് വരുന്നുണ്ടെന്ന വാർത്ത കേട്ടപ്പോ നമ്മള് ആഷിയെയും കൊണ്ട് ലൈബ്രറിയിലേക്ക് വന്നു...

പിന്നെ അവിടെ സല്ലപിച്ച് നടക്കായിരുന്നു രണ്ട് കൂട്ടർക്കും പണി...പക്ഷെ സിനുവും ആഷിയും പരസ്പരം നോക്കുന്നുണ്ട് എന്നല്ലാതെ ഒരക്ഷരം പോലും മിണ്ടുന്നില്ലായിരുന്നു...

ഒടുക്കം അവരെ മിണ്ടിക്കാൻ ഞാനും ഐഷുവും തന്നെ വേണ്ടി വന്നു...

സിനുവിന് അവളെ ഫ്രണ്ടിന്റെ വീട്ടിലേക്ക് പോകണമെന്ന് പറഞ്ഞപ്പോ നമ്മള് ഐഷൂനെ വീട്ടിൽ കൊണ്ടാക്കാമെന്ന് പറഞ്ഞതും ആഷി സിനുവിന്റെ കൂടെ പൊയ്ക്കോളാം എന്ന് പറഞ്ഞു...

ഞങ്ങള് അതിന് ഒന്ന് മൂളി കൊടുത്തിട്ട് അവരെ നമ്മളെ കാറിൽ സിനുന്റെ ഫ്രണ്ടിന്റെ വീട്ടിൽ ഇറക്കി വിട്ടു...

അവിടന്ന് ഞാനും ഐഷുവും കൂടി ഒരു ഐസ് ക്രീം പാർലറിൽ കയറി ഐസ് ക്രീം ഒക്കെ കഴിച്ചോണ്ട് വീട്ടിലേക്ക് തിരിച്ചു...

അവളെ വീട്ടിൽ കൊണ്ട് വിട്ടിട്ട് നമ്മള് തിരിച്ച് പോകാൻ നിന്നപോ നമ്മളെ ഒരു നടക്കും പോകാൻ

സമ്മതിക്കാതെ ഐഷു വീട്ടിലേക്ക് വിളിച്ച് വരുത്തി...

ഓളെ ഉമ്മച്ചി നമ്മളെ കണ്ടപ്പോ തന്നെ കുടിക്കാൻ വെള്ളം എടുക്കാൻ പോയപ്പോ ഐഷു നമ്മളെ കവിളില് ഒരുമ്മ തന്നിട്ട് നമ്മളെ അവിടെ പിടിച്ച് ഇരുത്തി കൊണ്ട് ഇപ്പോ വരാമെന്ന് പറഞ്ഞ് അവളെ റൂമിലേക്ക് ഓടി പോയി...

ചില നേരത്ത് കൊച്ചു കുട്ടികളെ പോലെയുള്ള അവളെ പെരുമാറ്റം കാണുമ്പോ കയ്യില്ലെടുത്ത് കൊഞ്ചിക്കാൻ ഒക്കെ തോന്നും...

പക്ഷെ അവളെ യഥാർത്ഥ സ്വഭാവം പുറത്തെടുത്താലോ പിന്നെ കണ്ടം വഴി ഓടാനേ തോന്നൂ...

അങ്ങനെ നമ്മള് ഐഷു വരുന്നതും നോക്കി അവൾക്ക് വേണ്ടി കാത്തിരിക്കുമ്പോഴയിരുന്നു ഉമ്മച്ചി നമ്മക്ക് കുടിക്കാൻ വെള്ളവും കൊണ്ട് വന്നത്...

നമ്മളത് ഉമ്മച്ചിന്റെ അടുത്ത് നിന്ന് വാങ്ങിയിട്ട് സുഖവിവരങ്ങളൊക്കെ ചോദിച്ചറിയുമ്പോഴാണ് എന്നെ തളർത്തി കൊണ്ട് അവളെ ഉമ്മച്ചിയിൽ നിന്നും അങ്ങനെ ഒരു സംസാരം വന്നത്....

(തുടരും)

ഭാഗം.126

അങ്ങനെ നമ്മള് ഐഷു വരുന്നതും നോക്കി അവൾക്ക് വേണ്ടി കാത്തിരിക്കുമ്പോഴയിരുന്നു ഉമ്മച്ചി നമ്മക്ക് കുടിക്കാൻ വെള്ളവും കൊണ്ട് വന്നത്...

നമ്മളത് ഉമ്മച്ചിന്റെ അടുത്ത് നിന്ന് വാങ്ങിയിട്ട് സുഖവിവരങ്ങളൊക്കെ ചോദിച്ചറിയുമ്പോഴാണ് എന്നെ തളർത്തി കൊണ്ട് അവളെ ഉമ്മച്ചിയിൽ നിന്നും അങ്ങനെ ഒരു സംസാരം വന്നത്....

"മോനോട് ഞാൻ ഒരു കാര്യം പറഞ്ഞാൽ മോന് വിഷമം തോന്നരുത്...."

"എന്താ ഉമ്മാ....?"

"അത്.... മോൻ... മോൻ ഇനി ഇങ്ങോട്ട് വരരുത്... ഫെബിയെ കാണാൻ ശ്രമിക്കരുത്..."

ഓളെ ഉമ്മ പറയുന്നത് കേട്ടതും എന്റെ നെഞ്ചിലൂടെ ഒരു കൊള്ളിയാൻ മിന്നി... ഞാൻ അറിയാതെ തന്നെ എന്റെ കയ്യിൽ നിന്നും ആ ഗ്ലാസ് നിലത്ത് വീണ് ചിന്നി ചിതറി...

"എനിക്കറിയാം മോന് ഓളെ എന്ത് മാത്രം ഇഷ്ടമാണെന്ന്... പക്ഷെ നീ എന്റെ ഭാഗത്ത് നിന്ന് കൂടി ഒന്ന് ചിന്തിക്കണം മോനെ....

കല്യാണം ഉറപ്പിച്ച പെണ്ണാണ് അവള്... അടുത്ത മാസം അവരെ കല്യാണാ... നിന്നെ ഓർത്ത് ഓള് ഒരുപാട് ത്യാഗങ്ങളും വിഷമങ്ങളും ഒക്കെ സഹിച്ചിട്ടുണ്ട്...

പക്ഷെ ഇനിയും എന്റെ മോള് വിഷമിക്കുന്നത് കാണാൻ എന്നെ കൊണ്ട് കഴിയില്ല മോനെ....

നിന്നെ ഇഷ്ടമാണ് അവൾക്കെന്ന് മറ്റാരേക്കാളും നന്നായിട്ട് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.... പക്ഷെ,

നിനക്ക് ചുറ്റും ശത്രുക്കൾ മാത്രമാണ് കൂടുതൽ...

അങ്ങനെയുള്ള നിന്റെ അരികിലേക്ക് എന്റെ മോളെ ഞാൻ എന്ത് വിശ്വസിച്ചാ ഏല്പിക്കാ എന്ന് നീ തന്നെ പറ...

പല തവണ മരണത്തെ മുഖാമുഖം കണ്ടവളാ അവള്... അവളെ ഇനിയും അറിഞ്ഞ് കൊണ്ട് കുരുതിക്ക് കൊടുക്കാൻ എന്നെ കൊണ്ട് കഴിയില്ല മോനെ... എന്നെ കൊണ്ട് എന്ന് മാത്രമല്ല ഒരു ഉമ്മയെ കൊണ്ടും അതിന് സാധിക്കില്ല.... അതോണ്ട് മോൻ അവളെ മറക്കണം... അവളെ ഇനി കാണാൻ ശ്രമിക്കരുത്...

ഇതെന്റെ അപേക്ഷയാണ്.... ഞാൻ നിന്റെ കാല് വേണേൽ പിടിക്കാം..."

എന്ന് പറഞ്ഞ് ഐഷുന്റെ ഉമ്മ കരഞ്ഞ് കൊണ്ട് എന്റെ കാലിൽ പിടിക്കാൻ നിന്നപ്പോ ഞാൻ ഉമ്മാനെ തടഞ്ഞിട്ട് ചങ്ക് പൊട്ടുന്ന വേദനയിലും കരയാതെ പിടിച്ച് നിന്ന് പുഞ്ചിരി തൂകി...

"ഉമ്മ പറഞ്ഞതൊക്കെ ശരിയാണ്... എനിക്ക് ചുറ്റും

ശത്രുക്കൾ മാത്രമേയുള്ളു... ഞാൻ കാരണമാണ് ഐഷുവിനോട് പോലും അവർക്ക് ശത്രുത ഉണ്ടായത്.... ഉമ്മ.... ഉമ്മ പേടിക്കണ്ടാ... ഇനി ഐഷുവിനെ കുറിച്ച് ഓർത്ത് വിഷമിക്കേം വേണ്ട... ഞാൻ... ഞാൻ ഇനി ഒരിക്കലും ഐഷുവിന്റെ ജീവിതത്തിലേക്ക് കടന്ന് വരില്ല... പക്ഷെ എന്നോട് ഒരിക്കലും അവളെ മറക്കാൻ മാത്രം പറയരുത്... അതിന്... അതിന് എനിക്ക് കഴിയില്ല... എന്നെ മറക്കാൻ അവളെ കൊണ്ടും...."

ഇത്രയൊക്കെ ഇടറിയ ശബ്ദത്തിൽ പറഞ്ഞപ്പോഴേക്കും എന്റെ മിഴികളിൽ ഈറനണിഞ്ഞിരുന്നു... നമ്മളത് അപ്പോ തന്നെ തുടച്ചിട്ട് ഉമ്മാനെ നോക്കി ഒന്ന് ചിരിച്ചു...

"ഇനി ഞാൻ ഐഷുവിന്റെ ജീവിതത്തിൽ ഒരു കരടായിട്ട് വരില്ല... ഉമ്മ ആഗ്രഹിച്ച പോലെ തന്നെ എല്ലാം നന്നായി നടക്കും... ഐഷുവിന്റെയും ഫൈസലിന്റെയും കല്യാണം നല്ല ഭംഗിയായിട്ട് തന്നെ നടക്കും..."

എന്ന് പറഞ്ഞോണ്ട് ഓളെ ഉമ്മാക്ക് മുഖം

കൊടുക്കാതെ ഞാൻ അവിടന്ന് വേഗം നടന്ന് വന്ന് കാറിൽ കയറി എങ്ങോട്ടെന്നില്ലാതെ സ്പീഡിൽ ഓടിച്ച് പോയി... അപ്പോഴൊക്കെ ഓളെ ഉമ്മ പറഞ്ഞ ഓരോ കാര്യങ്ങളും എന്റെ മിഴികൾ നനയിപ്പിച്ചു...

★★★★★★★★★★★★★★★★★★★

നമ്മള് റൂമിൽ പോയിട്ട് തിരിച്ച് താഴേക്ക് വന്ന് നോക്കിയപ്പോ ആദി ഇരുന്ന ഭാഗം ശൂന്യമായിരുന്നു... ഉമ്മച്ചി നിലത്ത് കിടന്ന കുപ്പിച്ചില്ലുകളൊക്കെ പെറുക്കുന്നത് കണ്ടപ്പോ നമ്മളും അവിടെ മുട്ട് കുത്തി ഇരുന്നിട്ട് ആ കുപ്പിച്ചില്ലുകൾ പെറുക്കി കൊണ്ടിരുന്നു...

"ഉമ്മച്ചി... ആദി എവിടെ...? ഈ ഗ്ലാസ് എങ്ങനെയാ വീണ് പൊട്ടിയേ...?

ഉമ്മാ... ഇങ്ങളോടാ ചോയ്ക്കുന്നെ... എന്താ ഇങ്ങള് ഒന്നും മിണ്ടാത്തെ...?"

"ആദി പോയി... എന്തോ അത്യാവശ്യമുണ്ട് പെട്ടെന്ന് ചെല്ലണമെന്ന് പറഞ്ഞ് പോയി..."

എന്ന് ഉമ്മച്ചി നമ്മളെ മുഖത്ത് നോക്കാതെ പറഞ്ഞപ്പോ തന്നെ നമ്മളൊരു ചില്ല് എടുത്തതും അതെന്റെ കയ്യിൽ തറച്ച് കേറി... അത് കണ്ടതും ഉമ്മച്ചി എന്റെ കയ്യിൽ നിന്നും ചില്ല് തട്ടിയിട്ട് എന്റെ വിരല് വായിൽ വെച്ച് ഊമ്പി... അപ്പോ ഉമ്മച്ചിന്റെ കണ്ണ് നിറഞ്ഞൊഴുകി കൊണ്ട് എന്റെ കയ്യിലേക്ക് വന്ന് പതിച്ചതും നമ്മള് ഉമ്മച്ചിന്റെ മുഖം പിടിച്ച് ഉയർത്തി നോക്കി...

"അയ്യേ... എന്തിനാ എന്റെ ഫൗസിയാത്ത കരയുന്നെ...? ഈയൊരു ചെറിയ മുറിക്ക് ഇങ്ങനെ ഒക്കെ കരയേണ്ട കാര്യമുണ്ടോ ഉമ്മച്ചി...?"

എന്ന് ഞാൻ ചോദിച്ച് തീർന്നില്ല അപ്പോഴേക്കും ഉമ്മച്ചി എന്നെ കെട്ടിപ്പിടിച്ച് നെറുകയിൽ ഉമ്മ വെച്ചിട്ട് എണീറ്റ് പോയപ്പോ ഉമ്മാക്ക് എന്താ പെട്ടെന്ന് പറ്റിയതെന്ന് ചിന്തിച്ച് നമ്മള് അവിടെ തന്നെ ഇരുന്നു...

എന്നിട്ട് ആ ചില്ലൊക്കെ അവിടന്ന് കൊണ്ട് പോയി കളഞ്ഞിട്ട് ആദിയെന്താ എന്നോട് ഒന്നും പറയാതെ പോയതെന്ന് ചിന്തിച്ചോണ്ട് അവന് വിളിക്കാൻ വേണ്ടി ഫോണെടുത്തു...

★★★★★★★★★★★★★★★★★★★

'ഐഷുവിനെ മറ്റൊരുത്തന് വിട്ട് കൊടുക്കാൻ ഈ ജന്മം എന്നെ കൊണ്ട് കഴിയില്ല... പക്ഷെ അവളെ ഉമ്മാന്റെ ഭാഗത്ത് നിന്ന് ചിന്തിക്കുമ്പോ അവര് പറഞ്ഞതും ശരിയല്ലേ... ഞാൻ കാരണം ഇനിയും ഐഷു വേദനിക്കാൻ പാടില്ലല്ലോ...

എന്റെ ചുറ്റും ശത്രുക്കളാണ്... എന്നാണ് പ്രതികാരം വീട്ടാൻ വേണ്ടി വീണ്ടും എന്റെ മുന്നിലേക്ക് സാലിമും സൽമയും വരികയെന്ന് പറയാൻ പറ്റില്ല... അപ്പോ എന്റെ കൂടെ ഐഷു ഉണ്ടെങ്കിൽ അത് അവളെ ജീവിതത്തെയാണ് ബാധിക്കാ...

പാടില്ല... ഞാൻ കാരണം ഇനിയും എന്റെ ഐഷു

വിഷമിച്ച് കൂടാ... അതോണ്ട് എത്രെയും പെട്ടെന്ന് എനിക്ക് ഇവിടന്ന് പോകണം... ഐഷുവിന്റെ കണ്ണെത്താ ദൂരത്തേക്ക് എനിക്ക് പോയെ പറ്റൂ....

I really miss you aishu.... I love you... നിന്നെ എനിക്ക് വിധിച്ചിട്ടില്ലെന്ന് കരുതി ഇനിയുള്ള കാലം ഞാൻ സമാധാനിച്ചോളാം....'

എന്നൊക്കെ ചിന്തിച്ച് കൊണ്ട് എങ്ങോട്ടെന്നില്ലാതെ എന്റെ യാത്ര തുടർന്നപ്പോഴാണ് എന്റെ ഫോൺ റിങ് ചെയ്തത്... എടുത്ത് നോക്കിയപ്പോ ഐഷു ആയിരുന്നു... അതോണ്ട് തന്നെ ഞാൻ കോൾ മനപ്പൂർവ്വം അറ്റൻഡ് ചെയ്തില്ല... അവസാനം കോൾ കട്ടായതും അവള് വീണ്ടും വീണ്ടും വിളിക്കാൻ തുടങ്ങി...

ഇനിയും ഞാൻ ഈ കോൾ എടുത്തില്ലേൽ ഐഷു ഇനിയും എനിക്ക് വേണ്ടി കാത്തിരുന്ന് അവളെ ജീവിതം പാഴാക്കും... അതോണ്ട് കോൾ എടുക്കാൻ തീരുമാനിച്ചോണ്ട് ഞാൻ ഫോണെടുത്തു...

അപ്പോ അവളെ പേരും അവളെ ചിരിച്ച് കൊണ്ടുള്ള മുഖവും സ്ക്രീനിൽ തെളിഞ്ഞതും മനസ്സിനെ കല്ലാക്കി കൊണ്ട് നമ്മള് കോൾ അറ്റൻഡ് ചെയ്തു...

"ഹലോ.... ആദി... എവിടെ ആയിരുന്നെടാ കോന്താ നീ ഇത്രയും നേരം...? ഞാൻ എത്ര നേരായി വിളിക്കാൻ തുടങ്ങിയിട്ടെന്ന് അറിയോ...?"

ഐഷുവിന്റെ ശബ്ദം എന്റെ കാതിലേക്ക് വന്ന് തുളച്ച് കയറിയപ്പോ അവളോട് എന്ത് പറയണമെന്ന് അറിയാതെ നമ്മള് മൗനത്തെ കൂട്ട് പിടിച്ചു...

"ഹലോ.... ആദി...? ഹലോ.... ഡാ... ആദി... നീയെന്താ ഒന്നും മിണ്ടാത്തെ...?

ഹലോ.... ആദി.... ആദി...."

ഞാൻ ഒന്നും മിണ്ടാത്തത് കണ്ടിട്ട് ഐഷു നന്നായിട്ട് പേടിച്ചിട്ടുണ്ടെന്ന് അവളുടെ ശബ്ദത്തിൽ നിന്ന് തന്നെ എനിക്ക് വ്യക്തമായിരുന്നു... അതോണ്ട് രണ്ടും കൽപ്പിച്ച് അവളോട് പറയാനുള്ളതൊക്കെ ഒറ്റയടിക്ക് ഞാൻ പറഞ്ഞു...

"ഐഷു... ഇനി എനിക്ക് നീ വിളിക്കരുത്... മെസ്സേജ് അയക്കരുത്... എന്നെ ഇനി കാണാനും ശ്രമിക്കരുത്.... നമ്മള് തമ്മിൽ ഇനി ഒരിക്കലും കാണാൻ പാടില്ല... എനിക്ക് ചേർന്ന പെണ്ണല്ല നീ... അത് ഞാൻ തിരിച്ചറിയാൻ ഒരുപാട് വൈകി പോയി... അത് കൊണ്ട് നമുക്ക് പിരിയാം... ഗുഡ് ബൈ...."

എന്ന് പറഞ്ഞ് ഐഷുവിന് പറയാനുള്ളത് കേൾക്കാൻ പോലും കൂട്ടാക്കാതെ ഞാൻ ഫോൺ ഓഫാക്കിയിട്ട് അത് പുറത്തേക്ക് എടുത്ത് എറിഞ്ഞ് കണ്ണടച്ച് ഇരുന്നു... എന്നിട്ട് കാറിന്റെ മാക്സിമം സ്പീഡിൽ വണ്ടി ഓടിച്ചിട്ട് എന്റെ സങ്കടങ്ങളെയൊക്കെ ഞാൻ കരഞ്ഞ് തീർക്കാൻ ശ്രമിച്ചു...

കണ്ണീര് വന്ന് കണ്ണുകളെ മൂടിയപ്പോ എന്റെ കാഴ്ചകളെല്ലാം അവ്യക്തമാകാൻ തുടങ്ങി... ഐഷുവിനോട് അങ്ങനെയൊക്കെ സംസാരിച്ചതിനെ കുറിച്ച് ആലോചിച്ചപ്പോ വീണ്ടും കണ്ണുകൾ നിറഞ്ഞ് കാഴ്ചയെ മറച്ചു...

ഒടുക്കം എതിരെ പാഞ്ഞ് വന്ന ലോറിന്റെ മുന്നിൽ

നിന്നും സ്റ്റിയറിങ്ങ് ഇടത്തോട്ട് തിരിച്ച് വിട്ട് ബ്രേക്ക് ചവിട്ടിയതും നിയന്ത്രണം കിട്ടാതെ കാർ ഒരു മരത്തിൽ ചെന്നിടിച്ചു.... ആ ഇടിയുടെ ആഘാതത്തിൽ എന്റെ തല ചെന്ന് സ്റ്റിയറിങ്ങിൽ അടിച്ചതും എന്റെ കണ്ണുകൾ പതിയെ അടയാൻ തുടങ്ങി....

★★★★★★★★★★★★★★★★★★★★★

ആദി... എന്തിനാ എന്നോട് അങ്ങനെ ഒക്കെ പറഞ്ഞത്..? അവന് എന്താ പറ്റിയെ...? ഇപ്പോ ഇങ്ങനെ ഒക്കെ തോന്നാൻ മാത്രം ഇവിടെ ഇപ്പോ എന്താ ഉണ്ടായേ...? ഞാൻ അവന് ചേർന്ന പെണ്ണല്ല എന്ന് എന്തിനാ അവൻ പറഞ്ഞത്...?

അവനെ ഒരു നോക്ക് കാണാതെയോ സംസാരിക്കാതെയോ എന്നെ കൊണ്ട് ജീവിക്കാൻ കഴിയില്ലെന്ന് അവന് അറിയുന്നതല്ലേ...? പിന്നെ എന്തിനാ ആദി എന്നോട് അങ്ങനെ പറഞ്ഞത്...?

ഇനി എന്നെ പറ്റിക്കാൻ വേണ്ടിയോ മറ്റോ ആണോ

ആദി അങ്ങനെ പറഞ്ഞത്...? പക്ഷെ അവന് ഇപ്പോ അങ്ങനെ ചെയ്യേണ്ട ആവശ്യമെന്താ...?

പടച്ചോനെ... വീണ്ടും വീണ്ടും ഞങ്ങളെ ജീവിതത്തിൽ ഓരോരോ പരീക്ഷണങ്ങൾ കൊണ്ട് വന്നിട്ട് ഞങ്ങളെ പിരിക്കാൻ നോക്കാണോ നീ...?

ഞങ്ങളെ വിഷമിപ്പിച്ചിട്ട് മതിയായില്ലേ നിനക്ക്...?

ആദി എന്തിനാ എന്നോട് അങ്ങനെ ഒക്കെ പറഞ്ഞതെന്ന് എനിക്ക് അറിഞ്ഞേ പറ്റൂ... ഒരുപാട് വർഷങ്ങൾക്ക് ശേഷം ഒരുമിക്കാൻ ലഭിച്ച സന്ദർഭത്തിൽ അവന് പെട്ടെന്ന് ഇങ്ങനെ ഒരു മനം മാറ്റം എങ്ങനെ വന്നെന്ന് എനിക്ക് അറിയണം...'

എന്നൊക്കെ തീരുമാനിച്ച് ഉറപ്പിച്ച് കൊണ്ട് ഞാൻ അവന് വീണ്ടും കോൾ ചെയ്തെങ്കിലും അവന്റെ ഫോൺ സ്വിച്ച് ഓഫ് ആയിരുന്നു... അതെന്നെ കൂടുതൽ ഭ്രാന്ത് പിടിപ്പിക്കുന്ന പോലെ തോന്നി എനിക്ക്... ഞാൻ അപ്പോ തന്നെ എന്റെ ഫോണെടുത്ത് എറിഞ്ഞിട്ട് മുഖം പൊത്തി പിടിച്ച് ആദി പറഞ്ഞതൊക്കെ ചിന്തിച്ച് കൊണ്ട് പൊട്ടിക്കരഞ്ഞു...

എന്നിട്ട് കണ്ണിൽക്കണ്ട സാധനങ്ങൾ ഒക്കെ എറിഞ്ഞ് പൊട്ടിച്ചിട്ട് കരഞ്ഞോണ്ട് വീട്ടിൽ നിന്ന് ഇറങ്ങി ഓടി ഒരു ഓട്ടോ വിളിച്ച് ആദിന്റെ വീട്ടിലേക്ക് ചെന്നു...

അവിടെ അപ്പോ ആദിന്റെ ഉമ്മിയും സെർവെന്റ്സും മാത്രം ഉണ്ടായിരുന്നുള്ളു...

ആദി എവിടെ എന്ന് ചോദിച്ചപ്പോ ആഷിയും അവനും കൂടി പുറത്ത് പോയിട്ട് വന്നിട്ടില്ലെന്ന മറുപടി എനിക്ക് അത്രക്ക് തൃപ്തികരം അല്ലായിരുന്നു... അതോണ്ട് നമ്മള് അവിടെ അധികം നിൽക്കാതെ ഉമ്മിനോട് യാത്ര പറഞ്ഞ് ഇറങ്ങിയതും ആഷി വരുന്നത് കണ്ടു...

അവനോട് ആദിയെ കുറിച്ച് ചോദിച്ചപ്പോ അവന് അറിയില്ല എന്നായിരുന്നു അവന്റെ മറുപടി... അവൻ എന്നോട് തിരിച്ച് ആ ചോദ്യം ചോദിയ്ക്കാൻ നിന്നപ്പോഴേക്കും ഞാൻ അവിടന്ന് ഇറങ്ങി നടന്നിരുന്നു...

കരഞ്ഞ് കലങ്ങിയ കണ്ണുകളുമായി എങ്ങോട്ടെന്നില്ലാതെ ഞാൻ നടന്നു...

പെട്ടെന്ന് എനിക്ക് എതിരെയായിട്ട് ഒരു കാർ വന്ന് നിന്ന് എന്റെ വഴി മറച്ചു... അതിൽ നിന്നും ഫൈസൽക്ക ഇറങ്ങി എന്റെ അടുത്തേക്ക് ഓടി വന്നു...

"ഫെബി... എന്താ നിനക്ക് പറ്റിയെ...? നീയെന്തിനാ കരയുന്നെ...? ആരോടും ഒരു വാക്കും മിണ്ടാതെ നീയെങ്ങോട്ടാ ഇറങ്ങി പോയേ...? ഫെബി.... നിന്റെ ഫോൺ എവിടെ നീയെന്താ വിളിച്ചിട്ട് ഫോൺ എടുക്കാഞ്ഞേ...? ഫെബി...."

ഫൈസൽക്ക എന്റെ കയ്യിൽ പിടിച്ചോണ്ട് എന്നെ കുലുക്കി വിളിച്ചപ്പോ നമ്മള് പതിയെ ഫൈസൽക്കാൻറെ മുഖത്തേക്ക് നോക്കിയിട്ട് പൊട്ടിക്കരഞ്ഞു...

എന്നിട്ട് ആദി വിളിച്ചപ്പോ പറഞ്ഞ കാര്യമൊക്കെ പറഞ്ഞ് നമ്മള് വീണ്ടും കരഞ്ഞപ്പോ ഫൈസൽക്ക എന്നെ സമാധാനിപ്പിച്ചിട്ട് കാറിൽ കയറ്റി വീട്ടിൽ ഇറക്കി വിട്ടു...

ആദി എവിടെ ആണെങ്കിലും എന്റെ മുന്നിൽ കൊണ്ട് വന്ന് നിർത്തി തരുമെന്ന് വാക്ക് തന്നിട്ട് മൂപ്പര് അവിടന്ന്

പോയപ്പോ നമ്മള് അകത്തേക്ക് കയറി... ഉമ്മച്ചി ചോദിക്കുന്നതിനൊന്നും മറുപടി നൽകാതെ ഞാൻ റൂമിലേക്ക് ചെന്നിട്ട് ബെഡിൽ കമിഴ്ന്ന് കിടന്ന് ഒരുപാട് കരഞ്ഞു...

"ഇത്തൂസേ...."

ഷാദി വന്ന് എന്റെ തോളിൽ കൈ വെച്ച് വിളിച്ചപ്പോ നമ്മള് എണീറ്റ് ഇരുന്നിട്ട് കണ്ണ് തുടച്ചു.... എന്നിട്ട് അവന്റെ മുഖത്തേക്ക് നോക്കാതെ താഴേക്ക് നോക്കി നിന്നിട്ട് വീണ്ടും കണ്ണ് നിറച്ചു...

"ഇത്തൂസ് ഇപ്പോ കരയുന്നത് എന്തിനാണെന്ന് എനിക്ക് അറിയാം....

ആദിൽക്കാനെ ഇനി കോൺടാക്ട് ചെയ്യരുതെന്ന് മൂപ്പര് പറഞ്ഞ് കാണുമല്ലേ...?"

ഷാദി പറയുന്നത് കേട്ട് നമ്മള് ഞെട്ടി തിരിഞ്ഞ് അവനെ നോക്കി...

"നിനക്ക്... എങ്ങനെ....?"

"ഹും.... അത് ആദിൽക്കാനെ കൊണ്ട് പറയിപ്പിച്ചത് ആരാണെന്ന് വരെ എനിക്ക് അറിയാം... നമ്മുടെ ഉമ്മയാണ് ആദിൽക്കാനോട് അങ്ങനെ ഒക്കെ ആവശ്യപ്പെട്ടത്...."

ഷാദി പറയുന്നത് കേട്ടതും എന്റെ കണ്ണിലാകെ ഇരുട്ട് കേറുന്ന പോലെ തോന്നി... ഞാൻ മോളിൽ പോയതിന് ശേഷം ഉമ്മച്ചി ആദിന്റെ അടുത്ത് വന്നിട്ട് പറഞ്ഞതൊക്കെ ഷാദി കേട്ടിരുന്നത്രെ...

അപ്പോ ഉമ്മച്ചി അവനോട് പറഞ്ഞതൊക്കെ ഷാദി എന്നോട് പറഞ്ഞപ്പോ എനിക്ക് എന്ത് ചെയ്യണമെന്ന് അറിയാൻ പാടില്ലാത്ത അവസ്ഥ ആയി...

അവൻ പറയുന്നതൊക്കെ ഒരു പ്രതിമ കണക്കെ ഇരുന്ന് കേട്ടിട്ട് അവൻ റൂമീന്ന് ഇറങ്ങി പോയതും വീണ്ടും പൊട്ടിക്കരഞ്ഞു പോയി ഞാൻ...

എന്റെ ഉമ്മച്ചിന്റെ വാക്ക് കേട്ട് ആദി എന്നെ വിട്ട്

പോയെന്ന് എനിക്ക് ഒരിക്കലും വിശ്വസിക്കാൻ കഴിയുന്നില്ല...

'എന്റെ ആദിയെ എനിക്ക് ഇനിയും നഷ്ടപ്പെടുത്താൻ കഴിയില്ല... അവനെ ഓർത്ത് ഞാൻ കരഞ്ഞതും സങ്കടപ്പെട്ടതും ഒക്കെ മതിയായി... അവനെ ഇനി എനിക്ക് കിട്ടിയില്ലെങ്കിൽ തന്നെ ഈ ആയിഷ ഫെബിന്റെ കഴുത്തിൽ മറ്റൊരുത്തന്റെ മഹർ വീഴുമെന്ന് ആരും പ്രതീക്ഷിക്കണ്ട...

എനിക്ക് എന്റെ ആദിയില്ലാത്ത ഒരു ജീവിതം പോലുമില്ല... അവനെ എനിക്ക് ഇപ്പോ കണ്ടേ പറ്റൂ.... അവനോട് എനിക്ക് എല്ലാം തുറന്ന് പറയണം...

ആദി ഇപ്പോഴും വിചാരിച്ചിരിക്കുന്നത് ഫൈസൽക്കയുമായിട്ടുള്ള എന്റെ കല്യാണം നടക്കുമെന്നാണ്.... ഫൈസൽക്കാക്ക് നൂറയെ ഇഷ്ടമാണെന്നും നടക്കാൻ പോകുന്നത് കല്യാണമല്ല ഒരു നടകമാണെന്ന് എനിക്ക് അവനോട് പറയണം... എന്തൊക്കെ പ്രതിസന്ധി വന്നാലും ആരൊക്കെ ഞങ്ങൾക്ക് എതിരെ തിരിഞ്ഞാലും അവരിൽ നിന്നൊക്കെ ആദിന്റെ ഒപ്പം നിന്ന് എല്ലാ പ്രശ്നങ്ങളും നേരിടാൻ ഞാൻ അവന്റെ കൂടെ തന്നെ കാണുമെന്ന്

എനിക്ക് പറയണം....'

നമ്മള് കരഞ്ഞോണ്ട് അങ്ങനെ ഒക്കെ ചിന്തിച്ച് കൂട്ടിയിട്ട് ഷാദിന്റെ കയ്യിൽ നിന്നും ഓന്റെ ഫോൺ വാങ്ങി ആദിക്ക് വിളിച്ചു... പക്ഷെ അവന്റെ ഫോൺ അപ്പോഴും സ്വിച്ച് ഓഫ് ആയിരുന്നു... അത് എന്നെ വീണ്ടും തളർത്തി...

ഒരുപാട് നേരം ട്രൈ ചെയ്തിട്ടും ആദിന്റെ ഫോൺ റിങ് ചെയ്യുന്നത് കാണാഞ്ഞിട്ട് നമ്മള് ആഷിന്റെ ഫോണിലേക്ക് വിളിച്ചു...

"ഹലോ.... ആഷി...."

"ഹാ... ഐഷുത്താ... എന്താ ഷാദിന്റെ ഫോണിൽ നിന്ന് വിളിക്കുന്നെ...?"

"ആഷി.... ആദി അവിടെയുണ്ടോ...?"

"ഇക്കൂസ് ഇതുവരെ വന്നിട്ടില്ല ഐഷുത്ത... ഇങ്ങളെ

വീട്ടിൽ കൊണ്ട് വിട്ടതിന് ശേഷം ഫോൺ വിളിച്ചിട്ടും ഇക്കൂസിനെ കിട്ടുന്നില്ല... ചെലപ്പോ കുറച്ച് കഴിഞ്ഞാൽ വരുമായിരിക്കും... ഇക്കൂസ് വന്നിട്ട് ഞാൻ ഇങ്ങക്ക് വിളിക്കാൻ പറയാം..."

ആഷിക്ക് ഒരു മറുപടിയും നൽകാതെ നമ്മള് ഫോൺ വെച്ചിട്ട് ആദി ഇപ്പോ എവിടെയാകുമെന്ന് ചിന്തിച്ചോണ്ട് പൊട്ടിക്കരഞ്ഞു....

അതിന് ശേഷം ഓരോ നിമിഷവും ആഷി വിളിക്കുന്നതും നോക്കി ഞാൻ ഫോണിലേക്ക് തന്നെ നോക്കി ഇരുന്നു...

ഇടക്ക് ആദിക്ക് വിളിച്ച് നോക്കിയെങ്കിലും അപ്പോഴും ഫോൺ ഓഫായിരുന്നു... എല്ലാം കൊണ്ടും എന്നിൽ ഒരു നിരാശ പിടിപെട്ടു... ഉമ്മച്ചിയോട് ആദിയെ എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല എന്ന് പറയണം എന്നുണ്ട്... പക്ഷെ അത് ആദിയെ ഉമ്മച്ചിന്റെ മുന്നിൽ കൊണ്ട് വന്ന് നിർത്തിയിട്ട് പറയണമെന്നത് എന്റെ വാശിയാണ്...

നേരം ഒരുപാട് വൈകിയിട്ടുണ്ട് ഇപ്പോ... ആഷിക്ക്

വിളിച്ച് നോക്കിയപ്പോഴും അവന്റെ മറുപടി ആദി വന്നിട്ടില്ലെന്ന് ആയിരുന്നു... അന്നത്തെ ദിവസം ഒരുപോള കണ്ണടക്കാതെ ആദിന്റെ കോളും കാത്ത് ഇരുന്നു... ഉമ്മച്ചി ഭക്ഷണം കഴിക്കാൻ വിളിച്ചെങ്കിലും നമ്മളൊന്നും മിണ്ടാതെ റൂമിനകത്ത് തന്നെ വാതിലടച്ച് ഇരുന്നു...

പിറ്റേന്ന് എന്നെ ഉറക്കിൽ നിന്നും ഞെട്ടി എണീപ്പിച്ചത് ആഷിന്റെ കോളായിരുന്നു... ആദി ആയിരിക്കുമെന്ന് കരുതി വളരെ പ്രതീക്ഷയോടെ കോൾ അറ്റൻഡ് ചെയ്തിട്ട് ആദി എന്ന് വിളിച്ചപ്പോ ആഷിയായിരുന്നു അത്...

"ഐഷുത്ത... ഞാൻ ആഷിയാണ്..."

"ആഷി... ആദി വന്നോ...? അവനോട് പറ എനിക്ക് അവനെ കാണണമെന്ന്..."

"അത്... അത് പിന്നെ.... ഐഷുത്ത ഇക്കൂസ് ഇതുവരെ വീട്ടിലേക്ക് വന്നിട്ടില്ല... ഞാൻ എല്ലാവർക്കും വിളിച്ചു

നോക്കി പക്ഷേ ആർക്കും ഇക്കൂസ് എങ്ങോട്ടാ പോയതെന്ന് ഒരു അറിവും ഇല്ല...

ഹലോ... ഐഷുത്ത... ഹെലോ...."

ആഷി പറയുന്നത് കേട്ടപ്പോ തന്നെ എന്റെ കയ്യിൽ നിന്നും ഫോൺ നിലം പതിച്ചിരുന്നു... വീണ്ടും വീണ്ടും ആദി എന്നെ വേദനിപ്പിക്കുകയാണ്... അവന്റെ ഈ അകൽച്ച എന്നെ കൂടുതൽ അസ്വസ്ഥമാക്കി... ഊണും ഉറക്കവുമില്ലാതെ ആരോടും ഒന്നും മിണ്ടാതെ റൂമിനുള്ളിൽ തന്നെ കഴിഞ്ഞ് കൂടി...

ആദി എവിടെ പോയതാണെന്ന് ചിന്തിച്ച് എനിക്ക് എന്ത് ചെയ്യണമെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല ... അറിയാവുന്ന എല്ലാവർക്കും വിളിച്ച് ചോദിച്ച് നോക്കിയെങ്കിലും ആദിയെ കുറിച്ച് ഒരു വിവരവും പിന്നീടുള്ള നാളുകളിൽ എനിക്ക് ലഭിച്ചില്ല...

ഇന്ന് അച്ചായന്റെയും അഖിലയുടെയും കല്യാണമാണ്... ഇന്ന് എങ്കിലും ആദി വരുമെന്ന് എനിക്ക് ഒരു പ്രതീക്ഷ ഉണ്ടായിരുന്നെങ്കിലും എനിക്ക് ആദിയെ കാണാൻ കഴിഞ്ഞില്ല...

അവനെ കുറിച്ച് ഞങ്ങളെ ഫ്രണ്ട്സിനോ ബ്രദേഴ്സിനോ ഒന്നും ഒരു അറിവും ഇല്ലായിരുന്നു....

അവരൊക്കെ അവനെ തിരഞ്ഞ് പലയിടത്തും നടന്നെങ്കിലും അവനെ കുറിച്ച് ഒരു തുമ്പും ലഭിച്ചില്ല... ഓരോ ദിനവും കൊഴിയുന്നതിന് അനുസരിച്ച് എന്റെ നിലയും മോശമാകാൻ തുടങ്ങി...

എന്റെ കോലം കണ്ട് സഹിക്കാൻ കഴിയാതെ വന്നപ്പോ ഉമ്മച്ചി ആദിയെ കണ്ട് സംസാരിക്കാമെന്ന് പറഞ്ഞെങ്കിലും ഞാൻ ഒന്നും മിണ്ടാതെ ഉമ്മച്ചിനെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചു... ഈ വാക്കുകൾ ആദിയോട് അന്ന് പറഞ്ഞിരുന്നെങ്കിൽ എനിക്ക് ഇപ്പോ എന്റെ ആദിയെ നഷ്ടമാകില്ലെന്ന് ഉമ്മാനോട് ഞാൻ പറയാതെ പറയുകയായിരുന്നു ആ ചിരിയിലൂടെ...

ഇന്ന് എന്റെ മൈലാഞ്ചി രാവാണ്.... നാളെ ആദി വന്നാലും ഇല്ലെങ്കിലും ഈ കല്യാണം നടക്കില്ല... ഫൈസൽക്കയും നൂറയുമായിട്ടുള്ള കല്യാണം ഞാൻ എന്ത് വില കൊടുത്തും നടത്തും.... പക്ഷെ, അത് കഴിഞ്ഞാൽ ആ നിമിഷം എല്ലാം തീരും...

ആയിഷ ഫെബി എന്ന ഞാൻ ഈ ലോകത്തോട് എന്നന്നേക്കുമായി വിട പറയും...

ആദിക്ക് വേണ്ടി ഇനിയും എനിക്ക് കാത്തിരിക്കാൻ കഴിയില്ല...

നാളെ അവൻ വന്നില്ലെങ്കിൽ പിന്നീട് ഒരിക്കലും അവൻ വന്നാൽ എന്നെ കാണാൻ കഴിയില്ല... അവനില്ലാതെ എനിക്ക് ഒരു ജീവിതമില്ലായിരുന്നു എന്ന് അവൻ അപ്പോഴെങ്കിലും മനസ്സിലാക്കട്ടെ....

ഇന്ന് വീടാകെ കുടുംബക്കാരെ കൊണ്ട് നിറഞ്ഞ് കവിഞ്ഞിരിക്കാണ്... നാളെ ഓഡിറ്റോറിയത്തിൽ വെച്ചാണ് കല്യാണം... നൂറ, അച്ചൂ, ഹസി, സന, ശാലു പിന്നെ എന്റെ കസിൻസുമൊക്കെ നേരത്തെ എത്തിയിട്ടുണ്ട്....

നൂറാന്റെ മുഖത്ത് ഒരല്പം തെളിച്ചമൊക്കെ ഉണ്ടെങ്കിലും ബാക്കി എല്ലാവരും എന്റെ മുഖത്തെ നിരാശയാണ് ശ്രദ്ധിക്കുന്നത്...

ഞാൻ വിഷമിക്കുന്നത് കാണുമ്പോ അത് അവർക്കും

ഒരുപോലെ വിഷമം ആകും...

ഇന്ന് ഞാൻ വിഷമിക്കാൻ പാടില്ല... ഞാൻ വിഷമിച്ച് നിന്നിട്ട് ഇവരെ മുഖത്തെ സങ്കടവും കാണേണ്ടി വന്നാൽ നാളെ ഞാൻ എങ്ങനെ സമാധാനത്തോടെ പോകും...? അതൊക്കെ ചിന്തിച്ചപ്പോ എനിക്ക് യാതൊരു വിഷമവും ഇല്ലാത്ത പോലെ ഞാൻ അവരെ മുന്നിൽ ആടി തിമിർത്തെങ്കിലും ആരെ മുഖത്തും ഒരു തെളിച്ചവും കണ്ടില്ല...

നമ്മളെ ചങ്ക്സൊക്കെ ആദിയെ കാണാനില്ലെന്ന് പറയുമ്പോഴും അതൊന്നും കേൾക്കാൻ ഞാൻ കൂട്ടാക്കിയില്ല... അവൻ എവിടെ പോയാലും എനിക്ക് എന്താ എന്ന മട്ടിൽ ആയിരുന്നു ഞാൻ എല്ലാവരോടും പെരുമാറിയത്....

ശാലുവും ഹസിയും എനിക്ക് മൈലാഞ്ചിയൊക്കെ ഇട്ട് തന്നപ്പോ അതുപോലെ നൂറക്കും ഇട്ട് കൊടുത്തിരുന്നു... നാളെ നടക്കാൻ പോകുന്നത് അവളെ കല്യാണം അല്ലെ.... എനിക്ക് ഈ മൈലാഞ്ചിയുടെ ഒന്നും ആവശ്യമില്ലല്ലോ....

അങ്ങനെ ആ ദൗത്യം തീർന്നതും ഹസി എന്നോട് കൈ എങ്ങനെയുണ്ടെന്ന് നോക്കിയിട്ട് പറയാൻ പറഞ്ഞു... നമ്മള് ഓൾക്ക് ഒരു പുഞ്ചിരി നൽകി കൊണ്ട് കയ്യിലേക്ക് നോക്കിയപ്പോ ഒരു ലവിനകത്ത് ആദി ഐഷു എന്ന് അവൾ എഴുതി വെച്ചിട്ടുണ്ടായിരുന്നു.... അത് കണ്ടപ്പോ ഞാൻ പരിസരം മറന്ന് കരയാൻ തുടങ്ങി...

അച്ചുവും സനയുമൊക്കെ എന്റെ ചുറ്റും കൂടി നിന്ന് എന്നെ ആശ്വസിപ്പിച്ചിട്ട് എന്നെ റൂമിലേക്ക് കൊണ്ട് പോയി... കരഞ്ഞ് തളർന്ന് എപ്പോഴോ ഞാൻ ഉറങ്ങി പോയിരുന്നു...

പിറ്റേന്ന് ഉമ്മച്ചി വന്ന് വിളിച്ചപ്പോഴാണ് ഞാൻ എണീറ്റത്... വീട്ടിൽ നിന്ന് ഒരുങ്ങിട്ട് ഓഡിറ്റോറിയത്തിലേക്ക് പോകുന്നത് ആയോണ്ട് നമ്മളെ പടകളൊക്കെ നമ്മളെ ഒരുക്കാൻ വേണ്ടി നേരത്തെ വന്നിരുന്നു...

നമ്മള് അവരെയൊക്കെ ഒന്ന് നോക്കി പുഞ്ചിരി തൂകി കൊണ്ട് കുളിച്ച് ഫ്രഷായി നിസ്കരിച്ചിട്ട് ഇന്ന് ആദി

വരണമെന്ന് പടച്ചോനോട് കരഞ്ഞ് പ്രാർത്ഥിച്ചു...

അങ്ങനെ അച്ചൂ ഡിസൈൻ ചെയ്ത ഒരു കാപ്പി ചുവപ്പ് ലെഹങ്കയും ഇട്ട് പൊന്നിൽ കുളിച്ച് ഞാൻ കണ്ണാടിക്ക് മുന്നിൽ നിന്നപോ കണ്ണ് വീണ്ടും നിറയാൻ തുടങ്ങി... പാടില്ല ഇന്ന് ഞാൻ കരയേണ്ട ദിവസമല്ല... എന്റെ സങ്കടം ആരും കാണാൻ പാടില്ല...

ഞാൻ അപ്പോ തന്നെ കണ്ണ് തുടച്ചിട്ട് നമ്മളെ ഫ്രണ്ട്സിന്റെ കൂടെ താഴേക്ക് ഇറങ്ങാൻ നിന്നപ്പോ ആദി എനിക്ക് കയ്യിലണിഞ്ഞ് തന്ന കൈ ചെയിൻ എന്റെ ഡ്രെസ്സിൽ കുരുങ്ങി പിടിച്ചു...

അത് എടുക്കാൻ വേണ്ടി നമ്മള് ഒരുപാട് കിണഞ്ഞ് പരിശ്രമിച്ചെങ്കിലും അത് കിട്ടിയില്ല...

ഒടുക്കം അച്ചൂ വന്ന് എന്റെ ഡ്രെസ്സിൽ നിന്ന് അത് എങ്ങനെയൊക്കെയോ വേർപ്പെടുത്തി തന്നു.... ഇതൊക്കെ വെച്ച് നോക്കുമ്പോ ആദിയെ ഇന്ന് ഞാൻ കാണുമെന്ന് എന്റെ മനസ് എന്നോട് പറയുന്ന പോലെ തോന്നി...

എല്ലാവരും കൂടി ചേർന്ന് എന്നെ പിടിച്ചോണ്ട് താഴേക്ക് ഇറങ്ങിയപ്പോ നമ്മളെ ഉമ്മച്ചിയും ഉപ്പച്ചിയുമൊക്കെ നമ്മളെ നോക്കി കൊണ്ട് താഴെ നിൽപ്പുണ്ടായിരുന്നു...

എന്നെ കണ്ടയുടനെ തന്നെ ഉമ്മച്ചി എന്നെ കെട്ടിപ്പിടിച്ചിട്ട് നെറ്റിയിൽ ഉമ്മ വെച്ചു...

"മോളെ.... അനക്ക് ഈ ഉമ്മാനോട് വെറുപ്പൊന്നും തോന്നല്ലേ... അന്റെ നല്ലതിന് വേണ്ടിയാ ഞാൻ അന്ന് ആദിയോട് അങ്ങനെ ഒക്കെ പറഞ്ഞത്... മോള് അതൊക്കെ മറന്നിട്ട് ഫൈസലിന്റെ കൂടെ ഒരു പുതിയ ജീവിതം നയിക്കണം..."

ഉമ്മച്ചി പറയുന്നത് കേട്ടിട്ട് നമ്മള് നൂറയെ ഒന്ന് തിരിഞ്ഞ് നോക്കി ഉമ്മാനെ നോക്കി ചിരിച്ചു... എന്നിട്ട് ഉപ്പാന്റെ അടുത്തേക്ക് ചെന്നു... ഉപ്പച്ചി എന്നെ കെട്ടിപ്പിടിച്ച് ഉമ്മ വെച്ചപ്പോ അടക്കി വെച്ച സങ്കടങ്ങളുടെ കെട്ടുകളൊക്കെ അഴിയുന്ന പോലെ തോന്നി...

അതോണ്ട് അവരെ നോക്കി ഒന്ന് പുഞ്ചിരി തൂകിയിട്ട്

ഞങ്ങള് എല്ലാവരും കൂടി ഓഡിറ്റോറിയത്തിലേക്ക് പുറപ്പെട്ടു... ഫൈസൽക്ക ഇടക്കിടക്ക് വിളിച്ചിട്ട് ഞങ്ങള് എവിടെ എത്തിയെന്നൊക്കെ നൂറയോട് ചോദിക്കുന്നുണ്ട്....

ഇന്ന് നടക്കാൻ പോകുന്നതിനെ കുറിച്ച് ചിന്തിച്ച് അവര് ഭയങ്കര ടെൻഷനിലാണ്...

ആദി ഇന്ന് വരില്ലേ എന്നാണ് എന്റെ ടെൻഷൻ... അവൻ ഇന്ന് വന്നില്ലെങ്കിൽ പിന്നെ അവനെ എനിക്ക് ഒരിക്കലും കാണാൻ കഴിയില്ല... ഇന്നത്തോടെ എല്ലാത്തിനും ഒരു തീരുമാനം ആകും...

അവൻ എന്നെ സ്നേഹിക്കുന്നത് സത്യമാണെങ്കിൽ ഇന്ന് അവനെ എനിക്ക് പടച്ചോൻ കാണിച്ച് തരും....

നമ്മള് ഓരോന്ന് ചിന്തിച്ച് കണ്ണടച്ച് ഇരുന്നപ്പോഴേക്കും ഞങ്ങള് ഓഡിറ്റോറിയത്തിൽ എത്തിയിരുന്നു... അച്ചുവും സനയും ഹസിയും ശാലുവും ഒക്കെ കൂടി എന്നെ കാറിൽ നിന്നും ഇറക്കിയിട്ട് അകത്തേക്ക് കൂട്ടി കൊണ്ട് പോയി ഒരു റൂമിൽ കൊണ്ടിരുത്തി...

എന്നിട്ട് എനിക്ക് കുടിക്കാൻ വെള്ളമൊക്കെ കൊണ്ട് തന്നെങ്കിലും നമ്മളെ തൊണ്ടയിൽ നിന്ന് ഒന്നും ഇറങ്ങിയില്ല... അതോണ്ട് നമ്മളൊന്നും വേണ്ടെന്ന് പറഞ്ഞ് ഫോണിലേക്ക് നോക്കിയിരുന്നു... ആദി വിളിക്കുന്നതും പ്രതീക്ഷിച്ച് ഇങ്ങനെ നോക്കി ഇരിക്കുന്നത് എനിക്ക് ഇപ്പോ പതിവാണ്... പക്ഷെ അതിന് ശേഷം അവൻ ഒരിക്കൽ പോലും എന്നെ വിളിച്ചിട്ടില്ല....

കുറച്ച് കഴിഞ്ഞപ്പോ എല്ലാവരും കൂടി എന്നെ വലിച്ച് കൊണ്ട് പോയി സ്റ്റേജിൽ നിർത്തിയിട്ട് ഫോട്ടോ എടുക്കാൻ ഒക്കെ തുടങ്ങി.... എന്റെ അവസ്ഥ ഒക്കെ നന്നായിട്ട് മനസ്സിലാക്കുന്ന എന്റെ ഫ്രണ്ട്സൊക്കെ എന്നെ ഒരു നിസ്സഹായാകാവസ്ഥയിൽ നോക്കി നിൽക്കാണ്....

അവരെ നോക്കി ഒക്കെ പുഞ്ചിരി തൂകി കൊണ്ട് ഒരു പാവ കണക്കെ ചിരിച്ച് നിന്നു....

കുറച്ച് കഴിഞ്ഞപ്പോ ഫൈസൽക്കയും കൂട്ടരും ഓഡിറ്റോറിയത്തിലേക്ക് വന്നു... രണ്ട് കൂട്ടരുടെയും കല്യാണം ഒരേ ഓഡിറ്റോറിയത്തിൽ വെച്ചാണ് നടക്കുന്നത്... അതോണ്ട് ഫൈസൽക്ക വന്നപ്പോ

തന്നെ നമ്മളെ ബ്രദേഴ്സ് ഒക്കെ ഫൈസൽക്കാൻറെ അടുത്തേക്ക് പോയി...

കല്യാണ പെണ്ണായി അണിഞ്ഞ് ഒരുങ്ങി നിന്ന നമ്മളെയൊന്ന് നോക്കിയിട്ട് രണ്ട് നല്ല വാക്ക് പറയാതെ നൂറയെ നോക്കി സൈറ്റടിക്കാണ് മൂപ്പര്.... ഞാൻ അവരെ കല്യാണം എങ്ങനെയെങ്കിലും നടത്തി കൊടുക്കുമെന്ന് അവർക്ക് നല്ല ഉറപ്പുണ്ട്...

പക്ഷെ അതിന് എന്റെ മുന്നിലാകെ ഒരു വഴി മാത്രേ ഇപ്പോ ഉള്ളു... ആത്മഹത്യ....

അതെ... ഞാൻ മരിച്ചാലേ ഇവര് തമ്മിൽ ഒന്നിക്കുകയുള്ളൂ... അല്ലെങ്കിൽ പിന്നെ എന്റെ ആദി തിരിച്ച് വരണം... അല്ലാതെ എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല....

വാക്ക് കൊടുത്ത സ്ഥിതിക്ക് എനിക്ക് അത് നിറവേറ്റിയല്ലേ പറ്റൂ....

കുറച്ച് കഴിഞ്ഞപ്പോ ഞങ്ങളെ ഫോട്ടോ എടുക്കലൊക്കെ തീർന്നതും എല്ലാവരും കൂടി

ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചു...

പല വിധത്തിലുള്ള പലതരം വിഭവങ്ങളും ടേബിളിലാകെ നിറഞ്ഞെങ്കിലും എന്റെ വിശപ്പ് അകറ്റാൻ കഴിവുള്ള ഒന്നും തന്നെ അതിൽ ഉണ്ടായിരുന്നില്ല....

എല്ലാവരുടെയും നിർബന്ധം കാരണം എന്തൊക്കെയോ കഴിച്ചെന്ന് വരുത്തി തീർത്ത് ഞാൻ പെട്ടെന്ന് എണീറ്റ് റൂമിലേക്ക് പോയി... ഇനി വെറും അര മണിക്കൂർ മാത്രമേയുള്ളു നിക്കാഹിന്...

നിക്കാഹ് നടക്കുന്നതിന് തൊട്ട് മുമ്പ് വരെ ഞാൻ ആദിക്ക് വേണ്ടി കാത്തിരിക്കും എന്നിട്ടും അവൻ വന്നില്ലെങ്കിൽ.........!!!

ഞാൻ റൂമിലേക്ക് വന്നത് കണ്ടിട്ട് എന്റെ ഫ്രണ്ട്സും കസിൻസും റിലേറ്റീവ്സുമൊക്കെ എന്താ കാര്യമെന്ന് അന്വേഷിച്ച് റൂമിലേക്ക് വന്നപ്പോ തല വേദനയാണെന്ന് പറഞ്ഞ് തടി തപ്പി...

നിക്കാഹിനുള്ള സമയമാകുമ്പോ വന്ന് വിളിക്കാം അതുവരെ റസ്റ്റ് എടുത്തോ എന്ന് പറഞ്ഞ് റിലേറ്റീവ്സൊക്കെ പോയെങ്കിലും നമ്മളെ കസിൻസും

ഫ്രണ്ട്സും അവിടെ തന്നെ തമ്പടിച്ച് നമ്മളെ നോക്കാൻ തുടങ്ങി....

"ഫെബി.... അറിയാൻ പാടില്ലാത്തൊണ്ട് ചോയ്ക്കാ എന്താ നിന്റെ പ്ലാൻ...? ഈ കല്യാണം മുടക്കാൻ എന്ത് വഴിയാ നീ കണ്ടിരിക്കുന്നത്...?" അച്ചുവാണ്.

അവളെ ചോദ്യം കേട്ടപ്പോ ഞാൻ ഒന്ന് പുഞ്ചിരി തൂകി...

"നിന്റെ ചിരി കാണാൻ വേണ്ടിയല്ല ഞങ്ങള് ഇത് ചോദിച്ചത്... പറ എന്താ നിന്റെ പ്ലാൻ... ഞങ്ങള് ആലോചിച്ചിട്ട് ഈ കല്യാണം മുടക്കാൻ ഒരു വഴിയും ഞങ്ങൾക്ക് കിട്ടിയില്ല..." ഹസിയാണ്.

"ആദിൽക്ക വരുമെന്ന് നീ ഇപ്പോഴും കരുതുന്നുണ്ടോ...? ആ പ്രതീക്ഷയിലാണോ നീ ഇരിക്കുന്നത്...?" സനയാണ്.

"ഫെബി നീയിങ്ങനെ ചിരിച്ച് നിന്നിട്ട് ഞങ്ങളെ ടെൻഷൻ അടിപ്പിക്കാതെ നിന്റെ പ്ലാൻ എന്താന്ന് വെച്ചാ പറയ്..."

ശാലുവാണ്.

"നിങ്ങൾക്ക് ഇപ്പോ എന്താ അറിയേണ്ടത്..? എന്റെ പ്ലാൻ എന്താണെന്ന് അല്ലെ...?

കാണാൻ പോകുന്ന പൂരം പറഞ്ഞറിയിക്കണോ മക്കളെ...? അതൊക്കെ കണ്ടറിഞ്ഞാൽ പോരെ...?

പിന്നെ ആദി.... അവൻ വരുമെന്ന് എനിക്ക് ഒരു ചെറിയ പ്രതീക്ഷയുണ്ടായിരുന്നു... നേരം അതിക്രമിക്കുന്നതിന് അനുസരിച്ച് എന്നിൽ ആ പ്രതീക്ഷയും അസ്തമിക്കുന്നുണ്ട്....

ഹാ അതൊക്കെ പോട്ടെ... എന്തായാലും ഇന്ന് ഫൈസൽക്കയും നൂറയും തമ്മിലുള്ള കല്യാണം ഗംഭീരമാക്കണം... മനസ്സിലായല്ലോ..."

നമ്മള് വേഗം അവരിൽ നിന്നും വിഷയം മാറ്റിയിട്ട് നൂറക്ക് ആത്മവിശ്വാസം നൽകി കൊണ്ടിരുന്നു... അപ്പോഴാണ് താഹിന്റെ ഉമ്മ വന്നിട്ട് നിക്കാഹിന് സമയമായെന്ന് പറഞ്ഞത്.... അത് കേട്ടപ്പോ തന്നെ

ആദി വരില്ലെന്ന് എനിക്ക് പൂർണ്ണ ഉറപ്പായി...

"കേട്ടില്ലേ നിങ്ങള്...? നിക്കാഹിന് സമയമായെന്ന്... നിങ്ങളൊക്കെ അങ്ങോട്ട് ചെല്ല് ഞാൻ വാഷ്റൂം പോയിട്ട് വരാം... ചെല്ല്...."

എന്ന് പറഞ്ഞ് അവരെയൊക്കെ അവിടന്ന് ഉന്തി തള്ളി പറഞ്ഞയച്ചിട്ട് ആരും കാണാതെ എന്റെ കർചീഫില് മറച്ച് വെച്ചിരുന്ന ബ്ലൈഡ് പുറത്തെടുത്തു...

എന്നിട്ട് അതിലേക്ക് നോക്കി കൊണ്ട് കണ്ണീര് വാർത്ത് വേഗം ബാത്റൂമിലേക്ക് കയറി....

എന്നിട്ട് ഡോർ ലോക്ക് ചെയ്ത് പൈപ്പ് തുറന്നിട്ടിട്ട് ആദിയുമായി ചിലവഴിച്ച നല്ല നിമിഷങ്ങളൊക്കെ ഓർത്ത് പൊട്ടിക്കരഞ്ഞു.... ഞാൻ ചെയ്യാൻ പോകുന്ന ഈ പ്രവർത്തി മൂലം സങ്കടപ്പെടുന്നവരോടൊക്കെ ഒരായിരം തവണ സോറി പറഞ്ഞ് കൊണ്ട് നമ്മള് പതിയെ ബ്ലൈഡ് എന്റെ കയ്യിന്റെ ലക്ഷ്യമാക്കി അടുപ്പിച്ച് കൊണ്ട് വന്നു...

എന്റെ കയ്യിൽ ആ ബ്ലൈഡ് തട്ടിയ അപ്പൊ തന്നെ ഫോൺ റിങ് ചെയ്യുന്ന ശബ്ദം കേട്ടതും നമ്മള് ബ്ലൈഡ് അവിടെ ഇട്ടിട്ട് ഡോർ തുറന്ന് ബെഡിൽ കിടക്കുന്ന ഫോണിന്റെ അടുത്തേക്ക് ഓടി ചെന്നു...

ഫോൺ എടുത്ത് നോക്കിയപ്പോ unknown നമ്പറായിരുന്നു... ആദിയാകുമെന്ന് എന്റെ മനസ്സിനോട് ഞാൻ തന്നെ പറഞ്ഞ് പഠിപ്പിച്ചിട്ട് നമ്മള് ചിരിച്ചോണ്ട് കോൾ അറ്റൻഡ് ചെയ്തു...

"ഹലോ... ആദി... ആദി...നീയെവിടെയാ... ഹലോ..."

അപ്പുറത്ത് നിന്നും പല്ലി ചിലക്കുന്ന പോലെയൊരു ശബ്ദം കേട്ടതും ഞാൻ ഒന്നൂടെ ഫോണിലേക്ക് നോക്കിയിട്ട് ഫോൺ കാതോട് അടുപ്പിച്ചു...

"ഹലോ.... ഇതാരാ...? ആദി...."

"ഞാൻ ആദിയല്ലല്ലോ ആയിഷ ഫെബി...."

ആ ശബ്ദം കേട്ടതും ഞാൻ ഞെട്ടി തരിച്ച് നിന്നു....

"സൽ.... സൽമ നീ...."

"ഹ...ഹ...ഹ... യെസ്... ഞാൻ തന്നെ സൽമ.... അപ്പോ വേണമേ മറന്നിട്ടില്ലല്ലേ... ഭാഗ്യം.... ഇന്ന് നിന്റെ വിവാഹമാണെന്ന് കേട്ടു.... കൺഗ്രാറ്റ്സ്.... നേരിട്ട് വന്ന് വിഷ് ചെയ്യണമെന്ന് ഉണ്ടായിരുന്നു പക്ഷെ ടൈം ഇല്ലെന്നെ....."

ഒരു പരിഹാസത്തോടെയുള്ള അവളെ മറുപടി കേട്ടപ്പോ എനിക്ക് ദേഷ്യവും സങ്കടവും ഒക്കെ കൂടി ഒരുമിച്ച് വന്നു...

"സൽമ... നിനക്ക് ഇപ്പോ എന്താ വേണ്ടത്...? എന്തിനാ എനിക്ക് ഇപ്പോ വിളിച്ചത്...?"

"ഇതാണ്... ഇതാണ് ആയിഷ ഫെബി... ഞാൻ എന്തിനാ വിളിച്ചതെന്ന് നന്നായിട്ട് മനസ്സിലാക്കുന്നത് നീ

മാത്രമാണ്... എനിക്ക് അന്നും ഇന്നും നിന്നോട് ഒരു ഉത്തരം മാത്രേ പറയാനുള്ളു... എനിക്ക് എന്റെ ആദിയെ വേണം....

എനിക്ക് അറിയാം അവൻ ഇപ്പോ അവിടെ ഇല്ലെന്ന്... ഇനി അഥവാ ഉണ്ടെങ്കിലും ഇല്ലെങ്കിലും നീയെനിക്ക് അവനെ തരില്ലെന്നും അറിയാം... അതോണ്ട് അവനെ ഞാൻ അങ്ങ് പൊക്കി.... അവൻ ഇപ്പോ എന്റെ കസ്റ്റഡിയിലുണ്ട്...."

സൽമ പറയുന്നത് കേട്ടതും എന്റെ ശ്വാസം നിലച്ച് പോകുന്ന പോലെ എനിക്ക് തോന്നി... എന്റെ നാക്ക് ചാലിക്കാതെയായി... അവളോട് എന്ത് പറയുമെന്ന് അറിയാതെ ഒരുതരം മരവിച്ച അവസ്ഥ....

അപ്പോ തന്നെ റൂമിലേക്ക് നമ്മളെ ഫ്രണ്ട്സ് കയറി വന്നിട്ട് നമ്മളെ നിൽപ്പ് കണ്ടിട്ട് നമ്മളെ കയ്യീന്ന് ഫോൺ വാങ്ങി സ്പീക്കറിലിട്ടു....

"ഹലോ... എന്താടി നിന്റെ ശബ്ദം ഒകെ എങ്ങോട്ട്

പോയി.... ആദി എന്റെ കൂടെയുണ്ടെന്ന് കേട്ടപ്പോ നിന്റെ കാറ്റ് പോയോ...?"

അത് കേട്ടതും അവരൊക്കെ ഞെട്ടി തരിച്ച് നമ്മളെ നോക്കി...

"പേടിക്കണ്ടാ നിന്റെ ആദിയെ ഞാൻ ഒന്നും ചെയ്യില്ല... എനിക്ക് ഇപ്പോ വേണ്ടത് ഇവനെയല്ല നിന്നെയാ.... അതോണ്ട് 15 മിനിറ്റ്...അതിനുള്ളിൽ നീ ഒറ്റക്ക് നമ്മളെ പഴയ കോളേജിലെ ലൈബ്രറിയിലേക്ക് വരണം... ഇല്ലെങ്കിൽ ചിലപ്പോ ഇവനെ ഞാൻ വല്ലതും ചെയ്ത് പോകും...."

"നോ.......... നോ സൽമ.... ഞാൻ വരാം... എന്റെ ആദിയെ ഒന്നും ചെയ്യരുത്..."

"ഏയ്.... ഞാൻ അങ്ങനെ ചെയ്യോ.... അതും എന്റെ ആദിയെ.... നോ..... എനിക്ക് വേണ്ടത് നിന്നെയാണെന്ന് ഞാൻ പറഞ്ഞല്ലോ... അതോണ്ട് എനിക്ക് നിന്നെ മാത്രം മതി.... ദേ സംസാരിച്ച് നില്ക്കാൻ അധികം

സമയമില്ല... വേഗം പുറപ്പെടാൻ നോക്ക്...."

"ഹലോ... സൽമ... ഹലോ...."

അപ്പോഴേക്കും അവള് ഫോൺ കട്ടാക്കിയിരുന്നു.... നമ്മള് കരഞ്ഞോണ്ട് നമ്മളെ ഫ്രണ്ട്സിനെ നോക്കിയപ്പോ അവര് എന്നോട് വേഗം അവിടന്ന് കോളേജിലേക്ക് ചെല്ലാൻ പറഞ്ഞു....

"കാക്കുവിന് വല്ലതും സംഭവിക്കുന്നതിന് മുൻപ് നീ വേഗം കോളേജിലേക്ക് ചെല്ലാൻ നോക്ക് ഫെബി... എല്ലാം നഷ്ടപ്പെട്ട് നിൽക്കുന്നവളാ അവള്... അവൾക്ക് ഇനി മുന്നും പിന്നും ഒന്നും നോക്കാനില്ല... അതോണ്ട് ഇനി വൈകിപ്പിക്കണ്ട നീ ചെല്ല്..."

എന്ന് പറഞ്ഞ് അച്ചൂ എനിക്ക് ഓളെ കാറിന്റെ കീ തന്നു... അപ്പോ തന്നെ ശാലു വിളിച്ചിട്ട് നമ്മളെ അടുത്തേക്ക് ബ്രദേഴ്സ് ഒക്കെ ഓടിയെത്തിയിരുന്നു... നിക്കാഹ് നടക്കാനിരിക്കെ ഫൈസൽക്ക ടോയ്ലറ്റിൽ പോകണമെന്ന് പറഞ്ഞ് മുങ്ങിയിട്ട് ഞങ്ങളെ

അടുത്തേക്ക് വന്നു...

കല്യാണം ഈ പേരും പറഞ്ഞ് മുടക്കാലോ എന്ന് സന്തോഷിച്ച് കൊണ്ട് ഫൈസൽക്ക പറയുന്നത് കേട്ടപ്പോ ഞങ്ങളൊക്കെ മൂപ്പരെ തുറിച്ച് നോക്കി... അത് കണ്ടിട്ട് മൂപ്പര് സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊണ്ട് സോറി പറഞ്ഞു...

എന്നെ ആദ്യം പറഞ്ഞയച്ചിട്ട് കുറച്ച് കഴിഞ്ഞ് നമ്മളെ പിറകെ വരാനാണ് നമ്മളെ ബ്രദേഴ്സിന്റെ പ്ലാൻ... അവരൊക്കെ ആദിക്ക് ഒന്നും സംഭവിക്കില്ലെന്ന് പറഞ്ഞ് നമ്മക്ക് ധൈര്യം പകർന്ന് തന്നിട്ട് നമ്മളോട് പോകാൻ പറഞ്ഞു....

അപ്പോ തന്നെ നമ്മളെ തേടി കൊണ്ട് ഓരോരുത്തർ വരാൻ തുടങ്ങിയതും നമ്മളെ ബ്രദേഴ്സിന്റെ ഒക്കെ സഹായത്തോടെ നമ്മള് ഓഡിറ്റോറിയത്തിന്റെ പിറക് വശത്തൂടെയുള്ള സ്റ്റെയർ ഇറങ്ങി താഴേക്ക് ചെന്നു....

നമ്മള് അവിടെ എത്തിയപ്പോ അവിടെ ഒന്നും ഒരൊറ്റ

മനുഷ്യ കുഞ്ഞ് പോലും ഇല്ലായിരുന്നു... നമ്മള് വേഗം അവിടന്ന് പുറത്തേക്കിറങ്ങി പിറക് വശത്തൂടെ പാർക്കിങ് ഏരിയയിലേക്ക് ചെല്ലാൻ നിന്നതും പെട്ടെന്ന് നമ്മളെ ആരോ പിടിച്ച് വലിച്ച് സ്റ്റോറുമിലേക്ക് തള്ളിയിട്ടു....

ആ ഇരുട്ട് മുറിയിൽ അകപ്പെട്ടതും നമ്മളെ ആരാ ഈ റൂമിലേക്ക് തള്ളിയിട്ടതെന്ന് അറിയാൻ വേണ്ടി തിരിഞ്ഞ് നോക്കി... അപ്പോ തന്നെ ആ റൂമിലെ വാതിൽ കൊട്ടിയടഞ്ഞു.... ജനൽ പാളികൾക്കിടയിലൂടെ വരുന്ന ഒരു നേരിയ വെളിച്ചത്തിൽ എന്റെ അടുത്തേക്ക് ഒരു നിഴൽ നടന്നടുത്തു....

ആ നിഴൽ രൂപം കണ്ടതും എന്റെ ശ്വാസത്തിന്റെ വേഗത കൂടി കൂടി വന്നു... എന്നെ പതിയെ ഭയം കീഴടക്കാൻ തുടങ്ങി... അന്ന് ദുബായിൽ വെച്ച് സൽമയോട് സംസാരിച്ചിരുന്ന അതേ നിഴൽ... ഇന്നിതാ എന്റെ മുന്നിൽ....

ഇരുട്ടിൽ നിന്നും വെളിച്ചത്തേക്ക് ആ രൂപം

നടന്നടുക്കാൻ തുടങ്ങുന്നതിന് അനുസരിച്ച് വീണ് കിടക്കുന്നിടത്ത് നിന്ന് ഞാൻ പിന്നോട്ട് നീങ്ങി... പതിയെ ആ രൂപം വെളിച്ചത്തേക്ക് വന്ന് നിന്ന് എന്നെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചതും ആ മുഖം കണ്ട് ഞാൻ ആകെ മരവിച്ചു പോയി....

(തുടരും)

ഭാഗം.127

ഇരുട്ടിൽ നിന്നും വെളിച്ചത്തേക്ക് ആ രൂപം നടന്നടുക്കാൻ തുടങ്ങുന്നതിന് അനുസരിച്ച് വീണ് കിടക്കുന്നിടത്ത് നിന്ന് ഞാൻ പിന്നോട്ട് നീങ്ങി... പതിയെ ആ രൂപം വെളിച്ചത്തേക്ക് വന്ന് നിന്ന് എന്നെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചതും ആ മുഖം കണ്ട് ഞാൻ ആകെ മരവിച്ചു പോയി....

അയാളെന്റെ അടുത്തേക്ക് വന്ന് മുട്ടുകുത്തി ഇരുന്നിട്ട്

ഒരു വശ്യമായ ചിരിയോടെ എന്നെ തന്നെ നോക്കി ഇരുന്നു... എന്നിട്ട് അയാള് എന്റെ നേരെ കൈ നീട്ടി കൊണ്ട് എന്റെ മുടിയിഴകൾ പിന്നിലേക്ക് നീക്കിയപ്പോഴും ഞാൻ ഷോക്കടിച്ച പോലെ അയാളെ തന്നെ നോക്കി ഇരിക്കായിരുന്നു...

"എന്ത് പറ്റി ഫെബി....? ഞാൻ എന്താ ഇവിടെ എന്നാണോ നീ ചിന്തിക്കുന്നെ...?

ഇന്ന് നമ്മുടെ വിവാഹമല്ലേ അപ്പോ പിന്നെ ഞാൻ നിന്റെ കൂടെ തന്നെ വേണ്ടേ...?"

"ഫൈ... ഫൈസൽക്കാ... ഇങ്ങള്... ഇങ്ങള് ഇതെന്തൊക്കെയാ പറയുന്നെ...?"

"ഓ.... അപ്പോ ഞാൻ ഇതുവരെ പറഞ്ഞതൊന്നും നിനക്ക് മനസ്സിലായില്ലേ..?

ഹ... ഹ... ഹ... ഇന്ന് നമ്മുടെ വിവാഹമാണെന്ന്.... അതോണ്ട് നീയിന്ന് എങ്ങോട്ടും പോണില്ല... മര്യാദക്ക് നല്ല കുട്ടിയായിട്ട് ഈ കണ്ണൊക്കെ തുടച്ച് ഒന്നും

സംഭവിക്കാത്ത പോലെ ഹാളിലേക്ക് ചെല്ലേന്റെ ഫെബി...."

എന്ന് പറഞ്ഞ് കൊഞ്ചി കൊണ്ട് ഫൈസൽക്ക എന്റെ താടിയിൽ കൈ വെച്ചപ്പോ ഞാൻ കൈ തട്ടി മാറ്റി കൊണ്ട് ഫൈസൽക്കാനെ പിടിച്ച് തള്ളി....

"യു ചീറ്റ്...."

"ഹ... ഹ.... ഹ.... എസ്.... ചീറ്റ്... ചീറ്റ് ചെയ്യായിരുന്നു ഞാൻ.....

എല്ലാവരെയും.... ഹ...ഹ...ഹ...

ആദ്യം ആരെയ ചീറ്റ് ചെയ്തതെന്ന് അറിയോ നിനക്ക്...?

ഞാനുമായിട്ട് നിക്കാഹ് നടക്കുമെന്ന് സ്വപ്നം കാണുന്ന ആ പാവം പിടിച്ച പെണ്ണ് നൂറയെ....

ഹ.....ഹ......ഹ.....ഹ......."

ഫൈസൽക്ക അതും പറഞ്ഞ് ഒരു സൈക്കോയെ പോലെ അവിടെ കിടന്ന് ചിരിക്കുന്നത് കണ്ടപ്പോ

എനിക്ക് പേടിയാകാൻ തുടങ്ങി... നൂറയെ സ്നേഹം കാണിച്ച് ചീറ്റ് ചെയ്യായിരുന്നെന്ന് ഫൈസൽക്ക പറഞ്ഞപ്പോ എനിക്ക് വിശ്വസിക്കാൻ പോലും കഴിഞ്ഞില്ല...

"എന്തിന്....? എന്തിന് വേണ്ടിയായിരുന്നു നല്ലവനെ പോലെ ഞങ്ങളെ മുന്നിൽ അഭിനയിച്ചിട്ട് ആ പാവം പെണ്ണിന് ആശ കൊടുത്തത്....? പറ.... എന്തിനായിരുന്നു...?"

നമ്മളെ ചോദ്യം കേട്ടതും ഫൈസൽക്ക അവിടന്ന് പെട്ടെന്ന് മുട്ടുകുത്തി കൊണ്ട് എന്റെ അടുത്തേക്ക് നടന്ന് വന്നിട്ട് എന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു...

"നിനക്ക് വേണ്ടി.... നിന്നെ എനിക്ക് കിട്ടാൻ വേണ്ടിയാ ഞാൻ ഈ കണ്ട നാടകമെല്ലാം കളിച്ചത്...."

അതും പറഞ്ഞ് അയാള് പിന്നിലേക്ക് നീങ്ങി ഒരു കൈ കാൽമുട്ടിൽ കയറ്റി വെച്ചിട്ട് തല തടവി കൊണ്ട് ഒരു ഭ്രാന്തനെ പോലെ അവൻ അട്ടഹസിച്ചു....

അയാള് പറയുന്നതൊക്കെ കേട്ടപ്പോ എനിക്ക് എന്ത് പറയണമെന്നോ ചെയ്യണമെന്നോ അറിയാൻ പാടില്ലാത്ത അവസ്ഥയായി...

അയാളെ കൊലചിരി കണ്ടിട്ട് എന്റെ കയ്യും കാലും തളരുന്ന പോലെ തോന്നി...

പെട്ടെന്ന് അവൻ ചിരി നിർത്തിയിട്ട് എന്നെ രൂക്ഷമായി നോക്കി കൊണ്ട് അടുത്തേക്ക് വേഗത്തിൽ നീങ്ങി വന്നു...

"എനിക്ക് നിന്നെ എന്ത് ഇഷ്ടമാണെന്ന് അറിയോ നിനക്ക്...? അറിയോ....?"

എന്ന് ചോദിച്ചോണ്ട് എന്റെ രണ്ട് കൈകളിലും പിടിച്ച് എന്നെ കുലുക്കിയപ്പോ നമ്മള് ഞെട്ടി തരിച്ച് നോക്കി ഇരിക്കായിരുന്നു അയാളെ... അയാള് അതും ചോദിച്ചോണ്ട് എന്റെ കയ്യിൽ നിന്നും വിട്ടിട്ട് നിലത്തേക്ക് നോക്കി ഇരുന്നു....

"നിനക്ക് അറിയില്ല ഫെബി എനിക്ക് നിന്നെ എത്ര മാത്രം

ഇഷ്ടമാണെന്ന്.....

നീ... നീയെന്റെ ദേ ഇവിടെ... ഇവിടെ കയറി കൂടിയിട്ട് 8 വർഷമായി... അറിയോ നിനക്ക്...?"

ഫൈസൽക്ക നെഞ്ചിൽ കൈ വെച്ച് കൊണ്ട് ഭ്രാന്തനെ പോലെ പറയുന്ന ഓരോന്നും കേട്ടപ്പോ എന്റെ തല കറങ്ങുന്ന പോലെ തോന്നി... കണ്ണ് നിറഞ്ഞു ഒഴുകി കൊണ്ടിരുന്നു....

"നിന്നെ എനിക്ക് ഇഷ്ടമാണെന്ന് തിരിച്ചറിഞ്ഞ നാള് തൊട്ടേ ഞാൻ തീരുമാനിച്ചതാ നീയെന്റെ പെണ്ണാണെന്ന്...

നിന്നെ ആർക്കും വിട്ട് കൊടുക്കാൻ ഞാൻ പണ്ടേ തയ്യാറല്ലായിരുന്നു...

നിനക്ക് വേണ്ടി.... നിന്നെ എനിക്ക് കിട്ടാൻ വേണ്ടി.... എന്റെ ഈ കൈ കൊണ്ട് ഞാൻ എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് അറിയോ നിനക്ക്...? അറിയോ...?

പല തവണ നിന്നോട് ഞാൻ എന്റെ ഇഷ്ടം തുറന്ന് പറയാൻ ശ്രമിച്ചിട്ടുണ്ട്... പക്ഷെ അപ്പോഴൊക്കെ അത് നിന്നോട് എങ്ങനെ പറയുമെന്ന് ചിന്തിക്കുമ്പോ ധൈര്യം കിട്ടാറില്ല...

ഒടുവിൽ ആ ഇഷ്ടം നിന്നോട് പറയണമെന്ന് തീരുമാനിച്ച് ഉറപ്പിച്ച് ഞാൻ താഹിന്റെ കൂടെ നിന്നെ കാണാൻ വന്നപ്പോഴാണ് നമുക്കിടയിലേക്ക് മറ്റൊരുത്തൻ കടന്ന് വന്നത്.....

സമീർ......"

ഫൈസൽക്ക സമീർക്കാൻറെ പേര് പറഞ്ഞതും എന്റെ ഉള്ളിൽ വീണ്ടും ഭീതി പടർന്നു.... ഫൈസൽക്ക പറയുന്ന ഓരോന്നും ഒരു പ്രതിമ കണക്കെ ഞാൻ കേട്ടിരുന്നു....

"അവൻ.... അവനാണ് നിന്നെ എന്റെ കയ്യിൽ നിന്നും തട്ടിയെടുക്കാൻ ശ്രമിച്ചത്... അന്ന് താഹി നിന്റെ കയ്യിൽ കേറി പിടിച്ചതിന് അവൻ താഹിയെ ചവിട്ടിയത് കണ്ടപ്പോ തന്നെ എനിക്ക് മനസ്സിലായതാണ് അവന് നിന്നോട് ഉള്ള ഇഷ്ടം.....

പക്ഷെ അതിനേക്കാളേറെ ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ടായിരുന്നു ഫെബി.... അതാ ഞാൻ അവൻ ചാകാൻ വേണ്ടി അവന്റെ വണ്ടിന്റെ ബ്രേക്ക് അഴിച്ച് മാറ്റിയത്...."

ഫൈസൽക്ക പറയുന്നത് കേട്ടതും ഞാൻ ഞെട്ടി തരിച്ച് അയാളെ നോക്കി...

"പക്ഷെ.... അവൻ ചത്തില്ല....

ആ സാരമില്ല പോട്ടെ ഇനി അവൻ നമുക്ക് ഇടയിലേക്ക് വരില്ലെന്ന് കരുതി ഞാൻ നല്ല സമാധാനത്തോടെ ദുബായിലേക്ക് പോയി നോക്കുമ്പോ ദേ വരുന്നു നിന്റെ തന്തപ്പടിന്റെ കോൾ....

നിന്റെ കല്യാണം സമീറുമായിട്ട് ഫിക്സ് ചെയ്തു നാളെ എങ്കേജ്മെന്റാണെന്ന് പറഞ്ഞിട്ട്.....

എങ്ങനെ ഉണ്ടാകും എനിക്ക്....? പറ.... ഭ്രാന്ത് പിടിക്കില്ലേ....? അവനെ കൊല്ലണമെന്ന് തോന്നില്ലേ....? എന്ത് വില കൊടുത്തും നിന്നെ സ്വന്തമാക്കണമെന്ന്

തോന്നില്ലേ....?

അതേ ഞാനും ചെയ്തുള്ളൂ....

ആരും അറിയാതെ രണ്ട് ദിവസത്തിന് വേണ്ടി നാട്ടിലേക്ക് വണ്ടി കേറി അവനെ തീർത്തിട്ട് തിരിച്ച് പോകാൻ ആയിരുന്നു എന്റെ പ്ലാൻ... അതിന് മുമ്പ് നിന്നെ ഒരു നോക്ക് കാണണമെന്ന് തോന്നി...

അതിന് വേണ്ടി അന്ന് ദിയന്റെ എങ്കേജ്മെന്റിന്റെ രാത്രി നീ അവിടെ ഉണ്ടെന്ന വിവരം അറിഞ്ഞ് മതില് ചാടി വന്നപ്പോ നീയും ദിയയും കൂടി പുറത്തേക്ക് പോകുന്നതാണ് ഞാൻ കണ്ടത്...

നിങ്ങള് എങ്ങോട്ടാകും ആ രാത്രിയെന്ന് ചിന്തിച്ച് കൊണ്ട് നിങ്ങളെ ഫോളോ ചെയ്തപ്പോഴാണ് സമീറിന്റെ കൂടെ കാറിൽ കയറി ബീച്ചിലേക്ക് നിങ്ങള് പോയത്....

നിങ്ങള് അറിയാതെ നിങ്ങളെ പിന്തുടർന്ന് ഞാൻ അവിടെ എത്തിയപ്പോ നീയും അവനും കൂടി ഒരുമിച്ച് കൈകോർത്ത് കൊണ്ട് ബീച്ചിലൂടെ നടക്കുന്ന

കാഴ്ചയാണ് ഞാൻ കണ്ടത്....

അപ്പോ... അപ്പോ എനിക്ക് നിന്നെ കൊല്ലാനാ തോന്നിയത്...."

എന്ന് പറഞ്ഞ് അയാളെന്റെ കഴുത്തിൽ പിടി മുറുക്കിയപ്പോ ഞാൻ ഒരിറ്റ് ശ്വാസത്തിന് വേണ്ടി അയാളെ കയ്യിൽ കിടന്ന് പിടഞ്ഞു...

"സോറി... സോറി... സോറി ഫെബി.... ഞാൻ നിന്നെ വേദനിപ്പിക്കാൻ വേണ്ടി ചെയ്തതല്ല... നിനക്ക് വേദനിച്ചോ.... സോറി...."

എന്ന് പറഞ്ഞ് എന്റെ കഴുത്തിൽ നിന്ന് കൈ പിൻവലിച്ച് അയാള് സ്വയം അയാളെ മുഖത്തേക്ക് അടിച്ചപ്പോ നമ്മള് കഴുത്തിൽ കൈ വെച്ച് ഒരുപാട് ചുമച്ചു....

"എനിക്ക് നിന്നെ കൊല്ലാൻ പറ്റില്ല ഫെബി... എന്നെ

കൊണ്ട് അതിന് കഴിയില്ല.... അതാ അവനെ കൊല്ലാമെന്ന് കരുതിയത്... കാരണം നമുക്കിടയിലേക്ക് വന്നിട്ട് എന്റെ അടുത്ത് നിന്നും നിന്നെ പിരിച്ചത് അവനാണ്.... അപ്പോ ഞാൻ അവനെ അല്ലെ കൊല്ലേണ്ടത്...?

അതിന് വേണ്ടി പിറ്റേന്ന് ഒരു നിഴല് പോലെ അവന്റെ പിന്നാലെ തന്നെ ഞാൻ ഉണ്ടായിരുന്നു... ശരിയായ സന്ദർഭം വരുമ്പോ അവനെ തീർത്ത് കളയണമെന്ന് ചിന്തിച്ച് നിൽക്കുമ്പോഴാണ് ഞാൻ ആഗ്രഹിച്ചത് പോലെ തന്നെ അവന്റെ ബൈക്ക് ആക്സിഡന്റായത്... അതും എന്റെ കണ്മുന്നിൽ വെച്ച്....

എന്റെ കൈ കൊണ്ട് തീർക്കണമെന്ന് കരുതിയപ്പോ അവന്റെ ചോര പോലും എന്റെ കയ്യിൽ പതിപ്പിക്കാതെ പടച്ചോൻ ആ കർമ്മമങ്ങ് ഭംഗിയായി ചെയ്തു....

പക്ഷെ അവിടം കൊണ്ടും ഒന്നും അവസാനിച്ചില്ല... അവൻ ചത്തിട്ടില്ല അവൻ ജീവനോടെയുണ്ടെന്ന് ഹോസ്പിറ്റലിൽ എത്തിയപ്പോ എനിക്ക് അറിയാൻ സാധിച്ചതും എന്ത് വില കൊടുത്തും അവനെ

തീർക്കാൻ ഞാൻ തീരുമാനിച്ചു....

അതിന് വേണ്ടി ഹോസ്പിറ്റലിൽ ഒരു കംബോണ്ടറെ വേഷത്തിൽ നുഴഞ്ഞ് കേറിയപ്പോഴാ നമുക്ക് മുന്നേ ആ വിധി നടപ്പിലാക്കാൻ മറ്റു ചിലര് കൂടി അവിടെ ഉണ്ടെന്ന് മനസ്സിലായത്....

ഹ....ഹ....ഹ..... അത് അറിഞ്ഞപ്പോ എനിക്ക് ഉണ്ടായ സന്തോഷം.... അത് എത്രത്തോളം ആണെന്ന് അറിയോ ഫെബി നിനക്ക്....

എന്റെ ശത്രുവിനെ എന്റെ കൈ തൊടാതെ തന്നെ ഞാൻ ആഗ്രഹിച്ച പോലെ അവന്റെ ജീവൻ പറിച്ച് കളഞ്ഞിരിക്കുന്നു....

ഹ.....ഹ......ഹ......."

അയാള് പറയുന്നത് കേട്ടപ്പോ എന്റെ ശരീരമാകെ മരവിച്ച അവസ്ഥയായി... എന്റെ ശ്വാസം നിലച്ച് പോയ പോലെ തോന്നി പോയി എനിക്ക്.... എന്റെ സമീർക്കാനെ കൊല്ലാൻ വേണ്ടി ഫൈസൽക്ക പിന്നാലെ തന്നെ ഉണ്ടായിരുന്നെന്ന് എനിക്ക്

വിശ്വസിക്കാൻ കഴിയുന്നില്ല....

"അവന്റെ മരണം... അല്ല കൊലപാതകം... അത് കഴിഞ്ഞപ്പോ നീ ഫ്രീയായി നിന്നെ ഇനി മറ്റാർക്കും എന്റെ കയ്യിൽ നിന്നും തട്ടിയെടുക്കാൻ കഴിയില്ലെന്ന് ഞാൻ വിശ്വസിച്ചു.... അവന്റെ വേർപാടിൽ മനം നൊന്ത് കഴിയുന്ന നിന്നെ പഴയ പോലെ മാറ്റിയെടുക്കാൻ വേണ്ടി എല്ലാവരും പരിശ്രമിക്കുമ്പോ ഞാനും കാത്തിരിക്കായിരുന്നു അങ്ങനെ ഒരു നിമിഷത്തിന് വേണ്ടി.... നിന്നെ സ്വന്തമാക്കാൻ....

പക്ഷെ അത് ഞാൻ ചെയ്ത ഏറ്റവും വലിയ തെറ്റായിരുന്നെന്ന് എനിക്ക് മനസ്സിലായി... നിന്നെ ഞാൻ അന്ന് തന്നെ എന്ത് വില കൊടുത്തും സ്വന്തമാക്കണമായിരുന്നു... അങ്ങനെ ചെയ്തിരുന്നേൽ നമുക്കിടയിലേക്ക് ആ ആദി ഒരിക്കലും കടന്ന് വന്നിട്ടുണ്ടാകില്ല....

നീ കോളേജിൽ പോകാൻ തുടങ്ങിയത് മുതൽ പഴയ ഫെബിയായി മാറി കഴിഞ്ഞെന്ന് മനസ്സിലായപ്പോ നിന്നെ കാണാൻ വേണ്ടി ഞാൻ കോളേജിലേക്ക്

വന്നിരുന്നു... നിന്റെ പിറകെ ഒരു നിഴലായി ഞാൻ കൂടെ തന്നെ ഉണ്ടായിരുന്നത് കൊണ്ട് നിന്റെ കയ്യിൽ കേറി പിടിച്ച ഒരുത്തനിട്ട് എനിക്ക് നല്ലോണം പൊട്ടിക്കാൻ കഴിഞ്ഞു....

അവനെ ഞാൻ അപ്പോ തല്ലി പരുക്കേല്പിച്ചത് നിന്നോടുള്ള ഇഷ്ടം കൊണ്ടാണ് ഫെബി... നിന്നെ മറ്റൊരുത്തൻ തൊടുന്നത് കണ്ട് നില്ക്കാൻ എന്നെ കൊണ്ട് കഴിയില്ല...."

അയാള് പറയുന്നത് കേട്ടപ്പോഴാണ് അന്ന് കോളേജിൽ വെച്ച് അനസ് എന്നോട് പറഞ്ഞ കാര്യത്തെ പറ്റി എനിക്ക് ഓർമ്മ വന്നത്... അവനെ തല്ലി അവശനാക്കിയത് ഫൈസൽക്ക ആയിരുന്നെന്ന് അറിഞ്ഞപ്പോ എന്നിൽ വീണ്ടും ഒരു ഞെട്ടൽ അനുഭവപ്പെട്ടു....

"അതിന് ശേഷം നിന്നെ സ്വന്തമാക്കാൻ വേണ്ടി ഞാൻ പലതും ചെയ്തു... നിന്റെ ഫാമിലിന്റെ മുന്നിൽ നല്ല പയ്യനാണെന്ന് വരെ പറയിപ്പിക്കാൻ വേണ്ടി ശ്രമിച്ച് കൊണ്ടിരുന്നു....

നിന്റെ ഫാമിലിന്റെ മുന്നിൽ നല്ലപിള്ള ചമയുന്നതിനിടക്ക് നിന്നെ ഞാൻ ശ്രദ്ധിക്കാതെയായി... ആ അശ്രദ്ധ മൂലം നമുക്കിടയിലേക്ക് വീണ്ടും മറ്റൊരുത്തൻ കടന്ന് വന്നു.... ആദിൽ.... അവനെ നിന്നിൽ നിന്ന് അകറ്റാൻ വേണ്ടി ഞാൻ ഒരുപാട് തന്ത്രങ്ങൾ മെനഞ്ഞെങ്കിലും അതൊക്കെ പരാജയപ്പെട്ടു...

സമീറിൽ നിന്ന് നിന്നെ അകറ്റിയ പോലെ അവനെ നിന്നിൽ നിന്ന് അകറ്റാൻ അത്ര എളുപ്പമല്ലെന്ന് മനസ്സിലാക്കിയ ഞാൻ മറ്റൊരാളുടെ സഹായം തേടി... സൽമയുടെ...."

ആ പേര് അയാളെ നാവിൻ തുമ്പിൽ നിന്ന് കേട്ടതും എന്റെ നെഞ്ചിൽ ഒരു ഇടി മുഴങ്ങിയ പോലെ തോന്നി....

"സൽമ..... അവള്... അവളായിരുന്നു പിന്നീട് അങ്ങോട്ടുള്ള എന്റെ ഏക ആശ്രയം...

അവൾക്ക് ആദിയെ വേണം എനിക്ക് നിന്നെയും.... അതിന് വേണ്ടി ഞങ്ങള് പരസ്പരം ഒരു ഉടമ്പടിയിലെത്തി....

അവളെ ഭാഗത്ത് നിന്ന് നിന്റെ നേർക്കോ എന്റെ ഭാഗത്ത് നിന്ന് ആദിന്റെ നേർക്കോ ഒന്നും ഉണ്ടാകില്ലെന്നും എനിക്ക് നിന്നെയും അവൾക്ക് അവനെയും കൊടുക്കാമെന്നും പറഞ്ഞുള്ള ഒരു ഉടമ്പടി...

പക്ഷെ അവള് ആ ഉടമ്പടി പല തവണ ലങ്കിച്ചു... നിന്നെ കൊല്ലാൻ വേണ്ടി വീണ്ടും വീണ്ടും ശ്രമിച്ച് കൊണ്ടിരുന്നു... അതിനൊക്കെ കൂടി ആയിട്ട് ആദിയെ തീർക്കാൻ ആയിരുന്നു എന്റെ പ്ലാൻ...

പക്ഷെ അതിന് മുമ്പ് തന്നെ നിങ്ങളെ കോളേജ് ബസ് ആക്സിഡന്റ് ആയി നീ മരണത്തോട് മല്ലിട്ട് കിടന്നിരുന്നു...

അത് എന്നിൽ ഉണ്ടാക്കിയ ഷോക്ക്... അത് എന്നെ ഒരുതരം ഭ്രാന്ത് പിടിപ്പിക്കായിരുന്നു... ആ വാർത്ത അറിഞ്ഞ ഉടനെ തന്നെ നിന്നെ കാണാൻ വേണ്ടി വരുമ്പോഴാണ് നിന്നെ ജീവച്ഛവം പോലെ കിടത്താൻ കാരണക്കാരിയായ അവളെ ആദി കാറിൽ പോകുന്നത് കണ്ടത്....

അപ്പോ എനിക്ക് അവളോട് പ്രതികാരം വീട്ടേണ്ട ഒരു മനോഭാവവും അതിലൂടെ അവനെ ഇല്ലാതാക്കുക എന്ന ലക്ഷ്യവും മാത്രമായിരുന്നു ഉണ്ടായിരുന്നത്... അതോണ്ട് തന്നെ അവന്റെ കാറിനെ ഞാൻ ആക്സിഡന്റിൽ പെടുത്തി...

അതിലൂടെ അവൻ ഇല്ലാതായില്ലെങ്കിലും അവന്റെ ഓർമ്മ നഷ്ടപ്പെട്ടെന്ന് അറിഞ്ഞപ്പോ എനിക്ക് ആശ്വാസം തോന്നി....

അന്ന് സൽമയും ഞാനും തമ്മിൽ ഒരുപാട് വഴക്ക് കൂടി... ആദിയെ കൊല്ലാൻ നോക്കിയതിന് അവളെന്നെ ഒരുപാട് ശകാരിച്ചെങ്കിലും അത് ഒരു കണക്കിന് അവൾക്ക് നല്ലത് ആയത് കൊണ്ട് അവള് എന്നോട് ക്ഷമിച്ചു....

നിനക്ക് ബോധം വന്നതിന് ശേഷവും നീ അവനെ പറ്റി ചിന്തിച്ച് കൂട്ടുന്നത് കണ്ടപ്പോ അവനെ ഒറ്റയടിക്ക് തീർത്ത് കളയാൻ തോന്നി....

നിന്നെ ദുബായിലെ അവന്റെ കമ്പനിയിലേക്ക് അച്ചുവും അരുണും കൂടി കൂട്ടി കൊണ്ട് വരുന്നുണ്ടെന്ന്

സൽമ വിളിച്ച് പറഞ്ഞപ്പോ നീയും ആദിയും തമ്മിൽ ഇനി ഒരിക്കലും അടുക്കാതിരിക്കാൻ വേണ്ടി എന്നെയും ആ കമ്പനിയിൽ സൽമ അപ്പോയ്ന്റ് ചെയ്തു... അതും നിന്റെ ആദിന്റെ കയ്യൊപ്പോടെ....

നീ വന്നതിന് ശേഷം അവനിൽ ഉണ്ടായിരുന്ന മനോഭാവമൊക്കെ വ്യത്യസ്തമാണെന്ന് സൽമ എന്നോട് സൂചിപിച്ചപ്പോ തന്നെ നിങ്ങളെ തമ്മിൽ അകറ്റാൻ വേണ്ടി കരുക്കൾ നീക്കി കൊണ്ടിരിക്കായിരുന്നു ഞങ്ങൾ....

അതിന് വേണ്ടി ഞങ്ങള് ഒരുമിച്ച് ഒരുപാട് തന്ത്രങ്ങൾ മെനഞ്ഞ് കൂട്ടി... നീ ആദിയെ പ്രൊപോസ് ചെയ്യാൻ പോകാണെന്ന് അറിഞ്ഞപ്പോ തന്നെ ഞാൻ ആരും കാണാതെ ആദിന്റെ വീട്ടിലേക്ക് അന്ന് രാവിലെ പോയി....

നീ വന്ന് ആദിയെ ചോദിക്കുമ്പോ ഓഫീസ് റൂമിൽ ഉണ്ടെന്ന് പറയണമെന്ന് പറഞ്ഞ് ഞങ്ങള് ആ സെർവെന്റിനെ പറഞ്ഞ് വിട്ടിട്ട് നിനക്ക് വേണ്ടി അവിടെ കാത്തിരുന്നു....

നീ വരുന്നുണ്ടെന്ന് മനസ്സിലാക്കിയ ഞങ്ങൾ നിന്നെ തെറ്റി ധരിപ്പിക്കാൻ വേണ്ടി ആദിന്റെ വേഷത്തിൽ സൽമയെ കിസ്സ് ചെയ്യുന്ന പോലെ ആക്റ്റ് ചെയ്തു...

അത് കണ്ട് നീ ഷോക്കായി കൊണ്ട് ആ റൂമിന് വെളിയിൽ ഇരുന്ന് പൊട്ടിക്കരയുന്നത് കണ്ടപ്പോ തന്നെ ഞങ്ങളെ പ്ലാൻ വർക്ക് ഔട്ടായെന്ന് മനസ്സിലായി... അപ്പോ തന്നെ അവന്റെ ഷർട്ട് അഴിച്ച് അവിടന്ന് ജനൽ വഴി പുറത്തേക്ക് വന്നിട്ട് മതില് ചാടി നിന്റെ ഫ്രണ്ട്സോക്കെ വരുന്നതും നോക്കി ഞാൻ അവിടെ നിന്നു....

അവർ വന്നപ്പോ ഒന്നും സംഭവിക്കാത്ത പോലെ അവരെ കൂടെ അകത്തേക്ക് വന്നു... അപ്പൊ നീ ഓടി വന്ന് എന്നെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞപ്പോ നിന്നെ ആശ്വസിപ്പിക്കാൻ അല്ല എനിക്ക് തോന്നിയത്... നിന്നെ അങ്ങനെ നെഞ്ചോട് ചേർത്ത് വെച്ച് നിൽക്കാനാ.... കാരണം ആ നിമിഷമൊക്കെ ഞാൻ ഒരുപാട് ആസ്വദിക്കായിരുന്നു ഫെബി...."

അയാള് പറയുന്നത് കേട്ടപ്പോ എനിക്ക് എന്നോട് തന്നെ

വെറുപ്പ് തോന്നി... ഞാൻ അവനിൽ നിന്നും ഛീ എന്ന് പറഞ്ഞ് മുഖം തിരിച്ച് താഴേക്ക് നോക്കി കൊണ്ട് കരഞ്ഞു....

അന്ന് ആദിയെ ഒരു നിമിഷത്തേക്കെങ്കിലും എനിക്ക് സംശയിക്കാൻ തോന്നിയതിനെ കുറിച്ച് ആലോചിച്ചപ്പോ അവനെ കുറ്റപ്പെടുത്തിയതിനെ കുറിച്ച് ആലോജിച്ച് ഞാൻ സ്വയം പഴിച്ചു....

"ഹ....ഹ....ഹ.... അവിടന്ന് അങ്ങോട്ട് നീ അവനെ വെറുക്കാൻ വേണ്ടി നീയറിയാതെ പലതും ചെയ്തു.... ഒടുവിൽ അവരുടെ എങ്കേജ്മെന്റ് ദിവസം ഞങ്ങള് പ്ലാൻ ചെയ്ത പോലെ തന്നെ നിന്നെ അവൻ കമ്പനിയിൽ നിന്നും പുറത്താക്കി....

ഹ...ഹ...ഹ... അപ്പോ മുതൽ നീയും ഞാനും ആയിട്ടുള്ള ഒരു ജീവിതം സ്വപ്നം കാണായിരുന്നു ഞാൻ....

ഇതിനിടക്ക് എപ്പോഴോ നൂറയെ കണ്ട് മുട്ടി... അവളെ അടുത്തറിഞ്ഞപ്പോ അവള് മൂലം എനിക്ക് നിന്നോട് കൂടുതൽ അടുക്കാൻ പറ്റുമെന്ന് ഞാൻ കണക്ക് കൂട്ടി... അതിന് വേണ്ടി ഞാൻ അവളെ എന്റെ

ജീവിതത്തിലേക്ക് ക്ഷണിച്ചു... എന്റെ കളങ്കമില്ലാത്ത സ്നേഹം കണ്ട് എന്നെ വിശ്വസിച്ച് അവള് കഴിഞ്ഞപ്പോ ഞാൻ നിന്നെ കാത്തിരിക്കായിരുന്നു...

നീ നാട്ടിൽ പോയി വന്നതിന് ശേഷം നമ്മൾ തമ്മിലുള്ള കല്യാണക്കാര്യം വീട്ടുകാര് പറഞ്ഞുറപ്പിച്ചെന്ന വാർത്ത കേട്ടപ്പോ എല്ലാം ഞാൻ വിചാരിച്ച പോലെ തന്നെ ആണ് കാര്യങ്ങൾ നീങ്ങുന്നതെന്ന് മനസ്സിലായി....

നിന്നിൽ എനിക്ക് ഒരു സോഫ്റ്റ് കോർണർ വളർത്താൻ വേണ്ടിയാ നൂറയുടെ കാര്യം ഞാൻ നിന്നോട് പറഞ്ഞത്... അതെന്തിനാണെന്ന് അറിയോ...? അവസാന നിമിഷത്തിൽ ആ നൂറയെ ഞാൻ അങ്ങ് തീർത്ത് കളഞ്ഞാൽ എന്റെ വിഷമം കണ്ട് നിന്റെ ജീവിതം നീ എനിക്ക് തരുമെന്ന് ഞാൻ കണക്ക് കൂട്ടി...

മറിച്ച് അവളെ കാര്യം നിന്നോട് പറയാതെ ഞാൻ മറച്ച് വെച്ചിരുന്നെങ്കിൽ നീ ആദിയെ മനസ്സിലിട്ട് കൊണ്ട് എന്റെ കൂടെ ജീവിക്കും അത് എന്നെ കൊല്ലുന്നതിന് സമമാണ്... പോരാത്തതിന് ആ നൂറ എനിക്ക് ഒരു തല വേദനയും ആയി മാറിയേനെ...

അവളെ ഞാൻ നമുക്കിടയിലേക്ക് കൊണ്ട് വന്നിട്ടില്ലായിരുന്നു എങ്കിൽ ഞാൻ നിന്നെ മറന്നെന്ന് പറഞ്ഞാൽ നീ ഒരിക്കലും വിശ്വസിക്കില്ലായിരുന്നു.... അങ്ങനെ സംഭവിച്ചാൽ നീ എന്നോട് കാണിക്കുന്ന ഈ അടുപ്പം ഒക്കെ ഇല്ലാതാകുമെന്ന് എനിക്ക് ഉറപ്പായിരുന്നു... അതാ ഞാൻ ഇങ്ങനെ ഒരു പ്ലേ കളിച്ചത്...

ദുബായിലേക്കുള്ള നിന്റെ രണ്ടാം വരവ് എന്റെ പ്രതീക്ഷകളെയൊക്കെ തച്ചുടക്കുന്ന തരത്തിലായിരുന്നു... നിന്റെ ആ വരവ് നീ ആദിയോട് കൂടുതൽ അടുക്കാൻ കാരണമായി...

അന്ന് ആ പാർട്ടിയിൽ വെച്ച് നീ പൂളിലേക്ക് വീണപ്പൊ ആദി വന്ന് രക്ഷപ്പെടുത്തിയതൊക്കെ കണ്ടപ്പോ എനിക്കും അതിലുപരി സൽമക്കും അത് ദേഷ്യം ഉണ്ടാക്കുന്ന കാര്യമായിരുന്നു...

നീ അഭിനയിച്ചതാണെന്ന് മനസ്സിലാക്കിയ സൽമക്ക് നിന്നെ അപ്പോ കൊല്ലാനുള്ള ദേഷ്യം ഉണ്ടായിരുന്നു...

അവളും ഞാനും കൂടി നിന്നെ കുറിച്ച് പാർക്കിങ്ങിൽ വെച്ച് സംസാരിക്കുമ്പോഴായിരുന്നു നീ ഒരു കാറിന്റെ മറവിൽ നിന്ന് കൊണ്ട് ഞങ്ങള് പറയുന്നത് വീക്ഷിക്കുന്നത് കണ്ടത്....

അപ്പോ തന്നെ ഞാൻ അവിടന്ന് മുങ്ങിയിട്ട് ഒന്നും അറിയാത്ത പോലെ നിന്റെ പിറകിലൂടെ വന്നപ്പോ നീ ഞങ്ങളെ നോക്കുന്ന തിരക്കിലായിരുന്നു.... അവിടന്ന് തല നാരിഴക്ക് നിന്റെ കണ്ണിൽപ്പെടാതെ എനിക്ക് മുങ്ങാൻ കഴിഞ്ഞു...

പക്ഷെ അവിടന്ന് അങ്ങോട്ട് പരാജയങ്ങളുടെ കൊടുമുടിയായിരുന്നു എന്നെ കാത്തിരുന്നത്... ആദിക്ക് ഓർമ്മ നഷ്ടപ്പെട്ടിട്ടില്ലെന്നും സൽമയെയും സാലിമിനെയും അവരെ തന്തനെയും പോലീസ് അറസ്റ്റ് ചെയ്തെന്നും അറിഞ്ഞപ്പോ തന്നെ നീ എന്നിൽ നിന്ന് അകലാൻ പോവുകയാണെന്ന സത്യം ഞാൻ മനസ്സിലാക്കാൻ തുടങ്ങി...

അതോണ്ട് ആരും അറിയാതെ ഞാൻ സാലിമിനെയും സൽമയെയും ജയിലിൽ നിന്ന് ജാമ്യത്തിന് ഇറക്കി

വിട്ടു.... അവരെ തന്തപ്പടി ചെയ്ത കുറ്റം ഇച്ചിരി കടുപ്പം ആയോണ്ട് അയാളെ രക്ഷപ്പെടുത്താൻ സാധിച്ചില്ല... പിന്നെ എനിക്ക് വേണ്ടത് അയാളെ അല്ലായിരുന്നു സൽമയെയും സാലിമിനെയും ആയിരുന്നു.... അവര് പുറത്തിറങ്ങിയാൽ പിന്നെ ആദിന്റെ കാര്യം അവര് നോക്കിക്കോളും.....

ആദി നിന്റെ പിറകെ നടക്കുമ്പോഴും നീ അവനെ കളിപ്പിക്കാൻ വേണ്ടി എന്നോട് കൂടുതൽ അടുക്കുമ്പോൾ ഞാൻ എന്നെ തന്നെ മറന്ന് പോയ അവസ്ഥയായിരുന്നു... പക്ഷെ നിനക്ക് അതൊന്നും മനസ്സിലാകാതിരിക്കാൻ വേണ്ടി ഞാൻ നിന്നിൽ നിന്ന് ഒരു ഡിസ്റ്റാൻസ് കീപ് ചെയ്തു... പക്ഷെ അപ്പോഴും നീ എന്നോട് അടുക്കുകയായിരുന്നു....

നമ്മുടെ എങ്കേജ്മെന്റിന്റെ അന്ന് ഞാൻ നിനക്ക് അണിഞ്ഞ റിങ് ആ നൂറാക്ക് ഇട്ട് കൊടുക്കാൻ വേണ്ടി നീ പറഞ്ഞപ്പോ പറ്റില്ലെന്ന് പറയാൻ തോന്നിയതാ... പക്ഷെ അങ്ങനെ ചെയ്താൽ എനിക്ക് നിന്നെ സ്വന്തമാക്കാൻ കഴിയില്ലല്ലോ.....

ഇപ്പോ ഏകദേശം കാര്യങ്ങളൊക്കെ ഞാൻ വിചാരിച്ച പോലെയായിരുന്നു നടന്നത്... ആദിന്റെ തിരോധാനം.... എന്റെയും നൂറയുടെയും വിവാഹം നടത്താൻ വേണ്ടി നീ എന്ത് ചെയ്യുമെന്ന് അറിയാതെ പകച്ച് നിന്ന അവസ്ഥ...

നിക്കാഹിന് സമയമായെന്ന് പറഞ്ഞപ്പോ ഞാൻ അവിടന്ന് മുങ്ങിയത് നൂറയെ കൊല്ലാൻ ആയിരുന്നു... അവളെ കൊന്നാൽ ഞാൻ അനുഭവിക്കുന്ന മനോവിഷമം.... ആദിയെ കാത്തിരുന്ന് ജീവിതം പോലും മടുത്ത നീ....

എന്ത് കൊണ്ടും എനിക്ക് അനുകൂലമായ സന്ദർഭം.... ഹ...ഹ...ഹ...

ഒടുക്കം മറ്റൊരു വഴിയുമില്ലാതെ എനിക്ക് മുന്നിൽ നീ തല കുനിക്കേണ്ടി വരുന്ന ആ ഒരു നിമിഷം.... പക്ഷെ, എന്റെ കണക്ക് കൂട്ടലുകളൊക്കെ ഒരൊറ്റ നിമിഷം കൊണ്ട് ആ സൽമ നശിപ്പിച്ച് കളഞ്ഞു...

ഇന്നത്തോടെ നിന്നെ എന്റെ ബീവിയാക്കി മാറ്റി എല്ലാത്തിനും ഒരു ഫുൾ സ്റ്റോപ്പിടാൻ നിൽക്കുമ്പോൾ വീണ്ടും നമുക്കിടയിലേക്ക് അവൻ.... നോ.... അതിന്

ഞാൻ അനുവദിക്കില്ല... നീ എന്റേതാ എന്റേത് മാത്രം.... നീ ഇവിടന്ന് എങ്ങോട്ടും പോകാൻ ഞാൻ സമ്മതിക്കില്ല.... കാരണം നീ ഇവിടന്ന് പോയാൽ എനിക്ക് നിന്നെ കിട്ടില്ല....

അതോണ്ട് നിന്നെ ഞാൻ എങ്ങോട്ടും വിടില്ല ഫെബി... എങ്ങോട്ടും വിടില്ല... നീയെന്റെയാ... എന്റേത് മാത്രം....

ആദി ഇനി നമ്മളെ ജീവിതത്തിലേക്ക് വരില്ല ഫെബി.... അവന്റെ കാര്യം ഇനി സൽമ നോക്കിക്കോളും... അവനെ രക്ഷപ്പെടുത്താൻ വേണ്ടി നീയിപ്പോ അങ്ങോട്ട് ചെന്നാൽ അത് നിന്റെ ജീവന് ആപത്താകും....

അതിന് ഞാൻ അനുവദിക്കില്ല... അതോണ്ട് നിന്നെ ഞാൻ എങ്ങോട്ടും വിടില്ല ഫെബി... നിന്നെ എങ്ങോട്ടും വിടില്ല...."

അയാള് ഒരു ഭ്രാന്തനെ പോലെ എന്നെ പിടിച്ച് വെച്ച് കൊണ്ട് ഓരോന്ന് പുലമ്പുന്നത് കേട്ടപ്പോ നമ്മള് അവനോട് വിടാൻ പറഞ്ഞ് കൊണ്ട് അവിടെ കിടന്ന് അലമുറയിട്ടു.... അയാളെ ഓരോ സ്പർശനവും എന്റെ ശരീരത്തെ ചുട്ടെരിക്കുന്ന പോലെ തോന്നി എനിക്ക്...

സ്വന്തം കൂടപ്പിറപ്പിനെ പോലെ കരുതി കൂടെ കൂട്ടിയ ഞങ്ങളെയൊക്കെ വിഡ്ഢികളാക്കി അയാൾ ചതിക്കുകയായിരുന്നെന്ന സത്യം എല്ലാവരോടും വിളിച്ച് പറയണമെന്ന് തോന്നി... പക്ഷെ അവന്റെ കൈകളിൽ കിടന്ന് പിടയുന്ന എന്നെ മോചിപ്പിക്കാൻ അങ്ങോട്ട് ആരും വന്നില്ല....

ഇവിടന്ന് എങ്ങനെ എങ്കിലും രക്ഷപ്പെട്ട് ആദിയെ രക്ഷപ്പെടുത്താൻ പോകണമെന്ന ചിന്ത എന്നിൽ കൂടി വന്നു... അതിന് വേണ്ടി സർവ്വ ശക്തിയുമെടുത്ത് അവനെ ആഞ്ഞ് തള്ളി മാറ്റി കൊണ്ട് നമ്മള് ഡോറിന്റെ അടുത്തേക്ക് ചെന്നതും അയാളെന്റെ തട്ടം പിടിച്ച് വലിച്ച് എന്നെ അയാളിലേക്ക് അടുപ്പിച്ചു....

നമ്മള് അപ്പോ തന്നെ അലമുറയിട്ട് കൊണ്ട് അവിടെയുള്ള ഓരോ സാധനങ്ങളും തട്ടിയിടാൻ ശ്രമിച്ച് കൊണ്ടിരുന്നു... അതിന്റെ ശബ്ദം കേട്ടിട്ട് എങ്കിലും എന്നെ രക്ഷപ്പെടുത്താൻ ആരെങ്കിലും വരുമെന്ന് കരുതിയപ്പോ അയാളെന്റെ കൈ രണ്ടും പിറകിലേക്ക് പിടിച്ച് വെച്ചിട്ട് എന്റെ വാ പൊത്തി പിടിച്ചു...

"ഇല്ല ഫെബി... ഇനി നിന്നെ ഞാൻ വിട്ട് കളയാൻ തയ്യാറല്ല... ആരൊക്കെ എതിർത്താലും ഇന്ന് ഞാൻ നിന്നെ സ്വന്തമാക്കിയിരിക്കും.... അത് തടുക്കാൻ നിന്റെ ആദിയെ കൊണ്ട് എന്നല്ല ആരെ കൊണ്ടും കഴിയില്ല...."

'അവൻ പറഞ്ഞത് പോലെ അങ്ങനെ വല്ലതും സംഭവിച്ചാൽ എന്റെ ആദിക്ക് അവിടെ വല്ല ആപത്തും സംഭവിക്കുന്നതിന് മുൻപ് തന്നെ ഞാൻ എന്റെ ഈ ജീവിതം അവസാനിപ്പിച്ചിരിക്കും.... പക്ഷെ എന്റെ ആദി.... ഞാൻ ചെന്നില്ലെങ്കിൽ ആ സൽമ അവനെ എന്തേലും ചെയ്താൽ.... നോ... എനിക്ക് പോകണം പോയെ പറ്റൂ....'

എന്ന് ചിന്തിച്ചോണ്ട് അവന്റെ പിടിയിൽ നിന്ന് കുതറാൻ നിൽക്കുമ്പോഴായായിരുന്നു ആരോ ആ സ്റ്റോറൂമിലെ വാതിൽ ചവിട്ടി പൊളിച്ച് കൊണ്ട് അകത്തേക്ക് വന്നത്...

അപ്പോ കണ്ണിലേക്ക് തുളച്ച് കേറിയ വെളിച്ചം മൂലം അതാരാണെന്ന് കാണാൻ കഴിഞ്ഞില്ല....

പക്ഷെ അപ്പോ തന്നെ അയാള് എന്നിൽ നിന്നും അയാളെ പിടി വിട്ട് അകന്ന് നിന്നിരുന്നു... അയാളെ മുഖത്തെ ഭീതി കണ്ട് വന്നതാരാണെന്ന് നോക്കിയപ്പോ നമ്മളെ ബ്രദേഴ്സും താഹിയും ഫ്രണ്ട്സും നൂറയുമൊക്കെയാണ് അത്....

അവരെ കണ്ടപ്പോ തന്നെ ഞാൻ ഓടി ചെന്ന് കാക്കൂനെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു.... ഫൈസൽ എന്ന ചതിയനെ കുറിച്ചുള്ള സത്യം പറയാൻ മുതിർന്നപോ അവരെല്ലാം കേട്ടെന്ന് പറഞ്ഞിട്ട് ഫൈസലിന്റെ നേരെ പാഞ്ഞടുത്തു....

"ഫെബി... നീ ചെല്ല്... ചെന്ന് ആദിയെ രക്ഷപ്പെടുത്താൻ നോക്ക്... ഇവന്റെ കാര്യം ഞങ്ങള് നോക്കിക്കോളാം....

സ്വന്തം കൂടപ്പിറപ്പിനെ പോലെ കൂടെ കൊണ്ട് നടന്ന എന്നെ വരെ ഇവൻ ചതിച്ചതിന് ഇവന് തക്കതായ ഒരു ശിക്ഷ കൊടുത്തിട്ടെ ഇനി ബാക്കി കാര്യമുള്ളു....

നീ പോ ഫെബി....."

താഹി അങ്ങനെ പറഞ്ഞ് കൊണ്ട് ഫൈസലിനെ തല്ലിയപ്പോ അവൻ താഹിയെയും നമ്മളെ ബ്രദേഴ്സിനെയും പിടിച്ച് മാറ്റി കൊണ്ട് ഒരു കത്തിയെടുത്ത് എന്റെ കഴുത്തിന് നേരെ വെച്ചു....

"അടുത്ത് വരരുത്.... വന്നാൽ പിന്നെ ഞാൻ ഇവളെ കൊന്ന് കളയും.... അതിന് ശേഷം ഞാനും അങ്ങ് ചാകും....

ഞങ്ങളെ രണ്ട് പേരേയും ഒരുമിച്ച് ജീവിക്കാൻ നിങ്ങള് അനുവദിക്കില്ലെന്ന് അറിയാം അത് കൊണ്ട് നമുക്ക് ഒരുമിച്ച് മരിക്കാം ഫെബി....."

എന്ന് പറഞ്ഞ് അവൻ എന്റെ കഴുത്തിൽ ആ കത്തി അമർത്തിയപ്പോ നമ്മള് കണ്ണുകൾ ഇറുക്കിയടച്ച് ആദിയെ കുറിച്ച് ഓർത്ത് നിന്നു... അപ്പോ തന്നെ ഫൈസലിന്റെ തലയ്ക്ക് നൂറ ഒരു കസേര വെച്ച് അടിച്ച് വീഴ്ത്തിയിട്ടു....

നമ്മളെ ഫ്രണ്ട്സും ബ്രദേഴ്സുമൊക്കെ കൂടി എന്നെ പൊതിഞ്ഞിട്ട് എന്നോട് വേഗം ആദിന്റെ അടുത്തേക്ക് ചെല്ലാൻ പറഞ്ഞ് എന്നെ അവിടന്ന് പറഞ്ഞയച്ചു....

ആദിയെ സൽമന്റെ കയ്യിൽ നിന്നും എന്റെ ജീവൻ കൊടുത്തും രക്ഷപ്പെടുത്തണമെന്ന ചിന്ത മാത്രേ എനിക്ക് അപ്പോ ഉണ്ടായിരുന്നുള്ളു...

അതോണ്ട് നമ്മള് അപ്പോ തന്നെ അവിടന്ന് ഓടി പോയി അച്ചൂന്റെ കാറും കൊണ്ട് കോളേജ് ലക്ഷ്യമാക്കി വണ്ടി കുതിച്ചു.... സംഭവിച്ച കാര്യങ്ങളെ കുറിച്ച് ചിന്തിച്ചപ്പോഴും ഇനി നടക്കാനിരിക്കുന്നതിനെ കുറിച്ച് ആലോചിച്ചപ്പോഴും എന്റെ കണ്ണ് നീരിനെ എനിക്ക് അടക്കി വെക്കാൻ കഴിഞ്ഞില്ല....

ആദി കാരണം എനിക്ക് ഒന്നും സംഭവിക്കരുതെന്ന് ചിന്തിച്ച് എന്നെ തനിച്ചാക്കി അവൻ പോയപ്പോ എന്റെ കൂടെ തന്നെ ശത്രു ഉണ്ടായിരുന്നെന്ന് ഞാൻ കരുതിയില്ല... അതും ഫൈസൽക്ക....

എല്ലാം കൂടി ചിന്തിച്ചപ്പോ എനിക്ക് കരച്ചില് അടക്കി വെക്കാൻ കഴിയാതെയായി....

കോളേജ് കോമ്പോണ്ടിൽ എത്തിയതും വണ്ടി നിർത്തി ഞാൻ ലൈബ്രറിയിലേക്ക് ഓടി പോയി.... അപ്പോ അവിടെ ലൈബ്രറി അടഞ്ഞ് കിടക്കായിരുന്നു....

"സൽമ..... സൽമ.... വാതിൽ തുറക്ക്....

ആദി.... ഞാൻ വന്നു ആദി..... ആദി....

സൽമാ.... വാതില് തുറക്ക്....."

എത്ര ആയിട്ടും ലൈബ്രറിന്റെ വാതിൽ തുറക്കുന്നത് കാണാഞ്ഞതും നമ്മള് മറ്റേ ഡോറിന്റെ അടുത്തേക്ക് ചെന്ന് ആ ഡോർ തള്ളിയപ്പോ തന്നെ അത് തുറന്നു....

നമ്മള് ഇച്ചിരി ഭയത്തോടെ അതിന്റെ അകത്തേക്ക് കയറിയിട്ട് ചുറ്റും ഒന്ന് കണ്ണോടിച്ച് നോക്കിയപ്പോ അവിടെയൊന്നും ആരെയും കാണാനില്ലായിരുന്നു....

നമ്മള് അവിടെയുള്ള എല്ലാ സെക്ഷനിലും കരഞ്ഞ് നടന്ന് സൽമയെയും ആദിയെയും മാറി മാറി വിളിച്ചെങ്കിലും ഒരു പ്രതികരണവും ഉണ്ടായില്ല.... അപ്പോഴാണ് നോട്ടീസ് ബോർഡിൽ "come to the heaven" എന്ന് എഴുതി വെച്ചത് വായിച്ചത്...

നമ്മള് അപ്പോ തന്നെ മുന്നും പിന്നും നോക്കാതെ ആദി എന്ന് വിളിച്ചോണ്ട് സ്വർഗത്തിലേക്ക് സ്റ്റെയർ കയറി

ഓടി ചെന്നു.... എന്നിട്ട് അവിടെ എത്തിയപ്പോ തന്നെ അതിന്റെ ഡോർ തള്ളി തുറന്ന് അകത്ത് കടന്നതും ഡോറിന് മുന്നിലായിട്ട് ഒരു കസേരയിൽ ഇരിക്കുന്ന സൽമയെയാണ് ഞാൻ കണ്ടത്....

അവള് എന്നെ നോക്കി കൊണ്ട് ഒരു പുച്ഛത്തോടെ ചിരിച്ച് അവിടന്ന് എണീറ്റ് എന്റെ നേർക്ക് വന്നു.... നമ്മളെ കണ്ണ് അപ്പോ ആ ക്ലാസ് മൊത്തം ആദിയെ അരിച്ച് പെറുക്കായിരുന്നു.... പക്ഷെ അവിടെ ഒന്നും ആദിയെ എനിക്ക് കാണാൻ സാധിച്ചില്ല...

"Welcom Ayisha febi... welcome....

you looking so beautiful in this dress...."

"സൽമ ആദിയെവിടെ...? എനിക്ക് അവനെ കാണണം.... പറ എവിടെ ആദി...?"

"ഹാ.... ദൃതി വെക്കാതെ ഐഷു.... ആദി വരാൻ ടൈം കിടക്കുന്നല്ലേ ഉള്ളു.... നീ ഇങ്ങോട്ട് വന്നയുടനെ തന്നെ ആദിയെ വിളിച്ച് പറഞ്ഞിട്ടുണ്ട് അവൻ ഇപ്പോ ഇങ്ങോട്ട്

ഓടിയെത്തും...."

"വാട്ട്.....? അപ്പോ... അപ്പോ ആദി ഇവിടെ ഇല്ലേ...?"

സൽമ എന്നെ നോക്കി കണ്ണിറുക്കി കൊണ്ട് ഇല്ലെന്ന് തലയാട്ടിയപ്പോ ഞാൻ ഞെട്ടി പോയി....

"ആദി ഇവിടെ ഉണ്ടെങ്കിൽ പിന്നെ നിന്നെ ഇങ്ങോട്ട് വിളിച്ച് വരുത്തേണ്ട കാര്യം എനിക്കുണ്ടോ.... നിന്നെ ഇങ്ങോട്ട് വിളിച്ച് വരുത്താൻ വേണ്ടി ഞാൻ ഇറക്കിയ ഒരു നമ്പറല്ലേ ആദി എന്റെ അടുത്തുണ്ടെന്നുള്ളത്.... ആദിക്ക് വിളിച്ചിട്ട് നീയെന്റെ അടുത്തുണ്ട് അവൻ വന്നാലേ നിന്നെ വിടൊള്ളു എന്ന് പറഞ്ഞപ്പോ തന്നെ അവൻ വരാമെന്ന് പറഞ്ഞിട്ടുണ്ട്....

എന്തായാലും ഞാൻ പ്രതീക്ഷിച്ച പോലെ തന്നെ നീയിവിടെ എത്തി.... പക്ഷെ എന്താ ലേറ്റായെ....? നിന്റെ ഫൈസൽ നിന്നെ വിട്ട് കാണില്ലല്ലേ.....?"

എന്ന് പറഞ്ഞ് അവള് എന്റെ ചുറ്റും റൗണ്ടടിച്ച് കൊണ്ട് ചിരിക്കാൻ തുടങ്ങി... അവളെ ചിരിയും നോട്ടവും മോന്തയുമൊക്കെ കണ്ടിട്ട് നമ്മക്ക് അവൾക്കിട്ട് ഒന്ന് കൊടുക്കാൻ തോന്നുന്നുണ്ട്... പക്ഷെ ഇപ്പോ ഞാൻ എടുത്ത് ചാടി ഒന്നും ചെയ്യരുത്... കാരണം എനിക്ക് ആദിയെ കാണണം അവനോട് നടന്നതൊക്കെ സംസാരിച്ച് എല്ലാ പ്രശ്നങ്ങളെയും ഒരുമിച്ച് നേരിടണം....

"എന്തായാലും വന്ന സ്ഥിതിക്ക് പുതുമണവാട്ടി അധികം നിന്ന് കാല് കഴക്കണ്ട.... ഇരിക്കടി അവിടെ..... ഇരിക്കാൻ..."

എന്ന് പറഞ്ഞ് അട്ടഹസിച്ച് കൊണ്ട് സൽമ എന്നെ ആ കസേരയിൽ പിടിച്ചിരുത്തി... എന്നിട്ട് അവളെ ബാഗിൽ നിന്നും ഒരു തോക്ക് എടുത്തിട്ട് എന്റെ നേർക്ക് നടന്നടുത്തു.... അത് കണ്ടപ്പോ എന്റെ ചങ്കിനകത്ത് ഉണ്ടായ ബാന്റ് മേളം ഒക്കെ ഒന്ന് കേൾക്കേണ്ടത് തന്നെ ആയിരുന്നു...

അവള് എനിക്ക് നേരെ പെട്ടെന്ന് തോക്ക് ചൂണ്ടിയിട്ട്

ഒരു പുച്ഛത്തോടെ എന്നെ നോക്കി ചിരിച്ചു....

"ഇന്നത്തോടെ ആയിഷ ഫെബിയെന്ന നിന്റെ ചാപ്റ്റർ എന്റെ കൈ കൊണ്ട് ഞാൻ ക്ലോസാക്കും.... എന്നിട്ട് ആദിനെ ഞാൻ എന്റെ വരുതിയിൽ കൊണ്ട് വന്നിട്ട് അവനുമായി ഒരുമിച്ച് ജീവിക്കും...."

"ഞാൻ മരിച്ചാലും ആദി നിന്നെ സ്നേഹിക്കുകയോ നിന്റേത് ആവുകയോ ചെയ്യുമെന്ന് നീ സ്വപ്നത്തിൽ പോലും ചിന്തിക്കണ്ട സൽമ.... അത് ഒരിക്കലും നടക്കാൻ പോണില്ല.... ആദി ഒരിക്കലും നിന്നെ സ്വീകരിക്കില്ല....."

"ഹ...ഹ...ഹ... അറിയാം... ആദി നീ മരിച്ചെന്ന് കരുതി എന്നെ സ്നേഹിക്കില്ലെന്ന് എനിക്ക് നന്നായിട്ട് അറിയാം....

ഇത് കണ്ടോ നീ...? ഈ മെഡിസിൻ ആദിന്റെ ശരീരത്തിൽ കുത്തിയിറക്കിയാൽ പിന്നെ ഒരു നിമിഷം കൊണ്ട് അവൻ ആരാണെന്ന് അവൻ പോലും മറന്ന്

പോകും.... അപ്പോ പിന്നെ നീ ജീവിച്ചിരുന്നിട്ട് എന്താടി കാര്യം...?"

സൽമ അവളെ പോക്കറ്റിൽ നിന്നും ഒരു മെഡിസിൻ എടുത്തിട്ട് പറയുന്നത് കേട്ടപ്പോ ഞാൻ ഞെട്ടി പോയി... ആദിന്റെ ഓർമ്മ നഷ്ടപ്പെട്ടാൽ പിന്നെ ഇവള് പറഞ്ഞ പോലെ ഞാൻ ജീവിച്ചിരുന്നിട്ട് കാര്യമില്ല....

"ഓർമ്മ നഷ്ടപ്പെട്ടവനെ പോലെ അഭിനയിച്ച് തകർത്ത അവന് ഞാൻ കൊടുക്കുന്ന ഒരു അവാർഡാണ് ഈ മെഡിസിൻ.... അതും അവൻ തന്നെ ഇത് അവന്റെ ശരീരത്തിലേക്ക് ഇഞ്ചെക്റ്റ് ചെയ്യും....

നീയെന്റെ തോക്കിൻ മുനയിൽ നിൽക്കുന്നത് കാണുമ്പോ അവന് അത് ചെയ്തല്ലേ പറ്റൂ.... ഹ....ഹ....

ആദി ഈ മെഡിസിൻ ഇഞ്ചെക്റ്റ് ചെയ്ത അടുത്ത നിമിഷം തന്നെ ഈ സ്വർഗത്തിൽ വെച്ച് നീ സ്വർഗത്തിലേക്ക് യാത്രയാകും... നിന്നെ ഞാൻ യാത്ര അയക്കും.... ഹ...ഹ...ഹ...ഹ..."

അവളുടെ കൊലച്ചിരി എന്റെ കാതുകളിൽ വന്ന് പതിച്ചപ്പോ നമ്മള് കണ്ണ് രണ്ടും ഇറുക്കിയടച്ച് വെച്ചിട്ട് പടച്ചോനോട് എന്റെ ആദിയെ ഇവളെ കയ്യിൽ നിന്നും രക്ഷപ്പെടുത്തണേ എന്ന് പ്രാർത്ഥിച്ച് കരഞ്ഞ് കൊണ്ട് കണ്ണ് തുറന്ന് നോക്കിയപ്പോ ഓടി കിതച്ച് കൊണ്ട് നമ്മളെ മുന്നിൽ വന്ന് നിൽക്കുന്ന ആദിയെയാണ് കണ്ടത്...

അവനെ കണ്ടപ്പോ തന്നെ നമ്മള് ആദി എന്ന് വിളിച്ച് അവന്റെ അടുത്തേക്ക് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ച് കരഞ്ഞു... ആദി ഒരു പ്രതിമ കണക്കെ എന്റെ മുന്നിൽ നിന്ന് തന്നു എന്നല്ലാതെ അവനിൽ നിന്നും മറ്റു പ്രതികരണമൊന്നും ഉണ്ടായില്ല...

"ആദി.... ആദി എവിടെ ആയിരുന്നു നീ ഇത്രെയും കാലം...? നിന്നെ കാണാതെ ഞാൻ എന്ത് മാത്രം വിഷമിച്ചെന്ന് അറിയോ നിനക്ക്...? എന്താ ആദി നീയൊന്നും മിണ്ടാത്തെ....? ആദി...."

എന്ന് വിളിച്ച് കൊണ്ട് നമ്മള് ഓന്റെ കവിളില് പിടിച്ചപ്പോ അവൻ എന്റെ മുഖത്തേക്ക് നോക്കാതെ സൽമയെ

നോക്കി കൊണ്ട് എന്നെ അവനിൽ നിന്നും അകറ്റി നിർത്തി.... അത് കണ്ടപ്പോ നമ്മള് ഷോക്കടിച്ച പോലെ ആദിയെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു....

"സൽമ.... ഇവളെ വെറുതെ വിട്ടേക്ക്.... നിനക്ക് എന്നെ അല്ലെ വേണ്ടത്... ഞാൻ ഇപ്പോ വന്നില്ലേ ഇവളെ വിട്ടേക്ക്.... ഇന്ന് ഇവളെ കല്യാണമാണ്... അതോണ്ട് അവളെ പോകാൻ അനുവദിക്ക്...."

"ആദി... നീയെന്തൊക്കെയാ ഈ പറയുന്നതെന്ന് നിനക്ക് മനസ്സിലാകുന്നുണ്ടോ...? ഞാൻ നിന്നെ വിട്ട് പോകാണമെന്നാണോ നീ പറയുന്നത്...? അതിന് എന്നെ കൊണ്ട് കഴിയുമെന്ന് നിനക്ക് തോന്നുന്നുണ്ടോ...? പറ.... പറയാൻ...."

ഞാൻ ആദിന്റെ കോളറിൽ പിടിച്ച് കുലുക്കി കൊണ്ട് അങ്ങനെ പറഞ്ഞ് പൊട്ടിക്കരഞ്ഞിട്ടും നമ്മളെ ഒന്ന് നോക്കുക പോലും ചെയ്യാതെ ആദി നമ്മളെ കൈ അവന്റെ കോളറിൽ നിന്നും വിടുവിച്ചു....

എന്നിട്ട് സൽമന്റെ അടുത്തേക്ക് പോകാൻ ഒരുങ്ങിയപ്പോ നമ്മള് ഓന്റെ കൈ പിടിച്ച് അവനെ

അവിടെ നിർത്തിച്ചു....

"ആദി.... ഞാൻ പറയുന്നതൊന്ന് കേൾക്ക് ആദി... ഉമ്മച്ചി അങ്ങനെ ഒക്കെ പറഞ്ഞെന്ന് കരുതി എന്നെ തനിച്ചാക്കി പോകാൻ നിനക്ക് എങ്ങനെ കഴിഞ്ഞു...?

നീയില്ലാതെ എനിക്ക് ജീവിക്കാൻ കഴിയില്ലെന്ന് അറിയില്ലേ നിനക്ക്...?"

"വേണ്ട ഐഷു... എല്ലാം മറന്നേക്ക്... ഞാൻ കാരണം നിനക്ക് ആപത്ത് മാത്രേ ഉള്ളു... ഇപ്പോ തന്നെ ഞാൻ കാരണം നീ എത്തിപ്പെട്ടതും അതുപോലെയുള്ള ഒരു കുരുക്കിൽ അല്ലെ....

അതുമല്ല ഞാൻ നിന്നെ ഇഷ്ടമാണെന്ന് ഒരുപാട് തവണ പറഞ്ഞിട്ടുണ്ട് എന്നല്ലാതെ നീ ഒരിക്കൽ പോലും എന്നോട് ഇഷ്ടമാണെന്ന് പറഞ്ഞിട്ടില്ലല്ലോ ഐഷു... അതോണ്ട് ഇനിയും ഒരു കരടായി നിന്റെ ജീവിതത്തിലേക്ക് വരാൻ എനിക്ക് താല്പര്യമില്ല... just leave me...."

"ആദി... നീ എന്താ ഈ പറയുന്നത്...?

ഐ ലവ് യു ആദി.... ഐ റിയലി ലവ് യു... എനിക്ക് നിന്നെ വേണം ആദി.... ഞാൻ പറയാതെ തന്നെ എന്റെ സ്നേഹം മനസ്സിലാക്കിയിട്ടില്ലേ നീ..? എന്നിട്ടും എന്തിനാ ഇങ്ങനെ പറയുന്നേ ആദി....

ഐ ലവ് യു ആദി.... എനിക്ക് നിന്നെ വേണം...."

നമ്മള് പൊട്ടിക്കരഞ്ഞ് കൊണ്ട് അത്രയൊക്കെ പറഞ്ഞിട്ടും ആദി ഒന്നും മിണ്ടിയില്ല... അവന്റെ നിൽപ്പ് കണ്ടിട്ട് ഇനി നമ്മള് കരഞ്ഞോണ്ട് നിന്നിട്ട് കാര്യമില്ലെന്ന് മനസ്സിലായി... അതോണ്ട് നമ്മള് കണ്ണ് തുടച്ചിട്ട് രണ്ടും കൽപ്പിച്ച് ആദിന്റെ കോളറിൽ പിടിച്ച് വലിച്ച് നമ്മളിലേക്ക് അവനെ അടുപ്പിച്ച് നിർത്തി അവന്റെ ചുണ്ടിലൊരു മുത്തം കൊടുത്തു...

എന്നിട്ട് അവനെ നോക്കി കൊണ്ട് നമ്മള് കണ്ണ് നിറച്ചപ്പോ ആ കോന്തൻ പെട്ടെന്ന് നമ്മളെ നോക്കി പൊട്ടിച്ചിരിക്കാൻ തുടങ്ങി... അത് കണ്ട് നമ്മള് അന്തം വിട്ട് ഓനെ തന്നെ മിഴിച്ച് നോക്കി നിന്നപോ ഓൻ നമ്മളെ തലക്ക് ഒരു കൊട്ട് തന്നു....

"ഹ...ഹ...ഹ... നേരാംവണ്ണം ഒരു കിസ്സ് പോലും

ചെയ്യാൻ അറിയാത്ത നീയൊക്കെ കൊറേ പ്രേമിച്ച് നടന്നാലും മതി.... ഇങ്ങോട്ട് വാ എങ്ങനെ കിസ്സ് ചെയ്യേണ്ടതെന്ന് നിനക്ക് ഞാൻ കാണിച്ച് തരാം...."

എന്ന് പറഞ്ഞ് ആദി ചിരിച്ചോണ്ട് എന്റെ മുഖം അവന്റെ കൈക്കുള്ളിൽ ഒതുക്കി വെച്ചിട്ട് അവന്റെ മുഖത്തേക്ക് നമ്മളെ മുഖം അടുപ്പിച്ച് കൊണ്ട് വന്നതും ആ സൽമ നോ.... എന്ന് അലറി വിളിച്ചോണ്ട് ഓടി വന്ന് എന്നെ പിടിച്ച് തള്ളി മാറ്റി ആദിക്ക് നേരെ തോക്ക് ചൂണ്ടി വെടിയുതിർത്തു...

അപ്പോ തന്നെ നമ്മള് ആദി എന്ന് അലറി കൊണ്ട് കാത് പൊത്തി പിടിച്ച് കണ്ണടച്ച് നിന്നു....

(തുടരും)

ഭാഗം.128

എന്ന് പറഞ്ഞ് ആദി ചിരിച്ചോണ്ട് എന്റെ മുഖം അവന്റെ കൈക്കുള്ളിൽ ഒതുക്കി വെച്ചിട്ട് അവന്റെ മുഖത്തേക്ക് നമ്മളെ മുഖം അടുപ്പിച്ച് കൊണ്ട് വന്നതും ആ സൽമ നോ.... എന്ന് അലറി വിളിച്ചോണ്ട് ഓടി വന്ന് എന്നെ പിടിച്ച് തള്ളി മാറ്റി ആദിക്ക് നേരെ തോക്ക് ചൂണ്ടി വെടിയുതിർത്തു...

അപ്പോ തന്നെ നമ്മള് ആദി എന്ന് അലറി കൊണ്ട് കാത് പൊത്തി പിടിച്ച് കണ്ണടച്ച് നിന്നു....

എന്റെ ഹൃദയമിടിപ്പിന്റെ വേഗത ഉയർന്ന് വരാൻ തുടങ്ങി... ശ്വാസം നിലച്ച് പോകുന്ന പോലെ ഒരിറ്റു ശ്വാസത്തിന് വേണ്ടി ഞാൻ നെടുവീർപ്പിട്ടു....

മനസ്സിലെ കല്ലാക്കി മാറ്റി കൊണ്ട് ആദിക്ക് ഒന്നും പറ്റിയിട്ടില്ലെന്ന് മനസ്സിനെ പറഞ്ഞ് പഠിപ്പിച്ച് ഞാൻ പതിയെ കണ്ണ് തുറന്നു...

എന്നിട്ട് ആദിന്റെയും സൽമന്റെയും ഭാഗത്തേക്ക് എന്റെ കണ്ണുകളെ ചലിപ്പിച്ച് കൊണ്ട് പോയപ്പോ അവിടെ കണ്ട കാഴ്ച കണ്ട് ഞാൻ ഞെട്ടി തരിച്ച് നിന്ന് പോയി...

സൽമ ആദിക്ക് നേരെ വെടിയുതിർത്ത തോക്കിൽ

നിന്നും ബുള്ളെറ്റിന് പകരം വരുന്നത് വെള്ളമായിരുന്നു... അത് കണ്ട് നമ്മള് തൊള്ളേം തുറന്ന് നോക്കി നിന്നിട്ട് ഇവിടെ എന്താ സംഭവിക്കുന്നതെന്ന് മനസ്സിലാകാതെ അവരെ രണ്ട് പേരെയും ഞാൻ മിഴിച്ചു നോക്കി....

"ഡാ തെണ്ടി ആദി.... നീ കിട്ടിയ ഗ്യാപ്പിൽ... അതും എന്റെ മുന്നിൽ വെച്ച് അവളെ കിസ്സ് ചെയ്യാൻ പോകാലെ...?

ഇതൊന്നും നമ്മളെ കരാറിൽ പറഞ്ഞിട്ടില്ലെന്ന് അറിയില്ലേടാ... നിനക്ക് ഞാൻ വെച്ചിട്ടുണ്ടെടാ തെണ്ടി...."

എന്ന് പറഞ്ഞ് സൽമ ആ തോക്കിലുള്ള വെള്ളമൊക്കെ ആദിന്റെ നേരെ ചീറ്റിച്ചപ്പോ ആദി ചിരിച്ചോണ്ട് സൽമന്റെ കയ്യീന്ന് അത് വാങ്ങാൻ നോക്കായിരുന്നു... അവരെ ഈ കാട്ടി കൂട്ടല് കണ്ടിട്ട് നമ്മള് കാറ്റ് പോയ ബലൂൺ കണക്കെ നിന്നു...

★★★★★★★★★★★★★★★★★★★★★★★

"എടി സൽമ... സോറി.... നീ ഇവിടെ ഉള്ള കാര്യം ഞാൻ അങ്ങ് മറന്നു പോയെടി.... മതി... നീ അടങ്ങി നിൽക്ക് പെണ്ണേ...."

"നിന്റെ ഈ മറവിയൊക്കെ ഞാൻ ഇന്നത്തോടെ മാറ്റി തരുന്നുണ്ട്.... നിന്നെ ഞാൻ ഇന്ന് ശരിയാക്കും...."

എന്ന് പറഞ്ഞ് സൽമ ആ തോക്ക് കൊണ്ട് എന്നെ തല്ലാൻ തുടങ്ങി... നമ്മള് അപ്പോ തന്നെ അവളെ കയ്യീന്ന് അത് പിടിച്ച് വാങ്ങിയിട്ട് എറിഞ്ഞപ്പോ അവള് ബെഞ്ചിന്റെ അടിയിൽ നിന്ന് ഒരു മുട്ടൻ വടിയെടുത്ത് നമ്മളെ പൊതിരെ തല്ലി....

ആ ബലാലിനോട് എത്ര അടങ്ങി നില്ക്കാൻ പറഞ്ഞിട്ടും അവള് കേട്ടില്ല... അത്രക്ക് ഉണ്ടാകുമല്ലോ നമ്മളോട് അരിശം... അപ്പോഴാണ് ഞാൻ എന്റെ ഐഷുവിനെ ശ്രദ്ധിച്ചത്.... ഞാനും സൽമയും കൂടി കാണിക്കുന്നത് കണ്ടിട്ട് പെണ്ണാകെ ഷോക്കടിച്ച പോലെ നിൽക്കാണ്... ഇനിയും ഓളെ കാര്യത്തിൽ ഇടപ്പെട്ടില്ലേൽ പെണ്ണ് കൈ വിട്ട് പോകുന്ന പോലെ തോന്നി നമ്മക്ക്...

അതോണ്ട് നമ്മള് അപ്പോ തന്നെ സൽമന്റെ കൈ പിടിച്ച് വെച്ചിട്ട് ഓൾക്ക് ഐഷുവിനെ കാണിച്ച് കൊടുത്തു...

അപ്പോ തന്നെ സൽമ എരിവ് വലിച്ചോണ്ട് തല ചൊറിഞ്ഞിട്ട് നമ്മളെ നോക്കി കണ്ണിറുക്കി കൊണ്ട് ഓള് ഐഷുവിന്റെ അടുത്തേക്ക് ചെന്നു....

നമ്മളെ പെണ്ണ് അപ്പോ തല താഴ്ത്തി കൊണ്ട് എങ്ങോട്ടോ നോക്കി നിൽക്കാണ്...

"ഫെബി..... സോറി.... ദേ ഈ കാലമാടൻ പറഞ്ഞിട്ടാ ഞങ്ങള് ഇങ്ങനെ ഒരു നാടകം കളിച്ചത്.... അവന് നിന്നെ ഇങ്ങോട്ട് വരുത്തിച്ചിട്ട് നിന്റെ നാവിൽ നിന്ന് തന്നെ ഐ ലവ് യു ആദി എന്ന് കേൾക്കണമെന്ന് പറഞ്ഞപ്പോ ഞങ്ങൾക്ക് ഇതേ ഉണ്ടായിരുന്നുള്ളു വഴി...

പിന്നെ ഇന്ന് ആ ചതിയന്റെ യഥാർത്ഥ മുഖം നിനക്ക് മുന്നിൽ തെളിയിക്കണമെന്നത് എന്റെ കൂടെ ആവശ്യമാണ്... ഞാനും അവന് ഒരുപാട് കൂട്ട് നിന്നതല്ലേ നിങ്ങളെ തമ്മിൽ പിരിക്കാൻ....

എനിക്ക് ഉറപ്പുണ്ടായിരുന്നു ആദിക്ക് ഒരു ആപത്തെന്ന് കേട്ടാൽ നീ ഓടി വരുമെന്ന്... അതുപോലെ ഫൈസൽ എന്ത് വില കൊടുത്തും നിന്നെ ഇങ്ങോട്ട് പറഞ്ഞയാക്കാതിരിക്കാനും ശ്രമിക്കുമെന്ന് എനിക്ക് ഉറപ്പായിരുന്നു... അങ്ങനെ എങ്കിലും നീ അവന്റെ തനി സ്വഭാവം കണ്ടല്ലോ...."

സൽമ പറയുന്നതൊക്കെ തല താഴ്ത്തി കൊണ്ട് ഐഷു കേട്ട് നിന്നു എന്നല്ലാതെ ഒന്നും മിണ്ടിയില്ല... എന്തിനേറെ പറയുന്നു ഒന്ന് തലയുയർത്തി നോക്കിയത് പോലുമില്ല ഓള്....

"എനിക്ക് അറിയാം ഫെബി നിനക്ക് എന്നോട് ഒക്കെ ദേഷ്യം ആയിരിക്കുമെന്ന്... കാരണം അത്രക്ക് ഒക്കെ ഞാൻ നിങ്ങളെ ദ്രോഹിച്ചിട്ടുണ്ട്...

മനസ്സിൽ ഒരുപാട് വിഷമുള്ള ഞാൻ പെട്ടെന്ന് എങ്ങനെ നല്ലവളായെന്ന് നിനക്ക് സംശയം ഉണ്ടാകും...

ഞാൻ മാറി ഫെബി.... എന്നെ ആദി പൂർണ്ണമായും

മാറ്റിയെടുത്തു...

അന്ന് ദുബായിൽ വെച്ച് ഞങ്ങളെ വിവാഹത്തിന് ഇവൻ നടത്തിയ വെളിപ്പെടുത്തലുകൾ എന്നിലുണ്ടാക്കിയ മാറ്റം ചെറുതൊന്നുമല്ല....

ഇവൻ പറഞ്ഞ പോലെ തന്നെ ഇവനേക്കാളൊക്കെ എന്നെയും എന്റെ ഇക്കാക്കാനെയും സ്നേഹിച്ചിട്ടുള്ള ആളാണ് ആദിന്റെ ഉപ്പ....

സത്യം പറഞ്ഞാൽ എനിക്ക് എന്റെ ജന്മം നൽകിയ ഉപ്പനേക്കാൾ ഇഷ്ടമായിരുന്നു ഇവന്റെ ഉപ്പാനെ....

ആ ഉപ്പാനെ കൊന്നത് എന്റെ ഉപ്പയാണെന്ന സത്യം പോലും ഞാൻ അറിഞ്ഞത് അന്നായിരുന്നു....

ആ വാർത്ത അറിഞ്ഞതിൽ പിന്നെ ഞാൻ ചെയ്ത ഓരോ കുറ്റങ്ങൾക്കും കാരണം എന്റെ ഉള്ളിലുള്ള രക്തമാണെന്ന് മനസ്സിലായി... അതാണ് മറ്റുള്ളോരെ ജീവൻ പോലും എടുക്കാൻ എനിക്ക് മനസ് വന്നത്.... ആ ഉപ്പാന്റെ മോൾ അങ്ങനെ തന്നെ അല്ലെ ആകൂ ഫെബി...."

അത് പറഞ്ഞ് സൽമ കണ്ണ് നിറച്ചപ്പോ ഐഷു അവളെ കയ്യിൽ പിടിച്ചു... എന്നിട്ട് കരയരുതെന്ന് തലയാട്ടി.... അപ്പോ സൽമ ഒന്ന് പുഞ്ചിരിച്ചിട്ട് കണ്ണ് തുടച്ച് അവൾ തുടർന്നു...

"എനിക്ക് മാറണമായിരുന്നു ഫെബി... ആദിന്റെ ഉപ്പ വളർത്തിയ മാർഗത്തിലൂടെ എനിക്ക് ജീവിക്കണമായിരുന്നു... എനിക്ക് എന്റെ ഉപ്പാനെ പോലെ ഒരു കൊലപാതകി ആകാൻ താല്പര്യമില്ല... എനിക്കും ജീവിക്കണം... നിങ്ങളെയൊക്കെ കൂടെ സന്തോഷത്തോടെ...

എന്നെ പൂർണ്ണമായി മാറ്റിയതും പോരാഞ്ഞ് എനിക്ക് നേരെ ഒരു ജീവിതം കൂടി നീട്ടിയിരിക്കാ ആദി... അത് എനിക്ക് ഒരു തട്ടി തെറുപ്പിക്കാൻ കഴിയില്ല..."

സൽമ പറയുന്നത് കേട്ടിട്ട് ഐഷു പെട്ടെന്ന് ഞെട്ടി തിരിഞ്ഞ് എന്നെയും സൽമയെയും മാറി മാറി നോക്കി... നമ്മള് അപ്പോ തന്നെ അവരെ അടുത്തേക്ക് ചെന്നു...

"ദേ സൽമ... നീയിങ്ങനെയൊക്കെ പറഞ്ഞ് എന്റെ പെണ്ണിന്റെ ബിപി കൂട്ടല്ലേട്ടാ... ഏത് രീതിയിലാ നിനക്ക് ഒരു ജീവിതം തന്നതെന്ന് കൂടി നീയൊന്ന് തെളിച്ച് പറഞ്ഞ് കൊടുക്ക്...."

എന്ന് പറഞ്ഞ് നമ്മളൊന്ന് ചിരിച്ചപ്പോ സൽമയും ചിരിച്ചോണ്ട് ഐഷുവിന്റെ കയ്യിൽ പിടിച്ചു...

"നിനക്ക് അറിയാത്ത ഒരു ഇഷ്ടം ഒരാൾക്ക് ഉണ്ടായിരുന്നു എന്നോട്... ആ ആളത് എന്നോട് തുറന്ന് പറയാതിരുന്നത് അന്നൊക്കെ ഞാനും ആദിയും തമ്മിൽ ഇഷ്ടത്തിൽ ആയത് കൊണ്ടാണ്...

പക്ഷെ, ആദിക്ക് അറിയായിരുന്നു ആ ആൾക്ക് എന്നെ ഇഷ്ടമാണെന്ന്... അതോണ്ട് മൂപ്പരോട് ആദി എല്ലാ കാര്യങ്ങളും പറഞ്ഞ് സെറ്റാക്കിയിട്ടുണ്ടായിരുന്നു... എനിക്ക് ഇപ്പോ ഒരു നല്ല ജീവിതം തരാൻ അയാള് തയ്യാറാണ്...

ആരാ ആ ആളെന്ന് ഞാൻ നിന്നോട് പറഞ്ഞില്ലല്ലോ

അല്ലെ...?

വേറെ ഇപ്പോ ആരാ നിന്റെ ബ്രദേഴ്സിലെ ഒരാള് തന്നെയാ... അൻസിക്ക...."

സൽമ പറഞ്ഞ പേര് കേട്ടതും ഐഷു ഞെട്ടി കൊണ്ട് ഓളെ നോക്കിയിട്ട് നമ്മളെ ഒന്ന് നോക്കി... നമ്മളപ്പൊ അതെ എന്ന രീതിയിൽ ഒന്ന് തലയാട്ടിയപ്പോ ഓള് നമ്മളിൽ നിന്നും പെട്ടെന്ന് മുഖം തിരിച്ചിട്ട് സൽമയെ നോക്കി ഒന്ന് ചിരിച്ചു....

"അപ്പോ ഓക്കേ ഗായ്സ്... ഇതോടെ എന്റെ ഇവിടത്തെ പണി കഴിഞ്ഞു... ഡാ ആദി നീ പറഞ്ഞ പോലെ ഞാൻ വാക്ക് പാലിച്ചിരിക്കുന്നു.... ഇനി നിങ്ങളായി നിങ്ങളെ പാടായി... നിങ്ങള് പൊളിക്ക് മക്കളെ...."

എന്ന് പറഞ്ഞിട്ട് സൽമ ഐഷുവിന് അവളെ കയ്യിൽ ഉണ്ടായിരുന്ന വടി അവൾക്ക് കൊടുത്തു...

"ഇപ്പോ നിനക്ക് ഇത് വളരെ അത്യാവശ്യമുള്ള കാര്യമാണെന്ന് എനിക്ക് നന്നായിട്ട് അറിയാ... നിന്നെ

പറ്റിച്ചതിന് എന്ത് വേണേലും ശിക്ഷ നീ ഇവന് കൊടുത്തോ... ഞാൻ അങ്ങ് മാറി തന്നേക്കാം... ബൈ ഫെബി... ബൈ ആദി... നീ ജീവനോടെ ബാക്കിയുണ്ടേൽ നമുക്ക് വീണ്ടും കാണാം..."

എന്ന് പറഞ്ഞ് കിണിച്ചോണ്ട് അവള് അവിടന്ന് ഇറങ്ങി പോയപ്പോ കൂടെ നമ്മക്കും ഇറങ്ങി പോകാനാ തോന്നിയത്... കാരണം നമ്മളെ പെണ്ണിന്റെ മോന്ത ദേഷ്യം കൊണ്ട് ആകെ ചുമന്ന് തുടുത്ത് ആപ്പിൾ പോലെ ആയിട്ടുണ്ട്... മിക്കവാറും ഇവളെന്റെ നെഞ്ചത്ത് താണ്ഡവം ആടുമെന്നത് ഉറപ്പാ...

ഓള് ആ വടി മുറുക്കി പിടിച്ചിരിക്കുന്നത് കണ്ടാൽ തന്നെ നമ്മക്ക് ഊഹിച്ചൂടെ അതാകും മിക്കവാറും നടക്കാ എന്ന്...

അതോണ്ട് തന്നെ നമ്മള് ഇച്ചിരി ഉൾഭയത്തോടെയാണ് ഓളെ അടുത്ത് നിന്നത്... പെണ്ണ് ആണെങ്കിൽ നമ്മളെ ഒന്ന് നോക്കുന്നത് പോലുമില്ല...

ഒടുക്കം രണ്ടും കൽപ്പിച്ച് നമ്മള് ഇച്ചിരി വിറയലോടെ ഐഷു എന്ന് പതിയെ വിളിച്ചോണ്ട് ഓളെ തോളിൽ

തൊട്ടപ്പോ തന്നെ പെണ്ണ് കുതറി മാറി കളഞ്ഞു...

നമ്മള് എന്നാലും ഓളെ വെറുതെ വിട്ടില്ല... വീണ്ടും ഓളെ തോളിൽ കൈ വെച്ച് ഐഷു എന്ന് വിളിച്ച് മുഖം ഉയർത്തി നോക്കിയപ്പോ പെണ്ണിന്റെ കണ്ണീന്ന് ഡാം തുറന്ന് വിട്ട പോലെ കണ്ണീര് ഒഴുകി കൊണ്ടിരുന്നു...

"ഐഷു കരയല്ലേ പെണ്ണെ.... ഞാൻ ചുമ്മാ തമാശക്ക് ചെയ്തതല്ലേ...? നീ പേടിച്ചു പോയോ...?"

"തമാശ.... ഇതാണോ നിന്റെ തമാശ... ഞാൻ എന്ത് മാത്രം പേടിച്ചെന്ന് അറിയോ നിനക്ക്...? അല്ലേലും നിനക്ക് എന്താ അതൊക്കെ അറിഞ്ഞിട്ട്... നീ എന്നെ എപ്പോഴും വേദനിപ്പിച്ച് രസിക്കാനല്ലേ നോക്കിയിട്ടുള്ളൂ... ബാസ്റ്റഡ്...."

എന്ന് പറഞ്ഞ് ഐഷു നമ്മളെ കൈ തട്ടി മാറ്റിയിട്ട് നമ്മളെ ആ വടി കൊണ്ട് പൊതിരെ തല്ലി... കൊണ്ട് നില്ക്കാൻ ബാധ്യസ്ഥൻ ആയോണ്ട് അവളെ തടയാൻ നിൽക്കാതെ നമ്മള് അതൊക്കെ കൊണ്ട് നിന്നു...

എന്നിട്ടും നമ്മളെ തല്ലുമ്പോ നിറയുന്നത് അവളെ കണ്ണായിരുന്നു... അത് കണ്ടിട്ട് നമ്മക്ക് ആണെങ്കിൽ പെട്ടെന്ന് ചിരി വന്നു... നമ്മളെ ചിരി കണ്ടപ്പോ പെണ്ണ് അപ്പോ തന്നെ നമ്മളെ രൂക്ഷമായി നോക്കി കൊണ്ട് വടി അവിടെ ഇട്ടു...

"ഞാൻ ഇവിടെ എന്റെ ഫീലിംഗ്സിനെ പറ്റി സംസാരിക്കുമ്പോ നിനക്ക് ചിരി വരാണല്ലേ... നിന്റെ ചിരി ഞാൻ ഇന്നത്തോടെ അവസാനിപ്പിക്കും കണ്ടോ..."

എന്ന് പറഞ്ഞ് ഐഷു ചുറ്റുമൊന്ന് കണ്ണോടിച്ച് നോക്കിയിട്ട് ഒന്നും തല്ലാൻ കിട്ടാതെ നടക്കുന്നത് കണ്ടപ്പോ നമ്മക്ക് വീണ്ടും ചിരി വന്നു... ഓള് അപ്പോ തന്നെ ഭദ്രകാളിയെ പോലെ നമ്മളെ നേരെ വന്ന് നമ്മളെ കഴുത്ത് പിടിച്ച് ഞെരിച്ച് പെട്ടെന്ന് കയ്യെടുത്തിട്ട് മുഖം പൊത്തി പിടിച്ച് പൊട്ടിക്കരഞ്ഞ് അവിടെ നിലത്ത് ഇരുന്നു...

നമ്മള് ഓളെ അടുത്ത് അവിടെ മുട്ട് കുത്തി ഇരുന്നിട്ട് ഓളെ തോളിൽ കൈ വെച്ചപ്പോ ഓള് നമ്മളെ കൈ തട്ടി

മാറ്റി.... നമ്മള് വീണ്ടും ഓളെ തോളിൽ കൈ വെച്ചപ്പോഴും ഓള് തട്ടി....

നമ്മള് എന്ത് പറഞ്ഞ് ഓളെ ആശ്വസിപ്പിക്കുമെന്ന് ചിന്തിച്ചോണ്ട് നമ്മള് ആ ഇരുപ്പ് തുടർന്നപ്പോ പെട്ടെന്ന് ഐഷു എന്റെ കോളറിൽ പിടിച്ച് കുലുക്കി...

"എവിടെ ആയിരുന്നെടാ നീ ഇത്രെയും കാലം... നിന്നെ കാണാതെ ഞാൻ അനുഭവിച്ച മനോവിഷമം വല്ലതും നിന്നോട് പറഞ്ഞാൽ അത് നിനക്ക് മനസ്സിലാകോ...?

നീ എന്തിനാ ആദി എന്നെ എപ്പോഴും ഇങ്ങനെ വിഷമിപ്പിക്കുന്നത്...? നിന്നെ സ്നേഹിച്ച് പോയത് ഇത്രയും വലിയ കുറ്റം ആയിരുന്നോ...? പറ...."

എന്നൊക്കെ പറഞ്ഞ് ഐഷു കരഞ്ഞപ്പോ നമ്മള് ഓളെ നെഞ്ചോട് ചേർത്ത് വെച്ചു... ഓള് അപ്പോ തന്നെ എന്നെ ഓളിൽ നിന്ന് വിടുവിക്കാൻ വേണ്ടി നമ്മളെ പുറത്ത് തബല കൊട്ടിയെങ്കിലും പിടയുന്നത് അവളെ ഖൽബ് ആയിരുന്നു...

ഒടുക്കം തബല വായിച്ചിട്ടൊന്നും കാര്യമില്ലെന്ന് മനസ്സിലായിട്ടാകും ഐഷു കരഞ്ഞോണ്ട് എന്റെ നെഞ്ചിലേക്ക് ഒന്ന് കൂടി ചാഞ്ഞ് ഇരുന്നത്... അപ്പോ അറിയാതെ എന്റെ ചങ്ക് പിടയുന്ന പോലെ എനിക്കും തോന്നി....

"എന്നോട് ക്ഷമിക്ക് പെണ്ണെ.... നിന്നെ വിഷമിപ്പിക്കണമെന്ന് കരുതിയിട്ടല്ല ഞാൻ ഇത്രെയും നാൾ നിന്റെ മുന്നിലേക്ക് വരാതിരുന്നത്...

അന്ന് നിന്റെ വീട്ടിൽ നിന്ന് ഇറങ്ങിയതിന് ശേഷം എന്റെ കാർ ഒരു മരത്തിലിടിച്ച് ആക്സിഡന്റ് ആയിരുന്നു... അപ്പോ എന്റെ ബോധം പോയി....

കണ്ണ് തുറന്നപ്പോ എന്റെ കൂടെ ഉണ്ടായിരുന്നത് സൽമയായിരുന്നു....

ആദ്യം അവള് നന്നായെന്ന് പറഞ്ഞപ്പോ എനിക്ക് വിശ്വാസം വന്നില്ലായിരുന്നു... പിന്നെ ഫൈസലിനെ കുറിച്ചുള്ള സത്യവും അവര് രണ്ട് പേരും കൂടി ചേർന്ന് നമ്മളെ പിരിക്കാൻ വേണ്ടി ചെയ്തതൊക്കെ പറഞ്ഞ് അവള് കുറ്റസമ്മതം നടത്തിയപ്പോഴാണ് ഞാൻ വിശ്വസിച്ചത്...."

നമ്മളത് പറഞ്ഞപ്പോ ഐഷു എന്നിൽ നിന്നും തലയുയർത്തി നമ്മളെ നോക്കി.... നമ്മളപ്പൊ ഓളെ കണ്ണീര് തുടച്ച് കൊടുത്തിട്ട് ഓളെ അവിടന്ന് എണീപ്പിച്ച് നിർത്തി....

"ഫൈസൽക്കാനെ കുറിച്ചുള്ള സത്യമൊക്കെ അറിഞ്ഞിട്ടും പിന്നെ എന്തിനാ എന്നോട് ഇത് മറച്ച് വെച്ചത്...? നീയെന്താ എന്നെ കാണാൻ വരാഞ്ഞത്....?"

"അത് പിന്നെ.... അപ്പോ ഞാൻ അങ്ങനെ വന്നിട്ട് അതൊക്കെ പറഞ്ഞിരുന്നെങ്കിൽ നീയൊക്കെ വിശ്വസിച്ചാലും അവനെ വിശ്വസിക്കുന്ന അവന്റെ പെണ്ണ് വിശ്വസിക്കില്ലല്ലോ.... അപ്പൊ ഇങ്ങനെ ഒക്കെ പ്ലാൻ ചെയ്തപ്പോ അവളും സത്യം അറിഞ്ഞു നീയും അറിഞ്ഞു... അതും അവന്റെ നാക്കിൽ നിന്ന് തന്നെ....

പിന്നെ ഇങ്ങനെ ഒരു നാടകം കളിച്ചത് കൊണ്ട് ഗുണമല്ലേ ഉണ്ടായിട്ടുള്ളൂ.... നിന്റെ നാവിൽ നിന്ന് എന്നെ ഇഷ്ടണെന്ന് കേൾക്കാനും പറ്റി... ഒരു കിസ്സും കിട്ടി... പക്ഷെ നമ്മളെ മറുപടി അങ്ങ് പൂർണ്ണമായിട്ടില്ല...

അതും കൂടി അങ്ങ് പൂർത്തിയാക്കിയാൽ എല്ലാം ശുഭം..."

എന്ന് പറഞ്ഞ് നമ്മള് ചിരിച്ചോണ്ട് ഓളെ മുഖം നമ്മളെ കൈക്കുള്ളിൽ ഒതുക്കിയിട്ട് നമ്മളെ നേരെ അടുപ്പിച്ചപ്പോ പെണ്ണ് ഓളെ കൈ മടക്കി നമ്മളെ വയറ്റിനിട്ട് ഒരു കുത്ത് തന്നു...

"നിനക്ക് ഇപ്പോഴും തമാശ ആണല്ലേ...?

ഫൈസൽക്ക എന്നെ ആ മുറിക്കുള്ളിൽ അടച്ച് വെച്ചപ്പോ എന്റെ ബ്രദേഴ്സ് അവിടെ വന്നില്ലായിരുന്നെങ്കിൽ എന്റെ അവസ്ഥ എന്താകുമായിരുന്നെന്ന് ചിന്തിച്ച് നോക്കിയിരുന്നോ നീ...?"

"ഔ..... എന്റെ പെണ്ണെ... എന്റെ ഐഷൂന് എന്തേലും സംഭവിക്കാൻ ഈ ആദി ജീവനോടെ ഉള്ളിടത്തോളം കാലം അതിന് അനുവദിക്കുമെന്ന് നിനക്ക് തോന്നുന്നുണ്ടോ...? അതോണ്ടല്ലേ അവന്മാരെയൊക്കെ അപ്പോ തന്നെ നിന്റെ പിറകെ ഞാൻ വിട്ടത്...?"

"വാട്ട്....? അ... അപ്പോ.... അവര്... അവർക്കൊക്കെ എല്ലാം അറിയായിരുന്നോ...?"

ഓളെ കണ്ണും മിഴിച്ചുള്ള ചോദ്യത്തിന് നമ്മള് അതേന്ന് ഒന്ന് മൂളി കൊടുത്തത് മാത്രേ നമ്മക്ക് ഓർമ്മയുള്ളു... പിന്നെ അവിടന്നും ഇവിടന്നുമായിട്ട് നുള്ളും ചവിട്ടും കുത്തും അടിയും ഇടിയുമൊക്കെ നമ്മക്ക് വേണ്ടുവോളം വയറ് നിറച്ച് കിട്ടി...

★★★★★★★★★★★★★★★★★★★

"യു റാസ്കൽ.... അപ്പോ എല്ലാവരും കൂടി ചേർന്ന് എന്നെ പൊട്ടത്തി ആക്കായിരുന്നുലെ...? നീയും നിന്റെ ഓലക്കീമലെ ഫ്രണ്ട്സും ഒക്കെ കണക്കാ... ചതിയന്മാര്...."

"അങ്ങനെ അവന്മാരെ മാത്രം കുറ്റം പറയണ്ട... നിന്റെ ഫ്രണ്ട്സും നമ്മക്ക് കട്ട സപ്പോർട്ടായിരുന്നു..."

"ആ നശൂലങ്ങളെ കൂടി കൂട്ടിയിട്ടാ ഞാൻ പറഞ്ഞത്.... എന്റെ ഫ്രണ്ട്സ് എന്ന് പറഞ്ഞ് നടന്നിട്ട് അവറ്റകൾക്കൊക്കെ നിന്നോടാ കൂറ്... എനിക്ക് വേണ്ട അങ്ങനെ ഉള്ള ഫ്രണ്ട്സിനെ...

ആരെയും വിശ്വസിക്കാൻ കൊള്ളില്ല... എല്ലാം ചതിയന്മാരാ..."

എന്ന് പറഞ്ഞ് നമ്മൾ ഓനെ തല്ലി കണ്ണ് തുടച്ചിട്ട് ഓനെ രൂക്ഷമായി നോക്കിയപ്പോഴും ആ കോന്തൻ നിന്ന് കിണിക്കാണ്....

"അപ്പോ നിനക്ക് ഈ എന്നേയും വേണ്ടേ ഐഷു....?"

"വേണ്ട... നിന്റെ കൂടെയൊക്കെ ഒരിക്കലും വിശ്വസിച്ച് കഴിയാൻ പറ്റില്ല... ചതിയൻ... എന്നെ വിഷമിപ്പിക്കാൻ ആയിട്ട് മാത്രം ഭൂമിയിലേക്ക് വന്നവൻ... പോ അവിടന്ന് എനിക്ക് നിന്നെ കാണണ്ട...."

ആദി എന്റെ കയ്യിൽ കേറി പിടിച്ചപ്പോ അവന്റെ കൈ തട്ടി മാറ്റി കൊണ്ട് അത്രേയും പറഞ്ഞോണ്ട് നമ്മള് തിരിച്ച് പോകാൻ നിന്നപ്പോഴുണ്ട് നമ്മളെ ചതിക്കാൻ കൂട്ട് നിന്ന അവറ്റകൾ ഒക്കെ കൂടി വരുന്നു...

"ഐഷു... നിനക്ക് കുഴപ്പം ഒന്നുമില്ലല്ലോ...? ആദി... ആർ യു ഓക്കേ...?"

എന്ന് ഒന്നും അറിയാത്ത പോലെ ചോയ്ച്ചോണ്ട് കാക്കു നമ്മളെ അടുത്തേക്ക് വന്നപ്പോ നമ്മള് മൂപ്പരെ തുറുക്കനെ നോക്കി... അപ്പോ ആദി കാക്കൂനോട് വേണ്ട എന്നൊക്കെ ആംഗ്യം കാണിക്കുന്നുണ്ട്... അത് നമ്മള് കണ്ടെന്ന് തോന്നിയപ്പോ ഓൻ വേഗം നോട്ടം തെറ്റിച്ചു...

"എന്താടാ ആദി... നീയെന്താ ഈ പറയുന്നേ...? അല്ല അവള് എവിടെ ആ സൽമ... ഇന്നത്തോടെ അവളെ കഥ നമുക്ക് തീർക്കണം..."

ആരാ ഈ പറയുന്നതെന്നാകും നോക്കുന്നത് അല്ലെ...

വേറെ ആരാ നമ്മളെ പുന്നാര അൻസിക്ക തന്നെ... മൂപ്പരെ ആ പറച്ചില് കേട്ടിട്ട് നമ്മള് മൂപ്പരെ അടിമുടിയൊന്ന് നോക്കിയപ്പോ ആദി അപ്പോഴും മിണ്ടരുതെന്നും വേണ്ടാന്നും പോകാനുമൊക്കെ അവരോട് ആംഗ്യം കാണിക്കുന്നുണ്ട്...

പക്ഷെ അവന്മാർക്ക് ഒന്നും മനസ്സിലായിട്ടില്ല....

"എന്തായാലും ദൈവത്തിന്റെ കൃപ കൊണ്ട് രണ്ടാൾക്കും ഒന്നും പറ്റിയില്ലല്ലോ... അത് തന്നെ ആശ്വാസം... വാ നമുക്ക് പോകാം... ഇനിയും ഇവിടെ നിന്നിട്ട് പണി വാങ്ങി കൂട്ടണ്ടാ...."

എന്ന് അച്ചു കൂടി പറയാൻ തുടങ്ങിയപ്പോ തന്നെ നമ്മക്ക് കലിപ്പ് ഒക്കെ കൂടി എരിഞ്ഞ് കേറാൻ തുടങ്ങി... ഒന്നും അറിയാത്ത പച്ച പാവങ്ങളെ പോലെ അഭിനയിക്കാൻ ഇവറ്റകളെ കഴിഞ്ഞിട്ടേ വേറെ ആരുമുള്ളു...

എന്തായാലും എപ്പോഴും ഇവര് മാത്രം സ്കോർ ചെയ്താൽ പോരല്ലോ, അതോണ്ട് നമ്മള് അപ്പോ തന്നെ അവിടെ കിടന്ന വടിയെടുത്ത് അവരെയൊക്കെ

പിന്നാലെ ഓടി പൊതിരെ തല്ലി...

"എന്താടാ അൻസി നീ പറഞ്ഞെ...? സൽമയെ കയ്യിൽ കിട്ടിയാൽ ഓളെ കഥ തീർക്കണെമെന്നല്ലേ... കുരിപ്പേ..."

"ഡായോ... എന്തൊക്കെയാ ഫെബി നീ ഈ പറയുന്നേ...? ആദി...."

"എന്നെ വിളിക്കണ്ട മോനെ എനിക്ക് കിട്ടേണ്ട കോട്ട കിട്ടിയതാ ബാക്കി ഇനി നിങ്ങള് വാങ്ങ്... നിങ്ങളല്ലേ കൂട്ട് പ്രതികള്... പ്ലാൻ മൊത്തം ഫ്ലോപ്പായി മക്കളെ... വാങ്ങിച്ച് കൂട്ടിക്കോളി...."

നമ്മള് അവരെ അടിക്കുന്നതിനിടയിൽ ആദി പറയുന്നത് കേട്ട് അവരൊക്കെ നമ്മളോട് സോറി പറഞ്ഞ് കാല് പിടിക്കാൻ വരെ വന്നു... നമ്മള് അപ്പോ തന്നെ അവറ്റകളെയൊക്കെ തള്ളി മാറ്റിയിട്ട് അവിടന്ന് പോകാൻ നിന്നപ്പോ നമ്മളെ മുന്നിൽ തടസമായി കൊണ്ട് സൽമ വന്ന് നിന്നു....

"എങ്ങോട്ടാ മോളെ ഇത്ര ദൃതിയിൽ...? ഞങ്ങള് കളി തുടങ്ങിയിട്ടല്ലേ ഉള്ളു...?

അച്ചൂ... സന... ശാലൂ... പിടിച്ചോടാ ഇവളെ...."

എന്ന് സൽമ വിളിച്ച് കൂവേണ്ട താമസം എല്ലാവരും കൂടി നമ്മളെ ചുറ്റും ഒരു കരവലയം തീർത്തിട്ട് നമ്മളെ ചുറ്റും ഓടാൻ തുടങ്ങി... നമ്മള് അവരെ കയ്യ് തട്ടി മാറ്റി കൊണ്ട് ആ വട്ടത്തിൽ നിന്ന് പുറത്തേക്ക് കടക്കാൻ പല തവണ ട്രൈ ചെയ്തെങ്കിലും അവറ്റകൾ വിട്ടതേയില്ല....

ഒടുക്കം നമ്മള് അച്ചുവിന്റെയും സനന്റെയും കയ്യിന്റെ അടുത്തേക്ക് ചെന്നിട്ട് രണ്ട് പേരുടെയും കൈ വിടുവിക്കാൻ നോക്കിയപ്പോ അവറ്റകള് നമ്മളെ പിടിച്ച് ഒറ്റ തള്ള്....

നമ്മളപ്പൊ തന്നെ ആ കോന്തന്റെ കൈകളിലേക്ക് ചെന്ന് വീണ് കൊടുത്തു...

ഓൻ നമ്മളെ അരയിലൂടെ കൈയിട്ടിട്ട് നമ്മളെ താങ്ങി പിടിച്ച് നമ്മളെ കണ്ണിലേക്ക് തന്നെ നോക്കി നിന്നു....

നമ്മളും എല്ലാം മറന്ന് ഓന്റെ ആ കണ്ണിലേക്ക് നോക്കി നിന്നപോ പഴയതൊക്കെ എന്റെ കണ്ണിലേക്ക് മിന്നി മറഞ്ഞ് കൊണ്ടിരുന്നു... അതൊക്കെ ഓർത്തപ്പോ എന്റെ കണ്ണ് അറിയാതെ നിറഞ്ഞു...

ഞങ്ങളെ ഈ നിർത്തം കണ്ടിട്ട് നമ്മളെ ചുറ്റും കൂടി നിന്ന അവറ്റകളൊക്കെ കൂടി ആർപ്പ് വിളിക്കാനും വിസിലടിക്കാനും കയ്യടിക്കാനുമൊക്കെ തുടങ്ങിയപ്പോ നമ്മള് വേഗം ഓനിൽ നിന്നും നോട്ടം തെറ്റിച്ചിട്ട് ഓന്റെ കയ്യീന്ന് എണീറ്റു...

എന്നിട്ട് അവറ്റകളെയൊക്കെ ഒന്ന് നോക്കി കണ്ണുരുട്ടിയിട്ട് നമ്മളെ കോന്തനെ ഒന്ന് തിരിഞ്ഞ് നോക്കി....

"എല്ലാം ഇവിടം കൊണ്ട് അവസാനിച്ചെന്ന് കരുതണ്ട നിങ്ങളാരും...

എന്റെ കൂടെ നിന്ന് എന്റെ വിശ്വാസത്തെ തകർത്ത നിങ്ങളോട് ഒന്നും ഇനി ഞാൻ ഒരു കൂട്ടുമില്ല... ഈ ആയിഷ ഫെബി ആരാണെന്ന് നിങ്ങള് കാണാൻ പോകുന്നതെയുള്ളു... നോക്കിക്കോ..."

എന്ന് പറഞ്ഞ് നമ്മള് അവിടന്ന് പോകാൻ നിന്നപ്പോ അപ്പുറത്തെ ഡോർ വഴി കാക്കുവും അൻസിക്കയും അരുണും അച്ചായനും നിസൂക്കയും കൂടി വന്ന് എന്റെ മുന്നിൽ നിന്ന് സോറി പറഞ്ഞു... നമ്മള് അപ്പോ തന്നെ തിരിഞ്ഞ് നടന്ന് മറ്റേ ഡോർ വഴി പോകാൻ നിന്നപ്പോ അവിടെ ആദിയായിരുന്നു തടസമായി നിന്നത്...

"വഴീന്ന് മാറ്... എനിക്ക് പോകണം...."

*Ǡ ǟ Ǧ " I am very sorry.... ഒരു നാലായിരം സോറി സ്വർണ്ണ കട്ടി ഞാൻ പാടാമൊരു സോറി..." Ǧ ǟ Ǡ *

ആദി ആ പാട്ടും പാടി ചെവിയിൽ കയ്യും വെച്ച് കൊണ്ട് നമ്മളെ അടുത്തേക്ക് വന്നപ്പോ ചിരിക്കാതിരിക്കാൻ നമ്മള് ഒരുപാട് പാട്പ്പെട്ടു... എന്നാലും പെട്ടെന്ന് ഒന്നും അവരെ മുന്നിൽ താഴാൻ പറ്റില്ലല്ലോ അതോണ്ട് നമ്മള് കുറച്ച് മസില് പിടിച്ച് അവറ്റകളെ മുന്നിൽ നിന്നു....

അപ്പോ അവന്മാരും അവളുമാരുമൊക്കെ ആദിന്റെ കൂടെ കൂടി കൊണ്ട് ആ പാട്ടും പാടി ഡാൻസ്

കളിയ്ക്കാൻ തുടങ്ങിയപ്പോ ശാലുവും സൽമയും കൂടി ഡെസ്കില് അതിനനുസരിച്ച് താളം കൊട്ടി...

അത് കണ്ടപ്പോ ഇതുവരെ പിടിച്ച നമ്മളെ മസിലൊക്കെ കാറ്റത്ത് പറത്തി വിട്ട കാറ്റാടി പോലെ എങ്ങോട്ടോ പോയി....

അവരെ കളിയും പാട്ടുമൊക്കെ കണ്ട് നമ്മള് പൊട്ടിച്ചിരിച്ചു... നമ്മളെ ചിരി കണ്ടപ്പോ അവരൊക്കെ കൂടി നമ്മളെ അങ്ങ് പൊതിഞ്ഞപ്പോ അവർക്ക് മാപ്പ് കൊടുക്കാതിരിക്കാൻ തോന്നിയില്ല...

അങ്ങനെ അവരെ ക്ഷമാപണം ഒക്കെ കഴിഞ്ഞ് നമ്മള് നോക്കിയപ്പോഴുണ്ട് നമ്മളെ കോന്തൻ നമ്മളെ നോക്കി പുഞ്ചിരിക്കുന്നു... ഓന്റെ നോട്ടം കണ്ടപ്പോ തന്നെ നമ്മള് ഓനെ ഒന്ന് പുച്ഛിച്ചിട്ട് മുഖം തിരിച്ചു....

കാരണം അവനോട് ക്ഷമിക്കാൻ ആയിട്ടില്ല മക്കളെ....

അങ്ങനെ എല്ലാവരും കൂടി ചേർന്ന് കോളേജ് മൊത്തം ഒരിക്കൽ കൂടി ചുറ്റി നടന്ന് കണ്ടു... പകരം വെക്കാൻ ആകാത്ത ഒരുപാട് ഓർമ്മകൾ നൽകുന്ന ഞങ്ങളെ

ക്യാമ്പസ്....

ഞങ്ങളെ വിട്ട് പോയ ഞങ്ങളെ കൂടപ്പിറപ്പുകളുടെ ഫോട്ടോസ് ഒക്കെ മുത്തശ്ശി മാവിന്റെ ചുവട്ടിൽ ഒരു കല്ലിൽ പണിത് വെച്ചിട്ടുണ്ടായിരുന്നു...

മരിക്കില്ലൊരിക്കലും ഞങ്ങളെ മനസ്സിൽ നിന്ന്... എന്ന് അതിനടിയിൽ കുറിച്ച് വെച്ചത് കണ്ടപ്പോ ഞങ്ങൾക്ക് ഒക്കെ സങ്കടമായി....

ഞങ്ങളെ ഫ്രണ്ട്സ്, ടീച്ചേഴ്സ്, ബ്രദേഴ്സ് അവരുടെയൊക്കെ ഫോട്ടോ കണ്ടപ്പോ ഞങ്ങളെക്കാൾ ഏറെ സങ്കടമായത് സൽമക്കാണ്....

ഞാൻ എന്ന ഒരുത്തിയുടെ ജീവൻ നിലക്കാൻ വേണ്ടി ബലി കഴിച്ചത് 18 പേരുടെ ജീവൻ...

സൽമ അവരുടെ ഫോട്ടോസിലൊക്കെ തലോടിയിട്ട് പൊട്ടിക്കരയുന്നത് കണ്ടപ്പോ ഞങ്ങൾക്ക് പോലും ആ കാഴ്ച കണ്ട് നില്ക്കാൻ കഴിഞ്ഞില്ല.... അൻസിക്കയും ശാലുവുമൊക്കെ ചേർന്ന് അവളെ അവിടന്ന് എണീപ്പിച്ച് കൊണ്ട് പോയപ്പോ നമ്മള് അവിടെ തന്നെ

നിന്നു...

എന്നിട്ട് അവർക്ക് വേണ്ടി പടച്ചോനോട് പൊറുക്കലിനെ തേടിയിട്ട് കരഞ്ഞ് കൊണ്ട് തിരിച്ച് നടക്കാൻ തുടങ്ങിയപ്പോ ആദി നമ്മളെ മുന്നിൽ നിൽക്കുന്നുണ്ടായിരുന്നു.... ഓനെ കണ്ടപ്പോ തന്നെ നമ്മള് ഓടി ചെന്ന് ഓനെ കെട്ടിപ്പിടിച്ച് കരഞ്ഞു....

ആദി എന്നെ സമാധാനിപ്പിച്ചിട്ട് കണ്ണ് തുടച്ചു... എന്നിട്ട് നമ്മളെയും കൂട്ടി പാർക്കിങ്ങിലേക്ക് ചെന്ന് നോക്കിയപ്പോ അവറ്റകളൊക്കെ ഞങ്ങളെ നോക്കി ചിരിക്കാണ്... അവറ്റകളെ ചിരി കണ്ടിട്ട് നമ്മള് ആദിനെ നോക്കിയപ്പോഴാ കാര്യം പിടി കിട്ടിയത്....

നമ്മള് ഇപ്പോ ഓനെ കെട്ടിപ്പിടിച്ച് ഓന്റെ തോളിൽ തല ചായ്ച്ചാണ് നിൽക്കുന്നത്... അത് കണ്ടിട്ടുള്ള ചിരിയാ... അത് മനസ്സിലായപ്പോ തന്നെ നമ്മള് ഓനിൽ നിന്നും വിട്ട് നിന്ന് അവറ്റകളെ നോക്കി സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊടുത്തു....

"മോളെ ഫെബിയെ... നീ വീണിടത്ത് നിന്ന് ഉരുളണ്ട.... ഞങ്ങള് ഇവിടെ ഉണ്ടെന്ന് കരുതി ഇനി നിങ്ങളെ റൊമാൻസിൽ ഒരു വിള്ളൽ വീഴണ്ട.... അതോണ്ട് അരുണേ വണ്ടി വിട്ടോ... അവര് രണ്ട് പേരും കൂടി റൊമാൻസ് ഒക്കെ കളിച്ചോണ്ട് പതിയെ വന്നോളും...."

"കാക്കു പോകല്ലേ ഞാനും വരുന്നു..."

"സോറി ഫെബി മോളെ നിനക്ക് കൂടി കേറാനെ കാറിൽ സ്ഥലമില്ല...."

"ഡി അച്ചൂ തെണ്ടി.... രണ്ട് കാറും ദേ അൻസിക്കാൻറെ ബൈക്കും ഉണ്ടായിട്ട് എനിക്ക് കേറാൻ മാത്രം സ്ഥലം ഇല്ലല്ലേ...?"

"ഇല്ലന്നെ.... ഞങ്ങളെ കാറിൽ ഞാനും അരുണും അച്ചായനും അഖിലയും, സിയാദ്ക്കാൻറെ കാറിൽ ശാലുവും അപ്പുവും ജാസിയും സനയും... പിന്നെ അൻസിക്കാൻറെ കൂടെ സൽമയും... ഇതിൽ നിനക്ക് ഇരിക്കാൻ എവിടെടി ഗ്യാപ്.... അതോണ്ട് ഞങ്ങള്

അങ്ങോട്ട് പോകാണേ...."

നമ്മള് പറയുന്നത് ഒന്ന് കേൾക്ക പോലും ചെയ്യാതെ അവറ്റകളൊക്കെ കൂടി ചിരിച്ചോണ്ട് റ്റാറ്റ കാണിച്ച് പോകുന്നത് കണ്ടിട്ട് നമ്മള് അരിശം മൂത്ത് തിരിഞ്ഞ് നോക്കിയപ്പോ നമ്മളെ കോന്തൻ നമ്മളെ ബുള്ളറ്റും കൊണ്ട് ഹാജറായിട്ടുണ്ടായിരുന്നു....

ഓൻ ബുള്ളറ്റിൽ കേറി ഇരുന്നിട്ട് നമ്മളെ നോക്കി പുരികം പൊക്കിയപ്പോ നമ്മള് ചിരിച്ചോണ്ട് ഓന്റെ അടുത്തേക്ക് നടന്നു...

"അപ്പോ എങ്ങനെ മിസിസ് ആദിൽ സാഹിബ് കരീമിന്റെ തീരുമാനം...?

എന്നാ പിന്നെ നമുക്കും അങ്ങ് പോയാലോ...?"

"എങ്ങോട്ട്.....?"

"വേറെ എങ്ങോട്ടാ നമ്മളെ ജീവിതത്തിലേക്ക്.... ഇനി അങ്ങോട്ട് നമ്മള് ജീവിക്കാൻ പോകല്ലേ...?

സമ്മതമാണെങ്കിൽ കേറിക്കോ..."

എന്ന് പറഞ്ഞ് ആദി ചിരിച്ചപ്പോ നമ്മളും ഓനെ നോക്കി ചിരിച്ചോണ്ട് അല്ലെന്ന് തലയാട്ടി... അത് കണ്ട് ആദി നമ്മളെ തന്നെ ഉറ്റു നോക്കിയപ്പോ നമ്മള് ഓനോട് മാറാൻ ആംഗ്യം കാണിച്ചു....

കാര്യം മനസ്സിലായ പോലെ ആദി പിന്നിലേക്ക് നീങ്ങി ഇരുന്നിട്ട് നമ്മളെ മുന്നിൽ ഇരിക്കാൻ ക്ഷണിച്ചു....

നമ്മള് ഓനെ നോക്കിയൊന്ന് ചിരിച്ചോണ്ട് ആ ലെഹങ്കയും താങ്ങി പിടിച്ച് ബുള്ളറ്റിൽ കേറിയിരുന്നു... അപ്പോ എനിക്കുണ്ടായ ഒരു സന്തോഷം എനിക്ക് പറഞ്ഞറിയിക്കാൻ പറ്റുന്നതിലും അപ്പുറമായിരുന്നു....

"ഹലോ.... ബുള്ളറ്റിൽ കേറിയിരിക്കാൻ തുടങ്ങിയിട്ട് മഹാറാണി സ്വപ്നം കാണാണോ...? വണ്ടിയെടുക്ക് പെണ്ണേ..."

"ഇത് എങ്ങനെയാ സ്റ്റാർട്ട് ആക്കാ...?"

നമ്മളെ ചോദ്യം കേട്ടതും ചെക്കൻ മിറർ വവഴി നമ്മളെ തുറിച്ച് നോക്കിയപ്പോ നല്ലൊരു അവിഞ്ഞ ചിരി പാസാക്കി കൊടുത്തു...

"പടച്ചോനെ ഓടിക്കാൻ അറിയാതെയാണോ നീ ഇതില് കേറിയിരിക്കുന്നെ...?

ഇറങ്ങിക്കെ ഞാൻ ഓടിച്ചോളാം... പൊന്ന് മോള് ഓടിച്ചാലെ ചെലപ്പോ നമ്മള് വീട്ടിൽ ആകില്ല എത്താ... ഇങ്ങോട്ട് ഇറങ്ങ്..."

"നോ... ഞാൻ ഇറങ്ങില്ല... എനിക്ക് ഓടിക്കണം... പ്ലീസ് പ്ലീസ് ആദി... എന്റെ ഒരു പൂതിയല്ലേ ഒന്ന് നടത്തി തന്നൂടെ പ്ലീസ്...."

എന്ന് പറഞ്ഞ് നമ്മള് ചുമ്മ ഒന്ന് കെഞ്ചിയപ്പോ ഓൻ ചിരിച്ചോണ്ട് സമ്മതിച്ചു... എന്നിട്ട് ഓൻ തന്നെ സ്റ്റാർട്ടാക്കി തന്നിട്ട് നമ്മളെ കയ്യിന് മുകളിലൂടെ കൈ വെച്ച് ആക്സിലേറ്ററിൽ പിടിച്ചപ്പോ നമ്മളെ നോട്ടം മുഴുവൻ ചെന്ന് പതിച്ചത് അവന്റെ മുഖത്ത്

ആയിരുന്നു...

നമ്മളെ നോട്ടം കണ്ടിട്ട് ഓൻ എന്തേന്ന് ചോദിച്ചപ്പോ നമ്മള് വേഗം നേരെ മുഖം തിരിച്ച് മെല്ലെ ഓടിക്കാൻ തുടങ്ങി.... കുറച്ച് കഴിഞ്ഞപ്പോ ആദി ആക്സിലേറ്ററിൽ നിന്ന് കൈ എടുത്ത് മാറ്റിയപ്പോ നമ്മളെ ഹൃദയമിടിപ്പ് കൂടാൻ തുടങ്ങി.... വണ്ടി കൺട്രോൾ കിട്ടാതെ വീഴോ എന്ന് ഞാൻ പേടിച്ചെങ്കിലും ആ കോന്തനേക്കാൾ നന്നായിട്ട് ഓടിക്കുന്നുണ്ടെന്ന് നമ്മക്ക് തോന്നി....

കല്യാണപെണ്ണ് ബുള്ളറ്റ് ഓടിച്ച് പോകുന്ന കാഴ്ച കണ്ട് എല്ലാവരും ഞങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങിയപ്പോ ആദി ഓന്റെ ഗ്ലാസ് ഊരി എനിക്ക് വെച്ച് തന്നു.... എന്നിട്ട് "ഇപ്പോഴാ നീ തകർത്തത്" എന്ന് പറഞ്ഞ് വിസിലടിച്ചു.... ഓന്റെ കോപ്രായം കണ്ട് നമ്മള് ആർത്ത് വിളിച്ചോണ്ട് കുറച്ച് സ്പീഡ് കൂട്ടി വിട്ടപ്പോ എല്ലാവരും കൂടി ഇതേതാ മെന്റല് എന്ന നിലയിൽ ഞങ്ങളെ തന്നെ നോക്കുന്നുണ്ടായിരുന്നു....

അപ്പോഴാണ് അവറ്റകളെ കാറും ബൈക്കുമൊക്കെ നമ്മളെ മുന്നിൽ പോകുന്നത് കണ്ടത്... അത് കണ്ടപ്പോ

തന്നെ നമ്മള് കുറച്ച് കൂടി വേഗത്തിൽ ഓടിച്ച് ചെന്നിട്ട് ഹോൺ അടിച്ചു...

അത് കേട്ട് അവറ്റകൾ ഒക്കെ കൂടി ഞങ്ങളെ മിഴിച്ച് നോക്കിയപ്പോ നമ്മള് ഗ്ലാസ് മാറ്റി അവരെ നോക്കി സൈറ്റടിച്ചിട്ട് അവരെ കൂക്കി കൊണ്ട് പറപ്പിച്ച് വിട്ടു....

സത്യം പറഞ്ഞാൽ ഞാൻ ഇപ്പോ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന നിമിഷങ്ങളിൽ ഒന്നാണിത്... ഞാനും എന്റെ ആദിയും ഒരുമിച്ച് നമ്മളെ ഫേവറിറ്റ് ബുള്ളറ്റിൽ...

ഇതിന് മുമ്പ് ആദി ഓടിച്ച് നമ്മള് പിറകിൽ ഇരുന്നിട്ടുണ്ടെങ്കിലും ഇത് ആദ്യത്തെ അനുഭവമായോണ്ട് സൂപ്പർ ആയിരുന്നു....

ആദിന്റെ നാട് കഴിഞ്ഞ് നമ്മളെ നാട്ടിലേക്ക് എത്താൻ തുടങ്ങുമ്പോഴായിരുന്നു ആദി നമ്മളെ തോളിൽ ഓന്റെ താടി കൊണ്ട് വെച്ച് നമ്മളെ മിററിലൂടെ നോക്കിയത്.... ഓന്റെ നോട്ടം കണ്ടിട്ട് നമ്മള് എന്തെ എന്ന് തലയാട്ടിയപ്പോ ഓന്റെ ചുണ്ടുകൾ നമ്മളെ കഴുത്തിൽ വന്ന് പതിഞ്ഞു...

അപ്പോ നമ്മളെ ശരീരത്തിലൂടെ കറന്റ് പാസ് ചെയ്ത് പോയ പോലെ ഒരു ഫീലായിരുന്നു... അതോണ്ട് നമ്മള് അപ്പോ തന്നെ ബ്രേക്ക് ചവിട്ടിയിട്ട് ആദിനെ തിരിഞ്ഞ് നോക്കിയപ്പോ ഓൻ ചിരിച്ചോണ്ട് വണ്ടിയിൽ നിന്ന് ഇറങ്ങി....

"നിന്റെ നാട്ടിൽ എത്തിയില്ലേ... ഇനി നീ ഓടിക്കണ്ട... ഈ കോലത്തിൽ നിന്നെ എല്ലാവരും കണ്ടാൽ നിനക്ക് വട്ടാണെന്ന് കരുതും... ഇങ്ങോട്ട് ഇറങ്ങ് ഇനി ഞാൻ ഓടിക്കാം..."

ഓൻ പറയുന്നത് അക്ഷരം പ്രതി നമ്മള് അനുസരിച്ചു... ബുള്ളറ്റിൽ നിന്ന് ഇറങ്ങി കൊടുത്തിട്ട് ഓന്റെ ഗ്ലാസ് ഊരിമാറ്റി ആദിനെ തന്നെ നോക്കി നിന്നു...

"ഷ്...? നീയെന്താ എന്നെ തന്നെ നോക്കി ഇവിടെ നിൽക്കാനാണോ ഭാവം...? അവിടെ വീട്ടുകാരൊക്കെ നിന്നെ അന്വേഷിച്ച് വിഷമിച്ച് നിൽക്കുന്നുണ്ടാകും... വാ വീട്ടിലേക്ക്പോകാം..."

"വീട്ടിലേക്കോ....? അപ്പോ ഓഡിറ്റോറിയത്തിലേക്ക്...."

"അവിടെ അതിന് ഇപ്പോ ആരാ ഉള്ളത്...? നാടകമൊക്കെ അവസാനിച്ചില്ലേ... ഇപ്പോ അവരൊക്കെ വീട്ടിൽ എത്തി കാണും... നീ കേറ്...."

നമ്മള് ഒന്ന് മൂളി കൊണ്ട് ബുള്ളറ്റിൽ കേറിയിരുന്നപ്പോ ആദി നമ്മളെ കൈ പിടിച്ച് അവന്റെ അരയിലൂടെ ചുറ്റി പിടിപ്പിച്ചു....

"ഇനി ഈ കൈ എപ്പോഴും ഇവിടെ ആയിരിക്കണം...."

എന്ന് ഓൻ പറഞ്ഞപ്പോ നമ്മള് ഒന്ന് ചിരിച്ചോണ്ട് തല താഴ്ത്തി ഇരുന്നു... അപ്പോ ആദി വണ്ടി സ്റ്റാർട്ട് ചെയ്ത് നമ്മളെ വീടിനെ ലക്ഷ്യമാക്കി യാത്ര തിരിച്ചു...

വീട്ടിൽ എത്തിയപ്പോ എല്ലാ ബന്ധുക്കളും വീട്ട് മുറ്റത്ത് തന്നെ നിൽപ്പുണ്ടായിരുന്നു... നമ്മള് ആദിന്റെ കൂടെ വരുന്നത് കണ്ട് ഉമ്മച്ചി ഓടി വന്ന് നമ്മളെ കെട്ടിപ്പിടിച്ച്

കരഞ്ഞു...

"എവിടെന്നു ഫെബിയെ ഇജ്ജ്...? അന്നെ കാണാതെ ഞങ്ങള് എത്ര വിഷമിച്ചെന്ന് അറിയോ അനക്ക്...?

ഫൈസലിന്റെ തനി നിറം മനസ്സിലാക്കാൻ കൊറേ വൈകി മോളെ.... ഓന്റെ കയ്യിലേക്ക് അന്നെ ഏൽപ്പിക്കാൻ പോയത് ഞങ്ങളെ തെറ്റാ...."

ഉമ്മച്ചി ഇങ്ങനെ എന്തൊക്കെയോ പറഞ്ഞ് കരയാൻ തുടങ്ങിയപ്പോ നമ്മള് ഉമ്മച്ചിനെ ഒക്കെ ആശ്വസിപ്പിച്ച് നിർത്തി... അപ്പോഴേക്കും നമ്മളെ ബാക്കിക്കാരും നമ്മളെ പിന്നാലെ ലാന്റായിരുന്നു....

അവരെത്തിയപ്പോ തന്നെ ആദി അവിടന്ന് പോകാൻ നിന്നപോ നമ്മളെ ഉമ്മച്ചി ഓനെ തടഞ്ഞു....

"എങ്ങോട്ടാ ഇജ്ജ് പോണേ....? അകത്തേക്ക് വാ...."

ഉമ്മച്ചി ഓനെ വിളിക്കുന്നത് കണ്ടിട്ട് ഓൻ നമ്മളെ നോക്കിയപ്പോ നമ്മളൊന്ന് ചിരിച്ച് കൊടുത്തു... അപ്പോ

ആദിയേ സ്വീകരിക്കാൻ നമ്മളെ ഉപ്പച്ചിയും ഷാദിയും താഹിയും കൂടെ ആഷിയുമൊക്കെ വന്നത് കണ്ട് നമ്മളെ പോലെ ഓനും അന്തം വിട്ട് നിൽക്കാണ്....

അങ്ങനെ എല്ലാവരും കൂടി ഞങ്ങളെ രണ്ട് പേരെയും അകത്തേക്ക് കൊണ്ട് പോയി സോഫയിൽ പിടിച്ച് ഇരുത്തി ഞങ്ങളെ തന്നെ ഉറ്റു നോക്കാൻ തുടങ്ങി... അത് കണ്ട് ഞാനും ആദിയും പരസ്പരം മുഖത്തോട് മുഖം നോക്കി നിന്നപ്പോ കാണികളെ കൂട്ടത്തിൽ നിന്ന് ഒരു പെട്ടി സ്വീറ്റ്സുമായിട്ട് ആദിന്റെ ഉമ്മി കേറി വന്നു....

ഉമ്മിനെ കണ്ട ഷോക്കിൽ ഞാനും ആദിയും വാ പൊളിച്ച് ഇരുന്ന തക്കത്തിന് ഉമ്മി ഞങ്ങളെ വായേല് സ്വീറ്റ്സ് വെച്ച് തന്നു....

"ഫൗസിയേ.... അപ്പോ ഇനി വൈകിക്കണ്ട ചടങ്ങൊക്കെ അങ്ങ് നടന്നോട്ടെ..."

"ചടങ്ങോ...? എന്ത് ചടങ്ങാ ഉമ്മി....?"

നമ്മള് ചോദിയ്ക്കാൻ വിചാരിച്ച അതേ ചോദ്യം ആദി ചോദിച്ചപ്പോ നമ്മളും അതേ എന്ന രീതിയിൽ തലയാട്ടി....

"വേറെ എന്ത് ചടങ്ങാ നിങ്ങളെ എങ്കേജ്മെന്റ് തന്നെ...."

കാക്കു പറയുന്നത് കേട്ട് ഞങ്ങള് ഞെട്ടി തരിച്ച് പരസ്പരം മുഖത്തോട് മുഖം നോക്കിയപ്പോ എല്ലാവരും ഞങ്ങളെ നോക്കി ചിരിക്കായിരുന്നു....

"ഹോ..... ഒന്നും അറിയാത്ത പോലെ ഇരുന്നിട്ട് ഓരോന്ന് ചോദിക്കുന്നത് കണ്ടില്ലേ ഓൻ....

ദേ മോളെ ഇതൊക്കെ ഇവന്റെ പ്ലാനാണ്.... ഇന്ന് എത്രേയും പെട്ടെന്ന് നിങ്ങളെ എങ്കേജ്മെന്റ് നടത്തിയിട്ട് രണ്ട് ദിവസം കഴിഞ്ഞ് കല്യാണം നടത്തണമെന്ന് പറഞ്ഞ് ഞങ്ങളെ കൊണ്ട് ഇതൊക്കെ ചെയ്യിപ്പിച്ചിട്ട് ഒന്നും അറിയാത്ത പോലെ ഓൻ ചോയ്ക്കാ എന്ത് ചടങ്ങെന്ന്....

ഇവളെ പറ്റിച്ചത് മതിയായില്ലെടാ അനക്ക്...?"

ഉമ്മി പറയുന്നത് കേട്ടിട്ട് നമ്മള് ആദിനെ തുറുക്കനെ നോക്കിയപ്പോ ഓൻ തലക്ക് താങ്ങ് കൊടുത്തോണ്ട് ചമ്മിയ പോലെ ഫേസ് വെച്ചിട്ട് തല താഴ്ത്തി.... അത് കണ്ട് എല്ലാവരും ചിരിക്കുന്നത് കണ്ടപ്പോ നമ്മക്കും ചെറുതായിട്ട് ചിരി വന്നു....

"ചെലപ്പോ ലോകത്ത് ആദ്യമായിട്ടാകും സ്വന്തം എങ്കേജ്മെന്റ് ആണ് നടക്കാൻ പോകുന്നതെന്ന് വധു അറിയാതിരിക്കുന്നത് അല്ലെ ആദി...?"

നിസൂക്ക പറയുന്നത് കേട്ടിട്ട് ആദി താഴേക്ക് നോക്കി ചിരിച്ചോണ്ട് നമ്മളെ ഇടങ്കണ്ണിട്ട് നോക്കിയപ്പോ നമ്മള് ഓനെ ഒന്ന് രൂക്ഷമായി നോക്കി... അപ്പോ തന്നെ ഓൻ നമ്മളിൽ നിന്ന് നോട്ടം തെറ്റിച്ചിട്ട് വേഗം അവിടന്ന് എണീറ്റു....

"അ... എല്ലാവരും ഇങ്ങനെ നോക്കി കൊണ്ട് നിക്കാതെ ആ സ്വീറ്റ്സ് ബോക്സും ആ മാലയും ഇങ്ങ് കൊണ്ട് വാ...."

നമ്മളെ ഇടങ്കണ്ണിട്ട് നോക്കി കൊണ്ടുള്ള ആദിന്റെ പറച്ചില് കേട്ട് നമ്മള് സീറ്റീന്ന് എണീറ്റിട്ട് ഓനെ തന്നെ നോക്കി നിന്നു... ആഷി ഒരു സ്വീറ്റ്സ് ബോക്സ് എടുത്ത് അവന് കൊടുത്തപ്പോ ആദി നമ്മളെ മുഖത്തേക്ക് നോക്കാതെ അത് നമ്മളെ നേരെ നീട്ടി....

"ഇത് കൊള്ളാലോ.... ചെക്കന് പെണ്ണിനേക്കാൾ നാണമോ...."

എന്ന് നമ്മളെ കസിൻസിലെ ആരോ ഇട്ട് കമന്റ് പറഞ്ഞപ്പോ ആദിയാകെ ചമ്മി നാറിയിട്ട് ഒരു സൈക്കിളീന്ന് വീണ ചിരി പാസാക്കി കൊണ്ട് നമ്മളെ മുഖത്തേക് നോക്കി... നമ്മളെ ചിരിച്ച് കൊണ്ടുള്ള മുഖം കണ്ടിട്ട് ആദിയും ചിരിച്ചോണ്ട് നമ്മളെ നേരെ ആ സ്വീറ്റ്സ് ബോക്സ് നീട്ടിയപ്പോ നമ്മളത് രണ്ട് കയ്യും നീട്ടി വാങ്ങിച്ചു....

അപ്പോ എല്ലാവരും കൂടി കയ്യടികളും ഫോട്ടോ എടുക്കലുമൊക്കെയായി ആകെ ബഹളം.... അപ്പോ ആദിന്റെ ഉമ്മി ഞങ്ങളെ അടുത്തേക്ക് വന്നിട്ട് ഒരു സ്വർണ്ണത്തിന്റെ മാല ഒരു പെട്ടിയിൽ നിന്ന് എടുത്തു....

അപ്പോ ആദി ഉമ്മിന്റെ കയ്യീന്ന് അത് വാങ്ങാൻ നിന്നപ്പോ ഉമ്മി ഓന്റെ കയ്യിനൊരു തട്ട് കൊടുത്തു....

"ഇത് നിനക്ക് ഇട്ട് കൊടുക്കാൻ അല്ല... അനക്ക് ഇട്ട് കൊടുക്കാനെ രണ്ട് ദിവസം കഴിയട്ടെ...."

എന്ന് ഉമ്മി പറയുന്നത് കേട്ട് നമ്മളടക്കം എല്ലാവരും കൂടി നമ്മളെ ആദിയെ വീണ്ടും കളിയാക്കി ചിരിച്ചു... നമ്മളെ ചിരി കണ്ടിട്ട് ഓൻ എന്തോ അർഥം വെച്ച പോലെ നമ്മളെ നോക്കി ചിരിച്ചു....

ഉമ്മി അപ്പോ തന്നെ നമ്മളെ കഴുത്തില് ആ മാലയിട്ട് തന്നിട്ട് നമ്മളെ നെറ്റിയിൽ ഉമ്മവെച്ചു....

ആ മാലയിൽ ഒരു ലവ് ചിഹ്നത്തിന് അകത്ത് രണ്ട് A ലേറ്റേഴ്സ് കോർത്ത് നിൽക്കുന്നത് ആയിരുന്നു....

നമ്മൾ ആ മാലയിൽ നോക്കി കൊണ്ട് ആദിയെ നോക്കിയപ്പോ ഓൻ നമ്മളെ നോക്കി പുരികം പൊക്കി എങ്ങനെ ഉണ്ടെന്ന് ചോദിച്ചപ്പോ നമ്മളൊന്ന് തലയാട്ടി കൊടുത്തു....

പിന്നെ അങ്ങോട്ട് ഫ്രണ്ട്സിന്റെയും ബന്ധുക്കളുടെയും ഫോട്ടോ എടുപ്പും സെൽഫൈ എടുക്കലുമൊക്കെയായി ആകെ കൂടി കച്ചറ പിച്ചറ കുറ്റിച്ചിറ മാനാഞ്ചിറ ആയിരുന്നു....

അതൊക്കെ കഴിഞ്ഞപ്പോ വൈകിട്ടത്തെ ചായ പരിപാടിക്ക് ഞങ്ങളെ രണ്ട് പേരെയും കൂടി പന്തലിലേക്ക് കൊണ്ട് പോയി... അവിടെ ഒരു വലിയ ടേബിളിന് ചുറ്റും ഞാനും എന്റെ കോന്തനും ഫ്രണ്ട്സും ബ്രദേഴ്‌സും കൂടി ഇരുന്നപ്പോഴേക്കും ആളായി....

അവറ്റകൾ ഒക്കെ കൂടി ആദി ചമ്മി നാറിയതിനെ കുറിച്ചും നമ്മക്ക് ഇട്ട് വീണ്ടും സർപ്രൈസ് തന്നതിനെ കുറിച്ചുമൊക്കെ പറയാൻ തുടങ്ങിയപ്പോഴാണ് നമ്മക്ക് നൂറയെ പറ്റിയും ഫൈസൽക്കാനെ പറ്റിയും ഓർമ്മ വന്നത്....

"അച്ചൂ.... നൂറ എവിടെ....? ഫൈസൽക്കാനെ നിങ്ങള് ഒക്കെ കൂടി എന്താ ചെയ്തേ....?വീട്ടിൽ ഉള്ളവരൊക്കെ എങ്ങനെയാ ഫൈസൽക്കാനെ കുറിച്ചൊക്കെ

അറിഞ്ഞത്....?"

(തുടരും)

ഭാഗം.129

"അച്ചൂ.... നൂറ എവിടെ....? ഫൈസൽക്കാനെ നിങ്ങള് ഒക്കെ കൂടി എന്താ ചെയ്തേ....? വീട്ടിൽ ഉള്ളവരൊക്കെ എങ്ങനെയാ ഫൈസൽക്കാനെ കുറിച്ചൊക്കെ അറിഞ്ഞത്....?"

നമ്മളെ ചോദ്യം കേട്ടിട്ട് എല്ലാവരും നോക്കിയത് ആദിയെ ആയിരുന്നു... അപ്പോ നമ്മള് അറിയാതെ കോന്തൻ വേറെ എന്തോ ഒന്ന് കൂടി ഒപ്പിച്ചിട്ടുണ്ടെന്ന് മനസ്സിലായപ്പോ നമ്മളും അതേപടി ഓനെ തുറുക്കനെ നോക്കി....

"ഐഷു.... എന്നെ ഇങ്ങനെ നോക്കൊന്നും വേണ്ട... അവര് എവിടെയാണെന്ന് എനിക്ക് സത്യയിട്ടും അറിയില്ല... ഇവറ്റകളല്ലേ അപ്പോ കൂടെ ഉണ്ടായിരുന്നത്... എന്താ ഉണ്ടായതെന്ന് ഇവരോട് തന്നെ ചോദിച്ച് നോക്ക്... അല്ലാതെ എന്നെ തുറുക്കനെ നോക്കിയിട്ട് ഒരു കാര്യവുമില്ല...."

ആദി അതും പറഞ്ഞോണ്ട് കോഫിയിലേക്ക് നോക്കി കൊണ്ടിരുന്നിട്ട് നമ്മളെ ഇടങ്കണ്ണിട്ട് നോക്കുന്നത് കണ്ടപ്പോ നമ്മളൊന്ന് തലയാട്ടി കൊണ്ട് അവറ്റകളെ നോക്കി....

"അത് പിന്നെ ഫെബി.... നിന്നെ രക്ഷപ്പെടുത്താൻ വേണ്ടി നൂറ ഫൈസൽക്കാൻറെ തലക്കടിച്ച് വീഴ്ത്തിയില്ലേ.... നീ പോയതിന് ശേഷം നൂറ ഫൈസൽക്കാൻറെ അടുത്ത് ഇരുന്ന് ഒരേ കരച്ചിൽ ആയിരുന്നു...." സനയാണ്.

"ഞങ്ങളൊക്കെ അവളോട് പോകാമെന്ന് പറഞ്ഞ് വിളിച്ചിട്ടൊന്നും അവള് അവിടന്ന് എണീറ്റ് വന്നില്ല...." അച്ചുവാണ്.

"പകരം അവള് ആവശ്യപ്പെട്ടത് ഫൈസലിനെ ഹോസ്പിറ്റലിൽ കൊണ്ട് പോകണമെന്നും അവനെ അവള് നേർവഴിക്ക് കൊണ്ട് വന്നോളാമെന്നും അവന് ഒരു ചാൻസ് കൂടി കൊടുക്കണമെന്നുമാണ്..." നിസൂക്കയാണ്.

"അവളെ കരച്ചിലും അവനോടുള്ള സ്നേഹമൊക്കെ കണ്ടപ്പോ ഞങ്ങൾക്ക് അവനെ ഹോസ്പിറ്റലിൽ ആകുകയല്ലാതെ വേറെ വഴി ഉണ്ടായിരുന്നില്ല..." കാക്കുവാണ്.

"നന്നായി... നിങ്ങള് ചെയ്തത് തന്നെയാ അതിന്റെ ശരി... ഫൈസൽക്കാക്ക് നന്നാവാൻ നമുക്ക് ഒരു അവസരം കൂടി കൊടുത്ത് നോക്കുന്നതിൽ ഒരു തെറ്റുമില്ല... എനിക്ക് ഉറപ്പാ ഫൈസൽക്ക മാറും... നൂറ ഫൈസൽക്കാനെ മാറ്റിയെടുക്കും....

അല്ലാ.... അപ്പോ ഇതൊക്കെ വീട്ടുകാർ എങ്ങനെ അറിഞ്ഞു...? അവരോട് ഫൈസൽക്ക ഞങ്ങളോട്

ചെയ്ത ദ്രോഹമൊക്കെ പറഞ്ഞോ...?"

"അതൊന്നും ഞങ്ങൾക്ക് അറിയില്ല ഫെബി... അതൊക്കെ നിന്റെ ഭാവി കെട്ട്യോൻ തന്നെയാ വീട്ടുകാരോട് ഫോൺ വിളിച്ച് പറഞ്ഞത്... അവൻ എന്താ പറഞ്ഞതെന്ന് അവനോട് തന്നെ ചോദിക്ക്...."

അൻസിക്ക പറയുന്നത് കേട്ട് നമ്മള് നമ്മളെ കോന്തനെ നോക്കിയപ്പോഴുണ്ട് ഓൻ നമ്മളെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കുന്നു.... അതൊന്നും വക വെക്കാതെയുള്ള നമ്മളെ നോട്ടം കണ്ടപ്പോ അവൻ നടന്നതൊക്കെ പറയാൻ തുടങ്ങി....

★★★★★★★★★★★★★★★★★★★

"ആക്സിഡന്റിന് ശേഷം ഞാനും സൽമയും കൂടി ഫൈസലിന്റെ യഥാർത്ഥ മുഖം നിങ്ങളെ ഒക്കെ മുന്നിൽ എങ്ങനെ കൊണ്ട് വരുമെന്ന പ്ലാനിങ്ങിൽ ആയിരുന്നു... അതിന് പറ്റിയൊരു പ്ലാൻ തയ്യാറായി വന്നപ്പോ ഇവരെ കൂടി സപ്പോർട്ടില്ലാതെ അത് മുന്നോട്ട്

പോകില്ലെന്ന് എനിക്ക് തോന്നി...

അതോണ്ട് നടന്നതൊക്കെയും ഇനി നടക്കാനിരിക്കുന്നതുമൊക്കെ ഇവരോട് ഞാൻ തുറന്ന് പറഞ്ഞിരുന്നു....

എല്ലാത്തിനും എനിക്ക് കൂട്ട് നിൽക്കുന്ന എന്റെ ചങ്ക്സ് അതിനും എന്റെ കൂടെ നിന്ന് ഒന്നും അറിയാത്ത പോലെ ഫൈസലിന് മുന്നിൽ തകർത്ത് അഭിനയിച്ചു.... അതിന് ഒരു സ്പെഷ്യൽ താങ്ക്സ് ഉണ്ട് നമ്മളെ ചങ്ക്സിനോട്...."

എന്ന് പറഞ്ഞ് നമ്മള് അവറ്റകളെ നോക്കിയപ്പോ നമ്മളെ പെണ്ണിന്റെ നോട്ടം മാത്രം കുറച്ച് രൂക്ഷമായിരുന്നു....

"എന്റെ പൊന്ന് ഐഷു നീയിങ്ങനെ നോക്കി പേടിപ്പിക്കല്ലെടി പെണ്ണെ... നിന്റെ ആ ഉണ്ടകണ്ണ് രണ്ടും ഇപ്പോ പുറത്തേക്ക് ചാടുംട്ടാ... ഞാൻ നീ ചോദിച്ച ചോദ്യത്തിലേക്ക് തന്നെയാ വരുന്നത്.... പ്ലീസ് വെയിറ്റ്..."

നമ്മളെ പറച്ചില് കേട്ടപ്പോ ഐഷു ഒന്ന് ചിരിച്ചിട്ട് ഓളെ കോഫി ഒരു സിപ് കുടിച്ച് നമ്മളെ നോക്കി...

" എല്ലാം പ്ലാൻ ചെയ്ത പോലെയാണ് കാര്യങ്ങൾ നടക്കുന്നതെന്നും നീ എന്നെയും തേടി കോളേജിലേക്ക് പുറപ്പെട്ടുവെന്നും ഇവര് വിളിച്ച് പറഞ്ഞപ്പോ തന്നെ ഞാൻ അവരോട് പറഞ്ഞിരുന്നു നിന്റെ പിന്നാലെ തന്നെ നീയറിയാതെ ചെല്ലണമെന്ന്...

അവര് ആ കൃത്യവും നല്ല ഭംഗിയായി ചെയ്തത് കൊണ്ട് ഫൈസല് നിന്നെ സ്റ്റോറൂമിൽ വെച്ച് ലോക്ക് ചെയ്തതും അവന്റെ നാവിൻ തുമ്പിൽ നിന്ന് തന്നെ എല്ലാ കാര്യങ്ങളും ഇവർക്ക് കേൾക്കാനും പറ്റി... നിന്നെ രക്ഷപ്പെടുത്താനും പറ്റി...

ആ ഗ്യാപ്പിലാണ് ഞാൻ ഫൈസലിന്റെ ഉമ്മക്കും നിന്റെ ഉപ്പച്ചിക്കും വിളിച്ചത്... ഫൈസലിന് നൂറ എന്ന പെൺകുട്ടിയെ ഇഷ്ടമാണെന്നും അവര് തമ്മിൽ ഒളിച്ചോടി പോകാൻ പ്ലാൻ ഇട്ടിരിക്കാണെന്നും നമ്മള് അങ്ങോട്ട് തട്ടി വിട്ടു.... അത് കേട്ടപ്പോ തന്നെ അവനെ തപ്പി എല്ലാവരും കൂടി നടന്നപ്പോ അവനെ

കാണാനില്ലെന്ന് മനസ്സിലാക്കിയ അവര് ഞാൻ പറഞ്ഞത് സത്യമാണെന്ന് വിശ്വസിച്ചു...."

"പിന്നെ കോളേജിലേക്ക് പോകുന്ന വഴിക്ക് ഫൈസലിനെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആക്കിയിട്ട് നൂറയേയും അവിടെ നിർത്തി ഓന്റെ ഉമ്മാക്ക് ഫോൺ വിളിച്ചു... എന്നിട്ട് ഓന് ഒരു ആക്സിഡന്റ് പറ്റി ഇപ്പോ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണെന്ന് പറഞ്ഞ് ഞങ്ങള് അവിടന്ന് വേഗം സ്കൂട്ടായി കോളേജിലേക്ക് വന്നു... അതാ ഞങ്ങള് വരാൻ ഇത്തിരി ലേറ്റായത്...."

നമ്മള് പറയുന്നതിന് ഇടക്ക് വെച്ച് സിയാദ് അത് പറഞ്ഞ് ചിരിച്ചപ്പോ ഐഷു എന്തോ അർഥം വെച്ച പോലെയുള്ള നോട്ടവും തലയാട്ടലുമൊക്കെയായിരുന്നു നമ്മളെ നോക്കി....

"അപ്പൊ ഈ അറേഞ്ച്മെൻസൊക്കെ എപ്പോ നടത്തി...?" ഐഷുവാണ്.

"ഫൈസല് നൂറാന്റെ കൂടെ ഒളിച്ചോടി പോയെന്ന് വിളിച്ച്

പറഞ്ഞ അടുത്ത സെക്കൻഡിൽ തന്നെ ഞാൻ വിളിച്ചത് എന്റെ ഉമ്മിക്കല്ലേ...

ഉമ്മിയോട് ഞാൻ നിന്റെ ഉമ്മാന്റെ അടുത്ത് പോയിട്ട് രണ്ട് ആശ്വാസ വാക്കൊക്കെ പറഞ്ഞ് സമാധാനിപ്പിച്ച് നിൽക്കുന്നതിനിടയിൽ നമ്മളെ കാര്യം ഒക്കെ പറഞ്ഞ് ഇന്നത്തോടെ സെറ്റാക്കണമെന്ന് പറഞ്ഞിരുന്നു....

നമ്മളെ ഉമ്മി അത് നല്ല അടിപൊളിയായി നിർവ്വഹിച്ചോണ്ട് ദേ ഇവറ്റകളെ രണ്ടിന്റെയും കല്യാണം നടക്കുന്നതിന്റെ കൂട്ടത്തിൽ നമ്മളുടേതും നടത്താൻ വരെ തീരുമാനിച്ചില്ലേ..."

നമ്മള് ജാസിന്റെയും സനയെയും ചൂണ്ടി കാണിച്ച് അത് പറഞ്ഞപ്പോ രണ്ട് പേർക്കും ഭയങ്കര നാണമായിരുന്നു മുഖത്ത്.... അവരുടെ കല്യാണമാണ് മറ്റന്നാളെ... അന്ന് തന്നെ എന്റെയും ഐഷുവിന്റേയും കല്യാണം നടത്താനാ എല്ലാവരുടെയും.... അല്ല എന്റെ പ്ലാൻ...

കാരണം ഇനിയും വൈകിപ്പിച്ചിട്ട് ഇവളുമായി അകന്ന് നിൽക്കാൻ എനിക്ക് തീരെ താല്പര്യമില്ല... അതോണ്ട് എല്ലാം വളരെ പെട്ടെന്ന് ആയിക്കോട്ടെ എന്ന് ഞാനും അങ്ങ് കരുതി.... എന്തായാലും വിചാരിച്ച പോലെ

കാര്യങ്ങൾ നടത്തി തന്നതിന് പടച്ചോനോട് സ്തുതി...

"ഇപ്പോ ഹോസ്പിറ്റലിലേക്ക് ഫൈസൽക്കാൻറെ ഉമ്മ ചെന്നിട്ടുണ്ടാകില്ലേ...? അവിടെ വെച്ച് നൂറയെ കാണുമ്പോ അത് ഒരു പൊട്ടിത്തെറിയിൽ കലാശിക്കൊ...?"

"Don't worry my dear.... അതൊക്കെ ഞങ്ങള് നൂറയോട് പറഞ്ഞ് സെറ്റാക്കിയിട്ടുണ്ട്... അവളും അതിന് അനുസരിച്ച് പെരുമാറിക്കോളും..."

എന്ന് പറഞ്ഞോണ്ട് നമ്മള് ഐശൂന്റെ തോളിലൂടെ കയ്യിട്ടപ്പോ ഓള് നമ്മളെ തുറിച്ച് നോക്കി... അത് കണ്ട് നമ്മള് മെല്ലെ ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് ഓളെ തോളിൽ നിന്ന് കയ്യെടുത്തപ്പോ ഓള് നമ്മളെ നോക്കി ചിരിച്ചു...

"എന്തായാലും ഈയടുത്ത് തന്നെ നമുക്ക് നല്ലൊരു വാർത്ത കേൾക്കാം... നൂറയുടെയും ഫൈസലിന്റെയും കല്യാണമെന്ന്....അല്ലെ ആദി...?"

"അതെ ജോണേ... എത്രെയും പെട്ടെന്ന് നമുക്ക് ആ വാർത്തക്ക് വേണ്ടി കാത്തിരിക്കാം...

ഹാ എന്തായാലും ഇപ്പോ എല്ലാം കലങ്ങി തെളിഞ്ഞില്ലേ.... ഇനി എല്ലാവരും അവരവരുടെ കോഫിയൊക്കെ എടുത്ത് മോന്തിയിട്ട് അടുത്ത മഴക്ക് മുൻപ് അവരവരുടെ പെണ്ണുമ്പിള്ളയെയും കൂട്ടി കൊണ്ട് അവരവരുടെ കൂരകളിലേക്ക് ചെല്ലാൻ നോക്കീം.... എനിക്കും എന്റെ ഐഷൂനും കൂടി കുറച്ച് ഭാവി കാര്യങ്ങളൊക്കെ പ്ലാൻ ചെയ്യാനുണ്ട് അല്ലെ ഐഷു....?"

എന്ന് പറഞ്ഞ് നമ്മള് ഐഷൂനെ നോക്കിയപ്പോ ഓള് അപ്പോ തന്നെ നമ്മളെ കാലിനിട്ട് ഒരു ചവിട്ട് തന്നിട്ട് "അല്ല ഐഷു..." എന്ന് പറഞ്ഞ് കൊഞ്ഞനം കുത്തി കാണിച്ചിട്ട് ഓള് അവിടന്ന് എണീറ്റ് പോയി...

നമ്മള് കാല് ഉഴിഞ്ഞോണ്ട് അവറ്റകളെ നോക്കിയപ്പോ അവരൊക്കെ കൂടി നമ്മളെ കളിയാക്കി പൊങ്കാലയിട്ടു... അല്ലെ ഐഷു എന്ന് പറഞ്ഞോണ്ടാണ് അവറ്റകളെ കളിയാക്കല്...

അവറ്റകളെ കളിയാക്കല് സഹിക്കാണ്ടായപ്പോ നമ്മള് വേഗം ഫോണെടുത്ത് ആരെയോ വിളിക്കുന്ന പോലെ കാണിച്ചിട്ട് വേഗം അവിടന്ന് സ്കൂട്ടായി അകത്തേക്ക് ചെന്നു... അവിടെ എത്തിയപ്പോ എല്ലാവരും കൂടി നമ്മളെ നോക്കി ഒരു അവിഞ്ഞ ചിരി ആയിരുന്നു...

അതിനൊക്കെ മറുപടി എന്നോണം നമ്മളും തിരിച്ച് ഒരു ചിരി പാസാക്കി കൊണ്ട് ഐഷൂനെ തിരഞ്ഞപ്പോഴുണ്ട് ഓളെ എല്ലാവരും കൂടി ഹാളിൽ വെച്ച് പൊതിഞ്ഞ് നിൽക്കുന്നു...

നമ്മളെ പെണ്ണിനോട് ഒരല്പം സ്വസ്ഥതയോടെ സംസാരിക്കാമെന്ന് വെച്ച് വന്ന് നോക്കുമ്പോ ഓള് ഒന്ന് നമ്മളെ തിരിഞ്ഞ് പോലും നോക്കാതെ വന്നവരോടൊക്കെ ഭയങ്കര സംസാരാ...

കൂട്ടത്തിൽ നമ്മളെ ഉമ്മിയുമുണ്ട്... മൂപ്പത്തി ഓളെ കൈ പിടിച്ച് വെച്ചിട്ട് എല്ലാവരോടും എന്തൊക്കെയോ തള്ളി വിടുന്നുണ്ട്... അതിനനുസരിച്ച് അമ്മായിയമ്മക്ക് കട്ട സപ്പോർട്ടായിട്ട് മരുമോളും....

അങ്ങനെ ഒരു അമ്മായിയമ്മക്ക് ഇങ്ങനെ ഒരു മരുമോളെ കിട്ടിയത് എന്ത് കൊണ്ടും നന്നായി...

പക്ഷെ ഇതും കണ്ടോണ്ട് നമ്മക്ക് ഇങ്ങനെ നിന്നാൽ പറ്റില്ലല്ലോ... മണവാട്ടിന്റെ കയ്യിൽ നിന്ന് ഈ മണവാളന് എങ്കേജ്മെന്റിന്റെ റിട്ടേൺ ഗിഫ്റ്റ് ആയിട്ട് ഒരു മറുപടിയെങ്കിലും കിട്ടിയല്ലേ പറ്റൂ... എന്തായാലും അത് കിട്ടിയിട്ടേ നമ്മള് ഇവിടന്ന് പോകൂ.....

★★★★★★★★★★★★★★★★★★★★★★

ആദിന്റെ അടുത്ത് നിന്ന് വേഗം എണീറ്റ് വന്നത് ഒന്ന് ഫ്രഷാകണമെന്ന ചിന്തയോടെയാണ്... കാരണം ഈ ലെഹങ്കയും ഇട്ടോണ്ട് രാവിലെ മുതൽ അലച്ചില് അല്ലായിരുന്നോ ഞാൻ... അതിന്റെ ക്ഷീണവുമൊക്കെ നല്ലോണമുണ്ട് എനിക്ക്....

അകത്തേക്ക് വന്നപ്പോ തന്നെ നമ്മള് ചെന്ന് പെട്ടത് ഉമ്മിന്റെ മുന്നിലേക്ക് ആയിരുന്നു... ഉമ്മി ആണെങ്കിൽ നമ്മളെ കൈ പിടിച്ച് വെച്ചിട്ട് വളരെ അഭിമാനത്തോടെ

കാണുന്നവരോടൊക്കെ ഇതാണെന്റെ മരുമോളെന്ന് പറഞ്ഞപ്പോ അവിടന്ന് നമുക്ക് പോകാനും തോന്നീല...

അങ്ങനെ അവരോടും ഉമ്മിയോടുമൊക്കെ സംസാരിച്ച് നിൽക്കുമ്പോഴായിരുന്നു നമ്മളെ ശ്രദ്ധ പിടിച്ച് പറ്റാൻ വേണ്ടി നമ്മളെ കോന്തൻ കൈ കൊണ്ട് ഓരോന്ന് ആംഗ്യം കാണിച്ചത്.... അത് കണ്ട് നമ്മള് എന്താ എന്ന രീതിയിൽ ഓനെ നോക്കി പുരികം പൊന്തിച്ചപ്പോ ഓൻ നമ്മളോട് മോളിലേക്ക് വരാൻ ആംഗ്യം കാണിച്ചു...

നമ്മള് അപ്പോ തന്നെ പറ്റില്ലെന്ന് അവനോട് തിരിച്ചും തലയാട്ടി കൊണ്ട് ഉമ്മിനെ നോക്കിയിട്ട് ഓനെ ഇടങ്കണ്ണിട്ട് നോക്കി... അപ്പൊ ഓൻ 'നീ അങ്ങോട്ട് വന്നില്ലേൽ ഞാൻ നിന്നെ പിടിച്ചോണ്ട് പോകുമെന്ന്' ആംഗ്യം കാണിച്ചപ്പോ അതൊന്ന് കാണണമല്ലോ എന്ന നിലക്ക് നമ്മളും രണ്ട് കയ്യും കെട്ടി ഓനെ നോക്കി നിന്നു....

അപ്പൊ തന്നെ ആദി ശരിയാക്കി തരാട്ടാ എന്ന് തലയാട്ടി കൊണ്ട് അവന്റെ ഷർട്ടിന്റെ കൈ രണ്ടും കയറ്റി വെച്ചോണ്ട് ഞങ്ങളെ അടുത്തേക്ക് വന്നു....

"ഉമ്മി....."

പെട്ടെന്ന് ആദി അങ്ങനെ ഗർജ്ജിച്ചതും ഞാനും ഉമ്മിയും ഒരുപോലെ കാത് പൊത്തി ഓനെ തിരിഞ്ഞ് നോക്കി... ഓന്റെ ഓലക്കീമലെ സൗണ്ട് കേട്ട് ഇതുവരെ അവരവരുടെ പാട് നോക്കി പോയിരുന്നവരൊക്കെ കൂടി ഹാളിൽ ഹാജറായി....

നമ്മളെ കോന്തൻ അവരെയൊക്കെ ഒന്ന് നോക്കിയിട്ട് സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കുന്നത് കണ്ടിട്ട് നമ്മള് വാ പൊത്തി പിടിച്ച് ഹലാക്കിലെ ചിരി ആയിരുന്നു... ഓന്റെ ഒച്ച കേട്ടിട്ട് ഉമ്മി അപ്പോ തന്നെ ഓന്റെ കയ്യിനിട്ട് ഒരു കിഴുക്കും കൊടുക്കുന്നത് കണ്ടപ്പോ നമ്മള് വാ പൊത്താതെ തന്നെ ചിരിക്കാൻ തുടങ്ങി... കൂട്ടത്തിൽ അവിടെ ഉണ്ടായിരുന്നവരും...

"എന്താടാ ആദിയെ...? അന്റെ ചെവിന്റെ ഫ്യൂസ് പോയാ.... എന്തിനാ ഇങ്ങനെ ഇജ്ജ് കാറുന്നെ...? ഇജ്ജ് മെല്ലെ വിളിച്ചാലും ഇൻക്ക് കേൾക്കും... ഇന്റെ കേൾവിക്കൊക്കെ ഇപ്പോഴും നല്ല പവറാ..."

ഉമ്മി പറയുന്നത് കേട്ടിട്ട് ഞങ്ങളെ മുന്നിൽ ആകെ ചമ്മി നാറി ആദി എല്ലാവരെയും നോക്കുന്നത് കണ്ടാൽ ചിരിക്കാൻ മറന്നവര് പോലും ചിരിച്ച് പോകും... അമ്മാതിരി കോമഡിയായിരുന്നു...

"എല്ലാരും എന്താ ഇങ്ങനെ നോക്കുന്നെ...? ഇവിടെ ഒന്നുമില്ല.... മറ്റന്നാളെ കല്യാണമല്ലേ... അതിന്റെ ഒരുക്കങ്ങളൊക്കെ നടക്കട്ടെ... എല്ലാവരും ചെന്നോളി...."

എന്നൊക്കെ പറഞ്ഞ് ആദി അവരെയൊക്കെ അവിടന്ന് പറഞ്ഞയച്ചെങ്കിലും അധിക പേരുടെയും നോട്ടമിപ്പോ ഇങ്ങോട്ട് തന്നെയാണ്... വല്ല ആവശ്യവും ഉണ്ടായിരുന്നോ അവന് വിളിച്ച് കൂവാൻ... ഹ....ഹ....ഹ.... എനിക്ക് വയ്യ... ഇങ്ങനെ ഒരു കോന്തൻ....

"ഉമ്മി.... ഇൻക്ക് ഐശൂനോട് ഒന്ന് തനിച്ച് സംസാരിക്കണം..."

'ഓഹോ... അപ്പോ അതാണല്ലേ ഉമ്മി എന്ന് കാറി വിളിച്ചതിന്റെ ഉദ്ദേശം.... ശരിയാക്കി തരാമെടാ....'

നമ്മള് അപ്പോ തന്നെ ഉമ്മിന്റെ കാതിൽ

"ഉമ്മീ... കല്യാണത്തിന് മുൻപ് ഇങ്ങനെയുള്ള സംസാരമൊക്കെ അത്ര നല്ലതല്ല... അതോണ്ട് ഉമ്മി ഇതിന് കൂട്ട് നിൽക്കരുത്...." എന്നൊക്കെ അങ്ങ് തട്ടി വിട്ടിട്ട് നമ്മളെ കോന്തനെ നോക്കിയപ്പോ ഓൻ നമ്മള് ഉമ്മിനോട് പറയുന്നത് കാതോർക്കാണ്...

പക്ഷെ പാവത്തിന് അത് കേൾക്കാൻ പറ്റിയിട്ടില്ല... അതോണ്ട് നമ്മളോട് എന്താ പറഞ്ഞതെന്ന് ആംഗ്യം ഒക്കെ കാണിച്ചെങ്കിലും നമ്മളൊന്നും മിണ്ടാതെ ഓനെ നോക്കി പല്ലിളിച്ചു....

"മോള് പോയി കുളിച്ച് ഈ ഡ്രെസ്സൊക്കെ മാറിയേക്ക്.... രാവിലെ മുതൽ ഇതിൽ അല്ലായിരുന്നോ നടത്തം ക്ഷീണം കാണും മോള് ചെല്ല്...."

എന്ന് പറഞ്ഞ് ഉമ്മി നമ്മളോട് പോകാൻ പറഞ്ഞപ്പോ നമ്മള് ഓനെ നോക്കി പുരികം പൊന്തിച്ചോണ്ട് സ്റ്റെയർ കേറാൻ നിന്നപോ നമ്മളെ പിന്നാലെ ഓനും വരാൻ നിന്നു...

"ഡാ ആദി... നീയെങ്ങോട്ടാടാ അവളെ പിന്നാലെ...? ഇങ്ങോട്ട് വാടാ.... അനക്ക് ഓളോട് സംസാരിക്കാൻ ഉള്ളതൊക്കെ കല്യാണം കഴിഞ്ഞിട്ട് രണ്ട് പേരും മാത്രം ഉണ്ടാകുമ്പോ പറഞ്ഞാൽ മതീട്ടാ മോനെ... നീയിപ്പോ പുറത്തേക്ക് ചെല്ലാൻ നോക്ക് നമുക്ക് പോകാൻ നേരായി...."

എന്ന് ഉമ്മി പറയുന്നത് കേട്ട് നമ്മള് ഓനെ നോക്കിയപ്പോ എല്ലാരെ മുന്നിലും ചമ്മി നാറിയതിന്റെ എല്ലാ ഭാവങ്ങളും ഓന്റെ മുഖത്ത് നന്നായിട്ട് തെളിഞ്ഞ് കാണുന്നുണ്ടായിരുന്നു....

അത് കണ്ട് നമ്മള് ചിരിക്കുന്നത് കണ്ടിട്ട് ആദി നമ്മളെ തുറുക്കനെ നോക്കി കൊണ്ട് എന്തോ അർഥം വെച്ച പോലെ തലയാട്ടി കൊണ്ട് പുറത്തേക്ക് നടന്നു....

നമ്മള് ഓൻ പോകുന്നതും നോക്കി അങ്ങനെ

നിൽക്കുന്നത് കണ്ടിട്ട് ഉമ്മി നമ്മളെ നോക്കി കണ്ണിറുക്കി നമ്മളോട് പോയി ഫ്രഷാകാൻ പറഞ്ഞു... നമ്മള് ഉമ്മിയെ നോക്കി ചിരിച്ചോണ്ട് നമ്മളെ റൂമിലേക്ക് ചെന്ന് ഒന്ന് നെടുവീർപ്പിട്ടു...

എന്നിട്ട് താഴെ വെച്ച് ആദി ചമ്മി നാറിയതിനെ കുറിച്ച് ആലോജിച്ച് ചിരിച്ചോണ്ട് കട്ടിലിൽ കിടന്ന ഗിഫ്റ്റ് ബോക്സോക്കെ എടുത്ത് കട്ടിലിനടിയിലേക്ക് എടുത്ത് വെച്ചു... എന്നിട്ട് പോയി കുളിച്ച് ഇന്ന് നടന്നതൊക്കെ നമ്മളെ മൈൻഡിൽ നിന്ന് തന്നെ ഡിലീറ്റ് ചെയ്ത് ഫ്രഷായിട്ട് തിരിച്ച് വന്നു....

എന്നിട്ട് കണ്ണാടിയിൽ നോക്കി കൊണ്ട് തല തുവർത്തി നിൽക്കുമ്പോഴായിരുന്നു ആരോ നമ്മളെ പിന്നിൽ നിന്ന് ചൂളം വിളിക്കുന്ന ഒരു ശബ്ദം കേട്ടത്... നമ്മള് ഞെട്ടി തിരിഞ്ഞ് കട്ടിലിലേക്ക് നോക്കിയപ്പോ നമ്മളെ കോന്തനുണ്ട് തലക്ക് താങ്ങും കൊടുത്തോണ്ട് നമ്മളെ നോക്കി കിടക്കുന്നു....

ഡോർ നമ്മള് ഉള്ളിൽ നിന്ന് ലോക്ക് ചെയ്തിട്ടാണ് പോയത്... ഇവനിപ്പോ ഇതെവിടെന്ന് പൊട്ടി മുളച്ച്

വന്നെന്ന് ചിന്തിച്ചോണ്ട് ഓനെ നോക്കി നിന്നപ്പോഴാ നമ്മളെ കിളി വാതിലിലൂടെ നമ്മളെ മുഖത്തേക്ക് കാറ്റ് വീശിയത്.... എത്ര ആയിട്ടും ഇവൻ ഈ വഴി വിടുന്ന ലക്ഷണമില്ലല്ലോ എന്ന് ചിന്തിച്ച് നമ്മള് ഓന്റെ അടുത്തേക്ക് ചെന്നു....

"ആദി... എന്താ ഈ കാണിക്കുന്നെ...? മര്യാദക്ക് ഇവിടന്ന് ഇറങ്ങി പോകാൻ നോക്ക്... ഉമ്മി പറയുന്നത് ഒക്കെ നീ കേട്ടതല്ലേ.... ഇവിടന്ന് പോയെ...."

എന്ന് പറഞ്ഞ് നമ്മള് ഡോറിന് നേരെ വിരല് ചൂണ്ടിയപ്പോ ഓൻ ചിരിച്ചോണ്ട് അവിടെ എണീറ്റ് ഇരുന്നിട്ട് ബെഡിൽ ഉണ്ടായിരുന്ന നമ്മളെ ടെഡിയേ എടുത്തു... അത് കണ്ട് നമ്മള് ഓന്റെ കയ്യീന്ന് അത് വാങ്ങി വെച്ചിട്ട് വീണ്ടും അവനോട് പോകാൻ ആംഗ്യം കാണിച്ചു....

"ഉമ്മിയാണ് അത് പറഞ്ഞതെങ്കിൽ ഞാൻ തീർച്ചയായും അനുസരിച്ചേനെ.... പക്ഷെ അത് നീ ഉമ്മിനെ കൊണ്ട് പറയിപ്പിച്ചത് ആയോണ്ട് എനിക്ക് അനുസരിക്കാൻ ഇച്ചിരി ബുദ്ധിമുട്ടുണ്ട്...."

ആദി പറയുന്നത് കേട്ട് നമ്മള് നിന്ന് പരുങ്ങാൻ തുടങ്ങി...

"ഞ... ഞാൻ... എന്ത്... പറഞ്ഞൂന്നാ ഈ പറയുന്നേ...? ഞാൻ ഉമ്മിയോട് എനിക്ക് ഒന്ന് ഫ്രഷാകണമെന്ന് മാത്രേ പറഞ്ഞിട്ടുള്ളൂ...."

"ഓഹോ... ആയിക്കോട്ടെ... സമ്മതിച്ചു... നിന്നോട് വാദിച്ച് ജയിക്കാൻ എന്നെ കൊണ്ട് പറ്റില്ലല്ലോ..."

ഓന്റെ മറുപടി കേട്ട് നമ്മള് ഓനെ ഒന്ന് പുച്ഛിച്ച് തള്ളിയിട്ട് അവനെയൊന്ന് നോക്കിയപ്പോ ചെക്കൻ നമ്മളെ തന്നെ കണ്ണിമ വെട്ടാതെ നോക്കി നിൽക്കാണ്... ഓന്റെ നോട്ടം അത്ര ശരിയല്ലാത്ത പോലെ തോന്നിയതോണ്ട് നമ്മള് അപ്പോ തന്നെ നമ്മളെ ടെഡി എടുത്ത് അവന്റെ നേരെ എറിഞ്ഞു...

"ആദി... ദേ കളിയ്ക്കാൻ നിക്കാതെ പോകാൻ നോക്ക്.... ഇരുട്ടി തുടങ്ങി... നിന്നെ എല്ലാവരും താഴെ

അന്വേഷിക്കുന്നുണ്ടാകും... വേഗം ചെല്ലാൻ നോക്ക്... പോ...."

എന്ന് നമ്മള് പറഞ്ഞപ്പോ ഓൻ ഇല്ലാന്ന് തലയാട്ടിയിട്ട് നമ്മളെ ടെഡിയെ കെട്ടിപ്പിടിച്ചു... അപ്പോ നമ്മള് ഓനോട് പ്ലീസ് എന്ന് പറഞ്ഞ് കെഞ്ചി കൊണ്ട് കൈ കൂപ്പി നിന്ന് പോകാൻ പറഞ്ഞപ്പോഴും ഓൻ പോകില്ലെന്ന് തലയാട്ടി...

"ഓ.... ഒന്ന് പോയി താ കോന്താ... അല്ലെങ്കിൽ എന്തിനാ വന്നതെന്ന് പറഞ്ഞിട്ട് വേഗം പോകാൻ നോക്ക്..."

"എന്റെ ഐഷു... നീയെന്തിനാ ഇങ്ങനെ കിടന്ന് ധൃതി കൂട്ടുന്നേ...? നമ്മളെ എങ്കേജ്മെന്റൊക്കെ കഴിഞ്ഞ സ്ഥിതിക്ക് നീയിപ്പോ എന്റെ ഹാഫ് വൈഫാ...."

"എന്തോന്ന്...?"

"പാതി ഭാര്യയാണെന്ന്.... അതോണ്ട് എനിക്ക് നിന്റെ

റൂമിൽ കേറി നിന്നോട് സംസാരിച്ചെന്ന് കരുതി ഒരു കുഴപ്പവുമില്ല... വേണേൽ ഒരു മറുപടിയും തരാം അതും കുഴപ്പമില്ല...."

ആദി പറയുന്നത് കേട്ടിട്ട് നമ്മള് ഓനെ രൂക്ഷമായി നോക്കി പല്ലിറുമ്പി കൊണ്ട് ഓനെ ടവ്വൽ വെച്ച് തല്ലാൻ തുടങ്ങി...

"ഓഹോ... അപ്പോ അതിനാണല്ലേ ഈ എഴുന്നള്ളത്തിന്റെ ഉദ്ദേശം... നിനക്ക് ഞാൻ നല്ലൊരു ഉഗ്രൻ മറുപടി തന്നിട്ടെ ഇവിടന്ന് പറഞ്ഞയക്കൂ കോന്താ...."

എന്ന് അലറി കൊണ്ട് നമ്മള് ഓനെ ടവ്വൽ കൊണ്ട് അടിക്കുന്നത് അനുസരിച്ച് ഓൻ ഹലാക്കിലെ ചിരിയായിരുന്നു... പെട്ടെന്ന് അപ്രതീക്ഷിതമായി ഓൻ നമ്മളെ ട്വവലിൽ പിടിച്ച് വലിച്ചതും നമ്മള് ഓന്റെ നെഞ്ചിലേക്ക് ചെന്ന് വീണു....

ആ വീഴ്ചയിൽ നമ്മളെ ഈറനണിഞ്ഞ മുടിയിഴകൾ

ആദിന്റെ മുഖത്തേക്ക് വീണ് കിടന്നിരുന്നു.... ഓൻ പതിയെ എന്റെ മുടി അവന്റെ മുഖത്ത് നിന്ന് മാറ്റിയിട്ട് നമ്മളെ നോക്കി സൈറ്റടിച്ചു...

അത് കണ്ട് നമ്മള് അപ്പോ തന്നെ അവിടന്ന് എണീറ്റ് പോകാൻ നിന്നതും ഓൻ നമ്മളെ അരയിലൂടെ കയ്യിട്ട് അവനിലേക്ക് ഒന്ന് കൂടി ചേർത്ത് നിർത്തി... അപ്പോ തന്നെ നമ്മളെ മേനിയാകെ കുളിര് കോരി നമ്മള് ഓനെ തന്നെ മിഴിച്ച് നോക്കി നിന്നു....

അപ്പോ ആദി ഒരു ചെറു പുഞ്ചിരി തൂകി കൊണ്ട് നമ്മളെ മുഖത്തേക്ക് വീണ് കിടക്കുന്ന മുടി പിന്നിലേക്ക് നീക്കിയിട്ട് എന്റെ തലയിൽ പിടിച്ച് നമ്മളെ മുഖം അവനിലേക്ക് കൂടുതൽ അടുപ്പിച്ച് കൊണ്ട് വരാൻ തുടങ്ങി....

ഈ സിറ്റുവേഷൻ നമ്മക്ക് അത്ര നല്ലതല്ലെന്ന് ബോധ്യമായപ്പോ തന്നെ നമ്മള് ടവ്വൽ എടുത്ത് അവന്റെ തലയിലൂടെ ഇട്ടിട്ട് അവിടന്ന് വേഗം എണീറ്റു...

എന്നിട്ട് ഡ്രസ്സ് നേരെയാക്കി നമ്മള് ഒരൽപം പരിഭ്രാന്തിയോടെ ഓനെ നോക്കി... തൊണ്ട വരണ്ടിട്ട്

ദാഹിക്കുന്ന പോലെയൊക്കെ തോന്നുന്നുണ്ട് നമ്മക്ക്... അതും പോരാഞ്ഞ് നമ്മളെ ശ്വാസത്തിന്റെയും ഹൃദയമിടിപ്പിന്റെയും വേഗതയൊക്കെ സെക്കന്റുകൾ കൊണ്ട് കുതിച്ചുയരാണ്....

ആദി അപ്പോ തന്നെ ബെഡിൽ നിന്ന് എണീറ്റ് ഇരുന്നിട്ട് തലയിൽ കൂടിയിട്ട ടവ്വൽ എടുത്ത് നമ്മളെ നോക്കി ചിരിച്ചു.... എന്നിട്ട് അവിടന്ന് എണീറ്റ് നമ്മളെ അടുത്തേക്ക് നടന്ന് വരുന്നതിന് അനുസരിച്ച് നമ്മളും പിറകോട്ട് നീങ്ങി പോയി ഡോറിൽ തട്ടി നിന്നു....

"ആ... ആദി... ദേ... ഇത്... ഇതൊന്നും ശരിയല്ലാട്ടോ... വേ... വേഗം ഇവിടന്ന് പോകാൻ നോക്ക്...."

നമ്മള് വിക്കി വിക്കി അത്രയൊക്കെ എങ്ങനെയൊക്കെയോ പറഞ്ഞ് ഒപ്പിച്ചിട്ട് കൂടി യാതൊരു ഭാവ വ്യത്യാസവുമില്ലാതെ ആദി നമ്മളെ അടുത്തേക്ക് നീങ്ങി വരുന്നത് കണ്ടിട്ട് നമ്മളെ കയ്യും കാലും വിറക്കാൻ തുടങ്ങി...

ഓൻ നമ്മളെ തൊട്ടടുത്ത് എത്തി നമ്മളെ നേരെ മുഖം അടുപ്പിച്ചപ്പോ തന്നെ നമ്മള് കണ്ണടച്ച് പിടിച്ച് വാ പൂട്ടി

കൊണ്ട് തല തിരിച്ചു....

അത് കണ്ടിട്ട് ആദി ചിരിക്കുന്നത് നമ്മള് ഇടങ്കണ്ണിട്ട് നല്ലോണം കാണുന്നുണ്ട്... എന്നാലും ഈ നിൽപ്പ് തന്നെ തുടരാൻ നമ്മള് തീരുമാനിച്ചു...

പെട്ടെന്ന് ആദി എന്റെ കൈ പിടിച്ച് വലിച്ച് ഡോറിൽ നിന്നും മാറ്റി അവന്റെ തൊട്ട് മുന്നിൽ നിർത്തിച്ചു.... എന്നിട്ട് ആ ടവ്വൽ എടുത്ത് നമ്മളെ തലയിലൂടെ ഇട്ടിട്ട് നമ്മളെ തല തുവർത്താൻ തുടങ്ങി...

"ഇങ്ങനെ മുടിയിൽ വെള്ളം വെച്ചോണ്ട് നിന്നാൽ നിനക്ക് പണി പിടിക്കുംട്ടോ ഐഷു.... നമ്മളെ കല്യാണമാണ് മറ്റന്നാളെ എന്ന് മറക്കണ്ട...."

എന്ന് പറയുന്നത് കേട്ട് നമ്മളൊന്നും മിണ്ടാതെ തല താഴ്ത്തി നിന്നപ്പോ ഓൻ തുവർത്തല് നിർത്തിയിട്ട് ആ ടവ്വൽ നമ്മളെ കഴുത്തിലൂടെയിട്ടു... എന്നിട്ട് അവനിലേക്ക് അടുപ്പിച്ച് നിർത്തി ഓൻ മറുപടി തരാൻ വേണ്ടി നിന്നപോ തന്നെ ആരോ ഡോറിൽ മുട്ടി....

ഓൻ ഷെ... എന്ന് പറഞ്ഞ് നമ്മളെ വിട്ടിട്ട് തല ചൊറിയുന്നത് കണ്ടപ്പോ നമ്മക്ക് ചിരിയേക്കാൾ കൂടുതൽ ടെൻഷൻ ആയിരുന്നു ഉണ്ടായത്... കാരണം നമ്മളെ ഉമ്മച്ചിയും ഉമ്മിയുമാണ് ഡോറിൽ മുട്ടുന്നത്... ഈ കോന്തനെ റൂമിൽ കണ്ടാൽ ആകെ നാണം കെടും....

"ആദി... വേഗം ഇവിടന്ന് പോകാൻ നോക്ക്... പോ...."

"പോ... പോ... എന്ന് പറഞ്ഞിട്ട് എങ്ങോട്ട് പോകാനാ...?"

"ഹോ എങ്ങോട്ടേലും പോടാ കോന്താ..."

എന്ന് പറഞ്ഞ് നമ്മള് ബാൽക്കണിയിലേക്കുള്ള ഡോർ തുറന്നപ്പോ അവിടെ മൊത്തം കുട്ടിപ്പട്ടാളങ്ങൾ ആയിരുന്നു... അതോണ്ട് അപ്പോ തന്നെ ആ ഡോറടച്ചിട്ട് നമ്മള് ഓനോട് കിളി വാതിൽ വഴി തന്നെ പോകാൻ പറഞ്ഞ് അങ്ങോട്ട് നോക്കിയപ്പോ മുറ്റത്ത് ഇല്ലാത്തവരായിട്ട് ആരുമില്ല.... അതോണ്ട് ആ വഴിയും

പോകാൻ പറ്റില്ല....

ഡോറിൽ ആണെങ്കിൽ ഉമ്മച്ചിയും ഉമ്മിയും കൂടി മാറി മാറി വിളിക്കുന്നുണ്ട്... ഈ കോന്തനെ ഇപ്പോ എവിടെ കൊണ്ട് പോയി ഒളിപ്പിക്കുമെന്ന് ചിന്തിച്ച് നമ്മള് നഖം കടിച്ചോണ്ട് കോന്തനെ നോക്കിയപ്പോ ഓന് യാതൊരു കൂസലുമില്ലാതെ നമ്മക്ക് വന്ന ഗിഫ്റ്റ് സൊക്കെ ബെഡിൽ ഇട്ടിട്ട് തുറക്കാണ്....

അത് കണ്ടിട്ട് നമ്മക്ക് പെരുവിരൽ മുതലങ്ങ് എരിഞ്ഞ് കേറി... നമ്മക്ക് ഇവിടെ പ്രാണ വേദന അവന് അപ്പോ വീണ വായന.... നമ്മള് അപ്പോ തന്നെ തലയണ വെച്ച് അവനൊന്ന് കൊടുത്തിട്ട് അവനെ അവിടന്ന് വലിച്ച് എണീപ്പിച്ചു....

"ആദി പ്ലീസ്... എങ്ങനെയെങ്കിലും ഇവിടന്ന് ഒന്ന് പോകാൻ നോക്ക്.... അവര് എങ്ങാനും ഇപ്പോ നിന്നെ ഇവിടെ കണ്ടാൽ...."

"കണ്ടാൽ എന്താ...? നീയെന്റെ ഹാഫ് വൈഫല്ലേ

അതോണ്ട് അതൊന്നും ഒരു പ്രശ്നമല്ല...."

"ആദി നീ കളിക്കല്ലേ.... വേഗം എവിടേലും പോയി ഒളിക്കാൻ നോക്ക് പ്ലീസ്.... നിന്റെ കാല് ഞാൻ പിടിക്കാം... വേഗം പോ...."

"ഹ്.... ഓക്കേ... ഞാൻ പോയി ഒളിച്ചോളാം പക്ഷെ...."

"പിന്നെ എന്താ ഒരു പക്ഷെ...? വേഗം പോയി ഒളിക്കാൻ നോക്ക്...."

"അതിന് മുമ്പ് എനിക്ക്..."

"നി... നിനക്ക്.....?"

എന്ന് പറയുന്നതിന് അനുസരിച്ച് ആ കോന്തൻ നമ്മളെ അടുത്തേക്ക് വന്നു... നമ്മളാണെങ്കിൽ പിറകിലോട്ടും...

"എനിക്ക് ഒരു മറുപടി വേണം.... അത് കിട്ടി കഴിഞ്ഞാൽ പിന്നെ ഈ റൂമീന്ന് തന്നെ ഞാൻ പോയി തരാം...."

"അ.... അതൊന്നും തരാൻ പറ്റില്ല... നീ ഒന്ന് പോയെ...."

"അപ്പോ ഓക്കേ... ഞാൻ ഇവിടന്ന് പോണില്ല... നിന്റെ ഉമ്മയും എന്റെ ഉമ്മിയുമൊക്കെ കാണട്ടെ ഞാൻ ഇവിടെ ഉള്ളത്... നീ ചെന്ന് വാതില് തുറക്ക്..."

എന്ന് പറഞ്ഞ് ആ കോന്തൻ ബെഡിൽ പോയി ഇരുന്നപ്പോ നമ്മള് ഓന്റെ മുന്നിൽ തോറ്റ് കൊടുക്കാൻ തന്നെ തീരുമാനിച്ചു... നമ്മളൊന്ന് സമ്മതം മൂളിയതും ഓൻ ഒരു കള്ളച്ചിരിയോടെ നമ്മളെ അടുത്തേക്ക് നടന്നടുത്തപ്പോ നമ്മള് കണ്ണടച്ച് പിടിച്ച് അങ്ങനെ നിന്ന് കൊടുത്തു....

പെട്ടെന്ന് ഡോറിൽ ഉമ്മച്ചി ആഞ്ഞടിച്ച് ഫെബി വാതില് തുറക്കെന്ന് ഉച്ചത്തിൽ വിളിച്ച് കൂവുന്നത് കേട്ട് കണ്ണ് തുറന്ന് ഡോറിലേക്ക് നോക്കിയിട്ട് നമ്മളെ മുന്നിലേക്ക്

നോക്കിയപ്പോ നമ്മളെ കോന്തന്റെ പൊടി പോലും അവിടെ കാണാൻ ഇല്ലായിരുന്നു....

ഓൻ ഇതെവിടെ പോയെന്ന് ചിന്തിച്ചോണ്ട് നമ്മള് നഖം കടിച്ച് റൂം മൊത്തം ഒന്ന് കണ്ണോടിച്ച് നോക്കി വാതില് തുറന്നു...

"എന്തായിരുന്നെടി വാതിലടച്ച് വെച്ച് അനക്ക് പണി...? ഞങ്ങള് എത്ര നേരായി വാതില് മുട്ടുന്നു എന്നറിയോ അനക്ക്....?"

"അത്... പിന്നെ... ഉമ്മച്ചി... ഞ... ഞാൻ കുളിക്കേന്നു.... അതോണ്ട് ഇങ്ങള് വിളിച്ചതൊന്നും കേട്ടില്ല...."

"അതിന് ഇജ്ജ് എന്തിനാ റൂമിന്റെ വാതില് അടച്ച് വെച്ചേ...?"

"അത്.... ദേ എന്റെ സ്വർണ്ണമൊക്കെ ഞാൻ ഇവിടെ അല്ലെ വെച്ചിരിക്കുന്നെ... അപ്പോ ഞാൻ കുളിക്കാൻ പോയ തക്കത്തിന് ആരേലും എടുത്താലോന്ന് കരുതി അടച്ചതാ...."

നമ്മളെ പറച്ചില് കേട്ട് ഉമ്മച്ചി ഒന്ന് ഇരുത്തി മൂളി കൊണ്ട് അകത്തേക്ക് കയറി ആ സ്വർണ്ണമൊക്കെ അതാത് പെട്ടിയിലാക്കി വെച്ച് ഉമ്മച്ചി നമ്മളോട് തല ചീകി വെച്ച് താഴേക്ക് വരാൻ പറഞ്ഞിട്ട് സ്വർണ്ണവും കൊണ്ട് താഴേക്ക് പോയി....

"എന്നാ ശരി മോളെ... ഞങ്ങള് ഇറങ്ങാ... ഇനി മറ്റന്നാളെ എന്റെ മോന്റെ ബീവി ആയിട്ട് എന്റെ മോളായിട്ട് നിന്നെ കൊണ്ട് പോകാൻ വരണ്ട്....

മോളെ... ഞാനൊന്ന് ബാത്‌റൂമിൽ പൊയ്ക്കോട്ടെ...."

"അതിനെന്താ ഉമ്മി... പ്രത്യേകിച്ച് ചോദിക്കണോ.... ഉമ്മി പൊയ്ക്കോളി...."

എന്ന് പറഞ്ഞ് നമ്മള് ബാത്‌റൂം കാണിച്ച് കൊടുത്തു... അപ്പോ തന്നെ കട്ടിലിന്റ അടിയിൽ നിന്നും നമ്മളെ കോന്തൻ ഇറങ്ങി വരുന്നത് കണ്ട് നമ്മള് അന്തം വിട്ട് വാ പൊളിച്ച് നിന്നു....

"ഹായ്... ഞാൻ പോയിട്ടില്ലായിരുന്നു... ഉമ്മിന്റെ കണ്ണ് വെട്ടിക്കാൻ ആയിട്ട് കാത്തിരിക്കായിരുന്നു...."

"എന്നാ പിന്നെ അധികം ഇവിടെ ചുറ്റിപ്പറ്റി നിൽക്കാതെ വേഗം ഇറങ്ങി പോകാൻ നോക്ക് കോന്താ....."

"എനിക്ക് അതിന് ഒന്നും കിട്ടിയില്ല...."

"ഇപ്പോ തൽക്കാലം ഇവിടെ ഒന്നും കൊടുക്കുന്നില്ല.... കൊടുക്കുമ്പോ അറിയിക്കാം.... ഇപ്പോ മോൻ വേഗം താഴേക്ക് ചെല്ലാൻ നോക്ക്... ഉമ്മി ഇപ്പോ ഇറങ്ങി വരും...."

"ഐഷൂ..... മറുപടി വേണ്ടടി.... അതൊക്കെ ഞാൻ പിന്നെ വാങ്ങിച്ചോളാം... ഇപ്പോ തൽക്കാലത്തിന് ഒരു ഉമ്മ എങ്കിലും താടി...."

"ഒരു താടിയുമില്ല മുടിയുമില്ല... ചെക്കാ കൈക്ക് പണിയാക്കാൻ നിൽക്കാതെ പോകാൻ നോക്കിയേ..."

ആദി കൊച്ചു കുട്ടികളെ പോലെ ചിണുങ്ങി കൊണ്ട് പറയുന്നത് കേട്ടിട്ട് ചിരി അടക്കി പിടിച്ചോണ്ട് നമ്മളത് പറഞ്ഞപ്പോ തന്നെ ഉമ്മി ഡോർ തുറക്കുന്ന സൗണ്ട് കേട്ടു.... അത് കേട്ട് ആദി പെട്ടെന്ന് നമ്മളെ കവിളില് ഒരുമ്മ തന്നിട്ട് കണ്ടം വഴി പാഞ്ഞോടുന്ന പോലെ പൊരിഞ്ഞ ഓട്ടമായിരുന്നു താഴേക്ക്....

അത് കണ്ട് ഷോക്കടിച്ച പോലെ കവിളത്ത് കയ്യും വെച്ച് നമ്മള് ഓൻ പോയതും നോക്കി നിന്നപ്പോ ഉമ്മി വന്നിട്ട് നമ്മളോട് എന്താന്ന് ചോയിച്ചപ്പോ നമ്മള് പെട്ടെന്ന് കൈയ്യെടുത്തിട്ട് പല്ല് വേദന ആണെന്ന് പറഞ്ഞ് ഒന്ന് ഇളിച്ച് കാണിച്ചു... ഉമ്മി നമ്മളോട് പോകാണെന്ന് പറഞ്ഞ് താഴേക്ക് പോയപ്പോ നമ്മള് വേഗം തലേല് തട്ടം എടുത്തിട്ടിട്ട് താഴേക്ക് ഓടി ചെന്നു....

അപ്പൊ ആദിയും സൽമയും ആഷിയും ഉമ്മിയുമൊക്കെ എല്ലാവരോടും യാത്ര പറഞ്ഞ് ഇറങ്ങുന്ന തിരക്കിൽ ആയിരുന്നു... ആഷിയും ഉമ്മിയും സൽമയുമൊക്കെ നമ്മളോട് യാത്ര പറഞ്ഞെങ്കിലും ആദി നമ്മളെ ഒന്ന് തിരിഞ്ഞ് പോലും നോക്കാതെ ഫോണിൽ കളിച്ചോണ്ട് നിക്കാണ്....

"ഡാ ആദി.... ഇവളോട് ഒന്ന് യാത്ര പറഞ്ഞേക്ക്....." ഉമ്മിയാണ്.

"ഹോ.... അതിന്റെയൊന്നും ആവശ്യമില്ല ഉമ്മി... മറ്റന്നാളെ കൊണ്ട് പോകാനുള്ളതല്ലേ.... അതോണ്ട് യാത്രയൊന്നും പറയണമെന്നില്ല...."

എന്ന് പറഞ്ഞ് ആ കോന്തൻ നമ്മളെ ഒന്ന് നോക്കപ്പോലും ചെയ്യാതെ അവിടന്ന് ഇറങ്ങി പോകുന്നത് കണ്ട് നമ്മള് തൊള്ളേം തുറന്ന് നോക്കി നിന്നു....

' എന്തോ ഒരു സാധനത്തിന്റെ കൊണ്ട് പോകുന്ന പോലെയുണ്ട് അവന്റെ പറച്ചില് കേട്ടാൽ.... വരട്ടെ അവന് ഇതിനുള്ളതൊക്കെ പതിമടങ്ങായിട്ട് ഞാൻ തിരിച്ച് കൊടുത്തിരിക്കും.... ഓന്റെ ഓലക്കീമലെ ഒരു ജാഡ.... മറ്റന്നാളെ അവൻ അനുഭവിക്കാൻ ഇരിക്കുന്നതെയുള്ളൂ... അന്ന് ഈ എന്റെ ദിവസമാ... അപ്പോ വെച്ചിട്ടുണ്ട് ഇതിനുള്ളതൊക്കെ....'

അങ്ങനെ എല്ലാവരും യാത്ര പറഞ്ഞ് ഇറങ്ങി പോയപ്പോ വീടാകെ ഒരു ശ്മശാന മൂകത... എന്നാലും കസിൻസും ബന്ധുക്കളുമൊക്കെ ഇപ്പോഴും വീട്ടിലുണ്ട്... അവർക്കൊക്കെ ചർച്ച ഫൈസൽക്കാനെ പറ്റിയും ആദിയെ പറ്റിയുമാണ്.... ആദിയെ പുകഴ്ത്തി പുകഴ്ത്തി ആകാശം മുട്ടെ പൊന്തിക്കാൻ നോക്കാ എല്ലാവരും....

നമ്മള് അതൊന്നും വക വെക്കാതെ ആദിക്കിട്ട് കൊടുക്കേണ്ട പനിയെ കുറിച്ച് ആലോചിച്ചോണ്ട് നമ്മളെ കൂടപ്പിറപ്പിനെ കൂട്ട് വിളിച്ച് നന്നായിട്ട് അങ്ങ് കിടന്നുറങ്ങി....

◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆

ഇന്നാണ് ഞങ്ങളെ നാല് പേരുടെയും കല്യാണം... എന്റെയും ആദിന്റെയും ജാസിയുടെയും സനന്റെയും....

നാല് പേരുടെയും കല്യാണം ഒരുമിച്ച് ആദിന്റെ ഓഡിറ്റോറിയത്തിൽ വെച്ച് നടത്താനാണ് നാല് കുടുംബത്തിന്റെയും തീരുമാനം.... അത് എന്ത് കൊണ്ടും നന്നായി എന്നാണ് നമ്മളെ ചങ്ക്സ്

പറയുന്നത്... അല്ലെങ്കിൽ ആരുടെ കല്യാണത്തിന് പോകുമെന്ന കൺഫ്യൂഷൻ വന്നേനെ....

ഇന്നലെ മൈലാഞ്ചി രാവ് ആയിരുന്നെങ്കിലും വലിയ ആഘോഷമൊന്നും ഇല്ലായിരുന്നു ഇവിടെ... നമ്മളെ ഫ്രണ്ട്സോക്കെ ഇങ്ങോട്ട് വന്നിരുന്നെങ്കിലും രാത്രി ആയപ്പോ അവരെയൊക്കെ ഞാൻ സനന്റെ വീട്ടിലേക്ക് പറഞ്ഞയച്ചു... അവൾക്ക് അല്ലെ ഇത് ആദ്യത്തെ മൈലാഞ്ചി രാവ്.... നമുക്ക് ഒരു തവണ ഇതൊക്കെ കഴിഞ്ഞതാണല്ലോ....

ഹാ.... എന്തായാലും ഫ്രണ്ട്സോന്നും ഇല്ലെങ്കിലും നമ്മളെ കസിൻസും പിന്നെ ഷാദിയും സിനുവും അവറ്റകളെ ഫ്രണ്ട്സും കൂടി നമ്മളെ മൈലാഞ്ചി രാവ് പൊളിച്ചടുക്കി കയ്യിൽ വെച്ച് തന്നിട്ടുണ്ട്....

ഇന്ന് രാവിലെ തന്നെ ആദിന്റെ ഫോൺ കോളാണ് നമ്മളെ വിളിച്ചുണർത്തിയത്... അതും കൃത്യം 5 മണിക്ക്... നമ്മക്ക് ആണെങ്കിൽ ഇന്നലത്തെ അവറ്റകളുടെ പരിപാടിയുടെ ക്ഷീണമൊക്കെ നല്ലോണം ഉണ്ടായിരുന്നു.... അതോണ്ട് ഓന്റെ ഫോൺ

അറ്റൻഡ് ചെയ്യാതെ നമ്മള് ഫോ സൈലെന്റിൽ ഇട്ട് വീണ്ടും പുതച്ച് മൂടി കിടന്നു....

കുറച്ച് കഴിഞ്ഞപ്പോഴുണ്ട് ഷാദി വന്ന് വാതില് മുട്ടി വിളിക്കുന്നു.... നമ്മക്ക് ഉറക്കം വന്നിട്ട് ആണെങ്കിൽ നിക്കക്കളിയില്ലാതെ ഭ്രാന്ത് പിടിക്കുന്നുണ്ട്... അതോണ്ട് വാതില് ഒക്കെ നമ്മള് നല്ല ഒച്ചയിലാണ് തുറന്നത്....

"എന്താടാ ഷാദി അനക്ക്...? മനുഷ്യനെ ഉറങ്ങാനും സമ്മതിക്കില്ലേ...? നിന്റെ ആ വേട്ടാവെളിയൻ അളിയനോട് പോയി പറ എനിക്ക് ഇപ്പോ എണീക്കാൻ സൗകര്യമില്ല അവനോട് പോയി കേസ് കൊടുക്കാൻ....

അല്ല പിന്നെ...."

എന്ന് പറഞ്ഞ് ഷാദിനെ നോക്കി കണ്ണുരുട്ടിയിട്ട് നമ്മള് വാതിലടച്ച് വീണ്ടും വന്ന് കിടന്നപ്പോ നമ്മളെ ഒച്ചപ്പാട് കേട്ട് ഹസിയും ജസിയും ദിയയും ബാക്കി പടകളുമൊക്കെ നമ്മളെ കണ്ണും മിഴിച്ച് നോക്കുന്നുണ്ടായിരുന്നു.... അവരെ ഒന്നും മൈൻഡ് പോലും ചെയ്യാതെ നമ്മള് വീണ്ടും വന്ന് കിടന്നത് മാത്രേ എനിക്ക് ഓർമ്മയുള്ളു പിന്നെ കണ്ണ് തുറന്ന്

നോക്കിയപ്പോ നമ്മള് നനഞ്ഞ് കുളിച്ച് നിൽക്കാണ്....

നോക്കുമ്പോ നമ്മളെ കസിൻസ് മൊത്തം നമ്മളെ വട്ടം കൂടി നിന്നിട്ട് നമ്മളെ അവിടന്നും ഇവിടന്നുമൊക്കെ ആയി നുള്ളിയിട്ട് നമ്മളോട് വേഗം പോയി കുളിക്കാൻ പറഞ്ഞ് ബാത്റൂമിലേക്ക് പറഞ്ഞ് വിട്ടു.... നമ്മള് ബാത്റൂമിൽ എത്തിയെങ്കിലും അവിടെ നിന്നിട്ടും പൊരിഞ്ഞ ഉറക്കം തന്നെയായിരുന്നു....

നമ്മളെ അനക്കം ഒന്നും കേൾക്കാഞ്ഞിട്ട് അവറ്റകൾ വാതില് മുട്ടാൻ തുടങ്ങിയപ്പോ നമ്മള് മനസ്സില്ലാ മനസ്സോടെ വേഗം കുളിച്ചിറങ്ങി രണ്ട് റക്അത്ത് സുബിഹി നിസ്കരിച്ചിട്ട് ഇന്നത്തെ ദിവസം നമ്മള് വിചാരിച്ച പോലെ തന്നെ നടത്തി തരണേ എന്ന് പ്രാർത്ഥിച്ചു....

അച്ചുവെന്ന നമ്മളെ പേഴ്സണൽ ഡിസൈനർ ഡിസൈൻ ചെയ്ത ഡാർക്ക് ബ്ലൂയും അതിൽ ഗോൾഡൻ വർക്കും പിടിപ്പിച്ച ഒരു ഹെവി വർക്ക് ലെഹങ്കയാണ് നമ്മളെ വേഷം.... അതെ ലെഹങ്ക തന്നെയാണ് ഇന്ന് സനന്റെയും വേഷമെന്ന് ആദ്യമേ

പറഞ്ഞിരുന്നു....

എന്തായാലും നമ്മളെ എല്ലാവരും കൂടി ചേർന്ന് നല്ല അഡാർ ലുക്കിൽ തന്നെ അണിയിച്ച് ഒരുക്കിയിട്ടുണ്ട്... സത്യം പറഞ്ഞാൽ ഇപ്പോ കണ്ണാടിയിൽ നോക്കുമ്പോ നമ്മക്ക് നമ്മളോട് തന്നെ മൊഹബ്ബത്ത് തോന്നാണ്....

അങ്ങനെ ഒരുക്കങ്ങളും ചായ പാർട്ടിയുമൊക്കെ കഴിഞ്ഞ് എല്ലാവരും ഓഡിറ്റോറിയത്തിലേക്ക് പുറപ്പെടാൻ നിൽക്കുമ്പോഴായിരുന്നു നമ്മള് അത് ശ്രദ്ധിച്ചത്.... കല്യാണം കഴിഞ്ഞ നമ്മളെ കസിൻസൊക്കെ ഒരേ നിറത്തിലുള്ള സാരിയാണ് വേഷം.... പക്ഷെ ഹസി അതിൽ നിന്ന് മാറി വേറെ കളറാണ്...

അതുപോലെ തന്നെ സിനുവിന്റെയും ഷാദിന്റെയും ഒക്കെ ഡ്രെസ്സിന്റെ നിറമൊക്കെ വേറൊരു കളർ.... സത്യം പറഞ്ഞാൽ ഇതൊക്കെ എന്താണെന്ന് നമ്മക്ക് ഒന്നും മനസ്സിലായില്ല....

ഒടുക്കം ഓഡിറ്റോറിയത്തിൽ എത്തിയപ്പോ നമ്മളാണ് അവസാനം എത്തിയ കൂട്ടരെന്ന് മനസ്സിലായി... കാരണം അങ്ങോട്ട് കേറി ചെന്നപ്പോ തന്നെ നമ്മള് കണ്ടത് ഒറ്റക്ക് നിന്ന് ഫോട്ടോക്ക് പോസ് ചെയ്യുന്ന നമ്മളെ കോന്തനേയും ജാസിനെയും സനനെയുമാണ്....

നമ്മളെ കസിൻസൊക്കെ കൂടി ചേർന്ന് ഒരു ഗോൾഡൻ നെറ്റ് നമ്മളെ തലക്ക് മുകളിൽ പിടിച്ചിട്ട് നമ്മളെ കൂടെ തന്നെ നടക്കുന്നുണ്ട്.... നമ്മക്ക് ഇതൊക്കെ ഒരു പുതിയ അനുഭവമായൊണ്ട് നമ്മള് അതൊക്കെ നന്നായിട്ട് എൻജോയ് ചെയ്തു....

നമ്മള് വരുന്നത് കണ്ട് നമ്മളെ ഫ്രണ്ട്സും ബ്രദേഴ്സുമൊക്കെ കൂടി സ്റ്റേജിലേക്ക് കയറി പോകുന്നത് കണ്ടപ്പോഴാണ് ഹസിന്റെ ഡ്രെസ്സിന്റെ നിറം മാത്രം എങ്ങനെയാ വേറെ ആയതെന്ന് മനസ്സിലായത്....

നമ്മളെ ഫ്രണ്ട്സും ബ്രദേഴ്സുമൊക്കെ ഇപ്പോ ഒരേ നിറത്തിലുള്ള ഡ്രെസ് കോഡ് ഇട്ടിട്ട് സ്റ്റേജിൽ നിന്ന് നമ്മളെ മാടി വിളിച്ചോണ്ടിരിക്കാണ്...

നമ്മള് അവറ്റകളെയൊക്കെ നോക്കി ഒന്ന് ചിരിച്ച് കൊടുത്തിട്ട് നമ്മളെ ലെഹങ്കയും താങ്ങി പിടിച്ച് സ്റ്റേജിലേക്ക് കയറാൻ നിന്നപ്പോ നമ്മളെ നേർക്ക് ഒരു കൈ നീണ്ട് വന്നു.... നോക്കുമ്പോ നമ്മളെ കോന്തനുണ്ട് ഡാർക്ക് ബ്ലൂ കോട്ടും സ്യൂട്ടുമൊക്കെ ഇട്ട് താടി ട്രിം ചെയ്ത് നല്ല അഡാർ ലുക്കില് നമ്മളെ നോക്കി ചിരിക്കുന്നു....

നമ്മളും തിരിച്ച് ഒരു ചിരി പാസാക്കി കൊടുത്തിട്ട് ഓന്റെ കൈ പിടിച്ച് സ്റ്റേജിലേക്ക് കയറി... എന്നിട്ട് നമ്മളെ ഫ്രണ്ട്സിന്റെയും റിലേറ്റിവ്സിന്റെയും ഒക്കെ കൂടെ നിന്ന് ഒരുപാട് ഫോട്ടോസും സെൽഫീസുമൊക്കെ ചറപറാന്ന് എടുത്ത് വിട്ട് നമ്മള് പൊളിച്ചടുക്കി...

ഫോട്ടോഗ്രാഫറും വീഡിയോഗ്രാഫറും ഒക്കെ നമ്മളെ അരുണും അച്ചായനും തന്നെയാണ്.... പക്ഷെ ഇപ്പോ രണ്ടും ആ ഫീൽഡ് മാറി പാട്ടിലും ഡാൻസിലുമാണ് കോൺസൺട്രേറ്റ് ചെയ്തിട്ടുള്ളത്....

എന്നാലും ഇടക്ക് വന്നിട്ട് ഇങ്ങനെ നിക്ക് അങ്ങനെ നിക്ക് എന്നൊക്കെ പറഞ്ഞ് ഞങ്ങളെ കൊറേ പോസിലൊക്കെ നിർത്തിക്കുന്നുണ്ട്....

അങ്ങനെ വരുന്നവരുടെയും പോകുന്നവരുടെയുമൊക്കെ മോന്തയിലേക്ക് നോക്കി ക്ലോസപ്പിന്റെ പരസ്യം കാണിച്ച് നിൽക്കുമ്പോഴായായിരുന്നു നമ്മളെ കോന്തൻ നമ്മളെ അരയിലൂടെ കയ്യിട്ട് നമ്മളെ അവനിലേക്ക് ചേർത്ത് നിർത്തിയത്....

"ആദി... കയ്യെടുക്ക്.... നീയെന്താ ഈ കാണിക്കുന്നെ... ആൾക്കാർ ശ്രദ്ധിക്കുന്നു കയ്യെടുക്ക്...."

"ഇന്ന് രാവിലെ ഞാൻ ഫോൺ വിളിച്ചപ്പോ നിനക്ക് എന്താടി ഫോൺ എടുക്കാൻ ഇത്രക്ക് മടി...."

"അ... അത്.... ഇന്ന് എന്തായാലും കാണാൻ പോകല്ലേ അപ്പോ പിന്നെ എന്തിനാ വെറുതെ ഫോൺ എടുക്കുന്നെ എന്ന് കരുതി.... നീ വിട് ആദി....."

"ഓഹോ.... എന്നിട്ട് ഷാദി വന്ന് വിളിച്ചപ്പോ നീ എന്തൊക്കെയോ പറയുന്നത് കേട്ടല്ലോ.... നിന്റെ

വേട്ടാവെളിയൻ അളിയനോട് പോയി പണി നോക്കാൻ പറയാൻ അല്ലേ....

ഈ വേട്ടാവെളിയൻ എന്തൊക്കെയാ ചെയ്യാൻ പോകുന്നതെന്ന് എന്റെ പുന്നാര ഐഷു കാണാൻ പോകുന്നതെയുള്ളു...."

എന്ന് പറഞ്ഞ് ആദി എന്നിൽ നിന്ന് പിടി വിട്ടിട്ട് അവിടെ ഉണ്ടായിരുന്നവരോടൊക്കെ സംസാരിക്കുന്നത് കണ്ടപ്പോ നമ്മളെ കുഴി നമ്മള് തന്നെ കുഴിച്ച പോലെ ഒരു നിമിഷം തോന്നിയെങ്കിലും ഇവനിട്ടും തിരിച്ച് പണിയാൻ നമ്മളെ കയ്യിൽ പ്ലാൻ ഉണ്ടായതോണ്ട് അതൊന്നും കേട്ടപ്പോ അധികം ടെൻഷൻ ഒന്നും വന്നില്ല....

അതോണ്ട് നല്ലോണം ചിരിച്ച് രസിച്ച് തന്നെയായിരുന്നു നമ്മള് സ്റ്റേജിൽ നിന്നത്... അത് കണ്ടിട്ട് നമ്മളെ കോന്തനും നമ്മളെ ഒന്ന് അടിമുടി നോക്കുന്നുണ്ട്.... പാവം അവന് അറിയില്ലല്ലോ നമ്മള് എന്തൊക്കെയാ ഇവന് വേണ്ടി പ്ലാൻ ചെയ്തിട്ടുള്ളതെന്ന്....

അപ്പോഴാണ് ഞങ്ങളെ കൂടെ നിന്ന് ഫോട്ടോ എടുക്കാൻ

വേണ്ടി സഫ്നയും സിനുവും ആഷിയും ഷാദിയും കൂടി അങ്ങോട്ട് വന്നത്.... അവറ്റകൾ നാലിന്റേയും ഒരേ പോലെയുള്ള വേഷം കണ്ടിട്ട് എല്ലാവരും ഞങ്ങളെക്കാളേറെ നോക്കുന്നത് അവറ്റകളെയാണ്....

പിന്നെ ഷാദിയും സിനുവും നമ്മളെ ചോരയും ആഷി ആദിന്റെ ചോരയും സഫ്ന സനന്റെ ചോരയും ആയതോണ്ട് ബ്രദേഴ്സും സിസ്റ്റേഴ്സും കൂടി പ്ലാൻ ചെയ്ത് ഒരുപോലെയുള്ള ഡ്രസ്സ് ഇട്ടതാണെന്നെ എല്ലാവരും ചിന്തിച്ചുള്ളൂ....

പക്ഷെ ശരത്തും നയനയും അതെ ഡ്രെസ്സിൽ വരുന്നത് കണ്ടപ്പോ വേറെ ആർക്കും മനസ്സിൽ ആയില്ലെങ്കിലും ഞങ്ങളെ വീട്ടുകാർക്കൊക്കെ ഏകദേശം കാര്യം പിടി കിട്ടിയിട്ടുണ്ട്... അതോണ്ട് ഇത് കഴിഞ്ഞാൽ അവറ്റകളെ ആറ് പേരുടെയും കാര്യത്തിൽ ഒരു തീരുമാനമായി....

അങ്ങനെ ഫോട്ടോ എടുപ്പും ഫുഡുമൊക്കെ കഴിക്കല് കഴിഞ്ഞ് ഞങ്ങള് നാല് പേരും കൂടി സ്റ്റേജിൽ നിൽക്കുമ്പോഴായിരുന്നു നമ്മള് പ്രതീക്ഷിക്കാത്ത രണ്ട്

പേര് ഞങ്ങളെ അടുത്തേക്ക് വന്നത്....

നൂറയും ഫൈസൽക്കയും....

ചെയ്ത തെറ്റിനൊക്കെ നമ്മളോടും ആദിയോടുമൊക്കെ മാപ്പ് ചോദിച്ചിട്ട് അവരെ രണ്ട് പേരുടെയും കല്യാണത്തിന് ക്ഷണിക്കാൻ കൂടിയായിരുന്നു അവരുടെ വരവ്.... നൂറ ഫൈസൽക്കാനെ ഇത്രയും പെട്ടെന്ന് മാറ്റിയെടുത്തതിനെ കുറിച്ച് ആലോചിച്ചപ്പോ ഞങ്ങൾക്ക് ഒക്കെ സന്തോഷായി....

അങ്ങനെ അവരെയൊക്കെ നമ്മളെ ഫ്രണ്ട്സ് ഇരിക്കുന്നിടത്തേക്ക് പറഞ്ഞ് അയച്ചിട്ട് നമ്മള് പുഞ്ചിരി തൂകി കൊണ്ട് ആദിയെ നോക്കിയപ്പോഴുണ്ട് ഓൻ നമ്മളെ തന്നെ കണ്ണിമ വെട്ടാതെ നോക്കി നിൽക്കുന്നു....

"നിന്റെ മുഖത്തെ ഈ പുഞ്ചിരി മാഞ്ഞ് പോകുന്നതിന് മുൻപ് നിനക്ക് ഞാൻ വേറൊരു സർപ്രൈസ് കൂടി തരട്ടെ....?"

നമ്മള് എന്തെന്ന രീതിയിൽ ആദിനെ ഒരു സംശയ രൂപേണ നോക്കിയപ്പോ ഓൻ പെട്ടെന്ന് നമ്മളെ കണ്ണ് പൊത്തി പിടിച്ചു.... എന്നിട്ട് നമ്മളെ സൈഡിലേക്ക് നീക്കി നിർത്തി കൊണ്ട് കുറച്ച് കഴിഞ്ഞ് കയ്യെടുത്തപ്പോ നമ്മള് പതിയെ കണ്ണ് തുറന്നു....

കണ്ണ് തുറന്ന് നോക്കിയപ്പോ നമ്മളെ മുന്നിൽ നിൽക്കുന്ന രണ്ട് പേരെ കണ്ടതും നമ്മള് കരഞ്ഞോണ്ട് അവരെ അടുത്തേക്ക് ഓടിച്ചെന്ന് അവരെ കെട്ടിപ്പിടിച്ചു.... എന്റെ സമീർക്കാൻറെ ഉമ്മയും ഉപ്പയും ആയിരുന്നു അത്... ഈ ഒരു നിമിഷം ഇവര് എന്റെ കൂടെ ഉണ്ടായിരുന്നെങ്കിലെന്ന് ഞാൻ ആശിച്ചിട്ടേയുള്ളൂ.... അപ്പോഴേക്കും അവരെ എന്റെ കണ്മുന്നിൽ ആദി കൊണ്ട് വന്ന് നിർത്തി....

നമ്മക്ക് ആണെങ്കിൽ സമീർക്കാൻറെ ഉമ്മാനേയും ഉപ്പാനെയും കണ്ടിട്ട് എന്താ പറയേണ്ടതെന്ന് ഒരു പിടിയും കിട്ടുന്നില്ല... എന്നാലോ നമ്മളെ കണ്ണൊക്കെ നന്നായിട്ട് നിറഞ്ഞ് ഒഴുകുന്നുമുണ്ട്....

ആദി നമ്മളെ അടുത്തേക്ക് വന്നിട്ട് ഉമ്മാനോടും

ഉപ്പാനോടുമൊക്കെ സംസാരിച്ചിട്ട് ഞങ്ങളെ കൂടെ നിർത്തി ഫോട്ടോ ഒക്കെ എടുപ്പിച്ചപ്പോ എനിക്ക് ആദിയോട് ഇതുവരെ തോന്നിയതിനേക്കാൾ ഒക്കെ എത്രയോ മടങ്ങ് സ്നേഹം കൂടി വന്നു....

അത് കൊണ്ട് തന്നെ ആദിയെ ആദ്യമായിട്ട് കാണുന്ന പോലെ നമ്മള് ഓനെ തന്നെ കണ്ണിമ വെട്ടാതെ നോക്കി നിന്ന് പോയി...

ഉമ്മ സ്റ്റേജിൽ നിന്ന് പോകുന്നതിന് മുൻപ് സമീർക്കാൻറെ വിരലിൽ ഞാൻ അണിഞ്ഞ ആയിഷ എന്ന് പേരെഴുതിയ റിങ് എന്റെ കയ്യിൽ തന്നിട്ട് അത് ആദിന്റെ കയ്യിൽ ഇട്ട് കൊടുക്കാൻ പറഞ്ഞു.... നമ്മള് ആ റിങ് വാങ്ങിയിട്ട് അതിലേക്ക് നോക്കി ഒന്ന് നെടുവീർപ്പിട്ടിട്ട് ആദിന്റെ വിരലിൽ അണിഞ്ഞു....

അത് കണ്ട് എല്ലാവരും ആർപ്പും വിളിയും കൈ കൊട്ടുമൊക്കെയായി ആകെ ബഹളമായിരുന്നു.... അപ്പോഴാണ് നമ്മള് ആദിന്റെ കയ്യിൽ കിടക്കുന്ന വാച്ച് ശ്രദ്ധിച്ചത്.... നമ്മള് അവന് കൊടുത്ത അതെ വാച്ച് ചില്ലൊക്കെ മാറ്റി പുതിയത് പോലെ കയ്യിൽ കെട്ടി നിൽപ്പുണ്ട്....

നമ്മളെ നോട്ടം കണ്ടിട്ട് ആദി ഒരു കള്ളച്ചിരിയോടെ നമ്മളെ നോക്കി സൈറ്റടിച്ചിട്ട് നമ്മളെ കാതിന്റെ നേരെ ഓന്റെ മുഖം അടുപ്പിച്ചു....

"എന്റെ സർപ്രൈസ് ഒക്കെ കണ്ടിട്ട് എന്നോടുള്ള മൊഹബ്ബത്ത് കൂടി നിനക്ക് ഒരു മറുപടി തരാനൊക്കെ ഇപ്പൊ തോന്നുന്നില്ലേ....?"

ഓന്റെ വർത്താനം കേട്ടിട്ട് നമ്മള് ഓന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്ത് ചിരി അടക്കി പിടിച്ചോണ്ട് എല്ലാവരെയും നോക്കി ഒന്ന് പുഞ്ചിരി തൂകി....

"ഐഷു.... നിനക്ക് ഈ ദിവസത്തിന്റെ പ്രത്യേകത അറിയോ...?"

"ഇന്ന് നമ്മളെ കല്യാണം അല്ലാതെ എന്ത് പ്രത്യേകതയാ....?"

"ഹോ..... ന്റെ പെണ്ണെ.... ഇന്നാണ് നമ്മള് ആദ്യമായിട്ട് കണ്ട് മുട്ടിയ ദിവസം അതും ഈ ഓഡിറ്റോറിയത്തിൽ വെച്ച് ഓർമ്മയുണ്ടോ അനക്ക്....."

"ഹോ..... അപ്പോ ആ ദുരന്തം നടന്നത് ഇന്നാണല്ലേ...? ശോ... ഇപ്പോ ദേ ആ ദിവസം തന്നെ മറ്റൊരു ദുരന്തം കൂടി നടക്കാൻ പോകുന്നു.... എന്റെ വിധി അല്ലാതെന്ത് പറയാൻ...."

അപ്പോ തന്നെ ആദി നമ്മളെ കയ്യിന് ഒരു കിഴുക്ക് വെച്ച് തന്നതും നമ്മള് എരിവ് വലിച്ചോണ്ട് ഓൻ നുള്ളിയ ഭാഗത്ത് തടവി കൊണ്ട് ഓനെ തുറുക്കനെ നോക്കി....

"നിന്റെ തല വിധിയല്ലെടി.... എന്റെ തലേലെഴുത്താ നിന്നെ ഇതേ ദിവസം ഇതേ സ്ഥലത്ത് വെച്ച് കണ്ട് മുട്ടണമെന്നതും ഈ കുരിശിനെ ഞാൻ ഏറ്റണമെന്നതും...."

"അങ്ങനെ ഇപ്പൊ കഷ്ടപ്പെട്ട് ഈ കുരിശിനെ ഇയാള് ചുമക്കണമെന്ന് എനിക്ക് അത്ര വലിയ നിർബന്ധമില്ല...

പറ്റില്ലെങ്കിൽ പറഞ്ഞാൽ മതി ഞാൻ ഇവിടന്ന് വന്ന പോലെ തന്നെ തിരിച്ച് പൊയ്ക്കോളാം...."

"ഓ... അപ്പോ ഞാൻ പറഞ്ഞാൽ നീ പോകുമല്ലേ..."

"ആ പോകും...."

"നിനക്ക് അത്രക്ക് ധൈര്യമുണ്ടെങ്കിൽ ഇവിടന്ന് ഇറങ്ങി പോടീ ഞാൻ ഒന്ന് കാണട്ടെ...."

"ആ ഞാൻ പോകും കാണണോ നിനക്ക്....?"

"ആ കാണണം.... ഇറങ്ങി പോടീ...."

"പറ്റില്ലെങ്കിൽ നീ ഇറങ്ങി പോടാ.... എന്നെ എടി പോടീ വിളിക്കാൻ നീയേതാടാ വേട്ടാവെളിയാ...."

"ഡി... വേട്ടാവെളിയൻ നിന്റെ കെട്ട്യോനാടി.... ഛെ

അത് ഞാൻ ആണല്ലോ.... വേട്ടാവെളിയൻ നിന്റെ തന്ത അബൂബക്കർ....."

"ഡാ നീയെന്റെ വാപ്പാക്ക് പറയുമല്ലേ.... നിന്നെ ഇന്ന് ഞാൻ ശരിയാക്കുമെടാ കോന്താ...."

എന്ന് പറഞ്ഞ് നമ്മള് ഓന്റെ കഴുത്തില് പിടിച്ചപ്പോ ആ കോന്തനും അതെ പോലെ നമ്മളെ കഴുത്തിലും കൈ വെച്ചു... കൈ വെച്ചു എന്നല്ലതെ രണ്ട് പേരും പിടി മുറുക്കുന്നില്ലെങ്കിലും രണ്ട് പേരും കട്ടക്ക് ഓരോരോ ഡയലോഗ് എടുത്ത് കാച്ചി വിടുന്നുണ്ട്....

ഫെബി..... ആദി.....

പെട്ടെന്ന് ഞങ്ങളെ പേര് എല്ലാവരും കൂടി ചേർന്ന് ഒരുമിച്ച് വിളിക്കുന്നത് കേട്ടാണ് ഞങ്ങൾക്ക് സ്ഥലകാല ബോധം വന്നത്... ഞങ്ങള് തിരിഞ്ഞ് നോക്കിയപ്പോ നാല് വീട്ടുകാരും ബന്ധുക്കളും ഫ്രണ്ട്സുമൊക്കെ ഞങ്ങളെ രണ്ട് പേരെയും മാറി മാറി നോക്കുന്നുണ്ട്....

അതില് പലരും വാ പൊത്തി പിടിച്ച് ഹലാക്കിലെ

ചിരിയാണ്... മറ്റു ചിലര് ആണെങ്കിൽ തൊള്ളേം തുറന്ന് നിക്കാണ്....

അതൊക്കെ കണ്ടപ്പോ തന്നെ ഞങ്ങള് രണ്ട് പേരും പരസ്പരം ഒന്ന് മുഖത്തേക്ക് നോക്കിയിട്ട് കയ്യെടുത്തു... എന്നിട്ട് എല്ലാവരെയും നോക്കി കൊണ്ട് സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി വിട്ടു....

"എന്റെ കൃഷ്ണാ കല്യാണത്തിന്റെ അന്നും ഇവര് തമ്മിൽ വഴക്കാണോ....? ഇനി കല്യാണം കഴിഞ്ഞാൽ എന്താകുമെന്റെ കൃഷ്ണാ....."

അച്ചൂ പറയുന്നത് കേട്ട് ഞാനും ആദിയും ഒരേ പോലെ ചമ്മി നാറിയെങ്കിലും എല്ലാവരും കൂടി ചേർന്ന് ഞങ്ങളെ കാതടപ്പിക്കുന്ന വിധത്തിൽ ഹലാക്കിലെ ചിരിയും കയ്യടിയുമായിരുന്നു.... സത്യം പറഞ്ഞാൽ മനുഷ്യന്റെ തൊലിയുരിഞ്ഞ പോലെയുള്ള ഒരു തരം നാണംകെട്ട അവസ്ഥ....

ആരുടേയും മുഖത്തേക്ക് ഒന്ന് നോക്കാൻ പോലും

പറ്റാതെ ഞാനും ആദിയും ഒപ്പം തല താഴ്ത്തി വെച്ചിട്ട് ഇടങ്കണ്ണിട്ട് പരസ്പരം നോക്കിയപ്പോ ആ കോന്തൻ നമ്മളെ നോക്കി ചിരിച്ചു... പക്ഷെ നമ്മള് അപ്പോ തന്നെ ഓനെ പുച്ഛിച്ചിട്ട് മുഖം തിരിച്ച് കളഞ്ഞു....

അങ്ങനെ ആ നാണംകെട്ട പരിപാടി കഴിഞ്ഞതും നിക്കാഹിനുള്ള സമയം ആയെന്ന് ആരോ പറഞ്ഞത് കേട്ട് എന്നെയും സനയെയും അവിടന്ന് കൊണ്ട് പോയി ഒരു റൂമിൽ ഇരുത്തി.... അവിടെ എത്തിയപ്പോ നമ്മളെ ഫ്രണ്ട്സും കസിൻസും എല്ലാ ചെറ്റകളും അലവലാതികളുമൊക്കെ നമ്മളെ ചുറ്റും കൂടി നിന്ന് ഹലാക്കിലെ കളിയാക്കി ചിരിക്കലാണ്....

അതിന്റെ കൂട്ടത്തിൽ നമ്മളോട് ഇനിയെങ്കിലും ഒന്ന് നന്നായിക്കൂടെ എന്ന് കൊട്ട ഉപദേശവും തരുന്ന കൂട്ടരുണ്ട്.... അതൊക്കെ അപ്പോ തന്നെ ഒരു ചെവിയിലൂടെ കേട്ട് നമ്മള് മറു ചെവിയിലൂടെ വിട്ടു..... കാരണം നമ്മള് കളി തുടങ്ങിയിട്ടല്ലേ ഉള്ളു....

കുറച്ച് കഴിഞ്ഞപ്പോ നിക്കാഹ് കഴിഞ്ഞെന്ന് നമ്മളെ ഉമ്മച്ചി വന്ന് പറഞ്ഞിട്ട് എന്നെയും സനയെയും കൂട്ടി

സ്റ്റേജിലേക്ക് കൊണ്ട് പോയി... പോകുന്നതിനിടക്ക് നമ്മളെ ഉമ്മച്ചിന്റെ കയ്യീന്ന് നേരത്തെ കാണിച്ച് കൂട്ടിയതിന് തൊലി പോരുന്ന തരത്തിലുള്ള ഒരു ലോഡ് നുള്ളും കിട്ടിയപ്പോ നമ്മക്ക് തൃപ്തിയായി....

അങ്ങനെ ഞങ്ങളെ രണ്ട് പേരെയും സ്റ്റേജിൽ വരന്മാരെ അടുത്ത് നിർത്തിയിട്ട് ഉമ്മമാരൊക്കെ പോയി.... ഇനി മഹർ ചാർത്തേണ്ട ആ ചടങ്ങ് കൂടി തീർന്നാൽ ഇനി നമ്മള് ഈ കോന്തന്റെ സ്വന്തം....

അങ്ങനെ നമ്മളെ നോക്കി യുദ്ധത്തിൽ ജയിച്ച പടനായകനെ പോലെ ആ കോന്തൻ നിന്ന് ചിരിച്ചോണ്ട് കഴുത്തിൽ മഹർ ചാർത്താൻ വേണ്ടി നമ്മളെ അടുത്തേക്ക് വന്നു.... അതൊക്കെ എല്ലാവരും ക്യാമറ കണ്ണുകളിൽ പകർത്താൻ വേണ്ടി വെമ്പൽ കൊള്ളുകയായിരുന്നു.... അങ്ങനെ ആദി നമ്മളെ നേർക്ക് ആ മഹറും നീട്ടി വന്നതും നമ്മള് ഓന്റെ കൈ തടഞ്ഞ് വെച്ചു....

"എനിക്ക് ഈ മഹർ എന്റെ കഴുത്തിലണിയാൻ സമ്മതമല്ല...."

നമ്മളെ ഉറച്ച ശബ്ദത്തിലുള്ള വാക്കുകൾ കേട്ടതും ആദിയടക്കം എല്ലാവരും എന്നെ ഞെട്ടി തരിച്ച് നോക്കാൻ തുടങ്ങി....

(തുടരും)

ഭാഗം.130

"എനിക്ക് ഈ മഹർ എന്റെ കഴുത്തിലണിയാൻ സമ്മതമല്ല...."

നമ്മളെ ഉറച്ച ശബ്ദത്തിലുള്ള വാക്കുകൾ കേട്ടതും ആദിയടക്കം എല്ലാവരും എന്നെ ഞെട്ടി തരിച്ച് നോക്കാൻ തുടങ്ങി....

"ഐഷു... എന്തൊക്കെയാ നീ ഈ പറയുന്നേ...?"

"ഞാൻ എന്താ പറഞ്ഞതെന്ന് നീയും കേട്ടതല്ലേ ആദി...?

എനിക്ക് ഈ മഹർ കഴുത്തിലണിയാൻ ബുദ്ധിമുട്ടുണ്ട്...."

"ഐഷു... നേരത്തെ... ഞാൻ... ഞാൻ വെറുതെ നിന്നെ ഒന്ന് ദേഷ്യം പിടിപ്പിക്കാൻ വേണ്ടിയാ അങ്ങനെ പറഞ്ഞത്... നീ അത് മനസ്സിൽ വെച്ച് ഇങ്ങനെ ഒന്നും സംസാരിക്കരുത് ഐഷു...."

"ഞാൻ അതൊന്നും മനസ്സിൽ വെച്ചിട്ടല്ല ആദി ഇതൊക്കെ സംസാരിക്കുന്നത്... എനിക്ക് ഇത് കഴുത്തിലാണിയാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞാൽ ബുദ്ധിമുട്ടാണ്...."

നമ്മള് പറയുന്നത് കേട്ട് എല്ലാവരും കൂടി ചേർന്ന് എന്തൊക്കെയോ പിറുപിറുക്കാൻ തുടങ്ങി... നമ്മളെ ഡയലോഗടി കേട്ട് നമ്മളെ ഉമ്മച്ചിയും ഉമ്മിയുമൊക്കെ സ്റ്റേജിലേക്ക് വരാൻ നിന്നു....

ആദി ആണെങ്കിൽ ആ മഹർ പിടിച്ച പാടെ നമ്മളെ തന്നെ നോക്കി നിൽക്കാണ്...

ജാസിയും സനയും ഏതാണ്ട് ആ അവസ്ഥ തന്നെ... ജാസിയും അവളെ കഴുത്തിൽ മഹർ ചാർത്താതെ നമ്മളെ നോക്കി ഞെട്ടി തരിച്ച് നിൽക്കാണ്...

നമ്മളെ ഉമ്മച്ചിയും ഉമ്മിയും കൂടി നമ്മളെ അടുത്തേക്ക് വരുന്നത് കണ്ടപ്പോ തന്നെ സീൻ കോൺട്രയാകുമെന്ന് തോന്നിയതും നമ്മള് ഇത്തിരി ഗൗരവത്തിൽ ആദിയെ നോക്കിയിട്ട് ഒരു ചിരി ആയിരുന്നു....

നമ്മളെ ചിരി കണ്ടതും ആദി ഇതുവരെ പിടിച്ച് വെച്ച ശ്വാസം ഒക്കെ കൂടി നന്നായിട്ട് അങ്ങോട്ട് വലിച്ച് വിട്ടിട്ട് നമ്മളെ തുറുക്കനെ നോക്കി... അത് കണ്ട് നമ്മള് വീണ്ടും ചിരിച്ചു....

"ഹ...ഹ...ഹ.... പേടിച്ച് പോയോ എല്ലാവരും...? ഞാൻ ചുമ്മാ ഒരു തമാശക്ക് പറഞ്ഞതല്ലേ...?"

"നിന്റെ ഒരു തമാശ... നിനക്ക് കുറച്ച് കൂടുന്നുണ്ട്ട്ടോ

ഫെബി... അടങ്ങി നിന്നോ.."

നമ്മളെ ഉമ്മച്ചി നമ്മളെ നേരെ കൈ ഓങ്ങി കൊണ്ട് അങ്ങനെ പറഞ്ഞപ്പോ നമ്മള് വീണ്ടും ഒന്ന് ചിരിച്ച് കൊടുത്തിട്ട് നമ്മളെ ഹീറോയെ നോക്കി... അപ്പോ കോന്തന്റെ മുഖത്ത് ഒരു ചെറിയ പുഞ്ചിരി വിടർന്നു...

"എനിക്ക് ഈ മഹർ എന്റെ കഴുത്തിൽ ചാർത്തുന്നതിന് ഒരു കുഴപ്പവുമില്ല... പക്ഷെ..., അതിന് മുമ്പ്...."

നമ്മള് എന്താകും പറയാൻ പോകുന്നതെന്ന് അറിയാനുള്ള ആകാംക്ഷയിൽ എല്ലാവരും നമ്മളെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നു...

നമ്മളൊന്ന് നെടുവീർപ്പിട്ട് ആദിക്ക് നേരെ നമ്മളെ കൈ നീട്ടി കയ്യിൽ കിടക്കുന്ന കൈ ചെയിൻ അവന് കാണിച്ച് കൊടുത്തു....

"ഓർമ്മയുണ്ടോ നിനക്ക് ഇത്...? നാല് വർഷങ്ങൾക്ക് മുൻപ് നീയിത് എന്റെ കയ്യിൽ കെട്ടിയപ്പോ പറഞ്ഞത് ഓർക്കുന്നുണ്ടോ...?

ഇത് എത്ര കാലം എന്റെ കയ്യിൽ കിടക്കുന്നുവോ അത്രത്തോളം എനിക്ക് നിന്നെ ഇഷ്ടാണെന്നും, ഇത് എന്ന് എന്റെ കയ്യിൽ നിന്ന് അഴിഞ്ഞ് പോകുന്നോ അന്ന് നമ്മുടെ കല്യാണമാണെന്നും....

ദാ... ആ ദിവസമാണ് ഇന്ന്... നമ്മുടെ വിവാഹം...

അപ്പോ ഇത് ഇനിയും എന്റെ കയ്യിൽ കെട്ടി നടക്കുന്നത് അത്ര ശരിയുള്ള ഏർപ്പാട് അല്ലല്ലോ...?"

"*അല്ലാ......*"

നമ്മളത് ചോദിച്ചതും എല്ലാവരും കൂടി ഒരുമിച്ച് അല്ല എന്ന് പറഞ്ഞത് കേട്ട് ആദി ചിരിച്ചോണ്ട് എല്ലാവരെയും നോക്കിയിട്ട് നമ്മളെ നേരെ തിരിഞ്ഞു....

"കേട്ടല്ലോ എല്ലാവരും പറഞ്ഞത്...? അപ്പോ ഇനി പൊന്ന് മോൻ ഇത് അഴിച്ച് തന്നിട്ട് മതി എന്റെ കഴുത്തിൽ മഹർ ചാർത്തുന്നത്..."

'ഇത്രെയും കാലം ഞാൻ ഇത് സൂക്ഷിച്ച് കൊണ്ട് നടന്നില്ലേ...? അപ്പോ അത് പോലെ ഇതിന്റെ കീയും നീ സൂക്ഷിച്ച് കൊണ്ട് നടക്കുന്നുണ്ടോ എന്ന് എനിക്ക് ഒന്ന് അറിയണം... നീ എന്ത് മാത്രം നമ്മളെ സ്നേഹത്തിന് മൂല്യം നൽകുന്നുണ്ടെന്ന് ഇതോടെ മനസ്സിലാകും മോനെ...'

നമ്മള് അങ്ങനെ ഒക്കെ ചിന്തിച്ചോണ്ട് ആദിയെ നോക്കി ചിരിച്ചപ്പോ ഓൻ ഒന്ന് തലയാട്ടി കൊണ്ട് ഓന്റെ ഷർട്ടിന്റെ പോക്കറ്റിലും പാന്റിന്റെ പോക്കറ്റിലും ഒക്കെ കയ്യിട്ട് തപ്പാൻ തുടങ്ങി...

ഓൻ കാണിക്കുന്നത് ഒക്കെ കണ്ടിട്ട് മറ്റുള്ളവരെ പോലെ തന്നെ നമ്മളും ഓനെ തന്നെ ഉറ്റുനോക്കി... ഇവൻ എന്താ അത് പോക്കറ്റിൽ ഇട്ട് നടക്കാണോ എന്ന് വരെ നമ്മള് ചിന്തിച്ച് പോയി...

പെട്ടെന്ന് ഓൻ തിരച്ചിൽ നിർത്തി പോക്കറ്റിൽ നിന്ന് കയ്യെടുത്തിട്ട് നമ്മള് ഓന് കൊടുത്ത ആ വാച്ചിലേക്ക് നോക്കി... എന്നിട്ട് ഒരു കള്ളച്ചിരിയോടെ നമ്മളെ

നോക്കി കൊണ്ട് ആ വാച്ചിലെ രഹസ്യ അറ അവൻ തുറന്ന് അതിന്റെ ഉള്ളിൽ നിന്ന് ആ കീ എടുത്തു....

അത് കണ്ട് നമ്മള് അന്തം വിട്ട് തൊള്ളേം തുറന്ന് നിന്നപ്പോ ബാക്കിയുള്ളവരൊക്കെ അവനെ കയ്യടിച്ച് ആദി.... ആദി.... എന്ന് വിളിച്ച് കൂവി പ്രോത്സാഹിപ്പിക്കാണ്... ഓൻ അപ്പോ എല്ലാവരെയും ഒന്ന് നോക്കി ചിരിച്ചിട്ട് നമ്മളെ വാ അടച്ച് വെച്ചു....

"ഞാൻ പറഞ്ഞതൊന്നും നീയിത് വരെ മറന്നിട്ടില്ലെന്ന് എനിക്ക് അറിയില്ലായിരുന്നു... അതുപോലെ ഈ കീയുടെ കാര്യം നീ മറക്കുമെന്ന് ഞാൻ കരുതി... പക്ഷെ നീ അതൊക്കെ ഇപ്പോഴും ഓർത്ത് നടക്കായിരുന്നു എന്ന് എനിക്ക് ഇപ്പോഴാ മനസ്സിലായത്....

ഇന്നല്ലെങ്കിൽ നാളെ.... അല്ലെങ്കിൽ എന്നെങ്കിലും ഒരിക്കൽ നീയിതും പറഞ്ഞ് എന്റെ അടുത്ത് വരുമെന്ന് ഉറപ്പുള്ളത് കൊണ്ടാ ഇത് എപ്പോഴും കൂടെ കൊണ്ട് നടക്കുന്നത്... അതും നീ എനിക്ക് തന്ന ഈ വാച്ചിൽ.... അതാകുമ്പോ ഞാൻ മറക്കാനും ചാൻസ് ഇല്ലല്ലോ....

അപ്പോ എങ്ങനെയാ കാര്യങ്ങൾ... ഞാൻ ഇത് അഴിക്കല്ലേ...?"

ആദി എന്റെ കൈ പിടിച്ച് കൊണ്ട് അങ്ങനെ ചോദിച്ചപ്പോ നമ്മള് ഒന്ന് തലയാട്ടി കൊണ്ട് ഓനെ തന്നെ നോക്കി നിന്നു... നമ്മളെ സമ്മതം കിട്ടിയതും ഓൻ അത് അഴിച്ച് മാറ്റിയിട്ട് അതിൽ ഉണ്ടായിരുന്ന സമീർക്ക എന്റെ വിരലിൽ അണിഞ്ഞ റിങ് എടുത്തു....

എന്നിട്ട് ആ റിങ്ങിലേക്ക് നോക്കി ഒന്ന് നെടുവീർപ്പിട്ടോണ്ട് നമ്മളെ വിരലിൽ അണിഞ്ഞ് തന്നു... ആ ഒരു നിമിഷം... എന്റെ ഉള്ളാകെ കുളിര് കോരി നമ്മള് തരിച്ച് നിന്ന് പോയി... ഞാൻ അറിയാതെ തന്നെ എന്റെ കണ്ണ് നിറഞ്ഞൊഴുകി...

ആദി റിങ് ഇട്ടതിന് ശേഷം നമ്മളെ മുഖത്തേക്ക് നോക്കി ഒന്ന് ചിരിച്ചിട്ട് നമ്മളെ കണ്ണ് തുടച്ചു... എന്നിട്ട് നമ്മളോട് ചിരിക്കെന്ന് ആംഗ്യം കാണിച്ചപ്പോ നമ്മള് ഓനെ കണ്ണിമ വെട്ടാതെ നോക്കി കൊണ്ട് ഒന്ന് ചിരിച്ച് കൊടുത്തു...

"ഇനി ഇത് കഴുത്തിൽ അണിയുന്നതിന് മാഡത്തിന് ബുദ്ധിമുട്ടില്ലല്ലോ...? ഇനി അഥവാ ഉണ്ടെങ്കിൽ തന്നെ നീയത് അങ്ങ് സഹിച്ചേക്ക് ജീവിതകാലം മുഴുവൻ....

ഡാ ജാസി.... ഹ്...."

ആദി നമ്മളെ നോക്കി കൊണ്ട് അത് പറഞ്ഞിട്ട് ജാസിനെ നോക്കി മഹർ ഇടാൻ ആംഗ്യം കാണിച്ചു... അത് കാണേണ്ട താമസം ജാസി അപ്പോ തന്നെ സനന്റെ കഴുത്തിൽ മഹർ ചാർത്തി... അതുപോലെ നമ്മളെ കോന്തനും നമ്മളെ കഴുത്തിൽ മഹർ ചാർത്തി കൊണ്ട് നമ്മളെ കാതിലേക്ക് മുഖം അടുപ്പിച്ചു....

"നീ ആദ്യം തന്ന ഷോക്ക് ട്രീറ്റ്മെന്റ് എനിക്ക് വല്ലാതങ്ങ് ഇഷ്ടായി... അതോണ്ട് അതിനുള്ള പണി അനക്ക് വഴിയേ വരുന്നുണ്ട്ട്ടോ... ജസ്റ്റ് വെയിറ്റ് ആൻഡ് സീ..."

എന്ന് പറഞ്ഞ് ആദി നമ്മളിൽ നിന്ന് അകന്നിട്ട് നമ്മളെ നോക്കി ചിരിച്ചോണ്ട് സൈറ്റടിച്ചപ്പോഴും നമ്മളെ മുഖത്ത് യാതൊരു വിധ ടെൻഷനോ പേടിയോ

ഇല്ലായിരുന്നു... നമ്മള് ഓനെ നോക്കി കൊണ്ട് ആയിക്കോട്ടെ എന്ന രീതിയിൽ തലയാട്ടി കൊടുത്തത് കണ്ടിട്ട് ഓൻ നമ്മളെ ഒരു സംശയ രൂപേണ നോക്കുന്നുണ്ട്.... എന്തായാലും സസ്പെൻസ് പൊളിക്കാൻ ഉള്ള ടൈം ആയിട്ടില്ലാത്തൊണ്ട് നമ്മള് ഒന്നും മിണ്ടാതെ എല്ലാവരെയും നോക്കി കൊണ്ട് ഫോട്ടോക്ക് പോസ് ചെയ്ത് നിന്നു...

പിന്നെ അങ്ങോട്ട് എല്ലാവരെ കൂടെ നിന്നുമുള്ള ഫോട്ടോ എടുപ്പും കാര്യങ്ങളുമൊക്കെ ആയിരുന്നു അവിടെ നടന്നത്... രാത്രി റിസപ്ഷൻ വെച്ചിട്ടുണ്ട് ആദിന്റെ വീട്ടിൽ വെച്ച്, അപ്പോ ബാക്കി പരിപാടികൾ ഒക്കെ അവിടെ വെച്ചിട്ടാണ് നടത്താൻ പ്ലാൻ...

അങ്ങനെ എല്ലാം ഭംഗിയായി അവസാനിച്ചപ്പോ എല്ലാവരോടും വിട പറയേണ്ട സമയമായി... ഉമ്മച്ചിനെയും ഉപ്പച്ചിനെയും ഒക്കെ നമ്മള് കെട്ടിപ്പിടിച്ച് ഒരുപാട് കരഞ്ഞു... അവരെ വിട്ട് പോകുന്നത് ആലോചിക്കുമ്പോ സങ്കടം ഉണ്ടെങ്കിലും ആദിന്റെ കൂടെയാണല്ലോ ഇറങ്ങി പോകുന്നതെന്ന സമാധാനം ഞാൻ ഉൾപ്പടെ എല്ലാവർക്കും ഉണ്ടായിരുന്നു...

ഷാദിയോട് പോകാണെന്ന് അവനെ കെട്ടിപ്പിടിച്ച് കരഞ്ഞ് കൊണ്ട് പറഞ്ഞപ്പോ ഷാദി ഒന്നും മിണ്ടാതെ തലയും താഴ്ത്തി നിന്നു... അവൻ കരയായിരുന്നു എന്ന് അവന്റെ ആ നിൽപ്പ് കണ്ടപ്പോ തന്നെ എനിക്ക് മനസ്സിലായി...

പിന്നെ നേരെ ചെന്നത് സിനുവിന്റെ അടുത്തേക്ക് ആയിരുന്നു... ഓള് എന്നെ വന്ന് കെട്ടിപ്പിടിച്ച് കരയാതിരിക്കാൻ പാട്പെടുന്നുണ്ട്...

"താത്ത വിഷമിക്കണ്ട.... ഏറി പോയാൽ ഒരു രണ്ട് വർഷം... അതിനുള്ളിൽ ഞാൻ അങ്ങോട്ട് കയറി വരില്ലേ...? പിന്നെ എന്തിനാ ഇങ്ങനെ കരയുന്നെ...? എന്റെ ഇത്തൂസ് കരയണ്ടാട്ടോ..."

എന്ന് നമ്മളെ കാതിൽ പറഞ്ഞിട്ട് നമ്മളെ നോക്കി ക്ലോസപ്പിന്റെ പരസ്യം കാണിക്കാണ് സിനു... ഓളെ പറച്ചില് കേട്ടപ്പോ നമ്മള് പെട്ടെന്ന് ചിരിച്ചെങ്കിലും എല്ലാവരെയും വിട്ട് പോകാണല്ലോ എന്നോർത്തപ്പോ ഒരു സങ്കടം...

ഇനി ഞാൻ വെറും വിരുന്നുകാരി മാത്രമാണ് എന്റെ

വീട്ടുകാർക്ക്... എന്റെ വീട്, റൂം, പൂസീമ, വൈറ്റ് റോസ് ഗാർഡൻ എല്ലാം എനിക്ക് ഇനി അന്യം... പൂസീമാനെ വിട്ട് പോന്നത് എനിക്ക് നല്ലോണം സങ്കടമുണ്ട്... പിന്നെ അവിടെ ഒരു ഐഷു ഉള്ളത് കൊണ്ട് അഡ്ജസ്റ്റ് ചെയ്യാമെന്ന് കരുതുന്നു....

ഒടുവിൽ കരച്ചിലും പിഴിച്ചിലുമൊക്കെ കഴിഞ്ഞ് ആദിന്റെ കൈ പിടിച്ച് നമ്മള് ഓഡിറ്റോറിയം വിട്ടിറങ്ങി കാറിൽ കയറി...

അൻസിക്കയൊണ് ഡ്രൈവർ... കൂടെ മുമ്പിൽ സൽമയുമുണ്ട്...

എല്ലാവർക്കും റ്റാറ്റ ബൈ ബൈ പറഞ്ഞ് ഓഡിറ്റോറിയം കോമ്പോണ്ട് വിട്ടപ്പോ നമ്മളെ കണ്ണ് വീണ്ടും നിറഞ്ഞൊഴുകി... ചങ്കിൽ എന്തോ കെട്ടികിടക്കുന്ന പോലെയുള്ള ഒരു കനം.... അത് കരഞ്ഞ് തീർക്കാൻ വേണ്ടി വെമ്പൽ കൊള്ളാണ്...

നമ്മള് പുറത്തേക്ക് നോക്കി ഇരുന്ന് നമ്മളെ കണ്ണ് തുടച്ചപ്പോ ആദി നമ്മളെ കയ്യിൽ പിടിച്ചു... അത് കണ്ട് നമ്മള് പുറത്ത് നിന്ന് നോട്ടം തെറ്റിച്ചിട്ട് ആദിയെ നോക്കിയപ്പോ ഓൻ നമ്മളെ നോക്കി കണ്ണിറുക്കി....

നമ്മള് അപ്പോ തന്നെ നമ്മളെ കൈ ഓനിൽ നിന്ന് പിൻവലിച്ചിട്ട് വീണ്ടും പുറത്തേക്ക് നോക്കി ഇരുന്നു...

കുറച്ച് കഴിഞ്ഞപ്പോ ആദി നീങ്ങി നീങ്ങി എന്റെ അടുത്തേക്ക് വന്ന് ഒട്ടിയിരുന്നിട്ട് നമ്മളെ തോളിലൂടെ കയ്യിട്ടു... ഞാൻ ഓനെ പതിയെ ഇടങ്കണ്ണിട്ട് തുറുക്കനെ നോക്കിയിട്ട് ഓന്റെ കൈ തോളിൽ നിന്ന് എടുത്ത് ഓന്റെ വിരല് തിരിച്ചു...

അപ്പോ തന്നെ ഓൻ എരിവ് വലിച്ചത് കേട്ട് അൻസിക്ക പിറകോട്ട് തിരിഞ്ഞ് നോക്കിയതും നമ്മള് ഓന്റെ കയ്യീന്ന് വിട്ടിട്ട് ഡീസന്റ് ആയി ഇരുന്നു... അത് കണ്ട് അൻസിക്ക ഒരു കള്ളച്ചിരിയോടെ സൽമയെ നോക്കി സൈറ്റടിക്കുന്നത് കണ്ടപ്പോ നമ്മക്ക് ചിരി വന്നു... പക്ഷെ അതിലേറെ ചിരി വന്നത് നമ്മളെ കോന്തന്റെ മോന്ത കണ്ടിട്ടാണ്... ഇപ്പോ കടന്നൽ കുത്തിയ പോലെ ചീർത്ത് വന്നിട്ടുണ്ട്...

"നീ നോക്കിക്കോ ഇതിനൊക്കെ ഞാൻ ഇന്ന് രാത്രി നിന്നോട് പകരം വീട്ടിയിരിക്കും... ഇല്ലെങ്കിൽ എന്റെ പേര് ആദിൽ സാഹിബ് കരീം എന്നല്ല..."

"അല്ലേലും ഇയാൾക്ക് ആ പേര് ചേരില്ല... കോന്തൻ... അതാണ് പറ്റിയ പേര്... സ്വഭാവം കൊണ്ടും ലുക്ക് കൊണ്ടും... അതോണ്ട് പേര് മാറ്റുമ്പോ ആ പേര് ഇട്ടാൽ മതീട്ടോ... അതാകുമ്പോ എനിക്കും വിളിച്ച് നല്ല ശീലമുണ്ടേ..."

"നീ എന്താടി എന്നെ കളിയാക്കാ... അതൊക്കെ ഞാൻ ഇന്നത്തോടെ അവസാനിപ്പിക്കും... ഞാൻ നിന്റെ ഭർത്താവാണെന്ന കാര്യം നീ മറക്കണ്ട... അതോണ്ട് അതിന് അനുസരിച്ചുള്ള കുറച്ച് റെസ്പെക്റ്റ് ഒക്കെ എനിക്ക് കിട്ടണം...

ഇനി മുതൽ നീ എന്നെ ആദി, കോന്താ, ഡാ, പോടാ, എന്നിങ്ങനെ ഒന്നും വിളിക്കാൻ പാടില്ല... പകരം ആദിൽക്കാ എന്ന് വിളിച്ചോണം... മനസ്സിലായോ...?"

എന്ന് ആദി ചോദിച്ചപ്പോ പിന്നേ... മനസ്സിലായി എന്ന അർത്ഥത്തിൽ നമ്മള് ഒന്ന് തലയാട്ടി...

"തലയാട്ടിയാൽ മാത്രം പോരാ... അത് പറയേം വേണം.... എവിടെ നീ ഒന്ന് വിളിച്ചേ... ഞാൻ ഒന്ന് കേൾക്കട്ടെ.... നിന്റെ നാവീന്ന് അത് കേട്ടിട്ട് കാലം കൊറേ ആയി... വിളിക്ക്...."

"ഇപ്പൊ തന്നെ വിളിക്കണോ...? ഇവിടെ സൽമയും അൻസിക്കയും ഒക്കെ ഉള്ളതാ... അതോണ്ട് വീട്ടിൽ എത്തിയിട്ട് സൗകര്യം പോലെ വിളിച്ചാൽ പോരെ...?"

"അതുപോരാ... അതിന് മുമ്പ് ഇവര് കേൾക്കാത്ത രീതിയിൽ എന്റെ കാതിൽ പറ..."

ആദി പറയുന്നത് കേട്ട് നമ്മള് ഇത്തിരി നാണിച്ചിട്ട് മടിച്ച് മടിച്ച് ഓന്റെ കാതിന്റെ അടുത്തേക്ക് മുഖം കൊണ്ട് പോയി...

"ആ....ദി.....ൽ.... കോന്താ....."

ആദ്യം സാവധാനം ഓരോ അക്ഷരവും നീട്ടി കൊണ്ട്

പറഞ്ഞിട്ട് ഒടുക്കം കോന്താ എന്ന് കൂടി നമ്മള് വിളിച്ചപ്പോ അത് കേട്ട് ഓൻ നമ്മളെ രൂക്ഷമായി നോക്കി... നമ്മള് ഓന്റെ നോട്ടം കണ്ടിട്ട് ചിരി അടക്കി പിടിച്ചോണ്ട് പുറത്തേക്ക് നോക്കി ഇരുന്നു...

"നീ എന്താടി കളിക്കാ...? നിന്നെ കൊണ്ട് എന്നെ റെസ്പെക്റ്റ് ചെയ്യിപ്പിക്കേണ്ടത് എങ്ങനെ ആണെന്ന് എനിക്ക് നന്നായിട്ട് അറിയാം മോളെ... ഇപ്പോ ഇവിടെ ഇവരുണ്ടായി പോയി ഇല്ലേൽ ഇപ്പോ തന്നെ നിനക്ക് ഞാൻ പഠിപ്പിച്ച് തന്നേനെ...."

"ഓഹോ.... അങ്ങനെ ആണോ...?"

"ആ... അങ്ങനെ ആണ്.... എന്തായാലും നീ ഇന്നത്തോടെ എന്നെ ബഹുമാനിക്കാൻ പഠിച്ചിരിക്കും... ഇല്ലേൽ ഞാൻ പഠിപ്പിച്ചിരിക്കും... എന്നെ ആദിൽക്ക എന്ന് വിളിക്കാൻ തയ്യാറായി ഇരുന്നോ നീ...."

"ഓഹ്... ആയിക്കോട്ടെ കോന്താ... ഞാൻ കാത്തിരുന്നോളാം..."

എന്ന് നമ്മള് ഓനെ പരിഹസിച്ച് പറഞ്ഞപ്പോ ചെക്കൻ നമ്മളെ കവിളില് ഒരു കടി തന്നിട്ട് നമ്മളിൽ നിന്ന് വിട്ട് ഇരുന്ന് ഒരു പുച്ഛത്തോടെ ചിരിച്ചു... നമ്മള് ഓൻ കടിച്ച ഭാഗത്ത് കൈ വെച്ചിട്ട് ഓനെ നോക്കി പല്ലിറുമ്പി കൊണ്ട് നമ്മളും ഒരു പുച്ഛം വിതറി മുഖം തിരിച്ചു....

കുറച്ച് സമയത്തെ യാത്രക്കൊടുവിൽ ഞങ്ങള് ആദിന്റെ വീട്ടിൽ എത്തി... അവിടന്ന് ഞങ്ങള് ഇറങ്ങിയപ്പോ അവിടന്നും ഇവിടന്നും ഒക്കെയായി പടക്കം പൊട്ടിച്ചിട്ട് ഞങ്ങളെ കാതടപ്പിച്ചു...

നമ്മളെ ബ്രദേഴ്സ് ഒക്കെ കൂടി ചക്കരമ്മല് ഈച്ച പൊതിയുന്ന പോലെ എന്നെയും ആദിനെയും പൊതിഞ്ഞിട്ട് രണ്ട് സൈഡിൽ നിന്നും ഒപ്പന കളിച്ചോണ്ട് ആയിരുന്നു അകത്തേക്ക് കൊണ്ട് പോയത്....

എന്നിട്ട് ഞങ്ങളെ ഹാളിൽ ഒരു സോഫയിൽ ഇരുത്തിയിട്ട് ബാക്കി കലാപരിപാടികൾ അങ്ങ് സ്റ്റേജിൽ എന്ന് പറഞ്ഞ് അവര് ഇറങ്ങി പോയി...

അപ്പൊ ഉമ്മി ഞങ്ങളെ അടുത്തേക്ക് വന്ന് എനിക്കും ആദിക്കും കുടിക്കാൻ പായസം കൊണ്ട് തന്നു... ഉമ്മി ആദിക്ക് കോരി കൊടുത്തതിന് ശേഷം എനിക്ക് കോരി തരാൻ വേണ്ടി നിന്നപ്പോ ആദി ഉമ്മിന്റെ കൈ പിടിച്ച് വെച്ചു...

"ഉമ്മി... ഇവൾക്ക് പായസം ഇഷ്ടല്ല... അതോണ്ട് ഇങ്ങ് തന്നേക്ക് ഞാൻ കുടിച്ചോളാം ബാക്കി..."

എന്ന് പറഞ്ഞ് ഓൻ അത് കൈക്കലാക്കി മോന്താൻ തുടങ്ങിയതും നമ്മള് ഓനെ തുറുക്കനെ നോക്കി കണ്ണുരുട്ടിയപ്പോ ഓൻ ഇടങ്കണ്ണിട്ട് നമ്മളെ നോക്കി പുരികം പൊന്തിച്ചു... അതിന് നമ്മള് ശരിയാക്കി തരാമെന്ന നിലയിൽ ഓനെ നോക്കി തലയാട്ടി എല്ലാവരെയും നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി കൊടുത്തു...

ആദിക്ക് അധികം ബന്ധുക്കളൊന്നും ഇല്ലാത്തോണ്ട് അവിടെ ഉണ്ടായിരുന്നവരൊക്കെ ഫാമിലി ഫ്രണ്ട്സ് ആയിരുന്നു... അക്കൂട്ടത്തിൽ സുഹാനയും അവളെ കെട്ട്യോനും ഉണ്ടായിരുന്നു...

കുറച്ച് നേരം അവരോട് ഒക്കെ സംസാരിച്ചും സെൽഫി എടുത്തുമൊക്കെ നേരം തള്ളി നീക്കിയപ്പോ ഉമ്മി നമ്മളെ അവിടന്ന് പിടിച്ച് എണീപ്പിച്ചു....

"ഡാ ആദി... ഫങ്ഷൻ തുടങ്ങാൻ നേരമായി... നീ പോയി ഈ ഡ്രസ്സ് ഒക്കെ ചേഞ്ച് ചെയ്തിട്ട് പോരെ..."

അത് കേട്ടപ്പോ തന്നെ ആദി എണീറ്റിട്ട് ഉമ്മിന്റെ അടുത്തേക്ക് വന്നു...

"അല്ലാ... ഉമ്മി... അപ്പൊ ഐഷു...? ഞങ്ങള് രണ്ടും പേരും കൂടി ഒരുമിച്ച് റെഡിയായിട്ട് ഫങ്ഷന് വരാം അതല്ലേ നല്ലത്....?"

ഓന്റെ വർത്താനം കേട്ട് അവിടെ കൂടി നിന്നവരൊക്കെ കൂടി ഒരുമാതിരി അർഥം വെച്ച നോട്ടവും ചിരിയും പാസാക്കുന്നത് കണ്ടിട്ട് നമ്മള് നാണം കെട്ട അവസ്ഥയിലായി.... ഉമ്മി അപ്പോ തന്നെ അതൊന്നും വേണ്ടെന്ന് പറഞ്ഞ് ആദിയെ റൂമിലേക്ക് പറഞ്ഞയച്ചപ്പോ നമ്മള് ഓനെ ഇടങ്കണ്ണിട്ട് നോക്കി

കൊണ്ട് പോടാ കോന്താ എന്ന് വിളിച്ചു...

എന്നിട്ട് ഉമ്മിയും സൽമയും സുഹാനയും കൂടി നമ്മളെ താഴെയുള്ള ഒരു റൂമിൽ കൊണ്ട് വന്നിട്ട് നമ്മളോട് ഫ്രഷായി വരാൻ പറഞ്ഞു... നമ്മള് കുളിച്ച് ഫ്രഷായി വന്നപ്പോ നമ്മക്കിട്ട് നല്ല അഡാർ പണി തന്നെ ആയിരുന്നു ആ കോന്തൻ അവിടെ ഒരുക്കി വെച്ചിരുന്നത്....

ഗോൾഡൻ കളറിൽ ഹെവി വർക്ക് ചെയ്ത നല്ല അടിപൊളി സാരിയാണ് നമ്മള് റിസപ്ഷന് ഇടാൻ പോകുന്നത്... ജീവിതത്തിൽ ആദ്യമായിട്ട് അച്ചൂന്റെ കല്യാണത്തിനാണ് സാരി ചുറ്റുന്നത്... അന്ന് തന്നെ അതിന്റെ പിന്നാലെ എത്ര തവണ നടന്നിട്ടുണ്ടെന്ന് എനിക്കെ അറിയൂ... അപ്പോഴാ അവൻ അടുത്ത കുരിശും കൊണ്ട് വന്നത്...

എന്തൊക്കെ പറഞ്ഞാലും ആ സാരി എനിക്ക് നന്നായിട്ട് ഇഷ്ടപ്പെട്ടു... അതിന്റെ ബോഡറിൽ എന്റെയും ആദിന്റെയും മുഖവും പേരുമൊക്കെ തുന്നി പിടിപ്പിച്ചുണ്ടായിരുന്നു... അതിലേക്ക് എത്ര തന്നെ

നോക്കി ഇരുന്നാലും മതി വരാത്ത പോലെ തോന്നി പോയി എനിക്ക്...

പക്ഷെ സാരി ചുറ്റിയാൽ അത് നമ്മക്ക് പണിയാകുമെന്ന് ഉറപ്പായോണ്ട് ഞാൻ ഉമ്മിയോട് കെഞ്ചി പറഞ്ഞ് നോക്കി ഞാൻ വേറെ വല്ലതും ഇട്ടോളാമെന്ന്...

പക്ഷെ, ഇത് ആദി എനിക്ക് വേണ്ടി ഒരുപാട് നോക്കി സെലക്ട് ചെയ്ത സാരിയാണ്, ഇന്ന് ഇത് ഇട്ടിട്ട് വേണം ഞാൻ റിസപ്ഷന് വരാൻ എന്നൊക്കെ ആ കോന്തൻ ആദ്യമേ പറഞ്ഞിട്ടുള്ളതാണത്രേ...

അതോണ്ട് നമ്മക്ക് ഇത് ഇട്ടെ പറ്റൂ... ഇല്ലെങ്കിൽ കേറി വന്ന അന്ന് തന്നെ കെട്ട്യോനെ വെറുപ്പിച്ചു എന്ന ചീത്തപ്പേര് കിട്ടാൻ ചാൻസ് ഉണ്ട്...

അല്ലെങ്കിലും ആ ചീത്തപ്പേര് കിട്ടാനുള്ള സമയം ആകുന്നതെയുള്ളൂ... മിക്കവാറും ഇന്ന് തന്നെ നമ്മള് അങ്ങനെ കേൾപ്പിച്ചിരിക്കും.... പക്ഷെ അത് പറയുന്നത് നമ്മളെ പുന്നാര കെട്ട്യോൻ ആയിരിക്കുമെന്ന് മാത്രം...

അങ്ങനെ എല്ലാവരും കൂടി ചേർന്ന് നമ്മക്ക് സാരിയൊക്കെ ചുറ്റി തന്ന് നമ്മളെ സൂപ്പറായിട്ട് ഒരുക്കി കണ്ണാടിക്ക് മുന്നിൽ നിർത്തിച്ചപ്പോ എല്ലാം വളരെ പെർഫെക്റ്റ് ആയിരുന്നു... നമ്മക്ക് ആണെങ്കിൽ ആ കളർ നന്നായിട്ട് യോജിക്കുന്നുണ്ടായിരുന്നു... എന്തായാലും നമ്മളെ കെട്ട്യോന്റെ സെലക്ഷൻ ഒന്നും അത്രക്ക് മോശമല്ല... അതോണ്ട് അല്ലെ നമ്മള് ഓന്റെ കെട്ട്യോള് ആയത്...

"സൽമാ... ഇത് പണിയാകോ...? ഞാൻ നടന്ന് സ്റ്റേജിൽ എത്തുമ്പോഴേക്കും ഇത് അഴിഞ്ഞ് വീഴോ എന്നാ എന്റെ പേടി..."

"എന്റെ ഫെബി... നീയൊന്ന് കൊണ്ടും പേടിക്കണ്ട... അത്ര പെട്ടെന്ന് ഒന്നും ഇത് അഴിഞ്ഞ് പോകാതിരിക്കാൻ എല്ലായിടത്തും പിൻ കുത്തി വെച്ചിട്ടുണ്ട്..."

"ഇനി ഈ പിൻ ഒക്കെ കൂടി എന്റെ മേലിൽ കുത്തികേറോ...?"

നമ്മള് തമാശ രൂപേണ അത് ചോദിച്ചതും അവരൊക്കെ കൂടി പൊരിഞ്ഞ ചിരിയായിരുന്നു...

"അല്ലാ ഫെബി... നിനക്ക് നടക്കാൻ പറ്റുന്നുണ്ടല്ലോ അല്ലെ...? ബുദ്ധിമുട്ട് ഒന്നും ഇല്ലല്ലോ....?"

"നടക്കാൻ ഒക്കെ ഓക്കേ ആണ്... പക്ഷെ വേഗം നടക്കാൻ പറ്റുന്നില്ല... കാല് തടയുന്നുണ്ട്...."

"അതൊന്നും സാരമില്ല... നീ പയ്യെ നടന്നാൽ മതി... എന്നാ പിന്നെ വാ നമുക്ക് ഹാളിൽ പോകാം... ആദി അവിടെ വെയിറ്റ് ചെയ്ത് ആകെ മുഷിഞ്ഞിട്ടുണ്ടാകും..."

എന്ന് പറഞ്ഞ് അവരൊക്കെ കൂടി ചിരിച്ചപ്പോ നമ്മളും ഒന്ന് ചിരിച്ച് കൊടുത്തിട്ട് അവരെ കൂടെ റൂമിന് വെളിയിൽ ഇറങ്ങി... അവര് പറഞ്ഞ പോലെ തന്നെ ആദി അപ്പൊ ഹാളിൽ നമ്മളെയും കാത്ത് വാച്ചിലേക്കും ഫോണിലേക്കും മാറി മാറി നോക്കി കൊണ്ട് അതില് കുത്തി കളിക്കുന്നുണ്ട്....

നമ്മളെ ഓന്റെ അടുത്തേക്ക് കൊണ്ട് പോയി നിർത്തിയിട്ട് അവരൊക്കെ കൂടി ഒരുമിച്ച് ചുമച്ചപ്പോ ആദി ഫോണിൽ നിന്ന് കണ്ണ് തെറ്റിച്ച് നമ്മളെ നോക്കി.... എന്നിട്ട് അന്തം വിട്ടോണ്ട് സോഫയിൽ നിന്ന് എണീറ്റ് നമ്മളെ അടിമുടി നോക്കി ഒന്ന് പുഞ്ചിരി തൂകി...

ഓന്റെ നോട്ടം കണ്ടപ്പോ തന്നെ നമ്മക്ക് മനസ്സിലായി ചെക്കൻ വിചാരിച്ചതിനേക്കാൾ നമ്മള് പൊളിച്ചിട്ടുണ്ടെന്ന്... നമ്മളെ ചെക്കൻ ആണെങ്കിൽ ഗോൾഡൻ കളർ കുർത്തയും കസവിന്റെ മുണ്ടും എടുത്ത് പൊളിച്ചടുക്കി നിൽക്കാ... നമ്മളെക്കാൾ കോന്തനാണ് ഇപ്പോ മിന്നി നിൽക്കുന്നത്....

"ഹോ... മതി കാക്കൂ ഓളെ ഇങ്ങനെ നോക്കിയത്.... ഓള് ഇങ്ങളെ പെണ്ണ് തന്നെയാ... അതോണ്ട് കുറച്ച് മയത്തിലൊക്കെ ഒന്ന് നോക്കിക്കൂടെ... ഇല്ലേൽ ഞങ്ങളെ പെണ്ണ് പേടിച്ച് പോകും..."

അച്ചുവും ഹസിയും ശാലുവും നൂറയും അഖിലയും ഒക്കെ കൂടി സനയെയും കൂട്ടി കൊണ്ട് ഞങ്ങളെ

അടുത്തേക്ക് വന്നിട്ട് പറയുന്നത് കേട്ട് ആദി വീണ്ടും ചമ്മി നിർവൃതിയിൽ എത്തിയപ്പോ നമ്മക്ക് ഓന്റെ മോന്ത കണ്ടിട്ട് ചിരി വരായിരുന്നു...

പിന്നെ നമ്മളെ ബ്രദേഴ്സും ജാസിയേയും കൂട്ടി കൊണ്ട് അങ്ങോട്ട് വന്നിട്ട് അവരെ വകയും ആദിക്കിട്ട് കൊറേ കിട്ടി... എന്നിട്ട് അവരൊക്കെ കൂടി ഞങ്ങളെ നാല് പേരെയും ആനയിച്ച് പുറത്തെ ഗാർഡനിലേക്ക് കൊണ്ട് പോകാൻ നിന്നപ്പോ നമ്മക്ക് അവരെ കൂടെ നടന്നിട്ട് എത്തുന്നില്ലായിരുന്നു...

"എന്റെ ഫെബി... നീ ഇന്നെങ്ങാനും ഇങ്ങോട്ട് നടന്ന് എത്തോ പെണ്ണേ...? എന്ത് പതുക്കെയാ നീ നടക്കുന്നെ...?" അച്ചുവാണ്.

"എന്റെ ഈ പുന്നാര കെട്ട്യോന്റെ പണിയാ എന്നെ കൊണ്ട് ഈ വേഷം കെട്ടിച്ചത്... എന്നിട്ട് ഇപ്പൊ എനിക്ക് നടക്കാൻ പറ്റാത്തത് കണ്ടിട്ട് നിന്ന് കിണിക്കുന്നത് കണ്ടില്ലേ കോന്തൻ..."

നമ്മള് പറയുന്നത് കേട്ടിട്ട് ആദി എന്തോ ഒന്ന് പറയാൻ നിന്നപ്പോഴേക്കും എല്ലാവരും കൂടി ഫുൾ സ്റ്റോപ്പിട്ട് നിർത്തി...

"എന്റെ പുന്നാര മക്കളെ ഓഡിറ്റോറിയത്തിൽ വെച്ച് കാണിച്ച് കൂട്ടിയ പോലെ ഇവിടെ വെച്ചും തല്ല് കൂടി നാട്ടുകാരെ കൊണ്ട് പറയിപ്പിക്കരുത്... പ്ലീസ്.... ഇത് ഞങ്ങളെ അപേക്ഷയാണ്...."

"ഏയ്... ഞാൻ ഒന്നിനും പോകില്ല സിയാദേ... അന്റെ പെണ്ങളോട് അടങ്ങി നില്ക്കാൻ മാത്രം പറഞ്ഞാൽ മതി... ഓളാണ് വെറുതെ പ്രശ്നത്തിന് വരുന്നത്..."

നമ്മളെ കോന്തൻ പറയുന്നത് കേട്ട് നമ്മള് ഓനെ തുറുക്കനെ നോക്കി കൊണ്ട് ഓന്റെ അടുത്തേക്ക് നടക്കാൻ ഒരുങ്ങിയപ്പോ അച്ചുവൊക്കെ നമ്മളെ തടഞ്ഞ് വെച്ചിട്ട് ചിരി അടക്കി പിടിച്ച് വെച്ച് നമ്മളോട് നടക്കാൻ പറഞ്ഞു...

നമ്മള് മെല്ലെ അരിച്ച് അരിച്ച് നടക്കുന്നത് കണ്ടിട്ട്

അവരൊക്കെ കൂടി ഓരോന്ന് പറയാൻ തുടങ്ങിയപ്പോ നമ്മള് നോക്കിയത് നമ്മളെ കോന്തനെ ആയിരുന്നു... ഓൻ കാരണമല്ലേ നമ്മക്ക് ഇത് ഇടേണ്ടി വന്നതെന്ന എല്ലാ വിധ അമർഷവും നമ്മളെ നോട്ടത്തിൽ ഉണ്ടായിരുന്നു...

അത് കണ്ടിട്ടെന്ന വണ്ണം ആദി പെട്ടെന്ന് നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ തൂക്കിയെടുത്തോണ്ട് സ്റ്റേജിലേക്ക് നടന്നു... ആ കാഴ്ച കണ്ട് എല്ലാവരും കൂടി അന്താളിച്ച് ചിരിക്കുന്നത് കണ്ടപ്പോ നമ്മക്ക് ആകെ ചടച്ചു... ഓനോട് താഴെയിറക്കാൻ പറഞ്ഞിട്ട് അത് കേൾക്ക പോലും ചെയ്യാതെ നമ്മളെ കൊണ്ട് പോയി സോഫയിൽ ഇരുത്തിയിട്ട് ഓൻ എല്ലാവരെയും നോക്കി ഒന്ന് ചിരിക്ക് നമ്മളെ അടുത്ത് വന്ന് ഇരുന്നു...

പിന്നെ അങ്ങോട്ട് നമ്മളെ ഗ്യാങ്ങിന്റെ ഡാൻസും പാട്ടുമൊക്കെയായി പൊരിഞ്ഞ അഭ്യാസങ്ങൾ ആയിരുന്നു അവിടെ അരങ്ങേറിയത്.... ഇതിനിടക്ക് നമ്മളെ വീട്ടുകാരൊക്കെ റിസപ്ഷന് വേണ്ടി വന്നിട്ട് എന്റെയും ആദിന്റെയും കൂടെ നിന്ന് സംസാരിച്ച് സീറ്റിൽ പോയി ഇരുന്നു...

കുറച്ച് കഴിഞ്ഞപ്പോ നമ്മളെ ഗ്യാങ് ഒക്കെ കൂടി ഒരു വലിയ രണ്ട് കേക്കും കൊണ്ട് ഞങ്ങളെ നാല് പേരുടെയും മുന്നിലേക്ക് വന്നു... അതിലെ ഒന്നിൽ ജാസിയും സനയും കൂടി അച്ചായന്റെ കല്യാണത്തിന് എടുത്ത ഫോട്ടോ പതിച്ച കേക്കായിരുന്നു....

മറ്റേ കേക്ക് ആണെങ്കിൽ ഒരു കൊളാഷിനെ പോലെ ഞാനും ആദിയും കൂടി നിന്നിട്ടുള്ള വ്യത്യസ്ത തരം ഫോട്ടോസാണ് കൊടുത്തിട്ടുള്ളത്... അതും നമ്മള് ഓന്റെ റൂമില് ചുവരിൽ കണ്ട അതേ ഫോട്ടോസ്.... ആ കേക്ക് കണ്ടപ്പോ നമ്മക്ക് ഓർമ്മ വന്നത് ആ റൂമായിരുന്നു... അതിപ്പോ അവൻ എന്താ ചെയ്ത് വെച്ചതെന്ന് ഇവനോട് തന്നെ ചോദിക്കേണ്ടി വരും....

അങ്ങനെ എല്ലാവരും കൂടി പറഞ്ഞ് പറഞ്ഞ് ഞങ്ങളെ കൊണ്ട് കേക്ക് മുറിപ്പിച്ചു... ആദി ഒരു പീസ് എടുത്തിട്ട് നമ്മളെ നേരെ അത് നീട്ടിയപ്പോ നമ്മള് ഓനെ തന്നെ നോക്കി ഒന്ന് ചിരിച്ച് കൊടുത്ത് വാ തുറന്നതും ആ കോന്തൻ അത് ഓന്റെ വായേക്ക് ഇട്ടു...

അത് കണ്ട് എല്ലാവരും കൂടി നമ്മളെ കളിയാക്കി

ചിരിക്കുന്നത് കണ്ടിട്ട് ആ കോന്തനും നമ്മളെ നോക്കി ചിരിച്ചപ്പോ നമ്മക്ക് ദേഷ്യം വന്നു... ഞാൻ അപ്പോ തന്നെ കേക്ക് കൈ കൊണ്ട് വാരി എടുത്തിട്ട് ഓന്റെ മോന്തയിൽ ആകെ അങ്ങ് ഫേഷ്യൽ ചെയ്ത് കൊടുത്തു... അല്ല പിന്നെ നമ്മളോടാ ഓന്റെ കളി...

ഓൻ അപ്പൊ തന്നെ കണ്ണ് തുടച്ചിട്ട് നമ്മളെ നോക്കുന്നത് കണ്ട് നമ്മള് വാ പൊത്തി പിടിച്ച് ഹലാക്കിലെ ചിരിയായിരുന്നു... അതിന്റെ കൂടെ നമ്മള് സസിയായപ്പോ ചിരിച്ചതിനേക്കാൾ കൂടുതൽ പൊട്ടിച്ചിരിക്കുന്നുണ്ട് എല്ലാവരും....

മിക്കവാറും ആദി നമ്മക്ക് ഇട്ട് തിരിച്ചും പണിയുമെന്ന് നമ്മളെ ഉൾമനസ് പറയാൻ തുടങ്ങിയപ്പോ തന്നെ ആ കോന്തൻ കേക്ക് വാരി നമ്മളെ മുഖത്ത് തേച്ചിരുന്നു... പിന്നെ അങ്ങോട്ട് നമ്മളെ ബ്രദേഴ്സിനും ഫ്രണ്ട്സിനുമൊക്കെ ഞങ്ങളെ കയ്യീന്ന് കേക്ക് കൊണ്ട് ഏറായിരുന്നു... ഒടുക്കം കളി കാര്യമായപ്പോ ആ പണി നിർത്തി...

എന്നിട്ട് എല്ലാവരും കേക്ക് ഒക്കെ കഴുകി വൃത്തിയാക്കി

വീണ്ടും സ്റ്റേജിലേക്ക് വന്ന് അടുത്ത പരിപാടി തുടങ്ങി... എന്റെയും ആദിന്റെയും ജീവിതത്തെ ആസ്പദമാക്കി കൊണ്ട് അവരൊക്കെ കൂടി ചേർന്ന് ഒരു ചെറിയ നാടകം അവതരിപ്പിച്ചു...

എന്റെ റോൾ ചെയ്തത് സിനുവും ആദിന്റെ റോൾ ചെയ്തത് ആഷിയും ആയിരുന്നു... ഞങ്ങള് ആദ്യം കണ്ട് മുട്ടിയതും പിന്നെ കോളേജിലെ റാഗിങ്ങ്, ഫ്രഷേഴ്സ് ഡേ, പ്രൊപോസൽസ് ഇതൊക്കെയാണ് കാര്യമായിട്ട് അതിൽ ഉണ്ടായിരുന്നത്....

അവര് അതൊക്കെ കാണിക്കുന്നത് കണ്ടപ്പോ ഞങ്ങളെ ഓർമ്മകളിലേക്കും ആ നാളുകളൊക്കെ കടന്ന് വന്നു... നമ്മള് അറിയാതെ തന്നെ അപ്പൊ ആദിന്റെ കയ്യിൽ പിടുത്തമിട്ട് ഓനെ നോക്കി ഇരുന്നു... ആദി നമ്മളെ നോക്കി കണ്ണിറുക്കിയിട്ട് നമ്മളെ തോളിലൂടെ കയ്യിട്ട് ഇരുന്നത് കണ്ട് എല്ലാവരും കൂടി ഞങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങി... അപ്പൊ തന്നെ നമ്മള് ആദിന്റെ കൈ തട്ടി മാറ്റി കുറച്ച് ഡിസ്റ്റൻസിൽ നീങ്ങി ഡീസെന്റായിട്ട് ഇരുന്നു...

അങ്ങനെ ഒടുക്കം റിസപ്ഷനൊക്കെ തകർത്ത് തരിപ്പണമാക്കിയിട്ട് എല്ലാവരും ഞങ്ങൾക്ക് എല്ലാ വിധ ഭാവുകളും നേർന്ന് കൊണ്ട് അവരവരുടെ കൂരകളിലേക്ക് യാത്രയായി... കൂടെ ജാസിയും സനയുമൊക്കെ പോയിട്ടുണ്ട്... ഇപ്പോ വീട്ടിൽ ഞങ്ങള് വീട്ടുകാര് മാത്രമേയുള്ളു...

★★★★★★★★★★★★★★★★★★★★★★

'ഇന്ന് രാവിലെ ഓഡിറ്റോറിയത്തിൽ വെച്ച് തുടങ്ങിയതാ ഐഷുവുമായിട്ടുള്ള ഫൈറ്റ്... എന്നോട് വഴക്ക് കൂടാൻ ആയിട്ട് ഓരോ കാരണങ്ങൾ കണ്ടെത്തി വരുന്ന പോലെയുണ്ട് അവളെ കാട്ടികൂട്ടല് കണ്ടാൽ... പിന്നെ ഞാനും അത്ര മോശമൊന്നുമല്ലെന്ന് അവളെ ഞാൻ അറിയിക്കാൻ ഇരിക്കുന്നതെയുള്ളൂ... അവള് ഒന്ന് ഇങ്ങ് വന്നോട്ടെ എല്ലാത്തിനും കണക്ക് പറഞ്ഞ് ഞാൻ കൊടുത്ത് വീട്ടിയിരിക്കും....'

എന്നൊക്കെ ചിന്തിച്ചോണ്ട് നമ്മള് ഓളെയും കാത്ത് റൂമിലുള്ള സോഫയിൽ ഇരിക്കുമ്പോഴാണ് ആരോ സ്റ്റെയർ കേറി വരുന്ന ശബ്ദം കേട്ടത്...

അവളാകുമെന്ന് എനിക്ക് നല്ലോണം ഉറപ്പ് ഉള്ളതോണ്ട് ഞാൻ വേഗം ചെന്ന് ലൈറ്റ് ഓഫ് ആക്കിയിട്ട് വാതിലിന്റെ പിറകിൽ ഒളിച്ച് നിന്നു...

അവൾക്കിട്ടുള്ള ആദ്യത്തെ പണി എനിക്ക് തന്ന പോലെയുള്ള ഒരു ഷോക്ക് ട്രീറ്റ്മെന്റ് തന്നെ ആകട്ടെ എന്ന് ഞാനും അങ്ങ് കരുതി... നമ്മള് വിചാരിച്ച പോലെ തന്നെ അവള് റൂമിലേക്ക് വാതില് തുറന്ന് വന്നതും ഓളെ പിറകിലൂടെ ചെന്ന് ഓളെ വട്ടം പിടിച്ച് നമ്മള് കാതിൽ ഒരു കടി വെച്ച് കൊടുത്തു...

അപ്പൊ തന്നെ കാതടപ്പിക്കുന്ന തരത്തിൽ അലറി കൊണ്ട് ആ പാൽ ഗ്ലാസ് തറയിൽ വീണ് ഉടഞ്ഞതും നമ്മള് വേഗം ചെന്ന് ലൈറ്റിട്ട് നോക്കിയപ്പോ കാത് പൊത്തി പിടിച്ച് നമ്മളെ മുന്നിൽ നിൽക്കുന്നത് ആഷി ആയിരുന്നു... ഓനെ അപ്രതീക്ഷിതമായി കണ്ട ഷോക്കിൽ ഞാനും നന്നായിട്ട് അങ്ങ് അലറി... ഐഷു ആകുമെന്ന് കരുതി ഓനെയാണ് നമ്മള് കെട്ടിപ്പിടിച്ച് കടി കൊടുത്തതെന്ന് ഓർത്തപ്പോ അതിലേറെ അലറി പോയി....

ഞങ്ങളെ രണ്ട് പേരുടെയും അലർച്ച കേട്ട് ഉമ്മിയും സൽമയും പിന്നെ നമ്മളെ പുന്നാര ബീവിയും കൂടി മണ്ടി പാഞ്ഞ് നമ്മളെ റൂമിലേക്ക് കയറി വന്നു....

"എന്താടാ ആദിയെ....? എന്താ പറ്റിയെ...? എന്താ ആഷി....? എന്തിനാ രണ്ടും കൂടി കിടന്ന് കാറിയെ....?"

ഉമ്മി ചോദിക്കുന്നത് കേട്ടപ്പോ തന്നെ നമ്മള് ആഷിയെ നോക്കി കൊണ്ട് ഇവിടെ നടന്നതൊന്നും പറയരുതെന്ന് ഓനോട് കെഞ്ചി ആംഗ്യം കാണിച്ചു... അത് കണ്ടപ്പോ ഓൻ എന്തോ അർഥം വെച്ച രീതിയിൽ തലയാട്ടി കൊണ്ട് ഉമ്മിന്റെ നേരെ തിരിഞ്ഞു...

"അ... അത് ഉമ്മി.... ഞാൻ ഇക്കൂസിന് പാൽ കൊണ്ട് വന്ന നേരത്ത് പെട്ടെന്ന് എന്റെ പിറകിലൂടെ ഐഷു പൂച്ച ഓടി പോയി... ഞാൻ അറിയാതെ ഓളെ വാലിൽ ചവിട്ടിയപ്പോ അതിന്റെ ഷോക്കിൽ ഞാൻ അറിയാണ്ട് അലറിയതാ.... അല്ലെ ബ്രദറെ....?"

ആഷി അങ്ങനെ പറഞ്ഞോണ്ട് നമ്മളെ നോക്കിയപ്പോ

നമ്മള് നിന്ന് പരുങ്ങി കൊണ്ട് അതെ എന്ന് തലയാട്ടി... അപ്പോഴുണ്ട് നമ്മളെ പൊണ്ടാട്ടി ഉമ്മിന്റെ പിറകിൽ നിന്നിട്ട് വാ പൊത്തി പിടിച്ച് ഹലാക്കിലെ ചിരി ചിരിക്കുന്നു... ഓളെ ചിരി കണ്ടപ്പോ തന്നെ ഓൾക്ക് എല്ലാം മനസ്സിലായെന്ന് നമ്മക്ക് ഓടി... അതോണ്ട് നമ്മള് ഓളെ തുറുക്കനെ നോക്കി കൊണ്ട് നാവ് കടിച്ചു...

"ആ... പാൽ പോയെങ്കിൽ പോട്ടെ... അനക്ക് വേണേൽ ഞാൻ ജാനുവിനോട് (വേലക്കാരി) പറഞ്ഞ് ഒരു ഗ്ലാസ് കൂടി കൊണ്ട് വരുത്താം... അവള് വന്ന് ഇത് ക്ലീൻ ആക്കിക്കോളും...."

"അ... അതല്ല.... ഉമ്മി... നാട്ട് നടപ്പ് അനുസരിച്ച് ഐഷുവല്ലേ പാൽ കൊണ്ട് വരാ... അതെന്താ ആഷിന്റെ കയ്യിൽ കൊടുത്ത് വിട്ടത്...?"

നമ്മള് മടിച്ച് മടിച്ച് ഉമ്മിനോട് ചോദിക്കുന്നത് കേട്ടിട്ട് നമ്മളെ കെട്ട്യോള് അവിടെ നിന്ന് പൊരിഞ്ഞ ചിരിയായിരുന്നു... ഓൾക്ക് കൂട്ടിന് സൽമയും നിന്ന് കൊടുക്കുന്നുണ്ട്....

"ആ... നാട്ട് നടപ്പ് ഒക്കെ അങ്ങനെ തന്നെ ആണ്... പക്ഷെ ഇന്ന് രാത്രി മോള് എന്റെ കൂടെയാ കിടക്കുന്നത്... വീടും നാടുമൊക്കെ വിട്ട് പോന്നതിൽ നല്ല സങ്കടണ്ട് ഓൾക്ക്... അതോണ്ട് ഇന്ന് രാത്രി ഓള് എന്റെ അടുത്ത് കിടന്നോട്ടെ എന്ന് ചോയിച്ചപ്പോ ഞാൻ അങ്ങ് സമ്മതിച്ചു...

അതോണ്ട് ഇജ്ജ് വേഗം കിടക്കാൻ നോക്കിക്കോ... ഓളെ കാത്തിരിക്കണ്ട...."

ഉമ്മി പറയുന്നത് ഒക്കെ കൂടി എന്റെ കാതിൽ വന്ന് പതിഞ്ഞപ്പോ ഇടുത്തീ നെഞ്ചിൽ വീണ പോലെയായിരുന്നു നമ്മള് നിന്നത്... നമ്മളെ കെട്ട്യോളെ മുഖത്തേക്ക് നോക്കിയപ്പോ ബലാല് നേരത്തെ ചിരിച്ചതിനേക്കാൾ ഹലാക്കിലെ ചിരി ആയിരുന്നു....

ഈ കഴുതക്ക് ആണത്രേ ഓളെ നാടും വീടും വിട്ട് വന്നതിന്റെ സങ്കടം... നമ്മളെ മനപ്പൂർവ്വം പട്ടിണിക്കിടാൻ വേണ്ടി ഓരോന്ന് കൊണ്ട് ഇറങ്ങിയിരിക്കാ പെണ്ണ്... അത്ര പെട്ടെന്ന് എന്തായാലും

ഓളെ മുന്നിൽ ഞാൻ തോറ്റ് കൊടുക്കുന്ന പ്രശ്നമില്ല...

"അത് സാരമില്ല ഉമ്മി... അതൊക്കെ എല്ലാ പെണ്ണുങ്ങളും അനുഭവിക്കേണ്ട മനസികാവസ്ഥയല്ലേ...? ഞാൻ ഉണ്ടല്ലോ അവളെ കൂടെ... പിന്നെ എന്തിനാ അവള് പേടിക്കുന്നെ....?"

"ഇങ്ങളെയാകും ഐഷുത്താക്ക് പേടി..."

എന്ന് ആഷി ഇടക്ക് കേറി ഗോളടിച്ചതും നമ്മളെ കെട്ട്യോള് വീണ്ടും നിന്ന് കിണിക്കാൻ തുടങ്ങി... നമ്മള് അപ്പൊ തന്നെ ആഷിനെ ഇടങ്കണ്ണിട്ട് തുറുക്കനെ നോക്കിയപ്പോ ചെക്കൻ മെല്ലെ അവിടന്ന് സ്കൂട്ടായി പോയി...

"ആദി.... ഇന്ന് ഓള് എന്റെ കൂടെ കിടന്നോട്ടെ.... എനിക്ക് എന്റെ മോളോട് കൊറേ കാര്യങ്ങൾ പറയാനൊക്കെയുണ്ട്... ഇനി ഓളാണ് ഈ വീടിന്റെ എല്ലാം... ഈ വീടിന്റെ ഭാവിയൊക്കെ ഇനി ഇവളെ കയ്യിലാ...."

'വീടിന്റെ ഭാവി ഓളെ കയ്യിൽ കൊടുത്തിട്ട് എന്റെ ഭാവി വെള്ളത്തിലാക്കിയല്ലോ ഉമ്മി...'

എന്ന് ചിന്തിച്ചോണ്ട് നമ്മള് ഓളെ നോക്കിയപ്പോ ഉമ്മി നമ്മളെ നോക്കി എന്തേ എന്ന രീതിയിൽ തലയാട്ടി... നമ്മള് അപ്പോ തന്നെ ഒന്നുമില്ലെന്ന് തിരിച്ചും തലയാട്ടിയപ്പോ സൽമ വാ പൊത്തി പിടിച്ച് ചിരിച്ചോണ്ട് നമ്മക്ക് റ്റാറ്റ തന്ന് പോകുന്നത് കണ്ടിട്ട് നമ്മളെ കെട്ട്യോള് ഹംക്ക് വീണ്ടും ചിരിക്കാൻ തുടങ്ങി...

സത്യം പറഞ്ഞാൽ ഇപ്പോ ഈ ഹംക്കിന്റെ തലമണ്ട അടിച്ച് പൊളിക്കാനുള്ള ദേഷ്യമുണ്ട് നമ്മക്ക്... ഓളെ ഒലക്കീമലെ സങ്കടം... നമ്മളെ പ്ലാൻ മൊത്തം പെണ്ണ് കൊളമാക്കി...

"ആദി നീ കിടന്നോ... നാളെ ഇവളെ വീട്ടിലേക്ക് വിരുന്നിന് പോകാൻ ഉള്ളതല്ലേ... വാ മോളെ...."

നമ്മക്ക് പറയാൻ ഉള്ളതൊന്ന് കേൾക്കാൻ പോലും

കൂട്ടാക്കാതെ നമ്മളെ ഉമ്മി ഓളോട് അതും പറഞ്ഞ് അവിടന്ന് ഇറങ്ങി പോയപ്പോ നമ്മളെ കെട്ട്യോള് നമ്മളെ നോക്കി ഹലാക്കിലെ ചിരിയായിരുന്നു...

"ഇന്ന് എന്നെ ഏതൊക്കെയോ പാഠം പഠിപ്പിക്കുമെന്നോ ഇല്ലെങ്കിൽ പേര് മാറ്റുമെന്നോ എന്നൊക്കെ ആരൊക്കെയോ ഇവിടെ പറയുന്നത് കേട്ടു... അപ്പോ പേര് മാറ്റി കാണും, അല്ലെ കോന്താ...."

എന്ന് പറഞ്ഞ് ഓള് ഹലാക്കിലെ ചിരി ആയിരുന്നു... നമ്മളെ കളിയാക്കി കൊണ്ടുള്ള ഓളെ ചിരി കണ്ടിട്ട് ആണെങ്കിൽ നമ്മക്ക് ദേഷ്യം അങ്ങ് എരിഞ്ഞ് കേറി ഓളെ നേരെ പാഞ്ഞടുത്തു...

"ഡീ... നിന്നെ ഇന്ന് ഞാൻ...."

"ദാ വരുന്നു ഉമ്മീ....."

നമ്മള് ഓളെ നേരെ നടന്നെത്തിയപ്പോഴേക്കും ഓള് ദാ വരുന്നു ഉമ്മീ എന്ന് കാറി വിളിച്ചോണ്ട് അവിടന്ന് ഇറങ്ങി

ഒരു ഓട്ടമായിരുന്നു... അത് കണ്ടിട്ട് നമ്മക്ക് ചിരി വന്നെങ്കിലും ബലാല് നമ്മക്കിട്ട് നല്ലോണം പണിഞ്ഞിട്ടണല്ലോ പോയതെന്ന് ഓർത്ത് നമ്മളാകെ മൂഞ്ചിയ അവസ്ഥയിൽ ആയി...

റൂമാകെ വൈറ്റ് റോസ് കൊണ്ട് അലങ്കരിച്ച് വെച്ചതിലേക്ക് ഒക്കെ നമ്മളെ കണ്ണോടിച്ചപ്പോ അവറ്റകൾ ഒക്കെ കൂടി നമ്മളെ നോക്കി പരിഹസിച്ച് ചിരിക്കുന്ന പോലെ തോന്നി പോയി....

എന്നാലും എന്റെ ഭാര്യയേ.... എന്നോട് ഈ ചതി വേണ്ടായിരുന്നു....

ഇത് ഇപ്പോ കൈക്ക് എത്തിയത് വായിലേക്ക് എത്തിയില്ല എന്ന് പറഞ്ഞ അവസ്ഥയായി പോയല്ലോ എന്റേത് എന്ന് ചിന്തിച്ചോണ്ട് നമ്മള് പോയി കട്ടിലിൽ കിടന്നതും കട്ടിൽ പൊളിഞ്ഞ് ചാടി നമ്മള് നിലത്തേക്ക് വീണ് അലറി....

നമ്മളെ അലർച്ച കേട്ട് പോയവരൊക്കെ അടുത്ത സെക്കന്റിൽ തന്നെ നമ്മളെ റൂമിൽ ഹാജറായി... കട്ടില് പൊളിഞ്ഞിട്ട് നമ്മള് നിലത്ത് കിടക്കുന്ന സീൻ കണ്ട്

നമ്മളെ ഉമ്മിയടക്കം നാല് പേരും കൂടി ചിരിക്കാതിരിക്കാൻ വേണ്ടി കഷ്ടപ്പെടുന്നുണ്ട്...

നമ്മളെ വീഴ്ച കണ്ടിട്ട് നമ്മളെ ബീവിക്ക് നല്ലോണം സന്തോഷയിട്ടുണ്ടെന്ന് തോന്നുന്നു... ഹംക്ക് വായയും വയറുമൊക്കെ പൊത്തി പിടിച്ചാണ് ഇപ്പോ ചിരിക്കുന്നത്... ഈ ബലാല് എങ്ങാനും ആകും കട്ടില് പൊളിയാൻ കാരണക്കാരിയെന്ന് നമ്മക്ക് ഉറപ്പായി...

"ഡാ ആഷി... നിന്ന് കിണിക്കാതെ എന്നെ ഒന്ന് പിടിച്ചെണീപ്പിക്കെടാ...."

നമ്മള് ഓനോട് പറയുന്നത് കേട്ട് ഓൻ കിണിക്കൽ നിർത്തിയിട്ട് നമ്മളെ അവിടന്ന് പിടിച്ച് എണീപ്പിച്ചപ്പോഴാ നമ്മളെ തലേൽ പെട്ടന്ന് ഒരു ബൾബ് കത്തിയത്... നമ്മള് അപ്പോ തന്നെ നമ്മളെ ഊരക്ക് കൈ കൊടുത്തിട്ട് നമ്മളെ ആക്ടിങ് അങ്ങ് തുടങ്ങി....

"ആഹ്... ഉമ്മി.... എന്റെ നടു.... എന്റെ നടു പോയി ഉമ്മി.... വേദന സഹിക്കാൻ വയ്യ...."

നമ്മള് ഇടങ്കണ്ണിട്ട് ഐഷുവിനെ നോക്കി കൊണ്ട് അങ്ങനെ പറഞ്ഞപ്പോ പെണ്ണ് ചിരി നിർത്തി നമ്മളെ സീരിയസ് ആയിട്ട് നോക്കാൻ തുടങ്ങി... നമ്മളെ അഭിനയം ഏറ്റുവെന്ന് അതോടെ നമ്മക്ക് മനസ്സിലായി...

"എന്നാലും ഈ കട്ടിലെങ്ങനെ പൊളിഞ്ഞാടി ഇക്കൂസെ...?"

"ഓഹ്... നിന്റെ വാ വെച്ച് ഒന്ന് മിണ്ടാതിരി ഹംക്കെ... ഞാൻ ഇതൊന്ന് പറഞ്ഞോട്ടെ..."

എന്ന് നമ്മള് ആഷിന്റെ കാതിൽ പറഞ്ഞോണ്ട് ഉമ്മിനെയും ഐഷുവിനെയും നോക്കി...

"ഉമ്മി.... എന്റെ നടുവിന്റെ വേദന സഹിക്കാൻ വയ്യ ഉമ്മി.... ഐഷുവിനോട് പറഞ്ഞ് ബാം ഒന്ന് പുരട്ടി തരാൻ പറയ് ഉമ്മി...."

നമ്മള് ആ പറഞ്ഞത് മണ്ടത്തരമായി പോയെന്ന് നമ്മളെ കെട്ട്യോളെ നോട്ടം കണ്ടപ്പോഴാ നമ്മക്ക് മനസ്സിലായത്... കാരണം പെണ്ണ് അത് കേട്ടിട്ട് നമ്മളെ നെറ്റി ചുളിച്ചോണ്ട് അടിമുടി നോക്കുന്നുണ്ട്... അതോണ്ട് നമ്മള് വേഗം ഓളിൽ നിന്ന് നോട്ടം തെറ്റിച്ചിട്ട് ഊരക്ക് കയ്യും കൊടുത്ത് ഉമ്മിനെ നോക്കി...

"നല്ല വേദന ഉണ്ടോടാ ആദി... എന്ന പിന്നെ നമുക്ക് പോയി ഡോക്ടറെ കാണിക്കാം..."

"ഡോ... ഡോക്ടറെ ആവശ്യം ഒന്നുമില്ല... അത് ബാം തേച്ചാൽ മാറുന്ന വേദനയെ ഉള്ളു...."

"ഈ അവസ്ഥയിൽ ഇവനെ ഒറ്റക്ക് കിടത്തുന്നതും നല്ലതല്ല... അതോണ്ട് മോള് ആദിന്റെ കൂടെ കിടന്നോ...."

നമ്മളെ ഉമ്മി പറയുന്നത് കേട്ട് നമ്മള് ഐഷുനെ നോക്കി ഒന്ന് ചിരിച്ചപ്പോ പെണ്ണിന്റെ കണ്ണ് ഇപ്പോ പുറത്തേക്ക് ചാടുമെന്ന അവസ്ഥയിൽ എത്തിയിട്ടുണ്ട്...

"ഏയ്... അതിന്റെ ആവശ്യം ഒന്നുമില്ല ഉമ്മി... ഐഷുത്ത ഇങ്ങളെ കൂടെ തന്നെ കിടന്നോട്ടെ... ഇക്കൂസിന് വേണേൽ കൂട്ടിന് ഞാൻ കിടന്നോളം...."

ആഷിന്റെ ഒലക്കീമലെ വർത്താനം കേട്ടിട്ട് നമ്മള് ഓനെ തുറിച്ച് നോക്കിയത് കണ്ട് നമ്മളെ പെണ്ണ് ഒന്ന് നെടുവീർപ്പിട്ട് നമ്മളെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി തന്നു.... തെണ്ടി ആഷി... ഓന് അറിയണ്ടല്ലോ എന്റെ മാനസികാവസ്ഥ... എങ്ങനെലും എന്തേലും ചെയ്ത് അവളെ എന്റെ അടുത്ത് എത്തിക്കാൻ നോക്കുമ്പോ ഹംക്ക് വന്ന് എല്ലാ പ്ലാനും കൊളമാക്കി തരാ....

"ആ... എന്നാ പിന്നെ ആഷി അന്റെ കൂടെ കിടന്നോളും... ആ കബോഡിൽ ഉണ്ടാകും ബാം അത് തേച്ച് കൊടുത്തേക്ക് ആഷിയെ... ഞാൻ പോയി ഒന്ന് കിടക്കട്ടെ ഭയങ്കര തലവേദന...."

എന്ന് പറഞ്ഞ് ഉമ്മി അവിടന്ന് പോയപ്പോ ഐഷുവും സൽമയും കൂടി പരസ്പരം മുഖത്തേക്ക് നോക്കി

നിന്നിട്ട് പെട്ടെന്ന് പൊട്ടിച്ചിരിച്ചു.... എന്നിട്ട് സൽമ ചിരി അടക്കി പിടിച്ചിട്ട് നമ്മളെ അടുത്തേക്ക് വന്നു....

"ആക്ച്വലി... ഇവിടെ എന്താ സംഭവിച്ചത് ആദി....? കട്ടില് പൊളിഞ്ഞ് ചാടാൻ മാത്രം നീ അതിന്റെ മോളിൽ കേറി എന്ത് സർക്കസാ നടത്തിയത്....?"

എന്ന് സൽമ ചോദിച്ചോണ്ട് നമ്മളെ കളിയാക്കി ചിരിച്ചപ്പോ നമ്മളെ കെട്ട്യോളും ആഷിയും ഓൾക്ക് സപ്പോർട്ടായിട്ട് അവിടെ നിന്ന് കിണിക്കാൻ തുടങ്ങി...

"അനക്ക് എന്താ ഉണ്ടായതെന്ന് അറിയണമല്ലേ... കാണിച്ച് തരാടി..."

എന്ന് പറഞ്ഞ് നമ്മള് മുണ്ട് മടക്കി കുത്തി അവളെ അടുത്തേക്ക് പോകാൻ നിന്നപോ ഓള് വേഗം കൈ കൂപ്പി കൊണ്ട് അവിടന്ന് സ്ഥലം വിട്ടു... അത് കണ്ട് ഐഷു നിന്ന് കിണിച്ചപ്പോ നമ്മള് ഓളെ ഒന്ന് തുറുക്കനെ നോക്കി... നമ്മളെ നോട്ടം കണ്ടിട്ട് ആണെന്ന് തോന്നുന്നു പെണ്ണ് ചിരി അടക്കി പിടിച്ചോണ്ട്

അവിടന്ന് ഇറങ്ങി പോകാൻ നിന്നതും നമ്മള് ഓളെ കയ്യിൽ പിടിച്ച് വലിച്ചു...

"എങ്ങനെയാടി കട്ടിൽ പൊളിഞ്ഞ് ചാടിയെ...?"

"അത് എനിക്ക് എങ്ങനെ അറിയാനാ... ഇയാള് അല്ലെ അതിൽ കേറി കിടന്ന് കുതിര കളിച്ചത്... പിന്നെ എന്നോട് ചോദിക്കണോ....?"

"നീ വീണിടത്ത് കിടന്ന് ഉരുളണ്ട ഐഷു... സത്യം പറഞ്ഞോ നീയല്ലേ കട്ടിലിന്റെ കാല് ഇളക്കി വെച്ചത്....?"

"ശെടാ.... ഇത് നല്ല കൂത്ത് ഞാൻ അല്ലെന്ന് പറഞ്ഞില്ലേ...? നിന്നെ കട്ടിലിൽ നിന്ന് വീഴ്ത്തിയിട്ട് എനിക്ക് എന്ത് കിട്ടാനാ...? നീ കയ്യീന്ന് വിട് ആദി വേദനിക്കുന്നു...."

"ഓ... അപ്പോ നീയല്ല ഇത് ചെയ്തത്... അല്ലെ...? ഞാൻ

കട്ടിലിൽ നിന്ന് നടുവും തല്ലി വീഴുന്നത് കണ്ടിട്ട് നിനക്ക് കയ്യും കൊട്ടി ചിരിക്കാൻ വേണ്ടിയല്ലേ നീ അങ്ങനെ ചെയ്തേ...?

എനിക്ക് അറിയാമെടി ഇത് നീയല്ലാതെ മറ്റാരും ചെയ്യില്ല...."

നമ്മളെ പറച്ചില് കേട്ടിട്ട് ഓളെ മുഖമാകെ ദേഷ്യം കൊണ്ട് ചുവന്ന് തുടുത്തിട്ടുണ്ട്... ഇപ്പോ ആഷി ഇവിടെ ഉണ്ടായി പോയി ഇല്ലേൽ ഒരു കടി വെച്ച് കൊടുത്തേനെ...

"എല്ലാം ചെയ്ത് വെച്ചിട്ട് ഒന്നും അറിയാത്ത പോലെ നിൽക്കുന്നത് കണ്ടില്ലേ ബലാല്..."

"ശരിയാ ഞാൻ തന്നെയാ അത് ചെയ്തത്... നീ നടുവും തല്ലി വീണത് കണ്ടിട്ട് എനിക്ക് കളിച്ച് ചിരിച്ച് രസിക്കാൻ വേണ്ടി തന്നെയാ അങ്ങനെ ചെയ്തേ... നിനക്ക് ഇപ്പോ എന്താ...?"

"ഡി ഐഷു....."

"ഇക്കൂസെ.... മതി.... ഞാൻ ഇവിടെ ഒരാള് ഉള്ള കാര്യം മറന്നേക്കല്ലേ...."

ആഷി പറയുന്നത് കേട്ട് നമ്മള് ഓളെ പിടി വിട്ടതും പെണ്ണ് എന്റെ കാലിനിട്ട് നല്ല അഡാർ ചവിട്ട് തന്നിട്ട് അവിടന്ന് ഇറങ്ങി ഓടി പോയി... അത് കണ്ട് ആഷി നിന്ന് കിണിച്ചോണ്ട് കട്ടിലിന്റെ പാർട്സ് ഒക്കെ എടുത്ത് മാറ്റിയിട്ട് ബെഡ് നേരെയാക്കി ഇട്ടു....

"ഇക്കൂസ് വന്ന് കിടക്ക് ഞാൻ ബാം പുരട്ടി തരാം...."

"ഡാ ആഷി... അല്ലെങ്കിൽ തന്നെ തല പെരുത്ത് നിൽക്കാ... എന്റെ കൈക്ക് പണിയാക്കാൻ നിക്കാതെ നീ ഇവിടന്ന് പോകാൻ നോക്കിയേ...."

"അപ്പോ ഇക്കൂസിന് ബാം പുരട്ടി തരണ്ടേ...?"

"ഇപ്പോ തൽക്കാലത്തിന് എന്റെ പുന്നാര അനിയൻ

പോയി ഉറങ്ങിയാട്ടെ... നീ ചെയ്ത് തന്ന ഉപകാരങ്ങൾക്ക് ഒക്കെ നന്ദിയുണ്ട്.... ഇനി ഇവിടെ നിന്ന് അധികം വിയർക്കാൻ നിക്കാണ്ട് റൂമീ പോടാ....."

"ഓ......... അപ്പോ ആക്ടിങ് ആയിരുന്നുലെ....? അല്ലാതെ വേദനയൊന്നും ഇല്ല.... ഷ്......."

ഓൻ എന്തോ അർഥം വെച്ച് ചിരിച്ച് മൂളി കൊണ്ട് നിക്കുന്നത് കണ്ടപ്പോ ഓന്റെ തലക്കിട്ട് ഒന്ന് കൊടുത്ത് ഓനെ അവിടന്ന് ആട്ടിപ്പായിച്ച് നമ്മള് ബെഡിൽ പോയി കിടന്നു....

എന്നാലും ആ ഐഷു കുരിപ്പ് നമ്മളെ ഈ ഗതിയിൽ ഇവിടെ കിടത്തുമെന്ന് നമ്മള് പ്രതീക്ഷിച്ചില്ല... ഓൾക്ക് ഉറക്കം കിട്ടാതെ കുരിപ്പ് അങ്ങോട്ടും ഇങ്ങോട്ടും തേരാപാര നടക്കണമെന്ന് പ്രാർത്ഥിച്ചോണ്ട് നമ്മള് കണ്ണടച്ചപ്പോഴുണ്ട് നിസു വിളിക്കുന്നു....

"ഹലോ അളിയാ..... എങ്ങനെ ഉണ്ടെടാ നിന്റെ ഫസ്റ്റ് നൈറ്റ്.... കട്ടിലിൽ തന്നെയാണോ കിടത്തം അതോ

നിലത്താണോ.... ഹ....ഹ...ഹ...."

തെണ്ടികള് കോണ്ഫറൻസ് കോൾ ചെയ്തിട്ട് പൊരിഞ്ഞ ചിരിയിലാണ് അവന്മാര്.... അവരെ ചോദ്യം കേട്ടപ്പോ തന്നെ അവന്മാരെ പണിയാണ് ഈ കട്ടില് പൊളിഞ്ഞതെന്ന് മനസ്സിലായതും നമ്മളെ വായേന്ന് കണ്ണ് പൊട്ടുന്ന നല്ല അസ്സല് തെറി കേട്ടപ്പോ അവര് ഫോൺ വെച്ച് പോയി.... ആവശ്യമില്ലാതെ ഐഷുവിനെ സംശയിച്ചതിനെ കുറിച്ചും ഓളോട് അങ്ങനെ സംസാരിച്ചതിനെ കുറിച്ചും ആലോചിച്ചപ്പോ എനിക്ക് പിന്നെ ഉറക്കം കിട്ടാതെയായി....

ഓളെ അടുത്തേക്ക് പോയി ഒരു സോറി പറഞ്ഞാലോ എന്നൊക്കെ തോന്നിയെങ്കിലും അത് റിസ്കുള്ള പണിയും പോരാത്തതിന് നമ്മളോടുള്ള ദേഷ്യത്തിന് ഓള് എങ്ങനെയാ റിയാക്റ്റ് ചെയ്യാ എന്ന് പറയാൻ പറ്റാതോണ്ടും ആ ശ്രമം വേണ്ടെന്ന് വച്ചു....

കാരണം ഓൾക്ക് അത്രക്ക് ദേഷ്യം കാണും നമ്മളോട് അത്രക്ക് നമ്മള് പറഞ്ഞതല്ലേ അവളോട്... അതും അവന്മാരെ കൊണ്ട്... അതിനുള്ളത് അവർക്ക് കിട്ടാൻ

പോകുന്നതെയുള്ളു....

ഇനി എന്തേലും ചെയ്ത് ഐശൂന്റെ പിണക്കം മാറ്റാൻ നോക്കണം... ഇല്ലേൽ പെണ്ണ് ചിലപ്പോ ഡെയിലി നമ്മളെ ഒറ്റക്ക് കിടത്തിക്കും... അതോണ്ട് നാളെ തന്നെ പ്രോബ്ലം സോൾവാക്കണം....

★★★★★★★★★★★★★★★★★★★★★

ഇന്നലെ രാത്രി ആദി ഞാനാണ് കട്ടില് പൊളിഞ്ഞ് വീഴാൻ കാരണക്കാരി എന്ന് കുറ്റപ്പെടുത്തിയപ്പോ എനിക്ക് നല്ലോണം സങ്കടം വന്നു... അത് ഒക്കെ ഓർത്തിട്ട് ആണെങ്കിൽ ഒരുപോള കണ്ണടക്കാൻ പറ്റിയിട്ടില്ല...

പിന്നെ ഉമ്മിക്ക് തല വേദനിക്കുന്നതോണ്ട് ഉമ്മിക്ക് ബാം പുരട്ടി തടവി കൊടുക്കുന്നതിനിടയിൽ എപ്പോഴോ ഉറങ്ങി പോയിരുന്നു.... ഉമ്മിന്റെ ഫോണിലെ അലാറം കേട്ടിട്ടാണ് പിന്നെ ഞാൻ ഉണർന്നത്....

ഉമ്മിക്ക് നല്ലോണം ക്ഷീണം കാണുമെന്ന് നമ്മക്ക് ഉറപ്പായോണ്ട് ഉമ്മിനെ ഉണർത്താതെ നമ്മള് എണീറ്റ് പോയി ഫ്രഷായി നിസ്കരിച്ചിട്ട് അടുക്കളയിലേക്ക് ചെന്നപ്പോ ജാനു ചേച്ചി പാൽ തിളപ്പിക്കായിരുന്നു....

"ഗുഡ് മോർണിങ് ജാനു ചേച്ചി...."

"ഹാ... മോള് എണീറ്റോ...? ഉമ്മിക്ക് എന്ത് പറ്റി എണീറ്റത് കണ്ടില്ലല്ലോ...? അല്ലെങ്കിൽ ഇപ്പോ എണീറ്റ് വരേണ്ട സമയം ആയേനെ...."

"ഉമ്മിക്ക് ഒരു തല വേദന... നല്ല ഉറക്കത്തിലാ... അപ്പൂ ഞാനും കരുതി ശല്യം ചെയ്യണ്ട ഉറങ്ങിക്കോട്ടെ എന്ന്.... കല്യാണ ക്ഷീണം കാണും അതാ ഈ തല വേദന...."

നമ്മള് അതും പറഞ്ഞ് കോഫി ഉണ്ടാക്കാൻ നിന്നപ്പോ ജാനു ചേച്ചി നമ്മളെ തടുത്തെങ്കിലും നമ്മള് അതൊന്നും വക വെക്കാതെ കോഫി ഉണ്ടാക്കാൻ തുടങ്ങി...

അപ്പോഴുണ്ട് ആഷി ജോഗിങ്ങിന് പോകാൻ വേണ്ടി റെഡിയായിട്ട് ഇറങ്ങി വരുന്നു... നമ്മളെ അടുക്കളയിൽ കണ്ടിട്ടുണ് നേരെ ഞങ്ങളെ അടുത്തേക്ക് വന്നു...

"ആഹാ... ഇന്ന് ഐഷുത്താന്റെ വകയാണോ കോഫി...? ഉമ്മി എവിടെ പോയി...?"

"എന്താ ഞാൻ കോഫി വെച്ചാൽ നീ കുടിക്കില്ലേ....? ഉമ്മിക്ക് തല വേദന ആയിട്ട് കിടക്കാണ്.... ദാ കോഫി ഇത് കുടിച്ചിട്ട് പൊയ്ക്കോ...."

ആഷി ഓക്കേ പറഞ്ഞിട്ട് കോഫി എടുത്ത് കുടിച്ച് നമ്മളെ അങ്ങ് പൊക്കി പൊക്കി ആകാശം മുട്ടെ കൊണ്ട് പോകാൻ തുടങ്ങി... നമ്മള് ഒന്നോഡി അപ്പോ തന്നെ മതി തള്ളിയതെന്ന് പറഞ്ഞിട്ട് എല്ലാവർക്കുമുള്ള കോഫി കപ്പിലേക്ക് ഒഴിച്ചു....

"ഡാ ആഷി... നിന്റെ ഇക്കൂസ് എണീറ്റോ...?"

"ആ... എനിക്കറിയില്ല ഐഷുത്ത.... മൂപ്പര് ഇന്നലെ എന്നെ റൂമീന്ന് ഗെറ്റ് ഔട്ട് അടിച്ച് വിട്ടതാ... പിന്നെ കണ്ടിട്ട് ഇല്ല.... ഇക്കൂസ് എണീറ്റ് ജോഗിങ്ങിന് പോകേണ്ട ടൈം കഴിഞ്ഞിട്ടുണ്ട്... ഇപ്പോഴും എണീക്കാത്ത സ്ഥിതിക്ക് ഇന്നലെ ഉറങ്ങി കാണില്ലെന്ന് തോന്നുന്നു...."

എന്ന് പറഞ്ഞ് ആഷി കോഫി കുടിച്ചിട്ട് പോയപ്പോ നമ്മള് ഉമ്മിക്കും സൽമക്കും ആദിക്കും വേണ്ടി കോഫി എടുത്ത് അവരെ റൂമിലേക്ക് ചെന്നു...

ആദ്യം ഉമ്മിന്റെ അടുത്തേക്ക് ചെന്നിട്ട് ഉമ്മിനെ വിളിച്ചുണർത്തി കോഫി കൊടുത്തപ്പോ ഉമ്മി ഞാൻ അടുക്കളയിൽ കേറിയതിന് കൊറേ ശകാരിച്ചു....

നമ്മള് അതൊന്നും സാരമില്ലെന്ന് പറഞ്ഞ് സൽമന്റെ റൂമിൽ ചെന്നപ്പോ പെണ്ണ് പൊരിഞ്ഞ ഉറക്കത്തിലായിരുന്നു.... നമ്മള് അപ്പോ തന്നെ റൂമിലെ കർട്ടൻ മാറ്റിയിട്ട് അവളെ വിളിച്ച് എണീപ്പിച്ചു....

"ഡി പെണ്ണെ അടുത്ത ആഴ്ച നിന്റെ കല്യാണമാണെന്ന ബോധം ഉണ്ടായിക്കോട്ടെ.... അൻസിക്കാൻറെ വീട്ടിൽ

ചെന്നിട്ട് ഉച്ച വരെയൊന്നും കിടന്നുറങ്ങാൻ പറ്റിയെന്ന് വരില്ല.... എണീറ്റെ... വേഗം...."

എന്ന് പറഞ്ഞ് നമ്മള് ഓളെ വിളിച്ചുണർത്തി കോഫി കൊടുത്തപ്പോ ഓള് കോഫി ഒരു സിപ് കുടിച്ചിട്ട് നമ്മക്ക് ഒരു ഗുഡ് മോർണിങ് തന്നു... നമ്മളും തിരിച്ച് ഓട് ഗുഡ് മോർണിങ് പറഞ്ഞിട്ട് ആദിക്കുള്ള കോഫിയും കൊണ്ട് റൂമിലേക്ക് ചെന്നു....

വാതിലിൽ മുട്ടി തുറക്കേണ്ട കാര്യമൊന്നും ഇല്ലാത്തോണ്ട് നമ്മള് വേഗം വാതില് തള്ളി തുറന്ന് അകത്ത് കയറി നോക്കിയപ്പോ കോന്തൻ നല്ല പൊരിഞ്ഞ ഉറക്കത്തിൽ ആയിരുന്നു... വിളിച്ചുണർത്തി ഉറക്കം കളയേണ്ട എന്ന് തോന്നിയെങ്കിലും നമ്മളെ ഉറക്കം കളഞ്ഞിട്ട് ഓൻ അങ്ങനെ സുഖിച്ച് കിടക്കേണ്ട എന്ന് നമ്മക്ക് തോന്നി...

അതോണ്ട് നമ്മള് കോഫി ടേബിളിൽ വെച്ചിട്ട് കോന്തന്റെ കാലിനിട്ട് ഒരു ചവിട്ട് കൊടുത്ത് എണീറ്റ് പോയി നിസ്ക്കരിക്കെടാ കോന്താ എന്ന് പറഞ്ഞ് വിളിച്ചതും ഓൻ ഞെട്ടി തരിച്ച് എണീറ്റ് ഇരുന്നു.... നമ്മള്

ഓന്റെ മുഖത്തേക്ക് പോലും നോക്കാതെ കോഫി എന്ന് പറഞ്ഞ് കോഫിയിലേക്ക് ചൂണ്ടി അവിടന്ന് ഇറങ്ങി പോകാൻ നിന്നതും ഓൻ എന്റെ കൈ പിടിച്ച് വലിച്ച് എന്നെ ഓന്റെ നെഞ്ചിൽ കിടത്തി....

ആ വീഴ്ചയിൽ നമ്മളെ കൈ ഓന്റെ നെഞ്ചിനിട്ട് നല്ലൊരു കുത്തും പാസാക്കിയപ്പോ നമ്മളെ നെഞ്ചാണ് പിടഞ്ഞത്... ഇന്നലത്തെ ഓന്റെ ഡയലോഗ് ഒന്നും ഇതുവരെ മറക്കാത്തോണ്ട് നമ്മള് പെട്ടെന്ന് തന്നെ ഓന്റെ അടുത്ത് നിന്ന് എണീറ്റെങ്കിലും ഓൻ എന്നെ വിട്ടില്ല....

"ഐഷു......"

"......"

"ഐഷു..... നീ എന്നോട് തെറ്റിയോ പെണ്ണേ....? ഞാൻ ഇന്നലെ വെറുതെ നിന്നെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി അങ്ങനെ ഒക്കെ പറഞ്ഞതല്ലേ.... നീ എന്നെ പട്ടിണിക്കിട്ട് പോയപ്പോ ചുമ്മ നിന്നെ ദേഷ്യം

പിടിപ്പിക്കാൻ വേണ്ടി പറഞ്ഞതാ.... എന്നോട് ക്ഷമിക്ക് പെണ്ണേ.... സോറി....."

ഓൻ എന്തൊക്കെയോ പറഞ്ഞ് നമ്മളെ മിണ്ടിക്കാൻ നോക്കുന്നുണ്ടെങ്കിലും നമ്മള്

ഓന്റെ മുഖത്ത് പോലും നോക്കാതെ വേറെ എങ്ങോട്ടോ നോക്കി കിടന്നു.... അത് കണ്ട് ആ കോന്തൻ നമ്മളെ ഇക്കിളിപ്പെടുത്തിയപ്പോ നമ്മള് ചിരി അടക്കി പിടിച്ച് ഇത്തിരി ഗൗരവത്തിൽ ഓനോട് അങ്ങി നിക്കാൻ പറഞ്ഞെങ്കിലും കോന്തൻ കേട്ട ഭാവം പോലും കാണിക്കാതെ നമ്മളെ ഇക്കിളി പെടുത്തി കൊണ്ടേ ഇരുന്നു....

"ആദി.... അടങ്ങി നിൽക്ക്.... ഇൻക്ക് ശ്വാസം കിട്ടുന്നില്ലട്ടാ....."

"എന്നോട് ക്ഷമിച്ചെന്ന് പറ എന്നാ ഞാൻ വിടാം...."

ഒടുക്കം സഹികെട്ട് നമ്മള് ക്ഷമിച്ചെന്ന് പറഞ്ഞപ്പോ ഓൻ നമ്മളെ ഇക്കിളിയാക്കുന്നത് നിർത്തി... ആ

ഗാപ്പില് ഓന്റെ മീശ പിടിച്ച് വലിച്ചിട്ട് പോടാ കോന്താ എന്ന് പറഞ്ഞ് നമ്മള് അവിടന്ന് ഓടി രക്ഷപ്പെട്ടു....

പിന്നെ അന്ന് ഞാനും ആദിയും കൂടി ഒരുമിച്ച് നമ്മളെ വീട്ടിൽ വിരുന്നിന് പോയി രാത്രി മടങ്ങി വന്നപ്പോ ഉമ്മിക്ക് പനി പിടിച്ച് കിടക്കായിരുന്നു....

കാര്യം അറിഞ്ഞ് ഞാനും ആദിയും കൂടി ഉമ്മിന്റെ റൂമിലേക്ക് ചെന്നപ്പോ ആഷിയും സൽമയും ഉമ്മിന്റെ കൂടെ തന്നെ ഉണ്ടായിരുന്നു....

"എന്താ ആഷി...? എന്താ ഉമ്മിക്ക് പറ്റിയെ...?"

"പേടിക്കാൻ ഒന്നുമില്ല ഐഷുത്ത ഒരു ചെറിയ ഫിവറാ... ഇപ്പോ ഡോക്ടർ വന്ന് പരിശോധിച്ചിട്ട് പോയതെയുള്ളൂ... മരുന്ന് തന്നിട്ടുണ്ട്... ഒരു മൂന്ന് ദിവസം റസ്റ്റ് എടുക്കാൻ പറഞ്ഞിട്ടുണ്ട്...."

"എന്നിട്ട് നീയെന്താ ആഷി ഞങ്ങളെ വിളിക്കാഞ്ഞേ....?"

"ഞാൻ പറഞ്ഞിട്ടാ ആദി ഓൻ നിങ്ങളെ വിളിക്കാഞ്ഞത്.... നിങ്ങളെ ആദ്യത്തെ വിരുന്ന് അല്ലെ... അത് ഇനി ഞാൻ കാരണം മുടങ്ങേണ്ടെന്ന് കരുതി...."

"എന്ന് കരുതി ഒന്ന് വിളിച്ച് അറിയിച്ചിരുന്നേൽ ഞങ്ങള് വരില്ലായിരുന്നോ....? ഇപ്പോ എങ്ങനെ ഉണ്ട് ഉമ്മി.... ക്ഷീണം തോന്നുന്നുണ്ടെങ്കിൽ നമുക്ക് ഹോസ്പിറ്റലിൽ പോകാം...."

"അതൊന്നും വേണ്ട മോളെ... ഇപ്പോ കുഴപ്പമില്ല.... എനിക്ക് ഒന്ന് കിടന്ന് ഉറങ്ങിയാൽ മതി അത് മാറിക്കോളും..."

"എന്നാൽ ഇന്ന് ഉമ്മിന്റെ കൂടെ ഞാൻ കിടന്നോളാം... രാത്രി വല്ല ആവശ്യവും വന്നാൽ ഉമ്മി തനിച്ച് ബുദ്ധിമുട്ടണ്ടേ...."

നമ്മള് അത് പറഞ്ഞതും ആദി നമ്മളെ ഇടങ്കണ്ണിട്ട് നോക്കുന്നത് കണ്ടപ്പോ നമ്മള് വേഗം അവനിൽ നിന്ന് നോട്ടം തെറ്റിച്ച് ഉമ്മിനെ നോക്കി....

"അത് വേണ്ട ഫെബി... ഉമ്മിന്റെ കൂടെ ഞാൻ കിടന്നോളാം.... ഇവിടെ ഞാൻ ഉണ്ടല്ലോ...." സൽമയാണ്.

"സൽമ ആ പറഞ്ഞത് ശരിയാ... ഉമ്മിന്റെ കാര്യം നിന്നെക്കാൾ നന്നായിട്ട് ഓള് നോക്കിക്കോളും....."

ആദി പറയുന്നത് കേട്ട് നമ്മള് ഓനെ തുറുക്കനെ നോക്കിയപ്പോ കോന്തൻ ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് നമ്മളെ നോക്കി സൈറ്റടിച്ചു...

"അത് വേണ്ട സൽമ... അടുത്ത ആഴ്ച നിന്റെ കല്യാണാ... ഉമ്മിനെ നോക്കിയിട്ട് നിനക്ക് എങ്ങാനും പനി പിടിച്ചാൽ കല്യാണം കുളമാകും.... അതോണ്ട് ഞാൻ തന്നെ ഉമ്മിക്ക് കൂട്ട് കിടന്നോളാം.... അല്ലെ ആദി....?"

നമ്മള് ഓനെ കൂട്ട് പിടിച്ചോണ്ട് അങ്ങനെ ചോദിച്ചപ്പോ ഓന് അപ്പൊ തലയാട്ടുകയല്ലാതെ വേറെ നിവർത്തി

ഇല്ലായിരുന്നു.... ഓന്റെ അപ്പോഴത്തെ മുഖത്തെ ഭാവം കണ്ടിട്ട് നമ്മക്ക് ചിരി വന്നെങ്കിലും നമ്മളതൊക്കെ അടക്കി പിടിച്ച് വെച്ചു...

പിന്നെ നമ്മള് പറഞ്ഞതിനോട് ഉമ്മി കൂടി യോജിച്ചപ്പോ ആദി പിന്നെ മറുത്തൊന്നും മിണ്ടാതെ നമ്മളെ പുച്ഛിച്ചിട്ട് അവിടന്ന് എണീറ്റ് പോയി.... പാവം നമ്മള് ഇങ്ങനെ ഇട്ട് കളിപ്പിച്ചിട്ട് ചെക്കന് ഇരിക്കപൊറുതി കിട്ടുന്നുണ്ടാകില്ല....

പിന്നീടുള്ള നാളുകളൊക്കെ നമ്മള് ഉമ്മിന്റെ കൂടെ ചിലവഴിച്ചപ്പോ നമ്മളെ ചെക്കൻ പതിയെ നമ്മളോട് മിണ്ടതെയായി... കണ്ടാൽ ഒന്ന് മൈൻഡ് പോലും ചെയ്യാതെ അവൻ അവന്റെ പാട് നോക്കി പോകാൻ തുടങ്ങി....

പിന്നെ ഇതിനിടക്ക് അൻസിക്കാൻറെയും സൽമന്റെയും എങ്കേജ്മെന്റ് ചെറിയ രീതിയിൽ കഴിഞ്ഞപ്പോ വീടാകെ കല്യാണത്തിന്റെ തിരക്കിലായിരുന്നു പിന്നീടുള്ള നാളുകളിൽ.... അതോണ്ട് ആദിയെ ഒന്ന് സ്വസ്ഥമായിട്ട് കാണാനോ

സംസാരിക്കാനോ ഉള്ള ഗാപ് നമ്മക്കും കിട്ടീല.... നമ്മളെ കണ്ടാലോ കോന്തൻ മൈൻഡും ചെയ്യുന്നില്ല....

ഇന്ന് സൽമന്റെ മൈലാഞ്ചി രാവാണ്... നമ്മളെ ഫ്രണ്ട്സോക്കെ നേരത്തെ വന്ന് പണി തുടങ്ങിയതോണ്ട് നമ്മക്ക് കമ്പനിക്ക് ഒക്കെ ആളുണ്ടായിരുന്നു... പക്ഷെ ആദി നമ്മളെ മൈൻഡ് ചെയ്യാഞ്ഞത് ആയിരുന്നു നമ്മളെ മനസ്സ് മുഴുവൻ....

ഓനെ ഒറ്റക്ക് ഒന്ന് കിട്ടാൻ എന്ത് ചെയ്യുമെന്ന് നമ്മള് ഒരുപാട് ചിന്തിച്ച് കൂട്ടാൻ തുടങ്ങി....

■■■■■■■■■■■■■■■■■■■

ഫെബിയും ശാലുവും കൂടി എന്റെ കയ്യിലും കാലിലുമൊക്കെ ആയിട്ട് മൈലാഞ്ചി നിറയെ ഇട്ട് തന്നിട്ടുണ്ട്... ഇന്നത്തെ ഈ രാവ് കൂടി കഴിഞ്ഞാൽ ഞാൻ അൻസിക്കാൻറെ വീട്ടിൽ മൂപ്പരെ ബീവിയായി ജീവിക്കും....

ഇത് എനിക്ക് കിട്ടിയ രണ്ടാം ജന്മം ആയതോണ്ട് എന്റെ തെറ്റുകളൊക്കെ എനിക്ക് തിരുത്തി നന്നായിട്ട്

ജീവിക്കണം....

മൈലാഞ്ചി രാവൊക്കെ ഫെബിയും കൂട്ടരും കൂടി ഡാൻസും പാട്ടുമൊക്കെയായിട്ട് പൊളിച്ചടുക്കി തന്നിട്ടുണ്ട്.... അതോണ്ട് തന്നെ ഈ ഒരു അവസരത്തിൽ എന്നെ സങ്കടപ്പെടുത്തുന്ന ഒന്നും തന്നെ ഇല്ല....

അങ്ങനെ അവരെ കലാപരിപാടികളിൽ ഒക്കെ പങ്ക് ചേർന്ന് ഞങ്ങള് അടിച്ച് പൊളിക്കുമ്പോഴുണ്ട് അൻസിക്ക എന്റെ ഫോണിലേക്ക് വിളിക്കുന്നു.... എനിക്ക് അപ്പൊ ഫോൺ എടുത്ത് തന്നത് ഫെബിയായിരുന്നു....

അൻസിക്കയാണ് വിളിക്കുന്നതെന്ന് കണ്ടപ്പോ അവരൊക്കെ കൂടി കോൾ അറ്റൻഡ് ചെയ്തിട്ട് മൂപ്പരെ ഇട്ട് വട്ടം കറക്കി....

അത് കണ്ട് നമ്മള് അപ്പോ തന്നെ അവരെ അടുത്ത് നിന്ന് ഫോൺ തട്ടി വാങ്ങിയിട്ട് റൂമിലേക്ക് പോയി സ്വസ്ഥമായിട്ട് ഇരുന്ന് മൂപ്പരോട് കുറച്ച് നേരം സംസാരിച്ച് ഇരുന്നു.... ഇഷ്ടം അറിയിച്ചതിന് ശേഷം

ഞങ്ങൾ സംസാരിക്കാർ കുറവാണ്... പക്ഷെ ഇന്ന് കുറച്ചധികം ഞങ്ങള് സംസാരിച്ചിരുന്നു....

കുറച്ച് കഴിഞ്ഞപ്പോ അൻസിക്കാനെ ആരോ വിളിക്കുന്നുണ്ടെന്ന് പറഞ്ഞ് മൂപ്പര് ഫോൺ വെച്ച് പോയപ്പോ നമ്മള് ഫോണിലേക്ക് നോക്കി ഒന്ന് ചിരിച്ചിട്ട് കണ്ണാടിയിൽ നോക്കി ഡ്രസ്സ് ഒക്കെ ഒന്ന് റെഡിയാക്കി താഴേക്ക് ഇറങ്ങാൻ നിന്നപ്പോ നമ്മളെ പിറകിൽ ആരോ നിൽക്കുന്ന പോലെ തോന്നി....

നമ്മള് ഒരല്പം ഭീതിയോടെ തിരിഞ്ഞ് നോക്കിയപ്പോ അവിടെയൊന്നും ഒരാളും ഇല്ലായിരുന്നു.... തോന്നിയതാകുമെന്ന് സ്വയം ചിന്തിച്ചോണ്ട് ഞാൻ റൂമിൽ നിന്ന് പുറത്തേക്ക് ഇറങ്ങാൻ നിന്നതും എന്റെ പിറകിൽ നിന്ന് എന്തോ വീഴുന്ന ശബ്ദം കേട്ടു...

ഞാൻ അപ്പോ തന്നെ ഞെട്ടി തിരിഞ്ഞ് നോക്കിയതും എന്റെ മുന്നിൽ നിൽക്കുന്ന രൂപത്തെ കണ്ട് ഞാൻ അമ്പരന്ന് പോയി...

(തുടരും)

ഭാഗം.131

നമ്മള് ഒരല്പം ഭീതിയോടെ തിരിഞ്ഞ് നോക്കിയപ്പോ അവിടെയൊന്നും ഒരാളും ഇല്ലായിരുന്നു.... തോന്നിയതാകുമെന്ന് സ്വയം ചിന്തിച്ചോണ്ട് ഞാൻ റൂമിൽ നിന്ന് പുറത്തേക്ക് ഇറങ്ങാൻ നിന്നതും എന്റെ പിറകിൽ നിന്ന് എന്തോ വീഴുന്ന ശബ്ദം കേട്ടു...

ഞാൻ അപ്പോ തന്നെ ഞെട്ടി തിരിഞ്ഞ് നോക്കിയതും എന്റെ മുന്നിൽ നിൽക്കുന്ന രൂപത്തെ കണ്ട് ഞാൻ അമ്പരന്ന് പോയി...

"ഇ... ഇക്കാക്ക....."

ഞാൻ ഒരല്പം ഭീതിയോടെ തന്നെ അങ്ങനെ വിളിച്ചിട്ട് അവന്റെ അടുത്തേക്ക് ചെന്നു...

"ഇക്കാക്ക... ഇങ്ങള്.... ഇങ്ങള് എങ്ങനെ ഇവിടെ എത്തി....?"

"ഹും.... എന്റെ പെങ്ങളെ മൈലാഞ്ചി രാവിന് ലോകത്ത് ഏത് കോണിൽ നിന്നായാലും ഞാൻ വന്നല്ലേ പറ്റൂ സൽ മ...

എന്നാലും എന്റെ പെങ്ങള് ഇത്രവേഗം മാറുമെന്ന് ഞാൻ കരുതിയില്ല... നമ്മളെ ഉപ്പ ജയിലിൽ കിടക്കാൻ കാരണക്കാരനായവനോടും അവന്റെ കുടുംബത്തിനോടും ഇങ്ങനെ സ്നേഹത്തോടെ പെരുമാറാൻ നിനക്ക് എങ്ങനെ പറ്റുന്നു....?"

"ഇക്കാക്ക ഇങ്ങനെ അവരെ കുറിച്ച് കുറ്റപ്പെടുത്താൻ മാത്രം എന്ത് തെറ്റാ അവര് നമ്മളോട് ചെയ്തത്...?

ചെയ്തത് നമ്മളല്ലേ....?

പിന്നെ നമ്മളെ ഉപ്പ ഇപ്പൊ ജയിലിൽ

കിടക്കുന്നുണ്ടെങ്കിൽ ആ ശിക്ഷ ഉപ്പ അർഹിക്കുന്നത് ആയത് കൊണ്ടാണ്...

നമ്മളെ ഉപ്പ നമ്മളെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതൽ സ്നേഹവും ലാളനയുമൊക്കെ നമുക്ക് ആദിന്റെ ഉപ്പ തന്നിട്ടില്ലേ...?

ആദിന്റെ ഉപ്പാനെ നമ്മളെ ഉപ്പയാണ് കൊന്നതെന്ന് അറിഞ്ഞപ്പോ തകർന്ന് പോയി ഞാൻ....

എനിക്ക് എന്റെ ജന്മം നൽകിയ ഉപ്പനേക്കാൾ ഇഷ്ടായിരുന്നു ആദിന്റെ ഉപ്പാനെ.... ആ ഉപ്പ മരിക്കാൻ കാരണക്കാരൻ നമ്മളെ ഉപ്പയല്ലേ... അപ്പൊ ജയിലിൽ കിടക്കേണ്ട ആള് തന്നെയാണ് അയാള്...."

ഞാൻ പറയുന്നതിന് അനുസരിച്ച് എന്റെ മിഴികളിൽ ഈറനണിയാൻ തുടങ്ങി... ഞാൻ പറയുന്നതൊക്കെ കേട്ടിട്ട് ഇക്കാക്ക ഒരു പുച്ഛത്തോടെ ചിരിച്ച് കൊണ്ട് കയ്യടിച്ചു....

"കൊള്ളാം.... എന്റെ പെങ്ങള് നന്നായിട്ട് സംസാരിക്കാൻ പഠിച്ചു... അതും നമ്മളെ ഉപ്പാക്ക്

എതിരെ.... നിനക്ക് എങ്ങനെ കഴിഞ്ഞെടി നമ്മളെ ഉപ്പാനെ തള്ളിക്കളയാൻ....? നിനക്ക് വേണ്ടി എന്തൊക്കെ ഉപ്പ ചെയ്തിട്ടുണ്ടെന്ന് നന്നായിട്ട് അറിയില്ലേ നിനക്ക്... എന്നിട്ടും നീയാ മനുഷ്യനെ കുറ്റപ്പെടുത്തുന്നു....

എന്റെ പെങ്ങള് വല്ലാതങ് മാറി പോയി..."

"ശരിയാ... എനിക്ക് വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്ത് തന്നിട്ടുണ്ട് നമ്മളെ ഉപ്പ... എന്നിട്ട് ഇപ്പോ അത് കൊണ്ടൊക്കെ ഞാൻ എന്താ നേടിയത്...? പറ... എന്താ നേടിയത്....?

എല്ലാ മാതാപിതാക്കളും മക്കളെ തെറ്റിൽ നിന്നും കര കയറ്റാനാ ശ്രമിക്കാ... പക്ഷെ, നമ്മളെ ഉപ്പ ചെയ്തത് അതാണോ...? തെറ്റിന് മേലെ തെറ്റുകൾ എന്നെ കൊണ്ടും ഇങ്ങളെ കൊണ്ടും പറഞ്ഞും ചെയ്തും ചെയ്യിപ്പിച്ചും നമ്മളെയും തെറ്റിന്റെ വഴിയിലേക്ക് തന്നെ നയിച്ചില്ലേ...?

എന്നിട്ട് അത് കൊണ്ടൊക്കെ നമ്മള് എന്താ നേടിയത്

ഇക്കാക്ക...? മറ്റുള്ളവരുടെ വെറുപ്പും പ്രാക്കും ഒക്കെ സമ്പാദിച്ച് കൂട്ടിയെന്നല്ലാതെ വേറെന്ത് നേടി...? ഇപ്പോ കിടപ്പാടം പോലും നഷ്ടപ്പെട്ട് ഇക്കാക്ക ഇങ്ങനെ തേരാ പാര നടന്നില്ലേ... ഇതൊക്കെ എന്ത് കൊണ്ടാ സംഭവിച്ചത്...? നമ്മള് ചെയ്ത തെറ്റുകൾ കൊണ്ടല്ലേ...

മടുത്തു ഇക്കാക്ക... മറ്റുള്ളവരെ ദ്രോഹിക്കാൻ ഇനിയും വയ്യ എനിക്ക്... ഞാൻ ചെയ്ത തെറ്റുകളൊക്കെ ക്ഷമിച്ചും മറന്നും എന്നെ ഇവരിൽ ഒരാളായി കണ്ട് എന്നെ സ്നേഹിക്കുന്നവരാ ഇവിടെ ഉള്ളവരൊക്കെ.... അവർക്ക് ഇനി ദോഷം വരുന്ന ഒരു കാര്യവും ഇനി എന്റെ ഭാഗത്ത് നിന്നും ഉണ്ടാകില്ല....

നാളെ എന്റെയും അൻസിക്കാൻറെയും കല്യാണമാണ്... ആ പഴയ സാലിമിനെ പൂർണ്ണമായും ഉപേക്ഷിച്ചിട്ട് ഒരു പുതിയ മനുഷ്യനായി മാറാൻ തയ്യാറാണെങ്കിൽ ഇക്കാക്കാക്ക് എന്റെ കല്യാണത്തിന് വരാം... ഇല്ലെങ്കിൽ പിന്നെ ഈ പെങ്ങളെ അങ്ങ് മറന്ന് കളഞ്ഞേക്ക്..."

"ഷ്.... എല്ലാം നീ അത്ര പെട്ടെന്ന് മറന്ന് കാണും...

പക്ഷെ ആദിയോടും ഫെബിയോടുമുള്ള എന്റെ പക.... അതൊരിക്കലും എന്റെ മനസ്സിൽ നിന്നും മാഞ്ഞ് പോകില്ല....

അവരെ രണ്ട് പേരെയും ഞാൻ ഇഞ്ചിഞ്ചായി ഇല്ലാതാക്കിയിരിക്കും... അവരെ ഒരിക്കലും ഞാൻ സ്വസ്ഥതയോടെ ജീവിക്കാൻ അനുവദിക്കില്ല..."

ഇക്കാക്ക പറയുന്നത് കേട്ടപ്പോ ഞാൻ ആകെ ഞെട്ടി തരിച്ച് പോയി... ഞാൻ ഇത്രയൊക്കെ പറഞ്ഞിട്ടും ആദിയോടും ഫെബിയോടുമുള്ള ദേഷ്യത്തിൽ ഒരു തരി പോലും ഇക്കാക്കക്ക് കുറഞ്ഞിട്ടില്ല...

"ഞാൻ ഇത്രയൊക്കെ പറഞ്ഞിട്ടും എന്താ നിങ്ങള് മനസ്സിലാക്കാത്തത്...? നമ്മളെ ദ്രോഹിക്കാൻ വരാത്തവരെ എന്തിനാ നിങ്ങള് ദ്രോഹിക്കുന്നത്...? നിങ്ങളെ ഇക്കാക്ക എന്ന് വിളിക്കാൻ പോലും എനിക്ക് ഇപ്പോ അറപ്പായി തുടങ്ങി... നിങ്ങള് ഒരിക്കലും മാറില്ല... കണ്ടോ ഞാൻ ഇപ്പോ തന്നെ ആദിയോട് എല്ലാം തുറന്ന് പറയും..."

സാലിം പറഞ്ഞതിനെ എതിർത്ത് കൊണ്ട് ഞാൻ

സംസാരിച്ച് നിൽക്കുമ്പോഴായിരുന്നു ഫെബി കതകിൽ വന്ന് മുട്ടിയത്... ഞാൻ അപ്പോ തന്നെ ഓനെ ഒരു അമർഷത്തോടെ നോക്കി കൊണ്ട് പോയി കതക് തുറന്ന് കൊടുത്തു...

"നീ ഇപ്പോഴും അൻസിക്കാനോട് സൊള്ളി കഴിഞ്ഞില്ലേ മോളെ...? വേഗം താഴേക്ക് വന്നേ അവിടെ എല്ലാവരും നിന്നെ തിരക്കുന്നു... വാ....."

"ഫെബി... എനിക്ക്.... ഒരു കാര്യം...."

"അതൊക്കെ പിന്നെ പറയാം... നീയിപ്പോ താഴേക്ക് വാ... ഇല്ലേൽ അവരൊക്കെ കൂടി ഇങ്ങോട്ട് ഇടിച്ച് കേറി വരും... വന്നേ..."

എനിക്ക് പറയാനുള്ളത് ഒന്ന് കേൾക്കാൻ പോലും കൂട്ടാക്കാതെ ഫെബി എന്നെ റൂമീന്ന് വലിച്ചോണ്ട് പോയപ്പോ ഞാൻ പിറകിലേക്ക് ഒന്ന് തിരിഞ്ഞ് നോക്കി...

അപ്പൊ സാലിം എന്നെ ഒരു പുച്ഛത്തോടെ നോക്കി

ചിരിച്ചിട്ട് റ്റാറ്റാ കാണിച്ച് തന്നു....

ഫെബി അപ്പോഴേക്കും എന്നെ കൊണ്ട് പോയി ഹാളിലെ സോഫയിൽ പിടിച്ച് ഇരുത്തിയിട്ട് അവളെ ഫ്രണ്ട്സിന്റെ കൂടെ നിന്ന് ഒപ്പനയൊക്കെ കളിയ്ക്കാൻ തുടങ്ങി... പക്ഷെ എന്റെ മനസ് അപ്പോഴും ശാന്തം അല്ലായിരുന്നു...

എങ്ങനെലും സാലിം പറഞ്ഞ കാര്യങ്ങളും അവൻ ഇങ്ങോട്ട് വന്ന വിവരവും ആദിയെ അറിയിക്കണമെന്ന് തീരുമാനിച്ചോണ്ട് ഞാൻ എല്ലായിടത്തും ഒന്ന് കണ്ണോടിച്ച് നോക്കിയപ്പോ ആദി പുറത്ത് നിന്ന് കാറ്ററിംഗ്കാരോട് സംസാരിച്ച് അകത്തേക്ക് വരുന്നത് കണ്ടു...

ഞാൻ അപ്പൊ തന്നെ അവിടന്ന് എണീറ്റ് പോകാൻ നോക്കിയെങ്കിലും എല്ലാവരും കൂടി എന്നെ അവിടെ തന്നെ പിടിച്ചിരുത്തി...

പിന്നെ ഞാൻ നോക്കിയപ്പോഴാണെങ്കിലോ ആദിനെ അവിടെയൊന്നും കാണാൻ പറ്റിയില്ല... എന്നാ പിന്നെ ഇതൊക്കെ ഫെബിയോട് എങ്കിലും പറയാമെന്ന് കരുതി

അവരെ കൂട്ടത്തിൽ അവളെ തിരഞ്ഞ് നോക്കിയപ്പോ അവളെയും കാണാൻ ഇല്ലായിരുന്നു...

അപ്പോഴാണ് സാലിം എന്റെ റൂമിൽ നിന്നും കാറ്ററിങ്കാരുടെ ഡ്രെസ്സും ഒരു ക്യാപ്പും വെച്ചോണ്ട് താഴേക്ക് ഇറങ്ങി വരുന്നത് കണ്ടത്... ഓനെ കണ്ടപ്പോ ഞാൻ അറിയാതെ തന്നെ ഇരുന്നിടത്ത് നിന്ന് എണീറ്റ് പോയി... ഓൻ എന്നെ ഇടങ്കണ്ണിട്ട് നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചിട്ട് അവിടന്ന് തലയും താഴ്ത്തി ഇറങ്ങി പോയപ്പോ എന്റെ ഉള്ളിൽ ഒരു ഭീതി പടർന്നു....

★★★★★★★★★★★★★★★★★★★★★★

സൽമയെ റൂമിൽ നിന്ന് കൊണ്ട് വന്നിട്ട് ഞങ്ങളെ കലാപരിപാടികൾ ഒക്കെ നടത്തുമ്പോഴായിരുന്നു ആദി ആരോടോ സംസാരിച്ചോണ്ട് അകത്തേക്ക് വരുന്നത് കണ്ടത്... നമ്മളെ കോന്തൻ നമ്മളോട് ഇപ്പോഴും മൈൻഡ് ഇല്ലാതെ നടക്കുന്നത് കൊണ്ട് ഓന്റെ പിണക്കം മാറ്റാൻ എന്തേലും ചെയ്യണമെന്ന് ഞാൻ തീരുമാനിച്ചു...

അപ്പോഴുണ്ട് ഓൻ കൂടെ ഉണ്ടായിരുന്നയാളെ പറഞ്ഞയച്ചിട്ട് മോളിലേക്ക് കേറി പോകുന്നു... ഇത് തന്നെ പറ്റിയ അവസരമെന്ന് ചിന്തിച്ചോണ്ട് നമ്മള് ആ കൂട്ടത്തിൽ നിന്നും മെല്ലെ അങ്ങ് ഉൾ വലിഞ്ഞിട്ട് മോളിലേക്ക് ചെന്നു...

അപ്പൊ ആദി ആരോടോ കാര്യമായിട്ട് ഫോണിൽ സംസാരിക്കായിരുന്നു... ദുബായിലെ കമ്പനിയിൽ നിന്നാണ് കോൾ എന്ന് ഓന്റെ സംസാരം കേട്ടപ്പോ തന്നെ നമ്മക്ക് മനസ്സിലായി... നമ്മള് ഓന്റെ പിന്നാലെ കൂടിയത് ഒന്നും അറിയാതെ ഭയങ്കര ഫോൺ വിളിയിലാ കോന്തൻ...

അങ്ങനെ ഫോൺ കട്ട് ചെയ്ത് ആദി നേരെ നമ്മളെ റൂമിലേക്ക് കേറി ചെന്നതും നമ്മളും പിന്നാലെ വെച്ച് പിടിച്ചു... പക്ഷെ റൂമിൽ എത്തിയപ്പോ ആദിന്റെ പൊടി പോലും കാണാൻ ഇല്ലായിരുന്നു...

പെട്ടെന്ന് വാതില് ആരോ അടക്കുന്ന ശബ്ദം കേട്ട് നമ്മള് ഞെട്ടി തിരിഞ്ഞ് നോക്കിയപ്പോ നമ്മളെ കോന്തൻ വാതിലിന്റെ പിറകേന്ന് കയ്യും കെട്ടി കൊണ്ട്

നമ്മളെ ഒരു സംശയ രൂപേണ നോക്കാൻ തുടങ്ങി... ഓന്റെ നോട്ടം കണ്ടപ്പോ തന്നെ നമ്മള് സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊടുത്തു...

അത് കണ്ട് നമ്മളെ കോന്തൻ പെട്ടെന്ന് നമ്മളെ നേരെ പാഞ്ഞടുത്തിട്ട് നമ്മളെ കൈ പിടിച്ച് തിരിച്ച് പിറകിലേക്ക് ആക്കി ഓന്റെ അടുത്തേക്ക് ചേർത്ത് നിർത്തി... എന്നിട്ട് നമ്മളെ കണ്ണിലേക്ക് നോക്കി കൊണ്ട് കയ്യിലെ പിടി മുറുക്കാൻ തുടങ്ങിയതും നമ്മള് വേദന കൊണ്ട് ഓന്റെ കയ്യിൽ കിടന്ന് പുളഞ്ഞു....

"ആഹ്.... ആദി.... എന്റെ കൈ... കൈ... വേദനാകുന്നുണ്ട്... വിട്.... കോന്താ...."

"എന്തിനാടി നീയെന്നെ ഫോളോ ചെയ്ത് വന്നത്...?"

"ഫോ... ഫോളോ ചെയ്ത് വരേ...? ആ... ആര്...? ഞാനോ...? ഞാൻ ആരെയും ഫോളോ ഒന്നും ചെയ്തിട്ടില്ല..."

"ഇല്ലേ...?"

എന്ന് ചോദിച്ചോണ്ട് ആദി ഒന്ന് കൂടി നമ്മളെ കയ്യിലെ പിടി മുറുക്കിയതും നമ്മള് ഓന്റെ നെഞ്ചിൽ ആഞ്ഞ് കുത്തി കൊണ്ട് ചെയ്തെന്ന് സമ്മതിച്ച് കൊടുത്തപ്പോ കോന്തൻ നമ്മളെ കയ്യിൽ നിന്നും പിടി വിട്ടു...

നമ്മള് അപ്പൊ തന്നെ നമ്മളെ ചുവന്ന് തുടുത്ത കയ്യിലേക്ക് നോക്കി കണ്ണ് നിറച്ചോണ്ട് ആദിയെ തുറുക്കനെ നോക്കി... എന്നിട്ട് കയ്യ് കുടഞ്ഞിട്ട് അവിടന്ന് പോകാൻ നിന്നതും ആദി നമ്മളെ അരയിലൂടെ കയ്യിട്ട് പിടിച്ച് വലിച്ച് എന്നെ അവന്റെ അടുത്തേക്ക് ചേർത്ത് നിർത്തി...

നമ്മള് നമ്മളെ കൊണ്ട് ആകുന്ന വിധത്തിൽ അവന്റെ കയ്യീന്ന് കുതറാൻ ശ്രമിച്ചെങ്കിലും കോന്തൻ തെണ്ടി നമ്മളിൽ നിന്നും പിടി വിട്ടില്ല... അവസാനം ഗതികെട്ട് നമ്മള് അടങ്ങി നിന്നിട്ട് ആദിന്റെ മുഖത്തേക്ക് പോലും നോക്കാതെ തലയും താഴ്ത്തി കണ്ണും നിറച്ച് അങ്ങനെ നിന്നു...

അപ്പോ ആദി നമ്മളെ താടയിൽ പിടിച്ച് മുഖം ഉയർത്തിയപ്പോഴും നമ്മളെ നോട്ടം താഴേക്ക് ആയിരുന്നു... നമ്മളെ കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീര് തുടച്ചിട്ട് ആദി നമ്മളെ വിളിച്ചു...

"ഐഷു.... ഐഷു.... എന്നെ ഒന്ന് നോക്ക് പെണ്ണേ...."

നമ്മള് അപ്പൊ പതിയെ ആദിന്റെ മുഖത്തേക്ക് നോക്കി വീണ്ടും കണ്ണ് നിറച്ചപ്പോ ഓൻ നമ്മളെ കണ്ണ് തുടച്ചു...

"എന്റെ ഐഷൂട്ടിക്ക് വേദനിച്ചോ...?"

ഓൻ അത് ചോദിക്കേണ്ട താമസം നമ്മള് ഓനെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു... കോന്തൻ നമ്മളെ നന്നായിട്ട് വേദനിപ്പിച്ചെങ്കിലും ഓൻ നമ്മളെ ഒന്ന് കൂടി ചേർത്ത് നിർത്തി നമ്മളോട് സോറി പറഞ്ഞപ്പോ നമ്മള് ആ വേദനയൊക്കെ മറന്നു...

"സോറി പെണ്ണേ... നീയെന്നെ ഇത്രേയും നാൾ പട്ടിണിക്കിട്ടത്തിന്റെ അരിശം മൊത്തം നിന്നെ കയ്യിൽ

കിട്ടിയപ്പോ തീർത്തതാ... നിനക്ക് ഇതിന് ഇനി പകരം വീട്ടണെങ്കിൽ പറഞ്ഞാൽ മതി ഞാൻ നിന്ന് തരാം... നിന്റെ ദേഷ്യം തീരുന്ന വരെ എന്ത് വേണേലും ചെയ്തോ പക്ഷെ എന്റെ കഞ്ഞീല് പാറ്റയിടാതിരുന്നാൽ മതി..."

ആദി അതും പറഞ്ഞ് ചിരിച്ചപ്പോ നമ്മളും ഒന്ന് ചിരിച്ചോണ്ട് ഓന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്ത് ഓനെ കെട്ടിപ്പിടിച്ച് നിന്നു... താഴെ നടക്കുന്ന പേക്കൂത്തുകൾ ഒന്നും വക വെക്കാതെ ആദിയെയും കെട്ടിപ്പിടിച്ച് എത്ര നേരം ഞങ്ങൾ അങ്ങനെ നിന്നെന്ന് അറിയില്ല... കുറച്ച് കഴിഞ്ഞ് കാക്കു ആദിന്റെ ഫോണിലേക്ക് വിളിച്ചപ്പോഴാണ് നമ്മള് ഞെട്ടി എണീറ്റത്...

ആദി ഇന്ന് അൻസിക്കാൻറെ അടുത്തേക്ക് പോകുന്നുണ്ടെന്ന് ഉമ്മിനോട് പറയുന്നത് നമ്മള് കേട്ടിരുന്നു... അതിനാണോ കാക്കു വിളിക്കുന്നതെന്ന് നമ്മള് ചോദിച്ചപ്പോ ആദി അതെ എന്ന് പറഞ്ഞ് നമ്മളെ നെറ്റിയിൽ ഒരുമ്മ തന്നു...

എന്നിട്ട് പോയിട്ട് വരാമെന്ന് പറഞ്ഞ് ഓൻ റൂമീന്ന് ഇറങ്ങി പോയപ്പോ നമ്മക്കും ഓന്റെ കൂടെ പോയാലോ

എന്ന് വരെ തോന്നി....

എന്നാലും കോന്തൻ നമ്മളെ കൈ പിടിച്ച് തിരിച്ചിട്ട് ഇപ്പോഴും നല്ല വേദനയുണ്ട്... അൻസിക്കാൻറെ അടുത്തേക്ക് പോയി വന്നിട്ട് ഓനെ കൊണ്ട് തന്നെ നമ്മളെ കൈ തൈലമിട്ട് തടവി തരാൻ പറയണം... വെറുതെ നമ്മളെ കൈക്ക് പണിയാക്കി വെച്ചു കോന്തൻ....

അന്നത്തെ ഫങ്ഷൻ ഒക്കെ കഴിഞ്ഞ് വളരെ വൈകിയാണ് എല്ലാവരും അവിടന്ന് പോയത്... സൽമയെ ആണെങ്കിൽ ഞങ്ങള് എല്ലാവരും കൂടി ചേർന്ന് നേരത്തെ കിടത്തി ഉറക്കിയിരുന്നു... ഇല്ലേൽ നമ്മളെ പോലെ ഉറക്കപ്പിച്ചിൽ എണീറ്റ് വരേണ്ടി വരും ഓള്...

സമയം ഒന്നര കഴിഞ്ഞിട്ടും ആദി വരുന്നത് കണ്ടില്ല... ഓന്റെ ഫോണിലേക്ക് വിളിച്ചപ്പോഴാണെങ്കിലോ പരിധിക്ക് പുറത്തും... ഓനെ കാത്ത് നിന്ന് കാത്ത് നിന്ന് ഒടുക്കം നമ്മള് എപ്പോഴോ ഉറങ്ങി പോയി....

പിറ്റേന്ന് രാവിലെ അലാറം അടിക്കുന്നത് കേട്ട് നമ്മള് ഞെട്ടി എണീറ്റ് നോക്കിയപ്പോ ആദിയുണ്ട് നമ്മളെ കെട്ടിപ്പിടിച്ച് കിടക്കുന്നു... ഈ കോന്തൻ ഇതെപ്പോ വന്ന് കേറി കിടന്നെന്ന് ചിന്തിച്ചോണ്ട് നമ്മള് മെല്ലെ ഓനെ ഉണർത്താതെ എണീറ്റ് പോയി...

★★★★★★★★★★★★★★★★★★★★

ഇന്നലെ അൻസിന്റെ വീട്ടിൽ നിന്നും മടങ്ങി വരാൻ ഇത്തിരി വൈകി പോയിരുന്നു... വന്ന് കേറിയപ്പോഴാണെങ്കിലോ നമ്മളെ ബീവി നല്ല ഉറക്കിലാണ്... രാവിലെ മുതൽ ഓടി പാഞ്ഞ് നടന്നതിന്റെ ക്ഷീണം ഓൾക്ക് നല്ലോണം ഉണ്ടാകുമെന്ന് അറിയാവുന്നതോണ്ട് തന്നെ ഞാൻ ഉണർത്താൻ നിന്നില്ല...

കുറച്ച് നേരം ഓളെ നോക്കി കിടന്നിട്ട് ഓളെ കയ്യ് ഒന്ന് മെല്ലെ തടവി കൊടുത്തു... അപ്പോഴത്തെ ഓളോടുള്ള ദേഷ്യത്തിന് എടുത്ത് ചാടി കൈ പിടിച്ച് തിരിച്ചതാ... അത് ഓളെ ഇത്രമാത്രം വേദനിപ്പിക്കുമെന്ന് ഞാൻ കരുതിയില്ല...

ഓളെ നോക്കി കുറെ സോറിയും ഉമ്മയും ഒക്കെ കൊടുത്ത് എപ്പോഴോ നമ്മളും ഉറങ്ങി പോയി... പിന്നെ കണ്ണ് തുറന്നത് നമ്മളെ പെണ്ണുമ്പിള്ളന്റെ കാറല് കേട്ടാണ്...

"എണീക്ക് ആദി... ഇതെന്ത് ഉറക്കാ... ഞാൻ എത്ര നേരായി വിളിക്കുന്നു...? എല്ലാവരും വന്ന് തുടങ്ങി... വേഗം എണീക്ക്..."

നമ്മളെ പെണ്ണ് കുളിച്ച് മാറ്റിയൊരുങ്ങി കണ്ണെഴുതുന്നതിനിടയിൽ കൂടി നമ്മളെ വിളിച്ചുണർത്തുന്നത് കേട്ട് നമ്മള് എണീറ്റ് തലക്ക് കയ്യും കൊടുത്ത് അവിടെ തന്നെ കിടന്ന് ഓളെ നോക്കി.... ഇന്ന് എന്തോ പെണ്ണിന് കുറച്ചധികം ഭംഗി കൂടി പോയോ എന്നൊരു സംശയം... മെറൂൺ നിറത്തിലുള്ള ഒരു ഗൗണാണ് ഓളെ വേഷം... അതിൽ ഒളാണെങ്കിൽ മിന്നി തിളങ്ങി നിൽക്കുന്നുണ്ട് താനും...

"ദേ മനുഷ്യ... ഇന്നലെ എപ്പോഴാ കേറി വന്നേ...? ഞാൻ എത്ര സമയം കാത്തിരുന്നെന്ന് അറിയോ...?

ഹാ അതൊക്കെ ഇനി പിന്നെ പറയാം... വേഗം എണീറ്റ് പോയി കുളിച്ച് മാറ്റാൻ നോക്ക്... ദാ കല്യാണത്തിന് ഇടാനുള്ള ഡ്രസ്സ് ഒക്കെ ഞാൻ അയേൺ ചെയ്ത് വെച്ചിട്ടുണ്ട്...

ഞാൻ അങ്ങോട്ട് ചെല്ലട്ടെ... സൽമയെ ഒരുക്കാൻ ഉള്ളതാ... വേഗം എണീക്കാൻ നോക്ക്..."

എന്ന് പറഞ്ഞ് നമ്മളെ പെണ്ണ് ദൃതി പിടിച്ചോണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഓടി നടന്ന് റൂമീന്ന് ഇറങ്ങി പോയപ്പോ നമ്മക്ക് എന്തോ പോലെയായി... അപ്പോ തന്നെ ഐഷു റൂമിലേക്ക് ഓടി വന്നിട്ട് എന്തോ മറന്ന പോലെ തലക്ക് താങ്ങും കൊടുത്ത് നമ്മളെ അടുത്തേക്ക് വന്നിട്ട് നമ്മളെ നെറ്റിയിൽ ഉമ്മ വെച്ചു... എന്നിട്ട് വേഗം പോയി കുളിച്ചൊരുങ്ങാൻ പറഞ്ഞ് അവള് അവിടന്ന് ഓടി പോയി...

ഓളെ അടുത്ത് നിന്ന് ഒരുമ്മ കിട്ടിയത് കൊണ്ടാണോ എന്തോ പിന്നെ അങ്ങോട്ട് ഭയങ്കര ഉന്മേഷമായിരുന്നു നമ്മക്ക്... അതോണ്ട് നമ്മളെ കുളിയും ഒരുക്കവുമൊക്കെ പെട്ടെന്ന് തന്നെ തീർത്ത് നമ്മള് താഴേക്ക് ഇറങ്ങിയപ്പോ ഉമ്മിയും ആഷിയുമൊക്കെ ഓഡിറ്റോറിയത്തിലേക്ക് പോകാൻ മാറ്റി ഒരുങ്ങി

നിൽപ്പുണ്ടായിരുന്നു...

കുറച്ച് സമയം കഴിഞ്ഞപ്പോ സൽമയെ അണിയിച്ചൊരുക്കി കൊണ്ട് നമ്മളെ പെണ്ണ് ഇറങ്ങി വരുന്നത് കണ്ടപ്പോ നമ്മളെ ഉള്ളാകെ ഒരു തണുത്ത കുളിർക്കാറ്റ് വീശി... ഞാൻ എന്നെ പോലും മറന്ന് ഐഷുവിനെ തന്നെ നോക്കി നിന്ന് പോയി...

പെട്ടെന്ന് ആഷി നമ്മളെ കുലുക്കി വിളിച്ചപ്പോഴാ നമ്മള് ഓളിൽ നിന്നും നോട്ടം തെറ്റിച്ചത്... നമ്മളെ വായിനോട്ടം കണ്ടിട്ട് ഉമ്മിയടക്കം നമ്മളെ കളിയാക്കുന്നുണ്ട് അവർക്ക് സപ്പോർട്ട് ആയിട്ട് നമ്മളെ കെട്ട്യോളും...

അങ്ങനെ ഓഡിറ്റോറിയത്തിലേക്ക് ഞാനും ഐശുവും കൂടി ഞങ്ങളെ ബുള്ളറ്റിലും അവര് മൂന്ന് പേരും കൂടി കാറിലുമാണ് വന്നത്... ആഷിയാണ് ഡ്രൈവർ...

ഓഡിറ്റോറിയത്തിൽ എത്തിയപ്പോ നമ്മളെ ചങ്ക്സ് ഒക്കെ കൂടി നേരത്തെ വന്ന് എല്ലാം സെറ്റാക്കി വെച്ചിട്ടുണ്ടായിരുന്നു...

അൻസിയും കൂട്ടരും നേരത്തെ എത്തിയതോണ്ട് നേരം വൈകിപ്പിക്കാതെ സൽമയെയും കൂട്ടി ഐഷു സ്റ്റേജിലേക്ക് പോയി... അപ്പോഴാണ് എല്ലാവരും കൂടി ചേർന്ന് നിസുവിനെ പൊങ്കാലയിടുന്നത് നമ്മളെ ശ്രദ്ധയിൽ പെട്ടത്... എന്താ കാര്യമെന്ന് അറിയാൻ നമ്മളും അവരെ അടുത്തേക്ക് ചെന്നപ്പോ തന്നെ അവന്മാരൊക്കെ കൂടി നമ്മളെയും വലിച്ചോണ്ട് സ്റ്റേജിലേക്ക് നടന്നു....

★★★★★★★★★★★★★★★★★★★★★★

സൽമയെ സ്റ്റേജിൽ നിർത്തിയിട്ട് നമ്മള് ഇറങ്ങാൻ നിൽക്കുമ്പോഴായിരുന്നു നമ്മളെ ഫ്രണ്ട്സോക്കെ കൂടി ഹസിയെ കളിയാക്കി ചിരിച്ചോണ്ട് ഓളെയും കൊണ്ട് സ്റ്റേജിലേക്ക് കയറി വന്നത്...

നമ്മള് അവറ്റകളോട് എന്താ സംഭവമെന്ന് ചോദിച്ചപ്പോ അവരൊക്കെ കൂടി ഹസിയെ നോക്കി ചിരിച്ചിട്ട് ഓളെ ഇക്കിളിപ്പെടുത്തി...

അവരെ കാട്ടികൂട്ടൽ കണ്ടിട്ട് നമ്മളൊന്നും മനസ്സിലാകാതെ അവരെ നോക്കി നിൽക്കുമ്പോഴുണ്ട്

ഇതേപോലെ കളിയാക്കി കൊണ്ട് നിസൂക്കാനെയും കൂട്ടി അവന്മാര് സ്റ്റേജിലേക്ക് വരുന്നു... അപ്പോ തന്നെ എന്തോ കാര്യമായിട്ട് സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലായതോണ്ട് നമ്മള് ഹസിനോട് തന്നെ കാര്യം തിരക്കി...

അപ്പോ അവള് നാണിച്ച് പുഞ്ചിരി തൂകി കൊണ്ട് ആ സന്തോഷ വാർത്ത പറഞ്ഞതും നമ്മള് പരിസരം മറന്ന് ഓളെ കെട്ടിപ്പിടിച്ചു... എന്റെ ഹസി ഒരു ഉമ്മയാകാൻ പോകാണ്... ഇന്ന് രാവിലെ ഓള് തല കറങ്ങി വീണപ്പൊ ഡോക്ടറെ കാണിച്ചിരുന്നു... അപ്പോഴാ ഈ വാർത്ത അറിയുന്നത്...

അത് കേട്ടതും നമ്മള് നിലത്ത് ഒന്നും അല്ലേന്നു... ഓളെയും നിസൂക്കാനെയും എന്താ ചെയ്യേണ്ടതെന്ന് അറിയാൻ പാടില്ലാത്ത ഒരു അവസ്ഥ... ആദിയും അപ്പോഴാണ് എ വിവരം അറിയുന്നത്... അത് കേട്ടപ്പോ മുതൽ അവനും വളരെ ആകാംശയിലാണ്...

എന്തായാലും നല്ലൊരു ദിവസം തന്നെ നല്ല വാർത്ത കേൾക്കാൻ പറ്റിയ സന്തോഷത്തിലാണ് സൽമയും

അൻസിക്കയും... പക്ഷെ സൽമന്റെ മുഖത്ത് ആ പഴയ തെളിച്ചമില്ല... ചെലപ്പോ പെട്ടെന്ന് കല്യാണം നടക്കുന്നതിന്റേതാകുമെന്ന് കരുതി നമ്മളത് കാര്യമാക്കിയില്ല...

പിന്നെ അങ്ങോട്ട് ആഘോഷം തന്നെയായിരുന്നു ഞങ്ങൾക്ക്... നിസൂക്ക ഹസിയെ അധികം ചാടി കളിയ്ക്കാൻ ഒന്നും സമ്മതിക്കാതെ ഫുൾ റസ്റ്റ് കൊടുത്ത് നമ്മളെ ഉമ്മച്ചിന്റെയും മൂത്തമ്മാന്റെയും അടുത്ത് നിർത്തിയിരിക്കാ അവളെ...

പുതിയ ഒരു അതിഥി കൂടി ഞങ്ങളെ കുടുംബത്തിലേക്ക് വരുന്ന സന്തോഷ വാർത്ത എല്ലാവർക്കും ഒരുപാട് സന്തോഷമുണ്ടാക്കി... ഇപ്പോ അടുത്ത നറുക്ക് ആർക്ക് വീഴുമെന്ന ചർച്ചയിലാണ് എല്ലാവരും...

എല്ലാവരും അത് ഞങ്ങൾക്ക് ആയിരിക്കുമെന്ന് പറഞ്ഞപ്പോ എനിക്കും ആദിക്കും ചിരിയായിരുന്നു വന്നത്...

കാരണം നമ്മക്ക് മാത്രല്ലേ അറിയൂ...

"ഐഷൂ... അവരൊക്കെ അടുത്ത നറുക്ക് നമുക്ക് വീഴുമെന്ന് പ്രതീക്ഷിച്ച് നിക്കാണ്... എന്നാ പിന്നെ നമുക്ക് ഒരു കൈ നോക്കിയാലോ...? ഇപ്പോ പരിശ്രമിച്ചാലെ അടുത്തത് നമുക്ക് തന്നെ വീഴൂ...."

ആദി നമ്മള് മാത്രം കേൾക്കുന്ന തരത്തിൽ നമ്മളെ കാതിൽ വന്ന് അത് പറഞ്ഞപ്പോ നമ്മള് ഓന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തിട്ട് നമ്മളെ നാണവും ചിരിയുമൊക്കെ അടക്കി പിടിക്കാൻ നന്നായി പാട്പെട്ടു... അപ്പൊ ആദി വീണ്ടും വീണ്ടും നമ്മളോട് എന്താ എന്റെ അഭിപ്രായമെന്ന് ചോദിച്ച് പിറകെ കൂടിയപ്പോ നമ്മളൊന്ന് ഇളിച്ച് കാണിച്ച് കൊടുത്തു... അത് കണ്ട് ആദിയും ഒരു കള്ളച്ചിരി പാസാക്കി കൊണ്ട് നമ്മളെ ചേർത്ത് നിർത്തി ഫോട്ടോക്ക് പോസ് ചെയ്യുന്നത് കണ്ട് നമ്മക്ക് ചിരി വന്നു...

അങ്ങനെ ഗ്രൂപ്പായിട്ടും പെയറായിട്ടും ഒക്കെ ഫോട്ടോസും സെൽഫീസുമൊക്കെ എടുത്ത് കഴിഞ്ഞപ്പോ നിക്കാഹിനുള്ള സമയം ആയിരുന്നു... ആദിയാണ് സൽമന്റെ ഉപ്പാന്റെ സ്ഥാനത്ത് നിന്ന് കൊണ്ട് അൻസിക്കാക്ക് കൈ കൊടുത്തത്...

ആ കൃത്യം ഭംഗിയായി നിറവേറിയതും അൻസിക്ക സൽമന്റെ കഴുത്തിൽമഹർ ചാർത്തി.... അപ്പൊ സൽ   മ ആരും കാണാതെ അവളെ മിഴികൾ നിറഞ്ഞൊഴുകുന്നത് തുടക്കുന്നത് കണ്ടപ്പോ നമ്മക്ക് പോലും കരച്ചില് വന്നു...

അങ്ങനെ കല്യാണമൊക്കെ ഗംഭീരമായി പൊടി പൊടിച്ച് രാത്രിയിലെ റിസപ്ഷനും അവിടെ വെച്ച് തീർത്തിട്ട് അൻസിക്കാൻറെ കൂടെ സൽമയെ പറഞ്ഞ് വിട്ട് എല്ലാവരും വീട്ടിലേക്ക് മടങ്ങാൻ നിൽക്കുമ്പോഴായിരുന്നു ആദി നമ്മളെ ഉമ്മച്ചിനോടും ഉപ്പച്ചിനോടും എന്തൊക്കെയോ സംസാരിക്കുന്നത് കണ്ടത്....

കാര്യം എന്താണെന്ന് അറിയാൻ നമ്മളും അവരെ അടുത്തേക്ക് ചെന്നപ്പോഴല്ലേ കാര്യത്തിന്റെ കിടപ്പ് മനസ്സിലായത്... ഞങ്ങളെ കൂടെ സിനുവിനെയും വീട്ടിലേക്ക് താമസിക്കാൻ വേണ്ടി പെർമിഷൻ വാങ്ങാണ് നമ്മളെ കെട്ട്യോൻ...

അത് ആര് പറഞ്ഞിട്ടാകുമെന്ന് നമ്മക്ക് നല്ലോണം

ബോധ്യം ഉള്ളതോണ്ട് നമ്മളും നമ്മളെ കെട്ട്യോനെ പിന്താങ്ങി സിനുവിനെ ഞങ്ങളെ കൂടെ കൊണ്ട് പോകാൻ ഉമ്മച്ചിന്റെ സമ്മതം ഒക്കെ വാങ്ങിച്ചു... ഓളെയും ഞങ്ങളെ കൂടെ വീട്ടിലേക്ക് കൊണ്ട് വരുന്നുണ്ടെന്ന വാർത്ത കേട്ടിട്ട് ആഷി പെരുത്ത് സന്തോഷത്തിലാണെന്ന് ചെക്കന്റെ മോന്ത കണ്ടാൽ തന്നെ മനസ്സിലാകും...

അങ്ങനെ ഓളും ഉമ്മിയും ആഷിയും കൂടി കാറിലും ഞാനും എന്റെ കെട്ട്യോനും കൂടി ബുള്ളറ്റിലും വീട്ടിലേക്ക് തിരിച്ചെത്തി... കല്യാണത്തിന്റെ എല്ലാ വിധ ക്ഷീണവും എല്ലാവർക്കും ഉള്ളതോണ്ട് എല്ലാവരും അവരവരുടെ റൂമുകളിലേക്ക് പോയപ്പോഴാണ് സിനു നമ്മളെ പിന്നാലെ വരുന്നത് കണ്ടത്...

" ആ ഇങ്ങനെ ഒരാള് ഉള്ള കാര്യം ഞാൻ അങ്ങ് മറന്നു... ദേ ആ കാണുന്ന റൂം സൽമന്റെയാ... ഇപ്പോ തൽക്കാലത്തിന് നീ അവളെ റൂമിൽ പോയി ഫ്രഷായി ഓളെ ഒരു ഡ്രസ്സ് എടുത്ത് ഇട്ടോ...

പിന്നെ രണ്ട് വർഷം കഴിഞ്ഞിട്ട് എല്ലാം സൗകര്യം പോലെ ആഷിന്റെ റൂമിൽ ഒരുക്കി തരാം... എന്ത്യേ...?"

നമ്മളെ പറച്ചില് കേട്ട് ആദി ഓളെ നോക്കി ചിരിക്കുന്നത് കണ്ടിട്ട് ഓള് ഒരു അവിഞ്ഞ ചിരി പാസാക്കി കൊണ്ട് നമ്മളെ കയ്യിനിട്ട് ഒരു നുള്ള് തന്ന് സൽമന്റെ റൂമിലേക്ക് ഓടി പോയി... നമ്മള് ഓളെ തല്ലാൻ ഓങ്ങി കൊണ്ട് കയ്യും തടവി ആദിന്റെ പിന്നാലെ റൂമിലേക്ക് ചെന്നപ്പോ നമ്മളെ ചെക്കൻ വെട്ടിയിട്ട വാഴയെ പോലെ ബെഡിലേക്ക് ഒരൊറ്റ കിടത്തം ആയിരുന്നു...

നമ്മള് ആദിന്റെ കിടത്തം നോക്കി ചിരിച്ചോണ്ട് വേഗം പോയി ഫ്രഷായി വന്നപ്പോഴും നമ്മളെ ചെക്കൻ ആ കിടത്തം തന്നെ ആയിരുന്നു... നമ്മള് അപ്പോ തന്നെ ഓനെ വിളിച്ചുണർത്തിയപ്പോ ഓൻ പെട്ടെന്ന് ഞെട്ടി എണീറ്റ് എന്നെ കണ്ണും മിഴിച്ച് നോക്കി നിന്നു...

ക്ഷീണം കാരണം കോന്തൻ കിടന്ന് ഉറങ്ങായിരുന്നെന്ന് നമ്മക്കും അപ്പോഴാണ് മനസ്സിലായത്... നമ്മള് ആദിയെ അപ്പോ തന്നെ പിടിച്ച് എണീപ്പിച്ചിട്ട് ഓനെ ബാത്റൂമിലേക്ക് തള്ളി പറഞ്ഞയച്ച് ഫ്രഷായി വരാൻ പറഞ്ഞു...

ഓൻ കൊച്ചു കുട്ടികളെ പോലെ മടി കാണിക്കുന്നത് കണ്ട് നമ്മള് ഓന്റെ ചെവി തിരിച്ച് പൊന്നാക്കി കൊണ്ട് ഓനെ പറഞ്ഞയച്ചു...

കുറച്ച് കഴിഞ്ഞപ്പോ നമ്മളെ ചെക്കൻ കുളിച്ച് സുന്ദരകുട്ടപ്പനായി ബാത്റൂമിൽ നിന്ന് ഇറങ്ങി വന്നിട്ട് എന്തോ ഗാഢമായ ചിന്തയിൽ കണ്ണാടിക്ക് മുന്നിൽ പോയി നിന്ന് തല തുവർത്തി...

നമ്മള് അപ്പോ തന്നെ ആദിന്റെ പിറകിലൂടെ ചെന്ന് ഓനെ വട്ടം പിടിച്ചിട്ട് കണ്ണാടിയിൽ കൂടി ആദിയെ നോക്കി....

"ഇന്ന് നമ്മളെ കെട്ട്യോൻ ഭയങ്കര ചിന്തയിലാണല്ലോ... എന്താ കാര്യം...?"

നമ്മളെ ചോദ്യം കേട്ട് ഓൻ ചിരിച്ചോണ്ട് നമ്മളെ കൈ പിടിച്ച് വലിച്ച് ഓന്റെ മുന്നിൽ നിർത്തിച്ചു... എന്നിട്ട് നമ്മളെ തോളിലൂടെ കൈയിട്ടിട്ട് നമ്മളെ തല അവന്റെ തല കൊണ്ട് മുട്ടിച്ചു...

"ഞാനേ നമ്മളെ കുട്ടികളെ കുറിച്ച് ചിന്തിക്കായിരുന്നു...."

"ങേ...? അതിന് നമുക്ക് കുട്ടികൾ ഇല്ലല്ലോ..."

"ഇപ്പോ ഇല്ല... ഇനി വൈകാതെ ഉണ്ടാകുമല്ലോ.... അപ്പോ അതിനെ കുറിച്ച് ചിന്തിച്ചതാ....."

"ഓഹോ.... എന്നിട്ട് എന്താ ചിന്തിച്ചേ...? ഒന്ന് പറഞ്ഞേ... കേൾക്കട്ടെ...."

നമ്മള് ആദിനെ നോക്കി കയ്യും കെട്ടി ചോദിക്കുന്നത് കേട്ട് ആദി നമ്മളെ തോളിൽ കയ്യിട്ട് ബെഡിന്റെ അടുത്തേക്ക് നടന്നു....

"നമുക്ക് രണ്ട് കുട്ടികൾ മതി... ഒരു ആണും ഒരു പെണ്ണും...

നമ്മളെ മോനെ നമുക്ക് *അർഷിക് ആദിൽ സാഹിബ്* എന്നും മോളെ *ആദിലാ ഇഷ* എന്നും പേരിടണം...

അവരെ രണ്ട് പേരെയും എന്നെ പോലെ നന്നായിട്ട് വളർത്തണം...."

ആദി അത് പറഞ്ഞപ്പോ നമ്മള് ഓന്റെ കൈ നമ്മളെ തോളിൽ നിന്ന് എടുത്തു...

"അതെന്താ അവരെ എന്നെ പോലെ വളർത്തിയാൽ...?"

"എടി അവരെ നമുക്ക് നല്ല നിലയിൽ എത്തിക്കണ്ടേ...? അതിന് എന്നെ പോലെ വളർത്തിയല്ലേ പറ്റൂ... അല്ലാതെ നിന്നെ പോലെ അച്ചടക്കമില്ലാതെ വളർത്താൻ പറ്റോ..."

ഓൻ അതും പറഞ്ഞ് ചിരിച്ചപ്പോ നമ്മള് ഓന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തു... അപ്പൊ കോന്തൻ ആദി വീണ്ടും ചിരിക്കാൻ തുടങ്ങി...

"ഞാൻ എന്റെ മക്കളെ നിങ്ങളെ പോലെ എന്തായാലും

വളർത്താൻ ഉദ്ദേശിച്ചിട്ടില്ല... എന്നെ വേദനിപ്പിക്കാൻ മാത്രേ നിങ്ങൾക്ക് അറിയൂ... അല്ലാതെ സ്നേഹിക്കാൻ അറിയില്ല... അതോണ്ട് എന്റെ മക്കളെ എങ്ങനെ വളർത്തേണ്ടതെന്ന് എനിക്ക് നന്നായിട്ട് അറിയാം കേട്ടാ..."

നമ്മളെ പറച്ചില് കേട്ടിട്ട് ഇതുവരെ ചിരിച്ചതിനേക്കാൾ കൂടുതൽ ഹലാക്കിലെ ചിരിയായിരുന്നു ഓൻ... ഓന്റെ ചിരി കണ്ടിട്ട് നമ്മള് അണ്ടി പോയ അണ്ണാനെ പോലെ ഓനെ തന്നെ നോക്കി നിന്നപ്പോ ഓൻ ചിരി അടക്കി പിടിച്ചോണ്ട് നമ്മളെ ഓന്റെ അടുത്തേക്ക് ചേർത്ത് നിർത്തി...

"എന്റെ പെണ്ണെ... നിന്റെ ഒരു കാര്യം... ഇതൊക്കെ നമുക്ക് കുട്ടികൾ ഉണ്ടാകുമ്പോ പറഞ്ഞ് വാഴക്കിട്ടാൽ പോരെ... അതൊക്കെ നീ ഇപ്പോ തന്നെ പറഞ്ഞ് കലഹം ഇച്ചിരി കൂടി കൂട്ടണോ...?

വാ... ബാക്കി പ്ലാൻസ് നമുക്ക് ലൈറ്റണച്ച് നടപ്പിലാക്കാം... ആദ്യത്തെ കണ്മണി ആരാകണമെന്ന് നമുക്ക് തീരുമാനിക്കണ്ടേ...."

"അള്ളോ... ലൈറ്റ് അണക്കണ്ട... ഇൻക്ക് ഇരുട്ട് പേടിയാ...."

"അയ്യേ.... എന്റെ പെമ്പറന്നോത്തിയെ... അന്റെ ഈ പേടിയൊന്നും ഇപ്പോഴും മാറിയില്ലേ...? അതൊക്കെ രണ്ട് കിട്ടാത്തതിന്റെ കേടാ.... സാരമില്ല ഇപ്പോ നിന്റെ കൂടെ ഞാൻ ഇല്ലേ അതോണ്ട് നീ ഒന്ന് കൊണ്ടും പേടിക്കണ്ട...."

"അതാണ് എന്റെ ഏറ്റവും വലിയ പേടി..."

"ഡി... വേണ്ട ട്ടാ... എന്റെ ഉള്ളിൽ കിടന്നുറങ്ങുന്ന സിംഹത്തെ നീ വെറുതെ വിളിച്ചുണർത്താൻ നോക്കണ്ടാ.... ഇപ്പോ നിന്റെ മുന്നിൽ പൂച്ചക്കുട്ടിയെ പോലെ പതുങ്ങുന്ന ഞാൻ ചിലപ്പോ ഒരു ചീറ്റപ്പുലിയാകും...."

"പൂച്ചകുട്ടി എന്ന് പറഞ്ഞപ്പോഴാ ഓർത്തെ... നമ്മളെ ഐഷു പൂച്ച എവിടെ...?"

"ഐഷു പൂച്ച... ദേ നീ എന്നെ കൊണ്ട് കൂടുതൽ ഒന്നും പറയിപ്പിക്കാൻ നിൽക്കാതെ പോയി ലൈറ്റണച്ച് വന്ന് കിടക്കാൻ നോക്കെടി..."

"ഹൈ... കോന്തൻ... ഞാൻ ഇപ്പോ എന്ത് പറഞ്ഞെന്ന് കരുതിയ എന്നോട് ഇങ്ങനെ കുരച്ച് ചാടുന്നെ...? കെട്ട്യോള് ആയപ്പോ പണ്ടത്തെ ഒലിപ്പീര് സ്വഭാവമൊക്കെ പോയി ഇപ്പോ ഫുൾ ടൈം എന്നോട് കലിപ്പ് കാണിച്ചോണ്ട് ഒരു സാധനം...."

എന്ന് ആദി കേൾക്കാത്ത വിധത്തിൽ പിറുപിറുതോണ്ട് നമ്മള് ലൈറ്റണക്കാൻ നിന്നപ്പോഴാണ് ആരോ കതകിൽ വന്ന് നിർത്താതെ മുട്ടി വിളിക്കുന്നത് കേട്ടത്... നമ്മള് ചെന്ന് വാതില് തുറക്കാൻ നിന്നതും ബെഡിൽ നിന്നും ചാടി എണീറ്റ് വന്ന് ആദി നമ്മളെ തടഞ്ഞു...

നമ്മള് എന്താ എന്ന് ഓനോട് ആംഗ്യം കാണിച്ചപ്പോ ഓൻ മിണ്ടല്ലേ എന്ന് ആംഗ്യം കാണിച്ചിട്ട് ടേബിളിൽ ഉണ്ടായിരുന്ന ഒരു ഫ്ളവർ വേസ് എടുത്ത് കയ്യിൽ വെച്ചു... നമ്മള് ഓൻ കാണിക്കുന്നത് കണ്ടിട്ട് ഓനെ തന്നെ ഉറ്റു നോക്കിയപ്പോ ഓൻ ഒന്ന് നെടുവീർപ്പിട്ട്

കൊണ്ട് വാതില് തുറന്ന് ആ വേസ് എറിയാൻ നിന്നു....

(തുടരും)

ഭാഗം.132

നമ്മള് എന്താ എന്ന് ഓനോട് ആംഗ്യം കാണിച്ചപ്പോ ഓൻ മിണ്ടല്ലേ എന്ന് ആംഗ്യം കാണിച്ചിട്ട് ടേബിളിൽ ഉണ്ടായിരുന്ന ഒരു ഫ്ളവർ വേസ് എടുത്ത് കയ്യിൽ വെച്ചു... നമ്മള് ഓൻ കാണിക്കുന്നത് കണ്ടിട്ട് ഓനെ തന്നെ ഉറ്റു നോക്കിയപ്പോ ഓൻ ഒന്ന് നെടുവീർപ്പിട്ട് കൊണ്ട് വാതില് തുറന്ന് ആ വേസ് എറിയാൻ നിന്നു....

അത് കണ്ട് വാതില് മുട്ടിയ സിനു ആദിയെയും നമ്മളെയും അന്താളിച്ച് നോക്കുന്നത് കണ്ടപ്പോ നമ്മള് ആദിയെ തള്ളി മാറ്റി അവളെ മുന്നില് നിന്നിട്ട് ഓളെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി കൊടുത്തു.... അപ്പോ തന്നെ ആദിയും അതെ പോലെ ഓളെ നോക്കി

ഇളിച്ചോണ്ട് വേസ് എടുത്ത് ടേബിളിൽ വെച്ചു....

"താത്ത.... ഞാൻ നിങ്ങളെ ഡിസ്റ്റർബ് ചെയ്തില്ലല്ലോ അല്ലെ....?"

"ഏയ്... അതൊന്നും ഇല്ല നീ വന്ന കാര്യം പറ സിനു...."

"അല്ലാ... ആദിൽക്ക എന്തിനാ എന്നെ ഫ്ളവർ വേസ് എടുത്ത് എറിയാൻ നിന്നെ...? ഞാൻ വന്നത് ഇഷ്ടായില്ലേ...?"

ഓള് ചോദിക്കുന്നത് കേട്ടിട്ട് ഞാനും ആദിയെ തിരിഞ്ഞ് നോക്കി കൊണ്ട് എന്താണെന്ന രീതിയിൽ പുരികം പൊക്കി... അപ്പൊ തന്നെ ആദി പരുങ്ങി കൊണ്ട് സ്ഥലകാല ബോധമില്ലാതെ എന്തൊക്കെയോ പറഞ്ഞിട്ട് പോയി കിടന്നു... ഓന്റെ കാട്ടികൂട്ടൽ കണ്ടിട്ട് സിനു ഫ്യൂസ് പോയ പോലെ നിൽക്കുന്നത് കണ്ടിട്ട് നമ്മക്ക് ചിരി വന്നപ്പോ നമ്മള് ഓളെ തട്ടി വിളിച്ചു...

"നീ ഓൻ പറഞ്ഞതൊന്നും നോക്കണ്ട... അത് ഇടക്ക് അങ്ങനെ തന്നെയാ... നീ എന്താ വന്നതെന്ന് പറ... നിനക്ക് എന്തേലും വേണോ...?"

"അതൊന്നും അല്ല താത്ത..."

"പിന്നെന്താടി....?"

"അത് ഇന്ന് ഇങ്ങള് എന്റെ കൂടെ കിടക്കോ...?"

സിനു പറയുന്നത് കേട്ടപ്പോ നമ്മക്ക് ചിരി വന്നെങ്കിലും അത് പുറത്ത് കാണിക്കാതെ നമ്മള് ചിരി അടക്കി വെച്ച് ആദിയെ തിരിഞ്ഞ് നോക്കിയപ്പോ ഓൻ കിടന്നിടത്ത് നിന്ന് എണീറ്റിട്ട് നമ്മളെ തന്നെ നോക്കായിരുന്നു... നമ്മള് അപ്പോ തന്നെ സിനൂന്റെ നേരെ തിരിഞ്ഞിട്ട് ഓളെ നോക്കി ഒന്ന് ചിരിച്ചു...

"അല്ലാ എന്താ ഇപ്പോ പെട്ടെന്ന് ഇങ്ങനെ വന്ന് വിളിക്കാൻ കാരണം...?"

ആദി ഞങ്ങളെ അടുത്തേക്ക് എണീറ്റ് വന്നിട്ട് അത് ചോദിച്ചപ്പോ നമ്മള് ചിരിക്കാതിരിക്കാൻ വേണ്ടി ദീർഘ ശ്വാസം എടുത്ത് വിടായിരുന്നു...

"അ... അത്... ആദിൽക്ക പുതിയ സ്ഥലമല്ലേ... അതോണ്ട് ഒറ്റക്ക് കിടക്കാൻ ഒരു പേടി... അതാ ഞാൻ....!!!

ഇത്തൂസ് എന്നും നിങ്ങളെ കൂടെയല്ലേ കിടക്കാർ ഇന്ന് ഒരു ദിവസം എന്റെ കൂടെ കിടക്കട്ടെ... പ്ലീസ് ആദിൽക്ക... പ്ലീസ്...."

സിനു അതും പറഞ്ഞ് എന്റെ കൈ പിടിച്ച് വലിക്കാൻ തുടങ്ങിയപ്പോ നമ്മള് പൊട്ടിച്ചിരിച്ചോണ്ട് നമ്മളെ കെട്ട്യോന്റെ മുഖത്തേക്ക് ഒന്ന് നോക്കി... നമ്മളെ ചിരി കണ്ടിട്ട് കോന്തൻ നമ്മളെ തുറുക്കനെ ഇടങ്കണ്ണിട്ട് നോക്കുന്നുണ്ട്... അത് കണ്ടപ്പോ തന്നെ നമ്മള് ചിരി അടക്കി പിടിച്ച് വെച്ച് ഓന്റെ മുഖത്തേക്ക് നോക്കി...

അപ്പോ ആദി സിനുവിനെ നോക്കി ചിരിച്ചിട്ട് "ഹ്...

കൊണ്ട് പൊയ്ക്കോ" എന്ന് പറഞ്ഞപ്പോ നമ്മക്ക് പിന്നേം ചിരി വന്നു... അത് കേൾക്കേണ്ട താമസം സിനു അപ്പൊ തന്നെ ഓനോട് താങ്ക്സ് പറഞ്ഞിട്ട് എന്നെയും വലിച്ചോണ്ട് അവിടന്ന് പോയി... നമ്മള് അപ്പോ ഒന്ന് തിരിഞ്ഞ് നോക്കിയതും ആദി നമ്മളെ പുച്ഛിച്ച് ചിരിച്ചിട്ട് പോടീ കുരിപ്പേ എന്ന് ആംഗ്യം കാണിച്ച് വാതിലടച്ചു....

അത് കണ്ട് നമ്മള് വീണ്ടും ചിരിച്ചോണ്ട് സിനുവിന്റെ കൂടെ ചെന്ന് കിടന്നു... അപ്പൊ ഓള് നെഞ്ചിൽ കൈ വെച്ച് നെടുവീർപ്പിട്ട് നമ്മളെ കെട്ടിപ്പിടിച്ച് കിടക്കുന്നത് കണ്ടപ്പോ തന്നെ നമ്മക്ക് എന്തൊക്കെയോ സ്പെല്ലിങ് മിസ്റ്റേക്ക് തോന്നി....

"ഡി... സിനു...."

"ഹ്മ്...."

"സത്യം പറ... സ്ഥലം മാറി കിടന്ന പേടി കൊണ്ട് തന്നെയാണോ നീയെന്നെ ഇങ്ങോട്ട് വിളിച്ച് വരുത്തിയെ...?"

"അ... അതെന്താ നീ അങ്ങനെ ചോദിച്ചേ...?"

"അല്ലാ.... സാധാരണ ഏത് പാതാളത്തിൽ പോയി കിടന്നാലും ഒറ്റക്ക് കിടക്കണം എന്ന നിബന്ധന മാത്രമുള്ള നീ പെട്ടെന്ന് നിന്റെ കൂടെ വന്ന് കിടക്കണമെന്ന് പറഞ്ഞപ്പോ എന്തോ..... ഒരു സ്പെല്ലിങ് മിസ്റ്റേക്ക് ഇല്ലേന്ന് ഒരു ഡൗട്ട്...."

"അ... അത്.... അത് പിന്നെ...."

"ഷ്... പറ... എന്താ കാര്യം...? ആ ആഷി ഇങ്ങോട്ട് എങ്ങാനും കേറി വരുമെന്ന് പറഞ്ഞോ...?"

നമ്മള് ചോദിക്കേണ്ട താമസം പെണ്ണ് അപ്പോ തന്നെ തലകുലുക്കി സമ്മതിച്ചു... അത് കണ്ട് ഞാൻ ഒന്ന് തലയാട്ടി ചിരിച്ചപ്പോ ഓൾക്ക് ആകെ ചടച്ചു...

"അല്ലാ... അനക്ക് എങ്ങനെ മനസ്സിലായി അതാണ്

കാരണമെന്ന്....?"

"ഹ്..... എനിക്ക് എല്ലാം മനസ്സിലാകും മോളെ... അന്റെ പ്രായം കഴിഞ്ഞിട്ട് തന്നെയല്ലേ ഞാനും വന്നത്... അല്ലാ എന്നിട്ട് അവൻ വന്നോ..."

"ഇതുവരെ വന്നില്ല... പക്ഷെ ഇനി വരുമോ എന്നൊരു പേടി... പിന്നെ പുറത്ത് ഗാർഡനിൽ കൂടി ആരൊക്കെയോ നടക്കുന്ന പോലെയും ചാടുന്ന പോലെയും ഓടുന്ന പോലെയുമൊക്കെ തോന്നാ... അതാ ഞാൻ പേടിച്ച് അന്റെ അടുത്തേക്ക് വന്നത്... സോറി...."

"ഏയ്... അതൊന്നും സാരമില്ല... നീ ചിലപ്പോ കേട്ടത് പുറത്തുള്ള സെക്യൂരിറ്റി നടക്കുന്ന ശബ്ദം വല്ലതും ആകും... എന്തായാലും ഞാൻ ഇല്ലേ കൂടെ... കണ്ണടച്ച് കിടന്നോ... ആരും വരില്ല...."

എന്ന് പറഞ്ഞ് നമ്മള് ഓളെ സമാധാനിപ്പിച്ച് ഉറക്കിയിട്ട് നമ്മളും ഒന്ന് മെല്ലെ കണ്ണടച്ച് കിടന്നു... കുറച്ച്

കഴിഞ്ഞപ്പോ ആരോ റൂമിന്റെ മുന്നിലൂടെ നടന്ന് പോകുന്ന പോലെ ശബ്ദം കേട്ടതും നമ്മള് ഞെട്ടി എണീറ്റ് ചുറ്റും ഒന്ന് കണ്ണോടിച്ചു...

സിനു നല്ല ഉറക്കിലായിരുന്നു... അതോണ്ട് ഓൾക്ക് പുതച്ച് കൊടുത്തിട്ട് നമ്മളും കിടക്കാൻ നിന്നപ്പോ ജനലിന്റെ അടുത്തൂടെ ആരോ പോയ നിഴല് നമ്മള് കണ്ടു...

മിക്കവാറും അത് ആഷി ആകാൻ ആകും സാധ്യത എന്ന് നമ്മക്ക് നല്ലോണം അറിയുന്നതോണ്ട് നമ്മള് മെല്ലെ അവിടന്ന് എണീറ്റ് വാതില് തുറന്ന് പുറത്തേക്ക് തലയിട്ട് നോക്കിയപ്പോ അവിടെ ഒന്നും ആരും ഇല്ലായിരുന്നു....

നമ്മള് അപ്പോ തന്നെ റൂമിൽ നിന്ന് ഇറങ്ങി വാതിലടച്ചിട്ട് ആഷിന്റെ റൂം ലക്ഷ്യമാക്കി നടന്നു... അപ്പോ ആരോ നമ്മളെ ഫോളോ ചെയ്ത് നടന്ന് വരുന്ന പോലെ തോന്നിയതും ഞാൻ പെട്ടെന്ന് തിരിഞ്ഞ് നോക്കി... പക്ഷെ അവിടെ ആരും ഇല്ലായിരുന്നു...

നമ്മക്ക് തോന്നിയതാകുമെന്ന് കരുതി കൊണ്ട് നമ്മള് ആഷിന്റെ റൂം തുറന്ന് നോക്കിയപ്പോ ചെക്കൻ നല്ല ഉറക്കിലാണ്... അപ്പോ പിന്നെ ആരാകും അതിലൂടെ പോയതെന്ന് ചിന്തിച്ച് കൊണ്ട് നമ്മള് തിരിച്ച് റൂമിലേക്ക് പോകാൻ നിന്നപ്പോഴാ ആദിയെ ചെന്ന് നോക്കാൻ നമ്മക്ക് തോന്നിയത്...

നമ്മള് അപ്പോ തന്നെ തിരിച്ച് ആദിന്റെ റൂമിന്റെ അടുത്തേക്ക് ചെന്ന് വാതിൽ തുറന്ന് നോക്കിയപ്പോ ഓനും നല്ല പൊരിഞ്ഞ ഉറക്കിലാണ്... പിന്നെ ആരാകും അത്... എത്ര ആലോചിച്ചിട്ടും മനസ്സിന് ഒരു സമാധാനവും കിട്ടുന്നില്ല...

ഒടുക്കം നമ്മക്ക് തോന്നിയതാകുമെന്ന് സ്വയം പറഞ്ഞോണ്ട് തിരിച്ച് സിനുവിന്റെ അടുത്തേക്ക് തന്നെ ചെന്ന് വാതിലടച്ചതും വീണ്ടും ആരോ അത് വഴി പാസ് ചെയ്ത പോലെ നമ്മള് കണ്ടു...

അപ്പോ തന്നെ നമ്മള് വാതില് തുറന്ന് പുറത്തേക്ക് നോക്കിയെങ്കിലും അവിടെയൊന്നും ആരും ഉണ്ടായിരുന്നില്ല... ഇനി വല്ല പ്രേതോ ജിന്നോ മറ്റോ ആകോ പടച്ചോനെ എന്ന് പറഞ്ഞോണ്ട് നമ്മള് വേഗം വാതിലടച്ച് പോയി മൂടി പുതച്ച് കിടന്നു...

പക്ഷെ എത്ര ആയിട്ടും നമ്മക്ക് ഉറക്കം മാത്രം വരുന്നില്ല... കണ്ണടച്ചാൽ ആരോ അടുത്തൂടെ പോകുന്ന പോലെയൊക്കെ തോന്നാണ്... പിന്നീട് എപ്പോഴോ അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞ് കിടന്ന് നമ്മളും ഉറങ്ങി പോയി....

××××××××××××××××××××××××××××××××××

"ഡി... താത്ത..."

എന്ന് വിളിച്ച് സിനു എന്നെ തൊട്ടപ്പോഴേക്കും നമ്മള് അലറി കൊണ്ട് എണീറ്റ് ഇരുന്നു... നമ്മളെ അലർച്ച കേട്ട് ഓള് ഞെട്ടി നമ്മളെ നോക്കുന്നത് കണ്ട് നമ്മള് സ്വബോധത്തിലേക്ക് വന്നു... എന്നിട്ട് ഓളെ നോക്കി ഒന്ന് ചിരിച്ചിട്ട് അവിടന്ന് എണീറ്റു....

"എന്താടി നീ വല്ല പ്രേതത്തെയും സ്വപ്നം കണ്ടോ...? ഇങ്ങനെ കിടന്ന് അലറുന്നു..."

"അ... അത്... അതൊന്നുമില്ല... നീ ഇന്ന് എപ്പോഴാ തിരിച്ച് വീട്ടിൽ പോണേ...?"

"ഞാൻ ഉച്ച ആകുമ്പോഴേക്കും പോകും... എന്തേ എന്നെ ഇവിടന്ന് ആട്ടിപ്പായിക്കാഞ്ഞിട്ട് നിനക്ക് ഉറക്കം വരുന്നില്ലേ...?"

ഓള് ചിരിച്ചോണ്ട് അത് ചോദിച്ചപ്പോ നമ്മളൊന്ന് ചിരിച്ചിട്ട് ഓളെ ചെവിക്ക് ഒരു കിഴുക്ക് വെച്ച് കൊടുത്തു...

"അതോണ്ട് അല്ല ചോദിച്ചത്... നിനക്ക് കോളേജ് തുടങ്ങാൻ ആയില്ലേ... അപ്പോ ഇന്ന് എന്തൊക്കെയോ വാങ്ങാൻ പോകണമെന്ന് ഇന്നലെ ഉമ്മച്ചി പറയുന്നത് കേട്ടിരുന്നു അതോണ്ട് ചോദിച്ചതാ..."

"ഓ.... അതോണ്ട് ആണോ നീ ചോദിച്ചേ...? ഞാൻ കരുതി ഇനിയും ഞാൻ ഇവിടെ നിന്നാൽ ആദിൽക്കന്റെ കൂടെ നിനക്ക് കിടക്കാൻ പറ്റില്ലെന്ന്

വിചാരിച്ചാ നീ അങ്ങനെ ചോദിച്ചതെന്ന്...."

ഓള് അതും പറഞ്ഞ് വീണ്ടും നിന്ന് കിണിച്ചപ്പോ നമ്മള് ഒന്നും മിണ്ടാതെ ഒന്ന് പുഞ്ചിരി തൂകി കൊണ്ട് ബെഡ്ഷീറ്റോക്കെ മടക്കി വെക്കാൻ തുടങ്ങി... അപ്പൊ സിനു നമ്മളെ പിറകിലൂടെ വന്നിട്ട് നമ്മളെ കഴുത്തില് കയ്യിട്ട് തോളിൽ മുഖം വെച്ചു...

"സത്യം പറ താത്ത... ആദിൽക്കന്റെ കൂടെ കിടക്കാഞ്ഞിട്ട് നിനക്ക് ഇന്നലെ ഉറക്കം വന്നിട്ടില്ലല്ലോ...?"

ഓളെ ചോദ്യം കേട്ട് ഞാൻ ഓളെ മുഖത്തേക്ക് ഒരു സംശയത്തോടെ നോക്കിയപ്പോ ഓള് ഒരു കള്ളച്ചിരിയോടെ എന്റെ കവിളിൽ പിടിച്ച് നുള്ളി...

"കൊച്ചുകള്ളി... ഞാൻ കണ്ടു ഇന്നലെ രാത്രി ഒരു പോള കണ്ണടക്കാതെ അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞ് കിടന്ന് നേരം വെളുപ്പിക്കുന്നത്....

എന്റെ താത്ത... എന്നാലും ആദിൽക്കാനെ ഒരു ദിവസം

പോലും നിനക്ക് വിട്ട് പിരിഞ്ഞിരിക്കാൻ പറ്റില്ലേ....?
അത്രക്ക് ഇഷ്ടാണോ അനക്ക് ആദിൽക്കാനെ...?"

സിനു ചോദിക്കുന്നത് കേട്ട് നമ്മള് ഒന്നും മിണ്ടാതെ ആദിനെ പറ്റി ചിന്തിച്ച് ഏതോ ലോകത്ത് എന്ന പോലെ നിന്നപ്പോ സിനു നമ്മളെ പിടിച്ച് കുലുക്കി....

"ഹലോ... അപ്പോഴേക്കും സ്വപ്നം കാണാൻ തുടങ്ങിയോ...? എന്റെ താത്താ... ഞാൻ ഇന്ന് തന്നെ പൊയ്ക്കോളാം ഇങ്ങനെ സ്വപ്നം ഒന്നും കണ്ട് നിൽക്കണ്ടന്നെ... നിങ്ങൾക്ക് ഇടയിലേക്ക് ഒരു കട്ടുറുമ്പായിട്ട് ഞാൻ ഇനി ഒരിക്കലും വരില്ലായെ... ഇന്നലത്തോടെ മടുത്തു..."

ഓള് അതും പറഞ്ഞ് ചിരിച്ചോണ്ട് ബാത്റൂമിലേക്ക് പോയപ്പോ എന്റെ മനസ്സിൽ എന്തൊക്കെയോ അസ്വസ്ഥതകൾ കയറി കൂടാൻ തുടങ്ങി... ഇന്നലെ ആരാകും അതിലൂടെ പോയതെന്ന് ചിന്തിക്കുമ്പോ വീണ്ടും ഉള്ള സമാധാനം കൂടി പോകാണ്...

ഇന്നലെ നടന്നത് ആദിയോട് തുറന്ന് പറയണോ അതോ വേണ്ടയോ, അതിനി എനിക്ക് തോന്നിയാതാകോ എന്നൊക്കെ ചിന്തിച്ചിട്ട് എന്താ ചെയ്യേണ്ടതെന്ന് ഒരു എത്തും പിടിയും കിട്ടിയില്ല....

★★★★★★★★★★★★★★★★★★★★★

ഇന്നലെ ആഷി എന്റെ കാല് പിടിച്ചിട്ടാ ഞാൻ സിനുവിനെ ഞങ്ങളെ കൂടെ വിടുമോ എന്ന് ഉമ്മാനോടും ഉപ്പാനോടും പോയി ചോദിച്ചത്... എന്നിട്ട് ഒടുക്കം അവളെ പറഞ്ഞ് വിട്ടിട്ടാണെങ്കിലോ നമ്മളെ കഞ്ഞീല് നമ്മള് തന്നെ മണ്ണ് വാരിയിട്ട അവസ്ഥയിലായി...

എല്ലാത്തിനും ആ ആഷിയെ പറഞ്ഞാൽ മതിയല്ലോ... അവൻ വല്ലതും പറഞ്ഞ് അവളെ പേടിപ്പിച്ച് കാണും അതാ ഇന്നലെയും നമ്മക്ക് ഒറ്റക്ക് കിടക്കേണ്ടി വന്നത്...

എന്നാലും അവളൊന്ന് ഉറങ്ങിയതിന് ശേഷം എന്റെ

കെട്ട്യോൾക്ക് എന്റെ അടുത്തേക്ക് ഒന്ന് വരായിരുന്നു... പെണ്ണ് അതും ചെയ്തില്ല....

വരട്ടെ... ഇന്ന് എന്തായാലും അവളെ എങ്ങോട്ടും വിടുന്ന പ്രശ്നമില്ല...

ഇന്ന് മുതൽ ഞാൻ ഓഫീസിൽ പോയി തുടങ്ങാണ്... ഇതുവരെ ദുബായിലെ ബിസിനെസ്സ് ഒക്കെ നോക്കി നടത്തിയിട്ടുള്ളൂ എങ്കിലും നാട്ടിലെ ബിസിനസ്സിൽ ഒന്നും ഒരു തരത്തിലുമുള്ള വിട്ടുവീഴ്ചയും ഞാനും എന്റെ പാർട്ണർസും ചെയ്തിട്ടില്ല...

വൈകാതെ തന്നെ ദുബായിലെ ബിസിനെസ്സ് ഒക്കെ നോക്കി നടത്താൻ ജോണിനെയും ജാസിയേയും ഏർപ്പാട് ചെയ്യണം... അവര് ഫാമിലിയടക്കം ചെന്ന് അതൊക്കെ ഒന്ന് നോക്കി നടത്തട്ടെ...

പിന്നെ നാട്ടിൽ എന്റെ കൂടെ വർക്ക് ചെയ്യാൻ സിയാദും അൻസിയും നിസുവും ഉള്ളതോണ്ട് കമ്പനി കാര്യങ്ങളിൽ അധികം പ്രഷർ ചെലുത്തേണ്ട കാര്യമില്ല...

ദുബായിലെ കാര്യങ്ങളൊക്കെ ജാസിയേയും

ജോണിനെയും ഏല്പിക്കുന്നതിൽ അവർക്കും എതിർപ്പില്ലാത്തൊണ്ട് അവരെ സൗകര്യം അനുസരിച്ച് അവർ പൊയ്ക്കോട്ടെ.... അതിന് മുമ്പ് എല്ലാവർക്കും കൂടി ഒരു ഹണിമൂൺ ട്രിപ്പ് ഞാൻ പ്ലാൻ ചെയ്തിട്ടുണ്ട്...

ഇപ്പോ തന്നെ ഹസി കേറിങ് ആയതോണ്ട് അവളെ അധികം ഒന്നും എങ്ങോട്ടും പോകാൻ അനുവദിക്കുന്നില്ല... കുറച്ച് കൂടി കഴിഞ്ഞാൽ പിന്നെ തീരെ പോകാൻ സമ്മതിക്കില്ല...

അതോണ്ട് അതിന് മുമ്പ് തന്നെ എല്ലാവരും കൂടി ചേർന്ന് മലേഷ്യയിലേക്ക് ഒരു ട്രിപ്പ് പോകണം...

ടിക്കറ്റും ഫെസിലിറ്റീസുമൊക്കെ ഒരു കോൾ ചെയ്താൽ തന്നെ അറേഞ്ച് ചെയ്യാവുന്നതെയുള്ളൂ... പക്ഷെ അതിനൊക്കെ മുൻപ് നമ്മളെ ബീവിന്റെ സമ്മതം കൂടി നമ്മക്ക് അറിയണം... എന്നിട്ടെ തീയതി ഒക്കെ തീരുമാനിക്കുന്നുള്ളൂ....

ഇന്ന് രാവിലെ ഞാൻ എണീറ്റപ്പോ തന്നെ ആവി പറക്കുന്ന കോഫിയാണ് ടേബിളിൽ കണ്ടത്... പിന്നെ ഓഫീസിൽ പോകുമ്പോ ഇടാനുള്ള ഡ്രെസ്സൊക്കെ

അവള് അയേൺ ചെയ്ത് വെച്ചിട്ടുമുണ്ട്... പക്ഷെ നമ്മളെ പൊണ്ടാട്ടിയെ മാത്രം ഇതുവരെ ഈ പരിസരത്തേക്ക് കണ്ടില്ല...

ഞാൻ പിന്നെ കുളിയും റെഡിയാകലുമൊക്കെ കഴിഞ്ഞ് താഴേക്ക് ബ്രേക്ക് ഫാസ്റ്റ് കഴിക്കാൻ വന്നപ്പോഴുണ്ട് ഓള് എല്ലാവർക്കും ഫുഡ് വിളമ്പാൻ നിൽക്കുന്നു...

"ആഹാ... ഓഫീസിൽ പോകാൻ റെഡിയായി കൊണ്ട് ഇത്തൂസിന്റെ ഹീറോ വന്നല്ലോ.... ഇനി എങ്കിലും ആ മുഖത്ത് ഒരല്പം ചിരി വരോ...?"

നമ്മള് വന്ന് ടേബിളിൽ ഇരുന്നപ്പോ സിനു പറയുന്നത് കേട്ട് ഐഷുവിനെ നോക്കിയപ്പോഴാ അവള് ഈ ലോകത്ത് ഒന്നും അല്ലെന്ന് നമ്മക്ക് മനസ്സിലായത്... ഞാൻ വന്ന് ഇരുന്നത് പോലും അറിഞ്ഞിട്ടില്ലാത്ത പോലെ ആർക്കൊക്കെയോ ഫുഡ് വിളമ്പി കൊടുക്കാണ് ഓള്...

"മോളെ ഫെബി... ആദിക്ക് വിളമ്പി കൊടുക്ക് അവന് ഓഫീസിൽ പോകാൻ ഉള്ളതല്ലേ..."

ഉമ്മി പറയുന്നത് കേട്ട് ഐഷു പെട്ടെന്ന് ചിന്തയിൽ നിന്ന് ഉണർന്നിട്ട് നമ്മളെ നോക്കി ഒന്ന് ചിരിച്ചെന്ന് വരുത്തി നമ്മക്ക് ഫുഡ് വിളമ്പാൻ തുടങ്ങി... ഓളെ ആ പെട്ടെന്നുള്ള മാറ്റം കണ്ട് നമ്മള് ഓളെ തന്നെ കണ്ണിമ വേട്ടതെ നോക്കിയെങ്കിലും നമ്മളെ കെട്ട്യോള് മാത്രം നമ്മളെ മുഖത്തേക്ക് ഒന്ന് നോക്കിയത് പോലുമില്ല...

എന്തായാലും അവളെ ശ്രദ്ധ നമ്മളെ മാത്രം ആകണമെന്ന് നമ്മക്ക് നല്ലോണം നിർബന്ധമുള്ളതോണ്ട് നമ്മള് ആഷിയെയും സിനുവിനെയും ഉമ്മിയെയും ഒന്ന് ഇടങ്കണ്ണിട്ട് നോക്കി...

മൂന്ന് പേരും തീറ്റയിൽ ശ്രദ്ധ ചെലുത്തി നിൽക്കുന്നത് കൊണ്ട് നമ്മള് അപ്പൊ തന്നെ ഐഷുവിന്റെ വയറ്റിനിട്ട് ഒരു കിഴുക്ക് വെച്ച് കൊടുത്തു...

പെണ്ണ് അപ്പൊ തന്നെ ഓളെ ഉണ്ടകണ്ണും കാണിച്ച് നമ്മളെ നോക്കി കണ്ണുരുട്ടിയിട്ട് അവര് കാണുമെന്ന് ആംഗ്യം കാണിച്ചപ്പോ നമ്മള് ചിരി അടക്കി പിടിച്ചോണ്ട്

വീണ്ടും അവളെ പിടിച്ച് നുള്ളി...

പക്ഷെ ഇപ്രാവശ്യം നമ്മള് ചെയ്തത് സിനുവും ആഷിയും കണ്ടിട്ടുണ്ട്... അവര് രണ്ട് പേരും കൂടി പ്ലേറ്റിലേക്ക് നോക്കി കൊണ്ട് ചിരി അടക്കി പിടിക്കുന്നത് കണ്ടിട്ട് ഐഷു നമ്മളെ രൂക്ഷമായി നോക്കി...

നമ്മള് ഓളെ നോക്കി ഒന്നുമില്ലെന്ന് കണ്ണിറുക്കി കാണിച്ചപ്പോ നമ്മളെ കെട്ട്യോള് നമ്മളെ കാലിന് നല്ല അഡാർ ചവിട്ടങ്ങ് തന്നു... നമ്മള് അപ്പൊ തന്നെ തരിപ്പിൽ കയറിയിട്ട് ഇരുന്ന് ചുമച്ചോണ്ട് തലക്ക് അടിച്ചു...

"ഐഷുത്താ.... ഇക്കൂസിന് കുടിക്കാൻ വെള്ളം കൊടുക്ക്... കാലിൽ തട്ടിയത് തലയിൽ കയറി കാണും...."

എന്ന് പറഞ്ഞ് ഓനും സിനുവും കൂടി അടക്കി പിടിച്ച് ചിരിച്ചത് കണ്ട് ഐഷു നമ്മളെ കാലിൽ നിന്ന് അവളെ

കാലെടുത്തിട്ട് നമ്മളെ തലക്കിട്ട് രണ്ട് കൊട്ടും കുടിക്കാൻ വെള്ളവും തന്ന് ഓള് ഒരു അവിഞ്ഞ ചിരി പാസാക്കിയപ്പോ നമ്മളും അവരെ നോക്കി ഒന്ന് ചിരിച്ച് കൊടുത്ത് വേഗം ഫുഡ് കഴിച്ച് എണീറ്റു...

എന്നിട്ട് കൈ കഴുകി വന്ന് ഓഫീസ് ഫയൽസൊക്കെ എടുത്തിട്ട് ഐഷുവിനോട് യാത്ര പറഞ്ഞ് ഇറങ്ങാൻ നിന്നപ്പോ നമ്മളെ പെണ്ണിന്റെ മുഖത്ത് അപ്പോഴും തെളിച്ചം ഇല്ലായിരുന്നു...

"എന്താ ഐഷു... എന്താ നിനക്ക് പറ്റിയെ...? രാവിലെ മുതൽ നിന്റെ മുഖത്ത് അത്ര തെളിച്ചം പോരല്ലോ എന്താ കാര്യം...?"

"ഒന്നുമില്ല ആദി... നിനക്ക് വെറുതെ തോന്നുന്നതാകും... എനിക്ക് ഒരു കുഴപ്പവുമില്ല... എന്റെ കെട്ട്യോൻ ഇപ്പോ ഓഫീസിൽ പോകാൻ നോക്ക്... വേഗം..."

എന്ന് പറഞ്ഞ് അവളെന്നെ തള്ളി കൊണ്ട് പാർക്കിങ്ങിലേക്ക് കൊണ്ട് പോയി... നമ്മള് ബാഗും

ഫയൽസുമൊക്കെ കാറിൽ വെച്ചിട്ട് തിരിഞ്ഞ് ഐഷുവിനെ നോക്കി ചിരിച്ചു...

"ഹാ... പിന്നെ... അടുത്ത ആഴ്ച നമ്മള് എല്ലാവരും കൂടി ഒരു ഹണിമൂൺ ട്രിപ്പ് പ്ലാൻ ചെയ്തിട്ടുണ്ട്... അൻസിന്റെയും സൽമന്റെയും കല്യാണം കഴിയട്ടെ എന്ന് കരുതി കാത്തിരിക്കായിരുന്നു....

എന്താ നിന്റെ അഭിപ്രായം...?"

"അത് ഒന്നും വേണ്ട ആദി... ഞാൻ എങ്ങോട്ടുമില്ല... എനിക്ക് എവിടേം പോകണ്ട...."

"അതെന്താ ഇപ്പോ അങ്ങനെ...? നിന്നെ കെട്ടി കൊണ്ട് വന്നതിൽ പിന്നെ വിരുന്നിനല്ലാതെ ഈ വീടിന്റെ പുറത്തേക്ക് പോലും നിന്നെ കൊണ്ട് പോയിട്ടില്ലെന്ന് ഉമ്മിക്ക് ഭയങ്കര പരാതിയാ...

എനിക്ക് വയ്യ ഇനിയും അത് കേട്ടോണ്ട് നിൽക്കാൻ... അതോണ്ട് നമ്മള് അടുത്ത ആഴ്ച മലേഷ്യയിലേക്ക് പോകുന്നു... അതിൽ ഒരു മാറ്റവുമില്ല...."

എന്ന് പറഞ്ഞ് നമ്മള് ഒളോട് ചൂടായി കൊണ്ട് കാറിൽ കയറി ഡോർ വലിച്ചടച്ച് അവിടന്ന് ഓഫീസിലേക്ക് പുറപ്പെട്ടു... പിന്നെ ആർക്കായാലും ദേഷ്യം വരില്ലേ... അവളെ ഓരോ ന്യായങ്ങൾ...

★★★★★★★★★★★★★★★★★★★★

'ഛെ... ഞാൻ ഒരിക്കലും ആദിയോട് അങ്ങനെ പറയരുതായിരുന്നു... ഇന്നലത്തെ സംഭവം ഓർത്തിട്ടാ ഞാൻ അങ്ങനെ ഒക്കെ പറഞ്ഞത്.. അല്ലേലും ഞാൻ എന്തിനാ ഇപ്പോ അതൊക്കെ ആലോചിക്കുന്നത്...?

നോ... എല്ലാം എന്റെ മൈൻഡിൽ നിന്ന് ഡിലീറ്റ് ആക്കണം... എന്നിട്ട് ട്രിപ്പിന് പോകാനുള്ള തയ്യാറെടുപ്പുകളൊക്കെ നടത്തണം...

കല്യാണം കഴിഞ്ഞിട്ട് ആദ്യമായാണ് ഒരു ട്രിപ്പ് പോകുന്നത് അതും നമ്മളെ ഫ്രണ്ട്സിന്റെയും ബ്രദേഴ്സിന്റെയും കൂടെ... ഇതിൽപ്പരം എനിക്ക് എന്താ വേണ്ടത്... ആദിക്ക് ഇപ്പോ എന്നോട് ദേഷ്യം ആയിരിക്കോ എന്തോ...?

കുറച്ച് കഴിഞ്ഞിട്ട് വിളിച്ച് നോക്കാം.. കോന്തന്റെ മൂഡ് എങ്ങനെ ഉണ്ടെന്ന് നോക്കാലോ...'

നമ്മള് അങ്ങനെ ഓരോന്ന് ചിന്തിച്ച് പോയി ഫുഡ് കഴിക്കാൻ ഇരുന്നപ്പോ സിനു പോയി റെഡിയായിട്ട് ഇറങ്ങി വരുന്നത് കണ്ടു...

"ഡി... നീയിത്ര നേരത്തെ പോകാണോ...?"

"ഹാ താത്ത... നയനയൊക്കെ നേരത്തെ തന്നെ വീട്ടിലേക്ക് വരുമെന്ന് വിളിച്ച് പറഞ്ഞിരുന്നു... അതോണ്ട് എനിക്ക് ഇപ്പോ തന്നെ പോയെ പറ്റൂ...."

ഓള് അത് പറഞ്ഞ് തീർന്നില്ല അപ്പോഴേക്കും കോളേജിൽ പോകാൻ റെഡിയായി കൊണ്ട് ആഷിയും ഇറങ്ങി വരുന്നത് കണ്ടപ്പോ തന്നെ നമ്മക്ക് ഏകദേശം കാര്യങ്ങൾ പിടി കിട്ടിയിരുന്നു...

ആഷി ഇപ്പൊ പിജി ചെയ്യാണ് അതും ഞങ്ങള് പഠിച്ച

കോളേജിൽ... അവിടെ തന്നെയാണ് സിനുവിനും നയനക്കും ഒക്കെ ഡിഗ്രിക്ക് അഡ്മിഷൻ കിട്ടിയിട്ടുള്ളത്....

"ആഷി... നീ കോളേജിൽ പോകല്ലേ...? പോകുന്ന വഴിക്ക് ഇവളെ ഒന്ന് വീട്ടിൽ കൊണ്ട് വിട്ടേക്ക്..."

ഉമ്മി അതും പറഞ്ഞോണ്ട് അടുക്കളയിൽ നിന്ന് വന്നപ്പോ നമ്മളൊന്ന് ചിരിച്ചോണ്ട് രണ്ടിന്റെയും മുഖത്തേക്ക് ഒന്ന് നോക്കി...

സിനു അതൊന്നും വേണ്ടെന്ന് പറഞ്ഞ് ഒഴിയാൻ നോക്കുന്നുണ്ടെങ്കിലും അവളും അത് തന്നെയാണ് ആഗ്രഹിക്കുന്നതെന്ന് നമ്മക്ക് നല്ലോണം മനസ്സിലാകുന്നുണ്ട്...

"ഏയ്... ഉമ്മി ഞാൻ ആ വഴിയല്ല പോകുന്നത്... അതോണ്ട് എനിക്ക് വയ്യ ഇവളെ ഡ്രോപ്പ് ചെയ്യാൻ..."

ആഷി കുറച്ച് ബിൾഡ് അപ്പിന് വേണ്ടി അങ്ങനെ പറഞ്ഞ് നിന്നപ്പോ സിനു തൊള്ളേം തുറന്ന് നിന്ന് ഓനെ

നോക്കായിരുന്നു...

"എന്നാ നീ ഇത്ര ബുദ്ധിമുട്ടി അവളെ കൊണ്ട് വിടണമെന്നില്ല ആഷി.. അവളെ ഡ്രൈവർ കൊണ്ട് വിട്ടോളും..."

നമ്മള് അത് പറഞ്ഞതും സിനുവിന് ചിരി വന്നു... ആഷി ആണെങ്കിൽ പറഞ്ഞതും അബദ്ധായോ എന്ന നിലയിൽ നിൽക്കാണ്...

"അ... അതൊന്നും സാരമില്ല ഐഷുത്താ... ഒന്നുമില്ലെങ്കിലും ഇങ്ങളെ അനിയത്തിയല്ലേ... അപ്പൊ നിങ്ങളൊക്കെ ഇങ്ങനെ പറഞ്ഞ് നിർബന്ധിക്കുമ്പോ എങ്ങനെയാ പറ്റില്ലെന്ന് പറയാ... അതോണ്ട് കുട്ടിയെ ഞാൻ ഡ്രോപ്പ് ചെയ്തോളം എനിക്ക് നോ പ്രോബ്ലം..."

ആഷി വീണിടത്ത് കിടന്ന് ഉരുളുന്നത് കണ്ട് നമ്മളും ഒന്ന് ചിരിച്ച് കൊടുത്തിട്ട് അവന്റെ കൂടെ തന്നെ സിനുവിനെ പറഞ്ഞ് വിട്ടു... ആദിന്റെ ബുള്ളറ്റിലാണ് അവര് രണ്ട് പേരും കൂടി പോയത്... അവരെ പോക്ക്

കണ്ടിട്ട് രണ്ടും കൂടി പ്ലാൻ ചെയ്തത് ആണോ ഇതെന്ന് നമ്മക്ക് നല്ലോണം ഡൗട്ടുണ്ട്....

××××××××××××××××××××××××××××××××××

ആദി ഓഫീസിൽ എത്തിയോ എന്നറിയാൻ വേണ്ടി നമ്മള് ഒന്ന് വിളിച്ചപ്പോ കോന്തൻ ഇപ്പോ ബിസി ആണെന്നും പറഞ്ഞ് ചൂടായി കൊണ്ട് ഫോൺ വെച്ചു... ഓൻ ഇങ്ങനെ ചൂടാകാൻ മാത്രം നമ്മള് എന്താ പറഞ്ഞതെന്ന് എത്ര ആലോചിച്ചിട്ടും നമ്മക്ക് പിടി കിട്ടിയില്ല... അതോണ്ട് നമ്മളും ഓനെ മൈൻഡ് ചെയ്യണ്ടെന്ന് തീരുമാനിച്ചു... വാശി അവന് മാത്രം ഉണ്ടായാൽ പോരല്ലോ...

രാത്രി ഓഫീസിൽ നിന്നും വന്നിട്ട് നമ്മളെ ഒന്ന് മൈൻഡ് പോലും ചെയ്യാതെ ഓൻ ഫുഡൊക്കെ കഴിച്ച് എണീറ്റ് റൂമിൽ പോകുന്നത് കണ്ടിട്ട് നമ്മക്ക് തന്നെ അത്ഭുതായി... ഇങ്ങനെ ചെറിയ കാര്യത്തിന് പോലും പിണങ്ങാൻ ആദി കൊച്ചു കുട്ടിയാണോ എന്ന് വരെ നമ്മള് ചിന്തിച്ചു പോയി...

പിന്നെ അവനെ മാത്രം കുറ്റം പറഞ്ഞിട്ടും കാര്യമില്ലല്ലോ... നമ്മളും അത്രക്ക് മോശമൊന്നുമല്ല... ആദിയോട് വഴക്കിടാൻ കിട്ടുന്ന ഒരു അവസരവും നമ്മള് പാഴാക്കാറില്ല... അതെന്ത് ചെറിയ കാര്യമായാലും ശരി...

ആദി ഫുഡ് കഴിച്ച് പോയതിന് പിന്നാലെ നമ്മളും ഫുഡൊക്കെ കഴിച്ച് എല്ലാ പണിയും തീർത്ത് ജാനു ചേച്ചിയെ സഹായിച്ചിട്ട് റൂമിലേക്ക് ചെന്നപ്പോ ഓൻ തലയിൽ കൈ വെച്ചോണ്ട് കിടന്ന് ഉറങ്ങാണ്....

ഇത്ര പെട്ടെന്ന് കോന്തൻ ഉറങ്ങിയോ എന്ന് സംശയിച്ച് നമ്മള് ഓന്റെ അടുത്ത് ചെന്ന് നോക്കിയതും ഓൻ പെട്ടെന്ന് തിരിഞ്ഞ് കിടന്നു....

ഇനി ചെലപ്പോ ഓഫീസിലെ സ്ട്രെസിന്റെ ക്ഷീണം കാരണമാകും കോന്തൻ പെട്ടെന്ന് ഉറങ്ങിയത് എന്ന് കരുതി പിന്നെ ഞാനും ശല്യം ചെയ്യാൻ നിൽക്കാതെ തലയണയും പുതപ്പും എടുത്ത് സോഫയിൽ പോയി കിടക്കാൻ നിന്നു.... അപ്പോഴാണ് നമ്മള് ആ കാഴ്ച കാണുന്നത്...

സോഫയിട്ട ഭാഗത്ത് സോഫ പോയിട്ട് അതിന്റെ ഒരു പൊടി പോലും അവിടെയൊന്നും കാണാൻ ഇല്ല... അതിപ്പോ എവിടെ പോയെന്ന് ചിന്തിച്ച് നമ്മള് റൂം മൊത്തം ഒന്ന് കണ്ണോടിച്ച് നോക്കിയപ്പോഴുണ്ട് നമ്മളെ കെട്ട്യോൻ അടക്കി പിടിച്ച് ചിരിക്കുന്നു...

അപ്പോ തന്നെ സോഫ ഇവിടന്ന് എങ്ങോട്ടാ എണീറ്റ് പോയതെന്ന് നമ്മക്ക് നല്ല ബോധ്യമായി... കോന്തൻ ഉറങ്ങാതെ നമ്മളെ ഇടങ്കണ്ണിട്ട് നോക്കി നമ്മളെ നിരീക്ഷിച്ചോണ്ട് ഇരിക്കാണ്...

ഇന്ന് ഓനോട് ട്രിപ്പിന് പോകാൻ ഞാൻ റെഡിയാണെന്നൊക്കെ പറയണം എന്ന് കരുതി അവന് വിളിച്ചപ്പോ ഒടുക്കത്തെ ജാഡ അല്ലായിരുന്നോ അപ്പോ നമ്മളും അൽപ്പം വെയിറ്റ് ഇട്ട് നിന്നു...

നമ്മള് പുതപ്പ് നിലത്ത് വിരിച്ചിട്ട് അവിടെ അങ്ങ് കിടന്നു... അല്ലാ പിന്നെ ഈ ഫെബിയോടാ ഓന്റെ കളി...

കുറച്ച് കഴിഞ്ഞപ്പോ കോന്തന്റെ അനക്കം ഒന്നും കേൾക്കാത്തോണ്ട് ഉറങ്ങിയെന്ന് കരുതി നമ്മള് തിരിഞ്ഞ് കിടന്നപ്പോഴുണ്ട് ഓൻ നമ്മളെ നോക്കി

കൊണ്ട് കട്ടിലിൽ കിടക്കുന്നു... അപ്പോ തന്നെ നമ്മള് ഓനെ നോക്കി പുച്ഛിച്ചിട്ട് തിരിഞ്ഞ് കിടന്നു....

അപ്പൊ ആദി എങ്ങോട്ടോ എണീറ്റ് പോകുന്ന പോലെ നമ്മക്ക് തോന്നി... തിരിഞ്ഞ് നോക്കിയപ്പോ ടേബിളിന്റെ അടുത്തേക്കാണ് പോകുന്നത്... വെള്ളം കുടിക്കാൻ ആകുമെന്ന് ചിന്തിച്ച് നമ്മളത് കാര്യമാക്കാതെ വീണ്ടും തിരിഞ്ഞ് കിടന്നു...

അപ്പൊ പെട്ടെന്ന് എസിന്റെ സ്പീഡ് കൂടി വന്ന് റൂമാകെ തണുപ്പ് പടർന്ന് പിടിക്കാൻ തുടങ്ങി... നമ്മളാണെങ്കിൽ നിലത്ത് കിടന്നതോണ്ട് നിലമാകെ ഐസിനെ പോലെ തണുത്ത് ഉറഞ്ഞിട്ടുണ്ട്...

മിക്കവാറും നമ്മളും ഐസ് ആകുമെന്ന് മനസ്സിലായപ്പോ തന്നെ നമ്മള് വേഗം എണീറ്റ് ടേബിളിൽ ഉണ്ടായിരുന്ന എസിന്റെ റിമോട്ട് കൊണ്ട് സ്പീഡ് കുറച്ചു... എന്നിട്ട് ഓനെ നോക്കി കണ്ണുരുട്ടിയിട്ട് വീണ്ടും പോയി കിടന്നു...

അപ്പൊ തന്നെ ആദി എണീറ്റ് വന്ന് വീണ്ടും എസിന്റെ സ്പീഡ് കൂട്ടിയതും നമ്മള് ഓന്റെ കയ്യീന്ന് റിമോട്ട് തട്ടി പറിച്ച് വാങ്ങി സ്പീഡ് കുറച്ചു... അപ്പോ ഓൻ എന്റെ കയ്യീന്ന് അത് വാങ്ങി ഫുൾ സ്പീഡിൽ അത് കൂട്ടി വെച്ചിട്ട് അതെടുത്ത് എറിഞ്ഞു...

റിമോട്ട് അപ്പൊ തന്നെ രണ്ട് കഷ്ണമായിട്ട് ചിന്നി ചിതറി... അത് കണ്ട് നമ്മള് തൊള്ളേം തുറന്ന് നമ്മളെ കോന്തനെ നോക്കിയപ്പോ ഓൻ നമ്മളെ പുച്ഛിച്ച് ചിരിച്ചോണ്ട് ബെഡിൽ പോയി മൂടി പുതച്ച് കിടന്നു...

നമ്മള് നിലത്ത് വിരിച്ച പുതപ്പെടുത്ത് നമ്മളെ മൂടിയിട്ട് ആ കോന്തനെ നോക്കി കണ്ണുരുട്ടിയെങ്കിലും ഓൻ അതൊന്നും വക വെക്കാതെ നല്ല സുഖത്തോടെ കിടന്നുറങ്ങാണ്...

ഇനിയിപ്പോ എസിന്റെ സ്വിച്ച് ഓഫ് ആക്കുകയല്ലാതെ വേറെ മർഗമില്ലെന്ന് മനസ്സിലായപ്പോ നമ്മള് ചെന്ന് എസി ഓഫാക്കി വീണ്ടും നിലത്ത് കിടന്നു... അപ്പൊ തന്നെ ആദി കോന്തൻ പോയി എസി ഓണാക്കിയത് കണ്ടപ്പോ നമ്മക്ക് ദേഷ്യവും സങ്കടവും ഒക്കെ കൂടി

ഒരുമിച്ച് വരാൻ തുടങ്ങി...

"ഇത് ഭയങ്കര കഷ്ടാട്ടോ... ഈ തണുപ്പത്ത് അല്ലെങ്കിലും എന്തിനാ ആദി എസി ഫുൾ സ്പീഡിൽ ഇട്ടത്... അതൊന്ന് ഓഫ്ആക്ക്... ഇല്ലേൽ ഞാൻ ഇപ്പോ തണുത്ത് മരവിച്ച് ചാകും..."

"ഇത് എന്റെ റൂം... എന്റെ ഇഷ്ടത്തിന് അനുസരിച്ച് ഞാൻ ഇവിടെ എന്ത് വേണേലും ചെയ്യും... എസി ഇടേണ്ടതും ഓഫ് ആക്കേണ്ടതും എന്റെ ഇഷ്ടം... അതിൽ നീ ഇടപെടണ്ട... നിനക്ക് ഇത്രക്ക് ബുദ്ധിമുട്ടാണെങ്കിൽ ഇവിടന്ന് ഇറങ്ങി പൊയ്ക്കോ..."

ഓന്റെ പറച്ചില് കേട്ടപ്പോ തന്നെ നമ്മള് അവിടന്ന് എണീറ്റ് തലയണ കൊണ്ട് അവനിട്ട് ഒരു ഏർ കൊടുത്തതും കോന്തൻ അത് ക്യാച്ച് പിടിച്ചു...

"അങ്ങനെ നീ പറഞ്ഞു എന്ന് കരുതി ഇറങ്ങി പോകാനെ ഞാൻ ഇവിടത്തെ വേലക്കാരിയൊന്നുമല്ല... നാലാൾ കാൺകെ എന്റെ കഴുത്തിൽ മഹർ ചാർത്തി

ഈ വീടിന്റെ പടി ചവിട്ടി വന്നവളാ... അപ്പൊ അതിന്റേതായ എല്ലാ അവകാശവും എനിക്കുണ്ട്...

അത് ഈ റൂമിന്റെ കാര്യത്തിൽ ആയാലും ശരി നിന്റെ കാര്യത്തിൽ ആയാലും ശരി..."

എന്ന് പറഞ്ഞ് നമ്മള് പുതപ്പ് കൊണ്ട് മേലാകെ പൊതിഞ്ഞിട്ട് കട്ടിലിന്റെ അടിയിൽ ചുരുണ്ടു കൂടി കിടന്നു....

നമ്മള് പറഞ്ഞതൊക്കെ കേട്ടിട്ട് നമ്മളെ കോന്തൻ നമ്മളെ വന്ന് ഓന്റെ കൂടെ കിടക്കാൻ വിളിക്കുമെന്ന് പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല...

നമ്മള് ആണെങ്കിൽ ഇവിടെ നിലത്ത് തണുത്ത് ഉറഞ്ഞ് ഒരു പരുവമായി കൊണ്ടിരിക്കാ....

ഇനിയും ആ കോന്തൻ വന്ന് വിളിക്കുമെന്ന് പ്രതീക്ഷിച്ചിട്ട് കാര്യമില്ലെന്ന് മനസ്സിലായോണ്ട് രണ്ടും കൽപ്പിച്ച് നമ്മള് ബെഡിൽ കിടക്കാൻ തീരുമാനിച്ചു... ഇല്ലെങ്കിലേ നാളെ നമ്മളെ ഡെഡ് ബോഡിയാകും കാണാ....

അതോണ്ട് നമ്മള് മെല്ലെ കട്ടിലിന്റെ അടിയിൽ നിന്നും എണീറ്റ് വന്നിട്ട് ആദി ഉറങ്ങിയോ എന്ന് നോക്കി... ഓൻ അപ്പുറം തിരിഞ്ഞ് കിടക്കുന്നതോണ്ട് ഉറങ്ങാണോ അതോ കണ്ണ് തുറന്ന് കിടക്കാണോ എന്ന് മനസ്സിലാകുന്നില്ല...

ഇനി ഇപ്പോ എന്ത് തന്നെ ആയാലും ശരി ഇനിയും ഇവിടെ ഇങ്ങനെ നിന്ന് മരവിക്കാൻ നമ്മക്ക് തീരെ താല്പര്യം ഇല്ലാത്തൊണ്ട് വേഗം ബെഡിൽ പോയി കിടന്ന് ആദിയെ കെട്ടിപ്പിടിച്ചു....

അപ്പൊ തന്നെ ഓൻ നമ്മളെ ഭാഗത്തേക്ക് തിരിഞ്ഞ് കിടന്നിട്ട് നമ്മളെ നോക്കി എന്തേ എന്ന രീതിയിൽ പുരികം പൊന്തിച്ചു...

നമ്മള് അപ്പോ തന്നെ ഓനിൽ നിന്ന് കയ്യെടുത്തിട്ട് ഒന്നുമില്ലെന്ന് കണ്ണിറുക്കി കാണിച്ചു... അത് കണ്ട് ഓൻ ഒരു കള്ളച്ചിരി പാസാക്കുന്നത് കണ്ടപ്പോ നമ്മള് ഓന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തിട്ട് ഓനെ കെട്ടിപ്പിടിച്ച് കിടന്നു...

"എന്തേടി.... നിന്റെ വാശിയൊക്കെ കളഞ്ഞോ.....?"

"ഷ്...."

"എന്തേ ഇത്ര പെട്ടെന്ന് കളഞ്ഞത്...?നാളെ രാവിലെ വരെ പിടിച്ച് വെച്ചൂടായിരുന്നോ...?"

"അങ്ങനെ ചെയ്തിരുന്നെങ്കിലേ നാളെ എന്റെ തണുത്തുറഞ്ഞ ശരീരം വെള്ള പുതപ്പിക്കേണ്ടി വന്നേനെ...."

നമ്മളത് പറഞ്ഞതും ആദി നമ്മളെ ഓനിൽ നിന്നും അകറ്റിയിട്ട് നമ്മളെ കണ്ണുരുട്ടി പേടിപ്പിക്കാൻ തുടങ്ങി.... അത് കണ്ട് നമ്മള് ഒരു അവിഞ്ഞ ചിരി പാസാക്കിയപ്പോ ഓൻ നമ്മളെ കാത് പിടിച്ച് തിരിച്ച് പൊന്നാക്കി....

"ഇനി മേലാൽ അങ്ങനെ വല്ലതും നീ പറയോ... പറയോന്ന്....?"

"ഇല്ലാ..... വേദനിക്കുന്നുണ്ട് കോന്താ.... എന്റെ കാത്....വിട്...."

അപ്പോ തന്നെ ആദി കാതിൽ നിന്നും പിടി വിട്ടിട്ട് എന്റെ തലയിൽ തലോടി ഓന്റെ നെഞ്ചോട് ചേർത്ത് വെച്ചു...

"തമാശക്ക് ആണെങ്കിൽ പോലും നീ ഒരിക്കലും അങ്ങനെ ഒന്നും പറയരുത് ഐഷു... എനിക്ക് അത് സഹിക്കാൻ കഴിയില്ല...."

"ഇനി ഞാൻ അങ്ങനെ ഒന്നും പറയില്ല എന്റെ കോന്താ... എന്റെ ആദിക്ക് വിശമായാൽ പിന്നെ എനിക്കും അത് വിശമാകും...."

"അതിരിക്കട്ടെ.... നീയിപ്പോ എന്നെ എന്താ വിളിച്ചേ....? കോന്താ... ആദി എന്നല്ലേ....?

നിന്നോട് ഞാൻ പറഞ്ഞിട്ടില്ലേ അങ്ങനെ വിളിക്കരുതെന്ന്.... ഇനി മേലാൽ അങ്ങനെ വിളിച്ച് പോകരുത് കേട്ടല്ലോ..."

"ഓക്കേ കോന്താ ഇനി ഞാൻ അങ്ങനെ വിളിക്കില്ല...."

നമ്മളതും പറഞ്ഞ് ഓനെ നോക്കി ചിരിച്ചപ്പോ ആദി നമ്മളെ വയറിൽ പിടിച്ച് ഇക്കിളിയാക്കി....

"എന്താടി നീ പറഞ്ഞെ...? നിന്നെ ഞാൻ ഇന്ന് ശരിയാക്കുമെടി...."

"ഞാൻ വെറുതെ പറഞ്ഞതാ ...ഹ...ഹ...ഹ... ആദി... അടങ്ങി നിൽക്ക്...."

"ഇനി നീ അങ്ങനെ വിളിക്കോ...? ഇല്ലാന്ന് പറ... ഇല്ലാന്ന് പറയെടി...."

"ഇല്ലാ.... ഞാൻ ഇനി വിളിക്കൂലാ കോന്താ...."

എന്ന് പറഞ്ഞ് ആദിന്റെ കൈക്കുള്ളിൽ കിടന്ന് നമ്മള്

ചക്രശ്വാസം വലിച്ചു... അവനെ പിന്നെ കോന്താ എന്ന് വിളിച്ചതിന് നമ്മളെ ഇക്കിളിയല്ല ആക്കിയത്... പകരം നല്ല അഡാർ മറുപടിയാ തന്നത്...

പിന്നെ ഉണ്ടായത് എന്താണെന്ന് പറയാൻ പാടില്ല.. അതൊക്കെ സെൻസർ ബോർഡ് നിരോധിച്ചിരിക്കാ... അതോണ്ട് എല്ലാവരും പോയി കിടക്കാൻ നോക്കിയേ... ഞങ്ങളും ഒന്ന് പോയി സുഖായിട്ട് കിടന്നുറങ്ങട്ടെ...

അപ്പൊ എല്ലാവർക്കും ഗുഡ് നൈറ്റ്...

××××××××××××××××××××××××××××××××××

മൂന്ന് മാസങ്ങൾക്ക് ശേഷം.....

"ഐഷൂ.... എന്റെ ഷർട്ട് എവിടെടി...."

"ഓ....... അതൊക്കെ ഞാൻ അയേൺ ചെയ്ത് ആ ടേബിളിൽ വെച്ചേക്കുന്നത് കണ്ടൂടെ മനുഷ്യാ...."

"അപ്പൊ എന്റെ വാച്ചും പേഴ്സും എന്ത്യേ...?"

"അതല്ലേ ആ കബോഡിൽ വെച്ചേക്കുന്നത്.... എല്ലാത്തിനും എന്നെ ഇങ്ങനെ വിളിക്കാതെ അതൊക്കെ നിനക്ക് തന്നെ ഒന്ന് നോക്കി എടുത്തൂടെ ആദി....

എനിക്ക് ഇവിടെ അടുക്കളയിൽ നൂറ് കൂട്ടം പണിയുണ്ട്.... ഇന്ന് ആണെങ്കിൽ ജാനു ചേച്ചി പണിക്ക് വന്നിട്ടില്ല.... ഉമ്മിയാണെങ്കിൽ ഉംറക്ക് പോയതാ... ആഷി ആണെങ്കിൽ കോളേജ് ട്രിപ്പ് എന്ന് പറഞ്ഞ് രണ്ട് ദിവസായിട്ട് ഒരു വിവരവുമില്ല...

ഇതിനിടക്ക് ഈ വീട്ടിലെ എല്ലാ പണിയും ഒറ്റക്ക് എടുത്ത് നിനക്ക് കഴിക്കാൻ വേണ്ടി വെച്ചുണ്ടാക്കി തന്നാൽ അതിലൊക്കെ ഒരു നൂറ് കൂട്ടം കുറ്റം....

എന്നാൽ പിന്നെ ഒരു നല്ല വാക്ക് പറയാ അതില്ല....

അല്ലേലും കെട്ടി കൊണ്ട് വന്ന പുതുക്കത്തിലെ ഈ സ്നേഹമൊക്കെ കാണൂ എന്ന് പറയുന്നത് എത്ര ശരിയാ... അതിന്റെ ഒരു വലിയ ഉദാഹരണം

തന്നെയല്ലേ ഈ ഞാൻ....

അല്ലേലും ഇതൊക്കെ ഞാൻ ആരോട് പറയാനാ ആര് കേൾക്കാനാ... നീയെങ്കിലും ഞാൻ പറയുന്നത് കേൾക്കുന്നുണ്ടോ ഐഷു....?

എവടെ... നീയും ആ കോന്തന്റെ സൈഡല്ലേ... ഞാൻ അല്ലെ ഇപ്പൊ വലഞ്ഞത്...."

"ആരോടാടി കാലത്തേ തന്നെ ഇങ്ങനെ കത്തിയടിക്കുന്നത്....? ആ നേരത്ത് നിനക്ക് വല്ല പണിയും ചെയ്തൂടെ..."

നമ്മള് ആദിക്ക് കഴിക്കാൻ വേണ്ടി ഫുഡ് ഉണ്ടാക്കുന്നതിനിടക്ക് കേറി വന്ന് ആദി പറയുന്നത് കേട്ടപ്പോ നമ്മക്ക് ദേഷ്യം വന്നു... നമ്മള് അപ്പോ തന്നെ അവിടെ ഉണ്ടായിരുന്ന ഫ്ളവർ വേസ് എടുത്ത് നിലത്തേക്ക് എറിഞ്ഞ് പൊട്ടിച്ചു...

"ദേ നോക്ക് ആദി... അല്ലേൽ തന്നെ ഇവിടെ തീയിൽ ചവിട്ടി നിൽക്കാ... അതിനിടക്ക് നീയും കൂടി കേറി വന്ന്

മണ്ണെണ്ണ ഒഴിക്കാൻ നോക്കല്ലേ... പിന്നെ നിന്നെയും എരിച്ച് കളഞ്ഞിട്ടെ ആ തീ കെടു...."

നമ്മള് പറയുന്നത് കേട്ടിട്ട് ആദി ചിരിച്ചോണ്ട് ഐഷു പൂച്ചയെ എടുത്ത് സോഫയിൽ പോയി ഇരുന്നിട്ട് ഓന്റെ ഏതൊക്കെയോ ഫയൽസ് നോക്കാൻ തുടങ്ങി....

നമ്മള് ഫുഡൊക്കെ റെഡിയാക്കി വെച്ച് ഓനോട് വന്ന് കഴിക്കാൻ പറഞ്ഞപ്പോ ഓൻ ഐഷുവിനെ അവിടെ വെച്ചിട്ട് ടേബിളിലേക്ക് വന്നു....

"പോയി കൈ കഴുകി വാ ആദി... ഐഷുവിനെ എടുത്തിട്ട് കൈ കഴുകാതെയാണോ ഫുഡ് കഴിക്കാൻ പോണേ...."

നമ്മളെ പറച്ചില് കേട്ടിട്ട് ആദി ഒന്ന് ഇരുത്തി മൂളി കൊണ്ട് പോയി കൈ കഴുകി വന്ന് ബ്രേക്ക് ഫാസ്റ്റ് കഴിക്കാൻ തുടങ്ങി... കൂടെ നമ്മളും ഇരിക്കുന്നുണ്ട്ട്ടോ....

"ആദി.... സനക്ക് വിശേഷമുണ്ടെന്ന് ജാസി വിളിച്ച്

പറഞ്ഞിരുന്നു... നമുക്ക് ഒന്ന് അവിടം വരെ പോയാലോ...?"

"ഷ്.... ജാസി എനിക്കും വിളിച്ചിരുന്നു... എന്തായാലും അഖിലയെ കാണാൻ പോകാനിരിക്കല്ലായിരുന്നോ അപ്പോ അങ്ങോട്ടും പോകാം..."

ആദി പറയുന്നത് കേട്ട് ഞാൻ ചിരിച്ചോണ്ട് ഒന്ന് തലയാട്ടി ഫുഡ് കഴിച്ചു...

നമ്മളെ ഫ്രണ്ട്സിൽ ഇപ്പോ ഞാൻ ഒഴികെ ബാക്കിയുള്ളവരൊക്കെ പ്രെഗ്നന്റാ...

എന്തിനേറെ പറയുന്നു നമ്മളെ ശാലുവിന് വരെ വയറ്റിലുണ്ട്...

ഇപ്പോ നമ്മള് മാത്രം ഇങ്ങനെ ഒഴിഞ്ഞ് നടക്കുന്നതിന്റെ അസൂയ മൊത്തം അവറ്റകൾക്ക് നമ്മളോട് ഉണ്ടെങ്കിലും നമ്മക്ക് ഒരു ചെറിയ വിഷമം ഇല്ലാതില്ലാതില്ലാ... ഹാ എന്നേലും ഒരിക്കൽ നമ്മളെ മാവും പൂക്കുമായിരിക്കും...

"ഐഷു... എന്താ ഈ കറിക്ക് തീരെ ഉപ്പില്ലാത്തത്...."

"ആര് പറഞ്ഞു... പാകത്തിന് ഉപ്പുണ്ടല്ലോ..."

"ഒലക്കയാണ്... എനിക്ക് വയ്യ ഒരു രുചിയുമില്ലാത്ത ഈ ഫുഡ് കഴിക്കാൻ...."

എന്ന് പറഞ്ഞ് ഓൻ ആ പ്ലേറ്റ് എനിക്ക് നേരെ നീട്ടിയപ്പോ നമ്മള് ടേബിളിൽ ഉണ്ടായിരുന്ന ഉപ്പ് പാത്രം എടുത്ത് അതിലെ ഉപ്പ് മുഴുവൻ കറിയിൽ കൊട്ടിയിട്ട് ഓന്റെ നേരെ നീക്കി വെച്ചു...

"ദാ... ഇപ്പോ കഴിച്ചോ... ഉപ്പ് നല്ലോണം ഇട്ടിട്ടുണ്ട്.... കഴിക്ക്..."

"ഡി... ഞാൻ പറഞ്ഞെന്ന് കരുതി നീ ഉപ്പ് മുഴുവൻ കൊട്ടിയിട്ട് എന്നെ ഉപ്പ് തീറ്റിക്കാൻ നോക്കാണോ...?"

"അതെ... ഈയിടെയായി നിനക്ക് ഇത്തിരി കുബുദ്ധി

കൂടുതലാ... അത് ഇതോടെ തീരട്ടെ... കഴിക്ക് അത്..."

നമ്മള് ഓനോട് ചൂടായി കൊണ്ട് അതും പറഞ്ഞ അവിടന്ന് എണീറ്റ് അടുക്കളയിലേക്ക് ചെന്നപ്പോ ആദി പൊരിഞ്ഞ ചിരിയായിരുന്നു...

നോക്കണ്ടാ ഇത് ഇവിടെ സ്ഥിരം പതിവാ... എന്റെ വായേന്ന് സ്ഥിരം രണ്ടെണ്ണം കേൾക്കാതെയും തല്ല് കിട്ടാതെയും മൂപ്പര് ഓഫീസിൽ പോകില്ല... അത്രക്ക് സ്നേഹവും നമ്മളോട്...

അതോണ്ട് നമ്മള് ഓന് സ്ഥിരം കൊടുക്കാറുള്ള കോട്ട കൊടുത്തിട്ട് ഓനെ ഓഫീസിലേക്ക് പറഞ്ഞയച്ചു... എന്നിട്ട് ഇന്ന് രാവിലെ മുതൽ ഓനുമായി വഴക്കിട്ട് പൊട്ടിച്ച സാധനങ്ങളൊക്കെ പെറുക്കി വെച്ച് നമ്മള് പാത്രം കഴുകാൻ നിന്നു....

അപ്പോഴാണ് ആരോ കോളിംഗ് ബെല്ലടിക്കുന്ന ശബ്ദം കേട്ടത്... നമ്മള് അപ്പോ തന്നെ കൈ കഴുകി വാതിലിന്റെ അടുത്തേക്ക് പോകാൻ നിന്നപ്പോ ടേബിളിൽ ആദിന്റെ ഒരു ഫയൽ ഇരിക്കുന്നത് കണ്ടു... അപ്പോ കോന്തൻ ഫയലെടുക്കാൻ മറന്നിട്ട്

അതെടുക്കാൻ വന്നത് ആണെന്ന് മനസ്സിലായതും നമ്മള് ആ ഫയലെടുത്ത് റൂമിൽ കൊണ്ട് പോയി വെച്ചിട്ട് ഒന്നും അറിയാത്ത പോലെ ചെന്ന് വാതില് തുറന്ന് കൊടുത്തു....

അപ്പൊ അവിടെയൊന്നും ആരെയും കാണുന്നില്ലായിരുന്നു... ഗേറ്റിന്റെ അവിടെ നോക്കിയപ്പോ അവിടെ ഉണ്ടായിരുന്ന സെക്യൂരിറ്റി ചേട്ടന്മാരെയും കാണാനില്ല... ഇവര് ഇതെങ്ങോട്ടാ പോയെ...? ആരാ ബെല്ലടിച്ചത് എന്ന് ആലോചിച്ച് നമ്മള് ചെന്ന് വാതിലടക്കാൻ നിന്നതും പെട്ടെന്ന് സാലിം വന്ന് നമ്മളെ വാതിലടക്കാൻ സമ്മതിക്കാതെ തടസ്സം സൃഷ്ടിച്ചു...

"ഹായ്... ആദിന്റെ ഐഷു.... വാതില് അടച്ച് നീയിതെങ്ങോട്ടാ പോകാൻ നോക്കുന്നെ...? വാതിലൊന്ന് തുറക്ക് ആദിന്റെ ഐഷു... നമുക്ക് ചെറിയ കൊച്ചു വർത്താനമൊക്കെ പറഞ്ഞോണ്ടിരിക്കാം..."

എന്ന് പറഞ്ഞോണ്ട് സാലിം വാതിൽ തള്ളി തുറന്നതും

നമ്മള് നിലത്തേക്ക് വീണു...

(തുടരും)

ഭാഗം.133

"ഹായ്... ആദിന്റെ ഐഷു.... വാതില് അടച്ച് നീയിതെങ്ങോട്ടാ പോകാൻ നോക്കുന്നെ...? വാതിലൊന്ന് തുറക്ക് ആദിന്റെ ഐഷു... നമുക്ക് ചെറിയ കൊച്ചു വർത്താനമൊക്കെ പറഞ്ഞോണ്ടിരിക്കാം..."

എന്ന് പറഞ്ഞോണ്ട് സാലിം വാതിൽ തള്ളി തുറന്നതും നമ്മള് നിലത്തേക്ക് വീണു...

അവൻ എന്റെ അടുത്തേക്ക് നീങ്ങി വരുന്നതിന് അനുസരിച്ച് ഞാൻ പിന്നിലേക്ക് നീങ്ങി പോയി കൊണ്ടിരുന്നു...

"ഹാ.... നീയെന്താ പെണ്ണെ എന്നെ ഇങ്ങനെ പേടിക്കുന്നെ...? ഞാൻ നിന്നെ പിടിച്ച് തിന്നാൻ ഒന്നും വന്നതല്ല..."

അവനതും പറഞ്ഞോണ്ട് എന്റെ അരികിൽ മുട്ട് കുത്തി ഇരുന്നിട്ട് എന്റെ തലയിൽ തലോടി... നമ്മള് അപ്പൊ തന്നെ ഒരു അറപ്പോടെ അവന്റെ കൈ തട്ടി മാറ്റിയിട്ട് അവനെ രൂക്ഷമായി നോക്കിയപ്പോ ഓൻ നമ്മളെ നോക്കി ഒരു പുച്ഛത്തോടെ ചിരിച്ചു...

"എന്താ ഇത് ആദിന്റെ ഐഷു...? വീട്ടിലേക്ക് വന്ന ഒരു അതിഥിയെ ഇങ്ങനെയാണോ ട്രീറ്റ് ചെയ്യാ...?

അകത്തേക്ക് വിളിച്ചതോ ഇല്ല... എന്നാൽ പിന്നെ അറ്റ്ലീസ്റ്റ് അവിടെ ഒന്ന് ഇരിക്കാനോ കുടിക്കാൻ എന്താ വേണ്ടതെന്ന് ചോദിക്കാനോ നീ നിന്നില്ലല്ലോ...? It's too bad...

എണീറ്റെ... എന്നിട്ട് എനിക്ക് പോയി ഒരു സ്പെഷ്യൽ കോഫി കൊണ്ട് താ...

ഹ... എണീക്ക് ഐഷു...."

എന്ന് പറഞ്ഞ് അവൻ എന്റെ കൈ പിടിച്ച് വലിച്ച് എണീപ്പിച്ച് നിർത്തിയതും ഞാൻ അവനെ പിടിച്ച് തള്ളിയിട്ടു... എന്നിട്ട് ആദിയെ വിളിക്കാൻ ആയിട്ട് ലാൻ ഫോണിന്റെ അടുത്തേക്ക് ചെന്ന് ആദിക്ക് കോൾ ചെയ്തതും അവനാ ലാൻഫോൺ എറിഞ്ഞ് പൊട്ടിച്ചു...

"ആർക്കാ ഇത്രക്ക് ദൃതിയിൽ വിളിക്കുന്നത്...? ഞാൻ ഇവിടെ എത്തിയിട്ടുണ്ടെന്ന് നിന്റെ കെട്ട്യോനോട് വിളിച്ച് പറയാൻ നിനക്ക് ഇത്രക്ക് ദൃതിയെന്തിനാ മോളെ...?

അതിനൊക്കെ ഇനിയും സമയം കിടക്കല്ലേ...

വാ... ആദിന്റെ ഐഷു എന്റെ അടുത്തേക്ക് വന്നെ... എനിക്ക് നിന്നോട് കൊറേ സംസാരിക്കാനുണ്ട്... വാ... വാടി..."

സാലിം വളരെ രൂക്ഷമായി നോക്കി കൊണ്ട് കാതടപ്പിക്കുന്ന തരത്തിൽ ഉച്ചത്തിൽ ഒച്ചയിട്ട് നമ്മളെയും വലിച്ചോണ്ട് പോകാൻ ഒരുങ്ങിയതും നമ്മള്

അവിടെ ഉണ്ടായിരുന്ന ഒരു ഫ്ളവർ വേസ് എടുത്ത് അവനെ എറിയാൻ തുനിഞ്ഞു... പക്ഷെ അപ്പോഴേക്കും അവൻ അത് എന്റെ കയ്യിൽ നിന്നും ബലമായി പിടിച്ച് വാങ്ങിയപ്പോ നമ്മള് അവനെ പിടിച്ച് തള്ളി...

അവൻ അപ്പോ തന്നെ ഡൈനിങ്ങ് ടേബിളിൽ ചെന്ന് വീണതും അവിടെ ഉണ്ടായിരുന്ന പാത്രങ്ങളൊക്കെ നിലത്തേക്ക് വീണുടഞ്ഞു...

പേടിച്ചിട്ടാണെങ്കിൽ നമ്മക്ക് കരച്ചിലൊക്കെ വരുന്നുണ്ട്...

എത്രെയും പെട്ടെന്ന് ആദിയെ വിവരം അറിയിക്കണമെന്ന് തീരുമാനിച്ച് നമ്മളെ ഫോൺ എടുക്കാൻ മോളിലേക്ക് ഓടി...

അവൻ അപ്പൊ തന്നെ എന്റെ പിറകെ ഓടി വരാൻ നിന്നതും ഐഷു പൂച്ച സാലിമിന്റെ നേരെ അവളെ കൂർത്ത നഖങ്ങൾ കൊണ്ട് പാഞ്ഞടുത്ത് അവന്റെ കാലിൽ മാന്തി... അപ്പൊ തന്നെ സാലിം അലറി കൊണ്ട് അവിടെ ഉണ്ടായിരുന്ന ഒരു വേസ് എടുത്ത് ഐഷു പൂച്ചന്റെ തലക്കിട്ട് ഒന്ന് കൊടുത്തു... അത് അപ്പോ

തന്നെ ചോരയിൽ കുളിച്ച് കൊണ്ട് തെറിച്ച് വീഴുന്നത് കണ്ടതും നമ്മള് കരഞ്ഞോണ്ട് ഐഷുവിന്റെ അടുത്തേക്ക് ഇറങ്ങി ഓടാൻ നിന്നു...

അപ്പോഴേക്കും നമ്മളെ മുന്നിലേക്ക് സാലിം ഒരു തടസമായി വന്ന് നമ്മളെ അടുത്തേക്ക് സ്റ്റെയർ കയറി വരാൻ തുടങ്ങിയതും നമ്മള് അവിടന്ന് മോളിലേക്ക് തന്നെ ഓടി പോയി...

അപ്പൊ നമ്മളെ പിന്നാലെ സാലിമും ഓടി വരുന്നത് കണ്ടപ്പോ ജീവനും കയ്യിൽ പിടിച്ച് ഒരോട്ടമായിരുന്നു റൂമിലേക്ക്... എന്നിട്ട് ചെന്നയുടനെ തന്നെ വാതില് കൊട്ടിയടക്കാൻ ഒരു ശ്രമം നടത്തി നോക്കിയെങ്കിലും അവൻ അപ്പോഴേക്കും വാതില് അടക്കുന്നതിന് തടസമായി നിന്നിരുന്നു...

ഞാൻ എന്റെ സർവ്വശക്തിയും ഉപയോഗിച്ച് വാതില് അടക്കാൻ ഒരുപാട് ശ്രമിച്ച് നോക്കി... പക്ഷെ, അവന്റെ ശക്തിക്ക് മുന്നിൽ എന്റെ ബലം ചോർന്ന് പോയി കൊണ്ടിരുന്നു...

അതോണ്ട് തന്നെ അവനൊന്ന് ആഞ്ഞ് തള്ളിയപ്പോഴേക്കും ഞാൻ അവിടന്ന് ജനലിന്റെ

അടുത്തേക്ക് തെന്നി നീങ്ങിയിരുന്നു...

പേടിച്ച് വിറച്ച് കൊണ്ട് ഞാൻ പതിയെ തിരിഞ്ഞ് നോക്കിയപ്പോ എന്റെ തൊട്ട് മുന്നിൽ നിന്ന് കൊണ്ട് എന്റെ മുഖത്തേക്ക് തന്നെ രൂക്ഷമായി നോക്കുന്ന അവനെയാണ് ഞാൻ കണ്ടത്... എന്റെ ശക്തിയെല്ലാം ചോർന്ന് പോയി തല കറങ്ങുന്ന പോലെയും ശരീരം തളരുന്ന പോലെയും എനിക്ക് തോന്നി തുടങ്ങി...

"എന്ത് പറ്റി..? ഓടി തളർന്ന് പോയോ ഐഷു...? എന്തിനാ വെറുതെ എന്നെയും ഇട്ട് ഓടിപ്പിച്ചത്...? കണ്ടില്ലേ ഇപ്പോ ഞാനും ഒരുപാട് ക്ഷീണിച്ച് പോയി...

വാ ഇനി നമുക്ക് കുറച്ച് നേരം കിടക്കാം... ആ ക്ഷീണമൊക്കെ ഒന്ന് മാറട്ടെ..."

എന്ന് പറഞ്ഞ് അവൻ ഒരു വശ്യമായ കൊലച്ചിരിയോടെ എന്റെ കയ്യിൽ പിടിച്ചതും പുറത്ത് ആദിയുടെ കാർ വന്ന് നിൽക്കുന്ന ശബ്ദം കേട്ടു... നമ്മള് അപ്പോ തന്നെ ജനൽ വഴി പുറത്തേക്ക് നോക്കിയതും ആദി കാറിൽ നിന്നും ഇറങ്ങുന്നത് കണ്ടു...

ഞാൻ പുറത്തേക്ക് കയ്യിട്ട് ആദി എന്ന് വിളിക്കാൻ മുതിർന്നതും സാലിം എന്റെ വാ പൊത്തി പിടിച്ച് എന്നെ ജനലിന്റെ അടുത്ത് നിന്നും വലിച്ച് കൊണ്ട് പോകാൻ നോക്കി...

നമ്മള് എത്രയായിട്ടും ജനലിന്റെ കമ്പിയിൽ നിന്നും പിടി വിടാതെ അതിൽ മുറുകെ പിടിച്ചിട്ട് നിറമിഴികളോടെ ആദിയെ നോക്കി നിന്നപ്പോഴേക്കും സാലിം എന്റെ കൈ രണ്ടും പിടിച്ച് വെച്ച് എന്നെ ബാത്റൂമിലേക്ക് കൊണ്ട് പോയി അവിടെ പൈപ്പ് തിരിച്ചിട്ടു... എന്നിട്ട് ഡോറടച്ചിട്ട് നമ്മളെയും കൊണ്ട് റൂമിന്റെ വാതിലിന്റെ പിറകിലേക്ക് കൊണ്ട് പോയി നിർത്തിച്ചു...

"ശൂ... മിണ്ടി പോകരുത്... അവൻ ഇങ്ങോട്ട് വന്നിട്ടെ ഇല്ല എന്ന മട്ടിൽ അടങ്ങി ഒതുങ്ങി ഇവിടെ നിന്നോണം...."

എന്ന് പറഞ്ഞ് എന്നിലെ പിടി സാലിം ഒന്ന് കൂടി മുറുക്കിയപ്പോ തന്നെ അവന്റെ ഉള്ളിലെ ഭയം ഇപ്പോ എത്രത്തോളം ഉണ്ടെന്ന് എനിക്ക് മനസ്സിലാക്കാൻ പറ്റി... കാരണം, അവന്റെ ഹൃദയമിടിപ്പ് ഇപ്പോ എത്രത്തോളം

വേഗത്തിലാ കുതിച്ചുയരുന്നതെന്ന് എന്റെ കാതുകൾക്ക് വരെ കേൾക്കാൻ സാധിക്കുന്നുണ്ടായിരുന്നു....

★★★★★★★★★★★★★★★★★★★★★

ഐഷുവിനെ ഇടക്കിടക്ക് വാശി കേറ്റി വിട്ട് വഴക്ക് കൂടുന്നത് എനിക്ക് ഭയങ്കര ഇഷ്ടാ... അതാണ് കുറച്ച് മുന്നേ നിങ്ങള് ഡൈനിങ്ങ് ടേബിളിൽ വെച്ച് കണ്ട തിരക്ക്... അവളോട് വഴക്ക് കൂടുമ്പോ അവളെ ആ കാപ്പി ഉണ്ടക്കണ്ണുകൾ പുറത്തേക്ക് അങ്ങനെ തള്ളി വരുന്നത് കാണാൻ തന്നെ നല്ല ചേലാ... അത് കാണാനാ അവളെ ഒന്നാമത് ഞാൻ ഇങ്ങനെ വട്ട് കളിപ്പിക്കുന്നത്...

ഇന്ന് അവളോട് തല്ല് കൂടി വേഗം ഓഫീസിലേക്ക് പുറപ്പെട്ടത് കൊണ്ടാകും ഓഫീസിന്റെ ഒരു പ്രധാനപ്പെട്ട ഫയൽ എടുക്കാൻ ഞാൻ മറന്നത്... അതെടുക്കാൻ വേണ്ടി തിരിച്ച് വീട്ടിലേക്ക് വന്ന് നോക്കുമ്പോ ഗേറ്റിന്റെ അടുത്ത് ഒരൊറ്റ സെക്യൂരിറ്റികളെയും കാണാൻ ഇല്ലായിരുന്നു...

വല്ല ചായയോ മറ്റോ കുടിക്കാൻ വേണ്ടി പോയതാകുമെന്ന് കരുതി ഞാൻ അത് മൈൻഡ് ചെയ്യാതെ വീട്ടിലേക്ക് വന്നു...

എന്നിട്ട് കോളിംഗ് ബെല്ലമർത്താൻ വേണ്ടി നിന്നപ്പോഴാണ് ഡോർ തുറന്ന് കിടക്കുന്നത് ഞാൻ ശ്രദ്ധിച്ചത്... സാധാരണ ഇവളെ ഒറ്റക്കാക്കി ഞാൻ എവിടെയും ഇതുവരെ പോയിട്ടില്ല... അവൾക്ക് കൂട്ടിന് ജാനു ചേച്ചിയെ എങ്കിലും നിർത്താറുണ്ടായിരുന്നു...

ഇത് ഇപ്പൊ ഒറ്റക്ക് ആയ സ്ഥിതിക്ക് വാതില് അടക്കാതെ അവള് വീടിന്റെ അകത്ത് ഇരിക്കില്ലെന്ന് എനിക്ക് ഉറപ്പായിരുന്നു... പക്ഷെ ഈ വാതിലും തുറന്ന് ഇട്ടിട്ട് ഇവളെന്താ ഈ കാണിക്കുന്നത് എന്ന് ചിന്തിച്ചോണ്ട് നമ്മള് അകത്തേക്ക് കയറിയപ്പോ നിലത്ത് ഒരുപാട് സാധനങ്ങൾ ചിന്നി ചിതറി കിടക്കുന്നത് കണ്ടു....

"എന്നോട് ഉള്ള വാശിക്ക് ഈ എറിഞ്ഞ് പൊട്ടിച്ചതൊന്നും ഇവള് ഇത് വരെ ക്ലീൻ ചെയ്തില്ലേ...?

ഐഷു..... ഐഷു..... ഡി.... ഇതൊക്കെ ഇങ്ങനെ ഇട്ടിട്ട്

എവിടെ പോയി കിടക്കാടി നീ...?

ഹോ... എന്നോട് പിണക്കത്തിലാകും അല്ലെ... അതോണ്ട് ആകും ഒന്നും മിണ്ടാത്തത്...

ആയിക്കോട്ടെ.... നിന്നെ ഡിസ്റ്റർബ് ചെയ്യാൻ ഞാൻ വരുന്നില്ല ഭാര്യേ...

ഞാൻ ഇവിടെ ഒരു ഫയല് വെച്ചിരുന്നു... അതെടുക്കാൻ വേണ്ടി വന്നതാ... ഈ ടേബിളിൽ ഞാൻ വെച്ച ആ റെഡ് ഫയൽ എന്ത്യേടി എന്റെ ഭാര്യേ....?

എന്താടി നിനക്ക് എന്തേലും ഒക്കെ ഒന്ന് മിണ്ടിയാൽ...? നീ ആ ഫയല് ഇവിടെ എങ്ങാനും കണ്ടോ....? ഐഷൂ... ഐഷൂ...."

നമ്മള് എത്രയൊക്കെ തൊണ്ട കാറി വിളിച്ചിട്ടും അവളിൽ നിന്നും ഒരു പ്രതികരണവും കേൾക്കാത്തത് കണ്ടപ്പോ എന്നിൽ ഒരു ഭയം പിടി കൂടാൻ തുടങ്ങി... ഞാൻ ഒരല്പം ഭീതിയോടെ തന്നെ ഐഷു എന്ന് വിളിച്ച്

സ്റ്റെയർ കയറാൻ ചെന്നപ്പോഴാണ് നമ്മളെ ഫോൺ പെട്ടെന്ന് റിങ് ചെയ്തത്...

നോക്കുമ്പോ ഓഫീസിൽ നിന്നായിരുന്നു കോൾ... 11 മണിക്ക് ഒരു കോൺഫറൻസ് വെച്ചിട്ടുണ്ടായിരുന്നു... അതിന്റെ ഫയലാണ് എടുക്കാൻ മറന്നത്... അവരോട് ഞാൻ പെട്ടെന്ന് വരാമെന്ന് പറഞ്ഞ് കോൾ വിളിച്ചോണ്ട് തന്നെ മുകളിലേക്ക് കയറി ചെന്നു....

"ഐഷു.... മൈ സ്വീറ്റ് വൈഫ്.... എന്റെ ആ റെഡ് ഫയൽ നീ ഇവിടെ എങ്ങാനും കണ്ടോ...? നീയിത് എവിടെയാ പെണ്ണെ...? ഞാൻ പറയുന്നത് ഒന്നും നീ കേൾക്കുന്നില്ലേ...?"

എന്ന് ചോദിച്ചോണ്ട് നമ്മള് റൂമിലേക് കയറി നോക്കിയപ്പോ ബാത്റൂമിൽ നിന്ന് പൈപ്പ് തുറന്ന് വിട്ട ശബ്ദം കേട്ടു...

"ഹോ.... എന്റെ കെട്ട്യോള് കുളിക്കായിരുന്നോ...? അതാണോ ഞാൻ ഇത്രക്ക് തൊണ്ട കാറി വിളിച്ച്

കൂവിയിട്ടും കേൾക്കാഞ്ഞത്...? ഹാ എന്നാ കുളി നടക്കട്ടെ.... ഞാൻ എന്റെ ആ ഫയലൊന്ന് തപ്പി എടുക്കട്ടെട്ടോ...."

എന്ന് പറഞ്ഞ് നമ്മള് ടേബിളിന്റെ നേരെ തിരിഞ്ഞപ്പോ തന്നെ നമ്മളെ ഫയൽ അവിടെ കിടക്കുന്നത് കണ്ടു... നമ്മള് അത് അപ്പോ തന്നെ എടുത്ത് നോക്കിയിട്ട് ആ ഫയല് തന്നെയാണെന്ന് ഉറപ്പ് വരുത്തി...

"എടി ഭാര്യേ... നീയാണല്ലേ എന്റെ ഫയല് താഴേന്ന് എടുത്തോണ്ട് വന്നത്...? എന്നിട്ട് നീ സുഖായിട്ട് നീരാടാ....?

എന്നാ പിന്നെ വീടിന്റെ ഡോർ ഒന്ന് ലോക്ക് ചെയ്തൂടെ നിനക്ക്.... കള്ളന്മാരെ ശല്യമാ ചുറ്റും... എന്തെങ്കിലും എടുത്തോണ്ട് പോയാലും കുഴപ്പമില്ല നീ ഇവിടെ തനിച്ചാണെന്ന കാര്യം മറക്കാതിരുന്നൂടെ....

എന്താടി നിൻറെ വയേൽ പഴം കുത്തി തിരുകി വെച്ചിട്ടുണ്ടോ...? എന്തെങ്കിലുമൊക്കെ മിണ്ടിയാലെന്താ നിനക്ക്...?

ഹോ... അപ്പൊ എന്നോട് മിണ്ടില്ലെന്ന് നല്ല വാശിയിൽ നിൽക്കണെല്ലേ...?

എന്നാ ഓക്കേ... നീ നിന്റെ വാശിയും കെട്ടിപ്പിടിച്ച് അതിന്റെ അകത്ത് തന്നെ നിന്നോ... എനിക്ക് 11 മണിക്ക് ഒരു പ്രധാനപ്പെട്ട കോൺഫറൻസ് ഉണ്ട്... അത് അറ്റൻഡ് ചെയ്തെ പറ്റൂ....

നിന്റെ വാശിയൊക്കെ മാറിയാൽ എനിക്ക് ഒന്ന് വിളിക്കോണ്ടി... ഇന്ന് ഇവനിങ് നമുക്ക് ഒരു ഔട്ടിങ് പോകാം... ഓക്കേ... ബൈ ഐഷൂ... വൈകിട്ട് കാണാം... ഞാൻ ഡോർ ലോക്ക് ചെയ്യുന്നുണ്ട്ട്ടോ..."

എന്നൊക്കെ പറഞ്ഞോണ്ട് നമ്മള് ഫയലും മറിച്ച് നോക്കി കൊണ്ട് റൂമിൽ നിന്നും പുറത്തേക്ക് ഇറങ്ങി വാതിലടച്ചതും എന്തോ ഒന്ന് നിലത്തേക്ക് വീഴുന്ന ശബ്ദം കേട്ട് ഫയലിൽ നിന്നും നോട്ടം തെറ്റിച്ച് ഞാൻ താഴേക്ക് നോക്കിയപ്പോ ഐഷുവിന്റെ വിരലിൽ കിടന്ന റിങ് കണ്ടു...

നമ്മള് അതിലേക്ക് നെറ്റി ചുളിച്ചോണ്ട് നോക്കിയിട്ട് അതെടുത്തതും എന്റെ കയ്യിലേക്ക് രക്ത തുള്ളികൾ

ഉറ്റി വീഴാൻ തുടങ്ങി... അത് കണ്ട് ഞാൻ ഷോക്കായി ഡോറിലേക്ക് നോക്കിയപ്പോ ഐഷുവിന്റെ വിരലുകൾ ഡോറിനിടയിൽ കുടുങ്ങി ചോരയിൽ കുളിച്ച് നിൽക്കുന്നത് കണ്ടു...

നമ്മള് അപ്പോ തന്നെ ഫയലൊക്കെ അവിടെ ഇട്ടിട്ട് ഐഷു എന്ന് വിളിച്ച് ഡോർ തുറന്ന് നോക്കിയതും സാലിം അവളെ വാ പൊത്തി പിടിച്ച് ഡോറിന്റെ പിറകിൽ നിൽക്കുന്നത് കണ്ടു... എന്നെ കണ്ടതും സാലിം നിന്ന് വിയർക്കാൻ തുടങ്ങി... തളർന്ന് നിൽക്കുന്ന ഐഷുവിനെ എന്റെ നെഞ്ചിലേക്ക് തള്ളിയിട്ട് കൊണ്ട് അവൻ അവിടന്ന് ഓടി പോയി...

ഞാൻ ഐഷുവിനെ താങ്ങി പിടിച്ച് അവളെ കവിളിൽ തട്ടി വിളിച്ചതും ക്ഷീണിച്ച കണ്ണുകൾ കൊണ്ട് എന്റെ മുഖത്തേക്ക് ഒന്ന് നോക്കിയിട്ട് അവളൊന്ന് പുഞ്ചിരി തൂകി ആദി എന്ന് വിളിച്ച് എന്റെ കൈകളിലേക്ക് മയങ്ങി വീണു....

★★★★★★★★★★★★★★★★★★★★★★

ആദി വീട്ടിലേക്ക് കയറി വന്നിട്ട് പറയുന്നതൊക്കെ ഞാൻ കേൾക്കുന്നുണ്ടെങ്കിലും എനിക്ക് ഒന്നും സംസാരിക്കാൻ പറ്റിയില്ല... എന്നെ ഒന്ന് അനങ്ങാൻ പോലും സമ്മതിക്കാത്ത വിധത്തിൽ അവൻ എന്നെ അവന്റെ കൈക്കുള്ളിൽ ബന്ധിപ്പിച്ചിരുന്നു...

ആദി ഫയല് തിരഞ്ഞ് റൂമിലേക്ക് എന്തായാലും വരുമെന്ന് എനിക്ക് ഉറപ്പായിരുന്നു... അപ്പോഴെങ്കിലും ആദി എന്നെ കാണുമെന്ന് ഞാൻ പ്രതീക്ഷിച്ചു...

പക്ഷെ, ഞാൻ കുളിക്കാണെന്ന് തെറ്റിദ്ധരിച്ച് ആദി അവിടന്ന് ഫയലും കൊണ്ട് പോയപ്പോ തളർന്ന് പോയി ഞാൻ... ഒന്ന് അലമുറയിട്ട് കരയാൻ പോലും കഴിയാതെ ഞാൻ മൗനമായി തേങ്ങി...

ആദി വാതിൽ അടക്കുന്നതിനെ തടയാൻ വേണ്ടിയാണ് ഞാൻ വാതിലിൽ കൈ കൊണ്ട് പോയി വെച്ചത്... പക്ഷെ അത് ശ്രദ്ധിക്കാതെ അവൻ ഡോർ അടച്ചതും എന്റെ ജീവൻ പോകുന്ന പോലെ തോന്നി പോയി... കൈയാകെ തരിപ്പ് കയറി മരവിച്ച അവസ്ഥ... കണ്ണൊക്കെ അടഞ്ഞ് പോകുന്ന പോലെ.... കാഴ്ചകളൊക്കെ മങ്ങി തെളിഞ്ഞ് കാണുന്ന പോലെ....

ഒടുക്കം കണ്ണുകൾ പൂർണ്ണമായും അടയാൻ നിന്നതും വാതിൽ തുറന്ന് വന്ന ആദിയുടെ നെഞ്ചിലേക്ക് സാലിം എന്നെ പിടിച്ച് തള്ളി... അപ്പൊ തന്നെ എന്റെ ഹൃദയതുടിപ്പ് ഉയർന്നതും ഞാൻ പതിയെ കണ്ണ് തുറന്നു...

ആദി എന്നെ നെഞ്ചോട് ചേർത്ത് വെച്ച് കരഞ്ഞ് കലങ്ങിയ കണ്ണുകൾ കൊണ്ട് എന്നെ നോക്കി വിളിക്കുന്നത് കണ്ടപ്പോ ആദി വന്നെന്ന സന്തോഷത്തിൽ എന്റെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നെങ്കിലും ആദി എന്ന് വിളിച്ചപ്പോഴേക്കും ഞാൻ മയങ്ങി വീണിരുന്നു....

പിന്നീട് കണ്ണ് തുറന്ന് നോക്കിയപ്പോ തലക്ക് ഒക്കെ എന്തോ വലിയ ഭാരം ഉള്ള പോലെ തോന്നി... തലയിൽ കൈ വെച്ച് ഞാൻ പതിയെ ഒന്ന് ചുറ്റും കണ്ണോടിച്ച് നോക്കിയപ്പോ നമ്മളെ കോന്തനുണ്ട് നമ്മളെ നോക്കി ക്ലോസപ്പിന്റെ പരസ്യം കാണിക്കുന്നു....

ഓന്റെ ചിരി കണ്ടപ്പോ തന്നെ നമ്മക്ക് അങ്ങോട്ട്

എരിഞ്ഞ് കേറി വന്നു... ഓന്റെ മോന്തയടക്കി ഒന്ന് കൊടുക്കാൻ വേണ്ടി കയ്യുയർത്താൻ നോക്കിയപ്പോഴാ കയ്യിലെ വേദന കൂടിയത്... അപ്പോ തന്നെ ഞാൻ കയ്യിലേക്ക് നോക്കിയപ്പോ കൈയാകെ ബാന്റേജ് ഇട്ടിരിക്കായിരുന്നു...

കയ്യനക്കിയതോണ്ട് നമ്മളെ കൈ നന്നായിട്ട് വേദനിക്കാൻ തുടങ്ങി... നമ്മള് വലത്തേ കൈ പിടിച്ച് ആഹ് എന്ന് പറഞ്ഞ് എണീറ്റ് ഇരുന്നപ്പോ ആദി എന്നെ ശരിക്ക് ഇരിക്കാൻ സഹായിച്ചു...

"സൂക്ഷിച്ച്... കയ്യ് ഒരു രണ്ട് മാസത്തേക്ക് അനക്കരുതെന്നാ ഡോക്ടർ പറഞ്ഞത്... അതോണ്ട് അധികം സ്ട്രൈൻ ചെയ്യണ്ട..."

എന്ന് ആദി പറയുന്നത് കേട്ടപ്പോ ഓനെ നമ്മള് തുറുക്കനെ നോക്കി കൊണ്ട് ഓന്റെ കൈ തട്ടി മാറ്റി...

"തൊട്ട് പോകരുത് എന്നെ..."

"എന്താടി പെണ്ണെ അനക്ക് വീണ്ടും ചെന്നി പിരാന്ത് തുടങ്ങിയോ...?"

"ഇല്ല തുടങ്ങാൻ പോകുന്നതെ ഉള്ളു... നീയൊക്കെ കൂടി തന്നെയല്ലേ എന്നെ വീണ്ടും പിരാന്ത് പിടിപ്പിക്കുന്നത്..."

"ഹ... എന്റെ ഭാര്യേ നീയിങ്ങനെ പറഞ്ഞ് കണ്ണ് നിറക്കാൻ മാത്രം ഇവിടെ ഇപ്പോ എന്താ ഉണ്ടായേ...?"

"എന്താ ഉണ്ടായേ എന്നോ...? എന്താ ആദി നീ ഒന്നും അറിയാത്ത പോലെ ചോദിക്കുന്നെ...?

ആ സാലിം വീട്ടിലേക്ക് വന്ന് എന്നെ ഉപദ്രവിക്കാൻ നോക്കിയതൊന്നും ഒന്നുമല്ലേ...?"

"അതിന് നിനക്ക് ഒന്നും പറ്റിയില്ലല്ലോ ഐഷു... അപ്പോഴേക്കും ഞാൻ വന്നില്ലേ...? നിന്നെ ഉപദ്രവിക്കാൻ ഞാൻ ആരെയെങ്കിലും അനുവദിക്കോ നീ പറ...."

"അതില്ല... കാരണം എന്നെ ഉപദ്രവിക്കാൻ വേണ്ടിയല്ലേ നീ ഉണ്ടായത്... അതിന്റെ ഒരു ഉദാഹരണമല്ലേ ദേ എന്റെ ഈ കയ്യിൽ കിടക്കുന്നത്..."

നമ്മളത് പറഞ്ഞപ്പോ ആദി ഒരു വളിച്ച ഇളി പാസാക്കി തന്നു... അത് കണ്ട് നമ്മക്കും ചിരി വന്നെങ്കിലും നമ്മളത് പുറത്ത് കാണിച്ചില്ല...

"എന്നിട്ട് ആ സാലിം എവിടെ..? അവനെ എന്താ ചെയ്തെ...?"

"അവനെ എന്ത് ചെയ്യാനാ...? അവൻ നിന്നെ എന്റെ കയ്യിലേക്ക് തള്ളിയിട്ടിട്ട് അവിടന്ന് ഓടി കളഞ്ഞില്ലേ...

അവൻ ആദ്യമേ അങ്ങോട്ട് വരുമെന്ന് ഒരു സൂചന കിട്ടിയിരുന്നെങ്കിൽ അവനെ പിടിക്കാമായിരുന്നു..."

"നിനക്ക് ശരിക്കും ബുദ്ധിയില്ലേ ആദി...? അതോ ബുദ്ധിയില്ലാത്ത പോലെ അഭിനയിക്കാണോ...?"

"അതെന്താ ഭാര്യേ നീ അങ്ങനെ ചോയിച്ചേ...? എനിക്ക് ബുദ്ധിയില്ലെന്ന് നിനക്ക് തോന്നുന്നുണ്ടോ...?

ഇനി അഥവാ ഇല്ലെങ്കിൽ തന്നെ അത് നിന്നെ കൊണ്ടാ... നീയല്ലേ എന്നെ കൊണ്ട് ഉപ്പ് തീറ്റിക്കുന്നത്...."

നമ്മള് സീരിയസ് ആയിട്ട് ഇവിടെ സംസാരിക്കുമ്പോ ആദി അവിടെ നിന്ന് ഡയലോഗ് അടിച്ച് ചിരിക്കുന്നത് കണ്ട് നമ്മക്ക് ദേഷ്യം വന്നു... നമ്മള് അപ്പോ തന്നെ തലയണ കൊണ്ട് അവനിട്ട് ഒരു ഏർ കൊടുത്തിട്ട് ഓനെ രൂക്ഷമായി നോക്കി....

"നിനക്ക് എല്ലാം തമാശ... അവനെ പിടിക്കാൻ പറ്റിയ നല്ലൊരു അവസരാ നീ പാഴാക്കിയത്... അതോട് കൂടെ അവന്റെ ശല്യം അങ്ങ് തീർന്നേനെ... ഇനിയും അവൻ നമ്മളെ ലൈഫിലേക്ക് കടന്ന് വരില്ലെന്ന് എന്താ ഉറപ്പ്...?

ഗേറ്റിന്റെ അടുത്ത് സെക്യൂരിറ്റീസിനെ കാണാത്തപ്പോ തന്നെ നീ അലർട്ട് ആകണമായിരുന്നു... എന്നാൽ പിന്നെ ഇങ്ങനെ ഒന്നും സംഭവിക്കില്ല...

അതോ പോട്ടെ എന്ന് വെക്കാം... നമ്മളെ ഐഷു പൂച്ചയെ അവൻ വേസ് വെച്ച് തല്ലി വീഴ്ത്തി അവള് ചോരയിൽ കിടക്കുന്നത് പോലും നീ ശ്രദ്ധിച്ചില്ലെന്ന് പറഞ്ഞാൽ അത് ഇത്തിരി കടന്ന് പോയി ആദി...

അവിടെയുള്ള സാധാനങ്ങളൊക്കെ തട്ടി വീണത് കണ്ടിട്ടും നീ ചോദിക്കുന്നതിനും പറയുന്നതിനും എന്നിൽ നിന്നും മറുപടി വരാത്തത് കാണുമ്പോഴെങ്കിലും എനിക്ക് എന്തെങ്കിലും സംഭവിച്ചിട്ടുണ്ടാകുമെന്ന് നീ മനസ്സിലാക്കുമെന്ന് കരുതി...

എന്നിട്ടും നിനക്ക് മനസ്സിലായില്ല...

ഞാൻ കുളിക്കാണെന്ന് കരുതി നീ ഡോറും അടച്ച് എന്റെ കയ്യും ഒടിച്ച് പോയേക്കുന്നു... എന്ന പിന്നെ അങ്ങനെ അങ്ങ് പോയാൽ പോരെന്നോ.... എന്തിനാ തിരിച്ച് വന്നേ...?"

നമ്മള് ചുമ്മാ ചെക്കനെ പിരി കേറ്റി വിടാൻ അങ്ങനെ

ഓരോന്ന് പറഞ്ഞ് നിന്നപോഴും ഓൻ അതൊക്കെ ഒരു പുഞ്ചിരിയോടെ കേട്ട് ഇരിക്കായിരുന്നു... എന്നിട്ട് ഓന്റെ കോട്ടിന്റെ പോക്കറ്റിൽ നിന്നും എന്റെ റിങ് എടുത്തിട്ട് എന്റെ ഇടത് കയ്യിലെ വിരലിൽ അണിഞ്ഞ് തന്നു....

"ഇത് നിന്റെ കയ്യിൽ തന്നെ ഇട്ട് തരാൻ വേണ്ടിയാ തിരിച്ച് റൂമിൽ കയറിയത്... അപ്പോ നോക്കുമ്പോ ആ സാലിം അന്നെ പിടിച്ച് വെച്ചിട്ട് എന്നെ നോക്കി കൊണ്ട് നിൽക്കാ... എന്നെ കണ്ടതും ഓൻ നിന്നെ എന്റെ നെഞ്ചിലേക്ക് ഇട്ടിട്ട് അവിടന്ന് എങ്ങോട്ടോ ഓടി പോയി...

അപ്പോഴേക്കും നിന്റെ ബോധവും പോയതോണ്ട് എനിക്ക് ഇത് നിനക്ക് ഇട്ട് തരാനും പറ്റിയില്ല....

സമാധാനായി... ഇപ്പോഴേലും നിന്റെ വിരലിൽ ഇത് അണിയാൻ പറ്റിയല്ലോ..."

ഓൻ നമ്മളെ ആക്കി കൊണ്ട് ഓരോന്ന് പറയുന്നത് കേട്ട് നമ്മള് ഓനെ തന്നെ നോക്കി ഇരുന്നപ്പോ ആദി പെട്ടെന്ന് നമ്മളെ നെറ്റിയിൽ ഉമ്മ വെച്ച് എന്നെ ഓന്റെ നെഞ്ചോട് ചേർത്ത് വെച്ചു..

"ഞാൻ വരില്ലെന്ന് കരുതിയോ നീ...?"

വളരെ പതിഞ്ഞ സ്വരത്തിൽ ആദി അത് ചോദിച്ചപ്പോ നമ്മള് ഓനെ കെട്ടിപ്പിടിച്ചിട്ട് ഇല്ലെന്ന് മൂളി കൊണ്ട് തലയാട്ടി...

"സാലിം നിന്നെ വല്ലതും ചെയ്യുമെന്ന് പേടിച്ചോ എന്റെ ഐഷു....?"

അതിന് നമ്മള് അതെ എന്ന് ചെറുതായി തലയാട്ടിയപ്പോ ആദി എന്റെ തലയിൽ തലോടി കൊണ്ട് നെറുകയിൽ ഉമ്മ വെച്ച് എന്റെ മുഖം അവന്റെ കൈക്കുള്ളിൽ ഒതുക്കി...

"എന്റെ ഐഷൂട്ടി ഇനി ഒന്ന് കൊണ്ടും പേടിക്കണ്ട... ആ സാലിം ഇനി നമ്മളെ ജീവിതത്തിലേക്ക് കടന്ന് വരില്ല... അവനുള്ളത് പടച്ചോൻ കൊടുത്തിട്ടുണ്ട്...."

ആദി പറയുന്നത് കേട്ട് ഒന്നും മനസ്സിലാകാതെ ഞാൻ ഓനെ നെറ്റി ചുളിച്ച് നോക്കിയപ്പോ ഓൻ പുഞ്ചിരിച്ചിട്ട്

എന്റെ അടുത്ത് ഇരുന്ന്
ബാന്റേജ് ഇട്ട എന്റെ കയ്യിൽ പിടിച്ചു...

"നല്ല വേദനയുണ്ടോ നിനക്ക്...?"

"പിന്നെ ഇല്ല... വാതിലിനിടയിൽ കൈ കുടുങ്ങിയാലേ നല്ല സുഖായിരിക്കും... എന്റെ ജീവൻ പോയില്ലെന്നെ ഉള്ളു... എന്ത് വേദനയായിരുന്നു....

ആ വേദന അറിയണെങ്കിലെ ഇങ്ങളെ കയ്യും വാതിലിനിടയിൽ കുടുങ്ങണം അപ്പോഴേ മനസ്സിലാകൂ...."

നമ്മളത് പറഞ്ഞതും ആദി നമ്മളെ തന്നെ കണ്ണിമ വെട്ടാതെ നോക്കുന്നത് കണ്ടപ്പോഴാ നമ്മള് പറഞ്ഞതിനെ കുറിച്ച് നമ്മള് ആലോചിച്ചത്... ഇതിന് മുമ്പ് നമ്മളും ഒരിക്കൽ ആദിന്റെ കൈ വാതിലിനിടയിൽ കുടുക്കിയത് ഓർമ്മ വന്നതും നമ്മള് ഓനെ നോക്കി സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊടുത്തപ്പോ നമ്മളെ കെട്ട്യോൻ നമ്മക്ക് കുടിക്കാൻ ജ്യൂസ് നീട്ടി...

"ഹ്..... ശരിയാ... ഡോറിനിടയിൽ കൈ കുടുങ്ങിയാലേ നല്ല സുഖായിരിക്കും... നമ്മക്കും അനുഭവം ഉള്ളതല്ലേ... ഇന്നാ... കുടിക്ക് ക്ഷീണത്തിന് നല്ലതാ..."

"നിങ്ങക്ക് എന്റെ കൈ കെട്ടിയിരിക്കുന്നത് കണ്ടൂടെ മനുഷ്യാ..? എനിക്ക് വായിൽ വെച്ച് താ...."

നമ്മള് പറയുന്നത് കേട്ട് ആദി എന്തോ ഓർത്ത് ചിരിച്ചോണ്ട് നമ്മക്ക് കുടിക്കാൻ വായിൽ വെച്ച് തന്നു... അപ്പോഴത്തെ ഓന്റെ മുഖം കണ്ടപ്പോ എന്റെ അമ്മോ.... കണ്ണെടുക്കാൻ തന്നെ തോന്നുന്നില്ല... സ്വന്തം കെട്ട്യോനെ തന്നെ വായിനോക്കുന്ന നമ്മളെ ഒക്കെ സമ്മതിക്കണം അല്ലെ...?

"മതിയെടി പെണ്ണെ എന്റെ ചോര ഊറ്റിയത്...?"

"ങേ...? ചോര ഊറ്റെ....? അതിന് ഞാൻ ചോരയല്ലല്ലോ ജ്യൂസ് അല്ലെ കുടിക്കുന്നത്...?"

"നീ കുടിക്കുന്നതിനെ പറ്റിയല്ല ഞാൻ പറഞ്ഞത്... നീ എന്നെ നോക്കുന്നതിനെ പറ്റിയാ..."

ആദി പറയുന്നത് കേട്ട് നമ്മക്ക് ചടച്ചെങ്കിലും നമ്മളത് പുറത്ത് കാണിച്ചില്ല...

"അതിന്... അതിനിപ്പോ എന്താ തെറ്റ്...? ഞാൻ എന്റെ കെട്ട്യോനെ അല്ലെ നോക്കുന്നത്...? അതിൽ ഇപ്പോ ആർക്കാ മുടക്ക്...?"

"ഷ്.... ആർക്കും ഒരു മുടക്കുമില്ല എന്റെ ഭാര്യേ...."

"ഹാ... എന്നാലേ അധികം വാചകം അടിക്കാൻ നിക്കാണ്ട് ആ ജ്യൂസ് തരാൻ നോക്ക്...."

നമ്മള് പറഞ്ഞത് അപ്പാടെ കേട്ട് അനുസരിക്കുന്ന ആദിയെ കണ്ടപ്പോ നമ്മക്ക് ചിരിയും അതിലുപരി സന്തോഷവും തോന്നി പോയി... എനിക്ക് അല്ലാതെ

വേറെ ആർക്കാ ഇങ്ങനെ നല്ല അനുസരണയുള്ള ഭർത്താവിനെ കിട്ടാ...? ആദിയെ പോലെ ഒരുത്തനെ കിട്ടാൻ വേണ്ടി കഴിഞ്ഞ ജന്മത്തിൽ ഞാൻ വല്ല പുണ്യവും ചെയ്ത് കാണും....

എന്റെ ആദിയെ തന്നെ എനിക്ക് ഭർത്താവായി തന്നതിൽ പടച്ചോനോട് എത്ര നന്ദി പറഞ്ഞാലും മതിയാകില്ല...

"എടി ഭാര്യേ.... ഞാൻ ഒരു കാര്യം പറഞ്ഞാൽ നീ സത്യം പറയോ...?"

നമ്മള് ജ്യൂസ് കുടിക്കുന്നതിനിടക്ക് ഒന്ന് മൂളി കൊടുത്തു...

"എന്റെ കൈ വാതിലിൽ കുടുങ്ങിയപ്പോ ഞാൻ നിന്നെ ഇട്ട് വട്ട് കളിപ്പിച്ചതിനൊക്കെ പകരം വീട്ടല്ലേടി നീ...?"

"അതെ... അത് ഇപ്പോഴാണോ എന്റെ കെട്ട്യോന് മനസ്സിലായത്...?"

"ഛെ... അത് നേരത്തെ മനസ്സിലായിരുന്നെങ്കിൽ ഞാൻ നിന്റെ കൈ വാതിലിൽ കുടുക്കില്ലായിരുന്നു..."

നമ്മളെ കോന്തൻ പറയുന്നത് കേട്ടതും നമ്മളെ തരിപ്പിൽ കേറി നമ്മള് ഓനെ തന്നെ മിഴിച്ച് നോക്കി....

"അ... അപ്പൊ മനപ്പൂർവ്വം എന്റെ കയ്യ് കുടുക്കിയതാണോ മനുഷ്യാ നിങ്ങള്...?"

"ഏയ്... ഞാൻ അങ്ങനെ ചെയ്യോ...? വാതിലിനിടയിൽ നീ കൈ വെച്ചത് അറിയാതെയാണ് ഞാൻ ഡോർ അടച്ചതെങ്കിലും എനിക്ക് ഇപ്പോ ഒരു സമാധാനം ഒക്കെ ഉണ്ട്..."

"എന്ത് സമാധാനം...?"

"പരസഹായമില്ലാതെ ഞാൻ രണ്ട് മാസം നടന്ന പോലെ നീയും നടക്കുമല്ലോ എന്ന സമാധാനം... നിന്റെ വലം

കൈ ആയിട്ട് ഇനി നിന്റെ കൂടെ ഞാൻ വേണമല്ലോ എന്ന സമാധാനം...."

ആദി അത് പറഞ്ഞ് ഒരു കള്ളച്ചിരി പാസാക്കിയപ്പോ നമ്മള് തൊള്ളേം തുറന്ന് ഓനെ നോക്കിയിട്ട് ഓന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്ത് ചിരിച്ചു.... അപ്പോ ഓനും അതുപോലെ ചിരിച്ചിട്ട് എന്നെ ചേർത്ത് നിർത്തി....

അപ്പൊ തന്നെ നമ്മളെ പടകളൊക്കെ ഹോസ്പിറ്റൽ റൂമിലേക്ക് തള്ളി കേറി വന്നതും ആദി എന്നെ വിട്ട് കുറച്ച് അകന്ന് നിന്നു...

"ഹോ... ഞങ്ങള് വന്നെന്ന് കരുതി നിങ്ങളെ റൊമാൻസ് ഒന്നും കുറക്കാൻ നോക്കണ്ടാ മക്കളെ... നിങ്ങള് കെട്ടിപ്പിടിച്ചോളി... ഞങ്ങള് വേണേൽ പോയിട്ട് പിന്നെ വരാം..."

കാക്കു പറയുന്നത് കേട്ട് അവരൊക്കെ കൂടി ചിരിച്ചപ്പോ നമ്മക്ക് ആകെ ചടച്ചു... ആദിയും ഏതാണ്ട് ആ

അവസ്ഥയിൽ തന്നെ ആയിരുന്നു...

അവരൊക്കെ കൂടി നമ്മളെ ചുറ്റും കൂടി ഇരുന്നിട്ട് നമ്മളെ കയ്യൊക്കെ തടവി കൊണ്ട് വേദന എങ്ങനെയുണ്ടെന്ന് അന്വേഷിച്ചു...

"ഫെബി... ഇപ്പോ എങ്ങനെ ഉണ്ടെടി വേദനയൊക്കെ...?"

"കുഴപ്പമില്ല അച്ചു... ഇപ്പോ കുറവുണ്ട്...

നിനക്ക് സുഖമല്ലേ അച്ചു... എന്ത് പറയുന്നു നിന്റെ ബേബി...?"

"സുഖം... ഇന്ന് ചെക്കപ്പ് ഉള്ളതാ... അതിന് വേണ്ടി വരുമ്പോഴാണ് കാക്കു വിളിച്ച് പറഞ്ഞത് നീ ഇവിടെ ഉള്ള കാര്യം...."

അത് അച്ചു പറഞ്ഞപ്പോ നമ്മള് നമ്മളെ കെട്ട്യോനെ ഒന്ന് നോക്കി... അപ്പോ തന്നെ അച്ചു അവിടന്ന് എണീറ്റിട്ട് ആദിന്റെ അടുത്ത് പോയി....

"എന്നാലും എന്ത് പണിയ കാക്കു ഇങ്ങള് ചെയ്തെ..? ഡോറടക്കുമ്പോ ഒന്ന് നോക്കിയും കണ്ടും അടച്ചൂടെ...? അന്ന് ദുബായിൽ വെച്ച് നിങ്ങളെ കൈ കുടുക്കിയതിന് പകരം വീട്ടിയതാണോ...?"

"അത് തന്നെയാ അച്ചു... അന്ന് ഇങ്ങേര് അനുഭവിച്ച വേദന എന്നെ അറിയിക്കാൻ വേണ്ടിയാ എന്റെ കൈ വാതിലിൽ കുടുക്കിയത്..."

നമ്മള് അത് പറഞ്ഞപ്പോ തന്നെ ഹസിയും ശാലുവും സൽമയും ഒക്കെ കൂടി ആദിനോട് ഓരോന്ന് പറഞ്ഞ് ഓന്റെ കാതടപ്പിക്കുന്നത് കണ്ടപ്പോ നമ്മക്ക് ചിരി വന്നു....

"അല്ലാ... എന്നിട്ട് അവൻ എവിടെ ആ സാലിം....? ജീവനോടെ ഉണ്ടോ... അതോ തീർന്നോ....?"

എന്ന് അൻസിക്ക ആദിയോട് ചോദിച്ചപ്പോ ഓൻ ഒന്ന് പുഞ്ചിരി തൂകി കൊണ്ട് എന്റെ അടുത്ത് വന്ന് ഇരുന്നു...

"ഇനി അവൻ ഞങ്ങളെ എന്നല്ല ആരുടേയും ലൈഫിലേക്ക് കടന്ന് വരില്ല... അവന്റെ ചാപ്റ്റർ ഇന്നത്തോടെ ക്ലോസായി...."

ആദി അതും പറഞ്ഞ് എല്ലാവരെയും നോക്കി ചിരിച്ചപ്പോഴാണ് നിസൂക്ക നമ്മളെ ഐഷു പൂച്ചയെയും കൊണ്ട് റൂമിലേക്ക് വരുന്നത് കണ്ടത്... നമ്മക്ക് ആ കാഴ്ച്ച കണ്ടതും സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞ് പോയി... നമ്മളെ ഐശൂന്റെ തലയിൽ ഒരു കെട്ടും കെട്ടി നിസൂക്ക നമ്മളെ അടുത്തേക്ക് അതിനെ കൊണ്ട് വന്നപ്പോ നമ്മളതിനെ കെട്ടിപ്പിടിച്ച് ഒരുപാട് ഉമ്മ കൊടുത്തു....

ആദി പറഞ്ഞിട്ട് നിസൂക്ക ഐശൂനെ വെറ്റിനറി ഹോസ്പിറ്റലിൽ കാണിച്ചിട്ട് വരുന്ന വഴിയാണെന്നും അവൾക്കിപ്പോ ഒരു കുഴപ്പവുമില്ലെന്നും കേട്ടപ്പോഴാണ് നമ്മക്ക് സമാധാനായത്....

"എടാ ആദി... ഞാൻ ഇങ്ങോട്ട് വരുന്ന വഴിക്ക് ആ സാലിമിന്റെ ബോഡി റോഡിൽ ചോരയിൽ കുളിച്ച്

കിടക്കുന്നത് കണ്ടു.... എന്താ സംഭവിച്ചേ....?"

നിസൂക്ക ചോദിച്ചത് കേട്ട് ഞങ്ങള് എല്ലാവരും ആദിയെ തിരിഞ്ഞ് നോക്കിയപ്പോ ഒന്നും അറിയാത്ത പോലെ ആദി എന്റെ കയ്യീന്ന് ഐഷുവിനെ വാങ്ങി കൊഞ്ചിച്ചിട്ട് ഞങ്ങളെ എല്ലാവരുടെയും മുഖത്തേക്ക് നോക്കി...

"നിങ്ങള് എല്ലാവരും എന്നെ ഇങ്ങനെ നോക്കുന്നത് കണ്ടാൽ തോന്നും ഞാൻ എന്തോ ചെയ്തതാണെന്ന്...."

"പിന്നെ.... നീയല്ലാതെ വേറെ ആരാ അവനെ കൊന്നത്...?" കാക്കുവാണ്.

"അത് എനിക്ക് അറിയില്ല സിയാദേ... പക്ഷെ അത് ആരായാലും അയാളോട് നമ്മക്ക് തീർത്ത തീരാത്ത കടപ്പാട് വേണം...."

"ആദി... നീ ഉരുണ്ട് കളിക്കാതെ കാര്യം പറ...."നമ്മളാണ്.

"എന്റെ ഭാര്യേ... നീ ഇങ്ങനെ ടെൻഷൻ അടിക്കല്ലേ... അത് നിനക്ക് തന്നെയാ കേട്..."

"ആദി കൊഞ്ചാതെ എന്താ സംഭവിച്ചതെന്ന് പറ...."

"ഓക്കേ... ഓക്കേ... പറയാം....

നിന്നെയും കൊണ്ട് ഹോസ്പിറ്റലിലേക്ക് വരുന്ന വഴിയിൽ വെച്ച് ഞാനും കണ്ടതാ അവൻ ചോരയിൽ കുളിച്ച് ഡെഡ് ബോഡിയായി റോഡിൽ കിടക്കുന്നത്... ആരാ എന്താ എന്നൊന്നും അറിയില്ല... ഇടിച്ചിട്ടിട്ട് നിർത്താതെ ഒരു കാർ ചീറി പാഞ്ഞ് പോയെന്ന് മാത്രം അവിടെ കൂടി നിന്നവര് പറയുന്നത് കേട്ടു...

ചിലപ്പോ അവൻ ചെയ്ത തെറ്റുകളുടെ ഫലമാകാം ഇങ്ങനെ ഒരു മരണം... എന്തായാലും നമുക്ക് ഒക്കെ ഇനി സമാധാനത്തോടെ ജീവിക്കാലോ അതിനെ കുറിച്ച് ആലോചിച്ച് എല്ലാവരും സന്തോഷിക്കാൻ നോക്ക്..."

"ആദി... അപ്പൊ സാലിമിനെ ആരാ വണ്ടിയിടിച്ചതെന്ന് നിനക്ക് അറിയില്ലേ...?"

സൽമ ചോദിക്കുന്നത് കേട്ടിട്ട് എനിക്ക് അറിയില്ലെന്ന് ആദി ആംഗ്യം കാണിക്കുന്നത് കണ്ടപ്പോ നമ്മക്ക് അത് അങ്ങോട്ട് പൂർണ്ണമായും വിശ്വസിക്കാൻ തോന്നിയില്ല... കാരണം നമ്മളെ കെട്ട്യോൻ അല്ലെ... നമ്മളിൽ നിന്നൊക്കെ ഒരുപാട് രഹസ്യങ്ങൾ മൂടി വെക്കാൻ നല്ല മിടുക്കുള്ള പാർട്ടി... അതോണ്ട് കുടിച്ച വെള്ളത്തിൽ പോലും വിശ്വസിക്കാൻ പറ്റില്ല... അതോണ്ട് അവൻ പറഞ്ഞത് നമ്മള് മാത്രം അപ്പാടെ വിഴുങ്ങിയിട്ടില്ലേന്നു...

അങ്ങനെ സാലിം ചാപ്റ്റർ ഒക്കെ എല്ലാവരും അതോട് കൂടി സംസാരിക്കുന്നത് നിർത്തിയിട്ട് സനയെയും അഖിലയെയും നാട്ടിലേക്ക് വരുത്തിക്കാൻ ഉള്ള പ്ലാനിനെ കുറിച്ച് സംസാരിച്ച് ഇരുന്നു... അവര് രണ്ട് പേരും ഇപ്പോ കെട്ട്യോന്മാരെ കൂടെ ദുബായിലാണ്...

രണ്ട് പേർക്കും വിശേഷം ഉള്ള സ്ഥിതിക്ക് അവിടന്ന് ഇങ്ങോട്ട് കൊണ്ട് വരാൻ ആണ് എല്ലാവരുടെയും തീരുമാനം....

"അല്ലാ ഫെബിയെ... നിനക്കും വേണ്ടേ ഞങ്ങളെ പോലെ വയറും വീർപ്പിച്ച് നടക്കാൻ ഒരു അവസരം... അതോ ഇതുപോലെ ഒക്കെ അങ്ങനെ നടക്കാൻ തന്നെയാണോ രണ്ടിന്റെയും പ്ലാൻ...?"

ഹസി ചോദിക്കുന്നത് കേട്ട് നമ്മള് ഒന്നും മിണ്ടാതെ തലയും താഴ്ത്തി നിന്ന് ആദിയെ ഇടങ്കണ്ണിട്ട് നോക്കിയപ്പോ ആദി ഒരു കള്ളച്ചിരി പാസാക്കി കൊണ്ട് എന്നിലേക്ക് ഒട്ടി ഇരുന്നു....

"ഇവൾക്ക് സമ്മതം ആണെങ്കിൽ ദേ വേണേൽ ഇവള് ഇപ്പോ തന്നെ പ്രെഗ്നന്റാകും..."

"അത് വേണോ മോനെ ആദി... ഞങ്ങള് ഇവിടന്ന് പോയിട്ട് വീട്ടിൽ വെച്ചൊക്കെ പോരെ..."

എന്ന് അൻസിക്ക പറയുന്നത് കേട്ടതും നമ്മളെ തൊലിയുരിഞ്ഞ പോലെ തോന്നി പോയി... അവറ്റകൾ ഒക്കെ കൂടി ആദി പറയുന്നത് കേട്ടിട്ട് ആണെങ്കിൽ ഹലാക്കിലെ കളിയാക്കലും ചിരിയുമാണ്...

അപ്പോഴാണ് അങ്ങോട്ട് ഡോക്ടർ കേറി വന്നത്... നമ്മളെ പൾസും ബിപിയും ഒക്കെ ചെക്ക് ചെയ്തിട്ട് ഒരു റെസിപ്റ്റ് എഴുതി ആദിക്ക് നേരെ നീട്ടി...

" ആദിൽ ഈ മരുന്ന് പെട്ടെന്ന് വാങ്ങണം... പിന്നെ ശ്രീജ ഡോക്ടർ പറഞ്ഞത് ഒക്കെ ഓർമ്മയുണ്ടല്ലോ... നല്ലോണം റസ്റ്റ് വേണ്ട ടൈമാണ് ഇപ്പൊ... അതോണ്ട് അധികം സ്ട്രൈൻ ചെയ്യിക്കണ്ട... കയ്യിലെ മുറിവുള്ളത് കൊണ്ട് റെസ്റ്റിലൊക്കെ ഒരു കൺട്രോൾ ഉണ്ടാകുമല്ലോ അല്ലെ...?"

"എസ് ഡോക്ടർ... എന്തായാലും കുറച്ച് ദിവസം ലീവ് എടുത്തിട്ട് ഇവളെ കൂടെ തന്നെ സ്പെൻഡ് ചെയ്യാനാ എന്റെ തീരുമാനം...."

"ഗുഡ്... ഈ സമയത്ത് ഭാര്യയുടെ അടുത്ത് ഭർത്താവിന്റെ സാമീപ്യം ഉണ്ടാകുന്നത് എന്ത് കൊണ്ടും നല്ലതാ... മരുന്നൊക്കെ കൃത്യ സമയത്ത് തന്നെ കൊടുക്കണം... നല്ലോണം റസ്റ്റ് എടുക്കണം.. ഭാരിച്ച

പണിയൊന്നും ചെയ്യിക്കണ്ട... എന്തായാലും നാളെ ഡിസ്ചാർജ് ചെയ്ത് പോകുന്നതിന് മുൻപ് ഡോക്ടർ ശ്രീജയെ പോയി കാണുന്നത് നന്നായിരിക്കും..."

"ഓക്കേ ഡോക്ടർ... അങ്ങനെ തന്നെ ചെയ്തോളം..."

എന്ന് ആദി പറഞ്ഞപ്പോ ആ ഡോക്ടർ എന്നെ നോക്കി ചിരിച്ചിട്ട് റസ്റ്റ് എടുക്കാൻ പറഞ്ഞ് അവിടന്ന് പോയി... ഡോക്ടറും ആദിയും കൂടി സംസാരിക്കുന്നത് കേട്ടിട്ട് ഒന്നും മനസ്സിലാകാതെ നമ്മളും നമ്മളെ ഗാങ്ങും കൂടി ആദിയെ തന്നെ ഉറ്റു നോക്കിയപ്പോ ഓൻ മരുന്ന് വാങ്ങി വരാമെന്ന് പറഞ്ഞ് അവിടന്ന് മുങ്ങാൻ നോക്കി...

പക്ഷെ അപ്പോഴേക്കും നമ്മളെ ബ്രദേഴ്സ് ഓനെ അവിടെ പിടിച്ച് നിർത്തിയിട്ട് ഓന്റെ ചുറ്റും നിന്നു....

"എന്തൊക്കെയാടാ ഡോക്ടർ പറഞ്ഞിട്ട് പോകുന്നത്...? ഇവൾക്കെന്താ ശരിക്കും പ്രോബ്ലം...? കയ്യിലെ ഈ മുറിവല്ലാതെ അവൾക്ക് മറ്റെന്തെങ്കിലും പ്രശ്നമുണ്ടോ...?" കാക്കുവാണ്.

"ഏയ്.... അവൾക്ക് അങ്ങനെ പ്രത്യേകിച്ച് പ്രശ്നം ഒന്നുമില്ല...."

"പിന്നെ എന്തിനാ ആ ഡോക്ടർ അങ്ങനെ ഒക്കെ പറഞ്ഞത്...?" ഹസിയാണ്.

"അത് അവളോട് റസ്റ്റ് എടുക്കാൻ പറഞ്ഞതല്ലേ...."

"അതിന് എന്തിനാ നീ ഇവളെ കൂടെ തന്നെയുള്ളതാ നല്ലതെന്ന് പറയുന്നേ... സത്യം പറയെടാ തെണ്ടി... എന്താ ഇവൾക്ക്...?" അൻസിക്കയാണ്.

"ഹോ... എന്റെ അൻസി.... നിങ്ങളെ ഒക്കെ ഈ കെട്ട്യോളുമാർക്ക് എന്താണോ ഉള്ളത് അത് തന്നെയാ അവൾക്കും..."

ആദി പറയുന്നത് ഒന്നും മനസ്സിലാകാതെ ഞാനടക്കം എല്ലാവരും അവനെ തന്നെ ഉറ്റു നോക്കി കൊണ്ടിരുന്നപ്പോ ആദി ചിരിച്ചോണ്ട് എന്റെ അടുത്ത്

വന്നിരുന്നു...

എന്നിട്ട് നമ്മളെ കൈ പിടിച്ച് നമ്മളെ വയറ്റിൽ വെച്ചിട്ട് ഓൻ നമ്മളെ നോക്കി സൈറ്റടിച്ചു...

ഓൻ കാണിക്കുന്നത് കണ്ടിട്ട് എനിക്ക് ചിരിക്കണോ കരയണോ എന്ന് അറിയാൻ പാടില്ലാത്ത ഒരു അവസ്ഥ വന്നു... നമ്മള് ഓനെ നോക്കി കൊണ്ട് ആണോ എന്ന് തലയാട്ടിയപ്പോ ഓൻ അതെ എന്ന് കണ്ണിറുക്കി കാണിച്ച് തന്നതും നമ്മള് ആദിയെ പരിസരം മറന്ന് കെട്ടിപ്പിടിച്ചു...

അത് കണ്ട് കാര്യം പിടി കിട്ടിയ നമ്മളെ ചങ്കുകൾ ഒക്കെ കൂടി എസ് എന്ന് പറഞ്ഞ് അവര് പരസ്പരം കെട്ടിപ്പിടിച്ച് സന്തോഷം കൊണ്ട് തുള്ളിച്ചാടി... നമ്മക്ക് ആണെങ്കിൽ സന്തോഷം കൊണ്ട് എന്തൊക്കെയാ ചെയ്യേണ്ടതെന്ന് ഒരു പിടിയും കിട്ടുന്നില്ല...

ഈയൊരു നിമിഷത്തിന് വേണ്ടി ഞാൻ ഒരുപാട് ആഗ്രഹിച്ചിട്ടുണ്ട്... എന്റെ ആഗ്രഹം ഇന്നത്തോടെ പടച്ചോൻ നിറവേറ്റി തന്നിരിക്കാണ്... എന്റെ ഉള്ളിൽ മറ്റൊരു ജീവൻ കൂടി തുടിച്ച് കൊണ്ടിരിക്കുന്നു...

എന്റെയും ആദിയുടെയും കുഞ്ഞ്... എനിക്ക് ഇതിൽപ്പരം ഇനിയെന്ത് സന്തോഷാ വേണ്ടത്....

"എടാ ആദി തെണ്ടി... എന്നാലും നീയിത് ഞങ്ങളോട് മറച്ച് വെച്ചിട്ട് എന്തൊക്കെ നാടകമാടാ കളിച്ചത്...?" കാക്കുവാണ്.

"നമ്മളോ പോട്ടെ എന്ന് വെക്കാം... ദേ ഇവളെ പോലും അറിയിക്കാതെ ഈ തെണ്ടി കാണിച്ച് കൂട്ടിയതോ..." നിസൂക്കയാണ്.

"അത് ഞാൻ എന്റെ കെട്ട്യോൾക്ക് ഒരു സർപ്രൈസ് കൊടുക്കാൻ വേണ്ടി മറച്ച് വെച്ചതല്ലേ... പക്ഷെ അപ്പോഴേക്കും ആ ഡോക്ടർ ഇടയിൽ കേറി വന്ന് എല്ലാം കുളമാക്കി... ഇല്ലേൽ ഇവളെ ഞാൻ ഇത് ഇപ്പോഴൊന്നും അറിയിക്കില്ലായിരുന്നു...."

ആദി നമ്മളെ ഇടങ്കണ്ണിട്ട് നോക്കി കൊണ്ട് അങ്ങനെ പറഞ്ഞപ്പോ നമ്മക്ക് ഓനോട് ദേഷ്യം വന്നെങ്കിലും നമ്മളെ കുഞ്ഞിന്റെ വാപ്പയല്ലേ എന്ന് കരുതി വെറുതെ

വിട്ടു...

"എന്നാലും ഇത് വല്ലാത്ത കഥയായി പോയി... സാധാരണ ഭാര്യമാരാ ഭർത്താക്കന്മാരോട് താൻ ഗർഭിണിയാണെന്ന് അറിയിക്കാറ്... ഇവിടെ അത് നേരെ മറിച്ചാണല്ലോ സംഭവിച്ചത്..."

അരുൺ പറയുന്നത് കേട്ട് അവരൊക്കെ കൂടി ചിരിച്ചോണ്ട് നമ്മളെ അടുത്തേക്ക് വന്നു... എന്നിട്ട് അച്ചുവും ഹസിയും ശാലുവും സൽമയുമൊക്കെ നമ്മളെ കെട്ടിപ്പിടിച്ച് ഉമ്മ വെച്ചു...

"ഹാ... ഇനി ഇവിടെയുള്ള ഈ ഭർത്താക്കന്മാരൊക്കെ അങ്ങ് വെളിയിലേക്ക് വന്നേ... അവരിനി കുറച്ച് നേരം തനിച്ച് ഇരുന്നോട്ടെ...."

എന്ന് പറഞ്ഞ് സൽമ അൻസിക്കാനെ പിടിച്ച് വലിച്ച് പുറത്തേക്ക് കൊണ്ട് പോയപ്പോ മൂപ്പര് ആദിയോട് ചെലവിനെ കുറിച്ച് പറയായിരുന്നു... നിസൂക്ക ആണെങ്കിൽ മരുന്ന് മൂപ്പര് വാങ്ങി കൊണ്ട് തരാമെന്ന്

പറഞ്ഞും ഹസിയേയും കൊണ്ട് ഇറങ്ങി പോയി... പിന്നാലെ ബാക്കി ഉള്ളവരും അവിടന്ന് ഇറങ്ങി പോയപ്പോ റൂം ആകെ ഒരു നിശബ്ദത പടർന്നു...

ആദി അപ്പൊ എന്റെ അടുത്ത് വന്ന് ഇരുന്നിട്ട് നമ്മളെ കയ്യിൽ ഒരുമ്മ തന്ന് നമ്മളെ മുഖത്തേക്ക് നോക്കിയതും നമ്മള് ഓനെ രൂക്ഷമായി നോക്കാൻ തുടങ്ങി...

നമ്മളെ നോട്ടം കണ്ടിട്ട് ഓൻ നമ്മളെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കിയതും ഓന്റെ മോന്തയടക്കി നമ്മളൊന്ന് പൊട്ടിച്ചു...

അടി കിട്ടിയതും കവിളത്ത് കയ്യും വെച്ച് നമ്മളെ കണ്ണും മിഴിച്ച് ഓൻ നോക്കുന്നത് കണ്ടപ്പോ ഓന്റെ താടി പിടിച്ച് ഒരു വലിയങ്ങ് കൊടുത്തു... ഓൻ വേദന കൊണ്ട് സരിഗമ പാടുന്നത് കേട്ടിട്ട് നമ്മക്ക് ചിരി വന്നു...

"എടി ഭാര്യേ... നിനക്ക് എന്താടി ഭ്രാന്ത് പിടിച്ചോ... എന്തിനാ വെറുതെ എന്നെ തല്ലുന്നേ...? നീയൊരു ഉമ്മയാകാൻ പോകാണെന്ന സന്തോഷ വാർത്ത കേൾക്കുമ്പോ നീ എന്നെ സന്തോഷം കൊണ്ട് ഉമ്മ

വെക്കുമെന്ന് കരുതി നിക്കുമ്പോ നീയെന്റെ കരണം പുകച്ചല്ലോ..."

"പിന്നെ ഞാൻ നിന്നെ എന്താ വേണ്ടത്...? കെട്ടിപ്പിടിച്ച് ഉമ്മ വെക്കണോ... അതോ മറുപടി തരണോ...?

എന്തിനാടാ കോന്താ എന്നോട് ഈ കാര്യം മറച്ച് വെച്ചത്...? ഇങ്ങനെ ഉള്ള കാര്യങ്ങൾ ഒക്കെ ആരെങ്കിലും മറച്ച് വെക്കാൻ ശ്രമിക്കോ...? അപ്പോ അങ്ങനെ ചെയ്ത നിന്നെ പിന്നെ ഞാൻ മടിയിൽ ഇരുത്തി കൊഞ്ചിക്കണോ....?"

"ഹോ.... എന്റെ ഐഷൂ... നീയിങ്ങനെ ഹീറ്റ് ആകല്ലേ പെണ്ണെ.... ദേ വേറെ ഒരാള് കൂടി നിന്റെ വയറ്റിലുള്ളത് ഓർമ്മ വേണം... അതോണ്ട് വല്ലാണ്ട് തുള്ളി കളിയ്ക്കാൻ ഒന്നും നിൽക്കണ്ട...."

എന്ന് പറഞ്ഞ് ആദി നമ്മളെ വയറ്റിൽ കൈ വെച്ചതും നമ്മള് ഓന്റെ കയ്യിനൊരു തട്ട് കൊടുത്തു....

"നീ ഒരു ഫ്രോഡാ... എപ്പോഴും ആൾക്കാരെ പറ്റിക്കാൻ

നടക്കുന്ന സാധനം... എന്തായാലും നിന്നെ പോലെ ഞാൻ എന്റെ മോനെ വളർത്തില്ല..."

"ഹോ... അപ്പോ മോൻ ആണെന്ന് നീയങ്ങ് ഉറപ്പിച്ചോ...?"

"ഹാ ഉറപ്പിച്ചു... ഇത് മോൻ തന്നെയാ... അതോണ്ട് ഓനെ ഞാൻ വാപ്പാനെ പോലെ വളർത്താൻ തീരെ ഉദ്ദേശിച്ചിട്ടില്ല...

എന്റെ ഉള്ളിൽ ഇങ്ങനെ ഒരു ജീവൻ തുടിക്കുന്ന കാര്യം എന്നാലും എന്നോട് മറച്ച് വെക്കാൻ നിനക്ക് എങ്ങനെ തോന്നി...?"

എന്ന് പറഞ്ഞ് നമ്മള് ചുമ്മ കണ്ണ് നിറച്ചപ്പോ ആദി നമ്മളെ കണ്ണ് തുടച്ചിട്ട് നമ്മളെ നെറ്റിയിൽ ഉമ്മ വെച്ചു...

"എടി പെണ്ണേ... ഞാൻ പോലും അത് അറിഞ്ഞത് നിന്നെ ഇങ്ങോട്ട് കൊണ്ട് വന്നതിൽ പിന്നെയാ...

നീ തല കറങ്ങി വീണതും നിനക്ക് ക്ഷീണം

ഉണ്ടായതുമൊക്കെ ടെൻഷൻ അടിച്ചിട്ടും കൈ മുറിഞ്ഞിട്ടും മാത്രമല്ലെന്ന് ഡോക്ടർ പറഞ്ഞപ്പോ എനിക്ക് ഉണ്ടായ സന്തോഷം അത് നിന്നെ കൂടി ഒരു സർപ്രൈസിലൂടെ അറിയിക്കണമെന്ന് ഞാൻ കരുതി...

പക്ഷെ അപ്പോഴേക്കും അത് ഇങ്ങനെയൊക്കെ അങ്ങ് ആയി തീർന്നു പോയി....

എന്നോട് ക്ഷമിക്ക് എന്റെ ഭാര്യേ...."

എന്ന് പറഞ്ഞ് ആദി നമ്മളോട് കെഞ്ചുന്നത് കണ്ടപ്പോ ഇതുവരെ പിടിച്ച് വെച്ച എല്ലാ ദേഷ്യവും അങ്ങ് കാറ്റിൽ പറത്തി വിട്ട പട്ടം പോലെ എങ്ങോ പാറി പോയി...
എന്നിട്ട് ആദിയെ കെട്ടിപ്പിടിച്ചിട്ട് ഓന്റെ കവിളിലും നെറ്റിയിലുമൊക്കെ ഉമ്മകൾ കൊണ്ട് പൊതിഞ്ഞ് അവന്റെ നെഞ്ചിൽ തല ചായ്ച്ചു കിടന്നു...

അന്ന് തന്നെ നമ്മളെ ഉമ്മച്ചിയും ഉപ്പച്ചിയും ഷാദിയും കൂടി ഹോസ്പിറ്റലിലേക്ക് വന്ന് നമ്മളെ കണ്ടു...
അവരോട് കൈ മുറിഞ്ഞത് അറിയാതെ വാതിലിനിടയിൽ കുടുങ്ങിയത് ആണെന്ന് കള്ളം പറഞ്ഞു... പിന്നെ അതിനെ പറ്റി കൂടുതൽ കാര്യങ്ങൾ ചോദിക്കുന്നതിന് മുന്നേ തന്നെ ആ സന്തോഷ വാർത്ത

അവരെ കൂടെ അങ്ങ് അറിയിച്ചതും ഷാദി അപ്പൊ തന്നെ ആദിയെ കെട്ടിപ്പിടിച്ച് ആദിയോട് കൺഗ്രാറ്റ്സ് പറയുന്നത് കേട്ടപ്പോ ഞങ്ങള് എല്ലാവരും കൂടി പൊരിഞ്ഞ ചിരി ആയിരുന്നു....

പിന്നെ ഉമ്മച്ചിയും ഉപ്പച്ചിയും ഷാദിയുമൊക്കെ നമ്മളെ അടുത്ത് നിന്ന് മാറാതെ എന്നെയും ആദിയെയും ഒപ്പം പിടിച്ചിരുത്തി അവരെ സന്തോഷങ്ങൾ പങ്ക് വെക്കാൻ തുടങ്ങി... സിനു കോളേജ് ട്രിപ്പ് പോയതാണെന്ന് ഉമ്മച്ചി പറഞ്ഞപ്പോ തന്നെ ഞാൻ ആദിയെ നോക്കി ഒന്ന് ചിരിച്ചു....

കാര്യം മനസ്സിലാക്കിയ പോലെ ഒന്ന് ചിരിച്ചിട്ട് ആദി അവിടന്ന് ഫോണും കൊണ്ട് എണീറ്റ് പോയി... കുറച്ച് കഴിഞ്ഞപ്പോ ഒരു പരിഭ്രാന്തിയോടെ ആദി വന്നിട്ട് ഞങ്ങളെയൊക്കെ മാറി മാറി നോക്കി...

"എന്താ ആദി...? എന്താ പറ്റിയെ...? സിനുവിനും ആഷിക്കും വിളിച്ചില്ലേ....?"

നമ്മളെ ചോദ്യം കേട്ടതും ആദി തല താഴ്ത്തി നിന്നിട്ട് എന്തോ ഒന്ന് പറയാൻ തുനിഞ്ഞതും ഷാദിന്റെ ഫോൺ റിങ് ചെയ്തു... ഓൻ കോൾ അറ്റൻഡ് ചെയ്തിട്ട് ഞങ്ങളെ നോക്കുന്നത് കണ്ടപ്പോ എന്റെ ഉള്ളിൽ ടെൻഷൻ കൂടാൻ തുടങ്ങി.....

(തുടരും)

ഭാഗം.134

(അവസാന ഭാഗം)

"എന്താ ആദി...? എന്താ പറ്റിയെ...? സിനുവിനും ആഷിക്കും വിളിച്ചില്ലേ....?"

നമ്മളെ ചോദ്യം കേട്ടതും ആദി തല താഴ്ത്തി നിന്നിട്ട് എന്തോ ഒന്ന് പറയാൻ തുനിഞ്ഞതും ഷാദിന്റെ ഫോൺ റിങ് ചെയ്തു... ഓൻ കോൾ അറ്റൻഡ് ചെയ്തിട്ട്

ഞങ്ങളെ നോക്കുന്നത് കണ്ടപ്പോ എന്റെ ഉള്ളിൽ ടെൻഷൻ കൂടാൻ തുടങ്ങി.....

"എന്താടാ ഷാദി... എന്താ പറ്റിയെ...? ആരാ വിളിച്ചേ...? നിങ്ങള് രണ്ട് പേരും എന്താ ഒന്നും മിണ്ടാത്തെ....?"

എന്ന് പറഞ്ഞ് ഞാൻ കരയാൻ തുടങ്ങിയപ്പോ ഉമ്മച്ചിയും ആദിയും കൂടി എന്റെ അടുത്തേക്ക് വന്നു...

"ഐഷു നീ കരയല്ലേ... പേടിക്കുന്ന പോലെ ഒന്നുമില്ല.... നീ വെറുതെ കരഞ്ഞ് ഓരോന്ന് വരുത്തി വെക്കല്ലേട്ടോ...."

"എന്താ മോനെ... എന്താ പറ്റിയെ...? സിനുവും ആഷിയും എന്താ പറഞ്ഞെ...?" ഉപ്പച്ചിയാണ്.

"അത്... പിന്നെ..."

ആദി പറയാൻ വന്നത് പൂർത്തിയാക്കാൻ

സമ്മതിക്കാതെ ഷാദി അപ്പോഴേക്കും ഉപ്പച്ചിന്റെ അടുത്തേക്ക് നീങ്ങി ചെന്നു...

"നമ്മളെ സിനൂനെയും ആഷിയെയും ടൂർ പോയ സ്ഥലത്ത് വെച്ച് കാണാതായി ഉപ്പാ..."

ഷാദി പറയുന്നത് കേട്ട അപ്പൊ തന്നെ നമ്മളെ കരച്ചില് നിന്നു... ഞാൻ കണ്ണ് തുടച്ച് ആദിയെ നോക്കിയപ്പോ ഓൻ തല ചൊറിയുന്ന പോലെ കൈ കൊണ്ട് പോയിട്ട് നമ്മളെ ഇടങ്കണ്ണിട്ട് നോക്കി ചിരിച്ചു... അപ്പോഴാ നമ്മക്ക് സത്യം പറഞ്ഞാൽ സമാധാനം ആയത്...

"ന്റെ റബ്ബേ.... അവര് രണ്ട് പേരും എങ്ങോട്ടാകും പോയത്...?"

നമ്മളെ ഉമ്മച്ചി നെഞ്ചത്ത് കൈ വെച്ച് അലമുറയിടാൻ തുടങ്ങിയപ്പോ തന്നെ നമ്മള് ഉമ്മച്ചിനെ ആശ്വസിപ്പിക്കാൻ നോക്കി...

"ഉമ്മാ... പേടിക്കണ്ട... അവർക്ക് ഒന്നും പറ്റില്ല... ആഷിയുണ്ടല്ലോ കൂടെ... അവര് ഒരു കുഴപ്പവും ഇല്ലാതെ ഇങ്ങ് എത്തിക്കോളും...."

നമ്മള് അതും പറഞ്ഞ് ആദിയെ നോക്കി ഉമ്മച്ചിന്റെ അടുത്തേക്ക് വരാൻ സിഗ്നൽ കൊടുത്തു... അപ്പോ തന്നെ ആദി ഉമ്മച്ചിന്റെ അടുത്തേക്ക് വന്നു...

"ഉമ്മാ എന്ത് കൊണ്ടും പേടിക്കണ്ട... അവർക്ക് ഒന്നും പറ്റില്ല... ഐഷു പറഞ്ഞ പോലെ ആഷി ഉണ്ടല്ലോ കൂടെ... അവര് സേഫ് ആയിട്ട് ഇവിടേക്ക് എത്തിക്കോളും..."

അപ്പോ തന്നെ ആദിന്റെ ഫോൺ റിങ് ചെയ്തതും ഓൻ ഫോണിലേക്ക് നോക്കിയിട്ട് ആഷിയാണെന്ന് പറഞ്ഞിട്ട് അവിടന്ന് പുറത്തേക്ക് ഇറങ്ങി പോയി...

രണ്ടും കൂടി ട്രിപ്പിന് പോയിട്ട് അവിടന്ന് മുങ്ങിയതാകുമെന്ന് നമ്മക്ക് നല്ലോണം ഉറപ്പുള്ളത് കൊണ്ടാ ടെൻഷൻ ഒന്നും ഇല്ലാത്തത്... അവരെ പ്രായം

കഴിഞ്ഞിട്ടല്ലേ നമ്മളും ഇവിടം വരെ എത്തിയത്... അപ്പോ സ്വാഭാവികമായും എന്താകും ഉണ്ടാവുക എന്ന് നല്ലോണം മനസ്സിലാക്കാൻ പറ്റും....

"ഞാൻ പറഞ്ഞില്ലേ ഉമ്മാ അവർക്ക് ഒരു കുഴപ്പവും ഉണ്ടാകില്ലാന്ന്... സിനു എന്തോ വാങ്ങാൻ വേണ്ടി ഒരു കടയിൽ കയറിയത് ആണത്രേ, അവിടന്ന് ഓളെ ഫ്രണ്ട്സ് എങ്ങോട്ടാ പോയതെന്ന് അവള് കണ്ടില്ല... അപ്പോ ഓള് അവരെ തിരഞ്ഞ് വേറെ എങ്ങോട്ടോ പോയതാ... പിന്നെ അവളെ കാണാതായത് അറിഞ്ഞ് ആഷി ഓളെ തിരഞ്ഞ് പോയി ഓളെയും കൊണ്ട് ഇപ്പോ തിരിച്ചെത്തി എന്ന് വിളിച്ച് പറഞ്ഞു... നാളെ രാവിലെ അവര് നാട്ടിലെത്തും...

ഇപ്പോ സമാധാനം ആയില്ലേ എല്ലാവർക്കും..."

ആദി റൂമിലേക്ക് കേറി വന്നിട്ട് ഇതൊക്കെ പറഞ്ഞ് തീർന്നതും ഉമ്മച്ചി കണ്ണ് തുടച്ചിട്ട് പടച്ചോനോട് നന്ദി പറഞ്ഞു...

"ഹോ... ഒരു മിനിറ്റ് ഓള് എല്ലാവരെയും തീ തീറ്റിച്ച് കളഞ്ഞല്ലോ... വരട്ടെ ഓള് ഇങ്ങട്ട്... ഓൾക്ക് ഞാൻ

വെച്ചിട്ടുണ്ട്...

ദേ ഇക്കാ... ഇവളെ കെട്ടിച്ച് വിടാൻ ലേറ്റ് ആയ പോലെ ഒന്നും സിനൂന്റെ കാര്യത്തിൽ നടക്കാൻ പാടില്ല...

ഇപ്പോ തന്നെ പെണ്ണിന് 18 വയസ്സ് കഴിഞ്ഞു... അതോണ്ട് എത്രെയും പെട്ടെന്ന് ഓളെ കല്യാണം അങ്ങ് നടത്തണം... ഇൻക്ക് വയ്യ ഇനിയും ഓളെ കാര്യത്തിൽ ടെൻഷൻ അടിക്കാൻ...."

ഉമ്മച്ചി ഉപ്പച്ചിനോട് പറയുന്നത് കേട്ടിട്ട് ഞാൻ ആദിയെ നോക്കിയപ്പോ ഓൻ നമ്മളോട് എന്താ ചെയ്യാ എന്ന് ആംഗ്യം കാണിച്ചു... ഞാൻ അപ്പോ തന്നെ ആഷിയെ പറ്റി പറ എന്ന് ആദിയോട് കണ്ണ് കൊണ്ട് ആംഗ്യം കാണിച്ചപ്പോ ഓൻ പറ്റില്ലെന്ന് തലയാട്ടി...

ഞാൻ ഓനെ തുറുക്കനെ നോക്കി കൊണ്ട് പറയ്... പറയ് എന്ന് ഭീക്ഷണിപ്പെടുത്തി കണ്ണുരുട്ടി നോക്കിയിട്ടും ആദി ഞാൻ പറയൂല എന്ന് തലയാട്ടി നിന്നു... മിക്കവാറും കാര്യങ്ങൾക്ക് ഇനി നമ്മള് തന്നെ മുൻകൈ എടുക്കേണ്ടി വരുമെന്ന് ഉറപ്പായതും നമ്മള് അത് ഉമ്മച്ചിനോട് പറയാൻ തീരുമാനിച്ചു...

"ഉമ്മാ...."

"ഏ്... എന്ത്യേ...? അനക്ക് എന്തേലും പറയാൻ ഉണ്ടോ...?"

"ആ... ഉണ്ട്...."

നമ്മള് പറയുന്നത് കേട്ടിട്ട് ഉമ്മച്ചി എന്തെ എന്ന രീതിയിൽ നമ്മളെ നോക്കിയപ്പോ തന്നെ ഷാദിന്റെ ഫോൺ റിങ് ചെയ്തു... ഓൻ ആ ഫോണിലേക്ക് നോക്കിയിട്ട് ഞങ്ങളെ ഒക്കെ ഒന്ന് നോക്കി ഒരു വളിച്ച ഇളി പാസാക്കി റൂമിൽ നിന്ന് ഇറങ്ങി പോയി... അപ്പോ തന്നെ ആരാ വിളിച്ചതെന്ന് നമ്മക്ക് മനസ്സിലായി...

"ഡി... അനക്ക് എന്താ പറയാൻ ഉള്ളെ...?"

"അ... അത്.... നമ്മളെ സിനു...."

"ഹാ... നമ്മളെ സിനു.... ഓൾക്ക് എന്താ?"

"അല്ല... ഓൾക്ക് ഒന്നൂല്യ... ഓളെ കല്യാണത്തിനെ കുറിച്ചാ ഇൻക്ക് പറയാൻ ഉള്ളത്...."

"ഓളെ കല്യാണക്കാര്യത്തെ കുറിച്ച് ഞാൻ പറഞ്ഞല്ലോ... ഓൾക്ക് ഒരു ചെക്കനെ ഞാൻ കണ്ട് വെച്ചിട്ടുണ്ട്... നമ്മളെ അച്ചു ഇല്ലേ... ഓളെ കല്യാണത്തിന് കണ്ട് പരിചയപ്പെട്ടതാ... ഇൻക്ക് അവരെ കുടുംബത്തെ അങ്ങ് നന്നായി ബോധിച്ചു...

ചെക്കനും ഓളെ അവിടെ വെച്ച് കണ്ട് ഇഷ്ടായെന്നാ പറഞ്ഞത്... അതോണ്ട് ഓള് ടൂർ കഴിഞ്ഞ് വന്നിട്ട് ഓളെ വന്ന് കാണാൻ പറയണം..."

"അ... അത്... എന്താ ഉമ്മാ ഇത്ര പെട്ടെന്ന്.... അതല്ലാ... അവളെ സമ്മതം പോലും ചോദിച്ചില്ലല്ലോ... അവൾക്ക് പഠിപ്പ് പൂർത്തിയാക്കാൻ ഒക്കെ പൂതി ഉണ്ടെങ്കിലോ... ഓളെ മനസ്സിൽ ഇനി എന്താന്ന് പറയാൻ പറ്റില്ലല്ലോ..."

"ഓളെ മനസ്സിൽ എന്തായാലും ശരി ഈ കല്യാണം ഞങ്ങള് നടത്താൻ തീരുമാനിച്ചു... ഇൻക്കും അവരെ

നന്നായിട്ട് അറിയാം... പോരാത്തതിന് ഓൾക്ക് ഇനി പഠിക്കാൻ വല്ല പൂതിയും ഉണ്ടെങ്കിൽ തന്നെ അവര് കല്യാണം കഴിഞ്ഞാലും പഠിപ്പിക്കാൻ വിടുമെന്നാ പറഞ്ഞത്... പിന്നെ അതിനെ ചൊല്ലി ഈ ബന്ധം ഒഴിവാക്കാൻ പറ്റില്ല.. അതോണ്ട് അതൊക്കെ ഓക്കേ ആണ്...."

എന്നൊക്കെ ഉപ്പച്ചിയും കൂടി ഉമ്മച്ചിനെ സപ്പോർട്ട് ചെയ്ത് സംസാരിക്കാൻ തുടങ്ങിയപ്പോ തന്നെ ഇനി നമ്മള് ആയിട്ട് ഒന്നും പറഞ്ഞിട്ട് കാര്യമില്ലെന്ന് തോന്നി... ഞാൻ ആദിയെ നോക്കിയപ്പോ ഓൻ എല്ലാം ശരിയാകും എന്ന് നമ്മളെ നോക്കി കണ്ണിറുക്കി ചിരിച്ച് തന്നു...

●●●●●●●●●●●●●●●●●●●●

കുറച്ച് മണിക്കൂറുകൾക്ക് മുൻപ് മൈസൂരിൽ.....

"ഡാ ആഷി.... ഇന്നത്തോടെ നമ്മളെ ഇവിടത്തെ പൊറുതി തീർന്നു... നാളെ രാവിലെ തന്നെ നമ്മളെ നാട്ടിൽ എത്തുകയും ചെയ്യും... പിന്നെ നീ എങ്ങനെ സിനുവിനെ കൊണ്ട് പറയിക്കാനാ നിന്നെ ഇഷ്ടമാണെന്ന്...."

എന്റെ ചങ്ക് ബ്രോ ശരത്തിന്റെ കമന്റ് ആണത്... ശരത്തിനെ അറിയില്ലേ..? അരുണേട്ടന്റെ അനിയൻ, നയനന്റെ കാമുകൻ...

ഈ ട്രിപ്പിന് ഇറങ്ങി പുറപ്പെട്ടപ്പോ ഇവന്മാരോടൊക്കെ ഞാൻ ബെറ്റ് വെച്ചതായിരുന്നു സിനുവിനെ കൊണ്ട് എന്നെ ഇഷ്ടമാണെന്ന് പറയിപ്പിക്കും എന്ന്... അവൾക് എന്നെ ഇഷ്ടമാണെന്ന് എനിക്ക് അറിയാം. പക്ഷെ അത് അവളോട് ചോദിക്കുമ്പോ അവള് സമ്മതിച്ച് തരുന്നില്ലെന്ന് മാത്രല്ല നമ്മളെ ഇട്ട് വട്ടം കറക്കാ...

എന്തായാലും ഇന്നത്തോടെ ആ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കാൻ ഞാൻ എന്തായാലും തീരുമാനിച്ച് കഴിഞ്ഞു... അവളെ കൊണ്ട് പറയിപ്പിച്ചിട്ടെ ഞാൻ ഇന്ന് അടങ്ങൂ...

"ഡാ ആഷി... ഞങ്ങള് പറഞ്ഞതൊന്നും കേട്ടില്ലേ നീ...? എന്താ ഇനി നിന്റെ പ്ലാൻ എന്ന് പറയെടാ ആദ്യം..."

"എന്റെ പ്ലാൻ എന്താ എന്നൊക്കെ ഞാൻ വഴിയേ പറഞ്ഞ് തരാം.. അതിന് മുമ്പ് നിന്റെ നയനയെ നമ്മളെ പ്ലാൻ അറിയിക്കണം... അവളും കൂടി സപ്പോർട്ട് ചെയ്താൽ എല്ലാം ശുഭം..."

"അതൊക്കെ ഞാൻ ഏറ്റു... നീ കാര്യം പറ..."

ശരത്തിന് ഒരു പുഞ്ചിരി നൽകി കൊണ്ട് ഞാൻ എന്റെ പ്ലാനിനെ കുറിച്ച് അവനോട് പറഞ്ഞു...

"എടാ എല്ലാം ഓക്കേ... പക്ഷെ അവള് അങ്ങോട്ട് വന്നില്ലെങ്കിലോ... അപ്പോ നീ അവിടെ എത്ര നേരം എന്ന് വെച്ചാ നിൽക്കാ..."

"അതൊക്കെ അവള് വരും.. നീ ഞാൻ പറഞ്ഞത് മാത്രം

അങ്ങോട്ട് അനുസരിച്ചാൽ മതി... ഇപ്പോ തന്നെ നയനയെ വിളിച്ച് നമ്മളെ പ്ലാൻ പറ... ബാക്കി ഒക്കെ വിധി പോലെ നടക്കും..."

"ഡാ ആഷി... എനിക്ക് എന്തോ പോലെ തോന്നുന്നു... അവള് വന്നില്ലെങ്കിൽ എല്ലാം ഇന്നത്തോടെ അവസാനിക്കും... നിന്റെ ജീവന് വരെ ആപത്ത് ആകും... ആ താഴ്വാരത്ത് വന്യജീവികൾ ഉള്ളതാണെന്ന് അറിയുന്നതല്ലേ... അതോണ്ട് അറിഞ്ഞ് കൊണ്ട് അങ്ങോട്ട് പോണോ..."

"എടാ അതിന് ഞാൻ അങ്ങോട്ട് പോണില്ലല്ലോ... പോകുന്ന പോലെ അഭിനയിക്കുന്നല്ലേ ഉള്ളു... അപ്പോഴേക്കും അവള് വന്നോളും... ദേ ഇനി അധികം അതിനെ പറ്റി സംസാരിച്ച് സമയം കളയാൻ നിൽക്കാതെ ഞാൻ പറഞ്ഞ കാര്യങ്ങൾ പോയി ചെയ്യാൻ നോക്ക്...."

●●●●●●●●●●●●●●●●●●●●

"ഡി നയനെ... നിന്റെ ഈ ഡ്രസ്സ് ഒന്നും പാക്ക് ചെയ്യുന്നില്ലേ...? അതോ ഇതൊക്കെ ഇവിടെ ഇട്ടിട്ട് പോകാൻ ആണോ പ്ലാൻ...?"

ഞാൻ അവളെ ഡ്രസ്സ് ബാത്റൂമിൽ നിന്ന് എടുത്ത് കൊടുത്തിട്ട് അത് പറഞ്ഞതും അവളത് എടുത്ത് ബാഗിൽ വെച്ചു... അപ്പോ തന്നെ അവളെ ഫോൺ റിങ് ചെയ്തതും അവള് ശരത് ആണെന്ന് പറഞ്ഞ് റൂമിൽ നിന്ന് ഇറങ്ങി പോയി... നമ്മളതിന് ഒന്ന് ഇരുത്തി മൂളി കൊടുത്തിട്ട് നമ്മളെ പാക്കിങ് നടത്തി കൊണ്ടിരുന്നു...

അപ്പോഴാണ് നമ്മളെ ഫോൺ വൈബ്രേറ്റ് ചെയ്യുന്നത് കണ്ടത്.. എടുത്ത് നോക്കിയപ്പോ ആഷിന്റെ മെസേജ് ആയിരുന്നു... അവന്റെ നെയിം കണ്ടപ്പോ തന്നെ എന്റെ ചുണ്ടിൽ പുഞ്ചിരി വിടർന്നു...

"I will be waiting for you in the hill top Forest at 1.30...

1.45 വരെ ഞാൻ നിനക്ക് വേണ്ടി അവിടെ കാത്ത് നിൽക്കും... നീ അങ്ങോട്ട് വന്നാൽ എന്നെ ഇഷ്ടമാണെന്ന് അർഥം... മറിച്ച് 1.45 ആയിട്ടും നീ

വന്നില്ലെങ്കിൽ മടങ്ങി നാട്ടിലേക്ക് പോകാൻ ഞാൻ നിങ്ങളെ കൂടെ കാണില്ല...."

ഇതായിരുന്നു അവൻ എനിക്ക് അയച്ച മേസജിൽ ഉണ്ടായിരുന്നത്... അത് വായിച്ചപ്പോ എനിക്ക് എന്തോ പോലെ തോന്നി... പക്ഷെ അവൻ പറഞ്ഞ പോലെ അങ്ങോട്ട് പോകാൻ എന്തായാലും എന്നെ കിട്ടില്ല...

അത് അവനെ ഇഷ്ടമല്ലാഞ്ഞിട്ട് അല്ല... ആദ്യം എനിക്ക് അവനെ ഇഷ്ടാണെന്ന കാര്യം എന്റെ വീട്ടുകാരെ അറിയിക്കണം... അവരെ സമ്മതം കിട്ടിയതിന് ശേഷം മാത്രേ ഞാൻ അവനോട് പോലും എന്റെ ഇഷ്ടം തുറന്ന് പറയൂ... അതോണ്ട് ഞാൻ എന്ത് വന്നാലും അങ്ങോട്ട് പോകില്ലെന്ന് തീരുമാനിച്ച് ഉറപ്പിച്ചു...

"ഡി സിനു... നീ അറിഞ്ഞോ...?"

"എന്താടി....?"

"നമ്മളെ ആഷിക്ക ഇല്ലേ... അങ്ങേര് ആ ഹിൽ ടോപ്പിലേക്ക് ഒറ്റക്ക് നടന്ന് പോയത്രേ... ശരത്തേട്ടൻ ഒന്നും പറഞ്ഞിട്ട് കേൾക്കാതെ ആണത്രേ മൂപ്പര് അങ്ങോട്ട് കയറി പോയത്...

അവിടെ ഒരുപാട് വന്യ ജീവികളെ ശല്യം ഉള്ളതാ... മൂപ്പരേ അവരെ കയ്യിൽ എങ്ങാനും കിട്ടിയാൽ പിന്നെ എല്ലാം തീർന്നു...."

നയന പറയുന്നത് കേട്ടത് മുതൽ എനിക്ക് എന്തൊക്കെയോ അസ്വസ്ഥതകൾ തോന്നാൻ തുടങ്ങി... ആഷി... അവന് ശരിക്കും ഭ്രാന്ത് തന്നെയാ...

നയന പറയുന്നതിൽ ഒന്നും ശ്രദ്ധ കൊടുക്കാതെ ഞാൻ എന്റെ പാക്കിങ് ചെയ്ത് കൊണ്ടിരുന്നു...

"ഡി സിനു... ഞാൻ പറഞ്ഞത് നീ കേട്ടില്ലേ...? ആഷിക്ക അപകടത്തിൽ ആണെന്ന്...."

"അതിന് ഞാൻ എന്ത് വേണം...?"

"നീയെന്താ ഇങ്ങനെ ഒക്കെ പറയുന്നേ...? നീ പോയാൽ ആഷിക്കയെ രക്ഷപ്പെടുത്താൻ കഴിയും..."

"ഞാൻ പോയെന്ന് കരുതി എങ്ങനെയാ അവനെ രക്ഷപ്പെടുത്താ...? എനിക്ക് നീ പറയുന്നത് മനസ്സിലാകുന്നില്ല....

അവനായിട്ട് പോയതല്ലേ... ആരും ഉന്തി തള്ളി പറഞ്ഞയച്ചതല്ലല്ലോ... പോയ പോലെ തന്നെ ഇറങ്ങി വന്നോളും...

നീ നിന്റെ ലഗേജ് ഒക്കെ എടുത്ത് പുറത്തേക്ക് നടന്നെ... ഞാൻ ഡോർ ലോക്ക് ചെയ്യാൻ പോകാ...."

"ഡി സിനു... നീയെന്താ ഞാൻ പറയുന്ന കാര്യത്തിന്റെ സീരിയസ്നെസ് മനസ്സിലാക്കാത്തത്...? അങ്ങോട്ട് പോയാൽ he will be died...."

"നിനക്ക് ഈ സ്കാഫ് വേണോ...?"

അവള് പറഞ്ഞതൊന്നും മുഖവുരക്ക് എടുക്കാതെയുള്ള എന്റെ പെരുമാറ്റം കണ്ട് നയനക്ക് ദേഷ്യം വരാൻ തുടങ്ങി... ഞാൻ അവൾക്ക് നേരെ നീട്ടിയ സ്കാഫിന് ഒരു തട്ട് കൊടുത്തിട്ട് ഓള് ഓളെ ലഗേജ് എടുത്ത് അവിടന്ന് പുറത്തേക്ക് പോയി...

'എന്നെ കൊണ്ട് അവനെ ഇഷ്ടാണെന്ന് പറയിപ്പിക്കാൻ വേണ്ടിയാണ് ഇവള് ഇങ്ങനെ ഒക്കെ വന്ന് ഇവിടെ വിളമ്പിയതെന്ന് എനിക്ക് നന്നായിട്ട് അറിയാം... അതിന് പിന്നിൽ ആരുടെ ചീഞ്ഞ ബുദ്ധിയാണെന്നും എനിക്ക് അറിയാം... അതാ മനപ്പൂർവ്വം അവളെ വാക്ക് കേൾക്കാത്ത പോലെ അഭിനയിക്കുന്നത്...

പിന്നെ ആഷി... പോയ പോലെ തിരിച്ച് വരാനും അവനെ കൊണ്ട് കഴിയുമെന്ന് എനിക്ക് നന്നായിട്ട് അറിയാം... അവൻ ഇല്ലാതെ ഇവിടന്ന് ഞങ്ങളെ ബസ് നീങ്ങില്ലെന്നും അവനില്ലാതെ അവന്റെ ഫ്രണ്ട്സും ഇവിടന്ന് ഒരടി നീങ്ങില്ലെന്നും ഉറപ്പാ... അപ്പൊ പിന്നെ അവന് മടങ്ങി വന്നല്ലേ പറ്റൂ....'

ഇങ്ങനെ ഓരോന്ന് ചിന്തിച്ച് കൂട്ടി കൊണ്ട് ഞാൻ

ലഗേജും എടുത്ത് പുറത്തേക്ക് വന്നപ്പോ നയന ആരോടോ ഫോണിൽ സംസാരിക്കുന്നുണ്ടായിരുന്നു... എന്നെ കണ്ടപ്പോ ഓള് ഫോൺ മറച്ച് പിടിച്ചിട്ട് നമ്മളെ നോക്കി ഒരു അവിഞ്ഞ ചിരി പാസാക്കി തന്നു... നമ്മള് തിരിച്ചും ഒരു ചിരി പാസാക്കിയിട്ട് തലയാട്ടി കൊണ്ട് അവിടന്ന് ബസിന്റെ അടുത്തേക്ക് നടന്നു...

പിന്നാലെ അവളും വരുന്നുണ്ട്....

അവിടെ എത്തിയപ്പോ അവന്റെ ഫ്രണ്ട്സ് ഒക്കെ അവിടെ ഉണ്ടായിരുന്നെങ്കിലും ആഷിയെ മാത്രം അക്കൂട്ടത്തിൽ കണ്ടില്ല... ഇനി പഹയൻ ശരിക്കും അങ്ങോട്ട് പോയോ എന്ന് ഞാൻ ഒരു നിമിഷം ചിന്തിച്ചിട്ട് അവന്മാർക്കൊക്കെ ഒരു ചിരി പാസാക്കി കൊടുത്തു...

അപ്പോ തന്നെ അവര് ഞങ്ങളെ അടുത്തേക്ക് വന്ന് ലഗേജ് ഒക്കെ വാങ്ങി ബസിൽ വെച്ചു... അവരെ മുഖത്തൊക്കെ ഒരു തരം ടെൻഷൻ ഉള്ളത് ഞാൻ ശ്രദ്ധിച്ചു... അതോണ്ട് തന്നെ ആഷിയെ കുറിച്ച് ചോദിയ്ക്കാൻ തന്നെ ഞാൻ തീരുമാനിച്ചു...

"ശരത്തേട്ടാ... നിങ്ങളെ കൂട്ടത്തിലെ തല മൂപ്പനെ

കാണാൻ ഇല്ലല്ലോ എവിടെ പോയി കാരണവർ...."

എന്റെ ചോദ്യം കേട്ടിട്ട് അവർ പരസ്പരം മുഖത്തോട് മുഖം നോക്കി...

"സിനു... അവൻ വന്നോളും നിങ്ങള് പോയി ബസിൽ കേറാൻ നോക്ക്..."

"അ... അല്ല... ആഷി വരാതെ എങ്ങനെയാ എല്ലാവരും പോകാ....?"

"സിനു അവന് വാശിയാ... അവന്റെ വാശി തീരുമ്പോ അവൻ പോയ സ്ഥലത്ത് നിന്ന് തിരിച്ച് വന്നോളും... നിങ്ങള് കേറാൻ നോക്ക്...."

അവന്മാരെ പെരുമാറ്റം എന്നെ കൂടുതൽ അസ്വസ്ഥമാക്കി... സാധാരണ എന്നെ അങ്ങോട്ട് പറഞ്ഞയക്കാൻ അല്ലെ ഇവര് നോക്കേണ്ടത്... പക്ഷെ ഇവരെന്താ എന്നെ അതിന് സമ്മതിക്കാത്തത്...?

എന്ന് ചിന്തിച്ച് ഞാൻ വാച്ചിലേക്ക് നോക്കിയപ്പോ സമയം ഒന്നര കഴിഞ്ഞിട്ടുണ്ട്....

'ആഷി പറഞ്ഞ ഹിൽ ടോപ്പിലേക്ക് എത്തണമെങ്കിൽ തന്നെ പത്ത് മിനിറ്റിൽ കൂടുതൽ ടൈം എടുക്കും... ഇപ്പോ ഞാൻ അങ്ങോട്ട് പോയാൽ അത് ശെരിയാകോ...? ഞാൻ അങ്ങോട്ട് പോകണോ...? അതോ ബസിൽ കയറണോ....?

ആഷി ശരിക്കും എനിക്ക് വേണ്ടി അവിടെ കാത്തിരിക്കാണെങ്കിലോ... ഞാൻ ചെന്നില്ലെങ്കിൽ അവൻ അവിടെ തന്നെ നിൽക്കില്ലേ...? അവന് വല്ലതും സംഭവിച്ചാൽ പിന്നെ....'

എന്റെ ചിന്തകൾക്ക് ഒക്കെ വിരാമം ഇട്ട് കൊണ്ട് ഞാൻ ആ ഹിൽ ടോപ്പിനെ ലക്ഷ്യമാക്കി നടക്കാൻ തുടങ്ങി... പിറകിൽ നിന്ന് അവന്മാരും നയനയും എന്നോട് പോകണ്ടാന്ന് പറയുന്നുണ്ടെങ്കിലും ഞാൻ അതൊന്നും വക വെക്കാതെ അങ്ങോട്ട് നടന്നു...

ഒരു അഞ്ച് മിനിറ്റോളം ആ മല കയറി താഴേക്ക് നോക്കിയപ്പോ ഞങ്ങള് താമസിക്കുന്ന റിസോർട്ട് ഒന്നും

കാണാൻ പോലും സാധിക്കുന്നില്ല... അത്രക്ക് ദൂരം ഞാൻ പിന്നിട്ടെന്ന് എനിക്ക് മനസ്സിലായി...

കിതച്ച് കൊണ്ട് ഞാൻ ചുറ്റും ഒന്ന് കണ്ണോടിച്ച് നോക്കിയിട്ട് ആഷി എന്ന് വിളിച്ച് കൂവി... എന്റെ ശബ്ദം എനിക്ക് തന്നെ എക്കോ ആയിട്ട് കേട്ടെന്നല്ലാതെ അവനെ കുറിച്ച് ഒരു വിവരവും ലഭിച്ചില്ല...

അവന്റെ ഫോണിലേക്ക് വിളിച്ച് നോക്കിയപ്പോ ഔട്ട് ഓഫ് കവറേജ് ഏരിയ എന്നാണ് പറഞ്ഞത്.... തിരിച്ച് പോകാമെന്ന് വെച്ചാൽ വന്ന വഴി ഞാൻ മറക്കേം ചെയ്തു... ആ കാട്ടിൽ ഒറ്റക്ക് നിൽക്കേണ്ടി വരുന്ന അവസ്ഥ ആലോജിച്ചപ്പോ ആഷിയെ എങ്ങനെ എങ്കിലും കണ്ടെത്താൻ തന്നെ തീരുമാനിച്ചു...

അവന്റെ പേരും വിളിച്ച് കൂവി ആ ഹിൽ ടോപ്പിന്റെ മുകൾ ഭാഗം വരെ ഞാൻ എത്തിയെങ്കിലും അവനെ അവിടെ ഒന്നും എനിക്ക് കാണാൻ സാധിച്ചില്ല... ആഷി എന്ന് അലറി വിളിച്ചിട്ട് മറ്റു മൃഗങ്ങളെ ശബ്ദം ആയിരുന്നു എന്നെ തേടിയെത്തിയത്...

എന്ത് ചെയ്യുമെന്ന് ഒരു എത്തും പിടിയും കിട്ടാതെ ഞാൻ തിരിച്ച് നടക്കാൻ തുനിഞ്ഞപ്പോ ആഷിന്റെ ഷൂ അവിടെ കിടക്കുന്നത് കണ്ടു... അതിൽ രക്തക്കറ പറ്റി പിടിച്ചിരിക്കുന്നത് കണ്ടതും എന്റെ പ്രാണൻ പറിഞ്ഞ് പോകുന്ന പോലെ തോന്നി എനിക്ക്...

ആ ഷൂ എടുത്തിട്ട് അവിടെ മുട്ടുകുത്തി ഇരുന്ന് ആഷി എന്ന് അലറി വിളിച്ച് ഞാൻ പൊട്ടി കരഞ്ഞു... ആ ഷൂ നെഞ്ചോട് ചേർത്ത് വെച്ചിട്ട് ഐ ലവ് യു ആഷി എന്ന് മന്ത്രിച്ചതും എന്റെ പിറകിലൂടെ ആരോ നടന്ന് വരുന്ന ശബ്ദം കേട്ടു...

"സിനു...."

ആഷിന്റെ ശബ്ദം പിറകിൽ നിന്നും കേട്ടതും ഞാൻ അപ്പൊ തന്നെ തിരിഞ്ഞ് നോക്കി... അപ്പോ ഒറ്റക്കാലിൽ നിന്ന് കൊണ്ട് ആഷി എന്നെ നോക്കി ചിരിക്കുന്നത് കണ്ടപ്പോ ഞാൻ ഓടി അവന്റെ അടുത്ത് ചെന്നിട്ട് അവന്റെ ഷൂ വെച്ച് തന്നെ അവനെ പൊതിരെ തല്ലി കൊണ്ടിരുന്നു...

"എവിടെയായിരുന്നെടാ തെണ്ടി നീ...? എന്നെ ഒരു നിമിഷം പേടിപ്പിച്ച് കളഞ്ഞല്ലോ.... നിനക്ക് എന്തെങ്കിലും പറ്റി കാണോ എന്ന് ചിന്തിച്ച് ഞാൻ എന്ത് മാത്രം വിഷമിച്ചെന്ന് അറിയോ നിനക്ക്...? അറിയോ...?"

എന്ന് പറഞ്ഞ് അവന്റെ ഷൂ വെച്ച് അവനെ തല്ലുമ്പോ അവൻ ചിരിച്ചോണ്ട് എന്റെ കയ്യീന്ന് ഷൂ വാങ്ങി വെച്ചിട്ട് എന്റെ കൈ അവന്റെ കൈക്കുള്ളിൽ ഒതുക്കി വെച്ചു...

"എനിക്കെന്തേലും പറ്റിയാൽ നിനക്ക് എന്താ...? നീ എന്നെ സ്നേഹിക്കുന്നില്ലല്ലോ..."

"സ്നേഹം ഇല്ലാത്തത് കൊണ്ടാണല്ലോ അല്ലെ ഈ ഉൾക്കാട്ടിലേക്കും ഈ മല മുകളിലേക്കും ഞാൻ ഒറ്റക്ക് കയറി വന്നത്... ഛീ പോടാ തെണ്ടി..."

എന്ന് പറഞ്ഞ് അവന്റെ കയ്യ് വിടുവിച്ച് അവനെ പിടിച്ച് തള്ളി ഞാൻ അവിടന്ന് പോകാൻ ഒരുങ്ങിയതും ആഷി കാൽ വഴുതി അവിടെ നിന്നും താഴേക്ക് വീഴാൻ പോയി... അപ്പോഴേക്കും ഞാൻ അവന്റെ ഷർട്ടിൽ

പിടിച്ച് വലിച്ചതും അവൻ എന്നെയും കൊണ്ട് നിലത്തേക്ക് വീണു...

ഒരു സെക്കന്റിന് മരണത്തെ മുഖാമുഖം കണ്ട എല്ലാ പ്രതീതിയും അപ്പൊ ആഷിന്റെ മുഖത്ത് എനിക്ക് കാണാൻ പറ്റിയിരുന്നു... ഓന്റെ മുഖത്തേക്ക് കണ്ണെടുക്കാതെ നോക്കി നിന്നിട്ട് നമ്മള് ഓനെ പിടിച്ച് തള്ളി മാറ്റി അവിടന്ന് എണീറ്റ് നിന്ന് അവനേയും പിടിച്ച് എണീപ്പിച്ചു...

അപ്പോ ആഷി താഴേക്ക് ഏന്തി വലിഞ്ഞ് നോക്കിയിട്ട് നെഞ്ചിൽ കൈ വെച്ച് നെടുവീർപ്പിടുന്നത് കണ്ടപ്പോ ഞാൻ വീണ്ടും അവനെ പിടിച്ച് തള്ളാൻ നോക്കി...

അപ്പോ ആഷി വീണ്ടും പേടിച്ച് നിലവിളിക്കുന്നത് കണ്ട് ഞാൻ ഹലാക്കിലെ ചിരിയായിരുന്നു... എന്റെ ചിരി കണ്ട് ആഷി എന്നെ രൂക്ഷമായി നോക്കി കൊണ്ട് എന്നെ അവിടന്ന് ഓടിച്ച് വിട്ടു...

ആ കാട്ടിൽ നിന്നും വഴി തെറ്റി ഞാൻ എങ്ങോട്ടോ ഓടി കൊണ്ടിരുന്നു... പിന്നാലെ ആഷി ഉണ്ടെന്ന ധൈര്യത്തിലാണ് ഞാൻ ഓടിയത്... പക്ഷെ കുറച്ച്

കഴിഞ്ഞ് തിരിഞ്ഞ് നോക്കിയപ്പോഴാണ് ആഷിയെ കാണാൻ ഇല്ലെന്ന സത്യം ഞാൻ മനസ്സിലാക്കുന്നത്...

••••••••••••••••••••

അവള് എന്നെ തേടിയെത്തുമെന്ന ഒരു ഉറപ്പ് ഉള്ളത് കൊണ്ടാ ഈ സാഹസത്തിന് മുതിർന്നത്... ഇവിടെ എത്തിയിട്ട് അവളെയും കാത്ത് നിന്ന് കാല് കഴഞ്ഞു എന്നല്ലാതെ അവളെ പൊടി പോലും കണ്ടില്ല....

മിക്കവാറും മടങ്ങി പോകേണ്ടി വരും അല്ലാതെ അവിളിനി വരില്ലെന്ന് ഉറപ്പിച്ച് തിരിച്ച് പോകാൻ നിൽക്കുമ്പോഴായായിരുന്നു അവളെ ശബ്ദം കേട്ടത്...

ആഷി എന്ന് വിളിച്ച് കൂവി അവള് എന്റെ അടുത്തേക്കാണ് വരുന്നതെന്ന് മനസ്സിലാക്കിയപ്പോ എന്റെ ഒരു ഷൂ അവിടെ അഴിച്ച് വെച്ചിട്ട് അവിടന്ന് മാറി നില്ക്കാൻ നോക്കി... അപ്പൊ തന്നെ എന്റെ കാലിൽ ഒരു മുള്ള് തറച്ചു... ചോര ഷൂവിൽ കൂടി ഒഴുകി...

എന്തായാലും അത് ഒരു കണക്കിന് നന്നായെന്ന് ചിന്തിച്ചോണ്ട് ഞാൻ അവിടന്ന് ഒരു മരത്തിന് പിറകിൽ ഒളിച്ച് നിന്നു... അപ്പൊ സിനു അങ്ങോട്ട് വന്ന് എന്റെ പേരും വിളിച്ച് കൂവി കൊണ്ട് കരയുന്നത് കണ്ടപ്പോ എനിക്ക് പെരുത്ത് സന്തോഷമായി...

അവള് എന്റെ ഷൂ പിടിച്ച് അലറുന്നത് കണ്ടിട്ട് സഹിക്ക വയ്യാതെയാണ് ഓളെ അടുത്തേക്ക് ചെന്നത്... എന്നെ കണ്ടിട്ട് ഓള് ഓടി വന്ന് കെട്ടിപ്പിടിക്കുമെന്ന് പ്രതീക്ഷിച്ച എന്റെ ഊഹം തെറ്റി... വന്നപാടെ ഹലാക്കിലെ തല്ലായിരുന്നു ബലാല്....

വേദനയൊക്കെ നല്ലോണം ഉണ്ടായത് കൊണ്ടാ അവളെ കയ്യീന്ന് ഷൂ വാങ്ങി വെച്ചതൊക്കെ... എന്നിട്ട് ഓള് എന്നെ പിടിച്ച് തള്ളി അവിടന്ന് താഴെയിടാൻ നോക്കിയിട്ട് ഇപ്പോ എങ്ങോട്ടോ ഓടി പോയിട്ടുണ്ട്...

ഞാൻ ഷൂ ശരിക്ക് ഇട്ടിട്ട് അവളെ പിന്നാലെ പോയി നോക്കുമ്പോ അവള് എങ്ങോട്ടാ ഓടി പോയതെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല... സിനു... എന്ന് വിളിച്ച് ഞാനും ആ കാട്ടിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടന്ന്

നോക്കിയെങ്കിലും അവളെ ഒരനക്കം പോലും കണ്ടില്ല....

സിനു എന്ന് വിളിച്ച് അവളെ തിരഞ്ഞ് ആ കാട്ടിലൂടെ എങ്ങോട്ടെന്നില്ലാതെ ഓടി... അപ്പോഴാണ് അവള് എന്റെ പേര് വിളിച്ച് കരയുന്നത് കേട്ടത്... ആ ശബ്ദം കേട്ട ഭാഗത്തേക്ക് ഓളെ പേരും വിളിച്ച് ഞാനും ഓടി പോയി....

ഒടുക്കം രണ്ട് പേരും പരസ്പരം കണ്ട് മുട്ടിയതും സിനു കരഞ്ഞ് കലങ്ങിയ കണ്ണുകളോടെ എന്നെ നോക്കി ഒന്ന് ആശ്വസിച്ചിട്ട് ഓടി വന്ന് എന്നെ കെട്ടി പിടിച്ചു.... ഒരു നിമിഷം അവളെ കാണാതെ ഞാൻ അനുഭവിച്ച ടെൻഷൻ ആലോജിച്ചപ്പോ നേരത്തെ എന്നെ കാണാതെ സിനു കരഞ്ഞത് ആയിരുന്നു ഓർമ്മ വന്നത്...

അവളെയും കൊണ്ട് ആ കാട്ടിൽ നിന്നും എങ്ങനെ പുറത്ത് കടക്കുമെന്ന് ചിന്തിച്ച് നിൽക്കുമ്പോഴായിരുന്നു നമ്മളെ ഗ്യാങ് ഞങ്ങളെ തിരഞ്ഞ് അങ്ങോട്ട് വന്നത്... ഞങ്ങളെ രണ്ടിന്റെയും കൈ കോർത്ത് കൊണ്ടുള്ള വരവ് കണ്ടിട്ട് അവരൊക്കെ ഭയങ്കര ചാടി

കളിയായിരുന്നു....

അങ്ങനെ തിരിച്ച് ബസിന്റെ അടുത്ത് എത്തിയപ്പോ സാറുമാരുടെ കയ്യിൽ നിന്ന് കണക്കിന് ഞങ്ങൾക്ക് രണ്ട് പേർക്കും വയർ നിറച്ച് കിട്ടി... അതൊന്നും കാര്യമാക്കാതെ ബസിൽ കയറി ഇരുന്നപ്പോ എല്ലാവരുടെയും നോട്ടം ഞങ്ങളെ രണ്ട് പേരെയും ആയിരുന്നു...

സിനു ഇരുന്ന സീറ്റിൽ അവളെ തൊട്ടടുത്ത് തന്നെ ഞാനും പോയി ഇരുന്നതിന് സിനുവിനെ അസൂയയോടെ നോക്കുന്ന പെൺപ്പടകളെ കണ്ടപ്പോ ഓള് ഒന്നൂടെ എന്നിലേക്ക് ചേർന്ന് ഇരുന്നിട്ട് അവറ്റകളെ നോക്കി പോടീ എന്ന് വിളിച്ചു...

അപ്പൊ എനിക്ക് സന്തോഷം കൊണ്ട് ഒരു ബ്രേക്ക് ഡാൻസ് കളിക്കാനാ തോന്നിയത്...

അങ്ങനെ ബസ് പുറപ്പെട്ട് കുറച്ച് കഴിഞ്ഞതും ശരത് വന്നിട്ട് ഞങ്ങളെ കാണാത്തത് കൊണ്ട് ഇക്കൂസിനെയും ഷാദിയെയും വിളിച്ച് ഞങ്ങളെ കാണാത്ത വിവരം പറഞ്ഞെന്ന് പറഞ്ഞപ്പോ അവനിട്ട്

രണ്ടെണ്ണം കൊടുത്ത് ഞാൻ ഇക്കൂസിന് വിളിച്ചു...

എന്നിട്ട് കുഴപ്പം ഒന്നുമില്ല... അവളെ ഒരു ആൾക്കൂട്ടത്തിൽ നിന്ന് മിസ്സായതാ അപ്പോ അവളെ തിരഞ്ഞ് ഞാൻ പോയതാ എന്നൊക്കെ അങ്ങ് തട്ടി വിട്ടപ്പോ സിനു എന്റെ നെഞ്ചിൽ തകില് കൊട്ടായിരുന്നു....

അപ്പോഴാണ് ഇക്കൂസ് ആ സന്തോഷ വാർത്ത പറഞ്ഞത് ഞാനും സിനുവും ഒരു ആപ്പയും കുഞ്ഞാമയും ആകാൻ പോകാണെന്നുള്ള സന്തോഷ വാർത്ത...

അത് കേട്ടിട്ട് ആണെങ്കിൽ ഞങ്ങൾക്ക് രണ്ട് പേർക്കും എത്രെയും പെട്ടെന്ന് നാട്ടിൽ എത്തിയാൽ മതി എന്നുള്ള അവസ്ഥയായി...

ഐഷുത്താനെയും ഇക്കൂസിനെയും കാണാൻ പൂതിയാകുന്നുണ്ട് ഞങ്ങൾക്ക് രണ്ട് പേർക്കും... അത് കൊണ്ട് തന്നെ തിരിച്ച് നാട്ടിൽ എത്തിയപ്പോ ഞാനും സിനുവും നേരെ ചെന്നത് ഹോസ്പിറ്റലിലേക്ക് ആയിരുന്നു...

റൂമിൽ എത്തിയ ഉടനെ തന്നെ സിനു ഓടി ചെന്ന് ഐഷുത്താനെ കെട്ടി പിടിച്ച് ഉമ്മ വെച്ചു... ഞാൻ നേരെ ഇക്കൂസിന്റെ അടുത്തേക്ക് ചെന്ന് മൂപ്പരെ കെട്ടിപ്പിടിച്ച് ഒരു കൺഗ്രാറ്റ്സ് ഒക്കെ പറഞ്ഞ് ഐഷുത്തന്റെ അടുത്ത് പോയി ഇരുന്നു...

എന്നിട്ട് ഞാനും സിനുവും കൂടി മത്സരിച്ച് ഐഷുത്താനോട് വിശേഷങ്ങൾ ചോദിക്കലും ട്രിപ്പിന്റെ കാര്യങ്ങൾ പങ്ക് വെക്കുകയും ചെയ്യുന്നതിനിടക്കാണ് എന്റെ ഉമ്മിയും സിനുവിന്റെ ഉമ്മച്ചിയും കൂടി റൂമിലേക്ക് വന്നത്....

"ഹോ... വന്നോ രണ്ട് പേരും.... ഡി സിനു... അവിടെ ചെന്നാലും നീ അടങ്ങി ഒതുങ്ങി നിൽക്കില്ലല്ലേ...? അതോണ്ടാ ഞാൻ നിന്നെ എങ്ങോട്ട് വിടാൻ സമ്മതിക്കാത്തത്... അടങ്ങി ഒതുങ്ങി നില്ക്കാൻ അനക്ക് ഭയങ്കര ബുദ്ധിമുട്ടല്ലേ...

അപ്പൊ ആഷി ഉള്ളതോണ്ട് അന്നെ കിട്ടി ഇല്ലെങ്കിലോ...?"

എന്ന് പറഞ്ഞ് സിനുവിന്റെ നേരെ ഓളെ ഉമ്മച്ചി കുരച്ച് ചാടിയപ്പോ ഓള് എന്നെ തുറുക്കനെ ഇടങ്കണ്ണിട്ട് നോക്കിയിട്ട് പല്ലിറുമ്പി... ഞാൻ അതിന് മറുപടി എന്നോണം ഓളെ നോക്കി പല്ലിളിച്ചിട്ട് ഒന്നും അറിയാത്ത പോലെ മോന്തയും വെച്ച് ഐഷുത്താനെ നോക്കി ചിരിച്ചു...

"എന്തായാലും നിന്റെ കാര്യത്തിൽ ഞങ്ങള് ചില തീരുമാനങ്ങൾ ഒക്കെ എടുത്തിട്ടുണ്ട്... അതിന് അനുസരിച്ചേ ഇനി എന്തും നടക്കൂ...."

ഓളെ ഉമ്മച്ചി പറയുന്നത് കേട്ടിട്ട് ഒന്നും മനസ്സിലാകാതെ ഞങ്ങള് രണ്ട് പേരും പരസ്പരം മുഖത്തോട് മുഖം നോക്കി നിന്നിട്ട് ഐഷുത്താനെയും ഇക്കൂസിനെയും ഒന്ന് നോക്കി...

അവര് രണ്ട് പേരും തലയും താഴ്ത്തി നിന്നു എന്നല്ലാതെ ഒന്നും മിണ്ടിയില്ല....

"ഉമ്മാ... ങ്ങള് എന്ത് തീരുമാനിച്ചെന്നാ പറയുന്നേ...?" സിനുവാണ്.

"വേറെ എന്താ നിന്റെ കല്യാണക്കാര്യം തന്നെ... ഞങ്ങള് അതങ്ങ് തീരുമാനിച്ച് ഉറപ്പിച്ചു... ചെക്കനും കൂട്ടർക്കും നിന്നെ ഇഷ്ടായിട്ടുണ്ട്... നാളെ വൈകിട്ട് അവര് വരും നിന്നെ കാണാൻ...

പഠിത്തം അത് ഇത് എന്നൊന്നും പറഞ്ഞ് ഒഴിയാൻ നോക്കണ്ടാ... അവർക്ക് അന്നെ പഠിപ്പിക്കുന്നതിൽ ഒക്കെ പൂർണ്ണ സമ്മതാ... ഇനിയും അന്നെ ഇങ്ങനെ കയറൂരി വിട്ടിട്ട് തീ തിന്നാൻ പറ്റൂല...."

"അത് ശരിയാ ഫൗസി.... എന്തായാലും കേട്ടിട്ട് നല്ല കുടുംബക്കാരാണെന്ന് തോന്നുന്നു... എന്നാ പിന്നെ നമുക്ക് അത് തന്നെ അങ്ങ് ഉറപ്പിക്കാം... അവര് എന്തായാലും പഠിപ്പിക്കാൻ ഒക്കെ സമ്മതിച്ചില്ലേ..."

എന്ന് ഓളെ ഉമ്മച്ചിനെ സപ്പോർട്ട് ചെയ്തോണ്ട് നമ്മളെ ഉമ്മി പറയുന്നത് കേട്ടതും ഞാൻ ഷോക്കടിച്ച പോലെ സിനുവിനെ തിരിഞ്ഞ് നോക്കി... ഓളും ആ വാർത്ത കേട്ടിട്ട് എന്ത് ചെയ്യണമെന്ന് അറിയാതെ പകച്ച് നിൽക്കായിരുന്നു...

ഇക്കൂസ് അപ്പൊ റൂമിൽ നിന്ന് പുറത്ത് പോകുന്നത് കണ്ടതും ഞാനും ഇക്കൂസിന്റെ പിറകെ കൂടി....

"ഇക്കൂസെ... എന്താ ഇവിടെ നടക്കുന്നെ...? സിനുവിന്റെ കല്യാണം....? ഇക്കൂസും ഇതിന് കൂട്ട് നിൽക്കാണോ...?"

"എടാ ആഷി ഞാനും ഐശുവും മാറി മാറി ഒരുപാട് പറഞ്ഞ് നോക്കിയതാ പക്ഷെ അവളെ ഉപ്പയും ഉമ്മയും ഒക്കെ എല്ലാം തീരുമാനിച്ച് ഉറപ്പിച്ചതാ..."

"അപ്പോ ഞാൻ അവളെ മറ്റൊരുത്തന് വിട്ട് കൊടുക്കണോ അതാണോ ഇക്കൂസ് പറഞ്ഞ് വരുന്നത്...?"

"ആഷി നീയിങ്ങനെ ഇമോഷണൽ ആകല്ലേ... അവളെ നിനക്ക് തന്നെ കിട്ടും... അവളെ കല്യാണം നടക്കാൻ പോകുന്നത് നിന്റെ കൂടെ ആയിരിക്കും... ഇത് നിന്റെ ഇക്കൂസ് നിനക്ക് തരുന്ന വാക്കാ... നീ എന്നെ ഒന്ന് വിശ്വസിക്ക്...."

ഇക്കൂസിന്റെ വാക്കിൽ എനിക്ക് നല്ല വിശ്വാസം ഉള്ളത് കൊണ്ട് തന്നെ ഞാൻ ഒരല്പം ശാന്തമായി നിന്നിട്ട് ഇക്കൂസിനെ കെട്ടിപ്പിടിച്ചു....

●●●●●●●●●●●●●●●●●●●●

"ഇല്ലാ ഇല്ലാ ഇല്ല.... ഞാൻ ആരുടെ മുന്നിലേക്കും അണിഞ്ഞൊരുങ്ങി വന്ന് നിൽക്കില്ല...."

"സിനു നീയിങ്ങനെ വാശി പിടിക്കല്ലേ... അവര് വന്ന് കണ്ടിട്ട് പോകുന്നല്ലേ ഉള്ളു... അല്ലാതെ ഇപ്പോ തന്നെ നിന്നെ കെട്ടികൊണ്ട് പോണില്ലല്ലോ.... അതോണ്ട് ഞാൻ പറയുന്നത് ഒന്ന് കേൾക്ക് നീ....

ദേ ഈ ഗൗണും ഇട്ട് മാറ്റി ഒരുങ്ങി താഴേക്ക് വരാൻ നോക്ക്... അവരൊക്കെ ഇപ്പോ ഇങ്ങോട്ട് എത്തും..."

"താത്ത... നിനക്ക് എല്ലാം അറിയുന്നത് അല്ലെ...? എനിക്ക് ആഷിയെ ഇഷ്ടണെന്നൊക്കെ... എന്നിട്ടും നീയെന്താ താത്ത എന്നോട് ഇങ്ങനെ പെരുമാറുന്നെ..."

"ഡി... സിനു... നീ കരയല്ലേ... ഒന്നും കാണാതെ ഞാൻ ഇതിന് നിൽക്കില്ലെന്ന് നിനക്ക് അറിയില്ലേ...? ആഷിയെ കൊണ്ട് തന്നെ നിന്റെ കല്യാണം ഞാനും ആദിയും നടത്തിയിരിക്കും... നീ എന്നെ ഒന്ന് വിശ്വസിക്ക്....

പോ.... പോയി മുഖം ഒക്കെ കഴുകി ഈ ഡ്രസ്സ് എടുത്ത് ഇട്ടിട്ട് താഴേക്ക് ഇറങ്ങി വാ...."

"താത്താ.... എന്നാലും...."

"ഒരു എന്നാലും ഇല്ല... നീ പോയി മാറ്റി ഒരുങ്ങി വാ ഞാൻ പുറത്തുണ്ടാകും... കൈ കൊണ്ട് വയ്യാത്തത് കൊണ്ടാ... ഇല്ലേൽ ഞാൻ തന്നെ നിന്നെ ഒരുക്കിയേനെ... വേഗം ഒരുങ്ങണം കേട്ടോ...."

അതിന് ഞാൻ കണ്ണ് തുടച്ചിട്ട് താഴേക്ക് നോക്കി കൊണ്ട് ഒന്ന് മൂളി കൊടുത്തു... അപ്പോ താത്ത റൂമിൽ നിന്നും ഇറങ്ങി പോയപ്പോ ഞാൻ ഡോറടച്ചിട്ട് ആഷിക്ക് വിളിച്ച് നോക്കി... പക്ഷെ അവന്റെ ഫോൺ ഇന്നലെ

മുതൽ സ്വിച്ച് ഓഫ് ആണ്...

എല്ലാം കൂടി ചിന്തിക്കുമ്പോ തലക്ക് പിരാന്ത് പിടിക്കുന്നുണ്ട്... പിന്നെ കൂടെ താത്ത ഉണ്ടല്ലോ എന്ന ധൈര്യത്തിൽ ഞാൻ ഡ്രസ്സ് മാറ്റി ഒരുങ്ങി വാതിൽ തുറന്നു... അപ്പോ നയനയും സഫ്നയും താത്താന്റെ ഫ്രണ്ട്സുമൊക്കെ എന്റെ റൂമിന് ചുറ്റും നിൽപ്പുണ്ടായിരുന്നു...

ഇവരൊക്കെ എന്തിനാ വന്നതെന്ന ഒരു ചിന്ത എന്നിലൂടെ കടന്ന് പോയെങ്കിലും അപ്പോഴേക്കും താത്ത എന്റെ അടുത്തേക്ക് വന്ന് എന്നെ താഴേക്ക് കൂട്ടി കൊണ്ട് പോകാൻ നിന്നു... അപ്പോ ഹസിത്ത പറയുന്നത് കേട്ടു എങ്കേജ്മെന്റും ഇന്ന് തന്നെ നടത്തുമെന്ന്...

അത് കേട്ടതും ഞാൻ ഞെട്ടി തരിച്ച് താത്താനെ നോക്കിയപ്പോ അവള് എനിക്ക് മുഖം തരാതെ എന്നെയും കൊണ്ട് താഴേക്ക് ഇറങ്ങാൻ തുടങ്ങി...

ഒടുക്കം എല്ലാവരും കൂടി എന്നെ പറഞ്ഞ് പറ്റിച്ചെന്ന് മനസ്സിലായപ്പോ ദേഷ്യവും സങ്കടവും ഒക്കെ കൂടി

ഒരുമിച്ച് വന്നു....

ഒരു കീ കൊടുത്ത പാവയെ പോലെ അവരെ കൂടെ ഞാൻ താഴേക്ക് ഇറങ്ങി ചെന്ന് ഒരു പ്രതിമ കണക്കെ എന്നെ കൊണ്ട് പോയി സോഫയിൽ ഇരുത്തി...

കൂടെ എന്നെ കെട്ടാൻ പോകുന്ന അയാളും വന്നിരുന്നിട്ടുണ്ട്...

എല്ലാവരും കൂടി ഞങ്ങളെ ചുറ്റും കൂടി നിന്ന് ഫോട്ടോ എടുക്കലും രണ്ട് പേരും നല്ല ജോഡികളാ നല്ല മാച്ചാ എന്നൊക്കെ പറഞ്ഞ് ചിരിക്കലുമൊക്കെയായി എന്റെ ചുറ്റും എന്തൊക്കെയോ നടന്നോണ്ടിരുന്നു...

പക്ഷെ ഞാൻ അതൊന്നും അറിഞ്ഞില്ല... എന്റെ മനസ്സിൽ അപ്പോഴും ഓടി വന്നത് ആഷിയുടെ മുഖം മാത്രമായിരുന്നു... അവനെ ഇന്നലെ ഹോസ്പിറ്റലിൽ വെച്ച് കണ്ടതാണ്... അതിന് ശേഷം ഞാൻ പല തവണ അവന് വിളിച്ച് നോക്കിയെങ്കിലും സ്വിച്ച് ഓഫ് ആയിരുന്നു... അവനെ ഒന്ന് കാണാൻ എന്റെ മനസ് വല്ലാതെ കൊതിച്ച് പോയി...

ഞാൻ പതിയെ മുഖമുയർത്തി എന്റെ മുന്നിൽ നിൽക്കുന്നവരിലേക്ക് നോട്ടം എറിഞ്ഞു.... അവിടെ എന്റെയും ആഷിന്റെയും വീട്ടുകാരെയും ഫ്രണ്ട്സിനേയും അല്ലാതെ ആഷിയെ എനിക്ക് കാണാൻ കഴിഞ്ഞില്ല....

ആദിൽക്കാന്റെ മുഖത്തോ താത്താന്റെ മുഖത്തോ ഞങ്ങളെ പറഞ്ഞ് പറ്റിച്ചതിന്റെ ഒരു ഭാവവും കാണുന്നില്ല... എല്ലാവരെ മുഖത്തും സന്തോഷം വെട്ടി തിളങ്ങി കാണുന്നു... ഞാൻ മാത്രം ഇപ്പോഴും സങ്കട കടലിൽ ആറാടി ഇനി എന്റെ ജീവിതം എന്തെന്ന് ചിന്തിച്ച് ഇരിക്കുന്നു...

ആഷിയെ ഒരിക്കലും സ്നേഹിക്കാൻ പാടില്ലായിരുന്നു അവനെ ഞാൻ വഞ്ചിച്ചില്ലേ എന്ന ചിന്ത എന്നിൽ ഒരു തരം വെറുപ്പ് ഉളവാക്കി....

"ഡി സിനു.... ആ മുഖം ഒന്ന് ഉയർത്തിയിട്ട് എന്റെ ഇളയച്ചനെ ഒന്ന് നോക്ക് പെണ്ണേ... ചെക്കൻ ഇന്ന് നിനക്ക് വേണ്ടി നല്ല അഡാർ ലുക്കിലാ വന്നിരിക്കുന്നത്...."

എന്ന് പറഞ്ഞ് താത്ത ചിരിക്കുന്നത് കണ്ടപ്പോ എനിക്ക് ദേഷ്യം വന്നു... അവരെ കളിയാക്കലുകളും ചിരിയും ഒന്നും വക വെക്കാതെ ഞാൻ മുഖം തിരിച്ച് ഇരുന്നപ്പോ താത്തയും ആദിൽക്കയും കൂടി ഞങ്ങളെ അടുത്തേക്ക് വന്നു...

എന്നിട്ട് താത്ത എന്റെ അടുത്ത് ഇരുന്നിട്ട് ആദിൽക്കാനോട് സെൽഫി എടുക്കാൻ പറഞ്ഞു... ഓള് എന്റെ തോളിലൂടെ കൈയിട്ടിട്ട് ഫോണിലേക്ക് നോക്കാൻ പറഞ്ഞപ്പോ നമ്മള് അതൊന്നും കേൾക്കാത്ത മട്ടിൽ തല താഴ്ത്തി പിടിച്ചു...

അപ്പോ ഓള് ബലം പിടിച്ച് എന്റെ മുഖം ഉയർത്തിയിട്ട് എന്നോട് ഫോണിലേക്ക് നോക്കാൻ പറഞ്ഞപ്പോ മനസ്സില്ലാ മനസ്സോടെ ഞാൻ ഫോണിലേക്ക് എന്റെ കണ്ണ് പായിച്ചതും ഞാൻ ഞെട്ടി തിരിഞ്ഞ് എന്റെ അടുത്ത് ഇരിക്കുന്ന ആളെ മുഖത്തേക്ക് നോക്കി....

എന്റെ കൂടെ ആഷിയാണ് ഇരിക്കുന്നത്... അവനാണ് എന്നെ കെട്ടാൻ പോകുന്ന ആളെന്ന് എനിക്ക് അപ്പോഴായിരുന്നു മനസ്സിലായത്... ഫോണിലൂടെ

അവന്റെ മുഖം കണ്ട ഷോക്കിൽ തിരിഞ്ഞ് നോക്കിയപ്പോ ഓൻ എന്നെ നോക്കി ക്ലോസപ്പിന്റെ പരസ്യം കാണിക്കായിരുന്നു...

അപ്പോ തന്നെ അവന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തിട്ട് നാല് തെറിയും പറഞ്ഞ് ഞാൻ ഓനെ കെട്ടിപ്പിടിച്ചതും എല്ലാവരും കൂടി ചേർന്ന് ഞങ്ങളെ കൂക്കി വിട്ടു... അപ്പോഴാണ് ഇത്രേയും പേര് ഞങ്ങളെ ചുറ്റും ഉള്ള കാര്യം തന്നെ എനിക്ക് ഓർമ്മ വന്നത്... അപ്പോ തന്നെ അവനിൽ നിന്നും കുറച്ച് അകന്ന് ഇരുന്നിട്ട് എല്ലാവരെയും നോക്കി സൈക്കിളീന്ന് വീണ ഒരു ചിരി പാസാക്കി കൊടുത്തു...

★★★★★★★★★★★★★★★★★★★★★

ഉമ്മച്ചി തീരുമാനിച്ച് ഉറപ്പിച്ച പോലെ ഏതേലും ഒരുത്തനെ പിടിച്ച് സിനുവിനെ കൊണ്ട് കെട്ടിച്ചാൽ ആഷിന്റെയും സിനുവിനെയും സങ്കടം ഞാൻ ഒരുമിച്ച് കാണേണ്ടി വരും എന്ന് ഉറപ്പുള്ളത് കൊണ്ടാ അന്ന് ഹോസ്പിറ്റലിൽ വെച്ച് തന്നെ ഉമ്മച്ചിയോട് ഞാൻ ആഷിന്റെയും സിനുവിന്റെയും കാര്യം ബോധിപ്പിക്കാൻ

നിന്നത്...

പക്ഷെ ഞങ്ങള് ഒക്കെ ചിന്തിക്കുന്നതിനേക്കാൾ എത്രെയോ മുകളിൽ നമ്മളെ ഉമ്മച്ചി ചിന്തിച്ചിരുന്നെന്ന് ഉമ്മച്ചി പറയുന്നത് കേട്ടപ്പോഴാ നമ്മക്ക് മനസ്സിലായത്....

ഉമ്മച്ചി പറഞ്ഞ ചെക്കനും കുടുംബവും വേറെ ആരും അല്ലായിരുന്നു ആഷിയെയും ഉമ്മിയെയും ഒക്കെ ഉദ്ദേശിച്ചിട്ടാ ഉമ്മച്ചി അങ്ങനെ പറഞ്ഞത്.... അവര് ഞങ്ങളെ കല്യാണത്തിന് കാണിച്ച് കൂട്ടിയതൊക്കെ രണ്ട് ഉമ്മമാരും നല്ലോണം നോട്ട് ചെയ്ത് വെച്ച കാര്യം ആയതോണ്ട് അവരെ കാര്യത്തിൽ അപ്പോ തന്നെ തീരുമാനം എടുത്തതാണ്....

പിന്നെ അവളെ ഒന്ന് ഞെട്ടിപ്പിക്കാൻ വേണ്ടിയാ എങ്കേജ്മെന്റ് നടത്തുന്ന വിഷയവും അത് ആരുമായിട്ടാണ് നടക്കുന്നതെന്നും മറച്ച് വെച്ചത്... എന്തായാലും വിചാരിച്ചാ പോലെ തന്നെ പെണ്ണ് എങ്കേജ്മെന്റ് നടക്കുന്ന കാര്യം കേട്ടിട്ട് ഷോക്കായിട്ടുണ്ട്.... അതിനി ആരെ കൂടെയാ നടക്കുന്നത് എന്ന് കൂടി അറിഞ്ഞാൽ ഓള് അതിലേറെ ഞെട്ടുമെന്ന് ഉറപ്പാണ്...

അതിന് വേണ്ടി എല്ലാവരും കൂടി ചേർന്ന് ഓരോരോ കമന്റ് പറഞ്ഞ് നോക്കിയെങ്കിലും പെണ്ണൊന്ന് ഓന്റെ മുഖത്തേക്ക് നോക്കിയത് പോലുമില്ല... അതോണ്ടാ ആദിയോട് സെൽഫി എടുക്കാൻ പറഞ്ഞത്... അതിൽ എന്തായാലും അവൾക്ക് അവനെ കാണേണ്ടി വരുമെന്ന് എനിക്ക് ഉറപ്പായിരുന്നു....

ആഷിയെ കണ്ടതും സിനു ഷോക്കടിച്ച പോലെ ഓനെ നോക്കി കൊണ്ട് ഒരു ഇരുത്തം ആയിരുന്നു... പിന്നെ വെളിപാട് വന്നപ്പോ ആഷിയെ നാല് തെറിയും പറഞ്ഞ് ഓള് ഓനെ കെട്ടിപ്പിടിച്ചു.... അത് കണ്ട് എല്ലാവരും കൂടി അവരെ കൂക്കി വിട്ടപ്പോ രണ്ടും ഒരു പോലെ ചമ്മി നാറി പോയി...

അവസാനം അവരെ മാവും പൂവണിഞ്ഞു... രണ്ടിന്റെയും പഠിത്തം ഇതുവരെ പൂർത്തി ആകാത്തത് കൊണ്ട് 3 വർഷം കഴിഞ്ഞിട്ട് കല്യാണം നടത്താനാണ് രണ്ട് വീട്ടുകാരുടെയും തീരുമാനം...

അതിന്റെ മുന്നോടിയായി രണ്ടിന്റെയും എങ്കേജ്മെന്റ്

അങ്ങോട്ട് തകൃതിയായിട്ട് അങ്ങ് നടത്തി കൊടുത്തു... ഇനി കയറൂരി വിട്ട പോലെ എങ്ങോട്ടേലും പോകുമെന്ന ടെൻഷൻ ഉമ്മച്ചിക്കും ഇല്ല... പറഞ്ഞ വാക്ക് രക്ഷിക്കാൻ കഴിയാതെ പോയില്ലല്ലോ എന്ന ടെൻഷൻ ഇപ്പോ ഞങ്ങൾക്കുമില്ല... മൊത്തത്തിൽ ഒരു ഹാപ്പി എൻഡിങ്....

×××××××××××××××××××××××××××××××××

"ആദി ഒന്ന് വേഗം മാറ്റി ഒരുങ്ങ്... ദേ കല്യാണ പെണ്ണിന്റെയും ചെക്കന്റെയും കൂട്ടര് തന്നെ ലേറ്റ് ആയി ചെന്നാൽ മോശാണ്... എന്നെ വീട്ടിൽ പോലും നില്ക്കാൻ സമ്മതിക്കാതെ ഇന്നലെ രാത്രി തന്നെ ഇങ്ങോട്ട് കെട്ടിയൊരുക്കി കൊണ്ട് വന്നത് ഇങ്ങനെ വെയിറ്റ് ചെയ്യിപ്പിക്കാനാണോ....?"

"എന്റെ കെട്ട്യോള് എന്റെ കൂടെ ഇല്ലെങ്കിൽ പിന്നെ എനിക്ക് ഉറങ്ങാൻ പറ്റില്ല... അതോണ്ടാ അപ്പോ തന്നെ നിന്നെ ഇങ്ങോട്ട് കൊണ്ട് വന്നത്..."

"ഷ്.... ഉവ്വ് ഉവ്വേ.... മതി സോപ്പിട്ട് പതപ്പിച്ചത് വേഗം ഈ ഷർട്ട് ഇടാൻ നോക്ക് മനുഷ്യാ ഞാൻ ആ ചെക്കനെ ഒന്ന് പോയി നോക്കട്ടെ...."

"ഏത് ചെക്കനെ....?"

"വേറെ ഏത് ചെക്കനെയാ.... ഇങ്ങളെ പുന്നാര മോൻ അർഷിനെ തന്നെ.... ഇപ്പൊന്നാരെ കുളിപ്പിച്ച് കൊടുത്തിട്ട് ഡ്രസ്സ് മാറ്റിച്ച് കൊടുക്കായിരുന്നു എന്റെ കണ്ണ് തെറ്റിയതും അപ്പോ ഇറങ്ങി ഓടിയിട്ടുണ്ട്... ഇനി എവിടെയൊക്കെ പോയി തിരഞ്ഞ് നടക്കണോ എന്തോ.... നിങ്ങളെ മേയ്ക്കുന്നതിനേക്കാൾ മെനക്കേടാ നിങ്ങളെ മോനെ മേയ്ക്കാൻ...."

"ഹ...ഹ...ഹ... അവൻ എന്റെ മോനാടി... അവനെ നിന്റെ ചൊൽപ്പടിക്ക് നിർത്താൻ കിട്ടില്ല മോളെ...."

"ആ അത് എനിക്ക് നന്നായി മനസ്സിലാകുന്നുണ്ട്... ഈ വാപ്പന്റെയും മോന്റെയും ഇടയിൽ കിടന്ന് ചക്ര ശ്വാസം വലിക്കുന്നത് ഞാൻ ആണല്ലോ... എന്റെ ന്യായം

കേൾക്കാൻ മാത്രം ഇവിടെ ആരുമില്ലല്ലോ ന്റെ പടച്ചോനെ....."

"അതിന് അല്ലെ ഞാൻ ഇവിടെ ഉള്ളത്.... നീ എന്നോട് പറഞ്ഞോടി... ഞാൻ കേട്ടോളാം....."

"ആദി എന്താ ഈ കാണിക്കുന്നെ...? വിട്.... ദേ വാതില് അടച്ചിട്ടില്ലാട്ടോ... ആരേലും കേറി വന്നാൽ....."

"കേറി വന്നാൽ എന്താ.... ഞാൻ എന്റെ കെട്ട്യോളെ അല്ലെ പിടിച്ചിരിക്കുന്നത്... അതിന് ആരുടേലും അനുവാദം വാങ്ങണോ..."

"പോ അവിടന്ന്... കൊഞ്ചാൻ നിൽക്കാതെ ചെക്കന്റെ കാരണവർ വേഗം റെഡിയായി പോകാൻ നോക്ക്.... ഞാൻ നിങ്ങളെ പുന്നാര മോനെ പോയി തിരയട്ടെ...."

എന്ന് പറഞ്ഞ് ആദിന്റെ കയ്യിൽ നിന്നും ഊരി പോകാൻ നോക്കിയതും ആദി എന്നെ വീണ്ടും അവിടെ പിടിച്ച്

നിർത്തിയിട്ട് എന്റെ അരയിലൂടെ കയ്യിട്ട് ഓനിലേക്ക് ചേർത്ത് നിർത്തി....

"ഐഷുമ്മാ....."

"എന്താ ആദിപ്പാ....."

"അതെ.... നമ്മളെ അർഷിക്ക് കൂടെ കളിക്കാൻ ഒരു ആദിലാ ഇഷയെ കൂടി വേണ്ടേ നമുക്ക്....?"

"അവന്റെ കൂടെ കളിക്കാനെ ഇവിടെ ഒരുപാട് പേരുണ്ട്.... നമ്മളെ ഫ്രണ്ട്സിന്റെയും ബ്രദേഴ്സിന്റെയും മക്കള് തന്നെ അതിന് ധാരാളാ.... അതോണ്ട് നമുക്ക് അർഷി മാത്രം മതി...."

"ഹ്മ്.... ഓക്കേ നമുക്ക് അർഷി മാത്രം മതി... എന്നാലും ഒന്ന് മാറ്റി ചിന്തിക്കാൻ ഉള്ള ഒരു അവസരം ഒക്കെ ഉണ്ട് കേട്ടോ...."

ആദിന്റെ പറച്ചില് കേട്ട് ഞാൻ ചിരിച്ചോണ്ട് ഓന്റെ വയറ്റിനിട്ട് ഒരു കുത്ത് കൊടുത്തിട്ട് കേട്ടില്ലാട്ടോ എന്ന് പറഞ്ഞ് അർഷിയെ തപ്പി റൂമിൽ നിന്ന് പുറത്തേക്ക് ഇറങ്ങി...

ഇന്ന് 3 കൂട്ടരേ കല്യാണാണ് നടക്കാൻ പോകുന്നത്... ഒന്ന് ആഷിയും സിനുവും, രണ്ട് ഷാദിയും സഫ്നയും, മൂന്ന് ശരത്തും നയനയും.... എല്ലാം ഒഴിച്ച് കൂടാൻ കഴിയാത്ത കല്യാണം ആയത് കൊണ്ട് തന്നെ മൂന്ന് കൂട്ടരെയും കല്യാണം ഒരുമിച്ച് ഒരു ഓഡിറ്റോറിയത്തിൽ വെച്ച് നടത്താൻ ആണ് പ്ലാൻ....

രാവിലെ പത്തിന് ഉള്ള മുഹൂർത്തത്തിൽ ശരത്തിന്റെയും നയനന്റെയും താലികെട്ട് കഴിയും... പിന്നെ മറ്റോരെ നിക്കാഹ് ആകും അവിടെ വെച്ച് നടക്കാ... അതോണ്ടാ നേരത്തെ പോകണമെന്ന് പറഞ്ഞ് ഞാൻ വാശി പിടിക്കുന്നത്...

ഞാൻ ആണെങ്കിൽ അർഷിയെ തിരഞ്ഞ് നടന്ന് നടന്ന് മടുത്തു... നമ്മളെ ഫ്രണ്ട്സിനും ബ്രദേഴ്സിനുമൊക്കെ ജനിച്ച കുട്ടികൾ ആൺകുട്ടി ആണ്... ഇവനാണ്

അവരിൽ മാസകണക്കിന് ഇളയത്....

ആദിക്ക് ആണെങ്കിൽ ഇവൻ എന്ന് വെച്ചാൽ ജീവനാ... വാപ്പയും മോനും ചേർന്നാൽ പിന്നെ ഞാൻ പുറത്താ...

അർഷിയെ കൂട്ട് പിടിച്ച് എന്നെ ദ്രോഹിക്കലാ വാപ്പന്റെയും മോന്റെയും മെയിൻ ഹോബി....

അർഷിയെ തിരഞ്ഞിട്ട് കാണാതെ എല്ലായിടത്തും ഞാൻ ചെന്ന് നോക്കി... ഉമ്മിയോടും ആഷിയോടുമൊക്കെ ചെന്ന് ചോദിച്ചു... പക്ഷെ വീട്ടിൽ എവിടെയൊക്കെ തിരഞ്ഞ് നോക്കിയിട്ടും അർഷിയെ കാണാൻ പറ്റിയില്ല....

അപ്പോഴുണ്ട് വാപ്പയും മോനും കൂടി ഒരേ പോലെയുള്ള ഡ്രെസ്സും ഇട്ടോണ്ട് റൂമിൽ നിന്ന് ഇറങ്ങി വരുന്നു... അത് കണ്ടപ്പോ എനിക്ക് ദേഷ്യം വന്നു... ഓനെ കാണാതെ ടെൻഷൻ അടിച്ച് ഞാൻ ഇവിടെ തേരാ പാരാ നടക്കുമ്പോ വാപ്പയും മോനും അണിഞ്ഞൊരുങ്ങി വന്ന് നിൽക്കുന്നത് കണ്ടാൽ ദേഷ്യം വരില്ലേ....

എന്റെ നോട്ടവും നിൽപ്പും മട്ടും കണ്ടിട്ട് ആദി

അർഷിയോട് വേഗം ഓടി പോയി കാറിൽ ഇരുന്നോ എന്ന് പറഞ്ഞ് നമ്മളെ ആദി പിടിച്ച് വെച്ചു... ആ തക്കത്തിന് അർഷി എന്റെ കാലിൽ തല്ലിയിട്ട് ചിരിച്ചോണ്ട് കാറിൽ പോയി ഇരുന്നു....

ആ നേരത്ത് ആദി എങ്ങാനും എന്നെ പിടിച്ചില്ലായിരുന്നു എങ്കിൽ ഞാൻ ഓനെ തല്ലിയേനെ എന്ന് രണ്ടാൾക്കും നല്ലോണം അറിയുന്നത് കൊണ്ടാ എന്നെ ആദി പിടിച്ച് വെച്ചത്.... രണ്ട് വയസ്സേ ആയിട്ടുള്ളു എന്ന് പറഞ്ഞിട്ട് ഒരു കാര്യവുമില്ല വാപ്പനെക്കാൾ കില്ലാടിയ മോൻ....

★★★★★★★★★★★★★★★★★★★

എല്ലാവരെ ഒരുക്കവും തയ്യാറെടുപ്പുകളുമൊക്കെ കഴിഞ്ഞ് 8 മണി ആയപ്പോഴേക്കും ഞങ്ങള് ഓഡിറ്റോറിയത്തിലേക്ക് പുറപ്പെട്ടു... കല്യാണ വണ്ടിയിലാണ് ഞങ്ങളെ പോക്ക്...

ഞാനാണ് ഡ്രൈവ് ചെയ്യുന്നത്... അർഷി ഐശൂന്റെ

മടിയിൽ ഇരുന്നിട്ട് ഓളെ നുള്ളലും മാന്തലും കുത്തലും ഒക്കെയാണ് ഓന്റെ പണി... അതൊക്കെ നമ്മളെ ട്രൈനിങ്ങാണ്...

അതോണ്ട് അർഷി മോൻ ഓളെ കാട്ടുന്നതിന് ഒക്കെ ബലാല് എന്നെ നുള്ളിയാണ് അരിശം തീർക്കുന്നത്... അവളെ നുള്ളലിൽ ഇറച്ചി കൂടി പറിഞ്ഞ് പോരും എന്ന വിധത്തിൽ ആകുമ്പോ ഞാൻ അലറും... അത് കേട്ട് അർഷി വീണ്ടും ഐശൂനെ നുള്ളും... അപ്പോ ഓള് അടങ്ങി ഒതുങ്ങി നിൽക്കുമ്പോ എനിക്ക് ചിരി വരും...

അത് കാണുമ്പോ ഓള് എപ്പോഴും പറയുന്ന ഡയലോഗ് ആണ് നിങ്ങളാ ഇവനെ ഇങ്ങനെ വശളാക്കിയതെന്ന്... അത് ഞാനും അവളോട് പറയുന്ന ഡയലോഗാണ്... കാരണം ഇടക്ക് ഓന് ഉമ്മയില്ലാതെ പറ്റില്ല... അപ്പോ എങ്ങാനും ഐഷു കരയുന്ന പോലെ കാണിച്ചാൽ ഓൻ നമ്മളെ നേരെ വന്നിട്ട് ഓന്റെ പാൽ പല്ല് വെച്ച് നല്ല അഡാർ കടിയായിരിക്കും... പിന്നെ ഓളെ ഭാഗത്ത് പോലും തിരിഞ്ഞ് നോക്കേണ്ടി വരില്ല... അപ്പോ ഞാനും ഇങ്ങനെ തന്നെയാ അവളോട് പറയാറ്... അവളാണ് ഇവനെ വശളാക്കിയതെന്ന്....

നിങ്ങളോട് കഥ പറഞ്ഞ് പറഞ്ഞ് ഓഡിറ്റോറിയത്തിൽ എത്തിയ കാര്യമങ്ങ് മറന്നു... സിനുവും ഷാദിയും കൂട്ടരും ഒഴിച്ച് ബാക്കിയുള്ളവരൊക്കെ നേരത്തിന് എത്തിയിട്ടുണ്ട്....

നമ്മളെ ഫ്രണ്ട്സിന്റെ അടുത്തേക്ക് ചെന്നപ്പോ അവന്മാരെ കെട്ട്യോളുമാരും നമ്മളെ കെട്ട്യോളും കൂടി മണവാട്ടിമാരെ അടുത്തേക്ക് പോയി...

നമ്മളെ അർഷി ആണെങ്കിൽ അവന്മാരെ പിള്ളേരെ കൂടെ കളിക്കാനും പോയി... അവരിൽ ഏറ്റവും മുതിർന്നവൻ എന്ന നിലക്ക് അപ്പു പറയുന്നത് കേട്ടാണ് ബാക്കി ഉള്ളവരൊക്കെ നടക്കുന്നത്...

അവന്മാരെ കളിയും ചിരിയും കണ്ട് വരുന്നവരെയൊക്കെ സ്വീകരിച്ച് ഇരുത്തുമ്പോഴാണ് ഷാദിയും സിനുവും കൂട്ടരും കൂടി വന്നത്... സിനുവിനെ ഐശുവും കൂട്ടരും കൂടി അവിടന്ന് കൊണ്ട് പോയപ്പോ ഷാദിയെ കൊണ്ട് പോകാൻ ഞങ്ങളും റെഡിയായിരുന്നു....

അങ്ങനെ കൃത്യം പത്ത് മണിക്കുള്ള ശുഭ മുഹൂർത്തത്തിൽ തന്നെ നയനയും ശരത്തും വിവാഹിതരായി....

അത് കഴിഞ്ഞപ്പോ ഷാദിന്റെയും ആഷിന്റെയും നിക്കാഹും അങ്ങ് ഭംഗിയായി നടത്തി കൊടുത്തു....

ഇപ്പോ ഭയങ്കര ആഘോഷ തിമിർപ്പിലാണ് എല്ലാവരും...ചെക്കൻ്റെയും പെണ്ണിന്റെയും വീട്ടുകാര് അവതരിപ്പിക്കുന്ന ഡാൻസും പാട്ടുമൊക്കെ കെങ്കേമമായി നടന്നപ്പോ അതിലേറെ എല്ലാവർക്കും ഇഷ്ടപ്പെട്ടത് കുട്ടിക്കുറുമ്പന്മാരെ ഡാൻസും പാട്ടുമായിരുന്നു....

അങ്ങനെ ആഘോഷങ്ങളൊക്കെ അതിന്റെ വഴിക്ക് തകർത്ത് വരുമ്പോഴായിരുന്നു ക്ഷണിക്കാതെ വന്ന ആ രണ്ട് അതിഥികളെ ഞാനും ഐശുവും ശ്രദ്ധിച്ചത്.... അവരെ കണ്ടപ്പോ തന്നെ ഐഷു എന്റെ അടുത്തേക്ക് നീങ്ങി വന്ന് എന്റെ കയ്യിൽ പിടിച്ചു....

Zain ഷായും ഒരു പെണ്ണുമാണ് കേറി വന്നത്... അവര് ഞങ്ങൾക്ക് ഒരു പുഞ്ചിരി നൽകി കൊണ്ട്

വധുവരന്മാരെ അടുത്തേക്ക് പോയി അവർക്ക് ഗിഫ്റ്റ് കൊടുത്തിട്ട് തിരിച്ച് ഞങ്ങളെ അടുത്തേക്ക് തന്നെ നടന്ന് വന്നു....

അപ്പൊ അർഷി ഐഷുവിന്റെ അടുത്തേക്ക് ഓടി വന്നിട്ട് ഒളോട് എടുക്കാൻ പറഞ്ഞപ്പോ ഓള് ഓനെ എടുത്ത് എന്നിലേക്ക് കുറച്ച് കൂടി നീങ്ങി നിന്നു....

"ഹായ് ആദിൽ.... ക്ഷണിക്കാതെ വന്ന അതിഥികൾ ആയത് കൊണ്ട് അതിന്റേതായ ഒരു ടെൻഷൻ നിങ്ങള് രണ്ട് പേരുടെയും മുഖത്ത് കാണാൻ ഉണ്ടല്ലോ...."

Zain ന്റെ പറച്ചില് കേട്ട് ഞാൻ ഐഷുവിനെ നോക്കിയപ്പോ ഓള് എന്റെ കയ്യിൽ മുറുകെ പിടിച്ചു....

"പേടിക്കണ്ട... ഞാൻ ആരെയും ഉപദ്രവിക്കാനോ പകരം വീട്ടാനോ നിങ്ങളെ സന്തോഷം തല്ലിക്കെടുത്താനോ വേണ്ടി വന്നതല്ല... നിങ്ങളെ സന്തോഷത്തിൽ പങ്ക് ചേരാൻ വേണ്ടി വന്നതാ...."

"Zain.... ഞാൻ....."

"ഒന്നും പറയണ്ട ആദി.... നീയന്ന് എന്നെ അവിടന്ന് തള്ളി താഴെയിട്ടത് പോലും ഞാൻ വലുതായി കണ്ടിട്ടില്ല... കാരണം അത് ഞാൻ ചോദിച്ച് വാങ്ങിയതാണ്... അന്ന് ഞാൻ ഫെബിയോട് പെരുമാറിയതിന് എനിക്ക് ലഭിച്ച ശിക്ഷ...

അതിന് ഞാൻ നിന്നോട് മനസ്സറിഞ്ഞ് ക്ഷമ ചോദിക്കാണ് ഫെബി....

നിന്റെ സൗഹൃദത്തെ ഞാൻ മിസ്സ് യൂസ് ചെയ്തതിന് I am really sorry....

ഒരു സോറി പറഞ്ഞത് കൊണ്ട് മാത്രം നിങ്ങൾക്ക് എന്നോടുള്ള വിരോധം പോകോ എന്നൊന്നും എനിക്കറിയില്ല.... പക്ഷെ ഇന്ന് നിങ്ങളെ മുഖത്ത് ഒക്കെ കാണുന്ന ഈ സന്തോഷത്തിൽ ഒരു ചെറിയ തോതിൽ എങ്കിലും എനിക്കും പങ്കുണ്ടെന്നതിൽ ഞാൻ തൃപ്തനാണ്...."

Zain പറയുന്നത് ഒന്നും മനസ്സിലാകാതെ ഞാനും

ഐശുവും അവനെ ഉറ്റുനോക്കിയപ്പോ ഓൻ അവന്റെ കൂടെ ഉള്ള പെണ്ണിനെ നോക്കി ഒന്ന് ചിരിച്ചിട്ട് ഞങ്ങളെ നോക്കി....

"ഇത് എന്റെ വൈഫാണ്... കല്യാണം കഴിഞ്ഞിട്ട് രണ്ട് മാസമേ ആയിട്ടുള്ളു... മാസങ്ങളോളം കോമയിൽ കിടന്ന എന്നെ ഇന്ന് കാണുന്ന രീതിയിൽ മാറ്റിയെടുത്തത് ഇവൾ ആയിരുന്നു....

മൂന്ന് വർഷങ്ങൾക്ക് മുൻപ് ട്രീറ്റ്മെന്റിന് വേണ്ടി നാട്ടിലേക്ക് തിരിച്ച് വന്ന് ഇവളെ കാണാൻ വേണ്ടി പോകുമ്പോഴാണ് അവനെ ഞാൻ കാണുന്നത്.... സാലിമിനെ...."

ആ പേര് അവന്റെ നാവിൽ നിന്നും കേട്ടതും ഞാനും ഐശുവും ഒരുപോലെ ഞെട്ടി....

"ദുബായിൽ വെച്ച് അവനെ കണ്ടുള്ള പരിചയം ഉണ്ട്... കൂടുതൽ അന്വേഷിച്ചപ്പോ നിങ്ങളെ ബന്ധശത്രുവാണ് ആളെന്ന് കൂടി മനസ്സിലാക്കാൻ സാധിച്ചു....

അവൻ നിന്റെ വീടിന്റെ മതില് ചാടി നേരെ വന്ന് പെട്ടത് എന്റെ കാറിന്റെ മുന്നിലേക്ക് ആയിരുന്നു.... അവനെ രക്ഷപ്പെടുത്താൻ ഡ്രൈവർ പറഞ്ഞെങ്കിലും അത് കണക്കിലെടുക്കാതെ അവനെ വീണ്ടും ഇടിപ്പിച്ച് തെറിപ്പിച്ച് ഇട്ടിട്ട് അവിടന്ന് പോന്നു....

നിങ്ങളെ ദ്രോഹിച്ചതിനുള്ള പരിഹാരമായിട്ട് മാത്രേ ഞാൻ അതിനെ കണ്ടിട്ടുള്ളു.... ഞാൻ കാരണം നിങ്ങൾക്ക് സന്തോഷം തിരിച്ച് നല്കാൻ സാധിച്ചെങ്കിൽ അതില്പരം എന്താ എനിക്ക് വേണ്ടത്....?"

Zain പറയുന്ന ഓരോ കാര്യങ്ങളും എന്നെയും ഐഷുവിനെയും കൂടുതൽ അത്ഭുതപ്പെടുത്തി കൊണ്ടിരുന്നു.... Zain ആണ് സാലിമിനെ ഞങ്ങൾക്ക് വേണ്ടി കൊന്നത് എന്ന് അറിഞ്ഞപ്പോ തന്നെ നമ്മളെ ഫ്രണ്ട്സിനും ഐഷുവിനും ഒക്കെ സന്തോഷായിട്ടുണ്ട്....

Zain ആളാകെ മാറി ഒരു പുതിയ മനുഷ്യനായി ഞങ്ങളെ കൂട്ടത്തിലേക്ക് കടന്ന് വന്നപ്പോ ഞങ്ങളിൽ

വീണ്ടും സന്തോഷത്തിന്റെ പെരുമഴ പെയ്തു....
ഫ്രണ്ട്ഷിപ്പിന്റെ ശ്രിംകല തന്നെ നീണ്ട് വന്നു....

Zain ന്റെ മാറ്റം ഞങ്ങളെ സന്തോഷത്തെയാണ് തിരികെ കൊണ്ടു വന്നത്... സാലിം എന്ന കരടിനെ ഞങ്ങളെ ജീവിതത്തിൽ നിന്ന് എന്നന്നേക്കുമായി എടുത്ത് കളഞ്ഞത് Zain ആണ്... അതിന്റെ കടപ്പാട് എന്ന നിലയിൽ അവനെ ഞങ്ങളെ കൂട്ടത്തിൽ അങ്ങ് കൂട്ടി....

അപ്പൊ എല്ലാവരും ചേർന്ന് ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കാൻ അങ്ങ് തീരുമാനിച്ച് ജോൺ അതിന് വേണ്ടി തയ്യാറായി മുന്നിൽ വന്ന് നിന്നു....

"ഡാ ആദി വാ... നോക്കിയേ നമുക്ക് ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കാം.... എല്ലാവരും റെഡി അല്ലെ...? ഞാൻ ഫോട്ടോ എടുക്കാൻ പോകാണ്....

റെഡി ത്രീ ടു വൺ *ഏയ്.....*"

ആഘോഷങ്ങൾ ഇവിടം കൊണ്ട് അവസാനിക്കുന്നില്ല... ജീവിതത്തിൽ പ്രതീക്ഷിക്കാതെ വന്ന് ചേരുന്ന

സങ്കടങ്ങളും സന്തോഷങ്ങളും ഒരുമിച്ച് ഒന്നായി മാറി കൊണ്ട് നേരിട്ട് ഞങ്ങളെ സന്തോഷ ജീവിതം ഞങ്ങൾ ജീവിച്ച് തുടങ്ങുകയാണ്....

ഞങ്ങളെ സങ്കടങ്ങളിലും സന്തോഷത്തിലും ഒരുപോലെ പങ്ക് ചേർന്ന നിങ്ങളോടൊക്കെ നന്ദി പറഞ്ഞ് കൊണ്ട് ഞാനും എന്റെ ഐശുവും അർഷിയും ഞങ്ങളെ ഫ്രണ്ട്സും ഒക്കെ വിട പറയുകയാണ്....

നിങ്ങളിൽ എന്നും ഞങ്ങൾ ജീവിച്ചിരിക്കുമെന്ന വിശ്വാസത്തോടെ റ്റാറ്റാ...ബൈ ബൈ ഫ്രണ്ട്സ്..

(അവസാനിച്ചു)

നീയില്ലാ ജീവിതം എന്ന ഈ മുഴു നീള നോവലിനെ തുടക്കം മുതൽ അവസാനം വരെ സപ്പോർട്ട് ചെയ്ത എന്റെ എല്ലാ പ്രിയ വായനക്കാർക്കും ഒരുപാട് നന്ദിയുണ്ട്.... ഈ നോവൽ ഇത്രയും അധികം പാർട്ടുകൾ കടന്ന് വന്നിട്ടുണ്ടെങ്കിൽ അതിന് പിന്നിൽ തീർച്ചയായും നിങ്ങൾ എന്ന വായനക്കാർ മാത്രമാണ് അതിന് കാരണം... നിങ്ങളെ സ്നേഹവും ഓരോ പാർട്ടിനും നിങ്ങൾ നൽകുന്ന സപ്പോർട്ടുമാണ് ഇത്

ഇവിടം വരെ കൊണ്ടെത്തിച്ചത്....

ആദിയും ഐശുവും നിങ്ങളെ മനസ്സിൽ മായാതെ ജീവിച്ച് കൊണ്ടിരിക്കും എന്ന വിശ്വാസത്തോടെയാണ് ഞാൻ ഇത് അവസാനിപ്പിക്കുന്നത്.... നിങ്ങൾ പ്രതീക്ഷിച്ച അത്രക്ക് ക്ലൈമാക്സ് നന്നായിട്ടുണ്ടോ എന്നറിയില്ല.... നിങ്ങളുടെ സ്നേഹവും സപ്പോർട്ടും ഇനിയും ലഭിക്കുമെന്ന് വിശ്വസിക്കുന്നു...

അടുത്തതായി ഒരു റിയൽ ലവ് സ്റ്റോറിയുമായി ഞാൻ വീണ്ടും നിങ്ങളെ മുന്നിൽ എത്തും....

റൈഹാനയുടെയും ഷംനാദിന്റെയും Crazy love എന്ന സ്റ്റോറിയുലൂടെ.... നിങ്ങൾ ഐഷുവിനെയും ആദിയെയും നെഞ്ചിലേറ്റിയ പോലെ ഇവരെയും സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ ഞാൻ വീണ്ടും നിങ്ങളിലേക്ക് എത്തും... കാത്തിരിക്കണേ....

രചന :: മുബഷ്ഷിറ mskh

© VIPINPKD

APPROVED